ഉണർത്തുപാട്ട്

N12<525059648 021

ubTÜBINGEN

ഹെർമൻ ഗുണ്ടർട്ട്

ബൈബിൾ

(49 പുസ്തകങ്ങളുടെ വിവർത്തനം. മറ്റ് 17
പുസ്തകങ്ങളുടെ സംഗൃഹീത പുനരാഖ്യാനവും)

ഹെർമൻ ഗുണ്ടർട്ട്

ബൈബിൾ

ആമുഖ പഠനം

പ്രൊഫ. സ്കറിയാ സക്കറിയ

ഡി. സി. ബുക്സ് കോട്ടയം

1992

വില 195.00 രൂപ

UNIV. BIBL. TÜBINGEN

33 A 11416

(Malayalam)
Malayalam Bible
by Dr. Hermann Gundert D. Ph.
with Critical Introduction
by Prof. Scaria Zacharia
St. Berchmans' College, Changanasseri
First Published 1852-1886 (Thalassery & Mangalore)
First DCB Edition April 25, 1992
Rights Reserved
Cover design : Asok
Printed at Bethel Printers, Chingavanam, Kottayam
Publishers :
D.C. BOOKS, KOTTAYAM - 686 001
Kerala State, India
Distributors:
CURRENT BOOKS
Kottayam, Thiruvananthapuram, Kollam, Pathanamthitta, Alappuzha,
Eranakulam, Aluva, Kozhikode, Palakkad, Thalassery, Kalpetta

ISBN 81- 7130 - 151 - 7

Rs. 195.00

9/92-93 S.No.1909 dcb 1330 And 15.2 1000-0492

HGS

HERMANN GUNDERT SERIES

Band 6
Hermann Gundert
Malayalam -Bibel

Die Titel der ganzen Reihe (Malayalam)—
jeweils mit einer kritischen Einleitung:

Hermann Gundert

Band 1 A Malayalam and English Dictionary
Band 2 Grammatische Werke
Band 3 Quellen zu seinem Leben und Werk
(*3.1* Deutsch, *3.2* Englisch, *3.3* Malayalam)
Band 4 Geschichtliche und literarische Werke (Kerala Ulpati)
Band 5 Christliche Literatur (Vajra Suci)
Band 6 Malayalam-Bibel

herausgegeben
von
Albrecht Frenz
und
Scaria Zacharia

Gesamtherstellung der Malayalam-Werke
D. C. Books Kottayam, Kerala, Indien

In Verbindung mit der
Dr. Hermann-Gundert-Konferenz Stuttgart
19.-23. Mai 1993

HGS (Hermann Gundert Series)

ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥപരമ്പര

വാല്യം 6 മലയാളം ബൈബിൾ

ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥപരമ്പരയിലെ വാല്യങ്ങൾ

വാല്യം 1 മലയാളം - ഇംഗ്ലീഷ് നിഘണ്ടു

വാല്യം 2 മലയാള ഭാഷാവ്യാകരണം

വാല്യം 3 ഡോ. ഹെർമൻ ഗുണ്ടർട്ടിന്റെ ജീവചരിത്രം

I ജർമൻ ഭാഷയിൽ : Hermann Gundert —Quellen zu seinem Leben und Werk

II ഇംഗ്ലീഷിൽ : Dr. Hermann Gundert and Malayalam Language

III മലയാളത്തിൽ : ഡോ. ഹെർമൻ ഗുണ്ടർട്ട് - പറുദീസയിലെ ഭാഷാപണ്ഡിതൻ

വാല്യം 4 കേരളോല്പത്തിയും മറ്റും (ചരിത്രകൃതികൾ, സാഹിത്യ രചനകൾ, പഴഞ്ചൊല്ലുകൾ)

വാല്യം 5 വജ്രസൂചി (ക്രൈസ്തവരചനകൾ)

വാല്യം 6 മലയാളം ബൈബിൾ

എഡിറ്റർമാർ

ഡോ. ആൽബ്രഷ്ട് ഫ്രൻസ്

പ്രൊഫ. സ്കറിയാ സക്കറിയ

പ്രസാധകർ

മലയാളം : ഡി. സി. ബുക്സ്, കോട്ടയം

ജർമൻ : Sueddeutsche Verlagsgesellschaft, Ulm

പ്രസാധകക്കുറിപ്പ്

മലയാള ഭാഷയ്ക്ക് വിലപ്പെട്ട സംഭാവന നല്കിയ ഡോ. ഹെർമൻ ഗുണ്ടർട്ടിന്റെ 100-ാം ചരമവാർഷികത്തോടനുബന്ധിച്ച് മലയാളത്തിൽ പ്രസിദ്ധപ്പെടുത്തുന്ന ഗ്രന്ഥപരമ്പരയിൽ (HGS) ആറാമത്തെ വാല്യമാണ് *ഗുണ്ടർട്ട് ബൈബിൾ*.

ഗുണ്ടർട്ടിന്റെ വ്യാകരണവും നിഘണ്ടുവുമാണ് അദ്ദേഹത്തിന്റെ കൃതികളിൽ ഏറെ പ്രസിദ്ധിയാർജിച്ചിട്ടുള്ളത്. ഇവയ്ക്കു പുറമെ അൻപതോളം മലയാള കൃതികൾ അദ്ദേഹത്തിന്റേതായുണ്ട്. അതിലധികം ജർമൻ ഭാഷയിലുണ്ട്. കേരളചരിത്രപഠനത്തിനും സാഹിത്യത്തിനും അമൂല്യമായ സംഭാവനകളാണ് ഗുണ്ടർട്ട് നല്കിയിട്ടുള്ളത്.

വിശിഷ്ടമതഗ്രന്ഥവും സാഹിത്യസൃഷ്ടിയുമായ ബൈബിളിലെ നാല്പത്തൊമ്പതു പുസ്തകങ്ങൾ (പുതിയ നിയമം, കാവ്യാത്മക ഗ്രന്ഥങ്ങൾ, പ്രവാചകഗ്രന്ഥങ്ങൾ) അദ്ദേഹം വിവർത്തനം ചെയ്തു പ്രസിദ്ധീകരിച്ചിരുന്നു. (1852-1886) അതിനും മുമ്പ് (1842-1845) ഉൽപത്തി മുതലുള്ള പതിനേഴു പുസ്തകങ്ങളുടെ സംഗൃഹീത പുനരാഖ്യാനം *സത്യവെദ ഇതിഹാസം* എന്ന പേരിൽ അദ്ദേഹം പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗുണ്ടർട്ടിന്റെ ബൈബിൾ വിവർത്തനങ്ങളും *സത്യവെദ ഇതിഹാസവും* ഇപ്പോൾ ഒറ്റവാല്യമായി ഞങ്ങൾ പ്രസിദ്ധീകരിക്കയാണ്. മലയാളം, ഗ്രീക്ക്, ലത്തീൻ, ഹീബ്രു എന്നീ ഭാഷകളിൽ മഹാപണ്ഡിതനായിരുന്ന ഗുണ്ടർട്ടിനെ അതിപ്രഗല്ഭനായ ബൈബിൾ വിവർത്തകൻ എന്ന നിലയിൽ ഒരു നൂറ്റാണ്ടിന്റെ ഇടവേളയ്ക്കുശേഷം മലയാളികളുടെ മുമ്പിൽ അവതരിപ്പിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്.

ശതാബ്ദിയാഘോഷങ്ങൾക്കു തുടക്കം കുറിച്ചുകൊണ്ട് ഗുണ്ടർട്ടിന്റെ പ്രമുഖ കർമരംഗമായിരുന്ന തലശ്ശേരിയിൽ 1992 ഏപ്രിൽ 25-ന് സംഘടിപ്പിക്കുന്ന ചടങ്ങിൽ പരമ്പരയിലെ മൂന്നു ഗ്രന്ഥങ്ങളും പ്രകാശിപ്പിക്കുന്നു. ഇക്കാര്യത്തിൽ ഞങ്ങൾക്കു സഹകരണം നല്കിയ ജർമനിയിലെ സാംസ്കാരിക സ്ഥാപനങ്ങളോട് ഞങ്ങൾ കൃതജ്ഞരാണ്. ഒപ്പം പ്രശസ്ത ഇൻഡോളജിസ്റ്റും ശതാബ്ദിയാഘോഷകമ്മറ്റിയുടെ കൺവീനറുമായ ഡോ. ആൽബ്രഷ്ട് ഫ്രൻസിനോടും ഗ്രന്ഥപരമ്പരകൾക്ക് സമഗ്രമായ പഠനം തയ്യാറാക്കിയ പ്രൊഫ. സ്കറിയാ സക്കറിയയോടും.

കോട്ടയം
ഏപ്രിൽ 25, 1992

കുറിപ്പ്

വിവിധകാലത്തു വിവിധ പ്രസ്സുകളിൽ അച്ചടിച്ച ഗുണ്ടർട്ടു കൃതികളാണ് ഇവിടെ പുനരവതരിപ്പിക്കുന്നത്. അക്കാലത്തു ലിപിയിലുണ്ടായിരുന്ന ചില്ലറ അവ്യവസ്ഥകൾ അതുപോലെ തന്നെ നിലനിറുത്തിയിരിക്കുന്നു. എകാരത്തിനും ഒകാരത്തിനുമുള്ള ഹ്രസ്വദീർഘഭേദം വ്യക്തമാക്കാത്ത ലിപിവ്യവസ്ഥയുടെ മാതൃകകൾ സുലഭമാണ്. പദമധ്യത്തിലെ അകാരത്തിന്റെ സ്ഥാനത്തു കാണുന്ന എകാരം സംവൃതോകാര ചിഹ്നത്തിന്റെ അഭാവം എന്നിവയും പഴമയുടെ അടയാളങ്ങളാണ്. സത്യവെദ ഇതിഹാസം, പാട്ട(പാട്ട്), കൊഴിക്കൊട്ട തുടങ്ങിയ വാക്കുകൾ കാണുമ്പോൾ ഇക്കാര്യം ശ്രദ്ധിക്കുമല്ലോ. ചിഹ്നനത്തിന്റെ കാര്യത്തിലും പ്രാചീന മലയാളത്തിലുണ്ടായിരുന്ന ഉദാസീനത ഗുണ്ടർട്ടു കൃതികളിൽ പ്രതിഫലിക്കുന്നു.

ഹെർമൻ ഗുണ്ടർട്ട്

1814 ഫെബ്രുവരി 4-ന് ജർമനിയിലെ ബാദൻവ്യുട്ടൻബർഗു രാജ്യത്തു സ്റ്റുട്ഗാർട് നഗരത്തിൽ ജനിച്ചു. മരിച്ചതും ജർമനിയിൽ തന്നെ-1893 ഏപ്രിൽ 25-ന് സ്റ്റുട്ഗാർട്ടിനു സമീപമുള്ള കാൽവ് എന്ന കൊച്ചു പട്ടണത്തിൽ. ഇതിനിടയിൽ ഇരുപത്തി മൂന്നു വർഷം (1836-1859) ദക്ഷിണ ഭാരതത്തിൽ ക്രിസ്തുമത പ്രചാരകനായി പ്രവർത്തിച്ചു. ഇതിൽ ഇരുപതു വർഷം (12.4.1839 - 11.4.1859) തലശ്ശേരി, ചിറയ്ക്കൽ എന്നിവിടങ്ങളിലായിരുന്നു താമസം. അതു മലയാളത്തിന്റെ ഭാഗ്യമായി.

മലയാളഭാഷയുടെ കരുത്തും വഴക്കങ്ങളും വെളിവാക്കുന്ന വ്യാകരണവും (1851) നിഘണ്ടുവും (1872) അദ്ദേഹം വിരചിച്ചു. കരുത്തുറ്റ ഈ ഭാഷാശാസ്ത്രരചനകൾ ഭാരതീയ ഭാഷാമണ്ഡലത്തിലെ മുൻനിരയിലേക്കു കൈരളിയെ കൈപിടിച്ചു കയറ്റി നിർത്തി. ഗുണ്ടർട്ടിന്റെ അമ്പതോളം മലയാളകൃതികളിൽ കേരളോൽപത്തി, കേരളപ്പഴമ, പഴഞ്ചൊൽമാലകൾ, ബൈബിൾ തുടങ്ങിയവ കാലംകൊണ്ടു നിറം കെടാത്തവയാണ്.

കേരളത്തിൽ രാജസദസ്സുകൾ മുതൽ പണിശാലകൾ വരെ കയറിയിറങ്ങി നടന്നു ഗുണ്ടർട്ട് ശേഖരിച്ച മലയാള കൃതികൾ ഗവേഷകർക്കു നിധികുംഭമാണ്. അവ ഗുണ്ടർട്ടു ഗ്രന്ഥശേഖരമായി ജർമനിയിലെ ട്യൂബിങ്ങൻ സർവകലാശാലയിൽ സൂക്ഷിച്ചിരിക്കുന്നു. പയ്യന്നൂർപ്പാട്ട്, തലശ്ശേരി രേഖകൾ എന്നിങ്ങനെ മറ്റൊരിടത്തും ലഭ്യമല്ലാത്ത കൈയെഴുത്തുകൾ പലതുണ്ട് ഗുണ്ടർട്ട് ഗ്രന്ഥശേഖരത്തിൽ.

ജർമനിയിലെ പ്രശസ്തങ്ങളായ വിദ്യാശാലകളിലായിരുന്നു വിദ്യാഭ്യാസം. മൗൾബ്രോണിൽ സ്കൂൾ വിദ്യാഭ്യാസം. പ്രശസ്തമായ ട്യൂബിങ്ങൻ സർവകലാശാലയിൽ നിന്ന് ഡോക്ടർ ബിരുദം നേടി. മലബാറിലെ വിദ്യാഭ്യാസ പുരോഗതിക്ക് ഗുണ്ടർട്ട് സാരമായ സംഭാവനകൾ നൽകി. പുതിയ പാഠപുസ്തകങ്ങളും പാഠ്യപദ്ധതിയും നടപ്പിലാക്കി. മലബാറിലെ ആദ്യത്തെ സ്കൂൾ ഇൻസ്പെക്ടറായി അദ്ദേഹം പ്രവർത്തിച്ചു.

സ്വിസ് വംശജയും ഫ്രഞ്ചുകാരിയുമായ ജൂലിയായിരുന്നു ഭാര്യ. ഗുണ്ടർട്ട് ദമ്പതികളുടെ മക്കളെല്ലാം കേരളത്തിൽ ജനിച്ചവരാണ്. പുത്രി മാറിയുടെ മകനാണ് വിശ്രുത സാഹിത്യകാരനും നോബൽ സമ്മാന ജേതാവുമായ ഹെർമൻ ഹെസ്സെ.

മുഖവുര

ഹെർമൻ ഗുണ്ടർട്ടിന്റെ ഡയറിയിൽ 1843 ജനുവരി 25-ന് 'അത്യുത്തമഗീതത്തിന്റെ1 തർജമ തുടങ്ങുന്നു ' എന്ന് എഴുതിയിരിക്കുന്നു. 1884 ജൂൺ 23-ലെ കുറിപ്പിൽ 'മലാകിയിലെ അവസാന വാക്ക് എഴുതി' എന്നു രേഖപ്പെടുത്തുന്നു. അതായതു നാല്പതു വർഷത്തോളം ഗുണ്ടർട്ടു മനസ്സുന്നിയ വിഷയമാണ് മലയാളം ബൈബിൾ. ചിറയ്ക്കൽ താമസിക്കുമ്പോഴാണ് ബൈബിൾ തർജമയിൽ മുഴുകിയത്. ജർമനിയിൽ മറ്റു ചുമതലകൾക്കിടയിലും മലയാളം ബൈബിളിന്റെ കാര്യം അദ്ദേഹം മറന്നില്ല. ബൈബിൾ തർജമ മുടങ്ങിപ്പോകുമെന്നു തോന്നിയ ഘട്ടത്തിൽ (മേയ് 3, 1877) അദ്ദേഹം എഴുതി: 'എല്ലാം ഇട്ടെറിഞ്ഞു മലബാറിലേക്കു പോയി തർജമ തുടർന്നാലോ എന്നു പലപ്പോഴും തോന്നാറുണ്ട്.'

ഭാഷകളോടും സാഹിത്യത്തോടും അതിരറ്റ സ്നേഹം ഗുണ്ടർട്ടിനുണ്ടായിരുന്നു. ഗ്രീക്കിലും ഹീബ്രുവിലും മലയാളത്തിലുമുള്ള സാഹിത്യകൃതികൾ അദ്ദേഹം താല്പര്യപൂർവം വായിച്ചു. മഹാപണ്ഡിതനും സാഹിത്യരസികനുമായിരുന്ന ഹെർമൻ ഗുണ്ടർട്ടിനു മലയാള ഭാഷയോടും ബൈബിളിനോടുമുണ്ടായിരുന്ന സ്നേഹാതിരേകത്തിന്റെ ശാശ്വതസ്മാരകമാണ് *ഗുണ്ടർട്ടു ബൈബിൾ*. ആ ബൃഹദ്രചന പൊടിതട്ടി സഹൃദയദൃഷ്ടിയിലേക്കു കൊണ്ടുവരുന്നതിൽ ഞങ്ങൾക്കുള്ള സന്തോഷത്തിൽ പങ്കുചേരാൻ ക്ഷണിക്കുന്നു.

സ്റ്റുട്ഗാർട്ട്
മാർച്ച് 14, 1992

Dr. Albrecht Frenz

ആമുഖ പഠനം

പ്രൊഫ. സ്കറിയാ സക്കറിയ

ബൈബിൾ, ഗ്രീക്കിൽ നിന്ന് ലത്തീൻ വഴി ഇംഗ്ലീഷിൽ വന്നെത്തിയ വാക്കാണ്. പേപ്പർ, ലിഖിതങ്ങൾ, ഗ്രന്ഥച്ചുരുൾ, പുസ്തകങ്ങൾ പുസ്തക സമാഹാരം എന്നെല്ലാം ആഗമികമായി ഇതിന് അർത്ഥം കല്പിക്കാം. വിശുദ്ധഗ്രന്ഥശേഖരം എന്ന് വേദാചാര്യനായ ജറോം *ബൈബിളി*നെ വിശേഷിപ്പിക്കുന്നു. അതായത് വിവിധ കാലങ്ങളിൽ ഒന്നിലേറെ ഭാഷകളിൽ, വ്യത്യസ്ത ശൈലികളിൽ, പല ആഖ്യാന മാതൃകകളിൽ എഴുതപ്പെട്ട ഗ്രന്ഥങ്ങളുടെ സമാഹാരമാണ് *ബൈബിൾ*. *പഴയ നിയമം*, *പുതിയ നിയമം* എന്ന പൊതുവിഭജനം ബൈബിളിലുണ്ട്.

യഹൂദർക്കും ക്രൈസ്തവർക്കും വേദപുസ്തകമാണ് *പഴയ നിയമം* ക്രൈസ്തവബൈബിളിലെ മുപ്പത്തൊമ്പതു പുസ്തകങ്ങൾ. ഇതേ ലിഖിതങ്ങൾതന്നെ യഹൂദവേദഗ്രന്ഥത്തിൽ ഇരുപത്തിരണ്ടോ ഇരുപത്തിനാലോ പുസ്തകങ്ങളായി തിരിച്ചിരിക്കുന്നു. യഹൂദനായിരുന്ന യേശുക്രിസ്തു *പഴയ നിയമ*ത്തെക്കുറിച്ചു പരാമർശിക്കുമ്പോൾ മൂന്നു ഭാഗങ്ങളായി അതിനെ കാണുന്നു. '*മോശധർമ്മത്തിലും പ്രവാചകരിലും സങ്കീർത്തനങ്ങളിലും* എന്നെകൊണ്ട് എഴുതിയത് ഒക്കയും നിവൃത്തിയാകേണം' (ലൂക്ക 24:44). ഇതു കേട്ട യഹൂദർക്കു സമ്പൂർണ്ണ യഹൂദവേദപുസ്തകമാണ് വിവക്ഷിതം എന്നു വ്യക്തമായിരിക്കും.

*ബൈബിളി*ലെ ആദ്യത്തെ അഞ്ചു പുസ്തകമാണ് മോശധർമ്മം അഥവാ മോശയുടെ നിയമം. '*പഞ്ചഗ്രന്ഥി*' എന്നും ഇതിനു പേരുണ്ട്. *ഉൽപത്തി*, *പുറപ്പാട്*, *ലേവിയർ*, *സംഖ്യ*, *ആവർത്തനം* എന്നിവ അടങ്ങുന്ന ഈ പുസ്തകാവലി *നിയമം* എന്ന ചുരുക്കപ്പേരിലും പരാമർശിക്കപ്പെടും. ഹീബ്രുനാമം തോറാ. *ഇയ്യോബ*, *സങ്കീർത്തനങ്ങൾ*, *സദൃശങ്ങൾ*, *സഭാപ്രസംഗി*, *അത്യുത്തമ ഗീതം* എന്നീ പ്രശസ്തങ്ങളായ കാവ്യാത്മക ഗ്രന്ഥങ്ങൾക്ക് ഉപയോഗിക്കുന്ന സാമാന്യ നാമമാണ് സങ്കീർത്തനം. ശേഷിക്കുന്ന പഴയനിയമ ഭാഗങ്ങളെല്ലാം യഹൂദർക്കു പ്രവാചകഗ്രന്ഥങ്ങളാണ്. ക്രൈസ്തവർക്ക് *യശയ്യാ*, *യിരമിയാ*, *വിലാപങ്ങൾ*, *യഹെസ്കേൽ*, *ദാനിയേൽ*, *ഹോശേയ*, *യോവേൽ*, *ആമോസ്*, *ഒബദ്യാ*, *യോനാ*, *മീകാ*, *നഹൂം*, *ഹബെക്കൂക്ക്*, *ചഫന്യാ*, *ഹഗ്ഗായി*, *ജകര്യ*, *മലാകി* എന്നീ പതിനേഴു പുസ്തകമാണ് പ്രവാചകഗ്രന്ഥങ്ങൾ. *യോശുവാ*, *ന്യായാധിപന്മാർ*, *റൂത്ത്*, *ശമുവേൽ*, *രാജാക്കന്മാർ*, *ദിനവൃത്താന്തം*, *നെഹമ്യാ*, *എസ്തേർ* എന്നീ പുസ്തകങ്ങളെ ചരിത്രാത്മക ഗ്രന്ഥങ്ങളായിട്ടാണ് പരിഗണിക്കുക. ചരിത്രാത്മക ഗ്രന്ഥങ്ങളിൽ പ്രവാചക സ്വഭാവവും പ്രവാചക ഗ്രന്ഥങ്ങളിൽ ചരിത്രസ്വഭാവവും അങ്ങിങ്ങു കാണുന്നുണ്ടെന്ന് എല്ലാവരും സമ്മതിക്കുന്നു.

*ബൈബിളി*ന്റെ മുക്കാൽ ഭാഗം വരുന്ന പഴയനിയമത്തിന്റെ ഭാഷ ഹീബ്രുവാണ്. സമർപ്പിത ബുദ്ധികളായ പകർപ്പെഴുത്തുകാരിലൂടെ അനേകം പഴയനിയമച്ചുരുളുകൾ ഭാവി തലമുറകൾക്കു ലഭിച്ചു. സ്വരചിഹ്നങ്ങൾ ചേർക്കാതെ. വ്യഞ്ജനവർണ്ണങ്ങൾമാത്രം അങ്കനം ചെയ്യുന്ന ഏർപ്പാടാണ്

ആദ്യകാലത്തുണ്ടായിരുന്നത്. *പഴയ നിയമത്തിലെ* ചുരുക്കം ചില വാക്യങ്ങൾ (എബ്രാ 4:8-6:18, 7:12-26, യിരമിയാ 10:11, ദാനിയേൽ 2:4-7:28) അരമായ' ഭാഷയിലാണ്.

ബൈബിളിന്റെ അവസാനത്തെ നാലിലൊന്നു ഭാഗം ക്രൈസ്തവവേദം എന്നു വിശേഷിപ്പിക്കാവുന്ന *പുതിയ നിയമമാണ്*. ഗ്രീക്കുഭാഷയിൽ വിരചിതമായ ഇരുപത്തേഴു പുസ്തകമാണ് പുതിയ നിയമത്തിലുള്ളത്. യേശുക്രിസ്തുവിന്റെ ജീവിത കഥ വിവരിക്കുന്ന സുവിശേഷങ്ങളിൽ തുടങ്ങി ക്രൈസ്തവവേദത്തിന്റെ താത്ത്വിക വിശകലനമടങ്ങുന്ന ലേഖനങ്ങൾ കടന്ന് യുഗാന്ത്യദർശനം നൽകുന്ന വെളിപ്പാടിൽ എത്തി *പുതിയ നിയമം* അവസാനിക്കുന്നു.

മേൽ വിവരിച്ച കണക്കുകളനുസരിച്ച് ബൈബിളിലെ പുസ്തകങ്ങളുടെ എണ്ണം അറുപത്താറാണ്. പക്ഷേ, ഈ അഭിപ്രായം എല്ലാ ക്രൈസ്തവർക്കും സ്വീകാര്യമല്ല. റോമൻ കത്തോലിക്കർക്ക് *പഴയ നിയമത്തിൽ* മറ്റു ചില ഗ്രന്ഥങ്ങൾ കൂടി ഉണ്ട്. *അപ്പോക്രിഫ ഉത്തരകാനോനിക* ഗ്രന്ഥങ്ങൾ എന്നാണ് അവ അറിയപ്പെടുക. *തോബിത്ത്, യൂദിത്ത്, വിജ്ഞാനം, പ്രഭാഷകൻ, ബാരൂക്ക്, മക്കബായർ,* എന്നീ പുസ്തകങ്ങളും *ദാനിയേൽ, എസ്തേർ* എന്നീ ഗ്രന്ഥങ്ങളിൽ കാണുന്ന കൂടുതൽ ഭാഗങ്ങളുമാണ് *ഉത്തരകാനോനിക* ഗ്രന്ഥങ്ങൾ. ഇവ യഹൂദരുടെ ഹീബ്രു വേദപുസ്തകത്തിലില്ല, *പഴയ നിയമത്തിന്റെ* പ്രാചീന ഗ്രീക്കു തർജമയായ സെപ്റ്റ്വജിന്റിൽ കാണുന്നു. 1546-ൽ ത്രെന്തോസിൽ നടന്ന മതസമ്മേളനത്തിലെ തീർപ്പനുസരിച്ച് കത്തോലിക്കർ ഉത്തരകാനോനിക ഗ്രന്ഥങ്ങൾകൂടി *ബൈബിളിന്റെ* ഭാഗമായി അംഗീകരിച്ചു. ഇതാണ് പ്രോട്ടസ്റ്റന്റ് ബൈബിൾ, കത്തോലിക്ക ബൈബിൾ എന്ന വിഭജനത്തിന്റെ അടിസ്ഥാനം. യേശുക്രിസ്തുവോ ശിഷ്യന്മാരോ ആധികാരിക സൂക്തങ്ങളായി ഉത്തരകാനോനികഗ്രന്ഥങ്ങൾ ഉദ്ധരിക്കുന്നില്ല എന്നു ചിലർ ചൂണ്ടിക്കാണിക്കുന്നു. അതൊരു ന്യൂനതയായി പരിഗണിച്ചാൽ ശലോമോന്റെ *അത്യുത്തമ ഗീതം, സഭാപ്രസംഗി* തുടങ്ങിയ *പഴയ നിയമ* ഗ്രന്ഥങ്ങൾക്കും സ്ഥാനം നഷ്ടപ്പെടും എന്നാണ് പൂർവപക്ഷം. ഏതായാലും ഇന്നത്തെ നിലയിൽ *ബൈബിളിൽ* എത്ര പുസ്തകങ്ങളുണ്ട് എന്ന ചോദ്യത്തിനു നിരുപാധികമായ ഉത്തരം നൽകാനാവില്ല. കത്തോലിക്കബൈബിളിൽ എഴുപത്തിമൂന്നു പുസ്തകങ്ങളുണ്ട്. *പുതിയ നിയമ* പുസ്തകങ്ങളുടെ കാര്യത്തിൽ തർക്കമില്ല. അഭിപ്രായഭേദങ്ങളുള്ള പുസ്തകങ്ങളും പുസ്തകഭാഗങ്ങളും വേർതിരിച്ചു *പുതിയ നിയമത്തിനും പഴയ നിയമത്തിനും* ഇടയിൽ ഒരു പ്രത്യേക ഖണ്ഡമായി ചേർത്തു പൊതു ബൈബിളുകൾ പ്രസിദ്ധീകരിക്കുന്ന ഏർപ്പാട് അടുത്ത കാലത്ത് ഉണ്ടായിട്ടുണ്ട്. 1983-ൽ കേരളത്തിലെ വിവിധ ക്രൈസ്തവ സഭകളിൽപ്പെട്ട അവൈദികരുടെ (അല്മായരുടെ) ഉത്സാഹത്തിൽ പാലായിൽ നിന്നു പ്രസിദ്ധീകരിച്ച *ഓശാന മലയാളം ബൈബിൾ* കേരളത്തിലെ പ്രഥമ പൊതു ബൈബിളാണ്. ഏതെങ്കിലും ഔദ്യോഗിക സഭയുടെ പ്രത്യേക പ്രോത്സാഹനം ഇല്ലാതെതന്നെ ഇതിന്റെ ലക്ഷക്കണക്കിനു കോപ്പികൾ വിറ്റഴിയുകയും ചെയ്തു. *ബൈബിളിനെച്ചൊല്ലിയുള്ള* കലഹങ്ങൾക്ക് പ്രസക്തി നഷ്ടപ്പെടുന്നു എന്നായിരിക്കണം ഇതിന്റെ സൂചന.

ഗുണ്ടർട്ടു ബൈബിളിൽ നാല്പത്തൊമ്പതു പുസ്തകങ്ങൾ - പുതിയ നിയമത്തിലെ എല്ലാ പുസ്തകങ്ങളും (27) പഴയ നിയമത്തിലെ കാവ്യാത്മക (17) ഗ്രന്ഥങ്ങളും (5) പ്രവാചക ലേഖകളും—തർജമയായി ചേർത്തിട്ടുണ്ട്. മററു പുസ്തകങ്ങളുടെ സംഗൃഹീത പുനരാഖ്യാനങ്ങൾ സത്യവേദ ഇതിഹാസം എന്ന പേരിൽ അദ്ദേഹം പ്രസിദ്ധീകരിച്ചിരുന്നു. അത് ഇവിടെ അനുബന്ധമായി അച്ചടിച്ചിട്ടുണ്ട്. ഇതാദ്യമായിട്ടാണ് *ഗുണ്ടർട്ടു ബൈബിൾ* ഇങ്ങനെ ഒരു പുസ്തകമായി പ്രസിദ്ധീകരിക്കുന്നത് എന്ന കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

ഗുണ്ടർട്ടു ബൈബിളിൽ ആദ്യം അച്ചടിച്ച ഭാഗം *പുതിയ നിയമത്തിലെ* ലേഖനങ്ങളാണ്. റോമർമുതൽ വെളിപ്പാടുവരെ മുന്നൂററി മുപ്പത്തഞ്ചു പുറമുള്ള ഈ ഭാഗം തലശ്ശേരിയിൽ (1852-1854) അച്ചടിച്ചു. പിന്നീട് *പുതിയ നിയമത്തിലെ* ബാക്കി ഭാഗങ്ങൾ കൂടി തർജമ ചെയ്തു. അങ്ങനെ 1856-ൽ തലശ്ശേരിയിൽ *പുതിയ നിയമത്തിന്റെ* അച്ചടി പൂർത്തിയായി. എന്നാൽ തലശ്ശേരിയിൽ അച്ചടിച്ച സമ്പൂർണ്ണ *പുതിയ നിയമത്തിന്റെ* പുറംചട്ടയിൽ 1854 എന്ന വർഷമാണ് കാണുന്നത്. *പുതിയ നിയമത്തിന്റെ* ആദ്യഭാഗം അച്ചടിച്ചു തുടങ്ങിയ വർഷം രേഖപ്പെടുത്തിയിരിക്കുന്നു എന്നു കരുതാം. ട്യൂബിങ്ങൻ സർവകലാശാലയിലുള്ള പകർപ്പു പരിശോധിച്ചപ്പോൾ കൗതുകകരമായ മറെറാരു സംഗതി മനസ്സിലായി. 1854-ൽ അച്ചടിച്ച *പുതിയ നിയമത്തിൽ* 443 പുറം കഴിയുമ്പോൾ പുതിയ നമ്പർ തുടങ്ങുന്നു. പിന്നെ 335 പുറങ്ങളിൽ റോമർ മുതൽ വെളിപ്പാടുവരെയുള്ള ഭാഗമാണ്. ഇത് 1852-ൽ അച്ചടിച്ച പുസ്തകം തന്നെ. അതായത് 1854 എന്നു പുറംചട്ടയിൽ കാണുന്ന *പുതിയ നിയമത്തിൽ* 1852 മുതലുള്ള ഭാഗങ്ങൾ ഉണ്ടെന്നു വ്യക്തമാകുന്നു. മൊത്തം 778 (443+335) പുറം. 1868-ൽ മംഗലാപുരത്തുനിന്നു *പുതിയ നിയമത്തിന്റെ* രണ്ടാം പതിപ്പു പ്രസിദ്ധീകരിച്ചു. ഗുണ്ടർട്ടുതന്നെ പരിഷ്ക്കരിച്ച രണ്ടാം പതിപ്പാണിത്. ഇത് ഇവിടെ അച്ചടിക്കുപയോഗിച്ചിരിക്കുന്നു. 1843 മുതൽ കാവ്യാത്മകഗ്രന്ഥങ്ങൾ തർജമചെയ്തു തുടങ്ങിയെങ്കിലും 1857-ൽ തലശ്ശേരിയിലാണ് അവ ആദ്യം അച്ചടിച്ചത്. *പവിത്രലെഖകൾ* എന്നായിരുന്നു ഗ്രന്ഥനാമം. 1881-ൽ ഇതിന് മംഗലാപുരത്തുനിന്നു പുതിയ പതിപ്പുണ്ടായി. 1884-ൽ ജർമ്മനിയിൽ വച്ചു *പ്രവാചക ലേഖകളുടെ* തർജമ പൂർത്തിയാക്കി. 1886-ൽ 468 പുറമുള്ള *പ്രവാചകലേഖകൾ* മംഗലാപുരത്ത് അച്ചടിച്ചു. 1881-ലെ *പവിത്ര ലെഖകളും* 1886-ലെ പ്രവാചകലേഖകളും ഇവിടെ അച്ചടിക്കുപയോഗിക്കുന്നു. ഇവിടെ അനുബന്ധമായി ചേർത്തിരിക്കുന്ന *സത്യ വേദ ഇതിഹാസത്തിന്റെ* മൂലഗ്രന്ഥം ട്യൂബിങ്ങൻ സർവ്വകലാശാലാ ലൈബ്രറിയിലാണുള്ളത്. അതിൽ 1841-1845 വരെ അച്ചടിച്ച ഭാഗങ്ങളുണ്ട്. 1841-ൽ കോട്ടയത്തു ലെററർ പ്രസ്സിൽ ആരംഭിച്ച അച്ചടി 1845-ൽ തലശ്ശേരിയിൽ കല്ലച്ചിൽ അവസാനിച്ചു. ഇതിനുശേഷമാണ് ബൈബിൾ തർജമയിൽ അദ്ദേഹം ശ്രദ്ധ കേന്ദ്രീകരിച്ചത്.

സത്യവേദ ഇതിഹാസത്തിന്റെ ഒന്നാം ഖണ്ഡം ശ്രദ്ധാപൂർവം വായിക്കേണ്ടിയിരിക്കുന്നു. ഭാരത സംസ്ക്കാരത്തിൽ ബൈബിൾ സന്ദേശം അവതീർണ്ണമാകണം എന്ന മോഹമാണ് ആ രചനയിൽ പ്രകടമാകുന്നത്. ഭാരതീയമായ കാഴ്ചപ്പാടിൽ *പഴയ നിയമം* അദ്ദേഹം പുനരവതരിപ്പിക്കുന്നു. ആ സമീപനം ബാസലിൽ നിന്ന് അംഗീകാരം നേടിയില്ല.

Sthutija nijama ttile

പുതിയനിയമത്തിലെ

lekhanangal

ലേഖനങ്ങൾ



ithinkal. Neuste Test Uebersetzung

in Malayalim

തലശ്ശേരിയിലച്ചടിച്ചതു.

1852

Ga XXXIV 3

തലശ്ശേരിയിൽ ആദ്യം (1852) അച്ചടിച്ച ബൈബിൾ ഭാഗം - ലേഖനങ്ങൾ

By Courtesy of Tübingen University Library

പൊതുൽഭരപൌന്ത്രലൻ

ഒരാത്മക്കഴ്ചയലെഖനം

൧ നതുദ്ധ്യായം

൧ യൌചിപൻറവിശ്വസുവിശേഷത്തിൽ ഒരു ഭാഗത്തെ
ശ്ലോകത്തെ കിതി-ഗ്രന്ഥ-സ്ഥലത്തെ കാണത്തക്കവണ്ണം
തിരുത്തുവെണം എന്നതുതുല്യം.

൨ ദൈവപുത്രനായ യേശുക്രിസ്തൻറെ പ്രവാചകന്മാ
രെക്കൊണ്ടു വാഗ്ദത്തം ചെയ്തതായിട്ടു പുത്രനെന്നു മുടെതിൽക്കാണും
ന്നതുപോലെയുള്ള തിരുവെഴുത്തുകളിൽ നിന്നു തന്നെ
തിരുവെഴുത്തിനെ ഉപദേശിപ്പാൻ തക്കവണ്ണം പൌന്ത്രലാനും
ൻറെ ദാസനുമായ പൌലൻ — മൊതലിൽ യദവിശ്വാസം തി
രിക്കപ്പെട്ടതിനു ശ്രദ്ധ തരണമെന്നു പ്രബോധിപ്പിക്കുന്നു — ൩
ടെയിതാവായ ദൈവത്തിൽ നിന്നും കിൎത്താവായ യേശു ക്രി
സ്തനിൽ നിന്നും കൃപയും സമാധാനവും ഉണ്ടാകട്ടെ. ൪
ഈപ്രകാരം ദാവീദിൻ ബീജത്തിൽ നിന്നുണ്ടായും മരിച്ചവരി
ൽ നിന്നു ഉയിൎത്തെഴുന്നീല്ക്കയാൽ നിശ്ചയിയ്ക്കപ്പെട്ടതുപോലെ ൫
വപുത്രൻ നമ്മുടെ കൎത്താവായ യേശുക്രിസ്തൻ മൂലം കൃപയും
നാൽ — അവൻറെ നാമത്തിനായിട്ടു എല്ലാ ജാതികളിലും
ലും വിശ്വാസത്തിനനുസരണമുണ്ടാകേണ്ടതിനു കൃ
ഞതയും അപ്പൊസ്തലത്വത്തെയും പ്രാപിച്ചു — ആയതിൽ ൬
നിങ്ങളും യേശുക്രിസ്തനാൽ തിരുക്കപ്പെട്ടവരായ്വന്നുമല്ലൊ — ൭
൮ നാമൻ നിങ്ങളുടെ വിശ്വാസം സൎവ്വലൊകത്തിലും പ്ര
സിദ്ധിക്കപ്പെടുന്നതാൽ ഞാൻ എൻ ദൈവത്തിനു യേശു
ക്രിസ്തൻ മൂലം എല്ലാവൎക്കുംവെണ്ടി യേശുക്രിസ്തൻ മൂലം സ്തോത്രം ചൊല്ലു

1852-ൽ തലശ്ശേരിയിൽ അച്ചടിതുടങ്ങിയ ബൈബിളിൽ നിന്ന് ഒരു പുറം

By Courtesy of Tübingen University Library

Bibliothek des
Basl. Missionshauses
Abt. Eingebornensprachen

നമ്മുടെ

കർത്താവും രക്ഷിതാവുമായ

യെശുക്രിസ്തന്റെ

പുതിയനിയമം

തലശ്ശേരിയിൽ അച്ചടിച്ചത്

൧൮൫൪

1854-ൽ തലശ്ശേരിയിൽ അച്ചടി തുടങ്ങിയ ഗുണ്ടർട്ടിന്റെ പുതിയ നിയമം.

By Courtesy of Basel Mission Archives, Switzerland

ഞയ്യൊബെ

സങ്കീർത്തനങ്ങൾ

ശലോമൊന്റെവ

ഹന്നിവാങ്ങടങ്കിയ

പവിത്രലെഖകൾ

ഏന്ന പഴയനിയമത്തിന്റെ

നാലാം ഭാഗം

Ich,

Psalms

Samuel;

Solomon

Old Testament,

4th Volume.

Tellicherry.

തലശ്ശേരിയിലെ അച്ചിതം (printed)

1857

1857-ൽ തലശ്ശേരിയിൽ അച്ചടിച്ച ഗുണ്ടർട്ടിന്റെ പവിത്ര ലേഖകൾ

By Courtesy of Tübingen University Library

ശ്രീപിതൃേ പുത്രായച സദാത്മനെച നമഃ

സത്യവെദ ഇതിഹാസം

ഒന്നാമത്തംശം.

മൊശെ നബി എഴുതിയ യൊനി എന്നിട്ടുള്ള

പ്രഥമഖണ്ഡത്തിന്റെ സാരം ॥

പൂർവ്വസംസ്ഥസ്സമസ്താനാം ഗ്രന്ഥാനാംയൊനിരെവച ।
ംരംശബ്ദൊഡെസ്സുപഞ്ചാംശശ്ശാസ്ത്രാപ്യൊമൊശിനാകൃതഃ
യൊന്യാഖ്യാദിമതൽസ്കന്ധെ സർവ്വഭൂതഗണസ്യഹി ।
സൃഷ്ടിരുക്തദമാദീനാം ചാദിമാനാംകഥാനൃണാം ॥
തൽപാപപതനംഭൂർവശെഷ്ടസൂചീശ്വരപ്രിയഃ ।
വിപ്ലവാച്ചപരെനൊഹൊൽപന്ന മാനവവർണ്ണനം ॥
തതൊബ്രൂഹെഃശഹകയൊയ്യാ കൊബസ്യചകീർത്തനം ।
തന്മിശ്രഗതിപര്യന്തം സർവവംശാശിഷ്ടൊപിച ॥

(ശ്രീവൃഷ്ടസംഗീതം ക പർവ്, കന അദ്ധ്യ.)

ക ലൊക സൃഷ്ടിയുടെ വിവരം (ക മൊ. ക. ൨)

ആദ്യമില്ലാത്തവനും തന്റെ ഇഷ്ടപ്രകാരം എല്ലാറെയും ചെയ്യുകൊണ്ടിരിക്കുന്നവനുമായ യഹൊവാ എന്ന ദൈവം ആദിയിൽ തന്റെ തിരുവാക്കിൻ ശക്തികൊണ്ട പരലൊകത്തെയും ഭൂലൊകത്തെയും ഉണ്ടാക്കി. തന്റെ ശക്തിയുടെ വചനത്താലവയെ വഹിച്ചുകൊണ്ടുമിരിക്കുന്നു.

നക്ഷത്ര സൈന്യങ്ങളിൽ നിവാസികളായിട്ട എണ്ണിക്കൂടാത്ത സത്ഭൂതവർഗ്ഗങ്ങളെസൃഷ്ടിച്ചു അവരവക്ക തന്റെ തിരുമനസ്സ പ്രകാരം ദിവ്യ തെജസ്സാകുന്ന ജീവൻ വെളിച്ചം ശക്തിമുതലായ വരങ്ങളെ വിഭാഗിച്ചകൊടുത്തതെയുള്ളു അവക്ക ദൈവ സൈന്യം എന്നും ദൈവദൂതന്മാർ എന്നും എല്ലാ സ്ഥലങ്ങളിലും അവന്റെ ഇഷ്ടത്തെ പ്രവൃത്തിക്കുന്ന ശുശ്രൂഷക്കാർ എന്നും ഉള്ള പെരുകളെകൊടുത്തു ചെരുബിമാർ സെരാഫിമാർ ംരം രണ്ട വർണ്ണപെരുണ്ട മാത്രം ചില തുണ്ടായിരിക്കും ആണും പെണ്ണുമുള്ള ഭെദം അവക്കില്ല സൂക്ഷ്മ ദെഹമുണ്ട. ഇത സംബന്ധിച്ചുള്ള സംഗതികളെ ഇ

Rubrics and Illustrations
in Malayalam —
H. Gundert

സത്യവെദ ഇതിഹാസത്തിന്റെ ഒന്നാം ഭാഗം - കോട്ടയത്ത് അച്ചടിച്ചത് (1841)

By Courtesy of Tübingen University Library

THE

POETICAL BOOKS

OF THE

OLD TESTAMENT

TRANSLATED OUT OF THE HEBREW

BY THE

Rev. Dr. H. GUNDERT
Basel German Ev. Mission.

Second Revised Edition

ഇയ്യോബ, സങ്കീത്തനങ്ങൾ, സദൃശങ്ങൾ,
സഭാപ്രസംഗി, ശലോമോന്റെ അത്യുത്തമഗീതം
എന്നിവ അടങ്ങിയിരിക്കുന്ന

പവിത്രലേഖകം

MANGALORE
BASEL MISSION BOOK AND TRACT DEPOSITORY
1881

1881-ൽ മംഗലാപുരത്ത് അച്ചടിച്ച പവിത്ര ലേഖകൾ

ക്രൈസ്തവവേദത്തിന്റെ തനിമ നഷ്ടപ്പെടുത്തി ഹൈന്ദവ സങ്കല്പനങ്ങൾ കലർത്തുന്നു എന്ന കുറ്റപ്പെടുത്തലാണ് ബാസലിൽ നിന്നു ലഭിച്ചത്. തുടർന്നുള്ള ഭാഗങ്ങളിൽ സാഹസിക പരീക്ഷണങ്ങൾ അദ്ദേഹം ഒഴിവാക്കി. ഇത് ഭാരതീയ ക്രൈസ്തവചിന്തയ്ക്കു കനത്ത നഷ്ടമായിപ്പോയി എന്ന് ഇന്നത്തെ പണ്ഡിതന്മാർക്കു തോന്നിയേക്കാം. പുനരാഖ്യാനത്തിന്റെ ശൈലി അന്നത്തെ ഗദ്യത്തിന്റെ പൊതു നിലവാരം വച്ചു നോക്കുമ്പോൾ അതീവ ഹൃദ്യമാണ്.

ബൈബിൾ വിവർത്തകൻ എന്ന നിലയിൽ ഗുണ്ടർട്ടിനുണ്ടായിരുന്ന സവിശേഷതകൾ പ്രത്യേക പരാമർശം അർഹിക്കുന്നു. ഈ നൂറ്റാണ്ടിൽ വിവർത്തനത്തെക്കുറിച്ച് ഏറ്റവും വിപുലമായ പഠനങ്ങൾ നടത്തിയിട്ടുള്ള വിശ്രുത ഭാഷാശാസ്ത്രജ്ഞനായ യൂജീൻ നൈഡയുടെ ചില അഭിപ്രായങ്ങൾ ഏതു തർജമക്കാരനെയും വിലയിരുത്താൻ ഉപയോഗിക്കാം. Eugene A Nida: Towards A Science of Translating With Special Reference To Principles And Procedures Involved in Bible Translating, Leiden, E.J.Brill 1964 (ഇനിയങ്ങോട്ട് Nida 1964 എന്ന ചുരുക്കപ്പേര് ഉപയോഗിക്കുന്നു) എന്ന് ഗ്രന്ഥത്തിന്റെ ഏഴാം അധ്യായം തർജമക്കാരെക്കുറിച്ചാണ്.

മൂലഭാഷയിലും ലക്ഷ്യഭാഷയിലുമുള്ള അവഗാഹമാണ് ഉത്തമ തർജമക്കാരന്റെ അടിസ്ഥാനയോഗ്യത. എന്നാൽ ബഹു ഭാഷാപരിചയം കൊണ്ടുമാത്രം ഒരാൾ നല്ല തർജമക്കാരനാവുന്നില്ല. രണ്ടു ഭാഷകളുടെയും സാംസ്ക്കാരിക ഭൂമിക തർജമക്കാരൻ ഉൾക്കൊള്ളണം.

സങ്കല്പനങ്ങൾ മൂലഭാഷയുടെ ഘടനയിൽ നിന്നു വേർതിരിച്ചെടുത്തു ലക്ഷ്യഭാഷയിൽ അവതരിപ്പിക്കുമ്പോൾ ആശയചിത്രങ്ങൾ തർജമക്കാരന്റെ മനസ്സിൽ വ്യക്തമായി ഉണ്ടായിരിക്കണം. ബൈബിളിന്റെ മൂല ഭാഷകളായ ഹീബ്രുവിലും ഗ്രീക്കിലും അഗാധ പാണ്ഡിത്യം ഗുണ്ടർട്ടിനുണ്ടായിരുന്നു. മൗൾബ്രോണിലെ പഠനകാലത്ത് പതിനാറു വയസ്സുകാരനായ ഹെർമൻഗുണ്ടർട്ട് പിതാവിനു നൽകിയ ജന്മദിന സമ്മാനം കാല്വിലെ ഭവനത്തിൽ സൂക്ഷിച്ചിട്ടുണ്ട്—യഹെസ്കേൽ പ്രവാചകന്റെ പുസ്തകത്തിൽ നിന്ന് ഒരു ഭാഗം ജർമ്മനിലേക്കു തർജമ ചെയ്തു പിതാവിനു സമർപ്പിച്ചിരിക്കുന്നു! ഹീബ്രു, ഗ്രീക്ക്, ലത്തീൻ, ഇംഗ്ലീഷ്, ഫ്രഞ്ച് എന്നീ ഭാഷകൾ ചെറുപ്പം മുതലേ അദ്ദേഹം പഠിച്ചിരുന്നു. ട്യൂബിങ്ങൻ സർവകലാശാലയിലെ പഠനകാലത്തു ക്ലാസിക്കൽ ഭാഷാ പരിചയവും വിവർത്തന പരിചയവും വർദ്ധിച്ചു. സോഫോക്ലീസിന്റെ *ആൻറിഗണി*, *ഈഡിപ്പസ് രാജാവ്* തുടങ്ങിയ കൃതികൾ ട്യൂബിങ്ങനിൽ പഠിച്ചിരുന്ന കാലത്ത് ഗ്രീക്കിൽ നിന്ന് അദ്ദേഹം തർജമ ചെയ്തു. അതിന്റെ കൈയെഴുത്തുപ്രതികൾ കാല്വിൽ സൂക്ഷിച്ചിരിക്കുന്നു. ഗ്രീക്ക് ഭാഷയിലുള്ള ബൈബിളും ഇതിഹാസങ്ങളും നാടകങ്ങളും വീണ്ടും വീണ്ടും വായിക്കുന്നതിൽ അദ്ദേഹം ആനന്ദം കണ്ടെത്തി. മരണശയ്യയ്ക്കരികിലും ഉണ്ടായിരുന്നത് ഗ്രീക്കു ഭാഷാകൃതികളാണ്. ലക്ഷ്യഭാഷയായ മലയാളത്തിൽ ഗുണ്ടർട്ടിനുണ്ടായിരുന്ന പരിചയം മലയാളികളെ പറഞ്ഞു ബോധ്യപ്പെടുത്തേണ്ടതില്ലല്ലോ. ഗുണ്ടർട്ടിനു ലഭിച്ച ഭാഷാ പരിചയത്തിന്റെ തോതു നിർണ്ണയിക്കാൻ അദ്ദേഹത്തിന്റെ



1830-ൽ പതിനാറുകാരനായ ഹെർമൻ ഗുണ്ടർട്ടു പിതാവിനു നൽകിയ ജന്മദിനസമ്മാനം - യഹ്സ്കേൽ പ്രവാചകന്റെ ഗ്രന്ഥത്തിനു ഗുണ്ടർട്ടു തയ്യാറാക്കിയ തർജമ

By Courtesy of Stein Haus, Calw

നിഘണ്ടുവിലേക്കു മാത്രം നോക്കിയാൽ മതി. സാഹിത്യഭാഷാ പരിചയം കൊണ്ടു തൃപ്തിപ്പെടാതെ വ്യവഹാര ഭാഷയുടെ ദേശ്യഭേദങ്ങളിലേക്കു കൂടി അദ്ദേഹം കടന്നു ചെന്നു. പഴഞ്ചൊല്ലിന്റെയും നാടൻപാട്ടുകളുടെയും ശൈലിയും സംസ്ക്കാരവും ഉൾക്കൊണ്ടു. ശാസ്ത്രീയമായി ഇവയെല്ലാം അപഗ്രഥിച്ചു വ്യാകരണവും നിഘണ്ടുവും നിർമിച്ചു. ഭാഷയുടെ സാംസ്കാരിക പശ്ചാത്തലം പൂർണ്ണമായി ഉൾക്കൊള്ളാൻ ദേശചരിത്രം നന്നായി വശമാക്കി. ചുരുക്കിപ്പറഞ്ഞാൽ മൂലഭാഷകളിലും ലക്ഷ്യ ഭാഷയിലുമുള്ള പരിചയം കണക്കിലെടുത്താൽ ഗുണ്ടർട്ടിന്റെ നിലവാരമുള്ള മറൊരു ബൈബിൾ വിവർത്തകൻ ഒരിക്കലും മലയാളത്തിലുണ്ടായിട്ടില്ല. ഹീബ്രുവും ഗ്രീക്കും ലക്ഷ്യഭാഷയും ഒരേ നിലയിൽ കൈകാര്യം ചെയ്യാൻ പ്രാപ്തിയുള്ള ബൈബിൾ തർജമക്കാർ എല്ലാ നാടുകളിലും വിരളമാണ്.

"One might argue that the proper procedure for a Bible translator would be to take the text in Greek and render it directly into the final language, rather than fitter it through his own English-language background. Theoretically this is the ideal procedure. In General, hoowever, this is by no means the practice, for few English speaking persons have so perfect a control of the original source language that they transalte directly. Moreover what is even more important to realize is that almost all the knowledge the average English-speaking translator has acquired of the Greek or Herbrew text has come through dictionaries and grammars written in English. Thus the mediating language is bound to be of great influence, regardless of the translators wish to avoid such linguistic contamination" Nida 1964:148 ബൈബിൾ വിവർത്തനത്തിൽ തന്റെ പൂർവഗാമിയായിരുന്ന ബയിലിയെക്കുറിച്ച് ഗുണ്ടർട്ടിനുണ്ടായിരുന്ന മുഖ്യപരാതി ഹീബ്രു മൂലത്തോടു വിശ്വസ്തത പുലർത്താതെ ഇംഗ്ലീഷ് തർജമകളെ അന്ധമായി അനുകരിച്ചു കാവ്യാത്മക ഗ്രന്ഥങ്ങളുടെയും പ്രവാചക ലേഖകളുടെയും സാഹിത്യഭംഗി നഷ്ടപ്പെടുത്തി എന്നായിരുന്നു. ഒന്നോ രണ്ടോ വാക്കുകളിൽ നേരിട്ടു തർജമ ചെയ്യാവുന്ന ഭാഗങ്ങൾ ഇംഗ്ലീഷിലൂടെ കടന്നുവന്നപ്പോൾ പദപ്രളയമായി കലാശിച്ചു.

ബൈബിൾ വിവർത്തകന്റെ സാഹിത്യാഭിമുഖ്യത്തിനു തർജമയിൽ പ്രസക്തിയുണ്ട്. അനേകം സാഹിത്യരൂപങ്ങൾ പ്രത്യക്ഷപ്പെടുന്ന പ്രദർശനശാലയാണ് ബൈബിൾ. പുരാണം, നാടകം, ജീവചരിത്രം, ദർശനം, പ്രഭാഷണം, ഭാവഗീതം, നാടൻ പാട്ട്, പഴമൊഴി, എന്നിവയെല്ലാം ബൈബിളിലുണ്ട്. രൂപഭാവങ്ങൾ തമ്മിലുള്ള പൊരുത്തത്തെക്കുറിച്ചു വ്യക്തമായ ധാരണകളുള്ള സഹൃദയനായ തർജമക്കാരനു മാത്രമേ ഇവയോടു നീതി പുലർത്താനാവൂ.

Even thorough knowledge of the languages and the subject matter combined with empathy, will not suffice to guarantee really effective translating unless the translator also has a capacity for

literary expression' Nida 1964 : 151. മൂലഭാഷകളിലെയും ലക്ഷ്യ ഭാഷയിലെയും സാഹിത്യരൂപങ്ങൾ ഗുണ്ടർട്ടിനു പരിചിതമായിരുന്നു. നല്ല സാഹിത്യരസികനുമായിരുന്നു അദ്ദേഹം. ഗുണ്ടർട്ടു ബൈബിളിലെ കാവ്യാത്മക ഗ്രന്ഥങ്ങളിൽ ഇതിന്റെ തിളക്കം സാഹിത്യ രസികർക്കു കണ്ടറിയാവുന്നതാണ്. എന്നാൽ സാധാരണ ബൈബിൾ വായനക്കാർക്ക് ഗുണ്ടർട്ട് തർജമയിലെ സാഹിത്യഭാഷ ഉൾക്കൊള്ളാനായില്ല. ഗുണ്ടർട്ട് ബൈബിൾ വടക്കെ മലബാറുകാരുടെ പ്രാദേശിക ഭാഷയിലുണ്ടായ വെറുമൊരു തർജമയാണെന്നു വരുത്തിത്തീർക്കാൻ ഇംഗ്ലീഷുകാർക്കു പ്രാമുഖ്യമുണ്ടായിരുന്ന ബൈബിൾ പ്രചാരണ സംഘങ്ങൾക്കും അവരുടെ സഹകാരികൾക്കും കഴിഞ്ഞു. ഇന്ത്യൻ ഭാഷകളിലെ ബൈബിൾ തർജമകളുടെ വിശദമായ ചരിത്രം ഗ്രന്ഥ രൂപത്തിലെഴുതിയ J.S.M. Hooper ഗുണ്ടർട്ടു ബൈബിളിനെ ഒറ്റ വാക്യത്തിലൊതുക്കി. 'In 1854, however at last appeared a translation of the New Testament intended to meet the needs of North Malabar; it was the work of H. Gundert of the Basel Evangelical Lutheran Mission at Tellichery and was in the style usually employed in the translation of Sanskrit works into Malayalam.' The Bible In India, Oxford University Press, London: Humphrey Milford 1938 : 59 സംസ്കൃത ഹിമഗിരി ഗളിത (കോവുണ്ണി നെടുങ്ങാടി-കേരള കൗമുദി)യായ മലയാള സാഹിത്യത്തിന്റെ ആദ്യമാതൃകകളോടു ചേർന്നു പോകുന്നതായിരുന്നു ഗുണ്ടർട്ടിന്റെ തർജമ എന്ന സൂചന പ്രത്യേകം ശ്രദ്ധിക്കുക. ഗുണമായാലും ദോഷമായാലും അതാണ് ഗുണ്ടർട്ട് ബൈബിളിന്റെ അനന്യത. നിർഭാഗ്യവശാൽ അതുൾക്കൊള്ളാൻ അദ്ദേഹത്തിന്റെ വായനക്കാർക്കു കഴിഞ്ഞില്ല!

ബൈബിൾ സൊസൈറ്റി പുതിയ പതിപ്പുകൾ പ്രസിദ്ധീകരിച്ചപ്പോൾ ഗുണ്ടർട്ടു ബൈബിളിൽ നിന്നു പലതും സ്വീകരിച്ചു എന്ന കാര്യംതന്നെ മറവിയിലായി. ഇന്നു പ്രചാരത്തിലിരിക്കുന്ന ബൈബിൾ സൊസൈറ്റിയുടെ സത്യവേദ പുസ്തകവും ഒന്നൊന്നര നൂറ്റാണ്ടിനു ശേഷം മലയാളികളുടെ കൺമുമ്പിലെത്തുന്ന ഗുണ്ടർട്ടു ബൈബിളും വിരളമാണെങ്കിലും കേരളത്തിൽ ലഭ്യമായ കോട്ടയം തർജമയും താരതമ്യം ചെയ്തു നോക്കിയാൽ ഇക്കാര്യങ്ങൾ ബോധ്യപ്പെടുന്നതാണ്.

ഇതെല്ലാമാണെങ്കിലും ഗുണ്ടർട്ടു ബൈബിളിൽ അനേകം ശൈലീവൈകല്യങ്ങൾ കണ്ടെത്താൻ ഇന്നത്തെ സാഹിത്യവിദ്യാർഥിക്കു കഴിയും. ഇതിന് ഒരു കാരണം മലയാളം അദ്ദേഹത്തിന്റെ മാതൃഭാഷയായിരുന്നില്ല എന്നതാണ്. ഉത്തമ വിവർത്തകനെക്കുറിച്ച് യൂജിൻ നൈഡ എഴുതുന്നു: 'Ideally, a translator should be completely bilingual in source and receptor languages, and should be translating into his mothertongue. But this ideal is rarely realized. Instead, there are various levels of compromise in which the translators adjusted in various ways to the languages concerned. Nida 1964 : 149 ഗുണ്ടർട്ടു ബൈബിളിന്റെ പരിമിതി നൈഡയുടെ വാക്കുകളിൽ തെളിഞ്ഞു കാണാം.

തർജമയിൽ മൂലഭാഷാ പരിചയത്തെക്കാൾ പ്രധാനമാണ് ലക്ഷ്യഭാഷാ പരിചയം എന്നുപോലും നൈഡയ്ക്കു അഭിപ്രായമുണ്ട്. ബൈബിളിന്റെ കാര്യത്തിൽ ഇതു കൂടുതൽ പ്രസക്തമാണ്. ബൈബിളിന്റെ മൂലത്തിലേക്കു കടന്നു ചെല്ലാൻ എന്തെന്തു റഫറൻസ് ഗ്രന്ഥങ്ങളാണുള്ളത്. സന്നദ്ധതയുള്ളവർക്കു നിഘണ്ടുക്കളിലും വിജ്ഞാന കോശങ്ങളിലും തുടങ്ങി പദാനു പദവ്യാഖാനങ്ങൾവരെ വായിച്ചെത്താം. അർത്ഥഭേദങ്ങളും വ്യാഖ്യാനഭേദങ്ങളും പാഠഭേദങ്ങളും വിശദീകരിക്കുന്ന ഗ്രന്ഥങ്ങൾ സുലഭമാണ്. ലക്ഷ്യഭാഷയിൽ പ്രകരണശുദ്ധി പാലിക്കാൻ ഇത്തരം സഹായങ്ങളൊന്നും വിവർത്തകനു ലഭിക്കയില്ല. ഭാഷാനുഭവമാണ് അവിടെ മാർഗ്ഗദർശി; ലക്ഷ്യഭാഷ മാതൃഭാഷയിട്ടുള്ളവനു തർജമയിൽ മികവു കാട്ടാനാവും.

തർജമയുടെ ലക്ഷ്യം സന്ദേശം പകരുക എന്നതാണല്ലോ. ആ നിലയ്ക്ക് പ്രതിപാദ്യത്തെക്കുറിച്ചു തർജമക്കാരനു അറിവുണ്ടാകണം. അതുമാത്രം പോരാ തർജമ ചെയ്യുന്ന വിഷയത്തിൽ താല്പര്യമുണ്ടായിരിക്കയും വേണം. 'Even if the translator possesses all the necessary technical knwoledge he is not really competent unless he has also a truely empathetic spirit. Justin O' Brien (1959 :85) States the case thus: 'One should never translate anything one does not admire'. and if possible, a natural affinity should exist between translator and translated' Nida 1964 : 151 മാതാത്മകമായ പ്രചോദനമാണ് ബൈബിൾ വിവർത്തകർക്കുള്ളത്. മഹത്തായ സർഗ്ഗ വ്യാപാരത്തിൽ പങ്കാളിയാകുന്നു, മാനവികതയുടെ വളർച്ചയിൽ പങ്കുചേരുന്നു, ഇതിഹാസഹൃദയത്തിലേക്കു പ്രവേശം നൽകുന്നു എന്നെല്ലാമുള്ള ഉപലക്ഷ്യങ്ങൾ കൂടി ചില തർജമക്കാർക്കുണ്ടാകാം.

കൃതിയുടെ ഭാവവുമായി ഉറ്റബന്ധം പുലർത്തിക്കൊണ്ട്, അതായതു വൈകാരികമായി ഉൾപ്പെട്ടുനിന്നുകൊണ്ടു തർജമ നടത്തേണ്ട ചില സന്ദർഭങ്ങളുണ്ട്. "The translation of highly perosnal messages as in lyric poetry calls for an even greater degree of combined empathy and stylisticnce excelle than does prose. J. M. Cocking (1949 p. 318) describes the successful translation of lyric poetry as a lucky coincidence of mood and experince with the original poet at the period of creation." But he insists that in the stylisitcs adjustments that are necessary in translating a poem from one language to another, the translator must be fully conscious of the technical problems and limitaitons involved, for only then can 'he make the inevitable sacrifice with his eyes open and make no more than the inevitable." Nida 1964 : 152

ഭക്തകവിയായ എഴുത്തച്ഛന്റെ കൃതികളിൽ, സാത്മീഭാവംകൊണ്ടു തർജമയ്ക്കുണ്ടാകാവുന്ന ഗുണദോഷങ്ങൾ അനുഭവിക്കുന്ന മലയാളിക്ക് ഈ ആശയം മനസ്സിലാക്കാൻ ബുദ്ധിമുട്ടില്ല. ഭക്തശിരോമണിയായ ഗുണ്ടർട്ട് എന്ന മിഷണറി സങ്കീർത്തനത്തിന്റെയും മറ്റും തർജമയിൽ ഇത്തരം സാത്മീഭാവം

അനുഭവിച്ചിരിക്കും. തർജമക്കാരൻ യന്ത്രമല്ല, അതുകൊണ്ട് അയാളുടെ വൈകാരികമുദ്ര സൃഷ്ടിയിലുണ്ടാകും. എങ്കിലും അതു പരിധി കടന്നുപോകാതെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. തർജമക്കാരന്റെ മുൻവിധികൾ, സൈദ്ധാന്തിക പക്ഷപാതങ്ങൾ ഇവയെല്ലാം തർജമകളിലേക്കു നുഴഞ്ഞു കയറാറുണ്ട്. ബൈബിളിന്റെ കാര്യത്തിൽ ഇങ്ങനെയുണ്ടാകുന്ന വൈവിധ്യങ്ങൾ മലയാളത്തിലെ തർജമകളിലും കാണാം. ഉദാഹരണത്തിന് ലൂക്ക 1:28, രോമർ 3:28 എന്നീ ഭാഗങ്ങളിൽ വിവിധ മലയാളം ബൈബിളുകൾ പുലർത്തുന്ന അന്തരം ശ്രദ്ധിക്കുക. മാർട്ടിൻ ലൂതറിന്റെ പ്രശസ്തമായ ബൈബിൾ തർജമയിൽ രോമർ 3:28 തർജമ ചെയ്തപ്പോൾ മൂലത്തിലില്ലാത്ത ഒന്നൽ അധികപദങ്ങൾ കൊണ്ടു വരുത്തിത്തീർത്തു എന്നു ആക്ഷേപമുണ്ടായി. വ്യാകരണ ഘടനയും പ്രകരണബലവും കൊണ്ട് മൂലത്തിൽ ഊന്നൽ വരുത്തിയിരിക്കുന്നു എന്നും താൻ അതു വാചികമായി ജർമ്മനിൽ പുനരവതരിപ്പിക്കുക മാത്രമാണ് ചെയ്തതെന്നും ലൂതർ മറുപടി നൽകി. ബൈബിൾ തർജമയിൽ ഭാഷാനയങ്ങൾക്കും വ്യാകരണത്തിനും പരമപ്രധാന്യം നൽകണമെന്നു നിർബന്ധം പിടിച്ച വിവർത്തകനായിരുന്നു മാർട്ടിൻ ലൂഥതർ. ബൈബിളിന്റെ ആദ്യകാല തർജമക്കാരിൽ അതിപ്രശസ്തനായ ജറോമും ഇതേ വാദഗതികൾ ഉന്നയിച്ചിരുന്നു. *പഴയ നിയമത്തിന്റെ* ലത്തീൻ തർജമയിൽ, അന്ന് സഭയിൽ എല്ലാവരും ആദരിച്ചിരുന്ന സെപ്റ്റ്വ്യൂജിൻറു എന്ന ഗ്രീക്കു തർജമയ്ക്കു നിരക്കാത്ത മൂലാർത്ഥങ്ങൾ ഹീബ്രുവിൽ നിന്നു കണ്ടെത്തി അദ്ദേഹം ഉപയോഗിച്ചു. പഴയതെല്ലാം ശ്രേഷ്ഠമാണ് എന്ന വിശ്വാസത്തെ ചോദ്യം ചെയ്തുകൊണ്ടു മൗലിക പഠനത്തിലൂടെ ജറോം തയ്യാറാക്കിയ ലത്തീൻ പരിഭാഷ പിന്നെ അനേക നൂറ്റാണ്ടുകൾ പാരമ്പര്യവാദികളുടെ ആരാധനാവസ്തുവായിത്തീർന്നു! ഇംഗ്ലീഷ് ഭാഷയിലെ *കിങ് ജയിംസ് വേർഷനും* ഇമ്മട്ടിലുള്ള ചരിത്രമാണുള്ളത്. മൗലിക ഗവേഷണമല്ല ശൈലീ സൗഭാഗ്യമാണ് ആ പതിപ്പിന്റെ സവിശേഷത. പുതിയ ശൈലി പാരമ്പര്യവാദികൾക്കു ദഹിച്ചില്ല. ഇന്നത്തെ നിലയിൽ ലോകമെങ്ങുമുള്ള പാരമ്പര്യവാദികളായ ഇംഗ്ലീഷ് ഭാഷക്കാർ, മറ്റനേകം ഇംഗ്ലീഷ് ബൈബിളുകൾ ഉണ്ടെങ്കിലും *കിങ് ജയിംസ് വേർഷൻ* തേടിപ്പിടിക്കുന്നു. മലയാളത്തിലുമുണ്ട് ഇത്തരം ചില ഉദാഹരണങ്ങൾ, മതഗ്രന്ഥമല്ലേ ബൈബിൾ, അതുകൊണ്ടു പഴക്കച്ചുവ ഭാഷയ്ക്കു വേണം എന്നു ശഠിക്കുന്നവരുണ്ട്. ഭാഷയല്ല സന്ദേശമാണ് പ്രധാനം, ഭാഷ നിരന്തരം മാറിക്കൊണ്ടിരിക്കുന്നു, അർത്ഥബോധം നൽകണമെങ്കിൽ പുതിയ ശൈലി സ്വീകരിക്കണം എന്നിങ്ങനെയുള്ള വാദഗതികൾ ശക്തമായ ഇഷ്ടാനിഷ്ടങ്ങളുള്ള വായനക്കാർക്ക് എളുപ്പം സ്വീകാര്യമാകയില്ല.

തർജമക്കാരന്റെ ജോലിക്കു നല്ല വാക്കോ നന്ദിയോ കിട്ടാൻ ബുദ്ധിമുട്ടാണെന്ന് നൈഡ എഴുതുന്നുണ്ട് (Nida 1964: 155). ചെറിയ പിഴകളെ ചൊല്ലി ഏറെ പഴി കേൾക്കേണ്ടി വരും. തർജമ നന്നായാൽ ആരുമൊന്നും പറയില്ല. ഒന്നിലേറെ ഭാഷ അറിയാവുന്ന ആർക്കും ചെയ്യാവുന്ന ജോലിയാണിത് എന്നു പൊതുജനം കരുതുന്നു. പ്രതിഫലമോ പ്രശംസയോ ലഭിച്ചില്ലെങ്കിലും മനുഷ്യന് ഏറെറടുക്കാൻ കഴിയുന്ന ഏറ്റവും സങ്കീർണ്ണമായ

ബൗദ്ധിക വെല്ലുവിളി എന്ന നിലയിൽ തർജമ നൽകുന്ന കൃതാർത്ഥത മതി തർജമക്കാരന് എന്നാണ് നൈഡ നൽകുന്ന ആശ്വാസവചനം. ഗുണ്ടർട്ടിന്റെ കാര്യത്തിൽ നൈഡയുടെ പ്രസ്താവത്തിനു പ്രസക്തിയുണ്ട്. ബൈബിളിന്റെ ഗുണ്ടർട്ടു തർജമ അതുണ്ടായ കാലംമുതൽ പല പ്രതിബന്ധങ്ങളും നേരിട്ടു. ജർമൻകാരായ സഹപ്രവർത്തകരിൽ ചിലർക്ക് അദ്ദേഹത്തിന്റെ ശൈലി ഇഷ്ടമായില്ല. കാവ്യാത്മക ഗ്രന്ഥങ്ങൾ കാവ്യഭാഷയിൽ തർജമ ചെയ്യണം എന്ന് ഗുണ്ടർട്ടിനു നിർബന്ധമുണ്ടായിരുന്നു. 'സങ്കീർത്തനങ്ങൾ വായിക്കുന്ന ക്രൈസ്തവർ കാവ്യഭാഷാ പരിചയം നേടേണ്ടതാണ് എന്ന കാര്യത്തിൽ എനിക്കു സംശയമില്ല. ഹീബ്രുവിൽ കാവ്യാത്മക ഭാഗങ്ങളുണ്ട്. തർജമയിൽ ആ ഭംഗി വേണ്ടെന്നു വയ്ക്കാനാവില്ല, എന്നായിരുന്നു എക്കാലത്തും അദ്ദേഹത്തിന്റെ ഉറച്ച നിലപാട് (ഡോ. ഹെർമൻ ഗുണ്ടർട്ട് 1991: 126). തെക്കൻ കേരളത്തിലുള്ളവർ വിശിഷ്യ LMS, CMS മിഷണറിമാർ ബയിലിയുടെ തർജമയോടാണ് മമത കാണിച്ചത്. 1871-ൽ മലയാള ഭാഷ സംസാരിക്കുന്ന പ്രദേശത്തെ വിവിധ മിഷൻ സംഘങ്ങളും കത്തോലിക്കരൊഴികെയുള്ള ക്രൈസ്തവ സഭക്കാരും ചേർന്ന് മദിരാശി ബൈബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ ഒരു പൊതു ബൈബിളിനുള്ള ശ്രമം തുടങ്ങി. ഗുണ്ടർട്ടിന്റെ *പുതിയ നിയമം* അത്യാവശ്യം വേണ്ട പരിഷ്കാരങ്ങൾ വരുത്തി എല്ലാവരും ഉപയോഗിക്കാനായിരുന്നു 1871 ലെ തീരുമാനം. ഗുണ്ടർട്ടിന്റെ തർജമയുടെ പൊതുഘടനയ്ക്കു മാറ്റമുണ്ടാക്കാതെ അങ്ങിങ്ങു ചില വാക്കുകൾ മാത്രം മാറ്റി പുതിയ പതിപ്പുണ്ടാക്കാനുള്ള ആലോചന പല കാരണങ്ങളാലും തടസ്സപ്പെട്ടു. പൊതു ബൈബിളിനുള്ള സംഘത്തിൽ ബാസൽ മിഷന്റെ പ്രതിനിധി മ്യുള്ളറായിരുന്നു. മ്യുള്ളർ ഗുണ്ടർട്ടിന്റെ സഹായം അഭ്യർഥിച്ചിരിക്കാം. 1871-ൽ പുത്രൻ സാമുവേലിന് അയച്ച കത്തിൽ ഗുണ്ടർട്ട് എഴുതുന്നു: 'മ്യുള്ളർ സഹോദരന്റെ അഭ്യർത്ഥന എനിക്കു മനസ്സിലാകുന്നില്ല. ഇക്കാര്യത്തിൽ നിന്ന് ഒഴിഞ്ഞുനിൽക്കാനാണ് എനിക്കിഷ്ടം. ഇത് എന്നെ നേരിട്ട് ബാധിക്കുന്നതല്ല. ഞാൻ എന്തിനു ചുമതലയില്ലാത്തിടത്തു കടന്നുകയറി അഭിപ്രായം പറയണം? നിന്നോടു മാത്രമായി പറയട്ടെ: ഈ കത്തിലെ ഒളിച്ചുകളിയാണ് തുറന്നു സംസാരിക്കാൻ എനിക്കുള്ള പ്രതിബന്ധം. പൊതുവെ പറഞ്ഞാൽ ഇക്കാര്യത്തിൽ പ്രകടമാകുന്ന ഐക്യം സന്തോഷകരമാണ്. പന്ത്രണ്ടുവർഷം മുമ്പ് (കോട്ടയത്തെ) ബേക്കർ എനിക്കു എഴുതിയിരുന്നു. നമ്മുടെ പുതിയ നിയമം സ്വീകരിക്കാൻ അദ്ദേഹം തയ്യാറായതാണ്. എന്നാൽ മ്യുള്ളർ സഹോദരൻ നമ്മുടെ തർജമ നന്നെന്നു പറഞ്ഞിട്ട് കോട്ടയം തർജമ ഉപയോഗിക്കാൻ ഉത്സാഹിക്കുന്നു. എനിക്കതിൽ ഖേദമില്ല. എല്ലാവരും ഇക്കാര്യത്തിൽ തങ്ങൾക്കുള്ള ബോധ്യം തുറന്നു പറഞ്ഞാൽ മതിയായിരുന്നു. സ്ഥലവ്യക്തിനാമങ്ങൾ സുറിയാനിക്കാരുടേതു വേണോ കാനറയിലെ നമ്മുടെ സഹോദരർ ഉപയോഗിക്കുന്നതു വേണോ എന്നു നമ്മുടെ മിഷണറിമാർ തീരുമാനിക്കട്ടെ. തർജമ നടന്നിരുന്നകാലത്തു തെക്കൻ ദേശത്തുള്ളവരുമായി ഐക്യത്തിലെത്താൻ കഴിഞ്ഞിരുന്നെങ്കിൽ കഴമ്പുള്ള കാര്യങ്ങൾക്കുവേണ്ടി ഇതിൽ വിട്ടുവീഴ്ച ചെയ്യാമായിരുന്നു. നമ്മുടെ അഭിപ്രായം അടിച്ചേല്പിച്ചതല്ല. തെക്കുള്ളവരുമായി ബന്ധപ്പെടാൻ കഴിയാതെ വന്നതുകൊണ്ടു

വടക്കുള്ളവരുമായി പൊരുത്തപ്പെട്ടു. അവരുടെ പ്രയോഗങ്ങൾ സ്വാഭാവികമായിരുന്നു. ഇപ്പോൾ ഈ പ്രശ്നം ബാസലിൽ നിന്നുള്ള ഇടപെടൽകൂടാതെ അവിടെ പരിഹരിക്കണം. ഭാഷാപരമായ കാര്യങ്ങളിൽ അഭിരുചിയുള്ള ഡീസാണ് ഇതിനു പറ്റിയ ആൾ. അയാൾക്കു സമയം കിട്ടിയെന്നു വരില്ല. തമിഴിനോടു ബന്ധപ്പെട്ട് ക്രിസ്തു എന്ന് എഴുതുകയും പത്രോസ് എന്ന രൂപം നിലനിറുത്തുകയും ചെയ്യുന്നതിലുള്ള പൊരുത്തക്കേട് ഫ്രിറ്റ്സിനെയും മ്യുള്ളറെയും അലോസരപ്പെടുത്തുന്നില്ലെങ്കിൽ ഞാനും അതു ഗൗനിക്കുന്നില്ല.!' മാർബഹയിലെ ജർമ്മൻ സാഹിത്യമ്യൂസിയത്തിലെ കത്ത് 28.9.71

പുതിയ നിയമം മലയാളക്കരയിൽ നേരിട്ട പ്രതിസന്ധിയിൽ ഗുണ്ടർട്ട് ദുഃഖിതനായിരുന്നു. ഭഗീരഥപ്രയത്നം പാഴിലായല്ലോ എന്നു ലൗകികബുദ്ധ്യാ ചിന്തിക്കാവുന്ന മുഹൂർത്തമാണിത്. എന്നാൽ ആ ഋഷിവര്യൻ ജർമ്മനിയിലിരുന്നു നിഷ്കാമ കർമ്മബുദ്ധിയായി പ്രവാചകഗ്രന്ഥങ്ങൾ തർജമ ചെയ്തു. മലയാളക്കരയിൽ നിന്ന് അകന്നു കഴിഞ്ഞിരുന്ന അദ്ദേഹത്തിന് മറ്റു ഔദ്യോഗിക ജോലികൾക്കിടയിൽ സമയം കിട്ടാതിരുന്നതുകൊണ്ട് വിശ്രമവേളകളിൽ നിന്നാണ് തർജമയ്ക്കു സമയം കണ്ടെത്തിയത്. ഇത്തരം സമർപ്പണ ബുദ്ധിയാണ് ഉത്തമ തർജമക്കാരന്റെ ഒരു ലക്ഷണം എന്ന് നൈഡ രേഖപ്പെടുത്തുന്നു.

തർജമക്കാരെ നൈഡ പല മട്ടിൽ തരം തിരിക്കുന്നു. പണ്ഡിതന്മാരായ തർജമക്കാരുണ്ട്. അവർക്കു ഭാവനയും ശൈലിയും കൂടി ഉണ്ടായാൽ നന്ന്. ഉത്സാഹികളായ തർജമക്കാർ വാക്കുകളും വാക്യങ്ങളും കൊരുത്ത് അർത്ഥ ബോധം നൽകും. അവർക്കും ശൈലീപ്രസാദം വേണം. തർജമ തൊഴിലായി കൈകാര്യം ചെയ്യുന്നവർ ഉള്ളടക്കം ചോർന്നു പോയാലും തർജമ ചെയ്തു എന്ന പ്രതീതി സൃഷ്ടിക്കുന്നു. ബൈബിൾ തർജമക്കാരിൽ ഒരു വിഭാഗം തർജമ തുടങ്ങി വയ്ക്കുന്നവരാണ്. അവർ തുടങ്ങിവച്ച ജോലി മറ്റുള്ളവർ ഏറ്റെടുത്തു പൂർത്തിയാക്കേണ്ടിയിരിക്കുന്നു. മറ്റൊരിനം തർജമക്കാർ സൂതികർമ്മിണികളെപ്പോലെയാണ്.

'The midwife role is of quite a different type. In these circumstances the so called translator serves primarily as a specialist in exegetical and linguistic matters, and native speakers of the language themselves do the actual translating. In many instances of Bible translating, for example, the missionary restricts himself primarily to the task of (1) explaining carefully what the text means, (2) indicating something of the type of communication involved e.g. conversation, exposition, or narrative; (3) writing down what his helpers suggest as appropriate ways of rendering such passages; and (4) bringing to the attention of his helpers certain obvious semantic and grammatical problem. ബെയിലിയുടെ ബൈബിൾ തർജമയെക്കുറിച്ചു വായിച്ചറിഞ്ഞിട്ടുള്ള വിവരങ്ങൾ മേൽ വിവരിച്ച കാര്യങ്ങളുമായി ഏറെ പൊരുത്തപ്പെട്ടു പോകുന്നു. മറ്റൊരുകൂട്ടം തർജമക്കാർ സഹകാരികളാണ്. അവരുടെ സംഘത്തിൽ തർജമ

നടത്താനും ശൈലി നന്നാക്കാനും മൂലഭാഷയുമായി ഒത്തുനോക്കാനും വ്യത്യസ്ത വ്യക്തികളുണ്ടായിരിക്കും. ആധുനിക കാലത്തുണ്ടായ ബൈബിൾ തർജമകളിൽ സിംഹഭാഗവും അവസാനം സൂചിപ്പിച്ച തരത്തിലുള്ള സഹകാരികളുടെ പ്രയത്ന ഫലങ്ങളാണ്. ബൈബിൾ തർജമയുടെ സർവഭാരങ്ങളും ഒറ്റയ്ക്കു ചുമന്നു നീക്കുന്ന ഗുണ്ടർട്ടിനെപ്പോലുള്ള സാഹസികന്മാർ ഇന്നു രംഗത്തില്ല.

കഴിയുന്നിടത്തോളം വാക്കിനു വാക്ക് വാക്യത്തിനു വാക്യം എന്ന മട്ടിൽ രൂപപരമായ തുല്യതയിൽ ഊന്നിക്കൊണ്ടുള്ള തർജമശൈലിക്കായിരുന്നു ബൈബിൾ വിവർത്തകർ മുൻഗണന നൽകിയിരുന്നത്. ബയിലിയും ഗുണ്ടർട്ടും മാത്രമല്ല ഇന്നു മലയാളത്തിൽ പ്രചാരം നേടിയിട്ടുള്ള എല്ലാ സമ്പൂർണ്ണ ബൈബിളുകളുടെയും തർജമക്കാർ രൂപപരമായ തുല്യതയിൽ ശ്രദ്ധിച്ചവരാണ്. എന്നാൽ ആധുനിക വിവർത്തന ശൈലി ഇവിടെ നിന്നു ബഹുദൂരം മുന്നേറിയിരിക്കുന്നു. പാശ്ചാത്യഭാഷകളിലെല്ലാം പുതിയ തർജമ ശൈലിയിലുള്ള ബൈബിളുകൾ പ്രചാരത്തിലായിക്കഴിഞ്ഞു. വാക്കിലും വ്യാകരണത്തിലുമുള്ള ശ്രദ്ധവിട്ടു സന്ദേശത്തിൽ മനസ്സൂന്നിക്കൊണ്ടുള്ളതാണു പുതിയ തർജമകൾ. മൂലകൃതി വായിച്ചവരിൽ ഉണ്ടായ പ്രതികരണം ലക്ഷ്യഭാഷയിൽ തർജമ വായിക്കുന്നവർക്കുണ്ടാകണം. അതിനു വാക്കും വ്യാകരണവും ലക്ഷ്യഭാഷയുടെ ഭണ്ഡാഗാരത്തിൽ നിന്നു തെരഞ്ഞെടുത്ത് ഉപയോഗിക്കുക എന്നതാണ് പുതിയ സമീപനം. ഭാഷയെക്കുറിച്ചുള്ള അനേകം മൗലിക ദർശനങ്ങളിൽ പടുത്തുയർത്തിയിട്ടുള്ളതാണ് ഈ സിദ്ധാന്തം. ഓരോ ഭാഷയ്ക്കും തനിമയുണ്ടെന്നും അർത്ഥരൂപതലങ്ങളിൽ ഭാഷകൾ തമ്മിൽ കൃത്യമായ തുല്യതയുണ്ടാവില്ലെന്നും നവീനഭാഷാ ശാസ്ത്രം വെളിവാക്കുന്നു. ഒരു ഭാഷയിൽ പറയാവുന്നതെല്ലാം മറേതു ഭാഷയിലും മറെറാരു രീതിയിലാണെങ്കിലും പറഞ്ഞൊപ്പിക്കാൻ കഴിയും. എന്നാൽ ഉള്ളടക്കം നിലനിർത്തണമെങ്കിൽ രൂപപരമായ സാമ്യത്തിന് അമിത പ്രാധാന്യം കല്പിക്കരുത്. ബൈബിൾ ഭാഷകൾക്ക് മറെറല്ലാ ഭാഷകൾക്കുമുള്ള ഗുണദോഷങ്ങളുണ്ട്. ബൈബിളിലെ ശൈലിയല്ല, സന്ദേശമാണ് പ്രധാനം. ലേഖകരുടെ വിവക്ഷിതമാണ് തർജമയിലൂടെ സംക്രമിപ്പിക്കേണ്ടത്. ഇവയെല്ലാമാണ് Dynamic-Equivalence Model എന്നറിയപ്പെടുന്ന നവീന തർജമശൈലിയുടെ അടിസ്ഥാനതത്ത്വങ്ങൾ. മലയാളത്തിൽ ഇത്തരത്തിലുണ്ടായ പരീക്ഷണങ്ങൾ ബൈബിൾവായനക്കാരുടെ വ്യാപകമായ അംഗീകാരം നേടിയിട്ടില്ല. വാഗർത്ഥങ്ങളുടെ വിശ്ലേഷണവും സംശ്ലേഷണവും വ്യാഖ്യാനവും പുനരാഖ്യാനവും ഉൾപ്പെടുന്ന സങ്കീർണ പ്രക്രിയയായി തർജമയെ നോക്കിക്കാണാൻ നാം ഇനിയും ശീലിക്കേണ്ടിയിരിക്കുന്നു.

ബൈബിൾ തർജമയിൽ Dynamic Equivalence Model സാർവത്രികമായ അംഗീകാരം നേടിയിട്ടില്ലെങ്കിലും ക്രാന്തദർശികളായ തർജമക്കാർ എക്കാലത്തും ഇതിന്റെ അടിസ്ഥാന തത്ത്വം മനസ്സിലാക്കിയിരുന്നു. ബൈബിൾ വാക്യങ്ങൾ കൊണ്ടു വിവിധ മതസിദ്ധാന്തങ്ങൾ താങ്ങി നിർത്തേണ്ടിവരുന്നവർ ഓരോ പുതിയ തർജമയെയും ഹീബ്രുവിന്റെയും ഗ്രീക്കിന്റെയും ശൈലിയിൽ അടിച്ചമർത്തി നിർത്താൻ

വ്യഗ്രത കാട്ടാറുണ്ട്. വിവാദങ്ങളിൽ നിന്ന് ഒഴിഞ്ഞു നിൽക്കാനും രൂപപരമായ തർജമയാണ് നല്ലത്. മതനവീകരണകാലത്ത് അതിസാഹസികമായി ബൈബിൾ തർജമ നടത്തിയ മാർട്ടിൻ ലൂതർ എഴുതി:'ജർമൻ ഭാഷ സംസാരിക്കുന്നവരാരും ഹീബ്രുശൈലി പകർത്തിവയ്ക്കരുത്. ഹീബ്രുവിൽ മൂലഗ്രന്ഥകാരൻ എന്താണു പറയുന്നതെന്നു നോക്കുക. മൂലപാഠത്തിൽ മനസ്സ്ലുന്നി, "ആ പ്രകരണത്തിൽ ജർമ്മൻകാരൻ എങ്ങനെയായിരിക്കും അതു പറയുക" എന്നു തർജമക്കാരൻ സ്വയം ചോദിക്കണം. മൂലത്തിലെ വിവക്ഷ അവതരിപ്പിക്കാൻ ജർമൻ പ്രയോഗം കിട്ടിക്കഴിഞ്ഞാൽ, ഹീബ്രുപദങ്ങൾ മറന്നു ജർമ്മൻ ശൈലിയിൽ വിവക്ഷിതം അവതരിപ്പിക്കൂ.' ഈ തത്ത്വം അവലംബിച്ചു ലൂതർ രചിച്ച ജർമ്മൻ ബൈബിൾ ആ ഭാഷയിൽ നവീന ഗദ്യത്തിന്റെ അസ്തിവാരമായിത്തീർന്നു. ഗുണ്ടർട്ടിനും ബൈബിൾ തർജമയെക്കുറിച്ചു സമാനമായ ആശയങ്ങളാണുണ്ടായിരുന്നത്.

ബൈബിളിനെക്കുറിച്ചും ബൈബിൾ തർജമയെക്കുറിച്ചും താത്ത്വികമായി പ്രതിപാദിക്കാൻ കെല്പുള്ള മഹാപണ്ഡിതനായിരുന്നു ഗുണ്ടർട്ട്. ആ നിലയിൽ സ്വദേശത്ത് അദ്ദേഹം അംഗീകരിക്കപ്പെടുകയും ചെയ്തു. 1876 മേയ് മാസത്തിൽ ബ്രേമനി (Bremen)ൽ നടന്ന മിഷനറിമാരുടെ പൊതുസമ്മേളനത്തിൽ ബൈബിൾ തർജമയെക്കുറിച്ചുള്ള മുഖ്യപ്രബന്ധം അവതരിപ്പിച്ചത്ഗുണ്ടർട്ടാണ്. ആ വർഷത്തെ ഇന്ത്യൻ ഇവാഞ്ചലിക്കൽ റിവ്യൂ (ഒക്ടോബർ)വിൽ ഗുണ്ടർട്ടിന്റെ പ്രബന്ധം അച്ചടിച്ചിട്ടുണ്ട്. ബൈബിൾ തർജമമെയെക്കുറിച്ചുള്ള ഗുണ്ടർട്ടിന്റെ സിദ്ധാന്തം പൂർണമായി മനസ്സിലാക്കാൻ ഉപകരിക്കുമെന്നതിനാൽ അത് ഇവിടെ ചേർക്കുന്നു. ബൈബിൾ തർജമയെക്കുറിച്ച് ഗുണ്ടർട്ട്:

1. In the case of all Biblical translations of modern times which have obtained general recognition, it can be shown that some one translator, called by the Lord, did the greatest part of the work. Now if such a man is found in a mission field, he may possibly force his way through any amount of prejudices and difficulties, and thus the object is realized; but it is also possible that he is hid in a corner, from which he does not venture to come forth, but has to be pushed forth. If no such man is to be found, any amount of painstaking will only result in preliminary labors, which, however, also have their value. But, as evangelical Chiristians, we believe that the Lord wants to give his Word to every numerous tribe or nation in the tongue spoken by it, and therefore from the outset we pray to him for the gift of such a man,and we knock at his gate.

2. He who receives such a call is very rarely recognized from the first. Usually it is only in the progress of the race that it becomes clear who is most likely to obtain the victory, and very frequently many runs have to be made before any valuable result is secured.It may take a generation, or it may take a century; and even in the most

favourable case the development of the language and the enlargement of knowledge will not allow subsequent improvement to be needless. It is therefore necessary to record a caution against precipitation is solving this question, especially with Serampore and other examples before us.

3. A translation of the Bible can only be produced by men who combine a knowledge of the original tongues with a knowledge of the vernaculars.

4. But it is self-evident that while, as a matter of principle, both sets of languages should,as far as practicable, be equally well known to translators, the importance of the vernacular weighs heavier in the balance. Luther was no great Hebraist, nor a perfect master of Greek, and yet he produced a version for centuries. Modern translators have very different helps for the ancient languages; may they at least understand how to use them! A translation produced by one who is not a professional scholar may, however, be serviceable for a considerable period, as a make-shift.

5. It is only an indigenous speaker or scholar that is able to handle the vernacular perfectly. It is true that under certain conditions a foreigner also may acquire a language thoroughly, and wield it with freedom and power (as e. g. Max Müller does the English dialect (sic) of German) but such men will, in reference to fundamentally foreign languages, be extremely rare. (A European may have a native wife, and live long enough to become naturalized in the use of the language: or the descendants of colonists may from childhood be equally at home in two languages, etc.)

6. A converted heathen may, through the new spirit, receive an eloquent tongue in his own language; but it is also possible that in the course of divine Providence he may become considerably estranged from his mother-tongue. For instance, he may prefer English, beause he received the kindling life-giving Word through that language, and may ultimately fancy that he can properly pray in English only. In like manner, the polyglot training of many who live in maritime towns or in commercial centres, impedes the thoróugh deep mastery of any one language; thus natives of Africa or India may be able to converse or transact business in six or a dozen languages without possessing a proper mastery of any.

7. It is natural that a missionary who enters upon a fresh mission field, which is fallow ground, should soon come to look upon Biblical translation as one of his tasks. But this task is so great that it

is best to defer it till he can command reliable native assistance.

8. If he has to wait for this a long time, he is dirven by necessity to make some preliminary attempts in the work of translating. In some parts of the world he may have to hunt long for a term to serve for the name of God, and to devote days and weeks to the discovery of intelligible terms of expressing the simplest spiritual ideas. The labor required for the preparation of a catechism, or the compilation of a selection of Scripture texts, implies incipient Biblical translation, and imparts to the rising native Church an instalment of its Biblical and ecclesiastical language, which may possibly turn out a great success, or which may involve very serious mistakes, the subsequent rectificaiton of which may prove a difficult task. (The controversy about the name of God in Chinese is an example in point)

9. Usually a commencement is made with one of the Gospels— in many cases after a very brief course of study. This is quite justifiable, if the translators regard such an attempt as a preliminary labor, which is not to claim any particular recognition. But, as a matter of fact, such beginnings are apt to be over-valued. The worst is, when a translator proceeds with such assurance as—in a country where many languages are used—to attempt a fresh language in every successive year, and to fancy himself qualified to produce somehting valuable by this process.

10. Every language is an inexhaustible mine, containing more riches than can be coaxed out of the best given dozen of men who use it. They may be savages, whom the white man instinctively dispises because they appear to be exceedingly poor in such words and forms of expression as he desires; and consequently the tyro is apt to despise their language too, as little better than the chirping of birds or the growling of bears. Thus a long period may elapse before the new arrival discovers what an admirable work of art even the poorest and most debased language is. He must learn to admire the language before he achieves a piece of translation work, and he must perpetually listen to it with his ears pricked up (consider Dr Bleek's persevering till he had got out of the Bushmen 84 volumes (?) full of their traditions.)

11. Not until a man has attained to readiness in holding intercourse with the people of one given place is he qualifed to value aright diealectic modifications. In fact, it requires much travelling, or much intercourse with all the classes connectedwith the different branches of a language, to enable him to obtain a comprehensive view

of the entire extent of that language. Frequently the choice of the dialect to be used has been made, and the work advanced, before such a survey is accomplished. This should not discourage one, Provided the translation be good, it will win its way to wider circle. The place where the Gospel forms churches is the place where Biblical translation should be commenced. (Luther's high-German. In Tyi the choice fell upon the Akwapen dialect, in preference to that of Fanti or Ashanti.) But the store of words that may be gathered from dialects may prove very useful in translating the prophetical and poetical books.

12. In like manner it requires, on the part of a foreigner, a prolonged use of a language to enable him to discover that, like others, it contains, besideds the words relating to every-day life, ancient elements in the guise of poetry, traditons, proverbs etc., which to a translator are of extraordinary value. In languages which have a literature such elements are more readily obtained, but here their charm may prove unduly powerful. Even in languages that have not been reduced to writing, they are never abosolutely wanting, here the task is to discover the proper depositories of such traditions.

13. There have been instances of a translation of the New Testament being made, and continuing in print for a quarter of a century, the translators of which never read anything that had previously been written in the language; at first maintaining that it had no literature, and subsequently declining to have anything to do with it, lest it should spoil their style. If such a thing was done in the case of a written language, how one sided may have been the treatment received by the languages of uncultured tribes! If the precept, "Be swift to hear, slow to speak" is to be recommeded to every man, how preëminently becoming must its observence be in the case of a Biblical translator?

14. A special preliminary work, to be persevered in continuously, consists in the collection and selection of equivalent or approximately equivalent terms for the highest spiritual ideas. One has to consult, to the best of his ability, similar collections that may be availbale in reference to cognate languages, constantly hoping to make more and more valuable discoveries.

15. Borrowing from cultivated languages is a make-shift which however, has its own sanctified rights (Helleluajah, Amen, etc.) But where is the limit to be drawn? Our Nazranis in Malabar have in their ecclesiastical language adopted many terms from the

Syriac; the Roman Catholics many from the Latin or its derivatives, which have been handed down to us (prophet, psalm, to baptize) the old missionaries from Halle used Espiritu santo in Tamil, It certainly appears a daring feat that in South Africa the English or Dutch numbers have found their way into the Chuana version; or may it be regarded as a successful hit, arising from a true divination of the future course of the development of language in that region.

16. The reproduction of Scripture names is to be regarded as another preliminary work.Where such names are already partially known, even the adoption or imitation of their Muhammadan forms is not to be condemned absolutely (as, for instance, Ibrahim and Musa for Abraham and Moses; but the adoption of Isa for Jesus is more doubtful). In German Jeschu would be philologically right; but there is no room for combating the historical necessity of adopting Jesu. Where there is a tabula rasa, it will be best to transliterate the Hebrew names as closely as is compatible with the genius of the language; but it is necessary to be careful with regard to the sounds cherished in consequence of home associations. (The Italian name Gesu adopted by Roman Catholics is pronounced Sesu in Tamil,whilst the language has the letter Y for Yesu. The English pronounciation of Christ sounds unpleasant in many translations.)

17. Let the translator begin with a book in prose, the simplest narrative prose. The remainder is a work of patience, in the course of which the hammering and filing, even of that which is seemingly finished, never ceases. Pauline syntax and prophetical poetry will wring many a drop of sweat even out of an experienced man . Without the gift of poetry, even the most diligent laborer is unable to translate all the books of Scripture.

18. Let the individual translator have labored ever so conscientiously, he will need the approbation of others for the multiplication and distribution of his work. This approbation he cannot secure without all manner of compromises. He will find himself involved in conflict at one time about the choice of the text which he made the basis of his work, at another time about the interpretation and its deviations from standard versions, then again about minutiæ of all sorts. May God supply him with sufficient patience to cut his way through, so as to allow himself to be outvoted in suboridinate matters, and yet to carry his point in essential things! May he also grant to his work revisors that are worth having, whether it be during his lifetime or after his dicease!

മിഷണറി സ്വഭാവമുള്ള ക്രൈസ്തവ സഭകൾ ക്രിസ്തുസന്ദേശം ലോകമെങ്ങും എത്തിക്കാനുള്ള പരിശ്രമത്തിനിടയിൽ അച്ചടി, പാഠനിരൂപണം, പ്രസാധനം, തർജമ തുടങ്ങിയവയ്ക്കു വ്യാപകമായ പ്രചാരം നൽകിയ കഥ വിസ്തരിക്കേണ്ടതില്ലല്ലോ. ലോകത്തിൽ ആറായിരത്തോളം ഭാഷകളുണ്ടെന്നാണു കണക്ക്. ഇവയിൽ രണ്ടായിരത്തോളം ഭാഷകളിൽ ബൈബിൾ ഭാഗികമായെങ്കിലും തർജമ ചെയ്തിട്ടുണ്ട്. ലോകത്തുള്ള ജനങ്ങളിൽ 98 ശതമാനത്തിനു സ്വന്തം ഭാഷയിൽ ബൈബിൾ ലഭ്യമാണ്. ബൈബിൾ ചെന്നെത്താത്ത നാലായിരത്തോളം ഭാഷകൾ സംസാരിക്കുന്നവർ മൊത്തം ലോകജനസംഖ്യയുടെ രണ്ടു ശതമാനത്തോളമേ വരൂ. (അവലംബം: Charles. H. Kraft, Christianity Inc Culture, Orbis Books, New York 1979). ബൈബിൾ പ്രചാരണ സംരംഭങ്ങളുടെ ഭാഗമായിട്ടാണ് പല ഭാഷകൾക്കു ലിപിമാലകൾ ഉണ്ടായതും അച്ചടി ആരംഭിച്ചതും. പത്തൊമ്പതാം നൂറ്റാണ്ടിൽ കേരളത്തിൽ, കോട്ടയത്ത് അച്ചടി തുടങ്ങിയതിന്റെ പ്രാഥമിക ലക്ഷ്യം ബൈബിൾ അച്ചടിക്ക എന്നതായിരുന്നു. പിന്നീട് മംഗലാപുരത്തും തലശ്ശേരിയിലും ബാസൽമിഷൻ അച്ചടിശാലകൾ തുറന്നു ബൈബിൾ അച്ചടിച്ചു. അക്കൂട്ടത്തിൽ മറ്റ് പലതും അച്ചടിച്ചു എന്നതു വേറെ കാര്യം. അവയെല്ലാം ഭാഷയുടെ ഭാഗ്യമായി. (അച്ചടിയുടെ കേരളത്തിലെ ചരിത്രത്തിന് *മലയാള സാഹിത്യവും ക്രിസ്ത്യാനികളും* എന്ന ഗ്രന്ഥത്തിന്റെ ഡിസിബി പതിപ്പിന് ഈ ലേഖകൻ എഴുതിയ ചർച്ചയും പൂർണവും എന്ന അനുബന്ധം കാണുക. 1989 : 330-365)

ക്രൈസ്തവമത പ്രചാരണ സംവിധാനങ്ങളെ വിലയിരുത്തിക്കൊണ്ടു വിവേകാനന്ദസ്വാമികൾ ചൂണ്ടിക്കാട്ടിയ ഒരു കാര്യം ഇവിടെ ഓർമിക്കാവുന്നതാണ്. 'ക്രിസ്തുമതം പരക്കുന്നതു നിങ്ങൾക്കറിയാം. എന്നാൽ അതിന്റെ ഫലം യത്നാനുരൂപമാകുന്നുണ്ടോ എന്നെനിക്കു തീർച്ചയില്ല. ക്രിസ്ത്യൻ പ്രചാരണത്തിൽ വലിയൊരു ന്യൂനതയുണ്ട്. അതു പാശ്ചാത്യ സമ്പ്രദായങ്ങളിലെല്ലാമുണ്ട്. പ്രചാരണയന്ത്രത്തിൽ വ്യയം ചെയ്തുപോകുന്നു യത്നത്തിന്റെ തൊണ്ണൂറു ശതമാനവും. പ്രചാരണയന്ത്രം കണക്കിലേറെയുണ്ട്.' (*വിവേകാനന്ദ സാഹിത്യസർവസ്വം*, വാല്യം രണ്ട്, പുറം 436-437). സ്വാമികൾ ചൂണ്ടിക്കാണിച്ച ദുർവ്യയത്തിന്റെ തോതു മനസ്സിലാക്കാൻ മലയാള ഭാഷയിലുള്ള മതപ്രസിദ്ധീകരണങ്ങളിലൂടെ കണ്ണോടിച്ചാൽ മതി. നൂറു വായനക്കാർ പോലുമില്ലാത്ത അനേകം മത പ്രസിദ്ധീകരണങ്ങൾ നമ്മുടെ നാട്ടിലുണ്ട്! അച്ചടിക്കും പ്രസാധനത്തിനും മിഷണറിമാർ നൽകിയ പ്രാധാന്യം ഉർവ്വശീശാപം പോലെ നമ്മുടെ സാംസ്കാരിക നവോത്ഥാനത്തിന് ഉപകരിച്ചു എന്നതു പ്രസക്തമായ മറെറാരു സത്യമാണ്.

ക്രിസ്തുമതത്തോളം തന്നെ പഴക്കമുള്ള ഒരു ക്രൈസ്തവ സമൂഹം കേരളത്തിലുണ്ടെങ്കിലും മലയാള ഭാഷയിലേക്കു ബൈബിൾ കടന്നുവന്നതു പത്തൊമ്പതാം നൂറ്റാണ്ടിലാണ്. ബൈബിൾ തർജമകളുടെ പട്ടികയിൽ വളരെ പിന്നിലാണ് മലയാളം.

ബൈബിൾ വിവർത്തനങ്ങൾ പ്രധാന ഭാരതീയ ഭാഷകളിൽ

ഭാഷ	ഭാഗികം	പൂർണ്ണം	
തമിഴ്	1714	1726	
ബംഗാളി	1800	1809	
ഒറിയ	1809	1815	
സംസ്കൃതം	1808	1818	
ഹിന്ദി	1806	1818	
മറാഠി	1805	1819	
ഗുജറാത്തി	1809	1823	
കന്നഡ	1812	1831	
അസമിയ	1819	1832	
മലയാളം	1811	1841	
ഉറുദു	1743	1843	(ദക്കിനി 1745)
തെലുങ്ക്	1812	1854	
കാശ്മീരി	1821	1899	
സിന്ധി	1825	1954	
പഞ്ചാബി (ഗുരുമുഖി)	1815	1959	

(ഡോ. കെ.എം. ജോർജിനോടു കടപ്പാട്)

ഭാരതത്തിൽ അയ്യായിരം പേരെങ്കിലും സംസാരിക്കുന്ന ഭാഷകളുടെ എണ്ണം ഇരുന്നൂറമ്പതോളം വരും. അവയിൽ നൂറമ്പതോളം ഭാഷകളിൽ ബൈബിൾ ഭാഗികമായെങ്കിലും എത്തിച്ചേർന്നിട്ടുണ്ട്. തൊണ്ണൂറഞ്ചു ശതമാനം ഇന്ത്യാക്കാർക്ക് മാതൃഭാഷയിൽ ബൈബിൾ ലഭ്യമാണ്. ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ കൽക്കത്തയിലെ ഫോർട് വില്യം കോളജ്, സെറാമ്പൂരിലെ ബാപ്റ്റിസ്റ്റു മിഷൻഎന്നീ സ്ഥാപനങ്ങൾ ബൈബിൾ തർജമയ്ക്ക്. ആദ്യകാലത്തു നേതൃത്വം നൽകി. 1832-ൽ സെറാമ്പൂരിൽ 40 ഭാഷയിലുള്ള ബൈബിളുകൾ അച്ചടിച്ചിരുന്നു. ഇവയിൽ ചൈനീസ് മുതൽ കാശ്മീരി വരെയുള്ള ഭാഷകൾ ഉൾപ്പെടും. വില്യം കേരി എന്ന മിഷണറിയാണ് സെറാമ്പൂരിലെ പ്രവർത്തനങ്ങൾക്കു നേതൃത്വം നൽകിയത്. വിസ്മയകരമായിരുന്നു അദ്ദേഹത്തിന്റെ നേട്ടങ്ങളെങ്കിലും അക്കാലത്തുണ്ടായ തർജമകൾ അർത്ഥബോധം ജനിപ്പിക്കാത്ത വികല രചനകളായിരുന്നു എന്ന് ആക്ഷേപമുണ്ട്. ഫോർട് വില്യംസ് കോളജിൽ ബംഗാളിയുടെയും സംസ്കൃതത്തിന്റെയും പ്രഫസറായിരുന്ന വില്യം കേരി ആ രണ്ടു ഭാഷകളിലേക്കും ബൈബിൾ തർജമ ചെയ്തു. അവയുടെ ഗുണനിലവാരത്തെക്കുറിച്ച് ആക്ഷേപമില്ല. മറ്റു ഭാഷകളിലേക്കുള്ള തർജമകൾ ഏറെറടുത്ത മിക്ക മിഷണറിമാരും മതാവേശം മാത്രം തർജമസിദ്ധിയായി അവകാശപ്പെടാവുന്നവരായിരുന്നു! ഇങ്ങനെയുണ്ടായ തർജമകളുടെ കാര്യത്തിൽ സൂതികർമ്മിണിയുടെ പങ്കാണ് കേരി വഹിച്ചത്. പത്തൊമ്പതാം നൂറ്റാണ്ടിൽ സുസംഘടിതമായി സമാരംഭിച്ച ബൈബിൾ വിവർത്തനത്തിന്റെ കഥയാണിത്. ആ പാരമ്പര്യമാണ് പിന്നീട് മറ്റു ഭാരതീയ ഭാഷകളിലേക്കു ബൈബിൾ സൊസൈറ്റികൾവഴി വളർന്നെത്തിയത്.

പത്തൊമ്പതാം നൂറ്റാണ്ടിനു മുമ്പ് ഒറ്റപ്പെട്ട ചില ബൈബിൾ വിവർത്തന സംരംഭങ്ങളുണ്ടായിട്ടുണ്ട്. ഭാരതത്തിലെ ആദ്യത്തെ പ്രൊട്ടസ്റ്റന്റു മിഷണറി എന്നു വിശേഷിപ്പിക്കാവുന്ന ബർത്തുലുമിയോ സീഗൻബാൾഗ് (1682-1719) ഡന്മാർക്കിലെ രാജാവിന്റെ നിയോഗമനുസരിച്ച് 1706-ൽ തമിഴ്നാടു തീരത്തു ട്രാൻകബാറിൽ വന്നിറങ്ങി. അതിസാഹസികനായ ആ യുവമിഷണറി കൊച്ചുകുട്ടികളോടൊപ്പം കുടിപ്പള്ളിക്കൂടത്തിൽ പോയി തമിഴ് ഭാഷ പഠിച്ച് അഞ്ചുവർഷത്തിനുള്ളിൽ പുതിയ നിയമ തർജമ പൂർത്തിയാക്കി. ഡന്മാർക്കിലെ രാജാവിന്റെ നിയോഗമനുസരിച്ചാണ് മിഷണറിയായി വന്നതെങ്കിലും സീഗൻബാൾഗ് ജർമ്മൻകാരനായിരുന്നു. പുരാതനമായ ഹാളെ സർവകലാശാലയിൽ വച്ചാണ് അദ്ദേഹം മിഷണറി ദൗത്യം ഏറ്റെടുത്തത്. 1715-ൽ പുതിയ നിയമം പ്രസിദ്ധീകരിച്ചു. 1719-ൽ, സീഗൻബാൾഗ് അകാല ചരമമടയും മുമ്പ് പഴയ നിയമത്തിലെ രൂത്തുവരെയുള്ള ഭാഗംകൂടി തർജമ ചെയ്തിരുന്നു. സമ്പന്നമായ തമിഴ് ഭാഷയുടെ സൗന്ദര്യത്തിനു നിരക്കാത്ത ഭാഷാവൈകല്യങ്ങൾ ഈ തർജമയിൽ കടന്നു കൂടിയതിൽ വിസ്മയമില്ല. എല്ലാം പെട്ടെന്നു ചെയ്തു തീർക്കാനുള്ള തത്രപ്പാടിലായിരുന്നു സീഗൻബാൾഗ്. ശൈലീവൈകല്യങ്ങൾ പെരുപ്പിച്ചുകാട്ടി പുതിയനിയമ തർജമ പരിഹാസ്യമാക്കുന്നതിൽ വിശ്രുത തമിഴ്ഭാഷാപണ്ഡിതനും കത്തോലിക്ക മിഷണറിയുമായ ബെസ്ചിയായിരുന്നു മുന്നിട്ടിറങ്ങിയത്. ബെസ്ചി എഴുതി: 'അതിലെ ആദ്യവരി വായിച്ചപ്പോൾ തന്നെ കണ്ണു തള്ളി, നാവു വരണ്ടു, ചെവി പൊട്ടിപ്പോകുമെന്നു തോന്നി; ആളുകൾ അന്യോന്യം നോക്കി, എന്നിട്ട് പൊട്ടിച്ചിരിച്ചു.' തർജമക്കാരന്റെ ദുരുദ്യോഗത്തെക്കുറിച്ച് നൈഡ എഴുതിയത്, അല്പം മുമ്പ് ഉദ്ധരിച്ചിട്ടുള്ളത് ഓർമിക്കുക! ബെസ്ചിയുടെ പരിഹാസത്തെ അതിജീവിച്ചു സീഗൻബാൾഗിന്റെ തർജമ പ്രചാരം നേടി. അദ്ദേഹത്തിന്റെ മരണശേഷം മറ്റൊരു ജർമ്മൻ മിഷണറിയായ ബഞ്ചമിൻ ഷൂൾത്സെ പഴയനിയമ തർജമ പൂർത്തിയാക്കി ട്രാൻകബാറിൽ (1726) അച്ചടിപ്പിച്ചു. അങ്ങനെ രണ്ടു ജർമൻ മിഷണറിമാരുടെ ഉത്സാഹത്തിൽ തമിഴിനു സമ്പൂർണ്ണ ബൈബിൾ ഉണ്ടായ ആദ്യത്തെ ഭാരതീയ ഭാഷ എന്നു ബഹുമതി ലഭിച്ചു. ഇതിനു മുമ്പു തന്നെ തമിഴ് സംസാരിക്കുന്ന ശ്രീലങ്ക പ്രദേശത്തു ബൈബിൾ തർജമകളുണ്ടായതായി തെളിവുകളുണ്ടെങ്കിലും സമ്പൂർണ പകർപ്പുകളൊന്നും ലഭിച്ചിട്ടില്ല. ദക്ഷിണേന്ത്യയിൽ പ്രചാരത്തിലിരുന്ന ഉറുദുവിൽ (ദക്കിനി), ബഞ്ചമിൻ ഷൂൾത്സെ 1841-ൽ പുതിയ നിയമ തർജമ പൂർത്തിയാക്കി. അതു ജന്മദേശത്തെ ഹാളെയിൽ 1845-ൽ അദ്ദേഹം അച്ചടിപ്പിച്ചു. അങ്ങനെ പുതിയ നിയമമുണ്ടായ രണ്ടാമത്തെ ഭാഷ എന്ന സ്ഥാനം ഉറുദുവിനു ലഭിക്കുന്നു.

പത്തൊമ്പതാം നൂറ്റാണ്ടിൽ പ്രൊട്ടസ്റ്റന്റു മിഷണറിമാരുടെ വരവോടെയാണ് മലയാള ഭാഷയിൽ ബൈബിൾ തർജമകളുണ്ടായതെങ്കിലും അതിനുമുമ്പ് കേരളത്തിൽ ബൈബിൾ ഉണ്ടായിരുന്നു. 1806-ൽ കേരളം സന്ദർശിച്ച ക്ലോഡിയസ് ബുക്കാനന് സുറിയാനിക്കാരുടെ മെത്രാപ്പോലീത്ത കണ്ടനാട്ടുവച്ചു മനോഹരമായ ഒരു ബൈബിൾ സമ്മാനിക്കയുണ്ടായി. 'ഞങ്ങളുടെ പൂർവികർ ഒരായിരം വർഷമായി ഉപയോഗിക്കുന്നതാണ് ഈ വേദപുസ്തകം' എന്നു മെത്രാപ്പോലീത്ത പറഞ്ഞതിൽ അതിശയോക്തിയു

சுதனுகியசமுவுசுாஜுயிருககீம

ளசுககிமீஉஹதத
நாதாானவா

ருநதபபூலொகததீலெமனுஹணையபபிமநதஹிசெஹஙக
ணையுமபொதீஹிசசஞானஉபதெசஙகணையடமதெசயத ச
மபுதஙக ணையுமமனுஹருககுதெணடிடபபாடுபடு
எலலாணையுமழிணடுளாஹசீததசததசானஙக ணையும
உயிரொடுளழிநதீருநதுபாலொகததீலெமீனையாக
எறினதணதியும சுவருடையசீஹாகளாகி மசுடுபொஹ
ததலமாகணலொகமெஙகுமபொயபடிபபடிகிகொதத
சசுஹிஹிசெஹஙக ணை சசகலசதெனஙக ளுககுமபி மசஙக
மபணணி னதணதியுமழி உளிபடுதது கமபுது ள
மபாடமனுடையபழிதலாமசுபாடீம
உதுதுசுதுபாஹததகமை

கீமீஹகதுபி மநத ஆயிாத துளழிதாதுபபதிலாமசரு
ஹமாகி மபொதுயிதுதாஙகனபாடியிலெயிருககீம
பாதிமாாகளுடைய உசசிலெபதிககடபடதுை

1715-ൽ പ്രസിദ്ധപ്പെടുത്തിയ തമിഴിലെ ആദ്യത്തെ പുതിയ നിയമം - ടൈറ്റിൽ പേജ്

ണ്ടായിരിക്കാം. ആഭ്യന്തരമായ തെളിവുകൾ, വിശിഷ്യ ഭാഷാസ്വഭാവം, കണക്കിലെടുത്താൽ ആറുമുതൽ പന്ത്രണ്ടു വരെയുള്ള നൂറ്റാണ്ടുകൾക്കിടയിൽ എഴുതപ്പെട്ടതായിരിക്കണം ആ സുറിയാനി ബൈബിൾ എന്നു ഗവേഷകർ അഭിപ്രായപ്പെടുന്നു. (Hooper 1938 :7) ഈ ഗ്രന്ഥം ഇപ്പോൾ കേംബ്രിഡ്ജ് സർവകലാശാലാ ലൈബ്രറിയിലുണ്ട്. കേരളത്തിൽ എങ്ങനെ സുറിയാനി ബൈബിൾ വന്നെത്തി എന്ന ചോദ്യം മറ്റൊരു വിഷയത്തിലേക്കു നമ്മെ നയിക്കുന്നു.

കേരളത്തിലെ ആദിമ ക്രിസ്ത്യാനികൾ നസ്രാണികൾ* 'മാർത്തോമ്മാ നസ്രാണികൾ എന്നാണ് അറിയപ്പെട്ടിരുന്നത്. നസ്രാണികളെക്കുറിച്ചുള്ള ഗുണ്ടർട്ടിന്റെ അഭിപ്രായങ്ങൾ ഹെർമൻ ഗുണ്ടർട്ടു ഗ്രന്ഥപരമ്പരയിലെ *കേരളോല്പത്തിയും മറ്റും* എന്ന വാല്യത്തിൽ നസ്രാണികളുടെ പഴമ എന്ന പ്രബന്ധത്തിൽ കാണാവുന്നതാണ്. സ്വന്തം മതസംഹിതയെ 'മാർത്തോമ്മായുടെ മാർഗ്ഗവും വഴിപാടും' എന്ന് അവർ വിശേഷിപ്പിച്ചിരുന്നു. വഴിപാട് എന്ന വാക്കിന് tradition എന്ന അർത്ഥം ഗുണ്ടർട്ടിന്റെ നിഘണ്ടുവിൽ കാണുന്നു. മാർത്തോമ്മായുടെ മാർഗവും വഴിപാടും വിശ്വാസചര്യയായി കരുതിയിരുന്ന മാർത്തോമ്മാ നസ്രാണികൾക്ക് പതിനാറാം നൂറ്റാണ്ടിൽ, പാശ്ചാത്യകൊളൊണിയലിസത്തിന്റെ ആദ്യനാളുകളിൽ, വമ്പിച്ച സാംസ്കാരിക പരിവർത്തനങ്ങൾ സംഭവിച്ചു. അന്നോളം മാർത്തോമ്മാ നസ്രാണികൾ പുലർത്തിപ്പോന്ന സംസ്കാരത്തെക്കുറിച്ചു വ്യക്തമായ അറിവു നൽകുന്ന രേഖകൾ ഇപ്പോൾ ലഭ്യമാണ്. 1599-ൽ പോർത്തുഗീസ് മെത്രാനായ അലക്സിസ് മേനേസിസ് സംഘടിപ്പിച്ച ഉദയംപേരൂർ സൂനഹദോസിന്റെ കാനോകൾ (ഇത് അച്ചടിയിലുണ്ട്) ആർച്ചുബിഷപ്പിന്റെ സഹചരനായിരുന്ന ഗുവയാപാതിരി പോർത്തുഗീസ് ഭാഷയിൽ അക്കാലത്തു പ്രസിദ്ധീകരിച്ചു. ജൊർണാദ എന്ന ബൃഹദ്ഗ്രന്ഥം (ഇതിന്റെ അമൂല്യമായ ഒരു പകർപ്പ് കേരള സർവകലാശാലാ ലൈബ്രറിയിലുണ്ട്) ഇവയൊക്കെ അന്നത്തെ കേരള ക്രൈസ്തവ സമൂഹത്തിന്റെ സ്വഭാവം വെളിവാക്കുന്നുണ്ട്. കേരളമാകുന്ന ചിത്രയവനികയിൽ, മതാത്മകതയുടെ കാര്യത്തിൽമാത്രം നിറഭേദം കാട്ടുന്ന ഒരു സജീവ സമൂഹമായിരുന്നു അന്നത്തെ മാർത്തോമ്മാ നസ്രാണികൾ. എങ്കിലും ഒന്നുരണ്ടു കാര്യങ്ങളിൽ അവർ വ്യതിരിക്തത പുലർത്തിയിരുന്നു. പ്രധാനപ്പെട്ട ഒരു പ്രത്യേകത, നസ്രാണികളുടെ സഭാഭരണസംവിധാനമായിരുന്നു. അതികേന്ദ്രീകൃതവും പാശ്ചാത്യവുമായ സഭാഭരണ സംവിധാനത്തോട് ഇടതട്ടിച്ചുനോക്കിയിട്ടാവണം കേരള ക്രൈസ്തവ സമുദായത്തെ ഒരു മിഷണറി 'ക്രൈസ്തവ റിപ്പബ്ലിക്' എന്നു വിശേഷിപ്പിച്ചത്. പാശ്ചാത്യ മിഷണറിമാർക്ക് അത്ഭുതം സൃഷ്ടിക്കത്തക്ക തരത്തിൽ പ്രവർത്തിച്ചിരുന്ന റിപ്പബ്ലിക്കൻ ഭരണക്രമം കേരള ക്രൈസ്തവ സമുദായം കേരള സംസ്കാരത്തിനു നൽകിയ മികവുറ്റ സംഭാവനയാണ്. നിർഭാഗ്യം എന്നു പറയട്ടെ, പാശ്ചാത്യ കൊളൊണിയലിസം ആദ്യം തകർത്തത് ഈ ക്രൈസ്തവ റിപ്പബ്ലിക്കിനെയാണ്. ഇവിടത്തെ പല നാട്ടുരാജാക്കന്മാരെയും ഭീഷണിപ്പെടുത്തിയും സ്വാധീനിച്ചും കേരള ക്രൈസ്തവ സമുദായത്തിലെ

*നസ്രാണി അറബിവാക്കാണ്, ക്രിസ്ത്യാനി എന്നർത്ഥം.

റിപ്പബ്ലിക്കൻ ഭരണക്രമം തകർത്തു. അങ്ങനെ, അതിവിശിഷ്ടം എന്ന് വിശേഷിപ്പിക്കാവുന്ന ആ ഭരണക്രമം നഷ്ടപ്പെട്ടുപോയി. നഷ്ടൈശ്വര്യങ്ങളുടെ അവശിഷ്ടങ്ങൾ പോലെ അങ്ങിങ്ങു ചില കേരള ക്രൈസ്തവസഭകളിൽ ഇപ്പോൾ അതിന്റെ അവശിഷ്ടങ്ങൾ കാണാം. പതിനാറാം നൂറ്റാണ്ടുവരെ നിലനിന്നിരുന്ന റിപ്പബ്ലിക്കൻ ഭരണക്രമമനുസരിച്ച് ഓരോ ഇടവകയുടെയും പരമാധികാരം അവിടത്തെ പള്ളിയോഗത്തിനായിരുന്നു. ഈ പള്ളിയോഗം എല്ലാ കുടുംബനാഥന്മാരും ഉൾപ്പെട്ടിരുന്നതാണ്. മെത്രാനെ ക്ഷണിച്ചുവരുത്തുക, പുരോഹിതരെ തെരഞ്ഞെടുക്കുക എന്നിവപോലും പള്ളിയോഗത്തിന്റെ അവകാശമായിരുന്നു. വിവിധ പള്ളിക്കാരുടെ പ്രതിനിധികൾ യോഗം ചേർന്നാണ് നസ്രാണി സമുദായത്തിന്റെ പൊതുവായ കാര്യങ്ങൾ തീരുമാനിച്ചിരുന്നത്. അവിടെ അവർക്കു നേതൃത്വം നൽകിയത് ജാതിക്കു കർത്തവ്യൻ എന്നു വിശേഷിപ്പിക്കപ്പെട്ടിരുന്ന അർക്കദ്യാക്കോനാണ്. കേരള ക്രൈസ്തവരുടെ ഈ റിപ്പബ്ലിക്കൻ പാരമ്പര്യത്തെക്കുറിച്ചു പഠനഗവേഷണങ്ങൾ നടത്താൻ സാമൂഹിക സാംസ്കാരിക ചരിത്രകാരന്മാർ ഒരുമ്പെടേണ്ടിയിരിക്കുന്നു.

പതിനാറാം നൂറ്റാണ്ടുവരെയുള്ള മാർത്തോമ്മാ നസ്രാണികളുടെ മറെറാരു സാംസ്കാരിക സവിശേഷത അവർ സുറിയാനി ഭാഷയോടും പേർഷ്യൻ ക്രൈസ്തവ സഭയോടും പുലർത്തിയിരുന്ന ഉറ്റബന്ധമാണ്. സുറിയാനി അവരുടെ ആരാധനാഭാഷയായിത്തീർന്നു. മാമ്മോദീസാ, കുർബാന, ഒപ്രൂശുമാ, റൂഹാ എന്നിങ്ങനെ അനേകം പദങ്ങൾ ക്രിസ്ത്യാനികളുടെ മതഭാഷയിലേക്കു സംക്രമിച്ചു. എന്നാൽ ക്രൈസ്തവരുടെ സാമൂഹിക സാംസ്കാരിക ജീവിതത്തിൽ സുറിയാനിക്കും പേർഷ്യൻ സഭയ്ക്കും പ്രവേശമില്ലാതിരുന്നതു കൊണ്ടാവണം ആ മണ്ഡലങ്ങളിലുള്ള കാര്യങ്ങളെ സൂചിപ്പിക്കുന്ന ഒരൊററ സുറിയാനിപ്പദം പോലും മലയാള ഭാഷയിൽ കാണാത്തത്. മാർത്തോമ്മാ നസ്രാണികൾക്കു സുറിയാനിക്കാർ എന്നു പേരുണ്ടായതിന്റെ കാര്യം കൂടി സൂചിപ്പിക്കട്ടെ. പോർത്തുഗീസുകാരുടെ ആഗമനത്തിനും മിഷണറിപ്രവർത്തനത്തിനും ശേഷം ഇവിടെ ലത്തീൻ ആരാധനഭാഷയായി ഉപയോഗിക്കുന്ന ഒരു വിഭാഗം ക്രൈസ്തവരുണ്ടായി. ഈ രണ്ടു കൂട്ടരെയും വേർതിരിച്ചു കാണിക്കാൻ പാശ്ചാത്യഭരണാധികാരികൾ സൃഷ്ടിച്ച പേരുകളാണ് സുറിയാനിക്കാരും ലത്തീൻകാരും. സുറിയാനിയും ലത്തീനും വിദേശഭാഷകളായതുകൊണ്ട് സുറിയാനിക്കാരും ലത്തീൻകാരും മറേറതോ ദേശത്തു നിന്നു കുടിയേറിയവരാണെന്നു പലരും തെറ്റിദ്ധരിച്ചിട്ടുണ്ട്. ഈ രണ്ടു പേരുകളും അവരുടെ ആരാധനഭാഷയെ മാത്രമാണ് കുറിക്കുന്നത്; അതു ജാതിപ്പേരായി ഉറപ്പിച്ചത് കൊളോണിയൽ മേധാവികളുമാണ്. കേരള ക്രൈസ്തവരിൽ ചെറിയൊരു സമൂഹം, തങ്ങളുടെ പൂർവികർ പേർഷ്യയിൽ നിന്നു കുടിയേറിയവരാണ് എന്നു കരുതുന്നവരുണ്ട് - അവരാണ് ക്നാനായക്കാർ അഥവാ തെക്കുംഭാഗർ. തങ്ങളുടെ രക്തശുദ്ധി നിലനിറുത്തുന്നതിൽ കടുത്ത നിർബന്ധമുള്ളവരാണ് ഈ ക്രൈസ്തവവിഭാഗക്കാർ.

സാമ്പ്രദായിക കേരള സമുദായത്തിൽ സാമാന്യമായി ഉണ്ടായിരുന്ന

എല്ലാ ശക്തിദൗർബല്യങ്ങളും പ്രകടമാക്കിയിരുന്ന സമൂഹമാണ് പതിനാറാം നൂറ്റാണ്ടുവരെയുള്ള കേരള ക്രൈസ്തവർ. മതംമാറുമ്പോൾ സാംസ്കാരികവും സാമൂഹികവുമായ മാറ്റങ്ങളും ഉണ്ടാകണം എന്ന് അവർ കരുതിയിരുന്നില്ല. മറ്റെല്ലാ സമുദായങ്ങളുമായി ഉറ്റ സമ്പർക്കത്തിലാണ് അവർ കഴിഞ്ഞിരുന്നത്. തന്മൂലം ജാതിപ്പിശാചിന്റെ ബാധയ്ക്ക് അവരും അടിമപ്പെട്ടു. വ്യാപകമായ മതപരിവർത്തന സംരംഭങ്ങളിൽ അവർ ഏർപ്പെട്ടിരുന്നതുമില്ല. മതപ്രചാരണത്തിൽ, പൊതുവേ കേരള സമുദായത്തിലുണ്ടായിരുന്ന അലംഭാവം തന്നെ അവർ നിലനിറുത്തി.

പോർത്തുഗീസുകാരുടെ വരവോടെ ക്രൈസ്തവ സമുദായത്തിന്റെ സ്വഭാവത്തിൽ മാറ്റമുണ്ടായി. ഇംഗ്ലീഷുകാരുടെ കാലമായപ്പോൾ ക്രൈസ്തവ സമൂഹത്തിൽ പാശ്ചാത്യ സ്വാധീനം ഏറെ വർധിച്ചു. ഇക്കഴിഞ്ഞ മൂന്നു നാലു നൂറ്റാണ്ടുകൾക്കിടയിൽകേരള സംസ്കാരത്തിനുണ്ടായ പരിവർത്തനത്തെ ആധുനികീകരണം (Modernisation) എന്നു വിളിക്കാം എന്നു തോന്നുന്നു. ഈ ആധുനികീകരണം, സാരമായ അളവിൽ പാശ്ചാത്യീകരണം (Westernisation) ആയിരുന്നു. പാശ്ചാത്യ ക്രൈസ്തവ മിഷണറിമാരുടെ പ്രവർത്തനം കേരളത്തിന്റെ ആധുനികീകരണത്തെ സാരമായി സഹായിച്ചിട്ടുള്ളതുകൊണ്ട് ഈ പരിവർത്തനത്തെ ക്രൈസ്തവീകരണം (Christianisation) എന്നു വേണമെങ്കിൽ വിളിക്കാം. പാശ്ചാത്യീകരണം, ആധുനികീകരണം, ക്രൈസ്തവീകരണം ഇവ മൂന്നും വ്യത്യസ്തങ്ങളാണ്. എന്നാൽ കേരളത്തെ സംബന്ധിച്ചിടത്തോളം, വിശേഷിച്ച് നമ്മുടെ സംസ്കാരത്തെ സംബന്ധിച്ചു പറയുമ്പോൾ ഇവയെ Intersecting Circles—പരസ്പരം ഖണ്ഡിച്ചു കടന്നു പോകുന്ന വൃത്തങ്ങൾ - എന്നു വിശേഷിപ്പിക്കാം. പാശ്ചാത്യീകരണത്തിനും ആധുനികീകരണത്തിനും ക്രൈസ്തവീകരണത്തിനും പൊതുവായ പല മേഖലകളും ഉണ്ടെന്നു സാരം. ഉദാഹരണങ്ങൾ കൊണ്ട് ഇതു വിശദീകരിക്കാം.

അച്ചടിശാലകൾ, പത്രങ്ങൾ എന്നിവ കേരളത്തിന്റെ ആധുനികീകരണത്തിൽ വഹിച്ച പങ്ക് അനുകൂസിദ്ധമാണല്ലോ. ഇവ കേരളത്തിൽ സമാരംഭിച്ചതു ക്രൈസ്തവീകരണ പരിശ്രമങ്ങളുടെ ഭാഗമായിട്ടാണ്. എന്നാൽ മറ്റൊരു തരത്തിൽ പറഞ്ഞാൽ പാശ്ചാത്യ ഇൻഫർമേഷൻ ടെക്നോളജിയുടെ കുടിയേറ്റമായിരുന്നു ഇത്. പടിഞ്ഞാറൻ ഇറക്കുമതി, പാശ്ചാത്യീകരണം എന്നും ഇതിനെ വിശേഷിപ്പിക്കാം. ഏതായാലും ക്രൈസ്തവമതം, ഇൻഫർമേഷൻ ടെക്നോളജിയുടെ വികാസത്തിനു നൽകിയ സംഭാവനകൾ കേരള സംസ്കാരത്തിന്റെ ഊർജസ്വലതയ്ക്കും ഉപകരിച്ചു.

പത്തൊമ്പതാം നൂറ്റാണ്ടിൽ മലയാളത്തിൽ പ്രത്യക്ഷപ്പെട്ടു തുടങ്ങിയ *ബൈബിൾ* വിവർത്തനങ്ങളുടെ വിശദമായ ചരിത്രം ഡോ.പി.ജെ. തോമസിന്റെ *മലയാള സാഹിത്യവും ക്രിസ്ത്യാനികളും*, ആ ഗ്രന്ഥത്തിന്റെ ഡി.സി.ബി. പതിപ്പിൽ (1989) ഈ ലേഖകൻ എഴുതിയ ചർച്ചയും പൂരണവും എന്ന അനുബന്ധം എന്നീ സ്രോതസ്സുകളിൽ നിന്നു ഗ്രഹിക്കാവുന്നതാണ്. അതിനാൽ അക്കാര്യങ്ങൾ ഇവിടെ ചുരുക്കിപ്പറയുന്നു.

1806-ൽ കേരളം സന്ദർശിച്ച ക്ലോഡിയസ് ബുക്കാനൻ കേരള ക്രൈസ്തവർ 'വേദപുസ്തകമില്ലാതെ വലയുന്നത്' മനസ്സിലാക്കി ഒരു

വിവർത്തനം തയ്യാറാക്കാൻ സുറിയാനിക്കാരുടെ മെത്രാപ്പോലീത്തയായിരുന്ന മാർ ദിവാന്നാസ്യോസി(Mar Dionysius)നെ പ്രേരിപ്പിച്ചു. എഴുപത്തെട്ടുകാരനായ മെത്രാപ്പോലീത്തയുടെ മേൽനോട്ടത്തിൽ തർജമ തുടങ്ങി. സുറിയാനിയിൽ നിന്നുള്ള തർജമയ്ക്ക് കായങ്കുളത്തുകാരൻ പീലിപ്പോസ് റമ്പാൻ മുഖ്യസഹായിയായി നിന്നു. തമിഴിലെ ഫബ്രീഷിയൂസി(Fabricus)ന്റെ തർജമ ഇവർ ഉപയോഗിച്ചു. ഇക്കാര്യങ്ങളിലെല്ലാം സഹായിയായ തിമ്മപ്പൻ പിള്ള എന്ന തമിഴനെ ബുക്കാനൻ ശമ്പളം നൽകി നിയോഗിക്കയും ചെയ്തു. സുറിയാനി ക്രിസ്ത്യാനികളുടെ ഉപയോഗത്തിനുവേണ്ടി തയ്യാറാക്കിയ ഈ തർജമയിൽ അവരുടെ 'മതഭാഷ' വ്യക്തമായ സ്വാധീനം ചെലുത്തി. ഈ ഘട്ടത്തിൽ, മലയാളത്തിലേക്കു ബൈബിൾ തർജമ ചെയ്യുന്നവർ അഭിമുഖീകരിക്കേണ്ടിവരുന്ന ഒരു പ്രശ്നം സൂചിപ്പിച്ചുകൊള്ളട്ടെ. മലയാളത്തിൽ ബൈബിൾ ഉണ്ടാകുന്നതിനു നൂറ്റാണ്ടുകൾ മുമ്പുതന്നെ കേരളത്തിൽ ക്രൈസ്തവ സമുദായം വളർച്ച പ്രാപിച്ചിരുന്നു. അവരുടെ മതജീവിതത്തോടു ബന്ധപ്പെട്ട് ഒരു ഉപഭാഷ (Dialect)യും വികാസം പ്രാപിച്ചു. ക്രൈസ്തവരല്ലാത്തവർക്ക്, വിശേഷിച്ചൊരു അർത്ഥബോധവും നൽകാത്ത വൈദേശിക പദങ്ങളും പ്രാദേശിക പദങ്ങളും സമസ്തപദങ്ങളും ശൈലികളും അടങ്ങുന്നതാണ് ഈ ഉപഭാഷ അഥവാ വിശേഷഭാഷ (Special Language). പക്ഷേ, തലമുറ തലമുറയായി തങ്ങൾ ഉപയോഗിച്ചുവന്ന ഈ ഭാഷാരൂപങ്ങൾക്ക്, ക്രൈസ്തവരെ സംബന്ധിച്ചിടത്തോളം ഗൂഢാർത്ഥം (Denotation) മാത്രമല്ല, വൈകാരികാർത്ഥവും (Connotation) ഉണ്ട്. മതഭാഷയുടെ ആ വൈകാരികശക്തി (Emotional Charge) മതവിശ്വാസിക്കു വിലപ്പെട്ടതാണ്. ഈശോ, മിശിഹാ, ഉപവി, അരൂപി, റൂഹാദക്കു ദിശാ, സ്ലീബാ, ശ്ലീഹാ, ഏവൻ ഗോലിയോൻ, ആമേൻ, ഹല്ലേലുയ്യാ, കൃപ തുടങ്ങിയ പദങ്ങൾക്കെല്ലാം ഈ വൈകാരികാർത്ഥമുണ്ട്. ബൈബിൾ തർജമയിൽ ഈ പദാവലി സ്വീകരിക്കണോ വേണ്ടയോ? ക്രൈസ്തവരല്ലാത്തവർക്കു വിശേഷിച്ചൊരു അർത്ഥബോധവും നൽകാത്ത ഇത്തരം പദങ്ങൾ സ്വീകരിച്ചാൽ പൊതുസമൂഹത്തിൽ തർജമയ്ക്ക് സ്വീകാര്യത കുറയും. 1811-ലെ തർജമ, മതഭാഷയുടെ സവിശേഷതകൾ നിലനിറുത്താനുള്ള സാഹസിക പരിശ്രമമായിരുന്നു. അന്നത്തെ ചരിത്രസാഹചര്യത്തിൽ, ഈ തർജമയ്ക്ക് അത് ആരുടെ മതഭാഷയിൽ വിരചിതമായോ അവരുടെ ഇടയിൽ വ്യാപകമായ പ്രചാരം ലഭിച്ചില്ല.

1813-ൽ തിമ്മപ്പൻപിള്ള പുതിയനിയമം തർജമ പൂർത്തിയാക്കിയെങ്കിലും അത് അച്ചടിയിലെത്തിയില്ല. മൺറോ സായ്പിന്റെ ഉത്സാഹത്തിൽ കോട്ടയം കേന്ദ്രമാക്കി പ്രവർത്തനമാരംഭിച്ച ചർച്ച് മിഷണറി സൊസൈറ്റിയുടെ പ്രാഥമിക ലക്ഷ്യം സുറിയാനി ക്രിസ്ത്യാനികളെ മതനവീകരണത്തിനു സഹായിക്കുക എന്നതായിരുന്നു എങ്കിലും അവരുടെ ബൈബിൾ തർജമ പൊതുഭാഷയുടെ സവിശേഷതകൾ കണക്കിലെടുത്തുകൊണ്ടുള്ളതായിരുന്നു. ക്രൈസ്തവരല്ലാത്ത ഭാഷാപണ്ഡിതന്മാരുടെ സേവനംകൂടി സി.എം.എസ്. മിഷണറിമാർ പ്രയോജനപ്പെടുത്തി. 1817-ൽ നോർട്ടൺ എന്ന മിഷണറി നാട്ടുകാരായ

പണ്ഡിതന്മാരെക്കൊണ്ട് ഏതാനും ബൈബിൾ ഭാഗങ്ങൾ തർജമ ചെയ്യിച്ചെങ്കിലും അവ അച്ചടിയിലെത്തിയില്ല. 1822-ൽ *ഗിരിപ്രഭാഷണത്തിന്റെ* അറുനൂറു കോപ്പി കോട്ടയത്ത് അച്ചടിച്ചതായി മിഷണറി രേഖകളിൽ കാണുന്നുണ്ടെങ്കിലും വിശദാംശങ്ങളൊന്നും ഗ്രഹിക്കാൻ കഴിഞ്ഞിട്ടില്ല. 1829-ൽ ബഞ്ചമിൻ ബയിലിയുടെ *പുതിയ നിയമം* കോട്ടയത്തു അച്ചടിച്ചു പ്രസിദ്ധീകരിച്ചു. *പഴയ നിയമം* മൂന്നു ഭാഗമായി. യഥാക്രമം 1839, 1840, 1841 വർഷങ്ങളിൽ പ്രസിദ്ധീകരിച്ചതോടെ മലയാളം ബൈബിൾ പൂർണ്ണമായി. എട്ടു സുറിയാനി പുരോഹിതരായിരുന്നു ബയിലിയുടെ തർജമക്കാർ.

ബയിലിയുടെ തർജമ കോട്ടയത്തു പുരോഗമിച്ചിരുന്ന കാലത്ത് ഉത്തരകേരളത്തിൽ സമാന്തരമായി ഒരു തർജമ നടക്കുന്നുണ്ടായിരുന്നു. തലശ്ശേരിയിൽ ഈസ്റ്റ് ഇന്ത്യാ കമ്പനിയുടെ ചാപ്ലയിനായിരുന്ന ടി. സ്പ്രിംഗാണ് ആ സംരംഭത്തിനു നേതൃത്വം നൽകിയത്. മലയാളഭാഷയ്ക്കു വ്യാകരണഗ്രന്ഥമെഴുതിയ (1839) സ്പ്രിംഗ് കോട്ടയം തർജമയെ നിശിതമായി വിമർശിച്ചിരുന്നു. കൊച്ചിമുതൽ കാനറവരെയുള്ള പ്രദേശത്താണ് ശുദ്ധമലയാളം പ്രചാരത്തിലുള്ളതെന്നും കോട്ടയം തർജമയ്ക്കു വടക്കൻ കേരളത്തുകാരുടെ അംഗീകാരം ലഭിക്കില്ലെന്നും സ്പ്രിംഗ് മദിരാശി ബൈബിൾ സൊസൈറ്റിക്കാരെ ബോധ്യപ്പെടുത്താൻ ശ്രമിച്ചു. മദിരാശി ബൈബിൾ സൊസൈറ്റി തന്റെ തർജമ ഏറ്റെടുക്കും എന്ന പ്രതീക്ഷയിൽ സ്പ്രിംഗ് ബൈബിൾ വിവർത്തനവുമായി മുന്നോട്ടുപോയി. കൗതുകകരമായിരുന്നു സ്പ്രിംഗിന്റെ വിവർത്തന സമ്പ്രദായം. ബംഗാളിലെ വില്യം കേരിയുടെ സംസ്കൃത ബൈബിളിൽ നിന്നു രണ്ടു നാട്ടുകാർ കരടു തർജമ തയ്യാറാക്കുന്നു. ആഴ്ചയിൽ മൂന്നു പ്രാവശ്യം, സംസ്കൃതവും അല്പം ഇംഗ്ലീഷും തമിഴും അറിയാവുന്ന നാട്ടുകാരുടെ ഒരു സംഘം, തർജമ ചെയ്ത ഭാഗങ്ങൾ വായിച്ചു കേട്ടു ചർച്ചകൾ നടത്തി. നാട്ടുകാരുടെ സദസ്സിൽ കേട്ട കാര്യങ്ങളും ഗ്രീക്കു മൂലവും വ്യാഖ്യാനവും എല്ലാം സ്പ്രിംഗ് വിശദമായി പരിഗണിക്കും. പിന്നെ മലയാളം മുൻഷിമാരുടെ സദസ്സിൽ ഓരോ വാക്യവും ഉറക്കെ വായിച്ചു കേട്ടു ശൈലിയും അർത്ഥവും കൃത്യമായി പരിശോധിച്ചു തർജമയ്ക്ക് അവസാനരൂപം നൽകും. പുതിയ നിയമം മുഴുവൻ ഇങ്ങനെ പൂർത്തിയാക്കിയെങ്കിലും സ്പ്രിംഗിന്റെ തർജമ ഒരിക്കലും വെളിച്ചം കണ്ടില്ല. 1823-ൽ സ്പ്രിംഗ് ഇംഗ്ലണ്ടിലേക്കു മടങ്ങിപ്പോയി. ബൈബിൾ സൊസൈറ്റി ബയിലിയുടെ തർജമമാത്രം പ്രകാശിപ്പിച്ചാൽ മതി എന്നു തീരുമാനിക്കയും (1825) ചെയ്തു. സ്പ്രിംഗിന്റെ തർജമയെക്കുറിച്ചു മറ്റു പഠനങ്ങളിൽ പരാമർശിച്ചിട്ടില്ലാത്തതു കൊണ്ടാണ് അക്കാര്യം ഇത്രത്തോളം വിസ്തരിച്ചത്. 1837-ൽ കോട്ടയത്തുനിന്നു നോർട്ടൻ എന്ന ആംഗ്ലിക്കൻ പുരോഹിതൻ സങ്കീർത്തനങ്ങളുടെ തർജമ പ്രസിദ്ധീകരിച്ചതായി രേഖകളുണ്ടെങ്കിലും കോപ്പികളൊന്നും ലഭിച്ചിട്ടില്ല.

ഹെർമൻഗുണ്ടർട്ടിന്റെ തർജമകളാണ് ഇനി പരിഗണിക്കേണ്ടത്. ഇവയുടെ പ്രസാധനചരിത്രം ആമുഖ പഠനത്തിന്റെ തുടക്കത്തിൽ രേഖപ്പെടുത്തിക്കഴിഞ്ഞല്ലോ. ബൈബിൾ തർജമയിൽ ഗുണ്ടർട്ടു നിരന്തരം ഉപയോഗിച്ചിരുന്ന പല ഗ്രന്ഥങ്ങളും കാൽവിലും സ്ടുട്ഗാർട്ടിലും ട്യൂബിങ്ങനിലും ബാസലിലും സൂക്ഷിച്ചിട്ടുണ്ട്. ഇവയിൽ ആൽബ്രഷ്ട്

τὸ *ducet*, quod ſequitur, jam habet appoſitum *cum illo*.

¶ ἄξει) *ducet*, ſuave verbum. dicitur de viventibus.

¶ σὺν αὐτῷ, *cum illo*) quia cum illo conjuncti ſunt.

15 ὑμῖν) vobis, hoc noſſe dignis.

¶ λέγομεν ἐν λόγῳ κυρίου, *dicimus in verbo Domini*) Dominus, Chriſtus, nobis dixit; nos, vobis. conf. 1 Reg. XX. 35 ברבר יהוה ἐν λόγῳ κυρίου. Tales formulæ adhibentur in re, quæ nunc primum aperitur.

¶ ἡμεῖς, *nos*) Sua ætate ſic loquentes ſancti auxere ſubſequentium ætatum obligationem exſpectandi Dominum. τὸ *nos* mox declaratur per verbum ſubſequens, *viventes*, & ulterius, *ſuperſtites*.

¶ οἱ ζῶντες οἱ περιλειπόμενοι, *viventes ſuperſtites*) Sic quoque v. 17. Eſt hoc inſtar appoſitionis. *viventes*, antitheton ad *dormientes*. Simul innuitur paucitas viventium, ad multitudinem mortuorum; item, dormientium conditio bona, quo viventes deſiderent aggregari. Homines omnium ætatum conjunctim unum quiddam repræſentant: fidelesque jam olim exſpectantes, habentesque ſe loco illorum, qui victuri ſunt in adventu Domini, pro eorum perſona locuti ſunt. *Viventes*, & *qui ſuperſunt ad adventum Domini*, ſunt iidem: & hi pronomine *nos* denotantur. Vnaquæque generatio, quæ hoc vel illo tempore vivit, occupat illo vitæ ſuæ tempore locum eorum, qui tempore adventus Domini victuri ſunt. Sic τὸ *nos* hîc ponitur, ut alias nomina *Cajus* & *Titius*: idque eo commodius, quia fidelibus illius ætatis amplum temporis ſpatium uſque ad finem mundi nondum diſtincte ſcire licuit. Tempus præſens in utroque participio eſt præſens pro ipſo adventu Domini, uti Act. X. 42, & paſſim. Neque eo aſſeruit Paulus, tam propinquum eſſe diem Chriſti. vid. 2 Theſſ. II. 2 ſ. Similis locutio, Rom. XIII. 11. 1 Cor. XV. 51. Iac. V. 9. 1 Petr. IV. 5. Matth. XXIV. 42 not.

¶ τοῦ κυρίου, *Domini*) Ieſu Chriſti.

¶ οὐ μὴ φθάσωμεν, *non præveniemus*) Suaviter contradicit timori ſuperſtitum de defunctis, nec majorem ſui, quam dormientium, commodi rationem ducit.

16 αὐτὸς, *Ipſe*) Grandis ſermo.

¶ ἐν κελεύσματι, ἐν φωνῇ ἀρχαγγέλου, καὶ ἐν σάλπιγγι θεοῦ, *in celeuſmate, in voce archangeli, & in tuba Dei*) Gradatio, tria complectens. κέλευσμα dicitur, quo multitudo aliquid jubetur, v. gr. per præconem. Non habent LXX.

¶ ἀρχαγγέλου, *archangeli*) Michaëlis aliusve. Non adhibetur articulus.

¶ ἐν σάλπιγγι θεοῦ, *in tuba Dei*) cum tuba Dei, adeoque magna.

¶ πρῶτον) *prius*.

17 ἅμα) Ammonius, ἅμα μέν ἐστι χρονικὸν ἐπίρρημα· ὁμοῦ δὲ, τοπικόν. Vides hîc proprietatem ſermonis apoſtolici.

¶ εἰς ἀέρα, *in aërem*) Impii in terra remanebunt: pii, abſoluti, aſſeſſores fient judicii.

¶ καὶ οὕτω, *& ſic*) Paulus, quum, quæ ſcribi opus erat ad conſolandum, ſcripſit, maximas res hac brevitate involvit.

¶ πάντοτε, *ſemper*) ſine ullo diſceſſu.

¶ σὺν κυρίῳ, *cum Domino*) non modo in aëre, ſed in cœlo, unde venit.

¶ ἐσόμεθα, *erimus*) utrique.

18 παρακαλεῖτε ἀλλήλους, *conſolamini invicem*) in luctu. confer etiam c. V. 11.

CAP. V.

Περὶ τῶν χρόνων, *de temporibus*) quum hæc, quæ dixi, evenient. χρόνων partes, καιροί.

¶ δὲ

ഗുണ്ടർട്ട് ഉപയോഗിച്ച ആൽബ്രഷ്ട് ബൻഗലിന്റെ പുതിയ നിയമ വ്യാഖ്യാനം -ഒരു പുറം
By Courtesy of Stein Haus, Calw

ബെൻഗലി (1687-1752)ന്റെ *പുതിയ നിയമവ്യാഖ്യാനം* (GNOMON NOVI TESTAMENT, Ulm 1763) പ്രത്യേകം പരാമർശം അർഹിക്കുന്നു. തെക്കൻ ജർമ്മനിയിലെ ഭക്തി പ്രസ്ഥാനത്തിന്റെ ആചാര്യനായിരുന്ന ബെൻഗൽ ട്യൂബിങ്ങൻ, ഹാളേ തുടങ്ങിയ സർവകലാശാലകളുമായി ബന്ധപ്പെട്ടു പ്രവർത്തിച്ചു.

1871-ൽ ആരംഭിച്ച *ബൈബിൾ റിവിഷനെ*ക്കുറിച്ചാണ് ഇനി ആലോചിക്കേണ്ടത്. വിവിധ പ്രൊട്ടസ്റന്റ് സഭകളുടെയും കത്തോലിക്കരൊഴികെയുള്ള സുറിയാനിക്കാരുടെയും പ്രതിനിധികൾ ഉൾപ്പെട്ട ഒരു കമ്മിറ്റിയെ മദിരാശി ബൈബിൾ സൊസൈറ്റി നിയോഗിച്ചു. ഗുണ്ടർട്ടു തർജമ അടിസ്ഥാനമാക്കി പുതിയ നിയമത്തിനു പൊതുവേ സ്വീകാര്യമായ പതിപ്പുണ്ടാക്കുക എന്നതായിരുന്നു അവരുടെ വ്യക്തമായ ലക്ഷ്യം. ഇക്കാര്യം രേഖപ്പെടുത്തിക്കൊടുത്തിരുന്നെങ്കിലും തിരുവിതാംകൂറുകാരായ സി.എം.എസ് മിഷണറിമാർ ഗുണ്ടർട്ടു തർജമയുടെ അലകും പിടിയും മാറ്റണം എന്ന വാശിയിലായിരുന്നു. ആർച്ചു ഡീക്കൻ കോശിയുടെ നേതൃത്വത്തിൽ 1886-ൽ നൽകിയ 272 പുറംവരുന്ന കുറിപ്പുകൾ കമ്മറ്റിയിലെ ബാസൽ മിഷൻ അംഗങ്ങളെ ക്ഷോഭിപ്പിച്ചു. അക്കാലത്ത് അവർ പുറപ്പെടുവിച്ച 16 പുറമുള്ള ലഘുലേഖ ട്യൂബിങ്ങനിലുണ്ട്. ഡീസ്, നോബ്ലോക്ക്, വാൾട്ടർ, മത്തീസൻ എന്നു നാലു ബാസൽ മിഷൻ പ്രതിനിധികളാണ് കുറിപ്പെഴുതിയിരിക്കുന്നത്. ഗുണ്ടർട്ടു തർജമ അങ്ങിങ്ങു ചില വാക്കുകൾ മാത്രം മാറ്റി കേരളം മുഴുവൻ ഉപയോഗിക്കാനുള്ള 1871-ലെ തീരുമാനത്തിൽ നിന്നു മറ്റുള്ളവർ പിന്നോക്കം പോയി എന്നതാണ് പരാതി. ഭാഷാശൈലിയെക്കുറിച്ചു സി.എം.എസ് മിഷണറിമാർ ഉന്നയിച്ച പരാതികളും അതിനു ബാസൽ മിഷണറിമാർ നൽകിയ മറുപടിയും ഉദ്ധരിക്കാം:

3. As to the style, grammatical structure etc. of the language.

As we are on the eve of a crisis it is well that we should state also our linguistic difficulties which we do not see a possibility of overcoming.

We have again and again been reminded that a number of considerations ought to guide us in the revision. We name some of the most prominent ones:

a. That the *larger* number of Christians of the Church Mission and London Mission Societies deserved more consideration (p. 4.6) than the smaller of the Basel one, i.e. that the *language ought to suit* the majority *of Christians*.

b. That for the sake of the larger number of less educated men or of congregations composed of lower castes (p. 4) the translation ought to be lowered correspondingly, i.e., the *language* is to suit *the uneducated*.

c. That a version should not be literal, which is styled "slavishly" p.6.

d. That a *Malayalam phrase* might be used for a difficult Sanskrit word (7)

e. That *hard* words, i.e. Sanskrit words, and *new terms* should be avoided (6).

As to these different points, the reasoning may commend itself to persons unacquainted with translation work, but it will not be regarded sound by any one at all familiar with its difficulties.

We wish it to be plainly understood that we have no inclination to be parties to deteriorating the language, as we are not revising for this or that section, but for four millions and *odd Malayalis*, i.e. for the whole *Malabar Country,* from the *Chandragiri* river to *Trevandrum.* We must remind our fellow-delegates that education in British Malabar has been of a high standard for the last 100 to 150 years and that education has been spreading far and wide, especially during the last 30 years, and is continually spreading. Can we conscientiously *lower* the standard? Besides where is it known in the annals of Missions that the better as well as the less educated classes have different versions in the same language? Had we to make a Malayalam version for the high castes only, our friends would be surprised at the hard words!- We shall be told, however, that the numerous Notes are not made by less but by better educated men. We can, of course, sympathise with their feelings as they have been accustomed to Bailey's version for so many years and are called upon to sacrifice homely recollections, the more so as we also use the revised German version (1883) and especially the revised English version (1885), where surprises are frequent. Yet with all due respect to their feelings about the Revised Version we are afraid the reverence for *Bailey* has developed with them into more than a lawful enthusiasm for the work of *a man*. We too admire *Bailey* and shall always admire him, because he has done a good work and achieved much with small means, but we cannot shut our eyes to the fact that his language is more Anglo-Malayalam than Dravido-Malayalam.

It will ṣuit persons who are averse to anything new, or who are more accustomed to think in English than in other languages, but we miss the flow of the Dravidian spirit.

We further consider it a duty neither to add to, nor deduct from the *Word of God* and therefore we cannot be too scrupulous in the rendering of the original. *But* scrupulousness is neither pedantry nor *servility.* As expereiments with paraphrastic New Testaments have not succeeded, and a merely rounded and well sounding language

without regard to the original, as for instance, Dr.Bower's (which is found fault with in many quarters) has been short-lived, we do not feel inclined to try that track, and are averse to replace *words* by phrases. Lastly we are surprised to learn that *hard* words and *new* terms are to be avoided. We must not forget that Malayalam requires to be transformed into a *Christian* language and that new coined words cannot be avoided. In saying this we are in good company. Paul and the Apostles coined words for christian ideas. What would remain of English when repentance, justification, sanctification and other Latin words were weeded out ? Take those three words and ask educated Englishmen what they mean and you will be disappointed by their answers, because the word cannot be explained by *linguisitic* helps only, but requires a change of heart and consequently of the religious views of a person. As we are training our Catechists in Exegesis, Symbolics, Dogmatics, Ethics, Prophecy, etc., *not* in English but in the *Vernacular* we know from experience the boon of the Apostle's having given us words which are the receptacles of adequate ideas. We are not startled but rather amused when we turn from the Chirstian Lyrics in use in the Southern Missions which team with Sanskrit, and are told such and such, perhaps a Catechist does not understand a certain word in the New Testament. We are forced either to consider the remark as referring to an exceptional case, or that those men have received a poor education,— a thought charity forbids us to entertain. It is true we should have liked to see the kind of men alluded to in the Union Meeting and in the Notes, but our repeated wishes were never complied with, and from this we must conclude that there must be *some* reason for preventing us *seeing for ourselves! !!*

1887 -ൽ മദിരാശി ബൈബിൾ സൊസൈറ്റിയുടെ സമ്പൂർണ്ണ ബൈബിൾ മംഗലാപുരത്ത് ബാസൽ മിഷൻ പ്രസ്സിൽ അച്ചടിപ്പിച്ചു. ഇതു റിവിഷൻ കമ്മറ്റിയുടെ അന്തിമ തീരുമാനപ്രകാരം ഉള്ള ബൈബിളായിരുന്നു എന്നു തോന്നുന്നില്ല. അങ്ങനെയൊരു പതിപ്പുണ്ടാകാൻ കഴിഞ്ഞ നൂറാണ്ടിന്റെ അന്ത്യംവരെ കാത്തിരിക്കേണ്ടിവന്നു. 1899-ൽ മദിരാശി ബൈബിൾ സൊസൈറ്റിയുടെ ബൈബിൾ കോട്ടയത്ത് അച്ചടിച്ചു. അതൊരു പരിഷ്കരിച്ച പതിപ്പായിരുന്നു. ഈ ബൈബിൾ ശൃംഖലയിലെ ഇന്നത്തെ കണ്ണി ബൈബിൾ സൊസൈറ്റി ഒഫ് ഇന്ത്യയുടെ സത്യവേദപുസ്തകമാണ്. ബയിലിയും ഗുണ്ടർട്ടും ചേർന്നു നിർമ്മിച്ച അസ്തിവാരത്തിൽതന്നെ പരിഷ്കരിച്ചുറപ്പിച്ചതാണ് സത്യവേദപുസ്തകം എന്ന ബൈബിൾ തർജമ. പഴക്കംകൊണ്ടും പ്രചാരംകൊണ്ടും മലയാളത്തിൽ ഒന്നാംസ്ഥാനം നേടിയിരിക്കുന്ന ബൈബിൾ തർജമ ഇതാണ്. ചുരുക്കം ചില വാക്കുകളിലും വാക്യഘടനകളിലും അനുഭവപ്പെടുന്ന പഴക്കച്ചുവ അവഗണിച്ചാൽ നല്ല

മലയാളഗദ്യമാണ് ഈ തർജമയിലുള്ളത്. ഈ തർജമയിൽനിന്നു പഴക്കച്ചുവ തീർത്തും നീക്കിക്കളയാൻ പണ്ഡിതന്മാർക്ക് ആഗ്രഹം തോന്നാമെങ്കിലും സാധാരണക്കാരായ മതവിശ്വാസികൾ അത് ഇഷ്ടപ്പെടുന്നില്ല. സവിശേഷമായ വൈകാരികബന്ധം അവർ അതുമായി സ്ഥാപിച്ചിരിക്കുന്നു എന്നതുതന്നെ കാരണം. മതവും ഭാഷയും തമ്മിൽ ഇത്തരമൊരു ബന്ധം മലയാളത്തിൽ മാത്രമല്ല ഉള്ളത്. *കിങ് ജയിംസ് വേർഷന്റെ* പഴക്കച്ചുവ തങ്ങളുടെ ഭക്തിലഹരിയുടെ ഭാഗമായി അനുഭവിക്കുന്ന ആയിരക്കണക്കിനാളുകൾ ലോകത്തിന്റെ നാനാഭാഗങ്ങളിലുണ്ട്. ഇംഗ്ലീഷിൽ അതിന്നുശേഷം എത്രയോ മനോഹരങ്ങളായ ബൈബിൾ തർജമകളുണ്ടായിട്ടുണ്ട്. എന്നാലും, ഇന്നും *കിങ് ജയിംസ് വേർഷന്* നല്ല പ്രചാരമുണ്ട്.

കേരള ക്രൈസ്തവരിൽ അമ്പത്തൊമ്പതു ശതമാനത്തോളം വരുന്ന കത്തോലിക്കർ ഇവിടെ വിവരിച്ച ബൈബിൾ തർജമാസംരംഭങ്ങളുടെ സ്വാധീനത്തിൽ ഉൾപ്പെട്ടിരുന്നില്ല. പ്രൊട്ടസ്റ്റന്റുകാർ തർജമ ചെയ്ത ബൈബിൾ വാങ്ങി വായിക്കുന്നതു മഹാപാതകമായിപ്പോലും പരിഗണിക്കപ്പെട്ടിരുന്നു. സത്യത്തിൽ പ്രൊട്ടസ്റ്റന്റു ബൈബിളും കത്തോലിക്ക ബൈബിളും തമ്മിലുള്ള വ്യത്യാസം *അപ്പോക്രിഫ/ ഉത്തരകാനോനികഗ്രന്ഥങ്ങൾ* എന്ന് അറിയപ്പെടുന്ന ചുരുക്കം ചില പഴയനിയമഭാഗങ്ങളുടെ കാര്യത്തിൽ മാത്രമാണ്. *മലയാളം ബൈബിളിൽ* (ഓശാന), പൊതുബൈബിളുകളുടെ സാമാന്യശൈലിയിൽ അഭിപ്രായവ്യത്യാസമുള്ള ഭാഗങ്ങൾ ഒരു പ്രത്യേകവിഭാഗമായി ചേർത്തിട്ടുണ്ട്. പഴയ നിയമത്തിന്റെ മറ്റു ഭാഗങ്ങളിലോ പുതിയ നിയമത്തിലോ കത്തോലിക്ക ബൈബിളും പ്രൊട്ടസ്റ്റന്റു ബൈബിളും തമ്മിൽ യാതൊരു വ്യത്യാസവുമില്ല. എന്നിട്ടും വ്യത്യസ്ത സഭകളിലുള്ളവർ ഇതരവിഭാഗങ്ങളുടെ തർജമകളെക്കുറിച്ചു വേണ്ടതിലേറെ സംശയാലുക്കളാണ്. ഈ തെറ്റിദ്ധാരണ തുടച്ചുനീക്കുന്നതിൽ *മലയാളം ബൈബിൾ* (ഓശാന) ഏറെ പ്രയോജനപ്പെട്ടിട്ടുണ്ട് എന്ന് ആനുഷംഗികമായി സൂചിപ്പിച്ചു കൊള്ളട്ടെ!

കത്തോലിക്ക സഭയിലെ ബൈബിൾ തർജമയുടെ ചരിത്രം തുടങ്ങുന്നത് 1905-ലാണ്. *സുവിശേഷങ്ങളും അപ്പസ്തോലരുടെ പ്രവൃത്തികളുമാണ്* ആ വർഷം പ്രസിദ്ധീകരിച്ചത്. മഞ്ഞുമ്മൽ ആശ്രമവാസികളുടെ പ്രയത്നത്താൽ ഉണ്ടായതാകയാൽ ഇത് *മഞ്ഞുമ്മൽ പരിഭാഷ* എന്ന് അറിയപ്പെടുന്നു. *വെളിപാടു പുസ്തകവും* അവർ തർജമ ചെയ്തു പ്രസിദ്ധീകരിച്ചു. മോൺസിഞ്ഞോർ പുതിശ്ശേരി അന്തോനിയച്ചൻ 1924-ൽ പുതിയ നിയമത്തിലെ *വി. പൗലോസിന്റെ ലേഖനങ്ങളും* 1927-ൽ പഴയ നിയമത്തിലെ *സുഭാഷിതങ്ങൾ, പ്രാസംഗികൻ, പാട്ടുകളുടെ പാട്ട്, ബോധജ്ഞാനം* എന്നിവയും ഓരോ വാല്യമായി എൽത്തുരുത്തിൽനിന്ന് പ്രസിദ്ധീകരിച്ചു. കത്തോലിക്ക സമുദായത്തിൽ ഒരു ബൈബിൾ വിവർത്തകൻ എന്ന നിലയിൽ ലബ്ധപ്രതിഷ്ഠ നേടിയ ആദ്യത്തെ വ്യക്തി കർമ്മലീത്താ നിഷ്പാദുക മൂന്നാം സഭയിലെ മാണിക്കത്തനാരാണ്. അദ്ദേഹം 1928-1934 കാലഘട്ടത്തിൽ പഴയ നിയമത്തിലെ ആദ്യത്തെ അഞ്ചു ഗ്രന്ഥങ്ങളുടെ തർജമ പൂർത്തിയാക്കി മാന്നാനത്തുനിന്നു പ്രസിദ്ധീകരിച്ചു. തുടർന്ന് പുതിയ നിയമം പൂർണ്ണമായി മലയാളത്തിലാക്കി.

കർമ്മലീത്താ നിഷ്പാദുക സഭയിലെ വിവർത്തക സംഘം പഴയ നിയമത്തിലെ മറ്റു ചില പഴയ നിയമഗ്രന്ഥങ്ങൾകൂടി 1950 -നു മുമ്പ് തർജമ ചെയ്തു പ്രസിദ്ധീകരിക്കുകയുണ്ടായി. ഫാ. മാത്യു വടക്കേലിന്റെ നേതൃത്വത്തിലുള്ള വിവർത്തക സമിതികൾ പഴയ നിയമം മുഴുവൻ തർജമ ചെയ്തു മൂന്നു വാല്യമായി 1930, 1934, 1939 എന്നീ വത്സരങ്ങളിൽ എസ്. എച്ച്. ലീഗുവഴി പ്രസിദ്ധീകരിച്ചു. എറണാകുളം പ്രതിമാസ ഗ്രന്ഥ ക്ലബ്ബിന്റെതായും ചില ബൈബിൾ ഗ്രന്ഥങ്ങളുടെ തർജമകൾ ഉണ്ടായിട്ടുണ്ട്. 1963-ൽ മോൺസിഞ്ഞോർ തോമസ് മൂത്തേടൻ സമ്പൂർണ്ണ ബൈബിൾ തർജമ പുറത്തിറക്കി. 1981-ൽ കേരള കത്തോലിക്ക മെത്രാന്മാർക്കുവേണ്ടി, ഒരു വിവർത്തക സംഘം തർജമ ചെയ്ത സമ്പൂർണ ബൈബിൾ പ്രസിദ്ധീകരിച്ചു. *പി.ഒ.സി. (പാസ്റ്ററൽ ഓറിയന്റേഷൻ സെന്റർ) ബൈബിൾ* എന്ന് ഇത് അറിയപ്പെടുന്നു. 1978-ൽ മാന്നാനത്തുനിന്നു കർമ്മലീത്ത സഭയും പുതിയ നിയമത്തിന് ഒരു തർജമ പ്രസിദ്ധീകരിക്കയുണ്ടായി.

കത്തോലിക്ക സഭയുടെ ഔദ്യോഗിക തർജമകളിൽ കാണുന്ന ഒരു പ്രത്യേകത അവയിലെ അടിക്കുറിപ്പുകളാണ്. വായനക്കാർക്കു വഴിതെറ്റിപ്പോകാതിരിക്കാനുള്ള മുൻകരുതലുകളായോ വ്യാഖ്യാനങ്ങളായോ കത്തോലിക്ക സഭയുടെ ഔദ്യോഗിക പ്രബോധനങ്ങളും ബൈബിളും തമ്മിലുള്ള ബന്ധസൂചകങ്ങളായോ ഇവ പ്രത്യക്ഷപ്പെടുന്നു. പല അടിക്കുറിപ്പുകളും അത്യന്തം വിജ്ഞേയങ്ങളാണെന്ന കാര്യത്തിൽ സംശയമില്ല. റോമൻ കത്തോലിക്ക സഭ ഔദ്യോഗികമായി അംഗീകരിച്ചിരുന്ന *വുൾഗാത്ത* എന്ന ലത്തീൻ പരിഭാഷയോടു തികഞ്ഞ വിശ്വസ്തത പുലർത്താൻ ആദ്യകാല തർജമക്കാർ നിർബന്ധിതരായിരുന്നു. കേരളത്തിലെ സുറിയാനി ക്രിസ്ത്യാനികൾക്ക് ആരാധനാഭാഷ എന്ന നിലയിൽ സുറിയാനിയോടുണ്ടായിരുന്ന മമത കണക്കിലെടുത്ത് മാണിക്കത്തനാർ തന്റെ തർജമയ്ക്ക് മൗലികാവലംബമായി *പ്ശീത്താ* എന്ന പ്രാചീന സുറിയാനി തർജമ തെരഞ്ഞെടുത്തു. 1987-ൽ വടവാതൂർ സെമിനാരിയിൽനിന്ന് ഡോ. തോമസ് കയ്യാലപ്പറമ്പിൽ തർജമ ചെയ്ത *പ്ശീത്ത ബൈബിൾ—പുതിയ നിയമം* പ്രസിദ്ധീകരിക്കുകയുണ്ടായി. കേരളീയരായ ബൈബിൾ തർജമക്കാരിൽ എന്തുകൊണ്ടും പ്രഥമ ഗണനീയൻ മാണിക്കത്തനാരാണ്. ഭാഷയും ബൈബിളും അദ്ദേഹത്തിന് ഒരേ നിലയിൽ വശമായിരുന്നു. സ്വജീവിതത്തിന്റെ നിയാമകശക്തിയും ചൈതന്യവുമായിരുന്നു അദ്ദേഹത്തിന് ബൈബിൾ. തന്മൂലം ആത്മാവിഷ്ക്കാരത്തിന്റെ തീവ്രതയും ഭക്തിമാധുര്യവും അതിൽ ലയിച്ചു ചേർന്നു.

1962-ൽ സാഹിത്യതിലകൻ സി.കെ. മറ്റം പുതിയ നിയമം തർജമ ചെയ്തു പ്രസിദ്ധീകരിച്ചു—*ആധുനിക മലയാളം ബൈബിൾ: പുതിയ ഉടമ്പടി*. ഉജ്ജ്വലമായ ഗദ്യശൈലിയിൽ അവതരിപ്പിച്ചിരിക്കുന്ന ഈ തർജമ അന്യൂനമല്ലെങ്കിലും അത്യന്തം ശ്രദ്ധേയമാണ്. 1980-ൽ *ദിവ്യസന്ദേശം* എന്ന പേരിൽ കോട്ടയത്തു നിന്ന് ലിവിങ് ലിറ്ററച്ചർ സൊസൈറ്റി പുതിയ നിയമത്തിന് ഒരു പരിഭാഷ പ്രസിദ്ധപ്പെടുത്തി. 1980-ൽ തർജമയുടെ ആധുനിക സിദ്ധാന്തങ്ങൾ അംഗീകരിച്ചുകൊണ്ട് ഇന്ത്യാ ബൈബിൾ സൊസൈറ്റി പുതിയ

നിയമത്തിന് ഒരു പുതിയ തർജമ പ്രസിദ്ധീകരിച്ചു. 1981-ൽ റവ. ഡോ. മൂളിയിൽ ഗ്രീക്കുമൂലത്തിൽനിന്നു തർജമ ചെയ്തെടുത്ത പുതിയ നിയമം പുറത്തുവന്നു. ഫാ. മറ്റത്തിന്റെ തർജമയ്ക്കും ഇന്ത്യാ ബൈബിൾ സൊസൈറ്റിയുടെ പുതിയ തർജമയ്ക്കും നിശിതമായ വിമർശനങ്ങൾ ഏൽക്കേണ്ടിവന്നു. സാമ്പ്രദായിക ബൈബിൾ തർജമയുടെ ശൈലിയുമായി പൊരുത്തപ്പെട്ടുപോകുന്നില്ല എന്നതുകൊണ്ടാണ് ഈ രണ്ടു തർജമകൾക്കും വ്യാപകമായ പ്രചാരം ലഭിക്കാതെ പോയതെന്നു തോന്നുന്നു.

കേരള സാഹിത്യ അക്കാദമി 1987-ൽ പ്രസിദ്ധീകരിച്ച *മലയാള സാഹിത്യ സർവസ്വത്തിൽ* ഇങ്ങനെ കാണുന്നു: 'മൈക്കൾ നിലവരേത്ത് വിവർത്തനം ചെയ്ത *ബൈബിൾ വിശുദ്ധ വേദോപദേശം* എന്ന പുസ്തകത്തിന്റെ അഞ്ചാം പതിപ്പ് 1927-ൽ പുറത്തു വന്നതായി കാണുന്നു. ലത്തീനിലെ 'വുൾഗേത്തി' (Vulgate) ൽ നിന്നും ജെ.സി. വാഴൂർ പ്രസാധനം ചെയ്തതും പലർകൂടി പരിഭാഷപ്പെടുത്തിയതുമായ *വിശുദ്ധഗ്രന്ഥം* അഞ്ചു ഭാഗങ്ങളായി പ്രസിദ്ധീകരിച്ചത് 1963-67 കാലത്താണ്. ഇവിടെ പരാമർശിച്ചിരിക്കുന്ന ഗ്രന്ഥങ്ങളൊന്നും ലേഖകൻ കണ്ടിട്ടില്ല.

1983-ൽ പാലായിൽ നിന്നു പ്രസിദ്ധീകരിച്ച *മലയാളം ബൈബിൾ* ഭാഷയിലെ ആദ്യത്തെ പൊതുബൈബിൾ (Common Bible) ആണ്. എല്ലാ ക്രൈസ്തവവിഭാഗങ്ങൾക്കും സ്വീകാര്യമാകുന്നതരത്തിൽ യൂറോപ്യൻ ഭാഷകളിൽ പ്രചാരത്തിൽ വന്നിട്ടുള്ള ക്രമീകരണം അനുസരിച്ച്, എല്ലാ വിഭാഗക്കാരും അംഗീകരിക്കാത്ത ഗ്രന്ഥങ്ങളും ഗ്രന്ഥഭാഗങ്ങളും ഉത്തര കാനോനിക ഗ്രന്ഥങ്ങൾ /അപ്പോക്രിഫ എന്ന പേരിൽ ഒരു പ്രത്യേക ഭാഗമായി പുതിയ നിയമത്തിനും പഴയ നിയമത്തിനും ഇടയിൽ ചേർത്തിരിക്കുന്നു. വിവിധ ക്രൈസ്തവവിഭാഗങ്ങളിൽപ്പെട്ട ഭാഷാപണ്ഡിതന്മാർ തർജമ നിർവഹിച്ചു. ഡോ. എൻ. വി. കൃഷ്ണവാരിയരായിരുന്നു മുഖ്യഭാഷാപരിശോധകൻ. റവ. ഡോ. മാത്യു വെള്ളാനിക്കൽ, റവ. ഡോ. ലൂക്ക് ഒ.എഫ്.എം., റവ. ഡോ. എം.ജെ. ജോസഫ് എന്നീ വൈദികരായ ബൈബിൾ പണ്ഡിതന്മാർ മൂലഭാഷയുമായി ഒത്തുനോക്കി തർജമ പരിഷ്കരിച്ചു. തർജമയുടെയും പ്രസാധനത്തിന്റെയും പൂർണ്ണ ചുമതല വഹിച്ചിരുന്നത് ഡോ. ജോർജ് ജേക്കബ്, ഡോ. എം.വി. പൈലി, ജോസഫ് പുലിക്കുന്നേൽ, സി. എ. അഗസ്റ്റിൻ, ഡി.സി. കിഴക്കെമുറി തുടങ്ങിയ പ്രഗല്ഭരായ അൽമായരായിരുന്നു. ലോകത്തിൽ മറെവിടെയെങ്കിലും അൽമായരുടെ നേതൃത്വത്തിൽ ഇങ്ങനെയൊരു സംരംഭം ഉണ്ടായതായി കേട്ടിട്ടില്ല. കേരളത്തിലെ അൽമായരുടെ പ്രബുദ്ധതയ്ക്കും കാര്യക്ഷമതയ്ക്കും ആത്മീയതയ്ക്കും നിതാന്തസാക്ഷ്യമാണ് *മലയാളം ബൈബിൾ*. ബൈബിൾ ഭാഷയുടെ പവിത്രത കൈവെടിയാതെതന്നെ സാഹിത്യോചിതമായ ശൈലിയിൽ തർജമ നടത്തുക എന്ന സംഘാടകരുടെ ലക്ഷ്യം കേരളീയർ അംഗീകരിച്ചു എന്നതിന്റെ തെളിവാണല്ലോ ഏതെങ്കിലും ക്രൈസ്തവവിഭാഗത്തിന്റെ ഔദ്യോഗികമായ പ്രചാരണ സംരംഭങ്ങളില്ലാതെതന്നെ, ഇതിന്റെ ഒരു ലക്ഷത്തിലേറെ കോപ്പികൾ നാലു വർഷം കൊണ്ടു വിറ്റഴിഞ്ഞത്.

ഇവിടെ ഒരു ചെറിയ കാര്യംകൂടി രേഖപ്പെടുത്തിക്കൊള്ളട്ടെ.

ബൈബിളിന് ഇങ്ങനെ പുതിയ പുതിയ തർജമകൾ എന്തിന്ന് എന്നു ചിലർ ചോദിക്കാറുണ്ട്. ഇതിന് രണ്ടുത്തരങ്ങളാണുള്ളത്. ഒന്ന്: ജീവൽഭാഷകൾ നിരന്തരം വളർന്നുകൊണ്ടിരിക്കുന്നു. അവയിലൂടെ ആശയപ്രചാരണം സാധ്യമാകണമെങ്കിൽ ഭാഷയുടെ പരിണാമം കണക്കിലെടുത്തുകൊണ്ടുള്ള തർജമകൾ കൂടിയേ തീരൂ. രണ്ട്: ബൈബിൾ സംബന്ധമായ പലതരം ഗവേഷണങ്ങൾ ലോകത്തിന്റെ നാനാഭാഗങ്ങളിൽ നടക്കുന്നുണ്ട്. മൂലഭാഷകളെക്കുറിച്ചും അവ എഴുതപ്പെട്ട പരിതോവസ്ഥകളെക്കുറിച്ചും ലഭിക്കുന്ന പുതിയ വെളിച്ചങ്ങൾ അർത്ഥസങ്കല്പനങ്ങളിൽ നിസ്സാരമല്ലാത്ത മാറ്റങ്ങൾ വരുത്തുന്നുണ്ട്. തർജമശൈലിയിലും അന്തരമുണ്ടാകാമല്ലോ.

ബൈബിളിലെ സാഹിത്യഭംഗി നിറഞ്ഞ ചില സാമ്യകല്പനകൾ താരതമ്യബുദ്ധ്യാ വിവിധ വിവരണങ്ങളിൽനിന്നു വായിക്കുന്നതു കൗതുകകരമായിരിക്കും. ഗുണ്ടർട്ടു ബൈബിളിലെ സമാന്തര ഭാഗങ്ങളുമായി ഇടതട്ടിച്ചു വായിക്കാവുന്ന ചില കല്പനകൾ മറ്റു തർജമകളിൽ നിന്ന് ഉദ്ധരിക്കാം. പഴയ നിയമ ഗ്രന്ഥങ്ങളിൽ നാടകീയതയും കാവ്യാത്മകതയും കൊണ്ട് ഉയർന്നു നിൽക്കുന്ന ഇയ്യോബിന്റെ ഗ്രന്ഥത്തിൽ തീവ്രവിഷാദം അണപൊട്ടിയൊഴുകുന്ന ഭാഗം നോക്കുക.

ഹാ എന്റെ വ്യസനം തൂക്കി നോക്കിയിരുന്നെങ്കിൽ
ഇയ്യോബ് 6:1-20

ബയിലിയുടെ പഴയ നിയമം 1841

6. അദ്ധ്യായം

1 യൊബ തന്റെ ആവലാധികൾ കാരണം കൂടാത്തവ അല്ല എന്ന അറിയിക്കുന്ന. 8 ആശ്വാസം ഉണ്ടാകുമെന്ന അവന നിശ്ചയമുള്ള മരണത്തെ അവൻ ആഗ്രഹിക്കുന്നത-14 അവൻ ദയകെടിനെ കുറിച്ച തന്റെ സ്നെഹിതന്മാരെ ശാസിക്കുന്നത

എന്നാറെ യൊബ ഉത്തരമായിട്ട പറഞ്ഞു!

2 എന്റെ വ്യാകുലം നിശ്ചയമായി തൂക്കപ്പെട്ട, എന്റെ ആപത്ത ഒന്നിച്ച തുലാസിൽ വെക്കപ്പെട്ടാൽ കൊള്ളായിരുന്നു!

3 എന്തെന്നാൽ അത ഇപ്പൊൾ കടലിലെ മണലിനെക്കാൾ അധികം ഭാരമായിരിക്കും; അതകൊണ്ട എന്റെ വചനങ്ങൾ വിഴുങ്ങപ്പെട്ടിരിക്കുന്നു.

4 എന്തെന്നാൽ സർവശക്തന്റെ അസ്ത്രങ്ങൾ എന്റെ ഉള്ളിൽ ഉണ്ട, അവയുടെ വർഷത്തെ എന്റെ ആത്മാവ കുടിക്കുന്നു, ദൈവത്തിന്റെ ഭയങ്കരങ്ങൾ എന്റെ നേരെ നിരന്ന നില്ക്കുന്നു.

5 പുല്ലിന്റെ ഇടയിൽ കാട്ടുകഴുത ശബ്ദിക്കുന്നുവോ? തന്റെ തീനിൽ കാള നിലവിളിക്കുന്നുവൊ?

6 രുചിയില്ലാത്തത ഉപ്പ കൂടാതെ ഭക്ഷിക്കപ്പെടാകുന്നതൊ? മുട്ടയുടെ വെള്ളക്കരുവിൽ രുചിയുണ്ടൊ?

7 എന്റെ ആത്മാവ തൊടുവാൻ വെറുക്കുന്നവ, തികട്ടുന്ന എന്റെ ഭക്ഷണത്തിനായിട്ട (ആകുന്നു)

8 എന്റെ പ്രാർത്ഥന ഇനിക്ക ലഭിച്ചാൽ കൊള്ളായിരുന്നു. ഞാൻ വാഞ്ചിച്ചിരിക്കുന്നതിനെയും ദൈവം ഇനിക്ക തന്നാൽ കൊള്ളായിരുന്നു!

9 ദൈവം എന്നെ നുറുക്കുവാൻ ഇഷ്ടമുണ്ടായി. തൻെറ കയ്യിനെ വിട്ട, എന്നെ ഖണ്ഡിച്ചകളഞ്ഞാൽ കൊള്ളായിരുന്നു!

10 അത ഇനിയും ഇനിക്ക ആശ്വാസമായിരിക്കുമല്ലൊ; അത്രയുമല്ല ഞാൻ വെദനയിൽ ഉറച്ചിരിക്കുമായിരുന്നു; അവൻ കരുണ ചെയ്യരുത; എന്തെന്നാൽ ശുദ്ധിമാനായവൻെറ വചനങ്ങളെ ഞാൻ മറച്ചിട്ടില്ല.

11 ഞാൻ ആശപ്പെടെണ്ടുന്നതിന എൻെറ ശക്തി എന്ത മാത്രം? എൻെറ ജീവനെ ദീർഘമാക്കെണ്ടുന്നതിന എൻെറ അവസാനം എന്ത?

12 എൻെറ ശക്തി കല്ലുകളുടെ ശക്തിയൊ? എൻെറ മാംസം പിച്ചളയൊ?

13 ഇനിക്കുള്ള സഹായം എന്നിൽ ഇല്ലയൊ? വിജ്ഞാനം എന്നിൽനിന്ന അശെഷം മാററികളയപ്പെട്ടുവൊ?

14 ക്ലെശിക്കപ്പെടുന്നവന അവൻെറ സ്നേഹിതനാൽ (ദയ കാണിക്കപ്പെടെണ്ടുന്നതാകുന്നു) ഇവൻ തന്നെ സർവശക്തനെ കുറിച്ചുള്ള ഭയത്തെ ഉപെക്ഷിച്ച കളയുന്നു.

15 എൻെറ സഹൊദരന്മാർ ഒരു ഒഴുക്ക പൊലെ ചതിവ ചെയ്തു, ഒഴുക്കുകളിലെ പാച്ചിൽ പൊലെ കടന്ന പൊകയും ചെയ്യുന്നു.

16 അവ ഉറച്ച നീർ കൊണ്ടും, ഉറച്ച മഴ അവയിൽ ഉരുകിയത കൊണ്ടും കറുത്തിരിക്കുന്നു.

17 ചൂടുപിടിക്കുന്ന കാലത്ത അവ വററിപ്പൊകുന്നു, ഉഷ്ണമുണ്ടാകുമ്പൊൾ തങ്ങളുടെ ഇടത്തനിന്ന ഉരുവഴിഞ്ഞ പൊകയും ചെയ്യുന്നു.

18 അവയുടെ വഴിയുടെ കൈവഴികൾ അങ്ങൊട്ടും ഇങ്ങൊട്ടും പിരിയുന്നു, അവ ഇല്ലായ്മയിലെക്ക ചെന്ന, ഇല്ലാതെ ആകുന്നു.

19 തെമായുടെ വഴിപൊക്കർ സൂക്ഷിച്ച നൊക്കി, സെബായുടെ യാത്രകൂട്ടങ്ങൾ അവെക്കായിട്ട കാത്തിരുന്നു.

അധർമം ജയിക്കുന്നു, ധർമ്മം അപ്രത്യക്ഷമാകുന്നു. ഇതിൽ ദൈവത്തോടു പരിഭവം തോന്നുന്ന നല്ല മനുഷ്യർ എക്കാലത്തുമുണ്ട്. അവരുടെ ഹൃദയവ്യഥ ഇയ്യോബ് അവതരിപ്പിക്കുന്നു.

സർവശക്തൻ.....എന്തുകൊണ്ട്?

ഇയ്യോബ് 24:1-12

പി.ഒ.സി. ബൈബിൾ 1981

24 സർവവശക്തൻ വിധിനടത്താൻ
സമയം നിശ്ചയിക്കാത്തത്
എന്തുകൊണ്ട്?
അവിടുന്ന് നിശ്ചയിച്ച ദിനങ്ങൾ
അവിടുത്തെ ഭക്തന്മാർ കാണാതിരിക്കുന്നതും എന്തുകൊണ്ട്?
2 മനുഷ്യൻ അതിർത്തിക്കല്ലുകൾ
നീക്കിക്കളയുന്നു
അവർ ആട്ടിൻപറങ്ങളെ കവർന്നെടുക്കുക
യും മേയിക്കുകയും ചെയ്യുന്നു.

3 അവർ അനാഥരുടെ കഴുതയെ
തട്ടിക്കൊണ്ടുപോകുന്നു.
അവർ വിധവയുടെ കാളയെ പണയം
വാങ്ങുന്നു
4 അവർ ദരിദ്രരെ വഴിയിൽനിന്നു
തള്ളിമാറ്റുന്നു.
പാവങ്ങൾ ഒളിച്ചു കഴിയുന്നു
5 മക്കൾക്കുവേണ്ടി മരുഭൂമിയിൽ
ഇരതേടുന്ന കാട്ടുകഴുതകളെപ്പോലെ
അവർ അദ്ധ്വാനിക്കുന്നു.
6 അവർ വയലിൽനിന്നു ഭക്ഷണം
ശേഖരിക്കുന്നു.
ദുഷ്ടരുടെ മുന്തിരിത്തോട്ടത്തിൽ അവർ
കാലാപെറുക്കുന്നു.
7 അവർ രാത്രി മുഴുവൻ നഗ്നരായി
ശയിക്കുന്നു,
തണുപ്പിൽ പുതയ്ക്കാൻ അവർക്ക്
ഒന്നുമില്ല
8 മലയിൽ പെയ്യുന്ന മഴ അവർ
നനയുന്നു.
പാർപ്പിടമില്ലാതെ അവർ പാറക്കെട്ടുകളിൽ
അഭയം തേടുന്നു.
9 മുലകുടിക്കുന്ന അനാഥശിശുക്കളെ
പറിച്ചെടുക്കുകയും
ദരിദ്രരുടെ കുഞ്ഞുങ്ങളെ പണയം
വാങ്ങുകയും ചെയ്യുന്നവരുണ്ട്
10 ദരിദ്രർ നഗ്നരായി അലയുന്നു;
അവർ വിശന്നുകൊണ്ടു കറ
ചുമക്കുന്നു.
11 അവർ ദുഷ്ടന്മാരുടെ ചക്കിൽ
ഒലിവെണ്ണയും വീഞ്ഞും
ആട്ടിയെടുക്കുന്നു.
എന്നാൽ, അവർ ദാഹാർത്തരാണ്.
12 നഗരത്തിൽ മരിക്കുന്നവരുടെ ഞരക്കം
കേൾക്കുന്നു.
മുറിവേറ്റവരുടെ പ്രാണൻ
സഹായത്തിനുവേണ്ടി കേഴുന്നു
എന്നിട്ടും ദൈവം അവരുടെ പ്രാർത്ഥന
ശ്രവിക്കുന്നില്ല

സർവ്വശക്തൻ ശിക്ഷാസമയങ്ങളെ നിയമിക്കാത്തതും
അവന്റെ ഭക്തന്മാർ അവന്റെ വിസ്താര
ദിവസങ്ങളെ കാണാതിരിക്കുന്നതും എന്തു:
ചിലർ അതിരുകളെ മാററുന്നു; 2
ചിലർ ആട്ടിൻകൂട്ടത്തെ കവർന്നു കൊണ്ടു
പോയി മേയ്ക്കുന്നു.
ചിലർ അനാഥന്മാരുടെ കഴുതയെ കൊണ്ടു 3
പൊയ്ക്കളയുന്നു;
ചിലർ വിധവയുടെ കാളയെ പണയംവാങ്ങുന്നു. 4
ചിലർ സാധുക്കളെ വഴി തെററിക്കുന്നു;
ദേശത്തെ എളിയവർ ഒരുപോലെ ഒളിച്ചു കൊള്ളുന്നു.
അവർ മരുഭൂമിയിലെ കാട്ടുകഴുതകളെപ്പോലെ 5
ഇര തേടി വേലെക്കു പുറപ്പെടുന്നു;
ശൂന്യപ്രദേശം മക്കൾക്കു വേണ്ടി അവർക്കു ആഹാരം
അവർ വയലിൽ അന്യന്റെ പയറ് പറിക്കുന്നു; 6
ദുഷ്ടന്റെ മുന്തിരിത്തോട്ടത്തിൽ കാലാ പെറുക്കുന്നു
അവർ വസ്ത്രമില്ലാതെ നഗ്നരായി രാത്രി കഴിച്ചുകൂട്ടുന്നു; 7
കുളിരിൽ അവർക്കു പുതപ്പും ഇല്ല.
അവർ മലകളിൽ മഴ നനയുന്നു; 8
മറവിടം ഇല്ലായ്കയാൽ അവർ പാറയെ ആശ്രയിക്കുന്നു.
ചിലർ മുലകുടിക്കുന്ന അനാഥക്കുട്ടികളെ അപഹരിക്കുന്നു; 9
ചിലർ ദരിദ്രനോടു പണയം വാങ്ങുന്നു.
അവർ വസ്ത്രം കൂടാതെ നഗ്നരായി നടക്കുന്നു; 10
പട്ടിണി കിടന്നുകൊണ്ടു കററ ചുമക്കുന്നു.
അന്യരുടെ മതിലുകൾക്കകത്തു അവർ ചക്കാട്ടുന്നു; 11
മുന്തിരിച്ചക്കു ചവിട്ടുകയും ദാഹിച്ചിരിക്കയും ചെയ്യുന്നു
പട്ടണത്തിൽ ആളുകൾ ഞരങ്ങുന്നു; 12
പട്ടുപോയവരുടെ പ്രാണൻ നിലവിളിക്കുന്നു;
ദൈവത്തിന്നോ അതിൽ നീരസം തോന്നുന്നില്ല

മററു പുസ്തകങ്ങളിലേക്കു കടക്കും മുമ്പുതന്നെ ഇവിടെ ഉദ്ധരിക്കുന്ന ഭാഗങ്ങൾ മുൻനിറുത്തി ഹീബ്രു കവിതയുടെ ചില സവിശേഷതകളെ സൂചിപ്പിച്ചുകൊള്ളട്ടെ. നമുക്കു സുപരിചിതമായ രീതിയിലുള്ള വൃത്തശില്പം ഹീബ്രുകവിതയ്ക്കില്ല. എന്നാൽ താളമുണ്ട്, ആശയ താളമാണു പ്രധാനം. ഹീബ്രു കവിതയുടെ യൂണിററു പാദങ്ങളോ ചതുഷ്പദികളോ അല്ല ഖണ്ഡങ്ങളാണ്. വിചാരപരമായ സംസക്തിയാണ് യൂണിററു നിർണയിക്കുന്നതിന്റെ മാനദണ്ഡം. ഉപമ, രൂപകം, ഉൽപ്രേക്ഷ, പ്രതിവസ്തൂപമ, ദൃഷ്ടാന്തം തുടങ്ങിയ സാമ്പ്രദായിക അലങ്കാരങ്ങളെക്കുറിച്ചുള്ള ഉറച്ച ധാരണകൾ മാത്രം കൈമുതലായിട്ടുള്ളവർ പരിശോധിച്ചാലും ഇവിടെ ഉദ്ധരിച്ച ഭാഗങ്ങളിൽ ധാരാളം സാമ്യ കല്പനകൾ കണ്ടേക്കാം. എന്നാൽ അവമാത്രം പരിഗണിച്ചാൽ

പോരാ. സാമൃബോധത്തിൽ ജനിച്ച എല്ലാ കല്പനകളെയും, അവയ്ക്കു പ്രത്യേകം പ്രത്യേകം ലേബലുകൾ നൽകാൻ കഴിഞ്ഞില്ലെങ്കിലും സാരൂപ്യ കല്പനകളായി പരിഗണിക്കണം. ഇങ്ങനെ നോക്കുമ്പോൾ ഹീബ്രു കവിത മാത്രമല്ല ഹീബ്രുഭാഷതന്നെ സാമ്യകല്പനാനിബിഡമാണെന്നു കാണാം. ഇതിന്നു ഭാഷാശാസ്ത്രപരമായ ഒരു വിശദീകരണം നൽകാവുന്നതാണ്. ഹീബ്രുഭാഷയ്ക്കു ഏറെ പദസമ്പത്തില്ല. ഉള്ളവ ഏറിയകൂറും മൂർത്തമായ ആശയങ്ങളെ കുറിക്കുന്നവയുമാണ്. അതിനാൽ അമൂർത്താശയങ്ങൾ അവതരിപ്പിക്കാൻ ബിംബാവലികൾ ആവശ്യമായിത്തീരുന്നു. മൂർത്താശയങ്ങളെ കുറിക്കുന്ന പദങ്ങൾ തലങ്ങും വിലങ്ങും പ്രയോഗിച്ചുണ്ടാക്കുന്ന മൂർത്ത ചിത്രങ്ങൾകൊണ്ട് അമൂർത്താശയങ്ങൾ പ്രതിപാദിക്കാൻ ഹീബ്രുഭാഷക്കാർ നിർബന്ധിതരായിരുന്നു.

വിശ്വവിശ്രുതമായ പ്രേമകാവ്യമാണ് ബൈബിളിലെ അത്യുത്തമഗീതം. സാഹിത്യ രസികർക്കു പ്രിയങ്കരമായ ഇതിലെ ആപാദചൂഡ വർണ്ണനകൂടി ഉദ്ധരിക്കുമ്പോൾ താരതമ്യ പഠനത്തിനു വേണ്ടുവോളം വകയായി.

അത്യുത്തമഗീതം; 4, 5, 6, 7 അധ്യായങ്ങൾ.

ബെയിലിയുടെ പഴയ നിയമം (1841)

4 അദ്ധ്യായം

1 ക്രിസ്തു സഭയുടെ ഗുണങ്ങളെ വർണ്ണിക്കുന്നത. — 8 അവൻ അതിനൊടുള്ള തന്റെ സ്നെഹത്തെ കാണിക്കുന്നത-16 അവന്റെ സന്നിധിക്ക യൊഗ്യമായി തീരെണമെന്ന സഭ പ്രാർത്ഥിക്കുന്നത.

ഇതാ, എന്റെ പ്രിയെ, നീ സുന്ദരി (ആകുന്നു); ഇതാ, നീ സുന്ദരി (ആകുന്നു) നിന്റെ കുന്തളങ്ങളുടെ നടുവെ നിനക്ക പ്രാവുകളുടെ കണ്ണുകൾ (ഉണ്ട); നിന്റെ തലമുടി ഗിലയാദ പർവ്വതത്തിൽ മെയുന്ന കൊലാടുകളുടെ കൂട്ടംപോലെ (ഇരിക്കുന്നു).

2 നിന്റെ പല്ലുകൾ രൊമം കത്രിക്കപ്പെട്ട, കുളിയിൽനിന്ന കരെറുന്നവയും, അവയിൽ ഒന്ന മച്ചിയാകാതെ, എല്ലാം ഇരട്ട പ്രസവിക്കുന്നവയും ആയുള്ള ആട്ടിൻ കൂട്ടം പോലെ (ഇരിക്കുന്നു).

3 നിന്റെ അധരങ്ങൾ ചുവപ്പ നൂലു പൊലെയും, നിന്റെ വാക്ക രസമുള്ളതും ആകുന്നു; നിന്റെ ചെന്നികൾ നിന്റെ കുന്തളങ്ങളുടെ നടുവെ മാതളനാരങ്ങാ ഖണ്ഡം പൊലെ (ഇരിക്കുന്നു).

4 നിന്റെ കഴുത്ത ആയുധശാലയായി പണിയിക്കപ്പെട്ട ദാവീദിന്റെ ഗൊപുരം പൊലെ (ഇരിക്കുന്നു) അതിൽ ആയിരം പരിചകൾ തൂക്കിയിരിക്കുന്നു. അവ ഒക്കെയും ബലവാന്മാരുടെ പരിചകൾ (ആകുന്നു).

5 നിന്റെ രണ്ട സ്തനങ്ങളും ചെങ്ങഴിനീർ പുഷ്പങ്ങളുടെ ഇടയിൽ മെയുന്ന ഇരട്ടയായുള്ള രണ്ട മാൻ കുട്ടികൾക്ക സമം (ആകുന്നു).

6 നെരം പുലർന്ന, നിഴലുകൾ ഒടിപൊകുന്നത വരെക്കും ഞാൻ മൂറിന്റെ മലയിലും, കുന്തുരുക്കത്തിന്റെ കുന്നിലും ചെന്നിരിക്കും.

7 എന്റെ പ്രിയെ, നീ മുഴുവനും സുന്ദരി (ആകുന്നു) നിന്നിൽ ഒട്ടും കറ ഇല്ല.

8 എന്നൊട കൂടെ ലബാനൊനിൽനിന്ന, എന്റെ ഭാര്യയായുള്ളൊവെ,

എന്നൊട കൂടെ ലബാനൊനിൽനിന്ന (വരിക:) നീ അമാനായുടെ മുകളിൽനിന്നും, ശെനീരിൻെറയും ഹെർമെൻെറയും മുകളിൽ നിന്നും, സിംഹങ്ങളുടെ ഗുഹകളിൽനിന്നും, പുള്ളി പുലികളുടെ പർവതങ്ങളിൽ നിന്നും നൊക്കുക.

9 എൻെറ സഹൊദരിയെ, (എൻെറ) ഭാര്യെ, നീ എൻെറ ഹൃദയത്തെ അപഹരിച്ചിരിക്കുന്നു; നിൻെറ കണ്ണുകളിൽ ഒന്നു കൊണ്ടും നിൻെറ കഴുത്തിലുള്ള ഒരു മാലകൊണ്ടും നീ എൻെറ ഹൃദയത്തെ അപഹരിച്ചിരിക്കുന്നു.

10 എൻെറ സഹൊദരിയെ, (എൻെറ) ഭാര്യെ, നിൻെറ സ്നെഹം എത്ര ഭംഗിയുള്ളത ആകുന്നു! വീഞ്ഞിനെക്കാൾ നിൻെറ സ്നെഹവും സകല സുഗന്ധവർഗ്ഗങ്ങളെക്കാൾ നിൻെറ തൈലങ്ങളുടെ വാസനയും എത്ര നല്ലത ആകുന്നു.

11 ഭാര്യെ, നിൻെറ അധരങ്ങൾ തെൻകട്ട (പൊലെ) പൊഴിയുന്നു: തെനും പാലും നിൻെറ നാവിൻ കീഴിൽ ഉണ്ട; നിൻെറ വസ്ത്രങ്ങളുടെ വാസന ലബനൊൻെറ വാസന പൊലെ ആകുന്നു.

12 (എൻെറ) ഭാര്യ, എൻെറ സഹൊദരി, അടവാക്കപ്പെട്ട തൊട്ടവും, അടെക്കപ്പെട്ട നീരുറവും, മുദ്രയിടപ്പെട്ട ഉറവയും ആകുന്നു.

13 നിൻെറ തൈകൾ കൌതുകമുള്ള ഫലങ്ങളൊട കൂടെ മാതള തൊട്ടവും നറുദയൊട കൂടെ കർപ്പൂരവും;

14 നറുദും കുങ്കുമവും; കുന്തുരുക്കത്തിൻെറ സകല വിധ വൃക്ഷങ്ങളൊടകൂടെ വയമ്പും ലവംഗവും സകല പ്രധാന സുഗന്ധവർഗങ്ങളൊട കൂടെ മൂറും, ചെന്നിനായകവും;

15 തൊട്ടങ്ങൾക്ക ഉറവയും, ജീവനുള്ള വെള്ളങ്ങളുടെ കിണറും, ലബാനൊനിൽനിന്നുള്ള ഒഴുക്കുകളും തന്നെ.

16 വടതിക്കാറെറ, ഉണരുക; തെന്നിക്കാറെറ, വരിക, അതിലെ സുഗന്ധങ്ങൾ ഒഴുകെണ്ടുന്നതിന എൻെറ തൊട്ടത്തിന്മെൽ അടിക്ക. എൻെറ പ്രിയൻ തൻെറ തൊട്ടത്തിലെക്ക വന്ന, അതിൻെറ മധുരമുള്ള ഫലങ്ങളെ ഭക്ഷിക്കുമാറാകട്ടെ.

5 അദ്ധ്യായം

1 ക്രിസ്തു തൻെറ വിളി കൊണ്ട സഭയെ ഉണർത്തുന്നത— ക്രിസ്തുവിൻെറ സ്നെഹത്തിൻെറ രുചി ഉണ്ടായിട്ട സഭ സ്നെഹം കൊണ്ട പരവശ ആകുന്നത-9 തൻെറ കരുണകളെ കൊണ്ട ക്രിസ്തുവിനെ കുറിച്ചുള്ള വർണ്ണനം.

എൻെറ സഹൊദരിയെ, (എൻെറ) ഭാര്യെ, ഞാൻ എൻെറ തൊട്ടത്തിലെക്ക വന്നിരിക്കുന്നു; ഞാൻ എൻെറ മൂറിനെ എൻെറ സുഗന്ധ വർഗ്ഗത്തൊട കൂടെ പെറുക്കി; ഞാൻ എൻെറ തെൻകട്ടയെ എൻെറ തെനൊടകൂടെ ഭക്ഷിച്ചു: ഞാൻ എൻെറ വീഞ്ഞിനെ എൻെറ പാലിനൊടകൂടെ കുടിച്ചു. സ്നെഹിതന്മാരായുള്ളൊരെ ഭക്ഷിപ്പിൻ; പ്രിയമുള്ളവരെ, കുടിപ്പിൻ, അതെ പരിപൂർണ്ണമായി കുടിപ്പിൻ.

2 ഞാൻ ഉറങ്ങുന്നു, എന്നാൽ എൻെറ ഹൃദയം ഉണർന്നിരിക്കുന്നു: (വാതിലിൽ) മുട്ടുന്ന എൻെറ പ്രിയൻെറ ശബ്ദം (അത ആകുന്നു). പറയുന്നത,

എന്റെ സഹോദരിയെ, എന്റെ പ്രിയെ, എന്റെ പ്രാവെ, എന്റെ അശുദ്ധപ്പെടാത്തവളെ, ഇനിക്ക തുറക്ക, എന്തെന്നാൽ എന്റെ ശിരസ്സ മഞ്ഞകൊണ്ടും, എന്റെ രൊമങ്ങൾ രാത്രിയിലെ തുള്ളികൾ കൊണ്ടും നിറഞ്ഞിരിക്കുന്നു.

3 ഞാൻ എന്റെ കുപ്പായത്തെ ഊരി; ഞാൻ എങ്ങിനെ അതിനെ ധരിക്കെണ്ടു? ഞാൻ എന്റെ പാദങ്ങളെ കഴുകി; ഞാൻ എങ്ങിനെ അവയെ മലിനതപ്പെടുത്തും?

4 എന്റെ പ്രിയൻ തന്റെ കയ്യിനെ (വാതിലിന്റെ) ദ്വാരത്തിൽ കൂടി നീട്ടി, അപ്പൊൾ എന്റെ കുടലുകൾ അവ്നെ കുറിച്ച അലിഞ്ഞു.

5 എന്റെ പ്രിയന തുറക്കെണ്ടുന്നതിനായിട്ട ഞാൻ എഴുനീററു: അപ്പൊൾ എന്റെ കൈകൾ മൂറിനെയും എന്റെ വിരലുകൾ നല്ല സൌരഭ്യമുള്ള മൂറിനെയും താഴിന്റെ കെപിടികൾ മെൽ പൊഴിച്ചു.

6 ഞാൻ എന്റെ പ്രിയന തുറന്നു: എന്നാൽ എന്റെ പ്രിയൻ ഒഴിഞ്ഞ, പൊയ്ക്കളഞ്ഞിരുന്നു. അവൻ സംസാരിച്ചപ്പൊൾ എന്റെ ആത്മാവ ആലസ്യപ്പെട്ടു. ഞാൻ അവനെ അന്വെഷിച്ചു, എന്നാൽ ഞാൻ അവനെ കണ്ടെത്തിയില്ല. ഞാൻ അവനെ വിളിച്ചു. എന്നാൽ അവൻ എന്നൊട ഉത്തരം പറഞ്ഞില്ല.

7 നഗരത്തിൽ സഞ്ചരിച്ചിട്ടുള്ള കാവല്ക്കാർ എന്നെ കണ്ടെത്തി, അവർ എന്നെ അടിച്ചു, അവർ എന്നെ മുറിവെല്പിച്ചു. കൊട്ട മതിലുകളുടെ കാവല്ക്കാർ എന്റെ മൂടുപടവിനെ എന്നിൽനിന്ന എടുത്തുകൊണ്ട പൊയി.

8 യറുശലെമിലെ പുത്രിമാരെ, നിങ്ങൾ എന്റെ പ്രിയനെ കണ്ടെത്തുന്നു എങ്കിൽ, ഞാൻ സ്നെഹം കൊണ്ട പരവശ ആയിരിക്കുന്നു എന്നു നിങ്ങൾ അവനൊട അറിയിക്കണമെന്ന ഞാൻ നിങ്ങളൊട ആണയിടുന്നു.

9 സ്ത്രീകളിൽ അതിസുന്ദരിയായുള്ളൊവെ, നിന്റെ പ്രിയൻ (മറെറാരു) പ്രിയനെക്കാൾ എന്ത വിശെഷമുള്ളവൻ (ആകുന്നു?) നീ ഇപ്രകാരം ഞങ്ങളൊട ആണയിടെണ്ടുന്നതിന നിന്റെ പ്രിയൻ (മറെറാരു) പ്രിയനെക്കാൾ എന്ത വിശെഷമുള്ളവൻ (ആകുന്നു?)

10 എന്റെ പ്രിയൻ വെണ്മയും ചുവപ്പുമുള്ളവൻ ആയി, പതിനായിരം പെരിൽ അതിശ്രെഷ്ഠൻ (ആകുന്നു.)

11 അവന്റെ ശിരസ്സ മഹാവിശെഷമായുള്ള തങ്കം (പൊലെ ആകുന്നു) അവന്റെ കുന്തളങ്ങൾ ചുരുണ്ടും മലങ്കാക്ക പൊലെ കുറത്തും (ഇരിക്കുന്നു)

12 അവന്റെ കണ്ണുകൾ വെള്ളങ്ങളുള്ള നദികളുടെ അരികത്തുള്ള പ്രാവുകളുടെ (കണ്ണുകൾ) പൊലെയും, പാൽ കൊണ്ട കഴുകപ്പെട്ടവയും ചെർച്ചയായി പതിക്കപ്പെട്ടവയും (ആകുന്നു)

13 അവന്റെ കവിൾ സുഗന്ധവർഗ്ഗങ്ങളുടെ തടം പൊലെയും സുഗന്ധപുഷ്പങ്ങൾ പൊലെയും അവന്റെ അധരങ്ങൾ ചെങ്ങഴിനീർ പുഷ്പങ്ങൾ (പൊലെ) നല്ല സൌരഭ്യമുള്ള മൂറിനെ പൊഴിക്കുന്നവയും (ആകുന്നു)

14 അവന്റെ കൈകൾ പച്ചക്കല്ല പതിക്കപ്പെട്ടിരിക്കുന്ന പൊൻ മൊതിരങ്ങൾ (പൊലെ ആകുന്നു) അവന്റെ വയർ നീലക്കല്ലുകൾ പതിക്കപ്പെട്ട

ശൊഭയുള്ള ആനക്കൊമ്പ (പൊലെ ആകുന്നു)

15 അവന്റെ കാലുകൾ തങ്കം കൊണ്ടുള്ള ചുവടുകളിന്മെൽ നിർത്തപ്പെട്ട വെള്ളക്കൽ തൂണുകൾ (പൊലെ ആകുന്നു) അവന്റെ മുഖരൂപം ലബാനൊനെന്നപൊലെ, കാരകിലുകളെന്ന പൊലെ വിശെഷമുള്ളത (ആകുന്നു)

16 അവന്റെ വാ മഹാ മധുരമുള്ളത (ആകുന്നു) അത്രയുമല്ല അവൻ മുഴുവനും ആഗ്രഹിക്കപ്പെടത്തക്കവൻ (ആകുന്നു) യറുശലമിലെ പുത്രിമാരെ, ഇവൻ എന്റെ പ്രിയനും ഇവൻ എന്റെ സ്നേഹിതനും (ആകുന്നു)

6 അദ്ധ്യായം

1 സഭ ക്രിസ്തുവിൽ ഉള്ള തന്റെ വിശ്വാസത്തെ അറിയിക്കുന്നത... — 4 ക്രിസ്തു സഭയുടെ ഗുണങ്ങളെയും — 10 അതിനൊട തനിക്കുള്ള സ്നെഹത്തെയും കാണിക്കുന്നത

സ്ത്രീകളിൽ അതിസുന്ദരിയെ, നിന്റെ പ്രിയൻ എവിടെ പൊയിരിക്കുന്നു? നിന്റെ പ്രിയൻ എവിടെക്ക തിരിച്ചു? നിന്നൊട കൂടെ ഞങ്ങളും അവനെ അന്വെഷിക്കാം.

2 തൊട്ടങ്ങളിൽ മെയുവാനും ചെങ്ങഴിനീർ പുഷ്പങ്ങളെ പറിപ്പാനും എന്റെ പ്രിയൻ തന്റെ തൊട്ടത്തിൽ സുഗന്ധവർഗ്ഗങ്ങളുടെ തടങ്ങളിലെക്ക ഇറങ്ങി പൊയിരിക്കുന്നു.

3 ഞാൻ എന്റെ പ്രിയന ഉള്ളവൾ (ആകുന്നു) എന്റെ പ്രിയനും ഇനിക്കുള്ളവൻ (ആകുന്നു); അവൻ ചെങ്ങഴിനീർ പുഷ്പങ്ങളുടെ ഇടയിൽ മെയുന്നു.

4 എന്റെ പ്രിയെ, നീ തിർസാ എന്ന പൊലെ സൌന്ദര്യവും യറുശലെമെന്നപോലെ ഭംഗിയും, കൊടുകളൊട കൂടിയ സൈന്യം എന്ന പൊലെ ഭയങ്കരവുമുള്ളവൾ (ആകുന്നു)

5. നിന്റെ കണ്ണുകളെ എങ്കൽ നിന്ന തിരിക്ക, എന്തെന്നാൽ അവ എന്നെ വശീകരിച്ചിരിക്കുന്നു: നിന്റെ തലമുടി ഗിലയാദിൽനിന്ന ശൊഭിക്കുന്ന കൊലാടുകളുടെ കൂട്ടം പൊല (ഇരിക്കുന്നു)

6 നിന്റെ പല്ലുകൾ കുളിയിൽ നിന്ന കരെറുന്നതും അവയുടെ ഇടയിൽ ഒന്നെങ്കിലും മച്ചിയാകാതെ എല്ലാം ഇരട്ട കുട്ടികളെ പ്രസവിക്കുന്നതുമായുള്ള ആടുകളുടെ കൂട്ടം പൊലെ (ഇരിക്കുന്നു)

7 നിന്റെ കുന്തളങ്ങളുടെ നടുവെ നിന്റെ ചെന്നികൾ മാതള നാരങ്ങയുടെ ഖണ്ഡം പോലെ (ഇരിക്കുന്നു)

8 അറുപത രാജസ്ത്രീകളും, എമ്പത വെപ്പാട്ടികളും എണ്ണമല്ലാത്ത കന്യകമാരും ഉണ്ട.

9 എന്റെ പ്രാവും എന്റെ അശുദ്ധിപ്പെടാത്തവളും ഒരുത്തി മാത്രമെ ഉള്ളു, ഇവൾ തന്റെ മാതാവിന എകയാകുന്നു, ഇവൾ തന്നെ പ്രസവിച്ചവൾക്ക തെരിഞ്ഞെടുക്കപ്പെട്ട (ഒരുത്തി ആകുന്നു) പുത്രിമാർ അവളെ കണ്ട, അവളെ അനുഗ്രഹിച്ചു; രാജസ്ത്രീകളും വെപ്പാട്ടികളും കൂടെ, അവരും അവളെ പുകഴ്ത്തി.

10 ഉഷസ്സ എന്ന പോലെ നൊക്കി, ചന്ദ്രനെന്നപൊലെ ഭംഗിയും ആദിത്യനെന്ന പൊലെ പ്രഭയും, കൊടികളൊട കൂടിയ (സൈന്യം) എന്ന പൊലെ ഭയങ്കരവും ഉള്ള ഇവൾ ആര?

11 ഞാൻ താഴ്വരയിലെ ഫലങ്ങളെ കാണെണ്ടുന്നതിനും, മുന്തിരിങ്ങാ വള്ളി തളിർത്തൊ എന്നും, മാതള നാരകങ്ങൾ പുഷ്പിച്ചുവൊ എന്നും നൊക്കെണ്ടുന്നതിനും അണ്ടിക്കാ തൊട്ടത്തിലെക്ക ഇറങ്ങി ചെന്നു.

12 ഞാൻ അറിയാതെ, എന്റെ ആത്മാവ എന്നെ അമ്മി-നാദിബിന്റെ രഥങ്ങളെ (പൊലെ) ആക്കി.

13 തിരിച്ച വരിക, തിരിച്ച വരിക, ശൂലമിക്കാരിയെ, നിന്റെ മെൽ ഞങ്ങൾ നൊക്കെണ്ടുന്നതിന തിരിച്ച വരിക, തിരിച്ച വരിക, ശൂലമിക്കാരിയിൽ നിങ്ങൾ എന്തൊന്നിനെ കാണും? രണ്ട സൈന്യങ്ങളുടെ കൂട്ടം എന്ന പൊലെ തന്നെ.

7 അദ്ധ്യായം

1 സഭയുടെ ഗുണങ്ങളെ കുറിച്ച പിന്നെയും ഉള്ള വർണ്ണനം—10 സഭ തന്റെ വിശ്വാസത്തെയും ആഗ്രഹത്തെയും അറിയിക്കുന്നത.

പ്രഭുവിന്റെ പുത്രിയെ, ചെരിപ്പുകളൊട കൂടിയ നിന്റെ നടപ്പുകൾ എത്ര ഭംഗിയുള്ളവ ആകുന്നു! നിന്റെ തുടകളുടെ സന്ധുക്കൾ കൌശലമുള്ള പണിക്കാരന്റെ കൈവെലയാകുന്ന ആഭരണങ്ങളെന്ന പൊലെ (ഇരിക്കുന്നു)

2 നിന്റെ പൊക്കിൾ പാനം കുറയാത്ത ഉരുണ്ട കുടം (പൊലെയും) നിന്റെ ഉദരം ചെങ്ങഴിനീർ പുഷ്പങ്ങൾ കൊണ്ട ചുഴപ്പെട്ട കൊതമ്പിന്റെ കൂമ്പാരം പൊലെയും (ഇരിക്കുന്നു)

3 നിന്റെ രണ്ട മുലകൾ ഇരട്ടയായുള്ള രണ്ട മാൻ കുട്ടികൾ പൊലെ (ഇരിക്കുന്നു)

4 നിന്റെ കഴുത്ത ആനക്കൊമ്പു കൊണ്ടുള്ള ഗൊപുരം പൊലെയും, നിന്റെ കണ്ണുകൾ ഹെഷ്ബൊനിൽ ബാത-റാബ്ബിലെ വാതിലിന അരികെയുള്ള മത്സ്യക്കുളങ്ങൾ എന്ന (പൊലെയും) നിന്റെ മൂക്ക ദമ്മശെക്കിന നെരെ നൊക്കുന്ന ലബാനൊനിലെ ഗൊപുരം എന്ന പൊലെയും (ഇരിക്കുന്നു)

5 നിന്റെ മെലുള്ള നിന്റെ തല ഖർമ്മെൽ എന്ന പൊലെയും, നിന്റെ തലയിലെ രൊമം ധൂമ്രവർണ്ണം പൊലെയും (ഇരിക്കുന്നു). രാജാവ മുഖമണ്ഡപങ്ങളിൽ പിടിക്കപ്പെട്ടിരിക്കുന്നു.

6 പ്രിയെ, മൊദങ്ങൾക്ക നീ എത്ര സൗന്ദര്യവും എത്ര കൌതുകവുമുള്ളവൾ ആകുന്നു!

7 ഈ നിന്റെ ശരീര വളർച്ച പനവൃക്ഷത്തൊടും, നിന്റെ സ്തനങ്ങൾ മുന്തിരിങ്ങാ കുലകളൊടും സദൃശമാകുന്നു.

8 ഞാൻ പനവൃക്ഷത്തിൽ കരെറും, ഞാൻ അതിന്റെ മടലുകളെ പിടിക്കും എന്ന ഞാൻ പറഞ്ഞു. ഇപ്പൊൾ നിന്റെ സ്തനങ്ങൾ മുന്തിരിങ്ങാ വള്ളിയിലെ കുലകളെന്ന പൊലെയും, നിന്റെ മൂക്കിന്റെ വാസന വടുകപുളിനാരങ്ങകളെന്ന പൊലെയും;

9 നിൻെറ അണ്ണാക്ക എൻെറ പ്രിയന ഉറങ്ങുന്നവരുടെ അധരങ്ങളെ സംസാരിക്കുമാറാക്കുന്നതായി മൃദുവായിട്ട ഇറങ്ങുന്ന മെത്തരമുള്ള വീഞ്ഞ പൊലെയും ആകും

10 ഞാൻ എൻെറ പ്രിയന ഉള്ളവൾ (ആകുന്നു) അവൻെറ ആഗ്രഹം എന്നിലെക്ക (ആകുന്നു)

11 എൻെറ പ്രിയ, വരിക നാം വെളിയിലെക്ക പൊക; ഗ്രാമങ്ങളിൽ നമുക്ക രാത്രി പാർക്കാം

12 നാം പ്രഭാതകാലത്ത മുന്തിരിങ്ങാ തൊട്ടങ്ങളിലെക്ക കരെറുക; മുന്തിരിങ്ങാ വള്ളി തളിർക്കയും, എളയ കുലകൾ കാണപ്പെടുകയും മാതള നാരകങ്ങൾ പുഷ്പിക്കയും ചെയ്യുന്നുവൊ എന്ന നൊക്കാം. അവിടെ ഞാൻ എൻെറ സ്നെഹങ്ങളെ നിനക്ക തരും.

13 തൂതുവെളകൾ വാസനയെ നൽകുന്നു, എൻെറ പ്രിയ, നമ്മുടെ വാതിലുകളുടെ അരികെ പുതിയതും പഴയതുമായ സകലവിധ ഇഷ്ട ഫലങ്ങളും ഉണ്ട, അവയെ ഞാൻ നിനക്കായിട്ട സംഗ്രഹിച്ചിരിക്കുന്നു.'

ഗുണ്ടർട്ടു ബൈബിൾ വീണ്ടും അച്ചടിക്കുന്നതിൽ ഹെർമൻ ഗുണ്ടർട്ട് ഗ്രന്ഥപരമ്പരയുടെ എഡിററർമാർ ഉത്സാഹിച്ചതിനു പ്രത്യേക വിശദീകരണം ആവശ്യമില്ല. എങ്കിലും ഒന്നുരണ്ടു കാര്യങ്ങൾ എടുത്തു പറഞ്ഞുകൊള്ളട്ടെ. ഹെർമൻ ഗുണ്ടർട്ടിന്, മലയാള ഭാഷാ പഠനത്തിൻെറ മുഖ്യ ലക്ഷ്യം ബൈബിൾ വിവർത്തനം തയ്യാറാക്കുക എന്നതായിരുന്നു. നിഘണ്ടുവും വ്യാകരണവുമെല്ലാം ബൈബിൾ വിവർത്തനത്തിനുള്ള ഭാഷാസിദ്ധികൾ വർധിപ്പിക്കാനുള്ള ശ്രമത്തിൻെറ ഉപോല്പന്നങ്ങളായിരുന്നു എന്നുപോലും പറയാം. പ്രാചീന മലയാളത്തിൻെറ പദസമ്പത്തും വാക്യരചനാശേഷിയും പ്രകടാത് പ്രകടതരമാക്കുന്ന ബൃഹത് ഗ്രന്ഥം എന്ന നിലയിൽ *ഗുണ്ടർട്ടു ബൈബിളിനു* ഭാഷാസാഹിത്യ ചരിത്രത്തിൽ പ്രാധാന്യമുണ്ട്. മലയാളത്തിലെ ഏററവും പ്രഗല്ഭനായ ബൈബിൾ വിവർത്തകനായിരുന്നു ഗുണ്ടർട്ട് എന്ന കാര്യവും ഓർമിക്കേണ്ടിയിരിക്കുന്നു. അദ്ദേഹത്തിൻെറ വിവർത്തനം പരിശോധിക്കാൻ ഇന്നത്തെ തലമുറയിൽ പലർക്കും താല്പര്യമുണ്ടായിരിക്കുമല്ലോ. അവർക്ക് *ഗുണ്ടർട്ടു ബൈബിൾ* സമർപ്പിക്കുന്നു.

ഏപ്രിൽ 12, 1992

ഗുണ്ടർട്ട് ബൈബിൾ

THE

BOOK OF JOB

ഇയ്യോബ്

1. അദ്ധ്യായം

നീതിമാനായ ഇയ്യോബെ (6) ദൈവം സാത്താന്റെ പരീക്ഷയിൽ ഏല്പിച്ചപ്പോൾ, (13) നാല പരീക്ഷകളാൽ തോല്ക്കാത്തതു.

ഊചദേശത്ത് ഇയ്യോബ് എന്നൊരു പുരുഷൻ ഉണ്ടായിരുന്നു. അ
യ്യാൾ തികവും നേരും ഉള്ളവനായി ദൈവത്തെ ഭയപ്പെട്ടുകൊണ്ടു തിന്മ
2 വിട്ടു മാറുന്നവൻ തന്നേ. അവന് ഏഴു പുത്രന്മാരും മൂന്നു പുത്രിമാരും
3 ജനിച്ചു. അവന്റെ സമ്പത്തോ ഏഴായിരം ആടുകളും മൂവായിരം ഒട്ടക
വും ഐയായിരം ഏർക്കാളയും അഞ്ഞൂറു പെൺകഴുതകളും ഏറ്റവും
പെരുത്ത ദാസക്കൂട്ടവും തന്നേ. ആകയാൽ ആ പുരുഷൻ സകല കിഴക്കി
4 ന്മക്കളിലും വലിയവനായി.— അവന്റെ മക്കൾ ചെന്നു താന്താന്റെ
ആഴ്ചയിൽ തൻഭവനത്തിൽ വിരുന്നു ഉണ്ടാക്കും. അന്നു ആളയച്ചു മൂന്നു
5 സഹോദരികളെയും തങ്ങളോടു കൂടേ തിന്നു കുടിപ്പാൻ ക്ഷണിക്കും. വിരു
ന്നിൻ നാളുകൾ കഴിഞ്ഞാൽ ഇയ്യോബ് അവരെ വരുത്തി വിശുദ്ധീകരിച്ചു
രാവിലേ എഴുനീറ്റു അവർ എല്ലാവരുടെ എണ്ണത്തിൻ പ്രകാരം ഹോമബ
ലികളെ കഴിക്കും. കാരണം: എന്റെ മക്കൾ പക്ഷേ പിഴെച്ചു ഹൃദയം
കൊണ്ടു ദൈവത്തിന്നു സലാം പറഞ്ഞുപോയി എന്നു ഇയ്യോബ് ചൊല്ലി
എല്ലായ്പോഴും അപ്രകാരം ചെയ്യും.
6 ഒരു ദിവസം ദേവപുത്രന്മാർ യഹോവയുടെ മുമ്പിൽ നിന്നുകൊൾവാൻ
വന്നു, (ദ്വേഷിയായ) സാത്താനും (സങ്കീ. 109,6) അവരുടെ ഇടയിൽ
7 വന്നു. യഹോവ സാത്താനോട്: എവിടേനിന്നു വരുന്നു? എന്നു ചൊല്ലി
യാറേ, ഭൂമിയിൽ ഊടാടി അതിൽ നടക്കുന്നതിൽനിന്നു എന്നു സാ
8 ത്താൻ യഹോവയോടു പറഞ്ഞു. യഹോവ സാത്താനോട്: എൻ ദാസ
നായ ഇയ്യോബിനെ കുറിക്കൊണ്ടുവോ? അവനെ പോലേ തികവും നേ
രും ഉള്ളവനായി ദൈവത്തെ ഭയപ്പെട്ടുകൊണ്ടു തിന്മ വിട്ടു മാറുന്ന പുരു
9 ഷൻ ഭൂമിയിൽ ഇല്ല എന്നു പറഞ്ഞതിന്നു സാത്താൻ യഹോവയോടു ഉ
ത്തരം ചൊല്ലിയതു: ഇയ്യോബ് ദൈവത്തെ ഭയപ്പെടുന്നതു വെറുതേ
10 തന്നെയോ? അവനും അവന്റെ വീട്ടിന്നും അവനുള്ള സമസ്തത്തിന്നും
ചുഴവും നീ വേലി കെട്ടീട്ടല്ലേ. അവന്റെ കൈകളുടെ ക്രിയയെ നീ
11 അനുഗ്രഹിച്ചിട്ടു അവന്റെ സമ്പത്തു നാട്ടിൽ വ്യാപിക്കുന്നുവല്ലോ. എ
ങ്കിലും തൃക്കൈ നീട്ടി അവനുള്ള സമസ്തത്തെ തൊടുകേ വേണ്ടു; നിണക്കു
12 സമക്ഷത്തു തന്നേ സലാം പറയാതിരിക്കയില്ല. എന്നാറേ യഹോവ
സാത്താനോട്: അവനുള്ള സമസ്തവും നിന്റെ കൈയിൽ ഇതാ! അവ
ങ്കലേക്കു മാത്രം നിൻ കൈ നീട്ടരുതു എന്നു പറഞ്ഞു, സാത്താൻ ദൈവസ
ന്നിധത്തുനിന്നു പുറപ്പെട്ടു പോകയും ചെയ്തു.
13 ഒരു ദിവസം അവന്റെ പുത്രീപുത്രന്മാർ ജ്യേഷ്ഠന്റെ ഭവനത്തിൽ
14 തിന്നു വീഞ്ഞു കുടിക്കുമ്പോൾ ഉണ്ടായിതു: ഒരു ദൂതൻ ഇയ്യോബിന്റെ
അടുക്കേ വന്നു പറഞ്ഞിതു: കന്നുകാലികൾ ഉഴുതും പെൺകഴുതകൾ അരി

15 കേ മേഞ്ഞും കൊണ്ടിരുന്ന. അപ്പോൾ ശബാക്കൂട്ടം ആക്രമിച്ചു അവ പി
ടിച്ചു ബാല്യക്കാരെ വാളിൻ വായാൽ വെട്ടിക്കളഞ്ഞു, നിന്നെ അറിയി
16 പ്പാൻ വഴതി പോന്നതു ഞാൻ മാത്രമേ. ആയവൻ സംസാരിക്കുമ്പോൾ
തന്നേ ഇവൻ വന്നു പറഞ്ഞിതു: ദൈവത്തിൻ തീ വാനത്തിൽനിന്നു
വീണു ആട്ടിങ്കൂട്ടവും ബാല്യക്കാരെയും ചുട്ടു തിന്നുകളഞ്ഞു, നിന്നെ
17 അറിയിപ്പാൻ വഴതിപോന്നതു ഞാൻ മാത്രമേ. ആയവൻ സംസാരി
ക്കുമ്പോൾ തന്നേ ഇവൻ വന്നു പറഞ്ഞിതു: കല്ദയർ മൂന്നു തലയാക്കി
ഒട്ടകങ്ങളെക്കൊള്ളേ പാഞ്ഞു വന്നു അവ പിടിച്ചു ബാല്യക്കാരെ വാ
ളിൻ വായാൽ വെട്ടിക്കളഞ്ഞു, നിന്നെ അറിയിപ്പാൻ വഴതി പോന്നതു
18 ഞാൻ മാത്രമേ. ആയവൻ സംസാരിക്കുമ്പോൾ തന്നേ ഇവൻ വന്നു പറ
ഞ്ഞിതു: നിന്റെ പുത്രീപുത്രന്മാർ ജ്യേഷ്ഠന്റെ ഭവനത്തിൽ തിന്നു വീ
19 ഞ്ഞു കുടിക്കുമ്പോൾ, അതാ മരുവിൻ അങ്ങേ ഭാഗത്തുനിന്നു വങ്കാറ്റു
വന്നു ഭവനത്തിൻ നാലു മൂലെക്കും തട്ടി, അതു ബാല്യക്കാരുടെ മേൽ
വീണിട്ടു അവർ മരിച്ചുപോയി, നിന്നെ അറിയിപ്പാൻ വഴതി പോ
ന്നതു ഞാൻമാത്രമേ.—
20 എന്നാറെ ഇയ്യോബ് എഴുന്നീറ്റു തന്റെ പുതെപ്പു കീറി തല ചിരെച്ചു
21 നിലത്തുവീണു കുമ്പിട്ടുകൊണ്ടു പറഞ്ഞിതു: അമ്മയുടെ ഗർഭത്തിൽനിന്നു
ഞാൻ നഗ്നനായി പുറപ്പെട്ടു വന്നു, നഗ്നനായി അവിടേക്കു മടങ്ങി പോ
കും; യഹോവ തന്നു, യഹോവ എടുത്തു, യഹോവയുടെ നാമം അനുഗ്രഹിക്ക
22 പ്പെടാക! ഇവ എല്ലാറ്റിലും ഇയ്യോബ് പിഴെച്ചില്ല, ദൈവത്തിന്നു നീര
സമായതു കാട്ടിയതും ഇല്ല.

2. അദ്ധ്യായം

ദേവാനുവാദത്താൽ (7) കുഷ്ഠത്താൽ പരീക്ഷ ഉണ്ടായാറേ, (11) സ്നേഹി
തന്മാരുടെ വരവിനാൽ ദുഃഖവർദ്ധന.

1 ഒരു ദിവസം ദേവപുത്രന്മാർ യഹോവയുടെ മുമ്പിൽ നിന്നുകൊൾവാൻ
വന്നു, സാത്താനും യഹോവയുടെ മുമ്പിൽ നിന്നുകൊൾവാൻ അവരുടെ
2 ഇടയിൽ വന്നു. യഹോവ സാത്താനോട്: ഏതിൽനിന്നു നീ വരുന്നു?
എന്നു ചൊല്ലിയാറേ, ഭ്രമിയിൽ ഊടാടി അതിൽ നടക്കുന്നതിൽ നിന്നു
3 എന്ന് സാത്താൻ യഹോവയോട് പറഞ്ഞു. യഹോവ സാത്താനോട്:
എൻ ദാസനായ ഇയ്യോബിനെ കുറിക്കൊണ്ടുവോ? അവനെ പോലേ
തികവും നേരുമുള്ളവനായി ദൈവത്തെ ഭയപ്പെട്ടു കൊണ്ടു തിന്മ വിട്ടു
മാറുന്ന പുരുഷൻ ഭ്രമിയിൽ ഇല്ല. വെറുതേ അവനെ സംഹരിപ്പാൻ നീ
എന്നെ അവനെക്കൊള്ളേ സമ്മതിപ്പിച്ചിട്ടും അവൻ ഇന്നും തന്റെ തിക
4 വിൽ ഉറെച്ചു നില്ക്കുന്നു എന്നു പറഞ്ഞതിന്നു സാത്താൻ യഹോവയോട്
ഉത്തരം ചൊല്ലിയതു: തോലിന്നു പകരം തോൽ, ഒരാൾക്കുള്ളത് എല്ലാം
5 തൻ പ്രാണനു വേണ്ടി കൊടുക്കും. എങ്കിലും തൃക്കൈ നീട്ടി അവന്റെ
എല്ലും മാംസവും തൊടുകേ വേണ്ടു; നിണക്കു സമക്ഷത്തു തന്നേ സലാം
6 പറയാതിരിക്കയില്ല. എന്നാറേ യഹോവ സാത്താനോട്: അവൻ
നിന്റെ കൈയിൽ ഇതാ! അവന്റെ പ്രാണനെ മാത്രം കാത്തുകൊള്ളേ
7 ണ്ടതു എന്നു കല്പിക്കയും ചെയ്തു. സാത്താൻ ദേവസമ്മുഖത്തു നിന്നു പുറ
പ്പെട്ടു പോയി ഇയ്യോബിനെ കാലടിയോടു നെറുകയോളം വല്ലാത്ത
8 പരുക്കളാൽ അടിച്ചു. അവനും ചാരത്തിൻ മദ്ധ്യേ ഇരുന്നുകൊണ്ടു തന്നെ
9 ചുരണ്ടുവാൻ ഓടിനെ എടുത്തപ്പോൾ, ഭാര്യ അവനോടു: നിന്റെ തിക
വിൽ നീ ഇന്നും ഉറെച്ചു നില്ക്കുന്നുവോ? ദൈവത്തിന്നു സലാം പറഞ്ഞു
10 മരിക്ക എന്നു ചൊല്ലിയതിന്നു അവൻ പറഞ്ഞിതു: മൂഢമാരിൽ ഒരു
ത്തി പറയുമ്പോലേ നീ പറയുന്നു; നാം നല്ലതിനെയും ദൈവത്തിൽ

നിന്നു് അംഗീകരിക്കുന്നവല്ലോ, തീയതിനെ അംഗീകരിക്കായ്കയോ?
എന്നിവ എല്ലാറ്റിലും ഇയ്യോബ് തന്റെ അധരങ്ങളാൽ പിഴെച്ചിട്ടില്ല.

11 പിന്നെ ഇയ്യോബിന്റെ മൂന്നു ചങ്ങാതിമാർ അവന്റെ മേൽ വന്ന
തിന്മ ഒക്കയും കേട്ടറിഞ്ഞാറെ, തേമാന്യനായ എലീഫജ് (1 മോ. 36.
11) ശൂഹ്യനായ ബിൽദദ് നയമയിലേ ചോഫർ എന്നിവർ താന്താന്റെ
സ്ഥലത്തുനിന്നു അവനെ ചെന്നു തൊഴിച്ചു ആശ്വസിപ്പിക്കേണ്ടതിന്നു
12 പറഞ്ഞൊത്തു വന്നപ്പോൾ, ദൂരത്തുനിന്നു കണ്ണുകളെ ഉയർത്തി അവനെ
അറിഞ്ഞില്ല താനും. അന്നു് അവർ ശബ്ദം ഉയർത്തി കരഞ്ഞു, അവനവൻ
13 തൻ പുതെപ്പു കീറി വാനത്തോടു തലമേൽ ചാരം വാരി വിതറി, അവ
നോടു കൂടേ ഏഴു പകലും ഏഴു രാവും നിലത്തിരുന്നു, ദുഃഖം അതികൊടി
യതു് എന്നു കാണ്കയാൽ അവനോടു് ആരും ഒരു വാക്കും മിണ്ടാതിരുന്നു.

3. അദ്ധ്യായം

ഇയ്യോബ് അഴിനിലയായി തൻ ജനനത്തെ ശപിച്ചു, (11) ജനിച്ച ഉടനേ മരിപ്പാൻ ആഗ്രഹിച്ചു, (20) ജീവൻ ഉണ്ടായതു് എന്തിന്നു് എന്നു ചോദിച്ചതു.

അനന്തരം ഇയ്യോബ് വായ്തുറന്നു തന്റെ നാളിനെ ശപിച്ചു കൊണ്ടു ഇയ്യോബ് പറഞ്ഞാരംഭിച്ചതു:

3 ഞാൻ ജനിച്ച നാളും
ആൺ ഉരുവിച്ചു എന്നു ചൊല്ലിയ രാത്രിയും കെട്ടുപോക!
4 ആ ദിവസം ഇരുളാക!
ദൈവം ഉയരത്തിൽനിന്നു് അതിനെ ഇനി തിരയായ്ക!
ജ്യോതിസ്സു് അതിന്മേൽ തെളങ്ങായ്ക!
5 ഇരുളും മരണനിഴലും അതിനെ ചോദിച്ചടക്കുക!
മേഘം അതിന്മേൽ വസിക്ക!
ദിവസതമസ്കരം അതിനെ അരട്ടുക!
6 ആ രാത്രി എങ്കിലോ അന്ധകാരം അതിനെ പിടിച്ചുകൊൾക!
അതു വർഷത്തിലേ നാളുകളിൽ (ചേർന്നു) മകിഴായ്ക!
തിങ്ങളുകളുടെ എണ്ണത്തിൽ കൂടായ്ക!
7 അതാ ആ രാത്രി മച്ചിയാക!
അതിൽ ആർപ്പു ഉണ്ടാകരുതു!
8 സപ്പ്രശ്രേഷ്ഠനെ ഇളക്കുവാൻ വിദഗ്ദ്ധരായി
നാളിനെ പ്രാകുന്നവർ അതിനെ ശപിച്ചുകളുക!
9 അതിലേ തിമിരത്തിന്റെ നക്ഷത്രങ്ങൾ ഇരുണ്ടിരിക്ക!
അതു വെളിച്ചത്തിന്നു കാത്തിരുന്നാലും വരാതു!
അരുണോദയത്തിന്റെ ഇമകളെ അതു കാണായ്ക!
10 കാരണം അതു എനിക്കു് ഉദരദ്വാരത്തെ അടെച്ചിട്ടില്ല,
എൻ കണ്ണുകളിൽനിന്നു കിണ്ടത്തെ മറെച്ചിട്ടും നല്ല.
11 എന്നിട്ടു ഗർഭത്തിൽനിന്നു ഞാൻ മരിക്കാഞ്ഞതും
ഉദരത്തിൽനിന്നു പുറപ്പെട്ട ഉടനേ വീർപ്പു മുട്ടാഞ്ഞതും എന്തിന്നു?
12 (അപ്പന്റെ) മുട്ടുകൾ എന്നെ ഏറുകൊൾവാൻ എന്തു?
കുടിപ്പാൻ മുലകൾ ഉണ്ടാകുന്നതിന്നു് എന്തു മൂലം?
13 അല്ലായ്കിൽ ഞാൻ കിടന്നു സൈരം പൂണ്ടിരിക്കും,
അന്നുറങ്ങി സ്വസ്ഥത കാണും.

14 തങ്ങൾക്കു കല്പനകളെ പണിയുന്ന
രാജാക്കളോടും ദേശമന്ത്രിമാരോടും,
15 പൊന്നുണ്ടായിട്ടു ഭവനങ്ങളിൽ വെള്ളി നിറെക്കുന്ന
പ്രഭുക്കളോട് എങ്കിലും കൂടും.
16 അല്ല, അലസിപ്പോയിട്ടു (മൺ) മറെച്ച കരുപോലേ,
വെളിച്ചം കാണാത്ത പിള്ളകണക്കേ ഞാൻ ഇല്ല എന്നു വരും.
17 അവിടേ ദുഷ്ടന്മാർ അലമ്പലിൽനിന്ന് ഒഴിയും,
അവിടേ ഊക്കറു തളർന്നവർക്കു ചടപ്പ് ആറും.
18 ബദ്ധരും തെളിക്കുന്നവന്റെ ഒച്ച കേൾക്കാതെ
ഒക്കത്തക്ക സ്വൈരം കാണും.
19 ചെറിയവനും വലിയവനും അവിടേ ഒക്കും,
ദാസനു യജമാനനിൽനിന്നു വിടുതൽ വന്നുപോയി.
20 കഷ്ടിപ്പവന് അവൻ വെളിച്ചവും
മനക്കൈപ്പുള്ളവർക്കു ജീവനും കൊടുപ്പാൻ എന്തു?
21 അവർ മരണത്തിനു കാത്തിരിക്കുന്നു, അതില്ല താനും;
മഹാനിക്ഷേപങ്ങളേക്കാളും അതിനെ തോണ്ടി എടുത്തു,
22 ആനന്ദത്തോടും സന്തോഷിക്കും,
ശവക്കുഴി കണ്ടെത്തുകയിൽ മകിഴുകയും ചെയ്യും.
23 ദൈവം ചുറ്റും വേലി കെട്ടീട്ടു,
തനിക്കും വഴി മറഞ്ഞു പോയ പുരുഷനു (ജീവൻ എന്തിനു)?
24 എനിക്കോ അപ്പം (ഭക്ഷിക്കും) മുമ്പേ ഞരക്കം വരുന്നു,
വെള്ളങ്ങൾ പോലേ ഓലോല ഞാൻ അലറുന്നു.
25 ഞാൻ പേടിക്കുന്ന പേടി എനിക്കു തട്ടുന്നു,
ഞാൻ അഞ്ചുന്നത് എന്നോട് എത്തുന്നു.
26 എനിക്ക് അമർച്ച ഇല്ല സ്വൈരവും ഇല്ല സ്വസ്ഥതയും ഇല്ല,
അലമ്പലേ വരുന്നുള്ളു.

4–14: വിവാദത്തിന്റെ ഒന്നാം ഖണ്ഡം

4, 5. അദ്ധ്യായങ്ങൾ

എലീഫജ് തർക്കിക്കുന്നതു: (7) നശിക്കുന്നതു പാപികളത്രേ; (12) ദർശനത്തിൽ കണ്ടപ്രകാരം (17) മനുഷ്യരിൽ പാപമില്ലാത്തവൻ കാണായ്കയാൽ, (5,1) ദൈവത്തോടു വ്യവഹരിക്കുന്നതു മൌഢ്യം തന്നേ; (5,8) ദേവകൃപതേടി, (17) ശിക്ഷയാൽ പതംവന്ന ദൈവത്തെ ശരണമാക്കേണ്ടതു.

എന്നാറേ തേമാന്യനായ എലീഫജ് ഉത്തരം ചൊല്ലിയതു:
2 നിന്നോട് ഒരു വാക്കു തുനിഞ്ഞാൽ മുഷിച്ചൽ ഉണ്ടോ?
മൊഴികളെ അടെച്ചു വെപ്പാൻ ആർക്കു കഴിയും!
3 കണ്ടാലും പലരെയും നീ അഭ്യസിപ്പിച്ചു,
അഴഞ്ഞ കൈകളെ ഉറപ്പിച്ചു;
4 ഇടറുന്നവനെ നിന്റെ മൊഴികൾ എഴുനീല്പിച്ചു,
കുനിഞ്ഞ മുട്ടുകളെ നീ ഊന്നിക്കും.
5 ഇപ്പോൾ നിണക്കു വന്നിട്ടു നീ മുഷിഞ്ഞും,
നിന്നോടു തട്ടീട്ടു മെരിണ്ടും പോയി.
6 നിന്റെ (ദേവ) ഭയം നിണക്കു പ്രത്യാശയും
നിൻ വഴികളുടെ തികവു ശരണവും അല്ലയോ?—
7 നിർദ്ദോഷനായിട്ട് ആർ കെട്ടുപോയി?
നേരുള്ളവർ എവിടേ സന്നമായി? എന്ന് ഓർത്തു കൊണ്ടാലും!

8 അത്രിക്രമം ഉഴുത കിണ്ടം വിതെച്ചവർ ഒക്കയും
അതും കൊയ്ത എന്ന ഞാൻ കണ്ട.
9 ദൈവത്തിൻ ശ്വാസത്താൽ അവർ കെട്ട,
തിരുമൂക്കിൻ ഊത്തിനാൽ തീന്ന പോകും.
10 സിംഹത്തിൻ ഗജ്ജനവും കേസരിനാദവും (ഉണ്ട),
ചെറു കോളരികളുടെ പല്ലുകം തകക്പ്പെടുന്ന താനും;
11 സിംഹക്കുട്ടികം ചിതറീട്ട
മൃഗരാജാവും ഇരയില്ലാതെ കെട്ട പോകുന്ന.
12 എനിക്കോ പതുക്കേ ഒരു വാക്കു വന്ന,
എന്റെ ചെവി അതിൻ മുരുംചയെ ഉംക്കൊണ്ടതു;
13 രാത്രിദർശനങ്ങളാൽ മനോഭാവനകം ഉണ്ടായിട്ട
മനുഷ്യരിൽ സുഷുപ്തി വീണപ്പോം,
14 പേടിയും നടുക്കവും എനിക്ക് അകപ്പെട്ട,
എൻ എല്ലുകളെ മിക്കതും ഞെട്ടിച്ച.
15 ഉടനേ ഒർ ആത്മാവ് എൻ മുഖത്തിന്ന നേരേ സഞ്ചരിച്ച,
എൻ മാംസത്തിന്ന് കൊംമയിർ കൊംകേ;
16 അതും നിന്നിരുന്ന, രൂപത്തെ ഞാൻ അറിയാതെ
എൻ കണ്ണുകംക്കു നേരേ ഒരു ബിംബം ഉണ്ട,
കുശുകുശുക്കും ഒച്ചയെ ഞാൻ കേട്ടിതു:
17 ദൈവത്തിലും മർത്യന നീതി ഏറുമോ?
തന്നെ ഉണ്ടാക്കിയവനിലും പുരുഷന ശുദ്ധി അധികമോ?
18 കണ്ടാലും സ്വദാസരിൽ അവൻ വിശ്വസിക്കുന്നില്ല,
തന്റെ ദൂതരിൽ തെറ് ആരോപിക്കുന്ന.
19 മണ്മനകളിൽ കുടിയേറി,
പൊടിമേൽ അടിസ്ഥാനമിട്ട,
(ദൂതർ) പാറയിലും എളുപ്പമായി ഞെക്കിക്കളയുന്നവർ പിന്നെയോ?
20 ഉഷസ്സു മുതൽ സന്ധ്യയോളം അവർ നുറുങ്ങി പോകും,
ആരും കുറിക്കൊള്ളാതെ എന്നേക്കും കെടും.
21 അവരുടെ മേന്മ കൂടേ നീങ്ങി പോകയില്ലയോ?
ജ്ഞാനത്തോട് എത്താതെ അവർ മരിക്കേ ഉള്ള.

5, 1 **എ**ന്നിട്ടും വിളിക്ക! നിണക്കുത്തരം അരുളുന്നവർ ഉണ്ടോ?
വിശുദ്ധരിൽ ഏവനെ നോക്കി നീ തിരിയും?
2 അല്ല, മൂഢനെ വ്യസനം കൊല്ലും,
അജ്ഞനെ എരിവു മരിപ്പിക്കും.
3 മൂഢൻ വേർ പിടിക്കുന്നപ്രകാരം കണ്ട ഉടനേ
അവന്റെ കുടിയെ ഞാൻ ശപിച്ച.
4 അവന്റെ മക്കം രക്ഷയോട് അകന്ന,
ഉദ്ധരിക്കുന്നവൻ ഇല്ലാതെ നഗരവാതുക്കൽ ഞെരിഞ്ഞു പോയി.
5 അവന്റെ കൊയ്ത്തിനെ വിശപ്പുള്ളവൻ തിന്ന,
മുംവേലിയിൽനിന്നും അപഹരിച്ച,
ദാഹമുള്ളവൻ അവരുടെ മുതലിനെ കപ്പിക്കളഞ്ഞു.
6 കാരണം പൂഴിയിൽനിന്നല്ല കുഴക്കു ഉദിക്കുന്ന,
നിലത്തിൽനിന്നല്ല കിണ്ടം മുളെക്കുന്നതു.
7 മനുഷ്യനാകട്ടേ കിണ്ടത്തിന്നായി ജനിക്കുന്നതു
ജ്വാലാകണങ്ങം പൊക്കത്തിൽ പാറുവാൻ എന്ന പോലേ.—
8 ഞാനോ ദേവനെ തേടി,
എൻ കാര്യത്തെ ദൈവമുമ്പിൽ വെക്കയായിരുന്ന സത്യം.

9 ആരാഞ്ഞുകൂടാത വൻക്രിയകളും
എണ്ണമില്ലാതോളം അത്ഭുതങ്ങളും ചെയ്യുന്നവൻ;
10 ഭൂമിമുഖത്തിന്മേൽ മഴ കൊടുത്തു,
പുലങ്ങളിന്മേൽ വെള്ളം അയക്കുന്നവൻ;
11 താണവരെ ഉയരത്തിൽ ആക്കുവാനും
ഖേദിക്കുന്നവർ രക്ഷയോട് എത്തി ഏറുവാനും,
12 കൌശലക്കാരുടെ വിചാരങ്ങളെ പൊട്ടിച്ചു,
അവരുടെ കൈകളേ ഉപായത്തെ നടത്താതാക്കുന്നവൻ;
13 ജ്ഞാനികളെ അവരുടെ കൌശലത്തിൽ പിടിപെടുന്നവൻ,
എന്നിട്ടു വക്രന്മാരുടെ അഭിപ്രായം തത്രപ്പെട്ടു പോകുന്നു.
14 അവർ പകലിലും ഇരുളോടു മുട്ടുന്നു,
രാത്രികണക്കേ ഉച്ചെക്കു തപ്പിപ്പോകും
15 അവനോ വാളിൽനിന്നും അവരുടെ വായിൽ നിന്നും
ദരിദ്രനെ ബലവാന്റെ കൈയിൽനിന്നും രക്ഷിക്കുന്നു.
16 നീചനു പ്രത്യാശ ഉണ്ടായിട്ട്
അക്രമം വായി പൊത്തി നില്ക്കയും ചെയ്യുന്നു.
17 ഇതാ ദൈവം ശാസിക്കുന്ന മർത്യൻ ധന്യൻ!
സർവ്വശക്തന്റെ ശിക്ഷയെ നിരസിക്കൊല്ല!
18 കാരണം അവൻ മുറിക്കുന്നു, കെട്ടുകയും ചെയ്യും,
തല്ലുന്നു, തൃക്കൈ ചികിത്സിക്കയും ചെയ്യുന്നു.
19 'ആറു ഞെരിക്കങ്ങളിൽ അവൻ നിന്നെ ഉദ്ധരിക്കും,
ഏഴിൽ തിന്മ നിന്നെ തൊടുകയും ഇല്ല.
20 ക്ഷാമത്തിങ്കൽ നിന്നെ മരണത്തിൽ നിന്നും
പടയിൽ വാളിൻ കൈക്കൽനിന്നും വിടുവിക്കുന്നു.
21 നാവു ചമ്മട്ടിയായിവന്നാൽ നീ നിർഭയത്തിൽ ആകും,
വിനാശം വരുന്നതിന്നു ഭയപ്പെടുകയും ഇല്ല.
22 വിനാശത്തിന്നും കെട്ടുപാടിന്നും നീ ചിരിക്കും,
കാട്ടുമൃഗത്തിന്നു ഭയവും ഇല്ല.
23 നിലത്തേ കല്ലുകളോടും നിണക്കു നിയമം ഉണ്ടല്ലോ,
നിലത്തേ മൃഗങ്ങളും നിന്നോടു സഖ്യപ്പെട്ടവ.
24 അന്നു നിന്റെ കൂടാരം സമാധാനം എന്നു നീ അറിയും,
നിന്റെ കുടിയെ സന്ദർശിക്കുമ്പോൾ ഒന്നും പിഴെക്കുന്നില്ല.
25 നിന്റെസന്തതി പെരുകുന്നു,
നിന്റെ തളിരുകൾ നിലത്തിലേ പുല്ലു പോലേ എന്നു നീ അറിയും.
26 കറ തത്സമയത്ത് എടുത്തു പോകും പോലേ
നല്ല മൂപ്പിൽ നീ കുഴിയകം പൂകും.

* *

27 കണ്ടാലും ഇവ ഞങ്ങൾ ആരാഞ്ഞിട്ടുണ്ടു, ഇങ്ങനേ ആകുന്നു;
അതു കേട്ടു നീ ഗ്രഹിച്ചു കൊള്ളേണമേ!

6. അദ്ധ്യായം

ഇയ്യോബ് ദുഃഖത്തിന്നു ആശ്വാസം കാണാതെ, (9) പിന്നേയും മരണം ആഗ്രഹിച്ച ശേഷം, (14) സ്നേഹിതരെ അവിശ്വസ്തർ എന്നു ശാസിച്ചു, (21) ലജ്ജിപ്പിച്ചു, (29) മമത അപേക്ഷിച്ച പിന്നേ, (8, 1) മനുഷ്യ സങ്കടത്തെ വർണ്ണിച്ചു പ്രാർത്ഥിച്ചു, (11) മരണത്തെയും (18) ക്ഷമയെയും തേടിയതു.

ഇയ്യോബ് ഉത്തരം ചൊല്ലിയതു:

2 എന്റെ വ്യസനം സൂക്ഷ്മത്തിൽ തൂക്കി,
എൻ അരിഷ്ടം ഒക്കത്തക്ക തുലാത്തിൽ ആക്കിയാൽ കൊള്ളാം.
3 കടല്മണലിലും അതിന്ന ഇപ്പോൾ ഘനം ഏറുന്ന,
അതുകൊണ്ട എൻ വാക്കുകൾ വികിപ്പോയി.
4 കാരണം സർവ്വശക്തന്റെ അമ്പുകൾ എന്നിൽ (ഉണ്ട),
അവറിൻ ഊഷ്മാവിനെ എൻ ആത്മാവ് കുടിക്കുന്ന,
ദൈവത്തിൻ ത്രാസങ്ങൾ എന്നെ വളഞ്ഞു വന്ന.
5 കാട്ടുകഴുത ഇളമ്പുല്ലിന്മേൽ തന്നെ വാവിടുന്നുവോ?
കാള തന്റെ പയിരിന്മേൽ മുക്കറയിടുന്നുവോ?
6 രസമില്ലാത്തത് ഉപ്പുകൂടാതെ തിന്നപ്പെടുമോ?
മുട്ടവെള്ളയിൽ രുചി ഉണ്ടോ?
7 എൻ മനസ്സ് അതു തൊടുവാൻ വെറുക്കുന്ന,
എനിക്കു ഇവ ആഹാരത്തിൽ ഓക്കാനം പോലേ
8 എൻ അപേക്ഷ സാധിച്ചാൽ കൊള്ളാം!
എൻ ആശയെ ദൈവം നല്കിയാലും!
9 എന്നെ ഞെരിപ്പാൻ ദൈവം പ്രസാദിച്ചാലും!
എന്നെ തുണ്ടിപ്പാൻ തൃക്കൈ ഇറക്കിയാലും!
10 ആയത് എനിക്കു ഇനി ആശ്വാസമാകും;
ആദരിയാത്ത യാതനയിൽ ഞാൻ തത്തിപ്പോകുമായിരുന്ന,
വിശുദ്ധന്റെ ചൊല്ലുകളെ ഞാൻ (ഒരു നാളും) ഉപേക്ഷിച്ചില്ലല്ലോ.
11 ഇനി കാത്തിരിപ്പാൻ എൻ ഊക്കു എമ്മാത്രം?
ഇനി പൊറുത്തു കൊൾവാൻ എൻ ഒടുവും എന്തു?
12 കല്ലുകളുടെ ഊക്കോ എന്റെ ഊക്കു?
ചെമ്പിനാലോ എൻ മാംസം ഉള്ളതു?
13 എന്റെ അകമേ സഹായം ഇല്ലായ്വന്നുവല്ലോ;
ഗതി എന്നെ വിട്ടകന്ന.
14 നിരാശന ചങ്ങാതിയാൽ ദയ (വേണ്ടതു),
അല്ലാഞ്ഞാൽ സർവ്വശക്തന്റെ ഭയത്തെ കൈവിടും.
15 എന്റെ സഹോദരന്മാരോ ചെറു പുഴ പോലേ ചതിക്കുന്ന,
താഴ്വരകളിലേ തോട്ട പോലേ മറഞ്ഞു പോകുന്ന.
16 ഉറെച്ച വെള്ളം ചേർന്ന അവ കലങ്ങി,
ഹിമത്തെ ഉൾക്കൊണ്ടു ഒഴുകുന്ന;
17 ക്ഷണത്തിൽ ചൂരുങ്ങി ഒടുങ്ങും,
ഉഷ്ണം ആയാൽ തങ്ങളുടെ ഇടത്തുനിന്ന പൊലിഞ്ഞു പോകും.
18 സാർത്ഥങ്ങൾ തങ്ങളുടെ വഴി വളെച്ചു,
ശൂന്യനിലത്തിൽ കരേറി കെട്ടുപോകും.
19 തേമാസാർത്ഥങ്ങൾ (അതിന്നായി) നോക്കുന്ന,
ശബാവഴിപോക്കർ കൂട്ടമേ അതിനെ കാത്തിരുന്ന.
20 തേറിയതിനാൽ നാണിച്ചു,
അങ്ങെത്തി അമ്പരന്ന നിന്ന.—
21 നിങ്ങളും ഇപ്പോൾ ഇല്ല എന്ന വന്നു,
ഭീഷണി കണ്ടു ഭയപ്പെട്ടു.
22 പക്ഷേ ഞാൻ: എനിക്കു തരുവിൻ എന്നും,
അങ്ങേ വസ്തുവിൽനിന്ന എനിക്കു വേണ്ടി കാഴ്ച വെപ്പിൻ എന്നും,
23 മാറാന്റെ കയ്യിൽനിന്ന എന്നെ വിടുവിച്ചു
പ്രൌഢന്മാരുടെ കയ്യിൽനിന്ന വീണ്ടെടുപ്പിൻ എന്നും പറഞ്ഞിട്ടുണ്ടോ?

24 എനിക്കു ഉപദേശിപ്പിൻ, എന്നാൽ അടങ്ങിയിരിക്കാം;
ഏതിൽ ഞാൻ തെറ്റിപ്പോയി എന്നു ഗ്രഹിപ്പിപ്പിൻ!
25 നേരുള്ള ചൊല്ലുകൾക്കു എത്ര സാരം!
നിങ്ങൾ ശാസിക്കുന്ന ശാസനെക്കോ എന്തു ഫലം!
26 മൊഴികളെ ശാസിപ്പാൻ എണ്ണുന്നുവോ?
അഴിനില വന്നവന്റെ ചൊല്ലുകളോ കാറ്റിന്നത്രേ.
27 നിങ്ങളാകട്ടേ അനാഥന്റെ മേൽ ചീട്ടിടും,
നിങ്ങളുടെ സ്നേഹിതനു കുഴി കുഴിക്കും.—
28 അല്ല, ഇപ്പോൾ എങ്കലേക്കു തിരിവാൻ പ്രസാദിപ്പിൻ!
നിങ്ങളുടെ സമക്ഷത്തു ഞാൻ കപടം പറകയില്ല.
29 മടങ്ങി വരുവിൻ! അക്രമം ഉണ്ടാകായ്ക!
അതേ തിരിവിൻ! ഇന്നും എനിക്കു ഇതിൽ നീതി ഉണ്ടു.
30 എൻ നാവിന്മേൽ അക്രമം ഉണ്ടോ?
എൻ അണ്ണാക്കു വികൃതികളെ തിരിച്ചറികയില്ലയോ?

7,1 മർത്യനു ഭൂമിമേൽ ആയുധസേവ ഉണ്ടല്ലോ,
കൂലിക്കാരന്റെ നാളുകൾ പോലേ അവന്റെ നാളുകൾ.
2 നിഴല്ലിനു കീഴെക്കുന്ന ദാസനും
വല്ലിക്കു കാത്തുനില്ക്കുന്ന കൂലിക്കാരനും എന്ന പോലേ,
3 വ്യർത്ഥമാസങ്ങൾ എനിക്കു് അവകാശവും
കഷ്ടരാത്രികൾ എൻ ഓഹരിയുമായ്വന്നു.
4 കിടന്നാൽ ഞാൻ എപ്പോൾ എഴുനീല്ക്കും എന്നിരിക്കുന്നു;
സന്ധ്യാകാലം നീളുന്നു;
വെളുക്കുവോളം ഉരുണ്ടുകൊൾകയാൽ എനിക്കു തൃപ്തി വരുന്നു.
5 എൻ ജഡം പുഴുവും മൺകട്ടയും ഉടുത്തു,
എന്റെ തോൽ ചുളിഞ്ഞും പഴുത്തും പോകുന്നു.
6 നെയ്ത്തോടത്തിലും എൻ നാളുകൾ എളുപ്പത്തിൽ പാഞ്ഞു,
പ്രത്യാശ തോന്നാതെ തീർന്നുപോകുന്നു.
7 അല്ലയോ (ദൈവമേ) എന്റെ ജീവൻ കാറെന്നും,
നന്മ കാണ്മാൻ ഈ കണ്ണു മടങ്ങിവരാത് എന്നും ഓർത്തുകൊൾക.
8 എന്നെ കാണുന്ന കണ്ണു ഇനി എന്നെ നോക്കാതു;
നിന്റെ കണ്ണു എന്നിലേക്കു് (ആകും), ഞാൻ ഇല്ല താനും.
9 മേഘം മങ്ങി കഴിഞ്ഞുപോകും,
അപ്രകാരം പാതാളത്തേക്കു് ഇറങ്ങുന്നവൻ കരേറി വരാ.
10 തൻഭവനത്തേക്കു മടങ്ങി ചെല്ലുയും
തൻ ഇടം അവനെ ഇനി അറികയും ഇല്ല.
11 എന്നതിനാൽ എൻ വായെ ഞാൻ അടക്കയില്ല,
ആത്മഞെരുക്കത്തിൽ ഞാൻ ഉരിയാടുക,
എൻ ദേഹിയുടെ കൈപ്പിൽ മുറയിടുക!
12 നീ എന്റെ മേൽ കാവൽ ആക്കിവെപ്പാൻ
ഞാൻ കടലോ കടലാനയോ?
13 എൻ കട്ടിൽ എന്നെ ആശ്വസിപ്പിക്കും,
എൻ മെത്ത ഈ മുറവിളിയെ ശമിപ്പിക്കും എന്നിരുന്നാൽ,
14 നീ കിനാവുകളിൽ എന്നെ ഞെട്ടിക്കുന്നു,
ദർശനങ്ങളാൽ എന്നെ അരട്ടുന്നു.
15 അതുകൊണ്ടു് എൻ മനസ്സു വീർപ്പുമുട്ടിനെയും
ഈ എല്ലുകളിലും അധികം ചാവിനെയും വരിക്കുന്നു.

16 (ഇതു) ഞാൻ നിരസിക്കുന്നു, എന്നേക്കും ജീവിക്കയില്ല;
എൻ ആയുസ്സു് മായ ആകയാൽ എന്നെ വിട്ടൊഴിയേണമേ!
17 മർത്യനെ നീ വലുതാക്കുവാനും
അവന്മേൽ മനസ്സു വെപ്പാനും,
18 രാവിലേ രാവിലേ അവനെ സന്ദർശിപ്പാനും
നിമിഷം നിമിഷം ശോധന ചെയ്വാനും അവൻ എന്തു?
19 നീ എന്നിൽനിന്നു മാറാതെ,
ഞാൻ ഉമിനീർ ഇറക്കുംവരേ വിടാതെയും നില്പതു് എത്രോടം?
20 ഞാൻ പാപം ചെയ്തു എന്നാൽ,
മനുഷ്യരുടെ കാവല്ക്കാര, നിണക്കു ഞാൻ എന്തു ചെയ്വു?
എന്നെ നിണക്കു ലാക്കാക്കി വെച്ചതു് എന്തിന്നു?
എനിക്കു ഞാൻ തന്നേ ഭാരമാവാൻ എന്തു?
21 എന്റെ ദ്രോഹം നീ ക്ഷമിക്കാത്തതും
എൻ അകൃത്യം പോക്കാത്തതും എന്തു?
ഇപ്പോൾ ഞാൻ പൊടിയിലേക്കു കിടക്കും,
നീ എന്നെ അന്വേഷിച്ചാൽ ഞാൻ ഇല്ല എന്നു വന്നു.

8. അദ്ധ്യായം

ബിൽദദ് ദൈവം നീതിമാനാകയാൽ, (4) അനർത്ഥം പാപഫലമത്രേ; മനന്തിരിഞ്ഞു ക്ഷമ അന്വേഷിക്കേണ്ടു എന്നതു (8) പുരാണപാരമ്പര്യത്താലും (11) ഉദാഹരണങ്ങളാലും കാട്ടി, (20) മാനസാന്തരത്തിലേക്കു വിളിക്കുന്നു.

ശൂഹ്യനായ ബിൽദദ് ഉത്തരം ചൊല്ലിയതു:
2 എത്രോളം നീ ഈ വക മൊഴിയും!
നിൻ വായിലേ ചൊല്ലുകൾ കൊടുങ്കാറ്റാകുന്നതു് (എത്രോടം)!
3 ദേവൻ ന്യായത്തെ മറിക്കുമോ?
സർവ്വശക്തൻ നീതിയെ മറിക്കയോ?
4 അവനോടു നിന്റെ മക്കൾ പിഴെച്ചു എങ്കിൽ,
ആയവൻ അവരെ തൻ ദ്രോഹത്തിൻ കൈക്കൽ അത്രേ ഏല്പിച്ചു.
5 നീയോ ദേവങ്കലേക്കു (തിരിഞ്ഞു) അന്വേഷിച്ചു,
സർവ്വശക്തനോടു കെഞ്ചിയാചിച്ചാൽ,
6 നീ നിർമ്മലനും നേരുള്ളവനും എങ്കിൽ
ഇന്നു നിന്റെ മേൽ അവൻ ഉണർന്നു,
നിന്റെ നീതിവാസത്തിന്നു സമാധാനത്തെ യഥാസ്ഥാനത്താക്കും.
7 നിന്റെ ആരംഭം അല്പം ആയാലും
നിൻ അവസാനം സുഖോദയമായിവരും.
8 എങ്ങനേ എന്നാൽ മുമ്പുള്ള തലമുറയോടു ചോദിച്ചു,
അവരുടെ പിതാക്കൾ ആരാഞ്ഞതിനെ കൂട്ടാക്കികൊൾക!
9 നാമാകട്ടേ ഇന്നലേത്തവരും അറിയാത്തവരും തന്നേ;
ഭൂമിമേൽ നമ്മുടെ ആയുസ്സു നിഴലത്രേ.
10 ആയവരോ നിന്നോടു് ഉപദേശിച്ചു ചൊല്ലും,
അവർ ഹൃദയത്തിൽനിന്നു് ഇങ്ങനേത്ത മൊഴികളെ പുറപ്പെടുവിക്കയില്ലയോ?
11 ചളിയില്ലാത്തതിൽ ഓട വിളയുമോ?
നീരില്ലാത്തതിൽ പോട്ട വളരുമോ?
12 അതു പച്ചയായി നില്ക്കുന്ന അരിയപ്പെടുന്നതും ഇല്ല,
എല്ലാ പുല്ലിന്നും മുമ്പേ വാടുന്നു താനും.

13 ദേവനെ മറക്കുന്ന ഏവരുടെ മാഗ്ഗങ്ങം അപ്രകാരം തന്നേ,
ബാഹ്യന്റെ പ്രത്യാശ (അങ്ങനേ) കെടും.
14 അവന്റെ പ്രതീക്ഷ അറുപോകുന്നവല്ലോ,
അവന്റെ തേറൽ എട്ടുകാലന്റെ വീടത്രേ.
15 തൻ വീട്ടിന്മേൽ ഊന്നിക്കൊള്ളും എങ്കിലും അതു നില്ക്കാതു;
അതിനോടു പററിയിരുന്നാലും അതു നിവിരുന്നില്ല.—
16 ആയവൻ കടുവെയിലത്തും തെഴുത്തു കാണും,
അവന്റെ തളിർ തൻ തോട്ടത്തുടെ വ്യാപിക്കും.
17 കൽക്കുമ്പലിലും അവന്റെ വേരുകം പിണഞ്ഞു,
കല്ലാടത്തിൽ (പടർന്നു) നോക്കും.
18 എങ്കിലും (ദൈവം) അവന്റെ ഇടത്തിൽനിന്നു് അവനെ സംഹരിച്ചാൽ,
അതും: ഞാൻ നിന്നെ കണ്ടിട്ടില്ല എന്നു് അവനെ തള്ളിപ്പറയും.
19 കണ്ടാലും അവന്റെ വഴിയുടെ ആനന്ദം ഇതത്രേ;
പൊടിയിൽനിന്നു് മറേറവർ തുളിക്കും താനും.—
20 കണ്ടാലും തികവുള്ളവനെ ദേവൻ വെറുക്കുന്നില്ല,
ദുഷ്കൃതികളുടെ കൈയെ താങ്ങുന്നതും ഇല്ല.
21 ഇനി നിന്റെ വായിൽ അവൻ ചിരിയും
നിന്റെ അധരങ്ങളിൽ ആർപ്പും നിറെക്കും.
22 നിന്നെ പകെക്കുന്നവർ നാണം പൂണുകയും
ദുഷ്ടരുടെ കൂടാരം ഇല്ലാതാകയും ചെയ്യും.

9. 10. അദ്ധ്യായങ്ങം.

ഇയ്യോബ് ദൈവം വലിയവൻ എന്നതു സമ്മതിച്ചു, (4) ചെമ്മേ വണ്ണിച്ചു, (14) ഈ വലിപ്പം ഹേതുവായി പ്രതിവാദിപ്പാൻ ശക്തി പോരാ എന്നു മുറയിട്ടശേഷം, (21) താൻ നിർദ്ദോഷൻ എന്നും, (25) ആപത്തിൽ മുങ്ങീട്ടും (34) വ്യവഹരിപ്പാൻ ധൈര്യവാൻ എന്നും കാട്ടി, (10,2) ദൈവത്തിന്മേൽ അനീതിയും (8) സ്വസൃഷ്ടിയുടെ മറതിയും ആരോപിച്ചു, (18) ചാകമ്പിൽ അല്പംസ്വസ്ഥത മാത്രം ആഗ്രഹിച്ചതു.

ഇയ്യോബ് ഉത്തരം ചൊല്ലിയതു:

2 അങ്ങനേ ഉണ്ടെന്നു ഞാനും അറിയുന്നു സത്യം.
ദേവനോടു മർത്യൻ എങ്ങനേ നീതിമാനാകും?
3 ഇവൻ അവനോടു വ്യവഹരിപ്പാൻ ഇച്ഛിച്ചാലും
ആയിരത്തിൽ ഒന്നിന്നും ഉത്തരം ചൊല്ലിക്കൂടാ.
4 ഹൃദയജ്ഞാനവും ഊക്കിൻ പരാക്രമവും ഉള്ളവനോടു
ചെറുത്താൽ ആർ സുഖിക്കും?
5 മലകളെ തൻ കോപത്തിൽ മറിച്ചു എന്നു്
അവ ബോധിക്കുമുമ്പെ മാററിവെക്കുന്നവൻ.
6 ഭൂമിയെ അതിൻ സ്ഥാനത്തിൽനിന്നു് ഇറക്കി,
അതിൻ തൂണുകളെ കുലുക്കുന്നവൻ.
7 കതിരോനോടു ചൊല്ലി ഉദിക്കാതാക്കുകയും,
നക്ഷത്രങ്ങളെ (പൊതിഞ്ഞു) മുദ്രയിടുകയും,
8 തനിച്ചു വാനങ്ങളെ ചായ്ക്കുയും,
കടൽ അഗ്രങ്ങളിന്മേൽ നടകൊള്കയും ചെയ്വോൻ;
9 സപ്തർഷി തിരുവാതിര കാർത്തിക ഇവയും
തെക്കേ ഉള്ളറകളെയും ഉണ്ടാക്കിയവൻ,
10 ആരാഞ്ഞു കൂടാതോളം വക്രകിയകളും
എണ്ണമില്ലാതോളം അത്ഭുതങ്ങളും ചെയ്യുന്നവൻ (5, 9).

11 കണ്ടാലും എന്റെ മുമ്പിൽ അവൻ കടക്കുന്നു, ഞാൻ കാണാ താനും;
ഞാൻ തിരിയാതെ അവൻ സഞ്ചരിച്ചു പോകും.
12 ഇതാ അവൻ അപഹരിച്ചു കൊള്ളും, ആർ അവനെ തടുക്കും?
നീ എന്തു ചെയ്യുന്നു എന്ന് ആർ അവനോടു പറയും?
13 ദൈവത്തിൻ കോപത്തെ (ആരും) മടക്കാതു,
രഹബിൻ (വമ്പുള്ള) തുണക്കാർ അവന്റെ കീഴിൽ അമർന്ന് ഒതുങ്ങിയല്ലോ.
14 എങ്കിലോ ഇപ്രകാരമുള്ളവനു ഞാൻ ഉത്തരം ചൊല്ലുയോ?
അവനോട് എൻ വാക്കുകളെ തെരിഞ്ഞെടുക്കയോ?
15 നീതി എനിക്ക് ഉണ്ടായാലും ഞാൻ ഉത്തരം ചൊല്ലുയില്ലല്ലോ,
എൻ ന്യായാധിപനോടു കെഞ്ചി യാചിക്കേ ഉള്ളു.
16 എനിക്ക് ഉത്തരം അരുളുവാൻ ഞാൻ വിളിച്ചാലും,
എൻ ശബ്ദത്തെ ചെവിക്കൊള്ളും എന്നു വിശ്വസിപ്പാറില്ല.
17 (പക്ഷേ) കൊടുങ്കാറ്റിൽ എന്മേൽ തട്ടി,
എനിക്കു പഴുതിൽ മുറികളെ വർദ്ധിപ്പിക്കയും,
18 എൻ ശ്വാസം കഴിപ്പാനും സമ്മതിയാതെ,
കൈപ്പുകളാൽ എനിക്കു തൃപ്തി വരുത്തുകയും ചെയ്യുന്നവനല്ലോ.
19 ആ പരാക്രമിയുടെ ഊക്ക് എങ്കിലോ (ഞാൻ) ഇതാ എന്നും,
(അവന്റെ) ന്യായം എങ്കിലോ എന്റെ മേൽ ആർ ബോധിപ്പിക്കുന്നു? എ
[ന്നും ഉണ്ടല്ലോ.
20 നീതി എനിക്കുണ്ടായാലും (പക്ഷേ) എന്റെ വായി എനിക്കു
കുറ്റം വിധിക്കും,
നിരപരാധനായാലും എന്നെ അവൻ വളെച്ചുവെക്കും
21 ഞാൻ നിരപരാധൻ തന്നേ, എൻ പ്രാണനെ ഞാൻ വിചാരിക്കുന്നില്ല.
എൻ ജീവനെ വെറുക്കുന്നു.
22 (ഇപ്പോഴും) ഒന്നു തന്നേ! എന്നതു കൊണ്ടു ഞാൻ പറയുന്നു:
നിരപരാധനെയും ദുഷ്ടനെയും അവൻ (ഒരുപോലെ) മുടിക്കുന്നു.
23 ചമ്മട്ടി പെട്ടെന്നു മരിപ്പിച്ചാൽ (കൊള്ളാം)
കുറ്റമില്ലാത്തവരുടെ പരീക്ഷെക്കും അവൻ ചിരിക്കുന്നു.
24 ദുഷ്ടന്റെ കൈക്കൽ ഭൂമി ഏല്പിക്കപ്പെട്ടു;
അതിലേ ന്യായാധിപന്മാരുടെ മുഖത്തെ അവൻ മൂടിക്കളയുന്നു.
അത് അവൻ അല്ല എന്നാൽ പിന്നേ ആരു പോൽ?
25 എന്റെ നാളുകൾ ആകട്ടേ ഓട്ടാളനിലും ഉഴറി,
നന്മ കാണാതെ മണ്ടി;
26 ഓടയാലേ തോണികളെ പോലേ,
ഇര മേലേക്കു ചാടുന്ന കഴുക്കണക്കേ പാറി പോകുന്നു.
27 എൻ സങ്കടത്തെ മറക്കട്ടേ,
മുഖവിഷാദം വിട്ട് ഉന്മേഷിക്കട്ടേ! എന്നിരുന്നാലും,
28 എന്റെ സകല വേദനകളാൽ ഞാൻ ഞെട്ടുന്നു,
നീ എന്നെ കുറ്റമില്ലാതാക്കുകയില്ല എന്നും അറിയുന്നു.
29 ഞാനേ ദോഷവാനായ്തീരേണ്ടതല്ലോ,
പിന്നേ ഞാൻ മായയിൽ അദ്ധ്വാനിക്കുന്നത് എന്തിന്നു?
30 ഹിമജലത്തിൽ ഞാൻ കുളിച്ചാലും,
ക്ഷാരത്താൽ എൻ കൈകളെ വെടിപ്പാക്കിയാലും,
31 നീ (പിന്നേയും) എന്നെ (ചേർ) കുഴിയിൽ മുക്കി,
എൻ വസ്ത്രങ്ങളിൽ മനസ്സറെപ്പാറാക്കും.
32 നാം ഒന്നിച്ചു ന്യായത്തിൽ ചെല്ലാന്തക്കവണ്ണം
ഞാൻ ഉത്തരം ചൊല്ലുകുന്ന തുല്യപുരുഷൻ അവൻ അല്ലല്ലോ.

33 നാം ഇരുവരുടെ മേലും തൻ കൈ വെക്കുന്ന
മദ്ധ്യസ്ഥനും നമുക്കു ഇല്ല.
34 എന്റെ മേലുള്ള തൻ ചെങ്കോലിനെ അവൻ നീക്കുകയും
അവന്റെ ഭീഷണി എന്നെ അരട്ടാതെ പോകയും ആവു!
35 എന്നിട്ടു ഭയമെന്നി ഞാൻ അവന്മുമ്പിൽ സംസാരിക്കാം,
അപ്രകാരം എനിക്കു മനോബോധം ഇല്ലല്ലോ.

10,1 എൻ ജീവനിൽ ദേഹിക്ക് ഉഴപ്പുണ്ടു;
എൻ മേലേ സങ്കടത്തെ ഞാൻ പുറത്തയച്ചു,
ഹൃദയക്കൈപ്പിൽ വായ്യാടിക്കൊള്ളട്ടേ!
2 ഞാൻ ദൈവത്തോടു പറയുന്നിതു: എനിക്ക് (ഉടനേ) കുറ്റം
വിധിക്കൊല്ല,
എന്നോടു വ്യവഹരിക്കുന്ന സംഗതിയെ അറിയിക്കേണമേ!
3 നീ പീഡിപ്പിക്കയൊലും തൃക്കൈകളുടെ പ്രയത്നത്തെ വെറുക്കയൊലും,
ദുഷ്ടരുടെ ആലോചനെക്കു (കടാക്ഷിച്ചു) വിളങ്ങുകയാലും,
നിണക്കു സുഖമോ?
4 മാംസത്താലേ കണ്ണുകളോ നിണക്കുള്ളവ?
മർത്യൻ കാണും പോലെയോ നീ കാണുന്നതു?
5 മർത്യന്റെ ആയുസ്സു പോലെയോ നിന്റെ ആയുസ്സു?
പുരുഷന്റെ നാളുകളെ പോലെയോ നിന്റെ ആണ്ടുകൾ?
6 ഞാൻ കുറ്റക്കാരനല്ല എന്നും,
തൃക്കൈയിൽനിന്ന് ഉദ്ധരിക്കുന്നവൻ ആരും ഇല്ല എന്നും അറിഞ്ഞിട്ടും,
7 എൻ അകൃത്യത്തെ നീ ഇത്ര അന്വേഷിച്ചും
എൻ പാപത്തെ തിരഞ്ഞും കൊൾവാൻ തന്നേ.—
8 തൃക്കൈകൾ എന്നെ മനിഞ്ഞു മുച്ചൂടും എല്ലാം തീർത്തു,
എന്നിട്ടും നീ എന്നെ സംഹരിക്കുന്നു!
9 കളിമണ്ണു പോലേ നീ എന്നെ ഉണ്ടാക്കിയ പ്രകാരം ഓർക്കേണമേ!
ഇപ്പോൾ എന്നെ പൊടിയിലേക്കു തിരിപ്പിക്കുമോ?
10 പാൽ പോലേ നീ എന്നെ വാർത്തു,
തയിർ പോലേ ഉറക്കൂട്ടമാറാക്കിയല്ലയോ?
11 തോലും മാംസവും എന്നെ ഉടുപ്പിച്ചു,
എല്ലു ഞരമ്പുകളാലും മെടഞ്ഞു തീർത്തു;
12 ജീവനും ദയയും നീ എന്നോടു പ്രവൃത്തിച്ചു,
നിന്റെ സന്ദർശനം എൻ ആത്മാവിനെ കാത്തു.
13 എന്നിട്ടും നീ നിക്ഷേപിച്ചിരുന്നത് ഇത്ര തന്നേ,
ഇതിനെ നീ ഭാവിച്ചു എന്ന് എനിക്ക് അറിയാം:
14 ഞാൻ പിഴെച്ചാൽ എന്നെ സൂക്ഷിപ്പാനും
എൻ അകൃത്യത്തിൽനിന്നു നിർദ്ദോഷനാക്കാതിരിപ്പാനും മനസ്സായിരുന്നു!
15 ഞാൻ ദോഷം ചെയ്താലോ അയ്യോ എനിക്കു കഷ്ടം!
നീതിമാനാകിലോ, ധിക്കാരത്തൂർത്തനും എൻ്റെ എളിമ കാണുന്നവനും ആയിട്ടു
ഞാൻ തല ഉയർത്തരുത്! എന്നിരുന്നു.
16 ഞെളിഞ്ഞു പോകിലോ സിംഹത്തെ പോലേ എന്നെ നായാട്ടുവാനും,
നിൻ അത്ഭുതങ്ങളെ ആവർത്തിച്ചു എന്നിൽ കാട്ടുവാനും,
17 എന്റെ നേരേ നിന്റെ സാക്ഷികളെ പുതുക്കുവാനും,
എന്നിൽ നിൻ മുഷിച്ചൽ പെരുക്കുവാനും,
പടപടകളെ എന്നെ കൊള്ളേ അയച്ചു പോരുവാനും (ഭാവിച്ചതു).
18 പിന്നേ ഗർഭത്തിൽനിന്ന് എന്നെ പുറപ്പെടുവിച്ചതു് എന്തിന്നു?
വീർപ്പു മുട്ടീട്ട് ഒരു കണ്ണും എന്നെ കാണാതിരുന്നു എങ്കിൽ കൊള്ളാം!

19 എന്നാൽ ഞാൻ ഉദരത്തിൽനിന്നു ശവക്കുഴിക്കു വഹിക്കപ്പെട്ടിട്ട്
ഒട്ടും ഇല്ലാഞ്ഞപ്രകാരം ആകും.
20 എന്റെ നാളുകൾ അല്പം അല്ലയോ? അവൻ കൈവിടുക,
എന്നോട് മാറി നില്ക്ക, ഞാൻ കുറയ ഉന്മേഷിപ്പാൻ അത്രേ,
21 ഞാൻ മടങ്ങി വരാതേ
ഇരുളും മരണനിഴലും ഉള്ള ദേശത്തേക്കു പോകുമ്മുമ്പെ തന്നേ,
22 കൂരിരുളൊത്ത തിമിരവും ക്രമങ്ങളില്ലാത്ത മരണനിഴലും
തെളക്കത്തിന്നും തമസ്സിൻ ഭാവവും ഉള്ള ദേശത്തേക്കു തന്നേ.

11. അദ്ധ്യായം

ചോഫർ കടുപ്പത്തോടെ ശാസിച്ചു, മനുഷ്യരെ കേൾക്കാത്തവനു ദൈവം താൻ വന്ന പാപങ്ങളെ വെളിപെടുത്തേണം എന്ന് ആഗ്രഹിച്ചു, (7) ദൈവത്തോടു പോരാട്ടം അസാദ്ധ്യം ആകയാൽ (13) മാനസാന്തരത്താലേ ശുഭോദയം പറഞ്ഞു കൊടുത്തതു.

നയമയിലേ ചോഫർ ഉത്തരം ചൊല്ലിയതു:

2 വാക്കുകളുടെ പെരിപ്പത്തിന്ന് ഉത്തരം ചൊല്ലിക്കൂടയോ?
വീടുവായൻ നീതിമാൻ എന്നിരിക്കയോ?
3 നിന്റെ പൊങ്ങച്ചം പുരുഷരെ മിണ്ടാതാക്കുകയോ?
നീ പരിഹസിക്കുന്നതിന്ന് ആരും ലജ്ജിപ്പിക്കാതിരിക്കയോ?
4 നീ ആകട്ടേ (ദൈവത്തോട്): എന്റെ മതം നിർമ്മലം,
തൃക്കണ്ണുകളിൽ ഞാൻ വെടിപ്പു തന്നേ എന്നു പറഞ്ഞു (6,10,9,21);
5 എങ്കിലും ദൈവം താൻ നിന്നോടു സംസാരിച്ചു,
തൻ അധരങ്ങളെ നിന്നോടു തുറന്നു,
6 ജ്ഞാനമർമ്മങ്ങളെ ഇരട്ടിച്ച ചൈതന്യമുള്ളവ എന്നു
താൻ തോന്നിച്ചു തന്നാൽ, കൊള്ളാം! [അപ്പോൾ ബോധിക്കും.
നിന്റെ അകൃത്യത്തിൽ ഓരോന്നിനെ ദൈവം മറന്നു സമ്മാനിക്കുന്നു എന്ന്
7 ദൈവം ആരായുന്നതിനോടു നീ എത്തുമോ?
സർവ്വശക്തന്റെ സമ്പൂർണ്ണതയോളം എത്തുമോ?
8 അതു സ്വർഗ്ഗങ്ങളുടെ ഔന്നത്യങ്ങൾ; നീ എന്തു പ്രവൃത്തിക്കും?
പാതാളത്തിലും അഗാധം; നിനക്ക് എന്തറിയാം?
9 അതിൻ അളവിന്നു ഭൂമിയേക്കാൾ നീളവും
കടലിലേക്കാൾ അകലവും ഉണ്ടു.
10 അവൻ ഉഴറിവന്ന് അടെച്ചു വെച്ചു നടുക്കുട്ടത്തിൽ ആക്കിയാൽ.
ആർ അവനെ തടുക്കും?
11 കാരണം: മായക്കാരെ അവൻ അറിയുന്നു,
ആരും ബോധിക്കാത്ത അതിക്രമത്തെ കാണുന്നു.
12 എന്നിട്ടു ശൂന്യാത്മാവും ബോധം കൊള്ളും,
കാട്ടുകഴുത (യായവൻ) മനുഷ്യജന്മം പിറക്കയും ചെയ്യും.
13 നീയോ ഹൃദയം തിരിച്ചു,
അവങ്കലേക്കു കൈകളെ പരത്തിയാൽ,
14 നിൻ കൈക്കൽ അതിക്രമം ഉള്ളതിനെ അകറ്റി,
നിൻ കൂടാരങ്ങളിൽ അക്രമം പാർപ്പിക്കാതിരുന്നാലും,
15 അന്നു കളങ്കമെന്നി നീ മുഖം ഉയർത്തി,
ഊതിക്കഴിക്കപ്പെട്ടവനായി ഭയപ്പെടാതേ ഇരിക്കും.
16 അനർത്ഥത്തെ നീ മറക്കും,
ഒലിച്ചു പോയ വെള്ളംപോലെ മാത്രം ഓർക്കും.

17 നട്ടുച്ചയേക്കാളും (നീണക്കു) വാഴുനാൾ പൊങ്ങും,
ക്രൂരിരുൾ ഉഷസ്സു പോലെ ആകും.
18 പ്രത്യാശ ഉണ്ടായിട്ടു നീ തേറും,
ഒറുനോക്കീട്ടും സ്വൈരത്തിൽ കിടന്നു കൊള്ളും.
19 നീ ശയിക്കുന്നു, അരട്ടുന്നവൻ ആരും ഇല്ല;
അനേകർ നിൻ മുഖപ്രസാദവും തേടും.
20 ദുഷ്ടരുടെ കണ്ണുകളോ മാഴ്കുന്നു,
അഭയസ്ഥാനം അവൎക്കു കെട്ടുപോയി,
അവരുടെ പ്രത്യാശയോ പ്രാണൻ ഒഴിപ്പത് എന്നത്രേ.

12–14. അദ്ധ്യായങ്ങൾ.

ഇയ്യോബ് സ്നേഹിതരുടെ താന്തോന്നിത്വത്തെ പരിഹസിച്ചു ശേഷം, (7) സൃഷ്ടാവു ആരെയും കൂട്ടാക്കാതേ, (11) മൂത്തോർ ഗ്രഹിച്ചപ്രകാരം സ്വതന്ത്രനായി വാഴുന്നു എന്നു കാണിച്ചു, (13,1) ദേവപ്രത്യക്ഷത ആശിച്ചു, (4) തനിക്കല്ല സ്നേഹിതന്മാൎക്കായിട്ടത്രേ ഭയപ്പെട്ടു, (13) ദൈവത്തെ എതിരേറു വാദിപ്പാൻ ഒരുങ്ങീട്ടു, (23–14, 22) അവനോടു ധാരാളമായി സംസാരിച്ചതു.

ഇയ്യോബ് ഉത്തരം ചൊല്ലിയതു:

2 സാക്ഷാൽ നിങ്ങളത്രേ ജനക്കൂട്ടമായതു,
നിങ്ങളോടു ഒപ്പം ജ്ഞാനം എന്നതു മരിക്കും.
3 നിങ്ങളെ പോലേ എനിക്കും ബുദ്ധി ഉണ്ടു,
നിങ്ങളോടു ഞാൻ തോല്ക്കുന്നവനല്ല,
പിന്നേ ഈ വക ആരുടെ വക്കൽ ഇല്ലാതു?
4 എൻ സ്നേഹിതനു ഞാൻ ചിരിപ്പായി!
ദൈവത്തോടു വിളിച്ചും
അവൻ ഉത്തരം അരുളുന്നതു (കേട്ടും) വരുന്ന ഞാൻ
നീതിയും തികവുമുള്ളവൻ (എങ്കിലും) ചിരിപ്പു (കൂടേ ആയി.)
5 നിർഭയന്റെ നിരൂപണങ്ങളാൽ ''ക്ലേശത്തിനു പരിഹാസം'' (എന്നുണ്ടു);
ആരുടെ കാൽ ആടിയാൽ ഉടനേ അതു ഒരുങ്ങി അണയുന്നു.
6 പാഴാക്കുന്നവരുടെ കൂടാരങ്ങൾക്കോ സ്വൈരം ഉണ്ടു,
തൻ കൈയിൽ തന്നേ ദൈവം ഉള്ളതു എന്നു ഭാവിച്ചു
ദേവകോപത്തെ ഇളക്കി വിടുന്നവർ തേറി നില്ക്കുന്നു.
7 എങ്കിലോ മൃഗങ്ങളോടു ചോദിച്ചാലും, അവ നിണക്കുപദേശിക്കും;
വാനത്തിലേ പക്ഷിയോടും, എന്നാൽ അതു നിന്നെ അറിയിക്കും.
8 അല്ല ഭൂമിയെ കൊണ്ടു ധ്യാനിക്ക, അതും നിണക്കു ഉപദേശിക്കും,
കടലിലേ മീനുകളും (ഇതിനെ) നിന്നോടു വർണ്ണിക്കും.
9 ഈ (കണ്ടതിനെ) യഹോവാകൈ ഉണ്ടാക്കി,
എന്നതു ഇവ എല്ലാറ്റിലും അറിയാത്തതു ആരു പോൽ?
10 സകല ജീവിയുടെ പ്രാണനും
എല്ലാ നരമാംസത്തിന്റെ ആത്മാവും ആ കൈയിൽ തന്നേ ഉള്ളതു സ്പഷ്ടം.
11 മൊഴികളെ ചെവി പരീക്ഷിക്കയില്ലയോ?
അണ്ണാക്കു തീൻ ആസ്വദിക്കുമല്ലോ!
12 നരയന്മാരിൽ ജ്ഞാനവും
ദീർഘായുസ്സിൽ വിവേകവും ഉണ്ടു.
13 ജ്ഞാനവും ശൌൎയ്യവും അവനോടത്രേ,
അഭിപ്രായവും വിവേകവും അവനുള്ളതു.

14 കണ്ടാലും പണിയാതവണ്ണം അവൻ ഇടിക്കും,
ഇറക്കാതവണ്ണം ആളെ അടെച്ചു വെക്കും.
15 കണ്ടാലും അവൻ വെള്ളങ്ങളെ തടുത്താൽ അവ വററി പോം;
അയച്ചാൽ ഭൂമിയെ മറിച്ചു കളയും.
16 ശക്തിയും ചൈതന്യവും അവനോടത്രേ,
തെറുന്നവനുംതെററികുന്നവനും അവനൊവർ.
17 മന്ത്രികുന്നവരെ അവൻ വെറുങ്കാലാക്കി കൊണ്ടുപോകുന്നു;
ന്യായാധിപന്മാരെ പൊട്ടരാക്കുന്നു.
18 രാജാക്കന്മാരുടെ ശിക്ഷാക്രമത്തെ അഴിച്ചും
അവരുടെ അരെക്കു ഞാൺ അണിയിച്ചും കൊള്ളുന്നു.
19 പുരോഹിതന്മാരെ വെറുങ്കാലാക്കി കൊണ്ടുപോകുന്നു,
ആഢ്യന്മാരെ വഴുതികുന്നു.
20 വിശ്വസ്തർ (വാചാല)രിൽനിന്നു ഭാഷയെ നീക്കുകയും
വൃദ്ധന്മാരുടെ (ജ്ഞാന)രുചിയെ എടുക്കയും,
21 മഹാത്മാക്കളുടെ മേൽ ധിക്കാരം പകർന്നു,
ഊററന്മാരുടെ കെട്ടിനെ അഴയുമാറാക്കുകയും,
22 ആഴ മറഞ്ഞവ ഇരുളിൽനിന്നു വെളിപ്പെടുത്തി,
മരണനിഴലും വെളിച്ചത്തേക്കു പുറപ്പെടുവിക്കയും,
23 ജാതികളെ വളൎത്തിട്ടു കെടുക്കയും,
ജാതികളെ പരപ്പിച്ചിട്ടു യാത്രയാക്കുകയും ചെയ്യുന്നവൻ.
24 ദേശജനത്തിലേ തലവന്മാരോടു അവൻ ധൈര്യം അകററി
വഴിയില്ലാത്ത ശൂന്യത്തിൽ ഉഴലുമാറാക്കും.
25 അവിടേ വെളിച്ചം എന്നിയേ അവർ ഇരിട്ടത്തു തപ്പി വലയും,
മത്തനെ പോലേ അവരെ ഉഴലിക്കുന്നു.

13,1 ഇവ എല്ലാം ഇതാ എൻ കണ്ണു കണ്ടു,
എൻ ചെവി കേട്ടു വിവേചിച്ചു വന്നു.
2 നിങ്ങൾ അറിയും പോലേ ഞാനും അറിയുന്നു,
നിങ്ങളോടു ഞാൻ തോല്ക്കുന്നവനല്ല (12, 3)
3 അതേ സൎവ്വശക്തനോടു ഞാൻ സംസാരിച്ചു,
ദേവനോടു വാദിപ്പാൻ ആഗ്രഹികുന്നു.
4 നിങ്ങളോ സാക്ഷാൽ ഭോഷ്കു സങ്കല്പികുന്നവർ,
എല്ലാവരും വ്യഥാവൈദ്യരത്രേ.
5 നിങ്ങൾ അശേഷം മിണ്ടാതിരുന്നാൽ കൊള്ളാം,
അതു നിങ്ങൾക്കു ജ്ഞാനം എന്നു വരും.
6 എന്നിട്ടു എന്റെ വാദം കേൾപിൻ!
എൻ അധരങ്ങളുടെ തൎക്കങ്ങളെ കൂട്ടാക്കുവിൻ!
7 ദേവനു വേണ്ടി നിങ്ങൾ അക്രമം ഉരെക്കയോ,
അവനുവേണ്ടി കപടം ചൊല്ലുയോ?
8 അവന്റെ മുഖപക്ഷം എടുക്കയോ,
ദേവനു വേണ്ടി വ്യവഹരിക്കയോ?
9 അവൻ നിങ്ങളെ ആരാഞ്ഞാൽ കൊള്ളാമോ?
മർത്യനെ തോല്പിക്കുമ്പോലേ നിങ്ങൾ അവനെ തോല്പിക്കുമോ?
10 രഹസ്യത്തിൽ നിങ്ങൾ മുഖപക്ഷം എടുത്താൽ
അവൻ കടുമയോടേ നിങ്ങളെ ശാസിക്കും.
11 അവന്റെ ഉന്നതി നിങ്ങളെ അരട്ടുകയും
അവന്റെ പേടി നിങ്ങളുടെ മേൽ വീഴുകയും ഇല്ലയോ?
12 നിങ്ങളുടെ സ്മൃതിഭാഷിതങ്ങൾ ഭസ്മസദൃശങ്ങളും,
നിങ്ങടെ വാടികൾ മൺവാടികളും (ആയി ചമയും).

13 എന്നെ വിട്ടു മിണ്ടായ്വിൻ, ഞാൻ പറയട്ടേ!
പിന്നേ എന്മേൽ വരുന്നതു വരട്ടേ!
14 എൻ മാംസത്തെ എൻ പല്ലുകളാൽ (പിടിച്ചു) വഹിക്കുന്നതും
എൻ പ്രാണനെ ഈ കൈയിൽ വെക്കുന്നതും എന്തിന്നു!
15 കണ്ടാലും അവൻ എന്നെ കൊല്ലും, ഞാൻ ഒന്നിന്നും പ്രതീക്ഷിക്കുന്നില്ല,
അവന്റെ സമക്ഷത്ത് എൻ വഴികളെ മാത്രം തെളിയിക്കും.
16 ബാഹ്യൻ അവന്മുമ്പിൽ ചെല്ലുകയില്ല,
എന്നതും കൂടേ എനിക്കു രക്ഷയായ്തീരും.
17 എൻ മൊഴിയെ കേട്ടു കേട്ടു കൊൾവിൻ,
എൻ ഉക്തി അങ്ങേ ചെവികളിൽ (കടക്ക)!
18 അല്ലയോ ന്യായ (വിസ്താര)ത്തിന്ന് ഇതാ ഞാൻ ഒരുങ്ങി വന്നു,
ഞാൻ നീതിമാനായി തെളിയും എന്നറിയുന്നു.
19 എന്നോടു വ്യവഹരിപ്പത് ആർ?
(ഉണ്ടെങ്കിൽ) ഞാൻ ഇപ്പോഴം അടങ്ങി വീർപ്പുമുട്ടി പോകും
20 രണ്ടു മാത്രം എന്നോടു ചെയ്യൊല്ല!
എന്നാൽ തിരുമുമ്പിൽ നിന്നു ഞാൻ ഒളിച്ചു കൊൾകയില്ല.
21 എന്മേൽനിന്നു തൃക്കൈയെ നീക്കുക!
നിന്റെ ഭീഷണി എന്നെ അരട്ടാതേ പോകയും ആവു (9, 34)
22 പിന്നേ വിളിക്ക, ഞാൻ ഉത്തരം ചൊല്ലും;
അല്ല ഞാൻ പറയാം, നീ പ്രതിവാദിച്ചാലും.

14. അദ്ധ്യായം

ഇയ്യോബ് ദൈവത്തോടു വാദിക്കയിൽ, (13, 23) തന്നിൽ കാട്ടിയ നിഷ്ഠുരത്തെയും (14, 1) മനുഷ്യരുടെ നിസ്സാര താഴ്ചയെയും ചൊല്ലി സങ്കടപ്പെട്ടു, (13) മരണത്തിൽ പിന്നേ ഓർ ആശ്വാസമോ എഴുനീല്പോ ആഗ്രഹിച്ചതു.

13, 23 **എ**നിക്ക് എത്ര അകൃത്യങ്ങളും പാപങ്ങളും (കണ്ടു)?
എൻ ദ്രോഹത്തെയും പാപത്തെയും എന്നെ അറിയിക്ക!
24 തിരുമുഖത്തെ മറെച്ചു,
എന്നെ നിണക്കു ശത്രു എന്നെണ്ണുവാൻ എന്തു?
25 ആട്ടിയ ഇലയെ നടുക്കുവാനും
ഉണങ്ങിയ താളടിയെ പിന്തുടരുവാനും എന്തു?
26 (ഇത്ര) കൈപ്പുള്ള വിധിയെ എന്റെ നേരേ എഴുതി,
ബാല്യത്തിലേ കുറ്റങ്ങളെ എന്നെ അനുഭവിപ്പിച്ചു.
27 എൻ കാലുകളെ തോളത്തിൽ ഇട്ടു,
എന്റെ സകല മാർഗ്ഗങ്ങളെയും സൂക്ഷിച്ചു,
എൻ കാൽ ചുവടുകളിൽ കൊത്തി വരെക്കുന്നത് (എന്തു)?
28 ഇദ്ദേഹമോ പുഴുപ്പു പോലേ ദ്രവിക്കും,
പാറ തിന്നുന്ന വസ്ത്രത്തോട് ഒക്കും.

14, 1 **സ്ത്രീ** പെറുള്ള മനുഷ്യൻ
അല്പായുസ്സുള്ളവനും ആലശീലയാൽ തൃപ്തനും ആകുന്നു.
2 പൂ പോലേ മുളെച്ചു വന്നു വാടി പോകുന്നു,
നിഴൽ പോലേ നില്ക്കാതെ മണ്ടി പോകുന്നു.
3 ഇപ്രകാരമുള്ളവനു നേരേ തൃക്കണ്ണു മിഴിച്ചു പാർത്തു,
എന്നെ നിന്നോടു ന്യായവിസ്താരത്തിൽ കടത്തുന്നുവോ?
അശുദ്ധനിൽനിന്ന് ഒരിക്കൽ ശുദ്ധൻ ഉളവായാൽ കൊള്ളാം!
ഒരുവൻ പോലും ഇല്ല!

5 അവന്റെ നാളുകൾ ഇത്ര എന്ന ഖണ്ഡിതവും
അവന്റെ മാസങ്ങൾക്കു നിർണ്ണയിച്ച കണക്കും
അവൻ ലംഘിക്കരുതാത്ത അവധിയും വെച്ചു എങ്കിൽ,
6 അവനെ വിട്ടുമാറി നോക്കുക,
അവൻ കൂലിക്കാരനെ പോലേ തൻ ദിവസത്തിൽ വിലസിപ്പാൻ ഒഴി
7 കാരണം മരത്തിന്നു പ്രത്യാശ ഉണ്ടു; [ഞ്ഞിരിപ്പൂതാക!
വെട്ടിയാലും അതു തഴെച്ചു വരും,
അതിൻ തളിർ ഒടുങ്ങി പോകയുമില്ല.
8 അതിൻ വേർ നിലത്തിൽ മൂത്തു,
മുട്ടം പൊടിയിൽ ചത്താലും,
9 വെള്ളത്തിൻ വാസനയാലേ അതു പിന്നേയും തെഴുത്തു,
തൈ പോലേ കൊമ്പുകളെ വിടുന്നു.
10 പുരുഷനോ മരിച്ചാൽ പട്ടു പോയി,
മനുഷ്യൻ വീർപ്പു മുട്ടിയ ശേഷം എവിടേ!
11 സമുദ്രത്തിൽനിന്നു വെള്ളങ്ങൾ ഒടുങ്ങുന്നു,
നദി വറ്റി ഉണങ്ങി പോകുന്നു;
12 അങ്ങനേ മനുഷ്യരും കിടന്നിട്ടു° എഴുനീല്ക്കാതിരിക്കുന്നു.
വാനങ്ങൾ ഇല്ലാതാകുവോളം അവർ മിഴിക്കയില്ല,
അവരുടെ ഉറക്കത്തിൽനിന്നു° ഉണർകയും ഇല്ല.
13 അല്ലയോ തിരുകോപം ഇളകും വരേ
നീ പാതാളത്തിൽ എന്നെ സംഗ്രഹിച്ചു മറെച്ചു എനിക്കു ഓർ അവധി
പിന്നേ എന്നെ ഓർത്തുകൊണ്ടു എങ്കിൽ കൊള്ളാം! [വെച്ചു
14 പുരുഷൻ മരിക്കിലോ ഇനി ഉയിർക്കുമോ?
എന്നാൽ എന്റെ മാറ്റം വരുവോളം
എനിക്കു° ആയുധസേവ ഉള്ള നാൾ എല്ലാം ഞാൻ കാത്തിരിക്കാം.
15 നീ (ഇഹത്തിലേക്കു) എന്നെ വിളിക്കയും ഞാൻ ഉത്തരം ചൊല്ലുയും
തൃക്കൈകളുടെ ക്രിയയെ നീ വാഞ്ഛിക്കയും ആയിരുന്നു.
16 ഇന്നോ എൻ പാപത്തിന്മേൽ കാവൽ നില്ക്കാതേ
നീ എൻ നടകളെ മാത്രം എണ്ണും.
17 എൻ ദ്രോഹം സഞ്ചിയിൽ പൊതിഞ്ഞു മുദ്രയിട്ടു കിടക്കുന്നു,
നീ എൻ അകൃത്യത്തോടു° (അധികം) ചേർത്തു കൂട്ടുന്നു.—
18 മലയോ സാക്ഷാൽ വീണു ദ്രവിക്കും,
പാറയും (പഴകി) തൻസ്ഥലത്തുനിന്നു ജീർണ്ണിക്കും.
19 കല്ലുകളെ വെള്ളം കുഴിയ ചെല്ലുന്നു,
അതിൻ ഓളങ്ങൾ ഭൂമിയുടെ പൊടിയെ ഒഴുക്കിക്കളയുന്നു,
അപ്രകാരം മർത്യന്റെ പ്രത്യാശയെ നീ കെടുക്കുന്നു.
20 എന്നും നീ അവനെ ആക്രമിക്കും, അവനും പോയി പോകുന്നു,
നീ അവനെ മുഖവികാരം വരുത്തി അയച്ചുകളയുന്നു.
21 അവന്റെ മക്കൾക്കു ഘനം ഉണ്ടെങ്കിൽ അവൻ അറിയാ,
ഹീനത ഉണ്ടെങ്കിൽ താൻ ബോധിക്കയില്ല.
22 തന്നെ കൊണ്ടതേ അവന്റെ ജഡം ദുഃഖിക്കും,
തന്നെ ചൊല്ലിയേ അവന്റെ ദേഹി തൊഴിക്കുന്നുള്ളു.

15-21: വിവാദത്തിന്റെ രണ്ടാം ഖണ്ഡം

15. അദ്ധ്യായം.

എലീഫജ° ബുദ്ധിക്കുറവും ധൂർത്തതയും ആക്ഷേപിച്ചു, (7) ഇയ്യോബ° തൻ ബാല്യതയും (14) ദേവമുമ്പിലേ അശുദ്ധിയും വിചാരിച്ചു ഗർവ്വം

ഇളെച്ചുതാണ വരേണം എന്ന കാട്ടി, (17) പുരാണഭാഷിതങ്ങളാൽ ദുഷ്ടതാ ഫലത്തെ വണ്ണിച്ചതു.

എന്നാറേ തേമാന്യനായ എലീഫജ് ഉത്തരം ചൊല്ലിയതു:
2 കാറുപ്രായമായ അറിവിനാൽ ജ്ഞാനി ഉത്തരം ചൊല്ലുമോ?
അന്തർഭാഗേ കിഴക്കൻകാറു നിറെക്കുമോ?
3 ഉതകാത്ത വാക്കിനാലും
പ്രയോജനമില്ലാത്ത മൊഴികളാലും തർക്കിക്കുമോ?
4 നീയോ സാക്ഷാൽ (ദേവ) ഭയത്തെ പൊട്ടിച്ചു,
ദേവധ്യാനത്തെ പറിച്ചുകളയുന്നു.
5 നിൻെറ വായി തന്നേ നിൻെറ കുറത്തെ ഗ്രഹിപ്പിക്കുന്നുവല്ലോ.
കൌശലക്കാരുടെ നാവിനെ നീ തെരിഞ്ഞെടുക്കുന്നു.
6 ഞാനല്ല, നിൻെറ വായേ നിണക്കു കുറം വിധിപ്പൂ,
നിൻെറ നേരേ സാക്ഷി നില്പതു നിൻെറ അധരങ്ങൾ തന്നേ.
7 (എന്ത്) ഒന്നാം മനുഷ്യനായി നീ പിറന്നുവോ?
കുന്നുകൾക്കും മുമ്പേ ഉത്ഭവിച്ചുവോ?
8 ദൈവത്തിൻെറ മന്ത്രിസഭയിൽ നീ കേൾക്കയോ?
ജ്ഞാനത്തെ (തീർ) പറിച്ചെടുക്കയോ?
9 ഞങ്ങൾ അറിയാത്തത് എന്തൊന്നു നീ അറിഞ്ഞു?
ഞങ്ങൾക്കു തോന്നാത്തത് എന്തു ബോധിക്കുന്നു?
10 കിഴവനും നരയനും ഞങ്ങളിൽ കൂടേ ഉണ്ടു,
നിൻ അപ്പനേക്കാളും വയസ്സേറയുള്ളവൻ തന്നേ.
11 ദേവാശ്വാസനങ്ങളും
നിന്നോടു പതുക്കേ ചൊല്ലിയ വാക്കും നിണക്കു പോരേ?
12 നീ ദേവനെക്കൊള്ളേ നിൻെറ ശ്വാസം തിരിച്ചു,
ഈ വക മൊഴികളെ വായിൽനിന്നു പുറപ്പെടുവിക്കയാൽ,
13 നിൻെറ ഹൃദയം നിന്നെ കൊണ്ടുപോകുന്നത് എന്തു?
കണ്ണുകൾ ചുവത്തുന്നതും എന്തു?—
14 മർത്യൻ നിർമ്മലനായും
പെൺപെറവൻ നീതിമാനായും കാണ്മാൻ എന്മാത്രം?
15 കണ്ടാലും തൻെറ വിശുദ്ധരിലും അവൻ വിശ്വസിക്കാതു,
സ്വർഗ്ഗങ്ങൾക്കും അവൻെറ കണ്ണുകളിൽ നിർമ്മലത ഇല്ല.
16 വെള്ളം പോലേ അക്രമത്തെ കുടിച്ചുകൊണ്ടു
അറെപ്പും പുളിപ്പും ആയ്തോയ ആൾ പിന്നേയോ!
17 ഞാൻ നിന്നോടു വിവരിക്കാം, എന്നെ കേട്ടു കൊണ്ടാലും,
ഞാൻ ദർശിച്ചതിനെ വണ്ണിക്കട്ടേ,
18 ജ്ഞാനികൾ പിതാക്കളിൽനിന്നു (കേട്ടു)
മറെക്കാതേ കഥിപ്പതിനെ തന്നേ.
19 ഈ ദേശം അവർക്കത്രേ കൊടുക്കപ്പെട്ടപ്പോൾ,
അന്യൻ ആരും കലർന്നു വരാത്ത (പൂർവ്വന്മാർ ചൊല്ലിയതു):
20 ദുഷ്ടൻ ഉള്ള നാൾ ഒക്കെയും
ശഠൻ തനിക്കു നിക്ഷേപിച്ച ആണ്ടുകളുടെ എണ്ണത്തോളവും പിടെഞ്ഞിരി
21 പേടികളുടെ ഒച്ച അവൻെറ ചെവികളിൽ (ഉണ്ടു), [ക്കുന്നു.
പാഴാക്കുന്നവൻ അവനു സമാധാനത്തിൽ തന്നേ വരുന്നു.
22 അന്ധകാരത്തിൽനിന്നു മടങ്ങി വരുന്നതു വിശ്വസിക്കുന്നില്ല,
വാളിനെ നോക്കി നോക്കി കൊള്ളും.
23 എവിടേ എന്നിട്ട് അപ്പത്തിന്നായി ഉഴലുന്നു,
ഇരിട്ടിൻനാൾ തൻ കൈക്കൽ ഒരുങ്ങി വന്നു എന്ന് അവൻ അറിയുന്നു.

24 ഞെരിക്കവും ക്ലേശവും അവനെ അരട്ടന്നു,
(യുദ്ധ) കോലാഹലത്തിന്നു കോപ്പു കൂട്ടിയ രാജാവെ പോലേ ഇവ അവ
25 കാരണം ദേവനെ കൊള്ളേ അവൻ കൈനീട്ടി, [നെ ആക്രമിക്കും.
സ്വശക്തനോടു വിക്രമിച്ചെഴുന്നു.
26 കഴുത്തു ഞെളികേ,
തൻ പലിശകളുടെ മുഴകം തുടുതുട തിങ്ങവേ അവന്റെ നേരേ ഓടി.
27 തൻ മുഖത്തെ മേദസ്സിനാൽ മൂടി,
നടുവിനെ കൊഴുപ്പുകൊണ്ടു പൊതിഞ്ഞു വെച്ചുവല്ലോ.
28 സന്നമായി പോയ ഊരുകളിൽ,
നിവാസി ഇല്ലാതേ കല്ലുന്നകളായി തീരേണ്ടുന്ന വീടുകളിൽ കുടിയിരുന്നു.
29 സമ്പന്നനായിരിക്കയില്ല, അവന്റെ പ്രാപ്തി നിവിരുകയില്ല,
അവന്റെ വിത്തം ഭൂമിയിൽ പരക്കയും ഇല്ല,
30 ഇരിട്ടിൽനിന്നു് അവൻ മാറി പോകയില്ല,
തീകാറ്റു് അവന്റെ തളിരിനെ ഉണക്കും,
തൻ വായുടെ ശ്വാസത്താലേ അവൻ നീങ്ങി പോകും.
31 മാറിതപ്പം പിണഞ്ഞവൻ വ്യർത്ഥത്തിൽ വിശ്വസിക്കൊല്ല!
അവന്റെ കൈമാറ്റം വ്യർത്ഥമായി വരുമല്ലോ.
32 തൻ നാൾ ആകും മുമ്പേ (ആയുസ്സു) തികഞ്ഞു,
അവന്റെ കൊമ്പു പച്ച കാൺകയും ഇല്ല.
33 മുന്തിരിവള്ളി പോലേ അവൻ തൻ പിഞ്ചുകളെ കുടഞ്ഞു,
ഒലീവമരം പോലേ തൻ പൂക്കളെ കൊഴിക്കുന്നു.
34 കാരണം ബാഹ്യന്മാരുടെ കൂട്ടം മച്ചിപ്രായം,
കൈക്കൂലിയാളുടെ കൂടാരങ്ങളെ തീ തിന്നുന്നു.
35 അവർക്കു കിണ്ടത്താൽ ഗർഭധാരണവും അതിക്രമത്താൽ പ്രസവവും ഉണ്ടു,
അവരുടെ ഉദരം ചതിയെ ഒരുക്കുന്നതു.

16–17. അദ്ധ്യായങ്ങൾ

ഇയ്യോബ് സ്നേഹിതവാക്കുകളെ തള്ളീട്ടു, (6) തൻ സങ്കടത്തെ വണ്ണിച്ചു, (18) മരണത്തിൽ പിന്നേ നിർദ്ദോഷത്വം തെളിയേണം എന്നു് ആശിച്ചു യാചിച്ചുംകൊണ്ടു, (17,4) ക്ലേശനടുവിലും ഉറെച്ചു, (10) നല്ല ഭാവിയെ ചൊല്ലി തരുന്ന സ്നേഹിതരെ ശാസിച്ചു, (13) പാതാളത്തിലേ സ്വസ്ഥതെക്കു് ഒരുമ്പെട്ടതു.

എന്നതിന്നു് ഇയ്യോബ് ഉത്തരം ചൊല്ലിയതു:

2 ഈ വക പലതും ഞാൻ കേട്ടു,
നിങ്ങൾ എല്ലാവരും നിസ്സാരമുള്ള ആശ്വാസക്കാരത്രേ.
3 കാറ്റുവാക്കുകൾക്കും (ഇപ്പോൾ) അവസാനമോ?
(ഇതു) പ്രതിവാദിപ്പാൻ എന്തൊന്നു നിന്നെ കൂപ്പിക്കുന്നു?
4 എന്റെ ദേഹി നിങ്ങളുടെ ദേഹിയുള്ളതിൽ ഇരുന്നാൽ
ഞാനും നിങ്ങളെ പോലേ പറയാം,
മൊഴികളാൽ നിങ്ങളെ കൊള്ളേ വ്യൂഹം ചമെക്കയും
നിങ്ങളുടെ മേൽ തല കുലുക്കയും,
5 ഈ വായിനാൽ നിങ്ങളെ ഉറപ്പിക്കയും,
എൻ അധരങ്ങളുടെ സാന്ത്വനം ശാന്തി വരുത്തുകയും ചെയ്യാം.
6 ഞാൻ സംസാരിച്ചാലും എൻ ദുഃഖത്തിന്നു ശാന്തി വരാ,
അടങ്ങിയിരുന്നാലും എന്തു (വേദന) എന്നെ വിട്ടു മാറും?

7 ഇപ്പോഴം തന്നേ എന്നെ തളൎത്തി വെച്ചു,
എൻ സകല കൂടിയെയും നീ പാഴാക്കി,
എന്നെ ചുളിപ്പിച്ചു വെച്ചു, അതും സാക്ഷിയായി.
8 എൻ മെലിവ് എന്നെറ നേരേ എഴുനീറ്റു,
എൻ സമ്മുഖത്തു സാക്ഷ്യം ചൊല്ലുന്നു.
9 അവന്നെറ കോപം എന്നെ പറിച്ചു ദ്വേഷിച്ചു പോരുന്നു,
പല്ലുകളാൽ എന്മേൽ ഇറുമ്മുന്നു,
മാററാൻ എന്നെറ നേരേ കണ്ണുകളെ മൂർച്ചിപ്പിക്കുന്നു.
10 അവരും എങ്കലേക്കു വായി പിളൎന്നു,
നിന്ദയിൽ എൻ കന്നങ്ങൾക്കു് അടിച്ചു,
എന്നെറ നേരേ ഒക്കത്തക്ക സഖ്യം ചെയ്തു.
11 ദേവൻ അക്രമക്കാരിൽ എന്നെ ഏല്പിച്ചു,
ദുഷ്ടരുടെ കൈകളിൽ വീഴിച്ചു.
12 ഞാൻ സ്വൈരമായിരുന്നു, അവനോ എന്നെ പൊട്ടപൊട ചതെച്ചു,
പിരടി പിടിച്ചു എന്നെ തകൎത്തു കളഞ്ഞു,
പിന്നേയും തനിക്കു ലാക്കാക്കി നില്പിച്ചു.
13 അവന്നെറ വില്ലാളികൾ എന്നെ വളഞ്ഞു.
അവൻ ആദരിയാതേ എൻ ഉൾപൂവുകളെ പിളൎത്തി,
എൻ പിത്തം നിലത്തു് ഒഴിച്ചു.
14 ഇടിയോടു് ഇടിയാൽ എൻ (മതിലി)നെ നുറുക്കി,
ശൂരനെ പോലേ എന്മേൽ ഓടി.
15 ഞാനോ തോലിന്നു് രട്ടുശീല ചുററി,
എൻ കൊമ്പിനെ പൊടിയിൽ പിരട്ടി.
16 കരച്ചലാൽ എൻ മുഖം തുടുക്കുന്നേ ചുവന്നു,
എൻ ഇമകളിന്മേൽ മരണനിഴൽ (വന്നു).
17 എന്നിട്ടും സാഹസം എൻ കരങ്ങളിൽ ഇല്ലാഞ്ഞു,
എൻ പ്രാൎത്ഥന നിൎമ്മലമായിരുന്നു.
18 അല്ലയോ ഭൂമിയേ, എൻ രക്തത്തെ മറെക്കായ്ക!
എൻ നിലവിളിക്കു് ഇടം ഇരിക്കായ്ക!
19 ഇന്നും കൂടേ സ്വൎഗ്ഗത്തിൽ അതാ എനിക്കു സാക്ഷി ഉണ്ടു,
ഉന്നതങ്ങളിൽ എൻ തുമ്പു തെളിയിക്കുന്നവൻ തന്നേ.
20 ഹാ എന്നെറ ചങ്ങാതികളായ പരിഹാസക്കാരേ,
ദൈവത്തിങ്കലേക്കു് എൻ കണ്ണു തുവുന്നതു്.
21 പുരുഷനു ദൈവത്തോടും
മനുഷ്യപുത്രനു തൻ സ്നേഹിതനോടുമുള്ള വ്യവഹാരത്തെ അവൻ താൻ
22 കാരണം എണ്ണീട്ടുള്ള ആണ്ടുകൾ കഴിഞ്ഞിട്ടു, [തീൎക്കേണം എന്നത്രേ.
മടങ്ങി വരാത്ത മാൎഗ്ഗത്തിൽ ഞാൻ ചെല്ലുന്നു.

17, 1 എൻ ശ്വാസം മങ്ങി,
എൻ നാളുകൾ പൊലിഞ്ഞു പോയി,
ശവക്കുഴികളേ ഉള്ളു.
2 കളിവാക്കുകൾ എന്നെറ ഒപ്പരം ഇല്ലാഞ്ഞാൽ കൊള്ളാം!
അവരുടെ വക്കാണങ്ങളിൽ എൻ കണ്ണു പാൎത്തിരിക്കേണം.
3 പണയം വെക്കേണമേ, എനിക്കായി ഉത്തരവാദിയാക!
പിന്നേ (മററു്) ആർ എന്നെറ കൈയിൽ അടിക്കും?
4 ഇവരുടെ ഹൃദയം ബുദ്ധി കടക്കാതവണ്ണം നീ അടെച്ചതാകയാൽ
നീ അവരെ ജയിപ്പിക്കയില്ല.

5 അവർ (ഏവനും) സ്നേഹിതന്മാരെ കവർച്ചയാവാൻ കാണിച്ചു കൊടുക്കുന്നു,
അവരുടെ മക്കളുടെ കണ്ണുകളും മാഴ്കി പോകട്ടേ!
6 ജനങ്ങളുടെ പഴഞ്ചൊല്ലായി എന്നെ നിറുത്തി വെച്ചു,
ഞാൻ കൂട്ടത്തിന്ന് അറെപ്പായി തീർന്നു.
7 വ്യസനത്താൽ എൻ കണ്ണു മങ്ങി,
അംഗങ്ങൾ എല്ലാം നിഴൽ പോലേ ആയി.
8 എന്നതിനാൽ നേരുള്ളവർ സ്തംഭിക്കും,
ബാഹ്യനു നേരേ നിർമ്മലൻ കയർത്തു പോകും.
9 എങ്കിലും നീതിമാൻ തന്റെ വഴിയെ പിടിച്ചിരിക്കും,
കൈശുദ്ധിയുള്ളവൻ പരാക്രമം കൂട്ടി വെക്കയും ചെയ്യും.
10 എങ്കിലോ നിങ്ങൾ എല്ലാവരും മടങ്ങി (എന്നെകൊള്ളേ) വരുവിൻ!
നിങ്ങളിൽ ജ്ഞാനിയെ കാൺകയില്ല താനും.
11 എന്റെ നാളുകൾ കഴിഞ്ഞു ചമഞ്ഞു,
എന്റെ ഹൃദയം ഉറെച്ചു പാർത്ത അഭിപ്രായങ്ങൾ ചൊട്ടി പോയി.
12 ഇരുളിൻ സമക്ഷത്തു വെളിച്ചം തന്നേ അടുത്തു എന്നു ചൊല്ലി,
അവർ രാത്രിയെ പകലാക്കുന്നു.
13 ഞാനോ പാതാളത്തെ എൻ ഭവനം എന്നു കാത്തിരുന്നു,
ഇരുളിൽ എൻ കിടക്കയെ വിരിക്കയും,
14 കേടിനു ഹാ എൻ അപ്പൻ എന്നും
പുഴുപ്പിന്ന് എൻ അമ്മയും പെങ്ങളും എന്നും വിളിക്കയും ചെയ്താൽ,
15 എൻ പ്രത്യാശ പിന്നേ എവിടേ?
എന്റെ ആശയെ ആർ ഇനി ദർശിക്കും?
16 അതു പാതാളത്തിൻ ഓടാമ്പുകളോളം കിഴിഞ്ഞു പോകും;
(എൻ) പൊടിമേൽ ഒക്കത്തക്ക സ്വസ്ഥത ഉണ്ടല്ലോ.

18 അദ്ധ്യായം

ബില്ദദ് ഇയ്യോബിനോടു കോപിച്ചു: (5) ദുഷ്ടന്മാക്കും (15) അവരുടെ സന്തതിക്കും നാശം നിശ്ചയം എന്നു തർക്കിച്ചതു.

എന്നതിന്നു ശൂഹ്യനായ ബില്ദദ് ഉത്തരം ചൊല്ലിയതു:
2 മൊഴികൾക്ക് നിങ്ങൾ എപ്പോൾ അറം വെക്കും,
ബോധം കൊൾവിൻ, എന്നിട്ടു നാം സംസാരിച്ചു പോരികയും ആം.
3 ഞങ്ങൾ കന്നുകാലി എന്നപോലേ എണ്ണപ്പെട്ടു,
നിങ്ങളുടെ കണ്ണുകളിൽ അശുദ്ധരാവാൻ എന്തു?
4 ഹേ നിന്റെ കോപത്തിൽ നിന്നെ തന്നെ ചീന്തുന്നവനേ,
പക്ഷേ നിന്റെ നിമിത്തം ഭൂമി കൈവിടപ്പെടുമോ?
പാറ സ്വസ്ഥലത്തുനിന്നു പൊരിക്കപ്പെടുമോ?–
5 ദുഷ്ടരുടെ വെളിച്ചം സാക്ഷാൽ പൊലിഞ്ഞു പോകുന്നു,
അവന്റെ തീയുടെ ജ്വാല തെളുന്നതും ഇല്ല.
6 അവന്റെ കൂടാരത്തിൽ വെളിച്ചം ഇരുണ്ടും,
അവന്റെ മേൽ വിളക്കു കെട്ടും പോകുന്നു.
7 അവന്റെ പ്രാപ്തിയിലേ നടകൾ ഞെരുങ്ങപ്പെടുന്നു,
തന്റെ അഭിപ്രായം തന്നേ അവനെ തള്ളി വീഴ്ത്തുന്നു.
8 തന്റെ കാലുകളാൽ അവൻ വലയിൽ അയക്കപ്പെടുന്നു,
ജാലത്തിന്മേൽ അവൻ താനേ നടകൊള്ളുന്നു;
9 മടമ്പിനോടു കണ്ണി പറ്റി പോകുന്നു,
പാശം അവനെ ചുറ്റി പിടിക്കുന്നു.

10 ഭൂമിയിൽ അവനായി കയറും
ഞെറിമേൽ കുടുക്കും മറെക്കപ്പെട്ടിരിക്കുന്നു.
11 ത്രാസങ്ങൾ ചുററി അവനെ അരട്ടി,
അവന്റെ അടിയെ പിടിച്ചു പിന്തുടരുന്നു.
12 അവന്റെ പ്രാപ്തി വിശപ്പായ്തീരുക!
അവന്റെ ഭാഗത്ത് ആപത്ത് ഒരുങ്ങിനില്ക്കുന്നു.
13 അവന്റെ തോലിലേ ഞരമ്പുകളെയും
അംഗങ്ങൾ തന്നെയും മരണത്തിൻ ആദ്യജാതൻ തിന്നുകളയുന്നു.
14 അവൻ ആശ്രയിച്ചത് അവന്റെ കൂടാരത്തിൽനിന്നു പറിക്കപ്പെടുന്നു,
ത്രാസങ്ങളുടെ രാജാവിങ്കലേക്ക് അവനെ കടത്തുന്നു.—
15 അവനില്ലാതെ പോയ കൂടാരത്തിലും (ത്രാസം) എന്നതു വസിക്കുന്നു,
അവന്റെ പറമ്പിൽ ഗന്ധകം ചൊരിയപ്പെടുന്നു.
16 കീഴിൽനിന്ന് അവന്റെ വേരുകൾ ഉണങ്ങി,
മീത്തൽ തളിർ വാടി പോകുന്നു.
17 അവന്റെ ഓർമ്മ ദേശത്തിൽനിന്നു കെട്ടുപോകുന്നു,
തെരുവിൽ അവനു പേർ ഇല്ലാതേയും ആകും.
18 വെളിച്ചത്തുനിന്ന് അവനെ ഇരിട്ടിലേക്ക് ഉന്തി തള്ളുന്നു,
ഊഴിയിൽനിന്ന് അവനെ ആട്ടിക്കളയുന്നു.
19 തൻ ജനത്തിൽ അവനു പുത്രപൌത്രസമ്പത്തും ഇല്ല,
അവന്റെ കുടിയിരിപ്പിൽ വഴുതി ശേഷിപ്പവനും ഇല്ല.
20 പടിഞ്ഞാറേയവർ അവന്റെ നാളികൽ സ്തംഭിക്കും,
കിഴക്കന്മാർക്കു ഞെട്ടൽ പിടികയും ചെയ്യും.
21 അക്രമക്കാരന്റെ വാസസ്ഥലങ്ങൾക്ക് ഈ വക സംഭവിക്കും,
ദേവനെ അറിഞ്ഞു കൊള്ളാത്തവന്റെ ഇടം ഇതത്രേ.

19. അദ്ധ്യായം

ഇയ്യോബ് സ്നേഹിതന്മാരുടെ നിഷ്ഠുരത്തെ ആക്ഷേപിച്ചു, (7) ആത്മ ദു:ഖം (13) മനുഷ്യരുടെ അവിശ്വസ്തത (20) ശരീരകഷ്ടം മുതലായ സങ്കടം വർണ്ണിച്ചിട്ടും, (23) മരണത്തിൽ പിന്നേയും ദൈവം പ്രത്യക്ഷമായി തന്നെ നീ തീകരിക്കും എന്ന് ഉറപ്പിച്ചതു.

എന്നതിന്ന് ഇയ്യോബ് ഉത്തരം ചൊല്ലിയതു്:
2 എത്രത്തോളം നിങ്ങൾ എൻ ദേഹിയെ വലെച്ചും
മൊഴികളെ കൊണ്ടു് എന്നെ ചതെച്ചും പോരും?
3 ഈ പത്തുരു നിങ്ങൾ എന്നെ അമ്പരക്കുമാറാക്കുന്നു,
എനിക്കു ചിത്തവിഭ്രമം വരുത്തുവാൻ നാണിക്കാതു.
4 ഞാനോ തെററി പോയി എന്നു വന്നാലും
എന്നോടല്ലോ എൻ തെറു പാക്കേ ഉള്ളു.
5 നിങ്ങൾ ഉള്ളവണ്ണം എന്നോടു വമ്പിച്ചു പോയാൽ
എൻ കുറവിനെ തെളിയിച്ചു തരുവിൻ!
6 അല്ലയോ ദൈവം എന്നെ കുനിച്ചു വെച്ചു,
തന്റെ വല എന്നെ ചുററിച്ചുകളഞ്ഞു എന്നറിഞ്ഞുകൊൾവിൻ!
7 കണ്ടാലും സാഹസം എന്നു ഞാൻ കൂക്കിയാലും ഉത്തരം ഇല്ല,
മുറയിട്ടാലും (എനിക്കു) ന്യായം ഇല്ല.
8 ഞാൻ കടക്കാതവണ്ണം എൻ മാർഗ്ഗത്തെ അവൻ വേലി കെട്ടിയടെച്ചു,
എൻ നിരത്തുകളിന്മേൽ അവൻ ഇരുൾ ആക്കീട്ടുണ്ടു.
9 എന്മേലേ തേജസ്സിനെ അവൻ വീഴ്ത്തുകളഞ്ഞു,
എൻ തലയിലേ കിരീടത്തെ നീക്കി.

10 ചുററും എന്നെ തകൎത്തു ക്ഷയിപ്പിച്ചു,
മരംപോലെ എൻ പ്രത്യാശയെ പൊരിച്ചുകളഞ്ഞു.
11 അവന്റെ കോപം എന്റെ നേരേ കത്തി,
തൻ മാററാന്മാരിൽ എന്നെ എണ്ണുന്നു.
12 അവന്റെ സമൂഹങ്ങൾ ഒക്കത്തക്ക വന്നു,
എന്നെ കൊള്ളേ വഴി നികത്തി,
എൻ കൂടാരത്തിനു ചുഴം പാളയം ഇറങ്ങുന്നു.—
13 എന്റെ സഹോദരന്മാരെയും അവൻ എന്നോട്ട് അകററി,
എൻ പരിചയക്കാർ എന്നെ വിട്ടു മാറി.
14 ഉററവർ കൈവെടിഞ്ഞു,
പാങ്ങന്മാർ എന്നെ മറന്നു;
15 എന്റെ വീട്ടാരും ദാസിമാരും എന്നെ അന്യൻ എന്ന് എണ്ണുന്നു,
അവരുടെ കണ്ണുകൾക്കു ഞാൻ പരദേശിയായി.
16 എൻ ദാസനെ വിളിച്ചാൽ അവൻ ഉത്തരം ചൊല്ലുന്നില്ല,
ഈ വായികൊണ്ട് അവനോടു കെഞ്ചി യാചിക്കേണം.
17 എൻ ശ്വാസം ഭാര്യയ്ക്കു മ്ലേഛ്ശ പ്രായം;
എൻ ഉദരത്തിലേ മക്കളോടു ഞാൻ യാചിക്കേണം.
18 വികൃതികളും എന്നെ നിരസിക്കുന്നു,
ഞാൻ എഴുനീല്ക്കുമ്പോൾ എന്ന് ഉടനേ അവർ എന്റെ നേരേ ഉരിയാടുന്നു.
19 എൻ രഹസ്യക്കാരും എന്നെ അറെക്കുന്നു,
ഞാൻ സ്നേഹിച്ചവർ എനിക്കു എതിരായി തിരിഞ്ഞു.—
20 എൻ തോലോടും മാംസത്തോടും എന്റെ അസ്ഥികൾ പററിപോയി,
എൻ പല്ലുകളുടെ മോണയോടേ ഞാൻ വഴുതി പോരുന്നുള്ളു.
21 ഹാ എന്റെ സ്നേഹിതന്മാരേ, ദൈവത്തിൻ കൈ എന്നിൽ തട്ടിയതാക
[യാൽ
എന്നെ കനിഞ്ഞു കനിഞ്ഞു കൊൾവിൻ!
22 ദേവൻ എന്നപോലേ നിങ്ങളും എന്നെ നായാടി,
എൻ മാംസത്താൽ തൃപ്തി വരാത്തതു എന്തു?
23 അല്ലയോ എന്റെ മൊഴികൾ എഴുതി,
പുസ്തകത്തിൽ വരെച്ചു വെച്ചാൽ കൊള്ളാം!
24 ഇരിമ്പാണിയാലും ീരംയത്തോടും
എന്നേക്കും പാറയിൽ കൊത്തി വെച്ചു എങ്കിൽ കൊള്ളാം!
25 ഞാനോ അറിയുന്നിതു: എന്നെ വീണ്ടെടുപ്പവൻ ജീവിച്ചിരിക്കുന്നു,
പിമ്പനായി അവൻ പൊടിമേൽ നിവിരും.
26 ഇവ അഴിച്ചിട്ടുള്ള എന്റെ തോലിൽ പിന്നേ
മാംസം ഒഴികേ ഞാൻ ദൈവത്തെ ദർശിക്കും;
27 ആയവനെ ഞാനേ എനിക്ക് (അനുകൂലൻ) എന്നു ദർശിക്കും;
എൻ കണ്ണുകൾ പരനല്ല എന്നു (അവനെ) കാണും.
(അതിന്നായി) എന്റെ ആന്തരത്തിൽ ഉൾപൂവുകൾ മാഴ്കി വാഞ്ഛിക്കുന്നു.
28 നിങ്ങളോ നാം അവനെ എങ്ങനേ നായാടും എന്നു ചൊല്ലി,
കാര്യത്തിന്റെ വേർ എന്നിൽ കണ്ടെത്തുവാൻ തുനിഞ്ഞാൽ,
29 വാളിന്നു അഞ്ചികൊൾവിൻ!
വാളിനു യോഗ്യമായ അകൃത്യത്തിനു ഓർ ഊഷ്മാവ് തട്ടും,
ന്യായവിസ്താരം ഉണ്ടെന്നു നിങ്ങൾ അറിഞ്ഞു കൊൾവാൻ.

20. അദ്ധ്യായം

ചോഫർ കോപിച്ചു, (5) ദുഷ്ടൻ ഞെളിഞ്ഞാലും നശിക്കും, (12) മുറുകെ പിടിക്കുന്ന സമ്പത്തും പോയ്പോകും, (21) ഭാഗ്യത്തിലും ഭയം ഹേതുവായി അവനു സുഖം ഇല്ല എന്നു തർക്കിച്ചതു.

എന്നാറെ നയമയിലേ ചോഫർ ഉത്തരം ചൊല്ലിയതു;
2 എന്നതിന്നു് എന്റെ മനോഭാവനകളം എതിർ വാദിക്കുന്നു.
എന്നതിനാലേ എന്നിൽ തത്രപ്പാടു് ഉള്ളതു.
3 എനിക്കു് അപമാനമുള്ള ശാസന ഞാൻ കേൾക്കേണം എങ്കിലും,
എന്റെ വിവേകത്തിൽനിന്നു് ആത്മാവു് എനിക്കു് ഉത്തരം ചൊല്ലും.
4 പക്ഷേ മനുഷ്യനെ ഭൂമിമേൽ ആക്കിയ നാൾ മുതൽ
അനാദിയായിട്ടു് ഈ വക നീ അറിയുന്നവനോ?
5 എങ്കിലോ ദുഷ്ടരുടേ ആർപ്പു അല്പ നേരത്തേക്കേയുള്ളു,
ബാഹ്യന്റെ സന്തോഷം ക്ഷണമേ നിലപ്പു.
6 അവന്റെ ഉന്നതി വാനത്തോളം പൊങ്ങിയാലും,
മുകിലോടു തല തട്ടിയാലും,
7 അവൻ തൻ കാഷ്ഠം പോലേ എന്നേക്കും കെടും,
അവനെ കണ്ടവർ എവിടേ എന്നു ചോദിക്കും.
8 കിനാവു പോലേ അവൻ പറന്നു കാണാകാത്തവനാകുന്നു,
രാത്രിയിലേ ദർശനം പോലേ ആട്ടപ്പെടും.
9 കൺ അവനെ വിലോകിച്ചിട്ടും ഇനി ആവർത്തിക്കയില്ല,
അവന്റെ സ്ഥലം പിന്നേ അവനെ നോക്കുകയും ഇല്ല.
10 അവന്റെ മക്കൾ നീചരെ പ്രസാദിപ്പിക്കും,
അവന്റെ കൈ സ്വധനത്തെ മടക്കി കൊടുക്കും.
11 അവന്റെ അസ്ഥികളിൽ നിറഞ്ഞ യൌവനം
അവനോടു് ഒന്നിച്ചു പൊടിയിൽ കിടക്കും.—
12 തിന്മ അവന്റെ വായിൽ മധുരിച്ചാലും,
അവൻ നാവിൻകീഴേ അതിനെ മറെച്ചാലും,
13 അതിനെ വിടാതേ ആദരിച്ചു പോന്നു
അണ്ണാക്കിൽ മുറുക്കി പിടിച്ചാലും,
14 അവന്റെ ആഹാരം കുടലുകളിൽ തന്നേ ഭേദിച്ചു,
അവനുള്ളിൽ നാഗവിഷമായി തിരിയുന്നു.
15 അവൻ വിഴുങ്ങിയ മുതലിനെ ഛർദ്ദിക്കും,
അവന്റെ വയറ്റിൽനിന്നു ദേവൻ അതിനെ നീക്കി കളയും.
16 മൂർഖവിഷത്തെ അവൻ നുകർന്നു,
സർപ്പനാവു് അവനെ കൊല്ലും.
17 തേനും തയിരും ഒഴുകുന്ന തോടു പുഴ നദികളെയും
അവൻ ആസ്വദിക്കയില്ല.
18 പ്രയത്നിച്ചുണ്ടാക്കിയതിനെ അവൻ വിഴുങ്ങാതേ മടക്കുന്നു;
ധനത്തോടു് അതിൻ മാറ്റവും ഒക്കും, ഉല്ലസിപ്പാറില്ല.
19 കാരണം സാധുക്കളെ അവൻ ഉപദ്രവിച്ചു് ഉപേക്ഷിച്ചു,
ഭവനത്തെ കെട്ടാതേ അപഹരിച്ചുവല്ലോ.
20 അവൻ സ്വൈരത്തെ തന്റെ ഉള്ളിൽ അറിഞ്ഞില്ല,
താൻ ഓമനിച്ചതിനോടും കൂടേ അവൻ വഴുതി പോരുകയില്ല.—
21 അവന്റെ ലോഭത്തിന്നു് ആരും തെറ്റി ശേഷിക്കാത്തതിനാൽ.
അവന്റെ ഭാഗ്യം നിലനില്ക്കാതു.

22 അവന സമൃദ്ധി നിറയുമ്പോഴെക്കു ഞെരുക്കം പറുന്ന,
പീഡിതന്റെ കൈ എല്ലാം അവന്മേൽ വരും.
23 അവന്റെ വയറു നിറെപ്പാൻ,
(ദൈവം) തൻ കോപത്തിൻ ചൂടിനെ അവന്മേൽ ചൊരിഞ്ഞു,
അവന് ആഹാരമായി പെയ്യിക്കുക!
24 ഇരിമ്പിൻ കവചത്തിൽനിന്ന മണ്ടി പോയാൽ,
ചെമ്പുവില്ല് അവനിൽ തറെപ്പിക്ക!
25 അവൻ ഊരിയാൽ (അമ്പു) മുതുകിൽനിന്ന പുറത്തു പോരും,
അവന്റെ പിത്തത്തിങ്കന്ന് മിന്നിവരും,
ഭീഷണികൾ അവന്മേൽ അതാ!
26 അവന്റെ നിധികൾക്ക് എല്ലാ ഇരുളും നിക്ഷേപിച്ചു കിടക്കട്ടേ,
ആരും ഊതാതേ തീ അവനെ ഭക്ഷിച്ചും
അവന്റെ കൂടാരത്തിൽ ശേഷിച്ചതിനെ മേഞ്ഞും കളയട്ടേ!
27 അവന്റെ കുറ്റത്തെ സ്വർഗ്ഗം വെളിപ്പെടുത്തും,
ഭൂമി അവനോടു മറുത്തു പോകും.
28 അവന്റെ വീട്ടിലേ വസ്തു
തൻ കോപദിവസത്തിൽ ഒഴുകി കളഞ്ഞിട്ടു യാത്രയാകുന്ന.
29 ദൈവത്തിൽനിന്ന് ദുർമ്മനുഷ്യനു ഇതേ ഓഹരി,
ദേവങ്കുന്ന വാഴ്ത്ത അവകാശം (ഇതത്രേ).

അദ്ധ്യായം 21.

ഇയ്യോബ് സാവധാനത്തോടേ കേൾപാൻ യാചിച്ചു, (6) ദേവദ്രോഹികൾക്കു ഭാഗ്യവും സന്മരണവും കണ്ട പ്രകാരം വർണ്ണിച്ചു, (23) ഇതു തള്ളിക്കൂടാത്ത വാസ്തവം എന്ന തെളിയിച്ചു, (28) യാത്രക്കാർ നീളേ കണ്ട വകൊണ്ടും പ്രമാണിപ്പിച്ചതു.

എന്നതിന്ന ഇയ്യോബ് ഉത്തരം ചൊല്ലിയതു:
2 എൻ മൊഴിയെ ഉറു കേൾപിൻ,
എന്നാൽ അതു് എനിക്കു നിങ്ങളുടേ ആശ്വാസമായി ചമക!
3 എന്നെ പൊറുപ്പിൻ, ഞാനും ഉരിയാടും,
എൻ ഉരിയാട്ടിൽ പിന്നേ ഇളിക്കാമല്ലോ.
4 മനുഷ്യക്കു തന്നേയോ എന്റെ ആവലാധി പറുന്നതു?
അപ്രകാരമല്ല എന്ന വന്നാൽ ചൊടിപ്പാൻ എനിക്കു സംഗതിയില്ലയോ?
5 എങ്കലേക്കു നോക്കിക്കൊണ്ടു സ്തംഭിച്ചു
വായിന്മേൽ കൈ വെപ്പിൻ!
6 ഓർക്കുമ്പോൾ ഞാൻ ഞെട്ടി പോകുന്ന,
ത്രാസം എൻ ജഡത്തിന്ന പിടിക്കുന്ന.
7 ദുഷ്ടന്മാർ എന്തിന്ന ജീവിച്ചു
മൂത്തു പ്രാപ്തി വളർന്ന വരുന്ന?
8 അവരോടു് ഒത്തവണ്ണം അവരെ സന്തതിയും അവർക്കു മുമ്പാകേ ഉറെച്ചു
അവരുടേ തൈകൾ കണ്ണുകൾക്കു മുമ്പാകേ (തഴെക്കുന്ന). (നില്ക്കുന്ന,
9 പേടി വരാത്ത സമാധാനം വീടുകളിൽ ഉണ്ടു,
ദൈവത്തിന്റെ ദണ്ഡു് അവരിൽ തട്ടാതു.
10 അവരുടേ കന്നുകാലികൾ ഗർഭധാരണം അലസലില്ലാതേ വാഴ്ത്തുന്ന,
അങ്ങേ പശു പെറുന്ന, കന്നുകൾക്കു് അപമൃത്യുവും ഇല്ല.
11 തങ്ങളുടേ ശിശുക്കളെ ആട്ടിങ്കൂട്ടം പോലേ അയക്കുന്ന,
അവരുടേ സുതന്മാർ നൃത്തം കുനിക്കുന്ന;

12 തപ്പിട്ടയും കിന്നരവും ചേർത്തു പാടി
കുഴലൊലിയാൽ സന്തോഷിക്കുന്നു.
13 വാഴ്നാൾ സുഖേന കഴിക്കയും
ക്ഷണത്തിൽ പാതാളത്തേക്കു് ഇഴികയും ചെയ്യുന്നു.
14 അവരോ ദേവനോടു: ഞങ്ങളെ വിട്ടുമാറുക,
നിന്നേറ വഴികളുടേ അറിവു ഞങ്ങൾക്കു രുചിക്കുന്നില്ല,
15 ഞങ്ങൾ സേവിപ്പാൻതക്കവണ്ണം സർവ്വശക്തൻ എന്തു?
അവനോടു് ഇരക്കയാൽ ഞങ്ങൾക്കു പ്രയോജനം എന്തു്? എന്നു പറഞ്ഞു.
16 കണ്ടാലും, അവരുടേ കൈക്കൽ അല്ല അവരുടേ സൌഖ്യം എന്നു വന്നാലും,
ദുഷ്ടരുടേ അഭിപ്രായം എനിക്കു ദൂരത്തു തന്നേ!
17 ദുഷ്ടരുടേ വിളക്കു പൊലികയും
അവരുടേ ആപത്തു് അവർമേൽ വരികയും
അവൻ സ്വകോപത്തിൽ അവക്കു നോവുകളെ വിളമ്പുകയും ചെയ്യുന്നതും,
18 കാറിൻ മുമ്പിലേ താളടിയോടും
വിശറു കട്ടെടുക്കുന്ന ഉമിയോടും ഒത്തു ചമയുന്നതും എത്രവട്ടം?
19 അവനേറ മക്കൾക്കു ദൈവം അവനേറ അകൃത്യത്തെ നിക്ഷേപിച്ചു വെക്കുന്നു
താൻ അറിയേണ്ടതിന്നു അവങ്കൽ അത്രേ പകരം ചെയ്യട്ടേ! [കിലോ,
20 അവനേറ അപായത്തെ തനേറ കണ്ണു കാണട്ടേ!
സർവ്വശക്തനേറ ഊഷ്മാവെ താൻ കുടിക്കട്ടേ!
21 അവനേറ ശേഷം ഗൃഹത്തിൽ തനിക്കു് എന്തു ചിന്ത?
തനേറ മാസങ്ങളുടെ എണ്ണം തീർന്നു പോയല്ലോ.—
22 ഉന്നതന്മാക്കു ന്യായം വിധിക്കുന്നവനായ
ദേവനെ അറിവു പഠിപ്പിക്കാമോ?
23 ഒരുവൻ ക്ഷേമത്തിനേറ പൂർത്തിയിൽ തന്നേ മരിക്കുന്നു,
മുറ്റും നിശ്ചിന്തയും സൈരവും പൂണ്ടത്രേ.
24 അവനേറ പന്തികളിൽ പാൽ നിറയുന്നു,
അവനേറ എല്ലുകളുടേ മേദസ്സു് രസപൂർണ്ണം തന്നേ.
25 മറ്റവൻ മനക്കൈപ്പിൽ തന്നേ മരിക്കുന്നു,
നന്മകളും ഒന്നും അനുഭവിയാതത്രേ.
26 ഒക്കത്തക്ക അവർ പൊടിയിൽ കിടക്കുന്നു,
കൃമികളും അവരുടേ മേൽ മൂടുകയും ചെയ്യുന്നു.
27 ഇതാ നിങ്ങളുടെ വിചാരങ്ങളെയും
നിങ്ങൾ എന്നെ ബാധിക്കുന്ന കൌശലങ്ങളെയും ഞാൻ അറിയുന്നു.
28 നിങ്ങൾ ആകട്ടേ മഹാത്മാവിനേറ ഗൃഹം എവിടേ?
ദുഷ്ടർ കുടിപാർത്ത കൂടാരം എവിടേ? എന്നു പറയും.
29 വഴിപോക്കരോടു നിങ്ങൾ ചോദിച്ചിട്ടില്ലയോ?
അവരുടേ ചിഹ്നങ്ങളെ ബോധിക്കുന്നില്ലയോ?
30 അവയാവിതു: ആപത്തിൻ നാളിൽ ആകാത്തവനു് ആദരവുണ്ടു,
ക്രോധം വഴിയുന്ന നാളിൽ അവർ (മറയത്തു) കൊണ്ടുപോകപ്പെടുന്നു.
31 അവനേറ നടപ്പിനെ അവനേറ സമക്ഷത്തു് ആർ വിവരിക്കും?
അവൻ (എന്തു) ചെയ്താലും പകരം കൊടുപ്പതു് ആർ?
32 കല്ലറകളിലേക്കു് അവൻ കൊണ്ടുപോകപ്പെടുന്നു,
സ്തൂപത്തിന്മേൽ അവൻ (ഇന്നും) മിഴിച്ചു നില്ക്കുന്നു.
33 താഴ്വരയിലേ കട്ടകളും അവന്മേൽ പതുത്തു കിടക്കുന്നു,
സകല മനുഷ്യരും അവനേറ പിന്നാലേ എഴുന്നെള്ളുന്നു,
അവനു മുമ്പേയും അനവധി (ജനം).
34 (എന്നു അവർ ചൊല്ലുന്നു) നിങ്ങൾ വൃഥാ ആശ്വസിപ്പിക്കുന്നതു് എന്തു?
നിങ്ങളുടേ എതിർമ്മൊഴികളിൽ മോശം ശേഷിച്ചിരിക്കുന്നു (സ്പഷ്ടം).

22-28: വിവാദത്തിന്റെ മൂന്നാം ഖണ്ഡം.

22. അദ്ധ്യായം

എലീഫജ് ദേവനീതിയെ ആധാരമാക്കി, ഇയ്യോബ് സാക്ഷാൽ മഹാപാപി എന്നും, (6) ഇന്ന കുറ്റങ്ങൾ ചെയ്തവൻ എന്നും വാദിച്ചു, (12) പ്രമാദത്താലേ അധികം ശിക്ഷകൾ വരായ്വാൻ ബുദ്ധി ഉപദേശിച്ചു, (21) മനന്തിരിഞ്ഞു ദൈവത്തോട് ഇണങ്ങി സുഖിപ്പാൻ പ്രബോധിപ്പിച്ചതു.

എന്നാറേ തേമാന്യനായ എലീഫജ് ഉത്തരം ചൊല്ലിയതു:

2 ദേവനു പുരുഷൻ ഉതകുമോ?
ബുദ്ധിമാൻ തനിക്കേ ഉതകുന്നുള്ളു.
3 നീ നീതിമാനായാൽ സർവ്വശക്തനു പ്രസാദമോ?
നിന്റെ വഴികളെ തീരേ നന്നാക്കിയാൽ അവനു ആദായമോ?
4 നിൻ (ദേവ) ഭയം നിമിത്തമോ അവൻ നിന്നെ ശാസിച്ചു
നിന്നോടു ന്യായവിധിയിൽ ചെല്ലുന്നതു?
5 നിന്റെ ആകായ്മ വലിയതു് എന്നും
നിന്റെ അകൃത്യങ്ങൾക്കു് അവസാനമില്ല എന്നും (സ്പഷ്ടം) അല്ലയോ?—
6 പക്ഷേ നിന്റെ സഹോദരന്മാരോടു വെറുതേ പണയം എടുക്കയോ,
നഗ്നരുടെ വസ്ത്രങ്ങളെ വാരുകയോ,
7 ചടപ്പുള്ളവനെ വെള്ളം കുടിപ്പിക്കായ്കയോ,
വിശന്നവനോടു അപ്പം വിലക്കുകയോ,
8 പിന്നെ കൈയ്യൂക്കനെ ഭൂമി ഇരിക്കട്ടേ,
സാന്നിദ്ധ്യക്കാരൻ അതിൽ വസിക്കട്ടേ എന്നോ,
9 വിധവകളെ നീ വെറുങ്കൈയായി അയച്ചു വിടുകയോ,
അനാഥരുടെ ഭുജങ്ങൾ ഒടിക്കപ്പെടുകയോ,
10 എന്നതുകൊണ്ടു് നിന്റെ ചുറ്റും കണ്ണികൾ (ആയി),
പേടി പെട്ടന്നു നിന്നെ അരട്ടിയതു.
11 അല്ല, അന്ധകാരത്തെയും
നിന്നെ മൂടുന്ന നീർക്കവിച്ചലിനെയും നീ കാണുന്നില്ലയോ?
12 ദൈവം സ്വർഗ്ഗത്തിൻ ഔദ്ധത്തിൽ ഇല്ലയോ?
നക്ഷത്രങ്ങളുടേ തല എത്ര ഉയർന്നതു് എന്നു കാൺക!
13 നീ പറഞ്ഞതോ: ദേവൻ എന്തു് അറിയുന്നു?
കാർമ്മുകിലത്തുനിന്നു് അവൻ ന്യായം വിധിക്കുമോ?
14 അവൻ കാണാതവണ്ണം മേഘങ്ങൾ അവനു മറപ്രായം,
സ്വർഗ്ഗമണ്ഡലത്തിലത്രേ അവൻ നടകൊള്ളുന്നു എന്നു തന്നേ.
15 പുരാണലോകരുടേ മാർഗ്ഗത്തെ നീ പ്രമാണിക്കുമോ?
അതിൽ അതിക്രമക്കാർ സഞ്ചരിക്കയാൽ,
16 അകാലമായി തളെക്കപ്പെട്ടു,
അവരുടേ അടിസ്ഥാനത്തിന്മേൽ നദി ഒഴുകിക്കളഞ്ഞു,
17 ദേവനോടു ഞങ്ങളെ വിട്ടു മാറുക എന്നും,
സർവ്വശക്തൻ തങ്ങൾക്കായി എന്തു പ്രവൃത്തിക്കും എന്നും പറഞ്ഞവർ തന്നേ.
18 അവരുടേ വീടുകളെ അവൻ നന്മകൊണ്ടു നിറെച്ചിരുന്നു താനും,
ദുഷ്ടരുടേ അഭിപ്രായം എനിക്കും ദൂരത്തു തന്നേ (21, 16)!
19 നീതിമാന്മാർ കണ്ടു സന്തോഷിക്കും,
നിർമ്മലൻ അവരെ പരിഹസിപ്പിതു:

20 അല്ലയോ നമ്മുടേ മാററാൻ സന്നമായി,
അവരുടേ സമ്പത്തിനെ അഗ്നി തിന്നുകളഞ്ഞു എന്നത്രേ.
21 നീയോ അവനോട് ഇണങ്ങി സന്ധിച്ചുകൊൾക!
എന്നതിനാലേ നിണക്കു നന്മ വരും.
22 അവൻറേ വായിൽനിന്നു ധർമ്മോപദേശം അംഗീകരിക്ക!
അവൻറേ മൊഴികളെ നിൻറേ ഹൃദയത്തിൽ ആക്കേണമേ!
23 സർവ്വശക്തങ്കലേക്കു തിരിഞ്ഞാൽ നീ പണിയപ്പെട്ടും;
എന്നാൽ നിൻറേ കൂടാരങ്ങളിൽനിന്ന് അക്രമത്തെ അകററുക!
24 നാണിയത്തെ പൊടിയിലും
ഓഫീർ തങ്കത്തെ തോടുചരലിലും കളക!
25 എന്നാൽ സർവ്വശക്തൻ നിൻറേ നാണിയവും
നിണക്കു വെള്ളിനിധിയും ആകും.
26 അന്നു സർവ്വശക്തനിൽ നീ രസിച്ചു,
ദൈവത്തിങ്കലേക്കു മുഖത്തെ ഉയർത്തി കൊള്ളും.
27 അവനോടു പ്രാർത്ഥിച്ചാൽ അവൻ നിന്നെ കേൾക്കും,
നിൻറേ നേർച്ചകളെ ഒപ്പിക്കാകും.
28 വല്ലതും നിർണ്ണയിച്ചാൽ അതു നിണക്കു സ്ഥിരപ്പെടും,
നിൻറേ വഴികളിന്മേൽ പ്രകാശം തെളിഞ്ഞുന്നു.
29 അവ താഴോട്ടു പോകുമ്പോഴും ഉയർച്ച എന്നു നീ ചൊല്ലും,
കൺപതുങ്ങിയവനെ അവൻ രക്ഷിക്കയും ചെയ്യും.
30 നിർമ്മലൻ അല്ലാത്തവനെയും അവൻ (ഇങ്ങനേ) വിടുവിക്കേ,
നിൻ കരങ്ങളുടേ വെടിപ്പിനാൽ (നീ) വഴുതി പോരും.

23, 24. അദ്ധ്യായങ്ങൾ

ഇയ്യോബ് ദൈവത്തിൻറേ ന്യായവിധിയെ പിന്നേയും ആശിച്ചശേഷം, (8) ദൈവം അസംഗതിയായിട്ട് തന്നെ തള്ളിയത് ഓർത്തു വലഞ്ഞു, (24, 1) പീഡിപ്പിക്കുന്നവർ പീഡിതർ (13) ദുർന്നടപ്പുകാർ (18) ഇവരുടേ കർമ്മഫലം വിപരീതം എന്നും കാട്ടി ചഞ്ചലിച്ചതു.

എന്നതിന്ന് ഇയ്യോബ് ഉത്തരം ചൊല്ലിയതു:
2 ഇന്നും കൂടേ എൻറേ ആവലാധി സങ്കടമുള്ളതു,
എൻറേ മേലുള്ള കൈ എൻ ഞരക്കത്തെ ഭാരമാക്കുന്നു.
3 ഹാ ഞാൻ അവനെ അറിഞ്ഞു കണ്ടെത്തി എങ്കിൽ,
തൻ ന്യായാസനം വരേ ചെന്നു എങ്കിൽ, കൊള്ളാം!
4 അവനുമ്പിൽ ഞാൻ ന്യായത്തെ നിരത്തി
തുമ്പുകളാൽ വായി നിറെക്കയും ചെയ്യാം.
5 അവൻ ചൊല്ലുന്ന ഉത്തരമൊഴികളെ ഞാൻ അപ്പോൾ അറിഞ്ഞു,
എന്നോട് അവൻ എന്തു പറവു എന്നുള്ളതു ഗ്രഹിക്കയും ആം.
6 അന്ന് അവൻ ഊക്കിൻ പെരിപ്പത്താൽ എന്നോടു വാദിക്കയോ?
ഇല്ല, എന്നെയും താൻ കുറിക്കൊള്ളുമായിരുന്നു.
7 അങ്ങു അവനോടു വ്യവഹരിക്കുന്നവൻ നേരുള്ളവൻ (എന്നു തെളിയും),
എൻ ന്യായാധിപതിയിൽനിന്ന് ഞാൻ എന്നേക്കും വഴുതി പോരികയും
[ചെയ്യും.
8 എങ്കിലും ഞാൻ ഇതാ കിഴക്കോട്ടു പോയാൽ അവൻ ഇല്ല,
പശ്ചിമത്തേക്ക് ആയാലും അവൻ തോന്നുന്നില്ല;
9 വടക്ക് അവൻ പ്രവൃത്തിച്ചാൽ ഞാൻ പിടിപെടാതു,
തെക്കോട്ട് ഒതുങ്ങിയാൽ ഞാൻ കാണാതു.

10 എന്നോടുള്ള വഴിയെ അവൻ അറിയുന്നു താനും,
അവൻ എന്നെ ശോധിച്ചാൽ പൊന്നു പോലേ ഞാൻ പുറപ്പെട്ടു വരും.
11 അവന്റെ നടയോട് എന്റെ കാൽ ചേർന്നു വന്നു,
അവന്റെ വഴിയെ ഞാൻ വഴുതാതെ സൂക്ഷിച്ചു പോന്നു.
12 അവന്റെ അധരങ്ങളുടേ കല്പനയെ ഞാൻ വിട്ടു മാറിയില്ല,
എന്റെ വെപ്പിനേക്കാൾ അവൻ വായ്മൊഴികളെ ഞാൻ സംഗ്രഹിച്ചു.
13 അവനോ അനന്യൻ തന്നേ, അവനെ ആർ മടക്കും!
അവന്റെ മനസ്സ് ഇച്ഛിച്ചിട്ട് അവൻ ചെയ്യുന്നു.
14 എനിക്കു നിയമിച്ചതിനെ അവൻ നിവൃത്തിക്കുന്നു,
ഇവറിന്ന് ഒത്ത പലവും അവന്റെ വക്കൽ ഉണ്ടു.
15 ആകയാൽ അവന്റെ മുഖത്തിൽനിന്നു ഞാൻ മെരിണ്ടു,
ചിന്തിച്ചുകൊണ്ട് അവങ്കൽ പേടിക്കുന്നു.
16 ദേവൻ താൻ എൻ ഹൃദയത്തെ മെലിവാക്കി,
സർവ്വശക്തൻ എന്നെ മെരിട്ടിയിരിക്കുന്നു.
17 അന്ധകാരം നിമിത്തമല്ല,
തമസ്സു മൂടിയ എൻ നിമിത്തവും അല്ലല്ലോ ഞാൻ മൌനമായി നില്ക്കുന്നതു.

24 1 **സ**ർവ്വശക്തൻ (ന്യായവിധി) സമയങ്ങളെ വെച്ചേക്കാത്തതും
അവനെ അറിയുന്നവർ തൻ ദിവസങ്ങളെ കാണാത്തതും എന്തുകൊണ്ടു?
2 അങ്ങ് അതിരുകളെ നീക്കുന്നു,
മൃഗക്കൂട്ടങ്ങളെ കവർന്നു മേച്ചുകൊള്ളുന്നു.
3 അനാഥരുടേ കഴുതയെ കൊണ്ടുപോകുന്നു,
വിധവയുടെ കാളയെ പണയം എടുക്കുന്നു,
4 ദരിദ്രരെ വഴിയിൽനിന്ന് ഉന്തി തള്ളുന്നു,
ദേശത്തിലേ സാധുക്കൾ ഒക്കത്തക്ക പതുങ്ങി കൊള്ളുന്നു.
5 അതാ കാട്ടുകഴുതകളെ പോലേ മരുവിൽ യാത്രയായി,
എല്ലാ പ്രവൃത്തിയിലും ഇരെക്കു തേടി നടക്കുന്നു,
അവർക്കു കാടു തന്നേ ബാലരുടേ ആഹാരം (ഏകുന്നു).
6 (അന്യന്റെ) നിലത്തിൽ അവന്റെ പയിരിനെ കൊയ്യുയും
ദുഷ്ടന്റെ പറമ്പിൽ (കായി) എടുക്കയും,
7 ഉടുപ്പാൻ ഇല്ലാതേ നഗ്നരായി രാപാർക്കയും,
കുളിരിൽ മൂടി എന്നി (കിടക്കയും),
8 മലകളിലേ മാരിയാൽ നനകയും,
ആശ്രയസ്ഥാനം കാണാതേ പാറയെ പുണർകയും,
9 മൂലയിൽനിന്ന് അനാഥനെ കവരുകയും
എളിയവൻ പുതെക്കുന്നതിനെ പണയം എടുക്കയും ചെയ്യുന്നു.
10 ഇവരോ ഉടുപ്പാനില്ലാതേ നടക്കയും
വിശന്നുകൊണ്ടു കറ ചുമക്കയും,
11 (അന്യരുടേ) മതിലുകൾക്കകത്തു നെയി പിഴികയും
ചക്കുമെതിച്ചുംകൊണ്ടു ദാഹിക്കയും ആം.
12 ഊരിൽനിന്നു ചാവാളർ ഞരങ്ങുന്നു,
പട്ടവരുടേ നെടുവീർപ്പു ഉറക്കേ കൂവുന്നു,
എന്നിട്ടും ദൈവം അവക്കു നീരസം കാട്ടുന്നില്ല.
13 അങ്ങേവർ വെളിച്ചത്തോടു മറുത്തവരിൽ കൂടി,
അവന്റെ വഴികളേ തിരിയായ്കയും
തൽപാതകളിൽ വസിക്കായ്കയും ചെയ്യും.
14 വെളുക്കുമ്പോൾ കുലപാതകൻ എഴുനീറു
ദരിദ്രനെയും എളിവയനെയും വധിക്കുന്നു,

രാത്രിയിൽ അവൻ കള്ളനോട് ഒക്കും.
15 സന്ധ്യ അരുണികരുന്നതിനെ വ്യഭിചാരിയുടേ കണ്ണ സൂക്ഷിച്ചു.
എന്നെ കണ്ണ തിരികയില്ല എന്നിട്ട മുഖം മൂടിക്കളയുന്നു.
16 ഇരിട്ടത്തു ഭവനങ്ങളിൽ തുരന്നു കയറും,
പകലത്ത് അടെച്ചിട്ട വെളിച്ചം അറിയാതേ പാർക്കും.
17 കാരണം ഉഷസ്സ് അവർക്ക് മരണനിഴൽ തന്നേ;
മരണനിഴലിൻ ത്രാസങ്ങം അവർ ബോധികരുന്നു.
18 ഇങ്ങനേത്തവൻ വെള്ളത്തിന്മീതെ പതിരായിപോകുന്നു,
ഭൂമിയിൽ അവനേറ അവകാശത്തിന്ന് ശാപം ഉണ്ട,
വള്ളിപ്പുറമ്പുകളുടേ വഴിക്ക് അവൻ തിരിപ്പാറില്ല.
19 വരണ്ട നിലത്തു ഹിമജലങ്ങളെ വെയിൽ നകരുമ്പോലേ
ആ പാപം ചെയ്തവരെ പാതാളം തന്നേ (വിഴുങ്ങും).
20 ഗർഭപാത്രം അവനെ മറക്കും കൃമി അവനു മധുരികരും,
അവൻ ഇനി ഓക്കപ്പെടുകയില്ല,
മരംപോലേ അക്രമം പൊട്ടിപ്പോകും;
21 പെറാത്ത മച്ചിയെയും
ആരും സല്ലരിയാത്ത വിധവയെയും ഭക്ഷിച്ചവൻ.— [താങ്ങുന്നു,
22 എങ്കിലും (ദൈവം) ആയവൻ തൻ ഊക്കിനാൽ ആ ക്രൂരങ്ങളെ നീളേ
ഇനി ജീവികരുമോ എന്ന് അഴിനിലയായ ശേഷവും അവർ നിവിരുന്നു.
23 ഊന്നി കൊംവാൻ അവക്ക സൈരം കൊടുക്കുന്നു;
അവനേറ കണ്ണുകം അവരുടേ വഴികളിലേക്ക് ആകുന്നു.
24 അവർ ഉയരുന്നു, നൊടിയിടയിൽ ഇല്ലാതേ ആകുന്നു;
എല്ലാവരും പോകുംപ്രകാരം ആണ ശേഖരിക്കപ്പെടുന്നു,
കതിർത്തല പോലേ വാടി പോയിട്ടത്രേ.
25 ഇങ്ങനേ അല്ല എന്നു വരികിൽ എന്നെ പൊയ്യനാക്കി,
എൻ മൊഴിയെ ഇല്ലായ്മ ചെയ്യുന്നവൻ ആർ?

25. അദ്ധ്യായം

ബില്ദദ് ശാസിപ്പാൻ തുനിയാതേ ദൈവത്തിൻ ഔന്നത്യവും (5) അതിശ്രുദ്ധിയും ഓർപ്പികുന്നതു.

എന്നതിന്നു ശ്രുഹ്യനായ ബില്ദദ് ഉത്തരം ചൊല്ലിയതു:
2 ആധിപത്യവും ഭീമതയും അവനോടത്രേ,
തനേറ ഉയർച്ചകളിൽ സമാധാനം ഉണ്ടാകുന്നവൻ അവൻ താൻ.
3 അവനേറ വ്യൂഹങ്ങംക്ക് എണ്ണം ഉണ്ടോ?
ആരുടേ മേൽ അവനേറ വെളിച്ചം ഉദികാതു?
4 പിന്നേ ദേവനോടു മർത്യൻ നീതിമാനാവതു് എങ്ങനേ?
സ്ത്രീപെറുള്ളവൻ നിർമ്മലീഭവിപ്പതു് എങ്ങനേ?—
5 കണ്ടാലും നിലാവുപോലും കതിക്കുന്നതു് എന്നില്ല,
നക്ഷത്രങ്ങംക്ക് അവനേറ കണ്ണുകളിൽ വെടിപ്പില്ല:
6 കൃമിമയനായ മർത്ത്യൻ,
പുഴവാം മനുഷ്യപുത്രൻ പിന്നേയോ?

26. അദ്ധ്യായം

ഇയ്യോബ് ഈ ഉപദേശത്തെ നിഷ്പ്രയോജനം എന്നു തള്ളി, (5) ദൈവം ത്രിലോകത്തിൽ വിളങ്ങികുന്ന ഔന്നത്യത്തെ താനും വർണ്ണിച്ചു,

(14) തനിക്കു് എത്താത്ത രഹസ്യങ്ങൾ പലതും ഉണ്ടെന്നു് അനുസരിക്കുന്നതു.

എന്നതിന്നു് ഇയ്യോബു് ഉത്തരം ചൊല്ലിയതു:

2 ഊക്കറവനു നീ എന്തു തുണെച്ചു?
ശക്തിയില്ലാത്ത ഭുജത്തെ എങ്ങനേ രക്ഷിച്ചു?
3 ജ്ഞാനമില്ലാത്തവനു് എങ്ങനേ മന്ത്രിച്ചു,
ചൈതന്യം പെരികേ അറിയിച്ചു പോൽ!
4 ആ മൊഴികളെ ആക്കു ബോധിപ്പിച്ചു?
ആരുടേ ശ്വാസം നിന്നിൽനിന്നു പുറപ്പെട്ടു വന്നതു?
5 പ്രേതന്മാർ നടുങ്ങുന്നു,
വെള്ളങ്ങൾക്കു കീഴേ (ഉള്ളവരും) അവറിൽ വസിക്കുന്നവരും തന്നേ.
6 പാതാളം അവനുമ്പിൽ നഗ്നമത്രേ,
കേടിടത്തിന്നു മൂടിയില്ല.
7 ശൂന്യത്തിന്മീതേ അവൻ ധ്രുവനെ നീട്ടി,
ഇല്ലായ്മമേൽ ഭ്രമിയെ തൂക്കിവിടുന്നു.
8 തന്റേ മുകിലിൽ വെള്ളങ്ങളെ വരിഞ്ഞു കെട്ടി,
അവറിൻ കീഴേ മേഘം കീറാതാക്കി,
9 (തൻ) സിംഹാസനത്തിൻ കാഴ്ചയെ അടെച്ചു,
സ്വമേഘത്താൽ അതിനെ പൊതിയുന്നു;
10 വെള്ളപ്പരപ്പിന്നു് അതിർ നിയമിച്ചു,
ഇരുളോടു വെളിച്ചത്തെ തീരേ വേൎത്തിരിച്ചു;
11 വാനത്തൂണുകൾ അവൻ ശാസിക്കയാൽ,
കിടുകിടുത്തു സ്തംഭിച്ചു പോകും;
12 തൻ ഊക്കിനാൽ അവൻ കടലിനെ ഇളക്കി,
അതിന്റേ ഡംഭിനെ തൻ വിവേകത്താൽ തകൎക്കുന്നു.
13 അവന്റേ ഊത്തിനാൽ വാനം മനോഹരം തന്നേ;
വഴുതും നാഗത്തെ (3, 9) അവന്റേ കൈ കുത്തിത്തുളെക്കും.
14 കണ്ടാലും, ഇവ അവന്റേ വഴിയുടേ അറ്റങ്ങളത്രേ,
നാം കേൾക്കുന്ന വചനത്തിന്റേ ചെറു മുരൾച മാത്രം;
അവന്റേ ശൌൎയ്യത്തിന്റേ ഇടിയൊലിയെ പിന്നേ ആർ ഗ്രഹിക്കും?

27—28. അദ്ധ്യായങ്ങൾ

ചോഫർ മിണ്ടാതിരിക്കുമ്പോൾ ഇയ്യോബു് തന്റേ നിട്ടോഷത്വം ഉറപ്പിച്ചിട്ടും, (11) സത്യമുള്ള ഭാഗ്യം ദുഷ്ടൎക്കു് ഇല്ല എന്നു സമ്മതിച്ചു, (28, 1) ഭൌമങ്ങളെ ആരായ്വാൻ മനുഷ്യനു കഴിയുന്നു എങ്കിലും (12) ദിവ്യങ്ങളോടു് എത്തുവാൻ ജ്ഞാനം പോരായ്കയാൽ, (23) സമസ്തം ദൈവത്തിങ്കൽ സമർപ്പിക്കുന്ന ഭക്തി പ്രമാണം എന്നു കാട്ടി തന്നെത്താൻ പതുപ്പിച്ചതു.

ഇയ്യോബു് ആവൎത്തിച്ചു സുഭാഷിതം ഉരെച്ചു ചൊല്ലിയതു:

2 എൻ ന്യായത്തെ അകറിയ ദേവനും
എൻ ദേഹിയെ കലക്കുന്ന സൎവ്വശക്തനും ജീവനാണ,
3 എൻ ശ്വാസം അശേഷം എന്നിലും
ദേവാത്മാവു് എൻ മൂക്കിലും ഉള്ളളവും,
4 എൻ അധരങ്ങൾ അക്രമവും ചൊല്ലുയില്ല,
എൻ നാവു കപടം ചിന്തിക്കയില്ല.
5 വീർപ്പു മുട്ടുംവരേ നിങ്ങളെ നീതീകരിക്കുന്നതു് എനിക്കു ദൂരത്തായിരിക്ക,
എൻ തികവിനെ എന്നോടു് വാങ്ങിക്കളവാൻ ഞാൻ സമ്മതിക്കയില്ല.

6 എൻ നീതിയെ ഞാൻ പിടിച്ചിരിക്കുന്നു, അതിനെ വിടുകയില്ല,
എൻ നാളുകളിൽ ഒന്നിനെയും എൻ ഹൃദയം നിന്ദിക്കയില്ല.
7 എന്റെ ശത്രു ദുഷ്ടനു സമനും
എൻ മറുതല വക്രതുല്യനും ആകേണ്ടു.
8 ബാഹ്യൻ നേടിയാലും അവന് എന്തു പോൽ പ്രത്യാശ,
ദൈവം തൽദേഹിയെ എടുക്കുമ്പോഴെക്കു?
9 അവന്റെ മേൽ ഞെരിക്കം വന്നാൽ,
തൻ നിലവിളിയെ ദേവൻ കേൾക്കുമോ?
10 സർവ്വശക്തനിൽ അവൻ രസിക്കാമോ?
എല്ലാ സമയത്തും ദൈവത്തെ വിളിക്കാമോ?
11 ദേവന്റെ കൈക്കുറിച്ചു ഞാൻ നിങ്ങൾക്കു ഉപദേശിക്കാം,
സർവ്വശക്തനോടുള്ളവ മറെക്കാതേ കാട്ടാം.
12 ഇതാ നിങ്ങൾ എല്ലാവരും നോക്കി കണ്ടുവല്ലോ,
ആ മായ വിചാരത്താൽ മയങ്ങുന്നത് എന്തിന്നു?
13 ദുഷ്ടമനുഷ്യനു ദൈവത്തോടുള്ള പങ്കും
ശഠന്മാക്കു സർവ്വശക്തനോടു ലഭിക്കുന്ന അവകാശവും ആവിതു:
14 അവന്റെ മക്കൾ പെരുകിയാൽ വാളിന്നായേ,
അവന്റെ തളിരുകൾക്കു അപ്പത്തൃപ്തിയും വരാ.
15 അവന്റെ ശിഷ്ടരെ മഹാരോഗം അടക്കം ചെയ്യും,
അവന്റെ വിധവമാർ കരകയും ഇല്ല.
16 വെള്ളിയെ പൂഴി പോലേ ശേഖരിച്ചാലും,
മണ്ണു പോലേ ഉടുപ്പു സമ്പാദിച്ചാലും:
17 സമ്പാദിക്കട്ടേ! അതു നീതിമാൻ ഉടുക്കും,
നിർദ്ദോഷൻ വെള്ളിയെ പകുതി ചെയ്യും താനും.
18 അവൻ പാറ പോലേ ഭവനം പണിയുന്നു,
കാവല്ക്കാരൻ കെട്ടിയ ചാളയോട് ഒക്കും.
19 ധനവാനായി കിടക്കുന്നു, ചേർക്കപ്പെടുകയില്ല താനും,
അവൻ കണ്ണുകളെ തുറക്കുമ്പോൾ ഇല്ലാതെയായി.
20 പെരുവെള്ളം പോലേ ത്രാസങ്ങൾ അവനോട് എത്തുന്നു,
രാത്രിയിൽ ചുഴലിക്കാറ്റ് അവനെ കട്ടെടുക്കുന്നു.
21 കിഴക്കൻകാറ്റ് അവനെ പൊന്തിച്ചു പോയ്പോവാറാക്കി,
അവനെ സ്വസ്ഥാനത്തിൽനിന്നു പാറി കളയുന്നു.
22 (ദൈവം) ആദരിയാതേ അവനിൽ തട്ടിക്കുന്നു,
അവന്റെ കൈയിൽനിന്നു മണ്ടി പോകേയുള്ളു.
23 (കണ്ടവർ) അവന്മേൽ കൈകൊട്ടി,
അവൻ ഇരുന്നതിൽനിന്ന് അവനെ ചീറി ആട്ടുകയും ചെയ്യും.

28,1 പിന്നേ വെള്ളിക്ക് വിളയിടം ഉണ്ടു,
ഉരുക്കുന്ന സ്ഥലം പൊന്നിന്നുമല്ലോ;
2 മണ്ണിൽനിന്ന് ഇരിമ്പിനെ എടുക്കുന്നു,
കല്ലു വാർത്തു ചെമ്പാക്കുന്നു.
3 (മനുഷ്യൻ) ഇരുട്ടിന്ന് അതിർ ഇട്ടു,
തമസ്സും മരണനിഴലും ഉള്ള കല്ലുകളെ
ആവോളം സൂക്ഷ്മത്തിൽ ആരായുന്നു.
4 വഴിപോക്കരോട് അകലേ അവർ (ആഴത്തിൽ) തോട്ടു തോണ്ടി,
കാൽ ഇടാതേ മറക്കപ്പെട്ടവരായി ഞേന്നു,
മർത്യൻ കാണാതേ തൂങ്ങുന്നു.

5 ഭൂമിയാകട്ടേ (മീത്തൽ) ആഹാരം പുറപ്പെടുവിക്കുന്നു,
താഴേ തീയാൽ എന്ന പോലേ കീഴ്‌മേലായി മറിയുന്നു.
6 അതിൻ പാറകളം തന്നേ നീലക്കല്ലിന്നു് ഇടം,
കനകപ്പൊടികളം അതിനു് ഉണ്ടു.
7 (അതിലേക്കു) പാതയെ കഴുകു് അറിയാ,
ഞാരക്കണ്ണു് അതിൻ ഒറു കാണാതു.
8 ഞെളിവേറും വൻമൃഗങ്ങളം അതിൽ നടകൊള്ളുന്നില്ല,
കേസരി അങ്ങു് എഴുന്നെള്ളുന്നില്ല.
9 വെങ്കല്ലിൽ (ആം) കൈയിടുന്നു,
വേരോടേ മലകളെ പിരികുന്നു.
10 പാറകളുടേ വെള്ളച്ചാലുകളെ വെട്ടുന്നു,
ബഹുമൂല്യമായതു് എല്ലാം അവന്റേറ കണ്ണു കാണുന്നു.
11 നദികളം ചോരാതവണ്ണം അവൻ അടെച്ചു കെട്ടി,
ഗൂഢനിധികളെ വെളിച്ചത്തു പുറപ്പെടുവിക്കുന്നു.—
12 ജ്ഞാനം എന്നതോ എവിടേ കണ്ടെത്തപ്പെടും?
വിവേകത്തിന്നു് എന്തു പോൽ സ്ഥലം ഉള്ളതു?
13 അതിൻ വിലയെ മർത്യൻ അറിയാ,
ജീവികളുടേ ദേശത്തിൽ അതു കണ്ടെത്തപ്പെടുന്നതല്ല.
14 എന്നിൽ അതു് ഇല്ല എന്നു് ആഴി പറയുന്നു,
എന്നോടില്ല എന്നു കടലും ചൊല്ലുന്നു.
15 സ്വർണ്ണം അതിന്നു പകരം കൊടുക്കപ്പെടാതു,
വെള്ളി അതിൻ വിലയായി തൂക്കപ്പെടാതു.
16 ഓഫീർ തങ്കത്താലും
വിലയേറിയ ഗോമേദകനീലക്കല്ലുകളാലും അതിൻ തൂക്കം സാറിയാകയി
17 പൊന്നും കണ്ണാടിയും അതിനോടു സമമായി മതിക്കയില്ല, [ല്ല.
കനകപാത്രം അതിന്നു് ഈടാകയില്ല.
18 പവിഴവും പളുങ്കും ഒപ്പിക്കേണ്ടാ,
ജ്ഞാനത്തിൻ ഉടമ മുത്തുകളിൽ ഏറും.
19 കൂശിലേ പുഷ്പരാഗം അതിനോടു തുല്യമായു്ത്തോന്നുകയില്ല,
ശുദ്ധ തങ്കം കൊണ്ടും അതു തൂക്കപ്പെടാതു.
20 പിന്നേ ജ്ഞാനം എന്നതു് എവിടേനിന്നു വരുന്നു?
വിവേകത്തിന്നു് എന്തു പോൽ സ്ഥലം ഉള്ളതു (12)?
21 സകല ജീവന്റേറ കണ്ണിന്നും അതു മറെക്കപ്പെട്ടതു,
വാനത്തിലേ പക്ഷികൾക്കും ഗുപ്തമത്രേ.
22 കേടിടവും മരണവും പറയുന്നിതു:
അതിൻ കേൾവിയെ ഞങ്ങൾ ചെവികളാൽ കേട്ടു, എന്നത്രേ.
23 ദൈവമേ അതിൻ വഴിയെ ബോധിക്കുന്നുള്ളു,
അതിൻ സ്ഥലത്തെ താൻ അറിയുന്നു.
24 ഭൂമിയുടേ അറ്റങ്ങളോളം താൻ നോക്കുന്നു,
വാനത്തിങ്കീഴേ ഉള്ളതെല്ലാം കാണുന്നു.
25 അവൻ കാറ്റിന്നു ത്രാസ്സു് ഉണ്ടാക്കി,
അളവിനാൽ വെള്ളങ്ങളെ നിദാനിക്കുമ്പോഴും,
26 മഴെക്കു വെപ്പു സ്ഥാപിച്ചു,
മുഴക്കമാന്ന ഇടിയസ്ത്രത്തിന്നു വഴി ആക്കുമ്പോഴും,
27 അന്നു് അതിനെ അവൻ കണ്ടു വർണ്ണിച്ചു,
അതിനെ സ്ഥാപിച്ചു തീരേ ആരാഞ്ഞു കണ്ടു,
28 മനുഷ്യനോടു പറഞ്ഞിതു: കണ്ടാലും, കർത്താവിൻ ഭയമേ ജ്ഞാനം,
തിന്മ വിട്ടു മാറുന്നതേ വിവേകം, എന്നു തന്നേ.

29–31:

ഇയ്യോബ് സ്നേഹിതരെ വിട്ടു ദൈവത്തെ അഭയം പ്രാപിച്ചു തുടങ്ങിയതു

29. അദ്ധ്യായം

വിവാദം തീൎന്ന ശേഷം ഇയ്യോബ് അലിഞ്ഞു കൊണ്ടു മുമ്പേ അനുഭവിച്ച ഭാഗ്യവും, (12) സാധുരക്ഷണനീതിയും, (21) അതിനാൽ സാധിച്ച ബഹുമാനവും വൎണ്ണിച്ചു, (30, 1) ഇപ്പോൾ അകപ്പെട്ട ലോകനിന്ദ, (12) കഷ്ടാധിക്യം, (21) ആശാഭംഗം മുതലായ സങ്കടാവസ്ഥയെ ഓൎത്തു, (31, 1) രാഗാദിമോഹം, (13) സാഹസം, (24) ലോഭം ഭ്രുതസേവ തുടങ്ങിയുള്ള രഹസ്യപാപങ്ങളെയും വൎജ്ജിച്ചവനാകയാൽ, (35) ദേവന്യായത്തെ അപേക്ഷിച്ചതു.

ഇയ്യോബ് ആവൎത്തിച്ചു സുഭാഷിതം ഉരെച്ചു ചൊല്ലിയതു:

2 പണ്ടെ മാസങ്ങളിൽ എന്ന പോലേ,
ദൈവം എന്നെ കാക്കുന്ന നാളുകളെ പോലേ ഞാൻ ആയാൽ കൊള്ളാം!
3 അവന്റെ വിളക്ക് എൻ തലമേൽ മിന്നിയിരിക്കേ,
അവന്റെ വെളിച്ചത്താൽ ഞാൻ ഇരുളിടേ ചെല്ലുമ്പോൾ,
4 എൻ ഫലകാലത്തിൻ നാളുകളിൽ ഉള്ള പ്രകാരം തന്നേ!
അന്നു ദൈവത്തിന്റെ രഹസ്യ(പരിചയം)എന്റെ കൂടാരത്തിന്മേൽ ആയി.
5 സൎവ്വശക്തൻ എന്റെ അരികത്തും
എൻ ബാലർ എന്റെ ചുറ്റും നിന്നിരിക്കേ,
6 എൻ അടികൾ തയിരിൽ കുളിക്കേ,
പാറ എന്റെ വക്കൽ നെയ്പ്പുഴകളെ ഒഴുക്കുമ്പോൾ തന്നേ.
7 ഞാൻ നഗരത്തേക്കു വാതിലൂടേ ചെന്നാലും,
തെരുവിൽ ഇരിക്കുന്നതിൽ ഇരുന്നുകൊണ്ടാലും,
8 ബാല്യക്കാർ എന്നെ കണ്ടു് അടി വാങ്ങുകയും,
നരയർ എഴുനീറു നില്ക്കയും,
9 പ്രഭുക്കൾ മൊഴികളെ മതിയാക്കി
കൈ കൊണ്ടു വായി പൊത്തുകയും,
10 ഉദാരന്മാരുടേ ശബ്ദം പതുങ്ങുകയും
അവരുടേ നാവ് അണ്ണാക്കിനോടു പറ്റുകയും ചെയ്യും.
11 (എന്നെ) കേട്ട ചെവി (എല്ലാം) എന്നോടു ധന്യവാദം തുടങ്ങി,
കണ്ട കണ്ണും എനിക്കു സാക്ഷീകരിച്ചു സത്യം.
12 കാരണം എളിയവൻ കൂക്കിയാൽ ഞാൻ വിടുവിക്കും,
തുണയില്ലാത്ത അനാഥനെ (തുണെക്കും).
13 കെടുന്നവന്റെ അനുഗ്രഹം എന്മേൽ വരും,
വിധവയുടേ ഹൃദയത്തെ ഞാൻ ആൎപ്പിക്കും.
14 ഞാൻ നീതി പൂണ്ടിരുന്നു, അതു് എനിക്ക് അണിയായി,
എൻ ന്യായം പുതെപ്പും തലപ്പാവും എന്നതിന്നു് ഒക്കും.
15 കുരുടനു ഞാൻ കണ്ണുകളും
മുടന്തനു കാലുകളും ആയി;
16 ദരിദ്രൎക്കു ഞാനേ അപ്പൻ,
അറിയാത്തവരുടേ വ്യവഹാരത്തെ ഞാൻ ആരാഞ്ഞു;

17 അക്രമക്കാരന്റെ എകിറുകളെ തകൎത്തു,
കവർച്ചയെ അവന്റെ പല്ലുകളിൽനിന്നു പറിച്ചെടുക്കും.
18 അന്നു ഞാൻ പറഞ്ഞിതു: എന്റെ കൂടിനോടത്രേ ഞാൻ വീർപ്പുമുട്ടിപ്പോകും,
മണലോളം നാളുകളെ പെരുക്കും;
19 എൻ വേർ വെള്ളത്തിന്നു തുറന്നും,
എൻ കൊമ്പുകളിൽ മഞ്ഞു രാപാർക്കയും,
20 എൻ തേജസ്സ് എന്നോടു (നിത്യം) പുതുക്കയും,
എൻ കയ്യിലേ വില്ലു തഴെക്കയും ചെയ്യും എന്നു തന്നേ.
21 അവർ എന്നെ കേട്ടു കാത്തിരുന്നു,
എൻ മന്ത്രണത്തെ കുറിക്കൊണ്ടടങ്ങി;
22 എൻ വാക്കിന്റെ ശേഷം അവർ ആവൎത്തിക്കയില്ല,
എൻ മൊഴി അവരുടേ മേൽ പൊഴിഞ്ഞു.
23 മഴപോലേ എനിക്കു കാത്തും
പിന്മഴെക്കാംപോലേ വായ്പിളൎന്നും നിന്നു.
24 വിശ്വസിക്കാത്തവരോടു ഞാൻ ചിരിക്കുട്ടും,
എൻ മുഖത്തിലേ വെളിച്ചം അവർ മങ്ങിക്കയും ഇല്ല.
25 അവരുടേ വഴിയെ തെരിഞ്ഞെടുത്താൽ ഞാൻ തലയായിരുന്നു,
കൂട്ടത്തിൽ രാജാവെ പോലേ വസിച്ചിട്ടു,
ഖേദിക്കുന്നവരെ ആശ്വസിപ്പിച്ച കൊള്ളാംപോലേ ആയി.

30. അദ്ധ്യായം

1 ഇപ്പോഴോ എന്നിൽ പ്രായം കുറഞ്ഞവർ എന്നെ കൊണ്ടു ചിരിക്കുന്നു,
ആയവരുടേ അപ്പന്മാരെ എൻ ആട്ടനായ്ക്കളോടു ഉപമിപ്പാൻ ഞാൻ നി
2 അവരുടേ കൈയ്യുക്കും എനിക്കു് ഏതിന്നും ആകാ, [രസിച്ചു.
അവർ മൂപ്പു കെട്ടുപോകുന്ന കൂട്ടർ.
3 ബുദ്ധിമുട്ടും ക്ഷുത്തും കൊണ്ടു് അവർ വാടി,
പണ്ടു ശൂന്യവും തരിശ്രുമായി കിടന്ന വരണ്ട ദിക്കിൽ കടിച്ചു ചവെച്ചു.
4 പടർപ്പുകളിൽ തുവട്ടി പറിച്ചു
കരിവേലവേരുകളും കൊണ്ടു് ഉപജീവിക്കുന്നു.
5 കൂട്ടത്തിൽനിന്നു് അവരെ ആട്ടി
കള്ളരോടു് എന്ന പോലേ അവരുടേ നേരേ ആർക്കുമാറുണ്ടു.
6 കൊടു താഴ്വരകളിലും
മൺകുഴി പാറഗ്രഹകളിലും അവർ വസിക്കേണം.
7 അങ്ങു പടർപ്പുകളിൽ നിന്നു് അവർ ഞരങ്ങി
തുവക്കീഴിൽ ചേർന്നു കൂടും;
8 മൂഢമക്കളും പേരില്ലാത്ത കൂട്ടരുമായി
ദേശത്തിൽനിന്നു് ആട്ടിത്തള്ളപ്പെട്ടവർ.
9 ഇവർക്കു ഞാൻ പാട്ടായി,
സംസാരന്യായമായി ചമഞ്ഞു!
10 അവർ എന്നെ അറെച്ചു് എന്നോടു് അകലുന്നു,
എന്റെ മുമ്പിൽ ഉമിനീരെ അടക്കുന്നില്ല.
11 എന്നെ താഴ്ത്തുവാൻ അവനവൻ ലഗാനെ അഴെച്ചു
എന്റെ സമക്ഷത്തു തന്നേ കടിഞ്ഞാണെ വിട്ടുകളയുന്നു.
12 വലത്തോ വല്ലാത്ത കൂട്ടം എഴുനീറു് എൻ കാലുകളെ ഉന്തി
ആപത്തിൻ മാർഗ്ഗങ്ങളെ എന്റെ നേരേ നിരത്തുന്നു.
13 സഹായി ഒട്ടും ഇല്ലാതേ എൻ ഞെറിയെ മറിച്ചു
എൻ അധഃപതനത്തിന്നു വട്ടം കൂട്ടുന്നു.

14 (മതിൽ) നീളേ ഇടിയുമ്പോലേ അവർ എത്തി
പൊട്ടപൊടപ്പൊട്ടുകേ തള്ളിയുരുണ്ടു വരുന്നു;
15 ത്രാസങ്ങൾ എന്നെക്കൊള്ളേ തിരിഞ്ഞു,
വങ്കാറ്റു പോലേ എൻ അധികാരത്തെ ആട്ടിക്കളഞ്ഞു.
എന്റേ ഭാഗ്യം മുകിൽ കണക്കേ കഴിഞ്ഞു പോയി.
16 ഇപ്പോൾ എൻ ആത്മാവ് എന്നകത്തു വാൻ പോകുന്നു,
എൻ താഴ്ചയുടേ നാളുകൾ എന്നെ പിടിപെട്ടു.
17 എൻ അസ്ഥിയെ രാത്രി തന്നേ കുത്തി അഴിക്കുന്നു,
എന്നെ ചവെക്കുന്ന കൂട്ടം ഉറങ്ങുന്നില്ല.
18 ഊക്കിൻ ആധിക്യത്താൽ എൻ ഉടുപ്പു അറിയാതവാറായി,
കുപ്പായത്തിന്റേ വായി പോലേ എൻ നടുവിനെ ചുറ്റുന്നു.
19 അവൻ എന്നെ ചേറ്റിൽ എറിഞ്ഞു,
ഞാൻ പൊടിയോടും ചാരത്തോടും ഒത്തു ചമഞ്ഞു.
20 നിങ്കലേക്കു ഞാൻ കൂക്കുന്നു, നീ ഉത്തരം അരുളുന്നതും ഇല്ല;
ഞാൻ ഇതാ നില്ക്കുന്നു, നീ എന്നെ കൂട്ടാക്കുന്നതും ഇല്ല.
21 നീ എനിക്കു ക്രൂരനായ്ത്തീരിഞ്ഞു
തൃക്കൈയുടേ ഉരം കൊണ്ട് എന്നെ ദ്വേഷിക്കുന്നു.
22 നീ എന്നെ പൊന്തിച്ചു കാറ്റിലേക്കു തെളിച്ചു
എനിക്ക് രക്ഷ എല്ലാം ഉരുകുമാറാക്കുന്നു.
23 മരണത്തേക്കും സകല ജീവികൾക്കും സങ്കേതസ്ഥാനമായതിലേക്കും
നീ എന്നെ നടത്തുന്നു എന്നറിയാമല്ലോ.
24 എങ്കിലും വീണാൽ കൈ നീട്ടുമല്ലോ,
അനർത്ഥത്തിൽ അകപ്പെട്ടാൽ ആർത്തനാദം ഇല്ലയോ?
25 ഞാനോ ഉഴ്ടിനക്കാരനെ കുറിച്ചു കരഞ്ഞു
ദരിദ്രർ മനസ്സ് അലിഞ്ഞു സത്യം.
26 എന്നതിനാൽ നന്മെക്കു കാത്തിരുന്നു, തിന്മ വന്നു താനും,
വെളിച്ചത്തെ പാർത്തിരുന്നു, തമസ്സ് എത്തുകയും ചെയ്തു.
27 എന്റേ കുടലുകൾ അമരാതേ തിളെച്ചു
താഴ്ചയുടേ നാളുകൾ എന്നെ മുമ്പിട്ടു.
28 ഞാൻ കറുത്തു നടക്കുന്നു, വെയിൽ കൊണ്ടല്ല താനും,
ജനസഭയിൽ ആർത്തനാദത്തോടേ എഴുനീല്ക്കുന്നു.
29 കുറുക്കന്മാർക്കു ഞാൻ സഹോദരനും
തീവിഴുങ്ങികൾക്കു ചങ്ങാതിയും ആയ്ചമഞ്ഞു.
30 എന്നിൽനിന്നു തോൽ മുളിഞ്ഞു പോയി,
എന്റേ അസ്ഥികൾ കുമ്പൽ കൊണ്ട് കരിഞ്ഞു.
31 എന്റേ വീണ തൊഴിപ്പാനും
എൻ കുഴൽ കരയുന്ന ശബ്ദവും ആയി പോയി.

31. അദ്ധ്യായം

1 എൻ കണ്ണുകളോടു ഞാൻ നിയമത്തെ ചെയ്തിരുന്നു:
കന്യകയെ ഞാൻ എങ്ങിനേ നോക്കു?
2 എങ്കിലും ഉയരത്തിൽനിന്ന് എനിക്കു ദൈവപങ്കും
ഊർദ്ധങ്ങളിൽനിന്ന് സർവ്വശക്തനാൽ അവകാശവും ആയതു എന്തു?
3 ആപത്ത് അക്രമക്കാരനല്ലോ ഉള്ളതു,
അകൃത്യം പ്രവൃത്തിക്കുന്നവർക്ക് അനർത്ഥമല്ലയോ?
4 പിന്നേ എൻ വഴികളെ ദൈവം കാൺകയും
എന്റേ എല്ലാ നടകളെ എണ്ണുകയും ഇല്ലയോ?

5 ഞാൻ മായയിൽ പെരുമാറി
എൻ കാൽ ചതിയിലേക്കു വിരഞ്ഞു എങ്കിലോ,
6 നീതിയുള്ള ത്രാസ്സിൽ അവൻ എന്നെ തൂക്കട്ടേ!
ദൈവം എൻ തികവിനെ അറികയുമാം.
7 എന്റെ അടി വഴിയിൽനിന്നു നീങ്ങി
എൻ ഹൃദയം ഈ കണ്ണുകൾക്കു പിന്നേ നടന്നു എൻ കൈകളിൽ കറ പറ്റി
8 ഞാൻ വിതെച്ചതു മറ്റൊരുവൻ തിന്നട്ടേ! [എങ്കിലോ,
എൻ തളിരുകൾ വേരോടെ പൊരിഞ്ഞു പോക!
9 എൻ ഹൃദയം സ്ത്രീയിൽ മയങ്ങീട്ടു
ഞാൻ സഖിയുടെ ഉമ്മരത്തു പതിയിരുന്നു എങ്കിൽ,
10 എന്റെ ഭാര്യ മറ്റൊരുവനായി അരെക്കയും
മറ്റവർ അവൾക്കു മേൽ കുനികയും ആവു!
11 കാരണം അതു പാതകം തന്നേ,
നടുക്കുട്ടത്തിന്നുള്ള കുറ്റം;
12 എന്റെ വരവിനെ ഒക്കയും പൊരിച്ചു,
കേടിടം വരേയും തിന്നുന്നൊരു തീയായിരിക്കും.
13 എന്റെ ദാസനോ ദാസിയോ എന്നോടു വ്യവഹരിച്ചാൽ
അവരുടെ ന്യായത്തെ നിരസിച്ചു എങ്കിൽ,
14 ദേവൻ എഴുനീല്ക്കുമ്പോൾ ഞാൻ എന്തു ചെയ്‌വു?
അവൻ സന്ദർശിക്കുമ്പോൾ എന്ത് ഉത്തരം ചൊല്‌വു?
15 എന്നെ ഉണ്ടാക്കിയവൻ ഉദരത്തിൽ അവനെയും ഉണ്ടാക്കി,
നമ്മെ ഗർഭപാത്രത്തിൽ നിർമ്മിച്ചത് ഒരുവനല്ലയോ?—
16 എളിയവരുടെ ആഗ്രഹത്തെ ഞാൻ മുടക്കി
വിധവയുടെ കണ്ണിനെ മാഴ്കിച്ചു,
17 എൻ കഷ്ണത്തെ ഞാൻ തനിയേ തിന്നു
അനാഥൻ അതിൽനിന്നു തിന്നാതിരുന്നു എങ്കിൽ;
18 ബാല്യം മുതൽ ഞാൻ അപ്പനെ പോലേ ഇവനെ വളൎത്തി
അമ്മയുടെ ഉദരം മുതൽ അവളെ ഞാൻ നടത്തിവന്നുവല്ലോ.
19 കെടുന്നവനെ നിവ്വസ്ത്രനായും
ദരിദ്രനെ പുതെപ്പില്ലാതേയും കണ്ടാൽ,
20 അവന്റെ അരകം എന്നെ അനുഗ്രഹിച്ചില്ല എങ്കിൽ,
എൻ കുഞ്ഞാടുകളുടെ രോമത്താൽ അവനു ചൂടു പിടിച്ചില്ല എങ്കിൽ,
21 നഗരവാതുക്കൽ എനിക്കു സഹായം കണ്ടതിനാൽ
അനാഥന്റെ മേൽ ഞാൻ കൈ ഓങ്ങി എങ്കിൽ,
22 പിരടിയിൽനിന്നു എൻ തോൾ വീഴുക!
എൻ ഭുജം കുഴലെല്ലിൽനിന്നു ഒടിഞ്ഞുപോക!
23 അതേ, ദിവ്യമായ ആപത്തു എനിക്കു പേടി തന്നേ;
അവന്റെ ഉന്നതിയോടു എനിക്കു ഓരാവതും ഇല്ലല്ലോ.
24 ഞാൻ സ്വൎണ്ണത്തെ എൻ പ്രത്യാശയാക്കി,
തങ്കത്തോടു: നീയേ എൻ ആശ്രയം എന്നു പറഞ്ഞു എങ്കിലോ,
25 എന്റെ മുതൽ പെരുകി
കൈക്കൽ ചേരുന്നതു വൎദ്ധിക്കയാൽ ഞാൻ സന്തോഷിച്ചു എങ്കിൽ;
26 വെയിൽ ഉജ്ജ്വലിക്കയാലും
ചന്ദ്രൻ ചന്തത്തിൽ ഗമിക്കയാലും ഞാൻ ഇവ നോക്കി,
27 ഹൃദയം ഗൂഢമായി മയങ്ങി
എന്റെ വായി കൈയെ ചുംബിച്ചു എങ്കിൽ,
28 മീത്തലേ ദേവനെ നിഷേധിക്കുന്നതാകയാൽ
അതു നടുക്കുട്ടത്തിന്നുള്ള കുറ്റം!

29 എന്റെ പകയരുടേ അധഃപതനത്താൽ സന്തോഷിച്ചു,
തിന്മ അവനു തട്ടുകയാൽ ഞാൻ ഞെളിഞ്ഞു എങ്കിൽ;
30 ഞാനോ അവന്റെ പ്രാണനെ ശപിച്ചു. ചോദിക്കുന്ന പാപത്തെ
എന്റെ അണ്ണാക്കിനു സമ്മതിച്ചതും ഇല്ല.
31 എന്റെ കൂടാരത്തിലേ ജനങ്ങൾ:
ഇവന്റെ മാംസത്താൽ തൃപ്തിവരാതേ ഒരുത്തൻ പോലും ഇല്ല എന്നു പറ
32 വഴിപോക്കൻ തെരുവിൽ രാപാർക്കയില്ല, [യുമാറില്ലയോ?
പാന്ഥൻ എൻ വാതിലിനെ ഞാൻ തുറക്കും.
33 മാനുഷപ്രകാരം എൻ കുറ്റത്തെ മടിയിൽ മറെച്ചു
എൻ ദ്രോഹത്തെ ഞാൻ മൂടി എന്നോ?
34 വലിയ പുരുഷാരത്തിനു ഞാൻ അഞ്ചുകയും
വംശങ്ങളുടേ ധിക്കാരം എന്നെ മിരട്ടുകയും
ഞാൻ വാതിലൂടേ പുറപ്പെടാതേ അടങ്ങി പാർക്കയും ചെയ്തു എന്നോ?
35 അല്ലയോ എന്നെ ചെവികൊള്ളുന്നവൻ ഉണ്ടായ്തുൽ കൊള്ളാം!
ഇതാ എന്റെ ഒപ്പു! സർവ്വശക്തൻ എനിക്ക് ഉത്തരം അരുളുക!
എന്റെ വാദി എഴുതിയ ഏടു (കാണിച്ചാലും)!
36 ആയതിനെ ഞാൻ ചുമലിൽ എടുത്തു
മുടി പോലേ അണിഞ്ഞുകൊള്ളുകയും,
37 എന്റെ നടകളുടേ എണ്ണം അവനോടു വിവരിക്കയും
മഹാത്മാവായിട്ട് തന്നേ അവനോടു സമീപിക്കയും ചെയ്യാം നിശ്ചയം!
38 എന്റെ നിലം എന്നെ കൊള്ളേ മുറവിളി തുടങ്ങി
അതിൻ ചാലുകൾ ഒക്കത്തക്ക എന്നെ ചൊല്ലി കരഞ്ഞു എങ്കിൽ,
39 അതിൻ സാരത്തെ ഞാൻ ദ്രവ്യം കൊടാതേ ഭക്ഷിച്ചു
അതിന്നുടയവർക്കു ദീർഘനിശ്വാസം വരുത്തി എങ്കിൽ,
40 കോതമ്പല്ല, മുള്ളും
യവത്തിനു പകരം പീനാറിയും എനിക്കു വിളഞ്ഞു വരികയാവു!

ഇയ്യോബിൻ വാക്യങ്ങൾ സമാപ്തം.

32–37
എലീഹുവിന്റെ പ്രസംഗങ്ങൾ നാലും

32. 33 അദ്ധ്യായങ്ങൾ

എലീഹു എന്ന വയസ്സു കുറഞ്ഞ സ്നേഹിതൻ (6) ദേവാത്മസഹായത്താൽ ഉരെപ്പാൻ തുനിഞ്ഞു, (11) സ്നേഹിതന്മാരെ ആക്ഷേപിച്ചു (29) പക്ഷപാതം എന്നിയേ ചൊല്വാൻ നേൎന്ന ശേഷം, (33, 1) ഇയ്യോബിനെ ധൈൎയ്യപ്പെടുത്തി, (9) ദൈവത്തിൽ ശത്രുത്വം ആരോപിച്ചതിനെ ശാസിച്ചു, (13) ദേവശിക്ഷ നാശത്തിന്നല്ല രക്ഷെക്കായത്രേ (31) എന്നു ഓൎപ്പിച്ചതു.

1 ഇങ്ങനേ അവൻ തനിക്കു നീതിമാൻ എന്നു തോന്നിപോകയാൽ ആ പുരു
ഷന്മാർ മൂവരും ഇയ്യോബിനോടു ഉത്തരം ചൊല്ലുന്നതു മതിയാക്കിയ
2 പ്പോൾ, റാം ഗോത്രത്തിൽ ബൂജ്യനായ ബരകേലിൻ പുത്രൻ എലീഹു
എന്നവന്റെ കോപം ഇയ്യോബിന്റെ നേരേ ജ്വലിച്ചതു് അവൻ ദേവ
3 നുമ്പിൽ തന്നെത്താൻ നീതീകരിക്കയാൽ തന്നേ. അവന്റെ മൂന്നു സ്നേഹി
തന്മാരിലും തൻ കോപം ജ്വലിച്ചതു അവർ പ്രത്യുത്തരം കാണാഞ്ഞിട്ടും

4 ഇയ്യോബിനെ ദുഷ്പീകരിക്കയാൽ തന്നേ. എന്നാറേ എലീഹു മറേറവർ പ്രാ
യം ഏറേയുള്ള കീഴവന്മാരെന്നു വിചാരിച്ചു ഇയ്യോബിൻ വാക്യങ്ങൾ തീ
5 രുവോളം കാത്തിരുന്നു; പിന്നേ മൂന്നു പുരുഷന്മാരുടേ വായിലും ഓര് ഉത്ത
രവും ഇല്ല എന്നു കണ്ടപ്പോൾ എലീഹുവിൻ കോപം ജ്വലിച്ചു. ബൂജ്യനാ
6 യ ബരകേലിൻ പുത്രൻ എലീഹു ഉത്തരം ചൊല്ലിയതു:

ഞാൻ നാളുകൾ കുറഞ്ഞവനും നിങ്ങൾ നരയരും ആകയാൽ
ഞാൻ ശങ്കിച്ചു എൻ അറിവിനെ നിങ്ങളോടു വചിപ്പാൻ ഭയപ്പെട്ടു.
7 നാളുകൾ ഉരെക്കട്ടേ!
ആണ്ടുകളേ പെരിപ്പും ജ്ഞാനത്തെ അറിയിക്കട്ടേ! എന്നു ഞാൻ വെച്ചിരുന്നു.
8 എങ്കിലും ഏവക്കും വിവേകം കൊടുക്കുന്നതു മർത്യനിലുള്ള ആത്മാവും
സർവ്വശക്തന്റേ ശ്വാസവും അത്രേ;
9 വയസ്സന്മാർ ജ്ഞാനികളാകുന്നതും
കീഴവന്മാർ ന്യായം ബോധിക്കുന്നതും ഇല്ല പോൽ.
10 എന്നതു കൊണ്ടു എന്നെ കേൾക്ക,
എൻ അറിവിനെ ഞാനും വചിക്കും എന്നു ഞാൻ പറയുന്നു.
11 നിങ്ങളുടേ വാക്കുകൾക്കു് ഇതാ ഞാൻ പാർത്തിരുന്നു,
മൊഴികളെ നിങ്ങൾ ആരായുവോളം
ജ്ഞാനോക്തികൾ (പൊഴിയുന്നതു) ചെവികൊണ്ടു നിന്നു.
12 ഞാൻ ഉറ്റു നിങ്ങളെ കുറിക്കൊണ്ടു;
അല്ലയോ കണ്ടാലും! ഇയ്യോബിന്നു ബോധം വരുത്തുന്നവനോ
ചൊല്ലുകൾക്കു് ഉത്തരം കൊടുക്കുന്നവനോ നിങ്ങളിൽ ഇല്ല.
13 എന്നിട്ടു:ഞങ്ങൾ ജ്ഞാനത്തെ കണ്ടെത്തി!
പുരുഷനല്ല, ദേവനേ അവനെ വെല്ലുകയുള്ളു!
എന്നു നിങ്ങൾ പറവാൻ സംഗതി ഇല്ല;
14 എന്നോടല്ല അവൻ മൊഴികളെ നിരത്തി പ്രയോഗിച്ചതു,
അങ്ങേ ചൊല്ലുകളെക്കൊണ്ടുമല്ല ഞാൻ അവനു് എതിർപറയും.—
15 അവർ ക്ലശി ഇനി ഉത്തരം അരുളുന്നില്ല,
മൊഴികൾ അവരെ വിട്ടു യാത്രയായി.
16 അവർ മിണ്ടാതേ ഉത്തരം ഒന്നും എന്നി നില്ക്കയാൽ
ഞാൻ പാർത്തിരിക്കയോ?
17 അല്ല, എൻ പക്ഷത്തെ ഞാനും ഉത്തരം ചൊല്ലും,
എൻ അറിവിനെ ഞാനും വചിക്കും.
18 കാരണം ഞാൻ മൊഴികളാൽ നിറഞ്ഞു,
എൻ ഉള്ളിലേ ആത്മാവു് എന്നെ തികുന്നു;
19 എൻ ഉള്ളു് ഇതാ തുറക്കാത്ത വീഞ്ഞിന്നു് ഒക്കും,
പുതിയ തോൽത്തുരുത്തി പോലേ അതു പൊട്ടുമാറാകുന്നു.
20 ശ്വാസമുട്ടു തീർപ്പാൻ ഞാൻ മിണ്ടും,
അധരങ്ങൾ തുറന്നു് ഉത്തരം നല്കും,
21 ആരുടേ മുഖപക്ഷം ഞാൻ എടുക്കയും ഇല്ല,
ഒരു മനുഷ്യനോടും മുഖസ്തുതി പ്രയോഗിക്കയും ഇല്ല.
22 മുഖസ്തുതി ഞാൻ ശീലിച്ചിട്ടില്ല സത്യം;
എന്നെ ഉണ്ടാക്കിയവൻ ക്ഷണത്തിൽ എന്നെ എടുത്തുകളയുമാറുണ്ടല്ലോ.

33. അദ്ധ്യായം

1 എങ്കിലോ, ഇയ്യോബേ, എന്മൊഴികളെ കേട്ടു
എന്റെ സകല വാക്കുകളെയും ചെവികൊണ്ടാലും!

2 ഞാൻ ഇതാ എൻ വായി തുറന്നു,
എൻ അണ്ണാക്കിലേ നാവുരെക്കുന്നിതു.
3 എൻ ഹൃദയത്തിലുള്ള പരമാർത്ഥം തന്നേ എൻറെ ചൊല്ലുകയും,
എൻ അധരങ്ങൾ അറിയുമ്പോലേ വെടിപ്പായി മൊഴിയുന്നു.
4 ദേവാത്മാവ് എന്നെ ഉണ്ടാക്കി,
സർവ്വശക്തൻറെ ശ്വാസം എന്നെ ഉയിർപ്പിച്ചു.
5 കഴിവുണ്ടെങ്കിൽ എന്നെ മടക്കുക!
എൻറെ നേരേ കോപ്പിടുക, നിലനിന്നു കൊൾക!
6 കണ്ടാലും നിണക്കൊത്തവണ്ണം ഞാനും ദേവനുള്ളവൻ,
ഞാനും മണ്ണിൽനിന്നു മനിയപ്പെട്ടു.
7 എൻറെ ഭീഷണി കണ്ടാലും നിന്നെ അരട്ടുകയില്ല,
എൻറെ ഗൌരവം നിൻറെ മേൽ കനക്കയും ഇല്ല.
8 എൻ ചെവികളിൽ നീയോ പറഞ്ഞു,
മൊഴിശബ്ദം ഞാൻ കേട്ടിതു:
9 ഞാൻ നിർമ്മലൻ, ദ്രോഹമില്ലാത്തവൻ,
തുമയുള്ളവൻ തന്നേ, അകൃത്യം എന്നിൽ ഇല്ല.
10 അവൻ ഇതാ എന്നോടു വക്കാണങ്ങൾ കണ്ടു പിടിക്കുന്നു,
എന്നെ തനിക്കു ശത്രു എന്നു് എണ്ണുന്നു (13, 14);
11 എൻ കാലുകളെ തോളത്തിൽ ഇട്ടു,
എൻറെ സകല മാർഗ്ഗങ്ങളെയും സൂക്ഷിക്കുന്നു (13, 27) എന്നു തന്നേ.
12 ഇതിങ്കൽ കണ്ടാലും നിണക്കു ന്യായം ഇല്ല എന്നു ഞാൻ ഉത്തരം ചൊല്ലാം;
കാരണം മർത്യനേക്കാൾ ദൈവം മഹാൻ തന്നേ.
13 അവൻ തൻറെ എല്ലാ കാര്യങ്ങളിലും ഉത്തരം അരുളാത്തവൻ ആകയാൽ
നിണക്കു് അവനോടു വ്യവഹാരങ്ങൾ എന്തിന്നു?
14 ദേവൻ ആകട്ടേ ഒന്നു രണ്ടു വിധത്തിൽ അരുളിച്ചെയ്യുന്നു,
(മനുഷ്യൻ) അതു സൂക്ഷിപ്പാറില്ല താനും.
15 കിടക്കമേൽ ഉറങ്ങുകയിൽ,
ജനങ്ങളിൽ സുഷുപ്തി വരുമ്പോൾ,
രാത്രിദർശനത്തേ സ്വപ്നത്തിൽ,
16 അന്നു് അവൻ ജനങ്ങളുടേ ചെവിയെ തുറന്നു വെളിപ്പെടുത്തി,
അവർക്കു ശാസനങ്ങൾ മുദ്രയിടുന്നതു,
17 ദുഷ്കർമ്മത്തിൽനിന്നു മനുഷ്യനെ മാറ്റി
പുരുഷനിൽനിന്നു ഗർവ്വത്തെ നീക്കുവാൻ തന്നേ;
18 കുഴിയിൽനിന്നു് അവൻറെ പ്രാണനെയും
അസ്ത്രത്തോടു് എത്തായ്വാൻ അവൻറെ ഉയിരിനെയും തെറ്റിക്കേണ്ടതി
19 പിന്നേ മെത്തയിൽ അവനെ വേദനയാലും [ന്നത്രേ.
അസ്ഥികളിൽ മാറാത്ത അങ്കത്താലും ശിക്ഷിച്ചു,
20 അവൻറെ ഉയിരിനെ അപ്പത്തിലും
പ്രാണനെ രമ്യഭോജനത്തിലും മനമ്പിരിയുമാറാക്കുന്നു.
21 അവൻറെ മാംസം ഇനി കാണാതവണ്ണം ക്ഷയിക്കുന്നു,
മുൻ കാണാത്ത എല്ലുകൾ പൊങ്ങി വന്നു.
22 എന്നതിനാൽ അവൻറെ ദേഹി കുഴിയോടും
അവൻറെ ഉയിർ മരണദൂതരോടും സമീപിച്ചു.
23 മനുഷ്യനോടു നേർവഴിയെ അറിയിപ്പാൻ ഒരു ദൂതൻ,
ആയിരത്തിൽ ഒരുവനായ ദ്വിഭാഷി തന്നേ
അവനു വേണ്ടി നില്ക്കുന്നു എങ്കിൽ,
24 ദൈവവും അവനിൽ കനിഞ്ഞു: ഇവനെ കുഴിയിൽ കിഴിയാതേ വീണ്ടു
ഞാൻ പ്രായശ്ചിത്തം കണ്ടെത്തി! എന്നു പറഞ്ഞാൽ, [കൊൾക,

25 അവനേറ മാംസം ബാല്യത്തിലും അധികം തെഴുക്കുന്നു,
തൻ യൌവനനാളുകളിലേക്ക് അവൻ മടങ്ങുന്നു.
26 ദൈവത്തോടു യാചിക്കുന്നു, ആയവനും പ്രസാദിച്ചു
അവനേറ മുഖത്തെ (ജയ) ഘോഷം കാണിക്കയും
മർത്യനു തൻ നീതിയെ തിരിപ്പിക്കയും ചെയ്യുന്നു.
27 പിന്നേ ഇവൻ ജനങ്ങളോടു പാടുന്നിതു:
ഞാൻ പിഴെച്ചു നേരുള്ളതിനു കോട്ടം വരുത്തി,
സരിപോലേ എനിക്കു കിട്ടീട്ടില്ല താനും.
28 കുഴിയിൽ കിഴിയായ്വാൻ അവൻ എൻ ദേഹിയെ വീണ്ടുകൊണ്ടു,
എൻ ഉയിർ വെളിച്ചത്തെ നോക്കിക്കൊള്ളുന്നുവല്ലോ, എന്നു പറയും.
29 കണ്ടാലും ഇവ എല്ലാം ദേവൻ
രണ്ടുമൂന്നുരു പുരുഷനോടു പ്രവൃത്തിക്കുന്നത്,
30 അവനേറ ദേഹിയെ കുഴിയിൽനിന്നു തിരിപ്പിപ്പാനും
അവൻ ജീവികളുടേ വെളിച്ചത്താൽ പ്രകാശിപ്പാനും തന്നേ.
31 ഇയ്യോബേ, കുറിക്കൊണ്ടു എന്നെ കേൾക്ക!
മിണ്ടായ്ക, ഞാൻ ഉരെക്കും.
32 മൊഴികൾ ഉണ്ടെങ്കിൽ എതിർവാദിക്ക!
പറഞ്ഞാലും! നിന്നെ നീതീകരിപ്പാൻ ഞാൻ ഇച്ഛരിക്കുന്നു.
33 അല്ലാഞ്ഞാൽ നീ എന്നെ കേട്ടുകൊൾക!
മിണ്ടായ്ക, ഞാൻ ജ്ഞാനത്തെ ഗ്രഹിപ്പിച്ചു തരാം.

34. അദ്ധ്യായം

വിചാരിച്ചാൽ (5) ഇയ്യോബ് ദേവനീതിയെ തള്ളി പറഞ്ഞിട്ടും, (10) സ്വപാലകനും (17) സ്വകർത്താവും (21) സ്വജ്ഞനും ആയവൻ നീതിമാൻ തന്നേ, (31) താന്തോന്നിത്വത്തിന്ന് അവൻ ഇടം കൊടാതേ (34) മുക്കുന്നവരെ അധികം ശിക്ഷിക്കും.

പിന്നേ എലീഹു ഉത്തരം ചൊല്ലിയതു:
2 ജ്ഞാനികളേ, എന്റേ മൊഴികളെ കേൾപിൻ!
അറിയുന്നോരേ, എന്നെ ചെവികൊൾവിൻ!
3 അണ്ണാക്കു തീൻ ആസ്വദിക്കുമ്പോലേ
മൊഴികളെ ചെവി പരീക്ഷിക്കുന്നു പോൽ (12, 11).
4 ന്യായത്തെ മാത്രം നാം തെരിഞ്ഞെടുത്തു കൊൾക;
നല്ലത് ഇന്നത് എന്നു നമ്മിൽ തന്നേ അറിവൂതാക.
5 ഇയ്യോബ് ആകട്ടേ: ഞാൻ നീതിമാൻ,
ദേവനോ എൻ ന്യായത്തെ അകററി (27, 2);
6 എനിക്കു ന്യായം ഉണ്ടെങ്കിലും ഞാൻ കള്ളനാകേണ്ടു,
ദ്രോഹം ഇല്ലാഞ്ഞിട്ടും എൻ അമ്പിൻ പുണ്ണ് പൊറുക്കാതു എന്നും പറഞ്ഞതു.
7 വെള്ളം പോലേ പരിഹാസം കുടിച്ചും
അകൃത്യം പ്രവൃത്തിക്കുന്നവരോട് ഒരുമിച്ചു നടന്നും,
8 ദോഷവാന്മാരോട് കൂടേ സഞ്ചരിച്ചും കൊള്ളുന്ന പുരുഷൻ
ഇയ്യോബ് ഒഴികേ ആരുപോൽ?
9 പുരുഷനു ദൈവത്തോടു രഞ്ജന ഉള്ളതിനാൽ
ഉപകാരം ഇല്ല എന്ന് അവൻ പറയുന്നുവല്ലോ!
10 ആകയാൽ ബോധവാന്മാരേ, എന്നെ കേൾപിൻ!
ദേവനു ദോഷവും സ്വശക്തനു അക്രമവും ദൂരത്ത് എന്നേ വേണ്ടു.

11 അവൻ മനുഷ്യന്റെ പ്രവൃത്തിയെ അവനു പകരം കൊടുക്കുന്നു,
അവനവന്റെ മാർഗ്ഗം പോലേ അവനു് എത്തിക്കയും ചെയ്യും.
12 ദൈവം ദോഷം ചെയ്കയില്ല,
സർവ്വശക്തൻ ന്യായത്തെ മറിക്കയും ഇല്ല (8,3).
13 ഭൂമിയെ അവങ്കൽ ഭരമേല്പിച്ചതു് ആരുപോൽ?
ഊഴിയെ മുറും കുറിക്കൊള്ളുന്നവനും ആർ?
14 തന്നെത്താൻ മാത്രം കുറിക്കൊണ്ടു
തൻ ആത്മാവിനെയും ശ്വാസത്തെയും തങ്കലേക്കു ചേർത്തു എങ്കിൽ,
15 സകല ജഡവും ഒക്കത്തക്ക വീർപ്പു മുട്ടും,
മനുഷ്യൻ പൊടിയിലേക്കു തിരികയുമാം.
16 വിവേകം ഉണ്ടെങ്കിൽ ഇതു കേൾക്ക!
എൻ മൊഴികളുടേ ശബ്ദത്തെ ചെവിക്കൊണ്ടാലും!
17 ന്യായത്തെ പകെക്കുന്നവൻ ഉള്ളവണ്ണം ഭരിക്കുമോ?
പക്ഷേ നീതിബലവാനെ നീ ദുഷ്ടീകരിക്കുമോ?
18 രാജാവോടു: വല്ലായ്മക്കാര! എന്നും
തമ്പ്രാക്കളോടു: ദുഷ്ട! എന്നും പറയുന്നവനെ തന്നേയോ?
19 പ്രഭുക്കളുടേ മുഖപക്ഷം എടുക്കാതേയും,
എല്ലാവരും തൃക്കൈകളുടേ ക്രിയയാകയാൽ
നീചനേക്കാൾ ശ്രീമാനെ വിചാരിക്കാതേയും ഇരിക്കുന്നവനെ തന്നേയോ?
20 പെട്ടന്നു് അവർ മരിക്കുന്നു,
പാതിരാക്കു തന്നേ ഒരു വംശം ഉലഞ്ഞു കഴിഞ്ഞു പോകുന്നു;
ശൂരനും (മനുഷ്യ) കൈകൂടാതേ നീങ്ങിപ്പോകുന്നു.
21 കാരണം അവന്റെ കണ്ണുകൾ അവനവന്റെ വഴികളുടേ മേൽ ആകുന്നു,
അവരുടേ എല്ലാ നടകളെയും അവൻ കാണുന്നു.
22 അകൃത്യം പ്രവൃത്തിക്കുന്നവർ ഒളിപ്പാന്തക്ക
ഇരുളും ഇല്ല, മരണനിഴലും ഇല്ല.
23 ഓർ ആളെ ദേവമുമ്പിൽ ന്യായവിസ്താരത്തിൽ നടത്തുവാൻ
അവനെ ഇനി കുറിക്കൊള്ളേണ്ടതും ഇല്ല;
24 ആരായാതേ കണ്ടു അവൻ വൈഭവശാലികളെ തകർത്തു,
മറേറവരെ അവർക്കു പകരം ആക്കിവെക്കുന്നു.
25 അവരുടേ വേലകളെ ബോധിക്കുന്നവനാകയാൽ
രാത്രിയിൽ തന്നേ അവരെ കമിഴ്ത്തി ഞെരിക്കുന്നു.
26 കാണികൾ കൂടുന്ന സ്ഥലത്തു,
ദുഷ്ടന്മാർ നില്ക്കുന്നതിൽ അവരെ ദണ്ഡിപ്പിക്കുന്നു.
27 ഇവർ അവന്റെ പിറകിൽനിന്നു മാറി
അവന്റെ എല്ലാ വഴികളെയും ഗ്രഹിക്കാതേ പോയതും,
28 എളിയവന്റെ മുറവിളിയെ അവന്റെ മുമ്പിൽ എത്തുവാനും,
അവൻ സാധുക്കളുടേ ആവലാധിയെ കേൾപാനും അത്രേ ആയതു.
29 (ഇപ്രകാരം) അവൻ ശമിപ്പിച്ചാൽ അവനെ ആർ ദുഷ്ടീകരിക്കും?
തിരുമുഖത്തെ മറെച്ചാൽ ആർ അവനെ ദർശിക്കും?
ജാതികളിലും മനുഷ്യരിലും ഒരു പോലേ (ഇങ്ങനേ വരുത്തുന്നതു),
30 ബാഹ്യരായ മനുഷ്യക്കും
ജനവഞ്ചകക്കും വാഴ്ച വന്ന നാൾ മുതൽ തന്നേ.
31 എങ്ങനേ എന്നാൽ: ഞാൻ അപരാധം ചെയ്യാതേ കുറക്കാരനായി! എന്നും,
എനിക്കു കണ്ടുകൂടാത്തതിനെ നീ എനിക്കു് ഉപദേശിക്ക!
32 ഞാൻ അകൃത്യം പ്രവൃത്തിച്ചു എങ്കിൽ
ഇനി ചെയ്കയില്ല! എന്നും ദേവനോടു പറയാമോ?

33 പക്ഷേ നിനക്കു തോന്നുംപോലേ അവൻ പ്രതിക്രിയ ചെയ്യേണമോ?
നീ ഭർത്സിച്ചു; എന്നാൽ ഞാനല്ല, നീ വരിക്കയും
നീ എന്ത് അറിഞ്ഞാലും ചൊല്ലുയുമാവു!
34 ബോധവാന്മാരും
എന്നെ കേൾക്കുന്ന ജ്ഞാനേശ്വരന്മാരും എന്നോടു പറയും:
35 ഇയ്യോബ് അറിവിനാൽ അല്ല ഉരിയാടി,
അവനേറ വാക്കുകൾ സുബോധത്തോടല്ല, എന്നത്രേ.—
36 അയ്യോ ഇയ്യോബ് അതിക്രമക്കാരുടേ ചേൽ കാട്ടി എതിർവാദിക്കയാൽ
സൂക്ഷ്മത്തോളം ശോധന ചെയ്യപ്പെടാക!
37 സ്വപാപത്തോട് അവൻ ദ്രോഹം കൂട്ടി,
നമ്മുടെ നടുവിൽ അപഹാസം തുടങ്ങി,
ദേവനു നേരേ ചൊല്ലുകളെ അധികമാക്കി പോകുന്നതു കൊണ്ടത്രേ.

35. അദ്ധ്യായം

ദേവഭക്തി നിഷ്പ്രയോജനം എന്നുള്ള വിചാരം മൌഢ്യം എന്നും, (9) വിശ്വാസം കൂടാതെ ദുരാശയോടേ ചഞ്ചലിച്ചു മുറയിടുന്നതും ദൈവം കേളാ എന്നും കാട്ടി, (15) പിറു പിറുപ്പു വിടുവാൻ പ്രബോധിപ്പിച്ചതു.

പിന്നേ എലീഹു ഉത്തരം ചൊല്ലിയതു:
2 ദേവനിലും എനിക്കു നീതി (ഏറും) എന്നു
നീ ചൊല്ലിയതു ന്യായം എന്ന് എണ്ണിയോ?
3 അതു നിണക്ക് എന്ത് പ്രയോജനം എന്നും
പാപം ചെയ്കയിലും ഇതിനാൽ എനിക്ക് എന്തൊരു ലാഭം എന്നും
4 ഞാനോ നിണക്കും [പറഞ്ഞുവല്ലോ!
നിന്റേറ കൂടയുള്ള സ്നേഹിതർക്കും പ്രതിർമൊഴികളെ പറഞ്ഞു തരാം:
5 വാനം നോക്കി കാൺക!
നിണക്കെത്താത്ത ഉയരമുള്ള ഇളമുകിലുകളെ ദൃഷ്ടിച്ചുകൊൾക!
6 നീ പാപം ചെയ്താൽ അവകൾ എന്തു പിണെക്കും?
നിന്റേറ ദ്രോഹങ്ങൾ പെരുകുന്നു എങ്കിൽ അവനു എന്തു ചെയ്യും?
7 നീ നീതിമാനായി എങ്കിലോ അവനു എന്തു കൊടുക്കുന്നു?
നിൻ കൈയിൽനിന്നു അവൻ എന്തു വാങ്ങും?
8 നിണക്കൊത്ത ആൾക്കത്രേ നിന്റേറ ദുഷ്ടതയും
മനുഷ്യപുത്രനത്രേ നിൻ നീതിയും ആകുന്നതു.
9 പിന്നേ പീഡകളുടേ പെരിപ്പം ചൊല്ലി മുറവിളി ഉണ്ടു,
മഹത്തുക്കളുടെ ഭുജം ചൊല്ലി ആർത്തനാദം തുടങ്ങും സത്യം.
10 എങ്കിലും: എന്നെ സൃഷ്ടിച്ച ദൈവം എവിടേ?
രാത്രിയിലും കീർത്തനകളെ നല്കുന്നവനും,
11 ഭൂമിയിലേ മൃഗങ്ങളേക്കാൾ നമ്മെ ഗ്രഹിപ്പിച്ചവനും,
വാനത്തിലേ പക്ഷിയേക്കാൾ നമുക്കു ജ്ഞാനം തന്നവനും (എവിടേ)? എ
[ന്നു പറയുമാറില്ല (കഷ്ടം)!
12 അങ്ങ് ആകാത്തവരുടേ ഗർവ്വം ഹേതുവായി അവർ നിലവിളിക്കുന്നു,
അവൻ ഉത്തരമരുളുന്നില്ല താനും;
13 വെറുമായ്മയായുള്ളതിനെ ദേവൻ കേൾക്കാതു,
സർവ്വശക്തൻ വിചാരിയാതു. [കിലോ
14 പിന്നേ: അല്ലയോ, നീ അതിനെ സൂക്ഷിക്കുന്നില്ല എന്നു നീ പറയുന്നു എ
വ്യവഹാരം അവനേറ മുമ്പിൽ കിടക്കുന്നുവല്ലോ,
അവനെ കാത്തിരിക്ക!

15 ഇപ്പോഴോ അവൻേറ കോപം സന്ദർശിക്കാതേ പോകയാൽ
തിളപ്പിനെ അവൻ ഏറ്റം കരുതാത് എന്നു തോന്നും;
16 ഇയ്യോബിൻ വായി മായങ്ങളെ പരത്തുകയും
അവൻ അറിവെന്നിയേ മൊഴികളെ കൂന്നിക്കയും ചെയ്യുന്നു.

36. 37. അദ്ധ്യായങ്ങൾ

എലീഹു ദിവ്യത്വണയാൽ തേറി, (5) ഭക്തനു ശിക്ഷയാൽ വിനയം ഏറി വന്നാൽ രക്ഷ നിശ്ചയം എന്നും, (16) ഇയ്യോബ് താണു വന്നു ദൈവമാഹാത്മ്യം സ്തുതിക്കേണ്ടതു് എന്നും, (26) ഇടി മാരി മുതലായ ഹേമന്തവർണ്ണനത്താൽ ദൈവജ്ഞാനം പ്രസിദ്ധമാകയാൽ (37,14) ഇയ്യോബ് വ്യവഹാരം വിട്ടു ദേവശരണം പ്രാപിക്കേണം എന്നും തക്കിച്ചതു.

പിന്നേ എലീഹു ഉത്തരം ചൊല്ലിയതു:
2 ദൈവത്തിനു വേണ്ടി (ഇങ്ങ്) ഇനിയും മൊഴികൾ ഉണ്ടാകയാൽ
നിന്നോടു വചിപ്പാൻ അല്പം ക്ഷമിക്ക!
3 എൻ അറിവിനെ ഞാൻ ദൂരത്തുനിന്നു വാങ്ങി
എൻ നിർമ്മിതാവിനു നീതിയെ നല്കും.
4 എൻ മൊഴികൾ വ്യാജമല്ല നിശ്ചയം,
പരമാർത്ഥവിചാരമുള്ളവൻ നിന്നോടു (സംസാരിക്കുന്നു).
5 ദേവൻ കണ്ടാലും വൈഭവശാലി എങ്കിലും (ആരെയും) നിരസിക്കുന്നില്ല,
ഹൃദയത്തിലേ ഊക്കിനാൽ വൈഭവശാലിയത്രേ.
6 ദുഷ്ടനെ അവൻ ഉയർപ്പിക്കയില്ല,
എളിയവർക്കു ന്യായം നടത്തിയരുളും.
7 നീതിമാനിൽനിന്നു തൃക്കണ്ണുകളെ മാറാതേ [ഉയർത്തും.
സിംഹാസനത്തിലേ രാജാക്കളോട് ഒന്നിച്ചു അവനെ എന്നേക്കും ഇരുത്തി
8 ചങ്ങലകളാൽ അവർ തളെക്കപ്പെട്ടു
അരിഷ്ടക്കെട്ടുകളിൽ അകപ്പെട്ടു പോയാൽ,
9 അവരുടേ പ്രവൃത്തിയെയും
അവർ ഞെളിഞ്ഞു പോയ ദ്രോഹങ്ങളെയും അവരോട് അറിയിച്ചു,
10 ശിക്ഷ കൈക്കൊൾവാൻ അവരുടേ ചെവി തുറന്നു,
അതിക്രമത്തിൽനിന്നു മടങ്ങി വരുവാനും (ബുദ്ധി) ചൊല്ലുന്നു.
11 അവർ കേട്ടു വഴിപ്പെട്ടാൽ അവരുടേ നാളുകൾ സുഖത്തിലും
അവരേ ആണ്ടുകൾ മനോഹരങ്ങളിലും തീർന്നു പോകും.
12 കേൾക്കായ്കിലോ അവർ അസ്ത്രത്തോട് എത്തുകയും
ബോധം എന്നിയേ വീർപ്പു മുട്ടുകയും ചെയ്യും.
13 ബാഹ്യഹൃദയമുള്ളവർ കോപം കൂട്ടി,
അവൻ കെട്ടി വെക്കയാൽ മുറവിളിക്കാതേ പാർക്കും;
14 ബാല്യത്തിൽ അവരുടേ ദേഹിയും
വേശ്യാപുരുഷരോട് അവരുടേ ഉയിരും മരിക്കും.
15 സാധുവെ അവൻേറ അരിഷ്ടത്തിൽനിന്നു വിടുവിച്ചു,
ക്ലേശത്താൽ അവരുടേ ചെവിയെ തുറക്കും താനും.
16 നിന്നെയും അവൻ ഞെരിക്കത്തിൻ വായിൽനിന്നു കടത്തുന്നത്
ഇടുക്ക് ഒട്ടുമില്ലാത്ത വിശാലതയിൽ തന്നേ;
നെയി നിറഞ്ഞ മേശയുടേ വഴിച്ചൽ ഉണ്ടാം.
17 ദുഷ്ടൻേറ വ്യവഹാരത്താലോ നിണക്കു തൃപ്തി വന്നാൽ
(നിൻേറ) വ്യവഹാരത്തോടു (ദേവ) വിധിയും തുടർന്നു വരും.
18 ധൃഷ്ടത നിന്നെ പരിഹാസത്തിലേക്ക് ഉത്സാഹിപ്പിക്കയും
പരിഹാരദ്രവ്യത്തിൻേറ സംഖ്യ നിന്നെ തെറ്റിക്കയും അരുതേ!

19 നിന്നേറ ശ്രീതപത്തെ അവൻ ബഹുമാനിക്കുമോ?
ഇല്ല നാണ്യവും! എല്ലാ ഊക്കിൻ തിറങ്ങളുമില്ലല്ലോ!
20 വംശങ്ങൾ താഴോട്ട മറഞ്ഞു പോകുന്ന
രാത്രിയെയും കൊതിക്കൊല്ല!
21 അതിക്രമത്തിലേക്കു തിരിയാതിരിപ്പാൻ സൂക്ഷിച്ചുകൊൾക!
നീ കഷ്ടം സഹിക്കയിലും ഇതിനെ ഏറേ തെരിഞ്ഞെടുക്കുന്നുവല്ലോ!
22 ദേവനോ അതാ തൻ ഊക്കിൽ ഉന്നതപ്പെട്ടിരിക്കുന്നു,
അവനെ പോലേ ആജ്ഞാപകൻ ആർ?
23 അവനോട് അവന്റേറ വഴിയെ ആർ വിസ്തരിച്ചു?
നീ അക്രമം ചെയ്തു എന്ന് ആർ പറയാം?
24 ഓരോ പുരുഷന്മാർ പാടി വർണ്ണിച്ച
അവന്റേറ പ്രവൃത്തിയെ കൊണ്ടാടുവാൻ നീയും ഓർക്കുക!
25 സകല മനുഷ്യരും അതിനെ ദർശിക്കുന്നു,
മർത്യൻ ദൂരത്തു നിന്നു നോക്കിക്കൊള്ളുന്നു.
26 കണ്ടാലും, ദൈവം ഉന്നതനും അറിയപ്പെടാത്തവനും തന്നേ,
അവന്റേറ വർഷസംഖ്യ ആരാഞ്ഞു കൂടാത്തതു.
27 അവൻ നീർത്തുള്ളികളെ വലിച്ചുകൊണ്ടാൽ
അവന്റേറ ആവിയായി അവ മഴയെ വാർത്തു,
28 ഇളമുകിലുകൾ തുകി
മനുഷ്യക്കൂട്ടത്തിന്മേൽ ചൊരിയുമാറാക്കുന്നു.
29 ഹോ, മേഘം പരക്കേ വിരിയുന്നതും
അവന്റേറ കൂടാരം പൊട്ടപൊട മുഴങ്ങുന്നതും ബോധിക്കുമോ?
30 ഇതാ, തന്റേറ പ്രകാശത്തെ ചുററും പരത്തുന്നു,
കടലിന്റേറ വേരുകളെ പുതച്ചുകൊള്ളുന്നു.
31 ഇവകൊണ്ട് അവൻ ജാതികളിൽ ന്യായവിധി നടത്തുകയും
അനന്തസംഘത്തിന്നു ആഹാരം കൊടുക്കയും ചെയ്യുന്നു.
32 ഇരുകൈകളിലും അവൻ വെളിച്ചം നിറെച്ചുകൊണ്ട്
ആക്രമിക്കുന്നവന്റേറ നേരേ നിയോഗിക്കുന്നു.
33 അവന്റേറ ഇടി അവന്റേറ വർത്തമാനത്തെയും
കന്നുകാലിക്കൂട്ടവും കൂടേ ഈ എഴുന്നെള്ളുന്നവനെയും സൂചിപ്പിക്കുന്നു.

37. അദ്ധ്യായം

1 ഇതിനാൽ എൻ ഹൃദയവും ഞെട്ടി
തൻ സ്ഥലത്തുനിന്നു പാളി പോകുന്നു.
2 കേൾപിൻ, അവന്റേറ ഇടിയുടേ നാദവും
അവൻ വായിൽനിന്നു പുറപ്പെടുന്ന മരുൾചയും കേൾപിൻ!
3 സകല വാനത്തിന്നും കീഴിൽ അവൻ അതിനെ വലിച്ചു,
തൻ മിന്നലിനെ ഭൂമിയുടേ ചിറകുകളോളം അയക്കുന്നു;
4 അവന്റേറ പിന്നിൽ മുഴക്കം അലറുന്നു,
തൻ ഡംഭിന്റെറ ശബ്ദം കൊണ്ട് അവൻ മുഴക്കുന്നു;
അവന്റേറ ശബ്ദം കേൾക്കപ്പെടുമ്പോൾ അവ തടുക്കാവതല്ല.
5 ദേവൻ സ്വശബ്ദത്താൽ അതിശയമായി മുഴക്കുന്നു,
നാം അറിയുന്നതിൽ അതിമഹത്തായി ചെയ്യുന്നു.
6 ഹിമത്തോട് അവൻ ഭൂമിമേൽ പെയ്ക എന്നു പറയും,
വന്മാരിയും സ്വശക്തിയുടേ പാഴ്മഴകളും (കല്പിക്കും).
7 അവന്റേറ സൃഷ്ടിയിലേ സകല മനുഷ്യരും അറിവാൻതക്കവണ്ണം
അവൻ മാനുഷക്കൈ എല്ലാം തരിപ്പിക്കുന്നു.

8 അപ്പോൾ കാട്ടുമൃഗം ചോലയിൽ പതുങ്ങുന്നു,
അതതിന്റെ ഗുഹകളിൽ കുടിപാർക്കുന്നു.
9 തെക്കേ ഉള്ളറയിൽനിന്നു വിശറും
വടക്കുകാറുകളാൽ കുളിരും വരുന്നു.
10 ദേവശ്വാസത്താൽ വെള്ളം ഉറെച്ചു വരുന്നു,
വിശാല ജലങ്ങളും തടിച്ചു പോകുന്നു.
11 മേഘത്തിൽ അവൻ നനവു ചുമത്തി
തൻ മിന്നൽക്കാറിനെ ചിതറിക്കുന്നു.
12 അതും ചുറ്റി തിരിയുന്നു,
അവൻ ഊഴിമുഖത്തിന്മേൽ
മനുഷ്യർക്കു വിധിച്ചതു നടത്തുവാൻ നിണ്ണയിച്ചപ്രകാരമേ.
13 തൻ ദേശത്തിന്നു വേണ്ടുകിൽ വടിയായും
വേണ്ടുകിൽ ദയയായും തട്ടി (വഷ്ടിക്കുന്നു).
14 ഇയ്യോബേ, ഇവ ചെവിക്കൊണ്ടു
ദേവാത്ഭുതങ്ങളെ ഗ്രഹിച്ചുകൊൾക!
15 ദൈവം അതു നടത്തുന്നതും
അവന്റെ മേഘമിന്നൽ തെളുങ്കുന്നപ്രകാരവും അറിയുന്നുവോ?
16 കാർ തൂങ്ങി നില്ക്കുന്നതും
തികഞ്ഞ ബുദ്ധിമാന്റെ അതിശയങ്ങളും അറിയുന്നുവോ?
17 ഭൂമി തെക്കിൽനിന്നു ഉഷ്ണിക്കുമ്പോൾ
നിന്റെ വസ്ത്രങ്ങൾക്കു ചൂടു പിടിക്കുന്നതു എങ്ങനേ?
18 വാർത്തുണ്ടാക്കിയ ദർപ്പണംപോലേ
കേമമുള്ള ഇളമുകിൽകൊണ്ടു അവനെ പോലേ നീയും തട്ടു കെട്ടുമോ?
19 അവനോടു എന്തു പറവതു എന്നു ഞങ്ങളെ അറിവിക്ക!
ഇരുട്ടു ഹേതുവായിട്ടു നമുക്കു (വാക്കുകളെ) ഒരുക്കിക്കൂടാ.
20 ഞാൻ ഉരിയാടുന്നതു അവനോടു വിവരിക്കപ്പെടുമോ?
മുടിഞ്ഞു പോകേണ്ടതിന്നോ ആരാനും പറയുന്നതു?—
21 ഇപ്പോഴോ ഇളമുകിലിന്മേൽ ഉജ്ജ്വലിക്കുന്ന എങ്കിലും
പ്രകാശത്തെ ആരും കാണുന്നില്ല;
കാറു കടന്നു അവ വെടിപ്പാക്കുന്നു.
22 വടക്കു നിന്നു പൊന്നിനെ കൊണ്ടുവരുന്നു;
ദൈവത്തിന്റെ ചുറ്റും ഭയങ്കരമായ ഓജസ്സു ഉണ്ടു താനും.
23 സർവ്വശക്തനെ നാം കണ്ടു പിടിക്കുന്നില്ല,
ഊക്കേറി ഉയർന്നും
നീതിന്യായങ്ങളും പെരുകിയും ഉള്ളവൻ കണക്കു ബോധിപ്പിക്ക ഇല്ല.
24 അതുകൊണ്ടു മനുഷ്യർ അവനെ ഭയപ്പെടുകയാവു!
ഹൃദയജ്ഞാനമാണ്ടവരെ ഒക്കയും അവൻ നോക്കുന്നില്ല.

38-42: യഹോവയുടേ ഉക്തികൾ രണ്ടും

38. 39. അദ്ധ്യായങ്ങൾ

യഹോവ പ്രത്യക്ഷനായി ശാസിച്ചു, (4) ഭൂമി (8) സമുദ്രം (12) പ്രകാശാന്ധകാരങ്ങൾ (22) വാനം (31) നക്ഷത്രാദികൾ (39) സിംഹാദികൾ (39, 5) കാട്ടുകഴുത (13) തീവിഴുങ്ങി (19) കുതിര (26) കഴുകു മുതലായതിനെ കൊണ്ടു മനുഷ്യനു് എത്താത്ത ചോദ്യം ചെയ്യുന്നതു.

യഹോവ കൊടുങ്കാറ്റിൽനിന്ന് ഇയ്യോബിനോട് ഉത്തരം ചൊല്ലിയതു:
2 അറിവില്ലാത്ത മൊഴികളാൽ
ഇവിടേ ആലോചനയെ ഇരിട്ടാക്കുന്നത് ആർ?
3 പുരുഷനായാൽ അരെക്കു കെട്ടിക്കൊൾക!
എന്നാൽ ഞാൻ നിന്നോടു ചോദിക്കും, നീ എന്നെ ഗ്രഹിപ്പിക്ക!
4 ഞാൻ ഭൂമിക്ക് അടിസ്ഥാനമിടുമ്പോൾ നീ എവിടേ ആയിരുന്നു?
വിവേകബോധമുള്ളവനായാൽ കഥിക്ക!
5 നീ അറികേ അതിൻ അളവുകളെ ആർ വെച്ചു?
അതിന്മേൽ അളത്തക്കയർ ആർ വലിച്ചു?
6 അതിൻ അടികം ഏതിൽ കുഴിച്ചിട്ടുണ്ടു?
അതിന്മൂലക്കല്ല് ഏറിഞ്ഞതു ആർ,
7 ഉഷോനക്ഷത്രങ്ങൾ ഒക്കത്തക്ക ആർത്തു
ദേവപുത്രന്മാർ എല്ലാം ഘോഷിച്ചുകൊള്ളുമ്പോൾ?
8 സമുദ്രം ഗർഭപാത്രത്തിൽനിന്ന് ഉറന്നു ചാടുമ്പോൾ
ഞാൻ മേഘത്തെ അതിന്നു ഉടുപ്പും
9 തിമിരത്തെ ജീർണ്ണവസ്ത്രവും ആക്കി വെക്കുകയിൽ,
കടലിനെ വാതിലുകളെ കൊണ്ടു അടെച്ചു വെച്ചതും ആർ?
10 അതിന്നു അതിർ ഖണ്ഡിച്ചു
ഓടാമ്പലും കതകുകളും വെച്ചതു ഞാനല്ലോ?
11 ഇത്രോടം വരാം, അധികമരുതു, [റകയും ചെയ്തു!
നിന്റേറ അലകളുടെ ഡംഭിന്നു ഇവിടേ അറ്റം വെക്കും എന്നു ഞാൻ പ
12 പക്ഷേ നിന്റേറ വാഴ്നാളിൽ ഉഷസ്സിനെ കല്പിച്ചതും
അരുണോദയത്തിന്നു തൻ സ്ഥലം നിർണ്ണയിച്ചതും നീയോ?
13 അതു ഭൂമിയുടെ വിളുമ്പുകളെ പിടിച്ചിട്ടു,
ദുഷ്ടന്മാർ അതിൽനിന്നു പതുങ്ങി പോവാൻ തന്നേ.
14 (ഭൂമി) മുദ്രച്ചാന്തു പോലേ മറുരൂപമായി,
(പുലർച്ച) ആടപ്പോലേ നിറന്നു നില്ക്കുന്നു.
15 ദുഷ്ടന്മാക്കോ വെളിച്ചം മുടങ്ങി,
ഓങ്ങിയ ഭുജം ഒടിഞ്ഞു പോകുന്നു.
16 കടൽച്ചുഴികളോളം നീ എത്തിയോ?
ആഴിയുടേ അടിമേൽ നടന്നുവോ?
17 ചാവിൻ വാതിലുകളും നിണക്കായി തുറന്നുവോ?
മരണനിഴലിൻ പടികളെ കണ്ടുവോ?
18 ഭൂമിയുടേ അകലങ്ങളുംവരേ നീ കരുതുന്നുവോ?
ഇതെല്ലാം അറിഞ്ഞാൽ കഥിക്ക!
19 പ്രകാശം കുടിപാർക്കുന്ന വഴി എവിടേ പോൽ?
അന്ധകാരത്തിന്നും സ്ഥലം എവിടേ?
20 (പ്രകാശത്തെ) തൻ അതിരോളം കൊണ്ടുപോയി,
അതിൻ ഭവനഞെറികളെ നീ ഗ്രഹിക്കുന്നവനല്ലോ!
21 നീ അറിയുന്നുവല്ലോ, അന്നു നീ ജനിച്ചിരുന്നു,
നിൻ വാഴ്നാളുകളുടേ എണ്ണം സാക്ഷാൽ അത്യന്തം!
22 ഹിമഭണ്ഡാരത്തോളം നീ ചെന്നുവോ?
കന്മഴനിധികളെ കണ്ടുവോ?
23 ഞെരിക്കക്കാലത്തിന്നു
അടലും പോരും ഉള്ള നാൾക്കു ഞാൻ സംഗ്രഹിച്ചുവ തന്നേ?
24 വെളിച്ചം വിഭാഗിച്ചു പോകുന്നതും
കിഴക്കങ്കാറു ഭൂമിമേൽ വ്യാപിക്കുന്ന വഴിയും എവിടേ?

25 വന്മാരിക്ക തോട്ടകളെ വെട്ടി
മിന്നൽപിണരിന്ന വഴി കാട്ടിയത് ആർ?
26 ആളില്ലാത്ത ദേശത്തിൽ
മനുഷ്യൻ കാണാത്ത മരുവിൽ ചെയ്വാനും,
27 ശൂന്യപാഴ്നിലത്തിന്ന് തൃപ്തി വരുത്തി
പൈമ്പുല്ല മുളെപ്പിപ്പാനും തന്നേ?
28 മഴെക്ക് അപ്പൻ ഉണ്ടോ?
മഞ്ഞിന്തുള്ളികളെ ജനിപ്പിച്ചത് ആർ?
29 ഉറെച്ച വെള്ളം ആരുടേ ഉദരത്തിൽനിന്ന പുറപ്പെട്ട?
വാനത്തിൻ നീഹാരത്തെ ആർ പെറു?
30 കല്ല പോലേ വെള്ളങ്ങൾ ഒററിപ്പോകുന്ന,
ആഴിയുടേ മുഖം സ്ഥിരമായി പററി നില്ക്കുന്ന!
31 കാത്തികയുടേ ബന്ധനങ്ങളെ നീ മുറുക്കുമോ?
തിരുവാതിര മൂർഖൻേറ വിലങ്ങുകളെ അഴിക്കുമോ?
32 ഉത്തര കിരീടത്തെ തൽകാലത്ത നീ പുറപ്പെടുവിക്കയോ?
സപൂർഷിയെ ശിശുക്കളുമായി നടത്തുകയോ?
33 വാനത്തിൻേറ വെപ്പുകളെ അറിഞ്ഞുവോ?
അതിൻേറ പ്രാധാന്യത്തെ നീ ഭൂമിയിൽ നിണ്ണയിക്കുമോ?
34 മുകിലോടു നീ ശബ്ദം ഉയത്തി
നീർക്കവിച്ചലിനെ നിന്നെ മൂടുമാറാക്കുമോ?
35 നീ മിന്നലുകളെ അയച്ചിട്ട് അവ ചെന്ന,
ഞങ്ങൾ ഇതാ എന്ന നിന്നോടു പറയുമോ?
36 വാനഗ്രഥങ്ങളിൽ ആർ ജ്ഞാനം വെച്ച,
ധൂമകേതുവിൽ വിവേകം ഇട്ട?
37 ജ്ഞാനത്തോടേ ഇളമുകിലിനെ എണ്ണുന്നതും
വാനത്തുരുത്തികളെ ഒഴിക്കുന്നതും ആർ,
38 പൊടി വാർത്തുപണിപോലേ കൂടി
മൺകട്ടകൾ തമ്മിൽ പററി പോവാൻ തന്നേ?

39. അദ്ധ്യായം.

39 സിംഹിയുടേ ഇരപോലേ നീയും വേട്ടയാടുമോ?
ചെറുകോളരികളുടേ കൊതിക്ക നീ തൃപ്തി വരുത്തുമോ?
40 അവ ഗ്രഹകളിൽ ഒതുങ്ങി
വള്ളിക്കെട്ടിൽ പതിയിരിക്കുമ്പോഴെക്ക?
41 കാക്കയുടേ കുഞ്ഞുകൾ ദേവനോടു മുറവിളിച്ച
തീനില്ലാതേ ഉഴലുമ്പോൾ
അതിന പിടിപ്പാൻ ഒരുക്കുന്നത് ആർ?
39, 1 പാറയാടുകൾ പെറുന്ന സമയം അറിയാമോ?
മാനുകളുടേ ഈറുനോവിനെ കരുതുന്നുവോ?
2 അവ ഗർഭം തികയുന്ന മാസങ്ങളെ എണ്ണുന്നുവോ?
പെറുന്ന സമയത്തെ ഗ്രഹിച്ചുവോ?
3 അവ കുനിഞ്ഞു കുട്ടികളെ പ്രസവിക്കുന്ന,
നോവുകളെ (ക്ഷണത്തിൽ) ഒഴിച്ചുകളയുന്ന.
4 അവററിൻ മക്കളോ തടിച്ചു വയലിൽ തന്നേ വളർന്ന,
പുറപ്പെട്ട അവയുടക്കേ തിരികേ ചേരാതേ പോകയും ചെയ്യും.
5 കാട്ടുകഴുതയെ തൻേറടത്തിൽ അയച്ചത് ആർ?
വനഖരത്തിൻേറ കെട്ടുകളെ അഴിച്ചത് ആർ?

6 അതിനു ഞാൻ പാഴ്ഭൂമിയെ ഭവനവും
ഉയർന്നിലത്തെ കുടിയിരിപ്പും ആക്കി.
7 പട്ടണത്തിലേ ആരവാരത്തെക്കൊണ്ട് ആയതു ചിരിക്കും,
തെളിക്കുന്നവന്റെ കൂറുകൾ കേളാതു.
8 മലകളുടേമേൽ ഒറുനോക്കിപ്പിടിച്ചത് അതിന്റെ ഭക്ഷ്യം,
പച്ചയായതിനെ എല്ലാം അതു തിരയുന്നു.
9 കാട്ടി നിന്നെ സേവിപ്പാൻ ഇച്ഛിക്കുമോ?
നിന്റെ തൊഴുത്തിൽ രാപാർക്കുമോ?
10 കാട്ടിയെ നീ കയറുകൊണ്ടു ഉഴച്ചാലിനോടു മുറുക്കുമോ?
നിന്നെ അനുസരിച്ചിട്ട് അതു കുണ്ടുകളെ നിരത്തുമോ?
11 അതിൻ ഊക്കു പെരികയാൽ നീ അതിൽ തേറി,
നിന്റെ പ്രയത്നത്തെ ഏല്പിച്ചു വിടുമോ?
12 നിന്റെ വിത്തിനെ അതു (വീട്ടിൽ) കൊണ്ടുവന്നു
കളത്തിൽനിന്നുള്ളതു കൂട്ടും എന്നു വിശ്വസിക്കുമോ?
13 തീവിഴുങ്ങികളുടേ ചിറക് ഉല്ലസിച്ചു വീശുന്നു,
ആ തൂവലും ഇറകും വാത്സല്യം പൂണ്ടതോ?
14 അല്ല, തൻ മുട്ടകളെ ഭൂമിയിൽ ഏല്പിച്ചു,
പൊടിയിൽ ചൂടു പിടിപ്പാൻ വിടുന്നു;
15 കാൽ അവറെ ചതെക്കും,
കാട്ടുമൃഗങ്ങൾ തകർക്കും എന്നതു മറക്കുന്നു.
16 തനിക്കല്ല എന്നതു പോലേ തൻ കുഞ്ഞുകളിൽ കഠിനൃം ഭാവിച്ചു,
പ്രയത്നം പഴുതിൽ ആയാലും ചിന്തയില്ലാതിരിക്കുന്നു.
17 കാരണം ദൈവം അതിനെ ജ്ഞാനം മറപ്പിച്ചു,
വിവേകത്തിൽ ഒരു പങ്കും കൊടുക്കാതിരുന്നു.
18 മേൽപ്പെട്ട ശ്രമിക്കും പോഴെക്കോ
കുതിരയെയും അതിൽ ഏറിയിരിക്കുന്നവനെയും പരിഹസിക്കുന്നു.
19 കുതിരെക്കു ശൌര്യം നല്കി
അതിൻ കഴുത്തിന്നു മിന്നുമ്മൂടി അണിയിക്കുന്നതു നീയോ?
20 തുള്ളനെ പോലേ അതിനെ നീ ചാടിച്ചു,
ഹുങ്കാരപ്രതാപത്താൽ ഭീഷണി പരത്തുന്നുവോ?
21 താഴ്വരയിൽ ചുര മാന്തി ഊക്കിൽ ആനന്ദിച്ചു
സന്നാഹത്തെക്കൊള്ളേ പുറപ്പെടുന്നു;
22 പേടിക്കു കൂശാതേ ചിരിക്കുന്നു,
വാളിൻ മുമ്പിൽനിന്നു പിൻമാറുന്നതും ഇല്ല.
23 പൂണി അതിന്മേൽ ചിലമ്പുന്നു,
കുന്തചവളങ്ങളുടേ മിന്നൽ (തെളുങ്ങുന്നു).
24 ആരവമുഴക്കത്തിൽ അതു നിലത്തെ പരുകി (ഓടുന്നു),
കാഹളനാദമായാൽ ആശ്വാസമില്ല.
25 കാഹളം കേട്ടാൽ ഹാ ഹാ എന്നിരുന്നു,
പ്രഭുക്കളുടേ വിളിമുഴക്കവും ഘോഷവുമായി
പോരിനെ ദൂരത്തുനിന്നു മണക്കുന്നു.
26 മലങ്കുരികിൽ പാറി പോയി
തെക്കോട്ടു ചിറകുകളെ വിടർക്കുന്നതു നിന്റെ ബുദ്ധിയാലോ?
27 നിന്റെ കല്പനെക്കോ കഴുകു ഉയർന്നു
തൻ കൂടു ഉന്നതത്തിൽ കെട്ടുന്നതു?
28 അതു പാറയിൽ കുടിയിരുന്നു രാപാർക്കുന്നു,
ശൈലശിഖരത്തിന്നും ദുർഗ്ഗത്തിന്നും മീതേ തന്നേ.

29 അവിടേനിന്നു് ഇരയെ ഒറു പാർത്തു
ദൂരത്തേക്കു കണ്ണുകൾ നോക്കുന്നു.
30 അതിൽ കുഞ്ഞുകൾ ചോര നക്കും,
പട്ടവർ എവിടേ അവിടേ താൻ.

40. 41 അദ്ധ്യായങ്ങൾ

ഇയ്യോബ് വ്യവഹാരം ഉപേക്ഷിച്ചു തന്നെത്താൻ താഴ്ത്തിയാറേ, (5) യഹോവ തന്റെ നീതിയെ നിഷ്കർഷിച്ചു കാട്ടു, (15) നദീഹയം അതി ബലത്തോടു കൂടേ പോരിന്നു കൊള്ളാത്തതും, (41,1) നക്രം ബലവും ശൂരതയും ഒത്തിരിക്കുന്നതും വിചാരിച്ചാൽ, (8) സൃഷ്ടാവോടു പോർ അകാര്യം എന്നു കാട്ടിയശേഷവും (12) നക്രവർണ്ണനം.

പിന്നേ യഹോവ ഇയ്യോബിനോടു് ഉത്തരം ചൊല്ലിയതു:
2 ശാസിക്കുന്നവൻ സർവ്വശക്തനോടു വാദിക്കുമോ?
ദൈവത്തെ ആക്ഷേപിക്കുന്നവൻ ഇപ്പോൾ ഉത്തരം തരിക!

എന്നതിന്നു് ഇയ്യോബ് യഹോവയോടു് ഉത്തരം ചൊല്ലിയതു:
4 ഇതാ ഞാൻ ഏറ്റം നിസ്സാരൻ, എന്തു് എതിർചൊല്വു?
ഞാൻ വായ്മേൽ കൈ വെച്ചിരിക്കുന്നു.
5 ഒന്നു ഞാൻ ഉരിയാടി, ഉത്തരം തരികയില്ല താനും;
രണ്ടും (മിണ്ടി) ഇനി ചെയ്കയില്ല താനും!

എന്നാറേ യഹോവ കൊടുങ്കാറ്റിൽനിന്നു് ഇയ്യോബിനോടു ഉത്തരം [ചൊല്ലിയതു:
7 പുരുഷനായാൽ അരെക്കു കെട്ടിക്കൊൾക!
ഞാൻ നിന്നോടു ചോദിക്കും, നീ എന്നെ ഗ്രഹിപ്പിക്ക (38, 3)!
8 എന്റെ ന്യായത്തെ നീ ഇല്ലായ്മ ചെയ്യുമോ?
പക്ഷേ നീ നീതിമാനെന്നു വരുവാൻ എന്നെ ദുഷ്ടീകരിക്കുമോ?
9 സാക്ഷാൽ ദേവനെ പോലേ നിനക്കു ഭുജം ഉണ്ടു!
അവന്റെ ഇടിക്കു് ഒത്തവണ്ണം നീ മുഴക്കും!
10 അല്ലയോ ഡംഭവും ഔന്നത്യവും കൊണ്ടു് അണിഞ്ഞു
പ്രതാപവും പ്രഭയും ഉടുത്തുകൊൾക [സങ്കീ.14,1]!
11 നിന്റെ കോപച്ചീറ്റം പകരുക!
ഡംഭള്ളതു് ഒക്കയും നോക്കിക്കൊണ്ടു് താഴ്ത്തിവെക്ക!
12 ഡംഭള്ളതു് ഒക്കയും നോക്കിക്കൊണ്ടു് അമക്ക!
ദുഷ്ടന്മാരെ അവരുടേ സ്ഥലത്തു തന്നേ നുറുക്കുക!
13 അവരെ ഒക്കത്തക്ക പൊടിയിൽ മറെക്ക!
അവരുടേ മുഖങ്ങളെ മറവുകൊണ്ടു കെട്ടിവെക്ക!
14 എന്നാൽ നിന്റെ വലങ്കൈ നിനക്കു് രക്ഷ ഉണ്ടാക്കുന്നു,
എന്നു ഞാനും നിന്നെ വാഴ്ത്തും.
15 അല്ലയോ ഞാൻ നിന്റെ അരികേ ഉണ്ടാക്കിയ ബഹെമോത്തെ കണ്ടാലും!
അതു കാളപോലേ പുല്ലു തിന്നും;
16 അതിന്റെ അരകളിലേ ഊക്കും
വയറ്റിലേ ഞരമ്പുകളിലേ വീര്യവും കണ്ടാലും!
17 ദേവദാരുവോടു് ഒക്കും വാലിനെ അതു വീശുന്നു,
തുടകളിലേ നാടികൾ പിണെഞ്ഞു തിങ്ങിയിരിക്കുന്നു.
18 അതിൻ എല്ലുകൾ ചെമ്പോകുകൾ തന്നേ,
അസ്ഥികൾ ഇരിമ്പുപാര പോലേ.

19 ദേവവഴികളിൽ ഇതിന്നു മുമ്പുണ്ടു,
അതിന്റേറ വാളോ ഉണ്ടാക്കിയവൻ നല്കി.
20 എങ്ങനേ എന്നാൽ മലകൾ അതിന്നു തീൻ മുളെപ്പിക്കുന്നു,
കാട്ടുമൃഗം ഒക്കയും അവിടേ കളിക്കുന്നു താനും.
21 നീർമ്മുള്ളുകളുടേ ചുവട്ടിലും
മറവിലും ചളിയിലും അതു കിടക്കുന്നു.
22 നീർമ്മുള്ള് അതിന്നു നിഴൽ മെടയുന്നു,
തോട്ടിലേ കണ്ടലുകൾ അതിനെ ചുററി മൂടുന്നു.
23 പുഴ അതാ കവിഞ്ഞാലും അതു തത്രപ്പെടുന്നില്ല,
വായിലേക്കു ഒരു ഗംഗ പ്രവാഹിച്ചാലും അതു തേറും.
24 തൻ കണ്ണുകൾ കാൺകേ അതിനെ (വല്ലവൻ) പിടിക്കുക!
മൂക്കു തുളെച്ചു കുടുക്കുകളെ ഇടുക!

41. അദ്ധ്യായം

1 ലിവ്യഥാനെ നീ ചൂണ്ടൽകൊണ്ടു വലിക്കുമോ?
കയറുകൊണ്ടു അതിൻ നാവിനെ അമക്കുമോ?
2 അതിൻ മൂക്കിൽ വക്കു് ഇടുമോ?
കൊക്കുകൊണ്ടു് അണലിനെ തുളെക്കയോ?
3 നിന്നോടു് അതു് ഏറിയോന്നു കെഞ്ചി
സാമവാക്കുകളെ ചൊല്ലി യാചിക്കുമോ?
4 നിന്നോടു സഖ്യം ചെയ്യുമോ?
നിത്യദാസനായി അതിനെ നീ കൈക്കൊള്ളുമോ?
5 കുരികിലോടു് എന്ന പോലേ അതിനോടു് കളിക്കുമോ?
നിന്റേറ കന്നിമാക്കായിട്ടു് അതിനെ തളെക്കുമോ?
6 കൂട്ടുകാർ അതിനെകൊണ്ടു വില പറകയോ?
കണാന്യവ്യാപാരികളിൽ പകുതി ചെയ്യുയോ?
7 അസ്ത്രങ്ങളെ അതിൻ തോലിലും
മീനുളികളേ തലയിലും നിറെക്കുമോ?
8 അതിന്മേൽ നീ കൈ വെച്ചാൽ
യുദ്ധം കരുതുക! ഇനി ചെയ്യുയും ഇല്ല.
9 ഇവന്റേറ ആശെക്കു് ഇതാ ഭംഗം വന്നു,
അതിന്റേറ കാഴ്ചയും അവനെ കവിഴ്ത്തുവാൻ മതി.
10 അതിനെ ഉണർത്തുവാൻ വീറുള്ളവനും തുനിയാ,
പിന്നേ എന്റേറ മുമ്പാകേ നിന്നുകൊൾവതു് ആരുപോൽ?
11 ഞാൻ പകരം ചെയ്വത്തക്കവണ്ണം എന്നെ ആർ മുമ്പിട്ടു (സേവിച്ചു)?
വാനത്തിൻ കീഴുള്ളതു് ഒക്കയും എന്റേറതത്രേ.
12 അതിൻ അവയവങ്ങളും ശൌര്യങ്ങളുടേ പുകഴ്ചയും
കഞ്ചുകശോഭയും ഞാൻ വണ്ണിക്കാതിരിക്കയില്ല.
13 അതിൻ ഉടുപ്പിനെ ആർ നീക്കിക്കാട്ടും?
ഇരട്ടി ദന്തനാളത്തിൽ ആർ ചെല്ലും?
14 മുഖത്തിൻ കതകുകളെ ആർ തുറക്കും?
ചുററുമുള്ള പല്ലുനിരകൾ ഭീഷണിയത്രേ.
15 മുതുകു പലിശകളാലുള്ള ഓകുകൾ തന്നേ,
തിങ്ങിന മുദ്രകളാൽ അടെക്കപ്പെട്ടതു;
16 ഒന്നോടു് ഒന്നു അടുത്തു ചേരും,
(ചെതുമ്പലിൻ) നടുവിൽ കാററു കടക്കാതു;

17 തമ്മിൽ പററിപ്പോയി
അന്തരം ഇല്ലാതേ പിണെഞ്ഞു കൂടും.
18 അതിൻ തുമ്മൽ വെളവെള മിന്നുന്നു,
കണ്ണുകൾ അരുണോദയത്തിൻ ഇമകൾക്കൊക്കും.
19 വായിൽനിന്നു തീപ്പന്തങ്ങൾ പുറപ്പെടുന്നു,
തീപ്പൊരികൾ പാറുന്നു.
20 നാസാരന്ധ്രങ്ങളിൽനിന്നു പുകകിളറുന്നത്
ഊതി മൂട്ടും ചട്ടിക്കലങ്ങൾ കണക്കനേ.
21 അതിൻ വീർപ്പു കനലുകളെ കത്തിക്കുന്നു,
വായിൽനിന്നു ജ്വാല വരുന്നു.
22 കഴുത്തിൽ ശക്തി പാർക്കുന്നു,
അതിൻ മുമ്പാകേ അച്ചം തുള്ളിവരുന്നു.
23 മാംസക്കട്ടകൾ കലുങ്ങാതവണ്ണം
അതിന്മേൽ വാർത്തതുപോലേ തമ്മിൽ പററിയിരിക്കുന്നു.
24 അതിൻ ഹൃദയം കല്ലുപോലേ വാർത്തിരിക്കുന്നു,
തിരിക്കുന്ന അടിക്കല്ലു പോലേ വാർത്തുണ്ടാക്കിയതു.
25 അതു നിവിൻനാൽ വീരന്മാർ അന്ത്യന്നു,
ത്രാസം ഹേതുവായി മയങ്ങുന്നു.
26 അതിനോട് എത്തിയാലും
വാൾ, കുന്തം, വേൽ, കവചം, ഇവ ഒന്നും നില്ക്കയില്ല.
27 ഇരിമ്പിനെ ഉണക്കമ്പുല്ല് എന്നും
ചെമ്പിനെ പൂതലിച്ച മരമായും എണ്ണും.
28 വില്ലിങ്കുട്ടി അതിനെ ആട്ടുന്നില്ല,
കവിണയിലേ കല്ലുകൾ അതിന്നു പതിരായ് ഛമയുന്നു.
29 മുൾത്തടി അതിന്നു താളടിയായി തോന്നും,
ചവളദ്ധംകാരത്തിന്നു ചിരിക്കും.
30 അതിൻ കീഴ്ഭാഗത്തു കൂർത്ത ഓടുകൾ പോലേ ഉണ്ടു,
ചേററിന്മേൽ മെതിവണ്ടി പോലേ വലിക്കുന്നു.
31 കലം പോലേ നീർകയത്തെ തിളപ്പിക്കുന്നു,
കടലിനെ തൈലക്കൂടാക്കി മാററുന്നു.
32 തന്നേറ പിന്നിൽ ഞെറിയെ മിനുക്കുന്നു,
ആഴി നരയായി തോന്നുവോളം (നരെക്കുന്നു).
33 മണ്ണിന്മേൽ അതിന്നു സദൃശം ഒന്നും ഇല്ല,
നിരളാതേ വസിപ്പാൻ അതു ഉണ്ടാക്കപ്പെട്ടതു.
34 ഉയർന്നതിനെ എല്ലാം താൻ കാണുന്നതു,
ഞെളിവേറും വൻമൃഗങ്ങൾക്ക് എല്ലാററിന്നും രാജാവായിട്ടു തന്നേ.

42. അദ്ധ്യായം

ഇയ്യോബ് തൻ ബുദ്ധിക്കുറവിനെ കണ്ടു് അനുതപിച്ചശേഷം, (7) ദൈവം മൂന്നു ചങ്ങാതികളോടേ നീതികേടിനെ ശാസിച്ചു, (11) ഇയ്യോബിനെ വീണ്ടെടുത്തു് അനുഗ്രഹിച്ചതു.

ഇയ്യോബ് യഹോവയോടു് ഉത്തരം ചൊല്ലിയതു:
2 നിന്നാൽ എല്ലാം കഴിയും,
ഓർ ഉപായവും നിന്നോടു തടുക്കാവതല്ല എന്നു ഞാൻ അറിയുന്നു.
3 അറിവില്ലാതേ ഇവിടേ ആലോചനയെ ഇരിട്ടാക്കുന്നതു് ആർ (33,2)?
എന്നതുകൊണ്ടു ഞാൻ ഗ്രഹിക്കാതേ കഥിച്ചു,
എനിക്കു് അത്ഭുതമായവ (പറഞ്ഞു) അറിഞ്ഞില്ല താനും.

4 നീ കേൾക്ക, എന്നാൽ ഞാൻ ഉരെക്കും;
ഞാൻ നിന്നോട ചോദിക്കും, നീ എന്നെ അറിയിക്കയും ചെയ്യും (40,7).
5 എങ്കിലോ ചെവിയുടേ കേൾവിയാൽ ഞാൻ നിന്നെ കേട്ടിരുന്നു,
ഇപ്പോൾ കണ്ണും നിന്നെ കണ്ടുവല്ലോ.
6 അതുകൊണ്ട ഞാൻ (ചൊന്നതിനെ) വെറുത്തു
പൂഴിച്ചാരത്തിലും അനുതപിക്കുന്നു.
7 ഈ വചനങ്ങളെ യഹോവ ഇയ്യോബിനോട പറഞ്ഞശേഷം തേമാന്യനായ എലീഫജിനോട യഹോവ പറഞ്ഞിതു: നിന്നിലും നിന്റെ സ്നേഹിതർ ഇരുവരിലും എന്റെ കോപം എരിയുന്നതു നിങ്ങൾ എൻ ദാസനായ ഇയ്യോബിനെ പോലേ എന്നെ കൊണ്ട നേരോടല്ല പറകയാൽ തന്നേ.
8 ഇപ്പോൾ നിങ്ങൾക്കു ഏഴ കാളകളും ഏഴ മുട്ടാടുകളും വാങ്ങി എൻ ദാസനായ ഇയ്യോബിനെ ചെന്നു കണ്ട നിങ്ങൾക്കുവേണ്ടി ഹോമബലി കഴിപ്പിൻ! എൻ ദാസനായ ഇയ്യോബ് നിങ്ങൾക്കായി പക്ഷവാദം ചെയ്യും. നിങ്ങൾ ആകട്ടേ എൻ ദാസനായ ഇയ്യോബിനെ പോലേ എന്നെ കൊണ്ട നേരോടല്ല പറഞ്ഞിട്ടുള്ള മൌഢ്യത്തിന്നു തക്കവണ്ണം നിങ്ങളോട ചെയ്യാതിരിപ്പാൻ അവന്റെ മുഖപക്ഷം മാത്രം ഞാൻ എടുക്കും. എന്നാറേ
9 തേമാന്യനായ എലീഫജ്, ശൂഹ്യനായ ബിൽദദ്, നയമയിലേ ചോഫർ, ഇവർ പോയി യഹോവ അവരോട ചൊല്ലിയ പ്രകാരം അനുഷ്ഠിച്ചു, യഹോവ ഇയ്യോബിൻ മുഖപക്ഷം എടുക്കയും ചെയ്തു.
10 പിന്നേ ഇയ്യോബ് തൻ സ്നേഹിതർക്കുവേണ്ടി മദ്ധ്യസ്ഥം ചെയ്തപ്പോൾ യഹോവ അവന്റെ അടിമയെ മാററി ഇയ്യോബിനുള്ളതു ഒക്കയും ഇരുമടങ്ങാക്കിക്കൊടുത്തു. അപ്പോൾ അവന്റെ സകല സഹോദരരും സഹോദരികളും മുമ്പിലത്തേ പരിചയക്കാരും ഒക്കയും വന്നു അവന്റെ ഭവനത്തിൽ അവനോടുകൂടി ഊൺ കഴിച്ചു, യഹോവ അവന്മേൽ വരുത്തിയ എല്ലാ തിന്മയും ചൊല്ലി വിലാപിച്ചു അവനെ ആശ്വസിപ്പിച്ചു, ഓരോരുത്തൻ
12 കസീതനാണ്യവും പൊൻവളയും അവനു കൊടുത്തു. ഇയ്യോബിന്റേറ മുമ്പിലേതിൽ അധികം യഹോവ അവന്റെ പിൻകാലത്തെ അനുഗ്രഹിക്കയാൽ അവനു പതിനായിരം ആടും ആറായിരം ഒട്ടകവും ആയിരം ഏർ
13 കാളയും ആയിരം പെൺകഴുതയും ഉണ്ടായി. ഏഴ മക്കളും മൂന്നു മകളുമുണ്ടായി.
14 ഒരുത്തിക്കു യമീമ എന്നും രണ്ടാമവൾക്കു കേചിയ എന്നും
15 മൂന്നാമവൾക്കു കെരൻഹപ്പുക് എന്നും പേരുകൊടുത്തു വിളിച്ചു. ഇയ്യോബിൻ പുത്രിമാരോളം സൌന്ദര്യമുള്ള സ്ത്രീകളും നാട്ടിൽ എങ്ങും കാണായതും ഇല്ല; ആയവൎക്ക് അപ്പൻ സഹോദരരുടേ ഇടയിൽ തന്നേ അവകാശം കൊടുക്കയും ചെയ്തു. ഇവരിൽ പിന്നേ ഇയ്യോബ് നൂറുനാല്പതു വർഷം ജീവിച്ചിരുന്നു മക്കളെയും മക്കളുടേ മക്കളെയും നാലു തലമുറവരേ കണ്ടശേഷം, ഇയ്യോബ് വൃദ്ധനായി വാഴ്നാളുകളാൽ തൃപ്തിവന്നു മരിക്കയും ചെയ്തു.
16
17

സങ്കീർത്തനങ്ങൾ

ഒന്നാം കാണ്ഡം: 1—41

ദാവിദിന്റെ യഹോവാകീർത്തനങ്ങൾ

രണ്ടാം കാണ്ഡം: 42—72

കോരഹ്യർ മുതലായവരുടേ ദേവകീർത്തനങ്ങൾ

മൂന്നാം കാണ്ഡം: 73—89

ആസാഫ് (73—83) കോരഹ്യർ മുതലായവരുടേ
മിശ്രകീർത്തനങ്ങൾ

നാലാം കാണ്ഡവും അഞ്ചാം കാണ്ഡവും

90—106 107—150

മോശേ മുതൽ ഒടുക്കത്തേ കാലംവരേ
അനേകരുടേ കീർത്തനങ്ങൾ

THE

BOOK OF PSALMS.

സങ്കീർത്തനങ്ങൾ

ഒന്നാം കാണ്ഡം, 1—41:

ദാവിദിൻെറ യഹോവാകീർത്തനങ്ങൾ

1. സങ്കീർത്തനം

ദേവഭക്തരേ അനുഗ്രഹവും (4) ദുഷ്ടരേ നിഗ്രഹവും.

1 ദുഷ്ടരുടേ അഭിപ്രായത്തിൽ നടക്കാതേയും
പാപികളുടേ വഴിയിൽ നില്ക്കാതേയും
പരിഹാസക്കാരുടേ ഇരിപ്പിൽ ഇരിക്കാതേയും,
2 യഹോവയുടേ ധർമ്മോപദേശത്തിൽ അത്രേ ഇഷ്ടം ഉണ്ടായി
അവൻേറ വേദത്തിൽ രാപ്പകൽ ധ്യാനിച്ചും കൊള്ളുന്ന പുരുഷൻ ധന്യൻ.
3 ആയവൻ നീർത്തോടുകൾക്കരികിൽ നട്ടതായി
തക്കാലത്തു ഫലം കാച്ചും
ഇല വാടാതേയും ഉള്ള മരത്തോട് ഒക്കും.
അവൻ ചെയ്യുന്നത് ഒക്കെയും സാധിക്കും.
4 ദുഷ്ടന്മാർ അങ്ങനേ അല്ല,
കാറു പാറുന്ന പതിർ പോലേ അത്രേ.
5 ആകയാൽ ദുഷ്ടർ ന്യായവിസ്താരത്തിലും
പാപികൾ നീതിമാന്മാരുടേ സഭയിലും നിവിരുകയില്ല.
6 കാരണം യഹോവ നീതിമാന്മാരുടേ വഴിയെ അറിയുന്നു,
ദുഷ്ടരുടേ വഴി കെടുകേ ഉള്ളു.

2. സങ്കീർത്തനം

ദ്രോഹിക്കുന്ന ജാതികളോടു (4) യഹോവ വാഴിച്ച മെശീഹ (7) ദേവ വിധിയെ അറിയിച്ചതും. (10) മകനു കീഴടങ്ങുവാൻ ദാവിദ് പ്രബോധിപ്പിച്ചതും (ദാവിദിൻെറതു; 2 ശമു. 7).

1 ജാതികൾ മുഴങ്ങിയും
കുലങ്ങൾ വ്യർത്ഥമായതു ചിന്തിച്ചും പോവാൻ എന്തു?
2 ഭൂമിയുടേ രാജാക്കൾ നിലനിന്നും
മന്നവർ ഒക്കത്തക്ക മന്ത്രിച്ചും കൊള്ളുന്നതു
യഹോവെക്കും അവൻേറ അഭിഷിക്തനും എതിരേ തന്നേ:
3 ഇവരുടേ കെട്ടുകളെ നാം പൊട്ടിച്ചു
കയറുകളെ നമ്മിൽനിന്ന് എറിഞ്ഞുകളക! എന്നത്രേ.

4 സ്വർഗ്ഗത്തിൽ ഇരിക്കുന്നവൻ ചിരിച്ചും
കർത്താവ് അവരെ പരിഹസിച്ചുംകൊണ്ടു
5 അന്നു തൻ കോപത്തിൽ അവരോട് ഉര ചെയ്തു
തന്റെ ഊക്കുഭാവിൽ അവരെ മെരിട്ടും:
6 ഞാനോ എന്റെ രാജാവെ
എൻ വിശുദ്ധ ചിയോൻ മലമേൽ ആക്കിവെച്ചു എന്നത്രേ.
7 ഞാൻ തീർപ്പിനെ കഥിക്കട്ടേ!
യഹോവ എന്നോടു പറഞ്ഞിതു:
നീ എന്റെ പുത്രൻ,
ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചു.
8 എന്നോടു ചോദിക്ക, എന്നാൽ ജാതികളെ നിൻ അവകാശമായും
ഭൂമിയുടെ അറ്റങ്ങളെ നിൻ അടക്കമായും തരും!
9 ഇരിമ്പു ചെങ്കോൽ കൊണ്ട് നീ അവരെ തകർക്കും,
കുശവകുടങ്ങളെ പോലേ അവരെ പൊടിക്കും എന്നത്രേ.
10 എങ്കിലോ രാജാക്കന്മാരേ, ഇനി ബുദ്ധി വെപ്പിൻ!
ഭൂമിയിലേ ന്യായാധിപതികളേ, ശാസനെക്ക് അടങ്ങുവിൻ!
11 യഹോവയെ ഭയത്തോടേ സേവിച്ചു
വിറയലോടേ ആർപ്പിൻ!
12 പുത്രൻ കോപിച്ചിട്ടു
നിങ്ങൾ വഴിയിൽനിന്നു കെട്ടുപോകായ്വാൻ അവനെ ചുംബിപ്പിൻ!
അടുക്കേ തന്നേ അവന്റെ കോപം കത്തും സത്യം.
അവങ്കൽ ആശ്രയിക്കുന്നവർ ഒക്കയും ധന്യർ.

3. സങ്കീർത്തനം

ശത്രുക്കൾ പെരുകിലും (4) വിശ്വാസത്താൽ തേറി (6) സുഖനിദ്രെക്കായി സ്തുതിച്ചു (8) രാവിലേ പ്രാർത്ഥിച്ചതു.

ദാവിദിന്റെ കീർത്തന; അവൻ സ്വപുത്രനായ അബ്ശലോമിൽനിന്നു മണ്ടുകയിൽ. (2 ശമു. 26, 14)

2 യഹോവേ, എന്റെ മാറാന്മാർ എത്ര പെരുകി!
അനേകർ എന്നോട് എതിർത്തെഴുന്നു.
3 അനേകർ എൻ ദേഹിയോടു
ഇവനു ദൈവത്തിങ്കൽ രക്ഷയില്ല എന്നു പറയുന്നു. (സേല*)
4 നീയോ യഹോവേ, എനിക്കു ചുറ്റും പലിശ,
എൻ തേജസ്സും എന്തലയെ ഉയർത്തുന്നവനും തന്നേ.
5 എൻ ഒച്ചയാൽ ഞാൻ യഹോവയോടു നിലവിളിക്കും,
അവനും തന്റെ വിശുദ്ധ മലയിൽനിന്ന് എന്നോട് ഉത്തരം പറയുന്നു.
(സേല)
6 ഞാൻ കിടന്നുറങ്ങി,
യഹോവ എന്നെ താങ്ങുകയാൽ ഉണർന്നും ഇരിക്കുന്നു.
7 ചുറ്റിലും എനിക്ക് എതിരിട്ട
ജനലക്ഷങ്ങളിൽനിന്നും ഞാൻ ഭയപ്പെടാ.
8 യഹോവേ, എഴുനീല്ക്ക!
എൻ ദൈവമേ, എന്നെ രക്ഷിക്ക!

---

* സേല=വാദ്യഘോഷം.

നീ അല്ലോ എന്നേറ സകല ശത്രുക്കളെയും കവിംക്ക് അടിച്ചു
ദുഷ്ടരുടേ പല്ലുകളെ ഉടെച്ചിരിക്കുന്നു.
9 രക്ഷ യഹോവെക്കുള്ള,
നിൻ ജനത്തിന്മേൽ നിന്നേറ അനുഗ്രഹം (ആക). (സേല)

4. സങ്കീത്തനം

അബ്ശലോമ്യ സങ്കടത്തിൽ (2) ശത്രുക്കംക്കു ബുദ്ധിയുപദേശിച്ചും (7) യഹോവയിൽ ആശ്രയിച്ചും വൈകുന്നേരത്തു പാടിയതു. സംഗീതപ്രമാണിക്കു. കമ്പിനാദത്തോടേ ദാവിദിൻ കീത്തന.

2 ഞാൻ വിളിക്കുമ്പോം, എന്നേറ നീയിയുള്ള ദൈവമേ, ഉത്തരം പറക!
ഇടുക്കിൽ നീയല്ലോ എനിക്കു വിശാലത വരുത്തിയവൻ.
എന്നിൽ കൃപ ഉണ്ടായി എൻ പ്രാത്ഥനയെ കേംക്കുക!
3 ഹേ വീരപുത്രരേ, എത്രോളം നിങ്ങം എന്നേറ തേജസ്സെ നിന്ദിച്ചു
മായയെ സ്നേഹിച്ചു കള്ളത്തെ അന്വേഷിക്കും? (സേല)
4 യഹോവ തനിക്കു ഭക്തനെ വേർതിരിച്ചു എന്നറിവിൻ!
ഞാൻ യഹോവയോടു വിളിക്കുമ്പോം അവൻ കേംക്കും.
5 കോപിച്ചാലും പാപം ചെയ്യായ്വിൻ!
നിങ്ങളുടെ കിടക്കമേൽ സ്വഹൃദയത്തോടു പറഞ്ഞു മിണ്ടാതിരിപ്പിൻ?
6 നീതിബലികളെ കഴിച്ചിട്ടു [(സേല)
യഹോവയിൽ ആശ്രയിപ്പിൻ! (2 ശമു. 15, 12)
7 നമുക്ക് ആർ ശുഭം കാട്ടും എന്നു പലരും പറയുന്നു, [(4 മോ. 6, 26)
യഹോവേ, നിന്നേറ മുഖപ്രകാശത്തെ ഞങ്ങളുടേ മേൽ ഉയത്തേണമേ!
8 അവക്കു ധാന്യവും• മധുരസവും പെരുകുന്ന കാലത്തിലും
ഏറിയ സന്തോഷത്തെ നീ എന്നേറ ഹൃദയത്തിൽ തന്നു. (2 ശമു. 16)
9 ഞാൻ സമാധാനത്തിൽ കിടന്നുറങ്ങും,
യഹോവേ, നീയല്ലോ തനിച്ച് എന്നെ നിർഭയമായി വസിപ്പിക്കു•.
[(3 മോ. 26, 18)

5. സങ്കീത്തനം

പ്രാത്ഥനയിൽ (4) ദൈവം തന്നെ ദുഷ്ടരിൽനിന്നുദ്ധരിച്ചു (9) താൻ മുതലായ ഭക്തക്കു ദേവാശ്രയത്തെ വളത്തേണ്ടതിന്ന് അപേക്ഷ. (കാലം 2ശമു. 20, 1)
സംഗീതപ്രമാണിക്കു. കുഴലുകളോടേ ദാവിദിൻ കീത്തന,

2 യഹോവേ, എന്നേറ ചൊല്ലുകളെ ചെവിക്കൊണ്ടു
എൻ ധ്യാനത്തെ ഗ്രഹിക്ക.
3 എൻ രാജാവും എൻ ദൈവവും ആയുള്ളോവേ,
എന്നേറ ആത്തനാദത്തെ കുറിക്കൊംക!
നിന്നോടല്ലോ ഞാൻ പ്രാത്ഥിക്കും.
4 യഹോവേ, രാവിലേ എൻ ശബ്ദത്തെ കേട്ടാലും!
ഞാനും രാവിലേ നിണക്കായി ഒരുക്കി കാത്തു നോക്കും.
5 കാരണം ദോഷം രുചിക്കുന്ന ദേവനല്ല നീ,
ദുഷ്ടനു നിങ്കൽ പാപ്പില്ല.
6 ഗർവ്വികളും നിൻ കണ്ണുകംക്കു നേരേ നിവിരുകയില്ല,
അകൃത്യം പ്രവൃത്തിക്കുന്നവരെ ഒക്കയും നീ പകെക്കുന്നു.

7 കള്ളം പറയുന്നവരെ നീ ഒടുക്കും,
ചോരയും ചതിയും തൂകുന്ന ആളെ യഹോവ അറെക്കും.
8 ഞാനോ നിൻ ദയയുടേ പെരുമയാൽ നിന്റേറ ആലയം പ്രവേശിക്കും,
നിൻ വിശുദ്ധ മന്ദിരത്തെ നോക്കി നിന്റേറ ഭയത്തിൽ ആരാധിക്കും.
9 യഹോവേ, എൻ എതിരികൾ നിമിത്തം നിന്റേറ നീതിയാൽ എന്നെ നട
എൻ മുമ്പിൽ നിന്റേറ വഴിയെ നിരത്തുക! [ത്തി
10 കാരണം അവനവന്റേറ വായിൽ നേരില്ല,
അവരുടേ ഉള്ളം കിണ്ടങ്ങൾ അത്രേ,
അവരുടേ തൊണ്ട തുറന്ന ശവക്കുഴി,
നാവിനെ അവർ മിനുക്കുന്നു.
11 ദൈവമേ, അവരുടേ കുറ്റം തെളിയിക്ക!
അവരുടേ ആലോചനകൾ ഹേതുവായി അവർ വീഴുക!
ദ്രോഹങ്ങളുടെ പെരുമയാൽ അവരെ ഭ്രംശിപ്പിക്ക!
നിന്നോടല്ലോ അവർ മറുത്തതും
12 നിങ്കൽ ആശ്രയിക്കുന്നവർ ഒക്കെയും സന്തോഷിച്ചും
നീ അവർ മേൽ ആചരാദിക്കയാൽ എന്നേക്കും ആർത്തും
നിൻ നാമത്തെ സ്നേഹിക്കുന്നവർ നിന്നിൽ ഉല്ലസിച്ചും കൊള്ളുമാറു തന്നേ.
13 യഹോവേ, നീയല്ലോ നീതിമാനെ അനുഗ്രഹിക്കും,
പലിശ കണക്കനേ പ്രസാദംകൊണ്ടു അവനെ ചൂടിക്കും.

6. സങ്കീർത്തനം

ഉഗ്ര ബാധയിൽ നിന്നു (5) പ്രാണരക്ഷയെ അപേക്ഷിച്ചതും, (9) ശത്രുക്കളുടേ തോലവിയെ ആശിച്ചതും.

സംഗീതപ്രമാണിക്കു, കമ്പിവാദ്യങ്ങളോടേ, അഷ്ടമരാഗത്തിൽ;
ദാവിദിൻ കീർത്തന.

2 യഹോവേ, നിന്റേറ കോപത്തിൽ എന്നെ ശാസിക്കയും
നിന്റേറ ഊഷ്മാവിൽ ശിക്ഷിക്കയും അരുതേ!
3 യഹോവേ, ഞാൻ മാഴ്കിയതുകൊണ്ടു എന്നോടു കൃപ ചെയ്യു!
യഹോവേ, എന്നെ ചികിത്സിക്ക!
എന്റേറ എല്ലുകൾ അല്ലോ മെരിണ്ടു പോയി.
4 എന്റേറ ദേഹിയും ഏറ്റം മെരിണ്ടിരിക്കുന്നു;
നീയോ യഹോവേ, എത്രത്തോളം!
5 യഹോവേ, തിരിച്ചു എൻ ദേഹിയെ വിടുവിക്ക!
നിൻ ദയ നിമിത്തം എന്നെ രക്ഷിക്ക!
6 നിന്റേറ സ്മരണം മരണത്തിൽ ഇല്ലല്ലോ,
പാതാളത്തിൽ ആർ നിന്നെ വാഴ്ത്തും?
7 ഞാൻ ഞരങ്ങുകയാൽ തളർന്നു പോയി;
രാത്രി മുഴുവൻ എൻ കിടക്കയെ ഒഴുക്കുന്നു,
എൻ കണ്ണുനീർകൊണ്ടു കട്ടിലിനെ ഉരുക്കുന്നു.
8 വ്യസനം ഹേതുവായി എൻ കണ്ണു കുഴിഞ്ഞും
എന്റേറ സകല മാറാന്മാർ നിമിത്തം മൂത്തും പോയി.
9 അകൃത്യത്തെ പ്രവൃത്തിക്കുന്നവരേ ഒക്കെയും, എന്നോടു് അകലുവിൻ!
യഹോവയല്ലോ ഞാൻ കരയുന്ന ഒച്ചയെ കേട്ടു.
10 എന്റേറ യാചനയെ യഹോവ കേട്ടു,
യഹോവ എൻ പ്രാർത്ഥനയെ കൈക്കൊള്ളും.
11 എന്റേറ ശത്രുക്കൾ എല്ലാം നാണിച്ചു ഏറ്റം മെരിണ്ടുപോകും,
അവർ പിന്തിരിഞ്ഞു പെട്ടന്നു നാണിച്ചു പോകും.

7. സങ്കീത്തനം

യഹോവ തന്നെ കൊണ്ടുള്ള ഏഷണിയെ കേട്ട (7) ന്യായം വിധിക്കേണം എന്നപേക്ഷയും (10) ആശാനിശ്ചയവും (15) സ്തോത്രവും (കാലം 1 ശമു. 24 ശേഷം).

ബിന്യമീന്യനായ കൂശിന്റെ വാക്കുകൾ നിമിത്തം ദാവിദ് യഹോവെക്കു പാടിയ ഭ്രമം.

2 എൻ ദൈവമായ യഹോവേ, നിന്നിൽ ഞാൻ ആശ്രയിക്കുന്നു,
എന്നെ വേട്ടയാടുന്നവരിൽനിന്ന് ഒക്കയും എന്നെ രക്ഷിച്ചുദ്ധരിക്കേണമേ;
3 അവൻ സിംഹം പോലേ എൻ ആത്മാവെ കീറി
ഉദ്ധരിപ്പവൻ ആരും ഇല്ലാതേ ശകലിച്ചു കളയായ്വാൻ തന്നേ.
4 എൻ ദൈവമായ യഹോവേ, ഞാൻ ഇതിനെ ചെയ്തു എങ്കിൽ,
അക്രമം എന്റെ കൈകളിൽ ഉണ്ടെങ്കിൽ,
5 എൻ ബന്ധുവിന്നു ഞാൻ തിന്മയെ പിണെച്ചു എങ്കിൽ,
എനിക്കു വെറുതേ മാറാനായവനോടു കവർന്നു എങ്കിൽ,
6 ശത്രു എൻ ദേഹിയെ പിന്തുടർന്നു പിടിക്കയും
എൻ ജീവനെ നിലത്തു ചവിട്ടുകയും,
എൻ തേജസ്സിനെ പൂഴിയിൽ വസിപ്പിക്കയും ചെയ്തു! [സേല]
7 യഹോവേ, നിൻ കോപത്തിൽ എഴുനീല്ക്ക!
എന്റെ മാറാന്മാരുടേ ചീറ്റത്തിങ്കൽ ഉയരുക!
ന്യായവിധിയെ കല്പിച്ചുള്ളവനേ, എനിക്കായി ഉണരുക!
8 കൂലങ്ങളുടേ മഹാസഭ നിന്നെ ചുറ്റിനില്ക്ക,
പിന്നേ അവക്കു മീതേ കയറി ഉയരത്തിലേക്കു മടങ്ങി ചെല്ക!
9 യഹോവ ജനസമൂഹങ്ങൾക്കു വിസ്താരിക്കും;
എന്റെ നീതിക്കും തികവിന്നും തക്കവാറു
യഹോവേ, എനിക്കും ന്യായം വിധിക്ക!
10 ദുഷ്ടരുടേ ദോഷം തീർന്നു പോക,
നീതിമാനെ ഉറപ്പിക്കയും ചെയ്തു!
ഹൃദയങ്ങളെയും ഉൾപൂവുകളെയും ആരായുന്നവൻ നീതിയുള്ള ദൈവമല്ലോ.
11 ഹൃദയനേരുള്ളവരെ രക്ഷിക്കുന്ന
ദൈവത്തിൻ വക്കൽ എന്റെ പലിശ ആകുന്നു.
12 ദൈവം നീതിയുള്ള ന്യായാധിപനും
നാൾതോറും ക്രുദ്ധിക്കുന്ന ദേവനും ആകുന്നു.
13 (ആം) തിരിയാഞ്ഞാൽ തന്റെ വാളിനെ കടഞ്ഞു
തൻ വില്ലിനെ കുലെച്ചു ലാക്കിൽ ഉറപ്പിക്കും;
14 അവനെക്കൊള്ളേ മരണാസ്ത്രങ്ങളെ തൊടുത്തു
തൻ അമ്പുകളെ തീപ്പകഴികൾ ആക്കി ചമെക്കും.
15 കണ്ടാലും, അകൃത്യത്തെ അവൻ ഉൾക്കൊണ്ടു
കിണ്ടം ഗർഭം ധരിച്ചു വ്യാജത്തെ പ്രസവിക്കുന്നു.
16 കുണ്ടു കുഴിച്ചു തോണ്ടി എടുത്തു,
താൻ ഉണ്ടാക്കിയ കുഴിയിൽ വീഴുകയും ചെയ്യുന്നു.
17 അവന്റെ കിണ്ടം തൻ തലയിലേക്കു തിരിയും,
അവന്റെ സാഹസം തൻ നെറുകമേൽ ഇറങ്ങും.
18 ഞാൻ യഹോവയെ തൻ നീതിക്കു തക്കവണ്ണം വാഴ്ത്തും,
അത്യുന്നതനായ യഹോവാനാമത്തെ കീർത്തിക്കും.

8. സങ്കീർത്തനം

വാനങ്ങളാൽ കൂട്ടികൊംക്കും ബോധിക്കുന്ന ദേവതേജസ്സു (4) മനുഷ്യസൃഷ്ടി
യിൽ വിളങ്ങി വന്നതിന്നു (10) സ്തോത്രം.
സംഗീതപ്രമാണിക്കു, ഗത്ഥ്യ (രാഗത്തിൽ); ദാവീദിൻ കീത്തന.

2 ഞങ്ങളുടേ കത്താവായ യഹോവേ,
നിൻേറ നാമം സൎവ്വഭൂമിയിലും എത്ര നിറന്നിരിക്കുന്നു,
സ്വപ്രതാപത്തെ വാനങ്ങളിന്മേൽ ഇട്ടവനേ!
3 ശിശുക്കളുടേയും മുല കുടിക്കുന്നവരുടേയും വായിൽനിന്നു
നീ നിൻേറ മാററാന്മാർ നിമിത്തം ബലം നിൎമ്മിച്ചതു
ശത്രുവെയും പക വീട്ടുന്നവനെയും ശമിപ്പിക്കേണ്ടതിന്നത്രേ.
4 നിൻേറ വിരലുകളുടേ ക്രിയയാകുന്ന നിൻേറ വാനങ്ങളെയും
നീ ഒരുക്കിയ ചന്ദ്രനക്ഷത്രങ്ങളെയും കാണുമ്പോൾ,
5 മർത്യനെ നീ ഓർപ്പാൻ അവൻ എന്താകുന്നു,
അവനെ സന്ദർശിപ്പാൻ മനുഷ്യപുത്രനും എമ്മാത്രം?
6 ദേവത്വത്തിലും അല്പം മാത്രം നീ അവനെ കുറെച്ചു
തേജസ്സും പ്രഭയും അവനെ ചൂടുമാറാക്കി,
7 നിൻേറ കൈക്രിയകളിൽ അവനെ വാഴിക്കുന്നു;
സകലവും അവൻേറ കാലുകൊംക്കു കീഴാക്കി ഇരിക്കുന്നു,
8 ആടും കാളകളും എല്ലാം
വലയിലേ മൃഗങ്ങളുമായി
9 വാനത്തിലേ കുരികിലും കടലിലേ മീനുകളും
സമുദ്രമാൎഗ്ഗങ്ങളുടേ കടക്കുന്നത് ഒക്കയും തന്നേ.
10 ഞങ്ങളുടേ കത്താവായ യഹോവേ,
നിൻേറ നാമം സൎവ്വഭൂമിയിലും എത്ര നിറന്നിരിക്കുന്നു!

9. സങ്കീർത്തനം

ദൈവം തുണെച്ചതിനെ ഇസ്രയേൽ ഓൎത്തു (8) അവൻേറ ഗുണങ്ങളെ
സ്തുതിച്ചു (14) പുറമേ ശത്രുക്കളിൽനിന്നു രക്ഷയെ പ്രാൎത്ഥിച്ചാശിച്ചതു (കാ
ലം 2 ശമു. 21,17). അകാരാദി.
സംഗീതപ്രമാണിക്കു, പുത്രമരണത്തിന്മേൽ (എന്ന രാഗത്തിൽ);
ദാവീദിൻ കീത്തന.

2 അശേഷഹൃദയംകൊണ്ടു ഞാൻ യഹോവയെ വാഴ്ത്തും,
നിൻേറ സകല അത്ഭുതങ്ങളെയും ഞാൻ വൎണ്ണിക്ക;
3 നിങ്കൽ സന്തോഷിച്ചുല്ലസിക്ക,
അത്യുന്നതനേ, നിൻ നാമത്തെ കീൎത്തിക്ക,
4 എൻേറ ശത്രുക്കൊം ഇടറി
നിന്മുഖത്തുനിന്നു നശിച്ചിട്ടു പിൻവാങ്ങുകയാൽ തന്നേ!
5 എൻ ന്യായത്തെയും വിസ്താരത്തെയും നീയല്ലോ നടത്തി,
നീതിയുള്ള വിധികൎത്താവായി സിംഹാസനത്തിലിരുന്നു.
6 ഉലകജാതികളെ നീ ഭൎത്സിച്ചു ദുഷ്ടനെ നശിപ്പിച്ചു
അവരുടേ നാമത്തെ യുഗാദിയുഗത്തോളവും മാച്ചുകളഞ്ഞു.
7 ശത്രുവിന്നു ഇടിവുകൊം എന്നേക്കും തികഞ്ഞു വന്നു;
നീ പട്ടണങ്ങളെ വേരുത്തു,
അവരിൻ സ്മരണം കൂടേ നശിച്ചുപോയി.

8 എന്നേക്കും യഹോവ ഇരിക്കുന്നു,
തൻ സിംഹാസനത്തെ ന്യായവിധിക്കായി സ്ഥാപിച്ചു.
9 അവൻ നീതിയോടേ ഊഴിക്കു വിസ്തരിച്ചു
നേരോടേ കുലങ്ങൾക്കു വിധിക്കും.
10 എളിയവന്നു യഹോവ ഉയർന്നിലം ആക,
ഞെരുക്കത്തിലേ കാലങ്ങൾക്ക് ഉയർന്നിലം തന്നേ!
11 യഹോവേ, നിന്നെ തിരയുന്നവരെ നീ കൈവിടായ്കയാൽ
നിൻ നാമത്തെ അറിയുന്നവർ നിങ്കൽ തേറും.
12 ഓതുവിൻ, ചിയോനിൽ വസിക്കുന്ന യഹോവക്കു തന്നേ,
ജനസമൂഹങ്ങളിൽ അവന്റെ വങ്കുറിയകളെ കഥിപ്പിൻ!
13 ചോരകളെ അന്വേഷിക്കുന്നവനല്ലോ അവറെ ഓർത്തു,
സാധുക്കളുടേ നിലവിളിയെ മറക്കാതിരിക്കുന്നു.
14 കരുണ ചെയ്താലും, യഹോവേ!
എന്റെ പകയരാൽ ഉള്ള എൻ ഉപദ്രവത്തെ കാൺക,
മരണവാതിലുകളിൽനിന്നു എന്നെ ഉയർത്തുന്നവനേ!
15 ഞാൻ ചിയോൻ പുത്രിയുടേ വാതിലുകളിൽ
നിന്റെ സ്തുതിയെ ഒക്കയും വർണ്ണിച്ചു,
നിന്റെ രക്ഷയിൽ ആനന്ദിക്കേഅതിന്നു തന്നേ.
16 ജാതികൾ ഉണ്ടാക്കിയ കുഴിയിൽ തങ്ങൾ മുഴുകി,
തങ്ങൾ ഒളിപ്പിച്ച വലയിൽ അവരുടേ കാൽ അകപ്പെട്ടു.
17 യഹോവ തന്നെത്താൻ അറിവാറാക്കി ന്യായവിധിയെ കഴിച്ചു,
തൻ കൈകളുടേ പ്രവൃത്തിയിൽ ദുഷ്ടൻ കുടുങ്ങി പോയി. (പതുക്കേ, സേല)
18 ദുഷ്ടന്മാർ പാതാളത്തിലേക്കു പിന്തിരിയും,
യഹോവയെ മറക്കുന്ന സകല ജാതികളും തന്നേ.
19 ദരിദ്രൻ നിത്യം മറക്കപ്പെടുകയില്ല നിശ്ചയം,
സാധുക്കളുടേ ആശ എന്നേക്കും നശിക്കയും ഇല്ല.
20 യഹോവേ, എഴുനീല്ക്ക! മർത്യൻ ബലപ്പെടരുതേ,
ജാതികൾക്കു നിന്തിരുമുമ്പിൽ ന്യായവിധി വരികേ വേണ്ടു!
21 യഹോവേ, അവർക്കു ഭീഷണി ഇടുക,
തങ്ങൾ മർത്യർ എന്നു ജാതികൾ അറികയും ചെയ്ക! (സേല)

10 സങ്കീത്തനം

അകത്തേ ശത്രുക്കളെയും (12) ദൈവം ശിക്ഷിച്ചു സഭയെ ഉദ്ധരിക്കേണം എന്നതു (കാലം 9 സങ്കീ.).

1 **നീ** ദൂരത്തു നില്പാൻ എന്തു, യഹോവേ?
ഞെരുക്കത്തിലേ കാലങ്ങൾക്കു കണ്ണു മൂടുവാൻ എന്തു?
2 ദുഷ്ടന്റെ ഡംഭത്തിങ്കൽ എളിയവൻ (മനം) പൊള്ളുന്നു,
അവർ നിരൂപിച്ച ദുർന്നയങ്ങളാൽ പിടിക്കപ്പെടുകയും ചെയ്യുന്നു.
3 ദുഷ്ടനല്ലോ തൻ ഉള്ളത്തിൻ മോഹത്തെ സ്തുതിക്കയും
ലുബ്ധൻ യഹോവയെ അനുഗ്രഹിച്ചു ധിക്കരിക്കയും,
4 മൂക്കിൻ ഉയരംകൊണ്ടു ദുഷ്ടൻ: അന്വേഷണം ഇല്ല എന്നും,
ദൈവം ഇല്ല എന്നും എല്ലാ ചിന്തനങ്ങൾ ആകയും,
5 അവന്റെ വഴികൾ എല്ലായ്പോഴും സിദ്ധിക്കയും,
നിന്റെ ന്യായവിധികൾ ഉയരവേ അവനോടു അകലുകയും,
മാറാന്മാരെ ഒക്കയും അവൻ ഊതിക്കളകയും,

6 ഞാൻ കുലുങ്ങുകയില്ല,
തലമുറകളോളം തിന്മയിൽ പെടാത്തവൻ എന്നു ഹൃദയത്തിൽ പറകയും,
7 പ്രാക്കലും ചതികളും തുയരവും വായിൽ നിറകയും
നാവിൻകീഴ് കിണ്ടവും അകൃത്യവും ഇരിക്കയും,
8 അവൻ ഊരുകളുടേ ഒതുക്കിൽ വസിച്ചു
നിർദ്ദോഷനെ ഒളിമറകളിൽ കൊല്ലുകയും
അഗതിയെ കണ്ണു ചുഴിഞ്ഞു നോക്കയും,
9 വള്ളിക്കെട്ടിൽ സിംഹംപോലേ ഒളിയിൽ പതിയിരുന്നു,
എളിയവനെ മാട്ടി വെപ്പാൻ പതുങ്ങി
തന്റേ വലയിൽ വറു എളിയവനെ പിടിക്കുകയും,
10 ഒറി പതിഞ്ഞിരിക്കയും
അവന്റേ ഊക്കരാൽ അഗതികൾ വീഴ്കയും,
11 ദേവൻ മറന്നു എന്നും
തൻ മുഖത്തെ മറെച്ചു ഒരുനാളും കാണാതേ ഇരിക്കുന്നു എന്നും
അവൻ ഹൃദയത്തിൽ പറകയും ചെയ്യുന്നു.—
12 യഹോവേ, എഴുനീല്ക്ക!
ദേവ, നിൻ കയ്യെ ഉയർത്തുക,
എളിയവരെ മറക്കല്ലേ!
13 ദുഷ്ടൻ ദൈവത്തെ ധിക്കരിപ്പാനും
നീ അന്വേഷിക്കയില്ല എന്നു ഹൃദയത്തിൽ പറവാനും എന്തു?
14 വിപത്തും വ്യസനവും നിന്റേ കൈയിൽ ആക്കുവാൻ
നീ നോക്കുക കൊണ്ടു (അതിനെ) കണ്ടുവല്ലോ.
അഗതി നിങ്കൽ സമർപ്പിച്ചു വിടുന്നു,
അനാഥനു നീ തന്നേ തുണ.
15 ശഠന്റേ ഭുജത്തെ ഒടിക്ക!
ദോഷവാന്റേ ദുഷ്ടത കാണാത്തെടത്തോളം അന്വേഷിക്ക!
16 യഹോവ യുഗാദി നിത്യത്തിൽ രാജാവ് തന്നേ,
ജാതികൾ അവന്റേ ദേശത്തുനിന്നു നശിക്കുന്നു.
17 സാധുക്കളുടേ ആഗ്രഹത്തെ, യഹോവേ, നീ കേട്ടു,
അവരുടേ ഹൃദയത്തെ നീ ഉറപ്പിക്കും.
18 അനാഥനും ചതഞ്ഞവനും ന്യായം വിധിപ്പാൻ നീ ചെവി കൊടുത്തു കേ
ഭൂമിയിങ്കൽനിന്നുള്ള മർത്യൻ ഇനി കിറുത്തു പോകയും ഇല്ല. [ൎക്കും,

11. സങ്കീത്തനം

ആപത്കാലത്തിൽ വാങ്ങി പോകാതേ (4) യഹോവയുടേ ന്യായ വിധിയിൽ ആശ്രയിച്ചു നില്ക്കേണം.

സംഗീതപ്രമാണിക്കു; ദാവീദിന്റേതു.

1 യഹോവയിൽ ഞാൻ ആശ്രയിച്ചിരിക്കുന്നു.
ഹാ, കുരികിലേ, നിങ്ങളുടേ മലെക്കു മണ്ടുവിൻ എന്നും,
2 ദുഷ്ടരല്ലോ ഹൃദയനേരുള്ളവരെ മറയത്ത് എയ്വാൻ വില്ലു കുലെച്ചു
തങ്ങളുടേ അമ്പിനെ ഞാണിന്മേൽ തൊടുക്കുന്നു എന്നും,
3 അടിസ്ഥാനങ്ങളല്ലോ മറിഞ്ഞു പോയി,
നീതിമാൻ പ്രവൃത്തിക്കാവുന്നതെന്ത് എന്നും
നിങ്ങൾ എൻ ആത്മാവോടു പറയുന്നതു എങ്ങനേ?
4 യഹോവ തന്റേ വിശുദ്ധമന്ദിരത്തിൽ ഉണ്ടു,
യഹോവയുടേ സിംഹാസനം സ്വർഗ്ഗത്തിൽ തന്നേ;

അവന്റെ കണ്ണുകൾ നോക്കുന്നുണ്ടു,
അവന്റെ ഇമകൾ മനുഷ്യപുത്രരെ ശോധന ചെയ്യുന്നു.
5 യഹോവ നീതിമാനെ ശോധന ചെയ്യുന്നു,
ദുഷ്ടനെയും സാഹസപ്രിയനെയും അവന്റെ ഉള്ളം പകെക്കുന്നു.
6 ദുഷ്ടരുടെ മേൽ അവൻ കണികളും തീയും ഗന്ധകവും പെയ്യിക്കും,
വിഷക്കാറ്റു തന്നേ അവരുടെ പാനപാത്രത്തിന്നുള്ള അംശം.
7 കാരണം യഹോവ നീതിമാൻ, നീതികളെ സ്നേഹിക്കുന്നവൻ തന്നേ;
നേരുള്ളവനെ അവന്റെ മുഖം നോക്കുന്നു.

12. സങ്കീർത്തനം

ലോകത്തിൽ പാപം വർദ്ധിക്കുന്തോറും പ്രാർത്ഥനയും (6) ദൈവത്തിൽ ഉത്തരത്താൽ (7) ആശ്രയവർദ്ധനയും.

സംഗീതപ്രമാണിക്കു, അഷ്ടമരാഗത്തിൽ; ദാവീദിൻ കീർത്തന.

2 യഹോവേ, രക്ഷിക്കേണമേ, ഭക്തരല്ലോ ഒടുങ്ങുന്നതു
മനുഷ്യപുത്രരിൽനിന്നു വിശ്വാസ്യത മുടിഞ്ഞു പോകയാൽ തന്നേ!
3 അവനവൻ തൻ കൂട്ടുകാരനോടു് മായം പറയുന്നു,
മിനുക്കിയ അധരത്തോടും ഇരട്ടിച്ച ഹൃദയത്തോടും അവർ ഉരിയാടുന്നു.
4 മിനുക്കിയ അധരങ്ങളെ ഒക്കയും
വമ്പുകളെ ഉരെക്കുന്ന നാവിനെയും യഹോവ ഛേദിക്കാക!
5 നാവിനാൽ നാം വീര്യം പ്രവൃത്തിക്കുന്നു,
നമ്മുടേ അധരങ്ങൾ നമുക്കു തുണ,
നമുക്കു കർത്താവു് ആർ എന്നു പറയുന്നവരെ തന്നേ (ഛേദിക്ക)!
6 എളിയവരുടേ നിഗ്രഹവും
ദരിദ്രരുടേ ഞരക്കവും ഹേതുവായിട്ടു ഞാൻ ഇപ്പോൾ എഴുനീല്ക്കും,
രക്ഷെക്കായി കിഴെക്കുന്നവനെ അതിലാക്കും എന്നു യഹോവ ചൊല്ലുന്നു.
7 യഹോവയുടേ വചനങ്ങൾ ശുദ്ധ വചനങ്ങളത്രേ,
ഒരു ഭൂമിപാലനായ്ക്കൊണ്ടു് ഊതിക്കഴിച്ചു
ഏഴു വട്ടം ഉരുക്കിയ വെള്ളി തന്നേ.
8 യഹോവേ, നീ അവരെ കാക്കും,
ഈ തലമുറയിൽനിന്നു അവരെ എന്നും സൂക്ഷിക്കും,
9 മനുഷ്യപുത്രക്കു് നികൃഷ്ടത ഏറുന്തോറും
ദുഷ്ടർ ചുറ്റും നടന്നു കൊണ്ടാലും.

13. സങ്കീർത്തനം

ദുഃഖിതന്റെ സങ്കടവും (4) യാചനയും (6) ആശ്വാസവും.
സംഗീതപ്രമാണിക്കു; ദാവീദിന്റെ കീർത്തന.

2 യഹോവേ, നീ എന്നെ നിത്യം മറപ്പതു് എത്രോടം?
നിൻ മുഖം എങ്കൽനിന്നു മറെപ്പതു് എത്രോടം!
3 എൻ ഉള്ളത്തിൽ ആലോചനകളും
ഹൃദയത്തിൽ ഖേദവും നാൾതോറും ഞാൻ വെപ്പതു് എത്രോടം?
ശത്രു എന്റെ മേൽ ഉയരുന്നതു് എത്രോടം?
4 എൻ ദൈവമായ യഹോവേ, നോക്കേണമേ, എനിക്കു് ഉത്തരം തരിക!
ഞാൻ മരണനിദ്ര കൊള്ളായ്വാൻഎൻ കണ്ണുകളെ പ്രകാശിപ്പിക്കേണമേ!

5 എന്നേറ ശത്രു ഞാൻ ഇവനെ വെന്ന എന്ന പറവാനം
ഞാൻ കുലുങ്ങുകയാൽ മാററാന്മാർ ആനന്ദിപ്പാനം സംഗതി വരുതേ!
6 ഞാനോ നിന്നേറ ദയയിൽ തേറിക്കൊള്ളുന്ന,
നിൻ രക്ഷയിൽ എന്നേറ ഹൃദയം ആനന്ദിക്ക!
ഞാൻ യഹോവെക്ക് അവൻ എന്നോട നന്മ ചെയ്ത എന്ന പാടുകയും ചെ
[യ്യും.

14. സങ്കീർത്തനം

ദോഷവദ്ധനയാൽ സങ്കടവും (4) ന്യായവിധിയുടേ നിശ്ചയത്തോടേ (7) രക്ഷായാചനയും

സംഗീതപ്രമാണിക്ക; ദാവിദിന്നേറത.

1 മൂഢൻ ദൈവം ഇല്ലാ എന്ന തന്നേറ ഹൃദയത്തിൽ പറയുന്ന,
അവർ പ്രവൃത്തിയിൽ തങ്ങളെ തന്നേ കെടുത്ത അറെപ്പാക്കി.
2 നന്മ ചെയ്യുന്നവൻ ആരും ഇല്ല;
ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാൻ ഉണ്ടോ എന്ന കാണ്മാനായി
യഹോവ സ്വർഗ്ഗത്തിൽനിന്ന മനുഷ്യപുത്രരുടേ മേൽ നോക്കുന്ന.
3 എല്ലാവരും (വഴി) തെററി ഒക്കത്തക്ക പുളിച്ച പോയി,
നന്മ ചെയ്യുന്നവനില്ല, ഒരുത്തൻ പോലും ഇല്ല.
4 യഹോവയെ വിളിക്കാതേ എൻ ജനത്തെ അപ്പമാക്കി തിന്നുംകൊണ്ട
അകൃത്യം പ്രവൃത്തിക്കുന്നവർ ഒക്കയും അറിയുന്നില്ലയോ?
5 അതാ അവർ ചീളെന്ന പേടിച്ച പോയി;
യഹോവ നീതിയുള്ള തലമുറയിൽ ഉണ്ടുപോൽ.
6 എളിയവന്നേറ ആലോചനയെ നാണമാക്കിക്കളവിൻ!
യഹോവ അവന്നേറ ആശ്രയം ആകുന്ന താനും.
7 ചിയോനിൽനിന്ന് ഇസ്രയേലിന്നേറ രക്ഷ വന്നാൽ കൊള്ളാം!
യഹോവ തൻ ജനത്തിന്നേറ അടിമയെ മാററുമ്പോൾ
യാക്കോബ് ആനന്ദിക്ക, ഇസ്രയേൽ സന്തോഷിക്ക!

15. സങ്കീർത്തനം

നീതിമാന്നേറ വണ്ണനം (2 ശമു. 6, 12).
ദാവിദിന്നേറ കീത്തന.

1 യഹോവേ, നിന്നേറ കൂടാരത്തിൽ ആർ പാർക്കും?
നിൻ വിശുദ്ധമലയിൽ ആർ വസിക്കും?
2 തികവോടേ നടന്നും നീതിയെ പ്രവൃത്തിച്ചും
ഹൃദയത്തിൽ സത്യത്തെ പറഞ്ഞും കൊള്ളുന്നവൻ,
3 നാവു കൊണ്ട് ഏഷണി പരത്താതേ
കൂട്ടുകാരനോട തിന്മ ചെയ്യാതേ
അയല്ക്കാരന്നേറ മേൽ നിന്ദയെ ചുമത്താതേ ഉള്ളവൻ.
4 നികൃഷ്ടനിൽ അവന്ന നീരസം തോന്നുകയും
യഹോവയെ ഭയപ്പെടുന്നവരെ അവൻ ബഹുമാനിക്കയും
തനിക്കു ചേതത്തിന്നായി ആണയിട്ടും മാററാതേ ഇരിക്കയും ചെയ്യുന്ന.
5 തന്നേറ പണത്തെ പലിശെക്കു കൊടുക്കയും
നിർദ്ദോഷന്നേറ നേരേ കൈക്കൂലി വാങ്ങുകയും ഇല്ല.
ഇവ ചെയ്യുന്നവൻ എന്നേക്കും കുലുങ്ങുകയില്ല.

16. സങ്കീർത്തനം

ഭക്തൻ യഹോവയിൽ മാത്രം ആശ്രയിച്ചു കൊണ്ടു (8) പ്രാണഭയത്തിലും ആശാനിശ്ചയമുള്ളവൻ തന്നേ.

ദാവീദിന്റേ നിധി.

1 ദേവനേ, ഞാൻ നിങ്കൽ ആശ്രയിക്കയാൽ
എന്നെ കാക്കേണമേ!
2 യഹോവയോടു ഞാൻ പറയുന്നിതു: നീ എന്റേ കർത്താവു,
നിണക്കു പുറമേ എനിക്കു നന്മയില്ല എന്നത്രേ;
3 ദേശത്തിലേ വിശുദ്ധരോടോ:
എന്റേ സുപ്രസാദം ഉള്ള ഉദാരന്മാർ ഇവർ (എന്നും പറയുന്നു).
4 അന്യ (ഭർത്താവി)നെ മേടിക്കുന്നവക്കു വേദനകൾ പെരുകും;
അവരിന്റേ കുരുതിക്കാഴ്ചകളെ ഞാൻ ഊക്കയും (23,13)
അവരിൻ പേരുകളെ എൻ അധരങ്ങളിൽ എടുക്കയും ഇല്ല. (2 മോ.
5 എന്റേ ജന്മത്തിന്റേ പങ്കും
എൻ പാനപാത്രവും യഹോവ തന്നേ,
എന്റേ ചീട്ടിനെ നീ താങ്ങുന്നു.
6 അളന്നച്ചരടുകൾ എനിക്കു മനോഹരദിക്കിൽ വീണു,
(അതേ) എനിക്കു തെളിയുന്ന അവകാശവും ആകുന്നു.
7 എനിക്കു മന്ത്രിച്ച യഹോവയെ ഞാൻ വാഴ്ത്തും,
രാത്രിയിലും എന്റേ ഉൾപൂവുകൾ എന്നെ പ്രബോധിപ്പിക്കുന്നു.
8 ഞാൻ യഹോവയെ എപ്പോഴും എന്റേ മുമ്പിൽ വെച്ചിരിക്കുന്നു,
അവൻ എന്റേ വലത്തിരിക്കയാൽ ഞാൻ കുലുങ്ങുകയില്ല.
9 അതുകൊണ്ടു് എന്റേ ഹൃദയം സന്തോഷിക്കുന്നു,
എൻ തേജസ്സും ആനന്ദിക്കുന്നു,
എന്റേ ജഡവും നിർഭയമായി വസിക്കും.
10 കാരണം നീ എന്റേ ദേഹിയെ പാതാളത്തിന്നു വിടുകയില്ല,
നിന്റേ ഭക്തരെ കുഴിയെ കാണ്മാൻ ഏലു്പിക്കയും ഇല്ല.
11 നീ ജീവമാർഗ്ഗത്തെ എന്നെ അറിയിക്കും:
നിൻ മുഖത്തോടു സന്തോഷങ്ങളുടേ തൃപ്തിയും
നിന്റേ വലങ്കൈയാൽ എന്നും ഓമനകളും അത്രേ.

17. സങ്കീർത്തനം

നിർദ്ദോഷൻ തന്റേ നീതിയെയും ((6) ശത്രുക്കളുടേ അനീതിയെയും ഓർപ്പിച്ചു (13) രക്ഷയെ യാചിച്ചാശിച്ചതു (1ശമു. 23,19).

ദാവീദിന്റേ പ്രാർത്ഥന.

1 യഹോവേ, നീതിയെ കേൾക്ക!
വ്യാജമില്ലാത്ത അധരങ്ങളാൽ ഞാൻ കെഞ്ചുന്നതു കൂറിക്കൊൾക!
പ്രാർത്ഥിക്കുന്നതിന്നു ചെവി തരിക!
2 എന്റേ ന്യായം നിന്മുഖത്തിൽനിന്നു പുറപ്പെടുക!
നേരിനെ നിന്റേ കണ്ണുകൾ നോക്കുന്നുണ്ടു.
3 എന്റേ ഹൃദയത്തെ നീ ശോധന ചെയ്തു,
രാത്രിയിലും സന്ദർശിച്ചു ഊതിക്കഴിച്ചു കൊണ്ടിട്ടും ഒന്നും കാണുന്നില്ല;
എന്റേ വായി എൻ നിനവിനെ ലംഘിക്കയില്ല.

4 മാനുഷകർമ്മങ്ങളെ സംബന്ധിച്ചു
ഞാൻ നിൻ അധരങ്ങളുടേ വചനം കൊണ്ടുത്രേ
പാതകക്കാരന്റേ മാർഗ്ഗങ്ങളെ സൂക്ഷിച്ചു് (ഒഴിഞ്ഞു).
5 എന്റേ നടകൾ നിന്റേ ചുവടുകളെ പിടിച്ചുകൊണ്ടു
എന്റേ അടികൾ കലുങ്ങാതേ ഇരുന്നു.
6 നിന്നെ ഞാൻ വിളിച്ചു; നീയല്ലോ, ദേവനേ, എനിക്കുത്തരം തരും!
നിൻ ചെവിയെ എനിക്കു ചായ്ച്ചു എൻ ചൊല്ലിനെ കേൾക്ക!
7 ആശ്രിതരെ രക്ഷിക്കുന്നവനായുള്ളോവേ,
കലഹിക്കുന്നവർ നിമിത്തം
നിൻ വലങ്കയ്യാൽ നിന്റേ ദയകളെ വിശേഷിപ്പിക്ക!
8 കണ്മണി പോലേ എന്നെ കാത്തു (5 മോ. 32, 10)
നിൻ ചിറകുകളുടേ നിഴലിൽ എന്നെ മറെക്ക,
9 എന്നെ നിഗ്രഹിക്കുന്ന ദുഷ്ടരിൽനിന്നു
പ്രാണനായികൊണ്ടു് എന്നെ വളഞ്ഞുകൊള്ളുന്ന ശത്രുക്കളിൽനിന്നു തന്നേ?
10 അവർ നൈകൊണ്ടു (ഹൃദയം) അടെച്ചു
വായികൊണ്ടു ഡംഭം പറഞ്ഞു;
11 ഞങ്ങളുടേ നടകളെ (നോക്കി) ഇപ്പോൾ തന്നേ ഞങ്ങളെ ചുറ്റിക്കൊണ്ടു
നിലത്തോടു ചേർപ്പാൻ കണ്ണുകളെ വെക്കുന്നു.
12 അവൻ പറിപ്പാൻ കൊതിക്കുന്ന സിംഹത്തോടും
മറയത്തു വസിക്കുന്ന ചെറുകോളരിയോടും സമൻ.
13 യഹോവേ, എഴുനീറ്റു മുന്നെത്തി അവനെ കമിഴ്ത്തി വെക്കേണമേ!
ദുഷ്ടനിൽനിന്നു് എൻ ദേഹിയെ നിൻ വാളുകൊണ്ടും,
14 യഹോവേ, നിൻ കൈയാൽ പുരുഷരിൽനിന്നും വിടുവിക്കേണമേ,—
നീ സ്വരൂപിച്ചവകൊണ്ടു വയറു നിറെപ്പിക്കയാൽ
ഈ ആയുസ്സിൽ പങ്കു ലഭിക്കുന്ന പ്രപഞ്ചപുരുഷരിൽനിന്നു തന്നേ!
അവർക്കു മക്കളാൽ തൃപ്തി ഉണ്ടു,
തങ്ങളുടേ സമ്പത്തു ശിശുക്കൾക്കു വിട്ടേക്കുന്നുണ്ടു.
15 ഞാനോ നീതിയിൽ നിൻ മുഖത്തെ നോക്കും,
ഉണരുമ്പോൾ നിന്റേ രൂപത്താൽ തൃപ്തനാകും.

18. സങ്കീത്തനം

രാജാവു് കൃതജ്ഞത പൂണ്ടു (5) പ്രാണഭയങ്ങളിൽനിന്നു് അതിശയമായ ഉദ്ധാരണങ്ങൾ എല്ലാം (21) ഭക്തിസത്യം നിമിത്തം തനിക്കു സാധിച്ചതിനെ ഓത്തു, (32) ഇസ്രയേലിലും ജാതികളിലും ഉണ്ടായ നിത്യരാജത്വത്തെ വർണ്ണിച്ചു, (47) സ്വർല്ലോകത്തും ദേവസ്തുതിയെ പരത്തുന്നതു.

സംഗീതപ്രമാണിക്കു; യഹോവാദാസനായ ദാവീദിന്റേതു.

യഹോവ ശൌൽ മുതലായ സകല ശത്രുക്കളുടേ കൈയിൽനിന്നും അവനെ ഉദ്ധരിച്ച നാൾ ഈ പാട്ടിന്റേ വചനങ്ങളെ യഹോവയോടു ചൊല്ലിയതു (2 ശമു. 22).

2 **എ**ൻ ബലമായ യഹോവേ,
നിന്നിൽ എനിക്കു സ്ഥായി ഉണ്ടു!
3 യഹോവ എന്റേ ശൈലവും എൻ ദുർഗ്ഗവും എന്നെ വിടുവിക്കുന്നവനും തന്നേ;
എൻ ദേവൻ ഞാൻ ആശ്രയിക്കുന്ന പാറയും
എൻ പലിശയും എൻ രക്ഷയുള്ള കൊമ്പും എൻ ഉയർന്നിലവും തന്നേ.
4 സ്തുത്യനാകുന്ന യഹോവയെ ഞാൻ വിളിക്കുന്തോറും
എന്റേ ശത്രുക്കളിൽനിന്നു രക്ഷിക്കപ്പെടുന്നു.

5 മരണപാശങ്ങൾ എന്നെ ചുററി
വല്ലായ്മയുടേ തോടുകൾ എന്നെ അരട്ടി,
6 പാതാളക്കയറുകൾ എന്നെ ചുഴന്നു
ചാവിൻ കണികൾ എനിക്കു മുന്നെത്തി പിണഞ്ഞു.
7 ഞെരുങ്ങുമ്പോൾ ഞാൻ യഹോവയെ വിളിച്ചു
എൻ ദൈവത്തോടു കൂക്കി,
അവൻ സ്വമന്ദിരത്തിൽനിന്നു് എന്റേ ശബ്ദത്തെ കേട്ടു.
എന്റേ കൂക്കൽ അവന്തിരുമുമ്പിൽ ചെവികളിൽ തന്നേ എത്തുകയും ചെയ്തു,
8 ഉടനേ ഭ്രമി കുലുങ്ങി നടുങ്ങി,
അവൻ ക്രുദ്ധിക്കയാൽ മലകളുടേ അടിസ്ഥാനങ്ങൾ ഇളകിക്കുലുങ്ങി;
9 അവന്റേ മൂക്കിൽ പുക കയറി,
അവന്റേ വായിൽനിന്നു തീ തിന്നു,
അവങ്കൽനിന്നു കനൽ ജ്വലിച്ചു.
10 അവൻ വാനങ്ങളെ ചാച്ചിറങ്ങി,
അവന്റേ കാലുകൾക്കു കീഴിൽ കാർമ്മുകിൽ ഉണ്ടു.
11 അവൻ കുബിന്മേൽ ഏറി പറന്നു
കാററിന്റേ ചിറകുകളിന്മേൽ പാറി,
12 ഇരിട്ടിനെ തന്റേ മറവും
നീർമൂടൽ തിങ്ങിയ മേഘങ്ങളെ ചുററും തനിക്കു കൂടിലും ആക്കി;
13 അവന്റേ മുമ്പാകേയുള്ള തുളക്കത്തിൽനിന്നു് അവന്റേ മേഘങ്ങൾ അകന്നു
ആലിപ്പഴവും തീക്കനലും (പൊഴിഞ്ഞു);
14 യഹോവ വാനങ്ങളിൽ ഇടി മുഴക്കി
അത്യുന്നതൻ തൻ ശബ്ദവും ഇട്ടു ആലിപ്പഴവും തീക്കനലും (പൊഴിഞ്ഞു);
15 അവൻ തൻ അമ്പുകളെ അയച്ചു അവരെ ചിതറിച്ചു
മിന്നല്പുളെ ധാരാളം അവരെ ഭ്രമിപ്പിച്ചു.
16 ഉടനേ, യഹോവേ, നീ ഭർത്സിക്കയാൽ
തിരുമൂക്കിൻ ശ്വാസം ഊതുകയാൽ തന്നേ
നീർച്ചാലുകൾ കാണ്മാറായി,
ഊഴിയുടേ അടിസ്ഥാനങ്ങൾ വെളിപ്പെട്ടു.
17 താൻ ഉയരത്തിൽനിന്നു (കൈ) നീട്ടി എന്നെ പിടിച്ചു
പെരുത്ത വെള്ളങ്ങളിൽനിന്നു് എന്നെ വലിച്ചു;
18 തിറമുള്ള ശത്രുവിൽനിന്നും
എന്നേക്കാൾ ശക്തി ഏറിയവരാകയാൽ
എൻ പകയരിൽനിന്നും എന്നെ ഉദ്ധരിച്ചു;
19 അവർ എന്നോടു് അനർത്ഥനാളിൽ എത്തുന്തോറും
യഹോവ എനിക്കു് ഊന്നായി വന്നു;
20 എന്നെ വിശാലതയിലേക്കു പുറപ്പെടുവിച്ചു,
എന്നിൽ പ്രസാദിക്കയാൽ എന്നെ വലിച്ചെടുക്കയും ചെയ്തു.
21 എന്റേ നീതിക്കു തക്കവണ്ണം യഹോവ എനിക്കു പിണെച്ചു
എൻ കൈകളുടേ വെടിപ്പു പോലേ എനിക്കു പകരം ചെയ്തു.
22 ഞാനല്ലോ യഹോവയുടേ വഴികളെ സൂക്ഷിച്ചു
എൻ ദൈവത്തോടു ദ്രോഹിക്കാതേ പാർത്തതു,
23 അവന്റേ ന്യായങ്ങൾ ഒക്കയും എന്റേ മുമ്പിൽ ആക്കി
അവന്റേ വെപ്പുകളെ എങ്കൽനിന്നു നീക്കാതേ ഇരിക്കയാൽ തന്നേ.
24 അവനോടു ഞാൻ തികഞ്ഞവനായി
എൻ അക്രമത്തിൽനിന്നു് എന്നെ കാത്തു;

25 യഹോവയും എന്നേറ നീതിപ്രകാരവും
തൃക്കണ്ണുകൾക്കു മുമ്പിലുള്ള എൻ കൈകളുടേ വെടിപ്പിൻ പ്രകാരവും
എനിക്കു പകരം നല്കി.
26 ഭക്തനോടു നീ ഭക്തനും
തികഞ്ഞ പുരുഷനോടു തികഞ്ഞവനും,
27 വെടിപ്പുള്ളവനോടു വെടിപ്പുള്ളവനും
വക്രനോടു വക്രനുമായി കാട്ടും;
28 എളിയ ജനത്തെ നീയല്ലോ രക്ഷിച്ചു
ഉയൎന്ന കണ്ണുകളെ താഴ്ത്തും.
29 സാക്ഷാൽ നീ എന്നേറ വിളക്കിനെ തെളിയിക്കുന്നു,
എൻ ദൈവമായ യഹോവ എന്നേറ ഇരിട്ടിനെ തുളങ്ങിക്കുന്നു.
30 നിന്നാലല്ലോ ഞാൻ അണികളെക്കൊള്ളേ പായും
എൻ ദൈവത്താൽ മതിലിന്മേൽ കുതിക്കും.
31 ഈ ദേവനേറ വഴിയത്രേ തികവുള്ളതു,
യഹോവയുടേ ചൊൽ ഊതിക്കഴിച്ചുള്ളതു,
അവനിൽ ആശ്രയിക്കുന്ന എല്ലാവൎക്കും താൻ പലിശ ആകുന്നു.
32 പിന്നേ യഹോവയല്ലാതേ ദൈവം ആർ ഉള്ളു?
നമ്മുടേ ദൈവം ഒഴികേ പാറ ആർ?
33 ശക്തികൊണ്ടു എന്നേറ അര കെട്ടി
എന്നേറ വഴിയെ തികെക്കുന്നവനും,
34 എൻ കാലുകളെ പേടമാനുകൾക്കു നേരാക്കി
എന്നേറ കുന്നുകളിൽ എന്നെ നിറുത്തുന്നവനും,
35 എന്നേറ കൈകളെ യുദ്ധം അഭ്യസിപ്പിച്ചു
എൻ ഭുജങ്ങളെ ചെമ്പുവില്ലിനെ കുലയേറുമാറാക്കുന്നവനും ആയ ദേവൻ
36 നിന്നേറ രക്ഷ ആകുന്ന പലിശയെ എനിക്കു തന്നു [തന്നേ.
നിൻ വലങ്കൈ എന്നെ താങ്ങുകയും
നിന്നേറ വിനയം എന്നെ വലുതാക്കുകയും ചെയ്തു.
37 എന്നേറ കീഴിൽ എൻ അടികളെ നീ വിസ്താരമാക്കി,
എൻ നരിയാണികളും ഉലയാതേ,
38 ഞാൻ ശത്രുക്കളെ പിന്തുടൎന്നു എത്തിപിടിച്ചു
അവരെ മുടിപ്പോളും പിന്തിരികയും ഇല്ല.
39 അവരെ തകൎക്കും, അവൎക്കു എഴുനീല്പാൻ കഴികയും ഇല്ല,
എന്നേറ കാലുകൾക്കു കീഴേ വീഴും.
40 പടെക്കു ശക്തികൊണ്ടു നീ എന്നേറ അര കെട്ടി
എൻ വൈരികളെ എന്നേറ കീഴേ കമിഴ്ത്തും.
41 ശത്രുക്കളെ നീ എനിക്കു പുറം കാട്ടുമാറാക്കി,
എന്നേറ പകയരെ ഞാൻ ഒടുക്കും.
42 അവൻ കൂക്കിയാലും രക്ഷിപ്പവൻ ഇല്ല,
യഹോവയോടു എന്നിട്ടും അവൎക്കു ഉത്തരം കൊടുക്കുന്നില്ല.
43 കാറ്റിനേറ മുമ്പിൽ പൂഴി പോലേ ഞാൻ അവരെ ധൂളിപ്പിച്ചു
തെരുക്കളിലേ ചേറു പോലേ കളയുന്നു.
44 ജനത്തിനേറ വക്കാണങ്ങളിൽനിന്നു നീ എന്നെ വിടുവിച്ചു
ജാതികൾക്കു തലയാക്കി വെക്കുന്നു,
ഞാൻ അറിയാത്ത വംശവും എന്നെ സേവിക്കുന്നു;
45 ചെവിയുടേ ശ്രുതിയാലേ എനിക്കു കേളായ്വന്ന
പരദേശമക്കളും എനിക്കു (രഞ്ജന) നടിക്കുന്നു.
46 പരദേശമക്കൾ മാഞ്ഞു
തങ്ങളുടേ മാടങ്ങളെ വിട്ടു നടുങ്ങി വരുന്നു.

47 യഹോവ ജീവനുള്ളവനും
എൻ പാറ അനുഗ്രഹിക്കപ്പെട്ടവനും
എൻ രക്ഷയുടെ ദൈവം ഉയൎന്നവനും തന്നേ;
48 എനിക്കു പ്രതിക്രിയകളെ നല്കി
ജനക്കൂട്ടങ്ങളെ എന്നേറ കീഴാക്കി തെളിക്കുന്ന ദേവൻ തന്നേ;
49 എന്നെ ശത്രുക്കളിൽനിന്നു വിടുവിച്ചു
വൈരികളോട് അകലേ ഉയൎത്തി
സാഹസപുരുഷനിൽനിന്ന് ഉദ്ധരിക്കുന്നവനേ!
50 ആകയാൽ യഹോവേ, ഞാൻ ജാതികളിൽ നിന്നെ വാഴ്ത്തി
നിന്നേറ നാമത്തെ കീർത്തിക്കും,
51 തന്നേറ രാജാവിനു രക്ഷകളെ വലുതാക്കി
തന്നേറ അഭിഷിക്തനായ ദാവിദിനോടും
അവന്നേറ സന്തതിയോടും എന്നേക്കും ദയ ചെയ്തു കൊള്ളുന്നവനേ!

19. സങ്കീർത്തനം

സൂൎയ്യാദിവാനങ്ങൾ ഭൂമിയെ ചുററി യഹോവാസ്തുതിയെ പരത്തുമ്പോലേ (8) വേദധൎമ്മം ഇസ്രയേലെ ചുററിക്കൊള്ളുന്നതിനാൽ (12) സ്തോത്രവും പാപത്തിൽനിന്നു രക്ഷിപ്പാൻ അപേക്ഷയും.

സംഗീതപ്രമാണിക്കു; ദാവിദിൻ കീൎത്തന.

2 വാനങ്ങൾ ദേവതേജസ്സെ വൎണ്ണിക്കുന്നു,
ആകാശത്തട്ട് അവന്നേറ കൈക്രിയയെ കഥിക്കുന്നു.
3 പകൽ പകലിനു ചൊല്ലിനെ പൊഴിയുന്നു,
രാത്രി രാത്രിക്ക് അറിവിനെ ഗ്രഹിപ്പിക്കുന്നു,
4 ചൊല്ലും വാക്കുകളും ഇല്ലാതേയും
അവററിൻ ശബ്ദം കേൾക്കാതേയും തന്നേ.
5 അവററിൻ ചരടു സൎവ്വഭൂമിയിലും
മൊഴികൾ ഊഴിയുടേ അറുതിയോളവും പുറപ്പെടുന്നു;
അവററിൽ തന്നേ സൂൎയ്യനു കൂടാരം വെച്ചിരിക്കുന്നു.
6 അവനും തൻ അറയിൽനിന്നു പുറപ്പെടുന്ന കാന്തനോടു സമനായി
വീരനെ പോലേ ഓട്ടം ഓടുവാൻ സന്തോഷിക്കുന്നു.
7 വാനങ്ങളുടേ അററത്തുനിന്ന് അവന്നേറ പുറപ്പാടും
അവററിൻ അറുതികളോളം വട്ടം തിരിവും ഉണ്ടു,
അവന്നേറ ചൂടിൽനിന്നു മറയുന്നത് ഒന്നും ഇല്ല.
8 യഹോവാധൎമ്മം തികവുള്ളതും മനം തണുപ്പിക്കുന്നതും
യഹോവാസാക്ഷ്യം വിശ്വാസ്യവും അജ്ഞനെ ജ്ഞാനിയാക്കുന്നതും തന്നേ.
9 യഹോവാനിയോഗങ്ങൾ നേരുള്ളവയും ഹൃദയത്തെ സന്തോഷിപ്പിക്കുന്ന
യഹോവാകല്പന വെടിപ്പും കണ്ണുകളെ തെളിയിക്കുന്നതും ആകുന്നു. [വയും,
10 യഹോവാഭയം ശുദ്ധവും എന്നും നില്ക്കുന്നതും,
യഹോവാന്യായങ്ങൾ സത്യവും ഒക്കത്തക്ക നീതിയുള്ളവയും തന്നേ;
11 അവ പൊന്നിലും വളരേ തങ്കത്തിലും കാമ്യവും
തേനിലും ഇളമധുവിലും മധുരവും ആകുന്നു.
12 അടിയനും അവരാൽ പ്രകാശിക്കപ്പെട്ടവൻ തന്നേ,
അവറെ കാക്കയാൽ വളരേ ഫലം ഉണ്ടു.
13 തെറുകളെ ആർ ബോധിക്കുന്നു?
മറഞ്ഞുള്ളവററിൽനിന്ന് എന്നെ നിൎദ്ദോഷീകരിക്ക!

കയക്കുന്നവരിൽനിന്നും അടിയനെ പാലിക്ക,
അവ എന്നേറ മേൽ വാഴരുതു!
14 അപ്പോൾ ഞാൻ തികഞ്ഞവനും
മഹാദ്രോഹം ചുമത്തപ്പെടാത്തവനും ആയിരിക്കും.
15 എന്നേറ വായിലേ ചൊല്ലുകളും
നിന്നേറ മുമ്പിലേ എൻ ഹൃദയധ്യാനവും നിണക്കു തെളിയുമാറാക.
എൻ പാറയും വീണ്ടെടുപ്പവനുമാകുന്ന യഹോവേ!

20. സങ്കീർത്തനം

പട പുറപ്പെടുന്ന രാജാവിന്നായി പ്രജകൾ പ്രാത്ഥിച്ചു (7) ദേവസഹായത്തിൽ ആശ്രയിക്കുന്നതു.

സംഗീതപ്രമാണിക്കു; ദാവീദിൻ കീത്തന.

2 കഷ്ടദിവസത്തിൽ യഹോവ നിണക്കു ഉത്തരം തരിക,
യാക്കോബിൻ ദൈവത്തിന്നേറ നാമം നിന്നെ ഉയൎന്നിലത്താക്കുക!
3 വിശുദ്ധസ്ഥലത്തുനിന്നു നിൻ തുണയെ അയച്ചു
ചിയോനിൽനിന്നു നിന്നെ താങ്ങുക!
4 നിന്നേറ കാഴ്ചകളെ എല്ലാം ഓൎത്തും
നിൻ ഹോമത്തെ കൊഴുത്തതെന്നു രുചിച്ചും കൊൾക! (സേല)
5 ഹൃദയ (വിചാരം) പോലേ നിണക്കു നല്കി
നിന്നേറ ആലോചനയെ ഒക്കയും സാധിപ്പിക്ക!
6 നിന്നേറ രക്ഷ നിമിത്തം ഞങ്ങൾ ആൎത്തു
നമ്മുടേ ദൈവത്തിന്നേറ നാമത്തിൽ കൊടി ഏറുക!
നിന്നേറ യാചനകളെ എല്ലാം യഹോവ പൂരിപ്പിക്ക!
7 യഹോവ തന്നേറ അഭിഷിക്തനെ രക്ഷിച്ചു എന്നു ഞാൻ ഇപ്പോൾ അറി
അവൻ തന്നേറ വിശുദ്ധ സ്വൎഗ്ഗത്തിൽനിന്നു [ഞ്ഞു.
വലങ്കൈയുടേ രക്ഷാവീൎയ്യങ്ങളാൽ അവനു ഉത്തരം കൊടുക്കും.
8 ഇവർ തേരുകളിലും ഇവർ കുതിരകളിലും
നാമോ നമ്മുടേ ദൈവമായ യഹോവാനാമത്തിലത്രേ പ്രശംസിക്കുന്നു.
9 അവർ കോണി വീഴുന്നു,
നാം എഴുനീറു നിവിരുന്നു.
10 യഹോവേ, രാജാവിനെ രക്ഷിക്കേണമേ!
ഞങ്ങൾ വിളിക്കും നാളിൽ അവൻ ഉത്തരം തരുവൂതാക.

21. സങ്കീർത്തനം

രാജാവിനുള്ള ദിവ്യാനുഗ്രഹം നിമിത്തം ഇസ്രയേൽ സ്തുതിച്ചു (9) അവനായി അധികം ജയങ്ങളെ ആശിച്ചു പ്രാത്ഥിച്ചതു.

സംഗീതപ്രമാണിക്കു; ദാവിദിൻ കീൎത്തന.

2 യഹോവേ, നിന്നേറ ശക്തിയിങ്കൽ രാജാവു സന്തോഷിക്കുന്നു,
നിന്നേറ രക്ഷയാൽ എത്ര വളരേ ആനന്ദിക്കുന്നു.
3 നീ അവനു ഹൃദയവാഞ്ഛയെ കൊടുത്തു,
അവനേറ അധരങ്ങളുടേ അപേക്ഷയെ വിരോധിച്ചതും ഇല്ല. (സേല)
4 എന്തെന്നാൽ ശുഭത്തിൻ അനുഗ്രഹങ്ങളാൽ നീ അവനെ മുമ്പിട്ടു
തങ്കക്കിരീടത്തെ അവനേറ തലമേൽ ആക്കി.

5 അവൻ നിന്നോട്ട ജീവനെ ചോദിച്ചു,
നീയും യുഗാദിനിത്യത്തോളം ദീർഘായുസ്സ് അവനു കൊടുത്തു.
6 നിന്റെ രക്ഷയാൽ അവന്റെ തേജസ്സ് വലിയതു,
മാനവും പ്രഭയും നീ അവന്മേൽ വെക്കുന്നു.
7 നീ അവനെ എന്നേക്കും അനുഗ്രഹങ്ങളാക്കി വെക്കുന്നു (1 മോ. 12,2),
തിരുമുഖത്തോട്ടുള്ള സന്തോഷംകൊണ്ട് അവനെ മകിഴമാറാക്കുന്നു.
8 കാരണം രാജാവ് യഹോവയിൽ തേറിക്കൊണ്ട്
അത്യുന്നതന്റെ ദയയാൽ കുലുങ്ങാതിരിക്കുന്നു.
9 നിന്റെ കൈ നിൻ ശത്രുക്കളെ ഒക്കയും കണ്ടെത്തും,
നിൻ വലങ്കൈ പകയരോട് എത്തും.
10 നിൻ സന്നിധാനകാലത്തിൽ നീ അവരെ തീയുലയിൽ പോലേ ആക്കും,
യഹോവ അവരെ തൻ കോപത്താൽ വിഴുങ്ങും,
തീ അവരെ തിന്നുകയും ചെയ്യും.
11 അവരുടേ ഫലത്തെ നീ ഭൂമിയിൽനിന്നും
അവരുടേ സന്തതിയെ മനുഷ്യപുത്രരിൽനിന്നും നശിപ്പിക്കും.
12 അവർ നിണക്ക് എതിരേ ദോഷത്തെ കുലയേറി
ഉപായം ഭാവിച്ചിട്ടും ആവത് ഒന്നും ഉണ്ടാകയില്ല.
13 നീയല്ലോ നിന്റെ ഞാണുകളിന്മേൽ അവരുടേ മുഖത്തെക്കൊള്ളേ തൊടുത്തു
അവരെ മുതുകാക്കി വെക്കും. [കൊണ്ട്
14 യഹോവേ, നിൻ ശക്തിയിൽ ഉയരേണമേ!
നിന്റെ വീര്യത്തെ ഞങ്ങൾ പാടിക്കീർത്തിക്ക!

22. സങ്കീത്തനം

പിതാക്കന്മാക്കും തന്റെ ബാല്യത്തിലും ദൈവമായവർ തന്നെ കൈവിടുകയാൽ നീതിമാൻ വിലപിച്ചു, (13) സങ്കടം വിവരിച്ചു ചൊല്ലി പ്രാത്ഥിച്ചു, (23) സ്വരക്ഷയാൽ ഇസ്രയെലിന്നും ജാതികൾക്കും മഹാഫലം വരുന്നതിന്നായി സ്തുതിക്കുന്നു.

സംഗീതപ്രമാണിക്കു, അരുണോദയത്തിൻ മാൻപേട എന്ന രാഗത്തിൽ;
ദാവിദിൻ കീർത്തന.

2 **എ**ൻ ദേവനേ, എൻ ദേവനേ, നീ എന്നെ കൈവിട്ടത് എന്തു?
എൻ രക്ഷെക്കു ഞാൻ അലറുന്ന വാക്കുകൾ (എത്ര) ദൂരം!
3 എൻ ദൈവമേ, ഞാൻ പകലിൽ വിളിക്കുന്നു, നീ ഉത്തരം തരുന്നതും ഇല്ല;
രാത്രിയിലും, മൌനത ലഭിക്കുന്നതും ഇല്ല.
4 നീയോ ഇസ്രയേലിൻ സ്തുതികളിന്മേൽ ഇരുന്നുകൊള്ളുന്ന
വിശുദ്ധൻ തന്നേ.
5 നിങ്കലത്രേ ഞങ്ങടേ പിതാക്കന്മാർ തേറി,
അവർ തേറി നീയും അവരെ വിടുവിച്ചു;
6 നിന്നോട് അവർ കൂക്കി പോക്കു ലഭിച്ചു,
നിന്നിൽ തേറി ലജ്ജിക്കാതേ നില്ക്കയും ചെയ്തു.—
7 ഞാനോ പുരുഷനല്ല പുഴുവത്രേ,
മനുഷ്യനിന്ദയും ജനത്താൽ ധിക്കരിക്കപ്പെട്ടവനും തന്നേ.
8 എന്നെ കാണുന്നവർ ഒക്കവേ എന്നെ പരിഹസിച്ചു
ചുണ്ടുകൊണ്ടിളിച്ചു തല കുലുക്കിക്കൊള്ളുന്നു.
9 അവൻ യഹോവമേൽ തന്നെ ഉരുട്ടി, ഇവൻ അവനെ വിടുവിക്കട്ടേ!
അവനിൽ പ്രസാദിക്കയാൽ ഉദ്ധരിക്കട്ടേ! എന്നത്രേ.

10 നീയോ വയററിൽനിന്ന് എന്നെ വലിച്ചു
അമ്മമുലകളിൽ എന്നെ ആശ്രയിപ്പിച്ചു;
11 ഗർഭപാത്രത്തിങ്കന്ന ഞാൻ നിന്നേറ മേൽ എറിയപ്പെട്ട,
എൻ അമ്മയുടേ ഉദരം മുതൽ നീയേ എൻ ദേവൻ.
12 എനിക്കു ദൂരത്താകൊല്ല!
സഹായി ഇല്ലായ്കയാൽ സങ്കടം അരികത്തുണ്ടല്ലോ!
13 പല കാളകളും എന്നെ ചുററി
ബാശാനിലേ കൂററങ്ങൾ എന്നെ വളഞ്ഞു;
14 പറിച്ചലറുന്ന സിംഹമായി
എനേറ മേൽ വായി പിളക്കുന്ന;
15 ഞാൻ വെള്ളം പോലേ തുകപ്പെട്ട,
എനേറ എല്ലുകൾ ഒക്കയും ഭിന്നിച്ചു പോയി,
എനേറ ഹൃദയം മെഴുകുപോലേ ആയി,
കുടലുകളുടേ നടുവേ ഉരുകി പോയി.
16 എനേറ ഊക്ക് ഓട്ട പോലേ ഉണങ്ങി,
എൻ നാവ് അണ്ണാക്കിനോടു പററുന്ന.
17 ചാവിൻ പൊടിയിൽ നീ എന്നെ കിടത്തും,
കാരണം നായ്ക്കൾ എന്നെ ചുററി,
ദുർജ്ജനക്കൂട്ടം എന്നെ ചുഴന്ന,
എനേറ കൈകളെയും കാലുകളെയും തുളെച്ചു.
18 എനേറ എല്ലുകളെ എല്ലാം എണ്ണുന്ന,
അവർ നോക്കി എന്നെ കണ്ടു നില്ക്കുന്ന.
19 തങ്ങളിൽ എനേറ വസ്ത്രങ്ങളെ പകുത്തു
എനേറ തുണിമേൽ ചീട്ടുമിടുന്ന.
20 നീയോ, യഹോവേ, അകന്ന പോകൊല്ലാ!
എനേറ ഊററമായുള്ളോവേ, എൻ തുണെക്കായി വിരഞ്ഞു വരിക!
21 എൻ പ്രാണനെ വാളിങ്കന്നും
എനേറ ഏകാകിനിയെ നായിൻ കൈക്കൽനിന്നും ഉദ്ധരിക്കേണമേ!
22 സിംഹവായിൽനിന്നും
പോത്തുകളുടേ കൊമ്പുകളിൽനിന്നും എന്നെ രക്ഷിക്ക!—
നീ ഉത്തരം തരികയും ചെയ്തു.
23 തിരുനാമത്തെ എനേറ സഹോദരരോടു ഞാൻ വർണ്ണിക്കും,
സഭാമദ്ധ്യേ നിന്നെ സ്തുതിക്കും (ഇവ്വണ്ണം):
24 യഹോവയെ ഭയപ്പെടുന്നോരേ, അവനെ സ്തുതിപ്പിൻ!
യാക്കോബ് സന്തതിയായവർ ഒക്കവേ, അവനു തേജസ്സ് കൊടുപ്പിൻ!
ഇസ്രയേൽ സന്തതി എല്ലാം അവങ്കന്ന് അഞ്ചുവിൻ!
25 അവനല്ലോ എളിയവനേറ താഴ്ചയെ ധിക്കരിച്ചറെച്ചതും ഇല്ല,
സമുഖത്തെ അവങ്കന്ന മറെച്ചതും ഇല്ല,
തന്നോടു വിളിക്കുമ്പോൾ കേൾക്കയത്രേ ചെയ്തതു (എന്നു തന്നേ.)
26 മഹാസഭയിൽ എൻ സ്തോത്രം നിന്നെക്കൊണ്ടാകു,
നിന്നെ ഭയപ്പെടുന്നവർ കാൺകേ എൻ നേർച്ചകളെ ഒപ്പിക്കും.
27 സാധുക്കൾ ഭക്ഷിച്ചു തൃപ്തരാകും,
യഹോവയെ തിരയുന്നവർ അവനെ സ്തുതിക്കും;
നിങ്ങളുടേ ഹൃദയം എന്നും ജീവിച്ചിരിക്ക!
28 ഭൂമിയുടേ അറുതികൾ എല്ലാം ഓർത്തു യഹോവയിലേക്കു തിരിയും,
സർവ്വ ജാതിവംശങ്ങളും തിരുമുമ്പിൽ ആരാധിക്കും.
29 കാരണം യഹോവെക്കു രാജത്വം ഉള്ളതു,
അവൻ ജാതികളിൽ വാഴുന്ന.

30 ഭൂമിയിലേ സകല പുഷ്ടീക്കാരും ഭക്ഷിച്ചാരാധിക്കും,
മണ്ണിൽ ഇറങ്ങുന്നവർ ഒക്കെയും
പ്രാണനെ ഉയിർപ്പിക്കാതേ പോയവനും അവന്മുമ്പിൽ വണങ്ങും.
31 സന്തതി അവനെ സേവിക്കും,
കത്താവെ ചൊല്ലി (പിറേറ) തലമുറയോടും വർണ്ണിക്കപ്പെടും.
32 അവരും വന്നു അവൻ അതിനെ ചെയ്തു എന്നു
അവൻേറ നീതിയെ അന്നു ജനിച്ചുള്ള ജനത്തോടു കഥിക്കും.

23. സങ്കീർത്തനം

യഹോവ ഇടയനായി നടത്തി പോഷിപ്പിച്ചു കൂടേ പാർപ്പിക്കും.

ദാവിദിൻ കീത്തന.

1 **യ**ഹോവ എൻേറ ഇടയൻ (1 മോ. 49, 29),
എനിക്കു് ഏതും കുറയാ.
2 അവൻ പച്ച പുലങ്ങളിൽ എന്നെ കിടത്തി
സ്വസ്ഥതകളുടേ നീക്കരികിൽ എന്നെ തെളിക്കുന്നു.
3 എൻ ആത്മാവെ തണുപ്പിക്കും,
സ്വനാമം നിമിത്തം എന്നെ നീതിയുടേ വടുക്കളിൽ നടത്തും.
4 മരണനിഴലിൻ താഴ്വരയുടേ നടന്നാലും ഞാൻ തിന്മ ഭയപ്പെടുകയില്ല,
നീയല്ലോ എൻേറ കൂടേ ഉണ്ടു!
നിൻേറ വടി, നിൻേറ കോൽ ഇവ എന്നെ ആശ്വസിപ്പിക്കും.
5 മാററാന്മാർ കാൺകേ നീ എൻേറ മുമ്പിൽ മേശയെ ഒരുക്കി,
തൈലം കൊണ്ടു് എൻ തലയെ അഭ്യംഗം ചെയ്യുന്നു;
എൻേറ പാനപാത്രം വഴിവായി.
6 നന്മയും ദയയും മാത്രം എൻ വാഴ്നാൾ ഒക്കെയും എന്നെ പിന്തുടരും,
എൻേറ വാസം യഹോവാലയത്തിൽ നെടുനാളുകളോളം ആകും.

24. സങ്കീർത്തനം

സ്രഷ്ടാവെ ആരാധിക്കുന്ന ജാതി (4) ഇന്നതു് എന്നു (7) സാക്ഷിപ്പെട്ടക പ്രവേശത്തിൽ കാട്ടിയതു (2 ശമു. 6).

ദാവിദിൻ കീത്തന.

1 **ഭൂ**മിയും അതിൻേറ നിറവും
ഊഴിയും അതിൽ വസിക്കുന്നവരും യഹോവെക്കാകുന്നു;
2 അവൻ സമുദ്രങ്ങളിന്മേൽ അതിനെ സ്ഥാപിച്ചു
പുഴകളിന്മേൽ ഉറപ്പിച്ചതു കൊണ്ടത്രേ.
3 യഹോവാമലയിൽ ആരു കരേറാം?
അവൻേറ വിശുദ്ധസ്ഥലത്തിൽ ആർ നില്ക്കും?
4 നിർദ്ദോഷകൈകളും ഹൃദയവെടിപ്പും ഉള്ളവനായി
തൻേറ ഉള്ളത്തെ മായയോടു ചേർക്കാതേയും
ചതിക്കായി സത്യം ചെയ്യാതേയും ഉള്ളവനത്രേ.
5 യഹോവയോടു് അനുഗ്രഹവും
സ്വരക്ഷയുടേ ദൈവത്തോടു നീതിയും പ്രാപിക്കും.
6 ഇതത്രേ അവനെ തിരയുന്ന തലമുറ,
(ഇതു) തിരുമുഖത്തെ അന്വേഷിക്കുന്നൊരു യാക്കോബു് തന്നേ. (സേല)

7 വാതിലുകളേ, നിങ്ങൾ തലകളെ ഉയത്തുവിൻ!
തേജസ്സിൻ രാജാവ് പൂകുവാൻ
യുഗതോരണങ്ങളെ, നീണ്ടു കൊൾവിൻ!
8 ആ തേജസ്സിൻ രാജാവാർ?
ശക്തിമാനും വീരനും ആയ യഹോവ,
യുദ്ധവീരനാകുന്ന യഹോവ തന്നേ.
9 വാതിലുകളേ, നിങ്ങൾ തലകളെ ഉയത്തുവിൻ!
തേജസ്സിൻ രാജാവ് പൂകുവാൻ
യുഗതോരണങ്ങളേ, നീണ്ടു കൊൾവിൻ!
10 ഈ തേജസ്സിൻ രാജാവ് ആരു പോൽ?
സൈന്യങ്ങളുടയ യഹോവ തൻ തേജസ്സിൻ രാജാവാകുന്നു. (സേല)

25. സങ്കീർത്തനം

പാപസങ്കടത്തിൽനിന്ന് അപേക്ഷയും (8) രക്ഷയുടേ ആശാനിശ്ചയവും (15) ശരണം വീഴുന്നതും. അകാരാദി.

ദാവീദിന്റേതു.

1 അല്ലയോ യഹോവേ, ഞാൻ നിങ്കലേക്ക് എൻ മനസ്സു ഉയത്തുന്നു.
2 ആശ്രയം എനിക്കു നിങ്കലത്രേ,
എൻ ദൈവമേ, ഞാൻ നാണിച്ചു പോകരുതേ,
എന്റെ ശത്രുക്കൾ എന്നിൽ ഉല്ലസിക്കരുതേ!
3 ഇനിയും നിന്നെ കാത്തിരിക്കുന്നവർ ആരും നാണിക്കയില്ല,
വൃഥാ തോല്പിക്കുന്നവരത്രേ നാണിച്ചു പോകും.
4 ഉപദേശിച്ചു നിന്റെ വഴികളെ കാട്ടുക,
യഹോവേ, നിൻ മാർഗ്ഗങ്ങളെ എന്നെ പഠിപ്പിക്ക!
5 എൻ രക്ഷയുടേ ദൈവം നീ തന്നേ ആകകൊണ്ടു
നിന്റെ സത്യത്തിൽ എന്നെ വഴി നടത്തുക!
നാൾതോറും ഞാൻ നിന്നെ കാത്തിരിക്കുന്നു.
6 കനിവുകളും കൃപയും നിൻ ദയകളെ, യഹോവേ, ഓർക്കുക!
അവയല്ലോ യുഗാദിമുതലുള്ളവ.
7 ചെറുപ്പത്തിലേ പാപങ്ങളെയും എൻ ദ്രോഹങ്ങളെയും ഓർക്കാതേ
നിന്റെ നന്മ നിമിത്തം, യഹോവേ, നിൻ ദയാപ്രകാരം എന്നെ ഓർത്തു [കൊൾക!
8 നല്ലവനും നേരുള്ളവനും ആകയാൽ
യഹോവ പാപികളെ വഴിയിൽ ഉപദേശിക്കും;
9 ന്യായത്തിൽ അവൻ സാധുക്കളെ വഴി നടത്തി,
സാധുക്കളെ തന്റെ വഴിയെ പഠിപ്പിക്കും.
10 പിന്നേ യഹോവാമാർഗ്ഗങ്ങളും എല്ലാം
അവന്റെ നിയമത്തെയും സാക്ഷ്യങ്ങളെയും സൂക്ഷിക്കുന്നവർക്കു ദയയും
11 പെരുത്തതാക കൊണ്ടു [സത്യവും അത്രേ.
എൻ അക്രമത്തെ, യഹോവേ, നിൻ നാമം നിമിത്തം ഇളെച്ചു തരേണമേ!
12 ഭയം യഹോവയിങ്കലുള്ള ആൾ ആർ?
തെരിഞ്ഞെടുപ്പാനുള്ള വഴിയെ താൻ അവന് ഉപദേശിക്കും.
13 മംഗലത്തിൽ അവന്റെ ആത്മാവു മേവും,
അവന്റെ സന്തതി ദേശത്തെ അവകാശമാക്കുകയും ചെയ്യും.
14 യഹോവെക്കു രഹസ്യം അവനെ ഭയപ്പെടുന്നവരോട് ഉണ്ടു,
തന്റെ നിയമം അവരെ അറിയിപ്പാറാകുന്നു.

15 രാപ്പകൽ എൻ കണ്ണുകൾ യഹോവയിലേക്ക് ആകുന്നു,
അവൻ എൻ കാലുകളെ വലയിൽനിന്നു പുറത്താക്കും.
16 ലാളിച്ചുകൊണ്ട് എങ്കലേക്കു തിരിക!
ഞാനല്ലോ ഏകാകിയും എളിയവനും ആകുന്നു.
17 വലെച്ചൽ എന്റെ ഹൃദയത്തിന്നു വർദ്ധിച്ചു കൂടി,
എന്റെ ഇടുക്കുകളിൽനിന്ന് എന്നെ പുറപ്പെടുവിക്ക!
18 വിപത്തും എന്റെ താഴ്ചയും നോക്കി
എൻ പാപങ്ങളെ ഒക്കെയും ക്ഷമിക്കുക!
19 ശത്രുക്കൾ എനിക്കു പെരുകി വന്നു;
സാഹസദ്വേഷത്താൽ എന്നെ പകെക്കകൊണ്ട് അവരെ നോക്കുക!
20 സൂക്ഷിച്ച് എൻ ആത്മാവെ കാത്ത് എന്നെ ഉദ്ധരിക്ക,
നിന്നിൽ ആശ്രയിക്കകൊണ്ടു ഞാൻ നാണിപ്പാറാകരുതു!
21 (ഹൃദയ) തികവും നേരും എന്നെ പാലിക്കും,
ഞാനല്ലോ നിന്നെ കാത്തിരിക്കുന്നു,
22 ദൈവമേ, ഇസ്രയേലെ അവന്റെ സകല സങ്കടങ്ങളിൽനിന്നും വീണ്ടെടു
[ക്കേണമേ!

26. സങ്കീത്തനം

ദൈവം തന്നെ ശോധന ചെയ്യു (3) ഉള്ളം ശുദ്ധമായി കണ്ടാൽ (9) ദുഷ്ടു
ക്കുള്ള ആപത്തിൽനിന്നു തന്നെ രക്ഷിപ്പാൻ പ്രാർത്ഥന.

ദാവീദിന്റെതു.

1 യഹോവേ, ഞാൻ തികവിൽ നടന്നതുകൊണ്ട് എനിക്കു വിധിക്കുരിക്ക!
യഹോവയിൽ ഞാൻ തേറുകയാൽ ഇളകി പോകയില്ല.
2 യഹോവേ, എന്നെ ശോധന ചെയ്തു പരീക്ഷിക്ക,
എന്റെ ഉൾപൂവുകളും ഹൃദയവും ഊതിക്കഴിച്ചുകൊൾക!
3 എങ്ങനേ എന്നാൽ നിന്റെ ദയ എൻ കണ്ണുകൾക്കു മുമ്പിലുണ്ടു,
നിന്റെ സത്യത്തിൽ ഞാൻ നടന്നുകൊണ്ടിരുന്നു.
4 മായക്കാരോടു കൂടേ ഞാൻ ഇരുന്നതും ഇല്ല,
ഗൂഢരോടു ചേർന്നു പോവാറുമില്ല.
5 ദുർജ്ജനസഭയെ ഞാൻ പകെച്ചു പോന്നു,
ദുഷ്ടരെ കൂടേ ഇരിക്കയും ഇല്ല.
6 നിർദ്ദോഷതയിൽ എൻ കൈകളെ കഴുകും,
യഹോവേ, നിന്റെ ബലിപീഠത്തെ ചുറ്റിക്കൊള്ളും,
7 വാഴ്ത്തുന്ന ശബ്ദം കേൾപിച്ചും
നിന്റെ അതിശയങ്ങളെ എല്ലാം വർണ്ണിച്ചും വരേണ്ടതിന്നത്രേ.
8 യഹോവേ, നിന്റെ ഭവനത്തിൽ പാർപ്പും
നിൻ തേജസ്സിൻ വാസസ്ഥലവും ഞാൻ സ്നേഹിച്ചിരുന്നു.
9 കൈകളിൽ പാതകം പറ്റിയും
വലങ്കൈയിൽ കൈക്കൂലി നിറഞ്ഞുമുള്ള
10 പാപികളോടേ എന്റെ ദേഹിയും
രക്തപുരുഷരോടേ എൻ ജീവനെയും വാരിക്കൊള്ളല്ലേ!
11 ഞാനോ എന്റെ തികവിൽ നടക്കും,
എന്നെ വീണ്ടെടുത്തു കൃപ കാട്ടേണമേ!
12 എന്റെ കാൽ സമനിലത്തു നില്ക്കുന്നു.
സഭാസംഘങ്ങളിൽ ഞാൻ യഹോവയെ വന്ദിക്കും.

27. സങ്കീർത്തനം

ദേവഭക്തൻ ശത്രുമദ്ധ്യേ ആശാപൂർണ്ണനായി (7) തുണെപ്പാൻ യാചിച്ചു (13) യഹോവാശ്രയത്തിൽ ഊന്നിക്കൊള്ളുന്നു.

ദാവീദിൻേറത.

1 യഹോവ എൻേറ വെളിച്ചവും രക്ഷയും തന്നേ,
ഞാൻ ആരെ ഭയപ്പെട്ടും?
യഹോവ എൻേറ ജീവൻേറ ശരണം,
ഞാൻ ആരെ പേടിക്കും?
2 ദോഷവാന്മാർ എൻേറ മാംസത്തെ തിന്മാൻ എന്നോട് അടുക്കുമ്പോൾ,
എനിക്കു മാറാന്മാരും ശത്രുക്കളും ആയവർ എന്നോടണഞ്ഞുടൻ ഇടറി
3 പട എന്നെക്കൊള്ളേ പാളയം ഇറങ്ങിയാൽ [വീഴും.
എൻ ഹൃദയം ഭയപ്പെടാ!
പോർ എൻേറ നേരേ കിളൎന്നാൽ
അതിലും ഞാൻ തേറി ഇരിക്കുന്നു.
4 ഒന്നിനെ ഞാൻ യഹോവയോട് ചോദിച്ചു, ഇതിനെ തേടുന്നു:
ഞാൻ യഹോവയുടേ മനോഹരത്തെ ദർശിച്ചും
അവൻേറ മന്ദിരത്തിൽ ചിന്തിച്ചും കൊൾവാൻ
യഹോവാലയത്തിൽ എൻേറ ജീവനാൾ ഒക്കയും വസിപ്പതേ തന്നേ.
5 അവനല്ലോ അനൎത്ഥനാളിൽ തൻേറ കൂടിലകത്ത് എന്നെ ഒളിപ്പിക്കും,
തൻേറ കൂടാരത്തിൻ മറയത്ത് എന്നെ മറെക്കും,
പാറമേൽ എന്നെ ഉയൎത്തും.
6 ഇപ്പോഴും എൻേറ തല ചുറ്റുമുള്ള ശത്രുക്കളിന്മേൽ ഉയരും,
ഞാൻ അവൻേറ കൂടാരത്തിൽ ജയഘോഷബലികളെ കഴിച്ചും
യഹോവെക്കു പാടിക്കീൎത്തിച്ചും കൊള്ളും.
7 യഹോവേ, ഞാൻ വിളിക്കുന്ന ശബ്ദത്തെ കേൾക്ക,
എനിക്കു കനിഞ്ഞുത്തരം തരേണമേ!
8 എന്മുഖത്തെ അന്വേഷിപ്പിൻ, എന്നതിനെ എൻേറ ഹൃദയം നിന്നോട പ
യഹോവേ, തിരുമുഖത്തെ ഞാനന്വേഷിക്കും. [റയുന്നു,
9 നിന്മുഖത്തെ എന്നിൽനിന്നു മറെക്കല്ലേ!
എനിക്കു തുണ നിന്നവനേ,
നിൻ കോപത്തിൽ അടിയനെ തള്ളിക്കളയല്ലേ!
എൻേറ രക്ഷാദൈവമേ, എന്നെ വെടികയും കൈവിടുകയും അരുതേ!
10 കാരണം എൻേറ അപ്പനും അമ്മയും എന്നെ കൈവിട്ട,
യഹോവ എന്നെ ചേർക്കും താനും.
11 യഹോവേ, നിൻേറ വഴിയെ എനിക്കുപദേശിച്ചു
എൻ എതിരികൾ നിമിത്തം സമാനമാഗ്ഗ്ത്തിൽ എന്നെ നടത്തുക!
12 കള്ളസ്സാക്ഷികളും സാഹസം നിശ്വസിക്കുന്നവനും എൻേറ നേരേ എഴ
എന്നെ മാറാന്മാരുടേ ഇഷ്ടത്തിൽ ഏല്പിച്ചു വിടൊല്ലാ! [നീല്ക്കയാൽ
13 ഞാൻ ജീവികളുടേ ദേശത്തിൽ യഹോവയുടേ ഗ്രണം കാണും
എന്നു വിശ്വസിച്ചില്ല എങ്കിൽ (കഷ്ടം).
14 യഹോവയെ കാത്തിരിക്ക, ബലപ്പെടുക!
നിൻ ഹൃദയത്തെ ഉറപ്പിക്ക!
ഇനിയും യഹോവയെ കാത്തിരിക്ക!

28. സങ്കീർത്തനം

ദുഷ്ടൂക്കുള്ള ആപത്തിൽനിന്നു തന്നെ ഉദ്ധരിപ്പാൻ പ്രാത്ഥനയും (6) ദേവോത്തരത്തിന്നു സ്തോത്രവും.

ദാവിദിൻേറത.

1 യഹോവേ, നിന്നെ നോക്കി ഞാൻ വിളിക്കും,
എൻ പാറയേ, എന്നോട മൌനമാകൊല്ലാ!
നീ എന്നോട മിണ്ടാതേ പോയാൽ
ഞാൻ ഗ്രഹയിൽ ഇറങ്ങുന്നവരോട ഒത്ത പോകായ്വാൻ തന്നേ.
2 നിന്നോട ഞാൻ കൂക്കി
നിൻേറ അതിവിശുദ്ധ മുറിയെ നോക്കി കൈകളെ ഉയത്തികൊണ്ടും
കെഞ്ചുന്ന ശബ്ദത്തെ കേൾക്കുക!
3 കൂട്ടകാരോട സമാധാനം ചൊല്ലിയും ഹൃദയത്തിൽ ദോഷം വെച്ചുള്ള
ദുഷ്ടരോടും അകൃത്യം പ്രവൃത്തിക്കുന്നവരോടും കൂടേ
എന്നെ വലിച്ചു കൊണ്ടുപോകരുതേ!
4 അവരുടേ പ്രവൃത്തി പ്രകാരവും
പ്രയത്നങ്ങളുടേ തിന്മ പ്രകാരവും അവർക്കു വരുത്തി
അവരുടേ കൈകളുടേ വേല പോലേ അവർക്കു നല്കുക!
അവർ പിണെക്കുന്നതിനെ തന്നേ അവരിൽ തിരിപ്പിച്ചു കൊടുക്ക!
5 യഹോവയുടേ പ്രവൃത്തികളെയും
അവൻേറ കൈകളുടേ വേലയെയും അവർ വിവേചിയായ്കയാൽ
അവൻ അവരെ പണി ചെയ്യാതേ സംഹരിക്കും.
6 യഹോവ ഞാൻ കെഞ്ചുന്ന ശബ്ദം കേട്ടതുകൊണ്ടു
വന്ദിക്കപ്പെട്ടവൻ തന്നേ!
7 യഹോവ എൻേറ ബലവും പലിശയും തന്നേ,
അവനിൽ എൻേറ ഹൃദയം തേറി, തുണയും എത്തി;
എൻേറ ഹൃദയം ഉല്ലസിക്കുന്നു, എൻേറ പാട്ടിനാൽ അവനെ വാഴ്ത്തുകയും
8 യഹോവ ഇവക്കു ബലവും [ചെയ്യും.
തൻേറ അഭിഷിക്തനു രക്ഷാകര ശരണവും ആകുന്നു.
9 നിൻേറ ജനത്തെ രക്ഷിച്ചു നിൻ അവകാശത്തെ അനുഗ്രഹിക്ക,
അവരെ മേച്ചും യുഗപര്യന്തം ചുമന്നും പോരേണമേ!

29. സങ്കീർത്തനം

ഭൂതരാൽ വന്ദ്യനായ യഹോവ (3) ഏഴ് ഇടിമുഴക്കങ്ങളാൽ തൻേറ തേജസ്സിനെ ഭ്രമിയിൽ വിളങ്ങിക്കയാൽ (10) സഭെക്ക് ആശ്രയം വർദ്ധിക്കുന്നു.

ദാവിദിൻേറ കീർത്തന.

1 ദേവപുത്രന്മാരേ, യഹോവെക്കു കൊടുപ്പിൻ,
തേജസ്സും ശക്തിയും യഹോവെക്കു കൊടുപ്പിൻ!
2 യഹോവെക്ക് അവൻേറ നാമതേജസ്സെ കൊടുപ്പിൻ,
വിശുദ്ധാലങ്കാരത്തിൽ യഹോവയെ തൊഴുവിൻ!
3 യഹോവാശബ്ദം ജല (ധര)ങ്ങളിന്മീതേ ആകുന്നു;
തേജസ്സുള്ള ദേവൻ മുഴക്കുന്നു,
പെരുത്ത ജലങ്ങളിന്മീതേ യഹോവ തന്നേ.

4 യഹോവാശബ്ദം ഊക്കിൽ ആകുന്നു,
യഹോവാശബ്ദം പ്രഭാവത്തിൽ തന്നേ.
5 യഹോവാശബ്ദം ദേവദാരുക്കളെ തകൎക്കുന്നു,
ലിബനോന്റേ ദാരുക്കളെ യഹോവ തകൎക്കുന്നു.
6 കന്നുകുട്ടി പോലേ അവറെ തുള്ളിക്കുന്നു,
ലിബനോനെയും ശിര്യോനെയും എരുമക്കിടാക്കളെ പോലേ തന്നേ.
7 യഹോവാശബ്ദം അഗ്നിജ്വാലകളെ ചിന്നിക്കുന്നു.
8 യഹോവാശബ്ദം മരുഭൂമിയെ നടുക്കുന്നു,
യഹോവ കദെശ് മരുവിനെ നടുക്കുന്നു.
9 യഹോവാശബ്ദം മാൻപേടകളെ പെറുവിച്ചു,
കാടുകളെ ഉതിർക്കുന്നു;
അവന്റേ മന്ദിരത്തിലേ ഒക്കയും തേജസ്സ് എന്ന് പറയുന്നു.
10 യഹോവ ജലപ്രളയത്തിന്നായി ഇരുന്നു കൊണ്ടു,
പിന്നേയും യഹോവ യുഗപര്യന്തം രാജാവായിരിക്കും.
11 യഹോവ തന്റേ ജനത്തിന്നു ശക്തി കൊടുക്കും,
യഹോവ സമാധാനം കൊണ്ടു സ്വജനത്തെ അനുഗ്രഹിക്കും.

30. സങ്കീർത്തനം

ആപത്തിൽനിന്നു രക്ഷിച്ചതിന്നു സ്തുതിയും (7) ഡംഭിന്നുള്ള ശിക്ഷയാൽ (12) ഫലം വന്നതിന്റേ വിവരവും.

ആലയപ്രതിഷ്ഠയിങ്കലേ പാട്ടാകുന്ന ദാവിദിൻ കീർത്തന.

2 യഹോവേ, നീ എന്നെ തോണ്ടി എടുത്തിട്ടു
ശത്രുക്കളെ എങ്കൽ സന്തോഷിപ്പിക്കാത്തതുകൊണ്ടു നിന്നെ ഉയർത്തുന്നു.
3 എൻ ദൈവമായ യഹോവേ, നിന്നോടു ഞാൻ കൂക്കി,
നീ എനിക്കു ചികിത്സിക്കയും ചെയ്തു.
4 യഹോവേ, നീ എന്റേ ദേഹിയെ പാതാളത്തിൽനിന്നു കരേറി
ഗ്രഹയിൽ ഇറങ്ങുന്നവരിൽനിന്ന് എന്നെ ഉയിർപ്പിച്ചു.
5 അവന്റേ ഭക്തന്മാരേ, യഹോവയെ കീർത്തിപ്പിൻ,
അവന്റേ വിശുദ്ധ സ്മൃതിയെ വാഴ്ത്തുവിൻ!
6 കാരണം ഒരു ക്ഷണനേരമേ അവന്റേ കോപം ഉള്ളു,
ജീവനോ അവന്റേ പ്രസാദത്തിൽ തന്നേ.
അന്തിക്കു കരച്ചൽ (രാപാർപ്പാൻ) വരുന്നു,
ഉഷസ്സിങ്കൽ ആർപ്പുണ്ടു താനും.
7 ഞാനോ എന്റേ സൈരത്തിങ്കൽ:
ഞാൻ എന്നും കുലുങ്ങുക ഇല്ല എന്നു പറഞ്ഞിരുന്നു.
8 യഹോവേ, നിൻ പ്രസാദത്താൽ എൻ മലെക്കു (2ശമു. 5,9) നീ ശക്തി
തിരുമുഖത്തെ മറെച്ചു ഉടനേ ഞാൻ മെരിണ്ടു പോയി. [യെ സമ്പ്പിച്ചിരുന്നു,
9 യഹോവേ, നിന്നോടു ഞാൻ വിളിച്ചു,
യഹോവയെ നോക്കി ഞാൻ കെഞ്ചി യാചിച്ചതു:
10 ഞാൻ കുഴിയിൽ ഇറങ്ങുന്നതിനാൽ
എൻ രക്തത്താൽ എന്തു ലാഭം ഉള്ളു?
ധൂളി നിന്നെ വാഴ്ത്തുമോ, നിന്റേ സത്യം കഥിക്കുമോ?
11 യഹോവേ, കേട്ടും എന്നോടു കരുണ ചെയ്ക,
യഹോവേ, എനിക്കു തുണ ആകേണമേ!
12 എന്നാറേ നീ എൻ വിലാപത്തെ എനിക്കു നൃത്തമാക്കി മാറി,
എന്റേ രട്ടിനെ അഴിച്ചിട്ടു സന്തോഷം കൊണ്ടു അര കെട്ടിച്ചതു,

13 (എന്റെ) തേജസ്സ് വായിമുട്ടാതേ കണ്ടു നിന്നെ കീത്തിച്ചു കൊൾവാൻ ത
എന്റെ ദൈവമായ യഹോവേ, ഞാൻ എന്നും നിന്നെ വാഴ്ത്തും. [ന്നേ.

31. സങ്കീർത്തനം

ക്ലേശത്തിൽ ദൈവത്തെ ശരണം പ്രാപിച്ചു (10) ദുഃഖത്തെ വിവരിച്ചു (15) അവങ്കൽ സമർപ്പിച്ചു (20) സഹായനിശ്ചയത്തിന്നായി സ്തുതിക്കുന്നതു.

സംഗീതപ്രമാണിക്കു; ദാവീദിന്റെതു.

2 യഹോവേ, ഞാൻ നിങ്കൽ ആശ്രയിക്കുന്നു (7, 2),
ഞാൻ എന്നും നാണിച്ചു പോകരുതേ (25, 20)!
നിന്റെ നീതിയാൽ എന്നെ വിടുവിക്കേണമേ!
3 നിന്റെ ചെവിയെ എങ്കലേക്കു ചായ്ച്ചു വിരഞ്ഞു എന്നെ ഉദ്ധരിക്ക,
എനിക്ക് ഉറപ്പിച്ച പാറയും എന്നെ രക്ഷിപ്പാൻ ദുർഗ്ഗഭവനവും ആക!
4 നീയല്ലോ എന്റെ ശൈലവും ദുർഗ്ഗവും തന്നേ (18,2)
തിരുനാമം നിമിത്തം നീ എന്നെ നടത്തി തെളിക്കും (23,3);
5 എനിക്കായി അവർ ഒളിപ്പിച്ച വലയിൽനിന്നു (9,16)
നീ എൻ ശരണമാകയാൽ എന്നെ പുറപ്പെടുവിക്കും.
6 നിന്റെ കൈയിൽ ഞാൻ എൻ ആത്മാവെ ഭരമേല്പിക്കുന്നു,
സത്യത്തിൻ ദേവനായ യഹോവേ, നീ എന്നെ വീണ്ടെടുത്തു.
7 മായയായ പൊയ്ദേവകളെ പ്രമാണിക്കുന്നവരെ പകെച്ചു
ഞാൻ യഹോവയിലത്രേ തേറി നില്ക്കുന്നു.
8 നീ എന്റെ താഴ്ചയെ കണ്ടു സങ്കടങ്ങളിൽ എൻ ദേഹിയെ അറിഞ്ഞു
ശത്രുവിൻ കൈക്കൽ എന്നെ സമർപ്പിക്കാതേ,
9 എൻ കാലുകളെ വിശാലതയിൽ നിറുത്തിയ ദയയിങ്കൽ
ഞാൻ ആനന്ദിച്ചു സന്തോഷിക്കട്ടേ!
10 യഹോവേ, കൃപ ചെയ്തു, ഞാനല്ലോ ക്ലേശിച്ചു;
വ്യസനത്താൽ എൻ കണ്ണു കുഴിഞ്ഞു (6, 8),
എൻ ദേഹിയും ജഡവും തന്നേ.
11 എൻ ജീവൻ ഖേദത്താലും
എന്റെ ആണ്ടുകളും ഞരക്കത്താലും മുടിഞ്ഞും,
എന്റെ ഊക്ക് എൻ കുറ്റത്താൽ ക്ഷീണിച്ചും
അസ്ഥികളും നുരുമ്പിച്ചും പോയി.
12 എന്റെ സകല മാറാന്മാർ നിമിത്തം
ഞാൻ എൻ അയല്ക്കാക്കു വിശേഷാൽ നിന്ദയും പരിചയക്കാക്കു പേടിയുമാ
തെരുവിൽ എന്നെ കാണുന്നവർ എന്നെ വിട്ടു മണ്ടുന്നു. [യിചമഞ്ഞു;
13 ചത്തവനെ പോലേ ഞാൻ ഹൃദയങ്ങളിൽനിന്നു മറന്നു പോയവൻ,
നഷ്ടപാത്രത്തോടു ഒത്തു ചമഞ്ഞു.
14 ഞാനല്ലോ പലരുടേ കുരള കേൾക്കുന്നു,
അവർ ഒക്കത്തക്ക എന്നെക്കൊള്ളേ മന്ത്രിച്ചു
എൻ പ്രാണനെ എടുപ്പാൻ നിരൂപിക്കയിൽ ചുറും അച്ചമത്രേ.
15 ഞാനോ, യഹോവേ, നിങ്കൽ തേറി,
നീ എൻ ദൈവം എന്നു പറഞ്ഞു.
16 എന്റെ കാലങ്ങൾ നിന്കൈക്കൽ തന്നേ;
എന്നെ പിന്തുടരുന്ന ശത്രുക്കളുടേ കൈയിൽനിന്നു എന്നെ ഉദ്ധരിക്കേണമേ!
17 അടിയന്മേൽ തിരുമുഖത്തെ പ്രകാശിപ്പിച്ചു
നിന്റെ ദയയാൽ എന്നെ രക്ഷിക്ക!

18 യഹോവേ, നിന്നെ വിളിക്കയാൽ ഞാൻ നാണിച്ച പോകരുതേ,
ദുഷ്ടർ നാണിച്ച പാതാളത്തിന്ന മിണ്ടാതേ പോക!
19 ഡംഭവും ധിക്കാരവും പൂണ്ട
നീതിമാന്ന നേരേ തിളപ്പു ചൊല്ലുന്ന കള്ള അധരങ്ങൾ മുട്ടി പോവാറാക!
20 നിന്നെ ഭയപ്പെടുന്നവക്ക നീ സംഗ്രഹിച്ചും
നിങ്കൽ ആശ്രയിക്കുന്നവക്ക മനുഷ്യപുത്രർ കാൺകേ ചെയ്യും കൊടുക്കുന്ന
നിന്റേറ നന്മ എത്ര വലിയത!
21 പുരുഷരുടേ കൂട്ടുകെട്ടിൽനിന്ന നീ അവരെ തിരുമുഖത്തിൻ മറയിൽ മറെ
[ക്കുന്ന,
നാവുകളുടേ വിവാദത്തിൽനിന്ന കുടിലകം അവരെ നിക്ഷേപിക്കുന്ന.
22 ഉറപ്പിച്ച നഗരത്തിൽ തന്റേറ ദയയെ എനിക്ക വിശേഷിച്ചുള്ള
യഹോവ അനുഗ്രഹിക്കപ്പെട്ടവൻ!
23 ഞാനോ നിന്റേറ കണ്ണുകളുടേ മുമ്പിൽനിന്ന സംഹരിക്കപ്പെട്ട
എന്ന് എന്റേറ തത്രപ്പാട്ടിൽ പറഞ്ഞു;
എങ്കിലും ഞാൻ നിന്നോടു കൂക്കിവിളിച്ച കെഞ്ചുന്ന ശബ്ദത്തെ നീ കേട്ട
24 അല്ലയോ അവന്റേറ ഭക്തന്മാരേ, യഹോവയെ സ്നേഹിപ്പിൻ! [സത്യം.
യഹോവ വിശ്വാസ്യതയെ സൂക്ഷിച്ചും
ഡംഭ ചെയ്യുന്നവന്ന വഴിഞ്ഞവണ്ണം പകരം കൊടുത്തും വരുന്നവൻ.
25 യഹോവയിൽ ആശ വെച്ചവർ എല്ലാവരും,
ഹൃദയം ഉറപ്പിച്ച ബലപ്പെടുവിൻ.

32. സങ്കീർത്തനം

പാപക്ഷമയുടേ ഭാഗ്യം (3) ഏറ്റു പറകയാൽ കിട്ടിയത് (6) അറിഞ്ഞു സന്തോഷിച്ച (8) സഭക്കുപദേശം ചൊല്ലിയത (2 ശമു. 12).
ദാവിദിന്റേറ ഉപദേശപ്പാട്ട.

1 ദ്രോഹം ക്ഷമിച്ചും പാപം മറെച്ചും കിട്ടിയവൻ ധന്യൻ.
2 യഹോവ അകൃത്യം എണ്ണാതേ വിട്ടും
ആത്മാവിൽ വ്യാപ്തി ഇല്ലാതേയും ഇരിക്കുന്ന മനുഷ്യൻ ധന്യൻ.
3 എങ്ങനേ എന്നാൽ ഞാൻ മിണ്ടാതിരിക്കുമ്പോൾ
ദിവസേന വാവിട്ടലറുന്നതിനാൽ എന്റേറ അസ്ഥികൾ ക്ഷയിച്ച.
4 രാപ്പകലല്ലോ തൃക്കൈ എന്റേറ മേൽ കനത്ത,
വേനല്ലൊത്ത അഴലാൽ എന്റേറ ജീവസാരം മാറി. (സേല)
5 എൻ പാപത്തെ ഞാൻ നിന്നോട് അറിയിച്ച
എന്റേറ അകൃത്യത്തെ മറെച്ചതുമില്ല;
എൻ ദ്രോഹങ്ങളെ യഹോവയോട് ഏറ്റു പറയട്ടേ എന്ന വെച്ച,
നീയും എൻ പാപത്തിൻ കുറ്റത്തെ ക്ഷമിച്ച വിട്ട. (സേല)
6 എന്നതുകൊണ്ട കണ്ടെത്തുന്ന കാലത്ത ഭക്തൻ ഒക്കയും നിന്നോടു യാചി
പെരുവെള്ളങ്ങൾ പ്രവാഹിച്ചാൽ [ക്കേയാവൂ!
അവനോളം തട്ടുകയില്ല നൂനം.
7 നീ എനിക്ക മറയാകുന്ന,
ക്ലേശത്തിൽനിന്ന് എന്നെ കാത്ത
വിടുവിപ്പിന്റേറ ആർപ്പുകളെ കൊണ്ട് എന്നെ ചുറ്റിക്കൊള്ളും. (സേല)
8 ഞാൻ നിണക്ക് ഉപദേശിച്ച നടക്കേണ്ടുന്ന വഴിയെ പഠിപ്പിക്കും,
എൻ കണ്ണുകൊണ്ട നിന്നോടു മന്ത്രിക്കും.
9 ബോധം ഇല്ലാത്ത കുതിര പോലേയും കോവർകഴുത പോലേയും ആകായ്
ആ വക നിന്നോട് അടുത്ത വരായ്കയാൽ [വിൻ!
അടക്കേണ്ടതിന്ന വാറും കടിഞ്ഞാണും അണിവാകുന്ന എന്നത്രേ.

10 ദുഷ്ടനു വേദനകൾ പെരുകും,
യഹോവയിൽ തേറുന്നവനെ അവൻ ദയയാൽ ചുറ്റിക്കൊള്ളും.
11 നീതിമാന്മാരേ, യഹോവയിൽ സന്തോഷിച്ചാനന്ദിപ്പിൻ,
ഹൃദയനേരുള്ള സകലരും ആർത്തുകൊൾവിൻ!

33. സങ്കീർത്തനം

സഭ (4) ദൈവത്തെ സത്യനീതി കരുണാശക്തികൾ നിമിത്തവും (12) ഇസ്രയേലെ പോറ്റുന്നതിന്നായും സ്തുതിച്ചും (20) ആശ്രയിച്ചും കൊള്ളുന്നതു.

1 നീതിമാന്മാരേ, യഹോവയിൽ ആർപ്പിൻ!
സ്തുതിക്കുന്നതു നേരുള്ളവർക്കു യോഗ്യം തന്നേ.
2 വീണകൊണ്ടു യഹോവയെ വാഴ്ത്തുവിൻ,
പത്തു കമ്പിയുള്ള കിന്നരംകൊണ്ടു അവനെ കീർത്തിപ്പിൻ!
3 അവനു പുതിയ പാട്ടു പാടുവിൻ,
ഘോഷത്തോടേ നന്നായി മീട്ടുവിൻ!—
4 കാരണം യഹോവയുടേ വചനം നേരുള്ളതു,
അവനേറ സകല ക്രിയയും വിശ്വാസ്യതയിൽ തന്നേ.
4 നീതിയും ന്യായവും അവൻ സ്നേഹിക്കുന്നു;
ഭൂമി യഹോവയുടേ ദയകൊണ്ടു നിറഞ്ഞതു.
6 യഹോവാവചനത്താൽ വാനങ്ങളും
അവനേറ വായിലേ ശ്വാസത്താൽ അവറ്റിൻ സകല സൈന്യവും ഉണ്ടാക്ക
7 കുമ്പാരം പോലേ അവൻ കടലിൻ വെള്ളത്തെ കൂട്ടി [പ്പെട്ടു.
ആഴികളെ പണ്ടാരങ്ങളിൽ നിക്ഷേപിച്ചവൻ.
8 സകല ഭൂമിയും യഹോവയെ ഭയപ്പെടുക,
ഊഴിവാസികൾ എല്ലാം അവനു അഞ്ചുക!
9 അവനല്ലോ പറഞ്ഞുടൻ ഉണ്ടായി,
കല്പിച്ചുടൻ നിലനിന്നു.
10 ജാതികളുടേ അഭിപ്രായത്തെ യഹോവ പൊട്ടിക്കുന്നു,
വംശങ്ങളുടേ നിനവുകളെ പഴുതിലാക്കുന്നു.
11 യഹോവയുടേ അഭിപ്രായം യുഗപര്യന്തവും
അവനേറ ഹൃദയനിനവുകൾ തലമുറകളോളവും നിലനില്ക്കുന്നു.
12 യഹോവ തന്നേ ദൈവമായിരിക്കുന്ന ജാതിയും
അവൻ തനിക്കു അവകാശമായി തെരിഞ്ഞെടുത്ത വംശവും ധന്യം.
13 സ്വർഗ്ഗത്തിൽനിന്നു യഹോവ നോക്കി
സകല മനുഷ്യപുത്രരെയും കാണുന്നു.
14 സ്വവാസസ്ഥാനത്തിൽനിന്നു
അവൻ സ്വ ഭൂവാസികളെയും കൺ പാക്കുന്നു;
15 അവർക്കു എല്ലാം ഹൃദയത്തെ മനിയുന്നവൻ,
അവരുടേ സകല ക്രിയകളും ബോധിക്കുന്നവൻ തന്നേ.
16 പടപ്പെരുമയാൽ രാജാവിനു രക്ഷ ഇല്ല,
ഊക്കിൻ ആധിക്യത്താൽ വീരനു ഉദ്ധാരണവും ഇല്ല.
17 രക്ഷെക്കു കുതിര ചതിയത്രേ,
ബലാധിക്യത്താലും അതു വിടുവിക്കയില്ല.
18 ഇതാ യഹോവയുടേ കണ്ണു തന്നെ ഭയപ്പെടുന്നവരായി
തന്റേറ ദയയിൽ ആശ വെക്കുന്നവരിലേക്കു ആകുന്നതു,
19 അവരുടേ പ്രാണനെ മരണത്തിൽനിന്നു ഉദ്ധരിപ്പാനും
അവരെ ക്ഷാമത്തിൽ ഉയിർപ്പിപ്പാനും തന്നേ.

20 നമ്മുടേ ദേഹി യഹോവയെ പ്രതീക്ഷിക്കുന്നു,
അവൻ നമ്മുടേ തുണയും പലിശയും തന്നേ.
21 അവനേറ വിശുദ്ധ നാമത്തിലല്ലോ നാം തേറുക കൊണ്ടു
നമ്മുടേ ഹൃദയം അവങ്കൽ സന്തോഷിക്കും.
22 യഹോവേ, ഞങ്ങളുടേ ആശ നിങ്കലേക്ക് ആകും പ്രകാരം
നിന്നേറ ദയ ഞങ്ങൾ മേൽ ഇരിപ്പൂതാക!

34. സങ്കീർത്തനം

യഹോവയെ (5) സാധുരക്ഷണം നിമിത്തം സ്തുതിക്കയും (12) ഭാഗ്യത്തിന്നായി ഭക്തിയെ പ്രമാണമാക്കുകയും വേണ്ടുന്നതു. അകാരാദി.

ദാവിദ് അബീമേലെക്കിന്നേറ മുമ്പിൽ ബുദ്ധി പകൎന്നു കാട്ടുകയാൽ അവൻ ആട്ടീട്ടു പോയപ്പോൾ (1 ശമു. 21, 11). ദാവിദിന്നേറതു.

2 അനാരതം ഞാൻ യഹോവയെ അനുഗ്രഹിക്കും,
അവനേറ സ്തോത്രം എപ്പോഴും എന്നേറ വായിൽ ഇരിക്ക!
3 എൻ ആത്മാവ് യഹോവയിൽ പ്രശംസിക്ക,
സാധുക്കൾ കേട്ടു സന്തോഷിക്കാക!
4 ഇങ്ങു ചേൎന്നു യഹോവയെ മഹത്വപ്പെടുത്തുവിൻ,
നാം ഒന്നിച്ചു് അവന്നേറ നാമത്തെ ഉയൎത്തുക!
5 ഈ ഞാൻ യഹോവയെ തിരഞ്ഞു,
അവനും ഉത്തരം തന്നു
എന്നേറ സകല പേടികളിൽനിന്നും എന്നെ ഉദ്ധരിച്ചു.
6 ഉറ്റിട്ടു് അവനെ നോക്കിയവർ തെളങ്ങുന്നു,
അവരുടേ മുഖം അമ്പരന്നു പോകയും ഇല്ല.
7 എളിയോരിവൻ വിളിച്ചുടൻ യഹോവ കേട്ടു
അവനെ സകല ക്ലേശങ്ങളിൽനിന്നും രക്ഷിച്ചു.
8 ഒരു യഹോവാദൂതൻ അവനെ ഭയപ്പെടുന്നവരുടേ ചുറ്റും പാളയം ഇറങ്ങി
അവരെ വലിച്ചെടുക്കുന്നു.
9 കണ്ടാലും യഹോവ നല്ലതു് എന്നു രുചി നോക്കുവിൻ!
അവങ്കൽ ആശ്രയിക്കുന്ന പുരുഷൻ ധന്യൻ.
10 കുറവു് ഒന്നും അവനെ ഭയപ്പെടുന്നവൎക്കു് ഇല്ലായ്കയാൽ
അവന്നേറ വിശുദ്ധരേ, യഹോവയെ ഭയപ്പെടുവിൻ!
11 കോളരികൾക്കും മുട്ടി വിശക്കും,
യഹോവയെ തിരയുന്നവൎക്കു ഒരു നന്മയും കുറയാത്തു.
12 ചെറു പൈതങ്ങളേ, വന്നു എന്നെ കേൾപ്പിൻ!
ഞാൻ യഹോവാഭയത്തെ നിങ്ങളെ പഠിപ്പിക്കും.
13 ജീവനെ ആഗ്രഹിച്ചു
നല്ലതു കാണുന്ന നാളുകളെ സ്നേഹിക്കുന്ന ആൾ ആർ?
14 തിന്മയിൽ നിന്നു നിൻ നാവിനെയും
ചതി ചൊലവതിൽനിന്നു് അധരങ്ങളെയും സൂക്ഷിക്ക!
15 ദോഷത്തോടു് അകന്നു ഗുണം ചെയ്ക,
സമാധാനത്തെ അന്വേഷിച്ചു് അതിനെ പിന്തേരുക!
16 നീതിമാന്മാരിലേക്കു യഹോവാകണ്ണുകളും
അവരുടേ കൂക്കിലേക്കു് അവന്നേറ ചെവികളും ആകുന്നു;
17 പൊല്ലാത്തതു ചെയ്യുന്നവരുടേ ഓൎമ്മയും ഭൂമിയിൽനിന്നു ഛേദിച്ചുകളവാൻ
യഹോവയുടെ മുഖം അവൎക്കു് എതിരേ ആകുന്നു.

18 ഭഗ്ന ഹൃദയമുള്ളവൎക്ക യഹോവ സമീപസ്ഥൻ,
ആത്മാവ് ചതഞ്ഞവരെ അവൻ രക്ഷിക്കും.
19 മുറവിളിക്കുമ്പോൾ യഹോവ കേട്ട
അവരെ സകല ക്ലേശങ്ങളിൽനിന്നും ഉദ്ധരിക്കുന്നു.
20 വളരേ തിന്മകൾ നീതിമാനും ഉണ്ടു;
അവ എല്ലാറ്റിൽനിന്നും യഹോവ അവനെ ഉദ്ധരിക്കും;
21 (വിശേഷിച്ച്) അവന്റേറ എല്ലുകളെ ഒക്കയും താൻ കാക്കുന്നു,
അതിൽ ഒന്നും ഒടികയില്ല.
22 ശഠനെ തിന്മ കൊല്ലും,
നീതിമാന്റേറ പകയരിൽ കുറ്റം തെളിയും.
23 സ്വദാസരുടേ ദേഹിയെ യഹോവ വീണ്ടുകൊള്ളുന്നു,
അവനിൽ ആശ്രയിക്കുന്നവർ ആരും കുറ്റം വഹിക്കയും ഇല്ല.

35. സങ്കീർത്തനം

വലിയൊരു ദോഷത്താലും (11) തോഴന്മാരുടേ വിശ്വാസക്കേടിനാലും (19) ക്ലേശികയാൽ ന്യായവിധിക്കായുള്ള പ്രാൎത്ഥനയും രക്ഷയുടേ ആശയും (കാലം 1 ശമു. 19)

ദാവിദിന്റേറതു.

1 **യ**ഹോവേ, എന്റേറ എതിർവാദികളോടു നീ വാദിക്ക,
എന്നെ നകരുന്നവരെ നകരുകേ!
2 പരിചയും വൻപലകയും എടുത്ത്
എന്റേറ തുണയായി എഴുനീല്ക്ക!
3 നീ കുന്തം ഏന്തി എന്നെ പിന്തുടരുന്നവരോട് എതിർത്തു വഴിയെ അടെക്ക!
എന്റേറ ദേഹിയോടു: ഞാൻ നിന്റേറ രക്ഷ എന്നു പറക!
4 എന്റേറ പ്രാണനെ അന്വേഷിക്കുന്നവർ നാണിച്ചു ലജ്ജപ്പെടുക,
എനിക്കു ദോഷം നിരൂപിക്കുന്നവർ പിൻവാങ്ങി അമ്പരന്നു പോക!
5 അവർ കാറ്റിന്മുമ്പിലേ പതിരോട് ഒക്കുക,
യഹോവാദൂതൻ (34,8) അവരെ തള്ളുക!
6 അവരുടേ വഴി ഇരുളും വഴുവഴുപ്പും ആക,
യഹോവാദൂതൻ അവരെ പിന്തുടരുകയും ചെയ്ക!
7 വെറുതേയല്ലോ അവർ വല മൂടിയ തങ്ങളുടേ കുഴിയെ എനിക്കു മറെച്ചു,
വെറുതേ എന്റേറ പ്രാണന്നായി തോണ്ടിയതു.
8 ആപത്തു ഗ്രഹിയാതേ കണ്ട് അവനു വരിക,
അവൻ മറെച്ച വല അവനെ തന്നേ പിടിക്കുക!
വിപത്തിന്നായി അതിൽ വീഴുമാറാക!
9 എന്നാൽ എന്റേറ ദേഹി യഹോവയിൽ ആനന്ദിച്ചു
അവന്റേറ രക്ഷയിൽ മകിഴും.
10 യഹോവേ, എളിയവനെ അതിബലവാനിൽനിന്നും
ദരിദ്ര ദീനനെ അവന്റേറ കവർച്ചക്കാരനിൽനിന്നും ഉദ്ധരിക്കുന്ന
നിന്നെ പോലേ ആരുള്ള എന്ന് എന്റേറ അസ്ഥികൾ ഒക്കയും പറയും.
11 സാഹസസാക്ഷികൾ എഴുനീറു
ഞാൻ അറിയാത്തത് എന്നോടു ചോദിക്കുന്നു.
12 നന്മെക്കു പകരം തിന്മയെ പിണെച്ചു
എൻ ദേഹിക്ക് ആരുമില്ലായ്കയെ (വരുത്തുന്നു).

13 ഞാനോ അവരുടേ വ്യാധിയിൽ രട്ടുടുത്തു
നോമ്പുകൊണ്ടു പ്രാണനെ താഴ്ത്തി,
എന്റേ പ്രാത്ഥന എന്മടിയിലേക്കു ചെല്ലും.
14 എനിക്കു തോഴനും സഹോദരനും എന്നു വെച്ചു ഞാൻ (വലഞ്ഞു) നടന്നു,
അമ്മയെ ചൊല്ലി ഖേദിക്കുമ്പോലേ
ഞാൻ കറുത്തു കുനിഞ്ഞു പാർത്തു.
15 ഇപ്പോഴോ എന്റേ നൊണ്ടലിൽ അവർ സന്തോഷിച്ചു കൂടി,
എനിക്കു വിരോധമായി കൂടി,
ഞാനറിയാതേ അടിച്ചു അടങ്ങാതേ ചീന്തി.
16 ദോശെക്കായി ചിരിപ്പിക്കുന്ന ബാഹ്യന്മാരോടേ
എന്നെകൊണ്ടു പല്ലു കടിച്ചു.
17 കർത്താവേ, നീ എത്രോടം കണ്ടു നില്ക്കും?
എൻ ദേഹിയെ അവരുടേ ഇടിവുകളിൽനിന്നും
എന്റേ ഏകാകിനിയെ കോളരികളിൽനിന്നും മടക്കി തരേണമേ!
18 വലിയ സഭയിൽ ഞാൻ നിന്നെ വാഴ്ത്തും,
ഉരത്ത ജനത്തിൽ നിന്നെ സ്തുതിക്കും.
19 കള്ളവൈരികൾ എന്നെ കൊണ്ടു സന്തോഷിക്കയും
വെറുതേ പകെക്കുന്നവർ കണ്ണിമെക്കയും അരുതേ!
20 അവരല്ലോ സമാധാനം പറയാതേ
ദേശത്തിലേ സ്വസ്ഥന്മാരെക്കൊള്ളേ വഞ്ചനവാക്കുകളെ നിരൂപിച്ചു;
21 എന്റെ നേരേ വായി നീളേ പിളർന്നു,
ഹാ ഹാ നമ്മുടേ കണ്ണു കണ്ടു എന്നു ചൊല്ലുന്നു.
22 യഹോവേ, നീ കണ്ടുവല്ലോ, മൌനമായിരിക്കൊല്ലാ!
കർത്താവേ, എന്നോടു് അകന്നിരിക്കരുതേ!
23 എന്റേ ന്യായത്തിന്നായി ഉണർന്നും
എൻ ദൈവമായ കർത്താവേ, എന്റേ വാദത്തിന്നായി ജാഗരിച്ചും കൊ
[ള്ളേണമേ!
24 എൻ ദൈവമായ യഹോവേ, നിന്റേ നീതിപ്രകാരം എനിക്കു വിധിക്ക,
അവർ എന്നിൽ സന്തോഷിക്കരുതേ!
25 അവർ: അച്ചോ നമ്മുടേ ആഗ്രഹം എന്നും,
നാം അവനെ വിഴുങ്ങി എന്നും തങ്ങളുടേ ഹൃദയത്തിൽ പറയാകരുതേ!
26 എന്റേ ദോഷത്തിൽ സന്തോഷിക്കുന്നവർ ഒക്കത്തക്ക നാണിച്ചമ്പരന്നും,
എനിക്കെതിരേ വമ്പിച്ചുകൊള്ളുന്നവർ നാണവും ലജ്ജയും അണിഞ്ഞും
[പോകേണമേ!
27 എന്റേ നീതിയെ ഇച്ഛിക്കുന്നവർ സന്തോഷിച്ചാർക്കയും
സ്വദാസന്റേ സമാധാനത്തിൽ പ്രസാദിക്കുന്ന
യഹോവ വലിയവൻ എന്നു നിത്യം പറകയും ചെയ്യുമാറാക!
28 എന്റേ നാവും ദിനമ്പ്രതി നിന്റേ നീതിയെ ധ്യാനിച്ചു
നിൻ സ്തുതിയെ പരത്താകേണമേ.

36. സങ്കീർത്തനം

ദുഷ്ടൻ ഭയങ്കരൻ എങ്കിലും (6) യഹോവയുടേ നിഴൽ മതി, (11) അതേ വേണ്ടു.

സംഗീതപ്രമാണിക്കു; യഹോവാദാസനായ (18,1) ദാവിദിന്റേതു.

2 ദുഷ്ടനു ദ്രോഹത്തിന്റേ അരുളപ്പാടു ഹൃദയത്തിന്റേ ഉള്ളിൽ വസിക്കുന്നു,
ദൈവത്തിൻ പേടി ഒട്ടും ഇല്ല എന്നു് അവന്റേ കണ്ണുകൾക്കു തോന്നുന്നു.

3 (ദൈവം) അക്രമത്തെ കണ്ടെത്തും പകെക്കും എന്നുള്ളതിനെ തൊട്ട
അവൻ തനിക്കു താൻ മുഖസ്തുതി പറയുന്നു.
4 അവന്റെ വായിലേ വാക്കുകൾ അകൃത്യവും ചതിയും തന്നേ,
ബോധം കൊൾവതും നന്മ ചെയ്‌വതും അവൻ ഒഴിച്ചിട്ടുണ്ടു.
5 കിടക്കമേലും അവൻ അകൃത്യം ചിന്തിക്കും,
നന്നല്ലാത്ത വഴിയിൽ താൻ നിന്നുകൊള്ളും,
ദോഷത്തെ മാത്രം വെറുക്കുന്നില്ല.
6 യഹോവേ, നിന്റെ ദയ വാനങ്ങളിലേക്കും
നിൻ വിശ്വാസ്യത ഇളമുകിലോളവും (എത്തുന്നു);
7 നിന്റെ നീതി ദേവമലകളോട് ഒക്കുന്നു,
നിൻ ന്യായവിധികൾ വലിയ ആഴി തന്നേ;
യഹോവേ, മനുഷ്യരെയും മൃഗങ്ങളെയും നീ രക്ഷിക്കുന്നു.
8 നിൻ ദയ എത്ര വിലയേറിയതു, ദൈവമേ!
മനുഷ്യപുത്രർ നിന്റെ ചിറകുകളുടേ നിഴലിൽ ആശ്രയിച്ചുംകൊള്ളുന്നു.
9 നിന്റെ ഭവനത്തിലേ പുഷ്ടിയാൽ അവർ തോഞ്ഞു വരും,
നിൻ ഭോഗങ്ങളുടേ പുഴയാൽ നീ അവരെ കുടിപ്പിക്കുന്നു.
10 കാരണം നിന്നോടത്രേ ജീവന്റെ ഉറവാകുന്നു,
നിന്റെ വെളിച്ചത്തിൽ ഞങ്ങൾ വെളിച്ചം കാണും.
11 നിന്നെ അറിയുന്നവർക്കു നിൻ ദയയെയും
ഹൃദയനേരുള്ളവർക്കു നിൻ നീതിയെയും നീട്ടേണമേ!
12 ഡംഭിന്റെ കാൽ എന്മേൽ മെതിക്കയും
ദുഷ്ടരുടേ കൈ എന്നെ ആട്ടുകയും അരുതേ!
13 അതാ അകൃത്യം പ്രവൃത്തിക്കുന്നവർ വീണു തള്ളിപ്പോകുന്നു,
എഴുനീല്പാൻ കഴിയുകയും ഇല്ല.

37. സങ്കീർത്തനം

ദുഷ്ടർക്കു ക്ഷണിക ഭാഗ്യം കണ്ടാലും അസൂയ തോന്നാതേ ദൈവത്തിൻ തീർച്ചയെ ആശിച്ചു കാത്തിരിക്കേണ്ടതു. അകാരാദി.

ദാവീദിന്റെതു.

1 **അ**ക്രമക്കാർ നിമിത്തം ചൂടു പിടിക്കയും
വക്രത ചെയ്യുന്നവരിൽ എരിഞ്ഞുപോകയും അരുതേ!
2 പുല്ലു പോലേ അല്ലോ അരിയപ്പെടും
പച്ച ചീര കണക്കേ വാടും.
3 ആശ്രയം യഹോവയിലിട്ടു നന്മ ചെയ്ക,
ദേശത്തിൽ മേവി വിശ്വാസ്യത കോലുക!
4 യഹോവയിൽ രസിച്ചും കൊൾക,
അവനും നിണക്കു ഹൃദയചോദ്യങ്ങളെ തരും.
5 ഈ നിന്റെ വഴിയെ യഹോവാമേൽ ഉരുട്ടി അവനിൽ തേറുക,
എന്നാൽ താൻ (അതിനെ) ചെയ്യും;
6 വെളിച്ചം പോലേ നിന്റെ നീതിയെയും
ഉച്ചപോലേ നിൻ ന്യായത്തെയും പുറപ്പെടുവിക്കും.
7 ഉരിയാടാതേ യഹോവെക്കു നിന്നുകൊണ്ടു അവനെ ആശിച്ചു പാക്ക!
ഉപായങ്ങളെ നടത്തിച്ചു
തന്റെ വഴിയെ സാധിപ്പിക്കുന്ന ആളിൽ ഇളിഞ്ഞു പോകൊല്ലാ!

8 ഊഷ്മാവെ കൈവിട്ടു കോപത്തെ ഒഴിക്ക,
നീയും കൂടേ തിന്മ ചെയ്യുംവണ്ണം ചൊടിച്ചു പോകൊല്ലാ!
9 തിന്മ ചെയ്യുന്നവരല്ലോ ഛേദിക്കപ്പെട്ടും,
യഹോവയെ കാത്തിരിക്കുന്നവർ ദേശത്തെ അടക്കും.
10 ഒട്ടു നേരമേ കഴിഞ്ഞാൽ ദുഷ്ടനില്ല,
അവന്റെ സ്ഥലത്തിന്മേൽ നീ സൂക്ഷിച്ചു നോക്കിയാൽ അവനെ കാണാ;
11 സാധുക്കളോ ദേശത്തെ അടക്കി
സമാധാനപെരിപ്പത്തിൽ രസിച്ചു കൊള്ളും.
12 കശ്മലൻ നീതിമാന്നു് എതിരേ ഉപായം വിചാരിച്ചു
അവനെ കൊണ്ടു പല്ലു കടിക്കുന്നു;
13 കർത്താവു് അവന്റെ നാൾ വരുന്നതു കാൺകയാൽ
അവങ്കൽ ചിരിക്കുന്നു.
14 ഖഡ്ഗത്തെ ദുഷ്ടർ ഊരി വില്ലിനെ കുലെച്ചതു
ദീനനെയും ദരിദ്രനെയും വീഴ്ത്തുവാനും
വഴി നേരുള്ളവരെ അറുപ്പാനും തന്നേ;
15 അവരുടേ വാൾ തങ്ങളുടേ ഹൃദയത്തിൽ ചെല്ലും,
വില്ലുകൾ ഒടിഞ്ഞും പോകും.
16 ചുരുക്കം നീതിമാന്നുള്ളതു,
അനേകം ദുഷ്ടരുടേ കോപ്പിനെക്കാളും നന്നു;
17 ദുഷ്ടരുടേ ഭുജങ്ങളല്ലോ ഒടിക്കപ്പെട്ടും,
നീതിമാന്മാരെ യഹോവ താങ്ങുന്നു.
18 തികവുള്ളവരുടേ നാളുകളെ യഹോവ അറിയുന്നു,
അവരുടേ അവകാശം എന്നും നില്ക്കും;
19 അനർത്ഥകാലത്തിൽ അവർ നാണിച്ചു പോകാതേ
ക്ഷാമദിവസങ്ങളിലും തൃപ്തരാകും.
20 ദുഷ്ടന്മാർ നശിക്കും സത്യം,
യഹോവാശത്രുക്കൾ പുല്പുറങ്ങളുടേ ശോഭ പോലേ ഒടുങ്ങും;
പുകയായി ഒടുങ്ങും.
21 ധൂർത്തൻ കടം വാങ്ങുന്നു, വീട്ടുവാറാകയും ഇല്ല,
നീതിമാനോ കരുണ കാട്ടി സമ്മാനിക്കുന്നു;
22 കാരണം അവൻ അനുഗ്രഹിക്കുന്നവർ ദേശത്തെ അടക്കും,
അവൻ ശപിക്കുന്നവർ ഛേദിക്കപ്പെട്ടും.
23 പുരുഷന്റെ നടകൾക്കു യഹോവയാൽ ഉറപ്പു വരുന്നു,
അവന്റെ വഴിയിൽ പ്രസാദം തോന്നിയാൽ തന്നേ;
24 വീണാലും യഹോവ അവന്റെ കൈ താങ്ങുക കൊണ്ടു
കവിണ്ണു പോകയില്ല.
25 ബാലനായിരുന്നും മൂപ്പു വന്നിട്ടും
ഞാൻ നീതിമാൻ ഉപേക്ഷിതനായതും
അവന്റെ സന്തതി ആഹാരത്തിന്നു തിരയുന്നതും കണ്ടിട്ടുമില്ല;
26 ദിനംപ്രതി അവൻ കരുണ കാട്ടി വായിപ്പ കൊടുക്കുന്നു,
അവന്റെ സന്തതി അനുഗ്രഹം പൂണ്ടിരിക്കും.
27 മാറി ദോഷം വിട്ടു ഗുണം ചെയ്ക,
എന്നാൽ എന്നും മേവും;
28 യഹോവയല്ലോ ന്യായപ്രിയനായി തന്റെ ഭക്തരെ കൈവിടുകയില്ല,
എന്നും അവർ കാക്കപ്പെട്ടും;
ദുഷ്ടരുടേ സന്തതി ഛേദിക്കപ്പെടുന്നു.
29 നീതിമാന്മാർ ദേശത്തെ അടക്കി
എപ്പോഴും അതിൽ മേവും.

30 യഥാജ്ഞാനമുള്ള ധ്യാനം നീതിമാന്റെ വായ്ക്കുണ്ടു,
അവന്റെ നാവു ന്യായവും ഉരെക്കുന്നു;
31 സ്വദൈവത്തിന്റെ ധർമ്മോപദേശം അവന്റെ ഹൃദയത്തിൽ ആകുന്നു,
അവന്റെ കാലടികൾ ചാഞ്ചാടുകയില്ല.
32 ലാക്കായി നീതിമാനെ നോക്കി
ദുഷ്ടൻ കൊല്ലുവാൻ അന്വേഷിക്കുന്നു;
33 യഹോവ അവനെ ആ കയ്യിൽ വിടുകയില്ല,
അവനോടു (വല്ലവർ) വ്യവഹരിക്കുമ്പോൾ ദോഷം ആരോപിക്കയും ഇല്ല.
34 വിടാതേ യഹോവയെ കാത്തു അവന്റെ വഴിയെ സൂക്ഷിക്ക!
ദേശത്തെ അടക്കുവാൻ അവൻ നിന്നെ ഉയർത്തും,
ദുഷ്ടർ ഛേദിക്കപ്പെടുന്നതു നീ കാണും.
35 ശഠൻ വേർ കിഴിഞ്ഞു ഇല തഴെച്ച മരം പോലേ
പ്രൌഢനായി കയക്കുന്നതു ഞാൻ കണ്ടു;
36 പിന്നേ കടക്കുമ്പോൾ ഇതാ അവൻ ഇല്ലാതേ ആയി,
അവനെ അന്വേഷിച്ചിട്ടും കാണായതും ഇല്ല.
37 സമാധാനക്കാരന്റെ ഒരു ഭാവി (സന്തതി) ഉള്ളതു എന്നു
തികഞ്ഞവനെ സൂക്ഷിച്ചു നേരുള്ളവനെ കണ്ടു കൊൾക;
38 ദ്രോഹികൾ ഒരു പോലേ മുടിഞ്ഞു പോകുന്നു,
ദുഷ്ടരുടേ ഭാവി (സന്തതി) ഛേദിക്കപ്പെടുന്നു.
39 ഹാനികാലത്തു അവക്കു ശരണമാകുന്ന
യഹോവയിൽനിന്നു നീതിമാന്മാക്കു രക്ഷ ഉണ്ടു;
40 യഹോവ അവരെ തുണെച്ചു വിടുവിക്കുന്നു,
തന്നിൽ ആശ്രയിക്കുന്നതു കൊണ്ടു
അവരെ ദുഷ്ടരിൽനിന്നു വിടുവിച്ചു രക്ഷിക്കുന്നു.

38. സങ്കീർത്തനം

ഭക്തിമാൻ (3) മഹാരോഗത്തെയും (10) വൈരിദ്വേഷത്തെയും ഓർപ്പിച്ചു (14) ശിക്ഷാഫലം ഏറ്റിയതുകൊണ്ടു (19) പാപമോചനാദിയെ അപേക്ഷിക്കുന്നു.

ദാവിദിന്റെ കീർത്തന. ഓർപ്പിപ്പാൻ വേണ്ടി.

2 യഹോവേ, നിന്റെ ചിനത്തിൽ എന്നെ ശാസിക്കയും
നിന്റെ ഊഷ്മാവിൽ ശിക്ഷിക്കയും അരുതേ (6, 2)!
3 എങ്ങനേ എന്നാൽ നിന്റെ അമ്പുകൾ എന്നിൽ നട്ടു
തുക്കയും എന്മേൽ തറെഞ്ഞിരിക്കുന്നു.
4 നിന്റെ ഈറൽ നിമിത്തം എന്റെ മാംസത്തിൽ ആരോഗ്യം ഒട്ടും ഇല്ല,
എന്റെ പാപം ഹേതുവായി ഈ എല്ലുകളിൽ സമാധാനം ഇല്ല.
5 എന്റെ അകൃത്യങ്ങളല്ലോ എൻ തലമേൽ കടന്നു
കനത്ത ചുമടു പോലേ എനിക്കു വഹിക്കരുതാതേ ആയി പോയി.
6 എൻ മൂഢത നിമിത്തം
എന്റെ പുണ്ണുകൾ പുഴുത്തു നാറുന്നു.
7 ഞാൻ വലഞ്ഞു ഏറ്റവും കുനിഞ്ഞു
ദിനമ്പ്രതി കറുത്തും നടക്കുന്നു.
8 എന്റെ അരകളിൽ വറുച്ച മുഴുത്തു
മാംസത്തിൽ ആരോഗ്യം ഇല്ലാതേയുമായി.

9 ഞാൻ സ്തംഭിച്ചും അത്യന്തം ചതഞ്ഞും പോയി
ഹൃദയത്തിലേ ആരവാരംകൊണ്ടു് അലറുന്നു.
10 കത്താവേ, എന്റെ ആഗ്രഹം ഒക്കയും നിന്റെ മുമ്പിൽ ആകുന്നു,
എൻ ഞരക്കം നിങ്കൽനിന്നു മറഞ്ഞതും അല്ല.
11 എന്റെ നെഞ്ഞു് ഇടിക്കുന്നു, ഊക്കു് എന്നെ വിട്ടു,
കണ്ണുകളുടേ പ്രകാശം കൂടേ എന്നോടില്ല.
12 എന്റെ സ്നേഹിതരും തോഴന്മാരും എന്റെ ബാധയോടു നീങ്ങി നില്ക്കുന്നു,
എനിക്കടുത്തവരും അകലേ നില്ക്കുന്നു.
13 എന്പ്രാണനെ അന്വേഷിക്കുന്നവരോ കണി വെക്കുന്നു,
എന്റെ അനത്ഥത്തെ തിരയുന്നവർ കിണ്ടങ്ങൾ പറഞ്ഞു
ദിവസവും ചതികളെ ധ്യാനിക്കുന്നു.
14 ഞാനോ ചെവിടനെ പോലേ കേൾക്കാത്തവനും
വായി തുറക്കാത്ത ഊമനോടു സമനും ആകുന്നു;
15 കേൾക്കാതേയും
വായിൽ എതിർമ്മൊഴി ഇല്ലാതേയും ഉള്ള ആളെ പോലേ ഇരിക്കുന്നു.
16 കാരണം, യഹോവേ, നിങ്കൽ ഞാൻ ആശ വെച്ചു,
എൻ ദൈവമായ കത്താവേ, നീയേ ഉത്തരം തരും;
17 എന്റെ കാൽ കുലുങ്ങിയപ്പോൾ എങ്കൽ വമ്പിച്ചു പോയവർ
ഇനി എന്നെ ചൊല്ലി സന്തോഷിക്കരുതു എന്നു തന്നേ വെച്ചിരുന്നു.
18 ഞാനല്ലോ നൊണ്ടലിന്നു ഒരുങ്ങി (35, 15),
എന്റെ നോവു നിത്യം എന്റെ മുമ്പിൽ ആകുന്നു;
19 എന്റെ അകൃത്യം ഞാൻ ഏറ്റു പറയും,
എൻ പാപം കൊണ്ടു സങ്കടപ്പെടുന്നു സത്യം.
20 എന്റെ ശത്രുക്കൾ ജീവിച്ചും ബലത്തും
എന്റെ കള്ളപ്പകയർ വർദ്ധിച്ചും ഇരിക്കുന്നു.
21 നന്മെക്കു പകരം തിന്മയെ ഒപ്പിക്കുന്നവർ എന്നെ ദ്വേഷിക്കുന്നതു
ഞാൻ നല്ലതിനെ പിന്തേരുന്നതിന്നായത്രേ ആകുന്നു.
22 യഹോവേ, എന്നെ കൈവിടല്ലേ,
എൻ ദൈവമേ എന്നോടു് അകന്നു പോകൊല്ലാ (22,20)!
23 എന്റെ തുണെക്കായി ഉഴറേണമേ,
എൻ രക്ഷയാകുന്ന കത്താവേ (35,3)!

39. സങ്കീർത്തനം

രോഗി ശത്രുവൈരത്താൽ ക്ലേശിക്കുമ്പോൾ (5) ആയുസ്സിന്റെ നിസ്സാരത്വം കൊണ്ടു പിറുപിറുത്ത ശേഷം (8) യഹോവയിൽ ആശ വെച്ചു തേറി പ്രാർത്ഥിച്ചതു.

യദിഥൂൻ എന്ന സംഗീതപ്രമാണിക്കു (1 നാൾ. 25,1);
ദാവിദിന്റെ കീർത്തന.

2 ഞാൻ നാവുകൊണ്ടു പാപം ചെയ്യായ്വാൻ
എന്റെ വഴികളെ സൂക്ഷിക്കും,
ദുഷ്ടൻ ഇനി എന്റെ മുമ്പാകേ ഇരിക്കയിൽ
എന്റെ വായിനെ കടിഞ്ഞാണിട്ടു കാക്കും എന്നു വെച്ചു,
3 ഞാൻ മൌനമായി അടങ്ങി പാർത്തു,
മിണ്ടാഞ്ഞതു ഗുണത്തിന്നല്ല താനും,
എന്റെ ദുഃഖം കലങ്ങി പൊങ്ങി;

4 എന്റെ ഉള്ളിൽ ഹൃദയം വെന്തു,
ഞാൻ ചിന്തിക്കുന്തോറും തീ കത്തി,
ഞാൻ നാവു കൊണ്ട് ഉരെക്കയും ചെയ്തു:
5 യഹോവേ, എന്റെ അവസാനവും
എൻ നാളുകളുടേ അവധി ഇന്നത് എന്നും എന്നെ അറിയിക്ക!
ഞാൻ എപ്പോം തീന്തുപോകും എന്നറിയട്ടേ!
6 ഇതാ ചാൺ നീളത്തിൽ എനിക്കു നാളുകം തന്നതേ ഉള്ളു,
എന്റെ ആയുസ്സു നിന്റെ മുമ്പാകേ ഏതും ഇല്ല എന്നും വന്നു;
നിലനിന്നാലും സകല മനുഷ്യനും വെറുമ്മായയത്രേ. (സേല)
7 അവനവൻ ബിംബമായത്രേ നടക്കുന്നു,
ആവിക്കുവേണ്ടി അലമ്പലാകുന്നതേ ഉള്ളു;
അവൻ സ്വരൂപിക്കുന്നു, ആക്കു കിട്ടും എന്നറിയുന്നതും ഇല്ല.
8 ഇപ്പോഴോ കത്താവേ, ഞാൻ എന്തൊന്നിനെ പാത്തുകൊംവൂ?
എന്റെ ആശ നിങ്കൽ വെച്ചിരിക്കുന്നു.
9 എന്നെ സകല ദ്രോഹങ്ങളിൽനിന്നും ഉദ്ധരിക്കേണമേ,
മൂർഖന് എന്നെ നിന്ദയാക്കി വെക്കൊല്ലാ!
10 ഞാൻ നാവടങ്ങി വായ്തുറക്കാതേ നില്ക്കുന്നു;
നീ അതിനെ ചെയ്തുവല്ലോ.
11 നിന്റെ ബാധയെ എന്നിൽനിന്നു നീക്കുക!
നിന്റെ കൈയേറ്റം കൊണ്ടു ഞാൻ ക്ഷയിച്ചു.
12 അകൃത്യംഹേതുവായിട്ടു നീ ഒരുവനെ ശാസനകളെ കൊണ്ടു ശിക്ഷിച്ചാൽ
അവന്റെ ഭംഗിയെ പുഴുപോലേ ദ്രവിപ്പിക്കുന്നു;
സകല മനുഷ്യനും വെറുമ്മായയത്രേ. (സേല)
13 യഹോവേ, എന്റെ പ്രാത്ഥന കേംക്ക,
എൻ കൂക്കൽ ചെവിക്കൊംക,
എൻ കണ്ണുനീർക്ക് ഊമനാകൊല്ലാ!
ഞാനല്ലോ എന്റെ സകല പിതാക്കന്മാരെ പോലേ
നിന്നോടു അതിഥിയും പരദേശിയും ആകുന്നു (3 മോ. 25, 23).
14 ഞാൻ പോയി ഇല്ലാതാകുമ്മുമ്പേ ഉന്മേഷിക്കേണ്ടതിന്നു
എങ്കൽനിന്നു (തിരു) നോക്കു തിരിക്കേണമേ!

40. സങ്കീർത്തനം

ഭക്തിമാൻ ദേവാശ്രയത്താൽ മഹാത്രാണനം ഉണ്ടായതിന്നു (7) ക്രിയയാ
ലും (10) വാക്കിനാലും കൃതജ്ഞത കാട്ടുകയല്ലാതേ (12) ശേഷം സങ്കട
ത്തിൽനിന്നും തന്നെ രക്ഷിപ്പാൻ പ്രാത്ഥിച്ചതു.

സംഗീതപ്രമാണിക്കു; ദാവിദിന്റെ കീത്തന.

2 ഞാൻ യഹോവയെ പാത്തു കാത്തു,
അവനും എങ്കലേക്കു ചാഞ്ഞു എന്റെ കൂക്കൽ കേട്ടു,
3 സംഹാരക്കുഴിയിൽനിന്നും ചളിച്ചേറ്റിൽനിന്നും എന്നെ കരേറ്റി
എന്റെ കാലുകളെ ശൈലത്തിന്മേൽ സ്ഥാപിച്ചു
അടികളെ ഉറപ്പിച്ചു;
4 എന്റെ വായിൽ പുതിയ പാട്ടും ഇട്ടു (33,3),
നമ്മുടേ ദൈവത്തിന്നു സ്തോത്രം തന്നേ;
പലരും കണ്ടു ഭയപ്പെട്ടു യഹോവയിൽ തേറുകയും ചെയ്യും.

5 യഹോവയെ തന്നേറ ആശ്രയം ആക്കീട്ട്
വമ്പന്മാരോടും ഭോഷ്കിലേക്കു തെറ്റുന്നവരോടും ചേർന്നു പോകാത്ത പുരു
6 എന്നേറ ദൈവമായ യഹോവേ, [ഷൻ ധന്യൻ.
നിന്നേറ അതിശയങ്ങളെ നീ വളരേ ആക്കിയിരിക്കുന്നു;
ഞങ്ങളിലേക്കു നിന്നേറ നിനവുകൾ എങ്കിലോ
നിന്നോട് ഉപമിപ്പാൻ ഒന്നും ഇല്ല;
അവ ഞാൻ കഥിച്ചു ചൊല്ലുട്ടേ,
എന്നിട്ടും എണ്ണി കൂടാതോളം പെരുകി.—
7 ബലിയും കാഴ്ചയും നീ ആഗ്രഹിച്ചില്ല,
ചെവികളെ എനിക്കു തുളച്ചതേ ഉള്ളു (1.ശമു.15, 22);
ഹോമവും പാപബലിയും നീ ചോദിച്ചിട്ടില്ല.
8 അപ്പോൾ ഞാൻ പറഞ്ഞു: ഇതാ ഞാൻ വരുന്നു;
പുസ്തകച്ചുരുളിൽ എനിക്കു (ചട്ടം) എഴുതി വെച്ചിട്ടുണ്ടു;
9 എൻ ദൈവമേ, നിന്നേറ ഇഷ്ടം ചെയ്വാൻ ഞാൻ ഇച്ഛിക്കുന്നു,
നിന്നേറ ധർമ്മം എന്നേറ കുടൽ നടുവിലും ഉണ്ടു.
10 ഞാൻ മഹാസഭയിൽ നീതിയെ സുവിശേഷിച്ചു,
ഇതാ എന്നേറ അധരങ്ങളെ ഞാൻ അടെച്ചിട്ടില്ല;
യഹോവേ, നീ അറിയുന്നു.
11 നിൻ നീതിയെ ഞാൻ ഹൃദയനടുവിൽ മൂടാതേ
നിന്നേറ വിശ്വാസ്യതയും രക്ഷയും പറഞ്ഞു,
മഹാസഭയിൽ നിന്നേറ ദയയും സത്യവും മറെച്ചതും ഇല്ല.
12 യഹോവേ, നിന്നേറ കനിവ് എങ്കൽനിന്ന് അടെക്കൊല്ലാ,
നിന്നേറ ദയയും സത്യവും നിത്യം എന്നെ പാലിക്കാക!
13 കാരണം എണ്ണമില്ലാതോളം തിന്മകൾ എന്നെ ചുറ്റി,
എന്നേറ അകൃത്യങ്ങൾ എന്നെ പിടിപ്പെട്ടു എനിക്കു കാൺമാൻ കഴികയും ഇല്ല,
എന്തലയിലേ രോമങ്ങളിലും അവ ഏറിയിരിക്കുന്നു,
എന്നേറ കരുത്തും എന്നെ വിട്ടു പോയി.
14 യഹോവേ, എന്നെ ഉദ്ധരിപ്പാൻ പ്രസാദിക്ക!
യഹോവേ, എന്നേറ തുണെക്കായി ഉഴറേണമേ!
15 എന്നേറ പ്രാണനെ കവരുവാൻ അന്വേഷിക്കുന്നവർ
ഒക്കത്തക്ക നാണിച്ചു അമ്പരന്നും
എൻ തിന്മയെ ഇച്ഛിക്കുന്നവർ പിന്തിരിഞ്ഞു ലജ്ജിച്ചും പോവാറാക
16 എന്നോടു ഹാ ഹാ എന്നു പറയുന്നവർ [(35,26)!
തങ്ങളുടേ നാണത്തിന്നേറ അനുഭവമായി സ്തംഭിച്ചു പോക!
17 നിന്നെ അന്വേഷിക്കുന്നവർ ഒക്കയും നിങ്കൽ ആനന്ദിച്ചു സന്തോഷിക്ക,
നിന്നേറ രക്ഷയെ സ്നേഹിക്കുന്നവർ
യഹോവ വലിയവൻ എന്നു നിത്യം പറവൂതാക (35, 27)!
18 ഞാനോ ദീനനും ദരിദ്രനും ആകുന്നു,
കർത്താവ് എനിക്കായി കരുതും.
എന്നേറ രക്ഷയും എന്നെ വിടുവിക്കുന്നവനും നീയത്രേ,
എൻ ദൈവമേ, താമസിക്കരുതേ!

41. സങ്കീർത്തനം

കനിവു കാട്ടുന്നവനു ദേവകരുണ ഉണ്ടാകുന്നതു കൊണ്ടു(5) ശത്രുക്കളുടേ വ്യാജത്താൽ ക്ലേശിക്കുന്ന ദയാലു (11) രക്ഷ യാചിച്ചു തേറുന്നതു.

സംഗീതപ്രമാണിക്കു; ദാവിദിന്നേറതു.

2 എളിയവനെ കരുതിക്കൊള്ളുന്നവൻ ധന്യൻ,
ദുർവ്വിവസത്തിൽ യഹോവ അവനെ വിടുവിക്കും.
3 യഹോവ അവനെ കാത്തുരക്ഷിക്കും,
അവനു നാട്ടിൽ ഭാഗ്യം വരും.
4 നീ അവനെ ശത്രുക്കളുടേ ഇച്ഛയിൽ ഏല്പിക്കയില്ല.
യഹോവ അവനെ രോഗശയ്യമേൽ താങ്ങുന്നു,
അവന്റേ വ്യാധിയിലേ കിടക്കക്കു് എല്ലാം നീ മാറും വരുത്തുന്നു.
5 ഞാനോ പറഞ്ഞിതു: യഹോവേ, എന്നോടു കരുണ ആകേണമേ,
ഞാൻ നിന്നോടു പാപം ചെയ്കയാൽ എൻ ദേഹിക്കു ചികിത്സിക്ക!
6 എപ്പോഴും അവൻ മരിക്കയും അവന്റേ പേർ നശിക്കുയും ആം എന്നു്
എന്റേ ശത്രുക്കളും എന്നെ കൊണ്ടു ദോഷം പറയുന്നു.
7 (ഒരുവൻ എന്നെ) കാണ്മാൻ വരുമ്പോഴും മായം പറയും,
ഹൃദയംകൊണ്ടു് അവൻ കിണ്ടം കൂട്ടുകേ ഉള്ളു,
പിന്നേ പുറത്തു പോയാൽ ഉരിയാടും.
8 എന്റേ പകയർ എല്ലാവരും ഒന്നിച്ചു് എന്റേ നേരേ മുരണ്ടു
എനിക്കു തിന്മയെ നിരൂപിക്കുന്നു:
9 വല്ലായ്മയുള്ള കാര്യം അവന്മേൽ വാർക്കപ്പെട്ടുന്നു,
ഇന്നു കിടക്കുന്നവൻ ഇനി എഴുനീല്ക്കയും ഇല്ല, എന്നത്രേ.
10 ഞാൻ തേറിയ എന്റേ കൂട്ടുകാരനും
എന്റേ അപ്പം തിന്നുന്നവൻ തന്നേ എന്റേ നേരേ മടമ്പുയർത്തുന്നു.
11 നീയോ, യഹോവേ, എന്നോടു കരുണ ചെയ്തു
ഞാൻ അവർക്കു പകരം കൊടുപ്പാൻ എന്നെ നിവർത്തിക്ക.
12 നീ എങ്കൽ പ്രസാദിച്ചു എന്നുള്ളതു്
എന്റേ ശത്രുവിനു് എന്മേൽ ജയഘോഷം വരായ്കയാൽ തന്നേ ഞാനറി
13 എന്നെയോ എൻ തികവിൻ നിമിത്തം നീ ഊന്നിച്ചു [യുന്നു,
എന്നേക്കും തിരുമുമ്പിൽ എന്നെ നിറുത്തുന്നു.

ഇസ്രയേലിൻ ദൈവമായ യഹോവ യുഗംമുതൽ
യുഗപര്യന്തം വാഴ്ത്തപ്പെടാക! (1 നാഴി. 16, 36)
ആമെൻ, ആമെൻ!

രണ്ടാം കാണ്ഡം, 42–72:

കോരഹ്യർ മുതലായവരുടേ ദേവകീത്തനങ്ങൾ

42. സങ്കീർത്തനം

ക്കേതൻ പ്രവാസകാലത്തിൽ ദേവസ്ഥാനത്തിൽ ചേരുവാൻ വാഞ്ഛരിച്ചു (7) വേദനെക്കു് ആശ്വാസം തിരഞ്ഞു (43, 1) ദൈവത്തുണയെ കാത്തുകൊള്ളുന്നതു.

സംഗീതപ്രമാണിക്കു; കോരഹപുത്രരുടേ ഉപദേശപ്പാട്ടു.
(2. നാമ. 20, 19)

2 **നീ**ർച്ചാലുകൾക്കായി കിഴക്കുന്ന മാൻപേട പോലേ
ദൈവമേ, എൻ ദേഹി നിങ്കലേക്കു കിഴക്കുന്നു.
8 എൻ ദേഹി ദൈവത്തെ, ജീവനുള്ള ദേവനെ കുറിച്ചു തന്നേ ദാഹിക്കുന്നു:
ഞാൻ എപ്പോൾ വന്നു ദൈവത്തിന്മുഖത്തിലേക്കു കാണാകും?
4 നിൻറേറ ദൈവം എവിടേ എന്നു എല്ലാ നാളും എന്നോടു പറകയിൽ,
രാപ്പകലും എൻ കണ്ണുനീർ എനിക്കു് ആഹാരമായിരുന്നു.
5 തിങ്ങിയ സമൂഹത്തിൽ ഞാൻ ചെന്നു
അവരുമായി ആർപ്പുസ്തുതികളുടേ ശബ്ദത്തോടേ കൊണ്ടാടുന്ന പുരുഷാര
ദേവാലയത്തിലേക്കു നടകൊണ്ടതിനെ ഞാൻ ഓർത്തും [ത്തിൽ
എൻ ദേഹിയെ എന്നകത്തു പകൎന്നും കൊള്ളും.
6 അല്ലയോ എൻ ദേഹിയേ, നീ ചാഞ്ഞും എൻറേ മേൽ അലെച്ചും പോകു [ന്നതു് എന്തു?
ദൈവത്തെ പാർത്തു നില്ക്ക! 2
അവനെയല്ലോ എൻറേ മുഖത്തിൻ രക്ഷകളും എൻ ദൈവവും എന്നു
ഞാൻ ഇനി വാഴ്ത്തും നിശ്ചയം. 3
7 എൻ ദൈവമേ, എൻ ദേഹി എന്നിൽ ചാഞ്ഞിരിക്കുന്നു,
അതുകൊണ്ടു ഞാൻ യർദ്ദൻ (അക്കരേ) ഹെൎമ്മോന്യരുടേ ദേശത്തിൽ
ഹീനത കുന്നിൽനിന്നു നിന്നെ ഓൎക്കുന്നു. 4
8 നിൻറേറ തോടുകളുടേ ഒലിയാൽ ആഴി ആഴിയെ വിളിക്കുന്നു;
നിൻറേറ തിരകളും അലകളും എല്ലാം എന്മേൽ കടക്കുന്നു.
9 പകൽ യഹോവ തൻ ദയയെ കല്പിക്കുന്നു,
രാത്രിയിൽ അവൻറേറ പാട്ടു് എന്നോടു് ആകുന്നു, 5
എൻറേറ ജീവൻറേറ ദൈവത്തോടു പ്രാൎത്ഥനയും തന്നേ.
10 എന്നെ മറന്നതു് എന്തു? 6
ശത്രുവിൻറേറ പീഡയാൽ ഞാൻ കറുത്തു നടക്കുന്നതു് എന്തിന്നു? 7
എന്നു എൻറേറ പാറയാകുന്ന ദൈവത്തോടു ഞാൻ പറയട്ടേ.
11 എൻറേറ മാറാന്മാർ: നിൻ ദൈവം എവിടേ എന്നു എല്ലാനാളും എന്നോടു 8
എന്നെ അസ്ഥികളെ തകർപ്പോലം നിന്ദിക്കുന്നു. [പറകയാൽ
12 എൻ ദേഹിയേ, നീ ചാഞ്ഞും എൻറേറ മേൽ അലെച്ചും പോകുന്നതു് എന്തു? 9
ദൈവത്തെ പാർത്തു നില്ക്ക! 10
അവനെയല്ലോ എൻറേറ മുഖത്തിൻ രക്ഷകളും എൻ ദൈവവും എന്നു
ഞാൻ ഇനി വാഴ്ത്തും നിശ്ചയം.

43. സങ്കീർത്തനം

1 ദൈവമേ, എനിക്കു ന്യായം വിധിക്ക!
ഭക്തിയില്ലാത്ത ജാതിയോട് എന്റെ വ്യവഹാരത്തെ വാദിക്ക,
ചതിയും അക്രമവും ഉള്ള പുരുഷനിൽനിന്ന് എന്നെ വിടുവിക്ക!
2 എന്തെന്നാൽ എന്റെ ശരണദൈവം നീ തന്നേ;
നീ എന്നെ തള്ളി വിടുന്നത് എന്തു?
ശത്രുവിന്റെ പീഡയാൽ ഞാൻ കറുത്തു നടക്കുന്നത് എന്തിന്നു?
3 നിന്റെ വെളിച്ചത്തെയും സത്യത്തെയും ഇങ്ങ് അയക്കുക!
അവ എന്നെ നടത്തി നിന്റെ വിശുദ്ധ മലയിലേക്കും
നിന്റെ പാർപ്പിടത്തിലേക്കും എന്നെ വരുത്തുക!
4 എന്നാൽ ഞാൻ ദൈവത്തിൻ ബലിപീഠത്തോളം
എന്റെ ആനന്ദസന്തോഷമാകുന്ന ദേവങ്കലേക്കു പ്രവേശിച്ചു
ദൈവമേ, എൻ ദൈവമേ, നിന്നെ വീണമേൽ വാഴ്ത്തും.
5 എൻ ദേഹിയേ, നീ ചാഞ്ഞും എന്റെ മേൽ അലെച്ചും പോകുന്നത് എന്തു?
ദൈവത്തെ പാർത്തു നില്ക്ക!
അവനെ അല്ലോ എന്റെ മുഖത്തിൻ രക്ഷകളും എന്റെ ദൈവവും എന്നു
ഞാൻ ഇനി വാഴ്ത്തും നിശ്ചയം.

44. സങ്കീർത്തനം

എദോമ്യയുദ്ധത്തിൽ ഇസ്രയേൽ (സങ്കീ. 60.) പണ്ടത്തെ ഉപകാരങ്ങളെ ഓർത്തു (5) ആശ്രയിച്ചു (10) തൽക്കാലസങ്കടം (18) ദൈവനാമം നിമിത്തം വന്നതു കൊണ്ടു (24) രക്ഷ അപേക്ഷിക്കുന്നു.

സംഗീതപ്രമാണിക്കു; കോരഹ്യപുത്രരുടെ ഉപദേശപ്പാട്ടു.

2 ദൈവമേ, ഞങ്ങൾ ചെവികളാൽ കേട്ടു,
നീ പിതാക്കന്മാരുടെ നാളുകളിൽ
പുരാണദിവസങ്ങളിൽ ചെയ്ത പ്രവൃത്തിയെ അവർ ഞങ്ങളോടു വർണ്ണിച്ചതു;
3 തൃക്കൈ കൊണ്ടു നീ ജാതികളെ നീക്കി ഇവരെ നട്ടു,
കുലങ്ങളെ കെടുത്തു ഇവരെ പരത്തി;
4 തങ്ങളുടെ വാൾകൊണ്ടല്ലല്ലോ അവർ ദേശത്തെ അടക്കി,
സ്വഭുജമല്ല അവരെ രക്ഷിച്ചതു,
നിന്റെ വലങ്കൈയും ഭുജവും തിരുമുഖത്തിൻ വെളിച്ചവും അത്രേ;
കാരണം നിണക്കു അവർ രുചിച്ചു.
5 ദൈവമേ, നീ തന്നേ എന്റെ രാജാവു,
യാക്കോബിൻ രക്ഷകളെ കല്പിക്കേണമേ!
6 നിന്നാൽ ഞങ്ങൾ മാറാന്മാരെ ഉന്തും (5 മോ. 33, 17),
തിരുനാമത്താൽ ഞങ്ങളുടെ എതിരികളെ ചവിട്ടും.
7 ഞാനല്ലോ എന്റെ വില്ലിലല്ല തേറുവതു,
എന്റെ വാളല്ല എന്നെ രക്ഷിപ്പതു;
8 ഞങ്ങളെ മാറാന്മാരിൽനിന്നു നീ അത്രേ രക്ഷിച്ചു
ഞങ്ങളുടെ പകയരെ നാണിപ്പിച്ചതു.
9 എല്ലാ നാളും ഞങ്ങൾ ദൈവത്തിൽ പ്രശംസിച്ചു പോന്നു
തിരുനാമത്തെ എന്നും വാഴ്ത്തും. (സേല)
10 എന്നിട്ടും നീ ഞങ്ങളെ വെറുത്തു അമ്പരപ്പിക്കയും
ഞങ്ങളുടെ സൈന്യങ്ങളോടു കൂടെ പുറപ്പെടാതിരിക്കയും,

11 മാററാനുമ്പാകേ ഞങ്ങളെ പിന്തിരിയുമാറാക്കുകയും
ഞങ്ങടേ പകയർ തങ്ങൾക്കായി കവരുകയും,
12 നീ ഞങ്ങളെ ഭക്ഷണത്തിന്നാടുപോലേ ആക്കി
ജാതികളിൽ ചിന്നിക്കയും,
13 നിൻ ജനത്തെ അസാരത്തിന്നു വിററു
അവരുടേ വിലകൊണ്ടു ധനം പെരുക്കാതേ ഇരിക്കയും,
14 ഞങ്ങളെ അയല്പാരിൽ നിന്ദയും
ചുററുമുള്ളവക്കു ഹാസ്യവും ഇളപ്പവും ആക്കുകയും,
15 ഞങ്ങളെ ജാതികളിൽ പഴഞ്ചൊല്ലും
കുലങ്ങളിൽ തലക്കുലുക്കലും ആക്കിതീർക്കയും ചെയ്യുന്നു.
16 എന്നേറ അമ്പരപ്പു ദിവസേന എന്നേറ മുമ്പിൽ ആയി
മുഖത്തിൻ ലജ്ജയും എന്നെ മൂടിയതു.
17 നിന്ദിച്ചും പഴിച്ചും ചൊല്ലുന്നവന്നേറ ശബ്ദത്താലേ
ശത്രുവിന്നേറയും പക വീട്ടുന്നവന്നേറയും ഹേതുവാൽ തന്നേ.
18 ഇതൊക്കയും ഞങ്ങൾക്കു തട്ടിയതു നിന്നെ മറന്നിട്ടല്ല,
നിന്നേറ നിയമത്തെ ഭഞ്ജിച്ചിട്ടും അല്ല.
19 നീ ഞങ്ങളെ കുറുനരികളിടത്തു (ആക്കി) ചതെപ്പാനും
മരണനിഴൽ ഞങ്ങൾമേൽ മൂടുവാനും തക്കവണ്ണം,
20 ഞങ്ങളുടേ ഹൃദയം പിൻവാങ്ങിയതും
ഞങ്ങടേ നടകൾ നിന്നേറ മാർഗ്ഗത്തിൽനിന്നു തെററിയതും ഇല്ല.
21 ഞങ്ങളുടേ ദൈവത്തിൻ നാമത്തെ ഞങ്ങൾ മറന്നു
അന്യദേവങ്കലേക്കു കൈകളെ പരത്തി എങ്കിൽ,
22 ദൈവം ഹൃദയരഹസ്യങ്ങളെ അറികകൊണ്ടു
അതിനെ ആരാഞ്ഞു കാൺകയില്ലയോ?
23 നിൻ നിമിത്തമല്ലോ ഞങ്ങൾ എല്ലാ നാളും കൊല്ലപ്പെട്ടും
കുലയാടായി എണ്ണപ്പെട്ടും ഇരിക്കുന്നു.
24 ഉണർന്നുകൊൾക, കർത്താവേ! എന്തിന്നു ഉറങ്ങുന്നു?
മിഴിക്കേണമേ, നിത്യം വെറുക്കല്ലേ!
25 തിരുമുഖത്തെ എന്തിന്നു മറെച്ചു
ഞങ്ങടേ താഴ്ചയും പീഡയും മറക്കുന്നു?
26 ഞങ്ങടേ ദേഹിയല്ലോ പൂഴിയിലേക്കു ചാഞ്ഞു
വയറു ഭൂമിയോടു പററി ഇരിക്കുന്നു.
27 അല്ലയോ ഞങ്ങൾക്കു തുണയായി എഴുനീറു
നിൻ ദയ നിമിത്തം ഞങ്ങളെ വീണ്ടെടുക്കേണമേ!

45. സങ്കീർത്തനം

ദിവ്യ മഹത്വം നിമിത്തം സ്തുത്യനായ രാജാവു (8) ഒരു രാജപുത്രിയെ വേൾക്കകൊണ്ടു (11) കാന്തയോടു ശ്രദ്ധ ഉപദേശിച്ചിട്ടു (14) വിവാഹയാത്രയെ വർണ്ണിച്ചതു. (കാലം ശലൊമോന്റേറ ശേഷം)

സംഗീതപ്രമാണിക്കു, താമരകളേ രാഗത്തിൽ; കോരഹ്യപുത്രരുടേ
ഉപദേശപ്പാട്ടു. കാന്തമാരുടേ പാട്ടു.

2 എന്റേറ ഹൃദയം നല്ല വചനത്താൽ പൊങ്ങുന്നു,
എന്റേറ കൃതി രാജാവിന്നാക എന്നു ഞാൻ ചൊല്ലുന്നു;
എൻ നാവു വേഗമുള്ള ലേഖന്റേറ എഴുത്തുകോൽ തന്നേ.

3 മനുഷ്യപുത്രരിൽ നീ അതിസുന്ദരൻ,
ലാവണ്യം നിന്റെ അധരങ്ങളിന്മേൽ പൊഴിഞ്ഞിരിക്കുന്നു;
അതുകൊണ്ടു ദൈവം നിന്നെ എന്നേക്കും അനുഗ്രഹിക്കുന്നു.
4 വീര, തിരുവാളെ അരെക്കു കെട്ടുക,
നിന്റെ ഓജസ്സും പ്രഭയും തന്നേ!
5 ഇപ്രഭയിൽ നീ സത്യവും വിനയനീതിയും രക്ഷിപ്പാൻ എഴുന്നെള്ളി
നിൻ വലങ്കൈയും നിണക്കു ഭയങ്കരമുള്ളതിനെ ഉപദേശിക്ക! [സിദ്ധിക്ക,
6 നിന്റെ അമ്പുകൾ കൂർത്തവ,
വംശങ്ങൾ നിന്റെ കീഴിൽ വീഴേ അവ രാജാവിൻ ശത്രുക്കളുടേ ഹൃദയ
7 ദൈവമേ, നിന്റെ സിംഹാസനം എന്നേക്കുമുള്ളതു, [ത്തിൽ ആകുന്നു.
നിന്റെ രാജ്യദണ്ഡു നേരുള്ള ചെങ്കോൽ തന്നേ.
8 നീ നീതിയെ സ്നേഹിച്ചു ദോഷത്തെ പകെക്കുന്നതുകൊണ്ടു
നിൻ ദൈവമായ ദൈവം നിന്റെ കൂട്ടരെക്കാൾ അധികം
നിന്നെ ആനന്ദതൈലംകൊണ്ടു അഭിഷേകം ചെയ്തു.
9 നിന്റെ വസ്ത്രങ്ങൾ എല്ലാം മൂറും അഗരുവും കറുപ്പയും ഉള്ളവ;
ആനക്കൊമ്പുള്ള അരമനകളിൽനിന്നു കമ്പിനാദം നിന്നെ സന്തോഷിപ്പി
10 നിന്റെ ശ്രേഷ്ഠന്മാരിൽ രാജപുത്രിമാർ ഉണ്ടു, [ക്കുന്നു.
രാജ്ഞി താൻ ഓഫീർ തങ്കം അണിഞ്ഞു നിന്റെ വലത്തു നില്ക്കുന്നു.
11 അല്ലയോ, പുത്രിയേ, കേട്ടും കണ്ടും ചെവി ചാച്ചും കൊൾക!
നിൻ ജനത്തെയും പിതാവിൻ ഭവനത്തെയും മറക്കേണമേ!
12 രാജാവു തന്നേ നിന്റെ കർത്താവാകയാൽ
അവൻ നിന്റെ സൌന്ദര്യത്തെ വാഞ്ഛിക്കുമാറാക, നീയും അവനെ നമ
13 എന്നാൽ തൂർപുത്രി ആദിയായിട്ടു [സ്കരിക്ക!
ജനത്തിലേ ധനവാന്മാർ കാഴ്ചകൊണ്ടു നിൻ മുഖപ്രസാദത്തെ തേടും.
14 അകത്തു രാജപുത്രി അശേഷതേജസ്സാകുന്നു,
അവളുടേ ചേല പൊൻ അമിഴ്ത്തിയതു.
15 അവൾ ചിത്രപടങ്ങളിന്മേൽ രാജാവിലേക്കു കൊണ്ടുവരപ്പെടുന്നു;
അവളുടേ തോഴിമാരായ കന്യകമാർ അവളുടേ പിന്നാലേ നിങ്കലേക്കു ന
16 ആനന്ദസന്തോഷങ്ങളിൽ അവർ വരുത്തപ്പെട്ടു [ടത്തപ്പെടുന്നു;
രാജാവിൻ മന്ദിരം പ്രവേശിക്കുന്നു.
17 പിതാക്കന്മാർക്കു പകരം നിന്റെ പുത്രർ ആക,
അവരെ നീ സർവ്വഭൂമിയിലും പ്രഭുക്കളാക്കി വെക്കും.
18 തലമുറതോറും ഞാൻ നിന്റെ നാമത്തെ ഓർപ്പിക്കും,
അതുകൊണ്ടു വംശങ്ങൾ നിന്നെ എന്നെന്നേക്കും വാഴ്ത്തും.

46. സങ്കീർത്തനം

സ്വജനത്തിൻ രക്ഷിതാവു (5) വിശുദ്ധനഗരത്തെ പാലിച്ചതിന്നു (9) സ്തോത്രം. (കാലം യശ, 37, 36)

സംഗീതപ്രമാണിക്കു, കോരഹ്യപുത്രരുടേ പാട്ടു; കന്യാരാഗത്തിൽ.

2 ദൈവം നമുക്കു ആശ്രയവും ബലവും ആകുന്നു,
ക്ലേശങ്ങളിൽ അവൻ തുണ എന്നു ഏറ്റം കാണപ്പെട്ടവൻ.
3 അതുകൊണ്ടു ഭൂമിയെ മാറുകിലും
സമുദ്രമദ്ധ്യേ മലകൾ കുലുങ്ങിയാലും നാം ഭയപ്പെടുക ഇല്ല.

4 അതിലേ വെള്ളങ്ങൾ പതെച്ചു മുഴങ്ങി
മലകൾ അതിന്റെ ഡംഭത്താൽ ഇളകി പോകട്ടേ! (സേല)
5 ഒരു നദി ഉണ്ടു, അതിന്റെ കാലുകൾ
മഹോന്നതന്റെ പാപ്പിടങ്ങളാൽ വിശുദ്ധമായ ദേവനഗരത്തെ സന്തോ
6 ദൈവം അവളുടേ ഉള്ളിൽ ഉണ്ടു, അവൾ ഇളകുകയില്ല; [ഷിപ്പിക്കുന്നു.
പുലർച്ചെക്കു തന്നേ ദൈവം അവളെ തുണെക്കും.
7 ജാതികൾ മുഴങ്ങി രാജ്യങ്ങൾ കുലുങ്ങി,
അവൻ തൻ ഒലിയെ കേൾപിച്ചു ഭൂമിയും ഉരുകുന്നു.
8 സൈന്യങ്ങളുടയ യഹോവ നമ്മോടു കൂടേ ഉണ്ടു,
യാക്കോബിൻ ദൈവം നമുക്കു് ഉയർന്നിലം. (സേല)
9 അല്ലയോ നിങ്ങൾ വന്നു
ഭൂമിയിൽ സംഹാരങ്ങൾ ചെയ്ത യഹോവയുടേ അത്ഭുതങ്ങളെ ദർശിപ്പിൻ!
10 ഭൂമിയററ്റോളം യുദ്ധങ്ങളെ ശമിപ്പിച്ചു
വില്ലൊടിച്ചു കുന്തം പൊട്ടിച്ചു തേരുകളെ തീയിൽ ചുട്ടുകളയുന്നു.
11 നിങ്ങൾ വിട്ടടങ്ങി ഞാൻ തന്നേ ദൈവം എന്നും
ജാതികളിൽ ഉയരുന്നു ഭൂമിയിൽ ഉയരുന്നു എന്നും അറിഞ്ഞു കൊൾവിൻ!
12 സൈന്യങ്ങളുടയ യഹോവ നമ്മോടു കൂടേ ഉണ്ടു, [(2 നാള. 32, 23)
യാക്കോബിൻ ദൈവം നമുക്കു് ഉയർന്നിലം. (സേല)

47. സങ്കീത്തനം

സ്വജാതിയെ രക്ഷിച്ചു ജയം കൊടുത്തിട്ടു (6) സ്വർഗ്ഗത്തിൽ മടങ്ങി
പോയവനെ സർവ്വഭൂമിയും സ്തുതിക്കേണം.

സംഗീതപ്രമാണിക്കു, കോരഹ്യപുത്രരുടേ കീത്തന.

2 സകല വംശങ്ങളും കൈക്കൊട്ടുവിൻ,
ആർപ്പൊലി കൊണ്ടു ദൈവത്തിന്നു ഘോഷിപ്പിൻ!
3 കാരണം മഹോന്നതനായ യഹോവ ഭയങ്കരനും
സർവ്വഭൂമിയിൽ മഹാരാജാവും ആകുന്നു.
4 അവൻ വംശങ്ങളെ നമ്മുടേ വശത്തും
കുലങ്ങളെ നമ്മുടേ കാൽ കീഴേയും അടക്കുന്നു.
5 അവൻ സ്നേഹിച്ചുള്ള യാക്കോബ് പ്രശംസിക്കുന്ന
നമ്മുടേ അവകാശത്തെ നമുക്കായി തെരിഞ്ഞെടുത്തു. (സേല)
6 ദൈവം ജയഘോഷത്തോടും
യഹോവ കാഹളനാദത്തോടും കരേറുന്നു.
7 ദൈവത്തെ കീർത്തിപ്പിൻ, കീർത്തിപ്പിൻ!
നമ്മുടേ രാജാവെ കീർത്തിപ്പിൻ, കീർത്തിപ്പിൻ!
8 ദൈവമല്ലോ സർവ്വഭൂമിയുടേ രാജാവു്,
ഉപദേശപ്പാട്ടിനാൽ കീർത്തിപ്പിൻ!
9 ദൈവം ജാതികളെ ഭരിക്കുന്നു;
ദൈവം തൻ വിശുദ്ധ സിംഹാസനത്തിൽ ഇരുന്നു കൊണ്ടു
10 വംശങ്ങളുടേ നായകന്മാർ അബ്രഹാം ദൈവത്തിൻ ജനമായി ചേർന്നവരു
ഭൂമിയുടേ പലിശകളായവർ ദൈവത്തിന്നല്ലോ ആകുന്നു, [ന്നു
അവൻ ഏറേ ഉയർന്നിരിക്കുന്നു. ;

48. സങ്കീത്തനം

ദൈവനഗരത്തെ കൊള്ളേ (5) മാററാന്മാർ വന്നാറേ മണ്ടി പോകയാൽ (10) രക്ഷയെ സ്തുതിച്ചു (13) സന്തതികളോടും വണ്ണിച്ചു കൊള്ളേണം. (കാലം46. പോലേ)

കോരഹ്യപുത്രരുടേ കീത്തനയാകുന്ന പാട്ട.

2 **യ**ഹോവ വലിയവനും ഏററം സ്തുത്യനും ആകുന്നതു
അവനേറ വിശുദ്ധ മലയായ നമ്മുടേ ദൈവത്തിൻ നഗരത്തിൽ തന്നേ,
3 ഉന്നതി കൊണ്ടു സുന്ദരവും സൎവ്വഭൂമിയുടേ ആനന്ദവും ആകുന്നതു
ഉത്തരപൎവ്വതത്തിന്നൊത്ത (യശ. 14, 13) ചീയോൻ മല
എന്ന മഹാരാജാവിനേറ നഗരം തന്നേ.
4 അതിൻ അരമനകളിൽ
ദൈവം ഉയൎന്നിലം എന്നു അറിയായ്വന്നു.
5 എങ്ങനേ എന്നാൽ രാജാക്കന്മാർ കൂടിനിലത്തു കൂടി,
ഒന്നിച്ചു കടന്നു പോയി.
6 അവർ കണ്ടു,
അവ്വണ്ണം വിസ്മയിച്ചു മെരിണ്ടു മണ്ടി പോയി.
7 അവിടേ നടുക്കം അവർക്കു പിടിച്ചു,
പെറുന്നവൾക്കു എന്ന പോലേ ഈറുനോവു തന്നേ.
8 കിഴക്കൻ കാററു കൊണ്ടു
നീ തൎശീശ് കപ്പലുകളെ തകർക്കുന്നു. (2 നാൾ. 20, 36)
9 നാം (പണ്ടു) കേട്ടപ്രകാരം സൈന്യങ്ങളുടയ യഹോവയുടേ പട്ടണമായ
നമ്മുടേ ദൈവത്തിൻ നഗരത്തിൽ തന്നേ കണ്ടിരിക്കുന്നു:
ദൈവം അവളെ എന്നേക്കും സ്ഥാപിക്കുന്നു. (സേല)
10 ദൈവമേ, തിരുമന്ദിരത്തിൻ ഉള്ളിൽ
ഞങ്ങൾ നിന്നേറ ദയയെ ചിന്തിച്ചു.
11 ദൈവമേ, നിന്നേറ നാമം എത്തു പ്രകാരം
അപ്രകാരം ഭൂമിയുടേ അററത്തോളം നിന്നേറ കീൎത്തിയും ആകുന്നു,
നിൻ വലങ്കൈ നീതി നിറഞ്ഞതു തന്നേ.
12 നിന്നേറ ന്യായവിധികൾ നിമിത്തം ചീയോൻ മല സന്തോഷിക്കുന്നു,
യഹൂദാപുത്രിമാർ ആനന്ദിക്കുന്നു.
13 അല്ലയോ ചീയോനെ ചുററി വളഞ്ഞും നടന്നു
അതിൻ ഗോപുരങ്ങളെ എണ്ണുവിൻ,
14 അതിൻ പുറമതിൽ (കൊത്തളത്തെ) കൂറിക്കൊണ്ടു
അരമനകളെ വിവേചിച്ചും കൊൾവിൻ,
പിറേറ തലമുറയോടു വണ്ണിപ്പാൻ തന്നേ!
15 ഈ ദൈവം അല്ലോ എന്നെന്നേക്കും നമ്മുടേ ദൈവമാകുന്നു,
അവൻ നമ്മെ മരണത്തോളം നടത്തും.

49. സങ്കീത്തനം

വിചാരിച്ചാൽ (6) ദുഷ്ടരുടേ ശ്രീതപം (8) മരണത്തിൽനിന്നു രക്ഷിക്കായ്കയാൽ (17) ഭയങ്കരമുള്ളതല്ല. (കാലം 37 സ. പോലേ)

സംഗീതപ്രമാണിക്കു; കോരഹ്യപുത്രരുടേ കീത്തന.

2 **സ**കലവംശങ്ങളും, ഇതിനെ കേൾപിൻ,
പ്രപഞ്ചവാസികൾ ഒക്കയും ചെവിക്കൊൾവിൻ,

3 മനുഷ്യമക്കളും വീരപുത്രരും,
ധനവാനും ദരിദ്രനും കൂടേ!
4 എന്റെ വായി ജ്ഞാനം ഉരെക്കും,
എന്റെ ഹൃദയധ്യാനം വിവേകം തന്നേ.
5 ഉപമെക്ക് എന്റെ ചെവിയെ ചായ്ക്കും,
വീണമേൽ എന്റെ കടങ്കഥയെ തുറക്കും.—
6 തങ്ങളുടേ സമ്പത്തിൽ ആശ്രയിച്ചും
ധനസമൃദ്ധിയിങ്കൽ പ്രശംസിച്ചും കൊണ്ടു
7 എന്നെ അടിക്കീഴാക്കുന്നവരുടേ അകൃത്യം
എന്നെ ചുറ്റിക്കൊള്ളുന്ന ദിവസത്തിൽ ഞാൻ ഭയപ്പെടുവാൻ എന്തു?
8 സഹോദരനെ ആരും വീണ്ടെടുക്കയില്ല
തനിക്കു മതിയായ പ്രായശ്ചിത്തവില ദൈവത്തിന്നു കൊടുക്കയും ഇല്ല;
9 ഇനി കുഴിയെ കാണാതേ എന്നും ജീവിക്കേണ്ടതിന്നു,
10 അവരുടേ ദേഹികളെ വീണ്ടും ദ്രവ്യം വിലയേറിയതു,
അവൻ എന്നേക്കും ഒഴിഞ്ഞു നില്ക്കയും വേണം.
11 ജ്ഞാനികളും മരിച്ചും മൂഢനും പൊട്ടനും ഒന്നിച്ചു കെട്ടും പോയി
തങ്ങളുടേ സമ്പത്തു മറ്റവർക്കു വിടുന്നതിനെ അവൻ കാണും.
12 ഇവരുടേ ആന്തരം ആയതു: തങ്ങളുടേ വീടുകളും എന്നേക്കും
പാർപ്പിടങ്ങളും തലമുറകളോളവും ഇരിക്കും എന്നത്രേ;
ദേശങ്ങളുംതോറും തങ്ങളുടേ നാമങ്ങളെ വിളിക്കുന്നു.
13 എങ്കിലും മനുഷ്യൻ മാനത്തിൽ പാർക്കയില്ല,
മൃഗങ്ങളോടു സദൃശമായി ഒടുങ്ങി പോകുന്നു.
14 ഇങ്ങനേ നിശ്ചിന്തയുള്ളവരുടേ വഴി,
അവരുടേ ശേഷക്കാരും അവരുടേ ഉരിയാട്ടം രുചിക്കുന്നു. (സേല)
15 ആടു പോലേ അവർ പാതാളത്തിൽ തള്ളപ്പെടും, മരണം അവരെ മേയ്ക്കും;
ഉഷസ്സിങ്കൽ നേരുള്ളവർ അവരുടേ മേൽ അധികരിക്കും,
അവരുടേ ചന്തത്തെ പാതാളം മുടിക്കേ ഉള്ളു, വാസം ശേഷിക്കയും ഇല്ല.
16 എന്നാൽ ദൈവം എന്നെ കൈക്കൊള്ളുന്നതാൽ
എന്റെ ദേഹിയെ പാതാളത്തിൻ കൈക്കൽനിന്നു വീണ്ടെടുക്കും. (സേല)
17 ഒരാൾക്കു ധനം വർദ്ധിച്ചു
അവന്റെ ഭവനത്തിൻ തേജസ്സു പെരുകുമ്പോൾ ഭയപ്പെടൊല്ല;
18 കാരണം അതെല്ലാം അവൻ മരിക്കയിൽ കൂട്ടിക്കൊള്ളുകയും
അവന്റെ തേജസ്സു പിൻചേർന്നിറങ്ങുകയും ഇല്ല.
19 ഈ ജീവനിൽ അവൻ തൻ ദേഹിയെ അനുഗ്രഹിച്ചാലും
നിണക്കു തന്നേ നീ നന്മ ചെയ്കകൊണ്ടു (ലോകം) നിന്നെ വാഴ്ത്തിയാ
20 സ്വപിതാക്കന്മാരുടേ തലമുറയോടു ചേർന്നു പോകും, [ലും,
വെളിച്ചത്തെ അവൻ എന്നും കാൺകയും ഇല്ല.
21 ബോധം ഇല്ലാതേ മാനത്തിൽ ഉള്ള മനുഷ്യൻ
മൃഗങ്ങളോടു സദൃശമായി ഒടുങ്ങി പോകുന്നു.

50. സങ്കീർത്തനം

ദൈവം സീനായ്മേൽ എന്ന പോലേ വിളങ്ങി (7) ബലികർമ്മങ്ങളും അല്ല (14) കൃതജ്ഞത തനിക്കു വേണം എന്നു കാട്ടി (16) രണ്ടാം പലകയെ ലംഘിക്കുന്ന വ്യാജക്കാരെ ശാസിക്കുന്നതു.

ആസാഫിന്റെ കീർത്തന. (1 നാളാ. 25,1)

1 യഹോവ എന്ന ദൈവമായ ദേവൻ ഉരിയാടി
സൂര്യോദയം മുതൽ അസ്തമയംവരേ ഭൂമിയെ വിളിക്കുന്നു.
2 ശോഭയുടേ പൂർത്തിയായ ചിയോനിൽനിന്നു
യഹോവ വിളങ്ങുന്നു (5മോ. 33,2).
3 നമ്മുടേ ദൈവം വരിക, അവൻ മിണ്ടായ്കയരുതേ!
അവനേറ മുമ്പാകേ അഗ്നി തിന്നും
ചുററി കൊടുങ്കാററടിക്കും.
4 തനേറ ജനത്തിന്നു വിസ്തരിപ്പാനായി
അവൻ മീതിൽ വാനങ്ങളെയും ഭൂമിയെയും വിളിക്കുന്നു:
5 ബലിമേൽ എൻ നിയമത്തിൽ കൂടിയ
എനേറ ഭക്തരെ എനിക്കു ചേർപ്പിൻ!
6 എന്നാറേ ദൈവം താൻ വിധിക്കും എന്നു
വാനങ്ങൾ അവനേറ നീതിയെ കഥിച്ചു.
7 അല്ലയോ, എൻ ജനമേ, കേൾക്ക! ഞാൻ ചൊല്ലട്ടേ,
ഇസ്രയേൽ, നിന്നെ പ്രബോധിപ്പിക്കട്ടേ,
ഞാനേ ദൈവം, നിൻ ദൈവം തന്നേ.
8 നിനേറ ബലികളെ ചൊല്ലി നിന്നെ ശാസിക്കയില്ല,
നിനേറ ഹോമങ്ങളും നിത്യം എനേറ മുമ്പിൽ ആകുന്നു.
9 നിനേറ വീട്ടിൽനിന്നു കാളയും
നിൻ തൊഴുത്തുകളിൽനിന്നു കോലാടുകളെയും ഞാൻ എടുക്കയില്ല.
10 കാട്ടിലേ ജന്തുക്കൾ ഒക്കയും
മലകളിൽ ആയിരമായി നടക്കുന്ന മൃഗങ്ങളും എനിക്കല്ലോ ഉള്ളവ;
11 കുന്നുകളിലേ പക്ഷി എല്ലാം അറിയും,
നിലത്തിന്മേൽ ഇളകുന്നതും എനിക്കു ബോധിച്ചു;
12 എനിക്കു വിശന്നാൽ നിന്നോടു പറകയില്ല,
ഊഴിയും അതിനേറ നിറവും എനിക്കല്ലോ ഉള്ളതു.
13 ഞാൻ കൂറകാളകളുടേ മാംസം തിന്നുകയോ?
കോലാടുകളെ ചോര കുടിക്കയോ?—
14 ദൈവത്തിന്നു ബലിയായി സ്തോത്രത്തെ കഴിച്ചുകൊണ്ടു
മഹോന്നതന്നു നിനേറ നേർച്ചകളെ ഒപ്പിക്ക;
15 എന്നിട്ടു ഞെരുക്കനാളിൽ എന്നെ വിളിക്ക,
ഞാനും നിന്നെ ഉദ്ധരിക്കും, നീ എന്നെ മഹത്വപ്പെടുത്തുകയും ചെയ്യും.
16 പിന്നേ ദുഷ്ടനോടു ദൈവം പറയുന്നതു:
നീ ശാസനയെ വെറുത്തും
എനേറ വചനങ്ങളെ നിനേറ പിന്നാലേ കളഞ്ഞും കൊണ്ടിരിക്കേ,
17 എനേറ ചട്ടങ്ങളെ വർണ്ണിപ്പാനും
എൻ നിയമത്തെ വായിൽ എടുപ്പാനും നിണക്കു എന്തു?
18 നീ കള്ളനെ കണ്ടാൽ അവനോടു രസിക്കയും
വ്യഭിചാരികളോടു പങ്കാളി ആകയും,
19 നിനേറ വായെ തിന്മയിലേക്കു അയക്കയും,
നിനേറ നാവു ചതി മെടകയും,
20 നീ ഇരുന്നു സഹോദരനെ കൊള്ളെ ചൊല്ലുയും
നിനേറ അമ്മയുടേ മകനിൽ ഏഷണി വെക്കയും:
21 ഇവ നീ ചെയ്തിട്ടും ഞാൻ മിണ്ടാതേ ഇരുന്നു.
ഞാൻ കേവലം നിന്നെ പോലേ എന്നു നീ ഊഹിച്ചു;
ഞാനോ നിന്നെ ശിക്ഷിച്ചു നിനേറ കണ്ണുകൾക്കു നേരേ അതിനെ നിരത്തും.

22 അല്ലയോ ദൈവത്തെ മറക്കുന്നവരേ,
ഞാൻ നിങ്ങളെ ഉദ്ധരിപ്പവൻ ഏന്നിയേ കീറാതേ ഇരിപ്പാൻ
ഇതിനെ കൂട്ടാക്കുവിൻ!
23 സ്തോത്രം ആകുന്ന ബലിയെ കഴിക്കുന്നവൻ എന്നെ മഹത്വപ്പെടുത്തും,
വഴിയെ യഥാസ്ഥാനമാക്കുന്നവന ഞാൻ ദേവരക്ഷയെ കാണിക്കയും
[ചെയ്യും.

51. സങ്കീർത്തനം

(51–71 ദാവിദിന്റെ ദേവകീർത്തനകം).

(3) പാപസങ്കടത്തെ അറിഞ്ഞിട്ട (9) ക്ഷമയും ആത്മവരങ്ങളും അപേക്ഷിച്ചും (15) സ്തോത്രബലികളെ നേന്നും കൊണ്ടതു.

സംഗീതപ്രമാണിക്കു, ദാവിദിന്റെ കീർത്തന;

അവൻ ബത്ത്ശേബയടുക്കേ പ്രവേശിച്ചതിന്ന പ്രവാചകനായ നാഥാൻ അവങ്കലേക്കു പ്രവേശിച്ചപ്പോഴെക്കു. (32 ആമതിന മുമ്പേ)

3 ദൈവമേ, നിന്റെ ദയെക്കു തക്കവണ്ണം എന്നോടു കൃപ ചെയ്യേണമേ;
നിൻ കനിവുകളിൻ പെരുമപ്രകാരം എന്റെ ദ്രോഹങ്ങളെ മാച്ചുകളക!
4 എന്റെ അകൃത്യം പോവാൻ എന്നെ തീരേ അലക്കി,
പാപത്തിൽനിന്ന് എന്നെ ശുദ്ധീകരിച്ചാലും!
5 ഞാനല്ലോ എൻ ദ്രോഹങ്ങളെ അറിയുന്ന,
എൻ പാപം നിത്യം എന്റെ മുമ്പിൽ ആകുന്ന.
6 നിന്നോടു മാത്രമേ ഞാൻ പിഴെച്ചു
തൃക്കണ്ണുകളിൽ തിന്മയായതു ചെയ്തു;
അതോ നീ ചൊല്ലുന്നതിൽ നീതിമാനും
നീ ന്യായം വിധിക്കുന്നതിൽ നിർമ്മലനും ആകേണ്ടതിന്ന തന്നേ.
7 ഇതാ ഞാൻ അകൃത്യത്തിൽ പിറന്ന,
അമ്മ പാപത്തിൽ എന്നെ ഗർഭം ധരിച്ചു.
8 കണ്ടാലും നീ ആന്തരങ്ങളിൽ സത്യം ആഗ്രഹിക്കുന്ന;
ഗൂഢത്തിൽ എന്നെ ജ്ഞാനവും ഗ്രഹിപ്പിക്ക!
9 ഞാൻ ശുദ്ധനാവാൻ തൃത്താവുകൊണ്ട് എന്നെ പാപമില്ലാതാക്കുക,
ഹിമത്തെക്കാളും വെളുപ്പാൻ എന്നെ അലക്കുക!
10 ആനന്ദസന്തോഷങ്ങളെ എന്നെ കേൾപിക്ക,
നീ ചതെച്ച അസ്ഥികം മകിഴുക!
11 എൻ പാപങ്ങളിൽനിന്ന തിരുമുഖത്തെ മറെച്ചു
എന്റെ അകൃത്യങ്ങളെ ഒക്കെയും മാച്ചുകളയേണമേ!
12 ദൈവമേ, എനിക്കു ശുദ്ധഹൃദയം സൃഷ്ടിക്ക,
ഉറപ്പുള്ള ആത്മാവിനെ എന്റെ ഉള്ളിൽ പുതുക്കുക!
13 തിരുമുഖത്തുനിന്ന് എന്നെ കളയാതേയും
നിന്റെ വിശുദ്ധാത്മാവെ എന്നിൽനിന്ന് എടുക്കാതേയും,
14 നിന്റെ രക്ഷയുടേ ആനന്ദത്തെ എനിക്കു മടക്കി
മനഃപൂവ്വുമുള്ള ആത്മാവുകൊണ്ട് എന്നെ താങ്ങേണമേ!
15 ഞാൻ ദ്രോഹികളെ നിന്റെ വഴികളെ പഠിപ്പിക്കും,
പാപികം നിങ്കലേക്കു തിരിഞ്ഞു ചെല്ലും.
16 ദൈവമേ, എന്റെ രക്ഷയുടേ ദൈവമേ, രക്തങ്ങളിൽനിന്ന് എന്നെ ഉദ്ധരിക്ക!
എന്നാൽ എന്റെ നാവു നിന്റെ നീതിയെ ഘോഷിക്കും.

17 കത്താവേ, എന്റെ അധരങ്ങളെ തുറക്കുക,
എന്നാൽ ഈ വായി നിന്റെ സ്തുതിയെ കഥിക്കും.
18 ബലിയല്ലോ നീ ഇച്ഛിക്കുന്നില്ല, അല്ലായ്കിൽ ഞാൻ തരാം,
ഹോമമല്ല നിണക്ക് രുചിക്കുന്നു;
19 ദേവബലികൾ ആകുന്നതു ഉടഞ്ഞ ആത്മാവു,
ഉടഞ്ഞു ചതഞ്ഞുള്ള ഹൃദയത്തെ, ദൈവമേ, നീ നിരസിക്കയില്ല.
20 തിരുപ്രസാദത്താൽ ചിയോന നന്മ ചെയ്യേണമേ;
യരുശലേമിന്റെ മതിലുകളെ കെട്ടേണമേ!
21 അപ്പോൾ നീതിബലികളെയും സർവ്വാംഗഹോമങ്ങളെയും നീ ഇച്ഛിക്കും,
അപ്പോൾ കാളകൾ നിന്റെ ബലിപീഠത്തിൽ കരേറും.

52. സങ്കീർത്തനം

(3) സമ്പന്നൻ അതിക്രമത്തിൽ പ്രശംസിച്ചാലും (4) ദുഷ്ടതയാൽ (6) അവനു നാശവും (8) നീതിമാന്മാർക്കു ജയസന്തോഷവും (10) ദാവീദിനു കരുണാനിശ്ചയവും വരികേ ഉള്ളു.

സംഗീതപ്രമാണിക്കു, ഉപദേശപ്പാട്ടു;

ഏദോമ്യനായ ദോവെഗ് വന്നു ദാവീദ് അഹിമേലെക്കിന്റെ
വീടകം പുക്കു എന്ന് ശൌലോടു ബോധിപ്പിച്ചപ്പോഴെക്കു.

3 **വീര**, നീ ദോഷത്തിങ്കൽ പ്രശംസിക്കുന്നതു എന്തു?
ദേവദയ എല്ലാനാളുമുള്ളതു (താനും).
4 അല്ലയോ ചതി ചെയ്വോനേ, നിന്റെ നാവു
തെളിക്കടഞ്ഞ ക്ഷൌരക്കത്തിപോലേ കിണ്ടങ്ങളെ നിനെക്കുന്നു;
5 നന്മയിൽ ഏറ തിന്മയും
നീതി പറയുന്നതിൽ ഏററം വഞ്ചനയും നീ സ്നേഹിക്കുന്നു. (സേല)
6 ചതിനാവേ, നീ സംഹാരവാക്കുകളെ ഒക്കെയും സ്നേഹിക്കകൊണ്ടു,
7 ദേവനും നിന്നെ എന്നും പൊരിച്ചു കനൽപോലേ നീക്കി,
കൂടാരത്തിൽനിന്ന് ഇഴെച്ചു
ജീവികുന്നവരുടേ ദേശത്തിങ്കുന്നു നിന്നെ വേരുക്കും.
8 അതു നീതിമാന്മാർ കണ്ടു ഭയപ്പെട്ടു
അവന്മേൽ ചിരിക്കും:
9 അതാ, ദൈവത്തെ തന്റെ ശരണമാക്കാതേ
തന്റെ ബഹുസമ്പത്തിൽ ആശ്രയിച്ചു
വികൃതികൊണ്ടു ശക്തനായ പുരുഷൻ എന്നത്രേ.
10 ഞാനോ പച്ച ഒലിവമരംപോലേ ദേവഭവനത്തിൽ ഇരിക്കും,
ദേവദയയിങ്കൽ സദാകാലവും ആശ്രയിക്കുന്നു.
11 നീ അതിനെ ചെയ്തതുകൊണ്ടു ഞാൻ എന്നേക്കും നിന്നെ വാഴ്ത്തും,
നിന്റെ നാമം നല്ലതാകയാൽ
അതിനെ നിന്റെ ഭക്തരുടേ മുമ്പാകേ കാത്തിരിക്കയും ചെയ്യും.

53. സങ്കീർത്തനം

സംഗീതപ്രമാണിക്കു, കുഴലിന്മേൽ; ദാവീദിന്റെ ഉപദേശപ്പാട്ടു.
(സങ്കീ. 14. പോലേ)

2 മൂഢൻ ദൈവം ഇല്ല എന്നു തന്റെ ഹൃദയത്തിൽ പറയുന്നു.
അവർ തങ്ങളെ കെടുത്തു അക്രമത്തെ അറെപ്പാക്കി;
നന്മ ചെയ്യുന്നവൻ ആരും ഇല്ല.
3 ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാൻ ഉണ്ടോ എന്നു കാണ്മാൻ വേണ്ടി
ദൈവം സ്വർഗ്ഗത്തിൽനിന്നു മനുഷ്യപുത്രരുടെ മേൽ നോക്കുന്നു.
4 എല്ലാം പിൻവാങ്ങി, അവർ ഒക്കത്തക്ക പുളിച്ചു പോയി,
നന്മ ചെയ്യുന്നവൻ ഇല്ല, ഒരുത്തൻ പോലും ഇല്ല.
5 ദൈവത്തെ വിളിക്കാതേ എൻ ജനത്തെ അപ്പമാക്കി തിന്നു കൊണ്ടു
അകൃത്യം പ്രവൃത്തിക്കുന്നവർ അറിയുന്നില്ലയോ?
6 അതാ അവർ ചീളെന്നു പേടിച്ചു പോയി, പേടി എന്നാനും ഇല്ല;
കാരണം നിന്നെ നിരോധിക്കുന്നവന്റെ അസ്ഥികളെ ദൈവം ചിതറി;
ദൈവം അവരെ വെറുക്കയാൽ നീ നാണം വരുത്തി.
7 ചിയോനിൽനിന്നു ഇസ്രയേലിന്റെ രക്ഷകം വന്നാൽ കൊള്ളാം!
യഹോവ തൻ ജനത്തിന്റെ അടിമയെ മാറുമ്പോൾ
യാക്കോബു ആനന്ദിക്ക, ഇസ്രയേൽ സന്തോഷിക്ക!

54. സങ്കീർത്തനം

(3) ശത്രുക്കളിൽനിന്നു രക്ഷിപ്പാൻ അപേക്ഷയും (6) ദേവസഹായത്തിൽ ആശ്രയവും.

സംഗീതപ്രമാണിക്കു, കമ്പിനാദത്തോടേ; ദാവിദിന്റെ ഉപദേശപ്പാട്ടു.

ജീഫ്യർ വന്നു ശൌലെ കണ്ടു ദാവിദു ഞങ്ങളോടല്ലോ ഒളിച്ചു
പാൎക്കുന്നു എന്നു പറഞ്ഞാറേ. (1 ശമു. 23, 19)

3 ദൈവമേ, നിന്റെ നാമത്താൽ എന്നെ രക്ഷിച്ചു
നിന്റെ വീര്യത്താൽ എനിക്കു ന്യായം വിധിക്ക!
4 ദൈവമേ, എന്റെ പ്രാർത്ഥന കേട്ടു
ഈ വായിൻ മൊഴികളെ ചെവികൊള്ളേണമേ!
5 എന്തെന്നാൽ അന്യന്മാർ എനിക്കു വിരോധമായി എഴുനീറ്റു
പ്രൌഢന്മാർ എൻ ദേഹിയെ തിരയുന്നു;
ദൈവത്തെ തങ്ങളുടേ മുമ്പാകേ വെക്കാത്തവരത്രേ. (സേല)—
6 കണ്ടാലും ദൈവം ഇനിക്കു തുണ,
എൻ ദേഹിയെ താങ്ങുന്നവരിൽ കൎത്താവുണ്ടു
7 തിന്മ എന്റെ എതിരികളിന്മേൽ തിരിഞ്ഞുവരും,
നിന്റെ സത്യത്താൽ അവരെ മുടിക്കുക!
8 മനഃപൂർവ്വബലിയെ ഞാൻ നിണക്കു കഴിക്കും,
നിന്റെ നാമം നല്ലതു എന്നു വാഴ്ത്തുകയും ചെയ്യും,
9 ആയ്തു എല്ലാ ഞെരുക്കത്തിൽനിന്നും എന്നെ ഉദ്ധരിക്കയാൽ
എൻ കണ്ണു ശത്രുക്കളിന്മേൽ നോക്കി കൊണ്ടു.

55. സങ്കീർത്തനം

(2) പറക്കേണ്ടതിന്നു ആഗ്രഹിക്കത്തക്ക സങ്കടത്തിൽനിന്നു രക്ഷയും (10) എങ്ങും ആക്രമിച്ചുള്ള വിശ്വാസഭംഗത്തിന്നു ശിക്ഷയും അപേക്ഷിച്ചു (17) ദേവകരുണാനീതികളിൽ ആശ്രയിച്ചു കൊണ്ടതു.

സംഗീതപ്രമാണിക്കു, കമ്പിനാദത്തോടേ; ദാവിദിന്റെ ഉപദേശപ്പാട്ടു:

2 ദൈവമേ, എന്റെ പ്രാത്ഥനയെ ചെവിക്കൊണ്ടും
എന്റെ യാചനയിൽനിന്ന് ഒളിക്കാതേയും ഇരിക്ക!
3 എന്നെ കുറിക്കൊണ്ട് ഉത്തരം തരേണമേ!
എന്റെ ചിന്തനത്തിൽ ഞാൻ ഉഴലുന്ന മുറയിടുകയും ചെയ്യും,
4 ശത്രുശബ്ദനിമിത്തവും ദുഷ്ടന്റെ പീഡനനിമിത്തവും തന്നേ;
അവരല്ലോ അതിക്രമം എന്റെ മേൽ ചാച്ചു
കോപത്തിൽ എന്നോടു ദ്വേഷിച്ചും പോരുന്നു.
5 എന്റെ ഉള്ളിൽ ഹൃദയം നോവുന്നു,
മരണഭീഷണികളും എന്മേൽ വീണു;
6 ഭയവും നടുക്കവും എനിക്കു വരുന്നു,
ത്രാസവും എന്നെ മൂടുന്നു.
7 പ്രാവിനു പോലേ ഇനിക്ക് ഇറക് ഉണ്ടായാൽ കൊള്ളാം,
എന്നാൽ പറന്നു കുടി ഇരിക്കാം!
8 അതാ ദൂരത്തു മണ്ടി
മരുവിൽ രാപാർക്കായിരുന്നു; (സേല)
9 കൊടുങ്കാറ്റും വിശറും വിട്ടു
എനിക്കു സൈരസ്ഥലത്തേക്കു വിരഞ്ഞു ചെല്ലാം.
10 കർത്താവേ, അവർക്കു നാവു ഭിന്നമാക്കി അവരെ വിഴുങ്ങുക!
പട്ടണത്തിലല്ലോ ഞാൻ സാഹസവും വിവാദവും കണ്ടു.
11 അവർ രാവും പകലും അതിന്റെ മതിലുകളിന്മേൽ ചുറ്റി പോകുന്നു;
അകൃത്യവും സങ്കടവും അതിൻ ഉള്ളിൽ ഉണ്ടു.
12 കിണ്ടങ്ങളും അത്രേ അതിന്റെ അകത്തു,
ഉപദ്രവവും ചതിയും അതിന്റെ അങ്ങാടിയിൽനിന്നു നീങ്ങാ.
13 എന്നെ അല്ലോ നിന്ദിക്കുന്നതു ശത്രുവല്ല,
അങ്ങനേ ആയാൽ സഹിക്കാം;
എന്റെ നേരേ വമ്പിച്ചത് എന്റെ പകയനല്ല,
അവങ്കൽനിന്ന് ഒളിച്ചുകൊള്ളാം.
14 നീയോ ഇനിക്കു തുല്യമർത്യൻ എന്നു മതിക്കപ്പെട്ടു,
എന്റെ തോഴനും പരിചയക്കാരനും തന്നേ!
15 നാം ഒന്നിച്ചു മധുര രഹസ്യത്തിൽ ആയി,
കോലാഹലത്തിൽ ദേവാലയത്തേക്കു നടന്നു പോരുന്നവർ.
16 സംഹാരങ്ങൾ അവരുടേ മേൽ ആക,
അവർ ജീവനോടേ പാതാളത്തിൽ ഇറങ്ങുക! (4മോ. 16,33)
കാരണം അവരുടേ കുടിയിരിപ്പിലും ഉള്ളത്തിലും ദോഷങ്ങൾ ഉണ്ടു.
17 ഞാൻ ദൈവത്തോടു നിലവിളിക്കും,
യഹോവ എന്നെ രക്ഷിക്കയുമാം.
18 സന്ധ്യയും ഉഷസ്സും ഉച്ചെക്കും ഞാൻ ചിന്തിച്ചും മുറയിട്ടും കൊള്ളും,
എന്നാൽ അവൻ എൻ ശബ്ദത്തെ കേൾക്കും.
19 അവർ അനേകരുമായി എന്നോട് ഏറ്റിട്ടും എന്നെ ആക്രമിക്കുന്നതിൽ
അവൻ സമാധാനത്തോടേ എൻ ദേഹിയെ വീണ്ടെടുക്കുന്നു. [നിന്നു
20 ദേവൻ കേട്ടു അവക്ക് ഉത്തരം കൊടുക്കും,
പൂർവ്വത്തിൽ തന്നേ ഇരുന്നിരിപ്പവൻ—(സേല)
മാറ്റങ്ങൾ കൂടാതേ ദൈവത്തെ ഭയപ്പെടാത്തവക്കു തന്നേ.
21 തന്റെ ഇണങ്ങരുടേ നേരേ (ആ ദുഷ്ടൻ) കൈകളെ നീട്ടി
തന്റെ സഖ്യത്തെ തീണ്ടിച്ചു.
22 അവന്റെ വായിലേ വെണ്ണമൊഴികൾ മെഴുത്തവ എങ്കിലും
അവന്റെ ആന്തരം പോരത്രേ;

അവൻേറ വാക്കുകൾ എണ്ണയിൽ മൃദുത്വം ഏറിയവ എങ്കിലും
ഊരിയ വാളുകൾ തന്നേ.
23 യഹോവയുടേ മേൽ നിൻേറ അംശത്തെ ഏറിക,
അവൻ നിന്നെ പോററും
നീതിമാനു് എന്നേക്കും കുലുക്കം ഇടുകയും ഇല്ല.
24 നീയോ, ദൈവമേ, അവരെ ഗ്രഹയുടേ ആഴത്തിൽ ഇഴിയുമാറാക്കും,
രക്തങ്ങളും ചതിയും പൂണ്ടുള്ള പുരുഷന്മാർ തങ്ങളുടേ വാഴ്നാൾ പാതി
ഞാനോ നിങ്കൽ തേറിക്കൊള്ളും. [യാളം എത്തുകയും ഇല്ല;

56. സങ്കീർത്തനം

ശത്രുക്കൾ ഞെരുക്കുമ്പോൾ ദൈവത്തിൽ ആശ്രയിച്ചു (6) ദുഷ്ടരുടേ ശിക്ഷയും സ്വരക്ഷയും അപേക്ഷിച്ചു (10) നിശ്ചയമായി ആശിച്ചു (13) സ്തുതിച്ചതു.

സംഗീതപ്രമാണിക്കു, ദൂരസ്ഥന്മാരിൽ മിണ്ടാത്ത പ്രാവിന്മേൽ; ഫലിഷ്ടർ ഗാഥിൽ വെച്ചു് അവനെ പിടിച്ചാറേ ദാവീദിൻേറ നിധി.
(1ശമു. 21,14)

2 ദൈവമേ, മർത്യൻ എൻേറ നേരേ കപ്പുന്നതാകയാൽ
എന്നോടു കൃപചെയ്യേണമേ!
നുകരുന്നവൻ നാളെല്ലാം എന്നെ പീഡിപ്പിക്കുന്നു.
3 എൻേറ എതിരികൾ നാൾ എല്ലാം എന്നെ കപ്പുന്നു,
അനേകർ ഉയർന്നു എന്നെ നുകരുന്നു സത്യം.
4 ഭയപ്പെടും നാളിലോ
ഞാൻ നിന്നെ തേറും.
5 ദൈവത്താൽ ഞാൻ അവൻേറ വചനത്തെ പ്രശംസിക്കും;
ദൈവത്തെ തേറുന്നു, ഭയപ്പെടുകയില്ല,
ജഡം എന്നോടു് എന്തു ചെയ്യും?
6 അവർ എൻ കാര്യത്തെ നാളെല്ലാം കുഴക്കുന്നു,
അവരുടേ വിചാരങ്ങൾ ഒക്കയും എൻേറ തിന്മെക്കത്രേ.
7 അവർ ഒരുമിക്കയും ഒളിക്കയും
എൻേറ പ്രാണനായി കാത്തിരിക്കുമ്പോലേ എൻ മടമ്പുകളെ സൂക്ഷിക്ക
8 അകൃത്യത്താൽ അവർക്കു വിടുവിപ്പു് ഉണ്ടാകുമോ? [യും ചെയ്യുന്നു.
ദൈവമേ, കോപത്താലേ വംശങ്ങളെ ഇറക്കി കളക!
9 എൻ മണ്ടിപ്പോക്കിനെ നീയേ എണ്ണിയിരിക്കുന്നു,
എൻ കണ്ണുനീർ നിൻ തുരുത്തിയിൽ ഇട്ടുകൊൾക!
അവ നിൻേറ പുസ്തകത്തിൽ അല്ലയോ?
10 അന്നു ഞാൻ വിളിക്കുംനാൾ എൻേറ ശത്രുക്കൾ പിൻതിരിയും,
ദൈവം എനിക്കു തന്നേ എന്നുള്ളതു ഞാൻ അറിഞ്ഞു.
11 ദൈവത്താൽ ഞാൻ വചനത്തെ പ്രശംസിക്കും,
യഹോവയിൽ വചനത്തെ പ്രശംസിക്കും.
12 ദൈവത്തെ തേറുന്നു, ഭയപ്പെടുകയില്ല,
മനുഷ്യൻ എന്നോടു് എന്തു ചെയ്യും?—
13 ദൈവമേ, നിണക്കു നേൎന്നവ എന്മേൽ (ഉണ്ടു),
സ്തുതിബലികളെ നിണക്കു് ഒപ്പിക്കും.
14 കാരണം എൻ പ്രാണനെ മരണത്തിൽനിന്നു
അധഃപതനത്തിങ്കൽനിന്നു് എൻ കാലുകളെയും നീ ഉദ്ധരിച്ചുവല്ലോ,
ഞാൻ ദൈവത്തിന്മുമ്പാകേ ജീവനുള്ളവരുടേ വെളിച്ചത്തിൽ നടപ്പാനാ
[യി തന്നേ.

57. സങ്കീർത്തനം

ദുഷ്ടന്മാർ ഹിംസിക്കുമ്പോൾ യഹോവയെ ശരണം പ്രാപിച്ചു (7)അവൻ കേട്ടു ന്യായം വിധിപ്പതിനാൽ സ്തുതിച്ചതു.

സംഗീതപ്രമാണിക്കു; നശിപ്പിക്കൊല്ലാ (5 മോ, 9, 26).

അവൻ ശൌലിൽനിന്നു ഓടിപ്പോകുമ്പോൾ ഗുഹയിൽ ദാവിദിന്റെ മിക്ത (1 ശമു. 22)

2 ദൈവമേ, എന്നോടു കൃപ ചെയ്യേണമേ!
എൻ ദേഹി നിന്നിൽ ആശ്രയിച്ചു;
വികൃതികൾ കടന്നുപോവോളം
നിൻ ചിറകുകളിൻ നിഴലിൽ ഞാൻ ആശ്രയിപ്പതാൽ എന്നോടു കൃപ
3 അത്യുന്നത ദൈവത്തോടു ഞാൻ വിളിക്കും, [ചെയ്യേണമേ!
എന്മേൽ സമാപ്തി വരുത്തുന്ന ദേവനോടു തന്നേ.
4 അവൻ സ്വർഗ്ഗത്തിൽനിന്നു അയച്ചു എന്നെ രക്ഷിക്കും;
എന്റെ നേരേ കുപ്പുന്നവൻ പഴിച്ചിടും—(സേല)
ദൈവം തൻ ദയയും സത്യവും അയക്കും.
5 എൻ ദേഹി സിംഹങ്ങളുടേ നടുവിൽ തന്നേ,
ജ്വാലപ്രായരോടു ഞാൻ കിടപ്പു,
കുന്തവും അമ്പും ആകുന്ന പല്ലുകളും
കൂർത്തവാൾ എന്ന നാവും ഉള്ള മനുഷ്യപുത്രരോടത്രേ.
6 ദൈവമേ, സ്വർഗ്ഗങ്ങൾക്കു മീതേ ഉയരേണമേ,
സർവ്വഭൂമിയിലും നിന്റെ തേജസ്സു (ആക)!
7 എൻ അടികൾക്കു അവർ വല ഒരുക്കി
എൻ ദേഹിയെ കുനിയിച്ചു,
എന്മുമ്പിൽ കുഴിയെ തോണ്ടി തങ്ങളും അതിന്നകത്തു വീണു. (സേല)
8 എൻ hൃദയം ഉറെച്ചു, ദൈവമേ, എൻ hൃദയം ഉറെച്ചു,
ഞാൻ പാടി കീർത്തിക്കും.
9 എൻ തേജസ്സേ, ഉണരുക,
വീണാകിന്നരവും ഉണരുക,
ഞാൻ അരുണോദയത്തെ ഉണർത്തുക!
10 കർത്താവേ, ഞാൻ വംശങ്ങളിൽ നിന്നെ വാഴ്ത്തും,
കുലങ്ങളിൽ നിന്നെ കീർത്തിക്കും.
11 കാരണം നിന്റെ ദയ സ്വർഗ്ഗങ്ങളോളവും
നിൻ സത്യം ഇളമുകിലോളവും വലുതു (36, 6).
12 ദൈവമേ, സ്വർഗ്ഗങ്ങൾക്കു മീതേ ഉയരേണമേ,
സർവ്വഭൂമിയിലും നിന്റെ തേജസ്സു (ആക)!

58. സങ്കീർത്തനം

വ്യാജമുള്ള അധികാരികൾ ഹിംസിക്കയാൽ (7) ദൈവത്തിന്റെ ന്യായ വിധിയെ അപേക്ഷിച്ചു ആശിച്ചു സ്തുതിച്ചതു.

സംഗീതപ്രമാണിക്കു; നശിപ്പിക്കൊല്ല (57). ദാവിദിന്റെ മിക്ത.

2 മനുഷ്യപുത്രരേ, നിങ്ങൾ ന്യായം ഉരെച്ചും
നേർ വിധിച്ചും കൊൾവാൻ നിജമായി ഊമരോ?

3 അത്രയല്ല ഹൃദയത്തിൽ നിങ്ങൾ വക്രതകളെ പ്രവൃത്തിക്കുന്നു,
നിങ്ങളുടേ കൈകളുടേ സാഹസത്തെ ദേശത്തിൽ തൂക്കി കൊടുക്കുന്നു.
4 ദുഷ്ടന്മാർ ഗർഭത്തിലേ മാറിപോയി,
കള്ളം പറയുന്നവർ ഉദരം മുതൽ തെറ്റിപ്പോയി;
5 സർപ്പവിഷത്തിൻ പന്തിയിൽ അവക്കു വിഷം ഉണ്ടു,
ആഭിചാരങ്ങളെ കെട്ടുവാൻ വിദഗ്ധരെങ്കിലും
6 മന്ത്രക്കാരുടേ ശബ്ദം കേൾക്കാത്ത
പൊട്ട അണലി പോലേ അവൻ ചെവിടടെക്കും.
7 ദൈവമേ, അവരുടേ വായിലേ പല്ലുകളെ തകർക്ക,
കോളരികളുടേ ദംഷ്ടുകളെ പൊട്ടിക്ക, യഹോവേ!
8 ഒലിക്കുന്ന വെള്ളമ്പോലേ അവർ വാർന്നുപോകും,
താൻ അമ്പുകളെ പ്രയോഗിച്ചാൽ മുനയറ്റപ്രകാരം ആകും.
9 ഉരുകിപോകുന്ന അച്ചുപോലേ കടന്നു പോകും,
സ്ത്രീയിന്നു് അഴിഞ്ഞ കരുവായി വെയിലിനെ കാണാ.
10 നിങ്ങളുടേ കലങ്ങൾ മുൾക്കൊള്ളികളെ അറിയുമ്മുമ്പേ
ദൈവം ഊതി പച്ചയും ചൂടും ആയതിനോടു് അവനെ പാറ്റിക്കളയും.
11 പ്രതിക്രിയയെ കണ്ടിട്ടു നീതിമാൻ സന്തോഷിച്ചു
ദുഷ്ടന്റേ രക്തത്തിൽ അടികളെ കഴുകും.
12 നീതിമാനു ഫലം ഉണ്ടു താനും,
ഭൂമിയിൽ വിസ്താരിക്കുന്ന ദൈവം ഉണ്ടു താനും എന്നു മനുഷ്യൻ (അന്നു)
[പറയും.

59. സങ്കീർത്തനം

ദുഷ്ടന്മാർ നിർദ്ദോഷനെ ഹിംസിക്കയാൽ ന്യായവിധിയെ അപേക്ഷിച്ചും (7) നിശ്ചയമായി ആശിച്ചും (11) അവരുടെ താഴ്ചയെ യാചിച്ചും (15) പ്രാർത്ഥനാനിവൃത്തിയിൽ ആശ്രയിച്ചും പാടിയതു.

സംഗീതപ്രമാണിക്കു; നശിപ്പിക്കൊല്ലാ.

ശൌൽ അയച്ചവർ ദാവീദിനെ കൊല്ലുവാൻ അവന്റേ ഭവനം കാത്തപ്പോഴ് ദാവീദിന്റേ നിധി (1 ശമു, 19, 11).

2 എൻ ദൈവമേ, എന്നെ ശത്രുക്കളിൽനിന്നു് ഉദ്ധരിച്ചു
എന്റേ എതിരാളികളിൽനിന്നു ഉയർന്നിലത്താക്കുക;
3 അതിക്രമം പ്രവൃത്തിക്കുന്നവരിൽനിന്നു് എന്നെ ഉദ്ധരിച്ചു
രക്തപുരുഷരിൽനിന്നു രക്ഷിക്കേണമേ!
4 കണ്ടാലും യഹോവേ, അവർ എന്റേ പ്രാണനായി പതിയിരുന്നു
ശക്തിമാന്മാർ എന്നെക്കൊള്ളേ ഒരുമിക്കുന്നതു്
എന്റേ ദ്രോഹവും എൻ പാപവും കൂടാതേയല്ലോ;
5 എന്നിൽ കുറ്റം ഇല്ലാതേ കണ്ടു് അവർ ഓടി ഒരുങ്ങി നില്ക്കുന്നു,
എന്നെ എതിരേല്പാൻ ഉണർന്നു നോക്കുക!
6 സൈന്യങ്ങളുടയ ദൈവമായ യഹോവേ, ഇസ്രയേലിൻ ദൈവമേ,
നീയോ എല്ലാ ജാതികളെയും സന്ദർശിപ്പാൻ ജാഗരിക്കേണമേ,
അരുതാതേ തോല്പിക്കുന്നവരോടു് ഒക്കയും കൃപ ചെയ്യൊല്ലാ! (സേല)
7 സന്ധ്യെക്കു് അവർ മടങ്ങി നായി പോലേ കുരെച്ചു
പട്ടണം ചുറ്റി നടക്കും.
8 ഇതാ വായികൊണ്ടു പൊഴിക്കും,
അവരുടേ അധരങ്ങളിൽ വാളുകൾ (ഉണ്ടു),

9 ആർ കോട്ടക്കുന്ന എന്നുണ്ടുപോൽ.
നീയോ യഹോവേ, അവരെ കുറിച്ചു ചിരിക്കയും
സകല ജാതികളെയും പരിഹസിക്കയും ചെയ്യും.
10 എന്റെ ശക്തിയായുള്ളോവേ, ഞാൻ നിണക്കായി സൂക്ഷിച്ചു നോക്കും,
ദൈവമല്ലോ എനിക്കുയർന്നിലം.—
11 എൻ ദൈവം തന്റെ ദയകൊണ്ടു് എന്നെ മുമ്പിടും,
എന്റെ എതിരികളിന്മേൽ ദൈവം എന്നെ നോക്കുമാറാക്കും.
12 എന്റെ ജനം മറക്കാതിരിപ്പാൻ അവരെ കൊല്ലരുതേ,
ഞങ്ങളുടേ പലിശയാകുന്ന കത്താവേ,
നിന്റെ ബലത്താൽ അവരെ അലയിച്ചു ഇറക്കികളയേണമേ!
13 അവരുടേ അധരങ്ങളിലേ വാക്കു വായ്പാപം തന്നേ,
അവരുടേ ഗർവ്വത്താലും അവർ കള്ളസ്സത്യവും വ്യാജവും ഉരെക്കുന്ന ഹേതുവാ
അവർ പിടിക്കപ്പെട്ടുമാറാക. [ലും
14 ഊഷ്മാവിൽ മുടിക്കുക, അവർ ഇല്ലാതവണ്ണം മുടിക്കുക!
യാക്കോബിൽ വാഴുന്നവൻ ദൈവം എന്നതു
ഭൂമിയുടേ അറ്റങ്ങളോളവും അറിവാൻ തന്നേ! (സേല)
15 പിന്നേ സന്ധ്യക്കു് അവർ മടങ്ങി നായി പോലേ കുരച്ചു
പട്ടണം ചുറ്റി നടക്കും (7);
16 തീനിന്നായി അലകയും
തൃപ്തി വരാഞ്ഞിട്ടു രാപാർക്കയും ചെയ്യും.
17 ഞാനോ നിന്റെ ശക്തിയെ പാടുകയും
ഉഷസ്സിൽ നിൻ ദയയെ ഘോഷിക്കയും ചെയ്യും;
നീയല്ലോ എനിക്കു ഞെരുങ്ങും നാളിൽ
ഉയർന്നിലവും അഭയസ്ഥാനവും ആയ്വരുന്നു.
18 എന്റെ ശക്തിയായുള്ളോവേ, നിന്നെ ഞാൻ കീർത്തിക്കും;
ദൈവമല്ലോ എനിക്കുയർന്നിലം, എൻ ദയയുള്ള ദൈവമേ.

60. സങ്കീർത്തനം

ദേവജനം യുദ്ധസങ്കടത്തിൽ ദൈവത്തെ ആശ്രയിച്ചു (8) ജയവാശത്തെ ഓർപ്പിച്ചു (11) ഏദൊമിന്റെ നേരേ സഹായം ആശിച്ചതു.

സംഗീതപ്രമാണിക്കു; സാക്ഷ്യത്തിൻ താമര ചൊല്ലി.

പഠിപ്പിപ്പാനുള്ള ദാവിദിൻ നിധി. അവൻ ദ്വിനദത്തിലേ അറാമെയും ചോബയിലേ അറാമെയും പാഴാക്കുകയിൽ യോവബ് മടങ്ങിപോയി ഉപ്പു താഴ്വരയിൽ ഏദൊമെ (ജയിച്ചു) പന്തീരായിരത്തോളം വെട്ടുന്ന കാലത്തിൽ (2 ശമു. 8, 3–13).

3 ഞങ്ങളെ തള്ളി വീട്ടു തകർത്ത ദൈവമേ,
നീ കോപിച്ചിരുന്നു, ഇനി ഞങ്ങളെ യഥാസ്ഥാനത്താക്കുക!
4 നീ ഭൂമിയെ കുലുക്കി പിളർത്തു,
ആയതു ചാഞ്ചാടുക കൊണ്ടു് അതിൻ മുറിവുകൾക്കു ചികിത്സിക്ക.
5 നിൻ ജനത്തെ കടുതായതിനെ കാണിച്ചു
ചഞ്ചലിപ്പിക്കും മദ്യം ഞങ്ങളെ കുടിപ്പിച്ചു;
6 പരമാർത്ഥം നിമിത്തം എഴുനീറ്റു കൊൾവാൻ
നിന്നെ ഭയപ്പെടുന്നവർക്കു നീ കൊടിയെ ഏറ്റി തന്നു താനും. (സേല)
7 നിന്റെ പ്രിയന്മാർ വലിച്ചെടുക്കപ്പെടുവാൻ
നിന്റെ വലങ്കൈ കൊണ്ടു രക്ഷിച്ചു ഉത്തരം തരിക.

8 ദൈവം തന്നേറ വിശ്രുദ്ധിയിൽ ഉര ചെയ്യു:
ഞാൻ ഉല്ലസിച്ചു ശികേമെ വിഭാഗിച്ചു
സുക്കോത്ത് താഴ്വരയെ അളന്നെടുക്കും;
9 ഗിലെയാദ് എനിക്കു, മനശ്ശയും എനിക്കു തന്നേ,
എഫ്രയീം എന്നേറ ശിരസ്സിൻ ത്രാണനം,
യഹൂദ എൻ ന്യായദാതാവ് (1 മോ. 49, 10);
10 മൊവാബ് എനിക്കു (കാൽ) കഴുകും പാത്രം,
ഏദൊമിന്മേൽ എൻ ചെരിപ്പിനെ എറിയും,
ഫിലിഷ്യേ, എനിക്കായി ആർക്കുക!
11 ഉറപ്പിച്ച നഗരത്തിൽ എന്നെ ആർ കടത്തും,
ഏദൊംവരേ എന്നെ ആർ നടത്തും?
12 ദൈവമേ, ഞങ്ങളുടേ സൈന്യങ്ങളോടു കൂടേ പുറപ്പെടാതേ
(44,10) ദൈവമേ, നീ ഞങ്ങളെ തള്ളിവിട്ടിട്ടില്ലയോ?
13 മാറാനിൽനിന്നു ഞങ്ങൾക്കു സഹായം ഇടുക,
മനുഷ്യനേറ രക്ഷ വ്യർത്ഥം.
14 ദൈവത്തിങ്കൽ നാം ബലം അനുഷ്ഠിക്കും,
നമ്മുടേ മാറാന്മാരെ അവൻ ചവിട്ടിക്കളയും.

61. സങ്കീർത്തനം

ഏകദേശം രാജ്യഭ്രഷ്ടനായാറേ രക്ഷയെയും (7) ദീർഘായുസ്സിനെയും അപേക്ഷിച്ചതു. (കാലം: മഹനൈമിൽ, 2 ശമു. 17.)

സംഗീതപ്രമാണിക്കു; കമ്പിനാദത്തിൽ. ദാവീദിന്നേറതു.

2 ദൈവമേ, ഞാൻ കെഞ്ചുന്നതു കേൾക്കേണമേ,
ഞാൻ പ്രാർത്ഥിക്കുന്നതു കൂറികൊൾകേ വേണ്ടു.
3 എന്നേറ ഹൃദയം മാഴ്കുകയാൽ ഞാൻ ഭൂമിയുടേ അറ്റത്തുനിന്നു നിങ്കലേക്കു
എനിക്ക് എത്താത്ത പാറമേൽ എന്നെ കരേറ്റുക! [കൂക്കുന്നു:
4 നീ എനിക്ക് ആശ്രയസ്ഥാനമായല്ലോ,
ശത്രുവിൻ മുമ്പിൽ ശക്തിയുള്ള ഗോപുരം തന്നേ.
5 നിന്നേറ കൂടാരത്തിൽ ഞാൻ യുഗങ്ങളോളം കുടിപാർപ്പു,
നിന്നേറ ചിറകുകളുടേ മറയിൽ ആശ്രയിപ്പാറാക. (സേല)
6 കാരണം എന്നേറ നേർച്ചകളെ, ദൈവമേ, നീ കേട്ടു
തിരുനാമത്തെ ഭയപ്പെടുന്നവരുടേ അവകാശത്തെ തന്നു.
7 രാജാവിൻ നാളുകളോടു നാളുകളെ നീ കൂട്ടുക,
അവന്നേറ ആണ്ടുകൾ തലമുറ തലമുറയായിട്ടു (പെരുകുക).
8 അവൻ ദൈവമുമ്പിൽ എന്നും വസിക്ക!
ദയയും സത്യവും അവനെ കാപ്പാൻ നിയമിക്ക!
9 എങ്കിലോ ദിനം ദിനം എൻ നേർച്ചകളെ ഒപ്പിച്ചുകൊണ്ടു
തിരുനാമത്തെ ഞാൻ നിത്യം കീർത്തിക്കും.

62. സങ്കീർത്തനം

ബഹു ശത്രുക്കളാൽ പീഡിതനായി ദൈവത്തിങ്കൽ സ്വാസ്ഥ്യം അന്വേഷിച്ചു (6) അവനെ ഏകശരണം എന്നു പ്രശംസിച്ചു (10) അന്യാശ്രയം എപ്പേരും തള്ളിപ്പാടിയതു (സ. 3. 40 കാലത്തിൽ).

യദീഥൂൻ (എന്ന വാദ്യക്കാരിൽ) സംഗീതപ്രമാണിക്ക (സ. 39);
ദാവീദിൻ കീർത്തന.

2 ദൈവത്തിങ്കലേക്ക മാത്രം എൻ ദേഹി മിണ്ടാതിരിക്കുന്നു,
എൻ രക്ഷ അവനിൽ നിന്നത്രേ;
3 അവൻ മാത്രമേ എൻ പാറയും രക്ഷയും ഉയൎന്നിലവും ആകുന്നു,
ഞാൻ പെരിക കുലുങ്ങുകയില്ല.
4 ചാഞ്ഞ ഭിത്തിയും ഉലെച്ച മതിലും എന്നപോലേ
ഓരാളെ കൊള്ള എല്ലാവരും തള്ളിയലെച്ച വധിക്കുന്നത് എത്രോടം?
5 അവനേറ ഉന്നതിയിൽനിന്ന് ഉന്തി തള്ളുവാൻ മാത്രം
അവർ മന്ത്രിച്ച കപടം രുചിക്കുന്നു,
വായ്കൊണ്ട് അനുഗ്രഹിച്ച ഉള്ളകൊണ്ട ശപിക്കും. (സേല)
6 ദൈവത്തിന്നായി മാത്രം എൻ ദേഹി മിണ്ടായ്ക,
എൻ പ്രത്യാശ അവനിൽനിന്നത്രേ;
7 അവൻ മാത്രമേ എൻ പാറയും രക്ഷയും ഉയൎന്നിലവും ആകുന്നു,
ഞാൻ കുലുങ്ങുകയില്ല.
8 എൻ രക്ഷണയും തേജസ്സും ദൈവത്തിന്മേൽ അത്രേ,
എൻ ശക്തിയുള്ള പാറയും ആശ്രയസ്ഥാനവും ദൈവത്തിൽ തന്നേ.
9 എല്ലാ സമയത്തും, ജനമേ, അവനെ തേറുവിൻ,
അവന്മുമ്പിൽ ഹൃദയം പകരുവിൻ,
ദൈവം നമുക്ക് ആശ്രയം. (സേല)
10 വായ മാത്രമേ മനുഷ്യമക്കൾ, പുരുഷപുത്രന്മാർ കപടം തന്നേ,
തുലാസ്സിൽ കയറിയാൽ അവർ ഒക്കത്തക്ക വായുവിലും (കനം കുറയും).
11 ഏഴകോഴയിൽ ആശ്രയിക്കാതേ കവൎന്നതിൽ മയങ്ങി പോകായ്വിൻ,
പ്രാപ്തി തഴെച്ചാലും അതിൽ മനസ്സ് വെക്കൊല്ല!
12 ഒന്ന ദൈവം ഉര ചെയ്തു, രണ്ടരു ഞാൻ കേട്ടിത്ത:
ശക്തി ദൈവത്തിനെന്നും,
13 കൎത്താവേ, ദയ നിണക്ക് എന്നും ഉള്ളത്ത.
സാക്ഷാൽ അവനവന തൻക്രിയെക്ക തക്കവണ്ണം നീ പകരം ചെയ്യും.

63. സങ്കീർത്തനം

ദേവസാമീപ്യം വാഞ്ഛിച്ച വാഗ്ദത്തി രക്ഷ ആശിച്ച (5) ദേവസംസൎഗ്ഗനിശ്ചയത്താലേ (10) ശത്രുസംഹാരം ദർശിച്ചത.

ദാവീദിൻ കീൎത്തന; അവൻ യഹൂദാമരുവിൽ ഇരിക്കയിൽ.
(2 ശമു. 15, 28)

2 ദൈവമേ, നീ എൻ ദേവൻ, നിന്നെ ഞാൻ തേടിക്കൊൾവൂ,
നിണക്കായി എൻ ദേഹി ദാഹിച്ച
വരണ്ട ദേശത്തിൽ എൻ ജഡം നിണക്കായി കാംക്ഷിക്കുന്നു,
വെള്ളമില്ലാതേ തളൎന്നിട്ട തന്നേ.
3 അപ്രകാരം നിന്നേറ ശക്തിയും തേജസ്സും ഞാൻ കണ്ടുകൊണ്ട
ശുദ്ധസ്ഥലത്തിൽ നിന്നെ ദൎശിച്ച.
4 കാരണം ജീവനെക്കാളും നിൻ ദയ നല്ല;
എൻ അധരങ്ങൾ നിന്നെ പുകഴും.

5 അപ്രകാരം എൻ ജീവനിൽ തന്നേ ഞാൻ നിന്നെ അനുഗ്രഹിക്കും,
തിരുനാമത്തിൽ എൻ കൈകളെ ഉയർത്തും.
6 നെയ്മജ്ജകളാൽ എന്ന പോലേ എൻ ദേഹി മൃഷ്ടമാകും,
ആപ്പെഴും അധരങ്ങളാൽ എൻ വായി സ്തുതിക്കും.
7 എൻ കിടക്കമേൽ നിന്നെ ഓർത്താൽ
യാമങ്ങളോളം നിന്നെ ധ്യാനിക്കുന്നു.
8 നീ എനിക്കു സഹായമായല്ലോ,
നിന്റെ ചിറകുകളിൻ നിഴലിൽ ആർത്തുകൊള്ളാം.
9 എൻ ദേഹി നിന്നോടു പറ്റിപോയി,
നിൻ വലങ്കൈ എന്നെ പിടിച്ചു കൊണ്ടിരിക്കുന്നു.
10 അവരോ (സ്വന്തം) ആപത്തിന്നായി എൻ പ്രാണനെ തിരയുന്നു,
ഭൂമിയുടെ അധോഭാഗങ്ങളിൽ ചെല്ലും;
11 വാളിൻ കൈക്കൽ ഒഴിക്കപ്പെടും,
കുറുനരികൾക്കു് ഓഹരിയാകും.
12 രാജാവോ ദൈവത്തിൽ സന്തോഷിക്കും,
അസത്യവാദികളുടെ വായി അടെച്ചുപോകുന്നതാകയാൽ
അവനെ കൊണ്ടു് ആണയിടുന്നവൻ എല്ലാം പ്രശംസിക്കും.

64. സങ്കീർത്തനം

ദുഷ്ടന്മാർ നീതിമാനെക്കൊള്ളേ എത്ര പ്രയത്നം ചെയ്താലും (8) ദൈവം മുഖ്യ അതിശയമായി ശിക്ഷാരക്ഷ കഴിപ്പതാൽ സ്തുതിച്ചതു.

സംഗീതപ്രമാണിക്കു; ദാവീദിന്റെ കീർത്തന.

2 ദൈവമേ, എന്റെ ആവലാധിയിൽ എൻ ശബ്ദം കേൾക്ക,
ശത്രുഭീതിയിൽനിന്നു് എൻ ജീവനെ സൂക്ഷിക്ക!
3 ദുർജ്ജനങ്ങളുടേ രഹസ്യകൂട്ടിൽനിന്നും
അതിക്രമക്കാരുടേ ആരവാരത്തിൽനിന്നും എന്നെ മറെക്ക!
4 ആയവർ വാളെ പോലേ തങ്ങൾ നാവിനെ കൂർപ്പിച്ചു
കച്ചവാക്കു് അമ്പാക്കി കുലെച്ചു,
5 ഒളിമറകളിൽനിന്നു തികഞ്ഞവനെ എയ്വാൻ തൊടുക്കുന്നു;
ഭയപ്പെടാതേ പെട്ടന്നു് അവനെ എയ്യും.
6 വിടുക്ക കാര്യത്തെ തങ്ങൾക്കു് ഉറപ്പിക്കയും
കെണികൾ വെച്ചുകൊൾവാൻ സംസാരിക്കയും
തങ്ങൾക്കു ആർ നോക്കും എന്നു ചൊല്കയും;
7 വക്രതകളെ ആരായ്കയും ഉപായം പിണെച്ചതികെക്കയും (ചെയ്യും);
അവനവന്റെ ഉള്ളവും ഹൃദയവും ആഴം തന്നേ.
8 അപ്പോൾ ദൈവം അവരെ ശരം എയ്യും,
പെട്ടന്നു് അവർക്കു മുറികൾ ഏറും.
9 അവരുടേ (സ്വന്ത) നാവു അവരെ തങ്ങളിൽ ഇടറിക്കും,
അവരെ കൺ പാർത്തവൻ എല്ലാം കൂകുങ്ങി ചിരിക്കും.
10 എന്നിട്ടു സകല മനുഷ്യരും ഭയപ്പെട്ടു ദൈവത്തിൻ പ്രവൃത്തിയെ അറിയി
തൽക്രിയയെ ബോധിക്കയും; [ക്കയും
11 നീതിമാൻ യഹോവയിൽ സന്തോഷിച്ചു് ആശ്രയിക്കയും
ഹൃദയനേരുള്ളവർ എല്ലാം പ്രശംസിക്കയും ചെയ്യും.

65. സങ്കീർത്തനം

പ്രാത്ഥന കേൾക്കുന്ന ദൈവം (6) സ്വം ഭരിക്കുന്നവനായി വിളങ്ങുന്നതു താതേ (10) മഴ പൊഴിച്ചു കൃഷി വിളയിച്ചതിനാലും സ്തുത്യൻ.

സംഗീതപ്രമാണിക്കു; ദാവിദിൻ കീത്തനയാകുന്ന പാട്ടു.

2 ദൈവമേ, നിണക്കു ചിയോനിൽ മിണ്ടാസ്സയും സ്തോത്രവും (യോഗ്യം),
നിണക്കു നേർച്ച ഒപ്പിക്കാക.
3 പ്രാത്ഥന കേൾപവനേ,
നിന്നോളം എല്ലാ ജഡവും ചെല്ലും.
4 അകൃത്യങ്ങളുടേ കണക്കു് എന്റെ പ്രാപ്തിയെ ലംഘിക്കുന്നു,
ഞങ്ങളുടേ ദ്രോഹങ്ങളോ നീയേ മറെക്കുന്നു.
5 നിൻ പ്രാകാരങ്ങളിൽ പാർപ്പാൻ നീ തെരിഞ്ഞെടുത്തു് അടുപ്പിക്കുന്നവൻ [ധന്യൻ;
നിൻ ആലയമാകുന്ന വിശുദ്ധമന്ദിരത്തിലേ നന്മകളാൽ ഞങ്ങൾ തൃപ്തരായി
6 ഞങ്ങളുടേ രക്ഷാദൈവമേ, [ചമക!
ഭൂമിയുടേ അറുതികൾക്കു് ഒക്കയും
ദൂരസ്ഥരുടേ കടലിന്നും ആശ്രയാസ്പദമായുള്ളോവേ,
നീതിയിൽ ഭയങ്കരങ്ങളെ കാട്ടി നീ ഞങ്ങൾക്കു് ഉത്തരം തരുന്നു;
7 നിന്റെ ഊക്കിനാൽ മലകളെ സ്ഥാപിച്ചും
വീര്യത്താൽ അര കെട്ടി നില്പോനേ,
8 സമുദ്രങ്ങളുടേ നാദം, തിരകളുടേ മുഴക്കം,
കുലങ്ങളുടേ കോലാഹലം എല്ലാം ശമിപ്പിക്കുന്നവനേ!
9 നിൻ അടയാളങ്ങളിൽനിന്നു് അറങ്ങളിലേ നിവാസികൾ ഭയപ്പെടുന്നു,
ഉദയാസ്തമാനങ്ങളുടേ ദിക്കുകളെ നീ ആർപ്പിക്കുന്നു.
10 നീ ഭൂമിയെ സന്ദർശിച്ചു വഴിയുമാറാക്കി സമ്പത്തു പൊഴിക്കുന്നു,
ദൈവത്തിൻ തോടു വെള്ളം നിറഞ്ഞതു.
ഇപ്രകാരം ഭൂമിയെ നിവിത്തുകയാൽ അവരുടേ ധാന്യം നീ നിവിത്തുന്നു.
11 അതിൻ ചാലുകളെ നനെച്ചു കട്ടകളെ നികത്തി
മാരികൊണ്ടു് ഉരുക്കി അതിലേ മുളവു നീ അനുഗ്രഹിക്കുന്നു.
12 നിന്റെ ഉദാരതയുടേ വർഷത്തെ നീ കിരീടം അണിയിക്കുന്നു;
നിന്റെ (തേർ) വടുക്കൾ മെദസ്സു് തുകുന്നു.
13 മരുവിലേ പുലങ്ങൾ തുകുന്നു,
കുന്നുകൾ ആനന്ദം കൊണ്ടു് അണിയുന്നു.
14 പരപ്പുകൾ ആട്ടിങ്കൂട്ടം ധരിച്ചും
താഴ്വരകൾ നെല്ലു പുതെച്ചും കാണുന്നു,
അവ ഘോഷിച്ചു കൊണ്ടാടി പാട്ടുകയും ചെയ്യുന്നു.

66. സങ്കീർത്തനം

സകല ജാതികളും (5) ഇസ്രയേലിൽ പണ്ടും (8) ഇപ്പോഴും ചെയ്ത മഹാരക്ഷ നിമിത്തം സ്തുതിക്കേണം; (13) സഭ അതിന്നായി നേർച്ചകളെ ഒപ്പിക്കുന്നു. (കാലം: സൻഹരീബിൻ തോലവി, സ. 46)

സംഗീതപ്രമാണിക്കു; കീത്തനയാകുന്ന പാട്ടു.

2 സർവ്വഭൂമിയായുള്ളോവേ, ദൈവത്തിന്നു ഘോഷിപ്പിൻ,
അവന്റെ നാമതേജസ്സിനെ കീത്തിപ്പിൻ,
അവനു സ്തുതിയായി തേജസ്സു വെപ്പിൻ!

3 ദൈവത്തോടു പറവിൻ: നിൻ ക്രിയകൾ എത്ര ഭയങ്കരം,
നിന്റേറ ഊക്കിൻ പെരുമയാൽ നിൻ ശത്രുക്കൾ നിണക്കു പൊളിസ്തുതി ചെ
4 സർവ്വഭൂമിയും നിണക്കു കമ്പിട്ടു കീർത്തിക്കും, [യ്യും.
തിരുനാമത്തെ അവർ കീർത്തിക്കും എന്നു തന്നേ! (സേല)
5 അല്ലയോ നിങ്ങൾ വന്നു മനുഷ്യപുത്രരിൽ ഭയങ്കരമായി വ്യാപരിക്കുന്ന
ദൈവത്തിൻ അത്ഭുതങ്ങളെ കാണ്മിൻ! (46, 9)
6 അവൻ സമുദ്രത്തെ കരയാക്കി,
കാൽനടയായി പുഴയെ കടക്കായി,
അവിടേ നാം അവങ്കൽ സന്തോഷിച്ചു!
7 സ്വവീര്യത്താൽ അവൻ എന്നും വാഴുന്നു,
അവന്റേറ കണ്ണുകൾ ജാതികളിൽ ഒറ്റു നോക്കുന്നു;
മത്സരക്കാർ തീമിത്തു പോകൊല്ല! (സേല)
8 വംശങ്ങളേ, ഞങ്ങളുടേ ദൈവത്തെ അനുഗ്രഹിപ്പിൻ,
അവന്റേറ സ്തുതിനാദത്തെ കേൾപിപ്പിൻ,
9 ഞങ്ങളുടേ കാലെ ആടുവാൻ ഏല്പിക്കാതേ
ദേഹിയെ ജീവനിൽ ആക്കിയവനെ!
10 ദൈവമേ, നീ ഞങ്ങളെ പരീക്ഷിച്ചുവല്ലോ,
വെള്ളി ശോധിക്കുമ്പോലേ ഞങ്ങളെ ശോധന ചെയ്തു;
11 നീ ഞങ്ങളെ വലയിൽ കൂട്ടുക്കി,
ഇടുപ്പുകളിന്മേൽ പീഡ ഇട്ടു;
12 ഞങ്ങളുടേ തലമേൽ നീ മർത്യരെ തെളിപ്പിച്ചു,
ഞങ്ങൾ തീയിലും വെള്ളത്തിലും പുക്കു,
നീയോ വഴിച്ചലിലേക്കു ഞങ്ങളെ പുറപ്പെടുവിച്ചു.
13 ഞാൻ ഹോമങ്ങളോടേ നിന്റേറ ഭവനത്തിൽ കടക്കും,
14 എനിക്കു ഞെരുങ്ങുമ്പോൾ എൻ അധരങ്ങൾ തിക്കി
വായി ഉരെച്ചിട്ടുള്ള എൻ നേർച്ചകളെ നിണക്കു ഒപ്പിക്കും.
15 തടിപ്പിച്ചവ ഞാൻ നിണക്കു ഹോമിച്ചു
മുട്ടാടുകളുടേ സുഗന്ധത്തോടേ കഴിക്കും,
കോലാടുകളോടേ കാളകളെ അർപ്പിക്കും. (സേല)
16 ദൈവത്തെ ഭയപ്പെടുന്നവർ എല്ലാവരുമേ, വന്നു കേൾപ്പിൻ!
അവൻ എൻ ദേഹിക്കു ചെയ്തതിനെ ഞാൻ വർണ്ണിക്ക.
17 അവനെ നോക്കി ഞാൻ വാവിട്ടു കൂക്കി,
എൻ നാവിൻ കീഴിൽ പുകഴ്ച (ഉണ്ടു).
18 എൻ ഹൃദയത്തിൽ വേണ്ടാതനം ഞാൻ നോക്കി എങ്കിൽ
കർത്താവു കേൾക്കയില്ല.
19 എന്നാൽ ദൈവം കേട്ടു
എൻ പ്രാർത്ഥനാശബ്ദം കൂറിക്കൊണ്ടു സത്യം.
20 എൻ പ്രാർത്ഥനയെയും എന്നിൽനിന്നു സ്വദയയെയും
നീക്കാത്ത ദൈവം അനുഗ്രഹിക്കപ്പെട്ടവനാക!

67. സങ്കീർത്തനം

ഇസ്രയേലിൽ ദയയും (4) നീതിയും (6) വിശേഷാൽ നല്ല കൊയ്ത്തും തുകുന്നവനെ എല്ലാ ജാതികളും വന്ദിക്കേണ്ടതു.

സംഗീതപ്രമാണിക്കു, കമ്പിനാദത്തോടേ; കീർത്തനയാകുന്ന പാട്ടു.

2 ദൈവം നമ്മെ കരുണ ചെയ്തു അനുഗ്രഹിക്കുക,
അവൻ തിരുമുഖത്തെ നമ്മോടു പ്രകാശിപ്പിക്ക (4മോ. 6,24),

3 ഭൂമിയിൽ നിന്റെ വഴിയും
സകല ജാതികളിൽ നിൻ രക്ഷയും അറിവാൻ തന്നേ. (സേല)
4 ദൈവമേ, വംശങ്ങം നിന്നെ വാഴ്ത്തും,
സകല വംശങ്ങളും നിന്നെ വാഴ്ത്തും.
5 കുലങ്ങം സന്തോഷിച്ചാക്കും,
നീ വംശങ്ങംക്കു നേരായി വിധിച്ചു
ഭൂമിയിലേ കുലങ്ങളെ നടത്തുകയാൽ തന്നേ (സേല).—
6 ദൈവമേ, വംശങ്ങം നിന്നെ വാഴ്ത്തും,
സകല വംശങ്ങളും നിന്നെ വാഴ്ത്തും.
7 ഭൂമി തന്റെ വിളവിനെ തന്നു (3 മോ. 26,4).
ദൈവം, നമ്മുടേ ദൈവം തന്നേ, നമ്മെ അനുഗ്രഹിപ്പൂതാക!
8 ദൈവം നമ്മെ അനുഗ്രഹിച്ചിട്ടു
ഭൂമിയുടേ അറുതികം ഒക്കയും അവനെ ഭയപ്പെടുക!

68. സങ്കീർത്തനം

ദൈവം പിതാവായി സ്വജനത്തെ നടത്തി (8) മരുഭൂമിയൂടേ കടത്തി (12) ശത്രുക്കളെ നീക്കി അത്ഭുതകാരിയായി വിളങ്ങിയ ശേഷം (16) ചിയോനെ തെരിഞ്ഞെടുത്തു വാണു ജയം നല്കിയതിനാൽ സ്തുത്യൻ; (20) അവൻ ഇനിയും താങ്ങി രക്ഷിച്ചു (25) സമസ്ത ഗോത്രങ്ങളെയും ഉത്സവം കൊണ്ടാടിക്കയും (29) ശേഷം ജാതികളെയും അധീനമാക്കി (33) സ്തുതിക്കായി ഒരുമിപ്പിക്കയും ചെയ്യും.

സംഗീതപ്രമാണിക്കു; കീത്തനയാകുന്ന പാട്ട.

2 ദൈവം എഴുനീല്ക്കുന്നു അവന്റെ ശത്രുക്കം ചിതറി
അവന്തിരുമുമ്പിൽനിന്നു പകയർ മണ്ടി പോക (4മോ.10,35)!
3 പുക പാറുമ്പോലേ നീ അവരെ പാറും,
തീയോടു മെഴുകു ഉരുകുമ്പോലേ ദുഷ്ടന്മാർ ദൈവത്തിന്മുമ്പിൽ നശിക്കും.
4 നീതിമാന്മാർ സന്തോഷിച്ചു ദൈവമുമ്പാകേ ഉല്ലസിച്ചു
മുദാ ആനന്ദിക്കയും ചെയ്യും.
5 ദൈവത്തിനു പാടുവിൻ, അവൻ നാമത്തെ കീർത്തിപ്പിൻ,
കാടുകളൂടേ എഴുന്നെള്ളുന്നവനു ചെത്തു വഴിയാക്കുവിൻ!
യാഃ എന്നു അവന്റെ പേർ, അവന്മുമ്പാകേ ഉല്ലസിപ്പിൻ!
6 തന്റെ വിശുദ്ധ പാർപ്പിടത്തിൽ ദൈവം
അനാഥന്മാക്കു പിതാവും വിധവമാക്കു ന്യായകത്താവും തന്നേ;
7 ദൈവം ഏകാകികളെ കുടിയിരുത്തുന്നവനും
ബദ്ധന്മാരെ ശ്രീത്വത്തിലേക്കു പുറപ്പെടീക്കുന്നവനും ആകുന്നു;
മത്സരക്കാർ മാത്രം വരണ്ട ഭൂമിയിൽ പാർപ്പൂ.
8 ദൈവമേ, തിരുജനത്തിന്റെ മുമ്പേ നീ നടന്നു
പാഴ്നിലത്തൂടേ സഞ്ചരിക്കയിൽ, (സേല)
9 ഭൂമി ഇളകി വാനങ്ങളും ദൈവമുമ്പിൽ പൊഴിഞ്ഞു,
ഈ സീനായി തന്നേ ഇസ്രയേലിൻ ദൈവമായ ദൈവത്തിന്മുമ്പിൽ (നടു
10 ഉപകാരവർഷങ്ങം നീ ചൊരിയിച്ചു, [ങ്ങി). ന്യാ.5,4.5.
ദൈവമേ, വലഞ്ഞു പോയ നിന്റെ അവകാശത്തെ നീ നിവിത്തി.
11 നിന്റെ വ്യൂഹം ദേശത്തിൽ കുടിയേറി,
ദൈവമേ, നിന്റെ ഉദാരതയിൽ എളിയവനു നീ (പാർപ്പു) ഒരുക്കി.
12 കത്താവു മൊഴിയെ ഏകുന്നു,
ജയവാഴ്ത്തികം മഹാസൈന്യം തന്നേ:

13 പടകളുടയ രാജാക്കന്മാർ മണ്ടി മണ്ടി,
ഗൃഹസ്ഥയായവൾ കവർച്ചയെ പങ്കിടും.
14 ആയമ്പാടികളുടേ നടുവിൽ നിങ്ങൾ കിടക്കുമോ (ന്യാ. 5,16)?
വെള്ളി പൊതിഞ്ഞ പ്രാവിറകുകളും
പൈമ്പൊന്നിൻ പ്രഭ മൂടിയ തൂവലുകളും അതാ!
15 സർവ്വശക്തൻ അതിൽ അരചന്മാരെ ചിതറിക്കുമ്പോൾ
ചൽ°മോൻ മുകളിൽ (ന്യാ. 9, 48) ഹിമം പെയ്തു.
16 ബാശാനിലേ മല ദേവപർവ്വതം,
കൊടുമുടികളുള്ള മല തന്നേ ബാശാനിലേ മല.
17 അല്ലയോ കൊടുമുടികളുടയ മലകളേ,
യഹോവ തന്റെ പാർപ്പിടമായി ഇച്ഛിച്ച മലയോടു നിങ്ങൾ എന്തിന്നു
യഹോവ നിത്യത്തോളം അതിൽ വസിക്കും താനും. [സ്പർദ്ധിക്കുന്നു?
18 ദൈവരഥങ്ങൾ ഇരുപതിനായിരം ഇരട്ടിച്ച ലക്ഷങ്ങൾ,
അതിന്നിടയിൽ കർത്താവുണ്ടു, സീനായിൽനിന്നു വിശുദ്ധസ്ഥലത്തേക്കു.
19 നീ ഉയരത്തിലേക്കു കരേറി, തോററവരെ കെട്ടി നടന്നു,
മനുഷ്യരോടും ദാനങ്ങളെ വാങ്ങിയതു
യാഃ എന്ന ദൈവത്തോടു മത്സരക്കാരും വസിപ്പാൻ തന്നേ.
20 കർത്താവു നാളിൽ നാളിൽ അനുഗ്രഹിക്കപ്പെട്ടവനാക.
നമ്മിൽ (ഭാരം) ചുമത്തിയാൽ ദേവൻ താൻ നമ്മുടേ രക്ഷ. (സേല)
21 ഈ ദേവൻ നമുക്കു ത്രാണനങ്ങളുടയ ദേവൻ,
മരണത്തിൽനിന്നു പോക്കുകളും യഹോവ എന്ന കർത്താവിൻ വക്കൽ ഉണ്ടു.
22 അതേ സ്വശത്രുക്കളുടേ തലയെ ദൈവം തകർക്കും,
തന്റെ കുററങ്ങളിൽ നടക്കുന്നവന്റെ മുടി മൂടിയ നെറുകയെ തന്നേ.
23 കർത്താവ് ° പറഞ്ഞു: ബാശാനിൽനിന്നു ഞാൻ (ശത്രുക്കളെ) തിരിപ്പിക്കും,
സമുദ്രത്തിൻ ആഴങ്ങളിൽനിന്നു കൊണ്ടുവരും,
24 നിന്റെ കാൽ രക്തത്തിൽ ചവിട്ടുവാനും
ശത്രുക്കളിൽനിന്നു നിൻ നായ്ക്കളുടേ നാവിനും അംശം ലഭിപ്പാനും എന്നു
25 ദൈവമേ, നിന്റെ സഞ്ചാരങ്ങൾ അവർ കണ്ടു, [തന്നേ.—
എൻദേവനും രാജാവുമായവനു വിശുദ്ധസ്ഥലത്തേക്കുള്ള സഞ്ചാരങ്ങളെ
26 പാട്ടുകാർ മുന്നിലും മീട്ടുന്നവർ പിന്നിലും, [തന്നേ.
കൊട്ടുന്ന കന്യമാർ നടുവിലും (ചെന്നു).
27 കർത്താവായ ദൈവത്തെ സഭാസംഘങ്ങളിൽ അനുഗ്രഹിപ്പിൻ,
ഇസ്രയേലുറവിൽനിന്നുള്ളോരേ!
28 അങ്ങ° അവരിൽ അധികരിക്കുന്ന ചെറിയ ബിന്യമീൻ (1 ശമു. 9, 21);
യഹൂദാപ്രഭുക്കൾ കൂട്ടവുമായി, ജബൂലൂൻ പ്രഭുക്കൾ,
നഫ്താലിപ്രഭുക്കൾ തന്നേ (ന്യാ. 5, 18).
29 നിന്റെ ശക്തിയെ നിൻ ദൈവം കല്പിച്ചു;
ദൈവമേ, ഞങ്ങൾക്കായി പ്രവൃത്തിച്ച ഊക്കിനെ ബലപ്പെടുത്തുക!
30 യരുശലേമിന്മേലുള്ള നിൻ മന്ദിരത്തിൽനിന്നു
അരചന്മാർ നിണക്കു തിരുമുല്ലാഴ്ച കൊണ്ടുവരും.
31 നീരോടയിലേ വൻമൃഗം, കുററങ്ങളുടേ കൂട്ടം
ഇവരെ ജനങ്ങളാകുന്ന കന്നുകളോട° (ഒക്കത്തക്ക) ഭർത്സിക്ക!
വെള്ളിവാളങ്ങളുമായി അവർ അടി വണങ്ങുകേ,
അടൽ കൊതിക്കുന്ന വംശങ്ങളെ ചിന്നിക്ക!
32 മിസ്രയിൽനിന്നു തമ്പ്രാക്കന്മാർ വരും,
കൂശ° വിരഞ്ഞു ദൈവത്തിലേക്കു കൈകളെ നീട്ടും.
33 ഭൂമിയിലേ രാജ്യങ്ങളേ, ദൈവത്തിനു പാടുവിൻ,
കർത്താവെ കീർത്തിപ്പിൻ! (സേല)

34 പുരാതന സ്വർഗ്ഗസ്വർഗ്ഗങ്ങളിൽ എഴുന്നെള്ളുന്നവൻ
അതാ ഊറനാദമായി തൻ ഒലിയെ കേൾപിക്കും.
35 ഇളമുകിലിൽ ശക്തിയും
ഇസ്രയേലിന്മേൽ പ്രാഭവവും എഴുന്ന ദൈവത്തിന്നു ശക്തി കൊടുപ്പിൻ!
36 ദൈവമേ, നിന്നേറ വിശുദ്ധസ്ഥലങ്ങളിൽനിന്നു നീ ഭയങ്കരൻ!
ഇസ്രയേലിൻ ദൈവമായവൻ ജനത്തിന്നു ശക്തിയും ആക്കവും കൊടുക്കുന്നു.
ദൈവം അനുഗ്രഹിക്കപ്പെട്ടവനാക!

69. സങ്കീർത്തനം

നീതിമാൻ സങ്കടകാലത്തിൽ (7) ദൈവത്തിൻ നിമിത്തം താൻ കഷ്ടപ്പെടുന്നു എന്നും (24) വേഗം രക്ഷ വേണം എന്നും പ്രാത്ഥിച്ചു (20) ശത്രുദുഷ്ടതയെ വണ്ണിച്ചു (23) അവക്കു നാശം ആഗ്രഹിച്ചു (30) സ്തുതിസമയത്തെ കാത്തു നില്ക്കുന്നു.

സംഗീതപ്രമാണിക്കു; താമരകളെ ചൊല്ലി. ദാവിദിൻറെതു.

2 ദൈവമേ, വെള്ളങ്ങൾ പ്രാണനോളം വന്നതിനാൽ
എന്നെ രക്ഷിക്കേണമേ!
3 ആഴമുള്ള ചളിയിൽ നിലയില്ലാതേ ഞാൻ താണു,
നീർകയങ്ങളിൽ പുക്കു, പ്രവാഹം എന്നെ മുക്കി.
4 ഞാൻ കൂക്കി തളൎന്നു;
എൻ ദൈവത്തെ ആശിച്ചിരിക്കേ
തൊണ്ട ജ്വലിച്ചു കണ്ണുകൾ മങ്ങി.
5 എൻ തലയിലേ രോമങ്ങളിലും (40, 13)
എന്നെ വെറുതേ പകെക്കുന്നവർ (35, 19) പെരുകി,
എന്നെ ഒടുക്കുന്ന കള്ളവൈരികൾ ഉരത്തു;
ഞാൻ കവരാത്തതിനെ ഇപ്പോൾ തിരികേ കൊടുക്കേണം എന്നത്രേ.
6 ദൈവമേ, എൻ മൌഢ്യം നീ അറിഞ്ഞു,
എൻ കുറ്റങ്ങൾ നിണക്കു മറഞ്ഞിട്ടില്ല.
7 സൈന്യങ്ങളുടയ യഹോവ എന്ന കർത്താവേ,
നിന്നെ കാത്തിരിക്കുന്നവർ എങ്കൽ നാണിച്ചു പോകൊല്ല,
ഇസ്രയേലിൻ ദൈവമേ, നിന്നെ തിരയുന്നവർ എങ്കൽ ലജ്ജിക്കായ്ക!
8 നിൻ നിമിത്തമല്ലോ ഞാൻ നിന്ദ ചുമന്നു,
ലജ്ജ എൻ മുഖത്തെ മൂടി.
9 എൻ സഹോദരന്മാൎക്കു ഞാൻ അന്യനും
അമ്മയുടേ മക്കൾൎക്കു പരനും ആയ്തീൎന്നു.
10 നിന്നേറ ഭവനത്തിന്നായുള്ള എരിവു് എന്നെ തിന്നുകളഞ്ഞു,
നിന്നെ നിന്ദിക്കുന്നവരുടേ നിന്ദകൾ എന്നേറ മേൽ വീണു.
11 ഞാൻ കരകയും എൻ ദേഹി നോമ്പുയും ചെയ്തു,
അതും കൂടേ എനിക്കു നിന്ദനമായി.
12 ഞാൻ ചാക്കു് ഉടുപ്പാക്കി,
അവൎക്കു പഴഞ്ചൊല്ലായി വന്നു.
13 നഗരവാതില്ക്കൽ ഇരിക്കുന്നവർ എന്നെ ചൊല്ലി കാവ്യം ബന്ധിച്ചും
മദ്യം കുടിക്കുന്നവർ രാഗങ്ങളെ രചിച്ചും പോരും.
14 ഞാനോ, യഹോവേ, നിന്നോടു പ്രാത്ഥന (ചെയ്യുന്നതു) പ്രസാദസമയത്തു,
ദൈവമേ, നിൻ ദയയുടേ പെരുമയാൽ തന്നേ;
നിന്നേറ രക്ഷാകര സത്യത്താൽ ഉത്തരം തരിക!

15 ചേറിൽനിന്ന് എന്നെ ഉദ്ധരിക്ക,
ഞാൻ മുഴുകാതിരിയ്ക്കയും
എൻ പകയരിൽനിന്നും നീർകയങ്ങളിൽനിന്നും ഒഴിഞ്ഞു വരികയും,
16 ജലപ്രവാഹം എന്നെ മൂടായ്കയും അഗാധം മിഴുങ്ങായ്കയും
കിണർ എന്മേൽ വായടെക്കായ്കയും ആക!
17 യഹോവേ, എനിക്കുത്തരം തരേണമേ, നിന്റേറ ദയ നല്ലതല്ലോ!
നിൻ കനിവിൻ പെരുമെക്കു തക്കവണ്ണം എങ്കലേക്ക് തിരിഞ്ഞു,
18 അടിയനിൽനിന്നു മുഖം മറെക്കാതേ
എനിക്കു ഞെരുങ്ങുകയാൽ വിരഞ്ഞു ഉത്തരം കല്പിക്കേണമേ!
19 എൻ ദേഹിയോട് അണഞ്ഞ് അതിനെ വീണ്ടെടുക്ക,
എൻ ശത്രുക്കൾ നിമിത്തം എന്നെ വിമോചിക്ക!
20 എൻ നിന്ദയും നാണവും ലജ്ജയും നീ അറിഞ്ഞു,
എനേറ മാറാന്മാർ ഒക്കയും നിന്റേറ സമക്ഷത്തല്ലോ.
21 നിന്ദ എൻ ഹൃദയത്തെ ഉടെച്ചു,
അയ്യോഭാവത്തിനു ഞാൻ കാത്തിരുന്നു, അതില്ല,
ആശ്വസിപ്പിക്കുന്നവരെ (കാത്തു), കാണ്മാനില്ല താനും.
22 എന്റേറ ആഹാരമായി അവർ പിത്തം തന്നു
എൻ ദാഹത്തിൽ കാടി കുടിപ്പിച്ചു.
23 അവരുടേ മുമ്പിലേ മേശ കണിയും
നിർഭയന്മാക്കു കുടുക്കുമാക!
24 അവരുടേ കണ്ണുകൾ കാണാതവണ്ണം ഇരുണ്ടു പോക,
അവരുടേ ഇടുപ്പുകളെ നിത്യം ആടിക്ക!
25 നിന്റേറ ഈറൽ അവരുടേ മേൽ പകരുക,
നിൻ കോപത്തിൻ ജ്വലനം അവരോട് എത്തുക!
26 അവരുടേ കെട്ടകം പാഴാക,
അവരുടേ കൂടാരങ്ങളിൽ നിവാസി ഇല്ലാതേ ചമക!
27 നീ അടിച്ചവനെയല്ലോ അവർ വേട്ടയാടി,
നീ വെട്ടിയവരുടേ ദുഃഖത്തെ അവർ കഥയാക്കും.
28 അവരുടേ അകൃത്യത്തോട് അകൃത്യം കൂട്ടുക,
നിന്റേറ നീതിയിൽ അവർ പ്രവേശിക്കരുതേ;
29 ജീവപുസ്തകത്തിൽനിന്ന് അവർ മായ്ക്കപ്പെടുകയും
നീതിമാന്മാരോടു കൂടേ എഴുതപ്പെടായ്കയും വേണം!
30 ഞാനോ എളിയവനും ദുഃഖിതനും എങ്കിലും
ദൈവമേ, നിന്റേറ രക്ഷ എന്നെ ഉയരത്താക്കും.
31 ഞാൻ ദൈവനാമത്തെ പാട്ടിൽ സ്തുതിക്കും,
വാഴ്ത്തികൊണ്ട് അവനെ മഹത്വീകരിക്കും.
32 കൊമ്പും കുളമ്പുമുള്ള കാളക്കിടാവിനെക്കാൾ
അതു തന്നേ യഹോവെക്കു നല്ലു.
33 സാധുക്കൾ കണ്ടു സന്തോഷിക്കും,
ദൈവത്തെ അന്വേഷിക്കുന്നവരേ, നിങ്ങളുടേ ഹൃദയം ഉയിർക്ക (22, 17)!
34 കാരണം യഹോവ ദരിദ്രരെ ചെവികൊണ്ടു
തന്റേറ ചങ്ങലക്കാരെ തിരസ്കരിക്കാതേ ഇരിക്കുന്നു.
35 സ്വർഗ്ഗങ്ങളും ഭൂമിയും
സമുദ്രങ്ങളും അതിൽ ഇഴയുന്നതും എല്ലാം അവനെ സ്തുതിക്ക!
36 ദൈവമാകട്ടേ ചിയോനെ രക്ഷിക്കയും
യഹൂദാനഗരങ്ങളെ പണിയിക്കയും അവർ അവിടം വസിച്ചടക്കുകയും,
37 അവന്റേറ ദാസന്മാരുടേ സന്തതി അതിനെ അവകാശമാക്കുകയും
തന്നാമത്തെ സ്നേഹിക്കുന്നവർ അതിൽ കുടിയിരിക്കയും ചെയ്യും.

70. സങ്കീത്തനം

ഇതു 40, 14–18 എന്നതിനോടു് ഒക്കും.

സംഗീതപ്രമാണിക്കു, ദാവിദിനേറതു; ഓപ്പിപ്പാൻ വേണ്ടി (38, 1).

2 ദൈവമേ, എന്നെ ഉദ്ധരിപ്പാനായി,
യഹോവേ, എനേറ തുണെക്കായി ഉഴരേണമേ!
3 എനേറ പ്രാണനെ അനേഷിക്കുന്നവർ നാണിച്ചു് അമ്പരന്നും
എൻ തിന്മയെ ഇച്ഛിക്കുന്നവർ പിന്തിരിഞ്ഞു ലജ്ജിച്ചും പോവാറാക!
4 ഹാ ഹാ എന്നു പറയുന്നവർ
തങ്ങളുടേ നാണത്തിനേറ അനുഭവമായി മടങ്ങി പോക!
5 നിന്നെ അനേഷിക്കുന്നവർ ഒക്കയും നിങ്കൽ ആനന്ദിച്ചു സന്തോഷിക്ക,
നിനേറ രക്ഷയെ സ്നേഹിക്കുന്നവർ
ദൈവം വലിയവൻ എന്നു നിത്യം പറഞ്ഞേയാവു!
6 ഞാനോ ദീനനും ദരിദ്രനും ആകുന്നു,
ദൈവമേ, എങ്കലേക്കു് ഉഴറേണമേ!
എനേറ തുണയും എന്നെ വിടുവിക്കുന്നവനും നീയത്രേ;
യഹോവേ, താമസിക്കരുതേ!

71. സങ്കീത്തനം

നീതിനിമിത്തം കഷ്ടപ്പെടുന്നവൻ രക്ഷയും (4) ബാല്യത്തിൽ കാണിച്ച കൃപ പോലേ (9) വാർദ്ധക്യത്തിന്നും സഹായവും യാചിച്ചു (14) പ്രത്യാശയിൽ ഉറെച്ചു (22) സ്തുതിക്കുന്നു (കാലം: ദാവിദിൽ പിന്നേ).

1 യഹോവേ, ഞാൻ നിങ്കൽ ആശ്രയിക്കുന്നു,
ഞാൻ എന്നും നാണിച്ചു പോകരുതേ!
2 നിനേറ നീതിയാൽ എന്നെ ഉദ്ധരിച്ചു വിടുവിക്കേണമേ!
നിനേറ ചെവിയെ എങ്കലേക്കു ചാച്ചു എന്നെ രക്ഷിക്ക!
3 എനിക്കു നിത്യം ചെല്വാനുള്ള ശരണപ്പാറയാക,
എന്നെ രക്ഷിപ്പാൻ കല്പിച്ചവനേ!
എനേറ ശൈലവും ദുർഗ്ഗവും നീ തന്നേ സത്യം. (31, 1–4)
4 എൻ ദൈവമേ, ദുഷ്ടനേറ കയ്യിൽനിന്നു,
വക്രിച്ചും പുളിച്ചും പോയവനേറ കരത്തിൽനിന്നു് എന്നെ വിടുവിക്ക!
5 കർത്താവായ യഹോവേ, നീ എനേറ പ്രത്യാശയല്ലോ
ചെറുപ്പത്തിലേ എൻ ആശ്രയം തന്നേ.
6 ഉദരത്തിൽനിന്നു ഞാൻ നിനേറ മേൽ ഊന്നിക്കൊണ്ടു്
അമ്മയുടേ കുടലിൽനിന്നു നീ എന്നെ പോററിയവൻ;
എനേറ സ്തുതി എന്നും നിങ്കലത്രേ.
7 പലർക്കും ഞാൻ അതിശയം പോലേ ആയി
നീയോ എനിക്കു ശക്തിയുള്ള ശരണം.
8 നിനേറ സ്തോത്രത്താലും
ദിനന്പ്രതി നിൻ അലങ്കാരത്താലും എൻ വായി നിറയും.
9 എനേറ വാർദ്ധക്യകാലത്തിൽ എന്നെ തള്ളിക്കളയല്ലേ!
എനേറ ഊക്കു ക്ഷയിക്കുമ്പോൾ എന്നെ കൈവിടൊല്ല!
10 കാരണം എനേറ ശത്രുക്കൾ എന്നെ കൊണ്ടു പറഞ്ഞു
എൻ പ്രാണനേ കാത്തു നില്ക്കുന്നവർ തങ്ങളിൽ മന്ത്രിച്ചും ചൊല്ലുന്നതു:

11 ദൈവം അവനെ കൈവിട്ട
ഉദ്ധരിക്കുന്നവൻ ഇല്ലായ്കയാൽ പിന്നോടി അവനെ പിടിപ്പെട്ടുവിൻ!
12 ദൈവമേ എന്നോട് അകന്നു പോകായ്ക
എൻ ദൈവമേ എന്റെ തുണെക്കായി ഉഴരേണമേ (20,20)!
13 എൻ ദേഹിയെ ദ്വേഷിക്കുന്നവർ നാണിച്ചു മാഴ്കി
എൻ തിന്മയെ തിരയുന്നവർ നിന്ദയും ലജ്ജയും പൂണ്ടു പോകേ വേണ്ടു!
14 ഞാനോ എന്നും കാത്തിരുന്നു
നിന്റെ സകല സ്തുതിയും പെരുക്കും;
15 എൻ വായി നിന്റെ നീതിയെയും
നാൾ എല്ലാം നിൻ രക്ഷയെയും വർണ്ണിക്ക;
എണ്ണങ്ങളെ അറിഞ്ഞു കൂടയല്ലോ.
16 യഹോവയായ കർത്താവിന്റെ മിടുമകളോടു കൂടേ ഞാൻ വരട്ടേ;
നിന്റെ നീതിയെ മാത്രം ഓർപ്പിക്കും.
17 ദൈവമേ, ചെറുപ്പത്തിലേ നീ എന്നെ പഠിപ്പിച്ചു
ഇതു വരെയും നിന്റെ അത്ഭുതങ്ങളെ ഞാൻ കഥിക്കും.
18 മൂപ്പുവരയും നരയോളവും ദൈവമേ എന്നെ കൈവിടൊല്ല;
നിൻ ഭുജത്തെ തലമുറയോടും
നിൻ വീര്യത്തെ വരുവാനുള്ളവനോട് ഒക്കയും അറിയിക്കുംവരേ തന്നേ!
19 നിന്റെ നീതിയോ ദൈവമേ ഉയരത്തോളം (എത്തും);
വന്മകളെ ചെയ്യുന്ന ദൈവമേ, നിന്നെ പോലേ ആർ ഉള്ളു?
20 ഞങ്ങളെ പല ഞെരുക്കങ്ങളും തിന്മകളും കാണിച്ച്
നീ മടങ്ങി ഞങ്ങളെ ഉയിർപ്പിക്കും
ഭൂമിയുടേ ആഴികളിൽനിന്നു മടങ്ങി ഞങ്ങളെ പൊന്തിക്കും.
21 എൻ വലിപ്പത്തെ നീ വർദ്ധിപ്പിച്ചു
തിരിഞ്ഞു എന്നെ ആശ്വസിപ്പിക്കയും ചെയ്യും.
22 ഞാനും വീണാവാദ്യങ്ങളാൽ നിന്നെ വാഴ്ത്തും
എൻ ദൈവമേ നിന്റെ സത്യത്തെ തന്നേ;
കിന്നരംകൊണ്ടു നിണക്കു കീർത്തിക്കും ഇസ്രയേലിന്റെ വിശുദ്ധനേ.
23 നിണക്കു കീർത്തിക്കും, ആകയാൽ എന്റെ അധരങ്ങളും
നീ വീണ്ടെടുത്ത എൻ ദേഹിയും ആക്കും.
24 എൻ തിന്മയെ തിരയുന്നവർ നാണിച്ച് അമ്പരന്നതുകൊണ്ടു
എന്റെ നാവും നാൾ എല്ലാം നിന്റെ നീതിയെ ധ്യാനിക്കും.

72. സങ്കീർത്തനം

സന്ധി രാജാവിന്നു വേണ്ടി അപേക്ഷ (5) സർവ്വലോകം അവനെ അനുസരിക്കേണ്ടതു (12) അവൻ സാധുരക്ഷകനും സർവ്വസമ്മതനും (16) അനുഗ്രഹകാരിയും ആകും.

ശലൊമോന്റെതു.

1 ദൈവമേ രാജാവിന്നു നിന്റെ ന്യായവിധികളെയും
രാജപുത്രനു നിന്റെ നീതിയെയും കൊടുക്ക!
2 അവൻ തിരുജനത്തോടു നീതിയിലും
നിന്റെ ദീനരോടു ന്യായത്തിലും വിസ്താരിക്ക!
3 മലകൾ ജനത്തിനു സമാധാനം വഹിക്കാക,
കുന്നുകൾ കൂടേ നീതിയാൽ!

4 ജനത്തിലേ ദീനന്മാക്ക് അവൻ വിധിച്ചു
ദരിദ്രന്റെ മക്കളെ രക്ഷിച്ചു
പീഡിപ്പിക്കുന്നവനെ ഞെരിച്ചുകളക!
5 സൂര്യനുള്ളളവും
ചന്ദ്രൻ കാണേ തലമുറതലമുറയോളവും നിന്നെ ഭയപ്പെടുമാറാക!
6 (അരിഞ്ഞ) പുല്പാട്ടിലേ മഴ പോലേ
ഭൂമിമേൽ കോരി ചൊരിയുന്ന മാരി കണക്കേ അവൻ ഇഴിഞ്ഞു വരിക!
7 അവന്റെ നാളുകളിൽ നീതിമാൻ തെഴുക്കുക
ചന്ദ്രൻ ഇല്ലാതാകുംവരേ സമാധാനപൂർത്തിയും (ആക).
8 സമുദ്രം മുതൽ സമുദ്രം വരേയും
നദിമുതൽ ഭൂമിയറ്റങ്ങളോളവും അവൻ അധികരിക്ക!
9 അവന്റെ മുമ്പിൽ മരുവാസികൾ വണങ്ങുകയും
അവന്റെ ശത്രുക്കൾ പൂഴി നക്കുകയും,
10 തർശീശിലും ദ്വീപുകളിലും അരചരായവർ വഴിപാടു വെക്കയും
ശബാസബാ ഇവരിൻ രാജാക്കന്മാർ സമ്മാനം അർപ്പിക്കയും,
11 അവനെ സകല രാജാക്കന്മാർ കുമ്പിടുകയും
സർവ്വജാതികൾ സേവിക്കയും ചെയ്യും.
12 കാരണം അലറുന്ന ദരിദ്രനെയും
സഹായി ഇല്ലാത്ത ദീനനെയും അവൻ ഉദ്ധരിക്കും.
13 എളിയവനെയും അഗതിയെയും
ആദരിച്ചു ദരിദ്രരുടേ ദേഹികളെ രക്ഷിക്കും;
14 തുയര സാഹസങ്ങളിൽനിന്നു അവരുടേ പ്രാണനേ വീണ്ടുകൊള്ളും
അവരുടേ രക്തം അവന്റെ കണ്ണുകൾക്കു വിലയേറും.
15 അപ്പോൾ (ദീനൻ) ഉയർത്തു വന്ന ശബാസ്വർണ്ണത്തിൽനിന്നു അവന്നു കൊ
നിത്യം അവന്നു വേണ്ടി പ്രാർത്ഥിക്കയും [ടുക്കയും
ദിനസ്പ്രതി അവനെ അനുഗ്രഹിക്കയും ചെയ്യ.
16 അപ്പോൾ ദേശത്തിൽ ധാന്യസമൃദ്ധി ഉണ്ടാക
മലമുകളിൽ അവന്റെ വിളവു ലിബനോനെ പോലേ കിരുകിരുക്ക
ഭൂമിയിലേ സസ്യം പോലേ ഊരുകളിൽ (ആൾ) പൂക്കുക.
17 അവന്റെ പേർ എന്നും ഉണ്ടായിരിക്ക!
സൂര്യൻ കാൺകേ തൻ നാമം തഴച്ചു പോരും
അവനെകൊണ്ടു തങ്ങളെ അനുഗ്രഹിക്കയും
സർവ്വജാതികൾ അവനെ ധന്യൻ എന്നു സ്തുതിക്കയും ചെയ്കു!

തനിച്ചു അത്ഭുതങ്ങളെ ചെയ്യുന്ന ഇസ്രയേലിൻ ദൈവമായ
യഹോവ എന്ന ദൈവം അനുഗ്രഹിക്കപ്പെടാവു അവ
ന്റെ തേജോനാമം എന്നും അനുഗ്രഹിക്കപ്പെടാക
സർവ്വഭൂമിയും അവന്റെ തേജസ്സിനാൽ നിറയുമാറാക!
(4മോശ 14,21) ആമെൻ, ആമെൻ!

ഇശ്ശായി പുത്രനായ ദാവിദിന്റെ പ്രാർത്ഥനകൾ അവസാനിച്ചു.

മൂന്നാം കാണ്ഡം, 73–89:

ആസാഫ് (73-83) കോരഹ്യർ മുതലായവരുടേ മിശ്രകീർത്തനങ്ങൾ

73. സങ്കീർത്തനം

ദുഷ്ടന്മാരുടേ ഭാഗ്യത്താൻ വളരേ ചഞ്ചലിച്ച ശേഷം ദൈവം ഭക്തവത്സലൻ എന്നു ബോധിച്ചു (2) ആ ഭാഗ്യം കാൺകയാൽ (12) പരീക്ഷകം വന്നതു വർണ്ണിച്ചു (15) തന്നെത്താൻ ആക്ഷേപിച്ചു കൂപയെ വാഴ്ത്തി (25) ദൈവരക്ഷയിൽ ആശ്രയിച്ചുകൊണ്ടതു (കാലം: 37.49.സങ്കീ.).

ആസാഫിൻ കീർത്തന.

1 ഇസ്രയേലിന്നു ദൈവം സാക്ഷാൽ നല്ലവനത്രേ,
ഹൃദയശുദ്ധിയുള്ളവൎക്കു തന്നേ.
2 ഞാനോ അല്പം കുറയ എന്നേറ കാലുകൾ ഇടറി
ഏകദേശം എൻ അടികൾ വഴുതിപ്പോയി.
3 കാരണം ദുഷ്ടരുടെ സൌഖ്യം കാൺകേ
ഗർവ്വികളിൽ എനിക്ക് എരിവു തോന്നി.
4 അവൎക്കു മരണത്തോളം വ്യഥകൾ ഇല്ല
അവരുടേ ഊറ്റം തടി വെച്ചു;
5 മർത്യനേറ അദ്ധ്വാനത്തിൽ അവർ കൂടുകയും
മനുഷ്യരോട് ഒന്നിച്ചു തല്ലുകൊൾകയും ഇല്ല.
6 അതുകൊണ്ടു ഡംഭം അവൎക്കു കണ്ഠാഭരണവും
സാഹസം പുതെപ്പുമായി.
7 തൻ കണ്ണു മേദസ്സിൽ തുടിച്ചും
ഹൃദയത്തിലേ ഭാവനകൾ വഴിഞ്ഞും കാണുന്നു.
8 അവർ ഇളിച്ചു വല്ലാത്ത പീഡകളെ ഉരിയാടും
ഉയരത്തിൽനിന്നു സംസാരിക്കും;
9 തങ്ങളുടേ വായി സ്വൎഗ്ഗത്തിൽ ആക്കും
അവരുടേ നാവു ഭൂമിയിൽ പെരുമാറും.
10 അതുകൊണ്ടു (ദുഷ്ടൻ) തന്നേറ ജനത്തെ ഇതിലേക്കു തിരിപ്പിക്കും,
അവർ നിറയ വെള്ളം ഊമ്പുകയും:
11 ഹോ ദൈവത്തിന്നു് എങ്ങനേ തിരിയും
അത്യുന്നതന്നു് അറിവുണ്ടോ എന്നു പറകയും ചെയ്യും.
12 കണ്ടാലും ഇപ്രകാരം ദുഷ്ടന്മാർ
നിത്യം നിർഭയരായി പ്രാപ്തിയെ വർദ്ധിപ്പിച്ചു.
13 എന്നാൽ എൻ ഹൃദയത്തെ ഞാൻ നിർമ്മലീകരിച്ചതും
നിർദ്ദോഷത്തിൽ കരങ്ങളെ കഴുകിയതും വെറുതേ അത്രേ;
14 ഞാൻ എല്ലാനാളും തല്ലുകൊണ്ടു താനും.
എനേറ ശിക്ഷ രാവിലേ രാവിലേ (തട്ടും).
15 അവർ കണക്കേ ഞാനും വർണ്ണിക്കട്ടേ എന്നു ഞാൻ ചൊല്ലിലോ
അല്ലയോ നിനേറ മക്കളുടേ തലമുറയോടു് ഇതാ ഞാൻ ദ്രോഹിച്ചു പോയി.
16 ആയതു ബോധിപ്പാൻ ഞാൻ നണ്ണികൊണ്ടു
എൻ കണ്ണുകളിൽ അതു വ്യസനമായതു.

17 ഞാൻ ദേവന്റെ വിശുദ്ധസ്ഥലങ്ങളിൽ പുക്കു
അവരുടേ അവസാനം വിവേചിക്കുംവരേ തന്നേ.
18 വഴുതലുള്ളതിൽ അത്രേ നീ അവരെ ആക്കുന്നു
ഇടിപൊടിയോളം അവരെ വീഴിക്കുന്നു.
19 ക്ഷണത്തിൽ അവർ പാഴായി പോയി
അറുതി വന്നു മെരുൾ പൂണ്ടു സന്നമായത് എങ്ങനേ!
20 ഉണരുമ്പോൾ കിനാവിനൊത്തവണ്ണം;
കർത്താവേ നീ ജാഗരിച്ചാൽ അവരുടേ ബിംബത്തെ നിരസിക്കുന്നു.
21 ഞാനോ ഹൃദയം പുളിച്ചും
ഉൾപൂവുകൾ തുളെഞ്ഞും പോയപ്പോൾ,
22 അറിയാത്ത പൊട്ടനും
നിന്നോടു കന്നുകാലിയും ആയിരുന്നു.
23 എന്നിട്ടും നിത്യം ഞാൻ നിന്നോടത്രേ
എന്റെ വലങ്കൈ നീ പിടിച്ചുവല്ലോ.
24 നിൻ ആലോചനയാൽ എന്നെ നടത്തും
പിന്നേ തേജസ്സിൽ എന്നെ ചേർത്തുകൊള്ളും.
25 സ്വർഗ്ഗങ്ങളിൽ എനിക്ക് (മറ്റ്) ആർ ഉള്ളൂ?
ഭൂമിയിൽ നിന്നെ ഒഴികേ ഞാൻ ആഗ്രഹിക്കുന്നതും ഇല്ല.
26 എൻ ദേഹവും ദേഹിയും മാഴ്കി
എന്നാലും ദൈവം എന്നും എന്റെ ഹൃദയപ്പാറയും എൻ ഓഹരിയും തന്നേ.
27 നിന്നോട് അകന്നവർ അതാ കെട്ടു പോകുമല്ലോ,
നിന്നെ വിട്ടു പുലയാടുന്നവനെ ഒക്കയും നീ ഒടുക്കുന്നു.
28 എനിക്കോ ദേവസാമീപ്യം നല്ലൂ
നിന്റെ തൊഴിലുകളെ എല്ലാം ഞാൻ വർണ്ണിപ്പാനായി
യഹോവയായ കർത്താവിൽ എൻ ആശ്രയം വെച്ചിരിക്കുന്നു.

74. സങ്കീർത്തനം

യരുശലേമിലേ ദേവാലയത്തിന്റെ സംഹാരത്താൽ സങ്കടപ്പെട്ട (10) സർവ്വശക്തന്റെ സഹായത്തിൽ ആശ്രയിച്ചു (18) ദേവജനത്തിൻ ഉദ്ധാരണത്തിനായി അപേക്ഷിച്ചതു (കാലം: ബാബൽ പ്രവാസം).

ആസാഫ്യ ഉപദേശപ്പാട്ടു.

1 ദൈവമേ നീ എന്നേക്കും തള്ളിവിട്ടു
നിന്റെ മേച്ചലിലേ ആടുകളിൽ നിൻ കോപം പുകെക്കുന്നതു് എന്തിന്നു?
2 പണ്ടു നീ സമ്പാദിച്ച തിരുസഭയെയും
നിൻ അവകാശഗോത്രത്തെ (യിറ. 10, 16) വീണ്ടെടുത്തതും
നീ വസിച്ചു കൊണ്ട ചിയോൻ മലയെയും ഓർക്കേണമേ.
3 എന്നെന്നേക്കും ഇടിപൊടിയായതിലേക്കു നിൻ അടികളെ എഴുന്നെള്ളിക്ക,
വിശുദ്ധസ്ഥലത്തുള്ളതു് ഒക്കയും ശത്രു വിടക്കാക്കി.
4 നിന്റെ മാറാന്മാർ തിരുസങ്കേതസ്ഥലങ്ങളകത്തു് അലറുകയും
തങ്ങളുടേ അടയാളങ്ങളെ അടയാളങ്ങളാക്കി വെക്കയും
5 മരക്കാട്ടിൽ മഴു ചുഴറ്റി ഓങ്ങുമ്പോലേ കാണാകയും
6 അവറ്റിലേ കൊത്തുനിരകളെ ഒക്കത്തക്ക അതാ കോടാലി മുട്ടികളാലും
7 നിന്റെ വിശുദ്ധസ്ഥാനത്തിന്നു തീ കൊടുക്കയും [കുത്തുകയും
തിരുനാമത്തിൻ പാർപ്പിടത്തെ നിലംവരേ തീണ്ടിക്കയും ചെയ്തു.
8 അവർ ഹൃദയംകൊണ്ടു നാം ഇവരെ ഒക്കത്തക്ക വലെക്കട്ടേ എന്നു ചൊല്ലി
ദേശത്തിൽ ദേവസങ്കേതങ്ങളെ എല്ലാം ചുട്ടുകളഞ്ഞു.

9 ഞങ്ങളുടേ അടയാളങ്ങളെ കാണ്മാനില്ല
പ്രവാചകൻ ഇല്ലായ്വന്നു,
എത്രോടം എന്ന് അറിയുന്നവനും ഞങ്ങളോട് ഇല്ല.
10 ദൈവമേ മറുതല നിന്ദിപ്പതും
ശത്രു തിരുനാമത്തെ എന്നേക്കും നിരസിപ്പതും എത്രത്തോളം?
11 നിന്റേറ ഹസ്തവും വലങ്കൈയും മടക്കുന്നത് എന്തിന്നു?
മടിയുടേ അകത്തുനിന്നു (നീട്ടി) മുടിക്കുക!
12 എന്നിട്ടും ദൈവം പണ്ടേ എൻ രാജാവ്
ദേശത്തിന്നുള്ളിൽ രക്ഷകളെ പ്രവൃത്തിക്കുന്നവൻ.
13 നിന്റേറ ശക്തിയാൽ നീ സമുദ്രത്തെ പിളൎന്നു
വെള്ളങ്ങളിൽ കടലാനകളുടേ തലകളെ ഉടെച്ചു;
14 മുതലതലകളെ നീ തകൎത്തു
വരണ്ട കരമേലുള്ള വംശത്തിന്ന് അവ തീനാക്കി കൊടുത്തു,
15 ഉറവും പുഴയും നീ പിടത്തു
നിത്യ നദികളെ വറ്റിച്ചു.
16 പകൽ നിന്റേറതു രാത്രിയും നിന്റേറതു
ജ്യോതിസ്സും സൂൎയ്യനെയും നീ നിറുത്തി,
17 ഭൂമിയുടേ അതിരുകളെ ഒക്കയും നീ സ്ഥാപിച്ചു
വേനലും ഹിമകാലവും ആയവ നീ നിർമ്മിച്ചു.
18 ഇവ ഓൎക്ക യഹോവയേ ശത്രു നിന്ദിച്ചു
മൂഢജനം തിരുനാമത്തെ നിരസിച്ചുവല്ലോ.
19 കൊതിയേറും ജന്തുവിന്നു നിന്റേറ കുറുപ്രാവിനെ കൊടുത്തു കളയല്ലേ,
നിന്റേറ എളിയവരുടേ സമൂഹത്തെ എന്നേക്കും മറക്കൊല്ല!
20 നിയമത്തെ നോക്കിക്കൊൾക!
ഭൂമിയിലേ കൂരിരിട്ടുകൾ സാഹസവാസങ്ങളാൽ നിറഞ്ഞിരിക്കുന്നുവല്ലോ.
21 ചതഞ്ഞവൻ ലജ്ജിച്ചു മടങ്ങാറ്റു
എളിയവനും ദരിദ്രനും തിരുനാമത്തെ സ്തുതിക്കുക!
22 ദൈവമേ എഴുനീല്ക്ക നിന്റേറ വ്യവഹാരത്തെ തീൎക്ക,
മൂഢനാൽ എല്ലാനാളും നിണക്കുള്ള നിന്ദയെ ഓൎക്കേണമേ;
23 നിന്റേറ മാറ്റാന്മാരുടേ ശബ്ദവും
നിന്റേറ വൈരികളുടേ നിനാദം നിത്യം കിളരുന്നതും മറക്കൊല്ല!

75. സങ്കീർത്തനം

വലിയ സങ്കടത്തിൽനിന്നു രക്ഷിക്കുന്ന ദൈവത്തെ സ്തുതിച്ചു (5) ശത്രുക്കളെ ശാസിച്ചു പ്രബോധിപ്പിച്ചു (10) ദുഷ്ടനിഗ്രഹത്തിന്നായി വാഴ്ത്തിയതു (കാലം: സങ്കീ. 46. 2 നാം.32, 8).

സംഗീതപ്രമാണിക്കു, നശിപ്പിക്കൊല്ല (57, 1);
ആസാഫ്യ കീൎത്തനയാകുന്ന പാട്ടു.

2 ദൈവമേ നിന്നെ ഞങ്ങൾ വാഴ്ത്തുന്നു നിന്നെ വാഴ്ത്തുന്നു,
തിരുനാമം സമീപം എന്നു നിന്റേറ അതിശയങ്ങളും കഥിക്കുന്നു.
3 ഞാൻ തക്കം കിട്ടി നേരായി വിധിക്കും;
4 ഭൂമിയും അതിൽ വസിക്കുന്നവരും എല്ലാം ഉരുകിപ്പോയി (46, 7)
അതിൻ തൂണുകളെ ഞാൻ തൂക്കി നാട്ടി എന്നത്രേ. (സേല)
5 ഞാൻ ഗൎവ്വികളോടു ഗൎവ്വിക്കരുതേ എന്നു പറയുന്നു,
ദുഷ്ടന്മാരോടും (ചൊല്ലുന്നിതു) കൊമ്പുയൎത്തായ്വിൻ,

6 പൊക്കത്തിൽ നിങ്ങളുടേ കൊമ്പ് ഉയർത്തുകയും
കഴുത്തു ഞെളിച്ചു തിളപ്പുരെക്കയും ഒല്ല!
7 കാരണം കിഴക്കു പടിഞ്ഞാറുകളിൽ നിന്നല്ല
മരുവിൽനിന്നും അല്ല ഉയർച്ച വരുന്നതു.
8 ന്യായം വിധിക്കുന്നവൻ ദൈവമത്രേ,
അവൻ ഇവനെ താഴ്ത്തും ഇവനെ ഉയർത്തുകയും ചെയ്യും.
9 യഹോവയുടേ കൈയിൽ ഒരു പാനപാത്രമുള്ളതു
വീഞ്ഞു നരെച്ചും വിരകിയ മദ്യം നിറഞ്ഞും ഇരിക്കുന്നു;
അതിൽനിന്ന് അവൻ പകർന്നു കൊടുക്കും,
ഭൂമിയിലേ സകല ദുഷ്ടന്മാരും അതിൻ ഊറലും മോണ കുടിക്കേയുള്ളു.
10 (എന്നതു) ഞാൻ യുഗപര്യന്തം കഥിക്കയും
യാക്കോബിൻ ദൈവത്തെ കീർത്തിക്കയും,
11 ദുഷ്ടരുടേ കൊമ്പുകളും എല്ലാം അറുക്കയും ചെയ്യും,
നീതിമാന്റേ കൊമ്പുകളും ഉയർത്തപ്പെടും (താനും).

76. സങ്കീർത്തനം

സൻഹരീബെ നിഗ്രഹിച്ച ദൈവം (5) യുദ്ധവീരനും (8) ന്യായാധിപനും ആയി വിളങ്ങുകയാൽ (11) ഏവരാലും സ്തുത്യൻ (കാലം: സങ്കീ. 46, 75. 2 നാള. 32, 23).

സംഗീതപ്രമാണിക്കു, കമ്പിനാദത്തോടേ;

ആസാഫ്യ കീർത്തനയാകുന്ന പാട്ടു.

2 യഹൂദയിൽ ദൈവം അറിയപ്പെട്ടവൻ
ഇസ്രയേലിൽ അവന്റേ പേർ വലിയതു.
3 ശലേമിൽ അവന്റേ കുടിലും
ചിയോനിൽ അവന്റേ പാർപ്പും ആയി.
4 അവിടേക്ക് അവൻ വില്ലിൻ മിന്നലുകളെ പൊട്ടിച്ചു
പലിശയും വാളും യുദ്ധവും (മുട്ടിച്ചു). (സേല)
5 നീയേ പ്രതാപവാൻ
കവർച്ച മലകളേക്കാൾ നിരന്നവൻ
6 മനമിടുക്കന്മാർ കവരപ്പെട്ട സ്വനിദ്രയെ ഉറങ്ങി
പ്രാപ്തിയേറും പുരുഷർ ആരും തൻ കൈ കണ്ടെത്തിയതും ഇല്ല.
7 യാക്കോബിൻ ദൈവമേ നീ പഴിക്കയാൽ
രഥവും അശ്വവും സുഷുപ്തിയിൽ ആയി.
8 നീ, നീ ഭയങ്കരൻ!
നിൻ കോപം തുടങ്ങുമ്പോൾ തിരുമുമ്പിൽ ആർ നില്ക്കും?
9 സ്വർഗ്ഗത്തിൽനിന്നു നീ നടുതീർപ്പു കേൾപിച്ചു
ഭൂമി ഭയപ്പെട്ട് അടങ്ങി പാർത്തു,
10 ഭൂമിയിലേ സാധുക്കളെ ഒക്കയും രക്ഷിപ്പാൻ
ദൈവം ന്യായവിധിക്കു് എഴുനീല്ക്കയിൽ തന്നേ. (സേല)
11 മനുഷ്യന്റേ ഊഷ്മാവ് നിന്നെ വാഴ്ത്തുന്നു സ്പഷ്ടം,
ഊഷ്മാക്കളുടേ ശേഷിപ്പും നീ അരക്കെട്ടാക്കിക്കൊള്ളും.
12 നിങ്ങളുടേ ദൈവമായ യഹോവെക്കു നേർന്നും ഒപ്പിച്ചും കൊടുപ്പിൻ!
അവന്റേ ചുറ്റും ഉള്ളവർ എല്ലാവരും ഭയങ്കരന്നു് തിരുമുല്ക്കാഴ്ച കൊണ്ടു
13 മന്നവന്മാരുടേ കരുത്തിനെ അരിയുമല്ലോ [വരു (68, 30)!
ഭൂരാജാക്കൾക്കു ഭയങ്കരനായവൻ.

77. സങ്കീർത്തനം

(2) നെടുങ്കഷ്ടത്തിൽ യഹോവയെ വിളിച്ചു (5) പണ്ടുള്ള നടപ്പുകളെ ഓർത്തു (8) സംശയിച്ചശേഷം (11) സ്തുതിപ്പാൻ ഒരുമ്പെട്ടു (14) ദൈവാത്ഭുതങ്ങളായ (17) ചെങ്കടൽ കടപ്പു ഇത്യാദികളെ വർണ്ണിച്ചതു.
യദീഥൂൻ (എന്ന വാദ്യക്കാരിൽ) സംഗീതപ്രമാണിക്കു (62, 1);
ആസാഫിന്റേ കീർത്തന.

2 എൻ ശബ്ദം ദൈവത്തിലേക്കായി, ഞാൻ നിലവിളിക്കുക,
എൻ ശബ്ദം ദൈവത്തിലേക്കു് ആക, എന്നെ ചെവികൊള്ളുക!
3 എന്റേ ഞെരിക്കനാളിൽ ഞാൻ കർത്താവേ അന്വേഷിച്ചു,
രാത്രിയിൽ എൻ കൈ തളരാതേ മലർത്തി,
എൻ ദേഹി ആശ്വാസപ്പെടുന്നതിനോടു മറുത്തു (1 മോ. 37, 35).
4 ദൈവത്തെ ഞാൻ ഓർത്തു മുറയിടും,
ചിന്തിച്ചിട്ടു് എൻ ആത്മാവു മാഴ്കുന്നു. (സേല)
5 എൻ കണ്ണിമകളെ നീ പിടിച്ചു വെച്ചു
ഞാൻ ഉരിയാടാതവണ്ണം ഇടിഞ്ഞു.
6 അന്നു പൂർവ്വദിവസങ്ങളെയും
യുഗങ്ങളുടേ ആണ്ടുകളെയും ഞാൻ എണ്ണി.
7 രാത്രിയിൽ എൻ വീണാനാദത്തെ ഞാൻ ഓർക്കുക
എൻ ഹൃദയത്തോടു ചിന്തിക്ക എന്നിട്ടു് എൻ ആത്മാവു് ആരാഞ്ഞിതു:
8 കർത്താവു് യുഗങ്ങളോളവും തള്ളിക്കളയുമോ?
പ്രസാദിപ്പാൻ ഇനി തോന്നുകയില്ലയോ?
9 അവന്റേ ദയ എന്നേക്കും ഒടുങ്ങിയോ?
തലമുറ തലമുറവരേയും വാഗ്ദത്തം തീർന്നു പോയോ?
10 കരുണ ചെയ്വാൻ ദേവൻ മറന്നുവോ?
തന്റേ കരളലിവിനെ കോപത്തിൽ അടെച്ചു വെച്ചുവോ? എന്നു തന്നേ.
11 പിന്നേ ഞാൻ പറഞ്ഞു: ഇതു് എന്റേ പിണി, [(സേല)
അത്യുന്നതന്റേ വലങ്കൈ വിളങ്ങും ആണ്ടുകൾ തന്നേ.
12 ഞാൻ യാഹിന്റേ വൃത്തികളെ ഓർപ്പിക്കും,
പണ്ടുള്ള നിൻ അത്ഭുതത്തെ ഓർക്കുമല്ലോ;
13 നിന്റേ കർമ്മം എല്ലാം ധ്യാനിച്ചും
നിൻ വൃത്തികളെ ചിന്തിച്ചുംകൊള്ളും.
14 ദൈവമേ, നിന്റേ വഴി വിശുദ്ധിയിൽ തന്നേ
ദൈവത്തോളം വലുതായ ദേവൻ ആർ?
15 അത്ഭുതം ചെയ്യുന്ന ദേവൻ നീ തന്നേ,
നിന്റേ ശക്തിയെ ജനക്കൂട്ടങ്ങളിൽ നീ അറിയിച്ചു.
16 നിൻ ജനത്തെ ഭുജത്താൽ വീണ്ടെടുത്തു
യാക്കോബ് യോസേഫ് എന്നവരുടേ മക്കളേ തന്നേ. (സേല)
17 വെള്ളങ്ങൾ നിന്നെ കണ്ടു
ദൈവമേ വെള്ളങ്ങൾ നിന്നെ കണ്ടു് ഈറ്റുനോവിലായി,
ആഴികൾ കലങ്ങി;
18 കാർമ്മേഘങ്ങൾ വെള്ളം ചൊരിഞ്ഞു,
ഇളമുകിലുകൾ മുഴക്കം കേൾപിച്ചു,
തിരുശരങ്ങൾ ഊടാടി;
19 നിന്റേ ഇടിശബ്ദം വട്ടം ചുഴന്നു,
മിന്നലുകൾ ഊഴിയെ പ്രകാശിപ്പിച്ചു
ഭൂമി കുലുങ്ങി നടുങ്ങി.

20 നിന്നേറ വഴി സമുദ്രത്തിലും തിരുപാതകം പെരുവെള്ളത്തിലും ആയി,
നിന്നേറ ച്വവടുകം അറിയപ്പെട്ടതും ഇല്ല.
21 ആട്ടിക്കൂട്ടം പോലേ നിൻ ജനത്തെ
മോശ അഹരോന്മാരുടേ കൈയാൽ നീ വഴി നടത്തി.

78. സങ്കീർത്തനം

മോശയുടേ കാലത്തെ ഓത്തു (5) ധമ്മവെപ്പിന്നേറ താല്പര്യത്തെ സൂചിപ്പിച്ചശേഷം (9) എഫ്രയീം നടത്തുന്ന സമയം കല്പനാലംഘനം ആക്രമിച്ചതിനാൽ (12) ഇസ്രയേൽ പണ്ടുള്ളവരെ പോലേ അവിശ്വാസത്തിൽ ദുഷിച്ചുപോയി (43) മിസ്രയീൽ ചെയ്ത ദേവാത്ഭുതങ്ങളും മറും മറന്നു പോകകൊണ്ടു (57) ദൈവം എഫ്രയിമെ താഴ്ത്തി ശീലോവെ വിട്ടു (65) യൂദാവിൽ കടാക്ഷിച്ചു ചിയോൻ ദാവിദ് എന്ന നാമങ്ങളെ തെരിഞ്ഞെടുത്തതിനാൽ 12 ഗോത്രങ്ങളെയും പ്രബോധിപ്പിച്ചതു.

ആസാഫിന്നേറ ഉപദേശപ്പാട്ടു.

1 **എ**ന്നേറ ജനമേ എൻ ധമ്മോപദേശത്തെ ചെവിക്കൊംക,
എന്നേറ വായ്മൊഴികംക്കു കാതു ചായ്പിൻ!
2 ഞാൻ ഉപമയാൽ എന്നേറ വായി തുറക്കട്ടേ
പുരാണ (ചരിത്ര)ത്തിൽനിന്നു കടങ്കഥ പൊഴിയട്ടേ!
3 നാം കേട്ടറിഞ്ഞും
പിതാക്കന്മാർ നമ്മോടു വിവരിച്ചും ഉള്ളവ തന്നേ,
4 അവരുടേ മക്കളോടു നിഷേധിക്കാതേ
പിറേറ തലമുറയോടു യഹോവയുടേ സ്തുതികളെയും
അവന്നേറ ഓജസ്സും അവൻ ചെയ്ത അതിശയങ്ങളും നാം വണ്ണിച്ചു പോരുക.
5 അവനാകട്ടേ യാക്കോബിൽ സാക്ഷ്യം സ്ഥാപിച്ചു
ഇസ്രയേലിൽ ധമ്മത്തെ വെച്ചപ്പോം,
നമ്മുടേ പിതാക്കന്മാരോടു ആയവ തങ്ങളുടേ മക്കളെ അറിയിപ്പാൻ കല്പി
6 പിറേറ തലമുറ ഗ്രഹിക്കയും [ച്ചു.
ജനിപ്പാനുള്ള മക്കം എഴുനീറു തങ്ങളുടേ മക്കളോടു വിവരിക്കയും,
7 ഇവർ തങ്ങളുടേ പ്രത്യാശ ദൈവത്തിങ്കൽ വെക്കയും
ദേവന്നേറ വൃങ്കിയകളെ മറക്കാതേ തൽകല്പനകളെ സൂക്ഷിക്കയും
8 പിതാക്കളെ പോലേ ഹൃദയം ഒരുക്കാതേ
ദേവനോടു വിശ്വസ്തമല്ലാത്ത ആത്മാവുള്ള കൂട്ടമായി
മത്സരിച്ചും മുറുത്തും കൊള്ളുന്ന തലമുറയായി പോകായ്കയും ചെയ്വാനുതിന്ന
9 എഫ്രയീം പുത്രന്മാർ വില്ലാളികളായ ആയുധപാണികം എങ്കിലും [ത്രേ.
അടൽ പോരുന്ന നാളിൽ പിന്തിരിഞ്ഞു;
10 ദൈവത്തിൻ നിയമത്തെ അവർ കാക്കാതേ
അവന്നേറ ധമ്മത്തിൽ നടക്കുന്നതു വെറുത്തു,
11 തൽപ്രവൃത്തികളെയും
അവൻ അവക്കു കാണിച്ച അതിശയങ്ങളെയും മറന്നു വിട്ടു.
12 ആയവൻ മിസ്രദേശത്തു ചാനി നാട്ടിൽ
അവരുടേ പിതാക്കന്മാർ കാൺകേ അതിശയം ചെയ്തു:
13 സമുദ്രം പിളൎന്നു അവരെ കടത്തി
അണ പോലേ വെള്ളങ്ങളെ നിറുത്തി (2 മോ. 15,8);
14 പകലിൽ മേഘത്താലും
രാത്രി എല്ലാം അഗ്നിപ്രകാശത്താലും അവരെ നടത്തി.

15 മരുവിലേ പാറകളെ പിളൎന്ന
ആഴികൊണ്ട് എന്ന പോലേ അവരെ പെരികേ കുടിപ്പിച്ചു
16 ശൈലത്തിൽനിന്ന് ഒഴുക്കുകളെ പുറപ്പെടുവിച്ചു
പുഴകൾ കണക്കേ നീർ ഇറക്കി.
17 ആയവരോ ഇനിയും അവനോടു പാപം ചെയ്തു
വരണ്ടതിൽ അത്യുന്നതനോടു മുത്തു പോന്നു,
18 തങ്ങളുടേ കൊതിക്ക് ആഹാരം ചോദിപ്പാന്തക്കവണ്ണം
ഹൃദയം കൊണ്ടു ദേവനെ പരീക്ഷിച്ചു:
19 ദേവൻ മരുവിലും മേശ ഒരുക്കുവാൻ ശക്തനോ?
20 അതാ പാറയെ അവൻ അടിപ്പിച്ചിട്ടു വെള്ളങ്ങൾ വഴിഞ്ഞു
തോടുകൾ ഒലിച്ചുവല്ലോ;
അപ്പം തരുവാൻ കൂടേ കഴിയുമോ?
സ്വജനത്തിന്ന് ഇറച്ചി എത്തിക്കുമോ?
എന്നു ചൊല്ലി ദൈവത്തിന്ന് എതിർ പറഞ്ഞു.
21 എന്നതു കേട്ടിട്ടു യഹോവ കെറുത്തു
യാക്കോബിന്നു നേരേ തീ കത്തി
ഇസ്രയേലിന്നു നേരേ കോപം കിളൎന്നു,
22 അവർ ദൈവത്തിൽ വിശ്വസിക്കാതേയും
അവന്റേ രക്ഷയിൽ ആശ്രയിക്കാതേയും പോകയാൽ തന്നേ.
23 മീത്തൽ ഇളമുകിലെ കല്പിച്ചു
വാനവാതിലുകളെ തുറന്നു,
24 തിന്മാൻ അവരുടേ മേൽ മന്ന വർഷിച്ചു
സ്വർഗ്ഗധാന്യം അവൎക്കു കൊടുത്തു;
25 ശൌര്യവാന്മാരുടേ അപ്പം അവനവൻ തിന്നു
തൃപ്തിയോളം അവൎക്കു വഴിയൂട്ട് അയച്ചു.
26 കിഴക്കങ്കാറ്റെ വാനത്തിൽ (നിന്നു) യാത്രയാക്കി
സ്വശക്തിയാൽ തെന്നലിനെ വരുത്തി,
27 അവരിൽ ധൂളി പോലേ ഇറച്ചിയും
കടലിലേ മണൽ പോലേ ചിറകുറ്റ പക്ഷിയും പെയ്തു,
28 പാളയനടുവിലും
അവരുടേ പാർപ്പിടങ്ങൾക്കു ചുറ്റും വീഴിച്ചു;
29 അവരും തിന്നു ഏറ്റം തൃപ്തരായി
അവൎക്ക് അവൻ ആഗ്രഹം പോലേ വരുത്തി.
30 ആഗ്രഹിച്ചതിനോട് അവർ വേർവിടാതേ
അവരുടേ ഭക്ഷണം വായിൽ ഉള്ളപ്പോൾ തന്നേ
31 ദൈവകോപം അവരെക്കൊള്ള കിളൎന്നു
അവരിൽ തടി വെച്ചവരെ അവൻ കൊന്നു
ഇസ്രയേൽ യുവാക്കളെ കമിഴ്ത്തിക്കളഞ്ഞു.
32 ഇതെല്ലാം സംഭവിച്ചിട്ടും അവർ പിന്നേയും പാപം ചെയ്തു വന്നു
അവന്റേ അതിശയങ്ങളാൽ വിശ്വസിച്ചതും ഇല്ല (4 മോ. 14,11).
33 അവനും മായയിൽ അവരുടേ നാളുകളെയും
ത്രാസത്തിൽ അവരുടേ ആണ്ടുകളെയും ക്ഷയിപ്പിച്ചു.
34 അവരെ കൊന്നാൽ അവനെ തിരയും,
മടങ്ങി വന്നു ദേവനെ തേടുകയും,
35 ദൈവം തങ്ങളുടേ പാറ എന്നും
അത്യുന്നത ദേവൻ തങ്ങളെ വീണ്ടെടുപ്പുകാരൻ എന്നും ഓൎക്കയും ചെയ്യും.
36 വായികൊണ്ട് അവനു ബോധം വരുത്തി
നാവുകൊണ്ട് അവനു ഭോഷ്കു പറയും;

37 അവരുടേ ഹൃദയം അവനോട്ട സ്ഥിരമല്ല താനും;
അവന്റേറ നിയമത്തിൽ അവർ ഉറെച്ചതും ഇല്ല.
38 ആയവനോ കരളലിഞ്ഞു
ദ്രോഹത്തെ മൂടിക്കളകയും നശിപ്പിക്കായ്കയും
അനന്നം സ്വകോപത്തെ മടക്കയും
തന്റേറ എല്ലാ ഊഷ്മാവിനെ ഉണ൪ത്തായ്കയും ചെയ്യും;
39 അവർ ജഡം എന്നും തിരിഞ്ഞു
വരാതേ പോയ്പോകുന്ന ശ്വാസം എന്നും അവൻ ഓത്തു.
40 മരുഭ്രമിയിൽ അവർ എത്രവട്ടം അവനോട്ട മറുത്തു
പാഴ്നിലത്തിൽ അവനെ മുഷിപ്പിച്ചു!
41 തിരികേ തിരികേ ദേവനെ പരീക്ഷിച്ചു
ഇസ്രയേലിന്റേറ വിശുദ്ധനെ ഉഴപ്പിച്ചു.
42 മാററാനിൽനിന്ന് അവരെ വീണ്ടുകൊണ്ട നാൾ
അവന്റേറ കയ്യേ അവർ ഓത്തില്ല;
43 മിസ്രയിൽ അവൻ തന്റേറ അടയാളങ്ങളെയും
ചാനി നാട്ടിൽ തൻ അത്ഭുതങ്ങളെയും ഇട്ടതും,
44 അവരുടേ കൈ വഴികളെ രക്തമാക്കി മാററി
തോടുകളെ കുടിക്കാതാക്കി ചമെച്ചതും,
45 പോന്തകം അവരിൽ അയച്ചു തിന്നിച്ചു
തവള (മുതലായതിനാൽ) നശിപ്പിച്ചതും,
46 അവരുടേ വിളവിനെ വെട്ടുകിളിക്കും
അവരുടേ പ്രയത്നത്തെ തുള്ളന്നും കൊടുത്തതും,
47 കന്മഴകൊണ്ട് അവരുടേ മുന്തിരിവള്ളിയും
ആലിപ്പഴംകൊണ്ട് അമാറത്തികളും വധിച്ചതും,
48 അവരുടേ കന്നുകാലികളെ കന്മഴക്കും
മൃഗക്കൂട്ടങ്ങളെ ജ്വാലകൊക്കും സമർപ്പിച്ചതും,
49 തൻ കോപത്തിൻ ചൂട ചീററം ഈറൽ പീഡ
ഇവറേറാട ദുർദ്ദൂതന്മാരുടേ വ്യൂഹത്തെ അവരിൽ അയച്ചൂട്ട.
50 സ്വകോപത്തിന്ന മാഗ്ഗം നികത്തി
മരണത്തോട് അവരുടേ പ്രാണനെ വിലക്കാതേ
മഹാവ്യാധിയിൽ അവരുടേ ജീവനെ സമർപ്പിച്ചു,
51 മിസ്രയിലേ കടിഞ്ഞൂലിനെ ഒക്കയും
ഹാം കൂടാരങ്ങളിലേ വീര്യങ്ങളുടേ മീത്ത് എല്ലാം അടിച്ചതും,
52 ആട്ടിങ്കൂട്ടം പോലേ സ്വജനത്തെ യാത്രയാക്കി
നിവഹം കണക്കേ മരുവിൽ കൂടി തെളിച്ചതും,
53 താൻ നിർഭയമായി നടത്തുകയാൽ
അവർ പേടിയാതേ നില്ക്കേ ശത്രുക്കളെ സമുദ്രം മൂടിയതും,
54 തന്റേറ വിശുദ്ധ അതിരിലേക്ക്
തന്റേറ വലങ്കൈ സമ്പാദിച്ച ഈ മലയോളം അവരെ വരുത്തിയതും,
55 ജാതികളെ അവരുടേ മുമ്പിൽനിന്ന നീക്കി
അളത്തക്കയറുകൊണ്ട് അവകാശമാക്കിക്കളഞ്ഞു
അവരുടേ കൂടാരങ്ങളിൽ ഇസ്രയേൽ ഗോത്രങ്ങളെ താൻ കുടിയിരുത്തിയതും
[(അവർ മറന്ന കഷ്ടം,)
56 അനന്തരം അവർ അത്യുന്നത ദൈവത്തെ പരീക്ഷിച്ചു മറുത്തു
അവന്റേറ സാക്ഷ്യങ്ങളെ പ്രമാണിക്കാതേ,
57 തങ്ങളുടേ അപ്പന്മാരെ പോലേ ചതിച്ചു പിൻവാങ്ങി
കൃത്രിമവില്ലു കണക്കേ മറിഞ്ഞു പോയി,

58 തങ്ങളുടേ കന്നുകാവുകളെ കൊണ്ട് അവന്നു വ്യസനവും
വിഗ്രഹങ്ങളാൽ എരിവും വരുത്തി.
59 എന്നതു ദൈവം കേട്ടിട്ടു കെറുത്തു (21)
ഇസ്രയേലേ ഏറേം നിരസിച്ചു,
60 മനുഷ്യരിൽ വസിപ്പിച്ച കൂടാരമാകുന്ന
ശീലോ പാർപ്പിടത്തെ ഉപേക്ഷിച്ചു,
61 സ്വശക്തിയെ പ്രവാസത്തിലും
തന്റേ അഴകിനെ മാറാന്റേ കൈയിലും കൊടുത്തു,
62 സ്വജനത്തെ വാളിന്നു സമർപ്പിച്ചുകളഞ്ഞു
തന്റേ അവകാശത്തോടു കെറുത്തു (1 ശമു. 4).
63 അവന്റേ യുവാക്കളെ അഗ്നി ഭക്ഷിച്ചു
അവന്റേ കന്യമാരെ (വേളിപ്പാട്ടുകളാൽ) കൊണ്ടാടുമാറില്ല;
64 അവന്റേ പുരോഹിതന്മാർ വാളാൽ പട്ടു
അവന്റേ വിധവമാർ കരയാതേ നില്ക്കും.
65 അപ്പോൾ കർത്താവ് നിദ്രിതനെ പോലെ ഉണർന്നു
വീഞ്ഞിനാൽ അട്ടഹാസിക്കുന്ന ശൂരനോടു ഒത്തു,
66 തന്റേ മാറാന്മാരെ പിന്നോക്കം തല്ലി
നിത്യനിന്ദ അവർക്കു ഏകി.
67 യോസേഫിൻ കൂടാരത്തെ നിരസിച്ചു
എഫ്രയീം ഗോത്രത്തെ തെരിഞ്ഞെടുക്കാതേ
68 യഹൂദഗോത്രത്തെയും
താൻ സ്നേഹിച്ച ചിയോൻ മലയെയും തെരിഞ്ഞെടുത്തു.
69 ഉന്നത (സ്വർഗ്ഗം) പോലേ തന്റേ വിശുദ്ധസ്ഥലത്തെ പണിചെയ്തു
യുഗത്തോളം അടിസ്ഥാനം ഇട്ട ഭൂമികണക്കേ (ആക്കി);
70 സ്വദാസനായ ദാവിദെ വരിച്ചു
ആട്ടിൻതൊഴുത്തുകളിൽനിന്ന് എടുത്തു
71 ആടുതള്ളകളുടേ പിന്നിൽനിന്ന് അവനെ വരുത്തി
സ്വജനമായ യാക്കോബെ
തൻ അവകാശമായ ഇസ്രയേലേ തന്നേ മേയിപ്പാൻ ആക്കി.
72 ആയവൻ ഹൃദയത്തികവിനോടേ അവരെ മേച്ചുകൊണ്ടു
കൈകളുടെ സാമർത്ഥ്യംകൊണ്ട് അവരെ നടത്തുകയും ചെയ്തു.

79. സങ്കീർത്തനം

യരുശലേമിന്റെ നാശം നിമിത്തം സങ്കടപ്പെട്ട (5) രക്ഷയും (10) പ്രതിക്രിയയും അപേക്ഷിച്ചതും (കാലം: സങ്കീ. 74).

ആസാഫ്യ കീർത്തന.

1 ദൈവമേ ജാതികൾ നിന്റേ അവകാശത്തിൽ കടന്നു
നിന്റേ വിശുദ്ധമന്ദിരത്തെ തീണ്ടിച്ചു
യരുശലേമെ ഇടിഞ്ഞ കല്ക്കൂമ്പ ആക്കി വെച്ചു.
2 നിന്റേ ദാസന്മാരുടേ ശവം വാനത്തിലേ പക്ഷിക്ക് ഇരയാക്കി
നിന്റേ ഭക്തന്മാരുടേ മാംസം ഭൂമിയിലേ മൃഗത്തിന്നു കൊടുത്തു.
3 അവരുടേ രക്തം യരുശലേമിന്റെ ചുറ്റും വെള്ളംപോലേ ഒഴിച്ചു കളഞ്ഞു
കുഴിച്ചിടുന്നവൻ ഇല്ലാഞ്ഞു.
4 ഞങ്ങൾ അയല്ക്കാർക്കു നിന്ദയും
ചുറ്റുമുള്ളവർക്കു ഹാസ്യവും ഇളപ്പവും ആയി ചമഞ്ഞു (44,14).

5 യഹോവേ, നീ എന്നേക്കും കോപിപ്പതും
നിന്റെ എരിവു തീ പോലേ കത്തുവതും എത്രത്തോളം?
6 നിന്നെ അറിയാത്ത ജാതികളിലും
തിരുനാമത്തെ വിളിക്കാത്ത രാജ്യങ്ങളുടേ മേലും നിന്റെ ഊഷ്മാവിനെ
7 യാക്കോബിനെ തിന്ന [പകരുക!
അവന്റെ വാസം അവർ പാഴാക്കിക്കളഞ്ഞുവല്ലോ (യിറ. 10,25).
8 പൂർവ്വന്മാരുടേ അകൃത്യങ്ങളെ ഞങ്ങൾക്കു നേരേ ഓർക്കൊല്ല!
നിന്റെ കരളലിവുകളാൽ ഞങ്ങളെ മുമ്പിടുവാൻ ബദ്ധപ്പെടേണമേ;
ഞങ്ങൾ ഏറ്റം മെലിഞ്ഞുവല്ലോ.
9 ഞങ്ങളുടേ രക്ഷാദൈവമേ, തിരുനാമത്തിൻ തേജസ്സു നിമിത്തം
ഞങ്ങളെ തുണെക്കയും ഉദ്ധരിക്കയും
തിരുനാമം ഹേതുവായി ഞങ്ങളുടേ പാപങ്ങളെ മൂടിക്കളയേണമേ!
10 ഇവരുടേ ദൈവം എവിടേ എന്നു ജാതികൾ എന്തിന്നു പറവു? (യോവേൽ
നിന്റെ ദാസന്മാരുടേ രക്തം ചിന്നിയതിന്റെ പ്രതിക്രിയ [2,17)
ജാതികളിൽ ഞങ്ങളുടേ കണ്ണുകൾ കാൺകെ അറിയായ്വരേണമേ (5മോ.
11 ബദ്ധന്റെ ഞരക്കം തിരുമുമ്പിൽ വരികയാവു; [32, 43)!
നിന്റെ ഭുജത്തിൻ മഹിമെക്കു തക്കവണ്ണം മൃത്യുപുത്രരെ ശേഷിപ്പിച്ചാലും,
12 ഞങ്ങളുടേ അയല്ക്കാർ നിന്നെ നിന്ദിച്ച നിന്ദയെ
കർത്താവേ, ഏഴു മടങ്ങായി അവരുടേ മടിയിലേക്കു മടക്കുക!
13 നിന്റെ ജനവും നിൻ മേച്ചലിലേ ആടുകളുമായുള്ള ഞങ്ങളോ (71,1)
എന്നും നിന്നെ വാഴ്ത്തുകയും
തലമുറതലമുറയോളം നിന്റെ സ്തുതിയെ വർണ്ണിക്കയും ചെയ്യും.

80. സങ്കീർത്തനം

ഞെരുങ്ങുന്ന (വടക്കേ) രാജ്യത്തിന്നു വേണ്ടി സഹായം അപേക്ഷിച്ചു (5) സങ്കടത്തെ വർണ്ണിച്ചു (9) ദൈവം നട്ട വള്ളിയുടേ അവസ്ഥയെ ഓർപ്പിച്ചു (15)

യഥാസ്ഥാനത്തിലാക്കുവാൻ യാചിച്ചതു.

സംഗീതപ്രമാണിക്കു; സാക്ഷ്യത്തിൻ താമരകളെ രാഗത്തിൽ;

ആസാഫിന്റെ കീർത്തന.

2 ഇസ്രയേലിൻ ഇടയനേ, ചെവിക്കൊള്ളേണമേ!
യോസേഫിനെ ആടുകളെ പോലേ തെളിക്കുന്നവനേ,
കൂബുകളിൽ വസിക്കുന്നവനേ, വിളങ്ങി വന്നാലും!
3 എഫ്രയിം ബിന്യമീൻ മനശ്ശി ഇവരിൻ മുമ്പിൽ (4 മോ. 2, 17 *ss*)
നിന്റെ ശൌര്യത്തെ ഉണർത്തി
ഞങ്ങൾക്കു രക്ഷെക്കായി ചെല്ലുകേ വേണ്ടു!
4 ദൈവമേ, ഞങ്ങളെ യഥാസ്ഥാനത്താക്കി
ഞങ്ങൾ രക്ഷപെടുവാൻ തിരുമുഖത്തെ പ്രകാശിപ്പിക്കേണമേ!
5 സൈന്യങ്ങളുടെ ദൈവമായ യഹോവേ,
നിൻ ജനത്തിന്റെ പ്രാർത്ഥനയെ കൊള്ളേ നീ എത്രത്തോളം പുകെക്കുന്നു?
6 നീ കണ്ണീരപ്പംകൊണ്ടു് അവരെ ഊട്ടി
കുറി നിറയെ കണ്ണുനീരുകളും കുടിപ്പിക്കുന്നു.
7 നീ ഞങ്ങളെ അയല്ക്കാർക്കു വഴക്കാക്കി വെക്കുന്നു,
ഞങ്ങളുടേ ശത്രുക്കൾ തങ്ങളിൽ പരിഹസിക്കുന്നു.

8 സൈന്യങ്ങളുടേ ദൈവമേ ഞങ്ങളെ യഥാസ്ഥാനത്താക്കി
ഞങ്ങൾ രക്ഷപെടുവാൻ തിരുമുഖത്തെ പ്രകാശിപ്പിക്കേണമേ!
9 മിസ്രയീൽനിന്നു് നീ മുന്തിരിവള്ളിയെ പുറപ്പെടുവിച്ചു
ജാതികളെ പുറത്താക്കി അതിനെ നട്ടു(44, 3).
10 അതിന്റേറ മുമ്പിൽ നീ വാരി
അതും വേർ പാകി ഭൂമിയെ നിറെച്ചു.
11 മലകൾ അതിൻ നിഴലാലും
ദിവ്യദേവദാരുക്കൾ അതിൻ കൊടികളാലും മൂടി വന്നു.
12 കടലോളം തൻ കൊമ്പുകളെയും
[ഫ്രത്തു്] നദി വരേ തൻ തളിരുകളെയും നീട്ടി വിടും.
13 അതിന്റേറ മതിലുകൾ നീ എന്തിന്നു തകർത്തു
വഴിയിൽ കൂടി കടക്കുന്നവർ എല്ലാം പറിപ്പാറാക്കി?
14 കാട്ടിൽ നിന്നുള്ള പന്നി അതിനെ മാന്തി
നിലത്തിന്മേൽ ഇളകുന്നതു് അതിനെ മേഞ്ഞു കളയും.
15 സൈന്യങ്ങളുടേ ദൈവമേ, അല്ലയോ തിരിഞ്ഞു വന്നു
സ്വർഗ്ഗത്തിങ്കൽ നോക്കി കണ്ടു ഈ വള്ളിയെ സന്ദർശിക്കേണമേ!
16 നിന്റേറ വലങ്കൈ നട്ടതിനെയും
നിണക്കായി നീ ഉറപ്പിച്ച മകനെയും ആചരാദിക്കേണമേ!
17 അതു തീയിൽ വെന്തു ചെത്തിപ്പോയി;
തിരുമുഖത്തിന്റേറ ശാസനയാൽ അവർ കെട്ടു പോകുന്നു.
18 നിന്റേറ വലങ്കൈക്കലേ പുരുഷനും [ഉണ്ടായിരിക്ക!
നിണക്കായി നീ ഉറപ്പിച്ച മനുഷ്യപുത്രനും ആയവന്റേറ മേൽ തൃക്കൈ
19 ഞങ്ങളോ നിന്നെ വിട്ടു പിൻവാങ്ങുകയില്ല [ചു യാചിക്കും.
ഞങ്ങളെ ഉയിർപ്പിച്ചു കൊള്ളേണമേ തിരുനാമത്തെ മാത്രം ഞങ്ങൾ വിളി
20 സൈന്യങ്ങളുടേ ദൈവമായ യഹോവേ, ഞങ്ങളെ യഥാസ്ഥാനത്താക്കി
ഞങ്ങൾ രക്ഷപെടുവാൻ തിരുമുഖത്തെ പ്രകാശിപ്പിക്കേണമേ!

81. സങ്കീർത്തനം

പെസഹ കൊണ്ടാടേണ്ടുന്നതു (5) അന്നു് ഇസ്രയേലിന്നു രക്ഷ വന്നതു കൊണ്ടത്രേ (7) ഇനി യഹോവയെ മാത്രം കേട്ടു സേവിച്ചാൽ (14) ജനത്തിന്നു് എത്ര ഭാഗ്യം.

സംഗീതപ്രമാണിക്കു; ഗത്ഥ്യരാഗത്തിൽ; ആസാഫിന്റേറതു.

2 നമ്മുടേ ശക്തിയാകുന്ന ദൈവത്തിന്നു് ആർപ്പിൻ
യാക്കോബിൻ ദൈവത്തിന്നു് ഘോഷിപ്പിൻ,
3 പാട്ടു കരേറുവിൻ വീണയോടും
മനോഹര കിന്നരവും ചെണ്ടയും കേൾപിപ്പിൻ!
4 അമാവാസ്യയിൽ കാഹളം ഊതുവിൻ
നമ്മുടേ ഉത്സവനാളാം പൌർണ്ണമിയിൽ തന്നേ!
5 കാരണം ഇസ്രയേലിന്നു് ഇതു വെപ്പും
യാക്കോബ്* ദൈവത്തിന്നു ന്യായവും ആകുന്നു.
6 അവൻ മിസ്രദേശത്തെ കൊള്ളേ പുറപ്പെടുമ്പോൾ
യോസേഫിന്നു ഇതു സാക്ഷ്യമാക്കി വെച്ചു.
ഞാൻ അറിയാത്ത ഭാഷയെ കേൾക്കുന്നിതു:
7 അവന്റേറ തോളിനെ ഞാൻ ചുമടിൽനിന്നു വേർവിടുത്തു
അവന്റേറ കരങ്ങൾ വട്ടിയിൽനിന്നു നീങ്ങിപ്പോയി.

8 ഞെരുക്കത്തിൽ നീ വിളിച്ചു ഞാൻ നിന്നെ വിടുവിച്ചു
ഇടിയുടേ മറയത്തുനിന്നു നിണക്കു ഉത്തരം ഏകി
വിവാദവെള്ളത്തിന്നരികേ നിന്നെ ശോധന ചെയ്തു. (സേല)
9 എൻ ജനമേ, കേൾക്ക ഞാൻ ആണയിട്ടു നിന്നെ പ്രബോധിപ്പിക്കട്ടേ,
ഇസ്രയേലേ എന്നെ കേട്ടുകൊണ്ടാലും!
10 അന്യദേവൻ നിന്നിൽ ഉണ്ടാകരുതു,
പരദേശദേവനെ കുമ്പിടരുതു!
11 മിസ്രദേശത്തുനിന്നു നിന്നെ കരേറുമാറാക്കിയ
യഹോവ എന്ന നിന്റെ ദൈവം ഞാൻ തന്നേ (2 മോ. 20, 2 s);
നിന്റെ വായെ വിസ്താരത്തിൽ തുറക്ക ഞാൻ അതിനെ നിറെക്കും.
12 എങ്കിലും എൻ ജനം എന്റെ ശബ്ദം കേൾക്കാതു
ഇസ്രയേലിന്നു എങ്കൽ മനസ്സില്ലാഞ്ഞു.
13 ഞാനും അവരുടേ ഹൃദയത്തിന്റെ ശാഠ്യത്തിൽ അവരെ ഏല്പിച്ചുകളഞ്ഞു
അവരുടേ ആലോചനകളിൽ അവർ നടന്നു.
14 എൻ ജനം എന്നെ കേട്ടു
ഇസ്രയേൽ എൻ വഴികളിൽ നടന്നാൽ (കൊള്ളായിരുന്നു);
15 ക്ഷണനേരത്തിൽ ഞാൻ അവരുടേ ശത്രുക്കളെ കുനിയുമാറാക്കി
മാറാന്മാരുടേ മേൽ എൻ കയ്യെ തിരിക്കും.
16 യഹോവയുടേ പകയർ (ഇസ്രയേലിനു) രണ്ടുന നടിക്കും
ഇവരുടേ കാലമോ യുഗത്തോളവും ഉണ്ടാം.
17 കോതമ്പിന്റെ സാരം കൊണ്ടു ഞാൻ അവനെ ഊട്ടി
പാറയിൽനിന്നു തേനുകൊണ്ടു നിന്നെ തൃപ്തനാക്കും (5 മോ. 32, 13s).

82. സങ്കീർത്തനം

ദേവസ്ഥാനത്തിലുള്ള ന്യായാധിപതിമാരെ ദൈവം ന്യായക്കേടു നിമിത്തം ശാസിച്ചു (5) ചെവിക്കൊള്ളായ്കയാൽ നാശം പ്രവചിച്ചതും (8) ദൈവത്തിന്റെ ന്യായവിധിക്കായിട്ടു അപേക്ഷയും.

ആസാഫിന്റെ കീർത്തന.

1 ദേവസഭയിൽ ദൈവം നിന്നുകൊണ്ടു
ദേവന്മാരുടേ നടുവിൽ ന്യായം വിധിക്കുന്നിതു:
2 നിങ്ങൾ വക്രതയിൽ വിസ്തരിപ്പതും
ദുഷ്ടന്മാരിൽ മുഖപക്ഷം ഭാവിപ്പതും എത്രത്തോളം? (സേല)
3 സാധുവിന്നും അനാഥന്നും ന്യായം വിധിപ്പിൻ!
എളിയവനെയും ദീനനെയും നീതീകരിപ്പിൻ!
4 നീചനെയും ദരിദ്രനെയും വിടുവിപ്പിൻ!
ദുഷ്ടരുടേ കയ്യിൽനിന്നു ഉദ്ധരിപ്പിൻ!
5 എന്നിട്ടും അവർ അറിയാതേയും
വിവേചിയാതേയും ഇരിട്ടിൽ നടക്കുന്നു.
(അതുകൊണ്ടു) ഭൂമിയുടേ അടിസ്ഥാനങ്ങൾ എല്ലാം ഇളകുന്നു.
6 ഞാനോ നിങ്ങൾ ദേവന്മാർ എന്നും (2 മോ. 21, 6. 22,8).
എല്ലാവരും അത്യുന്നതന്റെ മക്കൾ എന്നും പറഞ്ഞു സത്യം.
7 എങ്കിലും മാനുഷപ്രകാരം നിങ്ങൾ മരിച്ചു
പ്രഭുക്കളിൽ ഒരുത്തനെ പോലേ പട്ടും പോകും എന്നത്രേ.
8 ദൈവമേ എഴുനീറ്റു ഭൂമിക്കു ന്യായം വിധിക്കേണമേ!
സകല ജാതികളിലും അവകാശകർത്താവു നീയല്ലോ ആകുന്നു.

83. സങ്കീർത്തനം

വലുതായ ഞെരുക്കം (6) പത്ത പുറജാതികളുടേ കൂട്ട്ക്കെട്ടിനാൽ ഉണ്ടാ
യപ്പോൾ (10) പണ്ടുള്ള രക്ഷകളെ ഓർപ്പിച്ചു (14) ശത്രുശിക്ഷ അപേ
ക്ഷിച്ചതു; (കാലം: 48 പോലേ).

ആസാഫിന്റേ (സന്തതിയാൽ) കീർത്തനപ്പാട്ട.

2 ദൈവമേ, മിണ്ടാതിരിക്കൊല്ല,
ദേവ, മൌനമാകയും അടങ്ങി പാർക്കയും അരുതേ!
3 അതാ നിന്റേ ശത്രുക്കൾ മുഴങ്ങുകയും
നിൻ പകയർ തല പൊന്തിക്കയും,
4 തിരുജനത്തിന്റേ നേരേ കൌശലം മന്ത്രിച്ചു
നിന്റേ മറയത്തുള്ളവരെ കൊള്ളേ ആലോചിക്കയും ചെയ്തു ചൊല്ലുന്നതു:
5 അല്ലയോ നാം വന്നു അവരെ ജാതിയാകാതവണ്ണം സന്നമാക്കി
ഇസ്രയേൽനാമം ഇനി ഓർക്കപ്പെടാതാക്കി വെക്കുക!
6 ഇങ്ങനേ ഒക്കത്തക്ക ഹൃദയത്തോടേ ആലോചിച്ചു
നിന്നെക്കൊള്ളേ സഖ്യം ചെയ്തതു,
7 ഏദോം ഇശ്മയേലർ ഇവരുടേ കൂടാരങ്ങൾ
മോവാബ് ഹഗരരും,
8 ഗബാൽ അമ്മോൻ അമലേക്കും
തൂർ വാസികളോടേ ഫലിഷ്ടയും തന്നേ;
9 അശ്ശൂർ കൂടേ അവരോടു പറ്റിപ്പോയി
ലോത്തിൻ പുത്രന്മാർക്ക് ഇവർ ഭുജമായി വന്നു. (സേല)
10 അവരോട് നീ ചെയ്കേ വേണ്ടതു
മിദ്യാൻ സീസരാ യാബീൻ ഇവരോടു കീശോൻ താഴ്വരയിൽ (ചെയ്തതു)
11 ആയവർ എൻദോരിൽ തീർന്നു പോയി [പോലേ;
നിലത്തിന്നു വളമായി.
12 ഓറെബ് ജേബ് എന്നവരെ പോലേ അവരുടേ നായകന്മാരെയും
ജെബഃചലുമുന്ന എന്നപോലേ അവരുടേ എല്ലാ അഭിഷിക്തരെയും ഇടുക,
13 ദൈവത്തിൻ വാസങ്ങളെ നാം ഇങ്ങ് അടക്കുക
എന്നു ചൊല്ലുന്നവരെ തന്നേ!
14 എൻ ദൈവമേ, അവരെ ചുഴലിക്കണക്കേ
കാറ്റിനുമ്പിലേ കച്ചി പോലേയാക്കുക,
15 കാട്ടിനെ ദഹിപ്പിക്കുന്ന തീക്കും
മലകളെ കത്തിക്കുന്ന ജ്വാലെക്കും ഒത്തവണ്ണമേ,
16 നിന്റേ വിശറുകൊണ്ട് അവരെ ആട്ടി,
നിൻ കൊടുങ്കാറ്റിനാൽ മെരിട്ടുക!
17 അവരുടേ മുഖത്തിൽ ഇളപ്പം നിറെക്കേ വേണ്ടതു,
യഹോവേ, തിരുനാമത്തെ അവർ തിരയുവാനും,
18 നാണിച്ച് എന്നെന്നേക്കും ഭ്രമിച്ച്
അമ്പരന്നു കെടുവാനും തന്നേ.
19 പിന്നേ യഹോവ എന്ന നാമമുള്ള നീ മാത്രം സർവ്വ ഭൂമിയുടേ മേലും അ
എന്ന് അവർ അറിയുതാക. [ത്യുന്നതൻ

84. സങ്കീത്തനം

ദേവഭവനത്തിൽ വസിക്കുന്നതിന്റെ ഭാഗ്യവും (6) ഇളകാതേ ആശ്രയിക്കുന്നവരുടേ സൌഖ്യവും വർണ്ണിച്ചു (9) രാജാവിനു ദേവകരുണ അപേക്ഷിച്ചതു

സംഗീതപ്രമാണിക്കു; ഗത്ഥ്യരാഗത്തിൽ; കോരഹ്യപുത്രരുടേ കീത്തന.

2 സൈന്യങ്ങളുടെയ യഹോവേ,
നിന്റെ പാർപ്പിടങ്ങൾ എത്ര ആഗ്രഹിക്കപ്പെട്ടവ!
3 യഹോവയുടേ പ്രാകാരങ്ങളെ എൻ ദേഹി കൊതിച്ചു മാഴ്കുകയും ചെയ്യു
എൻ ഹൃദയവു• ജഡവും ജീവനുള്ള ദേവങ്കലേക്കു് ആൎക്കുന്നു. [ന്നു,
4 കുരികിൽ കൂടേ വീടു കണ്ടെത്തി,
മേവൽപക്ഷി തന്റെ കുഞ്ഞുകളെ വെക്കുന്ന കൂടും തനിക്കു (കണ്ടു),
നിന്റെ ബലിപീഠങ്ങളെ തന്നേ,
സൈന്യങ്ങളുടേ യഹോവ എന്ന എൻ രാജാവും കത്താവും ആയുള്ളോവേ!
5 തിരുഭവനത്തിൽ വസിക്കുന്നവർ ധന്യർ
അവർ ഇനിയും നിന്നെ സ്തുതിക്കും. (സേല)
6 നിന്നിൽ മാത്രം ശക്തിയുള്ള മനുഷ്യൻ
ഹൃദയത്തിൽ നിരത്തുകളുള്ളവൻ തന്നേ ധന്യൻ.
7 ആയവർ കരച്ചൽ താഴ്വരയുടേ കടന്നു കൊണ്ടു്
അതിനെ ഉറവാക്കുന്നു,
മുന്മഴ അതിനെ അനുഗ്രഹങ്ങളാൽ അണിയാക്കും.
8 ആയവർ പ്രാപ്തിയിൽനിന്നു പ്രാപ്തിയിലേക്കു ചെല്ലും
ചിയോനിൽ ദൈവത്തിനുമുമ്പിൽ കാണപ്പെടും;
9 സൈന്യങ്ങളുടേ ദൈവമായ യഹോവേ, എൻ പ്രാത്ഥനയെ കേൾക്കേണമേ
യാക്കോബിൻ ദൈവമേ, ചെവികൊൾകയാവു! (സേല) [മേ!
10 ഞങ്ങളുടേ പലിശയായ ദൈവമേ, കാൺക
നിന്റെ അഭിഷിക്തന്റെ മുഖത്തെ നോക്കുക!
11 കാരണം നിന്റെ പ്രാകാരങ്ങളിൽ ഒരു ദിവസം (മറുള്ള) ആയിരത്തെക്കാ
എൻ ദൈവത്തിൻ ഭവനത്തു് ഉമ്മരപ്പടിമേൽ കിടക്കുന്നതു [ളും നല്ലതു,
ദുഷ്തകൂടാരങ്ങളിൽ മേവുന്നതിനെക്കാളും എനിക്കു തെളിയുന്നു.
12 യഹോവയായ ദൈവം സൂൎയ്യനും പലിശയും ആകുന്നുവല്ലോ,
യഹോവ കരുണയും തേജസ്സും കൊടുക്കുന്നു.
തികവിൽ നടക്കുന്നവർക്കു നന്മ നിഷേധിക്കയില്ല.
13 സൈന്യങ്ങളുടെയ യഹോവേ,
നിന്നിൽ തേറിക്കൊള്ളുന്ന മനുഷ്യൻ ധന്യൻ!

85. സങ്കീൎത്തനം

പ്രവാസത്തിൽനിന്നു മടങ്ങി വന്ന ഇസ്രയേൽ മുമ്പേത്ത രക്ഷകളെ ഓൎത്തു യാചിച്ചു (9) പൂൎണ്ണരക്ഷയെ കാത്തിരിക്കുന്നതു.

സംഗീതപ്രമാണിക്കു; കോരഹ്യപുത്രരുടെ കീൎത്തന.

2 യഹോവേ, നിന്റെ ദേശത്തെ നീ കടാക്ഷിച്ചു
യാക്കോബിൻ അടിമയെ മാററിതന്നു
3 തിരുജനത്തിന്റെ അകൃത്യം ക്ഷമിച്ചു
അവരുടേ സകല പാപവും മൂടിക്കളഞ്ഞു; (സേല)

4 നിന്റെ എല്ലാ ചീറ്റവും നീ എടുത്തു
നിന്റെ കോപത്തിന്റെ ചൂട മതിയാക്കിയല്ലോ.
5 (ഇനി) ഞങ്ങളുടെ രക്ഷയുടെ ദൈവമേ, ഞങ്ങളിലേക്കു തിരിഞ്ഞു
ഞങ്ങളോട് നിണക്കുള്ള മുഷിച്ചൽ പൊട്ടിക്കയും ചെയ്ക.
6 നീ യുഗത്തോളം ഞങ്ങളോട കോപിക്കുമോ
നിന്റെ ക്രോധം തലമുറതലമുറയോളം നീട്ടുമോ?
7 നീ തിരിഞ്ഞു ഞങ്ങളെ ഉയർപ്പിക്കയില്ലയോ?
നിന്റെ ജനം നിന്നിൽ സന്തോഷിക്കേണ്ടയോ?
8 യഹോവേ, നിന്റെ ദയ ഞങ്ങൾക്കു കാട്ടി
നിന്റെ രക്ഷയെ തരേണമേ!
9 യഹോവ എന്ന ദേവൻ ഉരെക്കുന്നത് എന്ത് എന്നു ഞാൻ കേൾക്കട്ടേ,
സ്വജനത്തോടും തന്റെ ഭക്തരോടും അവൻ സമാധാനം ഉരെക്കുന്നു,
അവരോ ബുദ്ധിഹീനതയിലേക്കു തിരിഞ്ഞു പോകായ്ക!
10 അവന്റെ രക്ഷ അവനെ ഭയപ്പെടുന്നവക്കു സമീപം തന്നേ
നമ്മുടെ ദേശത്തിൽ തേജസ്സു വസിക്കത്തക്കവണ്ണമേ.
11 ദയയും സത്യവും എതിരേല്ക്കുന്നു
നീതിയും സമാധാനവും ചുംബിക്കുന്നു,
12 സത്യം ഭൂമിയിൽനിന്നു മുളെക്കും
സ്വർഗ്ഗത്തിൽനിന്നു നീതി എത്തി നോക്കും.
13 യഹോവ കൂടെ നന്മ നല്കും
നമ്മുടെ ദേശം തന്റെ വിളവെ തരും.
14 നീതി അവന്റെ മുമ്പേ നടക്കും
അവന്റെ നടകളെ വഴിയാക്കി വെക്കയും ചെയ്യും.

86. സങ്കീർത്തനം

സങ്കടത്തിൽ നിസ്സംശയമായ ദേവകൃപയെ അപേക്ഷിച്ചു (6) വിശ്വാസത്താൽ ശങ്കയെ പോക്കി (11) മുമ്പേത്ത രക്ഷകളെ ഓർത്തു തേറി (14) യാചനയെ ആവർത്തിച്ചതു.

ദാവീദിന്റെ പ്രാർത്ഥന.

1 യഹോവേ, നിന്റെ ചെവി ചാച്ചു് എനിക്കു ഉത്തരം തരേണമേ
ഞാൻ എളിയവനും ദരിദ്രനും ആകുന്നുവല്ലോ.
2 ഞാൻ ഭക്തനാകയാൽ എൻ ദേഹിയെ കാത്തുകൊൾക
എൻ ദൈവമേ, നിന്നിൽ തേറുന്ന നിൻ ദാസനെ രക്ഷിക്കേ വേണ്ടു!
3 നാൾ എല്ലാം നിന്നെ നോക്കി വിളിക്കുകയാൽ
കർത്താവേ, എന്നെ കനിഞ്ഞു കൊണ്ടാലും!
4 അടിയന്റെ ദേഹിയെ സന്തോഷിപ്പിക്ക
കർത്താവേ, നിങ്കലേക്കു ഞാൻ ദേഹിയെ ഉയർത്തുന്നുവല്ലോ (25,1).
5 കാരണം കർത്താവേ, നീ നല്ലവനും ക്ഷമാശീലനും
നിന്നെ വിളിക്കുന്ന എല്ലാവരോടും ദയ പെരുകിയവനും തന്നേ.
6 യഹോവേ, എൻ പ്രാർത്ഥന ചെവിക്കൊണ്ടു
ഞാൻ കെഞ്ചി യാചിക്കുന്ന ശബ്ദം കൂറിക്കൊള്ളേണമേ.
7 എൻ ഞെരുക്കനാളിൽ നിന്നോടു വിളിക്കും
നീ ഉത്തരം കല്പിക്കുമല്ലോ.
8 ദേവകളിൽ ആകട്ടേ കർത്താവേ, നിണക്കു തുല്യൻ ഇല്ല (2 മോ. 15,11)
നിന്റെ ക്രിയകൾക്കു തുല്യമായവയും ഇല്ല.

9 നീ ഉണ്ടാക്കിയ സകല ജാതികളും വന്നു തിരുമുമ്പിൽ കുമ്പിട്ടു
കത്താവേ, തിരുനാമത്തെ തേജസ്കരിക്കും.
10 കാരണം ദൈവമേ, വലിയവനും
അത്ഭുതങ്ങൾ ചെയ്യുന്നവനും നീയത്രേ ആകുന്നതു.
11 യഹോവേ, നിന്റെ വഴിയെ എനിക്കു് ഉപദേശിക്ക (27, 11)
നിന്റെ സത്യത്തിൽ ഞാൻ നടക്കും;
തിരുനാമത്തെ ഭയപ്പെടുവാൻ എൻ ഹൃദയത്തെ ഒന്നിപ്പിക്ക.
12 എൻ ദൈവമായ കത്താവേ, നിന്നെ ഞാൻ സമ്പൂർണഹൃദയത്തോടും വാഴ്ത്തി
തിരുനാമത്തെ യുഗപര്യന്തം തേജസ്കരിക്കും;
13 കാരണം എൻ മേൽ നിന്റെ ദയ വലുതായിരുന്നു,
എൻ ദേഹിയെ നീ അധമപാതാളത്തിൽനിന്നു് ഉദ്ധരിച്ചുവല്ലോ.
14 ദൈവമേ അഹങ്കാരികൾ എന്റെ നേരേ എഴുനീറു
പ്രൌഢന്മാരുടെ സഭ എൻ ദേഹിയെ തിരയുന്നു,
നിന്നെ തങ്ങളുടേ മുമ്പാകേ വെക്കുന്നില്ല (54, 5).
15 നീയോ കത്താവേ, കനിവും കൃപയും ഉള്ള ദേവൻ
ദീർഘശാന്തിയും ദയാസത്യങ്ങളും പെരുകിയവൻ തന്നേ (2 മോ. 34,6).
16 എങ്കലേക്കു തിരിഞ്ഞു കരുണ ചെയ്തു
അടിയന്നു നിന്റെ ശക്തി തരികയും
നിന്റെ ദാസീപുത്രനെ രക്ഷിക്കയും ചെയ്കു.
17 യഹോവേ, നീ എന്നെ തുണെച്ചു് ആശ്വസിപ്പിച്ചതിനെ
എന്നെ പകെക്കുന്നവർ കണ്ടു നാണിക്കത്തക്കവണ്ണം
നന്മെക്കായി ഓർ അടയാളം എന്നോടു ചെയ്യേണമേ!

87. സങ്കീർത്തനം

ചിയോൻ യഹോവെക്കു് ഇഷ്ടമാകയാൽ (4) ശേഷം ജാതികൾക്കും ജന്മനഗരം ആകും (കാലം: സ. 46.76).

കോരഹ്യപുത്രരുടേ കീത്തനപ്പാട്ടു.

1 അവൻ അടിസ്ഥാനം ഇട്ടവൻ
വിശുദ്ധ മലകളിൻ മേലത്രേ.
2 യാക്കോബിൻ എല്ലാ പാർപ്പിടങ്ങളിലും
യഹോവ സ്നേഹിക്കുന്നതു് ചിയോന്റെ വാതിലുകൾ തന്നേ.
3 ദൈവത്തിൻ നഗരമായവളേ,
നിന്നെ ചൊല്ലി തേജസ്സുള്ളവ ഉരെക്കപ്പെടുന്നു. (സേല)
4 രഹബു് (യശ. 30, 7) ബാബൽ എന്നവയും എന്റെ പരിചയക്കാർ എ
[ന്നു ഞാൻ പ്രസിദ്ധമാക്കും;
കണ്ടാലും ഫലിഷ്ടതയും ത്രുരും കുശുമായി
ഇവൻ അവിടേ ജനിച്ചു എന്നതു (കേൾക്കും).
5 ചിയോനെ കുറിച്ചോ അവനവൻ അവളിൽ ജനിച്ചു എന്നും
അത്യുന്നതൻ താൻ അവളെ സ്ഥിരമാക്കുന്നു എന്നും പറയപ്പെടും.
6 വംശങ്ങളെ എഴുതുകയിൽ
യഹോവ ഇവനും അവിടേ ജനിച്ചു എന്നു (ചൊല്ലി) എണ്ണും. (സേല)
7 (അന്നു) പാട്ടുകാരും ആട്ടക്കാരും ഒരു പോലേ
എന്റെ ഉറവുകൾ ഒക്കയും നിന്നിൽ അത്രേ (എന്നു കീർത്തിക്കും);

88. സങ്കീർത്തനം

കൊടിയ കഷ്ടത്തെ (4) ദൈവത്തോടു വർണ്ണിച്ചു (11) രക്ഷയാചിച്ചു (14) സങ്കടങ്ങളെ ബോധിപ്പിച്ചു കരയുന്നതു.

കോരഹ്യപുത്രരുടേ പാട്ടുകീർത്തന; സംഗീതപ്രമാണിക്കു; മഹലത്ത് രാഗത്തിൽ എതിർ പാടുവാൻ; ജ്ഞാനായ ഹേമാന്റേ (1 രാ. 4,31) ഉപദേശപ്പാട്ടു.

2 എൻ രക്ഷാദൈവമായ യഹോവേ,
ഞാൻ പകലും ഇരവും തിരുമുമ്പിൽ നിലവിളിക്കുന്നു.
3 എൻ പ്രാർത്ഥന നിന്റേ മുമ്പാകേ വരികയാവു
ഞാൻ കെഞ്ചുന്നതിലേക്കു നിന്റേ ചെവി ചായ്ക്ക!
4 കാരണം എൻ ദേഹിക്കു തിന്മകളാൽ തൃപ്തി വന്നു
എൻ ജീവൻ പാതാളത്തോടു് അണയുന്നു.
5 ഞാൻ ഗ്രഹയിൽ ഇറങ്ങുന്നവരോടു് എണ്ണപ്പെട്ടു (26,1)
ശേഷിയില്ലാതേ പോയ വീരന്നു് ഒത്തു ചമഞ്ഞു.
6 മരിച്ചവരിൽ വിട്ടതല വന്നവനായി (ഇയ്യോബു് 3, 19)
കുഴിയിൽ പാർക്കുന്ന ചാവാളരെ കണക്കേ തന്നേ;
ആയവരെ നീ ഇനി ഓർക്കുന്നില്ല
തൃക്കൈയിൽനിന്നു് അവർ അറ്റു പോയി.
7 അധോലോകക്കുഴിയിൽ
ക്രൂരിരിട്ടുള്ള ആഴങ്ങളിൽ നീ എന്നെ ആക്കി.
8 നിന്റേ ഊഷ്മാവു് എൻ മേൽ ഊന്നി കിടക്കുന്നു
നിന്റേ എല്ലാ തിരകളാലും നീ പീഡിപ്പിക്കുന്നു. (സേല)
9 എന്റേ അറിമുഖക്കാരെ നീ എന്നോടു് അകറ്റി
എന്നെ അവർക്കു അറെപ്പാക്കി,
ഞാൻ പുറപ്പെടാതവണ്ണം അടെക്കപ്പെട്ടവൻ.
10 പീഡയാൽ എൻ കണ്ണു തപിക്കുന്നു
യഹോവേ, ദിനമ്പ്രതി ഞാൻ നിന്നെ വിളിച്ചു,
നിങ്കലേക്കു കരങ്ങളെ പരത്തുന്നു.
11 മരിച്ചവരിൽ നീ അതിശയം ചെയ്യുമോ?
പ്രേതന്മാർ എഴുനീറ്റു നിന്നെ വാഴ്ത്തുമോ? (സേല)
12 കുഴിയിൽ നിന്റേ ദയയും
കേടിൽ നിന്റേ വിശ്വസ്തതയും വർണ്ണിക്കപ്പെടുമോ?
13 ഇരിട്ടിൽ നിന്റേ അത്ഭുതവും
മറതിനാട്ടിൽ നിന്റേ നീതിയും അറിയപ്പെടുമോ?
14 ഞാനോ യഹോവേ, നിങ്കലേക്കു കൂകുന്നു
ഉഷസ്സിൽ എൻ പ്രാർത്ഥന നിന്നെ മുമ്പിടും.
15 യഹോവേ, എൻ ദേഹിയെ നീ തള്ളിവിട്ടു
തിരുമുഖത്തെ എന്നിൽനിന്നു മറെക്കുന്നതു് എന്തു?
16 ബാല്യം മുതൽ ഞാൻ എളിയവനും വീർപ്പു മുട്ടുന്നവനും ആയി,
നിന്റേ ഭീഷണികളെ ഞാൻ സഹിച്ചു അഴിനില പൂണ്ടു പോകുന്നു.
17 നിന്റേ ക്രോധാഗ്നി എന്റേ മേൽ കവിഞ്ഞു
നിന്റേ അരട്ടൽ എന്നെ ഒടുക്കി,
18 വെള്ളമ്പോലേ എല്ലാ നാളും എന്നെ ചുറ്റി
ഒന്നിച്ചു വളഞ്ഞു നില്ക്കുന്നു.
19 സ്നേഹിതനെയും കൂട്ടുകാരനെയും നീ എന്നോടു് അകറ്റി,
എന്റേ അറിമുഖമോ ഇരുളിടമത്രേ.

89. സങ്കീർത്തനം

ദാവിദിന നിത്യവാഗ്ദത്തം നല്കിയ ദൈവത്തെ സ്തുതിച്ച (6) അവന്റെ മഹത്വത്താൽ ഇസ്രയേലിന്ന വന്ന ഭാഗ്യം വർണ്ണിച്ച (20) പുരാണവാഗ്ദത്തത്തിന ഭംഗം വന്നത് ഓർപ്പിച്ച (29) സങ്കടപ്പെട്ട (47) രക്ഷ അപേക്ഷിച്ചതു. (കാലം: പ്രവാസത്തിന്ന കുറയ മുമ്പേ).

ജരഹ്യനായ ഏഥാന്റെ ഉപദേശപ്പാട്ട (1 നാം 2,6).

2 യഹോവയുടെ ദയകളെ ഞാൻ എന്നും പാടുക
തലമുറതലമുറയോളം നിന്റെ വിശ്വസ്തത എൻ വായികൊണ്ട് അറിയി
3 ദയ എന്നും പണിപ്പെടും, [ക്കും.
സ്വർഗ്ഗങ്ങളിൽ തന്നേ നിന്റെ വിശ്വസ്തതയെ നീ ഉറപ്പിക്കുന്ന എന്ന ഞാൻ
4 ഞാൻ തെരിഞ്ഞെടുത്തവനോടു നിയമം ഖണ്ഡിച്ചു [ചൊല്ലുന്ന സത്യം.
എൻ ദാസനായ ദാവിദിന സത്യം ചെയ്തു:
5 നിന്റെ സന്തതിയെ യുഗപര്യന്തം ഉറപ്പിക്കും
നിന്റെ സിംഹാസനത്തെ തലമുറതലമുറയോളം പണിയിക്കും (2ശമു.
[7) എന്നുണ്ടല്ലോ. (സേല)
6 യഹോവേ, നിന്റെ അതിശയത്തെ വാനങ്ങളും
നിന്റെ വിശ്വസ്തതയെ വിശുദ്ധരുടെ കൂട്ടവും വാഴ്ത്തും.
7 കാരണം ഇളമുകിലിൽ യഹോവയോട് ആർ ഒക്കും
ദേവപുത്രരിൽ (29,1) യഹോവയോട് (ആർ) തുല്യൻ?
8 വിശുദ്ധരുടെ മന്ത്രിസഭയിൽ ദേവൻ അതിഭീമനും
ചുറ്റുമുള്ളവക്ക് എല്ലാം ഭയങ്കരനും തന്നേ.
9 സൈന്യങ്ങളുടെ ദൈവമായ യഹോവേ, നിന്നെ പോലേ ആർ വിക്രമ
യാഃ നിന്റെ വിശ്വസ്തത നിന്നെ ചൂഴവും (നില്ക്കുന്ന). [വാൻ?
10 സമുദ്രത്തിൻ ഡംഭത്തിങ്കൽ നീ വാഴുന്നു
അതിൻ അലകളെ പൊങ്ങുകയിൽ നീ ശമിപ്പിക്കുന്നു.
11 പട്ടവനെക്കണക്കേ രഹബിനെ നീ തകർത്തു
നിന്റെ ശക്തിയുള്ള ഭുജത്താൽ ശത്രുക്കളെ നീ ചിന്നിച്ചു.
12 സ്വർഗ്ഗം നിന്റേതു ഭൂമിയും നിന്റേതു,
ഊഴിയും അതിൽ നിറയുന്നതും നീ അടിസ്ഥാനം ഇട്ടു.
13 വടക്കും തെക്കും നീ സൃഷ്ടിച്ചു,
താബോരും ഹെർമ്മോനും തിരുനാമത്തിങ്കൽ ആർക്കുന്നു.
14 ശൌര്യം പൂണ്ട ഭുജം നിണക്ക് (ഉണ്ടു)
തൃക്കൈശക്തി കാട്ടും നിന്റെ വലങ്കൈ ഉയരും.
15 നീതിയും ന്യായവും നിന്റെ സിംഹാസനത്തിന്റെ തൂൺ തന്നേ
ദയയും സത്യവും തിരുമുഖത്തെ മുമ്പിടുന്നു.
16 (ഈ രാജ) ഘോഷത്തെ അറിയുന്ന ജനം ധന്യർ തന്നേ,
യഹോവേ, തിരുമുഖത്തിൻ പ്രകാശത്തിൽ അവർ നടക്കും.
17 നിന്റെ നാമത്തിൽ അവർ എല്ലാ നാളും ആനന്ദിച്ചു
നിന്റെ നീതിയിൽ ഉയരും.
18 കാരണം അവരുടെ ശക്തിക്ക് അലങ്കാരം നീ തന്നേ
നിന്റെ പ്രസാദത്താൽ നീ ഞങ്ങളുടെ കൊമ്പ് ഉയർത്തും.
19 ഞങ്ങളുടേ പലിശ യഹോവെക്കല്ലോ ഉള്ളതു,
ഞങ്ങളുടേ രാജാവും ഇസ്രയേലിന്റെ വിശുദ്ധന്നു തന്നേ.
20 അന്നു നീ ദർശനത്തിൽ നിന്റെ ഭക്തരോടു സംസാരിച്ചു പറഞ്ഞതു (1നാ
ഒരു വീരനിൽ ഞാൻ തുണ സമർപ്പിച്ചു വെച്ചു [൦ 17,15):
ജനത്തിൽനിന്നു യുവാവിനെ ഉയർത്തി,

21 എൻ ദാസനായ ദാവിദിനെ കണ്ടെത്തി
എന്റെ വിശുദ്ധ തൈലംകൊണ്ട് അഭിഷേകം ചെയ്തു.
22 ആയവനോട് എന്റെ കൈ സ്ഥിരമായിരിക്കും
എൻ ഭുജം അവനെ ഉറപ്പിക്കും.
23 ശത്രു അവനെ തിക്കുകയില്ല
അക്രമമകൻ പീഡിപ്പിക്കയും ഇല്ല.
24 അവന്റെ മാറാന്മാരെ അവന്മുമ്പിൽനിന്നു ഞാൻ ചതെക്കും
അവന്റെ പകയരെ തല്ലും.
25 എന്റെ സത്യവും ദയയും അവനോടു തന്നേ,
എൻ നാമത്താൽ അവന്റെ കൊമ്പ് ഉയരും.
26 ഞാൻ അവന്റെ കൈ സമുദ്രത്തിലും
അവന്റെ വലങ്കൈ നദികളിലും വെക്കും.
27 അവൻ എന്നെ: എടോ എന്റെ അപ്പനേ
എൻ ദേവ എൻ രക്ഷയുടെ പാറ എന്നു വിളിക്കും.
28 ഞാനും അവനെ മൂക്കുട്ടിയും
ഭൂമിയുടെ അരചക്ക് അത്യുന്നതനും ആക്കി വെക്കും.
29 എൻ ദയയെ യുഗപര്യന്തം അവന്നായി കാക്കും
എൻ സഖ്യം അവന്നു സ്ഥിരമായി.
30 ഞാൻ നിത്യത്തോളം അവന്റെ സന്തതിയെയും
സ്വർഗ്ഗദിവസങ്ങളെ പോലെ (5മോ. 11,21) തൽസിംഹാസനത്തെയും
31 അവന്റെ പുത്രന്മാർ എൻ ധർമ്മത്തെ വിട്ടു [ആക്കും.
എൻ ന്യായങ്ങളിൽ നടക്കാതേ
32 എൻ വെപ്പുകളെ തീണ്ടിച്ചു
എൻ കല്പനകളെ സൂക്ഷിക്കാതേ പോയാൽ,
33 ഞാൻ വടികൊണ്ട് അവരുടെ ദ്രോഹത്തെയും
അടികളാൽ അകൃത്യത്തെയും സന്ദർശിക്കും.
34 എങ്കിലും അവങ്കൽനിന്ന് എൻ ദയയെ പൊട്ടിക്കയോ
എൻ വിശ്വസ്തതയെ ഭഞ്ജിക്കയോ ഇല്ല;
35 എൻ നിയമം തീണ്ടിക്കയും
എൻ അധരങ്ങളിൽനിന്നു പുറപ്പെട്ടതിനെ മാറുകയും ഇല്ല.
36 എന്റെ വിശുദ്ധിയിങ്കൽ ഞാൻ ഒന്ന് ആണയിട്ടിട്ടുണ്ടു
ദാവിദിനോടു ഞാൻ കപടം പറകയില്ലെല്ലോ:
37 അവന്റെ സന്തതി യുഗപര്യന്തവും
തൽസിംഹാസനം എന്റെ മുമ്പിൽ സൂര്യനെ പോലെയും ആം;
38 ചന്ദ്രനെ പോലേ അത് എന്നും ഉറെക്കും,
ഇളമുകിലിലേ സാക്ഷി വിശ്വസ്തൻ തന്നേ (യിറ. 31, 35) എന്നത്രേ, [(സെല)
39 നീയോ ഞങ്ങളെ തള്ളി നിരസിച്ചു
നിന്റെ അഭിഷിക്തനോടു കയർത്തു,
40 നിന്റെ ദാസന്റെ നിയമത്തെ ധിക്കരിച്ചു
നിലം വരേ തൽകിരീടത്തെ തീണ്ടിച്ചു.
41 അവന്റെ മതിലുകളെ ഒക്കയും തകർത്തു (80, 13)
കിടങ്ങുകളെ ഇടിച്ചൽ ആക്കി വെച്ചു.
42 വഴിയിൽ കൂടി കടക്കുന്നവർ എല്ലാം അവനെ കവരുന്നു
അയല്പാക്ക് അവൻ നിന്ദയായി.
43 അവന്റെ മാറാന്മാരുടെ വലങ്കൈയെ നീ ഉയർത്തി
തൽശത്രുക്കളെ ഒക്കയും സന്തോഷിപ്പിച്ചു.
44 അവന്റെ വാളിൻ കടുപ്പത്തെ കൂടേ മടക്കി
യുദ്ധത്തിൽ അവനെ നിവിർത്താതേ പോയി.

45 അവന്റെ ഓലക്കം മതിയാക്കി
തൽസിംഹാസനത്തെ നിലത്തിലിട്ടു കളഞ്ഞു.
46 അവന്റെ യൌവനദിവസങ്ങളെ ചുരുക്കി
നാണംകൊണ്ടു് അവനെ മൂടി വെച്ചു. (സേല)
47 യഹോവേ, നീ എന്നേക്കും മറഞ്ഞു കൊള്ളുന്നതും
നിന്റെ ഊഷ്മാവു് തീ പോലേ കത്തുന്നതും എത്രത്തോളം?
48 എനിക്കു് ആയുസ്സു് എമ്മാത്രം എന്നും
മനുഷ്യപുത്രരെ ഒക്കയും ഏതു മായെക്കായി സൃഷ്ടിച്ചു എന്നും ഓത്തുകൊൾക.
49 മരണത്തെ കാണാതേ ജീവിച്ചിരിക്കുന്ന പുരുഷൻ ആരു പോൽ,
പാതാളത്തിൻ കൈയിൽനിന്നു സ്വദേഹിയെ വിടുവിക്കുന്നവൻ (ആർ)?
50 കർത്താവേ, നിന്റെ വിശ്വസ്തതയാൽ ദാവീദിനോടു ആണയിട്ട [(സേല)
നിന്റെ ആദ്യദയകൾ എവിടേ?
51 കർത്താവേ, അടിയങ്ങളുടേ നിന്ദയും
പല വംശങ്ങളുടേ (നിന്ദ) എല്ലാം എൻ മടിയിൽ ഞാൻ ചുമന്നു നടക്കുന്ന
52 നിന്റെ ശത്രുക്കൾ, യഹോവേ, നിന്ദിച്ചു [തും,
നിന്റെ അഭിഷിക്തന്റെ ചുവടുകളെ നിന്ദിച്ചതും ഓർക്കേണമേ!

യഹോവ യുഗപര്യന്തം അനുഗ്രഹിക്കപ്പെട്ടവൻ (ആക)
ആമെൻ! ആമെൻ!

നാലാം കാണ്ഡവും അഞ്ചാം കാണ്ഡവും
90—106 107—150

മോശേ മുതൽ ഒടുക്കത്തെ കാലംവരേ അനേകരുടേ കീർത്തനങ്ങൾ

(ഇതിലും അഞ്ചാമതിലും അടങ്ങിയിരിക്കുന്നു).

90. സങ്കീർത്തനം

മാനുഷാരിഷ്ടതയും ആയുസ്സിന്റെ വേഗതയും വിചാരിച്ചു നിത്യനെ ശരണം പ്രാപിച്ചു (7) മരണത്തിൽ പാപക്ലേശവും ദേവകോപത്തിൻ ഫലവും കണ്ടു (13) കരുണയാലേ വാഗ്ദത്തനിവൃത്തി യാചിച്ചതു.

ദേവപുരുഷനായ മോശയുടേ പ്രാർത്ഥന.

1 കർത്താവേ, നീ തലമുറതലമുറയായിട്ടു ഞങ്ങൾക്കു ശരണമായിരുന്നു.
2 മലകൾ ജനിച്ചതിന്നും
നീ ഭൂമിയെയും ഊഴിയെയും ഉൽപാദിച്ചതിന്നും മുമ്പേ
യുഗമ്മുതൽ യുഗപര്യന്തം, ദേവ, നീ ഉണ്ടു.
3 നീ മർത്യനെ പൊടിപെടുവോളം തിരികുന്നു
മനുഷ്യപുത്രരേ മടങ്ങി ചേരുവിൻ എന്നും പറയുന്നു.
4 ആയിരം വർഷമാകട്ടേ നിന്റെ കണ്ണിൽ
ഇന്നലേ കടന്ന ദിവസം പോലേയും
രാത്രിയിലേ ഒരു യാമവും അത്രേ.

5 നീ അവരെ ഒഴുക്കിക്കളയുന്നു അവർ ഉറക്കമത്രേ,
രാവിലേ പുല്ലുപോലേ തേമ്പുന്നു;
6 രാവിലേ അവൻ പൂത്തു തേമ്പുന്നു
വൈകുന്നേരത്ത് അറുത്തിട്ട് ഉണങ്ങുന്നു.
7 കാരണം നിന്റേറ കോപത്താൽ ഞങ്ങൾ തീൎന്നു
നിന്റേറ ഊഷ്മാവിനാൽ മെരിണ്ടു പോകുന്നു.
8 നീ ഞങ്ങളുടേ അകൃത്യങ്ങളെ നിന്റേറ നേരേയും
ഞങ്ങളുടേ ആന്തരത്തെ നിന്റേറ മുഖപ്രകാശത്തിന്നു മുമ്പിലും ആക്കിയിരിക്കുന്നു.
9 നിന്റേറ ചീറ്റത്താൽ ഞങ്ങളുടേ ദിവസങ്ങൾ എല്ലാം കഴിഞ്ഞു പോയിയല്ലോ,
ഞങ്ങളുടേ ആണ്ടുകളെ ഒരു നിശ്വാസം പോലേ തികെക്കുന്നു.
10 ഞങ്ങളുടേ വാഴ്നാളുകൾ എഴുപതു വർഷം;
വീൎയ്യങ്ങൾ ഹേതുവായി എൺപതാകിലും
അതിന്റേറ വമ്പു കഷ്ടവും മായയും അത്രേ,
വേഗത്തിൽ കഴിഞ്ഞല്ലോ ഞങ്ങൾ പറന്നു പോയി.
11 തിരുകോപത്തിൻ ശക്തിയെയും
ചീറ്റത്തെയും നിൻ ഭയത്തിന്നു തക്കവണ്ണം അറിയുന്നവൻ ആർ?
12 ജ്ഞാനഹൃദയംകൊണ്ടു വരുത്തക്കവണ്ണം
ഞങ്ങളുടേ ദിവസങ്ങളെ എണ്ണുവാൻ ഗ്രഹിപ്പിക്കേണമേ.
13 യഹോവേ, മടങ്ങി വരേണമേ! എത്രോടം (താമസം)?
നിന്റേറ ദാസരിൽ അനുതപിക്കേണമേ!
14 കാലത്തു തന്നേ നിൻ ദയയാലേ തൃപ്തി വരുത്തി
ഞങ്ങൾ വാഴ്നാൾ ഒക്കയും ആൎത്തു സന്തോഷിപ്പാറാക്കുക.
15 ഞങ്ങളെ പീഡിപ്പിച്ച നാളുകൾക്കും
തിന്മ കണ്ട ആണ്ടുകൾക്കും തക്കവാറു സന്തോഷിപ്പിച്ചാലും!
16 നിന്റേറ പ്രവൃത്തി അടിയങ്ങൾക്കും
നിന്റേറ പ്രാഭവം ഇവരുടേ മക്കൾക്കും കാണ്മാറാക!
17 ഞങ്ങളുടേ ദൈവമായ യഹോവയുടേ മാധുൎയ്യം ഞങ്ങളുടേ മേൽ ഇരിപ്പാകട്ടെ,
ഞങ്ങളുടേ കൈവേലയെ ഞങ്ങളുടേ മേൽ സ്ഥിരമാക്കുക,
അതേ ഞങ്ങളുടേ കൈവേലയെ സ്ഥിരമാക്കേണമേ!

91. സങ്കീൎത്തനം

ദേവാശ്രിതന്മാൎക്കു (3) മഹാരോഗാദികഷ്ടങ്ങളിൽ ഭയപ്പെടാതേ (9) ദൂത സേവയും അത്ഭുതരക്ഷയും ആശിക്കാം.

1 അത്യുന്നതന്റേറ രഹസ്യിങ്കൽ വസിച്ചും
സൎവ്വശക്തന്റേറ നിഴലിൽ പാൎത്തുംകൊണ്ടു,
2 ഞാൻ യഹോവയോട്: ഹേ, എൻ ആശ്രയവും ദുൎഗ്ഗവും
ഞാൻ തേറുന്ന ദൈവവും എന്നു പറയും.
3 കാരണം നായാട്ടുകാരന്റേറ കണിയിൽനിന്നും
ആപത്തുള്ള മഹാരോഗത്തിൽനിന്നും അവൻ നിന്നെ ഉദ്ധരിക്കും;
4 തന്റേറ തൂവൽകൊണ്ടു നിന്നെ മറെക്കും
അവന്റേറ ചിറകുകളുടേ കീഴിൽ നിണക്കു് ആശ്രയിക്കാം,
അവന്റേറ സത്യം പലിശയും കുടയും തന്നേ.
5 രാപ്പേടിക്കും
പകൽ തെറിക്കുന്ന അമ്പിന്നും,
6 ഇരിട്ടിൽ നടക്കുന്ന മഹാരോഗത്തിന്നും
ഉച്ചെക്കു പകരുന്ന സംഹാരത്തിന്നും നീ ഭയപ്പെടുകയില്ല.

7 നിന്റെ ഇടത്ത് ആയിരവും വലത്തു പതിനായിരവും വീഴും എങ്കിലും,
നിന്നെ തീണ്ടുകയില്ല.
8 കണ്ണുകൊണ്ട് മാത്രം നീ നോക്കി
ദുഷ്ടരിലേ പ്രതിഫലം കാണും.
9 യഹോവേ, നീ എന്റെ ആശ്രയം
എന്നിട്ടു അത്യുന്നതനെ നിണക്കു ശരണമാക്കിയതുകൊണ്ടു,
10 തിന്മ നിണക്കു പിണകയില്ല.
നിന്റെ കൂടാരത്തിന്നു ബാധ അണകയും ഇല്ല.
11 കാരണം നിന്നെ എല്ലാ വഴികളിലും കാക്കേണ്ടതിന്ന്
അവൻ നിന്നെ കൊണ്ട് സ്വദൂതരോടു കല്പിക്കും.
12 ആയവർ നിന്റെ കാൽ കല്ലിൽ തട്ടിക്കാതേ
കൈകളിൽ നിന്നെ എടുക്കും (സുഭ. 3,23 *s*).
13 കേസരിയിലും മൂർഖനിലും നീ ചവിട്ടും
ചെറുകോളരിയെയും പെരിമ്പാമ്പിനെയും മെതിച്ചുകളയും.
14 എന്നോടു സഞ്ജീക്കയാൽ ഞാൻ അവനെ വിടുവിക്കും
എന്നാമത്തെ അറികയാൽ അവനെ ഉയൎന്നിലത്താക്കും.
15 അവൻ എന്നെ വിളിക്കും ഞാൻ അവനോട് ഉത്തരം പറയും,
ഞെരുക്കത്തിൽ അവനോടു കൂടേ ഞാനത്രേ,
അവനെ ഞാൻ പറിച്ചെടുത്തു തേജസ്കരിക്കും.
16 ദീർഘായുസ്സുകൊണ്ടു തൃപ്തിവരുത്തി
അവനെ എന്റെ രക്ഷയെ കാണിക്കയും ചെയ്യും.

92. സങ്കീത്തനം

ദൈവസ്തുതിക്ക് ഒരുമ്പെട്ട (6) ദുഷ്ടരുടേ ന്യായവിധിയാൽ സന്തോഷിച്ചു (10) അവരെയും നീതിമാന്മാരെയും ശരിയായി നടത്തുന്ന പ്രകാരം വാഴ്ത്തുന്നതു (കാലം: സ. 37, 73).

ശബ്ബത്തിന്നാംക്കു പാട്ടാകുന്ന കീത്തന.

2 യഹോവയെ വാഴ്ത്തുന്നതും
അത്യുന്നതതിരുനാമത്തെ കീത്തിക്കുന്നതും നല്ലതു.
3 കാലത്തു നിന്റെ ദയയും
രാത്രികളിൽ നിന്റെ വിശ്വസ്തതയും,
4 പത്തു കമ്പിയിലും വീണയിലും
കിന്നരത്തിന്മേൽ ധ്യാനിക്കുന്നതിനാലും കഥിക്കുന്നതു (നന്നു).
5 യഹോവേ, നിന്റെ പ്രവൃത്തിയാൽ നീ എന്നെ സന്തോഷിപ്പിച്ചുവല്ലോ;
തൃക്കൈകളുടേ ക്രിയയാൽ ഞാൻ ആൎക്കും.
6 യഹോവേ, നിന്റെ ക്രിയകൾ എത്ര വമ്പിച്ചവ!
നിന്റെ വിചാരങ്ങൾ ഏറ്റം ആഴമുള്ളവ.
7 ആയതിനെ പൊട്ടൻ അറിയുന്നില്ല
ബുദ്ധിഹീനൻ വിവേചിക്കുന്നില്ല (73, 22).
8 ദുഷ്ടന്മാർ പുല്ലു പോലേ മുളെച്ചും
അതിക്രമം പ്രവൃത്തിക്കുന്നവർ എല്ലാം പൂത്തും വന്നാൽ
അത് എന്നും സദാകാലവും വേരറുവാനായിട്ടത്രേ.
9 നീയോ, യഹോവേ, യുഗപര്യന്തം ഉയരത്തു തന്നേ.
10 കാരണം, യഹോവേ, നിന്റെ ശത്രുക്കൾ,
കണ്ടാലും നിന്റെ ശത്രുക്കൾ അതാ കെട്ടുപോകും,
അതിക്രമം പ്രവൃത്തിക്കുന്നവർ ഒക്കയും ചിന്നിപ്പോകും.

11 നീ കാട്ടിക്കൊത്തവണ്ണം എൻ കൊമ്പിനെ ഉയർത്തി
പച്ച തൈലംകൊണ്ട് എന്മേൽ തൂകി.
12 എന്റെ ഒറ്റു നോക്കുന്നവരിൽ എന്റെ കണ്ണു പാത്തുകൊണ്ടു
എന്റെ നേരേ എഴുനീല്ക്കുന്ന ദുഷ്കൃതികളിൽ എന്റെ ചെവികൾ (ആവോളം)
13 നീതിമാൻ പന പോലേ തളിർക്കും [കേട്ടുവരുന്നു.
ലിബനോനിലേ ദേവദാരു പോലേ വളരും;
14 യഹോവാലയത്തിൽ നടപ്പെട്ടു
അവർ നമ്മുടേ ദൈവത്തിൻ പ്രാകാരങ്ങളിൽ തളിർക്കും.
15 നരയിലും അവർ ഇനി തഴെച്ചു
പുഷ്ടിയും പച്ചയും പൂണ്ടുനിന്നു,
16 യഹോവ നേരുള്ളവൻ എന്നും
എൻ പാറയായവൻ വക്രത ഒട്ടും ഇല്ലാത്തവൻ എന്നും അറിയിപ്പാറാകും.

93. സങ്കീർത്തനം

വിശ്വം ഭരിക്കുന്നവൻ കയർക്കുന്ന ജാതികളെ അമർക്കയാൽ സ്തുത്യൻ.

1 യഹോവ വാണു (യശ. 24, 23) ഗൌരവം പൂണ്ടിരിക്കുന്നു;
യഹോവ ശക്തി ധരിച്ചു അരെക്കു കെട്ടുന്നു;
ആകയാൽ ഊഴി ഇളകാതേ സ്ഥിരപ്പെട്ടു.
2 നിന്റെ സിംഹാസനം അന്നേമുതൽ ഉറെച്ചു
യുഗംമുതൽ നീ ഉണ്ടു.
3 നദികൾ, യഹോവേ,
നദികൾ ശബ്ദം ഉയർത്തി
നദികൾ നിനാദം ഉയർത്തി;
4 നിറഞ്ഞ പെരുവെള്ളങ്ങളാകുന്ന
കടലലകളുടേ ഒലികളെക്കാളും
ഉയരത്തിൽ യഹോവ നിറഞ്ഞവൻ തന്നേ (92, 9).
5 നിന്റെ സാക്ഷ്യങ്ങൾ അത്യന്തം വിശ്വാസ്യങ്ങൾ
യഹോവേ നിന്റെ ഭവനത്തിന്നു നെടുനാളുകളോളം
വിശുദ്ധി തന്നേ പൊരുന്നുന്നു.

94. സങ്കീർത്തനം

നീതികെട്ടവർ ഞെരുക്കുകയാൽ പ്രതിക്രിയ യാചിച്ചു (8) ദേവനീതിയിൽ ആശ്രയിച്ചു (12) സ്വജനത്തെയും (16) ദുഃഖിതനെയും താങ്ങുന്ന യഹോവയിൽ ആശ്വസിച്ചു വാഴ്ത്തിയതു.

1 പ്രതിക്രിയകളുടേ ദേവനായ യഹോവേ,
പ്രതിക്രിയകളുടേ ദേവ, വിളങ്ങുക!
2 ഹോ ഭൂമിയുടേ ന്യായാധിപനേ, നിവിർന്നു വരിക,
ഡംഭികൾ പിണെച്ചതിനെ അവർക്കു മടക്കിക്കൊടുക്ക!
3 ദുഷ്ടന്മാർ എത്രോടം
യഹോവേ, ദുഷ്ടന്മാർ എത്രോടം ഉല്ലസിപ്പതു?
4 അവർ പൊഴിഞ്ഞു തിളപ്പു സംസാരിക്കുന്നു.
അതിക്രമം പ്രവൃത്തിക്കുന്നവർ എല്ലാം പൊങ്ങച്ചം ചൊല്ലുന്നു.
5 യഹോവേ, തിരുജനത്തെ അവർ തകർക്കയും
നിന്റെ അവകാശത്തെ താഴ്ത്തുകയും,

6 വിധവയെയും പരദേശിയെയും കൊല്ലുകയും
അനാഥരെ വധിക്കയും
7 യാഃ കാണാ,
യാക്കോബിൻ ദൈവം വിവേചിക്കാത് എന്ന ചൊല്ലുയും ചെയ്യും.
8 ജനത്തിലേ പൊട്ടരായുള്ളോരേ, വിവേചിപ്പിൻ
ബുദ്ധിഹീനരേ, എപ്പോൾ ബോധം ഉണ്ടാകും?
9 ചെവിയെ നട്ടന്നവൻ കേൾക്കായ്കയോ,
കണ്ണിനെ നിർമ്മിക്കുന്നവൻ നോക്കായ്കയോ?
10 ജാതികളെ പ്രബോധിപ്പിക്കുന്നവൻ ശിക്ഷിക്കായ്കയോ,
മനുഷ്യരെ ജ്ഞാനം പഠിപ്പിക്കുന്നവൻ തന്നേയെല്ലോ?
11 യഹോവ മനുഷ്യരുടേ വിചാരങ്ങളെ അറിയുന്നു;
അവർ മായ അത്രേ (62, 10).
12 യാഃ, നീ പ്രബോധിപ്പിച്ചു
തിരുധർമ്മത്തിൽനിന്നു പഠിപ്പിക്കുന്ന പുരുഷൻ ധന്യൻ;
13 നീ ദുഷ്ടനു കുഴി കുഴിച്ചു തീരുവോളം
തിന്മയുടേ നാളുകളിലും അവനു സ്വൈരം വരുത്തുന്നു.
14 യഹോവയാകട്ടേ സ്വജനത്തെ തള്ളിക്കളക ഇല്ല
തന്റേ അവകാശത്തെ കൈവിടുകയും ഇല്ല;
15 കാരണം ന്യായവിധി നീതിയിലേക്കു തിരിഞ്ഞു വരും
അതിൻ വഴിയെ ഹൃദയനേരുള്ളവർ എല്ലാം (ചെല്ലും).
16 ദുഷ്കൃതികളെ കൊള്ളേ എനിക്കായി ആർ എഴുനീല്ക്കും
അതിക്രമം പ്രവൃത്തിക്കുന്നവരുടേ നേരേ എനിക്കായി ആർ നിന്നുകൊള്ളും?
17 യഹോവ എനിക്കു തുണ ഇല്ല എന്നു വരികിൽ
എൻ ദേഹി ക്ഷണത്തിൽ മൌനവാസം പുക്കിരുന്നു.
18 എൻ കാൽ ഇളകുന്നു എന്നു പറയുന്തോറും
യഹോവേ, നിന്റേ ദയ എന്നെ ഊന്നിച്ചു.
19 എന്റേ ഉള്ളിൽ ചിന്തകൾ പെരുകുമ്പോൾ
നിന്റേ ആശ്വാസങ്ങൾ എൻ ദേഹിയെ ലാളിക്കുന്നു.
20 ചട്ടത്തിൻ പ്രകാരം ഉപദ്രവം നിർമ്മിക്കുന്ന
വികൃതികളുടേ സിംഹാസനം നിന്നോടു സഖ്യം ചെയ്തിരിക്കുമോ?
21 നീതിമാന്റേ ആത്മാവിനെക്കൊള്ളേ അവർ തള്ളിവന്നു
നിർദ്ദോഷരക്തത്തിനു ശിക്ഷ വിധിക്കുന്നു.
22 എന്നിട്ടു യഹോവ എനിക്ക് ഉയർന്നിലവും
എൻ ദൈവം ആശ്രയപ്പാറയും ആയി,
23 അവരുടേ അതിക്രമത്തെ അവരിലേക്കു തിരിപ്പിച്ചു
അവരുടേ ആകായ്മയാൽ അവരെ ഒടുക്കും,
നമ്മുടേ ദൈവമായ യഹോവ അവരെ ഒടുക്കും.

95. സങ്കീർത്തനം

സൃഷ്ടിയിലും രക്ഷയിലും മാത്രമല്ല (6) ഇസ്രയേലിനെ നിർമ്മിക്കയാലും വിളങ്ങുന്ന യഹോവയെ വണങ്ങി ഹൃദയം കഠിനമാക്കാതേ സേവിപ്പാൻ പ്രബോധനം.

1 വരുവിൻ നാം യഹോവെക്ക് ആർത്തു
നമ്മുടേ രക്ഷാപ്പാറെക്കു ഘോഷിക്ക!
2 വാഴ്ത്തിക്കൊണ്ട് അവനേറ മുഖത്തെ മുമ്പിട്ടു
കീർത്തനകളാൽ അവന്നായി ഘോഷിക്ക!

3 കാരണം യഹോവ വലിയ ദേവനും
സകല ദേവകൾക്കും മീതേ മഹാരാജാവും ആകുന്നു.
4 ഭൂമിയുടേ അഗാധങ്ങൾ അവന്റേറ കൈയിലും
മലകളുടേ കൊടുമുടികൾ അവന്നുള്ളവയും ആകുന്നു.
5 സമുദ്രം അവന്റേറതു, താൻ അതിനെ ഉണ്ടാക്കി,
കരയെയും അവന്റേറ കൈകൾ മനിഞ്ഞു.
6 വരുവിൻ നാം തൊഴുതു കുമ്പിട്ടു
നമ്മെ ഉണ്ടാക്കിയ യഹോവയുടേ മുമ്പിൽ മുട്ടുകുത്തുക!
7 ആയവൻ നമ്മുടേ ദൈവവും നാം അവന്റേറ മേച്ചലിലേ ജനവും
അവൻ കൈക്കലേ ആടുകളും ആകുന്നവല്ലോ.
ഇന്നു് അവന്റേറ ശബ്ദത്തെ കേട്ടുകൊണ്ടാലും:
8 അല്ലയോ (വിവാദം എന്ന) മരീബയിലും (പരീക്ഷ എന്ന) മസ്സാനാളിൽ
നിങ്ങളുടേ ഹൃദയങ്ങളെ കഠിനമാക്കരുതേ! [മരുവിലും ആയ പോലേ
9 അവിടേ നിങ്ങളുടേ പിതാക്കന്മാർ എന്നെ പരീക്ഷിച്ചു ശോധന ചെയ്തു
എന്റേറ പ്രവൃത്തിയെ കണ്ടു.
10 നാല്പതു വഷ്വും ഞാൻ ആ തലമുറയാൽ മനം പിരിഞ്ഞു
ഇവർ ഹൃദയം തെറിപ്പോകുന്ന ജനം,
എൻ വഴികളെ അറിയാത്തവർ എന്നു ചൊല്ലി,
11 എന്റേറ സ്വസ്ഥതയിൽ (5 മോ.12, 9)അവർ പ്രവേശിക്കയില്ല
എന്നു് എന്റേറ കോപത്തിൽ ആണയിടുകയും ചെയ്തു.

96. സങ്കീർത്തനം

സകല വംശങ്ങളും (4) സത്യദേവന്റേറ തേജസ്സു ബോധിച്ചു (7) അവന്റേറ രാജത്വത്തിൽ അടങ്ങി (11) ന്യായവിധിക്കു് ഒരുമ്പെടുവാൻ പ്രബോധിപ്പിച്ചതു.

1 യഹോവെക്കു പുതിയ പാട്ടുപാടുവിൻ (യശ. 42, 10).
സൎവ്വഭൂമിയായുള്ളോവേ, യഹോവെക്കു പാടുവിൻ!
2 യഹോവെക്കു പാടി തൻ നാമത്തെ ആശീൎവ്വദിപ്പിൻ,
നാളിൽ നാളിൽ അവന്റേറ രക്ഷയെ സുവിശേഷിപ്പിൻ (യശ. 52, 7)!
3 ജാതികളിൽ അവന്റേറ തേജസ്സും
സകല വംശങ്ങളിൽ അവന്റേറ അതിശയങ്ങളും വൎണ്ണിപ്പിൻ!
4 കാരണം യഹോവ വലിയവനും ഏറ്റവും സ്തുത്യനും (48,2)
സൎവ്വദേവകൾക്കും മീതേ ഭയങ്കരനും ആകുന്നു.
5 വംശങ്ങളുടേ ദേവകൾ ഒക്കെയും അസത്തുകളല്ലോ ആകുന്നതു,
സ്വൎഗ്ഗങ്ങളെ ഉണ്ടാക്കിയതു യഹോവ തന്നേ.
6 പ്രതാപവും പ്രഭയും അവന്റേറ മുമ്പിലും
ശക്തിയും അഴകും അവന്റേറ വിശുദ്ധസ്ഥലത്തും ഉണ്ടു.
7 വംശങ്ങളുടേ കുഡുംബങ്ങളായുള്ളോവേ, യഹോവെക്കു് കൊടുപ്പിൻ,
തേജസ്സും ശക്തിയും യഹോവെക്കു് കൊടുപ്പിൻ!
8 യഹോവെക്കു് അവന്റേറ നാമതേജസ്സെ കൊടുപ്പിൻ,
കാഴ്ചവെച്ചു് അവന്റേറ പ്രാകാരങ്ങളിൽ ചെല്ലുവിൻ!
9 വിശുദ്ധാലങ്കാരത്തിൽ യഹോവയെ തൊഴുവിൻ
സൎവ്വഭൂമിയായുള്ളോവേ, അവന്മുമ്പിൽ നടുങ്ങുവിൻ (29, 12)!
10 യഹോവ വാഴുന്നു

എന്നതിനാൽ ഊഴി ഇളകാതേ സ്ഥിരപ്പെട്ട എന്നും (93,1)
അവൻ നേരിൽ വംശങ്ങൾക്കു ന്യായം വിസ്തരിക്കും എന്നും ജാതികളിൽ
11 സ്വർഗ്ഗങ്ങൾ സന്തോഷിക്ക [പറവിൻ!
ഭൂമി ആനന്ദിക്ക
സമുദ്രവും അതിൽ നിറയുന്നതും മുഴങ്ങുക.
12 വയലും അതിലുള്ളത് ഒക്കെയും ഉല്ലസിക്ക;
അന്ന കാട്ടിലേ മരങ്ങൾ എല്ലാം ആർക്കും (യശ. 44, 23);
13 യഹോവയുടേ മുമ്പിൽ തന്നേ. അവൻ വരുന്നുവല്ലോ,
ഭൂമിക്കു ന്യായം വിധിപ്പാൻ വരുന്നുവല്ലോ.
ഊഴിക്കു നീതിയിലും
വംശങ്ങൾക്കു വിശ്വസ്തതയിലും താൻ ന്യായം വിധിക്കും.

97. സങ്കീത്തനം

കത്താവ് പ്രത്യക്ഷനായി (4)സർവ്വജാതികൾക്കും ന്യായം വിധിച്ചാൽ (7) ബിംബസേവികൾക്കു നാണവും ചിയോന്ന സന്തോഷവും വരുന്നതു കൊണ്ടു (10) പാപത്തെ വെറുപ്പാൻ പ്രബോധിപ്പിച്ചതു.

1 യഹോവ വാഴുന്നു (93, 1) എന്നതിനാൽ ഭൂമി ആനന്ദിക്ക (96, 11),
ബഹു ദ്വീപുകളും സന്തോഷിക്ക!
2 മേഘവും അന്ധകാരവും അവനെ ചൂഴുന്നു
നീതിയും ന്യായവും തൽസിംഹാസനത്തിന്റെ തൂൺ തന്നേ (89, 15).
3 അവന്റെ മുമ്പാകേ അഗ്നി നടക്കുന്നു (50, 3)
ചുററിലും അവന്റെ മാററാന്മാരെ കത്തിക്കുന്നു.
4 അവന്റെ മിന്നലുകൾ ഊഴിയെ പ്രകാശിപ്പിച്ചു
(77, 19) ഭൂമി കണ്ടു വിറെച്ചു.
5 യഹോവയുടേ മുമ്പിൽനിന്നു മലകൾ മെഴുകു പോലേ ഉരുകി
സർവ്വഭൂമിയുടേ കർത്താവിൻ മുമ്പിൽ നിന്നത്രേ (മീക 1, 4).
6 വാനങ്ങൾ അവന്റെ നീതിയെ കഥിക്കുന്നു (50, 6)
എല്ലാ വംശങ്ങളും അവന്റെ തേജസ്സു കാണും (യശ. 40, 5).
7 അസത്തുകളിൽ പ്രശംസിക്കുന്ന
വിഗ്രഹസേവികൾ ഒക്കെയും നാണിക്കും (യശ. 42, 17).
സർവ്വദേവകളായുള്ളോരേ, അവനെ തൊഴുവിൻ!
8 ചിയോൻ കേട്ടു സന്തോഷിക്കുന്നു,
യഹോവേ, നിന്റെ ന്യായവിധികൾ നിമിത്തം
യഹൂദാപുത്രിമാർ ആനന്ദിക്കുന്നു (48, 12).
9 കാരണം യഹോവേ, സർവ്വഭൂമിയുടേ മേലും നീ അത്യുന്നതൻ (89, 19)
സകല ദേവകൾക്കും മീതേ ഏറേ ഉയർന്നിരിക്കുന്നു (47, 10).
10 യഹോവയെ സ്നേഹിക്കുന്നോരേ, തിന്മയെ പകെപ്പിൻ!
സ്വഭക്തരുടേ ദേഹികളെ അവൻ കാക്കുന്നു,
ദുഷ്ടരുടേ കൈയിൽനിന്ന് അവരെ ഉദ്ധരിക്കും.
11 നീതിമാന്നു വെളിച്ചവും
ഹൃദയനേരുള്ളവക്കു സന്തോഷവും വിതറപ്പെടുന്നു.
12 നീതിമാന്മാരേ, യഹോവയിൽ സന്തോഷിച്ചു (32, 11)
അവന്റെ വിശുദ്ധ സ്മൃതിയെ വാഴ്ത്തുവിൻ (30, 5)!

98. സങ്കീർത്തനം

സ്വജനത്തെ വീണ്ടെടുക്കുന്ന കത്താവെ (4) എല്ലാ വിപത്തിലും (7) എങ്ങും സ്തുതിക്കേണം.

കീർത്തന.

1 യഹോവെക്കു പുതിയ പാട്ടു പാടുവിൻ (96, 1)!
കാരണം അവൻ അതിശയങ്ങളെ ചെയ്തു
അവനേറ വലങ്കൈയും വിശുദ്ധഭുജവും അവന്നു രക്ഷവരുത്തി (യശ.
2 യഹോവ സ്വരക്ഷയെ അറിയിച്ചു [59, 16, 52, 10.
ജാതികൾ കാൺകേ സ്വനീതിയെ വെളിപ്പെടുത്തി.
3 ഇസ്രയേൽ ഗൃഹത്തോടു തനിക്കുള്ള ദയയും വിശ്വസ്തതയും അവൻ ഓർത്തു
നമ്മുടേ ദൈവത്തിൻ രക്ഷയെ ഭൂമിയുടേ അറുതികൾ എല്ലാം കാൺകയും
4 സർവ്വഭൂമിയായുള്ളോവേ യഹോവെക്കു ഘോഷിപ്പിൻ (66, 1) [ചെയ്തു.
പൊട്ടി ആർത്തു കീർത്തിച്ചു കൊൾവിൻ!
5 കിന്നരം കൊണ്ടു യഹോവയെ കീർത്തിപ്പിൻ
കിന്നരത്താലും ഗീതസ്വരത്താലും തന്നേ!
6 തുത്താരി കാഹളശബ്ദത്താലും
യഹോവ എന്ന രാജാവിൻ മുമ്പിൽ ഘോഷിപ്പിൻ!
7 സമുദ്രവും അതിൽ നിറയുന്നതും മുഴങ്ങുക (96, 11)
ഊഴിയും അതിൽ വസിക്കുന്നവരും കൂടേ (24, 1)!
8 നദികൾ കൈകൊട്ടുക
മലകൾ ഒക്കത്തക്ക ആർക്കുക (യശ. 55, 12)!
9 യഹോവയുടേ മുമ്പിൽ തന്നേ; അവൻ ഭൂമിക്കു് ന്യായം വിധിപ്പാൻ വരുന്നുവല്ലോ
ഊഴിക്കു നീതിയിലും [
വംശങ്ങൾക്കു നേരിലും താൻ ന്യായം വിധിക്കും (96, 13).

99. സങ്കീത്തനം

ശക്തിനീതികളോടും ഭരിക്കുന്നവനെ സ്തുതിച്ചു (6) എല്ലാവരും പാപം വിട്ടു സേവിക്കേണം.

1 യഹോവ വാഴുന്നു (97, 1) വംശങ്ങൾ വിറെക്കുന്നു
കെരൂബുകളിൽ വസിക്കുന്നവൻ (വാണു) ഭൂമി കുലുങ്ങുന്നു.
2 യഹോവ ചിയോനിൽ വലിയവനും
എല്ലാ വംശങ്ങൾക്കു മീതേ ഉയർന്നവനും ആകുന്നു.
3 മഹാനും ഭയങ്കരനും (5 മോ. 10, 17) എന്നുള്ള തിരുനാമത്തെ അവർ വാഴ്ത്തും;
വിശുദ്ധൻ അവനത്രേ. [
4 രാജാവിൻറേ ശക്തിയും ന്യായത്തെ സ്നേഹിക്കുന്നു;
നേരിനെ നീ സ്ഥാപിച്ചു
യാക്കോബിൽ ന്യായവും നീതിയും ഉണ്ടാക്കി.
5 നമ്മുടേ ദൈവമായ യഹോവയെ ഉയർത്തി
അവൻറേ പാദപീഠം തൊഴുവിൻ;
അവനേ വിശുദ്ധൻ.
6 അവൻറേ പുരോഹിതരിൽ മോശയഹരോന്മാരും,
അവൻറേ നാമം വിളിച്ചു യാചിക്കുന്നവരിൽ ശമുവേലും ഉണ്ടു;
ഇവർ യഹോവയോടു വിളിക്കും അവൻ ഉത്തരം കല്പിക്കയും ചെയ്യും.

7 മേഘത്തൂണിൽനിന്ന് അവരോട് സംസാരിക്കും;
അവനേറ സാക്ഷ്യങ്ങളെയും
അവക്ക കൊടുത്ത വെപ്പും അവർ കാത്തു.
8 ഞങ്ങളുടേ ദൈവമായ യഹോവേ, നീ അവക്ക് ഉത്തരമരുളി;
ജനത്തിന്ന ക്ഷമിക്കുന്ന ദേവനും
അവരുടേ ദുഷ്ക്രിയങ്ങൾക്ക പ്രതിക്രിയ നടത്തുന്നവനുമായി
9 നമ്മുടേ ദൈവമായ യഹോവയെ ഉയത്തി
അവനേറ വിശുദ്ധപർവ്വതത്തെ തൊഴുവിൻ,
നമ്മുടേ ദൈവമായ യഹോവയത്രേ വിശുദ്ധൻ!

100. സങ്കീർത്തനം

ഉത്തമകത്താവിനെ സകലജാതികളും സേവിപ്പാൻ പ്രബോധനം.
സ്തുതിയാഗത്തിന്നുള്ള കീത്തന.

1 **സ**ർവ്വഭൂമിയായുള്ളോവേ, യഹോവെക്ക ഘോഷിപ്പിൻ (98,4)!
2 സന്തോഷത്തിൽ യഹോവയെ സേവിപ്പിൻ
ആത്തംകൊണ്ട് അവനേറ മുമ്പിൽ ചെല്ലുവിൻ!
3 യഹോവ തന്നേ ദൈവം എന്ന് അറിഞ്ഞുകൊൾവിൻ (46, 11);
നാമല്ല അവനത്രേ നമ്മെ ഉണ്ടാക്കി [(95, 6, 7)!
അവനേറ ജനവും അവനേറ മേച്ചലിലേ ആടുകളും (ആവാൻ) തന്നേ
4 വാഴ്ത്തിക്കൊണ്ട് അവനേറ വാതിലുകളിലും
സ്തോത്രത്തോടേ അവനേറ പ്രാകാരങ്ങളിലും വരുവിൻ,
അവനെ വാഴ്ത്തി തിരുനാമത്തെ ആശീർവ്വദിപ്പിൻ!
5 കാരണം യഹോവ നല്ലവൻ തന്നേ; അവനേറ ദയ യുഗപര്യന്തവും
വിശ്വസ്തത തലമുറതലമുറയോളവും ഉള്ളതാകുന്നു.

101. സങ്കീർത്തനം

രാജാവ് ദൈവമുമ്പിൽ തനിക്ക സന്മാഗ്ഗവും (5) പ്രജകളിൽ നീതി നടത്തുന്നതും ആഗ്രഹിച്ചതു.
ദാവിദിനേറ കീത്തന.

1 **ഞാ**ൻ ദയയും ന്യായവും പാടി
യഹോവേ, നിണക്ക കീർത്തിക്കട്ടേ!
2 തികവിൻ വഴിയിൽ ഞാൻ ബുദ്ധിയോടേ ചെല്ലും,
നീ എപ്പോഴും എനേറ അടുക്കേ വരും?
എൻ ഭവനത്തിന്നകത്തു
ഞാൻ ഹൃദയത്തികവിൽ നടന്നുകൊള്ളും.
3 വല്ലായ്മയുള്ള കാര്യം
എൻ കണ്ണുകളുടേ നേരേ ഞാൻ വെക്കയില്ല;
ലംഘനക്കാരുടേ പണിയെ ഞാൻ പകെക്കുന്നു
അത് എന്നോടു പറ്റുകയില്ല.
4 വക്രഹൃദയം എന്നോട് അകന്നിരിപ്പു
ഞാൻ തിന്മയെ അറികയും ഇല്ല.
5 രഹസ്യത്തിൽ കൂട്ടുകാരനെ കുരള പറയുന്നവനെ
ഞാൻ നിഗ്രഹിക്കും,

കണ്ണുയർച്ചയും ഹൃദയവിടുതിയും ഉള്ളവനെ
സഹിക്കയില്ല.
6 ദേശത്തിലേ വിശ്വസ്തന്മാരെ ഒരുമിച്ചിരുത്തുവാൻ
എൻ കണ്ണുകൾ അവരിലേക്കത്രേ;
തികവിൻ വഴിയിൽ നടപ്പാൻ
എന്നെ സേവിക്ക.
7 വഞ്ചനക്കാരൻ
എൻ ഭവനത്തിൽ വസിക്കയില്ല;
ഭോഷ്കുകൾ പറയുന്നവൻ എൻ കണ്ണുകൾ കാൺകേ
സ്ഥിരപ്പെടുകയില്ല.
8 യഹോവയുടേ നഗരത്തിൻനിന്ന്
അതിക്രമം പ്രവൃത്തിക്കുന്നവരെ അശേഷം ഛേദിപ്പാനായി
ഞാൻ ദേശത്തിലേ ദുഷ്ടന്മാരെ ഒക്കയും
പ്രത്യൂഷസ്സുകൾ നിഗ്രഹിക്കും.

102. സങ്കീർത്തനം

(2) സങ്കടത്തിലും (7) ഏകാന്തത്തിലും വലഞ്ഞവനെ രക്ഷിപ്പാനും (13) ചിയോനെ പുതുക്കി (19) ജാതികൾക്കും അനുഗ്രഹം ആക്കിവെപ്പാനും (24) കുഴങ്ങുന്നവർക്കു നിത്യശരണമായി വിളങ്ങുവാനും യാചിച്ചതു; (കാലം: ബാബേൽ പ്രവാസം തീരുവാറായപ്പോൾ).

എളിയവന്റെ പ്രാർത്ഥന; അവൻ ക്ഷീണിച്ചു യഹോവയുടേ മുമ്പിൽ
തന്റെ ചിന്തനം പകരുമ്പോഴേക്കു.

2 യഹോവേ, എൻ പ്രാർത്ഥനയെ കേൾക്ക
എൻ കൂക്കൽ നിന്നോട് എത്തുകേയാവു.
3 നിൻ മുഖത്തെ എന്നിൽനിന്നു മറെക്കല്ലേ (27,9) എനിക്കു ഞെരുങ്ങും
[നാളിൽ;
എങ്കലേക്കു നിൻ ചെവിയെ ചായ്ക്ക,
ഞാൻ വിളിക്കും നാൾ വിരഞ്ഞ് ഉത്തരം അരുളേണമേ!
4 കാരണം എന്റെ നാളുകൾ പുകയായി ഒടുങ്ങി (37,20)
എന്റെ എല്ലുകൾ കൊള്ളി പോലേ കത്തുന്നു.
5 എന്റെ ഹൃദയം പുല്ലു പോലേ അടികൊണ്ട് ഉണങ്ങി
എന്റെ അപ്പം ഭക്ഷിപ്പാനും മറന്നുപോയി.
6 എന്റെ ഞരക്കത്തിൻ ഒച്ചയാൽ
എൻ അസ്ഥികൾ മാംസത്തോടു പറ്റിപ്പോയി.
7 ഞാൻ മരുവിലേ ഞാരപക്ഷിയോട് ഒത്തു
ഇടിഞ്ഞ മതിലുകളിലേ നത്തു പോലേ ആയി.
8 ഞാൻ ജാഗരിച്ചുനിന്നു
പുരമുകളിൽ തനിച്ചിരിക്കുന്ന കുരികിൽ കണക്കേ ആയി.
9 എല്ലാ നാളും എന്നെ ശത്രുക്കൾ പഴിച്ചു
എന്റെ നേരേ ഭ്രാന്തു പിടിച്ചവർ എന്നെകൊണ്ട് ആണയിടുന്നു.
10 കാരണം അപ്പം പോലേ ഞാൻ ഭസ്മം തിന്നു
എന്റെ പാനീയം കണ്ണീരിൽ കലക്കി.
11 നീ എന്നെ എടുത്ത് എറിഞ്ഞുകളഞ്ഞ
നിന്റെ ഈറലും ചിനവും ഹേതുവായിട്ടത്രേ
12 എന്റെ നാളുകൾ ചരിഞ്ഞ നിഴല്ലു സമം
ഞാൻ പുല്ലു പോലേ ഉണങ്ങി.

13 നീയോ യഹോവേ, എന്നേക്കും ഇരിക്കുന്ന
നിന്റെ ശ്രുതി തലമുറതലമുറയോളമേ.
14 നീ എഴുനീറു ചിയോനെ കനിഞ്ഞുകൊള്ളും.
അവളോടു കരുണ ചെയ്‌വാൻ സമയമായല്ലോ;
അവധി വന്നുവല്ലോ.
15 നിന്റെ ദാസന്മാക്ക് ആകട്ടേ അവളിലേ കല്ലുകൾ രുചിക്കുന്നു
അതിൻ പൊടിയിൽ അയ്യോഭാവവും തോന്നുന്നു.
16 എന്നിട്ട് ജാതികൾ യഹോവാനാമത്തെയും
ഭൂരാജാക്കൾ എല്ലാവരും നിൻ തേജസ്സിയും ഭയപ്പെടും.
17 യഹോവ ചിയോനെ പണിതു
സ്വതേജസ്സിൽ കാണായ്‌വന്നു.
18 നിരാധാരന്റെ പ്രാത്ഥനയിലേക്കു തിരിഞ്ഞു
അവരുടേ യാചനയെ ധിക്കരിക്കായ്കയാൽ തന്നേ.
19 എന്നതു പിറേറ തലമുറെക്കായി എഴുതപ്പെടും
സൃഷ്ടിക്കപ്പെടുന്ന ജനം യാഹെ സ്തുതിക്കും.
20 കാരണം അവൻ തന്റെ വിശുദ്ധ ഉന്നതിയിൽനിന്ന് എത്തി നോക്കി
സ്വർഗ്ഗത്തിൽനിന്നു യഹോവ ഭൂമിയിലേക്കു പാത്തതു.
21 ബദ്ധന്റെ ഞരക്കം കേൾപാനും
മൃത്യുപുത്രരെ കെട്ടഴിപ്പാനും (79, 11)
22 വംശങ്ങളും രാജ്യങ്ങളും യഹോവയെ സേവിപ്പാൻ
ഒക്കത്തക്ക കൂടുമ്പോഴേക്കു,
23 ചിയോനിൽ യഹോവാ നാമവും
യരുശലേമിൽ തൽസ്തുതിയും വർണ്ണിപ്പാനും തന്നേ.
24 വഴിയിൽ വെച്ച് അവൻ എന്റെ ഊക്കിനെ താഴ്ത്തി വെച്ചു
എന്റെ നാളുകളെ ചുരുക്കി.
25 ഞാൻ ചൊല്ലുന്നിതു: എൻ ദേവനേ, എന്റെ നാളുകളുടേ പാതിയിൽ എന്നെ
നിന്റെ ആണ്ടുകൾ തലമുറതലമുറകളോളവും ഉണ്ടു. [എടുക്കരുതേ!
26 പൂർവ്വത്തിങ്കൽ നീ ഭൂമിയെ സ്ഥാപിച്ചു
വാനങ്ങൾ തൃക്കൈകളുടേ ക്രിയയും തന്നേ.
27 അവ കെട്ടുപോകും നീ നില്ക്കും;
അവ എല്ലാം വസ്ത്രംപോലേ പഴകും,
ഉടുപ്പു കണക്കേ നീ അവറെ മാറും, അവ തേമ്പുകയും ചെയ്യുന്നു.
28 നീയോ അവൻ തന്നേ,
നിന്റെ ആണ്ടുകൾ തീർന്നുപോകയും ഇല്ല.
29 നിന്റെ ദാസന്മാരുടേ മക്കൾ കുടിപാർക്കും
അവരുടേ സന്തതി തിരുമുമ്പിൽ സ്ഥിരമാകയും ചെയ്യും.

103. സങ്കീർത്തനം

കൃപാസമ്പന്നനായ ദൈവം തന്നിലും (6) സഭയിങ്കലും ചെയ്ത സ്നേഹാതിശയം ഹേതുവായി (19) സർവ്വലോകത്തോടും കൂടേ താനും സ്തുതിപ്പാൻ പ്രബോധനം.

ദാവിദിന്റേതു.

1 എൻ ദേഹിയേ, യഹോവയെ അനുഗ്രഹിക്ക
എൻ ഉള്ളിലേവ എല്ലാം അവന്റെ വിശുദ്ധനാമത്തെ തന്നേ!
2 എൻ ദേഹിയെ, യഹോവയെ അനുഗ്രഹിക്ക
അവന്റെ സകല ഉപകാരങ്ങളെ മറക്കയുമരുതേ!

3 നിന്റെ അകൃത്യങ്ങളെ ഒക്കെയും ക്ഷമിച്ചു
നിന്റെ എല്ലാ ബാധകൾക്കും ചികിത്സിച്ചു,
4 നിന്റെ ജീവനെ കുഴിയിൽനിന്നു വീണ്ടെടുത്തും
ദയയും കനിവും ചൂടിച്ചും തരുന്നവനേ,
5 നിന്റെ ശൃംഗാരത്തിന്നു നന്മയാൽ തൃപ്തി വരുത്തി
കഴുകു പോലെ നിന്റെ ബാല്യത്തെ പുതുക്കുമാറാക്കുന്നവനെ തന്നേ!
6 യഹോവ നീതികളെയും
എല്ലാ പീഡിതർക്കും ന്യായങ്ങളെയും നടത്തുന്നു.
7 മോശയെ തന്റെ വഴികളെയും
ഇസ്രയേൽ പുത്രരെ തൻ വൃത്തികളെയും അറിയിച്ചു.
8 യഹോവ കരുണയും കനിവും ഉള്ളവൻ
ദീർഘക്ഷാന്തിയും ദയയും പെരുകിയവൻ തന്നേ.
9 അവൻ എന്നേക്കും വാദിക്കയില്ല
യുഗപര്യന്തം (പക) സംഗ്രഹിക്കയും ഇല്ല.
10 നമ്മുടെ പാപങ്ങൾക്കു തക്കവണ്ണം നമ്മോടു ചെയ്യാ,
നമ്മുടെ അകൃത്യങ്ങളെ പോലേ നമ്മിൽ പിണെക്കാ.
11 കാരണം സ്വർഗ്ഗം ഭൂമിമേൽ ഉയരുമ്പോലേ
അവനെ ഭയപ്പെടുന്നവരുടേ മേൽ അവന്റെ ദയ ഉയരുന്നു.
12 ഉദയം അസ്തമനത്തോട് അകലുമ്പോലേ
അവൻ നമ്മുടേ ദ്രോഹങ്ങളെ നമ്മോട് അകറ്റുന്നു.
13 അപ്പന്നു മക്കളിൽ കനിവുള്ളതു പോലേ
യഹോവെക്കു തന്നെ ഭയപ്പെടുന്നവരിൽ കനിവുണ്ടു.
14 നമ്മുടേ നിർമ്മാണത്തെ അവൻ അറിഞ്ഞു
നാം പൂഴി എന്നു ഓർക്കുന്നുവല്ലോ.
15 മർത്യന്റെ നാളുകൾ പുല്ലിന്നു സമം
വയലിലേ പൂ പോലേ പൂക്കുന്നുള്ളു.
16 അവന്റെ മേൽ കാറ്റു കടന്നിട്ടു അവൻ ഇല്ലാതേ പോയി
അവന്റെ സ്ഥലം പിന്നേ അവനെ ബോധിക്കയും ഇല്ല.
17 യഹോവയുടേ ദയയോ യുഗംമുതൽ യുഗപര്യന്തം അവനെ ഭയപ്പെടുന്നവ
അവന്റെ നീതി മക്കളുടേ മക്കൾക്കും ഉള്ളതു, [രുടേ മേലും
18 അവന്റെ നിയമത്തെ കാത്തു
തൻ നിയോഗങ്ങളെ ചെയ്വാനായി ഓർക്കുന്നവരിൽ തന്നേ.
19 യഹോവേ സ്വർഗ്ഗത്തിൽ തൻ സിംഹാസനത്തെ സ്ഥിരമാക്കി
അവന്റെ രാജ്യം സകലത്തിലും വാഴുന്നു.
20 അവന്റെ വാക്കിൻ ശബ്ദത്തെ കേൾപാൻ
ഊക്കുള്ള വീരരായി അവന്റെ ചൊല്പടി ചെയ്യുന്ന
ദൽദൂതരായുള്ളോരേ, യഹോവയെ അനുഗ്രഹിപ്പിൻ!
21 അവന്റെ പ്രസാദം ചെയ്യുന്ന വേലക്കാരായി
അവന്റെ സകല സൈന്യങ്ങളായുള്ളോവേ, യഹോവയെ അനുഗ്രഹിപ്പിൻ!
22 അവന്റെ രാജ്യത്തിലേ എല്ലാ വിടങ്ങളിലും
അവന്റെ സകലസൃഷ്ടികളുമായുള്ളോവേ, യഹോവയെ അനുഗ്രഹിപ്പിൻ!
എൻ ദേഹിയേ, യഹോവയെ അനുഗ്രഹിക്ക.

104. സങ്കീർത്തനം

സൃഷ്ടാവ് (2) വാനങ്ങൾ (6) ഭൂമിവെള്ളങ്ങൾ (19) ജ്യോതിസ്സുകളുടേ പ്രകാശം (24) സമുദ്രം മുതലായതു ഉണ്ടാക്കി (27) സ്വ്ം താങ്ങുകയാൽ (31)

എന്നും സഭയിൽ സ്തുത്യൻ (ഇത് ആദിയായി മൂന്ന ഹല്ലെലൂയാഗീതങ്ങം ബാബേൽപ്രവാസത്തിൽ പിന്നേ ഉണ്ടാക്കിയവ).

1 എൻ ദേഹിയേ, യഹോവയെ അനുഗ്രഹിക്ക (103, 1)!
എൻ ദൈവമായ യഹോവേ, നീ ഏറ്റം വലിയവൻ
നീ പ്രതാപവും പ്രഭയും ഉടുത്തിരിക്കുന്നു (96, 6).
2 പുതപ്പു പോലേ അവൻ വെളിച്ചം ചുറ്റിക്കൊണ്ട
തിരശ്ശീലയെ പോലേ വാനങ്ങളെ വിരിക്കുന്നവൻ.
3 വെള്ളം തൻ മാളികകൎക്ക് ഉത്തരങ്ങളാക്കി കെട്ടി
മുകിലുകളെ തനേറ തേരാക്കി വെച്ച
കാറ്റിൻ ഇറകുകളിന്മേൽ നട കൊള്ളുന്നവൻ.
4 കാറ്റുകളെ തൻ ദൂതരും
ജ്വാലാഗ്നിയെ തൻ വേലക്കാരും ആക്കുന്നവൻ.
5 ഭൂമിയെ അതിൻ അടിസ്ഥാനത്തിന്മേൽ സ്ഥാപിച്ച
അത് എന്നെന്നേക്കും കുലുങ്ങുകയും ഇല്ല.
6 ഉടുപ്പു പോലേ നീ ആഴികൊണ്ട് അതിനെ മൂടി
മലകളിലും വെള്ളങ്ങൎ നിലുന്നു.
7 നീ ശാസിക്കയാൽ അവ മണ്ടി.
നിൻ ഇടിയൊലിയിൽനിന്നു തത്രപ്പെട്ട് ഓടി.
8 മലകൎ കയറി താഴ്വരകൎ ഇറങ്ങി
നീ അവറ്റിന്നു സ്ഥാപിച്ച സ്ഥലത്തേക്കു (വെള്ളങ്ങൎ) വാങ്ങുന്നു.
9 നീ അതിർ ഇട്ടതിനെ അവ കടക്കയില്ല
ഭൂമിയെ മൂടുവാൻ തിരികേ ചെല്കയും ഇല്ല.
10 തോട്ടുകളിലേക്കു അവൻ ഉറവുകളെ അയക്കുന്നു
അവ മലകളുടേ നടുവേ ചെന്നു,
11 വയലിലേ ജന്തുക്കളെ എല്ലാം കുടിപ്പിക്കുന്നു;
കാട്ടുകഴുതകൎ (അതിൽ) ദാഹം തീർക്കും.
12 അവറ്റിൻ മീതേ വാനത്തിൻ പക്ഷികൎ കുടിപാർത്തു
ചപ്പുകളുടേ സ്വരം കേൎപ്പിക്കുന്നു.
13 തനേറ മാളികകളിൽനിന്ന് അവൻ മലകളെ നനെക്കുന്നു,
നിനേറ ക്രിയകളുടേ ഫലം (പെയ്കയാൽ) നീ ഭൂമിക്കു തൃപ്തി വരുത്തുന്നു.
14 അവൻ മൃഗത്തിന്നു പുല്ലും
മനുഷ്യനേറ സേവെക്കു സസ്യവും മുളെപ്പിക്കുന്നു
ഭൂമിയിൽനിന്ന് അപ്പം പുറപ്പെടീപ്പാൻ തന്നേ.
15 വീഞ്ഞും (ജനിച്ചു) മർത്യനേറ ഹൃദയം സന്തോഷിപ്പിച്ചു
എണ്ണയാൽ മുഖത്തെ മിനുക്കുന്നു
അപ്പവും (വന്നു) മർത്യനേറ ഹൃദയം താങ്ങുന്നു.
16 യഹോവയുടേ മരങ്ങൎക്കും തൃപ്തി വരുന്നു,
അവൻ നട്ട ലിബനോനിലേ ദേവദാരുകൎക്കു തന്നേ;
17 അവിടേ കുരികിലുകൎ കൂടുണ്ടാക്കുന്നു
പെരിങ്കൊക്കിന്നു പീനമരങ്ങൎ വീടാകുന്നു.
18 ഉയൎന്ന മലകൎ കാട്ടാടുകൎക്കും
ശൈലങ്ങൎ ശഫാനുകൎക്കും ആശ്രയം തന്നേ.
19 ഉത്സവങ്ങൎക്കായി അവൻ ചന്ദ്രനെ ഉണ്ടാക്കി
സൂര്യൻ തനേറ അസ്തമാനദിക്കിനെ അറിയുന്നു.
20 നീ ഇരിട്ടിനെ ഇട്ടിട്ടു രാത്രിയായാൽ
കാട്ടിലേ ജന്തുക്കൎ ഒക്കയും ഇളകി വരുന്നു.

21 ചെറുകോളരികൾ കവർച്ചെക്കായി അലറി
ദേവങ്കൽനിന്നു തങ്ങൾ ഇരയെ തേടി നടക്കുന്നു.
22 സൂര്യൻ ഉദിച്ചിട്ടു് അവ വാങ്ങി
താന്താന്റെ പടുപ്പുകളിൽ കിടന്നുകൊള്ളുന്നു.
23 മനുഷ്യൻ തന്റെ പ്രവൃത്തിക്കും
സന്ധ്യയോളം തൻ വേലെക്കും പുറപ്പെടുന്നു.
24 യഹോവേ, നിന്റെ ക്രിയകൾ എത്ര പെരുകുന്നു!
എല്ലാറ്റെയും നീ ജ്ഞാനത്തിൽ തീത്തു
ഭൂമി നിന്റെ സമ്പത്തിനാൽ സമ്പൂർണ്ണം.
25 അവിടേ വങ്കടൽ ഇരുപുറവും നീളുന്നു
അതിൽ ചെറിയ ജീവികളും വലിയവയുമായി
എണ്ണമില്ലാതോളം ഇഴവുണ്ടു.
26 അങ്ങു കപ്പലുകൾ സഞ്ചരിക്കുന്നു
അതിൽ കളിപ്പാൻ നീ തീത്ത ലിവ്യഥാനും അതാ.
27 ഇവ എല്ലാം തത്സമയത്തു താന്താന്റെ തീൻ നല്കുവാൻ
നിന്നെ പാർത്തിരിക്കുന്നു.
28 നീ കൊടുക്കേ അവ പെറുക്കുന്നു
തുക്കൈ തുറക്കേ നന്മയാൽ തൃപ്തിപ്പെടും.
29 തിരുമുഖത്തെ മറെക്കേ അവ മെരിണ്ടു പോം
അവറിൻ ശ്വാസത്തെ ചേത്തുകൊൾകേ വീർപ്പുമുട്ടി
തങ്ങളുടേ പൂഴിയിലേക്കു തിരിയുന്നു.
30 നിന്റെ ശ്വാസത്തെ അയക്കേ അവ സൃഷ്ടിക്കപ്പെടും
നിലത്തിൻ മുഖത്തെ നീ പുതുക്കയും ചെയ്യുന്നു.
31 യഹോവയുടേ തേജസ്സു് യുഗപര്യന്തം ആവു
യഹോവ സ്വക്രിയകളിൽ സന്തോഷിക്ക!
32 ഭൂമിയെ നോക്കീട്ടു വിറെപ്പിച്ചും
മലകളെ തൊട്ടിട്ടു പുകെപ്പിച്ചും ഉള്ളവനേ!
33 ജീവനുള്ളുന്നും ഞാൻ യഹോവെക്കു പാടുക,
ഞാൻ ഉള്ളേടത്തോളം എൻ ദൈവത്തെ കീർത്തിക്ക!
34 എന്റെ ചിന്തനം അവന്നു ഗ്രാഹ്യമാക
ഞാൻ യഹോവയിൽ സന്തോഷിക്കും.
35 പാപികൾ ഭൂമിയിൽനിന്നു തീർന്നുപോക
ദുഷ്ടൻമാർ ഇനി ഇല്ലാതേയാക!
എൻ ദേഹിയേ, യഹോവയെ അനുഗ്രഹിക്ക!
ഹല്ലെലൂയാഃ (യാഹെ സ്തുതിപ്പിൻ).

105. സങ്കീർത്തനം

പുരാണചരിത്രത്താൽ വിശ്വാസവർദ്ധന ഉണ്ടാവാൻ (8)ദൈവം കനാൻ അവകാശത്തെ വാഗ്ദത്തം ചെയ്ത പിതാക്കളെ പോററിയതും (16) ഇസ്രയേലെ മിസ്രയിൽ ആക്കി (24) അവിടേനിന്നു വീണ്ടുകൊണ്ടു (39) കനാനിൽ കടത്തിയതും ഓർപ്പിച്ച സ്തുതി.

1 യഹോവയെ വാഴ്ത്തി തൻ നാമം വിളിച്ചു യാചിപ്പിൻ
വംശങ്ങളിൽ അവന്റെ വൻകിയകളെ അറിയിപ്പിൻ!
2 അവനു പാടുവിൻ അവനെ കീർത്തിപ്പിൻ
അവന്റെ സകല അത്ഭുതങ്ങളെയും ചിന്തിപ്പിൻ!

3 അവന്റെ വിശുദ്ധനാമത്തിൽ പ്രശംസിച്ചു കൊൾവിൻ
യഹോവയെ അന്വേഷിക്കുന്നവരുടേ ഹൃദയം സന്തോഷിക്ക!
4 യഹോവയെയും അവന്റെ ശക്തിയെയും തിരവിൻ
അവന്റെ മുഖത്തെ നിത്യം അന്വേഷിപ്പിൻ!
5 അവൻ ചെയ്ത അത്ഭുതങ്ങളെയും
അവന്റെ അതിശയങ്ങളെയും തിരുവായുടേ ന്യായങ്ങളെയും ഓർപ്പിൻ.
6 അവന്റെ ദാസനായ അബ്രഹാമിൻ സന്തതിയും
യാക്കോബിൻ മക്കളും ആയി അവൻ തെരിഞ്ഞെടുത്തുള്ളോരേ!
7 യഹോവ എന്നവൻ നമ്മുടേ ദൈവം തന്നേ;
അവന്റെ ന്യായവിധികൾ സർവ്വഭൂമിയിലും ഉണ്ട.
8 തൻ നിയമത്തെ അവൻ എപ്പോഴും ഓർത്തു,
ആയിരം തലമുറയോളവും അവൻ കല്പിച്ച വാക്കും,
9 അബ്രഹാമോട ചെയ്ത സഖ്യവും
ഇഛാക്കിനോട് ആണയിട്ടതും (ഓർത്തു),
10 യാക്കോബിന്ന വെപ്പും
ഇസ്രയേലിന്ന നിത്യനിയമവും ആയി സ്ഥാപിച്ചുകൊണ്ട:
11 നിണക്ക ഞാൻ കനാൻ ദേശത്തെ
നിങ്ങളുടേ അവകാശത്തിൻ അളത്തക്കയറായി തരുന്ന എന്ന,
12 അവർ എണ്ണത്താൽ അല്പം ചില ആളുകളും
അതിൽ പരദേശികളും ആകുമ്പോൾ ചൊല്ലിയതും (അവൻ ഓർത്തു).
13 അവർ ജാതിയിൽനിന്ന ജാതിയിലേക്കും
രാജ്യം വിട്ട് അന്യജനത്തിലേക്കും സഞ്ചരിക്കയിൽ,
14 അവരെ പീഡിപ്പിപ്പാൻ മനുഷ്യരെ സമ്മതിയാതേ
രാജാക്കളെയും അവർ മൂലമായി ശിക്ഷിച്ച;
15 എന്റെ അഭിഷിക്തരെ തൊടായ്വിൻ
എൻ പ്രവാചകരിൽ തിന്മ വരുത്തായ്വിൻ (എന്നിരുന്ന).
16 പിന്നേ ദേശത്തിന്മേൽ ക്ഷാമം വിളിച്ച
അപ്പമാകുന്ന ദണ്ഡ് അശേഷം ഒടിച്ച;
17 അവർക്കു മുമ്പേ ഒരു പുരുഷനെ അയച്ച
യോസേഫ് ദാസനായി വില്ക്കപ്പെട്ട.
18 തളകൊണ്ട് അവന്റെ കാലുകളെ മുടക്കി
അവന്റെ ദേഹി ഇരിമ്പിൽ അകപ്പെട്ട,
19 ആയവന്റെ വാക്കു വരികയും
യഹോവയുടേ മൊഴി അവനെ ഊതിക്കഴിക്കയും ചെയ്വോളമേ.
20 (അന്ന) രാജാവ് ആളയച്ച അവനെ അഴിപ്പിച്ച
വംശങ്ങളെ ഭരിക്കുന്നവൻ അവനെ വിടുതലാക്കി,
21 സ്വഭവനത്തിന്ന യജമാനനും
തന്റെ സകല സമ്പത്തിലും വാഴ്ന്നോനും ആക്കി,
22 തന്റെ പ്രഭുക്കളെ അവൻ തൻ ഉള്ളംകൊണ്ട കെട്ടുവാനും
തൻ മൂപ്പരെ ജ്ഞാനം പഠിപ്പിപ്പാനും (ഏല്പിച്ച).
23 എന്നാറേ ഇസ്രയേൽ മിസ്രയീൽ ചെന്ന
യാക്കോബ് ഹാം ദേശത്തിൽ പരദേശിയായി നടന്ന.
24 പിന്നേ സ്വജനത്തെ അത്യന്തം പെരുകിച്ച
അവരെ മാറാന്മാരെക്കാളും ഉരുക്കുമാറാക്കി.
25 സ്വജനത്തെ പകെപ്പാനും
തൻ അടിയാരിൽ കൌശലം പ്രയോഗിപ്പാനും ആയവരുടേ ഹൃദയം മറിച്ച.
26 സ്വദാസനായ മോശയെയും
താൻ തെരിഞ്ഞെടുത്ത അഹരോനെയും അയച്ച.

27 ഇവർ അവന്റെ അടയാളവാക്കുകളെ ആ കൂട്ടരിലും
അവന്റെ അത്ഭുതങ്ങളെ ഹാം ദേശത്തിലും ഇട്ടു (78,43).
28 അവൻ അന്ധകാരം അയച്ചു ഇരുളാക്കി
അവന്റെ വാക്കുകളോട് അവർ മറുത്തതും ഇല്ല.
29 അവരുടെ വെള്ളങ്ങളെ രക്തമാക്കി മാറ്റി
അങ്ങേ മീനുകളെ മരിപ്പിച്ചു;
30 ആ നാട്ടിൽ തവളകൾ
അവരുടെ രാജപ്പള്ളിയറകളിലും നിറഞ്ഞ് ഇഴഞ്ഞു;
31 അവൻ ചൊല്ലേ പോന്തകൾ വന്നു
അവരുടെ എല്ലാ അതിർക്കകത്തും ഈച്ചകളും തന്നേ;
32 അവരുടെ മാരിയായി അവൻ കന്മഴ കൊടുത്തു
അവരെ നാട്ടിൽ അഗ്നിജ്വാലകളെ തന്നേ;
33 അവരുടെ മുന്തിരിയും അത്തിയും അടിച്ചു
അവരെ അതിർക്കകത്തെ മരങ്ങളെ തകർത്തു.
34 അവൻ ചൊല്ലേ വെട്ടുക്കിളിയും
എണ്ണമില്ലാതോളം തുള്ളനും വന്നു,
35 അവരെ നാട്ടിൽ എല്ലാ സസ്യവും തിന്നു
ആ നിലത്തെ ഫലവും ഭക്ഷിച്ചു.
36 അവരുടെ ദേശത്തിൽ കടിഞ്ഞൂലിനെ ഒക്കയും
അവരുടെ സകല വീര്യത്തിൻ മീത്തും അവൻ അടിച്ചു (78,51).
37 വെള്ളിപ്പൊന്നുമായി അവരെ പുറപ്പെടുവിച്ചു
അവരുടെ ഗോത്രങ്ങളിൽ ഇടറുന്നവൻ ഇല്ലാഞ്ഞു.
38 ആ പുറപ്പാട്ടിനാൽ മിസ്രയീം സന്തോഷിച്ചു
അവരുടെ പേടി ഇവരിൽ വീണതു കൊണ്ടത്രേ.
39 അവൻ മേഘത്തെ മൂടിയാക്കി വിരിച്ചു
രാത്രിയിൽ പ്രകാശിപ്പാൻ അഗ്നിയും (ഇട്ടു).
40 ചോദിച്ചപ്പോൾ കാടയെ വരുത്തി
സ്വർഗ്ഗീയ അപ്പത്താൽ അവർക്കു തൃപ്തി ഉണ്ടാക്കി.
41 പാറയെ തുറന്നിട്ടു വെള്ളങ്ങൾ വഴിഞ്ഞു (78,27)
വരണ്ടതിൽ കൂടി പുഴയായി ഒഴുകി.
42 കാരണം സ്വദാസനായ അബ്രഹാമോട്
(അരുളിയ) തന്റെ വിശുദ്ധവചനത്തെ അവൻ ഓർത്തു.
43 എന്നിട്ടു സ്വജനത്തെ ആനന്ദത്തിലും
താൻ തെരിഞ്ഞെടുത്തവരെ ആർപ്പോടും പുറപ്പെടുവിച്ചു.
44 ജാതികളുടെ ദേശങ്ങളെ അവർക്കു കൊടുത്തു
കൂലങ്ങളുടെ പ്രയത്ന(ഫല)ത്തെ അവർ അടക്കിയതു,
45 അവന്റെ വെപ്പുകളെ പ്രമാണിപ്പാനും
ധർമ്മങ്ങളെ സൂക്ഷിപ്പാനും തന്നേ. ഹല്ലെലൂയാഃ.

106. സങ്കീർത്തനം

കൃപാസമ്പന്നനോട് ഇസ്രയേൽ (6) മിസ്രയീമും (13) മരുവിലും (34) കനാനിലും കാണിച്ച കൃതഘ്നത മുതലായ പാപങ്ങളെ ഏറ്റു പറഞ്ഞു (44) ശിക്ഷകൾക്കു പരിശാന്തി അപേക്ഷിച്ചതു.

1 **ഹ**ല്ലെലൂയാഃ.
യഹോവയെ വാഴ്ത്തുവിൻ (105, 1) കാരണം അവൻ നല്ലവൻ തന്നേ,
അവന്റെ ദയ യുഗപര്യന്തമുള്ളതല്ലോ (100, 5)

2 യഹോവയുടേ മിടുമകളെ ആർ മൊഴിയും,
അവനേറ സകല സ്തുതിയും ആർ കേൾപിക്കും?
3 ന്യായത്തെ കാത്തു
എല്ലാ സമയത്തും നീതി ചെയ്യുന്നവർ ധന്യർ!
4 തിരുജനത്തെ പ്രസാദിക്കയിൽ യഹോവേ, എന്നെ ഓർക്കേണമേ,
നിനേറ രക്ഷയെകൊണ്ട് എന്നെ സന്ദർശിക്കേണമേ,
5 നീ തെരിഞ്ഞെടുത്തവരുടേ സുഖത്തെ കാണ്മാനും
തിരുജാതിയുടേ സന്തോഷത്തിൽ സന്തോഷിപ്പാനും
നിനേറ അവകാശത്തോട് ഒന്നിച്ചു പ്രശംസിച്ചു കൊൾവാനും തന്നേ!
6 ഞങ്ങൾ പിതാക്കന്മാരോടു കൂടേ പാപം ചെയ്തു.
പിഴെച്ചു ദ്രോഹിച്ചു.
7 ഞങ്ങളുടേ പിതാക്കൾ മിസ്രയിൽ നിനേറ അതിശയങ്ങളെ ബോധിക്കാ
നിനേറ ദയകളുടേ പെരുമയെ ഓർക്കാതേയും [തേയും
കടല്പുറത്തു ചെങ്കടലരികേ മറുത്തു പോയി.
8 അവനോ തനേറ ശൌര്യം അറിയിപ്പാൻ
സ്വനാമം ഹേതുവായി അവരെ രക്ഷിച്ചു,
9 ചെങ്കടലിനെ ശാസിച്ചു അത് ഉണങ്ങിയാറേ
മരുവെ പോലേ ആഴികളിൽ കൂടി അവരെ നടത്തി;
10 പകയനേറ കയ്യിൽനിന്ന് അവരെ രക്ഷിച്ചു
ശത്രുകയ്യിൽനിന്നു വീണ്ടെടുത്തു,
11 അവരുടേ മാററാന്മാരെ വെള്ളങ്ങൾ മൂടിക്കളഞ്ഞു
അവർ ഒരുവനും ശേഷിച്ചതും ഇല്ല.
12 അന്ന് അവനേറ വചനങ്ങളിൽ അവർ വിശ്വസിച്ചു
അവനേറ സ്തോത്രം പാടുന്നു.
13 ആയവനേറ ക്രിയകളെ അവർ വിരഞ്ഞു മറന്നു
അവനേറ ആലോചനയെ കാത്തു നില്ക്കാതേ,
14 മരുവിൽ കൊതി കൊതിച്ചു
പാഴ്നിലത്തിൽ ദേവനെ പരീക്ഷിച്ചു,
15 ആയവൻ അവർക്കു ചോദ്യം പോലേ കൊടുത്തു
അവരുടേ ദേഹികളിൽ മെലിച്ചൽ അയച്ചു.
16 അവർ പാളയത്തിൽ വെച്ചു മോശയിലും
യഹോവയുടേ വിശുദ്ധനായ അഹരോനിലും എരിവു ഭാവിച്ചു;
17 അന്നു ഭൂമി തുറന്നു ദാഥാനെ വിഴുങ്ങി
അബീരാമിൻ സംഘത്തെ മൂടി,
18 ആ കൂട്ടത്തിൽ തീ കത്തി
ജ്വാല ദുഷ്ടരെ ദഹിപ്പിച്ചു.
19 പിന്നേ ഹൊരബിങ്കൽ കന്നുകുട്ടിയെ ഉണ്ടാക്കി
വാർത്തു തീർത്തതിനെ തൊഴുതു,
20 തങ്ങളുടേ തേജസ്സായവനെ
പുല്ലു തിന്നുന്ന കാളയുടേ രൂപത്തോടു പകർന്നു കളഞ്ഞു.
21 മിസ്രയിൽ വമ്പുകളും
ഹാം ദേശത്തിൽ അതിശയങ്ങളും,
22 ചെങ്കടലിൽ ഭയങ്കരങ്ങളും അനുഷ്ഠിച്ചു
തങ്ങളെ രക്ഷിച്ച ദേവനെ മറന്നു വിട്ടു.
23 ആയവൻ അവരെ വേരറുപ്പാൻ ഭാവിച്ചു,
അവൻ തെരിഞ്ഞെടുത്ത മോശ
മൂലനാശത്തിങ്കന്ന് അവനേറ ഊഷ്മാവിനെ തിരിപ്പാൻ
അവനേറ മുമ്പാകേ ഇടിവിൽ നിന്നിരുന്നില്ല എങ്കിലേ.

24 പിന്നേ ആ മനോഹരദേശത്തെ അവർ നിരസിച്ചു
അവനേറ വചനത്തെ വിശ്വസിക്കാഞ്ഞു,
25 തങ്ങളുടേ കൂടാരങ്ങളിൽ പിറുപിറുത്തു
യഹോവയുടേ ശബ്ദത്തെ കേളാതേ പോയി.
26 അവനും അവരെ മരുവിൽവെച്ചു വീഴിക്കും
അവരുടേ സന്തതിയെ ജാതികളിൽ വീഴിക്കും എന്നും,
27 ദേശങ്ങളിൽ അവരെ ചിതറിക്കും എന്നും (3 മോ. 26, 33)
അവരുടേ നേരേ കൈ ഉയർത്തി (സത്യം ചെയ്തു).
28 അനന്തരം അവർ ബാൽപയോരോടു സഞ്ജിച്ചു പോയി
നിർജ്ജീവന്മാർക്കുള്ള ബലികളെ ഭക്ഷിച്ചു,
29 ദുഷ്ക്രിയങ്ങളാൽ (അവനു) മുഷിച്ചൽ ഉണ്ടാക്കി
ബാധ അവരിൽ തട്ടുകയും ചെയ്തു.
30 അന്നു പിനഹാസ് നിന്നുകൊണ്ടു നടുതീർക്കയാൽ
ബാധ മുടങ്ങിപ്പോയി;
31 ആയത് തലമുറതലമുറയോളം എന്നേക്കും
അവനു നീതി എന്നു് എണ്ണപ്പെട്ടു.
32 പിന്നേ അവർ വിവാദവെള്ളത്തിങ്കൽ ചിനം ജനിപ്പിച്ചു
മോശെക്കും അവർ നിമിത്തം തിന്മ സംഭവിച്ചു;
33 കാരണം അവനേറ ആത്മാവോടു അവർ മുക്കയാൽ
അധരങ്ങളാൽ അവൻ ജല്പിച്ചു പോയി.
34 യഹോവ അവരോടു പറഞ്ഞാറേയും
വംശങ്ങളെ അവർ വേരുക്കാതേ,
35 ജാതികളോടു് ഇടകലർന്നു
അവരുടേ ക്രിയകളെ പഠിച്ചു,
36 അവരുടേ വിഗ്രഹങ്ങളെ സേവിച്ചു പോയി;
അവ അവർക്കു കണിയായ്തീർന്നു.
37 തങ്ങളുടേ പുത്രിപുത്രന്മാരെ സ്വാമികൾക്കു ഹോമിച്ചു,
38 കനാനിലേ വിഗ്രഹങ്ങൾക്കു് എന്നു് അറുത്ത
പുത്രിപുത്രന്മാരുടേ ചോരയാൽ
നിർദ്ദോഷരക്തം ഒഴിച്ചു കളഞ്ഞു
രക്തങ്ങളാൽ ഭൂമി ബാഹ്യമായി പോയി.
39 (ഇങ്ങനേ) അവർ സ്വക്രിയകളാൽ തീണ്ടി
തങ്ങളുടേ ദുഷ്ക്രർമ്മങ്ങളാൽ പുലയാടി പോയാറേ
40 യഹോവയുടേ കോപം സ്വജനത്തിങ്കൽ കത്തി
തനേറ അവകാശത്തെ അവൻ അറെച്ചു,
41 ജാതികളുടേ കയ്യിൽ ഏല്പിച്ചു
അവരിൽ പകയർ വാഴുകയും ചെയ്തു.
42 ശത്രുക്കൾ അവരെ പീഡിപ്പിച്ചു
അവരുടേ കൈക്കീഴ് ഇവർ താണപോകയും ചെയ്തു.
43 അവൻ പലപ്രാവശ്യവും അവരെ ഉദ്ധരിക്കും,
അവരോ സ്വന്ത അഭിപ്രായത്താൽ മറുത്തു പോന്നു
തങ്ങളുടേ അകൃത്യത്തിൽ ആണപോകും.
44 എന്നിട്ടും അവരുടേ മുറവിളി കേൾക്കുമ്പോൾ
അവരുടേ ഞെരുക്കത്തെ അവൻ കണ്ടു,
45 അവർക്കായി സ്വനിയമത്തെ ഓർത്തു,
തനേറ ദയയുടേ പെരുമെക്കു തക്കവണ്ണം അനുതപിച്ചു,
46 അവരെ പ്രവസിപ്പിച്ച എല്ലാവർക്കും മുമ്പിൽ
അവർക്കു കരുണക്കനിവു എത്തിക്കയും ചെയ്തു (1 രാ. 8,5).

47 ഞങ്ങളുടേ ദൈവമായ യഹോവേ, ഞങ്ങളെ രക്ഷിക്കേണമേ,
നിന്നേറ വിശുദ്ധനാമം വാഴ്ത്തുവാനും
നിന്നേറ സ്തോത്രത്തിൽ പ്രശംസിച്ചു കൊൾവാനും
ജാതികളിൽനിന്നു ഞങ്ങളെ ചേത്തുകൊള്ളേണമേ!

ഇസ്രയേലിൻ ദൈവമായ യഹോവ
യുഗംമുതൽ യുഗപര്യന്തം അനുഗ്രഹിക്കപ്പെടാവു
ജനം എല്ലാം ആമെൻ എന്നു പറവൂതാക!
ഹല്ലെലൂയാഃ

അഞ്ചാം കാണ്ഡം.

(നാലാമതിന്നേറ തുടർച്ച.)

107. സങ്കീത്തനം

ബാബെലിൽ പ്രവസിച്ചു പോയവരെ ദൈവം മടക്കിയ ശേഷം (4) മരുവിൽ ഉഴന്നവർ (10) തടവിലായവർ (17) രോഗപീഡിതർ (23) കപ്പലിൽ കഷ്ടിച്ചവർ മുതലായവർ താന്താങ്ങളുടേ രക്ഷെക്കും (33) ഇസ്രയേലുടേ കുടിയിരുപ്പിൽ ദൈവം കാണിച്ച കരുണെക്കും സ്തുതിക്കേണം.

1 യഹോവയെ വാഴ്ത്തുവിൻ കാരണം അവൻ നല്ലവൻ തന്നേ,
അവന്നേറ ദയ യുഗപര്യന്തം ഉള്ളതല്ലോ (106, 1)!
2 എന്നു യഹോവയുടേ നിർമ്മുക്തന്മാർ (യശ. 62, 12) പറവൂതാക;
അവൻ മാററാന്നേറ കയ്യിൽനിന്നു വീണ്ടെടുത്തു,
3 ഉദയാസ്തമയങ്ങളിലും വടക്കുനിന്നും (തെക്കേ) കടലിൽനിന്നും
അതതു ദേശങ്ങളിൽനിന്നു ചേത്തുകൊണ്ടവർ തന്നേ.
4 മരുവിൽ അവർ ഏകാന്തവഴിയിൽ ഉഴന്നു
കുടിയിരിപ്പിന്നു് നഗരം കാണാതേ,
5 വിശന്നും ദാഹിച്ചുംകൊണ്ടു്
ദേഹി ഉള്ളിൽ മാഴ്കി പോയിട്ടു;
6 തങ്ങളുടേ ഞെരുക്കത്തിൽ യഹോവയോടു നിലവിളിച്ചു,
അവരുടേ പീഡകളിൽനിന്നു് അവൻ ഉദ്ധരിച്ചു.
7 നേർവഴിയിൽ അവരെ നടത്തി
കുടിയിരിപ്പിൻ നഗരത്തിൽ ചെല്ലുമാറാക്കി.
8 ഇവർ യഹോവയോടു് അവന്നേറ ദയയും
മനുഷ്യപുത്രരോടു് അവന്നേറ അത്ഭുതങ്ങളും വാഴ്ത്തുകേ വേണ്ടു.
9 മോഹാലസ്യം വന്ന ദേഹിയെ അവൻ തൃപ്തിയാക്കി
വിശന്ന ദേഹിയെ നന്മയാൽ നിറെക്കയാൽ തന്നേ.
10 അന്ധകാരത്തിലും മരണനിഴലിലും വസിച്ചു (യശ. 9, 1)
അരിഷ്ടതയാലും ഇരിമ്പിനാലും ബദ്ധരായവർ എങ്കിലോ,
11 ദേവമൊഴികളോടു മറുത്തു
അത്യുന്നതന്നേറ ആലോചനയെ ധിക്കരിക്കയാലല്ലോ,
12 അവൻ കഷ്ടത്താൽ അവരുടേ ഹൃദയം താഴ്ത്തി
അവർ സഹായി ഇല്ലാതേ ഇടറിപ്പോയി;

13 ആയവർ തങ്ങളുടേ ഞെരുക്കത്തിൽ യഹോവയോടു നിലവിളിച്ചു,
അവരുടേ പീഡകളിൽനിന്നു അവൻ ഉദ്ധരിച്ചു,
14 അന്ധകാരമരണനിഴലിൽനിന്നു അവരെ പുറപ്പെടുവിച്ചു
അവരുടേ കെട്ടുകളെ പൊട്ടിച്ചു.
15 ഇവർ യഹോവയോടു അവന്റേറ ദയയും
മനുഷ്യപുത്രരോടു അവന്റേറ അത്ഭുതങ്ങളും വാഴ്ത്തുകേ വേണ്ടു,
16 ചെമ്പിൻ വാതിലുകളെ അവൻ നുറുക്കി
ഇരിമ്പിൻ ഓടാമ്പലുകളെ ഖണ്ഡിച്ചു കളകയാൽ തന്നേ (യശ. 45, 2).
17 ദ്രോഹത്തിൻ വഴിയും അകൃത്യങ്ങളും
ഹേതുവായിട്ടു വലഞ്ഞു പോയ മൂഢരോ,
18 മനസ്സു ഏതു തീനും അറെച്ചിട്ടു
ചാവിൻ വാതിലുകളോടു അണഞ്ഞപ്പോഴും;
19 തങ്ങളുടേ ഞെരുക്കത്തിൽ യഹോവയോടു നിലവിളിച്ചു,
അവരുടേ പീഡകളിൽനിന്നു അവൻ ഉദ്ധരിച്ചു,
20 തന്റേറ വചനം അയച്ചു അവരെ സൌഖ്യമാക്കി
അവരുടേ കുഴികളിൽനിന്നു തെററിച്ചു.
21 ഇവർ യഹോവയോടു അവന്റേറ ദയയും
മനുഷ്യപുത്രരോടു അവന്റേറ അത്ഭുതങ്ങളും വാഴ്ത്തുകയും,
22 കൃതജ്ഞതായാഗങ്ങളെ കഴിച്ചു
തൽക്രിയകളെ ആർത്തുംകൊണ്ടു വർണ്ണിക്കയും വേണ്ടു.
23 കപ്പലുകളിൽ സമുദ്രത്തിൽ കിഴിഞ്ഞോടി
പെരുവെള്ളങ്ങളിൽ തൊഴിൽ ചെയ്യുന്നവരോ,
24 യഹോവയുടേ ക്രിയകളെയും
ആഴത്തിൽ അവന്റേറ അതിശയങ്ങളെയും കണ്ടു.
25 അവൻ പറഞ്ഞു വിശറുകാററിനെ വരുത്തിയാറേ
ആയതു അതിന്റേറ തിരകളെ പൊങ്ങിച്ചു;
26 അവർ വാനത്തോളം കരേറി ആഴികളിൽ ഇറങ്ങും
അവരുടേ ദേഹി ആപത്തിൽ ഉരുകിപ്പോയി
27 മത്തനെ പോലേ നടം കുനിച്ചു ചാഞ്ചാടും
അവരുടേ ജ്ഞാനം അശേഷം ആന്നുപോം.
28 ആയവർ തങ്ങളുടേ ഞെരുക്കത്തിൽ യഹോവയോടു നിലവിളിച്ചു,
അവരുടേ പീഡകളിൽനിന്നു അവൻ പുറപ്പെടുവിച്ചു,
29 കൊടുങ്കാററിനെ ശാന്തതയാക്കി
അവററിൻ തിരകൾ മിണ്ടാതേയായി
30 അമരുകയാൽ അവർ സന്തോഷിച്ചു
ഇച്ഛിച്ച തുറമുഖത്തേക്കു അവൻ അവരെ നടത്തി.
31 ഇവർ യഹോവയോടു അവന്റേറ ദയയും
മനുഷ്യപുത്രരോടു അവന്റേറ അത്ഭുതങ്ങളും വാഴ്ത്തുകയും
32 ജനസഭയിൽ അവനെ ഉയർത്തുകയും
മൂപ്പന്മാരുടേ ഇരിപ്പിൽ സ്തുതിക്കയും വേണ്ടു.
33 അവൻ നദികളെ മരുവും
നീരുറവുകളെ ദാഹിച്ച ഭൂമിയും,
34 പശിമക്കുറു ഉവർനിലവും ആക്കുന്നതു
അതിലേ നിവാസികളുടേ ആകായ്മ ഹേതുവായിട്ടത്രേ.
35 മരുവിനെ നീർക്കുളവും
വരണ്ട ഭൂമിയെ നീരുറവുകളും ആക്കി,
36 അവിടേ വിശന്നവരെ കുടിയിരുത്തും,
അവർ കുടിയിരിപ്പിൻ നഗരത്തെ പണികയും,

37 വയലുകളെ വിതെക്കയും പറമ്പുകളെ നട്ടകയും
ഫലാനുഭവം ഉണ്ടാക്കുകയും ചെയ്യും.
38 അവൻ അവരെ അനുഗ്രഹിച്ചിട്ട് അവർ ഏറ്റം പെരുകി
അവരുടേ കന്നുകാലിക്കുട്ടവും അവൻ കുറെക്കുന്നില്ല.
39 പിന്നേ ഹിംസാക്ലേശദുഃഖങ്ങളാൽ
അവർ ചുരുങ്ങി താഴുകയും ചെയ്തു.
40 മഹാത്മാക്കളുടേ മേൽ അവൻ ധിക്കാരം പകൎന്ന (ഇയ്യോബ് 12,21)
വഴിയില്ലാത്ത ശൂന്യത്തിൽ അവരെ ഉഴലിച്ചു വിട്ടു,
41 ദരിദ്രനെ അരിഷ്ടത്തിൽനിന്ന് ഉയൎത്തി
കുഡുംബങ്ങളെ ആട്ടിങ്കൂട്ടം പോലേ ആക്കുന്നു.
42 നേരുള്ളവർ കണ്ടു സന്തോഷിക്കുന്നു
എല്ലാ അക്രമവും വായി പൊത്തി നില്ക്കുന്നു.
43 ആർ ജ്ഞാനം ഉള്ളവൻ അവൻ ഇവ സൂക്ഷിച്ചുകൊൾക
യഹോവയുടേ ദയകളെ അവർ നണ്ണികൊൾകയും ചെയ്ക!

108. സങ്കീർത്തനം

സഭ കരുണാപൂൎത്തിനിമിത്തം ദൈവത്തെ സ്തുതിച്ചു (7) വാഗ്ദത്തപ്രകാരം ജയവും (11) രാജ്യവർദ്ധനയും അപേക്ഷിച്ചുത്തു (സ. 57.60).

ദാവിദിന്റേ കീൎത്തനപ്പാട്ടു.

2 ദൈവമേ, എൻ ഹൃദയം ഉറെച്ചു
ഞാൻ പാടി കീൎത്തിക്ക
എന്റേ തേജസ്സും കൂടേ!
3 വീണാകിന്നരവും ഉണരുക,
ഞാൻ അരുണോദയത്തെ ഉണൎത്തുക!
4 യഹോവേ, ഞാൻ വംശങ്ങളിൽ നിന്നെ വാഴ്ത്തും
കുലങ്ങളിൽ നിന്നെ കീൎത്തിക്കും.
5 കാരണം നിന്റേ ദയ സ്വൎഗ്ഗങ്ങളിൽനിന്നു വലിയതു
നിന്റേ സത്യം ഇളമുകിലോളവും ഉള്ളതു.
6 ദൈവമേ, സ്വൎഗ്ഗങ്ങൾക്കു മീതേ ഉയരേണമേ
സൎവ്വഭൂമിയിലും നിന്റേ തേജസ്സാക (57, 8—12).
7 നിന്റേ പ്രിയന്മാർ വലിച്ചെടുക്കപ്പെടുവാൻ
നിന്റേ വലങ്കൈകൊണ്ടു രക്ഷിച്ച് എനിക്ക് ഉത്തരം തരിക!
8 ദൈവം തന്റേ വിശുദ്ധിയിൽ ഉര ചെയ്തു:
ഞാൻ ഉല്ലസിച്ചു ശികേമെ വിഭാഗിച്ചു
സുഖോത്ത് താഴ്വരയെ അളന്നെടുക്കും;
9 ഗിലെയാദ് എനിക്കു, മനശ്ശയും എനിക്കു തന്നേ
എഫ്രയീം എന്റേ ശിരസ്സിൻ ത്രാണനം
യഹൂദ എൻ ന്യായദാതാവ്;
10 മൊവാബ് എനിക്കു (കാൽ) കഴുകുന്ന പാത്രം
ഏദൊമിന്മേൽ എൻ ചെരിപ്പിനെ എറിയും
ഫലിഷ്ടയുടേ മേൽ ഞാൻ ഘോഷിച്ചാൎക്കും.—
11 ഉറപ്പിച്ച നഗരത്തിൽ എന്നെ ആർ കടത്തും
ഏദൊം വരേ എന്നെ ആർ നടത്തും?
12 ഞങ്ങളുടേ സൈന്യങ്ങളോടു കൂടേ പുറപ്പെടാത്ത ദൈവമേ,
നീ ഞങ്ങളെ തള്ളിവിട്ടിട്ടില്ലയോ?

13 മാറാനിൽനിന്നു ഞങ്ങൾക്കു സഹായം ഇടുക!
മനുഷ്യന്റെ രക്ഷ വ്യർത്ഥം.
14 ദൈവത്തിങ്കൽ നാം ബലം അനുഷ്ഠിക്കും,
നമ്മുടേ മാറാന്മാരെ അവൻ ചവിട്ടിക്കളയും (60,7–14).

109. സങ്കീർത്തനം

നീതിമാൻ പീഡിതൻ ദേവരക്ഷയും (6) ശത്രുവിൽ ശിക്ഷയും അപേക്ഷിച്ചു (16) നീതിയുള്ള വിധിക്കു കാത്തു (21) കഷ്ടത്തേക്കു (26) സമാപ്തി യാചിച്ചതു.

സംഗീതപ്രമാണിക്കു; ദാവിദിൻ കീർത്തന.

2 എന്റെ സ്തുതിയായ ദൈവമേ, മൌനമായിരിക്കൊല്ലാ!
അവർ ദുഷ്ടവായും ചതിവായും എന്റെ നേരേ തുറന്നു
കപടനാവുകൊണ്ടു എന്നോടു സംസാരിച്ചു,
3 പകവാക്കുകളാൽ എന്നെ ചുറ്റി
വെറുതേ എന്നോടു പോരാടി.
4 എന്റെ സ്നേഹത്തിന്നു പകരം എന്നെ ദ്വേഷിക്കുന്നു
ഞാനോ പ്രാർത്ഥന മാത്രം.
5 നന്മെക്കു പകരം തിന്മയും
എൻ സ്നേഹത്തിന്നു പകരം പകയും വെക്കുന്നു.
6 അവന്റെ മേൽ ഒരു ദുഷ്ടനെ ആക്കി വെക്കുക
ദ്വേഷി (യായി സാത്താൻ) അവന്റെ വലഭാഗത്തു നില്ക്ക!
7 അവനു ന്യായം വിസ്തരിക്കുമ്പോൾ അവൻ ദുഷ്ടൻ എന്നു തെളിയുക
അവന്റെ പ്രാർത്ഥനയും പാപമായ്തീരുക!
8 അവന്റെ നാളുകൾ ചുരുക്കമാക
അവന്റെ സ്ഥാനത്തെ മറ്റൊരുത്തൻ ഏല്ക്കുക!
9 അവന്റെ മക്കൾ അനാഥരും
ഭാര്യ വിധവയുമാക!
10 അവന്റെ മക്കൾ ഉഴന്നലഞ്ഞു ഇരക്കയും
ഇടിഞ്ഞ ഭവനം വിട്ടു തെണ്ടുകയും ചെയ്ക!
11 അവനുള്ളത് ഒക്കയും കടക്കാരൻ പിടുങ്ങിക്കളക
അവന്റെ അദ്ധ്വാനത്തെ അന്യന്മാർ കൊള്ളയിടുക!
12 ദയയെ നീട്ടുന്നവൻ ആരും അവന്നു ഇരിക്കൊല്ല
അവന്റെ അനാഥക്കും കരുണാവാൻ അരുതു!
13 അവന്റെ ഭാവി (സന്തതി) ഛേദിക്കപ്പെടുകയത്രേ ആക (37, 38)
പിറവ തലമുറയിൽ അവരുടേ നാമം മാഞ്ഞുപോക!
14 അവന്റെ പിതാക്കളുടേ അകൃത്യം യഹോവയോടു ഓർക്കപ്പെടുകയും
അമ്മയുടേ പാപം മായ്ക്കപ്പെടാകയും വേണ്ടു!
15 ഇവ നിത്യം യഹോവയുടേ നേരേ ഇരിക്ക
അവരുടേ ഓർമ്മയെ അവൻ ഭൂമിയിങ്കുന്നു ഛേദിപ്പൂതാക!
16 എന്നതു അവൻ ദയ ചെയ്വാൻ ഓർക്കാതേ
ദീനനും ദരിദ്രനും ഖിന്നഹൃദയനും ആയ പുരുഷനെ
ഹിംസിച്ചു പിന്തേരുകയാൽ തന്നേ.
17 ശാപത്തെ അവൻ സ്നേഹിച്ചിട്ടു അതു അവനു വന്നു,
അനുഗ്രഹത്തിൽ മനസ്സു ചെല്ലായ്കയാൽ അതു അവനോടു അകന്നു.

18 തൻ അങ്കിയെ പോലേ ശാപത്തെ ധരിച്ചു
അതും വെള്ളം പോലേ അവന്റെ ഉള്ളിലും
എണ്ണകണക്കേ അവന്റെ അസ്ഥികളിലും കടന്നു.
19 അവൻ പുതെച്ച വസ്ത്രത്തോട് അതു സമമാക
അരക്കെട്ടു പോലേ നിത്യം അവനെ ചുറുക!
20 എന്നെ ദ്വേഷിക്കുന്നവക്കും
എൻ ദേഹിക്ക് തിന്മ ഉരെക്കുന്നവക്കും യഹോവയിൽനിന്ന് ഇതേ കൂലി!
21 നീയോ കത്താവായ യഹോവേ, തിരുനാമം ഹേതുവായി എന്നോടു ചെയ്ക,
നിന്റെ ദയ നല്ലതാകയാൽ എന്നെ ഉദ്ധരിക്കേണമേ!
22 കാരണം ഞാൻ ദീനനും ദരിദ്രനും (40, 18)
എന്റെ ഉള്ളിൽ ഹൃദയം തുളഞ്ഞതും തന്നേ.
23 ചരിഞ്ഞു നീളുന്ന നിഴൽക്കണക്കേ ഞാൻ പോയി പോയി
തുള്ളനെ പോലേ കുടഞ്ഞു കളയപ്പെട്ടു.
24 നോമ്പു ഹേതുവായി എന്റെ മുട്ടുകൾ ഇടറുന്നു
എൻ മാംസത്തിന്നു നെയി മുട്ടിപ്പോയി.
25 ഞാനോ അവർക്കു നിന്ദ ആയി
എന്നെക്കണ്ടു തലകളെ കുലുക്കുകേ ഉള്ളു (22, 7s).
26 എൻ ദൈവമായ യഹോവേ, എന്നെ സഹായിച്ചു
നിൻ ദയെക്കു തക്കവണ്ണം ഉദ്ധരിക്കേണമേ!
27 ഇതു തൃക്കൈ എന്നും
യഹോവേ, നീ ചെയ്തു എന്നും അവർ അറിവാറാക!
28 അവർ ശപിക്കേ നീ അനുഗ്രഹിക്കയും
അവർ എഴുനീല്ക്കേ നാണിക്കയും അടിയൻ സന്തോഷിക്കയും ചെയ്ക!
29 എന്നെ ദ്വേഷിക്കുന്നവർ ലജ്ജ ഉടുത്തു
പുതപ്പു പോലേ തങ്ങളുടേ നാണം ധരിക്കേ വേണ്ടു!
30 എന്റെ വായികൊണ്ടു ഞാൻ യഹോവയെ അത്യന്തം വാഴ്ത്തി
അനേകരുടേ നടുവിൽ അവനെ സ്തുതിക്കും.
31 കാരണം ദരിദ്രന്റെ ആത്മാവിന്നു ന്യായം വിധിക്കുന്നവരിൽനിന്നു രക്ഷി
അവന്റെ വലഭാഗത്തു താൻ (പ്രതിവാദിയായി) നില്ക്കും. [പ്പാൻ

110. സങ്കീർത്തനം

മഹാദാവിദ്യനായ മശീഹരാജാവും(3) പുരോഹിതനും ആയി വാണു (5) ജയിക്കുന്ന പ്രകാരം വണ്ണിച്ചതു.

ദാവിദിന്റെ കീർത്തന.

1 യഹോവ എൻ കർത്താവോട് അരുളിച്ചെയ്യുന്നിതു:
ഞാൻ നിന്റെ ശത്രുക്കളെ
നിൻ പാദപീഠമാക്കുവോളത്തിന്ന്
എന്റെ വലഭാഗത്തിരിക്ക!
2 നിന്റെ ശക്തിയുടേ ദണ്ഡിനെ
യഹോവ ചിയോനിൽനിന്നു നീട്ടും:
നിന്റെ ശത്രുക്കളുടേ നടുവിൽ അധികരിച്ചുകൊൾക എന്നത്രേ.
3 നിന്റെ ജനം നിന്റെ ബലദിവസത്തിൽ വിശുദ്ധ പ്രഭ പൂണ്ടു
മനഃപൂർവ്വ ദാനങ്ങൾ അത്രേ;
അരുണോദയത്തിന്റെ ഉദരത്തിൽനിന്നു
നിണക്കു (ജനിക്കുന്നതു) നിന്റെ യുവാക്കൾ ആകുന്ന മഞ്ഞു തന്നേ.

4 നീ മല്ക്കീചേദക്കിൻ ക്രമപ്രകാരം
എന്നേക്കും പുരോഹിതൻ തന്നേ
എന്ന യഹോവ ആണയിട്ട അനുതപിക്കയും ഇല്ല.
5 തന്റെ കോപദിവസത്തിൽ കർത്താവ് നിന്റെ വലത്തു നിന്നുകൊണ്ടു
രാജാക്കന്മാരെ ചതെച്ചു കളയുന്നു.
6 ജാതികളിൽ അവൻ ന്യായം വിധിച്ചു
ശവങ്ങളെ നിറെച്ചു
വിസ്താരഭൂമിയിൽ (മറു) തലയെ ചതെക്കുന്നു.
7 വഴിയിൽ വെച്ചു് അവൻ തോട്ടിൽനിന്നു കുടിക്കും
എന്നതുകൊണ്ടു തലയെ ഉയർത്തും (ന്യാ. 15, 18).

111. സങ്കീത്തനം

യഹോവ പണ്ടു ചെയ്ത ഉപകാരങ്ങൾ നിമിത്തം സഭയാൽ സ്തുത്യൻ. അകാരാദി.

1 **ഹ**ല്ലെലൂയാഃ
അശേഷ ഹൃദയംകൊണ്ടും ഞാൻ യഹോവയെ വാഴ്ത്തും
ഉത്തമന്മാരുടേ യോഗത്തിലും സഭയിലും തന്നേ.
2 യഹോവയുടേ ക്രിയകൾ വലിയവയും,
അവരിൽ പ്രസാദിക്കുന്ന ഏവരാലും അന്വേഷിക്കപ്പെടുന്നവയും ആകുന്നു.
3 പ്രതാപവും പ്രഭയും അവന്റെ പ്രവൃത്തി,
അവന്റെ നീതി എന്നേക്കും നില്ക്കുന്നതു.
4 തന്റെ അത്ഭുതങ്ങൾക്കു് അവൻ ഓർമ്മയെ ഉണ്ടാക്കി,
യഹോവ കൃപയും കരുണക്കനിവും ഉള്ളവൻ.
5 തന്നെ ഭയപ്പെടുന്നവർക്കു് ആഹാരം കൊടുത്തു,
സ്വനിയമത്തെ യുഗപര്യന്തം ഓർക്കും.
6 തന്റെ ക്രിയകളുടേ ഊക്കിനെ അവൻ സ്വജാതിയെ ബോധിപ്പിച്ചതു,
ജാതികളുടേ അവകാശത്തെ അവർക്കു കൊടുത്തിട്ടു തന്നേ.
7 അവന്റെ കൈകളുടേ ക്രിയകൾ സത്യവും ന്യായവും അത്രേ;
അവന്റെ സകല നിയോഗങ്ങളും വിശ്വാസ്യങ്ങൾ
8 എന്നെന്നേക്കും സ്ഥാപിക്കപ്പെട്ടവ
സത്യത്തിലും നേരിലും അനുഷ്ഠിതങ്ങൾ.
9 സ്വജനത്തിന്നു് അവൻ വീണ്ടെടുപ്പു് അയച്ചു,
യുഗപര്യന്തം തൻ നിയമത്തെ കല്പിച്ചു;
വിശുദ്ധവും ഭയങ്കരവും തൻ നാമമത്രേ.
10 ജ്ഞാനത്തിന്റെ ആരംഭമായതു യഹോവാഭയം (സുഭ. 1, 7).
ആ (കല്പനകളെ) ചെയ്യുന്നവർക്കു് എല്ലാം നല്ല ബുദ്ധിയുണ്ടാം,
അവന്റെ സ്തുതി യുഗപര്യന്തം നില്ക്കുന്നതു,

112. സങ്കീർത്തനം

യഹോവയെ സേവിക്കുന്നവരുടേ ഭാഗ്യം സ്തുത്യം. അകാരാദി.

1 **ഹ**ല്ലെലൂയാഃ
യഹോവയെ ഭയപ്പെട്ടു തൽകല്പനകളിൽ
ഏറ്റം പ്രസാദിക്കുന്ന പുരുഷൻ ധന്യൻ.

2 അവന്റെ സന്തതി ഭൂമിയിൽ വീര്യം പ്രാപിക്കും,
നേരുള്ളവരുടേ തലമുറ അനുഗ്രഹിക്കപ്പെടും.
3 സമ്പൂർണ്ണതയും ധനവും അവന്റെ ഭവനത്തിൽ ഉണ്ടു,
അവന്റെ നീതി എന്നേക്കും നില്ക്കുന്നതു (11, 1,3).
4 നേരുള്ളവർക്കു് ഇരുളിലും വെളിച്ചം ഉദിക്കുന്നു
കൃപയും കരുണക്കനിവും നീതിയും ഉള്ളവൻ തന്നേ.
5 കരുണ ചെയ്തു വായിപ്പ കൊടുക്കുന്ന ആൾ ഭാഗ്യവാൻ
തൻ കാര്യങ്ങളെ ന്യായവിസ്താരത്തിൽ പാലിക്കും.
6 എന്നും അവൻ കുലുങ്ങുക ഇല്ല
നീതിമാൻ നിത്യസ്മരണത്തിൽ ഇരിക്കും.
7 വല്ലാത്ത കേൾവിയിങ്കൽ ഭയപ്പെടുകയില്ല,
അവന്റെ ഹൃദയം സ്ഥിരവും യഹോവയിൽ ആശ്രയിച്ചതും തന്നേ.
8 അവന്റെ ഹൃദയം ഭയം എന്നിയേ സ്ഥിരമാകുന്നതു
തന്റെ മാറാന്മാരുടേ മേൽ നോക്കിക്കൊള്ളും വരേ തന്നേ.
9 അവൻ വിതറി ദരിദ്രർക്കു കൊടുക്കുന്നു,
അവന്റെ നീതി എന്നേക്കും നില്ക്കുന്നതു (3),
തേജസ്സിൽ അവന്റെ കൊമ്പു് ഉയരും.
10 ദുഷ്ടൻ കണ്ടു വ്യസനപ്പെട്ടു
പല്ലു കടിച്ചും ഉരുകിപ്പോകും,
ദുഷ്ടരുടേ കൊതി കെടും.

113. സങ്കീർത്തനം

സർവ്വശക്തനും (4) സാധുവത്സലനും ആയവനെ സ്തുതിച്ചു ചെറിയ ആട്ടിങ്കുട്ടത്തിന്നു് ധൈര്യം വർദ്ധിപ്പിച്ചതു.

1 **ഹ**ല്ലെലൂയാഃ
യഹോവയുടേ ദാസന്മാരെ സ്തുതിപ്പിൻ
യഹോവാനാമത്തെ സ്തുതിപ്പിൻ!
2 യഹോവാനാമം ഇന്നു മുതൽ എന്നേക്കും
അനുഗ്രഹിക്കപ്പെടാക.
3 സൂര്യോദയം മുതൽ അസ്തമയം വരെയും
യഹോവാനാമം സ്തുത്യം തന്നേ.
4 സകല ജാതികൾക്കും മീതേ യഹോവ ഉയർന്നവൻ
സ്വർഗ്ഗത്തിന്മേൽ അവന്റെ തേജസ്സു് (ഉള്ളതു).
5 നമ്മുടേ ദൈവമായ യഹോവയോടു സമൻ ആർ?
ഉയരത്തിൽ പാർത്തുകൊണ്ടും,
6 സ്വർഭൂമികളിലും താഴേ
നോക്കിക്കൊണ്ടും ഉള്ളവൻ;
7 നീചനെ പൊടിയിൽനിന്നു് എഴുനീല്പിച്ചു
ദരിദ്രനെ കുപ്പയിൽനിന്നു് ഉയർത്തി,
8 മഹാത്മാക്കളോടു
സ്വജനത്തിലേ മഹത്തുക്കളോടു കൂടേ ഇരുത്തുന്നവൻ (1 ശമു. 2,8);
9 ഭവനത്തിലേ മച്ചിയെ മക്കളുടേ അമ്മയായി
സന്തോഷത്തോടേ പാർപ്പിക്കുന്നവൻ തന്നേ (യശ. 54, 1).
ഹല്ലെലൂയാഃ.

114. സങ്കീത്തനം

സഭെക്കു ധൈര്യം വരുത്തുവാൻ മിസ്രയിൽനിന്നു പുറപ്പാടിനെ സ്തുതിക്കുന്നതു.

1 ഇസ്രയേൽ മിസ്രയിൽനിന്നു
യാക്കോബ് ഗൃഹം മ്ലേച്ഛവംശത്തിൽനിന്നു പുറപ്പെട്ടുകയിൽ,
2 യഹൂദ അവനു വിശുദ്ധസ്ഥാനവും
ഇസ്രയേൽ വാഴ്ചയും ആയ്തീൎന്നു.
3 സമുദ്രം കണ്ടു മണ്ടി
യൎദ്ദൻ (കണ്ടു) പിന്തിരിഞ്ഞു;
4 മുട്ടാടുകളെ പോലേ മലകളും
ആട്ടിങ്കുട്ടികളെ പോലേ കുന്നുകളും തുള്ളി.
5 മണ്ടുകയാൽ സമുദ്രമേ, നിണക്ക് എന്തു,
പിന്തിരികയാൽ യൎദ്ദനേ, (നിണക്കെന്തു)?
6 മലകളേ, നിങ്ങളും മുട്ടാടുകളെ പോലേയും
കുന്നുകളേ, ആട്ടിങ്കുട്ടികളെ പോലേ തുള്ളുകയാൽ (എന്തു)?—
7 കൎത്താവിന്മുമ്പിൽ, ഭൂമിയേ, വിറെക്ക,
യാക്കോബിൻ ദൈവമായി,
8 പാറയെ നീൎക്കുളവും
വെങ്കല്ലിനെ നീരുറവുകളും ആക്കി മാറുന്നവന്റെ മുമ്പിൽ തന്നേ!

115. സങ്കീൎത്തനം

യഹോവ സ്വനാമതേജസ്സിനായി (5) കള്ളദേവകളെ നീക്കുകയും (9) ഇസ്രയേൽ സ്വദൈവത്തെ തേടി (12) അനുഗ്രഹത്തെ കാത്തു (16) സ്തുതിക്കയും ചെയ്വാൻ പ്രബോധനം.

1 ഞങ്ങൾക്കല്ല യഹോവേ, ഞങ്ങൾക്കല്ല
തിരുനാമത്തിനു തേജസ്സു കൊടുക്ക
നിന്റെ ദയയും സത്യവും ഹേതുവായത്രേ!
2 ഇവരുടെ ദൈവം എവിടേ പോൽ എന്നു
ജാതികൾ എന്തിനു പറവു [79, 10]?
3 ഞങ്ങളുടേ ദൈവമോ സ്വൎഗ്ഗത്തിൽ തന്നേ;
പ്രസാദിച്ചത് എല്ലാം താൻ ചെയ്യുന്നു.
4 അവരുടേ വിഗ്രഹങ്ങൾ പൊന്നും വെള്ളിയും ആയി
മനുഷ്യകൈകളുടേ ക്രിയയത്രേ;
5 അവറിനു വായി ഉണ്ടു പറകയില്ല താനും
കണ്ണുകൾ ഉണ്ടായിട്ടും കാൺകയില്ല;
6 ചെവികൾ ഉണ്ടായിട്ടും കേൾക്കയില്ല
മൂക്കു ഉണ്ടായിട്ടും മണക്കയില്ല;
7 കൈകൾ (ഉണ്ടു) സ്പൎശിക്കാ താനും
കാലുകൾ കൂടേ നടക്കാ താനും,
തൊണ്ടകളാൽ കുശുകുശുക്കയും ഇല്ല.
8 എന്നവറെ പോലേ അവ ഉണ്ടാക്കുന്നവരും
അതിൽ തേറുന്നവനും എല്ലാം ആകുന്നു.
9 ഇസ്രയേലേ, യഹോവയിൽ തേറുക,
ആയവൻ അവരുടേ തുണയും പലിശയും തന്നേ (33,20).

10 അഹരോൻ ഗൃഹമേ, യഹോവയിൽ തേറുവിൻ,
ആയവൻ അവരുടേ തുണയും പലിശയും തന്നേ.
11 യഹോവയെ ഭയപ്പെടുന്നവരേ, യഹോവയിൽ തേറുവിൻ,
ആയവൻ നമ്മുടേ തുണയും പലിശയും തന്നേ.
12 യഹോവ നമ്മെ ഓത്തിരിക്കുന്ന അവൻ അനുഗ്രഹിക്കും,
ഇസ്രയേൽ ഗൃഹത്തെ അനുഗ്രഹിക്കും
അഹരോൻ ഗൃഹത്തെ അനുഗ്രഹിക്കും,
13 യഹോവയെ ഭയപ്പെടുന്നവരെ
ചെറിയവർ വലിയവരുമായി അനുഗ്രഹിക്കും.
14 നിങ്ങളോടു യഹോവ ചേത്തു വെക്കുക
നിങ്ങളോടും മക്കളോടും തന്നേ (5 മോ.1, 11).
15 സ്വർഭൂമികളെ സൃഷ്ടിച്ച യഹോവയാൽ
നിങ്ങൾ അനുഗ്രഹിക്കപ്പെട്ടവർ.
16 സ്വർഗ്ഗം യഹോവയുടേ സ്വർഗ്ഗം തന്നേ
ഭൂമിയെ മനുഷ്യപുത്രക്കു കൊടുത്തും ഇരിക്കുന്നു.
17 മരിച്ചവർ അല്ല യാഹെ സ്തുതിക്കും
മൌനവാസത്തിന്നു് ഇറങ്ങിയ ഏവരും അല്ല.
18 നാമോ യാഹെ സ്തുതിപ്പതു
ഇന്നുമുതൽ യുഗപര്യന്തം തന്നേ (യശ. 38, 18. s).
ഹല്ലെലൂയാഃ.

116. സങ്കീർത്തനം

മഹാക്ലേശത്തിൽനിന്നു രക്ഷിച്ചവനെ (7) തേറുവാൻ നിശ്ചയിച്ചു (10) മഹാരക്ഷ കണ്ടു (13) പുതിയ ദേവാലയത്തിൽ ബലികഴിപ്പാൻ വാശ്ദത്തം ചെയ്തതു.

1 ഞാൻ കെഞ്ചി യാചിക്കും ശബ്ദത്തെ
യഹോവ കേൾക്കകൊണ്ടു ഞാൻ സ്നേഹിക്കുന്നു.
2 അവനാകട്ടേ തൻറെ ചെവിയെ എനിക്കു ചാച്ചതിനാൽ
എൻ വാഴ്നാൾ കൊണ്ടു ഞാൻ വിളിക്കും.
3 മരണപാശകൾ എന്നെ ചുററി
പാതാളത്രാസങ്ങൾ എന്നെ പിടിച്ചു
ഞെരുക്കവും ക്ലേശവും ഞാൻ കണ്ടെത്തി (18, 5. s).
4 അന്നു യഹോവാനാമത്തെ ഞാൻ വിളിച്ചു
അല്ലയോ യഹോവേ, എൻ ദേഹിയെ തെററിച്ചാലും എന്നു യാചിച്ചു.
5 യഹോവ കൃപാലുവും നീതിമാനും തന്നേ
നമ്മുടേ ദൈവം കരുണകനിയുന്നവൻ.
6 അജ്ഞന്മാരെ യഹോവ കാക്കുന്നു,
ഞാൻ ക്ഷീണിച്ചു മെലിഞ്ഞു അവൻ എന്നെ രക്ഷിക്കുന്നു.
7 എൻ ദേഹിയേ, നിൻറെ സ്വസ്ഥതയിലേക്കു തിരിഞ്ഞുകൊൾക
യഹോവ നിണക്കു ഗ്രണം വരുത്തിയല്ലോ:
8 മരണത്തിൽനിന്നു് എൻ പ്രാണനെയും
കണ്ണുനീരിൽനിന്നു് എൻ കണ്ണിനെയും
അധഃപതനത്തിങ്കന്നു് എൻ കാലിനെയും നീ ഉദ്ധരിച്ചുവല്ലോ.
9 ഞാൻ ദൈവത്തിൻ മുമ്പാകേ
ജീവനുള്ളവരുടേ ദേശങ്ങളിൽ നടന്നുകൊൾകയുമാം (56, 14).

10 ഞാൻ വളരേ വലഞ്ഞു പോയി എന്നു്
ഉരെക്കുമ്പോൾ വിശ്വസിക്കുന്നു താനും.
11 എല്ലാ മനുഷ്യനും ചതിക്കുന്നു എന്നു്
എന്റെ തത്രപ്പാട്ടിൽ ഞാൻ പറഞ്ഞു.
12 യഹോവ എനിക്കു വരുത്തിയ എല്ലാ ഗുണത്തിന്നും
ഞാൻ എന്തു പകരം ചെയ്വു?
13 രക്ഷകളുള്ള പാനപാത്രത്തെ ഞാൻ എടുത്തു
യഹോവാനാമത്തെ വിളിക്കും;
14 യഹോവെക്കു് എന്റെ നേർച്ചകളെ കഴിക്കും
അവന്റെ സകല ജനവും കാൺകേ തന്നേ.
15 യഹോവയുടേ കണ്ണുകളിൽ
തൽഭക്തരുടേ മരണം വിലയേറിയതു (72, 14).
16 അല്ലയോ യഹോവേ, ഞാൻ നിൻ ദാസൻ
നിന്റെ ദാസീപുത്രൻ തന്നേ
എൻ കെട്ടുകളെ നീ തുറന്നഴിച്ചു.
17 കൃതജ്ഞതായാഗത്തെ നിണക്കു ഞാൻ കഴിച്ചു
യഹോവാനാമം വിളിച്ചു യാചിക്കും.
18 സകല ജനവും കാൺകേ
യഹോവെക്കു് എന്റെ നേച്ചുകളെ കഴിക്കും (14).
19 യഹോവാലയത്തിൻ പ്രാകാരങ്ങളിൽ
യരുശലേമേ, നിന്റെ നടുവിൽ തന്നേ.
ഹല്ലെലൂയാഃ.

117. സങ്കീത്തനം

ദേവാലയത്തിലേ സ്തോത്രം.

1 **സ**കല ജാതികളായുള്ളോവേ, യഹോവയെ സ്തുതിപ്പിൻ,
സകല വംശങ്ങളും അവനെ കൊണ്ടാടുവിൻ!
2 കാരണം അവന്റെ ദയ ഞങ്ങളുടേ മേൽ പ്രബലപ്പെട്ടു
യഹോവയുടേ സത്യം യുഗപര്യന്തവും ഉള്ളതു.
ഹല്ലെലൂയാഃ.

118. സങ്കീർത്തനം

കരുണയുള്ള രക്ഷിതാവു് (5) ബാബൽ ദാസ്യത്തെ മാറുകയാൽ സ്തുത്യനും ആശ്രയയോഗ്യനും (10) പൂർണ്ണജയത്തെ നല്കുന്നവനും ആകയാൽ (15) അവനെ കൊണ്ടാടുവാൻ (19) സഭ ആലയത്തിൽ കൂടി വരേണം (കാലം: പക്ഷേ എജ്ര 6, 15).

1 **യ**ഹോവയെ വാഴ്ത്തുവിൻ! കാരണം അവൻ നല്ലവൻ തന്നേ
അവന്റെ ദയ യുഗപര്യന്തമുള്ളതല്ലോ (106, 1).
2 അവന്റെ ദയ യുഗപര്യന്തമുള്ളതു് എന്നു്
ഇസ്രയേൽ പറവൂതാക,
3 അവന്റെ ദയ യുഗപര്യന്തം ഉള്ളതു് എന്നു്
അഹരോൻ ഗൃഹം പറവൂതാക,
4 അവന്റെ ദയ യുഗപര്യന്തം ഉള്ളതു് എന്നു്
യഹോവയെ ഭയപ്പെടുന്നവർ പറവൂതാക!

5 ക്ലേശത്തിൽനിന്നു ഞാൻ യാഹെ വിളിച്ചു
യാഃ വിസ്താരസ്ഥലത്താക്കി എനിക്കു ഉത്തരം അരുളി.
6 യഹോവ എനിക്കു തന്നേ (56, 10) ഞാൻ ഭയപ്പെടുകയില്ല
മനുഷ്യൻ എന്നോടു എന്തു ചെയ്യും (56, 5)?
7 എനിക്കു തുണെക്കുന്നവരിൽ യഹോവ ഉണ്ടു
എൻ പകയരിന്മേൽ ഞാൻ നോക്കിക്കൊള്ളും.
8 മനുഷ്യരെ തേറുന്നതിൽ
യഹോവയെ തേറുക നല്ലു;
9 മഹാത്മാക്കളെ തേറുന്നതിൽ
യഹോവയെ തേറുക നല്ലു.
10 സകല ജാതികളും എന്നെ ചുറ്റുന്നു
യഹോവാനാമത്തിൽ ഞാൻ അവരെ തുണ്ടിച്ചുകളയും.
11 എന്നെ ചുറ്റി ചുറ്റി വളയുന്നു
യഹോവാനാമത്തിൽ ഞാൻ അവരെ തുണ്ടിച്ചുകളയും.
12 വണ്ടിനം പോലേ എന്നെ ചുറ്റി
മുള്ളിന്തീക്കണക്കേ പൊലിഞ്ഞു പോയി താനും,
യഹോവാ നാമത്തിൽ ഞാൻ അവരെ തുണ്ടിച്ചുകളയും.
13 വീഴുവാനായി നീ എന്നെ ഉന്തി തള്ളി
യഹോവ എനിക്കു തുണെച്ചു താനും.
14 എൻ ശക്തിയും കീത്തനയും യാഃ തന്നേ
അവൻ എനിക്കു രക്ഷയായി.
15 ആർപ്പുരക്ഷകളുടേ ശബ്ദം നീതിമാന്മാരുടേ കൂടാരങ്ങളിൽ (കേൾക്കുന്നു)
യഹോവയുടേ വലങ്കൈ ബലം അനുഷ്ഠിക്കുന്നു.
16 യഹോവയുടേ വലങ്കൈ ഉയർത്തുന്നു,
യഹോവയുടേ വലങ്കൈ ബലം അനുഷ്ഠിക്കുന്നു.
17 ഞാൻ മരിക്കാതേ ജീവിച്ചിരുന്നു
യാഹിൻ ക്രിയകളെ വർണ്ണിക്കും.
18 യാഃ എന്നെ നന്നായി ശിക്ഷിച്ചു
എങ്കിലും മരണത്തിന്നു ഏല്പിച്ചു വിട്ടിട്ടില്ല.
19 നീതിയുടേ വാതിലുകളെ എനിക്കു തുറപ്പിൻ
എന്നാൽ ഞാൻ അകമ്പുക്കു യാഹെ വാഴ്ത്തും.
20 യഹോവയുടേ വാതിലായതു ഇതത്രേ
നീതിമാന്മാർ അതിൽ പ്രവേശിക്കും.
21 നീ എനിക്കു ഉത്തരം അരുളി
എന്റേറ രക്ഷ ആയതുകൊണ്ടു ഞാൻ നിന്നെ വാഴ്ത്തും.
22 വീടു പണിയുന്നവർ ആകാ എന്നു തള്ളിയ കല്ലു തന്നേ
കോണിൻ തലയായ്വന്നു;
23 യഹോവയിൽനിന്നു ഇതു ഉണ്ടായി
നമ്മുടേ കണ്ണുകൾക്കു ആശ്ചര്യമായിരിക്കുന്നു.
24 യഹോവ ഉണ്ടാക്കിയ ദിവസം ഇതത്രേ
നാം അതിൽ ആനന്ദിച്ചു സന്തോഷിക്ക.
25 അല്ലയോ യഹോവേ (ഹൊശിയന്ന), രക്ഷിച്ചാലും
അല്ലയോ യഹോവേ, സാധിപ്പിച്ചാലും!
26 യഹോവാനാമത്തിൽ വരുന്നവൻ അനുഗ്രഹിക്കപ്പെടാക
യഹോവാലയത്തിൽനിന്നു ഞങ്ങൾ നിങ്ങളെ അനുഗ്രഹിക്കുന്നു.
27 യഹോവ ദേവൻ തന്നേ നമുക്കു പ്രകാശം ഉണ്ടാക്കി
ഉത്സവബലിയെ കയറുകളാൽ കെട്ടുവിൻ
പീഠത്തിൻ കൊമ്പുകളോടു (അടുപ്പിക്കും) വരേ തന്നേ.

28 നീയേ എൻ ദേവൻ നിന്നെ ഞാൻ വാഴ്ത്തും
എൻ ദൈവം തന്നേ നിന്നെ ഞാൻ ഉയത്തും (2 മോ. 15, 2).
29 യഹോവയെ വാഴ്ത്തുവിൻ! കാരണം അവൻ നല്ലവൻ തന്നേ
അവന്റെ ദയ യുഗപര്യന്തമുള്ളതല്ലോ (1).
(ഇപ്രകാരം 112 മുതൽ 118 വരേ മഹോത്സവസ്തോത്രം സമാപ്തം.)

119. സങ്കീർത്തനം

ദേവവചനത്തിന്റെ ശക്തിയും ഫലങ്ങളും സ്തുതിക്കുന്ന അകാരാദി.

ആലെഫ്.

1 അനപരാധവഴിയുള്ളവരായി
യഹോവയുടേ ധർമ്മോപദേശത്തിൽ നടക്കുന്നവർ ധന്യർ.
2 അവന്റെ സാക്ഷ്യങ്ങളെ സൂക്ഷിച്ചു
സമ്പൂർണഹൃദയത്താലും അവനെ തിരഞ്ഞും,
3 അക്രമം പ്രവൃത്തിക്കാതേ
അവന്റെ വഴികളിൽ നടന്നും കൊള്ളുന്നവർ ധന്യർ.
4 അത്യന്തം കാപ്പാനായി
നിന്റെ നിയോഗങ്ങളെ നീ കല്പിച്ചു.
5 അല്പയോ തിരുവെപ്പുകളെ കാപ്പാൻ
എൻ വഴികൾ സ്ഥിരപ്പെടുമാറാക.
6 അന്നു ഞാൻ നാണിച്ചു പോകയില്ല
നിന്റെ കല്പനകളെ ഒക്കയും നോക്കുമ്പോൾ തന്നേ.
7 അങ്ങേ നീതിയുടേ ന്യായങ്ങളെ പഠിക്കയിൽ
ഞാൻ ഹൃദയനേരോടേ നിന്നെ വാഴ്ത്തും.
8 അങ്ങേ വെപ്പുകളെ ഞാൻ കാക്കും
എന്നെ അത്യന്തം കൈവിടൊല്ല!

ബേഥ്.

9 ഏതുകൊണ്ടു ബാലൻ തൻ പാതയെ വെടിപ്പാക്കും?
നിന്റെ വചനപ്രകാരം (അതിനെ) കാത്തുകൊണ്ടാൽ അല്ലോ.
10 എന്റെ സമ്പൂർണഹൃദയത്താലും ഞാൻ നിന്നെ തിരയുന്നു;
നിന്റെ കല്പനകളിൽനിന്ന് എന്നെ തെറ്റിക്കരുതേ!
11 എൻ ഹൃദയത്തിൽ നിൻ മൊഴിയെ ഞാൻ സംഗ്രഹിച്ചു
നിന്നോടു പാപം ചെയ്യായ്വാൻ തന്നേ.
12 യഹോവേ, നീ അനുഗ്രഹിക്കപ്പെട്ടവൻ
നിന്റെ വെപ്പുകളെ എന്നെ പഠിപ്പിച്ചാലും!
13 എൻ അധരങ്ങൾ കൊണ്ടു
തിരുവായുടേ ന്യായങ്ങളെ എല്ലാം ഞാൻ വർണ്ണിച്ചു.
14 നിന്റെ സാക്ഷ്യങ്ങളുടേ വഴിയിൽ ഞാൻ മകിഴ്ന്നതു
സമസ്ത ധനത്തിൽ എന്ന പോലേ തന്നേ.
15 നിന്റെ നിയോഗങ്ങളെ ഞാൻ ധ്യാനിച്ചും
നിൻ പാതകളെ പാർത്തും കൊൾകെ!
16 തിരുവെപ്പുകളിൽ ഞാൻ പുളെകുന്നു
നിന്റെ വചനത്തെ മറക്കയും ഇല്ല.

ഗീമെൽ.

17 നിന്റെ ദാസന്നു ഞാൻ ജീവിപ്പാൻ ഗ്രണം വരുത്തുക
എന്നാൽ തിരുവചനത്തെ ഞാൻ കാക്കും.
18 നിൻ ധർമ്മത്തിലേ അതിശയങ്ങളെ നോക്കുവാൻ
എന്റെ കണ്ണുകളെ തുറക്കുക!
19 ഞാൻ ഭൂമിയിലേ പരദേശി തന്നേ
നിന്റെ കല്പനകളെ എന്നിൽനിന്നു മറെക്കൊല്ലാ!
20 എല്ലാ സമയത്തും നിന്റെ ന്യായങ്ങളെ കൊതിക്കയാൽ
എൻ ദേഹി ചതഞ്ഞിരിക്കുന്നു.
21 നിന്റെ കല്പനകളെ വിട്ടു തെറ്റുന്ന അഹങ്കാരികളെ
ശപിക്കപ്പെട്ടവർ എന്നു നീ ശാസിച്ചു.
22 നിന്റെ സാക്ഷ്യങ്ങളെ ഞാൻ സൂക്ഷിച്ചതിനാൽ
നിന്ദയും ധിക്കാരവും എന്നിൽനിന്നു ഉരുട്ടിക്കളക.
23 പ്രഭുക്കളും ഇരുന്നു എന്നെ കൊണ്ടു സംസാരിച്ചു,
അടിയൻ നിന്റെ വെപ്പുകളെ ധ്യാനിക്കുന്നു.
24 നിന്റെ സാക്ഷ്യങ്ങളും കൂടേ എൻ വിലാസവും
എൻ മന്ത്രിശ്രേഷ്ഠരും തന്നേ.

ദാലെഥ്.

25 എൻ ദേഹി പൂഴിയിലേക്കു ചാഞ്ഞു (44,26)
തിരുവചനപ്രകാരം എന്നെ ഉയിർപ്പിച്ചാലും!
26 എന്റെ വഴികളെ ഞാൻ വിവരിച്ചു ചൊല്ലിയപ്പോൾ നീ ഉത്തരം അരുളി
നിന്റെ വെപ്പുകളെ എന്നെ പഠിപ്പിച്ചാലും!
27 നിന്റെ നിയോഗങ്ങളുടേ വഴിയെ എന്നെ ഗ്രഹിപ്പിച്ചാലും
എന്നാൽ നിന്റെ അതിശയങ്ങളിൽ ഞാൻ ധ്യാനിക്കും.
28 ഖേദം ഹേതുവായി എൻ ദേഹി കണ്ണീർ തുകുന്നു,
തിരുവചനപ്രകാരം എന്നെ നിവിർത്തുക!
29 ഭോഷ്കിൻ വഴിയെ എന്നോടു അകറ്റി
നിന്റെ ധർമ്മത്തെ കനിഞ്ഞു തന്നേയാവു!
30 വിശ്വസ്തതയുടേ വഴിയെ ഞാൻ തെരിഞ്ഞെടുത്തു
നിന്റെ ന്യായങ്ങളെ (മുൻ) വെച്ചുകൊണ്ടിരുന്നു.
31 നിന്റെ സാക്ഷ്യങ്ങളോടു ഞാൻ പറ്റിപ്പോയി
യഹോവേ, എന്നെ നാണിപ്പിക്കരുതേ!
32 എൻ ഹൃദയത്തെ നീ വിസ്താരമാക്കുന്നതിനാൽ
നിന്റെ കല്പനകളുടേ വഴിയിൽ ഞാൻ ഓടിക്കൊള്ളും.

ഹേ.

33 യഹോവേ, തിരുവെപ്പുകളുടേ വഴിയെ എനിക്കുപദേശിച്ചാലും
എന്നാൽ അവസാനം വരേ ഞാൻ അവ സൂക്ഷിക്കും.
34 നിന്റെ ധർമ്മത്തെ ഞാൻ സൂക്ഷിച്ചു
സർവ്വഹൃദയത്താലും കാപ്പാൻ എന്നെ ഗ്രഹിപ്പിച്ചാലും!
35 നിന്റെ കല്പനകളുടേ നിരത്തിൽ എന്നെ വഴി നടത്തുക!
ഇതിൽ എനിക്കു പ്രസാദം ഉണ്ടല്ലോ.
36 ആദായത്തിലേക്കല്ല
നിന്റെ സാക്ഷ്യങ്ങളിലേക്കു എൻ ഹൃദയത്തെ ചായ്ക്കുക!

37 മായ കാൺകയിൽനിന്നു് എൻ കണ്ണുകളെ വാങ്ങുമാറാക്കി
നിന്റേറ വഴിയിൽ എന്നെ ഉയിർപ്പിച്ചാലും!
38 നിന്നെ ഭയപ്പെടുന്നതിന്നുള്ള തിരുമൊഴിയെ
അടിയന്നു സ്ഥാപിച്ചാലും!
39 ഞാൻ അഞ്ചുന്ന എൻ നിന്ദയെ പോക്കുക
നിന്റേറ ന്യായങ്ങൾ നല്ലവയല്ലോ.
40 കണ്ടാലും നിന്റേറ നിയോഗങ്ങളെ ഞാൻ കൊതിക്കുന്നു
നിൻ നീതിയാൽ എന്നെ ഉയിർപ്പിച്ചാലും!

വാവു്.

41 യഹോവേ, നിന്റേറ ദയകൾ എനിക്കു വരുവൂതാക,
തിരുമൊഴി പ്രകാരം നിന്റേറ രക്ഷ തന്നേ!
42 നിന്റേറ വചനത്തെ ഞാൻ തേറുകയാൽ
എന്നെ നിന്ദിക്കുന്നവരോടു് ഒരു വാക്കു ഉത്തരം ചൊല്ലും.
43 എന്റേറ വായിൽനിന്നു സത്യവാക്കിനെ അത്യന്തം പോക്കൊല്ല
നിന്റേറ ന്യായങ്ങളെ ഞാൻ പ്രതീക്ഷിക്കയും,
44 നിന്റേറ ധർമ്മത്തെ എന്നെന്നേക്കും
ഞാൻ വിടാതെ കാക്കയും ചെയ്യുമല്ലോ.
45 നിന്റേറ നിയോഗങ്ങളെ ഞാൻ തിരകയാൽ
വിശാല നിലത്തിൽ നടത്തിയാലും!
46 രാജാക്കന്മാരുടേ മുമ്പിലും നിന്റേറ സാക്ഷ്യങ്ങളെ ചൊല്ലി
ഞാൻ നാണിയാതേ ഉരെക്കും.
47 ഞാൻ സ്നേഹിക്കുന്ന നിന്റേറ കല്പനകളിൽ
പുളെക്കയും ചെയ്യുന്നു.
48 ഞാൻ സ്നേഹിക്കുന്ന നിന്റേറ കല്പനകളിലേക്കു എൻ കരങ്ങളെയും ഉയർത്തി
നിന്റേറ വെപ്പുകളിൽ ധ്യാനിക്കും.

ജായിൻ.

49 നീ എനിക്കു പ്രത്യാശ നല്കിയതിനാൽ
അടിയന്നു വാഗ്ദത്തം ഓർക്കേണമേ!
50 എന്റേറ സങ്കടത്തിൽ എനിക്കു് ആശ്വാസമായതു്
തിരുമൊഴി എന്നെ ഉയിർപ്പിച്ചതു തന്നേ.
51 അഹങ്കാരികൾ എന്നോടു് ഏറ്റം ഇളിച്ചു കാട്ടുന്നു
നിൻ ധർമ്മത്തിൽനിന്നു ഞാൻ ഒഴിയുന്നില്ല താനും.
52 യുഗമുതൽ കൊണ്ടുള്ള നിന്റേറ ന്യായവിധികളെ യഹോവേ, ഞാൻ ഓർത്തു
ആശ്വസിച്ചു കൊള്ളുന്നു.
53 നിൻ ധർമ്മത്തെ വിട്ടുപോകുന്ന ദുഷ്ടന്മാർ നിമിത്തം
ക്രോധം എന്നെ പിടിച്ചിരിക്കുന്നു.
54 ഞാൻ പരദേശിയാകുന്ന വീട്ടിൽ
എനിക്കു പാട്ടുകളായതു നിന്റേറ വെപ്പുകളത്രേ.
55 യഹോവേ, തിരുനാമത്തെ ഞാൻ രാത്രിയിൽ ഓർത്തു
നിന്റേറ ധർമ്മത്തെ പ്രമാണിച്ചു.
56 നിന്റേറ യോഗങ്ങളെ ഞാൻ സൂക്ഷിക്കുന്നു
എന്നുള്ളതു തന്നേ എനിക്കുണ്ടായി.

ഘേഥ്.

57 എന്റേറ ഓഹരീ യഹോവ തന്നേ,
തിരുവചനങ്ങളെ ഞാൻ കാക്കും എന്നു പറഞ്ഞു.
58 സർവ്വഹൃദയത്താലും ഞാൻ നിൻ മുഖപ്രസാദം തേടീ
തിരുമൊഴീ പ്രകാരം എന്നെ കനിഞ്ഞു കൊണ്ടാലും.
59 എന്റേറ വഴികളെ ഞാൻ ഉന്നീ പാർത്തു
എൻ കാലുകളെ നിന്റേറ സാക്ഷ്യങ്ങളിലേക്കു തിരിച്ചു.
60 നിന്റേറ കല്പനകളെ കാപ്പാൻ
ഞാൻ താമസിയാതേ ബദ്ധപ്പെട്ടു.
61 ദുഷ്ടന്മാരുടേ കയറുകൾ എന്നെ ചുഴന്നു
നിന്റേറ ധർമ്മത്തെ ഞാൻ മറക്കുന്നില്ല.
62 നിന്റേറ നീതിന്യായങ്ങൾ നിമിത്തം
നിന്നെ വാഴ്ത്തുവാൻ ഞാൻ പാതിരാക്കു് എഴുനീല്ക്കും.
63 നിന്നെ ഭയപ്പെട്ടു നിൻ നിയോഗങ്ങളെ
കാക്കുന്നവർക്കു് എല്ലാം ഞാൻ കൂട്ടാളീ.
64 യഹോവേ, നിന്റേറ ദയയാൽ ഭൂമീ സമ്പൂർണ്ണം,
തിരുവെപ്പുകളെ എന്നെ പഠിപ്പിച്ചാലും!

ടേഥ്.

65 യഹോവേ, നിന്റേറ വചനപ്രകാരം
നീ അടിയനോടു നന്മ ചെയ്തു.
66 നിന്റേറ കല്പനകളിൽ ഞാൻ വിശ്വസിക്കയാൽ
നല്ല രുചിയും അറിവും എന്നെ പഠിപ്പിക്കുക!
67 ഞാൻ താണുപോകും മുന്നേ തെറ്റിപ്പോകുന്നവനത്രേ,
ഇപ്പോഴോ തിരുമൊഴിയെ കാക്കുന്നു.
68 നീ നല്ലവനും നന്മ ചെയ്യുന്നവനും തന്നേ,
തിരുവെപ്പുകളെ എന്നെ പഠിപ്പിച്ചാലും.
69 അഹങ്കാരികൾ എന്റേറ നേരേ ഭോഷ്കുകളെ സങ്കല്പിച്ചു
ഞാനോ സർവ്വഹൃദയത്താലും നിൻ നിയോഗങ്ങളെ സൂക്ഷിക്കും.
70 നെയ്യി പോലേ അവരുടേ ഹൃദയം തടിച്ചുപോയീ
നിന്റേറ ധർമ്മത്തിൽ ഞാൻ പുളെക്കുന്നു.
71 തിരുവെപ്പുകളെ പഠിപ്പാനായീ
എനിക്കു താഴ്ച വന്നതിനാൽ നന്നായിതു.
72 പൊൻ വെള്ളീ ആയിരങ്ങളെക്കാളും
നിന്റേറ വായിലേ ധർമ്മം എനിക്കു നന്നു.

യോദ്.

73 തൃക്കൈകൾ എന്നെ ഉണ്ടാക്കീ തീർത്തു
നിന്റേറ കല്പനകളെ പഠിപ്പാൻ എന്നെ ഗ്രഹിപ്പിച്ചാലും!
74 തിരുവചനത്തെ ഞാൻ പാർത്തു നില്ക്കയാൽ
നിന്നെ ഭയപ്പെടുന്നവർ എന്നെ കണ്ടു സന്തോഷിക്കും.
75 യഹോവേ, നിന്റേറ ന്യായവിധികൾ നീതീ എന്നും
നീ എന്നെ താഴ്ത്തീവെച്ചതു വിശ്വസ്തത എന്നും ഞാൻ അറിയുന്നു.
76 അടിയനോടുള്ള നിന്റേറ മൊഴിപ്രകാരം എന്നെ ആശ്വസിപ്പിപ്പാൻ
നിന്റേറ ദയ ഉണ്ടാകേ വേണ്ടു.

77 നിന്റെ ധർമ്മം എന്റെ വിലാസമാകയാൽ
ഞാൻ ജീവിപ്പാൻ നിന്റെ കരുണകനിവു് അകപ്പെടുകേയാവു!
78 അഹങ്കാരികൾ വ്യാജത്താൽ എന്നെ മറിക്കുന്നതാകയാൽ നാണിപ്പൂതാക,
നിന്റെ നിയോഗങ്ങളെ ഞാൻ ധ്യാനിക്കേ ഉള്ളു.
79 നിന്നെ ഭയപ്പെട്ടു തിരുസാക്ഷ്യങ്ങളെ അറിയുന്നവർ
എങ്കലേക്കു തിരിവൂതാക.
80 ഞാൻ നാണിച്ചു പോകായ്വാൻ
എന്റെ ഹൃദയം തിരുവെപ്പുകളിൽ തികവുള്ളതായ്ചമക!

കാഫ്.

81 എൻ ദേഹി നിന്റെ രക്ഷെക്കായി മാഴ്കുന്നു
തിരുവചനത്തെ ഞാൻ പാർത്തു നിന്നു.
82 തിരുമൊഴിയെ കുറിച്ചു് എൻ കണ്ണുകൾ മാങ്കി
നീ എപ്പോൾ എന്നെ ആശ്വസിപ്പിക്കും എന്നിരിക്കുന്നു.
83 ഞാനാകട്ടേ പുകയിലേ തോൽത്തുരുത്തിയോടു് ഒത്തു
തിരുവെപ്പുകളെ മറക്കുന്നില്ല താനും.
84 അടിയന്റെ വാഴ്നാൾ എത്ര?
എന്നെ ഹിംസിക്കുന്നവരിൽ നീ എപ്പോൾ ന്യായവിധി നടത്തും?
85 നിന്റെ ധർമ്മത്തോടു് ഒക്കാത്ത അഹങ്കാരികൾ
എനിക്കു കുഴികളെ കുഴിക്കുന്നു.
86 തിരുകല്പനകൾ ഒക്കെയും വിശ്വസ്തത തന്നേ
അവർ വ്യാജത്തിൽ എന്നെ ഹിംസിക്കുന്നു എന്നെ തുണെച്ചാലും!
87 നാട്ടിൽ അവർ എന്നെ ഏകദേശം മുടിച്ചുകളഞ്ഞു
എങ്കിലും നിൻ നിയോഗങ്ങളെ ഞാൻ വിട്ടിട്ടില്ല.
88 നിന്റെ ദയയിൻ പ്രകാരം എന്നെ ഉയിർപ്പിക്കുക
എന്നാൽ തിരുവായിലേ സാക്ഷ്യത്തെ ഞാൻ കാത്തുകൊള്ളും.

ലാമെദ്.

89 യഹോവേ, എന്നേക്കും
തിരുവചനം സ്വർഗ്ഗത്തിൽ നിലനില്ക്കുന്നു.
90 നിന്റെ വിശ്വസ്തത തലമുറതലമുറയോളം തന്നേ;
നീ ഭൂമിയെ സ്ഥാപിച്ചിട്ടു് അതു നിന്നു.
91 നിന്റെ ന്യായങ്ങൾക്കായിട്ടു് ഇവ ഇന്നും നില്ക്കുന്നു,
സമസ്തവുമല്ലോ നിനക്കു ദാസപ്രായം.
92 നിന്റെ ധർമ്മം എൻ വിലാസം ആയില്ല എങ്കിൽ
എന്റെ ക്ലേശത്തിൽ കെടുമായിരുന്നു.
93 നിൻ നിയോഗങ്ങളെ ഞാൻ എന്നും മറക്കയില്ല
അവ കൊണ്ടു നീ എന്നെ ഉയിർപ്പിച്ചുവല്ലോ.
94 ഞാൻ നിനക്കത്രേ, എന്നെ രക്ഷിക്കേണമേ!
നിന്റെ നിയോഗങ്ങളെ ഞാൻ തിരയുന്നു സത്യം.
95 ദുഷ്ടന്മാർ എന്നെ നശിപ്പിപ്പാൻ എനിക്കു കാത്തിരിക്കുന്നു,
നിന്റെ സാക്ഷ്യങ്ങളെ ഞാൻ കുറിക്കൊള്ളുന്നു.
96 എല്ലാ തികവിന്നും ഞാൻ ഒടുക്കം കണ്ടു
എങ്കിലും നിന്റെ കല്പന വിസ്താരം ഏറിയതു.

മേം.

97 നിന്റേറ ധർമ്മത്തെ ഞാൻ എത്ര സ്നേഹിക്കുന്നു
എല്ലാനാളും അതു തന്നേ എൻ ധ്യാനം.
98 തിരുകല്പനകൾ എന്റേറ ശത്രുക്കളെക്കാൾ എന്നെ ജ്ഞാനിയാക്കുന്നു,
ആയത് എന്നേക്കും എനിക്കുള്ളതല്ലോ.
99 എന്നെ പഠിപ്പിക്കുന്നവർ ഏവരിലും ഞാൻ ബുദ്ധി ഏറെ ഉള്ളവനായി,
നിന്റേറ സാക്ഷ്യങ്ങൾ എനിക്കു ധ്യാനമാകകൊണ്ടത്രേ.
100 മൂപ്പന്മാരിലും ഞാൻ വിവേകമുള്ളവൻ
നിൻ നിയോഗങ്ങളെ കാക്കയാൽ തന്നേ.
101 നിന്റേറ വചനങ്ങളെ കാക്കേണ്ടതിന്നു
ഞാൻ സകല ദുർമ്മാർഗ്ഗത്തിൽനിന്നും എൻ കാലുകളെ വിലക്കി.
102 നീ എനിക്കുപദേശിക്കകൊണ്ടു
നിന്റേറ ന്യായങ്ങളിൽനിന്നു ഞാൻ മാറുന്നില്ല.
103 തിരുമൊഴി എൻ അണ്ണാക്കിന് എത്ര സ്വാദു
തേനിലും എൻ വായ്ക്ക് (ഇഷ്ടം).
104 നിൻ നിയോഗങ്ങളാൽ ഞാൻ തിരിച്ചറിയുന്നവൻ
ആകയാൽ എല്ലാ വ്യാജമാർഗ്ഗത്തെയും ഞാൻ പകെക്കുന്നു.

നൂൻ.

105 നിന്റേറ വചനം എൻ കാലിന്നു വിളക്കും
എൻ പാതയിൽ വെളിച്ചവും തന്നേ.
106 നിന്റേറ നീതിന്യായങ്ങളെ പ്രമാണിപ്പാൻ
ഞാൻ ആണയിട്ടു നിവൃത്തിക്കയും ചെയ്തു.
107 ഞാൻ അത്യന്തം വലഞ്ഞുപോയി
യഹോവേ, തിരുവചനപ്രകാരം എന്നെ ഉയിർപ്പിച്ചാലും!
108 യഹോവേ, എൻ വായിലേ മന:പൂർവ്വകാഴ്ചകളെ രസിച്ചുകൊണ്ടു
നിന്റേറ ന്യായങ്ങളെ എന്നെ പഠിപ്പിക്കേയാവൂ!
109 എൻ ദേഹി നിത്യം എൻ കൈയിൽ തന്നേ
നിന്റേറ ധർമ്മം മറക്കുന്നില്ല താനും.
110 ദുഷ്ടന്മാർ എനിക്കു കണി വെച്ചു
എങ്കിലും നിന്റേറ നിയോഗങ്ങളെ ഞാൻ വിട്ടഴന്നില്ല.
111 നിന്റേറ സാക്ഷ്യങ്ങൾ എൻ ഹൃദയത്തിന് ആനന്ദമാകയാൽ
ഞാൻ അവറെറ എന്നേക്കും അവകാശമായി അടക്കി.
112 അന്തം വരേ എപ്പോഴും
തിരുവെപ്പുകളെ അനുഷ്ഠിപ്പാൻ എൻ ഹൃദയത്തെ ചായ്ക്കുന്നു:

സാമെക്.

113 ഇരുമനസ്സുള്ളവരെ ഞാൻ പകെച്ചു
നിൻ ധർമ്മത്തെ സ്നേഹിക്കുന്നു.
114 എന്റേറ മറയും പലിശയും നീ തന്നേ
നിന്റേറ വചനത്തെ ഞാൻ പാർത്തു നിന്നു.
115 ദുഷ്കർമ്മികളേ, എന്നെ വിട്ടു മാറുവിൻ
എൻ ദൈവത്തിൻ കല്പനകളെ ഞാൻ സൂക്ഷിക്കേ ഉള്ളു.
116 ഞാൻ ഉയിർപ്പാൻ തിരുമൊഴിയാൽ എന്നെ നിവിർത്തുക
എൻ പ്രത്യാശ പൊട്ടാക്കി എന്നെ നാണിപ്പിക്കൊല്ല.
117 രക്ഷപെടുവാനും തിരുവെപ്പുകളെ നിത്യം നോക്കിക്കൊൾവാനും
എന്നെ താങ്ങേണമേ.

118 തിരുവെപ്പുകളെ വിട്ടു തെറുന്നവരെ ഒക്കയും നീ തൃണീകരിക്കുന്നു,
അവരുടേ ചതി പഴുതിലത്രേ.
119 ഭൂമിയിലേ സകല ദുഷ്ടന്മാരെയും നീ കിട്ടം പോലേ സന്നമാക്കുന്നു
അതുകൊണ്ടു നിന്റേ സാക്ഷ്യങ്ങളെ ഞാൻ സ്നേഹിക്കുന്നു.
120 നിന്നെ പേടിക്കയാൽ എൻ മൈ കോംമയിർ കൊള്ളുന്നു
നിന്റേ ന്യായവിധികളെ ഞാൻ ഭയപ്പെടുകയും ചെയ്യുന്നു.

ആ'യിൻ.

121 ഞാൻ ന്യായവും നീതിയും ചെയ്തു
പീഡിപ്പിക്കുന്നവക്കു നീ എന്നെ ഏൽപിച്ചു വിടുകയില്ല.
122 നന്നാവാൻ അടിയന്നു ഉത്തരവാദിയാക
അഹങ്കാരികൾ എന്നെ പീഡിപ്പിക്കരുതേ!
123 നിന്റേ രക്ഷെക്കായും നിന്റേ നീതിമൊഴിക്കായും
എൻ കണ്ണുകൾ മാഴുകുന്നു.
124 നിന്റേ ദയെക്കു തക്കവണ്ണം അടിയനോടു ചെയ്തു
തിരുവെപ്പുകളെ എന്നെ പഠിപ്പിച്ചാലും!
125 ഞാൻ നിന്റേ ദാസൻ
നിന്റേ സാക്ഷ്യങ്ങളെ അറിവാൻ ഗ്രഹിപ്പിച്ചാലും!
126 യഹോവെക്കു പ്രവൃത്തിപ്പാൻ നേരമായി
നിന്റേ ധർമ്മത്തെ അവർ ഭഞ്ജിച്ചു.
127 എന്നതുകൊണ്ടു പൊന്നിലും തങ്കത്തിലും ഏറ
നിന്റേ കല്പനകളെ ഞാൻ സ്നേഹിക്കുന്നു.
128 എന്നതുകൊണ്ടു നിൻ നിയോഗങ്ങളെ എല്ലാം ഞാൻ നേർ എന്നു വിധി
സകല വ്യാജമാർഗ്ഗത്തെയും പകെക്കുന്നു. [ഫ

പേ.

129 നിന്റേ സാക്ഷ്യങ്ങൾ അത്ഭുതങ്ങളാകയാൽ
എൻ ദേഹി അവറെ സൂക്ഷിച്ചു.
130 തിരുവചനങ്ങളെ തുറന്നു കൊടുക്ക പ്രകാശിപ്പിക്കുന്നു
അജ്ഞരെ ഗ്രഹിപ്പിക്കുന്നു.
131 തിരുകല്പനകളെ കൊതിക്കയാൽ
ഞാൻ വായി പിളർന്നു കൂപ്പുന്നു.
132 എങ്കലേക്കു തിരിഞ്ഞു കനിഞ്ഞുകൊൾക
തിരുനാമത്തെ സ്നേഹിക്കുന്നവക്കു ന്യായമാകുമ്പോലേ!
133 തിരുമൊഴിയാൽ എൻ നടകളെ ഉറപ്പിക്ക
യാതൊർ അതിക്രമവും എന്മേൽ ഭരിക്കയും അരുതേ!
134 മനുഷ്യർ പീഡിപ്പിക്കുന്നതിൽനിന്നു എന്നെ വീണ്ടുകൊണ്ടാലും
നിന്റേ നിയോഗങ്ങളെ കാപ്പാനായി തന്നേ!
135 അടിയന്മേൽ നിൻ മുഖത്തെ പ്രകാശിപ്പിച്ചു
തിരുവെപ്പുകളെ പഠിപ്പിക്കേണമേ!
136 നിൻ ധർമ്മത്തെ പ്രമാണിക്കാത്തവർ നിമിത്തം
എൻ കണ്ണുകൾ നീർത്തോടുകളായി ഒലിക്കുന്നു (വിലാപം 3,48).

ചാദേ.

137 യഹോവേ, നീ നീതിമാനും
നിന്റേ ന്യായങ്ങൾ നേരുള്ളവയും ആകുന്നു.

138 നിന്റെ സാക്ഷ്യങ്ങളെ നീതി എന്നും
ഏറ്റം വിശ്വാസ്യം എന്നും നീ കല്പിച്ചു.
139 എന്റെ മാറാന്മാർ തിരുവചനങ്ങളെ മറക്കയാൽ
എരിവ് എന്നെ ക്ഷയിപ്പിച്ചു.
140 നിന്റെ മൊഴി ഏറ്റം ശോധന ചെയ്തുള്ളത്,
അടിയൻ അതിനെ സ്നേഹിക്കുന്നു.
141 ഞാൻ ചെറിയവനും ധിക്കരിക്കപ്പെട്ടവനും ആകുന്നു
നിൻ നിയോഗങ്ങളെ മറക്കുന്നില്ല.
142 നിന്റെ നീതി എന്നേക്കുമുള്ള നീതിയും
നിൻ ധർമ്മം സത്യവും തന്നേ.
143 ഞെരുക്കവും പീഡയും എന്നെ പിടിച്ചതിൽ
തിരുകല്പനകൾ എൻ വിലാസം തന്നേ.
144 നിന്റെ സാക്ഷ്യങ്ങൾ എന്നും നീതി തന്നേ,
ഞാൻ ജീവിപ്പാനായി എന്നെ ഗ്രഹിപ്പിച്ചാലും!

ഖോഫ്.

145 സർവ്വഹൃദയത്താലും ഞാൻ നിലവിളിച്ചു
യഹോവേ, ഉത്തരമരുളേണമേ തിരുവെപ്പുകളെ ഞാൻ സൂക്ഷിക്കും.
146 നിന്നെ ഞാൻ വിളിക്കുന്നു എന്നെ രക്ഷിക്കേണമേ
എന്നാൽ നിന്റെ സാക്ഷ്യങ്ങളെ ഞാൻ കാക്കും.
147 പുലർച്ചയും ഞാൻ മുമ്പിട്ടു കൂക്കുന്നു
തിരുവചനങ്ങളെ ഞാൻ പാർത്തു നില്ക്കുന്നു.
148 തിരുമൊഴിയെ ധ്യാനിപ്പാൻ
എൻ കണ്ണുകൾ യാമങ്ങളെ മുമ്പിടുന്നു.
149 നിൻ ദയപ്രകാരം എൻ ശബ്ദത്തെ കേട്ടു
യഹോവേ, നിൻ ന്യായങ്ങളിൻ പ്രകാരം എന്നെ ഉയിർപ്പിച്ചാലും.
150 പാതകത്തെ പിന്തുടരുന്നവർ അടുത്തു
നിൻ ധർമ്മത്തോട് അകന്നും പോകുന്നു.
151 യഹോവേ, നീ അടുക്കേ ഉള്ളവൻ
നിന്റെ സകല കല്പനകളും സത്യം തന്നേ.
152 നിന്റെ സാക്ഷ്യങ്ങളെ നീ എന്നേക്കും സ്ഥാപിച്ചു
എന്നത് ഞാൻ അവറ്റിൽനിന്നു പണ്ടേ അറിയുന്നു.

രേഷ്.

153 എന്റെ അരിഷ്ടത്തെ കണ്ട് എന്നെ വിടുവിക്ക
നിൻ ധർമ്മത്തെ ഞാൻ മറന്നില്ലല്ലോ,
154 എൻ വ്യവഹാരം തീർത്തു എന്നെ വീണ്ടെടുക്കേണമേ
തിരുമൊഴിക്കു തക്കവണ്ണം എന്നെ ഉയിർപ്പിച്ചാലും!
155 ദുഷ്ടന്മാരിൽനിന്നു രക്ഷ ദൂരമുള്ളത്
തിരുവെപ്പുകളെ അവർ തിരയായ്കയാൽ തന്നേ.
156 യഹോവേ, നിന്റെ കരുണകൾ പെരുത്തത്
നിൻ ന്യായങ്ങളിൻ പ്രകാരം എന്നെ ഉയിർപ്പിക്ക.
157 എന്നെ പിന്തുടരുന്ന മാറാന്മാർ അനേകർ,
നിന്റെ സാക്ഷ്യങ്ങളെ വിട്ടു ഞാൻ ചായുന്നില്ല.
158 തിരുമൊഴിയെ കാത്തുകൊള്ളാത്ത ദ്രോഹികളെ
ഞാനും കണ്ട് ഓക്കാനിച്ചു.

159 നിന്റെ നിയോഗങ്ങളെ ഞാൻ സ്നേഹിക്കുന്നു എന്നു കണ്ടു
യഹോവേ, നിൻ ദയപ്രകാരം എന്നെ ഉയിർപ്പിക്കുക!

160 നിന്റെ വചനത്തിൻ തുക സത്യം തന്നേ
നിൻ നീതിയുടേ ന്യായം എല്ലാം എന്നേക്കുമുള്ളതു.

ശീൻ.

161 പ്രഭുക്കന്മാർ വെറുതേ എന്നെ ഹിംസിച്ചു
എന്റെ ഹൃദയം നിന്റെ വചനങ്ങളെ പേടിക്കേ ഉള്ളു.

162 തിരുമൊഴി ഹേതുവായി ഞാൻ ആനന്ദിക്കുന്നതു
ഏറിയ കൊള്ള കണ്ടെത്തുന്നവനെ പോലേ തന്നേ.

163 വ്യാജത്തെ ഞാൻ പകെച്ചു വെറുക്കുന്നു
നിൻ ധർമ്മത്തെ സ്നേഹിക്കുന്നു.

164 നിന്റെ നീതിന്യായങ്ങൾ ഹേതുവായി
ഞാൻ നാളിൽ ഏഴുവട്ടം നിന്നെ സ്തുതിക്കുന്നു.

165 നിൻ ധർമ്മത്തെ സ്നേഹിക്കുന്നവർക്കു സമാധാനം ഏറും
ഇടർച്ച അവർക്ക് ഇല്ല.

166 യഹോവേ, നിൻ രക്ഷയെ ഞാൻ പ്രത്യാശിച്ചു
നിൻ കല്പനകളെ ചെയ്തു.

167 എൻ ദേഹി നിന്റെ സാക്ഷ്യങ്ങളെ കാക്കുന്നു
ഞാൻ അവറ്റെ വളരേ സ്നേഹിക്കുന്നു.

168 നിൻ നിയോഗങ്ങളെയും സാക്ഷ്യങ്ങളെയും ഞാൻ കാത്തുകൊള്ളുന്നു
എന്റെ എല്ലാ വഴികളും നിന്റെ സമക്ഷത്ത് ഉണ്ടല്ലോ.

താവ്.

169 എൻ ആർപ്പു യഹോവേ, നിന്നോടു എത്തുകേയാവു
തിരുവചനപ്രകാരം എന്നെ ഗ്രഹിപ്പിച്ചാലും!

170 എന്റെ യാചന തിരുമുമ്പിൽ വരികേ വേണ്ടു
നിന്റെ മൊഴിപ്രകാരം എന്നെ ഉദ്ധരിക്ക!

171 തിരുവെപ്പുകളെ നീ എന്നെ പഠിപ്പിച്ചാൽ
എൻ അധരങ്ങൾ സ്തുതിയെ പൊഴിയുമാറാക!

172 നിന്റെ സകല കല്പനകളും നീതി ആകയാൽ
എന്റെ നാവു തിരുമൊഴിയെ പാടുക.

173 നിൻ നിയോഗങ്ങളെ ഞാൻ തെരിഞ്ഞെടുക്കയാൽ
തുണെക്കു എനിക്കു തുണെക്കാക!

174 യഹോവേ, നിന്റെ രക്ഷയെ ഞാൻ വാഞ്ഛിക്കുന്നു
നിന്റെ ധർമ്മമേ എൻ വിലാസം.

175 എൻ ദേഹി ജീവിച്ചു നിന്നെ സ്തുതിപ്പൂതാക
നിന്റെ ന്യായം എനിക്കു സഹായിച്ചേ ആവു.

176 ഞാൻ ഉഴന്നുപോയി കെട്ടുപോകുന്ന ആടുപോലേ അടിയനെ അന്വേഷി
തിരുക്കല്പനകളെ ഞാൻ മറക്കുന്നില്ലല്ലോ. [ക്കേണമേ

120–134 യരുശലേമിലെ ഉത്സവങ്ങൾക്കു പോകുന്ന യാത്രക്കാരുടേ ഗീതങ്ങൾ.

120. സങ്കീർത്തനം

ബാബെലിൽനിന്നു രക്ഷിച്ച പ്രകാരം ഇനിയും കള്ളച്ചങ്ങാതികളിൽനിന്നുദ്ധരിച്ചു (5) അയല്ക്കാരാലുള്ള ദുഃഖത്തെ മാറ്റുവാൻ യാചിച്ചതു.

യാത്രാഗീതം.

1 എന്റേറ ഞെരുക്കത്തിൽ യഹോവയോടു
നിലവിളിച്ചപ്പോൾ അവൻ ഉത്തരമരുളി.
2 ഇനി യഹോവേ, വ്യാജമുള്ള അധരത്തിൽനിന്നും
ചതിനാവിൽനിന്നും എൻ ദേഹിയെ ഉദ്ധരിക്കേയാവു!
3 ചതിനാവു
നിണക്കു് എന്തു തരും, എന്തു കൂട്ടി വെക്കും?
4 വീരന്റേറ കൂർത്ത അമ്പുകളെ
കരിവേലക്കനലോടും കൂടേ തന്നേ.
5 അയ്യോ ഞാൻ മെശകിൽ പരവാസിയായി
ഖെദർ കൂടാരങ്ങളോടു കൂടിപാർക്കയാൽ കഷ്ടം!
6 സമാധാനത്തെ പകെക്കുന്നവരോടു കൂടേ
പാർത്തിരിക്കുന്നതു് എൻ ദേഹിക്കു മതി.
7 ഞാനോ സമാധാനം തന്നേ
ഞാൻ ഉരിയാടുമ്പോഴേക്കു അവർ പോരിലേക്കത്രേ.

121. സങ്കീർത്തനം

രാപ്പകൽ സഭയെ കാക്കുന്നവനിൽ ആശ്രയം.

യാത്രാഗീതം.

1 എൻ തുണ എവിടുന്നു്വരും[1]എന്നു
ഞാൻ മലകളിലേക്കു് എൻ കണ്ണുകളെ ഉയർത്തുന്നു.
2 എൻ തുണയോ
സ്വർഭൂമികളെ ഉണ്ടാക്കിയ യഹോവയിൽനിന്നത്രേ.
3 അവൻ ഇളകുവാൻ നിന്റേറ കാലെ ഏല്പിക്കായ്ക
നിന്നെ കാക്കുന്നവൻ തുയിൽ കൊള്ളായ്ക!
4 കണ്ടാലും ഇസ്രയേലെ കാക്കുന്നവൻ
തുയിൽ കൊൾകയില്ല ഉറങ്ങുകയും ഇല്ല (യശ. 5, 27).
5 യഹോവ നിന്നെ കാക്കുന്നവൻ
യഹോവ നിന്റേറ വലഭാഗത്തു നിണക്കു് നിഴൽ തന്നേ.
6 പകലിൽ സൂര്യനും രാത്രിയിൽ ചന്ദ്രനും
നിന്നെ ബാധിക്കയില്ല.
7 യഹോവ എല്ലാ തിന്മയിൽനിന്നും കാക്കും
നിൻ ദേഹിയെ കാക്കും.
8 യഹോവ നിന്റേറ പോക്കിനെയും വരവിനെയും
ഇന്നുമുതൽ എന്നേക്കും കാത്തുകൊള്ളും.

122. സങ്കീത്തനം

പുതുതായി കെട്ടിയ യരുശലേം (6) ഇസ്രയേലിന്നു നന്മകളുടേ ഉറവാകേണം എന്നു യാചിച്ചതു.

ദാവിദിന്റെ യാത്രാഗീതം.

1 യഹോവാലയത്തിലേക്കു നാം പോക എന്നു
പറയുന്നവരിൽ ഞാൻ സന്തോഷിച്ചു.
2 ഞങ്ങളുടേ കാലുകൾ യരുശലേമേ,
നിന്റെ വാതിലുകളിൽ നില്ക്കുന്നു.
3 തന്നിൽ തന്നെ യോജിച്ചിട്ടുള്ള പട്ടണം പോലേ
വടിവിൽ തീത്ത യരുശലേമേ!
4 ഇസ്രയേലിന്നുള്ള സാക്ഷ്യത്തെ (അനുസരിച്ചു)
അവിടേക്കു ഗോത്രങ്ങൾ എഴുന്നെള്ളി
യഹോവാനാമത്തെ വാഴ്ത്തുവാൻ
യാഹിൻ ഗോത്രങ്ങൾ തന്നേ.
5 കാരണം ന്യായവിധിക്കായി അവിടേ സിംഹാസനങ്ങൾ വസിച്ചു
ദാവിദ് ഗൃഹത്തിന്നുള്ള സിംഹാസനങ്ങൾ തന്നേ.
6 യരുശലേമിൻ സമാധാനത്തെ അപേക്ഷിപ്പിൻ
നിന്നെ സ്നേഹിക്കുന്നവർ സൈ്വരമായിരിക്ക!
7 നിന്റെ കൊന്തളങ്ങളിൽ സമാധാനവും
നിൻ അരമനകളിൽ സൈ്വരവും ഉണ്ടാക!
8 നിന്നിൽ സമാധാനമേ (ആവു) എന്നു
ഞാൻ സഹോദരരും ചങ്ങാതികളും നിമിത്തം പറവൂതാക!
9 ഞങ്ങളുടേ ദൈവമായ യഹോവയുടേ ആലയം നിമിത്തം
ഞാൻ നിണക്കു നന്മ അന്വേഷിക്കാക!

123. സങ്കീർത്തനം

നിന്ദ അനുഭവിച്ച പുതിയ കാരുണ്യം അപേക്ഷിച്ചതു.
യാത്രാഗീതം.

1 സ്വർഗ്ഗത്തിൽ വസിക്കുന്നവനേ,
നിങ്കലേക്കു ഞാൻ കണ്ണുകളെ ഉയർത്തുന്നു.
2 കണ്ടാലും ദാസരുടേ കണ്ണുകൾ
യജമാനന്മാരുടേ കൈയിലേക്കും
ദാസിയുടേ കണ്ണുകൾ
തമ്പുരാട്ടിയുടേ കൈയിലേക്കും എത്ര പ്രകാരം,
അപ്രകാരം ഞങ്ങളുടേ കണ്ണുകൾ ഞങ്ങളുടേ ദൈവമായ യഹോവയിലേ
അവൻ നമ്മെ കനിഞ്ഞു കൊൾവോളം തന്നേ. [ക്ക് ആകുന്നത്
3 യഹോവേ, ഞങ്ങളെ കനിഞ്ഞാലും കനിഞ്ഞാലും
ഞങ്ങൾ ധിക്കാരത്താൽ അത്യന്തം തൃപ്തി വന്നവരല്ലോ.
4 നിർഭയന്മാരുടേ പരിഹാസത്താലും
വമ്പന്മാരുടേ ധിക്കാരത്താലും
ഞങ്ങളുടേ ദേഹിക്ക് അതിതൃപ്തി വന്നിരിക്കുന്നു.

124. സങ്കീത്തനം

മൂലനാശത്തിൽനിന്നു രക്ഷിച്ച യഹോവയിൽ (6) ആശ്രയം പൂർത്തുകുക.
ദാവിദിന്റെ യാത്രാഗീതം.

1 നമുക്കുള്ളതു യഹോവ അല്ലായ്കിൽ
എന്നു ഇസ്രയേൽ പറവു,

2 മനുഷ്യർ നമുക്ക് എതിരേ എഴുനീറ്റപ്പോൾ
നമുക്കുള്ളതു യഹോവ അല്ലായ്കയിൽ,
3 അന്നു ജീവനോടേ ഞങ്ങളെ വിഴുങ്ങുമായിരുന്നു
അവരുടേ കോപം നമ്മിലേക്കു കത്തുമ്പോൾ;
4 അന്നു വെള്ളങ്ങൾ നമ്മെ ഒഴുക്കുമായിരുന്നു
തോടു നമ്മുടേ ദേഹിക്കു മീതേ കടന്നു.
5 അന്നു തിളെക്കുന്ന വെള്ളങ്ങൾ
നമ്മുടേ ദേഹിക്കു മീതേ കടന്നു പോകുമായിരുന്നു.
6 അവരുടേ പല്ലുകൾക്കു നമ്മെ ഇരയാക്കി
കൊടുക്കയാൽ യഹോവ അനുഗ്രഹിക്കപ്പെട്ടവൻ!
7 നമ്മുടേ ദേഹി കുരികിൽ എന്ന പോലേ
വേടരുടെ കണിയിൽനിന്നു വഴുതി പോയി,
കണി പൊട്ടി നാം ഒഴിഞ്ഞു പോയി.
8 നമ്മുടേ തുണയോ സ്വർഭൂമികളെ ഉണ്ടാക്കിയ
യഹോവയുടേ നാമത്തിൽ അത്രേ (121,2).

125. സങ്കീത്തനം

സങ്കട കാലത്തിൽ യഹോവ സ്വജാതിക്കു നിഴലാകയാൽ (4) വ്യാജക്കാരുടേ വേത്തിരിവിനെ അപേക്ഷിച്ചതു.

യാത്രാഗീതം.

1 യഹോവയിൽ ആശ്രയിക്കുന്നവർ
ഇളകാതേ എന്നേക്കും വസിക്കുന്ന ചിയോൻ മലയോടു് ഒക്കും.
2 യരുശലേമിന്നു ചുഴവും മലകൾ ഉണ്ടു
സ്വജനത്തിന്നു ചുഴവും യഹോവ
ഇന്നേ മുതൽ എന്നേക്കും ആകുന്നു.
3 ദുഷ്ടതയുടേ ചെങ്കോൽ
നീതിമാന്മാരുടേ അവകാശച്ചീട്ടിന്മേൽ (എന്നും) ആവസിക്കയില്ല
നീതിമാന്മാർ അക്രമത്തിലേക്കു
കൈകളെ നീട്ടായ്വാൻ തന്നേ.—
4 യഹോവേ, നല്ലവക്കും ഹൃദയനേരുള്ളവർക്കും
നന്മ ചെയ്യേണമേ!
5 തങ്ങളുടേ കോട്ടന്ന വഴികളെ തെറ്റിക്കുന്നവരെയോ
യഹോവ അതിക്രമം പ്രവൃത്തിക്കുന്നവരോടു കൂടേ പോകുമാറാക്കും.
ഇസ്രയേലിന്മേൽ സമാധാനം (ഉണ്ടാവു)!

126. സങ്കീർത്തനം

ബാബൽ പ്രവാസത്തിൽനിന്നു രക്ഷിക്കയാൽ സ്തുതിച്ചു (4) ദുഃഖശേഷത്തെ സന്തോഷമാക്കി മാറ്റുവാൻ യാചിച്ചതു.

യാത്രാഗീതം.

1 ചിയോൻ അടിമയെ യഹോവ മാറ്റിയപ്പോൾ
നാം സ്വപ്നം കാണുന്നവരെ പോലേ ആയി.
2 അന്നു നമ്മുടേ വായി ചിരിയാലും
നാവു് ആർപ്പിനാലും നിറഞ്ഞു (ഇയ്യോബു് 8,21),

അന്ന ജാതികളിൽ;
യഹോവ ഇവരോടു മഹത്തായി ചെയ്തു (യോവേ. 2,21) എന്ന പറയും.
3 (അതേ) നമ്മോടു യഹോവ മഹത്തായി ചെയ്തിരിക്കുന്ന
നാം സന്തുഷ്ടരായ്തീന്നു.
4 യഹോവേ, ഞങ്ങളുടേ അടിമയെ മാറുക
തെക്കേ നാട്ടിലേ നദികളെ പോലേ!
5 കണ്ണീരോടേ വിതെക്കുന്നവർ
ആർപ്പോടേ കൊയ്യും.
6 വിത്തിനെ ചുമന്നും
വിതറിക്കൊണ്ടു കരഞ്ഞും പോകും,
തൻ കറകളെ ചുമന്നും കൊണ്ട്
ആത്താർത്തു വരും.

127. സങ്കീത്തനം

സൈരവും ഭാഗ്യവും വിശേഷാൽ (3) പുത്രസമ്പത്തും അദ്ധ്വാനത്താലല്ല യഹോവയിൽ നിന്നുണ്ടാകുന്നു.

ശലൊമോന്റെ യാത്രാഗീതം.

1 യഹോവ ഭവനത്തെ തീക്കാതേ ഇരുന്നാൽ
അതിനെ തീക്കുന്നവർ വെറുതേ അങ്ങ് അദ്ധ്വാനിക്കുന്നു.
യഹോവ പട്ടണത്തെ കാക്കാതേ ഇരുന്നാൽ
കാവല്ക്കാരൻ വെറുതേ ഉണന്നിരിക്കുന്നു.
2 നിങ്ങൾ അതികാലത്ത് എഴനീറു
ഇരിപ്പാൻ വൈകിക്കൊണ്ടു
കഷ്ടിച്ച് അപ്പം തിന്നുന്നതു വെറുതേ അത്രേ,
ഇപ്രകാരം അവൻ ഉറക്കത്തിൽ തന്റെ പ്രിയന്നു കൊടുക്കും (1 രാ.3, 5).
3 കണ്ടാലും മക്കൾ യഹോവ തരുന്ന കാണം,
ഉദരഫലവും പ്രതിഫലം (1 മോ. 30, 18).
4 വീരന്റെ കൈയിൽ അമ്പുകൾ എതു പ്രകാരം
അപ്രകാരം യൌവനത്തിങ്കൽ ഉണ്ടാവിച്ച മക്കൾ.
5 ഇവരെ കൊണ്ടു തന്റെ ആവനാഴികയെ
നിറെച്ചിട്ടുള്ള പുരുഷൻ ധന്യൻ,
നഗരവാതുക്കൽ ശത്രുക്കളോടു സംസാരിക്കുമ്പോൾ
അവർ നാണിച്ചു പോകയില്ല.

128. സങ്കീത്തനം

ദൈവഭക്തന്റെ ഭാഗ്യം (ജക. 8).
യാത്രാഗീതം.

1 യഹോവയെ ഭയപ്പെട്ട്
അവന്റെ വഴികളിൽ നടക്കുന്നവൻ എല്ലാം ധന്യൻ.
2 നിന്റെ കരങ്ങളുടേ അദ്ധ്വാനം നീ ഭക്ഷിക്കും
നീ ധന്യൻ നിണക്കു നന്മ ഉണ്ടു.
3 നിന്റെ ഭാര്യ വീട്ടിൻ ഉള്ളകങ്ങളിൽ
കുലെക്കുന്ന മുന്തിരിവള്ളിയോട് ഒക്കും,

നിന്റെ മക്കൾ ഒലീവത്തൈകളെ പോലേ
നിന്റെ മേശെക്കു ചുറ്റിലും.
4 കണ്ടാലും യഹോവയെ ഭയപ്പെടുന്ന പുരുഷൻ
ഇപ്രകാരം അനുഗ്രഹിക്കപ്പെട്ടും.
5 യഹോവ ചീയോനിൽനിന്നു നിന്നെ അനുഗ്രഹിക്ക
നിന്റെ ആയുസ്സുള്ള നാൾ എല്ലാം
യരൂശലേമിൻ സുഖത്തെ നീ കാൺക!
6 നിന്റെ മക്കളുടേ മക്കളെയും കാൺക!
ഇസ്രയേലിൻ സമാധാനം (125, 5)

129. സങ്കീത്തനം

പലപ്പോഴും സ്വജനത്തെ രക്ഷിച്ചവൻ (5) ഇനിയും ശത്രുക്കൾക്കു നാണം വരുത്തും.

യാത്രാഗീതം.

1 **എ**ന്റെ ബാല്യം മുതൽ അവർ എന്നെ പെരികേ ഞെരുക്കി
എന്നു് ഇസ്രയേൽ പറവൂതാക,
2 എന്റെ ബാല്യം മുതൽ എന്നെ പെരികേ ഞെരുക്കി
അവക്കു് എന്നോടു് ആവതു് ഉണ്ടായതും ഇല്ല.
3 ഉഴവുകാർ എന്റെ മുതുകിന്മേൽ
ഉഴുത ചാലുകളെ നീളേ വലിച്ചു.
4 യഹോവ നീതിമാൻ
ദുഷ്ടരുടേ കയറുകളെ അവൻ അറുത്തു.
5 ചീയോനെ പകെക്കുന്നവർ ഒക്കയും
നാണിച്ചു പിൻവാങ്ങി പോക!
6 പുരമേലേ പുല്ലു
പൊരിക്കും മുമ്പേ വാടുന്നതിനോടു് ഒക്കുക! (യശ. 37, 27).
7 അതിനാൽ കൊയ്യുന്നവനു കൈയും
കറകളെ കെട്ടുന്നവനു കൊടുന്നയും നിറകയില്ല,
8 വഴിപോകുന്നവർ: നിങ്ങൾക്കു യഹോവാനുഗ്രഹം ആക
യഹോവാനാമത്തിൽ ഞങ്ങൾ നിങ്ങളെ അനുഗ്രഹിക്കുന്നു
എന്നു പറകയും ഇല്ല.

130. സങ്കീത്തനം

സഭ അരിഷ്ടത്തിൽ പാപമോചനം അന്വേഷിച്ചു (5) പൂർണ്ണരക്ഷയെ പ്രത്യാശിക്കുന്നതു.

യാത്രാഗീതം.

1 **യ**ഹോവേ, ആഴങ്ങളിൽനിന്നു ഞാൻ നിന്നെ വിളിക്കുന്നു.
2 കർത്താവേ, എന്റെ ഒച്ച കേട്ടുകൊള്ളേണമേ
ഞാൻ കെഞ്ചുന്ന ശബ്ദത്തിന്നു
നിന്റെ ചെവികൾ ശ്രദ്ധിച്ചിരിക്ക!
3 യാഃ, നീ അകൃത്യങ്ങളെ കുറിക്കൊണ്ടാൽ
കർത്താവേ, ആർ നിൽപു?

4 നിന്നെ ഭയപ്പെടേണ്ടതിന്നു
വിമോചനം നിന്നോടു് ഉണ്ടല്ലോ.
5 ഞാൻ യഹോവയെ കാത്തുനിന്നു എൻ ദേഹി കാത്തുനിന്നു
അവന്റെ വചനത്തെ ഞാൻ പ്രത്യാശിച്ചു.
6 കാവലാളുകൾ പുലർച്ച
കാവലാളുകൾ പുലർച്ചയെ (ശ്രദ്ധിപ്പതിലും) അധികം
എൻ ദേഹി കർത്താവിലേക്കു് (ആയി).
7 ഇസ്രയേൽ യഹോവയിലേക്കു പ്രത്യാശിക്ക (131, 3)!
കാരണം ദയ എന്നതും
പെരിക വീണ്ടെടുപ്പും യഹോവയോടേ ഉള്ള.
8 ആയവൻ ഇസ്രയേലെ
സകല അകൃത്യങ്ങളിൽനിന്നും വീണ്ടുകൊള്ളും.

131. സങ്കീർത്തനം

താഴ്മയോടേ ശിശു പോലേ ആശ്രയിപ്പതു.
ദാവിദിന്റെ യാത്രാഗീതം.

1 യഹോവേ, എന്റെ ഹൃദയം ഞെളിഞ്ഞിട്ടില്ല എൻ കണ്ണുകൾ ഉയർന്നതും
എനിക്കു മീതേ വലുതും അത്ഭുതവും [ഇല്ല
ആയവറ്റിൽ ഞാൻ നടക്കുന്നതും ഇല്ല.
2 മുലമാറിയ കുട്ടി അമ്മയോടുള്ള പോലേ
എൻ ദേഹിയെ ഞാൻ നികത്തി ശമിപ്പിച്ചു സത്യം,
എൻ ദേഹി ആ കുട്ടിയെ പോലേ എന്നോടു് ആകുന്നു.
3 ഇസ്രയേൽ ഇന്നുമുതൽ എന്നേക്കും
യഹോവയിൽ പ്രത്യാശിക്ക.

132. സങ്കീർത്തനം

ദാവിദു് ദേവാലയത്തിന്നായി അദ്ധ്വാനിച്ചതു (6) സഫലമായ്വന്നു (10) ആകയാൽ ദൈവം അവന്റെ വംശം ഓർത്തു (13) ചിയോന്റെ വാഴ്ചയെ പുതുക്കേണം (ജരുബാബലിന്റെ കാലത്തിൽ?).

യാത്രാഗീതം.

1 യഹോവേ, ദാവിദിനു്
അവന്റെ സകല കഷ്ടതയും ഓർക്കേണമേ!
2 അവൻ യഹോവെക്കു് ആണയിട്ടു
യാക്കോബിൻ ധീരനു (1 മോ, 49, 25) നേർന്നതു:
3 ഞാൻ യഹോവെക്കു സ്ഥലവും
യാക്കോബിൻ ധീരനു പാർപ്പും കണ്ടെത്തും വരേ,
4 എൻ ഭവനകൂടാരത്തിൽ കടക്കയില്ല,
എൻ കട്ടിലിൻ കിടക്കമേൽ കരേറുകയില്ല,
5 എൻ കണ്ണുകൾക്കുറക്കും
ഇമകൾക്കു തുയിലും കൊടുക്കയില്ല സത്യം എന്നത്രേ.
6 അതാ എഫ്രാതയിൽ ഞങ്ങൾ അതിൻ വാർത്ത കേട്ടു
(യഫർ എന്ന) വനനിലത്തിൽ (1 ശമു. 7, 2) അതിനെ കണ്ടെത്തി.
7 ഇന്നു് അവന്റെ പാർപ്പിലേക്കു നാം ചെന്നു
അവന്റെ പാദപീഠം തൊഴുക (99, 5)!

8 യഹോവേ, നിൻേറ സ്വസ്ഥതയിലേക്ക് എഴുന്നെള്ളുക
നീയും നിൻേറ ശക്തിയുടേ പെട്ടകവും തന്നേ!
9 നിൻ പുരോഹിതർ നീതി പൂണ്ടും
നിൻേറ ഭക്തന്മാർ ആർത്തും കൊൾക (2 നാള. 6, 41)!
10 എന്നതു നിൻ ദാസനായ ദാവീദിൻ നിമിത്തം (കേൾക്ക)
നിൻേറ അഭിഷിക്തനേറ മുഖത്തെ മടക്കിക്കളയൊല്ല.
11 യഹോവ ദാവീദിന്നു
മാറാത്ത സത്യം ആണയിട്ടിതു:
നിൻേറ സിംഹാസനത്തിൽ
നിൻ ഉദരഫലത്തെ ഞാൻ ഇരുത്തും;
12 നിൻേറ മക്കൾ എൻ നിയമവും
ഞാൻ അവരെ പഠിപ്പിപ്പാനുള്ള സാക്ഷ്യങ്ങളും കാത്തുകൊണ്ടാൽ
അവരുടേ മക്കളും സദാകാലവും
നിൻേറ സിംഹാസനത്തിൽ വസിക്കും എന്നത്രേ.
13 കാരണം യഹോവ ചിയോനെ തെരിഞ്ഞെടുത്തു
തനിക്കു വാസസ്ഥലമായി വരിച്ചിതു:
14 സദാകാലവും ഇതേ എൻ സ്വസ്ഥത,
ഇതിനെ വരിച്ചതാകയാൽ ഇങ്ങു വസിക്കും.
15 അതിലേ ഭോജനം ഞാൻ അനുഗ്രഹിക്കയും
അതിലേ ദരിദ്രരെ അപ്പത്താൽ തൃപ്തി വരുത്തുകയും.
16 അതിലേ പുരോഹിതരെ രക്ഷ പൂണുമാറാക്കുകയും
അതിലേ ഭക്തന്മാർ ആർത്താർത്തു വരികയും,
17 അവിടേ ഞാൻ ദാവീദിനു കൊമ്പിനെ മുളെപ്പിച്ചു
എൻ അഭിഷിക്തനു വിളക്ക് ഒരുക്കുകയും ചെയ്യും.
18 അവനേറ ശത്രുക്കളെ ഞാൻ നാണം പൂണിക്കും
അവനേറ മേലോ അവനേറ കിരീടം പൂക്കുമാറാക എന്നത്രേ.

133. സങ്കീർത്തനം

മഹോത്സവങ്ങളിൽ കൂടി വന്ന് ഒരുമനപ്പെട്ടവരുടേ ഭാഗ്യം.
ദാവീദിൻേറ യാത്രാഗീതം.

1 കണ്ടാലും സഹോദരന്മാർ ചേർന്നു ഒന്നിച്ചു വസിക്കുന്നത്
എത്ര നല്ലതും എത്ര മനോഹരവും തന്നേ!
2 തലമേലേ ഉത്തമതൈലം
താടിയിലും അങ്കിയുടേ വിളുമ്പിന്മേൽ നീളുന്ന
അഹരോൻേറ താടിയിൽ തന്നേ ഇറങ്ങുമ്പോലേ.
3 ഹെർമ്മോന്യമഞ്ഞു ചിയോൻേറ മലകളിൽ ഇറങ്ങുമ്പോലേ.
അവിടേ ആകട്ടേ യഹോവ അനുഗ്രഹത്തെ കല്പിച്ചിരിക്കുന്നു
എന്നേക്കുമുള്ള ജീവനെ തന്നേ.

134. സങ്കീർത്തനം

അനുഗ്രഹിക്കുന്ന ദൈവത്തെ അനുഗ്രഹിപ്പാൻ പ്രബോധനം.
യാത്രാഗീതം.

1 കണ്ടാലും യഹോവയുടേ സകല ദാസന്മാരായി
രാത്രികളിൽ യഹോവാലയത്തിൽ നില്ക്കുന്നോരേ, യഹോവയെ അനുഗ്ര
[ഹിപ്പിൻ

2 നിങ്ങളുടേ കൈളെ വിശുദ്ധസ്ഥലത്തിലേക്ക് ഉയത്തി
യഹോവയെ അനുഗ്രഹിപ്പിൻ!
3 സ്വർഭൂമികളെ ഉണ്ടാക്കിയ യഹോവ (124,8)
ചിയോനിൽനിന്നു നിന്നെ അനുഗ്രഹിപ്പൂതാക! (128, 5)

135. സങ്കീർത്തനം

യഹോവയെ (5) സൃഷ്ടിയിലും (8) ഇസ്രയേലിലും ചെയ്തതിന്നായും (13) ചെയ്വാനുള്ളതിന്നായും (15) കള്ളദേവകളെ വിട്ടു വിട്ടു (19) സ്തുതിക്കേണ്ടതു. (ദേവാലയഗീതം).

1 **ഹ**ല്ലെലൂയാഃ
യഹോവാനാമത്തെ സ്തുതിപ്പിൻ
അല്ലയോ യഹോവാദാസന്മാരായി,
2 യഹോവാലയത്തിൽ
നമ്മുടേ ദൈവത്തിൻ ഭവനപ്രാകാരങ്ങളിൽ നില്ക്കുന്നോരേ, സ്തുതിപ്പിൻ!
3 യഹോവ നല്ലവനാകയാൽ യാഹെ സ്തുതിപ്പിൻ,
തൻ നാമം മനോഹരമാകയാൽ അതിനെ കീർത്തിപ്പിൻ.
4 കാരണം യാക്കോബിനെ യാഃ തനിക്ക് എന്നും
ഇസ്രയേലെ തനേറ ഉടമ എന്നും തെരിഞ്ഞെടുത്തു.
5 ഞാനാകട്ടേ അറിയുന്നിതു: യഹോവ വലിയവൻ
നമ്മുടേ കത്താവ് സകല ദേവകൾക്കും മീതേ;
6 സ്വർഭൂമികളിലും
സമുദ്രങ്ങളിലും എല്ലാ ആഴികളിലും
യഹോവ താൻ പ്രസാദിച്ചത് എല്ലാം ചെയ്യുന്നു (115,3).
7 ഭൂമിയുടേ അറുതിയിൽനിന്ന് ആവികളെ കരേററി
മിന്നലുകളെ മഴയാക്കിച്ചമെച്ചു
കാററിനെ തനേറ ഭണ്ഡാരങ്ങളിൽനിന്നു പുറപ്പെടീക്കുന്നവൻ (യിറ. 10,
8 മിസ്രയിലേ കടിഞ്ഞൂലെ മനുഷ്യരിലും 13).
മൃഗങ്ങളോളവും അടിച്ചു,
9 അടയാളങ്ങളെയും അത്ഭുതങ്ങളെയും
മിസ്രേ, നിനേറ നടുവിൽ
ഫറോവിന്നും അവനേറ സകല ഭൃത്യർക്കും നേരേ അയച്ചു.
10 അമൊര്യ രാജാവായ സിഹോൻ
ബാശാനിലേ രാജാവായ ഓഗ്
കനാനിലേ എല്ലാ വാഴ്ചകളും,
11 ഇങ്ങനേ പല ജാതികളെയും തച്ചു
ഉരത്ത അരചന്മാരെയും കൊന്നു,
12 അവരുടേ ഭൂമിയെ അടക്കിച്ചു
സ്വജനമായ ഇസ്രയേലിന്നു അവകാശമായി കൊടുത്തു.
13 യഹോവേ, തിരുനാമം എന്നേക്കും ഇരിക്കുന്നു
യഹോവേ, നിനേറ ശ്രുതി തലമുറതലമുറയോളമേ (102, 13).
14 യഹോവയാകട്ടേ സ്വജനത്തിന്നു ന്യായം വിസ്തരിക്കും
തനേറ ദാസരിൽ അനുതപിക്കയും ചെയ്യും (5 മോ. 32, 36).
15 (115,4 *ss*) ജാതികളുടേ വിഗ്രഹങ്ങൾ പൊന്നും വെള്ളിയും ആയി
മനുഷ്യക്കൈകളുടേ ക്രിയത്രേ.
16 അവറിന്നു വായുണ്ടു പറകയില്ല താനും
കണ്ണുകൾ ഉണ്ടായിട്ടും കാൺകയില്ല;

17 ചെവികൾ ഉണ്ടായിട്ടും ശ്രവിക്കയില്ല
അവറ്റിൻ വായിൽ ശ്വാസം ഒട്ടും ഇല്ല;
18 എന്നവറെറ പോലേ അവ ഉണ്ടാക്കുന്നവരും
അതിൽ തേറുന്നവനും എല്ലാം ആകുന്നു.
19 (115, 9 *ss*) ഇസ്രയേൽഗൃഹമേ, യഹോവയെ അനുഗ്രഹിപ്പിൻ
അഹരോൻ ഗൃഹമേ യഹോവയെ അനുഗ്രഹിപ്പിൻ!
20 ലേവീഗൃഹമേ, യഹോവയെ അനുഗ്രഹിപ്പിൻ
യഹോവയെ ഭയപ്പെടുന്നവരേ, യഹോവയെ അനുഗ്രഹിപ്പിൻ!
21 യരുശലേമിൽ വസിക്കുന്ന യഹോവ
ചിയോനിൽനിന്ന് അനുഗ്രഹിക്കപ്പെടാക! ഹല്ലെലൂയാഃ

136. സങ്കീർത്തനം

യഹോവ (4) സൃഷ്ടിയിലും (10) മിസ്രൂ (23) ബാബെലുകളിൽനിന്നു രക്ഷിക്കയിലും കാട്ടിയ കരുണ നൂത്യം (135 പോലേ).

1 യഹോവയെ വാഴ്ത്തുവിൻ കാരണം അവൻ നല്ലവൻ തന്നേ
അവനേറ ദയ എന്നേക്കുമുള്ളതല്ലോ (118,1).
2 ദേവാധിദൈവത്തെ വാഴ്ത്തുവിൻ
അവനേറ ദയ എന്നേക്കുമുള്ളതല്ലോ.
3 കർത്താധി കർത്താവെ വാഴ്ത്തുവിൻ
അവനേറ ദയ എന്നേക്കുമുള്ളതല്ലോ!
4 തനിച്ചു മഹാത്ഭുതങ്ങളെ ചെയ്യുന്നവനെ,
അവനേറ ദയ എന്നേക്കുമുള്ളതല്ലോ.
5 വിവേകത്താലേ സ്വർഗ്ഗങ്ങളെ ഉണ്ടാക്കിയവനെ,
അവനേറ ദയ എന്നേക്കുമുള്ളതല്ലോ.
6 വെള്ളങ്ങൾക്കു മീതേ ഭൂമിയെ പരത്തിയവനെ,
അവനേറ ദയ എന്നേക്കുമുള്ളതല്ലോ.
7 വലിയ ജ്യോതിസ്സുകളെ ഉണ്ടാക്കിയവനെ,
അവനേറ ദയ എന്നേക്കുമുള്ളതല്ലോ.
8 പകൽ വാഴുവാൻ സൂര്യനെയും
അവനേറ ദയ എന്നേക്കുമുള്ളതല്ലോ.
9 രാത്രി വാഴുവാൻ ചന്ദ്രനക്ഷത്രങ്ങളെയും (സൃഷ്ടിച്ചവനെ).
അവനേറ ദയ എന്നേക്കുമുള്ളതല്ലോ.
10 മിസ്രയെ അതിനേറ കടിഞ്ഞൂലുകളിൽ അടിച്ചവനെ,
അവനേറ ദയ എന്നേക്കുമുള്ളതല്ലോ.
11 ബലത്ത കൈയാലും നീട്ടിയ ഭുജത്താലും,
അവനേറ ദയ എന്നേക്കുമുള്ളതല്ലോ.
12 ഇസ്രയേലെ അവരുടേ നടുവിൽനിന്നു പുറപ്പെടുവിച്ചു,
അവനേറ ദയ എന്നേക്കുമുള്ളതല്ലോ.
13 ചെങ്കടലിനെ ഖണ്ഡങ്ങളാക്കി തുണ്ടിച്ചു,
അവനേറ ദയ എന്നേക്കുമുള്ളതല്ലോ.
14 ഇസ്രയേലെ അതിൽ കൂടി കടത്തിയവനെ,
അവനേറ ദയ എന്നേക്കുമുള്ളതല്ലോ.
15 ഫറോവിനെയും അവനേറ ബലത്തെയും ചെങ്കടലിൽ തള്ളിയിട്ടവനെ,
അവനേറ ദയ എന്നേക്കുമുള്ളതല്ലോ.
16 സ്വജനത്തെ മരുവിനൂടേ നടത്തിയവനെ,
അവനേറ ദയ എന്നേക്കുമുള്ളതല്ലോ.

17 മഹാരാജാക്കന്മാരെ അടിച്ചു,
അവൻേറ ദയ എന്നേക്കുമുള്ളതല്ലോ.
18 അമൊര്യ രാജാവായ സീഹോൻ,
അവൻേറ ദയ എന്നേക്കുമുള്ളതല്ലോ.
19 ബാശാനിലേ രാജാവായ ഓഗ്,
അവൻേറ ദയ എന്നേക്കുമുള്ളതല്ലോ.
20 ഈ പ്രതാപമുള്ള അരചരെ കൊന്നവനെ,
അവൻേറ ദയ എന്നേക്കുമുള്ളതല്ലോ.
21 അവരുടേ ഭ്രമിയെ അടക്കിച്ചു,
അവൻേറ ദയ എന്നേക്കുമുള്ളതല്ലോ.
22 സ്വദാസനായ ഇസ്രയേലിന്ന് അവകാശമായി കൊടുത്തവനെ,
അവൻേറ ദയ എന്നേക്കുമുള്ളതല്ലോ (135,11*s*).
23 നമ്മുടേ താഴ്ചയിൽ നമ്മെ ഓർത്തു,
അവൻേറ ദയ എന്നേക്കുമുള്ളതല്ലോ.
24 മാറാന്മാരിൽനിന്നു നമ്മെ വിടുവിച്ചവനെ,
അവൻേറ ദയ എന്നേക്കുമുള്ളതല്ലോ.
25 സകല ജനത്തിന്നും ആഹാരം കൊടുക്കുന്നവനെ,
അവൻേറ ദയ എന്നേക്കുമുള്ളതല്ലോ.
26 സ്വർഗ്ഗത്തിൽ ദേവനായവനെ വാഴ്ത്തുവിൻ,
അവൻേറ ദയ എന്നേക്കുമുള്ളതല്ലോ!

137. സങ്കീർത്തനം

ബാബൽ പ്രവാസത്തിലേ ദുഃഖവും (5) യരുശലേമിന്നായി വാഞ്ഛയും ഓർത്തു (7) ഏദോം ബാബെല്യകൎക്കു ശിക്ഷ അപേക്ഷിച്ചതു.

1 **ബാ**ബെലിൻ നദികളരികേ നാം അങ്ങ് ഇരുന്നും
ചിയോനെ ഓൎക്കുമ്പോൾ കരഞ്ഞും കൊണ്ടിരുന്നു.
2 അതിന്നകത്തേ കണ്ടലുകളിൽ
നാം കിന്നരങ്ങളെ തൂക്കി വിട്ടു.
3 അവിടേ ആകട്ടേ നമ്മെ പ്രവാസം ചെയ്യിച്ചവർ:
ഹോ ചിയോൻ പാട്ടുകളിൽ ഒന്നിനെ ഞങ്ങൾക്കു പാടുവിൻ
എന്നിങ്ങനേ പാട്ടവാക്കുകളും
നമ്മുടേ കവർച്ചക്കാർ സന്തോഷവും നമ്മോടു ചോദിച്ചു.
4 അന്യഭ്രമിയിൽ
യഹോവയുടേ പാട്ടു നാം എങ്ങനേ പാടും?
5 യരുശലേമേ, നിന്നെ ഞാൻ മറന്നു എങ്കിൽ
എൻേറ വലങ്കൈയും (തൻ പണിയെ) മറന്നു വിടുക!
6 നിന്നെ ഓൎക്കാതേ പോയാൽ
യരുശലേമിനെ എൻേറ സന്തോഷത്തിൻ
തലയാക്കി കരേറുന്നില്ല എങ്കിൽ
എൻ നാവ് അണ്ണാക്കിനോടു പറ്റി പോക!
7 അല്ലയോ യഹോവേ,
അഴിപ്പിൻ, അതിലേ അടിസ്ഥാനം വരേ അഴിപ്പിൻ
എന്നു പറയുന്ന ഏദോമ്പുത്രന്മാൎക്കു
യരുശലേമിൻ ദിവസത്തെ ഓർത്തു വെക്കേണമേ!
8 സംഹാരം വന്ന ബാബെൽപുത്രിയേ, നീ ഞങ്ങളിൽ പിണെച്ചതിനെ
നിണക്കു പിണെച്ചു തീർക്കുന്നവൻ ധന്യൻ.

9 നിന്റേറ ശിശ്രുക്കളെ പിടിച്ചു ശൈലത്തിന്മേൽ
തകർക്കുന്നവൻ ധന്യൻ.

138. സങ്കീത്തനം

ദൈവം നല്ലിയ വാശ്ദത്തത്തിനു സ്തോത്രവും (4) ഭ്രജാതികൾ അധീന മാകും എന്ന ആശയും (7) പൂർണ്ണരക്ഷയുടെ ആശ്രയവും.

ദാവിദിന്റേറത്ത.

1 സ്വഹൃദയത്തോടും ഞാൻ നിന്നെ വാഴ്ത്തും
ദേവന്മാരുടേ മുമ്പിൽ നിന്നെ കീത്തിക്കും.
2 നിൻ വിശുദ്ധമന്ദിരത്തെ നോക്കി തൊഴുത (5,8)
നിന്റേറ ദയയും സത്യവും ഹേതുവായി തിരുനാമത്തെ വാഴ്ത്തും.
നിന്റേറ എല്ലാ നാമത്തിനും മീതേ നിന്റേറ വാശ്ദത്തത്തെ നീ വലുതാ
3 ഞാൻ വിളിച്ചനു നീ എനിക്ക് ഉത്തരമരുളി [ക്കിയത കൊണ്ടത്രേ.
എൻ ദേഹിയിൽ ഊക്കിനു വമ്പു വരുത്തിയിരിക്കുന്നു.
4 ഭ്രമിയിലേ സകല രാജാക്കന്മാരും യഹോവേ,
തിരുവായിലേ മൊഴികളെ കേട്ടിട്ടു നിന്നെ വാഴ്ത്തുകയും;
5 യഹോവയുടേ തേജസ്സു് വലിയത്
എന്നു യഹോവയുടേ വഴികളിൽ (നടന്നു) പാടുകയും ചെയ്യും.
6 കാരണം യഹോവ ഉന്നതനായി താണവനെ നോക്കുകയും
ഉയന്നവനെ ദൂരത്തുനിന്നു് അറികയും ചെയ്യുന്നു.
7 ഞാൻ സങ്കടനടുവിൽ നടന്നാലും നീ എന്നെ ഉയിർപ്പിക്കും
എന്റേറ ശത്രുക്കളുടേ കോപത്തിനു നേരേ തുക്കൈയെ നീട്ടി
വലങ്കൈയാൽ എന്നെ രക്ഷിക്കും.
8 യഹോവ എനിക്കു വേണ്ടി സമാപ്തി വരുത്തും (57,3)
യഹോവേ, നിന്റേറ ദയ എന്നേക്കുമുള്ളത
തുക്കൈകളുടേ ക്രിയയെ കൈവിടൊല്ല!

139. സങ്കീർത്തനം

സർവ്വജ്ഞനും (7) സർവ്വസമീപനും ആയ (13) സ്രഷ്ടാവിനുമുമ്പിൽ (19) നിർദ്ദോഷത്വം കാണിച്ചു പൂർണ്ണശുദ്ധീകരണം അപേക്ഷിച്ചത.

സംഗീതപ്രമാണിക്കു, ദാവിദിൻ കീത്തന.

1 യഹോവേ, നീ എന്നെ ആരാഞ്ഞു് അറിഞ്ഞിരിക്കുന്നു.
2 എൻ ഇരിപ്പും എഴുനീലു്പും നീയേ അറിയുന്നു,
എൻ അഭിപ്രായത്തെ ദൂരത്തുനിന്നു ബോധിക്കുന്നു.
3 എൻ നടപ്പും കിടപ്പും നീ ചേറിക്കണ്ടു
എന്റേറ എല്ലാ വഴികളിലും പരിചയിച്ചിരിക്കുന്നു.
4 യഹോവേ, കണ്ടാലും നീ മുറും അറിയാത്ത
ഒരു മൊഴിയും എൻ നാവിലില്ലല്ലോ.
5 നീ മുമ്പും പിമ്പും എന്നെ തിക്കി
നിൻ കരം എന്മേൽ വെച്ചിരിക്കുന്നു.
6 ഈ അറിവു് എനിക്കു് അത്യദ്ഭുതവും
എനിക്കു് എത്തിക്കൂടാത്ത ഉയരവും ആകുന്നു.

7 നിന്റെ ആത്മാവിൽനിന്നു ഞാൻ എവിടേ പോവു
തിരുമുഖത്തെ വിട്ടു് എവിടേക്കു മണ്ടും?
8 സ്വർഗ്ഗം ഞാൻ ആരോഹിച്ചാലും നീ അവിടേ (ഉണ്ടു)
പാതാളത്തെ കിടക്കയാക്കിയാലും നീ അതാ!
9 ഞാൻ അരുണോദയച്ചിറകുകളെ എടുത്തു
കടലറുതിയിൽ കുടിയിരുന്നാലും,
10 അവിടേയും തൃക്കൈ എന്നെ നടത്തും
നിൻ വലങ്കൈ എന്നെ പിടിക്കും.
11 ഇരുട്ടു മാത്രം എന്നെ പൊതിയുക
എന്നെ ചുറ്റുന്ന വെളിച്ചം രാത്രി (ആക) എന്നു പറഞ്ഞാലും,
12 അന്ധകാരവും നിണക്കു് ഇരുട്ടാക്കുന്നില്ല,
രാത്രി പകൽ കണക്കേ പ്രകാശിപ്പിക്കും,
ഇരുളും വെളിച്ചവും ഒരു പോലേ അത്രേ.
13 കാരണം എന്റെ ഉൾപൂവുകളെ നീയേ നിർമ്മിച്ചു
അമ്മയുടേ ഗർഭത്തിൽ എന്നെ നേയ്തു.
14 ഞാൻ ഭയങ്കരവും അതിശയവും ആയി ഉത്ഭവിക്കയാൽ നിന്നെ വാഴ്ത്തുന്നു,
നിന്റെ ക്രിയകൾ അതിശയമുള്ളവ
എന്നു് എൻ ദേഹി പെരികേ അറിയുന്നു.
15 ഞാൻ രഹസ്യത്തിൽ ഉണ്ടാക്കപ്പെട്ട
ഭൂമിയുടേ ആഴത്തിൽ മെടഞ്ഞുരുവായപ്പോൾ
എന്റെ അസ്ഥിസാരം നിണക്കു മറഞ്ഞതല്ലു.
16 എന്റെ രൂപുണ്ട തൃക്കണ്ണുകൾ കണ്ടു,
അവ എല്ലാം നിന്റെ പുസ്തകത്തിൽ എഴുതപ്പെട്ടു
നാളുകൾ ഒന്നും ഇല്ലാത്തപ്പോഴേക്കു് മനയപ്പെട്ടു.
17 എനിക്കോ ദേവനേ, നിന്റെ അഭിപ്രായങ്ങൾ എത്ര വിലയേറിയവ
അവറിൻ തുകകൾ എത്ര വമ്പിച്ചവ!
18 അവ ഞാൻ എണ്ണുമ്പോൾ മണലിലും പെരുകുന്നു.
ഞാൻ ഉണരുന്നു, ഇനിയും നിന്നോടു കൂടേ അത്രേ.
19 ദൈവമേ, നീ ദുഷ്ടനെ കൊന്നാലും!
രക്തപുരുഷന്മാരേ, എന്നെ വിട്ടു മാറുവിൻ!
20 പാതകത്തിന്നായി നിന്നെ ചൊല്ലുന്നവരും
നിന്റെ മാറലരായി തിരുനാമം മായയിൽ എടുക്കുന്നവരും തന്നേ.
21 യഹോവേ, നിന്റെ പകയരെ ഞാൻ പകെക്കയില്ലയോ,
നിന്നോടു മത്സരിക്കുന്നവരെ അറെക്കയില്ലയോ?
22 തികഞ്ഞ പകയാൽ അവരെ പകെക്കുന്നു;
അവർ എനിക്കും ശത്രുക്കൾ ആയി.
23 ദേവനേ, എന്നെ ആരാഞ്ഞു എൻ ഹൃദയത്തെ അറിഞ്ഞുകൊൾക,
എന്നെ ശോധന ചെയ്തു എൻ ചഞ്ചലഭാവങ്ങളെ അറിയേണമേ?
24 എന്നിൽ വ്യസനത്തിന്നുള്ള വഴിയോ എന്നു നോക്കി
നിത്യമാർഗ്ഗത്തിൽ എന്നെ നടത്തേണമേ!

140. സങ്കീർത്തനം

ദുഷ്ടശത്രുക്കളിൽനിന്നു് ഉദ്ധരിപ്പാൻ (7) യാചനയും (10) ന്യായമുള്ള പ്രതിക്രിയയുടേ നിശ്ചയവും. (ശൌലിൻ കാലത്തിലോ 2).

സംഗീതപ്രമാണിക്കു, ദാവിദിന്റെ കീർത്തന.

2 യഹോവേ, ആകാത്ത മനുഷ്യനിൽനിന്ന് എന്നെ വിടുവിച്ചു
സാഹസപുരുഷനിൽനിന്ന് (18, 49) എന്നെ സൂക്ഷിക്ക!
3 ഹൃദയത്തിൽ തിന്മകളെ നിരൂപിച്ചു
എല്ലാ നാളും പടകൂംക്കായി ഒരുമിച്ചു കൂടി,
4 തങ്ങളുടേ നാവിനെ നാഗം പോലേ കൂർപ്പിച്ചു
അധരങ്ങൂംക്കു കീഴേ മണ്ഡലിവിഷം ഉള്ളവർ തന്നേ. (സേല).
5 യഹോവേ, എന്റേ അടികൂംക്ക് അധഃപതനം നിരൂപിക്കുന്നവരായ
ദുഷ്ടന്റേ കൈയിൽനിന്ന് എന്നെ കാത്തു
സാഹസപുരുഷനിൽനിന്നു സൂക്ഷിച്ചുകൊള്ളേണമേ.
6 ഡംഭികൂം എനിക്കു കണിയും കയറുകളും ഒളിപ്പിച്ചു
ഞെറിയരികെ വലവിരിച്ചു
കുടുക്കുകളെ എനിക്ക് വെച്ചു. (സേല).
7 ഞാനോ യഹോവയോടു പറഞ്ഞിതു: നീയേ എൻ ദേവൻ (31, 15),
യഹോവേ, ഞാൻ കെഞ്ചുന്ന ശബ്ദം ചെവിക്കൊണ്ടാലും!
8 യഹോവ എന്ന കൎത്താവ് എൻ രക്ഷാശക്തി തന്നേ,
പടവെട്ടുംനാൾ എൻ തലയെ നീ മൂടുന്നു.
9 യഹോവേ, ദുഷ്ടന്റെ കാംക്ഷകളെ നല്കായ്ക
അവന്റേ ഉപായം സാധിപ്പിക്കയും അവർ ഉയരുകയും അരുതേ! (സേല).
10 എന്നെ ചുറ്റുന്നവരുടെ തലയെ മൂടുവത് അവരുടേ അധരങ്ങളുടേ കിണ്ടം ത
11 തീക്കനൽ അവരുടേ മേൽപൊഴിയും അവൻ അവരെ തീയിൽ വീഴ്ത്തും [ന്നേ.
എഴുനീല്ക്കാതവണ്ണം ചുഴലിയാറുകളിൽ തന്നേ.
12 നാവുകാരൻ ദേശത്തിൽ ഉറെക്കയില്ല
സാഹസപുരുഷനെ തിന്മ തിട്ടതിടേ വേട്ടയാടും.
13 ദീനന്റേ വ്യവഹാരവും
ദരിദ്രരുടേ ന്യായവും യഹോവ തീർക്കും എന്നു ഞാൻ അറിയുന്നു.
14 നീതിമാന്മാർ തിരുനാമത്തെ വാഴ്ത്തും
നേരുള്ളവർ നിന്റേ സമ്മുഖത്ത് ഇരിക്കും.

141. സങ്കീത്തനം

പരീക്ഷകളിൽനിന്നു തന്നേ പരിപാലിപ്പാൻ പ്രാത്ഥനയും (5) ഇത്രോളം ശിക്ഷാരക്ഷ ചെയ്ത ദൈവം ഇനി ന്യായം വിധിക്കും എന്ന ആശ്രയവും (8) ആശായാചനയും.

ദാവിദിന്റേ കീത്തന.

1 യഹോവേ, നിന്നെ ഞാൻ വിളിക്കുന്നു, എനിക്കായി വിരഞ്ഞു
നിന്നോടു വിളിച്ചു കൊള്ളുന്ന ശബ്ദത്തെ ചെവിക്കൊണ്ടാലും!
2 എന്റേ പ്രാത്ഥന തിരുമുമ്പിൽ ധൂപമായും
എൻ കൈകളുടേ വഴിപാടു സന്ധ്യാകാഴ്ചയായും ഏൎക്കുക!
3 യഹോവേ, എൻ വായ്ക്കു കാവൽ വെക്കേണമേ,
എൻ അധരദ്വാരം സൂക്ഷിച്ചുകൊൾക?
4 അകൃത്യം പ്രവൃത്തിക്കുന്ന പുരുഷന്മാരോടു കൂടേ
ഞാൻ ദുഷ്ടതയിൽ ദുഷ്കർമ്മങ്ങളെ നടത്തത്തക്കവണ്ണം
വല്ലാത്ത കാര്യത്തിന്ന് എന്റേ ഹൃദയം ചായ്ക്കൊല്ലാ,
അവരുടേ സ്വാദുഭക്ഷ്യങ്ങളിൽ ഞാൻ നുകർന്നു പോകായ്ക!
5 നീതിമാൻ എന്നെ തല്ലിക്കൊൾക. അതേ ദയ; അവൻ എന്നെ ശിക്ഷിക്ക!
തലെക്ക് എണ്ണയത്രേ; എന്റേ തല വിലക്കായ്ക!
ഇനിയും അവരുടേ ആകായ്മകൂംക്ക് എതിരേ എനിക്കു പ്രാത്ഥന (പോരും).

6 അവരുടേ ന്യായാധിപന്മാർ തള്ളിവിടപ്പെട്ട ശൈലത്തിൻ വശത്തിൽ ആ
[കുന്നു,
അപ്പോൾ എന്റേറ മൊഴികളെ മനോഹരം എന്നു (ബോധിച്ചു) കേൾക്കും.
7 ഉഴുന്നവൻ മണ്ണിനെ കീറുമ്പോലേ തന്നേ
ഞങ്ങളുടേ അസ്ഥികൾ പാതാളത്തിൻ വായ്ക്കൽ ചിന്നിക്കിടക്കുന്നു.
8 എന്റേറ കണ്ണുകളോ കർത്താവായ യഹോവേ, നിങ്കലേക്കത്രേ,
നിന്നിൽ ഞാൻ ആശ്രയിക്കുന്ന എൻ ദേഹിയെ ഒഴിച്ചുകളയൊല്ല!
9 എന്നെ അകപ്പെടുത്തുന്ന കണിയുടേ വശത്തുനിന്നും
അകൃത്യം പ്രവൃത്തിക്കുന്നവരുടേ കുടുക്കുകളിൽനിന്നും എന്നെ കാക്കേണമേ!
10 ഞാൻ കടന്നു പോവോളം നേരം
ദുഷ്ടന്മാർ താന്താങ്ങളുടേ വലകളിൽ വീണേയാവു!

142. സങ്കീർത്തനം

മഹാക്ലേശത്തിൽ (6) യഹോവയെ തന്റേറ ഓഹരിയാക്കി രക്ഷ അപേക്ഷിച്ചതു (57).

ദാവീദിന്റേറ ഉപദേശപ്പാട്ടു; ഗുഹയിൽ ഇരിക്കുമ്പോഴുള്ള പ്രാർത്ഥന.
2 യഹോവയോട് എൻ ശബ്ദത്താലേ കൂകുന്നു
യഹോവയോട് എൻ ശബ്ദത്താലേ കെഞ്ചി യാചിക്കുന്നു.
3 അവന്റേറ മുമ്പിൽ എന്റേറ ധ്യാനം പകർന്നു
എന്റേറ ഞെരിക്കത്തെ അവന്മുമ്പിൽ കഥിക്കും.
4 എന്നോട് എൻ ആത്മാവ് തളർന്നിരിക്കയിൽ
എന്റേറ പാതയെ നീ അറിയുന്നു;
ഞാൻ നടക്കേണ്ടും വഴിയിൽ
അവർ എനിക്കായി കണി ഒളിപ്പിച്ചു വെച്ചു,
5 വലത്തോട്ടു നോക്കി കാൺക,
എന്നെ ബോധിക്കുന്നവൻ ആരും എനിക്ക് ഇല്ല;
അഭയസ്ഥാനം (എല്ലാം) കെട്ടു പോയി;
എൻ ദേഹിയെ കരുതി തേടുന്നവൻ ഇല്ല.
6 യഹോവേ, നിന്നോടു ഞാൻ കൂകി
നീയേ എൻ ആശ്രയം
ജീവനുള്ളവരുടേ ദേശത്തിൽ എൻ അംശം തന്നേ എന്നു പറയുന്നു.
7 ഞാൻ ഏറ്റവും മെലിഞ്ഞു വലഞ്ഞതിനാൽ എൻ ആപ്പിനെ കുറിക്കൊണ്ട്,
എന്നെ ഹിംസിക്കുന്നവരിൽനിന്നു ഉദ്ധരിക്കേണമേ, അവർ എന്നിൽ തിറ
8 കാരാഗൃഹത്തിങ്കൽ എൻ ദേഹിയെ പുറപ്പെടുവിച്ചു [മേറിയവരല്ലോ!
തിരുനാമത്തെ വാഴ്ത്തുമാറാക്കുക!
നീ എനിക്കു ഗുണം വരുത്തുമ്പോൾ
നീതിമാന്മാർ എന്നെ ചുറ്റി ചേരും.

143. സങ്കീർത്തനം

സങ്കടപ്പെട്ട (3) ശത്രുഭയത്തെയും (5) ചഞ്ചലഭാവങ്ങളെയും ബോധിപ്പിച്ചു (7) തല്ക്ഷാലരക്ഷയും (10) ഉദ്ധാരണസമാപ്തിയും യാചിച്ചതു.

ദാവീദിന്റേറ കീർത്തന.

1 യഹോവേ, എന്റേറ പ്രാർത്ഥന കേട്ടു യാചനകളെ ചെവിക്കൊണ്ടു
നിന്റേറ വിശ്വസ്തതയിലും നീതിയിലും ഉത്തരം അരുളേണമേ!

2 നിന്റെ ദാസനോടു ന്യായവിധിയിലേക്കു ചെല്ലരുതേ,
തിരുമുമ്പിൽ ഒരു ജീവിയും നീതിമാനായി നില്ക്കയില്ലല്ലോ!
3 എങ്ങനേ എന്നാൽ ശത്രു എൻ ദേഹിയെ പിന്തുടർന്നു
എൻ ജീവനെ നിലത്തു ചതെച്ചു
യുഗം മുതൽ മരിച്ചവരെ പോലേ ഇരുളിടങ്ങളിൽ എന്നെ പാർപ്പിച്ചിട്ടു,
4 എന്നോടു് എൻ ആത്മാവു് തളർന്നും (142, 4)
എന്റെ ഉള്ളിൽ ഹൃദയം സ്തംഭിച്ചും പോയി.
5 ഞാൻ പണ്ടേത്ത നാളുകളെ ഓർത്തു
നിന്റെ സകല പ്രവൃത്തികളെയും ധ്യാനിച്ചു
തൃക്കൈകളുടേ ക്രിയയിങ്കൽ ചിന്തിച്ചു കൊള്ളുന്നു.
6 നിങ്കലേക്കു ഞാൻ കൈകളെ പരത്തുന്നു
എൻ ദേഹി തളർന്ന ഭൂമിയെ പോലേ നിങ്കലേക്കു് ആകുന്നു. (സേല).
7 യഹോവേ ബദ്ധപ്പെട്ടു് എനിക്കു് ഉത്തരം അരുളുക എൻ ആത്മാവു് മാ
തിരുമുഖത്തെ എങ്കൽനിന്നു മറെക്കായ്ക [ഞ്ഞി പോയി,
അല്ലായ്കിൽ ഞാൻ ഗ്രഹയിൽ ഇറങ്ങുന്നവരോടു് ഒത്തു ചമയും (28, 1).
8 നിന്നെ ഞാൻ തേറുകയാൽ
രാവിലേ നിൻ ദയയെ എന്നെ കേൾപ്പിച്ചാലും,
നിങ്കലേക്കു ഞാൻ മനസ്സിനെ ഉയർത്തുകയാൽ (25,1)
ഞാൻ നടക്കുംവഴിയെ അറിയിച്ചു തന്നാലും!
9 യഹോവേ, എൻ ശത്രുക്കളിൽനിന്നു് എന്നെ ഉദ്ധരിക്കേണമേ
നിന്നിൽ ഞാൻ ഒളിച്ചുകൊള്ളുന്നു.
10 നിൻ പ്രസാദം ചെയ്വാൻ എന്നെ പഠിപ്പിച്ചാലും!
എൻ ദൈവം നീയല്ലോ,
നിന്റെ നല്ല ആത്മാവു് സമഭൂമിയിൽ എന്നെ നടത്തുകയാവു!
11 യഹോവേ, തിരുനാമം ഹേതുവായി നീ എന്നെ ഉയിർപ്പിച്ചു
നിൻ നീതിയാൽ എൻ ദേഹിയെ ഞെരുക്കത്തിൽനിന്നു പുറപ്പെടുവിക്കും.
12 നിന്റെ ദയയിൽ എൻ ശത്രുക്കളെ ഒടുക്കുകയും
എൻ ദേഹിയെ ഞെരുക്കുന്നവരെ ഒക്കയും കെടുത്തുകളകയും ചെയ്യും,
ഞാൻ നിന്റെ ദാസനല്ലയോ.

144. സങ്കീർത്തനം

സങ്കടങ്ങളിൽ രക്ഷിച്ചവൻ (5) ഇനി ആവിർഭവിച്ചു ഉദ്ധരിപ്പാൻ അപേക്ഷയും (9) പ്രത്യാശയും (11) ദേവജനത്തിന്നു അനുഗ്രഹപൂർത്തി വന്നതിന്നു സ്തുതിയും.

ദാവീദിന്റേതു.

1 എൻ പാറയായ യഹോവ അനുഗ്രഹിക്കപ്പെട്ടവൻ (18, 47)
എൻ കൈകളെ അടപ്പൊരുവാനും
എൻ വിരലുകളെ യുദ്ധവും അഭ്യസിപ്പിച്ചവൻ (18, 35),
2 എന്റെ ദയയും എൻ ദുർഗ്ഗവും
ഉയർന്നിലവും എന്നെ വിടുവിക്കുന്നവനും
എൻ പലിശയും ഞാൻ തേറുന്നവനും (18, 3)
എൻ ജനത്തെ എന്റെ കീഴിൽ അമർക്കുന്നവനും തന്നേ.
3 യഹോവേ, നീ മനുഷ്യനെ അറിവാനും
മർത്യപുത്രനെ മാനിപ്പാനും അവൻ എന്തു 8, 5 ?
4 മനുഷ്യൻ വീർപ്പിനോടു് ഒത്തു
അവന്റെ നാളുകൾ കടന്നു പോകുന്ന നിഴൽ കണക്കേ.

5 യഹോവേ, നിന്റേറ വാനങ്ങളെ ചാച്ചു് ഇറങ്ങി വരിക (18, 10)
മലകളെ തൊട്ടു പുകെപ്പിക്ക.
6 മിന്നൽ മിന്നിച്ചു് അവരെ ചിതറിക്ക
നിൻ അമ്പുകളെ അയച്ചു് അവരെ ഭ്രമിപ്പിക്ക (18, 15).
7 ഉയരത്തിൽ നിന്നു തൃക്കൈകളെ നീട്ടി
പെരുത്ത വെള്ളങ്ങളിൽനിന്നു (18,17).
പരദേശമക്കളിൽനിന്നു (18, 45) എന്നെ ഉദ്ധരിക്കേണമേ!
8 അവരുടേ വായി മായം പറയുന്നു
അവരുടേ വലങ്കൈ ചതിക്കെയത്രേ.
9 ദൈവമേ, നിണക്കു ഞാൻ പുതിയ പാട്ടു പാടുക.
പത്തു കമ്പിയുള്ള കിന്നരം കൊണ്ടു നിന്നെ കീർത്തിക്ക (33,2s)!
10 രാജാക്കൻമാർക്കു രക്ഷ കൊടുത്തും
വല്ലാത്ത വാളിൽനിന്നു സ്വദാസനായ ദാവിദിനെ ത്രാണനം ചെയ്തും
11 അവരുടേ വായി മായം പറയുന്നു [പോരുന്നവനേ.
വലങ്കൈ ചതിക്കെയത്രേ
എന്നിപ്രകാരമുള്ള പരദേശമക്കളിൽനിന്നു് എന്നെ ഉദ്ധരിച്ചു ത്രാണനം
[ചെയ്ക (7s).
12 നമ്മുടേ മക്കൾ തൈകളെ പോലേ ബാല്യത്തിൽ വളർത്തിയവർ,
നമ്മുടേ മകളർ മന്ദിരത്തിൻ മാതിരിയിൽ കൊത്തി തീർത്ത മൂലത്തൂണു
[കൾക്കു് സമർ,
13 നമ്മുടേ പാണ്ഡിശാലകൾ നിറഞ്ഞു വകവകകളാൽ വഴിയുന്നവ,
നമ്മുടേ ആടുകൾ ഇങ്ങേ വെളികളിൽ ആയിരവും ലക്ഷവും ആയ്ചമഞ്ഞവ,
14 നമ്മുടേ കന്നുകാലികൾ ചന ഏല്ക്കുന്നവ തന്നേ താഴ്ചയും വീഴ്ചയും ഇല്ല,
ഇങ്ങേ വീഥികളിൽ കൂറും ഇല്ല
15 ഇപ്രകാരം അനുഭവിക്കുന്ന ജനം ധന്യം,
യഹോവ ദൈവമായിരിക്കുന്ന ജനം ധന്യം (33,12).

145. സങ്കീർത്തനം

യഹോവയുടേ ശക്തിയും കരുണയും സകല സൃഷ്ടികളിലും വിശേഷാൽ ആശ്രിതരിലും സ്തുത്യം. അകാരാദി.

ദാവിദിന്റേറ സ്തോത്രം.

1 അല്ലയോ രാജാവായ എൻ ദൈവമേ, നിന്നെ ഞാൻ ഉയർത്തും
തിരുനാമത്തെ എന്നെന്നേക്കും അനുഗ്രഹിക്കയും ചെയ്യും.
2 എല്ലാനാളും ഞാൻ നിന്നെ അനുഗ്രഹിച്ചു
തിരുനാമത്തെ എന്നെന്നേക്കും സ്തുതിക്കും.
3 ഏറ്റം സ്തുത്യനും വലിയവനും യഹോവ തന്നേ,
അവന്റേറ മാഹാത്മ്യം ആരാഞ്ഞു കൂടാത്തതു.
4 ഒരു തലമുറ മറുതലമുറയോടു നിൻ ക്രിയകളെ പുകഴ്ത്തു
നിന്റേറ വീര്യങ്ങളെ കഥിക്കും.
5 കനത്ത നിൻ തേജസ്സിൻ പ്രഭയെയും
നിന്റേറ അത്ഭുതകർമ്മങ്ങളെയും ഞാൻ ധ്യാനിക്കും.
6 ഗാംഭീര്യമേറും നിന്റേറ ഭയങ്കരക്രിയകളെ അവർ പറയും
നിന്റേറ വങ്കമ്മങ്ങളെ ഞാൻ വർണ്ണിക്കയും ചെയ്യും.
7 ചെമ്മേ പെരുകും നിൻ നന്മയുടേ ശ്രുതിയെ അവർ പൊഴിയും
നിൻ നീതിയെ ചൊല്ലി ആർക്കും.

8 യഹോവ കൃപാലുവും കനിയുന്നവനും
ദീർഘക്ഷമാവാനും ദയ പെരുകിയവനും തന്നേ.
9 യഹോവ എല്ലാവർക്കും നല്ലവൻ
അവനേറ കരുംക്കനിവ് അവനേറ സകല ക്രിയകളുടേ മേലും ഇരിക്കുന്നു.
10 യഹോവേ, നിനേറ സകല ക്രിയകളും നിന്നെ വാഴ്ത്തും
നിനേറ ഭക്തർ നിന്നെ അനുഗ്രഹിക്കയും,
11 നിനേറ രാജ്യതേജസ്സു പറകയും
നിനേറ ശൌര്യം ഉരെക്കയും ചെയ്യും,
12 മനുഷ്യപുത്രരോടു നിനേറ വീര്യങ്ങളെയും
നിനേറ രാജ്യത്തിലേ പ്രഭാവതേജസ്സിനെയും അറിയിപ്പാൻ തന്നേ.
13 നിനേറ രാജ്യം സർവ്വയുഗങ്ങൾക്കുള്ള രാജ്യം
നിനേറ വാഴ്ച എല്ലാ തലമുറകളിലും ഉള്ളതു.
14 വീഴുന്നവരെ ഒക്കയും യഹോവ താങ്ങുന്നു
കുനിഞ്ഞവരെ ഒക്കയും താൻ നിവിർത്തുന്നു.
15 എല്ലാവരുടേ കണ്ണുകളും നിന്നെ പാർത്തിരിക്കുന്നു
നീയും തക്കസമയത്തു താന്താനേറ തീൻ അവർക്കു നല്കുന്നു;
16 തുക്കൈയെ നീ തുറന്നു
എല്ലാ ജീവികൾക്കും പ്രസാദതൃപ്തി വരുത്തുന്നു.
17 യഹോവ തനേറ എല്ലാ വഴികളിൽ നീതിമാനും
തനേറ സകല ക്രിയകളിൽ ദയാവാനും ആകുന്നു.
18 തന്നോട് വിളിക്കുന്നവക്ക് എല്ലാം യഹോവ സമീപസ്ഥൻ
ഉണ്മയിൽ തന്നോടു വിളിക്കുന്നവക്ക് എല്ലാമേ.
19 അവനെ ഭയപ്പെടുന്നവർക്കു പ്രസാദമായതിനെ അവൻ ചെയ്യുന്നു
അവരുടേ കൂറു കേട്ട് അവരെ രക്ഷിക്കുന്നു.
20 തന്നെ സ്നേഹിക്കുന്നവരെ ഒക്കയും യഹോവ കാത്തു
സകല ദുഷ്ടരെയും സംഹരിക്കും.
21 യഹോവയുടേ സ്തുതിയെ എൻ വായി ഉരെക്കയും
സകല ജഡവും അവനേറ വിശുദ്ധനാമത്തെ എന്നെന്നേക്കും അനുഗ്രഹിക്ക
[യും ചെയ്ക!

146. സങ്കീത്തനം

മനുഷ്യരിലല്ല ദൈവത്തിൽ ആശ്രയിക്കയും (5) അവനേറ രക്ഷയെ പാ
ത്തിരിക്കയും ഇസ്രയേലിനേറ ഭാഗ്യം.

1 ഹല്ലെലൂയാഃ
എൻ ദേഹിയേ യഹോവയെ സ്തുതിക്ക (104)!
2 ജീവനുള്ളന്നും ഞാൻ യഹോവയെ സ്തുതിക്ക
ഞാൻ ഉള്ളേടത്തോളം എൻ ദൈവത്തെ കീർത്തിക്ക (104, 33)!
3 മഹാത്മാക്കളിൽ തേറൊല്ല
രക്ഷയില്ലാത്ത മനുഷ്യപുത്രനിൽ (ഒല്ല) (118, 8s)!
4 അവനേറ ശ്വാസം പുറപ്പെട്ടാൽ അവൻ തനേറ മണ്ണിലേക്കു തിരിയും
അന്നേ ദിവസം അവനേറ നിരൂപണങ്ങൾ കെട്ടുപോയി.
5 യാക്കോബിൻ ദേവൻ തുണയായിട്ടു
തനേറ ദൈവമായ യഹോവയിൽ പ്രതീക്ഷയുള്ളവൻ ധന്യൻ.
6 സ്വർഭൂമിസമുദ്രങ്ങളെയും
അവററിലുള്ള സകലത്തെയും ഉണ്ടാക്കിയവൻ,
എന്നേക്കും സത്യം കാക്കുന്നവൻ;

7 പീഡിതക്ക ന്യായം നടത്തുന്നവൻ,
വിശന്നവക്ക അപ്പം കൊടുക്കുന്നവൻ തന്നേ.
യഹോവ ബദ്ധന്മാരെ കെട്ടഴിക്കുന്നു,
8 യഹോവ കുരുടക്ക (കൺ) തുറക്കുന്നു,
യഹോവ കുനിഞ്ഞവരെ നിവിത്തുന്നു (145, 14),
യഹോവ നീതിമാന്മാരെ സ്നേഹിക്കുന്നു.
9 യഹോവ പരദേശികളെ കാത്തു
അനാഥനെയും വിധവയെയും യഥാസ്ഥാനത്താക്കുന്നു,
ദുഷ്ടരുടേ വഴിയെ മറിക്കുന്നു.
10 യഹോവ എന്നേക്കും വാഴുന്നു (2 മോ. 15, 18)
സീയോനേ, നിന്റേറ ദൈവം തലമുറതലമുറയോളമേ.
ഹല്ലെലൂയാ:

147. സങ്കീർത്തനം

യരുശലേമെ പണിതു (7) ആശ്രിതരെ പോററി (12). വാശത്തങ്ങളെ നിവൃത്തിക്കുന്നവനു സ്തോത്രം. (കാലം: നെഹ. 12, 27.)

1 ഹല്ലെലൂയാ:
നമ്മുടേ ദൈവത്തെ കീത്തിക്ക നല്ലതു സത്യം,
അവൻ മനോഹരനാകയാൽ (135, 3) സ്തുതി യോഗ്യം തന്നേ (33,1).
2 യഹോവ യരുശലേമെ പണിയുന്നു
ഇസ്രയേലിൽനിന്നു ചിതറിയവരെ ശേഖരിക്കുന്നു,
3 ഹൃദയം നുറുങ്ങിയവരെ സൌഖ്യമാക്കി
അവരുടേ നോവുകളെ പൊറുപ്പിക്കുന്നവൻ;
4 നക്ഷത്രങ്ങളുടേ എണ്ണം നിദാനിച്ചു
എല്ലാററിനും പേരുകൾ വിളിക്കുന്നവൻ.
5 നമ്മുടേ കത്താവ് വലിയവനും ഊക്കേറിയവനും
അവധിയില്ലാത്ത വിവേകമുള്ളവനും തന്നേ.
6 യഹോവ സാധുക്കളെ യഥാസ്ഥാനത്താക്കി
ദുഷ്ടരെ നിലത്തോളം താഴ്ത്തുന്നു.
7 യഹോവെക്കു സ്തോത്രത്താൽ ഉത്തരം കൊടുപ്പിൻ
കിന്നരംകൊണ്ടു നമ്മുടേ ദൈവത്തെ കീത്തിപ്പിൻ!
8 മേഘങ്ങൾ കൊണ്ടു വാനത്തെ മൂടി,
ഭൂമിക്കു മഴ ഒരുക്കി
മലകളിൽ പുല്ലു മുളെപ്പിക്കുന്നവനെ,
9 അതതിൻ ആഹാരത്തെ മൃഗത്തിനും
കരയുന്ന കാക്കക്കുഞ്ഞുകൾക്കും കൊടുക്കുന്നവനെ.
10 കുതിരയുടേ വീര്യത്തിൽ അവനു പ്രസാദം ഇല്ല
പുരുഷന്റേറ തുടകളും രുചിക്കയും ഇല്ല,
11 തന്നെ ഭയപ്പെട്ടു തൻ ദയയെ പാത്തിരിക്കുന്നവർ
യഹോവെക്കു രുചിക്കുന്നു.
12 യരുശലേമേ, യഹോവയെ പുകഴ്ക;
സീയോനേ, നിൻ ദൈവത്തെ സ്തുതിക്ക!
13 കാരണം നിന്റേറ വാതിലുകളുടേ ഓടാമ്പലുകളെ അവൻ ഉറപ്പിച്ചു
നിന്നകത്തു നിൻ മക്കളെ അനുഗ്രഹിച്ചു;
14 നിന്റേറ അതിക്കു സമാധാനം വെച്ചു
കോതമ്പിൻ സാരംകൊണ്ടു (81, 17) നിണക്കു തൃപ്തി വരുത്തുന്നവൻ;

15 ഭൂമിയിലേക്കു തൻ മൊഴിയെ അയക്കുന്നവൻ
അവന്റെ വചനം ബദ്ധപ്പാടോടേ പായുന്നു;
16 പഞ്ഞി പോലേ ഹിമം കൊടുത്തു
ചാരം പോലേ നീഹാരം തൂകുന്നവൻ;
17 തൻ ഉറെച്ച വെള്ളത്തെ കഷ്ണങ്ങൾ പോലേ എറിയുന്നവൻ,
അവന്റെ കുളിരിന്നു് ആർ നില്ക്കും?
18 സ്വവചനത്തെ അവൻ അയച്ചു അവറെ ഉരുക്കുന്നു
തൻ കാററിനെ ഊതിച്ച ഉടനേ വെള്ളങ്ങൾ ഒലിക്കുന്നു.
19 യാക്കോബിന്നു സ്വവാക്കിനെയും
ഇസ്രയേലിന്നു തൻ വെപ്പുന്യായങ്ങളെയും അറിയിക്കുന്നവൻ തന്നേ.
20 അപ്രകാരം അവൻ (വേറു്) ഒരു ജാതിക്കും ചെയ്തിട്ടില്ല
ന്യായങ്ങളെ അവർ ഒട്ടും അറിയുന്നില്ല;
ഹല്ലെലൂയാഃ

148. സങ്കീർത്തനം

സ്വർഗ്ഗങ്ങളിലും (7) ഭൂമിയിലും ഉള്ളതു് ഒക്കയും (13) ഇസ്രയേലെ സന്ദർശിച്ചവനെ സ്തുതിക്കേണം.

1 ഹല്ലെലൂയാഃ
സ്വർഗ്ഗങ്ങളിൽനിന്നു യഹോവയെ സ്തുതിപ്പിൻ
ഉയരങ്ങളിൽ അവനെ സ്തുതിപ്പിൻ!
2 അവന്റെ സകലദൂതന്മാരേ, അവനെ സ്തുതിപ്പിൻ
അവന്റെ സകലസൈന്യങ്ങളേ, അവനെ സ്തുതിപ്പിൻ!
3 സൂര്യചന്ദ്രന്മാരേ, അവനെ സ്തുതിപ്പിൻ
മിന്നുന്ന സകലനക്ഷത്രങ്ങളേ, അവനെ സ്തുതിപ്പിൻ!
4 സ്വർഗ്ഗാധിസ്വർഗ്ഗങ്ങളും
വാനത്തിൻ മീതേയുള്ള വെള്ളങ്ങളും അവനെ സ്തുതിപ്പിൻ!
5 ഇവ യഹോവാനാമത്തെ സ്തുതിപ്പതു
അവൻ കല്പിച്ചിട്ടു് അവ സൃഷ്ടിക്കപ്പെട്ടു,
6 അവൻ എന്നെന്നേക്കും അവറെ നിലപിച്ചു
ഒന്നും ലംഘിക്കാത്ത വെപ്പിനെ കൊടുത്തും ഇരിക്കയാൽ തന്നേ.
7 ഭൂമിയിൽനിന്നു യഹോവയെ സ്തുതിപ്പിൻ
കടലാനകളും എല്ലാ ആഴികളും,
8 തീയും കല്മഴയും ഹിമവും പുകയും
അവന്റെ വാക്കിനെ നടത്തുന്ന കൊടുങ്കാററും,
9 മലകളും എല്ലാ കുന്നുകളും
ഫലവൃക്ഷങ്ങളും സകലദേവദാരുക്കളും,
10 മൃഗവും കന്നുകാലിയും ഒക്കയും
ഇഴജാതിയും ചിറകുള്ള കുരികിലും,
11 ഭൂരാജാക്കളും സമ്പൂകലങ്ങളും
ഭൂമിയിലേ പ്രഭുക്കളും സകല ന്യായാധിപന്മാരും,
12 യുവാക്കളും കന്യമാരും കൂടേ
മൂത്തവരും ഇളയവരുമായി!
13 ഇവർ യഹോവാനാമത്തെ സ്തുതിപ്പതു
അവന്റെ നാമം മാത്രം ഉന്നതപ്പെട്ടകയാൽ തന്നേ,
സ്വർഭൂമികളുടേ മേൽ അവന്റെ പ്രതാപം (നീളുന്നു).

14 അവനും സ്വജനത്തിന്റെ കൊമ്പിനെ ഉയത്തി
ഇസ്രയേൽപുത്രർ എന്റെ തന്നോട് അടുത്ത ജനമായ
സ്വഭക്തന്മാക്ക് എല്ലാവക്കും സ്തുതി (തോന്നുമാറു).
ഹല്ലെലൂയാഃ

149. സങ്കീർത്തനം

രക്ഷെക്കായി സ്തുതിച്ചു (5) ജാതികൾക്കു ശിക്ഷ ആശിച്ചതു.

1 ഹല്ലെലൂയാഃ
യഹോവെക്കു പുതിയ പാട്ടു പാടുവിൻ (96, 1)
ഭക്തരുടേ സഭയിൽ അവനേറ സ്തുതിയെ തന്നേ!
2 ഇസ്രയേൽ തന്നെ ഉണ്ടാക്കിയവനിൽ സന്തോഷിക്ക
ചിയോനേറ മക്കൾ സ്വരാജാവിങ്കൽ ആനന്ദിക്ക!
3 അവർ നൃത്തത്തിൽ തൻ നാമത്തെ സ്തുതിക്ക
തപ്പിട്ട വീണകളാൽ അവനെ കീർത്തിക്ക!
4 കാരണം സ്വജനത്തെ യഹോവ രുചിച്ചു
സാധുക്കളെ രക്ഷകൊണ്ട് അലങ്കരിപ്പിക്കുന്നു.
5 നീതിമാന്മാർ തേജസ്സിങ്കൽ ഉല്ലസിച്ചു
തങ്ങളുടേ കിടക്കമേലും ആത്തുകൊൾക!
6 തൊണ്ടയിൽ ദേവനേറ പുകഴ്ചകളും
കൈയിൽ ഇരുമുനയുള്ള വാളുമായി,
7 ജാതികളിൽ പ്രതിക്രിയയും
കുലങ്ങളിൽ ശിക്ഷകളും ചെയ്വാനും,
8 അവരുടേ രാജാക്കന്മാരെ ചങ്ങലകളാലും
അങ്ങേ ആഢ്യന്മാരെ ഇരിമ്പു തളകളാലും കെട്ടുവാനും,
9 (5 മോ. 32, 41) എഴുതി കിടക്കുന്ന ന്യായവിധിയെ അവരിൽ നടത്തുവാ
ഈ പ്രാഭവം അവനേറ സകല ഭക്തന്മാക്കും ഉള്ളതു. [നും തന്നേ.
ഹല്ലെലൂയാഃ

150. സങ്കീർത്തനം

എല്ലാ ഒച്ചകളാലും യഹോവയെ സ്തുതിപ്പാൻ പ്രബോധനം.

1 ഹല്ലെലൂയാഃ
ദേവനെ അവനേറ വിശുദ്ധസ്ഥലത്തിൽ സ്തുതിപ്പിൻ
അവനേറ ഊക്ക് അധിവസിക്കുന്ന തട്ടിന്മേൽ അവനെ സ്തുതിപ്പിൻ!
2 അവനേറ ശൌര്യങ്ങൾ നിമിത്തം അവനെ സ്തുതിപ്പിൻ,
അവനേറ വലിപ്പത്തിൻ ആധിക്യപ്രകാരം അവനെ സ്തുതിപ്പിൻ!
3 കാഹളനാദത്താൽ അവനെ സ്തുതിപ്പിൻ
കിന്നരവീണകളാൽ അവനെ സ്തുതിപ്പിൻ!
4 തപ്പിട്ട നൃത്തങ്ങളാൽ അവനെ സ്തുതിപ്പിൻ
കമ്പികൾ കുഴല്ലുളാലും അവനെ സ്തുതിപ്പിൻ!
5 ഇളന്താളങ്ങളാൽ അവനെ സ്തുതിപ്പിൻ
ഘോഷത്താളങ്ങളാൽ അവനെ സ്തുതിപ്പിൻ!
6 സകലപ്രാണനും യാഹെ സ്തുതിപ്പൂതാക:
ഹല്ലെലൂയാഃ

THE PROVERBS.

സദൃശങ്ങൾ

1. അദ്ധ്യായം

മുഖകഥ.

1 ദാവിദിൻ പുത്രനായ ശലൊമോ
എന്ന ഇസ്രയേൽ രാജാവിൻേറ സദൃശങ്ങൾ,
2 ജ്ഞാനവും ശിക്ഷയും അറിവാൻ
വിവേകത്തിൻേറ ചൊല്ലുകൾ തിരിവാനായി.
3 ബോധത്തിന്നായും
നീതിന്യായനേരുകൾക്കായിട്ടും ശിക്ഷഗ്രഹിപ്പാൻ,
4 അജ്ഞന്മാർക്കു കൌശലവും
ബാലന് അറിവും ചിന്തയും കൊടുപ്പാൻ തന്നേ;
5 ജ്ഞാനി കേട്ടുകൊണ്ടു പഠിതവും കൂട്ടുകയും
വിവേകവാൻ നയസാമർത്ഥ്യം സമ്പാദിക്കയും (ചെയ്ക)!
6 സദൃശവും കവിതയും
ജ്ഞാനികളുടേ വാക്കുകളും കടങ്കഥകളും തിരിവാൻ തക്കവണ്ണമേ;
7 ജ്ഞാനത്തിൻേറ ആരംഭമോ യഹോവാഭയം അത്രേ,
ജ്ഞാനത്തെയും ശിക്ഷയെയും മൂഢന്മാർ നിരസിക്കുന്നു.

(8) ജ്ഞാനേച്ഛു പിതാക്കളുടേ ചൊല്ലുകീഴമർന്നു (10. വശീകരിക്കുന്ന പാപികളെ ഒഴിച്ചോടി (20) ജ്ഞാനം എന്ന മാതാവ് ക്ഷണിക്കുന്നതും (24) ഭയപ്പെടുത്തുന്നതും കേട്ടനുസരിക്കേണ്ടതു.

8 എന്മകനേ, നിൻേറ അപ്പൻേറ ശിക്ഷയെ കേൾക്ക
അമ്മയുടേ ധർമ്മോപദേശത്തെ ഒഴിച്ചു വിടൊല്ല!
9 കാരണം ഇവ നിൻേറ തലെക്ക് ലാവണ്യമാലയും
കഴുത്തിന്നു (പൊൻ) ചങ്ങലയും ആകുന്നു.—
10 എന്മകനേ, പാപികൾ നിന്നെ വശീകരിച്ചാൽ
മനം ചെല്ലായ്ക!
11 അല്ലയോ ഞങ്ങളോട് ഒന്നിച്ചു വാ രക്തത്തിന്നു നാം പതിയിരിക്ക,
വെറുതേ നിർദ്ദോഷനായവനു ഒതുങ്ങി നില്ക്ക;
12 പാതാളം പോലേ നാം അവരെ ജീവനോടേ വിഴുങ്ങുക,
ഗുഹെക്ക് ഇറങ്ങുന്നവരെ പോലേ കുറവെന്നി സ്വസ്ഥന്മാരെ തന്നേ!
13 വിലയേറിയ വസ്തു എല്ലാം കിട്ടും
കൊള്ളയാൽ നമ്മുടേ വീടുകളെ നിറെക്കും.
14 ഞങ്ങളുടേ ഇടയിൽ നീ ചീട്ടിടും
നമുക്ക് എല്ലാവർക്കും മടിശ്ശീല ഒന്നേ ഉള്ളു.
15 എന്നു അവർ പറഞ്ഞാൽ എന്മകനേ, കൂടി ആ വഴിയിൽ പോകല്ല
അവരുടേ പാതയിൽനിന്നു നിൻ പാദം വിലക്കുക!
16 കാരണം അവരുടേ കാലുകൾ ദോഷത്തിന്നായി ഓടി
രക്തം ചിന്നിപ്പാൻ വിരുഞ്ഞു പോകും.
17 ചിറകുടയവരിൻ കണ്ണുകൾ ഒക്കയും കാൺകേ
വലവിരിച്ചിട്ടും വൃഥാ അല്ലയോ.

18 ഇവരോ പതിയിരിക്കുന്നതു സ്വന്തരക്തത്തിന്നു തന്നേ
ഒതുങ്ങി പാർക്കുന്നതു സ്വപ്രാണങ്ങൾക്കു് അത്രേ.
19 ലാഭത്തെ ലോഭിക്കുന്ന ഏവന്റേയും ഞെറികം അപ്രകാരം തന്നേ:
ലോഭം ഉടയവരുടേ പ്രാണനെ താൻ എടുക്കുന്നു.
20 ജ്ഞാനം എന്നവളോ വെളിവിൽ ഘോഷിക്കയും
തെരുക്കളിൽ ശബ്ദം കേൾപിക്കയും,
21 ആരവാരസ്ഥലങ്ങളുടേ തലെക്കൽനിന്നു വിളിക്കയും
നഗരവാതിലുകളുടേ പ്രവേശങ്ങളിൽ തന്റേ ചൊല്ലുകളെ ചൊല്ലുകയും
[ചെയ്വീതു:
22 അല്ലയോ അജ്ഞരേ, നിങ്ങൾ അജ്ഞതപ്പെ സ്നേഹിപ്പതു് എത്രോടം,
പരിഹാസക്കാർ പരിഹാസത്തിൽ രസിക്കുന്നതും
ബുദ്ധിഹീനർ അറിവിനെ പകെക്കുന്നതും എത്രോടം?
23 എന്റേ ശാസനെക്കു മടങ്ങി വരികിൽ
ഇതാ എൻ ആത്മാവിനെ നിങ്ങൾക്കു പൊഴിക്കാം
എൻ വാക്കുകളെ നിങ്ങളെ അറിയിക്കാം.
24 ഞാനോ ക്ഷണീട്ടും നിങ്ങൾ മറുത്തും
ഞാൻ കൈ നീട്ടീട്ടും കുറിക്കൊള്ളുന്നവർ ഇല്ലാതേയും പോയി,
25 എൻ മന്ത്രണത്തെ ഒക്കയും നിങ്ങൾ തള്ളീട്ടു്
എൻ ശാസനയിൽ മനം ചെല്ലാതേ പോകകൊണ്ടു,
26 നിങ്ങളുടേ ആപത്തിങ്കൽ ഞാനും ചിരിക്കയും
നിങ്ങളെ പേടി വരികയിൽ ഇളിക്കയും ചെയ്യും,
27 വിശറു പോലേ നിങ്ങളുടേ പേടി വന്നു
കോപം പോലേ നിങ്ങടേ ആപത്തു തട്ടുമ്പോൾ
ഞെരിക്കവും തിട്ടതിയും നിങ്ങളുടേ മേൽ എത്തുകയിൽ തന്നേ.
28 അന്നു് എന്നെ വിളിക്കും ഞാൻ ഉത്തരം അരുളുകയും ഇല്ല,
എന്നെ തേടും കണ്ടെത്തുകയും ഇല്ല;
29 അറിവിനെ പകെച്ചു
യഹോവാഭയത്തെ തെരിഞ്ഞെടുക്കാതേ പോയതിന്നത്രേ.
30 എൻ മന്ത്രണത്തിൽ മനം ചെല്ലാഞ്ഞതും
എൻ ശാസനയെ അശേഷം ഉപേക്ഷിച്ചതും നിമിത്തം,
31 അവരുടേ വഴികളിൻ ഫലത്തെ ഭക്ഷിച്ചു
സ്വന്ത ആലോചനകളാൽ തൃപ്തരായ്തീരും.
32 കാരണം അജ്ഞരുടേ പിന്തിരിവു് അവരെക്കൊല്ലും
ബുദ്ധിഹീനരുടേ നിശ്ചിന്ത അവരെ കെടുക്കും.
33 എന്നെ കേട്ടുകൊള്ളുന്നവനോ നിർഭയമായും
വല്ലാത്ത പേടിയിൽനിന്നു സ്വൈരമായും വസിക്കും.

2. അദ്ധ്യായം

(1) ജ്ഞാനത്തെ അന്വേഷിക്കുന്നവന്നു (5) ദൈവപരിചയവും (9) നീതിബോധവും (11) വ്യഭിചാരാദിപരീക്ഷകളിൽ സംരക്ഷയും രക്ഷയും ലഭിക്കും.

1 എന്മകനേ, എന്റേ ചൊല്ലുകളെ നീ കൈക്കൊണ്ടു
എൻ കല്പനകളെ നിന്റേ വക്കൽ നിക്ഷേപിച്ചു,
2 ജ്ഞാനത്തിലേക്കു നിൻ ചെവിയെ ഒരുമ്പെടുത്തിക്കൊണ്ടു
വിവേകത്തിലേക്കു ഹൃദയം ചാച്ചു എങ്കിൽ,

3 വിശേഷാൽ ബുദ്ധിയെ വിളിച്ചു
വിവേകത്തിന്നായി ശബ്ദം ഉയർത്തി എങ്കിൽ,
4 വെള്ളി പോലേ അതിനെ തിരഞ്ഞു
നിധികളെ പോലേ അന്വേഷിച്ചു പോന്നാൽ,
5 അപ്പോൾ യഹോവാഭയം നിണക്കു തിരിയും
ദൈവത്തിന്നറിവിനെ നീ കണ്ടെത്തും.
6 ജ്ഞാനത്തെ കൊടുക്കുന്നതാകട്ടേ യഹോവ തന്നേ;
അറിവും വിവേകവും അവന്റെ വായിൽനിന്നത്രേ.
7 നേരുള്ളവക്കു് അവൻ വസ്തുത്വം നിക്ഷേപിക്കും
തികവിൽ നടപ്പവർക്കു പലിശ (ആകും),
8 ന്യായഞെറികളെ സൂക്ഷിപ്പാനും
സ്വഭക്തരുടേ വഴിയെ കാപ്പാനും തന്നേ.—
9 അപ്പോൾ നീതിയും ന്യായവും നേരും
നന്മയുടേ എല്ലാ വട്ടവും നിണക്കു തിരിയും.
10 കാരണം ജ്ഞാനം നിന്റെ ഹൃദയത്തിൽ അകമ്പൂകും
അറിവു നിൻ ദേഹിക്കു മതുക്കും.
11 ചിന്ത നിന്മേൽ കാത്തു
വിവേകം നിന്നെ സൂക്ഷിച്ചു കൊൾവതു,
12 ദുർവ്വഴിയിൽനിന്നും
മറിപ്പുകൾ ഉരെക്കുന്ന ആളിൽനിന്നും നിന്നെ ഉദ്ധരിപ്പാൻ തന്നേ.
13 ആയവർ നേരുടേ ഞെറികളെ വിട്ടു
ഇരിട്ടുവഴികളിൽ നടന്നും,
14 തിന്മ ചെയ്യുന്നതിൽ സന്തോഷിച്ചു
വല്ലാത്ത മറിപ്പുകളിൽ ആനന്ദിച്ചുംകൊണ്ടു,
15 വക്രഞെറികൾ ഉള്ളവരായി
വിപരീതനടകളിൽ തെറ്റിപ്പോകുന്നു.
16 ചൊല്ലുകളെ മിനുക്കുന്ന അപരാധിനിയായ
പരസ്ത്രീയിൽനിന്നും നിന്നെ ഉദ്ധരിപ്പാൻ തന്നേ.
17 ആയവൾ യൌവനകാന്തനെ വിട്ടു
തന്റെ ദൈവത്തിൻ നിയമത്തെ മറന്നു പോയി;
18 സാക്ഷാൽ അവൾ ഭവനവുമായി മരണത്തിലേക്കും
നടകൾ പ്രേതന്മാർ അടുക്കലേക്കും ഇഴിയുന്നു;
19 അവളെ ഗമിക്കുന്നവർ ആരും മടങ്ങി വരികയും
ജീവന്റെ ഞെറികളോടു് എത്തുകയും ഇല്ല.
20 നല്ലവരുടേ വഴിയിൽ നീ ചെന്നു
നീതിമാന്മാരുടേ ഞെറികളെ കാത്തുകൊൾവാൻ തന്നേ.
21 നേരുള്ളവരാകട്ടേ ഭൂമിയിൽ കുടിയിരിക്കും
തികവുള്ളവർ അതിൽ ശേഷിച്ചു നില്ക്കും.
22 ദുഷ്ടന്മാരോ ദേശത്തിൽനിന്നു ഛേദിക്കപ്പെടും (സങ്കീ. 37, 9)
തോല്പിക്കുന്നവർ അതിങ്കൽ നിന്നു് ഇഴെച്ചു പോകും.

3. അദ്ധ്യായം

ജ്ഞാനത്താലേ ഭാഗ്യം വേണം എങ്കിൽ (5) യഹോവയിൽ തേറി(11) ശിക്ഷ സഹിച്ചു (13) നിത്യജീവനെ അന്വേഷിക്കേണം (19) ലോകത്തെ നിർമ്മിച്ച ജ്ഞാനം ഭക്തനെ കാക്കും. (27) ഗുണം ചെയ്തുകൊണ്ടു (31) ദോഷവാനിൽ അസൂയ ഭാവിക്കാതേ സുഖിക്ക.

1 എന്മകനേ, എൻറെ ധർമ്മോപദേശം മറക്കായ്ക
നിൻറെ ഹൃദയം എൻ കല്പനകളെ സൂക്ഷിക്ക!
2 ഇവയാകട്ടേ ദീർഘായുസ്സും ജീവവർഷങ്ങളും
സമാധാനവും നിണക്കു കൂട്ടിവെക്കും.
3 ദയയും സത്യവും നിന്നെ കൈവിടായ്ക,
നിൻറെ കഴുത്തോട് അവറെറ മുറുക്കികൊൾക
ഹൃദയപ്പലകമേൽ എഴുതുക,
4 എന്നിട്ടു നീ ദൈവത്തിൻറെയും മനുഷ്യരുടേയും
കണ്ണുകളിൽ കൃപയും നല്ല ബോധവും കണ്ടെത്തും.
5 യഹോവയിൽ പൂർണ്ണഹൃദയത്തോടേ തേറുക
നിൻറെ ബുദ്ധിയിൽ ഊന്നികൊള്ളരുതേ.
6 നിൻറെ എല്ലാ വഴികളിലും അവനെ അറിഞ്ഞു കൊൾക
എന്നിട്ട് അവൻ നിൻറെ ഞെറികളെ നിരത്തും.
7 നിൻ കണ്ണുകൾക്കു നീ ജ്ഞാനിയാകാതേ
യഹോവയെ ഭയപ്പെട്ടു തിന്മയോട് അകന്നുകൊൾക.
8 ഇതു നിൻറെ നാഭിക്കു ചികിത്സയും
നിൻ എല്ലുകൾക്കു തണുപ്പും ആകും.
9 നിൻറെ സമ്പത്തിൽനിന്നും
എല്ലാ വരവിൻറെ ആദ്യഫലങ്ങളിൽനിന്നും യഹോവയെ ബഹുമാനിക്ക;
10 എന്നാൽ നിൻറെ കളപ്പുരകൾ മുഷ്ടമായി നിറയും
ചക്കുകളിൽ രസം പൊങ്ങിക്കവിയും.—
11 എന്മകനേ, യഹോവാശിക്ഷയെ വെറുക്കായ്ക;
അവൻറെ ശാസനയിങ്കൽ മനം പിരിയായ്ക;
12 കാരണം യഹോവ സ്നേഹിക്കുന്നവനെത്തന്നേ ശാസിക്കും
രുചിക്കുന്ന മകനെ അപ്പൻ ചെയ്യുംപോലേ (ഇയ്യോബ് 5, 17).—
13 ജ്ഞാനത്തെ കണ്ടെത്തിയ മനുഷ്യനും
വിവേകത്തെ പ്രാപിക്കുന്ന മനുഷ്യനും ധന്യൻ!
14 അതിൻറെ ലാഭം വെള്ളിയുടേതിലും
ഈ ആദായം തങ്കത്തിലും നല്ലതല്ലോ.
15 മുത്തുകളിലും അതു വിലയേറും
നിൻറെ എല്ലാ മണിക്കനികളും നേരൊക്കയും ഇല്ല (ഇയ്യോ. 28, 18).
16 ദീർഘായുസ്സ് ആയവളുടേ വലങ്കൈയ്യിലും
ധനവും തേജസ്സും ഇടങ്കൈയ്യിലും തന്നേ.
17 അവളുടേ വഴികൾ മനോഹരവഴികളും
അവളുടേ പാതകൾ അശേഷം സമാധാനവും ആകുന്നു;
18 തന്നെ കൈ പിടിക്കുന്നവർക്ക് അവൾ ജീവവൃക്ഷം തന്നേ.
അവളെ സംഗ്രഹിക്കുന്നവനേ ധന്യൻ.
19 യഹോവ ജ്ഞാനത്താലേ ഭൂമിയെ സ്ഥാപിച്ചു
വിവേകത്താൽ സ്വർഗ്ഗങ്ങളെ നിറുത്തി;
20 തൻ അറിവിനാൽ ആഴികൾ പൊട്ടി വന്നതും
ഇളമുകിൽ മഞ്ഞു തുവുന്നതും ആകുന്നു.
21 എന്മകനേ, നിൻറെ കണ്ണുകളിൽനിന്ന് ഇവ മാറാകൊല്ലാ
വസ്തുതചിന്തകളെയും സൂക്ഷിച്ചുകൊൾക,
22 നിൻറെ ദേഹിക്കു ജീവനും
കഴുത്തിനു ലാവണ്യവും ആയ്ചമവാൻ തന്നേ.
23 അപ്പോൾ നിൻറെ വഴിയിൽ നിർഭയമായി നടക്കയും
കാൽ (ഒന്നിങ്കലും) തട്ടായ്കയും,

24 നീ കിടന്നാൽ പേടിക്കായ്കയും
കിടന്നിട്ടു ഉറക്കം നിരക്കയും ആം.
25 പെട്ടന്നുള്ള പേടിക്കും
ദുഷ്ടരുടേ കലാപം വരുന്നതിലും ഭയപ്പെടുവാറില്ല,
26 യഹോവയല്ലോ നിന്റേറ പ്രത്യാശയായിനിന്ന
നിന്റേറ കാലിനെ കുടുങ്ങാതേ കാക്കും.
27 (നന്മ) ചെയ്വാൻ നിന്റേറ കൈക്ക പ്രാപ്തി ഉള്ളേടത്ത
യോഗ്യത ഉള്ളവരിൽനിന്ന നല്ലതൊന്നും വിലക്കായ്ക.
28 ഉള്ളപ്പോം കൂട്ടുകാരനോടു എടോ പോയി വാ,
നാള തരും എന്ന പറയൊല്ല!
29 കൂട്ടുകാരൻ നിർഭയമായി നിന്നോടു വസിക്കുമ്പോം
അവനായി തിന്മ യന്ത്രിക്കൊല്ല!
30 നിണക്ക തിന്മ പിണെക്കാഞ്ഞാൽ
മനുഷ്യനോടു വെറുതേ പിണങ്ങല്ല!
31 സാഹസപുരുഷനിൽ എരിവു ഭാവിക്കയും
അവന്റേറ വഴികളം ഒന്നും തെരിഞ്ഞെടുക്കയും അരുതേ.
32 കാരണം വളതക്കാരൻ യഹോവെക്ക അറെപ്പു തന്നേ
അവന്റേറ രഹസ്യം നേരുള്ളവരോടു കൂടേ ആകുന്ന.
33 ദുഷ്ടന്റേറ വീട്ടിൽ യഹോവയുടേ ശാപം (ഉണ്ട)
നീതിമാന്മാരുടേ പാർപ്പിടത്തെ അവൻ അനുഗ്രഹിക്കും.
34 പരിഹാസക്കാരെ എങ്കിലോ അവൻ പരിഹസിക്കും
സാധുക്കൾക്ക കൃപ നല്കും.
35 ജ്ഞാനികം തേജസ്സിനെ അടക്കും
ബുദ്ധിഹീനരോ അപമാനത്തെ എടുപ്പാക്കും.

4. അദ്ധ്യായം (–5, 6.)

അപ്പന്റേറ ചൊൽ കുറിക്കൊണ്ടു ജ്ഞാനാഭ്യാസം സ്വാത്മനാ അന്വേഷിക്കയും (10) അക്രമക്കാരുടേ സംസർഗ്ഗം ഒഴിച്ചു (20) ഹൃദയത്തെ സത്യത്തിൽ കാത്തു കൊൾകയും (5, 1) യൌവനത്തിങ്കൽ സന്ത്രേക്ഷ കോലുകയും വേണ്ടതു.

1 അല്ലയോ മക്കളേ, പിതാവിൻ ശിക്ഷയെ കേട്ടു
ബുദ്ധി തിരിവാൻ കുറിക്കൊൾവിൻ!
2 നിങ്ങൾക്കു നല്ല പഠിത്വം നല്കുമ്പോം
എൻ ധർമ്മോപദേശത്തെ കൈവിടായ്വിൻ!
3 ഞാനും എന്റേറ അപ്പന മകനും
അമ്മയുടേ മുമ്പിൽ ഒറ ഓമനയും ആയിരുന്ന.
4 ആയവൻ എനിക്ക് ഉപദേശിച്ചിതു:
നിൻ ഹൃദയം എന്റേറ വാക്കുകളെ കൈപിടിക്ക
എൻ കല്പനകളെ കാത്തുകൊണ്ടു ജീവിച്ചാലും!
5 ജ്ഞാനം സമ്പാദിക്ക ബുദ്ധി സമ്പാദിക്ക,
എൻ വായിലേ മൊഴികളെ മറക്കായ്കയും മാറിവിടായ്കയും വേണ്ട!
6 എന്നവളെ കൈവിടൊല്ല എന്നാൽ നിന്നെ കാക്കും,
അവളെ സ്നേഹിക്ക എന്നാൽ അവം നിന്നെ സൂക്ഷിച്ചുകൊള്ളും.
7 ജ്ഞാനത്തിൻ ആരംഭമോ ജ്ഞാനം സമ്പാദിക്ക
നിന്റേറ സകല സമ്പത്തുകൊണ്ടും ബുദ്ധിയെ സമ്പാദിക്ക എന്നുള്ളതത്രേ.

8 അവളെ ഉച്ചത്തിൽ ആക്കുക എന്നാൽ അവൾ നിന്നെ ഉയർത്തും,
അവളെ നീ ആശ്ലേഷിച്ചാൽ നിന്നെ തേജസ്കരിക്കയും,
9 നിന്തലെക്കു ലാവണ്യമാല നല്കുയും
അലങ്കാരകിരീടം സമ്മാനിക്കയും ചെയ്യും.
10 എന്മകനേ, കേട്ടു എന്മൊഴികളെ കൈക്കൊൾക
ജീവവർഷങ്ങൾ നിണക്കു പെരുകുമാറു തന്നേ.
11 ജ്ഞാനവഴിയിൽ ഞാൻ നിണക്ക് ഉപദേശിച്ചു
നേർവ്വഴികളിൽ നിന്നെ നടത്തി.
12 നടക്കയിൽ നിന്റേറ നട ഞെരുങ്ങുകയില്ല
ഓടുകയിൽ ഇടറുകയും ഇല്ല.
13 ശിക്ഷ ഊരിപ്പോകാതേ മുറുക പിടിക്ക,
നിന്റേറ ജീവൻ ഇതത്രേ എന്നിട്ട് അതിനെ സൂക്ഷിക്കേണ്ടു.
14 ദുഷ്ടരുടേ ഞെറിയിൽ ചെല്ലായ്ക
ആകാത്തവരുടേ വഴിയിൽ ഗമിക്കായ്ക.
15 അതിനെ ഒഴിക്ക ആയതിൽ കടക്കല്ല
അതിനോടകലേ സഞ്ചരിച്ചു കൊൾക.
16 അവരാകട്ടേ ദോഷം ചെയ്താല്ലാതേ ഉറങ്ങുകയില്ല
വീഴിച്ചില്ല എങ്കിൽ നിദ്രെക്കു ഭംഗം വന്നു,
17 ദുഷ്ടതയുടേ അപ്പം ഉപജീവിക്കയും
സാഹസമദ്യം കുടിക്കയും ചെയ്തുയാൽ തന്നേ.
18 നീതിമാന്മാരുടേ ഞെറിയോ നട്ടുച്ചയോളം
വിളങ്ങി പോന്നു തെളങ്ങുന്ന വെളിച്ചത്തോട് ഒക്കും.
19 ദുഷ്ടന്മാരുടേ വഴി കൂരിരിട്ടിന്നു സമം
ഏതിൽ ഇടറിപ്പോകും എന്നവർ അറിയുന്നില്ല.
20 എന്മകനേ, എന്റേറ വാക്കുകളെ കുറിക്കൊണ്ടു
മൊഴികൾക്കു ചെവി ചായ്ക്ക!
21 നിന്റേറ കണ്ണുകളിൽനിന്ന് അവ തെറ്റിപ്പോകരുതു
ഹൃദയമദ്ധ്യത്തിൽ അവറെറ കാക്ക!
22 അവ കണ്ടെത്തുന്നവർക്കു ജീവനും
അവരുടേ സകല ശരീരത്തിന്നും ചികിത്സയും ആകുന്നു സത്യം.
23 (മറ്റ്) എല്ലാ കാവലിലും നിന്റേറ ഹൃദയത്തെ സൂക്ഷിക്ക
ജീവന്റേറ പുറപ്പാടുകൾ അതിങ്കന്നല്ലോ ആകുന്നു.
24 വായ്വക്രതയെ നിന്നിൽനിന്ന് മാറ്റിവെക്ക
അധരങ്ങളുടേ വളതം അകറ്റിക്കളക!
25 നിന്റേറ കണ്ണുകൾ നേരേ നോക്കുകയും
ഇമകൾ ചൊവ്വിൽ ചെല്ലുയും,
26 കാലിൻ വടുവിനെ തൂക്കി നിദാനിക്കയും
നിന്റേറ വഴികൾ എല്ലാം നിവിരുകയും,
27 ഇടവലത്തും നീ തിരിയാതേ
തിന്മയിൽനിന്നു കാൽ ഒഴിച്ചുകൊൾകയും ചെയ്ക!
V,1 എന്മകനേ, എന്റേറ ജ്ഞാനത്തെ കൂട്ടാക്കി
എൻ വിവേകത്തിന്നു ചെവി ചായ്ക്ക,
2 നൽചിന്തകളെ കാപ്പാനും
നിന്റേറ അധരങ്ങൾ അറിവിനെ സൂക്ഷിപ്പാനും തന്നേ.
3 പരസ്ത്രീയുടേ അധരങ്ങളാകട്ടേ മധു തൂവി
നെയ്യിനെക്കാൾ അവളുടേ അണ്ണാക്കു വഴുക്കുന്നത് എങ്കിലും,
4 അവളുടേ ഒടുവു മക്കിപ്പൂപോലേ കച്ചും
ഇരുമുനവാളോളം കുത്തുമുള്ളതല്ലോ.

5 അവളുടേ കാലുകൾ മരണത്തേക്ക് ഇഴിയുന്നു
അവളുടേ നടകൾ പാതാളത്തെ പറിക്കൊള്ളുന്നു.
6 ജീവഞെറിയെ നിദാനിക്കാതവണ്ണം
അവളുടേ ഗമനം അറിയാതേ ചാഞ്ചാടുന്നു.

5. അദ്ധ്യായം

(7) വ്യഭിചാരിണിയാലുള്ള അപകടം ഒഴിച്ചു (15) സ്വഭാര്യയോടു പറി (21) ദേവനീതിയെ കാത്തുകൊള്ളേണം.

7 എന്നിട്ട് മക്കളേ, എന്നെ കേൾപിൻ
എൻ വായിലേ മൊഴികളെ വിട്ടു പോകായ്വിൻ!
8 നിന്നേറ വഴിയേ അവളുടേ ചാരത്തുനിന്ന് അകറി
ആ വീട്ടവാതിലോട് അടുക്കാതേ ചെല്ലു,
9 നിന്നേറ ഓജസ്സിനെ മറവർക്കും
നിന്നേറ ആണ്ടുകളെ ക്രൂരനും കൊടുക്കാതവണ്ണം;
10 അന്യന്മാക്കു നിന്നേറ ഊക്കിനാലും
പരന്നേറ വീട്ടിൽ നീ അദ്ധ്വാനിപ്പതിനാലും തൃപ്തിവരാതവണ്ണം തന്നേ,
11 എങ്കിൽ നിന്നേറ മാംസവും ഉടലും മാഴ്കിപ്പോയ ശേഷം
നിന്നേറ ഒടുവിൽ നീ നെടുവീർപ്പിട്ടു പറവിതു:
12 അയ്യോ, ഞാൻ ശിക്ഷയെ പകെച്ചു
ശാസനയെ എൻ ഹൃദയം വെറുത്തതും,
13 എനിക്കുപദേശിക്കുന്നവരുടേ ശബ്ദത്തെ കേളാതേ
പഠിപ്പിക്കുന്നവക്കു ചെവി ചായ്ക്കാതേ പോയതും എങ്ങനേ!
14 ഏകദേശം ഞാൻ എല്ലാ ദുർവ്വിധത്തിലും ആയി
സഭാസംഘത്തിൻ നടുവിൽ തന്നേ എന്നുള്ളതിന്നു സംഗതി വരുമല്ലോ.
15 നിന്നേറ കുഴിയിൽനിന്നു തന്നേ വെള്ളം കുടിക്ക
സ്വന്ത കിണറ്റിൻ നടുവിൽ ഊറുന്നതു തന്നേ!
16 നിന്നേറ ഉറവുകൾ പുറത്തേക്കു പൊട്ടി ഒലിക്ക
നീർച്ചോലകൾ തെരുക്കളിൽ (ഒഴുകുക)?
17 അവ നിണക്കു മാത്രമേ ആക,
പരന്മാക്കും കൂടേ അരുതു!
18 നിന്നേറ കൂപം അനുഗ്രഹിക്കപ്പെടാക
നിന്നേറ യൌവനത്തിലേ ഭാര്യയിങ്കൽ സന്തോഷിച്ചുകൊൾക!
19 പ്രേമമുറ പേടമാൻ ലാവണ്യമുള്ള കാട്ടാടു
അവളുടേ കൊങ്കകൾ എല്ലായ്പോഴും നിന്നെ മത്തനാക്കുക!
അവളുടേ സ്നേഹത്തിൽ നിത്യം ലയിച്ചു പോയാലും!
20 പിന്നേ പരസ്ത്രീയിൽ ലയിപ്പാനും
അന്യമൈ പൂണ്മാനും എന്മകനേ എന്തു?
21 അവനവന്നേറ വഴികൾ യഹോവയുടേ കണ്ണുകൾക്ക് എതിരേ കിടക്കുന്നു
അവന്നേറ വടുക്കളെ ഒക്കയും താൻ തൂക്കിനിദാനിക്കുന്നു. [വല്ലോ
22 സ്വന്ത അകൃത്യങ്ങൾ ദുഷ്ടനെ പിടിക്കുട്ടും,
സ്വപാപത്തിന്നേറ പാശങ്ങളിൽ അവൻ കുടുങ്ങും.
23 ശിക്ഷയില്ലായ്കയാൽ താനേ മരിക്കും
മൂഢതയുടേ പെരുമയിൽ ചാഞ്ചാടി പോകേയുള്ളു.

6. അദ്ധ്യായം

ഉത്തരവാദിയും (6) മടിയനും (12) ഏഷണിക്കാരനും ആകരുതു (16) ഏഴു വ്യസനങ്ങൾ ഏവ (20) പിതാക്കളെ അനുസരിച്ചു വ്യഭിചാരിണിയെ ഒഴിച്ചു കൊള്ളേണം.

1 എന്മകനേ, കൂട്ടുകാരനായി നീ ഉത്തരവാദം ചൊല്ലി
അന്യനു വേണ്ടി കൈ അടിച്ചു എങ്കിൽ,
2 നിൻ വായിലേ മൊഴികളിൽ നീ കുടുങ്ങി
വായ്മൊഴികളിൽ അകപ്പെട്ടു പോയി,
3 എന്നാൽ ഇതിനെ ചെയ്തേ വേണ്ടു, എന്മകനേ,
കൂട്ടുകാരന്റെ കരത്തിൽ അകപ്പെട്ടതാകയാൽ നിന്നെ നീ ഉദ്ധരിച്ചുകൊ
തർപ്പെട്ടു പോയി കൂട്ടുകാരനോടു പിശകിക്കൊൾക. [ണ്ടാലും!
4 കണ്ണുകൾക്കു നിദ്രയും
ഇമകൾക്കു് ഉറക്കും നല്ലൊല്ല,
5 കലമാൻ കൈപ്പിടിയിൽനിന്നും
കുരികിൽ വേടന്റെ കൈയിൽനിന്നും എന്ന പോലേ നിന്നെ വിടുവിച്ചു
6 മടിയനേ എറുമ്പിനെ ചെന്നു [കൊൾക!
അതിൻ വഴികളെ നോക്കി ജ്ഞാനിയായ്യാലും!
7 അതിന്നു് അധികാരിയും
മേടനോനും കോയ്മയും ഇല്ല.
8 എങ്കിലും വേനല്ക്കാലത്തു തൻ ആഹാരം സമ്പാദിച്ചു
കൊയ്ത്തിൽ ഭക്ഷണത്തെ ശേഖരിക്കുന്നു.
9 എത്രോടം മടിയനേ നീ കിടക്കും,
നിദ്രയിൽനിന്നു് എപ്പോൾ എഴുനീല്ക്കും?
10 ഇനിയും കുറയുറക്കം കുറേ തുയിൽ
കുറേ കൈ കെട്ടി ശയിക്ക!
11 എന്നിട്ടു പോക്കിരിയെ പോലേ നിന്റെ ദാരിദ്ര്യവും
പലിശക്കാരനെ പോലേ കുറച്ചലും നിന്നോടു് എത്തും.
12 അതിക്രമത്തിന്റെ ആളായ വല്ലായ്മക്കാരൻ
വായിലേ വക്രതയിൽ നടക്കയും,
13 കണ്ണിമെക്കയും കാൽകൊണ്ടു സംസാരിക്കയും
വിരൽ ചൂണ്ടി കാട്ടുകയും ചെയ്യുന്നവൻ.
14 ഹൃദയത്തിൽ മറിപ്പുകൾ ഉണ്ടു
എല്ലായ്പ്പോഴും തിന്മ യന്ത്രിച്ചു
പിണക്കുകളെ അയക്കുന്നു.
15 അതുകൊണ്ടു് അവനു് ആപത്തു പെട്ടന്നു വരും,
ഉപശാന്തി കൂടാതേ പൊടുന്നനവേ ഇടിഞ്ഞുപോകും.
16 യഹോവ പകെക്കുന്ന ആറും
അവൻ ഉള്ളം അറെക്കുന്ന ഏഴും ആവിതു:
17 ഉയർന്ന കണ്ണുകൾ, ചതിനാവു്,
നിർദ്ദോഷരക്തം ചിന്നുന്ന കൈകൾ,
18 അതിക്രമവിചാരണകളെ യന്ത്രിക്കും ഹൃദയം,
തിന്മെക്കു വിരഞ്ഞോടും കാലുകൾ,
19 കള്ളസാക്ഷിയായി കപടങ്ങൾ ഊതുന്നവൻ,
സഹോദരരുടേ ഇടയിൽ പിണക്കുകൾ അയക്കുന്നവനും തന്നേ.
20 എന്മകനേ, നിന്റെ പിതാവിൻ കല്പനയെ സൂക്ഷിക്ക
അമ്മയുടേ ധർമ്മോപദേശം തള്ളിക്കളയൊല്ല!

21 അവ നിത്യം നിന്റെ ഹൃദയത്തിന്മേൽ കെട്ടുക
കഴുത്തിനോട് മുറുക്കിക്കൊൾക!
22 നീ സഞ്ചരിക്കുമ്പോൾ അതു നിന്നെ നടത്തും
കിടക്കുമ്പോൾ നിന്നെ കാക്കും
ഉണരുമ്പോൾ നിന്നോടു സംസാരിക്കും.
23 കല്പന ആകട്ടേ വിളക്കും ധർമ്മോപദേശം വെളിച്ചവും
ശിക്ഷാശാസനകൾ ജീവവഴിയും ആകുന്നതു;
24 ആകായ്മക്കാരത്തിയിൽനിന്നു നിന്നെ കാപ്പാന്തക്കവണ്ണമേ,
നാവിനെ പതുപ്പിക്കുന്ന പരസ്ത്രീയിൽ നിന്നത്രേ.
25 അവളുടേ സൌന്ദര്യത്തെ ഹൃദയംകൊണ്ടു കൊതിക്കല്ല,
ഇമകളെക്കൊണ്ടു് അവൾ നിന്നെ അടക്കയും അരുതു.
26 കാരണം വേശ്യാസ്ത്രീ നിമിത്തം അപ്പക്ഷണത്തോളം താഴും,
പുരുഷന്റെ ഭാര്യ വിലയേറിയ ദേഹിയെ നായാടുന്നു.
27 പക്ഷേ തീ മടിയിൽ വാരിയിട്ടു
ആക്കാനും വസ്ത്രങ്ങൾ കത്തായ്കയോ?
28 തീക്കനലിന്മേൽ ആർ നടന്നിട്ടു
കാലുകൾ പൊള്ളായ്കയോ?
29 കൂട്ടുകാരന്റെ ഭാര്യയെ പ്രാപിക്കുന്നവൻ അപ്രകാരമേ,
അവളെ തൊടുന്നവൻ ആരും നിർദ്ദോഷനായിപ്പോകയില്ല.
30 വിശന്നിട്ടു മോഹം തീർപ്പാൻ മാത്രം കട്ടു എങ്കിൽ
കള്ളനിൽ ഉപേക്ഷ കാട്ടുന്നില്ലല്ലോ;
31 കണ്ടു പിടിച്ചാൽ അവൻ ഏഴിരട്ടിച്ചു് ഒപ്പിക്കാം,
വീട്ടിലേ വസ്തുവക ഒക്കയും കൊടുക്കാം.
32 (അന്യ) ഭാര്യയോടു വ്യഭിചരിക്കുന്നവൻ ബുദ്ധികെട്ടവനത്രേ,
ആത്മസംഹാരി അതു ചെയ്യുന്നേ.
33 തല്ലും ഇളെപ്പവും കണ്ടെത്തും
അവന്റെ നിന്ദ മായ്കയും ഇല്ല.
34 എരിവാകട്ടേ വീരന്റെ ഊഷ്മാവു്,
പ്രതിക്രിയാദിസമ്പത്തിൽ അവൻ ആദരിക്കയില്ല;
35 പരിഹാരദ്രവ്യം ഒന്നും അംഗീകരിക്കാതു
സമ്മാനം പെരുത്താലും ഇഷ്ടം തോന്നാതു.

7. അദ്ധ്യായം

ജ്ഞാനത്തെ തെരിഞ്ഞെടുത്തു (6) യുവാക്കളെ വശീകരിക്കുന്ന പരസ്ത്രീയെ ത്യജിച്ചാൽ (24) വലിയ രക്ഷ.

1 എന്മകനേ, എന്റെ മൊഴികളെ കാത്തുംകൊൾക
എൻ കല്പനകളെ നിന്നോടു നിക്ഷേപിച്ചും കൊൾക!
2 എൻ കല്പനകളെ കാത്തുകൊണ്ടു ജീവിച്ചാലും,
കണ്മണികണക്കേ എൻ ധർമ്മപ്രമാണത്തെ (കാക്കുക)!
3 ആയവ വിരലുകൾക്കു് അണിയിക്ക
ഹൃദയപ്പലകമേൽ എഴുതുക.
4 ജ്ഞാനത്തോടു നീയേ എൻ സഹോദരി എന്നു പറഞ്ഞു
വിവേകത്തെ ചാർച്ചക്കാരത്തി എന്നു വിളിക്ക,
5 ചൊല്ലുകളെ മിനുക്കുന്ന അപരാധിനിയായ പരസ്ത്രീയിൽനിന്നു
നിന്നെ കാപ്പാനായി തന്നേ (2,16)!

6 ഞാനാകട്ടേ വീട്ടിലേ ചാലകത്തു
എൻ അഴിയൂടേ താഴേ നോക്കുമ്പോൾ,
7 അജ്ഞന്മാരിൽ ഒരുത്തനെ കണ്ടു
ബുദ്ധിക്കുറവുള്ള ബാലനെ മക്കളിൽ (നില്ക്കേ) ഗ്രഹിച്ചു.
8 അവൻ കോണിന്നരികേ തെരുവിൽ കൂടി കടന്നു
അവളുടേ വീട്ടിന്റേറ വഴിക്കു ചാഞ്ചാടുന്നു.
9 പകൽ നീങ്ങുന്ന അന്തിമയക്കിൽ
രാത്രിതമസ്സു് മുഴുത്തപ്പോഴേക്കു.
10 അതാ വേശ്യയാടയും പൂട്ടിയ ഹൃദയവും
ഉള്ളൊരുത്തി അവനെ എതിരേല്ക്കുന്നു.
11 അലമ്പലും കലമ്പലും ശീലിച്ചിട്ടു്
കാലുകൾക്കു വീട്ടിൽ ഇരിപ്പില്ല.
12 ഇപ്പോൾ പുറത്തായി ഇപ്പോൾ വീഥികളിലും
എല്ലാ കോണിന്നരികിലും പതിയിരിക്കുന്നു.
13 ആയവൾ അവനെ പിടിച്ചു ചുംബിച്ചു
മുഖത്തിന്നു തിറം കൂട്ടി അവനോടു പറഞ്ഞിതു;
14 സ്തുതിബലികൾ എന്റേറ മേൽ ഇരുന്നു,
എന്റേറ നേർച്ചകളെ ഞാൻ ഇന്നു് ഒപ്പിച്ചു കൊടുത്തു.
15 അതുകൊണ്ടു നിന്നെ എതിരേല്പാൻ ഞാൻ പുറപ്പെട്ടു
നിന്മുഖത്തെ തേടുവാന്തന്നേ, നിന്നെ കണ്ടുമിരിക്കുന്നു.
16 എന്റേറ കട്ടിലിന്മേൽ ജമുക്കാളം വിരിച്ചു
മിസ്രയീൽ വരിയൻതുണികളും തന്നേ.
17 കണ്ടിവെണ്ണ അഗരു കറുപ്പകളെയും
കിടക്കമേൽ ചൊരിഞ്ഞു.
18 വരിക പുലർച്ചയോളം നാം പ്രേമത്തിൽ മദിച്ചുകൊൾക
ലാളനങ്ങളിൽ പുളെക്ക!
19 പുരുഷൻ വീട്ടിൽ ഇല്ലല്ലോ,
ദൂരയാത്ര പുറപ്പെട്ടിരിക്കുന്നു,
20 പണസഞ്ചിയെ കൈയിൽ എടുത്തു പോയി
വെളുത്ത വാവിൻ നാളേക്കു തന്റേറ വീട്ടിൽ മടങ്ങിച്ചേരും.
21 എന്നു വളരേ പഠിപ്പിച്ചിട്ടു് അവൾ അവനെ ചരിച്ചു
അധരങ്ങളുടേ മാർദ്ദവത്താൽ അവനെ തെളിച്ചുകൊണ്ടു പോയി.
22 അവളെ പിഞ്ചെല്ലുന്നവൻ പെട്ടന്നു
കാള അറുക്കുന്നതിലേക്കു ചെല്ലുമ്പോലേ,
പൈത്യക്കാരൻ ചങ്ങലകൊണ്ടു തളെക്കുന്നതിലേക്കു ചെല്ലുംപോലേ,
23 കുരികിൽ കുടുക്കിലേക്കു പായുമ്പോലേ
തന്റേറ പ്രാണനെ കുറിച്ചു് എന്നറിയാതേ
അമ്പു കരളിനെ പിളരും വരേ ചെല്ലുന്നു.
24 എന്നിട്ടു മക്കളേ, എന്നെ കേട്ടു
എൻ വായിലേ മൊഴികളെ കുറിക്കൊൾവിൻ!
25 നിൻ ഹൃദയം അവളുടേ വഴികളിലേക്കു മാറാസ്സു,
അവളുടേ മാർഗ്ഗങ്ങളിൽ തെറ്റി പോകാസ്സു!
26 കാരണം ഏറിയ പട്ടവരെ വീഴിച്ചതു് അവളത്രേ,
അവൾ കൊന്നവർ ഒക്കയും ഉരത്ത ജനം തന്നേ.
27 അവളുടേ വീടോ ചാവിൻ അകങ്ങളിലേക്കു്
ഇറങ്ങുന്ന പാതാളവഴികൾ അത്രേ.

8. അദ്ധ്യായം

ജ്ഞാനം പരക്കേ എല്ലാവരെയും ക്ഷണിക്കയാലും (12) ശ്രേഷ്ഠപുരുഷാത്ഥങ്ങളെ എത്തിക്കയാലും (22) സൃഷ്ടിക്കു മുമ്പേ യഹോവയുടേ വക്കൽ ശില്പിയായി വിലസിക്കയാലും (32) ആയവളെ കേട്ടേ മതിയാവു.

1 ജ്ഞാനം വിളിച്ചും
വിവേകം ശബ്ദം ഇട്ടും വരുന്നില്ലയോ?
2 വഴിയരികേ മേടുകളുടേ മുകളിലും
മാർഗ്ഗങ്ങൟ കൂടുന്നതിലും അവൟ നിന്നുകൊണ്ടു,
3 നഗരവാസ്സുലേ വാതിലുകളുടേ ഭാഗത്തും
ദ്വാരങ്ങളുടേ പ്രവേശത്തും ആർത്തുകൊള്ളുന്നിതു:
4 അല്ലയോ പുരുഷന്മാരേ, നിങ്ങളോടു ഞാൻ കൂക്കുന്നു
മനുഷ്യപുത്രരോടു് എന്റേ ശബ്ദം ആകുന്നിതു.
5 അജ്ഞരേ, കൌശലം ഗ്രഹിപ്പിൻ
ബുദ്ധിഹീനരേ, ഹൃദയബോധം കൊള്ളുവിൻ!
6 ഞാൻ ഉരെക്കുന്നതു് ഔദാര്യവും
എന്റേ അധരത്തുറവു് നേരും ആകയാൽ കേട്ടു കൊൾവിൻ!
7 എന്റേ അണ്ണാക്കു സത്യത്തെ ഉച്ചരിപ്പതും.
ദുഷ്കൃത എൻ അധരങ്ങൾക്കു് അറെപ്പാകുന്നതും നിശ്ചയം.
8 എൻ വായിലേ മൊഴികൾ എല്ലാം നീതിയിൽ തന്നേ,
മറിപ്പും തിരിപ്പും അതിൽ ഒന്നും ഇല്ല.
9 ബോധിക്കുന്നവനു് അവ ഒക്കവേ ശരിയും
അറിവിനെ കണ്ടെത്തുന്നവക്കു നേരുമായി കാണും.
10 വെള്ളിയല്ല എൻ ശിക്ഷയെയും
തെരിഞ്ഞെടുത്ത തങ്കത്തെക്കാളും അറിവിനെയും കൈക്കൊൾവിൻ!
11 മുത്തുകളിലും ജ്ഞാനം നല്ലതു സത്യം,
അഭീഷ്ടങ്ങൾ ഒന്നും അവളോടു് ഒത്തു വരികയും ഇല്ല.
12 ജ്ഞാനമാകുന്ന ഞാൻ കൌശലത്തിൽ വാസം ചെയ്തു
ചിന്തകളുടേ അറിവിനെ കണ്ടെത്തുന്നു.
13 യഹോവാഭയം ആവിതു തിന്മ പകെക്ക തന്നേ
ഗർവ്വഡംഭവും ദുർവ്വഴിയും
മറിപ്പുകൾ ഉള്ള വായിനെയും ഞാൻ പകെക്കുന്നു.
14 മന്ത്രണവും വസ്തുതവും എനിക്കുണ്ടു,
ഞാനേ വിവേകം, ശൌര്യം എന്റേതു.
15 രാജാക്കൾ വാഴുന്നതും
മന്നവന്മാർ നീതിയിൽ വിധിക്കുന്നതും എന്നാലത്രേ.
16 പ്രഭുക്കൾ ഭരിക്കുന്നതും
ഭൂമിയിലേ ന്യായാധിപന്മാർ എല്ലാവരും അരശാളുന്നതും എന്നാൽ തന്നേ.
17 എന്നെ സ്നേഹിക്കുന്നവരെ ഞാൻ സ്നേഹിക്കും,
എന്നെ തേടുന്നവർ എന്നെ കണ്ടെത്തുകയും ചെയ്യും.
18 സമ്പത്തും തേജസ്സും
സ്ഥിരധനവും നീതിയും എന്നോടു് ഉണ്ടു.
19 എന്റേ ഫലം തങ്കസ്വർണ്ണങ്ങളിലും
എന്റേ വരത്തു തെരിഞ്ഞെടുത്ത വെള്ളിയിലും നല്ലു.
20 നീതിഞെറിയിൽ
ന്യായമാർഗ്ഗങ്ങളുടേ നടുവിൽ ഞാൻ നടകൊള്ളുന്നതു,

21 എന്റെ സ്നേഹിതന്മാരെ വസ്തു അനുഭവിപ്പിപ്പാനും
അവരുടേ ഭണ്ഡാരങ്ങളെ നിറെപ്പാനും തന്നേ.
22 യഹോവ എന്നെ തന്റെ വഴിയുടേ ആരംഭമാക്കി
ഉല്പാദിച്ചു പണ്ടുള്ള അവന്റെ പൂവ്വസൃഷ്ടികളിൽ മുന്നേതായി തന്നേ.
23 യുഗം മുതൽകൊണ്ടു് ആദിയിങ്കൽ ഞാൻ ആക്കി വെക്കപ്പെട്ടു
ഭൂമിയുടേ ഉത്ഭവത്തിന്നു മുമ്പേ.
24 ആഴികൾ ഇല്ല വെള്ളം കനത്തുള്ള ഉറവുകൾ
ഇല്ലാത്ത സമയം ഞാൻ ഉത്ഭവിച്ചു.
25 മലകൾ നാട്ടപ്പെടാഞ്ഞപ്പോൾ
കുന്നുകൾക്കു മുമ്പേ ഞാൻ ഉത്ഭവിച്ചു,
26 അവൻ ഭൂമിയും പ്രദേശങ്ങളും
ഊഴിയിലേ മണ്ണിന്തുകയും ഉണ്ടാക്കാത്ത നേരം തന്നേ.
27 അവൻ വാനങ്ങളെ സ്ഥാപിക്കയിൽ
ആഴിയുടേ പരപ്പിന്മേൽ മണ്ഡലത്തെ കെട്ടുമ്പോൾ ഞാൻ അവിടേ തന്നേ.
28 മീത്തൽ ഇളമുകിലിനെ ഉറപ്പിച്ചു
ആഴിയുടേ ഉറവുകളെ സ്ഥിരമാക്കുമ്പോൾ,
29 അവൻ കടലിന്നു് അതിർ വെച്ചു
വെള്ളത്തെ തിരുവാ(മൊഴി)യെ ലംഘിക്കാതാക്കി
ഭൂമിക്കു് അടിസ്ഥാനങ്ങളെ വെക്കുകയിൽ,
30 അന്നു ഞാൻ അവന്റെ അരികിൽ ശില്പിയായിച്ചമഞ്ഞു
ദിനംദിനം ഓമനയായി
എല്ലായ്പോഴും തിരുമുമ്പിൽ കളിച്ചുകൊണ്ടിരുന്നു.
31 അവന്റെ ഭൂചക്രത്തിൽ ഞാൻ കളിക്കുന്നു
എന്റെ ഓമനമനുഷ്യപുത്രന്മാരിൽ തന്നേ.
32 എന്നിട്ടു മക്കളേ, എന്നെ കേട്ടുകൊൾവിൻ!
എന്റെ വഴികളെ സൂക്ഷിക്കുന്നവർ ധന്യർ.
33 ശിക്ഷയെ തള്ളിക്കളയാതേ
കേട്ടുകൊണ്ടു ജ്ഞാനികളാകുവിൻ!
34 എന്റെ കതകുകളിൽ നാൾക്കുനാൾ ജാഗരിച്ചും
എന്റെ വാതിൽപ്പടിലകളെ കാത്തുംകൊണ്ടു്
എന്നെ കേട്ടു നില്ക്കുന്ന മനുഷ്യൻ ധന്യൻ.
35 കാരണം എന്നെ കണ്ടവൻ ജീവനെ കണ്ടെത്തി
യഹോവാപ്രസാദത്തെ നേടി ഇരിക്കുന്നു.
36 എന്നോടു പിഴക്കുന്നവനോ തന്റെ ദേഹിയെ അതിക്രമിക്കുന്നു,
എന്റെ പകയർ എല്ലാവരും മരണത്തെ സ്നേഹിക്കുന്നുള്ളു.

9. അദ്ധ്യായം

ജ്ഞാനം എന്നവൾ ശ്രേഷ്ഠമായ സദ്യൊക്കു ക്ഷണിക്കുന്നതിനെ അജ്ഞന്മാർ അംഗീകരിച്ചു ജീവിച്ചിരിക്കേ (13) മൂഢത എന്നവളെ അനുസരിക്കുന്നവർ മരിക്കേ ഉള്ളു.

1 ജ്ഞാനം എന്നവൾ തൻ ഭവനത്തെ പണിതു
തന്റെ ഏഴു തൂണുകളെ തീർത്തു,
2 തൻ ഭോജ്യത്തെ അറുത്തു വീഞ്ഞിനെ കലക്കി,
മേശയെ ഒരുക്കി,
3 സ്വകന്യമാരെ അയച്ചു
നഗരമേടുകളുടേ പുറത്തുനിന്നു വിളിക്കുന്നിതു:

4 ആർ അജ്ഞൻ ഇങ്ങോട്ട ചെല്ലുക എന്നത്രേ.
ആർ ബുദ്ധിക്കുറവുള്ളവൻ അവനോട പറയുന്നു:
5 അല്പയോ എൻ ആഹാരം ഭക്ഷിപ്പിൻ
ഞാൻ കലക്കിയ വീഞ്ഞു കുടിപ്പിൻ,
6 അജ്ഞതപം വിട്ട ജീവിപ്പിൻ
വിവേകവഴിയിൽ നടകൊൾവിൻ!—
7 പരിഹാസിയെ ശാസിക്കുന്നവൻ തനിക്ക് ഇളപ്പവും
ദുഷ്ടനെ ആക്ഷേപിക്കുന്നവൻ തൻ നിന്ദയും വരുത്തുന്നു.
8 പരിഹാസി നിന്നെ പകെക്കായ്വാൻ അവനെ ആക്ഷേപിക്കരുത,
ജ്ഞാനിയെ ആക്ഷേപിക്ക എന്നാൽ നിന്നെ സ്നേഹിക്കും.
9 ജ്ഞാനിക്കു കൊടുക്ക, എന്നാൽ ജ്ഞാനം ഇനി വർദ്ധിക്കും,
നീതിമാനെ അറിയിക്ക എന്നാൽ പഠിപ്പ് അധികമാം.
10 ജ്ഞാനത്തിന്റെ ആരംഭമായത യഹോവാഭയമത്രേ (1, 7)
വിശൈകവിശ്രുദ്ധന്റെ അറിവു തന്നേ വിവേകമായത.
11 എന്മൂലം ആകട്ടേ നിന്റെ നാളുകൾ പെരുകുന്നതും
ജീവവർഷങ്ങൾ നിണക്ക് അധികമാകുന്നതും ഉണ്ടു.
12 നീ ജ്ഞാനിയായാൽ നിണക്കു തന്നേ ജ്ഞാനിയായി,
നീ പരിഹസിച്ചാൽ ചുമപ്പാൻ നീയേ ഉള്ളു.
13 മൂഢത എന്നവൾ അലമ്പലുള്ളവൾ
അജ്ഞത തികഞ്ഞിട്ട് ഏതും അറിയാത്തവൾ തന്നേ,
14 സ്വഭവനത്തിൻ വാതില്ക്കൽ നഗരമേടുകളുടേ സിംഹാസനത്തിൽ
അവളും ഇരുന്നുകൊണ്ടു,
15 വെറുതേ വഴി കടക്കുന്നവരെയും
തങ്ങടേ ഞെറികളിൽ നേരേ ചെല്ലുന്നവരെയും ക്ഷണിക്കുന്നിതു:
16 ആർ അജ്ഞൻ ഇങ്ങോട്ട ചെല്ലുക എന്നത്രേ,
ആർ ബുദ്ധിക്കുറവുള്ളവൻ അവനോട പറയുന്നു (9, 4):
17 മോഷ്ടിച്ച വെള്ളം മധുക്കും
ഗൂഢത്തിലേ അപ്പം മനോഹരം എന്നിട്ട് (പൂകുന്നവൻ).
18 അവിടേ ഉള്ളവർ പ്രേതന്മാർ
അവളുടേ വിരുന്നുകാർ പാതാളകുണ്ടുകളിൽ അത്രേ എന്നറിയുന്നതും ഇല്ല.

ശലമോന്റെ സദൃശങ്ങളാവിത്

(അ. 10–22, 16).

10. അദ്ധ്യായം

1 ജ്ഞാനമുള്ള പുത്രൻ അപ്പനെ സന്തോഷിപ്പിക്കുന്നു
മൂഢനായ മകൻ അമ്മെക്കു ഖേദമത്രേ.
2 ദുഷ്ടതയാലുള്ള നിക്ഷേപങ്ങൾ ഉപകരിക്കുന്നില്ല
നീതിയോ മരണത്തിൽനിന്ന് ഉദ്ധരിക്കുന്നു.
3 നീതിമാന്റെ ദേഹിയെ യഹോവ വിശപ്പിക്കയില്ല
ദുഷ്ടരുടേ കൊതിയെ തട്ടിക്കളകേ ഉള്ളു.
4 മടിവുള്ള കൈയാൽ വേല ചെയ്യുന്നവൻ ദരിദ്രൻ (ആകും)
ഉത്സാഹികളുടേ കൈ സമ്പത്തുണ്ടാക്കും.
5 വേനല്ക്കാലത്തിൽ ശേഖരിക്കുന്നവൻ ബോധമുള്ള പുത്രൻ
കൊയ്ത്തുകാലത്തു നിദ്രാലുവായവൻ നിന്ദിതപുത്രൻ.

6 നീതിമാന്റെ തലെക്ക് അനുഗ്രഹങ്ങൾ ഉണ്ടു
ദുഷ്ടരുടേ വായിനെ സാഹസം മൂടി വെക്കും.
7 നീതിമാന്റെ ഓർമ്മ അനുഗ്രഹത്തിന്നു (ആകും)
ദുഷ്ടരുടേ പേർ പുഴുത്തു പോം.
8 ഹൃദയജ്ഞാനമുള്ളവൻ കല്പനകളെ കൈക്കൊള്ളും
അധരങ്ങളാൽ ഭോഷനായവൻ കിഴക്കാമ്പാട്ട പോകും.
9 തികവിൽ നടക്കുന്നവൻ നിർഭയത്തിൽ നടക്കും
തന്റെ വഴികളെ വളെക്കുന്നവൻ വെളിപ്പെട്ടു വരും.
10 കൺ ഇമെക്കുന്നവൻ വ്യസനം വരുത്തും
അധരങ്ങളാൽ ഭോഷനായവൻ കിഴക്കാമ്പാട്ട പോകും (8).
11 നീതിമാന്റെ വായി ജീവനുറവു തന്നേ
ദുഷ്ടരുടേ വായി സാഹസം മൂടി വെക്കുന്നു (6).
12 പക പിണക്കുകളെ ഉണർത്തും
സകല ലംഘനങ്ങളെയും സ്നേഹം മൂടി വെക്കും.
13 വിവേകിയുടേ അധരങ്ങളിൽ ജ്ഞാനം ലഭിക്കും.
ബുദ്ധിക്കുറവുള്ളവന്റെ മുതുകിന്നു വടി.
14 ജ്ഞാനികൾ അറിവിനെ നിക്ഷേപിക്കും
മൂഢന്റെ വായോ അടുക്കുന്ന ഓർ ഇടിവത്രേ.
15 ധനവാന്റെ സമ്പത്ത് അവന്റെ ഉറപ്പുള്ള നഗരം
എളിയവരുടേ ഇടിവോ അവരുടേ ദാരിദ്ര്യമത്രേ.
16 നീതിമാന്റെ കൂലി ജീവന്നായിട്ടുള്ളതു
ദുഷ്ടന്റെ ആദായം പാപത്തിലേക്കത്രേ.
17 ജീവങ്കലേക്കു ഞെറിയാകുന്നതു ശിക്ഷയെ കാത്തുകൊള്ളുന്നവൻ,
ശാസനത്തെ കൈവിടുന്നവൻ തെറ്റിക്കുന്നുള്ളു.
18 പകയെ മൂടുന്നവൻ ചതിയധരക്കാരൻ
ഏഷണി പരത്തുന്നവൻ മൂഢനത്രേ.
19 വാക്കുകൾ പെരുകുമ്പോൾ ലംഘനം ഇല്ലെന്നു വരാ,
അധരങ്ങളെ അടക്കുന്നവനത്രേ ബുദ്ധിമാൻ.
20 മേത്തരവെള്ളിയായതു നീതിമാന്റെ നാവ്
ദുഷ്ടന്മാരുടേ ബുദ്ധി (വില) കുറയും.
21 നീതിമാന്റെ അധരങ്ങൾ പലരെയും മേയ്ക്കും
ബുദ്ധിക്കുറവിനാൽ പൊട്ടന്മാർ മരിക്കും.
22 യഹോവയുടേ അനുഗ്രഹമെന്നതു സമ്പന്നനാക്കും,
അതിനോട് ദണ്ഡിപ്പു ഏതും കൂട്ടിവെക്കയില്ല.
23 പാതകം ചെയ്യുന്നതു ബുദ്ധിഹീനനു കളിപോലേ,
വിവേകമുള്ള പുരുഷനു ജ്ഞാനം (അപ്രകാരം).
24 ദുഷ്ടൻ അഞ്ചുന്നതു തന്നേ അവനു തട്ടും
നീതിമാന്മാരുടേ ആഗ്രഹത്തെ (യഹോവ) നല്കും.
25 കോൾ കഴിഞ്ഞു പോകുമ്പോൾ ദുഷ്ടൻ ഇല്ലാതായി
നീതിമാനേ നിത്യമുള്ള അടിസ്ഥാനം.
26 പല്ലുകൾക്കു കാടിയും കണ്ണുകൾക്കു പുകയും എന്നപോലേ
മടിയൻ തന്നേ അയച്ചവർക്കു ആകുന്നു.
27 യഹോവാഭയം നാളുകളെ കൂട്ടി വെക്കും
ദുഷ്ടരുടേ ആണ്ടുകൾ ചുരുങ്ങും.
28 നീതിമാന്മാരുടേ പ്രതീക്ഷ സന്തോഷമാം
ദുഷ്ടരുടേ പ്രത്യാശ കെടുകേ ഉള്ളു.
29 തികവുള്ളവനു ശരണമാകുന്നതു യഹോവയുടേ വഴി,
അതിക്രമം പ്രവൃത്തിക്കുന്നവർക്ക് അതു തന്നേ ഇടിവു.

30 നീതിമാൻ എന്നേക്കും കുലുങ്ങുകയില്ല
ദുഷ്ടന്മാർ ഭൂമിയിൽ കുടിയിരിക്കയും ഇല്ല.
31 നീതിമാന്റെ വായി നീതിയെ തഴപ്പിക്കും
മറിപ്പുകളുള്ള നാവു ഛേദിക്കപ്പെട്ടും.
32 നീതിമാന്റെ അധരങ്ങൾ പ്രസാദം (വരുത്തുവാൻ) അറിയുന്നു
ദുഷ്ടന്മാരുടേ വായി മറിപ്പുകളത്രേ.

11. അദ്ധ്യായം

1 കള്ളത്തുലാസ്സു് യഹോവെക്കു വെറുപ്പു
തികഞ്ഞ പലം അവനു പ്രസാദം.
2 തിളപ്പു വന്നിട്ടു് ഇളപ്പം വന്നു
വിനയമുള്ളവരോടേ ജ്ഞാനം ഉള്ളു.
3 നേരുള്ളവരുടേ തികവു് അവരെ നടത്തും
തോല്പിക്കുന്നവരുടേ വികൃതി അവരെ നാനാവിധാക്കും.
4 ക്രോധത്തിൻ നാളിൽ ധനം ഉപകരിക്കുന്നില്ല
നീതിയോ മരണത്തിൽനിന്നു് ഉദ്ധരിക്കുന്നു (10,2).
5 തികഞ്ഞവന്റെ നീതി അവന്റെ വഴിയെ ചൊവ്വാക്കും
ദുഷ്ടൻ തന്റെ ദുഷ്ടതയാൽ വീഴുകേ ഉള്ളു.
6 നേരുള്ളവരുടേ നീതി അവരെ ഉദ്ധരിക്കും
തോല്പിക്കുന്നവർ തങ്ങളുടേ കൊതിയിൽ കുടുങ്ങി പോകും.
7 ദുഷ്ടമനുഷ്യൻ മരിക്കുമ്പോൾ ആശ കെടുകേ ഉള്ളു
വീര്യശാലികളുടേ പ്രതീക്ഷ കെട്ടുപോയി.
8 ഞെരുക്കത്തിൽനിന്നു നീതിമാൻ വിടുവിക്കപ്പെട്ടു
അവനു പകരം ദുഷ്ടൻ (അതിൽ) ചെല്ലുന്നു.
9 ബാഹ്യൻ വായ്കൊണ്ടു കൂട്ടുകാരനെ നശിപ്പിക്കും
നീതിമാന്മാർ അറിവിനാൽ വിടുവിക്കപ്പെടും.
10 നീതിമാന്മാർ സുഖിച്ചാൽ നഗരം ഉല്ലസിക്കും
ദുഷ്ടന്മാർ കെട്ടാൽ ആർപ്പു.
11 നേരുള്ളവരുടേ അനുഗ്രഹത്താൽ നഗരം ഉയരും
ദുഷ്ടന്മാരുടേ വായാൽ അഴിഞ്ഞു പോകും.
12 കൂട്ടുകാരനെ ധിക്കരിക്കുന്നവൻ ബുദ്ധിക്കുറവുള്ളവൻ
വിവേകപുരുഷൻ ഉരിയാടാതു.
13 നുണയനായി നടക്കുന്നവൻ രഹസ്യത്തെ വെളിപ്പെടുത്തുന്നു
വിശ്വസ്താത്മാവുള്ളവൻ കാര്യത്തെ മറെക്കുന്നു.
14 നയസാമർത്ഥ്യം ഇല്ലാഞ്ഞാൽ വംശം വീഴും
മന്ത്രികത്വം പെരുകുന്നതിൽ രക്ഷ ഉണ്ടു.—
15 അന്യനു വേണ്ടി ഉത്തരവാദിയായി എങ്കിൽ വല്ലാതേ വലയും,
കൈയടിക്കുന്നതിനെ പകെക്കുന്നവൻ നിർഭയനാകും.
16 ലാവണ്യമുള്ള സ്ത്രീ മാനത്തെ പിടിക്കും
പ്രൌഢന്മാർ സമ്പത്തിനെ പിടിക്കും.
17 ദയാവാൻ തനിക്കു താൻ ഗുണം വരുത്തുന്നു
ക്രൂരൻ തന്റെ ജഡത്തെയും വലെക്കുന്നു.
18 ദുഷ്ടൻ വ്യാജക്കൂലിയെയും
നീതിയെ വിതെക്കുന്നവൻ സത്യപ്രതിഫലത്തെയും ഉണ്ടാക്കുന്നു.
19 നീതിനിലയുള്ളവൻ ജീവങ്കലേക്കും
തിന്മ പിന്തുടരുന്നവൻ സ്വമരണത്തിലേക്കും അത്രേ.

20 ഹൃദയവക്രന്മാർ യഹോവെക്കു വെറുപ്പു
വഴിതികഞ്ഞവർ അവനു പ്രസാദം.
21 കൈക്കു കൈ (സത്യം) ആകാത്തവൻ നിർദ്ദോഷൻ എന്നു വരികയില്ല
നീതിമാന്മാരുടേ സന്തതിക്കു പോക്കു ലഭിക്കും താനും.
22 പന്നിമൂക്കിലേ മൂക്കുത്തിയോ
സാരുചി അകന്ന സുന്ദരി തന്നേ.
23 നീതിമാന്മാരുടേ കൊതി നന്മയത്രേ
ദുഷ്ടന്മാരുടേ പ്രത്യാശയോ തിളെപ്പു മാത്രം.
24 തുകിയാലും ഇനിയും (വസ്തു) പെരുകി വരുന്നവനും
മുറയുള്ളതിൽ അധികം സംഗ്രഹിച്ചിട്ടു കുറച്ചൽ വരുത്തുന്നവനും ഉണ്ടു,
25 അനുഗ്രഹമാനസനു പുഷ്ടിയും
നനെക്കുന്നവനു തന്നേ നനവും ഉണ്ടാകും.
26 ധാന്യത്തെ മുടക്കുന്നവനെ കുലം ശപിക്കും
അതു വില്ക്കുന്നവന്റേറ തലെക്കു് അനുഗ്രഹം.
27 നന്മയെ തേടുന്നവൻ പ്രസാദം തിരയുന്നു
തിന്മ അന്വേഷിക്കുന്നവനു് അതു് അകപ്പെടുകയും ചെയ്യും.
28 തന്റേറ സന്മത്തിൽ തേറുന്നവൻ തന്നേ വീഴും
ഇല പോലേ നീതിമാന്മാർ തഴെക്കും.
29 സ്വഭവനത്തെ വലെക്കുന്നവൻ കാററിനെ സമ്പാദിക്കും
ഭോഷൻ ജ്ഞാനഹൃദയനു ദാസനായ്തീരും.
30 നീതിമാൻ (ഉണ്ടാക്കുന്ന) ഫലം ജീവവൃക്ഷം തന്നേ
ജ്ഞാനമുള്ളവൻ ദേഹികളെ പിടിച്ചുടുകയും ചെയ്യും.
31 ഇതാ നീതിമാനു ഭൂമിയിൽ തന്നേ പകരം കിട്ടും
ദുഷ്ടനും പാപിക്കും പിന്നേയോ.

12. അദ്ധ്യായം

1 ശിക്ഷയെ സ്നേഹിക്കുന്നവൻ അറിവിനെ സ്നേഹിക്കുന്നു
ശാസനയെ പകെക്കുന്നവൻ മൃഗപ്രായൻ.
2 നല്ലവൻ യഹോവയോടു പ്രസാദം പ്രാപിക്കും
ദുശ്ചിന്തക്കാരനെ അവൻ ദുഷ്ടീകരിക്കും.
3 ദുഷ്ടതയാൽ ആരും സ്ഥിരനാകയില്ല
നീതിമാന്മാരുടേ വേർ ഇളകുകയും ഇല്ല.
4 പ്രാപ്തിയുള്ള സ്ത്രീ ഭർത്താവിനു കിരീടം തന്നേ
അവന്റേറ എല്ലുകളിൽ പുഴുപ്പിന്നു് ഒത്തതു നിന്ദിതയായവൾ.
5 നീതിമാന്മാരുടേ വിചാരങ്ങളും ന്യായം തന്നേ
ദുഷ്ടരുടേ നയസാമർത്ഥ്യം ചതിയത്രേ.
6 ദുഷ്ടന്മാരുടേ വാക്കുകളും(സാധുക്കടേ) രക്തത്തിനു പതിയിരിപ്പു് എന്നത്രേ,
ആയവരെ ഉദ്ധരിപ്പതു നേരുള്ളവരുടേ വായു്.
7 മറിഞ്ഞുടനേ ദുഷ്ടന്മാർ ഇല്ലാതേയാം
നീതിമാന്മാരുടേ വീടു നില്ക്കും താനും.
8 അവനവനു ബോധത്തിനു തക്ക സ്തുതി ഉണ്ടാം
ഹൃദയക്കോട്ടമുള്ളവനോ ധിക്കാരത്തിനു് ആളാം ആകും.
9 ആഹാരം കുറവുള്ള ആത്മപ്രശംസക്കാരനിലും
ഒറ്റ അടിയാനുള്ള നീചനും നല്ലു.
10 തൻ കന്നുകാലിയുടേ മനസ്സിനെ നീതിമാൻ അറിയുന്നു
ദുഷ്ടന്മാരുടേ കനിവോ ക്രൂരതയത്രേ.

11 തൻ നിലം നടക്കുന്നവൻ ആഹാരതൃപ്തനാകും
നിസ്സാരന്മാരെ പിന്തുടരുന്നവൻ ബുദ്ധിക്കുറവുള്ളവനത്രേ,
12 ആകാത്തവക്കുള്ള വേട്ടയെ ദുഷ്ടൻ ഇച്ഛിക്കുന്നു
നീതിമാന്മാരുടേ വേർ തെഴുക്കും.
13 അധരങ്ങളുടേ ദ്രോഹത്തിൽ വല്ലാത്ത കുടുക്കുണ്ടു
ഞെരുക്കത്തിൽനിന്നു നീതിമാൻ പുറത്തു വരും.
14 തന്റെ വായ്ഫലത്തിൽനിന്ന് നന്മകളാൽ തൃപ്തനാകും,
മനുഷ്യന്റെ കൈകൾ പിണെച്ചതു തനിക്കു തിരികേ വരും.
15 ഭോഷന്റെ വഴി അവന്റെ കണ്ണുകൾക്കു ചൊവ്വ് എന്നു തോന്നും
(മറ്റേവരുടേ) മന്ത്രണം കേൾക്കുന്നവൻ തന്നേ ജ്ഞാനി.
16 തന്റെ മുഷിച്ചലിനെ അന്നു തന്നേ അറിയിക്കുന്നവൻ ഭോഷൻ,
കൌശലക്കാരൻ അപമാനത്തെ മൂടുന്നു.—
17 വിശ്വസ്തത ഊതുന്നവൻ നീതിയെയും
കപടസാക്ഷി ചതിയെയും ബോധിപ്പിക്കും.
18 വാൾ കുത്തുമ്പോലേ ജല്പിക്കുന്നവൻ ഉണ്ടു
ജ്ഞാനികളുടേ നാവോ ശമനം.
19 സത്യത്തിൻ അധരം എന്നേക്കും സ്ഥിരപ്പെട്ടും
ചതിനാവോ ഇമെപ്പോളും നേരം.
20 തിന്മ ഉഴുന്നവരുടേ ഹൃദയത്തിൽ കപടം ഉണ്ടു
സമാധാനം മന്ത്രിക്കുന്നവക്കോ സന്തോഷം.
21 നീതിമാന് ഒരു വിപത്തും തട്ടുകയില്ല
ദുഷ്ടന്മാരോ തിന്മകൊണ്ടു നിറയും.
22 ചതിയധരങ്ങൾ യഹോവെക്കു വെറുപ്പു
സത്യം ചെയ്യുന്നവർ അവന്റെ പ്രസാദം.
23 കൌശലക്കാരൻ അറിവിനെ മറെക്കും
ബുദ്ധിഹീനരുടേ ഹൃദയം മൌഢ്യത്തെ വിളിച്ചു പരത്തും.
24 ഉത്സാഹികളുടേ കൈ ഭരിക്കും
മടിവിനോ അടിമപ്പണിയേ ഉള്ളു.
25 പുരുഷന്റെ ഹൃദയത്തിലുള്ള ഖേദം അതിനെ അമർക്കുന്നു
നല്ല വാക്ക് അതിനെ (പിന്നേയും) സന്തോഷിപ്പിക്കും.
26 നീതിമാൻ ചങ്ങാതിക്കു ദിക്കു കാട്ടും
ദുഷ്ടന്മാരുടേ വഴി അവരെ തെറ്റിക്കും.
27 അലസൻ നായാടുന്നതിനെ ഇളക്കിക്കുന്നില്ല
മനുഷ്യനു അമൂല്യധനമോ ഉത്സാഹം തന്നേ.
28 നീതിഞെറിയിൽ ജീവൻ ഉണ്ടു,
അതിൻ മാർഗ്ഗവഴി ചാകായ്മ തന്നേ.

13. അദ്ധ്യായം

1 **ജ്ഞാ**നമുള്ള മകൻ അച്ഛന്റെ ശിക്ഷാ (ഫലം)
ആക്ഷേപത്തെ കേളാത്തവൻ പരിഹാസി.
2 തന്റെ വായ്ഫലത്തിൽനിന്ന് താൻ നന്മ ഭുജിക്കും (12, 14)
തോല്പിക്കുന്നവരുടേ ബുഭുക്ഷ സാഹസം.
3 വായിനെ സൂക്ഷിക്കുന്നവൻ സ്വപ്രാണനെ കാക്കുന്നു
അധരങ്ങളെ പിളർക്കുന്നവന്നോ ഇടിവു നിശ്ചയം.
4 മടിയന്റെ ദേഹിക്കു വൻകൊതി ഉണ്ടായാലും ഏതും ഇല്ല
ഉത്സാഹികളുടേ ദേഹിക്കേ പുഷ്ടി ഉള്ളു.—

5 ചതിവാക്കിനെ നീതിമാൻ പകെക്കും
ദുഷ്ടൻ നിന്ദിക്കയും കൃസിക്കയും ചെയ്യും.
6 വഴിത്തികവിനെ നീതി സൂക്ഷിക്കും
പാപമയനെ ദുഷ്ടത വഴതിക്കും.
7 ഒന്നും ഇല്ലാതേ സമ്പന്നരായും
അതിധനത്തോടേ ദരിദ്രരായും നടിക്കുന്നവർ ഉണ്ട.
8 ആളടേ പ്രാണന് പ്രാശ്ചിത്തമായത് അവന്റെ സമ്പത്ത്
ദരിദ്രൻ ആക്ഷേപത്തെ കേളാതേ പോകും.
9 നീതിമാന്മാരുടേ വെളിച്ചം തെളതെള മിന്നും
ദുഷ്ടന്മാരുടേ വിളക്കു കെടും.
10 വഴക്കു വരുത്തുന്നത് തിളപ്പിനാലത്രേ
മന്ത്രണം കൈക്കൊള്ളുന്നവരോടേ ജ്ഞാനം ഉള്ള.
11 മായയാലുള്ള മുതൽ ചുരുങ്ങും
കൈയിട (കയ്യിട) ശേഖരിക്കുന്നവൻ വർദ്ധിപ്പിക്കും.
12 നീണ്ട പോകുന്ന പ്രതീക്ഷ ഹൃദയത്തെ നോവിക്കുന്ന
ആഗ്രഹം സാധിക്കുന്നതു ജീവവൃക്ഷം തന്നേ.
13 വചനത്തെ നിരസിക്കുന്നവൻ അതിന്ന പണയപ്പാടാകും
കല്പനയെ ഭയപ്പെടുന്നവനു പകരം കിട്ടും.
14 ജ്ഞാനിയുടേ ഉപദേശം
മരണക്കണികളോട് അകലുവാൻ (തക്ക) ജീവനുറവു.
15 നല്ല ബോധം കൃപ തരും (3,4)
തോല്പിക്കുന്നവരുടേ വഴി തീരാതു.
16 എല്ലാ കൌശലക്കാരനും അറിവിനോടേ വ്യാപരിക്കുന്ന
ബുദ്ധിഹീനൻ മൌഢ്യത്തെ പരത്തുന്ന (12, 23).
17 ദുഷ്ടദൂതൻ തിന്മയിൽ വീഴും
വിശ്വസ്തനായ ഓട്ടാളൻ ചികിത്സ തന്നേ.
18 ശിക്ഷയെ തള്ളുന്നവനു ദാരിദ്ര്യവും ഇളപ്പവും
ശാസനയെ കാക്കുന്നവനു ബഹുമാനം (ഉണ്ടാം).
19 ആഗ്രഹം സാധിക്കുന്നതു മനസ്സിന്ന മതുക്കും
ബുദ്ധിഹീനക്കു വെറുപ്പായതു തിന്മയോട് അകലുക തന്നേ.
20 ജ്ഞാനികളോടു സഞ്ചരിച്ചിട്ടേ ജ്ഞാനിയാക
പൊട്ടരിൽ മമതയുള്ളവൻ വിടക്കാകും.
21 പാപികളെ തിന്മ പിന്തുടർന്ന കൊള്ളും
നീതിമാന്മാക്കു (യഹോവ) നന്മ പകരം ചെയ്യും.
22 നല്ലവൻ മക്കടേ മക്കളെ അവകാശം അനുഭവിപ്പിക്കും
പാപിയുടേ ധനമോ നീതിമാനു സംഗ്രഹിച്ചു കിടക്കുന്ന.
23 ദരിദ്രർ വയക്കി നടക്കുന്നതിൽ ആഹാരം വളരേ ഉണ്ട
ന്യായക്കേടിനാൽ പാറിപ്പോകുന്ന (വലിയ)വനും ഉണ്ട.
24 വടിയെ മതിയാക്കുന്നവൻ തൻ മകനെ പകെക്കുന്ന
അവനെ സ്നേഹിക്കുന്നവൻ വിരയ ശിക്ഷിപ്പാൻ തുടങ്ങുന്ന.
25 നീതിമാൻ ഇച്ഛചെരുക്കു തൃപ്തിയാവോളം ഉണ്ണുന്ന
ദുഷ്ടരുടേ വയറിനു മുട്ടുണ്ടാകും.

14. അദ്ധ്യായം

1 സ്ത്രീകളുടേ ജ്ഞാനം തൻ ഭവനത്തെ പണിയുന്ന
ഭോഷത്വം സ്വന്ത കൈകളാലേ അതിനെ പൊളിക്കും.

2 യഹോവയെ ഭയപ്പെടുന്നവൻ തന്റെ നേരിൽകൽ നടക്കുന്നു
അവനെ ധിക്കരിക്കുന്നവൻ തൻ വഴികളെ വളെക്കുന്നു.
3 ഭോഷന്റെ വായിൽ (സ്വ)ഗവ്വത്തിന്നു ഒരു ചൂരൽ ഉണ്ടു
ജ്ഞാനികളുടേ അധരങ്ങളെ (ജ്ഞാനം) കാക്കും.
4 കാളകൾ ഇല്ലാഞ്ഞാൽ തൊട്ടി വെടിപ്പുള്ളതു
മൂരിയുടേ ഊക്കിനാൽ വരവു പെരുത്തു.
5 വിശ്വസ്തസാക്ഷി പൊളി പറകയില്ല
കള്ളസാക്ഷി കപടങ്ങൾ ഊതുന്നു (6,19).
6 പരിഹാസി ജ്ഞാനത്തെ തിരഞ്ഞാറേ അതു ഇല്ലാഞ്ഞു
ബുദ്ധിമാനു അറിവു എളുതു.
7 ബുദ്ധിഹീനന്റെ മുമ്പിൽനിന്നു മാറിപ്പോക
അറിവുള്ള അധരങ്ങൾ (അവിടേ) അറിവാറായില്ലല്ലോ.
8 കൌശലക്കാരന്റെ ജ്ഞാനമായതു തൻ വഴിയെ വിവേചിക്ക തന്നേ
മൂഢരുടേ ഭോഷത്വം ചതിയത്രേ.
9 ഭോഷരെ കുറബലി പരിഹസിക്കും
നേരുള്ളവക്കു തമ്മിൽ പ്രസാദം തോന്നും.
10 ഹൃദയം തൻ ഉഴക്കൈപ്പിനെ അറിയുന്നു
അതിൻ സന്തോഷത്തിലും അന്യൻ ഇടപെടായ്ക.
11 ദുഷ്ടരുടേ വീടു സംഹരിച്ചു പോകും
നേരുള്ളവരുടേ കൂടാരം പൂക്കും.
12 അവനവനു നേരായി തോന്നുന്ന വഴി ഉണ്ടു
അതിൻ ഒടുവോ മരണവഴികളത്രേ.
13 ചിരിപ്പിലും ഹൃദയം നോകും
സന്തോഷത്തിന്റെ ഒടുവു ഖേദം ആകിലുമാം.
14 ഹൃദയം പിൻവാങ്ങുന്നവൻ തൻ വഴികൾകൊണ്ടു തൃപ്തനാകും
നല്ല പുരുഷൻ തന്മേലുള്ളതുകൊണ്ടു.
15 അജ്ഞൻ എല്ലാ വാക്കും വിശ്വസിക്കും
കൌശലക്കാരൻ തൻ നടയെ വിവേചിക്കും (8).
16 ജ്ഞാനി ഭയപ്പെട്ടു തിന്മയിൽനിന്നു മാറുന്നു
ബുദ്ധിഹീനൻ നിർഭയനായി പുളെക്കുന്നു.
17 മുൻകോപി മൌഢ്യം ചെയ്യും
ദുശ്ചിന്തക്കാരനോ പകെക്കപ്പെട്ടും.
18 അജ്ഞന്മാരുടേ അവകാശം മൌഢ്യം
കൌശലക്കാരോ അറിവിനെ ചൂടും.
19 ആകാത്തവർ നല്ലവരുടേ മുമ്പിലും
ദുഷ്ടന്മാർ നീതിമാന്റെ പടിവാതുക്കലും വണങ്ങി നില്ക്കും.
20 തന്റെ കൂട്ടുകാരനാലും ദരിദ്രൻ പകെക്കപ്പെട്ടും
ധനവാനെ സ്നേഹിക്കുന്നവർ അനേകർ.
21 കൂട്ടുകാരനെ ധിക്കരിക്കുന്നവൻ പാപി
സാധുക്കളെ കനിഞ്ഞുകൊള്ളുന്നവൻ ഹോ ധന്യൻ!
22 തിന്മ യന്ത്രിക്കുന്നവർ ഉഴന്നു പോകുന്നില്ലയോ
നന്മ യന്ത്രിക്കുന്നവർക്കു ദയയും സത്യവും ഉണ്ടാം.
23 എല്ലാ അദ്ധ്വാനത്തിലും ആദായം ഉണ്ടാം
അധരവാക്കു കുറവത്രേ വരുത്തും.
24 ജ്ഞാനികളുടേ കിരീടം അവരുടേ ധനം തന്നേ,
പൊട്ടരുടേ മൌഢ്യം മൌഢ്യം.
25 പ്രാണങ്ങളെ ഉദ്ധരിക്കുന്നതു സത്യസാക്ഷിയായവൻ
കപടങ്ങൾ ഊതുന്നവൻ ചതിയത്രേ (5).

26 യഹോവാഭയത്തിൽ ബലമുള്ള ആശ്രയം
അങ്ങനേത്തവൻേറ മക്കൾക്കും ശരണം ഉണ്ടാകും.
27 യഹോവാഭയം മരണക്കണികളോട്
അകലുവാന്തക്ക ജീവനുറവ് (13,14).
28 ജനപ്പെരുപ്പത്തിൽ തന്നേ രാജാവിൻേറ പ്രാഭവവും
പ്രജകളം ഇല്ലായ്കയിൽ തമ്പുരാൻേറ ഇടിവും (ആകുന്നു).
29 ദീർഘക്ഷാന്തിയുള്ളവൻ വിവേകപൂർണ്ണൻ
ഹ്രസ്വക്ഷാന്തിയുള്ളവൻ മൌഢ്യത്തെ പ്രാപിക്കും.
30 മാംസങ്ങൾക്കു ജീവനായതു ശാന്തഹൃദയം തന്നേ
എല്ലുകൾക്കു പുഴുപ്പോ എരിവത്രേ.
31 എളിയവനെ പീഡിപ്പിക്കുന്നവൻ അവനെ ഉണ്ടാക്കിയവനെ ശകാരിക്കുന്നു
ആയവനെ തേജസ്കരിക്കുന്നവൻ ദീനനെ കനിഞ്ഞുകൊള്ളുന്നു. [ന്നു
32 ദുഷ്ടൻ ദുർഗ്ഗതി വന്നാൽ തള്ളിക്കളയപ്പെട്ടും
നീതിമാൻ മരണത്തിലും തേറുന്നവൻ.
33 വിവേകിയുടേ ഹൃദയത്തിൽ ജ്ഞാനം അമന്നിരിക്കും
ബുദ്ധിഹീനരുടേ ഇടയിൽ അത് അറിയിക്കപ്പെട്ടും.
34 നീതി എന്നതു ജാതിയെ ഉയർത്തും
വംശങ്ങളുടേ ദൂഷ്യം പാപം തന്നേ.
35 ബോധമുള്ള ദാസനു രാജപ്രസാദം
നിന്ദ്യനായവന് അവൻേറ ചീറ്റം.

15. അദ്ധ്യായം

1 ശാന്തതയുള്ള പ്രത്യുത്തരം ഊഷ്മാവിനെ ശമിപ്പിക്കും
കടുവാക്കു കോപത്തെ കിളർത്തും.
2 ജ്ഞാനികളുടേ നാവ് നല്ലറിവിനെ തരും
ബുദ്ധിഹീനരുടേ വായി മൌഢ്യം കൊപ്പളിക്കുന്നു (28).
3 എല്ലാവിടത്തിലും യഹോവാക്കണ്ണുകൾ ഉണ്ടു
ആകാത്തവരെയും നല്ലവരെയും ഒറ്റു നോക്കുവാൻ.
4 നാവിനാലേ ശമനം ജീവവൃക്ഷം തന്നേ
അതിലേ വികൃതി ആത്മാവിങ്കൽ മുറിവത്രേ.
5 ബുദ്ധിഹീനൻ അപ്പനേറ ശിക്ഷയെ നിരസിക്കും
ആക്ഷേപത്തെ കാക്കുന്നവൻ കൌശലക്കാരനാകും.
6 നീതിമാനേറ വീട്ടിൽ വളരേ നിധിയും
ദുഷ്ടനേറ വരവിൽ കലാപവും ഉണ്ടു.
7 ജ്ഞാനികളുടേ അധരങ്ങൾ അറിവിനെ വിതറും
ബുദ്ധിഹീനരുടേ ഹൃദയമോ ഉറപ്പില്ലാത്തു.
8 ദുഷ്ടന്മാരുടേ ബലി യഹോവെക്കു വെറുപ്പു
നേരുള്ളവരുടേ പ്രാർത്ഥന അവനു പ്രസാദം.
9 യഹോവെക്കു വെറുപ്പായതു ദുഷ്ടരുടേ വഴി
നീതിയെ പിന്തുടരുന്നവനെ സ്നേഹിക്കും.
10 ഞെറിയെ വിടുന്നവനു ദുർഗ്ഗതി (നിശ്ചയം)
ആക്ഷേപത്തെ പകെക്കുന്നവൻ മരിക്കും.
11 പാതാളവും കേടിടവും യഹോവയുടേ തൃമുമ്പിലത്രേ (ഇയ്യോബ് 26, 6)
മനുഷ്യപുത്രരുടേ ഹൃദയങ്ങൾ പിന്നേയോ.
12 തന്നെ ശാസിക്കുന്നതു പരിഹാസി സ്നേഹിക്കാതു
ജ്ഞാനികൾഅടുക്കലേക്കു ചെല്ലാതു.

13 സന്തുഷ്ടഹൃദയം മുഖത്തെ നന്നാക്കുന്നു
ഹൃദയ വ്യസനത്തിങ്കൽ തകർന്ന ആത്മാവും ഉണ്ടു.
14 വിവേകിയുടേ ഹൃദയം അറിവിനെ തിരയും
ബുദ്ധിഹീനരുടേ വായ് മൌഢ്യത്തെ കോലും.
15 എളിയവന്റേ നാളുകൾ ഒക്കയും വിടുക
ശുഭഹൃദയമുള്ളവൻ നിത്യസദ്യ തന്നേ.
16 യഹോവാഭയത്തിങ്കൽ അല്പമുള്ളതു
അലമ്പൽ കൂടിയ ഏറിയ നിക്ഷേപത്തിലും നല്ലു.
17 ദ്വേഷം കൂടിയ തടിച്ച കാളയിലും
സ്നേഹമുള്ളേടത്തു ചീരക്കറിയും നല്ലു.
18 ചൂടുകാരൻ വഴക്കിനെ കൊളുത്തുന്നു
ദീർഘക്ഷാന്തിയുള്ളവൻ വിവാദത്തെ അമർക്കും.
19 മടിയന്റേ വഴി ചുള്ളിവേലിയോട് ഒക്കും
നേരുള്ളവരുടേ ഞെറി നിരത്തു.
20 ജ്ഞാനമുള്ള മകൻ അപ്പനെ സന്തോഷിപ്പിക്കും
മനുഷ്യപ്പൊട്ടൻ അമ്മയെ നിന്ദിക്കുന്നു.
21 ബുദ്ധിക്കുറവുള്ളവന്നു മൌഢ്യം സന്തോഷം തന്നേ
വിവേകി നേരേ നടന്നുകൊള്ളും.
22 സംഘം ഇല്ലാഞ്ഞാൽ നിരൂപണങ്ങൾ ചൊട്ടിപ്പോകും
മന്ത്രിക്കുന്നവർ പെരുകയിൽ നിവിന്നുനില്ക്കും.
23 തൻ വായുടേ ഉത്തരത്താൽ തനിക്കു സന്തോഷം
തത്സമയത്തിൽ ഉള്ള വാക്ക് എത്ര നല്ലതു.
24 ജീവന്റേ ഞെറിയെ ബോധവാൻ മേലോട്ട് ചെല്ലുന്നു
കീഴേ പാതാളത്തോട് അകലുവാൻ തന്നേ.
25 ഡംഭുള്ളവരുടേ ഭവനത്തെ യഹോവ ഇഴെച്ചുകളയും.
വിധവയുടേ അതിർ ഉറപ്പിക്കയുമാം.
26 ദുർന്നിരൂപണങ്ങൾ യഹോവെക്കു വെറുപ്പു
മനോഹരച്ചൊല്ലുകൾ (അവനു) ശുദ്ധം.
27 ലോഭലുബ്ധൻ സ്വഭവനത്തെ വലെച്ചു വെക്കുന്നു (11, 29)
സമ്മാനങ്ങളെ പകെക്കുന്നവൻ ജീവിക്കും.
28 നീതിമാന്റേ ഹൃദയം ഉത്തരം പറവാൻ ധ്യാനിക്കും
ദുഷ്ടരുടേ വായി തിന്മകളെ കൊപ്പുളിക്കും (3).
29 ദുഷ്ടന്മാർക്കു യഹോവ ദൂരസ്ഥൻ
നീതിമാന്മാരുടേ പ്രാർത്ഥനയെ കേൾക്കും.
30 കണ്ണുകളുടേ പ്രഭ ഹൃദയത്തെ സന്തോഷിപ്പിക്കും
നല്ല കേൾവി എല്ലിനു പുഷ്ടി വരുത്തും.
31 ജീവന്റേ ആക്ഷേപണത്തെ കേൾക്കുന്ന ചെവി
ജ്ഞാനികളുടേ ഇടയിൽ വസിക്കും.
32 ശിക്ഷയെ തള്ളുന്നവൻ സ്വപ്രാണനെ നിരസിക്കുന്നു
ആക്ഷേപത്തെ കേൾക്കുന്നവൻ ബുദ്ധി സമ്പാദിക്കും.
33 യഹോവാഭയം ജ്ഞാനത്തിലേക്കു ശിക്ഷ
തേജസ്സിന്നു മുമ്പിലേത്തു താഴ്മ.

16. അദ്ധ്യായം

1 ഹൃദയത്തിന്റേ ഒരുമ്പാടുകൾ മനുഷ്യന്റേതു
നാവിന്നു പ്രത്യുത്തരം (വരുന്നതു) യഹോവയിൽനിന്നത്രേ.

2 തന്റെ വഴികൾ ഒക്കെയും തനിക്കു സ്വച്ഛമായി തോന്നും
ആത്മാക്കളെ തൂക്കിനോക്കുന്നവൻ യഹോവ അത്രേ.
3 യഹോവ മേൽ നിന്റെ ക്രിയകളെ ഉരുട്ടുക
എന്നാൽ നിന്റെ നിരൂപണങ്ങൾ സ്ഥിരപ്പെടും.
4 യഹോവ സകലത്തെയും തന്റെ അഭിപ്രായത്തിന്നായി പ്രവൃത്തിച്ചു
ദുഷ്ടനെ ദുർദ്ദിവസത്തിന്നായി തന്നേ.
5 മനപ്പൊക്കമുള്ളവൻ എല്ലാം യഹോവെക്കു വെറുപ്പു
കൈക്കു കൈ സത്യം അവൻ നിർദ്ദോഷൻ എന്നു വരികയില്ല (11, 21).
6 ദയാസത്യങ്ങളാലേ അകൃത്യം പരിഹരിക്കപ്പെടും
തിന്മയെ വിട്ടു മാറുന്നതു യഹോവാഭയത്തിനാലത്രേ.
7 ഒരുത്തന്റെ വഴികളിൽ യഹോവ പ്രസാദിച്ചാൽ
അവന്റെ ശത്രുക്കളെയും അവനോടു് ഇണക്കും.
8 ന്യായമില്ലാത്ത ബഹുവരവിലും
നീതിയിലുള്ള ഓർ അല്പവും നല്ലു.
9 മനുഷ്യഹൃദയം തൻ വഴിയെ എണ്ണിക്കൊള്ളും
അവന്റെ നടയെ സ്ഥിരമാക്കുന്നതു യഹോവയത്രേ.
10 രാജാവിന്റെ അധരങ്ങളിൽ (ദിവ്യമായ) അരുളപ്പാടു് ഉണ്ടു
ന്യായവിധിയിൽ അവന്റെ വായി ലംഘിക്കൊല്ല.
11 ന്യായമുള്ള പടിയും തുലാസ്സും യഹോവെക്കു് ഉള്ളു.
അവന്റെ ക്രിയ സഞ്ചിയിലേ കല്ലുകളും ഒക്കവേ.
12 ദുഷ്ടത ചെയ്ക രാജാക്കന്മാർക്കു വെറുപ്പു
സിംഹാസനത്തിന്നു സ്ഥിരത വരുന്നതു് നീതിയാലല്ലോ.
13 നീതിയധരങ്ങൾ രാജാക്കന്മാർക്കു പ്രസാദം
നേരുകളം ഉരെക്കുന്നവനെ സ്നേഹിക്കും.
14 രാജാവിൻ ഊഷ്മാവു് മരണദൂതന്മാർ.
എന്നാൽ ജ്ഞാനമുള്ള പുരുഷൻ അതിനെ പരിഹരിക്കും.
15 രാജമുഖത്തെ വെളിച്ചത്തിങ്കൽ ജീവൻ ഉണ്ടു
അവന്റെ പ്രസാദം പിന്മഴ മുകിലിനോടു് ഒക്കും.
16 ജ്ഞാനത്തെ സമ്പാദിക്ക, തങ്കത്തിലും എത്ര നല്ലു!
വെള്ളിയിലും മേത്തരമായതു വിവേകസമ്പാദനം.
17 നേരുള്ളവരുടെ നിരത്തു തിന്മയിങ്കൽ മാറുന്നതത്രേ
സ്വദേഹിയെ കാക്കുന്നവൻ തൻ വഴിയെ സൂക്ഷിക്കുന്നു.
18 ഭംഗത്തിന്നു മുമ്പെ ഡംഭം
ഇടർച്ചെക്കു മുമ്പെ ആത്മാവിൻ ഉയർച്ച.
19 സാധുക്കളോടേ ആത്മാവു് കീഴിയുന്നതു
ഗർവ്വികളോടു കവർച്ചയെ പകുക്കുന്നതിൽ നല്ലു.
20 വചനത്തെ ബോധിച്ചു കൊള്ളുന്നവൻ നന്മ കണ്ടെത്തും
യഹോവയിൽ തേറുന്നവൻ ധന്യൻ.
21 ഹൃദയജ്ഞാനമുള്ളവൻ വിവേകി എന്നു വിളിക്കപ്പെടും
അധരമാധുര്യം ഉപദേശത്തെ വർദ്ധിപ്പിക്കും.
22 ബോധമുടയവക്കു് അതു ജീവനുറവു
പൊട്ടരുടേ ശിക്ഷ പൊട്ടത്വം തന്നേ.
23 ജ്ഞാനിയുടേ ഹൃദയം അവന്റെ വായ്ക്കു ബോധം കൂട്ടി
അധരങ്ങളിൽ ഉപദേശത്തെ വർദ്ധിപ്പിക്കും.
24 മനോഹരമൊഴികളം തേൻകട്ട
ദേഹിക്കു മധുരവും എല്ലിന്നു ചികിത്സയും തന്നേ.
25 അവനവനു നേരായി തോന്നുന്ന വഴി ഉണ്ടു
അതിൻ ഒടുവോ മരണവഴികളത്രേ (14, 12).

26 പ്രയത്നം ചെയ്യുന്നവന്റെ കൊതി അവന്നായി പ്രയത്നിക്കുന്നു.
തന്റെ വായി അവനെ പണി എടുപ്പിക്കുന്നുവല്ലോ.
27 തിന്മ തോണ്ടുന്നവൻ വല്ലായ്മക്കാരൻ
അവന്റെ അധരങ്ങളുടേ മേൽ എരിയുന്ന തീപ്പോലേ.
28 മറിപ്പുകളുടയവൻ പിണക്കുകാം അയക്കുന്നു (6, 14)
നണയൻ തോഴനെ വേർപെടുക്കുന്നു.
29 സാഹസക്കാരൻ തന്റെ കൂട്ടുകാരനെ വശീകരിച്ചു
നന്നല്ലാത്ത വഴിയിൽ നടത്തുന്നു.
30 കണ്ണുകളെ ചിമ്മി മറിപ്പുകാം നിരൂപിച്ചും
അധരങ്ങളെ പൂട്ടിക്കൊള്ളുന്നവൻ തിന്മയെ പ്രവൃത്തിച്ചുകളയുന്നു.
31 നര എന്നതു ഭ്രഷ്ണകിരീടം
നീതിവഴിയിൽ അതിനോട് എത്താം.
32 വീരനിലും നല്ലതു ദീർഘക്ഷാന്തിയുള്ളവൻ
തൻ ആത്മാവിനെ ഭരിക്കുന്നവൻ നഗരത്തെ പിടിച്ചടക്കുന്നവനിലും.
33 ചീട്ടിനെ മടിയിൽ ചാട്ടും [(നല്ല).
അതിന്റെ വിധിയോ യഹോവയിൽനിന്നു മാത്രം.

17. അദ്ധ്യായം

1 വിവാദബലികാം നിറഞ്ഞ ഭവനത്തിൽ
സൈരത്തോടേ ഉണങ്ങിയ കഷ്ണവും നല്ലു.
2 ബോധവാനായ ദാസൻ (യജമാനന്റെ) നിന്ദ്യപുത്രനെയും ഭരിച്ചു
സഹോദരരുടേ നടുവിൽ അവകാശത്തെ പങ്കിടുകിലുമാം.
3 വെള്ളിക്കു പുടവും പൊന്നിന്നു ഉലയും
ഹൃദയങ്ങളെ ശോധന ചെയ്യുന്നതോ യഹോവ.
4 ദുഷ്ടൻ അകൃത്യാധരങ്ങളെ കൂറിക്കൊണ്ടു,
കിണ്ടങ്ങളുടേ നാവിന്മേൽ കപടം ചെവിക്കൊള്ളുന്നു.
5 ദരിദ്രനെ പരിഹസിക്കുന്നവൻ അവനെ ഉണ്ടാക്കിയവനെ നിന്ദിക്കുന്നു,
വിപത്തിൽ സന്തോഷിക്കുന്നവൻ നിർദ്ദോഷൻ എന്നു വരികയില്ല.
6 കിഴവന്മാരുടേ കിരീടമായതു മക്കളുടേ മക്കാം,
പുത്രക്കു ഭ്രഷ്ണം അവരുടേ പിതാക്കാം തന്നേ.
7 ശ്രേഷ്ഠതയുടേ അധരം ഭോഷനു പൊരുന്നുന്നതല്ല
ഉദാരനു കപടാധരം പിന്നേയോ.
8 കൈക്കുലി ഉടയവനു ലാവണ്യക്കല്ലു എന്നു തോന്നും
ഏതിലേക്കു തിരിഞ്ഞാലും സാദ്ധ്യം ഉണ്ടാം.
9 സ്നേഹത്തെ അന്വേഷിക്കുന്നവൻ ദ്രോഹത്തെ മൂടുന്നു.
ആവർത്തിച്ചു പറയുന്നവൻ തോഴനെ വേർപെടുക്കുന്നു (16,28).
10 മൂഢനെ നൂറു അടിക്കുന്നതിനെക്കാം
ബുദ്ധിമാനിൽ ശാസന ആഴേ ചെല്ലും.
11 മത്സരക്കാരൻ തിന്മ മാത്രം അന്വേഷിക്കും
അവനെക്കൊള്ളേ ക്രൂരദൂതൻ അയക്കപ്പെടും.
12 കൂട്ടികാം പോയ്യോയ കരടി തനിക്കു എതിരേല്ക്കുട്ടേ
മൂഢൻ മാത്രം അവന്റെ പൊട്ടത്വത്തിൽ അരുതു.
13 നന്മെക്കു പകരം തിന്മ വരുത്തിയാൽ
അവന്റെ ഭവനത്തിൽനിന്നു തിന്മ നീങ്ങുകയില്ല.
14 വെള്ളം ചോരുന്നതു (പോലേ) പിണക്കിന്റെ തുടക്കം;
(ചിറ) പൊട്ടും മുമ്പേ വിവാദത്തെ മതിയാക്കു.

15 ദുഷ്ടനെ നീതീകരിക്കുന്നവൻ നീതിമാനെ ദുഷ്ടീകരിക്കുന്നവൻ
ഇവർ ഇരുവരും യഹോവെക്കു വെറുപ്പു.
16 മനസ്സില്ലാത്തേടത്തു ജ്ഞാനത്തെ സമ്പാദിപ്പാൻ
മൂഢന്റെ കൈയിൽ ഈ ദ്രവ്യമുള്ളതു് എന്തിനു?
17 തോഴൻ എല്ലാകാലത്തും സ്നേഹിക്കുന്നു
ഞെരിക്കത്തിന്നു സഹോദരനായി ജനിക്കും.
18 കൂട്ടുകാരന്റെ മുമ്പാകെ ഉത്തരവാദിയാവാൻ
കൈയടിക്കുന്ന മനുഷ്യൻ ബുദ്ധികുറഞ്ഞവൻ.
19 വഴക്കു സ്നേഹിക്കുന്നവൻ ദ്രോഹത്തെ സ്നേഹിക്കുന്നു
തന്റെ വാതിലിനെ പൊക്കത്തിൽ തീക്കുന്നവൻ ഭംഗത്തെ അന്വേഷിക്കു
20 ഹൃദയവക്രൻ നന്മയെ കാൺകയില്ല [ന്നു.
നാവിൻ തിരിപ്പുള്ളവൻ തിന്മയിൽ വീഴും.
21 മൂഢനെ പെറ്റാൽ തനിക്കു ഖേദത്തിന്നാം
ഭോഷന്റെ അപ്പൻ സന്തോഷിക്കയും ഇല്ല.
22 സന്തുഷ്ടഹൃദയം ദീനത്തെ പൊറുപ്പിക്കും
ഇടിഞ്ഞ ആത്മാവു് അസ്ഥിയെ വറ്റും.—
23 മടിയിൽനിന്നു കൈക്കൂലിയെ ദുഷ്ടൻ മേടിപ്പതു
നീതിഞെറികളെ വളെച്ചു വെപ്പാനത്രേ.
24 ബുദ്ധിമാന്റെ ലാക്കു ജ്ഞാനം അത്രേ
മൂഢന്റെ കണ്ണുകളോ ഭൂമിയുടേ അറുതിയിൽ.
25 മൂഢപുത്രൻ അപ്പനു വ്യസനവും
ജനനിക്കു കൈപ്പും തന്നേ.
26 നീതിമാനോടു പിഴ വാങ്ങുന്നതും
ഉദാരന്മാരെ നേർ നിമിത്തം അടിക്കുന്നതും നന്നല്ല.
27 തൻ മൊഴികളെ അടക്കി വെക്കുന്നവൻ അറിവിനെ അറിയുന്നു
ശീതാത്മാവുള്ളവൻ വിവേകക്കാരൻ.
28 മിണ്ടാഞ്ഞാൽ ബുദ്ധിഹീനനും ജ്ഞാനി എന്നു തോന്നും
തൻ അധരങ്ങളെ പൂട്ടുന്നവൻ വിവേകി.

18. അദ്ധ്യായം

1 വേറുപിരിഞ്ഞുകൊള്ളുന്നവൻ തന്നിഷ്ടത്തെ അന്വേഷിക്കുന്നു
എല്ലാവസ്തുതത്തിന്നും നേരേ കയക്കും.
2 തൻ ഹൃദയത്തെ താൻ വെളിപ്പെടുത്തുകയിൽ അല്ലാതേ
വിവേകത്തിങ്കൽ മൂഢനു പ്രസാദം ഇല്ല.
3 ദുഷ്ടൻ വന്നിട്ടു് ധിക്കാരവും വരുന്നു
അപമാനത്തോടു കൂടേ നിന്ദയും.
4 പുരുഷവായിലേ വാക്കുകളും ആഴമുള്ള വെള്ളം
ജ്ഞാനത്തിൻ ഉറവു പൊക്കുളിക്കുന്ന പുഴ.
5 ന്യായവിധിയിൽ നീതിമാനെ ചരിപ്പാൻ
ദുഷ്ടനു വേണ്ടി മുഖപക്ഷം നന്നല്ല.
6 മൂഢന്റെ അധരങ്ങൾ വിവാദത്തിൽ കടക്കും
അവന്റെ വായി തല്ലുകൊൾക്കായി വിളിക്കുന്നു.
7 മൂഢന്റെ വായി അവനു തന്നേ ഇടിവു്
അവന്റെ അധരങ്ങൾ സ്വപ്രാണനു കണി.
8 നുണയന്റെ വാക്കുകൾ പലഹാരങ്ങൾ പോലേ
ഉടലിന്റെ അകങ്ങളിൽ ഇറങ്ങുന്നു.

9 തൻ ഉദ്യോഗത്തിൽ മടിയനായവനും
മുടിയനേറ അനുജനത്രേ.
10 യഹോവാനാമം ഊക്കേറും ഗോപുരം
അതിലേ നീതിമാൻ മണ്ടിക്കൊണ്ട് ഉയരേ സുഖിക്കും.
11 ധനവാനേറ സമ്പത്ത് അവന് ഊക്കേറും നഗരം (10, 15)
ഉയർന്ന മതിൽ എന്ന് അവനേറ ഭാവം.
12 ഭംഗത്തിന്നു മുമ്പേ ഒരുത്തനേറ ഹൃദയം പൊങ്ങും (16, 18)
തേജസ്സിന്നു മുമ്പിലേത്രേ താഴ്മ (15, 33).
13 കേൾക്കുമ്മുമ്പേ ഉത്തരം പറഞ്ഞാൽ
അത് തനിക്കു മൌഢ്യവും ലജ്ജയും (ആം).
14 പുരുഷനേറ ആത്മാവ് സ്വവ്യാധിയെ താങ്ങും
ഇടിഞ്ഞ ആത്മാവിനെയോ പൊറുപ്പത് ആർ?
15 വിവേകിയുടേ ഹൃദയം അറിവിനെ സമ്പാദിക്കും (15, 14)
ജ്ഞാനികളുടേ ചെവി അറിവിനെ അന്വേഷിക്കും.
16 മനുഷ്യനേറ സമ്മാനം അവനു വിശാലത ഉണ്ടാക്കി
അവനെ മഹത്തുക്കളുടേ സന്നിധാനത്തിൽ നടത്തും.
17 വിവാദത്തിൽ മുമ്പനായവൻ നീതിമാൻ എന്നു തോന്നും
അവനേറ കക്ഷക്കാരൻ വന്നു അവനെ പരീക്ഷിക്കും.
18 ചീട്ടു വ്യവഹാരങ്ങളെ അമർത്തി
ശക്തന്മാരെ വേർപിരിക്കും.
19 ദ്രോഹിതസഹോദരൻ ഊക്കേറും നഗരത്തെക്കാളും മറുത്തുനില്ക്കുന്നു
വ്യവഹാരങ്ങൾ അരമനയുടേ ഓടാമ്പൽ പോലേ.
20 തനേറ വായ്ഫലത്തിൽനിന്ന് ഇന്നവനേറ വയറു തൃപ്തി കാണും (12,
തൻ അധരങ്ങളുടേ വരവിനാലേ തൃപ്തനാവു. [14)
21 ജീവമരണങ്ങളും നാവിനേറ കൈക്കലത്രേ
(ജ്ഞാനത്തിൽ) കൂറുള്ളവൻ അതിൻ ഫലം തിന്നും.
22 ഭാര്യ കിട്ടി നന്മ കിട്ടി
യഹോവയോട് പ്രസാദവും എത്തി.
23 ദരിദ്രൻ യാചനകൾ ഉരെക്കും
ധനവാനേറ ഉത്തരം കഠിനമത്രേ.
24 ചങ്ങാതികൾ (ഏറേ) എങ്കിൽ സങ്കടങ്ങൾ ഏറും,
സഹോദരനെക്കാളും പററിക്കൊള്ളുന്ന സ്നേഹിതൻ ഉണ്ടു താനും.

19. അദ്ധ്യായം

1 അധരവക്രനായ മൂഢനിലും
തൻ തികവിൽ നടക്കുന്ന ദരിദ്രൻ നല്ലു.
2 ദേഹിക്കു തന്നറിവ് ഇല്ലായ്മയും നന്നല്ല
കാൽ വിരവുള്ളവൻ പിഴെക്കുന്നു.
3 മനുഷ്യനേറ മൂഢത അവനേറ വഴിയെ വഴുതിക്കും
എന്നിട്ട് അവനേറ ഹൃദയം യഹോവയോടു ചൊടിക്കും.
4 സമ്പത്തു വളരേ ചങ്ങാതികളെ ചേൎക്കും
എളിയവൻ തനേറ ചങ്ങാതിയോടും വേറാകും.
5 കള്ളസാക്ഷി നിൎദ്ദോഷൻ എന്നു വരികയില്ല
കപടങ്ങൾ ഊതുന്നവൻ ഒഴിഞ്ഞു പോകയും ഇല്ല.
6 തമ്പുരാനേറ മുഖത്തെ അനേകർ തഴുകും
സമ്മാനക്കാരന് എല്ലാവനും ചങ്ങാതി.

7 ദരിദ്രന്റെ സഹോദരർ ഒക്കയും അവനെ പകയർ
അവന്റെ ചേർച്ചക്കാർ അവനോട് അകലുവതു പിന്നേയോ!
അവൻ മൊഴികളെ പിന്തുടർന്നാലും അവർ ഇല്ല.
8 ബുദ്ധി സമ്പാദിക്കുന്നവൻ തൻ ദേഹിയെ സ്നേഹിക്കുന്നു
വിവേകത്തെ കാക്കുന്നവൻ നന്മ കാണും.
9 കള്ളസാക്ഷി നിർദ്ദോഷൻ എന്നു വരിക്കയില്ല
കപടങ്ങൾ ഊതുന്നവൻ കെടും (5).
10 മൂഢനു രമ്യത പൊരുന്നുന്നതല്ല
പ്രഭുക്കളെ ഭരിക്കുന്നതു ദാസനു പിന്നേയോ.
11 മനുഷ്യന്റെ ബോധം അവന്റെ ക്ഷാന്തിയെ ദീർഘമാക്കുന്നു
ദ്രോഹത്തെ ശിക്ഷിയാതെ വിടുന്നത് അവന് അലങ്കാരം.
12 കോളരി അലറുമ്പോലേ രാജാവിന്റെ ഈർഷ്യ
പുല്ലിന്മേലേ മഞ്ഞു പോലേ അവന്റെ പ്രസാദം.
13 മൂഢപുത്രൻ തൻ അപ്പനു കിണ്ടങ്ങളത്രേ
ഭാര്യയുടേ വഴക്കുകൾ നിരന്തരധാര.
14 വീടും വസ്തുവും അപ്പന്മാർ വിട്ട അവകാശം,
ബോധമുള്ള ഭാര്യയോ യഹോവയിങ്കനു.
15 ആലസ്യം സുഷുപ്തിയെ ഇറക്കും
മടിവുള്ള ദേഹി വിശക്കും.
16 കല്പനയെ കാക്കുന്നവൻ സ്വദേഹിയെ കാക്കുന്നു (16, 17)
തൻ വഴികളെ ശ്രദ്ധിക്കാത്തവൻ കൊല്ലപ്പെടും.
17 എളിയവനെ കനിഞ്ഞുകൊള്ളുന്നവൻ യഹോവെക്കു വായ്പ കൊടുക്കുന്നു
അവന്റെ ഉപകാരത്തിന് താൻ പകരം ചെയ്യും.
18 പ്രത്യാശയുള്ളുന്നും നിൻ മകനെ ശിക്ഷിക്ക
അവനെ കൊല്ലുവാൻ ഭാവിച്ച പോകല്ല താനും.
19 കടുങ്കോപി പിഴ ഒപ്പിക്കട്ടേ
അല്പാഞ്ഞാൽ നീ ഉദ്ധരിച്ചാൽ ഇനി അധികമാക്കും.
20 മന്ത്രണം കേട്ടു ശിക്ഷയെ ഏറുകൊൾക
നിന്റെ ഭാവിയിൽ ജ്ഞാനി ആവാന്തന്നേ (12,15).
21 ഒരുവന്റെ ഹൃദയത്തിൽ വളരേ വിചാരങ്ങൾ ഉണ്ടെങ്കിലും
യഹോവയുടേ ആലോചന നില്ക്കുയുള്ളു.
22 മനുഷ്യന്റെ ആഗ്രഹമായത് അവന്റെ ദയ തന്നേ
കപടക്കാരനിൽ ദരിദ്രനും നല്ലു.
23 യഹോവാഭയം ജീവങ്കലേക്കു തന്നേ
(ആയതിനാൽ) തിന്മ സന്ദർശിക്കാതേ തൃപ്തനായി രാ പാർക്കും.
24 മടിയൻ തളികയിൽ കൈകുഴിച്ചിട്ടു
തൻ വായിലേക്കു മടക്കുവാനും വഹിയാ.
25 പരിഹാസിയെ നീ അടിച്ചാൽ അജ്ഞന കൌശലം വരും,
വിവേകിയെ ആക്ഷേപിച്ചാൽ അവന് അറിവ് ബോധിക്കും.
26 അച്ഛനെ ഹേമം ചെയ്തു അമ്മയെ ആട്ടുന്നവൻ
നിന്ദ്യപുത്രനും കുത്സിതനും തന്നേ.
27 അറിവിൻ മൊഴികളെ വിട്ടഴലുവാൻ (തോന്നിയാൽ)
ശിക്ഷയെ കേൾക്കുന്നത് എൻ മകനേ, മതിയാക്കുക!
28 വല്ലായ്മയുള്ള സാക്ഷി ന്യായത്തെ പരിഹസിക്കും
ദുഷ്ടരുടേ വായി അകൃത്യം വിഴുങ്ങിക്കളയും.
29 പരിഹാസികൾക്കു ന്യായദണ്ഡങ്ങളും
മൂഢരുടേ മുതുകിന്നു തല്ലുകളും ഒരുങ്ങി കിടക്കുന്നു.

20. അദ്ധ്യായം

1 വീഞ്ഞു പരിഹാസി, മദ്യം അലമ്പല്ലാരൻ
ആയതിൽ ഉഴലുന്നവൻ ആരും ജ്ഞാനിയാകയില്ല.
2 കോളരി അലറുമ്പോലേ രാജത്രാസം (19,12)
അവനെ രോഷിപ്പിക്കുന്നവൻ സ്വദേഹിക്കു നേരേ പിഴെക്കുന്നു.
3 വിവാദത്തിൽനിന്ന് ഒഴിയുക പുരുഷനു തേജസ്സു്
എല്ലാമൂഢനും കയത്തു പോകും.
4 ഹിമകാലം വന്നാൽ മടിയൻ ഉഴുകയില്ല
കൊയ്ത്തിൽ അവൻ ചോദിച്ചാൽ കിട്ടുകയും ഇല്ല.
5 പുരുഷഹൃദയത്തിലേ ആലോചന ആഴമുള്ള വെള്ളം (18,4)
വിവേകക്കാരൻ അതിനെ കോരി എടുക്കും.
6 അനേകമനുഷ്യർ ദയ കാട്ടുന്നവനോടു് എത്തും
എങ്കിലും വിശ്വസ്തപുരുഷനെ കണ്ടെത്തുന്നത് ആർ!
7 തൻ തികവിൽ നടന്നുകൊള്ളുന്നവനേ നീതിമാൻ
പിന്നേതിൽ അവനേറ മക്കളും ധന്യർ!
8 ന്യായാസനത്തിൽ ഇരിക്കുന്ന രാജാവു്
കണ്ണുകൊണ്ടു് എല്ലാ തിന്മയെയും ചേറിക്കളയുന്നു.
9 എൻ ഹൃദയത്തെ ഞാൻ നിർമ്മലീകരിച്ചു (സങ്കീ. 73,13)
എൻ പാപത്തിൽനിന്നു ശുദ്ധനായ്വന്നു എന്നു പറവത് ആർ?
10 കല്ലും കല്ലും നാഴിയും നാഴിയും
ഈ രണ്ടും യഹോവെക്കു വെറുപ്പു (17,15).
11 ബാലനും കൂടേ അവനേറ ചേൽ
നിർമ്മലമാകുമോ നേരുള്ളതോ എന്നു് സ്വക്രിയകളാലേ തിരിഞ്ഞു വരും.
12 കേൾക്കുന്ന ചെവി കാണുന്ന കണ്ണു
ഈ രണ്ടും യഹോവ ഉണ്ടാക്കി.
13 വസ്തു പോയ്പോകാതിരിപ്പാൻ ഉറക്കം സ്നേഹിക്കൊല്ല
കണ്മിഴിക്ക ആഹാരതൃപ്തനാക.
14 വിടുക്ക വിടുക്ക എന്നു ചൊല്ലി കൊള്ളുന്നവൻ
ചെന്നിട്ടു തന്നെ താൻ പ്രശംസിക്കും.
15 പൊന്നും ഉണ്ടു മുത്തുകളും പെരുകും
വിലയേറിയ പദാർത്ഥമോ അറിവുള്ള അധരങ്ങൾ.
16 അവനേറ വസ്ത്രം എടുത്തു കൊൾ അവൻ പരനു് ഉത്തരവാദിയായല്ലോ
അന്യർക്കു വേണ്ടി അവനേറ പണയം പററിക്കൊൾ.
17 കള്ള ആഹാരം തനിക്കു മധുരം
പിന്നേ വായിൽ ചരൽ നിറയും.
18 മന്ത്രണത്താലേ വിചാരങ്ങൾ ഉറക്കേ ഉള്ള
നയസാമർത്ഥ്യത്താലേ യുദ്ധം ചെയ്ക.
19 നണയനായി നടക്കുന്നവൻ രഹസ്യത്തെ വെളിപ്പെടുത്തുന്നു (11,13)
അധരങ്ങളെ പിളർക്കുന്നവനോടു് ഇടപെടൊല്ല.
20 അമ്മയപ്പന്മാരെ ശപിക്കുന്നവനു്
അന്ധതമസ്സിൽ വിളക്കു കെടും.
21 ആദിയിൽ പിശുക്കി നേടിയ അവകാശത്തിന്നു്
അന്തം അനുഗ്രഹിക്കപ്പെടാതു.
22 തിന്മെക്കു ഞാൻ പകരം ചെയ്യട്ടേ എന്നു പറയല്ലേ
യഹോവയെ കാത്തിരിക്ക അവൻ നിന്നെ രക്ഷിക്കും.
23 കല്ലും കല്ലും യഹോവെക്കു വെറുപ്പു (10)
കള്ളത്രാസു നന്നല്ല (11, 1).

24 വീരന്റെ നടകൻ യഹോവയിൽനിന്നത്രേ
മനുഷ്യന തൻ വഴി എങ്ങനേ തിരിയും?
25 വിശ്രുദ്ധം എന്ന ജല്പിച്ചു പോകുന്നതും
നേന്ന ശേഷമത്രേ നിദാനിച്ചു കൊള്ളുന്നതും മനുഷ്യന കണി തന്നേ.
26 ജ്ഞാനമുള്ള രാജാവ് ദുഷ്ടന്മാരെ ചേറുകയും
അവരുടേ മേൽ ഉരുളിനെ തെളിക്കയും ചെയ്യുന്നു.
27 മനുഷ്യന്റെ ഉയിർ ഉടലിന്റെ അകങ്ങളെ ഒക്കയും
ആരാഞ്ഞു വ്യാപിക്കുന്ന യഹോവയുടേ വിളക്കു തന്നേ.
28 ദയാസത്യങ്ങൾ രാജാവിനെ സൂക്ഷിക്കും
അവൻ ദയയാലേ തൻ സിംഹാസനത്തെ ഊന്നിക്കും.
29 യുവാക്കൻക്ക് അലങ്കാരം അവരുടേ ഊക്കു തന്നേ
വൃദ്ധന്മാരുടേ പ്രഭയോ നര.
30 ആകായ്മയെ തുടെച്ചു കളയുന്നതു അടിപ്പിണരുകൻ
ഉടലിന്റെ അകങ്ങളിൽ (തട്ടുന്ന) മുറിവുകൻ തന്നേ.

21. അദ്ധ്യായം

1 രാജാവിൻ ഹൃദയം യഹോവാക്കയ്യിൽ നീർത്തോടുകൻ പോലേ
ഇഷ്ടമുള്ളേടത്തേക്ക് അതിനെ തിരിക്കും.
2 തന്റെ വഴികൻ ഒക്കയും തനിക്കു നേർ എന്ന തോന്നും
ഹൃദയങ്ങളെ തൂക്കിനോക്കുന്നവൻ യഹോവ അത്രേ (16, 2).
3 ബലിയിലും യഹോവെക്കു ഗ്രാഹ്യമായതു
നീതിയും ന്യായവും ചെയ്ക തന്നേ.
4 കണ്ണുകളെ ഉയർത്തുക ഹൃദയം നീട്ടുക—
ദുഷ്ടരുടേ വിളക്കു പാപമാത്രം.
5 ഉത്സാഹിയുടേ വിചാരങ്ങൻ നേട്ടത്തിന്നത്രേ
ബദ്ധപ്പെട്ടുംതോറും മുട്ടിലേക്കത്രേ.
6 കള്ളനാവിനാൽ നിക്ഷേപങ്ങളെ വരുത്തുന്നതോ,
മരണം അന്വേഷിക്കുന്നവർക്കു പാറി പോകുന്നൊരു വീർപ്പു തന്നേ.
7 ന്യായം ചെയ്വാൻ വിരോധിക്കയാൽ
ദുഷ്ടന്മാരുടേ കലാപം അവരെ ഇഴെച്ചു കളയും.
8 ദുർഭാരക്കാരന്റെ വഴി അകടുവികടു
നിർമ്മലന്റെ പ്രവൃത്തി നേരേ തന്നേ.
9 വഴക്കുകാരത്തിയുള്ള കൂട്ടുവീട്ടിലും
മേല്പുരക്കോണിൽ വസിക്കുന്നതും നല്ലു.
10 ദുഷ്ടന്റെ ദേഹി തിന്മ കൊതിക്കുന്നു
അവനോടു തോഴനും കനിവു കിട്ടാതു.
11 പരിഹാസി പിഴ കൊടുത്താൽ അജ്ഞന ജ്ഞാനം ഉണ്ടാകും
ജ്ഞാനിക്കു ബോധം നല്കിയാൽ അറിവു ലഭിക്കും.
12 നീതിയുള്ള (ദേ)വൻ ദുഷ്ടന്റെ ഭവനത്തെ ബോധിച്ചുകൊണ്ടു
ദുഷ്ടരെ തിന്മയിൽ അകപ്പെടുത്തുന്നു.
13 എളിയവന്റെ കുറിന്നു ചെവി പൊത്തുന്നവൻ
കൂടേ ഒരിക്കൽ നിലവിളിച്ചു ഉത്തരം കേളാതേ പോം.
14 രഹസ്യത്തിങ്കലേ സമ്മാനം കോപത്തെയും
മടിയിലേക്കു കൈക്കുലി കൊടിയ ഊഷ്മാവിനെയും മാറും.
15 ന്യായം ചെയ്ക നീതിമാന്നു സന്തോഷം
അകൃത്യം പ്രവൃത്തിക്കുന്നവർക്ക് ഇടിവ് (10, 29).

16 സുബോധവഴിയെ വിട്ടു തെറ്റുന്ന മനുഷ്യൻ
പ്രേതന്മാരുടേ സഭയിൽ അമരും.
17 സന്തോഷത്തെ സ്നേഹിക്കുന്നവൻ മുട്ടിന്നു ആളാകുന്നു
വീഞ്ഞും നെയ്യും സ്നേഹിക്കുന്നവൻ ധനവാനാകയില്ല.
18 ദുഷ്ടൻ നീതിമാനു വീണ്ടെടുപ്പിൻ വിലയാകും
നേരുള്ളവക്കു പകരം തോല്പിക്കുന്നവനത്രേ.
19 മരുഭൂമിയിൽ വസിക്കുന്നതു
വഴക്കുകാരത്തിയോടുള്ള വ്യസനത്തിലും നല്ലു (9).
20 മനോഹരനിധിയും നെയ്യും ജ്ഞാനിയുടേ കൂടിയിലത്രേ
മനുഷ്യപ്പൊട്ടൻ അതിനെ വിഴുങ്ങിക്കളയും.
21 നീതിദയകളെ പിന്തുടർന്നാൽ
ജീവനും നീതിയും തേജസ്സും കണ്ടെത്തും.
22 വീരന്മാരുടേ നഗരത്തിൽ ജ്ഞാനി കേറി
അവർ ആശ്രയിച്ച ബലത്തെ കിഴിച്ചു കളഞ്ഞു.
23 വായും നാവിനെയും കാക്കുന്നവൻ
ഞെരുക്കങ്ങളിൽനിന്നു സ്വദേഹിയെ കാക്കുന്നു.
24 ചീത്തകൊള്ളുന്ന ഗർവ്വിക്കു പരിഹാസി എന്നു പേർ
ഗർവ്വത്തിന്റേറ തിളപ്പിൽ ചെയ്തു പോരുന്നു.
25 മടിയന്റേറ കൊതി അവനെ കൊല്ലും
പണി ചെയ്വാൻ കൈകളും വിരോധിക്കയാൽ തന്നേ.
26 എല്ലാനാളും കൊതി കൊതിച്ചാലും
നീതിമാൻ കോടാതേ കൊടുക്കും.
27 ദുഷ്ടന്മാരുടേ ബലി വെറുപ്പത്രേ (15,8)
അതിനെ ദുഷ്ചിന്തെക്കായി കഴിച്ചാൽ പിന്നേയോ
28 കപടസാക്ഷി കെടും,
കേൾക്കുന്ന പുരുഷൻ എന്നേക്കും ഉരിയാടും.
29 ദുഷ്ടപുരുഷൻ മുഖത്തിന്നു തിറം കൂട്ടുന്നു
നേരുള്ളവൻ തൻ വഴികളെ സ്ഥിരമാക്കുന്നു.
30 യഹോവെക്കു എതിർ ജ്ഞാനം ഇല്ല
വിവേകവും ഇല്ല ആലോചനയും ഇല്ല.
31 പടനാളേക്കു കുതിര ഒരുങ്ങി നില്ക്കുന്നു
ജയരക്ഷയോ യഹോവെക്കുള്ളു.

22. അദ്ധ്യായം

1 ബഹുസമ്പത്തിലും മേത്തരമായതു പേർ തന്നേ
വെള്ളിയിലും പൊന്നിലും കൃപ നല്ലു.
2 സമ്പന്നനും ദരിദ്രനും തമ്മിൽ മുട്ടുന്നു
അവരെ എപ്പേരും ഉണ്ടാക്കിയതു യഹോവ തന്നേ.
3 കൌശലക്കാരൻ തിന്മ കണ്ടു ഒളിച്ചു കൊണ്ടു
അജ്ഞന്മാർ കടന്നു പിഴ ഒപ്പിക്കേണ്ടി വരും.
4 താഴ്മയുടേ അനുഭവമായതു യഹോവാഭയം
സമ്പത്തും തേജസ്സും ജീവനും തന്നേ.
5 വക്രന്റേറ വഴിയിലേ മുള്ളുകളും കുടുക്കുകളും
എന്നിവറേറാടു അകലുവതു സ്വദേഹിയെ കാക്കുന്നവൻ.
6 ബാലനെ തൻ വഴിക്കു തക്കവണ്ണം അഭ്യസിപ്പിക്ക
അവൻ മൂത്താലും അതിനെ വിട്ടു മാറുകയില്ല.

7 ദരിദ്രരിൽ സമ്പന്നൻ വാഴും
കടം വാങ്ങുന്നവൻ കൊടുക്കുന്ന ആൾക്കു ദാസൻ.
8 അക്രമം വിതെക്കുന്നവൻ അകൃത്യം കൊയ്യും
അവനേറ ചീറ്റത്തിൻ ദണ്ഡു ക്ഷയിച്ചു പോകും.
9 നല്ല കണ്ണുള്ളവനേ അനുഗ്രഹിക്കപ്പെട്ടു
തനേറ അപ്പത്തിൽനിന്നു ദീനന്നു കൊടുക്കയാൽ തന്നേ.
10 പിണക്കു പുറത്താവാൻ പരിഹാസിയെ ആട്ടിക്കളെക
പിന്നേ വഴക്കും ഇളപ്പവും ഒഴിയും.
11 ഹൃദയശുദ്ധി അധരങ്ങടേ ലാവണ്യം
ഇവറെറ സ്നേഹിക്കുന്നവനു രാജാവ് തന്നേ തോഴൻ (ആകും).
12 യഹോവയുടേ കണ്ണുകൾ അറിവിനെ സൂക്ഷിക്കുന്നു
തോല്പിക്കുന്നവനേറ വാക്കുകളെ അവൻ ചൊട്ടിക്കയും ചെയ്യുന്നു.
13 തെരുവിൽ സിംഹം ഉണ്ടു, വീഥികളുടേ നടുവിൽ
ഞാൻ കൊല്ലപ്പെടും എന്നു മടിയൻ പറഞ്ഞു.
14 പരസ്ത്രീകളുടേ വായ് ആഴമുള്ള കുഴി
യഹോവയുടേ വ്യസനത്തിൻ പാത്രമായവൻ അതിലേ വീഴും.
15 ബാലനേറ ഹൃദയത്തിൽ ഭോഷത്വം കെട്ടി നില്ക്കുന്നു
ശിക്ഷയുടേ വടി അതിനെ അകറ്റും.
16 ദീനനെ പീഡിപ്പിച്ചാൽ അവനു ലാഭത്തിന്നു(ാം)
സമ്പന്നനു കൊടുക്കുന്നവൻ (തനിക്കു) മുട്ടിന്നത്രേ.

ജ്ഞാനികളുടേ വാക്കുകൾ.

(22, 17–24, 34).

17 നിനേറ ചെവി ചായ്ച്ചു ജ്ഞാനികളുടേ വാക്കുകളെ (1,6) കേട്ടു
എൻ അറിവിലേക്കു ഹൃദയത്തെ ചേർത്തുകൊൾക.
18 നീ അവറെറ കരളിൽ കാത്തുകൊണ്ടാൽ മനോഹരം തന്നേ
നിനേറ അധരങ്ങളുടേ മേൽ അവ ഒക്കത്തക്ക ഊന്നി നിന്നേ ആവു.
19 നിനേറ ആശ്രയം യഹോവയിൽ ആവാൻതന്നേ
ഞാൻ ഇന്നു നിന്നെ അറിയിക്കുന്നതു സാക്ഷാൽ നിന്നെ അത്രേ.
20 സത്യമൊഴികളുടേ പരമാർത്ഥം നിന്നെ അറിയിപ്പാനും
നിന്നെ അയക്കുന്നവർക്കു നീ ഉണ്മയിൽ മൊഴികളെ തിരികേ വരുത്തുവാനും
21 ഞാൻ മന്ത്രണങ്ങളോടും അറിവിനോടും
നിണക്കു കാതൽച്ചൊല്ലുകളെ എഴുതിയിട്ടില്ലയോ.
22 ദീനനാകയാൽ ദീനനോടു പിടിച്ചു പറിക്കയും
പടിവാതുക്കൽ സാധുവിനെ ചവിട്ടി നടക്കയും ഒല്ലാ;
23 അവരുടേ വ്യവഹാരത്തെ യഹോവ എടുക്കയും
അവരെ അപഹരിക്കുന്നവരേ പ്രാണനെ അപഹരിക്കയും ചെയ്യുമല്ലോ.
24 കോപകർത്താവിനോടു മമതയും
ഊഷ്മാക്കളുടേ ആളിനോടു ചേർച്ചയും അരുതു;
25 അല്ലാഞ്ഞാൽ അവരുടേ ഞെറികളെ നീ ശീലിക്കയും
നിനേറ ദേഹിക്കു കണി ലഭിക്കയും ചെയ്യും.
26 കൈയടിക്കുന്നവരിൽ
കടങ്ങൾക്കു ഉത്തരവാദികളായവരിൽ കൂടല്ല;

27 വീട്ടുവാൻ നിണക്ക് ഇല്ലാഞ്ഞാൽ
നിന്റേറ കീഴിൽനിന്ന മെത്തയെ അവൻ എടുപ്പാൻ എന്തു?
28 നിന്റേറ അപ്പന്മാർ വെച്ച
പണ്ടേത്തേ അതിരിനെ നീക്കൊല്ല.
29 തന്റേറ പ്രവൃത്തിയിൽ ചുറുക്കുള്ള പുരുഷനെ കണ്ടാൽ
ഇവൻ രാജാക്കളുടേ മുമ്പിൽ നിന്നുകൊള്ളും,
നീചന്മാരുടേ മുമ്പിൽ നില്പാൻ തോന്നാതു.

23. അദ്ധ്യായം

1 വാഴനോനോടു കൂടേ ഭക്ഷിപ്പാൻ ഇരുന്നാൽ
നിന്റേറ മുമ്പാകേ ഉള്ളവനെ വിചാരിച്ചുകൊണ്ടു,
2 നീ കൊതിയൻ എന്നു വരികിൽ
തൊണ്ടെക്കു കത്തി ഇട്ടുകൊൾക.
3 ചതിയപ്പമാകകൊണ്ടു
അവന്റേറ രസപദാർത്ഥങ്ങളെ ആഗ്രഹിക്കരുതു.
4 സമ്പന്നനാവാൻ അദ്ധ്വാനിക്കരുതു
ഈ നിന്റേറ വിവേകത്തെ വെച്ചൊഴികെ;
5 (പക്ഷേ) നിന്റേറ കണ്ണുകൾ അതിലേക്കു പറന്നിട്ടു അതു ഇല്ലാതാകേണം [എന്നോ?
വാനത്തേക്കു പറക്കും കഴുകു പോലേ
(സമ്പത്തു) തനിക്കു ചിറകുകളെ ഉണ്ടാക്കും നിശ്ചയം.
6 ചീത്തക്കണ്ണുള്ളവന്റേറ അപ്പം തിന്നുകയും
അവന്റേറ രസപദാർത്ഥങ്ങളെ ആഗ്രഹിക്കയും അരുതു;
7 അവൻ മനസ്സിൽ നിദാനിക്കും പോലേ അത്രേ അവൻ ആകുന്നതു,
തിന്നു കുടിച്ചോളു എന്നു നിന്നോടു പറഞ്ഞാലും
അവന്റേറ ഹൃദയം നിന്നോടുള്ളതല്ല;
8 നീ തിന്ന കഷണവും കക്കി
നിന്റേറ മനോഹരവാക്കുകളെ നഷ്ടമാക്കിക്കളയും.
9 മൂഢന്റേറ ചെവികളിൽ പറയൊല്ല
നിന്റേറ ചൊല്ലുകളുടേ ബോധം അവൻ നിരസിക്കുമല്ലോ.
10 പണ്ടേത്തേ അതിരിനെ നീക്കൊല്ല (22, 28)
അനാഥരുടേ വയലിൽ ആക്രമിക്കയും അരുതു;
11 അവരുടേ വീണ്ടെടുപ്പുകാരൻ ശക്തനല്ലോ
അവരുടേ വ്യവഹാരത്തെ അവൻ നിന്നോടു വ്യവഹരിക്കും.
12 ശിക്ഷയിലേക്കു നിന്റേറ ഹൃദയവും
അറിവിൻ മൊഴികളിലേക്കു നിൻ ചെവികളെയും കൊണ്ടുവരിക.
13 പൈതലിന്നു ശിക്ഷയെ മുടക്കായ്ക
അവനെ വടി കൊണ്ടു അടിച്ചാൽ ചാകയില്ല (19,18).
14 നീ വടി കൊണ്ടു അടിച്ചിട്ടു
അവന്റേറ ദേഹിയെ പാതാളത്തിൽനിന്നു ഉദ്ധരിക്കും.
15 എന്മകനേ, നിന്റേറ ഹൃദയത്തിന്നു ജ്ഞാനം ഉണ്ടായാൽ
എന്റേറ ഹൃദയവും എന്റേറതു കൂടേ സന്തോഷിക്കും,
16 എന്റേറ ഉൾപൂവും ഉല്ലസിക്കും
നിന്റേറ അധരങ്ങൾ നേർ ഉരെക്കയിൽ തന്നേ.
17 നിന്റേറ ഹൃദയം പാപികളിൽ അല്ല
യഹോവാഭയത്തിലത്രേ എല്ലാനാളും ഏറിവു ഭാവിപ്പൂതാക;
18 പിൻകാലം ഉണ്ടാകയാൽ
നിന്റേറ പ്രത്യാശ അറ്റു പോകയില്ലല്ലോ.

19 എന്മകനേ, നീ കേട്ടുകൊണ്ടു ജ്ഞാനിയാക
ഹൃദയത്തെ വഴിക്കേ നടത്തിക്കൊൾക.
20 വീഞ്ഞിൽ മദിക്കുന്നവരിലും
മാംസം മുടിക്കുന്നവരിലും കൂടൊല്ല,
21 കാരണം മദ്യപനും മുടിയനും അവകാശമില്ലാതാകും
അതിനിദ്ര ചീളകളെ ഉടുപ്പിക്കയും ആം.
22 നിന്നെ ജനിപ്പിച്ച അപ്പനെ കേൾക്ക
മൂക്കയാൽ നിൻറെ അമ്മയെ നിരസിക്കയും ഒല്ല;
23 ജ്ഞാനം ശിക്ഷ വിവേകം ഇവയുമായി
സത്യത്തെ സമ്പാദിക്കയും വിൽക്കായ്കയും വേണം;
24 നീതിമാൻറെ അപ്പൻ ആനന്ദിച്ചു മകിഴും
ജ്ഞാനിയെ ജനിപ്പിച്ചവൻ അവനിൽ സന്തോഷിക്കും;
25 നിൻറെ അമ്മയപ്പന്മാർ സന്തോഷിക്കയും
നിന്നെ പെറവൾ ആനന്ദിക്കയും ആക!
26 എന്മകനേ, നിൻറെ ഹൃദയത്തെ എനിക്കു താ,
നിൻ കണ്ണുകൾ എൻറെ വഴികളിൽ പ്രസാദിപ്പൂതാക!
27 വേശ്യയാകട്ടേ ആഴമുള്ള കുഴി (22, 14)
അന്യയും ഞെരുക്കമുള്ള കിണറു;
28 മോഷ്ടാവിനെ പോലേ ആയവൾ തന്നേ പതിയിരുന്നു
മനുഷ്യരെ തോല്പിക്കുന്നവരുടേ എണ്ണം അധികമാക്കുന്നു.
29 ആർക്ക് അയ്യോ, ആർക്ക് അയ്യയ്യോ,
ആർക്കു പിണക്കുകൾ ആർക്കു ഖേദം ആർക്കു വെറുതേ (ഏറെ) മുറിവുകൾ,
ആർക്കു കണ്ണുകളുടേ മങ്ങൽ?
30 വീഞ്ഞിനോടു വൈകി ഇരിക്കുന്നവർക്കു
വിരകിയ മദ്യം രുചി നോക്കുവാൻ പൂകുന്നവർക്കു തന്നേ.
31 അതു ചുവക്കുന്നു എന്നും
പാനപാത്രത്തിൽ കണ്മണി പോലേ കാട്ടുന്നു എന്നും
സരിയായി ഇറങ്ങുന്നു എന്നും വീഞ്ഞിനെ നോക്കരുതു!
32 അതിൻ ഒടുവോ നാഗം പോലേ തീണ്ടും
മൂർഖനെ പോലേ കൊത്തും.
33 നിൻറെ കണ്ണുകൾ പരസ്ത്രീകളെ കാൺകയും,
ഹൃദയം മറിപ്പുകൾ ഉരെക്കയും,
34 നീ കടലിൻ ഉള്ളിൽ ശയിക്കുന്നവനോടും
പാമരത്തിൻ മുകളിൽ ഉറങ്ങുന്നവനോടും ഒത്തു വരികയും ആം.
35 ഹോ എന്നെ അടിച്ചിട്ടും നോവില്ല
തച്ചിട്ടും അറിവില്ല,
എപ്പോൾ ഉണരും? പിന്നേയുംവേണം, അതിനെ ഇനി തേടും എന്നത്രേ.

24. അദ്ധ്യായം

1 ദുർജ്ജനങ്ങളിൽ അസൂയ ഭാവിക്കയും
അവരോടു കൂടുവാൻ ആഗ്രഹിക്കയും അരുതു;
2 കാരണം അവരുടേ ഹൃദയം നാശത്തെ ധ്യാനിക്കയും
അധരങ്ങൾ കിണ്ടത്തെ ഉരെക്കയും ഉള്ള.—
3 ജ്ഞാനത്താലേ ഭവനം പണിയപ്പെട്ടു
വിവേകത്താലേ സ്ഥിരമാവു;
4 അറിവിനാലേ അകങ്ങളിൽ നിറവു വിലയേറിയതും
മനോഹരവും ആയ ധനം ഒക്കവേ.

5 ജ്ഞാനമുള്ള പുരുഷൻ ഊക്കും
അറിവുള്ള ആൾ ഉരത്ത ബലവും പൂണ്ടിരിക്കും.
6 കാരണം നയസാമർത്ഥ്യത്താൽ നീ പോർ നടത്തിക്കൊൾകയും
മന്ത്രികളിൽ പെരുകുന്നതിൽ രക്ഷ ഉണ്ടാകയും (11, 14) ചെയ്യും.
7 ജ്ഞാനം എന്നത് ഭോഷനു് അത്യുന്നതം
(നഗര) വാതുക്കൽ അവൻ വായ് മിണ്ടാതു.
8 തിന്മ ചെയ്‌വാൻ നണ്ണിക്കൊള്ളുന്നവനെ
ദുശ്ചിന്തക്കാരൻ എന്നു വിളിക്കും.
9 പാപമായതു ഭോഷത്വത്തിനേറ ചിന്തയത്രേ
മനുഷ്യൎക്കു വെറുപ്പായതു പരിഹാസി.
10 ഞെരുക്കത്തിൻ നാളിൽ നീ ശിഥിലനായി കാണിച്ചു എങ്കിൽ
നിനേറ ഊക്കു ചുരുങ്ങി.
11 മരണത്തിലേക്കു കൊണ്ടുപോകുന്നവരെയും
കുലനിലത്തേക്കു് ആടി നടക്കുന്നവരെയും ഉദ്ധരിക്ക, അല്ലയോ തടുത്താ
12 ഇതാ ഞങ്ങൾ അറിഞ്ഞിട്ടില്ല എന്നു നീ പറയുന്നു എങ്കിൽ [ലും!
ഹൃദയങ്ങളെ തൂക്കി നോക്കുന്നവൻ (21,2) വിവേചിക്കയില്ലയോ,
നിനേറ ദേഹിയെ സൂക്ഷിക്കുന്നവൻ അറിയായ്കയോ?
അവൻ മനുഷ്യനു തൻ ക്രിയെക്കു തക്ക പകരം ചെയ്യും.
13 എന്മകനേ, നല്ലതെന്നിട്ടു തേനും
അണ്ണാക്കിൽ മധുരിച്ചിട്ടു തേൻകട്ടയും തിന്നുക;
14 അതേ പ്രകാരം നിൻ ദേഹിക്കു ജ്ഞാനം എന്നറിക,
അതിനെ കണ്ടെത്തി എങ്കിൽ പിൻകാലം ഉണ്ടു
നിനേറ പ്രത്യാശ അറുപോകയും ഇല്ല (23, 18).
15 ഹേ ദുഷ്ടനേ, നീതിമാനേറ പാർപ്പിനു പതിയിരിക്കൊല്ല
അവനേറ ശയ്യയെ പാഴാക്കൊല്ല;
16 കാരണം നീതിമാൻ ഏഴരു വീണാലും എഴുനീല്ക്കും
ദുഷ്ടന്മാർ ദുർഗ്ഗതി വന്നാൽ ഇടറി പോകും.
17 നിനേറ ശത്രു വീഴ്ചയിൽ സന്തോഷിക്കായ്ക
അവൻ ഇടറുകയിൽ നിനേറ ഹൃദയം ആനന്ദിക്കായ്ക,
18 അല്ലെങ്കിൽ യഹോവ കാൺകയും അവനേറ കണ്ണുകൾക്കു് ആകാ എന്നു
അവനിൽനിന്നു സ്വകോപത്തെ തിരിക്കയും ചെയ്യും. [തോന്നുകയും
19 ദുഷ്കർമ്മികളിൽ ക്രോധിക്കൊല്ല (സങ്കീ. 37,1)
ദുഷ്ടന്മാരിൽ അസൂയ ഭാവിക്കൊല്ല (1).
20 ആകാത്തവനു പിൻകാലം ഇല്ല
ദുഷ്ടന്മാരുടേ വിളക്കു കെടും (13,9).
21 എന്മകനേ, യഹോവയെയും രാജാവിനെയും ഭയപ്പെടുക,
മറുകുന്നവരോടു് ഇടപെടൊല്ല.
22 കാരണം അവരുടേ ആപത്തു പെട്ടന്നു് ഉദിക്കും
ഇരുവൎക്കുമുള്ള അധ:പതനം ആർറിയാം?

23 ഇവയും ജ്ഞാനികളുടേവ.

(23—34).

ന്യായവിസ്താരത്തിൽ മുഖം നോക്കുന്നതു നന്നല്ല;
24 ദുഷ്ടനോടു നീ നീതിമാൻ എന്നു പറയുന്നവനെ
വംശങ്ങൾ ശപിക്കും കുലങ്ങൾ പ്രാവികളെയും;

25 ശിക്ഷിക്കുന്നവക്കു സുഖം ഉണ്ടാം
ഉത്തമ അനുഗ്രഹം അവരുടെ മേൽ വരും.
26 സരിയായ ഉത്തരങ്ങളെ അരുളുന്നവൻ
അധരങ്ങളെ ചുംബിക്കും (പോലേ).
27 വെളിയേ നിന്റെ പ്രവൃത്തിയെ അനുഷ്ഠിക്ക
വയലിൽ അതിനെ സാധിച്ചു കൊൾക
ശേഷം നിന്റെ ഭവനവും പണിതു കൊള്ളാം.
28 കൂട്ടുകാരനിൽ വൃഥാസാക്ഷിയാകരുത്
നിന്റെ അധരങ്ങളെക്കൊണ്ടു പക്ഷേ വഞ്ചിക്കയോ?
29 അവൻ എനിക്കു ചെയ്തതിന്നു ഒത്തവണ്ണം ഞാൻ അവനെ ചെയ്യും
ആയാളുടേ ക്രിയെക്കു പ്രതിക്രിയ നടത്തും എന്നു പറയല്ലേ (20,22).
30 മടിയന്റെ വയലിലും
ബുദ്ധിക്കുറവുള്ള മനുഷ്യന്റെ പറമ്പിലും ഞാൻ കടന്നു;
31 അതാ മുച്ചൂടും തുവ കയറീട്ടും
ഈങ്ങ കെട്ടി മൂടിയിട്ടും
അതിൻ കന്മതിൽ ഇടിഞ്ഞിട്ടും,
32 ഞാൻ നോക്കി മനസ്സിലാക്കി
കണ്ടു ശിക്ഷ പഠിച്ചിതു:
33 (6,10s) ഇനിയും കുറേ ഉറക്കം കുറേ തുയിൽ
കുറേ കൈ കെട്ടി ശയിക്ക!
34 എന്നിട്ടു നിന്റെ ദാരിദ്ര്യം മെല്ലേ നടക്കയും
പലിശക്കാരനെ പോലേ ഓരോ കുറച്ചലും നിന്നോടു എത്തുകയും ചെയ്യും
[(എന്നത്രേ).

ശലോമോന്റെ സദൃശങ്ങൾ.

(അ. 25—29).

25. അദ്ധ്യായം

1 യഹൂദാരാജാവായ ഹിജക്കീയ്യാവിന്റെ ആളുകൾ
പകർത്തിയെഴുതിയ ഇവയും ശലോമോന്റെ സദൃശങ്ങൾ.
2 കാര്യത്തെ മറെക്കുന്നതു ദൈവത്തിന്റെ തേജസ്സു
കാര്യത്തെ ആരായ്ക രാജാക്കളുടേ തേജസ്സു.
3 ഉയരംകൊണ്ടു വാനങ്ങളും ആഴംകൊണ്ടു ഭൂമിയും
രാജാക്കളുടേ ഹൃദയവും ആരാഞ്ഞു കൂടാ.
4 വെള്ളിയിൽനിന്നു കറ നീക്കീട്ടു
തട്ടാനു ഉരു സാധിച്ചു,
5 രാജാവിൻ മുമ്പിൽനിന്നു ദുഷ്ടനെ നീക്കീട്ടു
അവന്റെ സിംഹാസനം സ്ഥിരമാം.
6 രാജാവിൻ മുമ്പിൽ പ്രഭാവം നടിക്കൊല്ല
മഹത്തുക്കളുടേ സ്ഥാനത്തും നില്ലൊല്ല;
7 നിന്റെ കണ്ണുകൾ കണ്ട ഉദാരനു മുമ്പാകേ
നിന്നെ താഴ്ത്തി വെക്കുന്നതിനെക്കാൾ
ഇങ്ങോട്ടു കരേറി വാ എന്നു നിന്നോടു പറഞ്ഞാൽ ഏറ നല്ലതല്ലോ.
8 വ്യവഹാരത്തിന്നു വിരഞ്ഞു പുറപ്പെടരുതു
അല്ലെങ്കിൽ കൂട്ടുകാരൻ നിണക്കു ലജ്ജ വരുത്തുമ്പോൾ
ഒടുവിൽ നീ എന്തെങ്കിലും ചെയ്തു പോകുമല്ലോ;

9 കുട്ടികാരനോടു നിൻേറ വ്യവഹാരം വ്യവഹരിക്ക എങ്കിലും
മറേറവൻേറ രഹസ്യം വെളിപ്പെടുത്തല്ലേ;
10 അല്പാഞ്ഞാൽ കേഴ്ക്കുന്നവൻ നിന്നെ മാനം കെടുക്കയും.
നിൻേറ ദുഷ്കീർത്തി മാറാസ്ഥയും ആം.
11 വെള്ളിത്താലങ്ങളിൽ പൊൻ നാരങ്ങകളായതു
തരത്തിൽ ചൊല്ലിയ വാക്കു.
12 പൊൻകടുക്കനും തങ്കത്താലേ ആഭരണവും ആയതു
കേൾക്കുന്ന ചെവിയോടു ശാസിക്കുന്ന ജ്ഞാനി.
13 കൊയ്ത്തുനാളിൽ ഉറെച്ച മഞ്ഞിനാലേ തണുപ്പിന്ന് ഒത്തതു
വിശ്വസ്തനായ ഓട്ടാളൻ തന്നെ അയച്ചവൎക്കു;
യജമാനന്മാരുടേ ഉള്ളത്തെ അവൻ നിവിൎത്തുന്നു.
14 മഴയില്ലാത്ത മുകിലും കാററും ആയതു
വ്യാജക്കാഴ്ചകളെ ചൊല്ലി പ്രശംസിക്കുന്നവൻ.
15 ദീർഘശാന്തതയാൽ അധികാരിയെ സമ്മതിപ്പിക്കാം
മൃദുവായ നാവ് അസ്ഥിയെയും നുറുക്കും.
16 നിണക്കു തേൻ കിട്ടി (എങ്കിൽ) മതിയാവോളം തിന്നുക
അതിതൃപ്തനായി അതിനെ ഛർദ്ദിക്കാതിരിപ്പാന്തന്നേ.
17 തോഴൻേറ വീട്ടിൽ നിൻേറ കാലിനെ മതിയാക്കുക
അവൻ അതിതൃപ്തനായി നിന്നെ പകെക്കാതിരിപ്പാൻ തന്നേ.
18 മഴവും വാളും കുത്ത അമ്പും ആയതു
കൂട്ടുകാരൻേറ നേരേ കള്ളസാക്ഷി പറയുന്ന ആൾ.
19 പുഴത്ത പല്ലും ആടുന്ന കാലും ആയത്
ഞെരുക്കത്തിൻ നാളിൽ തോല്പിക്കുന്നവനെ ആശ്രയം.
20 നീഹാരനാളിൽ വസ്ത്രം കളഞ്ഞവനും ക്ഷാരത്തിൻ മേൽ കാടിയും ആയതു
വിഷണ്ണഹൃദയത്തിന്നു പാട്ടുകൾ പാടുന്നവൻ.
21 നിൻേറ പകയനു വിശന്നാൽ അപ്പം ഭക്ഷിപ്പിക്ക,
ദാഹിച്ചാൽ അവനെ വെള്ളം കുടിപ്പിക്ക;
22 കാരണം അവൻേറ തലമേൽ നീ തീക്കനൽ കൂട്ടുന്നു
യഹോവ നിണക്കു പകരം ചെയ്യും.—
23 മഴയെ പേറുന്നതു വടക്കൻ കാററു,
മുഷിഞ്ഞ മുഖങ്ങളെ ഒളിനാവു.
24 വഴക്കുകാരത്തിയുള്ള കൂട്ടുവീട്ടിലും നല്ലതു
മേല്പുരക്കോണിൽ വസിക്ക (21, 9).
25 തളൎന്ന ദേഹിക്കു തണുത്ത വെള്ളം
അകന്ന ദിക്കിൽനിന്നു നല്ല കേൾവി.
26 കലങ്ങിയ ഉറവും പൊട്ടക്കിണറും ആയത്
നീതിമാൻ ദുഷ്ടൻേറ മുമ്പിൽ കുഴഞ്ഞു പോകുന്നതു.
27 തേൻ ഏറേ തിന്നുന്നതു നന്നല്ല
കനത്തവ ശോധന ചെയ്യുന്നതത്രേ തേജസ്സു.
28 മതിലില്ലാതേ തകൎന്നു പോയ പട്ടണമായതു
ആത്മാവിന്ന് അടക്കമില്ലാത്ത പുരുഷൻ.

26. അദ്ധ്യായം

1 വേനല്കാലത്ത് ഉറച്ച മഞ്ഞും കൊയ്ത്തിൽ മഴയും (പെയ്യും) കണക്ക
മൂഢനു തേജസ്സു യോഗ്യമല്ല. [നേ
2 കുരികിൽ ഉഴലുകയും മേവൽപക്ഷി പറക്കയും കണക്കനേ
വൃഥാശാപം പററാതേ പോകും.

3 കുതിരെക്കു ചമ്മട്ടിയും കഴുതെക്കു കടിഞ്ഞാണും
മൂഢരുടേ പുറത്തിന്നു വടിയും.
4 മൂഢനു് അവനേറ ഭോഷത്വത്തിൻ പ്രകാരം ഉത്തരം പറയരുതു
നീയും അവനു് ഒപ്പാതിരിപ്പാൻ.
5 മൂഢനു് അവനേറ ഭോഷത്വത്തിൻ പ്രകാരം ഉത്തരം പറക
തൻ കണ്ണുകളിൽ അവൻ ജ്ഞാനി ആകാതിരിപ്പാൻ.
6 തൻ കാലുകളെ അറുത്തും സഹാസം കുടിച്ചും കൊള്ളുന്നതു
മൂഢനേറ കൈക്കൽ വർത്തമാനം അയക്കുന്നവൻ.
7 മുടന്തനിൽനിന്നു തുടകളും ഞെളുന്നതു
മൂഢരുടേ വായിലേ സദൃശവും.
8 കവിണയോടു കല്ലിനെ മുറുക്കും കണക്കനേ
മൂഢനു തേജസ്സു് കൊടുക്കുന്നവനത്രേ.
9 മത്തനേറ കൈയിൽ ഓങ്ങുന്ന മുൾചെടിയും
മൂഢരുടേ വായിലേ സദൃശവും (7).
10 എല്ലാററിലും മുറിയേലു്പിക്കുന്ന വില്ലാളിയും
മൂഢനെ പണിക്കാക്കുന്നവനും കണ്ടവരെ പണിക്കാക്കുന്നവനും (ഒക്കും).
11 നായി ഛർദ്ദിച്ചതിലേക്കു തിരിയും പോലേ
മൂഢൻ തൻ ഭോഷത്വം ആവർത്തിക്കുന്നു.
12 തൻ കണ്ണുകളിൽ ജ്ഞാനിയായവനെ കണ്ടുവോ?
അവനെക്കാളും മൂഢനിൽ പ്രത്യാശ ഏറും.
13 വഴിയിൽ കോളരി ഉണ്ടു
വീഥികളുടേ മദ്ധ്യേ സിംഹം എന്നു മടിയൻ പറഞ്ഞു (22, 13).
14 കതകു തന്നേറ ഉരല്ലുററിയിലും
മടിയൻ തന്നേറ കിടക്കയിലും തിരിയും.
15 മടിയൻ തളികയിൽ കൈ കുഴിച്ചിട്ടു
തൻ വായിലേക്കു മടക്കുവാനും മടിക്കുന്നു (19,24).
16 സാരമുള്ള ഉത്തരം പറയുന്ന ഏഴുവരിലും
മടിയൻ തൻ കണ്ണുകളിൽ ജ്ഞാനിയാകുന്നു.
17 നായുടേ ചെവികളെ പിടിക്കുന്നതു
കടക്കുമ്പോൾ തനിക്കല്ലാത്ത വക്കാണത്തിൽ ചൊടിക്കുന്നവൻ.
18 ഭ്രാന്തൻ തീയമ്പുകളും അസ്ത്രങ്ങളും
മരണവും ചൊരിയും കണക്കനേ,
19 തോഴനെ ചതിച്ചിട്ടു
ഞാൻ കളിച്ചുവല്ലോ എന്നു പറയുന്ന ആൾ.
20 വിറകു് ഒടുങ്ങിയാൽ തീ കെടും
നുണയൻ ഇല്ലാഞ്ഞാൽ വഴക്കു് ഒഴിയും.
21 കനലിന്നു കരിയും തീക്കു വിറകും
വക്കാണം കൊളുത്തുവാൻ വഴക്കുകാരനും (വേണം).
22 നുണയനേറ വാക്കുകളും പലഹാരങ്ങളും പോലേ
ഉടലിനേറ അകങ്ങളിൽ ഇറങ്ങുന്നു (18,8)
23 മാടോടു പൊതിഞ്ഞ കറക്കൻവെള്ളിയായതു
(അൻപാൽ) എരിയുന്ന അധരങ്ങളോടേ വല്ലാത്ത ഹൃദയം.
24 അധരങ്ങളാൽ പകയൻ ഭാവം മറെച്ചു
ഉള്ളത്തിൽ ചതിയെ വെക്കുന്നു;
25 ഒച്ചയെ പതുപ്പിക്കുന്നു എങ്കിൽ അവനെ വിശ്വസിക്കായ്ക
അവനേറ ഉള്ളിൽ ഏഴു വെറുപ്പുകളും ഉണ്ടു നിശ്ചയം.
26 വ്യാജത്താൽ പകയെ മൂടി എങ്കിലും
സഭയിൽ വെച്ചു് അവനേറ തിന്മ വെളിപ്പെടും.

27 കഴിയെ കഴികരുന്നവൻ അതിലേ വീഴും
കല്ലിനെ (മേലോട്ട്) ഉരുട്ടുന്നവനു നേരേ അത് തിരിയും (സങ്കീ. 7,16*s*).
28 ചതിനാവ് തന്നാൽ പൊടിയുന്നവരെ പകെക്കയും
മിനുസവായി ഉന്തി വീഴിക്കയും ചെയ്യുന്നു.

27. അദ്ധ്യായം

1 നാളയെ ചൊല്ലി പ്രശംസിക്കരുത്
ഒരു നാൾ എന്ത് (എല്ലാം) ഉളവാക്കും എന്നറിയുന്നില്ലല്ലോ.
2 നിന്നേറ വായല്ല മറെറാരുവൻ നിന്നെ പുകഴ്ത്തുക
നിന്നേറ അധരങ്ങളല്ല അന്യനത്രേ!
3 കല്ലിനു ഘനവും മണലിനു ഭാരവും
രണ്ടിലും ഭാരം ഏറയുള്ളതു ഭോഷനേറ വ്യസനം.
4 ഊഷ്മാവിൻ കൊടുരവും കോപത്തിൻ കവിച്ചലും,
എരിവിനോടു നില്പവൻ ആർ?
5 മറെച്ച സ്നേഹത്തിലും നല്ലതു
തുറന്ന ആക്ഷേപണം.
6 സ്നേഹിതനേറ മുറിവുകൾ വിശ്വാസമുള്ളവ
പകയനേറ ചുംബനങ്ങൾ വഴിഞ്ഞവ.
7 തൃപ്തി വന്ന ദേഹി തേങ്കട്ടയും ചവിട്ടും
വിശന്ന ദേഹിക്ക് എല്ലാ കൈപ്പും മധുരം.
8 തൻ കൂടിനെ വിട്ടഴലുന്ന കുരികിൽ കണക്കനേ
സ്വസ്ഥലത്തെ വിട്ടഴലുന്ന ആൾ.
9 ഹൃദയത്തെ സന്തോഷിപ്പിക്കുന്നതു തൈലസുഗന്ധങ്ങളും
മാനസാലോചനയാലേ തോഴനേറ മാധുര്യവും.
10 നിൻ തോഴനെയും അപ്പനേറ തോഴനെയും വിടായ്കയും
നിൻ ആപത്തിൻ നാളിൽ സഹോദരനേറ വീട്ടിൽ ചെല്ലായ്കയും,
ദൂരസഹോദരനിൽ അടുത്ത അയല്ക്കാരൻ നല്ലതല്ലോ.
11 എന്മകനേ, ജ്ഞാനിയാക എന്നാൽ എനേറ ഹൃദയം സന്തോഷിക്കയും
എന്നെ നിന്ദിക്കുന്നവനോട് ഉത്തരം പറകയുമാം.
12 കൌശലക്കാരൻ തിന്മ കണ്ട് ഒളിച്ചുകൊണ്ട്
അജ്ഞന്മാർ കടന്നു പിഴ ഒപ്പിച്ചു (20,3).
13 അവനേറ വസ്ത്രം എടുത്തുകൊൾക അവൻ പരനു ഉത്തരവാദിയായല്ലോ
അന്യർക്കു വേണ്ടി അവനേറ പണയം പററിക്കൊൾക (20,16).
14 നന്നു രാവിലേ മഹാശബ്ദത്താൽ കൂട്ടുകാരനെ അനുഗ്രഹിച്ചാൽ
അത് അവനു ശാപം എന്ന് എണ്ണപ്പെടും.
15 വന്മാരിയുടേ നാളിൽ നിരന്തരധാരയും
വഴക്കുകാരത്തിയും തമ്മിൽ ഒക്കും (19,13);
16 അവളെ അടക്കുന്നവൻ കാററിനെ അടക്കുന്നു
അവനേറ വലങ്കൈ നെയ്യി പിടിക്കും (പോലേ).
17 ഇരിമ്പിനാൽ ഇരിമ്പിനു മൂർച്ച കൂട്ടും
കൂട്ടുകാരനേറ മുഖത്തിനു താൻ മൂർച്ച വരുത്തേണ്ടു.
18 അത്തിയെ സൂക്ഷിക്കുന്നവൻ അതിനേറ പഴം ഭുജിക്കും,
തനേറ യജമാനനെ കാക്കുന്നവനു തേജസ്സ് ഉണ്ടാകും.
19 വെള്ളത്തിൽ മുഖത്തിനു മുഖം (കാണും) പോലേ തന്നേ
മനുഷ്യഹൃദയത്തിനു മനുഷ്യൻ.
20 പാതാളത്തിനും കേടിടത്തിനും തൃപ്തിയില്ല
മനുഷ്യകണ്ണുകൾക്കും തൃപ്തിയില്ല.

21 വെള്ളിക്കു പുടവും പൊന്നിന്നു ഉലയും (17,3)
ആൾക്കോ പ്രശംസെക്കു തക്ക (മതിപ്പു).
22 ഭോഷനെ ഉരലിൽ നെന്മണികളോടു
ഉലക്കകൊണ്ടു കുത്തിയാലും
അവനേറ ഭോഷത്വം വേർവിടുകയില്ല.
23 നിന്റേറ ആടുകളുടേ ലക്ഷണം തിരിച്ചറിക
കന്നുകാലിക്കൂട്ടങ്ങളെ കുറിക്കൊൾക;
24 കാരണം സമ്പൂർണ്ണത എന്നേക്കുമുള്ളതല്ല,
അരചമുടി തലമുറതലമുറെക്കും എന്നോ?
25 പുല്ലു് (അരിഞ്ഞു) പുക്കിട്ടു പൈമ്പുല്ലു് കാണായി
മലകളിലേ തൃണങ്ങളും ശേഖരിക്കപ്പെട്ടാൽ,
26 നിന്റേറ ഉടുപ്പിന്നു കുഞ്ഞാടുകളും
വയലിന്റേറ വിലെക്കു കോലാടുകളും പോരും;
27 നിണക്കും ഭവനത്തിന്നും ആഹാരത്തിന്നു മതിയായ ആട്ടിൻ പാലും
നിന്റേറ ദാസിമാക്കു ജീവിതവും (ഉണ്ടാകും).

28. അദ്ധ്യായം

1 ഒരുത്തനും പിന്തുടരായ്കയിലും ദുഷ്ടന്മാർ മണ്ടുന്നു
നീതിമാന്മാർ കോളരിയെ പോലേ തേറുന്നു.
2 നാടു ദ്രോഹിച്ചാൽ അതിലേ പ്രഭുക്കൾ അനേകർ
വിവേകവും അറിവും ഉള്ള മനുഷ്യനാൽ നില ദീർഘിക്കും.
3 താൻ ദരിദ്രനായി എളിയവരെ ഉപദ്രവിക്കുന്ന പുരുഷൻ
അന്നം ഇല്ലാതവണ്ണം വാരിക്കളയുന്നൊരു മഴ.
4 ധർമ്മോപദേശത്തെ ഉപേക്ഷിക്കുന്നവർ ദുഷ്ടനെ പുകഴ്ത്തും
ധർമ്മത്തെ കാക്കുന്നവർ അവരോടു കയർക്കും.
5 ആകായ്മക്കാർക്കു ന്യായം തിരിയാ
യഹോവയെ അന്വേഷിക്കുന്നവർക്കു സകലവും തിരിയും.
6 ഇരുവഴികളിൽ വക്രനായ ധനവാനിലും
തൻ തികവിൽ നടക്കുന്ന ദരിദ്രൻ നല്ലു (19,1).
7 വിവേകമുള്ള പുത്രൻ ധർമ്മോപദേശത്തെ സൂക്ഷിക്കുന്നു
മുടിയന്മാരോടു പെരുമാറുന്നവൻ അപ്പനെ ലജ്ജിപ്പിക്കുന്നു.
8 പലിശയും പൊലുവുംകൊണ്ടു സമ്പത്തിനെ വർദ്ധിപ്പിക്കുന്നവൻ
എളിയവരെ കനിയുന്നവന്നത്രേ സമ്പൂർണ്ണമാക്കുന്നതു.
9 ധർമ്മത്തെ കേളാതേ
ചെവിയെ മാറുന്നവന്റേറ പ്രാർത്ഥനയും വെറുപ്പു.
10 നേരുള്ളവരെ ദുർവ്വഴിയിൽ തെറിപ്പിക്കുന്നവൻ
തന്റേറ കുഴിയിൽ തന്നേ വീഴും
തികവുള്ളവർ നന്മയെ അവകാശമാക്കും താനും.
11 ധനമുള്ള പുരുഷൻ തൻ കണ്ണുകളിൽ ജ്ഞാനി,
വിവേകമുള്ള എളിയവൻ അവനെ പരീക്ഷിക്കും താനും.
12 നീതിമാന്മാർ ഉല്ലസിച്ചാൽ മഹാഘോഷം
ദുഷ്ടന്മാർ ഉയർന്നാൽ മനുഷ്യർ ഒളിച്ചുകൊള്ളും.
13 തന്റേറ ദ്രോഹങ്ങളെ മൂടുന്നവനു സിദ്ധിയില്ല,
ഏറ്റു പറഞ്ഞു വിടുന്നവനു കനിവുണ്ടാകും.
14 നിത്യം പേടിക്കുന്ന മനുഷ്യൻ ധന്യൻ,
ഹൃദയത്തെ കഠിനമാക്കുന്നവൻ തിന്മയിൽ വീഴും.

15 അലറുന്ന സിംഹവും ഇരെക്കു തെണ്ടുന്ന കരടിയും ആയതു
എളിയ ജനത്തിന്മേൽ വാഴുന്ന ദുഷ്ടൻ.
16 ഹേ വിവേകങ്ങളും കുറഞ്ഞും ഉപദ്രവങ്ങളും പെരുത്തും ഉള്ള തമ്പുരാനേ!
ദുർല്ലാഭത്തെ പകെക്കുന്നവൻ വാഴ്നാളെ ദീർഘമാക്കും.
17 ഒരു പ്രാണരക്തം (ചിന്നീട്ടു) പീഡിക്കുന്ന മനുഷ്യൻ
ഗുഹയിൽ (ഇറങ്ങും)വരേ മണ്ടുന്ന ആരും അവനെ പറേണ്ട.
18 തികവോടേ നടക്കുന്നവൻ രക്ഷപെടും
ഇരുവഴികളിൽ ചഞ്ചലിക്കുന്നവൻ നൊടിയിൽ വീഴും.
19 തൻ നിലം നടക്കുന്നവൻ ആഹാരതൃപ്തനാകും
നിസ്സാരങ്ങളെ പിന്തുടരുന്നവൻ ദാരിദ്ര്യതൃപ്തനാകും (12,11).
20 വിശ്വസ്തതയുള്ളവൻ അനുഗ്രഹപൂർണ്ണൻ
ധനവാൻ ആകുവാൻ ബദ്ധപ്പെടുന്നവൻ നിർദ്ദോഷൻ എന്നു വരികയില്ല.
21 മുഖം നോക്കുന്നതു നന്നല്ല (24, 23)
അപ്പക്ഷണത്തിന്നായും പുരുഷൻ ദ്രോഹിക്കിലുമാം.
22 ചീത്ത കണ്ണുള്ളവൻ സമ്പത്തിന്നായി ഉഴറുന്നു
കുറച്ചൽ തനിക്കു വരും എന്നറിയുന്നതും ഇല്ല.
23 പിന്നോക്കം മാറുന്ന മനുഷ്യനെ ശാസിക്കുന്നവനു
നാവിനെ മിനുക്കുന്നവനെക്കാൾ കൃപ ലഭിക്കും
24 അമ്മയപ്പന്മാരോടു കട്ട
ദ്രോഹം അല്ല എന്നു പറയുന്നവൻ
നാശക്കാരനു കൂട്ടാളിയത്രേ.
25 കൊതി പരന്നവൻ വഴക്കിനെ ഇളക്കും,
യഹോവയിൽ തേറുന്നവനു പുഷ്ടിയുണ്ടാകും.
26 സ്വഹൃദയത്തിൽ തേറുന്നവൻ മൂഢൻ
ജ്ഞാനത്തിൽ നടക്കുന്നവനേ വിടുവിക്കപ്പെട്ടു.
27 ദരിദ്രനു കൊടുക്കുന്നവനു കുറച്ചൽ ഇല്ല
കണ്ണുകളെ മറെക്കുന്നവനു പ്രാക്കൽ പെരുകും.
28 ദുഷ്ടന്മാർ ഉയർന്നാൽ മനുഷ്യർ ഒളിച്ചുകൊള്ളും (12),
അവർ കെട്ടു പോയാൽ നീതിമാന്മാർ പെരുകും.

29. അദ്ധ്യായം

1 പല ശാസനകൎത്താക്കൾ ആളായിട്ടും കഴുത്തിനെ കഠിനമാക്കുന്നവൻ
ഉപശാന്തി കൂടാതേ പൊട്ടുന്നനേ ഇടിഞ്ഞു പോകും (6,15).
2 നീതിമാന്മാർ പെരുകിൽ ജനം സന്തോഷിക്കയും
ദുഷ്ടൻ വാണാൽ ജനം ഞരങ്ങുകയുമാം.
3 ജ്ഞാനത്തെ സ്നേഹിക്കുന്ന ആൾ അപ്പനെ സന്തോഷിപ്പിക്കുന്നു (10, 1)
വേശ്യകളോടു ഇണങ്ങുന്നവൻ സമ്പത്തിനെ കെടുക്കുന്നു.
4 ന്യായത്താലേ രാജാവു ദേശത്തെ നിലനിറുത്തും
നികിതി പ്രിയൻ അതിനെ അഴിക്കും.
5 കൂട്ടുകാരനോടു മുഖസ്തുതി പറയുന്ന പുരുഷൻ
അവന്റെ നടകൎത്താക്കൾക്കു വലയെ വിരിക്കുന്നു.
6 ദുഷ്പുരുഷന്റെ ദ്രോഹത്തിൽ കുടുക്കുണ്ടു
നീതിമാൻ ആർത്തു സന്തോഷിക്കും താനും (12, 13).
7 എളിയവരുടേ വ്യവഹാരത്തെ നീതിമാൻ അറിയുന്നു
ദുഷ്ടനു അറിവു തിരിയാ.
8 പരിഹാസക്കാർ നഗരത്തെ ഊതിക്കൊളുത്തും
ജ്ഞാനികൾ കോപത്തെ ശമിപ്പിക്കും.

9 ഭോഷനായ ആളോട് ജ്ഞാനമുള്ളവൻ വഴക്കാടിയാൽ
അവൻ ചൊടിക്കയും ചിരിക്കയും അടങ്ങായ്കയുമാം.
10 ചോര തുകുന്നവർ തികവുള്ളവനെ പകെക്കും
നേരുള്ളവർ അവന്റെ ദേഹിയെ (രക്ഷിപ്പാൻ) തേടും.
11 തന്റെ മനക്കലെക്കം ഒക്കയും മൂഢൻ പുറത്തു വിടുന്നു
ജ്ഞാനി അതിനെ വഴിയോട്ട ശമിപ്പിക്കും.—
12 വാഴ്ചന്നോൻ ചതിവാക്കിനെ കുറിക്കൊള്ളുന്നവൻ എങ്കിൽ
അവന്റെ ഭൃത്യന്മാർ ഒക്ക ദുഷ്ടന്മാർ.
13 ദരിദ്രനും കാണക്കാരനും തമ്മിൽ മുട്ടുന്നു
ഇരുവരുടേ കണ്ണുകളെയും യഹോവ പ്രകാശിപ്പിക്കുന്നു (22, 2).
14 രാജാവ് എളിയവർക്ക സത്യത്തിൽ ന്യായം വിധിക്കുന്നവൻ എങ്കിൽ
അവന്റെ സിംഹാസനം എന്നേക്കും സ്ഥിരപ്പെടും.
15 വടിയും ശാസനയും ജ്ഞാനത്തെ കൊടുക്കും
അടക്കാതേ വിട്ട കുഞ്ഞനോ അമ്മെക്ക നാണം വരുത്തുന്നു.
16 ദുഷ്ടന്മാർ പെരുകിൽ ദ്രോഹം പെരുകും
എന്നിട്ട നീതിമാന്മാർ അവരുടേ വീഴ്ചയെ കാണും.
17 നിൻ മകനെ ശിക്ഷിക്ക എന്നാൽ അവൻ നിന്നെ ആശ്വസിപ്പിക്കയും
നിൻ ദേഹിക്ക് ഓമനകം കൊടുക്കയുമാം.
18 വെളിപ്പാട് ഇല്ലാഞ്ഞാൽ ജനം പുളെച്ചു പോകും
ധർമ്മത്തെ കാത്താൽ ധന്യം!
19 വെറും മൊഴികളാൽ ദാസൻ വഴിക്കാകയില്ല
കാരണം അവൻ ബോധിച്ചാലും ഉത്തരം തരികയില്ല.
20 വാക്കുകളിൽ ബദ്ധപ്പെടുന്ന ആളെ കണ്ടുവോ?
അവനെക്കാളും മൂഢനിൽ പ്രത്യാശ ഏറും (26, 12).
21 ദാസനെ ബാല്യം മുതൽ ശിക്ഷിയാതേ പോററിയാൽ
അവൻ ഒടുവിൽ മാപ്പിള്ളയായി (നടിക്കും).
22 കോപക്കാരൻ വഴക്കിനെ കൊളുത്തുന്നു (15, 18)
ഊഷ്മാവുടയവനു ദ്രോഹങ്ങളും പെരുകും.
23 മനുഷ്യനേറ ഗർവ്വം അവനെ താഴ്ത്തും
മനത്താഴ്മയുള്ളവൻ മാനം പ്രാപിക്കും.
24 കള്ളനോട് പങ്കിടുന്നവൻ സ്വദേഹിയെ പകെക്കുന്നു
തിരുശാപത്തെ കേട്ടിട്ടും (3 മോ. 5, 1) അവൻ അറിയിക്കുന്നില്ല.
25 മനുഷ്യക്ക് വിറെക്കുന്നതു കുടുക്കിനെ വരുത്തും
യഹോവയിൽ തേറുന്നവൻ ഉയർന്നിലത്താകും.
26 വാഴ്ചന്നോന്റെ മുഖത്തെ പലരും അന്വേഷിക്കുന്നു
അവനവന്റെ ന്യായവിധി യഹോവയിൽനിന്നത്രേ.
27 നീതിമാന്മാക്ക വെറുപ്പായത് അക്രമക്കാരൻ
ദുഷ്ടനു വെറുപ്പോ നേർവ്വഴിക്കാരൻ.

ആഗ്ഗൂർ മുതലായവരുടേ വാക്കുകൾ.

(30—31)

30. അദ്ധ്യായം

ആഗ്ഗൂർ ലോകജ്ഞാനികളോട് എതിർത്തു ദേവരഹസ്യങ്ങളും മനുഷ്യന് എത്താത്തവ ആകയാൽ (5) ദൈവവചനത്തെ ആശ്രയിച്ചു (7) ദൈവം

മായയെ അകറ്റി അലംഭാവത്തെ ഏകേണം എന്നു പ്രാർത്ഥിച്ചു (10) കൂരള
യെയും (11) പിതൃനിന്ദ, സ്വനീതി, ഗർവ്വം, ഹിംസ ഈ നാലിനെയും
ആക്ഷേപിച്ചു (15) അത്യാഗ്രഹികളെ (17) പിതൃനിന്ദകന്മാർ (18) വ്യഭി
ചാരികളെ (21) നീചഗർവ്വികളെ ഇവരെ ശാസിച്ചു (24) ജ്ഞാനോത്സാഹ
ത്തെയും (29) രാജധൈര്യത്തെയും (32) കോപശാന്തിയെയും വർണ്ണിക്കുന്നതു.

1 **യാ**ക്കെ പുത്രനായ ആഗ്രൂരിന്റെ വചനങ്ങളാകുന്ന ആജ്ഞ;
ഇഥീയേലിന്നു ഇഥീയേൽ ഉക്കാൽ എന്നവരോടുതന്നേ
(ദൈവമേ ഞാൻ അദ്ധ്വാനിച്ചു് അദ്ധ്വാനിച്ചു മാഴ്കിപ്പോയി എന്നു)
ആ പുരുഷന്റെ അരുളപ്പാടാവിതു;
2 എങ്കിലോ ഞാൻ ആളല്ല മൃഗപ്രായൻ
മനുഷ്യബുദ്ധിയും എനിക്കു് ഇല്ല;
3 ജ്ഞാനത്തെ ഞാൻ പഠിച്ചതും
വിശുദ്ധവിശുദ്ധന്റെ അറിവിനെ (9,10) അറിയുന്നതും ഇല്ല.
4 സ്വർഗ്ഗത്തേക്കു കയറി ഇറങ്ങിയതും ആർ?
കാറ്റിനെ കൈപ്പിടികളിൽ ചേർത്തതു് ആർ?
വെള്ളങ്ങളെ വസ്ത്രത്തിൽ മുറുക്കിയതാർ?
ഭൂമിയുടെ അറുതികളെ ഒക്കയും സ്ഥാപിച്ചതു് ആർ?
നിണക്കറിഞ്ഞാൽ അവന്റെ പേർ എന്തു, അവന്റെ പുത്രനും പേർ എന്തു?
5 എങ്കിലോ ദേവന്റെ മൊഴി എല്ലാം ഊതിക്കഴിച്ചതു (സങ്കീ. 18, 32)
അവനിൽ തേറുന്നവക്കു് താൻ പലിശ.
6 അവൻ നിന്നെ ശാസിച്ചിട്ടു നീ കള്ളൻ എന്നു വരായ്വാൻ
അവന്റെ വാക്കുകളോടു കൂട്ടിവെക്കായ്ക!
7 രണ്ടിനെ ഞാൻ നിന്നോടു യാചിച്ചു
മരിക്കുമ്മുമ്പേ എന്നോടു വിലക്കരുതേ:
8 മായയും കള്ളവാക്കും എന്നോടു അകറ്റിയാലും
ദാരിദ്ര്യവും സമ്പത്തും എനിക്കു തരാതേ
പൊറുതിക്കുള്ള അപ്പം എന്നെ തീറ്റിയാലും!
9 അല്ലാഞ്ഞാൽ ഞാൻ തൃപ്തനായി
യഹോവ ആർ എന്നു ഭോഷ്കു പറകിലും
ഇല്ലായ്മ വന്നിട്ടു ഞാൻ കട്ടു
എൻ ദൈവത്തിൻ നാമത്തെ അതിക്രമിച്ചു പോകിലും ആം.
10 ദാസനെ അവന്റെ യജമാനനോടു കരള പറയല്ലേ
അവൻ നിന്നെ ശപിച്ചിട്ടു നീ കുറ്റക്കാരൻ എന്നു വരായ്വാൻ തന്നേ.
11 ഹോ അപ്പനെ ശപിച്ചു
അമ്മയെ അനുഗ്രഹിക്കാതേ പോകുന്ന തലമുറയേ,
12 തൻ കണ്ണുകളിൽ ശുദ്ധമായി അഴുക്കു വേർവിട്ടമാറു
കഴുകപ്പെടാത്ത തലമുറയേ,
13 കണ്ണുകൾക്കു് എന്തൊരു ഉയർച്ചയും
ഇമകൾക്കു് പൊക്കവും ഉള്ള തലമുറയേ!
14 സാധുക്കളെ ഭൂമിയിങ്കന്നും അഗതികളെ മനുഷ്യരിടയിൽനിന്നും തിന്നുകള
പല്ലുകൾ വാളും എകിറുകൾ കത്തിയും ആയുള്ള തലമുറയേ! [വാനായി
15 ജളൂകെക്കു താ, താ, എന്നു (പേരുള്ള) രണ്ടു പുത്രിമാർ ഉണ്ടു;
തൃപ്തിവരാത്ത ഈ മൂവർ ഉണ്ടു
മതി എന്നു പറയാത്ത നാലും (ഉണ്ടു):
16 പാതാളവും മച്ചിയുടേ ഗർഭപാത്രവും,
പിന്നേ വെള്ളംകൊണ്ടു ഭൂമിക്കു തൃപ്തിയില്ല
മതി എന്നു് അഗ്നി പറയുന്നതും അല്ല.

17 അപ്പനെ പരിഹസിച്ചു
അമ്മെക്കു് അനുസരണത്തെ നിരസിക്കുന്ന കണ്ണിനെ
താഴ്വരയിലേ കാക്കകൾ കൊത്തി പറിച്ചു കഴുകുഞ്ഞങ്ങൾ തിന്നും.
18 മൂന്നു് എനിക്കു് അത്യത്ഭുതമായതു
നാലും അറിയായ്വരാതു:
19 വാനത്തിങ്കൽ കഴുകിന്റേ വഴി,
പാറമേലേ നാഗത്തിന്റേ വഴി,
കടലിന്നുള്ളിൽ കപ്പലിന്റേ വഴി,
കന്യകയിങ്കൽ പുരുഷന്റേ വഴി.
20 വ്യഭിചരിക്കുന്ന സ്ത്രീയുടേ വഴി അപ്രകാരമത്രേ,
അവൾ തിന്നിട്ടു വായി തുടെച്ചു
ഞാൻ അക്രമം പ്രവൃത്തിച്ചിട്ടില്ല എന്നു പറയും.
21 മൂന്നിന്റേ കീഴേ ഭൂമി കുലുങ്ങുന്നു
നാലിന്റേ കീഴേ അതിന്നു നിവിൻ കൂടാ:
22 ദാസൻ അരചനായി തീൎന്നാൽ
പൊണ്ണനു ആഹാരതൃപ്തി വന്നാൽ,
23 ഇഷ്ടമല്ലാത്ത പെണ്ണു കെട്ടിയാൽ
ദാസിക്കു യജമാനിച്ചിയുടേ അവകാശം കിട്ടിയാൽ ഇവരുടേ കീഴേ.
24 ഭൂമിയിൽ ഏറ്റവും ചെറിയവ
എങ്കിലും ജ്ഞാനം ഏറി വന്ന നാൽ ഇവ:
25 ബലഹീനജാതി എങ്കിലും വേനല്ക്കാലത്തു
തങ്ങൾ ആഹാരം സമ്പാദിക്കുന്ന എറുമ്പുകൾ (6,8)
26 ഊക്കില്ലാത്ത ജാതി എങ്കിലും
ശൈലത്തിൽ ഭവനം നിർമ്മിക്കുന്ന ശഫാനുകൾ,
27 രാജാവു് ഇല്ലാഞ്ഞാലും
ഒക്കത്തക്ക അണിയായി പുറപ്പെടുന്ന തുള്ളക്കൂട്ടം,
28 കൈകൊണ്ടു പിടിക്കാം എങ്കിലും
അരചക്കോവിലുകളിൽ വസിക്കുന്ന പല്ലി.
29 മൂന്നിന്നു ഗമനം നല്ലതു
നാലിന്നും നടഭംഗി നല്ലതു:
30 ഒന്നിന്നും മടങ്ങാത്ത
മൃഗവീരനായ സിംഹം,
31 അര ചുരുങ്ങിയ ശ്വാവും, ആട്ടുകൊറ്റനും,
പടജ്ജനവുമായുള്ള രാജാവും.
32 നീ ഉയൎന്നുകൊണ്ടുകയിൽ പൊണ്ണനായാലും
സുബോധത്തിൽ ആയാലും വായ്മേലേ കൈ (ഇടുക)!
33 കാരണം പാലിനെ പിഴിഞ്ഞാൽ തയിർ ഉണ്ടാക്കയും
മൂക്കിനെ പിഴിഞ്ഞാൽ ചോര ഉണ്ടാക്കയും
കോപത്തെ പിഴിഞ്ഞാൽ വഴക്കു് ഉണ്ടാക്കുകയും ചെയ്യും.

31. അദ്ധ്യായം

രാജധൎമ്മത്തെ ഉപദേശിച്ചതു (10) നല്ല ഭാൎയ്യയുടേ വൎണ്ണനം (അകാരാദി).

1 ലമുവേൽ (ദേവപരൻ) എന്ന മസ്സാരാജാവിന്റേ വാക്കുകൾ,
അവന്റേ അമ്മ അവനു് ഉപദേശിച്ചിതു:
2 എന്റേ പുത്ര എന്തു, എന്റേ ഉദരത്തിന്റേ പുത്ര എന്തു,
എന്റേ നേൎച്ചകളുടേ മകനേ എന്തു?

3 സ്ത്രീകൾക്ക് നിന്റെ വീര്യത്തെയും
അരചരെ സന്നമാക്കുന്നവക്കു നിന്റെ വഴികളെയും കൊടുത്തുകളയല്ലേ!
4 വീഞ്ഞു കുടിക്ക രാജാക്കന്മാക്കല്ല
ലമുവേലേ, രാജാക്കന്മാക്കല്ല,
മദ്യം എവിടേ എന്നതു തമ്പ്രാക്കൾക്കു (ഹിതം) അല്ല,
5 കുടിച്ചിട്ടു വ്യവസ്ഥയെ മറക്കയും
എല്ലാ സങ്കടമക്കളുടേ ന്യായത്തെയും മറിക്കയും ചെയ്വാൻ തന്നേ.
6 കെടുന്നവനു മദ്യവും
മനക്കൈപ്പുള്ളവക്കു വീഞ്ഞും കൊടുപ്പിൻ,
7 കുടിച്ചിട്ടു തന്റെ ദാരിദ്ര്യം മറക്കയും
തൻ കഷ്ടത്തെ ഇനി ഓക്കായ്കയും ചെയ്വാൻ!
8 ഊമനു വേണ്ടി വായ്തുറക്കൊല്ലാ,
ആധാരമില്ലാതേ പോയ എല്ലാവക്കും ന്യായം കരുതുവാൻ തന്നേ,
9 വായ്തുറക്ക നീതി വിധിക്ക
സാധുവിന്നും അഗതിക്കും വ്യവഹാരം തീർക്ക!
10 അല്ലയോ പ്രാപ്തിയുള്ള ഭാര്യ ആക്കു ലഭിക്കും?
മുത്തുകളോടും അവളുടേ വില അകലേ അത്രേ.
11 ആയവളിൽ ഭർത്താവിൻ ഹൃദയം തേറുന്നു
ലാഭം അവനു കുറകയും ഇല്ല.
12 ഇവനു് അവൾ തിന്മയല്ല
വാഴ്നാൾ പര്യന്തം ഗുണം വരുത്തും.
13 ഉന്നവും ശണനൂലും അവൾ അന്വേഷിക്കയും
ഇഷ്ടമുള്ള കൈകളാൽ പ്രവൃത്തിക്കയും,
14 ഓട്ടക്കാരന്റെ കപ്പലുകളോടു് ഒത്ത
ദൂരത്തുനിന്നു് തൻ ആഹാരത്തെ കൊണ്ടുവരികയും,
15 കാലം വെളുക്കുമ്മുന്നേ എഴുനീറു
ഭവനത്തിന്നു ഭക്ഷണവും
ബാല്യക്കാരത്തികൾക്കു് പണിയും (കല്പിച്ചു) കൊടുക്കയും,
16 ഖണ്ഡനിലം വിചാരിച്ചു വാങ്ങുകയും
പറമ്പിനെ കൈഫലംകൊണ്ടു നട്ടുണ്ടാക്കയും,
17 ഘനംകൊണ്ടു അരകളെ കെട്ടുകയും
ഭുജങ്ങൾക്കു ബലം കൂട്ടുകയും,
18 ചരക്കു വില്ക്കുന്നതു നല്ലതെന്നു കണ്ടു
രാത്രിയിൽ വിളക്കു കെടാതിരിക്കയും
19 തൻ കൈകളെ നൂല്പാൻ നീട്ടുകയും
വിരലുകൾ കതിരിനെ പിടിക്കയും.
20 ദരിദ്രനു കരങ്ങളെ പരത്തി
അഗതിക്കു കൈ നീട്ടുകയും ചെയ്യും.
21 നീഹാരം ഹേതുവായി അവൾ ഭവനത്തിന്നു ഭയപ്പെടാതു
ഭവനം അശേഷം രക്താംബരം ഉടുത്തതല്ലോ.
22 പരുത്തിയും ധൂമ്രപടവും ഉടുപ്പായിട്ടും
ജമുക്കാളങ്ങളും തനിക്കു് ഉണ്ടാക്കുന്നു.
23 പുരവാതുക്കൽ അവളുടേ ഭർത്താവു് അറിയപ്പെട്ടവൻ
നാട്ടിലേ മൂപ്പരോടു കൂടേ ഇരിക്കയാൽ.
24 പൂഞ്ചേല അവൾ ഉണ്ടാക്കി വിറ്റു
കനാന്യവ്യാപാരിക്കു് അരക്കച്ചകളെ കൊടുക്കുന്നു.
25 ബലവും പ്രാഭവവും അവളുടേ ഉടുപ്പു
പിന്നാളെക്കുറിച്ചു് അവൾ ചിരിക്കുന്നു.

26 ബോധത്തോടേ വായ്തുറക്കയും
ദയയുടേ ധർമ്മോപദേശം നാവിന്മേൽ ഇരിക്കയും,
27 ഭവനത്തിലേ നടപ്പുകളെ ഒറ്റു നോക്കുകയും
മടിവിൻ ആഹാരത്തെ ഭുജിക്കായ്കയും ചെയ്യും.
28 മക്കൾ എഴുനീറ്റു അവളെ ധന്യവാദം ചെയ്യും
ഭർത്താവ് കൂടേ അവളെ സ്തുതിപ്പിതു:
29 വളരേ കന്യമാർ പ്രാപ്തി കാണിച്ചിട്ടും
അവരെ ഒക്കയും നീ കടന്നു സത്യം.
30 ശോഭ ചതിയും സൌന്ദര്യം മായയും അത്രേ
യഹോവയെ ഭയപ്പെടുന്ന സ്ത്രീ മാത്രം സ്തുതിപാത്രം.
31 സ്വന്തകൈകളുടേ ഫലത്തിൽനിന്ന് അവൾക്ക് നല്ലുവിൻ
അവളുടേ ക്രിയകൾ തന്നേ പുരവാതുക്കൽ അവളെ പുകഴ്ത്തുകയും ചെയ്യ!

ECCLESIASTES

OR

THE PREACHER.

സഭാപ്രസംഗി

1. അദ്ധ്യായം

ഭൂമിയിൽ സകലവും മായാമയം ആകകൊണ്ടു മനുഷ്യനു നിലയുള്ള പുരുഷാർത്ഥം എന്തെന്നു ചോദിച്ചാൽ (4) നിത്യപരിവർത്തനം ഹേതുവായി മനുഷ്യജാതിയിലും പുതുമ കാണ്മാനില്ല (12) ജ്ഞാനേച്ഛയാലും വ്യസനം ഏറി വരുന്നു (2,1) പ്രപഞ്ചഭോഗത്താലുള്ള ഭാഗ്യം മരണത്തിൽ പോയി പ്പോകുന്നതു കൊണ്ടു ജ്ഞാനിക്കു പോരാ (20) എന്നിട്ടു പ്രയത്നത്താലും ഭോഗത്താലും അല്ല ദേവപ്രസാദത്താലത്രേ ഭാഗ്യപ്രാപ്തി ഉള്ളു.

1 ദാവീദ് പുത്രനും യരൂശലേമിലെ രാജാവും ആയ സഭാപ്രസംഗിയുടെ
2 ഹാ മായകളുടേ മായ എന്നു സഭാപ്രസംഗി പറയുന്നു, [വാക്കുകൾ.
മായകളുടേ മായ, സകലവും മായയത്രേ!
3 സൂര്യനു കീഴിൽ മനുഷ്യൻ അദ്ധ്വാനിക്കുന്ന
സകല അദ്ധ്വാനത്താലും അവനു് എന്തു് ആദായം ഉള്ളു?
4 ഭൂമി യുഗപര്യന്തം നിന്നിരിക്കേ
തലമുറ പോകുന്നു തലമുറ വരുന്നു.
5 ആദിത്യൻ ഉദിക്കുന്നു ആദിത്യൻ അസ്തമിക്കയും
തന്റെ സ്ഥലത്തേക്കു് കിതെച്ചുംകൊണ്ടു അവിടേ ഉദിക്കയും ചെയ്യുന്നു.
6 തെക്കോട്ടു ചെന്നു വടക്കോട്ടു തിരിഞ്ഞു
കാറ്റു ചുറ്റി ചുറ്റി പോകയും
ചക്രാകാരങ്ങളിൽ മടങ്ങി വരികയും ചെയ്യുന്നു.
7 എല്ലാ പുഴകളും കടലിലേക്കു് ഒഴുകുന്നു എങ്കിലും കടൽ ഒട്ടും നിറയാ,
പുഴകൾ ചെല്ലുന്ന സ്ഥലത്തേക്കു തന്നേ പിന്നെയും മടങ്ങി പോകുന്നു.
8 മനുഷ്യനു് ഉരചെയ്വാൻ വഹിയാതവണ്ണം സകല കാര്യങ്ങളും ഭണ്ഡിച്ചു
[പോരുന്നു;
കാണുകയാൽ കണ്ണിനു തൃപ്തിയില്ല കേൾക്കയാൽ ചെവി നിറകയും ഇല്ല.
9 ഉണ്ടായിരുന്നതു തന്നേ ഇരിപ്പാനുള്ളതു,
ചെയ്തുപോയതു ചെയ്വാനുള്ളതത്രേ;
സൂര്യനു കീഴിൽ പുത്തനായിട്ടു ഒന്നും ഇല്ല.
10 കണ്ടാലും ഇതേ പുതിയതു് എന്നു ചൊല്ലുന്നൊരു കാര്യം ഉണ്ടെങ്കിൽ
നമുക്കു മുമ്പേയുള്ള യുഗങ്ങളോളവും അതു പണ്ടേ ഇരുന്നതത്രേ.
11 പൂർവ്വന്മാരുടേ ഓർമ്മയില്ല
ഉണ്ടാവാനിരിക്കുന്ന പിന്നേവക്കും
ശേഷം ഉണ്ടാവാനുള്ളവരോടു ഓർമ്മ ഉണ്ടാകയും ഇല്ല.
12 സഭാപ്രസംഗിയായ ഞാൻ യരൂശലേമിൽ ഇസ്രയേലിന്മേൽ രാജാവായി
13 വാനത്തിൻകീഴിൽ ചെയ്തുനടക്കുന്നതു് എല്ലാം [രുന്നു;
ജ്ഞാനംകൊണ്ടു് ആരാഞ്ഞു ഉറുനോക്കുവാൻ മനസ്സു വെച്ചുകൊണ്ടിരുന്നു;

അതോ ദൈവം മനുഷ്യപുത്രക്കു കഷ്ടിപ്പാൻ
കൊടുത്ത വല്ലാത്ത കഷ്ടം.
14 സൂര്യനു കീഴിൽ നടക്കുന്ന സകല ക്രിയകളെയും ഞാൻ കണ്ടു
ഇതാ എല്ലാം മായയും കാറ്റിലേ ആസക്തിയുമത്രേ.
15 വളഞ്ഞതു നേരേ ആക്കുവാൻ വഹിയാ,
കുറവിന്നു തുക വരുത്തുവാനും വഹിയാ.
16 എൻ ഹൃദയത്തോടു ഞാൻ ഉരചെയ്തിതു:
എനിക്കു മുമ്പേ യരുശലേമിൽ വാണ എല്ലാവരിലും
ഞാൻ ജ്ഞാനം ഏറി പെരുകി സത്യം,
എൻ ഹൃദയം ജ്ഞാനവും അറിവും അധികം കണ്ടു;
17 എങ്കിലും ജ്ഞാനവും ബോധവും ഭ്രാന്തതാഭോഷത്വങ്ങളെയും അറിവാൻ
മനസ്സു വെച്ചപ്പോഴും
ഇതും കൂടേ കാറ്റിലേ ആസക്തി എന്നറിഞ്ഞു.
18 കാരണം ജ്ഞാനം പെരുകുന്തോറും വ്യസനം പെരുകും
അറിവു് ഏറുന്തോറും ദുഃഖം ഏറും.

2. അദ്ധ്യായം

1 അനന്തരം ഞാൻ ഹൃദയത്തിൽ പറഞ്ഞിതു:
ആകട്ടേ ഞാൻ സന്തോഷംകൊണ്ടു നിന്നെ പരീക്ഷിക്കും
നന്മ അനുഭവിക്ക!
എന്നാറേ അതും ഇതാ മായ എന്നു വന്നു.
2 ഞാൻ ചിരിപ്പിന്നു ഭ്രാന്തു് എന്നും
സന്തോഷത്തിന്നു് ഇതു് എന്തു വരുത്തുന്നു എന്നും പറഞ്ഞു.
3 പിന്നേ ഞാൻ ഹൃദയത്തിൽ ആരാഞ്ഞിതു:
മനുഷ്യപുത്രർ വാഴുനാളുടേ എണ്ണത്തോളം
വാനത്തിങ്കീഴിൽ എന്തൊന്നു ചെയ്താൽ കൊള്ളാമെന്നു് ഞാൻ കാണുംവരേ
പക്ഷേ എൻ ഹൃദയം ജ്ഞാനത്തോടേ തെളിച്ചിരിക്കേ
ജഡത്തെ വീഞ്ഞുകൊണ്ടു് ഉത്സാഹിപ്പിച്ചു ഭോഷത്വം പറ്റിക്കൊൾകയോ?
4 എന്നിട്ടു ഞാൻ വൻകിയകളെ തുടങ്ങി
എനിക്കു് ഭവനങ്ങളെ പണിയിച്ചു പറമ്പുകളെ നട്ടു,
5 തോട്ടങ്ങളും പൂങ്കാവുകളും ഉണ്ടാക്കി
അതിൽ എല്ലാ കായ്കനി മരങ്ങളും നട്ടു,
6 മരങ്ങളും തഴെക്കുന്ന വനത്തെ നനെപ്പാൻ
നീർകുളങ്ങളും ഉണ്ടാക്കി,
7 ദാസീദാസന്മാരെ സമ്പാദിച്ചുകൊൾകയും
എനിക്കു വീട്ടിൽ ജനിച്ച (അടിയാർ) ഉണ്ടാകയും;
എനിക്കു മുമ്പേ യരുശലേമിൽ ഉള്ള ഏവരിലും
അധികം ആടുമാടു മുതൽ പെരുകി വരികയും;
8 എനിക്കു വെള്ളിപൊന്നുകളും
അരചന്മാക്കും സംസ്ഥാനങ്ങൾക്കും ഉള്ള ഭണ്ഡാരം സ്വരൂപിക്കയും,
പാട്ടുകാരെയും പാട്ടുകാരത്തികളെയും
മനുഷ്യപുത്രരുടേ കാമമുള്ള രമാരമണിമാരെയും പ്രാപിക്കയും ചെയ്തു.
9 ഇങ്ങനേ ഞാൻ മഹാനും
എനിക്കു മുമ്പേ യരുശലേമിലുള്ള ഏവനെക്കാളും അതിമഹാനുമായി ചമ
എന്റേറ ജ്ഞാനം എനിക്കു കൂടേ നില്ക്കയും ചെയ്തു. [ഞ്ഞു
10 കണ്ണുകൾ അപേക്ഷിച്ചതു് ഒന്നും ഞാൻ വിലക്കീട്ടില്ല
ഹൃദയത്തിന്നു് ഏതു് സന്തോഷത്തെയും വിരോധിച്ചിട്ടും ഇല്ല;

എന്റെ എല്ലാ അദ്ധ്വാനത്തിലും ഹൃദയം സന്തോഷിച്ചിരുന്ന
അതും എല്ലാ അദ്ധ്വാനത്തിങ്കലും എന്റെ ഓഹരിയായതേ ഉള്ളു.
11 ശേഷം എന്റെ കൈകൾ പ്രവൃത്തിച്ച എല്ലാ ക്രിയകളെയും
(അവ) തീർപ്പാൻ ഞാൻ അദ്ധ്വാനിച്ച അദ്ധ്വാനത്തെയും നോക്കിയപ്പോൾ
ഇതാ സകലവും മായയും കാറ്റിലേ ആസക്തിയും തന്നേ,
സൂര്യനു കീഴിൽ ആദായം ഒന്നുമില്ല (എന്നു കണ്ടു).—
12 പിന്നേ ജ്ഞാനത്തെയും ഭ്രാന്തതാഭോഷത്വങ്ങളെയും കാണ്മാൻ തിരിഞ്ഞു
പണ്ടു വാഴിച്ച രാജാവിന്റെ ശേഷം വരുന്ന മനുഷ്യൻ [(വിചാരിച്ചിതു):
എന്തു പോൽ (ആകും)?
13 പിന്നേ ഇരിട്ടിലും വെളിച്ചത്തിന്നു് ആധിക്യം ഉള്ളതു പോലേ
ഭോഷത്വത്തിലും ജ്ഞാനത്തിന്നു് ആധിക്യം ഉണ്ടെന്നും,
14 ജ്ഞാനിയുടേ തലയിൽ കണ്ണുകൾ ഉണ്ടു
മൂഢൻ ഇരിട്ടിലേ നടക്കുന്നുള്ളു എന്നും കണ്ടിട്ടും,
അവക്കു് ഏവക്കും സംഭവിക്കുന്ന അദൃഷ്ടം ഒന്നത്രേ എന്നു ഞാൻ അറിഞ്ഞു.
15 ഹൃദയത്തിൽ പറഞ്ഞിതു:
മൂഢന്റെ അദൃഷ്ടം പോലേ എനിക്കും സംഭവിക്കുമല്ലോ
പിന്നേ ഞാൻ അന്നു ജ്ഞാനം ഏറയുള്ളവനായിരുന്നതു് എന്തിന്നു?
എന്നിട്ടു ഇതും മായയത്രേ;
16 വരുന്ന ദിവസങ്ങളിൽ അവർ എപ്പേരും പണ്ടേ മറന്നു പോയതിനാൽ
മൂഢനോടു് ഒത്തവണ്ണം ജ്ഞാനിക്കും എന്നേക്കുമുള്ള ഓർമ്മ ഇല്ലല്ലോ,
ജ്ഞാനിയോ മൂഢനെ പോലേ മരിക്കുന്നതു് എങ്ങനേ! എന്നു ഹൃദയത്തിൽ
[ഉരെച്ചു.
17 സൂര്യനു കീഴിൽ ചെയ്യുന്ന ക്രിയ എല്ലാം മായയും കാറ്റിലേ ആസക്തിയും
എനിക്കു വല്ലാതേ തോന്നിയതു കൊണ്ടു [ആകയാൽ
ജീവനെ ഞാൻ പകെച്ചു.
18 എന്റെ ശേഷം വരുന്ന മനുഷ്യനു വിട്ടേക്കേണ്ടിയതുകൊണ്ടു
ഞാൻ സൂര്യനു കീഴിൽ അദ്ധ്വാനിക്കുന്ന
എല്ലാ അദ്ധ്വാനത്തെയും പകെച്ചു;
19 ആയവൻ ജ്ഞാനിയോ ഭോഷനോ എന്താകും എന്നു് ആർക്കു് അറിയാം?
ഞാൻ സൂര്യനു കീഴിൽ അദ്ധ്വാനിച്ചു ജ്ഞാനം കാട്ടിയ
എന്റെ സകല പ്രയത്നത്തിലും അവൻ അധികരിക്കും താനും!
ഇതും മായയത്രേ.
20 അപ്പോൾ ഞാൻ തിരിഞ്ഞു സൂര്യനു കീഴിൽ ഞാൻ അദ്ധ്വാനിച്ചുള്ള
സകല പ്രയത്നത്തിലും എൻ ഹൃദയത്തെ നിരാശ പിടിപ്പിച്ചു തുടങ്ങി.
21 കാരണം ഒരു മനുഷ്യൻ ജ്ഞാനത്തിലും അറിവിലും പ്രാപ്തിയിലും അദ്ധ്വാ
[നിച്ചിട്ടും
ആയതിനെ അദ്ധ്വാനിക്കാത്ത മനുഷ്യനു അവന്റെ ഓഹരിയായി വിട്ടു
അതും മായയും വലിയ തിന്മയും അത്രേ. [കൊടുക്കേണ്ടതല്ലോ;
22 എങ്ങനേ എന്നാൽ സൂര്യനു കീഴിൽ മനുഷ്യൻ
അദ്ധ്വാനിക്കുന്ന സകല പ്രയത്നത്തിലും
ഹൃദയാസക്തിയിലും അവനു് എന്തുള്ളു?
23 അവന്റെ ദിവസങ്ങൾ ഒക്കയും ദുഃഖിതങ്ങളും
അവന്റെ പ്രയാസം വ്യസനവും ആകുന്നുവല്ലോ
രാത്രിയിലും അവന്റെ ഹൃദയം കിടക്കുന്നില്ല പോൽ,
അതും മായയത്രേ.
24 തിന്നും കുടിച്ചും കൊണ്ടു
തന്റെ അദ്ധ്വാനത്തിൽ സ്വദേഹിയെ നന്മ അനുഭവിപ്പാറാക്കുന്നതല്ലാതേ

മനുഷ്യരിൽ നല്ലതില്ല,
ആയതു കൂടേ ദൈവത്തിൻ കയ്യിൽനിന്നത്രേ എന്നു ഞാൻ കണ്ടു;
25 അവങ്കൽനിന്നു് ഒഴികേ ആരു പോൽ തിന്നും
ആർ അനുഭോഗിക്കും?
26 അവനാകട്ടേ തൻ കാഴ്ചക്കു നല്ലവനായി തോന്നുന്ന മനുഷ്യനു
ജ്ഞാനവും അറിവും സന്തോഷവും നല്കുന്നു.
പാപിയായവന്നോ ശേഖരിച്ചു സ്വരൂപിക്കുന്ന കഷ്ടത്തെ കൊടുക്കുന്നതു
ദൈവമുമ്പാകേ നല്ലവനായവനു ലഭിപ്പിപ്പാൻ വേണ്ടി;
ആയതു കൂടേ മായയും കാറ്റിലേ ആസക്തിയും തന്നേ.

3. അദ്ധ്യായം

(5,19)

പ്രപഞ്ചത്തിൽ സ്ഥാപിച്ചു കാണുന്ന നിത്യവ്യവസ്ഥയെ (9) മനുഷ്യനു മാറ്റുവാൻ കഴിയായ്കയാൽ നന്മ ചെയ്തുകൊണ്ടു ദേവവരങ്ങളിൽ സന്തോഷിപ്പതത്രേ പുരുഷാർത്ഥം (16) രാജ്യത്തിലേ അനീതി പിങ്കാലസംശയം മുതലായ ആതങ്കങ്ങളെ പോക്കുവാൻ ദൈവത്തിൻ ന്യായവിധിയിൽ ആശ്രയിച്ചു തന്റേ നിസ്സാരതയെ അറിഞ്ഞിട്ടു വേണം (4,1) പിന്നേ ലോകപീഡ (4) സത്തുക്കളിലേ അസൂയ (7) ലോഭഭ്രാന്തു (13) ബഹുമാനത്തിന്റേ ചാപല്യം ഇവ വിചാരിച്ചാൽ സങ്കടം ഉണ്ടെങ്കിലും (17) ഏകാഗ്രഭക്തിയാലും (5,7) അത്യന്നതങ്കലേ ആശ്രയത്താലും (12) അല്പസന്തുഷ്ടിയാലും ആ പുരുഷാർത്ഥം സാധിക്കും.

1 സകലത്തിന്നും സമയവും
വാനത്തിങ്കീഴിൽ എല്ലാകർമ്മത്തിന്നും തൽകാലവും ഉണ്ടു.
2 പിറപ്പാൻ കാലം മരിപ്പാനും കാലം,
നടുവാൻ കാലം നട്ടതിനെ പൊരിപ്പാനും കാലം;
3 കൊല്ലുവാൻ കാലം ചികിത്സിപ്പാനും കാലം,
ഇടിപ്പാൻ കാലം പണിയിപ്പാനും കാലം;
4 കരവാൻ കാലം ചിരിപ്പാനും കാലം,
തൊഴിപ്പാൻ കാലം തുള്ളുവാനും കാലം;
5 കല്ലുകൾ ചാടുവാൻ കാലം കല്ലുകളെ കൂട്ടുവാനും കാലം,
പുണർവ്വാൻ കാലം പുണർച്ച ഒഴിപ്പാനും കാലം;
6 തിരവാൻ കാലം കളവാനും കാലം,
സൂക്ഷിപ്പാൻ കാലം എറിവാനും കാലം;
7 കീറുവാൻ കാലം തുന്നുവാനും കാലം,
മിണ്ടായ്വാൻ കാലം ഉരിയാടുവാനും കാലം;
8 സ്നേഹിപ്പാൻ കാലം ദ്വേഷിപ്പാനും കാലം,
യുദ്ധകാലവും സമാധാനകാലവും (ഉണ്ടു).
9 (ഇങ്ങനേ എല്ലാം) പ്രവൃത്തിക്കുന്നവൻ
അദ്ധ്വാനിക്കുന്നതുകൊണ്ടു ആദായം എന്തു?
10 ദൈവം മനുഷ്യപുത്രർക്കു കഷ്ടിപ്പാൻ
കൊടുത്ത കഷ്ടത്തെ (1, 13) ഞാൻ കണ്ടു:
11 അവൻ സകലവും തൽകാലത്തിങ്കൽ ശുഭമാക്കി തീർത്തു
അവരുടേ ഹൃദയത്തിൽ നിത്യതയെയും ഇട്ടിരിക്കുന്നു,
ദൈവം ചെയ്യുന്ന ക്രിയയെ മാത്രം
മനുഷ്യൻ ആദിമുതൽ അന്തത്തോളം ഗ്രഹിപ്പാറില്ലല്ലോ.

12 (ആകയാൽ) ജീവകാലത്തിൽ സന്തോഷിച്ചുംകൊണ്ടു നന്മ ചെയ്യുന്നത് ഒ
അവർക്ക് നല്ലത് ഒന്നുമില്ല എന്നും, [ഴികേ
13 ഏതു മനുഷ്യനും തിന്നു കുടിച്ചു
തന്റെ സകല അദ്ധ്വാനത്തിലും നന്മ അനുഭവിച്ചാൽ
അതു ദേവവരം തന്നേ എന്നും ഞാൻ അറിഞ്ഞു.
14 ദൈവം ചെയ്യുന്നത് എല്ലാം നിത്യമുള്ളതു
അതിൽ കൂട്ടുവാനും കുറെപ്പാനും ഏതുമില്ല എന്നും
(ജനങ്ങൾ) അവനുമ്പിൽ ഭയപ്പെടുവാൻ അവൻ സംഗതി വരുത്തി എ
15 ഉണ്ടായിട്ടുള്ളതു പണ്ടേതത്രേ [ന്നും അറികയും ചെയ്യ,
ഉണ്ടാവാനുള്ളതും പണ്ടു ഉണ്ടായിരുന്നു,
നീങ്ങി കഴിഞ്ഞതിനെ ദൈവം പിന്നേയും തേടുന്നു.
16 ശേഷം ഞാൻ സൂര്യനു കീഴിൽ കണ്ടതു;
ന്യായവിസ്താരം നടക്കുന്ന സ്ഥലത്തു ദുഷ്ടതയും
നീതിയുടേ സ്ഥലത്തു ദുഷ്ടതയും അതാ!
17 എന്നിട്ടു സകലകർമ്മത്തിനും എല്ലാ പ്രവൃത്തിക്കും
അവിടേ തല്ക്കാലം ഇരിക്കകൊണ്ടു
ദൈവം നീതിമാനും ദുഷ്ടനും ന്യായം വിധിക്കും
എന്നു ഞാൻ ഹൃദയത്തിൽ പറഞ്ഞു.
18 ഇതു മനുഷ്യപുത്രർ നിമിത്തമത്രേ, ദൈവം അവരെ ചോവാനും
അവർ തങ്ങളേ മൃഗങ്ങളാകുന്ന പ്രകാരം കണ്ടു കൊൾവാനും തന്നേ
എന്നു ഞാൻ ഹൃദയത്തിൽ പറഞ്ഞു.
19 മനുഷ്യപുത്രർ അദ്ദൃഷ്ടം മൃഗവും അദ്ദൃഷ്ടം,
രണ്ടിനും അദ്ദൃഷ്ടം ഒന്നത്രേ,
അവൻ മരിക്കും കണക്കനേ തന്നേ ഇതും മരിക്കുന്നു,
എല്ലാറ്റിനും ഓർ ആത്മാവ് (ഉണ്ടു),
സകലം മായ ആകകൊണ്ടു
മനുഷ്യനു മൃഗത്തിലും വിശിഷ്ടത ഇല്ല.
20 എല്ലാം ഓർ ഇടത്തേക്കു പോകുന്നു
എല്ലാം പൊടിയിൽനിന്നുണ്ടായി
പൊടിയിലേക്ക് തിരികേ ചെല്ലുന്നു.
21 മനുഷ്യപുത്രരുടേ ആത്മാവ്
മേലോട്ടു കരേറുന്നതോ,
മൃഗത്തിൻ ആത്മാവ്
കീഴോട്ടു ഭൂമിയിലേക്ക് ഇറങ്ങുന്നതോ (രണ്ടും) ആർറിയാം?
22 അതുകൊണ്ടു മനുഷ്യൻ സ്വക്രിയകളിൽ സന്തോഷിക്ക
എന്നതല്ലാതേ നല്ലത് ഒന്നും ഇല്ല,
ഇതത്രേ അവനേറ ഓഹരി എന്നു ഞാൻ കണ്ടു;
അവനേറ ശേഷം ഉണ്ടാവാനുള്ളത് എന്തെന്നു കാണ്മാൻ
അവനെ ആരു പോൽ എത്തിക്കും?

4. അദ്ധ്യായം

1 **ഞാ**ൻ തിരിഞ്ഞു സൂര്യനു കീഴിൽ
നടക്കുന്ന സകല പീഡകളെയും കണ്ടു,
അതാ പീഡിതന്മാരുടേ കണ്ണുനീർ
അവർക്ക് ആശ്വാസപ്രദൻ ഇല്ല താനും,
പീഡിപ്പിക്കുന്നവരുടേ കയ്യിലേ ഊക്കുള്ള
ആശ്വസിപ്പിക്കുന്നവൻ അവർക്കില്ല.

2 എന്നിട്ട് ഇതുവരേ ഉയിരോടിരിക്കുന്ന ജീവികളെക്കാളും
പണ്ടു മരിച്ച ചാവാളരെ ഞാൻ കൊണ്ടാടി,
3 ഇരുവരിലും നല്ലതോ സൂര്യനു കീഴിൽ നടക്കുന്ന
വല്ലാത്ത പണിയെ കാണാതേ
ഇതുവരേ ഉണ്ടാകാത്തവനത്രേ!
4 എല്ലാ അദ്ധ്വാനത്തെയും പണിയിലേ പ്രാപ്തിയെയും ഞാൻ കണ്ടിതു:
ഇന്നവൻ കൂട്ടുകാരനെ വെല്ലുവാൻ വാശി പിടിക്കുന്നതു് എന്നത്രേ,
അതും മായയും കാറ്റിലേ ആസക്തിയും തന്നേ.
5 മൂഢൻ കൈകളെ കെട്ടിക്കൊണ്ടു
സ്വമാംസത്തെ ഭക്ഷിക്കുന്നു (എങ്കിലും),
6 രണ്ടു കയ്യിലും അദ്ധ്വാനവും കാറ്റിലേ ആസക്തിയും നിറയുന്നതിനെക്കാൾ
ഒരു പോങ്ങ സ്വസ്ഥത നല്ലതല്ലോ.
7 ഞാൻ തിരിഞ്ഞു സൂര്യനു കീഴിൽ ഒരു മായ കണ്ടിതു:
8 ഒരുവൻ ഉണ്ടു രണ്ടാമൻ ഇല്ല,
മകനും സ്ഹോദരനും അവനു് ഇല്ല
എങ്കിലും അവന്റേറ എല്ലാ അദ്ധ്വാനത്തിന്നും അവസാനം ഇല്ല
കണ്ണിന്നു സമ്പത്തിനാൽ തൃപ്തിയും ഇല്ല;
പിന്നേ ആക്കാകുന്നു ഞാൻ അദ്ധ്വാനിച്ചു ദേഹിക്കു നന്മകളെ കുറെച്ചു
എന്നുള്ളതും മായയും വല്ലാത്ത കഷ്ടവും അത്രേ. [കൊള്ളുന്നതു?
9 ഒരുവനെക്കാൾ ഇരുവരും നല്ല
അവരുടേ അദ്ധ്വാനത്തിൽ നല്ല കൂലി കിട്ടുന്നുവല്ലോ;
10 എന്തെന്നാൽ അവർ വീണാലും ഒരുത്തൻ ചങ്ങാതിയെ നിവിർത്തും
വീണാൽ നിവിർത്തുവാൻ രണ്ടാമനില്ല എങ്കിൽ
ഏകനു് അയ്യയ്യോ!
11 പിന്നേ ഇരുവർ കിടന്നാൽ അവക്കു ചൂടുണ്ടു
ഒരുത്തനോ എങ്ങനേ ചൂടു പിടിക്കും?
12 ഒരുത്തനോടു പിടിച്ചു പറിച്ചാൽ
ഇരുവരും എതിർ നില്ക്കും
മുപ്പിരിനൂൽ വേഗത്തിൽ അറുപോകയുമില്ല.
13 ഇനി ബുദ്ധിയെ തെളിയിപ്പാൻ സമ്മതിക്കാതോളം
മൂഢനായ മൂത്ത രാജാവിനെക്കാൾ
അഗതിയും ജ്ഞാനിയുമായ ബാലൻ കൊള്ളാം.
14 അവന്റേറ രാജ്യത്തിൽ ഇവൻ ദരിദ്രനായി പിറന്നിട്ടും
ബന്ധുഖാനയിൽനിന്നു വാഴുവാൻ പുറപ്പെടുന്നുവല്ലോ.
15 പിന്നേ സൂര്യനു കീഴിൽ നടന്നുകൊള്ളുന്ന ജീവികൾ ഒക്കയും
അവന്റേറ സ്ഥാനത്തു നില്പാനുള്ള ഈ രണ്ടാമനാകുന്ന ബാലനോടു ഒന്നി
16 അവക്കു മുമ്പിൽ നില്ക്കുന്നവനെ [ച്ചിരിക്കുന്നതു ഞാൻ കണ്ടു;
ചുറ്റുന്ന സകലജനത്തിന്നും ഓർ അറ്റമില്ല;
എങ്കിലും പിന്നേവർ അവങ്കൽ സന്തോഷിക്ക ഇല്ലല്ലോ.
സാക്ഷാൽ ഇതും മായയും കാറ്റിലേ ആസക്തിയും അത്രേ.

5. അദ്ധ്യായം

4,17 നീ ദേവാലയത്തേക്കു പോകുമ്പോൾ കാലിനെ കാത്തുകൊൾക!
മൂഢന്മാർ ബലി കൊടുക്കുന്നതിനെക്കാൾ
കേൾപാൻ അടുക്കുന്നതു തന്നേ നല്ലു;
അവർ ദോഷം ചെയ്വാൻ അറിയായ്ക മൂലമല്ലോ.

5,1 വായ്ക്കൊണ്ടു ബദ്ധപ്പെടൊല്ല
ദൈവസന്നിധിയിൽ വല്ലതും ഉച്ചരിപ്പാൻ നിന്റെ ഹൃദയം ഉഴറുകയും
കാരണം ദൈവം സ്വർഗ്ഗത്തിൽ നീ ഭൂമിയിൽ ആകയാൽ [അരുതു,
നിന്റെ വാക്കുകൾ ചുരുക്കമാക!
2 കഷ്ടം പെരുകയാൽ സ്വപ്നവും
വാക്കുകൾ പെരുകയാൽ മൂഢജല്പനവും ജനിക്കുന്നുവല്ലോ.
3 നീ ദൈവത്തിന്നു നേർച്ച നേർന്നാൽ
അതിനെ കഴിപ്പാൻ താമസിക്കൊല്ല,
മൂഢന്മാരിൽ കടാക്ഷം ഇല്ല പോൽ,
നേർന്നതിനെ ഒപ്പിച്ചുകൊടുക്ക!
4 നീ ഒപ്പിക്കാതേ നേരുന്നതിലും
നേരാതിരിക്ക നല്ലു.
5 നിന്റെ വായി നിൻ ജഡത്തെ പാപം ചെയ്യിപ്പാൻ സംഗതി വരുത്തല്ലേ,
ഇതു് (അറിയാതേ വന്ന) തെറ്റു് എന്നു ദൂതനെ (മല. 2, 7.) നോക്കി പ
നിന്റെ ശബ്ദത്തിങ്കൽ ദൈവം കോപിക്കയും [റകയും ഒല്ല!
നിൻ കൈകളുടേ ക്രിയയെ സന്നമാക്കുകയും ചെയ്യേണം എന്നോ?
6 സ്വപ്നങ്ങൾ പെരുകുന്നതിലും
വാക്കുകൾ അധികമാകുന്നതിലും മായകൾ ഏറും സത്യം,
നീയോ ദൈവത്തെ ഭയപ്പെട്ടിരിക്ക!
7 നാട്ടിൽ ദരിദ്രനെ പീഡിപ്പിക്കുന്നതും
നീതിന്യായങ്ങളെ അപഹരിക്കുന്നതും കണ്ടാൽ
ആ തൊഴിലിൽ സ്തംഭിക്കരുതു!
ഉന്നതനു മീതേ ഉന്നതൻ കാക്കുന്നതും ഇവക്കു മീതേ അത്യുന്നതരും ഉണ്ടല്ലോ.
8 ദേശത്തിന്നു് എല്ലാംകൊണ്ടും ആദായമായിരിക്കുന്നതു
കൃഷിനിലം നടപ്പാനുള്ളൊരു രാജാവു്.
9 പണത്തെ സ്നേഹിക്കുന്നവനു പണംകൊണ്ടു തൃപ്തി വരാ
കോപ്പിനെ സ്നേഹിക്കുന്നവനു വരവും ഇല്ല,
ഇതും മായയത്രേ.
10 വസ്തു പെരുകുന്തോറും അതിനെ ഭക്ഷിക്കുന്നവർ പെരുകും
പിന്നേ ഉടമക്കാക്കു് കണ്ണുകളുടേ കാഴ്ച ഒഴികേ
ഭാഗ്യം എന്തു പോൽ?
11 കുറയോ ഏറയോ ഉണ്ടാലും വേലക്കാരന്റെ ഉറക്കം മധുരം,
ധനവാന്റെ തൃപ്തിയോ അവനെ ഉറങ്ങുവാൻ വിടുന്നില്ല.
12 സൂര്യനു കീഴിൽ ഞാൻ കണ്ടൊരു വിടക്കു തിന്മ ആകുന്നിതു:
ഉടമക്കാരന്റെ തിന്മെക്കായി കാത്തിട്ടുള്ള സമ്പത്തു;
13 വല്ലാത്ത കഷ്ടത്താൽ ആ സമ്പത്തു കെട്ടു പോകിലും
മകനെ ജനിപ്പിച്ചിട്ടും അവന്റെ കയ്യിൽ ഏതും ഇല്ലായ്കിലുമാം.
14 അമ്മയുടേ ഗർഭത്തിൽനിന്നു പുറപ്പെട്ടതു പോലേ (ഇയ്യോബു് 1,21)
അവൻ വന്ന പ്രകാരം തന്നേ നഗ്നനായി മടങ്ങി പോകും,
അവന്റെ അദ്ധ്വാനത്താൽ കൈക്കൽ കൊണ്ടുപോവാനുള്ളതു്
ഒന്നും പ്രാപിക്കയുമില്ല.
15 ഇതു കൂടേ വിടക്കു തിന്മ:
വന്ന പന്തിയിൽ തീരേ അവൻ പോകുന്നു
പിന്നേ കാറ്റിന്നു് അദ്ധ്വാനിച്ചതിന്റെ ആദായം അവനു് എന്തു പോൽ?
16 തന്റെ വാഴ്നാൾ എല്ലാം അവൻ ഇരിട്ടിൽ ഭക്ഷിക്കുന്നു,
അത്യന്തം വ്യസനവും വ്യാധിയും മുഷിച്ചലും കൂടും.
17 ഞാൻ നല്ലതെന്നും ശ്രുഭം എന്നും കണ്ടതു് ഇതാ:
താൻ സൂര്യനു കീഴിൽ അദ്ധ്വാനിക്കുന്ന സകല അദ്ധ്വാനത്തിലും

ദൈവം നൽകിയ വാഴ്നാൾ പര്യന്തം
തിന്നും കുടിച്ചുംകൊണ്ടു നന്മ അനുഭവിക്ക,
ഇതത്രേ തന്റെ ഓഹരി.
18 പിന്നെ യാതൊരു മനുഷ്യനു ദൈവം സമ്പത്തും നിക്ഷേപങ്ങളും കൊടുത്തു
അതിൽനിന്നു തിന്മാനും തന്റെ ഓഹരിയെ പ്രാപിപ്പാനും
അദ്ധ്വാനത്തിങ്കൽ സന്തോഷിപ്പാനും അധികാരം ഏകിയാൽ
ആയതും ദേവവരം തന്നേ.
19 ഹൃദയസന്തോഷത്തെ ദൈവം സമ്മതിക്കകൊണ്ടു
തന്റെ വാഴ്നാളുകളെ അവൻ ഏറെ ഓർക്കയില്ലല്ലോ.

6. അദ്ധ്യായം

(–8, 15).

ദൈവം അനുഭവിപ്പിച്ചിട്ടല്ലാതെ ഐശ്വര്യത്താൽ ഫലമില്ലായ്കയാൽ (7) ജ്ഞാനി ദേവവിധിയിൽ അടങ്ങി അല്പസന്തുഷ്ടത കൊള്ളുകയും (7,1) മൂഢന്റെ കളിയെ ഒഴിച്ചു (8) ദൈവം വരുത്തുന്നതു സഹിക്കയും (15) സാധാരണപാപത്വത്തെ അറിഞ്ഞു മദ്ധ്യമഗ്രണത്തിലും സന്തോഷിക്കയും ചെയ്യും. (23) ഈ ദുർല്ലഭമായ ജ്ഞാനത്തെ അന്വേഷിച്ചാൽ സ്ത്രീകളിൽനിന്നു സൂക്ഷിക്കയും (8,1) അന്ത്യവിസ്താരത്തെ പാർത്തുകൊണ്ടു നിഷ്ഠുരകരോടു മത്സരിക്കായ്കയും (9) ദുഷ്ടരിൽ അസൂയ ഭാവിക്കായ്കയും (15) അതിചിന്ത വിട്ടു സുഖിക്കയും വേണ്ടതു.

1 സൂര്യനു കീഴിൽ ഞാൻ കണ്ടൊരു തിന്മ ഉണ്ടു,
അതു മനുഷ്യരുടെ മേൽ ഭാരിച്ചിരിക്കുന്നു:
2 ദൈവം ഒരാൾക്കു സമ്പത്തും നിക്ഷേപങ്ങളും തേജസ്സും കൊടുത്തിട്ടു
കൊതിക്കുന്നതു് ഒന്നും ദേഹിക്കു കുറയാതിരുന്നാലും
അതിനെ അനുഭവിപ്പാൻ ദൈവം അധികാരം ഏകുന്നില്ല താനും,
അന്യപുരുഷൻ അതിനെ അനുഭവിക്കേ ഉള്ളു;
ഇതു മായയും വിടുകൂ പിണിയും തന്നേ.
3 ഒരുത്തൻ നൂറു ജനിപ്പിക്കയും
പല ആണ്ടു ജീവിക്കയും ആണ്ടുകളുടേ നാളുകൾ അത്യന്തം പെരുകയും
നന്മയാൽ ദേഹിക്കു തൃപ്തിയില്ല [ചെയ്തിട്ടും
ശവക്കുഴിയും ഇല്ല എന്നു വന്നാൽ
അവനെക്കാൾ അഴിഞ്ഞ കരുവും കൊള്ളാം എന്നു ഞാൻ പറഞ്ഞു;
4 ആയതാകട്ടേ മായയിൽ വന്നു ഇരിട്ടിൽ പോകുന്നു
ഇരിട്ടത്തു് അതിന്റെ പേർ മറഞ്ഞു കിടക്കുന്നു,
5 സൂര്യനെ കണ്ടറിഞ്ഞതുമില്ല
അവനെക്കാൾ ഇതിനു സ്വസ്ഥത ഉണ്ടു.
6 അവൻ ഈരായിരത്താണ്ടു ജീവിച്ചാലും
നന്മയെ കണ്ടില്ല എങ്കിൽ
സകലവും ഒരിടത്തേക്കു പോകുന്നില്ലയോ.
7 മനുഷ്യന്റെ അദ്ധ്വാനം ഒക്കയും അവന്റെ വായ്ക്കുള്ളതല്ലോ ആകുന്നു
ആഗ്രഹത്തിനു നിറവില്ല താനും.
8 ജീവികൾക്കു് മുമ്പാകേ നടപ്പാൻ അറിയുന്ന സാധുവിനും
ജ്ഞാനിക്കും മൂഢനിൽ എന്തുപോൽ വിശിഷ്ടത?
9 ആഗ്രഹം ഉഴലുന്നതിലും കണ്ണുകൾ കാണുന്നതേ കൊള്ളാം,
ഇതും മായയും കാറ്റിലേ ആസക്തിയുമത്രേ.

10 എന്തുണ്ടായാലും അതിനേറ പേർ പണ്ടു വിളിക്കപ്പെട്ടു,
മനുഷ്യൻ എന്താകും എന്നും മുന്നറിയപ്പെട്ടു,
തന്നെക്കാൾ മുഷ്കരം ഏറിയവനോടു
വ്യവഹരിപ്പാനും വഹിയാ.
11 മായയെ വർദ്ധിപ്പിക്കുന്ന വാക്കുകൾ ഏറേ ഉണ്ടല്ലോ (5,6)
മനുഷ്യന് (അതിനാൽ) എന്തു ഫലം?
12 നിഴൽ പോലേ കഴിക്കുന്ന മായാമയ വാഴ്നാൾ പര്യന്തം
ജീവനിൽ മനുഷ്യന് ഇന്നത് നല്ലത് എന്ന് ആക്കറിയാം?
അവനേറ ശേഷം സൂര്യനു കീഴിൽ ഇന്നത് ഉണ്ടാകുമെന്ന്
മനുഷ്യനെ ആരു പോൽ അറിയിക്കും?

7. അദ്ധ്യായം

1 നല്ല തൈലത്തിലും നല്ല നാമവും
പിറപ്പുനാളിലും മരിപ്പുനാൾ കൊള്ളാം.
2 വിരുന്നുവീട്ടിൽ പോകുന്നതിനെക്കാൾ വിലാപവീട്ടിൽ പോകുന്നതു കൊ
[ള്ളാം,
സകല മനുഷ്യനും ഇതേ അവസാനം ജീവനുള്ളവൻ അതിനെ ഹൃദയത്തിൽ
3 ചിരിപ്പിലും വ്യസനം കൊള്ളാം, [കരുതിക്കൊള്ളും.
മുഖവാട്ടത്തോടേ ഹൃദയം തഴെക്കും;
4 ജ്ഞാനികളുടേ ഹൃദയം വിലാപവീട്ടിലും
മൂഢരുടേ ഹൃദയം സന്തോഷവീട്ടിലും തന്നേ.
5 താൻ മൂഢരുടേ പാട്ടു കേൾക്കയിലും
ജ്ഞാനിയുടേ ആക്ഷേപം കേൾക്ക നല്ലു,
6 കലത്തിന്നു കീഴേ മുള്ളുകളുടേ ശബ്ദം പോലേ (സങ്കീ. 118, 12)
മൂഢനേറ ചിരി, ഇതും മായയത്രേ.
7 ഏഴക്കോഴ ജ്ഞാനിയെയും ഭ്രാന്തനാക്കുകയും
സമ്മാനം ഹൃദയത്തെ കെടുക്കയും ആം സ്പഷ്ടം.
8 കാര്യത്തിനേറ തുടക്കത്തിലും ഒടുക്കം നല്ലു,
മനപ്പൊക്കത്തിലും മനശ്ശാന്തി നല്ലു.
9 മൂഢരുടേ മടിയിൽ വ്യസനം ആവസിക്കയാൽ
ആത്മാവിൽ വ്യസനിപ്പാൻ ഉഴറായ്ക!
10 പൂർവ്വദിവസങ്ങൾ ഇവറിലും കൊള്ളായതു എന്തുകൊണ്ടു എന്നു പറയല്ലേ!
ഇതിനെ പററി നീ ജ്ഞാനത്താൽ അല്ല ചോദിക്കുന്നു.
11 അവകാശത്തോടേ ജ്ഞാനം നല്ലതു
സൂര്യനെ കാണുന്നവർക്ക് ഇതേ ലാഭം;
12 കാരണം ജ്ഞാനത്താൽ നിഴലും പണത്താൽ നിഴലും ഉണ്ടു,
അറിവിനേറ വൈശിഷ്ട്യമോ ജ്ഞാനം ഉടയവരെ ഉയിർപ്പിക്കുന്നതു.
13 ദേവക്രിയയെ നോക്കുക:
അവൻ വളെച്ചതിനെ നേരേ ആക്കുവാൻ ആർക്കു കഴിയും (1,15)!
14 നന്മയുടേ നാളിൽ സുഖിക്ക തിന്മയുടേ നാളിൽ പാർത്തിരിക്ക:
അതിനോടു ഒക്കത്തക്ക ഇതിനെയും ദൈവം ഉണ്ടാക്കിയതു
മനുഷ്യൻ തനേറ പിന്നിൽ (പൂർത്തനായി) ഒന്നും കണ്ടെത്തായ്വാൻ തന്നേ.
15 എനേറ മായാദിവസങ്ങളിൽ ഞാൻ സകലവും കണ്ടു:
തനേറ നീതിയിൽ കെട്ടുപോകുന്ന നീതിമാനും ഉണ്ടു
തനേറ ആകായുസ്സിൽ (ആയുസ്സ്) നീട്ടുന്ന ദുഷ്ടനും ഉണ്ടു.
16 അതിനീതിമാൻ ആകരുതു അത്യന്തജ്ഞാനിയായി കാട്ടുകയും അരുതു!
നീ പാഴായി പോവാൻ എന്തു?

17 അതിദുഷ്ടനും ആകരുത പൊട്ടനും ആകരുത!
അകാലത്തിൽ നീ മരിപ്പാൻ എന്തു?
18 ഇതിനെ പിടിക്കയും
അതിനെ കൈവിടാഞ്ഞയും ഏറേ നല്ല;
ദൈവത്തെ ഭയപ്പെട്ടനവൻ സകലത്തിനും തെറ്റി പുറത്താകും സത്യം.
19 പത്തു ശൂരന്മാർ നഗരത്തിൽ ഇരിക്കുന്നതിനെക്കാൾ
ജ്ഞാനിക്ക് ഊക്കേറും ജ്ഞാനത്താൽ;
20 പിഴെക്കാതേ നന്മ ചെയ്യുന്ന നീതിമാൻ
സാക്ഷാൽ ഭൂമിയിൽ ഇല്ലല്ലോ.
21 (ജനങ്ങൾ) ഉരെക്കുന്ന എല്ലാ വാക്കുകളെയും കൂട്ടാക്കൊല്ല,
നിന്റേറ ദാസൻ നിന്നെ പ്രാവുന്നതു കേൾക്കായ്വാൻ തന്നേ!
22 മറേറവരെ നീയും പ്രാവിയ പ്രകാരം
നിന്റേറ ഹൃദയം എത്ര വട്ടം അറിയുന്നു.
23 ഇത് ഒക്കയും ഞാൻ ജ്ഞാനത്തോടേ പരീക്ഷിച്ചു
ജ്ഞാനിയാകേണം എന്നിരുന്നു, അതോ എന്നോട്ട അകലേ തന്നേ.
24 ഉള്ളതാകട്ടേ അകലേ ആകുന്നു ആഴാഴേയും ആകുന്നു,
ആർ അതു കണ്ടുപിടിക്കും?
25 ഞാൻ അറിവാനും ആരായ്വാനും ജ്ഞാനത്തെയും യുക്തിയെയും അന്വേ
ഷിപ്പാനും ദുഷ്ടത മൌഢ്യം എന്നും ഭോഷത്വം ഭ്രാന്ത് എന്നും അറിവാനും [ഷിപ്പാനും
ഞാൻ തിരിച്ചു മനസ്സു വെച്ചപ്പോൾ,
26 മരണത്തിലും കൈപ്പായി കണ്ടിതു സ്ത്രീ തന്നേ (സദൃ. 2, 16ff);
ഹൃദയം കുടുക്കുകളും വലകളും
കൈകൾ വിലങ്ങുകളും ആയുള്ളവൾ.
ദൈവസന്നിധിയിൽ നല്ലവനായവൻ അവളെ വിട്ടു തെറ്റിപ്പോകും
പാപി അവളാൽ പിടിക്കപ്പെടും.
27 കണ്ടാലും കണക്കു സാധിപ്പാൻ ഞാൻ ഒന്നോടൊന്നു (ചേർത്തു)
ഇതിനെ കണ്ടു പിടിച്ചു എന്നു സഭാപ്രസംഗി പറയുന്നു;
28 പിന്നേയും എൻ ദേഹി അന്വേഷിച്ചിട്ടും കണ്ടു പിടിക്കാത്തത് ആവിതു:
ആയിരത്തിൽ ഒരു മനുഷ്യനെ കണ്ടു പിടിച്ചു
അത്രയിൽ ഒരു സ്ത്രീയെ ഞാൻ കണ്ടതും ഇല്ല.
29 ഒന്നു മാത്രം ഞാൻ ഇനി കണ്ടതു നോക്കുക:
ദൈവം മനുഷ്യനെ നേരുള്ളവനാക്കി തീർത്തു
അവരോ അനേകം യുക്തികളെ അന്വേഷിക്കുന്നു.

8. അദ്ധ്യായം

1 ജ്ഞാനിയോട് ആർ ഒക്കും, കാര്യതാല്പര്യത്തെ ആർ അറിയും?
മനുഷ്യന്റേറ ജ്ഞാനം അവന്റേറ മുഖത്തെ പ്രകാശിപ്പിക്കും
മുഖക്കടുപ്പം മാറി വരികയും ചെയ്യുന്നു.
2 ഞാൻ (ചൊല്ലുന്നിതു): രാജാവിന്റേറ വായിനെ കാത്തുകൊൾക
ദൈവത്തെ ആണയിട്ടതു നിമിത്തം കൂടേ (അതു വേണ്ടതു).
3 അവനെ വിട്ടു പോവാൻ ബദ്ധപ്പെടായ്ക
ദുഷ്കാര്യത്തിൽ ചേർന്നു നില്ലായ്ക.
അവൻ തോന്നുന്നത് എല്ലാം ചെയ്യുമല്ലോ;
4 രാജവാക്കു പ്രബലമാകുന്നു സത്യം
നീ എന്തു ചെയ്യുന്നു എന്ന് അവനോട്ട ആർ പറയും?
5 കല്പനയെ കാക്കുന്നവൻ ദുഷ്കാര്യം അറികയില്ല
കാലത്തെയും ന്യായവിധിയെയും ജ്ഞാനിയുടേ ഹൃദയം അറിയും.

6 സകല കമ്മത്തിന്നും കാലവും ന്യായവിധിയും ഉണ്ടല്ലോ
മനുഷ്യന്നേറ തിന്മ അവന്മേൽ ഭാരിച്ചിരിക്കും സത്യം.
7 ഇന്നത് സംഭവിക്കുമെന്നു അവനു തിരിയായ്കയാൽ
എങ്ങനേ സംഭവിക്കുമെന്ന് അവനെ ആരു പോൽ അറിയിക്കും?
8 കാറ്റിനെ അടെച്ചു വെപ്പാൻ ഒരു മനുഷ്യനും കാറ്റിന്മേൽ പ്രബലനല്ല,
മരണദിവസത്തിന്മേൽ പ്രാബല്യവുമില്ല,
യുദ്ധത്തിൽ (ആൾക്കും) വിടയില്ല
ദുഷ്കൃത തന്നുടയവരെ വിടുവിക്കുന്നതും ഇല്ല പോൽ.
9 സൂര്യനു കീഴിൽ നടക്കുന്ന എല്ലാ ക്രിയയിലും
മനസ്സു വെച്ചപ്പോൾ ഇത് ഒക്കെയും ഞാൻ കണ്ടു
മനുഷ്യൻ മനുഷ്യനെ തിന്മെക്കായി ഭരിക്കുന്ന സമയത്തിൽ തന്നേ.—
10 അപ്രകാരം തന്നേ ദുഷ്ടന്മാർ കുഴിച്ചിടപ്പെട്ടു പൂകുന്നതും
സരിയായി ചെയ്തവർ വിശുദ്ധസ്ഥലത്തെ വിട്ടു നടന്നു
നഗരത്തിൽ മറക്കപ്പെട്ടതും ഞാൻ കണ്ടു.
ഇതും മായയത്രേ.
11 ദുഷ്ക്രിയെക്കു ഒരു ശിക്ഷാജ്ഞ വിരഞ്ഞു നടത്തായ്ക നിമിത്തം
അത്കൊണ്ടു മനുഷ്യപുത്രരുടേ ഹൃദയം തിന്മ ചെയ്വാൻ അവരിൽ നിറ
[ഞ്ഞു പൊങ്ങുന്നു;
12 പാപി നൂറു ദോഷം ചെയ്തുകൊണ്ടു (ആയുസ്സു) നീട്ടുകിലുമാം.
ദൈവത്തെ ഭയപ്പെടുന്നവൎക്ക്
അവനുമ്പിൽ ഭയപ്പെടുകയാൽ നന്മ ഉണ്ടാകും എന്നും,
13 ദുഷ്ടനു നന്മ ഉണ്ടാകയില്ല
ദൈവത്തിനുമ്പിൽ ഭയപ്പെടായ്കയാൽ നിഴൽ പോലേ
വാഴ്നാളെ നീട്ടുകയുമില്ല എന്നും ഞാൻ അറിയുന്നു താനും.
14 ഭൂമിമേൽ ഒരു മായ നടക്കുന്നിതു:
ദുഷ്ടരുടേ ക്രിയെക്കു തക്കതു തട്ടുന്ന നീതിമാന്മാരും ഉണ്ടു
നീതിമാന്മാരുടേ ക്രിയെക്കു തക്കതു തട്ടുന്ന ദുഷ്ടന്മാരും ഉണ്ടു;
ഇതും മായ എന്നു ഞാൻ പറയുന്നു.
15 ആകയാൽ മനുഷ്യൻ തിന്നും കുടിച്ചുംകൊണ്ടു സന്തോഷിക്കയല്ലാതേ
നന്മ ഒന്നും ഇല്ലായ്കകൊണ്ടു
ഞാൻ സന്തോഷത്തെ കൊണ്ടാടി,
ദൈവം അവനു സൂര്യനു കീഴിൽ കൊടുത്ത വാഴ്നാൾ പൎയ്യന്തം
അവന്റേറ അദ്ധ്വാനത്തിൽ ഇതത്രേ അവനോടു കൂടി ചെലവൃതാകു.

9. അദ്ധ്യായം
(—12, 8).

ദൈവം ശുഭാശുഭങ്ങളെ വിഭാഗിക്കുന്ന വിധം മാനുഷബുദ്ധിക്ക് എത്താത്തതും ബുദ്ധിഹീനഹൃദയത്തിനു ഇടർച്ച വരുത്തുന്നതും ആയാലും (4) അദ്ധ്വാനം കൂടിയ ഭൂവാസം പാതാളവാസത്തെക്കാളും നല്ലതാകകൊണ്ടു (11) ജ്ഞാനത്തോടേ ആവോളം പ്രവൃത്തിച്ചുകൊണ്ടു (16) മഹത്തുക്കളുടേ ഭോഷത്വത്തെ ശാന്തതയാലേ ജയിച്ചു (10, 5) ക്രമക്കേടുകളെ തീൎപ്പാൻ ബലാല്ക്കാരം തുടങ്ങാതേയും (12) നിസ്സാര അധികാരികളെയും ശപിക്കാതേയും (11, 1) കാൎയ്യങ്ങളിൽ ഉത്സാഹിക്കയും (7) യൌവനകാലത്തിൽ പ്രത്യേകം ദൈവഭയത്തോടേ സുഖിക്കയും (12, 1) ആയതിനാൽ വാൎദ്ധക്യദുഃഖത്തെയും മരണഭീതിയെയും ശമിപ്പിക്കയും വേണ്ടതു.

8, 16 (മനുഷ്യൻ) രാവും പകലും കണ്ണുകൊംക്കു നിദ്ര കാണാതവണ്ണം
ഭൂമിമേൽ നടക്കുന്ന കഷ്ടത്തെ കാണ്മാനും
ജ്ഞാനത്തെ അറിവാനും ഞാൻ ഹൃദയത്തെ വെച്ചപ്പോൾ,
17 സൂര്യനു കീഴിൽ നടക്കുന്ന
പ്രവൃത്തിയെ മനുഷ്യനു ഗ്രഹിച്ചു കൂടാ
എന്നു ഞാൻ ദേവക്രിയയെ പററി) കണ്ടിരിക്കുന്നു;
കാരണം ഗ്രഹിപ്പാൻ മനുഷ്യൻ എത്ര അദ്ധ്വാനിച്ചാലും
ഗ്രഹിക്കയില്ല,
(അതിനെ) അറിവാൻ ജ്ഞാനി വിചാരിച്ചാലും
ഗ്രഹിപ്പാൻ കഴികയില്ല.
9, 1 ഇതെല്ലാം ഞാൻ മനസ്സിൽ ആക്കി ഇതെല്ലാം തെളിയിപ്പാൻ (ഒരുമ്പെട്ട):
നീതിമാന്മാരും ജ്ഞാനികളും അവരുടെ വേലകളും ദൈവക്കയ്യിൽ അത്രേ,
സ്നേഹവും ദ്വേഷവും ഒരു മനുഷ്യനും അറിയാ
സകലവും അവക്കു മുമ്പിൽ കിടക്കുന്നു,
2 സകലവും എല്ലാവർക്കും വന്നുകൂടും, അദ്വിതീയം ഒന്നു തന്നേ;
നീതിമാനും ദുഷ്ടനും നല്ലവനും ശുദ്ധനും അശുദ്ധനും
ബലികഴിക്കുന്നവനും ഒട്ടും കഴിക്കാത്തവനും (തട്ടുന്നു),
നല്ലവനും പാപിയും
ആണയിടുന്നവനും ആണെക്കു ശങ്കിക്കുന്നവനും ഒരു പോലേ.
3 എല്ലാവർക്കും അദ്വിതീയം ഒന്നു എന്നുള്ളതു
സൂര്യനു കീഴിൽ നടക്കുന്ന എല്ലാററിലും വിടക്കായി കാണുന്നു;
അതുകൊണ്ടു മനുഷ്യപുത്രരുടെ ഹൃദയം തിന്മ നിറഞ്ഞതും
അവർ ജീവിപ്പോളം ഹൃദയത്തിൽ ഭ്രാന്തത വസിക്കുന്നതും ഉണ്ടു;
അവൻ തീർന്ന ശേഷമോ പ്രേതന്മാരുടെ അടുക്കലത്രേ.
4 ഇതിങ്കൽ തെരിഞ്ഞെടുക്കപ്പെട്ടുന്നത് ആരു പോൽ?
എല്ലാ ജീവികളോടും പ്രത്യാശ ഉള്ള
ചത്ത സിംഹത്തിലും ജീവനുള്ള നായി നല്ലതല്ലോ.
5 എങ്ങനേ എന്നാൽ ചാകും എന്നു ജീവനുള്ളവർ അറിയുന്നു,
പ്രേതന്മാരോ ഒന്നും അറിയാത്തവരും
അവരുടെ ഓർമ്മയും മറന്നു പോകയാൽ കൂലി ഒട്ടും ഇല്ലാത്തവരും ആകുന്നു.
6 അവരുടെ സ്നേഹവും ദ്വേഷവും എരിവും പണ്ടു കെട്ടു പോയി
സൂര്യനു കീഴിൽ നടക്കുന്ന സകലത്തിലും
അവർക്കു് ഓർ ഓഹരിയുമില്ല.
7 എന്നാൽ അല്ലയോ സന്തോഷത്തോടേ നിന്റെ ആഹാരം ഭക്ഷിക്ക
സുഖമനസ്സോടേ വീഞ്ഞിനെ കുടിക്ക,
സാക്ഷാൽ നിന്റെ ക്രിയകളം പണ്ടു ദൈവത്തിനു രുചിച്ചുവല്ലോ.
8 നിന്റെ വസ്ത്രങ്ങൾ എല്ലായ്പോഴും വെള്ളയാക
തലെക്കു് എണ്ണ കുറകയും അരുതേ!
9 അവൻ സൂര്യനു കീഴിൽ നിണക്കു തന്ന
മായാജീവന്റെ ദിവസങ്ങൾ എല്ലാം
നീ സ്നേഹിക്കുന്ന ഭാര്യയോടു് ഒന്നിച്ചു
നിന്റെ മായാദിവസങ്ങൾ പര്യന്തം ജീവനെ അനുഭവിച്ചുകൊൾക,
നീ സൂര്യനു കീഴിൽ അദ്ധ്വാനിക്കുന്ന നിന്റെ പ്രയാസത്തിലും
ജീവനിലും ഇതത്രേ നിന്റെ ഓഹരി.
10 നിന്റെ ഊക്കു കൊണ്ടു കൈക്കു ചെയ്വാൻ എത്തുന്നേടത്തോളം ചെയ്തു
നീ ചെല്ലുന്ന പാതാളത്തിൽ [കൊൾക;
ക്രിയയും യുക്തിയും അറിവും ജ്ഞാനവും ഒട്ടും ഇല്ല പോൽ!

11 ഞാൻ തിരിഞ്ഞു സൂര്യനു കീഴിൽ കണ്ടതു:
കാലവും യദൃച്ഛയും എല്ലാവർക്കും സംഭവിപ്പതാൽ
വേഗവാന്മാക്കു് ഓട്ടവും ഇല്ല
വീരന്മാക്കു് യുദ്ധവും ഇല്ല ജ്ഞാനികൾക്കു് ആഹാരവും ഇല്ല
വിവേകികൾക്കു സമ്പത്തും ഇല്ല അറിയുന്നവർക്കു് കൃപയും ഇല്ല.
12 തന്റെ കാലത്തെ പോലും മനുഷ്യൻ അറിയുന്നില്ലല്ലോ,
വല്ലാത്ത വലയിൽ പിടിപെടുന്ന മീനുകൾക്കും
കണിയിൽ അകപ്പെടുണ കുരികിലുകൾക്കും ഒത്തവണ്ണമേ
മനുഷ്യപുത്രന്മാരും ദുഷ്കാലം പെട്ടന്നു് അവരുടേ മേൽ വീഴുമ്പോൾ
അതിൽ കുടുങ്ങി പോകുന്നു.
13 എന്നിട്ടു ഞാൻ സൂര്യനു കീഴിൽ ജ്ഞാനമായി കണ്ടതു്
ഒന്നു കൂടേ എനിക്കു വലിയതു് എന്നു തോന്നി:
14 കുറയ പുരുഷന്മാർ ഇരിക്കുന്നൊരു ചെറിയ പട്ടണം ഉള്ളതിനെ കൊള്ള
മഹാരാജാവു വന്നു അതിനെ വളഞ്ഞുകൊണ്ടു
മഹായന്ത്രങ്ങളെ അതിനു നേരേ പണിയിച്ചാറേ,
15 അതിൽ അഗതിയും ജ്ഞാനിയും ആയോരാൾ കാണായ്വന്നു
സ്വജ്ഞാനംകൊണ്ടു് പട്ടണത്തെ വിടുവിച്ചപ്പോൾ
അഗതിയായ ആളെ പിന്നേ ആരും ഓർത്തതും ഇല്ല.
16 അപ്പോൾ ഞാൻ പറഞ്ഞിതു: ശൌര്യത്തിലും ജ്ഞാനം നല്ലതു്
എങ്കിലും അഗതിയുടേ ജ്ഞാനം നിരസിക്കപ്പെട്ടതും
അവന്റെ വാക്കുകൾ കേൾക്കപ്പെടാത്തവയും അത്രേ.

10. അദ്ധ്യായം

9,17 സാവധാനത്തോടേ കേൾക്കപ്പെട്ടാൽ ജ്ഞാനിയുടേ വാക്കുകൾ
മൂഢരെ ഭരിക്കുന്നവന്റെ കൂക്കലിലും കൊള്ളാം.
18 പോക്കോപ്പുകളിലും ജ്ഞാനം കൊള്ളാം
എങ്കിലും ഒരു പാപി വളരേ നന്മകളെ കെടുക്കും.
10,1 സുഗന്ധക്കാരന്റെ തൈലത്തെ ചത്ത ഈച്ച ദ്രവിപ്പിച്ചു നാറിക്കുന്നു,
ജ്ഞാനത്തിലും തേജസ്സിലും മൌഢ്യലേശം കനം ഏറിയതു.
2 ജ്ഞാനിയുടേ ഹൃദയം അവന്റെ വലത്തോട്ടും
മൂഢന്റെ ഹൃദയം ഇടത്തോട്ടും ഉള്ളതു;
3 പൊണ്ണൻ നടക്കുന്ന ഏതു വഴിയിലും ബുദ്ധി കുറഞ്ഞവനത്രേ
താൻ പൊണ്ണനെന്നു ഏവനോടും പറയുന്നു. —
4 വാഴുന്നവന്റെ കോപം നിന്നെ കൊള്ള കിളർന്നാൽ നിന്റെ നിലയെ വിട്ടു
മഹാപാപങ്ങളെയും ശാന്തത പരിഹരിക്കും പോൽ. [പോകൊല്ല,
5 ഞാൻ സൂര്യനു കീഴിൽ കണ്ടൊരു തിന്മ ആകുന്നിതു:
ബലവാനിൽനിന്നു ജനിക്കുന്നൊരു തെറ്റു തന്നേ (ഇത്യാദി).
6 മൂഢത മഹാഔന്നത്യങ്ങളിൽ ആക്കപ്പെട്ടും
ധനവാന്മാർ താഴ്ചയിൽ വസിച്ചും പോകും;
7 ഞാൻ ദാസന്മാരെ കുതിരപ്പുറത്തും
പ്രഭുക്കൾ ദാസരെ പോലേ നിലത്തു നടക്കുന്നതും കണ്ടു. —
8 എങ്കിലും ഗഹ്വരത്തെ തോണ്ടുന്നവൻ അതിൽ വീഴുകിലും
മതിലിനെ തകൎക്കുന്നവനെ നാഗം തീണ്ടുകിലും ആം;
9 കല്ലുകളെ വെട്ടുന്നവൻ അതിനാൽ നോവുകിലും
മരങ്ങളെ കീറുന്നവൻ അവറാൽ മുറികിലും ആം.
10 ഇരിമ്പിനു മൂച്ചു കെട്ടാൽ
വായ്ത്തലയെ അണെക്കാതേ ഇരുന്നു എങ്കിൽ

അതിവീര്യത്തോടെ ബലം കാട്ടേണ്ടി വരും
യഥാസ്ഥാനമാക്കുന്നതിന്റെ ലാഭമോ ജ്ഞാനം.
11 വശീകരണം പ്രയോഗിക്കാതേ നാഗം തീണ്ടിയാൽ
നാവുകാരന (നാവിനാൽ) ഉപകാരം ഇല്ലല്ലോ.
12 ജ്ഞാനിയുടേ വായിലേ വാക്കുകൾ ലാവണ്യം തന്നേ
മൂഢന്റെ അധരങ്ങൾ അവനെ വിഴുങ്ങും.
13 അവന്റെ വായിലേ വാക്കുകളുടേ ആരംഭം പൊണ്ണത്വമത്രേ
അവന്റെ വായുടേ അവസാനമോ വല്ലാത്ത ഭ്രാന്തു.
14 പൊണ്ണൻ വാക്കുകളേ അധികമാക്കുന്നു താനും
ഉണ്ടാവാറാകുന്നതു മനുഷ്യൻ അറിയാത്തതല്ലോ
അവന്റെ ശേഷം ഉണ്ടാവാനുള്ളതിനെ അവനോടു ആരു പോൽ അറി
15 നഗരത്തിലേക്കു പോവാനും അറിയായ്കയാൽ [യിക്കും (6, 12)
മൂഢരുടേ അദ്ധ്വാനം അവർക്കു തളർച്ച വരുത്തുന്നു.
16 അയ്യയ്യോ ബാലൻ രാജാവായിട്ടും
പ്രഭാതം രാവിലേ തിന്നുകൊണ്ടും ഇരിക്കുന്ന ദേശമേ നിണക്കു ഹാ കഷ്ടം!
17 ഉദാരപുത്രൻ രാജാവായിട്ടും
പ്രഭാതം ലഹരിക്കല്ല വീര്യത്തിന്നു തക്കവണ്ണം
തത്സമയത്തു തിന്നുകൊണ്ടും ഇരിക്കുന്ന ദേശമേ നീ ധന്യം!
18 മടിവുള്ള കൈകളാൽ അറുത്തുകെട്ടു താഴുന്നു
കൈകളുടേ ശൈഥില്യത്താൽ വീടു ചോരുന്നുവല്ലോ.
19 ചിരിപ്പാനായി സദ്യ കഴിക്കയും വീഞ്ഞു ജീവനെ സന്തോഷിപ്പിക്കയും
പണം സകലത്തെയും വരുത്തുകയും ചെയ്യുന്നു കഷ്ടം!
20 നിരൂപണം കൊണ്ടെങ്കിലും രാജാവിനെ ശപിക്കൊല്ല
കിടക്കയുടേ അകങ്ങളിലും ധനവാനെ ശപിക്കയും അരുതു,
പക്ഷേ വാനത്തിലേ പക്ഷി ആ ശബ്ദത്തെ കൊണ്ടുപോകയും
ചിറകടയുള്ള വാക്കിനെ അറിയിക്കയും ചെയ്യുമല്ലോ.

11. അദ്ധ്യായം

1 നിന്റെ ആഹാരത്തെ വെള്ളത്തിന്മേൽ ഒഴുക്കി വിടുക,
ഏറിയ നാളുകൾ ചെന്നിട്ടു നീ അതിനെ കണ്ടെത്തും നിശ്ചയം.
2 ഭൂമിമേൽ എന്തെല്ലാം തിന്മ ഉണ്ടാകുമെന്നു അറിയായ്കകൊണ്ടു
ഉള്ള അംശത്തെ ഏഴും എട്ടുമായി വിഭാഗിക്ക.
3 കാറുകൾ മാരി കൊണ്ടു നിറഞ്ഞിരുന്നാൽ
ഭൂമിമേൽ പൊഴിക്കുമല്ലോ,
മരം തെക്കോട്ടോ വടക്കോട്ടോ വീണാലും
വീഴുന്നേടത്തു തന്നേ മരം ഇരിക്കും.
4 കാറിനെ കാത്തിരിക്കുന്നവൻ വിതെക്കയില്ല
കാറുകളെ നോക്കുന്നവൻ കൊയ്കയും ഇല്ല;
5 കാറിന്റെ വഴി ഇന്നത് എന്നും
ഗർഭിണിയുടേ ഉദരത്തിൽ അസ്ഥികൾ എങ്ങനേ എന്നും നീ അറിയാത്തതു
സകലവും ചെയ്യുന്ന ദൈവത്തിന്റെ ക്രിയയെ [പോലേ
നീ അറിയുന്നില്ലല്ലോ.
6 രാവിലേ നിന്റെ വിത വിതെക്ക
വൈകുന്നേരത്തും നിന്റെ കൈ അടങ്ങായ്ക!
ഇതോ അതോ ഏതു ഫലിക്കും എന്നും
രണ്ടും ഒരു പോലേ നന്നാകുമോ എന്നും അറിയുന്നില്ലല്ലോ.

7 വെളിച്ചം മധുരവും
ആദിത്യനെ കാണുന്നതു കണ്ണുകൾക്ക് നല്ലതും തന്നേ.
8 അതേ, മനുഷ്യൻ ഏറിയ ആണ്ടു ജീവിച്ചിരുന്നാലും
എല്ലാറ്റിലും അവൻ സന്തോഷിക്കയും
അന്ധകാരദിവസങ്ങളെ വളരേ ആകും എന്ന് ഓൎക്കയും ചെയ്ക!
വരുന്നത് ഒക്കയും മായയത്രേ.
9 അല്ലയോ യുവാവേ, നിന്റെ ബാല്യത്തിങ്കൽ സന്തോഷിക്ക,
നിന്റെ യൌവനദിവസങ്ങളിൽ ഹൃദയം നിന്നെ സുഖിപ്പിക്ക,
നിന്റെ മനസ്സിലേ വഴികളിലും കണ്ണുകളുടേ കാഴ്ചയിലും നടന്നുകൊൾക,
എങ്കിലും ഇവ എല്ലാംകൊണ്ടും ദൈവം നിന്നെ ന്യായവിസ്താരത്തിൽ വരു
10 ഹൃദയത്തിൽനിന്നു വ്യസനം അകറ്റി [ത്തും എന്നറിക!
ജഡത്തിൽനിന്നു തിന്മയെ പോക്കിക്കൊൾക,
ബാല്യവും നരയായ്മയും മായയല്ലോ.

12. അദ്ധ്യായം

1 നിന്റെ യൌവനദിവസങ്ങളിൽ നിന്റെ സ്രഷ്ടാവിനെ ഓൎത്താലും,
തിന്മനാളുകൾ വരുന്നതിന്നും
ഇതിൽ എനിക്ക് ഇഷ്ടം ഒട്ടും ഇല്ല എന്നു നീ പറയുന്ന ആണ്ടുകൾ അണയു
2 സൂൎയ്യനും വെളിച്ചവും [ന്നതിന്നും മുമ്പേ തന്നേ!
ചന്ദ്രാദിനക്ഷത്രങ്ങളും ഇരുണ്ടു പോകുന്നതിന്നും
മാരി പെയ്തിട്ടു കാറുകൾ തിരിച്ചു വരുന്നതിന്നും മുമ്പേ തന്നേ;
3 ഭവനത്തിന്റെ കാവൽക്കാർ വിറെക്കയും
സ്ഥിരബലവാന്മാർ കോട്ടുകയും
അരെക്കുന്നവർ കുറയുന്തോറും പണി ഒഴിക്കയും
ജാലവാതിലുകളിൽ കൂടി നോക്കുന്നവർ ഇരുളുകയും,
4 അരെക്കുന്ന ഒച്ച മാഴ്കുമേ
തെരുവിലേ കതകുകൾ അടെക്കയും
കുരികിലിന്റെ ശബ്ദത്തിന്നു് എഴുനീല്ക്കയും
പാട്ടുകാരത്തികൾ ഒക്കയും വാങ്ങുവാറാകയും ചെയ്യുന്നാൾ തന്നേ;
5 കയറ്റത്തിന്നും അവർ ഭയപ്പെടും
വഴിയിൽ വെച്ചു ഭീഷണികൾ (കാണും),
ബാദാം പൂക്കയും തുള്ളൻ ചുമടായി തീരുകയും
രോചനക്കുരു ചതിക്കയും ചെയ്യും;
മനുഷ്യനാകട്ടേ തന്റെ നിത്യഭവനത്തിലേക്കു പോകുന്നു
തൊഴിക്കുന്നവർ തെരുവിൽ ചുറ്റുകയും ചെയ്യുന്നു;
6 വെള്ളിച്ചരടു് അറുകയും
പൊൻകലം പൊട്ടുകയും
ഉറവിങ്കൽ കുടം ഉടകയും
കിണറ്റിൽ ചക്രം തകരുകയും,
7 പൊടി ഇരുന്ന പ്രകാരം ഭൂമിയിലേക്കു തിരികയും,
ആത്മാവു് നല്കിയ ദൈവത്തിങ്കലേക്കു മടങ്ങി ചേരുകയും ചെയ്യും മുമ്പേ
[തന്നേ (ഓൎത്തു കൊണ്ടാലും).
8 ഹാ മായകളുടേ മായ എന്നു സഭാപ്രസംഗി പറയുന്നു,
സകലവും മായയത്രേ (1,2).

തീർച്ച

(9) ഈ സാധാരണപ്രബോധനത്തിന്റെ താല്പര്യമായത (12) ന്യായ
വിധിയെ ഓർത്ത ദേവഭക്തിയിലേ നടപ്പു.

9 ശേഷം സഭാപ്രസംഗി ജ്ഞാനിയായിരുന്നതല്ലാതേ
ജനത്തിന്ന അറിവു പഠിപ്പിക്കയും
തൂക്കി ആരാഞ്ഞുംകൊണ്ടു അനേകം സദൃശങ്ങളെ രചിക്കയും ചെയ്തു.
10 സഭാപ്രസംഗി ഇഷ്ടവചനങ്ങളെയും
നേരായി എഴുതിയ സത്യവാക്കുകളെയും കണ്ടെത്തുവാൻ അന്വേഷിച്ചു,
11 ജ്ഞാനികളുടേ വാക്കുകൾ തോട്ടികളോടും
മലകളായി ചേർത്തവ തറച്ച ആണികളോടും ഒക്കും,
ഓർ ഇടയനാൽ കൊടുക്കപ്പെട്ടിരിക്കുന്നു.
12 ശേഷം എന്മകനേ, ബുദ്ധി വെക്ക:
ബഹുപുസ്തകങ്ങളെ ഉണ്ടാക്കുന്നതിന്നു അറ്റം ഇല്ല
അത്യന്തവിദ്യാഭ്യാസവും ജഡത്തിന്ന ആയാസമത്രേ.
13 എല്ലാം കേട്ട ശേഷം കാര്യത്തിന്റെ തുകയാവിതു:
ദൈവത്തെ ഭയപ്പെട്ടു അവന്റെ കല്പനയെ കാത്തുകൊൾക
ഇതു എല്ലാ മനുഷ്യനും വേണ്ടതല്ലോ.
14 കാരണം നല്ലതായാലും തീയതായാലും സകലക്രിയയെയും
ദൈവം മറഞ്ഞതിന്നു ഒക്കെക്കും (നടത്തും) ന്യായവിധിയിൽ വരുത്തും.

THE

SONG OF SOLOMON

ശലോമോവിൻറെ

അത്യുത്തമഗീതം

1. പ്രേമാരംഭം (— 2, 7).

1. അദ്ധ്യായം

അരമനയിലേ കന്യമാർ ശലോമോവിനെ സ്തുതിക്കുമ്പോഴും (5) നാട്ടിൽനിന്നു കൊണ്ടുവന്ന ശൂലമത്തി ദൂരസ്ഥനെ ധ്യാനിക്കുന്നതു (8) കന്യമാർ ആക്ഷേപിക്കയും (9) രാജാവ് പ്രവേശിച്ചു അവളെ കാമിച്ചു നോക്കുകയും (12) അവളും സന്തോഷിച്ചു അവനെ കൊണ്ടാടി (15) ഇരുവരും തമ്മിൽ സംസാരിച്ചതു.

2 (കന്യമാർ:) അവൻറെ മുഖചുംബനങ്ങളും കൊണ്ടു് എന്നെ ചുംബിപ്പാ
വീഞ്ഞിനെക്കാളും നിൻറെ പ്രേമം നല്ലതു, [റാക!
3 നിൻറെ തൈലങ്ങളും വാസനെക്കു് ഉത്തമം.
തൈലം പോലേ തിരുനാമം പകർന്ന വ്യാപിക്കകൊണ്ടു
കന്യമാർ നിന്നെ സ്നേഹിക്കുന്നു.
4 എന്നെ വലിക്ക നിൻറെ വഴിയേ നാം ഓടുക!
രാജാവു് അരമനെക്കകത്തു് എന്നെ വരുത്തി
നിന്നിൽ ഞങ്ങളും സന്തോഷിച്ചാനന്ദിച്ചു
വീഞ്ഞിലും അധികം നിൻ പ്രേമത്തെ വണ്ണ്ണിക്കും
നേരിലല്ലോ അവർ നിന്നെ സ്നേഹിക്കുന്നു.
5 (ശുലമത്തി:) യരുശലേം പുത്രിമാരേ, ഞാൻ കറുത്തവളും എങ്കിലും
[മനോഹരി ആകുന്നു,
കെദാര്യകൂടാരങ്ങളും ശലോമോവിൻ വിരിപ്പുകളും എന്ന പോലേ തന്നേ.
6 വെയിൽ പററി
ഞാൻ കറുത്തു പോകകൊണ്ടു എന്നെ നോക്കരുതു.
എൻറെ അമ്മയുടേ മക്കളും എന്നെ കോപിച്ചു
പറമ്പുകളിൽ കാവല്ക്കാരി ആക്കി വെച്ചു,
സ്വന്തപറമ്പിനെ മാത്രം ഞാൻ കാത്തില്ല.
7 എൻ ആത്മസ്നേഹിത, നീ എവിടേ മേയ്ക്കുന്നു?
നിൻറെ ചങ്ങാതിമാരുടേ ആട്ടിങ്കൂട്ടങ്ങളുടേ അരികേ
ഞാൻ മുഖം മൂടിയ സ്ത്രീയെ പോലേ തോന്നാതേ ഇരിപ്പാൻ
നീ ഉച്ചെക്കു കിടക്കുമാറാകുന്ന ഇടത്തെ എന്നോടു അറിയിക്ക!
8 (കന്യമാർ:) സ്ത്രീകളിൽ അതിസുന്ദരി, നീ അറിയുന്നില്ല എങ്കിൽ
ആട്ടിൻചുവടുകളെ നോക്കി പുറപ്പെട്ടു
ഇടയന്മാരുടേ കൂടാരസമീപത്തു നിൻറെ കുഞ്ഞാടുകളെ മേച്ചുകൊൾക!
9 (ശലോമോ:) എൻറെ ഇഷ്ടേ, ഫരവൊത്തേരില്ലുള്ള കുതിരയോടു
ഞാൻ നിന്നിൽ സാദൃശ്യം കണ്ടു.

10 ചങ്ങലകളിൽ നിന്റെ കവിളും
കോത്ത മാലയിൽ കഴുത്തും എത്ര ഭംഗിയായി.
11 ഞങ്ങൾ നിണക്കു പൊൻചരടുകളെ
വെള്ളിപ്പുള്ളികളോടേ തീർപ്പിക്കാം.
12 (ശുലമത്തി:) രാജാവ് മേശെക്കു ഇരിക്കുമ്പോളം
എന്റെ ജടാമാംസിസുഗന്ധത്തെ പുറപ്പെടുവിച്ചു.
13 എൻ പ്രിയൻ എനിക്കു സ്തനമദ്ധ്യേ
കിടക്കുന്ന മൂറിൻ കിഴി ആകുന്നു.
14 എംഗദിയിലേ പറമ്പുകളിൽ
മയിലാഞ്ചിപ്പൂക്കുല പോലേയും എനിക്കു പ്രിയൻ ആകുന്നതു.
15 (ശലോമോ:) അല്ലയോ എന്റെ ഇഷ്ടേ, നീ സുന്ദരി
ഇതാ സുന്ദരി, നിന്റെ കണ്ണുകളും പ്രാവുകളും തന്നേ.
16 (ശുലമത്തി:) അല്ലയോ എൻ പ്രിയ, നീ സുന്ദരൻ മനോഹരനും ആകുന്നു. [നു.
നമ്മുടേ ശയനം ഇളമ്പച്ച,
17 നമ്മുടേ വീടുകളിലേ ഉത്തരങ്ങൾ ദേവദാരുക്കളും
മച്ച് പീനമരങ്ങളും ആം.
2,1 ഞാൻ ശരോനിലേ മേത്തോന്നിപ്പൂവും
താഴ്വരകളിലേ താമരയും അത്രേ.

2. അദ്ധ്യായം

2 (ശലോമോ:) മുള്ളുകളുടേ ഇടയിൽ താമരപ്പൂ എത്തപ്രകാരം
അപ്രകാരം ബാലമാരിൽ എന്റെ പ്രിയ.—
3 (ശുലമത്തി:) കാട്ടുമരങ്ങളിൽ നാരകം എത്ത പ്രകാരം
അപ്രകാരം ബാലന്മാരിൽ എന്റെ പ്രിയൻ.
ആ തണലിൽ ഇരിപ്പാൻ ഞാൻ വാഞ്ഛിച്ചു
അതിൻ ഫലം എന്റെ വായ്ക്കു മധുരം.
4 അവൻ വീഞ്ഞുപുരയിൽ എന്നെ കൂകിച്ചു;
എന്മേലുള്ള അവന്റെ കൊടി സ്നേഹം തന്നേ.
5 ഞാൻ കാമനോവോടു കൂടി ഇരിക്കകൊണ്ടു
മുന്തിരിങ്ങക്കട്ടകളെ തന്നു നിവിർത്തിപ്പാൻ
നാരങ്ങ കൊണ്ടു എന്നെ ആശ്വസിപ്പിപ്പാൻ!
6 അവന്റെ ഇടങ്കൈ എൻ തലയിൻ കീഴേ വെച്ചും
വലങ്കൈ എന്നെ ആശ്ലേഷിച്ചും ഇരിക്കുന്നു.
7 അല്ലയോ യരുശലേം പുത്രിമാരേ
പ്രേമത്തിന്നു ഇഷ്ടമാകുന്നതുവരേ,
അനക്കരുതേ, ഉണർത്തരുതേ!
വയലിലേ പേടമാനുകളെയും മൃഗികളെയും ഞാൻ ആണയിട്ടപേക്ഷിക്കുന്നു.

II. അന്യോന്യാന്വേഷണം (—3,5)

ശുലമത്തി നാട്ടിൽ വസിച്ചു പ്രിയൻ വരുന്നതു കണ്ടു (10) ഇരുവരും സംസാരിച്ചതും (15) അവൾ പാടി (3,1) സ്വപ്നവിവരം അറിയിച്ചതും.

2, 8 ഹാ എൻ പ്രിയന്റെ ശബ്ദം!
അതാ മലകളിൽ ചാടി
കുന്നുകളിന്മേൽ തുള്ളിയും വരുന്നു.

9 എൻ പ്രിയൻ മാനിനോ
കലക്കുട്ടിക്കോ സമൻ.
ഇതാ ഈ ഭിത്തിക്കു പുറമേ നിന്നു
കിളിവാതിലുകളിൽ നോക്കി
അഴികളിൽ കൂടി സൂക്ഷിക്കുന്നുണ്ടു.
10 പ്രിയൻ എന്നോടു സംസാരിച്ചു:
എൻ പ്രിയേ എൻ സുന്ദരീ, എഴുനീറു വരിക!
11 ഇതാ ഹിമകാലം കഴിഞ്ഞു
മഴയും മാറി വാങ്ങി,
12 പുഷ്പങ്ങൾ നിലത്തു കാണായി
പാട്ടിന്റേറ സമയം അടുത്തു
കുറുപ്രാവിൻ കുറുട്ടലും നമ്മുടേ നാട്ടിൽ കേൾപാറായി.
13 അത്തി തൻ കായ്കളെ ചുവപ്പിക്കുന്നു
മുന്തിരികൾ പൂത്തു സൌരഭ്യത്തെ തൂകുന്നു.
എൻ ഇഷ്ടേ എൻ സുന്ദരീ, എഴുനീറു നടകൊൾക!
14 അല്ലയോ പാറപ്പിളർപ്പുകളിലും
ചുരത്തിൻ മറവിലും ഉള്ള എന്റേറ പ്രാവേ,
നിൻ രൂപത്തെ ഇങ്ങു കാണിച്ചു സ്വരത്തെ കേൾപിക്കേണമേ!
നിൻ സ്വരം മധുരവും രൂപം മനോഹരവും തന്നേ എന്നു് അവൻ പറഞ്ഞു.
15 (ശുലമത്തി പാടുന്നതു:) കുഴിനരികളെ പിടിച്ചു തരുവിൻ
വള്ളിപ്പറമ്പുകളെ വഷളാക്കുന്ന ചെറുനരികളെ (പിടിപ്പിൻ).
നമ്മുടേ പറമ്പുകൾ പൂക്കുന്നുവല്ലോ!
16 എന്റേറ പ്രിയൻ എനിക്കും ഞാൻ അവനും ഉള്ളു,
താമരകളുടേ ഇടയിൽ മേയ്ക്കുന്നവന്നു്,
17 നേരം ചെന്നു വെയിൽ ആറി നിഴലുകൾ മണ്ടിപ്പോവോളം
എൻ പ്രിയ നീ മടങ്ങി
മാനിനോ കലക്കുട്ടിക്കോ തുല്യനായി (8)
ഭിന്നിച്ച പവ്വ്തങ്ങളെ കടന്നു വാ!

3. അദ്ധ്യായം

1 രാത്രികളിൽ കിടക്കമേൽ ഞാൻ
(സ്വപ്നത്തിൽ) ആത്മസ്നേഹിതനെ തിരഞ്ഞു,
തിരഞ്ഞിട്ടും അവനെ കണ്ടില്ല.
2 ഞാൻ ഉടനേ എഴുനീല്ക്കു
പട്ടണത്തു തെരുവീഥികളിൽ ചുറ്റി
ആത്മസ്നേഹിതനെ നോക്കി നടക്കട്ടേ!
എന്നിട്ടു തിരിഞ്ഞാറേയും അവനെ കണ്ടുകിട്ടിയില്ല.
3 പട്ടണത്തിൽ ചുറ്റുന്ന കാവൽക്കാർ എന്നെ കണ്ടെത്തി,
എൻ ആത്മസ്നേഹിതനെ നിങ്ങൾ കണ്ടുവോ?
4 എന്നാറേ അവരെ വിട്ടു അല്പം കടന്നപ്പോൾ
ആത്മസ്നേഹിതനെ ഞാൻ കണ്ടെത്തി
അവനെ പിടിച്ചു
മാതൃഭവനത്തിൽ
ജനനിയറയിലേക്കു വരുത്തുവോളം വിടാതേ കൊണ്ടിരുന്നു.
5 അല്ലയോ യരുശലേം പുത്രിമാരേ,
പ്രേമത്തിന്നു് ഇഷ്ടമാകുന്നതുവരേ

അനക്കരുതേ, ഉണത്തരുതേ!
വയലിലേ പേടമാനുകളെയും മൃഗികളെയും ഞാൻ ആണയിട്ടപേക്ഷിക്ക
[ന്നു (2,7).

III. കല്യാണം (—5,1).

ശലോമോ ശൂലമത്തിക്കു വിവാഹം നിശ്ചയിച്ചു ആഡംബരത്തോടേ നഗരപ്രവേശം ചെയ്തശേഷം (4,1) അവളോടു അന്നും (5,1) പിറേറ ഉഷ്ണസ്സിങ്കലും സംസാരിച്ചതു.

3,6 അതാ മരുവിൽനിന്നു
പുകത്തൂണുകളും പോലേ കരേറി
മൂറു കുന്തുരുക്കം മുതലായ
കച്ചവടചൂർണ്ണംകൊണ്ടുള്ള ധൂപത്തോടും ഈ വരുന്നവളും ആരു പോൽ?
7 ഇതാ ശലോമോവിൻ ശിവിക ഇതു,
ഇസ്രയേൽ വീരരിൽ
അറുപതു ശൂരന്മാർ അതിനേറ ചുററും ഉണ്ടു,
8 എല്ലാവരും ആയുധധാരികളും യുദ്ധാഭ്യാസികളും,
രാത്രിയിലേ ഭയം നിമിത്തം
ഓരോരുത്തനേറ അരയിൽ വാളും (ഞേലുന്നു).
9 പള്ളിക്കട്ടിലിനെ ശലോമോ രാജാവ്
ലിബനോൻ മരങ്ങളെക്കൊണ്ടു് ഉണ്ടാക്കിച്ചു;
10 തൂണുകളും വെള്ളിയും
അണ പൊന്നും മെത്ത രക്താംബരവും ആക്കി
അടിത്തളമോ യരുശലേം പുത്രിമാരുടേ സ്നേഹത്താൽ
അലങ്കരിക്കപ്പെട്ടതു.
11 ചിയോൻ പുത്രിമാരേ, നിങ്ങളും പുറപ്പെട്ടു
ശലോമോ രാജാവിനെ കണ്ടുകൊൾവിൻ!
ഈ കിരീടത്തെ അവനേറ ഹൃദയസന്തോഷനാളാകുന്ന
കല്യാണദിവസത്തിൽ മാതാവു് ചൂടിച്ചിരിക്കുന്നു.

4. അദ്ധ്യായം

1 (ശലോമോ:) അല്ലയോ എന്നേറ ഇഷ്ടേ, നീ സുന്ദരി ഇതാ സുന്ദരി (1,
മുഖപടത്തിൽ കൂടി പ്രാവിൻ കണ്ണുകളും പോലേ നിഴലിക്കുന്നു. [15),
നിന്നേറ കുന്തൽ ഗിലെയാദു് മലയിൽ
അമരുന്ന കോലാട്ടിങ്കൂട്ടത്തിന്നു തുല്യം.
2 നിന്നേറ പല്ലുകളും കത്രിച്ചു കുളിയിൽനിന്നു
കയറുന്ന വെള്ളാട്ടിങ്കൂട്ടത്തോടു സമം,
അതിൽ ഓരോന്നു ഇരട്ട പെറ്റതും
കുട്ടികളും പോയ്പോകാത്തതും ആകുന്നു.
3 നിന്നേറ ചിറികളും അരക്കുനുലിന്നു ഒത്തതും
വായി ലാവണ്യമുള്ളതുമാം.
മുഖപടത്തിൽ പിന്നേ
കവിൾത്തടം ഉറുമാംപഴപ്പാതിയായി തോന്നുന്നു.
4 തട്ടുകളായി കെട്ടീട്ടു
വീരന്മാരെ മറെക്കുന്ന
ആയിരം പലിശകളെ തൂക്കിയിരിക്കുന്ന
ദാവിദിൻ ഗോപുരം പോലേ നിന്നേറ കഴുത്തു.

5 സ്തനയുഗ്മം
താമരകളുടേ ഇടയിൽ മേയുന്ന
ഇരട്ട മാങ്കുട്ടികൾക്കു സമം.
6 (ശുലമത്തി:) നേരം ചെന്ന വെയിലാറി നിഴലുകൾ മണ്ടിപ്പോവോളം
ഞാൻ മൂറിൻ പൂമലെക്കും [(2,17)
കുന്തുരുക്കക്കുന്നിലേക്കും പോകട്ടേ!
7 (ശലോമോ:) എന്റെ പ്രിയേ, നീ കറ ഒട്ടും ഇല്ലാതേ
സർവ്വാംഗസുന്ദരി ആകുന്നു സത്യം.
8 അല്ലയോ കാന്തേ, നീ ലിബനോനെ വിട്ട്
എന്നോടു കൂടേ ലിബനോനിൽനിന്ന് ഇറങ്ങി
സിംഹഗുഹകളും
പുലിമലകളും ഉള്ള
അമനാമുകളിൽനിന്നും
ശനീർ ഹർമ്മോൻ എന്ന ശിഖരങ്ങളിൽനിന്നും നോക്കിക്കൊള്ളും.
9 കാന്തയായ സഹോദരിയേ നീ എൻ ഹൃദയം അപഹരിച്ചു
കണ്ണുകളിൽ ഒന്നു കൊണ്ടും
കഴുത്തിലേ കണ്ഠികളിൽ ഒന്നു കൊണ്ടും എന്റെ ഹൃദയം ഹരിച്ചു.
10 കാന്തയാം സഹോദരീ, നിന്റെ പ്രേമം എത്ര ശോഭയുള്ളതു!
വീഞ്ഞിനെക്കാൾ നിന്റെ പ്രേമവും
എല്ലാ സുഗന്ധങ്ങളെക്കാളും നിന്റെ തൈലവാസനയും എത്ര നല്ലതു.
11 ഹേ കാന്തേ, നിന്റെ അധരങ്ങൾ മധുവിനെ പൊഴിയുന്നു
നാവിൻ അടിയിൽ തേനും പാലും ഉണ്ടു,
നിന്റെ വസ്ത്രവാസന ലിബനോന്റെ മണം പോലേ ആകുന്നു.
12 കാന്തയായ സഹോദരി അടെച്ച തോട്ടവും
പൂട്ടിയ ഉറവും മുദ്രയിട്ട കിണറും ആകുന്നു.
13 നിന്നിൽ തളിർത്ത് ഉണ്ടാകുന്നത്
ഉത്തമ പഴങ്ങളോടു കൂടിയ മാതളനാരകം
ജടാമാഞ്ചി മയിലാഞ്ചിയും.
14 കുങ്കുമം വയമ്പു ലവങ്ങം
പലവിധ കുന്തുരുക്കമരങ്ങളും
മൂറു അഗരു തുടങ്ങിയുള്ള
സുഗന്ധപശവർഗ്ഗങ്ങളും ഉള്ളൊരു ചോലവനവും,
15 തോട്ടങ്ങൾക്കു (വേണ്ടുന്ന) വെള്ളം പൊങ്ങുന്ന ഉറവും
ലിബനോനിൽ നിന്ന് ഒഴുകുന്ന വീഴാറുകളും ആകുന്നു.
16 (ശുലമത്തി:) വടക്കങ്കാറ്റേ നീ ഉണർന്നു തെന്നലേ നീ വന്നു
എൻ തോട്ടത്തിൽ അടിച്ചു അതിൻ സുഗന്ധങ്ങളെ പൊഴിഞ്ഞു പരത്തേ
എന്റെ പ്രിയൻ തൻ തോട്ടത്തിൽ വന്നു [ണമേ.
ഫലത്തിൽ തനിക്കു ശ്രേഷ്ഠമായതു ഭുജിപ്പൂതാക!

5. അദ്ധ്യായം

1 (ശലോമോ:) സഹോദരിയായ കാന്തേ, ഈ എന്റെ തോട്ടത്തിൽ
എന്റെ മൂറും നറുമ്പശപ്പൂവും പറിച്ചു [ഞാൻ വന്നു
എൻ തേൻപലകയോടും മധുവെ നുകർന്നു
എൻ പാലും വീഞ്ഞും കുടിച്ചു.
ഹേ തോഴരേ, നിങ്ങൾ തിന്നു കുടിച്ചു മദിച്ചിരിപ്പിൻ!

IV. പ്രേമചാഞ്ചല്യം മാറിയതു (—6,9).

ശൂലമത്തി കാന്തനെ കിനാവിൽ മുഷിപ്പിച്ചപ്രകാരം കന്യമാരോടു അറിയിച്ചപ്പോൾ (9) അവർ ചോദിച്ചതിന്നു ഉത്തരമായി (10) കാന്തനെ വണ്ണിച്ചു (6, 1) വിടാത്ത സ്നേഹത്തെ ഉറപ്പിച്ചാറെ (4) രാജാവു വന്നു അവളെ സ്തുതിച്ചതു.

5. 2 ഞാൻ ഉറങ്ങീട്ടും ഹൃദയം ഉണൎന്നിരിക്കുന്നു,
അതാ എൻറെ പ്രിയൻ (വാതിൽക്കൽ) മുട്ടുന്ന ഒച്ച!
ഹാ സഹോദരിയേ എൻറെ പ്രിയേ എൻ പ്രാവേ,
എൻ നിർമ്മലേ എനിക്കു തുറക്ക;
തല മഞ്ഞുകൊണ്ടും കുൾനിര
രാത്രിത്തുള്ളികൾകൊണ്ടും നനഞ്ഞു പോയി.
3 എന്നു കേട്ടു: ഞാൻ വസ്ത്രം അഴിച്ചിട്ടു
എങ്ങനേ ഉടുക്കേണ്ടു?
കാൽ കഴുകീട്ടു
ഇനി എങ്ങനേ ചേറാക്കേണ്ടു?
4 എന്നാറേ എൻ പ്രിയൻ കതകിൻ ദ്വാരത്തുടേ കൈ നീട്ടിയപ്പോൾ
എൻ കരൾ അവങ്കൽ അലിഞ്ഞു.
5 പ്രിയനു തുറപ്പാൻ ഞാൻ എഴുനീറു
താഴിൻറെ കൈപ്പിടിമേൽ
കണ്ടിവെണ്ണ എൻറെ കൈകളിന്മേലും
മേത്തരമൂറു വിരലുകളിന്മേലും പൊഴിഞ്ഞു.
6 ഞാൻ പ്രിയനായി തുറന്നപ്പോൾ
അവൻ മാറി നീങ്ങി ഇരുന്നു.
അവൻ പറഞ്ഞതിനാൽ എൻറെ ദേഹി പരവശമായി,
അവനെ അന്വേഷിച്ചിട്ടും കണ്ടില്ല
വിളിച്ചിട്ടും ഉത്തരം പറഞ്ഞില്ല.
7 നഗരത്തിൽ ചുറ്റുന്ന കാവല്ക്കാർ എന്നോടു എത്തി
എന്നെ അടിച്ചു മുറിച്ചു,
മതിൽ കാക്കുന്നവർ
എൻറെ മുഖപടം പറിച്ചെടുത്തു.
8 യരൂശലേം പുത്രിമാരേ, നിങ്ങൾ എൻറെ പ്രിയനെ കണ്ടാൽ
അവനോടു എന്തു അറിയിക്കേണ്ടു?
ഞാൻ കാമനോവോടു കൂടി ഇരിക്കുന്നു
എന്നു ആണയിട്ടപേക്ഷിക്കുന്നു.
9 (കന്യമാർ:) സ്ത്രീകളിൽ അതിസുന്ദരിയേ,
പ്രിയരിൽ നിൻറെ പ്രിയനു എന്തു വിശേഷത?
പ്രിയങ്കൽ എന്തു വിശേഷത കണ്ടിട്ടു
ഇങ്ങനേ ആണയിടുന്നു?
10 (ശുലമത്തി:) എൻ പ്രിയൻ ധവളനും ചുവപ്പുള്ളവനും
ലക്ഷം പേരിലും പ്രമുഖനും തന്നേ.
11 അവൻ തല ഉത്തമ മാറുള്ള തങ്കം,
കുന്തളങ്ങൾ മട്ടൽനിര പോലേ ഞെന്നു
കാക്കക്കറുപ്പായുമിരിക്കുന്നു.
12 കണ്ണുകൾ പാലിൽ കുളിച്ചു നീത്തോടുകളിൽ ഇരിക്കുന്ന
പ്രാവുകളോടും ചെമ്മേ അമിണ്ണ (മണിയോടും) തുല്യം.

13 കവിൾ നറുമ്പശ (നട്ട) തടം പോലേയും
സൌരഭ്യമരുന്നുകൾ പാകുന്ന കള്ളി പോലേയും ആകുന്നു,
അധരങ്ങൾ മേത്തര മൂറു
പൊഴിയുന്ന ചെമ്മൂക്കളം.
14 കൈകൾ പുഷ്പരാഗങ്ങളെ പതിച്ച
പൊൻകുഴല്ലുകളം,
കുക്ഷി നീലക്കല്ലുകൾ അമിഴ്ത്തി
ഓപ്പമിട്ട ആനക്കൊമ്പും,
15 കാലുകൾ പൊൻചുവടുകളിൽ നിറുത്തിയ
വെൺകൽത്തൂണുകളം,
രൂപം ലിബനോനോടു സദൃശവും
ദേവദാരുക്കളെ പോലേ ശ്രേഷ്ഠവും ആകുന്നു.
16 വായി അതിമധുരവും
അവകൾ സമസ്തം ഓമനയും തന്നേ.
യരുശലേം പുത്രിമാരേ, ഇവൻ എന്റെ പ്രിയൻ
ഇവൻ എൻ സ്നേഹിതൻ.

6. അദ്ധ്യായം

1 (കന്യമാർ:) സ്ത്രീകളിൽ അതിസുന്ദരിയേ,
നിൻ പ്രിയൻ എവിടേ പോയി,
പ്രിയൻ എവിടേക്കു തിരിച്ചു?
നാം ഒരുമിച്ചു അവനെ അന്വേഷിക്ക!
2 (ശുലമത്തി:) എൻ പ്രിയൻ തോട്ടങ്ങളിൽ മേയ്വാനും
താമരകളെ പറിപ്പാനും
നറുമ്പശത്തടങ്ങളുള്ള
പൂങ്കാവിൽ കിഴിഞ്ഞു പോയിരുന്നു.
3 ഞാൻ എൻ പ്രിയന്നും പ്രിയൻ എനിക്കും ഉള്ള
താമരകളുടേ ഇടയിൽ മേയ്ക്കുന്നവൻ (2, 16).—
4 (ശലോമോ:) എൻ ഇഷ്ടേ, നീ തിർച്ചാനഗരം പോലേ സൌന്ദര്യവും
യരുശലേം പോലേ മനോഹരവും കൊടിക്കീഴുള്ള ഗണങ്ങളും കണക്കേ
5 എന്നെ ഭ്രമിപ്പിക്കുന്നതാൽ [ഭയങ്കരവും ഉള്ളവൾ.
നിന്റെ കണ്ണുകളെ എങ്കൽനിന്നു തിരിക്ക!
നിൻ കുന്തൽ ഗിലെയാദ് മലയിൽ
അമരുന്ന കോലാട്ടിങ്കൂട്ടത്തിനു തുല്യം (4, 1).
6 നിന്റെ പല്ലുകൾ കുളിയിൽനിന്നു കയറുന്ന
വെള്ളാട്ടിങ്കൂട്ടത്തോടു സമം;
അതിൽ ഓരോന്നു ഇരട്ട പെറ്റതും
കുട്ടികളം പോയ്പോകാത്തതും ആകുന്നു (4, 2).
7 മുഖപടത്തിൽ പിന്നേ കവിൾത്തടം
ഉറുമാമ്പഴപ്പാതിയായി തോന്നുന്നു (4, 3).—
8 രാജ്ഞികളം അറുപതും
വെപ്പാട്ടികളം എണ്പതും
കന്യമാർ എണ്ണമില്ലാതേയും ഇരിക്കേ,
9 ഒരുത്തി തന്നേ എൻ പ്രാവും എൻ നിർമ്മലയും ആകുന്നു,
അമ്മെക്ക് ഏകയും ജനനിക്ക് വരിഷ്ഠയും ആയവൾ.
അവളെ ബാലന്മാർ കണ്ടു ധന്യ എന്നു കൊണ്ടാടി
രാജ്ഞിയും വെപ്പാട്ടികളും കണ്ടു പുകഴ്ത്തി.

V. രാജ്ഞിയുടേ പ്രാഭവവും വിനയവും (—8, 4).

ശൂലമത്തി കന്യമാരുടേ സ്തുതിയെ അംഗീകരിക്കാതേ രാജതേജസ്സു മറന്നു തോട്ടത്തെ നോക്കുവാൻ പോയി (7, 1.) കന്യമാർ അപേക്ഷിക്കയാൽ നൃത്തമാടിയ ശേഷം (7) രാജാവു വന്നു സംഭാഷിച്ചതു.

6,10 (കന്യമാർ:) ഇതാ ചന്ദ്രശോഭയും വെയിൽ പ്രഭയുമായി
കൊടിക്കീഴുള്ള ഗണങ്ങളും കണക്കേ ഭയങ്കരമായി (6, 4).
അരുണോദയം എന്ന പോലേ ഈ വിളങ്ങുന്നതു് ആരു പോൽ?

11 (ശൂലമത്തി:) ഞാൻ താഴ്വരയിലേ പച്ച നോക്കുവാനും
മുന്തിരിവള്ളി തളിർത്തുവോ
മാതളനാരകങ്ങളും പൂത്തുവോ എന്നു കാണ്മാനും (വിചാരിച്ചു)
അക്രോത്തു് തോട്ടത്തിൽ ഇറങ്ങിപ്പോയപ്പോളും,

12 എന്റെ ദേഹി എൻ ജനപ്രഭുവിന്റെ ശ്രീ
രഥത്തിന്മേൽ എന്നെ ആക്കി എന്നു അറിയാതേ ഇരുന്നു.

7,1 (കന്യമാർ:) ഹേ ശൂലമത്തിയേ, തിരി തിരി
ഞങ്ങളും നിന്നെ നോക്കുവാൻ തിരിച്ചു വാ!
(അവളും:) ശൂലമത്തിയാൽ എന്തൊന്നു നോക്കേണ്ടു?
(കന്യമാർ:) മഹനായിമിലേ നൃത്തം പോലേ!

7. അദ്ധ്യായം

2 അല്ലയോ ഉദാരപുത്രീ, ചെരിപ്പുകളിൽ നിന്റെ നടകളും എത്ര ഭംഗിയുള്ളവ!
തുടകളുടേ തിരിപ്പുകളും തട്ടാന്റെ കൈത്തൊഴിലായ
മുത്തുതാവടം തന്നേ.

3 നിൻ നാഭി വട്ടമുള്ള മുരുട,
അതിൽ രസമദ്യം കുറയരുതേ;
കുക്ഷി താമരകളും ചുഴന്ന
കോതമ്പത്തുരുമ്പു.

4 സ്തനയുഗ്മം
ഇരട്ട മാങ്കുട്ടികളുംകു സമം (4, 5),

5 കഴുത്തു ആനക്കൊമ്പിൻ ഗോപുരത്തോടും,
കണ്ണുകളും ജനപുഷ്ടി ആൻ
ഹെഷ്ബോനിൻ വാതിലരികേ ഉള്ള ചിറകളോടും
മൂക്കു ദമഷ്കിന്നു നേരേ നോക്കുന്ന
ലിബനോനിലേ ഗോപുരത്തോടും തുല്യം.

6 തല നിന്മേൽ നിൽക്കുന്നതു കർമ്മൽ എന്ന പോലേ,
നിൻ തലനാർ രക്താംബരം കണക്കേ,
കുറുംനിരയിൽ രാജാവു് കെട്ടിക്കിടക്കുന്നു.

7 (ശലോമോ:) പ്രേമമേ, ഭോഗങ്ങളിൽ
നീ എത്ര അഴകും എത്ര കൌതുകവുമുള്ളതു!

8 ഈ നിന്റെ വളർച്ച പനയോടും
മുലകളും (ംരംത്ത)ക്കുലകളോടും സദൃശം.

9 ഞാൻ ഭാവിച്ചിതു ഈ പനയിൽ ഞാൻ കേറി
മട്ടലുകളെ പിടിക്കട്ടേ
നിൻ മുലകളും എനിക്കു വള്ളിക്കുലകളും
നാസികാവാസന നാരങ്ങയും ആക,

10 നിൻ അണ്ണാക്കോ ഉത്തമവീഞ്ഞു.
(ശുലമത്തി:) അതു് എന്റെ പ്രിയനു് ചെമ്മേ ഇറങ്ങി
നിദ്രിതരുടേ അധരങ്ങളെ അനക്കുന്നു.

11 ഞാൻ എൻ പ്രിയന്നേ ഉള്ള (6, 3),
അവനേറ ആഗ്രഹവും എന്മേൽ ആകുന്നു.
12 അല്ലയോ എൻ പ്രിയാ, നാം നാട്ടിലേക്കു പുറപ്പെട്ടു
ഗ്രാമങ്ങളിൽ (രാത്രി) പാക്കട്ടേ!
13 എന്നാൽ പറമ്പുകളിൽ പോവാൻ നന്ന രാവിലേ എഴുനീറു
മുന്തിരിവള്ളി തളിത്തുവോ
കുല വികസിച്ചുവോ
മാതളനാരകങ്ങൾ പൂത്തുവോ (6, 11) എന്നു നോക്കിക്കൊൾക!
അവിടേ എൻ പ്രേമത്തെ നിണക്കു തരാം.
14 തക്കാളികൾ സൗരഭ്യം ശുകുന്നു
നമ്മുടേ വാതിലിൻ മീതേ സകലവിധ കനികളും ഉണ്ടു;
എൻ പ്രിയ, ഞാൻ പുതിയതും പഴയതും ആയവ
നിണക്കായി സംഗ്രഹിച്ചിട്ടുണ്ടു.

8. അദ്ധ്യായം

1 **ഹാ** നീ എനിക്കു് ഓർ അമ്മയുടേ മുല കുടിച്ചു
വളർന്ന സഹോദരനായിരുന്നാൽ കൊള്ളാം!
എന്നാൽ തെരുവിൽ നിന്നെ കണ്ടു ചുംബിച്ചാലും
ആരും നിന്ദിക്കയില്ല.
2 ഞാൻ നിന്നെ കൂട്ടിക്കൊണ്ടു അമ്മയുടേ വീട്ടിൽ വരുത്തുകയും
നീ എന്നെ പഠിപ്പിക്കയും
ഞാൻ രസം കൂട്ടിയ വീഞ്ഞും
ഉറുമാമ്പഴച്ചാറും നിന്നെ കുടിപ്പിക്കയും ചെയ്യാം.
3 അവനേറ ഇടങ്കൈ എന്തലയിൻ കീഴേ വെച്ചും
വലങ്കൈ എന്നെ ആശ്ലേഷിച്ചും ഇരിക്കുന്നു (2, 6).
4 അല്ലയോ യരുശലേം പുത്രിമാരേ പ്രേമത്തിന്നു് ഇഷ്ടമാകുന്നതു വരേ
അനക്കരുതേ, ഉണർത്തരുതേ!
എന്നു ഞാൻ ആണയിട്ടപേക്ഷിക്കുന്നു (3,5).

VI. ഐക്യത്തിൻ സ്ഥിരീകരണം (–8, 14).

ശൂലമത്തി കാന്തനോടു് ഒന്നിച്ചു നാട്ടിലേക്കു് മടങ്ങി ശൂനേം എന്ന ജനനസ്ഥലത്തു് എത്തി പ്രേമത്തെ കൊണ്ടാടി (8) ഉടപ്പിറന്നവരോടു അന്യജത്തിയെ കുറിച്ചു സംഭാഷിച്ചു (10) തന്നെ കാത്ത സഹോദരക്കായി സമ്മാനം അപേക്ഷിച്ചു (13) പ്രിയനോടു പാടി ഉലാവിക്കൊള്ളുന്നു.

5 (**നാ**ട്ടുകാർ:) അതാ മരുഭൂമിയിൽനിന്നു കരേറി (3, 6)
തന്റേ പ്രിയന്മേൽ ചാരിക്കൊണ്ടും വരുന്ന ഇവൾ ആരു പോൽ?
6 (**ശ**ലോമോ:) ഈ നാരകത്തിൻ ചുവട്ടിൽനിന്നു ഞാൻ നിന്നെ ഉണർത്തി
അവിടേ നിന്റേ അമ്മ നിന്നെ പ്രസവിച്ചു [യല്ലയോ?
ജനനി നിന്നെ പെറ്റതു.
(**ശു**ലമത്തി:) മുദ്രമോതിരം എന്ന പോലേ നിന്റേ ഹൃദയത്തിലും
മോതിരം പോലേ ഭുജത്തിലും എന്നെ വെച്ചു കൊള്ളേണമേ!
സ്നേഹം ആകട്ടേ മരണത്തോളം ഉറപ്പുള്ളതു
എരിവു പാതാളം പോലേ കടുതു;
അതിന്റേ ജ്വലനം തീമിന്നലും
യാഹിന്റേ ജ്വാലയും അത്രേ.

7 ഏറിയ വെള്ളങ്ങൾക്കും
സ്നേഹത്തെ കെടുപ്പാൻ കഴികയില്ല
നദികളും കൂടേ അതിനെ മുക്കിക്കളകയില്ല.
ഒരുത്തൻ ഗൃഹസമ്പത്ത് ഒക്കയും
സ്നേഹത്തിന്നായി കൊടുത്താലും
അവനെ നിന്ദിച്ചു വിടുകേയുള്ളൂ.
8 നമുക്കു ഓർ അനുജത്തി ഉണ്ടു.
അവൾക്ക് ഇന്നേ സ്തനങ്ങൾ വന്നില്ല,
അവളെക്കൊണ്ടു വിവാഹായം ചൊല്ലുന്ന ദിവസത്തിൽ
നാം അവൾക്കു എന്തു ചെയ്യേണ്ടു?
9 (സഹോദരന്മാർ;) അവൾ മതിലാകിൽ
അതിന്മീതേ വെള്ളിക്കോട്ട കെട്ടാം
കതക് എന്നു വന്നാൽ
ദേവതാരപ്പലകകൊണ്ടു് അഴിയിട്ടടെക്കാം.
10 (ശുലമത്തി:) ഞാൻ മതിലും
സ്തനങ്ങൾ ഗോപുരങ്ങൾ പോലേയും ആയി സത്യം.
ഇങ്ങനേ അവന്റേറ കണ്ണുകളിൽ ഞാൻ
സമാധാനം കണ്ടെത്തുന്നവൾ എന്ന പോലേ വന്നു.
11 ശലോമോവിന്നു ബാൽഹമോനിൽ പറമ്പുള്ളതു
കാവൽക്കാക്കു് (പാട്ടത്തിന്നു) കൊടുത്തു
അതിൽ അനുഭവത്തിന്നായി ഓരോരുത്തൻ
ആയിരം പണം കൊണ്ടുവരുവാൻ ഒത്തു.
12 എന്റേറ പറമ്പോ അതാ എന്റേറതു എൻ കൈവശം തന്നേ.
ഹേ ശലോമോ നിണക്കു് ആയിരവും
അതിൻ ഫലം നോക്കുന്നവക്കു ഇരുനൂറും ഇരിക്കട്ടേ!
13 (ശലോമോ:) തോട്ടങ്ങളിൽ പാർക്കുന്നവളേ,
ചങ്ങാതിമാർ നിന്റേറ ശബ്ദത്തെ ചെവിക്കൊള്ളുന്നു
എന്നെ കേൾപ്പിക്കേണമേ!
14 (ശുലമത്തി:) എൻ പ്രിയ,
നീ മാനിനോ
കലക്കുട്ടിക്കോ തുല്യനായി
പരിമളപർവ്വതങ്ങളിന്മേൽ ഓടി പോകുക (2, 17)!

THE

PROPHETICAL BOOKS

OF THE

OLD TESTAMENT

TRANSLATED OUT OF THE HEBREW

INTO MALAYALAM

BY THE

Rev. Dr. H. GUNDERT

Basel German Ev. Mission

First Edition 1886

വലിയ ചെറിയ പ്രവാചകൻമാർ

എന്നിവ അടങ്ങുന്ന

പ്രവാചക ലേഖകൾ

TABLE OF CONTENTS

പൊരുളടക്കം

		അദ്ധ്യായം
യശയ്യാ	Isaiah	66
യിരമിയാ	Jeremiah	52
വിലാപങ്ങൾ	Lamentations	5
യഹെസ്കേൽ	Ezekiel	48
ദാനീയേൽ	Daniel	12
ഹോശേയ	Hosea	14
യോവേൽ	Joel	4
ആമോസ്	Amos	9
ഒബദ്യാ	Obadiah	1
യോനാ	Jonah	4
മീകാ	Micah	7
നഹൂം	Nahum	3
ഹബക്കൂക്	Habakkuk	3
ചഫന്യാ	Zephaniah	3
ഹഗ്ഗായി	Haggai	2
ജകര്യാ	Zechariah	14
മലാകീ	Malachi	3

THE BOOK OF THE PROPHET

ISAIAH

യശയ്യാ

1. അദ്ധ്യായം

1 ഉജ്ജീയാ യോഥാം ആഹാജ് ഹിജക്കീയാ എന്ന യഹൂദരോജാക്കന്മാരുടെ
ദിവസങ്ങളിൽ ആമോചിൻ പുത്രനായ യശയ്യാ യഹൂദയെയും യരുശലേമി
നെയും കുറിച്ചു ദർശിച്ച ദർശനം.

1 യഹോവ പാപാധിക്യത്താലേ ശിക്ഷ അനുഭവിക്കുന്ന സ്വജനത്തെ
കുറ്റം ചുമത്തി (10) ബാഹ്യസേവയല്ല മനന്തിരിവിനെ ചോദിച്ചു (18)
വങ്കുറ്റത്തെ തെളിയിച്ചു (24) കൊടിയ ശിക്ഷകളാൽ പുതുക്കം വരുത്തു
വാൻ നോക്കുന്നു. (ആഹാജിൻ കാലം.)

2 അല്ലയോ വാനങ്ങളേ കേൾപ്പിൻ, ഭൂമിയേ ചെവിക്കൊൾക. യഹോവ ആ
കട്ടേ ചൊല്ലുന്നിതു: ഞാൻ മക്കളെ വളൎത്തി ഉയൎത്തി, അവർ എന്നോടു ദ്രോ
3 ഹിക്കയും ചെയ്തു. കാള തന്നുടയവനെയും കഴുത യജമാനന്റെ തൊട്ടിയെ
യും അറിയുന്നു, ഇസ്രയേൽ മാത്രം അറിയാ, എൻജനം ബോധിക്കുന്നില്ല.
4 ഹാ പാപിജാതിയേ, അകൃത്യം കനത്തുള്ള ജനമേ, ദുഷ്കൃതികളുടെ സന്ത
തിയേ, വല്ലാത്ത മക്കളേ! യഹോവയെ വിട്ടു ഇസ്രയേലിലേ വിശുദ്ധനെ
നിരസിച്ചു പിൻവാങ്ങിപ്പോയല്ലോ; മത്സരം കൂട്ടിവെക്കുകയിൽ ഇനി നി
5 ങ്ങളെ അടിച്ചുപോരേണ്ടതു് എന്തിന്നു? തല എല്ലാം വ്യാധിവശത്തായി
6 ഹൃദയം ഒക്കേ രോഗാൎത്തം; കാലടിയോടു മുടിയോളം ഇതിൽ ആരോഗ്യം
ഏതും ഇല്ല. മുറിവും പുണ്ണും പുതുവ്രണവും (ഉള്ള); അവ അമുക്കീട്ടും കെട്ടീട്ടും
7 എണ്ണ തേച്ചു ശമിപ്പിച്ചിട്ടും ഇല്ല. നിങ്ങടെ ദേശം പാഴായി, നിങ്ങടെ ഊരു
കളും തീക്കൊണ്ടു വെന്തുപോയി, നിങ്ങടെ നിലം അന്യന്മാർ നിങ്ങളു
8 കാൺകേ ഭക്ഷിക്കുന്നു, പരന്മാർ മറിച്ചുകളയും പ്രകാരം പാഴ്നിലം അ
ത്രേ. ചീയോൻപുത്രി ശേഷിച്ചതോ പറമ്പിലേ കുടിൽപോലേ, വെള്ള
9 രിത്തോട്ടത്തിലേ ചാള പോലേ, വളഞ്ഞ പട്ടണം പോലേ. സൈന്യങ്ങ
ളുടയ യഹോവ നമുക്കു് അല്പമൊരു ശേഷിപ്പു വെച്ചിട്ടില്ല എങ്കിൽ നാം
സദോം പോലേ ആയി ഘമോറയോടു് ഒത്തുചമഞ്ഞു.

10 ഹേ സദോമ്യ അധികാരികളേ യഹോവയുടെ വചനം കേൾപ്പിൻ, ഘമോ
റജനമേ നമ്മുടെ ദൈവത്തിൻ ധൎമ്മോപദേശം ചെവിക്കൊൾവിൻ.

11 നിങ്ങളുടെ ബലിപ്പെരുപ്പം എനിക്കു് എന്തിന്നു? എന്നു് യഹോവ പറ
യുന്നു. മുട്ടാടുകളുടെ ഹോമങ്ങളും തടിപ്പിച്ച കന്നുകളേ നെയ്യുംകൊണ്ടു
ഞാൻ തൃപ്തനായി, കാള കുഞ്ഞാടു കോലാടു ഇവറ്റിൻ ചോരയും രുചിക്കു
12 ന്നില്ല. എന്റെ മുമ്പിൽ നിങ്ങൾ കാണപ്പെടുവാൻ വരുമ്പോൾ ഇവ നിങ്ങ
13 ളുടെ കൈയിൽനിന്നു ചോദിച്ചതു് ആർ? എന്റെ മുറ്റങ്ങളെ ചവിട്ടുവാ
നോ? മായക്കാഴ്ചയെ ഇനി കൊണ്ടുവരേണ്ട, അതു് എനിക്കു് അറെപ്പുള്ള
ധൂപം. വാവും ശബ്ബത്തും സഭ കൂട്ടിവിളിക്കയും എങ്കിലോ എനിക്കു്
14 അക്രമവും പെരുനാളും ചേരാതു. നിങ്ങളുടെ വാവുകളെയും സങ്കേതങ്ങളെ
15 യും എന്മനസ്സു് ദ്വേഷിക്കുന്നു; അവ എനിക്കു് അസഹ്യമായിപ്പോയി,
ഞാൻ ചുമന്നു വലഞ്ഞു. നിങ്ങൾ കൈകളെ പരത്തുമ്പോൾ ഞാൻ

നിങ്ങളിൽനിന്നു കണ്ണുകളെ മറെക്കും; പ്രാർത്ഥന പെരുകിയാലും ഞാനും
കേൾക്കുന്നില്ല; നിങ്ങളുടെ കൈകളിൽ ചോരകൊ നിറഞ്ഞിരിക്കുന്നു. കഴ
16 കികൊണ്ടു നിർമ്മലരാകുവിൻ, നിങ്ങടെ പ്രവൃത്തികളുടെ തിന്മയെ എൻ
17 കണ്ണുകൊക്കു മുമ്പിൽനിന്നു നീക്കുവിൻ, തിന്മ ചെയ്യുന്നതു വിട്ടൊഴിവിൻ!
നന്മ ചെയ്‌വാൻ പഠിപ്പിൻ, ന്യായത്തെ തിരവിൻ, ദുശ്ശീലക്കാരനെ
വഴിനടത്തുവിൻ, അനാഥനു വിധിപ്പിൻ, വിധവെക്കായി വാദിപ്പിൻ!
18 അല്ലയോ വരുവിൻ നമ്മിൽ വ്യവഹരിച്ചുകൊൾക എന്നു യഹോവ
പറയുന്നു; നിങ്ങടെ പാപങ്ങൾ ധൂമ്രം പോലെ ഇരുന്നാലും ഹിമം പോലെ
വെളുക്കും, അരക്കു പോലെ ചുവന്നാലും പഞ്ഞി പോലെ ആകും.
19 നിങ്ങൾ മനസ്സായി കേട്ടുകൊണ്ടാൽ ദേശത്തിലേ നന്മയെ ഭുജിക്കും,
20 മനംകെട്ടു മുത്താലോ വാളാൽ ഭുജിക്കപ്പെടും; യഹോവാവായി ഉരെച്ചി
21 ട്ടുണ്ടല്ലോ. വിശ്വസ്തനഗരമായവൾ എങ്ങനേ വേശ്യയായിപ്പോയി! (പണ്ടു)
ന്യായം നിറഞ്ഞും നീതി പാർത്തും ഇപ്പോൾ കൊലപാതകന്മാർ (വസിച്ചും)
22 ഉള്ളവളേ? നിന്റെ വെള്ളി കറയായി ചമഞ്ഞു, നിന്റെ പാനം വെള്ള
23 ത്താൽ നിസ്സാരമായതു. നിന്റെ മുമ്പർ വമ്പരും കള്ളർക്കു കൂട്ടാളികളും അ
ത്രേ, ഏവനും കൈക്കൂലിയെ സ്നേഹിച്ചും പ്രതിഫലങ്ങളെ പിന്തുടർന്നും
കൊള്ളുന്നു, അനാഥനു വിധിക്കയും ഇല്ല വിധവയുടെ വാദം അവരുടെ
24 മുമ്പിൽ വരികയും ഇല്ല. അതുകൊണ്ടു സൈന്യങ്ങളുടയ യഹോവ എന്ന
കർത്താവും ഇസ്രയേലിലേ ശൂരനും ആയവന്റെ അരുളപ്പാടാവിതു: ഹാ
എന്റെ എതിരികളിൽ ഞാൻ പ്രതിക്രിയ നടത്തി ശത്രുക്കളിൽ പകരം
25 ചെയ്യും. നിന്റെ മേൽ എൻ കൈ തിരിച്ചു ക്ഷാരം കൊണ്ടു എന്ന പോലേ
26 നിന്റെ കറയെ ഉരുക്കി നിൻ ഈയത്തെ തീരെ നീക്കുകയും, മുമ്പേ ഉള്ള
പ്രകാരം നിന്റെ ന്യായാധിപന്മാരെയും ആദിയിൽ എന്ന പോലേ നി
ന്റെ മന്ത്രികളെയും യഥാക്രമം ആക്കുകയും, പിന്നേ നിണക്കു നീതിപട്ട
27 ണം വിശ്വസ്തനഗരം എന്ന പേർ വരികയും ചെയ്യും. ചീയോൻ ന്യായ
ത്താലും അതിൽ മനന്തിരിയുന്നവർ നീതിയാലും വീണ്ടെടുക്കപ്പെടും.
28 ദ്രോഹികൊംക്കും പാപികൊംക്കും ഒക്കത്തക്ക ഭംഗമത്രേ.
29 യഹോവയെ വെടിഞ്ഞവർ മടിഞ്ഞുപോകും. നിങ്ങൾ കാംക്ഷിച്ച മാവുക
ളിൽ ഇനി നാണവും നിങ്ങൾക്കു തെളിഞ്ഞ പൂങ്കാവുകളിൽ അമ്പരപ്പും
30 തോന്നും. ഇല കൊഴിയുന്ന മാവിന്നും വെള്ളം ഇല്ലാത്ത പൂങ്കാവിന്നും നി
31 ങ്ങൾ ഒത്തുചമയും സത്യം. വിക്രമവാൻ ശണച്ചണ്ടിയും അവന്റെ കൃതി
തീപ്പൊരിയും ആയി ചമഞ്ഞിട്ടു ആരും കെടുക്കാതേ രണ്ടും ഒന്നിച്ചു
കത്തും.

2. അദ്ധ്യായം (—5, 30.)

ശേഷത്തിങ്കൽ ഇസ്രയേൽ സകലജാതികളിലും ഉയർന്നിട്ടുള്ള ഒരു
സമാധാനരാജ്യം ഉദിക്കേണ്ടതാകയാൽ (5) ഇപ്പോഴത്തേ ദുർന്നടപ്പിന്നും
വിഗ്രഹാരാധനെക്കും (12) മുമ്പേ ശിക്ഷാവിധിനാൾ ആവശ്യം തന്നേ.
(3, 1) യഹൂദ അരാജകമായി മാഴ്കിപ്പോകുന്നതിന്നു (8) മഹത്തുക്കളുടെ
അക്രമവും (16) സ്ത്രീകളുടെ ഗർവ്വും ഹേതുവാകുന്നു. (4, 2) ഒരു ശേഷിപ്പു
രക്ഷപ്പെട്ടു യഹോവാ നിഴലിൽ സുഖിക്കും താനും. (യോഥാമിൻകാലം.)

1 ആമോചിൻ പുത്രനായ യശയ്യാ യഹൂദയെയും യരുശലേമിനെയും കുറി
2 ച്ചു ദർശിച്ച വചനം. ദിവസങ്ങളുടെ അന്ത്യത്തിൽ ഉണ്ടാവാനുള്ളതു: യ
ഹോവാലയപർവ്വതം മലകളുടെ തലമേൽ സ്ഥാപിക്കപ്പെട്ടും കുന്നുകളെക്കാൾ
ഉയർന്നും ഇരിക്കും, സകലജാതികളും അതിലേക്കു ഒഴുകിച്ചെല്ലും. അനേക
3 വംശങ്ങൾ വന്നു: അല്ലയോ നാം യഹോവയുടെ മലെക്കും യാക്കോബ്

ദൈവത്തിന്റെ ആലയത്തിലേക്കും കരേറിപ്പോക, അവൻ സ്വമാർഗ്ഗങ്ങളെ
നമുക്ക് ഉപദേശിക്ക, അവന്റെ ഞെറികളിൽ നാം നടക്കയും ചെയ്യും എ
4 ന്നു പറയും. ചീയോനിൽനിന്നു ധർമ്മോപദേശവും യരുശലേമിൽനിന്നു
യഹോവാവചനവും പുറപ്പെട്ടമല്ലോ. (അന്ന്) അവൻ ജാതികൾക്ക് നട
തീർത്തു പല വംശങ്ങൾക്കും ശാസന വിധിപ്പതാൽ ആയവർ വാളുകളെ
കൊഴുക്കളായിട്ടും കുന്തങ്ങളെ ചെത്തുകത്തികളായിട്ടും അടിച്ചു തീർക്കും,
ജാതിയെക്കൊള്ളെ ജാതി വാൾ ഓങ്ങുകയില്ല, അവർ യുദ്ധത്തെ ഇനി
അഭ്യസിക്കുകയും ഇല്ല. (മീക. 4,1—4).

5 അല്ലയോ യാക്കോബ്ഗൃഹമേ നാം യഹോവയുടെ വെളിച്ചത്തിൽ നടന്നു
6 വരിക! നീയോ യാക്കോബ്ഗൃഹമാകുന്ന നിൻജനത്തെ തള്ളിക്കളഞ്ഞതു
അവർ കിഴക്കന്മര്യാദകളാലും ഫലിഷ്ടരെ പോലേ ശകുനക്കാരാലും നിറ
7 ഞ്ഞും, പരദേശമക്കളോടു കൈയടിച്ചും ഇരിക്കുന്നു. അവന്റെ ദേശം വെ
ള്ളി പൊന്നുകൊണ്ടും സമ്പൂർണ്ണം, നിക്ഷേപങ്ങൾക്ക് ഓർ അറവും ഇല്ല;
8 കുതിരകളാലും അവന്റെ ദേശം സമ്പൂർണ്ണം, രഥങ്ങൾക്ക് ഓർ അറവും
ഇല്ല. അസത്തുകളാലും അവന്റെ ദേശം സമ്പൂർണ്ണം, തൻ കൈക്രിയെക്കും
9 വിരലുകൾ തീർത്തതിന്നും അവർ വണങ്ങുന്നു. എന്നിട്ടു മനുഷ്യൻ താണു പു
രുഷൻ കിഴിഞ്ഞു, നീ അവരോടു ക്ഷമിക്കയോ ഇല്ല. യഹോവയുടെ പേടി
10 നിമിത്തം അവന്റെ പ്രഭാവത്തിന്റെ പ്രഭയിൽ നിന്നു പാറയിൽ പുക്കു
11 പൂഴിയിൽ ഒളിച്ചുകൊൾ! മനുഷ്യരുടെ പൊക്കക്കെണ്ണുകൾ കിഴികയും പുരു
ഷരുടെ ഉയർച്ച താഴുകയും അന്നാൾ യഹോവ മാത്രം ഉന്നതപ്പെടുകയും ചെ
യ്യും.

12 സൈന്യങ്ങളുടയ യഹോവെക്കാകട്ടേ ഒരു നാൾ ഉള്ളതു എല്ലാ പൊക്ക
ത്തിന്നും ഉയർച്ചെക്കും ഉന്നതിക്കും മേലേ, അതു താഴുവാൻ തന്നേ. (ലിബ
13 നോനിൽ ഉയന്നേഴും സകലദേവതാരങ്ങളിന്മേലും ബാശാനിലേ എല്ലാ
14 കരുമരങ്ങളിന്മേലും, എല്ലാ ഉയന്ന മലകളിന്മേലും എല്ലാ ഉന്നത കുന്നുകളി
15 ന്മേലും,) പൊക്കമുള്ള സകലഗോപുരത്തിന്മേലും ഉറപ്പുള്ള എല്ലാ മതിലി
16 ന്മേലും, തർശീശിലേ എല്ലാ കപ്പലുകളിന്മേലും, എല്ലാ കാമ്യകണിക്കോ
17 പ്പുകളിന്മേലും (ഉള്ളതു); മനുഷ്യന്റെ പൊക്കം താഴുകയും പുരുഷരുടെ ഉയ
ച്ച കിഴികയും അന്നാൾ യഹോവ മാത്രം ഉന്നതപ്പെടുകയും ചെയ്യും (11).
18 അസത്തുകളോ എപ്പേരും കഴിഞ്ഞുപോകും. ഭ്രമിയെ നടുക്കുവാൻ യഹോവ
19 എഴുനീല്ക്കുയിൽ (ജനങ്ങൾ) അവന്റെ പേടിനിമിത്തം അവന്റെ പ്രഭാവ
ത്തിന്റെ പ്രഭയിൽനിന്നു പാറഗുഹകളിലും പൂഴിമാളങ്ങളിലും പുകും (10).
20 അന്നാൾ മനുഷ്യൻ വണങ്ങുവാൻ ഉണ്ടാക്കിക്കൊണ്ട തൻവെള്ളിയാലേ അ
സത്തുകളെയും പൊന്നിനാലേ അസത്തുകളെയും എലിമടയിലും ആവല
കൾക്കും എറിഞ്ഞുകളവതു, പാറകളുടെ വിടവുകളിലും ശൈലങ്ങളുടെ പി
21 ളർപ്പുകളിലും പുകുവാൻ, യഹോവ ഭ്രമിയെ നടുക്കുവാൻ എഴുനീല്ക്കുയിൽ അ
വന്റെ പേടി നിമിത്തം അവന്റെ പ്രഭാവത്തിന്റെ പ്രഭയിൽനിന്നു ത
ന്നേ.

22 മൂക്കിൽ ശ്വാസമുള്ള മനുഷ്യനെ വിട്ടൊഴിഞ്ഞു കൊൾവിൻ! അവനെ
എണ്ണുന്നതു് എത്രെക്കു പോൽ.

3. അദ്ധ്യായം

1 എങ്ങനേ എന്നാൽ സൈന്യങ്ങളുടയ യഹോവ എന്ന കർത്താവ് ഇതാ
യരുശലേമിൽനിന്നും യഹൂദയിൽനിന്നും ഊന്നും താങ്ങും അപ്പത്തിൻ ആധാ
2 രവും വെള്ളത്തിൻ ആധാരവും ഒക്കയും, വീരനെയും യുദ്ധശാലിയെയും
ന്യായാധിപതി പ്രവാചകൻ ലക്ഷണക്കാരൻ മൂപ്പന്മാരെയും, അമ്പതിൻ

3 തലവനെയും മുഖ്യസ്ഥനെയും മന്ത്രിയെയും ചിത്രപ്പണിക്കാരനെയും മന്ത്ര
4 വാദിയെയും നീക്കിക്കളയുന്നു. ഞാൻ അവൎക്കു പ്രഭുക്കളായി ബാലന്മാരെ
കൊടുക്കുകയും കളിക്കാർ അവരിൽ വാഴുകയും, ആളോടു ആളും കൂട്ടുകാര
നോടു പുരുഷനും ജനം (എല്ലാം) തമ്മിൽ തിക്കുകയും, ബാലൻ കിഴവ
5 നോടും ഇരപ്പൻ അഭിമാനിയോടും പിശകുകയും ചെയ്യും. പിതാവിൻ ഭവ
നത്തിൽ ഒരുത്തൻ സഹോദരനെ പിടിച്ചു ''നിണക്കു പുതെപ്പുണ്ടു നീ
6 ഞങ്ങൾക്കു അധികാരി ആകേണം ഈ ഇടിപൊടി നിൻ കൈക്കീഴാക''
എന്നു പറഞ്ഞാൽ, അന്നാൾ അവൻ ''ഞാൻ മുറികെട്ടുന്നവനാകയില്ല;
7 എൻ ഭവനത്തിൽ അപ്പവും ഇല്ല പുതപ്പും ഇല്ല എന്നെ ജനത്തിന്നു അധി
കാരി ആക്കി വെക്കരുതു'' എന്നു തുടങ്ങും.

8 കാരണം യരുശലേം ഇടറുന്നതും യഹൂദ വീഴുന്നതും അവരുടെ നാവുകളും
പ്രവൃത്തികളും യഹോവെക്കു എതിർ ആയി അവന്റെ തേജസ്സിൻ കണ്ണു
9 കളോടു മുക്കയാൽ തന്നേ. അവരുടെ മുഖഭാർഷ്ട്യം അവൎക്കു നേരേ സാക്ഷി
കൊടുത്തു, സ്വപാപത്തെ അവർ സദോം പോലേ മറെക്കാതെ വെളിവാ
ക്കിയല്ലോ; അവരുടെ ദേഹികൾക്കു ഹാ കഷ്ടം, തങ്ങൾക്കു തന്നേ അവർ തിന്മ
10 പിണെച്ചു. നീതിമാനെ ചൊല്ലി: ''അവന്നു നന്നാകും, സ്വപ്രവൃത്തിക
ളുടെ ഫലത്തെ അവർ ഭുജിക്കും'' എന്നും, ''ദുഷ്ടന്നു ഹാ കഷ്ടം തിന്മ
11 (വരും), തൻ കൈകൎമ്മം പിണെച്ചതു അവന്നു ചെയ്യപ്പെട്ടും'' എന്നും
പറവിൻ.

12 എൻ ജനത്തിന്നോ കല്പിക്കുന്നവർ കുട്ടിയത്രേ, സ്ത്രീകൾ അതിൽ വാഴുന്നു;
എൻ ജനമേ നിന്നെ നടത്തുന്നവർ തെറ്റിക്കയും നിന്റെ ഞെറികളുടെ
13 വഴിയെ മുടിക്കയും ചെയ്യുന്നു. യഹോവ വ്യവഹരിപ്പാൻ നിവിൎന്നു, വംശ
14 ങ്ങൾക്കു ന്യായം വിധിപ്പാൻ നില്ക്കുന്നു. സ്വജനത്തിന്റെ മൂപ്പന്മാരോടും
പ്രഭുക്കളോടും യഹോവ ന്യായവിസ്താരത്തിൽ കടന്നു ''നിങ്ങളും പള്ളിപ്പറ
മ്പിനെ മേച്ചുകളഞ്ഞു, എളിയവന്റെ കൊള്ള നിങ്ങളുടെ വീടുകളിൽ
15 അത്രേ'' എന്നും, ''എൻ ജനത്തെ ഇടിപ്പാനും എളിയവരുടെ മുഖങ്ങളെ
പൊടിപ്പാനും നിങ്ങൾക്കു എന്തു'' എന്നും സൈന്യങ്ങളുടയ യഹോവ
എന്ന കൎത്താവിന്റെ അരുളപ്പാടു.

16 പിന്നേ യഹോവ പറഞ്ഞിതു: ചീയോൻപുത്രിമാർ ഞെളിഞ്ഞുകൊണ്ടു
കഴുത്തു നീട്ടി കൺമുന ചാടി നടന്നു തത്തി തത്തി നടന്നുകൊണ്ടു കാലുക
17 ളാൽ ചിലമ്പൊലി കേൾപ്പിക്കയാൽ, കൎത്താവു ചീയോൻപുത്രിമാരുടെ
18 നെറുകയെ മുണ്ഡമാക്കി ഉപസ്ഥാനം നഗ്നത വരുത്തും. അന്നാൾ കർ
19 ത്താവു ചിലമ്പുകളും ചെറു സൂൎയ്യചന്ദ്രാഭരണങ്ങളും, കാതില ഛങ്ങല
20 കവിണിക്കച്ചകളും, തലക്കെട്ടു കാലുത്തള അരഞ്ഞാണകളും സൌരഭ്യക്കു
21.22 പ്പികളും രക്ഷകളും, മോതിരങ്ങളും മൂക്കുത്തികളും, ഉടയാടകളും ശാലുകളും
23 പുടപുടസഞ്ചികളും, കണ്ണാടികളും ചിറ്റാടകളും തലപ്പാവു മുഖപ്പടങ്ങളും
24 ആകുന്ന ഭൂഷണത്തെ നീക്കിക്കളയുന്നു. സുഗന്ധത്തിന്നു പകരം ദുൎഗ്ഗന്ധവും
കച്ചെക്കു പകരം കയറും പുരികുഴലിന്നു പകരം കഷണ്ടിയും ഉടയാടെക്കു
പകരം ചാക്കുകെട്ടും ഭംഗിക്കു പകരം പരിക്കും ഉണ്ടാകും.

25 (ചീയോനേ) നിൻ പുരുഷന്മാർ വാളാലും നിന്റെ ശൂരത പടയാലും
26 വീഴുകയും, നിന്റെ വാതിലുകളും ഞരങ്ങി തൊഴിക്കയും അവൾ ചൊട്ട
4,1 പിണഞ്ഞു നിലത്തു ഇരിക്കയും, അന്നു ഏഴു സ്ത്രീകളും ഒരു പുരുഷനെ
പിടിച്ചു: ''ഞങ്ങൾ തന്നേ അപ്പം ഭക്ഷിച്ചും ഞങ്ങളുടെ വസ്ത്രം ഉടുത്തും
കൊള്ളും. നിന്റെ പേർ മാത്രം ഞങ്ങളിൽ വിളിക്കപ്പെടാക! ഞങ്ങളുടെ
നിന്ദയെ എടുത്തുകളക!'' എന്നു പറകയും ചെയ്യും.

4. അദ്ധ്യായം

2 അന്നാളിൽ യഹോവയുടെ തളിർ അലങ്കാരവും തേജസ്സും ഭൂമിയുടെ
ഫലം പ്രഭാവവും ഭൂഷണവും ആയി ഭവിപ്പതു ഇസ്രയേലിൽ വിടുവിക്ക
3 പ്പെട്ടവക്കു തന്നേ. ചീയോനിൽ ശേഷിച്ചു യരുശലേമിൽ മിഞ്ചി ഇരിക്കു
ന്നവൻ വിശുദ്ധൻ എന്നു ചൊല്ലപ്പെടും, യരുശലേമിൽ ജീവന്നായി എഴു
4 തപ്പെട്ട ഏവനും തന്നേ; കർത്താവ് ന്യായാത്മാവുകൊണ്ടും ദഹനാത്മാവു
കൊണ്ടും ചീയോൻപുത്രിമാരുടെ മലം കഴുകി യരുശലേമിന്റെ രക്തങ്ങളെ
അതിൻ നടുവിൽനിന്ന് അലക്കിക്കളഞ്ഞു എങ്കിൽ തന്നേ. യഹോവ
5 ചീയോൻപർവ്വതത്തിന്റെ പരപ്പിന്മേൽ എങ്ങും അതിന്റെ (ഉത്സവ)
സംഘങ്ങളിന്മേലും പകൽ മേഘധൂമവും രാത്രിയിൽ ജ്വാലാഗ്നിയുടെ
തെളക്കവും സൃഷ്ടിക്കും; എല്ലാ തേജസ്സിന്നും മറവ് ഉണ്ടല്ലോ. (ചീയോൻ)
6 വെയിലിന്നു പകൽ തണലായും കൊടുങ്കാറ്റു മഴകളിൽ ആശ്രയവും ഒളി
യുമായി ഒരു കൂടാരമായിചമയുകയും ചെയ്യും.

5. അദ്ധ്യായം

വള്ളിപ്പറമ്പിന്റെ സദൃശത്താൽ ഇസ്രയേലിന്റെ ദ്രോഹം വെളിപ്പെട്ട
ശേഷം (8) ലോഭം (11) പ്രമാദം (18) സത്യപരിഹാസം മുതലായ പാപ
ങ്ങൾക്കു (27) അടുത്ത ശിക്ഷയും ദൂരത്തിങ്കന്നു വരുന്ന അശ്ശൂർബാധയും പ്ര
വചിച്ചതു.

1 അല്ലയോ എൻ സഖിയെ ചൊല്ലി ഞാൻ പാടട്ടേ, എന്റെ പ്രിയൻ
തൻ വള്ളിപ്പറമ്പിനെ ചൊല്ലി പാടിയതത്രേ. പുഷ്ടി തികഞ്ഞൊരു
2 കൊടുമുടിമേൽ എൻ സഖിക്കു വള്ളിപ്പറമ്പുണ്ടു. ആയതിനെ അവൻ
കിളെച്ചു കല്ലു പെറുക്കി മേത്തരവള്ളികളെ നട്ടുംകൊണ്ടു, മദ്ധ്യത്തിൽ
ഗോപുരം പണിതു (പാറയിൽ) ചക്കും കൊത്തിച്ച ശേഷം, മുന്തിരിങ്ങ
കളെ കായ്ക്കും എന്നു പാർത്തിരുന്നാറേ അതു ചവർക്കുല കായ്ച്ചുപോയി.
3 ഇപ്പോഴും യരുശലേംനിവാസിയും യഹൂദാപുരുഷനും ആയുള്ളോരേ,
എനിക്കും എന്റെ പറമ്പിന്നും നടുവേ നിങ്ങളും ന്യായം വിധിച്ചാലും!
4 എൻ പറമ്പിൽ ഇനി ചെയ്വാനുള്ളത് എന്തൊന്നു ഞാൻ ചെയ്യാതേ വി
ട്ടു? പിന്നേ മുന്തിരിങ്ങകളെ കായ്ക്കുന്നതിന്നു പാർക്കുമ്പോഴും അതു ചവർക്കു
5 ല കായ്ച്ചത് എന്തുകൊണ്ട്? എന്നിട്ട് എൻ പറമ്പിനോടു ഞാൻ ഇനി
ചെയ്യുന്നതിനെ നിങ്ങളുംകേറിയിക്കട്ടേ: അതിൻ വേലി നീക്കീട്ടു മേയ്
6 ച്ചുകളവാനും മതിൽ ഇടിച്ചിട്ടു ചവിട്ടിക്കളവാനും ആക! അതിനെ ഞാൻ
അറുതി വരുത്തീട്ടു ഇനി ചെത്തുമാറും കിളെക്കുമാറും ഇല്ല; മുള്ളും കാരയും
വിളകയും ഞാൻ മുകിലുകളോടു അതിന്മേൽ മഴ പെയ്യാതവണ്ണം കല്പിക്ക
7 യും ചെയ്യും. സൈന്യങ്ങളുടയ യഹോവയുടെ പറമ്പാകട്ടെ ഇസ്രയേൽ ഗൃ
ഹവും അവന്റെ ഓമന നടുതല യഹൂദപുരുഷരും അത്രേ; അവൻ ന്യായം
പാർത്തിരുന്നു, പിന്നേ ഇതാ അപായം, നീതി എന്നിട്ടു ഇതാ ഭീതിരവം!
8 ഹാ ഭവനത്തോടു ഭവനവും ചേർത്തു വയലോടുവയൽ അടുപ്പിച്ചു സ്ഥ
ലം അറുവോളവും ദേശത്തിന്മദ്ധ്യേ നിങ്ങളും തന്നേ വസിപ്പോളവും
9 (അടക്കിക്കൊള്ളുന്നവരേ! സൈന്യങ്ങളുടയ യഹോവ എന്റെ ചെവിക
ളിൽ കേൾപ്പിച്ചിതു: ''വലിയതും നല്ലതും ആയ അനേകം ഭവനങ്ങളും നി
10 വാസിയില്ലാതേ പാഴായ്പ്പോകും സത്യം. കാരണം പത്തേർ നിലം പറ
മ്പും ഒരു തുത്തിക (വീഞ്ഞും) ഒരു പറ വിത്തു ഒരു തൂണി (ധാന്യവും)
ഉണ്ടാക്കും''.
11 ഹാ നന്ന രാവിലേ എഴുനീറ്റു മദ്യം പിന്തുടർന്നും അന്തിയെ നീട്ടി

12 വീഞ്ഞിനാൽ ദീപിച്ചുംകൊണ്ടു, വീണ കിന്നരവും തപ്പുിട്ടയും ഓടക്കുഴലു
മായി വീഞ്ഞിനാൽ സദ്യ കഴിക്കേ യഹോവാപ്രവൃത്തിയെ നോക്കാതേ
യും അവന്റെ കൈക്രിയയെ കാണാതേയും പോകുന്നവരേ! ഇതിൻനിമി
13 ത്തം എൻ ജനം അറിയായ്കയ തട്ടീട്ടു പ്രവസിക്കയും അതിന്നു തേജസ്സായ
വർ ക്ഷുധാത്തരാകയും അതിൻ ആരവാരം ദാഹത്താൽ വറുകയും ചെയ്യു
14 ന്നു. ഇതിൻനിമിത്തം പാതാളം കൊതി തിരണ്ടു മട്ടില്ലാതേ വായ്തുിളർ
ന്നതു (ദേശത്തിന്റെ) പ്രഭാവവും ആരവാരവും കോലാഹലവും അതിൽ
15 ഉല്ലസിക്കുന്നതും ഇറങ്ങുവാൻ തന്നേ. (2, 9) എന്നിട്ടു മനുഷ്യൻ താണു പുരു
ഷൻ കിഴിഞ്ഞു ഉയർന്നവരുടെ കണ്ണുകം കിഴികയും, സൈന്യങ്ങളുടയ
16 യഹോവ ന്യായവിസ്താരത്താൽ ഉയരുകയും വിശുദ്ധദേവൻ നീതിയാൽ
വിശുദ്ധനായി കാണിക്കയും ചെയ്യുന്നു (2, 11). പിന്നേ കുഞ്ഞാടുകം ത
27 ങ്ങളുടെ കാടു് എന്നു മേയ്യുയും പുഷ്ടിക്കാർ (വീട്ടു) പാഴുനിലങ്ങളെ യാത്ര
ക്കാർ തിന്നുകയും ആം.

18 ഹാ ദുരിതക്കയറുകളെക്കൊണ്ടു കുറ്റത്തെയും തേർവടങ്ങളാൽ എന്ന പോ
19 ലേ പാപത്തെയും വലിച്ചുകൊണ്ടു. ''നാം കാണ്മാനായി അവന്റെ ക്രിയ
ബദ്ധപ്പെട്ടു വിരഞ്ഞു വരിക, നാം അറിവാനായി ഇസ്രയേലിൽ വിശു
ദ്ധനായവന്റെ മന്ത്രം അണഞ്ഞു ു എത്തുക'' എന്നുള്ളവരേ! ഹാ തീയതി
20 നെ നല്ലതെന്നും നല്ലതിനെ തീയതെന്നും ചൊല്ലി ഇരിട്ടിനെ വെളിച്ചവും
വെളിച്ചത്തെ ഇരിട്ടും ആക്കി കച്ചതിനെ മധുരവും മധുരത്തെ കച്ചതും ആ
21 ക്കി വെക്കുന്നവരേ! ഹാ തൻ കണ്ണുകളിൽ ജ്ഞാനികളും തൻ കാഴ്ചക്കു
22 വിവേകികളും ആയുള്ളോരേ! ഹാ വീഞ്ഞു കുടിപ്പാൻ വീരരും മദ്യം വി
23 രകുവാൻ പ്രാപ്തിക്കാരും ആയി, കൈക്കുലിക്കു ദുഷ്ടനെ നീതീകരിച്ചും നീ
തിമാന്മാരുടെ നീതിയെ കാണാതാക്കിക്കളയുന്നവരേ! ഇതിൻനിമിത്തം
24 അഗ്നിനാവു താളടിയെ തിന്നു പുല്ലിന്റെ കത്തൽ ഇളെച്ചുപോകുമ്പോലേ
അവരുടേ വേർ ദ്രവിച്ചും അവരുടെ തളിർ പൂഴികണക്കേ കിളർന്നുപോകു
കയും ചെയ്യും. സൈന്യങ്ങളുടയ യഹോവയുടെ ധർമ്മോപദേശം അവർനിര
സിച്ചു ഇസ്രയേലിലേ വിശുദ്ധന്റെ മൊഴിയെ ധിക്കരിക്കയാൽ തന്നേ.
25 ആയതുകൊണ്ടു യഹോവയുടേ കോപം സ്വജനത്തിങ്കൽ ജ്വലിച്ചു, അ
വൻ അതിന്മേൽ കൈ നീട്ടി മലകം നടുങ്ങുമാറു് അവരെ അടിച്ചു അ
വരുടെ ശവങ്ങം ചവറുപോലേ വീതികളുടെ നടുവിൽ ആയി. ഇതെ
ല്ലാംകൊണ്ടും അവന്റെ കോപം മടങ്ങീട്ടില്ല തുക്കെ ഇന്നും നീട്ടിയി
രിക്കുന്നു.
26 എന്നിട്ടു് അവൻ ദൂരത്തുനിന്നു ജാതികംക്കു കൊടി ഉയത്തി ഭൂമിയു
ടെ അറ്റത്തിൽനിന്നു് അവന്നു് ഊഴലിട്ടും, അവനും ഇതാ വിരഞ്ഞു എ
ളുപ്പത്തിൽ വരും. അതിൽ ചടപ്പുള്ളവനും ഇല്ല ഇടറുന്നവനും ഇല്ല, തുക്ക
27 ലും ഉറക്കും ഇല്ല, അരക്കച്ചു അഴിയുന്നതും ഇല്ല ചെരിപ്പുകളുടെ വാർ അറു
28 ന്നതും ഇല്ല. അമ്പുകം കൂർത്തവയും വില്ലുകം എല്ലാം കുലെച്ചവയും കുതിര
ക്കുളമ്പുകം വെങ്കൽ എന്നു തോന്നുന്നവയും തേരുരുളുകം വിശറിന്നു് ഒത്ത
29 വയും ഉള്ളവൻ. സിംഹിയെ പോലേ ഗർജ്ജനം ഉണ്ടു, കോളരികളെ പോ
ലേ അലറുകയും മുഴങ്ങുകയും ഇരപിടിക്കയും ഉദ്ധരിപ്പവൻ കാണാതേ
30 കൊണ്ടുപോകയും, അന്നു കടൽമുഴക്കം പോലേ അവരുടെ മേൽ മുഴങ്ങുക
യും ഭൂമിയെ നോക്കിയാൽ അതാ തിങ്ങിയ തിമിരവും അതിലേ കാർമൂ
ടലിൽ വെളിച്ചം ഇരുളുകയും ആം.

III 6. അദ്ധ്യായം

യശയ്യാ യഹോവാതേജസ്സിനെ കണ്ടു (5) ദൂതസ്ഥാനത്തിന്നു വിളിയും
പ്രാപ്തിയും ഉണ്ടായി (9) ജനത്തിന്റെ ദുർഗ്ഗാഠ്യം നിമിത്തം വെറുതേ

ഘോഷിക്കേണം എങ്കിലും ദണ്ഡശിക്ഷയാൽ ഒരു ശേഷിപ്പു ജീവിക്കും എന്ന കല്പന വാങ്ങിയതു.

1 ഉജ്ജീയാരാജാവു് മരിക്കുന്ന ആണ്ടിലോ കത്താവു് ഉയൎന്നൊഴുന്നൊരു
സിംഹാസനത്തിൽ ഇരിക്കുന്നതു ഞാൻ കണ്ടു, അവന്റെ തോങ്ങലുകൾ മന്ദി
2 രത്തിൽ നിറയുന്നു. സറാഫുകൾ അവന്റെ മീതേ നില്ക്കുന്നു; അവനവന്നു
ആറാറു ചിറകുകൾ ഉണ്ടു, ഈരണ്ടു കൊണ്ടു മുഖവും ഈരണ്ടു കൊണ്ടു കാലുക
3 ളെയും മൂടും, ഈരണ്ടിനാൽ പറക്കും. ഒന്നോടു് ഒന്നു വിളിക്കുന്നിതു: ''സൈ
ന്യങ്ങളുടയ യഹോവ വിശുദ്ധൻ വിശുദ്ധൻ വിശുദ്ധൻ, സൎവ്വഭൂമിയുടെ
4 നിറവും അവന്റെ തേജസ്സു് തന്നേ.'' എന്നു വിളിക്കുന്നവരുടെ ഒച്ചയാൽ
ഉമ്മരപ്പടികളുടെ തള്ളകൾ ഇളകി, ഭവനത്തിൽ പുകയും നിറയുന്നു.
5 ഞാൻ പറഞ്ഞു: ''എനിക്കു് അയ്യോ കഷ്ടം ഞാൻ അശുദ്ധ അധരങ്ങളു
ള്ള ആളും അശുദ്ധു് അധരങ്ങളുള്ള ജനത്തിൻ നടുവിൽ വസിക്കുന്നവനും
ആകയാൽ ഞാൻ മുടിഞ്ഞുപോയി, എൻ കണ്ണുകൾ കണ്ടതു സൈന്യങ്ങളുടയ
6 യഹോവ എന്ന രാജാവല്ലോ.'' എന്നാറെ സറാഫുകളിൽ ഒരുത്തൻ ബലി
പീഠത്തിന്മേൽനിന്നു കൊടിൽകൊണ്ടു് എടുത്തൊരു ചുടുകല്ലിനെ കയ്യിൽ
പിടിച്ചുംകൊണ്ടു് എന്റെ നേരേ പറന്നു വന്നു. എന്റെ വായ്ക്കു തൊടു
7 വിച്ചു: ''ഇതാ നിന്റെ അധരങ്ങളെ ഇതു തൊട്ടതിനാൽ നിന്റെ അകൃത്യം
അകലുകയും നിൻ പാപത്തിന്നു പരിഹാരം വരികയും ചെയ്തു'', എന്നു
8 പറഞ്ഞു. അനന്തരം ''ഞാൻ ആരെ അയക്കേണ്ടു, ആർ നമുക്കായി പോ
കും?'' എന്നു കത്താവു് പറയുന്ന ശബ്ദത്തെ ഞാൻ കേട്ടു, ''ഞാൻ ഇതാ,
എന്നെ അയച്ചാലും'' എന്നു ഞാൻ പറകയും ചെയ്തു.
9 അവൻ പറഞ്ഞിതു: ''നീ പോയി ഈ ജനത്തോടു നിങ്ങൾ കേട്ടു കേട്ടു
കൊണ്ടും ബോധിയായ്വിൻ, കണ്ടു കണ്ടുകൊണ്ടും അറിയായ്വിൻ''
10 എന്നു ചൊല്ലി. ''ഈ ജനത്തിന്റെ ഹൃദയത്തെ തടിപ്പിക്കയും ചെവികളെ
കനപ്പിക്കയും കണ്ണുകളെ ലേപിച്ചുകളകയും വേണ്ടതു. അതു കണ്ണുകളാൽ
കണ്ടു ചെവികളാൽ കേട്ടു ഹൃദയം ബോധിച്ചിട്ടു തിരിച്ചുവന്നു ചികിത്സയാ
11 യി എന്നു വരാതവണ്ണമേ''. എന്നാറെ ഞാൻ ''കത്താവേ എത്രോടം''
എന്നു പറഞ്ഞതിന്നു ''ഊരുകൾ കുടിയാനില്ലാതേയും വീടുകൾ ആളില്ലാ
12 തേയും തകൎന്നു നിലം പാഴായി മുടിഞ്ഞുപോകയും, യഹോവ മനുഷ്യരെ
അകറ്റീട്ടു ദേശത്തിന്നുള്ളിൽ ഒഴിവു മുഴുക്കയും ചെയ്യുംവരേ തന്നേ. പിന്നേ
13 യും ദശാംശം അതിൽ ശേഷിച്ചാലും അതും തിരികേ ദഹിപ്പാനത്രേ. മാ
വിലും കരിമരത്തിലും വെട്ടിയാൽ പിന്നേ മൂടു നില്ക്കുന്ന പോലേ വിശുദ്ധ
സന്തതി ആകുന്ന അതിന്റെ മൂടുണ്ടു താനും'' എന്നു പറകയും ചെയ്തു.

IV 7. അദ്ധ്യായം (—12 അ.)

സൂറിയസൈന്യം ആക്രമിക്കുന്ന സമയം (2 നാള. 28,6) ഭീതനായ രാ
ജാവിൽ വിശ്വാസധൈൎയ്യം കൊളുത്തുവാൻ (10) യശയ്യാ ഇമ്മാനുവേലിൻ
ജനനം ആകുന്ന അടയാളത്താൽ നാട്ടിനു ചില ആണ്ടുകളിൽ വരേണ്ടുന്ന
രക്ഷയെ അറിയിച്ചശേഷം (17) അശ്ശൂർ പിന്നേയും വരുത്തേണ്ടും കലാപ
ത്തെയും വൎണ്ണിച്ചു (8,1) മറൊരു ശിശുജനനത്താൽ ദമഷ്കിനും ശമൎയ്യ
ക്കും തട്ടുന്ന പരിഭവം സൂചിപ്പിച്ചതു (കാലം. ക്രി. മു. 742).

1 ഉജ്ജീയാവിൻ പുത്രനായ യോഥാമിൻ പുത്രനായ ആഹാജ് എന്ന യ
ഹൂദരാജാവിന്റെ നാളുകളിൽ ഉണ്ടായിതു. അരാം രാജാവായ രചീനും
രമല്യാവിൻ പുത്രനായ പെഖഃ എന്ന ഇസ്രയേൽരാജാവും പോരിന്നായി
യരുശലേമിനെക്കൊള്ളേ കരേറി വന്നു അതിൽ പോരാടുവാൻ കഴിഞ്ഞില്ല
2 താനും. അപ്പോൾ ''എഫ്രയീമിൽ അരാംപാളയം ഇറങ്ങി'' എന്നു ദാവീദ്
ഗൃഹത്തിന്നു വാൎത്ത വന്നപ്പോൾ അവനും സ്വജനത്തിന്നും കാററിന്മുമ്പിൽ

കാട്ടുമരങ്ങളും ഇളകുംപോലേ ഹൃദയങ്ങളും ഇളകിപ്പോയി. എന്നാറേ
3 യഹോവ യശയ്യാവിനോടു പറഞ്ഞിതു: ആഹാജിനെ എതിരേല്പാൻ നീയും
നിൻ പുത്രനായ ശയാർയശ്ശുബ് (ശേഷിപ്പു മനംതിരിയും) എന്നവനുമാ
യി മേല്കുളത്തിൻെറ തോട്ടിൻ അറ്റത്തിലേക്കു വെളുത്തേടത്തേ നിരത്തി
4 ന്മേൽ പുറപ്പെട്ടു പോയി. അവനോടു പറയേണ്ടതു: സൂക്ഷിച്ചുകൊണ്ടു അമ
ന്നിരിക്ക, രചീന്നും അരാമിന്നും രമല്യാപുത്രന്നും കോപം ജ്വലിക്കയിൽ
ഈ പുകെക്കുന്ന രണ്ടു കൊള്ളിത്തുണ്ടുകളുംകൊ ഭയപ്പെടുകയും നിൻെറ ഹൃദയം
5 പതുത്തുപോകയും അരുതേ. അരാമും രമല്യാപുത്രനോടു എഫ്രയീമും നി
6 ന്നെ ചൊല്ലി തിന്മ മന്ത്രിച്ചു. ''നാം യഹൂദയിൽ കേറി അതിനെ ഞെട്ടി
ച്ചു വശമാക്കിക്കൊണ്ടു തബ്യേൽപുത്രനെ അതിന്നകം രാജാവാക്കി വാഴി
ക്കും'' എന്നിരിക്കയാൽ ''ആയതു ഉദിക്കയില്ല ഉണ്ടാകയും ഇല്ല'' എന്നു
കൎത്താവായ യഹോവ പറഞ്ഞിരിക്കുന്നു.
7 അരാമിന്നാകട്ടേ ദമഷ്കുതല, രചീനോ ദമഷ്കിൻ തലയത്രേ, അറുപ
ത്തഞ്ചു വർഷത്തിന്നകം എഫ്രയീം ജനമല്ലാതവണ്ണം പൊടിഞ്ഞുപോ
8 കും. എഫ്രയീമിൻ തലയോ ശമര്യ തന്നേ, രമല്യാപുത്രൻ ശമര്യെക്കത്രേ
9 തലയാകുന്നതു. നിങ്ങളുംകൂ വിശ്വാസം ഇല്ലാഞ്ഞാൽ സ്ഥിരവാസം ഇല്ല
സത്യം.

10. 11 പിന്നേയും യഹോവ ആഹാജിനോടു ചൊല്ലിയതു: ''പാതാളത്തോ
ളം ആഴയോ മീത്തലേക്കു ഉയരയോ നിൻ ദൈവമായ യഹോവയോടു
12 അടയാളം ചോദിച്ചുകൊൾക''. എന്നതിന്നു ആഹാജ്: ''ഞാൻ ചോദി
13 ക്കയും യഹോവയെ പരീക്ഷിക്കയും ഇല്ല'' എന്നു പറഞ്ഞാറേ, അവൻ
പറഞ്ഞു: ഹേ ദാവിദ്ഗൃഹമേ കേൾപ്പിൻ! പുരുഷന്മാരെ മുഷിപ്പിക്കുന്നതു
പോര എന്നു വെച്ചിട്ടോ നിങ്ങളും എൻ ദൈവത്തെയും മുഷിപ്പിക്കുന്നതു?
14 ആയതുകൊണ്ടു കർത്താവു താൻ നിങ്ങൾക്കു അടയാളം തരുന്നിതു. കണ്ടാ
ലും കന്യയായവൾ ഗർഭം ധരിച്ചു പുത്രനെ പെറു അവന്നു ഇമ്മാനുവേൽ
15 (നമ്മോടു ദേവൻ) എന്ന പേർ വിളിക്കുന്നുണ്ടു. അവൻ തിന്മ വെറുത്തു നന്മ
തെരിഞ്ഞെടുപ്പാൻ അറിയുമ്പോഴെക്കു തയിരും തേനും ഉണ്ണും.
16 ബാലനാകട്ടേ തിന്മ വെറുത്തു നന്മ തെരിഞ്ഞെടുപ്പാൻ അറിയും മുമ്പേ നീ
ഓക്കാനിക്കുന്ന രണ്ടു രാജാക്കന്മാരുടെ ഭൂമിയും ഉപേക്ഷിക്കപ്പെടും.
17 എഫ്രയീം യഹൂദയോടു വേർപിരിഞ്ഞു പോയ നാൾ മുതൽ വന്നിട്ടി
ല്ലാത്ത നാളുകളെ യഹോവ നിൻെറ മേലും നിൻ ജനത്തിന്മേലും നിൻെറ
18 പിതൃഗൃഹത്തിന്മേലും വരുത്തും, അശ്ശൂർരാജാവിനെ തന്നേ. അന്നാൾ
യഹോവ മിസ്രയീലേ കയ്യാറുകളുടെ അറ്റത്തുള്ള കൊതുകിന്നും അശ്ശൂർ ദേ
19 ശത്തിലേ തേനീച്ചെക്കും ഊഴൽ ഇടും. ആയവ വന്നു കടുന്തുക്കമുള്ള താഴ്വ
രകളിലും ശൈലപ്പിളർപ്പുകളിലും എല്ലാ മുൾക്കെട്ടിലും എല്ലാ തീൻപുല
20 ങ്ങളിലും ഒക്കത്തക്ക ആവസിക്കും. അന്നാൾ കർത്താവു നദിക്കു അക്കരേ
നിന്നു ഇരവു വാങ്ങിയൊരു ക്ഷൌരക്കത്തിയാകുന്ന അശ്ശൂർരാജാവിനെ
കൊണ്ടു തലയും കാലുകളിലേ രോമവും ചിരെക്കയും അതു താടിയെ കൂടേ
21 കളകയും ചെയ്യും. അന്നാൾ താൻ ഒരു കടച്ചിയും രണ്ടാടും പോററി,
22 അവ പാൽ ഏറേ ഉണ്ടാക്കയാൽ തയിർ ഉണ്ടുകൊണ്ടിരിക്കും. ദേശത്തിന്ന
23 കം ശേഷിച്ചുള്ളവൻ ഏവനും തയിരും തേനും ഉണ്ണും സത്യം. ആയിരം പ
ണത്തിന്നു ആയിരം വള്ളിയുള്ള സ്ഥലം ഒക്കയും അന്നാൾ മുള്ളിന്നും കാരെ
24 ക്കും ഭവിക്കയും, ദേശം എല്ലാം മുള്ളും കാരയും ആയ്പോകയാൽ അമ്പും
25 വില്ലുംകൊണ്ടു അങ്ങു നടക്കയും, കൈക്കോട്ടുകൊണ്ടു കൊത്തുന്ന എല്ലാ
മലകളും മുൾക്കാരകളിലേ ഭയം നിമിത്തം നീ ചെല്ലാതേ കാളയെ അയ
പ്പാനും ആടു ചവിട്ടുവാനും ആയി തീരുകയും ആം.

8, 1 അനന്തരം യഹോവ എന്നോടു പറഞ്ഞു: നീ ഒരു വലിയ പലക എടുത്തും
കൊണ്ടു പടുവെഴുത്തുകൊണ്ടു അതിൽ (കവർച്ച വേഗം, കൊള്ളവിരവു)

2 മഹേർശലാൽഹഷ്ബാജ് ആയവന് എന്ന വരെക്ക. അതിന്ന വിശ്വസ്ത
സാക്ഷികളായിട്ട് പുരോഹിതനായ ഉരീയാവിനെയും യബരെക്യാവിൻ
3 മകനായ ജകര്യാവിനെയും ഞാൻ വെച്ചുകൊള്ളും. എന്നാറേ ഞാൻ പ്രവാ
ചകയോട് ചേന്ന അവൾ ഗർഭം ധരിച്ച മകനെ പ്രസവിച്ചപ്പോൾ യഹോ
വ എന്നോട് പറഞ്ഞിതു: ''ഇവന്ന മഹേർശലാൽഹഷ്ബാജ് എന്ന പേർ
4 ഇടുക. കാരണം ബാലൻ എൻ അപ്പൻ എൻ അമ്മ എന്ന വിളിപ്പാൻ അറി
യും മുമ്പെ ദമഷ്കിൻെറ ദ്രവ്യവും ശമര്യയുടെ കവർച്ചയും അശ്ശൂർരാജാവിൻെറ
മുമ്പാകെ കൊണ്ടുവരപ്പെടും.''

8. അദ്ധ്യായം (–9, 6.)

അശ്ശൂര്യശിക്ഷ വേണ്ടിവന്നാലും (9) സാധുക്കൾ ഇമ്മാനുവേലിൽ തന്നെ ആശ്രയിച്ച (12) പരീക്ഷാകാലത്തിൽ ശത്രുക്കളെ അല്ല യഹോവയെ ഭയപ്പെടേണ്ടതു. (16) ദേവവാക്കിൽ തേറിക്കൊണ്ടാൽ ലോകരുടെ അരിഷ്ടതയെ ഒഴിച്ച (23) മശീഹാവതാരത്താൽ സമാധാനരാജ്യത്തെ പാത്തുകൊള്ളാം.

5. 6 പിന്നെയും യഹോവ എന്നോട് ചൊല്ലിയതു: പതുക്കേ ഒഴുകുന്ന ശീലോ
ഹവെള്ളത്തെ ഈ ജനം വെറുത്തു രചീനിലും രമല്യാപുത്രനിലും ആനന്ദി
7 ക്ക ഹേതുവാൽ തന്നേ. കണ്ടാലും കർത്താവ് നദിയുടെ ഊറ്റമുള്ള പെരു
വെള്ളമാകുന്ന അശ്ശൂർരാജാവിനെ സ്വതേജസ്സുമായി അവരുടെ മേൽ കരേ
റുന്നുണ്ട. അതും എല്ലാ തീരങ്ങളെയും കവിഞ്ഞു സകലമിട്ടാൽ പ്രദേശ
8 ത്തും വഴിഞ്ഞുചെന്ന, യഹൂദയിൽ പൊങ്ങി തുളമ്പി പ്രവാഹിച്ചു കഴു
ത്തോളം എത്തി കൈകളും നീണ്ട ഇമ്മാനുവേലേ നിൻെറ ദേശത്തിൻ
പരപ്പിൽ (എങ്ങും) നിറഞ്ഞുപോകും.
9 അല്ലയോ വംശങ്ങളെ കയർപ്പിൻ, മിരണ്ടും പോവിൻ, ഭൂമിയിലേ സ
ർവ്വദൂരതകളായുള്ളോവേ ചെവികൊൎവിൻ! അര കെട്ടികൊൎവിൻ മിര
10 ണ്ടും പോവിൻ! അര കെട്ടീട്ട മിരണ്ട പോവിൻ! മന്ത്രം മന്ത്രിച്ചു കൊൎ
വിൻ അതിന്ന ഭംഗം വരും താനും, വചനം ചൊല്വിൻ അതു നിവിരുക
11 യും ഇല്ല, ഞങ്ങളോടല്ലോ ദേവൻ ഉണ്ട (ഇമ്മാനുവേൽ). യഹോവ ആകട്ടേ
തുകൈ (എന്നിൽ) വിളങ്ങിയ നേരം ഈ ജനത്തിൻെറ വഴിയിൽ നടക്കാ
തേ ഇരിപ്പാൻ എന്നെ പഠിപ്പിക്കുമ്പോൾ എന്നോട് ഇപ്രകാരം പറഞ്ഞു:
12 ഈ ജനം കൂട്ടുകെട്ട എന്ന പറയുന്നത് എല്ലാം നിങ്ങൾ കൂട്ടുകെട്ട് എന്ന പറ
യായ്വിൻ, ഇവർ ഭയപ്പെടുന്നതിന്ന നിങ്ങൾക്ക ഭയവും നടുക്കവും അരുതു.
13 സൈന്യങ്ങളുടയ യഹോവയെ മാത്രം വിശുദ്ധീകരിപ്പിൻ! അവനത്രേ നി
ങ്ങൾക്ക ഭയവും നടുക്കവും ആക. എന്നിട്ട് അവൻ ശുദ്ധസ്ഥലമാകയല്ലാ
14 തേ ഇസ്രയേൽഗൃഹങ്ങൾ രണ്ടിന്നും മുട്ടുന്ന കല്ലും ഇടറുന്ന പാറയും യരുശ
ലേം നിവാസികൾക്ക കണിയും കുടുക്കുമായി തീരും. അവരിൽ അനേകർ ഇട
15 റി വീണ തകരുകയും കുടുങ്ങി പിടിപെടുകയും ചെയ്യും.
16 നീ സാക്ഷ്യത്തെ പൊതിഞ്ഞു ധർമ്മോപദേശത്തെ എൻെറ ശിഷ്യരുടേ
17 അകത്തു മുദ്ര ഇടുക! എന്നിട്ട് യാക്കോബ്ഗൃഹത്തിൽനിന്ന തിരുമുഖത്തെ
മറെക്കുന്ന യഹോവയെ ഞാൻ പ്രതീക്ഷിക്കയും അവനെ പാർത്തിരിക്കയും
18 ചെയ്യും. ഞാനാകട്ടേ യഹോവ എനിക്ക തന്ന സുതന്മാരുമായി, ചീയോൻ
പൎവ്വതത്തിൽ വസിക്കുന്ന സൈന്യങ്ങളുടയ യഹോവയിൽനിന്ന് ഇസ്ര
യേലിൽ അടയാളങ്ങളും മുങ്കുറികളുമായി (തന്നവരോടു കൂടേ) ഇതാ നില്ക്കു
19 ന്നു. പിന്നേ ''വെളിച്ചപ്പാടന്മാരോടും ലക്ഷണക്കാരോടും ചോദിപ്പിൻ
ആ മുരണ്ടു ചിലെക്കുന്നവരോട്'' എന്ന (വല്ലവരും) നിങ്ങളോടു പറയു
മ്പോൾ, ''ജനം തൻ ദൈവത്തോടു ചോദിക്കേണ്ടേ? ജീവികുന്നവർക്ക
20 വേണ്ടി ചത്തവരോടോ?'' ധർമ്മോപദേശത്തിലേക്കും സാക്ഷ്യത്തിലേക്കും

എന്നിങ്ങനേ അല്ലയോ? ഈ വാക്കിൻപ്രകാരം പറയാഞ്ഞാൽ അരു
21 ണോദയമില്ലാത്തവർ അത്രേ. ഇവ്വണ്ണമുള്ളവർ ഉഴന്നും വിശന്നും ദേശത്തുടേ
ചെൽകയും, വിശന്നാൽ വ്യസനിച്ചു സ്വരാജാവിനെയും സ്വദൈവത്തെ
യും ശപിക്കയും, മേലേ കൺതിരിക്കയും, ഭൂമിയെ നോക്കുകയും അതിൽ
22 അതാ തിക്കും തിമിരവും (5,30) തിട്ടതി അന്ധകാരവും (കണ്ട) തമസ്സി
ലേക്കു തള്ളപ്പെട്ടുകയും ചെയ്യും.
23 എങ്കിലും തിട്ടതി വരുന്ന ദേശത്തിന്നു തിമിരം തട്ടിനില്ക്കയില്ല; പൂർവ്വ
കാലം ജബുലൂൻനാട്ടിന്നും നഫ്താലിനാട്ടിന്നും ഇളപ്പം വരുത്തിയ ശേഷം
(2രാജ. 15,29) പിന്നേ കാലം കടൽവഴിയെയും യർദ്ദനക്കരേയും ജാതിക
9,1 ളുടെ മണ്ഡലം (ആകുന്ന ഗലീലയെയും) തേജസ്കരിക്കും. ഇരിട്ടിൽ നട
ക്കുന്ന ജനം വലിയ വെളിച്ചത്തെ കാണുന്നു, മരണനിഴലിൻ ദേശത്തിൽ
2 പാർക്കുന്നവരുടെ മേൽ പ്രകാശം തെളുങ്ങുന്നു. നീ വലുതാക്കാത്ത ജാതിയെ
പെരുക്കുന്നു, നിന്നേറ മുമ്പിൽ അവർ സന്തോഷിക്കുന്ന സന്തോഷം കൊ
യ്ത്തുകാലത്തേ സന്തോഷം പോലേ കവർച്ചയെ പങ്കിടുകയിൽ മകിഴുന്ന
3 കണക്കേ തന്നേ. നീ മിദ്യാന്റെ നാൾ എന്നപോലേ (ന്യാ.7) അവരിൽ
പാരിച്ച നുകവും തോളിലേ വടിയും തെളിക്കുന്നവന്റെ ദണ്ഡും ഒടിക്ക
4 യാൽ തന്നേ. ആരവത്തോടേ ചാഞ്ചാടുന്നവന്റെ ചെരിപ്പും ചോരകളിൽ
പിരണ്ട വസ്ത്രവും എല്ലാം തീക്കിരയായി കത്തുവാൻ പോരുമല്ലോ. കാര
5 ണം സുതൻ നമുക്കു പിറന്നു, മകൻ നമുക്കു തരപ്പെട്ടു, അവന്റെ തോളിന്മേൽ
വാഴ്ച ഉണ്ടു. ആയവന്നു അത്ഭുതമന്ത്രി വീരദേവൻ നിത്യപിതാ സമാധാന
6 പ്രഭു എന്നീ പേർ വിളിക്കയും ചെയ്യുന്നു. ദാവിദിൻ സിംഹാസനത്തിന്മേ
ലും അവന്റെ രാജ്യത്തിന്മേലും വാഴ്ചയുടെ വളർച്ചെക്കും അറമില്ലാത്ത
സമാധാനത്തിന്നും ആയിട്ടത്രേ, നീതിയാലും ന്യായത്താലും ഇന്നുമുതൽ
എന്നെന്നേക്കും അതിനെ സ്ഥാപിച്ചു താങ്ങുവാൻ തക്കവണ്ണമേ. സൈന്യ
ങ്ങളുടയ യഹോവയുടെ ഏരിവു ഇതിനെ ചെയ്യും.

9. അദ്ധ്യായം

ശമര്യയിലേ ഡംഭ ദൈവത്തിൻ ന്യായവിധികളാൽ ശമിക്കായ്കകൊ
ണ്ടും (12) നടത്തുന്നവർ ജനത്തെ തെറ്റിക്കകൊണ്ടും (17) ഉൾഛിദ്രം വള
രുക കൊണ്ടും (10,1) ന്യായദാതാക്കൾ അനീതിയെ വിടായ്കകൊണ്ടും ഇ
സ്രയേലിൽ ദൈവകോപം മാറാതേ നില്ക്കുന്നു.

7 കർത്താവു യാക്കോബിൽ ഒരു വചനം അയച്ചതു ഇസ്രയേലിൽ തട്ടും,
8 എഫ്രയീമും ശമര്യാവാസിയുമായി ജനം ഒക്കത്തക്ക അറിവാന്തക്കവണ്ണമേ;
''ഇട്ടികകൾ വീണിരിക്കേ നാം വെട്ടുകല്ലുകൊണ്ടു കെട്ടും, അമാറത്തിക
ളെ വെട്ടിയിരിക്കേ ദേവതാരങ്ങളെ പകരം നാട്ടിക്കൊള്ളാം'' എന്നു ഗർവ്വ
9 ത്താലും ഹൃദയവലിപ്പത്താലും പറയുന്നവർ തന്നേ. എന്നിട്ടു യഹോവ രെ
ചീന്റെ മാറാന്മാരെ (അശ്ശൂരെ) അതിന്മേൽ ഉയർത്തി അവന്റെ ശത്രുക്ക
10 ളെ കോപ്പിടുവിക്കുന്നു. കിഴക്കേ അറാമും പടിഞ്ഞാറേ ഫലിഷ്ടരും ആയ
വർ ഇസ്രയേലിനെ വായി തിങ്ങവിങ്ങ തിന്നുകളകയും ചെയ്യുന്നു. ഇതെ
ല്ലാംകൊണ്ടു അവന്റെ കോപം മടങ്ങിയിട്ടില്ല തൃക്കൈ ഇന്നും നീട്ടിയിരി
ക്കുന്നു (5,25).
12 ജനമോ തങ്ങളെ അടിക്കുന്നവങ്കലേക്കു മടങ്ങിയതും ഇല്ല, സൈന്യങ്ങ
13 ളുടയ യഹോവയെ തിരഞ്ഞതും ഇല്ല. എന്നിട്ടു യഹോവ ഇസ്രയേലിൽ
14 നിന്നു തലയും വാലും, മട്ടലും മുത്തങ്ങയും ഒരു നാളിൽ അറുക്കുന്നു; (വൃദ്ധനും
മുഖ്യസ്ഥനും തല എന്നും കപടം ഉപദേശിക്കുന്ന പ്രവാചകൻ വാൽ എന്നും
15 വരും.). ഈ ജനത്തെ നടത്തുന്നവർ തെറ്റിക്കുന്നവരും (3, 12) അതിൽ
16 നടത്തപ്പെടുന്നവർ മുടിഞ്ഞവരും ആയ്പ്പോയി. അതുകൊണ്ടു കർത്താവു

അതിലേ യുവാക്കളിൽ സന്തോഷിക്കയും ഇല്ല, അതിലേ അനാഥരെയും
വിധവമാരെയും കനിഞ്ഞുകൊൾകയും ഇല്ല; എല്ലാവനും ബാഹ്യനും വിട
ക്കും അത്രേ, എല്ലാ വായും മൌഢ്യം ചൊല്ലുന്നവല്ലോ. ഇതെല്ലാംകൊണ്ടും
അവന്റെ കോപം മടങ്ങിയിട്ടില്ല തുക്കെ ഇന്നും നീട്ടിയിരിക്കുന്നു.
17 ദുഷ്ടത ആകട്ടേ തീ പോലേ കത്തി, മുള്ളും കാരയും തിന്ന കാട്ടിലേ വ
ള്ളിക്കെട്ടുകളെ കൊളുത്തി അവ വട്ടം തിരണ്ട പുകയായി കിളരുന്നു.
18 സൈന്യങ്ങളുടയ യഹോവയുടെ ചീറ്റത്താൽ ദേശം കാളിപ്പോയി ജനവും
തീക്കു തീന പോലേ ആകയും അവനവൻ സഹോദരനെ ആദരിക്കായ്കയും,
19 വലത്ത് തുണ്ടിച്ചിട്ടും വിശക്കയും ഇടത്തു തിന്നിട്ടും തൃപ്തി വരായ്കയും, താ
20 ന്താന്റെ ഭുജത്തിൻ മാംസത്തെ ഭുജിക്കയും, മനശ്ശ എഫ്രയീമെയും, എഫ്ര
യീം മനശ്ശയെയും, ഇവരും ചേന്ന യഹൂദയെക്കൊള്ളെയും; ഇതെല്ലാംകൊ
ണ്ടും അവന്റെ കോപം മടങ്ങീട്ടില്ല തുക്കെ ഇന്നും നീട്ടിയിരിക്കുന്നു.
10,1 അയ്യോ നിസ്സാരവെപ്പുകളെ വെച്ചും കിണ്ടം എഴുതി എഴുതിപ്പോന്നും,
സാധുക്കളെ ന്യായസ്ഥലത്തുനിന്നു നീക്കി എൻ ജനത്തിലേ എളിയവ
2 രോടു ന്യായത്തെ പറിച്ചുകളകയാൽ, വിധവമാർ അവർക്കു കൊള്ളയാ
3 വാനും അനാഥരോടു കവരുവാനും സംഗതി വരുത്തുന്നവരേ! സന്ദർശന
ത്തിൻ നാളിലോ ദൂരത്തുനിന്നു വരുന്ന ആപത്തിന്നോ നിങ്ങൾ എന്തു
ചെയ്യും? തുണെക്കായി ആരുടെ അരികിൽ മണ്ടും? നിങ്ങടെ തേജസ്സിനെ
4 എവിടേ നിക്ഷേപിക്കും? ബദ്ധരിൽ കുനികയും കൊന്നുപോയവരോടു
വീഴുകയും എന്നിയേ (എന്തു)? ഇതെല്ലാംകൊണ്ടും അവന്റെ കോപം മട
ങ്ങിയിട്ടില്ല തുക്കെ ഇന്നും നീട്ടിയിരിക്കുന്നു.

10. അദ്ധ്യായം (—12.)

അശ്ശൂർ ദൈവത്തിന്റെ ശിക്ഷായുധം എന്നു് ഓർക്കാതേ ഞെളികയാൽ (12) ഗർവ്വം നിമിത്തം തള്ളപ്പെടുകയും (20) ഇസ്രയേലിലേ ശേഷിപ്പു മന
ന്തിരിഞ്ഞു (24) പണ്ടുള്ള പോലേ ജയിക്കയും (28) യരുശലേമെക്കൊള്ളെ
പൊങ്ങിവരുന്ന അശ്ശൂർപ്പട പെട്ടന്നു തോല്ക്കയും ചെയ്യും. (11, 1) ദാവീദ്
പുത്രനോ പതുക്കേ ജനിച്ചു വളർന്ന ആത്മപൂർണ്ണനായി (6) സർവ്വലോക
ത്തിലും സമാധാനത്തെ സ്ഥാപിച്ചു (11) ജനശേഷിപ്പിനെ ശേഖരിച്ചുയർ
ത്തുമ്പോൾ (12, 1) രക്ഷിതപ്രജകൾ സ്തുതി പാടും. (കാലം ശമര്യാസംഹാ
രം അടുക്കുമ്പോൾ.)
5 **ഹാ** എൻ കോപത്തിൻ വടിയായ അശ്ശൂരേ! തങ്ങളുടെ കയ്യിൽ എൻ
6 ഈറലിന്റെ ദണ്ഡുള്ളോരേ! ബാഹ്യമായ ജാതിയിലേക്കു ഞാൻ അവനെ
അയച്ചു എൻ ചീറ്റം ഏല്ക്കുന്ന ജനത്തിന്മേൽ നിയോഗിക്കുന്നതു കൊള്ള
കൊൾവാനും കവർച്ച കവരുവാനും തെരുക്കളിലേ ചളി പോലേ അതി
7 നെ ചവിട്ടിക്കളവാനും തന്നേ. അവനോ അങ്ങനേ നിരൂപിക്കുന്നതും ഹൃദ
യം അങ്ങനേ എണ്ണുന്നതും അല്ല, മുടിക്കേണം എന്നും അനല്പ ജാതികളെ
8 ഛേദിച്ചുകളക എന്നുമുള്ളതത്രേ അവന്റെ മനസ്സിൽ. അവനാകട്ടേ പറയു
ന്നിതു: ''എന്റെ പ്രഭുക്കൾ എപ്പേരും രാജാക്കളല്ലയോ? കർക്കമീശെ പോ
9 ലേ കല്നോ ആയല്ലോ? (ആമോ. 6, 2) അർപ്പാദെ പോലേ ഹമാത്തല്ല
10 യോ? ദമഷ്കു പോലേ ശമര്യ അല്ലയോ? പിന്നേ യരുശലേം ശമര്യക
ളെക്കാളും ശിലകൾ ഏറേയുള്ള അസത്തുകളുടെ രാജ്യങ്ങളോളവും എന്റെ
11 കൈ എത്തിയിട്ടുണ്ടെങ്കിൽ, ഞാൻ ശമര്യയോടും അതിലേ അസത്തുക
ളോടും ചെയ്തവണ്ണമേ യരുശലേമിനോടും അതിലേ ബിംബങ്ങളോടും
ചെയ്തുയില്ലയോ?''
12 എങ്കിലും കർത്താവു് ചീയോൻപർവ്വതത്തിലും യരുശലേമിലും തന്റെ
ക്രിയ ഒക്കേയും സമാപിച്ചാൽ പിന്നേ സംഭവിപ്പിതു: അശ്ശൂർരാജാവിന്റെ

ഹൃദയവലിപ്പത്തിലേ ഫലത്തെയും അവന്റെ കണ്ണുയർച്ചയുടെ അലങ്കാ
13 രത്തെയും ഞാൻ സന്ദർശിക്കും. അവനാകട്ടേ പറയുന്നിതു: ''എൻ കൈ
യുടെ ശക്തികൊണ്ടും എൻ ജ്ഞാനംകൊണ്ടും ഞാൻ ചെയ്തു, അതിവിവേകിയ
ല്ലോ, വംശങ്ങളുടെ അതിരുകളെ ഞാൻ നീക്കുകയും അവരുടെ സംഭാരങ്ങ
ളെ നാനാവിധമാക്കുകയും ഇരുന്നരുളുന്നവരെ ക്രൂരനായി ഇറക്കുകയും ചെ
14 യ്തു. കൂടു പോലേ വംശങ്ങളുടെ സമ്പത്തിനെ എൻ കൈ തട്ടിപ്പറിച്ചു,
കൈ വിട്ട മുട്ടകളെ ചേർക്കുമ്പോലേ സർവ്വഭൂമിയെയും ഞാൻ ചേർത്തു,
ചിറകു് ഇളക്കി ചിലചിലേ വായി പിളർക്കുന്നവൻ ആരും ഇല്ലാഞ്ഞു.''
15 എന്നാൽ മഴുകൊണ്ടു വെട്ടുന്നവനു നേരേ (മഴു) പ്രശംസിക്കയോ? ഈരുന്ന
വനു നേരേ ഈർവ്വാൾ വമ്പിക്കയോ? പക്ഷേ വടിയായതു ഓങ്ങുന്നവനെ
തന്നേ വീശുമ്പോലേ, ദണ്ഡായതു മരമല്ലാത്തവനെ എടുക്കുമ്പോലേ?—
16 അതുകൊണ്ടു സൈന്യങ്ങൾക്കു് ഉടയോനാകുന്ന കർത്താവു് അവന്റെ തടി
യന്മാരിൽ മെലിച്ചൽ അയക്കയും അവന്റെ തേജസ്സിൻ കീഴേ ദഹാഗ്നി
17 പോലേ അഗ്നി കത്തുകയും, ഇസ്രയേലിൻ വെളിച്ചം തീയും അതിലേ
വിശുദ്ധൻ ജ്വാലയും ആയ്ച്ചമകയും, ആയതു് അവന്റെ മുള്ളും കാരയും
18 ഒരു നാളിൽ ദഹിച്ചു തിന്നുകളയും, അവന്റെ കാടും തോപ്പും ആയ തേജ
സ്സിനെ ഇവൻ ദേഹിയോടു മാംസത്തോളവും മുടിക്കയും അതിരോഗി
19 ഉരുകുമ്പോലേ വരികയും ചെയ്യും. അവന്റെ കാട്ടിലേ മരശേഷിപ്പും
എണ്ണിക്കൂടും, അവ എഴുതുവാൻ ബാലനും മതി.

20 അന്നാളിൽ സംഭവിപ്പിതു: ഇസ്രയേലിന്റെ ശേഷിയും യാക്കോബു്
ഗൃഹത്തിലേ വിടുവിപ്പും തങ്ങളെ അടിച്ചവനെ ഇനി ചാരാതേ, ഇസ്ര
21 യേലിൽ വിശുദ്ധനായ യഹോവയെ തന്നേ ഉണ്മയിൽ ചാരിക്കൊള്ളും.
ശേഷിപ്പു മനന്തിരിയും (ശയാർയശൂബു്. 7,3) ഇസ്രയേലിൻ ശേഷിപ്പു
22 വീരദേവങ്കലേക്കു തന്നേ (9,5). ഇസ്രയേലേ, നിന്റെ ജനം കടലുണ
ലോളം ആയാലും അതിൽ ശേഷിപ്പേ മനന്തിരിയുന്നുള്ളു. നീതിയെ പൊഴി
23 യുന്ന സംഹാരം വിധിച്ചു കിടക്കുന്നു, സൈന്യങ്ങളുടയ യഹോവാകർ
ത്താവു് സമസ്തഭൂമിയിൻ നടുവിൽ മുടിവും വിധിനിർണ്ണയവും നടത്തുന്നു
സത്യം.

24 അതുകൊണ്ടു സൈന്യങ്ങളുടയ യഹോവ എന്ന കർത്താവു് പറയുന്നിതു:
ചീയോനിൽ വസിക്കുന്ന എൻജനമേ, മിസ്രമര്യാദ പോലേ നിന്നെ ദണ്ഡു
കൊണ്ടു് അടിച്ചു വടിയെ നിന്മേൽ ഓങ്ങുന്ന അശ്ശൂരെ ഭയപ്പെടൊല്ല.
25 അല്പം കുറയ നേരം ചെന്നാൽ ഈറൽ തീർന്നുപോയിട്ടു് എന്റെ കോപം
26 അവരുടെ നിഗ്രഹത്തിങ്കലേക്കേ ഉള്ളു. എന്നാൽ സൈന്യങ്ങളുടയ യഹോവ
അവന്റെ മേൽ ഒരു ചമ്മട്ടിയെ ഉണർത്തും, ഒരേബു്പാറയിൽ മിദ്യാനെ
അടിച്ച പന്തിയിൽ തന്നേ (ന്യാ. 7, 25), മിസ്രമര്യാദ പോലേ കടലി
27 ന്മേൽ തൻ വടിയെ ഓങ്ങും (2 മോ. 14, 16). അന്നാളിൽ അവന്റെ
ചുമടു് നിന്റെ ചുമലിൽനിന്നും അവന്റെ നുകം നിൻ കഴുത്തിൽനിന്നും
നീങ്ങും തടിപ്പു ഹേതുവായി നുകം പൊട്ടുകേ ഉള്ളു.

28 ഹാ അവൻ അയ്യാത്തിൽ കൂടി മിഗ്രോനിൽ ചെന്നു മിക്മാശിൽ കോ
29 പ്പുകളെ സമർപ്പിച്ചേച്ചു; കണ്ടിവാതിൽ കടന്നു ഗേബയിൽ രാ പാർത്തു; രാമ
30 വിറെച്ചു ശൌലിന്റെ ഗിബ്യ മണ്ടിപ്പോകുന്നു. ഗല്ലീംപുത്രിയേ നിൻ
ഒച്ചയെ ഉച്ചമാക്കുക, ലയശേ കുറിക്കൊൾക! അഗതിയായ അനഥൊത്തേ!
31 മദ്മേന തത്രപ്പെട്ടു, ഗേബീമിലേ നിവാസികൾ കൂടിവാങ്ങിപ്പോകുന്നു.
32 ഇന്നു തന്നേ അവൻ നോബിലേ നില്പു, ചീയോൻപുത്രിയുടെ പർവ്വത
33 മാകുന്ന യരുശലേംകുന്നിന്നു നേരേ കൈ വീശും, എന്നിട്ടു് ഇതാ സൈന്യ
ങ്ങളുടയ യഹോവ എന്ന കർത്താവു് നടുക്കുന്ന ഊറ്റംകൊണ്ടു കൊമ്പില
വെട്ടിക്കളയുന്നു, പൊക്കത്തിൽ മികെച്ചവ അറുക്കയും ഉയർന്നവ താഴുകയും

34 കാട്ടിലേ വള്ളിക്കെട്ടുകളും ഇരിമ്പിനാൽ വെട്ടുപെടുകയും ആ ലിബാ
നോൻ ഒരു ശ്രേഷ്ഠനാൽ വീഴുകയും ചെയ്യും.

11. അദ്ധ്യായം

1 പിന്നേ.ഇശായികുറ്റിയിൽനിന്നു ഒരു ചുള്ളി മുളെക്കയും അതിൻ വേ
2 രുകളിൽനിന്നു തളിർ തെഴുക്കയും ചെയ്യും; അവന്മേൽ യഹോവാത്മാവു
ആവസിക്കും, ജ്ഞാനവിവേകങ്ങളുടെ ആത്മാവു മന്ത്രണവീര്യങ്ങളുടെ
3 ആത്മാവു അറിവും യഹോവാഭയവും ഉടയ ആത്മാവു തന്നേ. അവനു
ഇഷ്ടവാസനയോ യഹോവാഭയമത്രേ, അവൻ കണ്ണുകളുടെ കാഴ്ചെക്കു ന്യാ
4 യം വിധിക്കാതേ ചെവികളുടെ കേൾവിക്കു ശാസിക്കാതേ, എളിയവക്കു
നീതിയിൽ ന്യായം വിധിക്കയും ദേശത്തിലേ സാധുക്കൾക്കായി നേരിൽ
ശാസിക്കയും (സങ്കീ. 72, 12.) തിരുവായാകുന്ന ദണ്ഡിനാൽ ഭ്രമിയെ
അടിക്കയും അധരങ്ങളുടെ ശ്വാസത്താൽ ദുഷ്ടനെ മരിപ്പിക്കയും ചെയ്യും.
5 നീതി അവന്റെ അരക്കെട്ടും വിശ്വസ്തത അവന്റെ നടുക്കെട്ടും ആയിരിക്കും.
6 അന്നു ചെന്നായി കുഞ്ഞാടിനോടു പാർക്കയും പുള്ളിപ്പുലി കോലാടിനോ
ടു അമരുകയും കന്നുകുട്ടി ചെറുകോളരി കാളക്കിടാവു ഇവ ഒക്കത്തക്ക
7 ചെറിയ കുഞ്ഞൻ നടത്തുകയും, പശുവും കരടിയും മേയ്യുയും, അവറ്റിൻ
കുട്ടികളും ഒന്നിച്ചു അമരുകയും, സിംഹം എരുതു പോലേ വൈക്കോൽ
8 തിന്നുകയും, അണലിമടമേൽ ഉണ്ണി കളിക്കയും മൂർഖന്റെ കണ്മിഴിക്കു
9 മുലകുടിമാറിയവൻ കൈ നീട്ടുകയും ചെയ്യും. എന്റെ വിശുദ്ധപർവ്വതത്തിൽ
എങ്ങും അവ കുറവും കേടും ചെയ്കയില്ല, ഭ്രമിയാകട്ടേ സമുദ്രത്തിൽ വെള്ളം
മൂടുമ്പോലേ യഹോവയറിവിനാൽ സമ്പൂർണ്ണം. അന്നാളിൽ സംഭവി
10 പ്പിതു: വംശങ്ങൾക്കു കൊടിയായി നില്ക്കുന്ന ഇശായുടെ വേർ (ത്തളിർ)
എന്നവങ്കലേക്കു ജാതികൾ തിരയും, അവന്റെ സ്വസ്ഥവാസം തേജസ്സാ
കയും ചെയ്യും.
11 അന്നാളിൽ സംഭവിപ്പിതു: അശ്ശൂരിൽനിന്നും മിസ്രയിൽനിന്നും പത്രോസ്
കൂശ് ഏലാം ശിനയ്യാർ ഹമാത്ത് ഇവറ്റിൽനിന്നും സമുദ്രദ്വീപുകളിൽനി
ന്നും ശേഷിച്ചുള്ള സ്വജനത്തിന്റെ ശേഷിപ്പിനെ വീണ്ടുകൊള്ളേണ്ടതിന്നു
12 കർത്താവു രണ്ടാമതും കൈയിടുകയും, ജാതികൾക്കു കൊടിയെ ഉയർത്തുകയും
ഭ്രമിയുടെ നാലു ദിക്കുകളിൽനിന്നും ഇസ്രയേലിൽ തള്ളപ്പെട്ടവരെ ചേർക്ക
യും യഹൂദയിൽ ചിന്നിയതിനെ കൂട്ടുകയും ചെയ്യും. അന്നു എഫ്രയീമിന്റെ
13 എരിവു മാറും, യെഹൂദയെ ഞെരുക്കുന്നവർ ഛേദിക്കപ്പെടും; എഫ്രയീം
യഹൂദയിൽ എരിവു ഭാവിക്കയും യഹൂദ എഫ്രയീമെ ഞെരുക്കുകയും ഇല്ല.
14 അവർ കടലോട്ട ഫലിഷ്ത്യയുടേ തോളിന്മേൽ ചാടും, കിഴക്കിൻ മക്കളെ
ഒക്കത്തക്ക കൊള്ളയിടും, എദോമും മോവാബും അവരുടെ കൈകൾ പിടി
യും അമ്മോന്യർ അവർക്കു അധീനവുമാകും. യഹോവ മിസ്രക്കടലിന്റെ
15 നാവിനെ പ്രാവിക്കളകയും തന്റെ ശ്വാസശോഷത്താൽ (ഫ്രാത്തു) നദി
മേൽ തൃക്കൈ വീശി ഏഴു കൈവഴികളാക്കി അടിച്ചു, ചെരിപ്പുഴിയാതേ
16 കടക്കുമാറാക്കുകയും ചെയ്യും. അപ്പോൾ അശ്ശൂരിൽനിന്നു ശേഷിച്ചുള്ള സ്വജന
ത്തിന്റെ ശേഷിപ്പിന്നു നിരത്തു ഉണ്ടാകും, മിസ്രയിൽനിന്നു കയറിവന്ന
നാൾ ഇസ്രയേലിന്നു ഉണ്ടായവണ്ണം തന്നേ.

12. അദ്ധ്യായം

1 അന്നാളിൽ നീ പറവിതു: യഹോവേ നീ എന്നോടു കോപിച്ചു, തിരു
കോപം മടങ്ങീട്ടു നീ എന്നെ ആശ്വസിപ്പിക്കകൊണ്ടു ഞാൻ നിന്നെ

2 വാഴ്ത്തും. ഇതാ എൻ രക്ഷാദേവൻ ഞാൻ പേടിയാതെ തേറുന്നു, യാഃ യഹോ
വയല്ലോ എന്റെ ശക്തിയും കീർത്തനയും തന്നേ, അവൻ എനിക്കു രക്ഷയാ
3 യി (2 മോ. 15,2). എന്നിട്ടു രക്ഷയുടെ ഉറവുകളിൽനിന്നു നിങ്ങൾ ആന
ന്ദത്തിൽ വെള്ളം കോരും. അന്നാളിൽ നിങ്ങൾ പറവിൻ: യഹോവയെ
വാഴ്ത്തുവിൻ, തിരുനാമത്തെ വിളിച്ചപേക്ഷിപ്പിൻ, വംശങ്ങളിൽ അവന്റെ
വൻക്രിയകളെ അറിയിപ്പിൻ, തിരുനാമം ഉന്നതപ്പെട്ടപ്രകാരം ഓർപ്പി
പ്പിൻ! ഗൌരവം കാണിച്ചതിനാൽ യഹോവയെ കീർത്തിപ്പിൻ, സർവ്വ
ഭൂമിയിലും ഇതു അറിവാരാക! ചിയോൻപൌരതയായുള്ളോവേ, ഇസ്രയേ
ലിൽ വിശുദ്ധൻ നിൻനടുവിൽ വലിയവനാകയാൽ ഉച്ചത്തിൽ ആർത്തു
കൊൾക.

V. അദ്ധ്യ. 13—23 ബാബേൽ മുതലായ ജാതികൾക്കു ശിക്ഷാജ്ഞകൾ.

13. അദ്ധ്യായം (—14, 23.)

1 ആമോചിൻ പുത്രനായ യശയ്യാ ബാബേലിനെ ചൊല്ലി ദർശിച്ച ആജ്ഞ.
(2) യഹോവ പട്ടാളങ്ങളെ ഒരുക്കി (9) അഹങ്കാരിയെ ശിക്ഷിപ്പാൻ നി
യോഗിച്ചു (17) മാദ്യരെ കൊണ്ടു ബാബേലിന്നു കലാപം വരുത്തുകയാൽ
(14,1) ഇസ്രയേൽ പ്രവാസം മാറി (4) ശത്രുരാജാവിനെ കുറിച്ചു പാടി
ലോകത്തിന്നു വന്ന സൈരത്തെയും (9) പാതാളവാസികൾ ഭ്രഷ്ടനെ പ
രിഹസിക്കുന്നതും (12) മേരുവോളം ഉയർന്നവന്റെ അധഃപതനവും (16) ശവ
ത്തിന്റെ അപമാനവും (20) രാജ്യസംഹാരത്തെയും കൊണ്ടാടും.
2 അല്ലയോ വെറുമ്മലമേൽ കൊടി ഏററി ശബ്ദം ഉയർത്തി കൈകൊണ്ടു
വീശുവിൻ, മഹാത്മാക്കളുടെ പടിവാതിലുകളിൽ അവർ പൂകുവാൻ തന്നേ.
3 ഞാൻ വിശുദ്ധീകരിച്ചവരെ കല്പിച്ചു എൻ കോപനിവൃത്തിക്കായി എൻ
4 ഡംഭത്താൽ ഉല്ലസിക്കുന്ന വീരന്മാരെ വിളിച്ചിരിക്കുന്നു. ഹാ മലകളിൽ
പെരുത്ത ജനത്തിന്നൊത്ത കോലാഹലശബ്ദം, രാജ്യങ്ങളേ നിനാദം (പോ
ലേ) ഒന്നിച്ചു കൂടിയ ജാതികളുടെ ആരവം! സൈന്യങ്ങളുടയ യഹോവ
5 പോർസൈന്യത്തെ എണ്ണിനോക്കുന്നു. ദൂരദേശത്തിങ്കൽനിന്നു വാനത്തിൻ അറ
ത്തുനിന്നു അവർ വരുന്നതു സർവ്വഭൂമിയെയും സന്നമാക്കുവാൻ, യഹോവ
• യും അവന്റെ ഈറലിന്റെ ആയുധങ്ങളും തന്നേ.— യഹോവാദിവസം
6 സമീപമാകയാൽ മുറയിടുവിൻ, അതു കെല്പനിൽനിന്നു കലാപം പോലേ
7 വരും (യോവേ. 1,15) എന്നതുകൊണ്ടു കൈകളെല്ലാം തളരുകയും മർ
ത്യഹൃദയം ഒക്കേ ഉരുകുകയും, വലിവു നോവുകളും പിടിച്ചിട്ടു പെറുന്നവളെ
8 പോലേ പിടെച്ചു മെരിയുകയും, തങ്ങളിൽ വിസ്മയിക്കയും, അവരുടെ
മുഖങ്ങൾ ജ്വാലാമുഖമാകയും ചെയ്യും.
9 കണ്ടാലും ക്രൂരവും ചീററവും കോപച്ചൂടുമായി യഹോവാദിവസം വരുന്ന
തു ഭൂമിയെ പാഴാക്കുവാനും അതിങ്കൽനിന്നു പാപികളെ വേരറുപ്പാനും തന്നേ.
10 വാനമീനുകളും തിരുവാതിരാദിനക്ഷത്രങ്ങളും സ്വപ്രകാശത്തെ മിന്നിക്കാ
യ്കയും, സൂര്യൻ ഉദയത്തിങ്കൽ ഇരുളുകയും ചന്ദ്രൻ നിലാവിനെ തെള
11 ങ്ങിക്കായ്കയും, ഊഴിമേൽ ഞാൻ തിന്മയെയും ദുഷ്ടരിൽ അകൃത്യത്തെയും
സന്ദർശിച്ചു, അഹങ്കാരികളുടെ ഡംഭിനെ ശമിപ്പിക്കയും, പ്രൌഢന്മാരുടെ
12 വൈഭവത്തെ താഴ്ത്തുകയും ആം. സ്വർണ്ണത്തെക്കാളും മർത്യന്മാക്കും ഒഫീ
രിലേ തങ്കത്തെക്കാളും മനുഷ്യർക്കും ഞാൻ വിലപിടിപ്പിക്കും. ആയതുകൊ
13 ണ്ടു സൈന്യങ്ങളുടയ യഹോവയുടെ ചീററത്തിങ്കലും അവന്റെ കോപച്ചൂ
ടിൻ നാളിലും ഞാൻ വാനങ്ങളെ വിറെപ്പിക്കയും ഭൂമി സ്വസ്ഥലത്തുനിന്നു

14 കലുങ്ങുകയും ആം. ആട്ടിയ മാനും ആരും ചേക്കാത്ത ആടും പോലേ അ
15 ന്ന് അവനവൻ സ്വജനത്തിലേക്കു തിരികയും താന്താൻ സ്വദേശത്തേക്കു
മണ്ടിപ്പോകയും, കണ്ടവൻ എല്ലാം കുത്തിത്തുളഞ്ഞും, പിടികൂടിയവൻ ഒ
16 ക്കേ വാളാൽ പട്ടും, അവർ കാൺകേ ശിശുക്കളും തകൎന്നും വീടുകളും കവ
17 ൎന്നും സ്ത്രീകളും പുണൎന്നും പോകയും ചെയ്യും. കണ്ടാല്യം വെള്ളിയെ കൂട്ടാക്കാ
തേ പൊന്നിൽ രസിക്കാതേ ഉള്ള മേദരെ ഞാൻ അവൎക്കു നേരേ ഉണ
18 ൎത്തും. ആയവരുടെ വില്ലുകളും ബാലന്മാരെ തുണ്ടിക്കും, ഉദരഫലത്തിൽ അ
വർ കനികയും കുഞ്ഞങ്ങളെ കണ്ണ് ആദരിക്കയും ഇല്ല. എന്നിട്ടു രാജ്യങ്ങളു
19 ടെ ശിഖാമണിയും കല്ദയരുടെ ഗർവ്വാലങ്കാരവും ആയുള്ള ബാബേൽ എ
20 ന്നവയും ദൈവം സദോംഘമോറകളെ മറിച്ചു വെച്ചപ്രകാരം ആകും. എന്നും
വാസമാവാറില്ല, തലമുറതലമുറയോളം കുടിയേറുകയും ഇല്ല, അറവിക്കാ
രൻ അവിടേ കൂടാരം അടിക്കയും ഇടയന്മാർ കൂട്ടങ്ങളെ കിടത്തുകയും ഇല്ല.
21 മരുവിലേ ജന്തുക്കളും അവിടേ കിടക്കയും വീടുകളിൽ മൂങ്ങ നിറകയും, തീ
22 വിഴുങ്ങികളും അതിൽ വസിക്കയും കുളികളും തുള്ളുകയും, ഓരികളും ആ അ
രമനകളിലും കുറുക്കന്മാർ ഭോഗമന്ദിരങ്ങളിലും ഓളിയിടുകയും ചെയ്യും.
അവളുടെ കാലം വരുവാൻ അടുത്തിരിക്കുന്നു, അവളുടെ വാഴ്നാളും നീളു
കയും ഇല്ല.

14,1 കാരണം യഹോവ യാക്കോബിൽ കനിവു തോന്നി ഇസ്രയേലെ ഇനി
യും തെരിഞ്ഞെടുത്തു, അവരെ സ്വഭൂമിയിൽ അമരുമാറാക്കും; പരദേശി
2 അവരോടു പററി യാക്കോബ് ഗൃഹത്തോടു ചേൎന്നുവരും. വംശങ്ങളും അവ
രെ കൈക്കൊണ്ടു സ്വസ്ഥലത്തേക്ക് എത്തിക്കും, ഇസ്രയേൽഗൃഹമോ യ
ഹോവാഭൂമിയിൽ അവരെ ദാസീദാസന്മാർക്കി അടക്കയും, അടിമയാക്കി
യവരെ അടിമയാക്കുകയും തെളിച്ചവരിൽ അധികരിക്കയും ചെയ്യും.—യ
3 ഹോവ നിന്റെ അത്തലും ആടലും നിന്നെ സേവിപ്പിച്ച കഠിനദാസ്യവും
മതിയാക്കി സ്വസ്ഥത തരുന്നാളും സംഭവിപ്പിതു: ബാബേൽരാജാവിനെ
4 ചൊല്ലി നീ ഈ സദൃശം പാടി പറയും: തെളിക്കുന്നവർ എങ്ങനേ അട
5 ങ്ങി പൊൻശേഖരി എങ്ങനേ അടങ്ങി! യഹോവ ദുഷ്ടരുടെ ദണ്ഡിനെ വാ
6 ഴുന്നോരുടേ ചെങ്കോലിനെ ഒടിച്ചു. ചീററത്താൽ അററം ഇല്ലാതോളം അടി
ഏല്പിച്ചും അടങ്ങാതേ പിന്തുടൎന്നു ജാതികളെ കോപത്താൽ ചവിട്ടിക്കള
7 ഞ്ഞവനെ തന്നേ. സർവ്വഭൂമിയും വിശ്രമിച്ചമൎന്നു, അവർ പൊട്ടി ആൎക്കുന്നു.
ലിബനോനിലേ ദേവതാരം മുതൽ കീല്മരങ്ങളും: ''നീ കിടന്ന നാളും
മുതൽ ഞങ്ങളെക്കൊള്ളേ വെട്ടുകാരൻ കരേറിവരാ'' എന്നു നിങ്കൽ സ
ന്തോഷിക്കുന്നു.
8 നിന്റെ വരവിന്ന് എതിരേ പാതാളം അടിയോളം കലുങ്ങുന്നു; ആയതു
9 ഭൂമിയിൽ കോലാടുകളായ്വാണ പ്രേതന്മാരെ ഒക്കയും ഉണൎത്തി, ജാതിക
ളുടെ സകലരാജാക്കന്മാരെയും സിംഹാസനങ്ങളിൽനിന്ന് എഴുനീല്പിക്കു
10 ന്നു. ''നീയും ഞങ്ങളെ പോലേ വലഞ്ഞു ഞങ്ങളോടു ഒത്തുചമഞ്ഞു'' എ
11 ന്ന് എല്ലാവരും നിന്നോടു ഭാഷിക്കും. നിന്റെ കിന്നരനാദം മുതലായ
വൈഭവം എല്ലാം പാതാളത്തേക്കു കിഴിഞ്ഞു നിന്റെ വിരിപ്പു കൃമിയും പു
12 തപ്പു പുഴുവും അത്രേ.— ഹേ അരുണോദയപുത്രനായ ജ്യോതിയേ, നീ
13 വാനത്തിൽനിന്ന് എങ്ങനേ വീണു, ജാതികളെ അമൎക്കുന്നവനേ നീ നി
14 ലത്തു വീഴ്ത്തപ്പെട്ടതു എങ്ങനേ! നീയോ ഹൃദയംകൊണ്ടു പറഞ്ഞിതു:
''ഞാൻ വാനങ്ങളിൽ കരേറി ദേവനക്ഷത്രങ്ങളുമീതേ എൻ സിംഹാസ
നത്തെ ഉയൎത്തി, ഉത്തരദിക്കിലേ സങ്കേതപൎവ്വതത്തിൽ ഇരുന്നരുളി; മേ
15 ഘശിഖരങ്ങളുടെ മേൽ കരേറി അത്യുന്നതനോടു സാദൃപ്യം പ്രാപിക്കും''
16 എന്നത്രേ. അയ്യോ പാതാളത്തിൽ ഗൎഹയുടെ അധമദിക്കിലേക്കു നീ താഴ
ും.—നിന്നെ കാണുന്നവർ നിന്നെ കൺപാൎത്തു ആലോചിക്കുന്നിതു:

17 ''ഭ്രമിയെ കലുക്കി രാജ്യങ്ങളെ ഇളക്കി ഊഴിയെ പാഴ്നിലമാക്കി അതിൻ
നഗരങ്ങളെ തകൎത്തു ബദ്ധന്മാരെ വീട്ടിലേക്ക് അയക്കാതേ വെച്ചുകൊണ്ട
18 ആഃ ഇവൻ തന്നെയോ? എന്നുത്രേ. ജാതികളുടെ രാജാക്കന്മാർ എപ്പേരും
19 അവനവൻ സ്വഭവനത്തിൽ തേജസ്സിൽ വസിക്കുന്നുവല്ലോ. നീ മാത്രം വെ
റുത്തുകളഞ്ഞ തുളിർ പോലേ ശവക്കുഴിയോട് അകലേ തള്ളപ്പെട്ട, വാൾ
കുത്തി കൊന്നിട്ടു ഗ്രഹക്കല്ലുകളിൽ ഇറങ്ങിപ്പോകുന്നവരെ പുതെപ്പാക്കി ച
20 വിട്ടിക്കളഞ്ഞ പിണമായി പോകുന്നു. ആയവരോട് നീ ശ്മശാനത്തിൽ
ഒരുമിക്കയില്ല. നിന്റെ ദേശത്തെ നീ കെടുത്തു നിന്റെ ജനത്തെ കൊന്നു
കളഞ്ഞ നിമിത്തം ദുഷ്കൃതികളുടെ സന്തതിക്ക് എന്നേക്കും പേർ വിളി
21 ക്കപ്പെടുകയില്ല. അപ്പന്മാരുടെ അകൃത്യം ഹേതുവായിട്ട് അവന്റെ മക്കൾ
ക്കും അറുകുല ഒരുക്കുവിൻ! അവർ എഴുനീല്ക്കയും ഭ്രമിയെ അടക്കയുംഊഴി
യുടെ മുഖത്തു നഗരങ്ങളും (പിന്നേയും) നിറെക്കയും അരുതു.——
22 സൈന്യങ്ങളുടയ യഹോവയുടെ അരുളപ്പാടാവിതു: ഞാൻ അവരെക്കൊ
ള്ളേ എഴുനീറു ബാബേലിന്നു പേരും വേരും പുത്രപൌത്രസമ്പത്തും ഛേ
23 ദിച്ചുകളയും, എന്നു യഹോവയുടെ അരുളപ്പാടു. അതിനെ മുള്ളന്നു അധീ
നവും നീർപ്പൊയ്കകളും ആക്കിവെച്ചു, സംഹാരം എന്ന മാച്ചൂൽകൊണ്ടു അ
ടിച്ചുവാരും എന്നു സൈന്യങ്ങളുടയ യഹോവയുടെ അരുളപ്പാടു.

അശ്ശൂരിന്റെ നാശം നിശ്ചയം (24–27.)

24 സൈന്യങ്ങളുടയ യഹോവ ആണയിട്ടിതു: ഞാൻ നിരൂപിച്ചവണ്ണം ആകു
25 ന്നു ഞാൻ നിശ്ചയിച്ചവണ്ണം നിലെക്കയും ചെയ്യുന്നു സത്യം. എങ്കിലോ
എൻ ദേശത്തിൽ അശ്ശൂരിനെ തകൎത്തു എൻ മലകളിന്മേൽ അവനെ ചവിട്ടി
ക്കളയും, പിന്നേ അവന്റെ നുകം അവരിൽനിന്നു നീങ്ങി അവന്റെ ചുമ
26 ടു അവരുടെ ചുമലിൽനിന്നു മാറിപ്പോകയും വേണം. എന്നതു സൎവ്വഭ്രമി
യുടെ മേൽ നിശ്ചയിച്ചുകിടക്കുന്ന നിൎണ്ണയവും സകലജാതികളുടെ മേലും
27 നീട്ടിയ കൈയും ഇതത്രേ. കാരണം സൈന്യങ്ങളുടയ യഹോവ നിശ്ചയി
ച്ചിട്ടുണ്ടു, പിന്നേ ആർ മുടക്കും? നീട്ടീട്ടുള്ളതു അവന്റെ കൈ തന്നേ, അ
തിനെ ആർ വിലക്കും?

ഫലിഷ്ടരുടെ നേരേ ശിക്ഷാജ്ഞ. (28–32.)

28 ആഹാജ് രാജാവിന്റെ മരണവർഷത്തിൽ ഉണ്ടായ ആജ്ഞയാവിതു:
29 സകലഫലിഷ്ടയായുള്ളോവേ നിന്നെ അടിച്ച കോൽ. ഒടിഞ്ഞിരിക്ക
യാൽ സന്തോഷിക്കരുതു; എന്തെന്നാൽ നാഗത്തിന്റെ വേരിൽനിന്നു മൂർ
30 ഖൻ പുറപ്പെടും അതിന്റെ ഫലമോ പറക്കുന്ന സർപ്പം. സാധുക്കളുടെ ആദ്യ
ജാതൻമാർ മേയ്കയും ദരിദ്രന്മാർ നിർഭയമായി കിടക്കയും ചെയ്യും, നിന്റെ
വേരിനെയോ ഞാൻ ക്ഷാമത്താൽ മരിപ്പിക്കും, നിന്റെ ശേഷിപ്പിനെ
31 അവൻ കൊല്ലും. പടിവാതിലേ മുറയിടുക, പട്ടണമേ കൂകുക! സകലഫ
ലിഷ്ടയായുള്ളോവേ നീ അഴഞ്ഞുപോയി, വടക്കുനിന്നു പുക (പോലേ)
32 വരുന്നുവല്ലോ, ആ വ്യൂഹങ്ങളിൽ ചിതറിപ്പോകുന്നവനും ഇല്ല. എന്നാൽ
ജാതികളുടെ ദൂതന്മാർ എന്തു ഓർ ഉത്തരം കൊണ്ടുവരും? യഹോവ ചിയോ
ന് അടിസ്ഥാനം ഇട്ടിട്ടുണ്ടു, അവന്റെ ജനത്തിലേ സാധുക്കൾ അതിൽ
ആശ്രയിക്കയും ചെയ്യും എന്നത്രേ.

മോവാബിന്റെ നേരേ ശിക്ഷാജ്ഞ. (അ. 15. 16.)

(15, 1) മോവാബ്യർ നാട്ടിൽ എങ്ങും നാശം തട്ടുകയാൽ (16, 1) ദാ
വിദ്ഗൃഹത്തിന്നു മുന്നേ പോലേ കപ്പം കെട്ടിക്കൊടുപ്പാൻ ബുദ്ധി പറഞ്ഞതു

(6) ഡംഭോധിക്യം നിമിത്തം മോവാബിൽ സങ്കടം പെരുകി വ്യർത്ഥാ
ശ്രയം ക്ഷയിച്ചുപോകുന്നതു.

15, 1 **മോ**വാബിലേ ആജ്ഞയാവിതു: അതേ മോവാബ്യർ ഒരു രാത്രിയിൽ
കലാപം വന്നു തീൎന്നുപോയി. മോവാബക്കോട്ട രാത്രിയിൽ കലാപംവന്നു
2 തീൎന്നുപോയി. (നഗരക്കാർ) ആലയത്തിലേക്കും ദീബോൻകുന്നുകാവുക
ളിലും കരഞ്ഞു കരേറുന്നു. നബോ, മേദബ എന്നവ നിമിത്തം മോവാ
3 ബ് മുറയിടുന്നു. അതിൽ തല എല്ലാം കഷണ്ടിയായി താടി എല്ലാം ചിരെ
ച്ചുപോയി; അതിൻ തെരുക്കളിൽ രട്ടുടുക്കുന്നു, മാളികതോറും വീഥികളും
4 തോറും കരഞ്ഞുംകൊണ്ടു മുറയിട്ടു ഇറങ്ങുന്നു. ഹെശ്ബോനും എലാലയും
കൂകുന്നു. യഹചപൎയ്യന്തം അവരുടെ ശബ്ദം കേൾക്കാം, അതുകൊണ്ടു മോ
വാബിൽ കച്ച കെട്ടിയവർ ഉള്ളം കിടുകിടുത്തു ഘോഷിക്കുന്നു. എന്റെ ഹൃ
5 ദയവും മോവാബിനെ ചൊല്ലി കൂകുന്നു. അതിൽ മണ്ടിപ്പോകുന്നവർ മൂവാ
ണ്ടുപ്രായമുള്ള പോവർ വരെയും (കാണാം). ലൂഹീത്തിലേ ചുരം കര
ഞ്ഞു കരേറും, ഹോരൊനൈമിലേ വഴിയിൽ കുഴക്കിന്റെ നിലവിളി
6 കിളരുന്നു. നിമ്രയിലേ വെള്ളങ്ങൾ ശൂന്യമായി, പുല്ലു് ഉണങ്ങി സസ്യം
7 മുടിഞ്ഞുപോയിട്ടു പച്ച ഇല്ലല്ലോ. അതുകൊണ്ടു് അവർ ചെയ്യുണ്ടാക്കിയതും
8 സംഗ്രഹിച്ചതും അലരിത്തോട്ടിൻ അക്കരേ പേറിപ്പോകുന്നു. മോവാബിൻ
അതിരിനെ കൂക്കൽ ചുറ്റുന്നു, എഗ്ലൈം വരേ അതിൻ മുറവിളി, വീരക്കുള
9 ത്തോളം അതിൻ മുറവിളി. ദീമോനിലേ വെള്ളങ്ങളിൽ ചോര നിറഞ്ഞു
വല്ലോ. ഞാനോ ദീമോന്റെ മേൽ ഇനി അധികം വരുത്തും, മോവാബിൽ
നിന്നു വിടുവിക്കപ്പെട്ടവൎക്കും നാട്ടിലേ ശേഷിപ്പിന്നും ഒരു സിംഹത്തെ
തന്നേ.

16, 1 **പാ**റയ്യരിൽനിന്നു മരുവിൻ വഴിയായി ഭ്രമിപാലനു കുഞ്ഞാടുകളെ
അയപ്പിൻ (2 രാജ. 3, 4) ചിയോൻപുത്രിയുടെ പൎവ്വതത്തിലേക്കു തന്നേ.
2 കൂട്ടിൽനിന്നു് ആട്ടീട്ടു് അലയുന്ന പക്ഷി പോലേയല്ലോ അൎന്നോൻകടവു
കളിൽവെച്ചു മോവാബ്പുത്രിമാർ (യാചിക്കുന്നിതു): കൂടി വിചാരം
3 വരുത്തുവിൻ! ചാതിക്കാരം പിടിപ്പിൻ! നട്ടുച്ചയിൽ നിന്റെ നിഴലിനെ
രാത്രികണക്കേ പരത്തേണമേ! ഭ്രഷ്ടരെ മറെച്ചുകൊൾക, ഉഴലുന്നവനെ
4 കാട്ടിക്കൊടുക്കായ്ക! മോവാബിൽനിന്നു ഭ്രഷ്ടരായവർ അങ്ങു മേവിക്കൊള്ള
ട്ടേ, പാഴാക്കുന്നവന്റെ മുഖത്തുനിന്നു് അവർക്കു മറവിടം ആകേണമേ.
എങ്ങനേ എന്നാൽ ഉപദ്രവി ഒഴിഞ്ഞു പാഴാക്കുന്നവൻ ഒടുങ്ങി, ചവിട്ടുന്ന
5 വർ ദേശത്തുനിന്നു തീൎന്നുപോയി; ദയയാൽ ഒരു സിംഹാസനം സ്ഥിര
മായി, ദാവിദിൻ കൂടാരത്തിൽ ന്യായം തേടി നീതിയെ ഉഴറിക്കൊള്ള
ന്ന ഒരു വിധികൎത്താവു് ഉണ്മയിൽ അതിന്മേൽ വസിക്കുന്നു.
6 ഞങ്ങളോ അതിഡംഭിയായ മോവാബിന്റെ ഡംഭത്തെയും അഹങ്കാര
7 ക്രോധവമ്പുകളെയും തുമ്പില്ലാത്ത നുണകളെയും കേട്ടിരിക്കുന്നു. അതുകൊ
ണ്ടു മോവാബിനെ ചൊല്ലി മോവാബ് മുറയിടും, എല്ലാം മുറയിടും; ഓട്ട
കോട്ടയുടെ മുന്തിരിങ്ങക്കട്ടകൾ നിമിത്തം നിങ്ങൾ മുറ്റും ഇടിഞ്ഞിട്ടു കൂശ്ശു
8 കുശ്ശുക്കും. എന്തെന്നാൽ ഹെശ്ബോനിലേ പാടങ്ങളും വാടിപ്പോയി,
സിബ്മയിലേ മുന്തിരിവള്ളിക്കു ജാതികർത്താക്കൾ നല്ലോടികളെ ഒടി
ച്ചു അവ യാജെരോളം എത്തി മരുവിലും പടർന്നു നടന്നു അതിൻ ശാഖ
9 കൾ പരന്നു കടലിനെയും കടന്നുവല്ലോ. അതുകൊണ്ടു ഞാൻ യാജെർ കര
യും പോലേ സിബ്മയിലെ വള്ളിയെ ചൊല്ലി കേഴും, ഹെശ്ബോനും
എലാലയും ആയുള്ളോവേ എൻ കണ്ണുനീർകൊണ്ടു നിന്നെ നനെക്കും,
നിന്റെ വേനലിന്നും കൊയ്ത്തിന്നും അട്ടഹാസം തട്ടുകയാൽ തന്നേ.

10 തോപ്പിൽനിന്ന സന്തോഷവും ആനന്ദവും അടങ്ങിപ്പോയി പറമ്പുകളിൽ
ആർപ്പുമില്ല ആരവവും ഇല്ല ചക്കരലിൽ മെതിക്കുന്നവന്ന വീഞ്ഞു മെതി
11 ഇല്ല; ആ അട്ടഹാസത്തെ ഞാൻ നിറുത്തിക്കളഞ്ഞു. അതുകൊണ്ടു് എന്റെ
കുടൽ മോവാബിനെ കുറിച്ചും ഉള്ളം ഓട്ടകോട്ടയെ കുറിച്ചും കിന്നരം പോലേ
12 മുരളുന്ന. അപ്പോഴം മോവാബു് (ദേവനെ) തേടി കുന്നകാവിൽ അദ്ധ്വാനി
ച്ചു മടുത്തുപോയി എന്നവരും, അവൻ പ്രാത്ഥിപ്പാൻ തന്റെ ശുദ്ധസ്ഥലം
13 പ്രവേശിച്ചാലും ആവതില്ല എന്ന വരും.—യഹോവ മോവാബിനെ
14 ചൊല്ലി മുമ്പേ ഉരെച്ച വചനം ഇതത്രേ. ഇപ്പോഴോ യഹോവ ഉരെക്കുന്നി
തു: കൂലിക്കാരന്റെ ആണ്ടുകളാൽ മൂവാണ്ടു കൊണ്ടു മോവാബിൻ തേജസ്സു്
ആ വലിയ കോലാഹലം എല്ലാം ഇരുന്നാലും എളുതാകും, ശേഷിപ്പും ഇ
ത്തിരി അല്പമാം, ഏറയല്ല.

എഫ്രയീം ദമഷ്കു (അശ്ശൂർ) എന്നവറിന്ന നേരേ. (17, 1—14.)

17, 1 ദമഷ്കിലേ ആജ്ഞയാവിതു: കണ്ടാലും ദമഷ്കു നഗരമാകാതവണ്ണം നീ
2 ക്കപ്പെട്ടു് ഇടിഞ്ഞു വീണ കല്ക്കുട്ടു് ആകും. ആരൊയേർ ഊരുകം കുടിവാ
ങ്ങീട്ടു് മൃഗക്കൂട്ടങ്ങൾക്കു് ആയ്ച്ചമയും, അവ ആരും അരട്ടാതേ കിടന്ന
3 കൊള്ളും. എഫ്രയീമിൽനിന്ന രാജധാനിയും ദമഷ്കിൽനിന്ന രാജത്വവും
ഒഴിഞ്ഞുപോകും, സുറിയയിൽ ശേഷിപ്പുള്ളതിന്ന ഇസ്രയേൽ പുത്രരുടെ
തേജസ്സിന്നു് എന്ന പോലേ വരും; എന്ന സൈന്യങ്ങളുടയ യഹോവയു
4 ടെ അരുളപ്പാടു. അന്ന യാക്കോബിൻ തേജസ്സു് ചുരുങ്ങി അവന്റെ മാം
5 സത്തിൻ പുഷ്ടി മെലിഞ്ഞും പോകും. അന്നുണ്ടാവിതു: എഴുന്ന വിളയെ
മൂരുമ്പോഴം അവന്റെ കൈ കറ്റകളെ കൊയ്യും പോലേ, മല്ലന്മാരുടെ താ
ഴ്വരയിൽ (യോശു. 15, 8) കറ്റകളെ എടുക്കും പോലേ ഉണ്ടാം. ഒലീ
6 വ്മരത്തെ കുലുക്കുമ്പോഴം കൊടുമുടിയിൽ രണ്ടു മൂന്ന കുരുവും കായ്ച്ച മ
രത്തിൻ ചില്ലികളിൽ നാലഞ്ചും ഉള്ളതുപോലേ, അതിൽ കാലായി
പറിപ്പാൻ ചിലതു ശേഷിക്കും എന്നു് ഇസ്രയേൽ ദൈവമായ യഹോവ
7 യുടെ അരുളപ്പാടു.— അന്നാളിൽ മനുഷ്യൻ തന്നെ ഉണ്ടാക്കിയവനെ ഉറു
നോക്കും, അവന്റെ കണ്ണുകം ഇസ്രയേലിലെ വിശുദ്ധകലേക്കു കാണും.
8 തൻ കൈകളുടെ പ്രവൃത്തിയാകുന്ന ബലിപീഠങ്ങളെ ഇനി നോക്കുകയും
തൻ വിരലുകം ഉണ്ടാക്കിയ ശ്രീപ്രതിമകളെയും സൂര്യസ്തംഭങ്ങളെയും കാ
9 ൺകയും ഇല്ല. അന്നാളിൽ അവന്റെ ഉറെച്ച നഗരങ്ങം പടല്ലാട്ടിലും
കൊടുമുടിയിലും ഇടിച്ചു വിട്ടേച്ചതിന്നു് ഒക്കും, (കനാന്യർ) ഇസ്രയേൽപു
ത്രന്മാർ നിമിത്തം വിട്ടേച്ചുപോകയാൽ പാഴായ്ച്ചമഞ്ഞ കോട്ടകംകു
10 തന്നേ. എന്തെന്നാൽ നിന്റെ രക്ഷാദൈവത്തെ നീ മറന്ന, നിന്റെ ഉറ
പ്പിൻ പാറയെ ഓർക്കാതേ പോകയാൽ മനോഹരക്കാവുകളെ നീ നട്ട അ
11 തിൽ അന്യവള്ളിയെ ഇട്ടിരുന്ന. നീ നട്ട നാളിൽ അതിന്ന വേലി കെട്ടി
ഇട്ടതു പുലർച്ചയിൽ പൂപ്പിച്ചുകൊണ്ടിട്ടും വന്മുറിയും പൊറുക്കാത്ത വ്യസ
നവും തട്ടുന്ന ദിവസത്തിൽ കൊയ്ത്തു കുമ്പലാം. അയ്യോ സമൂഹങ്ങം ഇ
12 രെക്കുമ്പോലേ ബഹുവംശങ്ങം ഇരെക്കുന്ന കോലാഹലവും, കനത്ത
വെള്ളങ്ങം മുഴങ്ങുമ്പോലേ കുലങ്ങം മുഴങ്ങുന്ന നാദവും അയ്യോ. പെരു
13 ത്തവെള്ളങ്ങളുടെ മുഴക്കം പോലേ കുലങ്ങം മുഴങ്ങുന്ന, ആയവൻ അവരെ
ഭർത്സിക്കുംപോഴേക്കോ ദൂരവേ മണ്ടി, കാറിന്ന മുമ്പിൽ മലകളിലേ
പതിരും വിശറിൻ മുമ്പിൽ കച്ചിച്ചുഴലിയും എന്ന പോലേ പായിക്ക
14 പ്പെട്ട പോകും. വൈകുന്നേരത്തു് ഇതാ ത്രാസം, ഉഷസ്സിന്ന മുമ്പേ അവർ
ഇല്ല; നമ്മെ കവരുന്നവരുടെ പങ്കും നമ്മെ കൊള്ളയിടുന്നവരുടെ ചീട്ടും
ഇതത്രേ.

കൂശ് യഹോവെക്ക് അധീനമായ്വരും. (അ. 18.)

ഭയവിവശരായ കൂശ്യർ (4) യഹോവ അശ്ശൂരെ അമർക്കുന്ന ശ്രുതിയെ കേട്ടിട്ടു (7) അവനെ ആശ്രയിച്ചു കൊള്ളും.

18, 1 അഹോ കൂശിലേ നദികൾക്കു അക്കരേ ഈച്ചയിറകുകൾ ചിലുചി
2 ലേ നദിക്കുന്ന ദേശമേ! കടലിലും വെള്ളങ്ങളുടെ മീതേയും ഓടത്തോണികളിൽ ചാരന്മാരെ അയക്കുന്ന (ദേശമേ). അല്ലയോ ലഘുദൂതന്മാരേ നിടിയ മൊട്ടത്തലയന്മാരെയും ആ ജാതിക്കും അപ്പുറത്ത് അതിഘോരമായ ജനത്തെയും പുഴകൾ ഖണ്ഡിക്കുന്ന നാട്ടിൽ നിഷ്ഠുർഷകല്പന ഏറി ചവി
3 ട്ടി നടക്കുന്ന ജാതിയെയും ചെന്നു കാണ്മിൻ! ഊഴിയിൽ വസിച്ചു ഭൂമിയിൽ കുടിയിരിക്കുന്ന എല്ലാവരുമായുള്ളോരേ മലകളിൽ കൊടിയേറുമള
4 വിൽ നോക്കുവിൻ! കാഹളം ഊതുമളവിൽ കേൾപ്പിൻ!— യഹോവയാകട്ടേ എന്നോടു പറഞ്ഞിതു: വെയിൽ വെളുവെള ചൂടു കൊയ്ത്തിൻ ഉഷ്ണത്തിൽ മഞ്ഞു മേഘം പോലേ ഉള്ള കാലത്തിൽ എൻ വാസസ്ഥാനത്തിൽ
5 ഞാൻ അടങ്ങി പാർക്കും. കൊയ്ത്തിൻ മുമ്പേയോ പൂത്തു തീർന്നു മൊട്ടു കുലെച്ചു പഴുക്കുന്നേരം അവൻ ചെത്തുകത്തികൊണ്ടു ചില്ലികളെ അറുത്തു
6 വള്ളികളെ വെട്ടിക്കളയും. (അപ്പോലേ) അവർ ഒക്കത്തക്ക മലകളുടെ കഴുകിന്നും നാട്ടിലേ മൃഗത്തിന്നും വിടപ്പെടും, കഴുക് അതിന്മേൽ വേനൽ പാർക്കയും നാട്ടിലേ മൃഗം എല്ലാം ശീതകാലം പാർക്കയും ചെയ്യും.— ആ
7 കാലത്തിൽ സൈന്യങ്ങളുടയ യഹോവെക്കു തിരുമുല്ലാഴ്ചയായി നിടിയ മൊട്ടത്തലയന്മാരും അതിന്നപ്പുറത്തും അതിഘോരമായ ജനത്തിൽ നിന്നും പുഴകൾ ഖണ്ഡിക്കുന്ന നാട്ടിൽ നിഷ്ഠുർഷകല്പന ഏറി ചവിട്ടി നടക്കുന്ന ജാതിയും സൈന്യങ്ങളുടയ യഹോവാനാമത്തിൻ സ്ഥലമായ ചീയോൻപർവ്വതത്തിലേക്കു കൊണ്ടുവരപ്പെടും.

മിസ്രയുടെ ശിക്ഷയും മാനസാന്തരവും. (അ. 19.)

യഹോവ മിസ്രെക്കു ബുദ്ധിമുട്ടും (5) ദാരിദ്ര്യവും (10) അഴിനിലയും വരുത്തിക്കൊണ്ടു (18) മാനസാന്തരത്തിന്നും (23) രാജ്യസഖ്യതെക്കും വഴി ഉണ്ടാക്കും.

19, 1 മിസ്രയിലേ ആജ്ഞയാവിതു: കണ്ടാലും യഹോവ ലഘുമേഘത്തിൽ കേറി മിസ്രയിൽ പ്രവേശിക്കുന്നു, അപ്പോൾ മിസ്രയുടെ അസത്തുകൾ തിരുമ്പിൽ ആടുകയും മിസ്രക്കാരുടെ ഹൃദയം അവരുടെ ഉള്ളിൽ ഉരുകിപ്പോ
2 കയും ആം. ഞാൻ മിസ്രയെ മിസ്രെക്കു നേരേ കോപ്പിടുവിക്കും, സഹോദരർ മിത്രങ്ങൾ തമ്മിലും ഊരോട് ഊരും രാജ്യത്തോടു രാജ്യവും പട
3 കൂടും. മിസ്രക്കാരുടെ ആത്മാവ് ഉള്ളിൽ ഒഴികയും, അവരുടെ മന്ത്രണത്തെ ഞാൻ മൂടിക്കയും, അവർ അസത്തുകളോടും മന്ത്രവാദികൾ വെളിച്ച
4 പ്പാടന്മാർ ലക്ഷണക്കാർ എന്നവരോടും ചോദിക്കയും ചെയ്യും. ഞാനോ മിസ്രക്കാരെ കഠിനകർത്താവിന്റെ കയ്യിൽ അടെച്ചുവെക്കും, ശക്തിയുള്ള രാജാവ് അവരെ ഭരിക്കും എന്നതു സൈന്യങ്ങളുടയ യഹോവ എന്ന കർത്താവിന്റെ അരുളപ്പാടു.
5 സമുദ്രത്തിൽനിന്നു വെള്ളങ്ങൾ ഒടുങ്ങുകയും നദി വറ്റി ഉണങ്ങിപ്പോക
6 യും (ഇയ്യോബ് 14, 11), പുഴകൾ നാറി മിസ്രനദീമുഖങ്ങൾ ചുരുങ്ങി
7 വറണ്ടു, ഓടയും പാശിയും വലഞ്ഞുപോകയും ആം. നദിവക്കത്തു പുഴയരുവിലേ പുലങ്ങളും നദിയുടെ വിള സകലവും ഉണങ്ങി പാറി ഇല്ലാതേയാ
8 യി.— അപ്പോൾ മീൻപിടിക്കാർ ഞരങ്ങുകയും നദിയിൽ ചൂണ്ടൽ ഇടുന്നവർ എല്ലാം തൊഴിക്കയും വെള്ളത്തിന്മേൽ വലവീശുന്നവർ മുഷിഞ്ഞുപോ
9 കയും, ചണം ചികി നൂല്ക്കുന്നവരും വെള്ളാട നെയ്യുന്നവരും നാണിക്കയും

10 ആം.— (രാജ്യത്തിലേ) അടിസ്ഥാനങ്ങ൦ ആയവർക്ക് ഇടിച്ചലും
ദിവസവൃത്തിക്കാർക്ക് എല്ലാം മന:ക്ലേശവും ഉണ്ടാം. ചാനിയിലേ പ്രഭു
11 ക്ക൦ മൂഢന്മാരത്രേ, ഫറോവിൻ മന്ത്രികളിൽ ജ്ഞാനം ഏറിയവർ പൊട്ട
രായ്പ്പോയ സഭയത്രേ. ഞാൻ ജ്ഞാനികളുടെ പുത്രൻ, ഞാൻ ആദിരാജാ
ക്കളേ മകൻ, എന്നു നിങ്ങ൦ ഫറോവിനോടു പറയുന്നത് എങ്ങനേ? നി
12 ന്റെ ജ്ഞാനികളായവർ പിന്നേ എവിടേ? സൈന്യങ്ങളുടയ യഹോവ
മിസ്രയുടെ മേൽ ഇപ്പോ൦ എന്തു മന്ത്രിച്ചു എന്ന് അവർ അറിഞ്ഞു നിന്നെ
13 ഉണർത്തിക്കട്ടേ. ചാനിപ്രഭുക്ക൦ മൂഢരായ്ച്ചമഞ്ഞു, മെംഫിപ്രഭുക്ക൦ ച
തിപ്പെട്ടുപോയി, മിസ്രഗോത്രങ്ങ൦ക്കു കൊത്തളങ്ങളായവർ അതിനെ
14 തെറ്റിക്കുന്നു. അതിൻ ഉള്ളത്തിൽ യഹോവ വികടാത്മാവിനെ കലക്കി
ചേർത്തിട്ടു മത്തൻ തന്റെ ഛർദ്ദിയിൽ തപ്പും പ്രകാരം അവർ മിസ്രയെ എ
ല്ലാ പ്രവൃത്തിയിലും തെറ്റിക്കുന്നു. തലയും വാലും മട്ടലും മുത്തെങ്ങയും (9,
15 13) ചെയ്യാകുന്ന ഒരു പ്രവൃത്തിയും മിസ്രേക്കായി നടക്കയും ഇല്ല.— ആ
16 നാളിൽ മിസ്രക്കാർ പെണ്ണുങ്ങ൦ക്ക് ഒത്തുചമഞ്ഞു സൈന്യങ്ങളുടയ യ
ഹോവ അവരെക്കൊള്ളേ വീശുന്ന കയ്യുടെ ഓങ്ങലിനു പേടിച്ചു ഞെട്ടും.
17 യഹൂദനോടും മിസ്രക്കു പരിഭ്രമം ആയ്ത്തീരും, അതിനെ ഓർപ്പിക്കും
തോറും സൈന്യങ്ങളുടയ യഹോവ അവരെക്കൊള്ളേ നിശ്ചയിക്കുന്ന മ
ന്ത്രണത്തിനു (മിസ്ര) പേടിച്ചുപോകും.
18 അന്നാളിൽ മിസ്രദേശത്തിൽ അഞ്ചു നഗരങ്ങ൦ കനാൻഭാഷ പറഞ്ഞും
സൈന്യങ്ങളുടെ യഹോവെക്ക് ആണയിട്ടുംകൊണ്ടിരിക്കും; ഒന്നിനു ഈർ
ഹഹേരസ് (ഇടിയേണ്ടുന്ന സൂര്യനഗരം) എന്നു പേർ വിളിക്കും. അന്നു മി
19 സ്രദേശത്തിൻ നടുവിൽ യഹോവെക്കു ബലിപീഠവും അതിൻ അതിരിൽ
20 യഹോവെക്ക് എന്നൊരു നാട്ടക്കല്ലും ഉണ്ടാകും. അതു മിസ്രദേശത്തിൽ
സൈന്യങ്ങളുടയ യഹോവെക്ക് അടയാളവും സാക്ഷിയും ആകും, അവരാ
കട്ടേ ഉപദ്രവിക്കുന്നവർനിമിത്ത൦ സൈന്യങ്ങളുടയ യഹോവയെ നോക്കി
വിളിക്കുമ്പോ൦ തന്നേ അവൻ അവക്കു രക്ഷിതാവും കാര്യസ്ഥനും ആയവ
നെ അയക്കയും ഇവൻ അവരെ ഉദ്ധരിക്കയും ചെയ്യും. അന്നു യഹോവ മി
21 സ്രെക്ക് അറിവാറാകയും, മിസ്ര യഹോവയെ അറികയും യാഗവും വഴി
പാടും (കൊണ്ടു) സേവിക്കയും, യഹോവെക്കു നേർച്ചനേരുകയും ഒപ്പിക്ക
22 യും ആം. യഹോവ മിസ്രയെ അടിച്ചും പൊറുപ്പിച്ചുംകൊണ്ടു തല്ലും, അവർ
യഹോവയിലേക്കു തിരിയും, ഇവൻ അവരെ യാചിപ്പിച്ചു പൊറുപ്പിക്കും.
23 അന്നാളിൽ മിസ്രയിൽനിന്ന് അശ്ശൂരിലേക്കു നിരത്ത് ഉണ്ടാകും; അശ്ശൂർ
മിസ്രയിലും മിസ്ര അശ്ശൂരിലും വരികയും, മിസ്ര അശ്ശൂരോടു ഒന്നിച്ചു സേ
24 വിക്കയും ചെയ്യും. അന്ന് ഇസ്രയേൽ മിസ്രെക്കും അശ്ശൂരിനും മൂന്നാമതായി
25 ഭൂമിയുടെ ഉള്ളിൽ അനുഗ്രഹമായിരിക്കും. ആയതിനെ സൈന്യങ്ങളുടയ യ
ഹോവ: ''എൻ ജനമായ മിസ്രയും എൻ കൈക്രിയയായ അശ്ശൂരും എൻ
അവകാശമായ ഇസ്രയേലും അനുഗ്രഹിക്കപ്പെടാക'' എന്നു ആശീർവ്വദിക്കും.

മിസ്ര കൂശ് യഹൂദരുടെ നേരേയും. (അ. 20.)

അശ്ശൂരിനോടു ഏററാൽ മിസ്രയും ബന്ധുക്കളും തോറ്റു നാണിച്ചുപോകും.
1 അശ്ശൂർരാജാവായ സർഗ്ഗോൻ നിയോഗിച്ചിട്ടു തർത്താൻ (1രാ. 18,17)
2 അഷ്ദോദിൽ വന്നു അഷ്ദോദിനെ പൊരുതു പിടിച്ച ആണ്ടിൽ. ആ സമയ
ത്തു തന്നേ യഹോവ ആമോചിന്റെ പുത്രനായ യശയ്യാവിനെക്കൊണ്ടു
ചൊല്ലിച്ചിതു: നീ പോയി അരയിൽനിന്നു രട്ടിനെ അഴിച്ചു കാലിങ്കൽനി
ചെരിപ്പ് ഊരിക്കളക. എന്നതിൻപ്രകാരം അവൻ ചെയ്തു നഗ്നനും വെറുങ്കാ
3 ലുമായി നടന്നുകൊണ്ടിരുന്നു. അപ്പോ൦ യഹോവ പറഞ്ഞിതു: എൻ ദാസ
നായ യശയ്യാ മിസ്രെക്കും കൂശിനും മൂവാണ്ട് അടയാളവും അതിശയവുമായി

നഗ്നനും വെറുങ്കാലുമായി നടന്നതു പോലേ, അശ്ശൂർരാജാവ് മിസ്രയിൽനിന്ന് അടിമപ്പെട്ടവരെയും കൂശിൽനിന്നു പ്രസവിക്കുന്നവരെയും ആബാലവൃദ്ധം നഗ്നരും വെറുങ്കാലുമായി മിസ്രേക്ക് അവലക്ഷണമായിട്ട് ആസനം മറെക്കാതേ നടത്തും.— അപ്പോൾ അവർ പ്രതീക്ഷിച്ച കൂശിനെയും കൊണ്ടാടിയ മിസ്രയെയും വിചാരിച്ച കൂശി നാണിക്കും. അന്ന് ഈ കടല്പുറത്തു കുടിയിരിക്കുന്നവർ പറവിതു: അശ്ശൂർരാജാവിൽനിന്നു ഞങ്ങളെ വിടുവിപ്പാൻ ഇതാ ഞങ്ങൾ സഹായം തേടി മണ്ടിയ പ്രതീക്ഷാസ്ഥാനം ഇങ്ങനേ ആയല്ലോ? ഇനി ഞങ്ങൾ എങ്ങനേ വഴുതിപ്പോവു?

ബാബേലിൻെറ നേരേ. (അ. 21.)

ബാബേൽ സുഖിച്ചിരിക്കുമ്പോൾ മേദ്യർ അക്രമിച്ചു (6) ജയിച്ചു ബിംബസേവയെ മുടിക്കും.

സമുദ്രത്തിങ്കലേ മരുവിൽ ആജ്ഞയാവിതു: തെക്കിൽ വിശറുകൾ വീശും പോലേ മരുവിൽനിന്ന് (അതാ) ഭയങ്കരദേശത്തുനിന്നു വരുന്നു. കഠിനദർശനം എനിക്ക് അറിയിക്കപ്പെട്ടിതു: കള്ളൻ തോല്പിച്ചു കക്കുന്ന പാഴൻ പാഴാക്കുന്നു; ഏലാമേ കരേറിവരിക, മാദായേ ഞെരുക്കുക! അവരുടെ ഞരക്കം എല്ലാം ഞാൻ ഒഴിപ്പിക്കും. എന്നതുകൊണ്ട് എൻെറ അരകൾ വേദനകളാൽ നിറഞ്ഞു, ഈറ്റുനോവു പോലേ വലികൾ എനിക്കു പിടിച്ചു, ഞാൻ കേൾക്കാതവണ്ണം വട്ടന്തിരിഞ്ഞും കാണാതവണ്ണം മെരിണ്ടും പോകുന്നു. എൻ ഹൃദയം പതെക്കുന്നു, ത്രാസം എന്നെ അരട്ടുന്നു, എൻെറ കാമയാമത്തെ അവൻ വേപഥുവാക്കി മാറ്റി. മേശയെ ഒരുക്കും, കാവൽ കാക്കും, ഉണ്ണും കുടിക്കും, (ഉടനേ) അല്ലയോ പ്രഭുക്കളെ എഴുനീറ്റു പലിശയെ മെഴുക്കുവിൻ!—എങ്ങനേ എന്നാൽ കർത്താവ് എന്നോടു പറഞ്ഞിതു: നീ ചെന്നു കാവല്ക്കാരനെ നിറുത്തുക, അവൻ കാണുന്നതിനെ ബോധിപ്പിക്കട്ടേ! ആയവൻ അശ്വംബലം കണ്ടു, ഈരണ്ടു കുതിരയാളും കഴുതപ്പുറത്തും ഒട്ടകപ്പുറത്തും കയറിയ കൂട്ടങ്ങളും (കണ്ടു); ഏറ്റം കുറിക്കൊണ്ടു സൂക്ഷിച്ചും കേട്ടു ശേഷം, സിംഹം (പോലേ) അലറി: സ്വാമി ഞാനോ പകൽ വിടാതേ കാവൽനിന്നു, രാത്രിതോറും എൻെറ നോക്കിടത്തിൽ നിവിർന്നിരുന്നു. പിന്നേ അതാ അശ്വബലം ഈരണ്ടു കുതിരയാളായി ഇങ്ങു വന്നു, ആരംഭിച്ചു പറഞ്ഞിതു: ബാബേൽ വീണു വീണു. അതിലേ ദേവശിലകൾ എല്ലാം നിലത്തു തകർന്നുകിടക്കുന്നു.— കളത്തിൽ മെതിക്കൊണ്ടു ചതഞ്ഞ എൻെറ ജനമേ! സൈന്യങ്ങളുടെ ദൈവമായ യഹോവയോടു ഞാൻ കേട്ടതിനെ നിങ്ങൾക്ക് അറിയിക്കുന്നു.

ദൂമയുടെ നേരേ. (11–12)

എദോമ്യരോ ഇശ്മയേല്യരോ (1 മോ, 25, 14) മനന്തിരിവോളം അവക്കു യരുശലേമിൽനിന്നു നല്ല ഉത്തരം വരികയില്ല.

ദൂമയിലേ ആജ്ഞയാവിതു: സേയീരിൽനിന്ന് എന്നോടു വിളിക്കുന്നിതു: കാവല്ക്കാര രാത്രിയിൽനിന്ന് എത്ര (യായി)? കാവല്ക്കാര രാത്രിയിൽനിന്ന് എത്ര? എന്നാറേ കാവല്ക്കാരൻ പറയുന്നിതു: പുലർച്ച വരുന്നു രാത്രിയും കൂടേ; ചോദിക്കേണ്ടുകിൽ ചോദിപ്പിൻ! തിരിഞ്ഞുവരുവിൻ!

അറവിയുടെ നേരേ. (13–14.)

അറവിക്കച്ചവടക്കാക്കു യുദ്ധങ്ങളാൽ യാത്രാവിഘ്നവും വമ്പിൻ താഴ്മയും വരും.

13 അറവിയുടെ നേരേ ആജ്ഞയാവിതു: അല്ലയോ ദൈവനിലേ സാത്ഥങ്ങളാ
യുള്ളോവേ (ഹജ. 25,13), അറവിയിൽ കാട്ടിൽ തന്നേ നിങ്ങൾ രാപാ
14 ക്കേണ്ടിവരും. തേമാദേശത്തിലേ കുടിയാന്മാർ (ഇയ്യോബ് 3,19) ദാഹി
ക്കുന്നവന് എതിരേ വെള്ളം കൊണ്ടുവരുവിൻ! മണ്ടുന്നവനെ അപ്പവുമായി
15 മുമ്പിട്ടു കൊള്ളുന്നു. അവരാകട്ടേ വാളുകളിൽ നിന്ന് ഊരിയ വാളിന്നും കു
ലെച്ച വില്ലിന്നും യുദ്ധഭാരത്തിന്നും മണ്ടിപ്പോകുന്നതു. എന്തെന്നാൽ കർത്താ
16 വ് എന്നോടു പറഞ്ഞിതു: കൂലിക്കാരന്റെ ആണ്ടുകളാൽ ഓർ ആണ്ടുകൊണ്ടു
കേദാരിന്റെ തേജസ്സ് എല്ലാം തീർന്നുപോകും. കേദാർപുത്രന്മാരിൽ വില്ലാ
17 ളിവീരന്മാർ ശേഷിപ്പതു എണ്ണം കുറയും; ഇസ്രയേലിൻ ദൈവമായ യഹോ
വ ഉരചെയ്തുവല്ലോ.

യരുശലേമെ വളഞ്ഞ കാലത്തു നിവാസികളുടേ പ്രമാദം (അ. 22.)

ശത്രു അണയുമ്പോൾ മഹാവ്യാധിയും തോല്വിയും നേരിടുകയും (5) താഴ്വരയിൽ തേർ നിറകയും (8 ജനം ദൈവത്തെ അല്ല പടക്കോപ്പുകളെ തിരകയും (12) മദിച്ചു പുളെക്കയും ചെയ്യും (കാലം 2 നാൾ. 32,1). (15) ഗർവ്വിഷ്ടനായ കോയിലധികാരിക്കു മാറ്റം വരും.

1 ദർശനത്താഴ്വരയിൽ ആജ്ഞയാവിതു: നിങ്ങൾ എല്ലാവരും മാളികമുക
2 ളിൽ കയറുവാൻ എന്തു പോൽ കാരണം? ഹാ കോലാഹലം നിറഞ്ഞു ഘോ
ഷം ഏറേയുള്ള നഗരമേ, ഉല്ലസിക്കുന്ന കോട്ടയേ! നിന്നിൽ പട്ടവർ വാ
3 ളാൽ പട്ടവരല്ല യുദ്ധത്തിൽ മരിച്ചവരും അല്ല. നിന്റെ എല്ലാ അധികാരി
കളും ഒന്നിച്ചു മണ്ടുന്നു, വില്ലെന്നിയേ കെട്ടുപെടുന്നു, നിന്നിൽ കാണായ
വർ ഏവരും ദൂരവേ ഓടിപ്പോകയിൽ ഒക്കത്തക്ക കെട്ടുപെടുന്നു. എന്നതു
4 കൊണ്ട്: എന്നിൽനിന്നു മാറിനോക്കുവിൻ! ഞാൻ കൈപ്പായി കരയുന്നു,
എന്റെ ജനത്തിൻ പുത്രി പാഴായ നിമിത്തം എനിക്ക് ആശ്വാസം വരു
5 ത്തുവാൻ മുട്ടിക്കൊല്ല! എന്നു ഞാൻ പറയുന്നു.—എങ്കിലോ സൈന്യങ്ങളു
ടയ യഹോവ എന്ന കർത്താവിൽനിന്നു ദർശനത്താഴ്വരയിൽ ആരവാരവും
തിക്കും തിരക്കുമുള്ള ദിവസം, മതിലുകൾ തകർപ്പും മലയോളം കുക്കലും തന്നേ.
6 തേരും കാലാളും കുതിരയുമായി ഏലാം പൂണി ധരിച്ചു വരുന്നു, കീർ പലാ
7 ശയെ വിളങ്ങിക്കുന്നു. ഇങ്ങനേ നിന്റെ താഴ്വരകളിൽ മേത്തരമായതു തേർ
കൊണ്ടു നിറയും, കുതിരയാളുകളോ പടിവാതിലോളം നിരന്നുനിന്നു കൊ
8 ള്ളുന്നു.— യഹൂദയുടെ മറവിനെ (കർത്താവു) നീക്കിക്കളഞ്ഞു, നീയോ അന്നു
വനാലയത്തിൽ (1 രാ. 10,17) ആയുധക്കോപ്പു നോക്കുന്നു, ദാവിദ്പുരിലേ
9 മതിലുണ്ടികൾ പെരുത്തു എന്നു നിങ്ങൾ കാണുന്നു, നിങ്ങളോ താഴേ കുള
ത്തിലേ വെള്ളത്തെ ചേർക്കയും, യരുശലേമിലേ വീടുകളെ എണ്ണുകയും.
10 മതിൽ ഉറപ്പിപ്പാൻ വീടുകളെ പൊളിക്കയും, രണ്ടു മതിലിന്നും നടുവേ
11 പഴങ്കുളത്തിൻ വെള്ളങ്ങൾക്കു ചിറ ഉണ്ടാക്കയും, അതിനെ ഉണ്ടാക്കിയവ
നെ നോക്കാഞ്ഞയും ദൂരത്തുനിന്ന് അതിനെ മനിഞ്ഞവനെ കാണാഞ്ഞയും
ചെയ്യുന്നു.
12 അന്നാൾ സൈന്യങ്ങളുടയ യഹോവ എന്ന കർത്താവ് കരച്ചലിന്നും
13 തൊഴിച്ചലിന്നും ചിരെപ്പാനും രട്ടുടുപ്പാനും വിളിക്കുന്നതു. അതാ ആനന്ദസ
ന്തോഷവും മാടു വധിക്ക ആടുക്കയും മാംസഭോജനം മദ്യപാനവും: ''നാം
തിന്നും കുടിച്ചും കൊൾക, നാളയല്ലോ ചാകും'' എന്നതും ഉണ്ടു താനും.—
14 എങ്കിലും സൈന്യങ്ങളുടയ യഹോവ എന്റെ ചെവികൊൾക്കു വെളിപ്പെട്ടു
വന്നു: എന്നാണ ഈ കുറ്റത്തിന്നു നിങ്ങൾ ചാവോളം പരിഹാരം ഇല്ല എന്നു
സൈന്യങ്ങളുടയ യഹോവയായ കർത്താവ് പറഞ്ഞു.
15 സൈന്യങ്ങളുടയ യഹോവയായ കർത്താവ് പറയുന്നിതു: അല്ലയോ
ഈ അമാത്യനെ ചെന്നു കാൺക, കോയിലധികാരിയായ ശെബ്നയെ

16 തന്നേ: ഇവിടേ നിണക്കു് എന്തു് ഉണ്ടായിട്ടു് ആർ ഉണ്ടായിട്ടു നീ ഇവിടേ
കല്ലറയെ വെട്ടിച്ചുകൊള്ളുന്നതു? മേടിനെ തനിക്കു കല്ലറയാക്കി പാറയിൽ
17 തനിക്കു പാർപ്പിടം തോണ്ടിക്കൊള്ളുന്ന പോൽ. കണ്ടാലും വീരൻ വീയു
മ്പോലേ യഹോവ നിന്നെ ചുഴറ്റി എറിയും, നിന്നെ മുറുക പിടിക്കും;
18 ചുരുളായി നിന്നെ ചുരുട്ടി ഇരുപുറവും നീളുന്ന ദേശത്തേക്കു ഉണ്ടപോലേ
ഉരുട്ടും. അവിടേ നീ മരിക്കും, നിന്റെ ദിവ്യരഥങ്ങളും അവിടേ (നില്ക്കും)
19 നിന്റെ യജമാനന്റെ കോയിലകത്തിൻ കറയായുള്ളോവേ! ഞാൻ നി
ന്റെ നിലയിൽനിന്നു നിന്നെ തള്ളും, സ്ഥാനത്തിങ്കന്നു് അവൻ നിന്നെ
20 മറിക്കുന്നു.— ആ നാളിൽ സംഭവിപ്പിതു: ഹില്ക്കീയാപുത്രനായ എല്യാ
21 ക്കീം എന്ന എന്റെ ദാസനെ ഞാൻ വിളിച്ചു. നിന്റെ കുപ്പായം ഉടുപ്പിച്ചു
നിന്റെ കച്ച കെട്ടിച്ചു നിന്റെ വാഴ്ചയെ അവൻ കയ്യിൽ കൊടുക്കയും
അവൻ യരുശലേമിലേ കുടിയാന്മാക്കും യഹൂദാഗൃഹത്തിന്നും അപ്പനാകയും
22 ചെയ്യും. ദാവിദ്ഗൃഹത്തിന്റെ താക്കോലിനെ ഞാൻ അവന്റെ തോളി
ന്മേൽ വെക്കും, അവൻ തുറന്നാൽ ആരും പൂട്ടുകയില്ല, പൂട്ടിയാൽ ആരും തുറ
23 ക്കയില്ല. ഞാൻ അവനെ തറിയാക്കി ഉറെച്ച സ്ഥലത്തിൽ തറപ്പിക്കും,
24 അവൻ തൻ പിതൃഗൃഹത്തിന്നു തേജസ്സുള്ള സിംഹാസനവും ആകും. അവ
ന്റെ പിതൃഗൃഹത്തിലേ സകല തേജസ്സും തളിരും ചില്ലിയും മുരുട കോപ്പ
മുതൽ എല്ലാ ഭരണിപാത്രങ്ങളുംവരേയും ചെറിയ കോപ്പകളും ഒക്കയും അവ
25 ന്മേൽ തൂക്കിയിടും.— സൈന്യങ്ങളുടയ യഹോവയുടെ അരുളപ്പാടാവിതു:
ഉറെച്ച സ്ഥലത്തു തറെച്ചിരുന്ന തറി അന്നു നീങ്ങി അടർന്നു വീണും അതി
ന്മേൽ ഉള്ള ഭാരം മുടിഞ്ഞും പോകും; യഹോവ ഉര ചെയ്തുവല്ലോ.

തൂരിന്റെ നേരേ. (അ. 23.)

വ്യാപാരസ്ഥാനമാകുന്ന (ചോർ) തൂരിന്നു് അധഃപതനം വരുന്നതാൽ ശേഷം വൎത്തകന്മാരുടെ ഖേദവും (6) നിവാസികളുടെ പ്രവാസവും (10) അണഞ്ഞ നാടുകളുടെ സ്വാതന്ത്ര്യവും വണ്ണിച്ച ശേഷം (15) മാനസാന്തരത്താലേ നഗരത്തിന്നു യഥാസ്ഥാനത്വം ചൊല്ലിക്കൊടുത്തതു.

1 തൂരിലേ ആജ്ഞയാവിതു: ഹേ തർശീശ്കപ്പലുകളേ മുറയിടുവിൻ,
വീടും വരുത്തും ഇല്ലാതോളം അതു പാഴായ്പ്പോയി! കിത്തീംനാട്ടിൽ നി
2 ന്നു വൎത്തമാനം വന്നു. കടല്പുറത്തു കുടിയാന്മാരേ ഇനി മിണ്ടാതിരിപ്പിൻ!
3 കടൽ കടക്കുന്ന ചീദോൻ വൎത്തകന്മാർ മുമ്പേ നിന്നിൽ നിറഞ്ഞു പെരുത്ത
വെള്ളങ്ങളിന്മേൽ കാരാറിന്റെ വിള മഹാനദിയുടെ കൊയ്ത്തും (എല്ലാം)
അവളുടെ അനുഭവമായി, അവൾ ജാതികളുടെ ചന്തയായിരുന്നു. ചീദോ
4 നേ നാണിക്ക! സമുദ്രമാകട്ടേ സമുദ്രബലം തന്നേ പറയുന്നിതു: എനിക്കു്
ഈറ്റുനോവു് ഉണ്ടായില്ല, ഞാൻ പെറ്റിട്ടില്ല ബാലരെ വളൎത്തിയതും
5 കന്നിമാരെ ഉയൎത്തിയതും ഇല്ല. എന്നുള്ള ശ്രുതി മിസ്രയിൽ എത്തു
6 മ്പോൾ തൂരിൻ കേൾവിയാൽ അവർ ഞെട്ടിപ്പോകും.— മുറയിടുവിൻ കട
7 ല്പുറത്തുകുടിയാന്മാരേ! തൎശീശിലേക്കു യാത്രയാകുവിൻ! പണ്ടേ ദിവസ
ങ്ങളിൽനിന്നു് ഉല്പത്തി ഉണ്ടായ ശേഷം (അവിടവിടേ) കുടിയേറുവാൻ
8 കാലുകളും നിന്നെ ദൂരത്തിൽ കൊണ്ടുചെല്ലുന്ന ഉല്ലാസിനിയേ! ഈ വക നി
നക്കു് ഉണ്ടായോ? വൎത്തകന്മാർ പ്രഭുക്കളും കനാന്യർ ഭൂമിയിൽ ഘനശാ
ലികളും ആയുള്ള തൂർ എന്ന കിരീടപ്രഭയുടെ മേൽ ഇതു നിശ്ചയിച്ചതു്
9 ആർ? സകലശോഭയുടെ ഡംഭിനെ തീണ്ടിപ്പാനും ഭൂമിയിൽ ഘനശാലിക
ളെ ഒക്കേ എളുതാക്കുവാനും സൈന്യങ്ങളുടയ യഹോവ ഇതിനെ നിശ്ചയി
10 ച്ചു.— അല്ലയോ തൎശീശ്പുത്രിയേ! നീലനദി പോലേ നിൻ ദേശത്തിൽ
11 പരന്നു പോക! ഇനി കെട്ടു് ഇല്ല. അവൻ സമുദ്രത്തിന്മേൽ തൃക്കൈ നീട്ടി

രാജ്യങ്ങളെ കലുക്കി വെച്ചു; യഹോവ കാണാനെ ചൊല്ലി അതിന്റെ കോ
12 ട്ടകളെ മുടിപ്പാൻ കല്പിച്ചു, പറഞ്ഞിതു: ചീദോൻപുത്രിയേ! പുല്ലിപ്പോയ
കന്യയേ! നീ ഇനി പുളെക്ക ഇല്ല, കീത്ത്യരട്ടക്കലേക്ക് എഴുനീറു കട
13 ന്നു ചെല്ല, അവിടേയും നിണക്കു സ്വസ്ഥത ഇല്ല.— കല്ദയരുടെ ദേശം
ഇതാ! (മുമ്പേ ഇല്ലാത്ത ഈ ജനത്തെ അശ്ശൂർ മരുജന്തുക്കൾക്ക് അടിസ്ഥാന
മാക്കി) അവരത്രേ യന്ത്രഗോപുരങ്ങളെ പണിതുകൊണ്ട് കണാന്റെ അര
14 മനകളെ മാച്ച് ഇടിവാക്കിക്കളയുന്നു. ഹേ തർശീശ് കപ്പലുകളേ നിങ്ങളുടെ
മൂലസ്ഥാനം പാഴായ്പ്പോയതുകൊണ്ടു മുറയിടുവിൻ!
15 ആ നാളിൽ സംഭവിപ്പിതോ: തൂർ ഒരു രാജാവിൻ ദിവസങ്ങളാൽ എഴുപ
16 ത്താണ്ടു മറന്നു കിടന്ന ശേഷം: ''ഹാ മറന്നുപോയ വേശ്യേ വീണ എടുത്തു
പാട്ടണം ചുറ്റി നടക്ക, ഓർമ്മ ഉണ്ടാവാൻ മേളത്തിൽ മീട്ടി ഉറക്കേ
പാടിക്കൊൾ!'' എന്നു വേശ്യപ്പാട്ടിൽ ഉള്ളതുപോലേ, എഴുപത്താണ്ടു
17 തീർന്നാൽ തൂരിനു സംഭവിക്കും. എഴുപതു വർഷം തികഞ്ഞിട്ടു യഹോവ
തൂരിനെ സന്ദർശിക്കയും അവൾ തന്റെ വേശ്യക്കൂലിക്കു മടങ്ങിചെന്നു,
18 ലോകത്തിൽ ഉള്ള സകല ഭൂരാജ്യങ്ങളോടും ഭോഗിക്കയും ആം. അവളുടെ
ലാഭവും വേശ്യക്കൂലിയും യഹോവെക്കു വിശുദ്ധമാകും താനും. അതിനെ
ഇനി ചരതിച്ചു കുന്നിപ്പാറില്ല, അവളുടെ ലാഭം യഹോവാമുമ്പിൽ വസി
ക്കുന്നവക്കു ഊണിന്നും തൃപ്തിക്കും ചന്തത്തിൽ ഉടുപ്പാനും ആയ്വരും.

VI. ലോകത്തിന്നു ന്യായവിധിയും ഇസ്രയേലിന്നു രക്ഷയും. (അ. 24–27.)

24. അദ്ധ്യായം

പാപം നിമിത്തം ഭൂമിയിൽ ശാപം തട്ടി (7) പാഴായശേഷം (14) കിഴ
ക്കും പടിഞ്ഞാറും ദേവസ്തോത്രം പുതുതാകും (16) യഹോവ ഭൂമിയെ ശിക്ഷി
ച്ചു (21) ദൂതസൈന്യത്തെയും സന്ദർശിച്ചു ലോകൈകരാജാവായി വാഴും.

1 ഇതാ യഹോവ ഭൂമിയെ പരുപരേ ഒഴിച്ചും നിലത്തെ കീഴ്മേൽ മറിച്ചും
2 കുടിയാന്മാരെ ചിതറിച്ചും കളയും. അപ്പോഴം ജനത്തോടു പുരോഹിതനും
ദാസനോടു യജമാനനും ദാസിയോടു നായകിയും കൊള്ളുന്നവനോടു വില്ക്കു
ന്നവനും വായിപ്പ കൊടുക്കുന്നവനോടു വാങ്ങുന്നവനും കടക്കാരനോടു ഋണ
3 കർത്താവും ഒത്തുവരും. ഭൂമിയാകട്ടേ തീരേ ഒഴിഞ്ഞും കുത്തിക്വെന്നും പോ
4 കും എന്നുള്ള വാക്കു യഹോവ ഉരചെയ്യുവല്ലോ. ഭൂമിക്ക് അലച്ചലും ഉലച്ചലും
ഉണ്ടു, ഊഴി വാടി മാങ്കി, ഭൂമിജനത്തിൽ ഉയർന്നവർ മാഴ്കുന്നു. ഭൂമിയോ
5 വസിക്കുന്നവരുടെ കാല്ക്കീഴേ ബാഹ്യമായ്പ്പോയതു് അവർ ധർമ്മോപദേശ
ങ്ങളെ ലംഘിച്ചു വെപ്പിനോടു മുറ്റു നിത്യനിയമത്തെ തട്ടിക്കളകയാൽ
6 തന്നേ. അതുകൊണ്ടു ശാപം ഭൂമിയെ തിന്നു അതിൽ വസിക്കുന്നവരും കുറാം
ചുമക്കുന്നു. അതുകൊണ്ടു ഭൂവാസികളം വേവുന്നു, മർത്യർ ശേഷിക്കുന്നതും
7 അസാരമേ ഉള്ളു.— മുന്തിരിരസം അലെക്കുന്നു, വള്ളി മാഴ്കുന്നു, ഹൃദയസ
8 ന്തോഷികളം എല്ലാം ഞരങ്ങുന്നു. തപ്പുകളുടെ ആനന്ദം അടങ്ങി. ഉല്ലസിക്കു
9 ന്നവരുടെ ഘോഷം ഒടുങ്ങി, കിന്നരമോദം അടങ്ങി, പാട്ടോടേ വീഞ്ഞുപാ
10 നം ഇല്ല, മദ്യം കുടിക്കുന്നവക്കു കൈക്കും. പട്ടണം ശൂന്യം എന്നു തകർന്നു, എ
11 ല്ലാ വീടും പ്രവേശം ഇല്ലാതേ അടെച്ചുപോയി. പെരുവഴികളിൽ വീഞ്ഞി
നെചൊല്ലി മുറവിളി ഉണ്ടു, സകലസന്തോഷം അസ്തമിച്ചു, നാട്ടിലേ ആന
12 ന്ദം അന്തരിച്ചു. നഗരത്തിൽ ശേഷിച്ചതു സംഹാരം തന്നേ, പടിവാതിലും
13 തകർന്നു നുറുങ്ങി. ഒലീവമരത്തെ കുലുക്കുമ്പോഴും (കല) എടുപ്പു തീർന്നിട്ടു

കാലാ പെറുക്കുമ്പോഴും എന്ന പോലേ ഭ്രമദ്ധ്യത്തിൽ വംശങ്ങളുടെ നടുവിൽ
തന്നേ ഉണ്ടാകും സത്യം.
14 അവരോ ശബ്ദം ഉയർത്തി ആർക്കുന്നു, യഹോവാവൈഭവം ചൊല്ലി സമു
15 ദ്രത്തിങ്കന്നു ഉച്ചത്തിൽ സ്തുതിക്കുന്നു: അതുകൊണ്ട് അല്ലയോ പൂർവ്വദിക്കിൽ
(ഉള്ളവരേ) യഹോവെക്കും സമുദ്രദ്വീപുകളിൽ ഇസ്രയേൽദൈവമായ യഹോ
വയുടെ നാമത്തിന്നും തേജസ്സ് കൊടുപ്പിൻ. ഭ്രമിയരുവിൽനിന്നു നാം
കേൾക്കുന്നതു ''നീതിമാനു ഘനം'' എന്നുള്ള കീർത്തനകൗം തന്നേ.
16 ഞാനോ പറഞ്ഞു: എനിക്കു ഹാ വാട്ടം, എനിക്കു ഹാ വാട്ടം! എനിക്ക്
അയ്യോ കഷ്ടം! കള്ളർ കക്കുന്നു, തോല്പിക്കുന്നവർ വിശ്വാസവഞ്ചന ചെയ്തു
17 തോല്പിക്കുന്നു! ഭ്രവാസികളായുള്ളോരേ നിങ്ങളുടെ മേൽ പേടിയും കുഴി
18 യും കണിയും അത്രേ! പേടിയൊച്ചയിൽനിന്നു മണ്ടുന്നവൻ കുഴിയിൽ വീ
ഴുകയും, കുഴിയിൽനിന്നു കയറുന്നവൻ കണിയിൽ കുടുങ്ങുകയും ആം. കാര
ണം മീത്തലേ ചാലെയകങ്ങൗം തുറന്നും ഭ്രമിയുടെ അടിസ്ഥാനങ്ങൗം കമ്പി
19 ച്ചും പോകും. ഭ്രമി പൊട്ടുപൊട പൊട്ടും, ഭ്രമി പട പട നുറുങ്ങും, ഭ്രമി
20 തിടുതിട കുലുങ്ങും. ഭ്രമി മത്തനെ പോലേ ചാഞ്ചാടും, മഞ്ചൽ പോലേ
തുള്ളും, അതിന്റെ ദ്രോഹം അതിന്മേൽ കനക്കയാൽ വീഴും, പിന്നേ എഴു
21 നീല്ക്കയും ഇല്ല.— അന്നു സംഭവിപ്പിതു: യഹോവ ഉയരത്തിൽ തന്നേ മീത്ത
ലേ സൈന്യത്തെയും നിലത്തിൽ തന്നേ ഭ്രതലരാജാക്കന്മാരെയും സന്ദർ
22 ശിക്കും. അവർ കൂട്ടമായി കൂട്ടപ്പെട്ട ഗ്രഹയിൽ കെട്ടുപെട്ടും, കാരാഗൃഹത്തിൽ
അടെക്കപ്പെട്ടും ഏറിയ നാൗം കഴിഞ്ഞിട്ടു സന്ദർശിക്കപ്പെടുകയും, നിലാ
വ് അമ്പരക്കയും വെയ്യോൻ നാണിക്കയും ചെയ്യും. കാരണം സൈന്യങ്ങള
23 ടയ യഹോവ ചിയോൻ മലയിലും യരുശലേമിലും വാഴുന്നു, അവന്റെ
മൂപ്പന്മാരുടെ മുമ്പിൽ തേജസ്സും (ഉണ്ടു).

25. അദ്ധ്യായം

സ്തുത്യനായ യഹോവ (6) ജാതികൗംക്കു ദിവ്യസദ്യയും ചാകായ്കയും നല്കി
(9) ഇസ്രയേലെ ഉയർത്തി മോവാബെ താഴ്ത്തും.
1 അല്ലയോ യഹോവേ, നീ എന്റെ ദൈവം! നീ അത്ഭുതം ചെയ്തു, പണ്ടേ
ത്ത ആലോചനകൗം വിശ്വസ്തതയും സത്യവും ആകകൊണ്ടു ഞാൻ നിന്നെ
2 ഉയർത്തി തിരുനാമത്തെ വാഴ്ത്തുക. എങ്ങനേ എന്നാൽ നഗരത്തെ നീ കല്ക്കു
ന്നും ഉറച്ചെ കോട്ടയെ ഇടിച്ചലും ആക്കി അന്യന്മാരുടെ അരമന നഗര
3 ത്തോട് അകലേ വെച്ചു എന്നേക്കും പണിയപ്പെടുകയും ഇല്ല. അതുകൊണ്ട്
ശക്തിയുള്ള ജനം നിണക്കു തേജസ്സ് കൊടുക്കുന്നു, പ്രൌഢജാതികളുടെ
4 കോട്ട നിന്നെ ഭയപ്പെടുന്നു. സാധുവിന്നു നീ ത്രാണനം, അഗതിക്കു ഞെരു
ങ്ങുമ്പോൗം ശരണവും, കൊടുങ്കാറ്റിങ്കൽ ആശ്രയവും, വെയിലിങ്കൽ തണ
ലും ആയ്വന്നു: പ്രൌഢന്മാരുടെ വീർപ്പു മതിലോടു (തട്ടുന്ന) മാരിയത്രേ.
5 ഉണക്കത്തിലേ വെയിലിനെ പോലേ നീ അന്യരുടെ കോലാഹലത്തെ
ശമിപ്പിച്ചു. മേഘനിഴലാൽ ചൂടു പോലേ പ്രൌഢന്മാരുടെ കീർത്തന താ
ണുപോകുന്നു.
6 പിന്നേ സൈന്യങ്ങളുടയ യഹോവ ഈ മലയിൽ സകലവംശങ്ങൗംക്കും
മൃഷ്ടഭോജ്യങ്ങളാലും പഴവീഞ്ഞുകളാലും വിരുന്നു കഴിക്കും, മേദസ്സേറുന്ന
മൃഷ്ടഭോജ്യങ്ങളാലും തെളി തികഞ്ഞ പഴവീഞ്ഞുകളാലും വിരുന്നു തന്നേ.
7 സകലവംശങ്ങളെയും മൂടിക്കിടക്കുന്ന മൂടലിനെയും സർവ്വജാതികളെയും മറെ
ക്കുന്ന മറവിനെയും ഈ മലയിൽ ഇല്ലാതാക്കുകയും, സദാകാലത്തോളം മര
8 ണത്തെ മിഴുങ്ങുകയും, യഹോവകർത്താവ് എല്ലാ മുഖങ്ങളിൽനിന്നും കണ്ണു
നീർ തുടെക്കയും, സ്വജനത്തിന്റെ നിന്ദയെ സകലഭ്രമിയിൽനിന്നു നീക്കി
9 ക്കളകയും ചെയ്യും. യഹോവ ഉരചെയ്തുവല്ലോ. അന്നു പറവിതു: ഇതാ

നമ്മെ രക്ഷിപ്പാൻ നാം കാത്തിരുന്ന നമ്മുടെ ദൈവം, നാം പാത്തിരുന്ന
യഹോവ തന്നേ! ഇവന്റെ രക്ഷയിൽ നാം ആനന്ദിച്ചു സന്തോഷിക്ക!
10 യഹോവയുടെ കൈ ഈ മലയിൽ അമർന്നിരിക്കുമല്ലോ. മോവാബോ
വൈക്കോൽ ചാണകത്തിൽ മെതിച്ചു പോകുംപ്രകാരം സ്വസ്ഥാനത്തിൽ
11 മെതിച്ചുകളയപ്പെട്ടും. ആയതു തൻ കൈകളെ അതിന്നുള്ളിൽ പരത്തുന്നതു
നീന്തുന്നവൻ നീന്തത്തിന്നു പരത്തും പോലേ; എങ്കിലും യഹോവ അതി
12 ന്റെ ഡംഭത്തെ കൈകളുടെ ആട്ടവും താഴ്ത്തിവെക്കുകയും, നിന്റെ പൊക്ക
മതിലുകളുടെ ഉറപ്പിനെ ഭംഗം വരുത്തി പൊടിയോളും കിഴിച്ചു നില
ത്തോടു ചേർക്കയും ചെയ്യും.

26. അദ്ധ്യായം

ജനം വിശ്വാസത്താൽ നീതി ലഭിച്ചിട്ടു സ്വനഗരത്തിൽ വാണു സ്തുതി
ക്കയും (8) സർവ്വഭൂമിയിലും ന്യായവിധികളെ ആശിക്കയും (15) മരിച്ചവ
രുടെ പുനരുത്ഥാനത്തെ പ്രതീക്ഷിക്കയും ചെയ്യും.

1 അന്നു യഹൂദാദേശത്തിൽ ഈ പാട്ടിനെ പാടും: നമുക്കു ഉറെച്ച നഗരം
ഉണ്ടു, (സ്വ) രക്ഷയെ അവൻ നമുക്കു മതിലും കിടങ്ങും ആക്കിവെക്കുന്നു.
2 വിശ്വാസത്തെ കാക്കുന്ന നീതിയുള്ള ജനം പ്രവേശിക്കേണ്ടതിന്നു വാതിലു
3 കളെ തുറപ്പിൻ! ഊന്നി നില്ക്കുന്ന ഭാവത്തിന്നു നീ സമാധാനം സമാധാനം
4 തന്നേ കാക്കുന്നു, നിന്നിൽ തേറുന്നവല്ലോ. യാഹ് എന്ന യഹോവ നിത്യ
പാറ ആകകൊണ്ടു് എന്നും സദാകാലത്തും യഹോവയിൽ തേറുവിൻ.
5 അവനാകട്ടേ ഉന്നതത്തിൽ വസിക്കുന്നവരെ, ഉയർന്ന കോട്ടയെ തന്നേ താ
6 ഴ്ത്തി കിഴിച്ചു, നിലത്തു വീഴ്ത്തി പൊടിയോടു ചേർത്തു. എളിയവന്റെ കാലു
കളും നീചരുടെ നടകളും അതിനെ അടിക്കീഴ്പ്പെടുത്തുന്നു. നീതിമാനു ഞെറി
7 ശുദ്ധനേർ തന്നേ, നീതിമാന്റെ മാർഗ്ഗത്തെ നീ കുത്തനേ നികത്തുന്നു.
8 ഇനി യഹോവേ നിന്റെ ന്യായവിധികളുടെ ഞെറിയിൽ നീ വരുന്നതു
ഞങ്ങൾ കാത്തിരിക്കുന്നു; ദേഹിയുടെ വാഞ്ഛ നിന്റെ നാമത്തിലും ഓർമ്മ
9 യിലും അത്രേ. രാത്രിയിലും ഞാൻ മനസ്സോടേ നിന്നെ വാഞ്ഛിച്ചു എൻ
ഉള്ളിൽ ആത്മാവു് നിന്നെ തേടിക്കൊണ്ടു, നിന്റെ ന്യായവിധികൾ ഭൂമി
യിലേക്കു് എന്നുവന്നാൽ ഊഴിനിവാസികൾ നീതിയെ പഠിക്കുന്നുവല്ലോ.
10 ദുഷ്ടനു കനിവു കിട്ടിയാൽ അവൻ നീതിയെ പഠിക്കാ, പരമാർത്ഥരാജ്യത്തി
ലും അവൻ വക്രത ചെയ്യും, യഹോവയുടെ പ്രഭാവത്തെ ഒട്ടും കാൺകയും
11 ഇല്ല.—യഹോവേ തൃക്കൈ ഉയർന്നിരുന്നിട്ടും അവർ കാണുന്നില്ല, ജനത്തി
നു വേണ്ടി (നിണക്കു്) ഉള്ള എരിവിനെ അവർ കണ്ടു നാണിക്കയും നി
12 ന്റെ മാറന്മാരെ തീ തിന്നുകയും ചെയ്യും. യഹോവേ നീ ഞങ്ങൾക്കു
സമാധാനം സ്ഥാപിച്ചു തരും, നീ തന്നേ ഞങ്ങളുടെ സകലക്രിയകളെയും
13 ഞങ്ങൾക്കുവേണ്ടി പ്രവൃത്തിച്ചിട്ടുണ്ടല്ലോ. ഞങ്ങളുടെ ദൈവമായ യഹോവേ
നീ എന്നിയേ കർത്താക്കന്മാർ ഞങ്ങളെ നടത്തീട്ടും നിന്നാൽ മാത്രം
14 ഞങ്ങൾ തിരുനാമത്ത ഓർപ്പിക്കും. മരിച്ചവർ ഉയിർക്കയില്ല പ്രേതന്മാർ എഴു
നീല്ക്കയും ഇല്ല, അതുകൊണ്ടു നീ അവരെ സന്ദർശിച്ചു വേരറുത്തു അവരുടെ
ഓർമ്മ അശേഷം കെടുത്തുകളഞ്ഞു.
15 നീയോ യഹോവേ ജാതിയോടു ചേർത്തു, ജാതിയോടു ചേർത്തു, നിണക്കു
തേജസ്സു് വരുത്തി, ദേശത്തിൻ അതിരുകളെ എല്ലാം അകറ്റിയിരിക്കുന്നു.
16 യഹോവേ ഞെരുക്കത്തിൽ അവർ നിന്നെ അന്വേഷിക്കുന്നു, നീ അവരെ
17 ശിക്ഷിച്ചാൽ വിതുമ്പി മന്ത്രം ഓതും. ഈറ്റടുക്കുമ്പോൾ ഗർഭിണി പിടെച്ചു
നൊന്തു വിളിക്കുന്ന പ്രകാരം തന്നേ യഹോവേ ഞങ്ങൾ നിന്റെ മുമ്പിൽ
18 ഇരുന്നു. ഞങ്ങളും ഗർഭം ധരിച്ചു നൊന്തു പെറുമ്പോഴേക്കു കാറ്റേ ഉള്ളു, ഭൂമി
ക്കു രക്ഷകളെ ഞങ്ങൾ വരുത്തി ഇല്ല ഊഴിനിവാസികൾ പിറന്നതും ഇല്ല.

19 (ഇപ്പോഴോ) നിന്റെ മൃതന്മാർ ഉയിർക്കും എന്റെ ശവങ്ങൾ എഴുനീല്ക്കും;
പൂഴിയിൽ പാർക്കുന്നവരേ ഉണർന്ന് ആർത്തുകൊൾവിൻ! കാരണം നിന്റെ
മഞ്ഞു വെളിച്ചങ്ങളുടെ മഞ്ഞു, ഭൂമി പ്രേതന്മാരെ പിറപ്പിക്കയും ചെയ്യും.—
20 എൻ ജനമേ ഈറൽ കടന്നുപോവോളം നിന്റെ അറകളിൽ പുക്കു നിന്റെ
21 പിന്നിൽ വാതിലുകളെ അടെച്ചു ഓർ അല്പനിമിഷം ഒളിച്ചുകൊൾക. യ
ഹോവയാകട്ടേ അതാ സ്വസ്ഥലത്തിൽനിന്നു പുറപ്പെടുന്നതു ഭൂവാസികളുടെ
കുറ്റത്തെ അവരിൽ സന്ദർശിപ്പാൻ തന്നേ, ഭൂമിയും തന്മേൽ കൊല്ലപ്പെട്ട
വരെ ഇനി മറെക്കാതേ തന്റെ രക്തങ്ങളെ വെളിപ്പെടുത്തും.

27. അദ്ധ്യായം

അശ്ശൂർ ബാബേൽ മിസ്രൃ എന്ന ലോകരാജ്യങ്ങൾ വീണാൽ യഹോവയു
ടേ ജനം പാട്ടുപാടുകയും (7) കൃത്യനിനിലും കരുണ കാട്ടിയവൻ ഇനി
പാപക്ഷമയാൽ നിയമത്തെ നിത്യമാക്കുകയും (10) ചിതറി പ്രവസിച്ച
വർ യരുശലേമിൽ ചേൎന്നു വാഴുകയും ചെയ്യും.

1 അന്നു യഹോവ വഴുതും നാഗമായ ലിവ്യ്യഥാനെയും മറിവും തിരിവും
ഉള്ള നാഗമായ ലിവ്യ്യഥാനെയും കനത്തുരത്ത പെരുവാൾകൊണ്ടു സന്ദർശി
2 ച്ചു കടലിലുള്ള പെരുമ്പാമ്പിനെ കൊല്ലും. അന്നു മനോഹരവള്ളിപ്പറമ്പി
3 നെ ചൊല്ലി പാട്ടു തുടങ്ങുവിൻ (ഇപ്രകാരം): യഹോവയായ ഞാൻ അതി
നെ സൂക്ഷിക്കുന്നു, ക്ഷണം ക്ഷണം നനെക്കും. (ആരും) അതിനെ സന്ദൎശിക്കാ
4 തവണ്ണം ഞാൻ രാവും പകലും സൂക്ഷിക്കും. എനിക്ക് ഊഷ്മാവ് ഇല്ല സ
ത്യം; എനിക്കു മുള്ളും കാരയും ഉണ്ടായാൽ (5,6) കൊള്ളാം. യുദ്ധത്തിൽ അതി
5 നെറ നേരേ ഞാൻ മുല്ലുക്കു ഒക്കത്തക്ക കത്തിച്ചു കളയായിരുന്നു. അല്ലെങ്കിൽ
എന്റെ അഭയം പിടിച്ചു എന്നോടു സമാധാനം ചെയ്തു എന്നോടു സമാധാനം
6 ചെയ്കേ വേണ്ടു. പിങ്കാലത്തിൽ യാക്കോബ് വേർ കിഴിഞ്ഞു ഇസ്രയേൽ
തിരുമ്പം ഇളക്കി പൂപ്പതിനാൽ ഊഴിയുടെ പരപ്പു ഫലാനുഭവംകൊണ്ടു നിറെ
ക്കും.

7 (ഇസ്രയേലിനെ) അടിച്ചവൻ അടിച്ചതു പോലെയോ (യഹോവ) അതി
നെ അടിച്ചതു? ആയവരെ കൊന്നതിന്റെ കുല പോലെയോ ഇതു കൊല്ല
8 പ്പെട്ടതു? നാഴികകൊണ്ടു നാഴിയായി നീ ഇവളെ പിരിച്ചുകളഞ്ഞു ശിക്ഷിച്ചു,
9 കിഴക്കൻ ഊതും നാളിൽ കൊടുങ്കാറുകൊണ്ടു് ചേറീട്ടു തന്നേ. എന്നാൽ
ഇതുകൊണ്ടു യാക്കോബിൻ അകൃത്യം പരിഹരിക്കപ്പെടും, അവന്റെ പാ
പം നീക്കിയതിന്റെ ഫലം കേവലം ഇതത്രേ: ബലിപീഠത്തിന്റെ കല്ലു
കളെ ഒക്കയും അവൻ കുമ്മായക്കല്ലു പോലേ നാനാവിധമാക്കി വെക്കുന്ന
10 തും ശ്രീപ്രതിമകളും സൂര്യസ്തംഭങ്ങളും ഇനി എഴുനീല്ക്കാത്തതും തന്നേ.—എങ്ങ
നേ എന്നാൽ ഉറപ്പിച്ച നഗരം ഇപ്പോൾ, മരുപോലേ കൂടിനീങ്ങി കൈ
വിടപ്പെട്ടു വെറുമ്പാർപ്പായി കിടക്കുന്നു, അവിടേ കന്നുകാലി മേയ്യുയും അ
11 വിടേ അമർകയും താന്താന്റെ പട്ട ചവെക്കയും ചെയ്യുന്നു. അതിലേ തൂപ്പ്
ഉണങ്ങുമ്പോൾ ഒടിക്കപ്പെടും, പെണ്ണുങ്ങൾ വന്നു അവ കത്തിക്കും. കാരണം
വിവേകമുള്ള ജനമല്ലായ്കയാൽ അതിനെ ഉണ്ടാക്കിയവൻ കനിഞ്ഞതും
12 നിർമ്മിച്ചവൻ കൃപ ചെയ്തതും ഇല്ല. അന്നോ സംഭവിപ്പതു (ഫ്രാത്ത്) നദീ
പ്രവാഹം തുടങ്ങി മിസ്രത്തോടു വരേയും യഹോവ (കതിരുകളെ) തല്ലുകയും,
ഇസ്രയേൽപുത്രന്മാരേ, നിങ്ങൾ ഒന്നോടൊന്നു പെറുക്കപ്പെടുകയും ചെ
13 യ്യും. അന്നു മഹാകാഹളം ഊതീട്ടു അശ്ശൂർദേശത്തിൽ കാണാതേ പോയവരും
മിസ്രദേശത്തിൽ തള്ളിപ്പോയവരും വന്നു, യരുശലേമിൽ വിശുദ്ധമലമേൽ
യഹോവയെ നമസ്കരിക്കയും ആം.

VII ഇസ്രയേലിൽ നടക്കുന്ന അധർമ്മത്തെയും അശ്ശൂരിൻ ഡംഭത്തെയും ആക്ഷേപിക്കുന്ന അയ്യോ അഞ്ചും. (അ. 28–33.)

28. അദ്ധ്യായം

പ്രമാദം ഏറിയ ശമര്യെക്കു വാട്ടം അടുക്കുമ്പോഴും തന്നേ (7) യരുശലേമിലും മത്തഭാവം അതിക്രമിക്കയാൽ (11) ധർമ്മനകത്തിന്നു പകരം പരജാതിയുഗം വേണ്ടിവരും (14) ഇങ്ങനേ പരിഹാസക്കാർക്കു ബോധവും (23) അതതു ശിക്ഷെക്കു തക്ക ഫലവും ഉണ്ടാകും. (കാലം ശമര്യാനാശത്തിന്നു കുറയ മുമ്പേ.)

1 **ഹാ** എഫ്രയീമിൽ മത്തന്മാരുടെ ഡംഭുള്ള കിരീടം, വീഞ്ഞു ചരിച്ചവർ (പാർക്കുന്ന) പുഷ്ടത്താഴ്വരയുടെ തലമേൽ (എഫ്രയീമിൻ) അലങ്കാ
2 രഘനവും വാടുന്ന പുഷ്പവും ആയുള്ള (രാജധാനിക്കു) അയ്യോ കഷ്ടം. ഇതാ ഒരു ബലവാനും പരാക്രമശാലിയും കർത്താവിന്നുണ്ടു, ആയവൻ തകർത്ത വിശറായ കല്മഴ പോലേ കനത്ത വെള്ളം പൊഴിക്കുന്ന വന്മാരി
3 പോലേ (അതിനെ) പിടിച്ചു നിലത്തേക്കു തള്ളിയിടുന്നു. എഫ്രയീമിൽ
4 മത്തന്മാരുടെ ഡംഭുള്ള കിരീടം കാല്ക്കീഴ് ചവിട്ടപ്പെടുന്നു. പുഷ്ടത്താഴ്വരയുടെ തലമേൽ അതിൻ അലങ്കാരകനമായുള്ള വാടുന്ന പുഷ്പമാകട്ടേ വേനല്ക്കാലത്തിന്നു മുമ്പേ മൂത്ത അത്തിപ്പഴം പോലേ ആകും. ആയതിനെ ക
5 ണ്ടവൻ കണ്ടു കയ്യിൽ പിടിക്കുമ്പോഴേക്കു വിഴുങ്ങിക്കളയുന്നു.— അന്നാളിൽ സൈന്യങ്ങളുടയ യഹോവ സ്വജനത്തിന്റെ ശേഷിപ്പിന്നു ഘനകി
6 രീടവും അലങ്കാരമാലയും, ന്യായത്തിന്നു് ഇരിക്കുന്നവന്നു ന്യായാത്മാവും പോരിനെ പടിവാതിലോളം തടുത്തു നീക്കുന്നവർക്കു വീര്യവുമായിരി
7 ക്കും.— എങ്കിലും ഇവരും വീഞ്ഞിനാൽ ഉലഞ്ഞു മദ്യംകൊണ്ടു ചാഞ്ചാടുന്നു, പുരോഹിതനും പ്രവാചകനും മദ്യത്താൽ ഉലഞ്ഞു വീഞ്ഞിനോടു തോറ്റു, മദ്യംകൊണ്ടു ചാഞ്ചാടി ദർശനത്തിങ്കൽ തെറ്റി നടു പറകയിൽ തു
8 ളുമ്പിപ്പോകുന്നു. എല്ലാ മേശകളിലും ഇടം ഇല്ലാതോളം ഛർദ്ദിയും കാഷ്ഠ
9 വും നിറഞ്ഞുവല്ലോ. (അവർ പറയുന്നു:) ആർക്കു് അവൻ അറിവു് ഉപദേശിക്കും, ആരെ സ്മൃതിയെഗ്രഹിപ്പിക്കും? പാൽ മറന്നവർക്കോ, മുല മാ
10 റിയവർക്കോ? അതിൽ വെപ്പോടു വെപ്പും വെപ്പോടു വെപ്പും സൂത്രത്തോടു സൂത്രവും സൂത്രത്തോടു സൂത്രവും ഇങ്ങു് ഇത്തിരി അങ്ങു് ഇത്തിരി എന്നത്രേ.
11 — എങ്കിലോ തിക്കിവിക്കി പറയുന്ന അന്യഭാഷക്കാരെക്കൊണ്ടു്
12 അവൻ ഈ ജനത്തോടു് ഉരിയാടും. അവനാകട്ടേ ''വിശ്രാമം ഇതു തന്നേ, തളർന്നവനെ വിശ്രമിപ്പാറാക്കുവിൻ, തണുപ്പിടം ഇതത്രേ'' എന്നു് അവരോടു പറഞ്ഞിരുന്നു; അവർക്കു കേൾപ്പാൻ മനസ്സു് ഇല്ലാഞ്ഞു താനും. ഇ
13 പ്പോഴോ യഹോവയുടെ വാക്കു് അവരോടു് ആവിതു: വെപ്പോടു വെപ്പും വെപ്പോടു വെപ്പും സൂത്രത്തോടു സൂത്രവും സൂത്രത്തോടു സൂത്രവും ഇങ്ങു് ഇത്തിരി അങ്ങു് ഇത്തിരി എന്നിങ്ങനേ ഇരിക്ക, അവർ ചെന്നു പിന്നോക്കി തകർന്നും കുടുങ്ങി അകപ്പെട്ടും പോകേണ്ടതിന്നു തന്നേ!

14 എന്നതുകൊണ്ടു യരുശലേമിലുള്ള ഈ ജനത്തെ വാഴുന്ന പരിഹാസക്കാ
15 രേ, യഹോവയുടെ വാക്കു കേൾപ്പിൻ! ''മരണത്തോടു ഞങ്ങൾ നിയമം ചെയ്തു പാതാളത്തോടു സഖ്യത വരുത്തി, പ്രളയച്ചമ്മട്ടി കടന്നു വന്നാലും ഞങ്ങളോടു് എത്തുക ഇല്ല. കാരണം ഞങ്ങൾ കപടത്തെ ഇങ്ങേ ആശ്രയമാക്കി വെച്ചു ചതിയിൽ ഒളിച്ചു കൊള്ളുന്നു'' എന്നു നിങ്ങൾ പറയുന്നുവല്ലോ. അതുകൊണ്ടു യഹോവയായ കർത്താവു് ചൊല്ലുന്നിതു: ഇതാ
16 ഞാൻ ചിയ്യോനിൽ ഒരു കല്ലിനെ സ്ഥാപിച്ചതു ശോധനക്കല്ലു വിലയേറിയ

മൂലക്കല്ല, ചൊവ്വിൽ സ്ഥാപിച്ച അടിസ്ഥാനം തന്നേ. (അതിൽ)
17 വിശ്വസിക്കുന്നവൻ മണ്ടുക ഇല്ല. ഞാനോ ന്യായത്തെ സൂത്രവും നീതിയെ
തൂലാസ്സും ആക്കി വെക്കും, കപടാശ്രയത്തെ കല്മഴ വാരിക്കളയും, ഒളി
18 സ്ഥാനത്തെ വെള്ളം ഒഴുക്കിക്കൊള്ളും. നിങ്ങൾക്ക മരണത്തോടുള്ള നിയ
മത്തിന്റെ പരിഹാരം വരും, പാതാളത്തോടേ സഖ്യത നില്ക്കയും ഇല്ല. പ്ര
ളയച്ചമ്മട്ടി കടന്നുവരുമ്പോൾ നിങ്ങൾ അതിനാൽ അടിഞ്ഞുപോകും. അ
19 തു കടക്കുന്തോറും നിങ്ങളെ തന്നേ എടുത്തുകളയും, രാവിലേ രാവിലേ വരു
വാറുണ്ടു പകലിലും രാവിലും തന്നേ; ഈ സ്മൃതിയെ ഗ്രഹിക്കുന്നതു സാ
20 ക്ഷാൽസങ്കടം മാത്രം ആകും. അതേ കാൽ നീട്ടുവാൻ കിടക്ക നീളം പോരാ,
പുതെച്ചുകൊൾവാൻ മറവിൻ വീതി കുറയും. പെരചീംമലെക്കൊത്തവണ്ണം
21 (2 ശമു. 5, 20 ff.) യഹോവ എഴുനീല്ക്കയും ഗിബ്യോൻതാഴ്വരയിൽ ചെ
യ്തപ്രകാരം തിമിർക്കയും ചെയ്യും, അപൂർവ്വക്രിയയായി സ്വക്രിയയെ ചെ
യ്വാനും അന്യപ്രവൃത്തിയായി സ്വപ്രവൃത്തിയെ അനുഷ്ഠിപ്പാനും തന്നേ.
22 ഇപ്പോഴോ പരിഹസിച്ചുപോകായ്വിൻ അല്ലാഞ്ഞാൽ നിങ്ങളുടെ കെട്ട
കും മുറുകേ ഉറെക്കും! ഞാനാകട്ടേ സൈന്യങ്ങളുടയ യഹോവയായ കർ
ത്താവിൽനിന്നു കേട്ടതു സമസ്ത ഭൂമിയിന്മേൽ മുടിവും വിധിനിർണ്ണയവും
തന്നേ (10, 23).

23 എന്റെ ശബ്ദം ചെവിക്കൊണ്ടു കേൾപ്പിൻ എൻ മൊഴിയെ കുറി
24 ക്കൊണ്ടുറു കേൾപ്പിൻ! കൃഷിക്കാരൻ എല്ലാ നാളും വിതെപ്പാൻ ഉഴുക
25 യോ, നിലത്തെ കീറി കട്ട ഉടെക്കയോ? അതിൻ പരപ്പു നിരത്തി എ
ങ്കിൽ ജീരകം ഇട്ടും കരിഞ്ചീരകം വിതറിയും കോതമ്പു നിരനിരയായി
26 നടും കണ്ടത്തിൽ നെല്ലും വരമ്പിൽ ചാമയും ആക്കുക ഇല്ലയോ? ഇങ്ങനേ
അവന്റെ ദൈവം അവനെ ഉപദേശിച്ചു ന്യായം പഠിപ്പിച്ചിട്ടുണ്ടു. ജീരക
27 മാകട്ടേ വണ്ടികൊണ്ടു മെതിക്കുമാറില്ല, കരിഞ്ചീരകത്തിന്മേൽ ചാട്ടുളാ
തിരിക്കയും ഇല്ല, വടികൊണ്ടല്ലോ ജീരകത്തെയും കോൽകൊണ്ടു കരി
ഞ്ചീരകത്തെയും തല്ലും. ധാന്യം മെതിക്കപ്പെട്ടാലും എപ്പോഴും ചതെ
ക്കുമാറില്ലല്ലോ ചാട്ടുളാ കുതിരകളുമായി തെളിച്ചാലും (അതിനെ) നു
28 റുക്കുക ഇല്ല. ഇതും സൈന്യങ്ങളുടയ യഹോവയിൽനിന്നു ജനിക്കുന്നതു,
അവൻ മന്ത്രണത്തെ അത്ഭുതവും ചൈതന്യത്തെ വലുതും ആക്കുന്നു.

29. അദ്ധ്യായം

ദൈവത്തിന്റെ അഗ്നികുണ്ഡമായ യരുശലേമിന്നും ഓർ ആണ്ടിലകം പ
ട സങ്കടം പിണെഞ്ഞാലും (5) ജനത്തിന്നു താഴ്മ വന്ന ഉടനേ യഹോവ
ഉദ്ധരിക്കയും (9) പരിഹാസക്കാർ സ്തംഭിച്ചും വേദത്തെ രസിക്കായ്കയും
(13) വായാരാധനക്കാർ നാണിക്കയും (17) ഒരു പുതിയ രക്ഷാകാലം ഉദി
ക്കയും ചെയ്യും.

1 **അ**യ്യോ അരിയേൽ (ദേവന്റെ അടുപ്പു) ദാവിദ്പാളയം ഇറങ്ങിയ രാജ
ധാനിയായ അരിയേൽ അയ്യോ. ആണ്ടിനോടു ആണ്ടു കൂട്ടുവിൻ ഉത്സവ
2 ങ്ങൾ വട്ടം തിരിയട്ടേ. ഞാനോ അരിയേലിനെ ഞെരുക്കും, ഞരക്കവും
നെടുവീർപ്പും ഉണ്ടാകും, എന്നിട്ടു അതു എനിക്കു അരിയേലായിരിക്കും.
3 ഞാൻ നിന്റെ ചുറും പാളയം ഇറങ്ങി നിരോധം കൊണ്ടു നിന്നെ ഞെരു
4 ക്കി കൊത്തളങ്ങളെ നിന്നെക്കൊള്ളേ ഉയർത്തും. അപ്പോൾ നീ താണ നില
ത്തുനിന്നു ഉരിയാടും, നിന്റെ മൊഴി പൊടിയിൽനിന്നു നിരങ്ങും, നി
ന്റെ ശബ്ദം വെളിച്ചപ്പാടു പോലേ മണ്ണിൽനിന്നു വരും, നിന്റെ മൊഴി
പൊടിയിൽനിന്നു ചിലെക്കും.

5 മാററാന്മാരുടെ കോലാഹലമോ ലഘുധൂളി പോലേയും പ്രൌഢന്മാരുടെ
കോലാഹലം പാറുന്ന ഉമി പോലേയും ആകും, അതും ക്ഷണത്തിൽ തെറെ
6 ന്ന സംഭവിക്കും. ഇടിമുഴക്കം ഭ്രകമ്പം മഹാശബ്ദത്തോടും കൊടുങ്കാററു വി
ശറു തിന്നുന്ന അഗ്നിജ്വാലയോടും സൈന്യങ്ങളുടയ യഹോവയിൽനിന്ന
7 (പട്ടണത്തിന്ന) സന്ദർശനം ഉണ്ടാകും. അരിയേലിന്ന നേരേ പട കൂടുന്ന
സകലജാതികളുടെ കോലാഹലവും അതിനെയും തൽകോട്ടയെയും ഉടക്കി
ഞെരുക്കുന്ന എവരും രാത്രിയിൽ കണ്ട സ്വപ്നം പോലേ ഭവിക്കും. വി
ശക്കുന്നവൻ ''ഇതാ ഉണ്ണുന്നു'' എന്ന കിനാവു കണ്ടു, ഉണൎന്നാൽ ഉള്ളിൽ വെ
8 റുതേ ഇരിക്കുന്ന പോലേയും; ദാഹിക്കുന്നവൻ ''ഇതാ കുടിക്കുന്നു'' എന്ന
കിനാവു കണ്ടു, ഉണൎന്നാൽ അയ്യോ തളൎന്ന ഉൎംമാഴ്കുന്ന പോലേയും, ഇവ്വ
ണ്ണം തന്നേ ചിയ്യോൻമലയോടു പട കൂടുന്ന സകലജാതികളുടെ കോലാഹ
ലത്തിന്നും സംഭവിക്കും.

9 വിസ്മയിപ്പിൻ സ്തംഭിക്കയും ചെയ്വിൻ! അന്ധത പിടിച്ചു് അന്ധാ
ളിച്ചുപോവിൻ! അവർ മദിക്കുന്നു വീഞ്ഞുകൊണ്ടല്ല താനും, ചാഞ്ചാടുന്നു
10 മദ്യത്താൽ അല്ല താനും. കാരണം യഹോവ നിങ്ങളുടെമേൽ സുഷുപ്തിയുള്ള
ആത്മാവിനെ പകൎന്നു, പ്രവാചകരാകുന്ന നിങ്ങളുടെ കണ്ണുകളെ കെട്ടി ദൎശ
11 നക്കാരാകുന്ന തലകളെ പുതെച്ചു വെച്ചു. എന്നിട്ടു് ഈ ദൎശനം ഒക്കയും നി
ങ്ങൾക്കു മുദ്രയിട്ട പുസ്തകത്തിലേ വചനങ്ങൾ പോലേ ആകുന്നു, അതിനെ
ഗ്രന്ഥം അറിയുന്നവനു കൊടുത്തു ''ഇതിനെ വായിക്കേ വേണ്ടു'' എന്നു
12 പറഞ്ഞാൽ ''മുദ്രയിട്ടതുകൊണ്ടു വഹിയാ'' എന്നും, ഗ്രന്ഥം അറിയാത
വനുകൊടുത്തു ''ഇതിനെ വായിക്കേ വേണ്ടു'' എന്നു പറകിലോ
13 ''ഗ്രന്ഥം അറിയാ'' എന്നും ഉണ്ടു.— പിന്നേ കൎത്താവു് പറഞ്ഞിതു:
ഈ ജനം വായികൊണ്ടു് അണഞ്ഞു അധരങ്ങൾകൊണ്ടു് എന്നെ തേജ
സ്കരിച്ചാലും ഹൃദയം എന്നോടു ദൂരമായി, അവർ എന്നെ ഭയപ്പെടുന്നതു
14 മാനുഷകല്പന പഠിച്ചതു മാത്രമാകയാൽ, ഇതാ ഞാൻ ഈ ജനത്തോടു് ഇനി
ഏറേ അതിശയവും അത്ഭുതവും ആംവണ്ണം കാട്ടി നടക്കും, അതിലേ ജ്ഞാ
നികളുടെ ജ്ഞാനം കെടുകയും ബുദ്ധിമാന്മാരുടെ വിവേകം മറകയും ചെ
15 യ്യും.—യഹോവയിൽനിന്നു് ആലോചനയെ ആഴേ മറെച്ചു സ്വക്രിയയെ
ഇരിട്ടിൽ നടത്തി ''നമ്മെ ആർ കാണുന്നു, ആർ അറിയുന്നു? എന്നു പറയു
16 ന്നവൎക്കു അയ്യോ! എന്തൊരു മറിവു! കുശവനെ കളിമണ്ണോടു് ഒപ്പം മതിച്ചി
ട്ടോ ക്രിയ കൎത്താവെ കുറിച്ചു: ''അവൻ എന്നെ ഉണ്ടാക്കീട്ടില്ല'' എന്നും
നിൎമ്മാണം നിൎമ്മിക്കുന്നവനെ കുറിച്ചു ''അവൻ തിരിച്ചറിയുന്നില്ല'' എ
ന്നും പറയുന്നതു?

17 അല്ലയോ ഇനി അല്പനേരം ചെന്നാൽ ലിബനോൻ കൎമ്മെലായി തി
18 രിയും, കൎമ്മെൽ വനമായി എണ്ണപ്പെടുമല്ലോ. അന്നു ചെവിടന്മാർ പുസ്ത
കത്തിലേ വചനങ്ങളെ കേൾക്കയും തമസ്സിരിട്ടുകളിൽനിന്നു കുരുടന്മാരുടെ
19 കണ്ണുകൾ കാൺകയും, സാധുക്കൾക്കു യഹോവയിൽ സന്തോഷം ഏറിവരി
കയും, മനുഷ്യരിൽ ദരിദ്രരായവർ ഇസ്രയേലിലേ വിശുദ്ധൻ നിമിത്തം ആനന്ദിക്ക
20 യും ചെയ്യും. കാരണം പ്രൌഢൻ തീൎന്നു, പരിഹാസക്കാരൻ മുടിഞ്ഞുപോ
യി, അതിക്രമത്തിന്നു ജാഗരിച്ചുകൊള്ളുന്നവർ എല്ലാം ഛേദിക്കപ്പെടും; മ
21 നുഷ്യനെ വാക്കു നിമിത്തം പാപീകരിച്ചും പടിവാതില്ക്കൽ ആക്ഷേപിക്കു
ന്നവനു കണിവെച്ചും നീതിമാനെ പഴുതേ പിഴുക്കിയും കൊള്ളുന്നവർ ത
22 ന്നേ.—എന്നതുകൊണ്ടു് അബ്രഹാമെ വീണ്ടുകൊണ്ട യഹോവ ഇസ്രയേൽ
ഗൃഹത്തോടു പറയുന്നിതു: യാക്കോബു് ഇപ്പോൾ നാണിക്ക ഇല്ല ഇപ്പോൾ
അവന്റെ മുഖം വിളൎക്കയില്ല. അവൻ അഥവാ അവന്റെ സുതന്മാർ അവ
23 രുടെ നടുവിൽ എന്റെ കൈക്രിയ കാണുമ്പോൾ അവർ എൻ നാമത്തെ വി
ശുദ്ധീകരിച്ചു യാക്കോബിലേ വിശുദ്ധനെ വിശുദ്ധീകരിച്ചു ഇസ്രയേലിൻ

24 ദൈവത്തിന്നു് അഞ്ചും. ആത്മാവിൽ തെറ്റിയുഴന്നവക്കു ബുദ്ധി തോന്നും പിറുപിറുത്തവർ ഉപദേശത്തെ പഠിക്കയും ചെയ്യും.

30. അദ്ധ്യായം

മിസ്രയുടെ സഖ്യം അന്വേഷിക്കുന്നതു വ്യഥാവും (9) പഴയ ദാസ്യാത്മാവിന്റെ ലക്ഷണവും (12) ഇടിച്ചൽ അണയുന്നതിന്നു കുറിയും ആയിട്ടും (15) വിശ്വാസത്താൽ ഇന്നും രക്ഷ ഉണ്ടു, (19) സങ്കടത്തിൽ പിന്നേ കരുണാസമയവും (27) ജാതികളിൽ ന്യായവിധിയും യരുശലേമിൽ സ്വൈരസന്തോഷവും ഉളവാകും.

1 അയ്യോ മത്സരികുന്ന മക്കളേ! എന്നു യഹോവയുടെ അരുളപ്പാടു. മന്ത്രിച്ചു കൊള്ളുന്നു, എന്നോടല്ല താനും സഖ്യതെക്കു് ഊക്കഴിക്കുന്ന എന്റെ
2 ആത്മാവു് കൂടാ താനും, പാപങ്ങളോടു പാപം കൂട്ടുവാനത്രേ. എന്റെ വായോടു ചോദിക്കാതേ മിസ്രെക്കു് ഇറങ്ങി ഫറോവിന്റെ ശക്തിയിൽ ഊന്നുവാനും മിസ്രനിഴലിൽ ആശ്രയിപ്പാനും തേടി നടക്കുന്നവരേ! എങ്കിലോ
3 ഫറോവിന്റെ ശക്തി നിങ്ങൾക്കു നാണവും മിസ്രനിഴലിലേ ആശ്രയം
4 ലജ്ജയും ആയ്പ്പോകും. യഹൂദപ്രഭുക്കന്മാർ ചാനിയിൽ ഉണ്ടു, അവന്റെ
5 ദൂതന്മാർ ഹനേസ്വരേ എത്തുന്നു പോൽ. എങ്കിലും അവക്കു് ഉതകാത ജനം നിമിത്തം എല്ലാവരും നാണിച്ചുപോകും, തുണയും പ്രയോജനവും
6 അല്ല നാണവും നിന്ദയും വരുന്ന (ജനം) അത്രേ. തെക്കേ ബഹെമോത്തിൽ (ഇയ്യോബു് 40, 15) ആജ്ഞയാവിതു: സിംഹവും സിംഹിയും മൂർഖനും പറക്കുന്ന സർപ്പവും ജനിച്ച ഞെരുക്കവും ഇടുക്കും ഏറി വരുന്ന ദേശത്തുടേ കഴുതപ്പുറത്തു സ്വദ്രവ്യങ്ങളെയും ഒട്ടകക്കൂനിന്മേൽനിക്ഷേപങ്ങളെയും കൊണ്ടു
7 പോകുന്നതു് ഉതകാത്ത ജനത്തിലേക്കു തന്നേ. മിസ്രുത്തുണയാകട്ടേ വീർപ്പും വ്യർത്ഥവും അത്രേ ആകയാൽ, ഞാൻ അതിന്നു ''(രഹബു്) ഇരിക്കേ
8 വമ്പൻ'' എന്നു പേർ വിളിച്ചു. ആയതിനെ നീ ചെന്നു് അവരോടു പലകമേൽ എഴുതി പുസ്തകത്തിൽ വരെക്ക! അതു പിന്നാളേക്കു് എന്നും സദാകാലത്തേക്കും ഇരിക്കുക!

9 എങ്ങനേ എന്നാൽ അവർ മറുക്കുന്ന ജനം, കളവു പറയുന്ന മക്കൾ,
10 യഹോവയുടെ ധർമ്മോപദേശം കേൾപ്പാൻ മനസ്സില്ല; കാഴ്ചക്കാരോടു ''കാണരുതു്'' എന്നും ദർശനക്കാരോടു ''ഞങ്ങൾക്കായി നേരുള്ളവ ദർശിക്കരുതു്'' എന്നും, ''ഞങ്ങളോടു മിനുസം ഉരെപ്പിൻ കൃത്രിമങ്ങളെ ദർശിപ്പിൻ,
11 വഴിയിൽനിന്നു തെറ്റി ഞെറിയിൽനിന്നു മാറിപ്പോവിൻ; ഇസ്രയേലിലേ വിശുദ്ധനെ ഞങ്ങളിൽനിന്നു് ഒഴിയുമാറാക്കുവിൻ!' എന്നും പറയുന്നു.—
12 അതുകൊണ്ടു് ഇസ്രയേലിലേ വിശുദ്ധൻ പറയുന്നിതു: നിങ്ങൾ ഈ വചനത്തെ വെറുത്തു പീഡയിലും വഴുതലിലും ആശ്രയിച്ചു് ഊന്നിനില്ക്കുകൊ
13 ണ്ടു, ഈ അകൃത്യം നിങ്ങൾക്കു പൊക്കമതിലിൽ തള്ളി വീഴുന്നൊരു പൊട്ടു പോലേ ആകും, അതിന്നു പെട്ടന്നു പൊടുന്നനേ ഇടിവുവരും. പിന്നേ കുശ
14 വപാത്രം ഉടഞ്ഞാൽ ആദരിയാതേ ഇടിക്കും പോലേ അവൻ (യഹൂദയെ) തകക്കും. ആ നുറുക്കുകളിൽ അടുപ്പിൽനിന്നു തീ എടുക്കുന്നതിന്നും കുളത്തിൽ നിന്നു വെള്ളം കോരുന്നതിന്നും മതിയായ ഓടും കാൺമാൻ ഇല്ല.— എന്തു
15 കൊണ്ടെന്നാൽ ഇസ്രയേലിൽ വിശുദ്ധനായ യഹോവ എന്ന കർത്താവു് പറഞ്ഞിതു: (മനം) തിരിഞ്ഞു് അടങ്ങിക്കൊണ്ടാൽ നിങ്ങൾ രക്ഷപ്പെടും;
16 അമർന്നു തേറുകയിലേ നിങ്ങൾക്കു വീര്യം ഉള്ളു! എങ്കിലും നിങ്ങൾക്കു മനസ്സായില്ല. ''അല്ല ഞങ്ങൾ കുതിരപ്പുറത്തു മണ്ടും'' എന്നു നിങ്ങൾ പറഞ്ഞു,
17 അതുകൊണ്ടു നിങ്ങൾ മണ്ടും സത്യം. ''ഞങ്ങൾ തുരംഗമങ്ങളിൽ ഏറും'' എന്നതുകൊണ്ടു നിങ്ങളെ പിന്തുടരുന്നവർ ത്വരിതം ഗമിക്കും. ഒരുത്തന്റെ

ശാസനയിൽനിന്ന് ഓരായിരവും ഐവരുടെ ശാസനെക്ക നിങ്ങൾ (ഒക്ക
യും) മണ്ടിപ്പോകും, മലമുകളിൽ ഒരു ചാവോക്കുമരവും കുന്നിന്മേൽ കൊടി
18 മരവും എന്നപോലേ നിങ്ങൾ ശേഷിക്കും പര്യന്തം തന്നേ. എന്നിട്ട യഹോ
വ നിങ്ങളോട കരുണ ചെയ്വാൻ പ്രതീക്ഷിക്കുന്നു, എന്നിട്ട നിങ്ങളെ
കനിഞ്ഞുകൊൾവാൻ ഉയരവേ വാങ്ങുന്നു; യഹോവയാകട്ടേ ന്യായത്തി
ന്റെ ദൈവമല്ലോ. അവനെ പ്രതീക്ഷിക്കുന്നവർ ഏവരും ധന്യർ!
19 അതേ ചിയ്യോനാകുന്ന യരുശലേമിൽ ഒരു ജനം വസിക്കും. നീ (എപ്പോ
ഴും) കരകയില്ല, നിന്റെ ക്രുക്കലിൻ ഒച്ചക്ക് അവൻ നിന്നെ കരുണയിൽ
20 കനിഞ്ഞുകൊണ്ടു, അത കേൾക്കുമ്പോഴേ ഉത്തരം തരും. കർത്താവ് നിങ്ങൾ
ക്ക ഞെരുക്കത്തിന്ന് (തക്ക) അപ്പവും ക്ലേശത്തിന്ന വെള്ളവും നല്കും, നി
ന്റെ ഉപദേഷ്ടാക്കന്മാർ ഇനി പതുങ്ങി നടക്കയും ഇല്ല, നിന്റെ കണ്ണുകൾ
21 ഉപദേഷ്ടാക്കളെ കണ്ടുകൊണ്ടിരിക്കും. വലത്തോ ഇടത്തോ ചെല്ലുമ്പോൾ
നിന്റെ ചെവികൾ ''ഇതേ വഴി ഇതിൽ നടപ്പിൻ'' എന്നൊരുവാക്ക
22 നിന്റെ പിറകിൽ കേൾക്കയും, നിങ്ങൾ വെള്ളി പൊതിഞ്ഞ വിഗ്രഹ
ങ്ങളെയും പൊന്ന വാർത്തതിന്റെ വേഷത്തെയും അശുദ്ധമാക്കി, തീട്ടം
പോലേ ത്രുകിക്കളകയും പോ എന്ന് അതിനോട പറകയും ചെയ്യും. അവ
23 നോ നീ നിലത്തു വളന്ന നിന്റെ വിത്തിന്ന മഴ തരും, നിലത്തിൽ വിള
യുന്ന അപ്പം മുഴുത്തതും പുഷ്ടവും ആകും; നിന്റെ പശ്രുക്കുട്ടം അന്ന വിസ്താരമു
24 ള്ള പുലത്തിൽ മേയ്യുതും, നിലത്തെ പണി ചെയ്യുന്ന മൂരികളും കഴുതകളും
മുറംകൊണ്ടും ക്രുപ്പംകൊണ്ടും ചേറീട്ടുള്ള ഉപ്പിച്ച പയർ തിന്നുകയും; വമ്പട
25 നാളിൽ ഗോപുരങ്ങൾ വീഴുമ്പോൾ എല്ലാം ഉയർന്ന മലമേലും നെടുങ്കുന്നി
ന്മേലും ജലധാരകളായ തോടുകൾ ഉണ്ടാകയും; യഹോവ സ്വജനത്തിന്റെ
26 മുറിവിനെ കെട്ടി അതിന്റെ അടിപ്പിണരിന്ന ചികിത്സിക്കും നാൾ നില
വിൻ വെളിച്ചം വെയ്യോന്റെ വെളിച്ചത്തിനും വെയ്യോന്റെ വെളിച്ചം
ഏഴിരട്ടിയായി ഏഴ പകൽവെളിച്ചത്തിന്നും ഒക്കുകയും ചെയ്യും.
27 ഇതാ യഹോവാനാമം ദൂരത്തുനിന്ന വരുന്നു; അവന്റെ കോപം കത്തുന്നു,
അതിൻ അനല്പുക കനക്കുന്നു, അവന്റെ അധരങ്ങൾ ഈറാൽ നിറഞ്ഞു
28 നാവു തീ പോലേ തിന്നുന്നു. അവന്റെ ശ്വാസമോ കഴുത്തോളം എത്തുന്ന
നദീകവിച്ചലിന്ന സമം; സംഹാരമുറത്തിൽ ജാതികളെ തെള്ളുവാനും വംശ
ങ്ങളുടെ കന്നത്തിൽ തെറ്റലിന്റെ കടിഞ്ഞാൺ ഇടുവാനും തന്നേ. അ
29 പ്പോൾ നിങ്ങൾക്ക് ഉത്സവം കൊണ്ടാടുന്ന രാത്രി പോലേ പാട്ടും, ഇസ്രയേ
ലിൻ പാറയാകുന്നവങ്കലേക്ക യഹോവ മലയിൽ കുഴൽ വിളിച്ചു നടക്കുന്ന
30 തു പോലേ ഹൃദയസന്തോഷവും ഉണ്ടാകും. യഹോവ സ്വശബ്ദത്തിൻ പ്രതാ
പത്തെ കേൾപ്പിക്കയും സ്വഭുജം ഉലകിഴിയുന്നതിനെ കോപരോഷത്തിലും
31 തിന്നുന്ന അഗ്നിജ്വാലയിലും പ്രവാഹം മാരി കല്മഴയും പൊഴികേ കാണി
ക്കയും ചെയ്യും. യഹോവാശബ്ദത്തിന്നാകട്ടേ അശ്ശൂർ ക്ലേശിപ്പോകും; ദണ്ഡു
32 കൊണ്ടു് അടിക്കും. യഹോവ അവന്റെ മേൽ ഇറക്കുന്ന വിധിദണ്ഡു കടക്കു
ന്തോറും (വെന്നി)പ്പറയും കിന്നരവും മുഴങ്ങും, അവൻ കൈ വീയുന്ന പോരു
33 കളിൽ അവനോട പൊരുതു കൊള്ളും. ചുടലയോ പണ്ടേ ചമെച്ചിതു. രാ
ജാവിന്ന് അതാ ഒരുക്കപ്പെട്ടതു, അതിലേ ചിത ആഴവും വീതിയും ഉള്ളതു
തീയും തടിയും വേണ്ടുവോളം ഉണ്ടു, യഹോവയുടെ ശ്വാസം ഗന്ധകനദി
പോലേ അതിനെ കൊളുത്തും.

31. അദ്ധ്യായം

മിസ്രയിലേ ആശ്രയം വ്യർത്ഥം (4) യഹോവ ശിക്ഷിച്ച ശേഷം (5) ആ
ശ്ചര്യമായി രക്ഷിപ്പതിനാൽ വിഗ്രഹപൂജ ഒടുങ്ങും. (32,1) പുതിയ രാജ്യ
ത്തിൽ നേരും ന്യായവും നീളേ നടക്കും.

1 അയ്യോ തുണെക്കായി മിസ്രയീൽ ഇറങ്ങിപ്പോയി, കുതിരകളിൽ ഊ
ന്നി, പെരികേ എന്നു വെച്ചു തേരുകളിലും എത്രയും ഉറത്തവർ എന്നു വെ
ച്ചു കുതിരയാളുകളിലും ആശ്രയിച്ചും കൊണ്ടു ഇസ്രയേലിലേ വിശുദ്ധനെ
2 നോക്കാതേയും യഹോവയെ തിരയാതേയും പോകുന്നവർ കഷ്ടം! അവ
നോ കൂടേ ജ്ഞാനി ആകുന്നു, എന്നിട്ടു അവൻ തിന്മ വരുത്തും തിരുവാക്കു
കളെ മാറുകയും ഇല്ല, ദുർജ്ജനഗൃഹത്തിന്നും അകൃത്യം പ്രവൃത്തിക്കുന്നവരു
3 ടെ തുണെക്കും നേരേ എഴുനീല്ക്കും ഉള്ള. മിസ്രയീം ദേവനല്ല മനുഷ്യനത്രേ,
അവരുടെ കുതിരകളും ആത്മാവല്ല ജഡമത്രേ, യഹോവ തൃക്കൈ നീട്ടുമ്പോ
ഴേക്കു തുണെക്കുന്നവൻ ഇടറി തുണ ഏല്ക്കുന്നവൻ വീണു എല്ലാവരും ഒക്കത്തെ
ക്ക മുടിഞ്ഞുപോകും.

4 യഹോവയാകട്ടേ എന്നോടു പറഞ്ഞിതു: സിംഹമോ ചെറുകോളരിയോ
ഇരപിടിച്ചു ഗർജ്ജിക്കുമ്പോൾ ഇടയർ കൂട്ടമേ അതിനെക്കൊള്ളേ ചേർക്ക
പ്പെട്ടു കൂക്കുന്നതിന്നു കൂശാതേയും അവരുടെ കോലാഹലത്തിന്നു എളിമപ്പെ
ടാതേയും നില്ക്കുന്നതു പോലേ തന്നേ സൈന്യങ്ങളുടയ യഹോവ ചിയ്യോൻ
5 മലെക്കും ആ കുന്നിന്നും നേരേ പോരാടുവാൻ ഇറങ്ങും.— കുരികിൽ (കുട്ടി
ന്മേൽ) പറക്കുമ്പോലേ തന്നേ സൈന്യങ്ങളുടയ യഹോവ യരുശലേമിനെ
തീരേ ആച്ഛാദിക്കയും ആദരിച്ചു വിടുവിച്ചുദ്ധരിക്കയും ചെയ്യും. ഇസ്ര
6 യേൽപുത്രന്മാരേ നിങ്ങൾ പാരം ദ്രോഹിച്ചുവിട്ടവനോടു മാത്രം തിരികേ
7 ചേരുവിൻ. അന്നാളിലോ നിങ്ങളുടെ കൈകൾ പാപത്തിന്നായി തീർത്ത
നിങ്ങളുടെ വെള്ളി അസത്തുകളെയും പൊന്നസത്തുകളെയും അവനവൻ
8 വെറുത്തുകളയും, അശ്ശൂർ പുരുഷന്റേതല്ല ഒരു വാളാൽ വീഴും, മാനുഷമല്ലാ
ത്ത വാൾ അവനെ തിന്നുകയും അവൻ വാളിൽനിന്നു മണ്ടുകയും യുവാക്കൾ
അടിമപൂകയും, തത്തരപ്പാടിനാൽ അവൻ തന്റെ പാറയെ വിട്ടോടുകയും
പ്രഭുക്കന്മാർ കൊടിക്കു കൂശുകയും ചെയ്യും. എന്നതു ചിയ്യോനിൽ അഗ്നിയും
9 യരുശലേമിൽ അടുപ്പും ഉള്ള യഹോവയുടെ അരുളപ്പാടു.

32, 1 ഇതാ നീതിയിൽ ഒരു രാജാവു വാഴും പ്രഭുക്കൾ ന്യായത്തിൽ അധി
2 കരിക്കയും ചെയ്യും. അന്നു അവനവൻ കാറ്റിങ്കൽ ഒളിപ്പിടവും മാരിയിൽ
മറവും ആയി, വരൾച്ചയിൽ നീർത്തോടുകൾക്കും തളർന്ന ദേശത്തു കനത്ത
3 പാറയുടെ നിഴലിന്നും ഒക്കും. കാണുന്നവരുടെ കണ്ണുകൾ ഇനി ലേപി
ച്ചിരിക്കയില്ല (6, 10) കേൾക്കുന്നവരുടെ ചെവികൾ കൂർക്കൊള്ളും;
4 ഉഴറുന്നവരുടെ ഹൃദയം അറിവാൻ തിരിയും, വിക്കന്മാരുടെ നാവു തെളി
5 വിൽ ചൊല്ലുവാൻശീലിക്കും. മൂർഖനെ ഇനി ഉദാരൻ എന്നു വിളിക്കയില്ല,
6 കുസൃതിക്കാരനെ ശ്രീമാൻ എന്നു ചൊല്ലുകയും ഇല്ല, മൂർഖനാകട്ടേ ബാഹ്യങ്ങ
ളെ നടത്തി യഹോവയോടു വികൃതി ഉരിയാടുവാനും വിശന്ന ദേഹിക്കു
ശൂന്യത വളർത്തി ദാഹിക്കുന്നവനു കുടി മുട്ടിപ്പാനും ഇങ്ങനേ മൌർഖ്യം
7 പറഞ്ഞു ഹൃദയംകൊണ്ടു അകൃത്യം പ്രവൃത്തിച്ചുകൊള്ളും. കുസൃതിക്കാരന്റെ
ഉപായങ്ങളും വിടുക തന്നേ: ദരിദ്രൻ ന്യായം ചൊന്നാലും അവൻ ചതിമൊ
ഴികളെക്കൊണ്ടു എളിയോരെ സന്നമാക്കുവാൻ കൌശലങ്ങളെ കരുതുന്നു.
8 ഉദാരനോ ഔദാര്യങ്ങളെ കരുതി ഔദാര്യങ്ങളെ നടത്തി നില്ക്കും.

32. അദ്ധ്യായം

(9) പ്രമാദം ഏറിയ സ്ത്രീകൾ തൊഴിച്ചിട്ടു വേണം (15) ദേവാത്മാവു
ഇറങ്ങി സവ്വത്തിന്നും പുതുക്കം വരുത്തുവാൻ.

9 നിർഭയസ്ത്രീകളേ എഴുനീറ്റു എന്റെ ശബ്ദം കേൾപ്പിൻ, സൈരമതി
10 കളായ പുത്രിമാരേ എന്റെ മൊഴിയെ ചെവിക്കൊൾവിൻ! സംവത്സര
ത്തോടു നാളുകൾ കൂടിയാൽ സൈരമതികളേ നിങ്ങൾ നടുങ്ങും, കലയെടുപ്പു

11 മുടിഞ്ഞു കായ്ച്ചേർപ്പു വരാതേ പോകയാൽ തന്നേ. നിർഭയമാരേ വി
റെപ്പിൻ, സൈരമതികളേ ഭ്രമിപ്പിൻ! വസ്ത്രം അഴിച്ചു അരെക്കു (രട്ടു) കെട്ട
12 ല്ലാതേ നഗ്നരാകുവിൻ! മനോഹരനിലങ്ങളെയും കായ്ക്കുന്ന വള്ളിയെയും
13 വിചാരിച്ചു മുലകളിൽ തൊഴികുന്നു. എൻ ജനത്തിന്റെ ഭ്രമിയിൽ മുള്ളും
കാരയും മുളെക്കുന്നു, അതേ ഉല്ലസിക്കുന്ന നഗരത്തിലേ എല്ലാ ആനന്ദശാല
14 കളിലും കൂടേ. അരമന കൈവിടപ്പെട്ടു, പട്ടണഘോഷം ഒഴിഞ്ഞു, ശിഖര
ഗോപുരങ്ങളും എന്നേക്കും ഗുഹകളായി കാട്ടുകഴുതകളുടെ വിലാസവും കൂട്ട
15 ങ്ങൾക്കു മേച്ചലും ആകുമല്ലോ.—ഉയരത്തിൽനിന്നു നമ്മുടെ മേൽ ആത്മാ
വ് ചൊരിയപ്പെടും പര്യന്തം തന്നേ. അന്നു മരുഭ്രമി പറമ്പായ്ത്തിരിയും
16 പറമ്പു വനമായി എണ്ണപ്പെടും (29, 17). മരുവിലും ന്യായം കുടിയിരിക്കും
17 പറമ്പിൽ നീതി വസിക്കും. പിന്നേ നീതിയുടെ പ്രവൃത്തി സമാധാനവും
നീതിയുടെ അദ്ധ്വാനഫലം എന്നേക്കുമുള്ള സാവധാനവും സൈരവും
18 ആകും. എൻ ജനം സമാധാനപ്പാർപ്പിലും ശരണ്യകുടികളിലും നിർഭയസുഖ
19 സ്ഥാനങ്ങളിലും വസിക്കും. എങ്കിലും മുമ്പേ (അശ്ശൂർ) വനം കിഴിവാൻ
കല്മഴ പെയ്യും. (യരുശലേം) പട്ടണം ആഴേ താഴുകയും ചെയ്യും. പിന്നേ
20 കാളക്കഴുതകളുടെ കാലിനെ (പരക്കേ) അയച്ചു എല്ലാ വെള്ളങ്ങളുടെ അരു
വിലും വിതെക്കുന്ന നിങ്ങൾ ധന്യർ.

33. അദ്ധ്യായം

അശ്ശൂര്യ കഷ്ടത്തിൽ ഇസ്രയേൽദേവരക്ഷയെ പ്രത്യാശിച്ചു, (5) ശോധന
യുടെ ഫലമാകുന്ന വിശ്വാസപരിചയത്തെ പാർത്തു (7) സങ്കടങ്ങൾ പെരു
കുംതോറും (10) യഹോവ ശത്രുവിന്നു ന്യായം വിധിക്കുന്നതു കാത്തിരിക്കു
ന്നു (13) ആ അഗ്നിവിധി നിമ്മലന്മാരെ തൊടാതേ (17) ദേവജനത്തിന്നു
പാപമോചനത്താൽ സൈരസുഖത്തെ വരുത്തും (കാലം 2 രാജ. 18,16.)

1 അയ്യോ പാഴാക്കപ്പെടാഞ്ഞിട്ടും പാഴാക്കുന്നവനും നിന്നെ (ആർ) തോ
ല്പിക്കാഞ്ഞിട്ടും തോല്പിക്കുന്നവനും ആയുള്ളോവേ! നീ പാഴാക്കുന്നതു മതി
യാക്കിയപ്പോഴേക്കു പാഴാക്കപ്പെടും തോല്പിച്ചു തീർന്ന ഉടനേ നിന്നെയും
2 തോല്പിക്കും. യഹോവയേ ഞങ്ങളെ കനിഞ്ഞാലും! നിന്നെ ഞങ്ങൾ കാ
ത്തിരിക്കുന്നു; നീ ഉഷസ്സ്തോറും അവർക്കു ഭുജവും ഞെരുക്കകാലത്തു ഞങ്ങ
3 ളുടെ രക്ഷയും ആകേ വേണ്ടു! കോലാഹലശബ്ദത്തിന്നു വംശങ്ങൾ മണ്ടുന്നു,
4 നീ ഉയർന്നാൽ ജാതികൾ ചിതറിപ്പോകുന്നു. നിങ്ങടെ കൊള്ളയോ തുള്ളൻ
കൂട്ടമ്പോലേ കൂട്ടപ്പെടും, വെട്ടുക്കിളിയുടെ കൊതി പോലേ അതിലേ കൊ
തിച്ചു ചെല്ലും.

5 യഹോവ ഉന്നതത്തിൽ വസിക്കുന്നവനാകയാൽ ഉയർന്നവൻ തന്നേ, ന്യാ
6 യവും നീതിയും സീയോനിൽ നിറെക്കുന്നു. പിന്നേ നിന്റെ കാലങ്ങളി
ലേ സൈരമായതു രക്ഷകൾ ജ്ഞാനം അറിവ് ഇവറ്റിൻ നിധി തന്നേ
7 ആകും, യഹോവാഭയം (യഹ്വദൈക്കു) നിക്ഷേപം തന്നേ.— ഇതാ അവരു
ടെ ദേവവീരന്മാർ വെളിയേ നിലവിളിക്കുന്നു, സന്ധിദൂതന്മാർ കൈപ്പോ
8 ടെ കരയുന്നു. നിരത്തുകൾ ശൂന്യമായി, വഴിപോക്കൻ ഒഴിഞ്ഞു; (സൻഹെ
രിബ്) നിയമത്തെ മാറ്റി പട്ടണങ്ങളെ നിരസിച്ചു മർത്യനെ ഓരാതേ
9 പോയിപോൽ. ദേശം ഖേദിച്ചു വാടുന്നു, ലിബനോൻ അമ്പരന്നു മാഴ്കു
ന്നു, ശാരോൻ പാഴ്നിലം പോലേ ആയി, ബാശാനും കർമ്മെലും ഇലക
10 ളെ കൊഴിക്കുന്നു.— ''ഇപ്പോൾ ഞാൻ എഴുനീല്ക്കും, ഇപ്പോൾ
11 ഉയരും, ഇപ്പോൾ ഞെളിയും'' എന്നു യഹോവ പറയുന്നു. നിങ്ങൾ ഉണ
ക്കൻപുല്ലു ഗർഭം ധരിച്ചു താളടി പെറും, നിങ്ങളെ തിന്നുവാനുള്ള തീയത്രേ
12 നിങ്ങളുടെ നിശ്വാസം. വംശങ്ങൾ ചുട്ട കുമ്മായമായും കൊത്തിയ മുള്ളായി
തീയിൽ വെന്തും പോകും.

13 ദൂരസ്ഥന്മാരേ ഞാൻ ചെയ്തത കേൾപ്പിൻ, സമീപസ്ഥരേ എന്റെ വീ
14 ര്യത്തെ അറിഞ്ഞുകൊൾവിൻ! ചിയ്യോനിൽ പാപികൾ പേടിച്ചു, ബാ
ഹ്യന്മാർക്ക നടുക്കം പിടിച്ചിട്ടു: ''തിന്നന്ന അഗ്നിയോടു് ആരുപോൽ
വസിക്കും, നിത്യകനലിനോടു് ആരുപോൽ പാർക്കും?'' (എന്നു പറയുന്നു).
15 നീതികളിൽ നടന്നു നേരുകളം ഉരിയാടി, ഞെരുക്കങ്ങളാൽ നേടുന്നതിനെ
വെറുത്തു, കൈക്കൂലി വാങ്ങാതേ കൈ കുടഞ്ഞു, രക്തക്കുറ്റം കേൾക്കായ്
വാൻ ചെവിയെ പൊത്തി, തിന്മ കാണായ്വാൻ കണ്ണുകളെ മറെച്ചു
16 കൊള്ളുന്നവൻ. ആയവൻ ഉന്നതങ്ങളിൽ തന്നേ കുടിയിരിക്കും; പാറക്കോ
ട്ടകൾ അവന്റെ ഉയർന്നിലം, അവന്റെ അപ്പം കൊടുക്കപ്പെടുന്നു, അവ
17 ന്റെ വെള്ളം നിശ്ചയം.— അല്ലയോ നിന്റെ കണ്ണുകൾ രാജാവിനെ അവ
18 ന്റെ സൗന്ദര്യത്തിൽ ദർശിച്ചു ദൂരതകളുള്ള ദേശത്തെ കാണും. നിന്റെ ഹൃദ
യം ഭീഷണികാലത്തെ ഓർത്തു: ''എഴുത്തൻ എവിടേ? തൂക്കക്കാരൻ എവി
19 ടേ? ഗോപുരങ്ങളെ വരെച്ചവൻ എവിടേ?'' എന്നു ധ്യാനിക്കും. കേളാതോ
ളം ആഴമുള്ള ഭാഷയും തിരിയാതോളം മ്ലേച്ഛിച്ച നാവും ഉള്ള ആ ധാർഷ്ട്യമു
20 ള്ള പരിഷയെ നീ കാൺകയില്ല. നമ്മുടെ സങ്കേതനഗരമായ ചിയ്യോനെ
നോക്കുക! നിന്റെ കണ്ണുകൾ യരൂശലേമിനെ നിർഭയവാസം എന്നും കുറി
കൾ എപ്പോഴും പൊരിയാതേയും കയറുകൾ അറാതേയും നീക്കാത്തൊരു
21 കൂടാരം എന്നും കാണും. അവിടേ യഹോവ എന്നൊരു ശ്രേഷ്ഠൻ നമുക്കുണ്ടു,
ഇരുപുറവും നീളുന്ന പുഴ നദികളുടെ സ്ഥലത്തു് അവൻ വിളങ്ങും, തണ്ടു
വലിക്കുന്ന പടകും അതിൽ ഓടുകയും ഇല്ല, നിറന്ന കപ്പൽ കടക്കയും ഇല്ല.
22 സാക്ഷാൽ നമ്മുടെ ന്യായാധിപതി യഹോവ, നമ്മുടെ സേനാനി യഹോ
വ, നമ്മുടെ രാജാവു് യഹോവ, ആയവൻ നമ്മെ രക്ഷിക്കും. (ഇന്നോ) നി
23 ന്റെ ആലാത്തുകൾ അയഞ്ഞു ഞേന്നു പായ്മരത്തെ ഊന്നിക്കയില്ല പായി
വിരിക്കയും ഇല്ല; അന്നു് ഏറിയ കൊള്ളയെ വിഭാഗിക്കും, മുടന്തരും കവർച്ച
24 കവർന്നെടുക്കും. ഞാൻ രോഗി എന്നു് ഒരു കുടിയാനും പറക ഇല്ല, അതിൽ
വസിക്കുന്ന ജനത്തിന്നു കുറ്റപ്പൊറുതി ഉണ്ടു സത്യം.

VIII. ഏദോം തുടങ്ങിയ ശത്രുവംശങ്ങൾക്കു ശിക്ഷാജ്ഞയും ഇസ്രയേലിന്നു വീണ്ടെടുപ്പും (അ. 34. 35)

34. അദ്ധ്യായം

യഹോവ ശത്രുക്കളെ ശിക്ഷിക്കയിൽ (5) പ്രത്യേകം ഏദോമെ ശപിച്ചു (യിറ. 49,18) സദോമിൽ ചെയ്ത പോലേ പക വീട്ടി (11) ഘോരശൂന്യത വരുത്തും (16) എന്നതിന്നു നീക്കം ഇല്ല.

1 അല്ലയോ ജാതികളേ കേൾപ്പാൻ അടുത്തു വരുവിൻ, കുലങ്ങളേ കുറി
ക്കൊൾവിൻ! ഭൂമിയും അതിൽ നിറയുന്നതും കേൾക്കുക ഊഴിയും അതിൽ
2 ഉത്ഭവിച്ചതും തന്നേ! യഹോവെക്കു് ആകട്ടേ സകലജാതികളിലും ഈർഷ്യ
യും അവരുടെ സകലസൈന്യത്തിലും ഊഷ്മാവും ഉണ്ടു അവരെ പ്രാവി അറു
3 പ്പാൻ ഏല്പിച്ചുകളഞ്ഞു. അവരിൽ പട്ടവർ എറിഞ്ഞു കിടക്കുന്നു, ശവങ്ങളു
4 ടെ നാറ്റം കിളരുന്നു, രക്തത്താൽ മലകളും വാർന്നുപോകുന്നു. സ്വർഗ്ഗസൈ
ന്യം ഒക്കയും ഉരുകി വാനങ്ങൾ പുസ്തകം പോലേ ചുരുണ്ടുപോകുന്നു.— വള്ളി
യുടെ ഇല വാടുമ്പോലേ അത്തിയിൽനിന്നു് ഉണങ്ങിയതു (കൊഴിയും)
പോലേ അവറ്റിൻ സൈന്യം എല്ലാം വാടിപ്പോകുന്നു.— എങ്ങനേ
5 എന്നാൽ എന്റെ വാൾ സ്വർഗ്ഗത്തിൽ മദിച്ചു ഇതാ ഏദോമിന്മേൽ ഇറങ്ങി,

ഞാൻ പ്രാകിയ ജനത്തിന്മേൽ ന്യായവിധിക്കായി വരുന്നു. യഹോ
6 വെക്കു വാളുള്ളതു രക്തം പൂണ്ടു നെയി പിരണ്ടതു കുഞ്ഞാടു മുട്ടാടുകളുടെ രക്ത
ത്താലും കോലാടുകളുടെ ഉൾപ്പൂമജ്ജയാലും തന്നേ. യഹോവെക്കൊകട്ടേ ബൊ
7 ജ്രയിൽ ബലിയും എദോംദേശത്തിൽ വങ്കുലയും ഉണ്ടു. അവരോടു കൂടേ എ
രുമകളും കുറുങ്ങളുമായി കാളക്കിടാക്കളും കിഴിയും, അവരുടെ ദേശം രക്തം
കുടിച്ചു മദിക്കയും അവരെ പൂഴിനെയി കൊണ്ടു കൊഴുക്കയും ചെയ്യും.—
8 കാരണം യഹോവെക്കു് ഇതു പ്രതിക്രിയാദിവസവും ചീയോന്റെ വ്യവ
9 ഹാരത്തിന്നു യോഗ്യം വീട്ടുന്ന ആണ്ടും ആകുന്നു. അതിലേ തോടുകൾ കീലും
മണ്ണു ഗന്ധകവും ആയി തിരിയും, ആ ദേശം കത്തുന്ന കീലായി പോകും.
10 ഇരവും പകലും കെടാതു, എന്നേക്കും അതിന്റെ പുക കിളരുന്നു, തലമുറതല
മുറകളോളം അതു പാഴായി കിടക്കും, എന്നും എന്നെന്നേക്കും അതിൽ കട
പ്പാറില്ല.
11 ഞാരയും മുള്ളനും അതിനെ അടക്കും, കൊക്കും കാക്കയും അതിൽ കുടി
യേറും, അവൻ പാഴിന്റെ ചരടും ശൂന്യത്തിന്റെ തൂക്കക്കട്ടയും അതിന്മേൽ
12 നീട്ടിപ്പിടിക്കും. അതിന്റെ സ്വതന്ത്രരിൽ രാജത്വത്തിന്നായി വിളിക്ക
പ്പെടാകുന്നവൻ ഇല്ല, അതിലേ സകലപ്രഭുക്കളും ഇല്ലാതേ ആം. അതിലേ
13 അരമനകളിൽ ചുണ്ടയും കോട്ടകളിൽ ഊങ്ങയും മുള്ളും കെട്ടി മൂടും, കുറുക്ക
ന്മാരുടെ പാർപ്പും തീവിഴുങ്ങികളുടെ ഇല്ലവും ആകും. മരുജന്തുക്കൾ ഓരിക
14 ളോടു് ഇടപ്പെടുകയും കുളി കുളിയോടു വിളിക്കയും രാത്രിഞ്ചരി അവിടേ
മാത്രം സുഖിച്ചു സ്വൈരം കാണുകയും ചെയ്യും. എഴുത്താണിമൂർഖൻ അവി
15 ടേ കൂടു് ഉണ്ടാക്കി ഉല്പാദിച്ചു അതിൻ നിഴലിൽ മുട്ടയിട്ടു പൊരുന്നുന്നു, അ
വിടേ മാത്രം പരന്തുകൾ ഒന്നോടു് ഒന്നു ചേരും.—യഹോവാപുസ്തകത്തിൽ
16 ആരാഞ്ഞു വായിപ്പിൻ! ഇവറ്റയിൽ ഒന്നും കുറകയില്ല, അതതിന്റെ ഇണ
ഒന്നിന്നും മുട്ടുക ഇല്ല. അവന്റെ വായല്ലോ കല്പിച്ചു അവന്റെ ആത്മാ
17 വു് തന്നേ അവറ്റെ ഒരുമിപ്പിക്കും. അവൻ അവറ്റിന്നു ചീട്ടിട്ടു തൂക്കെ നൂൽ
കൊണ്ടു് (നാട്ടു) അവറ്റിന്നു പകുതി ചെയ്തു, അവ എന്നേക്കും അതിനെ
അടക്കി തലമുറതലമുറയോളം അതിൽ കുടി ഇരിക്കയും ചെയ്യും.

35. അദ്ധ്യായം

ഇസ്രയേൽ പുതുതായി തഴെച്ചു (3) ആശ്വസിച്ചു (5) യഹോവാരക്ഷ
യിൽ ആനന്ദിച്ചു (8) സ്വദേശത്തിൽ തിരികേ ചേരും.

1 മരുവും വരണ്ട നിലവും മകിഴുന്നു കാടു് ആനന്ദിച്ചു മേത്തോന്നി കണ
2 ക്കേ പൊടിക്കും. അതു പൊടിച്ചു മലന്നും മുദാ ആത്തുംകൊണ്ടു് ആനന്ദി
ക്കും. ലിബനോന്റെ തേജസ്സും കർമ്മെൽ ശാരോന്റെ പ്രഭയും അതിന്നു
കൊടുക്കപ്പെട്ടും, അവർ യഹോവയുടെ തേജസ്സിനെ നമ്മുടെ ദൈവത്തി
3 ന്റെ പ്രഭയെ തന്നേ കാണും.—കുഴഞ്ഞ കൈകളെ ബലപ്പെടുത്തി, ഇടറുന്ന
4 മുഴങ്കാലുകളെ ഉറപ്പിപ്പിൻ! ഉഴറുന്ന ഹൃദയങ്ങളോടു: ശക്തിപ്പെടുവിൻ! ഭയ
പ്പെടേണ്ടു! നിങ്ങളുടെ ദൈവം ഇതാ പകവീട്ടുചെക്കു വരുന്നു, ദൈവത്തി
ന്റെ പ്രതികാരത്തിന്നായി തന്നേ; അവൻ വന്നു നിങ്ങളെ രക്ഷിക്കും എന്നു
പറവിൻ!
5 അന്നു കുരുടന്മാരുടെ കണ്ണുകൾ മിഴിക്കയും ചെവിടരുടെ ചെവികൾ തുറ
ക്കയും ചെയ്യും. അന്നു മുടന്തൻ മാൻ പോലേ കുതിച്ചും ഊമന്റെ നാവു്
6 ആർത്തും പോകും. കാരണം മരുവിൽ വെള്ളങ്ങളും പാഴ്നിലത്തിൽ തോ
7 ടുകളും ഉറന്നു വരും. കാനൽജലം പൊയ്യയും തൃഷ്ണാഭ്രമി നീരുറവുകളും ആകും,
കുറുനരികൾ പതുങ്ങിയ പാർപ്പിൽ പുല്ലു ഞാങ്ങണയും ഓടയും ആയ്വള
8 രും.— അവിടേ നിരത്തും മാഗ്ഗ്വും ഉണ്ടാകും, വിശുദ്ധവഴി എന്നു് അതിന്നു

വിളിക്കും, അശ്രുദ്ധൻ അതിൽ കടക്ക ഇല്ല, അത് അവക്കേ ഉള്ള, വഴിക്കു
9 ചെന്നാൽ മൂഢരും തെറ്റാ. സിംഹവും അങ്ങ് ഇല്ല ഘോരമൃഗം ഒന്നും അ
തിൽ കയറുകയും ഇല്ല, (ആ വക) അവിടേ കാണ്മാൻ ഇല്ല, വീണ്ടെടുക്ക
10 പ്പെട്ടവർ നടക്കേ ഉള്ളു. യഹോവ വിടുവിച്ചവർ മടങ്ങി വന്ന് ആർത്തും
കൊണ്ടു ചിയ്യോനിൽ പൂകും, നിത്യസന്തോഷം അവരുടെ തലമേൽ ഉണ്ടു;
ആനന്ദവും മോദവും എത്തീട്ടു ഖേദവും ഞരക്കവും മണ്ടിപ്പോകുന്നു.

IX ഹിസ്കീയാരാജാവിന്റെ ചില വൃത്താന്തങ്ങൾ. (അ.36–39.)

36. അദ്ധ്യായം

സൻഹെരിബ് യഹൂദയെ ആക്രമിച്ചപ്പോൾ (4) രബ്ശക്കെ രാജദൂത രോടും (13) യഹൂദജനത്തോടും ഗർവ്വിച്ചു ചൊല്ലിയതു (2രാജ. 18,13; 2 നാൾ. 32.)

1 **ഹി**സ്കീയാരാജാവിന്റെ പതിന്നാലാം ആണ്ടിൽ ഉണ്ടായിതു: അ
ശ്ശൂർ രാജാവായ സൻഹെരിബ് യഹൂദയിലേ സകല ഉരത്ത നഗരങ്ങൾക്കും
2 നേരേ കരേറി വന്നു അവ പിടിച്ചാറേ, അശ്ശൂർരാജാവ് രബ്ശക്കെ (എന്ന
സേനാപതിയെ) ഹിസ്കീയാരാജാവെ കാണ്മാൻ ലാകീശിൽനിന്നു യരു
ശലേമിലേക്കു പെരുത്ത സൈന്യവുമായി അയച്ചു. അവനും മേല്ക്കുളത്തി
ന്റെ തോട്ടിന്നരികേ വെളുത്തേടത്തേ നിരത്തിന്മേൽ നിന്നുകൊണ്ടപ്പോൾ,
3 ഹില്ക്കീയാപുത്രനായ ഏല്യാക്കീം എന്ന കോയിലധികാരിയും ശെബ്ന
എന്ന എഴുത്തനും ആസാഫ്പുത്രനായ യോവഃ എന്ന ചരിത്രക്കാരനും അവ
4 ന്റെ അടുക്കൽ പുറപ്പെട്ടു ചെന്നു.—ആയവരോടു രബ്ശക്കെ ചൊല്ലിയതു:
ഹിസ്കീയാവിനോടു നിങ്ങൾ പറയേണ്ടുന്നിതു: അശ്ശൂർരാജാവായ മഹാ
രാജാവ് ഇപ്രകാരം കല്പിക്കുന്നു: നീ തേറുന്ന ഈ ആശ്രയം എന്തുപോൽ?
5 പടെക്കു മന്ത്രണവും വീര്യവും എന്നുള്ളതു (നിന്നോട്) അധരവാക്കു മാത്രം
എന്നു ഞാൻ പറയുന്നു. ഇപ്പോൾ ആരെ തേറിക്കൊണ്ടു് എന്നോടു മറുത്തതു?
6 അതാ മിസ്രെ എന്ന ആ ഒടിഞ്ഞ ഓടക്കോലിൽ നീ ആശ്രയിക്കുന്നു, അ
തിന്മേൽ ആർ ചാരിയാലും അതു് ഉള്ളങ്കയ്യിൽ ചെന്നു തുളെക്കും; മിസ്രെ
7 രാജാവായ ഫറൊ സകല ആശ്രിതന്മാർക്കും അപ്രകാരം തന്നേ. ഞങ്ങളുടെ
ദൈവമായ യഹോവയിൽ ഞങ്ങൾ ആശ്രയിക്കുന്നു എന്നു നീ എന്നോടു
പറകിലോ, അവന്റെ കുന്നുകാവുകളെയും ബലിപീഠങ്ങളെയും ഹിസ്കീയാ
നീക്കീട്ടല്ലോ യഹൂദയോടും യരുശലേമിനോടും ''ഈ ബലിപീഠത്തിന്നു
8 മുമ്പാകേ നമസ്കരിക്കേണം'' എന്നു പറഞ്ഞതു? ഇപ്പോൾ എന്റെ സ്വാമി
യായ അശ്ശൂർരാജാവിനോടു് ഒരു വാതു വെച്ചാലും! ഞാൻ ഈരായിരം
കുതിരകളെ തരട്ടേ അവറ്റിന്മേൽ കയറുവാൻ തക്കവരെ എത്തിപ്പാൻ നീ
9 മതിയായാൽ അത്രേ. പിന്നേ എന്റെ സ്വാമിയുടെ അതിചെറിയ ദാസ
രിൽ ഉള്ള ഒരു നാടുവാഴിയോടു് എങ്കിലും നീ എതിർപ്പതു് എങ്ങനേ?
10 പക്ഷേ രഥവും അശ്വവും ചൊല്ലി നീ മിസ്രയിൽ തേറുന്നു. ഞാനോ യ
ഹോവ കൂടാതേകണ്ടോ ഈ ദേശത്തെ കെടുപ്പാൻ അതിനെക്കൊള്ളേ വന്ന
തു? ഈ ദേശത്തെക്കൊള്ളേ ചെന്നു അതിനെ കെടുത്തുകളക എന്നു യഹോവ
എന്നോടു പറഞ്ഞു.
11 എന്നാറേ ഏല്യാക്കീം ശെബ്ന യോവഃ ഇവർ രബ്ശക്കെയോടു പറ
ഞ്ഞു: അടിയങ്ങളോടു അറാമ്യ സംസാരിക്കേ വേണ്ടു, ഞങ്ങൾക്കു് അറി
[illegible]യാം; മതിലിന്മേൽ ഉള്ള ജനത്തിന്റെ ചെവികൾ കേൾക്കേ ഞങ്ങളോടു
12 യഹൂദീവാക്കു് അരുതു. എന്നതിന്നു രബ്ശക്കെ പറഞ്ഞു: നിന്റെ യജമാ
നനോടും നിന്നോടും ഈ വാക്കുകളെ ഉരെപ്പാനോ എന്റെ സ്വാമി എന്നെ

അയച്ചതു? നിങ്ങളോടു കൂടേ സ്വകാഷ്ടം തിന്മാനും സ്വന്തമൂത്രം കുടിപ്പാനും
മതിലിന്മേൽ ഇരിക്കുന്ന ഈ പുരുഷന്മാർ നിമിത്തമല്ലയോ?—എന്നിട്ടു
13 രബ്ശാക്കെ നിന്ദിംകൊണ്ടു യഹൂദിയായിട്ടു ഉറക്കേ വിളിച്ചുചൊല്ലിച്ചതു: അല്ലയോ
മഹാരാജാവായ അശ്ശൂർരാജാവിന്റെ വചനങ്ങളെ കേൾപ്പിൻ. രാജാവു
14 ഇപ്രകാരം പറയുന്നു: ഹിസ്കീയാ നിങ്ങളെ വഞ്ചിക്കരുതു, നിങ്ങളെ ഉദ്ധ
15 രിപ്പാൻ അശക്തനല്ലോ. പിന്നേ ''യഹോവ നമ്മെ ഉദ്ധരിക്കും നിശ്ചയം
ഈ നഗരം അശ്ശൂർരാജാവിന്റെ കയ്യിൽ ഏല്പിക്കപ്പെടുക ഇല്ല'' എന്നു ചൊ
ല്ലിക്കൊണ്ടു ഹിസ്കീയാ നിങ്ങളെ യഹോവയിൽ ആശ്രയിപ്പിക്കയും അരു
16 തു. ഹിസ്കീയാവിനെ കേട്ടുപോകായ്വിൻ! അശ്ശൂർരാജാവാകട്ടേ പറയു
ന്നിതു: എന്നോടു സന്ധിച്ചുകൊണ്ടു പുറത്തു വരുവിൻ! എന്നാൽ താന്താ
ന്റെ വള്ളിയും തന്റെ അത്തിയും അനുഭവിച്ചും തന്റെ കിണറ്റിലേ
17 വെള്ളം കുടിച്ചും കൊള്ളാം, ഞാൻ വന്നു നിങ്ങളെ ഒരു ദേശത്തേക്കു കൂട്ടി
ക്കൊണ്ടു പോകുംവരേ; അതോ നിങ്ങളേ ദേശം പോലേ ധാന്യവും രസവും
ഉള്ള നാടും അപ്പവും വള്ളിപ്പുറമ്പുകളും ഉള്ള നാടുമായതു. യഹോവ നമ്മെ
18 ഉദ്ധരിക്കും എന്നു ചൊല്ലി ഹിസ്കീയാ നിങ്ങളെ തെറ്റിക്കായ്ക! അശ്ശൂർരാജാ
വിൻ കയ്യിൽനിന്നു ജാതികളുടെ ദേവന്മാർ താന്താന്റെ രാജ്യത്തെ ഉദ്ധരി
19 ച്ചിട്ടുണ്ടോ? ഹമാത്തു് അർപ്പാദു് എന്നവറ്റിന്റെ ദേവകൾ എവിടേ? സഫ
ർവ്വയീം ദേവകൾ എവിടേ? അവർ ശമര്യയെ എൻ കയ്യിൽനിന്നു് ഉദ്ധരിച്ചു
20 പിന്നേയോ? ഈ രാജ്യങ്ങളുടെ സർവ്വദേവന്മാരിൽവെച്ചും സ്വദേശത്തെ
എൻ കയ്യിൽനിന്നു് ഏവൻ ഉദ്ധരിച്ചിട്ടു യഹോവ യരുശലേമിനെ എൻ
21 കയ്യിൽനിന്നു് ഉദ്ധരിച്ചുകൂടും?— എന്നതിന്നു് (മൂവർ) ഓർ ഉത്തരവും ചൊ
ല്ലാതേ മൌനമായിരുന്നു, ''അവനോടു് ഉത്തരം പറയരുതു്'' എന്നു രാജാ
22 വിന്റെ കല്പനയും ഉണ്ടു. പിന്നേ ഹിൽക്കീയാപുത്രനായ ഏല്യാക്കീം എന്ന
കോയിലധികാരിയും ശെബ്ന എന്ന എഴുത്തനും ആസാഫു് പുത്രനായ
യോവഃ എന്ന ചരിത്രക്കാരനും കീറിയ വസ്ത്രങ്ങളോടേ ഹിസ്കീയാവിന്നടു
ക്കേ പ്രവേശിച്ചു രബ്ശാക്കെയുടെ വചനങ്ങളെ അറിയിക്കയും ചെയ്തു.

37. അദ്ധ്യായം

രാജാവു് ദുഃഖിച്ചു (6) ആശ്വസിച്ചശേഷം (8) അശ്ശൂര്യന്റെ പത്രിക
വാങ്ങി വലഞ്ഞു പ്രാർത്ഥിച്ചു (21) ദിവ്യവാഗ്ദത്തം കേട്ടതു. (36) അതിശ
യമായ ശത്രുസംഹാരം.

1 (ആയതു) ഹിസ്കീയാരാജാവു് കേട്ടപ്പോൾ വസ്ത്രങ്ങളെ കീറി രട്ടുടുത്തു
2 യഹോവാലയത്തിൽ ചെന്നു; കോയിലധികാരിയായ ഏല്യാക്കീം എഴു
ത്തനായ ശെബ്ന ഇവരെ പുരോഹിതമൂപ്പന്മാരുമായി രട്ടു പുതപ്പിച്ചു ആ
3 മോച്പുത്രനായ യശയ്യാവു് എന്ന പ്രവാചകനടുക്കേ അയച്ചു. ആയവ
നോടു് അവർ പറഞ്ഞു: ഹിസ്കീയാ ചൊല്ലുന്നിതു: ഇന്നു ഞെരുക്കവും ശാ
സനയും ധിക്കാരവും അകപ്പെട്ട നാൾ, പിള്ളകൾ ഗർഭദ്വാരത്തിൽ എ
4 ത്തീട്ടും പെറുവാൻ ശക്തി ഇല്ല. ജീവനുള്ള ദൈവത്തെ ദൂഷിപ്പാൻ അശ്ശൂർ
രാജാവു് അയച്ചിട്ടു വന്ന രബ്ശാക്കെയുടെ വചനങ്ങളെ പക്ഷേ നിൻ
ദൈവമായ യഹോവ കേൾക്കും, കേട്ട വാക്കുകൾ നിമിത്തം നിൻ ദൈവ
5 മായ യഹോവ ശിക്ഷിക്കയും ചെയ്യും; എന്നിട്ടു് ഈ കാണാകുന്ന ശേഷി
പ്പിന്നുവേണ്ടി പ്രാർത്ഥന തുടരേണമേ.— ഹിസ്കീയാരാജാവിന്റെ ഭൃത്യന്മാർ
6 യശയ്യാവിൻ അടുക്കേ പ്രവേശിച്ചാറേ, നിങ്ങളുടെ യജമാനനോടു് ഇപ്ര
കാരം പറവിൻ: യഹോവ ചൊല്ലുന്നിതു: അശ്ശൂർരാജാവിന്റെ ബാല്യ
ക്കാർ എന്നെ ശകാരിച്ച വാക്കുകളെ നീ കേട്ടതിന്നു ഭയപ്പെടേണ്ട. ഇതാ
7 ഞാൻ ഓർ ആത്മാവിനെ അവനിൽ ആക്കും, അവനും ഒരു കേൾവിയെ

കേട്ടു സ്വദേശത്തേക്കു മടങ്ങും, ആ ദേശത്തുവെച്ചു് അവനെ ഞാൻ വാൾ
കൊണ്ടു വീഴിക്കും എന്നു യശയ്യാവു് അവരോടു പറഞ്ഞു.
8 രബ്ശക്കെയോ തിരിച്ചു ചെന്നു അശ്ശൂർരാജാവു് ലാകീശിനെ വിട്ടു യാ
ത്രയായ പ്രകാരം കേട്ടു, രാജാവു് ലിബ്നയെക്കൊള്ളേ പോരാടുന്നതിൽ
9 എത്തി. അപ്പോൾ കൂശ്രാജാവായ തിർഹാക്ക നിന്നോടു പടകൂടുവാൻ
പുറപ്പെട്ടു എന്നു് ഒരു ശ്രുതി ഉണ്ടായതു അവൻ കേട്ടു ഹിസ്കീയാവിന്നു ദൂതരെ
10 അയച്ചു ചൊല്ലി വിട്ടിതു: നിങ്ങൾ യഹൂദാരാജാവായ ഹിസ്കീയാവോടു
പറയേണ്ടതിപ്രകാരം: യരൂശലേം അശ്ശൂർരാജാവിൻ കയ്യിൽ ഏല്പിക്കപ്പെ
ടുകയില്ല എന്മാൻ നീ തേറുന്ന നിന്റെ ദൈവം നിന്നെ വഞ്ചിക്കരുതു.
11 അശ്ശൂർരാജാക്കന്മാർ സകലദേശങ്ങളെയും പ്രാകിക്കൊണ്ടു ചെയ്തിട്ടുള്ളതു്
ഇതാ നീ കേട്ടുവല്ലോ. പിന്നെ നീ ഉദ്ധരിക്കപ്പെടുമോ? എന്റെ അപ്പന്മാർ
12 കെടുത്തുകളഞ്ഞ ഗോജാൻ ഹരാൻ രെചഫ് തെലസ്സാരിലുള്ള ഏദന്മക്കൾ
മുതലായ ജാതികളെ സ്വദേവന്മാർ ഉദ്ധരിച്ചുവോ? ഹമാത്ത് രാജാവും
13 അർപ്പാദ്രാജാവും സഫ്വ്യയിംനഗരത്തിന്നും ഹേന ഇവ്വ എന്നവാറിന്നും
14 രാജാവായവനും എവിടേ?— ഈ പത്രിക ഹിസ്കീയാ ദൂതന്മാരുടെ കയ്യിൽ
നിന്നു മേടിച്ചു വായിച്ചാറേ യഹോവാലയത്തിൽ കരേറിച്ചെന്നു യഹോ
വാമുമ്പിൽ അതിനെ വിടർത്തിവെച്ചു. യഹോവയോടു ഹിസ്കീയാ
15.16 പ്രാർത്ഥിച്ചിതു: ഇസ്രയേൽദൈവമായി കർത്രുകളിന്മേൽ വസിക്കുന്ന
സൈന്യങ്ങളുടയ യഹോവേ! സ്വ്ഭൂരാജ്യങ്ങൾക്കും നീ മാത്രം ദൈവമാകു
ന്നു, സ്വർഗ്ഗത്തെയും ഭൂമിയെയും നീയേ ഉണ്ടാക്കി. യഹോവേ തിരുചെവി
17 ചാച്ചു കേൾക്കുക, യഹോവേ തൃക്കൺ മിഴിച്ചു കാൺക! ജീവനുള്ള ദൈ
വത്തെ ദൂഷിപ്പാൻ സൻഹെരിബ് ചൊല്ലിവിട്ട വാക്കുകളെ കേൾക്കേണമേ!
18 യഹോവേ അശ്ശൂർരാജാക്കന്മാർ സകലദേശങ്ങളെയും സ്വദേശത്തെയും
19 പാഴാക്കി, അവരുടെ ദേവകളെ തീയിൽ ഇട്ടുകളഞ്ഞു സത്യം; അവ ദേവ
കൾ അല്ലല്ലോ മനുഷ്യക്കൈകളുടെ വേലയും കല്ലുരങ്ങളും ആകയാൽ അവ
റെ നശിപ്പിച്ചു. ഇപ്പോഴോ ഞങ്ങളുടെ ദൈവമായ യഹോവേ, നീ
20 മാത്രം യഹോവ എന്നു സകലഭൂരാജ്യങ്ങളും അറിയേണ്ടതിന്നു് അവന്റെ
കയ്യിൽനിന്നു ഞങ്ങളെ രക്ഷിക്കേണമേ!
21 എന്നാറേ ആമോച്പുത്രനായ യശയ്യാ ഹിസ്കീയാവിന്നു പറഞ്ഞയച്ച
തു് എന്തെന്നാൽ: ഇസ്രയേൽദൈവമായ യഹോവ ചൊല്ലുന്നിതു: അശ്ശൂർ
രാജാവായ സൻഹെരിബെ പറ്റി നീ എന്നോടു പ്രാർത്ഥിച്ചതിന്നു യഹോവ
22 അവന്മേൽ ഉരെച്ച വചനം ആവിതു: ചിയ്യോൻപുത്രിയായ കന്യ നിന്നെ
ധിക്കരിക്കുന്നു നിന്നെ പരിഹസിക്കുന്നു, യരൂശലേംപുത്രി നിന്റെ പിറകേ
23 തല കുലുക്കുന്നു. നീ ആരെ ദൂഷിച്ചു ശകാരിച്ചു, ആർക്കു നേരേ ശബ്ദം ഉയർത്തി
കണ്ണുകളെ ഉച്ചത്തിൽ ആക്കി? ഇസ്രയേലിലേ വിശുദ്ധനു നേരേ. നിന്റെ
24 ദാസന്മാർമുഖാന്തരം നീ കർത്താവിനെ ദൂഷിച്ചു ചൊല്ലിയതു: എന്റെ
തേർബലത്തോടേ ഞാൻ മലയുച്ചയിൽ ലിബനോന്റെ അറ്റംവരേ
കരേറി, ദേവദാരങ്ങളിൽ പൊക്കവും കീൽമരങ്ങളിൽ സാരവും ഏറിയ
തിനെ വെട്ടിക്കൊണ്ടു, അതിൻ ഉദ്യാന വനത്തുടേ ശിഖരമുകളിൽ കടന്നു.
25 ഞാനേ തോണ്ടി വെള്ളം കുടിച്ചു എന്റെ ഉള്ളങ്കാൽ വെക്കയാൽ മിസ്രയീ
മ്യരികളെ ഒക്കേയും വറ്റിക്കും. — എങ്കിലും ഞാൻ ഇതു ദൂരത്തുനിന്നു്
26 ഉണ്ടാക്കി പണ്ടേനാളുകൾമുതൽ നിർമ്മിച്ചപ്രകാരം നീ കേട്ടിട്ടില്ലയോ?
ഇപ്പോൾ ഞാൻ അതിനെ വരുത്തി കോട്ടനഗരങ്ങളെ ഇടിക്കുന്നകളാക്കി
27 തകർപ്പാൻ നിന്നെ ആക്കി; അവരുടെ കുടിയാന്മാർ കൈപോരാഞ്ഞു
അഴിനില പൂണ്ടു നാണിച്ചു വയലിലേ സസ്യവും പച്ചിലയും പുരമേലേ
പുല്ലും വിളയുമ്മുമ്പേ കരിഞ്ഞുള്ള നെല്ലും ആയ്പ്പോയി. നിന്റെ ഇരിപ്പും
28 പുറപ്പാടും വരുത്തും എന്നോടു നീ തിമിർക്കുന്നതും ഞാൻ അറിഞ്ഞു. നീ
29 എന്നോടു തിമിർക്കുന്നതും നിന്റെ നിർഭയവമ്പു് എൻ ചെവികളിൽ

കരേറിയതും നിമിത്തം, നിന്റെ മൂക്കിൽ എന്റെ കൊളുത്തും നിൻ അധ
രങ്ങളിൽ എൻ കടിഞ്ഞാണും ഇട്ടു നീ വന്ന വഴിയിൽ നിന്നെ ഞാൻ
30 തിരിപ്പിക്കും.— എന്നതിന്നു നിണക്കു് ഇതത്രേ അടയാളം ആകു: ഈ
ആണ്ടിൽ പടുവിത്തു വിളയുന്നതും രണ്ടാം ആണ്ടിൽ വെറുതേ മുളെക്കു
ന്നതും ഉപജീവിച്ച ശേഷം, മൂന്നാം ആണ്ടിൽ നിങ്ങൾ വിതെച്ചു കൊയ്തു
വള്ളിപ്പറമ്പുകളും നട്ടു അവറ്റിൻ ഫലം തിന്നുകയും ചെയ്യും. യഹൂദാഗൃഹ
31 ത്തിൽ വിടുവിക്കപ്പെട്ട ശേഷിപ്പു് ഇനി താഴേ വേരുന്നി മീത്തലേ
32 കായ്ക്കും. കാരണം യരുശലേമിൽനിന്നു ശേഷിപ്പും ചീയ്യോൻമലയിൽ
നിന്നു വിടുവിക്കപ്പെട്ടതും പുറപ്പെടും; സൈന്യങ്ങളുടെ യഹോവയുടെ
എരിവു് അതിനെ നടത്തും.— അതുകൊണ്ടു യഹോവ അശ്ശൂർരാജാവെ
33 കുറിച്ചു ചൊല്ലുന്നിതു: അവൻ ഈ നഗരത്തിൽ വരിക ഇല്ല, അതിൽ
അമ്പു് എയ്കയും ഇല്ല പലിശയോടു് അതിലേക്കു മുതിരുകയും ഇല്ല,
34 അതിന്റെ നേരേ മേടു കുന്നിക്കയും ഇല്ല. അവൻ വന്ന വഴിക്കു മടങ്ങി
35 പ്പോകും, ഈ നഗരത്തിൽ വരികയും ഇല്ല എന്നു യഹോവയുടെ അരുള
പ്പാടു. എൻ നിമിത്തവും എൻ ദാസനായ ദാവിദു് നിമിത്തവും ഞാൻ
ഈ പട്ടണത്തെ ആചു്ഛാദിച്ചു രക്ഷിക്കും.

36 എന്നാറേ യഹോവയുടെ ദൂതൻ പുറപ്പെട്ടു അശ്ശൂർപാളയത്തിൽ നൂറു്
എൺപത്തെയായിരം പേരെ വധിച്ചു, രാവിലേ എഴുനീറ്റപ്പോൾ ഇതാ
37 എല്ലാം മരിച്ച ശവങ്ങൾ. അപ്പോൾ അശ്ശൂർരാജാവായ സൻഹെരിബു് യാ
38 ത്രയായി മടങ്ങിപ്പോയി നീനവയിൽ വസിച്ചു. സ്വദേവനായ നിസ്രോ
കിന്റെ ആലയത്തിൽ തൊഴുമ്പോൾ അദ്രമെലെൿ സരെചർ എന്നവന്റെ പു
ത്രന്മാർ വാൾകൊണ്ടു് അവനെ വെട്ടിക്കൊന്നു അരരാത്തു് നാട്ടിലേക്കു
വഴുതിപ്പോയി, അവന്റെ മകനായ ഏസർഹദ്ദോൻ അവനു പകരം വാഴ
കയും ചെയ്തു.

38. അദ്ധ്യായം

ഹിസ്കീയാവിന്നു വ്യാധിയിൽ ആയുസ്സു് നീണ്ടുകിട്ടിയതും (9) അവന്റെ സ്തോത്രവും.

1 **ആ** ദിവസങ്ങളിൽ ഹിസ്കീയാവിന്നു മരിക്കത്തക്ക വ്യാധി ഉണ്ടായാ
റേ ആമോചിൻപുത്രനായ യശയ്യാവു് എന്ന പ്രവാചകൻ അവന്റെ സ
മീപത്തു വന്നു പറഞ്ഞിതു: നീ ഉയിരാതേ മരിപ്പുതാകയാൽ നിന്റെ ഗൃ
2 ഹത്തിന്നു കല്പന കൊടുക്ക എന്നു യഹോവ പറയുന്നു. എന്നാറേ ഹിസ്കീ
3 യാ ചുവരിന്നു നേരേ മുഖം തിരിച്ചു യഹോവയോടു പ്രാർത്ഥിച്ചു: അല്ല
യോ യഹോവേ, നിന്നോടു ഞാൻ ഉണ്മയിലും നിശ്ശ്രേഷ്ഠഹൃദയത്തോടും
നടന്നു, നിണക്കു നന്നു് എന്നു തെളിയുന്നതിനെ ചെയ്തുകൊണ്ടുപ്രകാരം
ഓർക്കുകേ വേണ്ടു, എന്നു ചൊല്ലി വലിയ കരച്ചൽ കരകയും ചെയ്തു.—
4. 5 അപ്പോൾ യശയ്യാവിന്നു യഹോവാവചനം ഉണ്ടായിതു: നീ ചെന്നു ഹി
സ്കീയാവിനോടു പറക: നിൻ പിതാവായ ദാവിദിന്റെ ദൈവമായ
യഹോവ ഇപ്രകാരം പറയുന്നു: നിന്റെ പ്രാർത്ഥനയെ ഞാൻ കേട്ടു കണ്ണു
നീരും കണ്ടു, ഇതാ നിന്റെ വാഴനാളോടു പതിനഞ്ചു വർഷം കൂട്ടി വെക്കുന്നു
6 ണ്ടു. അശ്ശൂർരാജാവിന്റെ കയ്യിൽനിന്നു ഞാൻ നിന്നെയും ഈ നഗരത്തെയും
7 ഉദ്ധരിച്ചു, ഈ നഗരം പാലിക്കയും ചെയ്യും. യഹോവ ചൊല്ലിത്തന്ന വച
നത്തെ അനുഷ്ഠിക്കും എന്നുള്ളതിന്നു യഹോവയിൽ നിന്നു നിണക്കു് ഇതു്
8 അടയാളമാക. കണ്ടാലും ആഹാജിന്റെ നാഴികക്കാട്ടിയിൽ ഇറങ്ങി
പ്പോയ പടികളിൽ ഞാൻ വെയിലിനെ കൊണ്ടു നിഴലിനെ പത്തുപടി

പിറകോട്ട തിരിച്ച പോരുവാറാക്കുന്നുണ്ട. എന്നതിൻവണ്ണം വെയിൽ ഇ
റങ്ങിപ്പോയ പടികളിൽ പത്ത പടി തിരിച്ച പോന്ന.
9 യഹൂദാരാജാവായ ഹിസ്കീയാ രോഗിയായി വ്യാധിയിൽനിന്ന് ഉ
10 യിർത്തപ്പോൾ എഴുതിയ (പാട്ട്) ആവിത. — എന്റെ വാഴ്നാളിന്റെ
സാവധാനത്തിൽ ഞാൻ പാതാളവാതിലുകളിലേക്ക പോകേണ്ടത, എ
11 ന്റെ ആണ്ടുകളുടെ ശേഷിപ്പ പിഴ പുക്കുപോയി എന്ന ഞാൻ പറഞ്ഞു.
യാഹിനെ ജീവികളുടെ ദേശത്തിൽ യാഹിനെ തന്നേ ഞാൻ കാൺക
യില്ല, നിർജ്ജീവവാസികളോട ചേർന്നിട്ട മനുഷ്യനെ ഇനി നോക്കുക
12 ഇല്ല എന്ന പറഞ്ഞു. എന്റെ കുടി ഇടയന്റെ കൂടാരം പോലേ അഴിഞ്ഞു
എന്നെ വിട്ട നീങ്ങുന്ന. ചുരുട്ടി പാവിൽനിന്ന് അവൻ എന്നെ മുറിക്ക
കൊണ്ട ഞാൻ നെയ്ത്തുകാരനെ പോലേ എൻ ജീവനെ ചുരുട്ടി, ഇനി
13 പകൽ തുടങ്ങി രാത്രിയോളം ചെന്നാൽ നീ എന്നെ മുടിക്കും (എന്നുണ്ട).
പുലർച്ചവരേ ഞാൻ പ്രതീക്ഷിച്ച, സിംഹം പോലേ അവൻ എന്റെ അ
സ്ഥികളെ എല്ലാം നുറുക്കി. ഇനി പകൽ തുടങ്ങി രാത്രിയോളം ചെന്നാൽ
14 നീ എന്നെ മുടിക്കും (എന്നായി). മീവൽപക്ഷിക്കോ കൊക്കിനോ സ
മമായി ഞാൻ ചിലെക്കയും പ്രാവ് പോലേ കുറുകയും, എന്റെ കണ്ണു
കൾ മീതലേക്ക വലകയും, യഹോവേ എനിക്ക പീഡയായി, നീ എ
15 നിക്ക് ഉത്തരവാദിയാക (എന്ന ചൊല്ലയും ആയി). — ഞാൻ എന്ത
പറവു? താൻ എന്നോട പറഞ്ഞും താൻ ചെയ്തും ഇരിക്കുന്ന. ഈ പ്രാണ
16 സങ്കടം ഓർത്ത ഞാൻ എന്റെ ആണ്ടുകൾ ഒക്കയും മെല്ലേ നടക്കും. ഹാ
കർത്താവേ ഈ വക (വാക്കിനാൽ) ഉയിർക്കാം. ആയതിനാൽ എൻ ആ
ത്മാവിന്റെ ജീവൻ സവ്വത്തിന്നും വരുന്ന; നീ എന്നെ ആരോഗ്യം വരു
ത്തി ജീവിപ്പിക്കും. കൈപ്പോ, ഇതാ എനിക്ക സമാധാനമായി കുടി ആ
17 കൈപ്പ. എന്റെ സകലപാപങ്ങളെയും നീ നിന്റെ പുറത്തിൻ പിന്നിൽ
കളകകൊണ്ട നീ വിനാശക്കുഴിയിൽനിന്ന സ്ഥായികൊണ്ട് എന്നെ എ
18 ടുത്ത. പാതാളം ആകട്ടേ നിന്നെ വാഴ്ത്തുകയോ മരണം സ്തുതിക്കയോ ഇല്ല,
ഗ്രഹെക്ക് ഇറങ്ങുന്നവർ നിന്റെ വിശ്വാസ്യതയെ പ്രത്യാശിക്കുന്നില്ല.
19 ജീവിക്കുന്ന ജീവിയത്രേ നിന്നെ വാഴ്ത്തും, ഇന്ന ഞാൻ എന്ന പോലേ;
20 അപ്പൻ മക്കൾക്കും നിന്റെ വിശ്വാസ്യതയെ അറിയിക്കും. എന്നെ രക്ഷി
പ്പാൻ യഹോവ (അണഞ്ഞു), നാമും ജീവനാൾ ഒക്കയും യഹോവാലയ
ത്തിൽ വീണാനാദങ്ങളെ മുഴങ്ങിപ്പൂതാക.
21 വിശേഷിച്ച യശയ്യാ രോഗശാന്തിക്കായി അത്തിപ്പഴക്കട്ട കൊണ്ടവന്ന
22 പരുവിന്മേൽ വേതുവെക്കേണം എന്ന പറഞ്ഞിരുന്ന. — ഹിസ്കീയാവോ
ഞാൻ യഹോവാലയത്തേക്ക കരേറും എന്നതിന്ന് അടയാളം എന്ത് എന്ന
ചോദിച്ചത.

39. അദ്ധ്യായം

ബാബേൽ ദൂതന്മാക്ക നിക്ഷേപങ്ങളെ കാട്ടിയത നിമിത്തം രാജാവിന്ന ശിക്ഷാജ്ഞ.

1 അക്കാലം ബലദാന്റെ മകനായ മാരൊദക്ബലദാൻ എന്ന ബാബേൽ
രാജാവ് ഹിസ്കീയാ വ്യാധിപ്പെട്ട ഭണമായപ്രകാരം കേട്ട അവന പത്രിക
2 യും കാഴ്ചയും കൊടുത്തയച്ചപ്പോൾ, ഹിസ്കീയാ അതുകൊണ്ട സന്തോഷിച്ച
തന്റെ രത്നാലയവും വെള്ളിയും പൊന്നും സുഗന്ധങ്ങൾ നല്ല തൈലവുമാ
യി ആയുധശാലയെ ഒക്കയും തന്റെ ഭണ്ഡാരങ്ങളിൽ കാണാകുന്നത് എപ്പോ
ളും അവക്ക കാട്ടി; ഹിസ്കീയാ തന്റെ വീട്ടിലും രാജ്യത്തിലും എല്ലാം അവ
3 ക്ക കാണിക്കാത്ത ഒരു വസ്തുവും ഇല്ല. അപ്പോൾ പ്രവാചകനായ യശയ്യാ

ഹിസ്കീയാരാജാവിൻ അരികേ വന്നു ''ഈ പുരുഷന്മാർ എന്തു പറഞ്ഞു, എവിടേനിന്നു നിന്റെ അടുക്കേ വന്നത്?'' എന്നു ചോദിച്ചാറേ, ''ബാ
ബേൽ എന്നൊരു ദൂരദേശത്തുനിന്നു തന്നേ എന്റെ അടുക്കേ വന്നു'' എന്നു
4 ഹിസ്കീയാ പറഞ്ഞു. ''നിന്റെ വീട്ടിൽ അവർ എന്തു കണ്ടു?'' എന്നു ചൊല്ലിയപ്പോൾ, ''എന്റെ വീട്ടിലുള്ളതൊക്കെയും കണ്ടു, എൻ ഭണ്ഡാര
ങ്ങളിൽ അവൎക്കു കാണിക്കാത്ത ഒരു വസ്തുവും ഇല്ല,'' എന്നു പറഞ്ഞതിന്നു,
5 യശയ്യാ ഹിസ്കീയാവിനോടു പറഞ്ഞിതു: സൈന്യങ്ങളുടയ യഹോവയുടെ
6 വചനം കേൾക്ക! ഇതാ നിന്റെ വീട്ടിലുള്ളതും നിന്റെ പിതാക്കന്മാർ
ഇന്നേവരേ സംഗ്രഹിച്ചതും എല്ലാം ഒട്ടും ശേഷിക്കാതേ ബാബേലിൽ
കൊണ്ടുപോകുന്ന ദിവസങ്ങൾ വരുന്നു എന്നു യഹോവ ചൊല്ലുന്നു. നീ ഉല്പാ
7 ദിച്ചിട്ടു നിന്നിൽനിന്നു പുറപ്പെടുന്ന മക്കളിൽ ചിലർ എടുക്കപ്പെട്ടു ബാ
ബേൽരാജമന്ദിരത്തിൽ ഷണ്ഡന്മാർ ആകയും ചെയ്യും. ഹിസ്കീയാ യശയ്യാ
8 വിനോടു: നീ ഉരെച്ച യഹോവാ വചനം നല്ലതു് എന്നും, എന്റെ നാളുക
ളിലല്ലോ സമാധാനവും വിശ്വാസ്യതയും ഉണ്ടാകും പോൽ എന്നും പറഞ്ഞു.

X. യഹോവാദാസനാലേ അന്ത്യരക്ഷ

(അ. 40–66.)

I. യഹോവ സ്വജനത്തിന്റെ വീണ്ടെടുപ്പു നിശ്ചയിക്കയാൽ പല ദേവ കളിൽ ആശ്രയിക്കുന്നവർ എത്ര വിരോധിച്ചാലും നടത്തിക്കും.

(അ. 40–48.)

40. അദ്ധ്യായം

ആശ്വസിപ്പിക്കയും (3) ഒരു ദൂതൻ യഹോവയുടേ പ്രത്യക്ഷതയെ അറി യിക്കയും (6) സകലം വാടുകേ വാഗ്ദത്ത നിത്യതയെ പ്രമാണിപ്പിക്കയും വേണ്ടതല്ലാതേ (9) യഹോവ സ്വജനത്തെ നടത്തുന്ന ഇടയനും (12) വി ശ്വം വിചാരിക്കുന്ന സൃഷ്ടാവും (17) വിഗ്രഹങ്ങളോടു് ഉപമിച്ചുകൂടാത്ത വനും ആയുയൎന്നു (27) തന്നേ തേറുവാൻ പ്രബോധിപ്പിക്കുന്നു.

1 **അ**ല്ലയോ എൻ ജനത്തെ ആശ്വസിപ്പിപ്പിൻ, ആശ്വസിപ്പിപ്പിൻ! എന്നു
2 നിങ്ങളുടേ ദൈവം പറയുന്നു. യരൂശലേമിന്റെ ഹൃദയത്തിലേക്കു് ഉരിയാടി: അവളുടേ ചേകം തികഞ്ഞു വന്നു എന്നും അകൃത്യത്തിന്നു പരിഹാരമായി എന്നും യഹോവാകൈയിൽനിന്നു അവൾക്കു സകലപാപങ്ങൾക്കായി
3 ഇരട്ടിച്ചു കിട്ടി എന്നും അവളോടു വിളിച്ചുപറവിൻ.— വിളിക്കുന്നൊരു ശബ്ദം അതാ: മരുവിൽ യഹോവാവഴിയെ ഒരുക്കുവിൻ, പാഴ്നിലത്തു
4 നമ്മുടെ ദൈവത്തിന്നു നിരത്തു നേരേയാക്കുവിൻ! താഴ്വര എല്ലാം ഉയർ കയും മലയും കുന്നും ഒക്കേ താഴ്കയും വളവുള്ളതു ചൊവ്വായും കടുന്തുക്ക
5 ങ്ങൾ സമമായും വരിക! യഹോവാതേജസ്സു വെളിപ്പെടുകയും സകലജഡം
6 ഒന്നിച്ചു കാൺകയും ആം യഹോവാവായി ഉരചെയ്തുവല്ലോ.— ''വിളി ക്ക!'' എന്നു് ഒരു ശബ്ദം പറയുന്നു. ''എന്തു വിളിക്കേണ്ടു?'' എന്നു് അ
7 വൻ പറയുന്നു. ''സകലജഡം പുല്ലു് അതിന്റെ ലാവണ്യം എല്ലാം നി ലത്തിലേ പൂ പോലേയും തന്നേ. യഹോവാശ്വാസം അതിൽ ഊതുകയാൽ
8 പുല്ലു് ഉണങ്ങി പൂ വാടി; ജനം കേവലം പുല്ലത്രേ. പുല്ലു് ഉണങ്ങി പൂ വാടു ന്നു എങ്കിലും നമ്മുടേ ദൈവത്തിന്റെ വചനം എന്നേക്കും നിവിരുന്നു.''
9 ഹേ സുവാർത്ത അറിയിക്കുന്ന ചിയ്യോനേ! ഉയൎന്ന മലമേലേ കയറിചെല്ല സുവാർത്തക്കാരത്തിയായ യരൂശലേമേ! ഉച്ചത്തിൽ ശബ്ദം ഉയർത്തുക, ഭയ പ്പെടാതേ ഉയർത്തി, യഹൂദാനഗരങ്ങളോടു: ''നിങ്ങളുടെ ദൈവം ഇതാ''
10 എന്നു ചൊല്ലുക! ഇതാ യഹോവ എന്ന കർത്താവു ബലവാനായി വരുന്നു;

അവന്റെ ഭുജം അവനായി അധികരിക്കുന്നു, കണ്ടാലും (അവന്റെ കൂലി
11 ഒപ്പരവും അവന്റെ പ്രതിഫലം മുന്നിലും ഉണ്ടു. ഇടയനെ പോലേ തന്റെ
കൂട്ടത്തെ മേയ്ക്കുയും, കുഞ്ഞാടുകളെ ഭുജത്തിൽ ചേൎക്കയും മടിയിൽ എടുക്കയും,
മുല കുടിപ്പിക്കുന്നതിനെ പതുക്കേ നടത്തുകയും ചെയ്യും. ഉള്ളങ്കൈയിൽ വെ
12 ള്ളങ്ങളെ അളന്നു ചാണകൊണ്ടു വാനങ്ങളെ നിദാനിച്ചു ഭൂമിയുടെ മണ്ണു നാ
ഴിയിൽ കൊള്ളിച്ചു മലകളെ കോലിലും കുന്നുകളെ നിറതുലാസ്സിലും തൂക്കി
13 ക്കൊണ്ടതു് ആർ? യഹോവാത്മാവിനെ നിദാനിച്ചതും അവനെ ഗ്രഹിപ്പി
ക്കുന്ന മന്ത്രണത്തിന്നു് ആളായതും ആർ? തന്നെ വിവേകിയാക്കി ന്യായ
14 ത്തിൻ വഴിയെ പഠിപ്പിച്ചു അറിവു ഗ്രഹിപ്പിച്ചു ജ്ഞാനമാൎഗ്ഗം ബോധിപ്പി
ച്ചു തരുവാൻ ആരോടുപോൽ അവൻ നിരൂപിച്ചിരുന്നു? കണ്ടാലും ജാതി
15 കളം തുലാക്കൊട്ടയിലേ തുള്ളിക്കുടം നിറക്കോലിലേ ധൂളിക്കുടം സമമായി
16 തോന്നും, ദ്വീപുകളം കിളുന്നു പൊടി പോലേ അത്രേ. ചമതെക്കു ലിബ
17 നോനും പോരാ, ഹോമത്തിന്നു് അതിലേ മൃഗങ്ങളും ഒട്ടും മതിയാക. തി
രുമുമ്പിൽ സകലജാതികളും ഇല്ലായ്മെക്കു് ഒത്തു നാസ്തിയും മായയും എ
18 ന്നു് അവനു തോന്നുന്നു.—പിന്നേ ആരോടു നിങ്ങളം ദേവനെ ഉപമിക്കുടം,
19 ഏതു രൂപം അവനു നേരേ ആക്കുടം? കമ്മാളൻ ബിംബം ഉരുക്കി, തട്ടാൻ
20 പൊൻ പൊതിഞ്ഞു വെള്ളിത്തുടരുകളെയും വാക്കുന്നു. വഴിപാടിന്നു ഗതി
പോരാത്തവൻ പൂതലിക്കാത്ത മരം തെരിഞ്ഞു വിദഗ്ധനായ ചിത്രക്കാര
21 നെ അന്വേഷിച്ചു അനങ്ങാത്ത ബിംബം അവനെക്കൊണ്ടു് നിർമ്മിപ്പിക്കു
ന്നു.—അല്ലയോ, നിങ്ങളം അറിയായ്കയോ കേളായ്കയോ? ആദിമുതൽ
നിങ്ങളംകു ബോധിപ്പിച്ചിട്ടില്ലയോ? ഭൂമിക്കു് അടിസ്ഥാനങ്ങളം ഇട്ടതു
22 വിവേചിച്ചില്ലയോ? ഭൂചക്രത്തിന്മീതേ ഇരുന്നുകൊണ്ടു് അതിലേ കുടിയാ
ന്മാരേ വെട്ടുക്കിളികളം എന്നു കണ്ടു, വിതാനം പോലേ വാനങ്ങളെ നീട്ടി
23 കുടാരം പോലേ പാർപ്പിന്നു വിരിക്കുന്നവൻ, മന്നവരെ ഇല്ലായ്മച്ചെയ്യു
24 ഭൂമിയിലേ ന്യായകൎത്താക്കളെ മായെക്കു സമമാക്കുന്നവൻ. അവർ ഏകദേ
ശം നടാതേയും വിതെക്കാതേയും കുറ്റി ഭൂമിയിൽ വേർകിഴിയാതേയും ഉ
ണ്ടായിരിക്കേ താൻ അവരിൽ ഊതിയാൽ ഉണങ്ങുകയും പെരുങ്കാറ്റു താള
25 ടി കണക്കേ അവരെ പാറ്റുകയും ചെയ്യുന്നു. പിന്നേ ആരോടു് എന്നെ ഉപ
മിച്ചു സാദൃശ്യം വരുത്തുന്നതു്? എന്നു വിശുദ്ധൻ പറയുന്നു. കണ്ണുകളെ മീ
26 ത്തൽ ഉയൎത്തി നോക്കുവിൻ! ഇവ (വാനമീനകളം) സൃഷ്ടിച്ചതു് ആർ? ഇവ
റിൻ സൈന്യം എണ്ണിട്ടു പുറപ്പെടീച്ചും അവ ഒക്കയും പേർ വിളിച്ചും
കൊള്ളുന്നവൻ തന്നേ; വീര്യബാഹുല്യവും ശക്തിമിടുമയും നിമിത്തമായി
27 ഒന്നും വരാതേ കണ്ടിരിക്കയും ഇല്ല.—'പിന്നേ എന്റെ വഴി യഹോവെക്കു
മറഞ്ഞതു് എന്നും എൻ ദൈവത്തിൽനിന്നു് എന്റെ ന്യായം ഒഴിഞ്ഞു പോ
കുന്നു എന്നും യാക്കോബേ നീ പറവാനും ഇസ്രയേലേ നീ ചൊലവാനും എ
28 ന്തു? നീ അറിയായ്കയോ കേളായ്കയോ? ഭൂമിയുടെ അറ്റങ്ങളെ സൃഷ്ടിച്ച
29 യഹോവ നിത്യദൈവം തന്നേ, ചടപ്പും ഇല്ല തളൎച്ചയും ഇല്ല, അവന്റെ
വിവേകം ആരായുമാറില്ല. ചടപ്പുള്ളവനു ശക്തി കൊടുത്തു തളൎന്നു ചടെക്കു
30 ന്നു, യുവാക്കളം ഇടറിവീണാലും, യഹോവയെ കാത്തിരിക്കുന്നവൻ ശക്തി
പുതുക്കി കഴുകു പോലേ ഇറകു് ഇളക്കി കയറുകയും ചടപ്പില്ലാതേ ഓടുകയും
തളരാതേ നടക്കയും ആം.

41. അദ്ധ്യായം

ഇസ്രയേലെ ഉദ്ധരിപ്പാൻ കുരുസ്സിനെ ഉദിപ്പിക്കുന്ന ദൈവത്തോടു ജാ
തികളംക്കു് എന്തു് ആവതു? (8) ഇസ്രയേൽദേവസഖ്യതയിൽ ആശ്രയിച്ച
ജയം കൊളംകയും (17) സ്വദേശത്തേക്കു തിരിഞ്ഞു് ആശ്വസിക്കയും (21)
ജാതിദേവകളുടെ മായ തെളികയും ചെയ്യും.

1 ഹേ ദ്വീപുകളേ എന്റെ മുമ്പിൽ മിണ്ടായ്വിൻ! കുലങ്ങൾ ശക്തി പു
തുക്കിക്കൊള്ളട്ടേ, അവർ അടുത്തുവന്നു സംസാരിച്ചാവു നാം ഒക്കത്തക്ക വി
2 സ്താരത്തിന്നു കൂടി ചെല്ലട്ടേ! നീതി കാലിന്നു് എതിരേല്ക്കുന്നവനെ കിഴക്കു
നിന്നു് ഉണർത്തിയതു് ആർ? ജാതികളെ അവന്റെ മുമ്പിൽ ഏല്പിച്ചു
കൊടുത്തു രാജാക്കളെ ചവിട്ടിക്കളയിക്കുന്നതും പൊടിക്കു സമരെ അവന്റെ
വാളിന്നും പാറുന്ന താളടിക്കു് ഒത്തവരെ അവന്റെ വില്ലിന്നും കൊടുക്കുന്ന
3 തും ആരുപോൽ? അവൻ (മുമ്പേ) കാൽനടക്കാത്ത ഞെറിയിൽ അവരെ
പിന്തുടർന്നു സുഖേന കടന്നുവരുന്നു. ഇതു പ്രവൃത്തിച്ചു നടത്തിയതു് ആർ?
4 ആദിമുതൽ തലമുറകളെ വിളിച്ചവനായ യഹോവ എന്ന മുമ്പനും ഒടുക്കത്തെ
5 വരോടുള്ളവനും ആയ ഞാൻ തന്നേ.— ദ്വീപുകൾ കണ്ടു ഭയപ്പെട്ടു ഭൂമിയുടെ
6 അറ്റങ്ങൾ വിറെച്ചു് അടുത്തുവന്നു ചേർന്നു. അവർ അന്യോന്യം സഹായിച്ചു
അവനവനോടു ''ഉറെച്ചുവോ'' എന്നു പറകയും, ചിത്രക്കാരൻ തട്ടാനെ
7 യും ചുറ്റികകൊണ്ടു നിരത്തുന്നവൻ അടക്കല്ലിന്മേൽ അടിക്കുന്നവനെയും
ഉറപ്പുവരുത്തുകയും, ''ഈ വിളക്കുന്ന കാരം നല്ലതു്'' എന്നു ചൊല്ലി
(ബിംബം) അനങ്ങാതവണ്ണം ആണികളെക്കൊണ്ടു് ഉറപ്പിക്കയും ചെയ്തു.
8 എങ്കിലും എൻ ദാസനായ ഇസ്രയേലേ ഞാൻ തെരിഞ്ഞെടുത്ത യാക്കോ
9 ബേ എൻ സ്നേഹിതനായ അബ്രഹാമിന്റെ സന്തതിയേ, ഭൂമിയുടെ അറ
ങ്ങളിൽനിന്നു ഞാൻ നിന്നെ പിടിച്ചു അതിൻ അരുവിൽനിന്നു വിളിച്ചു:
''നീ എന്റെ ദാസൻ നിന്നെ ഞാൻ തെരിഞ്ഞെടുത്തു നിന്നെ ഉപേക്ഷിക്ക
10 യും ഇല്ല'' എന്നു ചൊല്ലിയവനായുള്ളോവേ! ഭയപ്പെടായ്ക ഞാൻ നിന്റെ
കൂടേ ഉണ്ടു, കൂശായ്ക ഞാൻ നിന്റെ ദൈവം; നിന്നെ ഞാൻ ബലപ്പെടുക
യും തുണെക്കയും നീതിയുടെ വലങ്കൈകൊണ്ടു താങ്ങുകയും ചെയ്യുന്നു.—
11 ഇതാ നിന്റെ നേരേ ഉഗ്രപിച്ചവർ ഒക്കയും നാണിച്ചു് അമ്പരക്കും, നിന്നോ
ടു വഴക്കാടുന്നവർ നാസ്തിയായി കെടും. നിന്നോടു വായാടുന്നവരെ തിര
12 ഞ്ഞാൽ നീ കാണായ്കയും, നിന്നോടു പോരാടുന്നവർ നാസ്തിയും ഇല്ലായ്മ
13 യും ആകും. യഹോവ എന്ന ഞാനാകട്ടേ നിന്റെ വലങ്കൈ പിടിച്ചു ''ഭയ
പ്പെടായ്ക ഞാൻ നിൻ തുണ'' എന്നു പറയുന്ന നിന്റെ ദൈവം. അല്ല
14 യോ യാക്കോബ് പുഴുവേ ഇസ്രയേൽ പരിഷയേ ഭയപ്പെടേണ്ട ഞാൻ നി
ന്റെ തുണ എന്നു യഹോവയുടേ അരുളപ്പാടു; നിന്നെ വീണ്ടെടുപ്പവൻ ഇസ്ര
യേലിലേ വിശുദ്ധൻ തന്നേ. ഇതാ ഞാൻ നിന്നെ കൂർത്തു മൂർത്തുള്ള ഇരുമു
15 യുള്ള മെതിവണ്ടിയാക്കുന്നു; നീ മലകളെ മെതിച്ചു ധൂളിപ്പിച്ചു കുന്നുകളെ
16 പതിർ പോലേ ആക്കിത്തീർക്കും; അവറെ നീ ചേറിയാൽ കാറ്റു് എടു
ത്തു വിശറു ചിന്നിക്കും, നീയോ യഹോവയിൽ ആനന്ദിച്ചും ഇസ്രയേലി
17 ലേ വിശുദ്ധനിൽ പ്രശംസിച്ചുകൊള്ളും.— ദീനരും ദരിദ്രരും വെള്ളത്തിന്നു
തിരയുമ്പോഴും ഒട്ടും ഇല്ലാതേ നാവു ദാഹംകൊണ്ടു വറണ്ടുപോകേ, യഹോവ
യായ ഞാൻ അവരെ ചെവികൊള്ളും, ഇസ്രയേലിൻ ദൈവം അവരെ
18 കൈവിടുകയും ഇല്ല. പാഴ്മലകളിൽ ഞാൻ പുഴകളെയും താഴ്വരകളുടെ നടു
വിൽ ഉറവുകളെയും തുറക്കും; മരുവെ നീർപ്പൊയ്കയും ഉണങ്ങിയ ഭൂമി
19 യെ ജലപ്പൊഴിലും ആക്കും. മരുവിൽ ഞാൻ ദേവതാരം കരിങ്ങാലി പേര
യും ഒലിവമരവും ഇടുകയും പാഴ്നിലത്തിൽ കീൽമരം പിലാവു നെല്ലി
യും ഒക്കത്തക്ക നടുകയും ചെയ്യും, യഹോവക്കൈ ഇതു ചെയ്തു എന്നും ഇസ്ര
20 യേലിലേ വിശുദ്ധൻ സൃഷ്ടിച്ചു എന്നും അവർ ഒന്നിച്ചു കണ്ടറിഞ്ഞു വിചാ
രിച്ചു ഗ്രഹിക്കേണ്ടതിന്നു തന്നേ.
21 നിങ്ങളുടേ അന്യായം വെപ്പിൻ എന്നു യഹോവ പറയുന്നു; നിങ്ങടേ
പ്രബലന്യായങ്ങളെ ചേർത്തുകൊൾവിൻ എന്നു് യാക്കോബിൻ രാജാവു
22 ചൊല്ലുന്നു. സംഭവിപ്പാനുള്ളവ അവർ വരുത്തി അറിയിക്കട്ടേ! മുമ്പേ തന്നേ
ഉണ്ടാകുന്നവ ഇന്നവ എന്നു കഥിപ്പിൻ! പിന്നേ നാം മനസ്സിലാക്കി ശേഷ
വും അറിയാമല്ലോ; എന്നിയേ ഭാവികളെ ഞങ്ങളോടു കേൾപ്പിപ്പിൻ!

23 നിങ്ങളാം ദേവന്മാർ എന്ന നമുക്ക ബോധിക്കേണ്ടതിന്ന പിന്നോടം വരുന്നവ
കഥിപ്പിൻ! നല്ലതോ തീയതോ വല്ലതും ചെയ്വിൻ, എന്നാൽ നമ്മിൽ
24 ഒന്ന നോക്കി ഒക്കത്തക്ക കാണാം. കണ്ടോ നിങ്ങളാം ഇല്ലായ്മയിലും നിങ്ങ
ളുടേ ക്രിയ അഭാവത്തിലും ഉണ്ടായത്ര; നിങ്ങളെ തെരിഞ്ഞെടുക്കുന്നവൻ
അറെപ്പത്രേ.
25 വടക്കുനിന്ന ഞാൻ ഉണത്തീട്ട അവൻ എത്തി, സൂര്യോദയത്തിൽനിന്ന
വന്ന എൻ നാമത്തെ വിളിക്കുന്നവൻ; കുശവൻ കളിമണ്ണ ചവിട്ടംപ്രകാരം
26 താൻ മാടമ്പികളുടേ മേൽ ചളി പോലേ ചവിട്ടി ചെല്ലുന്ന. ആദിമുതൽ
ഇത്ര കഥിച്ചത് ആർ? എന്നാൽ ഞങ്ങളാംക്ക ബോധിക്കും; മുമ്പിൽക്കുട്ടി
ചൊല്ലിയവൻ എങ്കിൽ കണക്കിലായി എന്ന പറയും കഥിച്ചവനും ഇല്ല
കേൾപ്പിച്ചവനും ഇല്ല, നിങ്ങളുടെ മൊഴികളാം കേട്ടവനും ഇല്ല പോൽ.
27 (ഞാനേ) ഒന്നാമത്ര ചിയ്യോനോട് ''ഇതാ ഇവ കണ്ടാലും'' എന്ന ചൊല്ലി
28 യരുശലേമിന്ന സുവാർത്തക്കാരനെ കൊടുത്ത. ഞാൻ ചുറും നോക്കിയാ
ലോ ആരും ഇല്ല; ഇവരിലോ ഞാൻ ചോദിച്ചാൽ പ്രത്യുത്തരം തരുവാൻ
29 മന്ത്രിക്കുന്നവനും ഇല്ല. ഇതാ ഇവർ ഒക്കയും (എന്ത്ര) അവരുടേ ക്രിയകളാം മാ
യയും നാസ്തിയും, അവരുടേ വിഗ്രഹങ്ങളാം കാറും പാഴുമത്രേ.

42. അദ്ധ്യായം

യഹോവാദാസൻ എങ്ങും നീതിയെ ഉപദേശിച്ചാൽ (10) സർവ്വരും സ്തു
ക്കും (14) അതിന്നായി ദൈവം താൻ വട്ടം കൂട്ടി (18) അവിശ്വസ്തനായ
ഇസ്രയേലിനെ നാണിപ്പിച്ച പുതുക്കം വരുത്തും.

1 ഇതാ ഞാൻ താങ്ങുന്ന എന്റെ ദാസനും എൻ ഉള്ളം പ്രസാദിച്ച തെരി
ഞ്ഞെടുത്തവനും! ആയവന്മേൽ ഞാൻ എന്റെ ആത്മാവിനെ ആക്കി, അവൻ
2 ജാതികളാംക്ക ന്യായത്തെ പരത്തും. അവൻ വിളിക്കയില്ല കൂക്കുകയും ഇല്ല,
3 വീഥിയിൽ ശബ്ദം കേൾപ്പിക്കയും ഇല്ല. ഒടിഞ്ഞ ഓടിനെ മുറിക്ക ഇല്ല
മങ്ങിക്കത്തുന്ന തിരിയെ കെടുക്കയും ഇല്ല, ഉണ്മയിൽ ന്യായത്തെ പര
4 ത്തും. അവൻ ഭ്രമിയിൽ ന്യായം സ്ഥാപിക്കുംവരേ കെടുകയും ഇല്ല ഒടിക
യും ഇല്ല, അവന്റെ ധർമ്മോപദേശത്തിലേക്ക ദ്വീപുകളാം ആശിക്കയും ചെ
5 യ്യുന്ന.—വാനങ്ങളെ സൃഷ്ടിച്ച വിരിച്ച ഭ്രമിയെയും അതിൽ മുളെക്കുന്നവ
യും പരത്തി, അതിന്മേലേ ജനത്തിന്ന ശ്വാസവും അതിൽ നടക്കുന്നവർക്ക്
ആത്മാവും കൊടുത്തുകൊള്ളുന്ന യഹോവ എന്ന ദേവൻ പറയുന്നിത്ര: യഹോ
6 വയാകുന്ന ഞാൻ നീതിയിൽ നിന്നെ വിളിച്ച നിന്റെ കൈ പിടിച്ച, നി
ന്നെ സൂക്ഷിക്കയും ജനത്തിന്ന നിയമവും ജാതികളാംക്ക വെളിച്ചവും ആക്കി
7 വെക്കയും ചെയ്യുന്നത്ര, കുരുടരുടേ കണ്ണുകളെ തുറന്ന ബദ്ധന്മാരെ തടവിൽ
8 നിന്നും ഇരിട്ടിലുള്ളവരെ കാരാഗൃഹത്തിൽനിന്നും വിടുത്തുകൊടുപ്പാൻ ത
ന്നേ. യഹോവയാകുന്ന ഞാൻ എന്നത് എന്റെ നാമം, എന്റെ തേജസ്സു
9 മറ്റൊരുത്തനും എൻ സ്തുതിയെ വിഗ്രഹങ്ങളാംക്കും കൊടുക്ക ഇല്ല. മുമ്പിലേ
വ ഇതാ വന്ന പുതിയവയും ഞാൻ അറിയിക്കുന്ന, അവ കിളുക്കുമ്മുന്നേ
ഞാൻ നിങ്ങളെ കേൾപ്പിക്കുന്ന.
10 അല്ലയോ സമുദ്രത്തിൽ ഓടുന്നവരും അതിലേ നിറവും, ദ്വീപുകളും അ
വറിൽ വസിക്കുന്നവരും ആയുള്ളോരേ! യഹോവെക്ക പുതിയ പാട്ട പാടു
വിൻ ഭ്രമിയറുതിയിൽനിന്ന് അവന്റെ സ്തുതിയും പാടുവിൻ! മരുവും അതി
11 ലേ ഊരുകളും കേദാർ പാർക്കുന്ന ഗ്രാമങ്ങളും കൂക്കുക! പാറയിലേ കുടിയാർ
12 ആർത്ത മലമുകളിൽനിന്ന ഘോഷിക്ക! അവർ യഹോവെക്ക തേജസ്സു
കൊടുത്ത അവന്റെ സ്തുതിയെ ദ്വീപുകളിൽ കഥിപ്പൂതാക.
13 യഹോവ ആകട്ടേ ശൂരനെ പോലേ പുറപ്പെട്ട പോരാളികണക്കേ എരി
വിനെ ഉണത്തിക്കൊണ്ട്, ഉറക്കേ ആർത്ത നദിച്ച തന്റെ ശത്രുക്കളെക്കൊള്ളേ

14 വീര്യം നടിക്കുന്നു. പണ്ടു ഞാൻ മിണ്ടാഞ്ഞു മൌനമായി അടങ്ങിനി
ന്നുവല്ലോ, പെറുന്നവളെ പോലേ ഞാൻ മുറവിളി തുടങ്ങി വീർത്തുടൻ നി
15 ശ്വസിക്കയും ചെയ്യും; മലകുന്നുകളെ പാഴാക്കി അതിലേ തൃണാദി ഒക്ക
യും വാട്ടി പുഴകളെ ദ്വീപുകളാക്കി പൊയ്കകളെ വറ്റിക്കയും, കുരുടന്മാരെ
16 അറിയാത വഴിയിൽ നടത്തുകയും തോന്നാത്ത പാതകളിൽ സഞ്ചരിപ്പി
ക്കയും, അവർക്കു മുമ്പിൽ ഇരുളെ വെളിച്ചവും വളവുകളെ ചൊവ്വും ആക്കുക
യും ചെയ്യും. എന്നിവ ഞാൻ അവരെ കൈവിടാതേ ചെയ്യുന്ന കാര്യങ്ങൾ
17 തന്നേ. വിഗ്രഹത്തിൽ ആശ്രയിച്ചും വാർത്ത രൂപത്തോടു ''നിങ്ങൾ ഇങ്ങേ
ദേവന്മാർ'' എന്നു പറഞ്ഞുംകൊള്ളുന്നവർ പിൻവാങ്ങി നാണം നാണിക്കേ
ണ്ടുള്ളു.
18.19 ചെവിടരേ കേൾപ്പിൻ കുരുടരേ നോക്കിക്കാണ്മിൻ! എൻ ദാസനല്ലാ
തേ കുരുടായത് ആർ? ഞാൻ അയക്കുന്ന ദൂതനെ പോലേ ചെവിടൻ ആർ,
സഖിയോളം അന്ധനും യഹോവാദാസനോളം കുരുടനും ആയത് ആർ?
20 പലവും നീ കണ്ടിട്ടും സൂക്ഷിക്കാതേയും ചെവികൾ തുറന്നിട്ടും അവൻ കേ
21 ളാതേയും പോയി. വലിയതും ശ്രേഷ്ഠവും ആയ ധർമ്മോപദേശത്തെ നല്ലു
22 വാൻ യഹോവ സ്വനീതി നിമിത്തം ഇഷ്ടപ്പെട്ടു. അവനോ കവർന്നു കൊള്ള
യിടപ്പെട്ട ജനം! ഗ്രഹകളിൽ ഒക്കേ കുടുങ്ങി കാരാഗൃഹങ്ങളിൽ മറഞ്ഞുപോ
യവർ, ഉദ്ധരിപ്പവൻ ഇല്ലാതേ അവർ കവർച്ചയും മടക്കി താ എന്ന് ആ
രും പറയാതേകണ്ടു കൊള്ളയും ആയ്പ്പോയി! ഇതു നിങ്ങളിൽ ആർ ചെ
23 വിക്കൊൾകയോ കുറിക്കൊണ്ടു ശേഷത്തിങ്കലും കേൾക്കയോ? യാക്കോബെ
24 കൊള്ളയിടുവാനും ഇസ്രയേലെ കവർച്ചക്കാർക്കും കൊടുത്തുകളഞ്ഞത്
ആർ? യഹോവ അല്ലയോ? യാതൊരുത്തനോടു നാം പാപം ചെയ്തു ആരു
ടേ വഴികളിൽ നടപ്പാൻ മനസ്സില്ലാതേയും ധർമ്മത്തെ കേളാതേയും പോയ
25 ത് ആയവൻ തന്നേയല്ലോ? അന്നു തന്റെ കോപത്തിൻ ചൂടും യുദ്ധബല
വും അവരുടേ മേൽ പകർന്നു അതു ചുറ്റും ജ്വലിപ്പിച്ചിട്ടും (ഇസ്രയേൽ) അ
റിഞ്ഞതും ഇല്ല, അവനെ ദഹിപ്പിച്ചിട്ടും കൂട്ടാക്കിയതും ഇല്ല.

43. അദ്ധ്യായം

യഹോവ സ്വജനത്തെ രക്ഷിച്ച ചേക്കയും (8) പ്രവാചകത്തെ പുതുക്ക
യും (14) ബാബേലെ താഴ്ത്തുകയും (18) ഇസ്രയേലോട് അത്ഭുതമായി
(22) കനിഞ്ഞു ക്ഷമിക്കയും (26) പാപബോധം വരുത്തുകയും ചെയ്യും.

1 ഇപ്പോഴോ യാക്കോബേ നിന്റെ സ്രഷ്ടാവും ഇസ്രയേലേ നിന്റെ നി
ർമ്മാതാവും ആയ യഹോവ പറയുന്നിതു: ഭയപ്പെടേണ്ട ഞാൻ നിന്നെ വീ
ണ്ടെടുത്തു നിന്റെ പേർ ചൊല്ലി വിളിച്ചുവല്ലോ. നീ എനിക്കുള്ളവൻ ത
2 ന്നേ. നീ വെള്ളങ്ങളുടേ കടന്നാൽ ഞാൻ കൂടേ ഉണ്ടു, പുഴകളുടേ എന്നു വെ
ച്ചാൽ നിന്നോളം കവിക ഇല്ല; നീതിയിൽ കൂടി നടന്നാൽ പൊള്ളുക ഇ
3 ല്ല, ജ്വാല നിന്നെ ചുടുകയും ഇല്ല. യഹോവയായ ഞാനാകട്ടേ നിന്റെ
ദൈവം, ഇസ്രയേലിലേ വിശുദ്ധൻ നിന്നെ ഉദ്ധരിക്കുന്നവൻ, നിന്നെ
വീളുവാൻ മിസ്രയെയും നിനക്കു വേണ്ടി കൂശും സബാവും വിലയായി
4 കൊടുക്കുന്നു. എന്റെ കണ്ണിന്നു നീ വിലയേറി മാന്യനായി എന്റെ പ്രീതി
ഉള്ളവനാകകൊണ്ടു നിനക്കായി മനുഷ്യരെയും നിന്റെ പ്രാണനു പകരം
5 കുലങ്ങളെയും കൊടുക്കുന്നു. ഭയപ്പെടേണ്ട ഞാൻ നിന്റെ കൂട ഉണ്ടു, ഉദയ
ത്തിൽനിന്നു നിന്റെ സന്തതി വരുത്തി അസ്തമാനത്തുനിന്നു നിന്നെ ചേർ
6 ത്തുകൊള്ളും. ഞാൻ വടക്കിനോടു ''തരേണം'' എന്നും തെക്കിനോടു ''പി
ടി ഇളക്കുക'' എന്നും ചൊല്ലി, ദൂരത്തുനിന്ന് എൻ പുത്രരെയും ഭൂമിയറ്റത്തു
7 നിന്ന് എൻ പുത്രിമാരെയും വരുത്തുക, എൻ നാമത്താലേ പേർ വിളിച്ചിട്ടും

എൻ തേജസ്സിന്നായി ഞാൻ സൃഷ്ടിച്ചു നിർമ്മിച്ചുണ്ടാക്കീട്ടും ഉള്ളത് ഒക്ക
യും തന്നേ എന്ന (കല്പിക്കും).
8 കണ്ണുകാം ഉണ്ടായിട്ടും കുരുടും ചെവികാം ഉണ്ടായിട്ടും ചെവിടരും ആയ
9 ജനത്തെ പുറപ്പെടീക്കുക! സകലജാതികളും ഒന്നിച്ചു കൂടി കുലങ്ങാം ഒരുമി
ച്ചു ചേരുക. അവരിൽ ഈ വക കഥിക്കാകുന്നത് ആർ? അല്ല അവർ മുമ്പി
ലേവ കേൾപ്പിച്ച തങ്ങടേ സാക്ഷികളെ എത്തിപ്പൂതാക, അവരുടേ പക്കൽ
നീതി ഉണ്ടെന്നും ഉള്ളതു തന്നേ എന്നും കേട്ടവർ പറയേണ്ടതിന്ന തന്നേ.
10 എന്റെ സാക്ഷികളോ നിങ്ങളും ഞാൻ തെരിഞ്ഞെടുത്ത എന്റെ ദാസനും
അത്രേ എന്ന യഹോവയുടേ അരുളപ്പാട; ഞാൻ അവൻ തന്നേ എന്ന നി
ങ്ങാം ബോധിച്ച് എന്നെ വിശ്വസിച്ചറിവാൻ തക്കവണ്ണമേ. എന്റെ
മുമ്പേ ഒരു ദേവൻ നിർമ്മിക്കപ്പെട്ടിട്ടും ഇല്ല, എന്റെ പിമ്പേ ഉണ്ടാകയും
11 ഇല്ല. ഞാൻ ഞാനേ യഹോവ, ഞാനല്ലാതേ ഉദ്ധരിക്കുന്നവനും ഇല്ല.
12 അറിയിച്ച് ഉദ്ധരിച്ചു കേൾപ്പിച്ചു തന്നതു ഞാനത്രേ, നിങ്ങളിൽ ഓർ അ
ന്യൻ ഉണ്ടായതും ഇല്ല; ഞാൻ ദേവൻ എന്നതിന്ന നിങ്ങാം എനിക്കു സാ
13 ക്ഷി എന്ന യഹോവയുടേ അരുളപ്പാട. ഇന്നുമുതൽ കൂടേ ഞാൻ അവൻ
തന്നേ, എന്റെ കയ്യിൽനിന്ന് ഉദ്ധരിക്കുന്നവനും ഇല്ല; ഞാൻ പ്രവൃത്തിക്കു
ന്ന പിന്നേ ആർ മുടക്കും?
14 നിങ്ങളെ വീണ്ടെടുക്കുന്ന യഹോവ എന്ന് ഇസ്രയേലിലേ വിശുദ്ധൻ
പറയുന്നിതു: നിങ്ങാംക്കായി ഞാൻ ബാബേലിന്നാമാറ് (ആളെ) അയ
ച്ച് അതിൽ എല്ലാ മണ്ടന്നോരെയും കല്ദയരെയും മുമ്പേ ആർത്തുവാഴ്ത്തീയ
15 കപ്പലുകളിൽ ആട്ടിക്കിഴിക്കും. ഇസ്രയേലിന്റെ സ്രഷ്ടാവും നിങ്ങടേ രാ
16 ജാവുമായ യഹോവ എന്ന ഞാൻ നിങ്ങളിലേ വിശുദ്ധൻ തന്നേ. കടലിൽ
17 വഴിയും ബലത്ത വെള്ളങ്ങളിൽ പാതയും കൊടുത്തു, തേരും കുതിരയും
സേനാബലവും പുറപ്പെടുവിക്കുന്ന യഹോവ പറയുന്നിതു: (അതാ) അവർ
ഒക്കത്തക്ക കിടക്കുന്ന എഴുനീല്ക്കയില്ല തീ പോലേ പൊലിഞ്ഞു കെടും.—
18 മുമ്പിലേവ ഇനി ഓക്കയും പുരാണമായവ കൂട്ടാക്കയും അരുതു. ഇതാ ഞാൻ
19 പുതിയതു സൃഷ്ടിക്കുന്നു, ഇപ്പോാം അതു മുളെക്കും; ബോധിക്കുന്നില്ലയോ?
20 ഞാൻ മരുവിൽ വഴിയും ശൂന്യത്തിൽ പുഴകളും ഇടുന്നുണ്ടു. കുറുക്കനും തീപ്പ
ക്ഷി മുതൽ കാട്ടിലേ മൃഗം എന്നെ ബഹുമാനിക്കും. ഞാൻ തെരിഞ്ഞെടു
ത്ത എന്റെ ജനത്തെ കുടിപ്പിപ്പാൻ മരുവിൽ വെള്ളവും ശൂന്യത്തിൽ പുഴ
21 കളും ഇടുകനിമിത്തം തന്നേ. എനിക്കായി ഞാൻ നിർമ്മിച്ച ജനമായത്
22 എന്റെ സ്തുതിയെ വിവരിക്കും.— എങ്കിലും യാക്കോബേ നീ എന്നെ വി
23 ളിച്ചിട്ടും ഇസ്രയേലേ നീ എന്നിൽ അദ്ധ്വാനിച്ചിട്ടും അല്ല. നിന്റെ ഹോ
മങ്ങളുടേ ആട് എനിക്കു കൊണ്ടുവന്നതും ബലികളാൽ എന്നെ ബഹുമാനി
ച്ചതും ഇല്ല; വഴിപാടുകളാൽ ഞാൻ നിന്നെ സേവിപ്പിച്ചും കുന്തുരുക്കത്താൽ
24 അദ്ധ്വാനിപ്പിച്ചിട്ടും ഇല്ല. നീ പണം കൊടുത്ത് എനിക്കു വയമ്പു മേടിച്ച
തും യാഗമേദസ്സുകൊണ്ടു് എന്നെ സല്ക്കരിച്ചതും ഇല്ല; നിന്റെ പാപങ്ങളാൽ
25 എന്നെ സേവിപ്പിച്ചു അകൃത്യങ്ങളാൽ അദ്ധ്വാനിപ്പിച്ചതേ ഉള്ളു. ഞാൻ
ഞാൻ മാത്രം നിന്റെ ദ്രോഹങ്ങളെ എന്റെ നിമിത്തം മാച്ചുകളഞ്ഞു നി
26 ന്റെ പാപങ്ങളെ ഓക്കാതേ ഇരിക്കുന്നു.—എന്നെ ഓർപ്പിച്ചുകൊാംക നാം
തമ്മിൽ വ്യവഹരിക്ക! നിന്റെ നീതി തോന്നുവാൻ വിവരിച്ചു പറക!
27 നിന്റെ ആദ്യപിതാവു പാപം ചെയ്തു നിന്റെ വ്യാഖ്യാതാക്കാം എന്നോടു ദ്രോ
28 ഹിച്ചുപോയി. അതുകൊണ്ടു ഞാൻ വിശുദ്ധപ്രഭുക്കളെ ഭ്രഷ്ടാക്കി യാക്കോ
ബെ പ്രാക്കലിന്നും ഇസ്രയേലെ ധിക്കാരങ്ങാംക്കും ഏല്പിച്ചുകളഞ്ഞു.

44. അദ്ധ്യായം

ആത്മാവിൻ ദാനം നിമിത്തം ഇസ്രയേൽ ജാതികളിൽ ഉയരും (6) എന്ന സത്യവാൻ അറിയിക്കുന്നു. (9) ദേവകളുടേ മായയും (12) അവയെ

ഉണ്ടാക്കുന്നവരുടേ മൌഢ്യവും വിചാരിച്ച (21) ഇസ്രയേൽ യഹോവയി
ലേക്ക തിരിഞ്ഞു സ്തുതിയിൽ ചേരേണം.
1 ഇപ്പോഴോ എൻ ദാസനായ യാക്കോബേ ഞാൻ തെരിഞ്ഞെടുത്ത ഇസ്ര
2 യേലേ കേൾക്ക: നിന്നെ ഉണ്ടാക്കി ഉദരം മുതൽ നിർമ്മിച്ച സഹായിക്ക
ന്ന യഹോവ പറയുന്നിതു: എൻ ദാസനായ യാക്കോബേ ഞാൻ തെരി
3 ഞ്ഞെടുത്ത യശുരുനേ (സാധോ) ഭയപ്പെടേണ്ട! ദാഹിച്ച നിലത്തിൽ ഞാൻ
വെള്ളവും വറണ്ടതിൽ തോടുകളും പകരും, നിന്റേറ സന്തതിയുടേ മേൽ
എന്റേറ ആത്മാവിനെയും നിൻ തളിരുകളിന്മേൽ എൻ അനുഗ്രഹത്തെയും
4 പകരും; പുല്ലിടയിൽ എന്ന പോലേ നീർച്ചാലുകളിലേ കണ്ടലോളം അവർ
5 വളരും. ഞാൻ യഹോവെക്ക് ഉള്ള എന്ന് ഇന്നവൻ പറകയും യാക്കോബ്
നാമത്തെ ഇന്നവൻ വിളിക്കയും ''യഹോവെക്ക്'' ഇന്നവൻ കൈ എഴുതി
ക്കൊടുത്തു ഇസ്രയേൽ പേർ ചൊല്ലി ലാളിക്കയും ചെയ്യും.
6 ഇസ്രയേൽരാജാവും വീണ്ടെടുപ്പുകാരനും ആയ സൈന്യങ്ങളുടയ യഹോ
വ പറയുന്നിതു: ഞാൻ ആദ്യനും ഞാൻ അന്ത്യനും ആകുന്നു, ഞാനെന്നി
7 ദൈവം ഇല്ല. പിന്നേ നിത്യജനത്തെ ഞാൻ സ്ഥാപിച്ച നാൾമുതൽ എന്നെ
പോലേ പ്രകടിക്കുന്നവൻ ആർ? അവൻ അത് എന്നോടു വകതിരിച്ചു അറി
യിക്ക! ഭവിഷ്യത്തും വരുവാനുള്ളവയും അവർ കഥിച്ചുകൊള്ളുക! പേടി
8 യായ്വിൻ തത്രപ്പെടായ്വിൻ! ഞാൻ പണ്ടേ നിന്നോടു കേൾപ്പിച്ചറി
യിച്ചു, നിങ്ങളും എനിക്കു സാക്ഷിയല്ലോ, ഞാനല്ലാതേ ദൈവം ഉണ്ടോ?
9 ഞാൻ അറികേ ഒരു പാറയും ഇല്ല.—വിഗ്രഹം തീൎക്കുന്നവർ ഏവരും മായ.
അവരുടേ കളിക്കോപ്പുകളും ഉപകരിക്കുന്നില്ല. അവർ നാണിപ്പാന്തക്കവണ്ണം
അവ കാണുന്നില്ല ബോധിക്കുന്നതും ഇല്ല എന്നു തനിക്കു തന്നേ സാക്ഷി.
10 ഒട്ടും ഉപകരിക്കാത്ത ഒരു ദേവനെ നിർമ്മിച്ചു വിഗ്രഹം വാൎത്തു തീർത്തതു
11 ആരു പോൽ? കണ്ടോ അവന്റേറ കൂട്ടർ എല്ലാം നാണിക്കുന്നു, കമ്മാളർ മനു
ഷ്യജന്മം പിറന്നു കാണുന്നു. ഒക്കയും കൂടി ചേർന്നുനിന്നാലും ഒക്കത്തക്ക
പേടിച്ചു നാണിക്കേ ഉള്ളു.— കൊല്ലൻ ഉളിയെ അണെച്ചു തീക്കനലിൽ
12 വേല ചെയ്തു ചുറ്റികകൊണ്ടു കൊണ്ടു അതിനെ രൂപമാക്കി കൈയുക്കുകൊണ്ടു
പണി ചെയ്യുമ്പോൾ ഊക്കില്ലാതോളം വിശന്നും വെള്ളം കുടിക്കാതേ
അദ്ധ്വാനിച്ചും പോരുന്നു. ആശാരി തന്റേറ നൂൽ നീട്ടി എഴുത്താണികൊണ്ടു
13 കുറിക്കുന്നു ചിപ്പുളി ഇട്ട് ഒരുക്കി വൃത്തംവെച്ചു ഭാഷയാക്കി പുരുഷരൂപം
പോലേ മാനുഷഭംഗി വരുത്തി ആലയത്തിൽ വസിപ്പാറാക്കുന്നു. ഒരുവൻ
14 ദേവതാരം വെട്ടുകയും കരുവേലകം തേക്കും എടുക്കയും കാട്ടുമരങ്ങളിൽ നി
15 ശ്ചയം വരുത്തുകയും, അശോകം നട്ടതു മാരി വളൎത്തുകയും; ആയതു മനുഷ്യ
ന തീക്കത്തിപ്പാനായും, അതിൽനിന്ന് എടുത്തു തീക്കായ്കയും മൂട്ടീട്ട്
അപ്പം ചുടുകയും, ദേവനെയും തീൎത്തു കുമ്പിടുകയും വിഗ്രഹം ഉണ്ടാക്കി നമ
16 സ്കരിക്കയും; അതിൻ പാതി തീയിൽ എരിച്ച പാതികൊണ്ടു കറി തിന്നു
കയും പൊരിച്ചിട്ടു കുക്ഷി പൂരിക്കയും തീക്കാഞ്ഞു ആഹാ എനിക്കു ചൂടു
17 പറ്റി ഞാൻ അഗ്നി കണ്ടു എന്നിരിക്കയും, ശേഷിപ്പിനെ ദേവൻ എന്ന
ബിംബമാക്കിക്കൊണ്ടു നമസ്കരിച്ചു കുമ്പിടുകയും നീ എൻ ദേവർ ആക
18 കൊണ്ടു രക്ഷിച്ചുകൊള്ളേണമേ! എന്നു പ്രാൎത്ഥിക്കയും; ഹോ അവർ അറിയു
ന്നില്ല ബോധിക്കുന്നില്ല, കണ്ണുകൾ കാണാതേയും ഹൃദയങ്ങൾ ഗ്രഹിയാതേ
19 യും (മെഴുക്കേ) തേച്ചുകിടക്കുന്നു. അവൻ മനസ്സു വെക്കുന്നില്ല ''ഇതിന്റേറ
പാതി ഞാൻ തീയിൽ എരിച്ചു കനലിന്മേൽ അപ്പവും ചുട്ടു കറി പൊരി
ച്ചും തിന്നു പിന്നേ ശിഷ്ടംകൊണ്ടു വെറുപ്പ് ഉണ്ടാക്കി മരമുട്ടം നമസ്കരിച്ചു
കൊൾകയോ'' എന്നു തോന്നുവാൻ അറിവും ഇല്ല ബുദ്ധിയും ഇല്ല. ഭസ്മസ
20 ക്തനായാൽ സ്വഹൃദയത്തെ ഉദ്ധരിപ്പാനും ''എന്റേറ വലങ്കൈയിൽ ഒരു
വ്യാജം ഇല്ലയോ'' എന്നു പറവാനും തോന്നാതവണ്ണം മയങ്ങിപ്പോയ ഹൃദ
യം അവനെ തെറ്റിച്ചിട്ടുണ്ടു.

21 യാക്കോബേ ഇവ ഓർക്കുക! ഇസ്രയേലേ നീ എന്റെ ദാസനല്ലോ:
ഞാൻ നിന്നെ നിർമ്മിച്ചു എനിക്കു നീ ദാസൻ തന്നേ, എന്നോടു നീ മറക്ക
22 പ്പെടുകയും ഇല്ല. മുകിൽ പോലേ നിന്റെ ദ്രോഹങ്ങളെയും മേഘം പോലേ
നിൻ പാപങ്ങളെയും ഞാൻ മാച്ചുകളഞ്ഞു, എന്റെ അടുക്കേ മടങ്ങിവാ!
23 ഞാൻ നിന്നെ വീണ്ടെടുക്കുന്നു. വാനങ്ങളേ ആർപ്പിൻ! യഹോവ ചെയ്തുവ
ല്ലോ. ഭൂമിയുടെ ആഴങ്ങളേ ഘോഷിപ്പിൻ, മലകളും കാടും സകലവൃക്ഷവും
ആയുള്ളോവേ പൊട്ടി ആർപ്പിൻ! യഹോവ ആകട്ടേ യാക്കോബെ വീ
ണ്ടെടുത്തതും ഇസ്രയേലിൽ തനിക്കു ഘനം വരുത്തുന്നതും ഉണ്ടു.

45. അദ്ധ്യായം

(44, 24) യഹോവ കുരുസ്സിനെ യഹൂദക്കു രക്ഷിതാവാക്കി (1) അനുഗ്ര
ഹിച്ചു് അനുസരിപ്പിച്ചു (9) അല്പവിശ്വാസികളെ ശാസിച്ചു് ആശ്വസിപ്പി
ക്കയാൽ (15) പ്രവാചകൻ സ്തുതിച്ചു (18) യഹോവെക്കു സകലജാതികളി
ലും വിശ്വാസജയം വരുന്നതു് അറിയിക്കുന്നു.

44, 24 നിന്നെ ഉദരം മുതൽ നിർമ്മിക്കുന്ന യഹോവ എന്ന നിന്റെ വീണ്ടെടു
പ്പുകാരൻ പറയുന്നതു: ഞാനേ യഹോവ സർവ്വം ഉണ്ടാക്കി തനിച്ചു വാന
25 ങ്ങളെ വിരിച്ചു ആരും കൂടാതേ ഭൂമിയെ പരത്തി, വ്യാജക്കാരുടെ അടയാള
ങ്ങളെ പൊട്ടിച്ചു ലക്ഷണക്കാരെ ഭ്രാന്തരാക്കി ജ്ഞാനികളെ മടക്കി അവരു
26 ടേ വിദ്യയെ പേയാക്കി, സ്വദാസന്റെ വചനത്തെ സ്ഥിരപ്പെടുത്തി തൻ
ദൂതരുടേ നിരൂപണത്തെ നിവൃത്തിച്ചു, യരുശലേമെക്കൊണ്ടു: "അതു കൂടി
യിരിപ്പാകും" എന്നും യഹൂദനഗരങ്ങൾക്കു "ഇവ പണിചെയ്യപ്പെടും അതി
27 ലേ ഇടിവുകളെ ഞാൻ കെട്ടിത്തീർക്കും" എന്നും പറഞ്ഞു, സാഗരത്തോടു്
"ഉണങ്ങിപ്പോ നിന്റെ ഓളങ്ങളെ ഞാൻ വററിക്കും" എന്നു പറഞ്ഞും,
28 കുരുസ്സോടു്: "എന്റെ ഇടയനേ! എൻ ഹിതം ഒക്കയും ഇവൻ നിവൃത്തി
ക്കും" എന്നും, യരുശലേമിനോടു "അതിൻ പണി തീരുക" എന്നും മന്ദിര
ത്തോടു "അടിസ്ഥാനം ഇടപ്പെടുക" എന്നും പറഞ്ഞുകൊള്ളുന്നവൻ തന്നേ.
45, 1 തന്റെ അഭിഷിക്തനായ കുരുസ്സിനോടു യഹോവ പറയുന്നതു: ഇവ
ന്റെ വലങ്കൈ ഞാൻ പിടിച്ചതു ജാതികളെ അവന്റെ മുമ്പിൽ കമിഴ്ത്തു
വാനും രാജാക്കളുടേ അരകളെ അഴിപ്പാനും, കതകുകളെ അവന്മുമ്പിൽ
2 തുറന്നു പടിവാതിലുകളെ അടെക്കാതാക്കുവാനും തന്നേ. നിന്റെ മുമ്പാ
കേ ഞാൻ ചെന്നു മേടുകളെ നിരത്തി, ചെമ്പുവാതിലുകളെ കുത്തിപ്പൊ
3 ളിച്ചു ഇരിമ്പുതഴുതുകളെ പൊട്ടിച്ചു, ഇരിട്ടിലേ നിധികളെയും മറയത്തേ
നിക്ഷേപങ്ങളെയും നിണക്കു തരുന്നതു, നിന്നെ പേർ ചൊല്ലി വിളി
ച്ചൊരു ഞാൻ ഇസ്രയേൽ ദൈവമായ യഹോവ തന്നേ എന്നു നീ അറി
4 യേണ്ടതിന്നത്രേ. എൻ ദാസനായ യാക്കോബും ഞാൻ തെരിഞ്ഞെടുത്ത
ഇസ്രയേലും നിമിത്തമായി ഞാൻ നിന്നെ പേർ ചൊല്ലി വിളിച്ചും നീ
5 എന്നെ അറിയാഞ്ഞപ്പോഴും ലാളിച്ചുംകൊണ്ടിരുന്നു. ഞാൻ മറൊരും ഇല്ലാ
6 തേ യഹോവ തന്നേ ആകുന്നു; ഞാനന്യേ ഒരു ദൈവവും ഇല്ല. നീ എന്നെ
അറിയാഞ്ഞപ്പോഴും ഞാൻ നിന്നെ അര കെട്ടിച്ചു, ഞാനല്ലാതേ ഒരുത്ത
രും ഇല്ല, ഞാൻ മറൊരും ഇല്ലാതേ യഹോവ തന്നേ; പ്രകാശത്തെ നിർ
7 മ്മിച്ചും അന്ധകാരം സൃഷ്ടിച്ചും, സമാധാനം ഉണ്ടാക്കി തിന്മ വരുത്തി
ക്കൊണ്ടും ഇരിക്കുന്ന യഹോവയായ ഞാൻ ഇവ ഒക്കയും ചെയ്യുന്നു എന്നു
സൂര്യോദയത്തിലും അസ്തമാനത്തിലും നിന്നുള്ളവർ അറിയേണ്ടതിന്നത്രേ.
8 വാനങ്ങളേ മീത്തൽനിന്നു പൊഴിപ്പിൻ, ഇളമുകിലുകളേ നീതിയെ
ചൊരികവിൻ! ഭൂമി തുറന്നു രക്ഷാഫലം കായ്ക്കുക, നീതിയെ ഒന്നിച്ചു മുളെപ്പി
ക്ക! യഹോവയായ ഞാൻ അതിനെ സൃഷ്ടിച്ചു.

9 അയ്യോ തന്നെ നിർമ്മിച്ചവനോടു വ്യവഹരിക്കുന്നവൻ! അതാ ഭൂമിയി
ലേ ഓടുകളിൽ ഓർ ഓടല്ലോ? കുശവനോടു ''നീ എന്തുണ്ടാക്കുന്നു''? എ
ന്നു മണ്ണും, ''അവനു കൈകൾ ഇല്ല'' എന്നു നിന്റെ ക്രിയയും പറയുമോ?
10 അയ്യോ അപ്പനോടു'' നീ എന്തു ജനിപ്പിക്കുന്നു?'' എന്നും സ്ത്രീയോടു''നീ പ്ര
11 സവിക്കുന്നതു് എന്തു്'' എന്നും പറയുന്നവനേ!.— ഇസ്രയേലിൽ വിശുദ്ധ
നായി അവന്റെ നിർമ്മാതാവായ യഹോവ പറയുന്നിതു: വരുന്നവകൊ
ണ്ടു് എന്നോടു ചോദിപ്പിൻ! എന്റെ മക്കളെയും എൻ കൈകളുടേ പ്രവൃ
12 ത്തിയെയും എന്നെ ഏല്പിപ്പിൻ! ഞാനേ ഭൂമിയെ ഉണ്ടാക്കി മനു
ഷ്യനെ അതിന്മേൽ സൃഷ്ടിച്ചു, ഈ എന്റെ കൈകൾ തന്നേ വാനങ്ങളെ
വിരിച്ചു അവറ്റിലേ സകലസൈന്യത്തെയും ഞാൻ കല്പിക്കയും ചെയ്തു.
13 നീതിയിൽ ഞാനേ അവനെ ഉണർത്തി അവന്റെ എല്ലാ വഴികളെയും
ഞാൻ നിരത്തും, അവൻ എന്റെ നഗരത്തെ പണിയിച്ചു എന്റെ പ്രവാ
സികളെ വിട്ടയച്ചു കൊടുക്കും, വിലെക്കുമല്ല കാഴ്ചക്കും അല്ല എന്നു സൈ
14 ന്യങ്ങളുടയ യഹോവ പറയുന്നു. യഹോവ പറയുന്നിതു: മിസ്രയുടേ അ
ദ്ധ്വാനഫലവും കൂശ് സബാ എന്ന നിടിയവരുടേ വ്യാപാരലാഭവും നി
ങ്കലേക്കു കടന്നു നിണക്കു സ്വന്തമാകും; അവർ നിന്റെ പിന്നാലേ ചെന്നു
തളകൾ പൂണ്ടും വന്നു നിന്നെ നമസ്കരിച്ചു ''നിന്നിലേ ദേവനുള്ളു മറ്റാ
ല്ല, അന്യ ദൈവം നാസ്തി'' എന്നു നിന്നോടു യാചിക്കയും ചെയ്യും.
15 അതേ നീ മറഞ്ഞുകൊള്ളുന്ന ദേവൻ, ഇസ്രയേലിന്റെ ദൈവമായ ര
16 ക്ഷിതാവേ! എല്ലാവരും നാണിച്ചും ലജ്ജിച്ചും മൂർത്തികളുടേ പണിക്കാർ
17 ഒന്നിച്ചു നിന്ദയിൽ ഉൾപ്പെട്ടും പോകും. ഇസ്രയേലോ യഹോവയാൽ നി
ത്യരക്ഷകൊണ്ടു രക്ഷിക്കപ്പെടും; എന്നെന്നേക്കും നിങ്ങൾ നാണിച്ചു ലജ്ജി
ച്ചുപോക ഇല്ല.
18 എങ്ങനേ എന്നാൽ വാനങ്ങളെ സൃഷ്ടിച്ച യഹോവ (അവനേ ദൈവം)
ഭൂമിയെ നിർമ്മിച്ചുണ്ടാക്കി തീർത്തവൻ (അവൻ പാഴിലല്ല അതിനെ
സൃഷ്ടിച്ചു കുടിയിരിപ്പിന്നത്രേ നിർമ്മിച്ചതു) ആയവൻ ചൊല്ലുന്നിതു: മ
19 റ്റാരില്ലാതേ ഞാനേ യഹോവ! ഞാൻ ഭൂമിയുടേ ഇരുളിടത്തു മറയിലല്ല
ഉരിയാടിയതു, ''പാഴിൽ എന്നെ അന്വേഷിപ്പിൻ'' എന്നു യാക്കോബ്
സന്തതിയോടല്ല ചൊല്ലിയതു; യഹോവയായ ഞാൻ നീതി ഉരെച്ചു നേ
20 രുകളെ കഥിക്കുന്നവൻ. ജാതികളിൽനിന്നു മിഞ്ചിപ്പോയവരേ! കൂടി
വന്നു് ഒന്നിച്ചു് അടുക്കേ ചേരുവിൻ! തങ്ങൾ കൊത്തിയ മരം ചുമന്നും
രക്ഷിക്കാത്ത ദേവനോടു യാചിച്ചും പോകുന്നവർ അറിയാത്തവരത്രേ.
21 അറിയിച്ചു ബോധിപ്പിപ്പിൻ, ഒന്നിച്ചു മന്ത്രിച്ചുംകൊൾവൂതാക: പണ്ടേ ഇ
വ കേൾപ്പിച്ചതും ആദിയിൽ കഥിച്ചതും ആർ? യഹോവയായ ഞാനല്ലേ?
ഞാൻ ഒഴികേ ദൈവവും ഇല്ല, നീതിയും രക്ഷയും ഉള്ള ദേവൻ എനിക്കു
22 പുറമേ ഇല്ല. ഭൂമിയുടേ അറ്റങ്ങൾ എല്ലാമേ! എങ്കലേക്കു നോക്കി രക്ഷപ്പെ
23 ടുവിൻ! ഞാനല്ലോ ദേവൻ മറ്റാരില്ല. എന്നാണ ഞാൻ സത്യം ചെയ്തു,
എന്റെ വായിൽനിന്നു നീതിയും മടങ്ങാത്ത വാക്കും പുറപ്പെടുന്നിതു: എല്ലാ
മുഴങ്കാലും എനിക്കു മടങ്ങുകയും എല്ലാ നാവും ആണയിടുകയും ആം. യഹോ
24 വയിൽ മാത്രമേ നീതികളും ശക്തിയും ഉള്ളു എന്നു് എന്നെക്കൊണ്ടു പറ
യൽ ഉണ്ടു, അവങ്കലേക്കു ചെല്ലും, അവനോടു കോപിച്ചവർ ഒക്കയും നാ
25 ണിക്കും. ഇസ്രയേൽസന്തതി അശേഷവും യഹോവയിൽ നീതി ലഭിച്ചു
പ്രശംസിച്ചുകൊള്ളും.

46. അദ്ധ്യായം

ബാബേലിലേ വിഗ്രഹങ്ങൾ പ്രവസിക്കേണ്ടിവരികയാൽ (3) ഇസ്ര
യേൽ തന്നെ താങ്ങുന്ന പിതാവും അനുഭവദൈവവും ആയവനെ

അറിഞ്ഞുകൊണ്ടു (8) പാർസിരാജാവെ നിയോഗിച്ച ദിവ്യാലോചന
യിൽ ആശ്രയിക്കേണ്ടതു.

1 **ബേ**ൽ ചാഞ്ഞു നബോ കുനിഞ്ഞു, അവരുടെ വിഗ്രഹങ്ങൾ നാല്ക്കാലി
കൾ മൃഗത്തിന്നും പുറത്തായി, നിങ്ങൾ മുമ്പേ ചുമന്നിട്ടുള്ളവ കെട്ടിപ്പേറി
2 തളർന്ന മൃഗത്തിന്നു ഭാരമായ്പ്പോകുന്നു. അവർ ഒക്കത്തക്ക ചാഞ്ഞു കുനി
ഞ്ഞു, ചുമടു ഒഴിപ്പാൻ കഴിയാതെ തങ്ങളും പ്രവസിച്ചു പോകുന്നു.
3 ഉദരം മുതൽ ഞാൻ ചുമന്ന ഗർഭം മുതൽ വഹിച്ചുകൊള്ളുന്ന യാക്കോബ്
ഗൃഹവും ഇസ്രയേൽഗൃഹത്തിൽ ശേഷിപ്പും ആയുള്ള സർവ്വരും എന്നെ കേട്ടു
4 കൊൾവിൻ! വാർദ്ധക്യത്തോളവും ഞാൻ അവൻ താൻ നര വരെയും (നിങ്ങ
ളെ) ചുമക്കും; ഞാൻ (അങ്ങനെ) ചെയ്തു ഞാൻ വഹിക്കയും ഞാൻ ചുമക്കയും
5 വിടുവിക്കയും ആം. പിന്നെ ആരോടു നിങ്ങൾ എന്നെ ഉപമിച്ചു ഒപ്പിക്കയും
6 തുല്യത തോന്നുവാൻ സമമാക്കയും ചെയ്യും? മടിശ്ശീലയിൽനിന്നു പൊൻ
തുവി വെള്ളിയെ കോൽകൊണ്ടു തൂക്കി തട്ടാനെ അതിനെ ദേവനാക്കുവാൻ
7 കൂലികൊടുത്തു നമസ്കരിച്ചു വണങ്ങുന്നവർ. ചുമലിൽ എടുത്ത്
അതിനെ ചുമന്നുകൊണ്ടു സ്വസ്ഥലത്തിൽ നില്പാന്തക്കവണ്ണം ഇറക്കുന്നു.
അതു നിൽക്കും അവിടത്തുനിന്നു മാറുക ഇല്ല. പിന്നെ അതിനോടു നിലവി
ളിച്ചാൽ ഉത്തരം പറവാനും ആരെ സങ്കടത്തിൽനിന്നു രക്ഷിപ്പാനും ഇല്ല.
8 ഇവ ഓർത്തു സ്ഥിരം ആകുവിൻ ദ്രോഹികളേ ഇതിന്നു മനസ്സു വെപ്പിൻ!
9 അനന്യനായ ഞാൻ ദേവൻ എന്നും തുല്യൻ ആരും ഇല്ലാത്ത ദേവത എന്നും
10 സദാ പുരാതനങ്ങളെ ഓർത്തുകൊൾവിൻ! (ഞാനേ) ആദിമുതൽ അന്ത്യത്തെ
യും സംഭവിച്ചില്ലാത്തതു പൂർവ്വകാലംമുതൽകൊണ്ടും അറിയിക്കയും, ''എൻ
മന്ത്രണം നിൽക്കും എന്നിഷ്ടം ഒക്കയും ഞാൻ നടത്തും'' എന്നു ചൊല്കയും,
11 കിഴക്കുനിന്നു ഒരു കഴുകിനെയും ദൂരദിക്കിൽനിന്നു എൻ ആലോചനയുടെ
ആളിനെയും വിളിക്കയും ചെയ്യുന്നവൻ. ഞാൻ ഉരിയാടി ആയതും വരുത്തും,
12 ഞാൻ നിർമ്മിച്ചതിനെയും നടത്തും. നീതിയോടു അകന്നുപോയ മനമാ
ടുക്കന്മാരേ എന്നെ കേട്ടു കൊൾവിൻ! എൻ നീതിയെ ഞാൻ അടുപ്പിച്ചി
13 ട്ടുണ്ടു. അതു ദൂരേ അല്ല എന്റെ രക്ഷ താമസിക്കയും ഇല്ല; ഞാൻ ചിയോ
നിൽ രക്ഷയും ഇസ്രയേലിന്നു എന്റെ അഴകിനെയും നല്കും.

47. അദ്ധ്യായം

ബാബേലിന്റെ വീഴ്ച (5) ഡംഭാധികൃത്തിന്റെ പ്രതിഫലമായി (8)
ഒരു നാളും മാറാത്തതും (12) ഏതു വൈദ്യത്താലും ശമിക്കാത്തതുമത്രേ.

1 **ബാ**ബേൽപുത്രിയായ കന്യേ കിഴിഞ്ഞു പൊടിയിൽ ഇരിക്ക! കൽദയ
മകളേ ആസനം ഒഴികേ നിലത്തിരിക്ക! ഓമനയായ തന്വംഗി എന്നു
2 ഇനി നിന്നെ വിളിപ്പാറില്ല പോൽ. തിരിക്കല്ലു പിടിച്ചു മാവരെക്ക,
എടീ മൂടുപടം എടുത്തു ഉടവാൽ പൊന്തിച്ചു മുങ്കാൽ തോന്നിച്ചു പുഴകളെ
3 കടന്നുകൊൾക! നിന്റെ നഗ്നത വെളിപ്പെടും നിൻ നാണിടം കാണാകും
ഓരാളെയും ആദരിയാതേ, ഞാൻ പ്രതികാരം ചെയ്യും. ഞങ്ങളെ വീണ്ടെ
4 ടുപ്പവൻ സൈന്യങ്ങളുടയ യഹോവ എന്ന പേർകൊണ്ട ഇസ്രയേലിലേ
വിശുദ്ധൻ തന്നേ.
5 ഹേ കൽദയപുത്രി നിന്നെ ഇനി രാജ്യങ്ങളുടേ തമ്പ്രാട്ടി എന്നു വിളി
6 പ്പാറില്ലായ്കയാൽ ഇരിട്ടിൽ ചെന്നു മിണ്ടാതേ കുത്തിരിക്ക! എൻ ജന
ത്തോടു ഞാൻ ക്രുദ്ധിച്ചു എൻ അവകാശത്തെ തീണ്ടിച്ചു നിങ്കൈയിൽ
തന്നു വിട്ടു, അവരിൽ നീ കനിവു വെക്കാതേ കിഴവന്റെ മേൽ നിൻ
7 നുകത്തെ അത്യന്തം കനപ്പിച്ചു; ''ഞാൻ എന്നും തമ്പ്രാട്ടിയായി വാഴും''
എന്നു ചൊല്ലി, ഇവറ്റിന്നു മനസ്സു വെക്കാതേ ഒടുക്കത്തെ വിചാരിയാതേ

8 പോയി. ഇപ്പോഴോ (കേ൦) ''അനന്യയായി ഞാനേ ഉള്ള, വിധവയാ
യിരാതേ അപുത്രത്വം അറികയില്ല'' എന്ന് ഉ൦ക്കൊണ്ട ചൊല്ലി നിർഭ
9 യത്തോടേ വസിക്കുന്ന സൈരിണിയേ ഇവ കേ൦ക്ക! പുത്രനാശ൦
വൈധവ്യ൦ ഇവ രണ്ടും ഒരു നാ൦ തന്നേ പെട്ടന്ന നിണക്കു വരും; നിന്റേറ
ആഭിചാരങ്ങ൦ പെരുകിയാലും മന്ത്രവാദങ്ങ൦ ഏററ൦ പ്രബലിച്ചാലു൦ അ
10 വ തിങ്ങ വിങ്ങ നിന്മേൽ വരും. നിന്റേറ ദുഷ്ടതയിൽ തേറി ''എന്നെ ആ
രു൦ കാണാ'' എന്ന നീ പറഞ്ഞു; ''അനന്യയായി ഞാനേ ഉള്ള'' എന്ന്
ഉള്ളകൊണ്ട ചൊല്ലുവോള൦ നിന്റേറ ജ്ഞാനവു൦ വിദ്യയു൦ നിന്നെ തെററി
11 ച്ചുകളഞ്ഞു. മന്ത്രവാദത്താൽ ഒഴിക്കാതൊരു ദോഷ൦ നിന്മേൽ വരും, പരി
ഹരിക്കരുതാത്ത ആപത്തു൦ നിന്മേൽ വീഴു൦, നീ അറിയാത്തോർ ഇടിവു
പൊടുക്കനേ നിന്നിൽ തട്ടും.
12 ചെറിയന്നേ നീ ശീലിച്ചു ദണ്ഡിച്ച മന്ത്രവാദങ്ങളോടു൦ പെരുത്ത ആഭി
ചാരങ്ങളോടു൦ ഇനി നിന്നുകൊ൦ക! പക്ഷേ ഫലിപ്പാൻ മതിയാകു൦, പ
13 ക്ഷേ മിരട്ടി കൂടു൦. മന്ത്രണങ്ങളുടേ ബാഹുല്യ൦ ഹേതുവായി നീ മടുത്തിരു
ന്നാൽ നക്ഷത്രങ്ങളെ നോക്കി വാവുതോറു൦ നിന്മേൽ വരുന്നവ ഗ്രഹിപ്പി
ക്കുന്ന രാശിചക്രവിഭാഗികകൊ൦ (ജ്യോതിഷാരികകൊ൦) നിന്നുകൊണ്ട നിന്നെ
14 രക്ഷിക്കാക! അതാ അവർ താളടിക്ക് ഒത്ത തീക്കിരയായി, ജ്വാലയുടേ
ഊക്കിൽനിന്നു പ്രാണനെ രക്ഷിക്ക ഇല്ല. ഇതു കുളിർകായുന്ന കനലു൦ അ
15 രികേ ഇരിപ്പാന്തക്ക അടുപ്പു൦ അല്ലല്ലോ. ചെറിയന്നേ നീ പെരുമാറി അ
ദ്ധ്വാനിച്ചു മെരുങ്ങിയവർ നിണക്ക് ഇങ്ങനേ ആയി, താന്താന്റേറ നടെ
ക്കു ഉഴന്നലയുന്നു; നിന്നെ രക്ഷിപ്പവൻ ഇല്ല.

48. അദ്ധ്യായ൦

വലിയ നാമങ്ങളിൽ അല്ല (3) പ്രവാദസത്യത്തിൽ ആശ്രയിച്ചു (6) ത
ന്റേറ അജ്ഞാനവു൦ (9) ദൈവത്തിൻ ക്ഷാന്തിയെയു൦ അറിഞ്ഞുകൊണ്ട (12)
കുരുസ്സിനെ ചൊല്ലിത്തന്നതു താഴ്മയായി അ൦ഗീകരിച്ചു (16) പ്രവാചക
നിലു൦ ദേവദാസനിലു൦ തേറിക്കൊണ്ട യഹോവയോട് ഇണക്ക൦ തേടേ
ണ൦.

1 യാക്കോബ്ഗൃഹമേ ഇതിനെ കേ൦പ്പിൻ! ഇസ്രയേൽനാമത്താൽ പേർ
കൊണ്ട് യഹൂദാജലത്തിൽനിന്നു ഉത്ഭവിച്ചു൦ യഹോവാനാമത്തെ ആണയി
ട്ടു൦ നേരുണ്മയിൽ അല്ല എന്നാലു൦ ഇസ്രയേൽദൈവത്തെ സ്തുതിച്ചു൦ പോരു
2 ന്നവരേ! വിശുദ്ധനഗരക്കാർ എന്നു തങ്ങളെ വിളിച്ചുകൊണ്ട സൈന്യങ്ങളു
ടയ യഹോവ എന്നുള്ള ഇസ്രയേൽദൈവത്തിൽ ഊന്നിനില്പവരല്ലോ.
3 മുമ്പിലേവ ഞാൻ പണ്ട കഥിച്ചു എന്റേറ വായിൽനിന്ന് അവ പുറപ്പെ
ട്ടു; ഞാനു൦ കേ൦പ്പിച്ചു, പൊടുന്നനവേ ചെയ്തു അവ വരികയു൦ ആയി. നീ
4 കഠിനൻ എന്നു൦ നിൻ കഴുത്ത് ഇരിമ്പുഞരമ്പു൦ നെററി ചെമ്പു൦ എന്നു൦
5 ഞാൻ അറികയാൽ, പണ്ട നിന്നോടു കഥിച്ചു സംഭവിക്കുമ്മുമ്പേ കേ൦പ്പി
ച്ചതു ''എന്റേറ വിഗ്രഹ൦ ഇവ ചെയ്തു, എൻ ബി൦ബവു൦ പ്രതിഷ്ഠയു൦ ഇവ
6 കല്പിച്ചു'' എന്നു നീ പറയായ്വാൻ തന്നേ.—നീ കേട്ടുവല്ലോ, ഇതാ എ
ല്ലാ൦ കണ്ടുകൊ൦ക! നിങ്ങ൦ ഏററുപറകയില്ലയോ? ഇന്നുമുതൽ പുതിയവ
യു൦ നീ അറിയാതേ സംഗ്രഹിച്ചിട്ടവയു൦ നിന്നെ കേ൦പ്പിക്കു൦. അവ പണ്ട
7 ല്ല ഇപ്പോഴത്രേ പടെക്കപ്പെട്ട, നിങ്ങ൦ കേ൦ക്കുന്ന നാ൦ക്കു മുമ്പേ തന്നേ
''ഞാനിതാ അറിഞ്ഞു'' എന്നു നീ പറയായ്വാൻ അത്രേ. നീ കേട്ടിട്ടു൦
8 ഇല്ല അറിഞ്ഞിട്ടു൦ ഇല്ല നിൻ ചെവി അന്നു൦ തുറന്നിട്ടു൦ ഇല്ല, നീ വിശ്വാ
സവഞ്ചകൻ എന്നു ഞാനറിഞ്ഞുവല്ലോ, ഉദരംമുതൽ നിന്നെ ദ്രോഹി എന്നു
വിളിപ്പാറുണ്ടല്ലോ.

9 എന്റെറ നാമം നിമിത്തമത്രേ ഞാൻ ദീർഘക്ഷാന്തിയുള്ളവനാകുന്ന, നി
ന്നെ മുടിക്കാതവണ്ണം എൻ കീർത്തി നിമിത്തം മനസ്സടക്കയും ചെയ്യുന്ന. ക
10 ണ്ടാലും ഞാൻ നിന്നെ പുടംവെച്ചതു വെള്ളി ഉരുക്കുന്ന വിധത്തിലല്ല, ദീന
11 തച്ചൂളയിൽ നിന്നെ ശോധന ചെയ്തു.എൻ നിമിത്തം എൻ നിമിത്തം ഞാൻ
ചെയ്യുന്നു; (എൻ നാമം എങ്ങനേ തീണ്ടിച്ചുപോരുന്നുവല്ലോ) അന്യനു എൻ
തേജസ്സു് കൊടുക്കയും ഇല്ല.
12 യാക്കോബേ എൻ വിളിക്കാരനായ ഇസ്രയേലേ എന്നെ കേൾക്ക!
ഞാൻ അവൻ താൻ (5മോ.32,39) ആദ്യനും അന്ത്യനും ആയവൻ ഞാനേ.
13 എൻ കൈ ഭൂമിയെ അടിസ്ഥാനമിട്ടു വലങ്കൈ വാനങ്ങളെ വിരിച്ചു, അവ
14 ഞാൻ വിളിച്ചിട്ടു് ഒക്കത്തക്ക നില്ക്കുന്നു. എല്ലാവരും കൂടി ചേർന്നു കേൾ
പ്പിൻ: ആ ദേവകളിൽ ആർ ഇവ കഥിച്ചു? യഹോവ സ്നേഹിക്കുന്നവൻ ബാ
ബേലിലും അവന്റെറ ഭുജം കല്ദയരിലും തന്നിഷ്ടത്തെ നടത്തും. ഞാൻ
15 ഞാനേ ഉരിയാടി അവനെ വിളിച്ചുകൊണ്ടു വന്നിട്ടു് അവന്റെറ വഴി സാ
16 ധിക്കും.—എന്നോടടുത്തു കേൾപ്പിൻ! ആരംഭം മുതൽ ഞാൻ മറയത്തു ചൊ
ല്ലുന്നവനല്ല, അതുണ്ടായന്നു മുതൽ ഞാൻ അവിടേ ആയി. ഇപ്പോഴോ (യ
ഹോവാദാസൻ പറയുന്നു:) യഹോവയായ കർത്താവു് എന്നെയും തന്റെറ ആ
ത്മാവിനെയും അയക്കുന്നു.
17 ഇസ്രയേലിലേ വിശുദ്ധനായി നിന്നെ വീണ്ടെടുക്കുന്ന യഹോവ പറയു
ന്നിതു: പ്രയോജനത്തിന്നായി നിന്നെ പഠിപ്പിച്ചു നീ ചെല്ലേണ്ടുന്ന വഴി
18 യിൽ നടത്തുന്ന യഹോവയായ ഞാൻ നിന്റെറ ദൈവം. ഹാ എൻ കല്പ
നകളെ നീ കുറിക്കൊണ്ടു എങ്കിൽ കൊള്ളായിരുന്നു. എന്നാൽ നദി പോലേ
നിന്റെറ സമാധാനവും അലകടൽ പോലേ നിൻ നീതിയും നിറഞ്ഞേനേ;
19 മണലിന്നു നിന്റെറ സന്തതിയും അതിൻ മണികൾക്കു നിന്റെറ ആന്ത്രപ്രജയും
ഒത്തേനേ. അതിൻ നാമമോ എന്റെറ മുമ്പിൽ അറുകയും ഇല്ല ഒടുങ്ങുകയും
ഇല്ല.
20 ബാബേൽനിന്നു പുറപ്പെടുവിൻ കല്ദയരെ വിട്ടു് ആർത്തുംകൊണ്ടു പാ
യ്വിൻ! എന്നതു പ്രകടിച്ചു കേൾപ്പിച്ചു ഭൂമിയുടേ അററം വരേ പരത്തു
21 വിൻ! ''യഹോവ സ്വദാസനായ യാക്കോബെ വീണ്ടെടുത്തു, അവരെ
നടത്തുന്ന പാഴിടങ്ങളിൽ അവർ ദാഹിച്ചില്ല അവൻ പാറയിൽ നിന്നു് അ
വർക്കു വെള്ളം പൊഴിക്കയും പാറയെ പിളർന്നു ജലം ചാട്ടമാറാക്കയും ചെ
യ്തു''എന്നു പറവിൻ! ദുഷ്ടന്മാർക്കു സമാധാനം ഇല്ല എന്നു യഹോവ പറയുന്നു.

II ദിവ്യാലോചനയെ നടത്തുന്ന യഹോവാദാസൻ അത്യന്തം
താഴ്ച അനുഭവിച്ചിട്ടു വേണം ജയം കൊൾവാൻ. (അ.49–57).

49. അദ്ധ്യായം

ഇസ്രയേലിന്റേറ സാരാംശമായ യഹോവാദാസൻ (5) സർവ്വജാതികൾ
ക്കും വെളിച്ചം വരുത്തേണ്ടുകയാൽ (8) പ്രവാസത്തിൽനിന്നു് അതിശയമു
ള്ള പുറപ്പാടും (14) ചിയ്യോന്നു പുതിയ തേജസ്സും (22) ജാതികളിൽനിന്നു
ശുശ്രൂഷാ സഹായവും സാധിക്കും.

1 ദ്വീപുകളേ എന്നെ കേട്ടു, ദൂരവംശങ്ങളേ കുറിക്കൊൾവിൻ! യഹോവ
എന്നെ ഉദരത്തിൽനിന്നു വിളിച്ചു അമ്മയുടേ ഗർഭംമുതൽ എൻ നാമത്തെ
2 ഓർപ്പിച്ചു, എന്റെറ വായിനെ കൂർത്ത വാൾ പോലേ ആക്കി തൻ കൈനിഴ
ലിൽ എന്നെ പൂർത്തി എന്നെ മിനുക്കിയ അമ്പാക്കി തൻ പൂണിയിൽ മറെ
3 ച്ചിട്ടു, ''നീ എൻ ദാസൻ ഞാൻ എനിക്കു ഘനം വരുത്തുവാനുള്ള ഇസ്ര
4 യേൽ തന്നേ'' എന്നു് എന്നോടു പറകയും ചെയ്തു. ഞാനോ പറഞ്ഞു:

''വ്യഥാ ഞാൻ അദ്ധ്വാനിച്ചു മായെക്കും പാഴിലും എന്റെ ഊക്കിനെ മുടിച്ചുകളഞ്ഞു. എന്നിട്ടും എന്റെ ന്യായം യഹോവയോടും എൻ കൂലി എന്റെ ദൈവത്തോടും ആകുന്നു.''

5 ഇപ്പോഴോ യാക്കോബെ തങ്കലേക്കു മടക്കി ഇസ്രയേലെ ചേർത്തുകൊൾ
വാനായി എന്നെ ഗർഭമുതൽ തനിക്കു ദാസനാക്കി നിർമ്മിച്ച യഹോവ
പറയുന്നു. (യഹോവക്കണ്ണുകളിൽ ഞാൻ തേജസ്സുള്ളവനും എൻ ദൈവം എ
6 ന്റെ ശക്തിയും ആയ്വന്നു). അവൻ പറഞ്ഞിതു: ''നീ യാക്കോബ്
ഗോത്രങ്ങളെ നിവിർത്തുവാനും ഇസ്രയേലിൽ കാക്കപ്പെട്ടവരെ തിരികേ
വരുത്തുവാനും എനിക്കു ദാസനായി നില്ക്കുന്നതു പോരാഞ്ഞിട്ടു ഭൂമിയുടേ
അറ്റംവരേ എന്റെ രക്ഷ ആവാൻ നിന്നെ ജാതികളുടെ വെളിച്ചമാക്കി
7 തരുന്നു''. വിശ്വനിന്ദ്യൻ, കുലക്കറ, വാഴ്ത്തോരേ അടിയാൻ എന്നുള്ളവ
നോടു ഇസ്രയേലെ വീണ്ടെടുക്കുന്ന വിശുദ്ധനായ യഹോവ പറയുന്നിതു:
''രാജാക്കൾ (നിന്നെ) കണ്ടെഴുനീല്ക്കയും പ്രഭുക്കൾ (കണ്ടു) നമസ്കരിക്ക
യും ചെയ്യും വിശ്വാസ്യനായ യഹോവാനിമിത്തവും ഇസ്രയേലിലേ വി
ശുദ്ധൻ നിന്നെ തെരിഞ്ഞെടുത്ത നിമിത്തവും തന്നേ.

8 യഹോവ പറയുന്നിതു: പ്രസാദകാലത്തു ഞാൻ നിണക്കു ഉത്തരം തന്നു
രക്ഷനാളിൽ നിന്നെ തുണെച്ചു, ദേശത്തെ നിവിർത്തുവാനും പാഴായ അവ
കാശങ്ങളെ പങ്കിടുവാനും നിന്നെ കാത്തു ജനത്തിന്റെ നിയമമാക്കി വെ
9 ക്കയും ചെയ്യുന്നു. കെട്ടുപെട്ടവരോടു പുറപ്പെടുവിൻ എന്നും ഇരിട്ടത്തുള്ളവരോ
ടു വെളിയാകുവിൻ എന്നും ചൊല്ലിക്കൊണ്ടു തന്നേ. അവർ വഴികളിൽ മേ
10 യ്യുയും സകല പാഴ്കുന്നുകളിലും മേച്ചൽ കാൺകയും, വിശപ്പു താൻ ദാ
ഹം താൻ ഇല്ലായ്യുയും കാനലും വെയിലും തട്ടായ്യുയും ചെയ്യും; അവരെ കനി
11 ഞ്ഞവനല്ലോ അവരെ നടത്തി നീരുറവുകളിലേക്കു ചെല്ലിക്കും. എന്റെ മല
12 കളെ എല്ലാം വഴിയാക്കും എൻ നിരത്തുകൾ ഉയരും, കണ്ടാലും ഇവർ ദൂരേ
നിന്നും ഇവർ വടക്കുനിന്നും പുറായിൽനിന്നും ഇവർ ചീനരാജ്യത്തുനിന്നും
13 വരും. വാനങ്ങളേ ആർപ്പിൻ, ഭൂമിയേ മകിഴുക, മലകളേ പൊട്ടിഘോഷി
പ്പിൻ! യഹോവ സ്വജനത്തെ ആശ്വസിപ്പിച്ചു തന്റെ എളിയവരെ കനി
14 ഞ്ഞുകൊള്ളുന്നുവല്ലോ. ചിയ്യോൻ എന്നവളോ ''യഹോവ എന്നെ ഉപേ
15 ക്ഷിച്ചു കർത്താവു മറന്നു വിട്ടു'' എന്നു പറഞ്ഞു. സ്ത്രീ മുലക്കുട്ടിയെ മറന്നു,
പള്ള പെറ്റ മകനെ കനിയാതേ പോകയോ? ഇവർ കൂടേ മറന്നാലും നി
16 ന്നെ ഞാൻ മറക്കയില്ല. ഇതാ എൻ ഉള്ളങ്കൈകളിൽ ഞാൻ നിന്നെ വരെ
17 ച്ചു, നിന്റെ മതിലുകൾ ഇടവിടാതേ എന്റെ മുമ്പിൽ (നില്ക്കുന്നു). നിന്റേ
മക്കൾ ഉഴറിവരുന്നു, നിന്നെ സംഹരിച്ചു മുടിപ്പവർ നിന്നെ വിട്ടു പുറപ്പെടു
18 ന്നു. കണ്ണുകളെ ചുറ്റും ഉയർത്തി നോക്കുക: അവർ ഒക്കയും കൂടി നിങ്കലേക്കുവ
രുന്നു. എൻ ജീവനാണ അവരെ ഒക്കയും നീ ഭൂഷണം പോലേ അണിഞ്ഞും
19 പുതിയപെണ്ണിനു സമമായി പൂണും. ഇടിഞ്ഞും മുടിഞ്ഞും പാഴായ്പ്പോയ
നിന്റേ നാടു ഇപ്പോൾ കുടിയാക്കു ദേശം പോരാതാകും സത്യം, നിന്റേ
20 സംഹാരികളോ അകലയായി. പുത്രനാശത്തിൻ കാലത്തുള്ള മക്കൾ: ''ഹോ
സ്ഥലം എനിക്കു വിസ്താരം പോരാ ഞാൻ വസിപ്പാൻ നീങ്ങിവാങ്ങുക''
എന്നു ഇനി നിന്റേ ചെവികൾ കേൾക്കേ പറയും. എന്നാറേ നീ ഉള്ളിൽ
21 കൊണ്ടു പറയും: ''ഇവരെ ആർ എനിക്കു ഉല്പാദിച്ചു? ഞാനോ അപുത്ര
യായ മച്ചിയും നാടു നീങ്ങി പ്രവസിച്ചവളും അല്ലയോ, പിന്നേ ഇവരെ
ആർ വളർത്തി? ഞാൻ ഒറ്റയായി മിഞ്ചി ഇരുന്നു, അന്നു ഇവർ എവിടേ
ആയി?''

22 കർത്താവായ യഹോവ പറയുന്നിതു: ഇതാ ഞാൻ ജാതികളെ നോക്കി
എൻ കൈ ഉയർത്തി വംശങ്ങൾക്കു എൻ കൊടിയെ ഏറ്റും, അപ്പോൾ അവർ
നിന്റേ മക്കളെ കൊടന്നയാക്കി കൊണ്ടുവരും, നിൻ മകളർ തോളിൽ എ
23 ടുക്കപ്പെടും. രാജാക്കന്മാർ നിന്നെ വളർത്തുന്ന ഉപപിതാക്കളും അവരുടേ

തമ്പ്രാട്ടികൎം നിന്നെ പോററുന്ന ഉപമാതാക്കളും ആകും, നിലത്തു മുഖം ഇട്ടു
നിന്നെ നമസ്കരിച്ചു നിൻ കാലപോടിയെ നക്കും; ഞാൻ യഹോവ
എന്നും എന്നെ കാത്തുനിലപവർ നാണിക്കയില്ല എന്നും നീ അറികയും
24 ചെയ്യും. ''മല്ലനോടു കൊള്ള എടുക്കാമോ, നീതിമാൻ പ്രവാസത്തിൽനി
25 ന്ന വഴുതിപ്പോരാമോ?'' ഉവ്വ എന്ന യഹോവ പറയുന്നു: മല്ലൻ പ്രവസി
പ്പിച്ചതു പിടിച്ചുപറിക്കപ്പെടും, പ്രൌഢന്റെ കൊള്ള വഴുതിപ്പോരും; നി
26 ന്നോടു വഴക്കാടുന്നവനോടു ഞാൻ വഴക്കുടക്കുകയും നിൻ മക്കളെ ഞാൻ ര
ക്ഷിക്കയും ചെയ്യും. നിന്നെ മുട്ടിക്കുന്നവരെ ഞാൻ സ്വന്തമാംസം തീററും,
അവർ കള്ളുകണക്കേ സ്വരക്തംകൊണ്ടു മത്തരാകും, നിന്റെ രക്ഷിതാവും
വീണ്ടെടുപ്പുകാരനും യാക്കോബിലേ ശൂരനും ആയ ഞാൻ യഹോവ എന്നു
സകലജഡം അറികയും ചെയ്യും.

50. അദ്ധ്യായം

കൎത്താവു നീക്കീട്ടില്ല യരുശലേം നശിച്ചതു (4) ഇനി ക്ഷാന്തിയാലേ യ
ഹോവാദാസൻ ജയംകൊണ്ടു (10) ചെവി കേൾക്കുന്നവരെ മാത്രം വെളിച്ച
ത്തേക്കു നടത്തും.

1 യഹോവ ഇപ്രകാരം പറയുന്നു: നിങ്ങളുടേ അമ്മയെ ഞാൻ പിരിച്ചു കള
ഞ്ഞ ഉപേക്ഷണച്ചീട്ടു എവിടേ? അല്ല എന്റെ കടക്കാരിൽ ആർക്കു ഞാൻ
നിങ്ങളെ വിറു? ഇതാ നിങ്ങളേ ദോഷങ്ങൎം നിമിത്തം നിങ്ങൎം വില്പു
പ്പെട്ടു, നിങ്ങളേ ദ്രോഹങ്ങൎം നിമിത്തം അമ്മ പിരിഞ്ഞുപോയി. ഞാൻ
2 വന്നപ്പോൾ ആൎം ഇല്ലായ്കയും, വിളിച്ചപ്പോൾ ഉത്തരം മിണ്ടുന്നവൻ കാ
ണായ്കയും എന്തീട്ടു? പക്ഷേ വിടുവിപ്പാൻ എൻ കൈക്കു നീളം പോരാ,
ഉദ്ധരിപ്പാൻ എന്നിൽ ഊക്കില്ല എന്നുവെച്ചോ? ഇതാ എൻ ശാസനകൊണ്ടു
കടലെ വററിച്ചു പുഴകളെ മരുവാക്കീട്ടു അതിലേ മീൻ വെള്ളമില്ലായ്ക
3 യാൽ നാറി ദാഹംകൊണ്ടു ചാകുമാറാക്കുന്നു. വാനങ്ങളെ കാർ ഉടുപ്പിക്കയും
അവററിന്നു ചാക്കു മൂടിയാക്കുകയും ചെയ്യുന്നു.
4 ചടപ്പുള്ളവനെ വാക്കുകൊണ്ടു താങ്ങുവാൻ അറിയേണ്ടതിന്നു കൎത്താവായ
യഹോവ എനിക്കു അഭ്യാസികളുടേ നാവു തന്നേച്ചു; പുലരേ പുലരേ അ
വൻ ഉണൎത്തും, ശിഷ്യരെ പോലേ കേൾപ്പാൻ എനിക്കു ചെവി ഉണൎത്തും.
5 കൎത്താവായ യഹോവ എനിക്കു ചെവി തുറന്നു, ഞാൻ മുരുത്തതും ഇല്ല പിൻ
6 വാങ്ങിയതും ഇല്ല. അടിക്കുന്നവൎക്കു എൻ പുറവും പറിക്കുന്നവൎക്കു എൻ
താടിയും കാട്ടിക്കൊടുത്തു, ശകാരങ്ങൾക്കും തുപ്പലിന്നും എൻ മുഖത്തെ മറെ
7 ക്കാതേ നിന്നു. കൎത്താവായ യഹോവ എന്നെ തുണെക്കും അതുകൊണ്ടു ഞാൻ
ലജ്ജിച്ചുപോകയില്ല, അതുകൊണ്ടു എൻ മുഖത്തെ തീക്കല്ലു പോലേ ഉറ
പ്പിച്ചതു ഞാൻ നാണിക്കയില്ല എന്നറിഞ്ഞിട്ടു തന്നേ. എന്നെ നീതീകരി
8 ക്കുന്നവൻ അരികത്തു തന്നേ; എന്നോടു ആർ വ്യവഹരിക്കും? നാം ഒന്നി
ച്ചു നില്ക്കുട്ടേ! എന്റെ അന്യായക്കാരൻ ആർ? അവൻ ഇങ്ങു അടുക്ക! ഇതാ
9 കൎത്താവായ യഹോവ എന്നെ തുണെക്കും, എന്റെ മേൽ ആർ കുററമാക്കി
വെക്കും? അതാ എല്ലാവരും തുണി പോലേ പഴകി പുഴുക്കിര ആകും.
10 നിങ്ങളിൽ യഹോവയെ ഭയപ്പെട്ടു അവന്റെ ദാസന്റെ ശബ്ദത്തെ കേട്ടു
കൊള്ളുന്നവൻ ആർ? തെളക്കം ഒട്ടും അണയാതേ ഇരുട്ടുകളിൽ നടക്കുന്നവൻ
യഹോവാനാമത്തിൽ തേറി സ്വദേവനിൽ ഊന്നിക്കൊൎംവൂതാക! ഹോ
11 അഗ്നി കൊളുത്തി തീയമ്പുകളാൽ സന്നദ്ധരായ നിങ്ങൎം എല്ലാവരും നിങ്ങ
ടേ അഗ്നിജ്വാലയിലും നിങ്ങൾ കത്തിച്ച തീയമ്പുകളിലും തന്നേ ചെല്ലു
വിൻ! എൻ കയ്യിൽനിന്നു നിങ്ങൾക്കു ഇതു ഉണ്ടു, വ്യഥയിൽ കിടക്കേ
ഉള്ളു.

51. അദ്ധ്യായം

ഭക്തന്മാർ അബ്രഹാമെ സ്മരിച്ചും (4) മഹാവാഗ്ദത്തത്തെ പിടിച്ചും നിന്നു (9) പുതിയ രക്ഷാതിശയങ്ങളെ കാത്തിരിക്കേണം; (17) മദിച്ചു വീണ യരുശലേമിന്നു പകരം ശത്രുക്കൾ മദിച്ചു വീഴും.

1 **ഹേ** നീതിയെ പിന്തുടർന്നു യഹോവയെ തേടിക്കൊള്ളുന്നവരേ എന്നെ
കേൾപ്പിൻ! നിങ്ങളെ വെട്ടി എടുത്ത പാറയിലേക്കും തോണ്ടി ഉത്ഭവിപ്പി
2 ച്ച കിണറ്റിങ്കുഴിയിലേക്കും നോക്കുവിൻ! നിങ്ങടേ പിതാവായ അബ്രഹാ
മിലേക്കും നിങ്ങളെ പെറ്റ സാറയിലേക്കും നോക്കുവിൻ! ഒന്നായപ്പോഴ
ല്ലോ അവനെ ഞാൻ വിളിച്ചു അനുഗ്രഹിച്ചു പെരുക്കിയതു. അതു പോ
3 ലെ യഹോവ ചിയ്യോനെ ആശ്വസിപ്പിച്ചു അതിലേ ഇടിവുകളെ ഒക്കയും
ആശ്വസിപ്പിച്ചു, അതിൻ മരുവെ ഏദനും പാഴ്നിലത്തെ യഹോവത്തോ
ട്ടത്തിന്നും സമമാക്കി, ആനന്ദസന്തോഷങ്ങളും സ്തുതിയും പാട്ടൊച്ചയും
4 അതിൽ കാണാകുന്നു. എൻ ജനമേ എന്നെ കുറിക്കൊൾക! എൻ വംശമേ
എനിക്കു ചെവിതരിക! ധർമ്മവെപ്പാകട്ടേ എന്നിൽനിന്നു പുറപ്പെടും എൻ
ന്യായത്തെ ജനക്കൂട്ടങ്ങളുടേ വെളിച്ചമാക്കി ഞാൻ സ്ഥാപിക്കയും ചെയ്യും.
5 എൻ നീതി അരികിൽ ഉണ്ടു, എൻ രക്ഷ പുറപ്പെടുന്നു, എൻ ഭുജങ്ങൾ വംശ
ങ്ങൾക്കു ന്യായം വിധിക്കും; ദ്വീപുകൾ എന്നെ നോക്കിക്കാത്തു എൻ ഭുജ
6 ത്തെ പാർത്തിരിക്കും. വാനങ്ങളോളം കണ്ണുയർത്തി താഴേ ഭൂമിയെ നോക്കി
കൊൾവിൻ! വാനങ്ങൾ ആകട്ടേ പുക പോലേ പാറി ഭൂമി തുണി പോ
ലേ പഴകി അതിൽ വസിക്കുന്നവർ ഇതു പോലേ മരിച്ചുപോകും; എന്റെ
രക്ഷയോ യുഗത്തോളം നിന്നും എൻ നീതി ഇടിയാതേയും ഇരിക്കും.— നീ
7 തിയെ അറിഞ്ഞിട്ടു എൻ ധർമ്മവെപ്പു ഹൃയത്തിൽ ഉള്ള ജനമേ എന്നെ കേട്ടു
കൊൾവിൻ! മർത്യരുടേ നിന്ദയെ ഭയപ്പെടുകയും അവരുടേ ധിക്കാരങ്ങൾ
8 ക്കു അഞ്ചുകയും അരുതേ. കാരണം തുണികണക്കേ പുഴു അവരെ തിന്നും
ശകലാത്തു പോലേ പേൻ അവരെ തിന്നും, എന്റെ നീതിയോ യുഗത്തോ
ളവും എൻ രക്ഷ തലമുറതലമുറവരെക്കും ഇരിക്കും.

9 യഹോവാഭുജമേ ഉണരുക ഉണർന്നു ശക്തിപൂണുക! പണ്ടേ നാളുകളിൽ
യുഗാദിത്തലമുറകളിൽ എന്ന പോലേ ഉണരുക! റഹാബിനെ വെട്ടി കട
10 ല്പാമ്പിനെ (27,1) കുത്തി മുടിച്ചതു നീ അല്ലയോ? വലിയ ആഴിയുടേ വെ
ള്ളമാം സമുദ്രത്തെ വറ്റിച്ചതും വീണ്ടെടുത്തവർ കടപ്പാൻ കടലാഴങ്ങളെ
11 വഴി ആക്കി വെച്ചതും നീ അല്ലയോ? യഹോവ വിടുവിച്ചവർ മടങ്ങിവന്നു
ആർത്തുംകൊണ്ടു ചിയ്യോനിൽ പൂകും, നിത്യസന്തോഷം അവരുടേ തലമേൽ
ഉണ്ടു ആനന്ദവും മോദവും എത്തീട്ടു ഖേദവും ഞരക്കവും മണ്ടിപ്പോകുന്നു (35,
12 10)—.നിങ്ങളെ ആശ്വസിപ്പിക്കുന്നവൻ ഞാൻ ഞാൻ തന്നേ; ചാകുന്ന മർ
ത്യനും പുല്ലു പോലേ ചമയുന്ന മനുഷ്യപുത്രനും ഭയപ്പെടുവാൻ നീ ആ
13 രുപോൽ എടീ? വാനത്തെ വിരിച്ചു ഭൂമിക്കു അടിസ്ഥാനം ഇട്ടുന്ന യഹോ
വ എന്ന നിന്റെ സ്രഷ്ടാവിനെ മറപ്പാനും വലെക്കുന്നവൻ മുടിപ്പാൻ ഓങ്ങി
എന്നുവെച്ചു പകൽ മുഴുവൻ ഇടവിടാതേ അവന്റെ ഊഷ്മാവിന്നു പേടിപ്പാ
നും എന്തു? വലെക്കുന്നവന്റെ ഊഷ്മാവു ഇനി എവിടേ? കൂച്ചി കെട്ടപ്പെട്ട
14 വൻ വിരവിൽ അഴിച്ചു വിടപ്പെടും, കുഴിയിൽ ചാകയും അപ്പം കുറകയും
15 ഇല്ല. ഞാനോ നിൻ ദൈവമായ യഹോവ തിരകൾ മുഴങ്ങുംവണ്ണം കടലി
നെ ഇളക്കുന്നവൻ; സൈന്യങ്ങളുടയ യഹോവ എന്നു അവന്റെ നാമം. ഞാ
16 നും എൻ വചനങ്ങളെ നിന്റെ വായിൽ ആക്കി എങ്കൈയിൻ നിഴലിൽ
നിന്നെ മറെച്ചുവെച്ചതും വാനം വിരിച്ചു ഭൂമിയെ സ്ഥാപിപ്പാനും ചിയ്യോ
നോടു നീ എന്റെ ജനം എന്നു പറവാനും തന്നേ (ആയതു).

17 എടീ ഉണരുക! യഹോവക്കയ്യിൽനിന്നു അവന്റെ ഊഷ്മാവിൻ പാനപാത്ര
ത്തെ കുടിച്ചു യരുശലേമേ ഉണർന്നു് എഴനീല്ക്ക, ചഞ്ചലിപ്പിക്കും മദ്യക്കി
18 ണ്ടി കുടിച്ചു് ഈമ്പിയവളേ! അവൾ പെറ്റ എല്ലാ മക്കളിലും അവളെ നട
ത്തുന്നവൻ ആരും ഇല്ല, അവൾ വളർത്ത എല്ലാ മക്കളിലും കൈ താങ്ങുന്ന
19 വനും ഇല്ലാ. രണ്ടും നിണക്കു പിണഞ്ഞു, അലമുറെക്കു് ആർ പോരും?:
ഇടിവും പൊടിവും ക്ഷാമവും വാളും; നിന്നെ എങ്ങനേ ആശ്വസിപ്പിക്കാം?
20 നിന്റെ മക്കൾ വയലിലേ മാൻ പോലേ ഏതുമേ വല്ലാതേ എല്ലാ തെരുക്ക
ളുടേ തലെക്കലും കിടന്നു യഹോവയുടേ ഊഷ്മാവും നിന്നൈവത്തിൻ ശാസ
21 നയും നിറഞ്ഞു ചമഞ്ഞവർ. എന്നതുകൊണ്ടു ഹേ എളിയവളേ വീഞ്ഞു കുടാ
തേ മത്തയായവളേ ഇതു കേട്ടാലും! നിന്റെ കർത്താവായ യഹോവ എന്ന
22 സ്വജനത്തിന്നു വേണ്ടി വാദിക്കുന്ന നിൻ ദൈവമായവൻ പറയുന്നിതു:
ചഞ്ചലിപ്പിക്കും പാനപാത്രത്തെ ഇതാ നിങ്കയ്യിൽനിന്നു് എടുക്കുന്നുണ്ടു,
23 എൻ ഊഷ്മാവിൻ മദ്യക്കിണ്ടി നീ ഇനി കുടിക്കയും ഇല്ല. നിന്നെ വലെച്ച
വരുടേ കൈക്കൽ ഞാൻ അതിനെ കൊടുക്കുന്നു; ''ഞങ്ങൾ കടപ്പാൻ കുമ്പി
ടുക'' എന്നു അവർ നിന്നോടു പറഞ്ഞിട്ടു നീ പുറത്തെ നിലത്തിന്നു സമവും
വഴിക്കാർക്കു തെരുവും ആക്കിവെച്ചുവല്ലോ.

52. അദ്ധ്യായം

സ്വാതന്ത്ര്യം കിട്ടുകയാൽ ദൈവത്തെ മുന്നിട്ടു ബാബേലിൽനിന്നു പുറപ്പെ
ടേണ്ടുന്നതു.

1 **ചി**യ്യോനേ ഉണരുക, ഉണർന്നു നിൻ ശക്തി പൂണുക! യരുശലേം എന്ന
വിശുദ്ധനഗരമേ മോടിവസ്ത്രങ്ങൾ അണിക! പരിച്ഛേദനേ ഇല്ലാത്തവനും
2 അശുദ്ധനും ഇനി നിന്നിൽ കടക്കയില്ല സത്യം. പൊടിയിൽ നിന്നു കുട
ഞ്ഞു് എഴനീല്ക്ക, യരുശലേമേ ഇരുന്നുകൊൾക, പ്രവസിച്ച ചിയ്യോൻപു
3 ത്രിയേ കഴുത്തിലേ തളെപ്പു് അഴിച്ചുകൊൾക! യഹോവയാകട്ടേ പറയുന്നി
തു: നിങ്ങൾ വെറുതേ വില്ക്കപ്പെട്ടുപോയി, വെള്ളികൊണ്ടല്ല വീണ്ടെടുക്ക
4 പ്പെടും.— എങ്ങനേ എന്നാൽ കർത്താവായ യഹോവ പറയുന്നിതു: ആദ്യം
എൻ ജനം മിസ്രയീലേക്കു് ഇറങ്ങിയതു പരദേശിയായി പാർപ്പാൻ ത
ന്നേ, പിന്നേ അശ്ശൂർ ഹേതു കൂടാതേ അതിനെ പീഡിപ്പിച്ചു. ഇപ്പോൾ
5 എൻ ജനം വെറുതേ എടുത്തുപോയിട്ടു് എനിക്കു് ഇവിടേ എന്തു (വേണ്ടു)?
എന്നു യഹോവയുടേ അരുളപ്പാടു. അതിനെ അടക്കുന്നവർ അട്ടഹസിക്കുന്നു,
പകൽ മുഴുവൻ ഇടവിടാതേ എൻ നാമം ദുഷിക്കപ്പെടുകയും ചെയ്യുന്നു എന്നു
6 യഹോവയുടേ അരുളപ്പാടു. അതുകൊണ്ടു എൻ ജനം എൻ നാമത്തെ അറി
യും, ഞാൻ ഇതാ എന്നു ചൊല്ലിയവൻ ഞാൻ തന്നേ ആകുന്നപ്രകാരം ആ
7 നാളിൽ (അവർ അറിയും).— ഹാ ചിയ്യോനോടു ''നിന്റെ ദൈവം വാഴു
ന്നു'' എന്നു സമാധാനം കേൾപ്പിച്ചു നല്ലതു സുവിശേഷിച്ചു രക്ഷയെ കേൾ
പ്പിക്കുന്ന സുവാർത്തക്കാരുടേ കാലുകൾ (നഹൂ. 2, 1) മലകളിന്മേൽ എത്ര
8 മനോഹരം! അതാ നിന്റെ കാവല്ക്കാരുടേ ഒച്ച! അവർ ഒക്കത്തക്ക ശബ്ദം
ഉയർത്തി ആർക്കുന്നതു, യഹോവ ചിയ്യോനെ മടക്കുന്നപ്രകാരം കണ്ണോടുകണ്ണാ
9 യി കാൺകയാൽ തന്നേ. ഹേ യരുശലേമിൻ ഇടിവുകളേ ഒന്നിച്ചു പൊട്ടി
ആർപ്പിൻ, യഹോവ സ്വജനത്തെ ആശ്വസിപ്പിച്ചു യരുശലേമെ വീണ്ടെടു
10 ത്തുവല്ലോ. യഹോവ വിശുദ്ധഭുജത്തെ സകലജാതികളുടേ കണ്ണിന്നും ഊരി
തോന്നിച്ചു നമ്മുടേ ദൈവത്തിൻ രക്ഷയെ ഭൂമിയുടേ അറ്റങ്ങൾ എല്ലാം
11 കാൺകയും ചെയ്യും.— നീങ്ങി നീങ്ങി അവിടുന്നു പുറപ്പെടുവിൻ! അശു
ദ്ധം തൊടായ്വിൻ അതിൻ നടുവിൽനിന്നു പുറത്തു ചെല്ലുവിൻ, യഹോ
12 വാപാത്രങ്ങളെ ചുമക്കുന്നവരേ നിങ്ങൾക്കു ശുദ്ധി വരുത്തുവിൻ!

തത്രപ്പാടിൽ അല്ലല്ലോ നിങ്ങൾ പുറപ്പെടുകയും മണ്ടീട്ടല്ല ചെല്ലുകയും ആം, യഹോവ സാക്ഷാൽ നിങ്ങൾക്കു മുന്നിൽ ചെല്ലും ഇസ്രയേലിൻ ദൈവം നിങ്ങൾക്കു പിന്തുണയും ഉണ്ടു.

53. അദ്ധ്യായം

(52, 13) യഹോവാദാസൻ ജാതികൾ വിസ്മയിക്കുംവണ്ണം (1) എത്രയും താണ (4) ജനത്തിൻ പാപത്തെ ഏകനായി ചുമന്നു യാഗമായി മരിച്ചാൽ പിന്നേ (10) അത്യന്തഫലം ലഭിക്കും.

52, 13 ഇതാ എൻ ദാസൻ ബുദ്ധിയോടേ സാദ്ധ്യം വരുത്തും, കയറി പൊ
14 ങ്ങി അത്യന്തം ഉയരും. അവനേറ രൂപം ആളല്ല എന്നും ആകൃതി മനുഷ്യ
പുത്രനല്ല എന്നും തോന്നുവോളം വികൃതം ആകകൊണ്ടു പലരും നിന്നെ
15 കുറിച്ചു സ്തംഭിച്ചതുപോലേ തന്നേ, അവൻ ബഹുജാതികളെ (അതിശ
യിച്ചു) കുതിക്കുമാറാക്കും, അവനെ വിചാരിച്ചു രാജാക്കന്മാരും വായി
പൊത്തി നില്ക്കും, അവർക്കു കഥിക്കാത്തതു കാൺകയും ഒട്ടും കേളാത്തതു
ബോധിക്കയും ഹേതുവാൽ തന്നേ.
53, 1 ഞങ്ങടേ കേട്ടുകേളിയെ ആർ വിശ്വസിച്ചു, യഹോവാഭുജം ആർക്കു വെളി
2 പ്പെട്ടുവന്നു? അവനേറ മുമ്പിൽ ഇളന്തൈയായി വരണ്ട നിലത്തു വേർ (തു
ളിർ) പോലേ പൊന്തി; നാം കാണേണ്ടതിന്നു അവന് അഴകും ഇല്ല ഭം
3 ഗിയും ഇല്ല, ഇച്ഛിക്കേണ്ടിയ രൂപവും ഇല്ല. അവൻ കുസിതൻ പുരുഷന്മാർ
കൈവെടിഞ്ഞവനും വേദനക്കാരൻ രോഗം ശീലിച്ചവനും തന്നേ: കാണാ
യ്വാൻ മുഖം മറെക്കുന്നതു പോലെ നാം അവനെ എണ്ണാതേ നീരസിച്ചു.
4 അവനോ നമ്മുടേ രോഗങ്ങളെ വഹിച്ചു ഇങ്ങേ വേദനകളെ ചുമന്നു സത്യം;
നാമോ അവൻ ശിക്ഷിതൻ ദൈവം അടിച്ചു ഇടിച്ചവൻ എന്നു വിചാ
5 രിച്ചുപോയി; നമ്മുടേ ദ്രോഹങ്ങൾനിമിത്തം അവൻ മുറിഞ്ഞു നമ്മുടേ അ
കൃത്യങ്ങളാൽ തകർന്നുപോയി താനും. നമ്മുടേ ശാന്തിക്കുള്ള ദണ്ഡനം അവ
6 ന്മേൽ ആയി, അവനേറ പുണ്ണിനാൽ നമുക്കു സൌഖ്യം വന്നു. നാം എല്ലാ
വരും ആടു പോലേ ഉഴന്നു അവനവൻ തൻ വഴിക്കു നടന്നു, യഹോവ നാം
7 ഏവരുടേ കുറ്റത്തെയും അവനിൽ തട്ടിച്ചു താനും. അവൻ എത്ര വലെക്ക
പ്പെട്ടിട്ടും വായി തുറക്കാതേ കീഴടങ്ങി കുലെക്കു കൊണ്ടുപോകുന്ന കുഞ്ഞാ
ടുപോലേയും കത്രിക്കുന്നവരുടേ മുമ്പാകേ മിണ്ടാത്ത പെണ്ണാടുപോലേയും
8 വായി തുറക്കാതേ നിന്നു. പീഡയിൽനിന്നും ന്യായവിധിയിൽ നിന്നും
അവൻ എടുക്കപ്പെട്ടു, പിന്നേ ''എൻ ജനത്തിൻ ദ്രോഹം ഹേതുവായി അ
വൻ ദണ്ഡം ഏറ്റു ജീവികളുടേ ദേശത്തുനിന്നു അറുപോയി'' എന്നു അവ
9 ന്റേ തലമുറയിൽ ആർ ധ്യാനിച്ചു! അവൻ സാഹസം ചെയ്യാതേ വായിൽ
ചതി ഇല്ലാഞ്ഞിട്ടും ദുഷ്ടരോടു അവനു ശവക്കുഴിയെ കൊടുത്തു കടുഞ്ചാ
വിൽ അവൻ സമ്പന്നനോടും കൂടിയതു.
10 എങ്കിലും അവനെ നോവിച്ചു തകർപ്പാൻ യഹോവ പ്രസാദിച്ചതു; അ
വനേറ ആത്മാവു പ്രായശ്ചിത്തയാഗം കഴിച്ചാൽ പിന്നേ അവൻ സന്തതി
കണ്ടു നെടുനാൾ ഇരിക്കയും യഹോവയുടേ ഇഷ്ടം അവനേറ കയ്യിൽ സാധി
11 ക്കയും വേണ്ടിയതു. ആത്മപ്രയത്നം ഹേതുവായിട്ടു അവൻ (ഫലം) കണ്ടു
തൃപ്തനാകും; നീതിമാനായ എൻ ദാസൻ തന്നറിവിനാൽ പലരെയും നീതീ
കരിക്കയും അവരുടെ കുറ്റങ്ങളെ താൻ പേറുകയും ചെയ്യും. ആകയാൽ ഞാൻ
12 വലിയവരിലും അവനു പങ്കിടും, ഉൎക്കരോടു അവൻ കൊള്ളയെ വിഭാഗി
ക്കും; അവൻ ദേഹിയെ മരണത്തിന്നു ഒഴിച്ചുകൊടുത്തു പലരുടേ പാപം
ചുമന്നു ദ്രോഹികൾക്കു വേണ്ടി അപേക്ഷിക്കയിൽ താൻ ദ്രോഹികളുടേ
കൂട്ടത്തിൽ എണ്ണപ്പെടുവാൻ തോന്നുകയാൽ തന്നേ.

54. അദ്ധ്യായം

പുതിയ യരുശലേമിന്റെ പുത്രസമ്പത്ത് ഏറുകയും (9) കൃപാമാഹാത്മ്യം പുതുനിയമത്താൽ ഉറെക്കയും ആം.

1 ഹേ പെറാത്ത മച്ചിയായുള്ളോവേ ആക്കുക! നൊന്തിരിയാത്തവളേ
പൊട്ടി ആർത്തു വാഴ്ക! വേട്ടവളുടേ മക്കളെക്കാൾ ഏകാകിനിക്കു മക്കൾ
2 ഏറുന്നുവല്ലോ എന്നു യഹോവ പറയുന്നു. നിൻ കൂടാരത്തിന്റെ സ്ഥലം
വിസ്താരമാക്കുക:നീ പാർപ്പിടങ്ങളുടേ തിരശ്ശീലകൾ നീളുന്നതു തടുക്കാതേ
3 നിൻ കയറുകളെ നീട്ടിച്ചു കുറ്റികളെ ഉറപ്പിച്ചുകൊൾക! കാരണം ഇടവല
ത്തും നീ തിങ്ങി വ്യാപിക്കും, നിന്റെ സന്തതി ജാതികളെ അടക്കി പാഴാ
4 യ ഊരുകളിൽ കുടിയിരിക്കും. ഭയപ്പെടരുതേ, നീ നാണിക്കയില്ലല്ലോ,
ലജ്ജിക്കരുതേ നീ അമ്പരക്ക ഇല്ലല്ലോ, നിന്റെ യൌവനത്തിലേ നാണം
നീ മറക്കയും വൈധവ്യത്തിങ്കലേ നിന്ദയെ ഇനി ഓർക്കയും ചെയ്യും സത്യം.
5 നിണക്കു ഭർത്താവാകട്ടേ നിന്റെ സ്രഷ്ടാവു തന്നേ, സൈന്യങ്ങളുടയ യഹോ
വ എന്നു അവന്റെ നാമം; നിന്നെ വീണ്ടവൻ ഇസ്രയേലിലേ വിശുദ്ധൻ
സർവ്വഭൂമിയുടേ ദൈവം എന്നു അവൻ വിളിക്കപ്പെടുന്നു. എങ്ങനേ എന്നാൽ
6 പിരിഞ്ഞിട്ടു മനോദു:ഖിതയായ സ്ത്രീ പോലേ നിന്നെ യഹോവ
വിളിക്കുന്നു, വെടിഞ്ഞുപോയ ബാല്യദാരങ്ങൾ പോലേ, എന്നു നിന്റെ
7 ദൈവം പറയുന്നു. അല്പനിമിഷത്തിങ്കൽ ഞാൻ നിന്നെ പിരിഞ്ഞു വിട്ടതു
വലിയ കനിവിൽ നിന്നെ ചേർത്തുകൊള്ളും. ഊഷ്മാവിൻ കവിച്ചലിൽ
8 ഞാൻ എൻ മുഖത്തെ ക്ഷണം നിന്നോടു മറെച്ചു, നിത്യദയയാൽ നിന്നെ
കനിഞ്ഞുകൊള്ളുന്നു എന്നു നിന്നെ വീണ്ടെടുക്കുന്ന യഹോവ പറയുന്നു.
9 കാരണം ഇത് എനിക്കു നോഹയുടേ വെള്ളങ്ങൾ പോലേ: ആ നോഹാ
ജലം ഇനി ഭൂമിയിൽ കടക്ക ഇല്ല എന്നു സത്യം ചെയ്തപ്രകാരം നിന്നോടു
ഇനി ക്രുദ്ധിക്ക ഇല്ല ശാസിക്കയും ഇല്ല എന്നു സത്യം ചെയ്യുന്നു. മലകൾ
10 നീങ്ങുകയും കുന്നുകൾ കുലുങ്ങുകയും ആം എന്നാൽ നിന്നോടുള്ള എന്റെ ദയ
നീങ്ങുക ഇല്ല എന്റെ സമാധാനനിയമം കുലുങ്ങുകയും ഇല്ല എന്നു നിന്നെ
11 കനിഞ്ഞ യഹോവ പറയുന്നു.—ആശ്വാസം വരാതേ കലങ്ങി മറിഞ്ഞ
ദീനയായുള്ളോവേ കണ്ടാലും ഞാൻ നിന്റെ കല്ലുകളെ അഞ്ജനത്തിൽ
വെക്കയും നീലക്കല്ലുകളെ അടിസ്ഥാനം ആക്കയും, നിന്റെ താഴികക്കുട
12 ങ്ങളെ പത്മരാഗംകൊണ്ടും വാതിലുകളെ മാണിക്യരത്നങ്ങളാലും നാടു ഒക്ക
യും മനോഹരക്കല്ലുകളാലും തീർക്കയും ചെയ്യും. നിന്റെ മക്കൾ എല്ലാം
13 യഹോവാശിഷ്യരും മക്കളുടേ സമാധാനം പെരികയും ആം. നീതിയാൽ
14 നീ ഉറെക്കും, ഭയപ്പെടുവാനില്ലായ്കയാൽ പീഡയോടും ഇടിച്ചൽ നിണക്കു
അണയായ്കയാൽ ഇടിച്ചലോടും അകലുക! അതാ ജനശേഖരം കൂടിയാലും
15 ആയതു എന്നിൽനിന്നല്ല; നിന്നെക്കൊള്ളെ ആർ ശേഖരിച്ചാലും നിന്നോ
16 ടു ചേർന്നവരും. തീക്കനലിൽ ഊതി ഓർ ആയുധപ്പണി പുറപ്പെടീക്കുന്ന
കൊല്ലനെ ഇതാ ഞാൻ സൃഷ്ടിച്ചു സന്നമാക്കുവാൻ മുടിപ്പവനെയും ഞാൻ സൃ
17 ഷ്ടിച്ചു. നിന്നെക്കൊള്ളേ തീർത്ത ഏതു ആയുധവും ഫലിക്ക ഇല്ല ന്യായവി
സ്താരത്തിന്നായി നിന്നോടു കയക്കുന്ന ഏതു നാവിനും നീ കുറ്റം വിധിക്കും;
ഇതത്രേ യഹോവാദാസരുടേ അവകാശവും അവർക്കു എന്നോടുള്ള നീതിയും
എന്നു യഹോവയുടേ അരുളപ്പാടു.

55. അദ്ധ്യായം

പുതിയ നിയമത്താലേ സൌജന്യമുള്ള കാഴ്ചകൾ (6) മനംതിരിഞ്ഞവക്കു വചനത്താലേ സാധിക്കും.

1 അല്ലയോ സകലദാഹികുന്നവരും വെള്ളത്തേകു വരുവിൻ, പണമില്ലാ
ത്തവനും കൂടീട്ടു വന്നു വാങ്ങി ഭക്ഷിപ്പിൻ! വെള്ളി എന്നി വന്നു വിലകൂടാതേ
2 വീഞ്ഞും പാലും വാങ്ങുവിൻ! അപ്പമല്ലാത്തതിന്നു വെള്ളി തൂക്കി തൂഷ്പി വരു
ത്താത്തതിന്നു നിങ്ങടേ അദ്ധ്വാനഫലം കൊടുപ്പാൻ എന്തു? എന്നെ കേട്ടേ
മതിയാവു, (കേട്ടു) നല്ലതു ഭക്ഷിക്കയും ഉള്ളം മൃഷ്ടാന്നത്തിൽ രസിക്കയും
3 ആക! ചെവി ചാച്ചു എന്നരികേ വരുവിൻ, നിങ്ങടേ ദേഹി ഉയിർപ്പാൻ
കേട്ടുകൊൾവിൻ! ദാവിദിൻ നിശ്ചലകൃപകളം എന്നു ഒരു നിത്യനിയ
4 മം ഞാൻ തീർത്തുതരും. അവനെ ഇതാ ഞാൻ വംശങ്ങൾക്കു സാക്ഷിയും
കുലങ്ങൾക്കു പ്രഭുവും പ്രമാണിയും ആക്കിക്കൊടുത്തു. ഇതാ നീ അറിയാ
5 ത്ത ജാതിയെ നീ വിളിക്കും, നിന്നെ അറിയാത്ത ജാതി നിൻകലേക്കു
ഓടിവരും, എന്നതു നിൻ ദൈവമായ യഹോവയും നിണക്കു ഘനം വരു
ത്തിയ ഇസ്രയേലിലേ വിശുദ്ധനും ആയവൻനിമിത്തം തന്നേ.
6 യഹോവയെ എത്തിക്കൂടുമ്പോൾ തിരവിൻ, അവൻ അടുത്തിരിക്കു
7 മ്പോൾ അവനെ വിളിപ്പിൻ! ദുഷ്ടൻ തന്റെ വഴിയെയും അതിക്രമക്കാ
രൻ തൻ നിനവുകളെയും വിട്ടു യഹോവയിലേക്കു അവൻ കനിവാൻ തി
രിക, ക്ഷമ വഴിയുന്നവനാകയാൽ നമ്മുടേ ദൈവത്തിങ്കലേക്കും (തിരിക).
8 നിങ്ങടേ നിനവുകൾ എൻ നിനവുകൾ അല്ലല്ലോ, എൻ വഴികൾ നി
ങ്ങടേ വഴികളും അല്ലല്ലോ, എന്നു യഹോവയുടേ അരുളപ്പാടു, ഭൂമിയിലും
9 വാനങ്ങൾ ഉയരുംപ്രകാരം തന്നേ അങ്ങേ വഴികളിൽ എൻ വഴികളും അ
ങ്ങേ നിനവുകളിൽ എൻ നിനവുകളും ഉയരുന്നു സത്യം. എന്തെന്നാൽ വാ
10 നത്തിൽനിന്നു മാരിയും ഹിമവും ഇറങ്ങി അവിടേക്കു തിരിയാതേ ഭൂമി
യെ നനെച്ചു വിളയിച്ചു മുളെപ്പിക്കയും വിതെക്കുന്നവനു വിത്തും ഉണ്മാൻ
ആഹാരവും കൊടുപ്പിക്കയും ചെയ്യും പ്രകാരമത്രേ, എൻ വായിൽനിന്നു
11 പുറപ്പെടുന്ന വചനം ആകും: അതു എനിക്കു ഇഷ്ടമുള്ളതിനെ അനുഷ്ഠിച്ചു
ഞാൻ അയച്ച കാര്യത്തെ സാധിപ്പിച്ചല്ലാതേ എങ്കലേക്കു വെറുതേ തി
12 രിഞ്ഞു വരിക ഇല്ല.— അതേ നിങ്ങൾ സന്തോഷത്തിൽ പുറപ്പെട്ടു സമാ
ധാനത്തിൽ നടത്തപ്പെടും, മലകളും കുന്നുകളും നിങ്ങളുടേ മുമ്പാകേ പൊ
ട്ടി ആർക്കും നാട്ടിലേ മരങ്ങൾ എല്ലാം കൈകൊട്ടും; മുൾക്കെട്ടിന്നു പക
18 രം ദേവതാരവും കള്ളിക്കു പകരം പേരയും മുളെക്കും, ആയതു യഹോവെ
ക്കു കീർത്തിയും എന്നും അറാത്ത ചിഹ്നവും ആയ്ച്ചമയും.

56. അദ്ധ്യായം

പുതിയ സഭയിൽ ശബ്ബത്താദികല്പനകളെ സൂക്ഷിച്ചാലും (3) പുറത്തു
ള്ളവരെയും വേണ്ടുവോളം ചേർക്കേണം (10) പഴയ സഭ ഇടയന്മാരുടേ
ദോഷത്താൽ നശിക്കുന്നതു.

1 യഹോവ പറയുന്നിതു: എന്റെ രക്ഷ വരുവാനും എൻ നീതി വെളി
പ്പെടുവാനും അടുത്തിരിക്കയാൽ ന്യായത്തെ കാത്തു നീതിയെ പ്രവൃത്തി
2 പ്പിൻ! ഇതു ചെയ്യുന്ന മർത്യനും ഇതു പിടിച്ചുകൊള്ളുന്ന മനുഷ്യപുത്രനും
ധന്യൻ, ശബ്ബത്തിനെ തീണ്ടിക്കാതേ കാത്തും ദോഷം ഒന്നും ചെയ്യാതേ
3 കൈ സൂക്ഷിച്ചും കൊള്ളുന്നവൻ തന്നേ!— യഹോവയോടു ചേരുന്ന പര
ദേശക്കാരനോ ''യഹോവ സ്വജനത്തിൽനിന്നു എന്നെ അശേഷം വേർ
പിരിക്കും'' എന്നു പറയരുതു, ഷണ്ഡനോ ''ഞാൻ ഇതാ ഉണങ്ങിയ മര
4 മത്രേ'' എന്നു പറകയും അരുതു. എൻ ശബ്ബത്തുകളെ കാത്തു എനിക്കു
ഇഷ്ടമുള്ളതു തെരിഞ്ഞു എൻ നിയമത്തെ പിടിച്ചുകൊള്ളുന്ന ഷണ്ഡന്മാർക്കു
5 എന്റെ ആലയത്തിലും എൻ മതിലകങ്ങളിലും പുത്രീപുത്രന്മാരെക്കാൾ
നല്ല കയ്യും പേരും കൊടുക്കുന്ന എന്നും, അറാത്ത നിത്യനാമത്തെ അവർക്കു

6 കൊടുക്കുന്നു എന്നും യഹോവ പറയുന്നു. യഹോവയെ സേവിച്ചു യഹോ
വാനാമത്തെ സ്നേഹിച്ചു അവനു ദാസരായിരിപ്പാൻ യഹോവയോടു ചേ
രുന്ന പരദേശക്കാരോ ശബ്ബത്തെ തീണ്ടിക്കാതേ കാത്തു എൻ നിയമത്തെ
7 പിടിച്ചുകൊള്ളുന്ന ഏവരായാലും, അവരെ എൻ വിശുദ്ധമലെക്കു കൊ
ണ്ടുവന്നു എൻ പ്രാർത്ഥനാലയത്തിൽ സന്തോഷിപ്പിക്കും, അവരുടെ ഹോ
മങ്ങളും ബലികളും എൻ പീഠത്തിന്മേൽ പ്രസാദകരം ആകും, എൻ ഭവ
നം സാക്ഷാൽ സകലവംശങ്ങൾക്കും പ്രാർത്ഥനാലയം എന്നു വിളിക്കപ്പെ
8 ടും. ഇസ്രയേലിൽ ഭ്രഷ്ടരായ്പ്പോയവരെ കൂട്ടുന്ന യഹോവ എന്ന കർത്താ
വിൻ അരുളപ്പാടാവിതു: അവനേറെ കൂട്ടർക്കു പുറമേ ഞാൻ ഇനിയും അവ
9 കലേക്കു കൂട്ടും. ഹേ നാട്ടിലേ സകലജന്തുവും കാട്ടിലേ സകലജന്തുവും തി
ന്മാൻ വരുവിൻ!

10 അവനേറെ കാവല്ക്കാർ ഒക്ക കുരുടർ, ഒട്ടും അറിയാത്തവർ, കുരെപ്പാൻ
കഴിയാത്ത ഊമനായ്ക്കളായി, എല്ലാവരും കിനാവിൽ പേ പറഞ്ഞു കിട
11 ന്നു ഉറങ്ങുവാൻ പ്രിയപ്പെടുന്നു. നായ്ക്കളോ തൃപ്തി ഒട്ടും തോന്നാതവങ്കൊ
തിയർ; പിന്നേ അങ്ങനേയവർ തന്നേ ഇടയർ! ഗ്രഹിപ്പാൻ അവർക്കു
അറിയാ, എല്ലാവരും അന്ത്യൻവരേ താന്താനേറെ വഴിക്കും സ്വലാഭത്തി
12 നും നോക്കുന്നു. ''വരീൻ നാം മദ്യം കോരിക്കുടിപ്പാൻ ഞാൻ വീഞ്ഞു വ
രുത്തട്ടേ, ഇന്നേ പോലേ നാളയും വേണ്ടുവോളം തിങ്ങ വിങ്ങ ആകും''
എന്നത്രേ.

57. അദ്ധ്യായം

സജ്ജനങ്ങൾ ക്ഷയിക്കുമ്പോൾ (3) ദുർജ്ജനങ്ങൾ പാപസേവയിൽ പുളെ
ച്ചു അബ്ധാനിക്കയാൽ (14) ദീർഘശാന്തിയുള്ള ദൈവം മനന്തിരിവു ചോ
ദിക്കുന്നു.

1 നീതിമാൻ ക്ഷയിക്കുന്നു എന്നിട്ടും ആരും മനസ്സു വെക്കുന്നില്ല, ദയാല
ക്കൾ എടുത്തുകൊള്ളപ്പെടുന്നു എന്നിട്ടും നീതിമാൻ തിന്മയിൽനിന്നു എടു
2 ത്തുകൊള്ളപ്പെടുന്നു എന്നു വിചാരിപ്പാറു ഇല്ല. അവൻ സമാധാനത്തിൽ
പ്രവേശിക്കുന്നു, ചൊവ്വിന്നു നടന്നുകൊണ്ടവർ തങ്ങളുടേ കിടക്കകളിൽ സ്വ
സ്ഥരായി ശയിക്കുന്നു.
3 നിങ്ങളോ ഇങ്ങു അടുപ്പിൻ, ശകുനക്കാരത്തിയുടേ മക്കളേ വ്യഭിചാരിക്കും
4 വേശ്യക്കും പ്രജയായുള്ളോരേ! ആരെ ചൊല്ലി നിങ്ങൾ വിനോദിച്ചുകൊ
ള്ളുന്നു? ആരെ ചൊല്ലി വായ്തുറക്കുന്നു നാക്കു നീട്ടുന്നു? നിങ്ങൾ വ്യാജത്തിൻ
5 പ്രജയും ദ്രോഹസന്തതിയുമല്ലയോ? പച്ചമരത്തിങ്കീഴു തോറും മാവുകളെ
മോഹിച്ചു കാളി, ശൈലങ്ങളുടേ പിളർപ്പുകൾക്കു താഴേ ചോലകളിൽ ശി
6 ശുക്കളെ അറുത്തുംകൊള്ളുന്നവരേ! തോട്ടിലേ മിനുത്ത കല്ലുകളിൽ നിന്നേറ
പങ്കായി, അവയത്രേ നിനേറ ഓഹരി. എടീ അവറിന്നു നീ ഊക്കഴിച്ചു
കാഴ്ച ഹോമിച്ചുവെച്ചു; ഈ വക എനിക്കു തെളിയേണം എന്നോ? ഉയർന്ന
7 വന്മലമേൽ നീ കിടക്ക പരത്തി അവിടേക്കു ബലി കഴിപ്പാനും കരേറി
8 പോയി. കതകിന്നും കട്ടിലക്കാല്ക്കും പിറകിൽ നീ നിനേറ ഓർമ്മയെ
സ്ഥാപിച്ചു എന്നോടായ ശേഷമേ മെയ്യൊഴിച്ചുകൊടുത്തു ശയ്യ പരത്തി
കയറി അവരിൽ ഒരുത്തനെ കൂലിക്കു വാങ്ങി, അവരുടേ കിടക്ക നീ സ്നേ
9 ഹിച്ചു ലിംഗത്തെ നോക്കുന്നു! നീ തൈലവുമായി രാജാവിനെ (തൊഴു
വാൻ) യാത്രയാകയും നിനേറ സൌരഭ്യ പദാർത്ഥങ്ങളെ പെരുപ്പിക്കയും
നിനേറ ഓട്ടാളരെ ദൂരത്തോളം അയച്ചു, പാതാളംവരേ കുമ്പിട്ടു കീഴികയും
10 ചെയ്തു. നിനേറ വഴിയുടേ പെരിപ്പത്താൽ തളർച്ച വന്നിട്ടും ''ഗതികെട്ടു''
എന്നു നീ പറയാറില്ല; കൈക്കൽ (കുറയ) ജീവപുതുക്കം കണ്ടാൽ നിണക്കു

വേദന ഇല്ല. പിന്നേ ആർക്കു നീ അഞ്ചി ഭയപ്പെട്ടിട്ടു നീ കളവു പറഞ്ഞു
എന്നെ ഓർക്കാതേയും മനസ്സു് വെക്കാതേയും പോയതു? യുഗംമുതൽ ഞാൻ
അടങ്ങി നില്ക്കയാൽ അല്ലയോ എന്നെ നീ ഭയപ്പെടേണ്ട എന്നോ? ഞാനോ
12 നിന്റേ നീതിയെയും നിണക്കു് ഉതകാത്തതു് എന്നു നിന്റേ ക്രിയകളെയും
അറിയിക്കും. നീ നിലവിളിക്കയിൽ നിൻ ബിംബക്കൂട്ടങ്ങൾ നിന്നെ
13 ഉദ്ധരിപ്പൂതാക! അവരെ ഒക്കയും കാറ്റു് എടുക്കും ഒരു വീർപ്പു കളയും താ
നും; എന്നിൽ ആശ്രയിക്കുന്നവനോ ഭൂമിയെ അടക്കി എൻ വിശുദ്ധപർവ്വത
ത്തെ സമ്പാദിക്കും.
14 അവൻ പറയുന്നിതു: തുത്തു നികത്തി നിരത്തിനെ ഒരുക്കുവിൻ എൻ ജന
15 ത്തിന്റേ വഴിയിൽനിന്നു ഇടറുന്നതു് എല്ലാം പോക്കുവിൻ! കാരണം വി
ശുദ്ധൻ എന്ന നാമത്തോടേ ഉയർന്നു സദാ വസിക്കുന്ന ഉന്നതൻ ഇപ്രകാരം
പറയുന്നു: ഔന്നത്യവും വിശുദ്ധവും ഞാൻ വസിക്കുന്നതല്ലാതേ തകർന്നവ
നോടും മനത്താഴ്മയുള്ളവരോടും ഇരിക്കുന്നു, താണവരുടേ ആത്മാവെ ഉയിർ
പ്പിപ്പാനും തകർന്നവരുടേ ഹൃദയത്തെ ഉയിർപ്പിപ്പാനും തന്നേ. എന്നേക്കും
16 ഞാൻ വാദിക്കയും എപ്പോഴും ക്രുദ്ധിക്കയും ഇല്ലല്ലോ; (ചെയ്താൽ) ഞാൻ
ഉണ്ടാക്കിയ ആത്മാവും പ്രാണങ്ങളും എന്റേ മുമ്പിൽ നിന്നു മാഴ്കുമല്ലോ.
17 അവന്റേ അത്യാഗ്രഹത്തിന്റേ കുറ്റംകൊണ്ടു ഞാൻ ക്രുദ്ധിച്ചു അവനെ അ
ടിച്ചു ഒളിച്ചും ക്രുദ്ധിച്ചുംപോന്നു, അവനും തെറ്റിട്ടു സ്വഹൃദയത്തിൻ വഴി
18 യിൽ നടന്നു. അവന്റേ വഴികളെ ഞാൻ കണ്ടു അവനു ചികിത്സിക്കും അവ
നെ നടത്തി അവനും അവന്റേ ദുഃഖിതന്മാക്കും ആശ്വാസങ്ങളെ ഒപ്പിച്ചു
കൊടുത്തു, ചുണ്ടുകളുടേ അനുഭവത്തെ സൃഷ്ടിക്കും: ''സമാധാനം! ദൂരസ്ഥനും
19 സമീപസ്ഥനും സമാധാനം!'' എന്നു യഹോവ പറയുന്നു, ''ഞാൻ അവനെ
സൌഖ്യമാക്കുകയും ചെയ്യും.'' ദുഷ്ടന്മാരോ ഓളം പൊങ്ങുന്ന കടലിന്നു്
20 ഒക്കുന്നു, ആയതു് അമർന്നടങ്ങിക്കൂടാ അതിൻ ഓളങ്ങൾ ചേറും ചളിയും
21 പൊങ്ങിച്ചുതള്ളുന്നു. ദുഷ്ടന്മാക്കു സമാധാനം ഇല്ല എന്നു് എന്റേ ദൈവം
പറയുന്നു.

III. ഇന്നും എന്നേക്കും രക്ഷ സംഭവിപ്പതു ജഡസംബന്ധക്കാക്കല്ല നീതിവിശ്വാസികളാൽ അത്രേ. (അ. 58–66).

58. അദ്ധ്യായം

മായാഭക്തി പോരാ (3) സത്യനോമ്പും (8) ഫലിക്കുന്ന ആരാധനയും (13) ശബ്ബത്താചാരവും ഇന്നതെന്നുള്ളതു.

1 കുരലാൽ ആമ്മട്ടം ഇളയാതേ വിളിക്ക, കാഹളം പോലേ ശബ്ദം ഉയ
ത്തി എൻ ജനത്തിന്റേ ദ്രോഹവും ഇസ്രയേൽഗൃഹത്തിൻ പാപങ്ങളെയും
2 അവക്കു് അറിയിക്ക! എന്നെയോ അവർ നാൾക്കുനാൾ തിരഞ്ഞു എൻ വ
ഴികളുടേ അറിവിനെ കാംക്ഷിച്ചുപോരുന്നു, സ്വദേവന്റേ ന്യായത്തെ വി
ടാതേ നീതിയെ ചെയ്തൊരു ജാതി എന്ന പോലേ, നീതിയുള്ള വിധികളെ
എന്നോടു ചോദിച്ചു ദൈവം അടുക്കേണം എന്നു വാഞ്ഛിക്കുന്നു. ''ഞങ്ങൾ
3 നോല്ക്കുന്നതു നീ എന്തു കാണാതു? ആത്മതപസ്സു ചെയ്യുന്നതു് എന്തു് അറി
യാതു?'' (എന്നു ചൊല്ലി തന്നേ). കണ്ടോ നിങ്ങൾ നോല്ക്കുന്ന നാളിൽ കാ
ര്യങ്ങൾ നടന്നു നിങ്ങടേ എല്ലാ കൂലിക്കാരെയും തെളിക്കുന്നു. കണ്ടോ വി
4 വാദത്തിന്നും വഴക്കിന്നും ദുഷ്ടമുഷ്ടി ചുരുട്ടി അടിപ്പാനും നിങ്ങൾ നോല്ക്കു
ന്നതു; ഉന്നത(സ്ഥാന)ത്തിൽ നിങ്ങളുടേ ശബ്ദം കേൾപ്പിപ്പാനല്ല ഇന്നു നോ
5 ല്ക്കുന്നതു. എനിക്കു തെളിയുന്ന നോമ്പു് ഇതിന്നു് ഒക്കുമോ? മനുഷ്യൻ ദേ
ഹിയെ തപിപ്പിക്കുന്ന നാൾ ഇതോ? തലയെ വേഴം പോലേ കുനിയിച്ചു

ചാക്കുശീലയും വെണ്ണീരും വിരിച്ചു കിടന്നാൽ, ഉപവാസം എന്നും യഹോ
വെക്കു പ്രസാദദിവസം എന്നും വരുമോ? ദുഷ്ടതയാൽ വരിഞ്ഞുകെട്ടിയത്
6 അഴിക്ക, നുകത്തിൻ കെട്ടുകളെ വേർവ്വിടുക്ക, ഒടിഞ്ഞവരെ സ്വതന്ത്രരാക്കി
വിടുക, പിണെച്ചു പൂട്ടിയത് ഒക്കെ അറുക്ക! എന്നുള്ളതത്രേ എനിക്കു തെ
7 ളിയുന്ന നോമ്പല്ലയോ? വിശക്കുന്നവന്നു നിന്റേറ അപ്പം നുറുക്കി കൊടുക്ക,
മണ്ടിച്ചു് ആട്ടിയ സാധുക്കളെ പുരയിൽ കൊണ്ടുവരിക, നഗ്നനെ കണ്ടാൽ
8 പുതപ്പിക്ക, നിന്റേറ ഉടപ്പിറപ്പിൽനിന്നു് ഒളിച്ചുകൊള്ളായ്ക ഇത്യാദി അ
ല്ലയോ? അപ്പോഴേ നിന്റെറ വെളിച്ചം അരുണോദയം പോലേ ഉഷെക്കും,
നിന്റേറ രോഗശമനം വേഗം വളരും, നിന്റേറ നീതി നിണക്കു മുന്നിൽ
9 ചെല്ലും യഹോവാതേജസ്സു നിണക്കു പിന്തുണയും ആകും. അന്നു നീ വിളി
ക്കും യഹോവ ഉത്തരം അരുളുകയും ചെയ്യും, നീ കൂക്കും ''ഞാൻ ഇതാ''
എന്നു് അവനും പറയും. നുകം പൂട്ടുക, വിരൽ ചൂണ്ടുക, വികൃതി പറക
10 ഈ വക നിന്നടുവിൽനിന്നു് അകററി എങ്കിൽ, വിശക്കുന്നവന്നു നിന്റേറ
ഉള്ളത്തെ പൊഴിച്ചുകൊടുത്തു വലഞ്ഞവന്റേറ കൊതിക്കു തൃപ്തി വരുത്തി
എങ്കിൽ, ഇരിട്ടിലും നിൻ വെളിച്ചം ഉദിക്കും നിന്റേറ തമസ്സു ഉച്ചെക്കും ഒ
11 ക്കും. യഹോവ നിന്നെ എന്നും നടത്തി വരണ്ടഭൂമികളിലും ദേഹിക്കു തൃപ്തി
വരുത്തി എല്ലുകളെ പുഷ്ടിപ്പിക്കയാൽ, നീ നനയേറും തോട്ടത്തിന്നും ജലം
12 എന്നും ചതിക്കാത്ത നീരുറവിന്നും സമനാകും. നിന്നിൽ ഉത്ഭവിച്ചവർ യു
ഗാന്തര ഇടിവുകളെ പണിയിക്കും, തലമുറതലമുറ കണ്ട അടിസ്ഥാനങ്ങളെ
നീ നിറുത്തും, മതിൽപ്പൊട്ട തീർപ്പവൻ എന്നും കുടിയിരിപ്പാൻ നിരത്തുക
ളെ യഥാസ്ഥാനത്താക്കുവോൻ എന്നും നീ വിളിക്കപ്പെട്ടും.
13 ശബ്ബത്തെ (മീറായ്വാൻ) നീ കാൽ ഒഴിച്ചു വാങ്ങി എൻ വിശുദ്ധദിവ
സത്തിൽ കാര്യങ്ങൾ നടക്കാതേ ശബ്ബത്തെ കൌതുകം എന്നും, യഹോവെ
ക്കു വിശുദ്ധമായതു ഗൌരവം എന്നും വിളിക്കയും, നിന്റേറ വഴികളെ ചെ
യ്യാതേ നിന്റേറ കാര്യങ്ങളെ നടക്കാതേ ഗുണദോഷം പറയാതേ കണ്ടു അ
14 തിനെ ബഹുമാനിക്കയും ചെയ്താൽ; അന്നു നീ യഹോവയിൽ രസിച്ചു ല
യിക്കും, ഞാൻ ഭൂമിയുടേ അഗ്രങ്ങളിന്മേൽ നിന്നെ മണ്ടിച്ചു കിടാകി, നി
ന്നപ്പനായ യാക്കോബിന്റേറ അവകാശത്തെ ഭുജിപ്പിച്ചു തരും. യഹോവവാ
യി ഉരെച്ചു സത്യം.

59. അദ്ധ്യായം

രക്ഷയെ താമസിപ്പിക്കുന്നതു പാപവാഴ്ചയത്രേ (9) എന്നറിഞ്ഞു സ്വീക
രിച്ചാൽ (16) യഹോവ താൻ നീതിയെ നടത്തി ന്യായം വിധിച്ചു ഇസ്രാ
യേലെ വീണ്ടുകൊള്ളും.

1 കണ്ടാലും യഹോവക്കൈ രക്ഷിക്കാതോളം ചുരുങ്ങീട്ടില്ല, ചെവി കേ
2 ളാതോളം കനത്തതും ഇല്ല, നിങ്ങളെയും നിങ്ങടേ ദൈവത്തെയും വേറാക്കു
ന്നതു നിങ്ങളുടേ കുററങ്ങളത്രേ, കേളാതവണ്ണം തിരുമുഖത്തെ നിങ്ങൾക്കു
3 മറെക്കുന്നതു നിങ്ങടേ പാപങ്ങളത്രേ. നിങ്ങളുടെ ഉള്ളങ്കൈകൾ ചോര പിര
ണ്ടു, വിരലുകൾ അകൃത്യം (പിരണ്ടു) നിങ്ങടേ ചുണ്ടുകൾ ചതി പറഞ്ഞു
4 നാക്കു അക്രമവും ഉരെക്കുന്നു. നീതിയിൽ (സാക്ഷി) വിളിക്കുന്നവനും ഉണ്മ
യിൽ വ്യവഹരിക്കുന്നവനും ആരും ഇല്ല, മായയിൽ ആശ്രയിച്ചു പൊള്ള
പറകയും, കിണ്ടത്താൽ ഗർഭം ധരിച്ചു് അക്രമം പ്രസവിക്കയും ഉള്ളു. മൂർഖ
5 ന്റേറ മുട്ടകളെ പൊരുന്നി വണ്ണാൻ വലകളെ നെയ്യുന്നു, ആ മുട്ടകളിൽ ഒന്നു
തിന്നുന്നവൻ മരിക്കും, ചവിട്ടി ചതെച്ചാൽ സർപ്പം പുറത്തു വരുന്നു. അവ
6 രുടേ നെയ്ത്തു തുണിക്കാകാ, അവരുടേ പണികൾ പുതെപ്പാൻ പോരാ,
അവരുടേ പണികൾ അക്രമപ്പണിയത്രേ, അവരുടേ കൈകളിൽ

7 സാഹസകർമ്മമേ ഉള്ളു. അവരുടേ കാലുകൾ ദോഷത്തിന്നു് ഓടി കുറമി
ല്ലാത്ത രക്തം ചിന്തുവാൻ ഉഴറുന്നു, അവരുടേ വിചാരങ്ങൾ അക്രമവിചാര
ങ്ങൾ, അവരുടേ നിരത്തുകളിൽ ഇടിവും പൊടിവും (കാണും). സമാധാ
8 നവഴിയെ അറിയുന്നില്ല, അവരുടേ ഞെറികളിൽ ന്യായം ഒട്ടും ഇല്ല,
പാതകളെ തങ്ങൾക്കായി വക്രമാക്കുന്നു, അതിൽ സഞ്ചരിക്കുന്നവൻ ആരും
സമാധാനത്തെ അറിയാ.
9 എന്നതുകൊണ്ടു ന്യായം ഞങ്ങളോടു് അകന്നു നീതി ഞങ്ങളോടു് എത്താ
തേ ഇരിക്കുന്നു, ഞങ്ങൾ വെളിച്ചത്തിന്നു കാത്തിരിക്കേ അതാ ഇരിട്ടു; തുള
10 ക്കത്തിന്നു (കാത്താൽ) തമസ്സിലേ നടപ്പു. കുരുടരെ പോലേ ഞങ്ങൾ ചുവർ
തപ്പിപ്പിടിച്ചു, കണ്ണില്ലാത്തവണ്ണം തപ്പിനടക്കുന്നു, അന്തിമയക്കിൽ കണ
ക്കേ ഞങ്ങൾ ഉച്ചെക്കും ഇടറി, പുഷ്ടന്മാരുടേ നടുവിൽ ശവങ്ങളായി (നട
11 ക്കുന്നു). ഞങ്ങൾ ഒക്കേ കരടികൾ പോലേ ചിനക്കി പ്രാവുപോലേ കുറുകി
പ്പോരുന്നു, ന്യായത്തിന്നു കാത്തിരിക്കേ അതു് ഇല്ല, രക്ഷെക്കു (കാത്താൽ)
12 അതു് അകലേ ഉള്ളു.— കാരണം തിരു മുമ്പിൽ ഞങ്ങളുടേ ദ്രോഹങ്ങൾ
പെരുകി, ഇങ്ങേ പാപങ്ങൾ ഞങ്ങൾക്കു നേരേ സാക്ഷിനില്ക്കുന്നു; ഞങ്ങടേ
ദ്രോഹങ്ങൾ ഇങ്ങുണ്ടു സത്യം, ഞങ്ങടേ കുറങ്ങളെ അറിഞ്ഞുവരുന്നു, സ്വാ
മിദ്രോഹം, യഹോവയെ നിഷേധിക്ക, ഞങ്ങളുടേ ദൈവത്തെ വിട്ടു പിൻ
വാങ്ങുക, പീഡയും മത്സരവും സംസാരിക്ക, ചതിവാക്കുകളെ ഹൃദയ
13 ത്തിൽ ഉല്പാദിച്ചു് ഉച്ചരിക്ക. എന്നീ വകയാൽ ന്യായം പിറകോട്ടു തള്ള
പ്പെട്ടു, നീതി ദൂരേ നിന്നു പോയി, മന്നത്തികലല്ലോ സത്യം എന്നതു്
14 ഇടറുന്നു, നേരും പ്രവേശിച്ചുകൂടാ. പിന്നേ സത്യം കാണ്മാനും ഇല്ല തിന്മ
യെ വിട്ടു വാങ്ങുന്നവൻ ഇരയായ്പ്പോകുന്നു.
15.16 ആയതു യഹോവ കണ്ടു ന്യായം ഇല്ലായ്കയാൽ ഇഷ്ടക്കേടായി. ഒരു
പുരുഷനും ഇല്ല എന്നു കണ്ടു തടുക്കാകുന്നവൻ ഇല്ലായ്കയാൽ ആശ്ചര്യ
പ്പെട്ടു; എന്നാറേ അവന്റെ ഭുജം അവനു രക്ഷ വരുത്തി അവന്റേ നീതി
17 അവനെ താങ്ങി. കവചംപോലേ നീതിയെയും രക്ഷാശിരസ്ത്രം തല
മേലും കെട്ടി പ്രതിക്രിയാവസ്ത്രങ്ങൾ ഉടുപ്പാക്കി ചുറ്റി പുതപ്പായി എരി
18 വിനെ പുതെച്ചു.— ക്രിയകൾക്കു തക്കവണ്ണം അവൻ പകരം ഒപ്പിക്കും,
തന്റേ മാറാന്മാക്കു ഊഷ്മാവും ശത്രുക്കൾക്കു പ്രതികാരവും; (ദൂര) ദ്വീപു
19 കൾക്കും പ്രതിക്രിയ ഒപ്പിക്കും. പിന്നേ അസ്തമാനത്തുള്ളവരും യഹോവാ
നാമത്തെയും സൂര്യോദയത്തിൽ നിന്നവരും അവന്റേ തേജസ്സിയും ഭയ
പ്പെടും, അവൻ വരുന്നതു യഹോവാശ്വാസം ഓടിക്കുന്നൊരു തിങ്ങിയ പുഴ
20 പോലേ തന്നേയല്ലോ. ചിയ്യോനിലേക്കു വീണ്ടുകൊള്ളുന്നവൻ വരുന്നു,
യാക്കോബിലേ ദ്രോഹത്തിൽനിന്നു മനന്തിരിഞ്ഞവർക്കത്രേ എന്നു യഹോ
21 വയുടേ അരുളപ്പാടു. ഞാനാകട്ടേ, യഹോവ പറയുന്നു, അവരോടു് എന്റേ
നിയമമാവിതു: നിന്മേലുള്ള എന്റേ ആത്മാവും നിൻ വായിൽ ആക്കിയ
എന്റേ വാക്കുകളും നിന്റേ വായും സന്തതിയുടേ വായും സന്തതിസന്തതി
യുടേ വായും ഇന്നു മുതൽ എന്നേക്കും വിട്ടു നീങ്ങുക ഇല്ല എന്നു യഹോവ
പറയുന്നു.

60. അദ്ധ്യായം

യഹോവാതേജസ്സു് പുതിയ യരുശലേമിൽ ആവസിച്ചു (4) മിക്ക ജാ
തികളെയും സർവ്വലോകധനത്തെയും ആകർഷിക്കുമ്പോൾ (8) അതിന്റേ
മക്കൾ ദൂരത്തുനിന്നു ചേരുകയും (12) നഗരം അത്യന്തം വളരുകയും (17)
ദൈവം അതിൽ വാഴുകയും ചെയ്യും.

1 അല്ലയോ എഴുനീറു പ്രകാശമാക! നിന്റേ പ്രകാശം വന്നുവല്ലോ,

2 യഹോവാതേജസ്സും നിന്മേൽ ഉദിച്ചു. ഇതാ ഇരുട്ടു ഭൂമിയെയും കാർമ്മുകിൽ
വംശങ്ങളെയും മൂടിക്കിടക്കുന്നു, നിന്റെ മേലോ യഹോവ ഉദിക്കുന്നു അവ
3 ന്റെ തേജസ്സും നിന്മേൽ കാണപ്പെടും. നിന്റെ പ്രകാശത്തിലേക്കു ജാതികളും
നിൻ ഉദയത്തിളക്കത്തിന്നു രാജാക്കളും ചെല്ലുന്നു.
4 കണ്ണുകളെ ഉയർത്തി ചുറ്റും കാൺക: ഇവർ ഒക്ക കൂടി നിങ്കലേക്കു വരു
ന്നു നിന്റെ പുത്രന്മാർ ദൂരത്തു നിന്നും പുത്രിമാർ ഉക്കത്തു എടുക്കപ്പെട്ടും വരു
5 ന്നു. അന്നു നീ കണ്ടു മിന്നും, ഹൃദയം പിടെച്ചുവിരിയും, നിങ്കലേക്കാക
ട്ടേ സമുദ്രത്തിന്റെ ആരവാരം തിരിഞ്ഞു ജാതികളുടേ മുതലും വന്നുചേരു
6 ന്നു. ഒട്ടകക്കവിച്ചൽ നിന്നെ മൂടും, മിദ്യാൻ ഏഫ എന്നവരുടേ ചിറ്റൊ
ട്ടകങ്ങളും ആദിയായി ഒക്കയും ശബയിൽനിന്നു പൊന്നും കുന്തുരുക്കവും പേ
റി വന്നു യഹോവയുടേ സങ്കീർത്തനങ്ങളും സുവിശേഷിക്കുന്നു. കേദാരിലേ
7 ആട്ടിങ്കൂട്ടം എല്ലാം നിന്നോടു ഒന്നിച്ചു കൂടും നബയോത്തിലേ മുട്ടാടുകളും
നിന്നെ സേവിക്കും, അവ എൻ പീഠത്തിന്മേൽ പ്രസാദത്തിന്നായി കയ
റും, എൻ അഴകിയ ആലയത്തിന്നു ഞാൻ ഘനം വരുത്തുകയും ചെയ്യും.
8 അതാ മേഘം പോലേയും തങ്ങടേ ചാലകങ്ങളിലേക്കു പ്രാക്കൾ പോ
9 ലേയും ഈ പറക്കുന്നതു ആരുപോൽ? ദൂരത്തുനിന്നു നിന്റെ മക്കളെ തങ്ങ
ടേ പൊന്നും വെള്ളിയുമായി നിൻ ദൈവമായ യഹോവയുടേ നാമത്തി
ലേക്കും നിനക്കു ഘനം വരുത്തുന്ന ഇസ്രയേലിലേ വിശുദ്ധകലേക്കും കൊ
ണ്ടുവരേണ്ടതിന്നല്ലോ തർശീശ്കപ്പലുകളും ആദിയായി ദ്വീപുകളും എനി
10 ക്കായി കാത്തിരിക്കുന്നു. പരദേശക്കാർ നിന്റെ മതിലുകളെ പണിയി
ക്കും, അവരുടേ രാജാക്കളും നിണക്കു ശുശ്രൂഷിക്കും. ഞാൻ ആകട്ടേ ക്രോധ
ത്തിൽ നിന്നെ അടിച്ചിട്ടും പ്രസാദത്തിൽ നിന്നെ കനിഞ്ഞുകൊണ്ടതു.—
11 രാവും പകലും അടെക്കാതേ നിന്റെ വാതിലുകളും എന്നും തുറന്നിരിക്കും,
ജാതികളുടേ മുതലും അവരുടേ അരചരെയും നടനടയായി പൂകിപ്പാൻ
12 തന്നേ. നിന്നെ സേവിക്കാത്ത ജാതിയും രാജ്യവും കെടും, ആ ജാതികളും
13 മുറ്റും ശൂന്യമിച്ചുപോകും. എൻ വിശുദ്ധ സ്ഥലത്തെ ശോഭിപ്പിപ്പാൻ കീല്പരം
പിലാവു നെല്ലി തുടങ്ങിയുള്ള ലിബനോനിലേ തേജസ്സു ഒക്കത്തക്ക നി
ങ്കലേക്കു വരും, എൻ പാദങ്ങളുടേ സ്ഥാനത്തെ ഞാൻ തേജസ്കരിക്കയും
ചെയ്യും.
14 നിന്നെ താഴ്ത്തിയവരുടേ മക്കളും കുനിഞ്ഞിട്ടു നിങ്കലേക്കു ചെല്ലും, നി
ന്നെ നിരസിച്ചവർ നിൻ കാലടികളെ നമസ്കരിച്ചു ''ഹേ യഹോവാനഗ
രം ഇസ്രയേലിലേ വിശുദ്ധന്റെ ചിയ്യോൻ'' എന്നു നിണക്കു വിളിക്കയും
15 ചെയ്യും. ആരും (നിന്നിൽ) കടക്കാതോളം നീ കൈ വിടപ്പെട്ടും പകെക്ക
പ്പെട്ടും ഇരുന്നതിന്നു പകരം ഞാൻ നിന്നെ നിത്യഡംഭും തലമുറ തലമുറെക്കു
16 ആനന്ദവും ആക്കിത്തീർക്കും. നീ ജാതികളുടേ പാൽ ചപ്പും അരചരുടേ മുല
കുടിക്കും, യഹോവയായ ഞാൻ നിന്റെ രക്ഷിതാവു എന്നും നിന്നെ വീ
ണ്ടുകൊണ്ടതു ഇസ്രയേലിലെ ശൂരൻ എന്നും നീ അറികയും ചെയ്യും.—
17 ചെമ്പിന്നു പകരം ഞാൻ പൊന്നു വരുത്തും, ഇരിമ്പിന്നു പകരം വെള്ളി
യും, മരത്തിന്നു പകരം ചെമ്പും, കല്ലുകൾക്കു പകരം ഇരിമ്പും വരുത്തും;
സമാധാനം എന്നതു നിണക്കു കോയ്മയും നീതി എന്നതു അധികാരികളും
18 ആക്കിവെക്കും. നിന്റെ ദേശത്തിൽ സാഹസവും നിൻ അതിരകത്തു ഇടി
വും പൊടിവും ഇനി കേൾപ്പാനും ഇല്ല; രക്ഷ എന്നതു നിൻ മതിലുകളും,
19 സ്തുതി എന്നതു നിൻ വാതിലുകളും എന്നു നീ വിളിക്കും. പകൽ വെളിച്ച
ത്തിന്നു ഇനി സൂര്യൻ ആകാ വെട്ടത്തിന്നു നിനക്കു നിലാവു കായുകയും
ഇല്ല, യഹോവ തന്നേ നിണക്കു നിത്യവെളിച്ചവും നിൻ ദൈവം അഴകും
20 ആയിരിക്കും. നിന്റെ സൂര്യൻ ഇനി അസ്തമിക്ക ഇല്ല ചന്ദ്രിക കുറകയും ഇ
ല്ല, യഹോവ ആകട്ടേ നിണക്കു നിത്യവെളിച്ചമാകും നിന്റെ ഖേദദിവസ
21 ങ്ങളും ഒത്തുവന്നുപോയി. നിൻ ജനമോ എല്ലാവരും നീതിമാന്മാർ,

എന്നേക്കും ഭൂമിയെ അടക്കും, എൻ നടലിൻറെ തൈയും എനിക്കു ഘനം
22 വരുത്തുവാൻ (തീർത്ത) എൻ കൈർപ്പണിയും ആയിട്ടത്രേ. (അതിൽ) ചെറി
യവൻ ആയിരവും അസാരൻ ബലത്ത ജാതിയും ആകും. യഹോവയായ
ഞാൻ തല്ക്കാലത്ത് അതിനെ വിരയിക്കും.

61. അദ്ധ്യായം

യഹോവാദാസൻ ഖേദിക്കുന്നവക്ക് ആശ്വാസവും ദിവ്യനടലും (4) പു
തിയ സംസ്ഥാനത്തിൻറെ മാഹാത്മ്യവും അറിയിക്കുന്നു.

1 കർത്താവായ യഹോവയുടെ ആത്മാവു എന്മേൽ ഉണ്ടു, ദീനക്കു സുവാർ
ത്ത അറിയിപ്പാൻ യഹോവ ആകട്ടേ എന്നെ അഭിഷേചിച്ചു അയച്ചതു നു
ങ്ങിയ ഹൃദയമുള്ളവക്കു (മുറി) കെട്ടുവാനും പ്രവസിച്ചു പോയവക്കു സ്വാത
2 ന്ത്ര്യവും ബദ്ധന്മാക്കു കുണ്ടറത്തുറവും ഘോഷിപ്പാനും, യഹോവയുടെ പ്രസാ
ദവർഷവും നമ്മുടേ ദൈവത്തിൻ പ്രതിക്രിയനാളും പ്രസിദ്ധപ്പെടുത്തുവാൻ,
3 ഖേദിക്കുന്ന ഏവരെയും ആശ്വസിപ്പിപ്പാൻ, ചിയ്യോനിലേ ഖേദിതന്മാർ
ക്കു ചാരത്തിന്നു പകരം തലപ്പാവും ഖേദത്തിന്നു പകരം ആനന്ദതൈലവും
മങ്ങിതഭാവത്തിന്നു പകരം സ്തുതിയാടയും കൊടുത്തുവെച്ചു, അവക്കു നീതി
മാവുകാം യഹോവ തനിക്കു ഘനം വരുത്തുവാൻ തീർത്ത നടലും, എന്നു
വിളിപ്പാറാക്കുവാനും തന്നേ.

4 യുഗം മുതല്പുള്ള ഇടിവുകളെ അവർ കെട്ടി മുന്നേയവരുടേ പാഴിടങ്ങളെ പ
ണിയിക്കും, കിടപ്പിലായ ഊരുകാം തലമുറതലമുറയായി സന്നമായിപ്പോ
5 യവ അവർ പുതുക്കിത്തീർക്കും. അവിടേ അന്യന്മാർ നിന്നു നിങ്ങടേ ആട്ടിങ്കു
ട്ടങ്ങളെ മേയ്ക്കും, പരദേശക്കാർ നിങ്ങാംക്ക് ഉഴവുകാരും പറമ്പുകാരും ആകും.
6 നിങ്ങളെയോ യഹോവാപുരോഹിതർ എന്നു വിളിക്കയും നമ്മുടേ ദൈവ
ത്തിൻ ഉപാസകർ എന്നു ചൊല്ലുയും ആം, നിങ്ങാം ജാതികളുടേ മുതൽ
7 ഭക്ഷിച്ചു അവരുടേ തേജസ്സിൽ ചാഞ്ചാടി ചെല്ലുയും ചെയ്യും.— നിങ്ങളുടേ
നാണത്തിന്നു പകരം ഇരട്ടി (കിട്ടുക) ലജ്ജെക്കു പകരം അവർ തങ്ങളുടേ പ
ങ്കു ചൊല്ലി ആർക്കുക! അതുകൊണ്ടു സ്വദേശത്തിൽ ഇരട്ടി അടക്കും, നിത്യ
8 സന്തോഷം അവക്കുണ്ടാകും. യഹോവ എന്നുള്ള ഞാനാകട്ടേ ന്യായം സ്നേ
ഹിച്ചു അക്രമത്തോടും പിടിച്ചുപറിയോടും പകെക്കുന്നവനായി ഉണ്മയാ
9 യി അവർക്കു കൂലികൊടുത്തു നിത്യനിയമം അവരോടു ചെയ്യുന്നു, അവരു
ടേ സന്തതി ജാതികളിലും അവരുടേ തളിരുകാം വംശങ്ങാം ഇടയിലും
അറിയപ്പെടും, അവരെ കാണുന്നവക്ക് ഒക്കയും ''ഇവർ യഹോവ അനു
10 ഗ്രഹിച്ച കുലം'' എന്നു ബോധിക്കും. യഹോവയിൽ ഞാൻ ആനന്ദിച്ചു
കൊള്ളുന്നു എൻ ദൈവത്തിൽ ഉള്ളം മകിഴുക: മണവാളൻ പുരോഹിതവിധ
ത്തിൽ തലക്കെട്ടു ചൂടും പോലേ, പുതിയ പെണ്ണു തൻ മെയ്യാരം അണിയും
പോലേ അല്ലോ അവൻ രക്ഷാവസ്ത്രങ്ങാം എന്നെ ഉടുപ്പിച്ചു നീതിയുടേ അ
11 കികൊണ്ടു പുതെപ്പിച്ചു. എങ്ങനേ എന്നാൽ ഭൂമി തൻറെ മുളയെ വിളയി
ക്കും പോലേ തോട്ടം വിതെച്ചതിനെ മുളെപ്പിക്കുമ്പോലേ കർത്താവായ
യഹോവ സകലജാതികളും കാൺകേ നീതിയും സ്തുതിയും വിളയിക്കും.

62. അദ്ധ്യായം

യഹോവ യരുശലേമിന്നു പുതിയ വേഷവി കഴിക്കുന്നതല്ലാതേ (6) ന
ഗരത്തിന്നു പ്രവാചകരെ കാവലാക്കി (8) നിത്യസമാധാനം മുതലായ
വാഗ്ദത്ത നിവൃത്തിയെ ഉറപ്പിച്ചുകൊടുക്കുന്നു.

1 ചിയ്യോനെ ചൊല്ലി ഞാൻ അടങ്ങുകയില്ല, യരുശലേമെ ചൊല്ലി ഇ
ളെച്ചിരിക്കയും ഇല്ല, അവളുടേ നീതി തുളക്കം പോലേയും രക്ഷ കത്തുന്ന
2 പന്തം പോലേയും ഉദിച്ചു വിളങ്ങുംവരേ തന്നേ. ജാതികൾ നിന്റേ നീ
തിയും എല്ലാ രാജാക്കളും നിന്റേ തേജസ്സും കാണും, യഹോവവായി നി
ശ്ചയിക്കുന്ന പുതിയ പേർ നിനക്കു വിളിക്കപ്പെടുകയും ചെയ്യും. നീ യ
3 ഹോവക്കയ്യിൽ അഴകിയ കിരീടവും നിൻ ദൈവകരത്തിൽ രാജമുടിയും
4 ആകും. നിന്നെ ഇനി ''ഉപേക്ഷിത'' എന്ന ചൊല്ലുമാറില്ല, നിൻ ദേ
ശം ഇനി ''പാഴായത്'' എന്നു ചൊലപ്പാറും ഇല്ല, ''ഹെഫ്ചിബാ (അ
വളിൽ എൻ ഇഷ്ടം)'' എന്നു നിനക്കും ''ബയൂലാ (വേട്ടവൻ)'' എന്നു
ദേശത്തിനും വിളിക്കപ്പെടും: യഹോവെക്കു നിന്നിൽ ഇഷ്ടം ഉണ്ടായി ദേശ
5 ത്തിനു വേംവി കഴികയും ചെയ്യുമല്ലോ. യുവാവു കന്യയെ വേംക്കു
മ്പോലേ നിന്റേ പുത്രന്മാർ നിന്നെ വേംക്കും, കാന്തനു പുതിയ പെ
6 ണ്ണിൽ ആനന്ദം ഉള്ള പോലേ നിൻ ദൈവം നിന്നിൽ ആനന്ദിക്കും.—
ഹേ യരുശലേമേ നിന്റേ മതിലുകളിന്മേൽ ഞാൻ കാവല്ക്കാരെ ആക്കി
7 കല്പിച്ചു, അവർ രാവും പകലും എപ്പോഴും അടങ്ങുക ഇല്ല. അല്ലയോ യ
ഹോവയെ ഓർപ്പിക്കുന്നവരേ അവൻ യരുശലേമെ സ്ഥാപിക്കും വരേ
അവളെ ഭൂമിയിൽ സ്തുതിയാക്കി വെക്കുംവരേ നിങ്ങൾ മിണ്ടാതിരിക്കരു
8 തേ അവനെ മിണ്ടാതേ ഇരുത്തുകയും അരുതേ.— തൻ വലങ്കൈ ആണയും
തൻ ശക്തഭുജത്ത് ആണയും യഹോവ സത്യം ചെയ്തിതു: ഞാൻ നിന്റേ
ധാന്യത്തെ ഇനി ശത്രുക്കൾക്ക് ഊണാക്കി കൊടുക്ക ഇല്ല, നീ അദ്ധ്വാ
നിച്ചു പിഴിഞ്ഞ രസത്തെ പരദേശക്കാർ ഇനി കുടിക്കയും ഇല്ല നിശ്ചയം.
9 ആയത് എടുത്തു ചേർക്കുന്നവർ ഉണ്ടിട്ടു യഹോവയെ സ്തുതിക്കയും (രസ
ത്തെ) സംഗ്രഹിച്ചവർ എൻ വിശുദ്ധപ്രാകാരങ്ങളിൽ കുടിക്കയും ചെയ്യും.
10 കടപ്പിൻ, വാതിലുകളുടേ കടപ്പിൻ! ജനത്തിൻ വഴിയെ ഒരുക്കുവിൻ!
നികത്തുവിൻ, കല്ലു പെറുക്കിക്കളഞ്ഞു നിരത്തിനെ നികത്തുവിൻ! വംശ
11 ങ്ങൾക്കു കൊടി ഏറ്റുവിൻ! ഭൂവറ്റത്തോളം യഹോവ ഇതാ കേൾപ്പിക്കു
ന്നിതു: ചിയ്യോൻപുത്രിയോടു കണ്ടാലും നിൻ രക്ഷ വരുന്നു അവന്റേ
കൂലി അവന്റേ പക്കലും തൽപ്രതിഫലം അവന്റേ മുമ്പിലും ഇതാ എന്നു
12 ചൊല്ലുവിൻ! അവർക്കു വിശുദ്ധജനം യഹോവാമുക്തർ എന്നും നിനക്കു ഉ
പേക്ഷിത അല്ല അന്വേഷിതനഗരം എന്നും വിളിപ്പാറാകയും ചെയ്യും.

63. അദ്ധ്യായം

കുടിപ്പകയുള്ള ഏദോമിനു കർത്താവു ന്യായം വിധിക്കും.

1 ഏദോമിൽനിന്ന് അതാ തുടുതുടേ ഉടുത്തിട്ടു ബൊത്രയിൽനിന്നു ഈ
വരുന്നതാർ? വസ്ത്രാലങ്കാരത്തിൽ ഞെളിഞ്ഞു ഊക്കിൻ നിറവിൽ ഈ നി
വിർന്നുകൊള്ളുന്നവൻ? നീതിയിൽ ഉരെച്ചു രക്ഷിപ്പാൻ പോരുന്ന ഞാൻ
2 തന്നേ. നീ ഉടുത്തതു ചുവപ്പാനും വസ്ത്രങ്ങൾ ചക്കു ചവിട്ടിക്ക് ഒപ്പാനും
3 എന്തു? വംശങ്ങളിൽ ആരും കൂടാതേ ഞാൻ ഏകനായി ചക്കാല ചവിട്ടി,
അവരെ എൻ കോപത്തിൽ മെതിച്ചു എൻ ഊഷ്മാവിൽ ഞെരിച്ചു, അവ
രുടേ ചാറ് എൻ വസ്ത്രങ്ങളിൽ തെറിച്ചിട്ട് ഉടുപ്പ് എല്ലാം പിരട്ടി. കാര
4 ണം പ്രതിക്രിയാദിവസം എൻ മനസ്സിൽ ആയി, എൻ വീണ്ടെടുപ്പിൻ
5 വർഷം വന്നിരുന്നു. ഞാൻ നോക്കി സഹായി ഇല്ല, ഞാൻ സ്തംഭിച്ചു താ
ങ്ങോനും ഇല്ല; പിന്നേ എൻ ഭുജം എനിക്കു തുണെച്ചു എൻ ഊഷ്മാവത്രേ
6 എന്നെ താങ്ങി. ഞാൻ വംശങ്ങളെ എൻ ക്രോധത്തിൽ ചവിട്ടിക്കളഞ്ഞു,
എൻ ഊഷ്മാവിൽ അവരെ മത്തരാക്കി, അവരുടേ ചാറു നിലത്തു പൊ
ഴികയും ചെയ്തു.

64. അദ്ധ്യായം

(63, 7) പ്രവസിച്ച സഭ പണ്ടേത്ത കൃപാധിക്യം ഓർത്തു (11) വി
ശ്വസ്ത ഇടയനെ വാഞ്ഛിച്ചു (15) അപ്പനോടു കരുണ യാചിച്ചു (64,1)
ദൈവം പ്രകാശിച്ചുവരേണം എന്നു (4) പാപസ്വീകാരത്തോടും (9) സ
ങ്കടവർണ്ണനത്തോടും അപേക്ഷിക്കുന്നു.

63,7 യഹോവ നമ്മിൽ കാണിച്ച സകലത്തിനും ചേരുംവണ്ണം യഹോവാദയ
കളാകുന്ന യഹോവാസ്തുതിയെയും, തൻ കനിവിന്നും ദയാബാഹുല്യത്തിനും
തോന്നിയ പോലേ ഇസ്രയേൽഗൃഹത്തെ അനുഭവിപ്പിച്ച ഏറിയ നന്മകളെ
8 യും ഞാൻ ഓർപ്പിക്കും. ''അവർ എൻ ജനമല്ലോ, ചതിച്ചുപോകാത്ത മക്കള
ല്ലോ'' എന്നു അവൻ ചൊല്ലി അവർക്കു രക്ഷിതാവായി ചമഞ്ഞു. അവർ
9 ഞെരുങ്ങുന്തോറും അവനും ഞെരുങ്ങി, അവന്റെ മുഖദൂതൻ അവരെ രക്ഷിച്ചു
തൻ പ്രേമത്തിലും ആർദ്രതയിലും വീണ്ടുകൊണ്ടു അവരെ എടുത്തു യുഗദി
വസങ്ങളും മുറച്ചുമന്നു പോരുകയും ചെയ്തു. അവരോ മറുത്തു അവന്റെ
10 വിശുദ്ധാത്മാവിനെ മുഷിപ്പിച്ചാറേ അവൻ അവർക്കു ശത്രുവായി തിരി
ഞ്ഞു താൻ അവരോടു പോരാടുകയും ചെയ്തു.
11 പിന്നേ അവന്റെ ജനം മോശേ ഉള്ള യുഗാദിനാളുകളെ ഓർത്തിതു: തൻ
ആട്ടിങ്കൂട്ടത്തിന്റെ ഇടയരോടും കൂടെ അവരെ കടലിൽനിന്നു കരേറിയവൻ
എവിടേ? അവന്റെ ഉള്ളിൽ തൻ വിശുദ്ധാത്മാവിനെ ആക്കിയവൻ എവി
12 ടേ? മോശയുടേ വലത്തു തൻ അഴകിയ ഭുജത്തെ നടത്തിക്കൊണ്ടു, തനിക്കു
നിത്യനാമത്തെ ഉണ്ടാക്കുവാനായി അവരുടേ മുമ്പാകേ വെള്ളങ്ങളെ കീറി
13 യവൻ (എവിടേ)? മരുവിലേ കുതിര പോലേ ഇടറാതേ അവരെ ആഴിക
ളുടേ ചെല്ലുമാറാക്കിയവൻ (എവിടേ)? കന്നുകാലി താഴ്വരയിൽ ഇറങ്ങും
14 പ്രകാരം യഹോവാത്മാവു അവരെവിശ്രമിപ്പിച്ചിരുത്തി. ഇങ്ങനേ നിണക്കു
ഘനമുള്ള നാമം ഉണ്ടാക്കുവാൻ നിൻ ജനത്തെ നീ നടത്തിയതു.
15 അഴകിയ നിൻ വിശുദ്ധവാസമാകുന്ന വാനിൽനിന്നു നോക്കി കാൺക!
നിന്റെ എരിവും വീര്യങ്ങളും എവിടേ? നിൻ കുടലുകളുടേ തുടിപ്പും നിന്റെ
16 കനിവും എന്റെ നേരേ അമർത്തു കാണുന്നു! സാക്ഷാൽ നീ ഞങ്ങടേ അ
പ്പൻ! അബ്രഹാം ഞങ്ങളെ അറിയാ, ഇസ്രയേലും ഞങ്ങളെ ബോധിയാതു;
യഹോവേ നീയേ ഞങ്ങളേ പിതാവു യുഗാദിമുതൽ ഞങ്ങളേ വീണ്ടെടുപ്പു
17 കാരൻ എന്നതു നിന്റെ പേർ. യഹോവേ ഞങ്ങളെ നിന്റെ വഴികളെ
വിട്ടു തെറ്റിക്കുന്നതും നിന്റെ ഭയം തോന്നാതോളം ഞങ്ങടേ ഹൃദയത്തിനു
കാഠിന്യം സംഭവിക്കുന്നതും എന്തിന്നു? നിന്റെ ദാസരെയും നിൻ അവകാശ
ഗോത്രങ്ങളെയും വിചാരിച്ചു തിരിച്ചുവരേണമേ! അല്പനേരത്തേക്കു നിൻ
18 വിശുദ്ധ ജനം (നാടു) അടക്കിനിന്നു, ഞങ്ങടേ മാറാന്മാർ നിൻ വിശുദ്ധ
19 സ്ഥലത്തെ ചവിട്ടിക്കളഞ്ഞു. ഞങ്ങളും നീ യുഗാദിമുതൽ വാഴാതുള്ളവർക്കും
നിന്റെ പേർകൊണ്ടു വിളിക്കപ്പെടാത്തവർക്കും ഒത്തു ചമഞ്ഞു, ഹാ നിൻ
മുമ്പിൽനിന്നു മലകളും പൊരിവോളം നീ വാനങ്ങളെ ചീന്തി ഇറങ്ങി
വന്നാൽ കൊള്ളായിരുന്നു!
64,1 ജാതികളും നിൻ മുഖത്തെ കണ്ടു വിറെക്കുംവണ്ണം നിന്റെ മാറാന്മാർക്കു
തിരുനാമത്തെ അറിയിപ്പാൻ, തീ വിറകു കത്തിക്കും പോലേ അഗ്നി
2 വെള്ളം തിളപ്പിക്കുമ്പോലേ നീ ഇറങ്ങിവന്നാൽ (കൊള്ളാം). നിൻ മു
മ്പിൽനിന്നു മലകളും പൊരിവോളം ഞങ്ങളും കാത്തിരിയാത്ത ഭയങ്കരങ്ങളെ
3 നീ കാട്ടിക്കൊണ്ടു ഇറങ്ങിവന്നാൽ (കൊള്ളാം). തന്നെ പ്രതീക്ഷിക്കുന്ന
വനു വേണ്ടി പ്രവൃത്തിക്കുന്ന ഒരു ദൈവത്തെ നിന്നെ ഒഴികേ യുഗാദിമുതൽ
കേട്ടില്ല ഗ്രഹിച്ചിട്ടില്ല കൺ കണ്ടതും ഇല്ലല്ലോ?— സന്തോഷിച്ചു നീതിയെ
4 പ്രവൃത്തിക്കുന്നവർ നിൻ വഴികളിൽ (ചെന്നു) നിന്നെ ഓർക്കുന്തോറും നീ

അവരെ എതിരേറ്റു സത്യം. ഇതാ നീ ക്രുദ്ധിച്ചു ഞങ്ങൾ പാപികൾ ആയ് വാളങ്ങി, ഞങ്ങൾ പണ്ടു ഇതിൽ (നിന്നു) രക്ഷപ്പെടുമോ? ഞങ്ങൾ ഒക്കയും
5 അശുദ്ധൻ ഒത്തുവല്ലോ, ഇങ്ങേ നീതികൾ എല്ലാം കറുത്തുണി പോലേ അത്രേ; ഇലകണക്കേ ഞങ്ങൾ എല്ലാവരുംവാടി, ഇങ്ങേ അകൃത്യം കാറ്റു പോലേ ഞങ്ങളെ എടുത്തുകളഞ്ഞു. നിൻ നാമത്തെ വിളിച്ചു യാചിക്കുന
6 വനും ഉറക്കിളെച്ചു നിന്നെ പിടിച്ചുകൊള്ളുന്നവനും ഇല്ലാഞ്ഞു, കാരണം നീ ഞങ്ങളിൽനിന്നു തിരുമുഖത്തെ മറെച്ചു ഇങ്ങേ അകൃത്യങ്ങളാൽ ഞങ്ങളെ
7 ഉരുകിച്ചു. പിന്നേയോ യഹോവേ നീയേ ഞങ്ങടേ അപ്പൻ. ഞങ്ങൾ കളി മണ്ണും നീ ഞങ്ങളെ മനയുന്നവനും, ഞങ്ങൾ ഒക്കയും നിൻ കൈക്രിയ
8 അത്രേ. യഹോവേ അത്യന്തം ക്രുദ്ധിക്കരുതേ, അകൃത്യത്തെ എന്നേക്കും ഓരായ്ക; നോക്കിക്കണ്ടാലും ഈ ഞങ്ങൾ ഒക്കയും നിൻ ജനം തന്നേ!—
9 നിൻ വിശുദ്ധനഗരങ്ങൾ കാടായിച്ചമഞ്ഞു. ചിയ്യോൻ മരുവും യരുശലേം
10 പാഴും ആയ്പ്പോയി. ഞങ്ങടേ അപ്പന്മാർ നിന്നെ സ്തുതിച്ചുപോന്ന ഞങ്ങടേ അഴകിയ വിശുദ്ധാലയം എരിക്കൊള്ളിയായി, ഞങ്ങടേ കാമ്യവസ്തു
11 ക്കൾ ഒക്കയും ഇടിപൊടിയായിച്ചമഞ്ഞു. യഹോവേ ഇവ നീ കണ്ടു് അടങ്ങിക്കൊള്ളുമോ? മിണ്ടാതിരുന്നു ഞങ്ങളെ അത്യന്തം വലെക്കയോ?

65. അദ്ധ്യായം

യഹോവയുടേ ഉത്തരം ആവിതു: താൻ ആർക്കും ദൂരസ്ഥനല്ല എങ്കിലും കഠിന പാപികൾക്കു പ്രതിക്രിയ ചെയ്യുന്നവനും (8) ശിക്ഷയിൽ ശേഷിപ്പിനെ മാത്രം രക്ഷിപ്പവനും (13) ഇങ്ങനേ ജനത്തെ രണ്ടാക്കി പകുത്തു ശിഷ്ടരിൽ തന്നെ തേജസ്കരിച്ചും (20) പുതിയ യരുശലേമിൽ സ്വൎഗ്ഗം പുതുക്കിക്കൊൾവോനും അത്രേ.

1 (എന്നോടു) അപേക്ഷിക്കാത്തവരാലും ഞാൻ തിരയപ്പെട്ടമാറായി, എന്നെ അന്വേഷിക്കാത്തവരാലും ഞാൻ കണ്ടെത്തപ്പെട്ടമാറായി, എൻ നാമത്താൽ പേർ വിളിക്കപ്പെടാത്ത ജാതിയോടു ഞാൻ ഇതാ ഇതാ എന്നു
2 പറഞ്ഞുപോന്നു. സ്വന്തവിചാരങ്ങളെ മുന്നിട്ടു നന്നല്ലാത്ത വഴിയിൽ നടക്കുന്നൊരു മത്സരജനത്തിന്നു നേരേ ഞാൻ പകൽ മുഴുവനും കൈകളെ പര
3 ത്തിവന്നു. എൻ മുഖത്തിന്നു നേരേ നിച്ചലും എന്നെ മുഷിപ്പിക്കുന്നൊരു ജനം തോട്ടങ്ങളിൽ ബലി കഴിച്ചും, ഇട്ടികക്കെട്ടുകളിന്മേൽ ധൂപം കാട്ടി
4 യും, ശവക്കുഴികളിൽ കുത്തിയിരുന്നു ഒളിയിടങ്ങളിൽ രാപാൎത്തു പന്നി
5 യിറച്ചി തിന്നു കലങ്ങളിൽ തീട്ടച്ചാറു വെച്ചും, ''എനിക്കു വിശുദ്ധി ഏറുകയാൽ നീ വേറേ നിന്നുകൊൾക! എന്നെ തൊടല്ലേ!'' എന്നിങ്ങനേ പറഞ്ഞു പോകുന്നവർ എൻ മൂക്കിൽ പുകയും പകൽ മുഴുവൻ കത്തുന്ന തീ
6 യും അത്രേ. എൻ മുമ്പിൽ ഇതാ എഴുതിക്കിടക്കുന്നിതു: ഞാൻ പകരം ചെയ്യാതെ മിണ്ടാതേ ഇരിക്ക ഇല്ല, അവരുടേ മടിയിൽ പകരം ഒപ്പിക്കേ
7 ഉള്ളു, എന്നത്രേ: നിങ്ങടേ അകൃത്യങ്ങളും മലകളിന്മേൽ ധൂപം കാട്ടി കുന്നുകളിൽ എന്നെ നിന്ദിച്ചു പിതാക്കന്മാരുടേ അകൃത്യങ്ങളും ഒക്കത്തക്ക (ഒപ്പിക്കും) എന്നു യഹോവ പറയുന്നു; അവർ പ്രവൃത്തിച്ചതിനേ ഞാൻ മുമ്പേ തന്നേ അവരുടേ മടിയിലേക്കു് അളക്കും.
8 യഹോവ പറയുന്നിതു: മുന്തിരിങ്ങാക്കുലയിൽ (അല്പം) രസം കണ്ടാൽ ''അതു നശിപ്പിക്കോല, അതിൽ അനുഗ്രഹം ഉണ്ടല്ലോ'' എന്നു ചൊല്ലും പ്രകാരം തന്നേ ഞാനും എന്റേറ ദാസന്മാർ നിമിത്തം ചെയ്തു സകലവും
9 നശിപ്പിക്കാതേ ഇരിക്കും. യാക്കോബിൽനിന്നു സന്തതിയെയും യഹൂദയിൽനിന്നു എൻ മലകളെ അടക്കുന്നവനെയും പുറപ്പെടുവിക്കും; ഞാൻ തെരിഞ്ഞെടുത്തവർ അതിനെ അടക്കയും എൻ ദാസന്മാർ അവിടേ വസിക്കയും

10 ചെയ്യും. ശാരോൻ ആടുകൎക്കു പാർപ്പും ആകോർത്താഴ്വര കന്നുകാലി
ക്കു ഇരിപ്പുമായി എന്നെ തിരയുന്ന എൻ ജനത്തിന്നു അടഞ്ഞുവരും.—
11 യഹോവയെ വിട്ട നിങ്ങളോ (കേൾപ്പിൻ) എൻ വിശുദ്ധമലയെ മറന്നു
ഗദ് (എന്ന വ്യാഴത്തിന്നു) പലകയെ ഒരുക്കി മെനി (എന്ന ലക്ഷ്മിക്കു) വി
12 രകിയ മദ്യം നിറെച്ചു കൊടുക്കുന്ന നിങ്ങളെ: ഞാൻ വാളിന്നു വിധിക്കും;
നിങ്ങൾ ഒക്കയും കുലെക്കു കുനിയും. ഞാൻ വിളിച്ചപ്പോൾ നിങ്ങൾ മി
ണ്ടുവാനും ഞാൻ ചൊല്ലിയപ്പോൾ കേൾപ്പാനും തോന്നാതേ എൻ കണ്ണുകളിൽ
വല്ലാത്തതു ചെയ്തു എനിക്കു് ഇഷ്ടമില്ലാത്തതു തെരിഞ്ഞുകൊണ്ടു ഹേതുവാൽ
തന്നേ.
13 അതുകൊണ്ടു കൎത്താവായ യഹോവ പറയുന്നിതു: കണ്ടാലും എൻ ദാസ
ന്മാർ തിന്നും നിങ്ങൾക്കോ വിശക്കും, ഇതാ എൻ ദാസന്മാർ കുടിക്കും നി
ങ്ങളോ ദാഹിക്കും, ഇതാ എൻ ദാസന്മാർ സന്തോഷിക്കും നിങ്ങളോ
14 ലജ്ജിക്കും. ഇതാ എൻ ദാസന്മാർ മനസ്സൌഖ്യംകൊണ്ടു് ആൎക്കും നിങ്ങ
ളോ മനോദുഃഖത്താൽ നിലവിളിച്ചും ആത്മമുറിവിനാൽ മുറയിട്ടും; നി
15 ങ്ങളുടേ നാമത്തെയോ ഓർ ആണയായി ഞാൻ തെരിഞ്ഞെടുത്തവൎക്കു നി
ങ്ങൾ വിട്ടേക്കയും ചെയ്യും. കൎത്താവായ യഹോവ നിന്നെ കൊല്ലും; സ്വ
16 ദാസന്മാൎക്കോ അവൻ വേറൊരു പേർ വിളിക്കും: ദേശത്തിൽ ആർ എല്ലാം
തന്നെത്താൻ അനുഗ്രഹിച്ചാൽ സത്യദൈവത്തിൽ തന്നെ അനുഗ്രഹിക്കും,
ദേശത്തിൽ ആർ ആണയിട്ടാൽ സത്യദൈവത്തെ ആണയിടും; മുമ്പിലേ
സങ്കടങ്ങൾ മറന്നു എൻ കണ്ണുകൾക്കും മറഞ്ഞുപോകയാൽ തന്നേ.— കാ
17 രണം: ഇതാ ഞാൻ പുതിയ വാനങ്ങളും പുതിയ ഭൂമിയെയും സൃഷ്ടിക്കുന്നു,
18 മുമ്പിലേവ ഇനി ഓർപ്പാറും ഇല്ല മനസ്സിൽ തോന്നുകയും ഇല്ല. ഞാൻ സൃ
ഷ്ടിക്കുന്നതിൽ എന്നെന്നേക്കും ആനന്ദിച്ചു മകിഴ്വിൻ, യരുശലേമിനെ
19 ഞാൻ ഇതാ ഉല്ലാസവും അതിൻ ജനത്തെ ആനന്ദവും ആക്കി സൃഷ്ടിച്ചിട്ടു,
യരുശലേമിൽ ഉല്ലസിക്കയും എൻ ജനത്തിൽ ആനന്ദിക്കയും ചെയ്യും;
അവളിൽ കരച്ചലിന്റേ ഒച്ചയും മുറവിളിയും ഇനി കേൾപ്പാറും ഇല്ല.
20 അവിടുന്നു ഇനി (ചില) നാളേക്കുള്ള കുട്ടിയും വാഴ്നാൾ തികയാത്ത
കിഴവനും ഉണ്ടാക ഇല്ല, പൈതൽ ആകട്ടേ നൂറു വയസ്സായി മരിക്കും, പാ
21 പി നൂറു വയസ്സു് എത്തീട്ടേ ശപിക്കപ്പെട്ടു. അവർ വീടുകളെ പണിതു
22 കുടിയിരിക്കും, പറമ്പുകളെ നട്ടു നിരത്തി ചരക്കിനെ ഭക്ഷിക്കും. അവർ
പണിതു മറ്റൊരുവൻ കുടിയിരിപ്പാറില്ല. അവർ നട്ടതു മറ്റൊരുവൻ ഭക്ഷിപ്പാ
റും ഇല്ല. കാരണം എൻ ജനത്തിന്റേ ആയുസ്സു മരത്തിൻ ആയുസ്സിന്നു്
ഒക്കും, ഞാൻ തെരിഞ്ഞെടുത്തവർ താന്താന്റേ കൈകളുടേ പണിയെ വി
23 ഴുങ്ങും. അവർ വ്യഥാ ദണ്ഡിക്ക ഇല്ല അപമൃത്യുവിന്നായി പെറുകയും ഇല്ല,
അവർ യഹോവ അനുഗ്രഹിച്ച സന്തതിയല്ലോ, അവരുടേ പ്രജകളും ഒരു
24 മിച്ചു നില്ക്കും. അവർ വിളിക്കുമ്മുമ്പേ ഞാൻ ഉത്തരം ചൊല്ലിയും അവർ
ഉരിയാടി തീരാഞ്ഞാൽ ഞാൻ കേൾക്കയും ആം. ചെന്നായും കുഞ്ഞാടും
25 ഒന്നു പോലേ മേയും, സിംഹം മൂരിപോലേ വൈക്കോലും തിന്നും, പാമ്പി
ന്നോ മണ്ണുതന്നേ ആഹാരം. എന്റേ വിശുദ്ധമലയിൽ എങ്ങും അവ ദോഷം
ചെയ്കയും നശിപ്പിക്കയും ഇല്ല (11, 6–9) എന്നു യഹോവ പറയുന്നു.

66. അദ്ധ്യായം

ദേവാലയം ഇനി നുറുങ്ങിയ ആത്മാവത്രേ (3) യാഗാദികർമ്മത്തിലും
പ്രസാദം ഇല്ല. (5) മായക്കാർ തോറ്റു നാണിക്കേ (7) യഹോവാജനം
നഗരത്തിൽ നിറഞ്ഞു. (10) ആശ്വസിച്ചു സുഖിക്കും. (14) യഹോവ സ്വ
ന്തരെ വളർത്തു മാറ്റാന്മാരെ ശിക്ഷിച്ചു (18) സകലവംശങ്ങളെയും ചേർ
ത്തുകൊണ്ടു രക്ഷിതരിൽ ശ്രേഷ്ഠന്മാരെ നിയോഗിച്ചു തിരുനാമത്തെ

എങ്ങും അറിയിപ്പിച്ച (21) ദൂരസ്ഥന്മാരെയും പുരോഹിതരാക്കി വാഴും; (24) വൈരികളും ജീവന്മൃതരായി മാഴ്കും.

1 യഹോവ പറയുന്നിതു: വാനങ്ങളും എൻ സിംഹാസനവും ഭൂമി എൻ
പാദപീഠവും തന്നേ, പിന്നേ നിങ്ങളും എനിക്കു പണിയും ആലയം ഏ
2 ങ്ങനേതു? എൻ സ്വസ്ഥവാസത്തിൻ സ്ഥലവും എവിടം? ഇവ എല്ലാം
എൻ കൈ ഉണ്ടാക്കീട്ടു ഇവ ഒക്കേ ഉണ്ടായല്ലോ എന്നു യഹോവയുടേ
അരുളപ്പാടു; എന്നാൽ ഇവരെ ഞാൻ നോക്കിക്കൊള്ളും: എളിയവൻ, നു
റുങ്ങിയ ആത്മാവുള്ളവൻ എൻ വചനത്തിനു ഞെട്ടുന്നവൻ എന്നുള്ളവരേ.
3 കാളയെ അറുക്കുന്നവൻ പുരുഷനെ ഹനിക്കുന്നു, ആടു യജിക്കുന്നവൻ
നായ്ക്കുഴുത്തു ഒടിക്കുന്നു, കാഴ്ച ഹോമിക്കുന്നവൻ പന്നിച്ചോര (നല്കുന്നു),
കുന്തുരുക്കം ധൂപിക്കുന്നവൻ അസത്തിനെ വാഴ്ത്തുന്നു. ഇവർ സാക്ഷാൽ ത
ങ്ങളുടേ വഴികളെ തെരിഞ്ഞെടുത്തു, അവരുടേ മനസ്സിനു തങ്ങളുടേ വെ
4 റുപ്പുകളും ഇഷ്ടമായതു പോലേ, ഞാനും അവരെ വലെപ്പിക്കുന്നതു തെരി
ഞ്ഞെടുത്തു അവരുടേ പേടികളെ അവർക്കു വരുത്തും; ഞാൻ വിളിച്ചതി
നു ഉത്തരം ചൊലോവാൻ ഇല്ലാഞ്ഞു, ഞാൻ സംസാരിച്ചതിനെ അവർ
കേളാതേ എൻ കണ്ണുകളിൽ വല്ലാത്തതു ചെയ്തു എനിക്കു ഇഷ്ടമില്ലാത്ത
തിനെ തെരിഞ്ഞെടുക്ക ഹേതുവാലത്രേ.
5 യഹോവാവചനത്തിനു ഞെട്ടുന്നവരായുള്ളോരേ അവന്റെ വചനത്തെ
കേൾപ്പിൻ: നിങ്ങളെ പകെച്ചു എൻ നാമം നിമിത്തം തള്ളിവിട്ട നിങ്ങ
ളുടേ സഹോദരന്മാർ: "നിങ്ങടേ സന്തോഷം ഞങ്ങൾ കാണ്മാൻ യഹോ
വ തനിക്കു തേജസ്സു വരുത്തുക!" എന്നു പറയുന്നു; അവർ നാണിച്ചു
6 പോകും. അഹോ കേൾ നഗരത്തിൽനിന്നു മുഴക്കം, മന്ദിരത്തിൽനിന്നു
നാദം, യഹോവ സ്വശത്രുക്കൾക്കു പകരം വീട്ടുന്നതിന്റെ ശബ്ദം! അവ
7 ളോ പിടെക്കുമ്മുമ്പേ പെറ്റു, നോവു പിടിക്കുമ്മുമ്പേ ഓർ ആണിനെ
8 പ്രസവിച്ചു. ഈ വിധം കേട്ടതു ആർ, ഈ വക കണ്ടതു ആർ? ദേശത്തെ
ഒരു നാൾകൊണ്ടു തന്നേ ഈറ്റെടുപ്പിക്കാമോ? ഒരു ജാതി ക്ഷണനേര
ത്തിൽ പിറക്കുമോ? ചിയ്യോനാകട്ടേ നൊന്ത ഉടനേ തൻ മക്കളേയും പെ
9 റു. ഞാൻ ഗർഭദാരത്തുടേ കടത്തീട്ടും പെറുവിക്കാതിരിക്കുമോ? എന്നു
യഹോവ പറയുന്നു. അല്ല പെറുവിക്കുന്ന ഞാൻ (പിറവി) മുടക്കുമോ എ
10 ന്നു നിന്റെ ദൈവം പറയുന്നു.— അല്ലയോ യരുശലേമെ സ്നേഹിക്കുന്നവർ
ഒക്കവേ അവളോടു കൂട സന്തോഷിപ്പിൻ, അവളെ ചൊല്ലി മകിഴ്വിൻ!
അവളെക്കൊണ്ടു ഖേദിച്ചവർ ഒക്കവേ അവളുടേ ആനന്ദത്തിൽ ചേർന്നു
11 ആനന്ദിപ്പിൻ! അവളുടേ ആശ്വാസമുലയിങ്കന്നു കുടിച്ചു തൃപ്തരാവാൻ, അ
വളുടേ തേജസ്സിൻ കൊങ്കയിൽ നുകർന്നു രസിപ്പാൻ തന്നേ. കാരണം യ
12 ഹോവ പറയുന്നിതു: ഇതാ ഞാൻ അവൾക്കു നദി പോലേ സമാധാന
വും വഴിയുന്ന ആറു പോലേ ജാതികളുടേ ധനഘനവും നീട്ടിക്കൊടുത്തു
നിങ്ങളെ കുടിപ്പിക്കും നിങ്ങൾ ഉക്കത്തു എടുക്കപ്പെട്ട മുഴങ്കാലുകളിന്മേൽ
13 ഓമനിക്കപ്പെടും. ഒരുവളേ അമ്മ ആശ്വസിപ്പിക്കും പ്രകാരം തന്നേ ഞാൻ
നിങ്ങളെ ആശ്വസിപ്പിക്കും, യരുശലേമിൽ നിങ്ങൾക്കു ആശ്വാസം
വരും.
14 ആയതു നിങ്ങൾ കാണും, ഹൃദയം ആനന്ദിക്കയും നിങ്ങടേ എല്ലുകൾ
ഇളമ്പുല്ലു പോലേ പൂത്തു തെഴുക്കയും ചെയ്യും; ഇങ്ങനേ യഹോവയുടേ
കൈ അവന്റെ ദാസരോടു അറിയാകുമ്പോൾ ശത്രുക്കളോടു അവൻ ഈ
15 റിപ്പോകും. തീയിലല്ലോ ഇതാ യഹോവ വരും. തൻ കോപത്തെ ഊഷ്മാ
വിലും ശാസനയെ അഗ്നിജ്വാലയിലും നടത്തുവാൻ അവന്റെ രഥങ്ങൾ
16 വിശറിക്കു ഒക്കും. തീക്കൊണ്ടും തിരുവാൾകൊണ്ടും യഹോവ സകല ജ
ഡത്തോടും വാദിക്കും സത്യം, യഹോവ കൃതീർന്നിട്ടു പട്ടവർ പെരുകയും

17 ആം. തോട്ടങ്ങളിൽ തങ്ങൾക്കു തന്നേ വെടിപ്പും തുമയും വരുത്തി
നടുമുറ്റത്തു ഒരുത്തനെ പിഞ്ചെന്നു പന്നിയിറച്ചി എലിയും അറെപ്പും
തിന്നുന്നവർ ഒക്കത്തക്ക മുടിഞ്ഞുപോകും എന്നു യഹോവയുടെ അരുളപ്പാട്.
18 ഞാനോ അവരുടേ ക്രിയകളും വിചാരങ്ങളും (ശിക്ഷിക്കും). സകലജാ
തികളെയും ഭാഷകളെയും കൂട്ടുവാൻ അടുത്തിരിക്കുന്നു, അവർ വന്നു എൻ തേജ
19 സ്സിനെ കാണേണ്ടതിന്നത്രേ. ഞാനും അവരിൽ ഓർ അടയാളം ചെയ്തേ
ക്കുന്നുണ്ടു: അവരിൽനിന്നു വഴുതിപ്പോന്നവരെ തർശീശ് വരേയും; വി
ല്ലാളികളായ ഫൂൽ, ലൂദ്, തുബൽ, യവാൻ ഇത്യാദി ജാതികളിലും,
എൻ കേൾവിയെ കേൾക്കാതേ തേജസ്സിനെ കാണാതേയും ഉള്ള ദൂരദ്വീ
പുകളിലും ഞാൻ അയക്കും; അവർ ജാതികളിൽ എൻ തേജസ്സിനെ അറി
20 യിക്കയും ചെയ്യും. ഇവർ സകലജാതികളിൽനിന്നും നിങ്ങടേ സഹോദ
രന്മാരെ യഹോവെക്കു കാഴ്ചയായി കൊണ്ടുവരും; കുതിരപ്പുറത്തും തേർ
തണ്ടുകളിലും കോവരകഴുതകളും ഒട്ടകപ്പെട്ടകളിന്മേലും ഏറിക്കൊണ്ടു
യരുശലേമാകുന്ന എൻ വിശുദ്ധമലെക്കു (വരും) ഇസ്രയേൽപുത്രന്മാർ യ
ഹോവാലയത്തിലേക്കു ശുദ്ധപാത്രത്തിൽ കാഴ്ച കൊണ്ടുവരുന്നപ്രകാരം
തന്നേ എന്നു യഹോവ പറയുന്നു.
21 ആയവരിൽനിന്നും ഞാൻ (തോന്നുന്നവരെ) പുരോഹിതരോടും ലേ
22 വ്യരോടും കൂട്ടുവാൻ എടുക്കും എന്നു യഹോവ പറയുന്നു. എങ്ങനേ എ
ന്നാൽ ഞാൻ ഉണ്ടാക്കുന്ന പുതിയ വാനങ്ങളും പുതിയ ഭൂമിയും എന്റേ
മുമ്പിൽ നിലനിൽക്കും പോലേ തന്നേ നിങ്ങളുടേ സന്തതിയും പേരും നിലനി
23 ൽക്കും എന്നു യഹോവയുടേ അരുളപ്പാട്. പിന്നേ സംഭവിപ്പിതു: കുറുത്ത
വാവുതോറും ശബ്ബത്തുതോറും സകലജഡവും എന്റേ മുമ്പാകേ നമസ്കരി
24 പ്പാൻ വരും എന്നു യഹോവ പറയുന്നു. ആയവർ പുറപ്പെട്ടു എന്നോടു ദ്രോ
ഹിച്ചുപോയ പുരുഷന്മാരുടേ ശവങ്ങളെ നോക്കും, അവരുടെ പുഴു ചാക
ഇല്ല തീ കെടുകയും ഇല്ല, സകലജഡത്തിന്നും ചൂരാകേ ഉള്ള.

THE BOOK OF THE PROPHET

JEREMIAH

യിരമിയാ

1. അദ്ധ്യായം

(4) യിരമിയാവെ പ്രവാചകനാക്കി വിളിച്ചു നിയോഗിച്ചതു.

1 **ബി**ന്യാമിൻദേശത്തു് അനഥോത്തിങ്കലേ പുരോഹിതന്മാരിൽ ഹില്ക്കി
2 യാപുത്രനായ യിരമിയാവിന്റെ വചനങ്ങൾ: ഇവന്നു ആമോന്റെ പുത്ര
നായ യോശീയാ എന്ന യഹൂദാരാജാവിൻ നാളുകളിൽ അവന്റെ വാഴ്ച
3 യുടേ പതിമൂന്നാം ആണ്ടിൽ യഹോവയുടേ വചനം ഉണ്ടായി; യഹൂദാരാജാ
വായി യോശീയാപുത്രനായ യോയാക്കീമിൻനാളുകളിലും യഹൂദാരാജാ
വായി യോശീയാപുത്രനായ ചിദക്കീയാവിന്റെ പതിനൊന്നാം ആണ്ടു
തിയോളം, അഞ്ചാം മാസത്തിലേ യരുശലേമിൻ പ്രവാസം വരെക്കും
ഉണ്ടായിട്ടുള്ള (വചനങ്ങൾ).
4. 5 യഹോവാവചനം എനിക്കുണ്ടായി പറഞ്ഞിതു: ഞാൻ നിന്നെ വയ
റ്റിൽ ഉരുവാക്കുമ്മുമ്പേ നിന്നെ അറിഞ്ഞു, ഗർഭത്തുനിന്നു പുറത്തു വരുമ്മു
മ്പേ നിന്നേ ഞാൻ വിശുദ്ധീകരിച്ചു ജാതികൾക്കു പ്രവാചകനാക്കി വെ
6 ച്ചു. അപ്പോൾ ഞാൻ: ഹാ യഹോവാകർത്താവേ ഇതാ എനിക്കു പറവാൻ
7 അറിഞ്ഞുകൂടാ ഞാൻ ബാലനല്ലോ എന്നു പറഞ്ഞാറേ, യഹോവ ഉരെച്ചി
തു: ഞാൻ ബാലൻ എന്നു ചൊല്ലരുതു, ഞാൻ നിന്നെ അയക്കുന്നിടം
തോറും നീ ചെന്നു നിന്നോടു കല്പിക്കുന്നതു് ഒക്കയും പറകേ വേണ്ടതു.
8 അവരുടേ മുഖം ഭയപ്പെടായ്ക! നിന്നെ വിടുവിപ്പാൻ ഞാൻ നിന്നോടു് ഒപ്പം
9 എന്നു യഹോവയുടെ അരുളപ്പാടത്രേ. എന്നാറേ യഹോവ കൈ നീട്ടി എൻ
വായിൽ തൊട്ടു: ഇതാ എന്റെ വചനങ്ങളെ നിന്റെ വായിൽ ആക്കി;
10 കണ്ടാലും ഇന്നു ഞാൻ ജാതികൾക്കും രാജ്യങ്ങൾക്കും നിന്നെ മേലാക്കി നി
യമിക്കുന്നതു പൊരിച്ചിടിപ്പാനും കെടുത്തു മുടിപ്പാനും പണിതും നടും
കൊംവാനും തന്നേ എന്നു യഹോവ എന്നോടു പറകയും ചെയ്തു.
11 പിന്നേ യഹോവാവചനം എനിക്കുണ്ടായി: യിരമിയാ നീ എന്തൊ
ന്നു കാണുന്നു? എന്നു ചോദിച്ചാറേ (ബദാമാകുന്ന) ഉണർമ്മരക്കൊമ്പു കാ
12 ണുന്നു എന്നു പറഞ്ഞപ്പോൾ: നീ നന്നേ കണ്ടു, ഞാനും എന്റെ വചനം
13 അനുഷ്ഠിപ്പാൻ ഉണരുന്നുണ്ടു എന്നു യഹോവ എന്നോടു പറഞ്ഞു. പിന്നേയും
യഹോവാവചനം എനിക്കുണ്ടായി: നീ എന്തൊന്നു കാണുന്നു? എന്നു
ചോദിച്ചാറേ തിളെക്കുന്ന കലം കാണുന്നു, അതിന്റെ മുഖം വടക്കുനിന്നത്രേ
14 എന്നു പറഞ്ഞപ്പോൾ, യഹോവ ഉരെച്ചിതു: വടക്കുനിന്നു് ആപത്തു വഴി
15 ഞ്ഞു ദേശവാസികളും എല്ലാവരിലും ചൊരിയും. ഞാനോ വടക്കേ രാജ്യങ്ങ
ളിലേ സകുടുംബങ്ങളെയും വിളിക്കുന്നിതാ എന്നു യഹോവയുടേ അരുള
പ്പാടു. അവർ വന്നു യരുശലേം വാതില്പടികളുംകും ചുറും എല്ലാ മതിലുകൾ
കും യഹൂദാനഗരങ്ങൾക്കു് ഒക്കെക്കും നേരേ താന്താന്റെ സിംഹാസനം വെ
16 ക്കും. ഇവർ എന്നെ വെടിഞ്ഞു അന്യദേവകൾക്കു ധൂപം കാട്ടി തങ്ങടേ കൈ
ക്രിയകളെ വണങ്ങിപ്പോയ സകലദോഷം നിമിത്തം ഞാൻ ഇവരുടേ
17 മേൽ എൻ ന്യായവിധികളെ ചൊല്ലുകയും ചെയ്യും. നീയോ അര കെട്ടി
ക്കൊണ്ടു് എഴുനീല്ക്ക ഞാൻ നിന്നോടു കല്പിക്കുന്നതു് ഒക്കയും അവരോടു

പറക! അവരുടേ മുന്നിൽ പേടിക്കേണ്ട അല്ലായ്കിൽ നിന്നെ അവരിൽനി
18 ന്ന പേടിപ്പിക്കിലുമാം. ഇന്നോ ഞാൻ സമസ്തദേശത്തിന്നും യഹൂദാരാജാക്ക
ന്മാക്കും അതിലേ പ്രഭുക്കൾക്കും പുരോഹിതന്മാക്കും നാട്ടുജനത്തിന്നും നിന്നെ
19 കോട്ടയുരുമ്പുതൂണും ചെമ്പുമതിലും ആക്കി നിറുത്തുന്നു. അവർ നിന്നെ
ക്കൊള്ള പൊരുകയും ആവതില്ല എന്ന കാൺകയും ചെയ്യും; രക്ഷെക്കു നി
ന്നോട് ഒപ്പം ഞാനല്ലോ ആകുന്നത് എന്ന യഹോവയുടേ അരുളപ്പാട്.

I. പ്രബന്ധം. യോശീയാകാലത്തു ആറു പ്രബോധനങ്ങൾ. (അ. 2–20.)

2. അദ്ധ്യായം

1. സ്ഥായി ഏറും നാഥനെ (4) ഇസ്രയേൽ ദ്രോഹിക്കയാൽ (9) ശിക്ഷ
വേണ്ടിയതു. (20) ബിംബാരാധനെക്കു പണ്ടെ ചാഞ്ഞതുകൊണ്ടു (31) ദ
ണ്ഡോപായം പ്രയോഗിച്ചിട്ടല്ലാതേ (3, 1) മനന്തിരിവു വിഷമം തന്നേ
എന്ന് ഒന്നാം പ്രബോധനം.

1. 2. യഹോവാവചനം എനിക്കുണ്ടായത് എന്തെന്നാൽ: നീ ചെന്നു യരുശ
ലേമിൻ ചെവികളിൽ വിളിച്ചു പറയേണ്ടതു. യഹോവ പറയുംപ്രകാരം
(കേൾക്ക) നിന്റെ ബാല്യത്തിലേ വാത്സല്യവും പുതുക്കടിപ്രേമവും വിത
യില്ലാത്ത ദിക്കിൽ മരുഭൂമിയൂടേ നീ എന്റെ പിന്നാലേ ചെന്നതും എ
3 ല്ലാം എനിക്ക് ഓർമ്മ വരുന്നു. അന്ന് ഇസ്രയേൽ യഹോവെക്കു വിശുദ്ധം,
അവന്നു വരുന്ന വിളവ്വലിന്റെ ആദ്യഫലം തന്നേ. അതിനെ തിന്നുന്നവർ
ഒക്കയും കുറ്റത്തിലായി, ദോഷം അവക്കു പിണഞ്ഞതേ ഉള്ളുഎന്ന യഹോ
വയുടേ അരുളപ്പാട്.
4 യക്കോബ്ഗൃഹവും ഇസ്രയേൽഭവനത്തിലേ സകലവംശങ്ങളും ആയു
5 ള്ളോരേ യഹോവാവചനത്തെ കേൾപ്പിൻ! യഹോവ ഉരെക്കുന്നിതു: എന്തേ
ത് അകൃത്യം എങ്കൽ കണ്ടുപിടിച്ചിട്ടു നിങ്ങളേ അപ്പന്മാർ എന്നോട് അ
6 കന്ന മായയെ പിന്തുടന്നു മായാമയമായിപ്പോയി? ഞങ്ങളെ മിസ്രനാട്ടിൽ
നിന്നു കരേറി മരുഭൂമിയൂടേ നടത്തി വെന്നിലവും കുഴിയും ഏറുന്ന ദി
ക്കിൽ ഓർ ആളും കടക്കാതേ മനുഷ്യൻ കുടിയിരിക്കാതവണ്ണം വരൾച്ചയും
മരണനിഴലും ഉള്ള ദേശത്തിൽ കൂടി വരുത്തിയ യഹോവ എവിടേ? എന്നു
7 പറഞ്ഞതും ഇല്ല. ഞാനോ നിങ്ങളെ ഉഭയനാട്ടിലാക്കി അതിലേ ഫല
വും സമ്പത്തും ഭുജിപ്പാൻ പൂകിച്ചു; നിങ്ങളും പുക്കു എന്റെ ദേശത്തെ അശു
8 ദ്ധിവരുത്തി എൻ അവകാശത്തെ വെറുപ്പാക്കിക്കളഞ്ഞു. യഹോവ എവി
ടേ? എന്നു പുരോഹിതന്മാർ പറഞ്ഞതും ഇല്ല, ധർമ്മവെപ്പിനെ പിടിക്കു
ന്നവർ എന്നെ അറിഞ്ഞതും ഇല്ല. ഇടയന്മാൻ എന്നോടു ദ്രോഹിച്ചു പ്രവാച
കന്മാർ ബാളെക്കൊണ്ടു പ്രവചിച്ചും ഉതകാതവരെ പിന്തുടർന്നും പോയി.
9 എന്നതുകൊണ്ടു ഞാൻ നിങ്ങളോട് ഇനി വ്യവഹരിക്കും നിങ്ങളേ മക്ക
ളുടേ മക്കളോടും വ്യവഹരിക്കയും ചെയ്യും എന്നു യഹോവയുടേ അരുളപ്പാട്.
10 കാരണം കിത്തിംദ്വീപുകളിൽ ഓടി നോക്കുവിൻ, കേദാരിലും ആളയച്ചു
11 വഴിക്കേ കുറിക്കൊൾവിൻ! ഈ വക അങ്ങുണ്ടോ എന്നു കാണ്മിൻ! ഒരു
ജാതി ദേവന്മാരെ പകൎന്നു മാറീട്ടുണ്ടോ? (അവ ദേവന്മാരല്ല താനും) എന്റെ
ജനമോ തന്റെ തേജസ്സായവനെ ഉതകാത്തതിനോടു പകൎന്നുകളഞ്ഞു. ഇതി
12 ങ്കൽ ഹേ വാനങ്ങളേ സ്തംഭിച്ചു ഞെട്ടി അത്യന്തം മിരണ്ടുപോവിൻ! എന്നു
13 യഹോവയുടെ അരുളപ്പാട്. ഇരട്ടി ദോഷത്തെയല്ലോ എന്റെ ജനം ചെയ്തു:
ജീവവെള്ളത്തിന്റെ ഉറവായ എന്നെ വെടിഞ്ഞതു തങ്ങൾക്കു കിണറുകളെ
വെട്ടി തോണ്ടുവാൻ ആയി വെള്ളം നില്ക്കാത്ത പൊട്ടക്കുപങ്ങൾ തന്നേ.—

14 ഇസ്രയേൽ അടിമയോ വീട്ടിൽ പിറന്ന ദാസനോ? പിന്നേ അവൻ കൊ
ള്ളയായ്പ്പോയത് എങ്ങനേ? ഇളങ്കേസരികൾ അവന്റെ നേരേ അലറി
15 ഗർജ്ജിച്ചു അവന്റെ ദേശത്തെ പാഴാക്കി വെച്ചു, അവന്റെ നഗരങ്ങൾ
ചുട്ടു കുടിയില്ലാതേയായി. നോഫ്, തഹ്പനസ്സ് എന്നവരിൻ മക്കളും
16 നിന്റെ നെറുക മൊട്ടയാക്കി മേയുന്നു. ഇതിനെ നിണക്കു വരുത്തിയതു
17 നിന്റെ ദൈവമായ യഹോവ വഴിനടത്തുംകാലത്തു നീ അവനെ വെടി
18 ഞ്ഞതല്ലയോ ആകുന്നതു? ഇപ്പോഴോ മിസ്രവഴികൊണ്ടു നിനക്ക് എന്തു?
നീലാതീർത്ഥം കുടിക്കയോ? അശ്ശൂർവഴികൊണ്ടും നിനക്ക് എന്തു? ഫ്രാ
19 ത്തിൻ ജലം കുടിക്കയോ? നിന്റെ ദോഷം നിന്നെ ശിക്ഷിക്കുന്നു, നിന്റെ
പിന്തിരിവുകളും നിന്നെ ശാസിക്കുന്നു. എന്നിട്ടു നിന്റെ ദൈവമായ യഹോ
വയെ വെടിഞ്ഞു എങ്കലേ അച്ചം ഇല്ലാത്തതു തീമയും കൈപ്പും ഉള്ളപ്രകാരം
ബോധിച്ചു കാൺക എന്നു സൈന്യങ്ങളുടയ യഹോവയുടേ അരുളപ്പാടു.
20 പണ്ടുപണ്ടേ നിന്റെ നുകം നീ തകർത്തു കെട്ടുകളെ അറുത്തു; ഞാൻ സേവി
ക്കയില്ല എന്നു കല്പിച്ചു ഉയർന്ന കുന്നുതോറും പച്ചമരത്തിൻകീഴ്തോറും വേശ്യ
21 യായി ശയിച്ചുപോയി .ഞാനോ ഉത്തമവള്ളി എന്നു നിന്നെ നട്ടു, അശേഷം
തരമുള്ള വിത്തു! പിന്നേ നീ എനിക്കു പരദേശവള്ളിയുടേ കൊടുങ്കൊടി
22 കളായ്ച്ചമവാൻ എന്തു? തുവച്ചിലകൊണ്ടു നീ കഴുകി വേണ്ടുവോളം ചവ
ക്കാരം ഇട്ടാലും, നിന്റെ കുറ്റം എനിക്കു കറയായി കാൺകേ ഉള്ളു എന്നു
23 യഹോവാകർത്താവിന്റെ അരുളപ്പാടു. ഞാൻ തീണ്ടീട്ടില്ല ബാളകളെ
പിഞ്ചെന്നതും ഇല്ല എന്നു നിനക്ക് എങ്ങനേ പറയാം? (ഹിന്നോം) താഴ്
വരയിലേ നീ നടക്കുന്ന വഴി കാൺക! കുതമുള്ള ഒട്ടകപ്പെട്ടയായി അങ്ങി
ടിങ്ങിടു പായുന്നവളേ നീ എന്തു ചെയ്തു എന്നറിക. കാടു നന്നേ ശീലിച്ചി
24 ട്ടു മോഹാധിക്യത്താൽ വായു കപ്പുന്ന കാട്ടുകഴുതയുടേ വെകുളിയെ ആർ
തടുക്കും? അവളെ തിരയുന്നവർ എല്ലാം ഓടി മടുക്കും, അവളുടേ മാസത്തിൽ
25 അവം കിട്ടും താനും. (ഹേ പ്രിയേ) വെറുങ്കാലായി പോകായ്വാനും തൊ
ണ്ടെക്കു ദാഹം തട്ടായ്വാനും സൂക്ഷിച്ചോ! നീയോ പറയുന്നു: ഗതികെട്ടു
കിടക്കുന്നു; അല്ല പരന്മാരെ ഞാൻ കാമിച്ചു, പരന്മാരെ പിന്തുടരുകയും
ചെയ്യും.
26 കയ്യും കളവുമായി പിടിച്ച കള്ളൻ നാണിക്കും പോലേ ഇസ്രയേൽ
ഗൃഹം രാജാക്കന്മാരും പ്രഭുക്കളും പുരോഹിതപ്രവാചകരുമായി നാണിച്ചു പോ
27 യി. നീ എനിക്കപ്പൻ എന്നു മരത്തോടും നീ എന്നെ പെറ്റു എന്നു കല്ലി
നോടും ചൊല്ലി മുഖമല്ല പിടരി എനിക്കു കാട്ടുന്നവർ തന്നേ. അനർത്ഥകാല
ത്തിലോ: അല്ലയോ എഴുനീറ്റു ഞങ്ങളെ രക്ഷിച്ചുകൊൾക! എന്നു
28 പറയും. അന്നു നീ നിണക്കായി ഉണ്ടാക്കിയ ദേവകൾ എവിടേ?
അവർ എഴുന്നു അനർത്ഥകാലത്തു നിന്നെ ഉദ്ധരിക്കട്ടേ! യഹൂദേ നിൻ നഗര
ങ്ങളുടേ എണ്ണത്തോളം നിനക്കു ദേവകളും പോരുമല്ലോ.
29 നിങ്ങൾ എന്നോടു വ്യവഹരിപ്പാൻ എന്തു? നിങ്ങൾ ഒക്കയും എന്നോടു
30 ദ്രോഹിച്ചു എന്നു യഹോവയുടെ അരുളപ്പാടു. അങ്ങേ മക്കളെ അടിച്ചതു
വ്യർത്ഥമായി, ശിക്ഷയെ അവർ കൈക്കൊണ്ടില്ല, മുടിക്കുന്ന സിംഹം
31 പോലേ നിങ്ങളുടേ വാൾ അങ്ങേ പ്രവാചകരെ തിന്നു കളഞ്ഞു. നിങ്ങൾ
എന്തൊരു തലമുറ! യഹോവാവചനം സൂക്ഷിപ്പിൻ! ഞാൻ ഇസ്രയേലിന്നു
മരുഭൂമി താൻ അതിതമസ്സിൻ ദിക്കു താൻ ആയിരുന്നുവോ? ഞങ്ങൾ
നിന്നോടു ഇനി ചേരുകയില്ല ഉഴല്ലേ ഉള്ളു എന്നു എന്റെ ജനം പറവാൻ
32 എന്തു? കന്യക തന്റെ അണിവും പുതുപ്പെൺ തന്റെ അരഞ്ഞാണുകളും മറ
ക്കുമോ? എൻ ജനമോ എണ്ണമില്ലാത്ത നാളുകൾ എന്നെ മറന്നുകളഞ്ഞു
33 പ്രേമത്തെ അന്വേഷിപ്പാൻ നിന്റെ വഴിയെ എത്ര നന്നാക്കുന്നു! അതു
34 കൊണ്ടു നിന്റെ വഴികളെ നീ ദോഷങ്ങളെ ശീലിപ്പിച്ചു. നിന്റെ വസ്ത്ര
വക്കുകളിലും കുറ്റമില്ലാത്ത എളിയ ആത്മാക്കളുടേ രക്തം കാണായ്വന്നു;

തുരന്ന കളവിലല്ല നീ അവരെ കണ്ടു പിടിച്ചതു മേപ്പടി എല്ലാറ്റിന്നുമി
35 ത്തമത്രേ. എന്നിട്ടും: ഞാൻ കുറ്റമില്ലാത്തവൻ എന്നും തിരുക്കോപം എ
ന്നെ വിട്ടു മടങ്ങി എന്നും നീ പറയുന്നു. ഞാൻ പിഴെച്ചില്ല എന്നു ചൊല്ല
36 കൊണ്ടു ഞാൻ ഇതാ നിന്നോടു വ്യവഹരിക്കും. നിന്റെ വഴിയെ മാറ്റു
വാൻ നീ എത്ര ഉഴറുന്നു! അശ്ശൂരിങ്കൽ നീ ലജ്ജിച്ചു പോയപ്രകാരമേ മിസ്രു
37 യിലും നീ ലജ്ജിച്ചുപോകും. കൈകളെ തലമേൽ പൊങ്ങിച്ചും നീ ഇവ
നെ വിട്ടു വാങ്ങും; യഹോവ ആകട്ടേ നീ ആശ്രയിക്കുന്നവരെ വെറുക്ക
യാൽ നിനക്കു അവരോടു ശുഭം വരിക ഇല്ല.

3, 1 അവൻ പറയുന്നിതു: ഒരാൾ തന്റെ ഭാര്യയെ ഉപേക്ഷിച്ചാൽ അവൾ
വിട്ടുപോയി മറ്റൊരു പുരുഷനു ആയ ശേഷം അവൻ തിരിച്ചു അവളോടു
ചേരുമോ? അങ്ങനത്തെ ദേശം ബാഹ്യമ്ലേച്ഛത ആയ്പ്പോകയില്ലയോ?
നീയോ ഏറിയ കൂട്ടരോടു പുലയാടീട്ടും എന്നരികത്തു മടങ്ങിവരികയോ?
2 എന്നു യഹോവയുടെ അരുളപ്പാടു. വെറുമ്പുറക്കുന്നുകളിലേക്കു കണ്ണുയർത്തി
നോക്കുക! നിന്നെ പുണരാത്തതു എവ്വിടം? അറവിക്കാരൻ മരുഭൂമിയിൽ
ഒറ്റും പോലെ നീ വഴികളിൽ അവർക്കായിരുന്നുകൊണ്ടു നിന്റെ പുലയാട്ട
3 കളാലും ദോഷത്താലും ഭൂമിയെ ബാഹ്യമാക്കിക്കളഞ്ഞു. മാരികം മുടങ്ങി
പിന്മഴ ഇല്ലാതേ ആയി, എന്നിട്ടും നിനക്കു വേശ്യാസ്ത്രീയുടെ നെറ്റി ഉണ്ടു,
4 നാണിപ്പാൻ മനസ്സില്ലാഞ്ഞു. ഇന്നെ തൊട്ടോ നീ എന്നോടു വിളിക്കുന്നു:
എന്നപ്പനേ എന്റെ യൌവനത്തിലേ തോഴൻ നീ അത്രേ! അവൻ എന്നേ
5 ക്കും സിദ്ധാന്തിക്കുമോ, സദാ (ചൊടി) സംഗ്രഹിക്കുമോ? എന്നിങ്ങനേ
ചൊല്ലീട്ടും നീ ദോഷങ്ങളെ ചെയ്തുപോന്ന കഴിവു വരുത്തുന്നു കഷ്ടം.

2.3,6–6,30 മനം തിരിയാത്ത ഇസ്രയേലെ ഉപേക്ഷിക്കുന്നുകാരം
രണ്ടാം പ്രബോധനം.

3. അദ്ധ്യായം

(6) പത്തു ഗോത്രങ്ങളെ ഉപേക്ഷിച്ചിട്ടും (11) യഹോവ പിന്നേയും ചേ
ർത്തുകൊള്ളും.

6 **യോ**ശീയാരാജാവിൻ കാലത്തു യഹോവ എന്നോടു പറഞ്ഞു: പിഴകി
പ്പോയ ഇസ്രയേൽ ചെയ്തതിനെ കണ്ടുവോ? അവൾ ഉയർന്ന മലതോറും പച്ച
7 മരത്തിങ്കീഴ്തോറും പോയി പുലയാടിക്കിടന്നു. ഇവ ഒക്കയും ചെയ്തശേഷം
അവൾ എങ്കലേക്കു മടങ്ങിവരും എന്നു ഞാൻ നിനെച്ചിട്ടും അവൾ മടങ്ങി
വന്നില്ല; ആയതു വിശ്വാസഘാതകിയായ യഹൂദ എന്ന സഹോദരി കാൺ
8 കയും ചെയ്തു. പിഴകിപ്പോയ ഇസ്രയേലെ വ്യഭിചാരം നിമിത്തം ഞാൻ
പിരിച്ചുകളഞ്ഞു ഉപേക്ഷണച്ചീട്ടു കൊടുത്താറേയും ദ്രോഹിണിയായ യഹൂദ
എന്ന സഹോദരി ഒട്ടും ഭയപ്പെടാതേ ചെന്നു താനും പുലയാടിയപ്രകാരം
9 ഞാൻ കണ്ടു. അവളുടെ പുലയാട്ടിൻ കൂക്കൽ ഹേതുവായി ദേശം ബാഹ്യമാ
യ്പ്പോയി അവൾ കല്ലു മരങ്ങളോടും വ്യഭിചരിച്ചുപോയതും, എല്ലാം കണ്ട
10 ദ്രോഹിണിയായ യഹൂദ എന്ന സഹോദരി പൊളിയായിട്ടല്ലാതേ സർവ്വാത്മ
നാ എങ്കലേക്കു തിരിഞ്ഞതും ഇല്ല എന്നു യഹോവയുടെ അരുളപ്പാടു.

11 പിന്നേ യഹോവ എന്നോടു പറഞ്ഞു: വിശ്വാസഘാതകിയായ യഹൂദ
12 യിലും പിഴകിപ്പോയ ഇസ്രയേലിന്നു നീതി ഏറെ കാണുന്നു. നീ ചെന്നു
വടക്കോട്ടു ഈ വാക്കുകളെ വിളിക്ക: ഹേ പിഴകിപ്പോയ ഇസ്രയേലേ തി
രിച്ചു വാ! എന്നു യഹോവയുടെ അരുളപ്പാടു. ഞാൻ നിങ്ങളെ ചുളിഞ്ഞു
നോക്കുകയും ഇല്ല ഞാൻ ദയാലുവാകയാൽ എന്നേക്കും സിദ്ധാന്തിച്ചു

13 പോകാ എന്ന യഹോവയുടേ അരുളപ്പാട്ട. നിന്റേ കൂറം മാത്രം അറിഞ്ഞു
കൊംക നിന്റേ ദൈവമായ യഹോവയോട ദ്രോഹിച്ചിട്ട പച്ചമരത്തിങ്കീ
ഴ്തോറും പരന്മാരെ തിരഞ്ഞലഞ്ഞതും എന്റേ ശബ്ദം നിങ്ങം കേളാതേ
പോയതും തന്നേ എന്ന യഹോവയുടേ അരുളപ്പാട്ട.—പിഴകിപ്പോയ മക്ക
14 ളേ മടങ്ങി വരുവിൻ! എന്ന യഹോവയുടേ അരുളപ്പാട്ട, നിങ്ങളെ ഞാൻ
വേട്ട സത്യം; ഊരിൽ ഒന്നായും കുലത്തിൽ രണ്ടായും ഇങ്ങനേ നിങ്ങളെ
ഞാൻ കൈക്കൊണ്ട ചിയ്യോനിൽ പൂകിക്കും. എൻ ഹൃദയത്തിന്ന തക്ക ഇ
15 ടയന്മാരെ തരുന്നതും ഉണ്ട, അറിഞ്ഞും ബോധിച്ചുംകൊണ്ട് അവർ നിങ്ങ
16 ളെ മേയ്ക്കും. അന്ന നിങ്ങം ദേശത്തിൽ പെരുകി കായ്ക്കുമ്പോം യഹോവാ
നിയമപ്പെട്ടകം എന്ന് ഇനി പറകയും മനസ്സിൽ തോന്നുകയും അതിന്റേ
ഓമ്മയും വാഞ്ഛയും വരികയും ഇല്ല, ആയത് ഇനി ചമെപ്പാറും ഇല്ല എന്ന
17 യഹോവയുടേ അരുളപ്പാട്ട. അക്കാലം യരുശലേമേ യഹോവയുടേ സിംഹാ
സനം എന്ന വിളിക്കയും സകലജാതികളും യഹോവാനാമം യരുശലേമിൽ
ആകയാൽ അവിടേക്ക കൂടി ചേരും, ഇനി അവർ ദുർമ്മനസ്സിൽ ശാഠ്യം പിടി
18 ച്ച നടക്കുകയും ഇല്ല. ആ നാളുകളിൽ യഹൂദാഗൃഹം ഇസ്രയേൽ ഗൃഹത്തോട
ചേന്ന നടക്കും, അവർ ഒന്നിച്ച വടക്കേ നാട്ട വിട്ട ഞാൻ നിങ്ങളേ പിതാ
ക്കന്മാരെ അവകാശമായി അനുഭവിപ്പിച്ച ദേശത്തിൽ വരികയും ചെയ്യും.
19 വിശേഷിച്ച ഞാൻ ഭാവിച്ചതു: നിന്നെ ഞാൻ മക്കളിൽ എങ്ങിനേ ആ
ക്കിവെക്കും! ജാതികളുടേ ശ്രേഷ്ഠശിഖാമണി അവകാശമാകുന്ന മനോഹര
ദേശത്തെ നിനക്കത്രേ തരും നിങ്ങം എന്നെ ''എന്നപ്പനേ'' എന്ന വിളി
ക്കും എന്റേ പിന്നിൽനിന്ന വാങ്ങുകയില്ല എന്നും ഞാൻ ഭാവിച്ചു. അല്ല
20 യോ ഇസ്രയേൽ ഗൃഹമേ സ്ത്രീ തന്റേ തോഴകൽ വിശ്വാസവഞ്ചന ചെയ്യും
വണ്ണം നിങ്ങം എങ്കലത്രേ വിശ്വാസവഞ്ചന ചെയ്തു എന്ന യഹോവയുടേ
21 അരുളപ്പാട്ട. വെറുമ്പുറക്കുന്നുകളിൽ ഓർ ഒച്ച അതാ കേംക്കുന്നു: ഇസ്രയേൽ
പുത്രന്മാർ തങ്ങടേ വഴിയെ കോട്ടം വരുത്തി സ്വദൈവമായ യഹോവയെ
മറന്നുപോകകൊണ്ട കെഞ്ചിക്കേഴുന്നതു തന്നേ. ''ഹോ പിഴകിപ്പോയ മ
22 ക്കളേ മടങ്ങി വരിൻ! നിങ്ങളുടേ പിന്തിരിവുകളെ ഞാൻ മാററാം'' (എന്ന
കേട്ടുടൻ) ''നിന്നരികേ ഞങ്ങം ആഗമിച്ചിതാ സാക്ഷാൽ നീ ഞങ്ങളുടേ
23 ദൈവമായ യഹോവ! കുന്നുകം മലകളിൽനിന്നുള്ള കോലാഹലം ചതിക്ക
ത്രേ; ഇസ്രയേലിന്റേ രക്ഷ സാക്ഷാൽ ഞങ്ങളുടേ ദൈവമായ യഹോവയി
24 ലത്രേ. ഞങ്ങളുടേ പിതാക്കന്മാർ അദ്ധ്വാനിച്ച നേടിയതും അവരുടേ ആടും
കന്നുകാലിയും പുത്രീ പുത്രന്മാരെയും ഞങ്ങടേ ചെറുപ്പം മുതൽ ആ നിന്ദ്യത്ര
പം തിന്നുകളഞ്ഞു. ഈ ഞങ്ങളുടേ നിന്ദയിൽ ഞങ്ങം കിടക്കട്ടേ! ഞങ്ങളെ
25 അപമാനവും മൂടുകേ ആവു! ഞങ്ങളുടേ ദൈവമായ യഹോവയോട ഞങ്ങളും
പിതാക്കളുമായി ചെറുപ്പം മുതൽ ഇന്നേ നാംവരേ പിഴെച്ച യഹോവ
എന്ന ഞങ്ങളുടേ ദൈവത്തിൻ ശബ്ദത്തെ കേട്ടുകൊള്ളാതേ പോകയാൽ
അത്രേ.''

4, 1 എന്നതിന്ന യഹോവ അരുളിച്ചെയ്യുന്നിതു: ഇസ്രയേലേ നീ മടങ്ങി എങ്ക
ലേക്ക തിരികയും എന്റേ മുമ്പിൽനിന്ന നിന്റേ വെറുപ്പുകളെ നീക്കിക്ക
2 ളകയും ഉഴലാതേ നില്ക്കയും, യഹോവാജീവനാണ എന്ന നേരുന്യായത്തി
ലും നീതിയിലും ആണയിടുകയും ചെയ്താൽ അവനിൽ അത്രേ ജാതികം
തങ്ങളെ അനുഗ്രഹിച്ചും പ്രശംസിച്ചും കൊംകയും ആം.

4. അദ്ധ്യായം

(3) യഹൂദ മനന്തിരിയാതേ പാത്താൽ (5) ഘോരശിക്ഷ വടക്കുനിന്ന് അണഞ്ഞു (11) ദുഷ്ടത ഏറുന്ന യരുശലേമിലും (19) ബോധംകെട്ട നാട്ടിലും തട്ടും.

3 യഹൂദാപുരുഷരോടും യരുശലേമോടും യഹോവ പറയുന്നിതു: മുള്ളുക
4 ളിൽ വിതെക്കാതേ തരിക്കിടക്കുന്നതു നടത്തിക്കൊൾവിൻ! യഹോവെ
ക്കു് എന്നു പരിച്ഛേദിച്ചുകൊണ്ടു ഹൃദയങ്ങളിലേ അഗ്രചർമ്മങ്ങളെ നീക്കി
ക്കളവിൻ, യഹൂദാപുരുഷരും യരുശലേംവാസികളും ആയുള്ളോരേ, നിങ്ങ
ളുടേ പ്രവൃത്തികളുടേ തീമ നിമിത്തം എൻ ക്രോധം തീപോലേ പൊങ്ങി
ആരാലും കെടാതവണ്ണം കത്തായ്വാൻ തന്നേ!
5 യഹൂദയിൽ അറിയിച്ചും യരുശലേമിൽ കേൾപ്പിച്ചും ''നാട്ടിൽ കാഹ
ളം വിളിക്കേണം'' എന്നു പറവിൻ: അല്ലയോ കൂടുവിൻ, കോട്ടനഗരങ്ങ
6 ളിൽ നാം പുകുക, ചിയ്യോനേ നോക്കി കൊടി എടുപ്പിൻ കൂടിവാങ്ങി
പ്പോവിൻ, വൈകരുതേ! എന്നു തിങ്ങി മുഴങ്ങി വിളിപ്പിൻ. ഞാനല്ലോ
7 വടക്കുനിന്നു, കേടും വലിയ ഇടിവും വരുത്തുന്നുണ്ടു. ചോലക്കെട്ടിൽനിന്നു
സിംഹം പൊങ്ങി ജാതികളുടേ സംഹാരി സ്വസ്ഥാനം വിട്ടു യാത്രയായ
തു നിൻ ദേശത്തെ പാഴാക്കി നഗരങ്ങളെ കൂടികൂം ഇല്ലാതേ ധൂളിച്ചുവെ
8 പ്പാനത്രേ. ഇതു വിചാരിച്ചു രട്ടുകൂം ഉടുത്തു തൊഴിച്ചു മുറവിളിപ്പിൻ,
യഹോവയുടേ കോപാഗ്നി നമ്മെ വിട്ടു മാറായ്കയാൽ തന്നേ! അന്നാളിൽ
9 രാജാവിന്നും പ്രഭുക്കൾക്കും ബോധം കെടുകയും പുരോഹിതർ ഭ്രമിക്കയും
പ്രവാചകർ സ്തംഭിക്കയും ആം എന്നു യഹോവയുടേ അരുളപ്പാടു.— അല്ല
10 യോ യഹോവാകർത്താവേ, യരുശലേമാദിയായ ഈ ജനത്തെ നിങ്ങൾ
ക്കു സമാധാനം ഉണ്ടാകും എന്നു കേൾപ്പിച്ചിട്ടു നീ ചതിച്ചു സ്പഷ്ടം, പ്രാണ
നോടു വാൾ അണഞ്ഞെത്തിയല്ലോ എന്നു ഞാൻ പറകയും ചെയ്തു.
11 ആ കാലത്തു യരുശലേമാദിയായ ഈ ജനത്തോടു പറയപ്പെടേണ്ടുന്നിതു:
മരുഭ്രമിയിലേ വെറുമ്പുറക്കുന്നുകളിൽനിന്നു ഒരു ചുടുകാറ്റു് എൻ ജനപുത്രി
12 ക്കാമാറു തട്ടുന്നതു ചേറുവാനല്ല തെള്ളുവാനുമല്ല. അങ്ങനേത്തതിൽ ഏറെ തി
ങ്ങിനൊരു കാറ്റു് ഇങ്ങു വരും ഞാനും അവരോടു ന്യായങ്ങൾ മൊഴികയും
13 ചെയ്യും. അതാ മേഘങ്ങൾ പോലേ അവൻ പൊങ്ങിവരും, തേരുകൾ കൊ
ടുങ്കാറ്റിന്നു് ഒക്കും, കുതിരകളുടേ വേഗത കഴുകിലും ഏറും; ഹാ നമുക്കു
14 കഷ്ടം, നാം തീർന്നുപോയി. ഹേ യരുശലേമേ നീ രക്ഷപ്പെടുവാൻ ഹൃദ
യം കഴുകി ദുഷ്ടതയെ പോക്കുക! അതിക്രമവിചാരങ്ങൾ നിന്നുള്ളിൽ
15 എത്രോടം പാർക്കും? ദാനിൽനിന്നു് ഓർ ഒച്ച അറിയിക്കയും എഫ്രയീം
മലയിൽനിന്നു് അനർത്ഥത്തെ കേൾപ്പിക്കയും ചെയ്യുന്നു. ജാതികളെ ഗ്രഹി
16 പ്പിപ്പിൻ ഈ യരുശലേമിനേയും കേൾപ്പിപ്പിൻ (കോട്ട) വളയുന്നവർ
ദൂരദിക്കുന്നു വരുന്നു, യഹൂദാനഗരങ്ങളെക്കൊള്ള ആരവാരം ഇടുന്നു. അവർ
17 എന്നോടു മത്സരിക്കയാൽ അവർ വയലിലേ കാവല്ക്കാരെ പോലേ അവർ
ക്കു നേരേ ചുറ്റിനില്ക്കുന്നു എന്നു യഹോവയുടേ അരുളപ്പാടു. നിണക്കു് ഇതു
18 വരുത്തിയതു നിന്റേ വഴിയും കർമ്മങ്ങളും അത്രേ. ഇതു നിന്റേ ദോഷം
തന്നേ അതു കൈക്കുന്നു സാക്ഷാൽ പ്രാണനോളം എത്തുന്നു.
19 ഊയ്യോ എന്റേ കുടൽ എൻ കുടൽ! നെഞ്ചകം പിടെക്കുന്നു, എനിക്കു ഹൃദ
യം മുഴങ്ങുന്നു, മിണ്ടായ്വാൻ കഴിയാ. എൻ ഉള്ളമേ കാഹളശബ്ദമല്ലോ
20 നീ കേൾക്കുന്നു പോർവിളി തന്നേ. ഭംഗത്തിന്മേൽ ഭംഗം വിളിക്കപ്പെടുന്നു,
ദേശം ഒക്കയും മുടിഞ്ഞുവല്ലോ. പെട്ടെന്നു് എൻ കൂടാരങ്ങളും നൊടികൊ
21 ണ്ടു തിരശ്ശീലകളും മുടിഞ്ഞുപോയി. ഞാൻ കൊടി കാൺകയും കാഹള
22 ധ്വനി കേൾക്കയും വേണ്ടതു് എത്രോടം? കാരണം എൻ ജനം പൊട്ടർ;
അവർ എന്നെ അറിയാ. ഭോഷത്വമുള്ള കുട്ടികളായി ബോധമില്ലാത്തവർ,
ദോഷം ചെയ്വാൻ ജ്ഞാനികൾ ആയാലും ഗുണം ചെയ്വാൻ അറിയാ.
23 ഞാൻ ഭ്രമിയെ നോക്കി പാഴും ശൂന്യവും എന്നു കണ്ടു, വാനത്തെയും നോക്കി
24 അതിൻ വെളിച്ചം ഇല്ല; മലകളെ നോക്കി കുലുങ്ങുന്നെന്നു കണ്ടു, കുന്നുകൾ
25 ഒക്കയും ചാഞ്ചാടുന്നു. ഞാൻ നോക്കി, മനുഷ്യൻ ആരും ഇല്ല എന്നു കണ്ടു,
വാനത്തിലേ പക്ഷി എല്ലാം പറന്നുപോയി. ഞാൻ നോക്കി കർമ്മേൽ

26 മരുവെന്ന കണ്ടു, അതിൻ ഊരുകൾ എല്ലാം യഹോവയുടേ മുമ്പാകേ തൽ
കോപച്ചൂടിനാൽ തകൎന്ന കിടക്കുന്നു.

27 എങ്ങനേ എന്നാൽ യഹോവ പറയുന്നിതു: സമസ്തദേശം പാഴായ്
28 പ്പോകും, മുരമ്മുടിവു നടത്തുക ഇല്ല താനും. ആയതു ചൊല്ലി ഭൂമി ഖേദിക്ക
യും വാനം മീതേ കറുക്കയും ചെയ്യും, ഞാൻ ഉരെച്ചും അനുതാപം തോന്നാ
29 തേയും മടങ്ങാതേയും നിർണ്ണയിച്ചും ഇരിക്കയാൽ തന്നേ. കുതിരയും വി
ല്ലാളിയും (അണയുന്ന) ഓരോരൊ ഏതു പട്ടണവും മണ്ടുന്നു, കാട്ടുകളിൽ പു
കു പാറകളിൽ കയറുന്നു, ഏതു പട്ടണവും വസിപ്പവൻ ഒട്ടും ഇല്ലാതോ
30 ളും ഒഴിച്ചു കിടക്കുന്നു. സംഹാരം വന്നവളേ നീ എന്തു ചെയ്യും? ധൂമ്രം ഉടു
ത്താലും പൊന്നാഭരണങ്ങളും അണിഞ്ഞാലും കണ്ണിൽ മഷി നിറെച്ചാലും
വൃഥാ നിന്നെ നീ ശോഭിപ്പിക്കുന്നു. പാങ്ങർ നിന്നെ വേണ്ടാ എന്നു
31 നിൻ പ്രാണനെ അന്വേഷിക്കുന്നു. ഈറ്റുവിളിയല്ലോ ഞാൻ കേൾക്കു
ന്നു, കടിഞ്ഞൂൽ പെറേണ്ടവളുടെ വ്യഗ്രത പോലേ ചിയ്യോൻപുത്രിയുടേ
ശബ്ദം തന്നേ; നെടുവീർപ്പിട്ടു കൈകളും പരത്തി: ''അയ്യോ കഷ്ടം എൻ
പ്രാണൻ കൊല്ലുന്നവർക്കു മാഴ്കികിടക്കുന്നു'' എന്നത്രേ.

5 അദ്ധ്യായം

ന്യായവിധിയുടേ കാരണങ്ങളാവിതു: നീതിമാൻ ഇല്ലായ്കയും (10) കർ
ത്താവിൻ വചനത്തെ ഉപേക്ഷിച്ചതും (19) പരന്മാരെ സേവിച്ചുപോയ
തും (26) പാതകവൃദ്ധിയും തന്നേ.

1 യരുശലേംതെരുക്കളിൽ ഊടാടി നോക്കി അറിഞ്ഞുകൊൾവിൻ! ന്യാ
യം ചെയ്തു നേരിനെ തേടിക്കൊള്ളുന്ന ഓരാളെ നിങ്ങൾ കാണുമോ എന്നു
അതിന്റേ വീതികളിൽ അന്വേഷിച്ചു നടപ്പിൻ! കണ്ടാൽ ഞാൻ അവ
2 ളോടു ക്ഷമിക്കും. യഹോവാജീവനാണ എന്നു അവർ പറഞ്ഞാലും കള്ള
3 സ്സത്യമത്രേ ചെയ്യുന്നു. യഹോവേ തിരുക്കണ്ണുകൾ നേരിന്നായി അല്ലോ
നോക്കുന്നതു? നീ അവരെ അടിച്ചിട്ടും വേദന ഇല്ല, അവരെ മുടിച്ചിട്ടും
ശിക്ഷയെ കൈക്കൊൾവാൻ നിരസിക്കുന്നു. മുഖങ്ങളെ പാറയെക്കാൾ
4 കഠിനമാക്കി മടങ്ങിവരിക ഇല്ല എന്നു കല്പിക്കുന്നു. എന്നാറേ ഞാൻ: ഇ
വർ നീചർ മാത്രം, യഹോവവഴിയെയും സ്വദൈവത്തിൻ ന്യായത്തെ
5 യും അറിയായ്കയാൽ മൂഢരത്രേ. ഞാൻ വലിയവരടുക്കേ പോയി അവ
രോടു സംസാരിക്കട്ടേ, അവർ യഹോവവഴിയെ അറിയുന്നുവല്ലോ! എങ്കി
ലും അവർ ഒക്കത്തക്ക നുകത്തെ തകർത്തു തളകളെ പൊട്ടിച്ചുകളഞ്ഞു.
6 ആയതുകൊണ്ടു കാട്ടിലേ സിംഹം അവരെ വെട്ടുന്നു, വെറുമ്പുറങ്ങളിലേ
ചെന്നായി മുടിക്കുന്നു, പുലി അവരുടേ ഊരുകളോടു ഒറിപ്പാർക്കുന്നു,
അതിൽ ആർ പുറപ്പെട്ടാലും കീറിപ്പോകും, അവരുടേ ദ്രോഹങ്ങൾ പെരു
കി പിന്തിരിവുകൾ തിങ്ങിച്ചമകയാൽ തന്നേ.— പിന്നേ എന്തിട്ടു നി
7 ന്നോടു ക്ഷമിക്കേണം? നിന്റേ മക്കൾ എന്നെ വിട്ടു ദൈവമല്ലാത്തവ
ചൊല്ലി ആണയിട്ടു പോകുന്നു. ഞാൻ അവരെ സത്യം ചെയ്യിച്ചാറേ അ
വർ വ്യഭിചരിച്ചു വേശ്യാഗൃഹത്തിൽ കൂട്ടം കൂടി പോയി. ആവോളം തീ
8 റ്റിയ കുതിരകൾ പോലേ അവർ ഉഴന്നു താന്താന്റേ തോഴന്റേ കെട്ടി
9 യവാംക്കൽ കനെച്ചുപോകുന്നു. ഈ വക ഞാൻ സന്ദർശിക്ക ഇല്ലയോ? ഇ
ങ്ങനത്തേ ജാതിയോടു എൻ ഉള്ളം പകവീളുക ഇല്ലയോ? എന്നു യഹോ
വയുടേ അരുളപ്പാടു.

10 അല്ലയോ ഇവളുടേ മതിലുകളിൽ കരേറി നശിപ്പിപ്പിൻ, മുരമ്മുടിവു

മാത്രം ചെയ്യായ്വിൻ! അതിൻ വള്ളികളെ യഹോവെക്കുള്ളതല്ല എന്നി
11 ട്ട ഒടുക്കുവിൻ! വിശ്വാസപാതകമല്ലോ എന്നോടു ചെയ്തതു ഇസ്രയേൽ
12 ഗൃഹവും യഹൂദാഗൃഹവും തന്നേ എന്നു യഹോവയുടേ അരുളപ്പാടു. അവർ
യഹോവയെ നിഷേധിച്ചു ''അവൻ ഇല്ല'' എന്നും ''നമ്മുടേ മേൽ തീമ
13 വരികയില്ല, വാളും ക്ഷാമവും നാം കാൺകയില്ല'' എന്നും പറയുന്നു.
ആ പ്രവാചകന്മാർ കാറ്റായി തീരും (പറയിക്കുന്നവൻ) അവർക്കുള്ളിൽ
14 ഇല്ലല്ലോ അങ്ങനേ അവർക്കു വരട്ടേ!— അതുകൊണ്ടു സൈന്യങ്ങളുടേ
ദൈവമായ യഹോവ പറയുന്നിതു: നിങ്ങളും ഈ വാക്കു പറകകൊണ്ടു
ഞാൻ ഇതാ എൻ വചനങ്ങളെ നിൻ വായിൽ അഗ്നിയും ഈ ജനത്തെ
15 തടികളും ആക്കും, അതു് അവരെ തിന്നും. ഇസ്രയേൽഗൃഹമേ നിങ്ങളുടേ
മേൽ ഞാൻ ഇതാ ദൂരത്തുനിന്നു് ഒരു ജാതിയെ വരുത്തുന്നു എന്നു യഹോ
വയുടേ അരുളപ്പാടു; മിടുക്കേറും ജാതി, യുഗാദി മുതൽ ഉള്ള ജാതി,
ഭാഷ നിനക്കു് അറിയാതേ പറയുന്നതു തോന്നാതേ ഉള്ള ജാതി. അതിൻ
16 തൂണി തുറന്ന ശവക്കുഴിക്കു് ഒക്കും, അവർ എപ്പേരും ശൂരന്മാർ. അവർ നി
17 ന്റേ കൊയ്ത്തും അപ്പവും തിന്നും, നിന്റേ പുത്രീപുത്രന്മാരെയും തി
ന്നും, നിന്റേ ആടും മാടും തിന്നും, നിന്റേ വള്ളിയും അത്തിയും തി
ന്നും, നീ ആശ്രയിക്കുന്ന കോട്ടനഗരങ്ങളെയും വാൾകൊണ്ടു തറിക്കും. എ
18 ങ്കിലും ആ നാളുകളിലും ഞാൻ നിങ്ങളിൽ മുഴുമുടിവു നടത്തുക ഇല്ല എ
ന്നു യഹോവയുടെ അരുളപ്പാടു.

19 പിന്നേ നമ്മുടേ ദൈവമായ യഹോവ ഇവ ഒക്കയും നമ്മെ ചെയ്യുന്നതു്
എന്തുകൊണ്ടു? എന്നു നിങ്ങളും പറയുമ്പോൾ: നിങ്ങളും എന്നെ വിട്ടു മറുനാട്ടു
ദേവകളെ നിങ്ങടേ ദേശത്തിൽ സേവിച്ചതു പോലേ തന്നേ നിങ്ങൾക്കു
ല്ലാത്ത ദേശത്തിൽ അന്യന്മാരെ സേവിച്ചു പോകും എന്നു് അവരോടു ചൊ
20 ല്ലേണം. അല്ലയോ യാക്കോബു് ഗൃഹത്തിൽ നിങ്ങളും അറിയിച്ചു യഹൂദ
21 യിൽ കേൾപ്പിക്കേണ്ടുന്നിതു; കണ്ണു് ഉണ്ടായിട്ടും കാണാതേ, ചെവി ഉണ്ടാ
യിട്ടും കേളാതേ ബോധം കെട്ട മൂഢജനമേ, ഇതു കേൾക്കേ വേണ്ടു! എന്നെ
22 നിങ്ങളും ഭയപ്പെടായ്കയോ, എൻ മുമ്പിൽ പിടയായ്കയോ? കടക്കാത നിത്യ
വെപ്പായി കടലിന്നു മണൽ മാത്രം അതിർ ആക്കിയവനെ? അതിലേ തിര
കളും തുളുമ്പി അലെച്ചും കഴിവു വരാതേ മുഴങ്ങി പൊങ്ങീട്ടും കടന്നു കൂടാ
എന്നു യഹോവയുടേ അരുളപ്പാടു. ഈ ജനത്തിന്നോ മത്സരിച്ചു മുറുകുന്ന
23 ഹൃദയം ഉണ്ടു: അവർ അകന്നു പോയ്ക്കളഞ്ഞു: നമ്മുടേ ദൈവമായ യ
24 ഹോവയെ ഭയപ്പെടാവു, തത്കാലത്തു മുന്മഴ പിന്മഴയായി മാരി പൊഴി
ച്ചും കൊയ്ത്തിന്നു വെച്ച ആഴ്ചവട്ടങ്ങളെ കാത്തും പോരുന്നവനല്ലോ! എന്നുള്ളം
കൊണ്ടു പറഞ്ഞതും ഇല്ല. ഈ വകയെ നിങ്ങളുടേ അകൃത്യങ്ങൾ മാറി
25 ഈ നന്മയെ നിങ്ങളുടേ പാപങ്ങൾ മുടക്കിക്കളഞ്ഞു.—എൻ ജനത്തിലാ
26 കട്ടേ ദുഷ്ടന്മാർ കാണായ്വന്നു, കണികൾ വെക്കുന്നവനു് ഒത്തു പതിയി
രിക്കും, കുടുക്കു യന്ത്രിച്ചു ആളുകളെ പിടിക്കുന്നു. മിടഞ്ഞ കൂട്ടിൽ പക്ഷി
27 നിറയും പോലേ അവരുടേ വീടുകളിൽ ചതി (മുതൽ) നിറയുന്നു, ഇങ്ങനേ
28 അവർ വളർന്നു ധനികരായി. നെയ്വെച്ചു തടിച്ചു ചമഞ്ഞു; ദോഷകാര്യ
ങ്ങളിലും അവർ ക്രമം കവിഞ്ഞു പോയി, അനാഥക്കു ശുഭം സിദ്ധിപ്പാൻ
അവരുടേ വ്യവഹാരം നേരേ വിസ്തരിപ്പാറും ഇല്ല, ദരിദ്രരുടേ അന്യായം
29 വിധിച്ചു തീർപ്പാറും ഇല്ല. ഈ വക ഞാൻ സന്ദർശിക്ക ഇല്ലയോ, ഇങ്ങ
നത്തേ ജാതിയോടു് എൻ ഉള്ളം പക വീട്ടുക ഇല്ലയോ? എന്നു യഹോവ
30 യുടേ അരുളപ്പാടു (9).— ഘോരവും ഭൈരവവുമായോന്നു ദേശത്തിൽ നട
31 ക്കുന്നിതു: പ്രവാചകന്മാർ പൊളിയായി പ്രവചിക്കയും പുരോഹിതർ
അവരുടേ കൈക്കു് അധികരിക്കയും ഇവ്വണ്ണം എൻ ജനത്തിന്നു തെളിക
യും ഉണ്ടു. എന്നതിന്റേ ഒടുവിലേക്കു നിങ്ങൾ എന്തു ചെയ്വു?

6. അദ്ധ്യായം

ന്യായവിധി നടത്തുവാൻ മാറാൻ നഗരത്തെ വളഞ്ഞു പിടിച്ചു (9) ദയ കാട്ടാതേ ശിക്ഷിച്ചു (16) കർമ്മാദികളാൽ രക്ഷ ഒന്നും വരാതവണ്ണം (22) മനം തിരിയാത്ത വംശത്തെ മുടിച്ചുകളയും.

1 അല്ലയോ ബിന്യമീൻപുത്രരേ! യരുശലേം ഉള്ളിൽനിന്നു ചാടിപ്പോയി
തെഖോയയിൽ കാഹളം വിളിപ്പിച്ചു ബേത്ഥക്കേരെമിൽ അഗ്നി ലക്ഷ്യം
നിൎത്തുവിൻ! വടക്കുനിന്നല്ലോ ദോഷവും വലിയ ഇടിവും ഓങ്ങി കാണുന്നു.
2 സുന്ദരിയും കാമചാരണിയുമായ ചിയ്യോൻപുത്രിയെ ഞാൻ സന്നയാക്കേ
3 ഉള്ളു. അവളരികേ ഇടയന്മാർ ഇനങ്ങളുമായി വന്നു ചൂഴവും കൂടാരങ്ങൾ
4 അടിച്ചു താന്താന്റേറ ഭാഗത്തു മേയ്ക്കും. അവൎക്കു നേരേ പോർ സംസ്കരി
പ്പിൻ! ഹോ എഴുന്നീറ്റു ഉച്ചെക്കു നാം കയറുക! ഹാ കഷ്ടം പകൽ ചാഞ്ഞു
5 അന്തി നിഴലുകൾ നീളുന്നു. എടോ രാത്രിയിൽ നാം കയറി അവളുടേ
6 അരമനകളെ നശിപ്പിച്ചേ ആവു.— കാരണം സൈന്യങ്ങളുടയ യഹോവ
പറഞ്ഞിതു; മരങ്ങളെ വെട്ടി യരുശലേമെക്കൊള്ള മേടു മാടുവിൻ! ഉള്ളിൽ
കൈയേറ്റം മുഴുത്തു നിറകയാൽ സന്ദർശിക്കേണ്ടിയ നഗരം ഇവളത്രേ.
7 കിണറു തൻ വെള്ളത്തെ ചൂരുത്തും പോലേ അവൾ തൻ ദോഷത്തെ ചൂര
ുത്തുന്നു, സാഹസവും നാനാവിധവും അവളിൽ കേളായി, മുറിയും അടിയും
വിടാതേ എന്റേറ മുമ്പിൽ ആകുന്നു. യരുശലേമേ, എൻ ഉള്ളം നിന്നോടു
8 വേർവിട്ടു നിന്നെ കുടിയില്ലാത്ത ദേശമായി പാഴാക്കി വെക്കായ്വാൻ
ശാസനെക്കു അടങ്ങുക!

9 സൈന്യങ്ങളുടയ യഹോവ പറയുന്നിതു: ഇസ്രയേലിന്റെറ ശേഷിപ്പിലും
വള്ളിയിൽ എന്ന പോലേ രണ്ടാമതും അരിഞ്ഞു പറിക്കും; അരിയുന്നവൻ
10 ചെയ്യുംവണ്ണം പിന്നേയും കൊടികളിൽ കൈയിടുക! അവർ കേൾക്കേ
ണ്ടതിന്നു ഞാൻ ആരോടു ചൊല്ലി സാക്ഷി പറയേണ്ടതു? അവരുടേ ചെവി
പരിച്ഛേദനേ വരാതേ കുറിക്കൊൾവാൻ വഹിയാ. ഇതാ യഹോവാവചനം
അവൎക്കു നിന്ദ്യമായ്പ്പോയി, അതിൽ ഇഷ്ടം തോന്നുക ഇല്ല. ഞാനോ
11 യഹോവയുടേ ചൂടു നിറഞ്ഞു, അതിനെ അടക്കി വെക്കയിൽ തളൎന്നു?
തെരുവിലേ കുട്ടിമേലും യുവാക്കളുടേ സംഘത്തിന്മേലും ഒക്കത്തക്ക അതിനെ
ചൊരിക! സാക്ഷാൽ പുരുഷൻ സ്ത്രീയുമായി കിഴവൻ ആയുസ്സു തികഞ്ഞ
12 വനുമായി അകപ്പെടും. അവരുടേ വീടുകളും നിലങ്ങളും ഭാര്യമാരും ഒരു
പോലേ അന്യന്മാൎക്കു ആയ്ത്തിരിയും, ദേശനിവാസികൾക്കു നേരേ
ഞാൻ കൈനീട്ടും സത്യം എന്നു യഹോവയുടേ അരുളപ്പാടു.—കാരണം:
13 ചെറിയവർ മുതൽ വലിയവർ വരേ എപ്പേരും ലാഭം ലോഭിക്കുന്നു, പ്രവാ
ചകൻ മുതൽ പുരോഹിതൻ വരേ എപ്പേരും ചതിപ്രയോഗിക്കുന്നു. സമാ
14 ധാനം ഇല്ലാതിരിക്കേ ''സമാധാനം സമാധാനം'' എന്നു ചൊല്ലി എൻ
ജനത്തിൻ പുത്രിയുടേ മുറിയെ എളുപ്പത്തിൽ പൊറുപ്പിക്കയും ചെയ്യുന്നു.
15 അവർ അറെപ്പു പ്രവൃത്തിക്കയാൽ അവരെ നാണിപ്പിച്ചിട്ടുണ്ടു, അവർക്കു
നാണം ഒട്ടും തോന്നാ താനും ലജ്ജിപ്പാനും അറിയാ. അതുകൊണ്ടു വീഴുന്ന
വരിൽ അവർ വീഴും, അവരെ ഞാൻ സന്ദർശിക്കും സമയം ഇടറിപ്പോകും
എന്നു യഹോവയുടേ അരുളപ്പാടു.

16 യഹോവ പറയുന്നിതു: ''വഴികളിൽ നിങ്ങൾ നിന്നു നോക്കിക്കണ്ടു യു
ഗാദിമാർഗ്ഗങ്ങളെയും നല്ലതിൻ വഴി എന്തെന്നും ചോദിച്ചു ആയതിൽ
ചെല്ലുവിൻ എന്നാൽ മനസ്സിന്നു ശമം കാണും!'' അവരോ ഞങ്ങൾ ചെല്ലു
17 ഇല്ല എന്നു പറയുന്നു. പിന്നേ ഞാൻ നിങ്ങളുടേ മേൽ നോട്ടക്കാരെ ആക്കി
''കാഹളധ്വനിയെ കുറിക്കൊൾവിൻ'' എന്നു കല്പിച്ചിട്ടും കുറിക്കൊൾ
18 ക ഇല്ല എന്നു പറയുന്നു. ആകയാൽ അവരിൽ സംഭവിപ്പതു ജാതികളേ

19 കേൾപ്പിൻ, സഭയേ അറിഞ്ഞുകൊൾക! ഭൂമിയേ കേൾക്ക! ഈ ജനത്തി
ന്മേൽ ഇതാ ഞാൻ തിന്മ വരുത്തുന്നു, അവർ എന്റെ വാക്കുകളെ കൂറിക്കൊ
ള്ളാതേ എൻ ധർമ്മോപദേശത്തെ വെറുക്കയാൽ അവരുടേ വിചാരങ്ങളുടേ
20 ഫലമത്രേ. ശബായിൽനിന്നു വരുന്ന ഈ കുന്തുരുക്കവും ദൂരദിക്കിന്നു നല്ല
വയമ്പും എനിക്ക് എന്തിന്നു? നിങ്ങടേ ഹോമങ്ങൾ പ്രസാദിപ്പിക്കുന്നി
21 ല്ല ബലികൾ എനിക്കു നിരയാ. അതുകൊണ്ടു യഹോവ പറഞ്ഞിതു: ഈ
ജനത്തിന്നു ഞാൻ ഇതാ ഇടർച്ചകളെ വെക്കുന്നതു പിതാക്കളും മക്കളും അ
യല്ക്കാരനും പാങ്ങനും ഒക്കത്തക്ക ഇടറി കെട്ടുപോവാൻ തന്നേ.
22 യഹോവ പറയുന്നിതു: വടക്കേദേശത്തുനിന്നു ഇതാ ഒരു ജനം വരുന്നു,
23 ഉത്തരദിക്കിൽനിന്നു വലിയ ജാതി ഉണർന്നെഴുന്നു. വില്ലും ചവളവും ഏ
ന്തി പിടിക്കും ആ കനിവില്ലാത്ത ക്രൂരന്മാർ; അവരുടേ ഒച്ച കടൽകണക്കേ
ഇരെക്കയും കുതിരകളുടേ മേൽ ഏറി ഓടുകയും ചിയ്യോൻപുത്രീ, നിന്നെ
24 ക്കൊള്ളേ പുരുഷരായി പോരിന്നു ഒരുങ്ങീട്ടത്രേ. അതിൻ കേൾവി നാം
കേട്ട ഉടനേ ഇങ്ങേ കൈകളും തളർന്നു ഈറ്റുനോവിനൊത്ത വ്യാകുലം
25 പിടിച്ചു. വയലിലേക്കു പുറപ്പെടായ്ക, വഴി നടക്കോല്ലാ! ശത്രുവിന്നു
26 വാൾ ഉണ്ടല്ലോ ചുറ്റും അച്ചമത്രേ! എൻ ജനപുത്രീ രട്ടു ഉടുത്തു ചാരം പി
രളുക! ഒറ്റമകനേറ്റ ശോകം പോലേ കൈപ്പായി മുറയിടുക! പെട്ടന്നല്ലോ
സംഹർത്താ നമ്മുടേ മേൽ വരും.——കോട്ടയായ നിന്നെ എൻ ജനത്തിന്നു
ഞാൻ ശോധനക്കാരനാക്കി വെച്ചതു അവരുടേ വഴിയെ അറിഞ്ഞു ശോധി
27 പ്പാൻ തന്നേ. അവർ എപ്പേരും മറുമറുക്കുന്നവർ, നണയരായി നടക്കുന്നു;
28 ചെമ്പും ഇരിമ്പും (മാത്രം) ആകുന്നു, എവരും വല്ലായ്മ ചെയ്യുന്നു. ഉല
29 ത്തോൽ വെന്തു ഈയം ഒടുങ്ങി ഇനി ഉരുക്കി ഉരുക്കിപ്പോരുന്നതു വ്യർത്ഥം,
30 ദുഷ്ടരെ നീക്കുവാൻ ആയില്ല. യഹോവ അവരെ വെറുക്കയാൽ കൊള്ളരുതാ
ത്ത വെള്ളി എന്നു അവക്കു വിളിപ്പാറാകും.

3. 7–10 ദേവാലയത്തിലേ ആശ്രയം വ്യർത്ഥമായിരിക്കേ ദൈവത്തെ അ
റിഞ്ഞിട്ടു ഭക്തി വർദ്ധിപ്പതിലത്രേ രക്ഷ എന്ന മൂന്നാം പ്രബോധനം.

7. അദ്ധ്യായം

ദേവാലയം ശിക്ഷയെ വിലക്കുവാൻ പോരാ (16) മനന്തിരിവു വരാ
ഞ്ഞാൽ പ്രാർത്ഥനയും കർമ്മാദികളും പോരാ (29) ഗുണപ്പെടാത്ത യഹൂദെ
ക്കു മുടിവു നിശ്ചയം.

1.2 **യി**റമിയാവിന്നു യഹോവയിൽനിന്നുണ്ടായ വചനം ആവിതു: യഹോ
വാലയത്തിന്റെ വാതുക്കൽ നീ നിന്നുകൊണ്ടു ഈ വാക്കു വിളിക്കേണ്ടതു:
യഹോവയെ തൊഴുവാൻ ഈ വാതിലുകളുടേ കടക്കുന്ന സർവ്വയഹൂദേ യഹോ
3 വാവചനം കേൾപ്പിൻ! സൈന്യങ്ങളുടയ യഹോവ എന്ന ഇസ്രയേലിൻ
ദൈവം പറയുന്നിതു: നിങ്ങടേ വഴികളെയും ക്രിയകളെയും നന്നാക്കുവിൻ,
4 എന്നാൽ നിങ്ങളെ ഇവിടത്തിൽ ഇരുത്താം. ''യഹോവാമന്ദിരം യഹോ
വാമന്ദിരം യഹോവാമന്ദിരം ഇതത്രേ'' എന്നുള്ള പൊളിവാക്കുകളിൽ ആ
5 ശ്രയിക്കായ്വിൻ! അല്ല നിങ്ങടേ വഴികളെയും ക്രിയകളെയും ഉള്ളവണ്ണം
നന്നാക്കി തമ്മിൽ അന്യോന്യം ന്യായം പ്രവൃത്തിച്ചു, അതിഥി അനാഥൻ
6 വിധവ മുതലായവരെ ഉപദ്രവിക്കാതേ ഇവിടത്തിൽ കുറമില്ലാത്ത രക്തം
ഒഴിക്കാതേ നിങ്ങൾക്കു ചേതത്തിന്നായി അന്യദേവകളെ പിഞ്ചെല്ലാതേ
7 നടന്നു എങ്കിൽ, ഞാൻ നിങ്ങടേ പിതാക്കന്മാക്കു കൊടുത്ത ദേശത്തു നിങ്ങ
ളെ യുഗാദിമുതൽ യുഗാന്തത്തോളം ഇവിടേ വസിപ്പിക്കുന്നുണ്ടു. നിങ്ങൾ
8 ആ പൊളിവാക്കുകളിൽ ആശ്രയിക്കുന്നതു ഒട്ടും ഉതകുന്നില്ല. പക്ഷേ കക്കുക

9 കൊല്ലുക വ്യഭിചരിക്ക പൊളിയാണ ഇടുക ബാളിന്നു ധൂപിക്ക നിങ്ങൾ
അറിയാത്ത അന്യദേവകളെ പിഞ്ചെല്ല എന്നോ? പിന്നേ നിങ്ങൾ വന്നു
10 എൻ നാമംവിളിക്കപ്പെട്ടന്ന ഈ ആലയത്തിൽ എന്റെ മുമ്പാകേ നിന്നുകൊ
ണ്ടു: ''നാം ഉദ്ധരിക്കപ്പെട്ട'' എന്നു വിചാരിക്കുന്നതു ഇനി ആ വെറുപ്പുകൾ
11 ഒക്കയും ചെയ്യുപോരുവാൻ തന്നേ! എൻ നാമം വിളിക്കപ്പെട്ടന്ന ഈ ആല
യം നിങ്ങടേ കണ്ണിന്നു പാതകക്കാരുടേ ഗുഹ എന്നു വന്നിട്ടോ? ഈ ഞാനും
12 ഇതാ കണ്ടു എന്നു യഹോവയുടേ അരുളപ്പാടു. എൻ നാമത്തെ മുങ്കാലത്തു
വസിപ്പിച്ച ശീലോവിലുള്ള എന്റെ സ്ഥലത്തേക്കു ചെന്നുകൊണ്ടു ഞാൻ
എൻ ജനമായ ഇസ്രയേലിൻ ദോഷം മുതലായിട്ടു ഞാൻ അതിനെ ചെയ്തതു
13 കാണ്മിൻ! ഇപ്പോഴോ നിങ്ങൾ ഈ പ്രവൃത്തികൾ ഒക്കയും ചെയ്തുകൊണ്ടു
ഞാൻ പുലരേ പറഞ്ഞു ഉരെച്ചുപോന്നതു നിങ്ങൾ കേളാതേ ഞാൻ നിങ്ങ
ളെ വിളിച്ചപ്പോൾ മിണ്ടാതേ പോകയാൽ, എന്നു യഹോവയുടേ അരുള
14 പ്പാടു, എന്നാമം വിളിക്കപ്പെട്ടും നിങ്ങൾ ആശ്രയിച്ചും ഇരിക്കുന്ന ആലയ
ത്തെയും നിങ്ങൾക്കും പിതാക്കൾക്കും തന്ന സ്ഥലത്തെയും ഞാൻ ശീലോ
15 വിനെ ചെയ്തപ്രകാരം ചെയ്യ, നിങ്ങടേ സകലസഹോദരരായ എഫ്രയീംസ
ന്തതിയെ മുറ്റും തള്ളിയപ്രകാരം നിങ്ങളെ എൻ മുഖത്തുനിന്നു തള്ളിവിടുന്നു
ണ്ടു.

16 നീയോ ഈ ജനത്തിന്നു വേണ്ടി പക്ഷവാദം ചെയ്യരുതു, അവർക്കുവേണ്ടി
കെഞ്ചി പ്രാർത്ഥന തുടങ്ങുകയും എന്നോടു മുട്ടിക്കയും അരുതു! ചെയ്താൽഞാൻ
17 നിന്നെ കേൾക്കുന്നില്ല. അവർ യഹൂദാപട്ടണങ്ങളിലും യരുശലേംതെരുക്ക
18 ളിലും ചെയ്യുന്നതു എന്തു എന്നു കാണുന്നില്ലേ? കുട്ടികൾ തടികളെ പെറു
ക്കയും അപ്പന്മാർ തീ കത്തിക്കയും പെണ്ണുങ്ങൾ മാവു കുഴെക്കയും സ്വർഗ്ഗ
രാജ്ഞിക്കു അടകളെ ചമെക്കയും അന്യദേവകൾക്കു ഊക്കഴിക്കയും ആകു
19 ന്നു, എന്നെ മുഷിപ്പിക്കേണ്ടതിന്നത്രേ. എന്നെയോ അല്ല തങ്ങളെത്തന്നേ
അല്ലോ അവർ മുഷിപ്പിക്കുന്നതു സ്വമുഖത്തിന്നു ലജ്ജ വരുത്തുവാൻ എന്നു
20 യഹോവയുടേ അരുളപ്പാടു. അതുകൊണ്ടു കർത്താവായ യഹോവ പറയുന്നി
തു: ഈ സ്ഥലത്തിലേക്കു ഇതാ എൻ കോപവും ഊഷ്മാവും പൊഴിഞ്ഞു,
മനുഷ്യർ കന്നുകാലി നാട്ടിലേ മരങ്ങൾ നിലത്തു വിള ഇവറിൻ മേലേ
വന്നു കെടാതേ ചുടുകയും ആം.— സൈന്യങ്ങളുടയ യഹോവ എന്ന ഇസ്ര
21 യേലിൻ ദൈവം പറയുന്നിതു: നിങ്ങടേ ഹോമങ്ങളെയും ബലിസദ്യകളോ
ടു ചേർത്തുകൊണ്ടു (വേണ്ടുവോളം) ഇറച്ചി തിന്മിൻ! ഞാനാകട്ടേ നിങ്ങടേ
22 പിതാക്കളെ മിസ്രദേശത്തുനിന്നു പുറപ്പെടീക്കും നാൾ ഹോമവും ബലിയും
ചൊല്ലി ഉരെച്ചും കല്പിച്ചിട്ടുമില്ല. എന്റെ ശബ്ദത്തെ കേട്ടുകൊൾവിൻ! എ
23 ന്നാൽ ഞാൻ നിങ്ങൾക്കു ദൈവവും നിങ്ങൾ എനിക്കു ജനവും ആകും, നി
ങ്ങൾക്കു നന്നായ്വരുവാൻ ഞാൻ കല്പിക്കുന്ന സകല വഴിയിലും നടപ്പിൻ!
24 (5 മോ. 5,27–33) എന്നീ വാക്കത്രേ അവരോടു കല്പിച്ചതു. അവരോ കേൾ
ക്കാതേ ചെവിയും ചായ്ക്കാതേ ദുർമ്മനസ്സിൻ ശാഠ്യത്തിലും ആലോചനകളി
25 ലും നടന്നു മുഖമല്ല പുറം കാട്ടിപ്പോന്നു. നിങ്ങടേ പിതാക്കൾ മിസ്രദേശ
ത്തിങ്കൽനിന്നു പുറപ്പെട്ട നാൾ മുതൽ ഇന്നേവരേ ഞാൻ ദിവസേന പുലരേ നി
യോഗിച്ചു പ്രവാചകരായ എന്റെ സകലദാസന്മാരേയും നിങ്ങളരികത്തു
26 അയച്ചുവന്നിട്ടും, എന്നെ കേൾപ്പാനും ചെവി ചായ്പ്പാനും തോന്നാതേ
പിടരിയെ കഠിനമാക്കി പിതാക്കന്മാരിലും വല്ലാതേ ചമഞ്ഞു. ഈ വാ
27 ക്കുകൾ ഒക്കേ അവരോടു നീ ചൊല്ലുമ്പോൾ നിന്നെ കേൾക്കയില്ല, അവ
28 രോടു വിളിച്ചിട്ടും ഉത്തരം പറക ഇല്ല. പിന്നേ അവരോടു പറയേണ്ടുന്നിതു:
സ്വദൈവമായ യഹോവയുടേ ശബ്ദം കേൾക്കാതേ ശാസനയെ കൈക്കൊ
ള്ളാത്ത ജാതി ഇതത്രേ. വിശ്വസ്തത കെട്ടും അവരുടേ വായിൽനിന്നു അറ്റും
പോയി.

29 (ചിയ്യോൻപുത്രീ) നിന്റെ കുന്തൽ ചിരെച്ചുകളഞ്ഞു വെറുമ്പുറങ്ങളിൽ

വിലാപം തുടങ്ങുക! യഹോവ ആകട്ടേ തൻ ചീറ്റം ഏശ്രം തലമുറയെ
30 വെറുത്തു തള്ളി വിട്ടു. കാരണം: യഹൂദാപുത്രന്മാർ എൻ കണ്ണിൽ ദോഷമാ
യതു ചെയ്തു എന്നു യഹോവയുടേ അരുളപ്പാടു. എന്നാമം വിളിക്കപ്പെടുന്ന
ആലയത്തെ അശുദ്ധമാക്കുവാൻ അതിൽ തങ്ങളുടേ വെറുപ്പുകളെ പ്രതിഷ്ഠി
31 ച്ചു, ബേൻഹിന്നോം താഴ്വരയിൽ (അറെപ്പു് എന്നുള്ള) തോഫേത്തിൻ
കുന്നുകാവുകളെ തീത്തതു തങ്ങളുടേ പുത്രരെയും പുത്രികളെയും തീയിൽ
ചുടുവാൻ തന്നേ (ആയതു ഞാൻ കല്പിച്ചതും ഇല്ല എൻ മനസ്സിൽ തോന്നിയ
32 തും ഇല്ല). അതുകൊണ്ടു ഇനി തോഫേത്തു് എന്നും ബേൻഹിന്നോംതാഴ്വര
എന്നും അല്ല കൂലത്താഴ്വര എന്നു ചൊല്ലികൊണ്ടു തോഫേത്തിൽ ഇടം കാ
ണാതോളം ശവങ്ങളെ പൂഴുന്ന നാളുകൾ വരും എന്നു യഹോവയുടേ അരുള
33 പ്പാടു. ഈ ജനത്തിന്റേ പിണം വാനപ്പക്ഷികൾക്കും മൃഗത്തിന്നും ഊണാകും,
34 അവ മിരട്ടുവാൻ ആരും ഇല്ല. യഹൂദയൂരുകളിൽ നിന്നും യരുശലേം തെരുക്ക
ളിൽനിന്നും ഞാൻ സന്തോഷാനന്ദങ്ങളുടേ ശബ്ദവും മണവാളന്റേ ശബ്ദ
8, 1 വും പുതിയപെണ്ണിൻ ശബ്ദവും ഒഴിപ്പിക്കും, ദേശം ശൂന്യമായി ചമകേ
ഉള്ളു.— ആ കാലം യഹൂദാരാജാക്കന്മാരുടേ അസ്ഥികളും അവന്റേ പ്രഭുക്ക
ടേ അസ്ഥിയും പുരോഹിതരുടേ അസ്ഥിയും പ്രവാചകരുടേ അസ്ഥിയും
യരുശലേം നിവാസികളുടേ അസ്ഥികളും (ശത്രു) കുഴികളിൽനിന്നു വാരി
2 എടുത്തു. അവർ സ്നേഹിച്ചു സേവിച്ചു പിഞ്ചെന്നു തേടി നമസ്കരിച്ച ആദി
ത്യ ചന്ദ്രൻമാർക്കും സകലവാനസൈന്യത്തിന്നും പരത്തി വെപ്പാനുണ്ടു.
അവ പിന്നേ കൂട്ടുകയും പൂഴ്ത്തുകയും ഇല്ല. നിലത്തിന്നു നീളേ വളമായി തീ
3 രുകേ ഉള്ളു എന്നു യഹോവയുടേ അരുളപ്പാടു. ഈ വല്ലാത്ത വംശത്തിൽ
ശേഷിച്ചവരെ ഞാൻ ആട്ടികളഞ്ഞ സകലസ്ഥലങ്ങളിലും ശേഷിപ്പുള്ളവർ
ഒക്കയും ജീവനെക്കാൾ മരണത്തെ തെരിഞ്ഞെടുപ്പാറാകയും ചെയ്യും എന്നു
സൈന്യങ്ങളുടയ യഹോവയുടേ അരുളപ്പാടു.

8. അദ്ധ്യായം

(4) ജനം പാപത്തിൽ ഉറെച്ചു നില്ക്കയാൽ (14) കൊടിയ ശിക്ഷ വേ
ണ്ടിവരും.

4 അവരോടു പറക: യഹോവ പറയുന്നിതു: വീണിട്ടു് എഴുനീല്ക്കാതിരി
5 ക്കുമോ? തെറ്റിപ്പോയിട്ടു മടങ്ങി വരുമാറില്ലയോ? പിന്നേ ഈ യരുശലേ
മ്യജനം മാറാത്ത പിന്തിരിവിന്നായി തെറ്റുന്നതു് എന്തുകൊണ്ടു? അവർ
6 വ്യാജത്തെ ഉറക്കേ പിടിച്ചിട്ടു മടങ്ങി വരുന്നതിനോടു മുക്കുന്നു. ഞാൻ കു
റിക്കൊണ്ടു കേട്ട നേരം അവർ നേർ ചൊല്ലാറില്ല; ''ഞാൻ എന്തു ചെയ്തു
അയ്യോ'' എന്നു പറവോളം ആരും തന്റേ ദോഷം വിചാരിച്ചു് അനുതപി
പ്പാറില്ല; കുതിരപടയിൽ പായും പോലേ ഏവനും തന്റേ ഓട്ടത്തിന്നു
7 തിരിഞ്ഞു. ആകാശത്തിലേ പെരിങ്കൊക്കും തന്റേ ഋതുക്കളെ അറിയുന്നു,
കാട്ടുപ്രാവും കൊച്ചയും മീവൽപക്ഷിയും താന്താന്റേ വരത്തുസമയത്തെ സൂ
8 ക്ഷിക്കുന്നു, എൻ ജനം മാത്രം യഹോവയുടേ ന്യായത്തെ അറിയാ. ഞങ്ങൾ
9 ജ്ഞാനികൾ; യഹോവയുടേ ധർമ്മോപദേശം ഞങ്ങൾക്കു ഉണ്ടു എന്നു നി
ങ്ങൾ എങ്ങനേ പറയാം? ഇതാ വേദിയന്മാരുടേ കള്ളയെഴുത്താണി അതി
നെ പൊളിയാക്കിച്ചമെച്ചു. ജ്ഞാനികൾ നാണിച്ചു ഞെട്ടി അകപ്പെട്ടകേ
ഉള്ളു, ഇതാ യഹോവയുടേ വാക്കു അവർ നിരസിക്കുന്നു, പിന്നേ എന്തൊ
10 രു ജ്ഞാനം അവക്കുള്ളു? — അതുകൊണ്ടു ഞാൻ അവരുടേ ഭാര്യമാരെ
മറ്റവർക്കും നിലങ്ങളെ അടക്കിവെക്കുന്നവർക്കും കൊടുക്കും; ചെറിയവൻമു
തൽ വലിയവൻവരേ എപ്പേരും ലാഭം ലോഭിക്കുന്നവരല്ലോ, പ്രവാചകൻ
മുതൽ പുരോഹിതൻവരേ ചതി പ്രയോഗിക്കുന്നു (6, 13–15). സമാധാനം

11 ഇല്ലാതിരിക്കേ സമാധാനം സമാധാനം എന്നു ചൊല്ലി എൻ ജനത്തിൻ
12 പുത്രിയുടേ മുറിയെ എളുപ്പത്തിൽ പൊറുപ്പിക്കുന്നു. അവർ അറെപ്പു പ്രവൃത്തിക്കയാൽ അവരെ നാണിപ്പിച്ചിട്ടുണ്ടു, അവക്കു നാണം ഒട്ടും തോന്നാതാനും ലജ്ജിപ്പാനും അറിയാ. അതുകൊണ്ടു വീഴുന്നവരിൽ അവർ വീഴും
13 സന്ദർശനസമയത്തു ഇടറിപ്പോകും എന്നു യഹോവ പറഞ്ഞു. ഞാൻ കോരി വാരി അവരെ ഒടുക്കും; മുന്തിരിവള്ളിക്കു കുലയും ഇല്ലല്ലോ അത്തിക്കു കായ്ക്കളും ഇല്ല, ഇലയും വാടി കാണുന്നു; എന്നാൽ അവരുടേ മേൽ കടന്നു ചെല്ലുന്നവരെ ഞാൻ നിശ്ചയിക്കുന്നു.
14 നാം എന്തിന്നു പാർക്കുന്നു? കൂടിക്കൊൾവിൻ നാം കോട്ടയൂരുകളിൽ പുക്കു അവിടേ ഇളെച്ചു പോക! (എന്നു കുടികൾ പറയും) നാം യഹോവയോടു പിഴെക്കകൊണ്ടല്ലോ നമ്മുടേ ദൈവമായ യഹോവ നമ്മെ ഇളെപ്പാറാക്കി
15 കാഞ്ഞിരവെള്ളം കുടിപ്പിച്ചതു. സമാധാനത്തിന്നു കാത്തിരിക്കേ നന്മ ഒട്ടും ഇല്ല, പൊറുപ്പിക്കുന്ന സമയം (കാത്തിരിക്കേ) ഇതാ ത്രാസമത്രേ.
16 അവന്റേ കുതിരകളുടേ ഹുങ്കാരം ദാനിൽനിന്നു കേളായി, ബലത്ത അശ്വങ്ങൾ കനെക്കുന്ന നാദത്താൽ സർവ്വഭൂമിയും കുലുങ്ങി. അവർ വന്നു ദേശത്തെയും അതിൽ നിറയുന്നതും ഊരും കുടികളെയും തിന്നുകളയുന്നു.—
17 ഞാനാകട്ടേ ഇതാ സർപ്പങ്ങളെ നിങ്ങളിൽ അയക്കുന്നുണ്ടു, വശീകരണം ഒന്നും പറാത്ത മൂർഖന്മാർ നിങ്ങളെ തീണ്ടും എന്നു യഹോവയുടേ അരുളപ്പാടു.—ദുഃഖത്തിൽ എനിക്കു ഉന്മേഷകരം (എന്തു?) ഹൃദയം എന്നുള്ളിൽ
18 രോഗാർത്തം! ചിയ്യോനിൽ യഹോവ ഇല്ലാതേ പോയോ? അല്ല അവളുടേ രാജാവു അവളിൽ ഇല്ലയോ? എന്നു എൻ ജനത്തിൻ പുത്രി ദൂരദേശത്തുനിന്നു കുക്കുന്ന ശബ്ദം അതാ (കേൾക്കുന്നു). പിന്നേ തങ്ങളുടേ വിഗ്രഹ
20 ങ്ങളെക്കൊണ്ടും പരദേശമായകളെക്കൊണ്ടും അവർ എന്നെ മുഷിപ്പിച്ചതു എന്തിട്ടു? കൊയ്ത്തുകഴിഞ്ഞു, പറിപ്പു തീർന്നു, നാം രക്ഷപ്പെട്ടതും ഇല്ല(എ
21 ന്നു അവർ വിലപിക്കുന്നു) എൻ ജനത്തിൻ പുത്രിയുടേ മുറിവു നിമിത്തം ഞാൻ മുറിഞ്ഞു കറുത്തു (ഖേദിക്കുന്നു) പരിഭ്രമം എന്നെ പിടിച്ചു. ഗിലെയാ
22 ദിൽ നൽപ്പശ ഇല്ലയോ, അവിടേ വൈദ്യൻ ഇല്ലയോ? പിന്നേ എൻ ജനപുത്രിക്കു തകഴി ഇടായ്വാൻ എന്തു? എന്റേ തല വെള്ളവും കണ്ണുകൾ ബാഷ്പങ്ങളുടേ ഉറവും ആയാൽ കൊള്ളാം! എന്നാൽ എൻ ജനപുത്രിക്കു കുലപ്പെട്ടവരെ ഞാൻ രാപ്പകൽ കേഴാം.
23

9. അദ്ധ്യായം

അന്ധാളിച്ചുപോയ ജനത്തിന്റേ വേണ്ടാതനം (9) ദേശത്തിന്നു അന്ത്യശിക്ഷയും (16) ചിയ്യോന മുടിവും വരുത്തുന്നതിനെ വിലപിച്ചതു.

1 ഹാമരുവിൽ വഴിപോക്കരുടേ മണ്ഡപം കിട്ടിയാൽ കൊള്ളാം! എന്നാൽ എൻ ജനത്തെ വിട്ടു അകന്നു പോകാം; അവർ ഒക്കയും വ്യഭിചാരി
2 കളും വിശ്വാസവഞ്ചകരുടേ കൂട്ടമല്ലോ; വില്ലായി നാവിനെ പൊളി (അമ്പു) കൊണ്ടു കുലയേറുന്നു, വിശ്വസ്തതയോടല്ല അവർ ദേശത്തിൽ പ്രബലിക്കുന്നു, എന്നെ അറിഞ്ഞുകൊള്ളാതേ തിന്മയിൽ നിന്നു തിന്മയിലേക്ക
3 ത്രേ ചെല്ലുന്നു എന്നു യഹോവയുടേ അരുളപ്പാടു. താന്താന്റേ തോഴനെ സൂക്ഷിച്ചുകൊൾവിൻ, യാതൊരു സഹോദരനെയും ആശ്രയിക്കോല! ഏതു സഹോദരനും (യാക്കോബെ പോലേ) ചൊട്ടിക്കും, ഏതു തോഴനും നണയനായി നടക്കും. താന്താന്റേ പാങ്ങനെ തോല്പിക്കയും സത്യം ഉരെക്കായ്കയും പൊളിപറവാൻ നാവിനെ അഭ്യസിപ്പിക്കയും കോടിനടപ്പാൻ അ
4 ദ്ധ്വാനിക്കയും ഉണ്ടു. നീ പാർക്കുന്നതു ചതിനടുവിൽ തന്നേ; അവർ ചതിനിമിത്തം എന്നെ അറിവാൻ നിരസിക്കുന്നു എന്നു യഹോവയുടേ
5

6 അരുളപ്പാടു.—അതുകൊണ്ടു സൈന്യങ്ങളുടയ യഹോവ പറയുന്നിതു: ഞാൻ
ഇതാ അവരെ ഉരുക്കി ശോധന ചെയ്യും. എൻ ജനപുത്രിയുടേ അവസ്ഥക്കു
പിന്നേ എങ്ങനേ ചെയ്‌വു? കുത്തുന്ന അമ്പത്രേ അവരുടേ നാവു, ചതി പറ
7 വാറുണ്ടു; വായികൊണ്ടു തോഴനോടു സമാധാനം ചൊല്ലുയും ഉള്ളകൊണ്ടു
പതി ഇരിക്കയും ആം. ഈ വക ഞാൻ സന്ദർശിക്ക ഇല്ലയോ, ഇങ്ങനത്തേ
8 ജാതിയോടു് എൻ ഉള്ളം പക വീളുക ഇല്ലയോ എന്നു യഹോവയുടേ അരു
ളപ്പാടു(5,29)
9 മലകളെ ചൊല്ലി ഞാൻ കരച്ചലും മുറയും, മരുവിലേ പുലങ്ങളെ ചൊ
ല്ലി വിലാപവും എടുക്കുന്നു. ആയവ ആരും കടക്കാതോളം വെന്തു ആടുമാ
ടിൻ ഒച്ച കേളാതേ പോയി; ആകാശപക്ഷിയും പശുവുമായി പാറി പാ
10 ഞ്ഞു പോയി. ഞാൻ യരുശലേമെ കൽക്കുമ്പലും കുറുനരികളുടേ ഇരിപ്പും
ആക്കും, യഹൂദാനഗരങ്ങളെ കുടിയില്ലാതേ പാഴാക്കിവെക്കും. ഇവ ബോ
11 ധിപ്പോളം ജ്ഞാനമുള്ള പുരുഷൻ ഏവൻ? ദേശം കെട്ടു ആരും കടക്കാത
വണ്ണം മരു പോലേ വെന്തുപോയ കാരണം എന്തെന്നു യഹോവയുടേ വായി
ചൊല്ലീട്ടു് (അറിഞ്ഞു്) അറിയിക്കുന്ന പുരുഷൻ ഏവൻ? യഹോവ പറ
12 ഞ്ഞിതു: ഞാൻ അവക്കു വെച്ചുകാട്ടിയ ധർമ്മോപദേശത്തെ അവർ വിട്ടു
എൻ ശബ്ദത്തെ കേളാതേ അതിൽ നടക്കാതേ, തങ്ങളുടേ ഹൃദയത്തിൻ ശാ
13 ഠ്യത്തെയും അച്ഛന്മാർ പഠിപ്പിച്ചുകൊടുത്ത ബാളുകളെയും അനുസരിച്ചു നട
14 ക്കയാൽ അത്രേ. അതുകൊണ്ടു സൈന്യങ്ങളുടയ യഹോവ എന്നു ഇസ്രാ
യേലിൻ ദൈവം പറയുന്നിതു: ഈ ജനത്തെ ഞാൻ ഇതാ മക്കിപ്പു തീറുകു
യും കാഞ്ഞിരവെള്ളം കുടിപ്പിക്കയും, അവരും പിതാക്കളും അറിയാതേ
15 ഇരുന്ന ജാതികളിൽ ചിന്നിക്കയും അവരെ മുടിക്കുംവരേ വാളിനെ അവക്കു
പിന്നാലേ അയക്കയും ചെയ്യും.
16 സൈന്യങ്ങളുടയ യഹോവ പറഞ്ഞിതു: കുറിക്കൊംവിൻ, വിലാപ
ക്കാരത്തികളെ വിളിച്ചു വരുത്തി കൌശലക്കാരത്തികളെ ആളയച്ചു വരുത്തു
17 വിൻ! അവർ ഉഴറി നമ്മെക്കൊണ്ടു മുറവിളി തുടങ്ങീട്ടു ഇങ്ങേ കണ്ണുകളിൽ
18 ബാഷ്പം ഒലോല ഇമകളും വെള്ളം തുകുമാറാക്കുക! ചിയ്യോനിൽനിന്നു
ല്ലോ: നാം എങ്ങനേ മുടിഞ്ഞുപോയി! നമ്മുടേ പാർപ്പിടങ്ങളെ തകർത്തു
നിരത്തീട്ടു നാം ദേശത്തെ വിട്ടുപോകയാൽ എത്ര നാണിച്ചു പോയി! എ
19 ന്നു മുറകരച്ചൽ കേൾക്കായി. സ്ത്രീകളേ യഹോവാവചനം കേൾപ്പിൻ, നി
ങ്ങടേ ചെവി അവന്റെ വായ്മൊഴിയെ ഗ്രഹിക്ക! നിങ്ങളുടേ പുത്രിമാ
ക്കു മുറവിളിയും നിങ്ങളിൽ അന്യോന്യം വിലാപവും പഠിപ്പിപ്പിൻ! മര
20 ണമാകട്ടേ നമ്മുടേ ചാലകങ്ങളിൽ കയറി നൂണു അരമനകളിൽ പൂകുന്നു,
തെരുവിലേ കുഞ്ഞുങ്ങളെയും വീഥികളിൽ യുവാക്കളെയും അറുത്തുകളവാൻ
21 തന്നേ. യഹോവയുടേ അരുളപ്പാടാവിതു: മനുഷ്യരുടേ പിണം നിലത്തി
ന്മേൽ വളം പോലേയും വാരുന്നവൻ ഇല്ലാതേ മൂരുന്നവന്റെ പിറകേ കറ
പോലേയും വീഴും എന്നു ചൊല്ലുക.

10. അദ്ധ്യായം

(9,22) രക്ഷെക്കു വഴി ആവിതു: യഹോവയെ അറിഞ്ഞു തേറുക (1) ദേ
വകളുടേ മായയും യഹോവയുടേ മാഹാത്മ്യവും ബോധിക്ക (17) ശിക്ഷിക്കു
ന്ന കൈക്കീഴു് അമന്നടങ്ങുക.

9, 22 യഹോവ പറയുന്നിതു: ജ്ഞാനി തൻ ജ്ഞാനത്തിങ്കൽ പ്രശംസിക്കരു
തു, വീരൻ തൻ വീര്യത്തിങ്കൽ പ്രശംസിക്കരുതു, ധനവാൻ തൻ ധനത്തി
23 ങ്കൽ പ്രശംസിക്കരുതു. പ്രശംസിക്കുന്നവൻ ഇവയിൽ അത്രേ പ്രശംസി
ക്കേണം: ഭൂമിയിൽ ദയയും ന്യായവും നീതിയും ചെയ്യുപോരുന്ന യഹോവ

ഞാൻ എന്നും ഈ വക ആഗ്രഹിക്കുന്നവൻ എന്നും ബുദ്ധിവെച്ച് അറിക
24 യിൽ തന്നേ എന്നു യഹോവയുടേ അരുളപ്പാടു.— ഇതാ പരിഷ്കേദന ഉണ്ടാ
യിട്ടും മുന്തോൽ ഉള്ളവരെ ഒക്കയും ഞാൻ സന്ദർശിക്കും നാളുകൾ വരും
25 എന്നു യഹോവയുടേ അരുളപ്പാടു. മിസ്രയും യഹൂദയെയും ഏദോം അമ്മോൻ
പുത്രർ മോവാബെയും മുന്തല ചിരെച്ച മരുവാസികളെയും (സന്ദർശിക്കും).
കാരണം സകലജാതികളും പരിഷ്കേദന ഇല്ലാത്തവരും ഇസ്രയേൽഗൃഹം
ഒക്കയും ഹൃദയപരിഷ്കേദന ഇല്ലാത്തവരും (ആകുന്നു).

10, 1 ഇസ്രയേൽഗൃഹമേ യഹോവ നിങ്ങളോടു ഉരെക്കുന്ന വാക്കിനെ കേൾ
2 പ്പിൻ! യഹോവ പറയുന്നിതു: ജാതികളുടേ വഴിയെ ശീലിച്ചുകൊള്ളരുതു,
ജാതികൾ ക്ഷുഭ്രന്ന വാനത്തിലേ അടയാളങ്ങൾക്കും ക്ഷിപ്രോകരുതു! ജാ
3 തികളുടേ വെപ്പുകൾ സാക്ഷാൽ മായ അത്രേ: കാട്ടിൽ വെട്ടിയ മരവും ശി
ല്പിയുടേ കൈക്കോടാലികൊണ്ടു തീർത്ത പണിയും അത്രേ: പൊൻ
4 വെള്ളികളാൽ ഭംഗി വരുത്തി അനങ്ങാതിരിപ്പാൻ ആണികളും മുട്ടികളും
5 കൊണ്ടു ഉറപ്പിക്കും. കടച്ചല്പണിത്തുണിന്നു ഒത്തു അവ ഉരിയാടുന്നില്ല.
എഴന്നെള്ളായ്കകൊണ്ടു എടുത്തു ചുമപ്പാറുണ്ടു. അവയെ ഭയപ്പെടായ്വിൻ!
അപകാരം ചെയ്കയില്ലല്ലോ ഉപകാരവും ഒന്നും അതിനാൽ ഇല്ല.— യഹോ
6 വേ നിണക്കു തുല്യനില്ല സത്യം. നീയേ വലിയവനും തിരുനാമം വീര്യ
7 ത്താൽ വലുതും തന്നേ. ജാതികളുടേ രാജാവേ നിന്നെ ആർ ഭയപ്പെടാതു?
അതു നിണക്കത്രേ ചേരുന്നതു ജാതികളുടേ സർവ്വജ്ഞാനികളിലും സർവ്വരാജ്യ
8 ങ്ങളിലും നിണക്കു തുല്യൻ ഇല്ലായ്കയാൽ. അവർ ഒന്നിച്ചു പൊട്ടരും
9 മൂഢരും തന്നേ, ആ മായകളുടേ ശിക്ഷ മരം അത്രേ. നേർക്കു പരത്തിയ
വെള്ളി തർശീശിൽനിന്നു വരുത്തിയതും പിന്നേ ഊഫാജിൽനിന്നു പൊന്നും
ശില്പിത്തട്ടാന്മാരുടേ കൈപ്പണി; നീലവും രക്താംബരവും അവർക്കു
10 ഉടെ, എല്ലാം കൌശലക്കാരുടേ പണി. യഹോവ മാത്രം സത്യദൈവം,
അവൻ ജീവനുള്ള ദൈവവും നിത്യരാജാവും തന്നേ. അവന്റെ ചിനത്താൽ
11 ഭൂമി കുലുങ്ങുന്നു, അവന്റെ ഈറൽ ജാതികൾക്കു സഹിയാ. അവരോടു
ഇപ്രകാരം പറവിൻ: വാനത്തെയും ഭൂമിയെയും നിർമ്മിക്കാത്ത ദേവകൾ
12 ഭൂമിയിൽനിന്നും വാനത്തിങ്കീഴിൽ നിന്നും കെടും എന്നത്രേ.— തൻ ഊ
ക്കിനാൽ ഭൂമിയെ ഉണ്ടാക്കി, ജ്ഞാനത്താൽ ഊഴിയെ സ്ഥാപിച്ചു, വി
13 വേകത്താൽ വാനങ്ങളെ വിരിച്ചവൻ തന്നേ (ദൈവം). അവൻ വാന
ത്തിൽ വെള്ളങ്ങളെ മുഴക്കുന്ന ശബ്ദത്തിന്നു ഭൂമിയുടേ അറുതിയിൽനിന്നു
ആവികളെ കരേറി മിന്നലുകളെ മഴയാക്കി ചമെച്ചു, കാറ്റിനെ തന്റെ
14 ഭണ്ഡാരങ്ങളിൽനിന്നു പുറപ്പെടീക്കുന്നു (സങ്കീ. 135,7). ഏതു മനുഷ്യനും
അറിവു കെട്ടു പൊട്ടനായി കാണും, ബിംബം ഹേതുവായി ഏതു തട്ടാനും
നാണിച്ചുപോകുന്നു, അവൻ വാർത്ത വിഗ്രഹം ആത്മാവില്ലാത്ത പൊളിയ
15 ല്ലോ ആകുന്നു. അവ മായയും പരിഹാസപ്പണിയും അത്രേ, സന്ദർശനകാല
16 ത്തിൽ കെടും. ഇവ പോലേ അല്ല യാക്കോബിൻ പങ്കായവൻ. താൻ
സർവ്വത്തെയും നിർമ്മിച്ചവനും ഇസ്രയേൽ അവന്റെ അവകാശഗോത്രവും
ആകുന്നു. സൈന്യങ്ങളുടയ യഹോവ എന്നു അവന്റെ നാമം.
17 ഹേ നിരോധത്തിൽ വസിപ്പവളേ നാട്ടിൽനിന്നു നിന്റെ മാറാപ്പു കെ
18 ട്ടിക്കൊൾക! യഹോവ ആകട്ടേ പറയുന്നിതു: ഈ കുറി ഞാൻ ദേശത്തിൻ
നിവാസികളെ കവിണയിൽ ഇട്ടെറിഞ്ഞു, (മാറാൻ) അവരെ എത്തിപ്പി
19 ടിക്കേണ്ടതിന്നു വളഞ്ഞു മുട്ടിക്കും.— എൻ തകർച്ച നിമിത്തം എനിക്കു
ഔ കഷ്ടം! എന്റെ മുറിവു നോവുന്നു! എങ്കിലും ഞാൻ: ഇതത്രേ എന്റെ
20 നോവു, ഞാൻ സഹിക്കേ വേണ്ടു! എന്നിരിക്കുന്നു. എൻ കൂടാരം പൊടിഞ്ഞു,
അതിൻ കയറുകൾ എല്ലാം അറുപോയി; എന്റെ മക്കൾ എന്നെ വിട്ടുപോ
യി ഇല്ലാതേയായി, ഇനി എൻ കൂടാരത്തെ നാട്ടി തിരശ്ശീലകളെ ഏറു
21 വാൻ ആരും ഇല്ല. കാരണം: ഇടയന്മാർ പൊട്ടരായി തീർന്നു യഹോവയെ

തിരിയാതേ പോയി. എന്നതുകൊണ്ടു അവക്കു ബുദ്ധി പോരാഞ്ഞിട്ടു
22 മേസ്സുന്ന ആടുകൾ ചിതറിപ്പോയി. ഹാ ഓർ ഒച്ച കേൾക്കായി! ഇതാ
വരുന്നു! വടക്കേ ദിക്കിൽനിന്നു വലിയ ആരവം, യഹൂദാനഗരങ്ങളെ കു
23 നരികയ്കു പാർപ്പിടമായി പാഴാക്കി വെപ്പാൻ തന്നേ! യഹോവേ,
തന്റെ വഴി മനുഷ്യന്റെ വശമല്ല, തന്റെ നടയേ ചൊവ്വാക്കുവാൻ ചെല്ലു
24 ന്ന പുരുഷനു വശം ഇല്ല. യഹോവേ, എന്നെ ശിക്ഷിച്ചാലും ന്യായത്തോ
25 ടത്രേ! എന്നെ കുറെച്ചു വെപ്പാൻ കോപത്തോടേ അല്ല! നിന്നെ അറിയാത്ത
ജാതികളിലും തിരുനാമത്തെ വിളിക്കാത്ത കുലങ്ങളുടേ മേലും നിന്റെ ഊ
ഷ്മാവിനെ പകരുക (സങ്കീ 79,6)! അവർ യാക്കോബിനെ തിന്നു തിന്നു
മുടിച്ചു അവന്റെ വാസത്തെ പാഴാക്കികളഞ്ഞുവല്ലോ.

4. 11–13 നിയമലംഘനത്തിനു തള്ളിക്കളക എന്ന ശിക്ഷ നിശ്ചയം എന്നുള്ള നാലാം പ്രബോധനം.

11. അദ്ധ്യായം

പിതാക്കളോടു യഹോവ ചെച്ച നിയമത്തെ (9) ഇസ്രയേൽ ഭഞ്ജികയാൽ (14) ന്യായവിധി നിശ്ചയം.

1. 2 യഹോവപക്കൽനിന്നു യിരമീയാവിന്നു ഉണ്ടായ വചനമാവിതു: (ഹേ
പ്രവാചകന്മാരേ) ഈ നിയമത്തിൻ വാക്കുകളെ കേട്ടുകൊണ്ടു യഹൂദാപുരു
3 ഷന്മാരോടും യരുശലേംകുടിയാരോടും ചൊല്ലുവിൻ! അവരോടു നീ പറയേ
ണ്ടുന്നിതു: ഇസ്രയേലിൻ ദൈവമായ യഹോവ പറയുന്നു: ഈ നിയമത്തിൻ
4.5 വാക്കുകളെ കേളാത പുരുഷൻ ശപിക്കപ്പെട്ടവൻ (5 മോ. 27, 26). ഇന്നേ
ദിവസം കാണുമ്പോലേ പാലും തേനും ഒഴുകുന്ന ദേശത്തെ കൊടുക്കേണ്ടതിന്നു
ഞാൻ നിങ്ങളുടേ പിതാക്കന്മാരോടു ആണയിട്ടു സത്യം ചെയ്തതിനെ
നിവൃത്തിയാക്കുവാൻ ഞാൻ അവരെ മിസ്രൂ ദേശമാകുന്ന ഇരിമ്പുചൂളയിൽ
നിന്നു പുറപ്പെടുവിക്കുന്നാളം: എൻ ശബ്ദത്തെ കേട്ടു ഞാൻ നിങ്ങളോടു കല്പി
ക്കുംപ്രകാരം ഒക്കയും ആ വാക്കുകളെ ചെയ്തുകൊൾവിൻ! എന്നാൽ എനിക്കു
ജനവും ഞാൻ നിങ്ങൾക്കു ദൈവവും ആയിരിക്കും എന്നു കല്പിച്ച നിയമം
തന്നേയല്ലോ. എന്നതിന്നു ഞാൻ: അല്ലയോ യഹോവേ ആമേൻ (ആകും)
6 എന്നു ഉത്തരം പറഞ്ഞു.— പിന്നേ യഹോവ എന്നോടു പറഞ്ഞിതു: യഹൂ
ദാനഗരങ്ങളിലും യരുശലേം തെരുക്കളിലും നീ ഈ വാക്കുകളെ ഒക്കയും വി
7 ളിക്കേണ്ടതു: ഈ നിയമത്തിൻ വചനങ്ങളെ കേട്ടു ചെയ്തുകൊൾവിൻ! പിതാ
ക്കന്മാരെ ഞാൻ മിസ്രുദേശത്തുനിന്നു കരേറിയ നാൾ മുതൽ ഇന്നേവരേ
എന്റെ ശബ്ദത്തെ കേട്ടുകൊൾവിൻ! എന്നു പുലരേ സാക്ഷീകരിച്ചു നട
8 ന്നുവന്നുവല്ലോ. അവരോ കേളാതേയും ചെവിയെ ചായ്ക്കാതേയും പോയി
താന്താൻ ദുർമ്മനസ്സിൻ ശാഠ്യത്തിൽ നടന്നു (7,24); ഞാനും ചെയ്വാൻ
കല്പിച്ചിട്ടും അവർ ചെയ്യാത്ത ഈ നിയമത്തിൻ വചനങ്ങളെ ഒക്കയും അവ
രുടേ മേൽ വരുത്തി ഇരിക്കുന്നു.
9 യഹോവ എന്നോടു പറഞ്ഞിതു: യഹൂദാപുരുഷരിലും യരുശലേംകുടിയാ
10 രിലും കൂട്ടുകെട്ടു കാണായ്വന്നു. എൻ വചനങ്ങളെ കേൾപ്പാൻ നിരസിച്ച
പൂർവ്വപിതാക്കന്മാരുടേ അകൃത്യങ്ങളിലേക്കു അവർ മടങ്ങിച്ചെന്നു അന്യദേ
വകളെ സേവിപ്പാൻ പിന്തുടർന്നുപോയി. ഇങ്ങനേ ഇസ്രയേൽ ഗൃഹവും
യഹൂദാഗൃഹവും ഞാൻ പിതാക്കന്മാരോടു ഖണ്ഡിച്ച നിയമത്തെ ഭഞ്ജിച്ചു
11 കളഞ്ഞു.—അതുകൊണ്ടു യഹോവ പറയുന്നിതു: ഞാൻ ഇതാ അവക്കു ഒഴി
ഞ്ഞുപോവാൻ കഴിയാത്ത തിന്മയെ വരുത്തുന്നു; എന്നോടു കൂക്കിയാലും
12 അവരെ ഞാൻ കേൾക്കയും ഇല്ല. പിന്നേ യഹൂദാ നഗരങ്ങളും യരുശലേം

13 കുടിയാരും ധൂപിച്ചുപോരുന്ന ദേവകളെ ചെന്നു കൂക്കും. ഇവയും അവ
രുടേ അനൎത്ഥകാലത്തിൽ ഒട്ടും രക്ഷിപ്പാറും ഇല്ല. യഹൂദേ നിനക്കാകട്ടേ
നഗരങ്ങളുടേ എണ്ണത്തോളം ദേവകളും പോരും (2,28); യരുശലേമിന്നു
എത്ര തെരുക്കൎ എന്നാൽ അത്രയും ലജ്ജാകൂ തറകളെയും ബാളിന്നു
ധൂപിക്കുന്ന പീഠങ്ങളെയും നിങ്ങൾ പ്രതിഷ്ഠിച്ചുവല്ലോ.
14 നീയോ ഈ ജനത്തിന്നു വേണ്ടി പക്ഷവാദം ചെയ്യരുതു, അവർക്കു
വേണ്ടി കെഞ്ചി പ്രാൎത്ഥന തുടങ്ങുകയും അരുതു (7,16)! അവർ അനൎത്ഥം
ഹേതുവായി എന്നോടു വിളിക്കും കാലം ഞാൻ കേൾക്ക ഇല്ല നിശ്ചയം.
15 എന്റേ ഒാമനപ്പെതലിന്നു് എൻ ആലയത്തിൽ എന്തു കാൎയ്യം? അവർ
വ്യാഴ്ചി നടത്തുന്നവല്ലോ? നേൎച്ചകളും വിശുദ്ധമാംസവും നിന്മേൽനിന്നു്
അനൎത്ഥത്തെ കടപ്പാറാക്കുമോ? ആകിൽ നിണക്കു് ഉല്ലസിക്കാമല്ലോ!
16 മനോഹരഫലംകൊണ്ടു് അഴകിയ പച്ച ഒലീവമരം എന്നു നിന്റേ പേർ
യഹോവ വിളിച്ചിട്ടും മഹാകോലാഹലം കേൾപ്പിച്ചു് അതിന്നു് തീ ക
17 ത്തിക്കയാൽ കൊമ്പുകൾ ഒടിഞ്ഞുപോയി; നിന്നെ നട്ട സൈന്യങ്ങളുടയ
യഹോവ ആകട്ടേ നിന്റേ മേൽ തിന്മ വിധിച്ചതു ഇസ്രയേൽഗൃഹവും
യഹൂദാഗൃഹവും ബാളിന്നു ധൂപിച്ചുകൊണ്ടു എന്നെ മുഷിപ്പിപ്പാൻ തങ്ങൾകു
തന്നേ തിന്മ ചെയ്തനിമിത്തമത്രേ.

12. അദ്ധ്യായം

(11,18) അനഥോത്യർ പ്രവാചകനെ കൊല്ലുവാൻ നിരൂപിച്ചതും (1)
ദുഷ്ടരുടേ നിർഭയത്വവും വിചാരിച്ചു (7) ദൈവം സ്വജനത്തോടു് ഇനി
പൊറുക്ക ഇല്ല (14) ഇസ്രയേലിന്റേ ശത്രുക്കളെയും ശിക്ഷിച്ചും കനിഞ്ഞു
തിരിപ്പിച്ചും കൊൾകേ ഉള്ളു.

11, 18 യഹോവ അറിയിച്ചിട്ടത്രേ ഞാൻ അറിഞ്ഞു; അന്നു് അവരുടേ പ്രവൃ
19 ത്തികളെ നീ എന്നെ കാണിച്ചു. ''നാം മരത്തെ ഫലവുമായി നശിപ്പി
ക്ക! അവന്റേ പേരെയും ഇനി ഓൎക്കാതവണ്ണം ജീവനുള്ളവരുടേ നാട്ടിൽ
നിന്നു അവനെ ഛേദിച്ചുകളക!'' എന്നു് അവർ എന്നെക്കൊള്ളേ ആലോ
ചനകളെ വിചാരിച്ചപ്രകാരം ഞാൻ അറിയാഞ്ഞു, കുലെക്കു കൊണ്ടു
20 പോകുന്നൊരു മെരുങ്ങിയ കുഞ്ഞാടു പോലേ ആയി. നീതിയോടേ ന്യാ
യം വിധിച്ചും ഹൃദയവും ഉൾപ്പൂവുകളെയും ശോധനചെയ്യും പോരുന്ന
സൈന്യങ്ങളുടയ യഹോവേ നീ അവരിൽ ചെയ്യുന്ന പ്രതികാരം ഞാൻ
കാണും, എൻ വ്യവഹാരത്തെ നിങ്കലല്ലോ ഞാൻ ഏല്പിച്ചു. ''ഞങ്ങടേ
21 കൈകൊണ്ടു നീ ചാകായ്വാൻ യഹോവാനാമത്തിൽ പ്രവചിക്കൊല്ല''
എന്നു ചൊല്ലി നിൻ പ്രാണനെ അന്വേഷിക്കുന്ന അനഥോത്തിലേ പുരു
ഷന്മാർക്കു നേരേ യഹോവ അതുകൊണ്ടു പറയുന്നിതു: ഞാൻ ഇതാ അവ
22 രെ സന്ദർശിക്കുന്നു: യുവാക്കൾ വാൾകൊണ്ടു മരിക്കും, അവരുടേ പുത്രീ
23 പുത്രന്മാരും ക്ഷാമത്താൽ മരിക്കും. അവൎക്കു ശേഷിപ്പു് ഉണ്ടാകയും ഇല്ല;
ഞാൻ അനഥോത്തിലേ പുരുഷന്മാരുടേ മേൽ സന്ദർശിക്കും ആണ്ടാകുന്ന
തിന്മ വരുത്തുമല്ലോ എന്നു സൈന്യങ്ങളുടയ യഹോവ പറയുന്നു.
12, 1 യഹോവേ നിന്നോടു ഞാൻ വ്യവഹരിച്ചാൽ നീയേ നീതിമാൻ;
എങ്കിലും ന്യായങ്ങളെക്കൊണ്ടു നിന്നോടു സംസാരിക്കട്ടേ! ദുഷ്ടന്മാരുടേ
വഴി സഫലമാകുന്നതു് എന്തിന്നു! വിശ്വാസവഞ്ചന ചെയ്യുന്നവൎക്കു്
2 ഒക്കയും സ്വൈരം എന്തിന്നു? നീ അവരെ നട്ട അവരും വേരുന്നി, വളൎ
ന്നും കായ്ച്ചും പോരുന്നു. അവരുടേ വായിൽ നീ അടുത്തും ഉൾപ്പൂവുകളോ
3 ടു് അകന്നും ഇരിക്കുന്നു. എന്നെയോ യഹോവേ നീ അറിയുന്നു, എന്നെ ക
ണ്ടും നിന്നോടുള്ള എൻ ഹൃദയത്തെ ശോധന ചെയ്തും വരുന്നു. ആടു പോലേ

കുലെക്കാമാറ് അവരെ പറിച്ച ഹത്യാദിവസത്തിന്ന സംസ്കരിച്ച കളക!
4 ഏതുവരെക്കും ഭ്രമി ഖേദിക്കയും സകലനിലത്തിലേ സസ്യം വാടുകയും
ആം? അതിൽ വസിക്കുന്നവരുടേ ദോഷം നിമിത്തം പശുവും പക്ഷിയും
നാസ്തിയായി; നമ്മുടേ അവസാനത്തെ ഇവൻ കാൺക ഇല്ലപോൽ എ
5 ന്ന് അവർ പറയുന്നവല്ലോ.— (ഉത്തരമാവിതു:) കാലാളുകളോട പാച്ചൽ
ഓടീട്ട അവർ നിന്നെ തളർത്തി എങ്കിൽ കുതിരകളോട് അങ്കം തൊടുപ്പ
ത് എങ്ങനേ? ഇപ്പോഴം സമാധാനനാട്ടിൽ നീ ആശ്രയിച്ച വസിച്ചാൽ
6 യർദ്ദേനേറ ഡംഭിൽ എങ്ങനേ ചെയ്യും? എന്തെന്നാൽ നിന്നേറ സഹോദര
ന്മാരും അപ്പനേറ ഗൃഹവും കൂടേ നിന്നെ തോല്പിച്ച നിന്നേറ വഴിയേ വി
രിഞ്ഞു കൂക്കുന്നു. നിന്നോടു നല്ലവ സംസാരിച്ചാൽ അവരെ വിശ്വസിക്ക
രുതേ.

7 എൻ ആലയത്തെ ഞാൻ വിട്ടൊഴിഞ്ഞു എൻ അവകാശത്തെ തള്ളിക്ക
ളഞ്ഞു, എൻ പ്രാണപ്രിയത്തെ ശത്രുക്കളുടേ കയ്യിൽ കൊടുത്തുപോയി.
8 എൻ അവകാശമായത് എനിക്കു കാട്ടിലേ സിംഹത്തിന്ന് ഒത്തുചമഞ്ഞു,
9 എനിക്കു നേരേ ഒലി കേഴ്പ്പിക്കയാൽ ഞാൻ അതിനെ പകെച്ചു. എൻ
അവകാശം എനിക്കു പുള്ളിക്കഴുവായി തീർന്നിട്ടോ കഴുകുകൾ അതിനെ ചു
ററിനില്ക്കുന്നതു? അല്ലയോ നാട്ടിലേ സകലമൃഗവും കൂട്ടി തിന്മാൻ വരുത്തു
10 വിൻ. അനേകം ഇടയന്മാർ എന്റേ പറമ്പിനെ നശിപ്പിച്ചു എൻ കണ്ഭ
ത്തെ ചവിട്ടി എൻ മനോഹരക്കണ്ഭത്തെ പാഴ്മരുവാക്കിക്കളഞ്ഞു; പാഴാ
11 ക്കി വെച്ചിട്ടു അതു ശൂന്യമായി എന്നോടു ഖേദിക്കുന്നു; ദേശം അശേഷം
12 ശൂന്യമായതു ആരും മനസ്സുവെക്കായ്കയാൽ തന്നേ. മരുവിലേ സകലപാ
ഴ്മലകുംമേലും സംഹാരികും കടന്നു, യഹോവയിൽനിന്നുള്ള വാളാക
ട്ടേ നാട്ടററം മുതൽ നാട്ടററം വരേ തിന്നുന്നു. സർവ്വജഡത്തിന്നും സമാധാ
13 നം ഇല്ലപോൽ. അവർ കോതമ്പം വിതെച്ചു മുള്ളുകും മൂരുന്നു, എത്ര ദണ്ഡി
ച്ചാലും ഒന്നും സാധിയാതു. എന്നിട്ടു യഹോവാകോപച്ചൂടു നിമിത്തം നി
ങ്ങളുടേ വരവുകളെ എണ്ണി നാണിച്ചുപോവിൻ!

14 എൻ ജനമായ ഇസ്രയേലിനെ ഞാൻ അടക്കിച്ച അവകാശത്തെ തൊടു
ന്ന ആകാത്ത അയല്ക്കാരെ ഒക്കയും കുറിച്ചു യഹോവ പറയുന്നിതു: അവരു
ടേ നാട്ടിൽനിന്നു ഞാൻ ഇതാ അവരെ പറിച്ചു കളയുന്നു, യഹൂദാഗൃഹത്തെ
15 അവരുടേ നടുവിൽനിന്നും പറിച്ചെടുക്കും. അവരെ പറിച്ചുകളഞ്ഞ ശേഷ
മോ ഞാൻ തിരികേ അവരെ കനിഞ്ഞുകൊണ്ടു അവനവനെ തൻ അവ
കാശത്തിലേക്കും സ്വദേശത്തേക്കും മടക്കിവെക്കയും ആം. പിന്നേ അവർ
16 എൻ ജനത്തിന്നു ബാൽ ആണ എന്നു സത്യം ചെയ്വാൻ പഠിപ്പിച്ചതു
പോലേ യഹോവാജീവൻ ആണ എന്നു എൻ നാമംകൊണ്ടു സത്യം ചെ
യ്വോളം എൻ ജനത്തിൻ വഴികളെ പഠിച്ചു ശീലിച്ചു എങ്കിൽ അവർ
17 എൻ ജനത്തിൻ നടുവിൽ പണിയപ്പെടുകയും ആം. അവർ കേളായ്കിലോ
ആ ജാതിയെ ഞാൻ അശേഷം പറിച്ചു കെടുത്തുകളയും എന്നു യഹോവ
യുടേ അരുളപ്പാടു.

13. അദ്ധ്യായം

ഒരു സദൃശക്രിയയാൽ യഹൂദയുടേ വികൃതിയെ കാട്ടിയ ശേഷം (12) ഗർ
വ്വത്തെ താഴ്ത്തിപ്പറഞ്ഞു (15) മനന്തിരിയാഞ്ഞാൽ (18) രാജാവും മൂത്ത രാ
ജ്ഞിയും രാജ്യവും നാനാവിധാകും എന്നു ബുദ്ധിചൊല്ലിയതു.

1 യഹോവ എന്നോടു പറഞ്ഞിതു: നീ ചെന്നു ചണനൂൽക്കച്ചയെ വാങ്ങി
2 അരെക്കു ചുററിക്കൊൾക! ആയതു വെള്ളത്തിൽ അലെക്കരുതു. എന്നാറേ
ഞാൻ യഹോവാവചനം പ്രമാണിച്ചു കച്ചയെ വാങ്ങി അരെക്കു

3. 4 ചുററിയപ്പോൾ, യഹോവാവചനം രണ്ടാമത് എനിക്ക് ഉണ്ടായി; നീ
വാങ്ങി അരെക്കിട്ട കച്ചയെ എടുത്തുംകൊണ്ടു എഴുന്നീറു ഫ്രാത്തിന്നാമാറു
5 ചെന്നു അവിടേ പാറപ്പിളർപ്പിൽ പൂത്തിവെക്ക! എന്നു യഹോവ എന്നോടു
കല്പിച്ച പ്രകാരം ഞാൻ പോയി അതിനെ ഫ്രാത്തിൽ പൂത്തി വെക്കയും
6 ചെയ്തു.— ഏറിയ ദിവസം കഴിഞ്ഞപ്പോൾ യഹോവ എന്നോടു പറഞ്ഞു:
ഹേ എഴുന്നീറു ഫ്രാത്തിൽ ചെന്നു ഞാൻ പൂത്തുവാൻ കല്പിച്ച കച്ചയെ
7 അവിടുന്ന് എടുക്ക! എന്നാറേ ഞാൻ ഫ്രാത്തിൽ പോയി കച്ചയെ പൂത്തി
യ സ്ഥലത്തു തോണ്ടി എടുത്തപ്പോൾ ഇതാ കച്ച കേടു വന്നു ഒന്നിന്നും പ
8 റാതേ ആയി.—അന്നു യഹോവാവചനം എനിക്ക് ഉണ്ടായിതു: യഹോ
9 വ ഇപ്രകാരം പറയുന്നു: ഇവ്വണ്ണം ഞാൻ യഹൂദാഡംഭിനെയും യരുശലേ
10 മിൻ വമ്പിച്ച ഡംഭിനെയും കെടുക്കും. എൻ വാക്കുകളെ കേൾപ്പാൻ നി
രസിച്ചും ഹൃദയശാഠ്യത്തിൽ നടന്നും കൊണ്ടു അന്യദേവകളെ പിഞ്ചെന്നു
അവയെ സേവിച്ചും നമസ്കരിച്ചും പോകുന്ന ഈ ദുർജ്ജനം ഒന്നിന്നും പറാ
11 ത്ത ആ കച്ചെക്ക് ഒത്തുചമയും. കച്ച ആകട്ടേ പുരുഷന്റെ അരെക്കു പൂണും
പോലേ ഞാൻ ഇസ്രയേൽഗൃഹം ഒക്കയും യഹൂദാഗൃഹം ഒക്കയും എന്നോടു
പൂട്ടിയതു എനിക്കു ജനവും പേരും സ്തുതിയും അണിയും ആവാൻ തന്നേ; അ
വരോ കേളാതേ പോയി, എന്നു യഹോവയുടേ അരുളപ്പാടു.
12 ഈ വചനവും അവരോടു പറക: ഇസ്രയേലിൻ ദൈവമായ യഹോവ
പറയുന്നിതു: ''എല്ലാ കുടത്തിലും വീഞ്ഞു നിറെക്കും.'' എന്നാറേ അവർ
നിന്നോടു: എല്ലാ കുടത്തിലും വീഞ്ഞു നിറെക്കുന്ന വിവരം ഇങ്ങ് അറി
13 ഞ്ഞു കൂടേ? എന്നു പറയുമ്പോൾ, അവരോടു ചൊല്ലുക: യഹോവ ഇപ്രകാ
രം പറയുന്നു: ദാവിദിൻ ആസനത്തിൽ ഇരിക്കുന്ന അരചന്മാർ പുരോഹിത
പ്രവാചകന്മാർ യരുശലേമിലേ സർവ്വനിവാസികളുമായി ഈ ദേശത്തിൽ
കുടിയിരിക്കുന്നവരെ ഒക്കയും ഞാൻ ലഹരികൊണ്ടു നിറെച്ചു, അപ്പന്മാരെ
14 യും മക്കളെയും ഒക്കത്തക്ക തങ്ങളിൽ ഉടെച്ചു തകർക്കും. ഞാൻ അവരെ നശി
പ്പിക്കാതേ ആദരിക്കയും പൊറുക്കയും കനിഞ്ഞു കൊൾകയും ഇല്ല എന്നു
യഹോവയുടേ അരുളപ്പാടു.
15 എടോ കേട്ടു ചെവികൊൾവിൻ, യഹോവ ഉരെക്കകൊണ്ടു ഉയരാതേ
16 അമരുവിൻ! അവൻ ഇരിട്ടു വരുത്തും മുമ്പേ നിങ്ങടേ ദൈവമായ യഹോ
വെക്കു തേജസ്സു കൊടുപ്പിൻ! നിങ്ങളുടേ കാലുകൾ അന്തിമയക്കിൻ മലക
ളിൽ തട്ടീട്ടു നിങ്ങൾ വെളിച്ചത്തിന്നു കാത്തിരിക്കേ അവൻ അതിനെ മര
17 ണനിഴലും കാർമ്മുകിലും ആക്കി വെക്കും മുന്നം തന്നേ! എന്നതു നിങ്ങൾ
കേളായ്കിലോ ഗർവ്വം നിമിത്തം എൻ ദേഹി മറയത്തു കരയും, യഹോവ
യുടേ ആട്ടിൻകൂട്ടം പ്രവസിച്ചുപോകകൊണ്ടു ഈ കണ്ണു ബാഷ്പം ഓലോ
ല കേഴുകയും ചെയ്യും.
18 രാജാവിനോടും സ്വാമിനിയോടും പറക: നിങ്ങൾ തലെക്കു ചൂടുന്ന
19 അഴകിയ കിരീടം വീഴ്കയാൽ താഴത്ത് ഇരുന്നുകൊൾവിൻ! തെക്കു
ക്കുറിലേ നഗരങ്ങളും അടഞ്ഞു കിടക്കുന്നു തുറപ്പാൻ ആരും ഇല്ല യഹൂദ അ
20 ശേഷം നിർവ്വസിച്ചു പോയി മുച്ചൂടും നിർവ്വസിച്ചു പോയി. കണ്ണുകളെ
ഉയർത്തി വടക്കുനിന്നു വരുന്നവരെ കാണ്മിൻ! (ഹോ പ്രിയേ) നിനക്കു നല്കു
21 പ്പെട്ട ഘനമേറിയ ആട്ടിൻകൂട്ടം എവിടേ ആയി? നിണക്കു തോഴരാവാൻ നീ
ശീലിപ്പിച്ചവരെ (യഹോവ) നിൻമേൽ തലയാക്കി വെച്ചാൽ നീ എന്തു
പറയും? പെറുന്നവളെ പോലേ നിന്നെ നോവുകളും പിടികയില്ലയോ?
22 അന്നു നീ ഇവ എനിക്കു് അകപ്പെടുന്നതു് എന്തുകൊണ്ടു? എന്നുഹൃദയത്തിൽ
പറഞ്ഞാൽ നിന്റേറ കുറവു പെരികയാൽ നിന്റേറ വസ്ത്രത്തോങ്കൽ നീങ്ങി
23 ക്കണ്ടു മടമ്പുകളും കുഴഞ്ഞുപോയി. കൂശ്യൻ തന്റേറ തോലും പുലി തൻ
പുള്ളികളെയും മാറുമോ? ആയെങ്കിൽ തിന്മ ചെയ്വാൻ ശീലിച്ച നി
24 ങ്ങളുംകും നന്മ ചെയ്വാൻ കഴിയും. മരുവിലേ കാററിന്നു പാറുന്ന

25 താളടിപോലേ ഞാൻ അവരെ ചിതറിക്കേ ഉള്ള.—നീ എന്നെ മറന്നു പൊ
ളിയിൽ ആശ്രയിച്ചതുകൊണ്ടു ഇതത്രേ നിന്റേറ പങ്കു, എങ്കൽനിന്നു നിണ
ക്കു് അളന്നു കിട്ടിയ ഭാഗം എന്നു യഹോവയുടേ അരുളപ്പാടു. ഞാനും നി
26 ന്റേറ വസ്ത്രത്തോങ്കൽ നിൻമുഖത്തിന്മേൽ ഊരി വലിച്ചു നിന്റേറ നാ
27 ണം കാണുമാറാക്കും. നിന്റേറ വ്യഭിചാരങ്ങളെയും വെകളിക്കനെപ്പും വെ
ളിയേ കുന്നുകളുടേ മേൽ പുലയാട്ടിൻ അപരാധം ഈ നിന്റേറ വെറുപ്പുകളെ
ഞാൻ കണ്ടു. അയ്യോ യരുശലേമേ നിണക്കു ഹാ കഷ്ടം! നീ ശുദ്ധ ആക
യില്ല ഇനി എത്രോടം കാലം ചെന്നാൽ!

5. 14—17. വറുതികളെക്കൊണ്ടുള്ള അഞ്ചാം പ്രബോധനം.

14. അദ്ധ്യായം

വറുതിയെ വിചാരിച്ചു (7) ജനത്തിന്നുവേണ്ടി പ്രാർത്ഥിച്ചപ്പോൾ (10) അതിന്നു ഫലം ഇല്ല എന്നു കാട്ടിയതു.

1 വറുതികളെ ചൊല്ലി യിരമിയാവിന്നു ദേവവചനമായി ഉണ്ടായിതു:
2 യഹൂദ ഖേദിക്കുന്നു, അതിലേ ഊർവാതിലുകൾ മാഴ്കിത്തൊഴിച്ചു നി
3 ലത്തിരിക്കുന്നു, യരുശലേമിൻ മുറവിളിയും പൊങ്ങുന്നു. അതിലേ പ്രമാ
ണികൾ ചെറുമക്കളെ വെള്ളത്തിന്നു് അയക്കുന്നു, ഇവർ കൂപങ്ങളിൽ ചെ
ന്നു വെള്ളം കാണാതേ വെറുമ്പാത്രങ്ങളോടു മടങ്ങി വന്നു നാണിച്ചു് അമ്പ
4 രന്നു തലയും പൊത്തിക്കൊള്ളുന്നു. മാരി ഭൂമിയിൽ പെയ്യാഞ്ഞായാൽ നിലം
5 സ്തംഭിച്ചതുകൊണ്ടു കൃഷിക്കാർ നാണിച്ചു തല പൊത്തുന്നു. മാൻ പേടയും
നിലത്തു പെറു സസ്യം ഇല്ലായ്കയാൽ (കുട്ടിയെ) കൈവിടുന്നു. കാട്ടുകഴുത
6 കൾ പാഴ്ങ്കുന്നുകളിൽ നിന്നു കുറുക്കനെ പോലേ കാറു കപ്പുന്നു, പച്ചില
കാണായ്കയാൽ കണ്ണുകൾ മങ്ങുന്നു.
7 അല്ലയോ യഹോവേ ഇങ്ങേ അതിക്രമങ്ങൾ ഞങ്ങൾക്കു നേരേ സാക്ഷി
നിന്നാൽ തിരുനാമം നിമിത്തം പ്രവൃത്തിക്ക! ഞങ്ങടേ പിൻവാങ്ങൽ
8 പെരുകിയല്ലോ, നിന്നോടു ഞങ്ങൾ പിഴെച്ചു. ഇസ്രയേലിൻ പ്രത്യാശ
യായി ഞെരുക്കക്കാലത്തു് അവനെ രക്ഷിപ്പവനേ, നീ നാട്ടിൽ പരദേ
ശിക്കും രാപ്പാർപ്പാൻ പൂകുന്ന വഴിപോക്കനെപ്പോലെ ഒത്തു ചമവാൻ എന്തു? കുഴ
9 ങ്ങുന്ന ആൾക്കും രക്ഷിപ്പാൻ കഴിയാത്ത വീരനും ഒത്തു ചമവാൻ എന്തു?
നീയോ ഞങ്ങളുടേ ഉള്ളിൽ ഉള്ളവൻ, യഹോവേ, തിരുനാമം ഞങ്ങളുടേ
മേൽ വിളിക്കപ്പെടുന്നുവല്ലോ, ഞങ്ങളെ വിട്ടേക്കോലാ!
10 യഹോവ ഈ ജനത്തോടു പറയുന്നിതു: ഇങ്ങനേ അലഞ്ഞു നടപ്പാൻ അ
വർ വാഞ്ഛിച്ചു കാലുകളെ അടക്കാതേ പോയല്ലോ (ഹോശ. 8, 13).
യഹോവ അവരിൽ പ്രസാദിക്കാതേ ഇപ്പോൾ അവരുടേ അതിക്രമം ഓർ
11 ത്തു പാപങ്ങളെ സന്ദർശിക്കും.— എന്നോടോ യഹോവ പറഞ്ഞു: ഈ ജ
12 നത്തിന്നു വേണ്ടി നന്മെക്കായി പക്ഷവാദം തുടങ്ങരുതു. അവർ നോ
റ്റാൽ കെഞ്ചലിനെ ഞാൻ കേൾക്കയില്ല, ഹോമവും വഴിപാടും കഴിച്ചാൽ
അവരിൽ പ്രസാദിക്കയും ഇല്ല, വാളും ക്ഷാമവും മഹാവ്യാധിയും കൊണ്ടു
13 ഞാൻ അവരെ മുടിക്കേ ഉള്ള. അപ്പോൾ ഞാൻ പറഞ്ഞു: ഹാ ഹാ കർത്താ
വായ യഹോവേ കണ്ടാലും പ്രവാചകന്മാർ: ''നിങ്ങൾ വാൾ കാൺക
യില്ല, ക്ഷാമം സംഭവിക്കയും ഇല്ല, വിശ്വാസ്യസമാധാനത്തെ ഞാൻ ഈ
സ്ഥലത്തു നിങ്ങൾക്കു തരുന്നുണ്ടു'' എന്നു് അവരോടു പറയുന്നു. എന്നാറേ
14 യഹോവ എന്നോടു പറഞ്ഞു: പ്രവാചകന്മാർ എൻ നാമത്തിൽ പ്രവചി
ക്കുന്നതു പൊളിയത്രേ, ഞാൻ അവരെ അയച്ചിട്ടില്ല അവരോടു കല്പി
ച്ചിട്ടില്ല ഉരിയാടീട്ടും ഇല്ല, പൊളിദർശനവും ലക്ഷണവാദവും ഇല്ലായ്മയും

ഹൃദയച്ചതിയും അത്രേ അവർ നിങ്ങളോടു പ്രവചിക്കുന്നതു. അതു
15 കൊണ്ടു ഞാൻ അയക്കാതേ കണ്ടു എന്നാമത്തിൽ പ്രവചിച്ചുകൊണ്ടു ഈ
ദേശത്തിൽ വാളും ക്ഷാമവും ഭവിക്ക ഇല്ല എന്ന ചൊല്ലുന്ന പ്രവാചകരെ
കുറിച്ചു യഹോവ പറയുന്നിതു: വാളാലും ക്ഷാമത്താലും ആ പ്രവാചകർ
16 ഒടുങ്ങും. അവർ പ്രവചിക്കുന്ന ജനമോ ക്ഷാമവും വാളും തട്ടീട്ടു അവരും
സ്ത്രീകളും പുത്രീപുത്രന്മാരും യരൂശലേംതെരുക്കളിൽ എറിഞ്ഞു കിടക്കും,
കുഴിച്ചിടുന്നവൻ ഉണ്ടാകയും ഇല്ല, ഇങ്ങനേ അവരുടേ തിന്മയെ അവരു
17 ടേ മേൽ ഞാൻ പകർന്നുകളയും. ഈ വാക്കും അവരോടു പറക: എന്റേ
കണ്ണുകൾ രാവും പകലും ഇളെക്കാതേ ബാഷ്പം പൊഴിക്കുന്നു, എൻ ജന
പുത്രിയായ കന്യ ഏറ്റം വല്ലാത്ത മുറിവുകൊണ്ടു വലിയ ഇടിവാൽ ഇടി
18 ഞ്ഞുപോയ ഹേതുവാൽ തന്നേ. ഞാൻ വെളിയേ പുറപ്പെട്ടാൽ ഇതാ
വാൾ കൊത്തിക്കുതർന്നവർ, ഊരിൽ വന്നാൽ ഇതാ ക്ഷാമബാധകൾ! പ്ര
വാചകനും പുരോഹിതനും കൂടേ അറിയാത്തൊരു ദേശത്തേക്കു തെണ്ടിന
ടക്കേ ഉള്ളു.

19 അല്ലയോ നീ യഹൂദയെ കേവലം തള്ളിക്കളഞ്ഞുവോ? ചിയ്യോനിൽ
തിരുമനസ്സു് ഓക്കാനിക്കയോ? പൊറുപ്പിക്കാതോളം ഞങ്ങളെ എന്തിന്നു്
അടിച്ചു? (8, 15) സമാധാനത്തിന്നു കാത്തിരിക്കേ നന്മ ഒട്ടും ഇല്ല, പൊ
20 റുപ്പിക്കുന്ന സമയം (കാത്തിരിക്കേ) ഇതാ ത്രാസമത്രേ. യഹോവ ഞങ്ങ
ടേ ദുഷ്ടതയും പിതാക്കളുടേ കുറവും ഞങ്ങൾ അറിയുന്നു, നിന്നോടു ഞ
21 ങ്ങൾ പിഴെച്ചുവല്ലോ. തിരുനാമം നിമിത്തം ഞങ്ങളെ ധിക്കരിയായ്ക്ക,
നിന്തേജസ്സിൻ ആസനത്തെ അപമാനം വരുത്തായ്ക്ക, ഞങ്ങളോടു നീ ചെ
22 യ്ക നിയമത്തെ ഭഞ്ജിക്കാതേ ഓർത്തുകൊൾക! ജാതികളുടേ മായാ (ദേവ)
കളിൽ പെയ്യിക്കുന്നവർ ഉണ്ടോ? അല്ല വാനം താനേ വർഷധാരകൾ
പൊഴിയുമോ? അങ്ങനേവൻ നീ അല്ലയോ ഞങ്ങടേ ദൈവമായ
യഹോവേ! ഇവ എല്ലാം നീ ഉണ്ടാക്കിയതുകൊണ്ടു നിണക്കു ഞങ്ങൾ കാ
ത്തു നില്ക്കുന്നു.

15, 1 എന്നാറേ യഹോവ എന്നോടു പറഞ്ഞു: മോശയും ശമുവേലും എന്റേ
മുമ്പാകേ നിന്നു എങ്കിൽ ഈ ജനത്തിങ്കൽ എനിക്കു മനസ്സാക ഇല്ല, എന്റേ
2 സന്മുഖത്തുനിന്നു് അവരെ ആട്ടി പുറത്തുപോവാറാക്കുക! പിന്നേ എവിടേ
ക്കു ഞങ്ങൾ പുറത്തു പോകേണ്ടു? എന്നു നിന്നോടു ചോദിച്ചാൽ, യഹോവ
ഇപ്രകാരം പറയുന്നു: ചാവിന്നുള്ളവൻ ചാവിന്നും, വാളിന്നുള്ളവൻ വാൾ
ക്കും, ക്ഷാമത്തിന്നുള്ളവൻ ക്ഷാമത്തിന്നും പ്രവാസത്തിന്നുള്ളവൻ പ്രവാസ
3 ത്തിന്നും (പോകട്ടേ) എന്നു് അവരോടു പറക. പിന്നേ നാലു വർണ്ണങ്ങളെ
അവരുടേ മേൽ കല്പിച്ചാക്കും: കൊത്തുവാൻ വാളിനെയും ഇഴെപ്പാൻ നാ
യ്ക്കളെയും തിന്നു മുടിപ്പാൻ വാനപ്പക്ഷിയെയും ഭൂമൃഗത്തെയും തന്നേ എന്നു
4 യഹോവയുടേ അരുളപ്പാടു. ഭൂമിയിലേ സകലരാജ്യങ്ങൾക്കും ഞാൻ അവ
രെ മെയ്യേറുവാൻ കൊടുത്തുകളയുന്നതു ഹിസ്കീയാപുത്രനും യഹൂദാരാജാവുമാ
യ മനശ്ശേ യരൂശലേമിൽ വ്യാപരിച്ച നിമിത്തമത്രേ.

5 എങ്ങനേ എന്നാൽ യരൂശലേമേ നിന്നെ ആർ ആദരിക്കും? ആർ പരി
6 താപം കാട്ടും? നിന്റേറ കുശലം ചോദിപ്പാൻ ആർ തിരിയും? നീ എന്നെ
നീക്കീട്ടു പിന്നോക്കം നടക്കുന്നു എന്നു യഹോവയുടേ അരുളപ്പാടു, ഞാനും
നിണക്കു് എതിരേ കൈ നീട്ടി നിന്നെ നശിപ്പിക്കുന്നു, അനുതപിപ്പാൻ
7 മടുത്തുപോയി. മുറംകൊണ്ടു് ഞാൻ അവരെ ദേശവാതിലുകളിലേക്കു പാ
റും, എൻ ജനത്തെ മക്കളില്ലാതാക്കി കെടുക്കും, തങ്ങളുടേ വഴികളെ വിട്ടു
8 മടങ്ങീട്ടില്ലല്ലോ. അതിലേ വിധവമാർ കടലുകളിലേ മണലിലും എനി
ക്കു് ഏറി കാണുന്നു, ഞാൻ അവർക്കും യുവാവിൻ അമ്മമേലും ഉച്ചെക്കു സം
ഹാരിയെ വരുത്തി പെട്ടന്നു് അവളിൽ വലിയ നോവും വ്യാകുലങ്ങളും
9 വീഴിക്കുന്നു. ഏഴ പെറ്റവൾ മാഴ്കി പ്രാണനെ നിശ്വസിച്ചു, ലജ്ജിച്ചു

നാണിച്ചു അവളുടേ സൂര്യൻ പകലുള്ളപ്പോൾ തന്നേ അസ്തമിക്കുന്നു. അ
വരുടേ ശേഷിപ്പിനെ ഞാൻ ശത്രുക്കൾക്കു മുമ്പാകേ വാളിന്നു കൊടുത്തു
വിടുന്നു എന്നു യഹോവയുടേ അരുളപ്പാടു.

15. അദ്ധ്യായം

(10) പ്രവാചകൻ സങ്കടം പറയുന്നതിന്നു (11) യഹോവ ശാസനയും (19) വാഗ്ദത്തവും ചൊല്ലുന്നതു.

10 അയ്യോ എൻറമ്മേ ഈ വ്യവഹാരക്കാരനും സർവ്വലോകത്തിന്നു വിവാ
ദക്കാരനും ആയവനെ പെറുകകൊണ്ടു എനിക്കു ഹാ കഷ്ടം! ഞാൻ കടംകൊ
ണ്ടിട്ടും ഇല്ല എനിക്കു തന്നിട്ടും ഇല്ല എങ്കിലും എല്ലാവരും എന്നെ ശപിക്കു
11 ന്നു.—യഹോവ പറഞ്ഞു: നന്നാവാൻ ഞാൻ നിന്നെ താങ്ങുന്നുണ്ടു സത്യം,
ദുഷ്കാലത്തും ഞെരിക്കക്കാലത്തും ശത്രുവിനെ നിന്നോടു പ്രാർത്ഥിപ്പിക്കു
12 ന്നുണ്ടു. വടക്കൻ ഇരിമ്പും ചെമ്പും ആയ ലോഹം ഒടിയുമോ? (യഹൂദേ)
13 നിന്റേറ സകലപാപങ്ങൾ നിമിത്തം ഞാൻ അങ്ങേ എല്ലാ അതിരുകളിലും
നിന്റേറ മുതലും ഭണ്ഡാരങ്ങളും കൊള്ളയാക്കികൊടുത്തു, ശത്രുക്കളെ കൊ
14 ണ്ടു നീ അറിയാത്തൊരു ദേശത്തേക്കു കടത്തിക്കും (5മോശ 32,22) കാര
ണം എൻ കോപത്തിൽ തീ കത്തി നിങ്ങളുടേ മേൽ എരിയുന്നു.
15 അല്ലയോ യഹോവേ നീ അറിയുന്നു! എന്നെ ഓർത്തു സന്ദർശിച്ചു എന്നെ
പിന്തുടരുന്നവരിൽ പ്രതിക്രിയ ചെയ്തു തരിക! നിൻ ദീർഘശാന്തതെക്കു
തക്കവണ്ണം എന്നെ എടുത്തുകളയൊല്ല, ഞാൻ നിന്നിമിത്തം നിന്ദ ചുമക്കു
16 ന്ന പ്രകാരം അറിയേണമേ! നിന്റേറ വാക്കുകൾ കിട്ടിയ ഉടനേ ഞാൻ അ
വ തിന്നു, സൈന്യങ്ങളുടേ ദൈവമായ യഹോവേ തിരുനാമം എന്മേൽ
വിളിക്കപ്പെട്ടതാൽ നിന്റേറ വാക്കുകൾ എനിക്കു ആനന്ദവും ഹൃദയസ
17 ന്തോഷവും ആയിത്തീർന്നു. ചിരിക്കുന്നവരുടേ സംഘത്തിൽ ഞാൻ ഇരുന്നു
ഉല്ലസിച്ചിട്ടില്ല, തിരുക്കൈ ഹേതുവായി തനിച്ചിരുന്നതു നീ വ്യസനം
18 കൊണ്ടു എന്നെ നിറെക്കയാൽ തന്നേ. എന്റേറ ദുഃഖം ഇളയാത്തതും മുറിവു
പൊറുപ്പാൻ തോന്നാതോളം കൊടുതും ആയ്തീരുവാൻ എന്തു? എനിക്കു
നീ ചതിപ്പുഴെക്കും നിശ്ചയം ഇല്ലാത്ത വെള്ളത്തിന്നും ഒത്തുപോകുമോ?
19 എന്നതുകൊണ്ടു യഹോവ പറയുന്നിതു: നീ മടങ്ങിവന്നാൽ നിന്നെ എനി
ക്കു മുമ്പിൽ നില്പാൻ ഞാൻ മടങ്ങിക്കും, പിന്നേ നീ വിലയേറിയതിനെ നി
സ്സാരമായതിൽനിന്നു വേറാക്കിയാൽ എന്റേറ വായി പോലേ ആകും, അ
20 വർ നിങ്കലേക്കു തിരിയും നീ അവരിലേക്കു തിരികയും ഇല്ല. ഈ ജനത്തി
ന്നു ഞാൻ നിന്നെ ചെമ്പുമതിലാക്കും, നിന്നോടു പൊരുതാലും അവൎക്കു ആ
വതു കാൺകയില്ല; ഞാനാകട്ടേ നിന്നെ രക്ഷിപ്പാനും ഉദ്ധരിപ്പാനും നി
ന്നോടു കൂടേ ഉണ്ടു എന്നു യഹോവയുടേ അരുളപ്പാടു. ദുർജ്ജനങ്ങളുടേ കയ്യിൽ
നിന്നു ഞാൻ നിന്നെ ഉദ്ധരിക്കയും പ്രൌഢന്മാർ കരത്തിൽനിന്നു വീണ്ടു
കൊൾകയും ചെയ്യും.

16. അദ്ധ്യായം

ന്യായവിധി അണഞ്ഞതാൽ വിരക്തനായി വസിക്കേണം (10) ദോ
ഷവർദ്ധന തന്നേ ശിക്ഷയുടേ കാരണം (16) ജനത്തെ ചിതറിച്ചു നായാടു
വാൻ (17,1) ബിംബാരാധനയാൽ വേണ്ടി വന്നു.

1. 2 യഹോവാവചനം എനിക്കു ഉണ്ടായിതു: ഈ സ്ഥലത്തു നിണക്കു പെൺ
3 കെട്ടുകയും പുത്രീപുത്രന്മാർ ഉണ്ടാകയും അരുതു! ഇവിടേ പിറക്കുന്ന

പുത്രീപുത്രന്മാരെയും ഈ ദേശത്തു അവരെ പെറുന്ന അമ്മമാരെയും ജനിപ്പി
4 ക്കുന്ന അപ്പന്മാരെയും കുറിച്ചു യഹോവ പറയുന്നിതു: ബാധാമരണങ്ങളാൽ
അവർ ചാകും, അവരെ തൊഴിപ്പാറും കുഴിച്ചിടുവാറും ഇല്ല, നിലത്തിന്മേൽ
വളമായി ചമയും, വാളാലും ക്ഷാമത്താലും മുടികയും ശവങ്ങൾ വാനപ്പക്ഷി
ക്കും ഭൂമൃഗത്തിന്നും ഊൺ ആകയും ചെയ്യും. യഹോവ ആകട്ടേ പറയുന്നിതു:
5 മുറവിളിപ്പുരയിൽ ചെല്ലായ്ക, തൊഴിപ്പാനും പോകായ്ക, അവർക്കു
പരിതാപവും കാട്ടായ്ക! ഞാൻ ഈ ജനത്തിൽനിന്നു് എന്റെ സമാധാ
നം എന്ന ദയയെയും കനിവിനെയും വാരിക്കളഞ്ഞുവല്ലോ എന്നു യഹോ
6 വയുടേ അരുളപ്പാടു. ഈ ദേശത്തു വലിയവരും ചെറിയവരും ചാകും;
അവരെ കുഴിച്ചിടുകയില്ല തൊഴിക്കയും ഇല്ല അവരെ ചൊല്ലി മെയ് ചെ
ത്തുകയും മുന്തല ചിരെക്കയും ഇല്ല. മരിച്ചവനെക്കൊണ്ടു ആശ്വാസം വരു
7 ത്തുവാൻ അവർക്കു് ഖേദത്തിങ്കൽ അപ്പം നുറുക്കിക്കൊടുപ്പാറില്ല, ആരുടേ
അപ്പനെക്കൊണ്ടും അമ്മയെക്കൊണ്ടും ആശ്വാസക്കിണ്ടി കുടിപ്പിക്കയും
8 ഇല്ല.— അവരോടു് കൂടി ഇരുന്നു ഭക്ഷിച്ചു കുടിപ്പാനായി വിരുന്നുവീ
ട്ടിൽ പൂകയും അരുതു. ഇസ്രയേലിൻ ദൈവമായ സൈന്യങ്ങളുടയ യഹോ
9 വയാകട്ടേ പറയുന്നിതു: ഇതാ നിങ്ങളുടേ കണ്ണുകളും കാണേ നിങ്ങടേ നാ
ളുകളിൽ ഞാൻ സന്തോഷാനന്ദങ്ങളുടേ ശബ്ദവും മണവാളന്റെ ശബ്ദവും
പുതിയ പെണ്ണിൻ ശബ്ദവും ഇവിടുന്നു ഒഴിപ്പിക്കും (7, 34)
10 ഈ വാക്കുകളും ഒക്കയും നീ ഈ ജനത്തോടു് അറിയിക്കുമ്പോൾ: ഈ
വലിയ തിന്മ എല്ലാം യഹോവ ഞങ്ങൾക്കു നേരേ ചൊല്ലിയതു് എന്തു
കൊണ്ടു? എന്നും നമ്മുടേ ദൈവമായ യഹോവയോടു ഞങ്ങൾ പിഴെച്ച
11 കുറവും പാപവും എന്തു്? എന്നും പറഞ്ഞാൽ, അവരോടു് ഇപ്രകാരം
പറക: നിങ്ങടേ അപ്പന്മാർ എന്നെ വിട്ടു അന്യദേവകളെ പിഞ്ചെന്നു സേ
വിച്ചു നമസ്കരിച്ചു എന്നെ വെടിഞ്ഞു എൻ ധർമ്മത്തെ സൂക്ഷിക്കായ്ക
12 കൊണ്ടും; അപ്പന്മാരെക്കാളും നിങ്ങൾ ഏറെ വല്ലായ്മ ചെയ്തു എന്നെ കേ
ളാതേ താന്താൻ ദുർമ്മനസ്സിൻ ശാഠ്യത്തെ ഇന്നും പ്രമാണിച്ചു നടക്കകൊണ്ടും,
13 ഞാൻ നിങ്ങളെ ഈ ദേശത്തിൽനിന്നു നിങ്ങളും അപ്പന്മാരും അറിയാത്ത
ദേശത്തേക്കു ചാട്ടും; അവിടേ നിങ്ങളും ഞാൻ കാരുണ്യം തരായ്കയാൽ
രാവും പകലും അന്യദേവകളെ സേവിക്കയും ആം എന്നു യഹോവയുടേ
14 അരുളപ്പാടു. ആയതുകൊണ്ടു ഇസ്രയേൽപുത്രന്മാരെ മിസ്രദേശത്തുനിന്നു
15 കരേറിയ യഹോവാജീവനാണ എന്നല്ല, വടക്കേ ദിക്കിൽനിന്നും അവ
രെ തള്ളിവിട്ട സർവ്വദേശങ്ങളിൽനിന്നും ഇസ്രയേൽ പുത്രന്മാരെ കരേറിയ
യഹോവാജീവനാണ എന്നത്രേ പറയുന്ന നാളുകളും ഇതാ വരുന്നു. ഞാൻ
അവരെ പിതാക്കന്മാർക്കു കൊടുത്ത അവരുടേ നാട്ടിലേക്കു മടക്കി വരുത്തും
എന്നു യഹോവയുടേ അരുളപ്പാടു.
16 കണ്ടാലും ഞാൻ പല മീൻപിടിക്കാരെയും (ആളയച്ചു) വരുത്തുന്നു,
ഇവർ അവരെ പിടിക്കും; അതിൽപിന്നേ പല നായാട്ടുകാരെയും വരുത്തു
ന്നു, ഇവർ അവരെ എല്ലാ മലയിൽനിന്നും എല്ലാ കുന്നിൽനിന്നും പാറ
പ്പിളർപ്പുകളിൽനിന്നും നായാടും എന്നു യഹോവയുടേ അരുളപ്പാടു. എങ്ങ
17 നേ എന്നാൽ എന്റെ കണ്ണുകളും അവരുടേ സകലവഴികളിലും ആകുന്നു,
ഇവ എന്മുമ്പിൽ നിന്നു മറഞ്ഞവ അല്ല, അവരുടേ കുറ്റം എൻ കണ്ണുകൾ
18 ക്കു് ഒളിച്ചു കിടക്കയും ഇല്ല. ഒന്നാമതു ഞാൻ അവരുടേ കുറ്റത്തിന്നും പാ
പത്തിന്നും ഇരട്ടിച്ചു പകരം ചെയ്യും, അവരുടേ വെറുപ്പുകളുടേ പിണംകൊ
ണ്ടു് എൻ ദേശത്തെ ബാഹ്യമാക്കി അറെപ്പുകൾകൊണ്ടു എൻ അവകാശ
19 ത്തെ നിറെച്ചതിനാൽ തന്നേ.— എന്റെ ഊക്കും കോട്ടയും ഞെരിക്കനാ
ളിൽ ശരണവും ആയ യഹോവേ ഭൂമിയുടേ അറ്റങ്ങളിൽനിന്നു ജാതികൾ
വന്നു നിന്നോടു ചേർന്നു: ഹാ ഞങ്ങടേ അപ്പന്മാർക്കു് അടങ്ങി വന്നതു
പൊളിയും മായയും അത്രേ, അവയിൽ പ്രയോജനം ഉള്ളോൻ ഇല്ല എന്നു

20 പറയും. മനുഷ്യൻ തനിക്കു ദേവന്മാരെ ഉണ്ടാക്കുമോ? അവ ദേവന്മാരല്ല
21 താനും. അതുകൊണ്ടു് ഇക്കുറി ഞാൻ അവക്കു് ഒന്നു് ഇതാ ഗ്രഹിപ്പിക്കുന്നു: എൻ കയ്യും വീര്യവും ഗ്രഹിപ്പിച്ചിട്ടു എൻ നാമം യഹോവ എന്നു് അവർ അറികയും ചെയ്യും.

17,1 യഹൂദയുടേ പാപം ഇരിമ്പാണികൊണ്ടു അവരുടേ ഹൃദയപ്പലകമേൽ
എഴുതി വൈരമുനയാൽ നിങ്ങടേ ബലിപീഠങ്ങളുടേ കൊമ്പുകളിലും വരെ
2 ച്ചു കിടക്കുന്നു. പച്ചമരവും ഉയർന്ന കുന്നുകളും കാണുന്തോറും സ്വപുത്രരെ
ഓൎക്കും പോലേ തങ്ങളുടേ പീഠങ്ങളെയും ശ്രീത്തൂണുകളെയും (ഓർക്കുന്നു.)
3 നാട്ടിൽ എന്റേ മലയെയും നിന്റേ മുതലും ഭണ്ഡാരങ്ങളെയും അങ്ങേ
എല്ലാ അതിരുകളിലും ഉള്ള പാപം നിമിത്തം നിന്റേ കുന്നുകാവുകളെ
4 യും കൊള്ളയാക്കി കൊടുക്കും. നിണക്കു തന്ന അവകാശത്തെ നീ മുത
ലായി തന്നേ നീ (തരിശായി 2 മോ 23, 11) ഇട്ടേച്ചു പോകും, അറി
യാത്ത ദേശത്തിൽ ഞാൻ നിന്നെ ശത്രുക്കളെ സേവിപ്പിക്കും; കാരണം
എൻ കോപത്തിൽ നിങ്ങൾ തീ കത്തിച്ചതു യുഗത്തോളം എരിയും
(15, 13. 14.).

17. അദ്ധ്യായം

(5) നാശത്തിന്നും രക്ഷെക്കും മൂലങ്ങൾ ഇന്നവ എന്നും (18) ജീവമാൎഗ്ഗം ഇന്നതെന്നും കാട്ടിയതു.

5 യഹോവ പറയുന്നിതു: മനുഷ്യനിൽ ആശ്രയിച്ചു ജഡത്തെ തൻ ഭുജമാ
6 ക്കി ഹൃദയം യഹോവയെ വിട്ടു നീങ്ങുന്ന പുരുഷൻ ശപിക്കപ്പെട്ടവൻ! അ
വൻ പാഴ്നിലത്തിലേ നിരാധാരനു സമനായി നന്മ വരുന്നതു കാണാതേ
7 മരുശ്രുഷ്ടങ്ങളിലും കുടിയില്ലാത്ത ഉവൎന്നാട്ടിലും പാൎക്കും.— യഹോവയിൽ
തേറി, യഹോവയെ തന്റേ ആശ്രയമാക്കിയ പുരുഷൻ അനുഗ്രഹിക്കപ്പെട്ട
8 വൻ. അവൻ നീരരികിൽ നട്ട മരത്തിനു സമനായി കൈത്തോട്ടിലേക്കു
വേരുകളെ നീട്ടി, ഉഷ്ണം വരുന്നതിനു ഭയപ്പെടാതേ ഇലകൾ പച്ചയായി
രിക്കേ വറുതിയാണ്ടിലും പേടിക്കാതേ ഫലം കായ്ക്കുന്നതു് ഒഴിക്കാതേ
9 വാഴും. ഹൃദയം എന്നതു എല്ലാററിലും ധൂൎത്തേറിയതും അസാദ്ധ്യരോഗിയും
10 ആകുന്നു; അതിനെ അറിയാകുന്നവൻ ആർ? യഹോവയായ ഞാൻ ഹൃദ
യത്തെ ആരാഞ്ഞു ഉൾപ്പൂവുകളെ ശോധന ചെയ്യുന്നതു അവനവനു തൻ വഴി
11 ക്കും പ്രവൃത്തികളുടേ ഫലത്തിനും തക്കവണ്ണം കൊടുപ്പാൻ തന്നേ. താൻ
ഇടാത്ത മുട്ടയെ പൊരുന്നുന്ന കുയിൽ ആയതു ന്യായത്താലല്ലാതേ സമ്പത്തു്
ഉണ്ടാക്കുന്നവൻ; വാഴ്നാളിന്റേ പാതിക്കു് അതു് അവനെ വിട്ടും അവൻ
12 അവസാനത്തിൽ മൂഢനാകയും ചെയ്യും.—ഹേ തേജസ്സിൻ സിംഹാസനവും
13 ആദിമുതൽ ഉയരവും ആയ ഞങ്ങടേ വിശുദ്ധസ്ഥലമേ! ഇസ്രയേലിൻ പ്ര
ത്യാശയാകുന്ന യഹോവേ നിന്നെ വിടുന്നവർ എല്ലാം നാണിച്ചുപോകും.
എന്നോടു് അകലുന്നവർ യഹോവ എന്ന ജീവവെള്ളത്തിൻ ഉറവിനെ വി
ട്ടതുകൊണ്ടു മണ്ണിൽ എഴുതപ്പെടും.
14 എനിക്കു സൌഖ്യം വരുവാൻ യഹോവേ എന്നെ പൊറുപ്പിക്കേണമേ,
രക്ഷ വരുവാൻ എന്നെ രക്ഷിക്കേണമേ! എന്റേ സ്തുതി നീ മാത്രം.
15 ഇതാ ഇവർ എന്നോടു യഹോവാവചനം എവിടേ! അതു വേഗം വരട്ടേ!
16 എന്നു പറയുന്നു. ഞാനോ ഇടയനായി നിന്നെ പിഞ്ചെല്ലുന്നതിനു മടിച്ചി
ട്ടില്ല, (നാട്ടിനു്) ആപദ്ദിവസം വാഞ്ഛിച്ചതും ഇല്ല, നീ അറിയുന്നു. എ
ന്റേ അധരങ്ങളിൽനിന്നു പുറപ്പെട്ടതു നിൻമുഖത്തെ നോക്കീട്ടത്രേ. നീ
17 എനിക്കു ഭയം ആകോല, ദുൎദ്ദിനത്തിൽ നീയേ എനിക്കു ശരണം. എ
18 ന്നെ പിന്തുടരുന്നവർ നാണിക്കാക, ഞാൻ നാണിയാതിരിക്കേണം!

അവർ മെരിണ്ടുപോക ഞാനോ മെരിളായ്ക! ദുർദ്ദിനത്തെ അവരുടേ മേൽ
വരുത്തി ഇരട്ടിനാശത്താൽ അവരെ ഇടിച്ചുകളയേണമേ!
19 യഹോവ എന്നോടു ഇപ്രകാരം പറഞ്ഞു: യഹൂദാരാജാക്കന്മാർ പുക്കും
പുറപ്പെട്ടും പോരുന്ന ജനപുത്രവാതില്ലുലും യരുശലേമിൻറെ സകലവാതി
20 ലുകളിലും ചെന്ന നിന്നു അവരോടു പറക: ഹേ ഈ വാതിലുകളുടേ കട
ക്കുന്ന യഹൂദാരാജാക്കന്മാരും യഹൂദ ഒക്കയും യരുശലേംകുടിയാരും എല്ലാം
21 യഹോവാവചനത്തെ കേൾപ്പിൻ! യഹോവ പറയുന്നിതു: നിങ്ങടേ പ്രാ
ണങ്ങൾക്കായി സൂക്ഷിച്ചുകൊൾവിൻ! ശബ്ബത്തുനാളിൽ ചുമടു എടുക്ക
22 യും യരുശലേംവാതിലുകളിൽ കടത്തുകയും അരുതു. നിങ്ങളുടേ വീടുക
ളിൽനിന്നും ശബ്ബത്തുനാളിൽ ചുമടു പുറപ്പെടുവിച്ചും യാതൊരു തൊഴിൽ
ചെയ്യും പോകാതേ നിങ്ങടേ അപ്പന്മാരോടു ഞാൻ കല്പിച്ച പ്രകാരം ശബ്ബ
23 ത്തുനാളിനെ വിശുദ്ധീകരിപ്പിൻ! അവരോ കേൾപ്പാനും ചെവി ചായ്
പ്പാനും തോണാതേ കേളാതോളവും ശിക്ഷ കൈക്കൊള്ളാതവണ്ണവും കഴു
24 ത്തിനെ കഠിനമാക്കി നടന്നു. എന്നാൽ നിങ്ങളും ശബ്ബത്തുനാളിൽ ഈ
പട്ടണവാതിലുകളിൽ ചുമടു കടത്താതേ യാതൊരു തൊഴിലും ചെയ്യാതേ
കണ്ടു ശബ്ബത്തുനാളിനെ വിശുദ്ധീകരിപ്പാൻ എന്നെ ഉള്ളവണ്ണം കേൾക്കും
25 എങ്കിൽ, ദാവിദിൻ സിംഹാസനത്തിൽ ഇരിക്കുന്ന രാജാക്കന്മാരും പ്രഭു
ക്കളും രഥവും കുതിരയും ഏറി തലവരുമായി യഹൂദാപുരുഷന്മാരും യരുശ
ലേമിലേ കുടിയാന്മാരും ഈ പട്ടണവാതിലുകളിൽ കടക്കയും ഈ നഗരം
26 എന്നേക്കും കുടിയിരിക്കയും ആം. യഹൂദയൂരുകളിൽനിന്നും യരുശലേ
മിൻ ചുറ്റുങ്ങളും ബിന്യമീൻദേശം താഴ്വീതി മലപ്പുറം തെക്കുറു ഇവ
യിൽനിന്നും ഉള്ളവർ വന്നു ഹോമവും ബലിയും കാഴ്ചയും കുന്തുരുക്കവും
വഹിച്ചു യഹോവാലയത്തേക്കു സ്തോത്രവുമായി കൊണ്ടുവരും എന്നു യ
27 ഹോവയുടേ അരുളപ്പാടു. ശബ്ബത്തുനാളിനെ വിശുദ്ധീകരിപ്പാനും ശബ്ബത്താ
ഴ്ചയിൽ ചുമടു എടുത്തു യരുശലേംവാതിലുകളിൽ കടക്കായ്വാനും എന്നെ
കേട്ടുകൊള്ളായ്കിലോ ഞാൻ അവളുടേ വാതിലുകളിൽ തീ കത്തിക്കും,
അതു യരുശലേമിലേ അരമനകളെ കെടാതേ തിന്നുകളകയും ചെയ്യും.

6. 18—20 രാജ്യത്തിൻറെ മൂലച്ഛേദം രണ്ടു ചിഹ്നക്രിയകളാൽ
വർണ്ണിക്കുന്ന ആറാം പ്രബോധനം.

18 അദ്ധ്യായം

കുശവൻറെ സദൃശത്തിന്നു (5) അർത്ഥം ഇന്നതെന്നും (11) ഫലം ഇന്ന
തു എന്നതും കാട്ടിയതിനാൽ (18) ലോകവൈരം വർദ്ധിച്ചതു.

1. 2 യഹോവയിൽനിന്നു യിരമിയാവിന്നുണ്ടായ വചനമാവിതു: നീ എഴു
നീറു കുശവൻറെ വീട്ടിലേക്കു ഇറങ്ങിപ്പോക, അവിടേ നിന്നെ എൻ
2 വചനങ്ങളെ കേൾപ്പിക്കും. എന്നാറെ കുശവവീട്ടിൽ ചെന്നപ്പോൾ അവൻ
4 ഇതാ ചക്രത്തിന്മേൽ തൊഴിൽ ചെയ്യുന്നു. കളിമണ്ണുകൊണ്ടു ഉണ്ടാക്കുന്ന
പാത്രം കുശവൻറെ കയ്യിൽ ചീത്ത ആയാൽ മനയുന്നവനു നന്നു എന്നു
തോന്നുമ്പോലേ അതിനെ മറൊരു പാത്രമാക്കി പോന്നു.
5.6 യഹോവാവചനം എനിക്കുണ്ടായിതു: ഇസ്രയേൽഗൃഹമേ ഈ കുശവ
നെ പോലേ നിങ്ങളോടു ചെയ്വാൻ എനിക്കു കഴികെ ഇല്ലയോ? എന്നു
യഹോവയുടേ അരുളപ്പാടു. ഈ മനയുന്നവൻറെ കയ്യിൽ കളിമണ്ണു പോലേ
7 ഇസ്രയേൽഗൃഹമേ നിങ്ങളും എൻ കയ്യിൽ തന്നേ. ഒരു ജാതിയെയും രാ
ജ്യത്തെയും കുറിച്ചു ഞാൻ പൊരിപ്പാനും ഇടിപ്പാനും കെടുപ്പാനും ഉരെച്ചു
8 ഉടനേ— ആ ചൊല്ലിയ ജാതി തൻ തിന്മ വിട്ടു തിരിയുന്നു എങ്കിൽ ഞാൻ

ചെയ്വാൻ വിചാരിച്ച തിന്മയെ ചൊല്ലി അനുതപിക്കുന്നു. പിന്നേ
9 ഒരു ജാതിയെയും രാജ്യത്തെയും കുറിച്ചു ഞാൻ പണിവാനും നടുവാനും
10 ഉരെച്ച ഉടനേ അത് എൻ ശബ്ദത്തെ കേളാതേ എൻ കണ്ണുകൾക്കു ദോഷ
മായതു ചെയ്താൽ അതിന്നു കാട്ടുവാൻ പറഞ്ഞ നന്മയെ ചൊല്ലി അനുതപി
ക്കുന്നു.

11 ഇപ്പോൾ യഹൂദാപുരുഷരോടും യരൂശലേംകുടിയാരോടും പറയേണ്ടതു:
യഹോവ പറഞ്ഞിതു: നിങ്ങളെക്കൊള്ളേ ഞാൻ ഇതാ തിന്മ മനിയുന്നു,
നിങ്ങൾക്കു നേരേ ഓർ ആലോചന ഭാവിക്കുന്നു. അല്ലയോ താന്താന്റേ
ദുർവ്വഴിയെ വിട്ടതിരിഞ്ഞു വഴികളെയും പ്രവൃത്തികളെയും നന്നാക്കുവിൻ!
12 അവരോ: ''ഗതി കെട്ടു കിടക്കുന്നു, ഞങ്ങടേ വിചാരങ്ങളെ ഞങ്ങൾ പി
ഞ്ചെന്നു താന്താന്റേ ദുർമ്മനസ്സിൻ ശാഠ്യത്തെ നടത്തും'' എന്നു പറയു
13 ന്നു.— അതുകൊണ്ടു യഹോവ പറയുന്നിതു: ജാതികളിൽ ചോദിച്ചുകൊൾ
വിൻ! ഈ വക കേട്ടത് ആർ? അതിഭൈരവമായതു ഇസ്രയേൽകന്യ പ്ര
14 വൃത്തിച്ചതു. നാട്ടിലേ പാറയിൽനിന്നു ലിബനോന്യഹിമം വിട്ടൊഴി
യുമോ? അല്ല ആ പരദേശത്തുനിന്ന് ഒഴുകുന്ന തണുത്ത വെള്ളങ്ങൾ
15 ഒട്ടുങ്ങുമോ? എൻ ജനമോ എന്നെ മറന്നുകളഞ്ഞു മായകൾക്കു ധൂപം കാട്ടു
ന്നു. ഇവ അവരെ നിത്യഞെറികളായ വഴികളിൽ ഇടറിച്ചതു നിരത്താ
16 ത്ത വഴിയായ മാർഗ്ഗങ്ങളിൽ നടത്തുവാനും, അവരുടേ ദേശം വിസ്മയവും
എന്നേക്കും ഊളയിടുന്നതും ആക്കുവാനും തന്നേ. അതിൽ കടക്കുന്നവൻ
17 എല്ലാം വിസ്മയിച്ചു തല കുലുക്കും. കിഴക്കൻകാററിന്നു സമനായി ഞാൻ
അവരെ ശത്രുവിൻ മുമ്പിൽ പാററിക്കളഞ്ഞു അവരുടേ ആപത്തിവസത്തിൽ
മുഖത്തെ അല്ല പിടരിയെ കാണിക്കും.

18 എന്നതിന്നു അവർ പറഞ്ഞു: വരുവിൻ, യിറമിയാവിന്നു നേരേ നാം
ആലോചനകളെ ഭാവിക്കേണ്ടു! പുരോഹിതന്നു ധർമ്മനിശ്ചയവും ജ്ഞാ
നിക്കു മന്ത്രണവും പ്രവാചകന്നു വചനവും കെടുകയില്ല പോൽ. അല്ലയോ
അവനെ നാവുകൊണ്ടു അടിച്ചു അവന്റേ വാക്കുകളൊക്കെയും ഇനി ശ്ര
19 ദ്ധിക്കാതേ പോക! എന്നിട്ടു യഹോവേ നീ എന്നെ ശ്രദ്ധിച്ചാലും, എ
20 ന്നോടു വ്യവഹരിക്കുന്നവരുടേ ശബ്ദത്തെ കേട്ടാലും! നന്മെക്കു പകരം തി
ന്മ വീട്ടാമോ, എന്റേ പ്രാണന്നു അവർ ഒരു കുഴി കുത്തിയല്ലോ? ഞാൻ
നിന്റേ മുമ്പാകേ നിന്നുകൊണ്ടു നിന്റേ ഊഷ്മാവിനെ അവരിൽനിന്നു
തിരിക്കേണ്ടതിന്നു അവർക്കു വേണ്ടി ഗുണം പറഞ്ഞതിനെ ഓർക്കേണ
21 മേ! ആകയാൽ അവരുടേ മക്കളെ ക്ഷാമത്തിന്നു കൊടുത്തു വാളിൻ കൈ
ക്കൽ ഒഴിച്ചുകളക! സ്ത്രീകൾ അപുത്രരും വിധവകളും ഭർത്താക്കന്മാർ രോ
ഗഹതരും യുവാക്കൾ പടയിൽ വാളാൽ കുലപ്പെട്ടവരും ആയ്പ്പോവാൻ
22 തന്നേ! പെട്ടന്നു നീ അവരുടേ മേൽ പടച്ചാർത്തു വരുത്തുമ്പോൾ കരച്ചൽ
അവരുടേ വീടുകളിൽനിന്നു കേൾപ്പാറാക, എന്നെ കുടുക്കുവാൻ അവർ
കുഴി കുത്തി എൻ കാലുകൾക്കു കണികൾ ഒളിപ്പിക്കയാൽ തന്നേ! എൻ
23 മരണത്തിന്നായി അവർ മന്ത്രിച്ചത് എല്ലാം, യഹോവേ, നീ അറിയുന്നു.
അവരുടേ അതിക്രമത്തെ മൂടിക്കളയായ്ക, പാപത്തെ നീന്മുമ്പിൽനിന്നു
മാച്ചുകളയായ്ക! അവർ തിരുമുമ്പാകേ വീഴ്ത്തപ്പെടാവു! നിന്റേ കോപസ
മയത്തിൽ അവരോടു പ്രവൃത്തിക്കേണമേ!

19. അദ്ധ്യായം

ഒരു ഭരണി ഉടെച്ചുംകൊണ്ടു രാജ്യവിനാശം അറിയിക്കയാൽ (14) തടവിലായ ശേഷം ശിക്ഷയെ കുറിയതു.

1 യഹോവ പറഞ്ഞിതു: ഓടുകാരനേ ചെന്നു ഭരണിയെ വാങ്ങി

2 ജനമൂപ്പരിലും പുരോഹിതമൂപ്പരിലും ചിലരെ കൂട്ടിക്കൊണ്ടു, ഓട്ടവാതിലിൻ
പുറത്തുള്ള ഹിന്നോംപുത്രന്റെ താഴ്വരയിൽ പോയി ഞാൻ നിന്നോടു
3 ചൊല്ലും വചനങ്ങളെ അവിടേ കൂറുക! ഹേ യഹൂദാരാജാക്കന്മാരും യരുശ
ലേമിൽ കുടിയാരും ആയുള്ളോരേ കേൾപ്പിൻ: ഇസ്രയേലിൻ ദൈവമായ
സൈന്യങ്ങളുടയ യഹോവ ഇപ്രകാരം പറയുന്നു: കേൾക്കുന്ന ഏവനും ചെവി
മുഴങ്ങത്തക്ക തിന്മയെ ഞാൻ ഈ സ്ഥലത്തിന്മേൽ ഇതാ വരുത്തുന്നതു.
4 അവരും പിതാക്കളും യഹൂദാരാജാക്കന്മാരും എന്നെ വിട്ടു ഈ സ്ഥലത്തെ
അംഗീകരിക്കാതേ തങ്ങൾക്കു അറിയാത്ത അന്യദേവകൾക്കു ഇവിടേ ധൂപി
ച്ചു കുറമില്ലാത്തവരുടേ രക്തത്തെ ഇതിൽ നിറെച്ചു, ബാളിന്നു കുന്നുകാവു
5 കളെ പണിതു സ്വപുത്രന്മാരെ ബാളിന്നു ഹോമങ്ങളായി തീയിൽ ചുട്ടപോ
യ മൂലം തന്നേ. (7, 31*f*.) ആയതു ഞാൻ കല്പിച്ചതും ഇല്ല ചൊല്ലിയതും ഇല്ല
എൻ മനസ്സിൽ തോന്നിയതും ഇല്ല. അതുകൊണ്ടു് ഈ സ്ഥലത്തിന്നു ഇനി
6 തോഫേത്തു് എന്നും ബെൻഹിന്നോംതാഴ്വര എന്നും അല്ല കൂലത്താഴ്വര
എന്നത്രേ വിളിക്കുന്ന നാളുകൾ വരും, എന്നു യഹോവയുടേ അരുളപ്പാടു.
7 അന്നു ഞാൻ യഹൂദയുടേയും യരുശലേമിന്റെയും മന്ത്രണത്തെ ഇവിടത്തു
ഒഴിച്ചുകളഞ്ഞു അവരെ ശത്രുക്കളുടേ മുമ്പാകേ അവരുടേ പ്രാണനെ അന്വേ
ഷിക്കുന്നവരുടേ കയ്യാൽ വീഴിച്ചു അവരുടേ പിണം വാനപ്പക്ഷിക്കും ഭൂമൃഗ
8 ത്തിന്നും ഊണാക്കി, ഈ നഗരത്തെ വിസ്മയവും ചീറ്റുന്നതും ആക്കി
വെക്കും. അതിൽ കടക്കുന്നവൻ എല്ലാം വിസ്മയിച്ചു അവം കൊണ്ടു
9 അടികളും നിമിത്തം ഊളയിടും. അവരെ ഞാൻ പുത്രന്മാരുടേ മാംസവും
പുത്രിമാരുടേ മാംസവും തീറ്റും, അവരുടേ ശത്രുക്കളും പ്രാണനെ അന്വേ
ഷിക്കുന്നവരും വലെക്കുന്ന ഞെരിക്കത്തിലും ബുദ്ധിമുട്ടിലും അവനവൻ
തോഴന്റെ മാംസം ഭക്ഷിക്കയും ചെയ്യും.

10 പിന്നേ നിന്നോടു കൂടേ പോകുന്ന പുരുഷന്മാർ കാൺകേ ഭരണിയെ
11 ഉടെച്ചുകളഞ്ഞു അവരോടു പറക: സൈന്യങ്ങളുടയ യഹോവ പറഞ്ഞിതു:
ഇനി നന്നാക്കിക്കൂടാതവണ്ണം ഈ കുശവപ്പാത്രം ഉടെക്കുംപോലേ തന്നേ
ഈ ജനത്തെയും പട്ടണത്തെയും ഉടെച്ചുകളയും. കുഴിച്ചിടുവാൻ സ്ഥലം
പോരായ്കയാൽ തോഫേത്തിൽ അവർ പൂത്തുകയും ചെയ്യും. ഇപ്രകാരം
12 ഞാൻ ഈ സ്ഥലത്തോടും അതിൽ വസിക്കുന്നവരോടും ചെയ്തു ഈ പട്ടണ
ത്തെ തോഫേത്തിന്നു സമമാക്കി വെക്കും എന്നു യഹോവയുടേ അരുളപ്പാടു.
13 യരുശലേമിലേ വീടുകളും യഹൂദാരാജാക്കന്മാരുടേ മാടങ്ങളും മേല്പുരക
ളിൽ സകലവാനസൈന്യത്തിന്നും ധൂപം കാട്ടി അന്യദേവകൾക്കു ഊക്ക
ഴിച്ചുപോന്ന ഭവനങ്ങളും എല്ലാം തോഫേത്തിടം പോലേ അശുദ്ധമാ
യ്പ്പോകും.

14 എന്നിങ്ങനേ പ്രവചിപ്പാൻ യഹോവ അയച്ചിട്ടുള്ള തോഫേത്തെ വിട്ടു
യിറമിയാ വന്നാറേ അവൻ യഹോവാലയത്തിന്റെ മുറ്റത്തു നിന്നു
15 കൊണ്ടു സകല ജനത്തോടും പറഞ്ഞു: ഇസ്രയേലിൻ ദൈവമായ സൈ
ന്യങ്ങളുടയ യഹോവ പറയുന്നിതു: ഞാൻ ഈ പട്ടണത്തിന്നു നേരേ ഉരെച്ച
സകലതിന്മയും ഈ പട്ടണത്തിന്നും അതിനടുത്ത സകലനഗരങ്ങളിലും
ഇതാ വരുത്തുന്നു, അവർ എന്റെ വചനങ്ങളെ കേളാതവണ്ണം പിടരിയെ
20,1 കഠിനമാക്കുകകൊണ്ടു തന്നേ.— എന്നീ വാക്കുകളെ യിറമിയാ പ്രവചി
ക്കുന്നതു ഇമ്മേർപുത്രനായ പശ്ഹൂർ എന്ന പുരോഹിതൻ കേട്ടാറേ— യഹോ
2 വാലയത്തിൽ അദ്ധ്യക്ഷമുമ്പൻ ആകകൊണ്ടു പശ്ഹൂർ പ്രവാചകനായ
യിറമിയാവെ അടിപ്പിച്ചു യഹോവാലയത്തിലേ മീത്തലേ ബിന്യാമിൻ
വാതുക്കലുള്ള കൈത്തോളത്തിൽ ഇടുവിക്കയും ചെയ്തു. പിറ്റേ നാൾ പശ്
3 ഹൂർ യിറമിയാവെ തോളത്തിൽനിന്നു വിടുവിച്ചപ്പോൾ യിറമിയാ അവ
നോടു പറഞ്ഞിതു: യഹോവ നിന്റെ പേർ പശ്ഹൂർ എന്നല്ല (ചുറ്റും
അച്ചം) മാഗോർ മിസ്സബീബ് എന്നു വിളിക്കുന്നു. എങ്ങനേ എന്നാൽ

4 നിന്നെ ഞാൻ ഇതാ നിണക്കും നിന്റേറ എല്ലാ സ്നേഹിതന്മാക്കും അച്ചമാ
ക്കിത്തീക്കും. അവർ നിന്റേറ കണ്ണുകൊ കാൺകേ വാളാൽ പട്ടും; എല്ലാ
യഹൂദയെയും ബാബേലിന്നാമാറു നിവ്വസിപ്പിപ്പാനും വാൾകൊണ്ടു കൊല്ലു
വാനും ഞാൻ ബാബേൽരാജാവിൻ കൈക്കൽ ഏല്പിക്കയും, ഈ പട്ടണ
5 ത്തിലേ സമസ്തനിധിയും അവൊ അദ്ധ്വാനിച്ചു നേടിയതും അതിലേ അമൂ
ല്യങ്ങളൊ ഒക്കയും യഹൂദാരാജാക്കന്മാരുടേ സകലഭണ്ഡാരങ്ങളെയും അവ
രുടേ ശത്രുകൈയിൽ കൊടുക്കയും, ഇവർ അവ പിടിച്ചുപറിച്ചും എടുത്തും
കൊണ്ടു ബാബേലിൽ കടത്തുകയും ചെയ്യും. പശ്ഹൂർ നീയും സകലവീട്ടു
6 കാരുമായി പ്രവസിച്ചു പോകും: നീ ബാബേലിൽ പുക്കു അവിടേ മരിച്ചു
അവിടേ കുഴിച്ചിടപ്പെട്ടും. നീ പൊളിയിൽ പ്രവചിച്ചു പോന്ന എല്ലാ
സ്നേഹിതരുമായി തന്നേ.

20. അദ്ധ്യായം

(7) കിട്ടിയ തുരം നിമിത്തം പ്രവാചകൻ സങ്കടം പറഞ്ഞും (11) സ്തുതി
ച്ചും (14) ജനനനാൾ ശപിച്ചും ചൊല്ലിയതു.

7 യഹോവേ നീ എന്നെ വശീകരിച്ചു ഞാനും വശമായി; നീ എന്നെ പി
ടിച്ചപ്പൊൾ വെന്നു; ഞാൻ പകൽ മുഴുവൻ ചിരിപ്പിനായി തീർന്നു, ഏവ
8 നും എന്നെ പരിഹസിക്കുന്നു. കാരണം ഞാൻ ഉരിയാടുംതോറും കരക
യും സാഹസവും ഇടങ്ങേറും ചൊല്ലിവിളിക്കയും വേണം. പിന്നേ യഹോ
വാവചനം എനിക്കു പകൽ മുഴുവൻ നിന്ദയും ഇളിഭ്യവും വരുത്തുന്നു.
9 ''ഇനി അവനേ ഓൎക്കയില്ല അവന്റേറ നാമത്തിൽ ഇനി സംസാരിക്ക
ഇല്ല'' എന്നു പറഞ്ഞപ്പൊഴേക്കൊ അതു എന്റേറ ഹൃദയത്തിൽ കത്തി
എല്ലുകളിൽ അടഞ്ഞൊരു തീ പോലേ ചമെഞ്ഞു, ആയതു സഹിപ്പാൻ
10 ഞാൻ തളർന്നു ആവതു ഇല്ലാതേ ആയി. (സങ്കീ. 31, 14) ഞാനല്ലൊ
പലരുടേ കുരള കേൾക്കുന്നു: ''ഹൊ ചുറ്റും അച്ചം! അതു അറിയിക്കേ
ണം, നാം അവനെ അറിയിക്കട്ടേ!'' എന്നു തന്നേ. ''പക്ഷെ അവനെ
വശീകരിക്കാം നാം അവനെ വെന്നു അവങ്കൽ പകവീളുകിലും ആം''
എന്നു എന്റേറ കൂറുകാരും എൻ നൊണ്ടലിന്നു കാത്തിരിക്കുന്നു.— എന്നി
11 ട്ടും വീരപ്രൌഢനായി യഹോവ എന്നൊടു കൂടേ ഉണ്ടു, ആകയാൽ എന്നെ
പിന്തുടരുന്നവർ ആവതില്ലാതേ ഇടറി, ബുദ്ധിവൈക്കാല്യംകൊണ്ടു ഏറ്റവും
12 നാണിച്ചു എന്നും മറക്കാത്ത ലജ്ജയിൽ അകപ്പെട്ടും. (11, 20) നീതിമാ
നെ ശോധന ചെയ്തു ഉൾപ്പൂവുകളെയും ഹൃദയത്തെയും കാണുന്ന സൈന്യങ്ങ
ളുടയ യഹോവേ നീ അവരിൽ ചെയ്യുന്ന പ്രതികാരം ഞാൻ കാണും, എൻ
13 വ്യവഹാരത്തെ നിങ്കലല്ലൊ ഏല്പിച്ചു. യഹോവെക്കു പാടുവിൻ! യഹോ
വയെ സ്തുതിപ്പിൻ, ദുഷ്കൃതികളുടേ കയ്യിൽ നിന്നു ദരിദ്രന്റേറ പ്രാണനെ
ഉദ്ധരിക്കയാൽ തന്നേ!
14 ഞാൻ പിറന്ന നാൾ ശപിക്കപ്പെട്ടതു, അമ്മ എന്നെ പെറ്റ ദിവസം
15 ആശീർവ്വദിക്കപ്പെടാതിരിക്ക! എന്റേറ അപ്പനോടു ''നിനക്കു ഓർ ആൺ
കുട്ടി ജനിച്ചു'' എന്ന സുവാൎത്ത അറിയിച്ചു അതിസന്തോഷം വരുത്തിയ
16 ആൾ ശപിക്കപ്പെട്ടവൻ! ആ ആൾ യഹോവ അനുതാപം വരാതേ മറിച്ചു
കളഞ്ഞ നഗരങ്ങൾക്കു ഒത്തുചമെഞ്ഞു രാവിലേ മുറവിളിയും ഉച്ചെക്കു
17 പോർവിളിയും കേൾപ്പൂതാക.! അവൻ ഉദരത്തിൽ തന്നേ എന്നെ മരിപ്പി
ക്കാഞ്ഞതു എന്തുകൊണ്ടു? എന്നാൽ അമ്മ എനിക്കു ശവക്കുഴിയും അവളുടേ
18 ഗർഭധാരണം എന്നും തീരാത്തതുമായിരുന്നു. ഞാൻ കഷ്ടവും ദുഃഖവും കണ്ടു
പോന്നു വാഴ്നാൾ ലജ്ജയിൽ മുടിയേണ്ടതിന്നു ഗർഭത്തിൽ നിന്നു പുറപ്പെ
ട്ടതു എന്തിന്നു പോൽ?!

II പ്രബന്ധം. കല്ദയരാലേ ശിക്ഷയെയും മശീഹാവിൻറെ രക്ഷാകാലത്തെയും പ്രവചിച്ചത. (അ. 21—33.)

1. ഇടയന്മാരെ ചൊല്ലി പ്രവചിച്ചത. (21–24.)

21. അദ്ധ്യായം

ചിദക്കിയ്യാവിനു (4) നഗരശിക്ഷയും (8) രക്ഷവഴിയും അറിയിച്ചത.

1 ചിദക്കിയ്യാരാജാവ് മല്ക്കീയാപുത്രനായ പശ്ഹൂരിനെയും മാസേയാപു
ത്രനായ ചഫന്യാ എന്ന പുരോഹിതനെയും യിറമിയാവിൻ അടുക്കേ അയ
2 ച്ചു: ''ബാബേൽരാജാവായ നബുകദ്രേചർ നമ്മോടു പൊരുകയാൽ ഞ
ങ്ങൾക്കു വേണ്ടി യഹോവയോടു ചോദിക്കേണമേ! പക്ഷേ ഇവൻ നമ്മെ
വിട്ടു മടങ്ങേണ്ടതിന്നു യഹോവ തൻറെ സകല അത്ഭുതങ്ങൾക്കു തക്കവണ്ണം
നമ്മോടു ചെയ്യും'' എന്നു പറയിച്ചപ്പോൾ യഹോവയിൽനിന്നു യിറമിയാ
വിന്നു ഉണ്ടായ വചനം.
3 യിറമിയാ അവരോടു പറഞ്ഞു: നിങ്ങൾ ചിദക്കിയ്യാവിനോടു പറ
4 വിൻ: ഇസ്രയേലിൻ ദൈവമായ യഹോവ പറയുന്നിതു: മതിലിന്മേൽ പുറമേ
നിങ്ങളെ മുട്ടിക്കുന്ന ബാബേൽരാജാവുതലായ കല്ദയരോടു നിങ്ങൾ പോ
രാടിക്കൊണ്ടു കൈയിൽ ഏന്തുന്ന പടക്കരുക്കളെ ഞാൻ ഇതാ മടക്കി ഈ
5 പട്ടണത്തിൻ നടുവിലേക്കു കൂട്ടുന്നു. ഞാൻ തന്നേയും നീട്ടിയ കൈകൊണ്ടും
ബലത്ത ഭുജംകൊണ്ടും കോപത്തിലും ചൂട്ടിലും വലിയ ചിനത്തിലും നിങ്ങ
6 ളോടു പോരാടി, ഈ നഗരവാസികളായ മനുഷ്യരെയും പശുക്കളെയും ഹ
നിക്കും അതിമഹാരോഗത്താൽ അവർ മരിക്കും. അതിൽ പിന്നേ ഈ പട്ട
7 ണത്തിൽ മഹാരോഗവും വാളും ക്ഷാമവും ശേഷിപ്പിച്ചുള്ള യഹൂദാരാജാവാ
യ ചിദക്കിയ്യാവെയും ഭൃത്യന്മാരെയും ജനത്തെയും ഞാൻ ബാബേൽരാജാ
വായ നബുകദ്രേചരുടേ കയ്യിലും ശത്രുക്കളുടേ കയ്യിലും അവരുടേ പ്രാണ
നെ അന്വേഷിക്കുന്നവരുടേ കയ്യിലും കൊടുക്കും, ഇവൻ അവരെ ആദരിക്ക
യും പൊറുക്കയും കനിഞ്ഞുകൊൾകയും ചെയ്യാതേ വാളിൻ വായാൽ കൊ
ല്ലുവാൻ തന്നേ, എന്നു യഹോവയുടേ അരുളപ്പാടു.
8 പിന്നേ ഈ ജനത്തോടു പറക! യഹോവ പറയുന്നിതു: ഞാൻ ജീവവ
ഴിയെയും മരണവഴിയെയും ഇതാ നിങ്ങൾക്കു മുമ്പിൽ വെക്കുന്നു. ഈ പട്ട
9 ണത്തിൽ പാർക്കുന്നവൻ വാൾ ക്ഷാമം മഹാരോഗം ഇവയാൽ മരിക്കും; നി
ങ്ങളെ മുട്ടിക്കുന്ന കല്ദയരോടു ചേരുവാൻ പുറപ്പെടുന്നവൻ ജീവിക്കും, അ
10 വനു പ്രാണൻ തന്നേ കൊള്ളയാകും. കാരണം ഞാൻ നന്മെക്കല്ല തിന്മെക്ക
രേ എൻ മുഖത്തെ ഈ പട്ടണത്തിന്നു എതിർവെച്ചു കിടക്കുന്നു. അതു ബാ
ബേൽരാജാവിൻ കൈക്കൽ കൊടുക്കപ്പെടും, അവൻ അതിനെ തീയിൽ
ചുടും, എന്നു യഹോവയുടേ അരുളപ്പാടു.—പിന്നേ യഹൂദാരാജാലയത്തോ
11 ടു (ചൊല്ലുന്നിതു): യഹോവാവചനത്തെ കേൾപ്പിൻ. ഹേ ദാവിദിൻഗൃഹ
12 മേ യഹോവ പറഞ്ഞിതു: നിങ്ങളുടേ പ്രവൃത്തിദോഷം നിമിത്തം എൻറെ
ഊഷ്മാവു തീ പോലേ പൊങ്ങി കെടാതവണ്ണം കത്തായ്വാൻ രാവി
ലേ രാവിലേ ന്യായം വിസ്തരിക്കയും, പിടിച്ചുപറി അനുഭവിച്ചവനെ
പീഡിപ്പിക്കുന്നവൻറെ കയ്യിൽനിന്നു ഉദ്ധരിക്കയും ചെയ്വിൻ!
13 അല്ലയോ താഴ്വരയിലും സമനിലത്തേപാറയിലും വസിപ്പവളേ!
''ഇങ്ങോട്ടു ആർ കീഴിയും, ഞങ്ങടേ പാർപ്പുകളിൽ ആർ പൂകും''? എന്നു
പറയുന്നവരേ! ഞാൻ ഇതാ നിന്നെക്കൊള്ളേ വരുന്നു എന്നു യഹോവയുടേ
14 അരുളപ്പാടു. നിങ്ങടേ പ്രവൃത്തികളുടേ ഫലത്തിന്നു തക്കവണ്ണം ഞാൻ

നിങ്ങളെ സന്ദർശിച്ച അവളുടേ കാട്ടിൽ തീ കത്തിക്കുന്നതു ചുറുമുള്ളത് ഒക്കയും തിന്നുകളയും, എന്നു യഹോവയുടേ അരുളപ്പാടു.

22. അദ്ധ്യായം

യോയക്കീം രാജാവിനെ നീതികേടനിമിത്തം ശാസിച്ചു (10) യോവ ഹാജിന്നു വന്ന ശിക്ഷയെ അവൻ വിചാരിയാതേ പോയാൽ (13) ഏറ്റം സങ്കടമുള്ള അപമൃത്യു തട്ടും എന്നും (20) യഹൂദയിലും (24) യക്കോന്യാരാജാവിലും ന്യായവിധികളും അറിയിച്ച ശേഷം (23,1) നല്ല ഇടയന്റേ വാഗ്ദത്തം.

1 യഹോവ പറഞ്ഞിതു: യഹൂദാരാജാലയത്തേക്കു ഇറങ്ങിച്ചെന്നു ഈ
2 വചനത്തെ അവിടേ ഉരെക്ക. അല്ലയോ ദാവിദിൻ സിംഹാസനത്തിൽ
ഇരിക്കുന്ന യഹൂദാരാജാവായുള്ളോവേ നീയും നിന്റേ ഭൃത്യന്മാരും ഈ വാ
തിലുകളുടേ പൂകുന്ന നിന്റേ ജനവുമായി യഹോവാവചനം കേൾക്ക.
3 യഹോവ പറഞ്ഞിതു: ന്യായവും നീതിയും നടത്തിക്കൊണ്ടു പിടിച്ചുപറി
അനുഭവിച്ചവനെ പീഡിപ്പിക്കുന്നവന്റേ കയ്യിൽനിന്നു ഉദ്ധരിപ്പിൻ!
പരദേശി അനാഥൻ വിധവ ഇവരെ അതിക്രമിച്ചും വലെച്ചും പോകാതേ
യും ഈ സ്ഥലത്തു കുറ്റമില്ലാത്ത രക്തം ചൊരിയാതേയും ഇരിപ്പിൻ. ഈ
4 വാക്കു നിങ്ങൾ ഉള്ളവണ്ണം ചെയ്താൽ (17,27) ദാവിദിൻ സിംഹാസന
ത്തിൽ ഇരിക്കുന്ന രാജാക്കന്മാർ രഥവും കുതിരയും ഏറി താന്താന്റേ ഭൃത്യ
5 രും ജനവുമായി ഈ മാടത്തിൻ വാതിലുകളിൽ കടക്കും. ഈ വാക്കുകളെ
നിങ്ങൾ കേളായ്കിലോ എന്നാണ സത്യം ഈ മാടം പാഴ്നിലമായ്ത്തീ
6 രും എന്നു യഹോവയുടേ അരുളപ്പാടു.— യഹൂദാരാജാലയത്തെ കുറിച്ചാ
കട്ടേ യഹോവ പറയുന്നിതു: നീ എനിക്കു ഗിലെയ്യാദ് (വനവും) ലിബനോ
ന്റേ ശിഖരവും ആയിട്ടും എന്നാണ നിന്നെ മരുവും കുടിയില്ലാത്ത ഊരു
7 മാക്കിവെക്കും. നിണക്കു എതിരേ സംഹാരികളെ അവനവന്റേ ആയു
ധങ്ങളുമായി ഞാൻ സംസ്കരിക്കുന്നു, അവർ നിന്റേ ദേവദാരുക്കാതൽ
8 മുറിച്ചു തീയിൽ വീഴ്ത്തും. പല ജാതികളും ഈ പട്ടണത്തിൽ കടന്നു ''ഈ
വലിയ പട്ടണത്തെ യഹോവ ഇങ്ങനേ ചെയ്വാൻ എന്തു മൂലം''? എന്നു
9 തങ്ങളിൽ പറയുമ്പോൾ, അവർ സ്വദൈവമായ യഹോവയുടേ നിയമ
ത്തെ ഉപേക്ഷിച്ചു അന്യദേവകളെ നമസ്കരിച്ചു സേവിച്ച മൂലം എന്നു പറ
കയും ആം.
10 മരിച്ച (യോശിയ്യാവെ) ചൊല്ലി കരകയും തൊഴിക്കയും ഒല്ല; പോയി
ക്കളയുന്നവനെ ചൊല്ലി കരകേ വേണ്ടു, അവൻ ഇനി മടങ്ങിവരികയും
11 ജന്മദേശത്തെ കാൺകയും ഇല്ലല്ലോ. യോശീയാപുത്രനായി യോശീയാ
എന്ന പിതാവിൻ സ്ഥാനത്തു വാണ ശേഷം ഈ സ്ഥലത്തു നിന്നു പുറപ്പെ
ട്ടുപോയ യഹൂദാരാജാവായ ശല്ലുമിനെക്കൊണ്ടാകട്ടേ യഹോവ പറയുന്നി
12 തു: അവൻ ഇവിടേക്കു മടങ്ങി വരിക ഇല്ല. ഈ ദേശത്തെ ഇനി കാണാ
തേ നിവ്വസിപ്പിച്ചാക്കിയ സ്ഥലത്തു മരിക്കേ ഉള്ളു.
13 നീതികേടുകൊണ്ടു തനിക്കു മാടവും ന്യായക്കേടുകൊണ്ടു മാളികകളും
തീർത്തുകൊണ്ടു, കൂട്ടരെ വെറുതേ പണി എടുപ്പിച്ചു അവനവനു കൂലി കൊടു
14 ക്കാതേ കണ്ടു: ''എനിക്കു വിശാലമാടവും ഇടമ്പെട്ട മാളികകളും തീക്കട്ടേ:''
എന്നു ചൊല്ലി ചാലകങ്ങളെ നീട്ടി പെരുപ്പിച്ചു ദേവദാരുകൊണ്ടു മച്ചുപടു
15 ത്തു ചായിലൃം തേച്ചു പണിയുന്നവനു ഹാ കഷ്ടം! ദേവദാരുക്കൊംകൊണ്ടു
നീ (ശലോമോവോടു) അങ്കം തൊടുത്താൽ രാജാവ് എന്നു വരുമോ? നി
ന്റേ പിതാവു ഭക്ഷിച്ചു കുടിച്ചുകൊണ്ടും ന്യായവുംനീതിയും നടത്തി ഇല്ല
16 യോ?അന്നു അവനു നന്നല്ലയോ? എളിയവനും ദരിദ്രനും അവൻ ന്യായം

വിധിച്ചന്ന (എല്ലാവക്കും) നന്നല്ലോ? എന്നെ അറിക എന്നുള്ളത് ഇതു തന്നേ
17 യല്ലോ? എന്ന യഹോവയുടേ അരുളപ്പാട്ട. നിന്റേറ കണ്ണും മനസ്സും നോ
ക്കുന്നതോ ലാഭലോഭം, കുറമില്ലാത്ത രക്തം ചൊരിക, പീഡയും ഞെരി
18 ച്ചലും നടത്തുക ഇവ അല്ലാതേ മറൊന്നിന്നും അല്ല.— അതുകൊണ്ടു യോ
ശീയാപുത്രനും യഹൂദാരാജാവും ആയ യോയാക്കീമെ ചൊല്ലി യഹോവ പ
റയുന്നിതു: അയ്യോ എൻ സഹോദര അയ്യോ സഹോദരീ എന്ന (ചാന്വരു)ം
അയ്യോ തമ്പുരാനേ അയ്യോ അവന്റേറ പ്രതാപം എന്ന (പ്രജകളു)ം ഇവ
19 നായി അലയും മുറയും തുടങ്ങുകയില്ല. യരുശലേംവാതില്കൽക്കു ദൂരേ
ഇഴെച്ചു ചാടി കഴുതയെ മറ ചെയ്യും പോലേ അവൻ കുഴിച്ചിടപ്പെടും.
20 എടീ നിന്റേറ കാമുകന്മാർ ഒക്ക തകർന്ന കിടക്കയാൽ ലിബനോനിൽ ക
യറി നിലവിളിക്ക, ബാശാനിലും ഒച്ച കേൾപ്പിക്ക, അബരീമിൽനി
21 ന്നും നിലവിളിക്ക! നിന്റേറ സുഖകാലത്തു ഞാൻ നിന്നോടു സംസാരിച്ചു.
''ഞാൻ കേൾക്കയില്ല'' എന്നു നീ പറഞ്ഞു; എൻ ശബ്ദം കേളായ്ക എന്ന
22 തു ബാല്യം മുതൽ നിന്റേറ ശീലമത്രേ. നിന്റേറ ഇടയന്മാരെ ഒക്കയും കൊ
ടുങ്കാറ്റു മേഞ്ഞുകളയും, നിൻ കാമുകന്മാർ അടിമയിലേക്കു പോകും, അ
ന്നു നിന്റേറ സർവ്വദോഷം നിമിത്തം നീ നാണിച്ചു ലജ്ജിക്കും. ഹേ ദേവ
23 ദാരുക്കളിൽ കൂടു കൂട്ടി ലിബനോനിൽ (എന്ന പോലേ) വസിപ്പവളേ
പെറുന്നവൎക്കു ഒത്തവണ്ണം നിനക്കു വലിനോവുകൎം വരുമ്പോൎം എന്തൊ
ന്നു വീർക്കും!
24 യഹോവയുടേ അരുളപ്പാടാവിതു: എൻ ജീവനാണ യോയക്കീം പുത്ര
നായ കോന്യാ എന്ന യഹൂദാരാജാവു എൻ വലങ്കൈമേൽ മുദ്രമോതിരം
25 ആയാലും അവിടുന്നു ഞാൻ നിന്നെ പറിച്ചു, നിൻ പ്രാണനെ അന്വേഷി
ക്കുന്നവരുടേ കയ്യിലും നീ ഭയപ്പെടുന്നവരുടേ കയ്യിലും ബാബേൽ രാജാവായ
26 നബുകദ്രേചരുടേ കയ്യിലും കല്ദയരേ കയ്യിലും കൊടുത്തു, നിന്നെയും നി
ന്നെ പെറമ്മയെയും നിങ്ങൎം ജനിക്കാത്ത മറുനാട്ടിലേക്കു ചാട്ടിക്കളയും,
27 അവിടേ നിങ്ങൎം മരിക്കും. അവർ മടങ്ങിപ്പോരുവാൻ മനംചെല്ലുന്ന ദേശ
28 ത്തേക്കു മടങ്ങിവരികയും ഇല്ല.— കോന്യാ എന്ന ഈ പുരുഷൻ ധിക്ക
രിച്ചു പൊട്ടിച്ചൊരു കോപ്പോ ഇഷ്ടക്കേടു വന്ന പാത്രമോ? പിന്നേ അവ
നും സന്തതിയും അറിയാത്ത നാട്ടിലേക്കു ചാട്ടി എറിയപ്പെടുവാൻ എന്തു?
29 അല്ലയോ ദേശമേ ദേശമേ ദേശമേ യഹോവാവചനത്തെ കേൾക്ക! യഹോവ
30 പറയുന്നിതു: ഈ പുരുഷനെ നിഷ്പുത്രൻ എന്നും ആയുസ്സിങ്കൽ ശുഭം കാ
ണാത്ത ആൎ എന്നും എഴുതുവിൻ! ദാവിദിൻ സിംഹാസനത്തിൽ ഇരുന്നു
യഹൂദയിൽ ഇനി വാഴുവാൻ അവന്റേറ സന്തതിയിൽ ഓർ ആണും മുഴു
ക്കയില്ല സത്യം.

23, 1 ഞാൻ മേയ്ക്കുന്ന ആട്ടിങ്കൂട്ടത്തെ നശിപ്പിച്ചു ചിതറിക്കുന്ന ഇടയൻമാർ
2 ക്കു ഹാ കഷ്ടം! എന്ന യഹോവയുടേ അരുളപ്പാടു. ആകയാൽ ഇസ്രയേലിൻ
ദൈവമായ യഹോവ എൻ ജനത്തെ മേയ്ക്കുന്ന ഇടയൻമാരെ കുറിച്ചു പറ
3 യുന്നിതു: നിങ്ങൎം എൻ ആട്ടിങ്കൂട്ടത്തെ സന്ദർശിക്കാതേ ചിതറിച്ചു തള്ളി
കളഞ്ഞു; ഞാൻ ഇതാ നിങ്ങളുടേ പ്രവൃത്തികളുടേ ദോഷത്തെ നിങ്ങളിൽ
4 സന്ദർശിക്കും എന്ന യഹോവയുടേ അരുളപ്പാടു. ആട്ടിൻ ശേഷിപ്പിനെ
ഞാൻ അവരെ തള്ളിവിട്ട സകലദേശങ്ങളിൽനിന്നും ചേൎത്തു അവയുടേ
പുലങ്ങളിലേക്കു മടക്കീട്ടു പെരുകി വർദ്ധിപ്പാറാക്കി, അവരെ മേയ്ക്കുന്ന
ഇടയന്മാരെ കല്പിച്ചാക്കും. ഇനി അവർ ഭയപ്പെടുകയും അഞ്ചുകയും ഇല്ല
5 കാണാതേപോകയും ഇല്ലഎന്ന യഹോവയുടേ അരുളപ്പാടു.— ഞാൻ ദാ
വിദിന നീതിയുള്ള തളിരിനെ (യശ. 11, 1) എഴുനീല്പിക്കുന്ന നാളുകൎം
ഇതാ വരുന്നു. ആയവൻ രാജാവായി വാണു ബുദ്ധിയോടേ വ്യാപരിച്ചു
6 ഭൂമിയിൽ ന്യായവും നീതിയും നടത്തും. അവന്റേറ നാളുകളിൽ യഹൂദ
രക്ഷപ്പെടുകയും ഇസ്രയേൽ നിർഭയമായി വസിക്കയും ചെയ്യും, അവനു

വിളിപ്പാനുള്ള പേർ ''ഞങ്ങളുടേ നീതി യഹോവ'' എന്നാകും എന്ന യ
7 ഹോവയുടേ അരുളപ്പാട്.—(16, 14*f.*) ആയതുകൊണ്ട ഇസ്രയേൽപുത്രൻ
മാരെ മിസ്രദേശത്തുനിന്ന കരേററിയ യഹോവാജീവനാണ എന്നല്ല,
8 വടക്കേ ദിക്കിൽനിന്നും ഞാൻ അവരെ തള്ളിവിട്ട സവ്വദേശങ്ങളിൽനിന്നും
ഇസ്രയേൽഗൃഹസന്തതിയെ കരേററി വരുത്തി അവരേ നാട്ടിൽ വസിപ്പാ
റാക്കിയ യഹോവാജീവനാണ എന്നത്രേ പറയുന്ന നാളുകളും ഇതാ വരു
ന്നു, എന്ന യഹോവയുടേ അരുളപ്പാട്.

23. അദ്ധ്യായം

(9) കള്ളപ്രവാചകന്മാരെ ഉന്നടപ്പുനിമിത്തം (16) ഏവരും ഒഴിച്ച (23) ദേവശിക്ഷയെ കാത്തുനിന്ന (33) ദിവ്യവാക്കുകളെ ഹാസ്യമാക്കാതിരി ക്കേണം.

9 പ്രവാചകന്മാരെ കുറിച്ച. എന്നുള്ളിൽ ഹൃദയം നുറുങ്ങി എല്ലുകളും ഒക്ക
യും ഉലയുന്നു, ഞാൻ മത്തനും വീഞ്ഞു കവിഞ്ഞ പുരുഷനും ഒത്ത ചമഞ്ഞതു
യഹോവയുടേ മുമ്പാകേ അവന്റേ വിശുദ്ധവചനങ്ങൾനിമിത്തം മുമ്പാകേ തന്നേ.
10 അവ എന്തെന്നാൽ: ദേശം വ്യഭിചാരികളാൽ നിറഞ്ഞു, ശാപം ഹേതു
വായി ഭൂമി ഖേദിച്ചും മരുവിലേ പുലങ്ങളും ഉണങ്ങിയും പോയി, (ജന
11 ങ്ങളുടേ) ഓട്ടം വിടക്കും അവരുടേ വീര്യം നേരുകേടും അത്രേ. പ്രവാചകൻ
ആയാലും പുരോഹിതൻ ആയാലും ബാഹ്യരത്രേ, എന്നാലയത്തിൽ കൂടേ
ഞാൻ അവരുടേ ദോഷത്തെ കണ്ടു പിടിച്ച എന്ന യഹോവയുടേ അരുളപ്പാട്.
12 അതുകൊണ്ട് അവരുടേ വഴി ഇരിട്ടിൽ വഴുവഴുപ്പുകളും പോലേ ആകും,
അവർ അതിൽ തള്ളകൊണ്ടു വീഴും. ഞാൻ അവരുടേ മേൽ സന്ദർശികയും
13 ആണ്ടാകുന്ന തിന്മ വരുത്തുമല്ലോ എന്ന യഹോവയുടേ അരുളപ്പാട്.— ശമ
ര്യപ്രവാചകരിൽ ഞാൻ നീരസമായതിനെ കണ്ടു: അവർ ബാളിലായി
14 പ്രവചിച്ചുകൊണ്ടു എൻ ജനമായ ഇസ്രയേലെ തെററിച്ച. യരുശലേമ്യപ്ര
വാചകരിലോ ഞാൻ അതിഭൈരവമായതു കണ്ടു: വ്യഭിചരിക്കയും വ്യാജ
ത്തിൽ നടക്കയും ആരും ദോഷത്തിൽനിന്ന തിരിയാതവണ്ണം ദുഷ്കൃതിക
ളുടേ കൈകളെ ഉറപ്പിക്കയും തന്നേ ആയവർ ഒക്കേ എനിക്കു സദോമിനും
15 നിവാസികൾ ഘമോറെക്കും ഒത്ത ചമഞ്ഞു. അതുകൊണ്ടു സൈന്യങ്ങളുടയ
യഹോവ പ്രവാചകന്മാരെ കുറിച്ച പറയുന്നിതു: (9, 14) ഇവരെ ഞാൻ
ഇതാ മക്കിപ്പു തീററി കാഞ്ഞിരവെള്ളം കുടിപ്പിക്കും, യരുശലേമ്യപ്രവാ
ചകരിൽനിന്ന ബാഹ്യഭ്രഷ്ടത ദേശത്ത് എങ്ങും പരക്കയാൽ തന്നേ.
16 സൈന്യങ്ങളുടയ യഹോവ പറയുന്നിതു: നിങ്ങളോടു പ്രവചിക്കുന്ന
പ്രവാചകരുടേ വാക്കുകളെ കേൾക്കരുതേ! യഹോവവായിൽനിന്നുള്ളതല്ല
തങ്ങളുടേ ഹൃദയത്തിലേ ദർശനം ചൊല്ലികൊണ്ടു നിങ്ങളെ മയക്കുന്നു.
17 എന്നെ നീരസിക്കുന്നവരോടു അവർ നിത്യം പറയുന്നു: ''നിങ്ങൾക്കു സമാ
ധാനം ഉണ്ടാകും എന്ന യഹോവ ഉരെച്ച;'' പിന്നേ ഹൃദയശാഠ്യത്തിൽ നട
ക്കുന്നവനോടു എല്ലാം: ''നിങ്ങടേ മേൽ ദോഷം വരിക ഇല്ല'' എന്നു
18 (അവരിൽ) ആർ യഹോവാസംഘത്തിൽ അവന്റേ വചനം കണ്ടു കേൾ
19 പ്പാൻ നിന്നതു? എൻ വചനത്തെ ആർ കുറിക്കൊണ്ടു കേട്ട? യഹോവയുടേ
വിശറു ഇതാ! ഊഷ്മാവു പുറപ്പെട്ട തള്ളിച്ചുഴന്നക്കാററു ദുഷ്ടരുടേ തലമേൽ ത
20 ട്ടും. യഹോവയുടേ കോപം അവൻ ഹൃദയത്തിന്റേ നിരൂപണങ്ങളെനടത്തി
നിവിർത്തുംവരേ മടങ്ങുക ഇല്ല, അതു നാളുകളുടേ അവസാനത്തിൽ നിങ്ങൾ
21 ക്കു തിരിഞ്ഞു ബോദ്ധ്യമാം. ആ പ്രവാചകന്മാർ ഞാൻ അയക്കാഞ്ഞിട്ട്
22 ഓടി ഞാൻ ഉരിയാടാഞ്ഞിട്ടും പ്രവചിച്ച. അവർ എൻ സംഘത്തിൽ
നിന്ന എങ്കിൽ എൻ ജനത്തെ എന്റേ വചനങ്ങളെ കേൾപ്പിച്ച അവരുടേ

ദുഷ്ടിയിൽനിന്നും പ്രവൃത്തികളുടേ ദോഷത്തിൽനിന്നും മടക്കുമായിരുന്നു.
23 ഞാൻ ദൂരേയുള്ളതിന്നല്ല അടുക്കേ മാത്രം ദൈവം ആ,ന്നോ? എന്നു യഹോവ
24 യുടേ അരുളപ്പാടു. അല്ല ഞാൻ കാണാതവണ്ണം ഓരാൾ മറയിടങ്ങളിൽ ഒളിച്ചുകൊള്ളുമോ? എന്നു യഹോവയുടേ അരുളപ്പാടു. ഞാൻ വാനങ്ങളും ഭൂമിയും നിറഞ്ഞിരിപ്പവൻ അല്ലയോ എന്നു യഹോവയുടേ അരുളപ്പാടു.
25 ഞാൻ സ്വപ്നം കണ്ടു സ്വപ്നം കണ്ടു എന്നു എന്നാമത്തിൽ പൊളി പ്രവചി
26 ക്കുന്ന പ്രവാചകന്മാർ പറയുന്നതു ഞാൻ കേട്ടു. ഇതു് എത്രോടം? പൊളി പ്രവചിക്കുന്ന പ്രവാചകന്മാരും സ്വഹൃദയത്തിൻ മറിമായം പ്രവചിക്കുന്ന
27 വരും തമ്മിൽ വിവരിച്ചു ചൊല്ലുന്ന തങ്ങളുടേ സ്വപ്നങ്ങളെക്കൊണ്ടു എൻ ജനത്തെ എന്നാമത്തെ മറപ്പിക്കേണം എന്നു മനസ്സിൽ ഉണ്ടോ? അവരുടേ അപ്പന്മാർ ബാളെക്കൊണ്ടു എൻ നാമത്തെ മറന്നതുപോലേ ഇവരും (ചെ
28 യ്വാൻ) ഭാവിക്കുന്നുവോ? സ്വപ്നം കിട്ടിയ പ്രവാചകൻ സ്വപ്നത്തെ വിവരിക്ക, എൻ വചനം കിട്ടിയവൻ എൻ വചനത്തെ ഉണ്മയിൽ ചൊല്ലുക! പു
29 ല്ലും നെല്ലും ഭേദം ഇല്ലയോ? എന്നു യഹോവയുടേ അരുളപ്പാടു. എൻ വചനം എന്നതു് അഗ്നിക്കും പാറയെ പൊടിച്ചുകളയുന്ന ചുറ്റികെക്കും ഒത്തതു്
30 അല്ലയോ? എന്നു യഹോവയുടേ അരുളപ്പാടു.— ആകയാൽ എൻ വചനങ്ങളെ തമ്മിൽ തമ്മിൽ മോഷ്ടിക്കുന്ന പ്രവാചകന്മാക്കു ഞാൻ ഇതാ എതി
31 രി എന്നു യഹോവയുടേ അരുളപ്പാടു. തങ്ങടേ നാവെടുത്തുംകൊണ്ടു അരുളപ്പാടു് എന്നു് അരുളുന്ന പ്രവാചകന്മാക്കു ഇതാ ഞാൻ എതിരി എന്നു
32 യഹോവയുടേ അരുളപ്പാടു. കള്ളസ്വപ്നങ്ങളെ പ്രവചിച്ചും വിവരിച്ചുംകൊണ്ടു പൊളികളാലും വായ്ത്തിളപ്പിനാലും എൻ ജനത്തെ തെറ്റിക്കുന്ന പ്രവാചകന്മാർ ഞാൻ അയക്കാതേയും കല്പിക്കാതേയും ഉദിച്ചു ഇജ്ജനത്തിന്നു ഒട്ടും ഉതകാത്തതിനാൽ ഞാൻ ഇതാ അവർക്കു് എതിരി എന്നു യഹോവയുടേ അരുളപ്പാടു.
33 പിന്നേ ഈ ജനം താൻ പ്രവാചകൻ താൻ പുരോഹിതൻ താൻ ''യഹോവയുടേ ആജ്ഞ എന്തു''? എന്നു നിന്നോടു (പരിഹസിച്ചു) ചോദിച്ചാൽ അവരോടു (ശിക്ഷാജ്ഞ) പറക: ആജ്ഞ എന്തെന്നോ നിങ്ങളെ
34 ഞാൻ വിട്ടേക്കും എന്നു യഹോവയുടേ അരുളപ്പാടു. പ്രവാചകനോ പുരോഹിതനോ ജനമോ യഹോവയുടേ ആജ്ഞ എന്നു പറഞ്ഞാൽ അയാ
35 ളെയും ഗൃഹത്തെയും ഞാൻ സന്ദർശിക്കും. യഹോവ എന്തു് ഉത്തരം കല്പിച്ചു? എന്നും യഹോവ എന്തു ഉരെച്ചു? എന്നും നിങ്ങൾ താന്താനേറ കൂട്ടരോ
36 ടും സഹോദരനോടും പറയേണ്ടതത്രേ. യഹോവയുടേ ആജ്ഞ എന്നതോ നിങ്ങൾ ഇനി ഓർപ്പിക്കരുതു നിങ്ങൾ നമ്മുടേ ദൈവമായ സൈന്യങ്ങളുടയ യഹോവ എന്ന ജീവനുള്ള ദൈവത്തിനേറ വചനങ്ങളെ മറിച്ചുകളഞ്ഞതുകൊണ്ടു ആ ആജ്ഞ എന്ന വാക്കു ഏവനും ശിക്ഷാജ്ഞയായി തീ
37 രും. യഹോവ നിണക്കു് എന്തു ഉത്തരം തന്നു എന്നും യഹോവ എന്തു ഉരെ
38 ച്ചു എന്നും നീ പ്രവാചകനോടു പറക. യഹോവയുടേ ആജ്ഞ എന്നു നിങ്ങൾ പറകിലോ യഹോവ പറയുന്നിതു: യഹോവാജ്ഞ എന്നു പറയരുതു എന്നു ഞാൻ നിങ്ങൾക്കു പറഞ്ഞയച്ചിട്ടും യഹോവാജ്ഞ എന്നീ വാക്കു
39 നിങ്ങൾ പറകയാൽ, അതു കാരണത്താൽ ഞാൻ ഇതാ നിങ്ങളെ അശേഷം മറന്നു നിങ്ങളെയും ഞാൻ നിങ്ങൾക്കും പിതാക്കൾക്കും തന്ന പട്ടണ
40 ത്തെയും എന്മുഖത്തുനിന്നു വിട്ടേച്ചുകളഞ്ഞു. നിങ്ങളുടേ മേൽ നിത്യനിന്ദയും എന്നും മറക്കാത്ത നിത്യലജ്ജയും വരുത്തുകയും ചെയ്യും.

24. അദ്ധ്യായം

ചിദക്കിയ്യാവിൻ വാഴ്ചയുടേ ആരംഭത്തിൽ അത്തിപ്പഴക്കൊട്ട രണ്ടും (4) യഹൂദരുടേ ഭാവിയെ സൂചിപ്പിക്കുന്ന സദൃശം.

1 **ബാ**ബേൽരാജാവായ നബുകദ്രേചർ യോയാക്കീമിൻപുത്രനായ യകോ
നൃ എന്ന യഹൂദാരാജാവെയും യഹൂദയിലേ പ്രഭുക്കളെയും കമ്മാളരെയും കൊ
ല്ലന്മാരെയും പ്രവസിപ്പിച്ചു ബാബേലിൽ ആമാറു കൊണ്ടുപോയ ശേഷം
യഹോവ എന്നെ ഒന്നു കാണിച്ചു. യഹോവാമന്ദിരത്തിന്റെ മുമ്പിൽ ഇതാ
2 അത്തിപ്പഴങ്ങൾ ഉള്ള രണ്ടു കൊട്ട വെച്ചു നില്ക്കുന്നു. ഒരു കൊട്ട അതിനല്ല
അത്തിപ്പഴങ്ങൾ തന്നേ, മിഥുനപ്പഴങ്ങൾ എന്നു തോന്നും. മറെറ കൊട്ട ഏ
3 റ്റം ചീത്തപ്പഴങ്ങൾ തിന്നരുതാതോളം വിടക്കു. ഹേ യിരമിയാ നീ എന്തു
കാണുന്നു? എന്നു യഹോവ ചോദിച്ചതിന്നു ഞാൻ പറഞ്ഞു: അത്തിപ്പഴ
ങ്ങൾ തന്നേ; അതിൽ നല്ല പഴങ്ങൾ അതി നല്ലവ ആകുന്നു, ചീത്തയാ
4.5 യവ ഏറ്റം ചീത്ത, തിന്നരുതാതോളം വിടക്കു.— എന്നാറെ യഹോവാ
വചനം എനിക്കുണ്ടായി തു: ഇസ്രയേലിൻ ദൈവമായ യഹോവ പറയുന്നി
തു: ഈ നല്ല അത്തിപ്പഴങ്ങളെ (നോക്കും) പോലേ ഞാൻ ഇവിടുന്നു കല്ദയ
നാട്ടിൽ അയച്ചുവിട്ട യഹൂദയിലേ പ്രവാസക്കൂട്ടത്തെ നന്മെക്കായി കരു
6 തി, ഗ്രണത്തിന്നായി എൻ കണ്ണുകളെ അവരിൽ ഇട്ടു അവരെ ഈ ദേശ
ത്തേക്കു മടക്കി വരുത്തി ഇടിക്കാതേ പണിതും പൊരിക്കാതേ നട്ടും
7 കൊള്ളും. ഞാൻ യഹോവ എന്നു എന്നെ അറിവാൻ തക്ക ഹൃദയത്തെയും
അവർക്കു നല്കും, അവർഎനിക്കു ജനവും ഞാൻ അവക്കു ദൈവവും ആകും,
സർവ്വമനസാ അവർ എങ്കലേക്കു തിരിയും സത്യം.— പിന്നേ യഹോ
8 വ പറയുന്നിതു: തിന്നരുതാതോളം വിടക്കായ ചീത്ത അത്തിപ്പഴങ്ങളെ
ചെയ്യും പോലേ യഹൂദാരാജാവായ ചിദക്കിയ്യാവെയും അവന്റെ പ്രഭുക്ക
ളെയും യരുശലേമിൻ ശേഷിപ്പായി ഈ ദേശത്തിൽ ശേഷിച്ചവരെയും
മിസ്രദേശത്തു വസിപ്പവരെയും ഞാൻ ചെയ്യും. (15, 4) ഭൂമിയിലേ സക
9 ല രാജ്യങ്ങൾക്കും അവരെ മെയ്യേറുവാൻ തിന്മെക്കായി കൊടുത്തു, അവരെ
തള്ളി ആട്ടുന്ന സകലസ്ഥലങ്ങളിലും നിന്ദയും പഴഞ്ചൊല്ലും കുത്തുമൊഴി
യും പ്രാക്കലും ആക്കിവെച്ചു, അവർക്കും പിതാക്കന്മാർക്കും കൊടുത്ത
10 നാട്ടിൽനിന്നു ഒടുങ്ങുവോളം വാളിനെയും ക്ഷാമത്തെയും മഹാരോഗത്തെ
യും അവരിൽ അയച്ചു പോരുകയും ചെയ്യും.

2. ബാബേല്യയുഗനിർണ്ണയം. (25—29.)

25. അദ്ധ്യായം

അനുതപിക്കാത്ത യഹൂദെക്കു 70 ആണ്ടേപ്രവാസം ആകുന്ന ശിക്ഷ തട്ടി
യ ശേഷം (12) ബാബേലിലും ന്യായവിധി അകപ്പെടും. (15) പ്രവാച
കൻ ചുറുമുള്ള വംശങ്ങളെ കോപപാത്രത്തെ കുടിപ്പിക്കയും (30) അവരു
ടേ ശിക്ഷയെ അറിയിക്കയും ചെയ്യുന്നു.

1 **യോ**ശിയ്യാപുത്രനായ യോയാക്കീം എന്ന യഹൂദാരാജാവിന്റെ നാലാം
ആണ്ടാകുന്ന ബാബേൽരാജാവായ നബുകദ്രേചരിൻ ഒന്നാം ആണ്ടിൽ യ
2 ഹൂദയിലേ സർവ്വജനത്തിന്മേൽ ഉണ്ടായ വചനം. പ്രവാചകനായ യിര
മിയാ യഹൂദയിലേ സർവ്വജനത്തോടും യരുശലേമിലേ സകലനിവാസിക
ളോടും ഉരെച്ചതാവിതു:
3 ആമോൻപുത്രനായ യോശിയ്യാവെന്ന യഹൂദാരാജാവിന്റെ പതിമ്മൂന്നാം
ആണ്ടുമുതൽ ഇന്നാൾവരേയും ഈ 23 ആണ്ടെല്ലാം യഹോവാവചനം എ
ന്നോടു ഉണ്ടായിട്ടു ഞാൻ പുലരേ നിങ്ങളോടു ഉരെച്ചുപോന്നിട്ടും നിങ്ങൾ
4 കേട്ടില്ല. യഹോവാപ്രവാചകരായ തന്റെ സകലദാസന്മാരെയും പുലരേ
നിങ്ങൾക്കായി അയച്ചുവന്നിട്ടും നിങ്ങൾ കേട്ടില്ല ശ്രവിപ്പാൻ ചെവികളെ

5 ചായ്ച്ചതും ഇല്ല. അവനവൻ തന്റെ ദുർവ്വഴിയെയും നിങ്ങടേ പ്രവൃത്തി
കളുടേ ദോഷത്തെയും വിട്ടു തിരിഞ്ഞുകൊൾവിൻ! എന്നാൽ യഹോവ നി
ങ്ങൾക്കും പിതാക്കന്മാർക്കും കൊടുത്ത ദേശത്തു യുഗാദിമുതൽ യുഗാന്തത്തോ
6 ളം വസിക്കും എന്നും, അന്യദേവകളെ സേവിപ്പാനും നമസ്കരിപ്പാനും
പിഞ്ചെല്ലായ്വിൻ! നിങ്ങളുടേ കൈക്രിയകൊണ്ടു എന്നെ മുഷിപ്പിച്ചാൽ
നിങ്ങൾക്കു ഞാൻ തിന്മ ചെയ്വായ്വാൻ തന്നേ എന്നും (അവർ പറഞ്ഞുവ
7 ല്ലോ). നിങ്ങളോ നിങ്ങൾക്കു തിന്മെക്കായിട്ടു അങ്ങേ കൈക്രിയകൊണ്ടു
എന്നെ മുഷിപ്പിപ്പാൻ തന്നേ എന്നെ കേളാതേപോയി എന്നു യഹോവയുടേ
8 അരുളപ്പാടു.—അതുകൊണ്ടു സൈന്യങ്ങളുടയ യഹോവ പറയുന്നിതു: എൻ
വചനങ്ങളെ നിങ്ങൾ കേളായ്കയാൽ, ഞാൻ ഇതാ ആളയച്ചു വടക്കുള്ള സ
9 കലവംശങ്ങളെയും ചേർത്തു, എൻ ദാസനായ നബൂകദ്രേചർ എന്ന ബാ
ബേൽരാജാവിനെയും (നിമന്ത്രിച്ചു,) ഈ ദേശത്തിന്മേലും അതിലേ കൂടി
യാർമേലും ചുറുള്ള ഈ എല്ലാ ജാതികളുടേ മേലും ആയവരെ വരുത്തി
ക്കൊണ്ടു ഇവരെ പ്രാവിക്കളകയും (നാടുകളെ) വിസ്മയവും ചീറുന്നതും
10 യുഗാന്തരയിടിവുകളും ആക്കി, (16,9) സന്തോഷാനന്ദങ്ങളുടേ ശബ്ദവും
മണവാളന്റെ ശബ്ദവും പുതിയപെണ്ണിൻ ശബ്ദവും തിരക്കല്ലിൻ ഒച്ചയും
വിളക്കിൻ വെളിവും ഇവയിൽ കെടുത്തുകളകയും ചെയ്യും എന്നു യഹോവയു
11 ടേ അരുളപ്പാടു. ഈ നാടു ഒക്കയും കാടായി പാഴായ്പ്പോകും, ഈ ജാ
തികളും ബാബേൽ രാജാവിനെ എഴുപത്താണ്ടു സേവിക്കയും ചെയ്യും.

12 എഴുപത്താണ്ടു തികഞ്ഞാലോ ഞാൻ ബാബേൽരാജാവിലും ആ ജാതി
യിലും കല്ദയദേശത്തിലും അവരുടേ കുറ്റത്തെ സന്ദർശിച്ചു അതിനെ
13 എന്നേക്കും പാഴിടങ്ങൾ ആക്കിവെക്കും. ആ നാട്ടിന്മേൽ ഞാൻ ഉരെച്ച
എല്ലാ വചനങ്ങളെയും യിറമിയാ സകലജാതികളുടേ മേൽ പ്രവചിച്ചിട്ടു
ഈ പുസ്തകത്തിൽ എഴുതിവെച്ചതു ഒക്കയും ഞാൻ അതിന്മേൽ വരുത്തും.
14 സാക്ഷാൽ അവരെ കൂടേ പല ജാതികളും മഹാരാജാക്കന്മാരും സേവിപ്പി
ക്കും, അവരുടേ വേലെക്കും കൈക്രിയെക്കും തക്കവണ്ണം ഞാൻ അവർക്കു
പകരം വീട്ടും.

15 എങ്ങനേ എന്നാൽ ഇസ്രയേലിൻ ദൈവമായ യഹോവ എന്നോടു പറ
ഞ്ഞിതു: ഈ ക്രോധവീഞ്ഞിൻ പാത്രത്തെ എൻ കൈയിൽനിന്നു വാങ്ങി
ഞാൻ നിന്നെ അയക്കുന്ന സകലജാതികളെയും അതിനെ കുടിപ്പിക്ക, അ
16 വർ കുടിച്ചു ഞാൻ അവരുടേ ഇടയിൽ അയക്കുന്ന വാളിന്നു ചാഞ്ചാടി ഭ്രാ
17 ന്തുപിടിച്ചു നടപ്പാനായി തന്നേ. എന്നാറേ ഞാൻ പാനപാത്രത്തെ യഹോ
വകയ്യിൽനിന്നു വാങ്ങി യഹോവ എന്നെ അയച്ച സകലജാതികളെയും
18 കുടിപ്പിച്ചു: യരുശലേമെയും യഹൂദാനഗരങ്ങളെയും അവളുടേ രാജാക്ക
ളെയും പ്രഭുക്കളെയും (കുടിപ്പിച്ചു) ഇന്നു കാണുംപോലേ അവരെ ഇടിവും വിസ്മയ
19 വും ഊളയിടുന്നതും ശാപവും ആക്കിവെപ്പാൻ; മിസ്രയിലേ രാജാവായ
ഫറോവിനെയും അവന്റെ ഭൃത്യരെയും പ്രഭുക്കളെയും സർവ്വജനത്തെയും; വ
20 ൎണ്ണസങ്കരത്തെയും ഒക്കയും ഊചദേശത്തിലേ എല്ലാ രാജാക്കളെയും, അഷ്ക
കലോൻ ഘജ്ജ എക്രോൻ അഷ്ദോദിലേ ശേഷിപ്പോടും കൂടേ ഫലിഷ്ടനാ
21 ട്ടിലേ സകലരാജാക്കന്മാരെയും; എദോമിനെയും മോവാബെയും അമ്മോൻ
22 പുത്രന്മാരെയും; ചോരിലേ എല്ലാ രാജാക്കളെയും ചീദോനിലെ എല്ലാ രാ
23 ജാക്കളെയും കടലക്കരേ ദ്വീപുകളിലേ അരചന്മാരെയും; ദദാൻ തേമാ ബൂജ
24 എന്നവരെയും മുന്തല ചിരെച്ചുവെച്ച എവരെയും; അറവിലേ സകലരാ
25 ജാക്കളെയും; ജിമ്രിരാജാക്കൾ ഒക്കയും ഏലാം രാജാക്കൾ ഒക്കയും മാദായി
26 രാജാക്കൾ ഒക്കയും; വടക്കു തമ്മിൽ സമീപത്തും ദൂരത്തും ഉള്ള സകലരാജാ
ക്കളെയും ഭൂമിമേലുള്ള ലോകരാജ്യങ്ങളെ എപ്പേരെയും (കുടിപ്പിക്ക). ശേശ
കിലേ (ബാബേലിലേ)രാജാവ് അവരുടേ ശേഷം കുടിക്കയും ചെയ്യും.—
27 ആയവരോടു നീ പറക: സൈന്യങ്ങളുടയ യഹോവ എന്ന ഇസ്രയേലിൻ

ദൈവം ചൊല്ലുന്നിതു: കൂടിച്ചു മദിച്ചു കൈരുവിൻ! ഞാൻ നിങ്ങളുടേ ഇട
28 യിൽ അയക്കുന്ന വാളിന്നു വീണ എഴുനീല്ക്കാതേ പോവിൻ! നിൻ കയ്യിൽ
നിന്നു പാത്രത്തെ വാങ്ങി കൂടിപ്പാൻ അവർ മറുക്കുന്ന എങ്കിലോ അവരോടു
29 പറക: സൈന്യങ്ങളുടയ യഹോവ പറയുന്നിതു: നിങ്ങൾ കൂടിക്കേവേണ്ടു.
കാരണം എൻ നാമം വിളിക്കപ്പെടുന്ന ഈ പട്ടണത്തിൽ ഞാൻ ഇതാ തിന്മ
ചെയ്വാൻ തുടങ്ങുന്നു, പിന്നേ നിങ്ങൾ കേവലം ശിക്ഷയില്ലാതേ പോക
മോ? നിങ്ങൾ ശിക്ഷയില്ലാതേ ഇരിക്കയില്ല ഭൂമിയുടേ സകലനിവാസി
കളുടേ മേലും ഞാൻ സാക്ഷാൽ വാളിനെ വിളിച്ചുവരുത്തുന്നു എന്നു സൈ
ന്യങ്ങളുടയ യഹോവയുടേ അരുളപ്പാടു.
30 നീയോ ഈ വാക്കുകളെ ഒക്കയും അവരോടു പ്രവചിച്ചു പറക: യഹോ
വ ഉയരത്തിൽനിന്നു് അലറി തന്റെ വിശുദ്ധപാർപ്പിടത്തിങ്കൽ സ്വശബ്ദ
ത്തെ കേൾപ്പിക്കും. വാവിട്ടലറുന്നതു തന്റെ പുലത്തിന്നു നേരേ, ചക്കു
മെതിക്കുന്നവരെ പോലേ അട്ടഹാസം തുടരുന്നതു സകലഭൂവാസികൾക്കു
31 നേരേ തന്നേ. കോലാഹലം ഭൂമിയുടേ അറുതിയോളം ചെല്ലുന്നതു യഹോ
വ ജാതികളോടു വ്യവഹരിക്കയും സകലജഡത്തോടും വാദിക്കയും ഹേതു
വാൽ തന്നേ; ദുഷ്ടന്മാരെ വാളിന്നു നല്കി എന്നു യഹോവയുടേ അരുളപ്പാടു.—
32 സൈന്യങ്ങളുടയ യഹോവ പറയുന്നിതു: തിന്മ അതാ ജാതിയിൽനിന്നു
ജാതിക്കു പുറപ്പെടുന്നു; ഭൂമിയുടേ ഉത്തരഭാഗത്തിങ്കൽനിന്നു മഹാകൊടുങ്കാറ്റും
33 ഉണർന്നെഴും. അന്നു യഹോവയാൽ പട്ടവർ ഭൂമിയുടേ അറ്റംമുതൽ അറ്റം
വരേയും കിടക്കും, അവരെ തൊഴിപ്പാറും ഇല്ല കൂട്ടുകയും പൂഴ്ത്തുകയും ഇല്ല
നിലത്തിന്മേൽ വളമായി ചമകേ ഉള്ളു. അല്ലയോ ഇടയന്മാരേ മുറയിട്ടു
34 നിലവിളിപ്പിൻ! ആട്ടിങ്കൂട്ടത്തിൽ ഉദാരന്മാരേ ചാരം പിരളുവിൻ? അറു
ത്തുകളവാൻ നിങ്ങടേ വാഴ്നാൾ തികഞ്ഞു, ഞാൻ നിങ്ങളെ ചിതറിക്കും
മേത്തരമായ ഉരുപോലേ നിങ്ങൾ വീഴും; ഇടയന്മാക്കു ഗതികെടും, കൂട്ട
35 ത്തിൽ ഉദാരന്മാക്കും ഒഴിവു കാണാ. ഹാ ഇടയന്മാരുടേ നിലവിളിയും
36 കൂട്ടത്തിൽ ഉദാരന്മാരുടേ കരച്ചലും കേൾക്കായി, യഹോവ അവരുടേ മേ
ച്ചലിനെ പാഴാക്കയാൽ തന്നേ; സമാധാനപ്പുലങ്ങൾ ഇളെച്ചു പോകുന്നതു
37 യഹോവയുടേ കോപച്ചൂടുകൊണ്ടത്രേ. അവൻ ഇളങ്കേസരിയെ പോലേ
38 തൻ വള്ളിക്കെട്ടിനെ വിട്ടു വന്ന ഒടുക്കുന്ന വാളിനാലും തിരുക്കോപച്ചൂടിനാ
ലും അവരുടേ ദേശം പാഴായ്പ്പോയല്ലോ.

26. അദ്ധ്യായം

ശിക്ഷാപ്രവാദം നിമിത്തം (8) യിറമിയാ വദ്ധ്യനായി തോന്നിയതും (20) ഊരീയാവെ വധിച്ചതും.

1 യോശിയ്യാപുത്രനായ യോയാക്കീം എന്ന യഹൂദാരാജാവു വാണതുടങ്ങു
2 മ്പോൾ യഹോവയിൽനിന്നു് ഈ വചനം ഉണ്ടായി: യഹോവ പറയു
ന്നിതു: നീ യഹോവാലയത്തിന്റെ പ്രാകാരത്തിൽ നിന്നുകൊണ്ടു യഹോ
വാലയത്തിൽ നമസ്കരിപ്പാൻ വരുന്ന സകലയഹൂദാനഗരങ്ങളോടും പറ
വാൻ ഞാൻ നിന്നോടു കല്പിക്കുന്ന എല്ലാ വചനങ്ങളെയും ഒരു വാക്കും
3 കുറെക്കാതേ ഉരെക്ക! പക്ഷേ അവർ കേട്ടു താന്താന്റെ ദുർവ്വഴിയെ വിട്ടു
തിരിയും എന്നാൽ ഞാൻ അവരെ പ്രവൃത്തികളുടേ ദോഷം നിമിത്തം
4 ചെയ്വാൻ ഭാവിച്ച തിന്മയെ ചൊല്ലി അനുതപിക്കിലും ആം. അവരോ
ടു പറക: യഹോവ പറയുന്നിതു: ഞാൻ നിങ്ങൾക്കു മുൻവെച്ച എൻ ധർമ്മ
5 വെപ്പിൽ നടപ്പാനും, ഞാൻ നിങ്ങളിൽ പുലരേ അയച്ചു നിങ്ങൾ കേളാ
ഞ്ഞിട്ടും നിയോഗിച്ചു പോന്ന പ്രവാചകന്മാരാകുന്ന എന്റെ ദാസന്മാരുടേ
വാക്കുകളെ കേൾപ്പാനും നിങ്ങൾ എനിക്കു ചെവി തരാഞ്ഞാൽ, ഞാൻ

6 ഈ ആലയത്തെ ശീലോവിനെ സമമാക്കി ഈ പട്ടണത്തെ ഭൂമിയിലേ
7 സകലജാതികൾക്കും ശാപവും ആക്കിവെക്കും. എന്നീ വാക്കുകളെ യിര
മിയാ യഹോവാലയത്തിൽ പറയുന്നതു പുരോഹിതന്മാരും പ്രവാചകരും
സർവ്വജനവും കേട്ടു.
8 സർവ്വജനത്തോടും ഉരെപ്പാൻ യഹോവ കല്പിച്ചത് ഒക്കയും യിരമിയാ
ചൊല്ലി തീർന്നപ്പോഴേക്കു പുരോഹിതന്മാരും പ്രവാചകരും സർവ്വജനവും
9 അവനെ പിടിച്ചു ''നീ മരിക്കേ ഉള്ളു'' എന്നു പറഞ്ഞു. ''ഈ ആലയം
ശീലോവിനെ സമവും ഈ പട്ടണം കുടിയില്ലാതേ ശൂന്യവും ആകും എന്നു
യഹോവാനാമത്തിൽ പ്രവചിപ്പാൻ എന്തു?'' എന്നു ചൊല്ലിയാറെ പുരു
ഷാരം എല്ലാം യഹോവാലയത്തിൽ യിരമിയാവെ കൊള്ളെ കൂടി. ഈ
10 അവസ്ഥ യഹൂദാപ്രഭുക്കന്മാർ കേട്ടു രാജഭവനത്തിൽനിന്നു യഹോവാലയ
ത്തിൽ കരേറിച്ചെന്നു പുതിയ യഹോവാഗോപുരത്തിൻ പ്രവേശത്തിൽ
11 യോഗം ഇരുന്നു. അപ്പോൾ പുരോഹിതപ്രവാചകന്മാരും പ്രഭുക്കളോടും
സർവ്വജനത്തോടും: ഈ ആൾ മരണയോഗ്യൻ; നിങ്ങടെ ചെവികൊണ്ടു
കേട്ടപ്രകാരം അവൻ ഈ പട്ടണത്തിനു നേരേ പ്രവചിച്ചുവല്ലോ എന്നു
പറഞ്ഞു.
12 യിരമിയാ എല്ലാ പ്രഭുക്കളോടും സർവ്വജനത്തോടും പറഞ്ഞു: നിങ്ങൾ
കേട്ട വാക്കുകൾ ഒക്കയും ഈ ആലയത്തിനും പട്ടണത്തിനും നേരേ പ്രവ
13 ചിപ്പാൻ യഹോവ എന്നെ അയച്ചിരിക്കുന്നു. ഇപ്പോൾ നിങ്ങളുടെ വഴി
കളെയും പ്രവൃത്തികളെയും നന്നാക്കി നിങ്ങടെ ദൈവമായ യഹോവയുടെ
ശബ്ദത്തെ കേട്ടുകൊൾവിൻ! എന്നാൽ യഹോവ നിങ്ങൾക്കു വിരോധമാ
14 യി ഉരെച്ച തിന്മയെ ചൊല്ലി അനുതപിക്കും. ഞാനോ ഇതാ നിങ്ങടെ
കൈക്കൽ ഇരിക്കുന്നു, നിങ്ങളുടെ കണ്ണിനു നല്ലതും ഉചിതവും ആയി തോ
15 ന്നുമ്പോലേ എന്നോടു ചെയ്‌വിൻ! ഒന്നു മാത്രം അറിവിൻ: നിങ്ങൾ
എന്നെ മരിപ്പിച്ചാൽ കുറമില്ലാത്ത രക്തത്തെ നിങ്ങടെ മേലും ഈ പട്ടണ
ത്തിന്മേലും അതിൽ വസിപ്പവരുടെ മേലും വരുത്തുന്നുണ്ടു. ഈ വചന
ങ്ങൾ ഒക്കയും നിങ്ങടെ ചെവികളിൽ ഉരെപ്പാൻ പട്ടാങ്ങായി യഹോവ
16 എന്നെ നിങ്ങളിൽ അയച്ചതു.— എന്നാറെ പ്രഭുക്കന്മാരും സർവ്വജനവും പു
രോഹിതപ്രവാചകരോടു പറഞ്ഞു: ഈ പുരുഷൻ നമ്മുടെ ദൈവമായ യ
ഹോവയുടെ നാമത്തിൽ നമ്മോടു ചൊല്ലുകൊണ്ടു മരണയോഗ്യനല്ല സ്പഷ്ടം.
17 അപ്പോൾ ദേശമൂപ്പന്മാരിൽ ചിലർ എഴുന്നീറ്റു സകലജനസംഘത്തോടു
18 പറഞ്ഞു: യഹൂദരാജാവായ ഹിസ്കീയാവിൻ നാളുകളിൽ മോരഷ്ത്യനായ
മീകാ പ്രവചിച്ചുകൊണ്ടു (മീ. 3, 12): ''സൈന്യങ്ങളുടയ യഹോവ പ
റയുന്നിതു: ചിയ്യോൻ ഉഴുന്ന വയലും യരൂശലേം ഇടിഞ്ഞ കല്ലുകളും ആ
ലയപർവ്വതം കാട്ടുകുന്നുകളും ആയ്ത്തീരും'' എന്നു സകലയഹൂദാജനത്തോ
ടും പറഞ്ഞു. യഹൂദാരാജാവായ ഹിസ്കീയാവും സകലയഹൂദയും
19 അവനെ വധിച്ചിട്ടുണ്ടോ? ആയവൻ യഹോവയെ ഭയപ്പെട്ടു യഹോവയു
ടെ മുഖപ്രസാദം തേടീട്ടല്ലയോ യഹോവ അവർക്കു നേരേ ഉരെച്ച തിന്മ
യെ ചൊല്ലി അനുതപിച്ചതു? പിന്നേ നാം സ്വന്ത ആത്മാക്കൾക്കു നേരേ
മഹാദോഷം ചെയ്യുയോ?
20 അതേ അല്ല മറൊരു പുരുഷൻ യഹോവാനാമത്തിൽ പ്രവചിക്ക ഉണ്ടാ
യിരുന്നു, കിര്യത്ത യയാരീമിൽ ശമയ്യാപുത്രനായ ഊരിയാ തന്നേ. അ
വൻ യിരമിയാവിൻ സകലവാക്കുകൾക്കു ഒത്തവണ്ണം ഈ പട്ടണത്തി
21 നും ഈ ദേശത്തിനും നേരേ പ്രവചിച്ചപ്പോൾ, യോയാക്കീംരാജാവു സ
കലവീരന്മാരും പ്രഭുക്കളുമായി അവന്റെ വചനങ്ങളെ കേട്ടാറേ രാജാവു
അവനെ വധിപ്പാൻ അന്വേഷിച്ചതു ഊരീയാ കേട്ടു ഭയപ്പെട്ടു പാഞ്ഞു മി
22 സ്രയിൽ ചെന്നെത്തി. യോയാക്കീംരാജാവോ മിസ്രയിൽ ആളയച്ചു,
അക്ബോർപുത്രനായ ഏല്നഥാനെ പുരുഷരുമായി മിസ്രയിലേക്കു

(അയച്ചവർ) ഊരീയാവെ മിത്രസയിൽനിന്നു പുറപ്പെടുവിച്ചു യോയാക്കീം
23 രാജാവിന്നടുക്കേ കൊണ്ടുവന്നു. ഇവൻ അവനെ വാൾകൊണ്ടു വെട്ടിച്ചു
24 ശവം പൊതുജനത്തിൻറേകുഴികളിൽ എറിയിച്ചു.— യിറമിയാവെ ജന
ത്തിൻറേ കയ്യിൽ കൊടുത്തുമരിപ്പിച്ചുപോകായ്വാൻ ശാഫാൻ പുത്രനായ
അഹിക്കാം എന്നവൻറേ കൈ മാത്രം അവനു തുണനിന്നു.

27. അദ്ധ്യായം. (–29)

അയൽനാടുകളോടും (12) ചിദക്കീയാവോടും (16) സകലജനത്തോടും
ബാബേൽനുകത്തെ സഹിക്കേണം എന്നു പ്രവചിച്ചതു.

1 **യോ**ശിയ്യാപുത്രനായ യോയാക്കീം (ചിദക്കീയാ) എന്ന യഹൂദാരാജാ
വു വാണുതുടങ്ങുമ്പോൾ യഹോവയിൽനിന്നു യിറമിയാവിന്നു ഈ വച
2 നം ഉണ്ടായി: യഹോവ പറയുന്നിതു: നിണക്കു കയറുകളും നുകത്തടിയും
3 ഉണ്ടാക്കി നിൻറേ കഴുത്തിൽ ഇട്ടുകൊൾക! പിന്നേ അവ യരുശലേമിൽ
ചിദക്കിയ്യാ എന്ന യഹൂദാരാജാവിന്നടുക്കേ വന്ന ദൂതന്മാരുടേ കയ്യാൽ എ
ദോംരാജാവിന്നും മോവാബ്‌ രാജാവിന്നും അമ്മോൻപുത്രരുടേ രാജാവി
4 ന്നും ചോർരാജാവിന്നും ചീദോൻരാജാവിന്നും കൊടുത്തയച്ചു, അവരെ
സ്വാമികളോടു പറയിച്ചു കല്പിക്കേണ്ടുന്നിതു: ഇസ്രയേലിൻ ദൈവമായ
5 സൈന്യങ്ങളുടയ യഹോവ പറയുന്നിതു: നിങ്ങളുടേ സ്വാമികളോടു ഇപ്ര
കാരം പറവിൻ: ഞാൻ ഭൂമിയെയും ഭൂമിമേലുള്ള മനുഷ്യാദിപശുക്കളെ
യും എൻ വലിയ ഊക്കിനാലും നീട്ടിയ ഭുജത്താലും ഉണ്ടാക്കി എൻ കണ്ണി
6 ന്നു ഉചിതൻ എന്നു തോന്നുന്നവനു കൊടുക്കുന്നുണ്ടു. ഇപ്പോൾ ഞാൻ ഈ ദേ
ശങ്ങളെ ഒക്കെയും എൻ ദാസനായ നബുകദ്രേചർ എന്ന ബാബേൽരാജാ
വിൻ കൈക്കൽ കൊടുത്തിട്ടുണ്ടു, കാട്ടിലേ മൃഗവും കൂടേ അവനെ സേവി
7 പ്പാൻ കൊടുത്തു. സകലജാതികളും അവനെയും അവൻറേ പുത്രനെയും
പൌത്രനെയും സേവിക്കും, അവൻറേ ദേശത്തിന്നും കൂടേ ഊഴം വരുവോ
ളം തന്നേ; അനന്തരം പല ജാതികളും മഹാരാജാക്കന്മാരും അവനെയും
8 സേവിപ്പിക്കും. ഇന്നോ ബാബേൽരാജാവായ നബുകദ്രേചർ എന്നവനെ
സേവിപ്പാനും ബാബേൽരാജാവിൻറേ നുകത്തിൽ കഴുത്ത്‌ ഒതുക്കുവാൻ
തോന്നാത്ത ജാതിയും രാജ്യവും ഏതായാലും വാൾകൊണ്ടും ക്ഷാമം
കൊണ്ടും മഹാരോഗംകൊണ്ടും ഞാൻ ആ ജാതിയെ സന്ദർശിക്കും, അവ
ൻറേ കയ്യാൽ അവരെ ഒടുക്കുവോളവും; എന്നു യഹോവയുടേ അരുളപ്പാടു.—
9 നിങ്ങളോ ബാബേൽരാജാവിനെ സേവിക്കയില്ല എന്നു നിങ്ങളോടു പറ
യുന്ന അങ്ങേ പ്രവാചകരെയും ലക്ഷണക്കാരെയും സ്വപ്നങ്ങളെയും അങ്ങേ
ശകുനക്കാരെയും മന്ത്രവാദികളെയും കേൾക്കരുതേ! അവർ പൊളി മാത്രം
10 നിങ്ങളോടു പ്രവചിക്കുന്നതു ഞാൻ നിങ്ങളെ നാട്ടിൽനിന്നു അകറ്റി ആ
ട്ടിക്കളവാനും നിങ്ങളും കെട്ടുപോവാനും തന്നേ. ബാബേൽരാജാവിൻറേ
11 നുകത്തിൽ കഴുത്തു ചെലുത്തി അവനെ സേവിക്കുന്ന ജാതി ഏതായാലും
ആയതിനെ ഞാൻ തനതുനാട്ടിൽ പാർപ്പിച്ചു അതിനെ കൃഷിചെയ്തു വ
സിപ്പാറാക്കും എന്നു യഹോവയുടേ അരുളപ്പാടു.
12 യഹൂദാരാജാവായ ചിദക്കീയാവോടും ഞാൻ ഈ എല്ലാ വാക്കുകളുംകൂ
ത്തവണ്ണം സംസാരിച്ചു: ബാബേൽ രാജാവിൻറേ നുകത്തിൽ നിങ്ങളുടേ
കഴുത്തുകളെ ചെലുത്തി അവനെയും അവൻറേ ജനത്തെയും സേവിപ്പിൻ!
13 എന്നാൽ ജീവിച്ചിരിക്കും. ബാബേൽരാജാവിനെ സേവിക്കാത്ത
ജാതികളെ യഹോവ ചൊല്ലിക്കൊടുത്തപ്രകാരം വാളാലും ക്ഷാമത്താലും
മഹാരോഗത്താലും മരിപ്പാൻ നിണക്കും നിൻ ജനത്തിന്നും തോന്നാ
14 ന്നതു എന്തു? ബാബേൽരാജാവിനെ നിങ്ങളും സേവിക്ക ഇല്ല എന്നു

നിങ്ങളോടു പറയുന്ന പ്രവാചകരുടേ വാക്കുകളെ കേൾക്കയും അരുതേ!
15 അവർ നിങ്ങളോടു പൊളി പ്രവചിക്കുന്നുവല്ലോ. ഞാനോ അവരെ അയ
ച്ചിട്ടില്ല എന്നു യഹോവയുടേ അരുളപ്പാടു; ഞാൻ നിങ്ങളെ തള്ളിക്കള
വാനും നിങ്ങളും നിങ്ങളോടു പ്രവചിക്കുന്ന പ്രവാദികളും കെട്ടുപോവാ
നും അത്രേ, അവർ എന്നാമത്തിൽ പൊളിയേ പ്രവചിക്കുന്നുള്ളു.
16 പുരോഹിതന്മാരോടും ഈ സകലജനത്തോടും ഞാൻ സംസാരിച്ചതു
എന്തെന്നാൽ: യഹോവ പറഞ്ഞിതു: അല്പയോ യഹോവാലയത്തിലേ
ഉരുക്കളും ഇപ്പോഴും വിരയ ബാബേലിൽനിന്നു വീണ്ടുവരും എന്നു നിങ്ങ
ളോടു പ്രവചിക്കുന്ന പ്രവാദികളുടേ വാക്കുകളെ കേൾക്കരുതേ! അവർ
17 നിങ്ങളോടു പൊളിയേ പ്രവചിക്കുന്നുള്ളു. അവരെ കേളാതേ ബാബേൽ
രാജാവിനെ സേവിച്ചു ജീവിപ്പിൻ! ഈ പട്ടണം ശൂന്യമായി തീരുവാൻ
18 എന്തു? അവരോ പ്രവാചകന്മാർ എങ്കിൽ യഹോവാവചനം അവരോടു
ണ്ടെങ്കിൽ യഹോവാലയത്തിലും യഹൂദാരാജാലയത്തിലും യരൂശലേമിലും
മിഞ്ചിനില്ക്കുന്ന ഉരുക്കൾ കൂടെ ബാബേലിലേക്കു ചെല്ലാതവണ്ണം അവർ
സൈന്യങ്ങളുടെയ യഹോവയോടു പക്ഷവാദം ചെയ്കകൊൾവൂതാക. കാര
19 ണം ബാബേൽരാജാവായ നബൂകദ്രേചർ യോയക്കീമ്പുത്രനായ യക്കോ
ന്യ എന്ന യഹൂദരാജാവിനെയും യഹൂദയിലും യരൂശലേമിലും ഉള്ള ആഢ്യ
ന്മാരെ ഒക്കയും യരൂശലേമിൽനിന്നു ബാബേലിലേക്കു നിവ്വസിച്ചപ്പോൾ
20 എടുക്കാതേ വെച്ച തൂണുകൾ (ചെമ്പു) കടൽ നാല്ക്കാലി വണ്ടികൾ മുത
ലായി ഈ പട്ടണത്തിൽ ശേഷിച്ചുള്ള ഉരുക്കളെ കുറിച്ചു സൈന്യങ്ങളുടെയ
21 യഹോവ പറയുന്നിതു: യഹോവാലയത്തിലും യഹൂദരാജാലയത്തിലും
യരൂശലേമിലും മിഞ്ചിനില്ക്കുന്ന ഉരുക്കളെ തൊട്ടു ഇസ്രയേലിൻ ദൈവ
മായ സൈന്യങ്ങളുടെയ യഹോവ ഇപ്രകാരം പറയുന്നു: അവ ബാബേലി
22 ലേക്കു കൊണ്ടുപോകപ്പെടും, ഞാൻ അവയെ സന്ദർശിച്ചു ഈ സ്ഥലത്തേ
ക്കു തിരികേ കരേററിവരുത്തുംനാൾവരേ അവിടേ ഇരിക്കയും ചെയ്യും
എന്നു യഹോവയുടേ അരുളപ്പാടു.

28. അദ്ധ്യായം

ഹനന്യാവിൻ കള്ളപ്രവാദത്തിന്നു (5) യിറമിയാ എതിർത്തതും (12) യഹോവ ശിക്ഷിച്ചതും.

1 **ആ** വർഷത്തിൽ തന്നേ യഹൂദാരാജാവായ ചിദക്കീയാവാണു തുടങ്ങിയ
നാലാം ആണ്ടേ അഞ്ചാം മാസത്തിൽ അജ്ജൂർപുത്രനായ ഹനന്യാ എന്ന
ഗിബ്യോന്യൻ യഹോവാലയത്തിൽ പുരോഹിതന്മാരും സർവ്വജനവും കാൺ
2 കേ എന്നോടു പറഞ്ഞിതു: ഇസ്രയേലിൻ ദൈവമായ സൈന്യങ്ങളുടെയ
യഹോവ ഇപ്രകാരം പറയുന്നു; ഞാൻ ബാബേൽരാജാവിന്റെ നുകത്തെ
3 ഒടിക്കുന്നു. നബൂകദ്രേചർ എന്ന ബാബേൽരാജാവു ഇവിടുന്നു എടുത്തു
ബാബേലിൽ ആക്കിയ യഹോവാലയത്തിന്റെ ഉരുക്കളൊക്കെയും ഞാൻ
ഈരാണ്ടുകൊണ്ടു ഈ സ്ഥലത്തേക്കു തിരിച്ചുവരുത്തും. യോയാക്കീംപുത്രു
4 നായ യകോന്യ എന്നയഹൂദാരാജാവാദിയായി യഹൂദയിൽനിന്നു ബാബേ
ലിലേക്കു നിവ്വസിച്ചുപോയ കൂട്ടത്തെ ഒക്കെയും ഞാൻ ബാബേൽരാജാ
വിൻ നുകത്തെ ഒടിക്കയാൽ ഈ സ്ഥലത്തേക്കു മടക്കിവരുത്തും എന്നു
യഹോവയുടേ അരുളപ്പാടു.
5 എന്നാറേ പ്രവാചകനായ യിറമിയാ യഹോവാലയത്തിൽ നില്ക്കുന്ന
പുരോഹിതന്മാരും സർവ്വജനവും കാൺകേ പ്രവാചകനായ ഹനന്യാവോടു
6 പറഞ്ഞു: ആമേൻ യഹോവ അപ്രകാരം ചെയ്വൂതാക! നീ പ്രവചിച്ച
വാക്കുകളെ യഹോവ നിവൃത്തിച്ചു യഹോവാലയത്തിലേ ഉരുക്കളെയും

സകലപ്രവാസത്തെയും ബാബേലിൽനിന്നു ഇവിടേക്കു മടക്കിവരുത്തു
7 മാറാക! നിന്നേറ ചെവിയിലും സ്വജനത്തിന്നേറ ചെവികളിലും ഞാൻ
8 ഉരെക്കുന്ന ഈ വചനം മാത്രം കേൾക്ക: എനിക്കും നിണക്കും മുമ്പേ
യുഗാദിമുതൽ ഉണ്ടായ പ്രവാചകന്മാർ പലദേശങ്ങൾക്കും മഹാരാജ്യങ്ങൾ
ക്കും നേരേ യുദ്ധവും തിന്മയും മഹാരോഗവും സൂചിപ്പിച്ചു പ്രവചിച്ചു.
9 സമാധാനത്തെ സൂചിപ്പിച്ചു പ്രവചിക്കുന്ന പ്രവാദി ചൊല്ലിയതു സംഭ
വിച്ചാൽ യഹോവ പട്ടാങ്ങായി അയച്ചൊരു പ്രവാചകൻ എന്നു അറി
10 വാറാകും: എന്നതു പ്രവാചകനായ യിറമിയാ പറഞ്ഞാറേ ഹനന്യാപ്രവാ
ചകൻ യിറമിയാവിൻ കഴുത്തിന്മേൽനിന്ന നുകത്തെ എടുത്തുകൊണ്ടു ഒടി
11 ച്ചു, യഹോവ പറയുന്നിതു: ഇവ്വണ്ണം ഞാൻ ബാബേൽരാജാവായ നബൂക
ദ്രേചരുടേ നുകത്തെ സകലജാതികളുടേ കഴുത്തിന്മേൽനിന്നു ഈരാണ്ടകത്തു ഒടിക്കും എന്ന സ്വജനവും കാൺകേ ഹനന്യാ പറഞ്ഞു; പ്രവാചകനാ
യ യിറമിയാ തന്നേറ വഴിക്കു പോകയും ചെയ്തു.
12 പ്രവാചകനായ യിറമിയാവിൻ കഴുത്തിന്മേൽനിന്ന ഹനന്യാപ്രവാച
കൻ നുകത്തെ ഒടിച്ചനന്തരം യിറമിയാവിന്ന യഹോവാവചനം ഉണ്ടായി
13 തു: നീ ചെന്ന ഹനന്യാവോടു പറക: യഹോവ ഇപ്രകാരം പറയുന്ന: മരന
കങ്ങളെ നീ ഒടിച്ചു, അതിൻ പകരം ഇരിമ്പുനുകങ്ങളെ ചമെച്ചു ഇരിക്കു
14 ന്ന. എങ്ങനേ എന്നാൽ സൈന്യങ്ങളുടയ യഹോവ എന്ന ഇസ്രയേലിൻ
ദൈവം പറയുന്നിതു: ബാബേൽരാജാവായ നബൂകദ്രേചരെ സേവിപ്പാൻ
ഈ സകലജാതികളുടേ കഴുത്തിന്മേൽ ഞാൻ ഇരിമ്പുനുകം ഇട്ടു, അവർ അ
വനെ സേവിക്കും, കാട്ടിലേ മൃഗവും കൂടേ ഞാൻ അവന കൊടുത്തു. എന്നാ
15 റേ യിറമിയാപ്രവാചകൻ ഹനന്യാപ്രവാചകനോടു പറഞ്ഞു: ഹേ ഹന
ന്യാ കേട്ടാലും യഹോവ നിന്നെ അയച്ചിട്ടില്ല, നീ ഈ ജനത്തെ പൊളി
16 യിൽ ആശ്രയിപ്പിച്ചു. അതുകൊണ്ടു യഹോവ പറയുന്നിതു: ഞാൻ ഇതാ
നിന്നെ നിലത്തിന്മേൽനിന്നു അയച്ചുവിടുന്നുണ്ടു, നീ യഹോവെക്കു നേരേ
17 മത്സരം ഉരെക്കയാൽ (5മോ. 13,6) ഈ ആണ്ടിൽ മരിക്കും. എന്നിട്ടു ആ
ആണ്ടിൽ തന്നേ ഏഴാം മാസത്തിൽ ഹനന്യാപ്രവാചകൻ മരിച്ചു.

29. അദ്ധ്യായം

പ്രവസിച്ചുപോയവരെ ബാബേലിൽ കുടിയേറുവാൻ ഉത്സാഹിപ്പിച്ചു (15) നാട്ടിൽ മിഞ്ചിയവക്കും (21) രണ്ടു കള്ളപ്രവാദികൾക്കും ശിക്ഷാവിധിയും അറിയിക്കയാൽ (24) മറുത്തുപോയ ശമയ്യാവിനോടു വ്യാപരിച്ചതു.

1 യെഹോയാക്കീൻരാജാവും മൂത്ത രാജ്ഞിയും പള്ളിയറക്കാരും യഹൂദയിലും യ
രുശലേമിലും ഉള്ള പ്രഭുക്കന്മാരും ആശാരി കൊല്ലന്മാരുമായി യരുശലേ
2 മിൽനിന്ന പുറപ്പാടായ ശേഷം, യഹൂദാരാജാവായ ചിദക്കീയാ ശാഫാൻ
പുത്രനായ എലാസാരെയും ഹില്ക്കീയാപുത്രനായ ഗമര്യാവെയും ബാബേൽ
രാജാവായ നബൂകദ്രേചരെ കണ്ടു പറവാൻ ബാബേലിലേക്കു അയക്കു
3 മ്പോൾ, യിറമിയാപ്രവാചകൻ യരുശലേമിൽനിന്ന അവരുടേ കൈവശം
ഒരു ലേഖം അയച്ചു. അവൻ പ്രവസിച്ച മൂപ്പന്മാരിൽ ശേഷിച്ചവക്കും പുരോ
ഹിതപ്രവാചകന്മാക്കും നബൂകദ്രേചർ യരുശലേമിൽനിന്ന ബാബേലിലാ
മ്മാറു പ്രവസിപ്പിച്ച സ്വജനത്തിന്നും എഴുതി അയച്ച ലേഖത്തിന്റേ വിവ
4 രമാവിതു: ഇസ്രയേലിൻ ദൈവമായ സൈന്യങ്ങളുടയ യഹോവ ഞാൻ യരു
5 ശലേമിൽനിന്ന ബാബേലിലേക്കു പ്രവസിപ്പിച്ച സകലപ്രവാസത്തോടും
ഇപ്രകാരം പറയുന്ന:വീടുകളെ പണിതു കുടിയിരുന്ന തോട്ടങ്ങളെ നട്ടു അതി
ലേ ഫലം ഭക്ഷിപ്പിൻ! സ്ത്രീകളെ കെട്ടി പുത്രീപുത്രന്മാരെയും ഉല്പാദിച്ചു

6 നിങ്ങടേ മക്കളെ പെൺകെട്ടിച്ചും പുത്രിമാരെ പുരുഷന്മാർക്കു കൊടുത്തും
7 കൊണ്ടു അവിടേ കുറയാതേ വൎദ്ധിച്ചും വരുവിൻ! ഞാൻ നിങ്ങളെ പ്രവസി
പ്പിച്ച നഗരത്തിൻറെ സമാധാനത്തെ അന്വേഷിച്ചു അതിനുവേണ്ടി യ
ഹോവയോടു പ്രാൎത്ഥിപ്പിൻ! അതിൻറെ സമാധാനത്തിൽ നിങ്ങൾക്കും
8 സമാധാനം ഉണ്ടാകും സത്യം.—എങ്ങനേ എന്നാൽ ഇസ്രയേലിൻ ദൈവ
മായ സൈന്യങ്ങളുടയ യഹോവ പറയുന്നിതു: നിങ്ങടേ ഇടയിലുള്ള അ
ങ്ങേ പ്രവാദികളും ലക്ഷണക്കാരും നിങ്ങളെ ചതിക്കായ്ക! നിങ്ങൾ തന്നേ
കിനാക്കണ്ടു കൊള്ളുന്ന സ്വപ്നങ്ങളെയും പ്രമാണിക്കാതേ ഇരിപ്പിൻ!
9 ആയവർ എന്നാമത്തിൽ നിങ്ങളോടു പൊളിയേ പ്രവചിക്കുന്നുള്ളു. ഞാൻ
അവരെ അയച്ചിട്ടില്ല എന്നു യഹോവയുടേ അരുളപ്പാടു.—യഹോവ പറയു
10 ന്നിതു: ബാബേലിന്നു എഴുപത്താണ്ടും തികഞ്ഞിട്ടത്രേ ഞാൻ നിങ്ങളെ
സന്ദൎശിച്ചു, നിങ്ങളെ ഇവിടേക്കു മടക്കി വരുത്തും എന്നുള്ള നല്ല വാക്കി
11 നെ അനുഷ്ഠിച്ചുതരും. ഞാനോ നിങ്ങളെ തൊട്ടു ഭാവിക്കുന്ന നിനവുകളെ
അറിയുന്നു എന്നു യഹോവയുടേ അരുളപ്പാടു; ദോഷത്തിന്നല്ല സമാധാനനി
നവുകളല്ലോ, നിങ്ങൾക്കു ഭാവിഷ്യത്തും പ്രത്യാശയും തരേണം എന്നത്രേ.
12 അന്നു നിങ്ങൾ എന്നെ വിളിച്ചു ചെന്നു എന്നോടു പ്രാൎത്ഥിക്കും ഞാനും നി
13 ങ്ങളെ കേൾക്കും. നിങ്ങൾ എന്നെ അന്വേഷിക്കും, മുഴുമനസ്സോടും എന്നെ
തിരഞ്ഞാൽ കണ്ടെത്തുകയും ചെയ്യും (5മോ. 4,29.). ഞാൻ നിങ്ങളെക്കൊ
14 ണ്ടു എന്നെ കണ്ടെത്തിക്കും എന്നു യഹോവയുടേ അരുളപ്പാടു നിങ്ങളുടേ അ
ടിമയെ മാററി നിങ്ങളെ ആട്ടിത്തള്ളിയ സകലജാതികളിൽനിന്നും സൎവ്വ
സ്ഥലങ്ങളിൽനിന്നും നിങ്ങളെ ചേൎത്തുകൊണ്ടു നിങ്ങളെ പ്രവസിപ്പിച്ചു
വിടുത്ത സ്ഥലത്തേക്കു തിരിച്ചു വരുത്തും എന്നു യഹോവയുടേ അരുളപ്പാടു.
15 പിന്നേ യഹോവ ഞങ്ങൾക്കു ബാബേലിൽ പ്രവാചകരെ ഉദിപ്പിച്ചു എ
16 ന്നു നിങ്ങൾ പറയുന്ന അവസ്ഥക്കു, നിങ്ങളോടു ഒന്നിച്ചു പ്രവാസത്തിൽ
പുറപ്പെടാതേ ദാവീദാസനത്തിന്മേൽ ഇരിക്കുന്ന രാജാവും ഈ പട്ടണ
ത്തിൽ വസിക്കുന്ന സൎവ്വജനവും ആകുന്ന നിങ്ങടേ സഹോദരന്മാരെ തൊട്ടു
17 യഹോവ പറയുന്നിതു: ഇവരിൽ ഞാൻ ഇതാ വാളും ക്ഷാമവും മഹാരോ
ഗവും അയച്ചുവിട്ടു ചീത്തയായിട്ടു തിന്നുകൂടാത്ത പീപ്പഴങ്ങൾക്കു അവരെ
18 സമമാക്കി, വാളും ക്ഷാമവും മഹാരോഗവുംകൊണ്ടു അവരെ വേട്ടയാടി
(15, 9) ഭൂമിയിലേ സകലരാജ്യങ്ങൾക്കും അവരെ മെയ്പേറുവാനും കൊടു
ത്തു ഞാൻ അവരെ ആട്ടിക്കളഞ്ഞ സകലജാതികളിലും ശാപവും വിസ്മ
യവും ചീറുന്നതും നിന്ദയും ആക്കിവെക്കും എന്നു സൈന്യങ്ങളുടയ യഹോ
19 വ പറയുന്നു. എൻ ദാസന്മാരായ പ്രവാചകരെ ഞാൻ പുലരേ അയച്ചു
പറയിച്ച എൻ വാക്കുകളെ കേളായ്കകൊണ്ടു തന്നേ എന്നു യഹോവയുടേ
20 അരുളപ്പാടു. നിങ്ങളും കേളാതേ പോയി എന്നു യഹോവയുടേ അരുളപ്പാടു.
ഇന്നോ യഹോവാവചനം കേൾപ്പിൻ, ഞാൻ യരുശലേമിൽ നിന്നു ബാ
ബേലിലേക്കു അയച്ചുവിട്ട സൎവ്വപ്രവാസമായുള്ളോരേ!
21 വിശേഷിച്ചു എന്നാമത്തിൽ നിങ്ങൾക്കു പൊളി പ്രവചിക്കുന്ന കോ
ലായാപുത്രനായ അഹാബ് മയസേയാപുത്രനായ ചിദക്കീയാ എന്നവരെ
തൊട്ടു ഇസ്രയേലിൻ ദൈവമായ സൈന്യങ്ങളുടയ യഹോവ പറയുന്നിതു:
ബാബേൽരാജാവായ നബുകദ്രേചർ അവരെ നിങ്ങൾ കാൺകേ വധി
22 പ്പാൻ ഞാൻ അവരെ ഇതാ ഇവൻറെ കയ്യിൽ കൊടുക്കുന്നു. ബാബേലിലു
ള്ള യഹൂദാപ്രവാസം ഒക്കയും അവരിൽനിന്നു ഒരു പ്രാക്കൽ എടുത്തു: യ
ഹോവ നിന്നെ ചിദക്കീയാ അഹാബ് എന്നവരെ ബാബേൽ രാജാവു
23 തീയിലിട്ടു വറുത്തതു പോലേ ആക്ക എന്നു പറവാറാകും; അവർ ഇസ്ര
യേലിൽ ഭോഷത്വം പ്രവൃത്തിച്ചു കൂട്ടരുടേ ഭാൎയ്യമാരോടു വ്യഭിചരിക്കയും
ഞാൻ കല്പിക്കാത്ത വാക്കു എന്നാമത്തിൽ പൊളിപറകയും ചെയ്തു നിമി
ത്തം തന്നേ. ഞാനേ അറിയും സാക്ഷി എന്നു യഹോവയുടേ അരുളപ്പാടു.

24, 25 ശേഷം നെറ്റാമ്യനായ ശമയ്യാവോട നീ പറയേണം: ഇസ്രയേലിൻ
ദൈവമായ സൈന്യങ്ങളുടയ യഹോവ പറയുന്നിതു: നീ യരുശലേമിലുള്ള
സർവ്വജനത്തിന്നും മയസേയാപുത്രനായ ചഫന്യാപുരോഹിതന്നും എല്ലാ
26 പുരോഹിതന്മാർക്കും നിന്റെറ പേരിൽ കത്തുകൾ അയച്ചു: ''യോയദാപു
രോഹിതനു പകരം യഹോവ നിന്നെ പുരോഹിതനാക്കിയതു യഹോവാ
ലയത്തിൽ എല്ലാം ഭ്രാന്തനും പ്രവചിക്കുന്നവനും അദ്ധ്യക്ഷരാവാൻ തന്നേ;
27 ഇങ്ങനേത്തവനെ തോളത്തിലും തൊണ്ടവളയിലും ഇടുവാൻ വേണ്ടിയ
28 ല്ലോ. പിന്നേ നിങ്ങളോടു പ്രവചിക്കുന്ന അനഥോത്തിലേ യിറമിയാവെ
നീ ഭർത്സിക്കാതേ വിട്ടതു എന്തു? അതു കാരണമായി അവൻ ബാബേ
ലിൽ ഈ ഞങ്ങൾക്കു കത്തയച്ചു: നെടുങ്കാലം ആകും വീടുകളെ പണിതു
29 വസിപ്പിൻ തോട്ടങ്ങളെ നട്ടു അതിലേ ഫലം ഭക്ഷിപ്പിൻ! എന്നു (മറും)
30 എഴുതി''. എന്നുള്ള ലേഖത്തെ ചഫന്യാപുരോഹിതൻ യിറമിയാ പ്രവാ
31 ചകൻ കേൾക്കേ വായിച്ചു.—അനന്തരം യിറമിയാവിന്നു യഹോവാവ
ചനം ഉണ്ടായിതു: നെറ്റാമ്യനായ ശമയ്യാവെ കൊള്ളേ യഹോവ പറയു
ന്നിതു: ശമയ്യാ ഞാൻ അയക്കാതേ കണ്ടു നിങ്ങളോടു പ്രവചിച്ചുകൊണ്ടു
നിങ്ങളെ പൊളിയിൽ ആശ്രയിപ്പിച്ച ഹേതുവാൽ, യഹോവ ഇപ്രകാ
32 രം പറയുന്നു: ഞാൻ ഇതാ നെറ്റാമ്യനായ ശമയ്യാവെയും സന്തതിയെയും
(അദ്ധ്യക്ഷനായി) സന്ദർശിക്കുന്നു; അവനു ഈ ജനത്തിന്റെറ നടുവിൽ വ
സിക്കുന്ന ആരും ഇരിക്കയില്ല, എൻ ജനത്തിന്നു ഞാൻ ചെയ്യുന്ന നന്മ അ
വൻ കാൺകയും ഇല്ല, യഹോവെക്കു നേരേ മത്സരം ഉരെക്കയാൽ എന്നു
യഹോവയുടേ അരുളപ്പാടു; എന്നിങ്ങനേ സകലപ്രവാസത്തിന്നും എഴുതി
അയക്കേണ്ടതു.

3. എല്ലാ ഇസ്രയേലിന്നും ഗ്രണകാലവാഗ്ദത്തം. (30—33.)

30. അദ്ധ്യായം

യഹോവ സ്വജനത്തെ പ്രവാസത്തിൽനിന്നു വീണ്ടുകൊണ്ടു (12) മുറി
വുകളെ പൊറുപ്പിച്ചും ഉപദ്രവികളെ ശിക്ഷിച്ചും (18) സ്വരാജ്യത്തെ തേജ
സ്സോടേ സ്ഥാപിച്ചും (23) ദുഷ്ടരെ നിഗ്രഹിക്കും. (ചിദക്കീയാവിൻ അ
ന്ത്യകാലത്തിൽ.)

1, 2 **യ**ഹോവയിൽനിന്നു യിറമിയാവിന്നുണ്ടായ വചനമാവിതു: ഇസ്ര
യേലിൻ ദൈവമായ യഹോവ പറയുന്നിതു: ഞാൻ നിന്നോടു പറയുന്ന
3 സകലവാക്കുകളെയും ഒരു പുസ്തകത്തിൽ എഴുതിക്കൊൾക! കാരണം എൻ
ജനമായ ഇസ്രയേൽ യഹൂദ എന്നവരുടേ അടിമയെ ഞാൻ മാററി (എന്നു
യഹോവ പറയുന്നു) അവരുടേ പിതാക്കന്മാക്കു കൊടുത്ത ദേശത്തേക്കു അവ
രെ തിരിച്ചു വരുത്തി, ആയതിനെ അവർ അടക്കിക്കൊൾകയും ചെയ്യുന്ന
നാളുകൾ ഇതാ വരുന്നു എന്നു യഹോവയുടേ അരുളപ്പാടു.
4 യഹോവ ഇസ്രയേൽ യഹൂദ എന്നവരെ കുറിച്ചു ചൊല്ലിയ വചനങ്ങൾ
5 ഇവ: യഹോവ ഇപ്രകാരം പറയുന്നു: ഞങ്ങൾ കേട്ടതു അരട്ടുന്ന നാദം,
6 സമാധാനം അല്ല പേടി അത്രേ ഉള്ളു. ആൺ പെറുമോ എന്നു ചോദിച്ചു
നോക്കുവിൻ! പെറുന്നവളെ പോലേ എല്ലാ പുരുഷനും കൈകളെ അരമേൽ
ഇട്ടും ഏതു മുഖവും വിളർത്തു ചമഞ്ഞും ഞാൻ കാണുന്നതു എന്തിട്ടു? അയ്യോ
7 കഷ്ടം ആ ദിവസം സാക്ഷാൽ ഒപ്പം വരാതോളം വലിയതു ; യാക്കോബി
നും അതു ഞെരിക്കകാലം എങ്കിലും അവൻ അതിൽനിന്നു രക്ഷിക്കപ്പെടും.
8 അന്നുണ്ടാവിതു, എന്നു സൈന്യങ്ങളുടയ യഹോവയുടേ അരുളപ്പാടു, ഞാൻ
അവന്റെറ നുകത്തെ കഴുത്തിന്മേൽ നിന്നു ഒടിച്ചു നിന്റെറ കെട്ടുകളെ

പൊട്ടിക്കും, അന്യന്മാർ ഇനി അവനെ സേവിപ്പിക്കയും ഇല്ല. സ്വദൈവ
9 മായ യഹോവയെയും ഞാൻ അവൎക്കു എഴുനീല്പിക്കും സ്വരാജാവായ ദാവി
ദെയും (23, 5) അവർ സേവിക്കേ ഉള്ളു. നീയോ എൻ ദാസനായ യാക്കോ
10 ബേ ഭയപ്പെടായ്ക! ഇസ്രയേലേ അഞ്ചായ്ക! എന്നു യഹോവയുടേ അരുള
പ്പാടു, ഞാൻ ഇതാ നിന്നെ ദൂരത്തുനിന്നും നിൻറെ സന്തതിയെ നിവ്വാസദേ
ശത്തിൽ നിന്നും രക്ഷിക്കുന്നു, യാക്കോബ് മടങ്ങിവന്നു ആരും മെരിട്ടാതേ
11 സ്വൈരമായി അടങ്ങിപ്പാൎക്കും. നിന്നെ രക്ഷിപ്പാൻ ഞാനല്ലോ നിന്നോടു
കൂടേ ഉണ്ടു, എന്നു യഹോവയുടേ അരുളപ്പാടു. ഞാൻ നിന്നെ ചിതറിച്ചാ
ക്കിയ സകലജാതികളിൽ മുമ്മുടിവു നടത്തിയാലും നിന്നോടു മുമ്മുടിവു
നടത്തുക ഇല്ല, ന്യായത്തോടേ നിന്നെ ശിക്ഷിക്കും താനും, ഒട്ടും നിൎദ്ദോഷ
നായി വിടുകയും ഇല്ല.

12 എങ്ങനേ എന്നാൽ യഹോവ പറയുന്നിതു: എടീ നിൻറെ ഒടിവു കൊ
13 ടുതു നിൻറെ മുറിവ് അസാദ്ധ്യം! നിൻറെ ന്യായം ആരും വിസ്തരിക്കാതു,
14 പുണ്ണിന്നു ചികിത്സയോ, നിണക്കു തകഴി ഒന്നും ഇല്ല. നിൻറെ കാമുകന്മാർ
എല്ലാം നിന്നെ മറന്നിട്ടു തിരയാത്തതു നിൻറെ കൂറം പെരുകി പാപങ്ങൾ
തിങ്ങിച്ചമകയാൽ ഞാൻ ക്രൂരശിക്ഷയായി ശത്രുവെട്ടുകൊണ്ടു നിന്നെ വെ
15 ട്ടുക നിമിത്തമത്രേ. എന്നിട്ടു നിന്നെ തിന്നുന്നവർ ഒക്കയും തിന്നപ്പെടും,
നിന്നെ ഞെരുക്കുന്നവർ എല്ലാം നിവ്വസിച്ചു പോകും, നിന്നെ കവരുന്നവർ
16 കവൎച്ച ആകും, നിന്നെ കൊള്ളയിടുന്നവരെ ഏവരെയും ഞാൻ കൊള്ളയാ
17 ക്കിക്കൊടുക്കും. നിണക്കോ ഞാൻ പത്തി ഇട്ടു നിൻറെ പുണ്ണുകളെ പൊറു
പ്പിച്ചു തീൎക്കും, അവർ നിന്നെ ഭ്രഷ്ടു എന്നും ആരും അന്വേഷിക്കാത്ത ചി
യ്യോൻ എന്നും വിളിക്കയാൽ തന്നേ എന്നു യഹോവയുടേ അരുളപ്പാടു.

18 യഹോവ പറയുന്നിതു: ഞാൻ ഇതാ യാക്കോബ് കൂടാരങ്ങളുടേ നിവ്വാ
സാവസ്ഥയെ മാറ്റി അവൻറെ പാൎപ്പിടങ്ങളെ കനിഞ്ഞുകൊള്ളും, പട്ടണം
അതിൻറെ മേട്ടിൽ പണിയപ്പെടും, അരമനതോറും മര്യാദപ്രകാരം വസി
19 പ്പാറാകും. അവയിൽനിന്നു സ്തോത്രവും ചിരിപ്പിക്കുന്നവരുടേ ഒച്ചയും പുറ
പ്പെടും, അവർ കുറയാതവണ്ണം ഞാൻ പെരുപ്പിക്കയും ചുരുങ്ങാതവണ്ണം
20 തേജസ്സുരിക്കയും ചെയ്യും. അവൻറെ മക്കൾ പണ്ടേ പോലേ ആകും, അവ
ൻറെ സഭ എന്മുമ്പിൽ സ്ഥിരപ്പെട്ടിരിക്കും. അവനെ പീഡിപ്പിക്കുന്നവരെ
21 ഒക്കയും ഞാൻ സന്ദൎശിക്കും. അവൻറെ ഉദാരൻ അവനിൽ ഉണ്ടായവൻ
ആകും, അവനെ വാഴുന്നവർ അവൻറെ ഉള്ളിൽനിന്നു പുറപ്പെടും, ആയവനെ
ഞാൻ എന്നോട് അണയുമാറു അടുപ്പിക്കും. കാരണം എന്നോട് അണവാ
ന്തക്കവണ്ണം തൻറെ ഹൃദയത്തിന്നു ഉത്തരവാദി ആകുന്നതു ആരുപോൽ?
22 എന്നു യഹോവയുടേ അരുളപ്പാടു. ഇങ്ങനേ നിങ്ങൾ എനിക്കു ജനവും ഞാൻ
നിങ്ങൾക്കു ദൈവവും ആകും (7, 23).

23 (23, 19*f*.) യഹോവയുടേ വിശ്വ് ഇതാ! ഊഷ്മാവു പുറപ്പെട്ടു, തെരു
24 തെര വീശുന്ന കൊടുങ്കാറ്റു ദുഷ്ടരുടേ തലമേൽ തട്ടും. യഹോവയുടേ കോപ
ച്ചൂടു അവൻ ഹൃദയത്തിൻറെ നിരൂപണങ്ങളെ നടത്തി നിവിൎത്തുംവരേ മട
ങ്ങുക ഇല്ല, അതു നാളുകളുടേ അവസാനത്തിൽ നിങ്ങൾക്കു തിരിഞ്ഞു
ബോദ്ധ്യമാം.

31. അദ്ധ്യായം

ഇസ്രയേൽവംശങ്ങൾ ഒക്കയും കരുണ അനുഭവിച്ചു (7) ചേൎന്നു മടങ്ങി
വന്നിട്ടു (15) എഫ്രയീമിൻറെ അലമുറ സ്തോത്രമായി മാറും (23) യഹൂദയും
യഥാസ്ഥാനത്തിൽ ആയി (27) ഇസ്രയേലോട് ഒന്നിച്ചു പുതിയ ജീവനും
(31) പുതുനിയമത്താൽ ആത്മദാനവും നിത്യവൃദ്ധിയും പ്രാപിക്കും.

1 ആ കാലത്തിൽ ഞാൻ ഇസ്രയേലിൻ എല്ലാ വംശങ്ങൾക്കും ദൈവവും
അവർ എനിക്കു ജനവും ആയിരിക്കും എന്നു യഹോവയുടേ അരുളപ്പാടു.
2 യഹോവ പറയുന്നിതു: വാളിന്നു തെറ്റി മിഞ്ചിയ ജനം മരുവിൽ (എന്ന
പോലേ) കരുണയെ കണ്ടെത്തി, ഇസ്രയേലിന്നു സ്വസ്ഥത വരുത്തുവാൻ
3 ഞാൻ പോകുട്ടേ. (ജനം പറയുന്നു) യഹോവ ദൂരത്തുനിന്നു എനിക്കു കാണാ
യിവന്നു. (യഹോവ പറയുന്നു) നിത്യപ്രേമംകൊണ്ടു ഞാൻ നിന്നെ സ്നേഹി
4 ക്കയാൽ ദയ നീട്ടി നിന്നെ പോററി. ഹേ ഇസ്രയേൽകന്യകേ നിന്നെ
ഞാൻ പണിയും, നീ പണിയപ്പെടുകയും ചെയ്യും; ഇനി തപ്പുകൊണ്ടു
5 അണിഞ്ഞും തുള്ളുന്നവരുടേ ആട്ടത്തിൽ ചേൎന്നും വരും. നീ ശമൎയ്യമലകളിൽ
6 ഇനി പറമ്പുകളെ ഉണ്ടാക്കും, നടുന്നവർ നട്ടും അനുഭവിച്ചും പോരും. കാര
ണം എഫ്രയീംമലമേലേ കാവല്ക്കാർ: അല്ലയോ നമ്മുടേ ദൈവമായ യഹോ
വയുടുക്കേ ചിയ്യോനിലേക്കു നാം കരേറിപ്പോക: എന്നു വിളിക്കുന്ന ഒരു
7 ദിവസം ഉണ്ടു. എങ്ങനേ എന്നാൽ യഹോവ പറയുന്നിതു: യാക്കോബെ
തോട്ടു സന്തോഷിച്ചാൎത്തു ജാതികളുടേ തലയായവനെച്ചൊല്ലി ഉച്ചത്തിൽ
നൎത്തിപ്പിൻ! യഹോവേ തിരുജനമായ ഇസ്രയേലിൻ ശേഷിപ്പിനെ രക്ഷി
8 ക്കേണമേ എന്നു കേൾപ്പിച്ചു പുകഴ്വിൻ! ഇതാ ഞാൻ വടക്കേനാട്ടിൽനി
ന്നു അവരെ വരുത്തി ഭൂമിയുടേ ഉത്തരദിക്കിൽനിന്നു ചേൎക്കും. അതിൽ കുരു
ടനും മുടവനും ഗൎഭിണിയും പെറുന്നവളും ഒക്കത്തക്ക വലിയ സമൂഹം ഇ
9 ങ്ങോട്ടു മടങ്ങും. കേണുകൊണ്ടു അവർ വരും, കെഞ്ചി യാചിക്കേ അവ
രെ ഞാൻ നടത്തും. ഇടറിക്കൂടാത്ത നേർവഴിയിൽ അവരെ നീർപ്പുഴകൾ
അരികേ ചെല്ലുമാറാക്കും, ഇസ്രയേലിന്നു ഞാൻ പിതാവും എഫ്രയീം എ
10 നിക്കു കടിഞ്ഞൂലും ആകകൊണ്ടത്രേ.——ഹേ ജാതികളേ യഹോവയുടേ വ
ചനം നിങ്ങൾ കേട്ടു ദൂരദ്വീപുകളിൽ അറിയിക്കേണ്ടുന്നിതു: ഇസ്രയേലി
നെ ചിതറിച്ചവൻ അതിനെ ചേൎത്തു ഇടയൻ കൂട്ടത്തെ എന്ന പോലേ കാ
11 ത്തു കൊള്ളും, യഹോവ യാക്കോബിനെ ഉദ്ധരിച്ചു അതിബലവാന്റേ ക
12 യ്യിൽനിന്നു വീണ്ടെടുത്തതുകൊണ്ടു എന്നത്രേ. അവരോ വന്നു ചിയ്യോൻ
മുകളിൽ ആൎത്തു ധാന്യവും രസവും എണ്ണയും ആട്ടമാട്ടിൻ കുട്ടികളും ആകു
ന്ന യഹോവാധനത്തിങ്കലേക്കു ഒഴുകിച്ചെല്ലും, അവരുടേ ദേഹി നനവേറും
13 തോട്ടത്തിന്നു ഒക്കും, അവർ ഇനി തപിക്കയും ഇല്ല. അന്നു കന്യ നൃത്തത്തി
ലും യുവാക്കൾ വൃദ്ധന്മാരും ഒക്കത്തക്ക സന്തോഷിക്കും, ഞാൻ അവരുടേ
ഖേദത്തെ ആനന്ദമാക്കി, മാററി അവരെ സങ്കടത്തിൽ പിന്നേ ആശ്വസി
14 പ്പിച്ചു സന്തോഷിപ്പിക്കും. ഞാൻ മേദസ്സുകൊണ്ടു പുരോഹിതന്മാരുടേ ദേ
ഹിയെ നനെക്കയും എൻജനം എന്റേ മുതലാൽ തൃപ്തമാകയും ചെയ്യും എ
ന്നു യഹോവയുടേ അരുളപ്പാടു,

15 യഹോവ പറയുന്നിതു: രാമയിൽ ഹോ ഒരു ശബ്ദം കേൾക്കാകുന്ന അല
മുറയും കൈപ്പുള്ള കരച്ചലും തന്നേ! രാഹേൽ തന്റേ മക്കളെ ചൊല്ലി കര
ഞ്ഞു അവർ ഇല്ലായ്കയാൽ മക്കളെ ചൊല്ലി ആശ്വാസം കൈക്കൊൾവാൻ
16 മനസ്സില്ല. യഹോവ പറയുന്നിതു: നിന്റേ ഒച്ചെക്കു കരച്ചലും കണ്ണിന്നു
ബാഷ്പവും വിലക്കുക! നിന്റേ വേലെക്കു കൂലി ഉണ്ടു സത്യം, എന്നു
യഹോവയുടേ അരുളപ്പാടു. ശത്രുദേശത്തുനിന്നു അവർ മടങ്ങി വരും. നി
17 ന്റേ ഭാവിഷ്യത്തിന്നു പ്രത്യാശ ഉണ്ടു (29,11) എന്നു യഹോവയുടേ അരുള
18 പ്പാടു, മക്കൾ തങ്ങളുടേ അതിരിലേക്കു മടങ്ങും. ഇന്നും കൂടേ എഫ്രയീം
വിലപിക്കുന്നതു ഞാൻ കേട്ടു: നീ എന്നെ ശിക്ഷിച്ചു ഞാനും ശീലിപ്പി
ക്കാത്ത കന്നു പോലേ ശിക്ഷിക്കപ്പെട്ടു, ഞാൻ മനം തിരിവാൻ എന്നെ
19 തിരിക്കേണമേ യഹോവേ സാക്ഷാൽ നീ എൻ ദൈവം; ഞാൻ മാറി
പ്പോയ ശേഷമല്ലോ അനുതപിച്ചും എന്നെ ബോധം വരുത്തിയ ശേഷം തു
ടെക്കു കൈ അലച്ചു നാണി ലജ്ജിച്ചും വന്നു; എന്റേ ബാല്യത്തിന്റേ
20 നിന്ദയെ ഞാൻ വഹിക്കുന്നു സത്യം (എന്നത്രേ). എഫ്രയീമിന്നു എതിരേ

ഞാൻ മൊഴിയും തോറും ഇനിയും അവനെ ഓത്തോത്തുവരുന്നതാൽ അവൻ
എനിക്കു ഓമനമകനോ ലാളിക്കുന്ന പൈതലോ? അതുകൊണ്ടു എൻ കുടൽ
അവനെച്ചൊല്ലി ഇരെക്കുന്നു, അവനെ കനിഞ്ഞുകൊണ്ടേ ആവു എന്നു യ
21 ഹോവയുടേ അരുളപ്പാടു.—എടീ നിനക്കു വഴിക്കല്ലുകളെ സ്ഥാപിക്ക, പാ
തത്തൂണുകളെ ഇടുക, നീ പോയ നിരത്തുവഴിക്കു മനസ്സുവെക്ക! ഇസ്രയേൽ
22 കന്യകേ മടങ്ങി വാ! നിന്റേറ ഊരുകളിലേക്കു തിരിക! ഹേ പിഴകി
പ്പോയ മകളേ നീ എത്രോടം ഉഴന്നുപോം? യഹോവ ആകട്ടേ ഒരു പുതുമ
സൃഷ്ടിക്കുന്നു: പെണ്ണു പുരുഷനെ (പോററി) ചുററിക്കൊള്ളും എന്നതേ.
23 ഇസ്രയേലിൻ ദൈവമായ സൈന്യങ്ങളുടയ യഹോവ പറയുന്നിതു:
യഹൂദാദേശത്തിലും നഗരങ്ങളിലും ഇനി അവരുടേ അടിമയെ ഞാൻ മാററു
മ്പോൾ ഈ വാക്കു പറവാറാകും: ഹാ നീതിയുടേ പാർപ്പിടമേ വിശുദ്ധ
24 പർവ്വതമേ യഹോവ നിന്നെ അനുഗ്രഹിപ്പൂതാക! എന്നത്രേ. അതിൽ യ
ഹൂദയും അവനേറ സകലനഗരങ്ങളും കൃഷിക്കാരും മുഗക്കൂട്ടങ്ങളോടു സഞ്ച
25 രിക്കുന്നവരും ഒന്നിച്ചു കുടിയിരിക്കും. തളർന്ന ദേഹിയെ ഞാൻ നനെപ്പി
26 ച്ചും തപിക്കുന്ന ഏതു ദേഹിക്കും നിറെച്ചും കൊടുക്കുന്നുവല്ലോ. എന്നതു (കേ
ട്ടിട്ടു) ഞാൻ ഉണർന്നു കണ്ടു എന്റേറ ഉറക്കം എനിക്കു നിരക്കയും ചെയ്തു.
27 ഞാൻ ഇസ്രയേൽഗൃഹത്തിലും യഹൂദാഗൃഹത്തിലും മനുഷ്യവിത്തും പശു
വിത്തും വിതെക്കുന്ന നാളുകളും ഇതാ വരുന്നു എന്നു യഹോവയുടേ അരുളപ്പാ
28 ടു. ഞാൻ പൊരിച്ചുവിടിപ്പാനും മുടിച്ചുകെടുപ്പാനും തിന്നു പിണെപ്പാനും
അവരുടേ മേൽ ജാഗരിച്ച കണക്കേ തന്നേ പണിവാനും നടുവാനും അവരു
ടേ മേൽ അന്നു ജാഗരിക്കും എന്നു യഹോവയുടേ അരുളപ്പാടു. ആ നാളുക
29 ളിൽ'' മുന്തിരിപ്പുളിഞ്ഞു അപ്പന്മാർ തിന്നിട്ടു മക്കൾക്കു പല്ലു പുളിക്കും'' എന്നു
30 (പഴഞ്ചൊൽ) ഇനി പറയാതേ, താന്താനേറ കുററത്താൽ മരിക്കും, പു
ളിച്ചു തിന്നാൽ ഏവനും പല്ലു പുളിക്കും (എന്നു കാണും).
31 യഹോവയുടേ അരുളപ്പാടാവിതു: ഞാൻ ഇസ്രയേൽഗൃഹത്തോടും യഹൂ
32 ദാഗൃഹത്തോടും പുതുനിയമത്തെ തീർക്കുന്ന നാളുകളും വരുന്നു. ഞാൻ പി
താക്കന്മാരെ കൈപിടിച്ചു മിസ്രദേശത്തുനിന്നു പുറപ്പെടുവിച്ച നാളിൽ
ചെയ്ത നിയമം പോലേ അല്ല; ആയതു അവർ ഞാൻ അവരെ വേട്ടിട്ടും
33 ഭഞ്ജിച്ചു എന്നു യഹോവയുടേ അരുളപ്പാടു. ആ ദിവസങ്ങളുടേ ശേഷം ഞാൻ
ഇസ്രയേൽഗൃഹത്തോടു തീർക്കും നിയമം ഇതു തന്നേ: എന്റേറ ധർമ്മവെപ്പി
നെ ഞാൻ അവരുടേ ഉള്ളിലാക്കി അവരുടേ ഹൃദയത്തിൽ എഴുതും, ഞാൻ
അവർക്കു ദൈവവും അവർ എൻ ജനവും ആകും എന്നു യഹോവയുടേ
34 അരുളപ്പാടു. ഇനി ആരും കൂട്ടനെയും സഹോദരനെയും ''യഹോവയെ
അറിഞ്ഞുകൊൾവിൻ'' എന്നു പഠിപ്പിക്ക ഇല്ല, അവർ ആബാലവൃദ്ധം
എല്ലാവരും എന്നെ അറിയും എന്നു യഹോവയുടേ അരുളപ്പാടു. കാരണം
ഞാൻ അവരുടേ അകൃത്യത്തെ മോചിക്കും അവരുടേ പാപത്തെ ഇനി ഓർ
35 ക്കയും ഇല്ല.— ആദിത്യനെ പകൽവെളിച്ചത്തിനും ചന്ദ്രനക്ഷത്രങ്ങളുടേ
വെപ്പുകളെ രാത്രിവെളിച്ചത്തിനും ആക്കി തരുന്നവനും തിരകൾ മുഴങ്ങും
വണ്ണം കടലിനെ ഇളക്കുന്നവനും (യശ. 51,15) ആയ യഹോവ പറയുന്നി
തു (സൈന്യങ്ങളുടയ യഹോവ എന്നു അവനേറ പേർ): ഈ വെപ്പുകളും
36 എന്റേറ മുമ്പിൽനിന്നു നീങ്ങും എങ്കിൽ ഇസ്രയേൽസന്തതി എന്റേറ മുമ്പിൽ
സദാജാതി ആയിനില്ക്കുന്നതിനും നീക്കം വരും എന്നു യഹോവയുടേ അരു
37 ളപ്പാടു.— യഹോവ പറയുന്നിതു: മീതൽ വാനങ്ങളെ അളപ്പാനും കീഴേ
ഭൂമിയുടേ അടിസ്ഥാനങ്ങളെ ആരായുവാനും കഴിയും എങ്കിൽ ഞാനും
ഇസ്രയേലിൻ സകലസന്തതിയെയും അവർ ചെയ്തതു ഒക്കയും നിമിത്തം
വെറുത്തുകളയും എന്നു യഹോവയുടേ അരുളപ്പാടു.— ഈ പട്ടണമോ
38 യഹോവെക്കു പണിയപ്പെടും നാളുകളും വരുന്നു, ഹനനേൽഗോപുരം മുതൽ
കോൺവാതിൽവരേയും, പിന്നേ അളവുനൂൽ ചൊവ്വിൽ ഗാരബു

39 കുന്നിന്മേൽ ചെന്ന ഗോവെക്കു മാറിപ്പോകും. പിണങ്ങാംക്കും ചാരത്തിന്നും
40 ഉള്ള താഴ്വര ഒക്കയും കിദ്രോൻതോട്ടുവരേ കിഴക്കോട്ട കുതിരവാതിൽ
ക്കോൺപര്യന്തം എല്ലാ കടുന്തുക്കങ്ങളും യഹോവെക്കു വിശുദ്ധമാകും.
(പട്ടണത്തെ) ഇനിഎന്നും പൊരിക്കയും ഇടിക്കയും ഇല്ല എന്നു യഹോവ
യുടേ അരുളപ്പാട്ട.

32. അദ്ധ്യായം

നിരോധകാലത്തിൽ ഒരു നിലം വിലെക്കു വാങ്ങേണ്ടിവന്നാറേ (16) ഇതെന്ത് എന്നു സംശയിച്ചശേഷം (26) ഇസ്രയേലിന്നു മുമ്പിൽ ശിക്ഷ പിന്നിൽ തേജസ്സുള്ള പുനർജ്ജനനം അറിയിച്ചതു.

1. 2 നബുകദ്രേചരുടേ പതിനെട്ടാം ആണ്ടാകുന്ന യഹൂദാരാജാവായ ചിദക്കീ
യാവിൻ പത്താം ആണ്ടിൽ ബാബേൽരാജാവിന്റേറ ബലം യരുശലേമെ
മുട്ടിച്ചുകൊണ്ടിരിക്കേ യഹോവയിൽനിന്നു യിറമിയാവിന്നുണ്ടായ വചനം.
3 അന്നു യഹൂദാരാജാവായ ചിദക്കീയാ യിറമിയാപ്രവാചകനോടു: യഹോ
വ ഇപ്രകാരം പറയുന്നു ഞാൻ ഇതാ ഈ പട്ടണം ബാബേൽരാജാവിന്റേറ
കൈക്കൽ കൊടുക്കുന്നു (34,3) അവൻ അതിനെ പിടിക്കും, യഹൂദാരാജാ
4 വായ ചിദക്കീയാ കല്ദയരുടേ കയ്യിൽനിന്നു ചാടിപ്പോകാതേ ബാ
ബേൽരാജാവിൻ കൈക്കൽ ഏല്പിക്കപ്പെടും, ഇവനോടു വായ്ക്കു വായ്
5 സംസാരിക്കും കണ്ണാലേ കണ്ണുംകാണും, ചിദക്കീയാവെ ഇവൻ ബാബേ
ലിൽ കൊണ്ടുപോകയും അവിടേ ഞാൻ അവനെ സന്ദർശിക്കുംവരേ അവൻ
ഇരിക്കയും ചെയ്യും എന്നു യഹോവയുടേ അരുളപ്പാട് എന്നും, നിങ്ങളും
കല്ദയരോടു പൊരുതാൽ സാധിക്ക ഇല്ല എന്നും, നീ പ്രവചിപ്പാൻ
എന്ത്? എന്നു ചൊല്ലി തടുക്കകൊണ്ടു, യിറമിയാ യഹൂദാരാജാലയത്തിലേ
കാവൽമുറ്റത്തു അടെക്കപ്പെട്ടു കിടക്കുന്നു.
6 അന്നു യിറമിയാ പറഞ്ഞു: എനിക്കു യഹോവാവചനം ഉണ്ടായിതു: നീ
7 ന്റേറ ഇളയപ്പനായ ശല്ലുമിൻപുത്രൻ ഹനമേൽ ഇതാ നിന്റേറ അടുക്കേ വന്നു
അനഥോത്തിൽ എന്റേറ നിലത്തെ വാങ്ങിക്കൊൾക! വീണ്ടുകൊൾവാനു
ള്ള അനന്ത്രവന്യായം (3 മോ. 25, 25) നിനക്കല്ലോ ആകുന്നതു എന്നു പറ
8 യും. എന്നുള്ള യഹോവാവചനപ്രകാരം ഇളയപ്പന്റേറ പുത്രൻ ഹനമേൽ കാ
വൽമുറ്റത്തു എന്നരികേ വന്നു: ബിന്യാമിൻ ദേശത്തുള്ള അനഥോത്തി
ലേ എന്റേറ നിലത്തെ വാങ്ങിക്കൊൾകേ വേണ്ടു, അവകാശന്യായം നിന
ക്കുള്ളതു വീണ്ടെടുപ്പും നിനക്കത്രേ, വിലെക്കു കൊൾക! എന്ന് എന്നോടു
പറഞ്ഞു. ഇതു യഹോവാവചനം എന്നു ഞാൻ അറിഞ്ഞു അനഥോത്തി
9 ലേ നിലത്തെ ഇളയപ്പന്റേറ പുത്രൻ ഹനമേലോടു വാങ്ങി പതിനേഴു ശേ
10 ക്കൽ വെള്ളിദ്രവ്യം തൂക്കിക്കൊടുത്തു, ആധാരം എഴുതി മുദ്രയിട്ടു സാക്ഷി
11 കളെ നിറുത്തി ദ്രവ്യത്തെ തുലാസിൽ തൂക്കിക്കൊടുത്തു, വഴിയും മൊഴി
12 യുമായുള്ള വിലയാധാരം (രണ്ടും) അടെച്ചു മുദ്രയിട്ടതും തുറന്നിരിക്കുന്നതും
വാങ്ങി, മച്ചുനൻ ഹനമേലും ആധാരത്തിൽ ഒപ്പിട്ട സാക്ഷിക്കാരും കാ
ൺകേ കാവൽമുറ്റത്ത് ഇരിക്കുന്ന എല്ലാ യഹൂദന്മാരും കാൺകേ ഞാൻ വി
13 ലയാധാരത്തെ മഹ്സെയാപുത്രനായ നേരിയ്യാപുത്രൻ ബാരൂകിനു കൊ
ടുത്തു അവരുടേ മുമ്പാകേ ബാരൂകോടു കല്പിച്ചിതു: ഇസ്രയേലിൻദൈവമാ
14 യ സൈന്യങ്ങളുടയ യഹോവ ഇപ്രകാരം പറയുന്നു: മുദ്രയിട്ടതും തുറന്നി
രിക്കുന്നതും ആയ ഈ വിലയാധാരം (രണ്ടും) മേടിച്ചു അവ ഏറിയ കാ
15 ലം നില്പാനായി ഒരു മൺപാത്രത്തിൽ വെക്കുക! കാരണം ഈ ദേശ
ത്തിൽ ഇനി വീടുകളും നിലമ്പറമ്പുകളും വിലെക്കു കൊള്ളുമാറുണ്ടു എന്ന്
ഇസ്രയേലിൻ ദൈവമായ സൈന്യങ്ങളുടയ യഹോവ പറയുന്നു.

16 വിലയാധാരത്തെ നേരിയ്യാപുത്രനായ ബാരൂകിന്നേറ വശം കൊടുത്ത
17 ശേഷം ഞാൻ യഹോവയോടു പ്രാർത്ഥിച്ചിതു: ഹാ ദൈവമായ യഹോവേ
നിന്നേറ വലിയ ഊക്കിനാലും നീട്ടിയ ഭുജത്താലും നീ ഇതാ വാനങ്ങളെയും
18 ഭൂമിയെയും ഉണ്ടാക്കിയല്ലോ നിനക്കു് അരുതാത്തതു് ഒന്നും ഇല്ല. നീ ആ
യിരങ്ങാംകു ദയ കാട്ടുകയും അപ്പന്മാരുടേ അകൃത്യത്തെ അവരുടേ ശേഷമു
ള്ള മക്കളുടേ മടിയിലേക്കു മടക്കുകയും ചെയ്യുന്നു, സൈന്യങ്ങളുടയ യഹോ
19 വ എന്ന പേരുള്ള വലിയ ദേവനും വീരനും ആയുള്ളോവേ! മന്ത്രണം വലി
യവനും പ്രവൃത്തനും പെരുകിയവനും തന്നേ. അവനവന്നു തൻ വഴികും
പ്രവൃത്തികളുടേ ഫലത്തിന്നും തക്കവണ്ണം കൊടുപ്പാൻ തുക്കണ്ണുകളും മനുഷ്യ
20 പുത്രന്മാരുടേ എല്ലാ വഴികളിന്മേലും മിഴിച്ചു പാർക്കുന്നവനേ! മിസ്രയീമ
ത്തും ഇസ്രയേലിലും മറു മനുഷ്യരിലും ഇന്നാളംവരേ, അടയാളങ്ങളെയും
അത്ഭുതങ്ങളെയും കാട്ടി ഇന്നു കാണുമ്പോലേ നിനക്കു് ഒരു നാമത്തെ ഉണ്ടാ
21 ക്കി, ഇസ്രയേലാകുന്ന നിൻ ജനത്തെ അടയാള അത്ഭുതങ്ങളുംകൊണ്ടും
ബലത്ത കൈകൊണ്ടും നീട്ടിയ ഭുജംകൊണ്ടും മഹാഭീതിയാലും മിസ്രയീ
22 ശത്രുനിന്നു പുറപ്പെടുവിക്കയും, പിതാക്കൻമാർക്കു കൊടുപ്പാൻ ആണയിട്ട
ഈ ദേശം പാലും തേനും ഒഴുകുന്നതായി അവക്കു കൊടുക്കയും ചെയ്തവനേ!
23 അവർ പുക്കടക്കീട്ടും നിന്നേറ ശബ്ദം കേളാതേയും നിൻ ധർമ്മത്തിൽ നട
ക്കാതേയും ചെയ്യേണം എന്നു നീ അവരോടു കല്പിച്ചതു് ഒന്നും ചെയ്യാ
തേയും പോകയാൽ ഈ സകലദുർവ്വിധം നീ അവക്കു അകപ്പെടുവിച്ചുവ
24 ല്ലോ! ഇതാ പട്ടണത്തെ പിടിപ്പാൻ (തുത്തു) കൊന്തളമാടുകളും (മതില്ലു)
വന്നു നികന്നു, പട്ടണം മുട്ടിച്ചുപൊരുന്ന കല്ദയരുടേ കൈവശമാകുന്നതു
വാളും ക്ഷാമവും മഹാരോഗവും ഹേതുവാൽ തന്നേ. നീ ചൊല്ലിയതുണ്ടാ
25 യി, നീയും ഇതാ കാണുന്നു. എന്നിട്ടും യഹോവാകർത്താവേ പട്ടണം കല്ദ
യരുടേ കയ്യിൽ ആയപ്പോഴേക്കു നീ സാക്ഷികളെവെച്ചുംകൊണ്ടു നില
ത്തെ വിലെക്കു വാങ്ങിക്കോളുക! എന്നു് എന്നോടു പറഞ്ഞുവല്ലോ?

26 എന്നതിന്നു യഹോവാവചനം യിരമിയാവിന്നു ഉണ്ടായിതു: ഇതാ ഞാൻ
27 സകലജഡത്തിന്നേറ ദൈവമായ യഹോവ തന്നേ, എനിക്കു് എന്തെങ്കിലും
28 അരുതാത്തതോ? അതുകൊണ്ടു യഹോവ പറയുന്നിതു ഈ പട്ടണത്തെ ഞാൻ
ഇതാ കല്ദയരുടേ കയ്യിലും ബാബേൽരാജാവായ നബുകദ്രേചരുടേ ക
29 യ്യിലും കൊടുക്കുന്നു, അവൻ അതിനെ പിടിക്കും. ഈ പട്ടണത്തെക്കൊ
ള്ളേ പൊരുന്ന കല്ദയർ പുക്കു പട്ടണത്തെ കത്തിച്ചു ചുടും, മേല്പുരകളിൽ
ബാളിന്നു ധൂപം കാട്ടി അന്യദേവകൾക്കു് ഊക്കഴിച്ചു.എന്നെ മുഷിപ്പിച്ചു
30 പോന്ന ഭവനങ്ങളും കൂടേ തന്നേ. കാരണം ഇസ്രയേൽപുത്രരും യഹൂദാ
പുത്രരും ബാല്യം മുതൽ എൻ കണ്ണിൽ തീയതു മാത്രം ചെയ്തുപോന്നു ത
ങ്ങളുടേ കൈക്രിയകൊണ്ടു ഇസ്രയേൽപുത്രന്മാർ എന്നെ മുഷിപ്പിക്കുന്നവര
31 ത്രേ എന്നു യഹോവയുടേ അരുളപ്പാടു. ഈ പട്ടണം പണിത നാൾമുതൽ
ഇന്നുവരേ അതു് എന്മുമ്പിൽനിന്നു അകറ്റുവാന്തക്കവണ്ണം എനിക്കു കോപ
32 വും ചൂടും ഉണ്ടാക്കി വന്നു, ഇസ്രയേൽപുത്രരും യഹൂദാപുത്രരും അവരുടേ
രാജാക്കളും പ്രഭുക്കളും പുരോഹിത പ്രവാചകന്മാരും യഹൂദാപുരുഷന്മാരും
യരുശലേം കുടിയാന്മാരുമായി എന്നെ മുഷിപ്പിപ്പാൻ ചെയ്ത സകലദോഷം
33 നിമിത്തം തന്നേ. അവർ മുഖമല്ല പിടരി എനിക്കു കാട്ടി പുലരേ അവ
34 രെ പടിപ്പിച്ചുകൊള്ളുംതോറും ശിക്ഷ കൈക്കൊൾവാൻ കേളാതേപോകു
ന്നു. (7, 30f.) എന്നാമം വിളിക്കപ്പെടുന്ന ആലയത്തെ അശുദ്ധമാക്കുവാൻ
35 അതിൽ തങ്ങളുടേ വെറുപ്പുകളെ പ്രതിഷ്ഠിച്ചു, ബേൻഹിന്നോംതാഴ്വര
യിൽ ബാളിന്നു കുന്നുകാവുകളെ തീർത്തതു തങ്ങളുടേ പുത്രരെയും പുത്രി
മാരെയും മോലകിന്നു ചുടുവാനും (ആയതു ഞാൻ അവരോടു കല്പിച്ച
തും ഇല്ല എൻ മനസ്സിൽ തോന്നിയതും ഇല്ല) ഇങ്ങനത്തേ അറെപ്പു ചെയ്തു
36 കൊണ്ടു യഹൂദയെ പിഴെപ്പിപ്പാനും തന്നേ.— അതുകൊണ്ടു് ഇപ്പോൾ

വാളാലും ക്ഷാമത്താലും മഹാരോഗത്താലും ബാബേൽരാജാവിൻ കൈ
വശമായ്പ്പോകുന്ന എന്ന നിങ്ങൾ പറയുന്ന ഈ പട്ടണത്തെ തൊട്ട ഇസ്ര
37 യേലിൻ ദൈവമായ യഹോവ പറയുന്നിതു: എൻ കോപത്തിലും ഊഷ്മാ
വിലും മഹാക്രോധത്തിലും ഞാൻ അവരെ ആട്ടിത്തള്ളിയ സകലദേശങ്ങ
38 ളിൽനിന്നും ചേർത്തു ഈ സ്ഥലത്തേക്കു മടക്കി നിർഭയമായി കുടിയിരു
39 ത്തും. അവർ എനിക്കു ജനവും ഞാനവർക്കു ദൈവവും ആകും. അവർക്കും അ
വരുടേ ശേഷം മക്കൾക്കും ഗുണത്തിന്നായിട്ടു എന്നെ എല്ലാ നാളും ഭയപ്പെട്ടു
40 വാൻ ഏകഹൃദയത്തെയും ഏകവഴിയെയും അവർക്കു കൊടുക്കും. അവർക്കു
നന്മ ചെയ്വാൻ അവരോടു എന്നും അകലാതേ നില്ക്കും എന്നു ഒരു നിത്യ
നിയമം അവരോടു തീർക്കും, അവർ എന്നെ വിട്ടുമാറായ്വാൻ എൻ
41 ഭയത്തെ അവരുടേ ഹൃദയത്തിൽ ആക്കും. അവർക്കു നന്മ ചെയ്വാൻ അ
വരിൽ ഞാൻ ആനന്ദിച്ചു ഉണ്മയിൽ സർവ്വഹൃദയത്തോടും സർവ്വമനസ്സോ
42 ടും ഈ ദേശത്തിൽ അവരെ നടുകയും ചെയ്യും.— എങ്ങനേ എന്നാൽ യ
ഹോവ പറയുന്നിതു: ഞാൻ ഈ ജനത്തിന്മേൽ ഈ വലിയ തിന്മ എല്ലാം
വരുത്തിയപ്രകാരം തന്നേ ഞാൻ അവരിൽ ചൊല്ലിക്കൊടുക്കുന്ന എല്ലാ
43 നന്മയും വരുത്തുന്നു. ഈ നാടു മനുഷ്യനും കന്നാലിയും ഇല്ലാതോളം കാ
ടായി കല്ദയരുടേ കയ്യിൽ കൊടുത്തുകിടക്കുന്ന എന്നു നിങ്ങൾ പറയുന്ന
44 തിൽ ഇനി നിലം മേടിപ്പാറാകും. ബിന്യാമീൻദേശം യരൂശലേമിൻ ചു
റ്റങ്ങൾ യഹൂദാനഗരങ്ങളിലും മലമ്പുറത്തുരുകളിലും താഴ്വീതിനഗരങ്ങ
ളിലും തെക്കെക്കൂരുകളിലും നിലങ്ങളെ വിലെക്കു വാങ്ങി ആധാരം എ
ഴുതി മുദ്രയിട്ടു സാക്ഷികളെ വെച്ചു കൊൾവാറുണ്ടു; അവരുടേ അടിമയെ
ഞാൻ യഥാസ്ഥാനത്താക്കി മാറും സത്യം എന്നു യഹോവയുടേ അരുളപ്പാടു.

33. അദ്ധ്യായം

യഹൂദ നശിച്ചാൽ പിന്നേ അതിശയമായി വർദ്ധിക്കുന്നതല്ലാതേ (14)
ദാവിദിൻ തളിർ അതിൽ രാജത്വവും പൌരോഹിത്യവും പുതുക്കും (23)
രണ്ടും ആചന്ദ്രാർക്കം നില്ക്കും.

1 യിറമിയാ കാവൽമുറ്റത്തു തടവിൽ നില്ക്കുമ്പോൾ തന്നേ യഹോവാ
2 വചനം രണ്ടാമതും അവന്നു ഉണ്ടായി പറഞ്ഞിതു: (ചൊല്ലിയതിനെ)
ചെയ്യുന്ന യഹോവ, അതിനെ നിലനിർത്തുവാൻ ഉരുവാക്കുന്ന യഹോവ
3 തന്നേ ഇപ്രകാരം പറയുന്നു (യഹോവ എന്നു അവന്റേ നാമം): എന്നെ
നോക്കി വിളിക്ക, ഞാനും ഉത്തരം പറഞ്ഞു നീ അറിയാത്ത വലിയ അ
4 ഗോചരങ്ങളെ നിന്നെ ഗ്രഹിപ്പിക്കും. (അണയുന്ന) കൊന്തളമാടുകളെയും
വാളിനെയും തടുപ്പാൻ നിങ്ങൾ പൊളിച്ചെടുത്ത ഈ പട്ടണത്തിലേ വീടു
കളെയും യഹൂദാരാജാലയങ്ങളെയും കല്ദയരോടു പോരാടുവാൻ ചെല്ലു
ന്നവരെയും വിചാരിച്ചു ഇസ്രയേലിൻദൈവമായ യഹോവ പറയുന്നിതു:
5 ഇവരുടേ സകലദോഷം നിമിത്തം ഞാൻ ഈ പട്ടണത്തിൽ നിന്നു എൻ
മുഖത്തെ മറെച്ചിട്ടു എൻ കോപത്തിലും ഊഷ്മാവിലും വെട്ടുന്ന മനുഷ്യരു
ടേ ശവങ്ങളെ ഈ വീടുകളിൽ നിറെപ്പാൻ മാത്രം ഇവർ മുതിരുന്നതു. ഞാ
6 നോ ഇതാ അവർക്കു പത്തിയും ചികിത്സയും ഇട്ടു അവരെ സൌഖ്യമാ
ക്കി സമാധാനസത്യങ്ങളുടേ ഐശ്വര്യം അവർക്കു വെളിപ്പെടുത്തും. യ
7 ഹൂദയുടേ അടിമയെയും ഇസ്രയേലിൻ അടിമയെയും ഞാൻ യഥാസ്ഥാന
മാക്കി അവരെ ആദിയിലേ പോലേ പണിയിക്കും. അവർ എന്നോടു
8 പിഴെച്ച സകല അകൃത്യത്തിൽനിന്നും അവരെ ശുദ്ധീകരിക്കയും അവർ
എന്നോടു പാപം ചെയ്തു ദ്രോഹിച്ച എല്ലാ കുറ്റങ്ങളെയും മോചിക്കയും
9 ചെയ്യും. (യരൂശലേം) ആയവളോ ഭൂമിയിലേ സകലജാതികളോടും

എനിക്ക് ആനന്ദനാമവും സ്തോത്രവും മഹിമയും ആകും; ഞാൻ അവരിൽ
ചെയ്യുന്ന എല്ലാ നന്മയും ഇവർ കേട്ടിട്ടു ഞാൻ അവളിൽ വരുത്തുന്ന സകലഗ്ര
ണവും സമാധാനവും വിചാരിച്ചു പേടിച്ചു വിറെക്കയും ചെയ്യും.— യ
10 ഹോവ പറയുന്നിതു: മനുഷ്യനും കന്നാലിയും ഇല്ലാതോളം ഈ ദിക്കു പാ
ഴായിപ്പോയി എന്നു നിങ്ങൾ ചൊല്ലുന്ന യഹൂദാ നഗരങ്ങളിലും, മനുഷ്യ
നും കുടിയും മൃഗവും നില്ലാതോളം ശൂന്യമായ യരൂശലേംതെരുക്കളിലും,
11 (25, 10) സന്തോഷാനന്ദങ്ങളുടേ ശബ്ദവും മണവാളന്റെ ശബ്ദവും പുതിയ
പെണ്ണിൻ ശബ്ദവും ''സൈന്യങ്ങളുടയ യഹോവയെ വാഴ്ത്തുവിൻ, കാര
ണം അവൻ നല്ലവൻ തന്നേ അവന്റെ ദയ യുഗപര്യന്തമുള്ളതല്ലോ''
(സങ്കീ. 106, 1) എന്നു ചൊല്ലി യഹോവാലയത്തിൽ സ്തോത്രം കൊണ്ടു
വരുന്നവരുടേ ശബ്ദവും ഇനി ഇവിടേ കേൾക്കപ്പെടും. ആദിയിലേ പോ
ലേ അവരുടേ അടിമയെ ഞാൻ മാറും സത്യം എന്നു യഹോവ പറ
12 യുന്നു.— സൈന്യങ്ങളുടയ യഹോവ പറയുന്നിതു: മനുഷ്യനും കന്നാലി
യും കൂടേ ഇല്ലാതേ പാഴായ ഈ സ്ഥലത്തും അതിന്റെ സകലനഗരങ്ങ
ളിലും ഇനി ആടുകളെ കിടത്തുന്ന ഇടയന്മാരുടേ പുലം ഉണ്ടാകും, മലമ്പു
13 റത്തു ഊരുകളിലും താഴ്വീതിനഗരങ്ങളിലും തെക്കെക്കുറു ഊരുകളിലും
ബിന്യമിൻദേശത്തും യരൂശലേമിൻ ചുറ്റുങ്ങളിലും യഹൂദാനഗരങ്ങളിലും
ഇനി ആട്ടിങ്കൂട്ടങ്ങൾ എണ്ണുന്നവന്റെ കൈക്കീഴു കടപ്പാറാകും എന്നു യ
ഹോവ പറയുന്നു.

14 ദിവസങ്ങൾ ഇതാ വരുന്നു എന്നു യഹോവയുടേ അരുളപ്പാടു: ഞാൻ ഇസ്ര
യേൽഗൃഹത്തോടും യഹൂദാഗൃഹത്തോടും ഉരെച്ച നല്ല വാക്കിനെ നിവൃത്തി
15 യാക്കുന്ന ദിവസങ്ങൾ. ആ നാളുകളിലും ആ കാലത്തിലും ഞാൻ ദാവീദി
ന്നു നീതിയുടേ തളിരിനെ മുളെപ്പിക്കും അവൻ ഭൂമിയിൽ ന്യായവും നീ
16 തിയും നടത്തും (23,6). അന്നാളുകളിൽ യഹൂദ രക്ഷപ്പെടും യരൂശലേം
നിർഭയമായി വസിക്കും, അവർക്കു വിളിപ്പാനുള്ളതു ഞങ്ങളുടേ നീതി
17 യഹോവ എന്നാകും. എങ്ങനേ എന്നാൽ യഹോവ പറയുന്നിതു: (1 രാജ.
2, 4) ഇസ്രയേൽഗൃഹത്തിൻ സിംഹാസനത്തിൽ ഇരിപ്പാൻ ദാവീദിന്നു
18 ഒരു പുരുഷൻ അറ്റുപോക ഇല്ല. നാളുതോറും ഹോമം കഴിപ്പാനും കാഴ്ച
ധൂപിപ്പാനും ബലി അർപ്പിപ്പാനും ലേവ്യപുരോഹിതന്മാക്കും എന്റെ
19 മുമ്പാകേ ഒരു പുരുഷൻ അറ്റുപോകയും ഇല്ല.— യഹോവാവചനം യിരമി
20 യാവിന്നുണ്ടായിതു: യഹോവ ഇപ്രകാരം പറയുന്നു: തത്സമയത്തു പകലും
രാവും ഇല്ലാതവണ്ണം നിങ്ങൾ എന്റെ ദിവസനിയമത്തെയും രാത്രിനിയമ
21 ത്തെയും ഭഞ്ജിക്കും എങ്കിൽ, എൻ ദാസനായ ദാവീദിന്നു സിംഹാസനത്തി
ന്മേൽ വാഴുന്ന പുത്രൻ ഇല്ലാതവണ്ണം അവനോടും എന്നെ ശുശ്രൂഷിക്കുന്ന
ലേവ്യപുരോഹിതന്മാരോടും ഉള്ള എൻ നിയമവും കൂടേ ഭഞ്ജിക്കപ്പെടും. വാന
22 സൈന്യം എണ്ണുവാനും കടൽമണൽ അളപ്പാനും കഴിയാത്തപ്രകാരം ത
ന്നേ എൻ ദാസനായ ദാവീദിൻ സന്തതിയെയും എന്നെ ശുശ്രൂഷിക്കുന്ന
23 ലേവ്യരെയും ഞാൻ പെരുക്കും.— യഹോവാവചനം യിരമിയാവിന്നു
24 ഉണ്ടായിതു: യഹോവ തെരിഞ്ഞെടുത്ത രണ്ടു കുലങ്ങളെയും അവൻ വെറുത്തു
കളഞ്ഞു എന്നു ഈ ജനം ചൊല്ലി വരുന്നതു നീ കാണുന്നില്ലയോ? ഇങ്ങനേ
അവർ എൻ ജനത്തെ ധിക്കരിച്ചു അതു അവർക്കു ഇനി ഒരു ജാതി അല്ല
25 എന്നു കാട്ടുന്നു. യഹോവ പറയുന്നിതു: പകലിരവോടുള്ള എൻ നിയമം
ഇല്ല എങ്കിൽ, വാനഭൂമികളുടേ വെപ്പുകളെ ഞാൻ വെച്ചില്ല എങ്കിൽ, ഞാൻ
26 യാക്കോബിൻ സന്തതിയെയും എൻ ദാസനായ ദാവീദിനെയും വെറുത്തിട്ടു
അബ്രഹാം ഇസ്ഹാക് യാക്കോബു എന്നവരുടേ സന്തതിയിൽ വാഴുന്നോരെ
അവന്റെ സന്തതിയിൽനിന്നു എടുക്കുന്നതു മതിയാക്കിക്കളയും; അവരുടേ
അടിമയെ ഞാൻ മാറി അവരെ കനിഞ്ഞുകൊള്ളുന്നുണ്ടു സത്യം.

III. പ്രബന്ധം. യരുശലേമിൻ കലാപകാലത്തു പ്രവാചകൻ വ്യാപരിച്ചനുഭവിച്ചതും. (അ. 34–45.)

34. അദ്ധ്യായം

പട്ടണനിരോധകാലത്തിങ്കൽ രാജാവോടു കല്പദയരുടേ ജയത്തെ അറിയിച്ചതും (8) അടിമകളുടേ വിടുതലെ തലവർ നിഷ്ഫലമാക്കുകകൊണ്ടു ശിക്ഷ വരുംപ്രകാരം ഗ്രഹിപ്പിച്ചതും.

1 **ബാ**ബേൽരാജാവായ നബുകദ്രേചർ സകലസൈന്യവും അവനേറ കൈ
വാഴ്ചക്കടങ്ങിയ ഭൂമിയിലേ സകല രാജ്യങ്ങളും എല്ലാ വംശങ്ങളുമായി യരു
ശലേമെയും അതിന്നടുത്ത സകലനഗരങ്ങളെയുംകൊള്ളേ പോരാടുമ്പോൾ
യഹോവയിൽനിന്നു യിറമിയാവിന്നു ഉണ്ടായ വചനമാവിതു.
2 ഇസ്രയേലിൻദൈവമായ യഹോവ പറയുന്നിതു: യഹൂദാരാജാവായ
ചിദക്കീയാവോടു നീ ചെന്നു പറയേണ്ടുന്നിതു: യഹോവ ഇപ്രകാരം പറ
യുന്നു: (32, 2*ff.*) ഞാൻ ഇതാ ഈ പട്ടണത്തെ ബാബേൽരാജാവിനേറ
കൈക്കൽ കൊടുക്കുന്നു, അവൻ അതിനെ തീ ഇട്ടു ചുട്ടുകളയും. നീയും
3 അവനേറ കയ്യിൽനിന്നു ചാടിപ്പോകാതേ പിടിക്കപ്പെടുകയും അവനേറ
കയ്യിൽ ഏല്പിക്കപ്പെടുകയും ആം. നിനേറ കണ്ണുകൾ ബാബേൽരാജാ
വിനേറ കണ്ണുകളെ കാണും, അവൻ വായ്ക്കു വായായി നിന്നോടു സംസാ
4 രിക്കും, നീ ബാബേലിൽ ചെല്കയും ചെയ്യും. എങ്കിലും യഹോവാവചന
ത്തെ കേൾക്ക: യഹൂദാരാജാവായ ചിദക്കീയാവേ നിന്നെ ചൊല്ലി യഹോ
5 വ പറയുന്നിതു: നീ വാളാൽ മരിക്ക ഇല്ല സമാധാനത്തിൽ മരിക്കും,
നിനേറ മുമ്പിലത്തേ പുരാണരാജാക്കന്മാരായ അച്ഛന്മാക്കു സുഗന്ധ
ങ്ങളെ എരിച്ചതു പോലേ നിണക്കും കത്തിക്കയും ''അയ്യോ തമ്പുരാനേ''
എന്നു തൊഴിക്കയും ചെയ്യും. ഒരു വാക്കു ഞാൻ ഉരെച്ചുവല്ലോ എന്നു യഹോ
6 വയുടേ അരുളപ്പാടു.— ഈ വാക്കുകളെ ഒക്കയും യിറമിയാപ്രവാചകൻ
യഹൂദാരാജാവായ ചിദക്കീയാവോടു യരുശലേമിൽ ചൊല്ലിയതു, ബാ
7 ബേൽരാജാവിനേറ ബലം യരുശലേമിന്നും മിഞ്ചിനില്ക്കുന്ന സകല യ
ഹൂദാനഗരങ്ങൾക്കും എതിർപൊരുമ്പോൾ തന്നേ. അന്നു ലാകീശ് അ
ജേഖ ഈ രണ്ടു മാത്രം യഹൂദാനഗരങ്ങളിൽ കോട്ടകളായി ശേഷിച്ചു നില്ക്കു
ള്ളു.

8 പിന്നേ ചിദക്കീയാരാജാവു യരുശലേമിലുള്ള സകല ജനത്തോടും ഒരു
നിയമത്തെ കഴിച്ചതിനേറ ശേഷം യഹോവയിൽനിന്നു യിറമിയാവിന്നു
9 ഉണ്ടായ വചനമാവിതു: ആയവർ നിയമം കഴിച്ചതു, അവനവൻ തനേറ
ദാസനെയും ദാസിയെയും എബ്രയനും എബ്രയത്തിയും ആയാൽ വെറുതേ
അയച്ചുവിടേണം എന്നും സഹോദരനായ ഒരു യഹൂദനെയും ഇനി ആരാനും
സേവിപ്പിക്കരുത് എന്നും ഇങ്ങനേ സ്വാതന്ത്ര്യം ഘോഷിപ്പാൻ തന്നേ.
10 എല്ലാ പ്രഭുക്കന്മാരും നിയമത്തിൽ പ്രവേശിച്ച സകല ജനവും താന്താനേറ
ദാസനെയും ദാസിയെയും ഇനി സേവിപ്പിക്കാതേ കണ്ടു വെറുതേ അയച്ചു
വിടത്തക്കവണ്ണം കേട്ടനുസരിച്ചു അയക്കയും ചെയ്തു. പിന്നേടം അവർ തി
11 രിഞ്ഞു വെറുതേ അയച്ചുവിട്ട ദാവീദാസന്മാരെ മടക്കിവരുത്തി ദാസ്യം
പിണെച്ചു അടക്കുകയും ചെയ്തു.

12 അപ്പോൾ യഹോവയിൽനിന്നു യിറമിയാവിന്നു യഹോവാവചനം ഉ
13 ണ്ടായിതു: ഇസ്രയേലിൻ ദൈവമായ യഹോവ ഇപ്രകാരം പറയുന്നു: നി
ങ്ങളുടേ പിതാക്കന്മാരെ ഞാൻ അടിമവീടാകുന്ന മിസ്രദേശത്തുനിന്നു

14 പുറപ്പെടുവിച്ചന്ന ഞാൻ അവരോട് ഒരു നിയമം കഴിച്ചു, (5 മോ. 15, 12)
ഏഴാണ്ടു കഴിഞ്ഞാൽ നിങ്ങം ഓരോരുത്തൻ എബ്രയൻ തന്നെ താൻ നി
ണക്കു വിറ്റുപോയെങ്കിൽ സഹോദരനെ അയച്ചുവിടേണം, ആറാണ്ടേ അ
വൻ സേവിക്കേണ്ടു, പിന്നേ അവനെ വെറുതേ വിടേണം എന്നു നിശ്ചയി
ച്ചതിനെ പിതാക്കന്മാർ കേളാതേ എനിക്കു ചെവി ചായ്ച്ചാതേയും പോയി.
15 നിങ്ങളോ ഇന്നു തിരിഞ്ഞു എൻ കണ്ണിന്നു നേരായി തോന്നുന്നതു ചെയ്തു
കൊണ്ടു നിങ്ങളിൽ സ്വാതന്ത്ര്യം ഘോഷിച്ചു എന്നാമം വിളിക്കപ്പെടുന്ന
ആലയത്തിൽ എന്റെ മുമ്പാകേ നിയമം കഴിച്ചിരുന്നു. അനന്തരം നിങ്ങം
16 തിരിഞ്ഞു എന്നാമത്തെ ബാഹ്യമാക്കിക്കൊണ്ടു താന്താൻ ഇഷ്ടമ്പോലേ
പോവാൻ വെറുതേ അയച്ച ദാസീദാസന്മാരെ മടക്കിവരുത്തി ദാസ്യം
17 പിണെച്ചടക്കിവെച്ചുവല്ലോ.— അതുകൊണ്ടു യഹോവ പറയുന്നിതു: താ
ന്താന്റെ സഹോദരനും കൂട്ടുകാരനും സ്വാതന്ത്ര്യം ഘോഷിപ്പാൻ തക്കവണ്ണം
നിങ്ങം എന്നെ ചെവിക്കൊണ്ടില്ല, ഇതാ ഞാൻ നിങ്ങംക്കു സ്വാതന്ത്ര്യം
ഘോഷിക്കുന്നതു വാളിന്നും മഹാരോഗത്തിന്നും ക്ഷാമത്തിന്നും തന്നേ,
ഭൂമിയിലേ സകലരാജ്യങ്ങംക്കും ഞാൻ നിങ്ങളെ മെയ്പ്പെറുവാനും കൊടുക്കു
ന്നു എന്നു യഹോവയുടേ അരുളപ്പാട്. 18 എന്റെ മുമ്പിൽ നിയമം കഴിച്ചതി
ന്റെ വചനങ്ങളെ നിവിർത്താതേ എൻ നിയമത്തെ കടന്നുപോയ പുരുഷ
ന്മാരെ അവർ രണ്ടായി മുറിച്ചു ഖണ്ഡങ്ങളുടേ കടന്നുചെന്ന കന്നിന്നു സമ
19 മാക്കിവെക്കും. ആ കന്നിൻ ഊപ്പുകളുടേ ചെന്ന യഹൂദാപ്രഭുക്കന്മാർ യരുശ
ലേംപ്രഭുക്കളും പള്ളിയറക്കാർ പുരോഹിതരും ദേശസ്ഥജനം ഒക്കെയും, ഇവ
20 രെ ഞാൻ ശത്രുക്കളുടേ കയ്യിലും അവരുടേ പ്രാണനെ അന്വേഷിക്കുന്നവ
രുടേ കയ്യിലും കൊടുക്കും, അവരുടേ പിണം വാനപക്ഷിക്കും ഭൂമൃഗത്തിന്നും
21 ഊണാകും. യഹൂദാരാജാവായ ചിദക്കീയാവെയും പ്രഭുക്കന്മാരെയും ഞാൻ
ശത്രുക്കളുടേ കയ്യിലും പ്രാണനെ അന്വേഷിക്കുന്നവരുടേ കയ്യിലും നിങ്ങളെ
22 വിട്ടുമാറിയ ബാബേൽരാജബലത്തിന്റെ കയ്യിലും തന്നേ ഏല്പിക്കും.
ഞാൻ ഇതാ കല്പിച്ചിട്ടു അവരെ ഈ പട്ടണത്തിലേക്കു മടക്കുന്നതു ഇതിനെ
പൊരുതു പിടിച്ചു തീയിൽ ചുടുവാൻ തന്നേ, എന്നു യഹോവയുടെ അരുള
പ്പാട്; യഹൂദാനഗരങ്ങളെയോ ഞാൻ കുടിയില്ലാതേ പാഴാക്കി വെക്കുന്നുണ്ടു.

35. അദ്ധ്യായം

ഒന്നാം നിരോധകാലത്തു പട്ടണത്തിൽ നില്ക്കുന്ന രേകാബ്യക്കു വീഞ്ഞു കൊടുത്തപ്പോം അവർ (6) മൂത്തപ്പന്റെ വാക്കു പ്രമാണിച്ചു കുടിയാതേ പാത്തതു (12) ഇസ്രയേലിന്റെ അനുസരണക്കേടിന്നു (17) ശിക്ഷയെയും രേകാബ്യക്കു നിത്യമാനത്തെയും സൂചിപ്പിക്കുന്നു.

1 **യോ**ശീയാപുത്രനായ യോയക്കീം എന്ന യഹൂദാരാജാവിൻ നാളിൽ യ
2 ഹോവയിൽനിന്നു യിരമിയാവിന്നുണ്ടായ വചനം: നീ രേകാബ്യകുഡും
ബത്തെ ചെന്നുകണ്ടു സംസാരിച്ചു അവരെ യഹോവാലയത്തിൽ ഒരു മുറി
3 യിലേക്കു പൂകിച്ചു വീഞ്ഞു കുടിപ്പിക്ക! എന്നാറേ ഞാൻ ചെന്നു ഹബച്ചി
ന്യാപുത്രനായ യിരമ്യാപുത്രനായ യാജന്യാവെയും സഹോദരരെയും സക
ലപുത്രന്മാരെയും ശേഷം രേകാബ്യകുഡുംബത്തെയും കൂട്ടിക്കൊണ്ടു ദേവാല
4 യത്തിൽ പൂകിച്ചു, ശല്ലുംപുത്രനായ മാസേയാ എന്ന പടിക്കാവല്ക്കാരന്റെ
മുറിക്കു മീത്തലുള്ള പ്രഭുക്കന്മാരുടേ മുറിക്കരികേ യിശ്ദല്യാപുത്രനും ദേവപു
രുഷനും ആയ ഹാനാനു ഒരു മുറി ഉള്ളതിലേക്ക് ആക്കി, വീഞ്ഞു നിറെച്ച
5 കിണ്ടികളും പാനപാത്രങ്ങളും രേകാബ്യകുഡുംബത്തിലേ മക്കളുടേ മുമ്പാ
കേ വെച്ചു വീഞ്ഞു കുടിപ്പിൻ! എന്ന് അവരോടു പറഞ്ഞു.— അവർ
6 പറഞ്ഞു: ഞങ്ങം വീഞ്ഞു കുടിക്ക ഇല്ല, എങ്ങനേ എന്നാൽ രേകാബ്

പുത്രനായ യോനദാബ് എന്ന ഞങ്ങടേ അപ്പൻ നിങ്ങളും മക്കളും
7 എന്നേക്കും വീഞ്ഞു കുടിക്കരുത് എന്നും, പുര എടുക്കയും വിത്തു
വാളുകയും പറമ്പു നടക്കയും അരുതു. ഈ വക നിങ്ങൾക്കു ഉണ്ടാകയും അ
രുതു നിങ്ങൾ സഞ്ചരിക്കുന്ന ഭൂമിമേൽ അനേകം നാൾ ജീവിക്കേണ്ടതി
ന്നു വാഴ്നാൾ തോറും കൂടാരങ്ങളിൽ പാർക്കേ ഉള്ളു, എന്നും ഞങ്ങളോടു
8 കല്പിച്ചിരിക്കുന്നു. രേകാബ് പുത്രനായ യോനദാബ് അപ്പൻ ഞങ്ങളോടു
കല്പിച്ചതിൽ ഒക്കയും അവന്റെ ശബ്ദം ഞങ്ങൾ അനുസരിച്ചു ഞങ്ങളും
സ്ത്രീകളും മക്കളും മകളരും വാഴ്നാൾ തോറും വീഞ്ഞു കുടിക്കാതേ, വസി
9 പ്പാൻ പുരകൾ എടുക്കാതേയും പറമ്പും നിലവും വിത്തും ഒട്ടും ഇല്ലാതേയും
10 കൂടാരങ്ങളിൽ പാർത്തും യോനദാബ് അപ്പൻ ഞങ്ങളോടു കല്പിച്ച പ്രകാ
11 രം ഒക്കയും കേട്ടു നടന്നും പോരുന്നു. ശേഷം ബാബേൽ രാജാവായ നബു
കദ്രേചർ നാട്ടിൽ കരേറിയപ്പോൾ ''അല്ലയോ കല്ദയബലത്തിന്നും
അരാമ്യസൈന്യത്തിന്നും മുമ്പിൽനിന്നു നാം യരുശലേമിൽ ചെല്ലുക''
എന്നു ചൊല്ലി ഞങ്ങൾ യരുശലേമിൽ വന്നു പാർക്കുന്നു.
12. 13 എന്നാറേ യഹോവാവചനം യിറമിയാവിന്നുണ്ടായിതു: ഇസ്രയേ
ലിൻദൈവമായ സൈന്യങ്ങളുടയ യഹോവ ഇപ്രകാരം പറയുന്നു: നീ ചെ
ന്നു യഹൂദാപുരുഷരോടും യരുശലേംനിവാസികളോടും പറക: എന്റെ വ
ചനങ്ങളെ കേട്ടുകൊൾവാൻ നിങ്ങൾ ശിക്ഷ കൈക്കൊൾക ഇല്ലയോ?
14 എന്നു യഹോവയുടേ അരുളപ്പാടു. രേകാബ്പുത്രനായ യോനദാബ് ത
ന്റെ മക്കളോടു വീഞ്ഞു കുടിക്കായ്വാൻ കല്പിച്ച വാക്കുകളെ പ്രമാണമാ
ക്കി നടക്കുന്നു, അവർ അപ്പന്റെ കല്പനയെ കേട്ടു ഇന്നേവരേ കുടിക്കാതേ
നില്ക്കുന്നു, ഞാനോ പുലരേ നിങ്ങളോടു ഉരെച്ചുപോന്നിട്ടും നിങ്ങൾ എ
15 ന്നെ കേളാതേ പോയി. (25,5) എന്റെ സകലദാസന്മാരായ പ്രവാചക
രെ പുലരേ നിങ്ങൾക്കായി അയച്ചു അവനവൻ തന്റെ ദുർവ്വഴിയെ വിട്ടു
തിരിഞ്ഞു നിങ്ങടേ പ്രവൃത്തികളെ നന്നാക്കി അന്യദേവകളെ സേവി
പ്പാൻ പിഞ്ചെല്ലാതേ നടന്നുകൊൾവിൻ! എന്നാൽ ഞാൻ നിങ്ങൾക്കും
അപ്പന്മാർക്കും തന്ന നാട്ടിൽ നിങ്ങൾക്കു പാർക്കാം എന്നു പറയിച്ചുപോ
ന്നുവല്ലോ? നിങ്ങൾ ചെവി ചായ്ച്ചതും ഇല്ല എന്നെ അനുസരിച്ചതും ഇല്ല.
16 രേകാബ്പുത്രനായ യോനദാബിൻ മക്കൾ അപ്പൻ കല്പിച്ച കല്പനയെ
17 സാക്ഷാൽ പ്രമാണമാക്കി, ഈ ജനമോ എന്നെ കേട്ടില്ല. അതുകൊണ്ടു
ഇസ്രയേലിൻ ദൈവമായി സൈന്യങ്ങളുടയ ദൈവമായ യഹോവ ഇപ്ര
കാരം പറയുന്നു: ഇതാ ഞാൻ യഹൂദയിൻമേലും യരുശലേമിലേ സകലനി
വാസികളിന്മേലും ചൊല്ലിയ തിന്മയെ ഒക്കയും വരുത്തുന്നതു ഞാൻ അ
വരോടു ഉരെച്ചിട്ടും കേളാതേയും അവർക്കു വിളിച്ചിട്ടും ഉത്തരം പറയാ
18 തേയും പോകയാൽ തന്നേ.— എന്നാറേ യിറമിയാ രേകാബ്യകുഡുംബ
ത്തോടു പറഞ്ഞിതു: ഇസ്രയേലിൻ ദൈവമായ സൈന്യങ്ങളുടയ യഹോ
വ ഇപ്രകാരം പറയുന്നു: നിങ്ങൾ അപ്പനായ യോനദാബിൻ ചൊൽ കേ
ട്ടു അവന്റെ സകലകല്പനകളെ കാത്തു അവൻ നിങ്ങളോടു കല്പിച്ച
19 പ്രകാരം ഒക്കയും ചെയ്തു നടക്കകൊണ്ടു, രേകാബ്പുത്രനായ യോനദാ
ബിന്നു എന്റെ മുമ്പാകേ നില്ക്കുന്ന പുരുഷൻ എല്ലാ നാളും അറ്റുപോകയി
ല്ല എന്നു ഇസ്രയേലിൻ ദൈവമായ സൈന്യങ്ങളുടയ യഹോവ പറയുന്നു.

36. അദ്ധ്യായം

പ്രവാചകങ്ങളെ സംക്ഷേപിച്ച് എഴുതിച്ചതു (9) രാജാവു കുറിച്ചൊരു
നോമ്പുനാളിൽ ജനത്തോടു വായിപ്പിച്ചാറേ (20) രാജാവു ക്രുദ്ധിച്ചു ചുരു
ളിനെ ചുട്ടുകളകൊണ്ടു (27) അതിഘോരപ്രവാചകത്തെ മുമ്പേതിനോടു
ചേർത്ത് എഴുതിച്ചതു.

1 **യോ**ശീയാപുത്രനായ യോയക്കീം എന്ന യഹൂദാരാജാവിന്റെ നാലാം
ആണ്ടിൽ യഹോവയിൽനിന്നു യിറമിയാവിന്നു ഉണ്ടായ വചനമാവിതു:
2 ഒരു ഗ്രന്ഥച്ചുരുളിനെ വാങ്ങിക്കൊണ്ടു ഞാൻ യോശീയാവിൻ കാലംമുതൽ
ഇന്നേവരേ ഇസ്രയേൽ യഹൂദ സകലജാതികൾ ഇവരെ ചൊല്ലി നി
3 ന്നോടു ഉരെച്ച എല്ലാ വചനങ്ങളെയും അതിൽ എഴുതുക! പക്ഷേ യഹൂദാ
ഗൃഹം അവനവൻ തൻ ദുർവ്വഴിയെ വിട്ടു തിരിവാനും ഞാൻ അവരുടെ അ
കൃത്യത്തെയും പാപത്തെയും ക്ഷമിപ്പാനും തക്കവണ്ണം ഞാൻ അവരോടു
ചെയ്വാൻ ഭാവിക്കുന്ന തിന്മയെ ഒക്കയും കേട്ടുകൊൾകിലുമാം.— എ
4 ന്നാറെ യിറമിയാ നേരിയ്യാപുത്രനായ ബാരൂകിനെ വിളിച്ചുവരുത്തി
യഹോവ അവനോടു ഉരെച്ച സകലവചനങ്ങളെയും ചൊല്ലികൊടുത്ത പ്ര
5 കാരം ബാരൂക് ഗ്രന്ഥച്ചുരുളിൽ എഴുതുകയും ചെയ്തു. യിറമിയാ ബാരൂ
കോടു കല്പിച്ചു: എനിക്കു മുടക്കം വരികയാൽ യഹോവാലയത്തിൽ
6 പൂകിക്കൂടാ. നീ അകത്തു ചെന്നു ഞാൻ ചൊല്ലിത്തന്നിട്ടു യഹോവാവചന
ങ്ങളെ എഴുതിയ ചുരുളിൽ നോമ്പുനാൾക്കു യഹോവാലയത്തിൽ ജനത്തി
ന്റെ ചെവികൾ കേൾക്കേ വായിക്ക! നഗരങ്ങളിൽനിന്നു വന്ന സകല
7 യഹൂദയും കേൾക്കേ നീ വായിക്കും. പക്ഷേ അവനവൻ ദുർവ്വഴിയെ വി
ട്ടു തിരിവോളം; അവർ കെഞ്ചി പ്രാർത്ഥിക്കുന്നതു യഹോവയുടെ മുമ്പിൽ
എത്തുകിലുമാം യഹോവ ഈ ജനത്തിന്നു എതിരേ ഉരെച്ച കോപവും
8 ഊഷ്മാവും സാക്ഷാൽവല്തു തന്നേ, എന്നു യിറമിയാപ്രവാചകൻ കല്പി
ച്ചവണ്ണം ഒക്കയും നേരിയ്യാപുത്രനായ ബാരൂക് ചെയ്തു ദേവാലയത്തിൽ
വെച്ചു യഹോവാവചനങ്ങളെ ഗ്രന്ഥത്തിൽ വായിക്കയും ചെയ്തു.

9 യോശീയാപുത്രനായ യോയക്കീം എന്ന യഹൂദാരാജാവിന്റെ അഞ്ചാം
ആണ്ടു ഒമ്പതാം മാസത്തിൽ യരൂശലേമിലേ സർവ്വജനവും യഹൂദാനഗര
ങ്ങളിൽനിന്നു യരൂശലേമിൽ വന്ന സർവ്വജനവും യഹോവയുടെ മുമ്പാകെ
10 ഒരു നോമ്പു ഘോഷിക്കായി. അന്നു ബാരൂക് യഹോവാലയത്തിൽ
(ചെന്നു) അതിലേ പുതുവാതിൽപ്പടിക്കൽ മീത്തലേ മുറ്റത്തു ശാഫാൻപുത്ര
നായ ഗമര്യാ എഴുത്തന്റെ മുറിയിൽ വായിച്ച സകലജനത്തെയും കേൾ
11 പ്പിച്ചു. ആ യഹോവാവചനങ്ങളെ ഒക്കയും ശാഫാൻപുത്രനായ ഗമര്യാപു
12 ത്രനായ മീകയാ ഗ്രന്ഥത്തിൽനിന്നു കേട്ടാറേ, രാജാലയത്തിലേക്കു ഇറ
ങ്ങി എഴുത്തന്റെ മുറിയിൽ ചെന്നു. അവിടേ ഇതാ സകലപ്രഭുക്കന്മാരും
ഇരുന്നിരുന്ന എലീശമാ എഴുത്തനും ശമയ്യാപുത്രനായ ദലായാവും അ
ക്ബോർപുത്രനായ എല്നഥാനും ശാഫാൻപുത്രനായ ഗമര്യാവും ഹനന്യാ
13 പുത്രനായ ചിദെക്കിയ്യാവും ശേഷം പ്രഭുക്കളും തന്നേ. ആയവരോടു മീക
യാ ആ ഗ്രന്ഥത്തിൽ ബാരൂക് ജനങ്ങൾ കേൾക്കേ വായിച്ച സകലവച
14 നങ്ങളെയും കേട്ടപ്രകാരം അറിയിച്ചപ്പോൾ, സകലപ്രഭുക്കന്മാരും കൂശ്യ
മകനായ ശലെമ്യാപുത്രനായ നഥന്യാപുത്രനായ യഹൂദിയെ ബാരൂകിന്നു
അരികേ അയച്ചു: ജനം കേൾക്കേ നീ വായിച്ച ചുരുളിനെ കയ്യിൽ എടു
ത്തുംകൊണ്ടു വരിക! എന്നു പറയിച്ചു, നേരിയ്യാപുത്രനായ ബാരൂക് ചു
15 രുളിനെ എടുത്തുംകൊണ്ടു വരികയും ചെയ്തു. അല്ലയോ ഇരുന്നുകൊണ്ടു ഞ
ങ്ങടേ ചെവികളിൽ വായിക്ക! എന്നു അവനോടു പറഞ്ഞാറേ ബാരൂക്
16 അവരുടേ ചെവികളിൽ വായിച്ചു, ആ വചനങ്ങൾ ഒക്കയും അവർ കേട്ടു
തങ്ങളിൽ പേടിച്ചുപോയി; "ഈ വാക്കുകൾ എല്ലാം ഞങ്ങൾ രാജാവി
നെ ഉണർത്തിക്കേ ഉള്ളു" എന്നു ബാരൂകോടു പറഞ്ഞതല്ലാതേ, ഈ വാക്കു
17 കൾ ഒക്കയും അവന്റെ വായിൽനിന്നു എങ്ങനേ എഴുതി? ഞങ്ങളോടു
18 അറിയിക്ക! എന്നു ചോദിച്ചാറേ, ഈ എല്ലാ വചനങ്ങളെയും അവൻ
ചൊല്ലിത്തരുംതോറും ഞാൻ മഷികൊണ്ടു ഗ്രന്ഥത്തിൽ എഴുതിപ്പോന്നു
19 എന്നു ബാരൂക് അവരോടു പറഞ്ഞു, പ്രഭുക്കന്മാർ ബാരൂകിനോടു: നീ

പോയി യിറമിയാവുമായി ഒളിച്ചുകൊൾക, നിങ്ങൾ ഇന്നേടത്ത് എന്ന് ആരും അറിയരുത്ത എന്നു പറകയും ചെയ്തു.

20 അവർ ചുരുളിനെ എലീശമാ എഴുത്തന്റെ മുറിയിൽ വെച്ചേച്ചു രാജാ
വിന്നടുക്കേ അകമുറത്തു ചെന്നു വർത്തമാനം ഒക്കയും രാജാവിന്റെ ചെവി
21 കളിൽ ബോധിപ്പിച്ചാറേ, രാജാവു ചുരുളിനെ കൊണ്ടുവരുവാൻ യഹൂദി
യെ അയച്ചു. അവൻ എലീശമാ എഴുത്തന്റെ മുറിയിൽനിന്ന് അതിനെ
എടുത്തുകൊണ്ടു വന്നു രാജാവും രാജാവിന്നരികേ നില്ക്കുന്ന സകലപ്രഭുക്ക
ന്മാരും കേൾക്കേ യഹൂദി അതിനെ വായിക്കയും ചെയ്തു. അന്നു ഒമ്പതാം
22 (ഡിസം)മാസത്തിൽ രാജാവ് ഹേമന്തഗേഹത്തിൽ ഇരുന്നു, തീക്കലം തിരു
23 മുമ്പിൽ കത്തുന്നു. യഹൂദി മൂന്നു നാലു ഭാഗങ്ങളെ വായിച്ചപ്പോൾ (രാജാ
വ്) എഴുത്തുകത്തി കൊണ്ടു അതിനെ നുറുക്കി കലത്തിലേ തീയിൽ ചുരുൾ
മുഴുവനും തീരുവോളം (ഖണ്ഡങ്ങളെ) കലത്തീയിൽ ചാടിക്കളയും.
24 ആ വചനങ്ങളെ ഒക്കയും കേട്ടിട്ടും രാജാവും അവന്റെ ഭൃത്യന്മാരും
25 പേടിച്ചതും വസ്ത്രം കീറിയതും ഇല്ല. എൽനഥാൻ ദലായാ ഗമര്യാ ഇവർ
മാത്രം രാജാവോടു ചുരുളിനെ ചുടോലാ എന്നു യാചിച്ചാറേയും അവരെ
26 കേട്ടിട്ടില്ല. പിന്നേ രാജപുത്രനായ യരഹ്മയേൽ അസ്രീയേൽപുത്രനായ സ
രായാ അബ്ദീയേൽപുത്രനായ ശലെമ്യാ ഇവരോടു ബാരൂക്കെഴുത്തനെയും
യിറമിയാപ്രവാചകനെയും പിടിക്കുവാൻ രാജാവ് കല്പിച്ചു, യഹോവ
അവരെ ഒളിപ്പിക്കയും ചെയ്തു.

27 രാജാവു ചുരുളിനെയും യിറമിയാ ചൊല്ലിക്കൊടുത്തിട്ടു ബാരൂക് എഴു
തിയ വചനങ്ങളെയും ചുട്ട ശേഷം യഹോവാവചനം യിറമിയാവിന്നു ഉ
28 ണ്ടായിതു; നീ ചെന്നു മറെറാരു ചുരുൾ വാങ്ങിക്കൊണ്ടു യഹൂദാരാജാവായ
യോയക്കീം ചുട്ട ഒന്നാം ചുരുളിൽ ഉള്ള മുമ്പിലത്തേ വചനങ്ങളെ ഒക്കയും
29 ഇതിൽ എഴുതുക! യോയക്കീം എന്ന യഹൂദാരാജാവോടു നീ പറയേണ്ടതു:
യഹോവ ഇപ്രകാരം പറയുന്നു: ബാബേൽരാജാവു (പിന്നേയും) വന്നു ഈ
ദേശത്തെ മുടിച്ചു അതിൽ മനുഷ്യരെയും കന്നാലിയെയും ഒടുക്കിക്കളയും
എന്നു നീ എന്തിനു എഴുതി? എന്നു ചൊല്ലി നീ ഈ ചുരുളിനെ ചുട്ടുകള
30 ഞ്ഞുവല്ലോ? ആകയാൽ യഹോവ യഹൂദാരാജാവായ യോയക്കീമെ കുറി
ച്ചു പറയുന്നിതു; (22, 18*f.*) ദാവീദ് സിംഹാസനത്തിൽ ഇരിപ്പൊരു
വൻ അവന്നു ഉണ്ടാകയില്ല, അവന്റെ ശവം പകൽ ഉഷ്ണത്തിന്നും ഇരവു
31 ശീതത്തിന്നും ഇട്ടേച്ചു കിടക്കും. അവന്മേലും അവന്റെ സന്തതിയിലും
ഭൃത്യന്മാരിലും ഞാൻ അവരുടെ അകൃത്യത്തെ സന്ദർശിക്കയും അവരുടെ
മേലും യരുശലേം നിവാസികളിലും യഹൂദാപുരുഷന്മാരിലും ഞാൻ ഉരെ
ച്ചിട്ടും അവർ കേളാതേ വിട്ട തിന്മയെ എല്ലാം വരുത്തുകയും ചെയ്യും.

32 എന്നതിന്റെ ശേഷം യിറമിയാ മറെറാരു ചുരുൾ വാങ്ങി നേരിയ്യാപു
ത്രനായ ബാരൂക്കെഴുത്തന കൊടുത്തു, അവന യിറമിയാവിൻ വായിൽനി
ന്നു യഹൂദാരാജാവായ യോയക്കീം തീയിൽ ചുട്ട ഗ്രന്ഥത്തിലേ വചന
ങ്ങളെ ഒക്കയും അതിൽ എഴുതിയതല്ലാതേ അവെക്ക് ഒത്ത അനേകം വച
നങ്ങളും കൂടിച്ചേർന്നു വരികയും ആയി.

37. അദ്ധ്യായം. (–39)

ഒടുക്കത്തേ നിരോധത്തിൽ യിറമിയാ (6) പട്ടണനാശത്തെ അറിയിച്ച
ശേഷം (11) തടവിലായി (16) രാജാവോടു സ്വകാര്യം സംസാരിച്ചതു.

1 **ബാ**ബേൽരാജാവായ നബൂകദ്രേച്ചർ യോശീയാപുത്രനായ ചിദക്കീയാ
വെ യഹൂദാദേശത്തിൽ വാഴിച്ചതുകൊണ്ടു അവൻ യോയക്കീം പുത്രനായ
2 കൊന്യാവിന്നു പകരം വാഴുമ്പോൾ, യഹോവ യിറമിയാപ്രവാചകൻ

മുഖേന ഉരെക്കുന്ന വാക്കുകളെ അവനും ഭൃത്യന്മാരും നാട്ടിലേ ജനവും കേളാ
3 തേ ഇരുന്നു, പിന്നേ ചിദക്കീയാരാജാവു ശലേമ്യാപുത്രനായ യൂകലെയും
മയസേയാപുത്രനായ ചഫന്യാപുരോഹിതനെയും യിറമിയാപ്രവാചക
നടുക്കേ അയച്ചു: നമ്മുടേ ദൈവമായ യഹോവയോടു ഞങ്ങൾക്കുവേണ്ടി
4 പക്ഷവാദം ചെയ്താലും! എന്നു പറയിക്കയും ചെയ്തു. അന്നു യിറമിയാവെ
കാരാഗൃഹത്തിൽ ആക്കീട്ടില്ല, അവൻ ജനത്തിൻ നടുവിൽ പോയിവരു
5 വാറുണ്ടു. ഫറോവിൻസൈന്യമോ മിസ്രയിൽനിന്നു പുറപ്പെട്ടതിനേറ ശ്രു
തിയെ യരുശലേമെ മുട്ടിക്കുന്ന കല്ദയർ കേട്ടിട്ടു യരുശലേമെ വിട്ടു മട
6 ങ്ങി പോയിരുന്നു.— അന്നു യിറമിയാപ്രവാചകനു യഹോവാവചനം
7 ഉണ്ടായിതു: ഇസ്രയേലിൻദൈവമായ യഹോവ പറയുന്നിതു: എന്നോടു
ചോദിപ്പാൻ നിങ്ങളെ അയച്ച യഹൂദാരാജാവോടു നിങ്ങൾ ഇപ്രകാരം
പറവിൻ; നിങ്ങൾക്കു തുണെപ്പാൻ പുറപ്പെട്ട ഫറോവിൻ സൈന്യം സ്വ
8 ദേശമായ മിസ്രയിലേക്കു തിരിച്ചുപോകും. കല്ദയർ മടങ്ങി വന്നു ഈ
പട്ടണത്തെക്കൊള്ള പൊരുതു അതിനെ പിടിച്ചു തീയിൽ ചുട്ടുകളയും.
9 യഹോവ ഇപ്രകാരം പറയുന്നു: കല്ദയർ നമ്മെ വിട്ടുപോയ്കളയും എന്നു
നിങ്ങളെ തന്നേ ചതിക്കായ്വിൻ! അവർ പോകയില്ല നിശ്ചയം. എന്നു
10 വേണ്ടാ നിങ്ങളോടു പൊരുന്ന കല്ദയ ബലത്തെ നിങ്ങൾ അശേഷം ത
കൎത്തു എങ്കിൽ അതിൽ കുതന്നു കിടപ്പവർ ചിലർ ശേഷിച്ചിരുന്നാൽ അ
വർ താന്താനേറ കൂടാരത്തിൽ എഴുനീറ്റു ഈ പട്ടണത്തെ തീയിൽ ചുട്ടുക
ളയും.
11 കല്ദയബലം ഫറോവിൻ സൈന്യത്തെ വിചാരിച്ചു യരുശലേമിനെ
12 വിട്ടു വാങ്ങിയാറേ, യിറമിയാ ബിന്യാമീൻദേശത്തുനിന്നു തനേറ(ആഹാ
ര) ഭാഗം മേടിപ്പാൻ ജനനടുവിൽ അങ്ങു ചെന്നു യരുശലേമിൽനിന്നു പുറ
13 പ്പെട്ടു. ബിന്യമീൻവാതുക്കൽ എത്തിയപ്പോൾ അവിടത്തേ കാവല്ക്കാരുടേ
മുമ്പൻ ഹനന്യാപുത്രനായ ശലെമ്യാപുത്രനായ യിറിയ്യാ എന്നു പേരുള്ളവൻ
യിറമിയാപ്രവാചകനെ പിടികൂടി: നീ കല്ദയപക്ഷം ചേരുവാൻ
14 പോകുന്നു എന്നു പറഞ്ഞതിന്നു: കള്ളം തന്നേ ഞാൻ കല്ദയ പക്ഷം
ചേരാ എന്നു യിറമിയാ പറഞ്ഞാറേ, യിറിയ്യാ അവനെ കേളാഞ്ഞു
യിറമിയാവെ പിടിച്ചുകൊണ്ടു പ്രഭുക്കന്മാരുടേ മുന്നിൽ ആക്കി, പ്രഭുക്ക
15 ളും യിറമിയാവോടു ക്രുദ്ധിച്ചു അവനെ അടിച്ചു യോനഥാൻ എഴുത്തനേറ
വീട്ടിലേ കുണ്ടറയിൽ ആക്കി; ആ വീടു അവർ കാരാഗൃഹമാക്കിയി
രുന്നു.

16 യിറമിയാ കുണ്ടറയിൽ കെട്ടിയ വളവിൽ തന്നേ ആയി ഏറിയ നാൾ
17 അവിടേ പാൎത്ത ശേഷം, ചിദക്കീയാരാജാവു ആളയച്ചു യിറമിയാവെ
വരുത്തി ഗൂഢമായി തനേറ മന്ദിരത്തിൽ വെച്ചു അവനോടു ''യഹോയിൽ
നിന്നു വാക്കു ഉണ്ടോ?'' എന്നു ചോദിച്ചു, യിറമിയാ ഉണ്ടെന്നുംനീ ബാ
18 ബേൽരാജാവിൻ കൈക്കൽ ഏല്പിക്കപ്പെടും എന്നും പറഞ്ഞു. പിന്നേ യി
റമിയാ ചിദക്കീയാരാജാവോടു പറഞ്ഞു: നിന്നോടും നിനേറ ഭൃത്യന്മാ
രോടും ഈ ജനത്തോടും ഞാൻ എന്തു പിഴെച്ചിട്ടു നിങ്ങൾ എന്നെ കാരാ
19 ഗൃഹത്തിൽ ആക്കിയതു? ബാബേൽരാജാവു നിങ്ങടേ മേലും ഈ ദേശ
ത്തിന്മേലും വരിക ഇല്ല എന്നു നിങ്ങളോടു പ്രവചിച്ച അങ്ങേ പ്രവാദി
20 കളും എവിടേ? ഇന്നേക്കോ രാജാവായ സ്വാമിയേ കേട്ടാലും! എനേറ
യാചന തിരുമുമ്പിൽ എത്താകേ വേണ്ടു! അവിടേ ഞാൻ മരിക്കായ്വാൻ
യോനഥാൻ എഴുത്തനേറ വീട്ടിൽ എന്നെ മടക്കി ആക്കരുതേ! എന്നാറേ
21 ചിദക്കീയാരാജാവു കല്പിക്കയാൽ യിറമിയാവെ രാജാലയത്തിലേ കാ
വൽമുറത്താക്കി, പട്ടണത്തിൽ അപ്പം ഒക്കയും മുടിവോളം ദിവസേന
അപ്പക്കാരുടേ തെരുവിൽനിന്നു ഒരു പിണ്ഡം അപ്പം കൊടുത്തുപോന്നു;
ഇങ്ങനേ യിറമിയാ കാവൽമുറത്തു വസിക്കയും ചെയ്തു.

38. അദ്ധ്യായം

പ്രവാചകനെ ചേറുകുഴിയിൽനിന്ന (7) ഒരു കൂശ്യൻ വലിച്ചെടുത്ത ശേഷം (14) രാജാവോട് ഒടുക്കത്തെ സംവാദം.

1 യഹോവ ഇപ്രകാരം പറയുന്ന: (21,9f.) ഈ പട്ടണത്തിൽ പാർക്കുന്ന
വൻ വാളാലും ക്ഷാമത്താലും മഹാരോഗത്താലും മരിക്കും പുറപ്പെട്ട കല്ദ
യരോട് ചേരുന്നവൻ ജീവിക്കും, അവന്ന പ്രാണൻ തന്നേ കൊള്ളയാകും
2 ഉയിക്കയും ചെയ്യും. യഹോവ ഇപ്രകാരം പറയുന്ന: ഈ പട്ടണം ബാ
ബേൽ രാജബലത്തിൻ കൈക്കൽ കൊടുക്കപ്പെടും, അവൻ അതിനെ പി
3 ടിക്കയും ചെയ്യും. എന്ന് ഇങ്ങനേ യിറമിയാ സകലജനത്തോടും ഉരിയാ
ടുന്ന വാക്കുകളെ മത്താൻപുത്രനായ ശഫത്യാ പശ്ഹൂർപുത്രനായ ഗദല്യാ
ശലെമ്യാപുത്രനായ യൂകൽ മല്ക്കീയാപുത്രനായ പശ്ഹൂർ എന്നുള്ള പ്രഭുക്ക
4 ന്മാർ കേട്ട രാജാവോട് വിടകൊണ്ടിതു: ഈ ആളെ സാക്ഷാൽ വധിച്ചേ മ
തിയാവു അല്ലാഞ്ഞാൽ ഈ വക വാക്കു ചൊല്ലിക്കൊണ്ടു ഈ പട്ടണ
ത്തിൽ ശേഷിച്ചുള്ള പടയാളികളുടേ കൈകളെയും സകലജനത്തിന്റേ
കൈകളെയും തളർത്തുന്നു; കേവലം ഈ ജനത്തിന്റേ സുഖത്തെ അല്ല ദോ
5 ഷത്തെ മാത്രം ഈ ആൾ തേടുന്നതു. എന്നാറേ ചിദക്കീയാരാജാവു: അവൻ
ഇതാ നിങ്ങടേ കയ്യിലത്രേ, നിങ്ങളോട് രാജാവിന്ന് ഓർ ആവതും ഇല്ല
6 ല്ലോ, എന്ന പറഞ്ഞപ്പോൾ, അവർ യിറമിയാവെ പിടിച്ചു കാവൽമുറ
റ്റു മല്ക്കീയാരാജപുത്രന്ന് ഒരു കിണറുള്ളതിൽ ആക്കിച്ചു. ചളിയല്ലാതേ
വെള്ളമില്ലാതിരിക്കുന്ന കിണറ്റിൽ യിറമിയാവെ കയറുകൊണ്ടു ഇറ
ക്കിവിട്ടു ആ ചളിയിൽ യിറമിയാ പൂഴുകയും ചെയ്തു.
7.8 യിറമിയാവെ കിണറ്റിൽ ഇട്ട പ്രകാരം രാജാലയത്തിൽ ഷണ്ഡനായ
എബദ്മെലെക് എന്ന ഒരു കൂശ്യൻ കേട്ടാറേ, എബദ്മെലെക് രാജാലയ
ത്തെ വിട്ടു രാജാവു ബിന്യമീൻവാതുക്കൽ ഇരിക്കുന്നേടത്തു ചെന്ന രാജാ
9 വോട് ഉണൎത്തിച്ചു: അല്ലയോ സ്വാമിരാജാവേ ആ പുരുഷന്മാർ യിറമി
യാപ്രവാചകനോടു ചെയ്തത് എല്ലാം വിശേഷാൽ അവനെ കിണറ്റിൽ
തള്ളിവിട്ടതു വിടുക തന്നേ. പട്ടണത്തിൽ അപ്പം ഇല്ലാതേ പോകയാൽ
10 അവൻ അവിടേ വിശന്നു മരിക്കേ ഉള്ളു. എന്നാറേ രാജാവു കൂശ്യനായ എ
ബദ്മെലെകിനോടു: നീ ഇവിടുന്നു മുപ്പത് ആളെ കൂട്ടിക്കൊണ്ടു യിറമിയാ
പ്രവാചകനെ കുഴിയിൽനിന്നു മരിക്കുമ്മുമ്പേ കരേറുക! എന്ന കല്പിച്ചു.
11 ആ ആളുകളെ എബദ്മെലെക് കൈക്കലാക്കിക്കൊണ്ടു രാജാലയത്തിൽ
ചെന്ന ഭണ്ഡാരത്തിന്നു താഴേ കീറുതുണിയും പഴന്തുണിവീഴ്പും കിടക്കു
ന്നതിൽനിന്ന് എടുത്തു കയറുകളിൽക്കൂടി കുഴിയിൽ യിറമിയാവിന്ന് ഇറ
12 ക്കി. ഈ കീറുതുണിയും വീഴ്പും നിന്റേ കക്ഷങ്ങളിൽ കയറുകൊക്ക്
അകത്താക്കി ഇട്ടുകൊൾക! എന്ന് എബദ്മെലെക് യിറമിയാവോട് പറ
13 ഞ്ഞു, യിറമിയാ അപ്രകാരം ചെയ്തു. അവ്വണ്ണം അവർ കയറുകൊണ്ടു
യിറമിയാവെ വലിച്ചു കിണറ്റിൽനിന്നു കരേറിയപ്പോൾ യിറമിയാ
കാവൽമുറ്റത്തു പാൎത്തിരുന്നു.
14 അനന്തരം ചിദക്കീയാരാജാവ് ആളയച്ചു യിറമിയാപ്രവാചകനെ യ
ഹോവാലയത്തിലേ മൂന്നാം പ്രവേശത്തിൽ വരുത്തി കൂട്ടിക്കൊണ്ടു: ഞാൻ
നിന്നോട് ഒരു വാക്കു ചോദിക്കുന്നു, എന്നെ ഒന്നും മറെക്കരുതു! എന്ന രാ
15 ജാവു യിറമിയാവോടു പറഞ്ഞു. യിറമിയാ ചിദക്കീയാവോടു: നിന്നോട്
അറിയിച്ചാൽ നീ എന്നെ കൊല്ലുക ഇല്ലയോ? നിന്നോട് ഒന്ന മന്ത്രിച്ചാ
16 ലോ നീ എന്നെ കേൾക്ക ഇല്ല എന്ന പറഞ്ഞപ്പോൾ, ഈ പ്രാണനെ നമുക്കു
പടെച്ച യഹോവാജീവനാണ നിന്നെ കൊല്ല ഇല്ല, നിൻ പ്രാണനെ അ
ന്വേഷിക്കുന്ന ഈ പുരുഷന്മാരുടേ കൈക്കൽ നിന്നെ ഏല്പിക്കയും ഇല്ല എന്ന

ചിദെക്കീയാരാജാവു രഹസി തന്നേ യിറമിയാവോട്ട സത്യം ചെയ്തു.—
17 അപ്പോൾ യിറമിയാ ചിദക്കീയാവോട്ട പറഞ്ഞു: ഇസ്രയേലിൻ ദൈവ
മായ സൈന്യങ്ങളുടയ യഹോവ ഇപ്രകാരം പറയുന്നു: നീ പുറപ്പെട്ട ബാ
ബേൽരാജാവിന്റെ പ്രഭുക്കന്മാരെ കണ്ടാൽ നിന്റെ പ്രാണൻ ഉയിൎക്കും,
18 ഈ പട്ടണം തീയിൽ ചുട്ടുപോകയും ഇല്ല, നീ കുഡുംബവുമായി ജീവി
ക്കും. ബാബേൽരാജാവിൻ പ്രഭുക്കന്മാരെ കാണ്മാൻ പുറപ്പെടായ്കിലോ
ഈ പട്ടണം കല്ദയരുടെ കൈക്കൽ കൊടുത്തുപോകും, അവർ അതിനെ
തീയിൽ ചുടും, നീ അവരുടെ കയ്യിൽനിന്നു ചാടിപ്പോകയും ഇല്ല. എന്നാ
19 റെ ചിദക്കീയാരാജാവു യിറമിയാവോട്ട: കല്ദയരുടെ പക്ഷം ചേൎന്നുപോ
യ യഹൂദന്മാരെ ഞാൻ പേടിക്കുന്നു, അവരുടെ കയ്യിൽ എന്നെ ഏല്പിച്ചാൽ
20 എന്നെക്കൊണ്ടു കളിപ്പിക്കിലുമാം എന്നു പറഞ്ഞപ്പോൾ, യിറമിയാ പറ
ഞ്ഞു: ഏല്പിക്ക ഇല്ല! ഞാൻ ചൊല്ലിത്തരുംപ്രകാരം യഹോവാശബ്ദ
21 ത്തെ കേട്ടുകൊണ്ടാലും! എന്നാൽ നന്നായ്വരും നിന്റെ പ്രാണനും ജീ
22 വിക്കും. പുറപ്പെടുവാൻ തോന്നായ്കിലോ യഹോവ എന്നെ കാണിച്ച വച
നമാവിതു: യഹൂദാരാജാലയത്തിൽ മിഞ്ചിനില്ക്കുന്ന എല്ലാ സ്ത്രീകളും ഇതാ
ബാബേൽരാജാവിൻ പ്രഭുക്കന്മാൎക്കു ആമാറു കൊണ്ടുപോകപ്പെടും. "അയ്യോ
നിന്റെ ഇണങ്ങർ നിന്നെ മോഹിപ്പിച്ചു തോല്പിച്ചു നിന്റെ കാൽ ചൊ
ത്തയിൽ പൂണ ഉടനേ അവർ പിൻവാങ്ങി പോയി" എന്നു ആ സ്ത്രീകൾ
23 ഇതാ വായ്ക്കുടം. നിന്റെ സ്ത്രീകളെയും മക്കളെയും ഒക്ക പുറത്തു കല്ദയരു
ടെ കൊണ്ടുപോകും, ഇവരുടെ കൈകൾ നീയുംചാടിപ്പോകാതേ ബാബേൽ
രാജാവിന്റെ കയ്യാൽ പിടിക്കപ്പെടും, ഈ പട്ടണത്തെ നീ തന്നേ തീയിൽ
24 ചുട്ടുകളകയും ചെയ്യും.— ചിദക്കീയാ യിറമിയാവോട്ട പറഞ്ഞു: നീ മരി
25 ക്കായ്വാൻ ഈ വാക്കുകൾ ആരും അറിയരുതു! ഞാൻ നിന്നോടു സംസാ
രിച്ചപ്രകാരം പ്രഭുക്കന്മാർ കേട്ടിട്ടു വന്നു: നീ രാജാവോട്ട സംസാരിച്ചതു
എന്തു? എന്നു അറിയിച്ചു തരിക, ഞങ്ങളെ മറെക്കരുതേ! നിന്നെ കൊല്ലു
കയും ഇല്ല, രാജാവും നിന്നോടു ചൊല്ലിയതു എന്തു? എന്നു നിന്നോടു ചോ
26 ദിച്ചാൽ, എന്നെ യോനഥാൻവീട്ടിൽ അവിടേ മരിപ്പാനായി മടക്കരുതേ
എന്നു ഞാൻ രാജസന്നിധാനത്തിൽ എന്റെ സങ്കടം ബോധിപ്പിക്കായി
27 എന്നു പറയേണം.— എന്നാറെ സകല പ്രഭുക്കന്മാരും യിറമിയാവെ ചെ
ന്നുകണ്ടു ചോദിച്ചപ്പോൾ, രാജാവു കല്പിച്ച ഈ എല്ലാ വാക്കിൻപ്രകാരം
അവൻ അറിയിച്ചു, അവർ മിണ്ടാതേ അവനെ വിട്ടുപോന്നു, കാൎയ്യം വെളി
28 യിൽ ആയതും ഇല്ല. യരുശലേം പിടിച്ചുപോകും നാൾവരേ യിറമിയാ
കാവൽ മുറ്റത്തു പാൎത്തതേ ഉള്ളു.

39. അദ്ധ്യായം

പട്ടണകലാപത്തിൽ (4) ചിദക്കീയാവിന്നു ശിക്ഷയും (11) യിറമിയാ
വിന്നും (15) എബദ്മെലെകിന്നും രക്ഷയും വന്നതു.

1 യഹൂദാരാജാവായ ചിദക്കീയാവിൻ ഒമ്പതാം ആണ്ടേ പത്താം മാസ
ത്തിൽ ബാബേൽരാജാവായ നബുകദ്രേചർ സകലബലവുമായി യരുശലേ
2 മെക്കൊള്ള വന്നു അതിനെ വളഞ്ഞു മുട്ടിച്ചു. ചിദക്കീയാവിൻ പതിനൊ
ന്നാംആണ്ടേ നാലാം മാസത്തിൽ ഒമ്പതാം തിയ്യതി പട്ടണം പിളൎന്നു പോ
3 യി. യരുശലേം പിടിച്ചുപോയ ശേഷം നിൎഗ്ലൽശരേചർ, സംഗർനബു, സർ
സ്സകീം എന്ന ഷണ്ഡാദ്ധ്യക്ഷൻ, നിൎഗ്ലൽശരേചർ എന്ന മഹാദ്ധ്യക്ഷൻ തുട
ങ്ങിയുള്ള ബാബേൽരാജപ്രഭുക്കന്മാർ എപ്പേരും അകമ്പുക്കു നടുവാതുക്കൽ
4 ഇരുന്നു. ആയവരെ യഹൂദാരാജാവായ ചിദക്കീയാ എല്ലാ പോരാളികളുമാ
യി കണ്ടു മണ്ടിപ്പോയി രാക്കു രാജത്തോട്ടം വഴിയായി രണ്ടു മതിലും

നടുവിലേ വാതിലൂടേ പട്ടണത്തെ വിട്ടു യാത്രപ്പെട്ടു. കല്ദ
5 യസേന അവരെ പിന്തേന്ന യാഹോതാഴ്ചരയിൽ ചിദക്കീയാവെ എത്തി
അവനെ പിടിച്ചു, ഹമാത്ത് നാട്ടിലേ റിബ്ലെക്കു കരേററി ബാബേൽ രാ
ജാവായ നബുകദ്രേചക്കു മുന്നിറുത്തി, ഇവൻ അവന്റെ ന്യായം വിധിക്കയും
6 ചെയ്തു. അവൻ കാൺകേ ബാബേൽ രാജാവു റിബ്ലയിൽവെച്ചു ചിദ
ക്കീയാവിൻ മക്കളെ കൊത്തി, യഹൂദയിലേ സകല ആഢ്യന്മാരെയും ബാ
7 ബേൽ രാജാവു കൊന്നു, ചിദക്കീയാവിൻ കണ്ണുകളെ പൊട്ടിച്ചു അവനെ
ബാബേലിൽ കൊണ്ടുപോവാൻ ചെമ്പുവിലങ്ങുകളെ കെട്ടിച്ചു.— പിന്നേ
8 കല്ദയർ രാജാലയത്തെയും ജനവീടുകളെയും തീയിട്ടു ചുട്ടു യരുശലേം
മതിലുകളെ ഇടിച്ചുകളഞ്ഞു, പട്ടണത്തിൽ മിഞ്ചിയ ജനശേഷത്തെയും ആ
9 പക്ഷം ചേർന്നവരുടേ കൂട്ടത്തെയും ശിഷ്ടമുള്ള ജനശേഷിപ്പിനെയും നബുജ
രദാൻ എന്ന അകമ്പടിമേലാഫം ബാബേലിലേക്കു പ്രവസിപ്പിച്ചു. ഒന്നും
10 ഇല്ലാത്ത എളിയ ജനത്തിൽ മാത്രം അകമ്പടിമേലാഫം നബുജരദാൻ ചില
രെ യഹൂദാദേശത്തിൽ പാർപ്പിച്ചു, അവക്കു ആ സമയത്തു കണ്ടം പറമ്പുക
ളെ കൊടുക്കയും ചെയ്തു.
11 യിറമിയാവെ ചൊല്പി ബാബേൽരാജാവു നബുകദ്രേചർ അകമ്പടി മേ
12 ലാളായ നബുജരദാനു കല്പനകൊടുത്തു: അവനെ വരുത്തി ദോഷം ഒട്ടും
ചെയ്യാതേ കടാക്ഷിച്ചു നോക്കുക! അവൻ നിന്നോടു ചൊല്ലുമ്പോലേ തന്നേ
13 അവനോടു ചെയ്ക! എന്നു പറഞ്ഞിരുന്നു. അവ്വണ്ണം അകമ്പടിമേലാഫം
നബുജദരാൻ ഷണ്ഡാദ്ധ്യക്ഷൻ നബുശിസ്ബാൻ മഹാദ്ധ്യക്ഷൻ നിഗ്ലി
ശരേചർ മുതലായ ബാബേൽരാജവീരന്മാർ ആളയച്ചു, യിറമിയാവെ കാ
14 വൽമുററത്തിങ്കന്നു എടുത്തു വരുത്തി ശഫാൻപുത്രനായ അഹിക്കാംപുത്ര
നായ ഗദല്യാവിൻവശം കൊടുത്തു, അവനെ വീട്ടിൽ കൊണ്ടുപോവാൻ
സമ്മതിച്ചു. അങ്ങനേ അവൻ ജനത്തിൻ മദ്ധ്യേ പാർത്തുനില്ക്കയും ചെയ്തു.
15 യിറമിയാ കാവൽമുററത്തു തടഞ്ഞിരുന്ന സമയം അവനു യഹോവാ
16 വചനം ഉണ്ടായിരുന്നിതു: നീ ചെന്നു കൂശ്യനായ എബദ്മെലകിനോടു
പറക: ഇസ്രയേലിൻ ദൈവമായ സൈന്യങ്ങളുടയ യഹോവ ഇപ്രകാരം
പറയുന്നു: ഈ പട്ടണത്തിന്മേൽ എന്റേറ വചനങ്ങളെ ഞാൻ ഇതാ നന്മെ
ക്കല്ല തിന്മെക്കത്രേ വരുത്തുന്നു, തല്ക്കാലത്തു അവ നീ കാൺകേ സംഭവി
17 ക്കും. ആ നാളിൽ ഞാൻ നിന്നെ ഉദ്ധരിക്കും എന്നു യഹോവയുടേ അരു
ളപ്പാടു; നീ അഞ്ചുന്ന പുരുഷന്മാരുടേ കയ്യിൽ കൊടുക്കപ്പെടുകയും ഇല്ല.
18 നീ എന്നിൽ ആശ്രയിക്കകൊണ്ടു വാളാൽ പടുകയില്ല, ഞാൻ നിന്നെ വഴ
തിപ്പോരുമാറാക്കും, നിൻ പ്രാണൻ നിണക്കു കൊള്ളയായ്വരികയും
ചെയ്യും എന്നു യഹോവയുടേ അരുളപ്പാടു.

40. അദ്ധ്യായം (——45)

നാടുവാഴിയായ ഗദല്യാവോടു യിറമിയാവും (7) മണ്ടിചിന്നിപ്പോയ
പലരും കൂടിയപ്പോഫം (13) അമ്മോന്യന്റേറ ദുർബ്ബോധത്താൽ (41, 1) ഇശ്മ
യേൽരാജപുത്രൻ നാടുവാഴിയെയും (4) മററനേകരെയും കൊല്ലുക കൊണ്ടു
(11) ശേഷിച്ചവർ കല്ദയരെ പേടിച്ചു തെക്കോട്ടു വാങ്ങി.

1 അകമ്പടിമേലാളായ നബുജരദാൻ യിറമിയാവെ റാമയിൽനിന്നു വിടു
വിച്ച ശേഷം ഇവനു യഹോവയിൽനിന്നുണ്ടായ വചനം.
യരുശലേമിലും യഹൂദയിലും ഉള്ളവർ ബാബേലിലേക്കു പ്രവസിക്കേ
2 ണ്ടുന്ന കൂട്ടത്തിൽ യിറമിയാവും തളകളാൽ കെട്ടപ്പെട്ടിരുന്നു. അകമ്പടി
3 മേലാഫം അവനെ എടുത്തുവരുത്തിയാറേ അവനോടു പറഞ്ഞു: നിന്റെ
ദൈവമായ യഹോവ ഈ സ്ഥലത്തിന്മേൽ ഈ ദോഷം ഉരെച്ചു, യഹോവ

ഉരെച്ചവണ്ണം വരുത്തി ചെയ്തും ഇരിക്കുന്നു. നിങ്ങൾ യഹോവയോടു പിഴ
4 ച്ചു അവന്റെ ശബ്ദം കേളാഞ്ഞയാൽ ഇത്തരം നിങ്ങൾക്കു ഉണ്ടായി. ഇപ്പോൾ
നിൻ കൈകളിലുള്ള തളകളിൽനിന്നു ഞാൻ ഇതാ നിന്നെ ഇന്നു അഴി
ക്കുന്നു; എന്റെ കൂടെ ബാബേലിൽ പോരുവാൻ തോന്നിയാൽ വരിക,
ഞാൻ നിന്നെ കടാക്ഷിക്കും; എന്റെ കൂടെ ബാബേലിൽ പോരുന്നതു തെളി
യാഞ്ഞാൽ വേണ്ടാ; കണ്ടാലും ദേശം ഒക്കയും നിന്റെ മുമ്പാകെ കിടക്കുന്നു,
പോവാൻ നല്ലതും ഉചിതവും ആയി തോന്നുന്നവിടേക്കു പോയിക്കൊൾക!
5 എന്നാറെ (യിറമിയാ) തിരിയാതെ നിന്നപ്പോൾ: (മേലാൽ പറഞ്ഞു:)
ബാബേൽരാജാവു യഹൂദാനഗരങ്ങളിൽ അധികരിപ്പിച്ച ശഫാൻപുത്ര
നായ അഹിക്കാംപുത്രനായ ഗദല്യാവോടു ചെന്നു ചേർന്നു ജനത്തിൻ മദ്ധ്യേ
പാർത്തുകൊൾകിലുമാം. അല്ലാതെ പോവാൻ ഉചിതമായി തോന്നുന്ന ഏ
വിടത്തേക്കും പോയിക്കൊൾക! എന്നിട്ടു അകമ്പടിമേലാൽ അവന്നു ആഹാ
6 രഭാഗവും സമ്മാനവും കൊടുത്തു അവനെ അയച്ചു. യിറമിയാ അഹിക്കാം
പുത്രനായ ഗദല്യാവിൻ അടുക്കെ മിസ്പയിൽ വന്നു, ദേശത്തിൽ മിഞ്ചിനി
ല്ലുന്ന ജനത്തിൻ മദ്ധ്യേ അവനോടു ഒന്നിച്ചു പാർക്കയും ചെയ്തു.

7 ബാബേൽരാജാവു അഹിക്കാംപുത്രനായ ഗദല്യാവെ ദേശത്തു അധി
കാരി ആക്കിവെച്ചു എന്നും ബാബേലിലേക്കു പ്രവസിച്ചു പോകാത്ത പു
രുഷസ്ത്രീകളും കുഞ്ഞുകുട്ടിയും ദേശത്തു എളിയോരും ആകുന്ന ചിലരെ അ
വനെ ഏല്പിച്ചു എന്നും നാട്ടിൽ (ഒളിച്ചു) പടത്തലവന്മാർ ആളുകളുമായി
8 കേട്ടപ്പോൾ, നഥന്യാപുത്രനായ ഇശ്മയേൽ, യോഹനാൻ യോനഥാൻ
എന്ന കരേഹപുത്രന്മാർ, തഹൎന്നമത്തൎപുത്രനായ സരായാ, നതോഫയി
ലേ ഓഫായിൻ പുത്രന്മാർ, മയകക്കാരന്റെ പുത്രനായ യജന്യാ ഇവർ
9 ആളുകളുമായി മിസ്പയിലേക്കു ഗദല്യാവിൻ അടുക്കേ വന്നു. ശഫാൻപുത്ര
നായ അഹിക്കാംപുത്രനായ ഗദല്യാ അവരോടും ആളുകളോടും ആണയിട്ടു
പറഞ്ഞിതു: കല്ദയരെ സേവിപ്പാൻ ഭയപ്പെടരുതു! ദേശത്തിൽ പാർത്തു
ബാബേൽരാജാവെ സേവിച്ചുകൊൾവിൻ! എന്നാൽ നിങ്ങൾക്കു നന്നാകും.
10 നമ്മെ കാണ്മാൻ വരുന്ന കല്ദയരുടേ മുമ്പാകെ നില്പാൻ ഞാൻ ഇതാ
മിസ്പയിൽ വസിക്കുന്നു; നിങ്ങളോ വീഞ്ഞും മരഫലവും എണ്ണയും ചേർത്തു
പാത്രങ്ങളിൽ ആക്കി നിങ്ങൾ പിടികിട്ടിയ നഗരങ്ങളിൽ പാർത്തു കൊൾ
11 വിൻ! എന്നാറെ മോവാബിലും അമ്മോന്യരിലും ഏദോമിലും ശേഷം
രാജ്യങ്ങളിലും ഉള്ള യഹൂദന്മാർ ഒക്കയും ബാബേൽരാജാവു യഹൂദെക്കു ഒരു
ശേഷിപ്പു വെച്ചു, ശഫാൻപുത്രനായ അഹിക്കാംപുത്രനായ ഗദല്യാവെ
12 അവരിൽ അധികരിപ്പിച്ചുള്ള വിവരം കേട്ടപ്പോൾ, എല്ലാ യഹൂദന്മാരും
ആട്ടിക്കളഞ്ഞുപോയ സകല സ്ഥലങ്ങളിൽ നിന്നും മടങ്ങി, യഹൂദാദേശത്തു
മിസ്പയിൽ ഗദല്യാവിന്നടുക്കേ വന്നു അത്യന്തം വീഞ്ഞും മരഫലവും സു
13 രുപികയും ചെയ്തു. കരേഹപുത്രനായ യോഹനാൻ മുമ്പായ നാട്ടിലേ പട
14 ത്തലവന്മാർ മിസ്പയിൽ വന്നു ഗദല്യാവെ കണ്ടു: അമ്മോന്യരാജാവു ബാ
ലീസു നിന്റെ പ്രാണഹാനി വരുത്തുവാൻ നഥന്യാപുത്രനായ ഇശ്മയേലി
നെ അയച്ചപ്രകാരം അറിയുന്നുണ്ടോ? എന്നു അവനോടു പറഞ്ഞാറേ
15 അഹിക്കാംപുത്രനായ ഗദല്യാ അവരെ വിശ്വസിച്ചില്ല. അപ്പോൾ കരേഹ
പുത്രനായ യോഹനാൻ മിസ്പയിൽ ഗദല്യാവെ വേറേ വിളിച്ചു അവനോടു
പറഞ്ഞു: ആരും അറിയാതേ ഞാൻ പോയി നഥന്യാപുത്രനായ ഇശ്മയേ
ലെ വെട്ടിക്കളയട്ടേ! നിന്നോടു ഒരുമിക്കുന്ന യഹൂദർ ചിന്നഭിന്നമായി
യഹൂദയിലേ ശിഷ്ടം കെട്ടുപോവാൻ അവൻ നിന്നെ പ്രാണഹാനി വരുത്തു
16 ന്നതു എന്തിന്നു? എന്നതിന്നു അഹിക്കാംപുത്രനായ ഗദല്യാ: ഈ കാര്യം
ചെയ്യരുതു! നീ ഇശ്മയേലെ പറ്റി ചൊല്ലുന്നതു ഭോഷ്കത്രേ എന്നു കരേഹ
പുത്രനായ യോഹനാനോടു പറകയും ചെയ്തു.

41, 1 ഏഴാം മാസത്തിൽ ഉണ്ടായിതു: എലീശമാപുത്രനായ നഥന്യാപുത്രനാ
യ ഇശ്മയേൽ എന്ന അരചവംശത്തിൽ ഉണ്ടായി രാജമേലാളകളിൽ കൂടി
യൊരുവൻ പത്തു പുരുഷന്മാരുമായി മിസ്പയിൽ വന്നു, അഹിക്കാംപു
ത്രനായ ഗദല്യാവെ കണ്ടു, അവർ ഒക്കത്തക്ക മിസ്പയിൽ തന്നേ സദ്യ
2 കഴിക്കയും ചെയ്തു. അപ്പോൾ നഥന്യാപുത്രൻ ഇശ്മയേൽ കൂടേ ഉള്ള പത്താ
ളുകളുമായി എഴുനീറു ശഫാൻപുത്രനായ അഹിക്കാംപുത്രൻ ഗദല്യാവെ
3 വാൾകൊണ്ടു വെട്ടി. അങ്ങനേ ബാബേൽരാജാവു ദേശാധികാരിയാ
ക്കിയ ഗദല്യാവെയും അവനോടു കൂടേ മിസ്പയിലുള്ള യഹൂദരെയും
അവിടേ കാണായ കല്ദയപ്പടയാളികളെയും ഇശ്മയേൽ വെട്ടിക്കൊന്നു.—
4 ഗദല്യാവെ കൊന്നിട്ടു രണ്ടാം നാൾ (പുറത്തു) ആരും ഗ്രഹിയാഞ്ഞപ്പോൾ,
5 ശികെം ശീലോ ശമര്യ എന്ന ഊരുകളിൽനിന്നു യഹോവാലയത്തിലേക്കു വഴി
പാടും കുന്തുരുക്കവും കൊണ്ടുപോകേണം എന്നു വെച്ചു എൺപതു പുരുഷ
ന്മാർ തലചിരെച്ചും വസ്ത്രങ്ങൾ കീറി മെയി ചെത്തിക്കൊണ്ടും (16, 6.)
6 അവിടേ വന്നു. അവരെ എതിരേല്പാൻ നഥന്യാപുത്രൻ ഇശ്മയേൽ മി
സ്പയിൽനിന്നു പുറപ്പെട്ടു, നടനടേ കരഞ്ഞുംകൊണ്ടു ചെന്നു അവരോടു
എത്തിയപ്പോൾ, അല്ലയോ അഹിക്കാം പുത്രൻ ഗദല്യാവെ കാൺമാൻ
7 വരുവിൻ! എന്നു പറഞ്ഞു. നഗരമദ്ധ്യേ വന്നപ്പോൾ നഥന്യാപുത്രൻ ഇശ്മ
യേൽ കൂടയുള്ള പുരുഷരുമായി അവരെ വെട്ടി കിണറിന്നകത്തു ചാ
8 ടി. അതിൽ പത്തുപേർ ഇശ്മയേലോടു: ഞങ്ങളെ മരിപ്പിക്കല്ലേ! കോത
മ്പു യവം എണ്ണ തേൻ ഇത്തരം നിലത്തിൽ കുഴിച്ചിട്ട നിധികൾ ഞങ്ങൾ
ക്കു ഉണ്ടു എന്നു പറഞ്ഞാറേ അവൻ സഹോദരന്മാരോടു അവരെ കൊ
9 ല്ലാതേ മതിയാക്കി രക്ഷിച്ചു. ഇശ്മയേൽ കൊന്ന പുരുഷന്മാരുടേ ശവങ്ങ
ളെ ഒക്കയും ഗദല്യാവരികേ എറിഞ്ഞു കളഞ്ഞ കിണറു ആസാരാജാവു
ഇസ്രയേൽരാജാവായ ബയശാവെ തടുപ്പാൻ (പണിയുമ്പോൾ) കുത്തിയ
തു ആകുന്നു; അതിനെ നഥന്യാപുത്രൻ ഇശ്മയേൽ പട്ടവരെ ഇട്ടു നിറെച്ചു.
10 പിന്നേ മിസ്പയിലേ ജനശേഷിപ്പിനെ ഒക്കയും ഇശ്മയേൽ നിർവ്വ
സിപ്പിച്ചു, രാജപുത്രിമാരെയും അകമ്പടിമേലാൾ നബുജരദാൻ അഹി
ക്കാംപുത്രൻ ഗദല്യാവെ ഏല്പിച്ച മിസ്പയിൽ ശേഷിപ്പിച്ചുള്ള സർവ്വ
ജനത്തെയും നഥന്യാപുത്രൻ ഇശ്മയേൽ നിർവ്വസിപ്പിച്ച അമ്മോന്യരെ ചേ
ന്നു കടപ്പാൻ യാത്രയാകയും ചെയ്തു.
11 കരേഹപുത്രൻ യോഹനാനും കൂട ഉള്ള പടത്തലവന്മാരും നഥന്യാപുത്രൻ
12 ഇശ്മയേൽ ചെയ്ത ദുർവ്വിധം എല്ലാം കേട്ടാറേ, അവർ എല്ലാ ആളുകളെ
യും കൂട്ടിക്കൊണ്ടു നഥന്യാപുത്രൻ ഇശ്മയേലോടു പൊരുവാൻ ചെന്നു
13 ഗിബ്യോനിലേ വങ്കുളങ്ങരേ അവനോടു എത്തുകയും ചെയ്തു. ഇശ്മയേ
ലോടുള്ള സർവ്വജനവും കരേഹപുത്രൻ യോഹനാൻമുതലായ പടത്തലവൻ
14 മാരെ കണ്ടു ഉടനേ സന്തോഷിച്ചു, ഇശ്മയേൽ മിസ്പയിൽ നിന്നു
നിർവ്വസിപ്പിച്ച കൂട്ടം എല്ലാം പിറകോട്ടു തിരിഞ്ഞു മടങ്ങി കരേഹ പുത്രൻ
15 യോഹനാനോടു ചേർന്നുപോന്നു. നഥന്യാപുത്രൻ ഇശ്മയേൽ എട്ടാളുക
ളുമായി യോഹനാന്റെ മുമ്പിൽനിന്നു വഴുതി അമ്മോന്യരോടു ചേൎന്നു
16 പോകയും ചെയ്തു. കരേഹപുത്രൻ യോഹനാൻ മുതലായ പടത്തലവന്മാർ
നഥന്യാപുത്രൻ ഇശ്മയേൽ മിസ്പയിൽ അഹിക്കാംപുത്രൻ ഗദല്യാവെ വെ
ട്ടിയ ശേഷം അവനോടു വീണ്ടുകൊണ്ടു ഗിബ്യോനിൽനിന്നു മടക്കിയ പുരു
ഷർ പോരാളികളും സ്ത്രീകളും കുഞ്ഞുങ്ങളും ഷണ്ഡന്മാർ ഇങ്ങനേ സർവ്വജന
17 ശേഷിപ്പിനെയും കൂട്ടിക്കൊണ്ടു പോയി, ബേത്ത്ളഹെം സമീപേ കിം
ഹാം തീൎത്ത സത്രത്തിൽ (കുറയ) പാൎത്താറേയും അവർ കല്ദയരെ ഒഴി
18 പ്പാൻ തന്നേ മിസ്രയിൽ പോയി പൂകുവാൻ ഭാവിച്ചു. ബാബേൽരാജാവു
ദേശാധികാരി ആക്കിയ അഹിക്കാംപുത്രനായ ഗദല്യാവെ നഥന്യാപുത്രൻ
ഇശ്മയേൽ കൊന്നതുത്രേ അവർ കല്ദയരെ ഭയപ്പെടുവാൻ കാരണമായി.

42 അദ്ധ്യായം

ബേത്ത്ളഹെമരികേ യിറമിയാവോട്ട ദേവേഷ്ടം ചോദിച്ചതിന്ന (7) മിസ്രയാത്രനിഷിദ്ധവും (19) നാശകരവും എന്നറിയിച്ചതു.

1 കരേഹപുത്രൻ യേഹനാൻ, ഹോഷയ്യാപുത്രൻ യജന്യാമുതലായ പടത്തല
വന്മാരും ചെറിയവനോട്ട വലിയവനോളം സൎവ്വജനവും അംനഞ്ഞു വന്ന,
2. 3 യിറമിയാപ്രവാചകനോട്ട പറഞ്ഞു: ഞങ്ങളുടേ സങ്കടം ഞങ്ങൾ ബോ
ധിപ്പിച്ച തരട്ടേ ഞങ്ങൾ നടക്കേണ്ട വഴി ഇന്നതെന്നും ചെയ്യേണ്ട കാൎയ്യം
ഇന്നതെന്നും നിന്റെറ ദൈവമായ യഹോവ ഞങ്ങളെ അറിയിക്കേണ്ടതി
ന്ന ഈ ഞങ്ങടേ സകലശേഷിപ്പിന്നും വേണ്ടി നിന്റെറ ദൈവമായ യഹോ
വയോട്ട പക്ഷവാദം ചെയ്തുകൊണ്ടാലും! നിൻ കണ്ണുകൾ ഞങ്ങളെ കാണ
4 മ്പോലേയല്ലോ അനേകരിൽ ഇങ്ങ് അസാരമേ ശേഷിച്ചുള്ള. എന്നതിന്ന
യിറമിയാപ്രവാചകൻ അവരോട്ട പറഞ്ഞു: ഞാൻ കേട്ടിട്ടുണ്ട, നിങ്ങടേ വാ
ക്ക പോലേ ഞാൻ നിങ്ങളുടേ ദൈവമായ യഹോവയോട് ഇതാ യാചിക്ക
ന്ന; യഹോവ ഉത്തരം പറവാനുള്ളത് ഒക്കയും ഞാൻ ഒരു വാക്കും വിലക്കി
5 വെക്കാതേ നിങ്ങളോട് അറിയിക്കും. ആയവർ യിറമിയാവോട്ട പറ
ഞ്ഞു: നിന്റെറ ദൈവമായ യഹോവ നിന്നെക്കൊണ്ട് ഇങ്ങ് അയക്കുന്ന
സകലവചനത്തിന്നും ഒത്തവണ്ണം ഞങ്ങൾ ചെയ്വാഞ്ഞാൽ യഹോവ ഞ
6 ങ്ങൾക്ക് എതിരേ സത്യവും വിശ്വാസവും ഉള്ള സാക്ഷി നില്ക്ക! ഞങ്ങൾ
നിന്നെ അയക്കുന്ന നമ്മുടേ ദൈവമായ യഹോവയുടേ ശബ്ദത്തെ ഗുണമാ
യാലും ദോഷമായാലും ഞങ്ങൾ കേട്ടുകൊള്ളും, നമ്മുടേ ദൈവമായ യഹോ
വയുടേ ശബ്ദത്തെ അനുസരിച്ചിട്ട ഞങ്ങൾക്ക നന്നാവാൻ തന്നേ.
7 പത്തു ദിവസം കഴിഞ്ഞ ശേഷം യഹോവാവചനം യിറമിയാവിന്നുണ്ടാ
8 യപ്പോൾ, അവൻ കരേഹപുത്രനായ യോഹനാനെയും കൂടയുള്ള എല്ലാ
പടത്തലവന്മാരെയും ചെറിയവനോട്ട വലിയവനോളം സൎവ്വജനത്തെയും
9 വിളിച്ച് അവരോട്ട പറഞ്ഞു: നിങ്ങളുടേ സങ്കടം തിരുമുമ്പിൽ ബോധി
പ്പിക്കേണ്ടതിന്ന എന്നെ അയച്ച ഇസ്രയേലിൻ ദൈവമായ യഹോവ ഇ
10 പ്രകാരം പറയുന്നു: നിങ്ങൾ ഈ ദേശത്തിൽ കുടിയിരുന്ന നിന്നാൽ
ഞാൻ നിങ്ങളെ ഇടിക്കാതേ പണിയിക്കയും നിങ്ങളെ പൊരിക്കാതേ ന
ടുകയും ചെയ്യും; ഞാൻ നിങ്ങളിൽ വരുത്തിയ തിന്മയെ കുറിച്ച പശ്ചാ
11 ത്താപം ഉണ്ടല്ലോ. നിങ്ങൾ ഭയപ്പെടുന്ന ബാബേൽരാജാവെ ഭയപ്പെടേ
ണ്ട! നിങ്ങളെ രക്ഷിപ്പാനും അവന്റെറ കയ്യിൽനിന്ന് ഉദ്ധരിപ്പാനും ഞാൻ
നിങ്ങളോട്ട കൂടേ ഉണ്ടാകയാൽ അവനെ ഭയപ്പെടായ്വിൻ! എന്നു യഹോ
12 വയുടേ അരുളപ്പാട്ട. അവൻ നിങ്ങളെ കനിഞ്ഞുകൊണ്ട നിങ്ങളുടേ നാ
ട്ടിൽ മടക്കി ഇരുത്തേണ്ടതിന്ന ഞാൻ നിങ്ങൾക്ക കനിവുവരുത്തും. നി
13 ങ്ങളുടേ ദൈവമായ യഹോവയുടേ ശബ്ദം കേളാഞ്ഞു ഞങ്ങൾ ഈ ദേശ
ത്തിൽ പാർക്ക ഇല്ല എന്നും, അല്ല പട കാണാതേയും കാഹളനാദം കേളാ
14 തേയും അപ്പത്തിന്ന വിശക്കാതേയും ഉള്ള മിസ്രദേശത്തു ചെന്ന അവിടേ വ
15 സിക്കും എന്നും പറഞ്ഞാലോ, ആ അവസ്ഥക്ക യഹോവാവചനം കേൾ
പ്പിൻ, യഹൂദാശേഷിപ്പായുള്ളോരേ! ഇസ്രയേലിൻദൈവമായ സൈന്യങ്ങ
ളുടയ യഹോവ ഇപ്രകാരം പറയുന്നു: മിസ്രയിൽ പൂവാൻ കേവലം നിങ്ങ
16 ടേ മുഖം വെച്ച അവിടേ പാർപ്പാൻ ചെന്ന എങ്കിൽ, നിങ്ങൾ ഭയപ്പെടുന്ന
വാൾ അവിടേ മിസ്രദേശത്തു തന്നേ നിങ്ങളെ എത്തും; നിങ്ങൾ അഞ്ഞുന്ന
ക്ഷാമം അവിടേ മിസ്രയിൽ നിങ്ങളെ പിൻപറ്റും, നിങ്ങൾ അവിടേ മ
17 രിക്കയും ചെയ്യും. മിസ്രയിൽ പുക്ക പരിമാറുവാൻ മുഖം വെച്ച സകല
പുരുഷന്മാരും അവിടേ വാളാലും ക്ഷാമത്താലും മഹാരോഗത്താലും മരി
ക്കും, അവരുടേ മേൽ ഞാൻ വരുത്തുന്ന ആപത്തിൽനിന്നു മിഞ്ഞുന്നവനും

18 വഴതിപ്പോരുന്നവനും ഇല്ല.—കാരണം ഇസ്രയേലിൻദൈവമായ സൈ
ന്യങ്ങളുടയ യഹോവ ഇപ്രകാരം പറഞ്ഞു: എന്റെ കോപവും ഊഷ്മാവും
യരുശലേംനിവാസികളുടേ മേൽ പൊഴിഞ്ഞവണ്ണം തന്നേ നിങ്ങളും മി
സ്രയിൽ ചെന്നാൽ എൻ ഊഷ്മാവ് നിങ്ങളുടേ മേൽ പൊഴിയും; നി
ങ്ങളും ശാപവും വിസ്മയവും പ്രാക്കലും നിന്ദയും ആയിത്തീർന്ന ഈ സ്ഥ
ലത്തെ ഇനി കാണാതേ പോവോളം തന്നേ.

19 യഹൂദാശേഷിപ്പായുള്ളോവേ! യഹോവ നിങ്ങളോട് ഉരെച്ചിരിക്കുന്നു.
മിസ്രയിലേക്കു ചെല്ലരുതേ! ഞാൻ ഇന്നു നിങ്ങളെ സാക്ഷീകരിച്ചു ഉണ
20 ത്തി എന്നു അറിഞ്ഞുകൊൾവിൻ! എങ്ങനേ എന്നാൽ നമ്മുടേ ദൈവമായ
യഹോവയോടു ഞങ്ങൾക്കുവേണ്ടി യാചിച്ചുകൊണ്ടാലും, നമ്മുടേ ദൈവ
മായ യഹോവ പറയും വണ്ണം ഒക്കയും ഞങ്ങളെ അറിയിക്ക, അങ്ങനേ ഞ
ങ്ങൾ ചെയ്യും എന്നു ചൊല്ലി നിങ്ങൾ എന്നെ നിങ്ങളുടേ ദൈവമായ യ
21 ഹോവയുടെക്കേ അയച്ചപ്പോൾ, ഞാൻ ഇന്നു നിങ്ങളോട് അറിയിച്ചാറേ
യും അവൻ നിങ്ങൾക്കു എന്നെ ചൊല്ലിവിട്ട സകലത്തിന്നും തക്കവണ്ണം
നിങ്ങളുടേ ദൈവമായ യഹോവയുടേ ശബ്ദത്തെ കേട്ടുകൊള്ളായ്കയാൽ നി
ങ്ങൾ പ്രാണഹാനിക്കായി തെറ്റിപ്പോയിരിക്കുന്നു. നിങ്ങൾ ചെന്നു പരു
22 മാറുവാൻ ഇച്ഛിക്കുന്ന സ്ഥലത്തിൽ വാളാലും ക്ഷാമത്താലും മഹാരോഗ
ത്താലും മരിക്കും എന്നു ഇപ്പോൾ അറികേ വേണ്ടു.

43. അദ്ധ്യായം

യോഹനാൻ യഹൂദാശേഷിപ്പിനെ മിസ്രെക്കു കൂട്ടിക്കൊണ്ടു പോയ ശേ
ഷം (8) കല്ദയർ മിസ്രയെ ശിക്ഷിക്കും എന്നു പ്രവചിച്ചതു.

1 ഇങ്ങനേ എല്ലാം യിറമിയാ സ്വജനത്തോടും അവരുടേ ദൈവമായ
യഹോവ അവനെ ചൊല്ലിവിട്ട സകലവചനങ്ങളെയും പറഞ്ഞു തീർന്ന
2 പ്പോൾ, ഹോഷയ്യാപുത്രൻ യജന്യാവും കരേഹപുത്രൻ യോഹനാനും മുത
ലായ അഹങ്കാരികളും യിറമിയാവോടു പറഞ്ഞു: നീ പൊളി ഉരിയാ
ടുന്നു. മിസ്രയിൽ പരിമാറുവാൻ നിങ്ങൾ ചെല്ലരുതു എന്നു നമ്മുടേ ദൈവ
3 മായ യഹോവ നിന്നെ ഞങ്ങൾക്കു ചൊല്ലിവിട്ടിട്ടില്ല, നേരിയ്യാ പുത്രൻ
ബാരൂക് മാത്രം ഞങ്ങളെക്കൊള്ളേ നിന്നെ സമ്മതിപ്പിച്ചതു കല്ദ
യർ ഞങ്ങളെ കൊലപ്പാനും ബാബേലിൽ പ്രവസിപ്പിപ്പാനും അവരുടേ
4 കയ്യിൽ ഞങ്ങളെ ഏല്പിക്കേണം എന്നു വെച്ചത്രേ, കരേഹപുത്രൻ യോ
ഹനാൻ തുടങ്ങിയുള്ള പടത്തലവന്മാരും സ്വജനവും യഹൂദാദേശത്തു പാ
5 പ്പാൻ യഹോവാശബ്ദത്തെ കേളാഞ്ഞു, യഹൂദാശേഷിപ്പ് എല്ലാം ആട്ടി
ക്കളഞ്ഞുപോയ സകലജാതികളിൽനിന്നും യഹൂദാദേശത്തു പരുമാറുവാൻ
6 മടങ്ങിവന്നവരെയും, പുരുഷർ സ്ത്രീകളും കുഞ്ഞുങ്ങളും രാജപുത്രിമാർ ആകേ
അകമ്പടിമേലാളും നബുജരദാൻ ശഫാൻപുത്രനായ അഹിക്കാംപുത്രനായ
ഗദല്യാവെ ഏല്പിച്ച ഏവരെയും യിറമിയാപ്രവാചകനെയും നേരിയ്യാ
പുത്രൻ ബാരൂകിനെയും കരേഹപുത്രൻ യോഹനാൻ മുതലായ പടത്തലവ
7 ന്മാർ കൂട്ടിക്കൊണ്ടു, യഹോവയുടേ ശബ്ദത്തെ അനുസരിക്കാതേ മിസ്രദേ
ശത്തു ചെന്നു തഹ്പഹേനസ്വരേ എത്തുകയും ചെയ്തു.

8 തഹ്പഹേനസിൽവെച്ചു യഹോവാവചനം യിറമിയാവിന്നുണ്ടായിതു:
9 നിന്റെ കയ്യിൽ വലിയ കല്ലുകളെ എടുത്തുംകൊണ്ടു യഹൂദാപുരുഷന്മാർ
കാൺകേ തഹ്പഹേനസിൽ ഹരോവിൻ ഭവനത്തിലേ പടിക്കല്ലുള്ള ചൂളയി
10 ലേ കുമ്മായത്തിൽ പതിച്ചുവെച്ചു അവരോടു പറക: ഇസ്രയേലിൻ
ദൈവമായ സൈന്യങ്ങളുടയ യഹോവ ഇപ്രകാരം പറയുന്നു: ഇതാ ഞാൻ

ബാബേൽരാജാവായ നബൂകദ്രേച്ചർ എന്ന എൻ ദാസനെ ഞാൻ വരുത്തി
കൂട്ടിക്കൊണ്ടു. അവന്റെ സിംഹാസനത്തെ ഞാൻ ഈ പതിപ്പിച്ചുവെച്ച
കല്ലുകളിന്മേൽ സ്ഥാപിക്കും. അതിൻ മീതേ അവൻ തന്റെ പരവതാനി
11 യെ വിരിക്കും. അവൻ വന്നു മിസ്രുദേശത്തെ തകൎക്കും, ചാക്കിന്നുള്ളവനെ ചാ
ക്കിന്നും നിവ്വാസത്തിന്നുള്ളവനെ നിവ്വാസത്തിന്നും വാളിന്നുള്ളവനെ വാ
12 ളിന്നും (15,2) കൊടുക്കും. മിസ്രുദേവകളുടേ ആലയങ്ങളിൽ ഞാൻ തീ
കത്തിക്കയാൽ അവൻ ഇവ ചുട്ടും അവയെ പ്രവസിപ്പിച്ചും കളയും; ഇട
യൻ തന്റെ കുപ്പായം പുതെക്കുമ്പോലേ അവൻ മിസ്രുദേശത്തെ പുതെച്ചും
കൊണ്ടു സമാധാനത്തിൽ ഇവിടുന്നു പുറപ്പെടും, മിസ്രുദേശത്തു സൂര്യപുര
13 ത്തിലേ നെടുന്തൂണുകളെ അവൻ തകർക്കയും മിസ്രുദേവാലയങ്ങളെ തീ
യിൽ ചുടുകയും ചെയ്യും.

44. അദ്ധ്യായം

യഹൂദരെ ബിംബാച്ചനനിമിത്തം ശാസിച്ചതിന്നു (15) അവർ ശാഠ്യം
കാട്ടിയപ്പോൾ (20) പിന്നെയും ഉണൎത്തി (24) ബിംബാർച്ചികൾക്കും (30)
ഫറോവിന്നും ശിക്ഷയെ അറിയിച്ചതു.

1 മിസ്രുദേശത്തു കുടിയേറി മിഗ്ദോൽ തഃപഹേനസ് നോഫ് എന്ന പട്ട
ണങ്ങളിലും പത്രോസ് നാട്ടിലും വസിക്കുന്ന എല്ലാ യഹൂദന്മാരെയും പൊ
ല്ലി യിറമിയാവിന്നു ഉണ്ടായ വചനമാവിതു.

2 ഇസ്രയേലിൻ ദൈവമായ സൈന്യങ്ങളുടയ യഹോവ ഇപ്രകാരം പറയു
ന്നു: ഞാൻ യരൂശലേമിലും സകല യഹൂദാനഗരങ്ങളിലും വരുത്തിയ തി
ന്മ എല്ലാം നിങ്ങൾ കണ്ടിരിക്കുന്നു. ഇന്നു് അവ അതാ കുടിയാൻ ആരും
3 ഇല്ലാതേ പാഴായി കിടക്കുന്നതു; അവരും നിങ്ങളും പിതാക്കളും അറിയാ
ത്ത അന്യദേവകൾക്കു ധൂപിച്ചും സേവിച്ചും പോയി എന്നെ മുഷിപ്പിപ്പാൻ
4 ചെയ്ത ദോഷം നിമിത്തം തന്നേ. ഞാനോ എന്റെ ദാസന്മാരായ പ്രവാച
കരെ ഒക്കെയും പുലരേ നിയോഗിച്ചയച്ചു ഞാൻ പകെക്കുന്ന ഈ വെറുപ്പുള്ള
കാര്യത്തെ ചെയ്യരുതേ എന്നു നിങ്ങളോടു പറയിച്ചു പോന്നി
5 ട്ടും, അന്യദേവകൾക്കു ധൂപിക്കാതേ കണ്ടു തങ്ങളുടേ ദോഷത്തെ വിട്ടു തി
രിയേണ്ടതിന്നു അവർ കേട്ടതും ചെവി ചാച്ചതും ഇല്ല. അപ്പോൾ എൻ ഊ
6 ഷ്മാവും കോപവും പൊഴിഞ്ഞു യഹൂദാനഗരങ്ങളിലും യരൂശലേംതെരുക്ക
ളിലും കത്തുകയാൽ അവ ഇന്നു കാണും പോലേ പാഴും ശൂന്യവുമായി പോ
യല്ലോ.

7 ഇപ്പോൾ ഇസ്രയേലിൻ ദൈവമായ സൈന്യങ്ങളുടയ യഹോവ പറയു
ന്നിതു: യഹൂദയിൽ ആണും പെണ്ണും ബാലശിശുക്കളും അറുതിവരുത്തി
നിങ്ങൾക്കു് ഒരു ശേഷിപ്പും വെക്കാതേ ഇരിപ്പാൻ നിങ്ങൾ സ്വന്ത ആത്മാ
8 ക്കൾക്കു നേരേ മഹാദോഷം ചെയ്യുന്നതു് എന്തിന്നു? നിങ്ങൾക്കു തന്നേ അറു
തിവരുത്തി സകലഭൂജാതികളിലും ശാപവും നിന്ദയും ആയിത്തീരേണ്ടതി
ന്നല്ലോ നിങ്ങൾ പാർപ്പാൻ വന്ന മിസ്രുദേശത്തു് അന്യദേവകൾക്കു ധൂപം
9 കാട്ടി നിങ്ങടേ കൈക്രിയകൊണ്ടു് എന്നെ മുഷിപ്പിക്കുന്നതു? യഹൂദനാ
ട്ടിലും യരൂശലേംതെരുക്കളിലും നടന്ന പിതാക്കളുടേ ദോഷങ്ങളെയും യഹൂ
ദാരാജാക്കന്മാരുടേ ദോഷങ്ങളെയും അതിലേ സ്ത്രീകളുടേ ദോഷങ്ങളെയും
10 നിങ്ങളുടേയും അങ്ങേ സ്ത്രീകളുടേയും ദോഷങ്ങളെയും മറന്നുവോ? ഇന്നേ
വരയും അവർ ഇടിഞ്ഞതും ഇല്ല ഭയപ്പെട്ടതും ഇല്ല, ഞാൻ നിങ്ങൾക്കും
പിതാക്കൾക്കും മുൻവെച്ചു തന്ന എൻധർമ്മത്തിലും വെപ്പുകളിലും നടക്കു
11 ന്നതും ഇല്ല.— അതുകൊണ്ടു ഇസ്രയേലിൻ ദൈവമായ സൈന്യങ്ങളുടയ

യഹോവ പറയുന്നിതു: ഞാൻ ഇതാ തിന്മെക്കത്രേ എൻ മുഖത്തെ നിങ്ങൾ
ക്ക് എതിരേ വെക്കുന്നതു എല്ലാ യഹൂദയെയും അറുതി ചെയ്വാൻ ത
12 ന്നേ. മിസ്രദേശത്തു ചെന്നു പാർപ്പാൻ മുഖം വെച്ച യഹൂദാശേഷിപ്പിനെ
എടുത്തുകളയും. അവർ ഒക്കയും മിസ്രദേശത്തു വീണു ഒടുങ്ങിപ്പോകും.
വാൾക്ഷാമങ്ങളെ കൊണ്ടു് ആബാലവൃദ്ധം മുടിഞ്ഞു വാളാലും ക്ഷാമ
ത്താലും മുടിഞ്ഞു പ്രാക്കലും വിസ്മയവും ശാപവും നിന്ദയുമായി തീരും.
13 ഞാൻ യരുശലേമിനെ സന്ദർശിച്ചവണ്ണം മിസ്രദേശനിവാസികളെ വാ
ളാലും ക്ഷാമത്താലും മഹാരോഗത്താലും സന്ദർശിക്കും. മിസ്രദേശത്തു പാ
14 പ്പാൻ വന്ന യഹൂദാശേഷിപ്പുള്ളവർക്കു മടങ്ങി വസിപ്പാൻ മനം ചെല്ലുന്ന
യഹൂദനാട്ടിലേക്കു തിരിച്ചു പോവാൻ വഴുതി പോരുന്നവരും മിഞ്ചുന്നവ
രും ഉണ്ടാകയില്ല; ചാടിപ്പോകുന്നവരല്ലാതേ ആരും മടങ്ങുക ഇല്ല.
15 എന്നാറേ തങ്ങളുടേ സ്ത്രീകളും അന്യദേവകൎമ്മങ്ങൾക്കു ധൂപിക്കുന്ന പ്രകാരം അ
റിഞ്ഞിട്ടുള്ള എല്ലാ പുരുഷന്മാരും വങ്കുട്ടമായി നില്ക്കുന്ന സകലസ്ത്രീകളും മി
സ്രദേശത്തു പാർക്കുന്ന സൎവ്വജനവും പത്രോസിൽവെച്ചു യിരമ്യാവോ
16 ടു് ഉത്തരം പറഞ്ഞിതു: നീ യഹോവാനാമത്തിൽ ഞങ്ങളോടു ചൊല്ലിയ
17 വചനത്തിങ്കൽ ഞങ്ങളും നിന്നെ കേൾക്കയില്ല. സ്വൎഗ്ഗരാജ്ഞിക്കു ധൂപം
കാട്ടുവാനും ഊക്കു കഴിപ്പാനും ഞങ്ങളുടേ വായിൽനിന്നു പുറപ്പെട്ട വാക്കു്
ഒക്കയും അനുഷ്ഠിക്കേ ഉള്ളു; ഞങ്ങളും അപ്പന്മാരും ഇങ്ങേ രാജാക്കന്മാരും
പ്രഭുക്കളും യഹൂദാനഗരങ്ങളിലും യരുശലേംതെരുക്കളിലും ചെയ്ത പ്രകാരമ
ത്രേ. അന്നു് അപ്പംകൊണ്ടു തൃപ്തരായി ഞങ്ങൾ തിന്മ കാണാതേ സുഖിച്ചി
18 രുന്നുവല്ലോ. സ്വൎഗ്ഗരാജ്ഞിക്കു ധൂപിച്ചു ഊക്കു കഴിക്കുന്നതു ഞങ്ങൾ വി
ട്ടൊഴിഞ്ഞന്നു മുതലോ എല്ലാറ്റിന്നും മുട്ടുണ്ടു. വാൾക്ഷാമങ്ങൾകൊണ്ടു ഞ
ങ്ങൾ മുടിഞ്ഞു. പിന്നേ ഞങ്ങൾ സ്വൎഗ്ഗരാജ്ഞിക്കു ധൂപിച്ചു് ഊക്കു കഴിക്കു
19 മ്പോൾ അവൎക്കു സദൃശരൂപത്തിൽ അടകളെ ചമെച്ചു ഊക്കഴിച്ചുകൊ
ണ്ടതു ഞങ്ങടേ ഭൎത്താക്കന്മാർ കൂടാതേ ആയോ?
20 എന്നിങ്ങനേ ഉത്തരം പറഞ്ഞ പുരുഷന്മാരും സ്ത്രീകളും തുടങ്ങിയുള്ള സ
21 വ്വജനത്തോടും യിരമിയാ പറഞ്ഞിതു: നിങ്ങളും അപ്പന്മാരും അങ്ങേ രാ
ജാക്കളും പ്രഭുക്കളും നാട്ടിലേ ജനവും യഹൂദാനഗരങ്ങളിലും യരുശലേംതെ
രുക്കളിലും ധൂപം കാട്ടി പോന്നതു യഹോവ ഓൎത്തില്ലയോ മനസ്സു വെ
22 ച്ചില്ലയോ? നിങ്ങളുടേ പ്രവൃത്തിദോഷവും നിങ്ങൾ ചെയ്തുപോരുന്ന അറെ
പ്പുകളും യഹോവെക്കു പൊറുക്കരുതാതേ ചമഞ്ഞിട്ടല്ലോ നിങ്ങടേ ദേശം
ഇന്നു കാണുമ്പോലേ കൂടിയില്ലാതേ പാഴും ശൂന്യവും ശാപവും ആയി
23 ത്തീൎന്നതു. നിങ്ങൾ ധൂപിച്ചും യഹോവയോടു പിഴെച്ചും യഹോവയുടേ ശ
ബ്ദം കേളാതേ അവന്റെ ധൎമ്മത്തിലും വെപ്പുകളിലും സാക്ഷ്യങ്ങളിലും
നടക്കാതേയും പോയ ഹേതുവാൽ തന്നേ ഇന്നുള്ള പോലേ ഈ തിന്മ നി
ങ്ങൾക്കു് അകപ്പെട്ടതു.
24 പിന്നേ യിരമിയാ സകലജനത്തോടും എല്ലാ സ്ത്രീകളോടും പറഞ്ഞു:
മിസ്രദേശത്തുള്ള യഹൂദ ഒക്കയും യഹോവാവചനത്തെ കേൾപ്പിൻ! ഇസ്ര
25 യേലിൻ ദൈവമായ സൈന്യങ്ങളുടയ യഹോവ ഇപ്രകാരം പറയുന്നു:
നിങ്ങളും അങ്ങേ സ്ത്രീകളും സ്വൎഗ്ഗരാജ്ഞിക്കു ധൂപിച്ചു ഊക്കഴിപ്പാൻ ഞ
ങ്ങൾ നേൎന്ന നേൎച്ചകളെ കഴിക്കേ ഉള്ളു എന്നു നിങ്ങൾ വായികൊണ്ടു
ചൊല്ലീട്ടും കൈകൊണ്ടു തികെച്ചും ഇരിക്കുന്നു. (ഹേ സ്ത്രീകളേ) തോ
ന്നിയ നേൎച്ചകളെ നിറുത്തിക്കൊൾവിൻ, നിങ്ങടേ നേൎച്ചകളെ നടത്തി
26 യും കൊൾവിൻ! എന്നിട്ടു മിസ്രദേശത്തു വസിക്കുന്ന സകലയഹൂദയായു
ള്ളോവേ, യഹോവാവചനത്തെ കേൾപ്പിൻ! കൎത്താവായ യഹോവാ
ജീവനാണ എന്നു മിസ്രനാടു് എങ്ങും യാതൊരു യഹൂദന്റെ വായിലും
ഇനി എന്റെ നാമം വിളിക്കപ്പെടുക ഇല്ല, എന്നു ഞാൻ ഇതാ എന്റെ
വലിയ നാമംകൊണ്ടു സത്യം ചെയ്തിരിക്കുന്നു എന്നു യഹോവ പറയുന്നു.

27 ഇതാ നന്മെക്കല്ല തിന്മെക്കത്രേ ഞാൻ അവരുടേ മേൽ ജാഗരിക്കുന്നുണ്ട, മിസ്രദേശത്തുള്ള ഏതു യഹൂദനും അവർ മുടിവോളം വാൾക്ഷാമങ്ങളാലും
28 ഒടുങ്ങും. വാളിന്നു ചാടി പോരുന്ന ഏതാനും പേർ മിസ്രദേശത്തുനിന്നു യഹൂദനാട്ടിലേക്കു മടങ്ങും, മിസ്രദേശത്തു പാർപ്പാൻ വന്ന യഹൂദാശേഷിപ്പ് ഒക്കയും: ആരുടേ വചനം നിവിരും എന്നേറതോ അവരുടേതോ? എ
29 ന്ന് അറികയും ചെയ്യും.— പിന്നേ നിങ്ങൾക്കു എതിരേ എന്നേറ വചനങ്ങൾ തിന്മെക്കായി നിവിരുന്ന പ്രകാരം നിങ്ങൾക്കു ബോധിക്കേണ്ടതിന്നു ഞാൻ ഈ സ്ഥലത്തു നിങ്ങളെ സന്ദർശിക്കും എന്നതിന്നു ഇതത്രേ നിങ്ങൾക്കു അടയാളം എന്നു യഹോവയുടെ അരുളപ്പാടു: മിസ്രരാജാവായ
30 ഫറോഹൊഫ്രയെ ഞാൻ ഇതാ ശത്രുക്കളുടേ കയ്യിലും അവനേറ പ്രാണനെ അന്വേഷിക്കുന്നവരുടേ കയ്യിലും കൊടുക്കുന്നുണ്ടു, യഹൂദാരാജാവായ ചിദക്കീയാവെ അവനേറ പ്രാണനെ അന്വേഷിച്ച ശത്രുവായ നബൂകദ്രേചർ എന്ന ബാബേൽരാജാവിനേറ കയ്യിൽ കൊടുത്ത പ്രകാരമത്രേ എന്നു യഹോവ പറയുന്നു.

45. അദ്ധ്യായം

ബാരൂകോടു ചൊല്ലിയ ഓർ ആശ്വാസവചനം.

1 യോശീയാപുത്രനായ യോയക്കീം എന്ന യഹൂദാരാജാവിനേറ നാലാം ആണ്ടിൽ നേരിയ്യാപുത്രനായ ബാരൂക് മേൽപ്പറഞ്ഞ വചനങ്ങളെ യിറമിയാ ചൊല്ലിക്കൊടുത്തപ്രകാരം പുസ്തകത്തിൽ എഴുതുമ്പോൾ യിറമിയാ
2 പ്രവാചകൻ അവനോടു ഉരെച്ച വചനമാവിതു. ഹേ ബാരൂകേ, ഇസ്രയേ
3 ലിൻദൈവമായ യഹോവ നിന്നോടു ഇപ്രകാരം പറയുന്നു: യഹോവ എന്നേറ വേദനയോടു ദുഃഖം കൂട്ടുകകൊണ്ടു് എനിക്കു് അയ്യോ കഷ്ടം! ഞാൻ ഞരങ്ങുകയാൽ തളർന്നുപോയി (സങ്കീ. 6, 7.) സ്വസ്ഥത കാണ
4 ന്നതും ഇല്ല എന്നു നീ പറഞ്ഞു. അവനോടു നീ പറയേണ്ടുന്നിതു: യഹോവ ഇപ്രകാരം പറയുന്നു: ഞാൻ പണി ചെയ്തതിനെ ഇതാ ഇടിച്ചും നട്ടതിനെ
5 പൊരിച്ചും കളയുന്നു, ആയതും ഭൂമിമുഴുവൻ തന്നേ. പിന്നേ നിണക്കായി നീ വലിയവ അന്വേഷിക്കുന്നുവോ? അന്വേഷിക്കരുതു; സർവ്വജഡത്തിന്മേലും ഞാൻ ഇതാ തിന്മ വരുത്തുന്നുവല്ലോ എന്നു യഹോവയുടേ അരുളപ്പാടു. നീ പോകുന്ന എല്ലാ സ്ഥലങ്ങളിലും നിന്നേറ പ്രാണനെ ഞാൻ നിണക്കു കൊള്ളയായി തരുന്നുണ്ടു താനും.

IV. പ്രബന്ധം. ഒമ്പതു പരജാതികൾക്കു നേരേ പ്രവചിച്ചതു. (അ. 46–51.)

46. അദ്ധ്യായം

(3) നെകോവിനേറ പട തോല്ക്കും (13) നബൂകദ്രേചർ മിസ്രയെ താക്കീതു പാഴാക്കും (27) ഇസ്രയേലിന്നു് ആശ്വാസം വരും താനും.

1 ജാതികളെ പറ്റി യിറമിയാപ്രവാചകന്നു ഉണ്ടായ യഹോവാവചന
2 മാവിതു. (ഒന്നാമതു) മിസ്രയെ കുറിച്ചുള്ളതു: ഫറോനെകോ എന്ന മിസ്രരാജാവിനേറ ബലം ഫ്രാത്തു നദിയരികേ കർകമിശിൽ ആയപ്പോൾ യോശീയാപുത്രനായ യോയക്കീം എന്ന യഹൂദാരാജാവിനേറ നാലാം ആണ്ടിൽ നബൂകദ്രേചർ എന്ന ബാബേൽരാജാവു് അതിനെ വെട്ടി വെല്ലുന്നതിനെ ചൊല്ലി തന്നേ.

3 അല്ലയോ പരിചയും വൻപലകയും ഒരുക്കി പോക്ക മുതിരുവിൻ! കുതി
4 രകളെ (തേരിൽ) പൂട്ടി അശ്വങ്ങളേറി തൊപ്പികളും ഇട്ടും നിന്നുകൊൾ
5 വിൻ, കുന്തങ്ങളെ മിനുക്കി കവചങ്ങളെ പൂണ്മിൻ! അവർ മിരണ്ടു പിൻ
വാങ്ങിയും അവരുടേ വീരന്മാർ ചതഞ്ഞും ഞാൻ കാണുന്നത് എന്തു?
പോർ തിരിയാതേ പാച്ചൽ പായുന്നു. ചുറ്റും അച്ചമത്രേ എന്നു യഹോ
6 വയുടേ അരുളപ്പാടു. വേഗവാൻ പായ്കയും ശൌര്യവാൻ ചാടിപ്പോകയും
7 അരുതു, അവർ വടക്കു ഫ്രാത്തു നദീതീരേ ഇടറിവീഴുന്നു.— അപ്പുകൾ
പുഴകൾ പോലേ തുളുമ്പി അലെക്കേ നീലാറു പോലേ ഈ പൊങ്ങിവ
8 രുന്നത് ആർ? നീലാറു പോലേ മിസ്രു തന്നേ പൊങ്ങി വെള്ളങ്ങൾ പുഴ
കൾ കണക്കേ തുളുമ്പിവരുന്നു. ഞാൻ കരേറി ഭൂമിയെ മൂടി നഗരങ്ങളും
9 നിവാസികളുമായി കെടുക്കും എന്നു അവൻ പറയുന്നു. കുതിരകളേ കിള
രുവിൻ, തേരുകളേ മദിച്ചു ഓടുവിൻ! വീരന്മാർ പുറപ്പെടുക, പലിശപി
10 ടിക്കുന്ന കൂഷ്യും ഫുത്തും വില്ലെടുത്തു കുലെക്കുന്ന ലൂദരും തന്നേ. ആ ദിവ
സമോ സൈന്യങ്ങളുടയ യഹോവ എന്ന കർത്താവിന്നു മാറാന്മാരിൽ
പകവീളുവാൻ പ്രതികാരദിവസമത്രേ; വാൾ തിന്നു തൃപ്തമായി ചോര
യാൽ തോഞ്ഞുവരും; സൈന്യങ്ങളുടയ യഹോവ എന്ന കർത്താവിനാകട്ടേ
11 വടക്കു ദിക്കിൽ ഫ്രാത്തു നദിക്കരികേ ഒരു ബലി ഉണ്ടു. മിസ്രുപുത്രി ആ
കുന്ന കന്യേ ഗിലെയാദിൽ കയറിച്ചെന്നു നല്ലശ വാങ്ങുക! ചികിത്സകളെ
12 നീ പെരുപ്പിക്കുന്നതു വ്യർത്ഥം; നിനക്കു തകഴി ഇല്ല. ജാതികൾ നിന്റെ
ഇളർപ്പം കേട്ടു, നിന്റെ മുറവിളി ഭൂമിയിൽ നിറയുന്നു. വീരനിൽ വീരനും
ഇടറി ഇരുവരും ഒക്കത്തക്ക വീഴുകയാൽ തന്നേ.

13 നബുകദ്രേചർ എന്ന ബാബേൽരാജാവു മിസ്രദേശത്തെ വെട്ടുവാൻ
വരുന്നതിനെ പറ്റി യഹോവ യിരമിയാപ്രവാചകനോടു ചൊല്ലിയ
14 വചനമാവിതു.— മിസ്രയിൽ അറിയിപ്പിൻ, മിഗ്ദോലിൽ കേൾപ്പിപ്പിൻ,
നോഫിലും തഃപഹേനസിലും കേൾപ്പിച്ചു പറവിൻ: ഒരുമ്പെട്ടു ഉറെച്ചു
15 നിന്നുകൊൾക! നിന്റെ ചുറ്റും വാൾ തിന്നുവല്ലോ. നിന്റെ ശൂരൻ മ
ലന്നു വീണതു എന്തുകൊണ്ടു? യഹോവ ഉന്തുകയാൽ അവൻ നില്പാഞ്ഞതു.
16 അനേകരെ അവൻ ഇടറിക്കുന്നു, (പരദേശികളും) അവരവർ തങ്ങളിൽ
വീണു: എടോ എഴുന്നീറ്റു ഈ ഒടുക്കുന്ന വാളിന്നു തെറ്റി താന്താന്റെ
വംശത്തേക്കും ജനനദേശത്തേക്കും മടങ്ങി പോക! എന്നു പറയുന്നു.
17 മിസ്രരാജാവായ ഫറോ സന്നയായി അവൻ അവധിയെ കഴിച്ചു എന്നു
18 അവിടേ വിളിക്കുന്നു. മലകളിൽ താബോരും കടല്പുറത്തു കർമ്മേലും എന്ന
കണക്കനേ (സംഹർത്താ) വരും. എൻ ജീവനാണ എന്നു സൈന്യങ്ങളുടയ
19 യഹോവ എന്ന പേരുള്ള രാജാവിൻ അരുളപ്പാടു. മിസ്രുപുത്രിയായ നിവാ
സിനിയേ, നിവ്വാസക്കോപ്പുകളെ കൂട്ടിക്കൊൾക, സാക്ഷാൽ നോഫു
കുടി ഇല്ലാതോളം വെന്തു ശൂന്യമാകും.

20 അഴകേറും കടച്ചി മിസ്രു തന്നേ, വടക്കു നിന്നോ ഒരു വേട്ടാളൻ വരുന്നു
21 വരുന്നു. അതിന്റെ കൂലിച്ചേകക്കാരും അതിന്നുള്ളിൽ തടിപ്പിച്ച കന്നുകി
ടാക്കൊക്കു ഒക്കുന്നു, അവരും പുറം കാട്ടി ഒക്കത്തക്ക നില്പാതേ പായുന്നതു
അവരെ സന്ദർശിക്കും സമയം ആകുന്ന ആപദ്ദിവസം അവരുടെ മേൽ വരി
22 കയാൽ തന്നേ; ബലത്തോടേ നടന്നു വൃക്ഷങ്ങളെ മുറിക്കുന്നവരെ പോലേ
കോടാലികളുമായി അവളുടേ നേരേ വരികയാൽ അവളുടേ ഒച്ച നിരങ്ങുന്ന
23 പാമ്പിന്നു ഒത്തു. അവളുടേ കാടിനെ അവർ വെട്ടും എന്നു യഹോവയുടേ
അരുളപ്പാടു; അവർ ആരാഞ്ഞുകൂടാതോളം എണ്ണമില്ലാതേ വെട്ടുകിളികളി
24 ലും പെരുകയാൽ തന്നേ.— മിസ്രുപുത്രി വടക്കേജനത്തിന്റെ കയ്യിൽ
25 കൊടുക്കപ്പെട്ടു നാണിച്ചുപോകുന്നു. ഇസ്രയേൽദൈവമായ സൈന്യങ്ങളുടയ
യഹോവ പറയുന്നു: ഞാൻ ഇതാ നോവിലേ ആമോൻ എന്നവനെയും

ഫറോവെയും മിസ്രയെയും അതിൻറെ ദേവകളെയും രാജാക്കന്മാരെയും
26 ഫറോവെയും അവങ്കൽ ആശ്രയിക്കുന്നവരെയും സന്ദൎശിക്കുന്നു. അവരുടേ
പ്രാണനെ അന്വേഷിക്കുന്നവരുടേ കയ്യിലും നബുകദ്രേചർ എന്ന ബാബേൽ
രാജാവിൻറെ കയ്യിലും അവൻറെ ദാസരുടേ കയ്യിലും ഞാൻ അവരെ കൊ
ടുത്തുകളയും. പിന്നേതിൽ അതു പുരാണനാളിൽ എന്ന പോലേ കുടിയി
രിപ്പാകും എന്നു് യഹോവയുടേ അരുളപ്പാടു.
27 നീയോ ഭയപ്പെടായ്ക, എൻ ദാസനായ യാക്കോബേ; ഇസ്രയേലേ,
അഞ്ചരുതേ! ഞാനാകട്ടേ നിന്നെ ദൂരത്തുനിന്നും നിൻറെ സന്തതിയെ പ്രവാ
സദിക്കിൽനിന്നും ഇതാ രക്ഷിക്കുന്നു. യാക്കോബു് മടങ്ങിവന്നു ആരും
28 മെരിട്ടാതേ സ്വൈരമായി അടങ്ങി പാൎക്കും. എൻ ദാസനായ യാക്കോ
ബേ, നീ ഭയപ്പെടായ്ക! ഞാനല്ലോ നിന്നോടു കൂടേ ഉണ്ടു എന്നു യഹോവയു
ടേ അരുളപ്പാടു; ഞാൻ നിന്നെ ഉന്തി നീക്കിയ സകലജാതികളിൽ മുരമ്മു
ടിവു നടത്തിയാലും നിന്നോടു മുരമ്മുടിവു നടത്തുക ഇല്ല, ന്യായത്തോടേ
നിന്നെ ശിക്ഷിക്കും താനും, ഒട്ടും നിൎദ്ദോഷനായി വിടുകയും ഇല്ല(30,10*f*.).

47. അദ്ധ്യായം

ഫലിഷ്ടർക്കു ബാബേല്യരാൽ വരുംനാശം.

1 **ഫ**റോ (ഹൊഫ്ര) ഘജ്ജയെ വെട്ടുന്നതിൻ മുമ്പേ യിരമിയാപ്രവാച
2 കനു ഫലിഷ്ടർക്കു നേരേ ഉണ്ടായ യഹോവാവചനം.— യഹോവ ഇപ്ര
കാരം പറയുന്നു: വടക്കുനിന്നു് ഇതാ വെള്ളങ്ങൾ പൊങ്ങി നദി കവിച്ച
ലായി വൎദ്ധിക്കുന്നു; ദേശത്തെയും അതിൽ നിറയുന്നതും ഊരും കുടികളെയും
കവിഞ്ഞു് ഒഴുകുവാൻ തന്നേ; മനുഷ്യർ നിലവിളിക്കയും ദേശവാസികൾ
3 ഒക്കേ മുറയിടുകയും ചെയ്യും. അവൻറെ അശ്വക്കുളമ്പുകൾ തത്തുന്ന നാദ
ത്താലും അവൻറെ തേർമുഴക്കത്താലും ഉരുളൊലിയാലും കൈകൾ തളൎന്നിട്ടു
4 അപ്പന്മാർ കുഞ്ഞുങ്ങളെ നോക്കി തിരിയുമാറില്ല, എല്ലാ ഫലിഷ്ടരെയും
സംഹരിച്ചു ചോർ ചീദോൻ എന്നവൎക്കു മിഞ്ചിയ തുണയെ അറുത്തും കള
വാൻ വരുന്ന ദിവസം നിമിത്തമത്രേ. യഹോവയാകട്ടേ കപ്തോർദ്വീപിലേ
5 ശേഷിപ്പായ ഫലിഷ്ടരെ സംഹരിക്കുന്നു.— ഘജ്ജെക്കു കഷണ്ടിവന്നു,
അഷ്കലോൻ ആദിയായ അവരുടേ താഴ്വരയുടേ ശേഷിപ്പു സന്നമായി.
6 എടീ, എത്രത്തോളം നീ മെയി ചെത്തിക്കൊണ്ടിരിക്കും? അല്ലയോ
യഹോവയുടേ വാളേ, ഏതുവരേ നീ അടങ്ങാതേ നടക്കും? നിൻറെ ഉറ
7 യിലേക്കു മടങ്ങി അമൎന്നു സ്വസ്ഥായിരിക്ക! പിന്നേ ആകട്ടേ യഹോവ
നിന്നോടു കല്പിച്ചിരിക്കേ എങ്ങനേ അടങ്ങി ഇരിപ്പു? അഷ്കലോനെയും
കടല്പുരയെയും കൊള്ളേ അവൻ നിന്നെ നിയോഗിച്ചു സ്പഷ്ടം.

48. അദ്ധ്യായം

മോവാബു് അയ്യോ ശത്രുകയ്യിൽ അകപ്പെടുകയാൽ (9) കമോശ്ദേവനു
നാണക്കേടും ജനത്തിനു പ്രവാസവും (16) മുരമ്മുടിവും തട്ടുന്നതു (26) ഡം
ഭാധിക്യത്തിൻ ശിക്ഷയായി തന്നേ. (36) അതിനു പ്രവാചകൻ വില
പിച്ചും (39) അയല്പുർ ഞെട്ടി പരിഹസിച്ചും പോകുന്നു. (45) ഒടുവിൽ
പ്രവാസാവസ്ഥയും മാറും.

1 **മ**ോവാബിനു നേരേ.— ഇസ്രയേലിൻ ദൈവമായ സൈന്യങ്ങളുടയ
യഹോവ പറയുന്നിതു: നബോവിനു ഹാ കഷ്ടം! അതു സന്നമായി.

കിര്യത്തൈം നാണംകെട്ട പിടിക്കപ്പെട്ട, കോട്ട നാണംകെട്ട മെരിണ്ട
2 പോയി. മോവാബിൻ പ്രശംസ ഇല്ലാതേയായി; അതിന്ന് എതിരേ
ഹെശ്ബോനിൽവെച്ച് അധികരിച്ചവർ: അല്ലയോ അത് ഇനി ജാതി
ആകാതിരിപ്പാൻ നാം ഛേദിച്ചുകളയട്ടേ! എന്ന ദോഷം നിരൂപിക്കുന്ന.
3 മദ്മനേ, നീയും മുടിഞ്ഞുപോകും വാൾ നിന്നെ പിന്തുടരും. ഹൊറൊ
നൈമിൽനിന്ന് അതാ നിഗ്രഹവും, വലിയ ഇടിവും എന്ന നിലവിളി
4 ക്കുന്ന. മോവാബ് ചതഞ്ഞുപോയി, അതിലേ എളിയവർ നിലവിളി
5 കേൾപ്പിക്കുന്ന. കരഞ്ഞുകരഞ്ഞുംകൊണ്ട ലൂഹീത്ത് ചുരം കയറുന്നതു
ഹൊറൊനൈമിൻ ഇറക്കത്തിങ്കൽ ഇടിവു ചൊല്ലി ഞരക്കവിളി കേൾക്ക
6 യാൽ തന്നേ. പാഞ്ഞുംകൊണ്ട പ്രാണനോടേ വഴതിപ്പോന്ന മരുവിൽ
7 നഗ്നന് ഒത്തുചമവിൻ! നിന്റെ ക്രിയകളിലും ഭണ്ഡാരങ്ങളിലും ആശ്ര
യിക്കകൊണ്ട നീയും സാക്ഷാൽ പിടിക്കപ്പെട്ടും, കമോശ് തന്റെ പുരോ
8 ഹിതർ പ്രഭുക്കളുമായി ഒക്കത്തക്ക പ്രവസിച്ചു പോകും. ഒരു നഗരവും വഴ
തിപ്പോരാതേ സകലനഗരത്തിന്മേലും നിഗ്രഹിക്കുന്നവൻ വരും; താഴ്വര
കെട്ടും സമഭ്രമി മുടിഞ്ഞും പോകും യഹോവ പറഞ്ഞവണ്ണമേ.
9 മോവാബിന്ന ചിറകു കൊടുപ്പിൻ! പറന്നല്ലോ അതു പുറപ്പെട്ടും, അതിൻ
10 ഊരുകയ്ം കുടിയാൻ ഇല്ലാതേ പാഴായ്പ്പോകും. യഹോവയുടേ തുരം മടി
വോടേ എടുക്കുന്നവൻ ശപിക്കപ്പെട്ടവൻ; രക്തത്തിൽനിന്ന വാളെ വിലക്കു
11 ന്നവനും ശപിക്കപ്പെട്ടവൻ! മോവാബ് ചെറുപ്പത്തിലേ സ്വൈരമായി തൻ
മട്ടിന്മേൽ അമന്ന പാർത്തു, അതിനെ പാത്രത്തിൽനിന്ന പാത്രത്തിൽ ഊററീ
ട്ടും ഇല്ല, അതു പ്രവസിച്ചുപോയതും ഇല്ല, അതു കൊണ്ട അതിന്റെ രസം
12 അതിൽ നിലെച്ച മണം മാറിയതും ഇല്ല. ആകയാൽ ഞാൻ അതിന്ന വാറു
ന്നവരെ അയക്കുന്ന നാളുകയ്ം ഇതാ വരും, ആയവർ അതിനെ വാററി പാത്ര
13 ങ്ങളെ ഒഴിച്ചു കുടങ്ങളെ ഉടെച്ചുകളയും എന്ന യഹോവയുടേ അരുളപ്പാടു. അന്ന
മോവാബ് കമോഷിങ്കൽ ലജ്ജിച്ചുപോകും, ഇസ്രയേൽഗൃഹം തങ്ങളുടേ
14 ശരണമായ ബേഥേലിൽ ലജ്ജിച്ചവണ്ണമത്രേ. ഞങ്ങയ വീരന്മാരും പടെ
ക്ക് ഊക്കരും എന്ന നിങ്ങയ എങ്ങനേ, പറയും? മോവാബ് മുടിഞ്ഞു,
15 അതിന്റെ നഗരങ്ങളിൽ (ശത്രു) കയറി അതിലേ മേത്തരമായ യുവാക്കയ്
കുലെക്കു കിഴികേ ഉള്ള എന്ന സൈന്യങ്ങളുടയ യഹോവ എന്ന പേരുള്ള
രാജാവിന്റെ അരുളപ്പാടു.
16 മോവാബിൻ ആപത്തു വരുവാൻ അടുത്തു അവന്റെ ദുർഗ്ഗ ഏറ വിരയു
17 ന്ന. എടോ അവന്റെ ചുറുക്കാരും അവന്റെ പേർ അറിയുന്നവരും എല്ലാം
അവനെ തൊഴിപ്പിൻ! അയ്യോ ശക്തിയുടേ ദണ്ഡും അഴകിയ ചെങ്കോലും
18 എങ്ങനേ ഒടിഞ്ഞു എന്ന പറവിൻ! മോവാബിനെ നിഗ്രഹിക്കുന്നവൻ
നിന്നെ കൊള്ളേ കയറി നിന്റെ കോട്ടകളെ സംഹരിക്കയാൽ, ഹേ
ദീബോൻ പുത്രിയായ നിവാസിനിയേ, തേജസ്സിൽനിന്ന് ഇഴിഞ്ഞു വറ
19 ണ്ടതിൽ ഇരിക്ക! അരോയേർ നിവാസിനിയേ, വഴിക്കൽനിന്നുംകൊണ്ടു
നോക്കുക, പാഞ്ഞു ചാടിപ്പോകുന്നവരോടു എന്തുണ്ടായി? എന്ന ചോദിക്ക!
20 മോവാബ് നാണിച്ചു മെരിണ്ടുപോയി; മുറയിട്ടു നിലവിളിപ്പിൻ, മോവാ
ബ് മുടിഞ്ഞു എന്ന അർനോൻ വരേയും അറിയിപ്പിൻ! ഹോലോൻ,
21.22 യഃസ, മേഫാഥത്ത്, ദീബോൻ, നബോ, ബേഥ്ദിബ്ല ഥൈം, കി
23 ര്യഥൈം, ബേഥ്ഗമൂൽ ബേഥ്മയോൻ എന്ന തുടങ്ങിയുള്ള സകലസ
24 മഭ്രമിക്കും ന്യായവിധി അണഞ്ഞു. കരിയോഥ് ബോത്രയിലും മോവാ
ബ്ദേശത്തുള്ള എല്ലാ നഗരങ്ങളിലും ദൂരസമീപസ്ഥങ്ങളിലും (അതുവന്ന).
25 മോവാബിൻ കൊമ്പ് അററും അവന്റെ ഭുജം ഒടിഞ്ഞും പോയി എന്ന യ
ഹോവയുടേ അരുളപ്പാടു.
26 മോവാബ് യഹോവയോടു വമ്പികയാൽ, അവനെ മത്തനാക്കി താൻ
27 കക്കിയതിൽ (കൈ) തല്ലി പരിഹാസം ആവാറാക്കുവിൻ. അല്ല ഇസ്രയേൽ

നിണക്കു പരിഹാസമായില്ലയോ? അവൻ കയ്യും കളവുമായി പിടി
ക്കപ്പെട്ടിട്ടോ നീ അവനെ ചൊല്ലി സംസാരിക്കുംതോറും കുലുങ്ങിച്ചി
28 രിച്ചതു? മോവാബ്യനിവാസികളേ, ഊരുകളെ വിട്ടു കൊടുമലയിൽ
പാർത്തുകൊണ്ടു കിഴക്കാന്തുക്കത്തിൻ വായിൽ കൂടു വെക്കുന്ന പ്രാവിനു
29 ഒത്തുചമവിൻ! (യശ. 16,6) അത്യന്തം ഡംഭിക്കുന്ന മോവാബിന്റെ ഡംഭ
ത്തെയും അവന്റെ അഹങ്കാരഗർവ്വത്തെയും മനസ്സിൻ ഉന്നതിയെയും ഞങ്ങൾ
30 കേട്ടു. അവന്റെ ക്രോധത്തെയും തുമ്പില്ലാത്ത നുണകളെയും അവൻ അസ
ത്തായി ചെയ്തതും ഞാൻ അറിഞ്ഞു എന്നു യഹോവയുടെ അരുളപ്പാടു.
31 (യശ. 16, 7—10) അതുകൊണ്ടു മോവാബെ ചൊല്ലി ഞാൻ മുറയിടും,
സർവ്വമോവാബെ ചൊല്ലി നിലവിളിക്കും, (കീർഹേരസ് എന്ന) ഓട്ടകോ
32 ട്ടയിലേ ആളുകൾ നിമിത്തം കുഴുകുഴുക്കും. ഹാസിബ്മയിലേ വള്ളിയേ
നിന്റെ ശാഖകൾ കടലിനെയും കടന്നു യാസർ പൊയ്ക്കയോളം എത്തി
യല്ലോ, നിന്നെ ചൊല്ലി ഞാൻ യാസരുടെ കരച്ചലിലും അധികം കേഴും,
33 നിന്റെ വേനലിലും കൊയ്ത്തിലും സംഹർത്താതട്ടി. തോപ്പിൽനിന്നും
മോവാബിൽനിന്നും സന്തോഷവും ആനന്ദവും അടങ്ങിപ്പോയി, ചക്കു
കളിൽനിന്നു വീഞ്ഞിനെ ഞാൻ നിറുത്തി; അട്ടഹാസത്തോടു മെതിപ്പാ
34 രില്ല, അട്ടഹാസമല്ലാത്ത അട്ടഹാസം ഉണ്ടുതാനും. (യശ. 15, 4—6) ഹെ
ശ്ബോനിലേ കൂക്കൽ തുടങ്ങി എലാലേയാഹച്പര്യന്തം നദിക്കുന്നു,
ചോവർമുതൽ ഹൊറൊനൈം മൂന്നാം എഗ്ലത്ത്വരേയും (വിളിക്കുന്നു);
35 നിമ്രയിലേ വെള്ളങ്ങളും ശൂന്യസ്ഥലമായി പോയല്ലോ. ഞാനോ കുന്നു
കാവിൽ കയറുന്നവനെയും സ്വദേവകൾക്കു ധൂപിക്കുന്നവനെയും മോവാ
ബിന്നു ഒടുക്കുന്നുണ്ടു എന്നു യഹോവയുടെ അരുളപ്പാടു.
36 (യശ. 16, 11) അതുകൊണ്ടു് എന്റെ ഹൃദയം മോവാബിനെ കുറിച്ചു
കുഴലുകൾ പോലെ മുരളുന്നു, ഓട്ടകോട്ടയിലേ ആളുകളെ ചൊല്ലി എൻ ഹൃ
ദയം കുഴലുകൾ പോലെ മുരളുന്നു, (മോവാബ്) സമ്പാദിച്ചുവെച്ചതും കെ
37 ട്ടുപോയല്ലോ. (യശ. 15, 2f.) എല്ലാ തലയും കഷണ്ടിയായി, താടി എ
ല്ലാം കുറെച്ചുപോയി, എല്ലാ കൈകളിലും ചെത്തി മുറിഞ്ഞും അരകളിൽ
38 രട്ടു് ഉടുത്തും കാണുന്നു. മോവാബിലേ മാളികതോറും വീഥികൾതോറും
അലമുറ മാത്രം; ഞാൻ ആകട്ടേ മോവാബെ ഇഷ്ടക്കേടുവന്ന പാത്രം പോലേ
ഉടെച്ചതു് എന്നു യഹോവയുടെ അരുളപ്പാടു.
39 അതു് എങ്ങനേ മെരിണ്ടു! അവർ മുറയിടുന്നു. മോവാബു് നാണിച്ചിട്ടു
എങ്ങനേ പുറം കാട്ടുന്നു! ചുറ്റുക്കാർക്കു ഏവർക്കും മോവാബു് പരിഹാ
40 സവും ഇടിച്ചലും ആയി തീരുന്നു. കാരണം യഹോവ പറഞ്ഞിതു: (ശത്രു)
കഴുകൻ കണക്കേ പറന്നു മോവാബിന്മേൽ ചിറകുകളെ വിടർക്കുന്നു.
41 കെരിയോത്തു് പിടിക്കപ്പെട്ടു, ദുർഗ്ഗങ്ങൾ കൈക്കലായി, അന്നു മോവാബ്യ
42 വീരന്മാരുടേ മനസ്സു ഈറ്റുനോവുള്ളവളുടേ മനസ്സിന്നു് ഒക്കും. മോവാബു്
യഹോവയോടു വമ്പികയാൽ ഇനി വംശമാകാതേ മുടിഞ്ഞു പോകും.
43 മോവാബ്യനിവാസിയേ, (യശ. 24, 17) നിന്റെ മേൽ പേടിയും കുഴി
44 യും കണിയും അത്രേ എന്നു യഹോവയുടേ അരുളപ്പാടു. പേടിക്കു മണ്ടുന്ന
വൻ കുഴിയിൽ വീഴുകയും കുഴിയിൽനിന്നു കയറുന്നവൻ കണിയിൽ കു
ടുങ്ങുകയും ആം, അവരെ സന്ദർശിക്കുന്ന വർഷത്തെ ഞാൻ മോവാബി
ന്മേൽ വരുത്തും സത്യം എന്നു യഹോവയുടേ അരുളപ്പാടു.
45 മണ്ടിപ്പോയവർ ബലമറ്റു ഹെശ്ബോൻനിഴലിൽ നില്ക്കുന്നു. (4 മോ.
21, 28) ഹെശ്ബോനിൽനിന്നല്ലോ അഗ്നിയും സീഹോൻ (ഊരിൽ)
നിന്നു ജ്വാലയും പുറപ്പെട്ടു (4 മോ. 24, 17) മോവാബിന്റെ പാർശ്വത്തെ
46 യും ആരവാരമക്കളുടേ നെറുകയെയും തിന്നുകളയും. മോവാബേ, നിനക്കു
ഹാ കഷ്ടം! കമോശിൻജനം കെട്ടുപോയി, നിന്റെ പുത്രന്മാർ പ്രവാസ
47 ത്തിലും പുത്രിമാർ അടിമയിലും കൊണ്ടുപോകപ്പെടുന്നു. ദിവസങ്ങളുടേ

അവസാനത്തിലോ ഞാൻ മോവാബിന്റെ അടിമയെ മാറും എന്ന യ
ഹോവയുടേ അരുളപ്പാട്. ഇത്രോടം മോവാബിലേ ന്യായവിധി.

49. അദ്ധ്യായം

അമ്മോൻ (7) ഏദോം (23) ദമഷ്കു (28) കൂടാരക്കാരും ഊർക്കാരും
ആയ അറവി (34) ഏലാം എന്നീ ജാതികളെ ചൊല്ലി പ്രവചിച്ചവ.

1 അമ്മോൻപുത്രർക്കു നേരേ.— യഹോവ പറയുന്നിതു: ഇസ്രയേലിന്നു
മക്കൾ ഇല്ലയോ, അവന്നു അനന്തരവൻ ആരും ഇല്ലയോ? പിന്നേ ഇവ
രുടേ രാജാവു ഗാദിനെ അടക്കിയതും അവന്റെ ജനം ഗാദ്ദേശകളിൽ കുടി
2 യിരിക്കുന്നതും എന്തുകൊണ്ടു? ആകയാൽ ഞാൻ അമ്മോൻപുത്രരുടേ റബ്ബ
ത്തിന്നു നേരേ പോർവിളി കേൾപ്പിക്കുന്ന നാളുകൾ ഇതാ വരുന്നു, എന്നു
യഹോവയുടേ അരുളപ്പാടു; അന്നു അതു ജീർണ്ണിച്ച കുന്നാകും, അതിന്റെ
പുത്രിമാർ തീയിൽ ദഹിക്കയും ഇസ്രയേൽ തന്നെ അടക്കിയവനെ അട
3 ക്കുകയും ചെയ്യും എന്നു യഹോവ പറയുന്നു. അയ്യീ പാഴാകകൊണ്ടു ഹെ
ശ്ബോനേ, മുറയിടുക! റബ്ബത്തിൻപുത്രിമാരേ, രട്ടുടുത്തും കൂകി തൊഴി
ച്ചും വാടികയ്ക്കകം ഊടാടിക്കൊൾവിൻ! മില്ക്കോം എന്നു അവരുടേ
രാജാവു പുരോഹിതർപ്രഭുക്കളുമായി ഒക്കത്തക്ക പ്രവാസത്തിൽ പോകുമല്ലോ
4 (ആമോ. 1, 15). താഴ്വരകളിൽ നീ പ്രശംസിക്കുന്നതു എന്തു? എന്നെ
ക്കൊള്ളേ ആർ വരും, എന്നു ചൊല്ലി ഭണ്ഡാരങ്ങളിൽ ആശ്രയിച്ചിട്ടു
5 പിഴകിപ്പോയ മകളേ, നിന്റെ താഴ്ചര ഒഴുകുന്ന സത്യം. എങ്കിലും ഞാൻ
നിന്റെ ചുറക്കാർ ഏവരിൽനിന്നും നിന്റെ മേൽ ഇതാ പേടിയെ വരു
ത്തുന്നു, എന്നു സൈന്യങ്ങളുടയ യഹോവ എന്ന കർത്താവിൻ അരുളപ്പാ
ടു; അന്നു നിങ്ങൾ അവനവൻ ചൊവ്വേ ആട്ടി തള്ളപ്പെടും ഉഴന്നുപോകു
6 ന്നവരെ ആരും ചേർക്കയും ഇല്ല. അതിന്റെ ശേഷം ഞാൻ അമ്മോൻപു
ത്രരുടേ അടിമയെ മാറും എന്നു യഹോവയുടേ അരുളപ്പാട്.

7 ഏദോമിന്നു നേരേ.— സൈന്യങ്ങളുടയ യഹോവ പറയുന്നിതു: തേമാ
നിൽ ജ്ഞാനം അശേഷം ഇല്ലാതായോ? ബുദ്ധിമാന്മാരിൽ മന്ത്രണം
8 കെട്ടു അവരുടേ ജ്ഞാനം തൂവിപ്പോയോ? ദെദാനിലേ കുടിയാന്മാരേ,
ഏസാവിനെ സന്ദർശിക്കുന്ന കാലം ആകുന്ന ആപത്തിനെ ഞാൻ അവന്റെ
മേൽ വരുത്തുകയാൽ മണ്ടി തിരിഞ്ഞു ആഴെ പാർത്തുകൊൾവിൻ!
9 (ഒബ. 5*f*.) മുന്തിരിപ്പഴം അരിഞ്ഞു പറിക്കുന്നവർ നിൻ മേൽ വന്നാൽ,
അവർ കാലാഞ്ഞുലകും ശേഷിപ്പിക്ക ഇല്ല, രാത്രിയിൽ കള്ളന്മാർ (വന്നാൽ)
10 മതിയാവോളം നാശങ്ങൾ ചെയ്യും. ഞാനാകട്ടേ ഏസാവിനെ ഊരി
വലിച്ചു അവന്റെ ഒളിമറകളെ വെളിപ്പെടുത്തി, ഒളിച്ചുകൊൾവാൻ കഴി
യാതേ ആക്കും. അവന്റെ സന്തതിയും സഹോദരരും അയല്ക്കാരും ഒടുങ്ങി
11 ഒന്നും ഇല്ലാതേയായി. നിന്റെ അനാഥരെ വിടുക, ഞാൻ അവരെ ഉയി
12 പ്പിക്കും, നിന്റെ വിധവമാരും എങ്കൽ ആശ്രയിച്ചുകൊൾവൂ! യഹോവ
ഇപ്രകാരം പറയുന്നു: കണ്ടാലും, പാനപാത്രം കുടിപ്പാൻ ചേച്ചയില്ലാത്ത
വർ കുടിക്കേണ്ടിയിരിക്കേ നീ കേവലം ശിക്ഷ ഇല്ലാതേ പോകയോ
13 (25, 29)? നീ ശിക്ഷ ഇല്ലാതിരിക്ക ഇല്ല കുടിക്കേ ഉള്ളു. ബോത്ര ശൂന്യ
വും നിന്ദയും പാഴും ശാപവും ആകും എന്നും അതിന്റെ എല്ലാ ഊരുകളും
യുഗാന്തര ഇടിവുകളാകും എന്നും ഞാൻ എന്നാണ തന്നേ സത്യം ചെയ്തു
14 എന്നു യഹോവയുടേ അരുളപ്പാട്.— (ഒബ. 1*f*.) നിങ്ങൾ കൂടിക്കൊണ്ടു
പോരിന്നായി എഴുന്നീറ്റു അതിന്മേൽ വരുവിൻ! എന്നു വിളിപ്പാൻ ഒരു
ദൂതൻ ജാതികളിൽ അയക്കപ്പെട്ട പ്രകാരം ഞാൻ യഹോവയിൽനിന്നു
15 ഒരു ശ്രുതികേട്ടു. നിന്നെ ആകട്ടേ ഞാൻ ഇതാ ജാതികളിൽ ചെറുതും മനു
16 ഷ്യരിൽ അപമാന്യനും ആക്കിവെച്ചു. (ഒബ. 3.) പാറപ്പിളർപ്പുകളിൽ

വസിച്ചും ഗിരിമുകൎം പിടിച്ചുംകൊള്ളുന്നവനേ, നിന്നേറ ഘോരതയും
മനസ്സിൻ തിളപ്പും നിന്നെ ചതിച്ചുപോയി. കഴുകുപോലെ നിന്നേറ കൂടി
നെ ഉയൎത്തിയാലും അവിടുന്ന ഞാൻ നിന്നെ കിഴിക്കും എന്ന യഹോവ
17 യുടേ അരുളപ്പാടു. എദോം വിസ്മയമായി ചമയും (19, 8.) അതിൽ കട
ക്കുന്നവൻ എല്ലാം വിസ്മയിച്ചു അവൎം കൊണ്ട അടികൎം നിമിത്തം ചൂള
18 യിടും. (5 മോ. 29, 22.) സദോം ഘമോറയും അയല്പുറവും മറിഞ്ഞുപോ
യപ്രകാരം അവിടേ ആൎം പാൎക്ക ഇല്ല മനുഷ്യപുത്രൻ അതിൽ പരിമാറു
19 കയും ഇല്ല എന്ന യഹോവ പറയുന്നു. അതാ സിംഹം പോലേ (ഒരുവൻ)
യൎദ്ദനേറ ഡംഭിൽനിന്നു ശൈലവാസത്തിലേക്കു കരേറുന്നു; ഒരു നൊടി
കൊണ്ടു ഞാൻ എദോമെ അതിൽനിന്നു ഓടിക്കയും എനിക്കു തെളിഞ്ഞ
വനെ അതിന്മേൽ കല്പിച്ചാക്കയും ചെയ്യും; എനിക്കു ആരുപോൽ തുല്യൻ?
എന്മേൽ ആർ അന്യായം വെക്കും? എന്റേറ മുമ്പിൽ നില്ക്കാകുന്ന ഇടയനും
20 ആർ? അതുകൊണ്ടു യഹോവ എദോമിന്നു നേരേ മന്ത്രിച്ച ആലോചനയെ
യും തേമാൻനിവാസികൎംക്കു നേരേ നിനെച്ച വിചാരങ്ങളെയും കേൎപ്പിൻ: ആട്ടിങ്കുട്ടത്തിലേ ചെറിയവരെ ഇഴെച്ചു കൊണ്ടുപോകും നിശ്ചയം,
21 അവരുടേ പാപ്പിടം അവരെ ചൊല്ലി വിസ്മയിക്കും നിശ്ചയം. അവരുടേ
വീഴ്ചയൊശയാൽ ഭൂമി കുലുങ്ങുന്നു, ക്രുക്കുന്ന ശബ്ദം ചെങ്കടലിലും കേൾക്കാ
22 കും. അവനോ (48, 40) ഇതാ കഴുകൻകണക്കേ പൊന്തി പറന്നു ബോ
ത്രയുടേ മേൽ ചിറകുകളെ വിടൎക്കുന്നു. അന്നു എദോമ്യവീരന്മാരുടേ മനസ്സു
ഈറ്റുനോവുള്ളവളുടേ മനസ്സിന്നു ഒക്കും.

23 ദമഷ്കിന്നു നേരേ——ഹമത്തും അൎപ്പാദും ഒരു വല്ലാത്ത ശ്രുതിയെ കേൾക്ക
കൊണ്ടു നാണിച്ചു ഉള്ളുരുക്കം പൂണ്ടു; സമുദ്രം വരേയും അമൎന്നടങ്ങിക്കൂടാ
24 തോളം ദുഃഖം (വ്യാപിച്ചു). ദമഷ്കു മടുത്തിട്ടു മണ്ടുവാൻ തിരിഞ്ഞു;
ത്രാസം അതിനെ പിടികൂടി, പ്രസവിക്കുന്നവളെ പോലേ വേദനകളും
25 പിണഞ്ഞു. എൻ ആനന്ദനഗരമായ സ്തുത്യപട്ടണം ഒഴിഞ്ഞു വിടപ്പെടാതേ
26 കിടക്കുന്നതു എങ്ങനേ? അതുകൊണ്ടു അതിന്റേറ യുവാക്കൾ അതിന്റേറ
തെരുക്കളിൽ വീഴും, പോരാളികൾ ഒക്കയും അന്നു മുടിഞ്ഞുപോകും എന്ന
27 സൈന്യങ്ങളുടയ യഹോവയുടേ അരുളപ്പാടു. (ആമ. 1, 4.) ദമഷ്കുമതി
ലുള്ളിൽ ഞാൻ തീ കത്തിക്കയും അതു ബെഹദാദിൻ അരമനകളെ തിന്നു
കയും ചെയ്യും.

28 നബുകദ്രേചർ എന്ന ബാബേൽരാജാവു വെട്ടിയ കേദാരിന്നും ഹചോർ
രാജ്യങ്ങൾക്കും നേരേ.—— യഹോവ പറയുന്നിതു: അല്ലയോ, കേദാരിന്നു
29 എതിരേ കയറി ചെന്നു കിഴക്കിന്മക്കളെ സന്നമാക്കുവിൻ! അവരുടേ
കൂടാരങ്ങളെയും ആട്ടിൻകൂട്ടങ്ങളെയും ഇവർ എടുത്തുംകൊണ്ടു അവരുടേ തിര
ശ്ശീലകളെയും എപ്പെപ്പെട്ട കോപ്പും ഒട്ടകങ്ങളെയും കൈക്കലാക്കികൊണ്ടു
30 "ചുറും അച്ചം" എന്നു അവൎക്കു നേരേ വിളിക്കും. മണ്ടികൊണ്ടു
ആവോളം പാഞ്ഞുപോയി ആഴേ പാൎത്തുകൊൾവിൻ, ഹാചോൎനിവാ
സികളേ! എന്ന യഹോവയുടേ അരുളപ്പാടു; ബാബേൽരാജാവായ നബു
കദ്രേചർ ആകട്ടേ നിങ്ങൾക്കു എതിരേ ഒൎ ആലോചനയെ മന്ത്രിച്ചും
31 വിചാരത്തെ നിനെച്ചും ഇരിക്കുന്നു. അല്ലയോ കതകും തഴുതും ഇല്ലാതേ
തനിച്ചു പാൎത്തു ചിന്ത കൂടാതേ സൈരമായി വസിക്കുന്ന ജാതിക്കു
32 നേരേ കയറിവരുവിൻ! എന്ന യഹോവയുടേ അരുളപ്പാടു. അവരുടേ
ഒട്ടകങ്ങൾ കവൎച്ചയും ആടുമാടുകളുടേ സമൂഹം കൊള്ളയും ആകും,
മുന്തല ചിരെച്ചവരെ ഞാൻ എല്ലാ കാറുകളിലേക്കും ചിന്നിച്ചു
പത്തു ദിക്കിൽനിന്നും അവരുടേ ആപത്തു വരുത്തുകയും ചെയ്യും എന്ന
33 യഹോവ പറയുന്നു. ഹാചോർ കുറുനരികളുടേ ഇരിപ്പും എന്നേക്കും പാഴുമാ
യി പോകും (18) അവിടേ ആൎംപാൎക്ക ഇല്ല മനുഷ്യപുത്രൻ അതിൽ പ
രിമാറുകയും ഇല്ല.

34 യഹൂദാരാജാവായ ചിദക്കീയാവിൻ വാഴ്ചയുടേ ആരംഭത്തിൽ യിറമി
35 യാപ്രവാചകന്ന ഏലാമിന്ന നേരേ യഹോവാവചനം ഉണ്ടായിതു: സൈ
ന്യങ്ങളുടയ യഹോവ ഇപ്രകാരം പറയുന്നു: ഞാൻ ഇതാ ഏലാമിന്റേ വി
36 ല്ലാകുന്ന അവരുടേ വീര്യക്കാതലിനെ ഒടിച്ചു, വാനത്തിലേ നാലുദിക്കു
ളിൽനിന്നും നാലുകാറുകളെ ഏലാമിന്ന നേരേ വരുത്തി അവരെ ഈ
എല്ലാ കാറുകളിലേക്കും ചിന്നിച്ചുകളയും; ഏലാമിൽനിന്ന ഭ്രഷ്ടരായവർ
37 ചെന്ന ചേരാത്ത ഒരു ജാതി ഉണ്ടാകയും ഇല്ല. അവരുടേ പ്രാണനെ അന്വേ
ഷിക്കുന്ന ശത്രുക്കളുടേ മുമ്പാകേ ഞാൻ ഏലാമിനെ മിരട്ടുകയും എന്റേ കോ
പച്ചൂടാകുന്ന തിന്മയെ അവരുടേ മേൽ വരുത്തുകയും അവരെ മുടിപ്പോളം
വാളിനെ അവരുടേ പിന്നാലേ അയക്കയും ചെയ്യും എന്ന യഹോവയുടേ
38 അരുളപ്പാടു. ഏലാമിൽ ഞാൻ എന്റേ സിംഹാസനത്തെ ഇരുത്തി അവി
ടുന്ന രാജാവെയും പ്രഭുക്കളെയും കെടുത്തുകളയും എന്ന യഹോവയുടേ അ
39 രുളപ്പാടു. നാളുകളുടേ അവസാനത്തിൽ ഞാൻ ഏലാമിന്റേ അടിമയെ
മാറും താനും എന്ന യഹോവയുടേ അരുളപ്പാടു.

50. 51. അദ്ധ്യായം

I. ബാബേലിന്റേ വീഴ്ച ഇസ്രയേലിൻ വീണ്ടെടുപ്പും (11) അതിന്റേ ഇല്ലായ്മ ഇതിന്റേ തേജസ്സും ആകുന്നതു (21) യഹോവാലയത്തിൽ കാണി ച്ച ദ്രോഹം നിമിത്തം തന്നേ. II. (29) നാടു മുടിഞ്ഞുപോകുന്നതു ബാ ബേലിൻ ഡംഭഹേതുവായി (41) ന്യായവിധിയെ നടത്തുന്നതു വടക്കുനിന്ന മ്ലേച്ഛജാതികളും തന്നേ. (51, 5) ഇസ്രയേലിലേ വിശുദ്ധനോടു മത്സരിക്ക യാൽ കൊടിയ ശിക്ഷ വേണം (15) അന്ന സർവ്വശക്തനോടു കലഹദയദേ വകളും തോല്ക്കും. III. (27) എന്നിട്ടു യഹോവ ജാതികളെ ശിക്ഷനടത്തു വാൻ നിമന്ത്രിച്ചു (38) പട്ടണത്തെ ദേവകളുമായി നശിപ്പിച്ചു (50) ഉചിത പ്രകാരം പകവീട്ടുന്ന (59) എന്നുള്ളതു സരയാ ബാബേലിനെ തന്നേ ബോധിപ്പിക്കേണ്ടതു.

1 യഹോവ യിറമിയാപ്രവാചകൻമുഖേന ബാബേൽ മുതലായ കലഹദയ
2 ദേശത്തിന്ന നേരേ കല്പിച്ചു (എഴുതിച്ച) വചനമാവിതു. അല്ലയോ ജാ
തികളുടേ ഇടയിൽ കേൾപ്പിച്ചു അറിയിച്ചു കൊടി എടുപ്പിൻ: ബാബേൽ
പിടിച്ചുപോയി, ബേൽ നാണിച്ചു, മരോദക് മെരിണ്ടുപോയി; അതിലേ
ബിംബങ്ങൾ നാണിച്ചു മുട്ടങ്ങൾ മെരിണ്ടുപോയി, എന്ന മറെക്കാതേ പ്ര
3 സ്താവിപ്പിൻ! എങ്ങനേ എന്നാൽ വടക്കുനിന്നു ഒരു ജാതി അതിന്നു എ
തിരേ കരേറി അവരുടേ നാടു കുടിയില്ലാതേ പാഴാക്കുന്നു; മനുഷ്യരും പ
4 ശുമാദിയും മണ്ടിവാങ്ങിപ്പോയി. ആ നാളുകളിലും ആ കാലത്തും ഇസ്ര
യേൽപുത്രന്മാരും യഹൂദാപുത്രന്മാരും ഒക്കത്തക്ക വരും, കരഞ്ഞുംകൊണ്ടു
നടന്ന തങ്ങടേ ദൈവമായ യഹോവയെ അന്വേഷിക്കും എന്ന യഹോവ
5 യുടേ അരുളപ്പാടു. ഹോ വരുവിൻ, എന്നും മറക്കാത്ത നിത്യനിയമത്താൽ
യഹോവയോടു ചേർന്നുകൊൾവിൻ! എന്ന ചൊല്ലി ഇങ്ങോട്ടു മുഖം വെച്ചു
6 ചിയോൻവഴിയെ ചോദിക്കും.—എൻ ജനം കെട്ടുപോകുന്ന ആട്ടിൻകൂട്ടമാ
യി; അവരുടേ ഇടയന്മാരെ അവരെ ദ്രോഹിപ്പിക്കുന്ന മലകളിൽ തെറ്റി
ക്കയാൽ, അവർ മലയോടു കുന്നോളം ചെന്ന സ്വന്തകിടത്തെ മറന്നു
7 കളഞ്ഞു. അവരെ കണ്ടെത്തിയവർ ഏവരും അവരെ തിന്നുകളഞ്ഞു, അവരെ
ഞെരുക്കുന്നവർ: ഞങ്ങൾക്കു കുറ്റം ഇല്ല, എന്ന പറഞ്ഞും പോയതു, ഇവൻ
നീതിയുടേ പാപ്പിടവും പിതാക്കന്മാരുടേ പ്രത്യാശയും ആകുന്ന യഹോവ
8 യോടു പിഴെക്കയാൽ തന്നേ. ബാബേലിൻ നടുവിൽനിന്ന മണ്ടി കലഹദയ
ദേശത്തുനിന്ന പുറപ്പെട്ടു ആട്ടിൻകൂട്ടത്തിൻ മുമ്പിൽ ചെല്ലുന്ന കോലാടുകൾക്കു

9 ഒത്തുചമവിൻ! കാരണം ഞാൻ വടക്കേ ദിക്കിൽനിന്നു ഇതാ വലിയ ജാതി
കളുടേ സംഘത്തെ ഉണൎത്തി ബാബേലിന്നു് എതിരേ കരേറുമാറാക്കും. ആ
യവർ അതിനെ കൊള്ളേ വട്ടംകൂട്ടും, അവിടേനിന്നു് അതു പിടിച്ചുപോകും.
അവനേറ അമ്പുകൾ വെറുതേ പിന്തിരിയാത്ത വിദഗ്ധശ്ശൂരനേറ അമ്പി
10 നോടു് ഒക്കും. കല്ദയ കവർച്ചയായിത്തീരും അവളെ കവരുന്നവർ ഒക്ക
യും തൃപ്തരാകും എന്നു യഹോവയുടേ അരുളപ്പാടു.
11 എങ്ങനേ എന്നാൽ എൻ അവകാശത്തെ പിടിച്ചുപറിച്ചവരായുള്ളോരേ
എത്ര സന്തോഷിച്ചു് ഉല്ലസിച്ചാലും മെതിക്കുന്ന കടച്ചികണക്കേ കുതിച്ചാ
12 ലും ബലത്ത അശ്വംപോലേ ചിറാലിച്ചാലും, നിങ്ങളുടേ അമ്മ അത്യന്തം
നാണിക്കും പെറവൻ അമ്പരന്നുപോകും. കണ്ടാലും ജാതികളിൽ അന്ത്യ
13 മായതു മരുവും വറണ്ടതും പാഴ്നിലവും ആയി. യഹോവയുടേ ക്രോധം
ഹേതുവായി അതു കുടി ഇല്ലാതേ മുറും ശൂന്യമായിച്ചമയും, ബാബേലിൽ
കടക്കുന്നവൻ എല്ലാം വിസ്മയിച്ചു അവം കൊണ്ടു അടികം നിമിത്തം
14 ചൂളയിടും (49, 17). — ഹോ വില്ലു കുലെക്കുന്നവരേ ബാബേലിനെക്കൊ
ള്ളേ ചുറും മുതിൎന്നംകൊണ്ടു് അമ്പുകളെ ചരതിക്കാതേ അതിലേക്കു് എ
15 യ്വിൻ! അവം യഹോവയോടു പിഴെച്ചുവല്ലോ. അവളോടു ചുറും ആൎത്തു
വിളിപ്പിൻ! ഹാ അവം കൈ തന്നു; അവളുടേ കൊത്തളങ്ങം വീണു മതി
ലുകം ഇടിഞ്ഞു; യഹോവയുടേ പ്രതിക്രിയയല്ലോ. അവളോടു പകവീ
16 ണ്ടു അവം ചെയ്തതിനു് ഒത്തതു അവളെ ചെയ്വിൻ! ബാബേലിൽനിന്നു
വിതക്കാരനെയും കൊയ്ത്തുകാലത്തു് അരുവാളിനെ പിടിക്കുന്നവനെ
യും അറുതിപെടുപ്പിൻ! ഒടുക്കുന്ന വാളിന്നു തെറ്റുവാൻ അവനവൻ സ്വജന
17 ത്തിലേക്കു തിരിയും സ്വദേശത്തേക്കു മണ്ടിപ്പോകും. — ഇസ്രയേൽ ആക
ട്ടേ സിംഹങ്ങം ആട്ടിപ്പായിക്കയാൽ വേറായിപ്പോയ ആടത്രേ. മുമ്പേ
അശ്ശൂർരാജാവു് അതിനെ തിന്നു, ഈ ഒടുക്കത്തു ബാബേൽരാജാവായ നബു
18 കദ്രേചർ അതിനേറ എല്ലുകളെ തകൎത്തു. അതുകൊണ്ടു് ഇസ്രയേലിൻ
ദൈവമായ സൈന്യങ്ങളുടയ യഹോവ പറയുന്നിതു: അശ്ശൂർരാജാവിനെ
ഞാൻ സന്ദർശിച്ചപ്രകാരം ഇതാ ബാബേൽരാജാവിനെയും അവനേറ
19 ദേശത്തെയും സന്ദർശിക്കുന്നു. ഇസ്രയേലിനെ തനേറ പുലത്തേക്കു ഞാൻ മട
ക്കും, കൎമ്മേലിലും ബാശാനിലും മേഞ്ഞു, എഫ്രയീംമലെക്കലും ഗിലെയാ
20 ദിലും ദേഹിക്കു തൃപ്തിവരുത്തുവാൻ തന്നേ. അന്നാളുകളിലും ആ കാലത്തും
ഇസ്രയേലിനേറ കുറവിനെ അന്വേഷിച്ചാൽ അതു് ഇല്ലാതേ ആയി;
യഹൂദാപാപങ്ങളെ (തേടിയാൽ) കാണാകയും ഇല്ല; ഞാൻ ശേഷിപ്പിക്കു
ന്നവരോടു ക്ഷമിക്കും സത്യം.
21 അല്ലയോ അതിമറുപ്പു് (മറത്തീം) എന്ന രാജ്യത്തെക്കൊള്ളേ കരേറുക,
സന്ദർശ്യം (പുക്കോദു്) എന്നതിനേറ നിവാസികംക്കു നേരേ പാഴാക്കി
പ്രാവിക്കളഞ്ഞും അവരുടേ പിന്നാലേ ചെല്ലുക, ഞാൻ കല്പിച്ചപ്രകാരം
22 എല്ലാം ചെയ്ക! എന്നു യഹോവയുടേ അരുളപ്പാടു. നാടു് എങ്ങും യുദ്ധനാ
23 ദവം വലിയ ഇടിവും അത്രേ. സൎവ്വഭൂമിയുടേ ചുറിക എങ്ങനേ തകൎന്നു
നുറുങ്ങുന്നു! ബാബേൽ ജാതികളിൽ വിസ്മയമായി തീൎന്നതു് എങ്ങ
24 നേ! ബാബേലേ നിണക്കു ഞാൻ കണിവെച്ചിട്ടു നീ അറിയാതേ കുടുങ്ങി
വന്നു; യഹോവയോടു് അങ്കം തൊടുക്കകൊണ്ടു നീ കാണായി കൈക്കലും
25 ആയ്പ്പോയി. യഹോവ തനേറ ഭണ്ഡാരത്തെ തുറന്നു ഈറലിനേറ ആയു
ധങ്ങളെ പുറത്തു വരുത്തിയതു കല്ദയദേശത്തു, സൈന്യങ്ങളുടയ യഹോവ
26 എന്ന കൎത്താവിന്നു് ഒരു തുരം ഉണ്ടാകയാൽ തന്നേ. അന്യന്മാരും കൂടേ
അങ്ങു വന്നു അതിലേ പാണ്ഡിശാലകളെ തുറന്നു നെൽതുരുമ്പു പോലേ
മുതൽ കുമ്പിച്ചു കൂട്ടി (ചുട്ടു) പ്രാവിക്കളെവിൻ, അവംക്കു ശേഷിപ്പു് അരു
27 തു. അതിനേറ കാളകളെ ഒക്കയും അറുപ്പിൻ, കുലെക്കു് അവർ കീഴിയട്ടേ!
അവരുടേ ദിവസമാകുന്ന സന്ദർശനകാലം വന്നതുകൊണ്ടു് അവൎക്കു ഹാ

28 കഷ്ടം! കേട്ടാലും, ബാബേലിൽ നിന്നു ചാടിപ്പോയവരും വഴതിപ്പോന്ന
വരും നമ്മുടേ ദൈവമായ യഹോവയുടേ പ്രതിക്രിയയെ തിരുമന്ദിരത്തി
ന്റേ പ്രതിക്രിയയെ തന്നേ, ചിയ്യോനിൽ അറിയിച്ചു വിളിക്കുന്നതു!
29 ഹോ, ബാബേലിന്നു നേരേ വില്ലന്മാരെ നിമന്ത്രിച്ചു, വില്ലു കുലെക്കു
ന്ന എവരെയും കൂട്ടുവിൻ! അതിനെ ചുററി നിരോധിപ്പിൻ! ആരെയും
വിടുവിക്കരുതു! അവളുടേ വേലെക്കു തക്കവണ്ണം പകരം വീട്ടി, അവൾ
ചെയ്തതിന്നു് ഒത്തതു് എല്ലാം അവളെ ചെയ്വിൻ; ഇസ്രയേലിൽ വിശു
30 ദ്ധനായ യഹോവയോടു അവൾ തിളെച്ചുപോയല്ലോ. (49,26) അതുകൊ
ണ്ടു് അവളുടേ യുവാക്കൾ അതിൻ തെരുക്കളിൽ വീഴും പോരാളികളൊക്കെ
31 യും അന്നു മുടിഞ്ഞുപോകും എന്നു യഹോവയുടേ അരുളപ്പാടു. അല്ലയോ തി
ളപ്പേ, ഞാൻ ഇതാ നിന്നെക്കൊള്ളേ വരുന്നു എന്നു സൈന്യങ്ങളുടയ യഹോ
വയായ കർത്താവിന്റേ അരുളപ്പാടു; നിന്റേ ദിവസമാകുന്ന സന്ദർശന
32 കാലം വന്നു സത്യം. അന്നു തിളപ്പു ഇടറിവീഴും അതിന്നു നിവിർത്തുന്നവനും
ആരും ഇല്ല; അതിന്റേ ഊരുകളിൽ ഞാൻ തീ കത്തിക്കുന്നതു ചുററുമുള്ളതു്
33 ഒക്കെയും തിന്നുകളയും.— സൈന്യങ്ങളുടയ യഹോവ പറയുന്നിതു: ഇസ്ര
യേൽപുത്രന്മാരും യഹൂദാപുത്രന്മാരും ഒക്കത്തക്ക പീഡിതരത്രേ: അവരെ
അടിമയാക്കിയവർ ഏവരും വിട്ടയപ്പാൻ മനസ്സില്ലാതേ അവരെ മുറുകേ
34 പിടിച്ചിരിക്കുന്നു. അവരെ വീണ്ടെടുപ്പവൻ ശക്തൻ തന്നേ, സൈന്യങ്ങള
ുടയ യഹോവ എന്നു് അവന്റേ പേർ. ഭൂമിക്കു സ്വസ്ഥത വരുത്തുവാനും
ബാബേൽനിവാസികളെ വിറെപ്പിപ്പാനും അവരുടേ വ്യവഹാരത്തെ
35 അവൻ വ്യവഹരിക്കേ ഉള്ളു. കല്ദയരുടേ മേൽ വാൾ (വരിക) എന്നു
യഹോവയുടേ അരുളപ്പാടു, ബാബേൽകുടിയാന്മാരിലും പ്രഭുക്കന്മാരിലും
36 ജ്ഞാനികളിലും (തട്ടുക). വ്യാജക്കാരുടേ മേൽ വാൾ, അവർ മൂഢരാവാൻ
തന്നേ; അതിലേ വീരരുടേ മേൽ വാൾ, അവർ മിരണ്ടുപോവാനായി;
37 അതിലേ കുതിരയിലും തേരിലും അതിൻമദ്ധ്യേ ഉള്ള വർണ്ണസങ്കരത്തിലും
വാൾ, അവർ പെണ്ണരാവാൻ തന്നേ; അതിലേ ഭണ്ഡാരങ്ങളിൽ വാൾ,
38 അവ കവർന്നുപോവാൻ തന്നേ. അതിലേ വെള്ളങ്ങളുടേ മേൽ ഉണക്കം
(തട്ടുക) അവ വറണ്ടുപോവാൻ തന്നേ; കാരണം അതു വിഗ്രഹങ്ങളുടേ നാടാ
39 കുന്നു, ഭീഷണികളാൽ അവക്കു ഭ്രാന്തി പിടിക്കുന്നു. ആകയാൽ മരുജന്തു
ക്കളൊ ഓരികളോടു പാർക്കയും തീവിഴുങ്ങികളൊ അതിൽ വസിക്കയും ചെ
യ്യും, എന്നും വാസമാവാറില്ല, തലമുറതലമുറയോളം കുടിയേറുകയും ഇല്ല
40 (യശ. 13, 20*f.*). (49, 18) ദൈവം സദോംഘമോറയും അയല്പുറവും
മറിച്ചപ്രകാരം അവിടേ ആരും പാർക്ക ഇല്ല മനുഷ്യപുത്രൻ പരിമാറുകയും
ഇല്ല എന്നു യഹോവയുടേ അരുളപ്പാടു.
41 (6, 22 *ff.*) വടക്കേദേശത്തുനിന്നു് ഇതാ ഒരു ജനം വരുന്നു, ഉത്തരദി
42 ക്കിൽനിന്നു വലിയ ജാതിയും ബഹുരാജാക്കളും ഉണർന്നെഴുന്നു. വില്ലും
ചവളവും ഏന്തിപ്പിടിക്കും ആ കനിവില്ലാത്ത ക്രൂരന്മാർ, അവരുടേ ഒച്ച
കടൽ കണക്കേ ഇരെക്കയും കുതിരകളുടേ മേൽ ഏറി ഓടുകയും, ബാബേൽ
43 പുത്രീ, നിന്നെക്കൊള്ളേ പുരുഷരായി പോരിന്നു് ഒരുങ്ങീട്ടത്രേ. അതിൻ
കേൾവി ബാബേൽരാജാവു കേട്ട ഉടനേ കൈകൾ തളർന്നു; ഈറ്റുനോവി
44 ന്നൊത്ത വ്യാകുലം പിടിച്ചു.— (49, 19*ff.*) അതാ സിംഹം പോലേ
അവൻ യർദ്ദേന്റേ ഡംഭിൽനിന്നു ശൈലവാസത്തിലേക്കു കരേറുന്നു; ഒരു
നൊടികൊണ്ടു ഞാൻ അവരേ അതിൽനിന്നു തള്ളുകയും എനിക്കു തെരി
ഞ്ഞവനെ അതിന്മേൽ കല്പിച്ചാക്കയും ചെയ്യും; എനിക്കു് ആരുപോൽ തു
45 ല്യൻ? എൻമേൽ ആർ അന്യായം വെക്കും? എന്റേ മുമ്പിൽ നില്ക്കുന്ന
ഇടയനും ആർ? അതുകൊണ്ടു യഹോവ ബാബേലിന്നു നേരേ മന്ത്രിച്ച ആ
ലോചനയെയും കല്ദയദേശത്തിന്നു നേരേ നിനെച്ച വിചാരങ്ങളെയും
കേൾപ്പിൻ: ആട്ടിൻകൂട്ടത്തിലേ ചെറിയവരെ ഇഴെച്ചു കൊണ്ടുപോകും

46 നിശ്ചയം; പുല്ലുലം അവരെ ചൊല്ലി വിസ്മയിക്കും നിശ്ചയം. ബാബേൽ
പിടിച്ചുപോയി എന്ന ഓശയാൽ ഭ്രമികുലുങ്ങും, ക്രുക്കൽ ജാതികളിൽ
51, 1 കേഴ്ക്കാകയും ചെയ്യും.— യഹോവ പറയുന്നിതു: ബാബേലിന്നും
(കല്ദയർ എന്ന) എൻ മാറാന്മാരുടേ ഉള്ളത്തിൽ വസിക്കുന്നവക്കും നേ
രേ ഞാൻ ഇതാ നശിപ്പിക്കുന്നവന്റെ ആത്മാവിനെ ഉണർത്തി, മ്ലേച്ഛൻ
2 മാരെ ബാബേലിലേക്ക് അയക്കും, അവർ അതിനെ തൂറ്റി, അതിന്റെ
ദേശത്തെ ഒഴിച്ചുകളയും, ആപദ്ദിവസത്തിൽ ചുറ്റിൽനിന്നും അതിന്മേൽ
3 തിങ്ങിവരുമല്ലോ. കുലയേറുന്നവങ്കൽതോറും കവചം പൂണ്ടു ഞെളിയുന്ന
വങ്കൽതോറും വില്ലു കുലെക്കുന്നവൻ കുലെക്കും. അതിലേ യുവാക്കളെ ആദ
4 രിയാതേ സമസ്തസൈന്യത്തെ (പ്രാവി) സംഹരിപ്പിൻ, കല്ദയനാ
ട്ടിൽ കുത്തുകൊണ്ടവരും അതിൻ തെരുക്കളിൽ കുതന്നവരും വീഴുവാൻ
തന്നേ.
5 കാരണം ഇസ്രയേലും യഹൂദയും സൈന്യങ്ങളുടയ യഹോവയാകുന്ന സ
ദൈവത്താൽ വിധവയായി പോയിട്ടില്ല; ആ ദേശമോ ഇസ്രയേലിൽ
6 വിശുദ്ധനായവനോടുള്ള കുറ്റം നിറഞ്ഞുകിടക്കുന്നു. ബാബേലിൻ നടു
വിൽനിന്നു മണ്ടി അവനവൻ തൻ പ്രാണനെ വിടുവിച്ചു അവളുടേ അകൃ
ത്യത്തിൽ നാശം തട്ടാതേ പോരുവിൻ! ഇതു യഹോവെക്കു പ്രതിക്രിയാസ
7 മയമല്ലോ, അവളുടേ ക്രിയെക്കു തക്ക പകരം താൻ ഒപ്പിക്കുന്നു. ബാബേൽ
യഹോവയുടേ കയ്യിൽ പൊൻപാത്രമായി സർവ്വഭ്രമിയെയും മദിപ്പിച്ചി
രുന്നു, അവളുടേ വീഞ്ഞു ജാതികൾ കുടിക്കയാൽ ജാതികൾക്കു ഭ്രാന്തു പി
8 ടിച്ചു. പെട്ടന്നു ബാബേൽ വീണു തകൎന്നുപോകുന്നു. അവളെ ചൊല്ലി മുറ
വിളിപ്പിൻ! അവളുടേ വേദനെക്കു നല്പശുവാങ്ങുവിൻ, പക്ഷേ ചികി
9 ത്സിക്കാം. ''ഞങ്ങൾ ബാബേലിന്നു ചികിത്സിച്ചിട്ടും പൊറുത്തിട്ടില്ല.
അവളെ വിടുവിൻ! അവളുടേ അന്യായം വാനത്തോളം എത്തി ഇളമുകി
10 ലോടു മുട്ടുന്നതുകൊണ്ടു നാം താന്താന്റെ ദേശത്തേക്കു പോക!'' ഞങ്ങളുടേ
നീതികളെ യഹോവ പുറപ്പെടുവിച്ചു; വരുവിൻ നമ്മുടേ ദൈവമായ യ
11 ഹോവയുടേ ക്രിയയെ നാം ചിയ്യോനിൽ വർണ്ണിപ്പൂതാക!—അമ്പുകളെ
മിനുക്കുവിൻ, പലിശകളെ നിറയ പിടിപ്പിൻ! മാദായി അരചന്മാരുടേ
ആത്മാവിനെ യഹോവ ഉണർത്തിയതു ബാബേലിനെ നശിപ്പിപ്പാൻ അ
വന്റെ ഉപായം ഇതിന്നു നേരേ ആകയാൽ തന്നേ. യഹോവയുടേ പ്രതി
12 ക്രിയയല്ലോ, തിരുമന്ദിരത്തിന്റെ പ്രതിക്രിയ തന്നേ. ബാബേലിന്റെ
മതിലുകൾക്കു എതിരേ കൊടി എടുപ്പിൻ! കാവലിനെ ഉറപ്പിപ്പിൻ!
കാവലാളികളെ നിൎത്തുവിൻ! പതിയിരിപ്പുകളെ നിരത്തുവിൻ! യഹോവ
ആകട്ടേ ബാബേൽനിവാസികളെക്കൊള്ളേ ഉരെച്ചതിനെ നിൎണ്ണയിച്ച
13 പോലേ അനുഷ്ഠിക്കുന്നു. ഏറിയ വെള്ളങ്ങളരികേ വസിപ്പവളേ, ഭണ്ഡാ
രങ്ങൾ പെരുകിയവളേ! നിന്റെ ആദായത്തിന്റെ അളവായി നിന്റെ
14 അവസാനം വന്നിരിക്കുന്നു. സൈന്യങ്ങളുടയ യഹോവ സ്വപ്രാണനാണ
സത്യം ചെയ്തിതു: ഞാൻ നിന്നിൽ തുള്ളനെ പോലേ മനുഷ്യരെ നിറെ
ച്ചിട്ടും (ചക്കുമെതിക്കുന്ന) അട്ടഹാസം നിന്നെ ചൊല്ലി തുടരും.
15 (10, 12 *ff.*) തൻ ഊക്കിനാൽ ഭ്രമിയെ ഉണ്ടാക്കി ജ്ഞാനത്താൽ ഊഴി
യെ സ്ഥാപിച്ചു വിവേകത്താൽ വാനങ്ങളെ വിരിച്ചവൻ തന്നേ (ദൈവം).
16 അവൻ വാനത്തിൽ വെള്ളങ്ങളെ മുഴക്കുന്ന ശബ്ദത്തിന്നു ഭ്രമിയുടേ അറുതി
യിൽനിന്നു ആവികളെ കരേറി മിന്നലുകളെ മഴയാക്കി ചമെച്ചു കാറ്റി
17 നെ തന്റെ ഭണ്ഡാരങ്ങളിൽനിന്നു പുറപ്പെടീക്കുന്നു. ഏതു മനുഷ്യനും
അറിവുകെട്ട പൊട്ടനായി കാണും, ബിംബം ഹേതുവായി ഏതു തട്ടാനും
നാണിച്ചുപോകുന്നു, അവൻ വാർത്ത വിഗ്രഹം ആത്മാവില്ലാത്ത പൊളി
18 യല്ലോ ആകുന്നു. അവ മായയും പരിഹാസപ്പണിയും അത്രേ, സന്ദർശന
19 കാലത്തിൽ കെടും. ഇവ പോലേ അല്ല യാക്കോബിൻ പങ്കായവൻ;

വിശ്വത്തെയും തന്റെ അവകാശഗോത്രത്തെയും നിർമ്മിച്ചവനത്രേ, സൈ
20 ന്യങ്ങളുടയ യഹോവ എന്ന് അവന്റെ നാമം.— (ബാബേലേ) നീ എ
നിക്കു വെണ്മഴുവായ പടക്കോപ്പു, നിന്നെക്കൊണ്ടു ഞാൻ ജാതികളെ
21 പൊടിച്ചു രാജ്യങ്ങളെ നശിപ്പിച്ചുപോന്നു. നിന്നെക്കൊണ്ടു കുതിരയെയും
പുറത്തുകയറിയവനെയും പൊടിച്ചു, തേരും കിടാകുന്നവനെയും പൊടി
22 ച്ചു, നിന്നെക്കൊണ്ടു ആണും പെണ്ണും പൊടിച്ചു, നിന്നെക്കൊണ്ടു വൃദ്ധ
നെയും ബാലനെയും പൊടിച്ചു, നിന്നെക്കൊണ്ടു യുവാവിനെയും കന്യ
23 യെയും പൊടിച്ചു, നിന്നെക്കൊണ്ടു ഇടയനെയും കൂട്ടത്തെയും പൊടിച്ചു,
നിന്നെക്കൊണ്ടു കൃഷിക്കാരനെയും ഏരിനെയും പൊടിച്ചു, നിന്നെക്കൊ
24 ണ്ടു നാടുവാഴികളെയും മാടമ്പികളെയും പൊടിച്ചു പോന്നു. ബാബേലും
കല്ദയവാസികളും ഒക്കയും ചിയ്യോനിൽ ചെയ്ത എല്ലാ തിന്മെക്കും
ഞാൻ നിങ്ങളും കാൺകെ അവരിൽ പകരം ഒപ്പിക്കും എന്നു യഹോവയു
25 ടെ അരുളപ്പാടു.— ഹേ സർവ്വഭൂമിയെയും നശിപ്പിച്ച നാശപർവ്വതമേ, നി
ന്നെക്കൊള്ളേ ഞാൻ ഇതാ! എന്നു യഹോവയുടെ അരുളപ്പാടു. നിന്മേൽ
ഞാൻ കൈ നീട്ടി ശൈലങ്ങളിൽനിന്നു നിന്നെ ഉരുട്ടി ചുടുന്ന മലയാ
26 ക്കി വെക്കും, നിന്നിൽനിന്നു മൂലെക്കും അടിസ്ഥാനത്തിന്നും ഒരു കല്ലി
നെയും കൊള്ളരുതാതോളമേ; എന്നേക്കും നീ പാഴിടങ്ങളാകേ ഉള്ള
എന്നു യഹോവയുടെ അരുളപ്പാടു.

27 അല്ലയോ ഭൂമിയിൽ കൊടി എടുപ്പിൻ, ജാതികളിൽ കാഹളം ഊത
പ്പിൻ, അവർക്കു നേരേ ജാതികളെ സംസ്കരിപ്പിൻ! അവളെക്കൊള്ളേ
അരറാത്തു, മിന്നി, അഷ്കനാജ് എന്ന രാജ്യങ്ങളെ നിമന്ത്രിപ്പിൻ!
അവർക്കെതിരേ പണിക്കരെ നിശ്ചയിപ്പിൻ, പരുപരുത്ത തുള്ളനെ
28 പോലേ അശ്വത്തെ കരേറുവിൻ! മാദായി അരചന്മാരെയും അതി
ലേ നാടുവാഴികളും മാടമ്പികളും ഒക്കയും അവന്റെ വാഴ്ചെക്കു് അട
ങ്ങിയ സമസ്തഭൂമിയുമായിട്ടു ജാതികളെ അവർക്കു നേരേ സംസ്കരിപ്പിൻ!
29 ഉടനേ ഭൂമി നടുങ്ങി കുലുങ്ങി, ബാബേൽദേശത്തെ കുടിയില്ലാതേ പാഴാ
ക്കേണം എന്നുള്ള യഹോവയുടെ വിചാരങ്ങൾ ബാബേലിൽ നിവിരു
30 ന്നു പോൽ. ബാബേലിലേ വീരന്മാർ പൊരുന്നതു മതിയാക്കി കോട്ടക
ളിൽ ഇരുന്നുകൊള്ളുന്നു, അവർ വീര്യം വറ്റീട്ടു പെണ്ണരായി ചമെഞ്ഞു,
അതിലേ വാസസ്ഥലങ്ങളെ കത്തിച്ചു ഓടാമ്പലുകളെ ഒടിച്ചു കളഞ്ഞു.
31.32 അവന്റെ പട്ടണം അറ്റംതൊട്ടു പിടിച്ചുപോയി എന്നും, പാലങ്ങൾ
കൈവശമായിപ്പോയി, കുളങ്ങൾ തീക്കു് ഇരയായി എന്നും, പടയാളി
കൾ ഞെട്ടിപ്പോയി എന്നും, ബാബേൽരാജാവെ ഉണർത്തിപ്പാൻ, ഓ
ട്ടാളൻ ഓട്ടാളനെയും ഒറുകാരൻ ഒറുകാരനെയും എതിരേറ്റു് ഓടുന്നു. ഇ
33 സ്രയേലിൻ ദൈവമായ സൈന്യങ്ങളുടയ യഹോവ ആകട്ടേ പറയുന്നിതു:
ബാബേൽപുത്രി ചവിട്ടി മെഴുകുമ്പോൾ ഉള്ള കളത്തിന്നു് ഒക്കുന്നു, ഇനി
34 അസാരം പാർത്താൽ അവർക്കു കൊയ്ത്തുകാലം വരുന്നു.— നമ്മെ ഭ
ക്ഷിച്ചു നമ്മെ ധ്വംസിച്ചുകളഞ്ഞതു നബുകദ്രേച്ചർ എന്ന ബാബേൽരാജാ
വു തന്നേ, നമ്മെ വെറുമ്പാത്രമാക്കി, നക്രം പോലേ നമ്മെ വിഴുങ്ങി, ഇ
35 ങ്ങേ മൃഷ്ടങ്ങളാൽ കുക്ഷിയെ നിറെച്ചു നമ്മെ ഉന്തിക്കളഞ്ഞു. എങ്കലേ സാ
ഹസവും എൻ മാംസവും ബാബേലിന്മേൽ ആക! എന്നു ചിയ്യോൻനി
വാസിനിയും, എൻ രക്തം കല്ദയവാസികളിന്മേൽ! എന്നു യരുശലേ
36 മും പറവൂതാക. അതുകൊണ്ടു യഹോവ പറയുന്നിതു: നിന്റെ വ്യവഹാ
രം ഞാൻ ഇതാ വാദിച്ചു നിന്റെ പകയെ വീട്ടിക്കൊള്ളുന്നു, അവളുടേ
37 കടലിനെ ഉണക്കി, ഉറവിനെ വറ്റിച്ചുവെക്കുന്നു. ബാബേൽ കൽക്കൂമ്പ
ലും കുറുനരികളുടേ ഇരിപ്പും കുടിയില്ലാതേ വിസ്മയവും ചീറുന്നതുമായി
ത്തീരും.
38 ഒക്കത്തക്ക ഇളങ്കേസരികൾ കണക്കേ അലറി സിംഹക്കുട്ടികളെ പോലേ

39 കുറുങ്ങുന്നു. അവർ കാളമ്പോൾ ഞാൻ അവർക്കു കുടിപ്പാൻ ഒരുക്കി
മത്തത വരുത്തുന്നതു ഉല്ലസിച്ചു നിത്യനിദ്ര ഉറങ്ങി ഉണരാതേ പോവാ
40 നായി തന്നേ, എന്നു യഹോവയുടേ അരുളപ്പാട്. അവരെ കോലാട്ടു മു
ട്ടാടുകളുമായി കുഞ്ഞാടുകളെ പോലേ ഞാൻ കുലെക്കായി കിഴിക്കും.—
41 ശേശക് (25, 26) എങ്ങനേ പിടിച്ചുപോയി സർവ്വഭൂമിക്കു സ്തുത്യമായതു
എങ്ങനേ കൈവശമായി! ബാബേൽ ജാതികളിൽ എങ്ങനേ വിസ്മയ
42 മായിത്തീൎന്നു! കടൽ ബാബേലിന്മേൽ പൊങ്ങിവന്നു, അതിൻ തിരക
43 ളുടേ മുഴക്കത്താൽ അതു മൂടിക്കിടക്കുന്നു. അതിൻ ഊരുകളും ശൂന്യമായി
വരണ്ട ഭൂമിയും പാഴ്നിലവുമായി ആരും വസിക്കാതേയും മനുഷ്യപുത്രൻ
44 കടക്കാതേയും ഉള്ള ദേശമായിത്തീൎന്നു. ബാബേലിലേ ബേലിനെ
ഞാൻ സന്ദർശിച്ചു അവൻ വിഴുങ്ങിയതിനെ വായിൽനിന്നു പുറത്താ
ക്കും, ജാതികളും ഇനി അവങ്കലേക്കു ഒഴുകുകയില്ല, ബാബേലിൻ വന്മ
45 തിലും വീണു. എൻ ജനമേ, അവളുടേ നടുവിൽനിന്നു പുറപ്പെട്ടുവിൻ, യ
ഹോവയുടേ കോപച്ചൂട്ടിൽനിന്നു താന്താന്റേ പ്രാണനെ വിടുവിച്ചുകൊ
46 വിൻ! ഓർ ആണ്ടിൽ ഈ വാൎത്തയും പിറേറ ആണ്ടിൽ ആ വാൎത്തയും
സംഭവിച്ചാലും, രാജ്യത്തിൽ സാഹസവും വാഴ്ചനോന്നു് എതിരേ വാഴ
ച്ചനോൻ എന്നതും വന്നാലും, ദേശത്തു കേൾക്കാകുന്ന കേൾവിയിങ്കൽ നി
47 ങ്ങടേ ഹൃദയം മന്ദിക്കയും നിങ്ങൾ ഭയപ്പെടുകയും ഒല്ലാ!— അതുകൊണ്ടു
ഞാൻ ബാബേലിലേ ബിംബങ്ങളെ സന്ദർശിക്കുന്ന നാളുകൾ ഇതാ വരു
ന്നു, അന്നു് അതിൻ ദേശം എല്ലാം വാടുകയും അതിൻ നടുവിൽ കുതന്ന
48 വർ ഒക്കയും വീഴുകയും, വാനവും ഭൂമിയും അവയിലുള്ള സകലവും ബാ
ബേലിനെ ചൊല്ലി ഘോഷിക്കയും ചെയ്യും. വടക്കുനിന്നാകട്ടേ അവൻമേ
49 സംഹാരികൾ വരും എന്നു യഹോവയുടേ അരുളപ്പാടു. ബാബേൽ ഇസ്രാ
യേലിൽ കുതന്നവരെ വീഴിച്ചതു പോലേ തന്നേ സർവ്വഭൂമിയിൽനിന്നു
കുതന്നവരും ബാബേൽനിമിത്തം വീഴും.

50 ഹേ വാളിൽനിന്നു് ഒഴിഞ്ഞുപോന്നവരേ, നില്ലാതേ ചെല്ലുവിൻ! ദൂര
ത്തുനിന്നു യഹോവയെ ഓർപ്പിൻ, യരുശലേം നിങ്ങളുടേ മനസ്സിൽ തോ
51 ന്നാവു! നിന്ദയെ കേൾക്കയാൽ ഞങ്ങൾ നാണിച്ചു, അന്യന്മാർ യഹോ
വാലയത്തിലേ വിശുദ്ധസ്ഥലങ്ങളിൽ പൂകയാൽ ലജ്ജ ഞങ്ങടേ മുഖത്തെ
52 മൂടി ഇരുന്നു. എന്നാൽ ഇതാ അവളുടേ ബിംബങ്ങളെ ഞാൻ സന്ദർശിക്കു
ന്ന നാളുകൾ വരുന്നു എന്നു യഹോവയുടേ അരുളപ്പാടു; അവളുടേ നാട്ടിൽ
53 എങ്ങും കുതന്നവർ ഞരങ്ങും. ബാബേൽ വാനത്തിൽ കയറിയാലും, തന്റേ
ഔക്കേറും പൊക്കത്തെ ഉറപ്പിച്ചാലും, എങ്കൽനിന്നു സംഹാരികൾ അവൻ
54 കു വരും, എന്നു യഹോവയുടേ അരുളപ്പാടു. ഹാ ബാബേലിൽനിന്നു
കുക്കുന്ന നാദവും കൽദയനാട്ടിൽനിന്നു വലിയ ഇടിവും കേൾ! യഹോ
55 വ ആകട്ടേ ബാബേലിനെ സംഹരിച്ചു അതിൽനിന്നു വലിയ ഒച്ചയെ
കെടുക്കുന്നു, അവരുടേ തിരകൾ പെരുത്ത വെള്ളങ്ങൾ പോലേ ഇരെച്ചിട്ട്
56 അവരുടേ മുഴക്കം ഒച്ചപ്പെടും. ആ ബാബേൽ എന്നവൻമേൽ സംഹാരി
വരുന്നു, അവളുടേ വീരന്മാർ പിടിപെട്ടും അവരുടേ വില്ലുകൾ ഒടിഞ്ഞും
പോകും, പ്രതികാരദേവനല്ലോ യഹോവ, അവൻ പകരം ചെയ്യേ ഉള്ളു.
57 അവളുടേ പ്രഭുക്കളെയും ജ്ഞാനികളെയും, അവളുടേ നാടുവാഴി മാടമ്പി
കളെയും വീരന്മാരെയും ഞാൻ മദിപ്പിക്കുന്നതു നിത്യനിദ്ര ഉറങ്ങി ഉണരാ
തേ ഇരിപ്പാൻ തന്നേ എന്നു സൈന്യങ്ങളുടയ യഹോവ എന്ന പേരുള്ള രാ
58 ജാവിന്റേ അരുളപ്പാടു. ബാബേലിലേ വിശാലമതിലുകൾ അറ മാഞ്ഞു
മുടിഞ്ഞും അതിൽ ഉയൎന്ന തോരണദ്വാരങ്ങൾ തീയിൽ വെന്തുംപോകും
(ഹബ. 2, 13) വംശങ്ങൾ മിഥ്യയായിട്ടും കലങ്ങൾ തീക്കായിട്ടും അ
ദ്ധ്വാനിച്ചിട്ടു ക്ഷീണിപ്പാൻ തന്നേ, എന്നു സൈന്യങ്ങളുടയ യഹോവ
59 പറയുന്നു. ഇപ്രകാരം ബാബേലിന്നു നേരേ എഴുതിയ വചനങ്ങൾ ഒക്കയും,

അത്ഥാൽ ബാബേലിന്മേൽ വരേണ്ടുന്ന സകലദോഷത്തെയും യിറമിയാ ഒരു പുസ്തകത്തിൽ എഴുതിയ ശേഷം,

60 യഹൂദാരാജാവായ ചിദക്കീയാ വാഴുന്ന നാലാം ആണ്ടിൽ മഃസേയാപുത്ര
നായ നേരീയാവിൻപുത്രനായ സരായാ പ്രയാണാദ്ധ്യക്ഷനായി രാജാവോ
ടുകൂടി ബാബേലിന്നാമാറു യാത്രയാകുമ്പോൾ യിറമിയാപ്രവാചകൻ സരാ
61 യാവോടു കല്പിച്ച വചനമാവിതു. യിറമിയാ സരായാവോടു പറഞ്ഞു: നീ
ബാബേലിൽ എത്തിയാൽ നോക്കിക്കൊണ്ടു ഈ സകലവചനങ്ങളെയും
62 വായിച്ചു പറയേണ്ടുന്നിതു: യഹോവേ, ഇവ്വിടം മനുഷ്യനുതൽ മൃഗപര്യന്തം
ഒന്നും വസിക്കാതേ എന്നേക്കും പാഴിടമാകുംവണ്ണം ഇതിനെ ഛേദിച്ചകള
63 വാനായി നീ ഈ സ്ഥലത്തിന്നു നേരേ ഉരെച്ചുവല്ലോ. എന്നിട്ടു പുസ്തക
ത്തെ വായിച്ചു തീൎന്നാൽ പിന്നേ അതിനോടു കല്ലിനെ കെട്ടി ഫ്രാത്തിൻ
64 നടുവിൽ എറിഞ്ഞുകളഞ്ഞു: ഇങ്ങനേ ബാബേൽ ആണ്ടുപോകയും ഞാൻ
അതിന്മേൽ വരുത്തുന്ന തിന്മയിൽ നിന്നു നിവിരാറ്റുയും അവർ ക്ഷീണി
ക്കയും ചെയ്യും എന്നു പറക.— ഇത്രോടമേ യിറമിയാവചനങ്ങൾ.

52. അദ്ധ്യായം

യരുശലേമിൻ നാശം (12) ദേവാലയസംഹാരവും ജനപ്രവാസവും (24) മേലോരുടേ ശിക്ഷയും മൂന്നു പ്രവാസങ്ങളും (31) യോയക്കീന്റെ അഭ്യുദയവും (ഇങ്ങനേ ബാത്രുക്കോ മററാരോ 2 രാജ. 24 *f*. എന്നുള്ളതിന്നു ഒത്തവണ്ണം രചിച്ച ഉപാഖ്യാനം).

1 ചിദക്കീയാ വാഴുന്ന സമയം ഇരുപത്തൊന്നു വയസ്സുള്ളവനായി യരു
ശലേമിൽ പതിനോരാണ്ടു വാണുകൊണ്ടിരുന്നു. ലിബ്നയിലേ യിറമി
2 യാവിൻപുത്രിയായ ഹമിതാൽ എന്നതു അമ്മയുടേ പേർ. യോയക്കീം ചെ
യ്തപ്രകാരം ഒക്കയും അവൻ യഹോവയുടേ കണ്ണുകളിൽ ദോഷമായതിനെ
3 ചെയ്തുപോന്നു. യഹോവയുടേ കോപം ഹേതുവായി ഇതു യരുശലേമിന്നും യ
ഹൂദെക്കും സംഭവിച്ചതു അവൻ ഇവരെ തിരുസന്നിധിയിൽനിന്നു തള്ളിക്കള
വോളമത്രേ. അനന്തരം ചിദക്കീയാ ബാബേൽരാജാവോടു മുത്തുകളഞ്ഞു.—
4 അവന്റെ വാഴ്ചയുടേ ഒമ്പതാം ആണ്ടേ പത്താം മാസത്തിൽ പത്താം തിയ്യ
തിക്കു ബാബേൽരാജാവായ നബുകദ്രേചർ സകലബലവുമായി യരുശലേ
മെക്കൊള്ളേ വന്നു (39,1), അതിന്നു നേരേ അവർ പാളയം ഇറങ്ങി അതി
5 ന്റെ ചുററും കാവൽഗോപുരങ്ങളെ പണിതു, ഇങ്ങനേ ചിദക്കീയാരാജാ
വിൻ പതിനൊന്നാം ആണ്ടുവരേ പട്ടണം നിരോധത്തിൽ ആയ ശേഷം,
6 നാലാം മാസം ഒമ്പതാം തിയ്യതിക്കു ക്ഷാമം പട്ടണത്തിൽ അതിക്രമിച്ചിട്ടു
7 നാട്ടുകാൎക്കു ആഹാരം ഇല്ലാതേ ആയി. അന്നു പട്ടണം പിളൎന്നുപോയി
പോരാളികളൊക്കയും മണ്ടി രാത്രി രാജത്തോട്ടംവഴിയായി രണ്ടു മതിലിന്നും
നടുവിലേ വാതിലൂടേ പട്ടണത്തെ വിട്ടു കല്ദയർ പട്ടണത്തെ ചുററിനി
8 ല്ക്കയർട്ടൻതാഴ്വരെക്കു പുറപ്പെട്ടു. കല്ദയസേന രാജാവെ പിന്തുടർന്നു
യറിഹോതാഴ്വരയിൽ ചിദക്കീയാവെ എത്തി (39,4) അപ്പോൾ അവ
9 ന്റെ സകലസൈന്യം അവനെ വിട്ടു ചിന്നിപ്പോയി. അവർ രാജാവെ
പിടിച്ചു ഹമാത്ത്നാട്ടിലേ റിബ്ലെക്കു കരേററി ബാബേൽരാജാവായ
നബുകദ്രേചർക്കു മുന്നിറുത്തി, ഇവൻ അവനു ന്യായം വിധിക്കയും ചെയ്തു.
10 അവൻ കാൺകേ ബാബേൽരാജാവു ചിദക്കീയാവിൻ മക്കളെ കൊത്തി
11 യഹൂദയിലേ സകലപ്രഭുക്കന്മാരെയും റിബ്ലയിൽവെച്ചു കൊന്നു, ചിദക്കീ
യാവിൻ കണ്ണുകളെ പൊട്ടിച്ചു അവനെ ചെമ്പുവിലങ്ങുകളാൽ കെട്ടിച്ചു
ബാബേലിൽ കൊണ്ടുചെന്നു (39,7) മരണദിവസംവരേ കാരാഗൃഹത്തിൽ
ഇട്ടുവൃത്തം ചെയ്തു ബാബേലിലേ രാജാവു.

12 ബാബേൽരാജാവായ നബൂകദ്രേചർ വാഴ്ന പത്തൊമ്പതാം ആണ്ടിൽ
അഞ്ചാം മാസം പത്താം തിയ്യതിക്ക അകമ്പടിമേലാളായി ബാബേൽ
രാജാവിൻ തിരുമുമ്പിൽ നില്ക്കുന്ന നബൂജരദാൻ യരുശലേമിൽ വന്ന, യ
13 ഹോവാലയത്തെയും രാജാലയത്തെയും യരുശലേമിലേ എല്ലാ വീടുകളെ
14 യും വിശേഷാൽ വലിയ വീട് ഒക്കയും തീയിട്ട ചുട്ട, അകമ്പടിമേലാ
ളോട് ഒന്നിച്ചിരിക്കുന്ന കല്ദയസേന എല്ലാം യരുശലേമിൻറെ സകല
15 മതിലുകളെയും ഇടിച്ചുകളഞ്ഞു. ജനത്തിലേ എളിയവരോളം പട്ടണത്തിൽ
മിഞ്ചിയ ജനശേഷത്തെയും ബാബേൽരാജാവിൻറെ പക്ഷം ചേർന്നുപോയ
വരെയും ശേഷമുള്ള ജനസമൂഹത്തെയും അകമ്പടിമേലാൻ നബൂജരദാൻ പ്ര
16 വസിപ്പിച്ചു, ദേശത്തേ എളിയവന്മാരിൽ ചിലരെ അകമ്പടിമേലാൻ നബൂ
17 ജരദാൻ പറമ്പുകാരും കൃഷിക്കാരുമാക്കി പാർപ്പിക്കയും ചെയ്തു.—യഹോ
വാലയത്തിൽ ഉള്ള ചെമ്പുതൂണുകളെയും പാത്രവണ്ടികളെയും യഹോവാല
യത്തിലേ ചെമ്പുകടലിനെയും കല്ദയർ ഉടെച്ചു അതിൻ ചെമ്പ് എല്ലാം
18 എടുത്തു ബാബേലിൽ കൊണ്ടുപോയി. കലങ്ങളും ചട്ടുകങ്ങളും വെട്ടുകത്തി
കളും കിണ്ണങ്ങളും തവികളും മുതലായി പൂജെക്ക ഉപയോഗിക്കുന്ന ചെമ്പു
19 കോപ്പുകളും ഒക്കയും അവർ എടുത്തു. പിന്നേ പൊന്നിനാലും വെള്ളിയാ
ലും ഉള്ള വട്ടകകളും, തീച്ചട്ടികളും, കിണ്ണങ്ങളും, കലങ്ങളും, വിളക്കുകളും,
തവികളും, കിണ്ടികളും ഇങ്ങനേ പൊന്നും വെള്ളിയും ആയത്രെ അകമ്പടി
20 മേലാൻ ആകേ എടുത്തു; ശലോമോരാജാവു യഹോവാലയത്തിന്നു തീർപ്പി
ച്ച തൂണുകളും രണ്ടും കടൽ ഒന്നും അതിൻകീഴേ ചെമ്പുകാളകളും പന്ത്രണ്ടും പാ
ത്രവണ്ടികളും ഇങ്ങനേ എല്ലാ കോപ്പുകളിലും ഉള്ള ചെമ്പുതൂക്കം ഇല്ലാതോ
21 ളം പെരുത്തു, തൂണുകളോ ഓരോന്നിന്നു പതിനെട്ടു മുളം ഉയരം ഉണ്ടു, ചു
റു പന്ത്രണ്ടുമുളം നൂലായിട്ടും പൊള്ളയായതിൻറെ കനം നാലുവിരലായും
22 ഉണ്ടു. അതിന്മേൽ താഴികക്കുടവും ഒരു താഴികെക്ക അഞ്ചു മുളം ഉയരവും
ഉണ്ടു, താഴികെക്ക ചുറും വലമിടച്ചലും മാതളപ്പഴങ്ങളും ഒക്ക ചെമ്പാ
യി തന്നേ; രണ്ടാം തൂണിന്നും ഇവയും മാതളപ്പഴങ്ങളും മുന്നേതു പോലേ അ
23 ത്രേ. മാതളപ്പഴങ്ങൾ (നാലു) ദിക്കും നോക്കി തൊണ്ണൂറാറു തന്നേ, വലമി
ടച്ചലിന്നു മീതേ ചുറുമുള്ള മാതളപ്പഴങ്ങൾ എല്ലാം നൂറത്രേ.

24 അനന്തരം അകമ്പടിമേലാൻ മഹാപുരോഹിതനായ സരായാ, രണ്ടാംത
രം പുരോഹിതനായ ചഫന്യാ, വാതിൽപ്പടി കാക്കുന്ന മൂവരെയും എടുത്തു,
25 പട്ടണത്തിൽനിന്നോ പോരാളികൾക്കു തലവനായ ഒരു പള്ളിയറക്കാര
നെയും, രാജമുഖം കാണുന്ന പുരുഷന്മാരിൽ പട്ടണത്തിൽ കണ്ടുകിട്ടിയ ഏ
ഴുവരെയും, പടനായകൻറെ എഴുത്തനായി നാട്ടുജനത്തെ ചേകരിപ്പിച്ചവനെ
യും, നാട്ടുജനത്തിൽ പട്ടണത്തിൻ നടുവേ കണ്ടുകിട്ടിയ അറുപത് ആളുക
26 ളെയും എടുത്തു, അകമ്പടിമേലാൻ നബൂജരദാൻ കൂട്ടിക്കൊണ്ടു റിബ്ലയിൽ
27 നടത്തി ബാബേൽരാജാവിൻ മുന്നിറുത്തി. ആയവരെ ഹമാത്തനാട്ടിലേ
റിബ്ലയിൽ വെച്ചു ബാബേൽരാജാവു വെട്ടിക്കൊല്ലിച്ചു, യഹൂദ തൻറെ നാ
28 ട്ടിൽനിന്നു പ്രവസിച്ചുപോകയും ചെയ്തു.—നബൂകദ്രേചർ പ്രവസിപ്പിച്ച
ജനം എത്ര എന്നാൽ: (പതിൻ) ഏഴാം ആണ്ടിൽ മൂവായിരത്തു ഇരുപ
29 ത്തുമൂന്നു യഹൂദന്മാർ, നബൂകദ്രേചരുടേ പതിനെട്ടാം ആണ്ടിൽ യരുശലേ
30 മിൽനിന്നു എണ്ണൂറിൽ മുപ്പത്തുരണ്ടുപേർ, നബൂകദ്രേചരുടേ ഇരുപത്തുമൂ
ന്നാം ആണ്ടിൽ അകമ്പടിമേലാൻ നബൂജരദാൻ എഴുനൂറു നാല്പത്തഞ്ചു
പേർ യഹൂദന്മാരെ പ്രവസിപ്പിച്ചു; ആകേ നാലായിരത്തു അറുനൂറുപേർ.

31 യഹൂദാരാജാവായ യോയക്കീൻ പ്രവസിച്ചുപോയ മുപ്പത്തേഴാം ആ
ണ്ടിൽ പന്ത്രണ്ടാം മാസം ഇരുപത്തഞ്ചാം തിയ്യതിക്ക ബാബേൽരാജാവായ
എവിൽമരോദക് വാഴ്ചകഴിഞ്ഞ ആണ്ടിൽ തന്നേ യഹൂദാരാജാവായ യോ
യക്കീൻറെ തലയെ ഉയർത്തി അവനെ കാരാഗൃഹത്തിൽനിന്നു പുറപ്പെടുവി
32 ച്ചു, നല്ലതിൻവണ്ണം അവനോടു സംസാരിച്ചു അവൻറെ ആസനത്തെ

ബാബേലിൽ ഒന്നിച്ചു വസിക്കുന്ന രാജാക്കന്മാരുടേ ആസനത്തിന മേലാ
33 ക്കി വെച്ചു. ആയവൻ കാരാഗൃഹവസ്ത്രങ്ങളെ മാററി ജീവനുള്ളന്നും നിച്ചലും
34 തിരുമ്പാകേ ഭോജനം കഴിച്ചുപോന്നു. അതുയല്ല അവന്ന നാഴികനാഴി
ചെലവിന്ന വേണ്ടുന്നതിന്ന അവനേറ മരണദിവസം വരേ വാഴുന്നാഴി
തോറും ബാബേൽരാജാവിങ്കൽനിന്ന ആഹാരഭാഗം നിച്ചലും അവന്ന
കൊടുപ്പാറ് ഉണ്ടായി.

THE LAMENTATIONS OF

JEREMIAH

യിറമിയാവിൻ

വിലാപങ്ങൾ

1. അദ്ധ്യായം

യരുശലേമിന്നു ശിക്ഷയായ്‌വന്ന അരിഷ്ടത (12) പട്ടണം താൻ മുറയി
ട്ടു (18) തന്റെ കുറ്റം സ്വീകരിക്കുന്നതു. അകാരാദി.

1 **അ**ഹഹ ജനസമ്പൂർണ്ണ പട്ടണം എങ്ങനേ വിജനമായി വസിക്കുന്നു!
വിധവെക്കു് ഒത്തുചമഞ്ഞു ജാതികളിൽ വലിയവളും നാടുകളിൽ തമ്പ്രാ
2 ട്ടിയുമായവൾ അടിയാൾ ആയി! **ആ**വോളം രാത്രിയിൽ കരയുന്ന കവി
ളിന്മേൽ കണ്ണീർ ഒലോല, മുമ്പേ സ്നേഹിച്ച എല്ലാവരിലും ആശ്വസിപ്പി
ക്കുന്നവൻ ആരും അവൾക്കു് ഇല്ല; കൂറുകാർ ഒക്കയും അവളെ തോല്പിച്ചു
3 ശത്രുക്കളായി ചമഞ്ഞു. **യ**ഹൂദ പ്രവസിച്ചുപോയി, ജാതികളിൽ വസിച്ചു സ്വസ്ഥത ഒട്ടും കാണാ
തേപോയി, പിന്തുടർന്നവർ എല്ലാവരും അവളെ ക്ലേശങ്ങളുടേ നടുവിൽ
4 എത്തിപ്പിടിച്ചു. **ഉ**ത്സവത്തിന്നു വരുന്നവരെ കാണാതേ ചിയ്യോനിലേ
ക്കുള്ള വഴികൾ ഖേദിക്കുന്നു, അവൾക്കു് എല്ലാ വാതിലുകളും ശൂന്യമായി,
പുരോഹിതന്മാർ നെടുവീർപ്പിട്ടും കന്യകമാർ അല്പൽപ്പെട്ടും നില്ക്കുന്നു അവൾ
5 ക്കു കൈപ്പേ ഉള്ളു. **എ**തിരികൾ തലയായിവന്നു അവളുടേ ശത്രുക്കൾ
സൈര്യമായി വാഴുന്നു, ദ്രോഹാധിക്യം നിമിത്തം യഹോവ അവളെ അ
ല്പൽ പെടുക്കയാൽ തന്നേ. അവളുടേ പൈതങ്ങൾ മാറാൻമുമ്പാകേ അടിമ
6 യിലേക്കു പോയി. **എ**ല്ലാ പ്രാഭവവും ചിയ്യോൻപുത്രിയെ വിട്ടു നീങ്ങി,
അവളുടേ പ്രഭുക്കൾ മേച്ചൽ കാണാത്ത മാനുകൾക്കു് ഒത്തു ചമഞ്ഞു, പി
7 ന്തേരുന്നവന്റെ മുമ്പിൽ ഊക്കറ്റു നടക്കുന്നു.—ഒരു തുണയും ഇല്ലാതേ ജനം
മാറാന്റെ കൈയിൽ വീണിട്ടു, വൈരികൾ അവളെ കണ്ടു അവളുടേ
വിശ്രമങ്ങളെ ചൊല്ലി പരിഹസിക്കേ, ഇങ്ങനേ ആട്ടുകൊടുക്കുന്ന അരിഷ്ട
തയുള്ള ദിവസങ്ങളിൽ യരുശലേം തനിക്കു പണ്ടേക്കു പണ്ടേ ഉള്ള കാമ്യ
8 വസ്തുക്കളെ ഓൎക്കുന്നു. **കൊ**ടുമ്പാപം ചെയ്തയാൽ യരുശലേം തീണ്ടാരപ്പുലയാ
യി, അവളെ ബഹുമാനിച്ച ഏവരും അവളുടേ നഗ്നത കണ്ടിട്ടു് തുച്ഛീകരി
9 ക്കുന്നു, അവളും നെടുവീർപ്പിട്ടു പിന്നോക്കം വാങ്ങി. **കേ**വലം അവളുടേ
തോന്നലിൽ മലിനത ഉണ്ടു, തന്റെ ഒടുക്കത്തെ വിചാരിയാതേ പോക
യാൽ ആശ്വാസപ്രദൻ ഇല്ലാതേ അതിശയമായി താണുപോയി, ശത്രു വ
10 മ്പിക്ക കൊണ്ടു ''യഹോവേ എൻ സങ്കടത്തെ കണ്ടാലും!'' **ശ**ർവ്വി അവ
ളുടേ സമ്പൂൎണ്ണകാമ്യങ്ങളിന്മേലും കൈ പരത്തി, നിന്റെ സഭയിൽ വരരുതു
എന്നു നീ കല്പിച്ച ജാതികൾ തൻവിശുദ്ധസ്ഥലത്തിൽ വരുന്നതിനെ അ
11 വൾ കണ്ടുവല്ലോ. **ജ**നം ഒക്കയും ആഹാരം തേടി ഞരങ്ങുന്നു, പ്രാണനെ
നിവിൎത്തിപ്പാൻ കാമ്യവസ്തുക്കളെ കൊറിനായി കൊടുക്കുന്നു, ഞാൻ
തുച്ഛീകൃതയായ പ്രകാരം യഹോവേ കണ്ടു നോക്കേണമേ!

12 താരയിൽ കടക്കുന്ന എല്ലാരുമേ, നിങ്ങൾക്കു (ചിന്ത) ഇല്ലയോ? യ
ഹോവ തന്റെ കോപം ചൊരിഞ്ഞ നാളിൽ അല്പൽപ്പെട്ടത്ത എന്നിൽ പിണെ
13 ച്ച സങ്കടം പോലേ സങ്കടം ഉണ്ടോ എന്നു നോക്കി കാണ്മിൻ! തീ എന്റെ
അസ്ഥികളെ അടക്കുവാൻ അവൻ ഊർദ്ധ്വത്തിൽനിന്നു ഇതികൽ അയ
ച്ചു, എൻ കാലുകൾക്കു വലവിരിച്ചു എന്നെ പിന്നോക്കം മറിച്ചു, ദിവസം
14 മുഴുവൻ വലവാൻ എന്നെ പാഴാക്കി വെച്ചു. ദ്രോഹങ്ങൾ ആകുന്ന നുക
ത്തിൽ അവന്റെ കൈ എന്നെ പൂട്ടി, അവ പിണഞ്ഞു എൻ പിടരി
മേൽ കരേറി, നുകം എൻ ഊക്കിനെ ഇടറിച്ചു, ഞാൻ നിവിർന്നുകൂടാതവ
15 ന്റെ കൈകളിൽ കർത്താവു എന്നെ കൊടുത്തു. നടുവിലുള്ള എന്റെ സകല
ശൂരരെയും കർത്താവു തെറിപ്പിച്ചു, എന്റെ യുവാക്കളെ ചതെപ്പാൻ എന്റെ
നേരേ ഓർ ഉത്സവം കൂറിച്ചു വിളിച്ചു, യഹൂദാപുത്രിയായ കന്യകെ ച
16 കെ, മെതിക്കുന്ന കർത്താവു. പ്രാണനെ നിവിർത്തുന്ന ആശ്വാസപ്രദൻ എ
ന്നോടു് അകലുകയാൽ ഞാൻ ഇവ ചൊല്ലി കരയുന്നു, കണ്ണു് എന്റെ കണ്ണു
നീർ ഒഴുകുന്നു; ശത്രു പ്രബലനായതിനാൽ എൻ മക്കൾ പാഴായിപ്പോ
17 യി.— മലർത്തിയ കൈകളോടു സീയോൻ തേടിയാലും ആശ്വാസപ്രദൻ
അവൾക്കു് ഇല്ല, യാക്കോബിനു ചുറും യഹോവ മാററാന്മാരെ കല്പി
18 ച്ചാക്കി, ആയവരുടേ ഇടയിൽ യരുശലേം തീണ്ടാരപ്പുലയായി. യഹോവ
നീതിമാനത്രേ അവന്റെ വായോടു ഞാൻ മറുത്തുവല്ലോ; സർവ്വംശങ്ങ
ളായുള്ളോരേ, എൻ വ്യസനത്തെ കണ്ടു കേട്ടു കൊൾവിൻ, എന്റെ കന്യ
19 മാരും യുവാക്കളും അടിമയിലേക്കു പോയിരിക്കുന്നു. രഹസ്യക്കാരെ ഞാൻ
വിളിച്ചിട്ടും അവർ എന്നെ ചതിച്ചു, എന്റെ പുരോഹിതന്മാരും മൂപ്പന്മാരും
പ്രാണനെ നിവിർത്തുവാൻ കൊററിന്നു തേടുമ്പോൾ പട്ടണത്തിൽ വെച്ചു
20 കഴിഞ്ഞുപോയി. വ്യാകുലം എനിക്കു് ഉണ്ടായതു യഹോവേ കണ്ടാലും!
എൻ കുടലുകൾ പതെക്കുന്നു, ഹൃദയം എന്റെ ഉള്ളിൽ മറിഞ്ഞു ഞാൻ അത്യ
ന്തം മുറുകയാൽ തന്നേ, പുറത്തു വാൾ മക്കളില്ലാതാക്കുന്നു, അകത്തു മരണ
21 വിധങ്ങൾ (5 മോ. 32, 25). ശാന്തിവരുത്തുന്നവൻ എനിക്കില്ല എന്നു
ഞരങ്ങുന്നതു കേൾക്കായി, സകലശത്രുക്കളും എൻ അനർത്ഥത്തെ കേട്ടു നീ
ചെയ്തുയാൽ ആനന്ദിക്കുന്നു; അവർ എന്നെ പോലേ ആവാൻ നീ കൂറിച്ച
22 ദിവസത്തെ വരുത്തുമല്ലോ? ഹാ തിരുമുമ്പാകേ അവരുടേ സകലദോഷം
വരിക, എന്റെ സർവ്വദ്രോഹങ്ങളിൻ നിമിത്തം എന്നോടു വ്യാപരിച്ച
പ്രകാരം അവരോടു വ്യാപരിക്കേണമേ! പലതല്ലോ എന്റെ ഞരക്കങ്ങൾ,
എന്റെ ഹൃദയം രോഗാർത്തം (യിറ. 8,18).

2. അദ്ധ്യായം

യഹൂദമേൽ വന്ന ന്യായവിധിയെ വർണ്ണിച്ച ശേഷം (11) മനുഷ്യർക്കു്
ആശ്വസിപ്പിപ്പാൻ കഴിയായ്കയാലും ശത്രുക്കൾ പരിഹസിക്കയാലും (17)
ന്യായാധിപനെ തന്നേ അഭയം വീഴ്കേ വേണ്ടു എന്നു കണ്ടു (20) ഇവ
നോടു യാചിക്കുന്നതു.

1 അയ്യോ കർത്താവു തൻ കോപത്തിൽ സീയോൻപുത്രിയെ കാർമുകിൽ
കൊണ്ടു പൊതിയുന്നതു് എങ്ങനേ! ഇസ്രയേലിന്റെ അലങ്കാരത്തെ വാ
നിൽനിന്നു ഭൂമിയിൽ ഇട്ടുകളഞ്ഞു തൻ കോപദിവസത്തിൽ സ്വപാദ
2 പീഠം ഓർക്കാതേ പാർത്തു. ആദരിയാതേ കർത്താവു യാക്കോബിൻ പാർ
പ്പിടങ്ങളെ എല്ലാം വീഴ്ങ്ങി, തൻ ചീററത്തിൽ യഹൂദാപുത്രിയുടേ കോട്ടക
ളെ തകർത്തു നിലസമമാക്കി, രാജത്വത്തെയും അതിന്റെ പ്രഭുക്കളെയും തീ
3 ണ്ടിച്ചുകളഞ്ഞു. ഇസ്രയേലിന്നു കൊമ്പായതു് ഒക്കയും കോപച്ചൂട്ടിൽ വെ
ട്ടിക്കുറെച്ചു, ശത്രുവിൻ മുമ്പാകേ തൻ വലങ്കൈയെ മടക്കി, യാക്കോബിൽ

ചുറും തിന്നുന്ന ഓർ അഗ്നിജ്വാല പോലേ കത്തിക്കയും ചെയ്തു.
4 ഉറു നിന്ന വലങ്കൈയാൽ മാറാനായി ശത്രുവെ പോലേ തിരുവില്ലിനെ
കുലെച്ചു, കണ്ണിന്നു മനോഹരമായത് ഒക്കയും കൊന്നു, ചിയ്യോൻപുത്രിയു
5 ടേ കൂടാരത്തിൽ തീക്കൊത്ത ഊഷ്മാവിനെ പകർന്നുകളഞ്ഞു. ഏതിരി
യെ പോലേ ആയി കർത്താവു ഇസ്രയേലിനെ വിഴുങ്ങി, അതിലേ അരമ
നകളെ ആകവേ വിഴുങ്ങി കോട്ടകളെ സംഹരിച്ചു, യഹൂദാപുത്രിയിൽ
6 ഞരക്കവും നെടുവീർപ്പും പെരുക്കി. ഒരു തോട്ടത്തെ പോലേ അവൻ തി
രുവേലിയെ താൻ അതിക്രമിച്ചു സങ്കേതസ്ഥലത്തെ നശിപ്പിച്ചു, ചിയ്യോ
നിൽ ഉത്സവത്തെയും ശബ്ബത്തിനെയും മറപ്പിച്ചു, കോപത്തിൻ ഈറലിൽ
7 രാജാവെയും പുരോഹിതനെയും നിരസിച്ചുകളഞ്ഞു. കർത്താവു തൻ ബലി
പീഠത്തെ തള്ളി വിശുദ്ധസ്ഥലത്തെ വെറുത്തുകളഞ്ഞു, അതിൻ അരമന
കളുടേ മതിലുകളെ ശത്രുകൈയിൽ സമർപ്പിച്ചു, യഹോവാലയത്തിൽ
8 അവർ ഉത്സവനാളിൽ എന്നപോലേ ഒച്ച കേൾപ്പിച്ചു.— ചിയ്യോൻ
പുത്രിയുടേ മതിലിനെ സംഹരിപ്പാൻ യഹോവ ചിന്തിച്ചിട്ടു, ചരടു നീ
ട്ടിപ്പിടിച്ചു നശിപ്പിക്കുന്നതിൽനിന്നു കൈ മടക്കാതേ നില്ക്കയാൽ വാടിക്കും
9 മതിലിന്നും ഖേദം വരുത്തി അവ ഒക്കത്തക്ക മാഴ്കി മുഷിഞ്ഞു. തൻ വാ
തിലുകളും നിലത്തിൽ ആണ്ടുപോയി, ഓടാമ്പലുകളെ അവൻ തകർത്തു
കെടുത്തു. അവളുടേ രാജാവും പ്രഭുക്കളും ജാതികളിൽ ആയി, ധർമ്മോ
പദേശം ഇല്ല, അവളുടേ പ്രവാചകന്മാരും യഹോവയിൽനിന്നു ദർശനം
10 കാണുന്നതും ഇല്ല. നിലത്തിരുന്ന ചിയ്യോൻപുത്രിയുടേ മൂപ്പന്മാർ മൌനം
ദീക്ഷിച്ചു, തലമേൽ പൂഴി ഇട്ടു രട്ടുകളെ ചുറ്റിക്കെട്ടി ഇരിക്കുന്നു, യരൂശ
ലേംകന്നിമാർ നിലത്തേക്കു തലതാഴ്ത്തിക്കൊള്ളുന്നു.

11 ബാഷ്പങ്ങളാൽ എന്റേ കണ്ണുകൾ മങ്ങി, കുടലുകൾ പതെച്ചു, യകൃത്തു
നിലത്തു ചൊരിഞ്ഞുപോയതു എൻ ജനപുത്രിയുടേ ഭംഗം നിമിത്തം, ശി
ശുക്കളും മുലകുടിക്കുന്നവരും നഗരവീഥികളിൽ മാഴ്കുമ്പോൾ തന്നേ.
12 മാതാക്കളോടു് ഇവർ അന്നവും വീഞ്ഞും എവിടേ? എന്നു ചൊല്ലും,
പട്ടണവീഥികളിൽ കൊത്തിക്കുതർന്നവരെ പോലേ മാഴ്കികിടക്കുന്നു,
13 അമ്മമാരുടേ മടിയിൽ പ്രാണനെ ഒഴിച്ചു വിടുകയിലേ. യരൂശലേംപുത്രി
യേ, നിനക്കു് എന്തൊന്നു ഞാൻ സാക്ഷീകരിക്കേണ്ടതു? എന്തൊന്നു നി
നക്കു് ഒപ്പിച്ചു നോക്കേണ്ടു? ചിയ്യോൻപുത്രിയായ കന്യേ, നിന്നെ ആശ്വ
സിപ്പിപ്പാൻ എന്തൊന്നു നിനക്കു സദൃശമാക്കേണ്ടതു? നിന്റേ മുറിവു കട
14 ലോളം വലുതല്ലോ, നിന്നെ ആർ പൊറുപ്പിക്കും? പ്രവാചകന്മാർ നി
നക്കു ദർശിച്ചതു മായയും നിസ്സാരത്വവുമത്രേ, നിന്റേ നിവ്വാസത്തെ
യഥാസ്ഥാനത്താക്കുവാൻ നിന്റേ കുറ്റത്തെ വെളിപ്പെടുത്താതേ മായയും
15 രാജ്യഭ്രഷ്ടും ആകുന്ന ആജ്ഞകളെ നിനക്കു ദർശിച്ചുപോന്നു. യാത്രയായി
കടക്കുന്നവർ ഒക്കയും നിന്നെ ചൂണ്ടി, കൈകൊട്ടി യരൂശലേംപുത്രിക്കു നേ
രേ ചൂളയിട്ടും തല കുലുക്കി ശോഭാസമ്പൂർണ്ണ എന്നും സർവ്വഭൂമിയുടേ ആന
ന്ദം എന്നും (സങ്കീ. 50,2.; 48,3) പറയുന്ന പട്ടണം ഇതു തന്നേയോ? എന്നി
16 രിക്കുന്നു. രിപുക്കളും ഒക്കയും നിങ്കലേക്കു വായി പിളർന്നു ചൂളയിട്ടും പല്ലു്
ഇറുമ്മി: നാം വിഴുങ്ങിക്കളഞ്ഞു, നാം കാത്തിരുന്ന എത്തിക്കണ്ട ദിവ
സം ഇതത്രേ, എന്നു ചൊല്ലുന്നു.
17 ലക്ഷീകരിച്ചതിനെ യഹോവ നടത്തി, പണ്ടേ നാളുകളിൽ കല്പി
ച്ച മൊഴിയെ സമാപിച്ചു, ആദരിയാതേ ഇടിച്ചുകളഞ്ഞു, ശത്രുവിനെ നി
ങ്കൽ സന്തോഷിപ്പിച്ചു നിന്റേ മാറാന്മാരുടേ കൊമ്പിനെ ഉയർത്തി.
18 വിഭ്രമത്തോടു് ഇവരുടേ ഹൃദയം വിളിക്കുന്നു. ചിയ്യോൻപുത്രിയുടേ മതി
ലേ രാപ്പകൽ തോടുപോലേ കണ്ണുനീർ ഒഴുക, നിനക്കു നിർത്തൽ സമ്മതി
19 യായ്ക, നിൻ കണ്മണി അടങ്ങരുതേ! വേഗം എഴുനീറു രാത്രിയിൽ യാമ
ങ്ങൾ ആരംഭിച്ചാൽ മുറയിടുക, കർത്താവിൻ മുഖത്തിന്നു് നേരേ ഹൃദയത്തെ

വെള്ളം പോലേ ഒഴിക്ക, തെരുക്കോൺതോറും വിശന്നു മാഴ്കിയ നിൻ
ശിശുക്കളുടേ പ്രാണൻനിമിത്തം അവങ്കലേക്കു കൈകളെ പൊങ്ങിക്ക!
20 സൂക്ഷിച്ചു കാൺകേ വേണ്ടു, യഹോവേ! ആരോടു നീ ഇങ്ങനേ വ്യാ
പരിച്ചു? സ്ത്രീകൾ തങ്ങളുടേ ഫലമായി ഓമനിച്ച ശിശുക്കളെ ഭക്ഷിക്ക
യോ? കർത്താവിൻ വിശുദ്ധസ്ഥലത്തു പുരോഹിതനെയും പ്രവാചകനെയും
21 കൊല്ലാമോ? ശയിക്കുന്നതു ഭൂവി തെരുതോറും ബാലനും വൃദ്ധനും, എൻറേ
കന്നിമാരും യുവാക്കളും വാളാൽ പട്ടുപോയി, നിൻറേ കോപദിവ
22 സത്തിൽ ആദരിയാതേ നീ വെട്ടിക്കൊന്നു പോന്നു. ഹിതോത്സവ
നാളിന്നു എന്നു പോലേ എൻറേ അച്ചങ്ങളെ ചുറ്റും നീ ക്ഷണിച്ചു, യഹോ
വാകോപദിവസത്തിൽ മിഞ്ചുന്നവനും വഴുതിപ്പോരുന്നവനും ഇല്ലാഞ്ഞു,
ഞാൻ ഓമ്പിവളർത്തിയവരെ ശത്രു മുടിച്ചു.

3. അദ്ധ്യായം

സങ്കടത്തിൽ ആടുന്ന പുരുഷൻ (19) ദൈവത്തെ തേടി ആശ്വസിച്ചു (40)
സ്വപാപത്തെ അറിഞ്ഞു സ്വീകരിച്ചു (48) കണ്ണീർ വാർത്തു (55) പ്രാർത്ഥി
ക്കുന്നതു.

1 അവൻറേ ചീറ്റത്തിൻ വടികൊണ്ടു അനർത്ഥം കണ്ട ആ ഞാനേ;
2.3 വെളിച്ചം ഇല്ലാത്ത ഇരിട്ടിൽ എന്നെ നടത്തി പോവാറാക്കി; പകൽ
4 മുഴുവൻ എന്മേൽ മാത്രം കൈതിരിച്ചു മടക്കുന്നു. ആയവൻ എൻ തോലും
5 മാംസവും ക്ഷയിപ്പിച്ചു അസ്ഥികളെ നുറുക്കി, എന്നെ വളഞ്ഞു വിഷവും
6 കുഴക്കും ചുറ്റും കുന്നിച്ചു; യുഗം മുതൽ മരിച്ചവരെ പോലേ ഇരുളിടങ്ങളിൽ
7 എന്നെ പാർപ്പിച്ചു. ഇനിക്കു പുറത്തു പോവാൻ കഴിയാതവണ്ണം എന്നെ
8 വേലി കെട്ടി അടെച്ചു, എൻ വിലങ്ങിനെ കനപ്പിച്ചു; ഞാൻ വിളിച്ചു കൂക്കു
9 മ്പോഴും എൻ പ്രാർത്ഥനയെ തുർത്തുകളഞ്ഞു; എൻറേ വഴികളെ വെട്ടുകല്ലു
10 കൊണ്ടു അടെച്ചു ഞെറികളെ വളവാക്കി. ഇനി എനിക്കു അവൻ പതിയി
11 രിക്കുന്ന കരടിയും മറയത്തു നില്ക്കും സിംഹവും ആയി; വഴിക്കൽനിന്നു തെ
12 റ്റിച്ചു എന്നെ തുണ്ടിച്ചു പാഴാക്കി വെച്ചു; വില്ലു കുലെച്ചു അമ്പിന്നു
13 എന്നെ ലാക്കാക്കിനിറുത്തി; ഉൾപ്പൂവുകളിൽ തൂണിയുടേ കുട്ടികളെ ചെ
14 ല്ലിച്ചു. എൻറേ എല്ലാ ജനത്തിന്നും ഞാൻ പരിഹാസവും പകൽ മുഴുവൻ
15 ചിരിപ്പാട്ടും ആയിത്തീർന്നു; കൈപ്പുകളാൽ അവൻ എന്നെ തൃപ്തിവരുത്തി
16 കാഞ്ഞിരംകൊണ്ടു സമ്പൂരിച്ചു. എൻറേ പല്ലുകളെ ചരൽ തീറ്റി ചതെക്ക
17 യും ചാരത്തിൽ എന്നെ പൂത്തി വെക്കയും ചെയ്തു; എൻദേഹി സമാധാന
18 ത്തോടു വേറായി നല്ലതു മറന്നു. എൻവാഴ്വു മാറും യഹോവയിങ്കലേ
പ്രത്യാശയും കെട്ടുപോയി എന്നു ഞാൻ പറഞ്ഞു.
19 ഓർത്താലും എൻറേ അരിഷ്ടതയും എന്നെ ആട്ടികൊടുക്കുന്നതും വിഷകാ
20 ഞ്ഞിരങ്ങളും (ദൈവമേ)! അതു ഓർക്കുന്തോറും ദേഹി എന്നിൽ ചാഞ്ഞി
21 രിക്കുന്നു. ഇതിൽ ഞാൻ മനസ്സുവെക്കും ആകയാലേ പ്രത്യാശിക്കും. കനിവു
22 ഒടുങ്ങായ്കയാൽ യഹോവാകരുണകൾ നാം മുടിയാത്തതിന്നു കാരണം;
23 ഉഷസ്സു തോറും അവ പുതുതും നിൻറേ വിശ്വാസ്യത വലുതും ആകുന്നു;
24 എൻറേ ഓഹരി യഹോവ തന്നേ എന്നു എൻറേ ദേഹി പറയുന്നു, ആകയാ
25 ലേ അവനെ പ്രത്യാശിക്കും. കാത്തു നില്പോർക്കും അവനെ തിരയുന്ന ദേഹി
26 ക്കും യഹോവ നല്ലവൻ തന്നേ; യഹോവയുടേ രക്ഷയെ മിണ്ടാതേ പാർത്തി
27.28 രിക്ക നല്ലു; ബാല്യത്തിൽ നുകം ചുമക്ക പുരുഷനു നല്ലു. കുഴപ്പം ചുമ
29 ത്തുമ്പോൾ താൻ മിണ്ടാതേ തനിച്ചിരിക്ക! പക്ഷേ പ്രത്യാശ ഉണ്ടു എന്നിട്ടു
30 വായിനെ പൊടിയിൽ ഇടുക! അടിക്കുന്നവനു കവിൾകാണിച്ചും നി
31.32 ന്ദകൊണ്ടു തൃപ്തനാക! കർത്താവു എന്നും തള്ളുക ഇല്ലല്ലോ, ദുഃഖിപ്പിച്ചാലും

33 കരുണാധിക്യത്തിന്നു തക്ക പോലേ കനിഞ്ഞു കൊള്ളും. ചിത്തത്തിൽ നി
34 ന്നല്ലല്ലോ അവൻ പുരുഷപുത്രരെ ദുഃഖിപ്പിച്ചു വലെക്കുന്നതു. താൻ ഭൂമിയി
35 ലേ ബദ്ധന്മാരെ ഒക്കയും കാൽക്കീഴ് ചവിട്ടുന്നതും, താൻ അത്യുന്നതന്റെ
36 സന്മുഖത്തു തന്നേ ആളുടേ ന്യായത്തെ മറിക്കുന്നതും, താൻ വ്യവഹാര
37 ത്തിൽ മനുഷ്യനെ പിഴക്കുന്നതും കർത്താവു കണ്ടിട്ടില്ലയോ? കർത്താവു കല്പി
38 ക്കാതേ ആരുപോൽ പറഞ്ഞിട്ടു വല്ലതും ഉണ്ടായി? തീയതും നല്ലതും അത്യു
39 ന്നതന്റെ വായിൽനിന്നല്ലോ പുറപ്പെടുന്നതു? ജീവനുള്ളപ്പോൾ മനുഷ്യൻ
മുറുമുറുപ്പാൻ എന്തു? താന്താന്റെ പാപത്തെ ചൊല്ലി (മുറുമുറുക്ക)!
40 തോണ്ടികൊണ്ടു നമ്മുടേ വഴികളെ ആരാഞ്ഞു നോക്കി യഹോവ വരെ
41 ക്കും നാം തിരികെ! കൈകളോടു കൂടേ ഹൃദയത്തെയും സ്വർഗ്ഗത്തിലുള്ള ദേവ
42 കലേക്കു നാം ഉയർത്തിക്കൊൾക. ഞങ്ങൾ ദ്രോഹിച്ചു മുറുത്തുപോയി, നീ
43 ക്ഷമിച്ചില്ല. കോപത്തിൽ നീ പൊതിഞ്ഞുകൊണ്ടു ഞങ്ങളെ പിന്തുടർന്നു
44 ആദരിയാതേ കൊന്നു. മേഘംകൊണ്ടു നീ പൊതിഞ്ഞുകൊണ്ടതു പ്രാർത്ഥന
45 കടക്കായ്വാൻ തന്നേ. ജനക്കൂട്ടങ്ങളുടേ നടുവിൽ ഞങ്ങളെ നീ അടിച്ചവറും
46 നികൃഷ്ടവും ആക്കിവെച്ചു. ദ്രോഷികൾ എല്ലാവരും ഞങ്ങളുടേ നേരേ വായി
47 പിളർന്നു; പേടിയും കണിയും പൊട്ടപൊടവേ ഞെരിച്ചലും ഞങ്ങൾക്കുണ്ടു.
48 നീർത്തോടുകളായി എൻ കണ്ണ് ഒലിക്കുന്നതു എൻ ജനപുത്രിയുടേ ഭംഗം
49 നിമിത്തമേ. യഹോവ സ്വർഗ്ഗത്തുനിന്നു നോക്കിക്കാണുംപര്യന്തം എൻ
50 കണ്ണ് ഇളവില്ലാതേ നിർത്തൽ എന്നിയേ തുകുന്നു. നേത്രം എൻ ദേഹിക്കു
51 വ്യാകുലം കൂട്ടുന്നത് എൻ പട്ടണപുത്രിമാരെ ഒക്കയും വിചാരിച്ചു തന്നേ.
52 പക്ഷിയെ പോലേ എന്നെ വേട്ടയാടിയത് എന്നെ വെറുതേ പകെക്കുന്ന
53 വർ, എൻ പ്രാണനെ കിണറ്റിൽ ഇട്ട് ഒടുക്കുവാൻ എന്മേൽ കല്ലുകൂമ്പ എ
54 റിഞ്ഞു; തലമേൽ വെള്ളങ്ങൾ കവിഞ്ഞിട്ടു ''ഞാൻ സംഹരിക്കപ്പെട്ടു''
എന്നു പറഞ്ഞു.
55 യഹോവേ അധോലോകക്കുഴിയിൽനിന്നു നിന്റെ നാമത്തെ ഞാൻ വി
56 ളിക്കുന്നു. എൻ ശബ്ദത്തെ നീ കേട്ടു എന്റെ നെടുവീർപ്പിന്നും കൂക്കലിന്നും
57 ചെവിയെ മറെക്കരുതേ! നിന്നോടു വിളിക്കുംനാൾ നീ അണഞ്ഞു ''ഭയ
58 പ്പെടൊല്ല'' എന്നു പറയുന്നു. വ്യവഹാരം എൻ ദേഹിക്ക് ഉള്ളതു കർത്താവേ
59 നീ വ്യവഹരിക്ക, എൻ ജീവനെ നീ വീണ്ടെടുത്തു. എന്നെ പീഡിക്കുന്നതു
60 യഹോവേ നീ കണ്ടു എൻ ന്യായത്തെ വിസ്തരിക്കേണമേ! അവർ പക
വീട്ടുന്ന ഉപായങ്ങളെയും എന്റെ നേരേ നിരൂപിക്കുന്നതും എല്ലാം നീ കണ്ടു
61 വല്ലോ? ശത്രുക്കളുടേ നിന്ദയും അവർ എന്നെ ചൊല്ലി നിരൂപിക്കുന്നതും
62 എല്ലാം, അവരുടേ ചുണ്ടുകളും ധ്യാനവും പകൽ മുഴുവൻ എന്നെക്കൊള്ളേ
63 ആയതും യഹോവേ നീ കേട്ടുവല്ലോ? അവരുടേ ഇരിപ്പും എഴുനീല്പും
64 ഞാൻ അവർക്കു ചിരിപ്പാട്ടായതും നോക്കേണമേ! പ്രതിക്രിയെക്കു തക്ക പക
65 രം യഹോവേ നീ അവർക്കു വരുത്തും; ഹൃദയാന്ധ്യത്തെ അവർക്കു കൊടുക്കും.
66 അവരുടേ മേൽ നിന്റെ ശാപം ആക! നിന്റെ കോപത്തിൽ നീ അവരെ
പിന്തുടർന്നു യഹോവവാനത്തിൻ കീഴിൽനിന്നു വേരറുക്കേണമേ!

4. അദ്ധ്യായം

പ്രഭുക്കൾ നിവാസികൾക്കും (12) പ്രവാചകപുരോഹിതരുടേ കുറ
ത്തിന്നും വിധിച്ച ശിക്ഷയും (17) മാനുഷസഹായത്തിൽ തേറിയ ജന
ത്തിന് വന്ന ആപത്തും (21) തല്ക്കാലമാത്രം.

1 അയ്യോ പൊന്ന് എങ്ങനേ മങ്ങി, നല്ല തങ്കം എങ്ങനേ മാറി! വിശു
ദ്ധരത്നങ്ങൾ എല്ലാ വീഥികോണിലും ചൊരിഞ്ഞു കിടക്കുന്ന് എങ്ങനേ!
2 ആര്യരായ ചിയോന്മക്കൾ തങ്കത്തോടു സരിയായി തുക്കപ്പെട്ട ശേഷം

കുശവന്റെ കൈ മനിഞ്ഞിട്ട് ഉടഞ്ഞ കലത്തിന്നു് ഒപ്പം എന്നു് എണ്ണുന്ന
3 തു് എങ്ങനേ! ഇളകുട്ടികൾക്കു കുറുക്കന്മാരും മുല ഊരി കുടിപ്പിക്കുന്നു,
എൻ ജനപുത്രി മരുവിലേ തീ വിഴുങ്ങിക്കു് ഒത്തു ക്രൂരയായി ചമഞ്ഞു.
4 ഉണ്ണിയുടേ നാവു ദാഹിച്ചിട്ടു് അണ്ണാക്കോടു പററിയിരിക്കുന്നു, കിടാങ്ങൾ
5 അപ്പം ചോദിക്കുമ്പോൾ അവർക്കു വിളമ്പുന്നവൻ ഇല്ല. എത്രയും രുചി
കരമായവ ഭക്ഷിക്കുന്നവർ തെരുക്കളിൽ മാഴുകിക്കിടക്കുന്നു, രക്താംബര
6 ത്തിൽ ഇരുത്തി ഓമ്പിയവർ കൂപ്പുകളെ പുല്കുന്നു. കൈകളും ഒന്നും ഓങ്ങാ
തേകണ്ടു നൊടിയിൽ മറിഞ്ഞുപോയ സദോമിൻ പാപത്തിലും എൻ
ജനപുത്രിയുടേ കുററം സാക്ഷാൽ ഏറിയതു!

7 കൊററവന്മാർ അതിൽ ഹിമത്തെക്കാളും നിർമ്മലരായി പാലിലും
വെളുവെളുത്തു, ദേഹം പവിഴത്തിലും ചുവക്കും, രൂപം നീലക്കല്ലിന്നു്
8 ഒക്കും; കോലം അവർക്കു കുറുപ്പിലും ഇരുണ്ടതു തെരുക്കളിൽ അറിയുമാ
റില്ല, അവരുടേ തോൽ അസ്ഥിയോടു് ഒട്ടി, മരം പോലേ ഉണങ്ങി
9 പ്പോയി. കുഷ്ഠുത്തു കുതന്നവരിലും വാൾ കൊത്തിയവർക്കു സുഖം ഏറും,
10 നിലത്തു് അനുഭവങ്ങളും ഇല്ലായ്മയാലല്ലോ അവർ കുത്തുകൊണ്ടു ദ്രവിച്ചു. ഗു
ണ സമ്പന്നസ്ത്രീകളുടേ കൈകളും സ്വന്തശിശുക്കളെ പാകം ചെയ്തു. എൻ ജന
11 പുത്രിയുടേ ഇടിവിൽ അവർക്കു് ഇവർ ആഹാരമായി! ചീററത്തിൻ ഊഷ്മാ
വിനെ യഹോവ ചൊരിഞ്ഞു തൻ ക്രോധത്തെ തികെച്ചു, ചിയ്യോനിൽ
തീ കത്തിച്ചതു് അതിൻ തറകളെ തിന്നുകളഞ്ഞു.

12 ജഗത്തിലേ അരചന്മാരും ഊഴിയിൽ വസിക്കുന്നവരും ഒക്കയും യരു
ശലേമിൻ വാതിലുകളിൽ മാററാനും ശത്രുവും കടക്കും എന്നു വിശ്വസിച്ചി
13 ട്ടില്ല. നന്മദ്ധ്യ നീതിമാന്മാരുടേ രക്തം ചിന്നിച്ചുള്ള അവളുടേ പ്രവാച
കന്മാരുടേ പാപത്താലും പുരോഹിതരുടേ കുററങ്ങളാലും (അതു സംഭ
14 വിച്ചു). തുണികളെ തൊട്ടുകൂടാതോളം ആയവർ ചോര പിരണ്ടു തെരുക്ക
15 ളിൽ കുരുടരായി ചാഞ്ചാടി; "നീങ്ങുവിൻ, അശുദ്ധർ! തൊടാതേ നീ
ങ്ങിപ്പോവിൻ!" എന്നു് അവരോടു വിളിപ്പാറായി, അവർ മണ്ടിയ
പ്പോൾ ഉഴന്നലഞ്ഞു, ഇനി ഇവിടേ പാർക്കരുതു് എന്നു ജാതികളിലും
16 അവരോടു പറവാറായി. യഹോവയുടേ മുഖം അവരെ ചിതറിച്ചിട്ടുണ്ടു,
അവരെ ഇനി കടാക്ഷിക്ക ഇല്ല; (ശത്രു) പുരോഹിതമുഖം ബഹുമാനി
ച്ചതും കിഴവന്മാരിൽ കനിഞ്ഞതും ഇല്ല.

17 പഴുതേ ഉള്ള സഹായത്തിന്നായി ഞങ്ങളുടേ കണ്ണുകളും ഇന്നും നോക്കി
മങ്ങുന്നു, ഞങ്ങളും കാവൽനിന്നുകൊണ്ടു രക്ഷിപ്പാൻ കഴിയാത്ത ജാതി
18 ക്കായി കാത്തിരിക്കുന്നു. കാററന്മാർ ഞങ്ങളും വീഥികളിൽ നടക്കാത
വണ്ണം എല്ലാനടകളെയും ഒററി നായാടുന്നു; ഇങ്ങു് അവസാനം അടുത്തു,
19 വാഴ്നാളും തികഞ്ഞു, സാക്ഷാൽ ഞങ്ങളുക്കു് അന്തം വന്നു. ആകാശത്തി
ലേ കഴുകിലും ഞങ്ങളെ പിന്തുടരുന്നവർക്കു വേഗത ഏറും; മലകളിൽ
ഞങ്ങളോടു പററി പിഞ്ചെല്ലുന്നു, മരുവിൽ ഞങ്ങളുക്കു പതിയിരിക്കുന്നു.
20 (ശത്രുവിൻ) കുഴികളിൽ കുടുങ്ങിപ്പോയതു മൂക്കിലേ പ്രാണങ്ങളും ആകുന്ന
യഹോവാഭിഷിക്തൻ, ഇവന്റെ നിഴലിൽ നാം ജാതികളുടേയും ജീവി
ക്കും എന്നു ഞങ്ങളും പറഞ്ഞൊരു (രാജാവു) തന്നേ.

21 സന്തോഷിച്ചു് ആനന്ദിക്ക ഊചുദേശത്തിൽ വസിക്കുന്ന ഏദോംപു
ത്രീ! നിന്നോടും കിണ്ടി എത്തും, അന്നു നീ ലഹരിപിടിച്ചു നഗ്നയായി
22 ക്കിടക്കും. ഹേ ചിയ്യോൻപുത്രീ! നിന്റെ കുററം കഴിഞ്ഞു, നിന്നെ
അവൻ ഇനി പ്രവസിപ്പിക്ക ഇല്ല! ഏദോമ്പുത്രീ, നിന്റെ കുററത്തെ
അവൻ സന്ദർശിച്ചു പാപങ്ങളെ വെളിപ്പെടുത്തും.

5. അദ്ധ്യായം

യഹൂദെക്കു വന്ന അപമാനത്തെ ദൈവം ഓർത്തു (8) പാപാനുഭവമായ
സങ്കടത്തെ വിചാരിച്ചു (17) കരുണ പുതുക്കേണം എന്നു പ്രാർത്ഥിച്ചതു.

1 യഹോവേ ഞങ്ങൾക്കു് എന്തു സംഭവിച്ചു എന്നു് ഓർത്തു ഞങ്ങടേ നിന്ദ
2 നോക്കി കാണേണമേ! ഞങ്ങളുടേ അവകാശം അന്യന്മാർക്കും വീടുകൾ
3 പരദേശക്കാക്കും തിരിഞ്ഞു ചേർന്നു. ഞങ്ങൾ അപ്പൻ ഇല്ലാതേ അനാഥരാ
4 യും അമ്മമാർ വിധവകൾക്കു് ഒത്തും ചമഞ്ഞു. ഞങ്ങടേ വെള്ളം പണത്തി
5 ന്നു വാങ്ങി കുടിക്കുന്നു, ഞങ്ങടേ വിറകു വിലെക്കു കിട്ടുന്നു. പിടരിയും പ
റി ഞങ്ങളെ പിന്തേരുന്നു, തളർന്നിട്ടും ഞങ്ങൾക്കു സ്വസ്ഥത തരുവാറില്ല.
6 അപ്പംകൊണ്ടു തൃപ്തി വരുവാൻ ഞങ്ങൾ മിസ്രൈക്കും അശ്ശൂരിന്നും കൈ കൊ
7 ടുക്കുന്നു. ഞങ്ങളുടേ അപ്പന്മാർ പിഴെച്ചു് ഇല്ലാതേയായി, അവരുടേ കുറ
ങ്ങളെയും ഞങ്ങൾ ചുമക്കുന്നു.
8 ദാസന്മാർ ഞങ്ങളിൽ വാഴുന്നു, അവരുടേ കയ്യിൽനിന്നു വിടുവിക്കുന്ന
9 വൻ ഇല്ല. മരുവിലേ വാൾ നിമിത്തം ഞങ്ങൾ പ്രാണനെ വെച്ചും കൊറ്റു
10 വരുത്തുന്നു, വിശപ്പിൻ ജ്വാലകളാൽ ഞങ്ങടേ തോൽ തീക്കലം പോലേ കാ
11 ളുന്നു. ചിയ്യോനിൽ സ്ത്രീകളെയും യഹൂദാനഗരങ്ങളിൽ കന്യമാരെയും അപ
12 രാധിച്ചു; പ്രഭുക്കന്മാർ അവരുടേ കയ്യാൽ ഞാലുകയും വൃദ്ധരുടേ മുഖത്തി
13 ന്നു് ബഹുമാനം വരായ്കയും, യുവാക്കൾ തിരിക്കല്ലു് എടുക്കയും ബാലന്മാർ
14 വിറകു (പേറി) ഇടറുകയും, കിഴവന്മാർ നഗരവാതുക്കൽ (സംഘത്തോടും)
15 ബാല്യക്കാർ വീണവായനയോടും അകന്നു് ഒഴികയും ആയി. ഇങ്ങേ ഹൃദ
16 യാനന്ദം ഒഴിഞ്ഞുപോയി, ഇങ്ങേ നൃത്തം മുറവിളിയായി തിരിഞ്ഞു, ഞ
ങ്ങളുടേ തലമേലേ കിരീടം വീണു, ഞങ്ങൾ പിഴെക്കയാൽ ഞങ്ങൾക്കു
ഹാ കഷ്ടം!
17 ഇതുകൊണ്ടു ഹൃദയം രോഗാർത്തം, ഇവകൊണ്ടു കണ്ണുകൾ ഇരുണ്ടു, ചി
18 യ്യോൻമല കുറുനരികൾ ഊടാടുവോളം പാഴായതുകൊണ്ടു തന്നേ. നീയോ
19 യഹോവേ എന്നേക്കും ഇരിക്കുന്നു, നിന്റെ സിംഹാസനം തലമുറതലമുറ
20 യോളമേ! ഞങ്ങളെ എപ്പോഴും മറപ്പതും നെടുനാളുകളോളം ഉപേക്ഷിപ്പതും
21 എന്തിന്നു? യഹോവേ ഞങ്ങളെ നിങ്കലേക്കു തിരിപ്പിച്ചു മടങ്ങുമാറാക്കുക,
22 ഞങ്ങടേ ദിവസങ്ങളെ പണ്ടേ പോലേ പുതുക്കേണമേ! അല്ലെങ്കിൽ ഞങ്ങ
ളെ മുറ്റും വെടിഞ്ഞുകളഞ്ഞു, ഞങ്ങളിൽ അത്യന്തം ക്രുദ്ധിച്ചിരിക്കയോ?

THE BOOK OF THE PROPHET

EZEKIEL.

യഹെസ്കേൽ.

1. യഹെസ്കേലിനെ പ്രവാചകനാക്കി വിളിച്ചു നിയോഗിച്ചതു.

1. അദ്ധ്യായം

(4) യഹോവയുടേ തേജസ്സു് ദർശനത്തിൽ കണ്ടതു.

1 (വയസ്സിനേറ?) മുപ്പതാം ആണ്ടിൽ നാലാം (തിങ്ങളുടേ) അഞ്ചാം തി
യ്യതിയിൽ ഞാൻ കബാർനദിയുടേ അരികിൽ പ്രവാസത്തിനേറ നടുവേ
ഇരിക്കുമ്പോഴം സംഭവിച്ചിതു: വാനങ്ങളം തുറന്നിട്ടു ദൈവദർശനങ്ങളെ
2 ഞാൻ കണ്ടു. യോയക്കീൻരാജാവു പ്രവസിച്ചിട്ടു് അഞ്ചാം ആണ്ടത്തേ ആ
3 അഞ്ചാം തിയ്യതിക്കു തന്നേ, കല്ദയദേശത്തു കബാർനദീതീരത്തിൽ പു
രോഹിതനായ ബൂജിയുടേ പുത്രനായ യഹെസ്കേലിന്നു യഹോവാവച
നം ഉണ്ടായി അവിടേ യഹോവയുടേ കൈ അവന്മേൽ വരികയും ചെയ്തു.
4 ഞാൻ കണ്ടതു്: ഇതാ വടക്കുനിന്നു കൊടുങ്കാറ്റു വരുന്നു; ഒരു വലിയ മേ
ഘവും പിണഞ്ഞ അഗ്നിയും മേഘത്തിൻ ചുററിൽ പ്രകാശവും അഗ്നിമദ്ധ്യ
5 ത്തിൽനിന്നു പഴുത്ത ലോഹത്തിൻ ആകാരം പോലേയും (കണ്ടു). തീ
നടുവിൽനിന്നു നാലു ജീവികളുടേ രൂപം (തോന്നി), അവയുടേ കാഴ്ച മാനു
6 ഷരൂപം തന്നേ. ഓരോന്നിന്നു നാലുമുഖങ്ങളും നന്നാലു ചിറകുകളും ഉണ്ടു.
7 പാദങ്ങളോ ചൊവ്വുള്ള പാദം, കാലുകളുടേ അടി കന്നിനേറ ഉള്ളങ്കാൽ
8 പോലേ, കാച്ചിയ ചെമ്പിൻ നോക്കു പോലേ (കാലുകളം) മിന്നുന്നു. ചി
റകുകളിൻ കീഴേ അവെക്കു നാലുഭാഗത്തും മനുഷ്യക്കൈകളം ഉണ്ടു, നാലു
9 ക്കും മുഖങ്ങളും ചിറകുകളും ഉണ്ടു. അതതിനേറ ചിറകുകളം മറേതിനോടു
ചേരുന്നു, നടക്കുമ്പോഴം, അവ തിരിഞ്ഞുകൊള്ളാതേ ഓരോന്നു നേരേ
10 മുന്നോട്ടു നടക്കും. മുഖങ്ങളുടേ രൂപമോ (മുമ്പിൽ) മാനുഷമുഖം, പിന്നേ
നാലുക്കും വലത്തു സിംഹമുഖം, നാലുക്കും ഇടത്തു കാളമുഖം, നാലുക്കും
11 (പിന്നിൽ) കഴുകുമുഖം. അവയുടേ മുഖങ്ങളും ചിറകുകളും മീതുൽ വേർ
പെട്ടിരുന്നു, ഈരണ്ടു ചിറകു തമ്മിൽ ചേരും, ഈരണ്ടുകൊണ്ടു സ്വദേഹങ്ങ
12 ളെ മറെക്കും. ഓരോന്നു നേരേ മുന്നോട്ടു നടക്കും, എവിടേക്കു പോവാൻ
ആത്മാവു ഭാവിച്ചതു് അവിടേക്കു പോകും, നടക്കയിൽ തിരിവാറില്ല.
13 ജീവികളുടേ രൂപം കാണുന്നതോ എരിയുന്ന തീക്കനൽ പോലേ, ദീപട്ടി
കളുടേ കാഴ്ചപോലേ, ആ തീ ജീവികളുടേ ഇടയിൽ ഊടാടും. അഗ്നിക്കു
14 ചുടരൊളിയും അഗ്നിയിൽനിന്നു പുറപ്പെടുന്ന മിന്നലും ഉണ്ടു. ജീവികളം
ഇടിത്തീകണക്കേ അങ്ങിടിങ്ങിടേ ഓടുന്നു.
15 പിന്നേ ഞാൻ ജീവികളേ കാണുമ്പോഴം ഇതാ ആ ജീവികളുടേ അടു
ക്കേ അവയുടേ നാലു മുഖങ്ങളോടു കൂടേ ഓരോ ചക്രവും ഭൂമിയിൽ കണ്ടു.
16 ചക്രങ്ങളുടേ കാഴ്ചയും പണിയും പുഷ്പരാഗത്തിനേറ നോക്കു പോലേ, നാ
ലിന്നും ഒരു രൂപം തന്നേ ഉണ്ടു, അവയുടേ കാഴ്ചയും പണിയും എങ്കിലോ
17 ചക്രത്തിൻ നടുവിൽ ചക്രം ഉള്ളതു പോലേ തന്നേ. പോകുമ്പോഴം അവ

18 നാല്വ ഭാഗത്തിലേക്കും പോകും, ചെല്ലുകയിൽ തിരിയുമാറില്ല. അതിൻ
ചുറ്റുവട്ടങ്ങൾ പൊക്കവും ഭയങ്കരവും തന്നേ, നാല്വ ചക്രങ്ങൾക്കും വട്ടങ്ങൾ
19 ചുറ്റും കണ്ണുകൾകൊണ്ടു നിറഞ്ഞവ. പിന്നേ ജീവികൾ നടക്കുമ്പോൾ
ചക്രങ്ങൾ അരികേ നടക്കും, ജീവികൾ ഭൂമിയെ വിട്ടു് ഉയർന്നാൽ ചക്ര
20 ങ്ങളും ഉയരും. എവിടേക്കു പോവാൻ ആത്മാവു ഭാവിച്ചാലും ആ ഭാവിച്ച
തിലേക്കു അവ പോകും, ജീവിയുടേ ആത്മാവു ചക്രങ്ങളിൽ ഇരിക്കയാൽ
21 ചക്രങ്ങൾ ജീവികളോടു് ഒന്നിച്ചു് ഉയരും. ഇവ പോയാൽ അവയും
പോകും, നിന്നാൽ നില്ക്കും, ഭൂമിയെ വിട്ടു ഉയർന്നാൽ ചക്രങ്ങളും ഒന്നിച്ചു്
ഉയരും, ജീവിയുടേ ആത്മാവു ചക്രങ്ങളിൽ ആയതുകൊണ്ടത്രേ.

22 ജീവിശിരസ്സുകളിന്മേൽ കാണായതോ പളുങ്കിൻ നോക്കു പോലേ
23 ഭയങ്കരമായൊരു തട്ടു അവയുടേ തലകൾക്കു മീതേ പരന്നു കണ്ടു. തട്ടിൻ
കീഴേ ആയവറിൻ ചിറകുകൾ തമ്മിൽ നേരേ ചൊവ്വായി കണ്ടു്, ഈ
24 രണ്ടുകൊണ്ടു് അതാതു സ്വദേഹങ്ങളെ മറെക്കുന്നു. ജീവികൾ നടക്കയിൽ
ചിറകുകളുടേ ഒലിയെ ഞാൻ കേട്ടതു ബഹുവെള്ളങ്ങളുടേ ശബ്ദം പോലേ
സർവ്വശക്തന്റേ നാദം പോലേ, പാളയത്തിൻ ആരവം പോലേ ഒരു പേ
25 രൊലി തന്നേ. അവ നില്ക്കയിൽ ചിറകുകളെ താഴ്ത്തും. തലകളിന്മീതേ
ഉള്ള തട്ടിന്മേൽ നിന്നു് ഒലി ഉണ്ടായി, നില്ക്കയിൽ ചിറകുകളെ താഴ്ത്തും.—
26 തലകളിൻമീതേ ഉള്ള തട്ടിൻ മീത്തലോ നീലക്കല്ലിൻ കാഴ്ച പോലേ ഓർ
27 ആസനരൂപം (കണ്ടു). ആസനരൂപത്തിൻ മേൽ മാനുഷാകാരം പോലേ
മീത്തൽ ഇരിക്കുന്നു. പഴുത്ത ലോഹത്തിൻ നോക്കുപോലേ (ആസനത്തിൻ)
ഉള്ളിൽ ചുറ്റും അഗ്നിരൂപം കണ്ടതു അവന്റേ അരയുടേ രൂപംതൊട്ടു മേ
ലോട്ടും അരയോടു കീഴോട്ടും അഗ്നിയുടേ കാഴ്ച പോലേയും അവന്റേ
28 ചുറ്റും പ്രകാശവും കണ്ടു. മാരി പൊഴിയും നാൾ മേഘത്തിലുള്ള വില്ലു
കാണുംപോലേ തന്നേ ചുറ്റുമുള്ള പ്രകാശം കാണായി. യഹോവാതേജ
സ്സിൻ രൂപം ഇങ്ങനേ കാണായി. ഞാൻ കണ്ടു മുഖം കവിണ്ണു വീണു ഉരി
യാടുന്നവന്റേ ശബ്ദം കേട്ടിതു.

2. അദ്ധ്യായം

കഠിനജനത്തിന്നു പ്രവാചകനാവാൻ നിയോഗിച്ചതും (8) പുസ്തകച്ചുരുൾ
തീറ്റിയതും.

1 അവൻ എന്നോടു പറഞ്ഞു: മനുഷ്യപുത്ര, കാലിന്മേൽ നില്ക്ക ഞാൻ
2 നിന്നോടു ഉരെക്കും, എന്നു് എന്നോടു ചൊല്ലിയാറേ, ആത്മാവു് എന്നിൽ
വന്നു എന്നെ കാലിന്മേൽ നിറുത്തി, ഉരെക്കുന്നവനെ ഞാൻ കേൾക്കയും
3 ചെയ്തു.—അവൻ എന്നോടു പറഞ്ഞു: മനുഷ്യപുത്ര ഞാൻ നിന്നെ അയ
ക്കുന്നതു് ഇസ്രയേൽപുത്രന്മാരടുക്കേ തന്നേ, എന്നോടു മറുത്ത മത്സരക്കാരാ
യി പുറജാതികളായിപ്പോയവർ അടുക്കേ; അവരും പിതാക്കളും ഇന്നേ
4 ഓളം എന്നോടു ദ്രോഹിച്ചുപോയി. മക്കളോ കഠിനമുഖവും ഉരത്ത ഹൃദയ
വും ഉള്ളവർ അവരുടേ അടുക്കേ ഞാൻ നിന്നെ അയക്കുന്നു, "യഹോവാ
5 കർത്താവു് ഇപ്രകാരം പറയുന്നു" എന്നു നീ അവരോടു പറയേണം. പിന്നേ
അവർ കേട്ടാലും ഇളെച്ചാലും (മത്സരഗൃഹമല്ലോ) പ്രവാചകൻ ഇടയിൽ ഉ
6 ണ്ടായിരുന്ന പ്രകാരം അവർ അറിയും. നീയോ മനുഷ്യപുത്ര അവരെ ഭയ
പ്പെടരുതു, വാക്കുകളെയും ഭയപ്പെടരുതു. മുള്ളുകളും തൂവകളും ഒരുമിച്ചു് കൂടി
യാലും നീ തേളുകളിന്മേൽ ഇരുന്നാലും അവരുടേ വാക്കുകളെ ഭയപ്പെടുകയും
7 മുഖങ്ങൾക്കു കൂശ്രുകയും അരുതു, മത്സരഗൃഹമല്ലോ. എന്റേ വചനങ്ങളെ അ
8 വരോടു പറയേണ്ടതു് അവർ കേട്ടാലും ഇളെച്ചാലും, മത്സരികളല്ലോ.—

നീയോ മനുഷ്യപുത്ര ഞാൻ നിന്നോട് ഉരെക്കുന്നതു കേൾക്ക, മത്സരഗൃ
ഹത്തിന്നൊത്തു മത്സരി ആകോല, വായി പിളൎന്നു ഞാൻ തരുന്നതിനെ
9 ഭക്ഷിക്ക! എന്നാറെ ഇതാ ഒരു കൈ എന്റെ നേരെ നീട്ടുന്നതും അതിൽ
10 ഇതാ പുസ്തകച്ചുരുൾ ഉള്ളതും കണ്ടു. ആയതിനെ അവർ എന്റെ മുമ്പാകെ
വിടർത്തി, അതിൽ അകത്തും പുറത്തും എഴുതീട്ടുണ്ടു, എഴുതിയതോ വിലാ
3, 1 പങ്ങളും ദീർഘശ്വാസം അയ്യോകഷ്ടം എന്നതത്രേ.— അവൻ എന്നോടു:
മനുഷ്യപുത്ര, കണ്ടതു തിന്നുക, ഈ ചുരുളിനെ ഭക്ഷിച്ചു ചെന്നു ഇസ്രയേൽ
2 ഗൃഹത്തോടു ഉരിയാടുക! എന്നു പറഞ്ഞാറെ ഞാൻ വായി തുറന്നു അവൻ
3 ആ ചുരുളിനെ എന്നെ ഭക്ഷിപ്പിച്ചു പറഞ്ഞു: മനുഷ്യപുത്ര ഈ തരുന്ന ചു
രുളാൽകൊണ്ടു നിന്റെ വയറു തീററി കുടലുകളെ നിറെക്ക! എന്നാറെ ഞാൻ
ഭക്ഷിച്ചു അതു വായിൽ തേനിനൊത്ത മധുരമായി.

3. അദ്ധ്യായം

(4) ഉദ്യോഗത്തിന്നു വേണ്ടുന്ന ശക്തിയെ പ്രവാചകനു പറഞ്ഞുകൊടു
ത്തതല്ലാതെ (10) പ്രവാസികളുടെ ഇടയിൽ ആക്കിയ ശേഷം (16) കാവ
ലാളിയുടെ തുരം ഏല്പിച്ചതും (22) ആദിയിൽ മിണ്ടായ്വാൻ കല്പിച്ചതും.

4 അവൻ എന്നോടു പറഞ്ഞിതു: അല്ലയോ മനുഷ്യപുത്ര ഇസ്രയേൽ ഗൃഹ
ത്തെ ചെന്നു കണ്ടു എന്റെ വചനങ്ങളെക്കൊണ്ടു അവരോടു ഉരിയാടുക!
5 തെളിയാത്ത ചുണ്ടും കനത്ത നാവും ഉള്ളൊരു ജനത്തിന്നല്ലല്ലോ ഇസ്രയേൽ
6 ഗൃഹത്തിന്നടുക്കൽ അത്രേ നീ അയക്കപ്പെട്ടവൻ. പല വംശങ്ങളും തെളി
യാത്ത ചുണ്ടും കനത്ത നാവും ഉണ്ടായി പറയുന്ന വാക്കു നീ ഗ്രഹിക്ക ഇല്ല,
നിന്നെ ഞാൻ അയക്കുന്നതോ നിന്നെ കേട്ടു ഗ്രഹിക്കുന്നവരുടെ അടുക്കലേ
7 ക്കത്രേ. ഇസ്രയേൽഗൃഹമാകട്ടേ നിന്നെ കേൾപ്പാൻ മനസ്സില്ലാത്തതു എ
ന്നെ കേൾപ്പാൻ മനസ്സു് ഒട്ടും ഇല്ലായ്കയാൽ അത്രേ; ഇസ്രയേൽഗൃഹം
8 ഒക്കയും ഉരത്ത നെററിയും കഠിനഹൃദയവും ഉള്ളതല്ലോ. ഇതാ ഞാൻ അവ
രുടെ മുഖത്തിന്നു നേർ നിന്റെ മുഖവും അവരുടെ നെററിക്കു നേർ നിന്റെ
9 നെററിയും ഉറപ്പിച്ചു തരുന്നു. പാറയിലും ഉരത്ത വജ്രത്തിന്നു നിന്റെ നെ
ററിയെ സമമാക്കുന്നു. അവരെ ഭയപ്പെടുകയും അവരുടെ മുഖത്തിന്നു ക്ഷ്ര
കയും ഒല്ല, അവർ മത്സരഗൃഹമല്ലോ.
10 പിന്നെ എന്നോടു പറഞ്ഞു: മനുഷ്യപുത്ര നിന്നോടു ഞാൻ ചൊല്ലുന്ന
വചനങ്ങളെ ഒക്കയും ഹൃദയത്തിൽ ഉൾക്കൊണ്ടു ചെവികളിൽ കേട്ടുകൊണ്ടു,
11 പ്രവാസമാകുന്ന നിൻ ജനപുത്രർ അടുക്കലേക്കു പോയി ചെന്നു ''യഹോ
വാകർത്താവു് ഇപ്രകാരം പറയുന്നു'' എന്നു് അവരോടു ചൊല്ലിക്കൊണ്ടു
12 അവർ കേട്ടാലും ഇളെച്ചാലും ഉരിയാടി പോരിക! എന്നപ്പോൾ കാററു്
എന്നെ എടുത്തു, ''യഹോവാതേജസ്സു് അനുഗ്രഹിക്കപ്പെടാവു'' എന്നു്
അവന്റെ സ്ഥാനത്തുനിന്നു പേരൊലി ശബ്ദിക്കുന്നതു് എന്റെ പിന്നിൽ
13 കേട്ടു. ജീവികളുടെ ചിറകുകൾ തമ്മിൽ തൊടുന്ന നാദവും അരികയുള്ള
14 ചക്രങ്ങളുടെ ആരവവും പേരൊലിയായും (കേട്ടു). കാററു് എന്നെ എടുത്തു
വഹിക്കുമ്പോൾ ഞാൻ ആത്മാവിൻ ഊഷ്മാവിൽ മനം കൈക്ക ചെന്നു,
15 യഹോവയുടെ കൈ എന്മേൽ ഉരത്തുതാനും. കബാർനദീതീരത്തു പ്രവാ
സികൾ കൂടിയിരിക്കുന്ന തേലബീബിൽ ഞാൻ വന്നു, അവർ ഇരിക്കുന്ന
വിടത്തു ഏഴു ദിവസം തരിപ്പു പിടിച്ചു് അവരുടെ ഇടയിൽ ഇരുന്നു.
16 ഏഴു ദിവസം കഴിഞ്ഞപ്പോൾ യഹോവാവചനം എനിക്കു് ഉണ്ടായി
17 പറഞ്ഞിതു: മനുഷ്യപുത്ര ഞാൻ നിന്നെ ഇസ്രയേൽഗൃഹത്തിന്നു കാവലാ
ളി ആക്കിവെച്ചു, എൻ വായിൽനിന്നു വചനത്തെ നീ കേട്ടു് എങ്കൽ നി
18 ന്നു് അവരെ സൂക്ഷിപ്പിക്ക! ഞാൻ ദുഷ്ടനോടു ''നീ മരിക്കേ ഉള്ളു'' എന്നു

പറയുമ്പോൾ, നീ അവനെ സൂക്ഷിപ്പിക്കാതേയും ദുർവ്വഴിയിൽ നിന്നു
ദുഷ്ടനെ ഓർപ്പിച്ചു ജീവിപ്പിക്കേണ്ടതിന്നു ഉരിയാടാതേയും ഇരുന്നാൽ, ദുഷ്ടൻ
തൻ കുറ്റത്താൽ മരിക്കും എങ്കിലും അവന്റെ രക്തത്തെ നിൻ കയ്യിൽ
19 നിന്നു ഞാൻ ചോദിക്കും. നീയോ ദുഷ്ടനെ സൂക്ഷിപ്പിച്ചിട്ടും അവൻ തൻ
ദുഷ്ടതയും ദുർവ്വഴിയും വിട്ടു തിരിയാഞ്ഞാൽ അവൻ തൻ കുറ്റത്താൽ മരി
20 ക്കും, നിൻ ദേഹിയെ നീ വിടുവിച്ചു താനും.—പിന്നേ നീതിമാൻ തൻ
നീതിയെ വിട്ടുമാറി അക്രമം ചെയ്താലോ ഞാൻ ഇടർച്ചയെ അവന്റെ
മുമ്പിൽ വെച്ചാൽ അവൻ മരിക്കും; ആയവനെ നീ സൂക്ഷിപ്പിച്ചില്ല എ
ങ്കിൽ തൻ പാപത്താൽ മരിക്കും, അവൻ ചെയ്ത നീതികളും ഓർക്കപ്പെടുക
യില്ല, അവന്റെ രക്തത്തെ നിൻ കയ്യിൽനിന്നു ഞാൻ ചോദിക്കും താ
21 നും. നീയോ നീതിമാൻ പാപം ചെയ്വായ്വാൻ അവനെ സൂക്ഷിപ്പി
ച്ചിട്ടു നീതിമാൻ പിഴെക്കാതിരുന്നാൽ അവൻ സൂക്ഷിപ്പിക്കപ്പെടുകയാൽ
ജീവിക്കേ ഉള്ളു, നീയും നിൻ ദേഹിയെ വിടുവിച്ചു.

22 അവിടേ യഹോവകൈ എന്മേൽ ആയി: ''അല്പയോ എഴുനീറു
താഴ്വരെക്കു പോ, അവിടേ ഞാൻ നിന്നോടു ഉരിയാടും'' എന്നു അവൻ
23 പറഞ്ഞാറേ, ഞാൻ എഴുനീറു താഴ്വരെക്കു പുറപ്പെട്ടു പോയി, ഇതാ ക
ബാർ നദീതീരത്തു കണ്ട തേജസ്സു പോലേ യഹോവാതേജസ്സു അവിടേ
24 നില്ക്കുന്നു, ഞാൻ മുഖം കവിണ്ണു വീണു. പിന്നേ ആത്മാവു എന്നിൽ പുക്കു
എന്നെ കാലിന്മേൽ നിൎത്തി അവൻ എന്നോടു ചൊല്ലിയതു: നീ ചെന്നു
25 പുരെക്കകത്തു നിന്നെ അടെച്ചിരിക്ക! മനുഷ്യപുത്രാ കണ്ടാലും നിന്മേൽ
കയറുകളും ഇട്ടു നിന്നെ കെട്ടി അവരുടേ ഇടയിൽ പുറപ്പെടാതേ ആക്കും.
26 നിന്റെ നാവും ഞാൻ അണ്ണാക്കിൽ പറ്റിക്കും നീ മിണ്ടാതേ പാർത്തു
അവൎക്കു ശാസിക്കുന്ന ആളാകാതേ ഇരിപ്പാൻ തന്നേ; അവർ മത്സരഗൃഹ
27 മല്ലോ. പിന്നേ ഞാൻ നിന്നോടു ഉരിയാടുമ്പോൾ ഞാൻ നിന്റെ വായി
തുറക്കും, നീ അവരോടു ''യഹോവാകൎത്താവു ഇവ്വണ്ണം പറയുന്നു, കേൾ
ക്കുന്നവൻ കേൾക്ക, ഇളെക്കുന്നവൻ ഇളെക്കുക!'' എന്നു പറയേണം; അവർ
മത്സരഗൃഹമല്ലോ.

II. യരുശലേമിലും ഇസ്രയേലിലും ന്യായവിധി. (അ. 4–24.)

4. അദ്ധ്യായം

മൂന്നു കൎമ്മങ്ങളാൽ (1. 4. നു) യരുശലേമിന്റെ നിരോധത്തെ സൂചി
പ്പിച്ചതു.

1 മനുഷ്യപുത്രാ ഓർ ഇട്ടികയെ എടുത്തു നിന്മുമ്പിൽ വെച്ചു യരുശലേം എന്ന
2 ഒരു പട്ടണത്തെ അതിൽ വരെച്ചു, അതിന്നു നേരേ വളച്ചൽ തുടങ്ങുക! അ
തിനെക്കൊള്ളേ കൊന്തളങ്ങളെ തീൎത്തു പുറ്റു മേടുകൂന്നിച്ചു അതിനെക്കൊ
3 ള്ളേ പാളയങ്ങളും ഇട്ടു ചുഴവേ യന്ത്രമുട്ടികളെ വെക്ക. പിന്നേ ഇരിമ്പുകലം
എടുത്തുംകൊണ്ടു നിനക്കും പട്ടണത്തിന്നും മദ്ധ്യേ ഇരിമ്പുഭിത്തി ആക്കി
സ്ഥാപിക്ക, അതിന്നു നേരേ മുഖത്തെ വെക്കയും അതു നിരോധത്തിൽ
ആവാൻ അതിനെ മുട്ടിക്കയും വേണം. ഇസ്രയേൽഗൃഹത്തിന്നു ഇതു
അടയാളം.
4 അനന്തരം ഇടത്തുപുറത്തു ചരിഞ്ഞു ഇസ്രയേൽഗൃഹത്തിൻ കുറ്റത്തെ അതി
ന്മേൽ വെച്ചുകൊൾക, നീ അതിന്മേൽ കിടക്കുന്ന നാളുകളുടേ എണ്ണത്തോ
5 ളും അവരുടേ കുറ്റത്തെ ചുമക്ക. അവരുടേ കുറ്റത്തിൻ ആണ്ടുകളെ ഞാൻ

നിനക്കു നാളുകളുടേ എണ്ണം ആകും; മുന്നൂററിത്തൊണ്ണൂറുനാൾ നീ ഇസ്രാ
6 യേൽഗൃഹത്തിൻ കുറ്റത്തെ ചുമക്കും. ഇവ തികെച്ചാൽ പിന്നേ രണ്ടാമതു
വലത്തുപുറത്തു ചരിഞ്ഞു യഹൂദാഗൃഹത്തിൻ കുറ്റത്തെ 40 നാൾ ചുമക്ക;
7 ഓരോ ആണ്ടിന്നു ഓരോ നാൾ നിനക്കു തരുന്നുണ്ടു. ഇനി യരുശലേമെ
വളവാൻ നീ മുഖത്തെയും ഊരിയുള്ളജ്ജത്തെയും വെച്ചുകൊണ്ടു അതിനെ
8 കൊള്ളേ പ്രവചിക്ക. നീ വളയുന്ന (430) നാളുകൾ തികെപ്പോളം പുറം
മാറി പുറത്തേക്കു തിരിയായ്വാൻ ഞാൻ ഇതാ നിനക്കു കയറുകൾ
ഇടുന്നു.
9 അനന്തരം കോതമ്പു യവം അവര പയറു തിന ചാമ ഇവ വാങ്ങി ഒരു
പാത്രത്തിൽ ഇട്ടു നിണക്കു അപ്പം ആകുക; നിൻ പുറത്തു ചരിഞ്ഞു കിട
10 ക്കുന്ന നാളുകളുടേ എണ്ണത്തോളം 390 നാൾകൊണ്ടു അതു ഭക്ഷിക്ക. നീ
ഭക്ഷിക്കുന്ന ആഹാരം തൂക്കപ്രകാരം ആക: ഓരോ നാൾക്കു ഇരുപതു ഉറു
11 പ്പികത്തൂക്കം, രണ്ടു മൂന്നു നേരത്തു ഉപജീവിക്ക. വെള്ളവും അളവിൻ
പ്രകാരം ഹീനിൽ ഷഷ്ഠംഭാഗം (ഒർ ഉര) കുടിക്ക, രണ്ടു മൂന്നു നേരത്തു കുടി
12 ക്ക. ആ അപ്പം യവദോശ പോലേ തിന്നുകയും അവർ കാൺകേ മനുഷ്യ
13 കാഷ്ഠവരടിയിൽ ചുടുകയും വേണം. ഇവ്വണ്ണം ഇസ്രായേൽപുത്രന്മാർ ഞാൻ
അവരെ ആട്ടിക്കളയുന്ന ജാതികൾ ഇടയിൽ തങ്ങളുടേ അപ്പത്തെ അശുദ്ധ
14 മായി ഭക്ഷിക്കും എന്നു യഹോവ പറഞ്ഞു.— അയ്യോ യഹോവാകർത്താവേ
ഈ എന്റെ ദേഹിക്കു ഒരു തീണ്ടലും ഉണ്ടായില്ല, ചെറുപ്പം മുതൽ ഇന്നേ
വരേയും ചത്തതും ചീന്തിയതും ഞാൻ തിന്നിട്ടില്ല, തീണ്ടിറച്ചി വായിൽ
15 വന്നതും ഇല്ല എന്നു ഞാൻ പറഞ്ഞപ്പോൾ, കണ്ടാലും മനുഷ്യകാഷ്ഠത്തിന്നു
പകരം ഞാൻ നിനക്കു ചാണകം തരുന്നുണ്ടു, അതിൽ നിന്റെ അപ്പം വേ
16 വിക്കാം എന്നു എന്നോടു പറഞ്ഞാറേ: മനുഷ്യപുത്ര ഇതാ ഞാൻ യരുശ
ലേമിൽ അപ്പമാകുന്ന കോലിനെ ഒടിക്കുന്നു. അപ്പവും വെള്ളവും കുറക
17 യാൽ അവർ തൂക്കത്തിലും ഖേദത്തിലും അപ്പം തിന്നുകയും അളവിലും
അച്ചത്തിലും വെള്ളം കുടിക്കയും അവനവൻ മാഴ്കി തങ്ങളുടേ അകൃത്യ
ത്തിൽ ഉരുകി മങ്ങുകയും ചെയ്യും എന്നു പാണ്ടു.

5. അദ്ധ്യായം

യരുശലേമിൻ നാശത്താൽ (5) ന്യായവിധിയുടേ ഹേതുവും (10) വി
ധിയും തെളിയും.

1 **നീ**യോ മനുഷ്യപുത്ര മൂർത്ത വാൾ എടുത്തു ക്ഷൌരക്കത്തിയായി പ്രയോ
ഗിച്ചു കൊണ്ടു തലമേലും താടിയിലും ചിരെക്ക, പിന്നേ തുലാത്തട്ടം വാ
2 ങ്ങി (രോമത്തെ) പകുക്ക. വളച്ചലിന്റെ നാളുകൾ തികഞ്ഞാൽ മൂന്നൊ
ന്നു നഗരമദ്ധ്യേ തീയിൽ ഇട്ടു ചുടുക, മൂന്നൊന്നു എടുത്തു പട്ടണത്തിൻ ചു
റ്റും വാൾകൊണ്ടു വെട്ടുക, മൂന്നൊന്നു കാറ്റത്തു ചിന്നിക്ക (3 മോ. 26,
3 33). ആയവരുടേ പിന്നാലേ ഞാൻ വാളിനെ ഊരും. അതിൽ നിന്നു
എണ്ണത്തിൽ അസാരം എടുത്തു വസ്ത്രവിളുമ്പുകളിൽ മുറുക്കിക്കൊൾക.
4 ആയതിൽ ഇനി ചിലതും എടുത്തു തീനടുവിൽ എറിഞ്ഞു തീയിൽ ചുടു
ക. ഇതിൽനിന്നു ഇസ്രായേൽസർവ്വഗൃഹത്തിലേക്കും ഒർ അഗ്നി പുറപ്പെ
ടും.
5 യഹോവാകർത്താവു ഇപ്രകാരം പറയുന്നു: ഈ യരുശലേമിനെ ഞാൻ
6 ജാതികളുടേ നടുവിലും രാജ്യങ്ങളേ ചുറ്റിലും വെച്ചിരിക്കുന്നു. ആയതു
ദുഷ്ടതെക്കു ചാഞ്ഞു ജാതികളെക്കാളും എൻ ന്യായങ്ങളോടു ചുറ്റുമുള്ള രാ
ജ്യങ്ങളെക്കാളും എൻ വെപ്പുകളോടും മറുത്തുപോയി; എൻ ന്യായങ്ങളെ
7 അവർ വെറുത്തു എൻ വെപ്പുകളിൽ നടക്കാതേ പോയല്ലോ. അതുകൊണ്ടു

യഹോവാകത്താവ് ഇപ്രകാരം പറയുന്നു: നിങ്ങൾ ചുറുമുള്ള ജാതികളെ
ക്കാളും മദിച്ചു പുളെച്ചു എന്റെ വെപ്പുകളിൽ നടക്കായ്കയും ന്യായങ്ങളെ
ചെയ്യായ്കയും അല്പാതേ ചുറുമുള്ള ജാതികളുടേ ന്യായങ്ങളോളവും ചെയ്യാ
8 ത്തതുകൊണ്ടു, യഹോവാകത്താവ് ഇവ്വണ്ണം പറയുന്നു: ഇതാ ഈ ഞാൻ നി
ന്നെക്കൊള്ളേ (വരും), ജാതികൾ കാൺകേ നിന്നടുവിൽ ന്യായവിധിക
9 ളെ നടത്തും. ഞാൻ (പണ്ടു) ചെയ്യാത്തതും ഇനി ചെയ്വാൻ പോകാ
ത്തതും നിന്റെ എല്ലാ അറെപ്പുകൾ നിമിത്തം നിന്നിൽ ചെയ്യും.
10 അതുകൊണ്ടു നിന്നടുവിൽ അപ്പന്മാർ മക്കളെ തിന്നും മക്കൾ അപ്പന്മാരെ
യും തിന്നും, ഞാൻ നിങ്കൽ വിധികളെ നടത്തി നിന്റെ ശേഷിപ്പ് ഒക്ക
11 യും എല്ലാ കാറുകളിലേക്കും ചിന്നിക്കും. അതുകൊണ്ടു് എൻ ജീവനാണ
നിന്റെ എല്ലാ അറെപ്പുകളാലും വെറുപ്പുകളാലും എൻ വിശുദ്ധസ്ഥലത്തെ
നീ തീണ്ടിക്കകൊണ്ടു ഞാൻ ആദരിയാതവണ്ണം കണ്ണിനെ അകറും,
ഞാൻ മനമലികയും ഇല്ല എന്നു യഹോവാകർത്താവിൻ അരുളപ്പാടു. നി
12 ന്നിൽ മൂന്നൊന്നു മഹാവ്യാധികൊണ്ടു മരിക്കയും വിശപ്പുകൊണ്ടും നിന്മ
ദ്ധ്യേ ക്ഷയിക്കയും, മൂന്നൊന്നു നിന്റെ ചുററിൽ വാൾകൊണ്ടു വീഴകയും,
മൂന്നൊന്നിനെ ഞാൻ എല്ലാ കാറുകളിലേക്കും ചിന്നിച്ച അവരുടേ പി
13 ന്നാലേ വാൾ ഊരുകയും ചെയ്യും. ഇങ്ങനേ എൻ കോപം തീരും, ഞാൻ
അവരിൽ എൻ ഊഷ്മാവിനെ ആററി പ്രതിക്രിയ തികെക്കും, ഞാൻ
ഊഷ്മാവിനെ അവരിൽ നിവൃത്തിച്ചാൽ യഹോവയായ ഞാൻ എൻ
14 എരിവിൽ ഉരെച്ചു എന്നു് അവർ അറിയും. നിന്റെ ചുറുമുള്ള ജാതിക
ളിൽ ഞാൻ കടക്കുന്നവൻ എല്ലാം കാൺകേ നിന്നെ ഇടിവും നിന്ദയും ആ
15 ക്കും. ഞാൻ കോപത്തിലും ഊഷ്മാവിലും അതിശിക്ഷകളിലും നിങ്കൽ
വിധികളെ നടത്തുമ്പോൾ (യരുശലേം) ചുറുമുള്ള ജാതികൾക്കു നിന്ദയും
അപവാദവും ശാസനയും ഭ്രമവും ആകും; യഹോവയായ ഞാൻ ഉരെച്ചു;
16 നാശത്തിന്നായുള്ള ക്ഷാമത്തിൻ ദുരസ്ത്രങ്ങളെ ഞാൻ അവരിൽ അയക്കു
മ്പോൾ തന്നേ. നിങ്ങളെ സംഹരിപ്പാൻ ഞാൻ അവ അയക്കയും ക്ഷാമ
ത്തെ നിങ്ങടേ മേൽ കൂട്ടുകയും നിങ്ങൾക്കു് അപ്പക്കോലിനെ ഒടിക്കയും
17 ചെയ്യും. നിങ്ങളുടേ മേൽ ക്ഷാമത്തെയും മക്കളില്ലാതാകുന്ന ദുർമ്മൃഗങ്ങളെ
യും അയക്കുന്നതു് അല്പാതേ മഹാവ്യാധിരക്തവും നിന്നിൽ കടക്കും വാ
ളിനെയും നിന്മേൽ വരുത്തും; യഹോവയായ ഞാൻ ഉരെച്ചു.

6. അദ്ധ്യായം

നാട്ടിൽ വ്യാപിച്ച ബിംബാരാധനെക്കു ശിക്ഷയും (8) ശേഷിപ്പിന്നു
രക്ഷയും (11) ന്യായവിധിയുടേ നീതിയും അറിയിച്ചതു.

1. 2 യഹോവാവചനം എനിക്കു് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര ഇസ്ര
യേൽമലകൾക്കു നേരേ മുഖം വെച്ചു അവെക്കു് എതിരേ പ്രവചിച്ചു പറ
3 ക: ഹേ ഇസ്രയേൽമലകളേ യഹോവാകർത്താവിൻ വചനം കേൾപ്പിൻ!
മലകുന്നുകളോടും താഴ്വരപള്ളങ്ങളോടും യഹോവാകർത്താവ് ഇപ്രകാരം
പറയുന്നു: ഈ ഞാൻ നിങ്ങടേ മേൽ ഇതാ വാൾ വരുത്തി നിങ്ങടേ കുന്നു
4 കാവുകളെ കെടുക്കുന്നു. നിങ്ങളേ ബലിപീഠങ്ങൾ ശൂന്യമാകയും സൂര്യസ്തം
ഭങ്ങൾ തകരുകയും ഞാൻ നിങ്ങളുടേ മുട്ടങ്ങളുടേ മുമ്പാകേ കതന്നവരെ വീ
5 ഴിക്കയും, ഇസ്രയേൽപുത്രശവങ്ങളെ അവരുടേ മുട്ടങ്ങളുടേ മുമ്പിൽ ഇടുക
യും, നിങ്ങടേ അസ്ഥികളെ അങ്ങേ ബലിപീഠങ്ങളുടേ ചുറും ചിന്നിക്ക
6 യും ആം. നിങ്ങളുടേ എല്ലാ വാസസ്ഥലങ്ങളിലും ഊരുകൾ ഇടിഞ്ഞും കു
ന്നുകാവുകൾ പാഴായും പോവതു അങ്ങേ ബലിപീഠങ്ങൾ ഇടിഞ്ഞു കെട്ടും
അങ്ങേ മുട്ടങ്ങൾ തകർന്നും അററും സൂര്യസ്തംഭങ്ങൾ വെട്ടി മുറിഞ്ഞും

നിങ്ങടേ പണികഠം മാഞ്ഞും മുടിവാൻ തന്നേ. നിങ്ങടേ നടുവിൽ കൃതർന്ന
7 വർ വീഴും, ഞാൻ യഹോവ എന്നു നിങ്ങഠം അറികയും ചെയ്യും.
8 എങ്കിലും നിങ്ങഠം ദേശങ്ങളിൽ ചിന്നിപ്പോകുമ്പോഠം വാളിന്നു ചാടി
പ്പോരുന്നവർ നിങ്ങഠംക്കു ജാതികളിൽ ഇരിപ്പാനായി ഞാൻ ശേഷിപ്പി
9 നെ വെച്ചേക്കും. ആ ചാടിപ്പോയവർക്കു എന്നെ വിട്ടുമാറിയ വേശ്യാഹൃദ
യത്തെയും തങ്ങളുടേ മുട്ടങ്ങളോടു പററിപ്പോയ വേശ്യാക്കണ്ണുകളെയും നു
ക്കിക്കൊണ്ടു ശേഷം അവർ നിർവ്വസിച്ചു ചെന്ന ജാതികളിൽ എന്നെ ഓ
ർത്തു തങ്ങഠം എല്ലാ വെറുപ്പുകളിലും ചെയ്ത ദോഷങ്ങളെ വിചാരിച്ചു ഉള്ളിൽ
10 മനമ്പിരിച്ചൽ തോന്നീട്ടു, ഞാൻ യഹോവ എന്നും ഈ തിന്മ അവർക്കു
ചെയ്യും എന്നും വെറുതേ അല്ല പറഞ്ഞതു് എന്നും അറികയും ചെയ്യും.
11 യഹോവാകർത്താവു് ഇപ്രകാരം പറയുന്നു: കൈയിണ കൊട്ടി കാൽ ച
വിട്ടി പറക: വാഠം ക്ഷാമം മഹാവ്യാധി ഇവയാൽ വീഴവാന്തക്കവണ്ണം
ഇസ്രയേൽഗൃഹം ചെയ്ത എല്ലാ വല്ലാത്ത വെറുപ്പുകഠംക്കും അഹ.ഹ! ദൂര
12 സ്ഥൻ മഹാവ്യാധിയാൽ ചാകും സമീപസ്ഥൻ വാഠംകൊണ്ടു വീഴും മി
ഞ്ചിയവനും കാക്കപ്പെട്ടവനും വിശന്നു മരിക്കും ഇങ്ങനേ എൻ ഊഷ്മാവി
13 നെ അവരിൽ തീർക്കും. തങ്ങളുടേ സകലമുട്ടങ്ങഠംക്കും ഇഷ്ടഗന്ധത്തെ കു
ഴിച്ച സ്ഥലങ്ങളിൽ ഉയർന്ന കുന്നു തോറും പർവ്വതശിഖരം തോറും പച്ചമ
രത്തിങ്കീഴ്തോറും തഴച്ച മാവിങ്കീഴ്തോറും കൃതർന്നവർ അവരുടേ മുട്ട
ങ്ങളുടേ നടുവേ ബലിപീഠങ്ങളുടേ ചുറും കിടക്കുമ്പോഠം ഞാൻ യഹോവ
14 എന്നു നിങ്ങഠം അറിയും. ഞാൻ അവരുടേ മേൽ കൈ നീട്ടി അവരുടേ കു
ടിയിരിപ്പുകളിൽ എല്ലാം ദിബ്ലത്തുമരുവിനെക്കാഠം ദേശത്തെ ശൂന്യവും
സന്നവും ആക്കും, ഞാൻ യഹോവ എന്നു് അവർ അറികയും ചെയ്യും.

7. അദ്ധ്യായം

ദേശനാശം (5) അടുത്തു (10) കടുതും (15) സാമാന്യവും (23) അന്ത്യവും ആകും.

1. 2 യഹോവാവചനം എനിക്കു് ഉണ്ടായിതു: മനുഷ്യപുത്രു യഹോവാകർ
ത്താവു് ഇപ്രകാരം പറയുന്നു: ഇസ്രയേൽനാട്ടിന്നു മുടിവു! ദേശത്തിൻ നാ
3 ലു ദിക്കുകളിലും മുടിവു വരുന്നു. ഇപ്പോഠം നിന്മേൽ മുടിവു വരുന്നു, എൻ
കോപത്തെ ഞാൻ നിന്നിൽ അയച്ചു നിന്റേറ വഴികഠംക്കു തക്ക ന്യായം
വിധിച്ചു നിന്റേറ സകലവെറുപ്പുകളെയും നിന്മേൽ വരുത്തും. എൻ കണ്ണു
4 നിന്നെ ആദരിക്ക ഇല്ല ഞാൻ മനമലികയും ഇല്ല, നിന്റേറ വഴികളെ നി
ന്മേൽ വരുത്തുകേ ഉള്ളു, നിൻ വെറുപ്പുകഠം നിൻ നടുവിൽ ആകും, ഞാൻ
യഹോവ എന്നു നിങ്ങഠം അറികയും ചെയ്യും.
5 യഹോവാകർത്താവു് ഇപ്രകാരം പറയുന്നു: തിന്മ വരുന്നു, തിന്മ ഇതാ
6 ഒന്നു തന്നേ. മുടിവു വന്നു, മുടിവു വന്നു നിന്നെക്കൊള്ളേ ഉണർന്നു, ഇതാ വ
7 രുന്നു. ദേശവാസിയേ നിണക്കു വിധിയോഗം വരുന്നു, കാലം വരുന്നു, നാഠം
അടുത്തു, മലകളിൽ ആർപ്പല്ല ആരവാരമത്രേ. ഇപ്പോഠം വൈകാതേ എൻ
8 ഊഷ്മാവിനെ നിന്മേൽ ചൊരിഞ്ഞു എൻ കോപത്തെ നിന്നിൽ തീർത്തു
വഴികഠംക്കു തക്ക ന്യായം വിധിച്ചു നിന്റേറ സകലവെറുപ്പുകളെയും നി
9 ന്മേൽ ഇടും. (4) എൻ കണ്ണു് ആദരിക്ക ഇല്ല ഞാൻ മനമലികയും ഇല്ല,
വഴികഠംക്കു തക്കതു നിന്മേൽ ഇടും, നിൻ വെറുപ്പുകഠം നിൻ നടുവിൽ ആ
കും, യഹോവയായ ഞാൻ അടിക്കുന്നു എന്നു നിങ്ങഠം അറിവാനേ.
10 നാഠം ഇതാ, വിധിയോഗം ഇതാ ഉദിക്കുന്നു, വടി തെഴുക്കുന്നു, (കല്
11 ദയു) ഗർവ്വം പൂക്കുന്നു. സാഹസം ദുഷ്ടതെക്കു വടിയായി വളരുന്നു. അവരി
ലും അവരുടേ കോലാഹലത്തിലും വസ്തു സഞ്ചയത്തിലും ഒന്നും നാസ്തി,

12 അവരിൽ ശ്രേയസ്സ് ഏതും ഇല്ല. നേരം വരുന്നു, നാൾ എത്തുന്നു; ക്രോധം
അവളുടേ സകലകോലാഹലത്തിന്നും തട്ടുകയാൽ കൊണ്ടവൻ സന്തോ
13 ഷിയായ്ക വിറ്റവൻ ദുഃഖിയായ്ക! വിറ്റവൻ ജീവികളോട് ഇനി ജീവി
ച്ചാലും വിറ്റതിലേക്കു മടങ്ങുക ഇല്ലല്ലോ; അവളുടേ സകലകോലാഹല
ത്തിന്നും എതിരേ ദർശിച്ചതു മടങ്ങുക ഇല്ല സ്പഷ്ടം തൻ കുറ്റത്താൽ ആരും
14 സ്വജീവനെ ഉറപ്പിക്കയും ഇല്ല. കൊമ്പ് ഊതി വിളിച്ചു സർവ്വം കോപ്പിടു
ന്നു, എൻ ക്രോധം അവളുടേ സകല കോലാഹലത്തിന്നും തട്ടുകയാൽ ആ
രും പടെക്കു പോകാ താനും.
15 പുറത്തു വാൾ, അകത്തു മഹാവ്യാധിയും ക്ഷാമവും! വയലിൽ ഉള്ളവൻ
വാളാൽ ചാകും, പട്ടണത്തിൽ ഉള്ളവനെ ക്ഷാമവും മഹാവ്യാധിയും തി
16 ന്നും. അവരിൽ ചാടുന്നവർ ഒഴിച്ചുപോന്നാൽ മലകളിൽ (ഉഴന്നു) താഴ്വ
17 രകളിലേ പ്രാവുകൾപോലേ അവനവൻ തൻ കുറ്റം ചൊല്ലി കുറുകും. എല്ലാ
കൈകളും തളരും, എല്ലാ മുഴങ്കാലും വെള്ളമായി ഉരുകും. രട്ടിനെ ഉടുക്കും,
18 ത്രാസം അവരെ മൂടും, സകലമുഖങ്ങളിൽ ലജ്ജയും സകലതലകളിൽ കഷ്ട
19 ണ്ടിയും (കാണും). തങ്ങളുടേ വെള്ളിയെ തെരുക്കളിൽ എറിഞ്ഞുകളയും,
പൊന്നും അവക്കു തീട്ടം എന്ന തോന്നും; യഹോവയുടേ ചീറ്റനാളിൽ അ
വരുടേ വെള്ളിയും പൊന്നും അവരെ ഉദ്ധരിപ്പാൻ പോരാ, ദേഹികൾക്കു
അതിനാൽ തൃപ്തിയും കുടലുകൾക്കു നിറവും വരുത്തുക ഇല്ല; അത് അവക്കു
20 അകൃത്യത്തിന്നു ഇടർച്ച ആയല്ലോ. അതിനാലുള്ള ആഭരണശോഭയെ അവർ
ഗർവ്വത്തിന്നായി പ്രയോഗിച്ചതല്ലാതേ തങ്ങളുടേ ചീബിംബങ്ങളായ വെ
റുപ്പുകളെ അതിനാൽ ഉണ്ടാക്കി, അതുകൊണ്ടു ഞാൻ അതിനെ അവക്കു തീ
21 ട്ടം ആക്കുന്നു. ആയതിനെ അന്യരുടേ കയ്യിൽ കൊള്ളയും ലോകദുഷ്ടന്മാക്കു
22 കവർച്ചയും ആക്കിക്കൊടുക്കും, ഇവർ അതു ബാഹ്യമാക്കും. അവരിൽനി
ന്നു എന്മുഖത്തെ തിരിക്കും, എന്റേ നിധിയെ അവർ ബാഹ്യമാക്കുവാൻ ത
ന്നേ; ഉഗ്രന്മാരും അതിൽ കടന്നു അതിനെ ബാഹ്യമാക്കും.
23 ദേശം രക്തപാതകത്താലും പട്ടണം സാഹസത്താലും നിറഞ്ഞിരിക്ക
24 യാൽ ചങ്ങലയെ ഉണ്ടാക്കുക. ആയവരുടേ വീടുകളെ അടക്കുവാൻ ഞാൻ
വിടക്കു ജാതികളെ വരുത്തും അവരുടേ വിശുദ്ധസ്ഥലങ്ങൾ ബാഹ്യമാവാൻ
25 ശക്തന്മാരുടേ പ്രതാപത്തെ ഞാൻ ശമിപ്പിക്കും. അറുതി വന്നു! അവർ സ
26 മാധാനം അന്വേഷിക്കും, അത് ഇല്ലതാനും. ആപത്തോട് ആപത്തു കൂട്ട
ന്നു, കേട്ടു കേളിയോടു കേളി എത്തുന്നു; അന്നു പ്രവാചകനോടു ദർശനം അ
ന്വേഷിക്കും, എങ്കിലും പുരോഹിതനോടു ധർമ്മോപദേശവും മൂപ്പന്മാ
27 രോടു മന്ത്രണവും കെടും. അരചൻ വിലപിക്കും, പ്രഭു പരിഭ്രമം ഉടുക്കും,
നാട്ടാരുടേ കൈകൾ മെരിണ്ടു പോം, അവരുടേ വഴിക്ക് ഒത്തവണ്ണം ഞാൻ
അവരോടു ചെയ്തു അവരുടേ ന്യായങ്ങളിൻ പ്രകാരം ന്യായം വിധിക്കും,
ഞാൻ യഹോവ എന്ന് അവർ അറികയും ചെയ്യും.

8. അദ്ധ്യായം. (–11.)

യരുശലേമിലേ നാനാബിംബാരാധനയും (അ.9) അതിൻ നിമിത്തം നിവാസികളെ അശേഷം വെട്ടിക്കൊല്ലുന്നതും (10) പട്ടണത്തോടു മന്ദിരവും ദൈവത്യക്തമായി നശിക്കുന്നതും (11,1) ന്യായവിധിയിൽ പിന്നേ രക്ഷ വരുന്നതും (11,22) ദൈവസാന്നിദ്ധ്യം നഗരത്തെ വിട്ടു നീങ്ങുന്നതും കണ്ടോരു ദർശനം.

1 ആറാം ആണ്ടിൽ ആറാം (തിങ്കളുടേ) അഞ്ചാം തിയ്യതിയിൽ ഉണ്ടായിതു: ഞാൻ വീട്ടിൽ ഇരിക്കേ യഹൂദമൂപ്പന്മാർ എന്റേ മുമ്പാകെ ഇരിക്കുമ്പോൾ യഹോവാകർത്താവിൻ കൈ എന്മേൽ വീണിട്ടു ഞാൻ കണ്ടിതു:

2 ഇതാ അഗ്നിരൂപം പോലേ കാണായി; അവന്റെ അരയുടേ രൂപം തൊട്ടു
കീഴോട്ടു അഗ്നിയുടെ കാഴ്ച പോലേയും അരയോടു മേലോട്ടു പഴത്ത ലോ
3 ഹത്തിൽ നോക്കുപോലേ ഒരു പ്രഭയും കാണായി. അവൻ കൈയുടേ ഭാഷ
യായതു നീട്ടി എന്നെ തലയിലേ കുറും പറിപ്പിടിച്ചു കാറും എന്നെ എ
ടുത്തു വാനഭൂമികളുടേ മദ്ധ്യേ (വഹിച്ചു) ദൈവദർശനങ്ങളിൽ യരുശലേ
മിൽ കൊണ്ടുവന്നു വടക്കുമുഖമായ അകമുറ്റത്തിൻ വാതിൽപ്പടിക്കു് (ആ
ക്കി), എരിവു ജനിപ്പിക്കുന്ന ജാരവിഗ്രഹം ഉള്ളേടത്തു തന്നേ. ഞാൻ താഴ്ച
4 രയിൽ (3,22) കണ്ട കാഴ്ച പോലേ ഇസ്രയേൽ ദൈവത്തിന്റെ തേജസ്സു്
ഇതാ അവിടേ (കാണായി).
5 അവൻ എന്നോടു: മനുഷ്യപുത്ര വടക്കോട്ടു കണ്ണുകളെ ഉയർത്തുക എന്നു
പറഞ്ഞാറേ ഞാൻ വടക്കോട്ടു കണ്ണുകളെ ഉയത്തി അതാ ബലിപീഠവാതി
6 ലിന്നു വടക്കു പ്രവേശത്തികൽ ആ ജാരവിഗ്രഹം ഉണ്ടു. അവൻ എന്നോടു
പറഞ്ഞു: അവർ ചെയ്യുന്നതു കണ്ടുവോ? എൻ വിശുദ്ധസ്ഥലത്തോടു ഞാൻ
അകലുവാന്തക്ക വലിയ അറെപ്പുകളും ഇസ്രയേൽഗൃഹം ഇവിടേ ചെയ്യുന്നതു.
ഇനി ഏറവലിയ അറെപ്പുകളെ നീ കാണും.—പിന്നേ അവൻ (പുറ) മുറ
7 ത്തിൻ വാതില്ക്കലേക്കു് എന്നെ വരുത്തിയപ്പോൾ ചുവരിൽ അതാ ഒരു
8 തുള കണ്ടു. അവൻ എന്നോടു: മനുഷ്യപുത്ര ചുവർ തുരന്നു കയറുക! എന്നു
9 പറഞ്ഞാറേ ഞാൻ ചുവർ തുരന്നു അതാ ഒരു വാതിൽ കണ്ടു. ഇവിടേ കട
ന്നു അവർ ചെയ്യുന്ന വല്ലാത്ത അറപ്പുകളെ കാൺക! എന്നു് അവൻ പറ
10 ഞ്ഞാറേ ഞാൻ കടന്നു കണ്ടതു: ഇഴജാതിപശ്വാദി വെറുപ്പുകളുടേ സകലവ
ടിവും ഇസ്രയേൽഗൃഹത്തിൻ മുട്ടങ്ങളും എല്ലാം അതാ ചുവർമേൽ ചുറും
11 ചിത്രം വരെച്ചു നില്ക്കുന്നു. ശഫാൻപുത്രനായ യാജന്യാ നടുവിൽ നില്ക്കേ
ഇസ്രയേൽഗൃഹത്തിൻ മൂപ്പന്മാർ എഴുപതുപേർ അവനവൻ കയ്യിൽ താന്താ
ന്റെ കലശം പിടിച്ചും അവയുടേ മുമ്പാകേ നിന്നുകൊണ്ടു ധൂപമേഘത്തിൻ
12 സൌരഭ്യം പൊങ്ങി കണ്ടു. അവൻ എന്നോടു പറഞ്ഞു: മനുഷ്യപുത്ര ഇസ്ര
യേൽഗൃഹത്തിൻ മൂപ്പന്മാർ അവനവൻ തൻ ചിത്രപ്പണി മുറിയകത്തു ഇരി
ട്ടുത്തു ചെയ്യുന്നതു കണ്ടുവോ? യഹോവ നമ്മെ കാണാതു യഹോവ ദേശ
ത്തെ സാക്ഷാൽ വിട്ടുകളഞ്ഞു എന്നു് അവർ പറയുന്നുവല്ലോ.— പിന്നേ
13 അവർ ചെയ്യുന്ന ഏറവലിയ അറെപ്പുകളെ നീ കാണും എന്നു ചൊല്ലി,
14 അവൻ യഹോവാലയത്തിന്റെ വടക്കേ വാതില്പടിക്കു് എന്നെ വരുത്തി.
അവിടേ അതാ സ്ത്രീകൾ കുത്തിയിരുന്നു തമ്മൂജിനെ ചൊല്ലി കരയുന്നു.
15 മനുഷ്യപുത്ര കണ്ടുവോ? ഇനി ഇതിൽ ഏറ വലിയ അറെപ്പുകളെ നീ
16 കാണും, എന്നു് അവൻ എന്നോടു പറഞ്ഞു, യഹോവാലയത്തിൻ അകമു
റത്തിൽ വരുത്തി. അതാ യഹോവാമന്ദിരപ്രവേശത്തികൽ മണ്ഡപത്തി
നും ബലിപീഠത്തിനും നടുവേ ഇരുപത്തഞ്ചു പുരുഷന്മാർ യഹോവമന്ദിര
ത്തിന്നു പുറം കാട്ടി മുഖം കിഴക്കു നോക്കി ഇരിക്കുന്നു; അവർ കിഴക്കു്
17 ആദിത്യനെ തൊഴുന്നു. അവൻ എന്നോടു പറഞ്ഞു: മനുഷ്യപുത്ര കണ്ടുവോ?
യഹൂദാഗൃഹം ഇവിടേ ചെയ്യുന്ന വെറുപ്പുകളും അനുഷ്ഠിക്കുന്നതു പോരാഞ്ഞി
ട്ടോ ദേശത്തിൽ സാഹസം നിറെച്ചു പുനഃപുനഃ എന്നെ മുഷിപ്പിക്കുന്നതു?
അവർ ഇതാ വള്ളിക്കൊടിയെ തങ്ങളുടേ മൂക്കു തൊടുവിക്കുന്നു. ഞാനും
18 ഊഷ്മാവിൽ പ്രവൃത്തിക്കും എൻ കണ്ണു് ആദരിക്ക ഇല്ല മനമലികയും ഇല്ല,
എൻ ചെവികളിൽ ഒലിപൊങ്ങ അവർ നിലവിളിച്ചാലും ഞാൻ അവരെ
കേൾക്കയും ഇല്ല.

9, 1 **എ**ന്റെ ചെവികളിൽ ഒലിയെഴ അവൻ വിളിച്ചിതു: ഹോ നഗര
വിചാരക്കാരേ അവനവൻ സംഹാരായുധം കയ്യിൽ എടുത്തുംകൊണ്ടു് അടു
2 പ്പിൻ! എന്നാറേ വടക്കോട്ടുള്ള മേൽവാതുക്കൽനിന്നു് അതാ ആറു പുരുഷ
ന്മാർ കയ്യിൽ കുലക്കോപ്പും പിടിച്ചു വരുന്നു, മദ്ധ്യേ വെള്ള ഉടുത്തു അര
യിൽ എഴുത്തന്റെ മഷിക്കുപ്പി ഉള്ള ഒരാളും ഉണ്ടു. ആയവർ വന്നു ചെമ്പു

3 ബലിപീഠത്തിന്നരികേ നില്ക്കുന്ന. ഇസ്രഃയൽ ദൈവത്തിന്റെ തേജസ്സോ
കെരൂബിന്മേൽ ഇരുന്നവിടം വിട്ടയൎന്നു ആലയപ്പടിക്കൽ ചെന്നു, അരയിൽ
മഷിക്കുപ്പിയുമായി വെള്ള ഉടുത്ത ആളിനെ വിളിച്ചു, യഹോവ അവനോടു
4 പറഞ്ഞിതു: ഈ നഗരനടുവിൽ യരുശലേമൂടേ നീ കടന്നു ഇതിൽ നടക്കുന്ന
എല്ലാ അറെപ്പുകളെയും വിചാരിച്ചു ഞരങ്ങി അലറുന്ന ആളുകളുടേ നെറ്റി
കളിന്മേൽ ക്ഷുശക്ഷരം കുറിക്ക. മറ്റവരോടു ഞാൻ കേൾക്കേ പറഞ്ഞു:
5 ഇവന്റെ പിന്നാലേ പട്ടണത്തൂടേ കടന്നു വെട്ടുവിൻ! നിങ്ങളുടേ കണ്ണു
ആദരിയായ്ക മനമലിയായ്ക! വൃദ്ധർ ബാലർ കന്യമാർ സ്ത്രീകുട്ടികൾ ഏവരെ
6 യും കൊന്നുകളവിൻ! അക്ഷരം ഉള്ള ആരെയും മാത്രം തൊടായ്വിൻ! എൻ
വിശുദ്ധ സ്ഥലത്തിൽ തന്നേ തുടങ്ങുവിൻ. എന്ന ഉടനേ ആലയത്തിൻ
7 മുന്നേ നില്ക്കുന്ന വൃദ്ധന്മാരിൽ അവർ തുടങ്ങി. അല്പയോ ആലയത്തെ അശു
ദ്ധമാക്കി മുറ്റങ്ങളിൽ കുതന്നവരെ നിറെപ്പിൻ! പുറപ്പെടുവിൻ! എന്നു
അവൻ പറഞ്ഞപ്പോൾ അവർ പുറപ്പെട്ടു പട്ടണത്തിൽ അറുത്തു പോരു
കയും ചെയ്തു.
8 അവർ കൊല്ലുകയിൽ ഞാൻ ശേഷിച്ചപ്പോൾ മുഖം കവിണ്ണു വീണു:
അയ്യോ കൎത്താ യഹോവേ യരുശലേമിന്മേൽ നിന്റെ ഊഷ്മാവിനെ ചൊ
രിയുന്നതിനാൽ ഇസ്രയേലിൻ ശേഷിപ്പു എല്ലാം ഒടുക്കുമോ? എന്നു നില
9 വിളിച്ചു പറഞ്ഞാറെ, അവൻ എന്നോടു പറഞ്ഞു: ഇസ്രയേൽ യഹൂദാഗൃ
ഹത്തിന്റെ കുറ്റം അത്യന്തം വലിയതു. യഹോവ ദേശത്തെ വിട്ടുകളഞ്ഞു
എന്നും യഹോവ ഒട്ടും കാണാതു എന്നും അവർ ചൊല്ലുകയാൽ നാട്ടിൽ
രക്തങ്ങൾ നിറഞ്ഞും പട്ടണത്തിൽ വക്രത വഴിഞ്ഞും ഇരിക്കുന്നു. എന്നിട്ടു
10 ഞാനും കണ്ണു ആദരിയാതേയും മനമലിയാതേയും അവരുടേ വഴിയെ
11 അവർ തലമേൽ വരുത്തുന്നുണ്ടു. എന്നാറെ അരയിൽ മഷിക്കുപ്പിയുമായി
വെള്ള ഉടുത്ത ആൾ ഇതാ (വന്നു:) കല്പിച്ചപ്രകാരം ഞാൻ ചെയ്തു എന്നു
ബോധിപ്പിച്ചു.

10,1 അപ്പോൾ ഞാൻ കണ്ടിതു: കെരൂബുകളുടേ തലെക്കു മീതേ ഉള്ള തട്ടിന്മേൽ
നീലക്കല്ലുപോലേ ആസനരൂപത്തിന്നു ഒത്തതു ഉണ്ടു; അവയുടേ മേൽ
2 അവൻ കാണായി, വെള്ള ഉടുത്ത ആളോടു പറഞ്ഞു: കെരൂബിൻ കീഴേ ഉള്ള
ചക്രച്ചുഴലിൻ നടുവേ നീ പുക്കു കെരൂബുകൾ ഇടയിൽനിന്നു തീക്കനലുകൾ
കൊണ്ടു മുഷ്ടികളെ നിറെച്ചു പട്ടണത്തിന്മേൽ വിതറുക. എന്നാറെ ഞാൻ
3 കാൺകേ അവൻ പുക്കു. ആയവൻ പൂകുമ്പോൾ കെരൂബുകൾ ആലയത്തിൻ
വലത്തു നില്ക്കുന്ന മേഘം അകമുറ്റത്തെ നിറെക്കുന്നു. യഹോവാതേജസ്സോ
4 കെരൂബിന്മേൽനിന്നു ഉയൎന്നു ആലയപ്പടിക്കൽ ചെന്നിരുന്നു, ആലയം മേഘ
ത്താൽ നിറഞ്ഞു, മുറ്റം യഹോവാതേജസ്സിൻ പ്രകാശത്താൽ സമ്പൂൎണ്ണം.
5 കെരൂബുകളുടേ ചിറകൊലി പുറമുറ്റം വരെക്കും സൎവ്വശക്തൻ ഉരിയാടുന്ന
ശബ്ദം പോലേ കേളായി. ശേഷം വെള്ള ഉടുത്ത ആളോടു: നീ കെരൂബുകൾ
6 ഇടയിൽ ചക്രച്ചുഴലിൻനടുവിൽനിന്നു തീ എടുക്ക എന്നു കല്പിച്ചപ്പോൾ
അവൻ വന്നു ചക്രത്തിന്നരികേ നിന്നു; ഉടനേ കെരൂബുകൾ ഇടയിൽനിന്നു
7 ഒരു കെരൂബു കെരൂബുകൾ നടുവേ ഉള്ള തീയിലേക്കു കൈ നീട്ടി എടുത്തു
വെള്ള ഉടുത്തവന്റെ മുഷ്ടികളിൽ കൊടുത്തു. ആയവൻ വാങ്ങി പുറപ്പെട്ടു
8 പോയി. ഇങ്ങനേ കെരൂബുകളിൽ ചിറകുകളിൻ കീഴേ മാനുഷകൈയുടേ
ഭാഷ കാണായി.
9 പിന്നേ ഞാൻ കണ്ടിതു: കെരൂബുകൾക്കു അടുക്കേ അതാ നാലു ചക്ര
ങ്ങൾ, ഓരോ കെരൂബോടു ഓരോ ചക്രം ചക്രങ്ങളുടേ കാഴ്ച പുഷ്പരാഗ
10 ത്തിന്റെ നോക്കുപോലേ. നാലിന്നും ഒരു രൂപം തന്നേ കാണായി
11 ചക്രത്തിൻ നടുവിൽ ചക്രം ഉള്ളതു പോലേ തന്നേ. പോകുമ്പോൾ അവ
നാലുഭാഗത്തിലേക്കും പോകും, ചെല്ലുകയിൽ തിരിയുമാറില്ല, തല നോ
ക്കുന്നവിടത്തേക്കു പിന്നാലേ നടക്കും, ചെല്ലുകയിൽ തിരിക ഇല്ല.

12 അവയുടേ ശരീരം ഒക്കയും മുതുകും കൈകളും ചിറകുകളും ചക്രങ്ങളും മുച്ചൂടും
കണ്ണുകൾകൊണ്ടു നിറഞ്ഞവ, നാലിനോടും അതതിന്റേ ചക്രങ്ങൾ തന്നേ.
13 ആ ചക്രങ്ങളോടു ഞാൻ കേൾക്കേ "അല്ലയോ ചുഴലുക" എന്നു വിളിക്ക
14 പ്പെട്ടു. ഓരോന്നിന്നു നാലു മുഖങ്ങൾ ഉണ്ടു, ഒന്നാമതിൻ മുഖം ആ കരു
ബിന്റേ മുഖം, രണ്ടാമതിൻമുഖം മാനുഷമുഖം, മൂന്നാമതു സിംഹമുഖം,
15 നാലാമതു കഴുകിൻ മുഖം. പിന്നേ കരുബുകൾ ഉയർന്നു, കബാർനദിയി
16 ങ്കൽ ഞാൻ കണ്ട ജീവി ഇതത്രേ. കരുബുകൾ നടക്കുമ്പോൾ ചക്രങ്ങൾ
അരികേ നടക്കും, കരുബുകൾ ഭൂമിയെ വിട്ടു ഉയരുവാൻ ചിറകുകളെ കുട
ഞ്ഞാൽ ചക്രങ്ങളും അവരെ വിട്ടു തിരിക ഇല്ല. അവർ നിന്നാൽ ഇവ
17 നില്ക്കും, ഉയർന്നാൽ ഇവ കൂടേ ഉയരും, ജീവിയുടേ ആത്മാവു് അകത്തു്
18 ഇരിക്കയാലത്രേ.— പിന്നേ യഹോവാതേജസ്സു ആലയപ്പടിമേൽനിന്നു
പുറപ്പെട്ടു കരുബുകളുടേ മീതേ എഴുന്നെള്ളി: കരുബുകൾ ചിറകുകളെ കുട
19 ഞ്ഞു പുറപ്പാടു ഞാൻ കാൺകേ ഭൂമിയെ വിട്ടുയർന്നു, ചക്രങ്ങളും ഒരുമിച്ചു
(പോയി) യഹോവാലയത്തിൻ കിഴക്കേ വാതിൽപ്രവേശത്തിങ്കൽനിന്നു
കൊണ്ടു, അവയുടേ മേൽ ഇസ്രയേൽദൈവത്തിൻ തേജസ്സു മീത്തൽ
20 ആകുന്നു. കബാർനദിയിങ്കൽ ഞാൻ ഇസ്രയേൽദൈവത്തിന്റേ കീഴേ
കണ്ട ജീവി ഇതത്രേ, അവ കരുബുകൾ എന്നു ഞാൻ അറികയും ചെയ്തു.
21 ഓരോന്നിന്നു നന്നാലു മുഖവും നന്നാലു ചിറകും ചിറകുകളിൻ കീഴേ മനു
ഷ്യക്കൈകളുടേ ഭാഷയും ഉണ്ടു. മുഖങ്ങളുടേ രൂപമോ കബാർനദിമേൽ
22 ഞാൻ കണ്ട മുഖങ്ങൾ തന്നേ, കാഴ്ചയും വസ്തുവും തന്നേ. ഓരോന്നു നേരേ
മുന്നോട്ടു നടക്കും.

11, 1 കാറ്റു് എന്നെ എടുത്തു പൂർവ്വദിക്കു നോക്കുന്ന യഹോവാലയത്തിൻ
കിഴക്കേ വാതിലുലേക്കു കൊണ്ടുപോയി. അതാ വാതിൽപ്രവേശത്തിൽ
ഇരുപത്തഞ്ചുപേർ ഉള്ളതിൽ അജ്ജൂർപുത്രൻ യജന്യാവും ബനായാപുത്രൻ
പലത്യാവും ഇങ്ങനേ ജനപ്രഭുക്കൾ (ഇരുവരെയും) ഞാൻ കണ്ടു. അവൻ
2 എന്നോടു പറഞ്ഞു: മനുഷ്യപുത്ര ഈ പട്ടണത്തിൽ അതിക്രമം വിചാരിച്ചു
3 ദുർമ്മന്ത്രണം ഗ്രഹണദോഷിച്ചുംകൊണ്ടു, "(പ്രവാസത്തിൽ) വീടുകളെ പണി
വാൻ (യിറ. 29, 5) അണഞ്ഞതല്ല; ഈ (പട്ടണം) കുട്ടകവും നാം മാം
സവും ആകുന്നു" എന്നു പറയുന്നവർ ഈ ആളുകൾ തന്നേ. അതുകൊണ്ടു്
4 അവർക്കു നേരേ പ്രവചിക്ക! മനുഷ്യപുത്ര പ്രവചിക്ക! എന്നാറേ യഹോ
5 വാത്മാവു് എന്മേൽ വീണു് എന്നോടു പറഞ്ഞു: യഹോവ ഇപ്രകാരം പറ
യുന്നു: ഇസ്രയേൽഗൃഹമേ, നിങ്ങൾ ഇങ്ങനേ പറയുന്നു, നിങ്ങളുടേ മന
6 സ്സിൽ ഉദിക്കുന്നവ ഞാൻ അറിയുന്നു. ഈ പട്ടണത്തിൽ കൊല്ലപ്പെട്ടവരെ
നിങ്ങൾ പെരുപ്പിച്ചു കുതന്നവരെക്കൊണ്ടു തെരുക്കളെ നിറെച്ചു. അതു
7 കൊണ്ടു യഹോവാകർത്താവു് ഇപ്രകാരം പറയുന്നു: ഇതിൻ നടുവിൽ
നിങ്ങൾ കൊന്നേച്ചവർ തന്നേ മാംസവും ഇതു കുട്ടകവും ആകുന്നു, നിങ്ങളെ
യോ ഇതിൽനിന്നു പുറപ്പെടീക്കും. വാളിനെ നിങ്ങൾ ഭയപ്പെടുന്നു,
8 വാളിനെ ഞാൻ നിങ്ങൾമേൽ വരുത്തും എന്നു യഹോവാകർത്താവിൻ
9 അരുളപ്പാടു. ഇതിന്നടുവിൽനിന്നു ഞാൻ നിങ്ങളെ പുറപ്പെടീച്ചു അന്യ
രുടേ കയ്യിൽ കൊടുത്തു നിങ്ങളിൽ ന്യായവിധികൾ നടത്തും. നിങ്ങൾ
10 വാൾകൊണ്ടു വീഴും ഇസ്രയേലിൻ അതിരിങ്കൽ ഞാൻ നിങ്ങൾക്കു
ന്യായം വിധിക്കും, ഞാൻ യഹോവ എന്നു നിങ്ങൾ അറികയും ചെയ്യും.
11 ഇതിൻ ഉള്ളിൽ നിങ്ങൾ മാംസം ആകുംവണ്ണം ഇതു നിങ്ങൾക്കു കുട്ടകം
ആക ഇല്ല, ഇസ്രയേലിൻ അതിരിങ്കലേ ഞാൻ നിങ്ങൾക്കു ന്യായം
12 വിധിക്കുന്നുള്ളു. എൻ വെപ്പുകളിൽ നടക്കാതേ എൻ ന്യായങ്ങളെ അനു
ഷ്ഠിക്കാതേ ചുറുമുള്ള ജാതികളുടേ ന്യായങ്ങളിൻപ്രകാരം ചെയ്തിട്ടുള്ള
നിങ്ങൾ ഞാൻ യഹോവ എന്നു് അറികയും ചെയ്യും.
13 ഞാൻ പ്രവചിക്കയിൽ ബനായാപുത്രൻ പലത്യാ മരിക്കയായി.

ഞാൻ മുഖം കവിണ്ണുവീണ ഉച്ചത്തിൽ നിലവിളിച്ചു: അയ്യോ യഹോവാ
കത്താവേ ഇസ്രയേലിൻ ശേഷിപ്പിനെ നീ മുടിച്ചുകളയുന്നു! എന്നു പറ
14 ഞ്ഞു. അപ്പോഴും യഹോവാവചനം എനിക്കുണ്ടായി പറഞ്ഞിതു: മനുഷ്യ
15 പുത്രൻ(ഈ പ്രവസിച്ച)നിന്റെ സഹോദരന്മാർ ഈ സഹോദരന്മാർ നിന്റെ
അനന്ത്രക്കാരും ഒട്ടൊഴിയാതെ ഇസ്രയേൽഗൃഹം സമസ്തവും അത്രേ. യഹോ
വയോടു അകലേ നില്പിൻ, ഈ ദേശം ഞങ്ങൾക്കത്രേ അടക്കമായി നല്കു
16 പ്പെട്ടിരിക്കുന്നു എന്നു യരുശലേംനിവാസികളും അവരോടു പറഞ്ഞുവല്ലോ.
അതുകൊണ്ടു പറക: യഹോവാകത്താവു ഇപ്രകാരം പറയുന്നു: ആയവരെ
ഞാൻ ജാതികളിൽ അകറ്റി രാജ്യങ്ങളിൽ ചിന്നിച്ചു സ്പഷ്ടം എങ്കിലും അ
വർചെന്ന രാജ്യങ്ങളിൽ ഞാൻ അവർക്കു കുറയ കാലത്തേക്കു വിശുദ്ധസ്ഥലം
17 ആയ്വന്നു. അതുകൊണ്ടു പറക: യഹോവാകർത്താവു ഇവ്വണ്ണം പറയുന്നു:
ഞാൻ വംശങ്ങളിൽനിന്നു നിങ്ങളെ ചേർത്തു നിങ്ങൾ ചിന്നിപ്പോയ രാ
ജ്യങ്ങളിൽനിന്നു കൂട്ടിക്കൊണ്ടു ഇസ്രയേൽഭൂമിയെ നിങ്ങൾക്കു തരും. ആ
18 യതിൽ അവർ പുക്കു എല്ലാ വെറുപ്പുകളെയും അറെപ്പുകളെയും ഒക്കയും അ
19 തിൽനിന്നു നീക്കിക്കളയും. അവർക്കു ഏകഹൃദയം നല്കും, നിങ്ങടേ ഉള്ള
ത്തിൽ പുതിയ ആത്മാവിനെയും ആക്കും; അവരുടേ മാംസത്തിൽനിന്നു
20 കൽഹൃദയത്തെ നീക്കി മാംസഹൃദയം അവർക്കു കൊടുപ്പത്രേ, അവർ എൻ
വെപ്പുകളിൽ നടന്നു എൻ ന്യായങ്ങളെ സൂക്ഷിച്ചും ചെയ്തും പോരേണ്ടതിന്നു
21 ത്രേ. അവർ എനിക്കു ജനവും ഞാൻ അവർക്കു ദൈവവും ആയ്ച്ചമയും.
ആരുടേ ഹൃദയമോ അവരുടേ അറെപ്പുവെപ്പുകളുടേ ഹൃദയത്തിലേക്കു ചെ
ന്നാലും, അവരുടേ വഴിയെ ഞാൻ അവർ തലമേൽ വരുത്തുന്നുണ്ടു എന്നു
യഹോവാകത്താവിൻ അരുളപ്പാടു.

22 അപ്പോഴും കൂബുകളും ചിറകുകളെ കുടഞ്ഞു അരികേ ഉള്ള ചക്രങ്ങളും
(ഇളകി) അവെക്കു മേൽ ഇസ്രയേൽദൈവത്തിൻ തേജസ്സു മീത്തൽ ഉണ്ടു.
23 യഹോവാതേജസ്സു നഗരമദ്ധ്യത്തിൻമേൽനിന്നു കയറി പട്ടണത്തിന്നു കിഴ
24 ക്കുള്ള മലമേൽ നില്ക്കയും ചെയ്തു. എന്നെയോ കാറ്റു എടുത്തു ദർശനത്തിൽ
ദൈവാത്മാവിൽ തന്നേ കല്ദയെക്കു പ്രവാസത്തിന്നവിടേ കൊണ്ടുചെ
25 ന്നു, ഞാൻ കണ്ട കാഴ്ച പൊക്കമാകയും ചെയ്തു. എനിക്കു കാണിച്ച യ
ഹോവാവചനങ്ങളും ഒക്കെയും ഞാൻ പ്രവാസത്തോടു ഉരെച്ചു,

12. അദ്ധ്യായം

അരചനും ജനവും നഗരം വിട്ടു യാത്രയാകുന്നതും (17) അവരുടേ സങ്കട
വും (21) ശിക്ഷയുടേ സമീപതയും കാട്ടിയതു.

1. 2 യഹോവാവചനം എനിക്കു ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്രൻ നീ
മത്സരഗൃഹത്തിൻ ഇടയിൽ പാർക്കുന്നു, കാണ്മാൻ കണ്ണുകളും ഉണ്ടായിട്ടും കാ
ണാതേയും കേൾപ്പാൻ ചെവികളും ഉണ്ടായിട്ടും കേൾക്കാതേയും ഇരിപ്പതു
3 മത്സരഗൃഹം ആകകൊണ്ടത്രേ. നീയോ മനുഷ്യപുത്രൻ നിവ്വാസക്കോപ്പുകളെ
ഒരുക്കിക്കൊണ്ടു പകൽസമയത്തു അവർ കാൺകേ യാത്ര ആക; നിന്റെ
ഇടം വിട്ടു മറ്റൊരിടത്തേക്കു അവരുടേ കണ്ണുകളും കാൺകേ കടന്നു പോ.
4 പക്ഷേ അവർ കാണും, മത്സരഗൃഹമല്ലോ. പകലേ അവർ കാൺകേ
നിവ്വാസക്കോപ്പു പോലേ നിന്റെ തട്ടുമുട്ടു പുറത്താക്കുക, വൈകീട്ടു അവർ
5 കാൺകേ നിർവ്വസിച്ചു പോകുന്നവരെ പോലേ പുറപ്പെടുക. അവർ കാൺ
കേ ചുവർതുരന്നു കൊണ്ടു (കോപ്പിനെ) അതിൽകൂടി പുറത്താക്കുക. അ
6 വർ കാൺകേ ചുമലിൽ എടുത്തുംകൊണ്ടു കൂരിരുട്ടിൽ യാത്രയാക. ദേശ
ത്തെ കാണാതേ മുഖത്തെ മൂടിക്കൊൾക. കാരണം: ഇസ്രയേൽഗൃഹത്തിന്നു
7 ഞാൻ നിന്നെ അത്ഭുതക്കുറി ആക്കിവെച്ചതു. എന്നു കല്പിച്ചപ്രകാരം ഞാൻ

ചെയ്തു, നിർവ്വാസക്കോപ്പു പോലേ പകലത്തു എന്റെ ഉരുപ്പടി പുറത്താ
ക്കി വൈകീട്ടു കൈകൊണ്ടു ചുവർ തുരന്നു, കൂരിരുട്ടത്തു അവർ കാൺകേ
ചുമലിൽ എടുത്തു പുറത്തേക്കു കൊണ്ടുപോയി.
8 പുലർച്ചെക്കു യഹോവാവചനം എനിക്കു ഉണ്ടായി പറഞ്ഞിതു: മനു
9 ഷ്യപുത്രാ മത്സരഗൃഹമാകുന്ന ഇസ്രയേൽഗൃഹക്കാർ നിന്നോടു നീ എന്തു
10 ചെയ്യുന്നു? എന്നു പറഞ്ഞിട്ടില്ലയോ? അവരോടു പറക: യഹോവാകർ
ത്താവു് ഇപ്രകാരം പറയുന്നു: യരുശലേമിലേ മന്നവനും അതിലുള്ള
11 ഇസ്രയേൽഗൃഹത്തിന്നും ഒക്കവേ ഈ ആജ്ഞ (ചേരുന്നതു). ഞാൻ നിങ്ങ
ൾക്കു അത്ഭുതക്കുറി, ഞാൻ ചെയ്ത പോലേ അവക്കു ചെയ്യപ്പെടും, നിർ
12 വ്വസിച്ച പ്രവാസത്തിലാമാറു പോകും, എന്നു പറക! അവർ ഇടയിൽ
ഉള്ള മന്നവൻ ചുമലിൽ എടുത്തും കൊണ്ടു കൂരിരുട്ടിൽ പുറപ്പെടും, അവർ
ചുവർ തുരന്നു തുളയൂടേ കടത്തും. ദേശത്തെ കണ്ണാലേ കാണാതവണ്ണം മുഖ
13 ത്തെ മൂടും. എൻ വലയെ അവന്റെ മേൽ വീശും, എൻ കണിയിൽ അ
വൻ കുടുങ്ങും, കല്ദയദേശത്തു ബാബേലിൽ ഞാൻ അവനെ പൂകിക്കും,
14 ആയതു് അവൻ കാണാതേ അവിടേ മരിക്കും. അവന്റെ തുണയും പടച്ചാ
ത്തും എല്ലാം ചുറ്റുമുള്ളവരെ ഒക്കയും ഞാൻ എല്ലാ കാറ്റിലേക്കും ചിന്നി
15 ക്കും അവരുടേ പിന്നാലേ വാൾ ഊരും. അവരെ ജാതികളിൽ ചിതറിച്ചു
രാജ്യങ്ങളിൽ ചിന്നിക്കയിൽ ഞാൻ യഹോവ എന്നു് അവർ അറികയും
16 ചെയ്യും. എങ്കിലും വാൾ ക്ഷാമം മഹാവ്യാധി ഇവയിൽനിന്നു ഞാൻ അവ
ക്കു ഏതാനും ആളുകളെ ശേഷിപ്പിക്കും, ആയവർ വന്നു ചേരുന്ന ജാതിക
ളിൽ തങ്ങളുടേ അറെപ്പുകളും എല്ലാം വിവരിപ്പാനും ഞാൻ യഹോവ എന്നു്
അറിവാനും തന്നേ.
17. 18 യഹോവാവചനം എനിക്കു് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്രാ നി
ന്റെ അപ്പത്തെ നടുക്കത്തിൽ ഭക്ഷിച്ചും നിന്റെ വെള്ളം വിറയലിലും ഖേ
19 ദത്തിലും കുടിച്ചും കൊൾക. നാട്ടുജനത്തോടു പറക: ഇസ്രയേൽദേശത്തുള്ള
യരുശലേംനിവാസികളോടു യഹോവാകർത്താവു് ഇപ്രകാരം പറയുന്നു:
അവർ തങ്ങളുടേ അപ്പം ഖേദിച്ചു ഭക്ഷിക്കയും വെള്ളം സ്തംഭിച്ചു കുടിക്കയും
ചെയ്യും, ആ ദേശം കുടിയിരിക്കുന്ന എല്ലാവരുടേ സാഹസം നിമിത്തം നി
20 റവു് അറക്കളഞ്ഞു പാഴായിപ്പോകയാൽ തന്നേ. കുടിയിരിക്കുന്ന ഊരുകളും
ഒഴിഞ്ഞും നാടു കാടായും കിടക്കും, ഞാൻ യഹോവ എന്നു നിങ്ങളും അറിക
യും ചെയ്യും.
21.22 യഹോവാവചനം എനിക്കു് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്രാ നാളു
കളും നീളുന്ന എല്ലാ ദർശനവും ഒത്തുവരാ എന്നു് ഇസ്രയേൽനാട്ടിൽ നി
23 ങ്ങളാൽ നടക്കുന്ന സദൃശം എന്തു? അതുകൊണ്ടു അവരോടു പറക: യഹോവാ
കർത്താവു് ഇപ്രകാരം പറയുന്നു: ഈ സദൃശത്തെ ഞാൻ ശമിപ്പിക്കും, ആയ
തു് ഇനി ഇസ്രയേലിൽ മൊഴിപ്പാറില്ല! നാളുകളും അണഞ്ഞു എല്ലാ ദർശന
ത്തിൻ വസ്തുവും കൂടേ എന്നു് അവരോടു ഉരചെയ്ക. കാരണം: ഇസ്രയേൽ
24 ഗൃഹത്തിൻ നടുവിൽ ഇനി വ്യർത്ഥദർശനവും മിനുക്കിയ ലക്ഷണവാദവും
25 ഉണ്ടാകയില്ല. ഞാൻ യഹോവയല്ലോ, ഞാൻ ഉരിയാടും, ഉരെക്കുന്ന വച
നവും സംഭവിക്കും ഇനി താമസിക്കയില്ല; മത്സരഗൃഹമേ കേവലം നിങ്ങ
ടേ നാളുകളിൽ ഞാൻ വചനത്തെ ഉരെക്കയും നടത്തുകയും ചെയ്യും എന്നു
യഹോവാകർത്താവിൻ അരുളപ്പാടു.— യഹോവാവചനം എനിക്കു്
26.27 ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്രാ: ഇവൻ ദർശിക്കുന്ന ദർശനം വളരേ
നാളുകൾക്കു് ഉള്ളതു, ദൂരകാലങ്ങൾക്കായി ഇവൻ പ്രവചിക്കുന്നതു എന്നു്
ഇസ്രയേൽഗൃഹം അതാ പറയുന്നുവല്ലോ. അതുകൊണ്ടു് അവരോടു പറക:
28 യഹോവാകർത്താവു് ഇപ്രകാരം പറയുന്നു: എന്റെ വചനങ്ങൾ ഒന്നും
ഇനി താമസിക്കയില്ല, ഞാൻ ഉരെക്കുന്ന വചനം സംഭവിക്കും, എന്നു
യഹോവാകർത്താവിൻ അരുളപ്പാടു.

13. അദ്ധ്യായം

കള്ളപ്രവാചകന്മാരെയും (17) കള്ളപ്രവാദിനികളെയും ശാസിച്ചതു.

1. 2 യഹോവാവചനം എനിക്ക് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര പ്രവ
ചിക്കുന്ന ഇസ്രയേൽപ്രവാദികൾക്കു നേരേ പ്രവചിക്ക! സ്വന്തഹൃദയത്തിൽ
നിന്നു പ്രവചിക്കുന്നവരേ പറക: യഹോവാവചനം കേൾപ്പിൻ! യഹോ
3 വാ കർത്താവ് ഇവ്വണ്ണം പറയുന്നു: സ്വന്ത ആത്മാവിനെയും കണ്ടിട്ടില്ലാ
ത്തതും പിന്തേടുന്ന മൂഢപ്രവാദികൾക്കു ഹാ കഷ്ടം! ഇസ്രയേലേ നിന്നേറ
4 പ്രവാദികൾ ഇടിവുകളിലേ കുറുക്കന്മാർക്ക് ഒത്തു ചമഞ്ഞു. യഹോവാദിവ
5 സത്തിൽ പോരിൽ നിലനില്പാൻ നിങ്ങൾ കണ്ടിയിൽ കയറുന്നതും
ഇസ്രയേൽഗൃഹത്തിന്നുവേണ്ടി മതിൽ മാട്ടുന്നതും ഇല്ല. യഹോവ അയക്കാ
6 യ്കയാൽ വചനനിവൃത്തിയുടേ ആശ ഇല്ലാഞ്ഞിട്ടും യഹോവയുടേ അരുള
പ്പാട് എന്നു ചൊല്ലുന്നവർ മായയും വ്യാജലക്ഷണവും ദർശിക്കുന്നു. ഞാൻ
7 ഉരിയാടാഞ്ഞിട്ടും യഹോവയുടേ അരുളപ്പാട് എന്നു നിങ്ങൾ ചൊല്ലിക്കൊ
ണ്ടു മായാദർശനം കണ്ടും പൊളിലക്ഷണം പറഞ്ഞും പോകുന്നില്ലയോ?
8 അതുകൊണ്ടു യഹോവാകർത്താവ് ഇവ്വണം പറയുന്നു: നിങ്ങൾ മായ
ഉരിയാടി പൊളി ദർശിക്കകൊണ്ടു ഞാൻ ഇതാ നിങ്ങളെക്കൊള്ളേ എന്നു
9 യഹോവാകർത്താവിൻ അരുളപ്പാടു; മായ ദർശിച്ചു പൊളിലക്ഷണം പറ
യുന്ന പ്രവാദികൾക്കു നേരേ എന്റേറ കൈ ആകും. അവർ എൻ ജനത്തിൻ
മന്ത്രിസഭയിൽ ഇരിക്ക ഇല്ല ഇസ്രയേൽഗൃഹത്തിൻ പേർവഴിയിൽ എഴു
തപ്പെടുകയും ഇല്ല ഇസ്രയേൽദേശത്തിൽ വരികയും ഇല്ല, ഞാൻ യഹോ
10 വാകർത്താവ് എന്നു നിങ്ങൾ അറികയും ചെയ്യും. സമാധാനം ഇല്ലാഞ്ഞി
ട്ടും അവർ സമാധാനം എന്നു ചൊല്ലി എൻ ജനത്തെ തെറ്റിക്കയാലും അത്
ഒരു ഭിത്തിയെ പണിയുമ്പോൾ അവർ ഇതാ ചേടി മണ്ണു തേക്കുകയാലും,
11 ആ തേക്കുന്നവരോടു ഇതു വീഴും എന്നു പറക! പൊഴിയുന്ന മാരി ഉണ്ടു,
അല്ലയോ ആലിപ്പഴങ്ങൾ പെയ്വിൻ, വിശറു കാറ്റു പൊട്ടിത്തകക്ക!
12 ചുവരോ അതാ വീഴുന്നു. നിങ്ങൾ തേച്ച പൂശു എവിടേ? എന്നു നിങ്ങളോടു
13 പറക ഇല്ലയോ?— ആകയാൽ യഹോവാകർത്താവ് ഇപ്രകാരം പറയുന്നു:
എൻ ഊഷ്മാവിൽ വിശറുകാറ്റു പൊട്ടുമാറാക്കും, എൻ കോപത്തിൽ പൊ
ഴിയുന്ന മാരിയും ക്രോധത്താൽ മുടിവു വരുവാൻ ആലിപ്പഴങ്ങളും ഉണ്ടാം.
14 ഇങ്ങനേ നിങ്ങൾ ചേടി തേച്ച ചുവരിനെ ഞാൻ ഇടിച്ചു, അടി വെളിവാ
കുവോളം നിലംപരിചാക്കും, അതു വീഴും നിങ്ങൾ (നഗരത്തിൻ) നടുവിൽ
15 മുടിഞ്ഞുപോകും, ഞാൻ യഹോവ എന്നു അറികയും ചെയ്യും. ഇങ്ങനേ
ഞാൻ ചുവരിലും അതിൽ ചേടി തേച്ചവരിലും എൻ ഊഷ്മാവിനെ നിവൃ
16 ത്തിച്ചു ചുവരും ഇല്ല തേച്ചവരും ഇല്ല എന്നു നിങ്ങളോടു പറയും. യരുശലേ
മിനോടു പ്രവചിച്ച സമാധാനം ഇല്ലാഞ്ഞിട്ടും അതിന്നു സമാധാനദർശന
ങ്ങളെ ദർശിച്ചുള്ള ഇസ്രയേൽപ്രവാദികൾ തന്നേ എന്നു യഹോവാകർത്താ
വിൻ അരുളപ്പാടു.
17 നീയോ മനുഷ്യപുത്ര സ്വന്തഹൃദയത്തിൽനിന്നു പ്രവചിക്കുന്ന നിൻ ജന
ത്തിൻ പുത്രിമാർക്കു നേരേ മുഖം വെച്ചു അവർക്ക് എതിരേ പ്രവചിച്ചു പ
18 റക: യഹോവാകർത്താവ് ഇപ്രകാരം പറയുന്നു: ദേഹികളെ നായാടുവാനാ
യി എന്റേറ കൈകളുടേ സകലസന്ധികളെയും മറെക്കുന്ന പുതപ്പുകളെ തു
ന്നിയും ഏതു വളർച്ചയിലും ഉള്ള തലകളെ പൊതിയുന്ന തൊപ്പികളെ ച
മെച്ചും പോരുന്ന സ്ത്രീകൾക്കു ഹാ കഷ്ടം! എൻ ജനത്തിൻ ദേഹികളെ നി
ങ്ങൾ നായാടി സ്വന്തദേഹികളെ ജീവനോടേ രക്ഷിക്കുന്നു. ഭോഷ്കുകളെ
19 കേൾക്കുന്ന എൻ ജനത്തോടു ഭോഷ്കു പറഞ്ഞുകൊണ്ടു നിങ്ങൾ മരിക്കേ
ണ്ടാത്ത ദേഹികളെ മരിപ്പിപ്പാനും ജീവിക്കേണ്ടാത്ത ദേഹികളെ

ജീവിപ്പിപ്പാനും ചില പോങ്ങ യവത്തിന്നായും ചില അപ്പക്ഷണങ്ങൾ
ക്കായും എൻ ജനത്തിങ്കൽ എന്നെ ബാഹ്യമാക്കുന്നു.
20 അതുകൊണ്ടു യഹോവാകത്താവ് ഇവ്വണ്ണം പറയുന്നു: നിങ്ങൾ നായാടു
ന്ന അങ്ങേ പുതെപ്പുകളെക്കൊള്ളെ ഞാൻ ഇതാ (മുതിന്നു) ആ ദേഹികളെ
പറപ്പിക്കും. പുതെപ്പുകളെ ഞാൻ നിങ്ങടേ ഭുജങ്ങളിൽനിന്നു പറിച്ചു ചീ
ന്തി നിങ്ങൾ നായാടുന്ന ദേഹികളെ വിടുവിച്ചു പ്രാണങ്ങളോടേ പറപ്പി
21 ക്കും. നിങ്ങളുടേ കുല്ലാത്തൊപ്പികളെയും ഞാൻ കീറി എൻ ജനത്തെ നിങ്ങ
ടേ കയ്യിൽനിന്ന് ഉദ്ധരിക്കും; അവർ നിങ്ങടേ കയ്യിൽ ഇനി വേട്ട ആക
22 ഇല്ല, ഞാൻ യഹോവ എന്നു നിങ്ങൾ അറികയും ചെയ്യും. ഞാൻ വിഷാദി
പ്പിക്കാത്ത നീതിമാന്റേ ഹൃദയത്തെ നിങ്ങൾ വ്യസനിപ്പിക്കയും ദുഷ്ടൻ
ജീവരക്ഷെക്കായി തൻ ദുർവ്വഴിയെ വിട്ടു തിരിയായ്വാൻ അവന്റേ കൈ
കളെ നിങ്ങൾ ഉറപ്പിക്കയും ചെയ്കയാൽ, നിങ്ങൾ ഇനി മായ ദർശിക്ക
23 യും ഇല്ല ഇനി ലക്ഷണവാദം ചെയ്കയും ഇല്ല. എൻ ജനത്തെ നിങ്ങടേ ക
യ്യിൽനിന്നു ഞാൻ ഉദ്ധരിക്കും, ഞാൻ യഹോവ എന്നു നിങ്ങൾ അറികയും
ചെയ്യും.

14. അദ്ധ്യായം

ബിംബാർച്ചികൾക്കു ദൈവം ഉത്തരം അരുളുക ഇല്ല (12) ചിലരുടേ നീ
തിയെ വിചാരിച്ചു ജനത്തെ ശിക്ഷിക്കാതേ വിടുകയും ഇല്ല.

1 ഇസ്രയേൽമൂപ്പന്മാരിൽ ചിലർ ഇങ്ങു വന്നു എന്റേ മുമ്പാകേ ഇരുന്നു
2.3 പ്പോൾ, യഹോവയുടേ വചനം എനിക്ക് ഉണ്ടായി പറഞ്ഞിതു: മനുഷ്യ
പുത്രൻ ഈ പുരുഷന്മാർ തങ്ങളുടേ മുട്ടുങ്ങളെ മനസ്സിൽ കയറുമാറാക്കി അകൃത്യ
ത്തിന്നുള്ള ഇടർച്ചയെ തങ്ങളുടേ മുഖത്തിൻ മുമ്പിൽ വെച്ചിരിക്കുന്നു, അവ
4 രെ ഞാൻ കേവലം എന്നോടു ചോദിപ്പിക്കാമോ? അതുകൊണ്ടു് അവരോ
ടു് ഉരിയാടി പറക: യഹോവാകത്താവ് ഇപ്രകാരം പറയുന്നു: ഇസ്രയേൽ
ഗൃഹത്തിൽ ആരാനും തന്റേ മുട്ടുങ്ങളെ മനസ്സിൽ കയറുമാറാക്കി തന്റേ അ
കൃത്യത്തിന്നുള്ള ഇടർച്ചയെ തൻ മുഖത്തിൻ മുമ്പിൽ വെച്ചിരിക്കേ പ്രവാച
കനെ കാണ്മാൻ വന്നാൽ, യഹോവയാകുന്ന ഞാൻ അവന്റേ മുട്ടുങ്ങളുടേ
പെരിപ്പത്തിന്നു് ഉചിതമായ ഉത്തരം അരുളുന്നവനായി കാട്ടുവതു, ഇസ്ര
5 യേൽഗൃഹം ഒക്കയും മുട്ടുങ്ങളോടു പററി എന്നെ വിട്ടു വാങ്ങുകയാൽ അവരെ
6 ഹൃദയത്തിൽ പിടിപ്പാനത്രേ.—അതുകൊണ്ടു് ഇസ്രയേൽഗൃഹത്തോടു പറ
ക: യഹോവാകത്താവ് ഇവ്വണ്ണം പറയുന്നു: നിങ്ങളുടേ മുട്ടുങ്ങളെ വിട്ടു മട
7 ങ്ങി തിരിവിൻ, നിങ്ങടേ എല്ലാ അറെപ്പുകളിൽനിന്നും മുഖം തിരിപ്പിൻ.
കാരണം: ഇസ്രയേൽഗൃഹത്തിലും ഇസ്രയേലിൽ വന്നു പാർക്കുന്ന പരദേശി
കളിലും ആരാനും എന്നോടു് അകന്നു തന്റേ മുട്ടുങ്ങളെ മനസ്സിൽ കയറുമാ
റാക്കി അകൃത്യത്തിന്നുള്ള ഇടർച്ചയെ തൻ മുഖത്തിൻ മുമ്പിൽ വെച്ചിരി
ക്കേ എന്നെ തിരയുവാൻ പ്രവാചകനെ ചെന്നു കണ്ടാൽ, യഹോവയാകുന്ന
8 ഞാൻ എന്റേ വിധത്തിൽ അവന്നു് ഉത്തരം അരുളും. ആയാൾക്കു നേരേ
എൻ മുഖത്തെ വെച്ചു അവനെ അടയാളവും സദൃശങ്ങളും ആക്കിച്ചമെച്ചു
എൻ ജനത്തിൻ നടുവിൽനിന്നു ഛേദിച്ചുകളയും, ഞാൻ യഹോവ എന്നു
9 നിങ്ങൾ അറികയും ചെയ്യും.—എന്നാൽ പ്രവചകൻ വശീകരിക്കപ്പെട്ടു്
ഒരു വാക്കു് ഉരെച്ചാൽ ആ പ്രവാചകനെ യഹോവയാകുന്ന ഞാൻ വശീക
രിപ്പിച്ചിരിക്കുന്നു; അവന്മേൽ ഞാൻ കൈ നീട്ടി എൻ ജനമായ ഇസ്രയേ
10 ലിൽനിന്നു് അവനെ സംഹരിക്കും. അവർ തങ്ങളുടേ കുറ്റത്തെ ചുമക്കും,
ചോദിക്കുന്നവന്റേ കുറ്റം പോലേ പ്രവാചകന്റേ കുറ്റം ആകും; ഇസ്ര
11 യേൽഗൃഹം ഇനി എന്നെ വിട്ടുഴലാതേയും സകല ദ്രോഹങ്ങളാലും ഇനി

തങ്ങളെ തീണ്ടിക്കാതേയും എനിക്കു ജനവും ഞാൻ അവക്കു ദൈവവും
ആയിത്തീരുവാൻ തന്നേ, എന്നു യഹോവാകർത്താവിൻ അരുളപ്പാടു.
12. 13 യഹോവാവചനം എനിക്കു ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര ഒരു
ദേശം ദ്രോഹലംഘനം ചെയ്വാൻ എന്നോടു പിഴെച്ചുപോയിട്ടു അതി
ന്മേൽ ഞാൻ കൈ നീട്ടി (3 മോ. 26, 22.25.) അതിന്നു അപ്പക്കോലി
നെ ഒടിച്ചു ക്ഷാമം അതിൽ അയച്ചു മനുഷ്യരെയും പശുവാദിയെയും ഛേദി
14 ച്ചുകളയുമ്പോൾ, നോഹ ദാനിയേൽ ഇയ്യോബു ഈ മൂവർ അതിന്നകത്തു
ഉണ്ടായാലും അവർ തങ്ങളുടേ നീതികൊണ്ടു സ്വദേഹിയെ ഉദ്ധരിക്കും
15 എന്നു യഹോവാകർത്താവിൻ അരുളപ്പാടു. ഞാൻ ദുഷ്ടമൃഗങ്ങളെ ദേശത്തു കട
ത്തീട്ടു അവ അതിനെ മക്കളില്ലാതാക്കി മൃഗഭയം ഹേതുവായി ആരും കട
16 ക്കാതവണ്ണം പാഴാക്കിയാൽ, ആ മൂന്നു പുരുഷന്മാർ അകത്തു എങ്കിൽ
എൻ ജീവനാണ പുത്രരെയോ പുത്രിമാരെയോ ഉദ്ധരിക്ക ഇല്ല, അവക്കു
മാത്രം ഉദ്ധരണവും ദേശത്തിന്നു ശൂന്യതയും വരും എന്നു യഹോവാകർത്താ
17 വിൻ അരുളപ്പാടു. അല്ലെങ്കിൽ ആ ദേശത്തിൽ ഞാൻ വാളെ വരുത്തി:
''ഹേ വാളേ ഈ നാട്ടിൽ ഊടാടുക'' എന്നു ചൊല്ലി അതിൽനിന്നു മനു
18 ഷ്യപശുവാദിയെ ഛേദിച്ചുകളഞ്ഞാൽ, ആ മൂവർ അതിന്നകത്തു എങ്കിൽ
എൻ ജീവനാണ പുത്രപുത്രിമാരെ ഉദ്ധരിക്ക ഇല്ല അവക്കേ ഉദ്ധരണം
ഉള്ളു എന്നു യഹോവാകർത്താവിൻ അരുളപ്പാടു. അല്ല ആ ദേശത്തിൽ മഹാ
19 വ്യാധിയെ അയച്ചുവിട്ടു എൻ ഊഷ്മാവിനെ ചോരയിൽ അതിന്മേൽ ചൊ
രിഞ്ഞു മനുഷ്യപശുവാദിയെ അതിൽനിന്നു ഛേദിച്ചുകളകിലുമാം. അന്നു
20 നോഹ ദാനിയേൽ ഇയ്യോബു ഇവർ അതിൽ ഉണ്ടായാൽ എൻ ജീവ
നാണ മകനെയോ മകളെയോ ഉദ്ധരിക്ക ഇല്ല തങ്ങളുടേ നീതികൊണ്ടു
സ്വദേഹിയെ ഉദ്ധരിക്കേ ഉള്ളു എന്നു യഹോവാകർത്താവിൻ അരുളപ്പാടു.—
21 എങ്ങനേ എന്നാൽ യഹോവാകർത്താവു ഇവ്വണ്ണം പറയുന്നു: യരുശലേമിൽ
നിന്നു മനുഷ്യപശുവാദിയെ ഛേദിപ്പാൻ ഞാൻ വാൾ ക്ഷാമം ദുഷ്ടമൃഗം
മഹാവ്യാധി ഈ എന്റെ കൊടിയ ന്യായവിധികൾ നാലും അങ്ങു അയ
22 ച്ചാൽ പിന്നേയല്ലോ? അതിൽ പുറപ്പെടീക്കേണ്ടുന്ന പുത്രിപുത്രന്മാർ ആകു
ന്ന ഒരു വിടുവിപ്പു ഇതാ ശേഷിച്ചിരിക്കും താനും. അവർ പുറപ്പെട്ടു ഇതാ നി
ങ്ങളോടു ചേരും. അവരുടേ വഴിയെയും പ്രവൃത്തികളെയും നിങ്ങൾ കണ്ടാൽ
ഞാൻ യരുശലേമിന്മേൽ വരുത്തിയ തിന്മയും ശേഷം വരുത്തിയ സകല
23 ത്തെയും ചൊല്ലി ആശ്വസിക്കും. അവരുടേ വഴിയും പ്രവൃത്തികളും നിങ്ങൾ
കാണുമ്പോൾ അവർ തന്നേ നിങ്ങളെ ആശ്വസിപ്പിക്കും, ഞാൻ അതിൽ
ചെയ്തതു ഒക്കയും വെറുതേ ചെയ്തതല്ല എന്നു നിങ്ങൾ അറികയും ചെയ്യും,
എന്നു യഹോവാകർത്താവിൻ അരുളപ്പാടു.

15. അദ്ധ്യായം

യരുശലേം കൊള്ളരുതാത്ത കാട്ടുവള്ളിമരം.

1. 2 യഹോവയുടേ വചനം എനിക്കു ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര
കാട്ടിലേ മരങ്ങളിൽ ഉണ്ടായ കൊടിക്കോ മുന്തിരിവള്ളിമരത്തിന്നോ ശേ
3 ഷം എല്ലാ മരത്തെക്കാളും എന്തൊരു വിശേഷത? വല്ല പണിചെയ്വാൻ
അതിൽനിന്നു തടി എടുക്കാമോ? നാനാപാത്രം തൂക്കുന്നതിന്നു അതിൽനി
4 ന്നു ഓർ ആണി പോലും എടുക്കുമോ? ഇതാ തീക്കു ആഹാരമായി കൊടുക്ക
പ്പെടുന്നു. അതിൽ രണ്ടു അറ്റങ്ങളെയും തീ തിന്നു നടുവിനെ കരിച്ചു
5 ശേഷം പണിക്കു കൊള്ളാമോ? കണ്ടാലും അതു മുഴുവനായിരിക്കേ പണി
ക്കു ആകാ, തീ അതിനെ തിന്നു കരിച്ചു ശേഷം പണിക്കാമോ പിന്നേ
6 യല്ലോ?— അതുകൊണ്ടു യഹോവാകർത്താവു ഇവ്വണ്ണം പറയുന്നു: ഞാൻ

തീക്ക് ആഹാരമായിക്കൊടുക്കുന്ന കാട്ടുമരങ്ങളിലേ മുന്തിരിവള്ളിയുടേ
മരം ഏതുപ്രകാരം അപ്രകാരം ഞാൻ യരുശലേംനിവാസികളെ കൊടുത്തു
7 വിട്ടു, എന്മുഖത്തെ അവരെക്കൊള്ളെ വെക്കുന്നു. തീയിൽനിന്ന് അവർ പു
റപ്പെട്ടു വന്നു, തീയും അവരെ തിന്നും. അവർ ദ്രോഹലംഘനം ചെയ്ക
8 യാൽ എന്മുഖത്തെ അവരെക്കൊള്ളെ വെച്ചു ദേശത്തെ പാഴാക്കുമ്പോൾ
ഞാൻ യഹോവ എന്ന് അവർ അറികയും ചെയ്യും എന്നു യഹോവാകർത്താ
വിൻ അരുളപ്പാടു.

16 അദ്ധ്യായം

അരിഷ്ടുക്കുട്ടിയെ ദൈവം കൈക്കൊണ്ടു വളർത്തി വേട്ട ശേഷം (15) അ
വൻ ദ്രോഹിച്ചു വ്യഭിചരിച്ചുള്ള കൃതഘ്നതെക്കു (35) ശിക്ഷ വേണ്ടുന്നതു.
(53) നിവർത്തനം വരും താനും.

1.2 യഹോവാവചനം എനിക്ക് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്രു യരുശ
3 ലേമോട് അതിന്റെ അറെപ്പുകളെ അറിയിച്ചു പറക: യഹോവാകർത്താ
വു യരുശലേമോട് ഇപ്രകാരം പറയുന്നു: നിന്റെ ഉല്പത്തിയും ജനനവും
കനാന്യദേശത്തു തന്നേ, നിന്റെ അപ്പൻ അമോര്യനും അമ്മ ഹിത്ത്യയും
4 അത്രേ. നിന്റെ ജനനമോ പിറന്ന നാളിൽ നിന്റെ പൊക്കിൾ അറുത്തി
ല്ലാ, ശുദ്ധിക്കായി വെള്ളത്തിൽ നിന്നെ കഴുകീട്ടും ഇല്ല, ഉപ്പു തേച്ചിട്ടും
5 ഇല്ല, ജീർണ്ണവസ്ത്രം ചുറ്റിയതും ഇല്ല. ഇവ ഒന്നും കനിവാലേ ചെയ്യുതരു
വാൻ ഒരു കണ്ണും നിന്നെ ആദരിച്ചില്ല, പിറന്ന നാളിൽ നിന്റെ പ്രാണ
നിൽ നീരസം തോന്നുകയാൽ വെളിമ്പറമ്പിൽ എറിഞ്ഞേച്ചതേ ഉള്ളു.—
6 ഞാനോ അരികിൽ കടന്നു നീ ചോരയിൽ പിരളുന്നതു കണ്ടു: നിൻ രക്ത
ത്തിൽ എങ്കിലും ജീവിക്ക! എന്നു പറഞ്ഞു, നിൻ രക്തത്തിൽ ജീവിക്ക!
7 എന്നു ഞാൻ നിന്നോടു പറഞ്ഞു. വയലിലേ വിളവുപോലേ ഞാൻ നി
ന്നെ ലക്ഷമാക്കി. നീ വളർന്നു വലുതായി കവിൾത്തടശോഭയോട് എ
ത്തി, സ്തനങ്ങൾ മുറ്റി നികന്നു രോമവും തെഴുത്തു, എങ്കിലും നീ നഗ്നയും
8 ഉടാത്തവളും അത്രേ. പിന്നേ ഞാൻ അരികിൽ കടന്നു നിന്നെ കണ്ടപ്പോൾ
ഇതാ നിന്റെ സമയം പ്രേമസമയം (എന്നു കണ്ടു) എന്റെ വസ്ത്രത്തെ നി
ന്മേൽ പരത്തി നിന്റെ നഗ്നതയെ മറെച്ചു നിണക്ക് ആണയിട്ടു നിന്നോ
ടു നിയമത്തിൽ പുക്കു, എന്നു യഹോവാകർത്താവിൻ അരുളപ്പാടു, നീ എ
നിക്കുള്ളവളായി തീരുകയും ചെയ്തു.— ഞാൻ വെള്ളംകൊണ്ടു നിന്നെ ക
9 ഴുകി നിന്റെ ചോര ഒഴുക്കിക്കളഞ്ഞു എണ്ണകൊണ്ടു നിന്നെ തേച്ചു, ചി
10 ത്രത്തൊയലുള്ള പുടവ ഉടുപ്പിച്ചു കടല്പശുത്തോൽ ചെരിപ്പാക്കി നേരിയ തു
ണി (തലെക്കു) കെട്ടിച്ചു പട്ടു പുതപ്പിച്ചു. പിന്നേ ആഭരണങ്ങളെ അണി
11 യിച്ചു നിൻ കൈകളിൽ വളകളും കഴുത്തിന്നു തുടരും ഇടുവിച്ചു, നാസികെ
12 ക്കു മൂക്കുത്തിയും കാതുകളിൽ കുണുക്കുകാതിലയും തലമേൽ അഴകിയ കി
രീടവും തന്നു. പൊന്നും വെള്ളിയും നിന്റെ ഭൂഷണം, നേരിയതും പട്ടും
13 ചിത്രത്തയ്യലും നിന്റെ ഉടയും ആയി. നേരിയ മാവും തേൻ എണ്ണയും നീ
ഉപജീവിച്ചു, അത്യന്തം സുന്ദരിയായി ചമഞ്ഞു രാജത്വവും സാധിച്ചു. ഭം
14 ഗിയെ ചൊല്ലി നിന്റെ കീർത്തി ജാതികളിൽ പുറപ്പെട്ടു. ഞാൻ നിന്മേൽ
വെച്ച എൻ പ്രഭയാൽ അതു സാക്ഷാൽ തികവുള്ളതു എന്നു യഹോവാകർ
ത്താവിൻ അരുളപ്പാടു.
15 അനന്തരം നിന്റെ സൌന്ദര്യത്തിൽ നീ ആശ്രയിച്ചു പേർകൊണ്ടതിൽ
തേറി പുലയാടി, കടക്കുന്ന ഏവന്റെ മേലും നിൻ വേശ്യാവൃത്തിയെ
16 തുകി, അവന്നു അതു കിട്ടി. നിന്റെ വസ്ത്രങ്ങളിൽ ചിലതു നീ എടുത്തു
പല നിറത്തിൽ കുന്നുകാവു (ജമക്കാളങ്ങളെ) തീർത്തു അവയുടേ മേൽ

17 പുലയാടീ; വരേണ്ടാത്തതും ആകാത്തതും അത്രേ! ഞാൻ തന്ന എന്റെ പൊ
ന്നും വെള്ളിയുംകൊണ്ടുള്ള ആഭരണക്കോപ്പ് എടുത്തു നിണക്കു പുരുഷ
18 ബിംബങ്ങളെ ചമെച്ചു അവയോടു പുലയാടീ. നിന്റെ ചിത്രത്തെയലു
ള്ള ശീലകംകൊണ്ടു നീ അവ പുതപ്പിച്ചു, എൻ തൈലവും ധൂപവർഗ്ഗവും
19 അവെക്കു നിവേദിച്ചു. ഞാൻ തന്ന എന്റെ അന്നവും ഞാൻ നിന്നെ തീ
റ്റിയ മാവ് എണ്ണ തേനും ഇഷ്ടഗന്ധം കഴിപ്പാൻ നീ അവെക്കു മുൻ വെച്ചു.
ഇങ്ങനേ ആയീ എന്നു യഹോവാകർത്താവിൻ അരുളപ്പാടു.— നീ എനി
20 ക്കു പെറ്റ പുത്രപുത്രിമാരെയും എടുത്തു അവെക്ക് ഊണായി കഴിച്ചു; നി
21 ന്റെ വേശ്യാദോഷം പോരാഞ്ഞിട്ടോ എൻ മക്കളെ നീ അറുത്തു അവെക്കു
22 തീയുടേ കടത്തി അർപ്പിച്ചതു? നിന്റെ എല്ലാ അറെപ്പുകളിലും വേശ്യാ
ദോഷങ്ങളിലും നീ നഗ്നയും ഉടാത്തവളുമായി ചോരയിൽ പിരണ്ടുകിട
ന്ന ബാല്യദിവസങ്ങളെ ഓർത്തതും ഇല്ല. നിന്റെ എല്ലാ ദുഷ്ടതക്കും പി
23 ന്നേ ഉണ്ടായിതു: നിനക്കു ഹാ കഷ്ടം കഷ്ടം! എന്നു യഹോവാകർത്താ
24 വിൻ അരുളപ്പാടു: നീ കല്വളവു പണിതു വീഥിതോറും നിനക്കു കാവു
25 ചമെച്ചു, വഴിത്തലതോറും നിൻ കാവു തീർത്തു നിന്റെ ഭംഗിക്കു കറ പി
ടിപ്പിച്ചു കടക്കുന്ന ഏവന്നും കാൽ അകത്തി വെച്ചു നിന്റെ പുലയാട്ടു പെ
26 രുപ്പിച്ചു. മാംസപുഷ്ടി ഏറും മിസ്രക്കാർ എന്ന നിന്റെ അയല്ക്കാരോടു നീ
കളിച്ചു എന്നെ മുഷിപ്പിപ്പാൻ നിന്റെ പുലയാട്ടു പെരുപ്പിച്ചു. അന്നു അതാ
27 ഞാൻ നിണക്കു നേരേ കൈ നീട്ടി ദിവസപ്പൊറുതിക്കുള്ളതു കുറെച്ചു, നി
ന്റെ അസഭ്യ വഴിയിങ്കൽ നാണിച്ചു നിന്നെ പകെക്കുന്ന ഫലിഷ്ടപുത്രിമാ
രുടേ ഇഷ്ടത്തിന്നു നിന്നെ ഏല്പിച്ചുവിട്ടു. നീ തൃപ്തിവരാത്തവൾ ആകയാൽ
28 അശ്ശൂരരോടും പുലയാടീ, തൃപ്തി കണ്ടതും ഇല്ല. കനാന്യപ്രായമുള്ള കല്ദയ
29 ദേശത്തോളവും നീ പുലയാട്ടു പെരുപ്പിച്ചു അതിനാൽ തൃപ്തി കണ്ടതും ഇല്ല.
ഇങ്ങനേ ധാർഷ്ട്യം തികഞ്ഞ ഭോഗിനിയുടേ വേല എല്ലാം ചെയ്കയിൽ നി
30 ന്റെ മനസ്സിന്നു എന്തൊരു ഭോഗാഭിലാഷം ഉണ്ടു? എന്നു യഹോവാകർത്താ
വിൻഅരുളപ്പാടു. വഴിത്തലതോറും നിനക്കു കല്വളവു പണിതും വീഥി
31 തോറും കാവുകളെ തീർത്തുംപോരുകയിൽ നീ കൂത്തിച്ചിക്കു ഒവ്വാതേ കൂലി
32 യെനിരസിച്ചു പാർത്തു. വ്യഭിചാരിണിയായ ഭാര്യ കെട്ടിയവനു പകരം അ
33 ന്യന്മാരെ കൈക്കൊള്ളും! എല്ലാ കൂത്തികൾക്കും സമ്മാനം കൊടുപ്പാറുണ്ടു,
നീയോ സകലകാമികൾക്കും കാഴ്ചകളെ കൊടുത്തു, ചുറ്റിൽനിന്നും വന്നു
34 നിന്നോടു ഭോഗിപ്പാൻ അവരെ സമ്മാനിച്ചു പോന്നു. ഇങ്ങനേ പരസം
ഗത്തിൽ നിനക്കു മറ്റു സ്ത്രീകളുടേ വിപരീതം ഉണ്ടായി, കാമക്കൂത്താടു
വാൻ നിന്നെ പിന്തേടുമാറില്ലല്ലോ; സമ്മാനം ഇങ്ങു തരാതേ കണ്ടു അ
ങ്ങോട്ടു സമ്മാനം കൊടുക്കയാലും നീ വിപരീതയായി ചമഞ്ഞു.
35, 36 അതുകൊണ്ടു ഹേ വേശ്യേ യഹോവാവചനം കേൾക്ക! യഹോവാ കർ
ത്താവ് ഇപ്രകാരം പറയുന്നു: നിന്റെ കാമികളോടു പുലയാടുകയിൽ നി
ന്റെ പണം തുകി നിന്റെ നഗ്നത വെളിപ്പെട്ടുപോകകൊണ്ടും നിന്റെ
അറെപ്പുള്ള മുട്ടങ്ങൾ ഒക്കയും നിമിത്തവും ഇവെക്കു കൊടുത്ത മക്കളുടേ
37 രക്തത്തെ വിചാരിച്ചും, ഞാൻ ഇതാ നിന്നോടു രസിച്ചിട്ടുള്ള സകലകാ
മികളെയും നീ സ്നേഹിച്ച എവരെയും നീ ദ്വേഷിച്ച എവരുമായി കൂട്ടി
ക്കൊണ്ടു ചുറ്റിൽനിന്നും നിന്നെക്കൊള്ളേ ചേർത്തു നിന്റെ നാണിടം അവ
38 ക്കു വെളിപ്പെടുത്തി നിൻ നഗ്നത ഒക്കയും കാണുമാറാക്കും. പിന്നേ വ്യഭി
ചാരിണികൾക്കും രക്തംചിന്നിച്ചവൾക്കും വെച്ച ന്യായങ്ങളിൻപ്രകാരം
ഞാൻ നിണക്കു വിധിച്ചു എരിവിൻ ഊഷ്മാവിനാൽ നിന്നെ രക്തമാ
39 ക്കിക്കളയും. നിന്നെ അവരുടേ കൈയിൽ കൊടുക്കും; നിന്റെ കല്വള
വ് അവർ പൊളിച്ചു കാവുകളെ ഇടിച്ചു നിന്റെ വസ്ത്രങ്ങളെ ഇഴുത്തുവാരി
ആഭരണക്കോപ്പും എടുത്തു നിന്നെ നഗ്നയും വിവസ്ത്രയും ആക്കി വിടും.
40 നിനക്കു നേരേ അവർ ഒരു കൂട്ടം വരുത്തി നിന്നെ കല്ലുകൊണ്ടു എറിഞ്ഞു

41 വാളുകളാൽ തുണ്ടിക്കയും, നിന്റെ വീടുകളെ തീയിട്ടു ചുടുകയും അനേക
സ്ത്രീകൾ കാൺകേ നിങ്കൽ ന്യായവിധികൾ നടത്തുകയും ചെയ്യും. ഇങ്ങ
നെ ഞാൻ നിന്നെ വേശ്യാവൃത്തിയെ ഒഴിപ്പാറാക്കും, നീ ഇനി സമ്മാനം
42 കൊടുക്കയും ഇല്ല. എൻ ഉഷ്മാവിനെ ഞാൻ നിങ്കൽ ശമിപ്പിച്ചിട്ടു എ
ന്റെ എരിവു നിന്നെ വിട്ടു മാറും, ഞാൻ ഇനി വ്യസനം തോന്നാതെ അട
ങ്ങിപ്പാർക്കയും ചെയ്യും.
43 നിന്റെ ബാല്യദിവസങ്ങളെ ഓർക്കാതേ ഈ വിധത്തിൽ ഒക്കയും എ
നിക്കു എതിരേ തിമിർക്കയാൽ ഞാനും, നിന്റെ വഴിയെ നിന്തലമേൽ
വരുത്തുന്നുണ്ടു, നിന്റെ എല്ലാ അറെപ്പുകളോടും കൂടേ ഞാനും (3 മോ.
19, 29) പാതകം ചെയ്വായ്വാൻ തന്നേ, എന്നു യഹോവാകർത്താവിൻ
44 അരുളപ്പാടു. ഇതാ ഏതു സദൃശക്കാരനും നിന്നെചൊല്ലി ഈ സദൃശം പ്ര
45 യോഗിക്കും: അമ്മകണക്കേ മക്കളും എന്നത്രേ. തന്റെ ഭർത്താവിനെയും
മക്കളെയും വെടിഞ്ഞുപോയ അമ്മെക്കു നീ മകൾ തന്നേ, തങ്ങടേ ഭർത്താ
ക്കന്മാരെയും മക്കളെയും വെടിഞ്ഞ നിന്റെ സഹോദരികൾക്കു നീ സഹോ
ദരിയും ആകുന്നു. നിങ്ങടേ അമ്മ ഹിത്ത്യയും അപ്പൻ അമോര്യനും അല്ലോ.
46 നിന്റെ വലിയ സഹോദരി തന്റെ പുത്രിമാരുമായി നിന്റെ ഇടപ്പുറത്തു
വസിക്കുന്ന ശമര്യ തന്നേ, ചെറിയ സഹോദരിയോ പുത്രിമാരുമായി നി
47 ന്റെ വലത്തു വസിക്കുന്ന സദോം അത്രേ. ഇരുവരുടേ വഴികളിൽ നീ
നടന്നതും അവരുടേ അറെപ്പുകൾ പോലേ ചെയ്തതും അസാരമ്മാത്രമല്ല,
നിന്റെ എല്ലാ വഴികളിലും അവരെക്കാൾ നീ വഷളായിച്ചമഞ്ഞു. എൻ
48 ജീവനാണ എന്നു യഹോവാകർത്താവിൻ അരുളപ്പാടു: നിന്റെ പുത്രിമാരുമാ
യി നീ ചെയ്തതു പോലേ സഹോദരിയായ സദോം പുത്രിമാരുമായി ചെ
49 യ്തിട്ടില്ല. സഹോദരിയായ സദോമിന്റെ കുറ്റം ഇതത്രേ കാൺക: ഡംഭ
വും അന്നപുഷ്ടിയും നിർഭയസ്വൈരവും അവൾക്കും പുത്രിമാർക്കും ഉണ്ടാക
50 യാൽ ദീനദരിദ്രരുടേ കൈയിനെ താങ്ങീട്ടില്ല. ഇങ്ങനേ അവർ പൊങ്ങി
ഉയർന്നു എന്റെ മുമ്പിൽ അറെപ്പു ചെയ്തു പോയി; അതു ഞാൻ കണ്ടു ഉടനേ
51 അവരെ നീക്കിക്കളഞ്ഞു. ശമര്യയോ നിൻ പാപങ്ങളുടേ പാതിയോളം
പിഴെച്ചവളല്ല; അവരെക്കാൾ നീ അറെപ്പുകളെ വളരേ ആക്കി, ചെയ്ത
52 അറെപ്പുകൾ എല്ലാംകൊണ്ടും സഹോദരിമാരെ നീതീകരിച്ചു. എന്നാൽ
നീ സഹോദരിമാർക്കു നടുതീർത്ത മാനക്കേടു നീയും ചുമക്ക! അവരെ
ക്കാൾ കുത്സിതയായി കാട്ടിയ നിന്റെ പാപങ്ങളാൽ അവർ നിന്നിൽ
നീതി ഏറിയവരല്ലോ. ഇങ്ങനേ സഹോദരിമാരെ നീതീകരിച്ച ശേഷം
നീയും നാണിച്ചു നിന്റെ മാനക്കേടു ചുമന്നു വരിക?
53 ഞാനോ അവരുടേ അടിമയെ മാറും, സദോംപുത്രിമാരുടേ അടിമയും
ശമര്യാപുത്രിമാരുടേ അടിമയും ഇരുവരുടേ ഇടയിൽ നിന്റെ അടിമതന്നെ
54 യും മാറും; നീ ചെയ്തത് എല്ലാം ഓർത്തു ലജ്ജിച്ചു നിന്റെ മാനക്കേടു
55 ചുമന്നുകൊണ്ടു അവരെ ആശ്വസിപ്പിക്കേണ്ടതിന്നത്രേ. നിന്റെ ഉടപ്പിറന്ന
സദോമും പുത്രിമാരും തങ്ങളുടേ ആദി അവസ്ഥെക്കു മടങ്ങും, ശമര്യയും
പുത്രിമാരും തങ്ങടേ ആദി അവസ്ഥെക്കു മടങ്ങും, നീയും പുത്രിമാരും നി
56 ങ്ങടേ ആദി അവസ്ഥെക്കു മടങ്ങും. നിന്റെ ദുഷ്കൃത വെളിപ്പെടുന്നതിന
മുമ്പേ നിന്റെ ഡംഭകാലത്തു നാളിൽ സഹോദരിയായ സദോം നിന്റെ വാ
57 യിൽ ഉപദേശമായിരുന്നില്ലല്ലോ. (അത് ഇപ്പോൾ വെളിപ്പെടുന്നതു)
അരാംപുത്രിമാരും ചുറുകാരത്തികളും ഒക്കയും ഫലിഷ്ടപുത്രിമാരും ചുറ്റി
ലും നിന്നെ ഉച്ചിരിപൂണ്ടു നിന്ദിച്ച കാലം പോലേ. നിന്റെ പാതകവും
58 അറെപ്പുകളും എല്ലാം നീയേ ചുമക്കുന്നുണ്ടു എന്നു യഹോവയുടേ അരുളപ്പാ
59 ടു.— എങ്ങനേ എന്നാൽ യഹോവാകർത്താവ് ഇവ്വണ്ണം പറയുന്നു: അണ
യെ ധിക്കരിച്ചു നിയമത്തെ ഭഞ്ജിച്ചവളായ നീ ചെയ്തതു പോലേ ഞാൻ
60 നിന്നോടും ചെയ്യുന്നു. എങ്കിലും നിന്റെ ബാല്യദിവസങ്ങളിൽ എനിക്കു

നിന്നോടുള്ള നിയമത്തെ ഞാൻ ഓൎത്തു നിത്യനിയമം നിനക്കായി സ്ഥാ
61 പിക്കും. പിന്നേ നിന്റേറ സഹോദരിമാർ ഏറേ വലിയവരും ചെറിയോ
രും ഒന്നിച്ചു നിനക്കു കിട്ടുമ്പോൾ നിന്റേറ വഴികളെ നീ ഓൎത്തു നാണിക്കും.
അവരെ ഞാൻ നിനക്കു പുത്രിമാരായി തരും, നിന്റേറ നിയമത്തിൽ ചേരാ
ത്തവർ എങ്കിലും. നിന്നോടു ഞാൻ എൻ നിയമത്തെ സ്ഥാപിക്കും ഞാൻ
62 യഹോവ എന്നു നീ അറികയും ചെയ്യും; നീ ചെയ്തതു് ഒക്കയും ഞാൻ മൂടി
63 ക്കളഞ്ഞു തരുമ്പോൾ നീ ഓൎത്തു നാണിച്ചു നിനക്കു ലജ്ജ നിമിത്തം ഇനി
വായ്ത്തുറക്കു് ഇല്ലാതിരിക്കേണ്ടതിന്നു തന്നേ. എന്നു യഹോവാകർത്താ
വിൻ അരുളപ്പാടു.

17. അദ്ധ്യായം

ഒരു കടങ്കഥയാൽ (11) ദാവീദ്യകുലത്തിൻ താഴ്ചയും (22) മശീഹയാൽ ഉയർച്ചയും വർണ്ണിച്ചതു.

1. 2 യഹോവാവചനം എനിക്കുണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര ഇസ്രയേൽ
3 ഗൃഹത്തോടു കടങ്കഥ ചൊല്ലി സദൃശം മൊഴിച്ചു പറക: യഹോവാകൎത്താവു്
ഇപ്രകാരം പറയുന്നു: വലിയ ചിറകും നീടിയ വാൽത്തൂവലും പലനിറ
മുള്ള പൂടയും ആണ്ട വങ്കഴുകൻ ലിബനോനിൽ വന്നു ദേവദാരുവിൻ തല
4 യെ എടുത്തു. ഉച്ചിയിലേ ചില്ലിയെ അവൻ അടൎത്തു കനാന്യപ്രായമായ
5 നാട്ടിൽ കൊണ്ടുചെന്നു കച്ചവടക്കാരുടേ പട്ടണത്തിൽവെച്ചു. പിന്നേ ദേശ
ത്തിന്റേറ വിത്തിൽനിന്നു് എടുത്തു പുഞ്ചക്കണ്ടത്തിൽ ഇട്ടു, പെരുത്ത വെ
ള്ളത്തിന്നു് അരികേ ആക്കി അരളിപോലേ സ്ഥാപിച്ചു. അതും തഴെച്ചു
6 പൊക്കം കുറഞ്ഞു പടൎന്നുള്ള വള്ളിയായി, അതിന്റേറ കൊടികളും കഴു
കന്റേറ നേരേ തിരികയും വേരുകളും ഇവന്റേറ കീഴേ ആകയും വേണ്ടി
വന്നുവല്ലോ. ഇങ്ങനേ മുന്തിരിവള്ളി ആയി കൊമ്പുകളും ഉണ്ടാക്കി തൂപ്പു
7 മുളപ്പിച്ചു നീട്ടി.— വലിയ ചിറകും വളരേ പപ്പുമുള്ള മറൊരു വങ്കഴുകനും
ഉണ്ടു, അവങ്കലേക്കു ആ വള്ളി നട്ടുനില്ക്കുന്ന തടത്തിൽനിന്നു വേരുകളെ
ദാഹിച്ചു നീട്ടി കൊമ്പുകളെയും അയച്ചു കഴുകൻ തന്നേ നനെക്കേണം എന്നു
8 വെച്ചത്രേ. ശാഖ ഉത്ഭവിച്ചും കുല പഴുത്തും പുഷ്ടിച്ച വള്ളിയാവാൻ അല്ലോ
9 നല്ല വയലിൽ വളരേ വെള്ളത്തിന്നരികേ നടപ്പെട്ടിരുന്നു. പറക: യഹോ
വാകൎത്താവു് ഇവ്വണ്ണം പറയുന്നു: ഇതു സാധിക്കുമോ? (വള്ളി) ഉണങ്ങുവാൻ
അതിൻ വേരുകളെ പറിച്ചു കുലകളെ കൊത്തിക്കളക ഇല്ലയോ? തഴെച്ച
ഇല ഒക്കയും ഉണങ്ങിപ്പോം, വേരുകളിന്മേൽ അതു നിവിൎത്തുവാൻ ബല
10 ത്ത കൈക്കും ബഹുജനത്തിന്നും ആവതില്ല. ഇതാ നടപ്പെട്ടിട്ടും സാധി
ക്കുമോ? കിഴക്കൻ കാറ്റു് അതിൽ തട്ടിയാൽ ഉടനേ മുറ്റും ഉണങ്ങുക ഇല്ല
യോ? അതു തഴെച്ച തടങ്ങളിൽ ഉണങ്ങും.
11. 12 യഹോവാവചനം എനിക്കു് ഉണ്ടായി പറഞ്ഞിതു: മത്സരഗൃഹത്തോടു്
ഇതു് എന്തു് എന്നു് അറിയുന്നില്ലയോ? എന്നു പറഞ്ഞാലും! പറക: ബാ
ബേൽരാജാവു് അതാ യരുശലേമിൽ വന്നു അതിലേ അരചനെയും പ്രഭു
ക്കളെയും പിടിച്ചു ബാബേലിൽ കൂട്ടിക്കൊണ്ടുപോയി; രാജകുലത്തിൽ
13 (ഒരുത്തനെ) എടുത്തു നിയമം ഖണ്ഡിച്ചു ആണ ഇടുവിച്ചു, എങ്കിലും ഉയർ
14 ന്നു പോകാതേ താണ രാജ്യമായി നിയമത്തെ കാത്തുകൊണ്ടു നില്ക്കേണം
എന്നു വെച്ചു ദേശത്തിലേ ബലവാന്മാരെ അവൻ എടുത്തുകൊണ്ടുപോയി.
15 (ചിദക്കിയാവോ) മിസ്രെക്കു ദൂതന്മാരെ അയച്ചു കുതിരകളെയും ബഹുജന
ത്തെയും കൊടുപ്പാൻ ചോദിച്ചു അവനോടു മറുത്തുപോയി. അവൻ തഴെക്കു
മോ? ഇവ ചെയ്തവൻ ഒഴിച്ചു പോരുമോ? നിയമത്തെ ഭഞ്ജിച്ചിട്ടു വഴുതി
16 പ്പോരുമോ? യഹോവാകർത്താവിൻ അരുളപ്പാടാവിതു: എൻ ജീവൻ

ആണ ഏവൻ അവനെ വാഴിച്ച ഏവനേറ ആണയെ അവൻ ധിക്കരിച്ച
നിയമം ഭഞ്ജിച്ചതു ആ രാജാവിൻ സ്ഥലത്തിലും അണയത്തും ബാബേ
ലിൻ മദ്ധ്യേ തന്നേ അവൻ മരിക്കും. ഫറോവോ മഹാബലത്താലും അനേക
17 സമൂഹത്താലും അല്ല അവന പോരിൽ തുണെക്കും, ബഹുപ്രാണനാശത്തി
18 ന്നായി മേട കുന്നിച്ച കൊന്തളങ്ങം പണിയുമ്പോം തന്നേ. അവൻ ആണ
യെ ധിക്കരിച്ച നിയമത്തെ ഭഞ്ജിച്ച, ഇതാ കൈകൊട്ടത്ത ശേഷം ഇത്
19 എല്ലാം ചെയ്ത പോയി, അവൻ വഴുതി പോരുക ഇല്ല. അതു കൊണ്ടു യ
ഹോവാകത്താവ് ഇവ്വണ്ണം പറയുന്നു: എൻ ജീവനാണ അവൻ ധിക്കരി
ച്ച എനേറ ആണയെയും ഭഞ്ജിച്ച നിയമത്തെയും ഞാൻ അവനേറ തല
20 മേൽ വരുത്തുന്നുണ്ടു. (12,13) എൻ വലയെ അവനേറ മേൽ വീശും, എൻ
കണിയിൽ അവൻ കുടുങ്ങും, ഞാൻ അവനെ ബാബേലിൽ കൊണ്ടുചെന്നു
എന്നോടു ദ്രോഹിച്ച ദ്രോഹം ചൊല്ലി അവിടേ അവനോടു വ്യവഹരി
21 ക്കും. അവനേറ സകലപടച്ചാർത്തുകളിലും മണ്ടിപ്പോയവരും എല്ലാം വാ
ളാൽ വീഴുകയും ശേഷിച്ചവർ എല്ലാ കാററിന്നും ചിതറുകയും യഹോവയാ
യ ഞാൻ ഉരെച്ച എന്നു നിങ്ങം അറികയും ചെയ്യും.
22 യഹോവാകത്താവ് ഇവ്വണ്ണം പറയുന്നു; ഞാനോ ഉന്നതദേവദാരുവിൻ
തലയിൽനിന്ന് ഒന്ന് എടുത്തു സ്ഥാപിക്കും, അതിൻ ചില്ലികളുടേ മേലേ
തിൽനിന്നു നേരിയതിനെ അടർത്തു ഉച്ചൈർ ഉയർന്ന മലമേൽ ഇളന്തെ
23 യായി നടും; ഇസ്രയേലിൻ ഉന്നതപർവ്വതത്തിൽ ഞാൻ അതു നടും, അതു
കൊമ്പുകളെ ഉല്പാദിച്ച ഫലം ഉണ്ടാക്കി പുഷ്ടിച്ച ദേവദാരു ആകും, ഏതു
വക ചിറകുമുള്ള പക്ഷി എല്ലാം അതിൻ കീഴേ പാർക്കും. അതിൻ ശാഖ
24 കളുടേ നിഴലിൽ പാർക്കും. യഹോവയായ ഞാൻ ഉയർന്ന മരത്തെ താഴ്
ത്തി താണമരത്തെ ഉയത്തി പച്ചമരം ഉണക്കി ഉണങ്ങിയ മരം തഴപ്പിച്ച
എന്നു വയലിലേ വൃക്ഷങ്ങം ഒക്കയും അറിയും. യഹോവയായ ഞാൻ ഉ
രെച്ചും ചെയ്യും ഇരിക്കുന്നു.

18. അദ്ധ്യായം

താന്താനേറ കുററത്തിന്നു ശിക്ഷ ഉണ്ടു (5) നീതിയാൽ തനിക്കേ ജീവന
ള്ളു. (10) മകന്ന് അത് ഉതകാതു (14) താൻ തനിക്കു നോക്കേണം (21)
മാനസാന്തരത്താലേ രക്ഷ ഉള്ളു.

1.2 യഹോവാവചനം എനിക്കുണ്ടായി പറഞ്ഞിതു: അച്ഛന്മാർ പിഞ്ഞുതി
ന്നാൽ മക്കൾക്കു പല്ലുകം കുത്തും (യിറ. 31,29) എന്നൊരു സദൃശം ഇസ്ര
3 യേൽനാട്ടിൽ നിങ്ങം പ്രയോഗിപ്പാൻ എന്തു? എൻ ജീവൻ ആണ ഈ സ
ദൃശം ഇനി ഇസ്രയേലിൽ മൊഴിക്കരുത് എന്നു യഹോവാകത്താവിൻ അരു
4 ളപ്പാടു. ഇതാ സകലദേഹികളും എനിക്കുള്ളവ, അച്ഛനേറ ദേഹിയും മക
നേറ ദേഹിയും ഒരു പോലേ എനിക്കുള്ളവ, പിഴെക്കുന്ന ദേഹിയേ മരിക്കു
ന്നുള്ളു.

5.6 ഒരുവൻ നീതിമാനായി നേരും ന്യായവും ചെയ്തു. മലകളിന്മേൽ ഭക്ഷി
ക്കാതേയും ഇസ്രയേൽഗൃഹത്തിൻ മുട്ടങ്ങൾക്കു നേരേ കണ്ണ് ഉയത്താതേയും
കൂട്ടുകാരനേറ ഭാര്യയെ തീണ്ടിക്കാതേയും തീണ്ടായവളോടു അണയാതേ
7 യും, ആരെയും ഉപദ്രവിക്കാതേയും ഒട്ടും പിടിച്ചുപറിക്കാതേയും പാർത്തു,
കടത്തിന്നുള്ള പണയം മടക്കിക്കൊടുത്തു, വിശക്കുന്നവന്നു അപ്പം നല്കി
8 നഗ്നനെ വസ്ത്രം പുതപ്പിച്ചു, പലിശെക്കു കൊടുക്കാതേ പൊലുവാങ്ങാതേ,
അക്രമത്തിൽനിന്നു കൈ നീക്കി, ആംക്കു ആളോടുള്ള ഇടച്ചലിൽ പട്ടാ
9 ങ്ങുന്യായം തീർത്തു, സത്യം പ്രവൃത്തിപ്പാൻ എനേറ വെപ്പുകളിൽ നടന്നുഎൻ
ന്യായങ്ങളെ കാത്തുകൊണ്ടാൽ ആയവൻ നീതിമാൻ. അവൻ ജീവിക്കേ

ഉള്ള എന്നു യഹോവാകർത്താവിൻ അരുളപ്പാടു.— അവനു പക്ഷേ ഓർ
10 ഉഗ്രപുത്രൻ ജനിക്കും, രക്തം ചിന്നുന്നവനോ അച്ഛൻ ഒട്ടും ചെയ്യാതവ മേ
11 ല്പടി ഒന്നുമാത്രം ചെയ്യുന്നവനോ, മലകളിന്മേൽ ഭക്ഷിച്ചു കൂട്ടുകാരന്റെ ഭാ
12 ര്യയെ തീണ്ടിച്ചു, ദീനദരിദ്രരെ ഉപദ്രവിച്ചു, പിടിച്ചുപറിച്ചു, പണയത്തെ
13 മടക്കാതേ, മുട്ടങ്ങൾക്കു നേരേ കണ്ണു് ഉയർത്തി അറെപ്പു ചെയ്തു, പലിശെക്കു
കൊടുത്തു പൊലുവാങ്ങിപ്പോയാൽ, അവൻ ജീവിക്കയോ? ജീവിക്ക ഇ
ല്ല; ഈ അറെപ്പുകൾ എല്ലാം ചെയ്തിട്ടു മരിക്കേ ഉള്ളു, അവന്റെ രക്തം അ
14 വന്മേൽ ആകും.—ഇവനു് ഇതാ ഒരു പുത്രൻ ജനിച്ചു അപ്പൻ ചെയ്യുന്ന പാ
പങ്ങളെ ഒക്കെയും കണ്ടു, കണ്ടിട്ടും ആ വക ചെയ്യാത്തവൻ. മലകളിന്മേൽ
15 ഭക്ഷിക്ക ഇല്ല ഇസ്രയേൽഗൃഹത്തിൻ മുട്ടങ്ങൾക്കു നേരേ കണ്ണു് ഉയർത്തുകയും
16 ഇല്ല, കൂട്ടുകാരന്റെ ഭാര്യയെ തീണ്ടിക്കാതേ, ആരെയും ഉപദ്രവിക്കാതേ
പണയം വെച്ചുകൊള്ളാതേ, പിടിച്ചുപറിക്കാതേ പാർത്തു, വിശക്കുന്നവ
നു് അപ്പം നല്കി നഗ്നനെ വസ്ത്രം പുതപ്പിച്ചു, ദീനനിൽനിന്നു കൈനീക്കി
17 പലിശയും പൊലുവും വാങ്ങാതേകണ്ടു എൻ ന്യായങ്ങളെ ചെയ്തുവരുന്നു.
അപ്പന്റെ കുറ്റത്താൽ ഇവൻ മരിക്കയില്ല, ജീവിക്കേ ഉള്ളു. അപ്പൻ പീ
18 ഡിപ്പിച്ചു സഹോദരനോടു പിടിച്ചുപറിച്ചു തൻ ജനമദ്ധ്യേ നന്നല്ലാത്തതു
ചെയ്തുയാൻ അതാ തൻ കുറ്റത്താൽ മരിക്കും.—പിന്നേ അപ്പന്റെ കുറ്റ
19 ത്തെ മകൻകൂടി ചുമക്കാത്തതു് എന്തിട്ടു? എന്നു നിങ്ങൾ പറയുന്നു; മകനോ
നേരും ന്യായവും ചെയ്തു എൻ വെപ്പുകളെ ഒക്കെയും കാത്തു നടത്തി, അവൻ
20 ജീവിക്കേ ഉള്ളു. പിഴെക്കുന്ന ദേഹിയായതു മരിക്കും, അപ്പന്റെ കുറ്റം
മകൻ കൂടി ചുമക്ക ഇല്ല, മകന്റെ കുറ്റം അപ്പൻ കൂടി ചുമക്കയും ഇല്ല;
നീതിമാന്റെ നീതി അവന്മേൽ ആകും, ദുഷ്ടന്റെ ദുഷ്ടത അവന്മേൽ
അത്രേ.

21 ദുഷ്ടനോ ചെയ്ത പാപങ്ങളെ ഒക്കെയും വിട്ടു തിരിഞ്ഞു എന്റെ എല്ലാ
വെപ്പുകളെയും കാത്തു നേരും ന്യായവും ചെയ്യും എങ്കിൽ മരിക്കാതേ ജീ
22 വിക്കേ ഉള്ളു. അവൻ ചെയ്ത സകലദ്രോഹങ്ങളും അവനോടു് ഓർമ്മപ്പെ
23 ടുക ഇല്ല, താൻ ചെയ്ത നീതിയാൽ ജീവിക്കും. ദുഷ്ടന്റെ മരണത്തെ
ഞാൻ കാംക്ഷിക്കുന്നുവോ? എന്നു യഹോവാകർത്താവിൻ അരുളപ്പാടു,
24 തൻ വഴിയെ വിട്ടു തിരിഞ്ഞു ജീവിക്കേണം എന്നല്ലയോ?— നീതി
മാനോ തന്റെ നീതിയെ വിട്ടു തിരിഞ്ഞു് അക്രമം ചെയ്തു ദുഷ്ടൻ ചെയ്ത
എല്ലാ അറെപ്പുകളെയും നടത്തിയാൽ അവൻ ജീവിക്കുമോ? അവൻ ചെ
യ്ത സകലനീതികളും ഓർമ്മപ്പെടുക ഇല്ല, അവൻ ലംഘിച്ച ദ്രോഹത്താ
25 ലും പിഴെച്ച പാപത്താലും തന്നേ മരിക്കും. നിങ്ങളോ: കർത്താവിന്റെ
വഴി ശരി അല്ല എന്നു പറയുന്നു. ഇസ്രയേൽഗൃഹമേ കേട്ടുകൊൾവിൻ!
എന്റെ വഴി ശരി അല്ല എന്നോ? നിങ്ങടേ വഴികൾ അല്ലോ ശരി അല്ലാ
26 ത്തതു? നീതിമാൻ തൻ നീതിയെ വിട്ടു തിരിഞ്ഞു അക്രമം ചെയ്തിട്ടു
27 മരിച്ചാൽ അവൻ ചെയ്ത അക്രമത്താലേ മരിപ്പു.— ദുഷ്ടനോ ചെയ്ത ദുഷ്ട
തയെ വിട്ടു തിരിഞ്ഞു നേരും ന്യായവും ചെയ്താൽ സ്വദേഹിയെ ജീ
28 വിപ്പിക്കും. അവൻ കണ്ടു, താൻ ചെയ്ത സകലദ്രോഹങ്ങളെയും വിട്ടു
29 തിരിഞ്ഞാൽ മരിക്കാതേ ജീവിക്കേ ഉള്ളു. എന്നിട്ടും കർത്താവിൻ വഴി
ശരി അല്ല എന്നു് ഇസ്രയേൽഗൃഹം പറയുന്നു. അല്ലയോ ഇസ്രയേൽ
ഗൃഹമേ! എന്റെ വഴികൾ ശരി അല്ല എന്നോ, ശരി അല്ലാത്തതു നിങ്ങ
30 ടേ വഴികൾ അല്ലോ? അതുകൊണ്ടു ഇസ്രയേൽഗൃഹമേ നിങ്ങൾക്കു ഞാൻ
ന്യായം വിധിപ്പതു അവനവന്റെ വഴികൾക്കു് ഒത്തവണ്ണമേ, എന്നു
യഹോവാകർത്താവിൻ അരുളപ്പാടു. (പാപം) നിങ്ങൾക്കു് അകൃത്യത്തി
നു് ഇടർച്ച ആകാതവണ്ണം മനം തിരിഞ്ഞു നിങ്ങടേ സകലദ്രോഹ
31 ങ്ങളെയും വിട്ടു മടങ്ങുവിൻ. നിങ്ങൾ ലംഘിച്ചു ചുമക്കുന്ന സകലദ്രോ
ഹങ്ങളെയും എറിഞ്ഞുകളവിൻ! നിങ്ങൾക്കു പുതിയ ഹൃദയവും പുതിയ

ആത്മാവും ഉണ്ടാക്കിക്കൊൾവിൻ! ഇസ്രയേൽഗൃഹമേ നിങ്ങൾ മരിപ്പാൻ
32 എന്തു? ഞാനാകട്ടേ ചാകുന്നവന്റെ മരണം ആഗ്രഹിക്കുന്നില്ല എന്നു യഹോവാകത്താവിൻ അരുളപ്പാടു. എന്നാൽ മനം തിരിഞ്ഞു ജീവിപ്പിൻ!

19. അദ്ധ്യായം

യോവഹാജ് യോയഖീൻ(10)മുതലായവരുടെ നാശംകൊണ്ടുള്ള വിലാപം.

1 നീയോ ഇസ്രയേൽമന്നവന്മാരെ ചൊല്ലി വിലാപം തുടങ്ങി പറക:
2 സിംഹിയായ നിന്റെ അമ്മ സിംഹികളുടെ ഇടയിൽ അമൎന്നു ബാല
സിംഹങ്ങളുടെ മദ്ധ്യേ തന്റെ കുട്ടികളെ വളൎത്തിയതു് എന്തിനു? കുട്ടി
3 കളിൽ ഒന്നിനെ അവൾ വലുതാക്കി അതു ചെറു കോളരിയായി
4 തീൎന്നു ഇര പിടിപ്പാൻ ശീലിച്ചു മനുഷ്യരെ തിന്നു. ജാതികൾ അവന്റെ
വസ്തുത കേട്ടാറെ അവരുടെ കുഴിയിൽ കുടുങ്ങി, അവർ മൂക്കിൽ കൊളു
5 ത്തുകളെ ഇട്ടു അവനെ മിസ്രദേശത്തു കൊണ്ടുപോയി.— ആശ ചൊട്ടി
കെട്ടുപോയതു് അവൾ കണ്ടു കുട്ടികളിൽ മറ്റൊന്നിനെ എടുത്തു അവനെ
6 ബാലസിംഹമാക്കി. അവൻ സിംഹികളുടെ ഇടയിൽ പെരുമാറി കോള
രിയായി തീൎന്നു ഇര പറിപ്പാൻ ശീലിച്ചു മനുഷ്യരെ തിന്നു, കൊന്നവ
7 രുടെ വിധവകളെ അറിഞ്ഞു ഊരുകളെ പാഴാക്കി അലറുന്ന ഒലിയാൽ
8 ദേശവും അതിൽ നിറയുന്നതും ശൂന്യമായിപ്പോയി. അപ്പോൾ ചുറ്റുമുള്ള
നാടുകളിലെ ജാതികൾ അവനെക്കൊള്ളെ വല നിരുത്തി അവന്റെ മേൽ
വീശി, അവരുടെ കുഴിയിൽ അവൻ കുടുങ്ങിപ്പോയി. അവർ മൂക്കിൽ
9 കൊളുത്തുകൾ ഇട്ടു അവനെ കൂട്ടിൽ ആക്കി ബാബേൽ രാജാവിന്നു കൊ
ണ്ടുചെന്ന കോട്ടയിൽ പൂകിച്ചു ഇസ്രയേൽമലകളിൽ അവന്റെ നാദം
ഇനി കേളാതാക്കിവെക്കയും ചെയ്തു.
10 നിന്റെ അമ്മയോ സാവധാനകാലത്തിൽ വെള്ളത്തിന്നരികേ നട്ട
മുന്തിരിവള്ളിക്കു സമം, ആയതു വെള്ളപ്പെരിപ്പത്താൽ തഴെച്ചു പൂത്തു
11 കാച്ചു, ഉണ്ടായ ബലത്തകൊമ്പുകൾ വാഴ്ചന്നോരുടെ ചെങ്കോലുകൾക്കും
കൊള്ളാം. കാടുകളോളം അതിൻ വളൎച്ച ഉയൎന്നു, ചില്ലികളുടെ കൂട്ടത്തോ
12 ടേ ഉന്നതിയിൽ കാണായി. (ദൈവ) ക്രോധം അതിനെ (വേരോടു)
പൊരിച്ചു നിലത്തേക്കു് എറിഞ്ഞു, കിഴക്കൻകാറ്റു ഫലത്തെ ഉണക്കി
13 ബലത്ത കൊമ്പുകൾ തകൎന്നു വെന്തു തീക്കു് ഇരയായി. ഇപ്പോൾ അതു
14 മരുവിൽ ദാഹിച്ചു വരണ്ട നിലത്തു നടപ്പെട്ടിരിക്കുന്നു. ശാഖകളുടെ കോ
ലിൽനിന്നോ അഗ്നി പുറപ്പെട്ടു അതിൻ ഫലത്തെ തിന്നുന്നു, ബലത്ത
കൊമ്പും വാഴുന്ന ചെങ്കോലും അതിൽ ഇനി ഉണ്ടാകയും ഇല്ല. ഇതു
വിലാപമത്രേ വിലാപം ആകയും ചെയ്യും.

20. അദ്ധ്യായം

ഇസ്രയേലിൽ മത്സരം (5) മുളെച്ചു (13) വളൎന്നു (27) തികഞ്ഞതിന്നു (32) ന്യായവിധി വേണ്ടിയതു. (39) ശുദ്ധിയോടു നിവൎത്തനവും വരും (അദ്ധ്യാ. 23 വരെ തുടൎച്ച).

1 ഏഴാം ആണ്ടിൽ അഞ്ചാം (തിങ്കളുടേ) പത്താം തിയ്യതിയിൽ ഇസ്രാ
യേൽമൂപ്പന്മാരിൽ ചിലർ യഹോവയോടു ചോദിപ്പാൻ വന്നു എന്റെ മു
2 മ്പിൽ ഇരുന്നു. അന്നു യഹോവാവചനം എനിക്കു് ഉണ്ടായി പറഞ്ഞതു:
3 മനുഷ്യപുത്ര ഇസ്രയേൽമൂപ്പന്മാരോടു് ഉരിയാടി പറക: യഹോവാകത്താ
വു് ഇവ്വണ്ണം പറയുന്നു: എന്നോടു ചോദിപ്പാൻ നിങ്ങൾ വന്നുവോ? എൻ

ജീവനാണ ഞാൻ നിങ്ങളെ എന്നോടു ചോദിപ്പിക്ക ഇല്ല, എന്ന യഹോ
4 വാകർത്താവിൻ അരുളപ്പാടു. നീ അവർക്ക് ന്യായം വിധിക്കുമോ? മനു
ഷ്യപുത്ര, ന്യായം വിധിക്കുമോ? അപ്പന്മാരുടേ അറെപ്പുകൾ അവക്കു അ
റിയിച്ചു പറക:
5 യഹോവാകർത്താവു് ഇപ്രകാരം പറയുന്നു: ഞാൻ ഇസ്രയേലെ തെരി
ഞ്ഞെടുത്തു യാക്കോബ്ഗൃഹത്തിൻ സന്തതിക്കു് എൻ കൈ ഉയർത്തി മി
സ്രദേശത്തിൽ എന്നെ അവക്കു് അറിയുമാറാക്കി ''ഞാൻ നിങ്ങളുടേ ദൈ
6 വമായ യഹോവ'' എന്നു സത്യം ചെയ്യുന്ന ദിവസത്തിൽ, അന്നു് അവരെ
മിസ്രദേശത്തുനിന്നു പുറപ്പെടുവിച്ചു സർവ്വദേശശിഖാമണിയായി ഞാൻ അ
വർക്കു് ഒറുനോക്കിയതും പാലും തേനും ഒഴുകുന്നതുമായ നാട്ടിൽ ആകു
7 വാൻ അവക്കു കൈ ഉയർത്തി കല്പിച്ചിതു: ''നിങ്ങളും ഓരോരുത്തൻ തൻ
കണ്ണുകളുടേ വെറുപ്പുകളെ എറിഞ്ഞുകളഞ്ഞു മിസ്രമുട്ടങ്ങളാൽ തീണ്ടാതേ ഇ
8 രിപ്പിൻ, ഞാൻ നിങ്ങളുടേ ദൈവമായ യഹോവ.''—എന്നാറേ അവർ
എന്നോടു മറുത്തു എന്നെ ചെവികൊളുവാൻ മനസ്സു് ഇല്ലാഞ്ഞു, കണ്ണുക
ളുടേ വെറുപ്പുകളെ ആരും കളയാതേ മിസ്രമുട്ടങ്ങളെ കൈവിടാതേ പാർത്തു.
അപ്പോളും ഞാൻ അവരുടേ മേൽ എൻ ഊഷ്മാവിനെ ചൊരിഞ്ഞു മിസ്ര
ദേശമദ്ധ്യേ അവരിൽ കോപനിവൃത്തി വരുത്തുവാൻ ഭാവിച്ചു. എങ്കിലും
9 എൻ നാമം നിമിത്തം ഞാൻ (വേറേ) ചെയ്തു; ആരുടേ നടുവിൽ അവർ ഇരു
ന്നു, ആരുടേ കണ്ണുകളും കാൺകേ ഞാൻ അവരെ മിസ്രദേശത്തുനിന്നു പുറ
പ്പെടുവിപ്പാൻ എന്നെ അറിയുമാറാക്കിയതു ആ ജാതികളുടേ കണ്ണിൽ എൻ
10 നാമം ബാഹ്യമായി തോന്നാതവണ്ണമേ. അങ്ങനേ മിസ്രദേശത്തുനിന്നു്
അവരെ പുറപ്പെടുവിച്ചു മരുവിലേക്കു കൊണ്ടുചെന്നു, എൻ വെപ്പുകളെ അവ
11 ക്കു കൊടുത്തു എൻ ന്യായങ്ങളെ ഗ്രഹിപ്പിച്ചു, അവ മനുഷ്യൻ ചെയ്തിട്ടു വേ
12 ണം ജീവിപ്പാൻ. എനിക്കും അവർക്കും ഇടയിൽ അടയാളം ആവാൻ എ
നേറ ശബ്ബത്തുകളെയും കൊടുത്തതു അവരെ വിശുദ്ധീകരിക്കുന്ന യഹോവ
ഞാൻ എന്നു് അറിവാൻ തന്നേ.

13 ഇസ്രയേൽഗൃഹമോ മരുഭൂമിയിൽ എന്നോടു മറുത്തു, മനുഷ്യൻ ജീവിപ്പാൻ
ചെയ്യേണ്ടുന്ന എൻ വെപ്പുകളിൽ നടക്കാതേ എൻ ന്യായങ്ങളെ ധിക്കരിച്ചു
എൻ ശബ്ബത്തുകളെ ഏറവും ബാഹ്യമാക്കി പോയി. മരുവിലും എൻ ഊ
ഷ്മാവിനെ അവരുടേ മേൽ ചൊരിഞ്ഞു അവരെ മുടിപ്പാൻ ഭാവിച്ചു.
14 എൻ നാമം നിമിത്തം (വേറേ) ചെയ്തു താനും, ആരുടേ കണ്ണുകളും കാൺകേ
ഞാൻ അവരെ പുറപ്പെടീച്ചു ആ ജാതികളുടേ കണ്ണിൽ അതു ബാഹ്യമായി
15.16 തോന്നാതവണ്ണമേ. എങ്കിലും അവരുടേ ഹൃദയം ആ മുട്ടങ്ങളെ പിന്തുടരുക
യാൽ അവർ എൻ ന്യായങ്ങളെ ധിക്കരിച്ചു എൻ വെപ്പുകളിൽ നടക്കാ
തേ എൻ ശബ്ബത്തുകളെ ബാഹ്യമാക്കുകൊണ്ടു, പാലും തേനും ഒഴുകുന്ന സർവ്വ
ദേശശിഖാമണിയായ നാട്ടിൽ അവരെ പൂകിക്ക ഇല്ല എന്നു മരുവിൽ അവ
ക്കു കൈ ഉയർത്തി (സത്യം ചെയ്തു). എൻ കണ്ണു് അവരെ ആദരിച്ചു നോ
17 ക്കുകയാൽ മരുവിൽ സംഹരിച്ചതും മുടിവു വരുത്തിയതും ഇല്ല താനും.—
18 അവരുടേ മക്കളോടു ഞാൻ മരുവിൽ പറഞ്ഞു: അപ്പന്മാരുടേ വെപ്പുകളിൽ
നടക്കായ്വിൻ, അവരുടേ ന്യായങ്ങളെ സൂക്ഷിയായ്വിൻ അവരേ മുട്ടങ്ങ
19 ളാൽ തീണ്ടായ്വിൻ. നിങ്ങളുടേ ദൈവമായ യഹോവ ഞാൻ തന്നേ.
എൻ വെപ്പുകളിൽ നടന്നും എൻ ന്യായങ്ങളെ സൂക്ഷിച്ചുംചെയ്തും, എൻ ശബ്ബ
20 ത്തുകളെ വിശുദ്ധീകരിച്ചും കൊൾവിൻ. ഞാൻ നിങ്ങളുടേ ദൈവമായ
യഹോവ എന്നു് അറിവാൻ അവ എനിക്കും നിങ്ങൾക്കും ഇടയിൽ അടയാ
21 ളം ആക!— എന്നാറേ മക്കളും എന്നോടു മറുത്തു മനുഷ്യൻ ജീവിപ്പാൻ ചെ
യ്യേണ്ടുന്ന എൻ വെപ്പുകളിൽ നടക്കാഞ്ഞു എൻ ന്യായങ്ങളെ ചെയ്വാൻ
സൂക്ഷിയാഞ്ഞു എൻ ശബ്ബത്തുകളെ ബാഹ്യമാക്കിപോന്നു. ഞാനും എൻ
ഊഷ്മാവിനെ അവരുടേ മേൽ ചൊരിഞ്ഞു മരുവിൽ തന്നേ കോപനിവൃത്തി

22 വരുത്തുവാൻ ഭാവിച്ചു. എങ്കിലും കൈ മടക്കി എൻ നാമം നിമിത്തം
(വേറേ) ചെയ്തതു ആരുടേ കണ്ണുകൾ കാൺകേ ഞാൻ അവരെ പുറപ്പെടീച്ചു
23 ആ ജാതികൾക്കു അതു ബാഹ്യമായി തോന്നാതവണ്ണമേ. മരുവിൽ തന്നേ
അവർക്കു കൈ ഉയർത്തി ജാതികളിൽ അവരെ ചിന്നിച്ചു രാജ്യങ്ങളിൽ ചി
24 തറിപ്പാൻ (സത്യംചെയ്തു) താനും. എൻ ന്യായങ്ങളെ ചെയ്യാതേ എൻ വെ
പ്പുകളെ ധിക്കരിച്ചു എൻ ശബ്ബത്തുകളെ ബാഹ്യമാക്കി കണ്ണുകൾ അപ്പന്മാ
25 രുടേ മുട്ടങ്ങളെ പിന്തേടുക ഹേതുവാലത്രേ. നന്നല്ലാത്ത വെപ്പുകളെയും ജീ
വനെ വരുത്താത്ത ന്യായങ്ങളെയും അവർക്കു ഞാൻ കൊടുത്തു, ഗർഭം തുറക്കു
26 ന്ന ഈറൻ എല്ലാം തീയൂടേ കടത്തിച്ചു ഇങ്ങനേ അവരെ സ്വന്തവഴിപാടുക
ളിലും അശുദ്ധമാക്കിയതു അവർക്കു ഭ്രമം വരുത്തുവാനും ഞാൻ യഹോവ
എന്നു അവർ അറിവാനും തന്നേ.
27 അതുകൊണ്ടു മനുഷ്യപുത്ര ഇസ്രയേൽഗൃഹത്തോടു ഉരിയാടി പറക!
യഹോവാകർത്താവു ഇവ്വണ്ണം പറയുന്നു: നിങ്ങളുടേ അപ്പന്മാർ എന്നോടു
28 ദ്രോഹിച്ച ലംഘനത്തിൽ ഇനി ഒന്നുണ്ടു എന്നെ ദുഷിച്ചതു: ഞാൻ അവർക്കു
കൊടുപ്പാൻ കൈ ഉയർത്തിയ നാട്ടിൽ പൂകിച്ചശേഷം അവർ ഏതു ഉയർന്ന
കുന്നും തഴെച്ച മരവും എല്ലാം കണ്ടു അവിടേ തങ്ങളുടേ ബലികളെ കഴിച്ചു
അവിടേ വ്യസനത്തിന്നുള്ള കാഴ്ച വെച്ചു അവിടേ ഇഷ്ടവാസനയെ അർപ്പി
ച്ചു അവിടേ (മദ്യത്താൽ) ഊക്കഴിക്കയും ചെയ്തു. നിങ്ങൾ ചെല്ലുന്ന കുന്നു
29 കാവു എന്തു പോൽ? എന്നു ഞാൻ അവരോടു പറഞ്ഞിട്ടും ഇന്നേവരേ കുന്നു
30 കാവു എന്നു പേർ വിളിച്ചു പോരുന്നു. അതുകൊണ്ടു ഇസ്രയേൽഗൃഹത്തോടു
പറക: യഹോവാകർത്താവു ഇപ്രകാരം പറയുന്നു: അല്ലയോ ഇസ്രയേൽഗൃഹ
മേ, നിങ്ങൾ അപ്പന്മാരുടേ വഴിയിൽ നിങ്ങളെ തന്നേ തീണ്ടിക്കയും
അവരുടേ വെറുപ്പുകളോടു പറ്റി പുലയാടുകയും, വഴിപാടുകൾ കഴിക്കയാ
31 ലും മക്കളെ തീയൂടേ കടത്തുകയാലും നിങ്ങളുടേ സകലമുട്ടങ്ങളോടും നിങ്ങ
ളെ തന്നേ ഇന്നേവരേ അശുദ്ധമാക്കുകയും ചെയ്തുകൊൾകേ ഞാൻ നി
ങ്ങളെ ചോദിപ്പിക്കയോ? എൻ ജീവനാണ ഞാൻ നിങ്ങളെ ചോദിപ്പിക്ക
ഇല്ല എന്നു യഹോവാകർത്താവിൻ അരുളപ്പാടു.
32 നാം ജാതികളെ പോലേ ആകും, രാജ്യങ്ങളിലേ കുലങ്ങൾക്കു ഒത്തു
ചമഞ്ഞു മരവും കല്ലും ശുശ്രൂഷിക്കും എന്നു നിങ്ങൾ പറയുംപ്രകാരം അങ്ങേ
33 മനസ്സിൽ തോന്നുന്നതു ഒന്നു മാത്രം ഉണ്ടാക ഇല്ല. എൻ ജീവനാണ ബല
ത്ത കൈയാലും നീട്ടിയ ഭുജത്താലും ചൊരിയുന്ന ഊഷ്മാവിനാലും ഞാൻ
34 നിങ്ങളിൽ വാഴുകേ ഉള്ളു എന്നു യഹോവാകർത്താവിൻ അരുളപ്പാടു. ബല
ത്ത കൈയാലും നീട്ടിയ ഭുജത്താലും ചൊരിയുന്ന ഊഷ്മാവിനാലും ഞാൻ
നിങ്ങളെ വംശങ്ങളിൽനിന്നു പുറപ്പെടുവിച്ചു നിങ്ങൾ ചിതറിപ്പോയ രാ
35 ജ്യങ്ങളിൽനിന്നു ചേർത്തു, വംശങ്ങളുടേ മരുവിൽ നിങ്ങളെ പൂകിച്ചു മുഖാ
36 മുഖമായി അവിടേ നിങ്ങളോടു വ്യവഹരിക്കും. നിങ്ങളുടേ അപ്പന്മാരോടു
മിസ്രദേശത്തിൻ മരുവിൽ വ്യവഹരിച്ച പ്രകാരം ഞാൻ നിങ്ങളോടും വ്യ
വഹരിക്കും എന്നു യഹോവാകർത്താവിൻ അരുളപ്പാടു. (ഇടയ) ക്കോലിൻ
37 കീഴേ ഞാൻ നിങ്ങളെ കടപ്പാറാക്കി നിയമത്തിൻ ബന്ധനത്തിൽ നിങ്ങ
38 ളെ അകപ്പെടുത്തും. എന്നോടു മറുകുന്നവരെയും ദ്രോഹിക്കുന്നവരെയും ഞാൻ
നിങ്ങളിൽനിന്നു വേറാക്കും, ദേശാന്തരികളായി പാർക്കുന്ന നാട്ടിൽനിന്നു
അവരെ പുറപ്പെടുവിക്കും എങ്കിലും ഇസ്രയേൽദേശത്തു ആരും പൂക ഇല്ല;
ഞാൻ യഹോവ എന്നു നിങ്ങൾ അറികയും ചെയ്യും.
39 നിങ്ങളോ ഹേ ഇസ്രയേൽഗൃഹമേ പോയി അവനവൻ തൻ മുട്ടങ്ങളെ
സേവിപ്പിൻ! എന്നു യഹോവാകർത്താവു പറയുന്നു. പിന്നേതിലോ നി
ങ്ങൾ എന്നെ ചെവികൊള്ളും നിശ്ചയം, എൻ വിശുദ്ധനാമത്തെ നിങ്ങളു
ടേ വഴിപാടുകളും മുട്ടങ്ങളുംകൊണ്ടു ഇനി ബാഹ്യമാക്കുക ഇല്ല; എൻ വി
40 ശുദ്ധപർവ്വതത്തിൽ ഇസ്രയേലിൻ ഉയർന്ന മലയിൽ തന്നേ ഇസ്രയേൽ

ഗൃഹം ഒക്കയും ദേശത്തിൽ എല്ലാവരുംകൂടി സാക്ഷാൽ എന്നെ സേവിക്കും
എന്നു യഹോവാകർത്താവിൻ അരുളപ്പാടു, അവിടേ ഞാൻ അവരെ അംഗീ
കരിക്കും, അവിടേ നിങ്ങളുടേ മീത്തുകളെയും വഴിപാടുകളുടേ ആദ്യഫല
ങ്ങളെയും നിങ്ങൾ വിശുദ്ധീകരിക്കുന്ന സമസ്തവുമായി ഞാൻ ചോദിക്കും.
41 ഞാൻ വംശങ്ങളിൽനിന്നു നിങ്ങളെ പുറപ്പെടുവിച്ചും ചിതറിപ്പോയ രാജ്യ
ങ്ങളിൽനിന്നു ചേർത്തുംകൊണ്ടു ജാതികൾ കാൺകേ നിങ്ങളിൽ വിശു
ദ്ധനായി കാട്ടുമ്പോൾ ഇഷ്ടവാസനയായി നിങ്ങളെ അംഗീകരിക്കും.
42 നിങ്ങടേ അപ്പന്മാർക്കു കൊടുപ്പാൻ ഞാൻ കൈ ഉയർത്തിയ ദേശമാകുന്ന
ഇസ്രയേൽനാട്ടിൽ നിങ്ങളെ പുകിക്കയിൽ ഞാൻ യഹോവ എന്നു നിങ്ങൾ
43 അറിഞ്ഞു, നിങ്ങടേ വഴികളെയും നിങ്ങളെ തന്നേ തീണ്ടിച്ച കർമ്മങ്ങളെ
യും ഓർത്തു, ചെയ്ത തീമകൾ എല്ലാം വിചാരിച്ചു നിങ്ങളിൽ തന്നേ മന
44 സ്സിരിച്ചൽ തോന്നും. ഞാനോ ഇസ്രയേൽഗൃഹമേ നിങ്ങടേ വല്ലാത്ത വഴി
കൾക്കും ചീത്ത കർമ്മങ്ങൾക്കും ഒത്തവണ്ണമല്ല എൻ നാമം നിമിത്തം നി
ങ്ങളോടു പ്രവൃത്തിക്കുമ്പോൾ ഞാൻ യഹോവ എന്നു നിങ്ങൾ അറികയും
ചെയ്യും എന്നു യഹോവാകർത്താവിൻ അരുളപ്പാടു.

21. അദ്ധ്യായം

ദ്വാഗ്നിയായി (6) യഹോവയുടേ വാൾ (23) യഹൂദയെയും അമ്മോന്യ
രെയും ഒടുക്കും. (31) മശീഹ മാത്രം രാജത്വപൌരോഹിത്യങ്ങളെ പുതുക്കും.

1. 2 യഹോവാവചനം എനിക്കു് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര മുഖ
ത്തെ തെക്കോട്ടു വെച്ചു ദക്ഷിണദിക്കു നോക്കി ഇകി വറണ്ട ഭ്രമിയിലേ
3 വനത്തിന്നു നേരേ പ്രവചിക്ക! തെക്കേ വനത്തോടു പറക: യഹോവാവ
ചനത്തെ കേൾക്ക! യഹോവാകർത്താവു് ഇവ്വണ്ണം പറയുന്നു: ഇതാ ഞാൻ
നിന്നിൽ അഗ്നികത്തിക്കുന്നതു ഏതു പച്ചമരവും ഏതു ഉണങ്ങിയ മരവും
തിന്നും, കഠോരജ്വാല കെടാതു, തെക്കുമുതൽ വടക്കോട്ടു സകലമുഖം അ
4 തിനാൽ വെന്തവിയും. യഹോവയായ ഞാൻ അതു കൊളുത്തി എന്നു്
5 എല്ലാ ജഡവും കാണും; അതു കെടുക ഇല്ല. ഞാനോ പറഞ്ഞു: യഹോവാ
കർത്താവേ അവൻ സദൃശങ്ങൾ മൊഴിയുന്നവല്ലോ എന്നു് ഇവർ എന്നെ
ക്കൊണ്ടു പറയുന്നു!
6. 7 എന്നാറേ യഹോവാവചനം എനിക്കു് ഉണ്ടായി പറഞ്ഞിതു: മനുഷ്യ
പുത്ര യരുശലേമിന നേരേ മുഖത്തെ വെച്ചു വിശുദ്ധസ്ഥലങ്ങളെ കൊള്ളേ
8 തുകി ഇസ്രയേൽനാട്ടിന്നു് എതിരേ പ്രവചിക്ക! ഇസ്രയേൽനാട്ടോടു
പറക: യഹോവാകർത്താവു് ഇപ്രകാരം പറയുന്നു: ഞാൻ ഇതാ നിന്നെ
ക്കൊള്ളേ (വരും) എൻ വാളിനെ ഉറയിൽനിന്നു് ഊരി നീതിമാനെയും
9 ദുഷ്ടനെയും നിന്നിൽനിന്നു ഛേദിക്കും. നിന്നിൽനിന്നു നീതിമാനെയും
ദുഷ്ടനെയും ഛേദിപ്പാറാകയാൽ എൻ വാൾ തെക്കുമുതൽ വടക്കോട്ടു സക
10 ലജഡത്തിന്നും എതിരേ ഉറയെ വിട്ടു ചെല്ലും. യഹോവയാകുന്ന ഞാൻ
എൻ വാളിനെ ഉറയിൽനിന്നു് ഊരി എന്നു സകലജഡവും അറിയും;
11 അതു് ഇനി മടങ്ങുക ഇല്ല. നീയോ മനുഷ്യപുത്ര നടു ഒടികേ ഞരങ്ങുക,
12 അവർ കാൺകേ കൈപ്പോടേ ഞരങ്ങുക! പിന്നേ എന്തിന്നു നീ ഞരങ്ങു
ന്നു? എന്നു നിന്നോടു ചോദിച്ചാൽ പറക: വരുന്ന ശ്രുതി നിമിത്തം തന്നേ.
ഏതു ഹൃദയവും ഉരുകും എല്ലാ കൈകളും തളരും ഏതു് ആത്മാവും മയങ്ങും
എല്ലാ മുഴങ്കാലും വെള്ളമായിപ്പോകും. അതാ വരുന്നു, സംഭവിക്കുന്നു എന്നു
യഹോവാകർത്താവിൻ അരുളപ്പാടു.
13. 14 യഹോവാവചനം എനിക്കു് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര പ്രവ
ചിച്ചു പറക: യഹോവ ഇവ്വണ്ണം പറയുന്നു: ഒരു വാൾ! മൂച്ചുകൂട്ടി മിനുക്കിയ

15 വാൾ! അരുകുലെക്കായി മൂർച്ചകൂട്ടിയതു, മിന്നൽ ആവാൻ മിനുക്കി
യതു. അല്ല (1 മോ. 49,10) എൻ പുത്രന്റെ ചെങ്കോൽ എല്ലാ മരത്തെയും
16 അപഹസിക്കുന്നു (എന്നു) നാം ആനന്ദിക്കയോ? അതിനെ അണെപ്പാൻ
കൊടുത്തതോ കൈയിൽ പിടിപ്പാൻ തന്നേ; ഈ വാൾ മൂർച്ചകൂട്ടി ഊട്ടി
17 യതു കൊല്ലുന്നവന്റെ കൈയിൽ കൊടുപ്പാനേ. മനുഷ്യപുത്ര നിലവിളി
ച്ചു മുറയിടുക! എൻ ജനത്തിന്നല്ലോ ഇതു തട്ടുന്നു, ഇസ്രയേൽപ്രഭുക്കൾക്ക്
എപ്പേക്കുമേ; എൻ ജനവുമായി അവർ വാളിന്നു തെറിച്ചു കിടക്കുന്നു, അ
18 തുകൊണ്ടു തുടെക്ക് അലെക്ക! പരീക്ഷ സിദ്ധിച്ചു; പിന്നേ അപഹസിക്കു
ന്ന ചെങ്കോൽ കൂടേ നില്ലാ എന്നു വരികിൽ എന്തു? എന്നു യഹോവയുടേ
19 അരുളപ്പാടു.— നീയോ മനുഷ്യപുത്ര കൈകളെ കൊട്ടി പ്രവചിക്ക! വാൾ
മൂന്നിരട്ടിക്ക, കുതന്നവരുടേ വാൾ; അവരെ ചുഴലുന്നതു ഒരു മഹാനെ കുത
20 ന്ന വാൾ. ഹൃദയം ഉരുകുവാനും ഇടർച്ചകൾ പെരുകുവാനും വേണ്ടി തെള
ങ്ങി ചലിക്കുന്ന വാളിനെ ഞാൻ അവരുടേ എല്ലാ വാതിലുകളിലും ഇട്ടു;
21 ഹാഹാ മിന്നൽ ആവാൻ ചമെച്ചതു, അരുകുലെക്ക് ഊരിയതു! ഒന്നിച്ചു
22 വലത്തോട്ടു വെട്ടുക, ഇടത്തോട്ടു തിരിക, വായ്ത്തല വിധിച്ച കോണി
ന്നു തല്ലുക! ഞാനും കൈകളെ കൊട്ടി എൻ ഊഷ്മാവിനെ ശമിപ്പിക്കും.
യഹോവയായ ഞാൻ ഉരെച്ചു.

23. 24 യഹോവാവചനം എനിക്ക് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര ബാ
ബേൽരാജാവിന്റെ വാൾ വരുവാൻ രണ്ടു വഴികളെ വരെച്ചുകൊൾക,
രണ്ടും ഒരു ദിക്കിൽനിന്നു പുറപ്പെടുക! പട്ടണത്തിന്റെ വഴിത്തലെക്കു ഒരു
25 കുറിക്കെയും കൊത്തി എഴുതുക. വാൾ അമ്മോന്യരുടേ റബ്ബത്തിലേക്കും
യഹൂദയിൽ ഉറെച്ച യരുശലേമിന്നും ചെല്ലുവാൻ ഓരോ വഴി കുറിക്ക!
26 ബാബേൽരാജാവാകട്ടേ ഇരുവഴിത്തലെക്കൽ ലക്ഷണം പറയിപ്പാൻ നില്ക്കു
ന്നു. അമ്പുകളെ കുലുക്കി, പിതൃക്കളോടു ചോദിച്ചു, യാഗയകൃത്തിൽ നോ
27 ക്കി, വലങ്കൈയിൽ അതാ ''യരുശലേം'' എന്ന വിധി കിട്ടി, എങ്കി
ലോ യന്ത്രമുട്ടികൾ വെക്ക, പോർവിളിക്കു വാവിടുക, ആർപ്പിന്നു ശബ്ദം
ഉയർത്തുക, വാതിലുകൾക്കു നേരേ മുട്ടികൾ വെക്ക, മേടുമാടുക, കൊന്തളം
28 തീക്ക.— അതു (യഹൂദർ) ആയവക്കു വ്യാജലക്ഷണമായിത്തോന്നും, ദി
വ്യസത്യങ്ങൾ അവക്കുണ്ടല്ലോ; (ദൈവം) ആയവനോ (ജനം) കുടുങ്ങു
29 വാൻ വങ്കുറ്റത്തെ ഓർപ്പിക്കുന്നു. യഹോവാകർത്താവു കേവലം ഇപ്രകാരം
പറയുന്നു: നിങ്ങളുടേ കുറ്റത്തെ നിങ്ങൾ തന്നേ ഓർപ്പിച്ചു നിങ്ങളുടേ പാ
പങ്ങൾ എല്ലാ ക്രിയകളിലും പ്രത്യക്ഷമായി കാട്ടി ദ്രോഹങ്ങൾ വെളി
പ്പെടുകയാൽ തന്നേ; നിങ്ങൾ ഓർമ്മയിൽ വന്നതുകൊണ്ടു തന്നേ കൈ
30 ക്കൽ അകപ്പെടും. നീയോ കുലപ്പെടുവോനേ, ദുഷ്ടനേ, ഇസ്രയേൽമ
ന്നവാ! അന്തത്തെ വരുത്തുന്ന കുറ്റകാലത്തിൽ നിന്റെ നാൾ വന്നു,
31 യഹോവാകർത്താവ് ഇവ്വണ്ണം പറയുന്നു: (മഹാപുരോഹിതന്റെ) തലപ്പാവു
നീങ്ങി (രാജ) കിരീടം പൊക്കമായി. ഇവ ഇന്നത് ഇനി അല്ല;
32 താണതിനെ ഉയർത്തുന്നു, ഉയർന്നതു താഴ്ത്തുന്നു. ഞാൻ അതു കീഴ്മേൽമറിപ്പു
മറിപ്പു മറിപ്പാക്കി വെക്കും; ഈ അവസ്ഥയും നില്ലാതു, ന്യായം ഉടയ
വൻ (1 മോ. 49, 10) വരുവോളമത്രേ, അവനു ഞാൻ അതു കൊടുക്കും.
33 നീയോ മനുഷ്യപുത്ര പ്രവചിച്ചു പറക; അമ്മോന്യപുത്രർക്കും അവർ
നിന്ദിക്കുന്നതിന്നും നേരേ യഹോവാകർത്താവ് ഇപ്രകാരം പറയുന്നു:
34 ഹാ വാൾ, അരുകുലെക്ക് ഊരി, മിന്നലായി തിന്മാൻ അണെച്ചു മിനു
ക്കിയ വാൾ! (അമ്മോനേ) നിനക്കു മായാദർശനവും പൊളിലക്ഷണവും
പറയുമ്പോൾ (വാൾ) നിന്നെ (വെട്ടി), അന്തത്തെ വരുത്തുന്ന കുറ്റകാല
ത്തിൽ ആരുടേ നാൾ വന്ന ആ ദുഷ്ട (യഹൂദ) ന്മാരിൽ കുലപ്പെട്ടവരുടേ
35 കഴുത്തുകൾമേൽ നിന്നെ കിടത്തും. നിന്റെ (വാൾ) ഉറയിലേക്കു മടക്കു
ക! നീ സൃഷ്ടിക്കപ്പെട്ട സ്ഥലത്തു നിന്റെ ഉത്ഭവദേശത്തു ഞാൻ നിനക്കു

36 ന്യായം വിധിച്ചു, എൻ ഈറലിനെ നിന്മേൽ ചൊരിഞ്ഞു എൻ ചീറ
ത്തിൻ തീയെ നിന്മേൽ ഊതി നാശക്കമ്മാളരായ പൊട്ടന്മാരുടേ കയ്യിൽ
37 നിന്നെ ഏല്പിക്കും. നീ തീക്ക് ഇര ആകും, നിൻറെ രക്തമേ ദേശത്തിൽ
ഇരിക്കും, നിന്നെ ഇനി ഓർപ്പാറില്ല, യഹോവയായ ഞാനല്ലോ ഉരെച്ചു.

22. അദ്ധ്യായം

യരുശലേമിലേ പാപസമൂഹം ശിക്ഷയെ വിരയ വരുത്തും. (17) ഇസ്രയേൽ കഷ്ടച്ചൂളയിൽ ഉരുകിപ്പോകേണം (23) എല്ലാതരക്കാക്കും ഒരു പോലേ ന്യായവിധി വേണ്ടിവന്നതു.

1, 2 യഹോവാവചനം എനിക്കു ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര (20,4.)
നീ ന്യായം വിധിക്കുമോ? രക്തക്കുറ്റങ്ങം ആണ്ട നഗരത്തോടു ന്യായം
വിധിക്കുമോ? എങ്കിൽ അതിൻ അറെപ്പുകളെ ഒക്കയും അതിന്നു അറി
3 യിച്ചു പറക! യഹോവാകത്താവ് ഇപ്രകാരം പറയുന്നു: തൻറെ കാലം
വരുവാൻ ഊടുപാടു രക്തം ചിന്നിച്ചും, അശുദ്ധമാവാൻ മുട്ടങ്ങളെ ഉണ്ടാക്കി
4 നിറെച്ചുംപോരുന്ന നഗരമേ! നീ ചിന്നിച്ച രക്തത്താൽ കുറക്കാരത്തിയും
ഉണ്ടാക്കിയ മുട്ടങ്ങളാൽ അശുദ്ധയും ആയിത്തീൎന്നു നിൻറെ നാളുകളെ
അണയിച്ചു നിൻറെ ആണ്ടുകളോളം വന്നിരിക്കുന്നു. അതുകൊണ്ടു ഞാൻ
നിന്നെ ജാതികൎക്കു നിന്ദയും സകലരാജ്യങ്ങൎക്കും ഇളിഭ്യവും ആക്കുന്നു.
5 നിന്നെ നാമശുദ്ധിപോയവൎ എന്നും മറിമായം പെരുകിയവൎ എന്നും
നിന്നോടു സമീപവും ദൂരവും ഉള്ളവർ പരിഹസിക്കും.—ഇസ്രയേൽ പ്രഭു
6 ക്കന്മാർ അവനവൻ തൻ കൈക്കാംവണ്ണം നിന്നിൽ ഇരിക്കുന്നതു രക്തം
7 ചിന്നിപ്പാനത്രേ. നിന്നിൽ അപ്പനും അമ്മെക്കും ഇളപ്പം വരുന്നു, നടു
വിലുള്ള പരദേശിയെ പീഡിപ്പിക്കുന്നു, അനാഥനെയും വിധവയെയും
8 നിന്നിൽ ഉപദ്രവിക്കുന്നു. എൻ വിശുദ്ധസ്ഥലങ്ങളെ നീ ധിക്കരിച്ചു
എൻ ശബ്ബത്തുകളെ ബാഹ്യം ആക്കുന്നു. രക്തം ചിന്നിപ്പാൻ നുണയർ
9 നിന്നിൽ ഉണ്ടു, മലകളിന്മേൽ ഭക്ഷിക്കുന്നവരും അസഭ്യത നടത്തുന്നവരും,
10 നിന്നിൽ ഉണ്ടു. അപ്പൻറെ നാണിടത്തെ നിന്നിൽ വെളിപ്പെടുക്കുന്നു,
തീണ്ടായവളോടു നിന്നിൽ ബലാൽസംഗം ചെയ്യുന്നു. നിന്നിൽ ഒരുവൻ
11 കൂട്ടുകാരൻറെ കെട്ടിയവളോട് അറെപ്പു ചെയ്യുന്നു, മറേറവൻ മരുമകളെ
തീണ്ടിച്ചു പാതകി ആകുന്നു, മറെറാരുവൻ അപ്പൻറെ മകളായ ഉടപ്പിറ
12 ന്നവളെ പുല്കുന്നു. രക്തം ചിന്നിപ്പാൻ നിന്നിൽ സമ്മാനങ്ങളെ മേടിക്കു
ന്നു. നീ പലിശയും പൊലുവും വാങ്ങി, കൂട്ടുകാരനെ പീഡിപ്പിച്ചു
നേടിക്കൊണ്ടു എന്നെ മറന്നുകളയുന്നു എന്നു യഹോവാകത്താവിൻ അരു
13 ളപ്പാടു.— ഇതാ നീ നേടിയ ദുർല്ലാഭവും നിന്നുള്ളിൽ ഉള്ള ചോരകളും
14 വിചാരിച്ചു ഞാൻ കൈ കൊട്ടുന്നു. ഞാൻ നിന്നോടു വ്യാപരിക്കുന്ന
നാളുകൎക്കു നിൻ ഹൃദയം നിലനിൽക്കുമോ, കൈകൾ ഉറെക്കുമോ? യ
ഹോവയാകുന്ന ഞാൻ ഉരെച്ചു ഞാൻ ചെയ്യുയും ആം. ഞാൻ ജാതിക
15 ളിൽ നിന്നെ ചിന്നിച്ചു രാജ്യങ്ങളിൽ ചിതറിച്ചു നിൻ അശുദ്ധിയെ മുറ
16 അറുതിവരുത്തും. നിന്നാൽ തന്നേ നീ ജാതികളുടേ കണ്ണുകൾക്കു ബാഹ്യ
യായിത്തീൎന്നു, ഞാൻ യഹോവ എന്നു അറിയും.
17.18 യഹോവാവചനം എനിക്ക് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര ഇസ്ര
യേൽഗൃഹം എനിക്കു കിട്ടമായിത്തീൎന്നു, ചൂളയകത്തു എല്ലാവരും ചെമ്പും
വെള്ളീയവും ഇരിമ്പും കാരീയവും അത്രേ, വെള്ളിക്കിട്ടമായിപ്പോയി.
19 അതുകൊണ്ടു യഹോവാകത്താവ് ഇവ്വണ്ണം പറയുന്നു: എല്ലാവരും കിട്ടമാ
20 യിപ്പോകയാൽ ഇതാ ഞാൻ യരുശലേമിൽ നിങ്ങളെ കൂട്ടും. വെള്ളി
ചെമ്പ് ഇരിമ്പു കാരീയം വെള്ളീയം ഇവ ചൂളയിൽ കൂട്ടി മീതേ തീയിട്ടുതി

ഉരുക്കുമ്പോലേ തന്നേ എൻ കോപത്തിലും ഊഷ്മാവിലും നിങ്ങളെ കൂട്ടി
21 ഇട്ട് ഉരുക്കും. ഞാൻ നിങ്ങളെ ശേഖരിച്ചു എൻ ചീറ്റത്തിൻ തീ നിങ്ങ
22 ളുടേ മേൽ ഊതും അതിൽ നിങ്ങൾ ഉരുകിപ്പോം. ചൂളയകത്തു വെള്ളി ഉരു
ക്കുമ്പോലേ നിങ്ങൾ അതിന്നകത്തു ഉരുക്കപ്പെട്ട യഹോവയാകുന്ന ഞാൻ
എൻ ഊഷ്മാവിനെ നിങ്ങളുടേ മേൽ ചൊരിഞ്ഞു എന്ന് അറികയും ചെയ്യും.
23.24 യഹോവാവചനം എനിക്ക് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര നീ
അതിനോടു പറക; നീ ഈറലിന്റേ നാളിൽ തുവച്ചു വരാതേയും മഴ പെ
25 യ്യാതേയും ഉള്ള ദേശം. പ്രവാചകരുടേ (പ്രഭുക്കളുടേ) കൂട്ടുകെട്ടു നിന്നുള്ളിൽ
ഉണ്ടു, അലറുന്ന സിംഹം ഇരപറി ചീന്തുമ്പോലേ അവർ ദേഹികളെ
തിന്നു, ധനവും നിധിയും വാങ്ങി, വിധവകളെ അതിശയം പെരുക്കുന്നു.
26 അതിലേ പുരോഹിതന്മാർ എൻ ധർമ്മോപദേശത്തെ ഹേമിച്ചു എൻ വിശു
ദ്ധവസ്തുക്കളെ ബാഹ്യമാക്കുന്നു, (ചഫ 3. 4) വിശുദ്ധിക്കും ബാഹ്യതെക്കും
വ്യത്യാസം വെക്കാതേയും ശുദ്ധാശുദ്ധങ്ങളുടേ ഭേദം അറിയിക്കാതേയും
എൻ ശബ്ബത്തുകളെ (കാണായ്വാൻ) കണ്ണുകളെ മറെച്ചുപോരുന്നു; അവ
27 രോടു ഞാൻ ബാഹ്യനായി പോകുന്നു. അതിന്മദ്ധ്യേ പ്രഭുക്കൾ (ചഫ. 3,3.)
പിടിച്ചു പറിക്കുന്ന ചെന്നായ്കൾക്ക് ഒത്ത ലാഭം നേടേണം എന്നിട്ടു
രക്തം ചിന്നിപ്പാനും ദേഹികളെ കെടുപ്പാനും നോക്കുന്നു. അതിലേ പ്രവാ
28 ചകന്മാർ യഹോവ ഉരിയാടാതേ യഹോവാകത്താവ് ഇവ്വണ്ണം പറയുന്നു
എന്നു ചൊല്ലി മായദർശിച്ചും പൊളിലക്ഷണം പറഞ്ഞുംകൊണ്ടു അവരുടേ
(ചുവരിന്നു) പൂച്ചു തേക്കുന്നു (13, 9). നാട്ടുജനം ഞെരുക്കി നടക്കയും കളവു
29 കക്കുകയും ദീനദരിദ്രന്മാരെ ഹേമിക്കയും പരദേശിയെ ന്യായംകെട്ടു പീ
30 ഡിപ്പിക്കയും ചെയ്യുന്നു. ഞാൻ ദേശത്തെ സംഹരിക്കാതവണ്ണം ചുവർ
പണിതു കണ്ടിയിൽ കയറി നാട്ടിന്നു വേണ്ടി എന്റേ മുമ്പിൽ നില്ക്കാകുന്ന
31 പുരുഷനെ ഞാൻ അവരിൽ തിരഞ്ഞിട്ടും ആരെയും കാണാ. എന്നിട്ട്
എൻ ഈറലിനെ അവരുടേ മേൽ ചൊരിഞ്ഞു എൻ ചീറ്റത്തീയിൽ (ഇട്ട്)
അവരെ മുടിച്ചു അവരുടേ വഴിയെ തലമേൽ വരുത്തുന്നുണ്ടു എന്നു യഹോവാ
കത്താവിൻ അരുളപ്പാടു.

23. അദ്ധ്യായം

ശമര്യയുടേ വ്യഭിചാരത്തിന്നു ശിക്ഷ വരികയാൽ (11) യരുശലേം ബു
ദ്ധിവൈക്കായ്കകൊണ്ടു (22) ഇരട്ടി ശിക്ഷ വരും. (36) രണ്ടു സഹോദരി
കൾക്കും (45) ന്യായവിധി വേണ്ടിയതു.

1. 2 യഹോവാവചനം എനിക്ക് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര ഓർ
3 അമ്മ പെറ്റ രണ്ടു സ്ത്രീകൾ ഉണ്ടു, അവർ മിസ്രയിൽ ചെറിയന്നേ പുല
യാടി അവിടേ അവർക്കു മുലപിടിക്കലും ബാലസ്തനങ്ങൾ അമർക്കലും ആയി.
4 അവർക്കു പേരുള്ളതു: വലിയവൾക്കു ഒഹൊല (തൻകൂടാരം) എന്നും ഉടപ്പി
റന്നവൾക്കു ഒഹൊലീബ (അവളിൽ എൻ കൂടാരം) എന്നും തന്നേ. ഇരു
വരും എനിക്ക് ആയിത്തീർന്നു പുത്രപുത്രിമാരെ പെറ്റു. ഒഹൊല ശമര്യ
എന്നും ഒഹൊലീബ യരുശലേം എന്നും പേർകൊണ്ടു.
5 ഒഹൊല എന്റേ വശത്താകുമ്പോൾ വേശ്യയായി കാട്ടി അടുത്തവരായ
6 അശ്ശൂർ എന്ന കാമുകന്മാരെ മോഹിച്ചു. അവർ ധൂമ്രവർണ്ണം ഉടുത്ത നാടുവാ
ഴികളും മാടമ്പികളും ശൃംഗാരം തികഞ്ഞുതെളിഞ്ഞവർ ഏവരും, കുതിര
7 പ്പുറത്തുള്ള അശ്വക്കാർ തന്നേ. ഇങ്ങനേ അശ്ശൂര്യരിൽ തെരിഞ്ഞെടുത്തവർ
ഏവരോടും അവൾ വേശ്യാവൃത്തിയെ തുടങ്ങി, അവൾ മോഹിച്ച എല്ലാ
വരിലും അഥവാ അവരുടേ സകലമുട്ടങ്ങളിലും അവൾ തന്നെ തീണ്ടിച്ചു. മി
8 സ്രയിൽനിന്നുള്ള വേശ്യാദോഷത്തെയും അവൾ വിട്ടിട്ടില്ല, ചെറിയന്നേ

അവർ അവളോടു ശയിച്ചു ബാലസ്തനങ്ങളെ അമർത്തു അവളുടേ മേൽ
9 ഭോഗങ്ങളം ചൊരിഞ്ഞുവല്ലോ. അതുകൊണ്ടു ഞാൻ അവളെ കാമുകന്മാരുടേ
കൈയിൽ ഏല്പിച്ചു, അവം മോഹിച്ചുള്ള അശ്ശൂര്യരുടേ കൈയിൽ തന്നേ.
10 ഇവർ അവളുടേ നാണിടം വെളിപ്പെടുത്തു പുത്രപുത്രിമാരെ എടുത്തു അവ
ളെ വാൾകൊണ്ടു കൊന്നു ന്യായവിധികളം അവളിൽ നടത്തുകയാൽ അ
വം സ്ത്രീകളോടു പേർകൊണ്ടവം ആയ്ച്ചമഞ്ഞു.
11 ഉടപ്പിറന്ന ഒഹൊലീബ അതു കണ്ടു അവളെക്കാം തൻ കാമമോഹത്തെ
യും സഹോദരിയുടേ വേശ്യാദോഷങ്ങളിലും തൻ വേശ്യാവൃത്തിയെയും
12 ഏററം വഷളാക്കിപ്പോന്നു. അടുത്ത അശ്ശൂര്യരെ അവം മോഹിച്ചു തികഞ്ഞ
മോടി പൂണ്ട നാടുവാഴികളും മാടമ്പികളും കുതിരപ്പുറത്തുള്ള അശ്വക്കാർ
13 ശൃംഗാരം തികഞ്ഞു തെളിഞ്ഞ ഏുവരെയും തന്നേ. അവം അശുദ്ധയായി
പ്പോയി എന്നും ഇരുവരുടേ വഴി ഒന്നു തന്നേ എന്നും ഞാൻ കണ്ടു. അവളോ
14 തൻ വേശ്യാവൃത്തിയെ തുടർന്നു കൂട്ടി നടന്നു. ഭിത്തിമേൽ കൊത്തി ചാ
യില്യംകൊണ്ടു് എഴുതിയ കല്ദയപുരുഷരുടേ രൂപങ്ങം അവം കണ്ടു,
15 അവർ അരെക്കു കച്ച കെട്ടി തലെക്കു പൊന്തിഞാലുന്ന തൊപ്പിയും ഇട്ടു
ഒക്ക വീരസ്വരൂപം കാട്ടി കല്ദയ ജനന ദേശമുള്ള ബാബേല്യക്കു് ഒത്ത
16 വർ. കണ്ണാലേ കണ്ട ഉടനേ അവരിൽ പരവശയായി കല്ദയയിൽ ദൂത
17 രെ അയച്ചു അവരെ വിളിച്ചു. ബാബേല്യരും കാമശയനത്തിന്നായി വന്ന
അവളെ ഭോഗത്താൽ തീണ്ടിച്ചു; അവരാൽ തീണ്ടിപ്പോയിട്ടു അവളുടേ
18 ഉള്ളം അവരോടു വേർവിട്ടു. തന്റെ വേശ്യാവൃത്തിയെയും നാണിടവും
അവം വെളിപ്പെടുത്തപ്പോം എന്റെ ഉള്ളം സഹോദരിയോടു വേർവിട്ടതു
19 പോലേ അവളോടും വേർവിട്ടുപോയി. അവളോ വേശ്യാവൃത്തിയെ വർ
ദ്ധിപ്പിച്ചു മിസ്രദേശത്തു പുലയാടിയ ബാല്യദിവസങ്ങളെ ഓർത്തു, കഴുത
20 മാംസവും കുതിരവെകുളിയും ഉള്ള ജാരന്മാരെ അവരിൽ തെരിഞ്ഞു കാ
21 മിച്ചു. ഇങ്ങനേ മിസ്രക്കാർ നിന്റെ ബാലസ്തനം ഇമ്മ്ലിച്ചു മുലകം പിടി
ച്ചു ചെറുപ്പത്തിലേ അസഭ്യതയെ നീ ആവർത്തിച്ചു നടന്നു.
22 അതുകൊണ്ടു് ഒഹൊലീബേ, യഹോവാകർത്താവു് ഇവ്വണ്ണം പറയുന്നു:
നിന്റെ ഉള്ളം വേർവിട്ടുപോയ നിൻ കാമുകന്മാരെ ഞാൻ ഉണർത്തി ചു
23 റിൽനിന്നും നിന്മേൽ വരുത്തുന്നു: ബാബേല്യരും കല്ദയരും എല്ലാം പു
ക്കോടു് (യിറ. 50, 21) ശോവ കുവ എന്നവരും സകല അശ്ശൂര്യരുമായി
ശൃംഗാരം തികഞ്ഞു തെളിഞ്ഞ നാടുവാഴികളും മാടമ്പികളും ഒക്കയും വീര
രും സഭാവാസികളുമായി ഏുവരും കുതിരപ്പുറത്തു് ഏറിയവർ. ഇങ്ങനേ
24 പടയന്ത്രം തേർ വണ്ടിയും വംശസമൂഹവും ആയി അവർ നിന്നെക്കൊള്ളേ
വന്നു വൻപലകയും പരിചയും പടത്തൊപ്പിയും വെച്ചു നിന്നെ വളയും,
സ്വന്തന്യായങ്ങളിൻപ്രകാരം അവർ നിന്നോടു നടു തീർപ്പാൻ ഞാൻ അവ
25 ക്കു ന്യായവിധിയെ ഏല്പിക്കും. അവർ ഊഷ്മാവിൽ നിന്നോടു വ്യാപരി
പ്പാൻ എൻ എരിവിനെ നിന്നിൽ നടത്തും, അവർ നിന്റെ മൂക്കും ചെവി
കളും അരിയും, നിന്റെ ശിഷ്ടം വാളാൽ വീഴും. അവർ നിന്റെ പുത്രപു
26 ത്രിമാരെ എടുക്കും, ശിഷ്ടം തീക്കു് ഇരയാകും. (16,39) നിന്റെ വസ്ത്രു
ങ്ങളെ അവർ ഇഴുത്തുവാരി ആഭരണക്കോപ്പും എടുത്തുകളയും. ഞാൻ നി
27 ന്നിൽനിന്നു് അസഭ്യതയും മിസ്രദേശത്തുനിന്നു നിന്റെ വേശ്യാവൃത്തി
യും ശമിപ്പിച്ചു അവരെ നോക്കി നീ കണ്ണു് ഉയർത്താതേ മിസ്രയെ ഇനി
28 ഓർക്കാതേ ആകും. യഹോവാകർത്താവാകട്ടേ ഇപ്രകാരം പറയുന്നു: നീ
പകെക്കുന്നവരുടേ കയ്യിൽ, നിൻ ഉള്ളം വേർവിട്ടവരുടേ കയ്യിൽ ഞാൻ
29 നിന്നെ ഏല്പിക്കുന്നു; അവർ പകയിൽ നിന്നോടു വ്യാപരിച്ചു നിന്റെ അ
ദ്ധ്വാനഫലം അശേഷം എടുത്തു നിന്നെ നഗ്നയും വിവസ്ത്രയുമായി വിടുവതു
നിന്റെ വേശ്യായോനിയും അസഭ്യതയും പുലയാട്ടുകളും വെളിപ്പെടുവാൻ
30 തന്നേ. നീ ജാതികളെ പിന്തേർന്നു ഭോഗിക്കയാൽ അവരുടേ മുട്ടുങ്ങളോടു

31 നിന്നെ തീണ്ടികയൊൽ ഇവ നിനക്ക് ഉണ്ടാകും. സഹോദരിയുടേ വ
ഴിയിൽ നീ നടക്കകൊണ്ട അവളുടേ കിണ്ടിയെ നിന്റെ കയ്യിൽ തരുന്ന
32 ണ്ട. യഹോവാകത്താവ് ഇപ്രകാരം പറയുന്ന: സഹോദരിയുടേ ആഴവും
വീതിയും ഉള്ള കിണ്ടിയെ നീ കുടിക്കും, അതു വളരേ കൊള്ളുന്നതാകകൊ
33 ണ്ട ചിരിപ്പും പരിഹാസവും ആകും. ലഹരിയും ഖേദവും നിന്നിൽ നിറ
യും, ശമര്യ എന്ന സഹോദരിയുടേ കിണ്ടി ശൂന്യതയും ഭ്രമവും ഉള്ള കി
34 ണ്ടിയല്ലോ. അതിനെ നീ കുടിച്ച് ഈമ്പി അതിൻ ഓട്ടകളെയും കടിച്ച
കാന്ന (അവയാൽ) മുലകളെ കീറും. ഞാൻ ഉരെച്ചവല്ലോ എന്ന യഹോവാ
35 കത്താവിൻ അരുളപ്പാട്. എന്നിട്ട യഹോവാകത്താവ് ഇവ്വണ്ണം പറയു
ന്ന: നീ എന്നെ മറന്ന എന്നെ നിന്റേറ പിറകിൽ എറികകൊണ്ട അല്ലയോ
നിന്റേറ പാതകവും വേശ്യാദോഷങ്ങളെയും ചുമക്ക!

36 യഹോവ എന്നോട പറഞ്ഞു: മനുഷ്യപുത്ര നീ ഒഹൊലെക്കും ഒഹൊലീ
ബെക്കും ന്യായം വിസ്തരിക്കുമോ? അവരുടേ അറെപ്പുകളെ അവക്ക് അറി
37 യിക്ക! അവർ വ്യഭിചാരം ചെയ്ത കൈകളിൽ രക്തവും ഉണ്ടല്ലോ; തങ്ങള
ടേ മുട്ടങ്ങളോട വ്യഭിചരിച്ചത് എന്നിയേ എനിക്ക പെററ മക്കളെ അ
38 വെക്ക തിന്മാൻ (തീയൂടേ) കടത്തി. ഇനി ഒന്ന് എനിക്ക ചെയ്ത: അന്ന
തന്നേ എൻ വിശുദ്ധസ്ഥലത്തെ തീണ്ടിച്ചു, എൻ ശബ്ബത്തുകളെ ബാഹ്യ
39 മാക്കി. തങ്ങടേ മുട്ടങ്ങൾക്ക മക്കളെ അറുത്തനാളിൽ തന്നേ എൻ വിശുദ്ധ
40 സ്ഥലത്തെ പ്രവേശിച്ചു ബാഹ്യമാക്കി; ഇങ്ങനേ ഇതാ എൻ ആലയമ
ദ്ധ്യേ അവർ ചെയ്ത അതല്ലാതേ ദൂരത്തുനിന്ന വരേണ്ടുന്ന പുരുഷന്മാരെ അ
വർ വിളിപ്പിച്ചു; ആയവക്ക ദൂത് അയക്കയാൽ അതാ അവർ വന്ന; ആയ
41 വർക്ക വേണ്ടി നീ കുളിച്ചു കണ്ണിൽ മഷി എഴുതി ആഭരണം അണിഞ്ഞു,
മനോഹരമെത്തയിൽ ഇരുന്നകൊണ്ട അതിൻമുമ്പിൽ ഒരു പീഠം ഒരുക്കി
42 എന്റേറ ധൂപവർഗ്ഗവും തൈലവും അതിന്മേൽ വെച്ചു. പിന്നേ കോലാഹ
ലശബ്ദം അതിൽ ശാന്തമായാറേ ആൾപ്പെരിപ്പത്തിൽനിന്നുള്ള പുരുഷരോട
ചേരുവാൻ മരുഭൂമിയിൽനിന്ന കുടിയാന്മാർ വരുത്തിക്കപ്പെട്ട, ആയ
വർ ആ സ്ത്രീകളുടേ കൈകൾക്ക വളകളെയും തലകൾക്ക അഴകിയ കി
43 രീടങ്ങളെയും ഇട്ട.— വ്യഭിചാരങ്ങളാൽ പഴകിയവളോട ഞാൻ അന്ന
പറഞ്ഞു: ഇപ്പോൾ അവളുടേ പുലയാട്ട താനേ പുലയാട്ടം, വേശ്യയട്ടക്കൽ
44 പൂകും പോലേ അവളട്ടക്കൽ ആൾ പൂകുന്ന. അവ്വണ്ണം ഒഹൊല ഒഹൊലീ
ബ എന്ന അസഭ്യസ്ത്രീകളുടേ അട്ടക്കൽ പൂകുമാറായി. നീതിമാന്മാരായ
45 പുരുഷരോ വ്യഭിചാരിണികളുടേ ന്യായവും രക്തം ചിന്നിച്ചവരുടേ ന്യാ
യവും അവർക്ക വിധിക്കും, അവർ വ്യഭിചാരിണികളും കൈകളിൽ
രക്തം ഉള്ളവരും തന്നേ അല്ലോ. യഹോവാകർത്താവാകട്ടേ ഇപ്രകാരം
46 പറയുന്ന: ഞാൻ അവരുടേമേൽ ഒരു കൂട്ടം വരുത്തി അവരെ മെയ്യേറുവാനും
47 കൊള്ളയിടുവാനും കൊടുക്കും. കൂട്ടം അവരെ കല്ല് എറിഞ്ഞും വാളുകൾ
48 കൊണ്ട തുണ്ടിച്ചും കളയും (സ്ത്രീകളുടേ) പുത്രപുത്രിമാരെ കൊന്ന വീടുകളെ
തീയിട്ട ചുടും. ഇങ്ങനേ ഞാൻ അസഭ്യതയെ ദേശത്തിൽനിന്ന ശമിപ്പിക്കും
സകലസ്ത്രീകളും നിങ്ങളുടേ അസഭ്യതപോലേ ചെയ്യാതേ ബുദ്ധി വെ
പ്പാൻ തന്നേ. നിങ്ങളുടേ അസഭ്യതയെ അവർ നിങ്ങടേ മേൽ വരുത്തും,
49 നിങ്ങടേ മുട്ടങ്ങളേ പാപങ്ങളെ നിങ്ങളും ചുമന്ന ഞാൻ യഹോവാകത്താവ്
എന്ന് അറികയും ചെയ്യും.

24. അദ്ധ്യായം

പ്രവാചകൻ ഒരു നാളിൽ യരുശലേമിൻ നിരോധവും (15) ഭാര്യയുടേ
മരണവും ദർശിച്ച് അറിഞ്ഞു (25) നഗരനാശം സൂചിപ്പിക്കുന്നതു.

1 ഒമ്പതാം ആണ്ടിൽ പത്താം തിങ്കളടേ പത്താം തിയ്യതിയിൽ യഹോ
2 വാവചനം എനിക്ക് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര ഇന്നേ ദിവസം
തന്നേ തിയ്യതിയുടേ പേർ എഴുതിവെക്ക, ഇന്നു തന്നേ ബാബേൽരാജാവ്
3 യരുശലേമിന്മേൽ ഊന്നിക്കിടക്കുന്നു.— മത്സരഗൃഹത്തോട് ഒരു സദൃശം
മൊഴിഞ്ഞു പറക: യഹോവാകർത്താവ് ഇപ്രകാരം പറയുന്നു: വട്ടളത്തെ
4 അടുപ്പിൽ വെക്ക! വെച്ചിട്ട് അതിൽ വെള്ളം ഒഴിച്ചു, ഇറച്ചിത്തുണ്ടങ്ങൾ
അതിൽ കൂട്ടുക; തുടയും തോളുമായി നല്ല ഊപ്പ് എല്ലാം, അസ്ഥികളും തെ
5 രിഞ്ഞെടുത്തവ നിറെക്ക. ആട്ടുകളിൽ മേത്തരമായതു കൂട്ടുക, അസ്ഥികളെ
യും വേവിക്കുന്ന ചിതയും കീഴേ വേണം, നല്ലവണ്ണം തിളപ്പിക്ക, അതി
6 ലേ അസ്ഥികളും കൂടേ വെന്തുപോക!— അതുകൊണ്ടു യഹോവാകർത്താവ്
ഇപ്രകാരം പറയുന്നു: രക്തക്കുറ്റങ്ങൾ ഉള്ള നഗരത്തിന്നു ഹാ കഷ്ടം! മണ്ണു
പിടിച്ചു കറ നീങ്ങാത്ത വട്ടളമേ! നുക്ക് ഇടാതേ തുണ്ടം തുണ്ടമായി പുറ
7 ത്ത് എടുക്ക! കാരണം അവളുടേ രക്തം അവൾക്കകത്ത് ഉണ്ടു, പൂഴികൊ
ണ്ടു മൂടുവാൻ അവൾ അതു നിലത്ത് ഒഴിക്കാതേ വെറുമ്പാറമേൽ ഇട്ടതേ
8 ഉള്ളു. പ്രതികാരം നടത്തി ഊഷ്മാവിനെ വരുത്തുവാൻ തന്നേ ഞാൻ
അവളുടേ രക്തത്തെ മൂടാതവണ്ണം വെറുമ്പാറമേൽ വീഴിച്ചതു.— അതുകൊ
9 ണ്ടു യഹോവാകർത്താവ് ഇപ്രകാരം പറയുന്നു: രക്തക്കുറ്റങ്ങൾ ഉള്ള നഗര
ത്തിന്നു ഹാ കഷ്ടം? ഞാനോ തടിച്ചിതയെ വലുതാക്കും. തടികളെ പെരിക
10 ക്കുട്ടുക, തീ കിളർത്തുക, ഇറച്ചിയെ മുറപ്പുതപ്പിക്ക, അസ്ഥികളും കുഴവാൻ
11 തികന്നു കുഴമ്പിക്ക! ഒഴിച്ചാൽ പിന്നേ വട്ടളത്തെ അതിൻ കനലിന്മേൽ
വെക്കേണം ചെമ്പു ചുട്ടു പഴുത്തിട്ടു ഉള്ളിലേ കറ ഉരുകി കിളാവ് അശേഷം
മുടിവാൻ തന്നേ. (മുമ്പിലേ) പ്രയത്നങ്ങൾക്കു വട്ടളം മടുപ്പു വരുത്തി, പെ
12 രുത്ത കറ വിട്ടു മാറുന്നതും ഇല്ല, അതിൻ കിളാവു തീയിലേക്കത്രേ! നിന്നേറ
13 കറയിൽ പാതകം ഉണ്ടു; ഞാൻ എത്ര ശുദ്ധീകരിച്ചിട്ടും നീ ശുദ്ധയായി
തീരായ്കയാൽ ഞാൻ നിങ്കൽ എൻ ഊഷ്മാവിനെ ആറീട്ട് ഒഴികേ നീ
14 കറ അറു ഇനി വെടിപ്പാക ഇല്ല. യഹോവയായ ഞാൻ ഉരെച്ചു, ഇതു വരും
ഞാൻ ചെയ്യും, ഞാൻ ഇളെക്കയില്ല, പൊറുക്ക ഇല്ല അനുതപിക്കയും ഇല്ല;
നിന്നേറ വഴികൾക്കും ക്രിയകൾക്കും ഒത്തവണ്ണം അവർ നിനക്കു ന്യായം വി
ധിക്കും എന്നു യഹോവാകർത്താവിൻ അരുളപ്പാടു.

15.16 യഹോവാവചനം എനിക്ക് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര നിൻ
കണ്ണുകളുടേ ഇൻപത്തെ ഞാൻ ഇതാ ഒരു തല്ലുകൊണ്ട് എടുത്തുകളയുന്നു, നീ
17 തൊഴിക്കയും കരകയും കണ്ണീർ തുകുകയും അരുതു. ചാക്കിന്ന് അലയും മുറ
യും ചെയ്യാതേ പതുക്കേ ഞരങ്ങുക, തലക്കെട്ടു ചൂടി കാലുകൾക്കു ചെരിപ്പ്
ഇട്ടും കൊൾക, താടി മീശ മൂടുകയോ ആളുകൾ അയക്കുന്ന അപ്പത്തെ തിന്നു
കയോ വേണ്ട.

18 രാവിലേ ഞാൻ ജനത്തോട് ഉരിയാടിയപ്പോൾ വൈകുന്നേരത്ത് എ
നേറ ഭാര്യ മരിച്ചു, എന്നോടു കല്പിച്ചപ്രകാരം ഞാൻ പുലർകാലേ ചെയ്തു.
19 നീ ഈ ചെയ്യുന്നതു എന്ത് ആകുന്നു എന്ന് ഞങ്ങൾക്ക് അറിയിച്ചു തരിക
20 ഇല്ലയോ? എന്നു ജനം എന്നോടു പറഞ്ഞാറേ ഞാൻ പറഞ്ഞു യഹോവാവ
21 ചനം എനിക്ക് ഉണ്ടായി പറഞ്ഞിതു: യഹോവാകർത്താവ് ഇപ്രകാരം
പറയുന്നു: നിങ്ങളുടേ ശക്തിയുടേ ഡംഭം കണ്ണുകളുടേ ഇൻപവും മനോവാഞ്ഛര
യും ആയുള്ള എൻ വിശുദ്ധസ്ഥലത്തെ ഞാൻ ഇതാ ബാഹ്യമാക്കുന്നു, നി
22 ങ്ങൾ വിട്ടുവന്ന പുത്രപുത്രിമാരും വാളാൽ വീഴും. അന്നു നിങ്ങൾ ഞാൻ
ചെയ്തപ്രകാരം ചെയ്യും: താടി മീശ മൂടാതേയും ആളുകൾ അയക്കുന്ന അപ്പ
23 ത്തെ തിന്നാതേയും, തലെക്കു കെട്ടും കാലുകൾക്കു ചെരിപ്പും ഇട്ടു തൊഴി
ക്കാതേ കരയാതേ കണ്ണും തമ്മിൽ തമ്മിൽ നെടുവീർപ്പ് ഇട്ടുംകൊണ്ടു നിങ്ങ
24 ളുടേ അകൃത്യങ്ങളിൽ ഉരുകി മങ്ങും. ഇങ്ങനേ യഹെസ്കേൽ നിങ്ങൾക്ക്

അത്ഭുതക്കുറി ആകും, അവൻ ചെയ്തപ്രകാരം എല്ലാം നിങ്ങൾ ചെയ്യും;
അത വന്നാൽ ഞാൻ യഹോവാകർത്താവ് എന്ന് അറികയും ചെയ്യും.
25 നീയോ മനുഷ്യപുത്ര അവരുടേ ശക്തിയും അഴകിയ ആനന്ദവും കണ്ണു
കളുടേ ഇൻപവും മനസ്സിൻ കാംക്ഷയും ആയതിനെ അവരുടേ പുത്ര പു
26 ത്രിമാരുമായി അവരോട് എടുക്കുമ്പോൾ, അന്ന തന്നേ അല്ലോ ചാടി
പ്പോരുന്നവൻ നിന്നെ വന്ന കണ്ട ചെവികളിൽ കേൾപ്പിക്കും. ആ നാ
27 ളിൽ നിന്റേറ വായി ചാടിപ്പോരുന്നവന്റേറ വായോട തുറക്കപ്പെടും, നീ
ഉരിയാടും വായി ഇനി മുട്ടുകയും ഇല്ല. ഇങ്ങനേ നീ അവർക്ക് അത്ഭുത
ക്കുറി ആകും ഞാൻ യഹോവ എന്ന് അവർ അറികയും ചെയ്യും.

III. ഏഴ ജാതികളിൽ തട്ടുന്ന ന്യായവിധികൾ. (അ. 25– 32.)

25. അദ്ധ്യായം

അമ്മോൻ (8) മോവാബ് (12) എദോം (15) ഫലിഷ്ടർ ഈ നാലിന്നും ശിക്ഷ അറിയിച്ചതു.

1. 2 യഹോവാവചനം എനിക്ക് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര നീ അ
മ്മോന്യരുടേ നേരേ മുഖം വെച്ച അവർക്ക് എതിരേ പ്രവചിച്ച അമ്മോൻ
3 പുത്രരോട പറക: യഹോവാകർത്താവിൻ വചനത്തെ കേൾപ്പിൻ! യ
ഹോവാകർത്താവ് ഇവ്വണ്ണം പറയുന്നു: എൻ വിശുദ്ധസ്ഥലം ബാഹ്യമാ
യതും ഇസ്രയേൽനാടു പാഴായതും യഹൂദാഗൃഹം പ്രവസിപ്പാൻ പോയതും
4 വിചാരിച്ച നീ ഹീ ഹീ എന്ന ചൊല്ലുയാൽ, ഞാൻ ഇതാ നിന്നെ കിഴ
ക്കിൻ മക്കൾക്കു സ്വന്തമാക്കിക്കൊടുക്കും അവർ നിന്നിൽ തങ്ങളുടേ കൂടാ
രഗ്രാമങ്ങളെ സ്ഥാപിച്ച ചാളകളെ ഉണ്ടാക്കി നിന്റേറ ഫലം തിന്ന പാൽ
5 കുടിച്ചുകൊൾവാൻ തന്നേ. റബ്ബയെ ഞാൻ ഒട്ടകങ്ങൾക്കു പുലമായും അ
മ്മോന്യരെ ആടുകൾക്കു കിടപ്പായും കൊടുക്കുന്നു; ഞാൻ യഹോവ എന്ന
6 നിങ്ങൾ അറികയും ചെയ്യും. കാരണം യഹോവാകത്താവ് ഇവ്വണ്ണം പറ
യുന്നു: നീ ഇസ്രയേൽദേശത്തെ ചൊല്ലി കൈകൊട്ടി കാലാൽ ചവി
ട്ടി സകലഉൾച്ചിറിയോടും സന്തോഷിച്ച പോകയാൽ, ഞാൻ ഇതാ നി
7 ന്മേൽ കൈ നീട്ടി ജാതികൾക്കു നിന്നെ വകയാക്കി വംശങ്ങളിൽനിന്നു
ഛേദിച്ച രാജ്യങ്ങളിൽനിന്നു കെടുത്തു നിന്നെ മുടിക്കും, ഞാൻ യഹോവ
എന്ന നീ അറികയും ചെയ്യും.
8 യഹോവാകർത്താവ് ഇവ്വണ്ണം പറയുന്നു: യഹൂദാഗൃഹം അതാ സകല
ജാതികൾക്കും ഒത്തു ചമഞ്ഞു എന്ന മോവാബും സയീരും പറകയാൽ, ഇ
9 താ ഞാൻ മോവാബിന്റേറ പട്ടണങ്ങൾ നഗരം മുതൽ ഒടുക്കത്തേതുവരേ,
ദേശരത്നമായ ബേത്യശിമോത്ത് ബാൽമയോൻ കിര്യഥൈം, ഇങ്ങനേ
10 മോവാബിൻഭാഗത്തെ കിഴക്കിൻമക്കൾക്കു തുറന്ന് അമ്മോന്യയോടു കൂ
ട്ടി സ്വന്തമാക്കിക്കൊടുക്കും, അമ്മോന്യർ ഇനി ജാതികളിൽ ഓർക്കാ
11 തവണ്ണമേ. മോവാബിൽ ഞാൻ ന്യായവിധികളെ നടത്തും ഞാൻ യ
ഹോവ എന്ന് അവർ അറികയും ചെയ്യും.
12 യഹോവാകർത്താവ് ഇവ്വണ്ണം പറയുന്നു: ഏദോം യഹൂദാഗൃഹത്തോടു
പരിഭവം തീർപ്പാൻ വ്യാപരിച്ച പകവീളുകയിൽ വങ്കുറം ചെയ്തതുകൊ
13 ണ്ട, യഹോവാകർത്താവ് ഇപ്രകാരം പറയുന്നു: ആകയാൽ ഞാൻ ഏദോ
മിന്മേൽ കൈ നീട്ടി അതിൽനിന്നു മനുഷ്യനെയും കന്നാലിയെയും ഛേ
ദിച്ച, (തെക്കു) തേമാൻ മുതൽ അതിനെ ശൂന്യമാക്കിക്കളയും, (വടക്കു)

14 ദാൻവരേ അവർ വാളാൽ വീഴും. എൻ ജനമായ ഇസ്രയേലിൻ കൈ
കൊണ്ടു ഞാൻ എദോമിൽ എൻ പ്രതികാരത്തെ നടത്തും അവരും എൻ
കോപത്തിന്നും ഊഷ്മാവിന്നും ഒത്തവണ്ണം എദോമിൽ ചെയ്യും; ഇവർ
എൻ പ്രതികാരത്തെ അറിയേണ്ടിവരും എന്നു യഹോവാകൎത്താവിൻ അ
രുളപ്പാടു.
15 യഹോവാകൎത്താവു ഇവ്വണ്ണം പറയുന്നു: ഫലിഷ്ടർ പരിഭവം തീർപ്പാൻ
വ്യാപരിച്ചു ഉൾച്ചിരി പൂണ്ടു നിത്യവൈരത്താൽ മുടിപ്പോളം പകവീട്ടു
16 കകൊണ്ടു, യഹോവാകർത്താവു ഇപ്രകാരം പറയുന്നു: ആകയാൽ ഞാൻ
ഫലിഷ്ടർമേൽ കൈ നീട്ടി ക്രേതരെ ഛേദിച്ചു കടല്ക്കരേ ശേഷിപ്പിനെ
17 കെടുത്തുകളയും. ഊഷ്മാവിൻ ശാസനകളാൽ ഞാൻ അവരിൽ മഹാ പ്ര
തികാരങ്ങളെ നടത്തും. ഇങ്ങനേ അവർക്കു പകരം കൊടുക്കുമ്പോൾ ഞാൻ
യഹോവ എന്നു അവർ അറികയും ചെയ്യും.

26. അദ്ധ്യായം (—28.)

(തൂരാകുന്ന) ചോരിന്നു (7) ബാബേല്യരാൽ നാശം വരുന്നതു.

1 പതിനൊന്നാം ആണ്ടിൽ (....ാം) തിങ്കളാടേ ഒന്നാം തിയ്യതിയിൽ
2 യഹോവാവചനം എനിക്കു ഉണ്ടായി പറഞ്ഞിതു: ഹീ ഹീ വംശങ്ങള
ടേ കതകു തകൎന്നുപോയി (ആളൊഴുകു) എങ്കലേക്കു തിരിയും, അവൾ
ശൂന്യമാകയാൽ ഞാൻ നിറയും എന്നു ചോർ യരുശലേമിനെ കുറിച്ചു പറ
3 കയാൽ, യഹോവാകൎത്താവു ഇവ്വണ്ണംപറയുന്നു: അതുകൊണ്ടു ചോരേ നി
ന്നെക്കൊള്ളേ ഞാൻ ഇതാ! കടൽ തൻ തിരകളെ കരേറുമ്പോലേ ഞാൻ
4 പലജാതികളെയും നിനക്കു എതിരേ കരേറും. അവർ ചോരിൻ മതി
ലുകളെ സന്നയാക്കി അതിൻ ഗോപുരങ്ങളെ ഇടിച്ചുകളയും, അതിൻ
പൊടിയും ഞാൻ അടിച്ചു നീക്കി അതിനെ വെറുമ്പാറ ആക്കും. കടൽ
5 നടുവിൽ വലകളെ വിരിക്കുന്ന കല്പാകും, ഞാനല്ലോ ഉരെച്ചു എന്നു യ
ഹോവാകൎത്താവിൻ അരുളപ്പാടു; ജാതികൾക്കു കൊള്ളയായി തീരും;
6 നാട്ടിലുള്ള പുത്രീനഗരങ്ങൾ വാളാൽ കുലപ്പെടും. ഞാൻ യഹോവ എന്നു
അവർ അറിയും.
7 എങ്ങനേ എന്നാൽ യഹോവാകൎത്താവു ഇവ്വണ്ണം പറയുന്നു: ഞാൻ ഇ
താ വടക്കുനിന്നു ബാബേൽരാജാവായ നബുകദ്രേചർ എന്ന രാജാധിരാ
ജരെ കുതിര തേർ അശ്വബലം വലിയ കൂട്ടവുമായി ചോരിന്നു നേരേ
8 വരുത്തുന്നു. നാട്ടിലുള്ള നിന്റേറ പുത്രിമാരെ അവൻ വാൾ ഇട്ടു കൊന്നു
നിന്നെക്കൊള്ളേ കൊന്തളങ്ങളെ തീൎത്തു ചുറു മേടു കുന്നിച്ചു വൻപലക
9 കളെ എതിരേ നിറുത്തി, നിന്റേറ മതിലുകളിൽ തൻ യന്ത്രകൂടങ്ങളെ
10 മുട്ടിച്ചു, വാളുകൾകൊണ്ടു നിൻ ഗോപുരങ്ങളെ ഇടിച്ചുകളയും. ഇടിച്ചു തുറ
ന്ന കോട്ടയിൽ പൂകുമ്പോലേ അവൻ നിൻ വാതിലുകളിൽ അകമ്പു
ക്കാൽ കുതിരക്കവിച്ചലാൽ പൊങ്ങുന്ന പൂഴി നിന്നെ മൂടുകയും അശ്വ
തേർ വണ്ടികളുടേ ഒലിയാൽ നിൻ മതിലുകൾ കുലുങ്ങുകയും ആം. തൻ
11 കുതിരക്കുളമ്പുകളാൽ നിൻ തെരുക്കളെ ഒക്കയും മെതിച്ചു നിൻ ജനത്തെ
വാളാൽ കൊന്നുകളയും, നിൻ ഉരത്ത നാട്ടക്കല്ലുകൾ നിലത്തു വീഴും.
12 നിന്റേറ സമ്പത്തിനെ അവർ പിടിച്ചുപറിച്ചു, ചരക്കുകളെ കവൎന്നു, നിൻ
മതിലുകളെ ഇടിച്ചു മനോഹരമാടങ്ങളെ പൊടിച്ചു നിൻ കല്ലു മരങ്ങളും
13 മണ്ണും വെള്ളത്തുടേ ആഴ്ത്തും. നിൻ പാട്ടുകളുടേ സ്വരത്തെ ഞാൻ ശമിപ്പി
ക്കും, നിൻ വീണകളുടേ നാദം ഇനി കേൾപ്പാറുമില്ല. ഞാൻ നിന്നെ
14 വെറുമ്പാറയാക്കും, വലകൾ പരത്തുന്ന കല്പാകും ഇനി പണികയും ഇല്ല.
യഹോവയായ ഞാനല്ലോ ഉരെച്ചു എന്നു യഹോവാകൎത്താവിൻ അരുളപ്പാടു.

15 ചോരിനോടു യഹോവാകൎത്താവു് ഇവ്വണ്ണം പറയുന്നു; നിൻറെകുത്തു കൂല
കൊല്ലുകയിൽ കുതന്നവർ ഞരങ്ങുവേ നിൻ വീഴ്ചയുടേ ഒച്ചയാൽ ദ്വീപുകൾ
16 കുലുങ്ങുക ഇല്ലയോ? കടൽമന്നവർ എല്ലാം സിംഹാസനങ്ങളെ വിട്ടിറങ്ങി
ആടകളെ നീക്കി ചിത്രത്തയ്യലുള്ള വസ്ത്രങ്ങളെ അഴിച്ചു അച്ചം പൂണ്ടു നി
ലത്തിരുന്നു ഇടയിടേ വിറെച്ചു നിങ്കൽ സ്തംഭിച്ചുപോകും. അവർ നിന്നെ
17 ചൊല്ലി വിലാപം തുടങ്ങി പറയും: ഹാ സമുദ്രത്തിൽ നിന്നു നിവാ
സികൾ കൂടിയവളേ, നീ എങ്ങനേ കെട്ടുപോയി! കുടിയാരുമായി സമു
ദ്രത്തിൽ ശക്തി ഏറിയ സ്തുത്യനഗരമേ! അവർ സകലപ്രജകൾക്കും ഭീഷ
18 ണി വളൎത്തിയവരല്ലോ! ഇപ്പോൾ നിൻറെ വീഴ്ചയുടേ നാളിൽ ദ്വീപുകൾ
വിറെക്കും, നീ അന്തരിക്കയാൽ കടലിലേ ദ്വീപുകൾ മെരിണ്ടുപോം.

19 യഹോവാകൎത്താവാകട്ടേ ഇവ്വണ്ണം പറയുന്നു: ഞാൻ നിന്നെ കുടിയി
ല്ലാത്ത പട്ടണങ്ങൾ എന്ന പോലേ ശൂന്യനഗരം ആക്കുവാൻ ആഴിയെ
20 നിന്മേൽ കരേറീട്ടു പെരുവെള്ളങ്ങൾ നിന്നെ മൂടുമ്പോൾ, കുഴിയിലേക്കു്
ഇറങ്ങുന്നവരോടു ഞാൻ നിന്നെ ഇറക്കി പുരാണലോകരോടു കൂട്ടി ആഴ
മുള്ള ദേശത്തു പണ്ടേത്തെ ഇടിവുകളിൽ കുഴിയിൽ ഇറങ്ങുന്നവരോടു നിന്നെ
പാർപ്പിച്ചു നീ ഇനി കുടിയിരിക്കാതവണ്ണം വരുത്തി ജീവനുള്ളവരുടേ
21 ഭൂമിയിൽ ഘനം ഉണ്ടാക്കയും ചെയ്യും. ഞാൻ നിന്നെ മെരിൾച്ച ആകും,
നീ ഇല്ല എന്നവരും, നിന്നെ തിരഞ്ഞാലും എന്നും കാണുമാറില്ല എന്നു
യഹോവാകൎത്താവിൻ അരുളപ്പാടു.

27. അദ്ധ്യായം

ചോരിൻ ഐശ്വൎയ്യവും (12) വ്യാപാരപുഷ്ടിയും (26) കഠോരകലാപ
വും ചൊല്ലി വിലപിച്ചതു.

1.2 യഹോവാവചനം എനിക്കു് ഉണ്ടായി പറഞ്ഞിതു: നീയോ മനുഷ്യ
3 പുത്ര ചോരിനെ ചൊല്ലി വിലാപം തുടങ്ങി ചോരിനോടു പറക: അല്ല
യോ കടൽത്തുറമുഖങ്ങളിൽ വസിച്ചു ഏറിയ ദ്വീപുകളോളം വംശങ്ങൾക്കു
വാണിഭക്കാരത്തിയായുള്ളോവേ! യഹോവാകൎത്താവു് ഇവ്വണ്ണം പറയുന്നു;
4 ഹേ ചോരേ ഞാൻ ശോഭതികഞ്ഞവൾ എന്നു നീ പറയുന്നു. സാഗരഹൃദ
യത്തിൽ നിൻറെ സംസ്ഥാനം, നിന്നെ (കപ്പലാക്കി) പണിതവർ നിൻ
5 ഭംഗിയെ തികെച്ചു. സനീരിലേ കീൽമരങ്ങളെ കീറി നിനക്കു് ഇരട്ടപ്പല
കകൾ എല്ലാം തീൎത്തു, പാമരം ഉണ്ടാക്കുവാൻ ലിബനോനിൽ നിന്നു ദേവ
6 താരം എടുത്തു, ബാശാനിലേ കരുമരങ്ങൾകൊണ്ടു നിൻ തണ്ടുകളെ തീൎത്തു,
കിത്തീം ദ്വീപിൽനിന്നുള്ള നെല്ലിയിൽ അമിഴ്ത്തിയ ആനക്കൊമ്പുകൊ
7 ണ്ടു നിൻറെ തട്ടു കെട്ടി, മിസ്രയിൽനിന്നു നേരിയ ചിത്രത്തയ്യൽ നിൻറെ
പായും കൊടിയുമായി, എലീശദ്വീപുകളിൽ നിന്നു നീലവും ധൂമ്രവൎണ്ണവും
8 നിനക്കു പാവാടയായി. ചീദോൻ അൎവ്വാദു് ഊർക്കാർ നിൻറെ തണ്ടാളർ
ആയി. ചോരേ നിൻറെ അറിവാളർ ചുക്കാങ്കാരായി നിന്നിൽ ഉണ്ടു; ഗ
9 ബാലിലേ മൂപ്പന്മാരും അറിവാളരും ഓട്ട അടെപ്പാൻ നിന്നിൽ ഉണ്ടു.
സമുദ്രക്കപ്പലുകളും ഒക്കയും അതിലേ ഓട്ടക്കാരും നിൻറെ വാണിഭങ്ങളെ
10 മാററിവാങ്ങുവാൻ നിന്നിൽ ഉണ്ടു. നിൻറെ പടയിൽ പാർസി ലൂദു് പൂത്തു്
എന്ന പോരാളികളും ആയി പരിചയും പടത്തൊപ്പിയും നിന്നിൽ തൂക്കി
11 അവർ നിനക്കു പ്രഭ നല്കി. അൎവ്വാദിൻ മക്കളും നിൻറെ ബലവും നിൻ
മതിലുകളിന്മേൽ മുച്ചൂടും വീരുതന്മാർ നിൻ ഗോപുരങ്ങളിലും നിന്നു മതി
ലുകളിൽ ചുററും ഖേടകങ്ങളെ തൂക്കി നിൻറെ ശോഭയെ അവർ തികെച്ചു.

12 തൎശീശ നാനാദ്രവ്യത്തിൻ പെരിപ്പം നിമിത്തം നിന്നോടു കച്ചവടം

ചെയ്ക നീ വിററതിന്നു വെള്ളിഇരിമ്പു കാരീയവെള്ളീയവും തന്നു.
13 യവാൻ തൂബൽ മേശൿ ഇവർ നിന്നേറ വ്യത്കന്മാർ, ആത്മക്കാരെയും ചെ
14 മ്പുകോപ്പും തന്നു മാററം ചെയ്ക. തൊഗർമ്മഗൃഹക്കാർ കുതിര അശ്വം കോ
15 വരകഴുതകളെയും തന്നു നിന്നോടുവാങ്ങി; ദദാന്യർ നിന്നേറ വ്യാപാരി
കൾ, ഏറിയ ദ്വീപുകൾ കൈക്കാരായി കൂടി ആനക്കൊമ്പും കരുവീട്ടി
16 യും വിലയായി കൊണ്ടുവന്നു. അരാം നിന്നേറ പണികളുടേ ബാഹുല്യം
നിമിത്തം നിന്നേറ വ്യാപാരി, മാണിക്കക്കല്ലു രക്താംബരം ചിത്രത്തയ്യൽ
നേരിയ പടം മുത്തു പത്മരാഗം ഇവ തന്നു നിന്നേറ ചരക്കു വാങ്ങി. യ
17 ഹൂദയും ഇസ്രയേൽനാടും നിന്നേറ കച്ചവടക്കാർ മിന്നീഥിലേ കോതമ്പു പ
ലഹാരം തേൻ എണ്ണ നല്പശ ഇവയാൽ കൊള്ളക്കൊടുക്കൽ ഉണ്ടു. ദമ
18 ഷ്കു നാനാദ്രവ്യത്തിൻ പെരിപ്പം നിമിത്തം നിന്നേറ പല പണികളെ തേ
ടി ഹെല്ബോനിലേ വീഞ്ഞും വെള്ളാട്ടുമുടിയും തന്നു വ്യാപാരം ചെയ്തു.
19 ഊജാലിലേ വദാനും യാവാനും നിന്നേറ ചരക്കിന്നു ഉരിക്കലകു തന്നു, ഇ
ലവങ്ങത്തോലും വയനും കൈമാററത്തിന്നു ഉണ്ടു. ദദാൻ കുതിരപ്പുറത്തു
20 ഇട്ടന്ന ജമക്കാളങ്ങളാൽ നിന്നേറ കച്ചോടക്കാരത്തി ആയി. അറവിയും കേ
21 ദാർമന്നോരും എല്ലാം നിന്നോടു കൈകാര്യമുള്ളവർ, കുഞ്ഞാടു, കോലാടു,
22 മുട്ടാടു ഇവയാൽ വ്യാപാരം. ശബാ റമ്മ എന്നവരാർ വ്യത്കന്മാർ നി
ന്നേറ വാണിയരായി, മേത്തരമായ നാനാസുരഭികളും വിലയേറിയ കല്ലു
23 കളും എല്ലാം പൊന്നും തന്നു നിന്നേറ വാണിഭം വാങ്ങും. ഹരാൻ കല്നെ
ഏദെൻ എന്നവരും ശബാവ്യത്കരും അശ്ശൂരും കീല്മദും നിന്നേറ കച്ചോട
24 ക്കാർ, ഉടയാടകളും ചിത്രത്തയ്യലുള്ള നീലപ്പുതപ്പുകളും പല നൂൽ ചരടു
ചെലവങ്ങളും തിരിച്ചു മുറുക്കിയ കയറുകളും ഈ വക നിന്നേറ ചരക്കുകൾക്കു
25 വേണ്ടി തരും. സാർത്ഥങ്ങളായി തർശീശക്കപ്പലുകൾ നിന്നേറ വ്യാപാരം
നടത്തി, ഇങ്ങനേ നീ സാഗരഹൃദയത്തിൽ നിറഞ്ഞു തേജോമയയായി
ച്ചമഞ്ഞു.

26 നിന്നേറ തണ്ടാളന്മാർ നിന്നെ പെരുവെള്ളങ്ങളിൽ ഓടിച്ചു, കിഴക്കൻ
27 കാററു സാഗരഹൃദയത്തിൽ നിന്നെ ഉടെച്ചുകളഞ്ഞു. നിൻ വീഴ്ചയുടേ നാ
ളിൽ നിന്നേറ സമ്പത്തും ചരക്കും കച്ചോടവും, നിന്നേറ ഓട്ടക്കാർ മാലി
മ്മികളും, നിന്നിൽ ഓട്ട അടെക്കുന്നവരും വാണിഭകൈമാററം ചെയ്യുന്നവ
രും പടയാളികളും ഒക്കയും നിൻറകത്തുള്ള സമസ്തകൂട്ടവുമായി സാഗരഹൃദ
28 യത്തിൽ വീഴുന്നു. നിന്നേറ ചുക്കാങ്കാർ നിലവിളിക്കുന്ന ഒച്ചയാൽ മൈതാ
29 നങ്ങളും കുലുങ്ങുന്നു. തണ്ടുവലിക്കാരും കപ്പല്ലാരും കടലോട്ടക്കാരും ഏവരും
30 താന്താന്നേറ കപ്പൽ വിട്ടിറങ്ങി കരമേൽ നിന്നു, നിന്നെ ചൊല്ലി ശബ്ദം
31 കേൾപ്പിച്ചു കൈപ്പോടേ നിലവിളിച്ചു, തലകളിന്മേൽ പൂഴി ഇട്ടും ചാരം
പിരണ്ടും, നിന്നെ വിചാരിച്ചു കഷണ്ടി ചിരെച്ചും രട്ടു ഉടുത്തും മനക്കൈ
32 പ്പിൽ നിന്നെക്കൊണ്ടു അലമുറ തുടങ്ങി കരഞ്ഞു, സങ്കടപ്പെട്ടു നിന്നെ ചൊ
ല്ലി വിലാപം വിലപിക്കുന്നിതു: ചോരെ പോലേ ആർ! കടൽനടുവിൽ
33 ഒടുങ്ങിയവരാകുന്നു ഒത്തതു ആർ! സമുദ്രങ്ങളിൽനിന്നു നിന്നേറ ചരക്കുകൾ ഉത്ഭ
വിക്കയാൽ നീ അനേകവംശങ്ങൾക്കു തൃപ്തിവരുത്തി, നിന്നേറ ദ്രവ്യങ്ങ
ളും വാണിഭങ്ങളും പെരുകയാൽ നീ ഭൂമിരാജാക്കളെ സമ്പന്നരാക്കി. ഇന്നു
34 നീ സമുദ്രങ്ങളിൽനിന്നു ഉടഞ്ഞു നീരാഴങ്ങളിൽ ആയതിനാൽ നിൻ
വാണിഭവും നിൻറകത്തുള്ള സംഘവും എല്ലാം ആണ്പോയി. ദ്വീപുക
35 ളിൽ പാർക്കുന്നവർ ഒക്കയും നിന്നെക്കൊണ്ടു സ്തംഭിച്ചു അവരുടേ അരച
36 ന്മാർ ഏറവും ഞെട്ടി മുഖങ്ങൾ വിറെച്ചു പോകുന്നു. വംശങ്ങളിൽ ഉള്ള
വർത്തകന്മാർ നിങ്കൽ ചീറും, നീ ത്രാസമായി തീന്നു എന്നേക്കും ഇല്ലാ
തായി.

28. അദ്ധ്യായം

ചോരിലേ അധിപതിയുടേ നാശവും (11) അവനെ ചൊല്ലി വിലാപവും. (20) ചീദോനേറ നാശം. (25) ഇസ്രയേലിനേറ രക്ഷ.

1. 2 യഹോവാവചനം എനിക്ക് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര ചോരിൻ അധിപതിയോടു പറക: യഹോവാകർത്താവ് ഇവ്വണ്ണം പറയുന്നു: നിനേറ ഹൃദയം ഉയർന്നിട്ടു നീ ദേവനല്ല മനുഷ്യനായിട്ടും ''ഞാൻ ദേവൻ, സാഗരഹൃദയത്തിൽ ഒരു ദൈവാസനത്തിൽ ഇരിക്കുന്നേൻ'' എന്നു ചൊല്ലി
3 ദൈവഭാവം ഭാവിക്കകൊണ്ടു; ദാനീയേലിലും നീ ജ്ഞാനിയല്ലോ, രഹ
4 സ്യം ഒന്നും നിനക്കു മറയാതു, നിനേറ ജ്ഞാനവിവേകങ്ങളാൽ നീ അധികാരം സമ്പാദിച്ചു നിനേറ ഭണ്ഡാരങ്ങളിൽ പൊന്നും വെള്ളിയുംകൂട്ടി,
5 ജ്ഞാനാധിക്യത്താൽ വ്യാപാരംവഴിയായി അധികാരത്തെ വളർത്തു ഈ അഭ്യുദയം ഹേതുവായി നിൻ ഹൃദയം ഉയർന്നുവല്ലോ; അതുകൊണ്ടു യഹോ
6 വാകർത്താവ് ഇവ്വണ്ണം പറയുന്നു: നിനേറ ഹൃദയം ദൈവഭാവം ഭാവിക്ക
7 കൊണ്ടു തന്നേ, ഞാൻ ഇതാ പരന്മാരെ നിന്മേൽ വരുത്തും, ജാതികളിൽ അതിപ്രൌഢരെ തന്നേ. അവർ നിൻ ജ്ഞാനത്തിൻ ഭംഗിക്കു നേരേ വാളുകൂം ഊരി നിനേറ ശോഭയെ ബാഹ്യം ആക്കി, നിന്നെ കുഴിയിൽ ആഴ്ത്തി
8 ക്കളയും സാഗരഹൃദയത്തിൽ കുലപ്പെടുന്നവനേറ മരണങ്ങളാം മരിപ്പാൻ
9 തന്നേ. നിന്നെ കൊല്ലുന്നവനേറ മുമ്പിൽ ഞാൻ ദൈവം എന്നു പറയുമോ?
10 കുതരുന്നവനേറ കൈയിൽ (ആമ്പോരാം) നീ ദേവനല്ല മനുഷ്യൻ അല്ലയോ? അന്യരുടേ കയ്യാൽ നീ പരിച്ഛേദന ഇല്ലാത്ത മരണങ്ങളാം മരിക്കും. ഞാനാ കട്ടേ ഉരെച്ചു എന്നു യഹോവാകർത്താവിൻ അരുളപ്പാടു.

11.12 യഹോവാവചനം എനിക്ക് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര ചോർ അരചനെ ചൊല്ലി വിലാപം തുടങ്ങി അവനോടു പറക: യഹോവാകർത്താവ് ഇവ്വണ്ണം പറയുന്നു: അല്ലയോ കുറവുറ്റ നിർമ്മാണത്തിന്നു മുദ്ര
13 ഇടുന്നവനേ! ജ്ഞാനം നിറഞ്ഞും ശോഭ തികഞ്ഞും ഉള്ളോവേ! നീ ദൈവത്തോട്ടമായ ഏദനിൽ ആയിരുന്നു, കെമ്പുഗോമേദകം വജ്രം പുഷ്പരാഗം ബൈരുല്ല യസ്പി നീലക്കൽ ചുവപ്പു മരതകം മുതലായ സകലരത്നങ്ങളും പൊന്നും നിനേറ മെയ്യാരം, നിനേറ വാദ്യങ്ങളും സ്വീകളും നിന്നോടു ചിറാ
ഷ്കെക്ക് ഉണ്ടു, നിന്നെ സൃഷ്ടിച്ച (വാഴിച്ച) നാളിൽ അവ നിനക്ക് ഒരുക്ക
14 പ്പെട്ടു. നീ മറെക്കുന്നവനായ അഭിഷിക്തകൂബ് തന്നേ, ഞാനും നിന്നെ ആക്കിവെച്ചു; നീ ദേവകളുടേ വിശുദ്ധമലയിലായി അഗ്നിക്കല്ലുകളുടേ ഇടയിൽ ഊടാടിപ്പോന്നു.
15 നീ സൃഷ്ടിക്കപ്പെട്ട നാൾ മുതൽ നീ അനപരാധനായതു നിങ്കൽ അക്രമം കാണായതുവരെക്കും. വാണിഭത്തിൻ പെരു
16 പ്പം ഹേതുവായി നിനേറ ഉള്ളിൽ സാഹസം നിറഞ്ഞു നീയും പാപം ചെയ്തു, എന്നിട്ടു ഞാൻ നിന്നെ ബാഹ്യമാക്കി ദേവകളുടേ മലയിൽനിന്നു തള്ളി, മറെക്കുന്ന കൂബേ നിന്നെ അഗ്നിക്കല്ലുകളുടേ നടുവിൽനിന്നു കെ
17 ടുത്തുകളയും. നിനേറ ഹൃദയം നിൻ ശോഭയാൽ ഉയർന്നു, നിനേറ ജ്ഞാനത്തെ നീ സൌന്ദര്യത്തോടു കൂടേ വഷളാക്കി, ഞാൻ നിന്നെ നിലത്ത് എറിഞ്ഞു രാജാക്കന്മാർക്കു വിനോദക്കാഴ്ചയാക്കി വെക്കുന്നു. നിനേറ അന്യാ
18 യവ്യാപാരത്തിൽ അകൃത്യങ്ങളാം വളരുകയാൽ നിനേറ വിശുദ്ധസ്ഥലങ്ങളെ നീ ബാഹ്യമാക്കി, ഞാനും നിനേറ ഉള്ളിൽനിന്ന് ഓർ അഗ്നിയെ ഉല്പാദിപ്പിക്കും അതു നിന്നെ തിന്നും, നിന്നെ കാണുന്ന എല്ലാവരുടേ കണ്ണുകളാംക്കും ഞാൻ നിന്നെ ഭസ്മമാക്കിക്കളയും. ജനങ്ങളുടേ ഇടയിൽ നിന്നെ
19 അറിയുന്നവർ നിന്നെ ചൊല്ലി വിസ്മയിക്കും; നീ ത്രാസങ്ങളായ് ഭവിച്ചു; നീ എന്നേക്കും ഉണ്ടാകുകയും ഇല്ല.

20.21 യഹോവാവചനം എനിക്കു് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര നീ
ചീദോന്നു നേരേ മുഖം വെച്ചു അതിന്നു് എതിരേ പ്രവചിച്ചു പറക: യഹോ
22 വാകർത്താവു് ഇവ്വണ്ണം പറയുന്നു: ചീദോനേ നിന്നെക്കൊള്ളേ ഞാൻ
ഇതാ! നിൻറകത്തു ഞാൻ എന്നെ തേജസ്കരിക്കും, ഇതിൽ ന്യായവിധി
കളെ നടത്തി എന്നെ തന്നേ വിശുദ്ധനായി കാട്ടിയാൽ ഞാൻ യഹോവ
23 എന്നു് അവർ അറികയും ചെയ്യും. ഞാൻ അതിൽ മഹാവ്യാധിയും തെരു
ക്കളിൽ ചോരയും അയക്കും, ചുറ്റിൽനിന്നും അതിന്മേൽ വരുന്ന വാളാൽ
കുതർന്നവർ അതിൻ നടുവിൽ വീഴും, ഞാൻ യഹോവ എന്നു് അവർ അറി
24 കയും ചെയ്യും. ഇസ്രയേൽഗൃഹത്തിൽ ഉൾച്ചിരി ഭാവിച്ച ചുറ്റുമുള്ളവർ ഏ
വരിൽനിന്നും ആ ഗൃഹത്തിന്നു കുത്തുന്ന മുള്ളും നോവിക്കുന്ന ശല്യവും ഇനി
ഉണ്ടാകയും ഇല്ല, ഞാൻ യഹോവാകർത്താവു് എന്നു് അവർ അറിയും.
25 യഹോവാകർത്താവു് ഇവ്വണ്ണം പറയുന്നു: ഞാൻ ഇസ്രയേൽഗൃഹത്തെ ചി
തറിപ്പോയ വംശങ്ങളിൽനിന്നു ചേർക്കുമ്പോൾ ജാതികളുടേ കണ്ണുകൾക്കു
ഞാൻ അവരിൽ വിശുദ്ധനായി കാട്ടും, എൻ ദാസനായ യാക്കോബിന്നു
26 ഞാൻ കൊടുത്ത സ്വന്തനാട്ടിൽ അവർ കുടിയിരിക്കും; അതിൽ നിർഭയ
മായി വസിച്ചു വീടുകളെ പണിതു വള്ളിപ്പുറവുകളെ നട്ടുകൊള്ളും. ഉൾ
ച്ചിരി ഭാവിക്കുന്ന ചുറ്റാർ ഏവരിലും ഞാൻ ന്യായവിധികൾ നടത്തുക
യിൽ അവർ സൈരമായി പാർത്തു ഞാൻ അവരുടേ ദൈവമായ യഹോവ
എന്നു് അറികയും ചെയ്യും.

29. അദ്ധ്യായം (—32.)

മിസ്രൈക്കു ന്യായവിധിയും താഴ്ചയും വരുന്നതു (17) നബുകദ്രേചരുടേ ജയങ്ങളാൽ.

1 പത്താം ആണ്ടിൽ പത്താം തിങ്കളുടേ പന്ത്രണ്ടാം തിയ്യതിയിൽ യഹോ
2 വാവചനം എനിക്കു് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര നീ മിസ്രരാജാ
വായ ഫറോവിന്നു നേരേ മുഖം വെച്ചു അവന്നും സകലമിസ്രൈക്കും എതി
3 രേ പ്രവചിച്ചുരെച്ചുപറക: യഹോവാകർത്താവു് ഇവ്വണ്ണം പറയുന്നു: മിസ്ര
രാജാവായ ഫറോവേ നിന്നെക്കൊള്ളേ ഞാൻ ഇതാ! തൻ ആറുകൾക്കു
ള്ളിൽ അമരുന്ന വലിയ കടല്പാമ്പേ (നക്രമേ)! എൻ നദി എനിക്കു് ഉള്ള,
എനിക്കായി ഞാൻ ഉണ്ടാക്കിയതു, എന്നു ചൊല്ലുന്നവനേ! ഞാനോ നി
4 ന്റേ അണലിൽ കൊളുത്തിട്ടു നിന്റേ ആറുകളിലേ മീനുകളെ നിന്റേ ചെതു
മ്പുകളിൽ പററിച്ചു ആറുകൾ അകത്തുനിന്നു നിന്നേ ചെതുമ്പലിൽ പററിയ
5 ആറുമീൻ എപ്പേരുമായി കരേററി, നിന്നെയും ആറുമീൻ എപ്പേരുമായി
മരുവിൽ ഇട്ടേക്കും, നിലനിരപ്പിൽ നീ വീഴും, നിന്നെ എടുത്തു ചേർപ്പാരും
ഇല്ല, വയലിലേ മൃഗങ്ങൾക്കും ആകാശപക്ഷികൾക്കും ഞാൻ നിന്നെ ഊണാ
6 ക്കിക്കൊടുക്കുന്നു, ഞാൻ യഹോവ എന്നു മിസ്രവാസികൾ ഒക്കയും അ
7 റികയും ചെയ്യും.— അവർ ഇസ്രയേൽഗൃഹത്തിന്നു് ഓടക്കോൽ ആക
കൊണ്ടു (നിന്റേ ചില്ലികൾ പിടിച്ചാൽ നീ ഒടിഞ്ഞു ജനങ്ങൾക്കു തോൾ
എല്ലാം പിളക്കും, നിന്മേൽ ചാരിയാലോ നീ തകൎന്നു അവൎക്കു് ഇടുപ്പു
8 കൾ ഒക്കയും ആടിക്കും), അതുകൊണ്ടു യഹോവാകർത്താവു് ഇവ്വണ്ണം പറ
യുന്നു: ഞാൻ ഇതാ വാളിനെ നിന്മേൽ വരുത്തി മനുഷ്യരെയും പശുക്ക
9 ളെയും നിങ്കൽനിന്നു ഛേദിക്കും. മിസ്രനാടു പാഴും ശൂന്യവും ആകും,
ഞാൻ യഹോവ എന്നു് അവർ അറികയും ചെയ്യും. നദി എനിക്കുള്ള
ഞാൻ ഉണ്ടാക്കീട്ടു എന്നു പറകയാൽ തന്നേ, ഞാൻ ഇതാ നിന്നെയും
10 നിന്റേ ആറുകളെയുംകൊള്ളേ (വന്നു) മിസ്രനാടു മിഗ്ദോലോടു സവേന
യോളം കൂശ് അതിർവരേയും അതിശൂന്യപാഴാക്കും. അതിൽ മനുഷ്യൻകാൽ

11 കടക്ക ഇല്ല പശുക്കാലും കടക്ക ഇല്ല നാല്പതു വഷ്ം കൂടിയിരിപ്പും ഇല്ല.
12 ഞാൻ മിസ്രദേശത്തെ ശൂന്യമായ്പ്പോയ ദേശങ്ങളുടേ ഇടയിൽ ശൂന്യവും അതിൻ പട്ടണങ്ങളെ പാഴായ പട്ടണങ്ങളും ഇടയിൽ നാല്പത് ആണ്ടു പാഴുമാക്കി വെച്ചു മിസ്രക്കാരെ ജാതികളിൽ ചിന്നിച്ചു രാജ്യങ്ങളിൽ ചിതറിച്ചുകളയും.
13 യഹോവാകത്താവാകട്ടേ ഇവ്വണ്ണം പറയുന്നു! നാല്പത് ആണ്ടു കഴിഞ്ഞാൽ
14 ഞാൻ മിസ്രക്കാരെ ചിന്നിച്ച വംശങ്ങളിൽനിന്നു കൂട്ടും, മിസ്രയുടേ അടിമയെ ഞാൻ മാററി അവരെ ഉൽപത്തിദേശമാകുന്ന പത്രോസിലേക്കു മട
15 ക്കും അവിടേ അവർ താണരാജ്യം ആകും. ജാതികളുടേ മേൽ ഇനി ഉയരാതേ രാജ്യങ്ങളിൽ താണതാകും, ജാതികളിൽ അധികരിക്കാതവണ്ണം
16 ഞാൻ അവരെ കുറെക്കും. ഇസ്രയേൽഗൃഹം അവരെ നോക്കി പിഞ്ചെരുന്ന അകൃത്യത്തെ ഓർപ്പിക്കുന്നൊരു ആശ്രയം അവർ ആ ഗൃഹത്തിന്ന് ഇനി ആക ഇല്ല, ഞാൻ യഹോവ എന്ന് അറികയും ചെയ്യും.
17 ഇരുപത്തേഴാം ആണ്ടിൽ ഒന്നാം (തിങ്കളുടേ) ഒന്നാം തിയ്യതിയിൽ
18 യഹോവാവചനം എനിക്ക് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര നബുകദ്രേചർ എന്ന ബാബേൽ രാജാവ് തന്റെ പടയെ ചോരെ കൊള്ളെ കൊടിയ വേല എടുപ്പിച്ചു, എല്ലാ തലയും മൊട്ടയായും എല്ലാ ചുമലും ഉരിഞ്ഞും പോയിട്ടും അവനും പടെക്കും ചോരെക്കൊള്ളെ ചെയ്ത ദേഹദണ്ഡത്തിന്ന
19 (മതിയായ) കൂലി കിട്ടിയതും ഇല്ല. അതുകൊണ്ടു യഹോവാകത്താവ് ഇവ്വണ്ണം പറയുന്നു: നബുകദ്രേചർ എന്ന ബാബേൽരാജാവിന്നു ഞാൻ ഇതാ മിസ്രദേശത്തെ കൊടുക്കുന്നുണ്ടു അതിന്റെ സമ്പത്ത് എടുത്തു കവച്ചു പറിച്ചു പിടിച്ചു കൊള്ള ഇട്ടുകൊൾവാൻ തന്നേ; അവന്റെ പടെക്ക് ഇതു കൂലി
20 ആക! അവർ എനിക്കായി വേല ചെയ്തുയാൽ അവൻ പ്രയത്നം കഴിച്ചതിന്നു ശമ്പളമായി ഞാൻ മിസ്രദേശത്തെ അവനു കൊടുക്കുന്നു, എന്നു
21 യഹോവാകത്താവിൻ അരുളപ്പാടു. ആ ദിവസത്തിൽ ഞാൻ ഇസ്രയേൽഗൃഹത്തിന്ന് ഒരു കൊമ്പിനെ മുളപ്പിക്കും, നിനക്ക് അവരുടേ നടുവിൽ വായിൻ തുറപ്പും തരും, ഞാൻ യഹോവ എന്ന് അവർ അറികയും ചെയ്യും.

30. അദ്ധ്യായം

മിസ്രയിൽ ന്യായവിധി തട്ടുന്നതിന്റെ വിവരവും (20) ബാബേല്യനാലേ നാശവും.

1. 2 യഹോവാവചനം എനിക്ക് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര പ്രവചിച്ചു പറക: യഹോവാകർത്താവ് ഇവ്വണ്ണം പറയുന്നു: മുറയിടുവിൻ! ആ
3 ദിവസത്തിന്നു ഹാ കഷ്ടം! (യോ. 1, 15; 2, 2.) ദിവസം അണഞ്ഞുവല്ലോ, യഹോവാദിവസം അണഞ്ഞു, അതു മുകിൽനാളിന്റെ നാളും ജാതി
4 കളുടേ കാലവും ആകും. വാൾ മിസ്രയിൽ പൂകും, കുതർന്നവർ മിസ്രയിൽ വീണും അതിൻ സമ്പത്ത് എടുത്തും അടിസ്ഥാനങ്ങൾ ഇടിഞ്ഞും
5 പോകുമ്പോൾ കൂശിലും നടുക്കവലി ഉണ്ടാകും. കൂശ് പൂത്ത് ലൂദ് മുതലായ കൂലിച്ചേകവർ ഒക്കയും കൂബ് (ലൂബ്?) നിയമദേശമക്കളുമായി ഒ
6 ന്നിച്ചു വാൾകൊണ്ടു വീഴും.— യഹോവ ഇവ്വണ്ണം പറയുന്നു: മിസ്രയെ താങ്ങുന്നവർ വീഴും. അതിൻ ശക്തി ഡംഭവും താഴും, അതിൽ മിഗ്ദോലോടു സവേനവരേ വാളാൽ വീഴും എന്നു യഹോവാകർത്താവിൻ അരു
7 ളപ്പാടു. (29, 12.) ശൂന്യമായ്പ്പോയ ദേശങ്ങളുടേ ഇടയിൽ അതു ശൂന്യവും പാഴായ പട്ടണങ്ങളിടയിൽ അതിൻ പട്ടണങ്ങളും പാഴുമാകും. ഞാൻ മി
8 സ്രയിൽ തീയിട്ടിട്ടു അതിൻ തുണക്കാർ എല്ലാം തകൎന്നുപോകയിൽ ഞാൻ
9 യഹോവ എന്ന് അവർ അറിയും. നിശ്ചിന്തയുള്ള കൂശിനെ അരട്ടുവാൻ

അന്നാൾ ദൂതന്മാർ എങ്കൽനിന്നു കപ്പലുകളിൽ പുറപ്പെട്ടു, മിസ്രനാൾ
ക്കു് ഒത്ത നടുക്കവലി അവരിലും ഉണ്ടാകും, ഇതാ അതു വരുന്നു സത്യം.—
10 യഹോവാകർത്താവു് ഇവ്വണ്ണം പറയുന്നു: നബുകദ്രേചർ എന്ന ബാബേൽ
രാജാവിന്റെ കൈകൊണ്ടു ഞാൻ മിസ്രയിലേ ആരവാരത്തെ ശമിപ്പി
11 ക്കും. അവനും പ്രജകളുമായി ജാതികളിൽ അതിപ്രൌഢരായവർ ദേശ
ത്തെ വഷളാക്കുവാൻ വരുത്തിക്കപ്പെട്ട മിസ്രയെ കൊള്ളെ വാളുകൊ ഊരി
12 കലപ്പെട്ടവരെ ദേശത്തിൽ നിറെക്കും. ഞാൻ ആറുകളെ വറ്റിച്ചു ദേശത്തെ
ദുർജ്ജനങ്ങളുടേ കയ്യിൽ വിറ്റു അന്യരുടേ കയ്യാൽ നാടും അതിൻ നിറ
വും ശൂന്യമാക്കും, യഹോവയായ ഞാൻ ഉരെച്ചു.— യഹോവാകർത്താവു്
13 ഇവ്വണ്ണം പറയുന്നു: ഞാൻ മുട്ടങ്ങളെ കെടുത്തു നോഫിൽനിന്നു് അസത്തുക്ക
ളെ നിഗ്രഹിക്കും, മിസ്രദേശത്തുനിന്നു് ഒരു മന്നവൻ ഇനി ഉണ്ടാകയുമി
ല്ല. ഞാൻ മിസ്രദേശത്തു ഭയത്തെ ഇരുത്തും പത്രോസിനെ ശൂന്യമാക്കി
14 ചോവാനിൽ തീയിട്ടു നോവിൽ ന്യായവിധികളെ നടത്തി, മിസ്രക്കോ
15 ട്ടയായ സീനിൽ എൻ ഊഷ്മാവിനെ ചൊരിഞ്ഞു, നോവിലേ ആരവാര
16 ത്തെ അറുതിവരുത്തും. മിസ്രയിൽ ഞാൻ അഗ്നി ഇട്ടും, സീൻ നൊന്തു
പിടെക്കും, നോ(മതിൽ) പിളൎന്നു കയറേണ്ടിയതു, നോഫ് പകലേ
17 ഞെരുക്കുന്നവരെ (കാണും), ഓനിലും പീപഷ്ഠീലും ബാല്യക്കാർ വാ
ളാൽ വീഴും. (പൌരന്മാർ) അടിമയിലേക്കു യാത്ര ആകും. തഃപഹെസിൽ
18 വെച്ചു ഞാൻ മിസ്ര (ചുമത്തിയ) നുകങ്ങളെ ഒടിച്ചു അതിൻ ശക്തിഡംഭ
ത്തെ ശമിപ്പിച്ചാൽ പകൽ ഇരുണ്ടു മുകിൽ മൂടി പുത്രിമാർ അടിമപ്പെട്ടു
19 പോകും. ഇങ്ങനേ ഞാൻ മിസ്രയിൽ ന്യായവിധികളെ നടത്തും ഞാൻ
യഹോവ എന്നു് അവർ അറികയും ചെയ്യും.

20 പതിനൊന്നാം ആണ്ടിൽ ഒന്നാം (തിങ്കളുടേ) ഏഴാം തിയ്യതിയിൽ യ
21 ഹോവാവചനം എനിക്കു് ഉണ്ടായി പറഞ്ഞിതു: മിസ്രരാജാവായ ഫറോ
22 വിൻ ഭുജത്തെ ഞാൻ ഒടിച്ചുകളഞ്ഞു; അതു വാൾ പിടിപ്പോളം ഉറപ്പുവരു
മാറു മരുന്നിട്ടു തുണി ചുറ്റി മുറുക്കുവാൻ ഇതാ കെട്ടപ്പെടുകയും ഇല്ല. അതു
കൊണ്ടു യഹോവാകർത്താവു് ഇവ്വണ്ണം പറയുന്നു: ഫറോ എന്ന മിസ്രരാജാ
വിന്നു് എതിരേ ഞാൻ ഇതാ (വന്നു) ഉറപ്പുള്ളതും ഒടിഞ്ഞതും ആക ഭുജങ്ങളും
23 രണ്ടിനെയും ഒടിച്ചു വാളിനെ കയ്യിൽനിന്നു വീഴിക്കും. മിസ്രക്കാരെ ജാ
24 തികളിൽ ചിന്നിച്ചു രാജ്യങ്ങളിൽ ചിതറിക്കും. ബാബേൽരാജാവിൻ ഭുജ
ങ്ങളെ ഞാൻ ഉറപ്പിച്ചു എന്റെ വാളിനെ അവൻകൈക്കൽ കൊടുത്തു
ഫറോവിന്റെ ഭുജങ്ങളെ ഒടിച്ചു ഇവൻ അവന്റെ മുമ്പിൽ കുതർന്നവന്റെ
25 ഞരക്കങ്ങളും ഞരങ്ങുമാറാക്കും. ബാബേൽരാജാവിന്റെ ഭുജങ്ങളെ ഞാൻ
ഉറപ്പിക്കും, ഫറോവിൻ ഭുജങ്ങളും വീണുപോം. എൻ വാളിനെ ബാബേൽ
രാജാവിൻ കൈക്കൽ കൊടുത്തിട്ടു് അവൻ അതു മിസ്രദേശത്തെക്കൊള്ളെ
26 ഓങ്ങുകയിൽ ഞാൻ യഹോവ എന്നു് അവർ അറിയും. മിസ്രക്കാരെ
ഞാൻ ജാതികളിൽ ചിന്നിച്ചു രാജ്യങ്ങളിൽ ചിതറിക്കയാൽ ഞാൻ
യഹോവ എന്നു് അവർ അറിയും.

31. അദ്ധ്യായം

അശ്ശൂർ വളർന്നു തെഴുത്തു (10) ഡംഭിച്ചു വീണു (15) ജാതികളെ ഞെട്ടി
ച്ചതിന്നു ഫറോവും ഒത്തുവരും.

1 പതിനൊന്നാം ആണ്ടിൽ മൂന്നാം (തിങ്കളുടേ) ഒന്നാം തിയ്യതി യഹോ
2 വാവചനം എനിക്കു് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര മിസ്രരാജാവാ
യ ഫറോവിനോടും അവന്റെ സകല ആരവാരത്തോടും പറക: നിന്റെ

3 വലിപ്പത്തിൽ നീ ആർക്കു സമൻ? അതാ അശ്ശൂർ ലിബനോനിൽ ദേവ
ദാരുവായി കൊമ്പുകളും ശോഭിച്ചു നിഴലിടുന്ന ചോല കെട്ടി വളർച്ച
4 ഉയർന്നു തല കാറുകളോട് എത്തി. ആയതിനെ വെള്ളം വളർത്തി ആഴി
ഉയർത്തി, ഇതിൻ പുഴകളും നട്ട സ്ഥലത്തെ ചുറ്റി ഒഴുകി, വയലിലേ
5 എല്ലാ മരങ്ങളിലേക്കും അതു കയ്വാരുകളെ അയച്ചു. എന്നതുകൊണ്ടു അതിൻ
വളർച്ച വയലിലേ എല്ലാ മരങ്ങളിലും ഉയർന്നു, പെരുവെള്ളത്താൽ പട
6 രുകയിൽ ശാഖകളും പെരുകി തൂപ്പുകളും നീണ്ടുപോന്നു. അതിൻ ശാഖക
ളിൽ ആകാശപക്ഷി ഒക്കയും കൂടു കൂട്ടി തൂപ്പിൻ കീഴേ വയലിലേ മൃഗം
എല്ലാം പെറ്റു, അതിൻ നിഴലിൽ വലിയ ജാതികളും ഒക്ക ഇരുന്നു.
7 വേർ പെരുവെള്ളങ്ങളോടു ചേരുകയാൽ അതു വലിപ്പം കൊണ്ടും ചില്ലി
8 കളുടെ നീളം കൊണ്ടും ശോഭിച്ചു, ദൈവത്തോട്ടത്തിലേ ദേവദാരുക്കളും
അതിനെ വെല്ലാ, കീൽമരങ്ങളും അതിൻ ശാഖകളോട് ഒവ്വാ, അരഞ്ഞി
ലും അതിൻ തൂപ്പോട് എത്താ, ദൈവത്തോട്ടത്തിൽ ഒരു വൃക്ഷവും ഭംഗി
9 കൊണ്ട് അതിനോട് ഒവ്വാ. ചില്ലികളുടേ പെരിപ്പത്താൽ ഞാൻ അ
തിനെ സുന്ദരമാക്കുകകൊണ്ടു ദൈവത്തോട്ടത്തിൽ ഉള്ള ഏദൻവൃക്ഷങ്ങളും
എപ്പേരും അതിങ്കൽ അസൂയ ഭാവിച്ചു.

10 അതുകൊണ്ടു യഹോവാകർത്താവ് ഇവ്വണ്ണം പറഞ്ഞു: നീ വളർച്ചയിൽ
ഉയർന്നു തലയെ കാറുകളോട് എത്തിച്ചു ഉന്നതികൊണ്ടു ഹൃദയം പൊങ്ങു
11 കയാൽ, ഞാൻ ആ വൃക്ഷത്തെ ജാതികളിൽ ബലവാനായവന്റെ കയ്യിൽ
ഏല്പിക്കും. അവൻ അതിനോടു വേണ്ടുവോളം ചെയ്യും. ദുഷ്ടത നിമിത്തം
12 ഞാൻ അതിനെ ആട്ടിക്കളഞ്ഞു. ജാതികളിൽ അതിപ്രൌഢപരന്മാർ അ
തിനെ വെട്ടിയിട്ട് എറിഞ്ഞു; മലകളിന്മേലും എല്ലാ താഴ്വരകളിലും
അതിൻ ചില്ലികളും വീണു, കൊമ്പുകളും ഭൂമിയുടേ എല്ലാ പള്ളങ്ങളിലും
തകർന്നു സകലഭൂവംശങ്ങളും അതിൻ നിഴൽ വിട്ട് ഇറങ്ങി അതിനെ
13 വെച്ചേച്ചു പോയി. വീണ തടിമേൽ ആകാശപക്ഷികളും എല്ലാം ഇരു
ന്നു, അതിൻ തൂപ്പിനെ വയലിലേ മൃഗം ഒക്കയും തെണ്ടുന്നു, വെള്ളത്തിലേ
14 മരം ഒന്നും വളർച്ച നിമിത്തം ഉയരാതേയും തലയെ കാറുകളോളം നീട്ടാ
തേയും നീക്കുടിയന്മാർ ആരും ഉന്നതിഹേതുവായി തന്നിൽ തന്നേ ഊന്നാ
തേയും ഇരിക്കേണ്ടതിന്നത്രേ. അവർ എപ്പേരും മരണത്തിന്നല്ലോ ഏല്പിക്ക
പ്പെട്ട മനുഷ്യപുത്രരുടേ ഇടയിൽ ആഴമുള്ള ദേശത്തിൽ (പോയി) കുഴി
യിൽ ഇറങ്ങുന്നവരോടു (കൂടും).

15 യഹോവാകർത്താവ് ഇവ്വണ്ണം പറയുന്നു: അവൻ പാതാളത്തിൽ കീഴി
ഞ്ഞന്നു ഞാൻ അലമുറവരുത്തി, അവനുവേണ്ടി ആഴിയെ (ഖേദം) പൃത
പ്പിച്ചു അതിൻ പുഴകളെ തടുത്തു പെരുവെള്ളങ്ങളും അടഞ്ഞു നിന്നു; അ
വന്നു വേണ്ടി ഞാൻ ലിബനോനെ കറുപ്പിച്ചു വയലിലേ മരങ്ങളും ഒക്ക
16 യും അവന്നു വേണ്ടി മാഴ്കിപ്പോയി. അവനെ കുഴിയിൽ ഇറങ്ങുന്നവരോടു
കൂട്ടി പാതാളത്തിൽ കീഴിക്കയിൽ ഞാൻ വീഴ്ചയുടേ ഒച്ചയാൽ ജാതി
കളെ നടുക്കി; ആഴമുള്ള ദേശത്തോ ലിബനോനിൽ മേത്തരമായതും നല്ല
തുമായി ഏദൻവൃക്ഷങ്ങളും ഒക്കയും നീർക്കുടിയന്മാർ എപ്പേരും ആശ്വസി
17 ച്ചു തെളിഞ്ഞു. അവരും ജാതികളുടേ ഇടയിൽ അവന്റെ നിഴലിൽ തു
ണക്കാരായിരുന്നവർ തന്നേ അവനോടു പാതാളത്തിൽ കീഴിഞ്ഞു വാളു
18 കുതന്നവരോടു (ചേന്നു).— ഇങ്ങനേ ഇരിക്കേ തേജസ്സിനാലും വലിപ്പ
ത്താലും ഏദൻമരങ്ങളിൽ ഏതിന്നു നീ സമൻ? ഏദൻ മരങ്ങളോടു നീ
യും ആഴമുള്ള ദേശത്തേക്കു കീഴിക്കപ്പെട്ട പരിച്ഛേദന ഇല്ലാത്തവരുടേ
ഇടയിൽ വാളുകുതർന്നവരോടു കൂടി കിടക്കും. ഫറോവും അവന്റെ ആര
വാരവും എല്ലാം ഇതത്രേ എന്നു യഹോവാകർത്താവിൻ അരുളപ്പാടു.

32. അദ്ധ്യായം

ഫറോവിൻ വീഴ്ചയും (17) മിസ്രയുടേ നാശവും ചൊല്ലി വിലാപങ്ങൾ.

1 പന്ത്രണ്ടാം ആണ്ടിൽ പന്ത്രണ്ടാം തിങ്കളുടേ ഒന്നാം തിയ്യതി യഹോവാ
2 വചനം എനിക്ക് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര ഫറോ എന്ന മിസ്ര
രാജാവിനെ ചൊല്ലി വിലാപം തുടങ്ങി അവനോടു പറക: ജാതിക
ളിൽ ബാലസിംഹത്തോടു നിന്നെ ഉപമിച്ചു നീയോ വെള്ളത്തിൽ കട
ല്പാമ്പു (നക്രം) പോലേ അത്രേ; നിൻേറ പുഴകളിൽ നീ ചാടി കാലു
3 കളാൽ വെള്ളത്തെ കലക്കി ആറുകളെ ചവിട്ടി കുഴെച്ചു. യഹോവാകർ
ത്താവ് ഇവ്വണ്ണം പറയുന്നു: നിൻേറ മേൽ ഞാൻ ബഹുവംശങ്ങളുടേ കൂട്ട
ത്തിൽ എൻ വലയെ വീശും, അവർ നിന്നെ എൻ കൂടുക്കിൽ കരേററും,
4 ഞാൻ നിന്നെ കരയിൽ ഇട്ടു നിലനിരപ്പിൽ ചാടി ആകാശപക്ഷി എല്ലാം
നിന്നിൽ ഇരുത്തി സകലഭൂമൃഗത്തിന്നു നിന്നാൽ തൃപ്തി വരുത്തും. നിൻേറ
5 മാംസത്തെ ഞാൻ മലകൾമേലും വരുത്തി നിൻ ശവക്കുമ്പലാൽ താഴ്വ
6 രകളെ നിറെച്ചു, നിൻേറ ചോരവാർച്ചയാൽ മലകൾ വരേയും ഭൂമിയെ
കുടിപ്പിക്കും, പള്ളങ്ങൾ നിന്നാൽ നിറകയും ചെയ്യും. നിന്നെ പൊലിച്ചു
7 കളഞ്ഞാൽ ഞാൻ വാനത്തെ മൂടി അതിൻ നക്ഷത്രങ്ങളെ കറുപ്പിക്കും, സൂ
ര്യനെ മുകിൽകൊണ്ടു മറെക്കും ചന്ദ്രൻ തൻ നിലാവിനെ പ്രകാശിപ്പിക്ക
8 യും ഇല്ല. നിനക്കു വേണ്ടി ഞാൻ വാനത്തിലേ ഒളിമീനുകൾ ഒക്കയും ഇരുട്ടി
നിൻ ദേശത്തിന്മേൽ അന്ധകാരം പരത്തും എന്നു യഹോവാകർത്താവിൻ അ
9 രുളപ്പാടു. നീ അറിയാത്ത രാജ്യങ്ങളിലും ഞാൻ ജാതികളിൽ നിൻേറ ക
10 ലാപത്തെ എത്തിക്കയാൽ അനേകവംശങ്ങളുടേ മനസ്സു ഞാൻ നോവിച്ചു,
ഏറിയ വംശങ്ങളെ നിങ്കൽ സ്തംഭിപ്പിക്കും; അവരുടേ രാജാക്കന്മാർ ഞാൻ
അവർക്കു മുമ്പിൽ എൻ വാളിനെ വീശിയാൽ നിങ്കൽ ഞെടുഞെട ഞെട്ടി
നിൻേറ വീഴ്ചനാളിൽ അവനവൻ തൻ പ്രാണനായി ക്ഷണം ക്ഷണം നടു
11 ങ്ങും.—യഹോവാകർത്താവാകട്ടേ ഇവ്വണ്ണം പറയുന്നു: ബാബേൽരാജാവിൻ
12 വാൾ നിന്മേൽ വരും. ശൂരന്മാരുടേ വാളുകളാൽ നിൻേറ ആരവാരത്തെ
ഞാൻ വീഴിക്കും, അവർ ഒക്ക ജാതികളിൽ അതിപ്രൌഢന്മാർ, മിസ്രയുടേ
ഡംഭത്തെ അവർ നിഗ്രഹിക്കും, അതിലേ ആരവാരം എല്ലാം സന്നമാകും.
13 പെരുവെള്ളങ്ങൾ അരികത്തുള്ള അതിൻേറ കന്നുകാലി എല്ലാം ഞാൻ കെ
ടുക്കും, മനുഷ്യക്കാൽ ഇനി അവ കലക്കാതേ കറുകളുമ്പും കലക്കാതേ ഇരി
14 പ്പാൻ തന്നേ.മിസ്രദേശത്തു പാർക്കുന്നവരെ ഒക്കയും ഞാൻ തച്ചു അതിനെ
ശൂന്യമാക്കീട്ടു നാടും അതിൻ നിറവ് അറു പാഴാകുമ്പോൾ, അന്നു ഞാൻ
15 അതിൻ വെള്ളങ്ങളെ ഊറിക്കിടത്തി പുഴകൾ എണ്ണ പോലേ ഒഴുകുമാറാക്കും
എന്നു യഹോവാകർത്താവിൻ അരുളപ്പാടു. ഇങ്ങനേ ഞാൻ യഹോവ എന്നു
16 അവർ അറിയും. ഇതു വിലാപം, വിലപിച്ചു പാടുവാനുള്ളതു, ജാതികളുടേ
പുത്രിമാർ അതിനെ പാടും, മിസ്രയെയും അതിൻ ആരവാരത്തെയും എ
ല്ലാം ചൊല്ലി വിലപിച്ചു പാടും എന്നു യഹോവാകർത്താവിൻ അരുളപ്പാടു.
17 പന്ത്രണ്ടാം ആണ്ടിൽ (പന്ത്രണ്ടാം) തിങ്കളുടേ പതിനഞ്ചാം തിയ്യതി
18 യഹോവാവചനം എനിക്ക് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര മിസ്രയുടേ
ആരവാരത്തെ ചൊല്ലി മുറയിട്ടു അതിനെ നിറന്ന ജാതികളുടേ പുത്രിമാരെ
പോലേ ആഴമുള്ള ദേശത്തേക്കു കീഴിച്ചു കുഴിയിൽ ഇറങ്ങിയവരോടു (കൂട്ട
19 ക)! മനോഹരംകൊണ്ടു നീ ആരെ വെല്ലുന്നു? ഇറങ്ങിവാ പരിച്ഛേദന ഇല്ലാ
20 ത്തവരോടു കിടന്നുകൊൾ! വാൾ കുതർന്നവരുടേ ഇടയിൽ അവർ വീഴും;
അവളെ സകല ആരവാരവും ആയി പിടിച്ചീഴെപ്പിൻ എന്നു (മാററാന്മാക്കു)
21 വാൾ നല്ലപ്പെട്ടു. പാതാളനടുവിൽനിന്നു വീരക്കുററന്മാർ അവൻേറ തുണയാ
ളികളോട് അവനെ കുറിച്ച് ഉരിയാടുന്നു; ആ പരിച്ഛേദന ഇല്ലാത്തവർ

22 വാൎ കുതർന്നവരായി കിഴിഞ്ഞു കിടക്കുന്നു.—അവിടേ അശ്ശൂർ സർവ്വസ
മൂഹവുമായിട്ട് ഉണ്ടു, അതിൻ ശവക്കുഴികൾ ചുറും (ഉണ്ടു) എപ്പോളും കുതർ
23 ന്നവർ വാളാൽ വീണവർ. ഏററം അഗാധഭാഗത്ത് അതിന്നു ശവക്കുഴികൾ
കൊടുക്കപ്പെട്ടു അതിൻ കുഴിയുടേ ചുറും സമൂഹവും കിടക്കുന്നു, ജീവികളുടേ
ദേശത്തു ഭീഷണി പരത്തിയ ശേഷം എപ്പോളും കുതർന്നവർ വാളാൽ വീ
24 ണവർ.—അവിടേ ഏലാം തൻ കുഴിയുടേ ചുറും സൎവ്വസമൂഹവുമായി (ഉ
ണ്ടു). ജീവികളുടേ ദേശത്തു ഭീഷണി പരത്തിയ ശേഷം എപ്പോളും കുതർന്ന
വർ വാളാൽ വീണവർ, പരിച്ഛേദന ഇല്ലാതേ ആഴമുള്ള ദേശത്തേക്കു ഇഴി
25 ഞ്ഞു കുഴിയിൽ ഇറങ്ങിയവരോടു തങ്ങളുടേ മാനക്കേടു ചുമക്കുന്നു. അതിന്നും
സകല ആരവാരത്തിന്നും കലപ്പെട്ടവരുടേ ഇടയിൽ കിടക്ക കിട്ടി, ശവക്കു
ഴികൾ അവൎക്കു ചുറും തന്നേ; എവരും പരിച്ഛേദന ഇല്ലാതേ വാൎ കുത
ന്നവർ; ജീവികളുടേ ദേശത്ത് അവരുടേ ഭീഷണി പരന്നതുകൊണ്ടു കുഴി
യിൽ ഇറങ്ങിയവരോടു തങ്ങടേ മാനക്കേടു ചുമക്കുന്നു; കലപ്പെട്ടവരുടേ ഇട
26 യിൽ അവനെ വെച്ചുകിടക്കുന്നു.—അവിടേ മേശക് ത്തുബൽ സകല ആര
വാരവുമായി (ഉണ്ടു), അവൎക്കു ചുറും അതിൻ ശവക്കുഴികൾ എപ്പോളും
പരിച്ഛേദന ഇല്ലാത്തവർ ജീവികളുടേ ദേശത്തു ഭീഷണി പരത്തുകകൊണ്ടു
27 വാൎ കുതന്നു പോയവർ. പരിച്ഛേദന ഇല്ലാത്തവരിൽ പട്ടുപോയി തങ്ങടേ
ആയുധക്കോപ്പോടേ പാതാളത്തിൽ കിഴിഞ്ഞു വാളുകളെ തലകൾക്കു കീഴേ
വെച്ചു കിടത്തിയ വീരന്മാരോട് ഇവർ കിടക്കുന്നില്ല. ജീവികളുടേ ദേശ
ത്തു വീരന്മാർക്കു ഭീഷണി ആകകൊണ്ടു അവരുടേ കുറങ്ങൾ അവരുടേ അ
28 സ്ഥികളിന്മേൽ ആയി. (മിസ്രുക്കാര) നീയും പരിച്ഛേദന ഇല്ലാത്തവരുടേ
29 ഇടയിൽ നുറുങ്ങി വീണു വാൎ കുതർന്നവരോടു കിടക്കും.—അവിടേക്ക്
എദോംരാജാക്കന്മാരും എല്ലാ മന്നവരുമായി (കിഴിഞ്ഞു), എത്ര വീരത
ഉണ്ടായിട്ടും അവർ വാൎ കുതർന്നവരോടു കൂട്ടപ്പെട്ടു പരിച്ഛേദന ഇല്ലാത്തവ
30 രോടും കുഴിയിൽ ഇറങ്ങിയവരോടും ഒന്നിച്ചു കിടക്കുന്നു. അവിടേക്കു ഉത്തര
ദിക്കിലേ അഭിഷിക്തന്മാരും സകലചിദോന്യരും (ഉണ്ടു), വീരതയാൽ എ
ത്ര ഭീഷണി പരത്തിയിട്ടും ലജ്ജപ്പെട്ടു അവർ കലപ്പെട്ടവരോടു ചേരുവാൻ
കിഴിഞ്ഞു പരിച്ഛേദനയില്ലാത്തവരായി വാൎ കുതർന്നവരോടു ശയിച്ചു
കുഴിയിൽ ഇറങ്ങിയവരോടു കൂടി തങ്ങളുടേ മാനക്കേടു ചുമക്കുന്നു.—
31 ഇവരെ ഫറോ കണ്ടു തന്റേ സകല ആരവാരത്തെ കുറിച്ച് ആശ്വസിക്കും.
ഫറോവും സകലസൈന്യവുമായി വാൎ കുതർന്നു കഴിഞ്ഞുവല്ലോ എന്നു യ
32 ഹോവാകൎത്താവിൻ അരുളപ്പാടു. ഞാനാകട്ടേ ജീവികളുടേ ദേശത്ത് അവ
നെ ഭീഷണി പരത്തിച്ച ശേഷം പരിച്ഛേദന ഇല്ലാത്തവരുടേ ഇടയിൽ
വാൎ കുതന്നവരോടു കിടത്തപ്പെട്ടതു ഫറോ സകല ആരവാരവുമായി, എ
ന്നു യഹോവാകൎത്താവിൻ അരുളപ്പാടു.

IV. ഇസ്രയേലിനെ യഥാസ്ഥാനമാക്കും എന്നുള്ള വാഗ്ദത്തങ്ങൾ (അ. 33–39.)

33. അദ്ധ്യായം

പ്രവാചകൻ കാവലാളിയായി (10) വിശേഷാൽ ദൈവത്തിൽ തേറുവാൻ പ്രബോധിപ്പിക്കേണം. (20) പട്ടണനാശം കേട്ട ഉടനേ (23) മനന്തിരിവിനെ ചോദിക്കുന്നു.

1. 2 യഹോവാവചനം എനിക്ക് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര നിൻ
ജനപുത്രരോടു ഉരിയാടി പറക: ഒരു ദേശത്തിന്മേൽ ഞാൻ വാളിനെ

വരുത്തുമ്പോൾ ദേശത്തിലേ ജനങ്ങൾ കൂട്ടത്തിൽനിന്ന് ഓർ ആളെ തെരി
3 ഞ്ഞു തങ്ങൾക്കു കാവലാളി ആക്കി വെച്ചാൽ, അവൻ വാൾ നാട്ടിൻമേൽ
4 വരുന്നതു കണ്ടു കാഹളം ഊതി ജനത്തെ സൂക്ഷിപ്പിച്ചു എങ്കിൽ, കാഹളശ
ബ്ദം കേട്ടിട്ടും ഒരുവൻ സൂക്ഷിച്ചുകൊള്ളായ്കയാൽ വാൾ എത്തി അവനെ പ
5 റിച്ചാൽ അവന്റെ രക്തം അവൻതലയിൽ ഇരിക്കും. കാഹളശബ്ദം കേ
ട്ടും കരുതാതേ പോയി; കരുതി എങ്കിൽ പ്രാണരക്ഷ വരുത്തമായിരുന്നതു
6 കൊണ്ടു അവന്റെ രക്തം അവൻമേലത്രേ. കാവലാളി വാൾ വരുന്നതു
കണ്ടിട്ടും കാഹളം ഊതായ്കയാൽ ജനം സൂക്ഷിച്ചുകൊള്ളാതേ പോയാൽ
വാൾ എത്തി അവരിൽ ഒരു ദേഹിയെ പറിച്ചു എങ്കിലോ ഇവൻ തൻ കുറ
റത്താൽ പറിക്കപ്പെട്ടു, അവന്റെ രക്തത്തെ ഞാൻ കാവലാളിയുടേ കയ്യിൽ
7 നിന്നു ചോദിക്കും താനും.— (3,17–19) നിന്നെയോ മനുഷ്യപുത്ര ഞാൻ
ഇസ്രയേൽഗൃഹത്തിന്നു കാവലാളി ആക്കിവെച്ചു, എൻ വായിൽനിന്നു വ
8 ചനത്തെ നീ കേട്ടു എങ്കൽനിന്ന് അവരെ സൂക്ഷിപ്പിക്ക. ഞാൻ ദുഷ്ടനോടു
''ദുഷ്ടാ നീ മരിക്കേ ഉള്ളൂ'' എന്നു പറയുമ്പോൾ നീ ദുഷ്ടനെ ആ വഴിയെ
വിടുവാൻ സൂക്ഷിപ്പിച്ചു ചൊല്ലാഞ്ഞാൽ ആ ദുഷ്ടൻ തൻ കുറ്റത്താൽ മരി
ക്കും എങ്കിലും അവന്റെ രക്തത്തെ നിൻ കയ്യിൽനിന്നു ഞാൻ ചോദിക്കും.
9 നീയോ ദുഷ്ടനെ ആ വഴിയെ വിടുവാൻ സൂക്ഷിപ്പിച്ചിട്ടും അവൻ ആ വ
ഴിയെ വിട്ടു തിരിയാഞ്ഞാൽ അവൻ തൻ കുറ്റത്താൽ മരിക്കും, നിൻ ദേ
ഹിയെ നീ വിടുവിച്ചു താനും.

10 എങ്കിലോ മനുഷ്യപുത്ര ഇസ്രയേൽഗൃഹത്തോടു പറക: ഞങ്ങളുടേ ദ്രോഹ
ങ്ങളും പാപങ്ങളും ഞങ്ങളുടേ മേൽ ആകയാൽ ഞങ്ങൾ അവയിൽ ഉരുകി
മങ്ങിപ്പോകുന്നു പിന്നേ എങ്ങനേ ജീവിച്ചു കൂടും? എന്നു നിങ്ങൾ നേർ
11 പറയുന്നു. അവരോടു പറക: എൻ ജീവനാണ ദുഷ്ടന്റെ മരണത്തെ ഞാൻ
ആഗ്രഹിക്കുന്നില്ല, ദുഷ്ടൻ തൻ വഴിയെ വിട്ടു ജീവിക്കേണം എന്നത്രേ എ
ന്നു യഹോവാകർത്താവിൻ അരുളപ്പാടു. നിങ്ങളുടേ ദുർവ്വഴികളെ വിട്ടു മനം
തിരിഞ്ഞു മടങ്ങുവിൻ! ഇസ്രയേൽഗൃഹമേ നിങ്ങൾ മരിപ്പാൻ എന്തു?—
12 നീയോ മനുഷ്യപുത്ര നിൻ ജനപുത്രരോടു പറക: നീതിമാന്റെ നീതി
ദ്രോഹിക്കുന്ന നാളിൽ അവനെ ഉദ്ധരിക്ക ഇല്ല, ദുഷ്ടൻ ദുഷ്ടത വിട്ടു മട
ങ്ങുന്ന നാളിൽ സ്വദുഷ്ടതയാൽ വീഴുകയും ഇല്ല, നീതിമാൻ പാപം ചെയ്യു.
13 ന്ന നാളിൽ ജീവിച്ചു കഴികയും ഇല്ല. ഞാൻ നീതിമാനോടു: ഇവൻ ജീ
വിക്കേ ഉള്ളൂ എന്നു പറകയാൽ അവൻ സ്വനീതിയിൽ തേറി അക്രമം
ചെയ്താൽ അവന്റെ സകലനീതികളും ഓർമ്മപ്പെടുക ഇല്ല, ചെയ്ത അക്ര
14 മത്താൽ അവൻ മരിക്കും. നീ മരിക്കേ ഉള്ളൂ എന്നു ഞാൻ ദുഷ്ടനോടു പറക
യാൽ അവൻ പാപത്തെ വിട്ടു തിരിഞ്ഞു നേരും ന്യായവും ചെയ്തു, ദുഷ്ടൻ
15 പണയം മടക്കി കൊടുത്തു, കട്ടതിനെ തിരികേ കൊടുത്തു, അക്രമം ചെ
യ്യാതേ ജീവന്റെ വെപ്പുകളിൽ നടന്നാൽ മരിക്ക ഇല്ല ജീവിക്കേ ഉള്ളൂ.
16 അവൻ പിഴെച്ച സകലപാപങ്ങളും അവനോട് ഓർമ്മപ്പെടുക ഇല്ല, നേ
17 രും ന്യായവും ചെയ്തുയാൽ ജീവിക്കേ ഉള്ളൂ. എന്നാൽ നിൻ ജനപുത്രൻ
മാർ ''കർത്താവിന്റെ വഴി ശരി അല്ല'' എന്നു പറയുന്നു (18, 25), ശരി
18 യല്ലാത്തതു സാക്ഷാൽ അവരുടേ വഴി. നീതിമാൻ തൻ നീതിയെ വിട്ടു തി
19 രിഞ്ഞു അക്രമം ചെയ്താൽ അതിനാൽ മരിക്കും. ദുഷ്ടൻ തൻ ദുഷ്ടതയെ വിട്ടു
20 തിരിഞ്ഞു നേരും ന്യായവും ചെയ്താൽ അതിന്നിമിത്തം ജീവിക്കും. എ
ന്നിട്ടും കർത്താവിൻ വഴി ശരി അല്ല എന്നു നിങ്ങൾ പറയുന്നു, ഇസ്രയേൽ
ഗൃഹമേ നിങ്ങൾക്കു ഞാൻ ന്യായം വിധിപ്പത് അവനവന്നു താന്താന്റെ വ
ഴികൾക്കു ഒത്തവണ്ണമേ.

21 നാം പ്രവസിച്ചിട്ടു പന്ത്രണ്ടാം ആണ്ടിൽ പത്താം (തിങ്കളുടേ) അഞ്ചാം
തിയ്യതി ഉണ്ടായതു: യരുശലേമിൽനിന്നു ചാടിപ്പോയവൻ എന്നെ വന്നു
22 കണ്ടു ''പട്ടണം അടിക്കപ്പെട്ടു'' എന്നു പറഞ്ഞു. ചാടിപ്പോയവൻ

വരുന്നതിന്നു തലനാൾ വൈകുന്നേരം യഹോവയുടെ കൈ എന്മേൽ ഉണ്ടായിരുന്നു, അവൻ രാവിലേ വരുന്നതിന്നു യഹോവ എന്റെ വായി തുറന്നിരുന്നു. അന്നു വായി തുറന്നു ഞാൻ ശേഷത്തിങ്കൽ മൌനമായി പാർത്തതും ഇല്ല.

23.24 യഹോവാവചനം എനിക്കു് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര ഇസ്രയേൽനാട്ടിൽ ആ പാഴിടങ്ങളിൽ പാർക്കുന്നവർ പറയുന്നു: അബ്രഹാം ഏകനായി ദേശത്തെ അടക്കി, നാം അനേകർ (ആകയാൽ) ദേശം നമുക്കു് 25 അടക്കമായി നല്കിക്കിടക്കുന്നു. എന്നതുകൊണ്ടു് അവരോടു പറക: യഹോവാകർത്താവു് ഇവ്വണ്ണം പറയുന്നു: നിങ്ങൾ രക്തം കൂടിയതു തിന്നും അങ്ങേ മുട്ടങ്ങളിലേക്കു കണ്ണുകളെ ഉയർത്തും ചോര പകരും എന്നിട്ടു ദേശത്തെ അട 26 ക്കയോ? നിങ്ങൾ വാളിന്മേൽ ഊന്നിനിന്നു അറെപ്പുകൾ ചെയ്തു അവനവൻ കൂട്ടുകാരന്റെ ഭാര്യയെ തീണ്ടിച്ചു പിന്നേ ദേശത്തെ അടക്കുമോ? അവ 27 രോടു് ഇങ്ങനേ പറക: യഹോവാകർത്താവു് ഇവ്വണ്ണം പറയുന്നു: എൻ ജീവനാണ പാഴിടങ്ങളിൽ ഉള്ളവർ വാൾകൊണ്ടു വീഴും, നിലനിരപ്പിൽ ഉള്ളവനെ ഞാൻ മൃഗത്തിന്നു് ഊണാക്കും, കോട്ടകളിലും ഗുഹകളിലും ഉള്ളവർ 28 മഹാവ്യാധിയാൽ മരിക്കും. ഞാൻ ദേശത്തെ ശൂന്യവും സന്നവും ആക്കും, അതിൻ ശക്തിഡംഭം ഒഴിയും, ഇസ്രയേൽമലകളും കടക്കുന്നവൻ ഇല്ലാതോ 29 ളവും ശൂന്യമായി നില്ക്കും. ഇങ്ങനേ അവർ ചെയ്ത അറെപ്പുകൾ എല്ലാം വിചാരിച്ചു ഞാൻ ദേശത്തെ ശൂന്യവും സന്നവും ആക്കിവെക്കുമ്പോൾ ഞാൻ യഹോവ എന്നു് അവർ അറിയും.

30 നിന്നെക്കൊണ്ടോ മനുഷ്യപുത്ര നിൻ ജനപുത്രന്മാർ ഭിത്തികളരികത്തും വീട്ടുതുറവുകളിലും ഉരിയാടുന്നു "ഹോ യഹോവയിൽനിന്നു് എന്തൊരു വചനം പുറപ്പെടുന്നു എന്നു വന്നു കേൾപ്പിൻ!" എന്നു തമ്മിലും അവനവ 31 നോടും സംസാരിക്കുന്നു. ലോകസംഘം കൂടുമ്പോലേ അവർ വന്നു എൻ ജനം എന്നു ഭാവിച്ചു നിന്റെ മുമ്പിൽ ഇരുന്നു നിൻ വചനങ്ങളെ കേൾക്കും; അവ ചെയ്യ ഇല്ലതാനും അവരുടേ വായ്കൊ രുചിക്കുന്നവ മാത്രം ചെയ്യും, അവ 32 രുടേ ഹൃദയം സ്വന്തലാഭത്തെ പിന്തേരുന്നു. ഇൻപസ്വരം പൂണ്ടു നല്ലവണ്ണം മീട്ടിക്കൊണ്ടു നാനാരസമുള്ളവ പാടുന്നവനെ പോലേ ഇതാ നീ അവക്കു് 33 ആകുന്നു; നിന്റെ വചനങ്ങൾ അവർ കേൾക്കും, ചെയ്യ ഇല്ലതാനും. എങ്കിലും അതു വരുമ്പോൾ— ഇതാ വരുന്നു— ഒരു പ്രവാചകൻ തങ്ങളുടേ ഇടയിൽ ഉണ്ടായിരുന്നു എന്നു് അവർ അറിയും.

34. അദ്ധ്യായം

ആട്ടിക്കൂട്ടത്തെ നോക്കാത്ത അധികാരികളെ ദൈവം നീക്കി (11) കൂട്ടത്തെ താൻ ചേർത്തു വകതിരിച്ചു് ഓമ്പി (23) ദാവിദിനെ ഇടയനാക്കി ഇസ്രയേലെ അനുഗ്രഹിക്കും. (യിറ. 23,1—8).

1. 2 യഹോവാവചനം എനിക്കു് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര ഇസ്രയേലിലേ ഇടയന്മാരെ ചൊല്ലി പ്രവചിക്ക! ആ ഇടയന്മാരോടു പ്രവചിച്ചു പറക: യഹോവാകർത്താവു് ഇവ്വണ്ണം പറയുന്നു: തങ്ങളെ തന്നേ മേച്ചുകൊണ്ട ഇസ്രയേലിടയന്മാർക്കു ഹാ കഷ്ടം! ആടുകളെ അല്ലോ ഇടയർ മേ 3 യ്ക്കേണ്ടിയതു? നിങ്ങളോ മേദസ്സുതിന്നു, രോമത്തെ ഉടുപ്പാക്കി, തടിച്ചതിനെ 4 അറുക്കുന്നു, കൂട്ടത്തെ മേയ്ക്കുന്നില്ല. ദണ്ഡിക്കുന്നവ ഉറപ്പിക്കുന്നില്ല, രോഗിക്കു ചികിത്സിക്കുന്നില്ല, മുറിഞ്ഞതു കെട്ടുന്നില്ല, ആട്ടിക്കളഞ്ഞതു മടക്കുന്നില്ല, കാണാതേ പോയതു തേടുന്നില്ല, ബലാല്ക്കാരത്തോടും കാഠിന്യത്തോ 5 ടും അവയിൽ അധികരിച്ചതേ ഉള്ളു. ഇങ്ങനേ മേയ്ക്കുന്നവൻ ഇല്ലായ്കയാൽ അവ ചിന്നി വയലിലേ ഏതു മൃഗത്തിന്നും ഊണായി ചിതറിപ്പോയി. 6 എല്ലാ മലകളിലും ഏതു ഉയർന്ന കുന്നിന്മേലും എൻ ആടുകൾ ഉഴലുന്നു ഭൂവി

മുച്ചൂടും എൻ ആടുകളും ചിന്നിപ്പോയി തേടുന്നവനും ഇല്ല തിരയുന്നവനും
7 ഇല്ല.— അതുകൊണ്ടു് ഇടയന്മാരേ യഹോവാവചനത്തെ കേൾപ്പിൻ!
8 എൻ ജീവനാണ എന്നു യഹോവാകർത്താവിൻ അരുളപ്പാടു: ഇടയൻ ഇല്ലാ
ഞ്ഞായാലും എന്റെ ഇടയന്മാർ എൻ ആടുകളെ ചൊല്ലി ചോദ്യം ഇല്ലാതേ
എൻ കൂട്ടത്തെ മേയ്ക്കാഞ്ഞു തങ്ങളെ തന്നേ മേയ്ക്കയാലും എൻ ആടുകളും കൊ
ള്ളയായിപ്പോയി വയലിലേ ഏതു മൃഗത്തിന്നും ഊണായി തീരുകകൊണ്ടു,
9 ഇടയന്മാരേ യഹോവാവചനത്തെ കേൾപ്പിൻ! യഹോവാകർത്താവു് ഇവ്വ
10 ണ്ണം പറയുന്നു: ഞാൻ ഇതാ ഇടയരെ കൊള്ളേ (വന്നു) എൻ ആടുകളെ അവ
രുടേ കയ്യിൽനിന്നു ചോദിച്ചു അവർ കൂട്ടം മേയ്ക്കുന്നതു മതിയാക്കി എൻ
ആടുകളെ അവരുടേ വായിൽനിന്നു് ഉദ്ധരിക്കും, ഇടയന്മാർ ഇനി തങ്ങളെ
തന്നേ മേയ്ക്കയും ഇല്ല അവർക്കു് ഇവ ഇനി ഊണാകയും ഇല്ല.
11 യഹോവാകർത്താവു് ആകട്ടേ ഇവ്വണ്ണം പറയുന്നു: ഞാൻ ഇതാ ഞാനേ
12 എൻ ആട്ടിൻകൂട്ടത്തെ ചോദിച്ചു് ആരാഞ്ഞു നോക്കും. ഇടയൻ ചിതറിയ
ആടുകളുടേ ഇടയിൽ ഇരിക്കുന്നതു തൻ കൂട്ടത്തെ ആരായും പോലേ തന്നേ
എൻ ആടുകളെ ഞാൻ ആരാഞ്ഞു മൂടലും കാർമുകിലും കെട്ടിയ നാളിൽ അ
13 വ ചിന്നിപ്പോയ എല്ലാ ഇടങ്ങളിൽനിന്നും ഉദ്ധരിക്കും. വംശങ്ങളിൽനി
ന്നു് ഞാൻ അവരെ പുറപ്പെടുവിച്ചു രാജ്യങ്ങളിൽനിന്നു ചേർത്തു അവരെ നാ
ട്ടിൽ പൂകിച്ചു ഇസ്രയേൽമലകളിലും താഴ്വരകളിലും ദേശത്തേ കുടിപാടു
14 കളിലും ഒക്കയും അവരെ മേയ്ക്കും. ഞാൻ നല്ല മേച്ചൽപുറത്തു് അവയെ മേ
യ്ക്കും, ഇസ്രയേലിൻ ഉയർന്ന മലകളിൻമേൽ അവയുടേ പുലം ആയിരിക്കും,
അവിടേ നല്ല പുലത്തിൽ അമരുകയും ഇസ്രയേൽമലകളിൽ പുഷ്ടിയുള്ള
15 മേച്ചൽ മേയ്ക്കയും ചെയ്യും. എൻ ആടുകളെ ഞാനേ മേയ്ക്കും ഞാനേ കിടത്തും
16 എന്നു യഹോവാകർത്താവിൻ അരുളപ്പാടു. കാണാതേ പോയതു തിരകയും
ആട്ടിക്കളഞ്ഞതു മടക്കുകയും മുറിഞ്ഞതിന്നു കെട്ടുകയും രോഗമുള്ളതു് ഉറപ്പി
ക്കയും ചെയ്യും, നെയി വെച്ചതിനെയും ശക്തി ഏറിയതിനെയും ഞാൻ
17 മുടിച്ചു (എല്ലാം) യഥാ ന്യായം മേയ്ക്കും.— നിങ്ങളോ എൻ ആടുകളേ എ
ന്നു യഹോവാകർത്താവു പറയുന്നു, ഞാൻ ഇതാ ആടിന്നും ആടിന്നും ആട്ട
18 കൊറ്റന്മാർക്കും വെള്ളാട്ടുകൊറ്റൻമാർക്കും നടു തീർക്കും. നിങ്ങൾ നല്ല മേ
ച്ചലിനെ മേഞ്ഞതു പോരാ എന്നു വെച്ചോ മേച്ചലിന്റെ ശേഷിപ്പിനെ
കാൽകൊണ്ടു ചവിട്ടിക്കളയുന്നു? ഊറിക്കിടന്ന വെള്ളം കുടിച്ചിട്ടു ശിഷ്ടത്തെ
19 കാൽകൊണ്ടു കലക്കിക്കളയുന്നുവോ? നിങ്ങൾ കാൽ ചവിട്ടിക്കളഞ്ഞതി
നെ എൻ ആടുകൾ മേയ്കയും നിങ്ങൾ കാൽ കലക്കിയതിനെ കുടിക്ക
20 യും വേണം എന്നോ? അതുകൊണ്ടു യഹോവാകർത്താവു് അവരോടു പറയു
ന്നിതു: ഞാനേ ഇതാ തടിച്ച ആടിന്നും മെലിഞ്ഞ ആടിന്നും നടു തീർക്കും.
21 നിങ്ങൾ ഓരംകൊണ്ടും തോൾകൊണ്ടും തിക്കി ഉന്തി ബലഹീനമുള്ളവ
ഒക്കയും പരക്കേ ആട്ടി ചിന്നിപ്പോളം കൊമ്പുകൾകൊണ്ടു് ഇടിക്കയാൽ,
22 എൻ ആടുകളെ ഇനി കവർച്ച ആകാതവണ്ണം ഞാൻ രക്ഷിച്ചു ആടിന്നും
ആടിന്നും നടു തീർക്കും.
23 അവയെ മേയ്പ്പാൻ ഒരു ഇടയനെ ഞാൻ ഉണർത്തും, എൻ ദാസനാ
യ ദാവീദെ തന്നേ; ആയവൻ അവയെ മേക്കും അവക്കു ഇടയനും ആകും.
24 യഹോവയായ ഞാൻ അവക്കു ദൈവവും എൻ ദാസനായ ദാവീദു് അവ
25 രുടേ നടുവിൽ മന്നവനും ആകും, യഹോവയായ ഞാൻ ഉരചെയ്തു. അവ
രോടു സമാധാനനിയമത്തെ ഞാൻ ഖണ്ഡിച്ചു ദുർമൃഗത്തെ നാട്ടിൽനിന്നു്
ഒഴിപ്പിച്ചു അവർ മരുവിൽ നിർഭയമായി പാർത്തു കാടുകളിൽ ഉറങ്ങുമാ
26 റാക്കും. അവരെയും എന്തിരുകുന്നിന്റെ ചുറുമുള്ളതും ഞാൻ അനുഗ്രഹമാക്കി
27 മാരിയെ തൽകാലത്തു പെയ്യിക്കും, അനുഗ്രഹമാരികൾ ആകും. വയലിലേ
മരം സ്വഫലത്തെ തരികയും നാടു തൻ വിളവു നല്കുകയും അവർ സ്വദേ
ശത്തിൽ സൈരമായി ഇരുന്നു ഞാൻ അവരുടേ നുകത്തടികളെ ഒടിച്ചു

സേവിപ്പിക്കുന്നവരുടേ കയ്യിൽനിന്ന് അവരെ ഉദ്ധരിക്കുമ്പോൾ ഞാൻ
28 യഹോവ എന്ന് അറികയും ചെയ്യും. അവർ ജാതികൾക്ക് ഇനി കൊള്ളയും
ദേശത്തുള്ള മൃഗത്തിന്ന് ഊണും ആകാതേ മെരിട്ടുന്നവർ എന്നിയേ സൈര
29 മായി വസിക്കും. അവക്ക കീർത്തിക്കായി ഞാൻ ഒരു നടുതൽ വിളയി
പ്പുതു അവർ ഇനി നാട്ടിലേ ക്ഷാമത്താൽ ഒടുങ്ങായ്വാനും ജാതികളാലേ
30 മാനക്കേടു ഇനി ചുമക്കായ്വാനും തന്നേ. യഹോവ എന്ന അവരുടേ ദൈ
വമാകുന്ന ഞാൻ അവരോടു കൂടേ ഉണ്ടു എന്നും ഇസ്രയേൽഗൃഹമായവർ എൻ
ജനം എന്നും അവർ അറിയും എന്നു യഹോവാകർത്താവിൻ അരുളപ്പാടു.
31 നിങ്ങളല്ലോ എൻ ആടുകൾ, എന്റേ മേച്ചലിന്റേ കൂട്ടം; നിങ്ങൾ മനുഷ്യർ
ഞാൻ നിങ്ങളുടേ ദൈവം, എന്നു യഹോവാകർത്താവിൻ അരുളപ്പാടു.

35. അദ്ധ്യായം

കുടിപ്പകയുള്ള എദോമിന്നു നാശവും (36, 1) ഇസ്രയേലിന്നു ഭാഗ്യോദ
യവും നിശ്ചയം.

1. 2 യഹോവാവചനം എനിക്ക് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്രു സെ
യീർമലെക്കു നേരേ മുഖം വെച്ചു അതിന്ന് എതിരേ പ്രവചിച്ചു പറക:
3 യഹോവാകർത്താവ് ഇവ്വണ്ണം പറയുന്നു: സെയീർമലയേ നിന്നെ കൊള്ളേ
ഞാൻ ഇതാ (വന്നു) നിന്മേൽ കൈനീട്ടി നിന്നെ ശൂന്യവും സന്നവും ആ
4 ക്കിവെക്കും. നിന്റേ പട്ടണങ്ങളെ ഞാൻ പാഴാക്കും, നീ ശൂന്യമായി
5 തീർന്നു ഞാൻ യഹോവ എന്ന് അറിയും.— നീ നിത്യവൈരം ഉള്ളവനാ
യി ഇസ്രയേൽ പുത്രന്മാരെ അന്തത്തെ വരുത്തുന്ന കാറക്കാലത്തിൽ അവരു
6 ടേ ആപൽകാലത്തു വാളിൻ കൈക്കൽ ഒഴിച്ചു കളകൊണ്ടു, എൻ ജീവ
നാണ ഞാൻ നിന്നെ രക്തമാക്കും, രക്തം നിന്നെ പിന്തുടരും എന്നു യഹോ
വാകർത്താവിൻ അരുളപ്പാടു; നീ ചോരയോടു വെറുക്കായ്കയാൽ ചോര
7 നിന്നെ പിന്തുടരും. സെയീർപർവ്വതത്തെ ഞാൻ ശൂന്യവും സന്നവുമാക്കി
അതിൽ കടക്കുന്നതും മടങ്ങുന്നതും മതിയാക്കി, അതിൻ മലകളിൽ കല
8 പ്പെട്ടവരെ നിറെക്കും. നിന്റേ കുന്നുകൾ താഴ്വരകൾ പള്ളങ്ങൾ എവി
9 ടത്തും വാൾ കുതന്നവർ വീഴും. ഞാൻ നിന്നെ നിത്യശൂന്യങ്ങൾ ആക്കും
നിന്റേ ഊരുകൾ കുടിപാർപ്പാറില്ല ഞാൻ യഹോവ എന്നു നിങ്ങൾ അ
10 റിയും.— (ഇസ്രയേൽ യഹൂദ എന്ന) അവിടത്തു യഹോവ ഉണ്ടായിട്ടും
''ഈ രണ്ടു ജാതികളും ഇരുനാടുകളും എനിക്കത്രേ, ഞങ്ങൾ അത് അട
11 ക്കും'' എന്നു നീ പറകയാൽ, എൻ ജീവനാണ നീ അവരോടുള്ള വൈര
ത്താൽ കാട്ടിയ കോപവും എരിവും പോലേ ഞാനും ചെയ്യും എന്നു യഹോ
വാകർത്താവിൻ അരുളപ്പാടു, നിന്നെ ന്യായം വിധിച്ചനന്തരം അവരിൽ
12 എന്നെ അറിയുമാറാക്കും. ഇതു ശൂന്യമല്ലോ ഞങ്ങൾക്ക് ഊണായി തര
പ്പെട്ടു എന്നു ചൊല്ലി ഇസ്രയേൽ മലകൾക്കു നേരേ നീ പറഞ്ഞ ശകാ
13 രങ്ങൾ എല്ലാം യഹോവയായ ഞാൻ കേട്ടു എന്നു നീ അറിയും. നിങ്ങൾ
വായികൊണ്ടു എന്നോടു വമ്പിച്ചു, വാക്കുകളെ എന്റേ മേൽ തൂകിക്ക
14 ളഞ്ഞു, ഞാൻ കേട്ടു. യഹോവാകർത്താവ് ഇവ്വണ്ണം പറയുന്നു: സർവ്വഭൂമി
15 സന്തോഷിക്കുമ്പോൾ ഞാൻ നിനക്കു ശൂന്യത വരുത്തും. ഇസ്രയേൽഗൃ
ഹത്തിൻ അവകാശം ശൂന്യമായതിൽ നീ സന്തോഷിച്ച പ്രകാരം തന്നേ
ഞാൻ നിനക്കു ചെയ്യും, ഹേ സെയീർമലയും സകലഎദോമും ആയുള്ളോ
വേ, നീ ഒക്കത്തക്ക ശൂന്യം ആകും, ഞാൻ യഹോവ എന്ന് അവർ
അറികയും ചെയ്യും.

36, 1. നീയോ മനുഷ്യപുത്രു ഇസ്രയേൽമലകളോടു പ്രവചിച്ചു പറക: ഇസ്രാ
2 യേൽമലകളേ യഹോവാവചനത്തെ കേൾപ്പിൻ! യഹോവാകർത്താവ്

ഇവ്വണ്ണം പറയുന്നു: ശത്രു നിങ്ങളെ കുറിച്ചു: ഹാ ഹാ പണ്ടേത്ത കുന്നുകളും
3 ഞങ്ങൾക്കു അടക്കമായ്വന്നു! എന്നു പറകകൊണ്ടു പ്രവചിച്ചു പറക: യഹോവാകർത്താവു് ഇപ്രകാരം പറയുന്നു: നിങ്ങൾ ജാതികളുടേ ശേഷിപ്പിന്നു് അടക്കമായിപ്പോയി നാവുകാരുടേ ചൂണ്ടുകളിലും ലോകരുടേ കുരളയിലും അകപ്പെട്ടുവാന്തുക്കവെണ്ണം ചുറ്റുമുള്ളവർ നിങ്ങളെ ശൂന്യമാക്കി
4 കളകയാകൊണ്ടു, ഹേ ഇസ്രയേൽമലകളേ യഹോവാകർത്താവിൻ വചനത്തെ കേൾപ്പിൻ! ചുറ്റുമുള്ള ജാതികൾക്കു കൊള്ളയും പരിഹാസവും ആയ് ത്തീർന്ന മലകുന്നുകളോടും താഴ്വരപള്ളങ്ങളോടും ശൂന്യമായിപ്പോയ പാഴിടങ്ങളോടും കൈവിടപ്പെട്ട നഗരങ്ങളോടും: യഹോവാകർത്താവു് ഇവ്വ
5 ണ്ണം പറയുന്നു: എന്റെ എരിവിൻ അഗ്നിയിൽ ഞാൻ ജാതികളുടേ ശേഷിപ്പിന്നും സകലഎദോമിന്നും നേരേ ഉരിയാടി സത്യം! എന്നു യഹോവാകർത്താവു പറയുന്നു; സകലഹൃദയ സന്തോഷത്തിലും ഉൾച്ചിരിയോടും അവർ എൻ ദേശത്തെ അടക്കമാക്കിയതല്ലാതേ ഒട്ടും മിഞ്ചിക്കാതേ കൊ
6 ള്ളയിടുവാൻ ഭാവിച്ചുവല്ലോ. അതുകൊണ്ടു് ഇസ്രയേൽനാടുകൊണ്ടു പ്രവചിച്ചു മലകുന്നുകളോടും താഴ്വരപള്ളങ്ങളോടും പറക: യഹോവാകർത്താവു് ഇവ്വണ്ണം പറയുന്നു: നിങ്ങൾ ജാതികളാലേ മാനക്കേടു ചുമക്കയാൽ
7 ഇതാ ഏൻ എരിവിലും ഊഷ്മാവിലും ഞാൻ ഉരിയാടി. അതുകൊണ്ടു യഹോവാകർത്താവു് ഇവ്വണ്ണം പറയുന്നു: ഞാനേ കൈ ഉയർത്തി നിങ്ങളുടേ ചുറ്റുമുള്ള ജാതികൾ തങ്ങളുടേ മാനക്കേടു ചുമക്കേണം എന്നു സത്യം
8 ചെയ്തു.— നിങ്ങളോ ഇസ്രയേൽമലകളേ കൊമ്പുകളെ മുളപ്പിച്ചു എൻ ജനമായ ഇസ്രയേലിന്നു നിങ്ങടേ ഫലത്തെ ഉണ്ടാക്കും, അവർ വേഗം
9 വരുമല്ലോ. ഞാനാകട്ടേ ഇതാ നിങ്ങളിലേക്കു ചാഞ്ഞു മുഖം തിരിക്കും,
10 നിങ്ങളിൽ കൃഷിയും വിതയും നടക്കും. ഞാൻ നിങ്ങളിൽ മനുഷ്യരെ പെരുപ്പിക്കും, സകല ഇസ്രയേൽഗൃഹത്തെ ഒക്കത്തക്ക ഊരുകളും കുടിയി
11 രിക്കും ഇടിവുകളും പണിയപ്പെടും. നിങ്ങടേ മേൽ ഞാൻ മനുഷ്യരെയും കന്നുകാലിയെയും പെരുപ്പിക്കും, അവർ പെറ്റു പെരുകും, മുൻകാലം പോലേ ഞാൻ നിങ്ങളെ വസിപ്പിച്ച ആരംഭത്തെക്കാളും അധികം നന്മ ചെയ്യും,
12 ഞാൻ യഹോവ എന്നു നിങ്ങളും അറികയും ചെയ്യും. മനുഷ്യരെ, എൻ ജനമായ ഇസ്രയേലെ തന്നേ, നിങ്ങടേ മേൽ നടപ്പാറാക്കും; അവർ നിന്നെ അടക്കും, നീ അവക്കു് അവകാശം ആകും അവരെ ഇനി മക്കളും ഇല്ലാതാ
13 കുകയും ഇല്ല. യഹോവാകർത്താവു് ഇവ്വണ്ണം പറയുന്നു: നീ ആളത്തിന്നി, നിൻ ജാതിയെ മക്കളും ഇല്ലാതാക്കുന്നു എന്നു (ലോകർ) നിങ്ങളോടു പറ
14 യുന്നതുകൊണ്ടു, നീ ഇനി ആളെ തിന്നുക ഇല്ല നിൻ ജാതിയെ ഇനി ഇട
15 റിക്കയും ഇല്ല എന്നു യഹോവാകർത്താവിൻ അരുളപ്പാടു. ജാതികളാലേ മാനക്കേടു നിന്നെ ഞാൻ ഇനി കേൾപ്പിക്ക ഇല്ല, വംശങ്ങളുടേ നിന്ദയെ നീ ചുമക്കയും ഇല്ല, സ്വന്തജാതിയെ ഇനി ഇടറിക്കയും ഇല്ല എന്നു യഹോവാകർത്താവിൻ അരുളപ്പാടു.

36. അദ്ധ്യായം

(16) ദൈവം സ്വനാമത്തെ വിചാരിച്ചു (22) ഇസ്രയേലെ ചേർത്തു ശുദ്ധീകരിച്ചു (29) ജാതികൾക്കും അനുഗ്രഹം ആകും.

16.17 യഹോവാവചനം എനിക്കു് ഉണ്ടായി പറഞ്ഞിതു: മനുഷ്യപുത്ര ഇസ്രയേൽഗൃഹം തന്റെ നാട്ടിൽ പാർക്കുംസമയം തങ്ങളുടേ വഴിയും ക്രിയകളും കൊണ്ടു അതിനെ തീണ്ടിച്ചു, അവരുടേ വഴി എനിക്കു രാജസ്രവമയുടേ അ
18 ശുദ്ധി പോലേ തോന്നി. എന്നിട്ടു് അവർ ദേശത്തിൽ രക്തം ചൊരിഞ്ഞതും മുട്ടുങ്ങളാൽ അതിനെ തീണ്ടിച്ചതും വിചാരിച്ചു എൻ ഊഷ്മാവിനെ

19 അവരുടേ മേൽ ചൊരിഞ്ഞു, അവരെ ജാതികളിൽ ചിന്നിച്ച രാജ്യങ്ങ
ളിൽ ചിതറുമാറാക്കി, അവരുടേ വഴിക്കും ക്രിയകൎമ്മങ്ങൾക്കും ഒത്തവണ്ണം ന്യാ
20 യം വിധിക്കയും ചെയ്തു. അവർ ചെന്ന ജാതികളിൽ വന്നപ്പോൾ "ഇ
വർ യഹോവയുടേ ജനം; അവനേറ ദേശത്തുനിന്ന പുറപ്പെടേണ്ടി വന്ന"
എന്ന വാക്കിന്നു് ഇടവരുത്തി എൻ വിശുദ്ധനാമത്തെ ബാഹ്യമാക്കി.
21 ഇസ്രയേൽഗൃഹം വന്നുചേർന്ന ജാതികളിൽ ബാഹ്യമാക്കിയ എൻ വിശു
ദ്ധനാമത്തോടോ എനിക്കു് അയ്യോഭാവം തോന്നി.
22 അതുകൊണ്ടു ഇസ്രയേൽഗൃഹത്തോടു പറക: യഹോവാകൎത്താവു് ഇവ്വ
ണ്ണം പറയുന്നു: ഇസ്രയേൽഗൃഹമേ നിങ്ങൾ നിമിത്തമല്ല ഞാൻ ചെയ്യുന്നതു
നിങ്ങൾ വന്നജാതികളിൽ ബാഹ്യമാക്കിയ എൻ വിശുദ്ധനാമത്തിൻ നി
23 മിത്തമത്രേ. അവരുടേ ഇടയിൽ നിങ്ങൾ ബാഹ്യമാക്കുകയാൽ ജാതിക
ളിൽ നിന്ദ്യമായിപ്പോയ എൻ മഹാനാമത്തെ ഞാൻ വിശുദ്ധീകരിക്കും.
അവർ കാൺകേ ഞാൻ നിങ്ങളിൽ വിശുദ്ധനായി കാട്ടുമ്പോൾ ഞാൻ യ
ഹോവ എന്നു് അവർ അറിയും എന്നു യഹോവാകൎത്താവിൻ അരുളപ്പാടു.
നിങ്ങളെ ഞാൻ ജാതികളിൽനിന്നു് എടുത്തു സകലരാജ്യങ്ങളിൽനിന്നും
24 ചേർത്തു നിങ്ങളുടേ നാട്ടിൽ തന്നേ പൂകിക്കും. നിങ്ങൾ ശുദ്ധർ ആകുവാൻ
25 ഞാൻ ശുദ്ധവെള്ളത്തെ നിങ്ങളുടേ മേൽ തളിക്കും; അങ്ങേ എല്ലാ അശുദ്ധി
കളിൽനിന്നും സകലമുട്ടുങ്ങളിൽനിന്നും നിങ്ങളെ വെടിപ്പാക്കി, (11,19)
26 പുതിയ ഹൃദയത്തെ നിങ്ങൾക്കു തരികയും പുതിയ ആത്മാവിനെ നിങ്ങൾ
ടേ ഉള്ളിൽ ഇടുകയും കൽഹൃദയത്തെ നിങ്ങടേ മാംസത്തിൽനിന്നു നീക്കി
27 മാംസഹൃദയത്തെ തരികയും ചെയ്യും. എന്റേ ആത്മാവിനെ നിങ്ങളുടേ ഉ
ള്ളിൽ തന്നു നിങ്ങൾ എൻ വെപ്പുകളിൽ നടന്നു എൻ ന്യായങ്ങളെ കാത്തു
28 അനുഷ്ഠിപ്പാറാക്കും. നിങ്ങടേ അപ്പന്മാൎക്കു കൊടുത്ത ദേശത്തു നിങ്ങൾ പാർ
ത്തു എനിക്കു ജനമായും ഞാൻ നിങ്ങൾക്കു ദൈവമായും ഇരിക്കും.
29 നിങ്ങളുടേ സകല അശുദ്ധികളിൽനിന്നും ഞാൻ നിങ്ങളെ രക്ഷിച്ചു കാ
ക്കും, നിങ്ങടേ മേൽ ക്ഷാമത്തെ വെക്കാതേ ധാന്യത്തെ വിളിച്ചു വരുത്തി
പെരുപ്പിക്കയും, ജാതികളിൽ ക്ഷാമത്തിൻ നിന്ദ ഇനി കിട്ടായ്വാൻ
30 മരഫലവും നിലത്തു് അനുഭവവും വർദ്ധിപ്പിക്കയും ചെയ്യും. നിങ്ങളോ
31 അങ്ങേ ദുൎവ്വഴികളെയും നന്നല്ലാത്ത കർമ്മങ്ങളെയും ഓർത്തു നിങ്ങടേ അകൃ
ത്യങ്ങളും അറെപ്പുകളും വിചാരിച്ചു നിങ്ങളിൽ തന്നേ മനമ്പിരിച്ചൽ തോ
32 ന്നും. നിങ്ങൾ നിമിത്തമല്ല ഞാൻ ചെയ്യുന്നതു്, അതു നിങ്ങൾക്കു് അറി
വാക! എന്നു യഹോവാകൎത്താവിൻ അരുളപ്പാടു; ഇസ്രയേൽഗൃഹമേ നി
ങ്ങളുടേ വഴികളെ കണ്ടു ലജ്ജിച്ചു നാണിപ്പിൻ! യഹോവാകൎത്താവു്
33 ഇവ്വണ്ണം പറയുന്നു: ഞാൻ നിങ്ങളെ സകല അകൃത്യങ്ങളിൽനിന്നും ശുദ്ധീ
കരിക്കുമെന്നു ഞാൻ പട്ടണങ്ങളെ കുടിപാൎപ്പാറാക്കും പാഴിടങ്ങളും പണി
34 യപ്പെടും; ശൂന്യമാക്കിയ നാടു കടക്കുന്ന ഏവന്റേറ കണ്ണുകൾക്കും വെറുമ്പാ
ഴു് ആയതിന്നു പകരം കൃഷി ചെയ്യപ്പെടും. ഹാ ഈ ശൂന്യദേശം ഏദൻതോ
35 ട്ടത്തിന്നു് ഒത്തുവന്നു എന്നും പാഴായും ഒഴിഞ്ഞും ഇടിഞ്ഞും പോയ ഈ പ
ട്ടണങ്ങൾക്കു ഉറപ്പും കുടിപാൎപ്പും ഉണ്ടായി എന്നും അന്നു പറവാറാകും. യ
36 ഹോവയായ ഞാനേ ഇടിഞ്ഞവ പണിയിച്ചു ശൂന്യമായ്ക്കിടന്നതു നടുവി
ച്ചു എന്നു നിങ്ങളുടേ ചുറ്റും ശേഷിച്ചുള്ള ജാതികളും അറിയും. യഹോവയാ
37 യ ഞാൻ ഉരെച്ചു ഞാനും ചെയ്യും. യഹോവാകൎത്താവു് ഇവ്വണ്ണം പറയു
ന്നു: ഇനി ഞാൻ ഇസ്രയേൽഗൃഹത്തിന്നു ചെയ്യേണ്ടുന്നതു് ഒന്നുകൊണ്ടു
ഞാൻ അവരെ എന്നെ തേടിക്കും: ഓർ ആട്ടിങ്കൂട്ടം പോലേ ഞാൻ അവരെ
38 മനുഷ്യരെക്കൊണ്ടു പെരുപ്പിക്കും; (യാഗത്തിന്നു) വിശുദ്ധീകരിക്കുന്ന കൂട്ടം
പോലേ യരുശലേമിലേ പെരുനാളുകളിൽ തിങ്ങിയ ആട്ടിങ്കൂട്ടം പോലേ
പാഴായ പട്ടണങ്ങളിൽ മനുഷ്യക്കൂട്ടം നിറയും; ഞാൻ യഹോവ എന്നു് അ
വർ അറികയും ചെയ്യും.

37. അദ്ധ്യായം

ഇസ്രയേൽ മരിച്ചവരിൽനിന്ന് എഴനീറു (15) വേറുപാടു മാറി ഏകീ
ഭവിച്ചു (24) ദാവിദ്പുത്രനെ സേവിക്കും.

1 യഹോവയുടേ കൈ എന്റേറ മേൽ വന്നിട്ടു യഹോവ ആത്മാവിൽ എ
ന്നെ പുറപ്പെടുവിച്ചു താഴ്വരയുടേ നടുവിൽ ഇറക്കി. ആയത് അസ്ഥി
2 കൾ നിറഞ്ഞിരുന്നു. അവറെ അവൻ എന്നെ വലം വെപ്പിച്ചു ചുറും നട
ത്തി, ഇതാ താഴ്വരയുടേ പരപ്പിൽ അവ എത്രയും പെരികേ (കണ്ടു),
3 ഇതാ ഏററം ഉണങ്ങിയവ. മനുഷ്യപുത്ര ഈ അസ്ഥികൾ ജീവിക്കുമോ?
എന്ന് എന്നോടു പറഞ്ഞാറേ: യഹോവാകർത്താവേ നീ അറിയുന്നു, എ
4 ന്നു ഞാൻ പറഞ്ഞു. അവൻ എന്നോടു പറഞ്ഞു: ഈ അസ്ഥികളുടേ മേൽ
പ്രവചിച്ചു അവയോടു പറക: ഉണങ്ങിയ അസ്ഥികളേ യഹോവാവചന
5 ത്തെ കേൾപ്പിൻ! യഹോവാകർത്താവ് ഈ അസ്ഥികളോട് ഇവ്വണ്ണം പ
റയുന്നു: ഇതാ ഞാൻ നിങ്ങളിൽ ശ്വാസത്തെ വരുത്തുന്നതു നിങ്ങൾ ജീവി
6 പ്പാൻ തന്നേ. ഞാൻ നിങ്ങളുടേ മേൽ ഞരമ്പുകൾ ഉളവാക്കി മാംസത്തെ
വളർത്തി മീതേ തോൽ ജനിപ്പിച്ചു നിങ്ങളിൽ ശ്വാസം ഇടുവതു നിങ്ങൾ
ജീവിച്ചു ഞാൻ യഹോവ എന്ന് അറിവാൻ തന്നേ. കല്പിച്ചപ്രകാരം
7 ഞാൻ പ്രവചിച്ചു. പ്രവചിച്ച ഉടനേ ഓർ ഒലി ഉളവായി ഇതാ മുഴക്കമാ
8 യി അസ്ഥികൾ തമ്മിൽ അണഞ്ഞു എല്ല് എല്ലോടു (ചേർന്നു). പിന്നേ
ഞാൻ കണ്ടതു ഇതാ ഞരമ്പുകളും മാംസവും എഴുന്നു അവറിൻ മീതേ തോ
9 ലും ജനിച്ചു, ശ്വാസം അതിൽ ഇല്ല താനും. അപ്പോൾ അവൻ എന്നോടു
പറഞ്ഞു: ശ്വാസത്തോടു പ്രവചിക്ക! മനുഷ്യപുത്ര ശ്വാസത്തോടു പ്രവചി
ച്ചു പറക: യഹോവാകർത്താവ് ഇവ്വണ്ണം പറയുന്നു: ഹേ ശ്വാസമേ നാലു
10 കാറുകളിൽനിന്നും വന്നു ഈ കൊലപ്പെട്ടവരിൽ ഉയിർപ്പാൻ ഊതുക. എന്നു
കല്പിച്ചപ്രകാരം ഞാൻ പ്രവചിച്ചാറേ ശ്വാസം അവരിൽ വന്നു അവർ ഉ
യിർത്തു പെരികപ്പെരിക വലിയ സൈന്യവുമായി കാലൂന്നി നില്ക്കയും
ചെയ്തു.

11 അവൻ എന്നോടു പറഞ്ഞു: മനുഷ്യപുത്ര ഈ അസ്ഥികൾ സമസ്തമായ
ഇസ്രയേൽഗൃഹം തന്നേ, ഞങ്ങടേ അസ്ഥികൾ ഉണങ്ങി ആശയും കെട്ടു
12 പോയി ഞങ്ങൾ നാസ്തിയായി എന്ന് അവർ ഇതാ പറയുന്നു. അതുകൊ
ണ്ടു് അവരോടു പ്രവചിച്ചു പറക: യഹോവാകർത്താവ് ഇവ്വണ്ണം പറയു
ന്നു: ഞാൻ ഇതാ നിങ്ങടേ ശവക്കുഴികളെ തുറന്നു, എൻ ജനമേ നിങ്ങളെ
13 ആ കുഴികളിൽനിന്ന് എഴനീല്പിച്ചു ഇസ്രയേൽനാട്ടിൽ പൂകിക്കും. ഞാൻ
നിങ്ങടേ കുഴികളെ തുറന്നു, എൻ ജനമേ നിങ്ങളെ കുഴികളിൽനിന്നു കരേ
14 റുമ്പോൾ ഞാൻ യഹോവ എന്നു നിങ്ങൾ അറിയും. നിങ്ങൾ ഉയിർപ്പാൻ
ഞാൻ എൻ ആത്മാവിനെ നിങ്ങളിൽ ഇട്ടു സ്വന്തനാട്ടിൽ നിങ്ങളെ അമ
രുമാറാക്കും, യഹോവയായ ഞാൻ ഉരെച്ചു ഞാനും ചെയ്യും എന്നു നിങ്ങൾ
അറിയും, എന്നു യഹോവയുടേ അരുളപ്പാടു.

15.16 യഹോവാവചനം എനിക്ക് ഉണ്ടായി പറഞ്ഞിതു: നീയോ മനുഷ്യപുത്ര
ഒരു കുറിയെ എടുത്തു അതിന്മേൽ: യഹൂദെക്കും ഇസ്രയേൽ പുത്രന്മാരിൽനി
ന്നു ചേർന്നവർക്കും ഉള്ളതു് എന്നു് എഴുതുക. മറൊരു കുറി എടുത്തു അതി
ന്മേൽ: യോസേഫിനേറതു, എഫ്രയീമിന്നും ചേർന്നവരായ സകല ഇസ്ര
17 യേൽഗൃഹത്തിന്നും ഉള്ള കുറി എന്നും എഴുതുക. അവ നിനക്ക് ഒരു കുറി
18 ആവാൻ ഒന്നോടു് ഒന്നു ചേത്തു നിന്റേറ കയ്യിൽ ഒന്നിപ്പാറാക്കുക. പിന്നേ
നിൻ ജനപുത്രർ നിന്നോടു: ഇതു നിനക്ക് എന്തു് എന്നു ഗ്രഹിപ്പിച്ചു തരിക
19 ഇല്ലയോ? എന്നു ചോദിച്ചാൽ അവരോടു പറക: യഹോവാകർത്താവ് ഇവ്വ
ണ്ണം പറയുന്നു: ഇതാ ഞാൻ എഫ്രയീമിൻ കയ്യിലുള്ള യോസേഫ് കുറിയെ

എട്ടത്തു അതിനോടു ചേർന്ന ഇസ്രയേൽഗോത്രങ്ങളെയും കൂട ചേർത്തു യഹൂദ
20 ക്കുറിയോടു കൂട്ടി ഒരു മരം തന്നേ ആക്കും (രണ്ടും) എന്കയ്യിൽ ഒന്നാകും. നീ
എഴുതിയ കുറികം അവർ കാൺകേ നിങ്കയ്യിൽ ഇരിക്കേ അവരോടു ഉരി
21 യാടുക: യഹോവാകത്താവു് ഇവ്വണ്ണം പറയുന്നു: ഞാൻ ഇതാ ഇസ്രയേൽ
പുത്രന്മാരെ പോയ ജാതികളുടേ ഇടയിൽനിന്നു് എടുത്തു ചുറവിൽനിന്നും
22 ചേത്തുകൂട്ടി അവരേനാട്ടിൽ പൂകിക്കും. ആ ദേശത്തു് ഇസ്രയേൽമല
കളിന്മേൽ ഞാൻ അവരെ ഏകജാതി ആക്കും, എല്ലാവർക്കും ഏകരാജാവു്
വാഴുന്നോൻ ആകും, അതു് ഇനിമേൽ രണ്ടു ജാതി ആകയും ഇല്ല. രണ്ടു രാ
23 ജ്യങ്ങളായി പാതിച്ചുപോകയും ഇല്ല, തങ്ങളുടേ മുട്ടുങ്ങളാലും വെറുപ്പു
കളാലും സകലദ്രോഹങ്ങളാലും ഇനി തങ്ങളെ തീണ്ടികയും ഇല്ല. അവർ
പിഴെച്ച എല്ലാ കുടിയിരിപ്പുകളിൽനിന്നും ഞാൻ അവരെ രക്ഷിച്ചു വെടി
പ്പാക്കും, അവർ എനിക്കു ജനവും ഞാൻ അവർക്കു ദൈവവും ആകും.
24 എൻ ദാസനായ ദാവിദു് അവക്കു രാജാവും എല്ലാവക്കും ഓർ ഇടയ
നും ആകും എൻ ന്യായങ്ങളിൽ അവർ നടന്നു എൻ വെപ്പുകളെ കാത്തു്
25 അനുഷ്ഠിക്കയും ചെയ്യും. എൻ ദാസനായ യാക്കോബിന്നു ഞാൻ കൊടു
ത്തും നിങ്ങടേ അപ്പന്മാർ പാർത്തും ഉള്ള ദേശത്തിൽ അവർ വസിക്കും, അ
വരും മക്കളും മക്കളുടേ മക്കളും അവിടേ എന്നേക്കും വസിക്കും, എൻ ദാ
26 സനായ ദാവിദു് അവർക്കു എന്നേക്കും മന്നവൻ ആകും. ഞാൻ അവർക്കു
സമാധാനനിയമം ഖണ്ഡിക്കും, അവരോടു നിത്യനിയമം ഉണ്ടാകും. അ
വരെ ഞാൻ സ്ഥാപിച്ചു പെരുപ്പിക്കയും എൻ വിശുദ്ധസ്ഥലത്തെ എ
27 ന്നേക്കും അവരുടേ നടുവിൽ വെക്കയും ചെയ്യും. എന്റെ പാർപ്പിടം അവ
രുടേ മേൽ ആകും, ഞാൻ അവർക്കു ദൈവവും അവർ എനിക്കു ജനവും
28 എന്നു വരും. എൻ വിശുദ്ധസ്ഥലം എന്നേക്കും അവരുടേ നടുവിൽ ഇരു
ന്നാൽ ഇസ്രയേലെ വിശുദ്ധീകരിക്കുന്ന യഹോവ ഞാൻ എന്നു ജാതി
കളും അറിയും.

38. അദ്ധ്യായം (—39.)

അന്ത്യകാലത്തിൽ വടക്കിൽനിന്നു് അനന്തശകുസേന വന്നു (10) ഇസ്ര
യേലെ ആക്രമിക്കും. (17) ഒരു ന്യായവിധിയാൽ (39, 1) അതു് ഒടുങ്ങു
കയും (9) പൂഴകയും ഇര ആകയും ചെയ്യുമ്പോഴും (21) എല്ലാ ജാതികളും
മനസ്സിരിയും.

1. 2 യഹോവാവചനം എനിക്കു് ഉണ്ടായി പറഞ്ഞിതു. മനുഷ്യപുത്ര രോഷു്
മേശകു ത്തുബൽ ഇവർക്കു മന്നവനും മാഗോഗുദേശസ്ഥനും ആകുന്ന ഗോ
ഗിന്നു നേരേ മുഖം വെച്ചു് അവന്നു് എതിരേ പ്രവചിച്ചു പറക: യഹോ
3 വാകർത്താവു് ഇവ്വണ്ണം പറയുന്നു: ഞാൻ ഇതാ നിന്നെക്കൊള്ളേ: ഹേ
ഗോഗു് എന്ന രോഷ്മേശകു ത്തുബൽ ഇവർക്കു മന്നവനായുള്ളോവേ! ഞാൻ
4 നിന്നെ വഴി തെറ്റിച്ചു നിൻ കവിളിൽ കൊളുത്തു് ഇട്ടു നിന്നെ സകല
സൈന്യവുമായി യാത്രയാക്കും, കുതിരകളും അശ്വക്കാരും എപ്പേരും തി
കഞ്ഞ മോടി പൂണ്ടു വൻപലക പരിച വാളും പിടിച്ചവർ ഒക്കയും
5 അനന്തസമൂഹം, പലിശയും പടത്തൊപ്പിയും ഇട്ട പാർസ്യി കൂശു് പൂത്തു്
6 മുതലായവരുമായി, ഗോമരുടേ പടച്ചാത്തുകളും ഒക്കയും, വടക്കിൻ അറ
ത്തിലേ തൊഗർമ്മഗൃഹം സകലപടച്ചാത്തുകളുമായി ഇങ്ങനേ നിന്നോടു്
7 ഒക്കത്തക്ക ബഹുവംശങ്ങളും തന്നേ. നീയും നിന്നോടു സ്വരൂപിച്ചു കൂടിയ
സവ്വസമൂഹവുമായി ഒരുങ്ങി വട്ടം കൂട്ടുക! അവർക്കു നീ കാക്കുവോൻ
8 ആക! പലനാളും ചെന്നിട്ടു നീ സന്ദർശിക്കപ്പെടും; വാളിൽനിന്നു മട
ക്കി അനേകവംശങ്ങളിൽനിന്നു ചേത്തു (നിവിത്തിയ) ദേശത്തികൽ,

സദാ പാഴായിക്കിടന്ന ശേഷം (ജനം) ജാതികളിൽനിന്ന പുറപ്പെട്ടക
യാൽ ഒക്കത്തക്ക നിർഭയമായി വസിക്കുന്ന ഇസ്രയേൽമലകളിന്മേൽ
9 നീ ആണ്ടുകളുടേ അവസാനത്തിൽ വരും. വിശറുപോലേ നീ കരേറി
വന്ന സകലപടച്ചാത്തുകളും ബഹുവംശങ്ങളുമായി ദേശത്തെ മൂടുന്ന മേഘ
ത്തിന്ന് ഒക്കും.
10 യഹോവാകത്താവ് ഇവ്വണ്ണം പറയുന്ന: അന്ന സംഭവിപ്പിതു: നിന്റേറ
ഹൃദയത്തിൽ കാര്യങ്ങൾ തോന്നും, നീ ദുർവ്വിചാരം വിചാരിച്ചു പറയും:
11 തുറന്ന ഊരുകളുള്ള നാട്ടിൽ ഞാൻ കരേറി മതിലും തഴുതും കതകും എ
ന്നിയേ ഒക്കയും മതിൽ ഇല്ലാതേ പാർത്തു നിർഭയമായി വസിക്കുന്ന സ്വ
സ്ഥന്മാരെക്കൊള്ളേ ചെല്ലേണ്ടതു കൊള്ളയിടുവാനും കവർച്ച പറിപ്പാനും
12 തന്നേ. വീണ്ടും കുടിയിരുത്തിയ പാഴിടങ്ങൾക്കും ജാതികളിൽനിന്ന കൂ
ട്ടിയ ശേഷം ഭൂമിയുടേ നാഭിയിങ്കൽ വസിച്ചുനിന്ന കൊള്ളക്കൊടുക്കയും
ഇടവാട്ടം നടത്തുന്ന വംശത്തിന്നും എതിരേ ഞാൻ കൈ തിരിക്കട്ടേ!
13 എന്നിട്ടു ശബാ ദദാനും തർശീശ്വർത്തകന്മാരും അങ്ങേ ചെറുകോളരി
കളും ഒക്കയും നിന്നോടു പറയും: കൊള്ള ഇടുവാനോ വന്നതു? കവർച്ച
പറിപ്പാൻ നിന്റേറ സമൂഹം സ്വരൂപിച്ചതോ? വെള്ളി പൊന്നും എടുക്ക
സമ്പത്തും ലാഭവും കിട്ടുക ഏറിയ കൊള്ള അപഹരിക്ക വേണം എ
14 ന്നോ?— അതുകൊണ്ടു മനുഷ്യപുത്ര ഗോഗിനോടു പ്രവചിച്ചു പറക: യ
ഹോവാകർത്താവ് ഇവ്വണ്ണം പറയുന്ന: അത് ഉള്ളതല്ലോ? എൻ ജനമായ
ഇസ്രയേൽ നിശ്ചിന്തയായി പാർക്കുമന്ന നീ ഗ്രഹിച്ച ഉടനേ വടക്കിൻ
15 അറ്റത്തുള്ള നിൻ ഇടം വിട്ടു വരും, നീയും കുതിരപ്പുറത്ത് ഏറിയ ബഹു
വംശങ്ങളുമായി വലിയ സമൂഹവും പെരുത്ത സേനയുമായി ഒക്കത്തക്ക
എൻ ജനമായ ഇസ്രയേലിന്ന് എതിരേ നീ കരേറി മേഘം പോലേ
16 ദേശത്തെ മൂടും. ദിവസങ്ങളുടേ അവസാനത്തിൽ ഇതു സംഭവിക്കും. ഹേ
ഗോഗേ ജാതികളുടേ കണ്ണുകൾക്കു ഞാൻ നിങ്കൽ വിശുദ്ധനായി കാട്ടു
മ്പോൾ അവർ എന്നെ അറിയേണ്ടതിന്ന ഞാൻ നിന്നെ എൻ ദേശത്തി
ന്ന് എതിരേ വരുത്തും.
17 യഹോവാകത്താവ് ഇവ്വണ്ണം പറയുന്ന: പണ്ടേദിവസങ്ങളിൽ എൻ
ദാസരായ ഇസ്രയേൽപ്രവാചകന്മാരെക്കൊണ്ടു ഞാൻ ഉരെച്ചു കുറിച്ചിട്ടുള്ള
വൻ നീയോ? നിന്നെ അവരെക്കൊള്ളേ വരുത്തും എന്ന് അവർ ആ
18 ദിവസങ്ങളിൽ ആണ്ടുകൾകൊണ്ടു പ്രവചിച്ചുപോന്നവല്ലോ? അന്ന ഗോ
ഗ് ഇസ്രയേൽനാട്ടിൽ വരുന്നാളിൽ സംഭവിപ്പിതു, എന്ന യഹോവാക
19 ർത്താവിൻ അരുളപ്പാടു, എൻ ഊഷ്മാവ് എൻ മൂക്കിൽ കിളരും, എൻ
എരിവിലും ചീറ്റത്തീയിലും ഞാൻ ഉരെച്ചിതു: അന്ന് ഇസ്രയേൽ
20 നാട്ടിൽ വലിയ കുലുക്കം ഉണ്ടാകും സത്യം. കടലിലേ മീനുകളും വാന
ത്തു പക്ഷിയും വയലിലേ മൃഗവും മണ്ണിൽ ഊരുന്ന ഇഴജാതി ഒക്കയും
ഭൂമിപ്പരപ്പിൽ ഉള്ള മനുഷ്യരും എല്ലാം എൻ മുമ്പിൽനിന്ന കുലുങ്ങും, മല
കളും ഇടിഞ്ഞും കൊടുമുടികളും പടും എല്ലാ മതിലും നിലത്തു വീണും പോ
21 കും. ഞാൻ എല്ലാ മലകളിലേക്കും അവനെക്കൊള്ളേ വാൾ വിളിച്ചു വരു
ത്തും എന്ന യഹോവാകർത്താവിൻ അരുളപ്പാടു, ഓരോരുത്തന്റേറ വാൾ
22 മറ്റവനിലേക്ക് ആകും. മഹാവ്യാധിയാലും ചോരയാലും ഞാൻ അവനോ
ടു വ്യവഹരിക്കും, പൊഴിയുന്ന മാരിയും ആലിപ്പഴങ്ങളും തീയും ഗന്ധക
വും ഞാൻ അവന്മേലും അവന്റേറ സകലപടച്ചാർത്തുകളിന്മേലും കൂടേ ഉള്ള
23 ബഹുവംശങ്ങളിന്മേലും പെയ്യിക്കും, ഇങ്ങനേ വലിയവനും വിശുദ്ധനുമായി
കാട്ടി അനേകജാതികളും കാൺകേ എന്നെ അറിവാറാക്കും, ഞാൻ യഹോ
വ എന്ന് അവർ അറികയും ചെയ്യും.
39,1 നീയോ മനുഷ്യപുത്ര ഗോഗിന്ന നേരേ പ്രവചിച്ചു പറക: യഹോവാ
കത്താവ് ഇവ്വണ്ണം പറയുന്ന: അല്ലയോ രോഷ് മേശക് തുബൽ എന്നവക്കു

2 മന്നവനാകുന്ന ഗോഗേ ഞാൻ ഇതാ നിന്നെക്കൊള്ളേ (വന്നു), നിന്നെ വ
3 ഴിതെറ്റിച്ചു തെളിച്ചു വടക്കിൻ അറ്റത്തിൽനിന്നു കരേറി ഇസ്രയേൽ
4 മലകളിന്മേൽ വരുത്തിയിട്ടു, നിന്റെ വില്ലിനെ ഇടങ്കയ്യിൽ നിന്നു തട്ടി
ക്കളഞ്ഞു നിൻ അമ്പുകളെ വലങ്കയ്യിൽനിന്നു വീഴിക്കും. ഇസ്രയേൽമല
കളിന്മേൽ നീയും സകലപടച്ചാർത്തുകളും കൂടേ ഉള്ള വംശങ്ങളുമായി വീഴും,
സകലവിധകഴുപ്പക്ഷിക്കും വയലിലേ മൃഗത്തിന്നും ഞാൻ നിന്നെ ഊണാ
5 ക്കിക്കൊടുത്തു. നിലനിരപ്പിൽ നീ വീഴും, ഞാൻ ഉരെച്ചുവല്ലോ എന്നു
6 യഹോവാകർത്താവിൻ അരുളപ്പാട്. —മാഗോഗിലും ദ്വീപുകളിൽ നിർഭയ
മായി വസിക്കുന്നവരിലും ഞാൻ അഗ്നി അയപ്പതു ഞാൻ യഹോവ എന്നു
7 അവർ അറിവാൻ തന്നേ. എൻ ജനമായ ഇസ്രയേലിൻ നടുവിൽ ഞാൻ
എൻ വിശുദ്ധനാമത്തെ അറിവാറാക്കും എൻ വിശുദ്ധനാമത്തെ ഇനി ബാ
ഹ്യമാക്കികയും ഇല്ല ഇസ്രയേലിൻ വിശുദ്ധനായ യഹോവ ഞാൻ എന്നു
ജാതികളും അറിവാൻ തന്നേ. ഇതാ അതു വരുന്നു സംഭവിക്കുന്നു എന്നു യ
8 ഹോവാകർത്താവിൻ അരുളപ്പാട്, ഞാൻ ഉരെച്ച നാൾ ഇതത്രേ.
9 അന്നു ഇസ്രയേൽപട്ടണങ്ങളിൽ വസിക്കുന്നവർ പുറത്തു വന്നു പരിച
വൻപലക വില്ലമ്പുകളും കൈവടി കുന്തങ്ങളും തുടങ്ങിയുള്ള ആയുധങ്ങളെ
(കൂട്ടി) തീ കത്തിച്ചു എരിക്കും, ഏഴു വർഷം കൂടി ഇവകൊണ്ടു തീ മൂട്ടും,
10 പാമ്പിൽനിന്നു വിറകു എടുക്കയും കാടുകളിൽനിന്നു വെട്ടുകയും വേണ്ടാ
തേ ആയുധങ്ങളെക്കൊണ്ടു തീ മൂട്ടും, പിന്നേ കവർന്നവരെ അവർ കവരുക
യും കൊള്ളയിട്ടവരെ കൊള്ളയിടുകയും ചെയ്യും, എന്നു യഹോവാകർത്താ
11 വിൻ അരുളപ്പാട്. —അന്നാളം സംഭവിപ്പിതു: ഞാൻ ഗോഗിന്നു ഇസ്ര
യേലിൽ ശവക്കുഴിയാവാൻ ഒരു സ്ഥലം കൊടുക്കും, ഉംകടലിൻ പൂർവ്വഭാഗ
ത്തു യാത്രക്കാരുടേ താഴ്വര തന്നേ. അതും യാത്രക്കാക്കു വഴിയെ അടെക്കും.
അവിടേ അവർ ഗോഗിനെയും അവന്റെ സകലപുരുഷാരത്തെയും പൂത്തി
12 ഗോഗ്പുരുഷാരപ്പള്ളം എന്ന പേർ വിളിക്കും. ദേശത്തെ ശുദ്ധി വരുത്തു
13 വാൻ ഇസ്രയേൽഗൃഹക്കാർ ഏഴു മാംസംകൂടി അവരെ പൂത്തും. നാട്ടുകാർ
ഒക്കെയും പൂത്തും, ഞാൻ എന്നെ തേജസ്കരിക്കുന്ന നാളിൽ അത് അവക്കു
14 കീർത്തിയായി വരും എന്നു യഹോവാകർത്താവിൻ അരുളപ്പാട്. പിന്നേ ദേ
ശത്തെ വെടിപ്പാക്കേണ്ടതിന്നു അവർ അതിൽ ഊടാടുവാനും ഊടാടുന്നവ
രോടു കൂടി നിലനിരപ്പിൽ ശേഷിച്ച (ശവങ്ങളെ) പൂത്തുവാനും നിത്യവൃ
ത്തിക്കാരെ വേറുതിരിക്കും, ഏഴു മാസം ചെന്നിട്ടു ഇവർ അതിൽ തിര
15 ഞ്ഞു നടക്കും. ഊടാടുന്നവർ നാട്ടിൽ ചെന്നു ഒരുവൻ മാനുഷഅസ്ഥി ക
ണ്ടാൽ അരികത്തു കൽത്തുൺ നാട്ടും പൂത്തുന്നവർ (എത്തി) ഗോഗ്പുരു
16 ഷാരപ്പള്ളത്തിൽ പൂത്തും വരേ തന്നേ. ഓർ ഊരിന്നും ഹമോന (പുരുഷാ
17 രം) എന്ന പേർ ഉണ്ടാകും; ഇങ്ങനേ ദേശശുദ്ധി വരുത്തും. —നീയോ മനു
ഷ്യപുത്ര എന്നു യഹോവാകർത്താവു പറയുന്നു: സകലവിധപക്ഷിയോടും
വയലിലേ സകലമൃഗത്തോടും പറക: നിങ്ങൾകു ഞാൻ അറുക്കുന്ന എ
ന്റെ ബലിക്കായി ഇസ്രയേൽമലകളിന്മേലേ മഹാബലിക്കായി ചുറ്റിൽ
18 നിന്നും ഒരുമിച്ചു വന്നു ചേരുവിൻ! മാംസം തിന്നു ചോര കുടിപ്പിൻ! വീര
മാംസം നിങ്ങൾ തിന്നു ഭൂമന്നവന്മാരുടേ ചോര കുടിക്കും, എല്ലാം ബാശാ
നിൽ തടിപ്പിച്ച ആട്ടുകൊറ്റന്മാർ കുഞ്ഞാടുകൾ വെള്ളാടുകൾ കാളക്കിടാ
19 ക്കൾ (ഇവെക്കു ഒക്കും). നിങ്ങൾക്കായി അറുത്ത എൻ ബലിയിങ്കൽ നി
20 ങ്ങൾ തൃപ്തി ആവോളം മേദസ്സു തിന്നു ലഹരിവരേ ചോര കുടിച്ചു, എ
ന്റെ പന്തിയിൽ കുതിരരഥാശ്വവും വീരർമുതലായ പടയാളികളും ഇവ
യാൽ തൃപ്തരാകയും ചെയ്യും എന്നു യഹോവാകർത്താവിൻ അരുളപ്പാട്.
21 ഇങ്ങനേ ഞാൻ ജാതികളിൽ എൻ തേജസ്സിനെ കാട്ടും, ഞാൻ നടത്തുന്ന
ന്യായവിധിയും അവരിൽ വെക്കുന്ന എൻ കയ്യിനെയും സകലജാതികളും
22 കാണും. ഇസ്രയേൽഗൃഹവും അന്നു മുതൽ മേലാലും ഞാൻ അവരുടേ

23 ദൈവമായ യഹോവ എന്ന് അറിയും. ഇസ്രയേൽഗൃഹം തങ്ങളുടേ കുറ്റം ഹേ
തുവായി പ്രവസിച്ചുപോയതു എന്നു ജാതികളും അറിയും. അവർ എന്നോടു
ദ്രോഹിക്കയാൽ ഞാൻ അവരിൽനിന്നു മുഖത്തെ മറെച്ചു അവരെ ഒക്കത്തക്ക
24 വാൾകൊണ്ടു വീഴുവാൻ മാറാന്മാരുടേ കയ്യിൽ ഏല്പിച്ചു; അവരുടേ അശു
ദ്ധികളും ലംഘനങ്ങൾക്കും ഒത്തവണ്ണമേ ഞാൻ അവരോടു ചെയ്തു അവരിൽ
25 നിന്നു മുഖത്തെ മറെച്ചു എന്നത്രേ. അതുകൊണ്ടു യഹോവാകർത്താവ് ഇവ
ണ്ണം പറയുന്നു; ഇപ്പോൾ ഞാൻ യാക്കോബിൻ അടിമയെ മാറ്റി മടക്കി
ഇസ്രയേൽസകുഗൃഹത്തിലും മനമലിഞ്ഞു എൻ വിശുദ്ധനാമത്തിന്നായി
26. 27 എരിവുകാട്ടും. ഞാൻ അവരെ വംശങ്ങളിൽനിന്നു മടക്കി ശത്രുക്കളുടേ
രാജ്യങ്ങളിൽ നിന്നു കൂട്ടി ബഹുജാതികളും കാൺകേ അവരിൽ വിശുദ്ധനാ
യി കാട്ടുമ്പോൾ അവർ ആരും അരട്ടാതേ നിർഭയമായി തങ്ങടേ നാട്ടിൽ
വസിക്കയിൽ തങ്ങളുടേ ലജ്ജയെയും എന്നോടു ലംഘിച്ച സകലദ്രോഹ
28 ത്തെയും ചുമക്കും. അവരെ ഞാൻ ജാതികളിലേക്കു പ്രവസിപ്പിച്ച ശേഷം
അവരെ ആരെയും അവിടേ വിട്ടേക്കാതേ സ്വന്തനാട്ടിൽ ശേഖരിക്കയാൽ
29 ഞാൻ അവരുടേ ദൈവമായ യഹോവ എന്നും അറിയും. ഇസ്രയേൽഗൃഹ
ത്തിന്മേൽ എൻ ആത്മാവിനെ പകരുകകൊണ്ടു എൻ മുഖത്തെ ഇനി അവ
രിൽനിന്നു മറെക്കയും ഇല്ല എന്നു യഹോവാകർത്താവിൻ അരുളപ്പാടു.

V. പുതിയ ദൈവരാജ്യത്തിൻ സ്വരൂപത്തെ ദർശനത്തിൽ കണ്ടതു. (അ. 40–48.)

40. അദ്ധ്യായം (–43, 12.)

പുതിയ ദൈവാലയത്തിൻ (5) മുറങ്ങളും പടിവാതിലുകളും (18) മന്ദി
രവും (അ. 42) പുറമുറത്തിൽ പുരോഹിതരുടേ അറമുറികളും മറും (43, 1)
ദൈവതേജസ്സിനാൽ പ്രതിഷ്ഠയും കണ്ടതു.

1 **നാം** പ്രവസിച്ചിട്ടു ഇരുപത്തഞ്ചാം ആണ്ടിൽ വഷ്ാരംഭത്തിൽ (ഒന്നാം)
തിങ്ങളുടേ പത്താം തിയ്യതി, പട്ടണം അടിക്കപ്പെട്ടിട്ടു പതിന്നാലാം ആ
ണ്ടിൽ അന്നു തന്നേ യഹോവക്കൈ എന്മേൽ ആയി അവൻ എന്നെ അ
2 ങ്ങോട്ടു ആക്കി; ദൈവദർശനങ്ങളിൽ എന്നെ ഇസ്രയേൽദേശത്തേക്കു കൊ
3 ണ്ടുചെന്നു എത്രയും ഇയർന്ന പർവ്വതത്തിൽ ഇരുത്തി. അതിന്മേൽ തെക്കോ
ട്ടു പട്ടണനിർമ്മാണം പോലേ കണ്ടതു. അവൻ എന്നെ അവിടേക്കു എത്തി
ച്ചപ്പോൾ ഇതാ (കാച്ചിയ) ചെമ്പുകാഴ്ചക്കു ഒത്ത രൂപമുള്ള പുരുഷനെ
(കണ്ടു) അവൻ കൈയിൽ ചണച്ചരടും അളവുകോലും (പിടിച്ചുംകൊണ്ടു)
4 വാതില്പുൽ നില്ക്കുന്നു. അയാൾ എന്നോടു ഉരിയാടി: മനുഷ്യപുത്രാ ഞാൻ
കാണിച്ചുതരുന്നതു ഒക്കയും കണ്ണാലേ കണ്ടു ചെവിയാലേ കേട്ടു മനസ്സി
നാലേ കരുതിക്കൊൾക; നിണക്കു കാണിപ്പാൻ നിന്നെ ഇവിടേ ആക്കി
യതല്ലോ. പിന്നേ കണ്ടതു എല്ലാം ഇസ്രയേൽഗൃഹത്തെ അറിയിക്ക!

5 ഇതാ ഭവനത്തെ പുറമേ ചുറ്റുന്ന ഒരു മതിൽ (ഉണ്ടു). പുരുഷന്റേ കയ്യിൽ
ആറു മുളം നീളമുള്ള അളവുകോൽ ഉണ്ടു: മുളം ഒന്നിനു മുളവും നാലു വിരലും
കാണും. ആ പണിയുടേ വീതിയെ ഒരു കോലായും, ഉയരത്തു ഒരു കോ
6 ലായും അവൻ അളന്നു. പിന്നേ അവൻ കിഴക്കോട്ടു മുഖമായുള്ള വാതില്പുൽ
ചെന്നു അതിൻ (ഏഴു) പതനങ്ങളിൽ കയറി വാതിലിന്റേ ഉമ്മരപ്പടിയെ
അളന്നു ഒരു കോൽ വീതി എന്നു (കണ്ടു). ഇങ്ങനേ ഒന്നാം ഉമ്മരപ്പടിക്കു
7 ഒരു കോൽ വീതി. പിന്നേ കാവൽമുറി ഒരു കോൽ നീളവും ഒരു കോൽ
വീതിയും, ഈ കാവൽമുറികൾക്കു ഇടയിൽ ഐയഞ്ചു മുളം (ചുവർ),

പിന്നേ ഭവനഭാഗത്തു മുഖമണ്ഡപത്തിന്നു് അരികേ(രണ്ടാം)ഉമ്മരപ്പടി ഒരു
8 കോൽ. വാതിലിന്റേറ മുഖമണ്ഡപത്തെ ഭവനഭാഗത്തു് അളന്നതു് ഒരു
9 കോൽ. വാതിലിന്റേറ മുഖമണ്ഡപത്തെ (പുറമേ) അളന്നതു് എട്ടുമുളം, അ
10 തിൻ തൂണുകൾ ഈരണ്ടു മുളം. വാതിലിന്റേറ മുഖമണ്ഡപം ഭവനഭാഗത്തു്
അത്രേ. ഇങ്ങനേ ഉള്ള കിഴക്കേ വാതില്ക്കൽ കാവൽമുറികൾ ഉള്ളതു് ഇപ്പുറത്തു
മൂന്നും അപ്പുറത്തു മൂന്നും, മൂന്നിന്നും അളവു് ഒന്നു, ആ വശത്തും ഈ വശത്തും
11 ഉള്ള തൂണുകൾക്കും അളവു് ഒന്നു. പിന്നേ വാതിൽത്തുറവിന്റേറ വീതി അള
12 ന്നതു പത്തുമുളം, വാതിലിന്റേറ നീളം പതിമ്മൂന്നു മുളം. കാവൽമുറികൾക്കു
മുമ്പാകേ ഓർ അതിർ ഉണ്ടു (ഇപ്പുറത്തു്) ഒരു മുളവും അപ്പുറത്തു് ഒരു മുളവും,
13 ഓരോ കാവൽമുറി തന്നേ ഇപ്പുറത്തു് ആറുമുളവും അപ്പുറത്തു് ആറുമുളവും. പി
ന്നേവാതിലിന്റേറ അകലം ഒരു കാവലു്മുറിയുടേ മേല്പുരയിൽനിന്നു മറേറ
തിൻ മേല്പുരവരേ, തുറവോട്ടു തുറവോളം അളന്നതു ഇരുപത്തഞ്ചു മുളം അ
14 ത്രേ. തൂണുകൾക്കു് അവൻ അറുപതു മുളം (ഉയരം) മതിച്ചു, തൂണുകളുടേ
15 പുറത്തു വാതിലിനെ (മൂന്നുഭാഗത്തും) ചുറ്റുന്നതു മുറ്റം തന്നേ. പ്രവേശവാ
തിലിന്റേറ മുകപ്പിനോടു ഉൾവാതിലിൻ മണ്ഡപമുകപ്പോളം അമ്പതു മുളം
16 (നീളം). കാവൽമുറികൾക്കും അതിൻ തൂണുകൾക്കും (മൂന്നു വീരൽ) ഉന്തുന്ന
മുഴകൾക്കും ചുറ്റേ അഴിയിട്ട കിളിവാതിലുകൾ വാതിലിന്റേറ അകമേഭാഗ
ത്തു ചുറ്റും ഉണ്ടു, കിളിവാതിലുകൾ അകമേ തന്നേ ഇരുപുറത്തും (കണ്ടു),
(രണ്ടു) തൂണുകളിലും ഈന്തൽഭ്രഷണവും (കണ്ടു).

17 പിന്നേ അവൻ എന്നെ പുറമുറ്റത്തിൽ പൂകിച്ചു, ഇതാ മുറ്റത്തിന്നു ചുറ്റും
(മൂന്നുഭാഗത്തു) അറകളും കൽ പടുത്ത തളവും (കണ്ടു); ആകേ തളത്തിന്മേൽ
18 മുപ്പതു് അറകൾ. ആ കുത്തളം എന്നാൽ താഴേത്തളം വാതിലുകളുടേ നീള
19 ത്തിന്നു് ഒത്തു വാതിലുകളുടേ ഇരുഭാഗത്തും നീളുന്നു. പിന്നേ താഴേ വാതി
ലിന്റേറ മുകപ്പുമുതൽ അകമുറ്റത്തിന്റേറ പുറത്തേ മുകപ്പുവരേ അകലം അള
20 ന്നതു നൂറു മുളം, ഇങ്ങനേ കിഴക്കേവശത്തും വടവശത്തും (അളന്നു).— അന
ന്തരം വടക്കോട്ടു മുഖമായുള്ള പുറമുറ്റത്തിൻ വാതില്ക്കൽ അവൻ നീളവും വീ
21 തിയും അളന്നു, അതിൻ കാവൽമുറികളും ഇപ്പുറത്തു മൂന്നും അപ്പുറത്തു മൂന്നും,
അതിൻ തൂണുകളെയും ഉന്തുന്ന മുഴകളെയും (അളന്നു). അതു് ഒന്നാം വാതി
ലിന്റേറ അളവുപോലേ അമ്പതു മുളം നീളവും ഇരുപത്തഞ്ചു മുളം വീതിയും
22 തന്നേ. അതിലേ കിളിവാതിലുകളും ഉന്തുന്ന മുഴകളും ഈന്തൽഭ്രഷണവും
കിഴക്കോട്ടു മുഖമായുള്ള വാതിലിന്റേറ മാതിരിപ്രകാരമത്രേ; ഏഴു പതന
23 ങ്ങളാൽ അതിലേക്കു കരേറും, ഉന്തുന്ന മുഴകൾ മുമ്പുറത്തു (കണ്ടു). വടക്കോ
ട്ടും കിഴക്കോട്ടും ഉള്ള വാതിലുകൾക്കു നേരേ അകമുറ്റത്തിന്റേറ ഓരോ വാ
തിൽ (നില്ക്കുന്നു), വാതിലോടു വാതിലോളം അളന്നതു നൂറു മുളം തന്നേ.—
24 പിന്നേ അവൻ എന്നെ തെക്കോട്ടു നടത്തി ഇതാ തെക്കേ വാതിലും
കണ്ടു, അതിൻ തൂണുകളും ഉന്തുന്ന മുഴകളും മേൽച്ചൊല്ലിയ മാതിരികൾക്കു്
25 ഒത്തു് അളന്നു. അതിലും അതിൻകൽ ഉന്തുന്ന മുഴകളിലും കിളിവാതിലുകൾ
ചുറ്റും ഉണ്ടു, മേല്പറഞ്ഞ കിളിവാതിലുകളെപ്പോലേ തന്നേ, നീളം അമ്പ
26 തു മുളവും വീതി ഇരുപത്തഞ്ചു മുളവും. അതിൻ പടിക്കെട്ടു ഏഴുപതനങ്ങളും
ഇവറിൻ എതിരേ ഉന്തുന്ന മുഴകളും തൂണുകൾക്കു് ഒന്നു് ഇപ്പുറത്തു് ഒന്നു്
27 അപ്പുറത്തു് ഈന്തൽഭ്രഷണവും ഉണ്ടു. അകമുറ്റത്തിന്നു തെക്കോട്ടു നോക്കുന്ന
വാതിലും ഉണ്ടു, വാതിലോടു് ആ തെക്കേ വാതിലോളം അവൻ നൂറു മുള
വും അളന്നു.

28 ആ തെക്കേ വാതില്ക്കൽക്കൂടി അവൻ എന്നെ അകമുറ്റത്തിൽ പൂകിച്ചു
29 തെക്കേ വാതിലിനെ അളന്നു മേൽമാതിരികളെ കണ്ടു, കാവൽമുറികൾ
തൂണുകൾ മുഴകൾ ഒക്ക ആ മാതിരിക്കു സമം. അതിലും മുഴകളിലും ചുറ്റും
കിളിവാതിലുകൾ ഉണ്ടു, നീളം അമ്പതു മുളവും വീതി ഇരുപത്തഞ്ചു മുള
30 വും തന്നേ. ഉന്തുന്ന മുഴകൾ ചുറ്റും (കണ്ടു) നീളം ഇരുപത്തഞ്ചു മുളവും

31 വീതി അഞ്ചു മുളവും തന്നേ. ഈ മുഴകം പുറമുറത്തിന്ന നേരേ അത്രേ, തൂ
ണുകംക്ക് ഈന്തൽഭ്രഷണവും പടിക്കെട്ടിന്ന് എട്ടു പതനങ്ങളും ഉണ്ടു.—
32 പിന്നേ അവൻ എന്നെ അകമുറത്തിൽ കിഴക്കോട്ടു നടത്തി വാതിലിനെ
33 മേൽമാതിരിപ്രകാരം അളന്നു കണ്ടു. അതിൻ കാവൽമുറികം തൂണുകം
മുഴകം ഒക്ക ആ മാതിരിക്കു സമം. അതിലും മുഴകളിലും ചുറും കിളിവാ
തിലുകം ഉണ്ടു, നീളം അമ്പതു മുളവും വീതി ഇരുപത്തഞ്ചു മുളവും തന്നേ.
34 അതിലേ മുഴകം പുറമുറത്തിന്ന നേരേ അത്രേ, തൂണുകംക്ക് ഇപ്പുറത്തും
അപ്പുറത്തും ഈന്തൽഭ്രഷണവും പടിക്കെട്ടിന്ന് എട്ടുപതനങ്ങളും ഉണ്ടു.—
35 വടക്കേ വാതിൽക്കൽ എന്നെ ചെല്ലിച്ചാറേ ആ അളവുകം പോലേ അളന്നു,
36 അതിൻ കാവൽമുറികളും തൂണുകളും മുഴകളുമായി അതിന്ന ചുറും കിളി
വാതിലുകം ഉണ്ടു, നീളം അമ്പതു മുളവും വീതി ഇരുപത്തഞ്ചു മുളവുംതന്നേ.
37 അതിൻ തൂണുകം പുറമുറത്തിന്ന നേരേ അത്രേ, തൂണുകംക്ക് ഇപ്പുറത്തും
അപ്പുറത്തും ഈന്തലും പടിക്കെട്ടിന്ന എട്ടു പതനങ്ങളും ഉണ്ടു.

38 (മൂന്നു) വാതിലുകളിലും തൂണുകംക്ക് അരികേ തുറവുകൂടിയ അറ ഉണ്ടു
39 അവിടേ ഹോമത്തെ കഴുകും. പിന്നേ വാതിൽമണ്ഡപത്തിൽ ഇരുപുറത്തും
ഈ രണ്ടു പീഠങ്ങം നില്ക്കുന്ന, ഹോമം പാപബലി കുറബലി ഇവ അറു
40 പ്പാൻ വേണ്ടി. വാതിൽത്തുറവിങ്കൽ കയറിയാൽ പുറമേ വടക്കു ഭാഗത്തും
രണ്ടു പീഠങ്ങളും മറേറ ഭാഗത്തു വാതിൽമണ്ഡപത്തിന്നരികേ രണ്ടു പീഠങ്ങ
41 ളും (നില്ക്കുന്ന). വാതിൽഭാഗത്ത് ഇപ്പുറത്തു നാലും അപ്പുറത്തു നാലും ആക
42 എട്ടു (മര)പ്പീഠങ്ങം അറുക്കുന്നവർക്കു ഉപയോഗമായതല്ലാതേ, പടിക്കെ
ട്ടിന്നരികേ വെട്ടിയ കല്ലാലേ നാലു പീഠങ്ങം ഉണ്ടു, നീളം ഒന്നര മുളം,
വീതി ഒന്നര മുളം, ഉയരം ഒരു മുളം, ഇവയുടേ മേൽ ഹോമാദിയാഗങ്ങളെ
43 അറുക്കുന്ന ആയുധങ്ങളെ വെക്കും. പിന്നേ ഒരുചാൺ നീളമുള്ള തറികം
വീട്ടിൽ ചുറും തറെച്ചിരിക്കുന്നു; പീഠങ്ങളിന്മേൽ കാഴ്ചകളുടേ മാംസം
44 വെക്കും.— അകവാതിലിൻ പുറത്തു അകമുറത്തിൽ തന്നേ രണ്ടു അറകം
ഉണ്ടു, തെക്കോട്ടു നോക്കുന്നതു ഒന്നു വടക്കേ വാതിലിന്റേ ഭാഗത്തും, വട
ക്കോട്ടു നോക്കുന്നതു ഒന്നു തെക്കേ വാതിലിന്റേ ഭാഗത്തും ഉള്ളവ. അവൻ
45 എന്നോടു പറഞ്ഞു: ഈ തെക്കോട്ടു നോക്കുന്ന അറ ഭവനവിചാരം കരുതുന്ന
പുരോഹിതന്മാർക്കും, വടക്കോട്ടു നോക്കുന്ന അറ ബലിപീഠവിചാരം
46 കരുതുന്ന പുരോഹിതന്മാക്കും (ഉണ്ടു). ഇവർ ലേവിപുത്രന്മാരിൽ യഹോ
വയെ ശുശ്രൂഷിപ്പാൻ അവനോടു അണയുന്ന ചാദോക്പുത്രന്മാർ ത
47 ന്നേ. (അക) മുറത്തെ അവൻ അളന്നു നൂറു മുളം നീളം നൂറു മുളം വീതി
ഇങ്ങനേ ചതുരമായി (കണ്ടു). ഭവനത്തിൻ മുമ്പിൽ ബലിപീഠം (നില്ക്കുന്നു.)
48 പിന്നേ അവൻ ഭവനത്തിൻ മണ്ഡപത്തിൽ എന്നെ പൂകിച്ചു, മണ്ഡപ
ത്തിൻ തൂണുകളെ ഇപ്പുറത്ത് അഞ്ചു മുളവും അപ്പുറത്തു അഞ്ചു മുളവും അളന്നു,
(നടുവിലേ) കതകു മൂന്നു മുളം ഇപ്പുറത്തും മൂന്നു മുളം അപ്പുറത്തും (ആറു മുളം)
49 വീതി കണ്ടു. മണ്ഡപത്തിൻ നീളം ഇരുപതു മുളവും വീതി പതിനൊന്നു
മുളവും കണ്ടതു കയറുന്ന പതനങ്ങളിൽനിന്നത്രേ. തൂണുകംക്ക് അരികേ
സ്തംഭങ്ങം ഉണ്ടു ഒന്നു അപ്പുറത്തും ഒന്നു ഇപ്പുറത്തും തന്നേ.—അവൻ എന്നെ

41,1 മന്ദിരത്തിൽ നടത്തിയപ്പോം കൂടാരത്തിൻ വീതിയെ കുറിക്കുന്ന തൂണു
2 കളെ അളന്നു ഇപ്പുറത്ത് ആറു മുളം വീതിയും അപ്പുറത്തു ആറു മുളം വീ
തിയും (കണ്ടു), തുറവിൻവീതിയോ പത്തു മുളം, തുറവോടു ചേരുന്ന
ഭിത്തികം ഇപ്പുറത്ത് അഞ്ചു മുളവും അപ്പുറത്തു അഞ്ചു മുളവും (കണ്ട
തു). മന്ദിരത്തിൻ നീളം നാല്പതു മുളവും വീതി ഇരുപതു മുളവും ആയി
3 അളന്നു. പിന്നേ അകമുറിയിൽ താന്നു പുക്കു തുറവിന്തൂണുകളെ ഈരണ്ടു മുള
മായും തുറവിന്ന് ആറു മുളം (ഉയരവും) ഏഴു മുളം വീതിയും അളന്നു; അക
4 മുറിയുടേ നീളം ഇരുപതു മുളമായി മന്ദിരത്തോടു ചേരുന്ന വീതി ഇരുപതു

മുളമായി അളന്ന ശേഷം: ഇത് അതിവിശുദ്ധസ്ഥലം എന്ന് എന്നോട് പറഞ്ഞു.

5 പിന്നേ അവൻ (പുറപ്പെട്ട) ഭവനത്തിന്റെ ചുവർ ആറു മുളമായും ഭവന
ത്തെ (മൂന്ന ഭാഗത്തും) ചുറ്റുന്ന ഒഴവാരക്കെട്ടിന്റെ വീതി നാലു മുളമായും
6 അളന്നു. ഒഴവാരങ്ങൾ ഒന്നിന്റെ മീതേ ഒന്നു മൂന്നും മുപ്പതിൽ പെരുക്കി
(തൊണ്ണൂറും) ആയി, അവ ഭവനത്തിന്നു ഒഴവാരഭാഗത്തിൽ ഉള്ള ചുവരി
7 ന്മേൽ തങ്ങി നില്ക്കും, ഭവനച്ചുവരിന്റെ അകത്തു കടന്നതും ഇല്ല. ഇങ്ങനേ
കയറുന്തോറും ഒഴവാരങ്ങൾക്കു ചുറ്റും വിസ്താരം ഏറും, ഭവനത്തിന്റെ ചുറ്റു
കെട്ടു മീതേ മീതേ ചെല്ലുമളവിൽ ഭവനത്തെ അധികം ചൂഴകൊണ്ടു, ഭവ
നത്തിന്നു മീത്തൽ വിസ്താരം വളരും; ഇങ്ങനേ താഴത്തേ നില നടുവിലേ
8 തിൻ പ്രമാണപ്രകാരം മുകളത്തേ നിലയോളം ഉയർന്നു. ഭവനത്തിന്നു ചു
റ്റും ഞാൻ ഉയരത്തെ കണ്ടു, (ചുവരിന്റെ) തുടർച്ചവരേ ഒഴവാരങ്ങളുടേ
9 അടിസ്ഥാനങ്ങൾ ആറു മുളമാകുന്ന ഒരു പൂർണ്ണക്കോൽ (ആയിക്കണ്ടു). ഒഴവാ
രക്കെട്ടിന്നുള്ള പുറമേ ചുവരിന്നു അഞ്ചു മുളം വീതി, ഭവനത്തിൻ ഒഴവാര
10 ക്കെട്ടോട് ഒഴിഞ്ഞു കിടക്കുന്നതിന്നും അതേ അളവു. (ഒഴിഞ്ഞതിന്നും, 42, 1)
അറകൾക്കും നടുവേ ഇരുപതു മുളം അകലം ഭവനത്തിന്റെ (മൂന്ന ഭാഗത്തും)
11 ചുറ്റും ഉണ്ടു. ഒഴവാരക്കെട്ടിന്റെ തുറവു ഒഴിഞ്ഞതിലേക്കത്രേ, വടക്കുനോ
ക്കുന്ന തുറവ് ഒന്നു, തെക്കു നോക്കുന്ന തുറവ് ഒന്നു. ഒഴിഞ്ഞ സ്ഥലത്തിന്റെ
അകലമോ ചുറ്റും അഞ്ചു മുളമത്രേ.

12 പടിഞ്ഞാറോട്ടുള്ള ഭാഗത്തു വേറുപെടുത്ത സ്ഥലത്തിന്റെ മുമ്പുറത്തു കെ
ട്ടിയ പണിക്കു വീതി എഴുപതു മുളം, പണിയുടേ ചുവരിൻ കനം ചുറ്റും
13 അഞ്ചു മുളം, നീളമോ തൊണ്ണൂറു മുളം. മന്ദിരഭവനത്തെ അവൻ അളന്നു
14 കണ്ടതോ നൂറു മുളം, വേറുപെടുത്തതോ പണിയും ചുവരുമായി നൂറു മുളം
നീളം. ഭവനമുമ്പുറത്തിന്നും വേറുപെടുത്തതിൻ കിഴക്കേ പുറത്തിന്നും നൂറു
മുളം വീതിയും (കണ്ടതു).

15 അങ്ങനേ അവൻ വേറുപെടുത്തതിൻ പിമ്പുറത്തുള്ള പണിയുടേ നീളത്തെ
യും അതിന് ഇപ്പുറത്തും അപ്പുറത്തും ചുറ്റുന്ന കോനായ്കളെയും നൂറു മുള
മായി അളന്നു, പിന്നേ അകമേ മന്ദിരത്തെയും മുറ്റത്തിലേ മണ്ഡപങ്ങളെ
16 യും (അളന്നു). ഈ മൂന്നിന്നും ഉള്ള കട്ടിലക്കാലുകൾക്കും അഴി കെട്ടിയ കി
ളിവാതിലുകൾക്കും ചുറ്റുന്ന കോനായ്കൾക്കും തുറവുകളുടേ മീതേ ഉള്ള
(ഇടത്തിന്നും) അകമേ ഭവനത്തോളവും പുറമേയും ചുറ്റുന്ന ചുവരിന്നും അക
17 ത്തും പുറത്തും (എല്ലാറ്റിന്നും) അതതിന്റെ അളവുകൾ ഉണ്ടു. വിശേഷിച്ചും
ഉമ്മരപ്പടിക്ക് എതിരേ ഉള്ള കട്ടില ചുറ്റും മരപ്പലക തന്നേ, നിലത്തിൽ
നിന്നു കിളിവാതിലോളം നിശ്ചയിച്ച അളവ് ഉണ്ടു, കിളിവാതിലുകൾ
18 മൂടപ്പെട്ടവ അത്രേ.—(അകമേ) കൂബുകളും ഈന്തലുകളും കൊത്തി ഉണ്ടാ
ക്കിയപ്രകാരം: ഈരണ്ടു കൂബുകളുടേ ഇടയിൽ ഓർ ഈന്തലും കൂബിന്നു
19 ഈരണ്ടു മുഖങ്ങളും ഉണ്ടു, ഇപ്പുറത്തു മാനുഷമുഖം ഈന്തലെ നോക്കും അപ്പുറത്തു
20 സിംഹമുഖം ഇങ്ങനേ ഭവനത്തിൽ എങ്ങും ചുറ്റും തീർത്തിട്ടുണ്ടു. മന്ദിര
ത്തിൻ ഭിത്തിയിൽ കൂബുകളും ഈന്തലുകളും നിലംതൊട്ടു തുറവിന്നു മേൽ
21 പ്പുറംവരേ ഉണ്ടാക്കപ്പെട്ടു. മന്ദിരത്തിൻ ദ്വാരസ്തംഭം ചതുരം തന്നേ അതിവി
22 ശുദ്ധത്തിന്റെ മുകപ്പിന്നും അതേ സ്വരൂപം (ഉണ്ടു). ധൂപപീഠം മരം തന്നേ,
മൂന്നു മുളം ഉയരവും രണ്ടു മുളം നീളവും (വീതിയും) ഉണ്ടു, അതിൻ (കൊമ്പു)
കോണുകളും ചുവടും ഭിത്തികളും മരത്താലത്രേ. ഇതു യഹോവയുടേ മുമ്പിൽ
23.24 നില്ക്കുന്ന പീഠം എന്ന് അവൻ എന്നോട് പറഞ്ഞു.— മന്ദിരത്തിനും അ
തിവിശുദ്ധത്തിനും രണ്ടു വാതിലുകളും, വാതിലുകൾക്കു ഇരട്ടക്കതവു
കളും (ഓരോ കതവിനും) മടക്കുകതവുകളും ഉണ്ടു; രണ്ടു (കതവുകൾ) ഒരു
25 വാതിലിനും രണ്ടു കതവുകൾ മറേതിനും ഉണ്ടു. അവറ്റിന്മേലും മന്ദിര
ത്തിൻ വാതിലുകളിന്മേലും (തന്നേ), ഭിത്തികളിന്മേൽ തീർത്തതു പോലേ

കൂബുകളും ഈന്തലുകളും കൂടേ തീർത്തിട്ടുണ്ടു: പുറമേയുള്ള മണ്ഡപത്തിൻ
മുകപ്പിന്മുമ്പുറത്ത് കനത്ത മരപ്പണിയെ (ഉത്തരങ്ങളെ? കാണാം). അഴി
26 കെട്ടിയ കിളിവാതിലുകളും ഇപ്പുറത്തും അപ്പുറത്തും മണ്ഡപത്തിന്റേ ഇരു
പുറത്തും ഈന്തലുകളും ഉണ്ടു; ഭവനത്തിൻ ഒഴവാരങ്ങളും കനത്ത മരപ്പ
ണിയും (ഉത്തരങ്ങളും?) എന്നിവറിൻ നിയമം ഇതത്രേ.

42,1 പിന്നേ അവൻ എന്നെ വടക്കുവഴിയായി പുറമുറത്തിലേക്കു പുറപ്പെ
ടുവിച്ചു വേറുപെടുത്തതിന്നും അതിലേ പണിക്കും എതിരേ വടക്കു നില്ക്കു
2 ന്ന അറക്കെട്ടിലേക്കു എന്നെ കൊണ്ടുപോയി, അതിൻ മുഖത്തിന്നു നൂറു
3 മുളം നീളവും വടക്കോട്ടു തുറവും ഉണ്ടു, അകലമോ അമ്പതു മുളം. ആയ
തു അകമുറത്തിലേ ഇരുപതു മുളത്തിന്നും (41, 10) പുറമുറത്തിലേ
കത്തളത്തിന്നും എതിരേ തന്നേ; മൂന്നാംനിലയിൽ കോനാസ്സു് എതിരേ
4 കോനായും. അറകളുടേ മുമ്പിൽ പത്തു മുളം വീതിയുള്ള നടയും, അക
മുറത്തിലേക്കു നൂറു മുളം നീളുന്ന വഴിയും ഉണ്ടു; അവറിൻ തുറവുകൾ
5 വടക്കോട്ടത്രേ. മുകളിലേ അറകൾ, കോനാസ്സുകൾ അവറിൻ ഇടത്തിൽ
നിന്നു് എടുക്കയാൽ, കെട്ടിലേ കീഴേവയും നടുവിലേവയും പാക്കിലും
6 ഇടം കുറഞ്ഞവ; മൂന്നു നിലകളും അല്ലോ ഉള്ളതിൽ മുറ്റങ്ങളുടേ തൂണുകൾ
പോലേ തൂണുകൾ ഇല്ലായ്കയാൽ നിലത്തുനിന്നു കീഴേവയും നടുവിലേ
7 വയും പാർക്കിലും (മേലേവ) ചുരുങ്ങിയവ. അറകളോടു നേർവരയായി
പുറത്തു് ഒരു മതിൽ അറകളുടേ മുമ്പാകേ പുറമുറത്തേക്കു അമ്പതു മുളം
8 നീളുന്നുണ്ടു; പുറമുറത്തെ നോക്കുന്ന അറകൾക്കു് അമ്പതു മുളം നീളം ഉ
9 ണ്ടല്ലോ; മന്ദിരത്തെ നോക്കുന്ന നീളം അതാ നൂറു മുളമല്ലോ (2). ആ
മതിലിന്റേ ചുവട്ടിൽനിന്നത്രേ ഈ അറകൾ (ഉയൎന്നുകണ്ടു), അവയിൽ
10 ചെല്ലുന്ന പ്രവേശം കിഴക്കുനിന്നു, പുറമുറത്തെ വിട്ടത്രേ.— (അക)മുറ
ത്തിന്റേ തെക്കേ പുറത്തു വേറുപെട്ടതിന്നും അതിലേ പണിക്കും എതിരേ
11 അറകളും അവറിൻ മുമ്പിൽ ഒരു വഴിയും ഉണ്ടു. വടക്കോട്ടു നോക്കുന്ന
അറക്കെട്ടിനോടു് (ഈ കെട്ടു) നീളവും വീതിയും കൊണ്ടും എല്ലാ പുറപ്പാ
12 ടുകളും ചട്ടവട്ടങ്ങളും കൊണ്ടും ഒക്കും. ആയതിൻ തുറവുകളോടും ഈ തെ
ക്കോട്ടേ അറകളുടേ തുറവുകളും ഒക്കും: കിഴക്കുനിന്നു് അതിലേക്കു ചെല്ലു
മ്പോൾ ആ നേർവരയായ മതിലിന്നു (7) എതിരേ ഉള്ള വഴിയുടേ ത
13 ലെക്കൽ ഒരു തുറവു.— അവനും എന്നോടു പറഞ്ഞു; വേറുപെട്ടതിന്നു
മുമ്പിൽ ഉള്ള വടക്കറകളും തെക്കറകളും ഇതാ യഹോവയോടു് അണയുന്ന
പുരോഹിതന്മാർ അതിവിശുദ്ധ (നൈവേദ്യ)ങ്ങളെ ഭക്ഷിക്കേണ്ടുന്ന വി
ശുദ്ധ അറകൾ ആകുന്നു; അവിടേ അവർ കാഴ്ച, പാപബലി കുറബലി
14 ഇങ്ങനേ അതിവിശുദ്ധങ്ങളെ വെക്കും; സ്ഥലമാകട്ടേ വിശുദ്ധം. പുരോ
ഹിതന്മാർ പൂകുമ്പോൾ വിശുദ്ധത്തിൽനിന്നു പുറമുറത്തിലേക്കു പോകാ
തേ ശുശ്രൂഷെക്കുള്ള വസ്ത്രങ്ങളെ ആ അറക്കെട്ടിൽ തന്നേ വെച്ചേക്കണം,
അവ വിശുദ്ധമല്ലോ; വേറേ വസ്ത്രങ്ങൾ ഉടുത്തിട്ടുവേണം ജനത്തിന്നു് ഉള്ള
തിനോടു് അണവാൻ.

15 ഇങ്ങനേ അവൻ അകമേ ആലയത്തിന്റേ അളവുകൾ നിദാനിച്ചു
തീർത്ത ശേഷം എന്നെ കിഴക്കോട്ടു നോക്കുന്ന വാതിൽഗുൽകൂടി പുറപ്പെ
16 ടുവിച്ചു അവിടം ചുറ്റും അളന്നു; അളവുകോൽകൊണ്ടു കിഴക്കുഭാഗത്തു
17 ചുറ്റും അഞ്ഞൂറു കോൽ അളവുകോൽപ്രമാണത്താൽ അളന്നു, അളവുകോൽ
പ്രമാണമായി വടക്കുഭാഗത്തു ചുറ്റും അഞ്ഞൂറു കോൽ അളന്നു, അളവു
18 കോൽപ്രമാണമായി തെക്കുഭാഗത്തു അഞ്ഞൂറുകോൽ അളന്നു, പിന്നേ പടി
19 ഞ്ഞാറോട്ടു തിരിഞ്ഞു അളവുകോൽപ്രമാണമായി അഞ്ഞൂറു കോൽ അള
20 ന്നു. ഇങ്ങനേ നാലു ദിക്കിലേക്കും (പുറസ്ഥലത്തെ) അളന്നു. ആയതിനെ
അഞ്ഞൂറു (കോൽ) നീളവും അഞ്ഞൂറു അകലവും ഉള്ള ഒരു മതിൽ ചുറ്റു
ന്നതു വിശുദ്ധത്തെയും ബാഹ്യത്തെയും വേറാക്കുവാൻ തന്നേ.

43,1 അനന്തരം അവൻ എന്നെ (പുറമുറത്തിൽ) കിഴക്കോട്ടു നോക്കുന്ന വാ
2 തില്ലേലേക്കു നടത്തി. ഇതാ ഇസ്രയേൽദൈവത്തിന്റെ തേജസ്സു കിഴക്കു
നിന്നു വന്നു, അതിൻ ഒലി ബഹുവെള്ളങ്ങളുടേ ഒച്ച പോലേ, അവന്റെ
3 തേജസ്സിനാൽ ഭൂമി പ്രകാശിച്ചു. പട്ടണത്തെ നശിപ്പിപ്പാൻ ഞാൻ വന്ന
പ്പോഴും (8,4) കണ്ട കാഴ്ചെക്കു ഈ കാണുന്ന കാഴ്ചയുടേ വടിവു സമം, അതു
കബാർനദീതീരത്തു കണ്ട കാഴ്ചെക്കു് ഒത്ത കാഴ്ചകളത്രേ; ഞാനോ മുഖം
4 കവിണ്ണുവീണു. യഹോവാതേജസ്സാകട്ടേ കിഴക്കോട്ടു നോക്കുന്ന വാതിൽ
5 വഴിയായി ഭവനത്തിൽ പുക്കപ്പോഴും, കാറ്റു് എന്നെ എടുത്തു അകമുറ
6 ത്തിൽ ആക്കി: യഹോവാതേജസ്സു് ഇതാ ഭവനത്തെനിറെക്കുന്നു. ഭവന
ത്തിൽനിന്നു് എന്നോടു് ഉരിയാടുന്നവനെ ഞാൻ കേട്ടതല്ലാതേ എന്നരി
7 കത്തു നില്ക്കുന്ന പുരുഷൻ എന്നോടു പറഞ്ഞു: മനുഷ്യപുത്ര ഇസ്രയേൽപുത്ര
രുടേ നടുവിൽ ഞാൻ എന്നും വസിപ്പാനുള്ള സിംഹാസനസ്ഥലവും എൻ
ഉള്ളങ്കാലുകളുടേ ഇടവും (ഇതാ)[1] ഇസ്രയേൽഗൃഹം അരചരുമായി തങ്ങള
ടേ പുലയാട്ടുകൊണ്ടും നിർജ്ജീവദേഹങ്ങൾകൊ രാജാക്കന്മാർ തീത്ത കുന്നു
കാവുകൾകൊണ്ടും ഇനി എൻ വിശുദ്ധനാമത്തെ തീണ്ടിക്കയും ഇല്ല. അ
8 ന്നു് (ആ ബിംബങ്ങളുടേ) ഉമ്മരപ്പടിയെ എന്റെ ഉമ്മരപ്പടിയോടും അവ
യുടേ കട്ടിലയെ എൻ കട്ടിലയോടും ഭിത്തിമാത്രം നടുവേ ഇരിക്കേ അ
വർ ചേർത്തുവെച്ചു ചെയ്യുന്ന അറെപ്പുകളാൽ എൻ വിശുദ്ധനാമത്തെ തീണ്ടി
ക്കകൊണ്ടല്ലോ എൻ കോപത്തിൽ ഞാൻ അവരെ മുടിച്ചുകളഞ്ഞു. ഇനി
9 അവർ തങ്ങളുടേ പുലയാട്ടും രാജാക്കന്മാർ (പണിഞ്ഞ) നിർജ്ജീവങ്ങളെ
യും എന്നോടു് അകറ്റും, ഞാൻ അവരുടേ നടുവിൽ എന്നേക്കും വസിക്ക
10 യും ചെയ്യും—മനുഷ്യപുത്ര ഇസ്രയേൽഗൃഹം തങ്ങളുടേ അകൃത്യങ്ങളെ വി
ചാരിച്ചു നാണിച്ചു കുറവുറ്റ നിർമ്മാണത്തെ അളന്നുനോക്കേണ്ടതിന്നു
11 ഈ ഭവനത്തെ അവരെ അറിയിക്ക! അവർ ചെയ്തതിൽ ഒക്കയും നാണി
ച്ചാൽ ഭവനത്തിന്റെ ആകൃതിയെയും വ്യവസ്ഥയെയും പുറപ്പാടുകളും പ്രവേ
ശങ്ങളെയും സകലരൂപത്തെയും എല്ലാ ചട്ടവട്ടങ്ങളെയും ഇങ്ങനേ അതിൻ
സകല ആകൃതിയെയും ഉപദേശങ്ങളെയും ഒക്കയും അവരെ കാണിച്ചു കണ്ണു
കളും കാൺകേ എഴുതുക, അതിൻ ആകൃതി ഒക്കയും വെപ്പുകളും എല്ലാം അ
12 വർ ചരതിച്ചു ചെയ്വാൻ തന്നേ. ഇതു ഭവനത്തിന്റെ ന്യായം: പർവ്വ
തത്തിന്റെ മുകളിൽ ഭവനത്തിൻ അതിർക്കെത്തു ചുറ്റും ഉള്ളതു് ഒക്കയും അ
തിവിശുദ്ധം. എന്നുള്ളതു് ഇതാ ഭവനത്തിൻ ന്യായം.

43. അദ്ധ്യായം (13–46, 24.)

ഹോമപീഠം (അ. 44) രാജാവിന്നും പുരോഹിതാദികൾക്കും ഉള്ള ആഗമ
നം (അ. 45) അവക്കു വേർതിരിക്കുന്ന ദേശഭാഗം (18) നാനായാഗവി
വരം, ഇങ്ങനേ പുതിയ ആരാധനക്രമം നിയമിച്ചതു.

13 ബലിപീഠത്തിന്റെ അളവുകൾ ഒരു മുളവും നാലു വിരലും ഉള്ള മുള പ്ര
മാണത്താൽ ആവിതു: മടിച്ചുവടു് ഒരു മുളം (ഉയരവും, ഒരു മുളം വീതി
യും, അതിന്റെ ഓരത്തിൽ ചുറ്റുമുള്ള വക്കു ഒരു ചാൺ. ഇതു ബലിപീഠ
14 ത്തിന്റെ മുതുകു. മണ്ണു നിറഞ്ഞ ചുവട്ടിൽനിന്നു കീഴേ നിലവരേ രണ്ടു മുളം
(ഉയരവും) ഒരു മുളം വീതിയും, ആ ചെറിയ നിലതൊട്ടു വലിയ നിലവ
15 രേ നാലു മുളം (ഉയരവും) ഒരു മുളം വീതിയും. പിന്നേ ദേവമല (എന്ന
നിലെക്കു) നാലു മുളം (ഉയരം); അതിൻ മേലോട്ടു നാലു കൊമ്പുകളും പൊ
16 ന്തുന്ന ദേവടുപ്പു. ദേവടുപ്പു പന്ത്രണ്ടു മുളം നീളവും പന്ത്രണ്ടു മുളം വീതിയുമായി
17 നാലു ഭാഗങ്ങളിലും ചതുരം തന്നേ. (കീഴേ) നിലയോ നാലു ഭാഗത്തും പ
തിന്നാലു മുളം നീളവും പതിന്നാലു മുളം വീതിയും ഉള്ളതു, ചുറ്റുന്ന വക്കോ

അര മുളവും, മടിച്ചുവട്ട ചുറും ഒരു മുളവും (അധികം); അതിന്റെ പടിക്കെ
ട്ട കിഴക്കോട്ട നോക്കുന്നു.

18 അവൻ എന്നോട്ട പറഞ്ഞു: മനുഷ്യപുത്ര യഹോവാകൎത്താവ് ഇവ്വണ്ണം
പറയുന്നു: ബലിപീഠത്തെ ഉണ്ടാക്കുന്ന ദിവസത്തിൽ അതിന്മേൽ ഹോമം
19 കഴിപ്പാനും രക്തം തളിപ്പാനും വെച്ച വെപ്പുകൎം ഇവ: എന്നെ ശുശ്രൂഷിപ്പാൻ
അണയുന്ന ചാദോൎക്സന്തതിക്കാരായ ലേവ്യപുരോഹിതന്മാർക്കു നീ പാ
പബലിക്കായി ഒരു കാളക്കിടാവു കൊടുക്കേണം എന്നു യഹോവാകൎത്താ
20 വിൻ അരുളപ്പാട്ട. അതിൻ രക്തത്തിൽനിന്ന് എടുത്തു ഇതിന്റെ നാലു
കൊമ്പുകളിലും നിലയുടേ നാലു കോണുകളിലും ചുറുമുള്ള വക്കിലും ഇട്ടു
വിച്ചു ഇങ്ങനേ അതിൽ പാപം നീക്കി നിരപ്പു വരുത്തുക. പാപബലി
21 യായ കിടാവിനെ പിന്നേ എടുത്തു വിശുദ്ധസ്ഥലത്തിന്നു പുറമേ ആല
22 യത്തിൽ നിശ്ചയിച്ചവിടേ ചുട്ടുകളക. രണ്ടാം ദിവസത്തിൽ നിൎദ്ദോഷമാ
യ വെള്ളാട്ടുകൊറ്റനെ പാപബലിയായി കഴിക്ക, അവർ കാളകൊണ്ടു
പാപം നീക്കിയപ്രകാരം ബലിപീഠത്തേപാപം അകറ്റുവാൻ. പാപം
23 നീക്കി തീൎന്നാൽ നിൎദ്ദോഷമായ കാളക്കിടാവും നിൎദ്ദോഷമായ ആട്ടു
24 കൊറ്റനെയും അടുപ്പിച്ചു യഹോവയുടേ മുമ്പിൽ കഴിക്ക; പുരോഹിതൻ
മാർ അവറ്റിൻ മേൽ ഉപ്പ് എറിഞ്ഞു അവ യഹോവെക്കു ഹോമമാക്കി
25 ഹോമിക്ക. ഏഴു നാൾ നീ ദിവസേന ഓരോ വെള്ളാട്ടു പാപബലിയാ
ക്കേണം, അവരും ദൂഷ്യം ഇല്ലാത്ത കാളക്കിടാവിനെയും ആട്ടുകൊറ്റനെ
26 യും (ഹോമമായി) കഴിക്ക. ഏഴു ദിവസംകൊണ്ടു ബലിപീഠത്തിന്നു നിര
27 പ്പും ശുദ്ധിയും വരുത്തി അതിൻ കൈ നിറെപ്പിൻ. ഈ ദിവസങ്ങളെ തി
കെച്ച ശേഷം പുരോഹിതന്മാർ എട്ടാം നാളിലും പിന്നേയും നിങ്ങളുടേ
ഹോമങ്ങളെയും സ്തുതിബലികളെയും ബലിപീഠത്തിന്മേൽ കഴിക്കയും
ഞാൻ നിങ്ങളിൽ പ്രസാദിക്കയും ചെയ്യും എന്നു യഹോവാകൎത്താവിൻ അരു
ളപ്പാട്ട.

44, 1 പിന്നേ അവൻ എന്നെ കിഴക്കോട്ടു നോക്കുന്ന വിശുദ്ധസ്ഥലത്തിൻ പുറ
വാതിലൂടേക്കു മടക്കി നടത്തിയാറേ ആയത് അടെച്ചിരുന്നു. യഹോവ
2 എന്നോട്ട പറഞ്ഞു: ഈ വാതിൽ തുറക്കപ്പെടാതേ അടെച്ചിരിക്കും ആരും
അതിൽക്കൂടി കടക്കരുതു; ഇസ്രയേലിൻ ദൈവമായ യഹോവ ഇതിൽക്കൂ
3 ടി പൂകയാൽ അടെച്ചിരിക്കും. മന്നവൻ മാത്രമേ മന്നവൻ ആകകൊണ്ടു
യഹോവയുടേ മുമ്പിൽ അപ്പം ഭക്ഷിപ്പാൻ (ഉണ്മാൻ) ഇതിൽ ഇരിക്കും;
വാതിൽമണ്ഡപത്തിൻ വഴിയായി പൂകയും ആ വഴിയായി പുറപ്പെടുക
യും ചെയ്തു.

4 പിന്നേ അവൻ വടക്കുവാതിൽവഴിയായി എന്നെ ഭവനത്തിൻ മുമ്പിൽ
ആക്കിയപ്പോൾ ഇതാ യഹോവാതേജസ്സ് യഹോവാലയത്തെ നിറെക്കുന്ന
5 തു ഞാൻ കണ്ടു മുഖം കവിണ്ണു വീണു. യഹോവ എന്നോട്ട പറഞ്ഞു: മനു
ഷ്യപുത്ര യഹോവാലയത്തിൻ വെപ്പുകൎം ഒക്കയും സകല ഉപദേശങ്ങളെ
യും തൊട്ടു ഞാൻ നിന്നോട് ഉരെക്കുന്നത് ഒക്കയും കുറിക്കൊണ്ടു കണ്ണാലേ
കണ്ടും ചെവിയാലേ കേട്ടും കൊൾക. വിശുദ്ധസ്ഥലത്തിലേ എല്ലാ പുറ
പ്പാടുകൎം ഊടേയും ഭവനത്ത് അകമ്പൂകയിൽ മനംവെച്ചു മത്സരിയായ
6 ഇസ്രയേൽഗൃഹത്തോട പറക: യഹോവാകൎത്താവ് ഇവ്വണ്ണം പറയുന്നു:
7 ഇസ്രയേൽഗൃഹമേ നിങ്ങളുടേ അറെപ്പുകൎം എല്ലാം മതിയാക്കുവിൻ! ഹൃദയ
ത്തിലും മാംസത്തിലും പരിച്ഛേദന ഇല്ലാത്ത പുറനാട്ടുകാരെ നിങ്ങൎം
പൂകിച്ചു എന്റെ ആഹാരമായ മേദസ്സും രക്തവും കഴിക്കുമ്പോൾ അവരെ
എൻ വിശുദ്ധസ്ഥലത്ത് ഇരുത്തി എൻ ഭവനത്തെ ബാഹ്യമാക്കിക്കളഞ്ഞു
വല്ലോ? നിങ്ങളുടേ സകലഅറെപ്പുകളും കൂടാതേ ഇവരും എൻ നിയമത്തെ

8 ഭഞ്ജിച്ചുവല്ലോ. ഇങ്ങനേ നിങ്ങൾ എൻ വിശുദ്ധങ്ങളുടേ വിചാരം കാക്കാ
ത്തത് എന്നിയേ അവരെ എൻ വിശുദ്ധസ്ഥലത്തു വിചാരക്കാരാക്കി
വെച്ചുകൊണ്ടുവല്ലോ.— യഹോവാകർത്താവ് ഇവ്വണ്ണം പറയുന്നു: ഇസ്രാ
9 യേൽപുത്രന്മാരുടേ ഇടയിൽ ഉള്ള എല്ലാ പുറനാട്ടുകാരിലും ഹൃദയത്തിലും
മാംസത്തിലും പരിച്ഛേദന ഇല്ലാത്ത യാതോർ അന്യനും എൻ വിശുദ്ധ
സ്ഥലത്തിൽ പൂകരുതു. അതുയല്ല ഇസ്രായേൽ എന്നെ വിട്ടു തന്നേ മുട്ടങ്ങ
10 ളെ പിന്തേർന്നു തെറ്റിപ്പോകയിൽ എന്നെ വിട്ടകന്ന ലേവ്യരും തങ്ങളുടേ
11 അകൃത്യത്തെ ചുമക്കും. അവർ ഭവനവാതിലുകളിൽ കാവൽപാർക്കുന്നവരാ
യും ഭവനത്തിന്നു ശുശ്രൂഷിക്കുന്നവരായും എൻ വിശുദ്ധസ്ഥലത്തു ശുശ്രൂ
ഷക്കാർ ആകും, അവർ ജനത്തിന്നു ഹോമവും ബലിയും അറുക്കയും ശുശ്രൂ
12 ഷെക്കായി അവരുടേ മുമ്പിൽ നില്പുയും ചെയ്യും. അവരുടേ മുട്ടങ്ങളുടേ
മുമ്പിൽ അവർക്കു ശുശ്രൂഷിച്ചു ഇസ്രായേൽഗൃഹത്തിന്നു അകൃത്യം വരുത്തുന്ന
ഇടർച്ച ആയിപ്പോകകൊണ്ടു ഞാൻ അവർക്ക് എതിരേ കൈ ഉയർത്തി
അവർ തങ്ങളുടേ അകൃത്യത്തെ ചുമക്കും (എന്നു സത്യം ചെയ്തു) എന്നു യഹോ
13 വാകർത്താവിൻ അരുളപ്പാടു. പൌരോഹിത്യം നടത്തുവാനോ അതിവി
ശുദ്ധങ്ങളായ എന്നേറ സകലവിശുദ്ധങ്ങളോടും അണവാനോ അവർ
എന്നോട് അണയാതേ തങ്ങളുടേ ലജ്ജയെയും ചെയ്ത അറെപ്പുകളെയും ചുമ
14 ക്കും. ഭവനത്തിന്നേറ സകലസേവെക്കും അതിൽ ചെയ്യേണ്ടുന്നതിന്നു ഒക്കെ
ക്കും ഞാൻ അവരെ ഭവനവിചാരം കാക്കുന്നവർ ആക്കിവെക്കും.— എന്നാൽ
15 ഇസ്രായേൽപുത്രന്മാർ എന്നെ വിട്ടു തെറ്റുകയിൽ എന്നേറ വിശുദ്ധസ്ഥല
ത്തിൻ വിചാരത്തെ കാത്തുനിന്ന ചാദോൿപുത്രന്മാർ എന്ന ലേവ്യപുരോ
ഹിതന്മാർ എന്നെ ശുശ്രൂഷിപ്പാൻ എന്നോടു അടുത്തു മേദസ്സും രക്തവും എനി
ക്ക് അടുപ്പിച്ചു കഴിപ്പാൻ എന്മുമ്പിൽ നില്പും എന്നു യഹോവാകർത്താവിൻ
16 അരുളപ്പാടു. ആയവർ എൻ വിശുദ്ധസ്ഥലത്തിൽ പുക്കു എന്നെ ശുശ്രൂ
ഷിപ്പാൻ എൻ വിശുദ്ധപീഠത്തോട് അടുത്തു എന്നേറ വിചാരണയെ കാ
ത്തുകൊള്ളും.

17 (പുരോഹിതർ) അകമുറ്റത്തിൻ വാതിലുകളുടേ പ്രവേശിച്ചാൽ ശണവ
സ്ത്രങ്ങളെ ഉടുക്കേണം, അകമുറ്റവാതിലുകളിലും ഭവനംവരേയും ശുശ്രൂഷി
18 ച്ചാൽ ആട്ടുമുടി അവരുടേ മേൽ അരുതു. തലമേൽ ശണത്തൊപ്പികളും അര
കളിൽ ശണക്കാൽക്കുപ്പായങ്ങളും വേണം, ചുറ്റുന്നതുകൊണ്ടു വിയർപ്പു
19 ഉണ്ടാകരുതു. അവർ പുറമുറ്റത്തേക്കു ജനത്തോടു ചേരുവാൻ പുറമുറ്റത്തിൽ
പുറപ്പെട്ടാൽ ശുശ്രൂഷചെയ്വാൻ ഉടുത്ത വസ്ത്രങ്ങളെ വീണ്ടു വിശുദ്ധ അറ
കളിൽ (42, 1) വെച്ചു ഈ വസ്ത്രങ്ങളാൽ ജനത്തെ വിശുദ്ധീകരിക്കായ്
20 വാൻ വേറേ വസ്ത്രങ്ങളെ ഉടുത്തുകൊള്ളേണം. തലയെ മൊട്ട ഇടാതേയും
21 മുടിയെ നീട്ടി വളർത്താതേയും തലമുടിയെ കത്രിക്കേ ആവു. അകമുറ്റ
ത്തിൽ പൂകുവാൻ അടുത്താൽ ഒരു പുരോഹിതനും വീഞ്ഞു കുടിക്കരുതു. വി
22 ധവയെയും ഉപേക്ഷിതയെയും അവർ ഭാര്യയാക്കി കൊള്ളരുതു, ഇസ്രാ
യേൽഗൃഹത്തിൽ ഉളവായ കന്യമാരെയോ പുരോഹിതൻ (ചത്തു) വിട്ടുവെ
23 ച്ച വിധവയെയോ വേൾക്കാവു. എൻ ജനത്തിന്നു അവർ ഉപദേശിച്ചു വി
ശുദ്ധബാഹ്യങ്ങൾക്കും ശുദ്ധാശുദ്ധങ്ങൾക്കും ഉള്ള വ്യത്യാസത്തെ അവരെ
24 ഗ്രഹിപ്പിക്കേണം. വ്യവഹാരങ്ങളിൽ അവർ ന്യായം വിധിപ്പാൻ നില്പും,
എൻ ന്യായങ്ങളാൽ നടതീർക്കും; എന്നേറ സകല ഉത്സവങ്ങളിലും എൻ
ഉപദേശങ്ങളെയും വെപ്പുകളെയും കാക്കയും എൻ ശബ്ബത്തുകളെ വിശുദ്ധീക
25 രിക്കയും ചെയ്യും. (3 മോ. 21,1—3) തന്നെ തീണ്ടിപ്പാൻ ഒരു ചാവിലും
കൂടരുതു. അപ്പൻ അമ്മയും മകൻ മകളും സഹോദരൻ പുരുഷവശത്തു ആകാ
ത്ത സഹോദരി ഇവർക്കു വേണ്ടി മാത്രം തങ്ങളെ തീണ്ടിക്കാം. ശുദ്ധീകരണ
26 ത്തിൽ പിന്നേ ഏഴുനാൾ എണ്ണീട്ടതിൽ വിശുദ്ധസ്ഥലത്തു ചെല്ലാം. വിശുദ്ധ
27 സ്ഥലത്തു ശുശ്രൂഷിപ്പാൻ അകമുറ്റത്തിൽ പൂകുന്നന്നു തന്നേറ പാപബലിയെ

28 കഴികൂക എന്ന യഹോവാകൎത്താവിൻ അരുളപ്പാടു.—അവൎക്ക് അവ
കാശം ആകുന്നത് എങ്കിലോ ഞാനേ അവരുടേ അവകാശം, നിങ്ങൾ
അവർക്ക് ഇസ്രയേലിൽ സ്വമ്മ് കൊടുക്കരുതു, ഞാനേ അവരുടെ സ്വമ്മു.
29 കാഴ്ചയും പാപബലിയും കുറബലിയും ഇവകൊണ്ടു് ഉപജീവിക്കും,
ഇസ്രയേലിൽ പ്രാക്കൽ തട്ടിയതു് ഒക്കയും (3മോ. 27,21.28,) അവൎക്ക്
30 ആക. സകലത്തിലും ആദ്യഫലങ്ങളുടേ പ്രഥമം ഒക്കയും നിങ്ങളുടേ സകല
വഴിപാടുകളിൽനിന്നും എല്ലാ മീത്തും പുരോഹിതൎക്ക് ആകും, നിന്റെ വീ
ട്ടിൽ അനുഗ്രഹം ഇരുത്തുവാൻ നിങ്ങൾ അരെച്ചതിന്റെ പ്രഥമവും പുരോ
31 ഹിതനു കൊടുക്കും. പക്ഷിയോ മൃഗമോ താനേ ചത്തതും ചീന്തിവിട്ടതും
ഒന്നും പുരോഹിതർ തിന്നുക ഇല്ല.

45,1 ദേശത്തെ നിങ്ങൾ നറുക്ക് എടുത്ത് അവകാശം ആക്കി പകുക്കുമ്പോൾ
ദേശത്തിലേ വിശുദ്ധാംശം എന്ന യഹോവെക്കു ഒരു മീത്തു വഴിപാടു വേർ
തിരിക്കേണം, ഇരുപത്തൈയായിരം (കോൽ) നീളവും (ഇരു)പതിനായിരം
വീതിയും തന്നേ. ഇതു ചുറുമുള്ള സകലഅതിരോളം വിശുദ്ധമത്രേ. അ
2 തിൽനിന്നു് അഞ്ഞൂറിൽ ഗുണിച്ച അഞ്ഞൂറു ചതുരമായി വിശുദ്ധസ്ഥല
ത്തിന്നു് ഇരിക്ക (42,15); ഇതിനോടു ചുറും അമ്പതു മുളം മൈതാനവും
3 ചേൎക്കുക. ആ അളന്ന അംശത്തിൽ ഇരുപത്തയ്യായിരം നീളത്തിലും പതി
നായിരം വീതിയിലും അളക്ക, ഇതിനകത്തു വിശുദ്ധസ്ഥലം ഓർ അതി
4 വിശുദ്ധം ആകും. ഇതു ദേശത്താലുള്ള വിശുദ്ധം, യഹോവയെ ശുശ്രൂഷി
പ്പാൻ അണയുന്ന വിശുദ്ധസ്ഥലശുശ്രൂഷക്കാർ ആകുന്ന പുരോഹിതർക്ക്
ഉള്ളതു, അവരുടേ വീടുകൾക്ക് ഇടവും വിശുദ്ധാലയത്തിന്നു വിശുദ്ധ
5 സ്ഥലവും ആക. പിന്നേ ഇരുപത്തയ്യായിരം നീളത്തിലും പതിനായിരം
വീതിയിലും (ഉള്ള പാതി) ഭവനശുശ്രൂഷക്കാരായ ലേവ്യൎക്കാക്ക് ആക,
6 അവർ വസിപ്പാനുള്ള ഊരുകൾക്കായി സ്വമ്മാകേണ്ടു. ആ വിശുദ്ധമീത്തി
ന്നു നേർവരയായി ഐയായിരം വീതിയും ഇരുപത്തയ്യായിരം നീളവും
നിങ്ങൾ പട്ടണസ്വമ്മായി കൊടുക്കും, അതു സൎവ്വഇസ്രയേൽഗൃഹം ഉടയ
7 താക. വിശുദ്ധമീത്തിന്നും പട്ടണസ്വമ്മിന്നും ഇപ്പുറത്തും അപ്പുറത്തും വിശു
ദ്ധമീത്തിന്നും പട്ടണസ്വമ്മിന്നും പടിഞ്ഞാറേ ഭാഗത്തു പടിഞ്ഞാറോട്ടും
കിഴക്കേ ഭാഗത്തു കിഴക്കോട്ടും (രണ്ടു തറ) മന്നവന്നു് കൊടുക്കും; ഇതു കടൽ
അതിർ തൊട്ടു കിഴക്കു (യൎദ്ദൻ) അതിർ വരെക്കും ഗോത്രാംശങ്ങളിൽ ഒ
8 ന്നോടു നേർവരയായി നീളേണം. അതു് ഇസ്രയേലിൽ അവനു സ്വന്തഭൂ
മി ആയിരിക്കേണം, എന്റെ മന്നവന്മാർ ഇനി എൻ ജനത്തെ ഉപദ്രവി
ക്കാതേ ഇസ്രയേൽഗൃഹത്തിന്നു ഗോത്രങ്ങൾ ആണ്ടു ഭൂമിയെ കൊടുത്തു
വിടും.

9 യഹോവാകൎത്താവു് ഇവ്വണ്ണം പറയുന്നു: ഹേ ഇസ്രയേൽമന്നവന്മാരേ
നിങ്ങൾ ചെയ്തതു മതി! സാഹസവും കിണ്ടവും അകറ്റി നേരും ന്യായവും
ചെയ്വിൻ! വിശേഷാൽ എൻ ജനത്തിൻ ഭൂമിയെ ആക്രമിക്കുന്നതു മതി
10 യാക്കുവിൻ! എന്നു യഹോവാകൎത്താവിൻ അരുളപ്പാടു. നേരായുള്ള തുലാ
സ്സും, നേർനാഴിയും നേർത്തുത്തികയും നിങ്ങൾക്കു് ഇരിക്ക. ഏഫയും ബ
11 ത്തും ഓർ അളവാക: ബത്തു ഹോമരിൽ പത്താലൊന്നും ഏഫ ഹോമരിൽ
പത്താലൊന്നും കൊൾക, ഹോമരിൻപ്രകാരം അളവിനെ നിദാനിക്ക.
12 ശേക്കലിന്റെ തൂക്കം ഇരുപതു ഗേര തന്നേ. ഇരുപതു ശേക്കലും ഇരുപത
ഞ്ചു ശേക്കലും പതിനഞ്ചു ശേക്കലും (ആക അറുപതു?) നിങ്ങൾക്കു മാന
ആക.

13 മീത്തായി നിങ്ങൾ വഴിപാടു കൊടുപ്പതു: ഒരു ഹോമർ കോതമ്പിൽ ഏ
ഫയുടേ ഷഷ്ഠംഭാഗം, ഒരു ഹോമർ യവത്തിൽ ഏഫയുടേ ഷഷ്ഠംഭാഗം; എണ്ണ
14 യിൽ അടുക്കുവതോ: പത്തു ബത്തു പിടിക്കുന്ന ഒരു ഹോമർ ആകുന്ന

കോരിൽനിന്ന ബത്തിന്റെ പതവാരം എണ്ണ(കൊടുക്ക). പത്ത ബത്ത ഹോ
15 മരല്ലോ. പിന്നേ നനവേറുന്ന ഇസ്രയേൽദേശത്തികൽനിന്ന ഇരുന്നൂറ് ആ
ട്ടിൽ ഓർ ആടു (കൊടുക്ക) കാഴ്ച, ഹോമം സ്തുതിബലി ഇവകൊണ്ട് അവക്ക
16 നിരപ്പ വരുത്തുവാൻ, എന്ന യഹോവാകർത്താവിൻ അരുളപ്പാടു. ഇസ്രയേ
ലിലേ മന്നവന് ഈ മീത്ത വരേണ്ടതു സകല ദേശജനത്തിൽനിന്നത്രേ.
17 മന്നവന്മേൽ കടം ആകുന്നതോ പെരുനാളുകളും വാവുകളും ശബ്ബത്തുകളും ഇ
ങ്ങനേ ഇസ്രയേൽഗൃഹത്തിൻ സകല ഉത്സവങ്ങളിലും ഹോമങ്ങളും കാഴ്ച
യും പാനീയക്കാഴ്ചയും (കൊടുക്ക); ഇസ്രയേൽഗൃഹത്തിന്ന നിരപ്പ വരു
ത്തുവാൻ അവൻ പാപബലിയും കാഴ്ചയും ഹോമവും സ്തുതിബലികളെയും
കഴിപ്പൂതാക.

18 യഹോവാകർത്താവ് ഇവ്വണ്ണം പറയുന്നു: ഒന്നാം (തിങ്ങളുടേ) ഒന്നാം
തിയ്യതി നിർദ്ദോഷമായ കാളക്കിടാവിനെ എടുത്തു വിശുദ്ധസ്ഥലത്തു പാ
19 പം നീക്കുക. ഈ പാപബലിയുടേ രക്തത്തിൽനിന്ന പുരോഹിതൻ എടു
ത്തു ഭവനക്കട്ടിലയിലും ബലിപീഠനിലയുടേ നാലു കോണുകളിലും അക
20 മുറത്തിൻ വാതിൽക്കട്ടിലയിലും ഇടുക. ഉഴലുന്ന ആളുകൊക്കും അജ്ഞ
ന്മാർക്കും വേണ്ടി നീ അതേപ്രകാരം ഏഴാം തിയ്യതിയും ചെയ്ക, ഭവന
21 ത്തിന്ന നിരപ്പു വരുത്തുവാൻ.— ഒന്നാം (തിങ്ങളുടേ) പതിന്നാലാം തി
യ്യതി നിങ്ങൊക്കു പെസഹ ഉണ്ടാക, ഏഴു നാളത്തേ ഉത്സവമായി (കൊ
22 ണ്ടാടി) പുളിപ്പില്ലാത്തവ ഭക്ഷിക്കേണം. അന്ന മന്നവൻ തനിക്കും സകല
ദേശജനത്തിന്നും വേണ്ടി കാളക്കിടാവിനെ പാപബലി ആക്കേണം. പെരു
23 നാളിന്റെ ഏഴു ദിവസങ്ങളിൽ യഹോവെക്കു ഹോമമായി അവൻ ദിന
ന്പ്രതി നിർദ്ദോഷങ്ങളായ കാള ഏഴും ആട്ടുകൊറ്റന്മാർ ഏഴും കഴിക്ക;
24 ഏഴു ദിവസങ്ങളിൽ പാപബലിയായി ദിനന്പ്രതി വെള്ളാടിനെയും (ക
ഴിക്ക), കാഴ്ചയായി കൂട്ടേണ്ടതു് ഓരോ കാളെക്കു് ഓർ ഏഫ (മാവും)
ആട്ടുകൊറ്റനു് ഓർ ഏഫയും, ഓരോ ഏഫെക്കു ഒരു ഹീൻ എണ്ണയും ത
25 ന്നേ.— ഏഴാം തിങ്ങളുടേ പതിനഞ്ചാം തിയ്യതി (കൂടാര)പ്പെരുനാൾക്കു
അവൻ ഏഴു ദിവസം അതേപ്രകാരം ചെയ്യും: ഹോമവും പാപബലിയും
കാഴ്ചയും എണ്ണയും സമം.

46,1 യഹോവാകർത്താവ് ഇവ്വണ്ണം പറയുന്നു: കിഴക്കോട്ടു നോക്കുന്ന അക
മുറത്തിൻ വാതിൽ ആറുവേലയാഴ്ചകളിൽ അടെച്ചിരിക്ക, ശബ്ബത്തു നാ
2 ളിലും തിങ്ങൊപ്പിറപ്പിലും തുറക്കപ്പെടേണം. അന്ന മന്നവൻ പുറത്തുനി
ന്ന വാതിൽമണ്ഡപത്തിൻവഴിയായി പുക്കു വാതിൽക്കട്ടിലയരികേ നില്ക്ക;
അവനേറ ഹോമവും സ്തുതിബലികളെയും പുരോഹിതന്മാർ കഴിക്കയിൽ
അവൻ വാതിൽ ഉമ്മരത്തു നമസ്കരിക്ക, പിന്നേ പുറപ്പെടുക; വാതിലോ
3 സന്ധ്യവരേ അടെക്കാതേ ഇരിക്ക. ശബ്ബത്തുകളിലും തിങ്ങൊപ്പിറപ്പുകളി
ലും നാട്ടുകാർ ആ വാതിലിന്റെ തുറവിങ്കൽ യഹോവമുമ്പിൽ കൂടേ നമ
4 സ്കരിക്കേണം.— മന്നവൻ ശബ്ബത്തുനാളിൽ യഹോവെക്കു അടുപ്പിക്കും
ഹോമമോ നിർദ്ദോഷങ്ങളായ കുഞ്ഞാടുകൊം ആറും നിർദ്ദോഷമായ ആട്ടുകൊ
5 റനും, കാഴ്ചയോ ആടിന്നു് ഓർ ഏഫയും കുഞ്ഞാടുകൊംക്കു് അവനേറ
കൈക്കു കഴിയുന്ന ദാനവും ഓരോ ഏഫെക്കു ഹീൻ എണ്ണയും ആക. വാവി
6 ന്നാളിലോ നിർദ്ദോഷമായ കാളക്കിടാവും നിർദ്ദോഷങ്ങളായ ആറു കുഞ്ഞാ
ടുകളും ആട്ടുകൊറ്റനും ആക; കാഴ്ചയായി അവൻ കാളെക്കു് ഓർ ഏഫയും
7 ആട്ടുകൊറ്റനു് ഏഫയും കുഞ്ഞാടുകൊംക്കു കൈക്കു് എത്തുന്നതും ഏഫെക്കു
ഹീൻ എണ്ണയും കഴിക്കും.

8 മന്നവൻ വരുമ്പോൊം വാതിൽമണ്ഡപത്തിൻവഴിയായി പൂകയും ആ
9 വഴിയായി പുറപ്പെടുകയും വേണം. ഉത്സവങ്ങളിൽ നാട്ടുകാർ യഹോവ
യുടേ മുമ്പിൽ വന്നാൽ വടക്കുവാതിലൂടേ നമസ്കരിപ്പാൻ പുക്കവൻ തെക്കേ

വാതിലൂടേ പുറപ്പെടുക, തെക്കേവാതിലൂടേ പുക്കവൻ വടക്കുവാതിലൂടേ
പുറപ്പെടുക; താൻ വന്ന വാതിലിൻവഴിയായി മടങ്ങിപ്പോകാതേ ഏവരും
10 നേരേ ചെന്നു പുറപ്പെടുക. അവർ പൂകുമ്പോൾ മന്നവൻ അവരുടേ നടുവിൽ
11 പൂകുക, പുറപ്പെട്ടാൽ (ഒരുമിച്ചു) പുറപ്പെടുക.— പെരുനാളുകൾ മുതലായ
ഉത്സവങ്ങളിൽ കാഴ്ചയായി വേണ്ടുന്നതു കാളെക്കു് ഓർ ഏഫയും ആട്ടു
കൊറ്റനു് ഏഫയും കുഞ്ഞാടുകൾക്കു് അവന്റേറ കൈക്കു കഴിയുന്ന ദാന
12 വും ഏഫെക്കു ഹീൻ എണ്ണയും തന്നേ. മന്നവൻ യഹോവെക്കു മനഃപൂവ്വ്
മായ ഹോമമോ മനഃപൂവ്വുങ്ങളായ സ്തുതിബലികളോ കഴിക്കുമ്പോൾ അവ
ന്നു കിഴക്കേ വാതിൽ തുറക്കേണം. പിന്നേ അവൻ ശബ്ബത്തുനാളിൽ
ചെയ്യുമ്പോലേ തന്റേറ ഹോമങ്ങളെയും സ്തുതിബലികളെയും കഴിക്കുക, ക
13 ഴിച്ചു പുറപ്പെട്ട ഉടനേ വാതിലിനെ അടെക്കേണം.— പിന്നേ ഒരു വയ
സ്സുള്ള നിർദ്ദോഷകുഞ്ഞാടിനെ നീ ദിനന്പ്രതി യഹോവെക്കു കഴിക്കും, ഇതു
14 രാവിലേതോറും കഴിക്കേണം. അതിനോടു രാവിലേതോറും കാഴ്ചയായി
നീ കൂട്ടേണ്ടതു: ഏഫയുടേ ഷഷ്ഠംഭാഗവും മാവിനെ നനെപ്പാൻ ഹീനിൽ
15 മൂന്നൊന്നു എണ്ണയും യഹോവെക്കു കാഴ്ചയാക; ഇതു് ഇടമുറിയാത്ത നിത്യ
വെപ്പകം, നിത്യഹോമമായി രാവിലേതോറും കുഞ്ഞാടിനെയും കാഴ്ച
യെയും എണ്ണയെയും കഴിപ്പിൻ!

16 യഹോവാകർത്താവു് ഇവ്വണ്ണം പറയുന്നു: മന്നവൻ തൻ പുത്രരിൽ ഒരു
വന്നു (ഭൃ)ദാനം സമ്മാനിച്ചാൽ അതു് ഇവന്റേറ അവകാശം, ഇവന്റേറ മ
ക്കൾക്കും ആകും, അതു് അനന്ത്രവഅവകാശത്താൽ അവർക്കു സ്വമ്മു തന്നേ.
17 ദാസന്മാരിൽ ഒരുവന്നു സ്വഭ്രമിയിൽനിന്നു ദാനം സമ്മാനിക്കിലോ അതു
സ്വാതന്ത്ര്യവർഷത്തോളം അവന്റേറതു് ആകും, പിന്നേ മന്നവന്നു തിരികേ
ചേരും; അതു (മന്നവന്നു) മാത്രം അവകാശം, അവന്റേറ പുത്രന്മാർക്കു ആ
18 കും. മന്നവൻ പ്രജകളുടേ അവകാശത്തിൽ നിന്നു് എടുക്കയും അവരെ
സ്വന്തത്തിൽനിന്നു് ഉന്തിത്തള്ളുകയും അരുതു; എൻ ജനത്തിൽ ആരും
തന്റേറ സ്വമ്മിൽനിന്നു നീങ്ങി ചിന്നിപ്പോകായ്വാൻ മന്നവൻ തൻ പു
ത്രരെ സ്വമ്മിൽനിന്നു് അവകാശികം ആക്കുക!

19 അനന്തരം അവൻ (അകമുറ്റത്തിൻ വടക്കേ) വാതിലിന്റേറ ഭാഗത്തുള്ള
പ്രവേശത്തിൽ പുരോഹിതന്മാർക്കു (തീർത്ത) വിശുദ്ധ അറകെട്ടിലേക്കു്
(42, 1) എന്നെ നടത്തി; അവിടേ ഇതാ പടിഞ്ഞാറോട്ടുള്ള അറ്റത്തിൽ
20 ഒരു സ്ഥലം ഉണ്ടു. അവൻ എന്നോടു പറഞ്ഞു: പുരോഹിതന്മാർ കുറ്റബലി
യെയും പാപബലിയെയും വേവിക്കുന്നതും കാഴ്ചയെ ചുടുന്നതുമായ സ്ഥ
ലം ഇതു തന്നേ (42, 13); ഇങ്ങനേ ജനത്തെ വിശുദ്ധീകരിപ്പാന്തക്കവണ്ണം
21 (44,19) പുറമുറ്റത്തിലേക്കു് കൊണ്ടുപോകേണ്ടതല്ല.— പിന്നേ അവൻ
എന്നെ പുറമുറ്റത്തിലേക്കു പുറപ്പെടുവിച്ചു മുറ്റത്തിലേ നാലു മൂലകളിലും
22 കടത്തി, അതാ ഓരോ മുറ്റമൂലയിൽ ഓരോ (ചെറു) മുറ്റം ഉണ്ടു. മുറ്റത്തി
ലേ നാലു മൂലകളിലും നാല്പതു മുളം നീളത്തിലും മുപ്പതു വീതിയിലും മാടി
ക്കെട്ടിയ (ചെറു) മുറ്റങ്ങൾ ഉണ്ടു; ഈ നാലു മൂലക്കെട്ടുകൾക്കും അളവു്
23 ഒന്നത്രേ. നാലിങ്കലും ചുറ്റും പടനിരകൾ പട്ടത്തും പടനിരകൾക്കു കീഴേ
24 ചുറ്റും അടുപ്പുകൾ തീർത്തും കണ്ടു. അവൻ എന്നോടു പറഞ്ഞു: ഭവനശുശ്രൂ
ഷക്കാർ (ലേവ്യർ ജനം അറുത്ത ബലികളെ വേവിക്കുന്ന വെപ്പുപുരകൾ
ഇവ തന്നേ.

47. അദ്ധ്യായം (—48.)

ജീവവെള്ളനദി ദേവാലയത്തിൽനിന്നു് ഒഴുകി ഉപ്പുകടലോളം സൌഖ്യ
ത്തെ പരത്തും (13) ദേശത്തിൻ അതിരും (അ. 48) വിഭാഗവും ദർശിച്ചതു.

1 അനന്തരം അവൻ എന്നെ ഭവനവാതില്ക്കലേക്കു മടക്കി. അതാ ഭവന
ത്തിൻ ഉമ്മരപ്പടിക്കു കീഴിൽനിന്നു വെള്ളം കിഴക്കോട്ട് ഒലിക്കുന്നു (ഭവ
നമുഖം കിഴക്കല്ലോ നോക്കുന്നു). ആ വെള്ളം കീഴേനിന്നു മന്ദിരത്തിൻ വ
2 ലത്തുതോളിൽനിന്നു (41) ഉണ്ടായി ബലിപീഠത്തിന്നു തെക്കേ ഒഴുകി. അ
വൻ വടക്കുവാതിലൂടേ എന്നെ പുറപ്പെടുവിച്ചു പുറത്തു ചുറ്റി കിഴക്കോട്ടു
നോക്കുന്ന വാതിലിന്റെ പുറഭാഗത്ത് ആക്കി, അതിൻ വലത്തുതോളിൽ
3 നിന്ന് അതാ വെള്ളം വാരുന്നു. പുരുഷൻ കിഴക്കോട്ടു ചെല്ലുമ്പോൾ ക
യ്യിൽ ചരട് ഉണ്ടായി. അവൻ ആയിരം മുളം അളന്നു എന്നെ വെള്ളത്തൂ
4 ടേ കടത്തിച്ചു, കണങ്കാൽ വരേ വെള്ളം. പിന്നേ ആയിരം അളന്നു എന്നെ
വെള്ളത്തൂടേ കടത്തിച്ചു, മുട്ടുകൊം വരേ വെള്ളം; പിന്നേ ആയിരം അളന്നു
5 എന്നെ കടത്തിച്ചാറേ, അരകൊം വരേ വെള്ളം. പിന്നേ ആയിരം അള
ന്നാറേ, എനിക്കു കടന്നുകൂടാത്ത തോട് ആയി, വെള്ളമാകട്ടേ പൊങ്ങി
6 നീന്തുന്ന നീരായമായി കടപ്പാൻ വഹിയാത്ത തോടു.—അവൻ എന്നോ
ടു: മനുഷ്യപുത്രാ കണ്ടുവോ? എന്നു പറഞ്ഞു നദീതീരത്തിന്മേൽ എന്നെ മട
7 ക്കി നടത്തി. മടങ്ങിയാറേ ഇതാ തോട്ടിൻ ഇക്കരെയും അക്കരെയും ഏറേ
8 പെരിക മരങ്ങൊം നിന്നു കണ്ടു. അവൻ എന്നോടു പറഞ്ഞു: ഈ വെള്ളം
(യൂദ്നൃ) പൂർവ്വമണ്ഡലത്തേക്ക് ഒഴുകി (അറബ)പ്പുഴുഭൂമിയിൽ ഇറങ്ങി
കടലിൽ ചെല്ലുന്നു, കടലിൽ അയച്ചൂടുന്നത് (ഉപ്പു)നീർക്കു സൌഖ്യം വ
9 രുവാനേ. വിശേഷിച്ചു ഇരട്ടിപ്പുഴ ചെല്ലുന്ന ദിക്കുതോറും തിങ്ങിനിറയുന്ന
പ്രാണി ഒക്കയും ജീവിക്കും മീനും അത്യന്തം പെരുകും, ഈ വെള്ളം അ
വിടേ വരുമ്പോൾ, ഉപ്പുനീർ മാറും, പുഴ വന്നു കൂടുന്നേടത്തു സകലവും
10 ജീവിക്കും. ആ കടല്ക്കരേ മീൻപിടിക്കാർ നിന്നു ഏൻഗദി മുതൽ ഏനെ
ഗ്ലൈംവരയും വലവീച്ചു നടത്തും, മീനിന്റെ ജാതികൊം വൻകടലിലേ
11 മത്സ്യം കണക്കേ അത്യന്തം വളരേ ആകും. അതിന്റെ ചൊത്തും ചളി
12 കളും മാറിവരാതേ ഉപ്പളത്തിന്നു കൊടുക്കപ്പെടുന്നു. നദീതീരത്ത് ഇക്കര
യും അക്കരയും തിന്നുന്ന ഫലമുള്ള പല മരങ്ങൊം ഒക്കയും ഉളവാകും, അ
തിൻ ഇല വാടാതു ഫലം ഒടുങ്ങാതു മാസംതോറും പഴം പുഴുക്കും അതിലേ
വെള്ളം വിശുദ്ധസ്ഥലത്തിങ്കുന്ന ജനിക്കയാൽ തന്നേ. അതിൻ ഫലം
തീനിന്നും ഇലകൊം മരുന്നിന്നും ആം.

13 യഹോവാകർത്താവ് ഇവ്വണ്ണം പറയുന്നു: നിങ്ങൊം ഇസ്രയേൽഗോത്രങ്ങൊം
പന്ത്രണ്ടിന്നും ദേശത്തെ അവകാശം ആക്കി പകുക്കേണ്ടുന്ന അതിർ ഇതത്രേ:
14 (യോസേഫിന്നു രണ്ടു പങ്ക് ആക!). നിങ്ങടേ അച്ഛന്മാർക്കു കൊടുപ്പാൻ
ഞാൻ കൈ ഉയർത്തുകകൊണ്ടു (പന്തിരുവരിൽ) അവനവന്നു സമമായി അ
വകാശം കിട്ടും, ഇങ്ങനേ ഈ ദേശം നിങ്ങൊംക്ക് അവകാശമായി അട
15 ങ്ങും.—ദേശത്തിൻ അതിർ ആവിതു: വടക്കുപുറത്തു വൻകടൽ തൊട്ടു ഹെത്ത്
16 ളോൻവഴിയായി ചദാദിന്നു, ഹമാ ബേരോഥയും, ദമഷ്കു അതിരി
ന്നും ഹമത്തതിരിന്നും മദ്ധ്യേ ഉള്ള സിബ്രൈം, ഹൌരാന്റെ അതിരോടു
17 ചേർന്ന നടു ഹചേർ, ഇങ്ങനേ അതിർ കടലിൽനിന്നു ദമഷ്കിൻ അതി
രായ ഹചർഏനോൻ ഓളം ഏത്തും, വടക്കോട്ടോ ഹമത്തല്ലോ അതിർ.
18 ഇതത്രേ വടക്കുപുറം. കിഴക്കുപുറമോ: ഹൌരാൻ ദമഷ്കു ഗിലെയാദു ഇവ
റിന്നും ഇസ്രയേൽനാട്ടിന്നും നടുവിൽ യർദ്ദൻ തന്നേ; (വടക്കേ) അതിർ
19 തൊട്ടു കിഴക്കൻകടൽവരേ അളപ്പിൻ. ഇതത്രേ കിഴക്കുപുറം. തെക്കുപുറമോ: താ
മാരിൽനിന്നു തെക്കോട്ടു വിവാദവെള്ളം ഉള്ള കദേശിനോടു (മിസ്രൂ)ത്തോ
20 ട്ടിനോടു വൻകടൽവരയും, ഇതത്രേ തെക്കേ ദക്ഷിണപുറം. പടിഞ്ഞാറുപുറ
മോ (തെക്കേ) അതിർ തൊട്ടു ഹമത്തോടു ചെല്ലുന്ന മുനവരയും വൻകടൽ ത
21 ന്നേ. ഇതത്രേ പടിഞ്ഞാറുപുറം.—ഈ ദേശത്തെ നിങ്ങൊം ഇസ്രയേൽഗോ
22 ത്രങ്ങൊംക്ക് ആമാറു വിഭാഗിച്ചുകൊള്ളേണം. നറുക്ക് എടുത്തുംകൊണ്ടു നി
ങ്ങൊംകും നിങ്ങളുടേ ഇടയിൽ പാർത്തുകൊണ്ടു ഇവിടേ മക്കളെ ജനിപ്പിക്കുന്ന

പരദേശികൾക്കും അതിനെ പകുക്കേണം. ഇവർ നിങ്ങൾക്കു ഇസ്രയേൽ പുത്രന്മാരിൽ പിറന്നവരോട് ഒക്കേണം, ഇസ്രയേൽഗോത്രങ്ങളുടേ
23 നടുവേ നിങ്ങളോടു കൂടി നറുക്കെടുത്തു അവകാശികൾ ആകും. പരദേശി ചേർന്നു പാർക്കുന്ന ഗോത്രത്തിൽ തന്നേ നിങ്ങൾ അവനവന്നു തൻ അവകാശം കൊടുക്കാവു, എന്നു യഹോവാകർത്താവിൻ അരുളപ്പാടു.

48,1 ഗോത്രങ്ങളുടേ പേരുകൾ ആവിതു: വടക്കേ അറ്റത്തുനിന്നു ഹമത്തിലേക്കു പോകുന്ന ഹെത്ലോൻവഴിക്കു് ഇപ്പുറം ഹചർഏനോനോടു ദമഷ്കു് അതിർവരയും, ഇങ്ങനേ വടക്കു ഹമത്തിൻ ഓരത്തിൽ കിഴക്കുപടിഞ്ഞാറു
2 ഭാഗങ്ങൾ ദാനിന്നു (നറുക്കു്) ഒന്നു. ദാനിൻറെ അതിരിന്മേൽ കിഴക്കുപടി
3 ഞ്ഞാറുഭാഗങ്ങളിൽ ഉൾപ്പെട്ടതു ആശേരിന്നു് ഒന്നു. അതിൻറെ അതിരിൽ കിഴക്കുപടിഞ്ഞാറു ഭാഗങ്ങളിൽ ഉൾപ്പെട്ടതു നഫ്താലിക്കു് ഒന്നു. നഫ്താലി
4 അതിരിന്മേൽ കിഴക്കുപടിഞ്ഞാറുഭാഗങ്ങളിൽ ഉൾപ്പെട്ടതു മനശ്ശേക്കു് ഒന്നു.
5 മനശ്ശേഅതിരിന്മേൽ കിഴക്കുപടിഞ്ഞാറുഭാഗങ്ങളിൽ ഉൾപ്പെട്ടതു എഫ്രൊ
6 മിന്നു് ഒന്നു. എഫ്രയീം അതിരിന്മേൽ കിഴക്കുപടിഞ്ഞാറുഭാഗങ്ങളിൽ ഉൾ
7 പ്പെട്ടതു രൂബനു് ഒന്നു. രൂബൻഅതിരിന്മേൽ കിഴക്കുപടിഞ്ഞാറുഭാഗങ്ങളിൽ ഉൾപ്പെട്ടതു യഹൂദെക്കു് ഒന്നു.—

8 യഹൂദഅതിരിന്മേൽ കിഴക്കുപടിഞ്ഞാറുഭാഗങ്ങളിൽ ഉൾപ്പെട്ട നിങ്ങൾ വേർതിരിപ്പാനുള്ള മീത്തു വഴിപാടു് (45,1) ആകും. അതിന്നു ഇരുപത്തയ്യായിരം (കോൽ) വീതിയല്ലോ, നീളമോ കിഴക്കുപടിഞ്ഞാറുഭാഗങ്ങളിൽ ഉൾപ്പെട്ട അംശങ്ങളിൽ ഒന്നിന്നു സമം. വിശുദ്ധസ്ഥലം അതിൻ നടുവിൽ
9 തന്നേ ആക. യഹോവെക്കു നിങ്ങൾ വേർതിരിക്കുന്ന മീത്തു ഇരുപത്തയ്യായിരം നീളവും പതിനായിരം വീതിയും ആക. ഈ വിശുദ്ധമീത്തു പുരോ
10 ഹിതന്മാക്കു് ഉള്ളതു വടക്കോട്ടു ഇരുപത്തയ്യായിരം, പടിഞ്ഞാറോട്ടു വീതി പതിനായിരം, കിഴക്കോട്ടു വീതി പതിനായിരം, തെക്കോട്ടു നീളം ഇരുപത്തയ്യായിരം, ഇങ്ങനേ ഉള്ളതിൻ നടുവിൽ യഹോവയുടേ വിശുദ്ധ
11 സ്ഥലം ആക. ഇസ്രയേൽപുത്രന്മാർ ഉഴലുകയിൽ ലേവ്യരെ പോലേ ഉഴലാതേ എൻറെ വിചാരണ കാത്തുകൊണ്ട സാദോക്പുത്രന്മാരിൽ ആർ വിശു
12 ദ്ധീകരിക്കപ്പെട്ടവൻ, അങ്ങനത്തേ പുരോഹിതന്മാക്കു ദേശമീത്തിൽനിന്നുള്ള നന്മീത്താക, അതു ലേവ്യരുടേ അതിരിന്മേൽ ഓർ അതിവിശു
13 ദ്ധം.—ലേവ്യന്മാർക്കോ പുരോഹിതന്മാരുടേ അതിർക്കു നേർവരയായി ഇരുപത്തയ്യായിരം നീളത്തിലും പതിനായിരം വീതിയിലും (ഓർ അംശം) ആക; നീളം ഒക്കയും ഇരുപത്തയ്യായിരവും വീതി (ഒക്കയും) പതിനായി
14 രവും തന്നേ. അതിൽ ഒട്ടും വില്ക്കയും അരുതു മാററിക്കൊടുക്കയും അരുതു.
15 ഈ ദേശപ്രഥമം യഹോവെക്കു വിശുദ്ധമാകയാൽ അന്യകൈവശം ആകരുതു.— ആ ഇരുപത്തയ്യായിരത്തെ നോക്കി വീതിയിൽ ശേഷിച്ചുള്ള ഐയായിരമോ പട്ടണത്തിന്നും പാർപ്പിന്നും മൈതാനത്തിന്നും ബാഹ്യനില
16 മാക, പട്ടണം അതിൻ നടുവിൽ നില്ക്കും. ആയതിൻറെ അളവുകൾ ആവിതു: വടക്കുപുറം നാലായിരത്തു് അഞ്ഞൂറു, തെക്കുപുറം നാലായിരത്തു്
17 അഞ്ഞൂറു, കിഴക്കുപുറം നാലായിരത്തു് അഞ്ഞൂറു, പടിഞ്ഞാറുപുറം നാലായിരത്തു് അഞ്ഞൂറു. പട്ടണത്തിന്നു മൈതാനമോ: വടക്കോട്ടു ഇരുനൂറമ്പതു, തെക്കോട്ടു് ഇരുനൂറമ്പതു, കിഴക്കോട്ടു് ഇരുനൂറമ്പതു, പടിഞ്ഞാറോട്ടു് ഇരുനൂറമ്പതും ആക. വിശുദ്ധമീത്തിന്നു നേർവര
18 യായി നീളത്തിൽ ശേഷിപ്പുള്ള കിഴക്കേ പതിനായിരവും പടിഞ്ഞാറേ പതിനായിരവും വിശുദ്ധമീത്തിന്നു് അപ്പുറത്തും അതിൻ അനുഭവം
19 പട്ടണത്തിൽ വേല ചെയ്യുന്നവർക്കു ഉപജീവനത്തിന്നും ആക. പട്ടണത്തു വേലക്കാർ എന്നാൽ ഇസ്രയേൽഗോത്രങ്ങൾ എല്ലാററിലും ഉണ്ടായവർ ആ
20 നിലം നടക്കാവു. മീത്തു മുഴുവനും ഇരുപത്തയ്യായിരത്തിൽ പെരുക്കിയ ഇരുപത്തയ്യായിരം . പട്ടണത്തിൻ സ്വമ്മായി വിശുദ്ധമീത്തിൽ കാലംശം

21 നിങ്ങൾ എടുക്കും.— വിശുദ്ധമീത്തിന്നും പട്ടണസ്വത്തിന്നും ഇപ്പുറ
ത്തും അപ്പുറത്തും ശേഷിപ്പുള്ളതു മന്നവന്നു ആക. (45,7). മീത്തിലേ ഇരു
പത്തയ്യായിരം മുതൽ കിഴക്കേ അതിരോളം ഉള്ള ഭൂമിയും പടിഞ്ഞാറോട്ട
ഇരുപത്തയ്യായിരം മുതൽ പടിഞ്ഞാറേ അതിരോളം ഉള്ളതും ഗോത്രാംശ
ങ്ങളോടു നേർവരയായി മന്നവനേറ്റു. ഇതിൻ നടുവിലത്രേ വിശുദ്ധമീ
22 ത്തും ഭവനവിശുദ്ധസ്ഥലവും ആക. ഇങ്ങനേ ലേവ്യസ്വത്തിന്നും പട്ടണ
സ്വത്തിന്നും അപ്പുറത്തു മന്നവനേറതിൽ ഉൾപ്പെട്ടതായി യഹൂദ അതിർക്കും
ബിന്യമീൻ അതിർക്കും നടുവിലേത്തു മന്നവന്നു തന്നേ ആക.

23 ശേഷം ഗോത്രങ്ങളോ: കിഴക്കുപടിഞ്ഞാറുഭാഗങ്ങളിൽ ഉൾപ്പെട്ടതു ബി
24 ന്യമീന (നറുക്കു) ഒന്നു. ബിന്യമീൻഅതിരിന്മേൽ കിഴക്കുപടിഞ്ഞാറുഭാഗ
25 ങ്ങളിൽ ഉൾപ്പെട്ടതു ശിമ്യോന് ഒന്നു. ശിമ്യോൻ അതിരിന്മേൽ കിഴക്കുപ
ടിഞ്ഞാറുഭാഗങ്ങളിൽ ഉൾപ്പെട്ടതു ഇസസ്കാരിന്നു ഒന്നു. ഇസസ്കാർ
26 അതിരിന്മേൽ കിഴക്കുപടിഞ്ഞാറുഭാഗങ്ങളിൽ ഉൾപ്പെട്ടതു ജബൂലൂന് ഒന്നു.
27 ജബൂലൂൻഅതിരിന്മേൽ കിഴക്കുപടിഞ്ഞാറുഭാഗങ്ങളിൽ ഉൾപ്പെട്ടതു ഗാദി
28 ന്നു ഒന്നു. ഗാദിൻഅതിരിന്മേൽ തെക്കോട്ടു താമാർ തൊട്ടു വിവാദവെ
ള്ളമുള്ള കദേശിനോടു തോട്ടിനോടു വങ്കടൽവരയും ദക്ഷിണ അതിർ ആക
29 (47, 19). ഇസ്രയേൽഗോത്രങ്ങൾക്കു നിങ്ങൾ നറുക്കു എടുത്തു പകുക്കേ
ണ്ടുന്ന ദേശം ഇതു തന്നേ, അവരുടേ അംശങ്ങളും ഇവ, എന്നു യഹോവാ
കത്താവിൻ അരുളപ്പാടു.

30 പട്ടണത്തിൻ പുറപ്പാടുകൾ ആവിതു: വടക്കുഭാഗത്തിൻ അളവു നാലാ
31 യിരത്തഞ്ഞൂറു (കോൽ) അല്ലോ. പട്ടണവാതിലുകളോ ഇസ്രയേൽ ഗോത്ര
ങ്ങളുടേ പേരുകളാൽ ആകും. വടക്കോട്ടു മൂന്നുവാതിലുകൾ, രൂബൻവാതിൽ
ഒന്നു, യഹൂദവാതിൽ ഒന്നു, ലേവിവാതിൽ ഒന്നു; കിഴക്കുഭാഗത്തിന്നു നാ
32 ലായിരത്തു അഞ്ഞൂറു ഉള്ളതിൽ മൂന്നു വാതിലുകൾ, യോസേഫു വാതിൽ
ഒന്നു, ബിന്യമീൻവാതിൽ ഒന്നു, ദാൻവാതിൽ ഒന്നു, തെക്കുഭാഗത്തിന്നു
33 നാലായിരത്തു അഞ്ഞൂറു അളന്നതിൽ മൂന്നു വാതിലുകൾ, ശിമ്യോൻവാ
തിൽ ഒന്നു, ഇസസ്കാർവാതിൽ ഒന്നു, ജബൂലൂൻവാതിൽ ഒന്നു. പടിഞ്ഞാറു
34 ഭാഗത്തിന്നു നാലായിരത്തു അഞ്ഞൂറു ഉള്ളതിൽ മൂന്നു വാതിലുകൾ,
ഗാദുവാതിൽ ഒന്നു, ആശേർവാതിൽ ഒന്നു, നഫ്താലിവാതിൽ ഒന്നു. ചുറ
35 ളവു പതിനെണ്ണായിരം (കോൽ). പട്ടണത്തിന്നേറ പേരോ ഇന്നു മുതൽ
''യഹോവ അവിടേ'' എന്നത്രേ.

THE BOOK OF

DANIEL

ദാനീയേൽ

1. അദ്ധ്യായം

ദാനീയേൽ മുതലായ യഹൂദാബാല്യക്കാർ ബാബേലിൽ പ്രവസിച്ച ശേഷം (8) ഇസ്രയേൽധർമ്മത്തെ പ്രമാണിച്ചു കാത്തു (17) ദേവാനുഗ്രഹത്താൽ ജ്ഞാനികളായി വളർന്നു.

1 യഹൂദാരാജാവായ യോയക്കീമിൻ വാഴ്ചയുടേ മൂന്നാം ആണ്ടിൽ ബാ
ബേൽരാജാവായ നബുകദ്രേചർ യരുശലേമിലേക്കു യാത്രയായി അതി
2 നെ വളഞ്ഞു. കർത്താവു യഹൂദാരാജാവായ യോയക്കീമെയും ദൈവാലയ
പാത്രങ്ങളിൽ ഓർ അംശത്തെയും അവന്റേറ കൈയിൽ കൊടുത്താറേ അ
വൻ അവ ശിനൃാർദേശത്തു സ്വദേവന്റേറ ആലയത്തിലേക്കു കൊണ്ടു
പോയി പാത്രങ്ങളെ സ്വദേവന്റേറ ഭണ്ഡാരശാലയിൽ ആക്കിച്ചു.—
3 പിന്നേ രാജാവു തന്റേറ ഷണ്ഡാദ്ധ്യക്ഷനായ അശ്പനാജിനോടു കല്പിച്ചു:
4 ഇസ്രയേൽപുത്രന്മാരിലും രാജകുലത്തിലും മുമ്പന്മാരിലും കുറവ് ഒട്ടും ഇല്ലാ
തേ രൂപഗുണവും സകലവിദ്യാബോധവും പൂണ്ടു അറിവും വിവേകവും ഏ
റി രാജമന്ദിരത്തിൽ നില്പാൻ പ്രാപ്തിയുള്ള ചില ബാല്യക്കാരെ (തെരി
ഞ്ഞു) വരുത്തി കല്ദയഗ്രന്ഥവും ഭാഷയും അഭ്യസിപ്പിക്കേണം. എന്നാ
5 റേ രാജാവ് ആയവർക്കു രാജഭോജ്യത്തിൽനിന്നും താൻ കുടിക്കുന്ന വീ
ഞ്ഞിൽനിന്നും ദിവസവൃത്തി നിശ്ചയിച്ചു മൂവാണ്ടുവളർത്തി കഴിഞ്ഞാൽ
6 അവർ രാജാവിൻ മുമ്പിൽ നില്ക്കു എന്നു കല്പിച്ചു. ആയവരിൽ യഹൂദാ
പുത്രന്മാർ ആയതു ദാനീയേൽ ഹനന്യാ മീശയേൽ അജര്യാ എന്നവർ.
7 ഇവക്കു ഷണ്ഡാദ്ധ്യക്ഷൻ പേരുകൾ ഇട്ടതു: ദാനീയേലെ ബലച്ചർ എ
ന്നും ഹനന്യാവെ ശദ്രക് എന്നും മീശയേലെ മേശക് എന്നും അജര്യാ
വിനെ അബ്ദനഗോ എന്നും വിളിച്ചു.
8 പിന്നേ ദാനീയേൽ രാജഭോജ്യങ്ങളാലും പള്ളിവീഞ്ഞിനാലും തന്നെ
ത്താൻ പിരട്ടുക ഇല്ല എന്നു മനസ്സിൽ വെച്ചുകൊണ്ടു ഷണ്ഡാദ്ധ്യക്ഷനോടു
9 താൻ പിരളാതേ ഇരിപ്പാൻ അപേക്ഷിച്ചു. ദൈവവും ദാനീയേലിന്നു ഷ
ണ്ഡാദ്ധ്യക്ഷന്റേറ മുമ്പിൽ കരുണയും കരുണക്കനിവും എത്തിച്ചു. ഷണ്ഡാ
10 ദ്ധ്യക്ഷൻ ദാനീയേലോടു പറഞ്ഞു: നിങ്ങൾക്ക് ഉണ്മാനും കുടിപ്പാനും നി
ശ്ചയിച്ച എൻ കർത്താവായ രാജാവിനെ (മാത്രം) ഞാൻ ഭയപ്പെടുന്നു, തര
മായ വയസ്യന്മാരെക്കാൾ നിങ്ങളുടേ മുഖങ്ങൾ മുഷിഞ്ഞു കാണേണമോ?
എന്നാൽ നിങ്ങൾ എൻ തലയെ രാജാവിനോടു യോഗ്യത്തിലാക്കും. എ
11 ന്നാറേ ദാനീയേൽ ഹനന്യാ മീശയേൽ അജര്യാ ഇവക്കു ഷണ്ഡാദ്ധ്യക്ഷൻ
12 ആക്കിവെച്ച ഊട്ടുകാരനോടു ദാനീയേൽ പറഞ്ഞു: അടിയങ്ങളോടു പത്തു
നാൾകൊണ്ടു ഒരു പരീക്ഷ നോക്കേണമേ. ഞങ്ങൾക്ക് ഉണ്മാൻ സസ്യാദി
കളെയും കുടിപ്പാൻ വെള്ളവും തരാമല്ലോ. പിന്നേ നിന്റേറ മുമ്പിൽ ഞങ്ങ
13 ടേ രൂപവും രാജഭോജ്യം ഉപജീവിക്കുന്ന ബാല്യക്കാരുടേ രൂപവും കാണാ
14 വു, കാണുന്ന പ്രകാരം അടിയങ്ങളോടു ചെയ്കൊൾക! — ആയവൻ ഈ
ചൊല്പടി കേട്ടു പത്തുനാൾ അവരെ പരീക്ഷിച്ചു പോന്നു. പത്തുനാൾ

15 കഴിഞ്ഞിട്ടു രാജഭോജ്യം ഉപജീവിക്കുന്ന എല്ലാ ബാല്യക്കാരിലും നാലർ
ക്കും ശ്രുപഗ്രണവും മാംസപുഷ്ടിയും ഏറി കണ്ടപ്പോൾ, ഊട്ടുകാരൻ അവരു
16 ടേ ഭോജ്യവും കുടിക്കേണ്ടുന്ന വീഞ്ഞും നീക്കി അവർക്കു സസ്യാദികളെ
കൊടുത്തു പോന്നു.

17 ഇങ്ങനേ ഉള്ള ബാല്യക്കാർ നാലർക്കും ദൈവം എല്ലാ ഗ്രന്ഥത്തിലും വി
ദ്യയിലും അറിവും സാമർത്ഥ്യവും കൊടുത്തു, ദാനീയേൽ വിശേഷാൽ സക
18 ലദർശനത്തിലും സ്വപ്നങ്ങളിലും വിവേകി ആയ്വന്നു. രാജാവ് അവ
രെ പൂകിപ്പാൻ പറഞ്ഞ നാളുകൾ കഴിഞ്ഞപ്പോൾ ഷണ്ഡാദ്ധ്യക്ഷൻ അവ
19 രെ നബുകദ്രേചരുടേ മുമ്പിൽ ആക്കി. രാജാവ് അവരോട് ഉരിയാടി
യപ്പോൾ എല്ലാവരിലും ദാനീയേൽ ഹനന്യാ മീശയേൽ അജര്യാ എന്ന
വർക്കു സമാനമായി ആരും കണ്ടെത്തപ്പെട്ടില്ല. ഇങ്ങനേ അവർ രാജാവിൻ
20 മുമ്പിൽ നില്ക്കയും ചെയ്തു. രാജാവ് അവരോടു ഏതു ജ്ഞാനവിവേചകാ
ര്യത്തിലും ചോദിച്ചാലും തന്റേ രാജ്യത്തിൽ എങ്ങുമുള്ള ശാസ്ത്രികൾക്കും
21 മന്ത്രവാദികൾക്കും ഇവരെ പത്തിരട്ടി മീതേ കണ്ടു. ദാനീയേലോ കൂരുസ്സ്
രാജാവിന്റേ ഒന്നാം ആണ്ടുവരേ ഇങ്ങനേ ആയി പാർത്തു.

1. ദാനീയേലിന്റേ ചരിത്രവിവരം. (അ. 2–6.)

2. അദ്ധ്യായം

നബുകദ്രേചർ നാലു സാമ്രാജ്യങ്ങളെ സ്വപ്നത്തിൽ കണ്ടതു (19) ദാനീ
യേൽ അറിഞ്ഞു (24) രാജാവോട് അറിയിച്ചു (37) പൊരുൾ തിരിച്ചതു.

1 നബുകദ്രേചർ വാഴ്ചയുടേ രണ്ടാം ആണ്ടിൽ നബുകദ്രേചർ സ്വപ്നങ്ങൾ
കാൺകയാൽ അവന്റേ ആത്മാവ് ഇടിഞ്ഞു ഉറക്ക് ഒഴികയും ചെയ്തു. രാ
2 ജാവ് ആ സ്വപ്നങ്ങളെ തന്നോട് അറിയിപ്പാൻ ശാസ്ത്രികളെയും മന്ത്രവാ
ദികളെയും ആഭിചാരികളെയും കല്ദയരെയും വിളിപ്പിച്ചു, അവരും വ
3 ന്നു രാജാവിൻ മുമ്പിൻ നില്ക്കുമ്പോൾ, രാജാവ് അവരോടു പറഞ്ഞു:
ഞാൻ കിനാവു കണ്ടു, ആ സ്വപ്നത്തെ അറിയേണം എന്ന് എൻ ആത്മാ
4 വ് ഇടിഞ്ഞിരിക്കുന്നു. കല്ദയർ രാജാവോട് അരാമ്യഭാഷയിൽ പറ
ഞ്ഞു: അല്ലയോ രാജാവേ എന്നേക്കും വാഴുക! സ്വപ്നത്തെ അടിയങ്ങളോടു
5 പറഞ്ഞാലും എന്നാൽ അർത്ഥത്തെ ഉണർത്തിക്കാം. എന്നതിന്നു രാജാവ്
കല്ദയരോടു ഉത്തരം പറഞ്ഞു: വാക്ക് എന്നോടു സ്ഥിരമായി, നിങ്ങൾ
സ്വപ്നത്തെയും അതിൻ അർത്ഥത്തെയും എന്നോടു അറിയിക്കാഞ്ഞാൽ നി
ങ്ങൾ ശകലീഭവിക്കയും വീടുകൾ കാഷ്ഠസ്ഥാനങ്ങൾ ആകയും ചെയ്യും.
6 സ്വപ്നത്തെയും അർത്ഥത്തെയും ഉണർത്തിക്കിലോ ദാനവും സമ്മാനവും മി
കെച്ച മേന്മയും എന്നോടു ലഭിക്കും; അതുകൊണ്ട് സ്വപ്നത്തെയും അർത്ഥ
7 ത്തെയും ഉണർത്തിപ്പിൻ! അവർ പിന്നേയും ഉത്തരം പറഞ്ഞിതു: രാജാവ്
അടിയങ്ങളോടു സ്വപ്നത്തെ പറഞ്ഞാലും എന്നാൽ അർത്ഥത്തെ ഉണർത്തി
8 ക്കാം. രാജാവ് ഉത്തരം പറഞ്ഞു: വാക്ക് എന്നോടു സ്ഥിരം എന്നു നി
ങ്ങൾ കാൺകയാൽ കാലം മാത്രം വേണ്ടിക്കുന്നു എന്നു ഞാൻ പട്ടാങ്ങായി
9 അറിയുന്നു. സ്വപ്നത്തെ അറിയിക്കാഞ്ഞാൽ ഇതത്രേ നിങ്ങളുടേ തീർപ്പു,
കാലം മാറുവോളം എൻ മുമ്പിൽ വ്യാപൃതിയുള്ള ഭൂവ്വാക്കു പറവാൻ നിങ്ങൾ
നിർണ്ണയിച്ചുപോയി; അതുകൊണ്ടു സ്വപ്നത്തെ എന്നോടു പറവിൻ! എ
10 ന്നാൽ അർത്ഥത്തെ ഉണർത്തിച്ചു കൂടും എന്നു ഞാൻ അറിയും. കല്ദയർ രാ
ജാവിൻ മുമ്പിൽ ഉത്തരം പറഞ്ഞു: രാജാവിന്റേ കാര്യത്തെ ഉണർത്തി
പ്പാൻ കഴിയുന്ന മനുഷ്യൻ ലോകത്തിൽ ഇല്ല, ഇങ്ങനേത്തേ കാര്യം ശാ
സ്ത്രികൾ മന്ത്രവാദി കല്ദയർ ആരോടും ചോദിച്ച മഹാനും ബലവാനും

11 ആയ രാജാവും ഇല്ലല്ലോ. രാജാവു ചോദിക്കുന്ന കാര്യം അപൂർവ്വം തന്നേ,
തിരുമുമ്പിൽ ഉണർത്തിക്കാകുന്ന വേറേ ആരും ഇല്ല, ജഡത്തോടു
12 വാസം ഇല്ലാത്ത ദേവകളേ ഉള്ളു.— എന്നതുകൊണ്ടു രാജാവു ചൊടി
ച്ചു കനക്കേ ക്രുദ്ധിച്ചു ബാബേലിലേ വിദ്വാന്മാരെ ഒക്കയും
13 ഒടുക്കുവാൻ കല്പിച്ചു. ആ തീർപ്പു പുറപ്പെട്ടാറേ വിദ്വാന്മാരെ കൊന്നു
തുടങ്ങി, കൊല്ലുവാൻ ദാനീയേലിനെയും കൂട്ടുകാരെയും തിരകയും ചെയ്തു.
14 അന്നു ബാബേലിലേവിദ്വാന്മാരെ കൊല്ലുവാൻ പുറപ്പെട്ട അറിയോക്ക്
എന്ന അകമ്പടികാര്യക്കാരനോടു ദാനീയേൽ ജ്ഞാനബുദ്ധിയോടേ ഉത്ത
15 രം പറഞ്ഞു. ഇങ്ങനേ നിഷ്ഠുർഷയായ തീർപ്പു രാജാവിങ്കൽനിന്നു് എന്തു
കൊണ്ടു? എന്നു ബലവാനായ അറിയോക്കിനോടു ചോദിച്ചാറേ അറിയോ
16 ക് ദാനീയേലോടു കാര്യത്തെ അറിയിച്ചു. ഉടനേ ദാനീയേൽ അകമ്പുക്കു
രാജാവോടു് അവസരം തരുവാനും അരചനെ അർത്ഥത്തെ ഉണർത്തിപ്പാനും
17 വിട അപേക്ഷിച്ചു. അനന്തരം ദാനീയേൽ വീട്ടിൽ ചെന്നു ഹനന്യാ മീശ
യേൽ അജര്യാ എന്ന പാങ്ങരോടു കാര്യത്തെ അറിയിച്ചു, ശേഷം ബാബേ
18 ല്യവിദ്വാന്മാരോടു കൂടേ ദാനീയേൽ പാങ്ങരുമായി ഒടുങ്ങാതവണ്ണം ഈ
രഹസ്യത്തെ കുറിച്ചു സ്വർഗ്ഗദൈവത്തോടു കരുണനിവിന്നു പ്രാർത്ഥിക്കേണം
എന്നു് (ഒത്തു).
19 അപ്പോഴം രഹസ്യം ദാനീയേലിന്നു രാദർശനത്തിൽ വെളിപ്പെട്ടവന്നു,
20 ദാനീയേൽ സ്വർഗ്ഗദൈവത്തെ സ്തുതിച്ചു. ദാനീയേൽ ഉത്തരം പറഞ്ഞിതു:
ദൈവത്തിൻ നാമം യുഗം മുതൽ യുഗപര്യന്തം വാഴ്ത്തപ്പെടാക! ജ്ഞാനവും
21 വീര്യവും കേവലം അവന്നു് ഉള്ളു. അവൻ കാലങ്ങളെയും സമയങ്ങളെയും
മാറുന്നു, അരചരെ നീക്കുകയും അരചരെ ആക്കുകയും ചെയ്യുന്നു, ജ്ഞാനി
22 കൾക്കു, ജ്ഞാനവും ബുദ്ധിതെളിയുന്നവർക്കു അറിവും നല്കുന്നു. ആഴവും
മറവും ഉള്ളറി അവൻ വെളിപ്പെടുത്തുന്നു, ഇരുളിൽ ആകുന്നതു് അറിയുന്നു,
23 പ്രകാശനം അവനോടത്രേ പാർക്കുന്നു. എൻ പിതാക്കന്മാരുടേ ദൈവമേ
നീ എനിക്കു ജ്ഞാനവും പ്രാപ്തിയും തന്നു, ഇപ്പോഴം ഞങ്ങൾ പ്രാർത്ഥിച്ച
തിനെ എനിക്കു് അറിയിച്ചു, രാജാവിൻ കാര്യത്തെ ഞങ്ങൾക്കു തോന്നി
ക്കയാൽ ഞാൻ നിന്നെ സ്തുതിക്കയും വന്ദിക്കയും ചെയ്യുന്നു.— അതുകൊ
24 ണ്ടു ബാബേലിലേ വിദ്വാന്മാരെ ഒടുക്കുവാൻ രാജാവു് നിശ്ചയിച്ച അറി
യോക്കിനെ കാണ്മാൻ ദാനീയേൽ അകമ്പുക്കു ചെന്നു പറഞ്ഞു: ബാബേ
ലിലേ വിദ്വാന്മാരെ ഒടുക്കല്ലേ, എന്നെ രാജാവിൻ മുമ്പിൽ കൊണ്ടുചെന്നാ
25 ലും, എന്നാൽ രാജാവോടു് അർത്ഥത്തെ ഉണർത്തിക്കും. എന്നാറേ അറിയോ
ക് ബദ്ധപ്പെട്ട ദാനീയേലെ രാജാവിൻ മുമ്പിൽ പൂകിച്ചു അവനോടു പറ
ഞ്ഞു: യഹൂദയിൽനിന്നു പ്രവസിച്ചവരിൽ രാജാവിന്നു് അർത്ഥത്തെ അറി
26 യിക്കുന്ന പുരുഷനെ കണ്ടെത്തി. രാജാവു ബലച്ചചർ എന്ന ദാനീയേലോ
ടു് ഉത്തരം പറഞ്ഞു: ഞാൻ കണ്ട സ്വപ്നത്തെയും അതിൻ അർത്ഥത്തെയും
27 എന്നോടു് അറിയിപ്പാൻ നിനക്കു കഴിയുമോ? ദാനീയേൽ തിരുമുമ്പിൽ
ഉത്തരം പറഞ്ഞു: രാജാവു ചോദിക്കുന്ന രഹസ്യത്തെ വിദ്വാൻ മന്ത്രവാദി
28 ശാസ്ത്രി ജ്യോതിഷാരി ആരും രാജാവിനോടു് ഉണർത്തിപ്പാൻ പ്രാപ്തരല്ല, രഹസ്യങ്ങളെ വെളിപ്പെടുത്തുന്ന ഒരു ദൈവം സ്വർഗ്ഗത്തിൽ ഉണ്ടു താ
നും; ദിവസങ്ങളുടേ ഒടുക്കത്തിൽ ഉണ്ടാവാനുള്ളതു് അവൻ നബുകദ്രേചർ
എന്ന രാജാവിന്നു് അറിയിക്കുന്നു. നിന്റേ സ്വപ്നവും കിടക്കമേലേ നിൻ
29 തലയുടേ ദർശനങ്ങളും ആവിതു: രാജാവേ, ഇതിന്റേ ശേഷം എന്തു്
ഉണ്ടാകും എന്നുള്ള വിചാരങ്ങളം കിടക്കമേലേ നിനക്കു തോന്നിയാറേ
രഹസ്യങ്ങളെ വെളിപ്പെടുത്തുന്നവൻ ഉണ്ടാവാനുള്ളതു നിന്നോടു് അറിയി
30 ച്ചു. എനിക്കോ ഈ രഹസ്യം വെളിപ്പെട്ടതു സകലജീവികളെക്കാളും എ
ന്നിൽ ജ്ഞാനം ഏറുകകൊണ്ടല്ല, രാജാവിനോടു് അർത്ഥത്തെ അറിയിപ്പാ
നും നിന്റേ ഹൃദയത്തിലേ വിചാരങ്ങളം നിനക്കു തിരിവാനും തന്നേ.

31 അല്ലയോ രാജാവേ നീ കണ്ടതു് അതാ ഒരു മഹാവിഗ്രഹം; ആ വിഗ്രഹം
വലുതും അതിശയശോഭയുള്ളതും ആയി നിന്റെ മുമ്പിൽ നില്ക്കുന്നു, അതിൻ
32 കാഴ്ച ഭയങ്കരം. ഈ വിഗ്രഹത്തിന്നു തല നല്ല പോന്നുകൊണ്ടും, മാറുഭുജങ്ങ
ളും വെള്ളികൊണ്ടും, വയറും അരകളും ചെമ്പുകൊണ്ടും, തുടകളും ഇരിമ്പു
33 കൊണ്ടും, കാലുകളും പപ്പാതി ഇരിമ്പു മണ്ണുകലൎന്നകൊണ്ടും (തീർത്തു കണ്ടു).
34 നീ നോക്കുമ്പോൾ തന്നേ കൈകളും കൂടാതേ ഒരു കല്ലു പറിഞ്ഞു ഇരിമ്പും
മണ്ണുംകൊണ്ടുള്ള വിഗ്രഹകാലുകൾമ്മേ തട്ടി അവ ചതെച്ചു. അപ്പോൾ ഇരി
35 മ്പു മണ്ണു ചെമ്പു വെള്ളി പൊന്നും ഓർ അടിക്കു ചതഞ്ഞു വേനൽക്കളങ്ങളി
ലേ പതിർ പോലേ ആയി, അവററിന്നു് ഓർ ഇടവും കാണാതവണ്ണം
കാററു് എടുത്തു പോക്കി, വിഗ്രഹത്തിന്നു തട്ടിയ കല്ലോ വന്മല ആയി
36 സർവ്വഭൂമിയെയും നിറെച്ചു. സ്വപ്നം ഇതത്രേ, അതിൻ അൎത്ഥത്തെയും
ഞങ്ങൾ രാജാവിൻ മുമ്പിൽ പറയും.

37 രാജാധിരാജാവേ, സ്വർഗ്ഗദൈവം രാജത്വവും അധികാരവും ഊററ
38 വും മഹിമയും നല്കീട്ടു, മനുഷ്യപുത്രന്മാർ വയലിലേ മൃഗവും വാനത്തിലേ
പക്ഷിയുമായി പാർക്കുന്ന എവ്വിടത്തും അവരെ നിൻ കൈക്കൽ തന്നു സക
ലത്തിന്നും വാഴിച്ചുള്ള രാജാവേ, നീയേ ആ പൊന്തല. നിന്റെ ശേഷം
39 നിന്നിൽ കിഴിഞ്ഞ വേറൊരു സാമ്രാജ്യം ഉദിക്കും. പിന്നേ വേറൊന്നു
40 ചെമ്പുകൊണ്ടുള്ള മൂന്നാമതു സൎവ്വഭൂമിയിലും വാഴും. നാലാം സാമ്രാജ്യം
ഇരിമ്പുപോലേ ഊററമുള്ളതു് ആകും; ഇരിമ്പു സകലവും തകൎത്തു ചതെക്കു
ന്നതാൽ ആയതു് ഇടിക്കുന്ന ഇരിമ്പുകണക്കേ ഇവ ഒക്കയും ചതെച്ചു് ഇടി
41 ക്കും. പിന്നേ കാലുകളും വിരല്യകളും പാതി കുശവമണ്ണും പാതി ഇരിമ്പും
കൊണ്ടുള്ളപ്രകാരം കണ്ടതോ ഛിദ്രിച്ച സാമ്രാജ്യം ആകും; കളിമണ്ണിൽ
നീ ഇരിമ്പു് ഇടകലൎന്നു കാൺകയാൽ ഇരിമ്പിൻ ഉറപ്പിൽനിന്നു് അതിൽ
42 ഇരിക്കും താനും. കാലു്വിരലുകളും പാതി ഇരിമ്പും പാതി മണ്ണുംകൊണ്ടു്
എന്നതോ രാജ്യം ഒട്ടു് ഊററമായും ഒട്ടു് ഉടയത്തക്കതായും ഇരിക്കും. കളി
43 മണ്ണിൽ ഇരിമ്പു് ഇടകലൎന്നു കണ്ടതോ (ജാതികളും) മനുഷ്യബീജത്താൽ
തമ്മിൽ കലരും എങ്കിലും ഇരിമ്പു മണ്ണോടു കലരാതവണ്ണം തമ്മിൽ പററി
44 ച്ചേരുക ഇല്ല. ഈ രാജാക്കന്മാരുടേ നാളുകളിൽ സ്വൎഗ്ഗദൈവം എന്നും അ
ഴിയാത്തതും വാഴ്ച വേറൊരു വംശത്തിനും വിട്ടേക്കാത്തതും ആയൊരു സാ
മ്രാജ്യത്തെ സ്ഥാപിക്കും, ആ രാജ്യങ്ങളെ ഒക്കയും ഇതു ചതെച്ചു മുടിക്കും
45 താൻ എന്നേക്കും നിലനില്ക്കും; മലയിൽനിന്നു കൈകളും കൂടാതേ കല്ലു പ
റിഞ്ഞു ഇരിമ്പു ചെമ്പു മണ്ണു വെള്ളി പൊന്നിനെയും ചതെച്ചപ്രകാരം
കണ്ടുവല്ലോ. ഇതിന്റെ ശേഷം ഉണ്ടാവാനുള്ളതിനെ മഹാദൈവം രാജാ
വോടു് അറിയിച്ചു; സ്വപ്നം നിശ്ചയവും അതിൻ അൎത്ഥം വിശ്വാസ്യവും
ആകുന്നു.

46 എന്നാറേ നബൂകദ്രേച്ചർരാജാവു മുഖം കവിണ്ണുവീണു ദാനീയേലിനെ
നമസ്കരിച്ചു അവന്നു നൈവേദ്യവും ധൂപവും ഊക്കഴിപ്പാൻ കല്പിച്ചു. രാ
47 ജാവു ദാനീയേലോടു് ഉത്തരം പറഞ്ഞു: ഈ രഹസ്യത്തെ വെളിപ്പെടുത്തു
വാൻ നീ പ്രാപ്തനാകകൊണ്ടു നിങ്ങളുടേ ദൈവം സാക്ഷാൽ ദേവാതിദേ
വരും രാജാക്കളുടേ യജമാനനും രഹസ്യങ്ങളെ വെളിപ്പെടുത്തുന്നവനും സ
48 ത്യം. ഉടനേ രാജാവു ദാനീയേലിനെ വലിയവനാക്കി പല പല മഹാ
സമ്മാനങ്ങളെ കൊടുത്തതു് അല്ലാതേ ബാബേൽനാട്ടിൽ ഒക്കയും വാഴിച്ചു
ബാബേലിലെ സകലവിദ്വാന്മാർക്കും മീതേ മാടമ്പിശ്രേഷ്ഠനാക്കി വെ
49 ച്ചു. പിന്നേ ദാനീയേൽ രാജാവോടു് അപേക്ഷിച്ചപ്പോൾ അവൻ ബാ
ബേൽനാട്ടിനെ നടത്തിപ്പാൻ ശദ്രക്കു മേശക്കു അബ്ദനഗോ എന്നവരെ നിയ
മിച്ചു, ദാനീയേൽ താൻ രാജവാതില്ക്കൽ പാർക്കയും ചെയ്തു.

3. അദ്ധ്യായം

സാമ്രാജ്യത്തിന്റെ വിഗ്രഹം പ്രതിഷ്ഠിക്കയിൽ (8) ദാനീയേലിൻ പാ
ങ്ങന്മാർ മൂവരും തൊഴായ്കയാൽ (19) ചൂളയിൽ എറിയപ്പെട്ടാറേ ദൈവം
രക്ഷിച്ചതു.

1 നബൂകദ്രേച്ചർരാജാവ് ഒരു സ്വർണ്ണവിഗ്രഹത്തെ അറുപതു മുളം ഉയര
ത്തിലും ആറു മുളം വീതിയിലും ഉണ്ടാക്കിച്ചു ബാബേൽനാട്ടിൽ ദൂറവെ
2 ളിഭ്രമിയിൽ നിറുത്തി. നബൂകദ്രേച്ചർരാജാവ് സ്ഥാപിച്ച വിഗ്രഹത്തി
ന്റെ പ്രതിഷ്ഠെക്കു വരേണം എന്ന് ആളയച്ചു ക്ഷത്രപന്മാർ മാടമ്പി
കം നാടുവാഴികം ന്യായാധിപർ ഭണ്ഡാരക്കാർ ധർമ്മജ്ഞന്മാർ മന്ത്രി
മാർ നാടുകളിലേ അധികാരസ്ഥന്മാരെ ഒക്കയും കൂട്ടുവാൻ കല്പിച്ചു.
3 അപ്പോം ക്ഷത്രപന്മാർ മാടമ്പികം നാടുവാഴികം ന്യായാധിപർ
ഭണ്ഡാരക്കാർ ധർമ്മജ്ഞന്മാർ മന്ത്രിമാർ നാടുകളിലേഅധികാരസ്ഥന്മാർ
ഒക്കയും നബൂകദ്രേച്ചർരാജാവു നിറുത്തിയ വിഗ്രഹത്തിൻ പ്രതിഷ്ഠെക്കു
കൂടി നബൂകദ്രേച്ചർ സ്ഥാപിച്ച വിഗ്രഹത്തിനു മുമ്പാകേ നില്ക്കയും ചെയ്തു.
4 ഉടനേ ഘോഷകൻ ഉറക്കേ വിളിച്ചു: ഹേ വംശങ്ങം ഗോത്രങ്ങം ഭാഷ
5 കം ആയുള്ളോരേ നിങ്ങളോടു കല്പിക്കുന്നിതു: നിങ്ങം കൊമ്പു മുര
ളി വീണ കിന്നരം തമ്പുർ സഞ്ചികുഴൽ മുതലായ സകലവിധവാദ്യങ്ങ
ളുടേ നാദം കേട്ടാൽ ഉടനേ നബൂകദ്രേച്ചർ സ്ഥാപിച്ച സ്വർണ്ണവിഗ്രഹ
6 ത്തിനു വീണ നമസ്കരിപ്പിൻ. വീണ നമസ്കരിക്കാത്തവനോ ആ നൊ
7 ടിയിൽ എരിയുന്ന തീച്ചൂളയുടേ നടുവിൽ എറിയപ്പെടും. അതുകൊണ്ടു
സകലവംശങ്ങളും കൊമ്പു മുരളി വീണ കിന്നരം തമ്പുർ മുതലായ വിധ
വാദ്യങ്ങളുടേ നാദത്തെ കേട്ട ഉടനേ നബൂകദ്രേച്ചർരാജാവു നിറുത്തിയ
സ്വർണ്ണവിഗ്രഹത്തിനു സകലവംശഗോത്രഭാഷകളും വീണ നമസ്കരി
8 ച്ചു.— അതുകൊണ്ടു ആ സമയത്തു കല്ദയപുരുഷന്മാർ അടുത്തുവന്നു
9 യഹൂദരെക്കൊണ്ടു ഏഷണി പറഞ്ഞു. അവർ നബൂകദ്രേച്ചർരാജാ
10 വോടു വിടകൊണ്ടു പറഞ്ഞു: രാജാവേ എന്നും വാഴുക! കൊമ്പു മുരളി വീണ
കിന്നരം തമ്പുർ സഞ്ചികുഴൽ മുതലായ വാദ്യങ്ങളുടേ നാദം കേട്ടാൽ ഏതു
മനുഷ്യനും സ്വർണ്ണവിഗ്രഹത്തിനു നമസ്കരിച്ചു വീഴേണം എന്നും,
11 വീണ നമസ്കരിക്കാത്തവൻ എരിയുന്ന തീച്ചൂളയുടേ നടുവിൽ എറിയ
12 പ്പെടും എന്നും രാജാവേ നീ കല്പന വെച്ചുവല്ലോ. ബാബേൽ നാടു നടത്തി
പ്പാൻ നീ ആക്കിയ യഹൂദാപുരുഷന്മാർ ഉണ്ടു, ശദ്രക് മേശക് അബ്ദ
നഗോ എന്നവർ തന്നേ, ഈ പുരുഷന്മാർ നിന്നെ കൂട്ടാക്കുന്നില്ല, നിന്റെ
ദേവകളെ സേവിക്കുന്നില്ല, നീ സ്ഥാപിച്ച സ്വർണ്ണവിഗ്രഹത്തിനു നമ
13 സ്കരിക്കുന്നതും ഇല്ല. എന്നാറേ നബൂകദ്രേച്ചർ കോപവും ഊഷ്മാവും
പൂണ്ടു ശദ്രക് മേശക് അബ്ദനഗോ എന്നവരെ കൊണ്ടുവരുവാൻ കല്പിച്ചു
14 പ്പോം ആ പുരുഷന്മാരെ രാജാവിൻ മുമ്പിൽ വരുത്തി. നബൂകദ്രേച്ചർ അ
വരോടു ഉത്തരം പറഞ്ഞു: ഹേ ശദ്രക് മേശക് അബ്ദനഗോ എന്നവരേ
എൻ ദേവരെ സേവിക്കാത്തതും ഞാൻ നിറുത്തിയ സ്വർണ്ണവിഗ്രഹത്തിനു
15 നമസ്കരിയാത്തതും നിങ്ങളുടേ അഭിപ്രായം തന്നേയോ? ഇപ്പോം കൊ
മ്പു മുരളി വീണ കിന്നരം തമ്പുർ സഞ്ചികുഴൽ മുതലായ വാദ്യങ്ങളുടേ
നാദം കേട്ട ഉടനേ ഞാൻ ഉണ്ടാക്കിയ വിഗ്രഹത്തിനു നിങ്ങം വീണ നമ
സ്കരിച്ചാൽ (കൊള്ളാം), നമസ്കരിയാതേ നില്ക്കിലോ തൽക്ഷണം
എരിയുന്ന തീച്ചൂളനടുവിൽ എറിയപ്പെടും. പിന്നേ എൻ കയ്യിൽനിന്നു
16 നിങ്ങളെ വിടുവിക്കുന്ന ദേവൻ ആർ? എന്നതിനു ശദ്രക് മേശക് അബ്ദന
ഗോ എന്നവർ രാജാവോടു ഉത്തരം പറഞ്ഞു: നബൂകദ്രേച്ചരേ ഇതിനു പ്ര
17 തി പറവാൻ ഞങ്ങൾക്കു ആവശ്യം തോന്നുന്നില്ല; ഞങ്ങം സേവിക്കുന്ന

ദൈവത്തിന്നു ഞങ്ങളെ വിടുവിപ്പാൻ കഴിയും എങ്കിൽ എരിയുന്ന തീ
18 ച്ചൂളയിൽനിന്നും നിന്റെ കയ്യിൽനിന്നും വിടുവിക്കും, രാജാവേ, അല്ലെ
ന്നുവരികിൽ ഞങ്ങൾ നിന്റെ ദേവകളെ സേവിക്ക ഇല്ല, നീ സ്ഥാപി
ച്ച സ്വർണ്ണവിഗ്രഹത്തിന്നു നമസ്കരിക്കയും ഇല്ല എന്നു രാജാവ് അറിവു
താക.

19 അപ്പോൾ നബൂകദ്രേച്ചർ ക്രോധപൂർണ്ണനായി ശദ്രക് മേശക് അബ്ദന
ഗോ എന്നവർക്കു നേരേ മുഖഭാവം മാറീട്ടു ചൂളത്തീ മൂട്ടുവാൻ തോന്നിയ
20 തിൽ ഏഴ് ഇരട്ടിയായി മൂട്ടുവാൻ ഉത്തരമായി കല്പിച്ചു. അവന്റെ പട
യിലേ പ്രാപ്തവീരന്മാരായ പുരുഷന്മാരോടു ശദ്രക് മേശക് അബ്ദനഗോ
എന്നവരെ കെട്ടീട്ടു എരിയുന്ന തീച്ചൂളയിൽ എറിവാൻ ചൊല്ലിയാറേ, ഈ
21 മൂവരെ ഉടുത്ത കമീസ് തുണി പുറങ്കുപ്പായം തുടങ്ങിയുള്ള വസ്ത്രങ്ങളോടും
22 കെട്ടി എരിയുന്ന തീച്ചൂളനടുവിൽ ചാടിക്കളഞ്ഞു. അതുകൊണ്ടു രാജാവിൻ
മൊഴി നിഷ്ഠുരീച്ചതും ചൂള അത്യന്തം മൂട്ടിയതും ആകയാൽ ശദ്രക് മേശക്
അബ്ദനഗോ എന്നവരെ കയറുന്ന പുരുഷന്മാരെ അഗ്നി ജ്വാല കൊന്നു.
23 ശദ്രക് മേശക് അബ്ദനഗോ എന്ന മൂവരോ എരിയുന്ന തീച്ചൂളനടുവിൽ കെട്ട
പ്പെട്ടവരായി വീണു.

24 അനന്തരം നബൂകദ്രേച്ചർരാജാവ് സ്തംഭിച്ചു ബദ്ധപ്പെട്ട് എഴുനീറു അ
മാത്യന്മാരോടു: നാം മൂന്നു പുരുഷന്മാരെ കെട്ടീട്ടല്ലോ തീനടുവിൽ ചാടിയ
തു? എന്നു ചോദിച്ചതിന്നു: സത്യം തന്നേ രാജാവേ! എന്ന് അവർ രാജാ
25 വോട് ഉത്തരം പറഞ്ഞു. ഇതാ ഞാൻ നാലു പുരുഷന്മാർ കെട്ടഴിഞ്ഞു തീ
യുടേ നടക്കുന്നതു കാണുന്നു, അവക്ക് ഒരു കേടും ഇല്ല, നാലാമന്റെ രൂപ
മോ ഒരു ദേവപുത്രനോട് ഒക്കുന്നു എന്നു ഉത്തരം പറഞ്ഞ ശേഷം, നബൂക
26 ദ്രേച്ചർ എരിയുന്ന തീച്ചൂളയുടേ വാതില്ക്കൽ അടുത്തു ചെന്നു: ശദ്രക് മേശക്
അബ്ദനഗോ എന്ന ഉന്നത ദേവരുടേ ദാസന്മാരായുള്ളോരേ പുറപ്പെട്ടു വരു
വിൻ എന്ന് ഉത്തരം പറഞ്ഞു. ഉടനേ ശദ്രക് മേശക് അബ്ദനഗോ എന്ന
27 വർ തീയിൽനിന്നു പുറപ്പെട്ടു വന്നു.—അപ്പോൾ ക്ഷത്രപന്മാർ മാടമ്പിനാ
ടുവാഴികളും രാജാവിൻ അമാത്യന്മാരും ഒന്നിച്ചു കൂടി ആ പുരുഷന്മാരെ
നോക്കി അവരുടേ ദേഹങ്ങളിൽ തീക്ക് അധികാരം ഇല്ലാഞ്ഞു തലമുടി
കരിഞ്ഞതും ഇല്ല കമീസിന്നു മാറ്റവും ഇല്ല തീ മണം അവരിൽ തട്ടിയതും
ഇല്ല എന്നു കണ്ടു.

28 നബൂകദ്രേച്ചർ ഉത്തരം പറഞ്ഞു: ശദ്രക് മേശക് അബ്ദനഗോ എന്നവരുടേ
ദൈവം സ്തുതിക്കപ്പെടാവു, അവൻ തന്റെ ദൂതനെ അയച്ചു തന്നിൽ ആശ്ര
യിച്ച രാജാവിൻ കല്പനയെ മാറി സ്വന്തദൈവത്തെ അല്ലാതേ ഒരു ദേ
വരെയും സേവിച്ചു നമസ്കരിയാതവണ്ണം ദേഹങ്ങളെ കൊടുത്തുവിട്ട ദാസ
29 ന്മാരെ വിടുവിച്ചുവല്ലോ. എന്നിൽനിന്നു ഒരു തീർപ്പുവെച്ചു കിടക്കുന്നിതു:
യാതൊരു വംശഗോത്രഭാഷക്കാരനും ശദ്രക് മേശക് അബ്ദനഗോ എന്നവ
രുടേ ദൈവത്തിന്ന് എതിരേ പിഴ പറഞ്ഞാൽ അവൻ ശകലീഭവിക്ക
യും വീടു കാഷ്ഠസ്ഥാനം ആകയും ചെയ്യും; ഈ വിധത്തിൽ ഉദ്ധരി
30 പ്പാൻ കഴിയുന്ന മറൊരു ദേവർ സാക്ഷാൽ ഇല്ലല്ലോ. എന്നാറേ രാജാവു
ശദ്രക് മേശക് അബ്ദനഗോ എന്നവരെ ബാബേൽനാട്ടിൽ ഭാഗ്യം സാ
ധിപ്പിക്കയും ചെയ്തു.

4. അദ്ധ്യായം

(3, 31) രാജാവു പ്രജകൾക്ക് അറിയിക്കുന്നതു (4, 1) താൻ കണ്ടൊരു
സ്വപ്നത്താൽ ക്ലേശിച്ചാറേ (16) ദാനീയേൽ പൊരുൾ തിരിച്ചപ്രകാരം
(25) ഏഴുമാസത്തേഭ്രാന്തിപിടിച്ചശേഷം (31) ദൈവം രക്ഷിച്ച വിവരം.

3, 31 നബൂകദ്രേചർരാജാവു സർവ്വഭൂമിയിലും പാർക്കുന്ന സകലവംശഗോത്ര
32 ഭാഷകൾക്കും (എഴുതുന്നിതു): നിങ്ങളുടേ സമാധാനം വലുതാക! ഉന്നത
ദൈവം എന്നോടു ചെയ്ത അടയാളങ്ങളെയും അത്ഭുതങ്ങളെയും ഗ്രഹിപ്പിക്ക
33 ന്നതു നന്നു് എന്നു് എനിക്കു തോന്നി. അവന്റേ അടയാളങ്ങൾ എത്ര
വലിയവ! അത്ഭുതങ്ങൾ എത്ര ഉരത്തവ! അവന്റേ രാജ്യം സദാതന രാജ്യം,
4,1 വാഴ്ച തലമുറ തലമുറയോളവും ഉള്ളതു.— നബൂകദ്രേചർ എന്ന ഞാൻ എൻ
2 ഭവനത്തിൽ സ്വസ്ഥമായും മന്ദിരത്തിൽ തഴെച്ചും പാർത്തു. ഞാൻ ഒരു സ്വ
പ്നം കണ്ടതു് എന്നെ ഭയപ്പെടുത്തി, എന്റേ കിടക്കമേലേ നിനവുകളും
3 തലയിലേ ദർശനങ്ങളും എന്നെ അരട്ടി. സ്വപ്നത്തിന്റേ അർത്ഥം അറിയി
പ്പാൻ ബാബേലിലേ വിദ്വാന്മാരെ ഒക്കയും എന്റേ മുമ്പിൽ പൂകിപ്പാൻ
4 എന്നിൽനിന്നു കല്പന ആയാറേ, ശാസ്ത്രികളും മന്ത്രവാദികളും കല്ദയർ
ജ്യോതിഷാരികളും വന്നു ഞാൻ സ്വപ്നത്തെ അവരോടു പറഞ്ഞു അവർ
5 അർത്ഥത്തെ അറിയിച്ചതും ഇല്ല, ഒടുവിൽ ദാനീയേൽ എൻ മുമ്പിൽ വരും
പര്യന്തം തന്നേ. ആയവനു എൻ ദേവരുടേ നാമപ്രകാരം ബലച്ചർ എ
ന്ന പേരും വിശുദ്ധദേവകളുടേ ആത്മാവും ഉണ്ടു. അവനോടു ഞാൻ സ്വപ്ന
6 ത്തെ പറഞ്ഞിതു: ശാസ്ത്രിമുമ്പനായ ബലച്ചരേ നിന്നിൽ വിശുദ്ധ
ദേവകളുടേ ആത്മാവു് ഉണ്ടെന്നും ഒരു രഹസ്യവും നിന്നെ വലെക്കുന്നില്ല
എന്നും അറിയുന്നു. ഞാൻ കണ്ട സ്വപ്നദർശനങ്ങളെയും അർത്ഥത്തെയും പറ
7 ക. കിടക്കമേലേ എൻ തലയിലേ ദർശനങ്ങൾ ആവിതു: ഞാൻ നോക്കി
8 യാറേ ഇതാ ഭൂമിയുടേ നടുവിൽ ഒരു വൃക്ഷം വളരേ ഉയരമുള്ളതു. വൃക്ഷം
വളർന്നു ഉരത്തുപോന്നു ഉയർച്ച വാനത്തോളം എത്തി സർവ്വഭൂമിയുടേ
9 അറ്റംവരേ കാണായിവന്നു. അതിൻ ഇല സുന്ദരവും ഫലം മികെച്ചതും
അതിങ്കൽ ഉള്ള ഏവറിന്നും ആഹാരം (പോരുന്നതും) ആയി, അതിൻ
കീഴേ വയലിലേ മൃഗം തണലത്തു് ഇരിക്കുന്നു, കൊമ്പുകളിൽ വാനപ്പ
10 ക്ഷികളും പാർക്കും, അതിൽനിന്നു സകലജഡവും ഉപജീവിക്കും. കിടക്ക
മേലേ എൻ തലയിലേ ദർശനങ്ങളിൽ കണ്ടിതു: അതാ ജാഗരിക്കുന്നൊരു
വിശുദ്ധൻ സ്വർഗ്ഗത്തിൽനിന്നു് ഇഴിഞ്ഞു, ഉറക്കേ വിളിച്ചു പറഞ്ഞു:
11 ഹോ വൃക്ഷത്തെ വെട്ടിയിട്ടു കൊമ്പുകളെ അറുത്തു ഇലയെ ഉരിച്ചു ഫലത്തെ
ചിതറിച്ചുകളവിൻ, അതിൻ കീഴിൽനിന്നു മൃഗങ്ങളും കൊമ്പുകളിൽനിന്നു
12 പക്ഷികളും മണ്ടിപ്പോക! എങ്കിലും വേരുകളുടേ കുറ്റിയെ ഭൂമിയിൽ വി
ട്ടേപ്പിൻ, വയലിലേ ഇളമുല്ലിൽ, ഇരിമ്പും ചെമ്പുംകൊണ്ടുള്ള കെട്ടുകളോ
ടേതാനും; വാനത്തിലേ മഞ്ഞിനാൽ നനെഞ്ഞും ഭൂമിയുടേ സസ്യാദി
13 യിൽ അവനു ഓഹരി മൃഗങ്ങളോടുകൂടിയും ഇരിക്ക! അവന്റേ ഹൃദയം
മാനുഷത്വം വിട്ടു മാറീട്ടു മൃഗഹൃദയം അവനു കൊടുക്കപ്പെടും, ഇങ്ങനേ ഏഴു
14 കാലം അവന്മേൽ കഴിയും. ജാഗരിക്കുന്നവരുടേ തീർപ്പിൽ ഈ ദൂതു് ഉള
വായി, ഈ സംഗതി വിശുദ്ധന്മാരുടേ കല്പന അത്രേ, മനുഷ്യരുടേ രാജ
ത്വത്തിൽ അത്യുന്നതൻ ഭരിക്കുന്നു എന്നും തനിക്കു തെളിഞ്ഞവനു് അതി
15 നെ കൊടുക്കുന്നു എന്നും മനുഷ്യരിൽ അതിനീചനെ അതിലേക്കു് ഉയർത്തു
ന്നു എന്നും ജീവികൾ അറിവാൻ തക്കവണ്ണമേ. ഈ സ്വപ്നത്തെ നബൂകദ്രേ
ചർരാജാവായ ഞാൻ കണ്ടു, ബലച്ചരേ നീ അർത്ഥം പറക, എന്റേ രാ
ജ്യത്തിലേ സകലവിദ്വാന്മാർക്കും അർത്ഥം അറിയിപ്പാൻ കൂടായല്ലോ,
വിശുദ്ധദേവകളുടേ ആത്മാവു് നിന്നിൽ ഇരിക്കയാൽ നിനക്കേ കൂടു.

16 എന്നാറേ ബലച്ചർ എന്നുള്ള ദാനീയേൽ ഒരു നിമിഷം സ്തംഭിച്ചു അവ
ന്റേ വിചാരങ്ങൾ അവനെ അരട്ടിയപ്പോൾ രാജാവു് ഉത്തരം പറഞ്ഞു:
ബലച്ചരേ സ്വപ്നവും അതിന്റേ അർത്ഥവും നിന്നെ അരട്ടരുതേ. എന്ന
തിന്നു ബലച്ചർ പറഞ്ഞു: എന്റേ യജമാനനേ, സ്വപ്നം നിന്റേ പകയ
17 ക്കും അർത്ഥം നിൻ മാറാന്മാർക്കും ആക! വൃക്ഷം വളർന്നു ഉരത്തു വാന
18 ത്തോളം എത്തി ഉയർന്നു സർവ്വഭൂമിക്കും കാണായി, ഇല സുന്ദരവും ഫലം

മീകെച്ചതുമായി ഏവററിന്നും ആഹാരം എത്തിക്കുന്നതായി കീഴിൽ വയ
19 ലിലേ മൃഗം പാർത്തും കൊമ്പുകളിൽ വാനപ്പക്ഷികളും അമർന്നും, ഇങ്ങ
നേ കണ്ടൊരു വൃക്ഷം നീ തന്നേ രാജാവേ. നീ അല്ലോ വളർന്നു ഉരത്തു നി
ന്നേറ വലിപ്പം വലുതായി വാനത്തോളവും നിന്നേറ വാഴ്ച ഭൂമിയററത്തോള
20 വും എത്തി. പിന്നേ ജാഗരിക്കുന്നൊരു വിശുദ്ധൻ സ്വർഗ്ഗത്തിൽ നിന്ന്
ഇഴിഞ്ഞു, ഹോ വൃക്ഷത്തെ വെട്ടിയിട്ടു കെടുപ്പിൻ, എങ്കിലും വേരുകളടേ
കുററിയെ വിട്ടേപ്പിൻ, ഇരിമ്പു ചെമ്പു കെട്ടുകളോടേ വയലിലേ പുല്ലിൽ
(ആക), വാനമഞ്ഞിനാൽ നനഞ്ഞും വയലിലേ മൃഗത്തോടു കഴിച്ചും
(കൊള്ളുക), അവന്മേൽ ഏഴുകാലം കഴിവോളമേ എന്നു പറഞ്ഞ പ്രകാരം
21 രാജാവു കണ്ടതിനേറ അർത്ഥമാവിതു: രാജാവേ, എനേറ യജമാനനായ
22 രാജാവിന്നു തട്ടുന്നൊരു അത്യുന്നതനേറ തീർപ്പു എന്തെന്നാൽ: നിന്നെ മനു
ഷ്യരിൽനിന്ന് ആട്ടിക്കളയും, വയലിലേ മൃഗത്തോടേ പാർപ്പ് ഉണ്ടാകും,
കാളകൂം കണക്കേ നിന്നെ സസ്യാദികളെ തീററുകയും വാനത്തിലേ മഞ്ഞു
കൊണ്ടു നിന്നെ നനെപ്പിക്കയും ഇങ്ങനേ നിനേറ മേൽ ഏഴു കാലം കഴിക
യും ചെയ്യും, മനുഷ്യരുടേ രാജത്വത്തിൽ അത്യുന്നതൻ ഭരിക്കുന്നു എന്നും
തനിക്കു തെളിഞ്ഞവനു അതിനെ കൊടുക്കുന്നു എന്നും നീ അറിവോളമേ.
23 വൃക്ഷത്തിൻ വേരുകളടേ കുററിയെ വിട്ടേപ്പാൻ കല്പിച്ചതോ: ഭരിക്കുന്നതു
സ്വർഗ്ഗം തന്നേ എന്നു നീ അറിയുന്നതുമുതൽ നിനേറ രാജത്വം നിനക്കു എ
24 ഴുനീല്ക്കും. ആയതുകൊണ്ടു രാജാവേ എനേറ മന്ത്രണം രുചിപ്പൂതാക: നിനേറ
സ്വസ്ഥതെക്കു സ്ഥിരത വരേണ്ടുകിൽ നിനേറ പാപങ്ങളെ നീതിയാലും
അക്രമങ്ങളെ ദീനരിൽ കനികയാലും വേർവിട്ടത്താലും!
25.26 നബുകദ്രേച്ചർരാജാവിന്നു അതു എല്ലാം തട്ടി. പന്ത്രണ്ടുമാസം കഴി
ഞ്ഞ ശേഷം അവൻ ബാബേലിൽ രാജമന്ദിരത്തിന്മേൽ നടന്നുകൊള്ള
27 മ്പോൾ, രാജാവു പറഞ്ഞു തുടങ്ങി: എനേറ അധികാരബലത്തിനാലും
പ്രതാപത്തിൻ യശസ്സിന്നായും ഞാൻ രാജാലയമാക്കിത്തീർത്ത വലിയ ബാ
28 ബേൽ ഇതല്ലയോ? ഈ വാക്കു രാജാവിൻ വായിലാകുമ്പോൾ തന്നേ വാ
നത്തിൽനിന്നു ഒരു ശബ്ദം വീണിതു: നബുകദ്രേച്ചർ രാജാവേ നിന്നോടു
29 പറഞ്ഞുകിടക്കുന്നിതു: രാജത്വം നിന്നെ വിട്ടു നീങ്ങി; നിന്നെ മനുഷ്യരിൽ
നിന്നു ആട്ടിക്കളയും മൃഗങ്ങളോടു നിനേറ പാർപ്പാകും, കാളകൂംകണക്കേ
നിന്നെ സസ്യാദികളും തീററും, മനുഷ്യരുടേ രാജത്വത്തിൽ അത്യുന്നതൻ
ഭരിക്കുന്നു എന്നും തനിക്കു തെളിഞ്ഞവന്നു അതിനെ കൊടുക്കുന്നു എന്നും നീ
അറിവോളം ഏഴുകാലം നിനേറ മേൽ കഴിയും. എന്നുള്ള ക്ഷണത്തിൽ ത
30 ന്നേ ആ വാക്കു നബുകദ്രേച്ചരിന്മേൽ നിവൃത്തിയായി: അവൻ മനുഷ്യരിൽ
നിന്നു ആട്ടപ്പെട്ടു കാളകൂം കണക്കേ സസ്യാദി തിന്നും, അവനേറ രോമം
കഴുകിൻ തൂവൽ പോലേയും നഖങ്ങളും പക്ഷിനഖം പോലേയും വളരു
വോളം അവനേറ ദേഹം വാനത്തിൻ മഞ്ഞുകൊണ്ടു നനഞ്ഞുപോരുകയും
ചെയ്തു.
31 ആ ദിവസങ്ങളും തികഞ്ഞപ്പോൾ നബുകദ്രേച്ചരാകുന്ന ഞാൻ കണ്ണുകളെ
സ്വർഗ്ഗത്തിലേക്കു ഉയത്തി ബോധം എനിക്കു മടങ്ങി അത്യുന്നതനെ ഞാൻ
സ്തുതിച്ചു എന്നേക്കും ജീവിക്കുന്നവനെ പുകണ്ണുകീർത്തിച്ചു, അവനേറ വാഴ്ച
എന്നേക്കും ഉള്ള വാഴ്ച, രാജത്വം തലമുറതലമുറയോളം ഉള്ളതും അല്ലോ. ഭൂമി
32 യിൽ പാർക്കുന്നവർ ഒക്കയും ഇല്ലായ്മ എന്നു മതിക്കപ്പെടുന്നു, സ്വർഗ്ഗസൈ
ന്യത്തിലും ഭൂവാസികളിലും അവൻ തൻ ഇഷ്ടപ്രകാരം ചെയ്യുന്നു, അവനേറ
കൈക്കു അടിച്ചു നീ എന്തു ചെയ്യുന്നു? എന്നു അവനോടു പറയുന്നവനും ഇ
33 ല്ല. ആ സമയം എൻ ബോധം മടങ്ങിവന്നു എൻ രാജത്വത്തിൻ യശസ്സി
ന്നായി എനേറ പ്രതാപവും ശോഭയും മടങ്ങിച്ചേന്നു; എനേറ അമാത്യന്മാ
രും മഹത്തുക്കളും എന്നെ അന്വേഷിച്ചു എനേറ രാജത്വത്തിൽ ഞാൻ യഥാ
സ്ഥാനമായി അതിശയമഹത്വവും എനിക്കു കൂട്ടപ്പെട്ടു. ഇന്നു നബുകദ്രേച്ചർ

34 ആകുന്ന ഞാൻ സ്വർഗ്ഗരാജാവിനെ കീർത്തിച്ചു് ഉയർത്തി ബഹുമാനിക്കുന്നു, അവന്റെ സകലപ്രവൃത്തി സത്യവും അവന്റെ വഴികൾ ന്യായവും ഡംഭിൽ നടക്കുന്നവനെ താഴ്ത്തുവാൻ അവൻ പ്രാപ്തനാകുന്നു നിമിത്തമേ.

5. അദ്ധ്യായം

ബേൽശചർ എന്ന ഇളയരാജാവിൻ സദ്യെക്കു (5) ദൈവാൽ കുഴക്കു തട്ടിയപ്പോൾ (13) ദാനീയേൽ ശാസിച്ചു (25) ഭാവിയെ അറിയിച്ചതു.

1 ബേൽശചർരാജാവു തന്റെ ആയിരം മഹത്തുക്കൾക്കു വലിയ വിരു
2 ന്നുണ്ടു കഴിച്ചു ആയിരം പേരുടെ മുമ്പിൽ വീഞ്ഞു കുടിച്ചു. ബേൽശചർ വീഞ്ഞു രുചിക്കുമ്പോൾ അപ്പനായ നബുകദ്രെച്ചർ യരുശലേമിലെ മന്ദിരത്തുനിന്നു് എടുത്തു വരുത്തിയ പൊൻവെള്ളിപ്പാത്രങ്ങളെ കൊണ്ടുവരുവാൻ കല്പിച്ചു, രാജാവും അവന്റെ മഹത്തുക്കളും രാണിമാരും വെപ്പാട്ടികളും അ
3 വററിൽ കുടിക്കേണം (എന്നു ഭാവിച്ചു). ഉടനെ യരുശലേമിലെ ദേവാലയമന്ദിരത്തിൽനിന്നു് എടുത്ത പൊൻപാത്രങ്ങളെ കൊണ്ടുവന്ന രാജാവും അവന്റെ മഹത്തുക്കളും രാണിമാരും വെപ്പാട്ടികളും അവററിൽ കുടിച്ചു. കു
4 ടിക്കുമ്പോൾ പൊൻവെള്ളിയും ചെമ്പു് ഇരിമ്പും മരംകല്ലുംകൊണ്ടുള്ള ദേവകളെ കീർത്തിച്ചു.
5 ആ ക്ഷണത്തിൽ മാനുഷകൈവെരലുകൾ പുറപ്പെട്ടു വിളക്കുതണ്ടിന്നു നേരേ രാജമന്ദിരഭിത്തിയുടെ കുമ്മായത്തിന്മേൽ എഴുതി; എഴുതുന്ന കയ്യിൻ അ
6 ററത്തെ രാജാവു കണ്ട ഉടനെ മുഖശോഭ മങ്ങി, അവന്റെ വിചാരങ്ങൾ അവനെ അരട്ടുകയാൽ അരയുടെ ഏറ്റുകൾ അഴിഞ്ഞു മുട്ടുകൾ തമ്മിൽ മുട്ടി
7 പ്പോയി. രാജാവു മന്ത്രവാദികൾ കല്ദയർ ജ്യോതിഷ്കാരികളെയും വരുത്തുവാൻ ഉറക്കേ വിളിച്ചപ്പോൾ ബാബേലിലെ വിദ്വാന്മാരോടു രാജാവു ഉത്തരം പറഞ്ഞിതു: ഈ എഴുത്തു ആരെങ്കിലും വായിച്ചു് അർത്ഥത്തെ എന്നെ ഉണർത്തിച്ചാൽ അവൻ രക്താംബരവും കഴുത്തിൽ പൊന്മാലയും അ
8 ണിഞ്ഞു രാജ്യത്തു മൂന്നാമനായി ഭരിക്കും. എന്നാറെ രാജാവിന്റെ വിദ്വാന്മാർ എല്ലാവരും അകമ്പുക്കിട്ടും എഴുത്തു വായിപ്പാനും അർത്ഥത്തെ രാജാ
9 വോടു് അറിയിപ്പാനും കഴിഞ്ഞില്ല. അപ്പോൾ ബേൽശചർരാജാവു് അത്യന്തം മെരിണ്ടു മുഖശോഭ മങ്ങി അവന്റെ മഹത്തുക്കളും തർപ്പെട്ടു പോ
10 യി.— രാജാവിന്റെയും മഹത്തുക്കളുടെയും വാക്കുകൾ ഹേതുവായി (മൂത്ത) രാജ്ഞി അടിയന്തരശാലയിൽ ചെന്നു. രാജ്ഞി പറഞ്ഞു: രാജാവേ എന്നേക്കും വാഴുക! വിചാരങ്ങൾ നിന്നെ അരട്ടരുതു മുഖശോഭ മാറുകയും അ
11 രുതു. വിശുദ്ധദേവകളുടെ ആത്മാവുള്ള ഒരു പുരുഷൻ നിന്റെ രാജ്യത്തു് ഉണ്ടു, നിന്റെ അപ്പന്റെ നാളുകളിൽ ദിവ്യദൃഷ്ടിയും വിവേകവും ദേവകളുടെ ജ്ഞാനത്തിന്നു് ഒത്ത ജ്ഞാനവും അവനിൽ കാണായിവന്നു; നിൻറപ്പനായ നബുകദ്രെച്ചർ രാജാവു് അവനെ ശാസ്ത്രികൾ മന്ത്രവാദികൾ കല്ദയർ ജ്യോതിഷ്കാരികൾക്കും മൂപ്പനാക്കിവെച്ചു നിൻറപ്പൻ രാജാ
12 വേ, രാജാവു ബലച്ചചർ എന്ന പേർ വിളിച്ചുള്ള ആ ദാനീയേലിൽ അതിശയാത്മാവും സ്വപ്നങ്ങളെ പൊരുൾ തിരിക്ക കടങ്കഥകളെ തെളിയിക്കുന്നു ലാമാലയുടെ തുമ്പു കിട്ടുക ഈ വകയിൽ അറിവും ബുദ്ധിയും കണ്ടെത്തുക നിമിത്തമേ. ഇപ്പോൾ ദാനീയേൽ വിളിക്കപ്പെടാവു, എന്നാൽ അർത്ഥത്തെ ഉണർത്തിക്കും.
13 എന്നാറെ ദാനീയേൽ രാജാവിൻ മുമ്പിൽ കൊണ്ടുവരപ്പെട്ടപ്പോൾ രാജാവു ദാനീയേലോടു ഉത്തരം പറഞ്ഞിതു: എൻ പിതാവായ രാജാവു യഹൂദയിൽ നിന്നു വരുത്തിയ യഹൂദാപ്രവാസികളിൽ ഉള്ള ദാനീയേൽ നീ അല്ലയോ?
14 ദേവകളുടെ ആത്മാവു നിന്നിൽ ഉണ്ടു് എന്നും ദിവ്യദൃഷ്ടിയും വിവേകവും

അതിശയജ്ഞാനവും നിങ്കൽ കാണാകുന്നു എന്നും നിന്നെച്ചൊല്ലി കേട്ടി
15 ട്ടുണ്ടു. ഇപ്പോൾ ഈ എഴുത്തു വായിച്ചു അർത്ഥത്തെ എനിക്കു് അറിയി
പ്പാൻ മന്ത്രവാദികളും മുതലായ വിദ്വാന്മാർ എന്റെ മുമ്പിൽ വരുത്തിയാ
16 റേയും കാര്യത്തിന്റെ അർത്ഥം ഉണർത്തിപ്പാൻ ആവതു് ഇല്ല. പൊരുൾ തി
രിപ്പാനും ന്യൂനതകളെ അഴിപ്പാനും നീ പ്രാപ്തൻ എന്നു ഞാൻ കേട്ടു;
ഇപ്പോൾ എഴുത്തിനെ വായിപ്പാനും അർത്ഥത്തെ അറിയിച്ചുതരുവാനും കഴി
യും എങ്കിൽ നീ രക്താംബരവും കഴുത്തിൽ പൊന്മാലയും അണിഞ്ഞു രാജ്യ
ത്തു മൂന്നാമനായി വാഴും.

17 എന്നാറെ ദാനീയേൽ രാജാവിൻ മുമ്പിൽ ഉത്തരം പറഞ്ഞിതു: നിന്റെ
ദാനങ്ങളും നിനക്കു് ഇരിക്ക, സമ്മാനങ്ങളെ മറ്റാക്കും കൊടുക്ക, എഴുത്തി
18 നെ രാജാവിനു വായിച്ചു അർത്ഥത്തെ അറിയിച്ചു തരാം താനും. രാജാവായ
ള്ളോവേ! നിന്റെ പിതാവായ നബൂകദ്രേച്ചരിന്നു ഉന്നതദൈവം രാജ
19 ത്വവും വലിപ്പവും യശസ്സും പ്രതാപവും നല്കി ഇരുന്നു. അവൻ നല്കിയ വ
ലിപ്പത്തിന്നു സകലവംശഗോത്രഭാഷകളും വിറെച്ചു അവൻമുമ്പിൽ ഭയപ്പെ
ട്ടുനിന്നു; തോന്നുന്നവനെ അവൻ കൊന്നു തോന്നുന്നവനെ ജീവിപ്പിക്കും,
20 തോന്നുന്നവനെ അവൻ ഉയർത്തി തോന്നുന്നവനെ താഴ്ത്തും. അവന്റെ ഹൃദ
യം ഉയർന്നു ആത്മാവു തിളപ്പോളം ഉറെച്ചപ്പോഴേക്കോ അവനെ രാജാ
21 സനത്തിൽനിന്നു നീക്കി യശസ്സും പൊക്കമായി, മനുഷ്യപുത്രന്മാരിൽനി
ന്നു് അവൻ ആട്ടപ്പെട്ടു ഹൃദയം മൃഗപ്രായമായി കാട്ടുകഴുതകളോടു കൂട
പാർപ്പും ഉണ്ടു, കാളകളും കണക്കേ അവനെ സസ്യാദി തീറും, ദേഹം വാ
നമഞ്ഞുകൊണ്ടു നനയും മനുഷ്യരുടേ രാജത്വത്തിൽ ഉന്നത ദൈവം ഭരി
ക്കുന്നു എന്നും തനിക്കു് തെളിഞ്ഞവനു് അതിനെ കൊടുക്കുന്നു എന്നും അ
22 റിഞ്ഞുവരുവോളമേ. അവന്റെ പുത്രനായ ബേൽശചർ എന്ന നീ ഇതൊ
23 ക്കയും അറിഞ്ഞിട്ടും ഹൃദയത്തെ താഴ്ത്താതേ, സ്വർഗ്ഗനാഥന്റെ മീതേ നി
ന്നെ തന്നേ ഉയർത്തി, അവന്റെ ആലയത്തിലേ പാത്രങ്ങളെ നിൻമുമ്പിൽ
കൊണ്ടുവന്നു, നീയും നിന്റെ മഹത്തുക്കളും രാണിമാരും വെപ്പാട്ടികളും
അവറ്റിൽ വീഞ്ഞു കുടിച്ചു, പൊൻവെള്ളിയും ചെമ്പു് ഇരിമ്പും മരംക
ല്ലും കൊണ്ടുള്ള ദേവകളെ കാണാത്തവർ കേൾക്കാത്തവർ അറിയാത്തവർ
എങ്കിലും നീ സ്തുതിച്ചു, നിന്റെ ശ്വാസവും നിന്റെ വഴികളും ഒക്കയും തൃ
24 ക്കയ്യിലുള്ള ദൈവത്തെ ബഹുമാനിയാതേ പോയി. അപ്പോൾ അവൻമു
മ്പിൽനിന്നു് ഈ കൈയറ്റം അയക്കപ്പെട്ടു ഈ എഴുത്തും വരെക്കപ്പെട്ടു.—
25 വരെച്ച എഴുത്താവിതു: ''മനേ മനേ തക്കേൽ ഉഫർസീൻ'' (എണ്ണി എ
26 ണ്ണി തൂക്കി തുണ്ടിച്ചു), വചനത്തിന്റെ അർത്ഥമോ: ''മനേ'' എന്നാൽ
27 ദൈവം നിന്റെ രാജത്വം എണ്ണി മുടിച്ചിരിക്കുന്നു. ''തക്കേൽ'' എന്നാൽ
28 തുലാസ്സിൽ നിന്നെ തൂക്കിയിട്ടു കനക്കുറവു കാണായി. ''ഫരേസു്'' എ
ന്നാൽ നിന്റെ രാജ്യം തുണ്ടിക്കപ്പെട്ടു മാദായി പാർസികൾക്കു കൊടുക്ക
29 പ്പെടുന്നു.—എന്നാറെ ബേൽശചർ കല്പിക്കയാൽ ദാനീയേലിനെ രക്താം
ബരവും കഴുത്തിൽ പൊന്മാലയും അണിയിച്ചു ഇവൻ രാജ്യത്തു മൂന്നാമ
30 നായി ഭരിക്കുന്നവൻ ആക എന്നു ഘോഷിപ്പിച്ചു. ആ രാത്രിയിൽ കല്ദ
31 യരാജാവായ ബേൽശചർ കൊല്ലപ്പെട്ടു, മാദായനായ ദാര്യാവുസ്സു് അറു
പത്തുരണ്ടു വയസ്സുള്ളവനായി രാജ്യത്തെ കൈക്കൊൾകയും ചെയ്തു.

6. അദ്ധ്യായം

അസൂയക്കാരുടേ കൌശലത്താൽ (10) ദാനീയേൽ സിംഹഗുഹയിൽ ആ
യി (18) അത്ഭുതരക്ഷയോടു് എത്തി.

1 **സ**കലരാജ്യത്തിലും ഇരിക്കേണ്ടുന്ന നൂറിരുപതു ക്ഷത്രപന്മാരെയും ഇ
വർക്കു മീതേ മൂന്നു പ്രധാനികളെയും ആക്കിവെക്കുന്നതു ദാര്യാവുസ്സിന്നു

2 നന്നെന്ന തോന്നീ. ഈ മൂവരിൽ ദാനീയേൽ ഒരുവൻ ആയീ; ക്ഷത്രപന്മാർ
രാജാവിന്ന ചേതം ഒന്നും വരായ്വാൻ ഇവർക്ക കണക്ക ബോധിപ്പിക്കേ
3 ണ്ടീ ഇരുന്ന. ഈ ദാനീയേലിൽ അതിശയാത്മാവ് ഉണ്ടാകകൊണ്ട അവൻ
(മറേറ) പ്രധാനികളെയും ക്ഷത്രപന്മാരെയും വെല്ലുന്നവനായീ വിളങ്ങീ,
അവനെ സർവ്വരാജ്യത്തിന്നും മേലാഠ ആക്കുവാൻ രാജാവ് ഉന്നകയും
4 ചെയ്യ.— അപ്പോഠ (ചില) പ്രധാനികളും ക്ഷത്രപന്മാരും രാജ്യകാര്യ
ത്തിൽ ദാനീയേലിന്മേൽ ഏശ്രുന്ന ഹേതു അന്വേഷിച്ച, ഒരു ഹേതുവും ദൂ
ഷ്യവും കണ്ടെത്തുവാൻ കഴിഞ്ഞതും ഇല്ല, അവൻ കേവലം വിശ്വാസ്യ
5 നാകയാൽ ഒരു തെററും ദൂഷ്യവും അവങ്കൽ കാണ്മാൻ ഇല്ല. അന്ന ഈ പൂ
രുഷന്മാർ (ആലോചിച്ച): ഈ ദാനീയേലിൽ അവന്റേറ ദൈവധർമ്മത്തെ
സംബന്ധിച്ച് ഒഴികേ യാതൊരു ഹേതുവിനെയും നാം കണ്ടെത്തുക ഇല്ല
6 എന്ന ചൊല്ലീ, പ്രധാനികളും ക്ഷത്രപന്മാരും തിടുതിടേ രാജാവിനെ ചെ
7 ന്ന കണ്ട പറഞ്ഞിത്ര: ദാര്യാവുസ്സ് രാജാവേ എന്നേക്കും വാഴുക! മാടമ്പീ
കഠം ക്ഷത്രപന്മാർ അമാത്യന്മാർ നാടുവാഴികഠം ഇങ്ങനേ രാജ്യത്തിലേ
സകലപ്രധാനികളും ആലോചിച്ച രാജാവ് ഒരു വെപ്പ വെക്കയും നിഷ്ക
ഷ്ഠയോടു വിലക്ക കല്പികയും വേണം (എന്ന കണ്ട); അതെന്ത്എ
ന്നാൽ രാജാവേ മുപ്പതുദിവസത്തിന്നകം ആരെങ്കിലും നിന്നോടു അല്ലാതേ
യാതൊരു ദേവരോടോ മനുഷ്യനോടോ ഒരു പ്രാർത്ഥന ഇരന്നാലും അവൻ
8 സിംഹങ്ങളുടേ ഗുഹയിൽ ചാടപ്പെടേണം; ഇപ്പോഠ രാജാവേ ഈ വില
ക്കിനെ സ്ഥിരമാക്കുകയും മാദായീ പാർസികളുടേ നീക്കം വരാത്ത ധർ
9 മ്മപ്രകാരം മാററി കൂടാത്തോര് എഴുത്ത വരെക്കേണമേ. എന്നതു കൊണ്ട
ദാര്യാവുസ്സ് രാജാവു വിലക്കിന്റേറ എഴുത്തിനെ വരെച്ച.
10 ഈ എഴുത്ത വരെച്ച വിവരം ദാനീയേൽ അറിഞ്ഞപ്പോഠ തന്റേറ വീ
ട്ടിൽ പോയീ, ആയതിന്ന മാളികമുറിയിൽ യരുശലേമിന്റേറ ദിക്കിൽ
നോക്കുന്ന കിളിവാതിലുകഠം തുറന്നിരുന്ന. അവിടേ അവൻ മുമ്പേ പതീ
വായീ ചെയ്തവരികകൊണ്ട ഇന്നും പകൽ മൂന്ന വട്ടം മുട്ടുകുത്തീ തൻ ദൈവ
11 ത്തിൻ മുമ്പിൽ പ്രാർത്ഥിച്ച വാഴ്ത്തീ പോന്ന. അനന്തരം ആ പുരുഷന്മാർ
തിടുതിടേ വന്ന ദാനീയേൽ സ്വദൈവത്തോടു യാചിച്ച കെഞ്ചുന്നതു ക
12 ണ്ടെത്തീ. ഉടനേ അവർ രാജാവിൻ മുമ്പിൽ അടുത്ത രാജവിലക്ക ചൊല്ലീ
പറഞ്ഞു: രാജാവേ മുപ്പതു ദിവസത്തിന്നകം ആരെങ്കിലും നിന്നോടല്ലാതേ
യാതൊരു ദേവരോടോ മനുഷ്യനോടോ ഇരന്നാലും അവൻ സിംഹങ്ങളുടേ
ഗുഹയിൽ ചാടപ്പെടേണം എന്ന് ഒരു വിലക്ക വരെച്ച് ഇല്ലയോ? രാജാ
വ് ഉത്തരം പറഞ്ഞു: നീക്കം വരാത്ത മാദായീ പാർസിധർമ്മപ്രകാരം ആ
13 കാര്യം നിർണ്ണയം തന്നേ. എന്നാറേ അവർ രാജാവോടു ഉത്തരം പറഞ്ഞു:
രാജാവേ യഹൂദാപ്രവാസികളിൽ ഉള്ള ദാനീയേൽ നിന്നെയും നീ വരെച്ച
വിലക്കിനെയും കുറിക്കൊണ്ടവൻ അല്ല, പകൽ മൂന്ന വട്ടം തന്റേറ പ്രാർത്ഥ
14 ന ഇരന്ന പോരുന്ന. എന്ന വാക്ക കേട്ടാറേ രാജാവിന്നുള്ളിൽ വളരേ രസ
ക്കേടായീ ദാനീയേലിനെ രക്ഷിപ്പാൻ മനം വെച്ച നേരം അസ്തമിപ്പോളം
15 അവനെ ഉദ്ധരിപ്പാൻ പ്രയത്നം കഴിച്ച. അന്ന് ആ പുരുഷന്മാർ തിടുതിടേ
രാജാവിനെ ചെന്ന കണ്ട രാജാവിനോടു പറഞ്ഞു: രാജാവേ അരുചൻ വെ
ച്ചയാതൊരു വിലക്കും തീർപ്പും മാററം വരാത്തത് എന്ന മാദായിപാർസീ
കഠംക്ക വ്യവസ്ഥ തന്നേ എന്ന് അറിക. അപ്പോഠ രാജാവു കല്പിച്ചിട്ട അ
16 വർ ദാനീയേലിനെ വരുത്തീ സിംഹഗുഹയിൽ ചാടിവിട്ട: നീ നിരന്ത
രം സേവിക്കുന്ന നിന്റേറ ദൈവം നിന്നെ രക്ഷിക്കാക! എന്ന രാജാവു ദാ
17 നീയേലിനോടു പറഞ്ഞു. കൊണ്ടവന്നൊരു കല്ലിനെ ഗുഹയുടേ വായിൻ
മേൽ ഇട്ടപ്പോഠ ദാനീയേലിന്റേറ അവസ്ഥക്ക യാതൊരു മാററം തട്ടാത
വണ്ണം രാജാവു തന്റേറ മോതിരവും മഹത്തുക്കളുടേ മോതിരവും കൊണ്ട മു
18 ദ്രയിട്ട. ശേഷം രാജാവു നോറുകൊണ്ടും പെണ്ണുങ്ങളെ അടുപ്പിക്കാതേ

19 കണ്ടും രാത്രീ കഴിച്ചു ഉറക്കു് ഒഴികയും ചെയ്തു.— പുലർച്ചെക്കു വെളുക്കു
20 മ്പോഴം രാജാവു് എഴുനീറു ബദ്ധപ്പെട്ടു സിംഹഗ്രഹയിലേക്കു ചെന്നു. ഗ്ര
ഹയോടു് അണഞ്ഞാറേ ദാനീയേലിനെ ദുഃഖശബ്ദത്തോടേ വിളിച്ചു: ജീ
വനുള്ള ദൈവത്തിൻറെ ദാസനായ ദാനീയേലേ നീ നിരന്തരം സേവിക്കു
ന്ന നിൻറെ ദൈവത്തിന്നു സിംഹങ്ങളിൽനിന്നു നിന്നെ രക്ഷിപ്പാൻ ആ
21 വതോ? എന്നു രാജാവു ദാനീയേലിനോടു പറഞ്ഞു. ദാനീയേൽ രാജാവോ
ടു് ഉരിയാടീ: രാജാവേ എന്നേക്കും വാഴുക! എൻ ദൈവം തൻറെ ദൂതനെ
22 അയച്ചു സിംഹങ്ങൾക്കു വായു് അടെപ്പിച്ചു എന്നെ ഉപദ്രവിക്കാതാക്കി.
അവൻറെ മുമ്പിൽ എന്നിൽ നിർമ്മലത കാണായതല്ലാതേ രാജാവേ നി
നക്കും ഞാൻ പാതകം ചെയ്തവനായി തോന്നാ അല്ലോ. അപ്പോഴം രാജാ
23 വു് ഉള്ളംകൊണ്ടു് ഏറ്റം സന്തോഷിച്ചു ദാനീയേലെ ഗ്രഹയിൽനിന്നു
കരേറുവാൻ കല്പിച്ചു: ദാനീയേൽ ഗ്രഹയിൽനിന്നു കയറിവന്നപ്പോഴം സ
ദൈവത്തിൽ വിശ്വസിക്കകൊണ്ടു കേടു് ഒന്നും അവനിൽ കാൺമാൻ ഇല്ല.
24 രാജാവു കല്പിച്ചാറേ ദാനീയേലിനെക്കൊണ്ടു് ഏഷണി പറഞ്ഞ പുരുഷ
ന്മാരെ വരുത്തിയ ഉടനേ മക്കളും ഭാരങ്ങളുമായി സിംഹഗ്രഹയിൽ ചാടി;
ആയവർ ഗ്രഹനിലത്തോടു് എത്തും മുമ്പേ സിംഹങ്ങൾ അവരെ പിടിച്ചു
പററി എല്ലാ എല്ലുകളെയും നുറുക്കിക്കളഞ്ഞു.

25 അനന്തരം ദാര്യാവുസ്സു്രാജാവു ഭൂമിയിൽ പാർക്കുന്ന സകലവംശഗോത്ര
26 ഭാഷകൾക്കും എഴുതിച്ചിതു: നിങ്ങളുടേ സമാധാനം വലുതാക! എൻറെ രാ
ജ്യാധികാരത്തിൽ ഉൾപ്പെട്ട ഏവരും ദാനീയേലിൻറെ ദൈവത്തിങ്കൽ വി
റെച്ചു ഭയപ്പെടേണം എന്നു് എങ്കൽനിന്നു കല്പന വെച്ചു കിടക്കുന്നു. അവ
നാകട്ടേ ജീവനുള്ളവനും എന്നേക്കും നിലനില്ക്കുന്നവനും ആകുന്ന ദൈവം,
അവൻറെ രാജ്യം നശിക്കാത്തതും വാഴ്ച അവസാനംവരേ ഉള്ളതും തന്നേ.
27 അവൻ രക്ഷിച്ചു് ഉദ്ധരിക്കുന്നവനും സ്വർഗ്ഗത്തിലും ഭൂമിയിലും അടയാളങ്ങ
ളെയും അത്ഭുതങ്ങളെയും ചെയ്യുന്നവനും (അത്രേ); ദാനീയേലിനെ സിം
ഹങ്ങളുടേ കയ്യിൽനിന്നു്. അവൻ തന്നേ രക്ഷിച്ചു സ്പഷ്ടം.— ഈ ദാനീ
28 യേൽ ദാര്യാവുസിൻറെ രാജത്വത്തിലും പാർസികുരുസ്സിൻറെ രാജത്വത്തി
ലും ഭാഗ്യം സാധിച്ചുപോന്നു.

II. ദാനീയേലിൻറെ ദർശന വിവരം. (അ. 7–12.)

7. അദ്ധ്യായം

നാലു സാമ്രാജ്യങ്ങളെയും മശീഹാരാജത്വത്തെയും കണ്ടതിൻ (15) അത്ഥത്തെ വിവരിച്ചതു.

1 ബാബേൽരാജാവായ ബേൽശചരിൻ ഒന്നാം ആണ്ടിൽ ദാനീയേൽ
ഒരു സ്വപ്നത്തെയും കിടക്കമേലേ തലയിലേ ദർശനങ്ങളെയും കണ്ടപ്പോഴം
2 സ്വപ്നത്തെ എഴുതി കാര്യങ്ങളുടേ തുക വിവരിച്ചു. ദാനീയേൽ വിവരി
ച്ചിതു: രാക്കുറിൽ ഞാൻ ദർശനത്തിൽ കണ്ടു, ഇതാ വാനത്തിൻ കാറു
3 കും നാലും വങ്കടലിന്മേൽ തള്ളിയിട്ടപ്പോഴം, തമ്മിൽ ഭേദമായുള്ള നാലു
4 വൻമൃഗങ്ങളും കടലിൽനിന്നു കരേറിവന്നു. ഒന്നാമതു സിംഹത്തിന്നു സമം,
കഴുകിൻ ചിറകുകളും ഉള്ളതു; ആയതിനെ നോക്കി തീരുംമുമ്പേ അതിൻ
ചിറകുകളും പൊരിക്കപ്പെട്ടു, പിന്നേ അതിനെ നിലത്തുനിന്നു നിവിർത്തി
മനുഷ്യനെപ്പോലേ കാലുകളിന്മേൽ നിറുത്തിയ ശേഷം അതിന്നു മാനുഷഹൃ
5 ദയം കൊടുക്കപ്പെട്ടു. അനന്തരം അതാ രണ്ടാമതു കരടിക്കു സദൃശമായ വേ
റൊരു മൃഗം; അതു് ഒരു ഭാഗത്തു നിവിന്നും വായിൽ പല്ലുകളുടേ ഇടയിൽ

മൂന്നു വാരിയെല്ലുകളെ (പിടിച്ചും കണ്ടു) അതിനോട് ''എടീ എഴുനീറു വള
6 രേ മാംസം തിന്നുക!'' എന്നു പറഞ്ഞു. അതിൽ പിന്നേ ഞാൻ നോക്കിയ
പ്പോൾ അതാ പുള്ളിപ്പുലിക്ക് ഒത്ത വേറൊന്നു, പുറത്തു പക്ഷിച്ചിറകു നാ
ല് ഉള്ളതു; ഈ മൃഗത്തിന്നു നാലു തലകളും ഉണ്ടു (ഭ്ര)ഭരണവും കൊടുക്ക
7 പ്പെട്ടു. അനന്തരം ഞാൻ രാത്രി ദർശനങ്ങളിൽ കണ്ടു: ഇതാ നാലാം മൃഗം
ഭയങ്കരവും ഉരത്തതും അതിശയബലവത്തും ആയതിന്നു വലിയ ഇരിമ്പു
പല്ലുകളും ഉണ്ടു, അതു തിന്നും ചതെച്ചും ശേഷിപ്പിനെ കാലുകൾകൊണ്ടു,
ചവിട്ടിയും പോന്നു, മുമ്പേ ഉള്ള സകലമൃഗങ്ങളിലും വ്യത്യാസമുള്ളതു, പത്തു
8 കൊമ്പുകളും ഉണ്ടു. ആ കൊമ്പുകളെ കുറിക്കൊള്ളുമ്പോൾ ഇതാ അവറ്റിൻ
ഇടയിൽ മറ്റൊരു ചെറുകൊമ്പു കയറി, ആദ്യക്കൊമ്പുകളിൽ മൂന്ന് അ
തിൻ മുമ്പിൽ നിന്നു പൊരിക്കപ്പെട്ടപ്പോൾ അതാ മാനുഷക്കണ്ണിന് ഒത്ത
9 കണ്ണുകളും വമ്പുകൊ ഉരെക്കുന്ന വായും ഈ കൊമ്പിൽ ഉണ്ടു.— ആസന
ങ്ങൾ നിരുത്തപ്പെട്ടുംവരേ ഞാൻ നോക്കിക്കൊണ്ടിരുന്നു. അപ്പോൾ ഒരു
വയസ്സൻ ഇരുന്നുകൊണ്ടു, അവന്റെ വസ്ത്രം ഹിമംപോലേ വെളുത്തു, തല
യിലേ കേശം തൂയ്മ ആട്ടുമുടിക്ക് ഒത്തു, സിംഹാസനം അഗ്നിജ്വാലകളും
10 അതിൻ ഉരുളുകൊ എരിയുന്ന തീയും ആയി. അവൻ മുമ്പിൽനിന്ന് ഒരു
തീപ്പുഴ ഒഴുകി പുറപ്പെട്ടു, ആയിരം ആയിരങ്ങൾ അവനെ ശുശ്രൂഷിക്കും,
ലക്ഷംലക്ഷങ്ങൾ അവന്മുമ്പിൽ നില്ക്കും; ന്യായവിധി(ക്കാർ) ഇരുന്നുകൊ
11 ണ്ടു പുസ്തകങ്ങളും തുറക്കപ്പെട്ടു. ഞാൻ നോക്കിക്കൊള്ളുമ്പോൾ ആ കൊമ്പ്
ഉരെക്കുന്ന വമ്പുമൊഴികളുടേ ശബ്ദം നിമിത്തം ഞാൻ കാൺകേ മൃഗം കൊ
ല്പെട്ടു അതിൻ ദേഹം കെട്ടുപോയി തീയിൽ വെന്തുപോവാൻ കൊടുക്ക
12 പ്പെട്ടു. ശേഷമുള്ള മൃഗങ്ങൾക്കും ജീവനീളം സമയനേരം വരേ മാത്രം കൊ
ടുക്കപ്പെടുകകൊണ്ടു അവറ്റിൻ (ഭ്ര)ഭരണം കഴിഞ്ഞുപോയി.— ഞാൻ
13 രാത്രിദർശനങ്ങളിൽ കണ്ടിതു: വാനമേഘങ്ങളോടേ മനുഷ്യപുത്രനു സമ
നായ ഒരുവൻ വന്നു ആ വയസ്സനോട് എത്തി, ഇവന്റെ മുമ്പിൽ (ചിലർ)
14 അവനെ അടുപ്പിച്ചു. അവനു (ഭ്ര)ഭരണവും യശസ്സും രാജത്വവും നല്കപ്പെട്ടു
സകലവംശഗോത്രഭാഷകളും അവനെ സേവിച്ചു, അവന്റെ വാഴ്ച നീങ്ങാ
ത്ത നിത്യവാഴ്ചയും അവന്റെ രാജത്വം മുടിയാത്തതും അത്രേ.

15 ദാനീയേൽ ആകുന്ന എന്റെ ആത്മാവ് ഉറയകത്തു നൊന്തു തലയിലേ
16 ദർശനങ്ങൾ എന്നെ അരട്ടി. അവിടേ നില്ക്കുന്നവരിൽ ഒരുത്തനോടു ഞാൻ
അണഞ്ഞു ഈ സകലത്തിന്റെയും നിശ്ചയത്തെ അപേക്ഷിച്ചപ്പോൾ കാ
ര്യങ്ങളുടേ അർത്ഥത്തെ എന്നോട് അറിയിച്ചു പറഞ്ഞിതു: നാലായുള്ള
17 ഈ വലിയ മൃഗങ്ങൾ ഭ്രമിയിൽനിന്നു കയറേണ്ടുന്ന നാലു രാജാക്കന്മാർ,
18 എന്നാൽ രാജ്യത്തെ ലഭിക്കേണ്ടുന്നവർ അത്യുന്നതന്റെ വിശുദ്ധന്മാർ
അവർ രാജ്യത്തെ എന്നേക്കും സർവ്വയുഗങ്ങളോളവും അടക്കും. പിന്നേ മറ്റു
19 ള്ള സകലമൃഗങ്ങളിലും വ്യത്യാസമുള്ളതായി ഇരിമ്പു പല്ലുകളാലും ചെമ്പു
നഖങ്ങളാലും അതിഭയങ്കരമായി തിന്നു ചതെച്ചു ശേഷിപ്പു കാലുകളാൽ
ചവിട്ടുന്ന നാലാം മൃഗത്തിന്റെ പരമാർത്ഥം കാംക്ഷിച്ചു; അതിൻ തലയിലേ
20 പത്തു കൊമ്പുകളെ കുറിച്ചും മറ്റൊന്നു കയറിയപ്പോൾ ഇതിൻ മുമ്പിൽ മൂന്നു
21 ഉതിർന്നാറേ കണ്ണുകളും വമ്പുകളെ ഉരെക്കുന്ന വായും കൂട്ടരിൽ ഏറിയ വലി
പ്പവും ആയി കണ്ട കൊമ്പിനെ കുറിച്ചും (ചോദിച്ചു). ഞാൻ നോക്കും
22 പോഴേക്കു ആ കൊമ്പു വിശുദ്ധന്മാരോടു പോർ ചെയ്തു അവരെ ജയിച്ചതു,
വയസ്സൻ വന്നിട്ട് അത്യുന്നതന്റെ വിശുദ്ധർക്കു ന്യായം ലഭിച്ചു വിശു
ദ്ധർ രാജ്യത്തെ അടക്കുന്ന സമയം എത്തുംപര്യന്തം തന്നേ.— എന്നതിന്ന്
23 അവൻ ഇവ്വണ്ണം പറഞ്ഞു: നാലാം മൃഗം എന്നാൽ സകലരാജ്യങ്ങളിലും
വ്യത്യാസമുള്ള നാലാമത് ഒരു രാജ്യം ഭ്രമിയിൽ ഉണ്ടായി സർവ്വഭ്രമിയെ
യും തിന്നു ചവിട്ടിച്ചതെച്ചു കളയും. പത്തു കൊമ്പുകളും എങ്കിലോ ആ രാജ്യ
24 ത്തുനിന്നു പത്തു രാജാക്കന്മാർ എഴുനീല്ക്കും. അവർക്കു പിന്നേ വേറൊരുവൻ

എഴനീറു മുമ്പേത്തവരിൽ വ്യത്യാസമുള്ളവനായി (കാണിച്ചു) മൂന്നു
25 രാജാക്കന്മാരെ വീഴ്ത്തും. അവൻ ഉന്നതനെക്കൊള്ളെ മൊഴികയും ഉരെച്ചു
അത്യുന്നതന്റെ വിശുദ്ധരെ ഒടുക്കയും സമയങ്ങളെയും വ്യവസ്ഥയെയും
മാറുവാൻ മുതിരുകയും ചെയ്യും, അവർ കാലം (ഇരു)കാലങ്ങളും അരക്കാ
ലംവരേ അവന്റെ കയ്യിൽ കൊടുക്കപ്പെടും. എന്നിട്ടു ന്യായവിധി(ക്കാർ)
26 ഇരുന്നുകൊണ്ടു അവന്റെ വാഴ്ചയെ മതിയാക്കി സംഹരിച്ചു അന്തംവരേ
കെടുത്തുകളയും. പിന്നേ രാജത്വവും അധികാരവും വാനത്തിൻകീഴ് എങ്ങു
27 മുള്ള രാജ്യങ്ങളുടേ വലിപ്പവും അത്യുന്നതന്റെ വിശുദ്ധരായ ജനത്തിന്നു
കൊടുക്കപ്പെടും; അവന്റെ രാജ്യം സദാതനരാജ്യം എല്ലാ വാഴ്ചകളും അവ
28 നെ സേവിച്ചു അനുസരിക്കും. ഇങ്ങനേ വചനം സമാപ്തം. ദാനീയേൽ
ആകുന്ന എന്നെ എൻ വിചാരങ്ങളും ഏറവും അരട്ടി മുഖശോഭയും എ
ന്നിൽ മങ്ങി കാര്യത്തെ ഞാൻ ഹൃദയത്തിൽ ചരതിക്കയും ചെയ്തു.

8. അദ്ധ്യായം

അലക്ഷന്തരുടേ സാമ്രാജ്യത്തിൽനിന്നു ചെറുകൊമ്പു ഉണ്ടായി ഉയരുന്ന
തിന്റെ (15) അർത്ഥവിവരം.

1 **ബേ**ൽശചർരാജാവിൻ വാഴ്ചയുടേ മൂന്നാം ആണ്ടിൽ എനിക്കു തുടക്ക
ത്തിൽ കാണായതിൽപിന്നേ ഒരു ദർശനം ദാനീയേൽ ആകുന്ന എനിക്കു
2 കാണായി. ഞാൻ ദർശനത്തിൽ നോക്കി സംഭവിച്ചുകണ്ടതു ഏലാംനാ
ട്ടിൽ ഉള്ള ശൂശൻകോട്ടയിൽ ഇരുന്നിട്ടു തന്നേ. ദർശനത്തിൽ കണ്ടപ്രകാരം
3 ഞാൻ ഊലായിനദീതീരത്തു നിന്നിരുന്നു. ഞാൻ കണ്ണുകളെ ഉയർത്തി
കണ്ടിതു: നദിക്കു മുമ്പാകേ ഇതാ ഓർ ആട്ടുകൊറ്റൻ നില്ക്കുന്നു. അതിന്നു
രണ്ടു കൊമ്പുകളും ഉള്ളവ ഉയർന്നവയും ഒന്നിനേറ ഉയർച്ച മറേതിൽ ഏറി
4 യതും ഉയർന്നതു പിങ്കാലത്തിൽ കയറിവന്നതും ആയി. ആട്ടുകൊറ്റൻ
പടിഞ്ഞാറോട്ടും വടക്കോട്ടും തെക്കോട്ടും മുട്ടുന്നതു ഞാൻ കണ്ടു ഒരു മൃഗവും
അവന്റെ മുമ്പാകേ നില്ക്കായതും ഇല്ല, അവന്റെ കയ്യിൽനിന്നു ഉദ്ധരിക്കു
ന്നവനും ഇല്ല, അവൻ തൻ ഇഷ്ടംപോലേ ചെയ്തു വമ്പു കാട്ടി പോന്നു. ഞാൻ
5 കുറിക്കൊണ്ടപ്പോൾ അതാ അസ്തമാനത്തിൽനിന്നു ഒരു വെള്ളാട്ടുകൊറ്റൻ
നിലത്തു തൊടാതേ സർവ്വഭൂതലത്തിന്മേൽ (പാഞ്ഞു) വന്നു; ഈ കൊറ്റനു
6 കണ്ണുകളുടേ മദ്ധ്യേ വിശേഷമുള്ളൊരു കൊമ്പു ഉണ്ടു. നദിക്കു മുമ്പിൽനിന്നു
കണ്ട ഇരുകൊമ്പുടയ ആട്ടുകൊറ്റനെക്കൊള്ളെ ഇവൻ വന്നു തൻ ഊക്കിൻ
ഊഷ്മാവിൽ അവന്നു എതിരേ ഓടിച്ചെന്നു. ആട്ടുകൊറ്റനോടു ഇവൻ
7 എത്തുന്നതു ഞാൻ കണ്ടു, അവങ്കൽ ക്രുദ്ധിച്ചു മദിച്ചു ആട്ടുകൊറ്റനെ ഇടി
ച്ചു രണ്ടു കൊമ്പുകളെയും തകർത്തുകളഞ്ഞു, ഇവന്റെ മുമ്പിൽ നില്പാൻ
ആട്ടുകൊറ്റന്നു ഓർ ആവതും ഇല്ല. അവനെ നിലത്തു തള്ളിയിട്ടു ചവിട്ടി
ക്കളഞ്ഞു, ഇവന്റെ കയ്യിൽനിന്നു ആട്ടുകൊറ്റനെ ഉദ്ധരിപ്പവൻ ആരും
8 ഇല്ല. വെള്ളാട്ടുകൊറ്റനോ അത്യന്തം വമ്പു കാട്ടിപ്പോന്നു, ഉരം തികയു
മ്പോൾ വലിയ കൊമ്പു തകർന്നു, അതിന്നു പകരം വാനത്തിലേ നാലു
കാറുകൊംകളും നേരേ വിശേഷമായവ നാലു വളർന്നു വന്നു. അവയിൽ
9 ഒന്നിങ്കൽനിന്നു ഒരു കൊമ്പു ചെറുതായി മുളെച്ചു വളർന്നു തെക്കോട്ടും
കിഴക്കോട്ടും ദേശശിഖാമണിക്കു നേരേയും അതിവലുതായി, വാന
10 സൈന്യത്തോളം വർദ്ധിച്ചു സൈന്യത്തിലും നക്ഷത്രങ്ങളിലും ചിലതു
നിലത്തേക്കു വീഴ്ത്തി ചവിട്ടിക്കളഞ്ഞു. സൈന്യത്തിൻ അധിപ
11 നോളവും അവൻ വമ്പു കാട്ടി നിത്യകൃത്യത്തെ അവനോടു പറിച്ചെടുത്തു
അവന്റെ വിശുദ്ധ സ്ഥാനത്തെ തകർത്തു നിരത്തി. എന്നാൽ ദ്രോഹം
12 ഹേതുവായി സൈന്യവും നിത്യകൃത്യവുമായി കൊടുത്തു വിടപ്പെടും,

(കൊമ്പു) സത്യത്തെ നിലത്തു തള്ളിയിട്ടു നടത്തുന്നതു സാധിപ്പിക്ക
13 യും ചെയ്യും. അപ്പോൾ ഒരു വിശുദ്ധൻ ഉരിയാടുന്നതു ഞാൻ കേട്ടു, ആ
ഉരിയാടുന്നവനോടു മറെറാരു വിശുദ്ധൻ ചോദിച്ചു: വിശുദ്ധസ്ഥല
ത്തെയും സൈന്യത്തെയും ചവിട്ടുവാൻ കൊടുക്കുന്നതു, നിത്യകൃത്യം, പാ
ഴാക്കുന്ന ദ്രോഹം ഇങ്ങനേ ദർശനത്തിൽ (കാണിച്ചതു) എത്രത്തോളം? എ
14 ന്നാറേ അവൻ എന്നോടു പറഞ്ഞു: ഈരായിരത്തുമുന്നൂറു രാപ്പകലോളം,
അവ കഴിഞ്ഞാൽ വിശുദ്ധമായതു നീതീകരിക്കപ്പെടും.

15 ഈ ദർശനത്തെ ദാനീയേൽ ആകുന്ന ഞാൻ കാണുമ്പോൾ തന്നേ (അ
തിനേറെ) ബോധത്തെ അന്വേഷിച്ചുപോന്നു. ഉടനേ ഇതാ പുരുഷസ്വരൂപ
16 മുള്ള ഒരുവൻ എനേറ മുമ്പിൽ നില്ക്കുന്നു. (അവനോടു) ഗബ്രീയേലേ (ദേവ
പുരുഷ) കണ്ടതു ഇവനെ ഗ്രഹിപ്പിക്ക എന്നു ഊലായി (തീരങ്ങളുടേ) ഇ
17 ടയിൽ വിളിക്കുന്ന മാനുഷശബ്ദത്തെ ഞാൻ കേട്ടു. ഞാൻ നില്ക്കുന്നവിടേ
ക്കു അവൻ അണഞ്ഞു വന്നപ്പോൾ ഞാൻ മിരണ്ടു മുഖം കവിണ്ണുവീണു. അ
വനോ: മനുഷ്യപുത്ര ബോധിച്ചുകൊൾക, ഈ ദർശനം അന്തത്തിൻ കാല
18 ത്തേക്കു ചേരുന്നതു എന്നു എന്നോടു പറഞ്ഞു. ഇങ്ങനേ എന്നോടു ഉരിയാ
ടുകയാൽ ഞാൻ കവിണ്ണുകിടന്നു സുഷുപ്തിപിടിച്ചാറേ അവൻ എന്നെ
19 തൊട്ടു എനേറടത്തു നിവിർത്തി പറഞ്ഞിതു: കണ്ടാലും ഈറലിനേറ അ
വസാനത്തിൽ ഉണ്ടാവാനുള്ളതു ഞാൻ നിന്നെ അറിയിക്കും, (ദർശനം) ആ
20 കട്ടേ അന്തത്തിന്നു നിശ്ചയിച്ച കാലത്തേക്കു ചേരുന്നതു.—ഇരുകൊമ്പുടയ
21 ആട്ടുകൊററനെ നീ കണ്ടതു മാദായിപാർസിരാജാക്കന്മാർ. പരുപരുത്ത
വെള്ളാട്ടുകൊററൻ യവനരാജാവത്രേ; കണ്ണുകളിൻ മദ്ധ്യേ ഉള്ള വങ്കൊ
22 മ്പോ ഒന്നാമത്തെ രാജാവു തന്നേ. അതു തകർന്നിട്ടു പകരം നാലു നില്ക്കുന്ന
തു എന്നാൽ ആ ജാതിയിൽനിന്നു നാലു രാജ്യങ്ങൾ എഴുനീല്ക്കും, അവനേറ
23 ഊക്കോടേ അല്ല താനും. അവരുടേ വാഴ്ചയുടേ അവസാനത്തിങ്കൽ ദ്രോഹി
കൾ (ദ്രോഹത്തെ) തികെച്ചിരിക്കുമ്പോൾ കഠിനമുഖക്കാരനും ഉപായകൌ
24 ശലങ്ങൾ ബോധിക്കുന്നവനും ആയ ഒരു രാജാവു എഴുനീല്ക്കും, അവ
നേറ ഊക്കു ബലപ്പെടും, സ്വന്തശക്തിയാൽ അല്ല താനും, അവൻ അപൂർവ്വ
നാശങ്ങൾ ചെയ്തു കാര്യസാദ്ധ്യം വരുത്തി നടത്തുകയും ബലവാന്മാരെ
25 യും വിശുദ്ധരായ ജനത്തെയും കെടുക്കയും ചെയ്യും. അവനേറ ബുദ്ധി
കൊണ്ടു അവൻകയ്യിലുള്ള ചതി ഫലിക്കും, എന്നിട്ടു ഹൃദയത്തിൽ വമ്പി
ച്ചു നിശ്ചിന്തയായി പലരെയും കെടുക്കും, അധിപാധിപതിക്കു
26 നേരേ എഴുനീല്ക്കും, എങ്കിലും കൈകൂടാതേ നുറുങ്ങിപ്പോകും. ദർശന
ത്തിൽ രാപ്പകൽകൊണ്ടു ചൊല്ലിയതോ സത്യം തന്നേ; ദർശനം ഏറിയ
നാളുകൾക്കു ഉള്ളതാകകൊണ്ടു നീ ദർശനത്തെ പൂട്ടിവെക്ക.—ദാനീയേൽ
27 ആകുന്ന ഞാനോ കഴിഞ്ഞു ചിലദിവസം രോഗിയായിപ്പാർത്തു പിന്നേ
എഴുനീറു രാജവേലയെ ചെയ്തു; കണ്ടതിനെ നിനെച്ചു ഞാൻ സ്തംഭിച്ചു
അതു ആർക്കും ബോധിച്ചതും ഇല്ല.

9. അദ്ധ്യായം

ഇസ്രയേലിൻ വീഴ്ചയെ വിചാരിച്ചു (3) ദാനീയേൽ ജനപാപത്തെ സ്വീകരിച്ചു പ്രാർത്ഥിച്ച ശേഷം (20) ജനത്തിന്നു നിർണ്ണയിച്ച 70 ആഴ്ചവട്ടങ്ങളെ ദൂതൻ അറിയിക്കുന്നതു.

1 **മാ**ദായിജാതനായ ക്ഷയാർഷാവിൻപുത്രനായ ദാര്യാവുസ്സിനെ കല്ദയ
2 രാജ്യത്തിൽ വാഴിച്ച ഒന്നാം വർഷം, അവനേറ വാഴ്ചയുടേ ഒന്നാം ആണ്ടിൽ
തന്നേ ദാനീയേൽ ആകുന്ന ഞാൻ പുസ്തകങ്ങളിൽ (നോക്കി) ഓർ ആണ്ടെ
ണ്ണത്തെ കുറിക്കൊണ്ടിതു: യരുശലേമിനേറ ഇടിവിന്നു എഴുപതു വർഷം

തികെക്കേണ്ടതിന്നു യഹോവയുടേ വചനം യിരമീയാപ്രവാചകനു (യിറ.
3 25,9—12) ഉണ്ടായ ആണ്ടെണ്ണം തന്നേ.—അന്നു ഞാൻ ദൈവമായ കൎത്താ
വിലേക്കു മുഖം തിരിച്ചു ഉപവാസത്തോടും രട്ടുചാരത്തിലും പ്രാൎത്ഥനയും
4 യാചനയും തേടേണം എന്നിരുന്നു. എൻ ദൈവമായ യഹോവയോടു ഞാൻ
അപേക്ഷിച്ചും സ്വീകരിച്ചും പറഞ്ഞിതു: ആഹാ കൎത്താവേ ഭയങ്കരവലി
യ ദേവനേ നിന്നെ സ്നേഹിച്ചു കല്പനകളെ സൂക്ഷിക്കുന്നവൎക്കു നിയമത്തെ
യും കൃപയെയും സൂക്ഷിക്കുന്നവനേ! ഞങ്ങൾ പിഴെച്ചു ശഠിച്ചു ദോഷം ചെ
5 യ്തു മറുത്തുപോയി നിൻ കല്പനകളെയും ന്യായങ്ങളെയും വിട്ടുമാറി. ഞ
6 ങ്ങളുടേ രാജാക്കന്മാർ പ്രഭുക്കൾ പിതാക്കന്മാർ തുടങ്ങിയുള്ള ദേശജനത്തോ
ടു നിന്തിരുനാമത്തിൽ ഉരിയാടിയ നിൻ ദാസന്മാരായ പ്രവാചകരെ ഞ
7 ങ്ങൾ ചെവിക്കൊണ്ടതും ഇല്ല. നിനക്കു കൎത്താവേ നീതിയും ഞങ്ങൾക്കു
മുഖലജ്ജയും ഉള്ളു, ലജ്ജയും ഇന്നു ചേരുന്നതു യഹൂദാപുരുഷന്മാൎക്കും യരു
ശലേമിലേ നിവാസികൾക്കും എല്ലാ ഇസ്രയേലിന്നും നിന്നോടു അവർ
ദ്രോഹിച്ച ലംഘനങ്ങൾ നിമിത്തം നീ ആട്ടിക്കളഞ്ഞ സകലരാജ്യങ്ങളി
8 ലും സമീപത്തും ദൂരത്തും ഉള്ളവൎക്കും തന്നേ. കൎത്താവേ ഞങ്ങൾ നിന്നോടു
പിഴെച്ചതുകൊണ്ടു ഞങ്ങൾക്കും ഞങ്ങളുടേ രാജാക്കന്മാൎക്കും പ്രഭുക്കൾക്കും
9 പിതാക്കൾക്കും മുഖലജ്ജയേ ഉള്ളു. ഞങ്ങളുടേ ദൈവമായ കൎത്താവിന്നോ
10 കരുണെക്കനിവും വിമോചനവും ഉണ്ടു. ഞങ്ങൾ ആകട്ടേ അവനോടു മത്സരി
ച്ചു. അവൻ സ്വദാസരായ പ്രവാചകന്മാരെക്കൊണ്ടു ഞങ്ങളുടേ മുമ്പാകേ
വെച്ച ധൎമ്മോപദേശങ്ങളിൽ നടപ്പാൻ ഞങ്ങളുടേ ദൈവമായ യഹോവ
യുടേ ശബ്ദത്തെ കേൾക്കാതേ പോയി. എല്ലാ ഇസ്രയേലും നിന്റേ ധൎമ്മ
11 ത്തെ ലംഘിച്ചു. നിന്റേ ശബ്ദത്തെ കേളാതേ വിട്ടുമാറി. ഇങ്ങനേ ദൈവ
ദാസനായ മോശയുടേ ധൎമ്മത്തിൽ എഴുതിയ ശാപവും ആണയും ഞങ്ങൾ
12 അവനോടു പിഴെക്കയാൽ ഞങ്ങടേ മേൽ ചൊരിഞ്ഞു വന്നു. അവൻ ഞ
ങ്ങളെ കുറിച്ചും ഞങ്ങൾക്കു നടുതീൎത്ത ന്യായാധിപന്മാരെക്കുറിച്ചും ചൊല്ലി
യ വചനങ്ങളെ നിവൃത്തിച്ചുകൊണ്ടു വലിയ തിന്മ ഞങ്ങളുടേ മേൽ വരു
ത്തി, അതു യരുശലേമിൽ നടന്നതു പോലേ വാനത്തിൻകീഴ് എങ്ങും നട
13 ന്നിട്ടില്ലല്ലോ. മോശെധൎമ്മത്തിൽ എഴുതിക്കിടക്കുന്നപ്രകാരം ഈ തിന്മ ഒ
ക്കയും ഞങ്ങളുടേ മേൽ വന്നു സത്യം; ഞങ്ങളുടേ അകൃത്യങ്ങളെ വിട്ടു മടങ്ങി
നിന്റേ സത്യത്തിൽ ബോധം കൊൾവാൻ ഞങ്ങളുടേ ദൈവമായ യഹോ
വയുടേ മുഖപ്രസാദം ഞങ്ങൾ തേടിയതും ഇല്ല. എന്നിട്ടു യഹോവ തിന്മയു
14 ടേ മേൽ ജാഗരിച്ചു അതിനെ ഞങ്ങടേ മേൽ വരുത്തി; ഞങ്ങളുടേ ദൈവ
മായ യഹോവ ആകട്ടേ ചെയ്യുന്ന സകല ക്രിയകളിലും നീതിമാനത്രേ;
15 ഞങ്ങളോ അവന്റേ ശബ്ദത്തെ കേട്ടുകൊണ്ടിട്ടില്ല.— ഇപ്പോഴോ ഞങ്ങളുടേ
ദൈവമായ യഹോവേ മിസ്രദേശത്തുനിന്നു നിന്റേ ജനത്തെ ശക്തകൈ
കൊണ്ടു പുറപ്പെടീച്ചിട്ടു ഇന്നു ഉള്ളപ്രകാരം നിനക്കു ഒരു നാമത്തെ ഉണ്ടാ
16 ക്കിയോനേ ഞങ്ങൾ പിഴെച്ചു ദ്രോഹിച്ചു. കൎത്താവേ നീ നടത്തിയ സക
ലനീതികൎമ്മങ്ങളും തക്കവണ്ണം നിൻ കോപവും ഊഷ്മാവും നിന്റേ വിശുദ്ധ
മല ആകുന്ന യരുശലേം എന്ന സ്വന്തപട്ടണത്തിൽനിന്നു മടങ്ങി ഒഴികെ!
ഞങ്ങളുടേ പാപങ്ങളാലും പിതാക്കന്മാരുടേ അകൃത്യങ്ങളാലും തന്നേ യരു
ശലേമും നിൻ ജനവും ചുറുമുള്ള എല്ലാവൎക്കും നിന്ദയായി തീൎന്നുവല്ലോ.
17 ഇപ്പോൾ ഞങ്ങളുടേ ദൈവമേ അടിയേന്റേ പ്രാൎത്ഥനയും യാചനയും കേട്ടു
കൊണ്ടു ശൂന്യമായ നിൻ വിശുദ്ധസ്ഥലത്തിന്മേൽ കൎത്താവിൻ നിമി
18 ത്തം തിരുമുഖത്തെ പ്രകാശിപ്പിക്കേണമേ. എൻ ദൈവമേ നിൻ ചെവി
ചാച്ചു കേൾക്കേണമേ. തിരുക്കണ്ണുകളെ തുറന്നു ഞങ്ങളുടേ ശൂന്യതകളെയും
നിൻനാമം വിളിക്കപ്പെട്ടുന്ന പട്ടണത്തെയും നോക്കേണമേ. ഞങ്ങളുടേ
നീതികളെ വിചാരിച്ചല്ലോ നിന്റേ ഏറിയ കരുണെക്കനിവുകളെ വിചാരി
19 ച്ചത്രേ നിന്റേ മുമ്പിൽ ഞങ്ങൾ യാചനകളെ വെച്ചേക്കുന്നതു. കൎത്താവേ

കേട്ടാലും! കർത്താവേ വിമോചിച്ചാലും! കർത്താവേ ചെവിക്കൊണ്ടു
ചെയ്താലും! നിൻനിമിത്തം എൻ ദൈവമേ വൈകരുതേ! നിൻനഗരത്തി
ന്മേലും ജനത്തിന്മേലും നിൻ നാമം വിളിക്കപ്പെട്ടതല്ലോ!
20 ഞാൻ പ്രാർത്ഥിച്ചും എൻ പാപത്തെയും എൻ ജനമായ ഇസ്രയേലിൻ
പാപത്തെയും സ്വീകരിച്ചും എൻ ദൈവത്തിൻ വിശുദ്ധമലെക്ക വേണ്ടി
എൻ യാചനയെ എൻ ദൈവമായ യഹോവയുടേ മുമ്പിൽ വെച്ചേച്ചും പോ
21 രുകയിൽ, പ്രാർത്ഥന ചൊല്ലി തീരും മുമ്പേ തന്നേ ഞാൻ ആദിയിൽ ദർ
ശനത്തിങ്കൽ അതിക്ഷീണിച്ചു (8, 18. 27) കണ്ട ഗബ്രിയേൽ എന്ന പുരു
22 ഷൻ അന്തിവഴിപാടിൻ നേരത്ത് എന്നെ തൊട്ടു. എന്നോടു ഗ്രഹിപ്പിച്ചു
പറഞ്ഞിതു: നിനക്കു വിവേകബോധം വരുത്തുവാൻ ഞാൻ ഇപ്പോൾ പുറ
23 പ്പെട്ടു വന്നതു. നിന്റേറ യാചനകൾ തുടങ്ങുമ്പോൾ നീ ഓമൽ ആകകൊ
ണ്ടു ഒരു വാക്കു പുറപ്പെട്ടു (അതു) കഥിപ്പാൻ ഞാൻ വന്നു. എന്നാൽ വാ
ക്കിനെ ഗ്രഹിച്ചു ദർശനത്തെ ബോധിച്ചുകൊൾക!
24 നിൻ ജനത്തിന്മേലും വിശുദ്ധനഗരത്തിന്മേലും എഴുപതു ആഴ്ചവട്ടങ്ങൾ
അറുത്തു കിടക്കുന്നതു ദ്രോഹത്തെ അടെപ്പാനും പാപങ്ങളെ മുദ്രയിടുവാനും
അകൃത്യത്തെ പരിഹരിപ്പാനും (എന്നിയേ) സദാതനനീതിയെ വരുത്തു
വാനും ദർശനങ്ങൾ പ്രവാചകരെയും മുദ്രയിടുവാനും ഓർ അതിവിശുദ്ധ
25 ത്തെ അഭിഷേകം ചെയ്വാനും തന്നേ. അറിഞ്ഞു ബോധിച്ചു കൊൾക!
യരുശലേമിനെ യഥാസ്ഥാനമാക്കി പണിയിക്കേണം എന്ന വചനം
പുറപ്പെടുന്നതുമുതൽ ഓർ അഭിഷിക്തനും മന്നവനും ആയവൻ വരെക്കും ഏ
ഴു ആഴ്ചവട്ടങ്ങൾ; അറുപത്തുരണ്ടു ആഴ്ചവട്ടങ്ങൾകൊണ്ടു യഥാസ്ഥാനത്താക
യും പണികയും ചെയ്യുപോരും, പരക്കേയും ഖണ്ഡിച്ചവണ്ണവും കാലങ്ങ
26 ളുടേ ഞെരുക്കത്തിൽ അത്രേ. അറുപത്തുരണ്ടു ആഴ്ചവട്ടങ്ങൾ കഴിഞ്ഞിട്ടോ
അഭിഷിക്തൻ ഛേദിക്കപ്പെടും അവന്നു ഏതും ഇല്ല എന്നു വരും; നഗര
ത്തെയും വിശുദ്ധസ്ഥലത്തെയും വരുന്ന മന്നവന്റേറ ജനം കെടുക്കും, ആയ
വന്റേറ അവസാനം പ്രവാഹത്തിൽ തന്നേ ആകും; പിന്നേ അന്തംവരേ
യുദ്ധവും പാഴാക്കുവാൻ വിധിച്ചതും അകപ്പെട്ട പോരും. ഓർ ആഴ്ചവട്ടം
27 കൊണ്ടു അവൻ അനേകർക്കും നിയമത്തെ ഉറപ്പിക്കും, പിന്നേ ആഴ്ചവ
ട്ടത്തിന്റേറ പാതികൊണ്ടു അവൻ യാഗവും കാഴ്ചയും ഒഴിപ്പിക്കും, അറ
പ്പുള്ള (ബിംബ)ച്ചിറകിന്മേൽ അവൻ പാഴാക്കുന്നവനായിവരും, പാഴാ
ക്കുന്നവന്റേറ മേൽ മുടിവും വിധിനിർണ്ണയവും (യശ. 28, 22) ചൊരിയും
വരെക്കും തന്നേ.

10. അദ്ധ്യായം (–12.)

അന്ത്യദർശനത്തിൽ ദൈവദൂതൻ പ്രത്യക്ഷമായി (11, 2) തെക്കേ വടക്കേ
രാജാക്കളുടേ ഛരിത്രങ്ങളെയും (21) ദൈവജനത്തിന്റേറ കഠിനഞെരുക്കത്തെ
യും (12, 1) മീകയേലിനാലേ രക്ഷയെയും അറിയിച്ച ശേഷം (4) വെളി
പ്പാടു അവസാനിക്കുന്നതു.

1 പാർസിരാജാവായ കൊരുസ്സിന്റേറ മൂന്നാം ആണ്ടിൽ ബലച്ചർ എന്ന
പേർ വിളിച്ച ദാനീയേലിന്നു ഒരു വചനം വെളിപ്പെട്ടു വന്നു. വചനം
സത്യമുള്ളതും വമ്പട (കുറിക്കുന്നതും) അത്രേ. അവനോ വചനത്തെ തിരി
2 ച്ചറിഞ്ഞു, ദർശിച്ചതിനാൽ അവന്നു ബോധം ഉണ്ടായി. ആ നാളുകളിൽ
ദാനീയേൽ ആകുന്ന ഞാൻ മൂന്നു ആഴ്ചവട്ടം കൂടി ഖേദിച്ചുപോന്നു, ആഴ്ച
3 വട്ടം മുന്നും തികവോളം രുചികരമായ അപ്പത്തെ ഭക്ഷിച്ചില്ല, ഇറച്ചിയും
4 വീഞ്ഞും വായിൽ ചെന്നിട്ടില്ല, എണ്ണ തേച്ചിട്ടും ഇല്ല. പിന്നേ ഒന്നാം തിങ്ങ
ളുടേ ഇരുപത്തുനാലാം തിയ്യതി ഞാൻ ഹിദ്ദെക്കൽ എന്ന മഹാനദിയുടേ

5 ഭാഗത്ത് ഇരിക്കുമ്പോൾ, കണ്ണുകളെ ഉയർത്തി കണ്ടിതു: ഇതാ വെള്ള
ഉടുത്തൊരു പുരുഷൻ അരെക്കു ഊഫാജിലേ തങ്കംകൊണ്ടു കച്ചകെട്ടി, ദേ
6 ഹം പുഷ്പരാഗത്തിന്നും മുഖം മിന്നലിന്റേറ കാഴ്ചെക്കും കണ്ണുകൾ തീപ്പന്ത
ങ്ങൾക്കും ഒത്തു, ഭുജങ്ങളും കാലുകളുടേ ദിക്കും കാച്ചിയ ചെമ്പിൻ നോക്കു
പോലേയും വാക്കുകളുടേ ശബ്ദം ആരവാരനാദത്തിന്നു സമവും ആയി. ഈ
7 കാഴ്ചയെ ദാനീയേൽ ആകുന്ന ഞാൻ മാത്രം കണ്ടു, എന്നോടു കൂടേ ഉള്ള
പുരുഷന്മാർ കാഴ്ചയെ കാണാതേ വലിയ ത്രാസം അകപ്പെടുകയാൽ പാ
8 ഞ്ഞ് ഒളിച്ചു പോയി. ഞാൻ തനിയേ മിഞ്ചിനിന്നു ഈ വലിയ കാഴ്ചയെ
കണ്ടപ്പോൾ എന്നിൽ ഊക്കു ശേഷിച്ചിരുന്നില്ല, മുഖശോഭ മങ്ങലായി മാറി
9 ഞാൻ ബലത്തെ വശമാക്കിയതും ഇല്ല. പിന്നേ അവന്റേറ വാക്കുകളുടേ
ശബ്ദത്തെ കേട്ടു; വചനശബ്ദം കേട്ട ഉടനേ ഞാൻ മുഖം നിലത്തോടു
10 പറവേ കവിണ്ണുവീണു സുഷുപ്തി പിടിച്ചു. ഒരു കൈ ഇതാ എന്നെ തൊട്ടു
മുഴങ്കാലുകളിലും കൈകളിലും ഊന്നി ചാഞ്ചാടുമാറാക്കി. അവൻ എന്നോ
11 ടു പറഞ്ഞു: ദാനീയേലേ ഓമലായ പുരുഷ നിന്നോടു ഞാൻ ചൊല്ലുന്ന
വാക്കുകളെ കുറിക്കൊണ്ടു നില്ക്കുന്നവിടേ നിവിരുക, ഇന്നു ഞാൻ നിന്റേറ
അടുക്കൽ തന്നേ അയക്കപ്പെട്ടു. എന്നീ വാക്ക് എന്നോടു ചൊല്ലിയാറേ
12 ഞാൻ വിറെച്ചുംകൊണ്ടു നിന്നു.— അവൻ എന്നോടു പറഞ്ഞു: ദാനീ
യേൽ ഭയപ്പെടരുതു, ബോധം കൊൾവാനും നിൻ ദൈവത്തിൻ മുമ്പാകേ
ദണ്ഡിപ്പാനും നീ മനംവെച്ച ഒന്നാം നാൾ മുതൽ നിന്റേറ വാക്കുകൾ
കേൾക്കപ്പെട്ടു ഞാനും നിൻ വാക്കുകൾ മുതലായിട്ടു വന്നു. പിന്നേ പാർ
13 സിരാജ്യത്തേപ്രഭു, ഇരുപത്തൊന്നു ദിവസം എനിക്ക് എതിർനിന്നു, അ
താ മീകയേൽ എന്ന പ്രധാനപ്രഭുക്കളിൽ ഒരുവൻ എന്നെ തുണെപ്പാൻ
വന്നു ഞാനും അവിടേ പാർസിരാജാക്കന്മാർക്ക് അരികിൽ ജയംകൊ
14 ണ്ടു. പിന്നേ ദിവസങ്ങളുടേ ഒടുക്കത്തിൽ നിൻ ജനത്തിന്നു സംഭവിപ്പാനു
ള്ളതു നിന്നെ ഗ്രഹിപ്പിപ്പാൻ വന്നിരിക്കുന്നു; ആ ദിവസങ്ങളോളവും ദർ
15 ശനം എത്തുന്നവല്ലോ.— ഇങ്ങനേത്തേ വാക്കുകളെ എന്നോടു ചൊല്ലുക
യിൽ ഞാൻ മുഖത്തെ നിലത്തോട്ട് ആക്കി മൌനമായ്പ്പാർത്തു. ഇതാ
16 മനുഷ്യപുത്രർക്ക് ഒത്തൊരുവൻ എൻ ചുണ്ടുകളെ തൊട്ടു, ഞാനും വായി
തുറന്നു എനിക്കു നേരേ നില്ക്കുന്നവനോട് ഉരിയാടി പറഞ്ഞു: കർത്താവേ
ദർശനത്താൽ എനിക്കു നോവുകയും പിടിച്ചു ഊക്കു വശമാകുന്നതും ഇല്ല.
17 പിന്നേ കർത്താവിൻ ഈ ദാസന്നു ഇങ്ങനേ ഉള്ള കർത്താവിനോടു ഉരി
യാടുവാൻ എങ്ങനേ കഴിയും? എന്നിലോ ഇതുമുതൽ ഊക്കു നിലെക്ക ഇല്ല
18 ശ്വാസം എന്നോടു ശേഷിക്കയും ഇല്ല. എന്നാറേ രൂപംകൊണ്ടു മനുഷ്യന്നു
ഒത്ത ഒരുവൻ എന്നെ തൊട്ടു ബലപ്പെടുത്തി, പറഞ്ഞു: ഓമൽപുരുഷനേ ഭയ
19 പ്പെടരുതു! നിനക്കു സമാധാനം ആക! ബലത്തു ബലപ്പെടുക! ഇങ്ങനേ എ
ന്നോടു ഉരിയാടുകയാൽ ഞാൻ ബലം വന്നതു ബോധിച്ചു എൻ കർത്താവു
20 ഉരെക്ക! നീ എന്നെ ബലപ്പെടുത്തി സത്യം എന്നു പറഞ്ഞു.— അവൻ പറ
ഞ്ഞു: നിന്റേറ അടുക്കേ എന്തിന്നു വന്നു എന്നു അറിയുന്നുവോ? ഇപ്പോൾ
ഞാൻ പാർസ്സിപ്രഭുവോടു പോരാടുവാൻ മടങ്ങും, പിന്നേ ഞാൻ പുറപ്പെ
21 ട്ടാൽ അതാ യവനപ്രഭു (എതിരേ) വരും. എങ്കിലും സത്യത്തിൻ എഴു
ത്തിൽ വരെച്ചതു ഞാൻ നിന്നെ ഗ്രഹിപ്പിക്കും;ഇവരെക്കൊള്ളേ എനിക്കു തു
ണനില്ലുന്നവൻ നിങ്ങളുടേ പ്രഭുവായ മീകയേൽ അല്ലാതേ ഒരുത്തനും ഇല്ല.
11, 1 ഞാനും മാദായൻദാര്യാവുസ്സിൻ ഒന്നാം ആണ്ടിൽ അവന്നു തുണയും
ചങ്ങാതവുമായിനിന്നു. ഇപ്പോൾ നിന്നോടു സത്യത്തെ അറിയിക്കും.
2 ഇതാ പാർസിക്കു ഇനി മൂന്നു രാജാക്കന്മാർ എഴുനീല്ക്കും, നാലാമൻ എ
ല്ലാവരെക്കാളും അധികം ധനം സമ്പാദിക്കും, ദ്രവ്യസമ്പത്തിനാൽ ബല
പ്പെട്ടപ്പോൾ അവൻ സകലവും യവനരാജ്യത്തെക്കൊള്ളേ ഒരുമ്പെടുക്കും,
3 പിന്നേ ശൂരനായ രാജാവു എഴുനീറു മഹാധികാരത്തോടേ ഭരിച്ചു തനിക്കു

4 തോന്നും പോലേ ചെയ്യും. അവൻ നില്ക്കുമ്പോൾ അവന്റെ രാജ്യം തക
ന്ന വാനത്തിലേ നാലു കാററുകൾക്കും നേരേ പകുത്തുപോകും (8, 8) അവ
ന്റെ സന്തതിക്ക് അല്ല താനും അവൻ ഭരിച്ച അധികാരം പോലേയും
അല്ല, അവന്റെ രാജത്വം നിർമ്മൂലം ആയി ഇവരെ കൂടാതേ മറേറവർ
5 ക്ക് ആകും (8, 22). പിന്നേ തെക്കേ രാജാവു ബലപ്പെട്ടും, അവന്റെ പ്രഭു
ക്കളിൽ ഒരുത്തൻ അവനു മീതേ ബലവാനാകും, അവന്റെ അധികാരം
6 വലിയ അധികാരം തന്നേ. വർഷങ്ങളുടേ അവസാനത്തിൽ (ഇരുവരും) ത
മ്മിൽ കൂട്ടുകെട്ട് ഉണ്ടാകുമ്പോൾ തെക്കേ രാജാവിൻ പുത്രി നിരപ്പു സ്ഥാ
പിപ്പാൻ വരും, എങ്കിലും സഹായത്തിന്ന് ഊക്കിനെ അവൾ വശമാക്കു
ക ഇല്ല, അവനും അവന്റെ സഹായവും നില്ക്കയും ഇല്ല, അവളും കൂട്ടിച്ചു
കൊണ്ടുവന്നവരും അവളെ ജനിപ്പിച്ചവനും അവൾക്കു തുണെച്ചവനും താ
7 ന്താന്റെ കാലങ്ങളിൽ ഏല്പിക്കപ്പെടും. അവളുടേ വേർത്തിരിൽനിന്ന്
ഒരുവൻ അവന്റെടത്ത് എഴുനീറു (ശത്രുവിൻ) സൈന്യത്തോട് ഏറു വ
ടക്കേ രാജാവിൻ കോട്ടകളിൽ പുക്കു അവററിൽ (ഇഷ്ടം) പ്രവൃത്തിച്ചു
8 ബലം കാട്ടും. അവരുടേ ദേവകളെയും വാർത്ത തീർത്ത ബിംബങ്ങളും വെള്ളി
പൊൻ മുതലായ ആഡംബരക്കോപ്പുമായി അവൻ മിസ്രയിലേക്ക് അടി
മയിൽ കൊണ്ടു പോകും (പല) ആണ്ടുകളും കൂടിയും അവൻ വടക്കേ രാജാ
9 വിന്ന് എതിരേ നിലനില്ക്കും. ഇവൻ തെക്കേരാജാവിൻ രാജ്യത്തിൽ പു
10 ക്കിട്ടും സ്വഭൂമിയിലേക്കു മടങ്ങും.— പിന്നേ അവന്റെ മക്കൾ കോപ്പിട്ടു
പല പടകളുടേ സംഖ്യയെ കൂട്ടും, അതു വന്നു പ്രവാഹിച്ചു കവിയുകയും ആവ
11 ർത്തിക്കയും (തെക്കന്റെ) കോട്ടവരേ പോരാടുകയും ചെയ്യും. അന്നു തെ
ക്കേരാജാവ് ക്രുദ്ധിച്ചു മദിച്ചു പുറപ്പെട്ടു ആ വടക്കേരാജാവോടു പടവെട്ടും,
ഇവൻ വലിയ പുരുഷാരത്തെ (കൂട്ടി) നിറുത്തും എങ്കിലും പുരുഷാരം (തെ
12 ക്കന്റെ) കയ്യിൽ കൊടുക്കപ്പെടും. ആ പുരുഷാരം എഴുനീല്ക്കുംതോറും (തെ
ക്കന്റെ) ഹൃദയം ഉയരും, എങ്കിലും പതിനായിരങ്ങളെ വീഴ്ത്താലും പ്രാബ
13 ല്യം സാധിക്ക ഇല്ല. വടക്കേരാജാവ് മടങ്ങി മുമ്പിലേതിലും വലിയ
സംഖ്യയെ നിറുത്തുകയും ആണ്ടുകളും ചെന്നാൽ പിന്നേ മഹാസൈന്യത്തോ
14 ടും വളരേ കോപ്പിനോടും വരികയും ചെയ്യും. ആ കാലങ്ങളിൽ അനേകർ
തെക്കേരാജാവിന്ന് എതിരേ എഴുനീല്ക്കും, നിൻ ജനപുത്രരിൽ ഉഗ്രന്മാർ
ദർശനത്തെ നിവൃത്തിപ്പാൻ തങ്ങളെ തന്നേ ഉയർത്തിക്കൊണ്ടു ഇടറിപ്പോ
15 കും. വടക്കേരാജാവു വന്നു മേടു കുന്നിച്ചു കോട്ടനഗരങ്ങളെ പിടിക്കും, തെ
ക്കന്റെ ഭുജങ്ങളും നില്ക്കയും ഇല്ല. അവൻ തെരിഞ്ഞെടുത്ത ബലത്തിന്നും
16 നില്പാൻ ഊക്കു പോരാ. അവനോട് ഏററവൻ തോന്നുന്ന പോലേ ചെ
യ്യും, അവൻമുമ്പിൽ ആരും നില്ക്കയില്ല, കയ്യിൽ സംഹാരമുള്ളവനായി ദേ
17 ശശിഖാമണിയിലും അവൻ നില്ക്കും. പിന്നേ അവൻ തന്റെ സകലരാജ്യ
ത്തിൻ ഊററത്തോടേ പൂകുവാൻ നിരപ്പു വിചാരിച്ചും അവൻ മുഖം വെക്കും
അതും ചെയ്യും, സ്ത്രീകളുടേ പുത്രിയെ അവനു കൊടുക്കും. അവളെ കെടുപ്പാ
18 നത്രേ; അവൾ നില്ക്ക ഇല്ല, അവളാൽ അവനു ഏതും സിദ്ധിക്കയും ഇല്ല.
പിന്നേ അവൻ ദ്വീപുകളിലേക്കു മുഖം തിരിച്ചു പലവ പിടിക്കും, അധി
കാരികളെ അവൻ ശമിപ്പിച്ചു അവർക്കു നിന്ദ പിണെക്കും. എങ്കിലും ആ
19 നിന്ദയെ അവർ അവന്മേൽ തിരിയുമാറാക്കും. പിന്നേ അവൻ സ്വദേശത്തു
ള്ള കോട്ടകളിലേക്കു മുഖം തിരിക്കയും ഇടറിവീണു കാണാതാകയും ചെ
20 യ്യും.— അവന്റെ സ്ഥാനത്ത് എഴുനീല്ക്കുന്നവൻ രാജ്യശ്രേഷ്ഠത്തുടേ കരം
പിരികുന്നവരെ കടത്തുന്നവൻ, കുറയനാൾ കഴിഞ്ഞാൽ അവൻ തകർന്നു
പോകും, കോപത്തിൽ അല്ല പോരിലും അല്ല.

21 അവന്റെ സ്ഥാനത്ത് എഴുനീല്പതു ഒരു മാനഹീനൻ, രാജത്വപ്രതാപ
ത്തെ അവനെ ചുമത്തുവാൻ തോന്നീട്ടില്ല, എങ്കിലും നിശ്ചിന്തയായി അ
22 വൻ വന്നു വ്യാജമെഴുപ്പിനാൽ രാജത്വം പിടിക്കും. പ്രവാഹിക്കുന്ന

ബലങ്ങൾ ഏറാറാൽ അവൻ കവിഞ്ഞിട്ട് അവ തകർന്നുപോകും, നിയമ
23 പ്രഭുക്കളും കൂടേ. ഇവരോട് കൂട്ടുകെട്ട് ഉണ്ടാക്കിയ മുതല്ക്ക് അവൻ വഞ്ചന 41
ചെയ്തു കരേറിവന്ന അല്പപടയോട് എങ്കിലും പ്രബലനാകും. നിശ്ചിന്തയാ
24 യി അവൻ നാട്ടിൽ പുഷ്ടി ഏറിയ ദിക്കുകളിൽ പുക്കു അവനേറ അപ്പന്മാരും 42
അപ്പപ്പന്മാരും ചെയ്യാത്തതു ചെയ്യും; അതിൽനിന്നു കൊള്ളയും കവർച്ച 43
യും കോപ്പും വിതറിക്കളയും; പിന്നേ കോട്ടകൾക്കു നേരേ ഉപായങ്ങളെ
25 നിരൂപിക്കും, അതും കാലംവരേ അത്രേ. അനന്തരം തെക്കേരാജാവിനെ 44
ക്കൊള്ളേ തൻ മനസ്സും ഊക്കും മുതിർത്തു മഹാബലത്തോടേ (ഏല്ക്കും). തെ
ക്കേരാജാവും അത്യന്തം ഉരത്ത മഹാസേനയോടും പോരിന്നു വട്ടംകൂട്ടും, 45
എങ്കിലും (ചിലർ) അവന്നു നേരേ ഉപായങ്ങളെ യന്ത്രിക്കയാൽ അവൻ
26 നില്ക്കുമില്ല. അവനേറ അന്നം ഉണ്ണുന്നവർ അവനെ തകൎക്കും, അവനേറ
ബലം പ്രവാഹിച്ചാലും കുതർന്നവർ അനേകർ വീഴുകയുള്ളു. രാജാക്കൾ 12,
27 ഇരുവരോ ഹൃദയത്തിൽ ദോഷം ചെയ്വാൻ വിചാരിച്ച് ഒരു മേശെക്ക്
ഇരുന്നു പൊളി പറയും. എങ്കിലും അതു സാധിക്കയില്ല; കാരണം: അവ
28 സാനം ഇനി നിർണ്ണയിച്ച കാലത്തേക്ക് ഉള്ളു. അനന്തരം അവൻ സ്വദേ 2
ശത്തേക്കു പെരുത്ത കോപ്പോടേ മടങ്ങിപ്പോകും, അന്ന് അവനേറ ഹൃദ
യം വിശുദ്ധനിയമത്തിന്നു എതിരാകും; അവൻ (അതു) അനുഷ്ഠിച്ചു സ്വ
29 ദേശത്തിൽ തിരിച്ചു ചേരും. നിർണ്ണയിച്ച കാലത്ത് അവൻ പിന്നേയും 3
തെക്കോട്ടു ചെല്ലും എങ്കിലും മുമ്പിലേതുപോലേ പിന്നേതു (സാദ്ധ്യം) ആ
30 ക ഇല്ല. കിത്തിമിൽനിന്നാകട്ടേ കപ്പലുകൾ അവനെ എതിരേല്ക്കയാൽ അ 4
വൻ മടുത്തു മടങ്ങിപ്പോകും, പിന്നേ വിശുദ്ധനിയമത്തിന്നു എതിരേ ഊ
റിക്കൊണ്ടു (ഊറൽ) നടത്തും, അവൻ മടങ്ങിവന്നു വിശുദ്ധനിയമ 5
31 ത്തെ ഉപേക്ഷിക്കുന്നവരെ സമ്മതിപ്പിപ്പാൻ നോക്കും. അവകൎന്നു
(അയച്ചു) ബലങ്ങൾ നിലനിന്നു കോട്ടയാകുന്ന വിശുദ്ധസ്ഥലത്തെ ബാ 6
ഹ്യമാക്കി നിത്യകൃത്യത്തെ പറിച്ചെടുത്തു (8,11) പാഴാക്കുന്ന അറെപ്പു
32 (വേദിയെ) സ്ഥാപിക്കയും ചെയ്യും. നിയമത്തോടു ദ്രോഹിക്കുന്നവരെ അ 7
വൻ മെഴുപ്പുകൎമ്മം ചൊല്ലി ധർമ്മത്യാഗികൎമ്മം ആക്കും, എങ്കിലും തങ്ങളുടേ
33 ദൈവത്തെ അറിയുന്ന ജനം ബലപ്പെട്ടു (കാര്യത്തെ) നിവൃത്തിക്കും. ജന
ത്തിൽ ബോധമുള്ളവർ മിക്കപേർക്കും വിവേകം വരുത്തും, പല നാൾ കൂ 8
34 ടി വാളിനാലും ജ്വാലയാലും അടിമയാലും കവർച്ചയാലും വീഴും. വീഴു
മ്പോഴേക്കോ ഓർ അല്പസഹായത്താൽ അവൎക്കു സഹായം ലഭിക്കും, പലരും 9
35 വാക്കുമെഴുപ്പിനോട് അവരിൽ ചേർന്നുകൊള്ളും. ബോധമുള്ളവരിൽനിന്നും
(ചിലർ) വീഴും അവസാനകാലംവരേ ജനങ്ങളിൽ ഉരുക്കുവാനും ശോധി 10
പ്പാനും വെളുപ്പിപ്പാനും തന്നേ; നിർണ്ണയിച്ച കാലത്തേക്ക് ഇനി താമസം
ഉണ്ടല്ലോ. 11

36 തനിക്കു തോന്നുംപോലേ രാജാവു ചെയ്തു തന്നെത്താൻ ഉയൎത്തി ഏതു ദേ
വനിലും വലിയവനായി കാട്ടി ദേവാതിദേവനു എതിരേ അത്ഭുതമായവ
ഉരിയാടും, ഈറൽ തികവോളം അവൻ സാധിക്കയും ചെയ്യും, വിധിനി 12
37 ൎണ്ണയം നടക്കേ ഉള്ളുവല്ലോ, അവൻ അപ്പന്മാരുടേ ദേവകളെ കൂട്ടാക്കുക ഇ
ല്ല, സ്ത്രീകാമത്തെയും ഏതു ദേവതയെയും കൂട്ടാക്കുകയും ഇല്ല, സകലത്തി
38 ന്മേലും തന്നെത്താൻ വലിയവൻ ആക്കും. അതിനു പകരം കോട്ടകളുടേ
ദേവതയെ ബഹുമാനിക്കും, അവനേറ അപ്പന്മാർ അറിയാത്ത ദേവതയെ
പൊൻ വെള്ളികൊണ്ടും നവരത്നാദികാമ്യങ്ങൾ കൊണ്ടും ബഹുമാനിക്കും.
39 അന്യദേവത തുണെക്കയാൽ അവൻ ഉറപ്പിച്ച കോട്ടകളിൽ ഇവ്വണ്ണം ചെ
യ്യും: തന്നെ സമ്മതിക്കുന്നവർക്കു തേജസ്സു വൎദ്ധിപ്പിച്ചു അവരെ ബഹുക്ക
40 ളിൽ വാഴിച്ചു കൂലിക്കായി ഭൂമിയെ പകുത്തു കൊടുക്കും.—അവസാനകാ
ലത്തിൽ തെക്കേരാജാവ് അവനോടു മുട്ടി തുടങ്ങും, അവനെക്കൊള്ളേ വട
ക്കേരാജാവ് തേർ കുതിരയോടും പെരിക കപ്പലോടും വിശറുപോലേ

പൊഴിഞ്ഞു രാജ്യങ്ങളിൽ പുക്കു കവിഞ്ഞു കടന്നുപോരും. ദേശശിഖാമണി
41 യിലും അവൻ വരും അനേകദേശങ്ങളും വീഴും, അവന്റെ കയ്യിൽനിന്നു
വഴുതിപ്പോരുവതു എദോം മോവാബ് അമ്മോൻപുത്രരുടേ കാതൽ ഇവർ
42 മാത്രം. ദേശങ്ങളെ (പിടിപ്പാൻ) അവൻ കൈ നീട്ടും, മിസ്രദേശം ചാടി
43 ഒഴികയും ഇല്ല. മിസ്രയിലേ പൊൻവെള്ളിനിധികളിലും സകലകാമ്യ
ങ്ങളിലും അവൻ അധികരിക്കയും ലൂബ് കൂശ് എന്നവരും അവന്റെ അന
44 സാരികളിൽ കൂടും. പിന്നേ കിഴക്കുനിന്നും വടക്കുനിന്നും ഉള്ള ശ്രുതികൾ
അവനെ അരട്ടും, വലിയ ഊഷ്മാവിൽ അവൻ പുറപ്പെട്ടു അനേകരെ സം
45 ഹരിച്ചു പ്രാവിക്കളവാൻ (ഭാവിച്ചു), സമുദ്രങ്ങളുടേ ഇടയിൽ അഴകിയ വി
ശുദ്ധമലെക്കു നേരേ പള്ളിക്കൂടാരങ്ങളെ നാട്ടും, തുണെക്കുന്നവൻ ആരും
ഇല്ലാതേ തന്റെ അവസാനത്തോടു് എത്തുകയും ചെയ്യും (8,25).

12,1 ആ കാലത്തു നിൻ ജനപുത്രർക്കു മീതേ നില്ക്കുന്ന മഹാപ്രഭുവായ മീക
യേൽ എഴുനീറു വരും, ഒരു ജാതി ഉണ്ടായതു മുതൽ ആ കാലംവരേ സംഭ
വിക്കാത്തൊരു ഞെരുക്കകാലം ഉണ്ടാകും, ആ കാലത്തു നിൻ ജനം വിട്ട
വിക്കപ്പെട്ടും പുസ്തകത്തിൽ എഴുതിക്കണ്ടവർ ഏവരും തന്നേ. മണ്ണിൻനി
2 ലത്തു് ഉറങ്ങുന്നവരിൽനിന്നു ബഹുക്കും ഉണരുന്നവരും, ഇവർ നിത്യജീവ
നും, ഇവർ നിന്ദകും നിത്യചൂരിന്നും ആയി (യശ. 66,24). അന്നു ബോ
3 ധമുള്ളവർ ആകാശവളവിലേ പ്രഭപോലേയും അനേകരെ നീതിയിലേക്കു
നടത്തുന്നവർ നക്ഷത്രങ്ങളെ പോലേയും എന്നും എന്നേക്കും പ്രകാശിക്കും.
4 എങ്കിലോ ദാനീയേലേ ഈ വചനങ്ങളെ അവസാനകാലത്തേക്കു പൂട്ടി
വെച്ചു പുസ്തകത്തെ മുദ്രയിട്ടു കൊൾക! പലരും (അതു്) ആരാഞ്ഞു് അഭ്യ
5 സിപ്പതാൽ അറിവു പെരുകും.—ദാനീയേൽ ആകുന്ന ഞാൻ കണ്ടിതു: വേ
റേ ഇരുവർ ഇതാ ഒരുവൻ നദിക്കു് ഇക്കരേയും ഒരുവൻ നദിക്കു് അക്കരേ
6 യും നില്ക്കുന്നു. അതിൽ ഒരുവൻ നദീജലത്തിന്നു മീതേ ഉള്ള ആ വെള്ള ഉടു
ത്ത പുരുഷനോടു ചോദിച്ചു: ഈ അതിശയങ്ങളുടേ അവസാനം എത്രത്തോ
7 ളം? വെള്ള ഉടുത്ത നദീജലത്തിന്നു മീതേ ഉള്ള പുരുഷനെ ഞാൻ കേട്ടു. അ
വൻ വലങ്കൈയും ഇടങ്കൈയും സ്വർഗ്ഗത്തേക്കു് ഉയർത്തി ജീവനുള്ളവൻ
ആണ സത്യം ചെയ്തിതു: കാലം (ഇരു)കാലങ്ങും അരകാലംവരേ എന്നും
(7,25) വിശുദ്ധജനത്തിൻ കയ്യിനെ തകർക്കുന്നതു തികയുമ്പോൾ ഇവ
8 ഒക്കയും തികയും എന്നും, ഞാൻ കേട്ടു തിരിയാഞ്ഞു പറഞ്ഞു: എൻ കർത്താ
9 വേ ഇവറ്റിൽ ഒടുക്കത്തേതു് എന്തു? എന്നതിന്നു് അവൻ പറഞ്ഞു: ദാനീ
യേലേ പോയിക്കൊൾക! ഈ വചനങ്ങൾ അവസാനകാലംവരേ പൂട്ടിവെ
10 ച്ചും മുദ്രയിട്ടും കിടക്കുന്നു. അനേകർ തങ്ങളെ തന്നേ ശോധിച്ചു വെളുപ്പിച്ചു്
ഉരുക്കിക്കൊള്ളും, ദുഷ്ടന്മാർ ദോഷം ചെയ്യുപോരും. എല്ലാ ദുഷ്ടന്മാരും തിരി
11 യാതേ പോകും, ബോധമുള്ളവരോ തിരിച്ചറിയും. പാഴാക്കുന്ന അറെപ്പു
(വേദിയെ) സ്ഥാപിപ്പാൻ നിത്യകൃത്യം പറിച്ചെടുക്കുന്ന കാലംമുതൽ
(11,31) ആയിരത്തു് ഇരുന്നൂറിൽ തൊണ്ണൂറു നാളുകും അത്രേ. പ്രതീക്ഷി
12 ച്ചുകൊണ്ടു ആയിരത്തുമുന്നൂറിമുപ്പത്തഞ്ചു നാളുകളോടു് എത്തുന്നവൻ ധ
ന്യൻ. നീയോ അവസാനംവരേ പോയ്ക്കൊൾക! നീ വിശ്രമിച്ചു നാളുക
ളുടേ അവസാനത്തിൽ നിന്റെ നറുക്കു് (അടക്കുവാൻ) എഴുനീല്ക്കയും
ചെയ്യും.

HOSEA

ഹോശേയ

1 ഉജ്ജീയാ യോഥാം ആഹാജ് ഹിജക്കീയാ എന്ന യഹൂദാരാജാക്കന്മാരു
ടേ നാളുകളിലും യോവാശിൻപുത്രനായ യരോബ്യാം എന്ന ഇസ്രയേൽ രാ
ജാവിന്റെ നാളുകളിലും ബയരിപുത്രനായ ഹോശേയെക്ക് ഉണ്ടായ യഹോ
വാവചനം.

1. ഹോശേയയെക്കൊണ്ടു വ്യാപരിച്ചതു.

(അ. 1–3.)

1.അദ്ധ്യായം

ഇസ്രയേൽരാജ്യം വേശ്യ എന്നു കാണിച്ചതും (4) പുത്രന്മാരുടേ നാമങ്ങ
ളും (10) അന്ത്യരക്ഷയും.

2 യഹോവ ഹോശേയയിലേക്ക് ഉരിയാടുന്നതിന്റെ ആരംഭത്തിൽ: നീ
പോയി നിനക്കു പുലയാടിച്ചിയെയും പുലയാട്ടമക്കളെയും എടുത്തുകൊ
ൾക! നാട് എല്ലാം യഹോവയെ വിട്ടു പുലയാടിപ്പോരുന്നുവല്ലോ— എന്നു
3 യഹോവ ഹോശേയയോടു പറഞ്ഞപ്പോൾ, അവൻ ചെന്നു ദിബ്ലയീംമക
ളായ ഗോമരെ എടുത്തു. അവളും ഗർഭം ധരിച്ചു അവന്ന് പുത്രനെ പെറു.
4 യഹോവ അവനോടു പറഞ്ഞു: ഇവന്നു യിസ്രെയേൽ (ദേവൻ വിതറും)
എന്നു പേർ വിളിക്ക! കാരണം ഇനി അല്പം കഴിഞ്ഞാൽ ഞാൻ യിസ്രെയേ
ലിന്റെ രക്തങ്ങളെ സന്ദർശിച്ചു യേഹൂഗൃഹത്തിന്മേൽ വരുത്തുകയും ഇസ്രാ
5 യേൽഗൃഹത്തിൻ രാജത്വത്തെ ഒഴിപ്പിക്കയും ചെയ്യും. അന്നാളിൽ സംഭ
വിപ്പതോ: ഞാൻ ഇസ്രയേലിൻ വില്ലിനെ യിസ്രെയേൽതാഴ്വരയിൽ ഒടി
6 ക്കും.— അവൾ പിന്നേ ഗർഭം ധരിച്ച് ഒരു മകളെ പെറ്റാറേ, ഇവൾക്കു
ലോരുഹമ (കനിവു കാണാത്തവൾ) എന്നു പേർ വിളിക്ക! കാരണം ഞാൻ
ഇസ്രയേൽഗൃഹത്തോടു കേവലം ക്ഷമിപ്പാനായ ഇനി അവരിൽ കനിഞ്ഞി
7 രിക്ക ഇല്ല. യഹൂദാഗൃഹത്തെ മാത്രം ഞാൻ കനിഞ്ഞു അവരുടേ ദൈവമാ
കുന്ന യഹോവയാൽ ഉദ്ധരിക്കും, വില്ലുവാൾപടകൊണ്ടും അശ്വംകുതിര
ക്കാരെക്കൊണ്ടും ഉദ്ധരിക്ക ഇല്ല താനും, എന്ന് അവനോടു പറഞ്ഞു.—
8 അവൾ ലോരുഹമയെ മുലമാററി ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിച്ചാ
റേ, ഇവന്നു ലോവമ്മീ (എൻ ജനമല്ല) എന്നു പേർ വിളിക്ക! കാരണം
9 നിങ്ങൾ എന്റെ ജനമല്ല ഞാനോ നിങ്ങൾക്ക് ആകയും ഇല്ല എന്നു പറഞ്ഞു.
10 എങ്കിലും ഇസ്രയേൽപുത്രരുടേ എണ്ണം കടലിൻ മണൽ പോലേ അളപ്പാ
നും എണ്ണുവാനും കഴിയാത്തതായി വരും; എന്നാൽ അവരോടു ലോവമ്മീ
എന്നു ചൊല്ലുന്ന സ്ഥലത്തു ജീവനുള്ള ദേവന്റെ മക്കൾ എന്ന് അവരോടു
11 ചൊല്ലപ്പെടുകയും ആം. യഹൂദാപുത്രരും ഇസ്രയേൽപുത്രരും ഒന്നിച്ചു കൂടി
തങ്ങൾക്ക് ഏകശിരസ്സെ ആക്കിവെച്ചു നാട്ടിൽനിന്നു കരേറിച്ചെല്ലും;
മഹാദിനം അല്ലോ ആയതു (ദേവൻ സ്വജനത്തെ വിതെക്കുന്ന) യിസ്രെയേലി
2,1 ന്റെ നാൾ. (അന്നു) നിങ്ങളുടേ സഹോദരന്മാരോട് അമ്മീ (എൻ ജനം)
എന്നും സഹോദരിമാരോടു റുഹമ (കനിവു കണ്ടവൾ) എന്നും പറവിൻ!

2. അദ്ധ്യായം

വിഗ്രഹാർച്ചനാദോഷം നിമിത്തം (8) ഇസ്രയേലിന്നു ശിക്ഷ വേണ്ടിയതു് എങ്കിലും (13) മനന്തിരിവും കനിവിൻപുത്തുക്കവും ഉദിക്കും.

2 അല്ലയോ നിങ്ങളുടേ അമ്മയോടു വാദിപ്പിൻ! അവൾ സാക്ഷാൽ എൻ
ഭാര്യ അല്ല, ഞാൻ അവൾക്കു ഭർത്താവും അല്ല എന്നതുകൊണ്ടു വാദിപ്പിൻ!
അവൾ മുഖത്തുനിന്നു തന്റെ പുലയാട്ടുകളും മുലയിണനടുവിൽനിന്നു തന്റെ
3 വ്യഭിചാരങ്ങളും നീക്കുക! അല്ലാഞ്ഞാൽ ഞാൻ അവളെ നഗ്നയാക്കി അഴിച്ചു
അവളെ പിറന്നനാൾ പോലേ നിറുത്തി മരുഭൂമിക്കു സമമാക്കി ഉണങ്ങിയ
4 ദേശം പോലേ വെച്ചു ദാഹത്താൽ മരിപ്പിക്കും. അവളുടേ മക്കളിൽ ഞാൻ
കനിക ഇല്ല, അവർ പുലയാട്ടുമക്കൾ അല്ലോ. അവരുടേ അമ്മ പുലയാടി
5 അവരുടേ ജനനി നാണക്കേടു നടത്തി സത്യം! എന്റെ അപ്പവും വെള്ളവും
എന്റെ ആട്ടുരോമവും പരുത്തിയും എന്റെ എണ്ണയും കുടിവസ്തുവും തരുന്ന
ജാരന്മാരുടേ വഴിയേ ഞാൻ ചെല്ലും, എന്നല്ലോ അവൾ പറഞ്ഞതു. ആക
6 യാൽ കാൺ, ഞാൻ മുള്ളുകളാൽ വേലികെട്ടി നിന്റെ വഴിയെ അടെക്കും,
അവൾക്കു ചുറും മതിൽ ചമെക്കും അവളെ സ്വന്തപഥങ്ങളെ കാണാതാക്കി
7 വെക്കും. അവൾ തന്റെ ജാരന്മാരെ പിന്തുടരും, എത്തുക ഇല്ല താനും, അവ
രെ തിരയും, കാണുകയും ഇല്ല, ഇന്നേക്കാൾ അന്നു് എനിക്കു് ഏറേ നന്നാ
യതുകൊണ്ടു ഞാൻ മടങ്ങിപ്പോയി എന്റെ ഒന്നാം ഭർത്താവോടു ചേരട്ടേ
എന്നു് അപ്പോൾ പറയും.
8 ധാന്യരസതൈലങ്ങളെ നല്കിയതു ഞാൻ എന്നും അവർ ബാളിന്നു ചെല
വഴിച്ച വെള്ളിയും പൊന്നും ഞാൻ അവൾക്കു വർദ്ധിപ്പിച്ചതു് എന്നും
9 അവൾക്കു ബോധിച്ചില്ലല്ലോ.— ആയതുകൊണ്ടു് എന്റെ ധാന്യം അതി
ന്റെ കാലത്തും എന്റെ രസം അതിൻ അവധിയിലും ഞാൻ വീണ്ടും എടു
ത്തു അവളുടേ നഗ്നത മറെപ്പാനുള്ള എന്റെ ആട്ടുരോമവും പരുത്തിയും പറി
10 ച്ചുകളയും. ഇപ്പോഴോ ഞാൻ അവളുടേ വാട്ടത്തെ ആ ജാരന്മാരുടേ കണ്ണുകൾ
ക്കു വെളിവാക്കും, എൻ കയ്യിൽനിന്നു് ആരും അവളെ പറിക്കയും ഇല്ല.
11 അവളുടേ സകല ആനന്ദവും അവൾക്കുള്ള ഉത്സവം വാവു ശബ്ബത്തുമുതൽ
പെരുനാളും എല്ലാം ഞാൻ ഒഴിപ്പിക്കയും, ഇതു് എന്റെ ജാരന്മാർ തന്ന
12 സമ്മാനം എന്നു് അവൾ പറഞ്ഞ വള്ളിയും അത്തിയും നാശം വരുത്തി കാ
ടാക്കുകയും വയലിലേ മൃഗം അവറെ തിന്നുകയും ആം. അവൾ ബാളുകൾ
13 ക്കു ധൂപം കാട്ടി മൂക്കുത്തിയും മാലയും അണിഞ്ഞു ജാരന്മാരുടേ വഴിയേ
ചെന്നുകൊണ്ടു് എന്നെ മറന്നു കളഞ്ഞു ബാളനാളുകളെ കൊണ്ടാടിയതു
ഞാൻ ഇപ്രകാരം സന്ദർശിക്കയും ചെയ്യും എന്നു യഹോവയുടേ അരുളപ്പാടു.
14 ആകയാൽ ഇതാ ഞാൻ അവളെ വശീകരിച്ചു മരുഭൂമിയിൽ പോകുമാറാ
15 ക്കി അവളുടേ ഹൃദയത്തിലേക്കു് ഉരിയാടും. അവിടുന്നു് അവളുടേ വള്ളി
പ്പറമ്പുകളെയും ആശയുടേ തുറവായി (മാറ്റീട്ടു) ആകോർതാഴ്വരയെയും
(യോശു. 7, 26) അവൾക്കു കൊടുക്കും; അവിടേക്കു് അവൾ ബാല്യദിവ
സങ്ങൾക്കു് ഒത്തവണ്ണം മിസ്രദേശത്തുനിന്നു കരേറിവന്നനാൾ പോലേ ഉത്ത
16 രം ചൊല്ലും. അന്നാളിൽ തന്നേ നീ എന്നെ (എൻ സ്വാമി ആകുന്ന) ബാ
ളീ എന്നു വിളിച്ചുകൂടാതേ (എൻ ഭർത്താവാകുന്ന) ഈശീ എന്നത്രേ വിളി
17 ക്കും എന്നതു യഹോവയുടേ അരുളപ്പാടു. ബാളനാമങ്ങളെ ഒക്കയും ഞാൻ
അവളുടേ വായിൽനിന്നു നീക്കും, അവ പേരോളം ഓർപ്പാറാകയും ഇല്ല.—
18 അന്നാൾ ഞാൻ അവർക്കു വേണ്ടി വയലിലേ മൃഗത്തോടും വാനത്തേപക്ഷി
യോടും മണ്ണിലേ ഇഴജാതിയോടും നിയമത്തെ ഖണ്ഡിച്ചു കൊടുക്കും, വില്ലും
വാളും പടയും നാട്ടിൽനിന്നു തകർത്തു് അവരെ നിർഭയത്തിൽ കുടിയിരു
19 ത്തും. ഞാൻ നിന്നെ എന്നേക്കും വേട്ടുകൊള്ളുന്നുണ്ടു, നീതിന്യായത്തിലും

20 ദയാകനിവുകളിലും നിന്നെ വേഴ്ചക്കും, വിശ്വസ്തതയിൽ നിന്നെ വേട്ട
കൊള്ളുന്നുണ്ടു, നീ യഹോവയെ അറികയും ചെയ്യും.— അന്നാൾ സംഭ
21 വിപ്പിതു: ഞാൻ ഉത്തരം അരുളും എന്നു യഹോവയുടേ അരുളപ്പാടു, വാന
22 ത്തോടു ഞാൻ അനുവാദം മൂളും, വാനം ഭൂമിയോടു മൂളുകയും, ഭൂമി ധാന്യ
രസതൈലങ്ങളോടു മൂളുകയും, ഇവ യിസ്രയേലിനോടു മൂളുകയും ചെയ്യും.
23 ഞാൻ അവളെ എനിക്കു നാട്ടിൽ തന്നേ വിതെച്ചുകൊണ്ടു (ലോരുഹമ) ക
നിവു കാണാത്തവളിൽ കനിഞ്ഞു (ലോവമ്മീ) എൻജനമല്ലാത്തതിനോടു
നീ എൻജനം എന്നു പറയും, അതും എൻദൈവമേ എന്നു പറകയും ചെയ്യും.

3. അദ്ധ്യായം

രണ്ടാം വിവാഹത്താൽ വ്യഭിചാരിണിക്കു വലച്ചൽ വഴിയായി ബോ
ധം വരുത്തുന്ന പ്രകാരം കാട്ടിയതു.

1 **യ**ഹോവ എന്നോടു പറഞ്ഞു: യഹോവ ഇസ്രയേൽപുത്രന്മാരെ സ്നേ
ഹിച്ചിട്ടും അവർ മുന്തിരിങ്ങാക്കട്ടകളെ രസിച്ചുകൊണ്ടു അന്യദേവകളിലേ
ക്കു തിരിയുന്നതു പോലേ, തോഴൻ സ്നേഹിച്ചിട്ടും വ്യഭിചരിച്ചുപോകു
2 ന്നൊരു സ്ത്രീയെ നീ പിന്നേയും ചെന്നു സ്നേഹിക്ക! എന്നാറേ ഞാൻ പ
തിനഞ്ചു വെള്ളിശെക്കലിന്നും ഒന്നര ഹോമർ (15 ഏഫ) യവത്തിന്നും
3 അവളെ കൊണ്ടു: ഏറിയ ദിവസങ്ങളും നീ എനിക്കായി ഇരുന്നിരിക്ക,
പുലയാടുകയും വല്ല പുരുഷന്നു ആകയും അരുതു; ഞാനും നിന്നോടു അപ്ര
4 കാരം തന്നേ എന്നു അവളോടു പറഞ്ഞു.— എന്തെന്നാൽ ഇസ്രയേൽപുത്ര
ന്മാർ ഏറിയ ദിവസങ്ങളും രാജാവും പ്രഭുവും ഇല്ലാതേ യാഗവും നാട്ടക
ല്ലും കൂടാതേ (സ്ഥാന്ധവസ്ത്രമാം) ഏഫോദും (പിതൃബിംബങ്ങളും ആകുന്ന)
5 തെരാഫുകളും കൂടാതേയും ഇരുന്നു കഴികയും.— അനന്തരം ഇസ്രയേൽപുത്ര
ന്മാർ മടങ്ങി തങ്ങടേ ദൈവമായ യഹോവയെയും സ്വരാജാവായ ദാവി
ദിനെയും അന്വേഷിച്ചു ദിവസങ്ങളുടേ അന്ത്യത്തിൽ യഹോവയോടും അവ
ന്റെ ഗുണനിധിയോടും നടുങ്ങി ചേരുകയും ചെയ്യും.

II. ഹോശേയയെക്കൊണ്ടു ആക്ഷേപിച്ചും വാഗ്ദത്തം ചൊല്ലിയും പറയിച്ചതു. (അ. 4—14.)

4. അദ്ധ്യായം. (—6, 3.)

സ്വജനത്തിൻപാപങ്ങളെ യഹോവ ആക്ഷേപിച്ചു (5,1) പുരോഹിതാ
ദികളോടു ന്യായവിധി അറിയിച്ചു (6, 1) മാനസാന്തരത്തിലേക്കു വിളി
ക്കുന്നതു.

1 **ഹേ** ഇസ്രയേൽപുത്രരേ യഹോവാവചനം കേൾപ്പിൻ! ദേശത്തിൽ സ
ത്യവും ഇല്ല, ദയയും ഇല്ല, ദൈവജ്ഞാനവും ഇല്ല, എന്നതു കൊണ്ടു യഹോ
2 വെക്കു നാട്ടിൽ വസിക്കുന്നവരോടു വാദം ഉണ്ടല്ലോ. ആണയിടുകയും
പൊളിചൊല്ലുയും കൊല്ലുകയും കക്കുകയും വ്യഭിചരിക്കയും, അവർ കൃത്തി
3 ക്കവെരുന്നു, ചോരകൾ ചോരകളോടു തുടരുന്നു. അതുകൊണ്ടു ദേശം ഖേദി
ക്കയും അതിൽ വസിക്കുന്നത് എല്ലാം വയലിലേ മൃഗത്തോടു വാനത്തേ
പക്ഷിയോളവും മാഴ്കുകയും കടലിലേമത്സ്യങ്ങളും അടങ്ങിപ്പോകയും
4 ആയി. എന്നാൽ ആരും വാദിക്കയും ആരും ശാസിക്കയും മാത്രം അരുതു,
നിൻ ജനം പുരോഹിതനോടു വാദിക്കുന്നവർക്കു സമമല്ലോ. ആകയാൽ
5 നീ പകലിൽ ഇടറും, നിന്നോടു കൂട രാത്രിയിൽ പ്രവാചകനും ഇടറും,

ഞാൻ നിന്റേറ അമ്മയെ സന്നയാക്കുകയും ചെയ്യും.— അറിവില്ലായ്കയാൽ
6 എൻ ജനം സന്നമായി, നീ അറിവിനെ വെറുക്കയാൽ എനിക്കു പുരോ
ഹിതനാകാതവണ്ണം ഞാൻ നിന്നെയും വെറുത്തു. നിൻ ദൈവത്തിൻ ധർ
മ്മത്തെ നീ മറക്കയാൽ ഞാനും നിൻമക്കളെ മറക്കും. അവർ പെരുകും
7 തോറും എന്നോട്ട പിഴെച്ചു, അവരുടേ തേജസ്സു ഞാൻ ഇളപ്പാക്കി മാററും.
8 എൻ ജനത്തിൻ പാപബലിയെ (പുരോഹിതർ) തിന്നു അവരുടേ അകൃ
9 ത്യത്തിൽ കൊതികൊള്ളുന്നു, (3 മോ. 6, 26)— ആകയാൽ ജനവും പു
രോഹിതനും ഒക്കും, അവന്റേറ വഴികളെ ഞാൻ അവനിൽ സന്ദർശിച്ചു
അവന്റേറ കർമ്മങ്ങളെ അവനു തിരികേ വരുത്തും. അവർ തിന്നും തൃപ്തരാ
10 കയും ഇല്ല, പുലയാട്ടം പെരുങ്ങുകയുംഇല്ല, യഹോവയെ സൂക്ഷിപ്പത് അ
വർ വിട്ടവല്ലോ.
11.12 പുലയാട്ടം വീഞ്ഞും രസവും ബുദ്ധിയെ കളയുന്നു. എൻ ജനം തൻ മര
ത്തോട ചോദിക്കുന്നു, സ്വദണ്ഡ് അവർക്കു കഥിക്കുന്നു, എങ്ങനേ എന്നാൽ
പുലയാട്ടിൻ ആത്മാവു ഭ്രമിപ്പിക്കയാൽ അവർ സ്വദൈവത്തിൻ കീഴിൽ
13 നിന്നു പുലയാടിപ്പോകുന്നു. മലകളുടേ മുകളിൽ ബലികഴിച്ചു കുന്നുകളി
ന്മേൽ ധൂപം കാട്ടിക്കൊള്ളും, തണൽ നല്ലതെന്നു വെച്ചു കരുമരം വെള്ളില
മാവ് ഇവററിൻ കീഴേ തന്നേ; അതുകൊണ്ടു നിങ്ങളുടേ പുത്രിമാർ പുല
14 യാടുന്നു,പുത്രഭാര്യമാരും വ്യഭിചരിക്കുന്നു.നിങ്ങളുടേ പുത്രിമാർ പുലയാടുന്ന
തും പുത്രഭാര്യമാർ വ്യഭിചരിക്കുന്നതും ഞാൻ അവരിൽ സന്ദർശിക്ക ഇല്ല
താനും, പുരുഷന്മാർ വേശ്യമാരോടു വാങ്ങിപ്പോകയും തേവടിച്ചികളുമാ
15 യി ബലികഴിച്ചുപോരുകയും ഉണ്ടല്ലോ. വിവേകം ഇല്ലാത്ത വംശത്തിന്
അധഃപതനമേ ഉള്ളു.— ഇസ്രയേലേ നീ പുലയാടുകിലും യഹൂദ അപരാ
ധിക്കരുതേ! നിങ്ങൾ ഗില്ഗാലിൽ പോകയും (ബീംബാലയം ആം)
ബേത്താവനിൽ കരേറുകയും യഹോവാജീവനാണ ഇടുകയും ചെയ്യൊല്ല!
16 അടങ്ങാത്ത കടച്ചി പോലയല്ലോ ഇസ്രയേൽ മറുത്തു, ഇപ്പോൾ യഹോവ
17 അവരെ വെറുമ്പുറത്തേക്കുഞ്ഞാടുപോലേ മേയ്ക്കും. എഫ്രയീം വിഗ്രഹങ്ങ
18 ളോടു കെട്ടിക്കിടക്കുന്നു, അവനെ വിടു!— അവരുടേ കുടിമദം തരംകെട്ടു
19 പോയി, (നാട്ടിൻ) പലിശകളായവരും പുലയാടി പുളെച്ചു ഇളപ്പം കാം
ക്ഷിച്ചുപോന്നു. സ്വബലികൾ നിമിത്തം അവർ നാണിപ്പാനായി കാററു
(എഫ്രയീമെ) തൻ ചിറകുകളാൽ പിടിച്ചു വാരി.

5, 1 ഹേ പുരോഹിതരേ ഇതിനെ കേൾപ്പിൻ! ഇസ്രയേൽഗൃഹമേ കുറിക്കൊൾ
വിൻ! രാജഭവനമേ ചെവി തരുവിൻ! നിങ്ങൾ മിസ്പയിൽ കണിയും താ
ബോരിന്മേൽ വിരിച്ചു കെട്ടിയ വലയും ആയി ചമകയാൽ ന്യായവിധി
2 കേവലം നിങ്ങൾക്കത്രേ. മത്സരക്കാർ ബലി അറുക്കുന്നതിൽ ആഴലയിച്ചു,
ഞാനോ അവർക്ക് എല്ലാവർക്കും ശാസന തന്നേ. എഫ്രയീമെ ഞാൻ അ
3 റിയുന്നു ഇസ്രയേൽ എനിക്കു മറഞ്ഞതും ഇല്ല, എഫ്രയീമേ നീ ഇപ്പോൾ
പുലയാടി ഇസ്രയേൽ തീണ്ടിപ്പോയല്ലോ. പുലയാട്ടിൻ ആത്മാവ് അവരു
4 ള്ളിൽ ഇരിക്കേ യഹോവയെ അറിയായ്കകാൽ സ്വദൈവത്തോടു തിരികേ
ചേരുവാൻ അവരുടേ കർമ്മങ്ങൾ അനുവദിക്കുന്നില്ല. ഇസ്രയേലിൻ വമ്പാ
5 യവൻ അതിൻ മുഖത്തിന്നു നേരേ സാക്ഷ്യം ചൊല്ലും, ഇസ്രയേലും എഫ്ര
യീമും തങ്ങളുടേ കുററത്താൽ ഇടറി വീഴും, അവരോടു കൂടേ യഹൂദയും ഇട
6 റി.— തങ്ങളുടേ ആടും മാടും കൂട്ടിക്കൊണ്ട് അവർ യഹോവയെ തിരവാൻ
7 ചെല്ലും കണ്ടെത്തുക ഇല്ല താനും, അവൻ അവരെ വിട്ടുമാറി. യഹോവയി
ങ്കൽ അവർ വിശ്വാസവഞ്ചന ചെയ്തു അന്യമക്കളെ ജനിപ്പിച്ചു. ഇപ്പോൾ
8 സ്വന്തംവകയോടും കൂടേ അവരെ മാസപ്പിറപ്പു തന്നേ ഭക്ഷിക്കും. ഗിബ്യ
യിൽ കൊമ്പും രാമയിൽ കാഹളവും ഊതുവിൻ! ബേനെയമീനേ നിൻപിറ
9 കിൽ അഹോ എന്നു ബേത്താവനിൽ കൂവിടുവിൻ! ശിക്ഷാദിവസത്തിൽ
എഫ്രയീം പാഴാകും, ഇസ്രയേൽ ഗോത്രങ്ങളിൽ നിശ്ചലമായതു ഞാൻ

10 അറിയിച്ചു. യഹൂദാ പ്രഭുക്കന്മാർ അതിർമാറുന്നവക്ക് ഒത്തു ചമഞ്ഞു, അവ
രുടേ മേൽ ഞാൻ വെള്ളംപോലേ എന്റേ ചീറ്റം ചൊരിയും.
11 മാനുഷവെപ്പ് അനുസരിപ്പാൻ തോന്നുകയാൽ എഫ്രയീം ന്യായവിധി
12 യാൽ നുറുങ്ങി പീഡിച്ചുകിടക്കുന്നു. ഞാനോ എഫ്രയീമിന്നു പാറ്റയും യഹൂ
13 ദാഗൃഹത്തിന്നു വെൺചീതളും തന്നേ. എന്നാറേ എഫ്രയീം തന്റേ വ്യാധി
യെയും യഹൂദ തൻപുണ്ണിനെയും കണ്ടിട്ടു അശ്ശൂരെ ചെന്നു (യോദ്ധാവാകുന്ന)
യാരബ്‌രാജാവിന്നു ആളയച്ചു, അവനു നിങ്ങളെ പൊറുപ്പിപ്പാനും അ
14 ങ്ങേ പുണ്ണു് ഉണങ്ങിപ്പാനും കഴിക ഇല്ല. കാരണം ഞാൻ എഫ്രയീമിന്നു
സിംഹതുല്യനും യഹൂദാഗൃഹത്തിന്നു കേസരിസമനും ആയി, ഞാൻ ഞാൻ
തന്നേ ചീന്തി പോയ്ക്കളയും ആരും ഉദ്ധരിക്കാതവണ്ണം എടുത്തോളുകയും
15 ആം. അവർ കുറ്റം ബോധിച്ചു എന്മുഖത്തെ തിരയുംവരേ എൻ സ്ഥാന
ത്തേക്കു ഞാൻ മടങ്ങിച്ചെല്ലും, അവർ ഞെരുങ്ങുകയിൽ എന്നെ തേടിക്കൊ
6 1 ള്ളും.— അല്ലയോ വരീൻ നാം യഹോവയിലേക്കു തിരിഞ്ഞു ചെല്ലുക,
അവൻ ചീന്തിയല്ലോ നമ്മെ പൊറുപ്പിക്കയും ചെയ്യും, വെട്ടിയല്ലോ കെട്ട
2 കയും ചെയ്യും. (5 മോ. 32, 39). രണ്ടു നാളുടേ ശേഷം നമ്മെ ഉയിർപ്പിക്കും,
3 മൂന്നാം നാൾ നാം അവന്മുമ്പാകേ ജീവിക്കേണ്ടതിന്നു് എഴുനീല്പിക്കയും
ആം. യഹോവയെ നാം അറിയാവു, അറിവാൻ പിന്തുടരാവു! അവന്റേറ പു
റപ്പാടു അരുണോദയംപോലേ നിയതം, അവൻ മാരി പോലേ നമുക്കു വന്നു
പിന്മഴകണക്കേ ഭൂമിയിൽ പൊഴിവാനായി.

അദ്ധ്യായം 6, 4–11, 11.

പുരോഹിതർ മന്നവർ മുതലായവർ ദ്രോഹാധിക്യത്താൽ ദൈവകരുണ
യെ നിഷ്ഫലമാക്കുകകൊണ്ടു (അ. 8) നാശം വരുത്തുന്ന ന്യായവിധിനി
ശ്ചയം; (9, 10) ആരംഭംമുതൽക്കൊണ്ടു മത്സരിച്ചുപോരുന്ന ജാതിയെ
വിശുദ്ധൻ ശിക്ഷിയാതെ വിടുവതു് എങ്ങനേ? (11, 8) ഒടുവിൽ അവരെ
രക്ഷിക്കും താനും.

4 **വേ** എഫ്രയീമേ നിനക്കു ഞാൻ എന്തു ചെയ്യേണ്ടു? യഹൂദേ നിനക്കു്
എന്തു ചെയ്യേണ്ടു? നിങ്ങടേ ദയ ഉഷസ്സിലേ മേഘത്തോടും ക്ഷണത്തിൽ
5 പോയ്പ്പോകുന്ന മഞ്ഞിനോടും സമമല്ലോ. അതുകൊണ്ടു ഞാൻ പ്രവാച
കരെക്കൊണ്ടു വെട്ടിക്കുറപ്പിച്ചു എൻവായിലേ വാക്കുകളെക്കൊണ്ടു് അവരെ
കൊന്നുപോന്നു, വെളിച്ചംപോലേ എൻന്യായവിധിയും ഉദിക്കുന്നു. യാഗം
6 അല്ലല്ലോ ദയയും ഹോമങ്ങളെക്കാളും ദൈവജ്ഞാനവും എനിക്കു രുചിക്കു
7 ന്നു. അവരോ ആദാമെപ്പോലേ നിയമത്തെ ലംഘിച്ചു എന്നോടു (ബേഥേൽ)
8 അവിടേ വിശ്വാസവഞ്ചന ചെയ്തുപോയി. ഗിലെയാദു് അക്രമം പ്രവൃത്തി
ക്കുന്നവരുടേ നഗരം (പോലേ) ചോരപ്പാടുകളാൽ നിറഞ്ഞുള്ളതു. കള്ളർക്കൂട്ടായ്മ
9 ഒരാളെ പാർത്തിരിക്കുമ്പോലേ ആകുന്നു പുരോഹിതരുടേ യോഗം, ശീകേ
മിലേ വഴിയിൽ അവർ കുലചെയ്യുന്നു, അതേ പാതകം ചെയ്തു. ഇസ്രയേൽ
10 ഗൃഹത്തിൽ ഞാൻ അതിഭൈരവമായതു കണ്ടു, അവിടേ എഫ്രയീം പുലയാ
11 ട്ടിൽ ആയി ഇസ്രയേൽ തീണ്ടിപ്പോയി. എൻജനത്തിൻ അടിമയെ മാറ്റു
മ്പോഴേക്കോ, യഹൂദേ നിനക്കും ഒരു കൊയ്ത്തു നിശ്ചയിച്ചു വെച്ചിരി
ക്കുന്നു.

7, 1 ഇസ്രയേലിന്നു ഞാൻ ചികിത്സിക്കുന്തോറും എഫ്രയീമിന്റേറ അകൃത്യവും
ശമര്യയുടേ ദുഷ്ടതയും വെളിപ്പെടുന്നു, അവരാകട്ടേ ചതി പ്രവൃത്തിക്കുന്നു,
2 ചോരൻ അകമ്പൂകുന്നു, പുറത്തു കൂട്ടായ്മ കവരുന്നു. അവരുടേ ദോഷം എല്ലാം
ഞാൻ ഓൎക്കുന്നു എന്നു് അവർ തങ്കം ഹൃദയത്തോടു പറയുന്നതും ഇല്ല;
ഇന്നു് അവരെ സ്വകൎമ്മങ്ങളും ചുറ്റിക്കൊള്ളുന്നു, അവ എന്മുഖത്തിന്നു നേരേ

3 ആയി.— അവർ രാജാവെ തങ്ങളുടേ ദുഷ്ടതകൊണ്ടും പ്രഭുക്കളെ വ്യാജങ്ങ
4 കൊണ്ടും സന്തോഷിപ്പിക്കുന്നു.— എല്ലാവരും വ്യഭിചാരികൾ തന്നേ, അ
പ്പക്കാരൻ കത്തിച്ച തീക്കുടുകണക്കേ, ആയവൻ തീ മൂട്ടിക്കൊണ്ടു മാവു
കുഴെച്ചനന്തരം പുളിച്ചുതീരുംവരേ മാത്രം വെറുതേ ഇരിക്കുന്നു. നമ്മുടേ
5 രാജാവിൻ (ജന്മ)ദിവസത്തിൽ പ്രഭുക്കന്മാർ വീഞ്ഞിൻറെ കടുപ്പത്താൽ
ദീനപ്പെട്ടുകളഞ്ഞു, അവനും പരിഹാസക്കാരോടു കൈപിടിച്ചു നടന്നു. അ
6 വരാകട്ടേ തീക്കുട്ടിൽ എന്ന പോലേ കൌശലത്തിൽ സ്വഹൃദയത്തെ അടു
പ്പിച്ചു, അവരുടേ അപ്പക്കാരൻ രാത്രി എല്ലാം ഉറങ്ങിക്കൊണ്ട ശേഷം രാ
വിലേ (തീക്കുടു) ജ്വലിക്കുന്ന അഗ്നിപോലേ എരിയുന്നു. അവർ ഒക്കയും
7 തീക്കുടുപോലേ വേവുന്നു, തങ്ങളുടേ ന്യായാധിപന്മാരെ തിന്നുന്നു, അവ
രുടേ സകല രാജാക്കന്മാരും വീണുപോകുന്നു, അതിൽ ഒരുത്തനും എന്നെ
നോക്കി വിളിക്കുന്നതും ഇല്ല.
8 എഫ്രയീം ജാതികളോടു് ഇടകലന്നു ചമയുന്നു, എഫ്രയീം തിരിയപ്പെ
9 ടാത്ത ദോശ അത്രേ. അന്യന്മാർ അവൻറെ ഊക്കിനെ തിന്നു അവൻ അ
റിയുന്നതും ഇല്ല, നരയും അവന്മേൽ ചിതറിക്കാണുന്നു, അവൻ അറിയുന്നതും
10 ഇല്ല. ഇസ്രയേലിൻറെ വമ്പായവൻ അവൻറെ മുഖത്തിന്നു നേരേ സാക്ഷ്യം
ചൊല്ലുന്നു (5, 5), അവർ സ്വദൈവമായ യഹോവയിലേക്കു മടങ്ങിച്ചെ
ല്ലുന്നതും ഇതിൽ ഒക്കയും അവനെ അന്വേഷിക്കുന്നതും ഇല്ല.— എഫ്രയീം
11 സാക്ഷാൽ ബുദ്ധിയില്ലാത്ത പൊണ്ണിപ്രാവിന്നു് ഒത്തുചമഞ്ഞു, അവർ
മിസ്രയെ (തുണെക്കായി) വിളിച്ചു, അശ്ശൂരോളം ചെന്നു. ചെല്ലുകയിൽ
12 തന്നേ ഞാൻ അവരുടേ മേൽ എൻ വലയെ വീശും, വാനത്തേപക്ഷിയെ
പ്പോലേ അവരെ കിഴിക്കും, അവരുടേ സഭയെ കേൾപ്പിച്ചപ്രകാരം അവ
13 രെ ശിക്ഷിക്കും.— എന്നെ വിട്ട മണ്ടുകകൊണ്ടു് അവർക്കു ഹാ കഷ്ടം! എ
ന്നോടു ദ്രോഹിച്ചുപോയതിനാൽ അവക്കു സംഹാരം! ഞാനോ അവരെ
മോചിക്കുമായിരുന്നു, അവരോ എന്നെച്ചൊല്ലി ഭോഷ്കുകളെ സംസാരി
14 ക്കുന്നു. ഹൃദയംകൊണ്ടു് എന്നെ നോക്കി വിളിക്കാതേ കിടക്കമേലേ മുറ
യിടുകേ ഉള്ളു, ധാന്യരസങ്ങളെച്ചൊല്ലി ഒരുമിച്ചു കൂടിയും എന്നെ വിട്ടക
15 ന്നുംകൊള്ളുന്നു. ഞാനോ അവരുടേ ഭുജങ്ങളെ അഭ്യസിപ്പിച്ചു് ഉറപ്പിച്ചു,
എൻറേ നേരേ അവർ ദോഷം നിനെക്കുന്നു താനും. അവർ തിരിയുന്നു എ
16 ങ്കിലും മീത്തലേക്കല്ല, കൃത്രിമവില്ലുകണക്കേ ആയി (സങ്കീ. 78, 57).
അവരുടേ പ്രഭുക്കൾ നാവിൻപാരുഷ്യം നിമിത്തം വാളാൽ വീഴും; ഇതത്രേ
മിസ്രദേശത്തു് അവരുടേ അപഹാസം.

8, 1 നിൻറേ ചുണ്ടിലേക്കു കാഹളം! കഴുപോലേ യഹോവാഗൃഹത്തിന്മേൽ
(തട്ടുന്നതു) എൻനിയമത്തെ അവർ ലംഘിച്ചു എൻധർമ്മോപദേശത്തിന്നു്
2 അപരാധിക്ക ഹേതുവാൽ. എൻദൈവമേ! ഇസ്രയേലല്ലോ ഞങ്ങൾ,
നിന്നെ അറിയുന്നു എന്നു് അവർ എന്നോടു് (അന്നു) വിളിക്കും.
3 (ഉത്തരമാവിതു:) നന്മയോടു് ഇസ്രയേലിന്നു നീരസം ആകയാൽ ശത്രു
4 അവനെ പിന്തുടരാവു! അവർ അരചരെ ആക്കി വെച്ചു, എന്മൂലം അല്ല
താനും, പ്രഭുക്കളെ ആക്കി, ഞാൻ അറിഞ്ഞതും ഇല്ല; തങ്ങളുടേ വെള്ളി
5 പൊന്നും വിഗ്രഹങ്ങളാക്കിയതു അറുതിവരുവാനത്രേ. ഹാ ശമര്യേ!
നിൻറേ കന്നു നാറുന്നു, എൻകോപം അവരിൽ എരിയുന്നു; നിർദ്ദോഷത്വം
6 അവർക്കു സഹിയാത്തതു് എത്രോടം? ഇസ്രയേലിൽനിന്നാകട്ടേ ഇതു (ക
ന്നു)ം ഉണ്ടു, കമ്മാളൻ അതിനെ തീർത്തു, ശമര്യയുടേ കന്നു ദൈവമല്ല നുറുങ്ങു
7 കളായി പൊടികേ ഉള്ളു. കാരണം: അവർ കാറു വിതെക്കുന്നു വിശറും
കൊയ്യുന്നു, അതിന്നു വിള ഇല്ല, മുളച്ചൽ മാവിനെ തരികയില്ല, പക്ഷേ
തന്നാലും അന്യന്മാർ അതിനെ വിഴുങ്ങും.
8 ഇസ്രയേൽ വിഴുങ്ങപ്പെട്ടുപോയി, ഇപ്പോൾ അവർ ജാതികളിൽ ഒട്ടും ഇ
9 ഷ്ടം ഇല്ലാത്ത പാത്രത്തിന്നു് ഒത്തുചമഞ്ഞു. കാട്ടുകഴുത തനിയേ നില്ക്കു

ആയവർ അശ്ശൂരിലേക്കു കരേറിപ്പോയല്ലോ, എഫ്രയീം പ്രേമങ്ങളെ കൂലി
10 ക്കു വാങ്ങുന്നു. അവർ ജാതികളിൽ കൂലിക്കു വിളിച്ചാലും ഇപ്പോൾ ഞാൻ
അവരെ (അങ്ങോട്ടു) കൂട്ടും, മന്നവരുടേ രാജാവിൻ ചുമടു ഹേതുവായി അ
11 വർ അല്പരാവാൻ തുടങ്ങും.— എന്തിന്നെന്നാൽ പാപം ചെയ്വാൻ
എഫ്രയീംബലിപീഠങ്ങളെ പെരുക്കി ബലിപീഠങ്ങൾ അവന്നു പാപത്തി
12 ന്നായി ചമഞ്ഞു. എൻധർമ്മോപദേശം ലക്ഷത്തോളം ഞാൻ അവന്നു എഴു
13 തിയാലും പരകാര്യം എന്നു എണ്ണപ്പെട്ടും. എൻ വഴിപാടുകളാലേ യാഗങ്ങ
ളെ അവർ അറുത്തു ഇറച്ചി എന്നു തിന്നുന്നു;യഹോവ അവരിൽ പ്രസാദിക്കു
ന്നില്ല, ഇപ്പോൾ അവരുടേ കുറ്റത്തെ ഓർത്തു അവരുടേ പാപങ്ങളെ സന്ദർ
14 ശിക്കും, അവർ മിസ്രയീൽ മടങ്ങിപ്പോകയും ആം. ഇസ്രയേൽ തന്നെ
ഉണ്ടാക്കിയവനെ സാക്ഷാൽ മറന്നു കോയിലകങ്ങളെ പണി ചെയ്തു. യഹൂദ
കോട്ടനഗരങ്ങളെ പെരുക്കി, ഞാനോ അതിൻനഗരങ്ങളിൽ തീ അയപ്പു
തു അതിലേ അരമനകളെ തിന്നും.

9,1 ഹേ ഇസ്രയേലേ ശേഷം വംശങ്ങളെ പോലേ(കൊയ്ത്തിൽ)സന്തോ
ഷിച്ചു ഉല്ലസിക്കൊല്ലാ; നിൻ ദൈവത്തെ വിട്ടു നീ പുലയാടി ധാന്യം
മെതിക്കുന്ന എല്ലാ കളത്തിലും വേശ്യാസമ്മാനത്തെ ഇച്ഛിച്ചുപോന്നുവല്ലോ.
2 മെതിക്കളവും ചക്കും അവരെ പോഷിപ്പിക്ക ഇല്ല, രസവും അവളെ മതി
3 ക്കും. യഹോവാദേശത്തിൽ അവർ വസിക്ക ഇല്ല. എഫ്രയീം മിസ്രയീൽ
4 മടങ്ങിപ്പോകും അശ്ശൂരിലും അവർ അശുദ്ധത്തെ തിന്നും. യഹോവെക്കു വീ
ഞ്ഞു ഊക്ക ഇല്ല, അവരുടേ യാഗങ്ങൾ അവന്നു നിറയാ, ആയവ അവർക്കു
ഖേദത്തിൽ ആഹാരം പോലേ, അതിനെ തിന്നുന്നവർ എല്ലാം അശുദ്ധി
പ്പെടും; അവരുടേ ആഹാരം യഹോവാലയത്തിൽ വരാതേ അവരുടേ
5 പ്രാണരക്ഷെക്കത്രേ. ഉത്സവദിവസത്തിലും യഹോവയുടേ പെരുനാളിലും
6 നിങ്ങൾ എന്തു ചെയ്യും? കണ്ടാലും സംഹാരം ഹേതുവായി (എല്ലാവരും) യാ
ത്ര ആയി, മിസ്രം അവരെ ചേർക്കും, മെൻഫി അവരെ പൂത്തും; അവർക്കു
വെള്ളി മുതലായതിനാൽ കാമ്യമായുള്ളവ തുവ അടക്കും, കുടിലുകളിൽ
7 മുള്ളേ ഉള്ളു.— സന്ദർശനനാളുകൾ വന്നു, പ്രതികാരനാളുകൾ വന്നു, നി
ന്റെ അകൃത്യബാഹുല്യവും അതിവൈരവും ഹേതുവായത്രേ, പ്രവാചകൻ
മൂഢൻ എന്നും ആത്മാവിൻ ആൾ ഭ്രാന്തൻ എന്നും ഇസ്രയേല്യർ അറിയും.
8 എഫ്രയീം ആകട്ടേ എൻ ദൈവം ഒഴികേ ഒറുകാരനാകുന്നു, പ്രവാചകനോ
ജനത്തിന്റെ എല്ലാ വഴികളിലും പുൾപ്പിടിയന്റെ കണി അത്രേ. സ്വദേവ
9 രുടേ ആലയത്തിൽ (ദൈവത്തോടു) അതിവൈരവും ഉണ്ടു. ഗിബ്യാദിവ
സങ്ങളിൽ എന്ന പോലേ(ന്യായ. 19) അവർ കേടിൽ ആണ്ടു പൂണ്ടു, അവ
രുടേ അകൃത്യം അവർ ഓർത്തു പാപങ്ങളെ സന്ദർശിക്കും.

10 ഞാൻ ഇസ്രയേലിനെ മരുഭൂമിയിൽ മുന്തിരിങ്ങാക്കുല പോലേ കണ്ടെ
ത്തി, നിങ്ങളുടേ അച്ഛന്മാരെ അത്തി തഴെച്ചു പഴുത്ത ആദ്യഫലം പോലേ
കണ്ടു, എന്നിട്ടു അവർ ബാൽപ്യോരിലേക്കു ചെന്നു (4 മോ. 25, 3) ആ
നിന്ദ്യരൂപത്തിന്നു തങ്ങളെ തന്നേ നേർന്നുകൊണ്ടു അവരുടേ പ്രിയനെ
11 പോലേ അറെപ്പുകളായി തീർന്നു. എഫ്രയീം എങ്കിലോ പക്ഷി കണക്കേ
അവരുടേ തേജസ്സു പറന്നു പോകും പ്രസവവുംഉദരവും ഗർഭധാരണവും ഇല്ലാ
12 തവണ്ണമേ. അവർ പക്ഷേ പുത്രരെ വളർത്താലും ആയവരെ ഞാൻ ആൾ
അറുവോളം മക്കളില്ലാതാക്കിവെക്കും, അതേ ഞാൻ അവരോടു അകന്നാൽ
13 അവക്കു ഹാ കഷ്ടം! എഫ്രയീം ഞാൻ കണ്ട പ്രകാരം പശുമക്കുറ്റിൽ നട്ട
ള്ളൊരു ചോർ ആകേണ്ടി ഇരിക്കേ എഫ്രയീം കൊല്ലുന്നവന്നായി തന്റെ
14 മക്കളെ പുറത്തു കൊണ്ടുവരേണ്ടതു. യഹോവേ അവക്കു കൊടുക്ക! എന്തു
കൊടുക്ക എന്നാൽ ചൊട്ടിപ്പോകുന്നഗർഭവും വറ്റിയ മുലകളും അവക്കുകൊ
15 ടുക്ക! (യഹോവയുടേ ഉത്തരം:)അവരുടേ ദോഷം എല്ലാ ഗില്ഗാലിൽ(4,
15) തന്നേ, അവിടേ ഞാൻ അവരെ പകെച്ചു തുടങ്ങി; ക്രിയകളുടേ തിന്മ

നിമിത്തം അവരെ എൻ ഭവനത്തിൽനിന്ന് ആട്ടിക്കളയും, ഇനി അവരെ
16 സ്നേഹിക്ക ഇല്ല. അവരുടേ പ്രഭുക്കൾ ഒക്കയും മത്സരക്കാരത്രേ. എഫ്രയീം
അടികൊണ്ടു, അവരേ വേർ ഉണങ്ങി, ഫലം കായ്ക്ക ഇല്ല, അവർ പെറാ
17 ലും ഉദരത്തിൻ ഓമല്കകളെ ഞാൻ മരിപ്പിക്കും. — എൻ ദൈവം അവരെ
നിരസിക്കുന്നു, അവനെ കേളാതേ പോയല്ലോ, ജാതികളിൽ ഉഴലുന്നവരാ
യി ചമകേ ഉള്ളു.

10,1 ഇസ്രയേൽ തഴെച്ചു പരന്ന കായി പിടിക്കുന്ന മുന്തിരി വള്ളി തന്നേ,
കായി പെരുകുന്തോറും ബലിപീഠങ്ങളെ പെരുക്കി, സ്വദേശത്തിന്നു നന്മ
2 വളരുന്തോറും നാട്ടക്കല്ലുകളെ അധികം നന്നാക്കിത്തീർത്തു, അവരുടേ ഹൃദ
യം മിനുസമായതു, ഇപ്പോഴോ അവർ കുറ്റം ബോധിക്കും, അവരുടേ ബ
3 ലിപീഠങ്ങളെ അവൻ കഴുത്തറുത്തുകളയും നാട്ടക്കല്ലുകളെ പാഴാക്കും. ഇ
പ്പോൾ അവർ: യഹോവയെ നാം ഭയപ്പെടായ്കകൊണ്ടു നമുക്കു രാജാവ്
ഇല്ല എന്നും, രാജാവ് ഉണ്ടായിട്ടും നമുക്ക് എന്തു ചെയ്യും? എന്നും പറയുമ
4 ല്ലോ. വചനങ്ങളെ വചിക്കയും പൊയ്യാണ ഇടുകയും നിയമങ്ങളെ ഖ
ണ്ഡിക്കയും ഉണ്ടു, എന്നാൽ ന്യായം വയലിലേ ചാലുകളിൽ വിഷപ്പുല്ലു
5 പോലേ പൊടിക്കും. ശമര്യയിലേ കുടിയാന്മാർ ബേത്ത്ആവനിലുള്ള
(പൊൾ)ക്കന്നുകാംക്ക വേണ്ടി അഞ്ചുന്നു, അതിൻസാന്നിദ്ധ്യം അവരെ
വിട്ടു പ്രവസിക്കയാൽ അതിൻജനം അതിനെച്ചൊല്ലി തൊഴിക്കയും അ
6 തിൻ പൂജാരികം നടുങ്ങുകയും ചെയ്യും. ആയതിനെ കൂടേ യാരബ്രാജാ
വിന്നു (5, 13) കാഴ്ചയായി അശ്ശൂരിലേക്കു കൊണ്ടു പോകും; അന്ന് എഫ്ര
യീമിനെ ലജ്ജപിടിക്കും, ഇസ്രയേൽ സ്വമന്ത്രണം ചൊല്ലി നാണി
7 ക്കും. ശമര്യയോ അതിലേ രാജാവ് വെള്ളത്തിന്മേലുള്ള ചില്ല പോലേ
8 അന്തരിക്കുന്നു. ഇസ്രയേലിൻ പാപമാകുന്ന (ബേഥ്) ആവനിലേ കുന്ന
കാവുകം ഇടിഞ്ഞുപോം, ഞെങ്ങയും മുള്ളും അവരുടേ ബലിപീഠങ്ങളി
ന്മേൽ മുളെക്കും, അവർ മലകളോടു ഞങ്ങളെ മൂടുവിൻ എന്നും കുന്നുകളോടു
ഞങ്ങടേ മേൽ വീഴുവിൻ എന്നും പറകയും ചെയ്യും:
9 ഹേ ഇസ്രയേലേ ഗിബ്യാദിവസങ്ങം (നാന) മുതൽ നീ പാപം ചെയ്തു,
അവിടേ അവർ നിന്നുപോയി, അക്രമത്തിൻമക്കളോടുള്ള പോർ അവരെ
10 എത്തിപ്പിടിച്ചില്ലല്ലോ. ഞാൻ ആഗ്രഹിക്കുമ്പോം അവരെ ശിക്ഷിക്കും,
അവരുടേ രണ്ടു കുറ്റങ്ങളോടു ഞാൻ അവരെ പിണെച്ചാൽ വംശങ്ങം അ
11 വർക്കു് എതിരേ കൂട്ടപ്പെടും. എഫ്രയീം അഭ്യാസം വന്നിട്ടു ധാന്യം മെതി
പ്പാൻ ഇച്ഛിക്കുന്ന കടച്ചി, ഞാനോ ആ ഭംഗിയുള്ള കഴുത്തിന്മേൽ കടന്ന
എഫ്രയീമിനെ ഏരിൽ പൂട്ടുന്നു; യഹൂദ ഉഴുകയും യാക്കോബ് കട്ട ഉടെച്ചു
12 കൊംകയും വേണം. നിങ്ങംക്ക നീതി വിളവാൻ വിതെപ്പിൻ! ദയ
യായി കൊയ്വിൻ! തരിക്കിടക്കുന്നതു നടത്തിക്കൊംവിൻ! യഹോവ
വന്നു നിങ്ങംക്കു നീതിയെ പെയ്യുവോളം അവനെ തിരവാൻ കാലമായ
13 ല്ലോ. നിങ്ങം ദുഷ്കൃത ഉഴുതു അക്രമത്തെ കൊയ്തു പൊയ്ഫലം തിന്നുപോ
ന്നതു നിന്റേ വീരരുടേ പെരിപ്പം തുടങ്ങിയുള്ള സ്വന്തവഴിയിൽ തേറുക
14 യാൽ അത്രേ. നിന്റേ വംശങ്ങൾക്കു നേരേ ആരവാരം കിളർന്നിട്ടു ശല്മൻ പടനാളിൽ ബേഥർബേലെ ധൂളിപ്പിച്ചപ്രകാരം നിന്റേ കോട്ടകം
15 ഒക്കയും ധൂളിപ്പിക്കും, മക്കളോടേ മേൽ അമ്മയും ചതഞ്ഞുപോം. ഇവ്വണ്ണം
ബേഥേൽ എന്നതു നിങ്ങളുടേ തിന്മയുടേ തിന്മ നിമിത്തം നിങ്ങംക്കു വ
രുത്തിയതു, അരുണോദയത്തിൽ തന്നേ ഇസ്രയേൽരാജാവ് അന്തരിച്ചന്ത
രിച്ചു.

11,1 ഇസ്രയേൽ ബാലനായ സമയത്തു ഞാൻ അവനെ സ്നേഹിച്ചു മിസ്രയിൽ
2 നിന്ന് എൻപുത്രനെ വിളിച്ചു. (പ്രവാചകന്മാർ) അവരെ വിളിക്കുന്തോ
റും അവരെ വിട്ടു പോയ്കളഞ്ഞു ബാളകംക്കു ബലി കഴിച്ചു വിഗ്രഹങ്ങംക്കു
3 ധൂപം കാട്ടും. ഞാനോ എഫ്രയീമെ കാൽ വെപ്പിച്ചു, താൻ ഭുജങ്ങളിൽ

ഏറുകൊണ്ടിട്ടും അവർക്കു ഞാൻ ചികിത്സിച്ചു എന്നു് അവർ അറിഞ്ഞി
4 ല്ല. മാനുഷകയറുകളാലും സ്നേഹപാശങ്ങളാലും ഞാൻ അവരെ വലിച്ചു,
നുകത്തെ കവിളിന്മേൽ പൊന്തിച്ചു പിടിക്കുന്നവനെപ്പോലേ അവർക്കാ
5 യിരുന്നു, മെല്ലേ തിന്മാൻ കൊടുത്തുപോന്നു.— അവൻ മിസ്രദേശത്തിൽ
മടങ്ങിപ്പോക ഇല്ല, തിരിച്ചുവരുവാൻ വെറുത്തതുകൊണ്ടു അശ്ശൂർ തന്നേ
6 അവനു രാജാവാം. അവരുടേ മന്ത്രണങ്ങൾ നിമിത്തം അവരേ പട്ടണങ്ങ
7 ളിൽ വാൾ ചുഴന്നു അതതിൻ അഴികളെ മുടിച്ചു (ആളെ) തിന്നും. എൻജന
മോ എന്നെ വിട്ടു പിഴകുവാൻ ചാഞ്ഞു തുങ്ങുന്നു, അവരെ മേലോട്ടു വിളി
ച്ചാലും ഒക്കത്തക്ക കയറാതു.

8 എഫ്രയീമേ ഞാൻ നിന്നെ എങ്ങനേ കൊടുത്തു വിടും? ഇസ്രയേലേ
നിന്നെ എങ്ങനേ ഏല്പിക്കും? നിന്നെ അദ്മപോലേ ആക്കി ചബോ
യിം പോലേ (5 മോ. 29, 22) വെപ്പതു് എങ്ങനേ? എന്റെ ഹൃദയം ഉ
9 ള്ളിൽമറിഞ്ഞു എൻ പരിതാപങ്ങൾ ഒക്കത്തക്ക വെന്തഴലുന്നു. എൻ കോ
പത്തിൻ ഊഷ്മാവെ ഞാൻ നടത്തുക ഇല്ല, എഫ്രയീമെ തിരികേ കെടുക്ക
ഇല്ല; കാരണം ഞാൻ ദേവൻ തന്നേ, മനുഷ്യനല്ല, നിന്നടുവിലേ വിശു
10 ദ്ധനല്ലോ ചിനത്തിൽ ആകയും ഇല്ല. സിംഹംപോലേ അലറുന്ന യഹോ
വയുടേ പിന്നാലേ അവർ ചെല്ലും; അവൻ അലറും സത്യം, അന്നു (പടി
11 ഞ്ഞാറു) കടലിൽനിന്നു മക്കൾ വിറെച്ചു വരികയും, മിസ്രയിൽ നിന്നു
ചെറുപ്പുള്ളപോലേയും അശ്ശൂർദേശത്തുനിന്നു പ്രാവുപോലേയും വിറെച്ചു്
അണകയും ഞാൻ അവരെ സ്വഭവനങ്ങളിൽ കൂടി ഇരുത്തുകയും ചെയ്യും
എന്നു യഹോവയുടേ അരുളപ്പാടു.

12. അദ്ധ്യായം (—14.)

ഇസ്രയേൽ പിതാവായ യാക്കോബിൻ വഴിയെ വിട്ടു (8) കനാന്യൻ ആ
യ്പ്പോകയാൽ (അ.13) ശിക്ഷയ്ക്കു യോഗ്യൻ എങ്കിലും (അ.14) മനന്തിരി
യുന്നവർക്കു അതിശയരക്ഷ നിശ്ചയം.

1 എഫ്രയീം വ്യാജംകൊണ്ടും ഇസ്രയേൽഗൃഹം ചതികൊണ്ടും എന്നെ ചു
റും വളെച്ചു, യഹൂദകൂടേ ദേവനും വിശ്വസ്തവിശുദ്ധനും ആയവനോടു് ഇന്നും
2 ഉഴന്നു കളിക്കുന്നു. എഫ്രയീം കാററിനെ മേഞ്ഞു കിഴക്കൻകാററിനെ നായാ
ടിനടന്നു നാൾതോറും ഭോഷ്കും സംഹാരവും വർദ്ധിപ്പിക്കുന്നു; അശ്ശൂരോ
ടു നിയമം ഖണ്ഡിച്ചും മിസ്രയിലേക്കു് എണ്ണ കൊണ്ടുപോയും പോരുന്നു.
3 യഹൂദയോടും യഹോവെക്കു വ്യവഹാരം ഉണ്ടു, യാക്കോബെ അവന്റെ വ
ഴികൾക്കു തക്കവണ്ണം സന്ദർശിക്കേണ്ടി ഇരിക്കുന്നു, അവനു കർമ്മങ്ങൾക്കു
4 തക്ക പകരം നല്കും.— ഉദരത്തിൽവെച്ചു തൻസഹോദരന്റെ കുതികാലി
നെ പിടിച്ചതല്ലാതേ സ്വവീര്യത്താൽ ദൈവത്തോടു് അങ്കംപൊരുതു,
5 ദൂതനോടു് അങ്കംപൊരുതു നേടി, അവനോടു കരഞ്ഞു കെഞ്ചിയാചിച്ചു
എന്നിട്ടു ബേഥേലിൽ അവനെ കണ്ടെത്തി (1മോ. 35, 9), അവിടേ താൻ
6 നമ്മോടും ഉരിയാടി; യഹോവ സൈന്യങ്ങളുടയ ദൈവമായ യഹോവ
7 എന്നതു് അവന്റെ ഓർമ്മ. നീയോ നിൻദൈവത്തിലേക്കു തിരിഞ്ഞുകൊ
ണ്ടു ദയയും ന്യായവും കാത്തു നിൻദൈവത്തെ നിത്യം പാർത്തിരിക്ക!
8 കനാനോ ചതിത്തുലാസ്സു് അവന്റെ കയ്യിൽ ഉണ്ടു, ഞെരിക്കം ചെയ്യു
യിൽ കാംക്ഷിക്കുന്നു. ഞാൻ സമ്പന്നനായി എനിക്കു വക ഉണ്ടാക്കി, എ
ന്റെ പ്രയത്നങ്ങൾ എല്ലാം പാപമാകുന്നൊരു അകൃത്യത്തെയും എനിക്കു
9 വരുത്തുന്നില്ല എന്നു് എഫ്രയീം പറയുന്നു. ഞാനോ മിസ്രദേശം മുതൽ
നിൻദൈവമാകിയ യഹോവ അല്ലോ, ഞാനും ഉത്സവനാളുകൾ പോലേ നി
10 ന്നെ പിന്നേയും കൂടാരങ്ങളിൽ വസിപ്പിക്കും. ഞാൻ പ്രവാചകന്മാരോടു്,

ഉരിയാടി, ഞാനും ദർശനങ്ങളെ വർദ്ധിപ്പിച്ചു പ്രവാചക മുഖാന്തരം
11 ഉപമകളെ തന്നു. ഗിലെയാദ് (6, 8) അക്രമം എന്നു വന്നാൽ അവർ ആ
കാ എന്നു വന്നു; ഗിൽഗാലിൽ അവർ കാളകളെ ബലി കഴിക്കുന്നു,
ആ ബലിപീഠങ്ങളും വയലിലേ ചാലുകളിൽ കല്ലുനുകൾക്ക് ഒത്ത
12 ചമയും.— യാക്കോബ് (പണ്ടു) അരാംനാട്ടിലേക്കു മണ്ടിപ്പോയി, ഇസ്ര
യേൽ ഒരു സ്ത്രീക്കു വേണ്ടി സേവിച്ചു, ഭാര്യെക്കായി (ആടുകൾ) പാലിച്ചു
13 നടന്നുവല്ലോ. പിന്നേ യഹോവ ഒരു പ്രവാചകനെക്കൊണ്ടു ഇസ്രയേ
ലെ മിസ്രയിൽനിന്നു കരേററിച്ചു, പ്രവാചകനാൽ അതു പാലിക്കപ്പെട്ടു.
14 എഫ്രയീമോ കൈപ്പു ഏറിയ കോപത്തെ ഇളക്കിച്ചു, അവന്റേറ കർത്താവ്
അവന്റേറ ചോരകളെ അവന്മേൽ വിട്ടേച്ചു സ്വനിന്ദയെ അവങ്കലേക്കു
തിരിക്കും.

13,1 (പണ്ടു) എഫ്രയീം ഉരചെയ്തപ്പോഴേക്കു ത്രാസം ഉണ്ടായി, അവൻ ഇ
2 സ്രയേലിൽ ഉയർന്നശേഷം ബാളിനാൽ കുററവാളി ആയി മരിച്ചു. ഇന്നോ
അവർ പാപം ചെയ്തു തുടർന്നു പോന്നു തങ്ങളുടേ വെള്ളി വാർത്ത ബിംബ
ങ്ങളും സ്വബുദ്ധിയാൽ വിഗ്രഹങ്ങളും ഉണ്ടാക്കുന്നു; എല്ലാം കമ്മാളരുടേ പ
ണി തന്നേ. മനുഷ്യരെ ബലികഴിച്ചുംകൊണ്ടു കന്നുകളെ ചുംബിക്കുന്നു
3 എന്നു ഇവറെക്കൊണ്ടു പറയാറുണ്ടു. ആകയാൽ അവർ പ്രഭാതമേഘ
ത്തിന്നും വിരയ പോകുന്ന മഞ്ഞിന്നും കളത്തിൽനിന്നു പാറുന്ന പതിരി
4 നും ചാലകത്തുടേ നീങ്ങുന്ന പുകെക്കും ഒത്തുചമയും.— ഞാനോ മിസ്ര
ദേശം മുതൽ നിൻദൈവമാകിയ യഹോവ അല്ലോ (12, 10); ഞാൻ
ഒഴികേ നീ ഒരു ദേവതയെ അറിയാ, ഞാൻ എന്നിയേ രക്ഷിതാവും ഇല്ല.
5 അഴൽചയുടേ ദേശമായ മരുവിൽ ഞാൻ നിന്നെ അറിഞ്ഞു. അവർ മേയും
6 തോറും തൃപ്തരായി, തൃപ്തി വന്നിട്ടു നെഞ്ചു ഉയർന്നു അതുകൊണ്ടു എന്നെ
7 മറന്നുകളഞ്ഞു. എന്നിട്ടു ഞാൻ അവർക്കു കോളരിപോലേ ആയി, വഴി
8 യരികേ വള്ളിപ്പുലികണക്കേ അവർക്കായി ഒറുനോക്കുന്നു; കുഞ്ഞങ്ങൾ
ഇല്ലാതേ പോയ കരടിപോലേ അവരെ എതിരേറു അവരുടേ നെഞ്ചു
റയെ പിളർന്നു സിംഹിയെ പോലേ അവരെ അവിടേ തിന്നും, വയലി
ലേ മൃഗം അവരെ ചീന്തിക്കളയും.

9 അല്ലയോ ഇസ്രയേലേ നിന്റേറ സഹായം ആകുന്ന എനിക്കു നീ എതി
10 രായതത്രേ നിന്നെ കെടുപ്പിച്ചതു. നിന്റേറ എല്ലാ പട്ടണങ്ങളിലും നിന്നെ
രക്ഷിപ്പാൻ നിന്റേറ രാജാവും ന്യായാധിപന്മാരും എങ്ങു പോൽ? എനിക്കു
രാജാവെയും പ്രഭുക്കളെയും തരേണമേ എന്നു നീ ചോദിച്ചവർ അവരല്ലോ!
11 എൻ കോപത്തിൽ നിണക്കു രാജാവെ തരികയും എൻ ചീററത്തിൽ എടു
12 ക്കയും ചെയ്തുന്നു. എഫ്രയീമിന്റേറ കുററം പൊതിഞ്ഞു കെട്ടി പാപം നി
13 ക്ഷേപിച്ചു കിടക്കുന്നു. പെറുന്നവളുടേ നോവുകൾ അവന്നു ഉണ്ടാകും; സമയം
ഉള്ളപ്പോഴേക്കു ഗർഭദ്വാരത്തിൽ അവൻ എത്തായ്കയാൽ ബുദ്ധി പോരാത്ത
14 മകനത്രേ. പാതാളത്തിൻ കയ്യിൽനിന്നു ഞാൻ അവരെ മോചിക്കും,
മരണത്തിൽനിന്നു വീണ്ടെടുക്കും, മരണമേ നിൻബാധകൾ എവിടേ? പാ
15 താളമേ നിൻസംഹാരം എവിടേ? പശ്ചാത്താപം എൻകണ്ണുകൾക്കു മറ
ഞ്ഞിരിക്കും. എഫ്രയീം ആകട്ടേ സഹോദരന്മാരുടേ ഇടയിൽ ഫലപ്രദൻ
ആകും. ഒരു കിഴക്കൻകാററു വരും താനും, മരുവിൽനിന്നു കരേറുന്ന യഹോവ
യുടേ കാററു, (അന്നു) അവന്റേറ ഉറവു ഉണങ്ങി കേണി വററിപ്പോകും;
കാമ്യസാധനങ്ങൾ ഒക്കേ നിറഞ്ഞ ഭണ്ഡാരത്തെ (അശ്ശൂർ) ആയവൻ കവർന്നു
കളയും.

14,1 ശമര്യ തൻദൈവത്തോടു മുത്തതുകൊണ്ടു കുററം ബോധിക്കും, അവർ
വാളാൽ വീഴും, അവരുടേ ശിശുക്കൾ ഞെരിഞ്ഞു ചതഞ്ഞും ഗർഭിണികൾ
പിളന്നും പോകും.

2 അല്ലയോ ഇസ്രയേലേ നിൻദൈവമായ യഹോവയോളം മടങ്ങി ചെ
3 ല്ലുക, നിന്നേറ കുറ്റത്താൽ അല്ലോ നീ ഇടറിപ്പോയതു. നിങ്ങളോടു വാക്കു
കളെ കൂട്ടിക്കൊണ്ടു യഹോവയിങ്കലേക്കു തിരികേ ചെന്നു അവനോടു പ
റവിൻ: അകൃത്യം ഒക്കെയും ക്ഷമിച്ചു ഇതു നന്നെന്നു അംഗീകരിച്ചു കൊം
വു, ഞങ്ങം ഈ അധരങ്ങളെ ഇളങ്കാളകം എന്നു ഒപ്പിച്ചു തരുവാനായേ.
4 അശ്ശൂർ ഞങ്ങളെ രക്ഷിക്ക ഇല്ല, ഞങ്ങം കുതിരപ്പുറത്തു ഏറുക ഇല്ല, ഈ
കൈകളിൻ ക്രിയയെ ഞങ്ങളുടേ ദൈവം എന്നു ഇനി പറകയും ഇല്ല, അ
നാഥനു കനിവു വരുന്നതു കേവലം നിന്നാലല്ലോ എന്നത്രേ.
5 അവങ്കൽനിന്നു എൻകോപം തിരിഞ്ഞതുകൊണ്ടു ഞാൻ അവരുടേ പി
6 ന്തിരിവിനു ചികിത്സിച്ചു മനഃപൂർവ്വമായി അവരെ സ്നേഹിക്കും. ഇസ്രയേ
ലിനു ഞാൻ മഞ്ഞുപോലേ ആകും, താമര പോലേ അവൻ പൂത്തു ലിബ
7 നോൻ (കാട്ടു) കണക്കേ വേരുകളെ കിഴിക്കും. അവനേറ തിരുളകം ഇള
ക്കും ഒലീവമരം പോലേ ശോഭയും ലിബനോന്നു ഒത്ത സൌരഭ്യവും ഉണ്ടാ
8 ക! ഇനിയും അവനേറ നിഴലത്തു കുടിയിരിക്കുന്നവർ ധാന്യത്തെ ഉയിർ
പ്പിച്ചു മുന്തിരിവള്ളി പോലേ തെഴുത്തു ലിബനോനിലേ വീഞ്ഞോളം വി
9 ശ്രുതി ഏറുകയും ചെയ്യും. എഫ്രയീമേ, എനിക്കു വിഗ്രഹങ്ങളോടു ഇനി
എന്തു? എന്നുണ്ടല്ലോ? ഞാനേ അവനെ ചെവിക്കൊണ്ടു സൂക്ഷിച്ചു നോക്കു
ന്നു. ഞാൻ പച്ച കീലുമരത്തിന്നു തുല്യൻ, എങ്കൽ നിന്നു നിണക്കു ഫലം
കണ്ടെത്തപ്പെടുന്നു.
10 ഇവ തിരിവാൻ തക്ക ജ്ഞാനി ആർ? ഇവ അറിവാൻ തക്ക ബുദ്ധിമാൻ
ആർ? എന്തെന്നാൽ യഹോവയുടേ വഴികം നേരായുള്ളവ അത്രേ, നീതി
മാന്മാർ അവറ്റിൽ നടക്കും, ദ്രോഹിക്കുന്നവർ അവറ്റിൽ ഇടറിപ്പോകും.

1

JOEL

യോവേൽ

1 പതുവേലിൻമകനായ യോവേലിന്നു് ഉണ്ടായ യഹോവാവചനം.

1. അദ്ധ്യായം (–2, 17.)

തുള്ളൽകൂട്ടങ്ങളും യഹൂദയെ പാഴാക്കയാൽ (5) പ്രമാദക്കാരെ ഉണൎത്തി (8) ശോകത്തിന്നും (13) നോമ്പിന്നും വിളിച്ചു (19) പ്രാൎത്ഥിച്ചു (2,1) സഭയെയും പ്രാൎത്ഥിപ്പിച്ചു (12) മനന്തിരിയുന്നവൎക്കു വാഗ്ദത്തം ചൊല്ലിയതു (യോവാശ് രാജാവിൻ കാലം).

2 അല്ലയോ മൂത്തോരേ ഇതു കേൾപ്പിൻ! ദേശത്തേകുടിയാന്മാരേ ഒക്കയും
ചെവിക്കൊൾവിൻ! ഈ വക നിങ്ങളുടേ നാളുകളിൽ താൻ അപ്പന്മാരുടേ
3 നാളുകളിൽ താൻ ഉണ്ടായോ?ഇതിനെച്ചൊല്ലി നിങ്ങളുടേ മക്കളോടും മക്കൾ
തങ്ങടേ മക്കളോടും ഇവർ പിറേറ കരുന്തലയോടും കഥിപ്പൂതാക! വെട്ടു്
4 ക്കിളി ശേഷിപ്പിച്ചതു തുള്ളൻ തിന്നു, തുള്ളൻ ശേഷിപ്പിച്ചതു നക്കി തിന്നു,
നക്കി ശേഷിപ്പിച്ചതു നകരി തിന്നുകളഞ്ഞു.—
5 ഹേ മത്തരേ ഉണൎന്നു കരവിൻ! ദ്രാക്ഷാരസം നിങ്ങളുടേ വായ്ക്കു് അറുതി
6 വന്നതാൽ മദ്യപായികളേ എല്ലാരും മുറയിടുവിൻ! എൻദേശത്തിന്മേൽ അ
ല്പോ എണ്ണമില്ലാത്ത ബലത്തൊരു ജാതി കരേറിവന്നു, അതിൻ പല്ലുകൾ
7 സിംഹദന്തങ്ങൾ അത്രേ, കേസരിയുടേ എകിറും അതിന്നു് ഉണ്ടു. ആയതു്
എൻവള്ളിയെ പാഴാക്കി, എൻഅത്തിയെ കൊറി ആക്കി, അതിനെ തൊ
8 ലിച്ചുരിച്ചുകളഞ്ഞു, അതിൻകൊടികളും വെളുവെളയായി.—(യഹൂദേ)ബാ
9 ല്യത്തിലേ കാന്തനെച്ചൊല്ലി രട്ടുടുത്ത കന്യയെപ്പോലേ തൊഴിക്ക! തിരു
കാഴ്ചയും ഊക്കയും യഹോവാലയത്തിൽനിന്നു ഛേദിക്കപ്പെട്ടു, യഹോവ
10 യെ ശുശ്രൂഷിക്കുന്ന പുരോഹിതർ ഖേദിക്കുന്നു. വയൽ പാഴായി, വിള
നഷ്ടമായി രസം വറ്റി എണ്ണ മാഴ്കിപ്പോകയാൽ നിലവും ഖേദിക്കുന്നു.
11 വയലിലേ കൊയ്ത്തു കെട്ടുപോകയാൽ കോതമ്പും യവവും ചൊല്ലി
12 കൃഷിക്കാരേ നാണിപ്പിൻ! വള്ളിത്തോട്ടക്കാരേ മുറയിടുവിൻ! മുന്തിരി
വാടി അത്തി മാഴ്കി, താളിമാതളം ഈത്ത നാരകം മുതൽ വയലിലേ
മരങ്ങളും എല്ലാം ഉണങ്ങി, ആനന്ദം മനുഷ്യപുത്രരെ സാക്ഷാൽ വിട്ടു മങ്ങി
എന്നേ വേണ്ടു.
13 ഹേ പുരോഹിതരേ നിങ്ങളുടേ ദൈവത്തിൻ ഭവനത്തിൽനിന്നു കാഴ്ചയും
ഊക്കക്കെഴിക്കയും മുടങ്ങിയതാൽ അര കെട്ടി തൊഴിപ്പിൻ! ബലിപീ
ത്തെ ശുശ്രൂഷിക്കുന്നവരേ മുറയിടുവിൻ! എൻ ദൈവത്തെ ഉപാസിക്കുന്ന
14 വരേ രട്ടുടുത്തു വന്നു രാപാർപ്പിൻ! നോമ്പിനെ സംസ്കരിപ്പിൻ! സഭായോഗ
ത്തെ ക്ഷണിപ്പിൻ! മൂപ്പർ തുടങ്ങി ദേശത്തേകുടിയാന്മാർ എല്ലാവരെയും
നിങ്ങളുടേ ദൈവമായ യഹോവയുടേ ആലയത്തിൽകൂട്ടി യഹോവയോടു
15 കൂക്കുവിൻ!— ആ ദിവസം അയ്യയ്യോ! യഹോവാദിവസം സമീപമല്ലോ,
അതു കെല്പനിൽനിന്നു കലാപംപോലേ വരും. നമ്മുടേ കണ്ണുകൾ
16 കാൺകേ അന്നവും നമ്മുടേ ദൈവാലയത്തുനിന്നു സന്തോഷവും ഉല്ലാസ
17 വും അറുതി വന്നില്ലയോ? മൺകട്ടകളുടേ കീഴേ വിത്തുമണികൾ നലഞ്ഞു,
ധാന്യം വാടിപ്പോയതാൽ പാണ്ടികശാലകൾ ശൂന്യമായി, കളപ്പുരകളും

18 ഇടിഞ്ഞു. മൃഗങ്ങൾ എത്ര ഞരങ്ങുന്നു! കന്നുകാലിക്കൂട്ടങ്ങൾ മേച്ചൽ ഇല്ലാ
യ്കയാൽ അമ്പരന്നിരിക്കുന്നു; ആട്ടിൻകൂട്ടങ്ങളും കൂടേ (കുറഞ്ഞുമന്നു) പാഴാ
19 യിപ്പോകുന്നു.— അല്ലയോ യഹോവേ നിന്നോടു ഞാൻ വിളിക്കുന്നു, മരു
വിലേ പുലങ്ങളെ അഗ്നി തിന്നു, വയലിലേ മരങ്ങൾ എല്ലാറെയും ജ്വാല
20 കരിച്ചും ഇരിക്കുന്നുവല്ലോ. നീർത്തോടുകൾ വറ്റി മരുവിലേ പുലങ്ങളെ
അഗ്നി തിന്നുപോകയാൽ വയലിലേ മൃഗങ്ങളും നിന്നെ നോക്കി കിഴെ
ക്കുന്നു.

2,1 അല്ലയോ ചീയോനിൽ കാഹളം ഊതി എൻ വിശുദ്ധമലമേൽ കുവിടു
വിൻ! ദേശനിവാസികൾ എല്ലാം കലുങ്ങുക! എന്തെന്നാൽ യഹോവാ
2 ദിവസം വരുന്നു, അത് അടുത്തു സത്യം. ഇരിട്ടും അന്ധകാരവും ഉള്ളനാൾ,
മേഘവും കാർമുകിലും ഉള്ള നാൾ; അരുണോദയം മലകളിന്മേൽ വിരിയു
മ്പോലേ പണ്ട് ഒരു നാളും തുല്യമില്ലാത്തതും തലമുറ തലമുറകളുടേ ആണ്ട
കൾവരേ ഇനി വരാത്തതും ആയി പെരുമയും ബലവും ഉള്ള വംശം തന്നേ.
3 അതിൻമുമ്പാകേ അഗ്നി തിന്നും അതിൻപിറകേ ജ്വാല കത്തുന്നു, ദേശം
അതിൻമുമ്പിൽ ഏദൻതോട്ടംപോലേ, അതിൻ പിന്നിൽ പാഴായ മരുവ
ത്രേ, ഒഴിഞ്ഞുപോന്നതു നാട്ടിന്ന് ആയതും ഇല്ല. കുതിരരൂപംപോലേ
4 അതിനേറ രൂപം, അശ്വബലം കണക്കേ ഓടുന്നു; മലകളുടേ മുകളിലേ
5 തേരൊലിപോലേ തത്തുന്നു, താളടി തിന്നുന്ന ജ്വാലയുടേ ഒച്ചപോലേ,
6 പടെക്ക് ഒരുങ്ങിയ ബലത്ത വംശംപോലേ. അതിൻമുമ്പിൽനിന്നു വംശ
ങ്ങൾ വിറെക്കുന്നു, എല്ലാ മുഖങ്ങൾക്കും ചുവപ്പു മങ്ങുന്നു. അവ വീരന്മാരെ
7 പ്പോലേ ഓടും, പടയാളികൾ കണക്കേ മതിലേറും, നടകളെ മാറാതേ
8 താന്താനേറ വഴിക്കേ ചെല്ലും. തങ്ങളിൽ തിക്കിത്തിരക്കാതേ ഓരോന്നു
തനേറ നിരത്തിന്മേൽ നടക്കും, ആയുധങ്ങളുടേ ചാടിയാലും തുണ്ടങ്ങൾ
9 ആക ഇല്ല. പട്ടണത്തിൽ ഊടാടി മതിലിന്മേൽ ഓടും, വീടുകളിൽ കയറും,
10 ചാലകങ്ങളുടേ കള്ളനെപ്പോലേ കടക്കും.— അതിൻമുമ്പിൽ ഭൂമി വിറെ
ച്ചു വാനങ്ങൾ മുഴങ്ങി ചന്ദ്രാദിത്യന്മാർ കറുത്തു നക്ഷത്രങ്ങൾ തങ്ങളുടേ തെള
11 ക്കത്തെ അടക്കിവെച്ചു. യഹോവ തൻസൈന്യത്തിന്നു മുമ്പാകേ മുഴക്കം
ഇടുന്നു, അവനേറ പാളയം ഏറ്റവും പെരുതല്ലോ, അവനേറ വചനത്തെ
നടത്തുന്നവൻ ബലവാനല്ലോ, യഹോവാദിവസം വലിയതും അതിഭയങ്ക
രവും അല്ലോ, അതിനെ പൊറുപ്പതു് ആർ? 3,1

12 എങ്കിലും ഇന്നും കൂടേ നിങ്ങൾ സർവ്വഹൃദയത്തോടും നോമ്പു കരച്ചൽ തൊ 2
13 ഴിയോടും എന്നോളം തിരിവിൻ എന്നു യഹോവയുടേ അരുളപ്പാടു. നിങ്ങ 3
ളുടേ വസ്ത്രങ്ങളെ അല്ല താനും ഹൃദയത്തെ ചീന്തി നിങ്ങളുടേ ദൈവമായ
യഹോവയിലേക്കു തിരിവിൻ! അവൻ കൃപയും കനിവും കോപമാന്ദ്യവും 4
ദയാസമ്പത്തും ഉള്ളവനല്ലോ, ദോഷത്തിങ്കൽ അനുതപിക്കയും ചെയ്യും. 5
14 പക്ഷേ അവൻ തിരിഞ്ഞ് അനുതപിച്ചു നിങ്ങളുടേ ദൈവമായ യഹോവെ
ക്കു കാഴ്ചയും ഊക്കയും (കഴിപ്പാൻ) ഓർ അനുഗ്രഹത്തെ വിട്ടേക്കും, ആക്ക്
15 അറിയാം!— സീയോനിൽ കാഹളം ഊതുവിൻ! നോമ്പു സംസ്ഥരിപ്പിൻ!
16 മഹാസംഘത്തെ ക്ഷണിപ്പിൻ! (1,14) ജനത്തെ ശുഭരിച്ചു തിരുസഭയെ 4,1
കൂട്ടുവിൻ! മൂത്തോരെ ചേർത്തു ശിശുക്കളെയും മുലയുണ്ണികളെയും കൂട്ടുവിൻ! 2
17 കാന്തൻ തൻമുറിയെയും കാന്ത അറയെയും വിട്ടു പുറത്തു വരിക! മണ്ഡപ
ത്തിന്നും ബലിപീഠത്തിന്നും നടുവേ യഹോവയെ ശുശ്രൂഷിക്കുന്ന പുരോ
ഹിതന്മാർ കരഞ്ഞും നിന്നു: ''അല്ലയോ യഹോവേ നിൻജനത്തെ ആദ
രിച്ചു നോക്കുക! ജാതികൾ അവരിൽ അധികരിപ്പാൻ നിൻ അവകാശ 3
ത്തെ നിന്ദയാക്കൊല്ലാ! ഇവരുടേ ദൈവം എവിടേ? എന്നു ജാതികളിൽ 4
എന്തിന്നു പറവൂ!'' എന്നു ചൊൽവൂതാക!

2. അദ്ധ്യായം (2, 18–4, 21.)

യഹോവ കനിഞ്ഞു ബാധയുടേ മാററവും നീതിയുടേ ഉപദേഷ്ടാക്കളെയും ദേശപുഷ്ടിയെയും അല്ലാതേ (3, 1) സകലജഡത്തിന്നും ദൈവാത്മദാനത്തെയും (4, 1) ജാതികൾക്കു ന്യായവിധിയെയും (16) യഹൂദെക്കു തേജസ്സ്മരണത്തെയും വാഗ്ദത്തം ചെയ്യുന്നു.

18 അനന്തരം യഹോവ തൻദേശത്തിന്നു വേണ്ടി എരിവു കാട്ടി സ്വജന
19 ത്തിങ്കൽ മനമലിഞ്ഞു. യഹോവ തൻജനത്തോടു ഉത്തരം പറഞ്ഞിതു: ഇ
താ ഞാൻ നിങ്ങൾക്കു തൃപ്തിയാവാനായി ധാന്യവും രസവും എണ്ണയും ഇറ
20 ക്കുന്നുണ്ടു, ഇനി നിങ്ങളെ ജാതികളിൽ നിന്ദ ആക്കുകയും ഇല്ല. വടക്കനെ
ഞാൻ നിങ്ങടേ മേൽനിന്നു അകററി ഉണക്കൻപാഴ്ദേശത്തിലേക്കു തള്ളി
വിടും, മുമ്പടയെ കിഴക്കുകടലിലും പിമ്പടയെ പടിഞ്ഞാറുകടലിലും (ആ
ക്കും). അവൻ വമ്പുകൊം കാട്ടുകയാൽ അവന്റേറ നാറ്റം പൊങ്ങും ചീച്ചൽ
21 കിളരും.—ഹേ നിലമേ ഭയപ്പെടരുതേ, ഉല്ലസിച്ചു സന്തോഷിക്ക! യഹോ
22 വ വമ്പുകൊം കാട്ടുന്നുവല്ലോ. വയലിലേ മൃഗങ്ങളേ ഭയപ്പെടൊല്ലാ! മരുവി
ലേ പുലങ്ങൊ പച്ച പിടിക്കുന്നുവല്ലോ, മരം തൻഫലത്തെ കായ്ക്കുന്നു, അ
23 ത്തിയും വള്ളിയും സ്വവീര്യത്തെ കൊടുക്കുന്നു. വിശേഷാൽ ചീയോൻപുത്ര
ന്മാരേ നിങ്ങളുടേ ദൈവമായ യഹോവയിൽ ഉല്ലസിച്ചു സന്തോഷിപ്പിൻ!
അവൻ ആകട്ടേ നിങ്ങൊക്കു നീതിക്കായി ഉപദേഷ്ടാവെ തരുന്നു, ആരംഭ
24 ത്തിലോ മുന്മഴയും പിന്മഴയും ആകുന്ന മാരിയെ നിങ്ങൊക്കു ഇറക്കുന്നു. കള
25 ങ്ങളിൽ നെല്ലു നിറയും, ചക്കുരലുകളിൽ രസവും എണ്ണയും വഴിയും. തു
ള്ളൻ നക്കി നകുരി വെട്ടുക്കിളി ഇങ്ങനേ നിങ്ങളിൽ അയച്ച എന്റേറ വ
26 മ്പട തിന്നുകളഞ്ഞ ആണ്ടുകളെയും ഞാൻ നിങ്ങൊക്കു ഒപ്പിച്ചു തരും. അ
പ്പോൊ നിങ്ങൊ ഉണ്ടുണ്ടു തൃപ്തരായി, നിങ്ങളോടു അതിശയത്തോളം ചെയ്ത
നിങ്ങളുടേ ദൈവമായ യഹോവയുടേ നാമത്തെ സ്തുതിക്കും, എൻ ജനം എ
27 ന്നും നാണിക്കയും ഇല്ല. ഇസ്രയേലിൻ ഉള്ളിൽ ഞാൻ ഉണ്ടെന്നും, നിങ്ങള
ുടേ ദൈവമായ യഹോവ ഞാൻ തന്നേ, മറ്റാരും ഇല്ലെന്നും നിങ്ങൊ അറി
യും, എൻജനം എന്നും നാണിക്കയും ഇല്ല.

3, 1 അതിൽ പിന്നേ ഉണ്ടാവിതു: ഞാൻ എല്ലാ ജഡത്തിൻമേലും എന്റേറ
ആത്മാവെ പകരും, നിങ്ങളുടേ പുത്രരും പുത്രിമാരും പ്രവചിക്കും, നിങ്ങ
ടേ മൂത്തോർ സ്വപ്നങ്ങളെ കാണും, യുവാക്കൊ ദർശനങ്ങളെ ദർശിക്കും;
2 ദാസർദാസിമാരുടേ മേലും ഞാൻ ആ നാളുകളിൽ എൻ ആത്മാവെ പക
3 രുകയും ചെയ്യും. യഹോവയുടേ വലുതും ഭയങ്കരവും ആയ നാൊ വരുംമുമ്പേ
ഞാൻ വാനത്തിലും ഭൂമിയിലും അതിശയങ്ങളെ നല്കും: രക്തം അഗ്നി
4 പുകത്തൂണുകളെ (ഭൂമിയിൽ); സൂര്യൻ ഇരുളായും ചന്ദ്രൻ രക്തമായും മാറി
5 പ്പോകും. എന്നാൽ ഉണ്ടാവിതു: യഹോവാനാമത്തെ വിളിച്ചപേടുക്കുന്ന ഏ
വനും ഒഴിഞ്ഞുവരും; എങ്ങനേ എന്നാൽ യഹോവ (ഒബ. 17) പറഞ്ഞ
പ്രകാരം ചീയോൻമലയിലും യരുശലേമിലും വഴതിപ്പോന്നവർ ഉണ്ടാകും,
യഹോവ വിളിക്കുന്നവർ തന്നേ ആ മിഞ്ചിയവരിൽ (കാണും).

4, 1 എന്തെന്നാൽ ഞാൻ യഹൂദെക്കും യരുശലേമിന്നും അടിമയെ മാറുവാ
2 നുള്ള നാളുകളിലും ആ കാലത്തും, ഞാൻ ഇതാ സകലജാതികളെയും കൂട്ടി
യഹോശഫത്തു താഴ്വരയിൽ ഇറങ്ങുമാറാക്കി എൻജനത്തെയും ഇസ്ര
യേൽ ആകുന്ന എന്റേറ അവകാശത്തെയും ചൊല്ലി അവരോടു അവിടേ
വ്യവഹരിക്കും. ആയതിനെ അവർ ജാതികളിൽ ചിതറിച്ചു എൻദേശ
3 ത്തെ പകുത്തു, എൻ ജനത്തിന്മേൽ ചീട്ടിട്ടു ബാലനെ ഒരു വേശ്യെക്കായി
4 കൊടുത്തു ബാലയെ വീഞ്ഞിന്നു വിറ്റു കുടിച്ചുകളഞ്ഞുവല്ലോ.— പിന്നേ
ചോർ ചീദോനും എല്ലാ ഫലിഷ്ടമണ്ഡലങ്ങളും ആയുള്ളോവേ നിങ്ങൊക്കു

എന്നോടു് എന്തുപോൽ? ഞാൻ വല്ലതും പിണെച്ചതിന്നു നിങ്ങൾ പകരം
ചെയ്യുയോ എനിക്കു വല്ലതും പിണെക്കയോ? ക്ഷണം വിരഞ്ഞു ഞാൻ നി
5 ങ്ങടേ പിണെച്ചൽ അങ്ങേ തലയിന്മേൽ തിരിപ്പിക്കും, എൻവെള്ളിപൊ
ന്നും എടുത്തു എന്റെ കാമ്യവസ്തുക്കളിൽ നല്ലവ നിങ്ങടേ ക്ഷേത്രങ്ങളിൽ
6 ആക്കിയതും, യഹൂദമക്കളെയും യരുശലേമ്മക്കളെയും തങ്ങടേ അതിരോടു ദൂ
7 രേ അകറ്റേണ്ടതിന്നു യവനന്മാർക്കു വിറ്റുകളഞ്ഞതും തന്നേ. ഇതാ നി
ങ്ങളെ അവരെ വിറ്റയച്ച ഇടത്തിൽനിന്നു ഞാൻ അവരെ ഉണൎത്തി, നി
8 ങ്ങൾ പിണെച്ചതു നിങ്ങടേ തലമേൽ തിരിപ്പിച്ചു, നിങ്ങടേ മക്കളെയും
മകളരെയും യഹൂദാപുത്രരുടേ കയ്യിൽ വില്ക്കയും ഇവർ ദൂരജാതിയായ ശബാ
9 യർക്കു അവരെ വില്ക്കയും ചെയ്യും. യഹോവ ഉരെച്ചുവല്ലോ.— ഇതു ജാതി
കളിൽ ഘോഷിച്ചു വിളിപ്പിൻ! പോരിനെ സംസ്കരിപ്പിൻ! വീരന്മാ
10 രെ ഉണൎത്തുവിൻ! എല്ലാ പടയാളികളും അടുത്തു കരേറി വരിക! നിങ്ങടേ
കൊഴുക്കളെ വാളുകളും ചെത്തുകത്തികളെ കുന്തങ്ങളും ആക്കി അടിപ്പിൻ!
11 ദുർബ്ബലൻ ഞാൻ വീരൻ എന്നു ചൊല്ലുക! ചുറുമുള്ള സകലജാതികളും തി
ണ്ണം മുതിർന്നു വന്നു കൂടുവിൻ! യഹോവേ, അവിടേക്കു നിന്തിരുവീരന്മാ
12 രെ ഇഴിക്കേണമേ! (യഹോവ ചൊല്ലുന്നിതു:) ജാതികൾ ഉണൎന്നു യഹോശ
ഫത്ത്താഴ്വരെക്കു കരേറിവരിക! അവിടേയല്ലോ ഞാൻ ചുറുമുള്ള സകല
13 ജാതികൾക്കും ന്യായം വിധിപ്പാൻ ഇരിക്കും. (എൻവീരരേ) കൊയ്ത്തു
വിളഞ്ഞിരിക്കയാൽ അരുവാൾ ഇടുവിൻ! ചക്കു നിറകയാൽ വന്നു മെ
14 തിപ്പിൻ! അവരുടേ ദുഷ്ടത പെരുതാകയാൽ ഉഴലുകൾ വഴിയുന്നു.—തീർ
പ്പിൻ താഴ്വരയിൽ ഹാ കോലാഹലകല്ലോലങ്ങൾ! യഹോവാദിവസം തീ
15 പ്പിൻ താഴ്വരയിൽ അടുത്തതല്ലോ. ചന്ദ്രാദിത്യന്മാർ കറുത്തു, നക്ഷത്രങ്ങൾ
16 തങ്ങളുടേ തെളക്കത്തെ അടക്കിവെച്ചു (2,10). പിന്നേ യഹോവ ചീയോ
നിൽനിന്നു് അലറി യരുശലേമിൽനിന്നു തൻനാദം ഇടും, വാനവും ഭൂമി
യും മുഴങ്ങും, സ്വജനത്തിന്നോ യഹോവ ശരണവും ഇസ്രയേൽ പുത്രന്മാൎക്കു
17 ദുർഗ്ഗവും തന്നേ. എൻവിശുദ്ധമലയാകുന്ന ചീയോനിൽ വസിക്കുന്ന നി
ങ്ങടേ ദൈവമായ യഹോവ ഞാൻ എന്നു നിങ്ങൾ അറിയും, യരുശലേം
വിശുദ്ധസ്ഥലം ആകും, അതിൽക്കൂടി അന്യന്മാർ ഇനി കടക്കയും ഇല്ല.
18 അന്നാൾ ഉണ്ടാവിതു: മലകൾ രസം തുളിക്കു, കുന്നുകൾ പാൽ ഒലി
ക്കും, യഹൂദയിലേ തോടുതോറും വെള്ളം ഒഴുകും, യഹോവാലയത്തിൽനി
19 ന്നു് ഓർ ഉറവു പുറപ്പെട്ടു ഈങ്ങമരങ്ങളുടേ താഴ്വരയെ നനെക്കും. യഹൂദാ
പുത്രരിൽ സാഹസം ചെയ്തു് അവരുടേ ദേശത്തിൽ നിർദ്ദോഷമായ രക്ത
ത്തെ പകർന്നതുകൊണ്ടു മിസ്രം പാഴാകും, ഏദോം പാഴായ മരുഭൂമി ആം.
20 യഹൂദയോ എന്നേക്കും യരുശലേം തലമുറതലമുറയോളവും വസിച്ചിരിക്കും.
21 ഞാൻ പരിഹാരം ചെയ്യാത്ത അവരുടേ രക്തത്തെ പരിഹരിക്കും, യഹോ
വ ചീയോനിൽ വസിക്കയും ചെയ്യുന്നു.

AMOS

ആമോസ്

1,1 തെക്കോവയിലേ ഇടയന്മാരിലുള്ള ആമോസ് യഹൂദാരാജാവായ ഉജ്ജീ
യാവിൻനാളുകളിലും യോവാശിൻപുത്രനായ യരോബ്യാം എന്ന ഇസ്ര
യേൽരാജാവിൻറെ നാളുകളിലും ഭൂകമ്പത്തിന്നു ഈരാണ്ടു മുമ്പേ ദർശിച്ചി
ട്ടുള്ള വചനങ്ങൾ.

1. അദ്ധ്യായം (2.)

(3) ദമസ്കൂ (6) ഫലിഷ്ത്യ (9) ചോർ (11) എദോം (13) അമ്മോൻ
(2,1) മോവാബ് (4) യഹൂദ (6) ഇസ്രയേൽ എന്നീ എട്ടു രാജ്യങ്ങൾക്കും
ന്യായവിധി അടുക്കുന്നപ്രകാരം അറിയിച്ചതു.

1,2 (ആമോസ്) പറഞ്ഞിതു: യഹോവ ചീയോനിൽനിന്നു അലറി യരൂ
ശലേമിൽനിന്നു തൻനാദം ഇടുന്നു (യോവേൽ 4,16) എന്നിട്ടു മേയ്ക്കുന്നവരു
ടേ പുലങ്കൂം ഖേദിച്ചും കർമ്മലിൻമുകൾ വാടും പോകുന്നു.
3 യഹോവ ഇവ്വണ്ണം പറയുന്നു: ദമസ്കൂകിൻറെ മൂന്നു നാലു ദ്രോഹങ്ങളിൻ
നിമിത്തം (ശിക്ഷവേണം), ഞാൻ അതിനെ തിരിക്ക ഇല്ല; അവർ ഇരി
4 മ്പിനാലുള്ള മെതിവണ്ടികൊണ്ടു ഗിലെയാദിനെ മെതിക്കയാൽ,—ഞാൻ
ഹസായേലിൻറെ ഭവനത്തിൽ തീ അയക്കും, അതു ബൻഹദാദിൻറെ അരമ
5 നകളെ തിന്നുകളയും. ദമസ്കൂകിൻറെ അഴിയെ ഞാൻ തകർത്തു ആവെൻ
എന്ന താഴ്വരയിൽനിന്നു കുടിയാനെയും ഏദൻഗൃഹത്തിൽനിന്നു ചെ
ങ്കോൽ ഏന്തുന്നവനെയും ഛേദിച്ചുകളയും, (ശേഷിച്ചു) അരാം വംശം കീരി
ലേക്കു പ്രവസിച്ചു പോകും എന്നു യഹോവ പറയുന്നു.
6 യഹോവ ഇവ്വണ്ണം പറയുന്നു: ഘസ്സയുടേ മൂന്നു നാലു ദ്രോഹങ്ങളിൻ
നിമിത്തം (ശിക്ഷവേണം), ഞാൻ അതിനെ തിരിക്ക ഇല്ല; അവർ (ഇ
സ്രയേൽപ്രവാസത്തെ എണ്ണം തികെച്ചു ഏദോമിൽ ഏല്പിപ്പാൻ പ്രവ
7 സിപ്പിക്കയാൽ,—ഞാൻ ഘസ്സാമതിലിൽ തീ അയക്കും, അതു അതി
8 നേറ അരമനകളെ തിന്നുകളയും. അഷ്ദോദിൽനിന്നു കുടിയാനെയും അഷ്ക
ലോനിൽനിന്നു ചെങ്കോൽ ഏന്തുന്നവനെയും ഛേദിച്ചുകളഞ്ഞു എക്രോന്നു
നേരേ എൻകയ്യിനെ തിരിക്കും, ഫലിഷ്ത്യരുടേ ശേഷിപ്പു കെട്ടുപോകയും
ആം എന്നു യഹോവാകർത്താവു പറയുന്നു.
9 യഹോവ ഇവ്വണ്ണം പറയുന്നു: ചോരിൻറെ മൂന്നു നാലു ദ്രോഹങ്ങളിൻ നി
മിത്തം (ശിക്ഷവേണം), ഞാൻ അതിനെ തിരിക്ക ഇല്ല; അവർ സഹോ
ദരനിയമത്തെ ഓക്കാതേ (ഇസ്രയേൽ) പ്രവാസത്തെ എണ്ണം തികെച്ച്
10 എദോമിൽ ഏല്പിക്കയാൽ,— ഞാൻ ചോർമതിലിൽ തീ അയക്കും, ആയ
ത അതിൻറെ അരമനകളെ തിന്നുകളയും.
11 യഹോവ ഇവ്വണ്ണം പറയുന്നു: എദോമിൻറെ മൂന്നു നാലു ദ്രോഹങ്ങളിൻ
നിമിത്തം (ശിക്ഷവേണം), ഞാൻ അതിനെ തിരിക്ക ഇല്ല; അവൻ വാൾ
കൊണ്ടു സഹോദരനെ പിന്തുടർന്നു മനസ്സലിവിനെ നിഗ്രഹിച്ചു തൻവൈര
ത്തെ സദാ സംഗ്രഹിച്ചു അവൻറെ കോപം എന്നേക്കും ചീന്തിപ്പോരുക
12 യാൽ,— ഞാൻ തേമാനിൽ തീ അയപ്പുത ബൊത്രാ അരമനകളെ തിന്നു
കളയും.
13 യഹോവ ഇവ്വണ്ണം പറയുന്നു: അമ്മോൻപുത്രരുടേ മൂന്നുനാലു ദ്രോഹങ്ങളിൻ

നിമിത്തം (ശിക്ഷ വേണം), ഞാൻ അതിനെ തിരിക്ക ഇല്ല; അവർ
തങ്ങളുടേ അതിരിനെ വിസ്താരം ആക്കുവാൻ ഗിലെയാദിലേ ഗർഭിണികളെ
14 പിളൎന്നുകളകയാൽ,— ഞാൻ രബ്ബമതിലിൽ തീ കത്തിപ്പുതു അതിൻ അ
രമനകളെ തിന്നുകളയും, യുദ്ധദിവസത്തിലേ പോർവിളിയും കൊടുങ്കാ
15 റിൻ നാളിലേ വിശറും തട്ടമന്നേ. അവരുടേ രാജാവു താനും പ്രഭുക്കളുമായി
ഒക്കത്തക്ക പ്രവാസത്തിന്നാമ്മാറു പോകും, എന്നു യഹോവ പറയുന്നു.

2, 1 യഹോവ ഇവ്വണ്ണം പറയുന്നു: മോവാബിന്റേറ മൂന്നു നാലു ദ്രോഹങ്ങളിൻ
നിമിത്തം (ശിക്ഷ വേണം), ഞാൻ അതിനെ തിരിക്ക ഇല്ല; അവർ എദോ
2 മ്യരാജാവിൻ അസ്ഥികളെ ചുമ്മായമാക്കി ചുടുകയാൽ,— ഞാൻ മോവാ
ബിൽ തീ അയപ്പുതു കിരിയോഥിലേ അരമനകളെ തിന്നുകളയും. ആരവാ
രവും പോവ്വിളിയും കാഹളനാദവും പൊങ്ങുകയിൽ മോവാബ് ചാകും.
3 അതിൻ ഉള്ളിൽനിന്നു ഞാൻ ന്യായാധിപനെ ഛേദിച്ചു അതിൻ സകല
പ്രഭുക്കളെയും കൂടേ കൊന്നുകളയും എന്നു യഹോവ പറയുന്നു.

4 യഹോവ ഇവ്വണ്ണം പറയുന്നു: യഹൂദയുടേ മൂന്നു നാലു ദ്രോഹങ്ങളിൻനിമി
ത്തം (ശിക്ഷ വേണം), ഞാൻ അതിനെ തിരിക്ക ഇല്ല; അവർ യഹോവ
യുടേ ധർമ്മോപദേശത്തെ നിരസിച്ചു അവന്റേറ വെപ്പുകളെ സൂക്ഷിയാതേ
പോയി പിതാക്കന്മാർ പിന്തേന്ന പൊള്ള(ദേവ)കം അവരെ തെറ്റിക്ക
5 യാൽ,— ഞാൻ യഹൂദയിൽ തീ അയപ്പുതു യരുശലേമിലേ അരമനകളെ
തിന്നുകളയും.

6 യഹോവ ഇവ്വണ്ണം പറയുന്നു: ഇസ്രയേലിന്റേറ മൂന്നു നാലു ദ്രോഹങ്ങളിൻ
നിമിത്തം (ശിക്ഷ വേണം), ഞാൻ അതിനെ തിരിക്ക ഇല്ല; അവർ പണ
ത്തിന്നായി നീതിമാനെയും ഒരു ജോടു ചെരിപ്പു ഹേതുവായി അഗതിയെ
7 യും വില്ക്കയാൽ തന്നേ. ദരിദ്രരുടേ തലമേൽ മൺപൊടി (കാണ്മാൻ) കൊ
തിക്കയും ദീനരുടേ വഴിയെ മറിക്കയും ചെയ്യുന്നു; താനും തന്റേറ അപ്പനും
ഒരു യുവതിയെ ഗമിക്കുന്നു എന്റേറ വിശുദ്ധനാമത്തെ ബാഹ്യമാക്കേണം
8 എന്നത്രേ. പിന്നേ പണയം വെച്ച വസ്ത്രങ്ങളെ പരത്തി ബലിപീഠംതോറും
ശയിച്ചുകൊണ്ടു തങ്ങടേ ദേവന്റേറ ആലയത്തിൽ പിഴചെയ്യിച്ചവരുടേ
9 വീഞ്ഞു കുടിക്കുന്നു.—ഞാനോ അമോര്യനെ അവരുടേ മുമ്പിൽനിന്നു സംഹ
രിച്ചുകളഞ്ഞു, ദേവതാരങ്ങളുടേ ഉയർച്ചയോളം ഉയരവും കരുമരങ്ങൾക്ക്
ഒത്ത ഊറ്റവും ഉള്ളവനെ തന്നേ; മീത്തൽ അവന്റേറ ഫലത്തെയും ചുവട്ടിൽ
10 വേരുകളെയും ഒടുക്കിയല്ലോ. ഞാനും നിങ്ങളെ മിസ്രദേശത്തുനിന്നു കരേ
റി നാല്പുതു വർഷംകൊണ്ടു നിങ്ങളെ മരുവിൽ നടത്തി അമോര്യന്റേറ
11 ദേശത്തെ അടക്കമാറാക്കി അല്ലോ. നിങ്ങളുടേ മക്കളിൽ ചിലരെ ഞാൻ
പ്രവാചകരും യുവാക്കളിൽ കണ്ടവരെ നജീരന്മാരും ആക്കി സ്ഥാപിച്ചു.
ഹേ ഇസ്രയേൽപുത്രന്മാരേ ഇങ്ങനേ തന്നേ അല്ലയോ? എന്നു യഹോവയുടേ
12 അരുളപ്പാടു. നിങ്ങളോ നജീരന്മാരെ വീഞ്ഞു കുടിപ്പിച്ചു പ്രവാചകന്മാരോടു
13 പ്രവചിക്കരുത് എന്നു കല്പിച്ചു പോയല്ലോ?— ഇതാ കറകളെ ഏറ്ററിനി
14 റെച്ച വണ്ടി അമുങ്ങും പോലേ ഞാൻ നിങ്ങളെ അമുക്കി ആഴ്ത്തുന്നു. അന്നു
വേഗവാന്നു ഓട്ടം മുട്ടും, ബലവാൻ തന്റേറ ഊക്കിനെ ഉറപ്പിക്ക ഇല്ല, വീ
15 രൻ തൻദേഹിയെ ഒഴിച്ചു പോവാറാക്കുകയും ഇല്ല; വില്ലിനെ ഏന്തുന്നവൻ
നില്ക്കയും ഇല്ല, കാലുകൊണ്ടു ലഘുത്വം ഉള്ളവൻ താൻ കുതിരപ്പുറത്തു ഏറി
യവൻ താൻ ദേഹിയെ വഴുതിക്കയും ഇല്ല. അന്നാൾ വീരന്മാരിൽ മിടുമിടു
16 ക്കൻ നഗ്നനായി മണ്ടിപ്പോകും എന്നു യഹോവയുടേ അരുളപ്പാടു.

3. അദ്ധ്യായം. (—6.)

പ്രവാചകൻ ദൈവനിയുക്തനായി അറിയിക്കേണ്ടുന്നതു: (9) ഇസ്രയേലിലേ ശിക്ഷാസന്ദർശനം (4, 1) ശമര്യയുടേ നിവ്വാസവും. (4)

ബിംബസേവ ചെയ്യുപോന്നാൽ ശിക്ഷകൂം പെരുകം (5, 1) മനന്തിരിയാഞ്ഞാൽ (6, 1) മൂലച്ഛേദമേ ഉള്ള.

1 അല്ലയോ ഇസ്രയേൽപുത്രന്മാരേ നിങ്ങൂംക്കു നേരേ യഹോവ ഉരെക്കു
2 ന്ന ഈ വചനത്തെ കേൂംപ്പിൻ! ഊഴിയിലേ സകലഗോത്രങ്ങളിലും ഞാൻ നിങ്ങളെ മാത്രം അറിഞ്ഞുകൊൂംകയാൽ തന്നേ നിങ്ങളുടേ എല്ലാ അകൃത്യങ്ങളെയും നിങ്ങടേ മേൽ സന്ദർശിച്ചു വരുത്തും എന്നുള്ളതു ഞാൻ മിസ്രദേശത്തുനിന്നു കരേററിയ സൎവ്വഗോത്രത്തിന്നും കൊള്ളുന്നു.
3 ഇരുവർ തമ്മിൽ പറഞ്ഞൊത്തിട്ടു് അല്ലാതേ ഒന്നിച്ചു നടക്കുമോ? കാ
4 ട്ടിൽ സിംഹം അലറുന്നതു് ഇര ഇല്ലാഞ്ഞിട്ടോ? വല്ലതും പിടിച്ചിട്ടു് ഒഴി
5 കേ ചെറുകോളരി തൻപടപ്പിൽനിന്നു നാദം ഇടുമോ? കുടുക്കു് ഏതും ഇല്ലാതേ കണ്ടോ പുള്ള നിലത്തേവലയിൽ കുടുങ്ങുന്നതു? വലനിലത്തുനിന്നു
6 പൊങ്ങുന്നതു വല്ലതും പിടിക്കുടീട്ടു് അല്ലാതേ കണ്ടോ? അല്ല നഗരത്തിൽ കാഹളം ഊതിയാൽ ജനം ഞെട്ടിപ്പോക ഇല്ലയോ? അല്ല യഹോവ ചെ
7 യ്യാതേ കണ്ടു പട്ടണത്തിൽ വല്ലതിന്നു ഉണ്ടാകുമോ? യഹോവാകത്താവാകട്ടേ സ്വദാസരാകുന്ന പ്രവാചകന്മാർക്കു തന്റേറ രഹസ്യത്തെ വെളിപ്പെടുത്തീ
8 ട്ടു് ഒഴികേ ഒന്നും ചെയ്കു ഇല്ല. സിംഹം അലറി, ആർ ഭയപ്പെടാതിരിക്കും? യഹോവാകത്താവു് ഉരെച്ചു, ആർ പ്രവചിക്കാതിരിക്കും?
9 (ഹേ പ്രവാചകരേ) അഷ്ടോദിലേ അരമനകളിലും മിസ്രദേശത്തേ അരമനകളിലും കേൂംപ്പിക്കേണ്ടുന്നിതു: അല്ലയോ ശമര്യമലകളിന്മേൽ വന്നു കൂടി അതിന്നടുവിലുള്ള പെരിയ അലോസരങ്ങളെയും (ദീനരെ) ഞെ
10 രുക്കുന്ന വിധങ്ങളെയും കാൺമിൻ എന്നത്രേ. തങ്ങളുടേ അരമനകളിൽ സാഹസവും കിണ്ടവും നിക്ഷേപിച്ചുംകൊണ്ടു ചൊവ്വുള്ളതു ചെയ്വാൻ അവർ
11 അറിയാ എന്നു യഹോവയുടേ അരുളപ്പാടു്.—അതുകൊണ്ടു യഹോവാകത്താവു് ഇവ്വണ്ണം പറയുന്നു: ദേശത്തിൻചുഴവും മാററാൻ അതാ! നിന്റേറ ശക്തിയെ നിന്മേൽനിന്നു കിഴിച്ചു അരമനകളെ കവർന്നുകളയും. യഹോവ
12 ഇവ്വണ്ണം പറയുന്നു: ഇടയൻ സിംഹത്തിൻവായിൽനിന്നു രണ്ടു കാലോ ഒരു ചെവിത്തട്ടോ പറിച്ചു് ഉദ്ധരിക്കും പോലേ അത്രേ ശമര്യയിൽ മെത്തക്കോണിലും കട്ടിലിൻജമക്കാളത്തിലും ഇരിക്കുന്ന ഇസ്രയേൽപുത്രന്മാർ ഉദ്ധരി
13 ക്കപ്പെടും.— (ജാതികളേ) നിങ്ങൂം കേട്ടു യാക്കോബ്ഗൃഹത്തോടു സാക്ഷീകരിപ്പിൻ! എന്നു സൈന്യങ്ങളുടേ ദൈവമായ യഹോവാകർത്താവിൻ
14 അരുളപ്പാടു: ഞാൻ ഇസ്രയേലിൻദ്രോഹങ്ങളെ അവന്മേൽ സന്ദർശിച്ചു വരുത്തുമന്നു ബേഥേലിലേ ബലിപീഠങ്ങളിൽ സന്ദർശിക്കും, പീഠത്തേ
15 ക്കൊമ്പുകൂം അറുക്കപ്പെട്ടു നിലത്തു വീഴും. വേനൽഭവനത്തോടു ഹേമന്തഗേഹത്തെയും ഞാൻ തകർക്കും, ആനക്കൊമ്പിൻമാടങ്ങൂം കെട്ടും അനേകം വീടുകൂം മുടിഞ്ഞും പോം, എന്നു യഹോവയുടേ അരുളപ്പാടു.

4, 1 ഹേ ശമര്യമലമേലുള്ള ബാശാന്യപശുക്കളേ ഈ വചനത്തെ കേൂംപ്പിൻ! നിങ്ങൂം അഗതികളെ ഞെരുക്കി എളിയവരെ ഉപദ്രവിച്ചും കൊണ്ടു നാം കുടിപ്പാൻ കൊണ്ടുവാ എന്നു താന്താന്റേറ ഭർത്താവോടു പറയുന്നവ
2 രല്ലോ. യഹോവാകർത്താവു തന്റേറ വിശുദ്ധി ആണ സത്യം ചെയ്തിതു: ഇതാ നിങ്ങളെ കൊക്കകൂംകൊണ്ടും നിങ്ങളുടേ ശേഷിപ്പിനെ മീൻ ചൂണ്ടലുകൂംകൊണ്ടും പിടിച്ചു് ഇഴെക്കുന്ന നാളുകൂം നിങ്ങടേ മേൽ വരും. അന്നു
3 നിങ്ങൂം അവളവൂം ചൊവ്വേ നോക്കി (മതിലിൻ) കണ്ടികളുടേ പുറപ്പെട്ടു ഹർമ്മോനവരേ എറിഞ്ഞു വിടപ്പെടും, എന്നു യഹോവയുടേ അരുളപ്പാടു.
4 ഹേ (ഇസ്രയേലേ) ബേഥേലിലേക്കു ചെന്നു ദ്രോഹിച്ചുപോരുവിൻ! ഗിലുഗാലിൽ (ചെന്നു) ദ്രോഹങ്ങളെ പെരുക്കുവിൻ! രാവിലേതോറും നിങ്ങളുടേ ബലികളെയും മൂന്നു നാൂം ചെല്ലുന്തോറും (5 മോ. 14, 28) നിങ്ങ
5 ടേ ദശാംശങ്ങളെയും കഴിപ്പിൻ! പുളിച്ചമാവു കൂടിയതു സ്തുതിബലിയായി

കത്തിച്ചു ധൂപിപ്പിൻ! മനഃപൂർവ്വകാഴ്ചകളെയും കൂറിവിളിപ്പിൻ! ഈവക
നിങ്ങൾക്ക് ഇഷ്ടമല്ലോ ഇസ്രയേൽപുത്രന്മാരേ! എന്നു യഹോവാകർത്താ
6 വിൻ അരുളപ്പാടു.—ഞാനോ അങ്ങേ പട്ടണങ്ങളിൽ എല്ലാം നിങ്ങൾക്കു
പല്ലിൻവെടിപ്പും നിങ്ങളുടേ എല്ലാവിടങ്ങളിലും അപ്പക്കുറച്ചലും തന്നുവ
ല്ലോ? നിങ്ങൾ എന്നോളം തിരിഞ്ഞതും ഇല്ല എന്നു യഹോവയുടേ അരുള
7 പ്പാടു. ഞാനോ കൊയ്ത്തിന്നു് ഇനി മൂന്നു തിങ്കൾ ഉള്ളപ്പോൾ മാരിയെ
നിങ്ങൾക്കു മുടക്കി, അത്രയല്ല ഓർ ഊരിൽ പെയ്യിച്ചു മറേറ ഊരിൽ പെ
യ്യിക്കാതേ പോന്നു; ഒരു കണ്ടത്തിൽ മഴ പെയ്യും, പെയ്യാത്ത കണ്ടം
8 ഉണങ്ങും. പിന്നേ രണ്ടു മൂന്നു് ഊരുകൾ വെള്ളം കുടിപ്പാൻ ഓർ ഊരിലേക്കു
ചാഞ്ചാടിയാലും തൃപ്തി വരാ, എന്നിട്ടും എന്നോളം തിരിഞ്ഞതും ഇല്ല എ
9 ന്നു യഹോവയുടേ അരുളപ്പാടു. (നെല്ലിൻ) കരുവാളിപ്പും മഞ്ഞളിപ്പും
കൊണ്ടു ഞാൻ നിങ്ങളെ അടിച്ചു, നിങ്ങടേ തോട്ടങ്ങൾ പറമ്പുകളും അത്തി
കൾ ഒലീവമരങ്ങളും മിക്കതിനെ വെട്ടുക്കിളി തിന്നുകളഞ്ഞു, നിങ്ങൾ
10 എന്നോളം തിരിഞ്ഞതും ഇല്ല എന്നു യഹോവയുടേ അരുളപ്പാടു. ഞാൻ മി
സ്രനടപ്പുപോലത്തേ മഹാവ്യാധിയെ നിങ്ങളിൽ അയച്ചുവിട്ടു, നിങ്ങള
ടേ യുവാക്കളെയും ശത്രുവശത്തു് ആയ്പ്പോയ കുതിരകളെയും വാളാൽ
കൊന്നു, ഇങ്ങനേ നിങ്ങളുടേ മൂക്കുകളിലും അങ്ങേ പാളയങ്ങളുടേ നാറ
ത്തെ പൊങ്ങിച്ചു, നിങ്ങൾ എന്നോളം തിരിഞ്ഞതും ഇല്ല എന്നു യഹോവ
11 യുടേ അരുളപ്പാടു. ദൈവം സദോമിനെയും ഘമോറയെയും മറിച്ചതു പോ
ലേ (5 മോ. 29, 22) ഞാൻ നിങ്ങളിൽ മറിപ്പു നടത്തി, നിങ്ങൾ ദഹന
ത്തിൽ നിന്നു പറിച്ചെടുത്ത കൊള്ളിക്കു ഒത്തു ചമഞ്ഞു, നിങ്ങൾ എന്നോ
ളം തിരിഞ്ഞതും ഇല്ല എന്നു യഹോവയുടേ അരുളപ്പാടു.
12 അതുകൊണ്ടു് ഇസ്രയേലേ ഞാൻ നിന്നെ ഇപ്രകാരം ചെയ്യും; നിന്നെ
ഇതു ചെയ്വാൻ ഇരിക്കയാൽ ഹേ ഇസ്രയേലേ നിൻ ദൈവത്തെ എതി
13 രേല്പാൻ ഒരുങ്ങിക്കൊൾക! ആയവൻ ആകട്ടേ ഇതാ മലകളെ ഉരുവാക്കു
കയും കാററിനെ സൃഷ്ടിക്കയും മനുഷ്യനോടു് അവന്റേറ ഉന്നൽ ഇന്നതു്
എന്നു് അറിയിക്കയും അരുണോദയതമസ്സുകളെ ഉണ്ടാക്കയും ഭൂമിയുടേ
അഗ്രങ്ങളിന്മേൽ നടകൊൾകയും ചെയ്യുന്നവൻ തന്നേ. സൈന്യങ്ങളുടേ
ദൈവമായ യഹോവ എന്നു് അവന്റേറ നാമം.

5,1 ഇസ്രയേൽഗൃഹമേ ഞാൻ നിങ്ങളെച്ചൊല്ലി വിലാപമായി എടുക്കുന്ന ഈ
2 വചനത്തെ കേൾപ്പിൻ! ഇസ്രയേൽകന്യക വീണു, ഇനി എഴുനീല്ക്കയും
ഇല്ല, അവൾ തൻനിലത്തു തള്ളിയിടപ്പെട്ട കിടക്കുന്നു, നിവിർത്തുന്നവൻ
3 ആരും ഇല്ല. കാരണം യഹോവാകർത്താവു് ഇവ്വണ്ണം പറയുന്നു: ആയിര
മായി (പോരിന്നു) പുറപ്പെടുന്ന നഗരം ഇസ്രയേൽഗൃഹത്തിന്നു നൂറിനെ
ശേഷിപ്പിക്കും, നൂറായി പുറപ്പെടുന്ന ഊർ പത്തിനെയും ശേഷിപ്പിക്കും.
4 എന്തെന്നാൽ യഹോവ ഇസ്രയേൽഗൃഹത്തോടു് ഇവ്വണ്ണം പറയുന്നു: എ
5 ന്നെ തിരഞ്ഞുകൊണ്ടു ജീവിപ്പിൻ! ബേഥേലിനെ തിരയൊല്ലാ, ഗിൽഗാ
ലിൽ ചെല്ലുയും ബേർശബയിൽ കടക്കയും അരുതു! ഗിൽഗാൽ കേവലം
6 പ്രവസിച്ചും ബേഥേൽ ഇല്ലായ്മയായും പോകും. യഹോവയെ മാത്രം
തിരഞ്ഞു ജീവിപ്പിൻ! അവൻ അഗ്നിപോലേ യോസേഫ് ഗൃഹത്തിൽ
ചാടീട്ടു ബേഥേലിന്നു കൊടുക്കുന്നവൻ ആരും ഇല്ലാതേ തീ തിന്നുകളയാ
7 യ്വാൻ തന്നേ!— ഇവർ ന്യായത്തെ മക്കിപ്പൂവാക്കി മറിച്ചു, നീതിയെ
8 നിലത്തോളം ചാച്ചുകളയുന്നു. അവനോ കാർത്തികയെയും തിരുവാതിര
മൂർഖനെയും ഉണ്ടാക്കയും മരണനിഴലിനെ ഉഷസ്സാക്കി മാററുകയും പക
ലിനെ രാവാക്കി ഇരുട്ടുകയും കടൽവെള്ളങ്ങളെ വിളിച്ചു ഭൂപ്പരപ്പിന്മേൽ പ
9 കരുകയും, കോട്ടയുടേ മേൽ കലാപം വരുത്തക്കവണ്ണം ശക്തനു കലാപം മി
10 ന്നിച്ചു തട്ടിക്കയും ചെയ്യുന്നു; യഹോവ എന്നു് അവന്റേറ നാമം.—ഇവരോ
പടിവാതില്ക്കൽ ശാസിക്കുന്നവനെ പകെച്ചു തികവു സംസാരിക്കുന്നവനെ

11 അറെച്ചുകളയുന്നു. ആകയാൽ നിങ്ങൾ എളിയവന്റെ മേൽ ചവിട്ടി
അവനോട് നെൽക്കോഴ മുട്ടിച്ചു വാങ്ങുന്നതുകൊണ്ടു വെട്ടുകൽവീടുകളെ
പണിയിച്ചിട്ടും അവറ്റിൽ വസിക്ക ഇല്ല, മനോഹരവള്ളിപ്പറമ്പുകളെ
12 നട്ടിട്ടും അതിൻവീഞ്ഞു കുടിക്കയും ഇല്ല. ഞാൻ ആകട്ടേ നിങ്ങളുടേ ദ്രോഹ
ങ്ങൾ പെരുത്തു പാപങ്ങൾ ഉരത്തു എന്നു് അറിയുന്നു, നീതിമാനെ ഒത്തു
ക്കി (കൈപാതകനോട്ടു) വീഞ്ചപ്പണം വാങ്ങി പടിവാതില്ക്കൽ ദരിദ്രരേ
(ന്യായത്തെ) മറിച്ചും പോരുന്നവരേ!

13 അതുകൊണ്ടു ബുദ്ധിമാൻ ഈ കാലത്തു മിണ്ടാതിരിക്കുന്നു; ഇതു ദുഷ്കാ
14 ലം അല്ലോ. നിങ്ങൾ ജീവിക്കേണ്ടതിന്നു തിന്മയെ അല്ല നന്മയെ തിര
വിൻ! സൈന്യങ്ങളുടേ ദൈവമായ യഹോവ നിങ്ങൾ പറയുന്ന പ്രകാരം
15 നിങ്ങളോടുകൂടേ ഉണ്ടു എന്നു വരുവാനായേ. തിന്മയെ പകെച്ചു നന്മയെ
സ്നേഹിച്ചു പടിവാതില്ക്കൽ ന്യായത്തെ നിലനിർത്തിക്കൊൾവിൻ!
പക്ഷേ സൈന്യങ്ങളുടേ ദൈവമായ യഹോവ യോസേഫിൻ ശേഷിപ്പി
16 നെ കനിഞ്ഞുകൊള്ളും.— അതുകൊണ്ടു സൈന്യങ്ങളുടേ ദൈവമായ
യഹോവാകർത്താവ് ഇവ്വണ്ണം പറയുന്നു: വീഥികളിതോറും അലമുറ! അയ്യോ
അയ്യോ എന്നു തെരുതോറും പറകയും ഖേദത്തിന്നായി കൃഷിക്കാരനെയും
വിലാപവിദഗ്ധരോട്ടു തൊഴിപ്പിൻ! എന്നും വിളിക്കയും, എല്ലാ വള്ളിപ്പറ
17 മ്പുകളിലും അലമുറ തുടരുകയും ആം. ഞാൻ ആകട്ടേ നിന്നിൽക്കൂടി കടന്നു
ചെല്ലും എന്നു യഹോവ പറയുന്നു (2 മോ. 12, 12).

18 യഹോവാദിവസത്തെ ആഗ്രഹിക്കുന്നവർക്കു ഹാ കഷ്ടം! യഹോവാദി
19 വസം നിങ്ങൾക്ക് എന്തിന്നു വേണം? അതു വെളിച്ചമല്ല ഇരുട്ടത്രേ. ഓർ
ആം സിംഹത്തിൽനിന്നു മണ്ടിപ്പോയാൽ കരടി അവനെ പറ്റും, വീ
ട്ടിൽ പുക്കാൽ കൈ ചുവരോട്ടു ചാരീട്ട പാമ്പു കടിക്കും എന്നപോലേ
20 അല്ലോ! വെളിച്ചമല്ല ഇരുൾ അല്ലോ യഹോവാദിവസം ആയതു, തെളിക
21 മില്ലാത്ത അന്ധകാരമത്രേ.—നിങ്ങളുടേ പെരുനാളുകളെ ഞാൻ പകെച്ചു
ധിക്കരിക്കുന്നു, നിങ്ങടേ സഭായോഗങ്ങളെ മണത്തുനോക്കുക ഇല്ല; കാര
22 ണം: നിങ്ങൾ എനിക്കു ഹോമങ്ങളെയും അങ്ങേ കാഴ്ചകളെയും കഴിച്ചാൽ
എനിക്കു തെളിയുന്നില്ല, തടിപ്പിച്ച കന്നുകളാലുള്ള സ്തുതിബലിയെ നോക്കു
23 ന്നതും ഇല്ല. നിന്റെ പാട്ടുകളുടേ അമളിയെ എന്മേൽനിന്ന് അകറ്റുക, നി
24 ന്റെ കിന്നരങ്ങളുടേ സ്വരം ഞാൻ കേൾക്കയും ഇല്ല. വെള്ളങ്ങൾ പോലേ
ന്യായവിധിയും നിത്യനദിക്കണക്കേ നീതിയും പ്രവാഹിച്ചു വരുവൂതാക!

25 അല്ലയോ ഇസ്രയേൽഗൃഹമേ മരുഭൂമിയിൽ നാല്പതുവർഷംകൊണ്ടു
26 നിങ്ങൾ എനിക്കു ബലിക്കാഴ്ചകളെയും അർപ്പിച്ചിട്ടുണ്ടോ? നിങ്ങൾ ഉണ്ടാ
ക്കിക്കൊണ്ട വിഗ്രഹങ്ങൾ ആകുന്ന സക്കുത്ത് എന്ന നിങ്ങളുടേ രാജാവെ
യും നിങ്ങടേ കേവാൻ (ശനി) എന്ന നക്ഷത്രദേവനെയും വഹിച്ചുപോന്നു
27 വല്ലോ? ഞാനോ നിങ്ങളെ ദമസ്കിൻ അപ്പുറത്തേക്കു പ്രവസിപ്പിക്കും,
എന്നു സൈന്യങ്ങളുടേ ദൈവം എന്നു പേർകൊണ്ട യഹോവ പറയുന്നു.

6,1 ചീയോനിലേ പ്രമത്തന്മാർക്കും ശമര്യമലമേലേ നിർഭയന്മാർക്കും ഹാ
കഷ്ടം! ജാതികളിൽ ഒന്നാമതികൽ പേർപെട്ടവരാകയാൽ ഇസ്രയേൽഗൃഹ
2 ക്കാർ ചെന്നു ആശ്രയിക്കുന്നോരേ! കൽനെക്കു കടന്നു നോക്കുവിൻ! അവി
ടേനിന്നു വലിയ ഹമത്തിലേക്കും പോവിൻ! പിന്നേ ഫലിഷ്ടരുടേ ഗത്തി
ലേക്കു ഇറങ്ങിച്ചെല്ലുവിൻ! അങ്ങേ ഇരുരാജ്യങ്ങളിലും ഇവ നല്ലവയോ?
3 നിങ്ങടേ അതിരെക്കാൾ ഇവറ്റിൻ അതിർ വലുതു എന്നോ? സാഹസം
ഇരുന്നരുളുന്നതിനെ അടുപ്പിച്ചിട്ടും ദുർദ്ദിവസം ദൂരേ എന്നു വെച്ചുള്ളോരേ!
4 ആനക്കൊമ്പിൻ കട്ടിലുകളിന്മേൽ കിടന്നു മെത്തകളിന്മേൽ ഞെളിഞ്ഞു
ചരിഞ്ഞു കൂട്ടത്തിൽനിന്നു തെരിഞ്ഞ കുഞ്ഞാടുകളെയും ആലയുള്ളിൽനിന്നു

5 കന്നുകളെയും ഭക്ഷിക്കുന്നോരേ! കിന്നരത്തോടു കളിഗാനം മേളിച്ചു ദാവീദെ
പ്പോലേ വാദ്യരാഗങ്ങളെ കറു പഠിച്ചു കൊള്ളുന്നോരേ! തിരുക്കിണ്ണങ്ങളിൽ
6 വീഞ്ഞു കുടിച്ചു മേത്തരതൈലങ്ങളെ മേല്ലു തേച്ചുംകൊണ്ടു യോസേ
7 ഫിൻ ഭംഗത്തെച്ചൊല്ലി ഒരു വേദനയും ഇല്ലാതോരേ!—അതുകൊണ്ടു് അ
വർ ഇപ്പോൾ പ്രവസിക്കുന്നവരുടേ മുമ്പരായി പ്രവസിച്ചുപോകും, ഞെളി
8 ഞ്ഞുചരിഞ്ഞവരുടേ കൂക്കലും നീങ്ങും. സൈന്യങ്ങളുടേ ദൈവമായ യഹോ
വയുടേ അരുളപ്പാടാവിതു: യാക്കോബിൻഡംഭത്തെ ഞാൻ അറെച്ചു അവ
ന്റേ അരമനകളെ പകെച്ചു പട്ടണത്തെയും അതിൻനിറവിനെയും ഏല്പിച്ചു
9 വിട്ടുനുണ്ടു എന്നു യഹോവാകത്താവു തന്നാണ സത്യം ചെയ്തു. പിന്നേ ഉ
10 ണ്ടാവിതു: ഒരു വീട്ടിൽ പത്തു് ആൾ മിഞ്ചി ഇരുന്നാലും അവർ മരിക്കും.
(ചത്തവന്റേ) അമ്മാവനോ ശവദഹനനോ വീട്ടിൽനിന്നു ശവത്തെ പുറ
ത്താക്കുവാൻ എടുക്കുമ്പോൾ വീട്ടിന്റേ ഉള്ളറയിൽ ഉള്ളവനോടു: ഇനിയും
അങ്ങു് ഉണ്ടോ? എന്നു ചോദിച്ചാൽ ഇവൻ ആരും ഇല്ലെന്നും മിണ്ടല്ലേ യ
11 ഹോവാനാമം ഇന്നു് ഓർപ്പിക്കേണ്ടതല്ലല്ലോ എന്നും പറയും. യഹോവ ആ
കട്ടേ ഇതാ കല്പിക്കുന്നു, എന്നിട്ടു വലിയ വീടു ശകലങ്ങളും ചെറിയ വീടു
തുണ്ടുകളുമാക്കി തകർക്കും.

12 കുതിരകൾ പാറമേൽ ഓടുമോ? അവിടേ മൂരികളെ കെട്ടി ഉഴാമോ? എ
ന്നാലും നിങ്ങൾ ന്യായത്തെ വിഷവും നീതിയുടേ ഫലത്തെ മക്കിപ്പൂവും
13 ആക്കി മറിക്കുന്നു! ഹേ ഞങ്ങളുടേ ശക്തികൊണ്ടു ഞങ്ങൾ കൊമ്പുകളെ സാ
ധിച്ചുകൊള്ളുന്നു എന്നു ചൊല്ലി ഇല്ലാത്ത വസ്തുവിങ്കൽ സന്തോഷിക്കുന്നോ
14 രേ! ഞാനോ ഇസ്രയേൽഗൃഹമേ ഇതാ നിങ്ങളുടേ മേൽ ഒരു ജാതിയെ എഴു
നീല്പിക്കുന്നു, അവർ നിങ്ങളെ ഹമത്തിൻ അരികിൽ മുതൽ പാഴ്നില
ത്തോടു വരെക്കും ഒതുക്കി വെക്കും എന്നു സൈന്യങ്ങളുടേ ദൈവമായ യഹോ
വയുടേ അരുളപ്പാടു.

7. അദ്ധ്യായം (—9.)

അഞ്ചു ദർശനങ്ങളാൽ ഇസ്രയേലിൽ തട്ടുന്ന ന്യായവിധിയെ വർണ്ണി
ക്കുന്നതിൽ (1) രണ്ടുകൊണ്ടു ശിക്ഷയുടേ ആരംഭത്തെയും (7) മൂന്നാമതുകൊ
ണ്ടു രാജ്യസംഹാരത്തെയും (10) ബേഥേലിലേ ശത്രുത്വം വെളിപ്പെട്ട ശേ
ഷം (8,1) നാലാമതുകൊണ്ടു ജനത്തിന്റേ മുടിവിനെയും (9,1) അഞ്ചാമ
തുകൊണ്ടു യരുശലേമ്യദേവാലയത്തിൻ ഇടിവിനെയും (12) പുതിയ ദൈ
വരാജ്യത്തെയും സൂചിപ്പിച്ചതു.

1 യഹോവാകത്താവു് എനിക്കു് ഈവണ്ണം കാണിച്ചു: രണ്ടാം പുല്ലുമുളെച്ചു
തുടങ്ങുമ്പോൾ അവൻ ഇതാ വെട്ടിലുകളെ നിർമ്മിച്ചു രണ്ടാം മുളെപ്പോ
2 ഇതാ രാജാവു പുല്ലുകളെ അരിഞ്ഞതിന്റേ ശേഷമത്രേ. പിന്നേ അവ നി
ലത്തുസസ്യത്തെ തിന്നു തീർന്നാറേ ഞാൻ പറഞ്ഞു: അയ്യോ യഹോവാ
കത്താവേ ക്ഷമിക്കേണമേ! യാക്കോബു് എങ്ങനേ നിലനിൽക്കും? ചെറിയ
3 വനല്ലോ! എന്നാറേ യഹോവെക്കു് അതിങ്കൽ പശ്ചാത്താപം തോന്നി,
അതു് ആകയില്ല എന്നു യഹോവ പറകയും ചെയ്തു.

4 യഹോവാകർത്താവു് എനിക്കു് ഇവ്വണ്ണം കാണിച്ചു: യഹോവാകത്താ
വു് ഇതാ തീകൊണ്ടു ദണ്ഡിപ്പിപ്പാൻ (തീക്കു) വിളിച്ചു, ആയതു വലിയ
5 ആഴിയെ തിന്ന ശേഷം യഹോവാവകാശത്തെ തിന്നു (തുടങ്ങി). ഞാനോ
പറഞ്ഞു: ഹാ യഹോവാകത്താവേ അടങ്ങേണമേ! യാക്കോബു് എങ്ങനേ
6 നില്ക്കും? ചെറിയവനല്ലോ! എന്നാറേ യഹോവെക്കു് അതിങ്കൽ പശ്ചാ
ത്താപം തോന്നി, അതും ആകയില്ല എന്നു യഹോവ പറകയും ചെയ്തു.

7 അവൻ എനിക്ക് ഇവ്വണ്ണം കാണിച്ചു: തൂക്കുന്നൂൽ ഇട്ട തീത്തൊരു മതിലി
8 ന്മേൽ ഇതാ കർത്താവു കയ്യിൽ ഈയക്കട്ടിയെ പിടിച്ചു നില്ക്കുന്നു. ആമോസേ
നീ എന്തു കാണുന്നു? എന്നു യഹോവ എന്നോടു പറഞ്ഞാറേ തൂക്കുകട്ടി എന്നു
ഞാൻ പറഞ്ഞു. കർത്താവു പറഞ്ഞു: ഇതാ എൻജനമായ ഇസ്രയേലി
നേറ ഉള്ളിൽ ഞാൻ തൂക്കുകട്ടിയെ ഇടുന്നു, ഇനി അവനെ കടന്നു വിട്ടേക്ക
9 യില്ല. ഇഛാക്കിൻ കുന്നുകാവുകളും ശൂന്യവും ഇസ്രയേലിൻ വിശുദ്ധസ്ഥ
ലങ്ങളും പാഴായും പോകും, ഞാൻ വാളുമായി യരോബ്യാംഗൃഹത്തിന്നു
നേരേ എഴുനീല്ക്കയും ചെയ്യും.

10 എന്നാറേ ബേഥേലിലേ പുരോഹിതനായ അമച്യാവ് ഇസ്രയേൽരാ
ജാവായ യരോബ്യാമിന്നു ആളയച്ചു ചൊല്ലിവിട്ടിതു: ''ആമോസ് ഇസ്രാ
യേൽഗൃഹത്തിൻ ഉള്ളിൽ നിനക്കു എതിരേ കൂട്ടുകെട്ടു ഉണ്ടാകുന്നു; അവ
11 നേറ വചനങ്ങളെ ഒക്കയും ദേശത്തിന്നു സഹിച്ചുകൂടാ. ആമോസാകട്ടേ
യരോബ്യാം വാൾകൊണ്ടു മരിക്കും ഇസ്രയേൽതന്നുനാട്ടിൽനിന്നു പ്രവ
12 സിച്ചുപോകയും ആം എന്നിപ്രകാരം പറഞ്ഞു.'' ആമോസോടു അമച്യാവ്
പറഞ്ഞിതു: ദർശനക്കാരാ പോയി യഹൂദാദേശത്തേക്കു മണ്ടിക്കളുക! അ
13 വിടേ അപ്പം തിന്നു അവിടേ പ്രവചിച്ചു പോരാം. ബേഥേലിലോ ഇനി
പ്രവചിച്ചു വരരുതു ഇതു രാജാവിനേറ വിശുദ്ധ സ്ഥലവും രാജത്വത്തിൻ
14 കുലധാനിയും അല്ലോ. അമച്യാവോടു ആമോസ് ഉത്തരം പറഞ്ഞു:
ഞാൻ പ്രവാചകനും അല്ല പ്രവാചകപുത്രനും അല്ല ഞാൻ, കന്നുകാലി
15 നോക്കി അമാറത്തിപ്പഴങ്ങാം തിന്നു കഴിക്കുന്നവനത്രേ. ആട്ടിൻകൂട്ടത്തിൻ
പിറകിൽനിന്നോ യഹോവ എന്നെ കൂട്ടിക്കൊണ്ടു: നീ ചെന്നു എൻജന
മായ ഇസ്രയേലിനോടു പ്രവചിക്ക എന്നു യഹോവ എന്നോടു പറഞ്ഞു.
16 ഇപ്പോഴോ യഹോവാവചനത്തെ കേൾക്ക! ഇസ്രയേലിന്നു എതിരേ പ്രവ
ചിക്കൊല്ലാ, ഇഛാക്ഗൃഹത്തെക്കൊള്ളേ തുകയും അരുതു എന്നു നീ പറ
17 യുന്നു. അതുകൊണ്ടു യഹോവ ഇവ്വണ്ണം പറയുന്നു: നിൻറേറ ഭാര്യ നഗര
ത്തിൽ പുലയാട്ടും, നിൻറേറ മക്കളും, മകളുമാം വാളാൽ വീഴും, നിൻറേറ
നിലമ്പറമ്പു അളന്നച്ചരടുകൊണ്ടു വിഭാഗിച്ചുപോകും, നീയോ അശുദ്ധ
രാജ്യത്തു മരിക്കും, ഇസ്രയേൽ തന്നുനാട്ടിൽനിന്നു പ്രവസിച്ചുപോകയും
ആം.

8, 1 യഹോവാകർത്താവു എനിക്കു ഇവ്വണ്ണം കാണിച്ചു: ഇതാ ഒരു കൊട്ട
2 പഴത്ത പഴം. ആമോസേ നീ എന്തു കാണുന്നു? എന്നു അവൻ പറഞ്ഞാറേ
ഒരു കൊട്ട പഴം എന്നു ഞാൻ പറഞ്ഞു. അപ്പോഴും യഹോവ എന്നോടു പറ
ഞ്ഞു: എൻജനമായ ഇസ്രയേലിന്നു അവസാനം വന്നു, ഞാൻ ഇനി അ
3 വനെ കടന്നു വിട്ടേക്കയില്ല (7, 8). അന്നു മന്ദിരത്തിലേ പാട്ടുകളും ഓളി
യായി തിരിയും എന്നു യഹോവാകർത്താവിൻ അരുളപ്പാടു, പിണങ്ങാം
പെരുത്തു, അവൻ അവറെ എല്ലാവിടത്തും എറിഞ്ഞുകളയുന്നു, മിണ്ടല്ലേ!—
4 എന്നുള്ളതു കേൾപ്പിൻ ദരിദ്രനെ വിഴുങ്ങുവാനും ഭൂമിയിലേ സാധുക്കളെ
5 മുടിപ്പാനും കപ്പുന്നവരേ! ഞങ്ങാം നെല്ലു വില്ക്കേണ്ടതിന്നു വാവും ധാന്യശാ
ലയെ തുറക്കേണ്ടതിന്നു ശബ്ബത്തും എപ്പോഴും കഴിയും? ഏഫയെ കുറെച്ചു
6 ശേക്കലിനെ വലുതാക്കി വ്യാജത്തുലാസ്സു മറിച്ചുകളഞ്ഞല്ലോ? പണത്തി
ന്നായി എളിയവരെയും ഒരുജോടു ചെരിപ്പുഹേതുവായി അഗതിയെയും
വാങ്ങുകയും, (2, 6) നെല്ലിൻ ചണ്ടിയെ വില്ക്കയും വേണ്ടത് എന്നുള്ളോ
7 രേ!—അവരുടേ പ്രവൃത്തികളാം എല്ലാറെറയും ഞാൻ എന്നും മറക്ക ഇല്ല എന്നു
യഹോവ യാക്കോബിൻ വമ്പായവനാണ (ഹോ. 5, 5) സത്യം ചെയ്തു.
8 ഇതു നിമിത്തം ഭൂമി കുലുങ്ങുകയും അതിൽ വസിക്കുന്നവൻ എല്ലാം ഖേദി
ക്കയും ഇല്ലയോ? ഇതു വിശാം കാരാറു പോലേ ഏറി കവിഞ്ഞും മിസ്രന
9 ദിപ്പുരിശ് ഓളം പൊങ്ങി താണും തുളുമ്പും. അന്നാം സംഭവിപ്പതു: ഞാൻ

സൂര്യനെ ഉച്ചെക്ക് അസ്തമിപ്പിച്ചു പട്ടാപ്പകലിൽ ഭൂമിക്ക് ഇരുട്ട് ആക്കുക 12
10 യും, നിങ്ങളുടേ പെരുനാളുകളെ ഖേദവും എല്ലാ പാട്ടുകളെയും വിലാപവും
ആക്കി മാററി എല്ലാ അരകളിലും രട്ടുകെട്ടും എല്ലാ തലമേലും കഷണ്ടിയും
വരുത്തി ആ നാളിനെ ഒററമകൻേറ ഖേദം പോലേയും അതിൻശേഷത്തെ 13
കൈപ്പുള്ള ദിവസവും ആക്കിവെക്കയും ചെയ്യും എന്ന യഹോവാകർത്താ
വിൻ അരുളപ്പാട്ട.

11 ഇതാ ഞാൻ ദേശത്തേക്ക് ഒരു ക്ഷാമത്തെ അയക്കുന്ന നാളുകൾ വരു 14
ന്ന എന്ന യഹോവാകത്താവിൻ അരുളപ്പാട്ട, അപ്പത്തിന്ന ക്ഷാമവും അല്ല
വെള്ളത്തിന്ന ദാഹവും അല്ല, യഹോവയുടേ വചനങ്ങളെ കേൾപ്പാൻ
12 (പൈദാഹം) അത്രേ. അവർ യഹോവാവചനത്തെ അന്വേഷിക്കേണ്ടതി 15
ന്ന കടലോട്ട കടലോളവും ചാഞ്ചാടി ഉത്തരദിക്കാദി കിഴക്കു വരേ ഉഴന്ന
13 ലയും കണ്ടെത്തുകയും ഇല്ല. അന്ന സുന്ദരകന്യമാർ മയങ്ങി യുവാക്കൾ ദാ
14 ഹത്താൽ മാഴ്കി വീഴും. ശമര്യയുടേ കുറമൂലത്തെ പിടിച്ച് ആണയിട്ടും
ദാനേ നിൻദേവതാജീവനാണ എന്നും ബേർശബായാത്രാജീവനാണ എ
ന്നും പറഞ്ഞും വരുന്നവർ വീഴും, ഇനി എഴുനീല്ക്കയും ഇല്ല.

9, 1 ബലിപീഠത്തിന്നരികേ യഹോവ നില്ക്കുന്നതു ഞാൻ കണ്ടു. അവൻ പറ
ഞ്ഞു: (ദൂതാ) ഉമ്മരപ്പടികൾ കുലുങ്ങുമാറു തൂൺപോതികയെ അടിച്ചു എ
ല്ലാവരുടേ തലമേലും ചതെച്ചുകളക! അവരുടേ ശേഷിപ്പിനെ ഞാൻ വാൾ
കൊണ്ടു കൊല്ലും, അതിൽ മണ്ടുന്നവൻ ആരും വഴുതിപ്പോരുക ഇല്ല, ചാടുന്ന
2 വൻ ഒഴികയും ഇല്ല. അവർ പാതാളത്തിലേക്കു തുരന്നാൽ അവിടുന്ന എൻ
കൈ അവരെ എടുക്കും, വാനത്തിൽ കയറി ചെന്നാൽ അവിടുന്ന ഞാൻ
3 അവരെ ഇറക്കും, കർമ്മലിൻ മുകളിൽ ഒളിച്ചാൽ അവിടുന്ന ഞാൻ അവരെ
ആരാഞ്ഞു പറിക്കും, എൻസമക്ഷത്തുനിന്ന കടലടിയിൽ പതുങ്ങിയാൽ
അവിടുന്ന ഞാൻ പാമ്പിനോടു കല്പിക്കും അത് അവരെ കടിക്കയും ചെ
4 യ്യും; ശത്രുക്കളുടേ മുമ്പാകേ അടിമയിലേക്കു പോയാൽ അവിടുന്ന ഞാൻ
വാളോട കല്പിക്കും. അത് അവരെ കൊല്ലും, നന്മെക്കല്ല തിന്മക്കായ
5 ത്രേ എൻ കണ്ണിനെ അവരുടേ മേൽ വെക്കുന്നുണ്ടു. (ഇങ്ങനേ ചെയ്യുന്നതു)
സൈന്യങ്ങളുടയ യഹോവാകത്താവു, അവൻ ഭൂമിയെ തൊട്ടാൽ അത് ഉ
രുകിപ്പോയിട്ടു അതിൽ വസിക്കുന്നവരൊക്കയും ഖേദിക്കും, അതു വിശ്വാ
സികാരാറു പോലേ പൊങ്ങി കവിഞ്ഞും മിസ്രനദിപ്പരിശ്രുതാണം പോകു
6 ന്ന (8, 8); വാനത്തിൽ തൻമാളികകളെ പണിതു ഭൂമിക്കു മീതേ തൻേറ
വളവിന്ന് അടിസ്ഥാനം ഇടുന്നവൻ, കടലിലേ വെള്ളങ്ങളെ വിളിച്ചു ഭൂ
മിയുടേ പരപ്പിന്മേൽ പൊഴിക്കുന്നവൻ, യഹോവ എന്ന് അവൻേറ പേർ.

7 ഇസ്രയേൽപുത്രന്മാരേ നിങ്ങളും എനിക്കു കൂശ്യരുടേ പുത്രർകണക്കനേ
അല്ലോ? എന്ന യഹോവയുടേ അരുളപ്പാട്ട. ഞാൻ ഇസ്രയേലിനെ മിസ്ര
ദേശത്തുനിന്നും ഫലിഷ്ടരെ കപ്തോരിൽനിന്നും അരാമിനെ കീരിൽനിന്നും
8 കരേററി വരുത്തി ഇല്ലയോ? ഇതാ യഹോവാകത്താവിൻേറ കണ്ണുകളും പാ
പമുള്ളരാജ്യത്തിന്ന് എതിരേ ആകുന്ന, അതിനെ ഞാൻ മന്നിടത്തിൽനി
ന്ന മുടിക്കും, യാക്കോബ്ഗൃഹത്തെ മുററുമുടിക്ക ഇല്ല താനും എന്ന യഹോവ
9 യുടേ അരുളപ്പാട്ട. എങ്ങനേ എന്നാൽ അരിപ്പയിൽ അരിച്ചാൽ ഒരു നെ
ന്മണിയും നിലത്തു വീഴാത്തതു പോലേ ഞാൻ കല്പിച്ചു ഇസ്രയേൽ
ഗൃഹത്തെ സകലജാതികളുടേ ഇടയിലും തുററിപ്പാററും. ദോഷം ഞങ്ങളെ
10 എത്തിപ്പിടിക്കയും ചുററുകയും ഇല്ല എന്ന പറയുന്ന എൻ ജനത്തിലേ പാ
പികളും എല്ലാവരും വാളാൽ ചാകേ ഉള്ളു.

11 ആ ദിവസത്തിൽ ഞാൻ ജീർണ്ണിച്ചുപോയ ദാവിദിൻകുടിലിനെ നി
വിർത്തി അതിൻേറ വിള്ളുകളെ അടെച്ചു ഇടിവുകളെ കെട്ടി പണ്ടേത്തെ

12 നാളുകളെ പോലേ അതിനെ പണിയും, (ഇസ്രയേലർ) ഏദോമിൻശേഷി
പ്പിനെയും ആരുടേ മേൽ എൻ നാമം വിളിക്കപ്പെട്ടത് ആ സകലജാതി
കളെയും അടക്കേണ്ടതിന്നത്രേ, എന്ന് ഇവ അനുഷ്ഠിക്കുന്ന യഹോവയുടേ
13 അരുളപ്പാട്. ഇതാ ഉഴുതവൻ കൊയ്യുന്നവനോടും മുന്തിരിങ്ങാപ്പഴങ്ങളെ മെ
തിക്കുന്നവൻ വിത്തു വാളുന്നവനോടും എത്തുന്ന നാളുകൾ വരുന്നു, അന്നു
മലകൾ രസം തുളിക്കയും എല്ലാകുന്നുകളും (പാലും തേനും, യോ. 4, 18.)
14 ഒലിക്കയും ചെയ്യും എന്നു യഹോവയുടേ അരുളപ്പാട്. എൻജനമായ ഇസ്ര
യേലിൻ അടിമയെ ഞാൻ മാറുകയാൽ അവർ ശൂന്യമായിപ്പോയ പട്ടണ
ങ്ങളെ പണിതു കുടിയിരുന്നു വള്ളിപ്പറമ്പുകളെ നടന്നു അതിലേ വീഞ്ഞു
കുടിക്കയും തോട്ടങ്ങളെ ഉണ്ടാക്കി അതിൻഫലം ഭുജിക്കയും ചെയ്യും. അവ
15 രുടേ നാട്ടിൽ ഞാൻ അവരെ നടും, അവർക്കു കൊടുത്ത സ്വദേശത്തുനിന്ന്
അവർ ഇനി പൊരിക്കപ്പെടുകയും ഇല്ല എന്നു നിന്റേ ദൈവമായ യഹോ
വ പറയുന്നു.

OBADIAH

ഒബദ്യാ

എദോമ്യർ ശൈലവാസത്തിൽ തേറുന്നത് ഒഴികേ (10) യഹൂദരോട് അ
ഹങ്കരിക്കയാൽ യഹോവ പക വീണ്ടു (17) ചീയോനിൽ സ്വരാജത്വത്തെ
സ്ഥാപിക്കും. (യോരാമിന്റെ കാലം, 2 നാള. 21, 16.)

1 ഒബദ്യാവിൻ ദർശനം. എദോമിനെ പററി യഹോവാകർത്താവ് ഇവ്വ
ണ്ണം പറഞ്ഞു. യഹോവയിൽനിന്നു നാം ഒരു കേൾവിയെ കേട്ടു: അല്ലയോ
എഴുനീല്പിൻ അതിനെക്കൊള്ളേ പോരിന്നായി നാം മുതിരുക! എന്ന് ഒരു
2 ദൂതൻ ജാതികളിൽ അയക്കപ്പെട്ടു വരുന്നു. ഇതാ ഞാൻ നിന്നെ ജാതികളിൽ
3 ചെറുതാക്കി, നീ ഏറ്റവും ധിക്കൃതമായി. ഹേ ഉയരത്തേ വസിച്ചു, പാറക്ക
ണ്ടികളിൽ അമർന്നുകൊണ്ടു ആർ എന്നെ നിലത്തു തള്ളിവീഴും എന്ന് ഉള്ള
4 ത്തിൽ പറയുന്നവനേ! ഹൃദയത്തിൻതിളപ്പു നിന്നെ ചതിച്ചു നിന്റെ കൂടു
കഴുക്കണക്കേ ഉയർത്തിയാലും നക്ഷത്രങ്ങളുടേ ഇടയിൽ കൂട്ടിയാലും അവി
5 ടുന്നും ഞാൻ നിന്നെ തള്ളിവീഴും എന്നു യഹോവയുടേ അരുളപ്പാടു.— അ
യ്യോ നീ എങ്ങനേ അന്തരിച്ചു! കള്ളന്മാരോ രാക്കുത്തിക്കവരുന്നവരോ
നിന്നിൽ പുക്കാൽ മതിയാവോളം മാത്രം കക്കുക ഇല്ലയോ? മുന്തിരിപ്പഴം
അരിഞ്ഞു പറിക്കുന്നവർ നിന്മേൽ വന്നാൽ കാലാഗ്ലൂലകം ശേഷിപ്പിക്ക
6 ഇല്ലയോ? ഏസാവിന്നുള്ളവർക്കു എന്തോർ ആരായ്ച്ചയും അവന്റെ ഒളി
7 നിധികൾക്കു എന്തൊരു കൊതിയും തട്ടിയതു! നിന്നോടു സഖ്യം ചെയ്ത
ആളുകൾ ഒക്കയും നിന്നെ അതിർവരേ അയച്ചുവിട്ടു, നിന്നോടു സമാധാന
മുള്ള ആളുകൾ നിന്നെ ചതിച്ചു തോല്പിച്ചു; നിന്റെ അപ്പത്തെ നിന്റെ
8 കീഴ്പുറത്തു പുണ്ണാക്കി തീർക്കുന്നു. അവനു ബോധം ഒട്ടും ഇല്ല! അന്നാ
ളിൽ ഞാൻ എദോമിൽനിന്നു ജ്ഞാനികളെയും ഏസാവിൻമലയിങ്കുന്നു
ബോധത്തെയും ഞാൻ കെടുക്ക ഇല്ലയോ? എന്നു യഹോവയുടേ അരുളപ്പാടു.
9 തേമാനേ നിന്റെ വീരന്മാരും ക്ഷമിടുക്കും, ഏസാവ്മലമേൽ ഏവനും
കൊലയാൽ ഛേദിക്കപ്പെടേണം എന്നുണ്ടല്ലോ.

10 നിന്റെ ഉടപ്പിറന്ന യാക്കോബിൽ ചെയ്ത സാഹസം നിമിത്തം ലജ്ജ
11 നിന്നെ മൂടും നീ എന്നേക്കും ഛേദിക്കപ്പെടുകയും ചെയ്യും. നീ എതിരേ
നിന്നനാൾ, അന്യന്മാർ അവന്റെ സമ്പത്തു കൊണ്ടുപോയി പരന്മാർ അവ
ന്റെ വാതിലുകളിൽ പുക്കു യരുശലേമിന്മേൽ ചീട്ടിടുന്നു നീയും അവരിൽ
12 ഒരുത്തനെപ്പോലേ (കാട്ടി). നീയോ സഹോദരന്റെ നിർഭാഗ്യം വരുന്നനാ
അവന്റെ നാളിനെ നോക്കായ്ക! അവർ കെടുന്നനാ യഹൂദാപുത്രരെച്ചൊല്ലി
സന്തോഷിയായ്ക! ഞെരുക്കത്തിൻനാളിൽ നിന്റെ വായിനെ വലുതാ
13 ക്കൊല്ലാ! എൻജനത്തിൻ ആപദ്ദിവസത്തിൽ അവരുടേ വാതില്ക്കൽ പൂ
കൊല്ലാ, അവന്റെ കലാപനാളിൽ നീയും അവന്റെ സങ്കടത്തെ നോ
ക്കായ്ക, കലാപനാളിൽ അവന്റെ സമ്പത്തിന്നായി കൈ കളിക്കായ്ക!
14 അവനിൽ ചാടിപ്പോയവരെ ഛേദിച്ചുകളയേണം എന്നു വെച്ചു വഴിത്തി
രിച്ചലിൽ നില്ക്കയും ഞെരുക്കനാളിൽ ആ വഴതിപ്പോന്നവരെ ഏല്പിച്ചു
15 കൊടുക്കയും അരുതു!— കാരണം: സകലജാതികളിന്മേലും യഹോവാ
ദിവസം അടുത്തിരിക്കുന്നു. നീ ചെയ്തപ്രകാരം നിണക്കു ചെയ്യപ്പെടും,
16 നീ പിണെച്ചതു നിൻതലയിലേക്കു മടങ്ങിച്ചേരും. നിങ്ങൾ എൻ

വിശുദ്ധമലമേൽ കൂടിച്ചപ്രകാരമല്ലോ സകലജാതികളും ഇടവിടാതേ കൂടി
ച്ചു കുടിച്ചു് ഇറക്കി ഒട്ടും ഇല്ലാഞ്ഞപ്രകാരം ആകേണ്ടിവരും.

17 എങ്കിലും ചീയോൻമലയിൽ വഴതിപ്പോന്നവർ ഉണ്ടാകും, അതു വിശു
ദ്ധസ്ഥലമായിരിക്കും, യാക്കോബ്ഗൃഹം (ശത്രുക്കൾ) ആയവരുടേ അട
18 ക്കങ്ങളെ അടക്കിക്കൊള്ളും. അപ്പോൾ യാക്കോബ്ഗൃഹം അഗ്നിയും
യോസേഫ്ഗൃഹം ജ്വാലയും ഏസാവ്ഗൃഹം താളടിയും ആയ്ച്ചമയും,
അവർ ഇവരിൽ എരിഞ്ഞു തിന്നും, ഏസാവ്ഗൃഹത്തിന്നു മിഞ്ചുന്നവൻ
19 ഇരിക്കയും ഇല്ല. യഹോവ ഉരെച്ചുവല്ലോ.— തെക്കുള്ളവർ ഏസാവ്
മലയെയും താഴ്വീതിക്കാർ ഫലിഷ്ത്യയെയും അടക്കും, (ശേഷം യഹൂദർ)
എഫ്രയീംപാടത്തെയും ശമര്യമലയെയും ബിന്യമീനർ ഗിലെയാദിനെയും
20 അടക്കും. ഇസ്രയേൽപുത്രന്മാരുടേ ഈ സൈന്യത്തിൽ പ്രവസിച്ചു പോയ
വർ ചർപ്പത്ത്വരേ കനാന്യർക്കുള്ളതിനെ (അടക്കും), യരുശലേമിൽ
നിന്നു പ്രവസിച്ചു സ്ഫാരാദിൽ ആയവർ തെക്കേ പട്ടണങ്ങളെയും അ
21 ടക്കും. ഏസാവ്മലെക്കും വിധി കല്പിപ്പാൻ രക്ഷകന്മാർ ചീയോൻമല
യിൽ കരേറിവരും, രാജത്വം യഹോവെക്ക് ആകയും ചെയ്യും.

JONAH

യോനാ

1. അദ്ധ്യായം

നീനവെക്ക് അയക്കപ്പെടുകയാൽ യോനാ മണ്ടിപ്പോയാറേ (4) കൊടുങ്കാററിനാൽ കുറം തെളിഞ്ഞിട്ടു (13) കടലിൽ എറിയപ്പെട്ടു. (രണ്ടാം യരോബ്യാമിന്റെ കാലം, 2 രാജ. 14,25.)

1 അമിത്ഥായ്പുത്രനായ യോനാവിന്നു യഹോവാവചനം ഉണ്ടായി പറ
2 ഞ്ഞിതു: അല്ലയോ നീനവ എന്ന മഹാപട്ടണത്തേക്കു ചെന്നു അവരുടേ ദു
3 ഷ്ടത എന്റെ മുമ്പാകേ എത്തുകയാൽ അതിന്നു് എതിരേ ഘോഷിക്ക! എ
ന്നാറേ യോനാ യഹോവയുടേ സന്നിധിയിൽനിന്നു തർശീശിൽ മണ്ടി
പ്പോവാൻ എഴുനീറു യാഫോവിൽ ഇറങ്ങിച്ചെന്നു, തർശീശിലേക്കു് ഓ
ടുന്ന കപ്പൽ കണ്ടു കേവു കൊടുത്തു യഹോവാസന്നിധിയെ വിട്ടു ഇവരോടു
4 കൂടി തർശീശിൽ പോകാം എന്നിട്ടു് അതിൽ കരേറി.—അനന്തരം യഹോ
വ വങ്കാററിനെ കടലിലേക്കു തള്ളിച്ചിട്ടു സമുദ്രത്തിൽ കൊടിയ വിശറു് ഉ
5 ണ്ടായി കപ്പൽ ഉടയും എന്നുവന്നപ്പോൾ, മരക്കാർ ഭയപ്പെട്ടു താന്താർക്കുള്ള
ദേവരെ നോക്കി വിളിച്ചു ഭാരം കുറെപ്പാൻ കപ്പലിലേ കോപ്പുകളെ കട
ലിൽ ചാടിക്കളഞ്ഞു. യോനാവോ ഉരുവിന്റെ ഉള്ളകത്തു കിഴിഞ്ഞു കിട
6 ന്നു തുയിൽകൊണ്ടിരുന്നു. അപ്പോൾ മാലിമ്മിശ്രേഷ്ഠൻ അവനോടു് അണ
ഞ്ഞു: നീ ഉറങ്ങുവാൻ എന്തു? എഴുനീറു നിന്റെ ദേവരോടു വിളിക്ക! പക്ഷേ
ദൈവം നാം കെട്ടുപോകായ്വാൻ നമ്മെ സ്മരിക്കിലും, ആം എന്നു പറ
7 ഞ്ഞു. അനന്തരം അവർ: എടോ ആർ മൂലമായിട്ടു് ഈ ദോഷം നമുക്കു് അ
കപ്പെട്ടു എന്നു് അറിവാൻ നാം ചീട്ടിടുക എന്നു തമ്മിൽ ചൊല്ലി നറുക്കുക
8 ളെ എടുത്തു ചീട്ടു യോനാവിൻമേൽ വീഴുകയും ചെയ്തു.—ആയവനോടു്
അവർ പറഞ്ഞു: ആർ മൂലമായിട്ടു് ഈ ദോഷം നമുക്കു് ഉണ്ടു് എന്നു ഞങ്ങ
ളെ ധരിപ്പിക്ക! നിണക്കു് എന്തുതൊഴിൽ? എവിടേനിന്നു വരുന്നു? നിന്റെ
9 നാടു് ഏതു? നീ ഏതു വംശത്തിലുള്ളവൻ? —അവരോടു് ഇവൻ പറഞ്ഞു:
ഞാൻ എബ്രായൻ തന്നേ, സമുദ്രത്തെയും കരയെയും ഉണ്ടാക്കിയ യഹോവ
10 എന്ന സ്വർഗ്ഗദൈവത്തെ ഭജിക്കുന്നവൻ ഞാൻ. എന്നതു കൂടാതേ (യാത്രാ
ഹേതുവിനെയും) ഗ്രഹിപ്പിക്കയാൽ യഹോവയുടേ സന്നിധിയിൽനിന്നു
ഇവൻ മണ്ടുന്നു എന്നു് ആയാളകം അറിഞ്ഞു ഏറവും ഭയപ്പെട്ടു: എന്തു്
11 ഈ ചെയ്തതു്! എന്നു പറഞ്ഞു. കടൽ ഇളകി മറിഞ്ഞു പോരുകയാൽ അ
വർ അവനോടു ചോദിച്ചു: നിന്നെ എന്തൊന്നു ചെയ്തുവേണം കടൽ ഇളെ
12 ച്ചു് അമർന്നു വരുവാൻ? എന്നതിന്നു് അവരോടു പറഞ്ഞു: ഞാൻ മൂലമാ
യിട്ടു ഈ കൊടിയ വിശറു നിങ്ങടേ മേൽ വന്നപ്രകാരം ഞാൻ അറിയുന്നു,
അതുകൊണ്ടു് കടൽ ഇളെച്ചു് അമരുവാൻ എന്നെ എടുത്തു കടലിൽ തള്ളി
വിടുവിൻ.

13 എന്നാറേ ആയാളകം കര പറുവാൻ എത്ര വലിച്ചു ദണ്ഡിച്ചിട്ടും കടൽ
14 എതിരേ തള്ളി മറികയാൽ ആവതു് ഇല്ലാഞ്ഞു, യഹോവയെ നോക്കി
വിളിച്ചു പറഞ്ഞു: അല്ലയോ യഹോവേ ഈ പുരുഷന്റെ പ്രാണൻ നിമി
ത്തം ഞങ്ങൾ കെട്ടുപോകരുതേ! നിർദ്ദോഷരക്തത്തെ ഞങ്ങളിൽ ചുമത്തരു
15 തേ! യഹോവേ നിണക്കു തോന്നിയപ്രകാരമല്ലോ നീ ചെയ്തു. എന്നിട്ടു

യോനാവെ എടുത്തു കടലിൽ തള്ളിവിട്ടു, ഉടനേ സമുദ്രക്ഷോഭം ശമിച്ചു നി
16 ലയായി. അപ്പോൾ ആ ആളുകൾ യഹോവയെ എത്രയും ഭയപ്പെട്ടു യഹോ
വെക്കു് എന്നു യാഗം കഴിച്ചു നേർച്ചകളെ നേരുകയും ചെയ്തു.

2. അദ്ധ്യായം

മീനാവിൻ വയറ്റിൽനിന്നു യോനാ പ്രാർത്ഥിച്ചു കരയേറി.

1 യോനാവെ വിഴുങ്ങുവാൻ യഹോവ ഒരു വലിയ മീനിനെ കല്പിച്ചാ
ക്കി, പിന്നേ യോനാ മീനിന്റേ വയറ്റിൽ മൂന്നു രാപ്പകൽ ആയ്നിന്നു.
2 യോനാ മീനിൻ കുടലിൽനിന്നു തൻദൈവമാകുന്ന യഹോവയോടു പ്രാർത്ഥി
ച്ചു പറഞ്ഞു:

3 എന്റേ ഞെരുക്കത്തിൽനിന്നു യഹോവയോടു നിലവിളിച്ചപ്പോൾ അ
വൻ ഉത്തരം അരുളി, ഞാൻ പാതാളവയറ്റിൽനിന്നു കൂക്കിയ ഒച്ചയെ
4 നീ കേട്ടു. സമുദ്രഹൃദയമാകുന്ന അഗാധത്തിൽ നീ എന്നെ തള്ളി വിട്ട
താൽ പ്രവാഹം എന്നെ ചുറ്റി, നിന്റേ തിരകളും അലകളും എല്ലാം
5 എന്മേൽ കടക്കുന്നു. (സ. 42. 8). ഞാനോ നിന്റേ കണ്ണുകളുടേ മുമ്പിൽനി
ന്നു് ആട്ടപ്പെട്ടു (സ. 31, 23). എന്നു പറഞ്ഞു, എങ്കിലും നിൻവിശുദ്ധ
6 മന്ദിരത്തെ ഇനിയും നോക്കും (സ. 5,8). വെള്ളങ്ങൾ പ്രാണനോളം
എന്നെ ചുഴന്നു, ആഴി എന്നെ ചുറ്റി, പാശി എൻതലെക്കു കെട്ടി; മല
7 വേരുകളോളം ഞാൻ ഇറങ്ങി, ഭൂമിയുടേ അഴികൾ എന്റേ പിറകിൽ
എന്നേക്കും അടെച്ചുപോയി, അപ്പോൾ എൻ ദൈവമായ യഹോവേ നീ
8 എൻജീവനെ കുഴിയിൽനിന്നു കരേറ്റി (സ. 30,4). എന്നോടു് എൻദേ
ഹി മറുകി ഇരിക്കയിൽ (സ. 142,4.) ഞാൻ യഹോവയെ ഓർത്തു, എൻ
9 പ്രാർത്ഥന നിൻവിശുദ്ധമന്ദിരത്തിൽ നിന്നോടു് എത്തുകയും ചെയ്തു. മായ
യായ പൊയ്ദേവകളെ കരുതുന്നവർ (സ. 31.7.) തങ്ങളുടേ ദയയായവനെ
10 കൈവിടുന്നു. ഞാനോ സ്തുതിശബ്ദത്തോടേ നിണക്കു യാഗം കഴിക്കും
11 ഞാൻ നേർന്നതിനെ ഒപ്പിക്കും. രക്ഷ യഹോവെക്കേ ഉള്ളു.— എന്നാറേ
യഹോവ മീനിനോടു കല്പിക്കയാൽ അതു യോനാവെ കരെക്കു കക്കിക്കള
ഞ്ഞു.

3. അദ്ധ്യായം

നീനവയിൽ ഘോഷിച്ചപ്പോൾ (5) അനുതാപവും ക്ഷമയും ഉണ്ടായി.

1 യഹോവാവചനം യോനാവിന്നു രണ്ടാമതു് ഉണ്ടായി പറഞ്ഞിതു:
2 അല്ലയോ നീനവ എന്ന മഹാപട്ടണത്തേക്കു ചെന്നു ഞാൻ നിന്നോടു ചൊ
3 ല്ലുന്ന ഘോഷണത്തെ അതിനോടു ഘോഷിക്ക! എന്നാറേ യോനാ എഴു
നീറ്റു യഹോവാവചനപ്രകാരം നീനവയിൽ പോയി. നീനവയോ ദൈ
വത്തിൻതോന്നലിന്നും വലിയ പട്ടണമായി, മൂന്നു ദിവസത്തേ നട കാ
4 ണും. യോനാ പട്ടണത്തിൽ ഒരു നാളത്തേവഴി പുക്കുതുടങ്ങി: ഇനി നാ
ല്പതുനാൾ കഴിഞ്ഞാൽ നീനവ മറിഞ്ഞുപോകും എന്നു ഘോഷിച്ചു.—
5 നീനവക്കാർ ദൈവത്തിൽ വിശ്വസിച്ചു നോമ്പിനെ കൂറി വലിയവർ
6 മുതൽ ചെറിയവർ ഓളം രട്ടുകളെ ഉടുത്തു. ആ കാര്യം നീനവരാജാവിൻ
മുമ്പിൽ വന്നാറേ അവൻ സിംഹാസനത്തുനിന്നു് ഇറങ്ങി തിരുവുടയെ വീ
7 ണ്ടും രട്ടു പുതെച്ചുകൊണ്ടു ചാരത്തിൽ ഇരുന്നു. പിന്നേ അവൻ നീനവയിൽ
കൂറി വിളിപ്പിച്ചിതു: രാജാവും തിരുപ്രധാനികളും അരുളിച്ചെയ്കയാൽ

മനുഷ്യരും കന്നുകാലി ആടുമുതലായ മൃഗവും ഒന്നും ആസ്വദിക്കായ്ക
8 (പുല്ലു) മേയായ്ക വെള്ളം കുടിക്കായ്കയും; മനുഷ്യനും നാല്ക്കാലിയും
രട്ടുകളെ പുതെച്ചുകൊണ്ടു ദൈവത്തോടു ഉറക്കേ വിളിക്കയും അവനവൻ
ദുർവ്വഴിയെയും താന്താനേറ കൈകളിൽ ഉള്ള സാഹസത്തെയും വിട്ടു തിരി
9 കയും വേണം. പക്ഷേ ദൈവം തിരിഞ്ഞു പശ്ചാത്താപപ്പെട്ടു നാം കെട്ടു
പോകായ്വാൻ തിരുക്കോപത്തിൻ ഊഷ്മാവിനെ കൈവിടുകിലുമാം
10 ആർക്കറിയാം!— എന്നാറേ അവർ തങ്ങളുടേ ദുർവ്വഴിയെ വിട്ടു തിരിഞ്ഞു
ചെയ്യുന്നതു ഒക്കയും ദൈവം കണ്ടപ്പോൾ അവർക്കു ചെയ്വാൻ ഉരെച്ച
ദോഷത്തെ വിചാരിച്ചു പശ്ചാത്താപപ്പെട്ടു ചെയ്യാതേ ഇരുന്നു.

4. അദ്ധ്യായം

യോനാവിനേറ മുഷിച്ചലും (6) ദൈവം ശാസിക്കുന്ന വിധവും.

1 **ആ**യതു യോനാവിന്നു് എത്രയും വല്ലാത്തതു് എന്നു തോന്നി കോപവും
2 ഉണ്ടായി. അവൻ യഹോവയോടു പ്രാർത്ഥിച്ചു: അല്ലയോ യഹോവേ,
ഞാൻ സ്വന്തനാട്ടിൽ ആയിരുന്നന്നേ ചൊല്ലിയതു് ഇതു തന്നേയല്ലോ?
ആയതു തടുപ്പാൻ തന്നേ ഞാൻ തർശീശിലേക്കു മണ്ടിപ്പോയതു, നീ കൃപ
യും കനിവും കോപമാന്ദ്യവും ദയാസമ്പത്തും ഉള്ളവൻ ആയി ദോഷത്തി
ങ്കൽ അനുതപിക്കുന്നവൻ (യോവേ. 2,13) എന്നു് അറിഞ്ഞിട്ടില്ലല്ലോ.
3 ഇപ്പോഴോ യഹോവേ ഞാൻ ജീവിക്കയിൽ മരിക്ക നല്ലു എന്നു വരിക
4 യാൽ എൻ ദേഹിയെ എന്നോടു് എടുത്തുകൊള്ളേണമേ. എന്നു പറഞ്ഞാ
5 റേ: നിണക്കു ചൂടുന്നതു നന്നോ? എന്നു യഹോവ പറഞ്ഞു. യോനാവോ
പട്ടണത്തിൽനിന്നു പുറപ്പെട്ടു പട്ടണത്തിന്നു കിഴക്കേ ഇരുന്നു, തനിക്കു്
അവിടേ ഒരു കുടിൽ ഉണ്ടാക്കി പട്ടണത്തു് എന്തുണ്ടാകും എന്നു കാണുന്നവ
രയും അതിൻകീഴേ തണലത്തു് ഇരുന്നു.
6 പിന്നേ യോനാവെ മുഷിച്ചലിൽനിന്നു് ഉദ്ധരിക്കേണ്ടതിന്നു് യഹോ
വാ ദൈവം ഓർ ആമണക്കു കല്പിച്ചാക്കി, ആയതു് അവന്റേറ തലെക്കുമീ
തേ നിഴൽ ഇടുമാറു വളർന്നു യോനാവിന്നു് ആമണക്കു ഹേതുവായി വലി
7 യ സന്തോഷവും ഉണ്ടായി. പിറേറ ദിവസം പുലരുമ്പോൾ ദൈവം ഒരു
പുഴുവിനെ കല്പിച്ചാക്കി, അതു് ആമണക്കിനെ കടിക്കയാൽ അതു് ഉണ
8 ങ്ങിപ്പോയി. ആദിത്യൻ ഉദിച്ചപ്പോൾ ദൈവം വേവെടുപ്പാന്തക്ക കിഴക്ക
ങ്കാറ്റിനെ കല്പിച്ചാക്കി, വെയിൽ യോനാവിൻ തലയിൽ കൊള്ളുക
യാൽ അവൻ മയങ്ങി തൻദേഹി ചാവാൻ ആഗ്രഹിച്ചു: ഞാൻ ജീവിക്ക
9 യിൽ മരിക്ക നല്ലു എന്നു പറഞ്ഞു. ദൈവം യോനാവോടു: ആമണക്കു നി
മിത്തം നിണക്കു ചൂടുന്നതു നന്നോ? എന്നു ചോദിച്ചാറേ: ചാവോളം എ
10 നിക്കു ചൂടുന്നതു നന്നു എന്നു പറഞ്ഞു. യഹോവ പറഞ്ഞു: നീ അദ്ധ്വാനി
ക്കാതേയും നട്ടു വളർക്കാതേയും കണ്ടു ഒരു രാക്കുണ്ടായി ഒരു രാക്കു കെട്ടു
പോയ ആമണക്കിൽ നിണക്കു് അയ്യോഭാവം തോന്നിയല്ലോ, എനി
11 ക്കോ ഈ വലിയ പട്ടണമായ നീനവയിൽ അയ്യോഭാവം അരുതു് എ
ന്നോ? വലങ്കൈയും ഇടങ്കയ്യും തിരിച്ചറിയാത്ത പേർ നൂറിരുപതിനാ
യിരത്തിൽ അധികവും അനേകം നാല്ക്കാലിയും ഉള്ളതല്ലോ?

MICAH

മീകാ

1,1 മോരഷ്ഥഊർക്കാരനായ മീകാവിന്ന യോഥാം ആഹാജ് ഹിജക്കീയാ എ
ന്ന യഹ്ഥദാരാജാക്കന്മാരുടേ നാളുകളിൽ ഉണ്ടായ വചനവും ശമര്യ യരുശ
ലേം ഇവറെ തൊട്ടു ദർശിച്ചതും ആവിത:

1. അദ്ധ്യായം (–2.)

യഹോവ ന്യായവിധിക്കു വന്ന (5) ശമര്യയെ സംഹരിച്ച (8) യഹ്ഥദയെ
യും ശിക്ഷിപ്പതു (2,1) പ്രധാനികളും മുതലായവരുടേ ദോഷങ്ങൾനിമി
ത്തം അത്രേ; (11) ശിക്ഷിതരെ പിന്നേയും ചേർക്കും താനും.

2 സകലവംശങ്ങളും കേൾപ്പിൻ! (1 രാജ. 22. 28.) ഭ്രമിയും അതിൻ നി
റവും ആയുള്ളോവേ ചെവി കൊടുപ്പിൻ! യഹോവാകർത്താവു നിങ്ങൾക്ക്
എതിരേ സാക്ഷിയാക, തന്റെ വിശുദ്ധമന്ദിരത്തിൽനിന്നുള്ള കർത്താവു
3 തന്നേ. യഹോവ ആകട്ടേ സ്വസ്ഥാനത്തിങ്കൽനിന്നു് ഇതാ പുറപ്പെട്ടു ഇറ
4 ങ്ങി ഭ്രമിയുടേ അഗ്രങ്ങളിന്മേൽ സഞ്ചരിക്കുന്നു. തീമുന്നൽ മെഴുകു എന്ന
പോലേ അവന്റെ കീഴിൽ മലകൾ ഉരുകി, ചരിവിൽ പൊഴിഞ്ഞ വെ
5 ള്ളം പോലേ താഴ്വരകൾ വിണ്ടുപോകുന്നു.— ഇതു് ഒക്കയും യാക്കോബിൻ
ദ്രോഹത്താലും ഇസ്രയേൽഗൃഹത്തിൻ പാപങ്ങളാലും (വരുന്നു). യാക്കോ
ബിന്ന ദ്രോഹ (കാരണം) ആർ? ശമര്യ അല്ലയോ? യഹ്ഥദയിൽ കുന്ന
6 കാവുകളുടേ (കാരണം) ആർ? യരുശലേം അല്ലയോ? എന്നിട്ടു ഞാൻ ശമര്യ
യെ വയലിൽ കൽക്കൂമ്പലും പറമ്പിലേ നടുതലയും ആക്കും, അതിലേ ക
7 ല്ലുകളെ താഴ്വരയിൽ ചൊരിയും, ജഗതികളെ വെളിവാക്കും. അതി
ന്റെ ശിലാപ്രതിമകളും ഒക്കയും ഇടിഞ്ഞും വേശ്യാസമ്മാനം എല്ലാം തീ
യിൽ ചുട്ടുപോകും, എല്ലാ തിടമ്പുകളെയും ഞാൻ പാഴാക്കി വെക്കും. വേ
ശ്യയുടേ കൂലിയിൽനിന്നു സ്വരൂപിച്ചു കൊണ്ടതു (വേറു) വേശ്യക്കൂലിയാ
യി തന്നേ തിരിയുമല്ലോ.

8 ഇവനിമിത്തം ഞാൻ തൊഴിച്ചു മുറയിടും, (ശത്രു) ഉടുപ്പു പറിച്ച നഗ്നനാ
യി നടക്കും, കുറുക്കനെ പോലേ ഓരിയിടും, തീവിഴുങ്ങിയെ പോലേ വി
9 ലപിക്കും. പൊറുക്കാതല്ലോ ശമര്യയുടേ മുറിവുകൾ. ആയതു യഹ്ഥദയോ
ളം വന്നു, എൻജനം കൂടുന്ന വാതിൽവരേ യരുശലേം ഓളവും തട്ടി ഇരി
10 ക്കുന്നു. ഗത്തിൽ അതിനെ കഥിക്കരുതു (2 ശമു. 1, 20), അക്കോവിൽ ക
11 രയരുതു, ഒഫ്ര എന്ന പൂഴിയകത്തു ഞാൻ പൂഴി പിരണ്ടു. ശഫീരിലേ നി
വാസിനിയേ നിന്ദ്യയായ നഗ്നതയോടും കടന്നുപോ, ചനാനിൽ പാർക്കു
ന്നവൾ (പോരിന്നായി) പുറപ്പെടുന്നില്ല. ഏചൽ (അയൽവക്കത്തു്) ഉ
12 ള്ള വിലാപം നിങ്ങൾക്കു് ഇടം മുടക്കുന്നു. യരുശലേം വാതിലിന്ന നേരേ
യഹോവയിൽനിന്ന ദോഷം ഇറങ്ങുകകൊണ്ടു, മാരോത്തു് നിവാസിനി
13 (പോയ്പ്പോയ) ഗ്രണത്തിന്നായി പിടെക്കുന്നു. ലാക്കീശ്നിവാസിനി
യേ തേരിൽ കുതിര പൂട്ടുക, ഇസ്രയേലിൻദ്രോഹങ്ങൾ നിങ്കൽ കാണ
14 പ്പെടുകകൊണ്ടു ചീയോൻപുത്രിക്കു പാപാരംഭം ഇതത്രേ. അതുകൊണ്ടു
(ചീയോനേ) നീ ഗത്തിലേ മോരഷ്ഥിന്ന വിടക്കാഴ്ച കൊടുക്കും; അക്സീ
ബിലേ ഭവനങ്ങൾ ഇസ്രയേൽരാജാക്കന്മാർക്കു ചതിപ്പുഴ പോലേ ചമയും.

15 മരേശനിവാസിനിയേ നിന്നെ രണ്ടാമത് അടക്കുന്നവനെ ഞാൻ നിണക്കു
16 വരുത്തും, അടല്ലത്തോളം ഇസ്രയേലിൻ സാന്നിദ്ധ്യം മണ്ടിപ്പോകും; എടീ (ചീയോനേ) നിന്റെ ഓമനപ്പൈതങ്ങൾ നിന്നെ വിട്ടു പ്രവസിക്കയാൽ അവരെ വിചാരിച്ചു ക്ഷൌരം ചെയ്തു മൊട്ടയാക്കി പരന്ത പോലേ കഷണ്ടിയെ പരത്തുക.

2, 1 അയ്യോ കിടക്കമേലേ അതിക്രമം ചിന്തിച്ചു ദോഷം ഉണ്ടാക്കുന്നവർക്കു
ഹാ കഷ്ടം! സ്വന്തകൈ അവർക്കു ദൈവമാകകൊണ്ടു പുലർന്നിട്ടു വെളി
2 ച്ചമായാൽ അതിനെ അനുഷ്ഠിക്കും. അവർ നിലങ്ങളെ മോഹിച്ചു് അപ
ഹരിക്കുന്നു, ഭവനങ്ങളെ (മോഹിച്ചു) കൈക്കൽ ആക്കുന്നു. അവർ പുരു
3 ഷനെ തൻഭവനത്തോടും ആളെ തൻ അവകാശത്തോടും അമർക്കുന്നു. അതു
കൊണ്ടു യഹോവ ഇവ്വണ്ണം പറയുന്നു: ഈ കുടുംബത്തിന്നു നേരേ ഞാൻ ഇതാ
ദോഷത്തെ ചിന്തിക്കുന്നു, അതിൽനിന്നു നിങ്ങളുടേ കഴുത്തുകളെ ഇളക്കി
കഴിക ഇല്ല, നിങ്ങൾ ഞെളിഞ്ഞു നടക്കയും ഇല്ല, ഇതു ദുഷ്കാലമല്ലോ.
4 അന്നു നിങ്ങളെ കുറിച്ചു് ഒരു സദൃശം മൊഴികയും വിലാപപ്പാട്ടു വിലപി
ക്കയും ആം. കഥതീന്നു, ഞങ്ങൾ അശേഷം പാഴായിപ്പോയി, എൻജന
ത്തിന്റെ ഓഹരിയെ (യഹോവ) മാറി വെക്കുന്നു, ആയതു എങ്ങനേ എങ്കൽ
നിന്നു നീക്കുന്നു! പിഴുകിപ്പോയവക്കു നമ്മുടേ നിലങ്ങളെ പങ്കിട്ടു കൊടു
5 ക്കുന്നു! എന്നത്രേ. അതുകൊണ്ടു ദൈവസഭയിൽ നിണക്കു് അവകാശ
6 ത്തിന്നായി അളത്തക്കയറിടുന്നവൻ ശേഷിക്ക ഇല്ല.— മൊഴിയുകരുതു്
എന്നു (കള്ളപ്രവാദികൾ) തുകുന്നു; ഇവർക്കു തുകാതേ ഇരുന്നാൽ നിന്ദകൾ
7 നീങ്ങാതു. അല്ലയോ യാക്കോബ്ഗൃഹം എന്നുള്ളോവേ, യഹോവാത്മാ
വിന്നു (പൊറുമ) ചുരുങ്ങിപ്പോയോ? ഇവ (മാത്രം) അവന്റെ നടപ്പുകളോ?
8 നേരായി നടക്കുന്നവന്നു് എന്റെ വചനങ്ങൾ നന്മ ചെയ്യുന്നില്ലയോ? ഇന്ന
ലേ തന്നേ എൻ ജനം ശത്രുവായി എഴുനീറ്റു വന്നു. പോരിൽനിന്നു തിരി
ഞ്ഞു നിർഭയമായി കടക്കുന്നവരുടേ വസ്ത്രങ്ങളിൽ മേലങ്കിയെ നിങ്ങൾ
9 പിടിച്ചുപറിക്കുന്നു. ഓമനവീട്ടിൽനിന്നു് എൻജനത്തിന്റെ സ്ത്രീകളെ നി
ങ്ങൾ ആട്ടി അവരുടേ കുഞ്ഞങ്ങളോടു് എന്റെ ഭ്രഷണത്തെ എന്നേക്കും
10 എടുത്തുകളയുന്നു.— എടോ എഴുനീറ്റു പോവിൻ! ഇതു (നിങ്ങൾക്കു) സ്വ
സ്ഥതാസ്ഥാനം അല്ല, നാശത്തെ തീക്ഷ്ണനാശത്തെ തന്നേ വരുത്തുന്നു
11 അശുദ്ധിഹേതുവാൽ അത്രേ. പക്ഷേ കാറ്റിനെ തേടി പൊളിപറഞ്ഞു
ചതിച്ചു നടക്കുന്ന ഒരുവൻ: വീഞ്ഞും മദ്യവും പറ്റി ഞാൻ നിന്നോടു തുകാം
എന്നു പറഞ്ഞാൽ, അവൻ ഈ ജനത്തിന്നു ഘോഷകനായിരിക്കും.

12 ഹേ യാക്കോബേ ഞാൻ നിന്നെ അശേഷം ചേർക്കയുണ്ടു, ഇസ്രയേ
ലിൻ ശേഷിപ്പിനെ മുറ്റ കൂട്ടുന്നുണ്ടു. ബൊത്രയിൽ തിങ്ങിയ ആടുകളെ
പ്പോലേ, തൻകാട്ടിൻനടുവിൽ മേയുന്ന നിവഹം പോലേ ഞാൻ അവരെ
13 ഒക്കത്തക്ക കൂട്ടും; ആൾപ്പെരുക്കത്താൽ മുഴങ്ങും. തകർക്കുന്നവൻ അവരുടേ
മുമ്പിൽ, കരേറുന്നു; അവർ (മതിൽ) തകർത്തു പടിവാതിലൂടേ കടന്നു, അ
തുടേ പുറപ്പെട്ടും, അവരുടേ രാജാവു മുമ്പനായും യഹോവ അവരുടേ തലെ
ക്കലും കടന്നു ചെല്ലുന്നു.

3. അദ്ധ്യായം (—5.)

പ്രഭുക്കൾ (5) കള്ളപ്രവാദികൾ (9) മുതലായവരുടേ ദ്രോഹം നിമിത്തം യരുശലേം നശിച്ചുപോയാലും (4, 1) മശീഹയുടേ രാജ്യം സ്ഥാപിപ്പാൻ (8) ദാവിദിൻപുത്രൻ എഴുനീല്ക്കയും (5, 1) ബേത്ത്ളഹെമിൽനിന്നു പുറപ്പെട്ടു സമാധാനത്തെ നടത്തുകയും ചെയ്യും.

1 പിന്നേ ഞാൻ പറഞ്ഞു: അല്ലയോ യാക്കോബിൻതലവന്മാരും ഇസ്രാ
യേൽഗൃഹത്തിൻന്യായകർത്താക്കന്മാരും ആയുള്ളോരേ, കേൾപ്പിൻ! ന്യായ
2 ത്തെ അറിയുന്നതു നിങ്ങളുടേ കാര്യമല്ലയോ? ഗുണം ദ്വേഷിച്ചു ദോഷത്തെ
സ്നേഹിച്ചുംകൊണ്ടു് അവരിൽനിന്നു തോലിനെയും അസ്ഥികളിൽനിന്നു
3 മാംസത്തെയും ഉരിക്കുന്നവരും, എൻജനത്തിൻ മാംസത്തെ തിന്നും മേലേ
ത്തോൽ പൊളിച്ചും അസ്ഥികളെ ഉടെച്ചും കലത്തിലും കുട്ടകത്തിലും ഇറ
4 ച്ചിയെ ഇടുന്ന വിധത്തിൽ നുറുക്കുന്നവരും (നിങ്ങൾ അല്ലയോ). അന്നു്
അവർ യഹോവയോടു നിലവിളിക്കും, എങ്കിലും അവൻ ഉത്തരം അരുളുക
ഇല്ല, അവർ സ്വക്രിയകളെ ദോഷമാക്കുകകൊണ്ടു അവരിൽനിന്നു തിരുമുഖ
ത്തെ മറെപ്പൂതാക!

5 എൻ ജനത്തെ തെറ്റിക്കുന്ന പ്രവാചകന്മാരെക്കൊള്ളെ യഹോവ ഇവ്വ
ണ്ണം പറയുന്നു: അവർക്കു പല്ലുകൊണ്ടു കടിപ്പാൻ ഉണ്ടാകുമ്പോൾ, സമാ
ധാനം ഘോഷിച്ചും, വായിൽ ഒന്നും ഇടാത്തവന്റേ നേരേ പോർ സംസ്ക
6 രിച്ചുംകൊള്ളുന്നവർ. ആകയാൽ, നിങ്ങൾക്കു ദർശനം നിമിത്തം രാത്രിയും
ലക്ഷണം പാക നിമിത്തം ഇരിട്ടും (ഉണ്ടാക)! പ്രവാചകരിന്മേൽ ആദി
7 ത്യൻ അസ്തമിച്ചു പകൽ ഇരുണ്ടുപോകും. ദൈവത്തിൻ ഉത്തരം ഇല്ലായ്ക
യാൽ, ദർശനക്കാർ നാണിച്ചു ലക്ഷണം പറയുന്നവർ ലജ്ജിച്ചുപോകും,
8 എല്ലാവരും താടിമീശ മൂടും (3മോ. 13, 45). ഞാനോ യാക്കോബോടു
സ്വദ്രോഹത്തെയും ഇസ്രയേലിനോടു സ്വപാപത്തെയും അറിയിപ്പാൻ യ
ഹോവയുടേ ആത്മാവു തുണെച്ചിട്ടു് ഊക്കും ന്യായവിധിയും വീര്യവും
നിറഞ്ഞിരിക്കുന്നു സത്യം.

9 ന്യായത്തെ അറെച്ചു നേരേയുള്ളതു് എല്ലാം വളെച്ചുകളയുന്ന യാക്കോബു്
ഗൃഹത്തിലേ തലവന്മാരും ഇസ്രയേൽഗൃഹത്തിലേ ന്യായകർത്താക്കന്മാരു
10 മായുള്ളോരേ ഇതു് (ഒന്നു) കേൾക്കേണമേ! ചീയോനെ രക്തം കൊണ്ടും യ
11 രുശലേമിനെ അക്രമംകൊണ്ടും പണിയിക്കുന്നവരേ! അതിലേ തലവന്മാർ
കൈക്കൂലിക്കായി വിധിക്കുന്നു, പുരോഹിതന്മാർ ദക്ഷിണെക്കായി ഉപ
ദേശിക്കുന്നു, പ്രവാചകന്മാർ വെള്ളിക്കായി ലക്ഷണം പറയുന്നു; എന്നിട്ടും:
''യഹോവ നമ്മുടേ ഉള്ളിലല്ലയോ? ദോഷം നമ്മുടേ മേൽ വരിക ഇല്ല''
12 എന്നുവെച്ചു യഹോവയിൽ ഊന്നിക്കൊണ്ടിരിക്കുന്നു. ആയതുകൊണ്ടു നി
ങ്ങൾമുതലായിട്ടു ചീയോൻ ഉഴുന്ന വയലും യരുശലേം കൽക്കൂമ്പലുകളും
ആലയപർവ്വതം കാട്ടുകുന്നുകളും ആയ്ത്തീരും.

4, 1 ദിവസങ്ങളുടേ അന്ത്യത്തിലോ സംഭവിപ്പിതു: യഹോവാലയപർവ്വതം
മലകളുടേ തലമേൽ സ്ഥാപിക്കപ്പെട്ടും കുന്നുകളെക്കാൾ ഉയർന്നും ഇരിക്കും,
2 വംശങ്ങൾ അതിലേക്കു് ഒഴുകിച്ചെല്ലും. അനേകജാതികൾ വന്നു: ''അ
ല്ലയോ നാം യഹോവയുടേ മലെക്കും യാക്കോബു് ദൈവത്തിന്റേ ആല
യത്തിലേക്കും കരേറിപ്പോക, അവൻ സ്വമാർഗ്ഗങ്ങളെ നമുക്കു് ഉപദേശിക്ക
യും അവന്റേ ഞെറികളിൽ നാം നടക്കയും ചെയ്വാൻ!'' എന്നു പറയും.
ചീയോനിൽനിന്നു ധർമ്മോപദേശവും യരുശലേമിൽനിന്നു യഹോവാവ
3 ചനവും പുറപ്പെടുമല്ലോ. (അന്നു്) അവൻ അനേകവംശങ്ങൾക്കു നടുതീർത്തു
പ്രബലജാതികൾക്കു ദൂരത്തോളം ശാസന വിധിപ്പതാൽ, ആയവർ വാളുക
ളെ കൊഴുക്കളായിട്ടും കുന്തങ്ങളെ ചെത്തുകത്തികളായിട്ടും അടിച്ചു തീർ
ക്കും, ജാതിയെക്കൊള്ളെ ജാതി വാൾ ഓങ്ങുകയില്ല, അവർ യുദ്ധത്തെ
4 ഇനി അഭ്യസിക്കയും ഇല്ല. താന്തന്റേ വള്ളിയുടേയും അത്തിയുടേയും
കീഴിൽ ആരും അരട്ടാതേ കണ്ടു് ഇരിക്കും. സൈന്യങ്ങളുടയ യഹോവയു
5 ടേ വായി ഉരെച്ചുവല്ലോ. സകലവംശങ്ങളും ആകട്ടേ താന്തന്റേ ദേവരുടേ
നാമത്തിൽ നടക്കുന്നു, നാമും നമ്മുടേ ദൈവമായ യഹോവയുടേ നാമത്തിൽ
6 യുഗാദിനിത്യത്തോളം നടക്കും.— അന്നു ഞാൻ നൊണ്ടിനടക്കുന്നതിനെ

7 കൂട്ടുകയും ഞാൻ ആട്ടി തീമ പിണെച്ചതിനെ ചേക്കുകയും, നൊണ്ടുന്നതിനെ
ശേഷിപ്പാക്കുകയും അകററിക്കളഞ്ഞതിനെ പ്രബലജാതിയാക്കുകയും ചെ
യ്യും, അവരുടേ മേൽ യഹോവ ചീയോൻമലയിൽ അന്നമുതൽ എന്നേക്കും
വാഴുകയുമാം എന്നു യഹോവയുടേ അരുളപ്പാടു.

8 ഹേ ആട്ടിങ്കൂട്ടത്തിൻറെ ഗോപുരവും ചീയോൻപുത്രിയുടേ കുന്നും ആയു
ള്ളോവേ! നിന്നോളം വരുംമുമ്പേത്ത വാഴ്ച, യരുശലേംപുത്രിക്കു രാജത്വം
9 തന്നേ എത്തുകയും ചെയ്യും. ഇപ്പോഴോ നീ എന്തിന്നു ഉറക്കേ വിളിക്കുന്നു?
പെറുന്നവളെ പോലേ നിന്നെ വേദന പിടിച്ചിരിക്കുന്നതു നിങ്കൽ രാജാ
10 വു ഇല്ലാഞ്ഞിട്ടോ നിൻറെ മന്ത്രി (യശ. 9, 5) നശിച്ചിട്ടോ? ചീയോൻ
പുത്രിയേ പെറുന്നവളെ പോലേ നൊന്തു പൊട്ടിത്തെറിക്ക! ഇപ്പോഴല്ലോ
നീ പട്ടണത്തിൽനിന്നു പുറപ്പെട്ടു വയലിൽ രാപ്പാർത്തു ബാബേലോളം
ചെല്ലേണ്ടിവരും; അവിടേ നീ ഉദ്ധരിക്കപ്പെടും, അവിടേ യഹോവ നി
11 ന്നെ ശത്രുക്കളുടേ കൈക്കൽനിന്നു വീണ്ടെടുക്കും.— ഇപ്പോഴോ നിണക്കു
എതിരേ അനേകജാതികളും കൂടി: ഇവളും ബാഹ്യമായ്പ്പോക! നമ്മുടേ
12 കണ്ണു ചീയോനിൽ നോക്കേണം! എന്നു പറയുന്നു. ആയവർ യഹോവയു
ടേ വിചാരങ്ങളെ അറിയാ, അവൻറെ ആലോചന ബോധിക്കുന്നതും ഇ
ല്ല, (അതോ) കറകളും കണക്കേ അവരെ കളത്തിൽ കൂട്ടിയതു എന്നത്രേ.
13 അല്ലയോ ചീയോൻപുത്രിയേ നീ എഴുനീറു മെതിക്ക! ഞാൻ നിൻ കൊ
മ്പിനെ ഇരിമ്പും കുളമ്പുകളെ ചെമ്പും ആക്കീട്ടു നീ ബഹുവംശങ്ങളെ ച
തെച്ചുകളയും, ഞാൻ അവരുടേ കൊള്ളയെ യഹോവെക്കും സമ്പത്തിനെ
സർവ്വഭൂപതിക്കും പ്രാവി സംസ്കരിക്കും. ഇപ്പോഴോ പടക്കൂട്ടത്തിൻമകളാ
ള്ളോവേ നീ കൂട്ടംകൂടിപ്പോകും; അവർ നമ്മെ വളഞ്ഞു ഞെരുക്കി ഇസ്ര
യേലിലേ ന്യായകർത്താവിനെ വടികൊണ്ടു കവിളിന്നു അടിക്കുന്നു സ
ത്യം.

5, 1 നീയോ ബേത്ലെഹം എഫ്രാത്തേ, യഹൂദയുടേ ആയിരങ്ങളിൽ കൂട്ട
വാൻ അതിചെറുതായുള്ളോവേ! ഇസ്രയേലിൽ വാഴേണ്ടുന്നവൻ നിങ്കൽനി
ന്നത്രേ എനിക്കു പുറപ്പെട്ടു വരും, അവൻറെ പുറപ്പാടുകൾ പണ്ടേ യുഗദിവ
2 സങ്ങളിൽനിന്നു തന്നേ. അതുകൊണ്ടു പെറുന്നവൾ പെറു എന്നു വരുന്ന കാ
ലംവരേ അവൻ (ശത്രുക്കൾക്കു) അവരെ ഏല്പിക്കും, എന്നാൽ അവൻറെ
സഹോദരരുടേ ശേഷിപ്പു ഇസ്രയേൽപുത്രന്മാരോടു ഒന്നിച്ചു മടങ്ങി ചേ
3 രും. ആയവൻ നിന്നു യഹോവയുടേ ഊക്കിലും സ്വദൈവമായ യഹോവാ
നാമത്തിൻ മഹത്വത്തിലും മേയ്ക്കും. അവൻ അന്നമുതൽ ഭൂമിയുടേ അററങ്ങ
4 ളോളം വളരേണ്ടുകയാൽ അവർ ഇരുന്നുപാർക്കും. ഇവൻ തന്നേ സമാധാനം
ആകും. അശ്ശൂർ നമ്മുടേ ദേശത്തിൽ പുക്കാലോ നമ്മുടേ അരമനകളിൽ നട
കൊണ്ടാലോ നാം ഏഴു ഇടയന്മാരെയും മനുഷ്യരാൽ നിയുക്തർ എണ്മ
5 രെയും എതിരേ നിറുത്തും. ആയവർ അശ്ശൂർദേശത്തെ വാൾകൊണ്ടും നി
മ്രോദിൻ ഭൂമിയെ അതിലേ തുറവുകളിലും മേയ്ക്കും. (അശ്ശൂർ) നമ്മുടേ ദേശ
ത്തു വന്നു ഇങ്ങേ അതിരിൽ നടകൊണ്ടാൽ അവൻ അശ്ശൂരിൽനിന്നു ഉദ്ധ
രിക്കും.

6 അനന്തരം യാക്കോബിൻശേഷിപ്പു ബഹുവംശങ്ങളുടേ ഇടയിൽ യഹോ
വയിൽനിന്നുള്ള മഞ്ഞുപോലേയും ഒരാൾക്കും കാത്തിരിക്കാതേ മനുഷ്യപു
ത്രരെ പാർക്കാതേയും പുല്ലിന്മേൽ (പൊഴിയുന്ന) വർഷധാരകൾ പോലേ
7 യും ആകും. പിന്നേ കാട്ടുജന്തുക്കളിൽ സിംഹവും ആട്ടിങ്കൂട്ടങ്ങളിൽ പാഞ്ഞ
ടനേ ഉദ്ധരിപ്പവൻ ഇല്ലാതേ ചവിട്ടി ചീന്തുന്ന ചെറുകോളരിയും ഏതുപ്ര
കാരം, അപ്രകാരം യാക്കോബിൻശേഷിപ്പു ജാതികളിൽ ബഹുവംശങ്ങളു
8 ടേ ഇടയിൽ തന്നേ ആകും. നിൻറെ കൈ മാററാന്മാരുടേ മേൽ ഉയർന്നിരി
ക്ക! നിൻശത്രുക്കൾ എല്ലാം ഛേദിക്കപ്പെടാക!

9 അന്ന സംഭവിപ്പിതു, എന്ന യഹോവയുടേ അരുളപ്പാടു, ഞാൻ നിൻ നടു
10 വിലേ കുതിരകളെ ഛേദിച്ചു നിൻതേരുകളെ കെടുക്കയും, നിൻ ദേശത്തേ
11 പട്ടണങ്ങളെ ഛേദിച്ചു കോട്ടകളെ ഒക്കയും ഇടിക്കയും, മന്ത്രവാദങ്ങളെ നിൻ
12 കൈക്കൽനിന്ന മുടിച്ചു ശകുനക്കാർ നിണക്കു് ഇല്ല എന്ന വരുത്തുകയും, നി
നേറ തിടമ്പുകളെയും നാട്ടക്കല്ലുകളെയും നിൻ ഉള്ളിൽനിന്ന മുടിക്കയും ചെ
13 യ്യും, സ്വന്തകൈകളുടേ പണിയെ നീ ഇനി നമസ്കരിക്കയും ഇല്ല. നിൻ
ഉള്ളിൽനിന്ന ശ്രീപ്രതിമകളെ ഞാൻ പൊരിച്ചു നിൻനഗരങ്ങളെ നിർമ്മൂ
14 ലമാക്കും. കേളാതേ പോയ ജാതികളിലോ ഞാൻ കോപത്തോടും ഊഷ്മാ
വോടും പ്രതിക്രിയ നടത്തും.

6. അദ്ധ്യായം (—7.)

കൃതഘ്നവംശത്തോടു യഹോവ വ്യവഹരിച്ചു (6) കർമ്മങ്ങളെ അല്ല നീതി ദയതാഴ്മകളെ ചോദിച്ചു (9) അനുതപിക്കാത്തവരെ അരട്ടി ശിക്ഷിക്കുന്നു. (7,1) സഭ സങ്കടപ്പെട്ടു പ്രാർത്ഥിച്ചശേഷം (7) കൃപാജയത്തെ ആശിച്ചു (15) പുതിയ വാഗ്ദത്തം അംഗീകരിച്ചു (18) നിത്യകരുണയെ സ്തുതിക്കുന്നു.

1 **അ**ല്ലയോ യഹോവ പറയുന്നതിനെ കേൾക്കേണമേ! എടോ എഴുനീറു
മലകളുടേ മുമ്പാകേ വാദിക്ക, കുന്നുകളും നിന്റേറ ശബ്ദം കേൾക്കാവു! യ
2 ഹോവെക്കു തൻജനത്തോടു വാദം ഉണ്ടു, ഇസ്രയേലിനോടു് അവൻ വ്യവ
ഹരിപ്പാൻ പോകയാൽ, മലകളും ഭ്രമിയുടേ അടിസ്ഥാനങ്ങളായ അചല
3 ങ്ങളും ആയുള്ളോവേ യഹോവയുടേ വാദത്തെ കേൾപ്പിൻ:—എൻജനമേ
ഞാൻ നിണക്കു് എന്തു ചെയ്തു? ഏതൊന്നിനാൽ നിണക്കു മടുപ്പുവരുത്തി?
4 എന്റേറ നേരേ (സങ്കടം) ബോധിപ്പിക്കാ! ഞാനോ മിസ്രദേശത്തുനിന്ന നി
ന്നെ കരേററി അടിമവീട്ടിൽനിന്ന മോചിച്ചു, മോശെ അഹരോൻ മിര്യാം
5 നിന്റേറ മുമ്പിൽ അയച്ചുവല്ലോ? എൻജനമേ മോവാബ്രാജാവായ ബാ
ലാക് മന്ത്രിച്ചതു് എന്തു് എന്നും ബയോർ പുത്രനായ ബിലെയാം അവനോടു
പറഞ്ഞ ഉത്തരം എന്തെന്നും ശിത്തീംമുതൽ ഗിലുഗാൽവരേ (ഉണ്ടായതും)
ഓർത്തുകൊണ്ടാലും! യഹോവയുടേ നീതിക്രിയകളെ അറിയേണ്ടതിന്നാ
6 യേ!—(ജനം ചോദിക്കുന്നു:) ''എന്തൊന്നു കൊണ്ടുവന്നു ഞാൻ യഹോവ
യെ എതിരേററു ഉന്നതദൈവത്തിന്നു കുമ്പിടേണ്ടു? ഹോമങ്ങളുംകൊണ്ടോ
7 ഒരു വയസ്സുള്ള കന്നുകളെക്കൊണ്ടോ വരേണ്ടതു? യഹോവെക്കു രുചിക്കുന്നതു
ആയിരം മുട്ടാടുകളോ ലക്ഷം എണ്ണത്തോടുകളോ? എൻദ്രോഹത്തിന്നു മൂകുട്ടി
യെയോ ഈ ദേഹിയുടേ പാപത്തിന്നു ഗർഭഫലത്തെയോ കൊടുക്കേണ്ടതു്
8 എന്നോ?''—ഹേ മനുഷ്യ നല്ലതു് ഇന്നതു് എന്നും യഹോവ നിന്നോടു് അ
ന്വേഷിക്കുന്നതു് ഇന്നതു് എന്നും നിന്നോടു് അറിയിച്ചിട്ടുണ്ടല്ലോ. ന്യായം
ചെയ്തുയും ദയയെ സ്നേഹിക്കയും നിൻദൈവത്തോടു വിനയമായി നടക്കു
കയും വേണ്ടുന്നതേ ഉള്ളു.
9 യഹോവയുടേ ശബ്ദം പട്ടണത്തോടു വിളിക്കുന്നു, തത്വബോധത്തെ നി
ന്തിരുനാമം നോക്കുന്നുവല്ലോ, (ശാസിക്കുന്ന) വടിയെയും അതിനെ നി
10 യോഗിച്ചതു് ആർ എന്നും കേൾപ്പിൻ! ദുഷ്ടന്റേറ ഭവനത്തിൽ ദുഷ്ടതാനിധി
11 കളും വ്യസനത്തിൻപാത്രമായ ചുരുങ്ങിയ നാഴിയും ഇനിയും ഉണ്ടോ? ദുഷ്ട
ത്തുലാസ്സും കള്ളപ്പടികളും ഇട്ട സഞ്ചിയും ഇരിക്കേ ഞാൻ നിർമ്മലൻ എന്നു
12 വരുമോ? അതിലേ ധനവാന്മാർ സാഹസം നിറഞ്ഞും കുടിയാന്മാർ ചതി
13 പറഞ്ഞും വരുന്നു, അവരുടേ നാവു വായിൽ വ്യാജസ്വരൂപമത്രേ.—എന്നി
ട്ടു നിൻപാപങ്ങളേ ഹേതുവായി നിന്നെ പാഴാക്കുവോളം ഞാൻ നിന്നെ
14 അടിക്കുന്നതു, കലശൽ ആകുന്നു. നീ ഉണ്ടാലും തൃപ്തി ആക ഇല്ല, നിൻ

ഉള്ളിൽ വെറുമ നില്ലും, (വല്ലതും) അകററിവെച്ചാലും അതിനെ വിടുവിക്ക
15 ഇല്ല, നീ വിടുവിക്കുന്നതും കൂടേ ഞാൻ വാളിന്ന് ഏല്പിക്കും. വിതെച്ചാലും
നീ മൂരുക ഇല്ല, ഒലിവ ഫലങ്ങളെ മെതിച്ചാലും എണ്ണതേക്ക ഇല്ല, ദ്രാക്ഷാ
16 രസത്തെ (ആട്ടിയാലും) വീഞ്ഞു കുടിക്കയും ഇല്ല. ഒമ്രി വെച്ച വെപ്പുകളും
അഹാബ്ഗൃഹത്തിൻനടപ്പുകളും എല്ലാം കരുതി പ്രമാണിക്കയും അവരുടേ
ആലോചനകളെ നിങ്ങളും ആചരിക്കയും ഉണ്ടല്ലോ ഞാൻ നിന്നെ വിസ്മ
യവും കുടിയാന്മാരെ ചീററുന്നതും ആക്കിവെക്കേണ്ടതിന്നത്രേ; എൻ ജന
ത്തിൻറെ നിന്ദയെ നിങ്ങളും തന്നേ വഹിക്കും.

7, 1 ഹാ ഹാ എനിക്കു കഷ്ടം! പഴത്ത പഴത്തിൻഎടുപ്പിന്നും മുന്തിരിങ്ങ കാ
ലായിൽ പറിക്കുന്നതിന്നും ഞാൻ ഒത്തുചമഞ്ഞുവല്ലോ തിന്മാൻ നല്ലൊരു
കുല പിന്നേ ഇല്ല! ആദ്യം പഴത്ത അത്തിക്കയെ എൻദേഹി കൊതിക്കു
2 ന്നതു (കാണ്മാനില്ല). ഭക്തൻ ഭ്രമിയിൽനിന്നു മുടിഞ്ഞു, മനുഷ്യരിൽ നേ
രുള്ളവൻ ഇല്ല; എല്ലാവരും രക്തങ്ങൾക്കായി പതിയിരിക്കുന്നു, സഹോ
3 ദരർ ഏവരും തമ്മിൽ വലവെച്ചു നായാടുന്നു. തിന്മയെ നന്നായി നടത്തു
വാൻ കൈയിണ നീട്ടും; പ്രഭു ചോദിക്കുന്നു, ന്യായാധിപൻ പ്രത്യുപകാ
രത്തിന്നായി (ചെയ്യുന്നു), മഹാൻ കൊതിക്കുന്ന കിണ്ടത്തെ ഉരെക്കുന്നു,
4 (മൂവരും) അതു നൂലാക്കി പിരിക്കുന്നു. അവരിൽ ഉത്തമൻ ചുണ്ടകണക്കേ,
നേരുള്ളവൻ വേലിക്കള്ളിയെക്കാളും (ആക). നിൻറെ കാവല്ക്കാർ (ഘോ
ഷിച്ചു) ദിവസം ആകുന്ന സന്ദർശനം വരുന്നു, അന്ന് അവരുടേ തിക്കും
5 തിരക്കും കാണും. കൂട്ടുകാരനെ വിശ്വസിക്കായ്വിൻ! ചങ്ങാതിയിൽ തേ
6 റൊല്ലാ! തഴുകിക്കിടക്കുന്നവളിൽനിന്നു മുഖദ്വാരത്തെ സൂക്ഷിക്ക! മകൻ
ആകട്ടേ അച്ഛനെ അലക്ഷ്യമാക്കുന്നു, മകൾ അമ്മയോടും മരുമകൾ അമ്മാ
വിയോടും മറുത്തു നില്ക്കുന്നു, പുരുഷൻറെ ശത്രുക്കൾ തൻവീട്ടിലേ ആളുകൾ
അത്രേ.

7 ഞാനോ യഹോവയിലേക്കു നോക്കിക്കൊണ്ട് എൻരക്ഷയുടേ ദൈവ
8 ത്തിന്നു കാത്തിരിക്കും, എൻദൈവം എന്നെ കേൾക്കും. എൻറെ വിരോ
ധിനിയേ എന്മേൽ സന്തോഷിക്കേണ്ട, ഞാൻ വീണു എങ്കിൽ എഴുനീല്ക്കു
മല്ലോ, ഇരിട്ടത്ത് ഇരിക്കുമ്പോൾ യഹോവയല്ലോ എനിക്കു പ്രകാശം.
9 യഹോവയോടു ഞാൻ പിഴെച്ചതുകൊണ്ടു അവൻറെ രോഷത്തെ വഹി
ക്കും, അവൻ എൻറെ വ്യവഹാരത്തെ എൻന്യായത്തെ നടത്തുംവരേ ത
10 ന്നേ. അവൻ വെളിച്ചത്തിലേക്ക് എന്നെ പുറപ്പെടുവിക്കും, ഞാൻ അവ
ൻറെ നീതിയെ കാണും. നിൻ ദൈവമായ യഹോവ എവിടേ? എന്ന്
എന്നോടു പറയുന്ന വിരോധിനി അതുകണ്ടു ലജ്ജ പൂണ്ടിരിക്ക! എൻ ക
ണ്ണുകൾ അവളെ (യഥേഷ്ടം) കാണും, അന്ന് അവൾ തെരുക്കളിലേ ചളി
11 പോലേ ചവിട്ടുവാൻ മാത്രം ആകും.— (പട്ടണമേ), നിൻമതിലുകളെ
മാടുവാനുള്ളദിവസം (ഇതാ വരുന്നു), ആ ദിവസം വെപ്പിന്നു നീക്കം വ
12 രും. അന്ന് അശ്ശൂരിൽനിന്നും മിസ്രനഗരങ്ങളിൽനിന്നും, മിസ്രതൊട്ടു പ്രാ
ത്നദിപര്യന്തവും, കടലോടു കടലോളവും മലയോടുമലയോളവും (എല്ലാം)
13 നിങ്കലേക്കു വരും. ഭ്രമിയോ അതിൽ വസിക്കുന്നവർ മുതലായിട്ടു അവരുടേ
14 ക്രിയാഫലം നിമിത്തം പാഴായിപ്പോകും.— അല്ലയോ നിൻറെ അവകാ
ശത്തിലേ ആടുകളായ നിൻജനത്തെ തിരുക്കോൽകൊണ്ടു മേയ്ക്കേണമേ, ക
ർമ്മൽനടുവിൽ അവർ കാട്ടിൽ തനിച്ചു വസിക്കുമാറു തന്നേ; പണ്ടെ നാള
കളിൽ എന്ന പോലേ അവർ ബാശാൻ ഗിലെയാദിലും മേഞ്ഞുകൊള്ളാവു!

15 നീ മിസ്രയിൽനിന്നു പുറപ്പെട്ട നാളുകളെ പോലേ ഞാൻ അതിന്നു അ
16 തിശയങ്ങളെ കാണിക്കും. ജാതികൾ കണ്ടു സകലശൌര്യത്തിലും നാണി
17 ച്ചു കൈകൊണ്ടു വായി പൊത്തി ചെവികൾ അടെച്ചുപോകും. അവർ
പാമ്പു പോലേ മണ്ണു നക്കി, നിലത്ത് ഇഴയുന്നവകണക്കേ തങ്ങളുടേ

മാടങ്ങളെ വിട്ട നടുങ്ങി നമ്മുടേ ദൈവമായ യഹോവയിലേക്കു പേടിച്ചു
18 ചേരും, നിന്നെ മാത്രം ഭയപ്പെടുകയും ചെയ്യും.— നിന്നെപ്പോലേ ദൈവം
ആർ ഉള്ളു? അകൃത്യം ക്ഷമിച്ചും തന്റേ അവകാശത്തിലേ ശേഷിപ്പിന്നു
ദ്രോഹത്തെ കടന്നും കൊള്ളുന്നവനേ! ദയയിൽ പ്രിയപ്പെടുകകൊണ്ടു സ
19 കോപത്തെ എന്നേക്കും ഉറപ്പിക്കുന്നില്ല. അവൻ മടങ്ങി നമ്മിൽ കരള
ലിഞ്ഞു നമ്മുടേ അകൃത്യങ്ങളെ കാല്ക്കീഴാക്കും! അവരുടേ സകലപാപങ്ങ
ളെയും നീ കടലാഴങ്ങളിലേക്കു് ഇട്ടുകളയും. പുരാതനദിവസങ്ങൾമുതൽ
20 നീ ഞങ്ങടേ പിതാക്കന്മാരോടു് ആണയിട്ടിട്ടുള്ള സത്യത്തെ യാക്കോ
ബിന്നും (വാഗ്ദത്തം ചെയ്തു) ദയയെ അബ്രഹാമിന്നും കാട്ടിത്തരേണമേ!

NAHUM

നഹൂം

എൽക്കോശ്യനായ നഹൂമിൻദർശനപുസ്തകം. നീനവയെക്കൊണ്ടുള്ള ആജ്ഞ. (മനശ്ശെരാജാവിൻകാലത്തു.)

1. അദ്ധ്യായം

നീതിനിധിയായ യഹോവ (7) നീനവയെ സംഹരിച്ചു (12) സ്വജനത്തിന്മേൽ ഉള്ള ഭാരത്തെ കുറെക്കും.

2 യഹോവ എരിവുള്ള ദേവനും പകവീട്ടുന്നവനും തന്നേ. യഹോവ പക
വീട്ടുന്നവനും ഊഷ്മാവാണ്ടവനും തന്നേ. യഹോവ തൻമാററാന്മാരിൽ
3 പകവീട്ടുവോനും സ്വശത്രുക്കൎക്കു (വൈരം) സംഗ്രഹിപ്പവനും തന്നേ. യ
ഹോവ കോപമാന്ദ്യവും ഊക്കിൻവലിപ്പവും ഉള്ളവനായി (ദണ്ഡ്യനെ)
കേവലം നിർദ്ദോഷീകരിക്ക ഇല്ല (2 മോ.34,7). കൊടുങ്കാററിലും വിശ
റുകോളിലും വെച്ചു യഹോവയുടേ വഴി; അവൻറെ കാൽപ്പൊടി കാർമു
4 കിൽ തന്നേ. അവൻ കടലിനെ ഭർത്സിച്ചു(കൊണ്ടു) വററുന്നു, എല്ലാ പുഴ
കളെയും ഉണക്കി വെക്കുന്നു, ബാശാനും കർമ്മലും വാടി ലിബനോനി
5 ലേ പൂവൽ മാഴ്കുന്നു. അവന്മുമ്പിൽ മലകൾ കുലുങ്ങി കുന്നുകൾ ഉരുകി
പ്പോകുന്നു, തന്മുഖത്തുനിന്നു ഭൂമി പൊങ്ങുന്നു, പാരിടവും അതിൽ പാൎക്കു
6 ന്നവരും എല്ലാം കൂടേ. അവൻറെ ഈറലിന്ന് ആർ നില്ക്കും? അവൻകോ
പത്തിൻചൂടിൽ ആർ നിവിരും! തീപ്പോലേ അവൻറെ ഊഷ്മാവ് ചൊ
രിഞ്ഞു വരുന്നു, പാറകൾ അവനാൽ പൊരിഞ്ഞു പോകുന്നു.
7 യഹോവ നല്ലവൻ, ഞെരുക്കനാളിൽ ശരണമായിക്കൊള്ളാം, തങ്കൽ
8 ആശ്രയിക്കുന്നവരെ അറിയുന്നു. (നീനവ) ആയവളുടേ സ്ഥാനമോ അവൻ
കവിഞ്ഞു തള്ളുന്ന ഓളംകൊണ്ടു മുടിച്ചുകളയും തൻറെ ശത്രുക്കളെ ഇരിട്ടിൽ
9 പിന്തുടൎന്നും കൊള്ളും. (യഹൂദരേ) യഹോവയെ ചൊല്ലി നിങ്ങൾ എന്തു
പോൽ നിനെക്കുന്നു? അവൻ തീരേ മുടിവു വരുത്തും, ഞെരുക്കം രണ്ടു വട്ടം
10 എഴുന്നുകാൺകയില്ല. (അശ്ശൂരർ) മുള്ളുകൾകണക്കേ കെട്ടി പിണഞ്ഞും അ
വരുടേ മദ്യം കുടിച്ച മത്തരെ പോലേ ലഹരിപിടിച്ചിട്ടും ഉണങ്ങിയ
11 താളടി പോലേ തീരേ (തീക്കു) ഇരയാകും. യഹോവെക്കു എതിരേ ദോ
ഷം ചിന്തിച്ചു വല്ലായ്മ മന്ത്രിക്കുന്നവൻ നിങ്കൽനിന്നു ഉളവായ്വന്നു.
12 യഹോവ ഇവ്വണ്ണം പറയുന്നു: അവർ ബലം കുറയാതേ എത്ര ബഹുക്കളാ
യിരുന്നാലും വെറുതേ മൂൎന്നുപോയി കഴിഞ്ഞു എന്നു വരും, (യഹൂദേ) നി
13 ന്നെയോ ഞാൻ താഴ്ത്തീട്ടുണ്ടു ഇനി താഴ്ത്തുകയും ഇല്ല. നിന്മേലേ അവൻറെ
14 നുകത്തെ ഞാൻ ഇപ്പോൾ ഒടിച്ചു നിൻറെ കെട്ടുകളെ അറുത്തു തരും. (അശ്ശൂ
രേ) നിൻറെ മേൽ യഹോവ കല്പിച്ചിതു: ഇനി നിൻറെ നാമം ഒട്ടും വിതെ
ക്കപ്പെടുക ഇല്ല, നിൻദേവസ്ഥാനത്തുനിന്നു കൊത്തിയും വാൎത്തും തീൎത്ത
തിനെ ഞാൻ അറുതി വരുത്തി, നീ കനം കുറഞ്ഞവനായി കാൺകയാൽ
നിൻറെ ശ്മശാനത്തെ ഒരുക്കും.

2. അദ്ധ്യായം

യഹോവ നീനവയെ കൊള്ളേ ഉരത്ത പടയെ നിയോഗിച്ചു (6) പട്ടണത്തെ പിടിപ്പിച്ചു (12) മൂലനാശം വരുത്തും.

1 സമാധാനം കേൾപ്പിക്കുന്ന സുവാർത്തക്കാരുടേ കാലുകൾ ഇതാ മലക
ളിൻമേൽ കണ്ടാലും! വല്ലായ്മക്കാരൻ ഇനി നിന്നിൽ കടക്കാതവണ്ണം അ
ശേഷം അറുതിവന്നു പോയതാൽ യഹൂദേ നിന്റേ ഉത്സവങ്ങളെ കൊണ്ടാ
2 ടുക: നിന്റേ നേർച്ചകളെ ഒപ്പിക്ക!— (നീനവേ) നിന്മുഖത്തിന്നു നേരേ
ഒരു മട്ടകൻ കരേറി വന്നു; കൊത്തളം സൂക്ഷിക്ക! നിരത്തിനെ കാത്തുനോ
ക്ക! അരകളെ മുറുക്കുക. ഊക്കിനെ ഏറേ ഉറപ്പിക്ക! എങ്ങനേ എന്നാൽ
3 യാക്കോബിൻപ്രഭാവത്തിലേക്കു മടങ്ങി അതിനെ ഇസ്രയേലിൻപ്രഭാവ
ത്തോടു സമമാക്കി വെക്കും, വെറുമ വരുത്തുന്നവർ അവരെ വെറുമയാക്കി
4 അവരുടെ വള്ളികളെ കെടുക്കയാൽ തന്നേ.— പട ഒരുക്കുംനാൾ അവന്റേ
വീരന്മാരുടേ പലിശ ചുവപ്പിട്ടും പോരാളികൾ അരക്കുവസ്ത്രം ധരിച്ചും രഥ
ങ്ങൾ ഉരുക്കലകുകളുടേ മിന്നൽ പൂണ്ടും കുന്തങ്ങളാംകാട്ട ഓങ്ങിയും നില്ക്കു
5 ന്നു. (അകത്തു) തെരുക്കളിൽ തേരുകൾ ഭ്രാന്തിപിടിച്ച വീഥികളിൽ
അങ്ങിടിങ്ങിടെ ഓടുന്നു, അതിൻ കാഴ്ച ദീപട്ടികൾക്കു സമം, ഇടികൾ ക
ണക്കേ ഊടാടുന്നു.
6 (അശ്ശൂർരാജാ) തന്റേ ആഢ്യന്മാരെ ഓർക്കുന്നു, ആയവർ തങ്ങളുടേ നട
കളിൽ ഇടറി അകത്തുനിന്നു മതില്ക്കലേക്കു വിരഞ്ഞോടി, മേൽത്തട്ട
7 കെട്ടിനില്ക്കുന്നു. നദികളിലേ വാതിലുകൾ തുറന്നുപോകുന്നു, രാജമന്ദിരം
8 ഉരുകുന്നു. അതു വിധിവിഹിതം! അവൾ വസ്ത്രം ഊരി കരേറപ്പെടുന്നു, അ
വളുടേ ദാസിമാർ പ്രാവിൻഒച്ചപോലേ കുറുകി നെഞ്ചിൽ അലെച്ചുകൊള്ള
9 ന്നു. നീനവ ഉണ്ടായനാൾമുതൽ ജലസരസ്സു തന്നേ; അവരോ മണ്ടുന്നു, നി
ല്ക്കു നിൽപ്പിൻ! എന്നിട്ടും തിരിഞ്ഞുകൊള്ളുന്നവർ ആരും ഇല്ല. വെള്ളി
10 കവരുവിൻ! പൊൻ കവരുവിൻ! ചിത്രനിർമ്മാണങ്ങളും സകലമനോ
ഹരസാധനത്തിൻ തേജസ്സും ഒരു അറവും ഇല്ല! ഒഴിവും പാഴും വെറുമയും
11 അത്രേ! നെഞ്ചു് അഴികയും മുഴങ്കാൽ മുടങ്ങുകയും അരകൾതോറും ഈറ്റു
വലിയും സകലമുഖങ്ങളിൽനിന്നും ചുവപ്പു പുകുപോയി!
12 അരട്ടന്നവൻ ആരും ഇല്ലാതേ സിംഹവും സിംഹിയും കിടാവും നടന്നു
വന്ന സിംഹങ്ങളുടേ പാർപ്പു് എവിടേ? ചെറുകോളരികളുടേ മേച്ചലും
13 എവിടേ? തന്റേ കിടാക്കളുടേ മുട്ടിന്നു ചീന്തി സിംഹികൾക്കായി ഞെ
ക്കിക്കൊല്ലുന്നൊരു സിംഹം തന്റേ മാളികളിൽ ഇരയും ഗുഹകളിൽ ചീ
14 ന്തിയതും നിറെച്ചുവല്ലോ. സൈന്യങ്ങളുടയ യഹോവയുടേ അരുളപ്പാടാ
വിതു: ഞാൻ ഇതാ നിന്നോടു് ഏറു ആ തേർബലം പുകയാക്കി എരിച്ചു
കളയിക്കും, നിൻ ചെറുകോളരികളെ വാൾതിന്നും, നിന്റേ ഇരയെ ഞാൻ
ഭൂമിയിങ്കന്നു് അറുതിവരുത്തും, നിൻദൂതരുടേ ഒച്ച ഇനി കേൾപ്പാറും ഇല്ല.

3. അദ്ധ്യായം

പട്ടണത്തിന്നു പാപസംഖ്യനിമിത്തം ശിക്ഷ വരുന്നതു (8) മിസ്രയി
ലേനോ എന്ന പോലേ ഒഴിച്ചു കൂടാത്തതും (14) നിഗ്രഹസംഹാരവും ആ
യ്ത്തീരും.

1 ചോരകൾ ആണ്ടപട്ടണത്തിന്നു ഹാ കഷ്ടം! ചതിയും ഹത്യയും മുറ്റും
2 നിറഞ്ഞവളേ! ഇര പറിക്കുന്നതു വിടുന്നില്ല. (കേൾ) ചമ്മട്ടിയൊശയും
3 ഉരുളൊലികളും ഓടുന്ന കുതിരയും കുതിക്കുന്ന വണ്ടിയും! തള്ളിനെഴുന്ന
അശ്വബലവും വാളിൻജ്വാലയും കുന്തത്തിൻമിന്നലും കുതർന്നവർപെരുപ്പ
വും ശവങ്ങൾ പാരിക്കയും പിണങ്ങൾ അറമില്ലായ്മയും അവരുടേ ശവ
4 ങ്ങളിൽ ഇടറുകയും! തൻപുലയാട്ടിനാൽ ജാതികളെയും ക്ഷുദ്രങ്ങളാൽ കുല
ങ്ങളെയും വില്ക്കുന്ന വേശ്യയുടേ ഏറിയ പുലയാട്ടുകളും ആഭിചാരക്കാരത്തിയു
5 ടേ ലാവണ്യശ്രേഷ്ഠതയും നിമിത്തം തന്നേ. സൈന്യങ്ങളുടയ യഹോവയുടേ

അരുളപ്പാടാവിതു: ഇതാ ഞാൻ നിന്നോടു് ഏറു നിന്റെ തോങ്ങലുകളെ നിന്മുഖത്തിന്മേൽ വലിച്ചെടുത്തു ജാതികൾക്കു നിന്റെ ഗ്രഹ്യവും
6 രാജ്യങ്ങൾക്കു നിൻ ഇളപ്പവും കാണിക്കും; നിന്റെ മേൽ അമേദ്ധ്യങ്ങൾ
7 എറിയിക്കയും നിന്നെ ധിക്കരിച്ചു കാഴ്ചയാക്കിക്കളകയും ചെയ്യും. എന്നാൽ നിന്നെ കാണുന്നവർ ഒക്കയും: ഹാ നീനവ പാഴായി! അവൾക്കായിട്ടു് ആർ തൊഴിക്കും? നിണക്കു് എവിടുന്നു ആശ്വസിപ്പിക്കുന്നവരെ തിരയേണ്ടു? എന്നു ചോല്ലി നിന്നെ വിട്ടു മണ്ടും.

8 നീലനദികളിൽ ഇരുന്ന സമുദ്രത്താൽ കിടങ്ങും പുറമതിലും ഉള്ളതായി വെള്ളം ചുറ്റിക്കൊണ്ടിരിക്കുന്ന നോആമോനെക്കാൾ നീ നല്ലവൾ എന്നു
9 വരുമോ? അവൾക്കു് ഊറ്റമായതു കൂഷും അറ്റമില്ലാതോളം മിസ്രൎക്കാരും, തുണെപ്പാൻ പൂത്തും ലൂബ്യരും ഉണ്ടു. എന്നിട്ടും അവൾ കൂടേ അടിമയായി പ്രവാസത്തിന്നു നടന്നു, അവളുടേ ശിശുക്കളും തെരുക്കളിലേ
10 കോടിക്കല്ലുതോറും ഞെരിഞ്ഞും ചതഞ്ഞും പോയി, അവളുടേ ഘനശാലികളിന്മേൽ നറുക്കിട്ട മഹത്തുക്കളെ എല്ലാം ചങ്ങലകളാൽ വരിഞ്ഞു കെ
11 ട്ടുകയും ചെയ്തു.— (അങ്ങനേ) നീയും മത്തയാകും, മറഞ്ഞുപോകും, നീയും
12 ശത്രുവിൽനിന്നു ശരണം അന്വേഷിക്കും. നിൻകോട്ടകൾ എല്ലാം മുമ്പഴത്ത കായ്തുകൾ ഉള്ള അത്തികൾ അത്രേ, അവ കുലുക്കിയാൽ തിന്നുന്നവന്റെ
13 വായിൻമേൽ വീഴും. നിന്റെ വംശം കണ്ടാലും, നിൻനടുവിൽ പെണ്ണുങ്ങളത്രേ! നിൻദേശത്തിൻ വാതിലുകൾ ശത്രുക്കൾക്കു് അശേഷം തുറന്നുപോകും, നിൻതഴുതുകളെ അഗ്നി തിന്നുന്നു.

14 വളച്ചലിന്നു വെള്ളം നിനക്കു, കോരിക്കൊൾക! നിൻ കോട്ടകളെ ഉറപ്പിക്ക! ചളിയിൽ ചെന്നു മണ്ണു ചവിട്ടുക! ഇട്ടികച്ചൂളയെ പൊളിതീർത്തു
15 കെട്ടുക! അതിൽ തന്നേ നിന്നെ തീ തിന്നും, വാൾ അറുക്കും നക്കിത്തുള്ളൻ എന്നപോലേ നിന്നെ തിന്നും, നക്കികണക്കേ നിന്നെ പെരുക്കുക!
16 തുള്ളൻകൂട്ടം പോലേ പെരുക്കുക! നിന്റെ കച്ചവടക്കാരെ നീ വാനമീനുകളെക്കാളും വർദ്ധിപ്പിച്ചു, തുള്ളൻ പുക്കു പറിച്ചു പറക്കയും ചെയ്യുന്നു. നി
17 ന്റെ വിരുതന്മാർ തുള്ളനും പണിക്കന്മാർ വെട്ടിലിണ്ടെക്കും ഒക്കും; ഇവ കുളിർനാളിൽ തിണ്ടുകളോടു മേവിക്കൊള്ളും, സൂര്യൻ ഉദിക്കേ പാറിപ്പോ
18 കും, എവിടേ എന്നു് അവറിൻസ്ഥലം പിന്നേ അറിയുന്നതും ഇല്ല.—അല്ലയോ അശ്ശൂർരാജാവേ നിന്റെ ഇടയന്മാർ തുയിൽകൊണ്ടു ആഢ്യന്മാർ കിടന്നുറങ്ങി, നിൻജനം ചേർപ്പവൻ ഇല്ലാതവണ്ണം മലകളിന്മേൽ ചിതറി
19 പ്പോയി. നിൻമുറിവിന്നു് ശമനം ഒട്ടും ഇല്ല, നിന്റെ തല്ലു കലശലായി, നിന്റെ കേൾവി കേൾക്കുന്നവർ എല്ലാം നിന്നെച്ചൊല്ലി കൈകൊട്ടുന്നു; കാരണം നിന്റെ ദുഷ്ടത നിച്ചലും കവിഞ്ഞു തട്ടാത്തവർ ആരുപോൽ?

HABAKKUK

ഹബക്കൂക്

1 പ്രവാചകനായ ഹബക്കൂക് ദർശിച്ച ആജ്ഞ. (യോശീയാവിൻകാ
ലത്തു.)

1. അദ്ധ്യായം

സാഹസവർദ്ധനകൊണ്ടു സങ്കടപ്പെട്ടാറേ (5) കല്ദയർ നടത്തേണ്ടുന്ന
ശിക്ഷയെയും അവരുടേ തിളപ്പിനെയും അറിയിച്ച ശേഷം (12) ഇവരുടേ
അതിക്രമത്തെ ദൈവം സഹിക്കുമോ എന്നു ചോദിച്ചതു.

2 യഹോവേ ഞാൻ എത്രത്തോളം (തുണെക്കായി) കൂവീട്ടും നീ കേളാതേ
പോകുന്നു? സാഹസം എന്നു നിന്നോടു നിലവിളിച്ചാലും നീ രക്ഷിക്കുന്നി
3 ല്ല. നീ എന്നെ അതിക്രമം കാണുമാറാക്കി വ്യസനക്കിണ്ടം താൻ നോക്കു
ന്നതു് എന്തിന്നു? നാശങ്ങളും സാഹസവും എൻമുമ്പിൽ ഉണ്ടു, വാദവും കല
4 ശലും എടുക്കുന്നു. അതുകൊണ്ടു ധർമ്മം വിറന്നുപോകുന്നു, ന്യായം ഒരു നാളും
പുറപ്പെടുന്നതും ഇല്ല; ദുഷ്ടന്മാർ നീതിമാനെ വളഞ്ഞുകൊള്ളുന്നുവല്ലോ, അതു
കൊണ്ടു വക്രിച്ച ന്യായം പുറപ്പെടുകേ ഉള്ളു.

5 (യഹോവയുടേ ഉത്തരം:) ജാതികളിൽ നോക്കിക്കണ്ടു വിസ്മയിപ്പിൻ,
സ്തംഭിപ്പിൻ! എന്തിന്നെന്നാൽ നിങ്ങടേ ദിവസങ്ങളിൽ (ഞാൻ) ഒരു പ്രവൃ
ത്തി പ്രവൃത്തിക്കുന്നു, അതു വിവരിച്ചു തന്നാലും നിങ്ങൾ വിശ്വസിക്ക
6 ഇല്ല. ഞാൻ ആകട്ടേ ഇതാ കല്ദയരെ ഉണർത്തുന്നു, തനിക്കല്ലാത്ത കുടി
കളെ അടക്കുവാൻ ഭ്രമിയുടേ അകലങ്ങളോളം നടക്കുന്ന കൈപ്പും വിരവും
7 ഉള്ളൊരു ജാതി. അതു ഘോരവും ഭയങ്കരവും തന്നേ, അതിന്റേ ന്യായവും
8 മേന്മയും തങ്കൽനിന്നത്രേ ഉളവാകുന്നതു. അതിൻ കുതിരകൾ വള്ളിപ്പുലി
കളിൽ ലഘുതയും വൈകുന്നേരത്തേ ചെന്നായ്ക്കളിൻ കൂട്ടപ്പവും ഏറിയവ;
കുതിരക്കാർ ചാടി പുളെക്കുന്നു, ദൂരത്തുനിന്നു് അതിൻകുതിരക്കാർ തിന്മാൻ
വിരയുന്ന കഴുകു പോലേ പറന്നു വരുന്നു. എപ്പേരും സാഹസത്തിന്നായി
9 വരും, മുഖങ്ങളുടേ മുതിർച്ച മുന്നോട്ടു് എന്നത്രേ, മണൽകണക്കേ ബദ്ധന്മാ
10 രെ ചേർക്കും. അവർ രാജാക്കന്മാരെ ശകാരിച്ചു തമ്പ്രാക്കളെ ഹാസ്യമാ
ക്കും, എല്ലാ കോട്ടയിലും ചിരിച്ചു മണ്ണു കുന്നിച്ചു അതിനെ പിടിക്കും. അ
11 താ കാറ്റായി ഊടാടി കടക്കുന്നു, കുറ്റവാളിയായും പോകുന്നു. തനിക്കുള്ള
ഈ ഊക്കു തന്റേ ദേവനത്രേ.

12 അല്ലയോ നീ പണ്ടേ എൻദൈവവും എൻവിശുദ്ധനും ആകിയ യഹോവ
അല്ലോ? ഞങ്ങൾ മരിക്ക ഇല്ല. യഹോവേ ന്യായവിധി നടത്തുവാൻ നീ
ഇവനെ ആക്കിയതു, പാറയായുള്ളോവേ ശിക്ഷിപ്പാനായി ഇവനെ സ്ഥാ
13 പിച്ചതു. തിന്മ കണ്ടുകൂടാതവണ്ണം കണ്ണിൻശുദ്ധിയുള്ളൊരു നീ, വ്യസനക്കി
ണ്ടം നോക്കുവാൻ കഴിയാത്തൊരു നീ (3) വിശ്വാസവഞ്ചകരെ (വെറു
തേ) നോക്കി ദുഷ്ടൻ തന്നിൽ നീതി ഏറയുള്ളവനെ വിഴുങ്ങുകയിൽ മിണ്ടാ
14 തിരിക്കുന്നതു് എന്തിന്നു? മനുഷ്യരെ കടലിലേ മത്സ്യങ്ങൾക്കും വാഴുന്നവൻ
ഇല്ലാത്ത ഇഴജാതിക്കും സമമാക്കുന്നുവോ? അവരെ ഒക്കയും അവൻ ചൂണ്ടൽ
15 കൊണ്ടു കരേറ്റി തന്റേ വലയിൽ ഇഴെച്ചു കണ്ണിയിൽ ചേർത്തുകൊള്ളുന്നു,
അതുകൊണ്ടു് അവൻ സന്തോഷിച്ചു് ഉല്ലസിക്കുന്നു. ആകയാൽ തൻവലെക്കു

16 ബലി കഴിച്ചു തൻകണ്ണിക്കു ധൂപം കാട്ടുന്നു, ഇവകൊണ്ടു സാക്ഷാൽ അ
17 വന്റെ ഓഹരി നെയ്യുള്ളതും തീൻ പുഷ്ടിയുള്ളതും അല്ലോ! ഇങ്ങനേ ആക
കൊണ്ടു് അവൻ തൻവലയെ കുടഞ്ഞു നിത്യം ജാതികളെ ആദരിയാതേ 18
കൊന്നുപോരാമോ?

2. അദ്ധ്യായം 19

അരുളപ്പാടിൻനിവൃത്തി താമസിച്ചാലും എത്തും നിശ്ചയം (4) വിശ്വാ
സത്താലേ ജീവൻ വരു (6) കലു്ദയന്നു് ദ്രോഹാധിക്യം നിമിത്തം മൂല 20
നാശം നിർണ്ണയം.

1 എന്റെ കാവലിൽ ഞാൻ നിന്നു ഗോപുരത്തിന്മേൽ സ്ഥിതികൊണ്ടു, എ
ന്റെ ഉള്ളിൽ അവൻ എന്തു് ഉരിയാടും എന്നും എന്റെ ആവലാധിക്കു് എ
2 ന്തൊരു ഉത്തരം കിട്ടും എന്നും എത്തി നോക്കട്ടേ:എന്നാറേ യഹോവ എന്നോ
ടു് ഉത്തരം പറഞ്ഞിതു: ദർശനത്തെ എഴുതുക! ഓടി വായിക്കുംവണ്ണം പലക
3 കളിന്മേൽ തെളിയ വരെക്ക! കാരണം: ദർശനം ഇനി (ദൂരമുള്ള) അവ
ധിക്കു് ആകുന്നു, ആ ലാക്കിലേക്കു കിഴെച്ചു് ഓടുന്നു, ചതിക്കയും ഇല്ല;
താമസിക്കുന്നെങ്കിൽ അതിനെ പാർത്തിരിക്ക, അതു വരുന്നുണ്ടു നിശ്ച 1
യം, പിൻപെടുക ഇല്ല.
4 ഇതാ (കലു്ദയൻ) അവന്റെ ദേഹി വീങ്ങിപ്പോയതു, അവനിൽ നേ
5 രുള്ളതല്ല; നീതിമാനോ തന്റെ വിശ്വാസത്താൽ ജീവിക്കും. വിശേഷി 2
ച്ചും വീഞ്ഞു തോല്പിക്കുന്നു; ചീത്തു കൊള്ളുന്ന പുരുഷൻ നിലനില്ക്കയില്ല.
(അങ്ങനേ) പാതാളം പോലേ വായി ചാല പിളർന്നുള്ള കൊതിയൻ, മര
ണംകണക്കേ തൃപ്തിവരാതേ സർവ്വജാതികളെയും തങ്കലേക്കു ചേർത്തു സക 3
ലവംശങ്ങളെയും തങ്കലേക്കു ശേഖരിച്ചു കൊള്ളുന്നവൻ.
6 ഇവനെച്ചൊല്ലി അവർ എല്ലാവരും സദൃശവും കവിതയും കടങ്കഥകളും 4
എടുക്കുക ഇല്ലയോ? എന്നാൽ പറവിതു: തനിക്കല്ലാത്തതിനെ വർദ്ധിപ്പി
ച്ചു പണയപ്പാടു തന്റെ മേൽ കനമാക്കി പോരുന്നവനു ഹാ കഷ്ടം!എത്രോ 5
7 ടം പോൽ? നിന്നെ കടിപ്പവർ പെട്ടന്നു് എഴുനീല്ക്കയും നിന്നെ ഉലെപ്പവർ 6
8 ഉണർകയും നീ അവർക്കു കൊള്ള ആകയും ഇല്ലയോ? അനേകവംശങ്ങളെ
നീ കവർന്നുവല്ലോ? വംശങ്ങളുടേ ശേഷിപ്പു് എല്ലാം നിന്നെയും കവർന്നുക
ളയും, മനുഷ്യരക്തങ്ങം പകർന്നു ഭൂമിയിലും നഗരങ്ങളിലും അതതിൽവ 7
9 സിക്കുന്ന ഏവരിലും സാഹസം ചെയ്ത നിമിത്തം തന്നേ.— തൻകൂടിനെ
ഉയരത്തിൽ വെച്ചു തിന്മയുടേ കൈയിൽനിന്നു തന്നെ ഉദ്ധരിക്കേണ്ടതിനു 8
തൻഗൃഹത്തിനു ദുർല്ലാഭം നേടുന്നവനു ഹാ കഷ്ടം! അനേകവംശങ്ങളുടേ സം
10 ഹാരം നീ ആലോചിച്ചതു നിൻ ഗൃഹത്തിനു തന്നേ നാണവും നീ നി 9
ന്നിൽ തന്നേ പാപിയും ആയിച്ചമഞ്ഞു. കാരണം: ചുവരിൽനിന്നു കല്ലും
11 നിലവിളിക്കും. അറത്തുകെട്ടിൽനിന്നു വിട്ടം അതിനു് ഉത്തരം പറയും.— 10
12 ചോരകളെക്കൊണ്ടു പട്ടണം പണിതു അക്രമത്താൽ നഗരം നിർമ്മിക്കുന്ന
വനു ഹാ കഷ്ടം! കാൺക വംശങ്ങം തീക്കായിട്ടു് അദ്ധ്വാനിച്ചു കുലങ്ങം
13 പഴുതിന്നായി ക്ഷീണിച്ചു കൊള്ളുന്നതു സൈന്യങ്ങളുടയ യഹോവയിൽ 11
14 നിന്നു് ആകുന്നുവല്ലോ? കടലിൽ വെള്ളം മൂടുമ്പോലേ ഭൂമിയിൽ യഹോവാ 12
15 തേജസ്സു് അറികനിറഞ്ഞിരിക്കും സത്യം (യശ. 11, 9).— കൂട്ടുകാരെ മത്ത 13
രാക്കി അവരുടേ ഗുഹ്യം നോക്കുവാൻ മാത്രം കുടിപ്പിച്ചും (മദ്യത്തിൽ)
16 നിന്റെ ഊഷ്മാവെ കലക്കിയും കൊടുക്കുന്നവനു ഹാ കഷ്ടം! കനത്താൽ
അല്ല ഇളപ്പത്താൽ നീ തൃപ്തനായി! ഇനി നീയും കുടിച്ചു മുന്തോൽ കാട്ടുക! 14
യഹോവയുടേ വലങ്കയ്യിലേ പാനപാത്രം നിന്നോളവും തിരിയും നിൻ
17 തേജസ്സിന്മേൽ നിന്ദ്യച്ഛർദ്ദിയും വരും. എന്തിനെന്നാൽ ലിബനോനിൽ

ചെയ്ത സാഹസവും മൃഗങ്ങളെ ഭ്രമിപ്പിച്ച നാശവും നിന്നെ മൂടും, മനുഷ്യ
രക്തങ്ങളും പകൎന്ന ഭൂമിയിലും നഗരങ്ങളിലും അതതിൽ വസിക്കുന്ന എവ
18 രിലും സാഹസം ചെയ്ത നിമിത്തം തന്നേ (8). — വിഗ്രഹത്തെ ഉരുവാക്കു
ന്നവൻ അതിനെ കൊത്തുവാൻ വിഗ്രഹത്താൽ എന്തു ഫലം? ബിംബം തീ
പ്പ്വൻ ഊമരാകുന്ന അസത്തുകളെ ഉണ്ടാക്കുന്നതിൽ ആശ്രയിപ്പാൻ വാത്തു
19 തീൎത്തതിനാലും ആ വ്യാജഗുരുവിനാലും എന്തേ ഫലം? മരത്തോടു: ഉ
ണൎന്നെഴുക! എന്നും മൌനക്കല്ലോടു: ജാഗരിക്ക! എന്നും പറയുന്നവനു
ഹാ കഷ്ടം! ഇതു തന്നേ ഉപദേശിക്കുമോ? കാൺ ഇതു പൊന്നും വെള്ളിയും
20 പൊതിഞ്ഞതല്ലാതേ ഉള്ളിൽ ആത്മാവു് ഒട്ടും ഇല്ല. യഹോവയോ തൻ
വിശുദ്ധമന്ദിരത്തിൽ ഉണ്ടു, അവന്തിരുമുമ്പിൽ ഭൂമി എല്ലാം മിണ്ടായ്ക!

3. അദ്ധ്യായം

(2) യഹോവ സ്വക്രിയയെ നടത്തി കോപത്തിലും കനിവു കാട്ടേണം (3) അവൻ ന്യായവിധിക്കുവന്നാൽ (16) വിശ്വാസിയിൽ ഭയവും ആനന്ദവും നിറയും.

1 (പ്രവാചകനായ ഹബക്കൂക്കിൻ പ്രാൎത്ഥന. ഭ്രമരാഗത്തിൽ (സങ്കീ. 7,1).

2 യഹോവേ നിന്റേ കേൾവിയെ ഞാൻ കേട്ടു ഭയപ്പെടുന്നു. യഹോവേ നിൻപ്രവൃത്തിയെ (1, 5) ആണ്ടുകളുടേ നടുവിൽ ജീവിപ്പിക്ക, ആണ്ടുകളുടേ നടുവിൽ (2, 3) അറിയിക്ക! ചൊടിയിൽ കനിവും ഓൎക്കേണമേ!

3 ദൈവം തേമാനിൽനിന്നും വിശുദ്ധൻ പാറാൻമലയിൽനിന്നും (5 മോ. 33,5) വരുന്നു. (സേല.) വാനത്തെ അവന്റേ ഓലക്കം മൂടുന്നു ഭൂമി അവ
4 ന്റേ യശസ്സിനാൽ നിറഞ്ഞതു. വെയിൽപോലേ ചുടരൊളി ഉണ്ടാകുന്നു, അവന്റേ ഭാഗത്തുനിന്നു കതിരുകളും (കാണും), അതിലോ അവന്റോ ഊ
5 ക്കു മാഞ്ഞു വസിക്കുന്നു, അവൻമുമ്പിൽ മഹാരോഗം നടക്കുന്നു, വഴിയേ
6 എരിപൊരി സഞ്ചരിക്കുന്നു. അവൻ നിന്നുടൻ ഭൂമിയെ ഉലെക്കുന്നു, കണ്ടുടൻ ജാതികളെ കുലുക്കുന്നു; ശാശ്വതപൎവ്വതങ്ങളും വിള്ളുന്നു, നിത്യകുന്നുകളും കുനിയുന്നു, അവൻ പുരാതനസഞ്ചാരങ്ങളും നടക്കുന്നു (സങ്കീ. 68,
7 25). കൂഷ്യന്റേ കൂടാരങ്ങളെ ഞാൻ അനൎത്ഥത്തിൽ മുഴുകി കണ്ടു, മിദ്യാൻ ദേശത്തേതിരശ്ശീലകളും നടുങ്ങുന്നു. — നിൻകുതിരകളോടേ രക്ഷാരഥങ്ങ
8 ളിന്മേൽ നീ ഏറി വരുന്നതു പുഴകളിലോ യഹോവേ പുഴകളിൽ തന്നേ നിൻകോപം എരിഞ്ഞിട്ടോ? കടലിൽ നിൻക്രോധമോ? നിൻവില്ലു മു
9 റും നഗ്നമായി വരുന്നു, (തിരു)ച്ചൊല്പാൽ ആണയിട്ട കിടക്കുന്നതു ശിക്ഷ വടികളും തന്നേ (5 മോ. 32, 40—42). സേല. നീ ഭൂമിയെ നദികളാ
10 ക്കി പിളൎക്കുന്നു. — നിന്നെ കണ്ടു മലകളും പിടെക്കുന്നു, വെള്ളം പൊ ഴിയുന്ന വന്മാരി ഊടാടുന്നു, ആഴി തൻനാദത്തെ കേൾപ്പിച്ചു തൻകൈക
ളെ ഉയരേ നീട്ടുന്നു. നിൻഅമ്പുകളും പാറിവിളങ്ങി നിൻകുന്തത്തിൻപി
11 ണർ മിന്നുകയാൽ ചന്ദ്രാദിത്യരും ഭവനം പുക്കു നില്ക്കുന്നു. — ചീറ്റത്തിൽ
12 നീ ഭൂമിയൂടേ എഴുന്നെള്ളി കോപത്തിൽ ജാതികളെ മെതിക്കുന്നു. നിൻ
13 ജനത്തിൻ രക്ഷെക്കായി നിൻഅഭിഷിക്തന്റേ രക്ഷെക്കായി നീ പുറപ്പെട്ടു ദുഷ്ടന്റേ മനയിൽനിന്നു തലയെ തകൎക്കയും കഴുത്തോളം അടി
സ്ഥാനത്തെ നഗ്നമാക്കുകയും ചെയ്യുന്നു (സേല). എന്നെ പൊടിപെടു
14 പ്പാൻ തള്ളി വരുന്നവരും ഒളിമറയത്തു എളിയവനെ തിന്മാൻ എന്നപോലേ ഉല്ലസിക്കുന്നവരും ആയ അവന്റേ പടച്ചാത്തുകളുടേ തലകളെ നീ അ
വന്റേ സ്വന്തകണകളെക്കൊണ്ടു തുളെക്കുന്നു. പെരുവെള്ളങ്ങളുടേ കുമ്പൽ

15 ആകുന്ന സമുദ്രത്തുടേ നിൻകുതിരകളാൽ നീ നടകൊള്ളുന്നു (സങ്കീ. 77, 20).

16 ഞാൻ കേട്ടുടൻ വയറു വിറെച്ചു, അധരങ്ങൾ ആ ശബ്ദത്തിന്നു കിലുകി
ല മുഴങ്ങി; അവൻ വംശത്തെക്കൊള്ളേ കരേറി തള്ളിവരുന്ന അനർത്ഥദിവ
സത്തെ ഞാൻ സ്വസ്ഥായി പാർക്കേണ്ടതാകകൊണ്ടു എൻറെ എല്ലുകളിൽ
17 പഴുപ്പു കടന്നു അടി വിറെക്കുന്നതും ഉണ്ടു. അന്നാകട്ടേ അത്തി തളിർക്കയും
വള്ളികളാൽ അനുഭവം വരികയും ഇല്ല, ഒലീവിൻഫലം ചതിക്കും, കണ്ട
ങ്ങൾ ആഹാരം ഉണ്ടാക്കയും ഇല്ല, തൊഴുത്തോട് ആടു വേറായി ആലക
18 ളിൽ പശുവും ഇല്ല (എന്നു വരും).— ഞാനോ യഹോവയിൽ ഉല്ലസിച്ചു
19 എൻരക്ഷയുടേ ദൈവത്തിൽ ആനന്ദിക്കും. യഹോവാകർത്താവ് എൻ
പ്രാപ്തി തന്നേ, അവൻ എൻ കാലുകളെ പേടമാനുകൾക്കു നേരാക്കി (സ
ങ്കീ. 18, 34) എൻറെ ശിഖരങ്ങളിൽ എന്നെ നടകൊള്ളുമാറാക്കുന്നു (5
മോ. 33, 29).— സംഗീതപ്രമാണിക്കു, എൻറെ കമ്പിനാദത്തോടേ.
(സങ്കീ. 4, 1).

ZEPHANIAH

ചഫന്യാ

1 ഹിജക്കീയാപുത്രനായ അമര്യാപുത്രനായ ഗദല്യാപുത്രനായ കൂഷിയു
ടേ പുത്രനായ ചഫന്യാവിന്ന യഹൂദാരാജാവും ആമോൻപുത്രനുമാകിയ
യോശീയാവിൻ നാളുകളിൽ ഉണ്ടായ യഹോവാവചനം.

1. അദ്ധ്യായം

സർവ്വഭൂമിയിലും (4) യഹൂദയിലും (8) ഏതു പാപികൎക്കും ശിക്ഷ വ
രുത്തുവാൻ (14) യഹോവയുടേ ഭയങ്കരദിവസം ഉണ്ടാകും.
2 മന്നിടത്തിന്മേൽനിന്നു ഞാൻ സകലത്തെയും വാരിക്കളയും എന്നു യ
3 ഹോവയുടേ അരുളപ്പാടു. മനുഷ്യമൃഗങ്ങളെയും വാരും, വാനത്തേപക്ഷി
യെയും സമുദ്രമത്സ്യങ്ങളെയും ദുഷ്ടന്മാരോടു കൂട ഇടർച്ചകളെയും വാരി മ
ന്നിടത്തിന്മേൽനിന്നു മനുഷ്യനെ അറുതി ചെയ്യും എന്നു യഹോവയുടേ അ
രുളപ്പാടു.
4 വിശേഷാൽ യഹൂദയിന്മേലും യരുശലേമിൽ സകലനിവാസികളിന്മേ
ലും എൻകൈ നീട്ടി ഇവിടത്തുനിന്നു ബാളിൻശിഷ്ടത്തെയും പുരോഹി
5 തരോടു കോമരനാമത്തെയും, പുരമുകളിൽവെച്ചു വാനസൈന്യത്തെ തൊഴു
ന്നവരെയും യഹോവ ആണയും തങ്ങളരചൻ ആണയും ഇട്ടു തൊഴുന്നവ
6 രെയും, യഹോവയെ വിട്ടു പിൻവാങ്ങുന്നവരെയും യഹോവയെ തിരിയാ
തേയും ചോദിക്കാതേയും ഇരിക്കുന്നവരെയും ഞാൻ അറുതി ചെയ്യും. യഹോ
7 വാകൎത്താവിൻതിരുമുമ്പിൽ മിണ്ടായ്ക! (ഹബ. 2, 20) യഹോവാദി
വസം അടുത്തതല്ലോ, യഹോവ ആകട്ടേ ബലിയെ ഒരുക്കി (അതിന്നു)
8 ക്ഷണിച്ചവരെ വിശുദ്ധീകരിച്ചു.— യഹോവാബലിനാളിൽ സംഭവി
പ്പിതു: ഞാൻ പ്രഭുക്കളെയും രാജപുത്രരെയും പരദേശവസ്ത്രം ഉടുത്തവരെയും
9 സന്ദർശിക്കും. (കൂടികളുടേ) ഉമ്മരപ്പടിമേൽ ചാടി സാഹസവും ചതിയും
പ്രയോഗിച്ചു സ്വാമിയുടേ വീടു നിറെക്കുന്നവരെ ഒക്കയും അന്നു സന്ദർശി
10 ക്കും. അന്നു മീൻവാതുക്കൽനിന്നു മുറവിളിനാദവും പുതുപ്പട്ടണത്തുനിന്നു
തൊഴിച്ചലും കുന്നുകളിൽനിന്നു വലിയ തകർച്ചയും കിളരും എന്നു യഹോ
11 വയുടേ അരുളപ്പാടു. ഉരൽ (എന്ന പള്ളത്തിൽ) പാർക്കുന്നവരേ തൊഴു
പ്പിൻ! കനാന്യ (വ്യാപാരി) ജനം എല്ലാം മാഞ്ഞുപോയി, വെള്ളി പേറു
12 ന്നവർ ഒക്ക അറുതിപ്പെടുന്നു നിശ്ചയം. അന്നേരം സംഭവിപ്പിതു: ഞാൻ യ
രുശലേമെ വിളക്കുകൊണ്ടു ശോധന നോക്കി തങ്ങളുടേ മട്ടിന്മേൽ ഉറ
ഞ്ഞിരിക്കുന്നവരായി: യഹോവ നന്മയും ചെയ്യാ തിന്മയും ചെയ്യാ എന്നു
13 കരളിൽ ചൊല്ലുന്ന പുരുഷന്മാരെ സന്ദർശിക്കും. അവരുടേ സമ്പത്ത കൊ
ള്ളയും വീടുകൾ ശൂന്യവും ആകും, അവർ ഭവനങ്ങൾ പണിയും വസിക്കു
യും ഇല്ല, പറമ്പുകളെ നട്ടും അവറിൻവീഞ്ഞു കുടിക്കയും ഇല്ല.
14 യഹോവയുടേ മഹാദിവസം അടുത്തതു, അണഞ്ഞും ഏറ വിരഞ്ഞും വ
15 രുന്നു. യഹോവാദിവസം കേൾ! അതിൽ വീരൻ കൈപ്പോടേ അലറും.
ആ ദിവസം ചീറ്റത്തിൻനാൾ! ഇടുക്കുഞെരുക്കങ്ങളുടേ നാൾ, ഇടിപൊടി
പെടും നാൾ, ഇരിട്ടും അന്ധകാരവും ഉള്ള നാൾ, മേഘവും കാർമുകിലും
16 ഉള്ള നാൾ. (യോവെ.2,2). ഉറപ്പിച്ച പട്ടണങ്ങൾക്കും ഉയർന്ന കൊത്ത
ളങ്ങൾക്കും ആരവാരകാഹളങ്ങളുടേ നാൾ! യഹോവയോടു പിഴെച്ചവരാ
17 കയാൽ ഞാൻ മനുഷ്യർക്കു ഇറുക്കം വരുത്തും, അവർ കുരുടരെപ്പോലേ

നടക്കും. പൊടികണക്കേ അവരുടേ ചോരയും തീട്ടംപോലേ മാംസവും
18 ചൊരിയപ്പെട്ടും. യഹോവയുടേ ചീറ്റനാളിൽ അവരുടേ വെള്ളിക്ക് എ
ങ്കിലും പൊന്നിന്ന് എങ്കിലും അവരെ ഉദ്ധരിപ്പാൻ ആമല്ല, അവന്റേ
എരിവിൻതീയിൽ ഭൂമി മുഴുവൻ തിന്നപ്പെട്ടും, അവൻ ആകട്ടേ ഭൂവാസി
കൾക്ക് എല്ലാം മുടിവും അപമൃത്യുവും വരുത്തും.

2. അദ്ധ്യായം (—3, 8.)

അനുതപിപ്പാൻ സാധുക്കളെ പ്രബോധിപ്പിക്കുന്നതു (4) ഫലിഷ്ടർ മുത
ലായ അയൽവൈരികൾക്കും (11) കൂഷ് അശ്ശൂർ തുടങ്ങിയുള്ള സാമ്രാജ്യങ്ങൾ
ക്കും (3, 1) നിത്യം മുറുകുന്ന യരുശലേമിനും ശിക്ഷ അടുത്തതാകകൊണ്ടു.

1 **ഹേ** (നാണിച്ചു) വിളർക്കാത്ത ജാതിയായുള്ളോവേ നിങ്ങളെ തന്നേ
ആഞ്ഞും ആരാഞ്ഞും കൊൾവിൻ! തീർപ്പു (ശിക്ഷയെ) ഉളവാക്കുംമുമ്പേ
2 തന്നേ വേണ്ടു! ആ ദിവസം പതിർപോലേ പാറി വരും! യഹോവാകോ
പത്തിൻ ഊഷ്മാവ് നിങ്ങളുടേ മേൽ വരാത്തപ്പോഴും യഹോവാകോപദി
വസം നിങ്ങളുടേ മേൽ വരാത്ത കാലത്തിൽ തന്നേ (വേണ്ടു). യഹോ
3 വയെ അന്വേഷിപ്പിൻ! അവന്റേ ന്യായത്തെ പ്രവൃത്തിച്ചുള്ള ദേശത്തിൽ
സകലസാധുക്കളായുള്ളോരേ! നീതിയെ അന്വേഷിപ്പിൻ, വിനയത്തെ അ
ന്വേഷിപ്പിൻ! പക്ഷേ യഹോവാകോപദിവസത്തിൽ നിങ്ങൾക്കു മറഞ്ഞു
നില്ക്കാം.

4 എങ്ങനേ എന്നാൽ ഘജ്ജ ത്യജിക്കപ്പെട്ടും, അഷ്കലോൻ പാഴാകും, അ
ഷ്ദോദിനെ ഉച്ചയിൽ തന്നേ ആട്ടിക്കളയും, എക്രോൻ വേരറ്റു പോകും.
5 കടലരുവിൽ പാർക്കുന്ന ക്രേതജാതിക്കു ഹാ കഷ്ടം! ഫലിഷ്ടദേശമാകിയ
കനാനേ നിങ്ങളുടേ മേൽ യഹോവാവചനം ആവിതു: കുടിയില്ലാതവണ്ണം
6 ഞാൻ നിന്നെ കെടുക്കും. കടലരുവോ മേക്കുന്നവർ ഗ്രഹകളെ തോണ്ടുന്ന
പാർപ്പും ആട്ടുതൊഴുത്തുകളും ആകും. ആ അരുവു യഹൂദാഗൃഹത്തിൽ ശേഷി
ച്ചവർക്ക് അതിൽ മേപ്പാൻ തന്നേ ആകും, അഷ്കലോന്റേ ഭവനങ്ങ
7 ളിൽ അവർ അന്തി പാർത്തുകിടക്കും. കാരണം: അവരുടേ ദൈവമായ
യഹോവ അവരെ സന്ദർശിച്ച് അവരുടേ അടിമയെ മാറ്റിക്കൊടുക്കും.—
8 എൻജനത്തെ നിന്ദിച്ച് അവരുടേ അതിരെക്കൊള്ളേ വമ്പിച്ചുപോയ
മോവാബിൻനിന്ദയും അമ്മോന്യരുടേ ദൂഷണങ്ങളും ഞാൻ കേട്ടു. ആക
9 യാൽ ഇസ്രയേൽദൈവമായ സൈന്യങ്ങളുടെയ യഹോവയുടേ അരുളപ്പാടാ
വിതു: എൻജീവനാണ മോവാബ് സദോമിനും അമ്മോന്യർ ഘമോ
റെക്കും സമമായി തുവപ്പാടും ഉപ്പുപടന്നയും എന്നേക്കും പാഴ്നിലവും
ആകും, എൻജനത്തിൻശേഷിപ്പ് അവരെ കൊള്ളയിടും, എൻജാതിയിൽ
10 മിഞ്ചിയവർ അവരെ അടക്കും. സൈന്യങ്ങളുടെയ യഹോവയുടേ ജനത്തെ
അവർ നിന്ദിച്ചു വമ്പിച്ചുപോയ ഡംഭത്തിന്ന് ഇതത്രേ പകരം. യഹോവ
11 അവരുടേ മേൽ ഭയങ്കരനായി വിളങ്ങുന്നു; അവനാകട്ടേ ഭൂമിയിലേ സകല
ദേവന്മാരെയും ക്ഷയിപ്പിക്കുന്നു, ജാതികളുടേ ദ്വീപുകൾ എല്ലാം അവരവർ
താന്താന്റേ ഇടത്തുനിന്ന് അവനെ നമസ്കരിപ്പാറു തന്നേ.

12 കൂഷ്യരായുള്ളോരേ നിങ്ങളും എന്റേ വാളാൽ കൃതന്മാരത്രേ. അവൻ
13 വടക്കോട്ടും തുക്കൈനീട്ടി അശ്ശൂരെ കെടുത്തു നീനവയെ ശൂന്യവും മരുപോളം
14 ശുഷ്കവും ആക്കുക! പട്ടണനടുവിൽ എല്ലാ ജാതി നാല്ക്കാലികളും കൂട്ടങ്ങളായി
കിടക്കും, ഞാരയും മുള്ളനും (യശ. 34, 11). അതിലേ തൂൺപോതികകളി
ന്മേൽ രാപാർക്കും; അതിൻദേവദാരുപ്പണിയെ അവൻ തുറന്നുകളകയാൽ പ
15 ക്ഷി പാടുന്ന ഒച്ച ചാലകത്തുടേ കേൾക്കാം, ഉമ്മരങ്ങളിൽ ഇടിവത്രേ. ഞാ
നേ ഉള്ളു; മറൊരുത്തിയും ഇല്ല എന്ന് ഉള്ളംകൊണ്ടു പറഞ്ഞു നിർഭയ
ത്തോടേ വസിച്ച് ഉല്ലസിക്കുന്ന പട്ടണം ഇതു തന്നേ (യശ. 47, 8). അതു

ശൂന്യവും മൃഗങ്ങൾക്കു കിടക്കയും ആയതു് എങ്ങനേ! അതിൽ കടക്കുന്നവൻ
എല്ലാം ഒന്നു ചീറ്റി കൈ ആട്ടും.

3, 1 ഹാ മറുത്തും തീണ്ടിപ്പോയും അതിക്രമിച്ചും പോരുന്ന പട്ടണമേ! ശബ്ദ
2 ത്തെ അവൾ കേട്ടില്ല, ശാസനയെ കൈക്കൊണ്ടില്ല, യഹോവയിൽ തേറീ
3 ട്ടില്ല, തൻദൈവത്തോടു് അടുത്തുവന്നതും ഇല്ല. അതിന്നുള്ളിലേ പ്രഭുക്ക
ന്മാർ അലറുന്ന സിംഹങ്ങൾ, അതിൻന്യായാധിപന്മാർ പുലരോളം എല്ലും
4 വെച്ചേക്കാത്ത അന്തിച്ചെന്നായ്ക്കൾ തന്നേ. അതിൻപ്രവാചകന്മാർ പൊങ്ങ
ച്ചക്കാരായ വിശ്വാസവഞ്ചകർ, അതിൻപുരോഹിതന്മാർ വിശുദ്ധത്തെ
5 ബാഹ്യമാക്കി ധർമ്മോപദേശത്തെ ഹേമിച്ചു.— യഹോവയോ അതിന്ന
കത്തു നീതിമാൻ, അക്രമം ചെയ്കയില്ല, ഇടമുറിയാതേ പുലർകാലന്തോറും
തൻന്യായത്തെ വെളിച്ചത്താക്കുന്നു, എങ്കിലും അക്രമക്കാരൻ നാണം അറി
6 യുന്നില്ല. ഞാൻ ജാതികളെ അറുതിചെയ്തു, അവരുടെ കോട്ടകൾ ശൂ
ന്യമായി, നിരത്തുകൾ ആരും കടക്കാതവണ്ണം ഞാൻ പാഴാക്കി, അവ
രുടെ പട്ടണങ്ങൾ നിവാസി കൂടാതേ ആയ് ഒഴികേ അഴിഞ്ഞുപോയി.
7 എന്നെ മാത്രം നീ ഭയപ്പെട്ടു ശാസനയെ കൈക്കൊണ്ടാലും! എന്നാൽ അവ
ളുടേ മേൽ ഞാൻ വിധിച്ചവണ്ണം എല്ലാം പാപ്പിൻ അറുതിവരിക ഇല്ല
എന്നു ഞാൻ പറഞ്ഞു. എന്നിട്ടും പുലരേ മുതിന്നു തങ്ങളുടേ കർമ്മങ്ങളെ ഒക്ക
8 യും അതിവഷളാക്കി നടന്നു. അതുകൊണ്ടു യഹോവയുടേ അരുളപ്പാടാവി
തു: ഞാൻ സാക്ഷിക്കായി എഴുനീല്ക്കുംനാൾവരേ എന്നെ പാർത്തിരിപ്പിൻ!
കാരണം: ജാതികളെ ചേർത്തും രാജ്യങ്ങളെ ശേഖരിച്ചുംകൊണ്ടു് അവരുടെ
മേൽ എൻചീറ്റവും കോപത്തിൻ ഊഷ്മാവും എല്ലാം പകരുക എന്റേ ന്യായമാകു
ന്നു. എന്റേ എരിവിൻ തീയിൽ ഭൂമി മുഴുവൻ തിന്നപ്പെടും സത്യം (1,18).

3. അദ്ധ്യായം

(9) ജാതികളും യഹോവയെ അറിഞ്ഞു സേവിക്കും (11) ഇസ്രയേലിൻ
ശേഷിപ്പു കർത്താവിൽ ആശ്രയിച്ചു അവന്റേ വാഴ്ച അനുഭവിച്ചു് ആന
ന്ദിക്കും.

9 അപ്പോഴാകട്ടേ ഞാൻ വംശങ്ങൾക്കു വെടിപ്പുള്ള അധരം സാധിപ്പിക്കും,
അവർ എല്ലാം യഹോവാനാമത്തെ വിളിച്ചു ഒരു ചുമലാലേ അവനെ സേ
10 വിപ്പാനായി തന്നേ. കൂഷിലേ നദികൾക്കു് അക്കരേനിന്നു അവർ എന്റേ
യാചകർ ആകുന്ന എന്റേ ചിതറിയ കൂട്ടത്തെ എനിക്കു വഴിപാടു് എന്നു
കൊണ്ടുവരും.

11 (ചീയോൻപുത്രിയേ) നീ എന്നോടു് അപരാധിച്ച സകലകർമ്മങ്ങൾ
നിമിത്തം അന്നു നീ നാണിക്ക ഇല്ല, അന്നാകട്ടേ ഞാൻ നിന്നുള്ളിൽനിന്നു
ഡംഭിച്ചു് ഉല്ലസിക്കുന്നവരെ നീക്കും, എൻവിശുദ്ധമലമേൽ നീ ഇനി
12 ഞെളിഞ്ഞു കാട്ടുകയും ഇല്ല. ഞാൻ നിൻറകത്തു വിനയവും എളിമയും ഉള്ള
വംശത്തെ ശേഷിപ്പിക്കും, അവർ യഹോവാനാമത്തിൽ ആശ്രയിക്കും.
13 ഇസ്രയേലിൻശേഷിപ്പു അക്രമം ചെയ്കയും കള്ളം പറകയും ഇല്ല, കൃത്രി
മനാവു് അവരുടേ വായിൽ കാണാകയും ഇല്ല, ആരും അരട്ടാതേ അവർ
മേഞ്ഞും കിടന്നുംകൊള്ളും.

14 അല്ലയോ ചീയോൻപുത്രിയേ ആർക്കുക! ഇസ്രയേലേ ഘോഷിപ്പിൻ!
15 യരുശലേംപുത്രിയേ മുഴുമനസ്സോടും സന്തോഷിച്ചു് ഉല്ലസിക്ക! നിൻ ന്യാ
യവിധികളെ യഹോവ നീക്കി നിൻശത്രുവിനെ അകറ്റി, ഇസ്രയേൽ
രാജാവായിട്ടു യഹോവ തന്നേ നിൻഉള്ളിൽ ഉണ്ടു, നീ തിന്മ ഇനി കാ
16 ൺകയില്ല. അന്നാൾ യരുശലേമോടു പറയപ്പെടുന്നതു: ഭയപ്പെടായ്ക,

17 ചീയോനേ നിൻകൈകൾ തളരായ്ക! നിൻദൈവമായ യഹോവ രക്ഷി
ക്കുന്ന വീരനായി നിൻറകത്ത് ഉണ്ടു, അവൻ നിന്നേറ മേൽ സന്തോഷ
ത്തോടേ ആനന്ദിക്കും, തൻപ്രേമത്തിൽ മിണ്ടാതേ ഇരിക്കും, നിങ്കൽ
18 ആർപ്പോളം മകിഴും.— ഉത്സവസംഘത്തോട് അകന്നു മുകുന്നവരെ
ഞാൻ ചേർക്കുന്നു, നിന്ദ അവരുടേ മേൽ പാരിച്ചു, അവർ നിന്നിൽ ഉണ്ടാ
19 യവരല്ലോ. അക്കാലം കാൺക നിന്നെ താഴ്ത്തുന്നവർ എല്ലാവരോടും
ഞാൻ വ്യാപരിക്കയും നൊണ്ടിനടക്കുന്നതിനെ രക്ഷിക്കയും ആട്ടിയതി
നെ ചേർക്കയും (മീ. 4,6) അവർക്ക് അപമാനം വന്ന സകലദേശത്തും
20 അവരെ പുകഴും പേരും ആക്കിവെക്കയും ചെയ്യും. അക്കാലം നിങ്ങളെ
പൂകിക്കും അക്കാലം നിങ്ങളെ ചേർക്കയുമാം, നിങ്ങളുടേ കണ്ണു കാൺകേ
ഞാൻ നിങ്ങളുടേ അടിമയെ മാറുകയിൽ ഭൂമിയിലേ എല്ലാ വംശങ്ങളി
ലും നിങ്ങളെ പേരും പുകഴും ആക്കും സത്യം എന്നു യഹോവ പറയുന്നു.

HAGGAI

ഹഗ്ഗായി

1. അദ്ധ്യായം

ദിവ്യാനുഗ്രഹം സാധിക്കേണ്ടതിന്നു ദൈവാലയത്തെ പണിവാൻ ഉത്സാഹിപ്പിക്കുന്ന ഒന്നാം പ്രബോധനം (12) സഫലമായി.

1 ദാരയവുഷ്൱രാജാവിന്റെ രണ്ടാം ആണ്ടു ആറാം മാസത്തിൽ ഒന്നാം തീയ്യതി ഹഗ്ഗായി എന്ന പ്രവാചകൻ മുഖേന ശയല്൱ത്തിയേലിൻപുത്രൻ (പൌത്രൻ) ആയ ജരുബാബൽ എന്ന യഹൂദനാടുവാഴിക്കും യഹോചദാക്കിൻപുത്രനായ യഹോശുവ എന്ന മഹാപുരോഹിതനും യഹോവാവചനം ഉണ്ടായി പറഞ്ഞിതു.

2 സൈന്യങ്ങളുടയ യഹോവ ഇവ്വണ്ണം പറയുന്നു: യഹോവാലയത്തെ
പണിവാൻ വരേണ്ടുന്ന സമയം ആയില്ല എന്ന൱ ഈ ജനം പറയുന്നുവല്ലോ.
3 എന്നാറെ ഹഗ്ഗായിപ്രവാചകൻമുഖേന യഹോവാവചനം ഉണ്ടായി പറ
4 ഞ്ഞിതു: ഈ ഭവനം അഴിഞ്ഞു കിടക്കേ നിങ്ങൾ തന്നേ മച്ചു പടുത്ത ഭവ
5 നങ്ങളിൽ വസിപ്പാൻ സമയം നിങ്ങൾക്കു൱ ആയിട്ടുണ്ടോ? ഇപ്പോഴോ
സൈന്യങ്ങളുടയ യഹോവ ഇവ്വണ്ണം പറയുന്നു: നിങ്ങടേ വഴികൾക്കു മന
6 സ്സു വെപ്പിൻ! നിങ്ങൾ വളരേ വിതെച്ചിട്ടും വരവു൱ അല്പമായി, ഉണ്ടാലും
തൃപ്തിക്കു പോര, കുടിച്ചാലും ലഹരിക്കു൱ എത്താതു, ഉടുത്താലും തനിക്കു
ചൂടു പിടിക്കാ, കൂലിയെ സമ്പാദിക്കുന്നവൻ ഓട്ടയുള്ള മടിശ്ശീലയിലേ
7 സമ്പാദിക്കുന്നുള്ളു.— നിങ്ങടേ വഴികൾക്കു മനസ്സു വെപ്പിൻ! എന്നു
8 സൈന്യങ്ങളുടയ യഹോവ പറയുന്നു. മലമേൽ കയറി മരം കൊണ്ടുവന്നു
ആലയത്തെ കെട്ടുവിൻ! ആയതിൽ ഞാൻ പ്രസാദിച്ചു എന്നെ തന്നേ തേജ
9 സ്കരിക്കും എന്നു യഹോവ പറയുന്നു. നിങ്ങൾ അധികത്തിന്നായി നോ
ക്കി, ഇതാ അസാരമായിപ്പോയി; അകത്തേക്കു നിങ്ങൾ കൊണ്ടുവന്നിട്ടും
ഞാൻ അതിനെ ഊതിക്കളഞ്ഞു; അതു൱ എന്തുകൊണ്ടു? എന്നു സൈന്യങ്ങ
ളുടയ യഹോവയുടേ അരുളപ്പാടു. നിങ്ങൾ താന്താന്റെ ഭവനത്തിന്നായി
10 ഓടുമ്പോൾ എൻഭവനം അഴിഞ്ഞുകിടക്ക നിമിത്തമത്രേ. അതുകൊണ്ടു വാ
11 നം നിങ്ങളുടേ മേൽ മഞ്ഞിനെ മുടക്കി, ഭൂമിയും തന്റെ വിളവിനെ മുട
ക്കി; ഞാനും ഭൂമിമേലും മലകളിൻമേലും ധാന്യരസതൈലങ്ങൾമേലും നി
ലം പുറപ്പെടീക്കുന്നതിന്മേലും മനുഷ്യന്റെ മേലും നാല്ക്കാലിയുടേ മേലും
കൈകളുടേ സമ്പ്രയത്നത്തിന്മേലും വരൾച്ചയെ വിളിച്ചു (വരുത്തി) ഇരി
ക്കുന്നു.

12 എന്നാറെ ശയല്൱ത്തിയേലിൻപൌത്രനായ ജരുബാബലും യഹോചദാ
ക്കിൻപുത്രനായ യോശുവ എന്ന മഹാപുരോഹിതനും ജനത്തിൻശേഷിപ്പും
എല്ലാം തങ്ങളുടേ ദൈവമായ യഹോവയുടേ ശബ്ദത്തെ കേട്ടു സ്വദൈവമാ
യ യഹോവ നിയോഗിച്ചപ്രകാരം ഹഗ്ഗായിപ്രവാചകന്റെ വാക്കുകളെ
13 (കുറിക്കൊണ്ടു) ജനക്കൂട്ടം യഹോവമുമ്പിൽ ഭയപ്പെടുകയും ചെയ്തു. അപ്പോൾ
യഹോവാദൂതനായ ഹഗ്ഗായി യഹോവ ജനത്തിന്നു അയച്ച ദൂതിൽ പറ
ഞ്ഞിതു: ഞാൻ നിങ്ങളോടു കൂടി ഇരിക്കുന്നു എന്നു യഹോവയുടേ അരുള
14 പ്പാടു. ഉടനേ ശയല്൱ത്തിയേലിൻപൌത്രനായ ജരുബാബൽ എന്ന യഹൂദ
നാടുവാഴിയുടേ ആത്മാവെയും യഹോചദാക്കിൻപുത്രനായ യോശുവ എന്ന

മഹാപുരോഹിതന്റെ ആത്മാവെയും ജനത്തിലേ സകലശേഷിപ്പിന്റെ
ആത്മാവെയും യഹോവ ഉണൎത്തുകയാൽ അവർ വന്നു സ്വദൈവമായ സൈ
15 ന്യങ്ങളുടെ യഹോവയുടേ ആലയത്തിൽ പണി ചെയ്തു. ദാരയവുഷ്ൟരാജാ
വിന്റെ രണ്ടാം ആണ്ടു ആറാം മാസം ഇരുപത്തുനാലാം തിയ്യതിയിൽ
തന്നേ.

2. അദ്ധ്യായം

പുതിയ ആലയത്തിന്ൟ ഇന്ന തേജസ്സു ഉണ്ടാകും എന്നും (10) ജനം അ
നുതപിച്ചതുമുതൽക്കൊണ്ടു ദിവ്യാനുഗ്രഹം മടങ്ങിവരുന്നു എന്നും (20) ദാവി
ദ്യരാജത്വം ജരുബ്ബാബലിൽ നിത്യം അമരും എന്നും വാഗ്ദത്തങ്ങൾ മൂന്നും.

1 ഏഴാം തിങ്കൾ ഇരുപത്തൊന്നാം തിയ്യതി യഹോവാവചനം ഹഗ്ഗായി
2 പ്രവാചകൻമുഖേന ഉണ്ടായിതു: ശയല്ത്തീയേലിൻപൌത്രനായ ജരു
ബ്ബാബൽ എന്ന യഹൂദനാടുവാഴിയോടും യഹോചദാക്കിൻപുത്രനായ
യോശുവ ൟ എന്ന മഹാപുരോഹിതനോടും ജനശേഷിപ്പിനോടും നീ പറ
3 യേണ്ടുന്നിതു: ഈ ആലയത്തെ അതിന്റെ പൂൎവ്വതേജസ്സിൽ കണ്ടിട്ടു നിങ്ങ
ളിൽ ശേഷിച്ചവർ ആർ? ഇപ്പോഴോ നിങ്ങൾ അതു കാണുന്നതു് എങ്ങനേ?
അതു നിങ്ങളുടേ കണ്ണുകൾക്കു് ഒന്നും ഇല്ല എന്നു തോന്നുന്നില്ലയോ? ഇന്നോ
4 ജരുബ്ബാബലേ തേറിക്കൊൾക! എന്നു യഹോവയുടേ അരുളപ്പാടു; യഹോച
ദാക്കിൻപുത്രനായ യോശുവ ൟ എന്ന മഹാപുരോഹിത നീയും തേറുക! ദേശ
ത്തിലേ ജനവും എല്ലാം തേറുക! എന്നു യഹോവയുടേ അരുളപ്പാടു; പണി
ചെയ്വിൻ! ഞാൻ നിങ്ങളോടു കൂടേയല്ലോ എന്നു സൈന്യങ്ങളുടെ
5 യഹോവയുടേ അരുളപ്പാടു. നിങ്ങൾ മിസ്രയിൽനിന്നു പുറപ്പെടുമ്പോൾ
ഞാൻ നിങ്ങളോടു സഖ്യം ചെയ്ത വചനവും (2മോ. 19,5) എന്റെ ആത്മാ
6 വും നിങ്ങളുടേ നടുവിൽ നില്ക്കുന്നുണ്ടു; പേടിയായ്വിൻ!—കാരണം സൈ
ന്യങ്ങളുടെ യഹോവ പറയുന്നിതു: ചെറുകാലം ചെന്നാൽ ഞാൻ ഇനി
ഒരിക്കൽ വാനത്തെയും ഭൂമിയെയും കടലിനെയും ഉണക്കനിലത്തെയും കുലു
7 ക്കുന്നു. എല്ലാ ജാതികളെയും കുലുക്കുന്നുണ്ടു, എന്നാൽ സൎവ്വജാതികൾക്കും
കാമ്യമായുള്ളതു വരും (യശ. 60,5); ഈ ആലയത്തെ ഞാൻ തേജസ്സുകൊ
8 ണ്ടു നിറെക്കും എന്നു സൈന്യങ്ങളുടെ യഹോവ പറയുന്നു. എനിക്കു വെ
ള്ളിയും എനിക്കു പൊന്നും ഉള്ളതു എന്നു സൈന്യങ്ങളുടെ യഹോവയുടേ
9 അരുളപ്പാടു. ഈ ആലയത്തിന്റെ ഒടുക്കത്തേ തേജസ്സു മുന്നേതിൽ വലുതാ
യിരിക്കും എന്നു സൈന്യങ്ങളുടെ യഹോവ പറയുന്നു. ഈ സ്ഥലത്തിൽ
ഞാൻ സമാധാനം കൊടുക്കയും ചെയ്യും എന്നു സൈന്യങ്ങളുടെ യഹോവ
യുടേ അരുളപ്പാടു.
10 ദാരയവുഷ്ന്റെ രണ്ടാം ആണ്ടു ഒമ്പതാം മാസം ഇരുപത്തുനാലാം തിയ്യ
തി ഹഗ്ഗായിപ്രവാചകൻമുഖേന യഹോവാവചനം ഉണ്ടായിതു: സൈന്യ
11 ങ്ങളുടെ യഹോവ ഇവ്വണ്ണം പറയുന്നു: അല്ലയോ നീ ചെന്നു പുരോഹിത
12 ന്മാരോടു് ഒരു ഉപദേശം ചോദിക്ക! ഒരു ആൾ വിശുദ്ധ മാംസം എടുത്തു
തന്റെ വസ്ത്രത്തിൻ കോന്തലയിൽ ഇട്ടാൽ ആ കോന്തലകൊണ്ടു അപ്പത്തി
ന്നും വെച്ചതിന്നും വീഞ്ഞിന്നും എണ്ണെക്കും വല്ല ഭക്ഷ്യത്തിന്നും തട്ടി എങ്കിൽ
(തൊട്ടതു) വിശുദ്ധമാകുമോ? എന്നതിന്നു പുരോഹിതന്മാർ ഇല്ല എന്നു്
13 ഉത്തരം പറഞ്ഞു. പിന്നേ ശവം തീണ്ടിയവൻ ആ വക എല്ലാം തൊട്ടാൽ
അശുദ്ധമാകുമോ എന്നു ഹഗ്ഗായി പറഞ്ഞാറേ പുരോഹിതന്മാർ അശുദ്ധ
14 മാം എന്നു് ഉത്തരം പറഞ്ഞു. അതിന്നു ഹഗ്ഗായി ഉത്തരം പറഞ്ഞിതു: അ
തേപ്രകാരം ഈ ജനവും ഈ ജാതിയും എന്റെ മുമ്പിൽ ആകുന്നു എന്നു യ
ഹോവയുടേ അരുളപ്പാടു. അതേപ്രകാരം അവരുടേ കൈവേലയും എല്ലാം

15 അവർ ഇവിടേ അടുപ്പിച്ച കഴികയ്നതും ആകയ്നു, അശ്രുദ്ധമത്രേ.—ഇപ്പോ
ഴോ ഇന്നേ നാൾ മുതൽ കീഴോട്ട് (ഉണ്ടായതിന്നു) മനസ്സു വെപ്പിൻ! യ
16 ഹോവാ മന്ദിരത്തിൽ കല്ലിന്മേൽ കല്ലു വെക്കും മുമ്പേ, ഈ പണികൾക്കു
മുന്നമേ ഒരുത്തൻ ഇരുപതു (നാഴി) ഉള്ള കറക്കെട്ടിലേക്കു ചെന്നാൽ പ
ത്തേ കാണ്മാൻ ഉള്ളു, ചക്കിലേക്കു ചെന്നു ഉരലിൽനിന്ന് അമ്പതു കോരു
17 വാൻ നിനെക്കുമ്പോൾ ഇരുപതേ ഉള്ളു. കരുവാളിപ്പും മഞ്ഞളിപ്പും കന്മഴ
യുംകൊണ്ടു ഞാൻ നിങ്ങളെ, നിങ്ങടേ കൈപ്പണി ഒക്കയും തന്നേ, അടിച്ചു
(ആമോ. 4,9), നിങ്ങളും ആരും എങ്കലേക്കായില്ല താനും എന്നു യഹോവ
18 യുടേ അരുളപ്പാടു.—ഇന്നേ നാൾ മുതൽ മേലാൽ (ഉണ്ടാകുന്നതിന്നു) മന
സ്സു വെപ്പിൻ! ഈ ഒമ്പതാം തിങ്കളിൽ ഇരുപത്തുനാലാം തിയ്യതിമുതൽ,
യഹോവാമന്ദിരത്തിന്നു അടിസ്ഥാനം ഇട്ട നാൾ തുടങ്ങി (ഉണ്ടാവാനുള്ള
19 തിന്നു) മനസ്സു വെപ്പിൻ! നെല്ലു ഇന്നും കളപ്പുരയിൽ (ശേഷിച്ചു) ഉണ്ടോ?
മുന്തിരി കൂടേ അത്തിയും താളിമാതളവും ഒലിവമരവും കാച്ചിട്ടില്ലല്ലോ?
ഇന്നാൾ തൊട്ടു ഞാൻ അനുഗ്രഹിക്കാം.

20 ആ മാസത്തിൽ ഇരുപത്തുനാലാം തിയ്യതി യഹോവാവചനം രണ്ടാമ
21 തും ഹഗ്ഗായ്ക്കു ഉണ്ടായി വന്നിതു: യഹൂദനാടുവാഴിയായ ജരുബ്ബാബേലോടു
22 നീ പറക: ഞാൻ വാനത്തെയും ഭൂമിയെയും കുലുക്കുന്നു; രാജ്യങ്ങളുടേ സിം
ഹാസനംതോറും മറിച്ചും ജാതികളിലേ രാജ്യങ്ങളുടേ ബലത്തെ നിഗ്രഹി
ച്ചും തേരും തേരാളികളെയും മറിച്ചും കളയും; കുതിരകളും പുറത്തു കയറിയ
23 വരും അന്യോന്യം വാൾകൊണ്ടു ആഴകയും ചെയ്യും. അന്നാളിൽ എന്നു
സൈന്യങ്ങളുടയ യഹോവയുടേ അരുളപ്പാടു: ശയല്ത്തീയേലിൻ പൌത്ര
നായ ജരുബ്ബാബേൽ എന്ന എന്റെ ദാസനായുള്ളോവേ ഞാൻ നിന്നെ കൈ
ക്കൊള്ളും എന്നു യഹോവയുടേ അരുളപ്പാടു, നിന്നെ മുദ്രമോതിരംപോലേ
ആക്കി വെക്കും; നിന്നെയല്ലോ തെരിഞ്ഞെടുത്തിരിക്കുന്നു എന്നു സൈന്യ
ങ്ങളുടയ യഹോവയുടേ അരുളപ്പാടു.

ZECHARIAH

ജകര്യാ

I. രാദർശനങ്ങൾ ഏഴും (അ. 1—6.)

1. അദ്ധ്യായം

അനതാപത്തിന്ന വിളിച്ചശേഷം (7) രാജ്യക്കൂലുക്കം സംഭവിക്കും എന്നും യരുശലേം യഥാസ്ഥാനമാകും എന്നും കാട്ടുന്ന ഒന്നാം ദർശനം.

1 ദാരയവുഷിന്റേറ രണ്ടാം ആണ്ട എട്ടാം മാസത്തിൽ ഇദ്ദോപുത്രനായ ബ
രക്യയുടേ പുത്രനാകുന്ന ജകര്യാപ്രവാചകന്ന യഹോവാവചനം ഉണ്ടായിതു:
2 നിങ്ങളുടേ പിതാക്കളോട്ട യഹോവ ചിനമോടേ ക്രുദ്ധിച്ചു. നീ അവരോട്ട
3 പറയേണ്ടുന്നിതു: സൈന്യങ്ങളുടയ യഹോവ ഇവ്വണ്ണം പറയുന്നു; എങ്കലേക്കു
തിരിവിൻ! എന്നു സൈന്യങ്ങളുടയ യഹോവയുടേ അരുളപ്പാടു. എന്നാൽ
ഞാൻ നിങ്ങളിലേക്കും തിരിയും എന്നു സൈന്യങ്ങളുടയ യഹോവ പറയു
4 ന്നു. അല്ലയോ നിങ്ങളുടേ ദുർവ്വഴികളിൽനിന്നും ദുഷ്ക്രിയകളിൽനിന്നും
തിരിഞ്ഞുകൊൾവിൻ എന്നു സൈന്യങ്ങളുടയ യഹോവ ചൊല്ലുന്നു, എന്നി
ങ്ങനേ മുമ്പേത്ത പ്രവാചകന്മാർ പറഞ്ഞു വിളിച്ചുള്ള നിങ്ങടേ പിതാക്ക
5 ന്മാർക്കു തുല്യരാകരുതേ! നിങ്ങടേ അച്ഛന്മാർ എവിടേ? പ്രവാചകന്മാരും
6 എന്നേക്കും ജീവിക്കുമോ? എങ്കിലോ എന്റേ ദാസന്മാരായ പ്രവാചകരോ
ടു ഞാൻ കല്പിച്ചുള്ള എന്റേ വചനങ്ങളും വെപ്പുകളും നിങ്ങളുടേ അച്ഛന്മാ
രെ എത്തിപ്പിടിച്ചില്ലയോ? അവരും (മനം) തിരിഞ്ഞു സൈന്യങ്ങളുടയ
യഹോവ നമ്മുടേ വഴികൾക്കും ക്രിയകൾക്കും തക്കവണ്ണം നമുക്കു ചെയ്വാൻ ഭാവിച്ച പോലേ തന്നേ നമ്മോടു അനുഷ്ഠിച്ചു സത്യം (വിലാപ. 2,17) എന്നു പറഞ്ഞുവല്ലോ?

7 ദാരയവുഷിന്റേറ രണ്ടാം ആണ്ട ശബാട്ടു എന്ന പതിനൊന്നാം മാസ
ത്തിൽ ഇരുപത്തുനാലാം തിയ്യതി ഇദ്ദോപുത്രനായ ബരക്യയുടേ പുത്രനാകു
8 ന്ന ജകര്യാപ്രവാചകന്ന യഹോവാവചനം ഉണ്ടായിതു: രാത്രിയിൽ ഞാൻ
കണ്ടതു ഇതാ ചുവന്ന കുതിരമേൽ ഏറിയ പുരുഷൻ ചോലയിലേ കൊഴു
ന്ത (പെരിഞ്ഞാറ) മരങ്ങളുടേ നടുവിൽ നില്ക്കുന്നു. അവന്റേറ പിന്നിൽ ചു
9 വപ്പും പുള്ളിയും വെള്ളയും ഉള്ള കുതിരകളും ഉണ്ടു. എൻ കർത്താവേ ഇവർ
എന്തു? എന്നു ഞാൻ പറഞ്ഞാറേ, എന്നോട്ട സംസാരിക്കുന്ന ദൂതൻ: ഇ
വർ എന്തെന്നു ഞാൻ കാണിച്ചു തരാം, എന്നു എന്നോട്ട പറഞ്ഞു. അ
10 പ്പോൾ കൊഴുന്തുകളുംഇടയിൽ നില്ക്കുന്ന പുരുഷൻ: ഇവർ ഭ്രമിയിൽ ഊടാട്ട
11 വാൻ യഹോവ അയച്ചവരത്രേ എന്നു ഉത്തരം പറഞ്ഞു. കൊഴുന്തുകളും
ഇടയിൽ നില്ക്കുന്ന യഹോവാദൂതനോടു അവരും പറഞ്ഞു തുടങ്ങി: ഞങ്ങളും
ഭ്രമിയിൽ ഊടാടി വന്നു, ഇതാ സർവ്വഭ്രമിയും സ്വസ്ഥവും സ്വൈരവും ആ
12 യുവസിക്കുന്നു. ഉടനേ യഹോവാദൂതൻ ഉത്തരം പറഞ്ഞിതു: സൈന്യങ്ങ
ളുടയ യഹോവേ ഈ എഴുപതു വർഷം കൊണ്ടു നീ ഈറിപ്പോന്ന യരുശലേ
മിനെയും യഹൂദപട്ടണങ്ങളെയും കനിഞ്ഞുകൊള്ളാതിരിക്കുന്നതു എത്ര
13 ത്തോളം? എന്നാറേ എന്നോട്ട സംസാരിക്കുന്ന ദൂതനോട്ട യഹോവ നല്ല
വാക്കുകളും ആശ്വാസവാക്കുകളും തന്നേ ഉത്തരമായി പറഞ്ഞു.— എന്നോട്ട

14 സംസാരിക്കുന്ന ദൂതനും എന്നോടു പറഞ്ഞു: നീ ഘോഷിക്കേണ്ടതു് എന്തെ
ന്നാൽ: സൈന്യങ്ങളുടയ യഹോവ ഇപ്രകാരം പറയുന്നു: യരുശലേമിനും
15 ചീയോനും ആസ്സൊണ്ടു ഞാൻ വലിയ എരിവിനാൽ എരിഞ്ഞിരിക്കുന്നു.
സൈ്വരപ്രമത്തരായ ജാതികളോടോ ഞാൻ കടുഞ്ചിനമായി ക്രുദ്ധിക്കുന്നു;
ഞാനാകട്ടേ ക്ഷണമാത്രം ക്രുദ്ധിച്ചപ്പോഴേക്കു അവർ ദോഷത്തിന്നായി സ
16 ഹായിച്ചു. അതുകൊണ്ടു യഹോവ ഇവ്വണ്ണം പറയുന്നു: ഞാൻ കനിവോടേ
യരുശലേമിലേക്കു തിരിഞ്ഞിരിക്കുന്നു, അതിൽ എൻഭവനം കെട്ടപ്പെടും
എന്നു സൈന്യങ്ങളുടയ യഹോവയുടേ അരുളപ്പാടു; അളവുനൂൽ യരുശലേ
17 മിന്മേൽ ഇടുകയും ആം. ഇനിയും നീ ഘോഷിക്കേണ്ടതു: എന്റെ നഗര
ങ്ങളിൽ ഇനി നന്മ നിറഞ്ഞു വഴിയും, യഹോവ ഇനിയും ചീയോനെ
ആശ്വസിപ്പിച്ചു യരുശലേമിനെ ഇനിയും തെരിഞ്ഞുകൊള്ളും എന്നു സൈ
ന്യങ്ങളുടയ യഹോവ പറയുന്നു.

2. അദ്ധ്യായം

നാലു കൊമ്പുകളെ ഇടിക്കുന്നതും (5) യരുശലേം അളവറുവോളം വർദ്ധി
ക്കുന്നതും കണ്ട ദർശനങ്ങളും രണ്ടും.

1 പിന്നേ എന്റെ കണ്ണുകളെ ഉയർത്തി നോക്കുമ്പോൾ ഇതാ നാലു കൊമ്പു
2 കളും കണ്ടു. എന്നോടു സംസാരിക്കുന്ന ദൂതനോടു്: ഇവ എന്തു് എന്നു ചോ
ദിച്ചാറേ: യഹൂദയെയും ഇസ്രയേലെയും യരുശലേമെയും (കുത്തി) ചിത
3 റിച്ച കൊമ്പുകളും ഇവ തന്നേ എന്നു് എന്നോടു പറഞ്ഞു. ഉടനേ യഹോവ
4 എനിക്കു നാലു കൊല്ലന്മാരെയും കാണിച്ചു. ഇവർ എന്തു ചെയ്വാൻ വരു
ന്നു? എന്നു ഞാൻ ചോദിച്ചതിന്നു് അവൻ പറഞ്ഞു: യഹൂദയെ ആരും തല
ഉയർത്താതോളം ചിതറിച്ചതു് ആ കൊമ്പുകളല്ലോ. ഇവരോ വന്നതു
അവരെ മെരിട്ടുവാനും യഹൂദാദേശത്തെക്കൊള്ളെ കൊമ്പുയർത്തി ചിതറി
പ്പാൻ ഭാവിക്കുന്ന ജാതികളുടേ കൊമ്പുകളെ തള്ളിയിടുവാനും തന്നേ.
5 പിന്നേ ഞാൻ കണ്ണുകളെ ഉയർത്തി നോക്കുമ്പോൾ ഇതാ ഒരു പുരുഷനെ
6 യും അവന്റെ കയ്യിൽ അളവുനൂലും കണ്ടു. നീ എവിടേ പോകുന്നു? എന്നു
ചോദിച്ചാറേ: യരുശലേമെ അളപ്പാൻ തന്നേ, അതിന്നു് അകലം എത്ര,
നീളവും എത്ര എന്നു കാണേണ്ടതിന്നത്രേ എന്നു് എന്നോടു പറഞ്ഞു. അന
7 ന്തരം എന്നോടു സംസാരിക്കുന്ന ദൂതൻ ഇതാ പുറപ്പെട്ടു, അവനെ എതി
8 രേല്പാൻ വേറൊരു ദൂതനും പുറത്തു വന്നു, അവനോടു പറഞ്ഞു: നീ ഓടി
ച്ചെന്നു ഈ ബാല്യക്കാരനോടു് ഉരിയാടി പറക: യരുശലേമിന്മദ്ധ്യേ മനു
ഷ്യരും നാല്ക്കാലികളും പെരുകുകഹേതുവാൽ (പട്ടണം) തുറന്ന ഊരുകളും
9 കണക്കനേ കുടിയിരുന്നുകൊള്ളും (യഹെ. 38, 11). ഞാനോ അതിന്നു ചു
ഴവും അഗ്നിമതിൽ ആകും, അതിൻനടുവിൽ തേജസ്സായും നില്ക്കും എന്നു
10 യഹോവയുടേ അരുളപ്പാടു.— അല്ലയോ അല്ലയോ വടക്കൻദേശത്തുനിന്നു
മണ്ടിവരുവിൻ! എന്നു യഹോവയുടേ അരുളപ്പാടു; ഞാനാകട്ടേ വാനത്തേ
നാലുകാറുകളെ പോലേ നിങ്ങളെ പരത്തുന്നുണ്ടു എന്നു യഹോവയുടേ അരു
11 ളപ്പാടു. അല്ലയോ ചീയോനേ! ബാബെൽപുത്രിയരികത്തു വസിക്കുന്നവ
12 ളേ വഴുതിപ്പോരുക! കാരണം സൈന്യങ്ങളുടയ യഹോവ ഇവ്വണ്ണം പറ
യുന്നു: നിങ്ങളെ കവർന്നുകൊണ്ട ജാതികളിലേക്കു് അവൻ എന്നെ (സ്വദൂ
തനെ) അയച്ചതു തേജസ്സിന്നായിക്കൊണ്ടത്രേ; നിങ്ങളെ തൊടുന്നവൻ അ
വന്റെ കണ്മണി തൊടുന്നുവല്ലോ. എങ്ങനേഎന്നാൽ ഇതാ ഞാൻ അവരുടേ
13 മേൽ കൈ വീശുന്നു, അവരും അവരെ സേവിച്ചവർക്കു കൊള്ള ആകും;
സൈന്യങ്ങളുടയ യഹോവ എന്നെ അയച്ചപ്രകാരം നിങ്ങളും അറികയും
14 ചെയ്യും.— ചീയോൻപുത്രിയേ ആർത്തു സന്തോഷിക്ക! കാരണം ഇതാ

ഞാൻ വന്ന നിൻനടുവിൽ കുടിയിരിക്കും എന്ന യഹോവയുടേ അരുളപ്പാടു.
15 അന്നാഅം അനേകജാതികഅം യഹോവയെപ്പററിക്കൊണ്ടു് എനിക്കു ജന
മായ്വരും , ഞാനോ നിൻനടുവിൽ കുടിയിരിക്കും, സൈന്യങ്ങളുടയ
യഹോവ എന്നെ നിങ്കലേക്കു് അയച്ചപ്രകാരം നീ അറികയും ചെയ്യും.
16 യഹോവ വിശുദ്ധനിലത്തിൽ തൻറെ അവകാശാംശമായിട്ടു യഹൂദയെ
17 അടക്കി ഇനിയും യരുശലേമിനെ തെരിഞ്ഞുകൊള്ളും. തൻറെ വിശുദ്ധ
പാർപ്പിടത്തിങ്കന്നു് അവൻ ഉണൎന്നുകൊഅംകയാൽ ഹേ സൎവ്വജഡമേ അ
വൻതിരുമുമ്പിൽ മിണ്ടായ്ക! (ഹബ. 2, 20).

3. അദ്ധ്യായം

ഇസ്രയേലിൻപ്രതിനിധി ആകുന്ന മഹാപുരോഹിതന്നു പാപമോചനം വരുന്ന നാലാംദർശനത്തിൽ (6) ദാവീദ്യത്തളിരിനാൽ പൂൎണ്ണമോചനം എത്തുന്നപ്രകാരം കാട്ടിയതു.

1 പിന്നേ (യഹോവ) എന്നെ കാണിച്ചിതു: യഹോവാദൂതൻറെ മുമ്പാകേ
യോശുവ് എന്ന മഹാപുരോഹിതൻ നില്ക്കുന്നു അവനോടു ശഠിക്കേണ്ടതിന്നു
2 വലഭാഗത്തു സാത്താൻ നില്ക്കുന്നു. യഹോവ സാത്താനോടു പറഞ്ഞു: സാ
ത്താനേ യഹോവ നിന്നെ ഭർത്സിക്ക! യരുശലേമിനെ തെരിഞ്ഞുകൊണ്ടുള്ള
യഹോവ തന്നേ നിന്നെ ഭർത്സിക്ക! ഇവൻ തീയിൽനിന്നു വലിച്ചെടുത്ത
3 കൊള്ളി അല്ലയോ? യോശുവോ മുഷിഞ്ഞ വസ്ത്രങ്ങഅം ഉടുത്തുംകൊണ്ടു ദൂത
4 ൯റെ മുമ്പിൽ നില്ക്കുമ്പോഅം, ഇവൻ തൻറെ മുമ്പിൽ (ശുശ്രൂഷിച്ചു) നില്ക്കു
ന്നവരോടു: മുഷിഞ്ഞ വസ്ത്രങ്ങളെ അവന്മേൽനിന്നു നീക്കുവിൻ! എന്നു പൊ
ല്ലിയതല്ലാതേ: കാൺക നിന്മേൽനിന്നു നിൻറെ അകൃത്യത്തെ ഞാൻ
പോക്കി ഉടയാടകളെ ധരിപ്പിക്കുന്നു എന്നു് അവനോടു പറഞ്ഞു. ഞാനോ
5 പറഞ്ഞു: അവൻറെ തലെക്കു ശുദ്ധ രാജമുടിയെ ചൂടിക്കേ ആവു! എന്നാറേ
അവർ ശുദ്ധമുടിയെ അവൻറെ തലെക്കു ചൂടിച്ചു, യഹോവാദൂതൻ നിന്നി
6 രിക്കേ വസ്ത്രങ്ങളെ ധരിപ്പിക്കയും ചെയ്തു.—അനന്തരം യഹോവാദൂതൻ
യോശുവോടു സാക്ഷീകരിച്ചു പറഞ്ഞിതു: സൈന്യങ്ങളുടയ യഹോവ ഇവ
7 ണ്ണം പറയുന്നു: എൻറെ വഴികളിൽ നീ നടന്നു എൻറെ വിചാരണ കാത്തു
കൊണ്ടാൽ (3 മോ. 8,35) നീ എൻ ആലയത്തിന്നു ന്യായം വിധിക്കയും
എൻമുറ്റങ്ങളെ കാക്കയും ചെയ്യും, ഈ നില്ക്കുന്നവരുടേ ഇടയിൽ (ആ
8 ഗമിപ്പാൻ) നിണക്കു പാതകഅം തരുന്നതും ഉണ്ടു.—ഹേ യോശുവെന്ന മഹാ
പുരോഹിത കേട്ടാലും! നീയും നിൻറെ മുമ്പിൽ ഇരിക്കുന്ന കൂട്ടാളികളും
(പുരോഹിതർ) കേവലം മുങ്കുറിക്കാർ ആകുന്നു. എന്തിന്നെന്നാൽ ഇതാ ത
9 ളിർ എന്ന എൻറെ ദാസനെ (യിറ.23,5) ഞാൻ വരുത്തുന്നു. യോശുവിൻ
മുമ്പിൽ ഞാൻ വെച്ച കല്ലു് ഇതാ, കല്ലു് ഒന്നിലേക്കു് ഏഴു കണ്ണുകഅം (4,
10) ഉണ്ടു, അതിലേ പണിയെ ഞാൻ ഇതാ കൊത്തുന്നു എന്നും ഈ ദേശ
ത്തിലേ അകൃത്യത്തെ ഒരു നാളിൽ മാററിക്കളയും എന്നും സൈന്യങ്ങ
10 ളുടയ യഹോവയുടേ അരുളപ്പാടു. അന്നാളിൽ നിങ്ങഅം മുന്തിരിവള്ളിക്കീഴി
ലേക്കും അത്തിക്കീഴിലേക്കും (മീക.4,4) എന്നു തമ്മിൽ ക്ഷണിക്കും എന്നു
സൈന്യങ്ങളുടയ യഹോവയുടേ അരുളപ്പാടു.

4. അദ്ധ്യായം

തിരുവിളക്കുതണ്ടും (ജരുബാബലും യോശുവും ആകുന്ന) ഒലീവമരങ്ങളും
സഭെക്കു് ആത്മവരങ്ങഅം ലഭിക്കുന്നതിന്നു മുങ്കുറിയായ അഞ്ചാം ദർശനം.

1 **എ**ന്നോടു സംസാരിക്കുന്ന ദൂതൻ മടങ്ങിവന്നു ഉറക്കത്തിൽനിന്നു ഉണ
2 ത്തുന്ന ആളെ പോലേ എന്നെ ഉണൎത്തിയ ശേഷം, നീ എന്തു കാണുന്നു?
എന്നു എന്നോടു ചോദിച്ചാറേ ഞാൻ പറഞ്ഞു: കാണുന്നതു ഇതാ മുഴുവൻ
പൊന്നുകൊണ്ടുള്ള വിളക്കുതണ്ടും അതിൻമുകളിൽ നെയ്വട്ടയും അതിങ്കൽ
ഏഴു വിളക്കുകളും തലെക്കുള്ള വിളക്കുകൾക്കായി ഏഴേഴു കുഴലുകളും തന്നേ.
3 അതിന്നരികിൽ രണ്ടു ഒലിവമരങ്ങളും നെയ്വട്ടയുടേ വലത്തും ഒന്നു ഇട
4 ത്തും ഒന്നു.—എന്നാറേ എന്നോടു സംസാരിക്കുന്ന ദൂതനോടു: കൎത്താവേ ഇവ
5 എന്തു? എന്നു ചൊല്ലിത്തുടങ്ങിയപ്പോൾ, എന്നോടു സംസാരിക്കുന്ന ദൂതൻ:
ഇവ എന്തെന്നു അറിയുന്നില്ലയോ എന്നു ചോദിച്ചതിന്നു: ഇല്ല കൎത്താവേ എ
6 ന്നു പറഞ്ഞു. അവനും എന്നോടു ഉത്തരം പറഞ്ഞിതു: ജരുബാബലോടുള്ള
യഹോവാവചനം എന്തെന്നാൽ: പ്രാപ്തിയാലുമല്ല ഊക്കിനാലും അല്ല എൻറെ
7 ആത്മാവിനാലത്രേ എന്നു സൈന്യങ്ങളുടയ യഹോവ പറയുന്നു. അല്ലയോ
ജരുബാബലിന്നു മുമ്പിലുള്ള വൻമലയേ നീ ആർ? സമഭൂമിയായി(പോക)!
അവൻ തലക്കല്ലിനെ ഇതിന്നു കൃപ കൃപ എന്നുള്ള ആർപ്പുകുറുകളോടും പുറത്തു
8 വരുത്തുകയും ചെയ്യും.—പിന്നേ യഹോവാവചനം എനിക്കു ഉണ്ടായിതു:
9 ജരുബാബലിൻ കൈകളാൽ ഈ ആലയത്തിന്നു അടിസ്ഥാനം ഇട്ടു, അവ
ൻറെ കൈകളാൽ അതിന്നു സമാപ്തി വരുത്തും, എന്നാൽ സൈന്യങ്ങളുടയ യ
10 ഹോവ എന്നെ നിങ്ങളിലേക്കു അയച്ചു എന്നു നീ അറിയും. എങ്ങനേ എ
ന്നാൽ ചെറുകാൎയ്യങ്ങളുടേ നാളിനെ തുച്ഛീകരിക്കുന്നതു ആർ? എന്നിട്ടു ആ
എഴുവർ ജരുബാബലിൻകൈയിലേ തൂക്കുകട്ടിയെ സന്തോഷിച്ചു കാണു
ന്നു, സൎവ്വഭൂമിയിലും ഊടാടുന്ന യഹോവയുടേ കണ്ണുകളാകുന്നു തന്നേ. ഞാൻ ഉത്ത
11 രം പറഞ്ഞു: വിളക്കുതണ്ടിന്നു ഇടവലത്തും ഉള്ള രണ്ടു ഒലിവമരങ്ങൾ എ
12 ന്തു? എന്നും, രണ്ടു പൊൎല്ക്കുഴലുകളോടു പറ്റി (നെയ്വട്ടയിൽ) തങ്ങളു
ടേ പൊന്നെയി പകരുന്ന ഒലിവശാഖകൾ രണ്ടും എന്തു? എന്നും രണ്ടാമതും
13 അവനോടു ചോദിച്ചു. ഇവ എന്തെന്നു അറിയുന്നില്ലയോ? എന്നു എന്നോ
14 ടു ചൊല്ലിയാറേ: ഇല്ല കൎത്താവേ എന്നു ഞാൻ പറഞ്ഞു. അവനും സൎവ്വഭൂമി
യുടേ കൎത്താവിന്മുമ്പിൽ നിലൎക്കുന്ന രണ്ടു നെയ്പുത്രന്മാർ ഇവർ തന്നേ
എന്നു പറഞ്ഞു.

5. അദ്ധ്യായം

പാറുന്ന ശാപച്ചുരുളും (5) ഏഫയിലേ ദുഷ്ടത ആകുന്ന സ്ത്രീയും സഭയിൽ
നിന്നു പാപികളെ നീക്കുന്നതിനെ കാട്ടുന്ന ആറാം ദൎശനം.

1 **ഞാ**ൻ തിരികേ കണ്ണുയൎത്തി നോക്കുമ്പോൾ ഒരു ചുരുൾ പാറി കണ്ടു.
2 അവനും എന്നോടു: നീ എന്തു കാണുന്നു? എന്നു പറഞ്ഞാറേ, ഇരുപതു
മുളം നീളത്തിലും പത്തു മുളം അകലത്തിലും (1 രാ. 6,3) ഒരു ചുരുൾ
3 പാറി കാണുന്നു എന്നു പറഞ്ഞു. അവനും എന്നോടു പറഞ്ഞു: സമസ്ത ദേശ
ത്തിന്മേൽ പരന്നു പോകുന്ന ശാപം ഇതു തന്നേ. എങ്ങനേ എന്നാൽ കക്കു
ന്നവൻ എല്ലാം ചുരുളിൻറെ ഈ ഭാഗത്തിന്നു ഒത്തവണ്ണം വടിച്ചു കളയ
പ്പെടുന്നു, (കള്ള)സ്സത്യക്കാരൻ എല്ലാം അതിൻറെ ആ ഭാഗത്തിന്നു ഒത്തവ
ണ്ണം വടിച്ചുകളയപ്പെടുന്നു. ശാപത്തെ ഞാൻ പുറപ്പെടുവിച്ചു എന്നു സൈ
4 ന്യങ്ങളുടയ യഹോവയുടേ അരുളപ്പാടു, അതു കള്ളൻറെ വീട്ടിലും എൻറെ നാ
മത്താണ കള്ളസ്സത്യം ചെയ്യുന്നവൻറെ വീട്ടിലും കടന്നു ഭവനമദ്ധ്യത്തിൽ
രാപ്പാർത്തു അതിനെ മരപ്പണിയും കല്ലുകളുമായി മുടിച്ചു കളകയും ചെയ്യും.
5 പിന്നേ എന്നോടു സംസാരിക്കുന്ന ദൂതൻ പുറത്തു വന്നു: അല്ലയോ നിൻ
കണ്ണുകളെ ഉയൎത്തി ഈ ഉദിക്കുന്നതു എന്തെന്നു കാൺ എന്നു എന്നോടു
6 പറഞ്ഞു. ഇതെന്തു? എന്നു ഞാൻ പറഞ്ഞാറേ, ഈ ഉദിക്കുന്നതു ഏഫ

(പറ) അത്രേ എന്നും സമസ്തദേശത്തും ആ പാപികളുടേ രൂപം ഇങ്ങനേ
7 എന്നും പറഞ്ഞു. ഉടനേ ഇതാ ഒരു ഈയമൂടി നീങ്ങീട്ട് ഏഫാമദ്ധ്യേ ഒരു
8 സ്ത്രീ ഇരിക്കുന്നതു കണ്ടു. അവനും ഇവൾ ദുഷ്ടത തന്നേ എന്നു ചൊല്ലി അ
വളെ ഏഫനടുവിൽ തള്ളീട്ടു അതിൻമുഖത്ത് ഈയക്കട്ടിയെ ഇട്ടുകളകയും
9 ചെയ്തു.— ഞാൻ കണ്ണ് ഉയർത്തി നോക്കുമ്പോൾ ഇതാ രണ്ടു സ്ത്രീകൾ
ചിറകുകളിൽ കാറ്റുണ്ടായിട്ടും കൊക്കുപക്ഷങ്ങൾക്ക് ഒത്ത ചിറകുകളോ
ടും ഉദിക്കുന്നതു കണ്ടു, അവരും ഏഫയെ എടുത്തു ഭൂമിക്കും വാനത്തിനും
10 നടുവിൽ ആക്കി. എന്നോടു സംസാരിക്കുന്ന ദൂതനോടു: ഇവർ ഏഫയെ
11 എവിടേ കൊണ്ടുപോകുന്നു? എന്നു ചോദിച്ചാറേ അവൻ എന്നോടു പറ
ഞ്ഞു: ശിനാർദേശത്തിൽ ഇതിന്നു ഭവനം കെട്ടുവാനത്രേ, അതിനെ തീർ
ത്ത ശേഷം അവൾ തൻസ്ഥാനത്തിൽ സ്ഥാപിക്കപ്പെടും.

6. അദ്ധ്യായം

ലോകത്തിൽ ന്യായവിധികൾ നടത്തുന്ന നാല് രഥങ്ങൾ ആകുന്ന ഏ
ഴാം ദർശനം (9) യോശുവിൻതലമേൽ പൊൻവെള്ളിക്കിരീടങ്ങൾ രാജ
പുരോഹിതനായ തളിരിന്നു മുകുടം.

1 **ഞാൻ** തിരികേ കണ്ണുകൾ ഉയർത്തി നോക്കുമ്പോൾ ഇതാ ചെമ്പുമല
കൾ ആകുന്ന രണ്ടു പർവ്വതങ്ങളുടേ നടുവിൽനിന്നു നാലു തേരുകൾ പുറ
2 പ്പെട്ടു കണ്ടു. ഒന്നാം തേരിൽ ചുവന്ന കുതിരകളും രണ്ടാം തേരിൽ കറുത്ത
3 കുതിരകളും, മൂന്നാം തേരിൽ വെള്ളക്കുതിരകളും നാലാം തേരിൽ ഉരുത്ത
4 പുള്ളിക്കുതിരകളും ഉണ്ടു. എന്നോടു സംസാരിക്കുന്ന ദൂതനോടു: കർത്താവേ
5 ഇവ എന്ത്? എന്നു പറഞ്ഞുതുടങ്ങിയപ്പോൾ അവൻ എന്നോട് ഉത്തരം
പറഞ്ഞിതു: ഇവ വാനത്തിലേ നാലു കാറ്റുകൾ തന്നേ, സർവ്വഭൂമിയുടേ
കർത്താവിൻ മുമ്പിൽ നിന്നുകൊണ്ടു ശേഷം അവ പുറപ്പെടുന്നു. കറുത്ത കു
6 തിരകൾ പൂട്ടിയതോ അവ വടക്കേ ദേശത്തേക്കു പോകുന്നു, വെളുത്തവ
അവറ്റിൻ പിന്നാലേ ചെല്ലുന്നു, പുള്ളിയുള്ളവ തെക്കേ ദേശത്തേക്കു പുറ
7 പ്പെടുന്നു. ഉരം ഏറിയവ പുറപ്പെട്ടു ഭൂമിയിൽ ഊടാടുവാൻ ഭാവിച്ചു, അവ
നും: നിങ്ങൾപോയി ഭൂമിയിൽ ഊടാടുവിൻ എന്നു പറഞ്ഞു, അവ ഭൂമി
8 യിൽ ഊടാടുകയും ചെയ്തു. പിന്നേ അവൻ എന്നോടു കൂക്കിപ്പറഞ്ഞിതു:
കാൺക വടക്കേ ദേശത്തേക്കു പുറപ്പെടുന്നവ എന്റേ ആത്മാവിനെ വട
ക്കേദേശത്തിൽ അമർമാറാക്കുന്നു എന്നത്രേ.

9.10 അനന്തരം യഹോവാവചനം എനിക്ക് ഉണ്ടായിതു: പ്രവാസികളുടെ
ലുള്ള ഹെല്ദായി തോബിയ്യാ യദയ്യാ എന്നവരോടു നീ ഒന്നു വാങ്ങേണം.
അന്നാൾ തന്നേ ചെന്നു അവർ ബാബെലിൽനിന്നു വന്നുപാർക്കുന്ന യോശീ
11 യാ എന്ന ചഫന്യപുത്രന്റേ വീട്ടിൽ പുക്കു. വെള്ളിയും പൊന്നും വാങ്ങി
കിരീടങ്ങൾ ഉണ്ടാക്കി യോചദാക്കിൻപുത്രനായ യോശുവെന്ന മഹാപുരോ
12 ഹിതന്റേ തലമേൽ ഇടുക.— പിന്നേ അവനോടു പറക: സൈന്യങ്ങളുടയ
യഹോവ ഇവ്വണ്ണം പറയുന്നു: ചെമഃ (തളിർ 3, 8) എന്നുള്ള പുരുഷൻ ഇതാ,
അവൻ തന്റേ ഇടത്തുനിന്നു തളിർക്കും യഹോവാമന്ദിരത്തെ പണികയും
13 ചെയ്യും. യഹോവാമന്ദിരത്തെ അവൻ താൻ തീർത്തു പ്രതാപം ധരിച്ചു സ
സിംഹാസനത്തിൽ ഇരുന്നു കൊണ്ടു വാഴും; തന്റേ സിംഹാസനത്തിന്മേൽ
പുരോഹിതനും ആകും, ഇരുവർക്കും തമ്മിൽ സമാധാനമന്ത്രണവും ഉണ്ടാം.
14 കിരീടമോ ഹെലം തോബിയ്യാ യദയ്യാ എന്നവർക്കും ചഫന്യപുത്രന്റേ
ദയെക്കും ഓർമ്മയായിട്ട് യഹോവാമന്ദിരത്തിൽ ആകും. ദൂരസ്ഥന്മാരും
15 വന്നു യഹോവാമന്ദിരത്തെ പണിയുന്നതിൽ ചേരും. സൈന്യങ്ങളുടെ

യഹോവ എന്നെ നിങ്ങളിലേക്കു് അയച്ചു എന്നു നിങ്ങൾ അറിയും. നിങ്ങളുടേ ദൈവമായ യഹോവയുടേ ശബ്ദത്തെ നിങ്ങൾ കേട്ടുകൊണ്ടാലേ ഉണ്ടാകും.

II. നോമ്പിനെച്ചൊല്ലി ചോദിച്ചതിന്നു ദൈവത്തിൻ ഉത്തരം (അ. 7. 8.)

7. അദ്ധ്യായം (8.)

യരുശലേമിൻ ആപദ്ദിവസത്തെ ഖേദിച്ചുകൊണ്ടാടിയവർക്കു് (4) നോമ്പല്ല അനുസരണം ആവശ്യം എന്നും (8) കല്പന കേളായ്കയാലത്രേ പ്രവാസശിക്ഷ വേണ്ടിവന്നതു് എന്നും (8,1) ഇനി സത്യവും സ്നേഹവും ആചരിച്ചാൽ ദിവ്യാനുഗ്രഹം നിശ്ചയം എന്നും (18) നോമ്പുനാളുകൾ മഹോത്സവമായും യഹൂദ ശേഷംജാതികൾക്കു രക്ഷാകാരണമായും തീരും എന്നും ഗ്രഹിപ്പിച്ചതു.

1 ദാരയവുഷ്രാജാവിന്റെ നാലാം ആണ്ടു കിസ്ലേവ് എന്ന ഒമ്പതാം മാ
സം നാലാം തിയ്യതി യഹോവാവചനം ജകര്യാവിന്നു് ഉണ്ടായിതു.
2 അന്നു ബേഥേലിൽനിന്നു ശരേചർ രെഗമ്മെലക് എന്നവരെ ആളുകളുമായി
3 അയച്ചതു യഹോവയുടേ മുഖപ്രസാദം തേടുവാനും, ഇത്ര വർഷം ചെയ്തു
വന്ന പ്രകാരം ഞാൻ അഞ്ചാം മാസത്തിൽ (യിറ. 52, 12) ഇനി വരഞ്ഞു
നിന്നു കരയേണമോ എന്നു സൈന്യങ്ങളുടയ യഹോവാലയത്തിലേ പുരോ
4 ഹിതന്മാരോടും പ്രവാചകന്മാരോടും ചോദിപ്പാനും തന്നേ.— അതിന്നു
സൈന്യങ്ങളുടയ യഹോവാവചനം എനിക്കു ഉണ്ടായി പറഞ്ഞിതു: ദേ
5 ശത്തിലേ സകലജനത്തോടും പുരോഹിതരോടും പറക: നിങ്ങൾ ഈ എഴു
പതു വർഷംതോറും അഞ്ചാം ഏഴാം (യിറ. 41,1) മാസങ്ങളിൽ നോറു
തൊഴിച്ചുവന്നതിനാൽ എന്നെ കുറിച്ചു തന്നേയോ നോമ്പെടുത്തതു? തിന്നു
6 കിലും കുടിക്കിലും തിന്നും കുടിച്ചും കൊള്ളുന്നതു നിങ്ങൾ തന്നേ അല്ലയോ?
7 യരുശലേമും ചുറുന്ന പട്ടണങ്ങളും നിർഭയമായി കുടിയേറിയും തെക്കേ
നാടും താഴേ നാടും കുടികളുള്ളതായും ഇരിക്കുമ്പോഴേക്കു പൂർവ്വപ്രവാചകരെ
8 ക്കൊണ്ടു യഹോവ വിളിച്ച വചനങ്ങൾ (അറിയുന്നു) ഇല്ലയോ?— പി
9 ന്നേ ജകര്യാവിന്നു യഹോവാവചനം ഉണ്ടായിതു: സൈന്യങ്ങളുടയ
യഹോവ ഇവ്വണ്ണം പറഞ്ഞു: സത്യന്യായം വിധിപ്പിൻ! അന്യോന്യം ദയ
10 യും കനിവും കാട്ടുവിൻ! വിധവ അനാഥൻ പരദേശി എളിയവൻ ഇവരെ
ദുഃഖിപ്പിക്കയും ഏതു സഹോദരനേറയും അനർത്ഥത്തെ ഹൃദയത്തിൽ നിരൂ
11 പിക്കയും അരുതേ. എന്നാറേ അവർ കുറിക്കൊൾവാൻ മടുത്തു ശാഠ്യമുള്ള
12 ചുമൽ കാട്ടി ചെവികളെ കേൾക്കാതവണ്ണം തടിപ്പിച്ചു, സൈന്യങ്ങളുടയ
യഹോവ പൂർവ്വപ്രവാചകരാൽ തന്റെ ആത്മാവിനെക്കൊണ്ടു് അയച്ച ധർ
മ്മോപദേശത്തെയും വചനങ്ങളെയും കേളാതേ ഇരിപ്പാൻ തങ്ങളുടേ ഹൃദയ
ത്തെ വജ്രമാക്കി വെച്ചു, സൈന്യങ്ങളുടയ യഹോവയിൽ നിന്നു വലിയ
13 ചിനം ഉണ്ടാകയും ചെയ്തു. പിന്നേ സംഭവിച്ചിതു: അവൻ വിളിച്ചിട്ടും അ
വർ കേളാഞ്ഞതുപോലേ തന്നേ അവർ വിളിച്ചിട്ടും ഞാനും കേളാതേപോ
കും എന്നു സൈന്യങ്ങളുടയ യഹോവ പറഞ്ഞു, അവർ അറിയാത്ത ജാതി
14 കളുടേയും അവരെ പാറിക്കളകയും ചെയ്യും. ദേശമോ കടക്കുന്നവനും തി
രിക്കുന്നവനും ആരും ഇല്ലാതവണ്ണം അവരുടേ പിന്നിൽ പാഴായിക്കിടക്കു
ന്നു. ഇങ്ങനേ അവർ മനോഹരദേശത്തെ (യിറ. 3,19) പാഴാക്കിവെച്ചതു.

8, 1 അനന്തരം സൈന്യങ്ങളുടയ യഹോവയുടേ വചനം ഉണ്ടായിത്തു: സൈ
2 ന്യങ്ങളുടയ യഹോവ ഇവ്വണ്ണം പറയുന്നു: ചീയോന്നായിക്കൊണ്ടു ഞാൻ
വലിയ എരിവിനാൽ എരിഞ്ഞിരിക്കുന്നു (1,14) അവൾക്കായി വലിയ
3 ഊഷ്മാവോടും എരിയുന്നു. യഹോവ ഇപ്രകാരം പറയുന്നു: ഞാൻ ചീയോ
നിലേക്കു മടങ്ങി യരുശലേംനടുവിൽ കുടിപാർക്കും, യരുശലേമിന്നു സ
ത്യത്തിൻനഗരം എന്നും സൈന്യങ്ങളുടയ യഹോവാപർവ്വതത്തിന്നു വിശു
4 ദ്ധമല എന്നും പേരുകയും വരും.— സൈന്യങ്ങളുടയ യഹോവ ഇവ്വണ്ണം
പറയുന്നു: യരുശലേംതെരുക്കളിൽ ഇനിയും വൃദ്ധന്മാരും വൃദ്ധമാരും ഇരുന്നും
അതിവയസ്സു മുതലായിട്ടു അതാതു കയ്യിൽ വടി പിടിച്ചും കൊണ്ടിരിക്കും;
5 തെരുക്കളിൽ കളിക്കുന്ന ബാലന്മാരും ബാലമാരും പട്ടണവീഥികളിൽ നി
6 റഞ്ഞുംകാണും. സൈന്യങ്ങളുടയ യഹോവ ഇവ്വണ്ണം പറയുന്നു: ആയതു ഈ
ജനത്തിന്റെ ശേഷിപ്പിന്നു ആ ദിവസങ്ങളിലും അതിശയമായി തോന്നി
യാൽ എനിക്കും അതിശയമായിവരുമോ? എന്നു സൈന്യങ്ങളുടയ യഹോ
7 വയുടേ അരുളപ്പാടു. സൈന്യങ്ങളുടയ യഹോവ ഇവ്വണ്ണം പറയുന്നു: ഇതാ
ഞാൻ സൂര്യോദയദിക്കിൽനിന്നും അസ്തമാനദിക്കിൽനിന്നും എൻജനത്തെ
8 രക്ഷിക്കുന്നു, ഞാൻ അവരെ വരുത്തും, അവർ യരുശലേമിൻനടുവിൽ പാ
ർത്തു സത്യത്തിലും നീതിയിലും എനിക്കു ജനവും ഞാൻ അവർക്കു ദൈവ
9 വും ആകും.— സൈന്യങ്ങളുടയ യഹോവ ഇവ്വണ്ണം പറയുന്നു: സൈന്യ
ങ്ങളുടയ യഹോവാലയം ആകുന്ന മന്ദിരത്തെ തീർപ്പാൻ അടിസ്ഥാനം ഇട്ട
നാളിൽ ഉള്ളപ്രവാചകരുടേ വായിൽനിന്നു ഈ വാശ്ദത്തങ്ങളെ (ഹഗ്ഗ. 2)
ഈ ദിവസങ്ങളിൽ കേൾക്കുന്നോരേ, നിങ്ങളുടേ കൈകളും ബലപ്പെട്ടു
10 വരിക! കാരണം: ആ ദിവസങ്ങൾക്കു മുമ്പേ മനുഷ്യന്നു കൂലി എത്തിയില്ല
നാല്ക്കാലിക്കും കൂലി ഇല്ലാഞ്ഞു, പോകുന്നവന്നും വരുന്നവന്നും മാറാൻ ഹേ
തുവായി സമാധാനം ഇല്ലാഞ്ഞു, ഞാൻ എല്ലാ മനുഷ്യരെയും തങ്ങളിൽ എ
11 തിർപ്പാൻ തെളിച്ചുപോന്നു. ആദ്യദിവസങ്ങളെ പോലേ അല്ല ഞാൻ ഇ
പ്പോൾ ഈ ജനത്തിന്റെ ശേഷിപ്പിന്നു ആകുന്നതു എന്നു സൈന്യങ്ങളുട
12 യ യഹോവയുടേ അരുളപ്പാടു. മുന്തിരി ആകുന്ന സമാധാനവിത തന്റെ
ഫലം നല്കും, ഭൂമിയും തന്റെ വിളവു തരും, വാനം തന്റെ മഞ്ഞും ഏകും,
ഞാനും ഈ ജനത്തിൻശേഷിപ്പിനെ ഇവ ഒക്കെയും അടക്കമാറാക്കും. അ
13 പ്പോൾ യഹൂദാഗൃഹവും ഇസ്രയേൽഗൃഹവും ആയുള്ളോരേ നിങ്ങൾ ജാതി
കളിൽ പ്രാക്കൽ ആയതു പോലേ തന്നേ ഞാൻ നിങ്ങളെ രക്ഷിപ്പതിനാൽ
14 നിങ്ങൾ അനുഗ്രഹവും ആകും. ഭയപ്പെടായ്വിൻ! നിങ്ങളുടേ കൈകളും
ബലപ്പെടുക!— എങ്ങനേ എന്നാൽ സൈന്യങ്ങളുടയ യഹോവ ഇവ്വണ്ണം
പറയുന്നു: നിങ്ങടേ അപ്പന്മാർ എന്നെ ക്രുദ്ധിപ്പിച്ചപ്പോൾ ഞാൻ നിങ്ങൾ
15 ക്കു തിന്മ വരുത്തുവാൻ ചിന്തിച്ചു അനുതപിയാതേ ഇരുന്നതു പോലേ ത
ന്നേ, എന്നു സൈന്യങ്ങളുടയ യഹോവ പറയുന്നു, ഞാൻ ഈ ദിവസങ്ങ
ളിൽ തിരികേ ചിന്തിച്ചതു യരുശലേമിന്നും യഹൂദാഗൃഹത്തിന്നും നന്മ വ
16 രുത്തുവാൻ അത്രേ. ഭയപ്പെടായ്വിൻ! നിങ്ങളോ ചെയ്യേണ്ടുന്ന വചന
ങ്ങൾ ആവിതു: അന്യോന്യം സത്യം പറവിൻ! നിങ്ങളുടേ പടിവാതിലു
17 കളിൽ സത്യപ്രകാരം സമാധാനത്തിന്നുള്ള ന്യായം വിധിപ്പിൻ! ഹൃദയങ്ങ
ളിൽ അന്യോന്യം ദോഷം ഭാവിക്കയും കള്ളസ്സത്യം സ്നേഹിക്കയും അരു
തേ! ഇവ ഒക്കെയും ഞാൻ പകെക്കുന്നതല്ലോ എന്നു യഹോവയുടേ അരുള
പ്പാടു.

18 പിന്നേ സൈന്യങ്ങളുടയ യഹോവാവചനം എനിക്കു ഉണ്ടായിത്തു:
19 സൈന്യങ്ങളുടയ യഹോവ ഇപ്രകാരം പറയുന്നു: നാലാം മാസത്തിലേ
നോമ്പും (യിറ. 39, 2) അഞ്ചാമതിൻനോമ്പും (7, 3) ഏഴാമതിൻ നോ
മ്പും (7, 5) പത്താമതിൻനോമ്പും (യിറ. 39, 1) ഇസ്രയേൽഗൃഹത്തിന്നു

ഇനി ആനന്ദസന്തോഷങ്ങളും നല്ല മഹോത്സവങ്ങളും ആയ്ച്ചമയും. സത്യ
20 ത്തെയും സമാധാനത്തെയും സ്നേഹിപ്പിൻ താനും! സൈന്യങ്ങളുടയ യ
ഹോവ ഇവ്വണ്ണം പറയുന്നു: ഇനിയും വംശങ്ങളും പല പട്ടണങ്ങളിലേ കുടി
21 യാരും വരിക ഉണ്ടാകും. ഒന്നിൽ വസിക്കുന്നവർ മറ്റുള്ളവരെ ചെന്നു കണ്ടു:
അല്ലയോ യഹോവാമുഖപ്രസാദം വരുത്തുവാനും സൈന്യങ്ങളുടയ യഹോ
വയെ അന്വേഷിപ്പാനും നാം പോക എന്നും ഞാനും കൂടേ പോരാം എന്നും
22 പറയും. അനേകവംശങ്ങളും ഉരത്ത ജാതികളും യരുശലേമിൽ സൈന്യങ്ങ
ളുടയ യഹോവയെ അന്വേഷിപ്പാനും യഹോവമുഖപ്രസാദം വരുത്തുവാ
23 നും വരും. സൈന്യങ്ങളുടയ യഹോവ ഇവ്വണ്ണം പറയുന്നു: ആ നാളുകളിൽ
ജാതികളുടേ സകലഭാഷകളിൽനിന്നും പത്താൾ വന്നു പിടിക്കും എങ്കി
ലോ: നിങ്ങളോടു കൂടേ ദൈവം ഉണ്ടെന്നു കേൾക്കയാൽ ഞങ്ങളും നിങ്ങ
ളോട് ഒന്നിച്ചു ചെല്ലുക! എന്നു ചൊല്ലി ഓരോ യഹൂദന്റെ വിളുമ്പിനെ
പിടിച്ചു കൊള്ളും.

III. ദൈവരാജ്യത്തിൻ ഭാവിയെ അറിയിക്കുന്ന ആജ്ഞകളും രണ്ടും

9. അദ്ധ്യായം (–11.)

അറാം മുതലായ അയൽനാടുകളിൽ ന്യായവിധി തട്ടുകേ (8) ദൈവജ
നത്തിന്നു സമാധാനരാജാവിനാൽ വീണ്ടെടുപ്പും (11) ദിഗ്ജയവും പുഷ്ടി
യും (10, 8) എഫ്രയീമിന്നു കൂടേ യഥാസ്ഥാനത്വവും ലഭിക്കും. (11, 1)ക
നാൻ പാഴാകുന്നതല്ലാതേ (4) പ്രവാചകൻ ആട്ടിങ്കുട്ടത്തെ മേച്ചു ശേഷം
(12) കൃതഘ്നത ഹേതുവായി (15) മൂഢനായ ഇടയനിൽ ഏല്പിക്കേണം.

1 യഹോവാവചനത്തിൻ ആജ്ഞ ഹദ്രാക്ദേശത്തിൽ (വരുന്നു) ദമഷ്കും
അത് അമരും ഇടം. യഹോവെക്ക് ആകട്ടേ മനുഷ്യരിലും ഇസ്രയേൽ സ
2 വ്വഗോത്രങ്ങളിലും നോക്ക് ഉണ്ടല്ലോ. ദമഷ്കിനോട് അണഞ്ഞ ഹമാത്തി
ലും ജ്ഞാനം ഏറയുള്ള ചോർ ചീദോനുകളിലും (അത് അമരും). ചോ
3 രല്ലോ തനിക്കു കോട്ട തീർത്തു മണൽപോലേ വെള്ളിയും തെരുക്കളേ ച
4 ളി പോലേ തങ്കവും കുന്നിച്ചു. ഇതാ യഹോവ അതിനെ അടക്കിച്ചു കട
ലിൽ അതിന്റെ അധികാരത്തെ (യഹെ. 28, 4) തല്ലും, അതും തീക്ക്
5 ഇരയാം. അഷ്കലോൻ കണ്ടു ഭയപ്പെടും, ഘജ്ജയും (കണ്ടു) ഏറ്റം നടു
ങ്ങും, എക്രോനും കൂടേ അതിന്റെ പ്രതീക്ഷ ചതിക്കയാൽ തന്നേ; ഘ
ജ്ജയിൽനിന്നു രാജാവ് ഒടുങ്ങും അഷ്കലോൻ വസിക്കാതാകും. അഷ്ദോ
6 ദിൽ കലപ്പിഴുകി വസിക്കും, ഫലിഷ്ടഭാഗത്തെ ഞാൻ അറുതി ചെയ്യും.
7 അവന്റെ വായിൽനിന്നു ഞാൻ (യാഗ) രക്തത്തെയും പല്ലിടയിൽനിന്ന്
അറെപ്പുകളെയും നീക്കും, അവനും നമ്മുടേ ദൈവത്തിന്നായി ശേഷിക്ക
യും, യഹൂദയിലേ തലവനോടും എക്രോന്യൻ യബൂസ്യനോടും (2ശമൂ.24,
18) ഒത്തുവരികയും ചെയ്യും.

8 എന്റെ ആലയത്തിന്നോ സേനയായി കടക്കുന്നവനും തിരികുന്നവനും
ഇല്ലാതവണ്ണം ഞാൻ പാളയം ഇറങ്ങും, പീഡിപ്പിക്കുന്നവനു അവരുടേ
മേൽ ഇനി കടക്കയും ഇല്ല. ഇപ്പോൾ ഞാൻ കണ്ണാലേ കണ്ടുവല്ലോ. ചീ
9 യോൻപുത്രിയേ അത്യന്തം മകിഴുക, യരുശലേംപുത്രിയേ ആർക്കുക! ഇതാ
നിൻരാജാവു നിങ്കലേക്കു വരും; അവൻ നീതിമാനും രക്ഷാനവിതനും ആ
യി എളിയവനും കഴുതയേറിയവനും തന്നേ, കഴുതപ്പെട്ടകളുടേ കുട്ടിപ്പുറത്ത
10 ത്രേ. ഞാൻ എഫ്രയീമിൽനിന്നു തേരും യരുശലേമിൽനിന്ന് അശ്വവും

അറുതി ചെയ്യും, പോർവില്ലും അറുപോകും. ആയവൻ ജാതികളോട് സമാ
ധാനം ഉരെക്കും, അവന്റെ വാഴ്ച സമുദ്രം മുതൽ സമുദ്രംവരേയും നദിമുതൽ
11 ഭൂമിയറ്റങ്ങളോളവും ആം (സങ്കീ. 72,8).—എടീ നിണക്കും വെള്ളമില്ലാ
ത്ത കുഴിയിൽനിന്ന നിന്റെ ബദ്ധന്മാരെ നിൻനിയമരക്തം നിമിത്തം
12 ഞാൻ വിട്ടയക്കുന്നുണ്ട്. ഹാ ആശാബദ്ധന്മാരായുള്ളോരേ ദുർഗ്ഗത്തിലേക്കു
തിരികേ വരുവിൻ! ഇന്ന കൂടേ ഞാൻ അറിയിക്കുന്നിതു: നിണക്ക് ഇരട്ടി
13 തിരികേ തരാം (യശ.31,7). എങ്ങനേ എന്നാൽ ഞാൻ യഹൂദയെക്കൊണ്ടു
വില്ലു കുലെക്കും എഫ്രയീമിനാൽ തൊടുക്കും, ചീയോനേ നിന്റെ പുത്രരെ
യാപാനേ നിൻമക്കൾക്കു നേരേ ഉണർത്തി വിടും, നിന്നെ വീരന്റെ വാൾ
14 പോലേ ആക്കും. യഹോവ അവർക്കു മീതേ കാണാകും, മിന്നൽകണക്കേ
അവന്റെ അമ്പു പുറപ്പെടും, കർത്താവായ യഹോവ കാഹളം ഊതി തെക്കേ
15 കൊടുങ്കാറ്റുകളോടും നടക്കും. സൈന്യങ്ങളുടയ യഹോവ അവരെ ആച്ഛാ
ദിക്കും, അവർ (മാംസം) തിന്ന കവിണക്കല്ലുകളെ നിലത്തു ചവിട്ടുകയും
(ചോര) കുടിച്ചു വീഞ്ഞിനാൽ വമ്പരിശ്രു കുററിടുകയും യാഗകലശം
പോലേ പീഠത്തിന്റെ കോണുകളും കണക്കേ നിറകയും ചെയ്യും (4 മോ.
16 23,24). അന്നാൾ അവരുടേ ദൈവമായ യഹോവ ആടുകൾ പോലേ സ്വ
ജനത്തെ രക്ഷിക്കും, അവർ അവന്റെ നാട്ടിന്മേൽ മിന്നുന്ന കിരീടമണി
17 കൾ ആയല്ലോ. അല്ലയോ അതിന്റെ ഭാഗ്യം എത്രയോ, ഭംഗിയും എന്തോ!
ധാന്യം യുവാക്കളെയും രസം കന്യമാരെയും മുളപ്പിക്കും.

10,1 യഹോവയോടു വസന്തകാലത്തേ മഴയെ ചോദിപ്പിൻ! യഹോവ തന്നേ
മിന്നല്പിണരുകളെ ഉണ്ടാക്കുന്ന, വന്മാരി അവർക്കു പെയ്യിച്ചു അവനവന്ന
2 വയലിലേ സസ്യാദികൾ നല്കും. എങ്ങനേ എന്നാൽ തെരാഫുകൾ (എന്ന
പിതൃക്കൾ) നിസ്സാരം ഉരെച്ചു, ലക്ഷണക്കാർ ചതി ദർശിച്ചു പഴതായ സ്വ
പ്നങ്ങളെച്ചൊല്ലി മായകൊണ്ടു് ആശ്വസിപ്പിക്കേ ഉള്ളു. അതുകൊണ്ടു്
(ഇസ്രയേൽ) ആടുകൾ പോലേ യാത്രയായി, ഇടയൻ ഇല്ലായ്കയാൽ
3 വലഞ്ഞുപോകുന്ന.—ഇടയന്മാർക്കു നേരേ എന്റെ കോപം ജ്വലിച്ചു ആട്ട
കൊറ്റന്മാരെ ഞാൻ സന്ദർശിക്കും; കാരണം സൈന്യങ്ങളുടയ യഹോവ
തന്റെ കൂട്ടമാകുന്ന യഹൂദാഗൃഹത്തെ സന്ദർശിച്ചു പടയിലേ തന്റെ പ്രതാപ
4 കുതിര പോലേ ആക്കുന്ന. യഹൂദയിൽനിന്ന മൂലക്കല്ലും അവനിൽനിന്ന കൂ
ടാരക്കുറ്റിയും അവനിൽനിന്ന പോർവില്ലും (ഉണ്ടു), പീഡിപ്പിക്കുന്നവനും
5 ഒക്കയും അവനിൽനിന്ന വരും.—അവർ പോരിൽ (ശത്രുക്കളെ) തെരുക്ക
ളേചളിയിൽ ചവിട്ടുന്ന വീരന്മാർക്കു തുല്യരായി പോരാടും, സാക്ഷാൽ
യഹോവ അവരോടു കൂടേ ആകയാൽ കുതിരകൾപുറത്തു് ഏറുന്നവർ നാ
6 ണിച്ചുപോകും. ഞാനും യഹൂദാഗൃഹത്തിന്നു് ആണ്മ വളർത്തു യോസേഫ്ഗൃ
ഹത്തെ രക്ഷിച്ചു അവരെ വസിപ്പിക്കും; ഞാൻ അവരെ കനിഞ്ഞുകൊണ്ടു
വല്ലോ, അവരും ഞാൻ തള്ളിവിട്ടിട്ടില്ലാത്ത പന്തിയിൽ ആയ്ത്തീരും,
യഹോവയായ ഞാനല്ലോ അവർക്കു ദൈവമായി അവർക്കു് ഉത്തരം കൊടു
7 ക്കുന്നുണ്ടു. എഫ്രയീം ശൂരനു സമനാകും, അവരുടേ ഹൃദയം വീഞ്ഞിനാൽ
എന്ന പോലേ സന്തോഷിക്കും, അവരുടേ മക്കളും കണ്ടു സന്തോഷിക്കും,
അവരുടേ ഹൃദയം യഹോവയിൽ മകിഴുകേ ആവു.

8 ഞാൻ അവരെ വീണ്ടെടുക്കകൊണ്ടു് അവർക്കു് ഊഴലിട്ടു് അവരെ ചേ
ർത്തുകൊള്ളട്ടേ! അവരും (പണ്ടു) പെരുകിയ പ്രകാരം പെരുകി വരും. ഞാൻ
9 അവരെ വംശങ്ങളിൽ വിതെക്കും, അവർ ദൂരദിക്കുകളിലും എന്നെ ഓർത്തിട്ടു
10 മക്കളുമായി ജീവിച്ചുകൊണ്ടു മടങ്ങി വരും. അവരെ മിസ്രദേശത്തുനിന്നു
ഞാൻ തിരിപ്പിച്ചും അശ്ശൂരിൽനിന്നു ചേർത്തുംകൊണ്ടു ഗിലെയാദ് ലീബനോൻ
എന്ന ദേശത്തിൽ പൂകിക്കും, അവർക്കു് ഇടം കാണാതേയും ആം, (യഹോ
11 വ) ആയവൻ ഞെരിക്കടൽസാഗരത്തുടേ കടന്നു കടലിൽ തിരകളെ അടിക്കും,
കാരാറിൻ ആഴങ്ങളൊക്കയും വറ്റിപ്പോകും, അശ്ശൂരിന്റെ ഡംഭത്തിന്നു

താഴ്ചയും മിസ്രക്കോലിന്നു നീക്കവും വരും. ഞാൻ അവർക്കു യഹോവ
12 യിങ്കൽ ആശ്ര വളർക്കും, അവനേറ നാമത്തിൽ അവർ നടക്കയും ചെയ്യും
എന്നു യഹോവയുടേ അരുളപ്പാടു.
11,1 ഹേ ലിബനോനേ, നിനേറ ദേവദാരുക്കളെ തീ തിന്നുവാൻ നിൻ
2 കതകുകളെ തുറക്ക! ദേവദാരു വീണും നിറന്നവ പാഴായും പോയതു കൊ
ണ്ടു കീൽമരമേ തൊഴിക്ക! ദുർഗ്ഗമവനം കിഴിഞ്ഞതിനാൽ ബാശാനിലേ
3 പെരുമരങ്ങളേ തൊഴിപ്പിൻ! ഇടയന്മാരുടേ (മേച്ചൽ) നിറപ്പു പാഴായതി
നാൽ അവരുടേ വിലാപശബ്ദം (കേൾക്കാക)! യർദ്ദനേറ ഡംഭു പാഴായ
തിനാൽ ചെറുകോളരികളം അലറുന്ന ഒച്ച (കേൾക്ക)!
4 എൻദൈവമായ യഹോവ ഇവ്വണ്ണം പറഞ്ഞു: കുലെക്കു അടുത്ത ആട്ടിൻ
5 കൂട്ടത്തെ മേയ്ച്ചുകൊൾക! ആയവ കൊണ്ടവർ അവ കൊന്നിട്ടും കുറക്കാർ
എന്നു വരുന്നില്ല, അവറെ വില്ക്കുന്നവരോ: യഹോവ വാഴ്ത്തപ്പെട്ടവനാ
ക! ഞാൻ മുതൽ ഉണ്ടാക്കി എന്നു പറയുന്നു, അവറെ മേയ്ക്കുന്നവർ ആരും
6 അവ ആദരിക്കുന്നതും ഇല്ല. ഞാനാകട്ടേ ഭൂനിവാസികളെ ഇനി ആദരി
ക്ക ഇല്ല എന്നു യഹോവയുടേ അരുളപ്പാടു; ഇതാ ഞാൻ മനുഷ്യരെ അവന
വനേറ കൂട്ടുകാരനേറ കയ്യിലും സ്വരാജാവിൻ കയ്യിലും അകപ്പെടുത്തും, ഇ
വർ ഭൂമിയെ ചതെച്ചുകളയും അവരുടേ കയ്യിൽനിന്നു ഞാൻ ഉദ്ധരിക്കയു
7 ഇല്ല.—എന്നാറേ ഞാൻ കുലയാടുകളെ വിശേഷാൽ കൂട്ടത്തിൽ എളിയവ
റെറ മേച്ചുകൊണ്ടു എനിക്കു രണ്ടു ദണ്ഡുകളെ എടുത്തു; ഒന്നിന്നു മാധുര്യം എ
ന്നും മറേറതിന്നു സംബന്ധം എന്നും പേരുകൊടുത്തു ആടുകളെ മേച്ചുപോന്നു.
8 പിന്നേ ഇടയരിൽ മൂവരെ ഞാൻ ഒരു മാസത്തിൽ തന്നേ ഇല്ലാതാക്കി. എ
ങ്കിലും എനിക്കു അവറേറാടു ക്ഷമ ചുരുങ്ങിപ്പോയി, അവറിനും എന്നിൽ
9 ഉഴപ്പു തോന്നിയപ്പോൾ, ഞാൻ പറഞ്ഞു: നിങ്ങളെ (ഇനി) മേയ്ക്ക ഇല്ല,
ചാകുന്നതു ചാക, ഇല്ലാതാകുന്നതു ഇല്ലാതാക! ശേഷിച്ചവ തമ്മിൽ തന്നേ
10 (പിണങ്ങി) മാംസം തിന്നുക! എന്നിട്ടു മാധുര്യം എന്ന ദണ്ഡിനെ ഞാൻ
എടുത്തു ഒടിച്ചുകളഞ്ഞതു ഞാൻ സകലവംശങ്ങളോടും ചെയ്ത നിയമത്തെ
11 (ഹോ. 2, 20) ഭംഗം ചെയ്വാനത്രേ. അന്നാളിൽ അതു ഭഗ്നമായി, ഉട
നേ ആടുകളിൽ എളിയവ എന്നെ സൂക്ഷിക്കുന്നവ തന്നേ: ഇതു യഹോവാ
12 വചനം എന്നു അറികയും ചെയ്തു.— അനന്തരം ഞാൻ: നിങ്ങൾക്കു ന
ന്നെന്നു തോന്നിയാൽ എനേറ കൂലിയെ തരുവിൻ, തോന്നാഞ്ഞാൽ വേ
ണ്ടാ! എന്നു പറഞ്ഞാറേ എനിക്കു കൂലിയായി മുപ്പതു വെള്ളിശ്ശേക്കൽ
13 തൂക്കി തന്നു. യഹോവ എന്നോടു പറഞ്ഞു: അവർ എന്നെ മതിച്ചുള്ള ആ
ശ്ചര്യവിലയെ കുശവന്നു ചാടുക! എന്നാറേ ഞാൻ വെള്ളിയെ എടുത്തു
14 യഹോവാലയത്തിൽ കുശവങ്കലേക്കു ചാടി, സംബന്ധം എന്നുള്ള രണ്ടാം
ദണ്ഡിനെയും ഒടിച്ചതു യഹൂദെക്കും ഇസ്രയേലിന്നും തമ്മിലുള്ള സഹോ
15 ദരതയെ ഭംഗം ചെയ്വാൻ തന്നേ.— അനന്തരം യഹോവ എന്നോടു പ
റഞ്ഞു: ഇനി മൂർഖനായ ഇടയനേറ കോപ്പു എടുത്തുകൊൾക. ഞാൻ ഇ
16 താ ദേശത്തിൽ എഴുനീല്പിക്കുന്ന ഇടയനാകട്ടേ ഇല്ലാതാകുന്നവ സന്ദർശി
ക്ക ഇല്ല ചിന്നിയതു തിരക ഇല്ല മുറിഞ്ഞതിന്നു ചികിത്സിക്കയും ഇല്ല,
നില്ക്കുന്നതു പോററുകയും ചെയ്യാതേ തടിച്ചതിനേറ മാംസം തിന്നു കുളമ്പു
17 കളെ കൂടേ കീറിക്കളയും. ആടുകളെ കൈ വിടുന്ന നിസ്സാരനായ ഇടയ
ന്നു ഹാ കഷ്ടം! അവനേറ ഭുജത്തിന്മേലും വലങ്കൺമേലും വാൾ (കൊള്ളുക)!
അവനേറ ഭുജം തീരേ വറണ്ടും വലങ്കണ്ണു തീരേ പൊലിഞ്ഞും പോക!

12. അദ്ധ്യായം (—13, 6.)

അന്ത്യയുദ്ധത്തിൽ യഹൂദ ലോകരാജ്യങ്ങളെ ജയിപ്പാൻ (5) അതിശയ
ശക്തി പൂണ്ടും (10) കൃപാത്മാവു ഇറങ്ങീട്ടു ദൈവഹത്യാദോഷം അറിഞ്ഞു

അനുതപിച്ചും (13, 1) എല്ലാ വിഗ്രഹാർച്ചനയും അശുദ്ധിയും അകറ്റി വെടിപ്പു വരുത്തും.

1 ഇ ഇസ്രയേലിന്മേൽ യഹോവാവചനത്തിൻ ആജ്ഞ. വാനങ്ങളെ പര
ത്തുകയും ഭൂമിയെ സ്ഥാപിക്കയും മനുഷ്യാത്മാവിനെ അവന്റെ ഉള്ളിൽ
2 നിർമ്മിക്കയും ചെയ്യുന്ന യഹോവയുടേ അരുളപ്പാടാവിതു: ഇതാ ഞാൻ യ
രുശലേമിനെ ചുറ്റുമുള്ള സകലവംശങ്ങൾക്കും ചഞ്ചലിപ്പിക്കുന്ന കലശമാ
ക്കി വെക്കുന്നു (യശ. 31, 17); യരുശലേമിനെ വളഞ്ഞുകൊള്ളുമ്പോൾ
3 യഹൂദമേലും തട്ടും. അന്നാളിൽ സംഭവിപ്പിതു: ഞാൻ യരുശലേമിനെ സ
കലവംശങ്ങൾക്കും ചുമട്ടുകല്ലാക്കും, അതിനെ എടുക്കുന്നവർ ഏവരും പരി
ക്കുമുറി ഏല്ക്കും; ഭൂമിയിലേ ജാതികൾ ഒക്കയും അവളെക്കൊള്ളേ കൂടുമ
4 ല്ലോ. അന്നാളിൽ ഞാൻ ഏതു കുതിരയെയും ക്രുശൽ കൊണ്ടും അതിന്മേൽ
കയറിയവനെ ഭ്രാന്തുകൊണ്ടും അടിക്കും, എന്നു യഹോവയുടേ അരുളപ്പാടു;
എങ്കിലും യഹൂദാഗൃഹത്തിന്മേൽ ഞാൻ കണ്ണുമിഴിച്ചു വംശങ്ങളുടേ എല്ലാ
5 കുതിരയെയും കുരുടുകൊണ്ടു അടിക്കും.— അപ്പോൾ യഹൂദത്തലവന്മാർ
തങ്ങളുടേ ഹൃദയത്തിൽ പറയും: യരുശലേം നിവാസികൾ തങ്ങളുടേ ദൈ
6 വമായ സൈന്യങ്ങളുടയ യഹോവയാൽ എനിക്കു പരാക്രമം ആകുന്നു.
അന്നു ഞാൻ യഹൂദത്തലവന്മാരെ വിറകുകളിങ്കീഴു തീച്ചട്ടിയെ പോ
ലേയും കറകളിൽ തീച്ചൂട്ടയെ പോലേയും ആക്കീട്ടു വലത്തും ഇടത്തും ചൂഴ
ന്ന സകലവംശങ്ങളെയും അവർ തിന്നുകളയും, യരുശലേം ഇനിയും യരുശ
7 ലേം എന്ന സ്വസ്ഥാനത്തിൽ തന്നേ കുടിയേറി നില്ക്കും. യഹോവ യഹൂ
ദകൂടിലുകളെ മുമ്പേ തന്നേ രക്ഷിക്കും താനും, ദാവിദ്ഗൃഹത്തിൻ അഴകും
യരുശലേംനിവാസികളുടേ അഴകും യഹൂദെക്കു മീതേ വലുതാകരുതു എന്നു
8 വെച്ചത്രേ. അന്നു യഹോവ യരുശലേംനിവാസികളെ ആച്ഛാദിക്കും,
അവരിൽ വെച്ചു ഇടറുന്നവനും അന്നു ദാവിദിനോടു തുല്യനും ദാവിദ്ഗൃ
ഹം ദൈവത്തോടു സമവും അവരുടേ മുമ്പിൽ (ചെല്ലുന്ന 2 മോ. 23, 20)
9 യഹോവാദൂതനോടു സമവും ആകും. അന്നു സംഭവിപ്പിതു: യരുശലേമി
നു എതിരേ വരുന്ന സകലജാതികളെയും ഞാൻ സംഹരിപ്പാൻ ഭാവിക്കും.

10 പിന്നേ ദാവിദ്ഗൃഹത്തിന്മേലും യരുശലേംനിവാസികളിന്മേലും കൃ
ണായാചനകളുടേ ആത്മാവിനെ പകരും, അവർ കുത്തിക്കളഞ്ഞ എന്നെ
നോക്കിക്കൊണ്ടു കയും ഒറ്റമകനെ വിചാരിച്ചു തൊഴിക്കും പോലേ അവ
നെക്കുറിച്ചു തൊഴിക്കയും ആദ്യജാതനെച്ചൊല്ലി ശോകിക്കുംപോലേ അ
11 വനെച്ചൊല്ലി ശോകിക്കയും ചെയ്യും. അന്നാൾ യരുശലേമിലേ അലമുറ
വലുതാകും, മെഗിദ്ദോതാഴ്വരയിൽ ഹദദ്രിമ്മോന്റെ അലമുറയോടു സമം.
12 അതതുകുലം വേറേ നില്ക്കേ ദേശം തന്നേ തൊഴിക്കും, ദാവിദ്ഗൃഹത്തിൻ
കുലം തനിയേ, അവരുടേ സ്ത്രീകളും തനിയേ, നാഥാൻഗൃഹത്തിൻകുലം
13 തനിയേ അവരുടേ സ്ത്രീകളും തനിയേ; ലേവിഗൃഹത്തിൻകുലം തനിയേ
അവരുടേ സ്ത്രീകളും തനിയേ; ശിമെയിഗൃഹത്തിൻ (4 മോ. 3, 21) കുലം
14 തനിയേ അവരുടേ സ്ത്രീകളും തനിയേ; ശേഷിച്ചുള്ള കുലങ്ങളും ഒക്കയും
അതതുകുലം തനിച്ചും അതിലേ സ്ത്രീകളും തനിച്ചും (തൊഴിക്കും.)

13,1 അന്നാളിൽ ദാവിദ്ഗൃഹത്തിന്നും യരുശലേംനിവാസികൾക്കും പാപ
2 ത്തിന്നും പുലെക്കും ആയിക്കൊണ്ടു ഒരു ഉറവു തുറന്നിരിക്കും. അന്നു സംഭ
വിപ്പിതു: ഞാൻ വിഗ്രഹങ്ങളുടേ നാമങ്ങളെയും ഇനി ഒട്ടും ഓർക്കാതവണ്ണം
ദേശത്തുനിന്നു അറുതിചെയ്യും എന്നു സൈന്യങ്ങളുടയ യഹോവയുടേ അരു
ളപ്പാടു; പ്രവാചകരെയും അശുദ്ധിയുടേ ആത്മാവിനെയും ഞാൻ ദേശത്തി
3 ങ്കുന്നു കടത്തിവിടും. പിന്നേയും ഒരു ആൾ പ്രവചിച്ചു എന്നുവന്നാൽ അവ
ന്റെ പെറ്റവരായ അമ്മയപ്പന്മാർ: നീ യഹോവാനാമത്തിൽ ചതി

ഉരെച്ചതുകൊണ്ടു ജീവിക്കരുത് എന്നു് അവനോടു പറഞ്ഞു പെറമ്മയപ്പ
ന്മാരും അവനെ പ്രവചനംഹേതുവായി കുത്തിക്കളകയും ആം. അന്നു പ്രവാ
4 ചകർ അവനവൻ പ്രവചിക്കുമ്പോൾ ദർശനം നിമിത്തം നാണിക്കും, വ
ഞ്ചിപ്പാൻ രോമപ്പുതെപ്പിനെ (2 രാ. 1,8) ഇനി ഉടുക്കയും ഇല്ല. ഞാൻ
5 പ്രവാചകനല്ല കൃഷിപ്പണിക്കാരനത്രേ, ചെറിയന്നേ ഒരു ആൾ എന്നെ
മേടിച്ചിട്ടുണ്ടു എന്നു (അങ്ങനേ ഉള്ളവൻ) പറയും. നിന്നേറ കൈകൾക്കു
6 നടുവേ ഈ വെട്ടുകലകൾ എന്തു് എന്നു് അവനോടു ചോദിച്ചാൽ: എന്നേറ
പ്രിയന്മാരുടേ വീട്ടിൽ കൊണ്ടവ അത്രേ എന്നു പറയും.

13. അദ്ധ്യായം (13,7–14 അ.)

(7) ശുദ്ധിവരുത്തുവാൻ ഇടയനും ആട്ടിങ്കൂട്ടത്തിനും ന്യായവിധി തട്ടിയ
ശേഷം (14,1) മാററാന്മാർ യരുശലേമിൽ കടന്നപ്പോൾ കർത്താവു പ്രത്യ
ക്ഷനായി രക്ഷിക്കയും (6) നാട്ടിൽ എങ്ങും അനുഗ്രഹങ്ങളെ നിറെച്ചു (12)
ശത്രുക്കളെ നിഗ്രഹിച്ചു ശേഷിപ്പിനെ മനന്തിരിയിച്ചു (20) പട്ടണത്തെ
മുറും വിശുദ്ധീകരിക്കയും ചെയ്യും.

7 .അല്ലയോ വാളേ എന്നേറ ഇടയനും എൻകൂട്ടാളിയും ആയ പുരുഷനെക്കൊ
ള്ളേ ഉണരുക! എന്നു സൈന്യങ്ങളുടയ യഹോവയുടേ അരുളപ്പാടു; ഇടയ
നെ വെട്ടുക, ആടുകൾ (11,4) ചിന്നിപ്പോകേ! ചെറിയവരുടേ മേൽ ഞാൻ
8 തിരികും താനും (യശ. 1, 25). അശേഷദേശത്തിലോ രണ്ടുകുറു് അറുതി
വന്നു കഴിഞ്ഞുപോകും, മൂന്നാമതു മാത്രം അതിൽ മിഞ്ചിപ്പോരും എന്നു യ
9 ഹോവയുടേ അരുളപ്പാടു. ആ മൂന്നാംകുറിനെ ഞാൻ തീയിൽ ആക്കി വെ
ള്ളി ഉരുക്കുമ്പോലേ അവരെ ഉരുക്കി പൊന്നു് ഊതിക്കഴിക്കുമ്പോലേ ഊ
തിക്കഴിക്കയും ചെയ്യും. ഈ കുറു എൻനാമത്തെ വിളിക്കയും ഞാൻ ഉത്തരം
ചൊല്ലുയും ആം; ഇതു് എന്നേറ ജനം എന്നു ഞാൻ പറകയും യഹോവ എ
ന്നേറ ദൈവം എന്നു് അതു പറകയും ചെയ്യും.

14, 1 ഇതാ യഹോവെക്കു് ഒരു ദിവസം വരുന്നു, അന്നു നിന്നേറ കൊള്ള
2 (യരുശലേമേ) നിന്നടുവിൽ പകുക്കപ്പെടും. യരുശലേമിനോടു പടകൂടുവാ
നല്ലോ ഞാൻ സകല ജാതികളെയും കൂട്ടിച്ചേർക്കും, പട്ടണം പിടിപെടുക
യും വീടുകൾ കവർച്ച ആകയും സ്ത്രീകളെ പുല്ലുയും പാതിനഗരം പ്രവാസ
ത്തിന്നായി പുറപ്പെടുകയും ആം; ജനത്തിന്നേറ ശേഷിപ്പു പട്ടണത്തിൽനി
3 ന്നു് അറുതിവരിക ഇല്ല താനും. അനന്തരം യഹോവ പുറപ്പെട്ടു പടനാളിൽ
പണ്ടു പൊരുതന്നു് പോലേ ആ ജാതികളോടു പോരാടും. അന്നു് അവന്നേറ
4 കാലുകൾ യരുശലേമിന്നു നേരേ കിഴക്കുള്ള ഒലീവമലമേൽ നില്ക്കും, ഒലീവ
മല നടുതുടങ്ങി കിഴക്കുപടിഞ്ഞാറുവഴിയായി എത്രയും വലിയ താഴ്വര
യായി വിണ്ടുപോകയും മലയാൽ പാതിവടക്കോട്ടും പാതി തെക്കോട്ടും
5 വാങ്ങുകയും ചെയ്യും. മലകളുടേ താഴ്വര അചലോളം (മീക 1, 11) നീ
ളുന്നതു (കണ്ടു) നിങ്ങൾ എന്മലകളുടേ താഴ്വരയുടേ മണ്ടും; യഹൂദാരാജാ
വായ ഉജ്ജീയാവിൻനാളുകളിൽ (ആമോ. 1,1) നിങ്ങൾ ഭൂകമ്പത്തിങ്ക
ന്നു മണ്ടിയപ്രകാരം മണ്ടും. ഉടനേ എൻദൈവമായ യഹോവ വരും, സ
കലവിശുദ്ധന്മാരും നിന്നോടു് ഒന്നിച്ചത്രേ.

6 അന്നാളിൽ സംഭവിപ്പിതു: വെളിച്ചം ഉണ്ടാക ഇല്ല, അഴകിയ ജ്യോതി
7 സ്സുകൾ സ്തംഭിച്ചുപോകും. യഹോവെക്കു് അറിയുന്ന ലോകൈകദിവസ
മാകും, പകലുമല്ല രാവുമല്ല, വൈകുന്നേരത്തോ പ്രകാശം ആകും. ആ നാൾ
8 ജീവനുള്ള വെള്ളങ്ങൾ യരുശലേമിൽനിന്നു പുറപ്പെടും (യഹെ. 47, 1),
അതിൽ പാതി പൂർവ്വസമുദ്രത്തിലും പാതി പശ്ചിമസമുദ്രത്തിലും ഒഴുകും,

9 വേനല്ക്കാലത്തും ശീതകാലത്തും ആകും. യഹോവ സർവ്വഭൂമിമേല്• രാജാ
വായിരിക്കും, അന്ന യഹോവ ഒരുവനും അവന്റേറ നാമം ഒന്നും എന്നിരി
10 ക്കും. അശേഷദേശവും ഗെബമുതൽ യരുശലേമിന്ന തെക്കേ രിമ്മോൻവ
രേയും സമഭൂമിയായി തിരിയും, പട്ടണമോ ഉയർന്ന വന്ന ബിന്യമീൻവാ
തിലോട്ട ഒന്നാം വാതിലിൻ സ്ഥലത്തോളവും കോൺവാതിൽവരേയും•
ഹനാനേൽഗോപുരംമുതൽ രാജച്ചക്കാലകുംവരേയും സ്വസ്ഥലത്തിൽ കടി
11 കും പാർത്തും ഇരിക്കും. അതിൽ ആും വസിക്കും, പ്രാക്കൽ ഇനി തട്ടകു
യും• ഇല്ല, യരുശലേം നിർഭയമായി വസിക്കേ ഉള്ള. പിന്നേ യരുശലേ
12 മിനോട്ട പോരാടിയ സകലവംശങ്ങളെയും ദണ്ഡിപ്പിക്കും• ബാധ ആവി
ത്തു: അവനവൻ കാലുകളിന്മേൽ നില്ക്കേ അവന്റേറ മാംസം പുഴുക്കും•, അവ
ന്റേറ കണ്ണുകും അതതിന്റേറ കുഴികളിൽ അഴുകും, നാവ് അവരുടേ വാ
13 യിൽവെച്ച് അഴുകും. അന്നാളിൽ എങ്കിലോ യഹോവയിങ്കന്ന വലിയ
കലക്കം അവരിൽ ഉണ്ടാകും, അവനവൻ കൂട്ടുകാരന്റേറ കൈ പിടിക്കയും•
അവനവന്റേറ കൈ മറവവന്റേറ കൈക്ക് എതിരേ ഓങ്ങുകയും• ചെയ്യും•.
14 യഹൂദ കൂടേ യരുശലേമിൽ പോരാടും, പിന്നേ ചുറ്റുമുള്ള സകലജാതിക
ളുടേ പൊൻ വെള്ളി വസ്ത്രങ്ങും തുടങ്ങിയുള്ള ഏറിയ സമ്പത്തു ചേർക്കപ്പെ
15 ടും. ആ പാളയങ്ങളിൽ ഇരിക്കുന്നകുതിര കോവേർകഴുത ഒട്ടക• കഴുത മുത
ലായ നാല്ക്കാലികുംക്ക് ഒക്കയും തട്ടുന്ന ബാധ ഈ ബാധ പോലേ ആകും.

16 അനന്തരം യരുശലേമിന്ന് എതിരേ വന്ന സകലജാതികളിൽനിന്നും•
മിഞ്ചിയത് ഒക്കയും സൈന്യങ്ങളുടയ യഹോവ എന്ന രാജാവിനെ നമ
സ്കരിപ്പാനും• കൂടാരപ്പെരുനാളെ കൊണ്ടാടുവാനും ആണ്ടുതോറും കരേറി വ
17 രും. സൈന്യങ്ങളുടയ യഹോവ എന്ന രാജാവെ നമസ്കരിപ്പാൻ ഭൂകുല
ങ്ങളിൽ ആരാനും യരുശലേമിലേക്കു കരേറാതിരുന്നാൽ അവരുടേ മേൽ
18 മാരി പെയ്യ ഇല്ല. മിസ്രുകുലും കരേറാതേ വരാതേ ഇരുന്നാൽ അവർക്കും•
അങ്ങനേ പെയ്യും. കൂടാരപ്പെരുനാളെക്കൊണ്ടാടുവാൻ കരേറാത്ത ജാതിക
ളിൽ യഹോവ തട്ടിക്കുന്ന ബാധ സംഭവിക്കേ ഉള്ള. ഇതു മിസ്രുയുടെ പാ
19 പ(ഫലം) ആകും, കൂടാരപ്പെരുനാും കൊണ്ടാടുവാൻ കരേറാത്ത സകല
ജാതികളുടേ പാപ(ഫല)വും ഇതത്രേ.

20 അന്ന യഹോവെക്കു വിശുദ്ധം എന്നതു (2 മോ. 39, 30) കുതിരകളുടേ
മണികുംമേലും ഉണ്ടു, യഹോവാലയത്തേക്കുടങ്ങളും ബലിപീഠത്തിന്മുമ്പേ
21 ഉള്ള കലശങ്ങും പോലേ ആകും. യരുശലേമിലും യഹൂദയിലും കാണുന്ന
ഏതു കുടവും സൈന്യങ്ങളുടയ യഹോവെക്കു വിശുദ്ധമാകും. യാഗം കഴി
ക്കുന്നവർ എല്ലാം വന്ന അതിൽനിന്ന് എടുത്തു വേവാൻ വെക്കും•. അന്ന
സൈന്യങ്ങളുടയ യഹോവയുടേ ആലയത്തിൽ ഇനി (വ്യാപാരി) കണാ
ന്യൻ ഇരിക്കയും ഇല്ല.

MALACHI

മലാകീ

1 ഇസ്രയേലിന്ന മലാകീമുഖേന യഹോവാവചനത്തിൻ ആജ്ഞ.

1. അദ്ധ്യായം (–2,9.)

യഹോവ പ്രത്യേകസ്നേഹം കാണിച്ചതു (6) പുരോഹിതർ മറന്ന ഉദ്യാഗ
ങ്ങൾ കഴിക്കയാൽ (2,1) അനുതപിയായ്കിൽ ശിക്ഷ ആസന്നം.

2 ഞാൻ നിങ്ങളെ സ്നേഹിച്ചു എന്ന യഹോവ പറയുന്ന. ഏതിനാൽ ഞങ്ങ
ളെ സ്നേഹിച്ചു? എന്ന നിങ്ങൾ പറയുന്നുവല്ലോ. ഏസാവ് യാക്കോബിന്ന
സഹോദരൻ അല്ലയോ? എന്ന യഹോവയുടേ അരുളപ്പാടു. ഞാനോ യാ
3 ക്കോബെ സ്നേഹിച്ചു ഏസാവെ പകെച്ചു അവന്റെ മലകളെ പാഴാക്കി
അവന്റെ അവകാശത്തെ മരുവിലേ കുറുക്കന്മാക്ക കൊടുത്തു വിട്ടു. നാം
4 ഇടിഞ്ഞുപോയിട്ടും അഴിഞ്ഞവ തിരികേ പണിയും എന്ന് ഏദോം പറ
കിലും സൈന്യങ്ങളുടയ യഹോവ ഇവ്വണ്ണം പറയുന്ന: അവർ പണിയട്ടേ
ഞാൻ തകൎക്കും താനും, അവർക്ക ദുഷ്തസീമ എന്നും യഹോവ എന്നേക്കും
5 ക്രുദ്ധിക്കുന്ന ജനം എന്നും പേർ വരികയും ആം. നിങ്ങളുടേ കണ്ണുകൾ കണ്ടു:
യഹോവ ഇസ്രയേൽസീമെക്ക മീതേ വലിയവനായി കാട്ടുന്ന എന്ന നി
ങ്ങൾ പറകയും ചെയ്യും.

6 മകൻ അച്ഛനെയും ദാസൻ ഉടയവനെയും ബഹുമാനിക്കും. ഞാനോ അ
ച്ഛൻ എങ്കിൽ എന്റെ ബഹുമാനം എവിടേ? ഞാൻ ഉടയവൻ എങ്കിൽ എ
ന്റെ ഭയം എവിടേ? എന്ന സൈന്യങ്ങളുടയ യഹോവ നിങ്ങളോടു ചോദി
ക്കുന്ന പുരോഹിതന്മാരേ! എൻനാമത്തെ ധിക്കരിക്കുന്നവർ എങ്കിലും: നിൻ
നാമത്തെ ഏതുകൊണ്ടു ധിക്കരിച്ചു? എന്ന പറയുന്നോരേ! എൻബലിപീ
7 ത്തിന്മേൽ തീണ്ടിയ ആഹാരം അടുപ്പിക്കുന്നവർ, എങ്കിലും: നിന്നെ തീ
ണ്ടിച്ചത് ഏതുകൊണ്ടു? എന്ന പറയുന്നോരേ! (തീണ്ടിച്ചതോ) യഹോവയു
ടേ മേശ മാനക്കുറവുള്ളതത്രേ എന്ന നിങ്ങൾ പറകകൊണ്ടു തന്നേ. യാഗത്തി
8 ന്നായി നിങ്ങൾ കുരുടായതു അടുപ്പിച്ചാൽ ദൂഷ്യം ഇല്ല, മുടവും ദീനവുമുള്ള
തു അടുപ്പിച്ചാലും ദൂഷ്യം ഏതും ഇല്ല! അല്ലയോ നിന്റെ നാടുവാഴിക്കു കാ
ഴ്ച വെച്ചാലും! അവൻ നിന്നെ രുചിക്കുമോ, നിൻമുഖത്തെ അംഗീകരിക്കു
9 മോ? എന്ന സൈന്യങ്ങളുടയ യഹോവ പറയുന്ന. ഇപ്പോൾ ദൈവം നമ്മെ
കനിഞ്ഞുകൊൾവാൻ അവന്റെ മുഖപ്രസാദം തേടുവിൻ! നിങ്ങളുടേ ക
യ്യിൽനിന്നു ഈ വക ഉണ്ടായ ശേഷം നിങ്ങടേ മുഖത്തെ അംഗീകരിക്കുമോ?
എന്ന സൈന്യങ്ങളുടയ യഹോവ പറയുന്ന.

10 എന്റെ ബലിപീഠത്തെ വെറുതേ (കത്തിച്ചു) പ്രകാശിപ്പിക്കാതവണ്ണം
നിങ്ങളിൽ ആരാൻ കതകുകളെ അടെച്ചു പൂട്ടിയാൽ കൊള്ളാം! എനിക്കു നി
ങ്ങളിൽ ഇഷ്ടം ഇല്ല എന്ന സൈന്യങ്ങളുടയ യഹോവ പറയുന്നു; നിങ്ങടേ
11 കയ്യിൽനിന്ന വഴിപാടു രുചിക്കയും ഇല്ല. എന്തുകൊണ്ടെന്നാൽ സൂര്യോദ
യം മുതൽ അസ്തമയംവരേ എന്റെ നാമം ജാതികളിൽ വലിയത് (ആകും),
എല്ലാവിടത്തും എന്നാമത്തിന്ന ധൂപം കാട്ടിയും ശുദ്ധവഴിപാടു തന്നേ അടു
പ്പിച്ചും പോരുന്നുണ്ടു, എന്റെ നാമം ജാതികളിൽ വലിയതു സത്യം, എന്ന
12 സൈന്യങ്ങളുടയ യഹോവ പറയുന്ന. നിങ്ങളോ: യഹോവയുടേ മേശ

തീണ്ടീയത് എന്നും അതിന്റേറ വരവ് എങ്കിലോ അതിലേ ആഹാരം മാന
ക്കുറവുള്ളത് എന്നും പറകയാൽ എന്നാമത്തെ ബാഹ്യമാക്കിക്കളയുന്നു.
13 കാൺ (എന്തൊരു) അദ്ധ്വാനം! എന്നു ചൊല്ലിക്കൊണ്ടു നിങ്ങൾ (എൻമേശ
യെ) ഊതിക്കളയുന്നു, എന്നു സൈന്യങ്ങളുടയ യഹോവ പറയുന്നു; കവർന്ന
തും മുടവും ദീനവും ഉള്ളതിനെയും നിങ്ങൾ കൊണ്ടുവന്നു വഴിപാടു കഴിക്കു
14 ന്നു. നിങ്ങളുടേ കയ്യിൽനിന്ന് ആയതിനെ രുചിക്കുമോ? എന്നു യഹോവ
പറയുന്നു. (ആട്ടു)കൂട്ടത്തിൽ ആൺ ഇരിക്കേ (പെൺ കഴിച്ചു) ചതിക്കുന്നവ
നും നേർന്ന ശേഷം കർത്താവിന്നു കേടുള്ളതു യജിക്കുന്നവനും ശപിക്കപ്പെട്ട
വൻ. ഞാൻ വലിയ രാജാവല്ലോ, ജാതികളിൽ എന്റേറ നാമം ഭയകാരണ
വും തന്നേ എന്നു യഹോവ പറയുന്നു.

2, 1 ഇപ്പോഴും പുരോഹിതരേ ഈ കല്പന നിങ്ങൾക്ക് (ഉണ്ടായി): നി
2 ങ്ങൾ എന്നാമത്തിന്നു തേജസ്സു കൊടുക്കത്തക്കവണ്ണം കേളാതേയും മനസ്സിൽ
വെക്കാതേയും പോയാൽ ഞാൻ ശാപത്തെ നിങ്ങളിലേക്ക് അയച്ചു നി
ങ്ങളുടേ അനുഗ്രഹങ്ങളെ ശപിച്ചുകളയും, എന്നു സൈന്യങ്ങളുടയ യഹോവ
പറയുന്നു. അതേ നിങ്ങൾ ഒട്ടും മനസ്സിൽ വെക്കായ്കയാൽ അതിനെ ശപി
3 ച്ചിട്ടുണ്ടു. ഇതാ ഞാൻ നിങ്ങൾക്കു ഭുജത്തെ നിർഭർത്സിക്കുന്നു, നിങ്ങളുടേ മുഖ
ങ്ങളിൽ മലം ചിതറും, നിങ്ങടേ പെരുനാളുകളുടേ ചാണകം തന്നേ; അ
4 തിനോടു നിങ്ങളെ എടുത്തു കൂട്ടുകയും ചെയ്യും. ഞാൻ ഈ കല്പന ലേവിയോ
ടുള്ള എന്റേറ നിയമം ആവാൻ നിങ്ങൾക്ക് അയച്ചപ്രകാരം നിങ്ങൾ അ
5 റികയുമാം, എന്നു സൈന്യങ്ങളുടയ യഹോവ പറയുന്നു.— അവനോടു (മു
മ്പേ) ഉള്ള എന്റേറ നിയമമായതു ജീവനും സമാധാനവും തന്നേ. ഇവ
ഞാൻ അവനു ഭയഹേതുവാവാൻ കൊടുത്തു, അവനും എന്നെ ഭയപ്പെട്ടു എ
6 ന്നാമത്തിങ്കൽ കുശി. സത്യത്തിന്റേറ ധർമ്മോപദേശം അവന്റേറ വായിൽ
ഉണ്ടായി, അവന്റേറ അധരങ്ങളിൽ വക്രത കണ്ടതും ഇല്ല, അവൻ സമാ
ധാനത്തിലും നേരിലും എന്നോടു കൂടി നടന്നു അനേകരെ അകൃത്യത്തിൽ
7 നിന്നു മടക്കി. പുരോഹിതന്റേറ അധരങ്ങൾ അറിവിനെ കാത്തുകൊള്ളേണ്ട
തല്ലോ, അവൻ സൈന്യങ്ങളുടയ യഹോവയുടേ ദൂതൻ ആകയാൽ അവ
ന്റേറ വായിൽ നിന്നു ധർമ്മോപദേശം അന്വേഷിപ്പാറും ഉണ്ടു. നിങ്ങളോ
8 വഴിയെ വിട്ടു മാറി, പലരെയും ധർമ്മോപദേശത്തിങ്കൽ ഇടറിച്ചു ലേവ്യരു
ടേ നിയമത്തെ കെടുത്തുകളഞ്ഞു, എന്നു സൈന്യങ്ങളുടയ യഹോവ പറയു
9 ന്നു. അതുകൊണ്ടു നിങ്ങൾ എന്റേറ വഴികളെ കാക്കാതേ ധർമ്മവെപ്പിൽ
മുഖപക്ഷം എടുക്കയാൽ ഞാനും നിങ്ങളെ എല്ലാ ജനത്തോടും മാനക്കുറവു
ള്ളവരും ഹീനരും ആക്കിവെക്കുന്നുണ്ടു.

2. അദ്ധ്യായം

(10) അന്യമതക്കാരത്തികളെ വേൾക്കുന്നതിനെയും (13) ഭാര്യമാരെ ഉപേക്ഷിക്കുന്നതിനെയും (17) ദൈവത്തിൽ വിരക്തി പരക്കുന്നതിനെയും ശാസിക്കുന്നു.

10 നമുക്ക് എല്ലാവർക്കും ഒരു പിതാവ് ഇല്ലയോ (1, 6)? ഒരു ദേവൻ
തന്നേ നമ്മെ സൃഷ്ടിച്ചില്ലയോ? പിന്നേ നമ്മിൽ വിശ്വാസവഞ്ചനം കാ
ട്ടി നമ്മുടേ അച്ഛന്മാരുടേ നിയമത്തെ ബാഹ്യമാക്കുവാൻ എന്തു? യഹൂദ
11 വിശ്വാസവഞ്ചനം ചെയ്യുന്നു, ഇസ്രയേലിലും യരുശലേമിലും അറെപ്പു
നടക്കുന്നു; യഹോവ സ്നേഹിക്കുന്ന അവന്റേറ വിശുദ്ധസഭയെ യഹൂദ ബാ
12 ഹ്യമാക്കി അന്യദേവന്റേറ മകളെ കെട്ടിയല്ലോ. ഇതു ചെയ്യുന്ന ആരുംകൂ യ
ഹോവ ഉണർച്ചയുള്ളവനെയും ഉത്തരം കൊടുക്കുന്നവനെയും സൈന്യങ്ങള
ടയ യഹോവെക്കു വഴിപാടു് അടുപ്പിക്കുന്നവനെയും യാക്കോബിൻകൂടാര
ങ്ങളിൽനിന്നു ഛേദിച്ചുകളയാവു!

13 രണ്ടാമതും നിങ്ങൾ ചെയ്യുന്നിതു: യഹോവ വഴിപാടിനെ നോക്കി തി
രയാതേയും നിങ്ങടേ കൈയിൽനിന്നു രുചിക്കുന്നതു കൈക്കൊള്ളാതേയും
ഇരിപ്പോളം, അവന്റെ ബലിപീഠത്തെ കണ്ണുനീർ കേഴ്ച ഞരക്കവുംകൊ
14 ണ്ടു മൂടുക തന്നേ. ഏതുകൊണ്ടു? എന്നു നിങ്ങൾ ചോദിക്കുന്നു. നിന്റെ കൂറു
കാരത്തിയും നിയമത്താൽ കെട്ടിയവളും (സദൃ. 2, 17) ആയിട്ടും നീ വി
ശ്വാസവഞ്ചനം ചെയ്ത നിന്റെ ബാല്യത്തിലേ ഭാര്യെക്കും നിണക്കും യ
15 ഹോവ സാക്ഷി ആകകൊണ്ടത്രേ. ആത്മാവിൻ ശേഷിപ്പു മാത്രം ഉള്ളവൻ
ഒരുത്തനും ഇതു ചെയ്യാതു. ആ ഏകൻ ചെയ്തതോ (1 മോ. 21) എന്തു? ആ
യവൻ ദൈവത്തിൻസന്തതിയെ അന്വേഷിക്കുന്നവനത്രേ. എങ്കിൽ നിങ്ങ
ളുടേ ആത്മാവിന്നായി കരുതിക്കൊൾവിൻ! നിന്റെ ബാല്യത്തിലേ ഭാ
16 ര്യയോടു വിശ്വാസക്കേടു കാട്ടുകയും ഒല്ലാ. ഞാനാകട്ടേ ഉപേക്ഷിക്കുന്ന
തിനെ പകെക്കുന്നു എന്നു ഇസ്രയേലിൻ ദൈവമായ യഹോവ പറയുന്നു;
അങ്ങനേ ചെയ്യുന്നവൻ തന്റെ വസ്ത്രത്തെ സാഹസത്താൽ മൂടും എന്നു സൈ
ന്യങ്ങളുടയ യഹോവ പറയുന്നു. എങ്കിൽ നിങ്ങളുടേ ആത്മാവിന്നായി കരു
തിക്കൊണ്ടു വിശ്വാസക്കേടു കാട്ടായ്വിൻ!

17 നിങ്ങളുടേ വാക്കുകളെക്കൊണ്ടു യഹോവയെ മുഷിപ്പിക്കുന്നു. ഏതിനാൽ
മുഷിപ്പിച്ചു? എന്നു നിങ്ങൾ പറയുന്നു. തീമ ചെയ്യുന്ന ഏവനും യഹോവയു
ടേ കണ്ണുകൾക്കു നല്ലവൻ എന്നും, ഈ വകയിൽ അവനു് ഇഷ്ടം തോ
ന്നുന്നു എന്നും അല്ലാഞ്ഞാൽ ന്യായവിധിയുടേ ദൈവം എവിടേ? എന്നും നി
ങ്ങൾ പറകകൊണ്ടു തന്നേ.

3. അദ്ധ്യായം

യഹോവാദിവസത്തിന്നു ഒരു ദൂതൻ വഴി ഒരുക്കിയ ശേഷം നിയമദൂതൻ
എത്തി ന്യായവിധിയെ നടത്തും. (7) അനുഗ്രഹക്കുറവിന്നു പിശുക്കും (13)
പൊരുമയില്ലാത്ത പിറുപിറുപ്പും തന്നേ കാരണം. (19) ദുഷ്ടർക്കും സാധു
ക്കൾക്കും ഉള്ള വ്യത്യാസം ന്യായവിധിയിൽ വെളിപ്പെടും. (22) മോശ
യെ കുറിക്കൊണ്ടു ഏലീയാവിൻവരവിനെ കാത്തിരിക്കേണം.

1 ഇതാ എന്റെ മുമ്പിൽ വഴിയെ ഒരുക്കുവാൻ (യശ. 40,3) ഞാൻ എന്റെ
ദൂതനെ അയക്കുന്നുണ്ടു; പിന്നേ നിങ്ങൾ അന്വേഷിക്കുന്ന കർത്താവും നി
ങ്ങൾ ആഗ്രഹിക്കുന്ന നിയമദൂതനും ആയവൻ പെട്ടന്നു തന്റെ മന്ദിരത്തി
ലേക്കു വരും; ഇതാ വരുന്നു, എന്നു സൈന്യങ്ങളുടയ യഹോവ പറയുന്നു.
2 എന്നാൽ അവന്റെ വരവിൻനാളിനെ പൊറുപ്പതു് ആർ? അവൻ കാണാ
കുമ്പോൾ നില്ക്കുന്നതു് ആർ? അവൻ ആകട്ടേ ഊതിക്കഴിക്കുന്നവന്റെ തീ
3 യോടും അലക്കുന്നോരുടേ ചവർക്കാരത്തോടും സമം. അവൻ ഇരുന്നുകൊ
ണ്ടു വെള്ളിയെ ഊതിക്കഴിച്ചു ശുദ്ധമാക്കും, ലേവീപുത്രന്മാരെ പൊൻവെ
ള്ളിയെ പോലേ ഉരുക്കി ശോധന ചെയ്യും, അവർ നീതിയിൽ യഹോവെ
4 ക്കു വഴിപാടു് അർപ്പിക്കുന്നവർ ആവോളം തന്നേ. അപ്പോൾ യഹൂദയും
യരൂശലേമും കഴിക്കുന്ന വഴിപാടു പണ്ടേ നാളുകളിലും പുരാതനവർഷങ്ങ
5 ളിലും എന്ന പോലേ യഹോവെക്കു നിരക്കും.— ന്യായവിധിക്കായി
ഞാൻ നിങ്ങളോടു് അണഞ്ഞു ക്ഷുദ്രക്കാർക്കും വ്യഭിചാരികൾക്കും കള്ളസ്സ
ത്യക്കാർക്കും കൂലിക്കാരന്റെ കൂലിയെയും വിധവ അനാഥനെയും ഞെരു
ക്കി പരദേശിയെ പിഴുക്കി എന്നെ ഭയപ്പെടാതേ നടക്കുന്നവർക്കും എതി
6 രേ വിരയുന്ന സാക്ഷി ആകും. കാരണം: യഹോവയായ ഞാൻ മാറാത്ത
വൻ, യാക്കോബുപുത്രരായ നിങ്ങൾ മുടിയാത്തവർ എന്നതത്രേ.

7 നിങ്ങടേ അച്ഛന്മാരുടേ നാളുകൾമുതൽ തന്നേ നിങ്ങൾ എൻ വെപ്പുകളെ

കാത്തുകൊള്ളാതേ വിട്ടുമാറി; എങ്കലേക്കു മടങ്ങുവിൻ, ഞാനും നിങ്ങളിലേക്കു മടങ്ങും, എന്നു സൈന്യങ്ങളുടയ യഹോവ പറയുന്നു. ഏതിൽ മട
8 ങ്ങേണ്ടു? എന്നു നിങ്ങൾ ചോദിക്കുന്നു. മനുഷ്യൻ ദൈവത്തോടു വഞ്ചിക്കാം എന്നുവെച്ചോ നിങ്ങൾ എന്നോടു വഞ്ചിച്ചെടുക്കുന്നതു? എന്നാൽ ഏതിൽ നിന്നോടു വഞ്ചിച്ചു? എന്നു നിങ്ങൾ ചോദിക്കുന്നു. ദശാംശത്തിലും മീത്തി
9 ലും തന്നേ. നിങ്ങൾ ശാപംകൊണ്ടു ശപിക്കപ്പെട്ടിട്ടും എന്നോടു വഞ്ചിച്ചു
10 പോരുന്നു, ഈ ജാതി ഒക്കയും തന്നേ.— എന്റെ ഭവനത്തിൽ ആഹാരം ഉണ്ടാകേണ്ടതിന്നു സകലദശാംശത്തെയും പാണ്ടികശാലയിലേക്കു കൊണ്ടുവരുവിൻ! ഇതുകൊണ്ടു് എന്നെ പരീക്ഷിച്ചു നോക്കുവിൻ: ഞാൻ നിങ്ങൾക്കു വാനത്തിൻചാലകങ്ങളെ തുറന്നു ആശീർവ്വാദത്തെ മതിയാവോളം പൊഴി
11 ക്ക ഇല്ലയോ? എന്നു സൈന്യങ്ങളുടയ യഹോവ പറയുന്നു. തിന്നിത്തുള്ള നെയും നിലത്തു വിളവിനെ കെടുക്കാതവണ്ണം ഞാൻ നിങ്ങൾക്കായി ശാ
12 സിക്കും, വയലിലേ വള്ളിക്കു ഫലം ചൊട്ടിപ്പോകയും ഇല്ല, എന്നു സൈന്യങ്ങളുടയ യഹോവ പറയുന്നു സകലജാതികളും നിങ്ങളെ ധന്യർ എന്നു പുകഴും, നിങ്ങൾ പ്രസാദദേശം ആകുമല്ലോ, എന്നു സൈന്യങ്ങളുടേ യഹോവ പറയുന്നു.

13 നിങ്ങളുടേ വാക്കുകൾ എന്റെ നേരേ പ്രബലിച്ചുപോയി, എന്നു യഹോവ പറയുന്നു. നിന്റെ നേരേ ഞങ്ങളിൽ ഏതു വാക്കു് ഉണ്ടായി? എന്നു നി
14 ങ്ങൾ ചോദിക്കുന്നു. ദൈവത്തെ സേവിക്കുന്നതു വ്യർത്ഥം എന്നും അവന്റെ വിചാരണ നാം കാത്തുകൊണ്ടതിനാലും സൈന്യങ്ങളുടയ യഹോവയുടേ
15 മുമ്പാകേ കുറ്റം നടന്നതിനാലും എന്തൊരു ലാഭം? എന്നും, ഇപ്പോൾ ഞങ്ങൾ അഹങ്കാരികളെ ധന്യർ എന്നു പുകഴുന്നു, ദുഷ്ടത ചെയ്യുന്നവർ പണിയപ്പെട്ടുവന്നതല്ലാതേ അവർ ദൈവത്തെ പരീക്ഷിച്ചുപോയിട്ടും വഴു
16 തിപ്പോരുകയും ചെയ്തുവല്ലോ എന്നും നിങ്ങൾ പറയുന്നു. അപ്പോൾ യഹോവയെ ഭയപ്പെടുന്നവർ ഓരോരുത്തർ തമ്മിൽ സംസാരിച്ചു യഹോവയും കുറിക്കൊണ്ടു കേട്ടു; യഹോവയെ ഭയപ്പെടുന്നവർക്കും അവന്റെ നാമത്തെ നണ്ണുന്നവർക്കും ഒരു ഓർമ്മപുസ്തകം അവന്റെ മുമ്പാകേ എഴുതപ്പെടുകയും
17 ചെയ്തു. സൈന്യങ്ങളുടയ യഹോവ പറയുന്നിതു: ഇവർ ഞാൻ ഉണ്ടാക്കുന്ന നാളിലേക്കു് എനിക്കു ഭണ്ഡാരം ആകും (2 മോ. 19,5) ഓർ ആൾ തന്നെ
18 സേവിക്കുന്ന മകനെ ആദരിക്കുമ്പോലേ ഞാൻ അവരെ ആദരിച്ചുകൊള്ളും. അപ്പോൾ നിങ്ങൾ തിരിഞ്ഞു നീതിമാനും ദുഷ്ടനും തമ്മിലും ദൈവത്തെ സേവിക്കുന്നവനും സേവിക്കാത്തവനും തമ്മിലും ഉള്ള ഭേദത്തെ കാണും.

19 എങ്ങനേ എന്നാൽ ചൂളപോലേ കത്തുന്ന നാൾ വരുന്നു, അന്നു് എല്ലാ അഹങ്കാരികളും ദുഷ്ടത ചെയ്യുന്നവരും ഏവരും (15) താളടി ആകും, വരുന്ന നാൾ അവരെ വേരും കൊമ്പും ശേഷിപ്പിക്കാതേ ദഹിപ്പിക്കും എന്നു സൈ
20 ന്യങ്ങളുടയ യഹോവ പറയുന്നു, എൻനാമത്തെ ഭയപ്പെടുന്ന നിങ്ങൾക്കോ നീതിസൂര്യൻ ചിറകുകളിൽ ആരോഗ്യവുമായി ഉദിക്കും; നിങ്ങളും
21 ആലയിലേ കന്നുകാലിക്കണക്കേ പുറത്തുവന്നു തുള്ളി ദുഷ്ടരെ മെതിക്കും; ഞാൻ ഉണ്ടാക്കുന്ന നാളിൽ അവർ സാക്ഷാൽ നിങ്ങളുടേ ചുവട്ടടികൾക്കു കീഴേ ഭസ്മമായിരിക്കും എന്നു സൈന്യങ്ങളുടയ യഹോവ പറയുന്നു.

22 ഞാൻ ഹോരേബിൽവെച്ചു എല്ലാ ഇസ്രായേലിന്നും വെപ്പുകളെയും ന്യായങ്ങളെയും കല്പിച്ചുള്ള മോശെ എന്ന എൻദാസന്റെ ധർമ്മോപദേശത്തെ
23 ഓർത്തുകൊൾവിൻ. യഹോവയുടേ വലുതും ഭയങ്കരവും ആയനാൾ വരുംമുമ്പേ (യോ. 3,4) ഇതാ ഞാൻ നിങ്ങൾക്കു പ്രവാചകനായ ഏലീയാവെ അയ
24 ക്കുന്നുണ്ടു. ഞാൻ വന്നു ദേശത്തെ പ്രാക്കൽകൊണ്ടു് അടിക്കാതേ ഇരിപ്പാൻ അവൻ അച്ഛന്മാരുടേ ഹൃദയത്തെ മക്കളിലേക്കും മക്കളുടേ ഹൃദയത്തെ അച്ഛന്മാരിലേക്കും തിരിപ്പിക്കും.

THE

New Testament

OF

OUR LORD AND SAVIOUR JESUS CHRIST

TRANSLATED INTO MALAYALAM

നമ്മുടെ

കർത്താവും രക്ഷിതാവുമായ

യേശുക്രിസ്തന്റെ

പുതിയ നിയമം

1852—1854

പുതിയ നിയമത്തിലെ

പുസ്തകവിവരം

1. ചരിത്ര പുസ്തകങ്ങൾ

	അദ്ധ്യായങ്ങൾ
മത്തായി എഴുതിയ സുവിശേഷം	28
മാർക്കൻ '' ''	16
ലൂക്കാ '' ''	24
യോഹനാൻ '' ''	21
അപോസ്തലരുടെ പ്രവൃത്തികൾ	28

2. ലേഖനങ്ങൾ

പൌൽ അപോസ്തലൻ		റോമക്കു എഴുതിയ്തു	16
''	''	കൊരിന്തക്കു എഴുതിയ ഒന്നാം ലേഖനം	16
		രണ്ടാം ''	13
''	''	ഗലാത്യക്കു എഴുതിയ്തു	6
''	''	എഫെസ്യക്കു എഴുതിയ്തു	6
''	''	ഫിലിപ്പ്യക്കു ''	4
''	''	കൊലസ്സ്യക്കു ''	4
''	''	തെസ്സലനീക്യക്കു എഴുതിയ ഒന്നാം ലേഖനം	5
		രണ്ടാം ''	3
''	''	തിമോത്ഥ്യനു എഴുതിയ ഒന്നാം ലേഖനം	6
		രണ്ടാം ''	4
''	''	തീതനു എഴുതിയ്തു	3
''	''	ഫിലേമോനു എഴുതിയ്തു	1
എബ്രായക്കു എഴുതിയ ലേഖനം			13
യാക്കോബ്	'' ''		5
പേത്രൻ എഴുതിയ ഒന്നാം ലേഖനം			5
		രണ്ടാം ''	3
യോഹനാൻ എഴുതിയ ഒന്നാം ലേഖനം			5
		രണ്ടാം ''	1
		മൂന്നാം ''	1
യൂദാവിന്റെ		''	1

3. പ്രവാചന പുസ്തകം

യോഹനാന്റെ വെളിപ്പാടു	22

THE

GOSPEL OF MATTHEW

മത്തായി എഴുതിയ

സുവിശേഷം

1. അദ്ധ്യായം

യേശുവിന്റെ വംശാവലി, (18) വിശുദ്ധ അവതാരം.

1 അബ്രഹാമിന്റെ പുത്രനായ ദാവിദിൻപുത്രനാകുന്ന യേശുക്രിസ്തു
ന്റെ ഉല്പത്തി പുസ്തകം.

2 അബ്രഹാം ഇസ്ഹാക്കെ ജനിപ്പിച്ചു; ഇസ്ഹാക്ക് യാക്കൊബെ ജനിപ്പി
ച്ചു; യാക്കൊബ് യഹൂദാവെയും അവന്റെ സഹോദരരെയും ജനിപ്പിച്ചു;
3 യഹൂദാ താമാരിൽ ഫെരെച് ജെരഹ് എന്നവരെ ജനിപ്പിച്ചു; ഫെരച്
ഹെത്രോനെ ജനിപ്പിച്ചു; ഹെത്രോൻ രാമെ ജനിപ്പിച്ചു; രാം അമ്മി
4 നദാബെ ജനിപ്പിച്ചു; അമ്മിനദാബ് നഹശ്ശോനെ ജനിപ്പിച്ചു; നഹ
ശ്ശോൻ സല്മോനെ ജനിപ്പിച്ചു; സല്മോൻ രാഹബിൽ ബൊവജെ
5 ജനിപ്പിച്ചു; ബൊവജ് രൂത്തിൽ ഒബെദെ ജനിപ്പിച്ചു; ഒബെദ് ഇ
ശായെ ജനിപ്പിച്ചു; ഇശായി ദാവിദ്രാജാവിനെ ജനിപ്പിച്ചു. ദാ
6 വിദ് രാജാവ് ഉറിയ്യാവിൻ ഭാര്യയിൽനിന്നു ശലൊമൊവെ ജനിപ്പിച്ചു;
7 ശലൊമൊ രഹബ്യാമെ ജനിപ്പിച്ചു; രഹബ്യാം അബിയ്യാവെ ജനിപ്പി
ച്ചു; അബിയ്യാവ് ആസാവെ ജനിപ്പിച്ചു; ആസാ യൊശഫാത്തെ ജനി
8 പ്പിച്ചു; യൊശഫാത്ത് യൊരാമെ ജനിപ്പിച്ചു; യൊരാം ഉജ്ജിയ്യാവെ ജ
9 നിപ്പിച്ചു; ഉജ്ജിയ്യാ യൊഥാമെ ജനിപ്പിച്ചു; യൊഥാം ആഹാജെ ജനി
10 പ്പിച്ചു; ആഹാജ് ഹിജക്കിയ്യാവെ ജനിപ്പിച്ചു; ഹിജക്കിയ്യാ മനശ്ശയെ ജ
നിപ്പിച്ചു; മനശ്ശെ ആമൊനെ ജനിപ്പിച്ചു; ആമൊൻ യൊശിയ്യാവെ ജനി
11 പ്പിച്ചു; യൊശിയ്യാ യകൊന്യാവെയും അവന്റെ സഹോദരരെയും ബാ
ബെൽ പ്രവാസകാലത്തിൽ ജനിപ്പിച്ചു. ബാബെൽ പ്രവാസത്തിൽ പി
12 ന്നെ യകൊന്യാ ശയല്ത്തിയെലെ ജനിപ്പിച്ചു, ശയല്ത്തിയെൽ ജരു
ബാബലെ ജനിപ്പിച്ചു; ജരുബാബൽ അബിഹൂദെ ജനിപ്പിച്ചു; അബി
13 ഹൂദ് എല്യക്കീമെ ജനിപ്പിച്ചു; എല്യക്കീം ആജൊരെ ജനിപ്പിച്ചു; ആ
14 ജൊർ ചാദൊക്കെ ജനിപ്പിച്ചു; ചാദൊക് യാകീനെ ജനിപ്പിച്ചു; യാകീൻ
15 എലിഹൂദെ ജനിപ്പിച്ചു; എലിഹൂദ് എലാജാരെ ജനിപ്പിച്ചു; എലാജാർ
16 മത്താനെ ജനിപ്പിച്ചു; മത്താൻ യാക്കൊബെ ജനിപ്പിച്ചു; യാക്കൊബ്
യൊസെഫെ ജനിപ്പിച്ചു; ക്രിസ്തൻ (അഭിഷിക്തൻ) എന്നുള്ള യേശു ജനി
ച്ചു വന്ന മറിയെക്ക് അവൻ തന്നെ ഭർത്താവ്. ആബ്രഹാം മുതൽ ദാവി
17 ദ് വരെയുള്ള തലമുറകൾ ഒക്കയും പതിനാലു തലമുറകൾ ആകുന്നു; ദാവി
ദ് മുതൽ ബാബെൽ പ്രവാസത്തോളവും തലമുറകൾ പതിനാലും; ബാ
ബെൽ പ്രവാസം മുതൽ ക്രിസ്തനോളം തലമുറകൾ പതിനാലുമത്രെ.

18 യേശുക്രിസ്തന്റെ ഉല്പാദനമൊ ഇവ്വണ്ണമായത്: അവന്റെ അമ്മയാ
യ മറിയ യൊസെഫിന്നു വിവാഹം നിശ്ചയിക്കപ്പെട്ട ശേഷം അവർ

കൂടി വരും മുമ്പെ വിശുദ്ധാത്മാവിൽ നിന്നു ഗർഭിണിയായതു കാണായി. 13
19 അവളുടെ ഭർത്താവായ യോസെഫ് നീതിമാനും അവൾക്കു ലോകാപവാ
ദം വരുത്തുവാൻ മനസ്സില്ലാത്തവനും ആകയാൽ, അവളെ ഗൂഢമായി ഉപേ
20 ക്ഷിപ്പാൻ ഭാവിച്ചു. ഇങ്ങിനെ നിനെക്കുമ്പോൾ ഇതാ കർത്താവിൻ ദൂതൻ
അവനു സ്വപ്നത്തിൽ പ്രത്യക്ഷനായി പറഞ്ഞിതു: ദാവിദപുത്രനായ യോ 14
സെഫെ! നിന്റെ ഭാര്യയായ മറിയയെചേർത്തുകൊൾവാൻ ഭയപ്പെടെണ്ട
കാരണം അവളിൽ ഉല്പാദിതമായതു വിശുദ്ധാത്മാവിൽ നിന്നാകുന്നു;
21 അവൾ പുത്രനെ പ്രസവിക്കും ആയവൻ സ്വജനത്തെ അവരുടെ പാപങ്ങ 15
ളിൽനിന്നു രക്ഷിപ്പതാകകൊണ്ടു അവനു (യഹൊവ രക്ഷ) യേശുവെന്നു
22 പേർ വിളിക്ക. (യശ. 7, 14.) കണ്ടാലും കന്യക ഗർഭിണിയായി പുത്ര 16
നെ പ്രസവിക്കും അവനു ദൈവം നമ്മോടു കൂടെ എന്നർത്ഥമുള്ള ഇമ്മാനു
വെൽ എന്ന പേർ വിളിക്കും. എന്നു കർത്താവ് പ്രവാചകനെ കൊണ്ടു
23 മൊഴിഞ്ഞതു നിവൃത്തിയാവാൻ ഇത് ഒക്കയും സംഭവിച്ചു. എന്നാറെ
24 യൊസെഫ് നിദ്രഉണർന്നു കർത്താവിൻ ദൂതൻ നിയോഗിച്ച പ്രകാരം 17
ചെയ്തു. സ്വഭാര്യയെ ചേർത്തുകൊണ്ടു: അവൾ ആദ്യജാതനായ തന്റെ മ 18
25 കനെ പ്രസവിക്കും വരെ (യൊസെഫ്) അവളെ അറിയാതെ നിന്നു, അ
വനു യേശു എന്ന പേർ വിളിക്കയും ചെയ്തു. 19

2. അദ്ധ്യായം 20

മാഗർ യേശുവെ ചെന്നു വന്ദിച്ചതും, (13) ഹെരോദാവിന്റെ ഹിംസ പ
ഴുതിലായതും. 21

22

1 ഹെരൊദാ രാജാവിന്റെ നാളുകളിൽ യേശു യഹൂദയിലെ ബെത്ത്ലെ
ഹമിൽ വെച്ചു ജനിച്ചപ്പോൾ— ഇതാ കിഴക്കുനിന്നു മാഗർ യരുശലെ 23
2 മിൽ എത്തി പറഞ്ഞു: യഹൂദരുടെ രാജാവായി പിറന്നവൻ എവിടെ? ഞ
ങ്ങളല്ലൊ അവന്റെ നക്ഷത്രം ഉദിച്ചു കണ്ടിട്ട് അവനെ കുമ്പിടുവാൻ വന്നു
3 എന്നതു ഹെരൊദാ രാജാവ് കേട്ടു സകല യരുശലെമുമായി കലങ്ങി
4 പ്പോയി. ജനത്തിന്റെ മഹാപുരോഹിതരെയും ശാസ്ത്രികളെയും എല്ലാം
വരുത്തി കൂട്ടി ക്രിസ്തൻ എവിടെ ജനിക്കുന്നു എന്ന് അവരൊടു ചോദിച്ചു.
5 ആയവരും അവനൊടു പറഞ്ഞു യഹൂദയിലെ ബെത്ത്ലെഹമിൽ തന്നെ.
6 (മിക. 5,1—3.) യഹൂദാദേശത്തിലെ ബെത്ത്ലെഹമായുള്ളോവെ! എ
ല്ലാ യഹൂദാതലകളിലും നീ ഒട്ടും ചെറുതായതല്ല; എന്റെ ജനമാകുന്ന ഇ
സ്രയേലെ മേപ്പാനുള്ള തലവൻ നിങ്കൽനിന്നു പുറപ്പെട്ടു വരുമല്ലൊ എന്നു
പ്രവാചകനെക്കൊണ്ടു് എഴുതിക്കിടക്കുന്നുപോൽ. എന്നാറെ ഹെരൊദാ 1
7 വ് മാഗരെ രഹസ്യമായി വിളിച്ചു നക്ഷത്രം തോന്നിയ കാലത്തെ ആ 2
8 രാഞ്ഞറിഞ്ഞു; അവരെ ബെത്ത്ലെഹമിലെക്ക് അയച്ചു പറഞ്ഞു: നി 3
ങ്ങൾ ചെന്നു കുഞ്ഞനെ സൂക്ഷ്മമായി ആരാഞ്ഞു കൊൾവിൻ, കണ്ടാൽ
ഉടനെ അവനെ ഞാനും ചെന്നു കുമ്പിടേണ്ടതിന്നു എന്നെ അറിയിപ്പിൻ.
9 ഇങ്ങിനെ രാജാവ് പറഞ്ഞു കേട്ട് അവർ യാത്രയായാറെ ഇതാ ഉദയത്തിൽ
കണ്ട നക്ഷത്രം അവർക്കു മുമ്പിൽ (കാണായി) കുഞ്ഞൻ ഇരിക്കുന്നതിന്റെ 4
10 മേല്ഭാഗത്തു നില്ക്കുവോളം നടന്നു പോന്നു. നക്ഷത്രത്തെ കണ്ടിട്ട് അവർ
ഏറ്റവും മഹാസന്തോഷം സന്തോഷിച്ചു. ആ വീട്ടിൽ ചെന്നു കുഞ്ഞനെ അ 5
11 മ്മയായ മറിയയോടും കൂട കണ്ട് അവനെ കുമ്പിട്ടു വീണു തങ്ങളുടെ നി 6
ക്ഷേപ (പാത്ര) ങ്ങളെ തുറന്നു അവനു പൊന്നും കുന്തുരുക്കവും കണ്ടിവെണ്ണ 7
12 യും കാഴ്ച വെക്കുകയും ചെയ്തു. പിന്നെ ഹെരോദാവിൻ അടുക്കെ മടങ്ങി പോ
കരുത് എന്നു സ്വപ്നത്തിൽ അരുളപ്പാടു് ഉണ്ടായിട്ട്, അവർ വേറെ വഴി
യായി സ്വദേശത്തേക്കു യാത്രയാകയും ചെയ്തു. 8

13 അവർ പോയ ശേഷം ഇതാ കർത്താവിൻ ദൂതൻ സ്വപ്നത്തിൽ യോസെ
ഫിനു കാണായി പറയുന്നു: നീ എഴുനീറു കുഞ്ഞനെയും അവന്റെ അമ്മ
യേയും കൂട്ടിക്കൊണ്ടു മിസ്രയിലെക്ക് മണ്ടി പോയി, ഞാൻ നിണക്കു
ചൊല്ലും വരെ അവിടെ പാർക്കുക; കാരണം ഹെരോദാ കുഞ്ഞനെ മുടിക്കു
14 ണം എന്നവെച്ചു അന്വേഷിപ്പാൻ അടുത്തിരിക്കുന്നു. അവനും എഴുനീറു കു
ഞ്ഞനെയും അമ്മയേയും രാത്രിയിൽ തന്നെ ചേർത്തുകൊണ്ടു മിസ്രയിലേക്കു
വാങ്ങി ചെന്നു, ഹെരോദാ തീർന്നുപോവോളം അവിടെ പാർത്തു. (ഹൊ
15 ശ. 11, 1) മിസ്രയിൽനിന്നു എന്റെമകനെ വിളിച്ചു (വരുത്തി) എന്നു പ്രവാ
ചകനെ കൊണ്ടു കർത്താവു മൊഴിഞ്ഞതു നിവൃത്തിയാവാൻ തന്നെ.
16 പിന്നെ ഹെരോദാ മാഗർ തന്നെ തോല്പിച്ച പ്രകാരം കണ്ടു വളരെ കോ
പിച്ചു, മാഗരോടു ആരാഞ്ഞു ബോധിച്ച കാലം പോലേ രണ്ടു വയസ്സും
താഴയും ഉള്ള കിടാക്കളെ ഒക്കയും ബെത്ത്ലെഹമിലും ആ പ്രദേശത്തിലും
എല്ലാം ആളയച്ചു കൊല്ലിക്കയും ചെയ്തു. രാമയിൽ ഒരു ശബ്ദം കേളായി
17 വിലാപവും കരച്ചലും വലിയ മുറവിളിയും തന്നെ. രാഹേൽ തന്റെ മക്ക
18 ളെ ചൊല്ലി കരഞ്ഞു അവർ ഇല്ലായ്മയാൽ ആശ്വാസം കൈക്കൊൾവാൻ
മനസ്സില്ലാതെ നിന്നു എന്നു യിരമിയ്യാ പ്രവാചകൻ മുഖേന (31, 15.)
19 മൊഴിഞ്ഞതു അന്നു നിവൃത്തിയായി. ഹെരോദാ കഴിഞ്ഞപ്പോഴോ ഇതാ
കർത്താവിൻ ദൂതൻ മിസ്രയിൽ വെച്ചു യോസെഫിനു സ്വപ്നത്തിൽ
20 കാണായി: നീ എഴുനീറു കുഞ്ഞനെയും അവന്റെ അമ്മയെയും കൂട്ടി
ക്കൊണ്ടു ഇസ്രയേൽ ദേശത്തേക്കു യാത്രയാക കുഞ്ഞന്റെ പ്രാണനെ അ
21 ന്വേഷിക്കുന്നവർ മരിച്ചു സത്യം എന്നു പറയുന്നു. അവനും എഴുനീറു കുഞ്ഞ
നെയും അവന്റെ അമ്മയേയും കൂട്ടിക്കൊണ്ടു ഇസ്രയേൽ ദേശത്തിൽ വന്നു.
22 യഹൂദയിൽ അർഹെലാവു പിതാവായ ഹെരോദാവിന്റെ സ്ഥാനത്തിൽ
വാഴുന്നതു കേട്ടിട്ടു അവിടെ പോവാൻ ഭയപ്പെട്ടു; സ്വപ്നത്തിൽ അരുളപ്പാടു
23 ഉണ്ടായിട്ടു ഗലീലാദിക്കുകളിൽ മാറി പോയി. നചറത്തു എന്ന ഊരിൽ
ചെന്നു പാർത്തു, (യശ. 11, 1.) അവൻ നചറയ്യൻ എന്നു വിളിക്കപ്പെടും എ
ന്നു പ്രവാചകരാൽ മൊഴിയപ്പെട്ടതു നിവൃത്തിയാവാൻ (സംഗതി വരിക
യും ചെയ്തു.)

3. അദ്ധ്യായം

സ്നാപകനായ യോഹനാൻ, (13) യേശുവിന്റെ അഭിഷേകം [മാ. 1 ലൂ. 3. യോ. 1.]

1 ആ കാലത്തിൽ സ്നാപകനായ യോഹനാൻ ഉദിച്ചു യഹൂദാ മരുഭൂമി
2 യിൽ ഘോഷിച്ചു പറയുന്നിതു: സ്വർഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാന
3 സാന്തരപ്പെടുവിൻ; മരുഭൂമിയിൽ കൂക്കുന്നവന്റെ ശബ്ദമാവിതു: കർത്താ
വിന്റെ വഴിയെ നിരത്തി അവന്റെ പാതകളെ നേരെ ആക്കുവിൻ എന്നി
4 പ്രകാരം യശയ്യപ്രവാചകൻ (40, 3.) ചൊല്ലിയവൻ; ഇവനത്രെ. പിന്നെ
ആ യോഹനാന് ഒട്ടകരോമത്താലെ ഉടുപ്പും അരെക്കു തോൽവാറും ഉണ്ടു;
അവന്റെ ആഹാരമോ തുള്ളനും കാട്ടുതേനുമത്രെ. എന്നാറെ യരുശലെം ആ
5 ദിയായി യഹൂദ ഒക്കയും യർദ്ദൻ ഇരുകരെയും ഉള്ള നാടും എല്ലാം അവന്റെ
6 അടുക്കെ യാത്രയായി, തങ്ങളുടെ പാപങ്ങളെ ഏറ്റു പറഞ്ഞു, യർദ്ദനിൽ
7 അവനാൽ സ്നാനം ഏറ്റുകൊണ്ടു; അവന്റെ സ്നാനത്തിന്നായി പരീശർ ചദു
ക്യർ (ഈ മതക്കാർ) പലരും വരുന്നതു കണ്ടാറെ അവൻ അവരോടു പറ
ഞ്ഞു: അണലി സന്തതികളെ! ഭാവികോപത്തിൽ നിന്നു മണ്ടിപ്പോകുന്ന
പ്രകാരം നിങ്ങൾക്കു ആർ കാണിച്ചു? എന്നാൽ മാനസാന്തരത്തിന്നു യോ
8 ഗ്യമായ ഫലത്തെ ഉണ്ടാക്കുവിൻ. അബ്രഹാം ഞങ്ങൾക്കു പിതാവായിട്ടുണ്ടു

9 എന്നുള്ളം കൊണ്ടു പറവാൻ തോന്നുതെ! അബ്രഹാമിനു ഈ കല്ലുക
ളിൽനിന്നു മക്കളെ പുറപ്പെടീപ്പാൻ ദൈവത്തിന്നു കഴിയുമല്ലൊ എന്നു
10 ഞാൻ നിങ്ങളോടു പറയുന്നു. എങ്കിലും ഇപ്പോഴേ തന്നെ കോടാലി മര
ങ്ങളുടെ ചുവട്ടിന്നു വെച്ചു കിടക്കുന്നു, നല്ല ഫലം ഉണ്ടാക്കാത്ത മരം എല്ലാം
വെട്ടപ്പെട്ടു തീയിൽ ഇടപ്പെടുന്നുണ്ടു. ഞാൻ നിങ്ങളെ മാനസാന്തരത്തി
11 ന്നായി വെള്ളത്തിലെസ്നാനം ഏല്പിക്കുന്നുള്ളു, എന്റെ പിന്നാലെ വരുന്ന
വനൊ എന്നെക്കാളും ഊക്കേറിയവൻ; അവന്റെ ചെരിപ്പുകളെ ചുമപ്പാനും
ഞാൻ പാത്രമല്ല; ആയവൻ നിങ്ങളെ വിശുദ്ധാത്മാവിലും തീയിലും സ്നാ
12 നം ഏല്പിക്കും. അവന്നു ചെറുമുറം കയ്യിലുണ്ടായിട്ടു തന്റെ കളത്തെ
തീയ്യെ വെടിപ്പാക്കും തന്റെ കോതമ്പിനെ കളപ്പുരയിൽ കൂട്ടിവെക്കയും
പതിരിനെ കെടാത്ത തീയിൽ ചുട്ടുകളകയും ചെയ്യും.
13 അപ്പോൾ യേശു യോഹനാനാൽ സ്നാനപ്പെടുവാൻ ഗലീലയിൽനിന്നു
യർദ്ദൻകരെ അവന്റെ അടുക്കൽ വരുന്നു. ആയവനെ യൊഹനാൻ ചെറു
14 ത്തു: നിന്നാൽ സ്നാനപ്പെടുവാൻ എനിക്കു ആവശ്യം ഉണ്ടു, പിന്നെ നീ
15 എന്റെ അടുക്കെ വരുന്നുവൊ എന്നു പറഞ്ഞതിന്നു: ഈ ഒരിക്കൽ സമ്മതി
ക്ക ഇപ്രകാരം സകല നീതിയെയും പൂരിക്കുന്നതത്രെ നമുക്കു ഉചിതമാകു
ന്നു എന്നുത്തരം പറഞ്ഞാറെ അവനെ സമ്മതിച്ചു. യേശു സ്നാനം ഏറ്റു ഉട
16 നെ വെള്ളത്തിൽനിന്നു കരേറി വന്നപ്പോൾ കണ്ടാലും വാനങ്ങൾ അവനു
തുറന്നു അവൻ ദേവാത്മാവു പ്രാവു പോലെ ഇറങ്ങി അവന്മെൽ വരുന്നു
17 തും കണ്ടു. പെട്ടന്നു വാനങ്ങളിൽ നിന്നു ഒരു ശബ്ദം: ഇവൻ എന്റെ പ്രിയ
പുത്രൻ (സങ്കീ.2,7) അവങ്കൽ ഞാൻ പ്രസാദിച്ചു (യശ.42,1) എന്നു ഉണ്ടാ
കയും ചെയ്തു.

4. അദ്ധ്യായം

യേശുവിന്റെ പരീക്ഷയും, (12) ഗലീലയിൽ വേലയുടെ ആരംഭവും [മാ.1. ലൂ.4.], (18) നാലു ശിഷ്യരെ വിളിച്ചതു [മാ. 1.ലൂ.5.], (23) വേലയുടെ വിവരം.

1 അപ്പോൾ യേശു പിശാചിനാൽ പരീക്ഷിക്കപ്പെടുവാനായി ആത്മാ
2 വിനാൽ മരുഭൂമിയിൽ മേലൊട്ടു നടത്തപ്പെട്ടു. 40 പകലും 40 രാവും ഉപ
3 വസിച്ച ശേഷം വിശന്നപ്പോൾ, പരീക്ഷകൻ അണഞ്ഞു വന്നു: നീ ദൈവ
4 പുത്രനായാൽ ഈ കല്ലുകളോ അപ്പങ്ങളായി ചമവാൻ ചൊല്ലുക എന്നു പറ
ഞ്ഞു. അവനും ഉത്തരം പറഞ്ഞിതു (5മൊ.8,3.) മനുഷ്യൻ അപ്പത്താൽ
തന്നെ അല്ല ദൈവവായുടെ വരുന്ന സകല വചനത്താലത്രെ ജീവിക്കും
5 എന്ന എഴുതി കിടക്കുന്നു. പിന്നെ പിശാച അവനെ വിശുദ്ധനഗരത്തിൽ
കൊണ്ടുപോയി ദൈവാലയത്തിന്റെ അഗ്രത്തിന്മേൽ നിറുത്തി അവനൊടു
6 പറഞ്ഞു: നീ ദേവപുത്രനായാൽ താഴൊട്ടു ചാടുക (സങ്കീ.91,11) നിന്നെ
ചൊല്ലി (അവൻ) സ്വദൂതന്മാരൊടു കല്പിക്കും, അവരും നിന്നെ കാലു കല്ലി
നൊടു തട്ടാതവണ്ണം കൈകളിൽ താങ്ങിക്കൊള്ളും എന്നു എഴുതിക്കിടക്കുന്നു
7 വല്ലൊ. യേശു അവനൊടു പറഞ്ഞു (5മൊ.6,16.) നിന്റെ ദൈവമായ
8 യഹൊവയെ പരീക്ഷിക്കൊല്ലാ എന്നും (കൂടെ) എഴുതിയിരിക്കുന്നു. പി
ന്നെയും പിശാച അവനെ ഏറ്റം ഉയന്നമലമെൽ കൂട്ടിക്കൊണ്ടു വെച്ചു
ലോകത്തിലെ സർവ്വരാജ്യങ്ങളെയും അവറിൻ തേജസ്സിനെയും കാണി
9 ച്ചു അവനൊടു പറയുന്നു: ഇവ ഒക്കയും നിണക്കു തരാം എന്നെ കുമ്പിട്ടു
10 വീണുവെങ്കിൽ. എന്നാറെ യേശു അവനൊടു പറയുന്നു: സാത്താനെ എന്നെ
വിട്ടു വാങ്ങി പോക! (5മോ.6,13) നിന്റെ ദൈവമായ യഹൊവയെ
കുമ്പിട്ടു അവനെ മാത്രം ഉപാസിക്ക എന്നു എഴുതിയിരിക്കുന്നുവല്ലൊ.

11 അന്ന പിശാച് അവനെ വിട്ടുപോയി പെട്ടന്ന ദൂതന്മാർ എത്തി അവനെ
ശുശ്രൂഷിക്കയും ചെയ്തു.
12 യോഹനാൻ തടവിൽ ഏല്പിക്കപ്പെട്ടതു കേട്ടാറെ (യേശു) ഗലീലക്കു വാ
13 ങ്ങിചെന്നു; നചരത്തെ വിട്ടു ജബുലൂൻ നഫ്തലി അതിരുകളിൽ കടല്പുരെയു
14 ള്ള കഫൎന്നഹൂമിൽ വന്നു പാൎത്തു. ജബുലൂൻ ദേശവും നഫ്തലി ദേശവും യൎദ്ദ
15 നക്കരെ കടലിന്റെ മാൎഗ്ഗത്തിലും ജാതികളുള്ള ഗലീല തന്നെ ഇരുട്ടിൽ
ഇരിക്കുന്ന ജനം മഹാ പ്രകാശത്തെ കണ്ടു മരണനിഴലിൻ നാട്ടിൽ ഇരിക്കു
16 ന്നവർക്കു വെളിച്ചം ഉദിക്കയും ചെയ്തു. എന്നു യശയ്യാപ്രവാചകന്മുഖേന
(8,23.9,1) മൊഴിഞ്ഞതു നിവൃത്തിയാവാൻ സംഗതി വരികയും ചെയ്തു.
17 അന്നു മുതൽ യേശു സ്വൎഗ്ഗരാജ്യം സമീപിച്ചിരിക്കയാൽ മാനസാന്തരപ്പെടു
വിൻ (3,2) എന്നു ഘോഷിച്ചു പറവാൻ തുടങ്ങി.
18 പിന്നെ ഗലീലക്കടല്പുറത്തു നടക്കുമ്പോൾ പെത്രൻ (പാറ) എന്ന
പേരുള്ള ശിമൊൻ അവന്റെ കൂടപ്പിറന്ന അന്ത്രെയാ ഇങ്ങിനെ രണ്ടു സഹോ
ദരന്മാർ മീൻ പിടിക്കാരായി കടലിൽ വലവീശുന്നതിനെ കണ്ടു. എന്റെ
19 പിന്നാലെ വരുവിൻ, എന്നാൽ നിങ്ങളെ മനുഷ്യപിടിക്കാരാക്കാം എന്ന്
20 അവരൊടു പറയുന്നു. ഉടനെ അവർ വലകളെ വിട്ടെച്ചു അവന്റെ പിന്നാ
21 ലെ നടന്നു. അവിടെ നിന്ന അപ്പുറം ചെന്നാറെ ജബദിയുടെ മകനായ യാ
ക്കൊബ് അവന്റെ കൂടപ്പിറന്ന യോഹനാൻ ഇങ്ങിനെ വേറെ രണ്ടു സ
ഹോദരന്മാർ പടകിൽ ഇരുന്ന അച്ഛനായ ജബദിയൊട് ഒന്നിച്ചു തങ്ങള
22 ുടെ വലകളെ നന്നാക്കുന്നത് കണ്ടിട്ട് അവരെയും വിളിച്ചു. അവരും ഉട
നെ പടകിനെയും സ്വപിതാവിനെയും വിട്ട് അവനെ പിന്തുടൎന്ന പോന്നു.
23 പിന്നെ യേശു ഗലീലയിൽ ഒക്കയും ചുറ്റിനടന്നു അവരുടെ പള്ളിക
ളിൽ ഉപദേശിച്ചും രാജ്യത്തിൻ സുവിശേഷത്തെ ഘോഷിച്ചും ജനത്തിൽ
സകല വ്യാധിയെയും എല്ലാ ഊനത്തെയും പൊറുപ്പിച്ചു കൊണ്ടിരുന്നു.
24 അവന്റെ ശ്രുതി സുറിയ എങ്ങും പരന്നിട്ടു നാനാ വ്യാധികളാലും ബാധക
ളാലും വലയുന്നവർ ഭ്രുതഗ്രസ്തർ, ചന്ദ്രരോഗികൾ, പക്ഷവാതക്കാർ ഇങ്ങി
നെ ദുസ്ഥന്മാരെ എല്ലാവരെയും അവന്റെ അടുക്കൽ കൊണ്ടുവന്നു അവനും
25 അവരെ സ്വസ്ഥമാക്കി. ഗലീല ദശപുരി യരുശലെം യഹൂദ യൎദ്ദന്നക്കരെ
എന്നുള്ള ദേശങ്ങളിൽ നിന്നു വളരെ പുരുഷാരങ്ങൾ അവന്റെ വഴിയെ നട
ക്കയും ചെയ്തു.

5. അദ്ധ്യായം

(—7 അ. മലപ്രസംഗം) ദൈവരാജ്യത്തിലെ സാധുക്കളുടെ ഭാഗ്യവും [ലൂ. 6, 20], (13) വൈശിഷ്ട്യവും, (17) ഈ രാജ്യത്തിനാൽ ധൎമ്മശാസ്ത്രി
ന്നു നിവൃത്തി വരുന്നതു.

1 പിന്നെ സമൂഹങ്ങളെ കണ്ടാറെ മലമെൽ കരേറി ഇരുന്നുകൊണ്ടപ്പൊൾ
2 അവന്റെ ശിഷ്യന്മാർ അണഞ്ഞു വന്നു. അവനും വായി തുറന്നു അവരെ
3 ഉപദേശിച്ചതാവിത്: ആത്മാവിൽ ദരിദ്രരായവർ ധന്യർ: സ്വൎഗ്ഗരാജ്യം
4 അവർക്കുള്ളതു സത്യം. ഖേദിക്കുന്നവർ ധന്യർ: അവരല്ലൊ ആശ്വസിക്ക
5 പ്പെടും. സൌമ്യതയുള്ളവർ ധന്യർ: അവരല്ലൊ ഭൂമിയെ അടക്കും (സങ്കീ.
6 37, 11) നീതിക്കായി വിശന്നുദാഹിക്കുന്നവർ ധന്യർ: അവർ തൃപ്തരാകും.
7 കനിവുള്ളവർ ധന്യർ: അവർക്കു കനിവു ലഭിക്കും. ഹൃദയശുദ്ധിയുള്ളവർ
8 ധന്യർ: അവർ ദൈവത്തെ കാണും. സമാധാനം ഉണ്ടാക്കുന്നവർ ധന്യർ:
9 അവർ ദൈവപുത്രർ എന്നു വിളിക്കപ്പെടും. നീതിനിമിത്തം ഹിംസ അനുഭ
10 വിച്ചവർ ധന്യർ: സ്വൎഗ്ഗരാജ്യം അവർക്കുള്ളതു: എൻമൂലം നിങ്ങളെ പഴി
11 ച്ചു ഹിംസിച്ചു കളവായി നിങ്ങളെ കൊണ്ട് എല്ലാ തിന്മയും പറഞ്ഞു

12 പോയാൽ നിങ്ങൾ ധന്യരത്രെ. വാനങ്ങളിൽ നിങ്ങളുടെ പ്രതിഫലം വ
ലുതാകകൊണ്ടു സന്തോഷിച്ചുല്ലസിപ്പിൻ: നിങ്ങൾക്ക മുമ്പെയുള്ള പ്രവാച
13 കന്മാരെയും അപ്രകാരം തന്നെ ഹിംസിച്ചിട്ടുണ്ടല്ലൊ. നിങ്ങൾ ഭൂമിയുടെ
ഉപ്പാകുന്നു, ഉപ്പു തന്നെ രസമില്ലാതെപോയാൽ (അതിന്) ഏതിനാൽ
രസം കൂട്ടേണ്ടതു? പുറത്തുകളഞ്ഞു മനുഷ്യരെകൊണ്ടു ചവിട്ടിപ്പാനല്ലാതെ
14 മറെറാന്നിനും ഇനി കൊള്ളാവതല്ല. നിങ്ങൾ ലോകത്തിന്റെ വെളിച്ചമാ
15 കുന്നു, മലമെൽ കിടക്കുന്ന പട്ടണം മറഞ്ഞിരുന്നു കൂടാ. വിളക്കിനെ ക
ത്തിച്ചു പറയിങ്കീഴെ ഇടുവാറുമില്ല തണ്ടിന്മേൽ ഇട്ടാലത്രെ വീട്ടിലുള്ളവക്ക
16 എല്ലാം വിളങ്ങുന്നു. അപ്രകാരം നിങ്ങളുടെ വെളിച്ചം മനുഷ്യർക്ക മുമ്പിൽ
വിളങ്ങീട്ടു അവർ നിങ്ങളുടെ നല്ല ക്രിയകളെ കണ്ടു സ്വർഗ്ഗസ്ഥനായ നി
ങ്ങളുടെ പിതാവെ മഹത്വീകരിപ്പാൻ സംഗതി വരുത്തുവിൻ.
17 ഞാൻ ധർമ്മവെപ്പിനെ എങ്കിലും പ്രവാചകരെ എങ്കിലും നീക്കേണ്ടതി
ന്നു വന്നു എന്നു നിരൂപിക്കേണ്ടാ; നീക്കമെല്ല പൂൎത്തിവരുത്തുവാനത്രെ ഞാൻ
18 വന്നതു. ആമെൻ ഞാൻ നിങ്ങളോടു പറയുന്നിതു: സ്വർഗ്ഗവും ഭൂമിയും ഒഴി
ഞ്ഞു പോകുംവരെ ധർമ്മവെപ്പ് ഒക്കയും ചെയ്യ തീരുവോളവും അതിൽ
19 ഒരു വള്ളി എങ്കിലും പുള്ളി എങ്കിലും ഒഴിഞ്ഞു പോകയില്ല. ആകയാൽ ഈ
കല്പനകളിൽ ഏറവും ചെറുതായിട്ടുള്ളതു ഒന്നിനെ എങ്കിലും ആരാനും നീക്ക
കയും മനുഷ്യരെ അപ്രകാരം പഠിപ്പിക്കയും ചെയ്താൽ, അവൻ സ്വർഗ്ഗരാ
ജ്യത്തിൽ ഏറവും ചെറിയവനെന്നു വിളിക്കപ്പെടും; ആരാനും അവ ചെയ്യ
പഠിപ്പിച്ചു എങ്കിൽ സ്വർഗ്ഗരാജ്യത്തിൽ വലിയവനെന്നു വിളിക്കപ്പെടും.
20 എങ്ങിനെ എന്നാൽ നിങ്ങളുടെ നീതി, ശാസ്ത്രികളും പരീശർ എന്നവരുടെ
തിൽ ഏറെ വഴിഞ്ഞില്ല എങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ കടക്കയി
ല്ല നിശ്ചയം എന്നു ഞാൻ നിങ്ങളോടു പറയുന്നു. (2 മൊ. 20, 13.) നീ കൂ
21 ലചെയ്യരുതു് എന്നും, ആരാനും കൊന്നാൽ ന്യായവിധിക്കു ഹേതുവാകും
എന്നും പൂർവ്വന്മാരൊടു മൊഴിഞ്ഞ പ്രകാരം നിങ്ങൾ കേട്ടുവല്ലൊ! ഞാ
22 നോ നിങ്ങളോടു പറയുന്നിതു: തന്റെ സഹോദരനോടു (വെറുതെ) കോ
പിക്കുന്നവനെല്ലാം ന്യായവിധിക്കു ഹേതുവാകും; സഹോദരനോടു (നിസ്സാ
ര) റക്കാ എന്നു പറഞ്ഞാലൊ (സുനെദ്രിയം എന്ന) ന്യായാധിപസംഘ
ത്തിന്നു ഹേതുവാകും; മൂഢ എന്നു പറഞ്ഞു എങ്കിലൊ അഗ്നി നരകത്തിന്നു
23 ഹേതുവാകും. അതുകൊണ്ടു നിന്റെ വഴിപാടിനെ ബലിപീഠത്തോടു്
അടുപ്പിക്കുമ്പോൾ നിന്റെ നേരെ സഹോദരന്നു വല്ലതും ഉണ്ടെന്നു അവിടെ
24 ഓൎമ്മ വന്നാൽ—നിന്റെ വഴിപാടിനെ അങ്ങു ബലിപീഠത്തിൻമുമ്പിൽ
ഇട്ടേച്ചു, ഒന്നാമതു് പോയി സഹോദരനോടു നിരന്നു കൊൾക; പിന്നെ വ
25 ന്നു നിന്റെ വഴിപാടിനെ കഴിക്ക. നിന്റെ പ്രതിയോഗിയോടു വഴി
യിൽ വെച്ചിരിക്കുംതോറും അവനോടു് ഇണങ്ങുവാൻ വിരയുക. അല്ലാ
26 ഞ്ഞാൽ പ്രതിയോഗി നിന്നെ ന്യായാധിപനിലും ന്യായാധിപൻ സേവ
കനിലും ഏല്പിച്ചിട്ടു നീ തടവിൽ ആക്കപ്പെടും; ഒടുക്കത്തെ കാശു വരയും
കൊടുത്തു തീരുവോളം അവിടെനിന്നു പുറത്തു വരികയില്ല; ആമെൻ എന്നു
27 ഞാൻ നിന്നൊടു പറയുന്നു. (2 മൊ. 20, 13) നീ വ്യഭിചരിക്കരുതു് എന്നു
28 മൊഴിഞ്ഞ പ്രകാരം കേട്ടുവല്ലൊ. ഞാനോ നിങ്ങളോടു് പറയുന്നിതു:
സ്ത്രീയേ മോഹിക്കേണ്ടതിന്നു നോക്കുന്നവനെല്ലാം ഹൃദയം കൊണ്ടു് അവ
29 ളോടു വ്യഭിചരിച്ചുപോയി. എന്നാൽ നിന്റെ വലങ്കണ്ണു് ഇടർച്ച വരുത്തി
യാൽ അതിനെ ചൂന്നെടുത്തു തള്ളിക്കളക; നിന്റെ അവയവങ്ങളിൽ ഒന്നു
നശിച്ചിട്ടും ശരീരം മുഴുവൻ നരകത്തിൽ തള്ളപ്പെടാഞ്ഞാൽ നിനക്ക പ്ര
30 യോജനമത്രെ. പിന്നെ വലങ്കൈ നിനക്കു് ഇടർച്ച വരുത്തിയാൽ അതി
നെ വെട്ടി തള്ളിക്കളക; നിന്റെ അവയവങ്ങളിൽ ഒന്നു നശിച്ചിട്ടും ശരീ
രം മുഴുവൻ നരകത്തിൽ പോകാഞ്ഞാൽ നിനക്ക പ്രയോജനമത്രെ. (5മൊ
31 24,1.)ഒരുവൻ തന്റെ ഭാൎയ്യയെ ഉപേക്ഷിച്ചാൽ അവൾക്കു് ഉപേക്ഷണച്ചീട്ടു

32 കൊടുക്കുക എന്നു മൊഴിഞ്ഞതും ഉണ്ടല്ലൊ. ഞാനൊ നിങ്ങളൊടു
പറയുന്നിതു: പുലയാട്ടിന്റെ സംഗതിക്കല്ലാതെ ആരാനും തന്റെ ഭാര്യയെ
ഉപേക്ഷിച്ചാൽ അവളെ വ്യഭിചരിക്കുമാറാക്കുന്നു; ഉപേക്ഷിച്ചവളെ ആരാ
33 നും കെട്ടിയാൽ വ്യഭിചരിക്കുന്നുണ്ടു. പിന്നെ (3 മൊ. 19, 12.) നീ കള്ള
സ്സത്യം ചെയ്യരുതു എന്നും (5 മൊ. 23, 23.) കൎത്താവിനു സത്യം ചെയ്തവ
റെ നീ ഒപ്പിക്കെണം എന്നും പൂൎവ്വന്മാരോടു മൊഴിഞ്ഞ പ്രകാരം നിങ്ങൾ
34 കേട്ടുവല്ലൊ. ഞാനോ നിങ്ങളോടു പറയുന്നിതു: ഒട്ടും ആണയിടരുതു;
സ്വൎഗ്ഗത്താണ അരുതു; ആയതല്ലൊ ദൈവത്തിന്റെ സിംഹാസനം;
35 ഭ്രമിയാണയും അരുതു; അതു അവന്റെ പാദങ്ങൾക്കു പീഠം അത്രെ
(യശ. 66, 1.) യരുശലെമാണയും അരുതു; അതു മഹാരാജാവിന്റെ ന
36 ഗരമല്ലൊ (സങ്കീ. 48, 3.) നിന്തലയാണയും അരുതു; ഒരു രോമത്തെയും
37 കറുപ്പിപ്പാനും വെളുപ്പിപ്പാനും നിണക്കു കഴിയുന്നില്ലല്ലൊ. നിങ്ങളുടെ
വാക്കു അതെ അതെ എന്നും ഇല്ല ഇല്ല എന്നും ആയിരിക്ക; ഇവറിനു
38 മീതെയുള്ളതു ദുഷ്ടനിൽ നിന്നാകുന്നു. (2 മൊ. 21,24.) കണ്ണിനു പകരം
കണ്ണും, പല്ലിനു പകരം പല്ലും എന്നു മൊഴിഞ്ഞ പ്രകാരം നിങ്ങൾ കേട്ട
39 വല്ലൊ. ഞാനോ നിങ്ങളോടു പറയുന്നിതു: ദുഷ്ടനോടു എതിരിടായ്ക:
നിന്നെ വലത്തെ കവിൾക്കു കുമക്കുന്നവനു മറെതിനേയും തിരിച്ചു കൊ
40 ടുക്ക. നിന്നോടു വ്യവഹരിപ്പാനും നിന്റെ വസ്ത്രത്തെ എടുപ്പാനും ഇച്ഛി
41 ക്കുന്നവനു (2 മൊ. 22, 25.) പുതെപ്പിനെയും വിടുക. ഒരു നാഴിക വഴി
പോവാൻ (രാജനാമം ചൊല്ലി) നിന്നെ നിൎബ്ബന്ധിക്കുന്നവനോടു രണ്ടും
42 നടക്കുക. നിന്നോടു യാചിക്കുന്നവനു കൊടുക്ക, വായിപ്പവാങ്ങുവാൻ
ഇച്ഛിക്കുന്നവനെ വിട്ടു, മാറൊല്ല (2 മൊ. 22, 25.) (3 മൊ. 19, 18.)
43 നിന്റെ കൂട്ടുകാരനെ സ്നേഹിക്ക എന്നും നിന്റെ ശത്രുവെ പകെക്ക എന്നും
44 മൊഴിഞ്ഞപ്രകാരം നിങ്ങൾ കേട്ടുവല്ലൊ. ഞാനോ നിങ്ങളോടു പറയു
ന്നിതു: നിങ്ങളുടെ ശത്രുക്കളെ സ്നേഹിപ്പിൻ; നിങ്ങളെ ശപിക്കുന്നവരെ
അനുഗ്രഹിപ്പിൻ; നിങ്ങളെ പകെക്കുന്നവരിൽ നന്മചെയ്വിൻ; നിങ്ങളെ
വലെക്കുന്നവൎക്കും ഹിംസിക്കുന്നവൎക്കും വേണ്ടി പ്രാൎത്ഥിക്കയും ചെയ്വിൻ.
45 സ്വൎഗ്ഗസ്ഥനായ നിങ്ങളുടെ പിതാവിനു പുത്രരായി വരേണ്ടതിന്നത്രെ,
ആയവൻ ദുഷ്ടരിലും നല്ലവരിലും തന്റെ സൂൎയ്യനെ ഉദിപ്പിക്കയും, നീതി
46 മാന്മാരിലും നീതികെട്ടവരിലും വൎഷിക്കയും അല്ലൊ ചെയ്യുന്നു. എങ്ങിനെ
എന്നാൽ നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ എന്തു പ്രതിഫലം
47 ഉള്ളു? ചുങ്കക്കാരും അതു തന്നെ ചെയ്യുന്നില്ലയൊ? പിന്നെ നിങ്ങളുടെ
സഹോദരന്മാരെ മാത്രം വന്ദിച്ചാൽ എന്തു അതിശയം ചെയ്യുന്നു? ജാതിക
48 ളും അവ്വണ്ണം ചെയ്യുന്നില്ലയൊ? ആകയാൽ നിങ്ങളുടെ സ്വൎഗ്ഗീയപിതാവു
തികവുള്ളവനാകുമ്പോലെ തികവുള്ളവർ ആയിരിപ്പിൻ.

6. അദ്ധ്യായം

ഭിക്ഷാദാനം, (5) പ്രാൎത്ഥന [ലൂ. 11.], (16) ഉപവാസം ഇവറെ ദൈ
വത്തിന്നായി ചെയ്യെണ്ടതു, (19) പ്രപഞ്ചസക്തിയും സ്വൎഗ്ഗരാജ്യത്തി
ലെ ഏകാഗ്രചിന്തയും [ലൂ. 12, 22 11, 34.]

1 മനുഷ്യരാൽ കാണപ്പെടെണ്ടതിന്നു നിങ്ങളുടെ നീതിയെ അവർക്കു മുമ്പാ
കെ ചെയ്യാതിരിപ്പാൻ സൂക്ഷിപ്പിൻ! അല്ലാഞ്ഞാൽ സ്വൎഗ്ഗസ്ഥനായ നി
ങ്ങളുടെ പിതാവിൽ നിന്നു നിങ്ങൾക്കു പ്രതിഫലം ഉണ്ടാകയില്ല. എ
2 ന്നാൽ ഭിക്ഷകൊടുക്കുമ്പൊൾ വേഷധാരികൾ മനുഷ്യരോടു തേജസ്സു ലഭി
പ്പാൻ പള്ളികളിലും വീഥികളിലും ചെയ്യുന്നതു പോലേ നിന്റെ മുമ്പിൽ
കാഹളം ഊതൊല്ല; ആമെൻ ഞാൻ നിങ്ങളോടു പറയുന്നിതു: അവർക്കു

3 പ്രതിഫലം കിട്ടിപ്പോയി. നീയോ ഭിക്ഷ കൊടുക്കുമ്പോൾ നിന്റെ വല
ത്തെക്കൈ ചെയ്യുന്നത് എന്ത് എന്ന് ഇടങ്കൈ അറിയാതിരിക്ക. ഇങ്ങി
4 നെ നിന്റെ ഭിക്ഷാദാനം രഹസ്യത്തിൽ ആയിരിക്കുക; രഹസ്യത്തിൽ
കാണുന്ന നിന്റെ പിതാവ് താൻ പരസ്യത്തിൽ നിണക്കു പകരം തരും.
5 പിന്നെ നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ വേഷധാരികളെ പോലെ ആകൊ
ല്ലാ! ആയവർ മനുഷ്യർക്കു വിളങ്ങേണ്ടതിന്നു പള്ളികളിലും തെരുക്കോണു
കളിലും നിന്നുകൊണ്ടു പ്രാർത്ഥിപ്പാൻ ഇഷ്ടപ്പെടുന്നു; ആമെൻ ഞാൻ നിങ്ങ
6 ളോടു പറയുന്നിതു: അവർക്കു പ്രതിഫലം കിട്ടിപ്പോയി. നീയോ പ്രാർ
ത്ഥിക്കുമ്പോൾ നിന്റെ മുറിയിൽ കടന്നു വാതിൽ അടെച്ചു രഹസ്യത്തിലു
ള്ള നിന്റെ പിതാവിനോടു പ്രാർത്ഥിക്ക; രഹസ്യത്തിൽ കാണുന്ന നിന്റെ
7 പിതാവ് പരസ്യത്തിൽ നിണക്ക് പകരം തരും. പിന്നെ നിങ്ങൾ പ്രാ
ർത്ഥിക്കയിൽ ജാതികളെ പോലെ ജപജല്പനം അരുതു; തങ്ങളുടെ അതിഭാ
8 ഷണത്താൽ കേൾക്കപ്പെടും എന്ന് അവർക്കു തോന്നുന്നുവല്ലൊ. ആകയാൽ
അവരോടു തുല്യരാകരുതെ; നിങ്ങൾക്കാവശ്യമുള്ളവ യാചിക്കും മുമ്പെ നി
9 ങ്ങളുടെ പിതാവിന്നുബോധിച്ചുവല്ലൊ. അതുകൊണ്ട് നിങ്ങൾ ഇവ്വണ്ണം
പ്രാർത്ഥിപ്പിൻ: സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവെ! നിന്റെ നാമം
10 വിശുദ്ധീകരിക്കപ്പെടേണമെ. (യശ. 29. 23.) നിന്റെ രാജ്യം വരേണമെ,
11 നിന്റെ ഇഷ്ടം സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും നടക്കേണമെ. ഞങ്ങൾ
12 ക്കു വേണ്ടുന്ന അപ്പം ഇന്നു തരേണമെ. ഞങ്ങളുടെ കടക്കാർക്കു ഞങ്ങളും വി
13 ടുന്നതു പോലെ ഞങ്ങളുടെ കടങ്ങളെ വിട്ടു തരേണമെ. ഞങ്ങളെ പരീക്ഷ
യിൽ കടത്താതെ ദോഷത്തിൽനിന്നു ഞങ്ങളെ ഉദ്ധരിക്കേണമെ, (1 നാള.
29, 11.) രാജ്യവും ശക്തിയും തേജസ്സും യുഗാദികളിലും നിണക്കല്ലൊ ആകു
14 ന്നു, ആമെൻ. എങ്ങിനെ എന്നാൽ നിങ്ങൾ മനുഷ്യരോട് അവരുടെ പിഴ
കളെ ക്ഷമിച്ചു വിട്ടാൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങൾക്കും
15 വിടും. മനുഷ്യർക്കു പിഴകളെ വിടാഞ്ഞാലൊ നിങ്ങളുടെ പിതാവ് നി
ങ്ങളുടെ പിഴകളെ വിടുകയും ഇല്ല.

16 പിന്നെ നിങ്ങൾ ഉപവസിക്കുമ്പോൾ വേഷധാരികളെ പോലെ മുഷി
ഞ്ഞ മുഖം എടുക്കരുത്; ആയവർ മനുഷ്യക്ക് ഉപവാസികൾ എന്നു വിള
ങ്ങേണ്ടതിന്നു തങ്ങളുടെ മുഖങ്ങളെ വാട്ടികളയുന്നു; ആമെൻ ഞാൻ നിങ്ങ
17 ളോടു പറയുന്നിതു: അവർക്കു പ്രതിഫലം കിട്ടിപ്പോയി. നീയൊ ഉപവസി
ക്കയിൽ മനുഷ്യർക്കല്ല രഹസ്യത്തിലെ നിന്റെ പിതാവിനത്രെ ഉപവാ
18 സം തെളിയെണ്ടതിന്നു തലെക്കു തേച്ചു മുഖം കഴുകികൊൾക. എന്നാൽ രഹ
സ്യത്തിൽ കാണുന്ന നിന്റെ പിതാവ് പരസ്യത്തിൽ നിണക്കു പകരം
നല്കും.

19 പുഴുവും പൂപ്പും കെടുക്കയും കള്ളന്മാർ തുരന്നു കക്കുകയും ചെയ്യുന്ന ഈ ഭൂമി
20 മേൽ നിങ്ങൾക്കു നിക്ഷേപങ്ങളെ സ്വരൂപിക്കാതെ—പുഴുവും പൂപ്പും കെടു
ക്കാതെയും കള്ളന്മാർ തുരന്നു കക്കാതെയും ഇരിക്കുന്ന സ്വർഗ്ഗത്തിലത്രെ
21 നിങ്ങൾക്കു നിക്ഷേപങ്ങളെ സ്വരൂപിച്ചുകൊൾവിൻ. കാരണം നിങ്ങളുടെ
22 നിക്ഷേപം എവിടെ അവിടെ നിങ്ങളുടെ ഹൃദയവും ആകും. ശരീരത്തിന്റെ
വിളക്കു കണ്ണു തന്നെ; എന്നാൽ നിന്റെ കണ്ണ് ഏകാഗ്രമായാൽ നിന്റെ
23 ശരീരം എല്ലാം പ്രകാശിതമായിരിക്കും. നിന്റെ കണ്ണു വിടക്കാകുന്നുവെ
കിൽ നിന്റെ ശരീരം എല്ലാം അന്ധകാരസ്ഥമായിരിക്കും; എന്നാൽ നി
24 ന്നിലുള്ള വെളിച്ചം തന്നെ ഇരുട്ടായാൽ ആ ഇരുട്ട എത്ര വലിയത്? രണ്ടു
യജമാനന്മാരെ സേവിപ്പാൻ ആർക്കും കഴികയില്ല; ചെയ്താൽ ഒരുവനെ
പകെച്ചു, മറവനെ സ്നേഹിക്കും, അല്ലെങ്കിൽ ഒരുത്തനെ മുറുക പിടിച്ചു
മറവനെ നിന്ദിക്കും; നിങ്ങൾക്കു ദൈവത്തെയും (ധനമാകുന്ന) മാമൊനെ
25 യും സേവിച്ചുകൂടാ. അതുകൊണ്ടു ഞാൻ നിങ്ങളോടു പറയുന്നിതു: ഏതു
തിന്നും ഏതു കുടിക്കും എന്നു നിങ്ങളുടെ പ്രാണനായ്ക്കൊണ്ടും ഏതുടുക്കും

എന്നു ശരീരത്തിന്നായും ചിന്തപ്പെടരുതു; ആഹാരത്തെക്കാളും പ്രാണനും ഉടു
26 പ്പിനെക്കാളും ശരീരവും ഏറെ വലുതല്ലൊ! വാനത്തിലെ പറജാതികളെ
നോക്കുവിൻ! അവ വിതക്കാതെയും കൊയ്യാതെയും പാണ്ടിശാലകളിൽ
കൂട്ടിവെക്കാതെയും ഇരിക്കുന്നു, എന്നിട്ടും സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പി
താവ് അവറെ പുലർത്തുന്നു; അവററിലും നിങ്ങൾ ഏറം വിശേഷമ
27 ല്ലൊ! പിന്നെ ചിന്തപ്പെട്ടാലും തന്റെ ആയുസ്സോട് ഒരു മുളം കൂട്ടിവെ
പ്പാൻ നിങ്ങളിൽ ആർക്കു കഴിയും? ശേഷം ഉടുപ്പിനെ ചൊല്ലി ചിന്തപ്പെ
28 ടുവാൻ എന്തു? വയലിലെ താമരകൾ വളരുന്ന പ്രകാരം ഗ്രഹിച്ചു കൊൾ
29 വിൻ! അവ അദ്ധ്വാനിക്കുന്നില്ല, നൂല്ക്കുന്നതും ഇല്ല. ശലൊമൊ തന്റെ സ
കല തേജസ്സിലും ഇവററിൽ ഒന്നിനോളം അണിഞ്ഞവനല്ല താനും എന്നു
30 ഞാൻ നിങ്ങളൊടു പറയുന്നു. എന്നാൽ ഇന്നുള്ളതും നാളെ അടുപ്പിൽ ഇടു
ന്നതുമായ വയലിലെ പുല്ലിനെ ദൈവം ഇപ്രകാരം അണിയിച്ചിരിക്കെ,
31 അല്പവിശ്വാസികളെ നിങ്ങളെ എത്ര അധികം! ആകയാൽ നാം ഏതു തി
ന്നും ഏതു കുടിക്കും ഏതുടുക്കും എന്നു ചിന്തപ്പെടൊല്ല; ഈ വക ഒക്കയും
32 ജാതികൾ അന്വെഷിച്ചു നടക്കുന്നു, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ്
33 ഇവ എല്ലാം നിങ്ങൾക്കു ആവശ്യം എന്നു അറിയുന്നുണ്ടല്ലൊ! മുമ്പെ ദൈ
വത്തിന്റെ രാജ്യത്തെയും അവന്റെ നീതിയെയും അന്വേഷിപ്പിൻ, എ
34 ന്നാൽ ഇവ എല്ലാം നിങ്ങൾക്കു കൂടെ കിട്ടും. അതുകൊണ്ടു നാളെക്കായി
ചിന്തപ്പെടെണ്ടാ; നാളെത്ത ദിവസം തനിക്കായി ചിന്തിക്കുമല്ലൊ! (അ
തതു) ദിവസത്തിന്നു തന്റെ ദോഷം മതി.

7. അദ്ധ്യായം.

അന്യരുടെ കുറവിനെ, (6) വെറുതെ അല്ല വിസ്തരിക്കേണ്ടതു [ലൂ. 6, 37.], (7) യാചനയാലും [ലൂ. 11,9], (12) സത്യപ്രയത്നത്താലും [ലൂ.13, 24.] ദൈവത്തൊടു ചേരുക, (15) കള്ളഉപദേഷ്ടാക്കളെ ഒഴിച്ചു, (21) വാ
ക്കല്ല ക്രിയയെ പ്രമാണമാക്കി, (24) കേട്ടതിനെ അനുസരിച്ചു നടക്കെ
ണം [ലൂ. 6, 43.]

1 നിങ്ങൾക്കു ന്യായവിധി വരാതിരിപ്പാൻ വിധിക്കാതിരിപ്പിൻ! കാ
2 രണം നിങ്ങൾ വിധിക്കുന്ന വിധി തന്നെ നിങ്ങൾക്കും വിധിക്കപ്പെടും;
3 നിങ്ങൾ അളക്കുന്ന അളവിനാലും നിങ്ങൾക്കു അളക്കപ്പെടും പിന്നെ നി
ന്റെ സഹോദരന്റെ കണ്ണിലുള്ള കരടു കാണുന്നതും, നിന്റെ കണ്ണിലെ
4 കോലിനെ കരുതാത്തതും എന്തു? അല്ല. നിന്റെ കണ്ണിൽ ഇതാ കോൽ ഇ
രിക്കവെ നീ സഹോദരനൊടു നില്ല നിന്റെ കണ്ണിൽനിന്നു കരടിനെ
എടുത്തു കളയട്ടെ എന്നു പറവതു എങ്ങിനെ? വേഷധാരിയായുള്ളൊവെ!
5 മുമ്പെ നിന്റെ കണ്ണിൽനിന്നു കോലെ എടുത്തുകളക അപ്പോൾ സഹോ
6 രന്റെ കണ്ണിൽനിന്നു കരടിനെ കളവാൻ നോക്കാമല്ലൊ! വിശുദ്ധത്തെ
നായ്ക്കൾക്കു കൊടുക്കല്ല; നിങ്ങളുടെ മുത്തുകളെ പന്നികളുടെ മുമ്പിൽ എറി
കയും ഒല്ലാ; അതിനെ അവ കാലുകൾ കൊണ്ടു ചവിട്ടി തിരിഞ്ഞു നിങ്ങ
ളെ ചീന്തി കളയാതിരിപ്പാൻ തന്നെ.
7 യാചിപ്പിൻ എന്നാൽ നിങ്ങൾക്കു തരപ്പെടും; അന്വേഷിപ്പിൻ എ
ന്നാൽ കണ്ടെത്തും; (യിറ. 29, 12.) മുട്ടുവിൻ എന്നാൽ നിങ്ങൾക്കു തുറക്ക
8 പ്പെടും; കാരണം യാചിക്കുന്നവനെല്ലാവനും ലഭിക്കുന്നു; അന്വേഷിക്കുന്ന
വൻ കണ്ടെത്തുന്നു; മുട്ടുന്നവനു തുറക്കപ്പെടും. പിന്നെയൊ മകൻ അപ്പം
9 യാചിച്ചാൽ അവനു കല്ലു കൊടുക്കുന്ന മനുഷ്യൻ നിങ്ങളിൽ ആർ ഉള്ളു?
10 മീൻ യാചിച്ചാൽ അവനു പാമ്പു കൊടുക്കുമൊ? ആകയാൽ ദുഷ്ടരാകു
11 ന്ന നിങ്ങൾ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ

സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് തന്നോട് യാചിക്കുന്നവർക്കു നന്മ
12 കളെ എത്ര അധികം കൊടുക്കും. എന്നതുകൊണ്ടു മനുഷ്യർ നിങ്ങൾക്ക ഏ
തെല്ലാം ചെയ്യേണം എന്നു നിങ്ങൾ ഇച്ഛിച്ചാൽ, അപ്രകാരം തന്നെ നി
ങ്ങളും അവർക്കു ചെയ്‌വിൻ! ധർമ്മവും പ്രവാചകരും (ഒക്കത്തക്ക) ഇത
13 ത്രെ. ഇടുക്കു വാതിലൂടെ അകം പൂകുവിൻ! കാരണം നാശത്തിലെക്ക ചെ
ല്ലുന്ന വാതിൽ വീതിയുള്ളതും, വഴി വിശാലവും, അതിൽ കൂടി കടക്കുന്ന
14 വർ അനേകരും ആകുന്നു. ജീവങ്കലെക്ക ചെല്ലുന്ന വാതിൽ ഹാ! എത്ര ഇ
ടുക്കും, വഴി ഞെരുക്കവും ആകുന്നു; അതിനെ കണ്ടെത്തുന്നവർ ചുരുക്ക
മത്രെ.

15 ആടുകളുടെ വേഷം പൂണ്ടു നിങ്ങളെ അരികിൽ വന്നാലും അകമെ ഇരെ
ക്കു തേടുന്ന ചെന്നായ്കളായുള്ള കള്ളപ്രവാചകന്മാരിൽ നിന്നു സൂക്ഷിച്ചു
16 കൊൾവിൻ! അവരെ ഫലങ്ങളെകൊണ്ടു തിരിച്ചറിയാം; മുള്ളുകളിൽ നി
ന്ന് മുന്തിരിങ്ങയും ഞെങ്ങുകളിൽ നിന്ന് അത്തിപ്പഴങ്ങളും പറിക്കുമാറു
17 ണ്ടോ? അപ്രകാരം എല്ലാ നല്ല മരവും ശുഭഫലങ്ങളെ ഉണ്ടാക്കുന്നു; വിട
18 ക്കു മരമൊ ആകാത്ത ഫലങ്ങളെ ഉണ്ടാക്കുന്നു. നല്ല മരത്തിന്ന് ആകാത്ത
ഫലങ്ങളെയും, വിടക്കു മരത്തിന്നു ശുഭഫലങ്ങളെയും തരുവാൻ കഴികയി
19 ല്ല. ശുഭഫലം തരാത്ത മരം ഒക്കയും വെട്ടപ്പെട്ടു തീയിൽ ഇടപ്പെടും എന്നു
20 തുകൊണ്ടു നിങ്ങൾ അവരെ ഫലങ്ങളെ കൊണ്ടു തിരിച്ചറിയും. എന്നോട്:
21 കർത്താവെ, കർത്താവെ, എന്നുപറയുന്നവൻ എല്ലാം സ്വർഗ്ഗരാജ്യത്തിൽ കടക്ക
യില്ല; സ്വർഗ്ഗസ്ഥനായ എന്റെ പിതാവിൻ ഇഷ്ടത്തെ ചെയ്യുന്നവനത്രെ.
22 കർത്താവെ, കർത്താവെ, നിൻ നാമത്താൽ ഞങ്ങൾ പ്രവചിക്കയും നിന്നാമ
ത്താൽ ഭൂതങ്ങളെ ആട്ടുകയും നിന്നാമത്താൽ ഏറിയ ശക്തികളെ പ്രവൃത്തി
ക്കയും ചെയ്തിട്ടില്ലയൊ? എന്നു പലരും ആ നാളിൽ എന്നോടു ചൊല്ലും.
23 അന്നു ഞാൻ അവരോടു: നിങ്ങളെ ഒരുനാളും അറിഞ്ഞിട്ടില്ല (സങ്കീ. 6, 9.)
അധർമ്മം പ്രവൃത്തിക്കുന്നവരായുള്ളോരെ! എന്നോടു അകന്നു പോവിൻ
24 എന്ന് ഏറ്റു പറയും. അതുകൊണ്ട് ഈ എന്റെ വചനങ്ങളെ കേട്ടും ചെ
യ്തും നടക്കുന്നവനെ ഒക്കയും തന്റെ ഭവനത്തെ പാറമേൽ കെട്ടിയ ബുദ്ധി
25 യുള്ള പുരുഷനൊടു ഞാൻ തുല്യനാകും. വന്മഴ ചൊരിഞ്ഞു പുഴകളും ഒഴ
കി കാറ്റുകളും വീശി ആ ഭവനത്തിൽ അലെച്ചു പോയാറെ അത് പാറ
26 മേൽ അടിസ്ഥാനമുള്ളതാകയാൽ വീഴാതെ നിന്നു. ഈ എന്റെ വചന
ങ്ങളെ കേട്ടും ചെയ്യ പോകാത്തവൻ ഒക്കയും സ്വഭവനത്തെ മണലിന്മേൽ
27 കെട്ടിയ മൂഢപുരുഷനൊടു തുല്യനാകും. വന്മഴ ചൊരിഞ്ഞു പുഴകളും ഒഴുകി
കാറ്റുകളും വീശി ആ ഭവനത്തിൽ അലെച്ചു പോയാറെ അതു വീണു
28 അതിന്റെ വീഴ്ച വലുതായി. ഈ വചനങ്ങളെ യേശു ചൊല്ലി തികെച്ചു
പ്പോൾ സംഭവിച്ചിതു പുരുഷാരങ്ങൾ അവന്റെ ഉപദേശത്തെക്കൊണ്ടു സ്തം
29 ഭിച്ചു പോയി. ശാസ്ത്രികളെ പോലെ അല്ലല്ലൊ അധികാരമുള്ളവനായി
ട്ടത്രെ അവൻ അവരെ ഉപദേശിച്ചുകൊണ്ടിരുന്നു.

8. അദ്ധ്യായം

കുഷ്ഠരോഗി [മാ. 1, 40. ലൂ. 5, 12.], (5)ശതാധിപദാസൻ [ലൂ. 7.], (14) പേത്രന്റെ ശ്വശ്രൂ [മാ. 1, 29. ലൂ. 4, 38.], (18) ശിഷ്യലക്ഷണം [ലൂ. 9, 57, (23) കൊടുങ്കാറ്റിനു ശാന്തി [മാ. 4, 36. ലൂ. 8, 23.], (28) ദുർഭൂതങ്ങളെ നീക്കിയതും [മാ. 5. ലൂ. 8.]

1 അവൻ മലയിൽനിന്ന് ഇറങ്ങിയാറെ വളരെ പുരുഷാരങ്ങൾ അവന്റെ
2 പിന്നാലെ ചെന്നു. അപ്പോൾ ഇതാ ഒരു കുഷ്ഠരോഗി അടുത്തു അവനെ

കുമ്പിട്ടു പറഞ്ഞു: കത്താവെ, നിണക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധീക
3 രിപ്പാൻ കഴിയും. എന്നാറെ യേശു കൈ നീട്ടി അവനെ തൊട്ടു മനസ്സുണ്ടു, ശുദ്ധനാക, എന്നു പറഞ്ഞ ഉടനെ കുഷ്ഠം മാറി ശുദ്ധി വരികയും ചെയ്തു.
4 യേശു അവനോടു പറഞ്ഞു നോക്കു! ആരോടും പറയരുത് അവർക്കുള്ള സാക്ഷ്യം നിമിത്തം നീ പോയി നിന്നെ തന്നെ പുരോഹിതനു കാണിച്ചു മൊശെ കല്പിച്ച വഴിപാടു കഴിക്ക.

5 പിന്നെ അവൻ കഫൎന്നഹൂമിൽ പ്രവേശിച്ചപ്പോൾ ഒരു ശതാധിപൻ
6 അവനോടടുത്തു അപേക്ഷിച്ചു പറഞ്ഞു: കത്താവെ, എന്റെ ബാല്യക്കാരൻ
7 വാതരോഗിയായി വീട്ടിൽ കിടന്നു ഭയങ്കരമായി പീഡിച്ചിരിക്കുന്നു. യേശു അവനോടു: ഞാൻ വന്നു അവനെ സൌഖ്യമാക്കും എന്നു പറഞ്ഞതിനു—
8 ശതാധിപൻ ഉത്തരം ചൊല്ലിയതു: കത്താവെ, നീ എന്റെ പുരെക്കകത്തു വരുവാൻ ഞാൻ യോഗ്യനല്ല; ഒരു വാക്കു കൊണ്ടത്രെ കല്പിക്ക എന്നാൽ എന്റെ ബാല്യക്കാരനു സൌഖ്യം വരും. ഞാനും കൂടെ അധികാരത്തിങ്കീ
9 ഴുള്ള മനുഷ്യൻ ആകുന്നുവല്ലോ; ചേവകർ എനിക്കു് അടങ്ങുന്നുണ്ടു; (അതിൽ) ഇവനോടു യാത്രയാക എന്നു പറഞ്ഞാൽ യാത്രയാകുന്നു, മറ്റവനോടു വാ എന്നാൽ വരുന്നു; എന്റെ ദാസനോടു് ഇതു ചെയ്യു് എന്നാൽ അവൻ
10 ചെയ്യുന്നു. എന്നതു കേട്ടാറെ യേശു അത്ഭുതപ്പെട്ടു പിഞ്ചെല്ലുന്നവരോടു പറഞ്ഞു: ആമെൻ ഞാൻ നിങ്ങളോടു പറയുന്നിതു: ഇസ്രയേലിൽ കൂടെ ഇത്ര
11 വലിയ വിശ്വാസത്തെ ഞാൻ കണ്ടിട്ടില്ല. പിന്നെ നിങ്ങളോടു പറയുന്നു: കിഴക്കുനിന്നും പടിഞ്ഞാറു്നിന്നും അനേകർ വന്നു അബ്രഹാം ഇസ്സാകു് യാക്കോബു് എന്നവരോടു കൂടെ സ്വൎഗ്ഗരാജ്യത്തിന്റെ പന്തിയിൽ ചേരും.
12 രാജ്യപുത്രന്മാരൊ ഏറ്റം പുറത്തുള്ള ഇരുളിലേക്കു് തള്ളപ്പെടും; അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും. പിന്നെ ശതാധിപനോടു: പോക, നി
13 ണക്കു വിശ്വസിച്ചപ്രകാരം ഭവിക്കുക എന്നു യേശു പറഞ്ഞു; ആ നാഴികയിൽ തന്നെ ബാല്യക്കാരൻ സൌഖ്യവാനാകയും ചെയ്തു.

14 യേശു പേത്രന്റെ വീട്ടിൽ വന്നാറെ അവന്റെ ഭാര്യയുടെ അമ്മ പനി
15 പിടിച്ചു കിടക്കുന്നതു് കണ്ടു. അവളുടെ കയ്യെ പിടിച്ചു; ഉടനെ പനി അവളെ വിട്ടു മാറി അവൾ എഴുനീറ്റു അവനെ ശുശ്രൂഷിക്കയും ചെയ്തു. വൈ
16 കുന്നേരമായപ്പോൾ പല ഭ്രതഗ്രസ്തരെയും അവനു കൊണ്ടുവന്നു; അവനും വാക്കുകൊണ്ടു ഭ്രതങ്ങളെ പുറത്താക്കി സകല ദുസ്ഥന്മാരെയും സൌഖ്യ
17 മാക്കി. താൻ നമ്മുടെ ബലഹീനതകളെ എടുത്തു വ്യാധികളെ ചുമന്നു എന്നു യശയ്യ പ്രവാചകനെകൊണ്ടു (53, 4.) മൊഴിഞ്ഞതിനു നിവൃത്തിയാവാൻ (സംഗതി വരികയും ചെയ്തു).

18 പിന്നെ യേശു വളരെ പുരുഷാരങ്ങളും തന്നെ ചൂഴുന്നതു കണ്ടാറെ
19 അക്കരെ യാത്രയാവാൻ കല്പിച്ചു. അപ്പോൾ ഒരു ശാസ്ത്രി അവനോടു് അണഞ്ഞു: ഗുരൊ, നീ എവിടെ പോയാലും ഞാൻ പിഞ്ചെല്ലാം എന്നു
20 പറഞ്ഞു. യേശു അവനോടരുളിച്ചു: കുറുനരികൾക്കു് കുഴികളും, വാനത്തിലെ പറജാതികൾക്കു് പാർപ്പിടങ്ങളും ഉണ്ടു; മനുഷ്യപുത്രനോ തലചായി
21 പ്പാനും സ്ഥലമില്ല. പിന്നെ ശിഷ്യരിൽ വേറൊരുത്തൻ അവനോടു പറഞ്ഞു: കത്താവെ, ഞാൻ മുമ്പെ പോയി അച്ഛനെ കുഴിച്ചിടേണ്ടതിന്നു് അ
22 നുവാദം തരിക. അവനോടു യേശു. എന്റെ പിന്നാലെ വാ, മരിച്ചവർ തങ്ങളുടെ മരിച്ചവരെ കുഴിച്ചിടുവാൻ വിടുക എന്നു പറഞ്ഞു. പിന്നെ പട
23 കിൽ കരേറിയപ്പോൾ അവന്റെ ശിഷ്യന്മാർ കൂടെ ചെന്നു. ഉടനെ കണ്ടാ
24 ലും കടലിൽ വലിയ ഓളം ഉണ്ടായിട്ടു പടകു തിരകളാൽ മൂടി ചമവാറാ
25 യി; അവനോ ഉറങ്ങിയിരിക്കുന്നു. ശിഷ്യന്മാർ അടുത്തു: കത്താവെ, രക്ഷിക്ക ഞങ്ങൾ നശിച്ചു പോകുന്നു! എന്നു് അവനെ ഉണൎത്തി, അവനും
26 അവരോടു: അല്പവിശ്വാസികളെ! നിങ്ങൾ ഭീരുക്കളാവാൻ എന്തു? എന്നു

27 ചൊല്ലിയ ശേഷം എഴനീറു കാറുകളേയും കടലിനേയും ശാസിച്ചു. വലി
യ ശാന്തത ഉണ്ടാകയും ചെയ്തു. ആളുകൾ അതിശയിച്ചു പറഞ്ഞു: ഇവൻ എ
ങ്ങിനെയുള്ളവൻ! കാറുകളും കടലും കൂടെ അവനു സ്വാധീനമാകുന്നു
പോൽ.
28 അവൻ അക്കരെ എത്തി, ഗിർഗ്ഗശ്യദേശത്തിൽവന്നാറെ, രണ്ടു ഭ്രൂതഗ്രസ്തർ
കല്ലറകളിൽനിന്നു പുറപ്പെട്ടു അവനെ എതിരേറ്റു; ആയവർ അതികൊടു
പ്പമുള്ളവരാകയാൽ ആർക്കും ആ വഴി നടന്നു കൂടാതെയായി. അവർ ഇതാ
29 കുക്കി പറഞ്ഞു: ദേവപുത്ര! ഞങ്ങൾക്കും നിണക്കും എന്തു? സമയത്തിനു
30 മുമ്പെ ഞങ്ങളെ പീഡിപ്പിപ്പാൻ ഇവിടെ വന്നുവൊ? (അന്നു) അവരോടു
31 അകലെ വലിയ പന്നിക്കൂട്ടം മേയുന്നുണ്ടു. പിന്നെ ഭ്രൂതങ്ങൾ അവനോടു: ഞ
ങ്ങളെ പുറത്താക്കിയാൽ പന്നിക്കൂട്ടത്തിലേക്കു ചെല്ലുവാൻ അനുവദിക്ക
32 എന്നു അപേക്ഷിച്ചാറെ, പോകുവിൻ! എന്നു അവരോടു പറഞ്ഞു; അവ
രും പുറപ്പെട്ടു, പന്നിക്കൂട്ടത്തിലേക്കു ചെന്നു; കണ്ടാലും പന്നിക്കൂട്ടം എല്ലാം
ഞെട്ടി കടുന്തുക്കത്തുടെ കടലിൽ പാഞ്ഞു വെള്ളങ്ങളിൽ ചാകയും ചെയ്തു.
33 മേയ്ക്കുന്നവർ പാഞ്ഞു പട്ടണത്തിൽ ചെന്നു, ഭ്രൂതഗ്രസ്തരുടെ വൃത്താന്തം മുത
34 ലായതു എല്ലാം അറിയിച്ചു. ഉടനെ പട്ടണം എല്ലാം യേശുവിനെറ എതി
രെ ചെല്ലുവാൻ പുറപ്പെട്ടു; അവനെ കണ്ടാറെ, തങ്ങളുടെ അതിരുകളിൽ
നിന്നു വാങ്ങി പോവാൻ അപേക്ഷിക്കയും ചെയ്തു.

9. അദ്ധ്യായം

വാതശാന്തി [മാ. 2. ലൂ. 5, 17.], (9) മത്തായുടെ വിളിയും ഉപവാസ
ചോദ്യവും [മാ. 2. ലൂ. 5.], (18) യായിർപുത്രിയും രക്തംവാർച്ചയുള്ളവളും
[മാ. 5, 22. ലൂ. 8, 41.], (27) രണ്ടു കുരുടരും ഭ്രൂതഗ്രസ്തനും.

1 പിന്നെ അവൻ പടകിൽ കയറി ഇക്കരെക്കു ഓടി തന്നെറ പട്ടണ
2 ത്തിൽ വന്നു. അവിടെ ഇതാ ശയ്യമേൽ കിടക്കുന്ന ഒരു പക്ഷവാതക്കാരനെ
അവനു കൊണ്ടുവന്നു; അവരുടെ വിശ്വാസത്തെ യേശു കണ്ടു പക്ഷവാത
ക്കാരനോടു: കുഞ്ഞനെ, ധൈര്യവാനാക! നിന്നെറ പാപങ്ങൾ നിണക്കു
3 മോചിക്കപ്പെട്ടിരിക്കുന്നു എന്നു പറഞ്ഞു. ഉടനെ ശാസ്ത്രികളിൽ ചിലർ ഇ
4 വൻ ദേവദൂഷണം ചൊല്ലുന്നു എന്നുള്ളം കൊണ്ടു പറഞ്ഞു. യേശുവൊ അവ
രുടെ നിരൂപണങ്ങളെ കണ്ടു പറഞ്ഞു: നിങ്ങളുടെ ഹൃദയങ്ങളിൽ ദോഷങ്ങ
5 ളെ നിരൂപിപ്പാൻ എന്തു? അല്ലയൊ നിന്നെറ പാപങ്ങൾ മോചിക്കപ്പെട്ടി
രിക്കുന്നു എന്നു പറവാനൊ; എഴനീറു നടക്ക എന്നു പറവാനൊ; എതിനു
6 എളുപ്പം ഏറെ ഉണ്ടു. എങ്കിലും ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനു
ഷ്യപുത്രനു അധികാരം ഉണ്ടെന്നു നിങ്ങൾക്കു ബോധിക്കേണ്ടതിന്നു;
അവൻ അപ്പോൾ പക്ഷവാതക്കാരനോടു പറഞ്ഞു: എഴനീറു നിന്നെറ
7 കിടക്ക എടുത്തു നിന്നെറ വീട്ടിലേക്കു പോക. അവനും എഴനീറു സ്വഭ
വനത്തിലേക്കു പോയി. ആയതു പുരുഷാരങ്ങൾ കണ്ടു ഭയപ്പെട്ടു മനുഷ്യ
8 ക്കു ഇങ്ങിനത്തെ അധികാരം കൊടുത്ത ദൈവത്തെ മഹത്വീകരിക്കയും ചെ
യ്തു.
9 യേശു അവിടെ നിന്നു കടന്നു പോകുമ്പോൾ മത്തായി എന്നൊരു മനു
ഷ്യൻ ചുങ്കസ്ഥലത്തിൽ ഇരിക്കുന്നതു കണ്ടു: എന്നെറ പിന്നാലെ വാ! എ
ന്നു അവനോടു പറഞ്ഞു; അവൻ എഴനീറു അവന്നെറ പിന്നാലെ പോ
10 യി. പിന്നെ അവൻ വീട്ടിൽ പന്തിയിൽ ഇരിക്കുമ്പോൾ ഇതാ പല
ചുങ്കക്കാരും പാപികളും വന്നു യേശുവോടും അവന്നെറ ശിഷ്യന്മാരോടും കൂ
11 ടി പന്തിയിൽ ഇരുന്നു. ആയതു പരീശന്മാർ കണ്ടു അവന്നെറ ശിഷ്യ
രോടു: നിങ്ങളുടെ ഗുരു ചുങ്കക്കാരോടും പാപികളോടും കൂട ഭക്ഷിക്കുന്നതു

12 എന്ത്കൊണ്ട്? എന്ന പറഞ്ഞു. അത യേശു കേട്ടാറെ ചൊല്ലിയത: സ
സ്ഥന്മാർക്ക് വൈദ്യനേക്കൊണ്ട് ആവശ്യം ഇല്ല ദുസ്ഥന്മാർക്കെ ഉള്ള.
13 (ഹൊ. 6, 6) ബലിയിലല്ല ദയയിലത്രെ ഞാൻ പ്രസാദിക്കുന്ന എന്നുള്ള
ത എന്ത് എന്ന നിങ്ങൾ പോയി പഠിപ്പിൻ; ഞാനല്ലൊ നീതിമാന്മാരെ
അല്ല പാപികളെ (മാനസാന്തരത്തിലേക്ക്) വിളിപ്പാൻ വന്നത.
14 അപ്പോൾ യോഹനാന്റെ ശിഷ്യന്മാർ അവന്റെ അടുക്കെ വന്ന പറ
ഞ്ഞു: ഞങ്ങളും പരീശന്മാരും വളരെ ഉപവസിക്കുന്നതും, നിന്റെ ശിഷ്യൻ
15 മാർ ഉപവസിക്കാത്തതും എന്തുകൊണ്ട്?. അവരോട യേശു പറഞ്ഞിത: മണവാളൻ കൂടെയുള്ളന്നും കല്യാണകൂട്ടക്കു ഖേദിപ്പാൻ കഴിയുന്നില്ലല്ലൊ! മണവാളൻ അവരിൽ നിന്ന് എടുക്കപ്പെട്ട എന്നുള്ള നാളുകൾ വരും താ
16 നും; അന്ന് അവർ ഉപവസിക്കും. അലക്കാത്ത തുണിക്കണ്ടം ഒരുത്തരും പ
ഴയ വസ്ത്രത്തിൽ ചേർത്ത തുന്നുമാറില്ല; ചെയ്താൽ നിറപ്പിന്നായി ചേർത്ത
വസ്ത്രത്തെ വലിച്ചെടുക്കുന്ന, ചീന്തൽ ഏററം വല്ലാതെ ആകും. പുതിയ
17 വീഞ്ഞു പഴയ തുരുത്തികളിൽ ഇടുവാറുമില്ല; ഇട്ടാൽ തുരുത്തികൾ പൊളി
ഞ്ഞു വീഞ്ഞ് ഒഴുകി പോകുന്ന, തുരുത്തികളും കെട്ട പോകും; പുതിയ വീ
ഞ്ഞിനെ പുതിയ തുരുത്തികളിൽ പകർന്ന വെക്കെ ഉള്ള, രണ്ടും ചേതം വ
രാതെ നില്ക്കും.
18 ഇവ അവരോട പറയുമ്പോൾ കണ്ടാലും ഒരു പ്രമാണി അകത്ത വന്ന്
അവനെ കുമ്പിട്ട പറഞ്ഞു: എന്റെ മകൾ ഇപ്പോൾ തന്നെ കഴിഞ്ഞു. എ
ങ്കിലും നീ വന്ന് അവളുടെ മേൽ കൈവെക്ക എന്നാൽ ജീവിക്കും. എന്നാ
19 റെ യേശു എഴുനീറു ശിഷ്യരുമായി അവന്റെ പിന്നാലെ ചെന്ന. ഇതാ
20 പന്തീരാണ്ട രക്തംവാർച്ചയുള്ളൊരു സ്ത്രീ: ഞാൻ അവന്റെ വസ്ത്രത്തെ മാ
21 ത്രം തൊട്ട എങ്കിൽ രക്ഷിക്കപ്പെടും എന്നുള്ളം കൊണ്ട പറഞ്ഞു; പിന്നിൽ
22 വന്ന അവന്റെ വസ്ത്രത്തിന്റെ തൊങ്കലെ പിടിച്ചു. യേശു തിരിഞ്ഞു
അവളെ കണ്ടപ്പോൾ: മകളെ, ധൈര്യത്തോടിരിക്ക! നിന്റെ വിശ്വാസം
നിന്നെ രക്ഷിച്ചു എന്ന പറഞ്ഞു, ആ നാഴിക മുതൽ സ്ത്രീ രക്ഷിക്കപ്പെട്ട.
23 പിന്നെ യേശു പ്രമാണിയുടെ വീട്ടിൽ കടന്ന കുഴലൂത്തുന്നവരേയും ആരവാര
24 സമൂഹത്തേയും കണ്ടിട്ട്: വാങ്ങി പോവിൻ! കുട്ടി ചത്തിട്ടില്ലല്ലൊ ഉറങ്ങു
ന്നത്രെ എന്ന അവരോട പറഞ്ഞു; അവർ അവനെ പരിഹസിച്ചു. പുരുഷാ
25 രത്തെ നീക്കിയപ്പോൾ അവൻ അകമ്പുക്കു അവളുടെ കൈയെ പിടിച്ചു
26 കൊണ്ട കുട്ടി ഉണരുകയും ചെയ്ത. ആയ്നിന്റെ ശ്രുതി ആ ദേശം ഒക്കയും പ
രന്ന പോയി.
27 യേശു അവിടെ നിന്ന ചെല്ലുമ്പോൾ രണ്ട കുരുടന്മാർ: ദാവിദ്പുത്ര, ഞ
ങ്ങളെ കനിഞ്ഞു കൊൾക! എന്ന കൂക്കി കൊണ്ട പിന്തുടർന്ന; അവൻ വീ
28 ട്ടിൽ കടന്നാറെ കുരുടർ അണഞ്ഞു വന്ന, ഇതിനെ ചെയ്വാൻ എനിക്ക്
കഴിയുന്ന പ്രകാരം വിശ്വസിക്കുന്നവൊ? എന്ന യേശു പറഞ്ഞതിന്ന്, അ
29 തെ, കർത്താവെ! എന്ന പറഞ്ഞപ്പോൾ: നിങ്ങളുടെ വിശ്വാസം പോലെ
നിങ്ങൾക്ക ഉണ്ടാക എന്ന ചൊല്ലി അവരുടെ കണ്ണുകളെ തൊട്ട, അവക്കു
30 കണ്ണുകൾ തുറക്കയും ചെയ്ത. പിന്നെ യേശു: നോക്കുവിൻ ആരും അറിയരു
31 ത് എന്ന് അമർച്ചയായി അവരെ ശാസിച്ചു. അവരോ പുറപ്പെട്ട ആ ദേ
ശം എങ്ങും അവന്റെ ശ്രുതിയെ പരത്തി.
32 അവർ പുറപ്പെടുമ്പോൾ ഇതാ ഭ്രതഗ്രസ്തനായ ഊമനെ അവന്ന കൊണ്ടുവ
33 രുന്ന. ഭ്രതത്തെ ആട്ടിക്കളഞ്ഞാറെ ഊമൻ ഉരിയാടി, ഇസ്രായേലിൽ ഇങ്ങി
നെ ഒരുനാളും കാണായ്വന്നില്ലഎന്ന പുരുഷാരങ്ങൾ അതിശയിക്കയും ചെ
34 യ്ത. പരീശരൊ: ഇവൻ ഭ്രതങ്ങളുടെ തലവനെ കൊണ്ട ഭ്രതങ്ങളെ ആട്ടിക്ക
ളയുന്ന എന്ന പറഞ്ഞു.
35 യേശു പട്ടണംതോറും ഊർതോറും സഞ്ചരിച്ചു അവരുടെ പള്ളികളിൽ ഉ
പദേശിച്ചും രാജ്യസുവിശേഷത്തെ ഘോഷിച്ചും സകല വ്യാധിയേയും

36 എല്ലാ ഊനത്തേയും പൊറുപ്പിച്ചും കൊണ്ടിരുന്ന (4,23) പുരുഷാരങ്ങളെ ഇട
യനില്ലാത്ത ആടുകളെ പോലെ കുഴഞ്ഞവരും വലഞ്ഞവരും ആയ്കണ്ടു അവ
37 രെ ചൊല്ലി കരളലിഞ്ഞു. അന്ന തന്റെ ശിഷ്യരോടു പറഞ്ഞിതു: കൊയി
38 ത്തു വളരെ ഉണ്ടു സത്യം, പ്രവൃത്തിക്കാരൊ ചുരുക്കം; ആകയാൽ കൊ
യിത്തിന്റെ യജമാനനോടു തന്റെ കൊയിത്തിന്നായി പ്രവൃത്തിക്കാരെ
അയച്ചുവിടേണ്ടതിന്ന യാചിപ്പിൻ.

10. അദ്ധ്യായം

(10, 35) ഇസ്രയേലിന്റെ അവസ്ഥ കണ്ടറിഞ്ഞ, (1) യേശു പന്രണ്ടു
അപോസ്തലരെ വരിച്ചു [മാ. 3, 13. ലൂ. 6, 13.], (5) പ്രബോധിപ്പിച്ചു
ചൊല്ലിയതു [മാക്. 6, 7. ലൂ. 9, 10, 5. 12]

1 പിന്നെ തന്റെ പന്രണ്ടു ശിഷ്യരേയും വിളിച്ചു കൂട്ടി അശുദ്ധാത്മാക്കളെ
പുറത്താക്കുവാനും സകല വ്യാധിയേയും എല്ലാ ഊനത്തേയും പൊറുപ്പിപ്പാ
നും അവറിൻമേൽ അധികാരം കൊടുത്തു 12 (പ്രേരിതർ എന്ന) അപോ
2 സ്തലരുടെ പേരുകളും ഇവ: ഒന്നാമൻ പേത്രൻ എന്നുള്ള ശിമോൻ, സഹോ
ദരനായ അന്ത്രെയാവും, ജബദിമകനായ യാക്കൊബു, സഹോദരനായ
3 യോഹനാനും, ഫിലിപ്പൻ, ബത്തൊല്മായും, തോമാ, ചുങ്കക്കാരനായ മ
ത്തായും, ഹലഫായുത്രനായ യാക്കൊബു, തദ്ദായി എന്ന മറുനാമമുള്ള
4 ലബ്ബായും, എരിവുകാരനായ ശിമോൻ, ഇസ്കര്യൊതാവായ (പിന്നെ
തിൽ) അവനെ കാണിച്ചു, കൊടുത്ത യൂദാവും എന്നവരത്രെ.

5 ഈ പന്തിരുവരെയും യേശു അയക്കുമ്പോൾ ആജ്ഞാപിച്ചിതു: ജാതി
കളിലേക്കുള്ള വഴിയിൽ പോകാതെയും ശമര്യരുടെ പട്ടണത്തിൽ കടക്കാ
6 തെയും ഇസ്രയേൽ ഗൃഹത്തിൽ നശിച്ചുപോയ ആടുകളടുക്കൽ പ്രത്യേകം
7 ചെല്ലുവിൻ; എന്നാൽ നിങ്ങൾ പോയി സ്വർഗ്ഗരാജ്യം സമീപിച്ചു എന്ന
8 ഘോഷിപ്പിൻ; ബലഹീനരെ സൌഖ്യമാക്കുവിൻ; കുഷ്ഠരോഗികളെ ശു
ദ്ധീകരിപ്പിൻ; മരിച്ചവരെ ഉണത്തുവിൻ; ഭൂതങ്ങളെ പുറത്താക്കുവിൻ;
9 വെറുതെ നിങ്ങൾക്കു കിട്ടി, വെറുതെ കൊടുപ്പിൻ. മടിശ്ശീലകളിൽ പൊ
10 ന്നും വെള്ളിയും ചെമ്പും സമ്പാദിച്ചിടായ്വിൻ; വഴിക്കു പൊക്കണവും രണ്ടു
തുണിയും ചെരിപ്പുകളും വടിയും അരുതു; പ്രവൃത്തിക്കാരൻ തന്റെ അഹോ
വൃത്തിക്കു യോഗ്യനല്ലൊ ആകുന്നതു.

11 പിന്നെ ഏതു പട്ടണത്തിലൊ ഊരിലൊ കടന്നാലും അതിൽ ആർ
പാത്രമാകുന്നു എന്നു ആരാഞ്ഞുകൊണ്ടു യാത്രയാകുവോളം അവിടെ
12 പാർപ്പിൻ. വീട്ടിൽ പുകുമ്പോൾ അതിന്ന വന്ദനം ചൊല്ലുവിൻ. ആ
13 വീടു പാത്രമായാൽ നിങ്ങളുടെ സമാധാനം അതിന്മേൽ വരിക; പാത്ര
14 മല്ല എന്ന വരികിലൊ നിങ്ങളുടെ സമാധാനം നിങ്ങളിലേക്കു തിരികെ
ചേരുക. ആരാനും നിങ്ങളെ കൈക്കൊള്ളാതെയും നിങ്ങളുടെ വചനങ്ങളെ
കേളാതെയും പോയാൽ, ആ വീടു താൻ നഗരം താൻ വിട്ടുപോയി കാലു
15 കളിലെ പൊടിയെ കുടഞ്ഞുകളവിൻ. ആമെൻ ഞാൻ നിങ്ങളോടു പറ
യുന്നിതു: ന്യായവിധിനാളിൽ ആ പട്ടണത്തിനേക്കാൾ സൊദോം ഘമൊ
റാദിദേശത്തിന്നും സഹിച്ചു കൂടുമായിരിക്കും.

16 കണ്ടാലും ഞാൻ നിങ്ങളെ അയയ്ക്കുന്നതു ചെന്നായ്കളുടെ നടുവിലെ ആടു
കൾ കണക്കനെ തന്നെ; ആകയാൽ പാമ്പുകളെപോലെ ബുദ്ധിയുള്ളവരും
പ്രാവുകൾ പോലെ കൂട്ടില്ലാത്തവരും ആകുവിൻ, എന്നാൽ മനുഷ്യരിൽ
17 നിന്നു സൂക്ഷിച്ചുകൊൾവിൻ! ഞാൻ നിമിത്തം അവർ നിങ്ങളെ സുനേദ്രി
18 യങ്ങളിൽ ഏല്പിക്കയും, തങ്ങളുടെ പള്ളികളിൽ ചമ്മട്ടി കൊണ്ടടിക്കയും,
നാടുവാഴികൾക്കും രാജാക്കൾക്കും മുമ്പിൽ ആക്കുകയും ചെയ്യും; അവർക്കും

(മറു) ജാതികൎക്കും (എന്റെ) സാക്ഷ്യം ഉണ്ടാവാനായിട്ടത്രെ. പിന്നെ
19 നിങ്ങളെ ഏല്പിക്കുമ്പോൾ എങ്ങിനയൊ എന്തൊ പറയേണ്ട എന്നു ചിന്ത
പ്പെടേണ്ട; പറവാനുള്ളതല്ലൊ ആ നാഴികയിൽ തന്നെ നിങ്ങൾക്കു തരപ്പെടും.
20 പറയുന്നതു നിങ്ങളല്ല നിങ്ങളുടെ പറയുന്ന നിങ്ങളുടെ പിതാവിൻ ആത്മാ
21 വത്രെ ആകുന്നതു. പിന്നെ സഹോദരൻ സഹോദരനെയും, അച്ഛൻ കുട്ടിയെ
യും ചാവിലേക്ക് ഏല്പിക്കും; പിതാക്കൾക്കു നേരെ മക്കൾ എഴുനീറു അവ
22 രെ മരിപ്പിക്കും. എൻ നാമം നിമിത്തം നിങ്ങൾ എല്ലാവരാലും പകെക്കപ്പെ
23 ട്ടവരാകും; അവസാനം വരെ സഹിച്ചു നിന്നവൻ രക്ഷപെടും താനും. എ
ന്നാൽ ഈ പട്ടണത്തിൽ നിങ്ങളെ ഹിംസിച്ചാൽ മറെതിൽ മണ്ടി പോ
വിൻ; ആമെൻ ഞാൻ നിങ്ങളോട് പറയുന്നിതു: മനുഷ്യപുത്രൻ വരുവോളം
നിങ്ങൾ ഇസ്രയേൽ പട്ടണങ്ങളെ സമാപിക്കയില്ല. ശിഷ്യൻ ഗുരുവിൻ
24 മീതെയല്ല; ദാസൻ കൎത്താവിൻ മീതയുമല്ല. തന്റെ ഗുരുവിനെ പോലെ
25 ആകുന്നതു ശിഷ്യനു മതി, കൎത്താവെ പോലെ ആകുന്നതു ദാസനും മതി;
വീട്ടുടയവനെ ബയൽസെബൂൽ എന്നു വിളിച്ചു എങ്കിൽ അവന്റെ വീട്ടുകാരെ
26 എത്ര അധികം. അതുകൊണ്ട് അവരെ ഭയപ്പെടായ്വിൻ, മൂടി വെച്ചത്
ഒന്നും വെളിപ്പെടാതെയും, ഗൂഢമായത് ഒന്നും അറിഞ്ഞു വരാതെയും ഇ
27 രിക്കയില്ല. ഞാൻ ഇരുട്ടത്തു നിങ്ങളോടു പറയുന്നിതു: വെളിച്ചത്തു ചൊല്ലു
28 വിൻ: ചെവിട്ടിൽ (മന്ത്രിച്ചു) കേൾക്കുന്നതു മേല്പുരകളിൽനിന്നു ഘോഷി
പ്പിൻ. പിന്നെ ദേഹത്തെ കൊല്ലുന്നവർ എങ്കിലും ദേഹിയെ കൊല്ലുവാൻ
കഴിയാതെ ഉള്ളവരെ ഭയപ്പെടേണ്ടാ; ദേഹിയേയും ദേഹത്തേയും അഗ്നി
നരകത്തിൽ നശിപ്പിപ്പാൻ കഴിയുന്നവനെ തന്നെ ഭയപ്പെടുവിൻ. കാശി
29 നു രണ്ടു കുരികിൽ മേടിക്കയില്ലയൊ? അതിൽ ഒന്നാകട്ടെ നിങ്ങളുടെ പി
30 താവ് കൂടാതെ കണ്ടു ഭ്രമിയിൽ വീഴുകയില്ല താനും. നിങ്ങൾക്കൊ തല
31 യിലെ രോമങ്ങളും എല്ലാം എണ്ണപ്പെട്ടിരിക്കുന്നു. അതുകൊണ്ടു ഭയപ്പെടേ
32 ണ്ടാ; ഏറിയ കുരികിലിനേക്കാളും നിങ്ങൾക്കു വിശേഷത ഉണ്ടു. ശേഷം
ആർ എങ്കിലും മനുഷ്യരുടെ മുമ്പിൽ എന്നെ സ്വീകരിച്ചാൽ അവനെ ഞാ
33 നും സ്വൎഗ്ഗസ്ഥനായ എൻപിതാവിന്റെ മുമ്പിൽ സ്വീകരിക്കും. ആരെങ്കി
ലും മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളിപ്പറഞ്ഞാൽ അവനെ ഞാനും സ്വൎഗ്ഗ
സ്ഥനായ എൻപിതാവിന്റെ മുമ്പിൽ തള്ളിപ്പറയും.

34 ഞാൻ ഭ്രമിയിൽ സമാധാനം ഇടുവാൻ വന്നപ്രകാരം നിരൂപിക്കേണ്ടാ;
സമാധാനമല്ല വാളിനെ ഇടുവാൻ ഞാൻ വന്നതു. ഞാനാകട്ടെ മനുഷ്യനെ
35 തന്റെ അച്ഛനോടും, മകളെ തന്റെ അമ്മയോടും, മരുമകളെ അമ്മാവി
36 യോടും വേറാക്കുവാൻ വന്നതു. മനുഷ്യന്റെ വീട്ടുകാരും അവനു ശത്രുക്കൾ
37 ആകും (മീക. 7, 6.) അച്ഛനിൽ താൻ അമ്മയിൽ താൻ എനിക്കു മീതെ
പ്രിയം ഭാവിക്കുന്നവൻ എനിക്ക് യോഗ്യനല്ല; മകനിൽ താൻ മകളിൽ
താൻ എനിക്ക് മീതെ പ്രിയം ഭാവിക്കുന്നവൻ എനിക്കു യോഗ്യനല്ല. ത
38 ന്റെ ക്രൂശിനെ എടുത്തു എന്റെ പിന്നാലെ ചെന്നുകൊള്ളാത്തവനും എനി
39 ക്ക് യോഗ്യനല്ല. തന്റെ പ്രാണനെ കിട്ടിയവൻ അതിനെ കളയും; ഞാൻ
നിമിത്തം തന്റെ പ്രാണനെ കളഞ്ഞവനത്രെ അതു കിട്ടും.

40 നിങ്ങളെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു; എന്നെ കൈ
41 ക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു. പ്രവാചകനെ പ്രവാ
ചകന്റെ പേർക്കു കൈക്കൊള്ളുന്നവനു പ്രവാചകന്റെ പ്രതിഫലം ലഭി
42 ക്കും; നീതിമാന്റെ പേർക്കു നീതിമാനെ കൈക്കൊള്ളുന്നവനു നീതിമാന്റെ
പ്രതിഫലം ലഭിക്കും. ആരാൻ ശിഷ്യന്റെ പേർക്കു ഈ ചെറിയവരിൽ ഒരു
ത്തനെ ഒരുകിണ്ടി തണ്ണീർ മാത്രം കുടിപ്പിച്ചാലും തന്റെ പ്രതിഫലത്തെ
കളകയില്ല; ആമെൻ എന്നു ഞാൻ നിങ്ങളോടു പറയുന്നു.

11. അദ്ധ്യായം

(2) [ലൂ. 7, 18] സ്നാപകന്റെ ദൂത വന്നാറെ, (7) യേശു യോഹനാനായി സാക്ഷ്യം ചൊല്ലി, (16) കേട്ടനുസരിയാത്തവരെ ശാസിച്ചും, (20) ശിക്ഷ അറിയിച്ചും കൊണ്ടു, (25) വിശ്വാസികളിൽ ആനന്ദിച്ചു പറഞ്ഞത [ലൂ. 10, 13, 22.]

1 യേശു തന്റെ പന്ത്രണ്ടു ശിഷ്യരോട് ആജ്ഞാപിച്ചു തീർന്നാറെ, അവരുടെ പട്ടണങ്ങളിൽ പഠിപ്പിച്ചും ഘോഷിച്ചും കൊൾവാൻ അവിടെനിന്നു പുറപ്പെട്ടു പോയി.

2 പിന്നെ യോഹനാൻ ക്രിസ്തന്റെ ക്രിയകളെ തടവിൽ വെച്ചു കേട്ടിട്ടു,
3 തന്റെ ശിഷ്യരെ അയച്ചു: വരുവാനുള്ളവൻ നീയൊ; ഞങ്ങൾ മറൊരുവനെ കാത്തിരിക്കയൊ? എന്നു അവനോടു പറയിച്ചു. യേശു അവരോടു
4 ഉത്തരം പറഞ്ഞിതു: നിങ്ങൾ കേട്ടു കാണുന്നവ യോഹനാനെ ചെന്നു അ
5 റിയിപ്പിൻ. കുരുടർ കാണുന്നു, മുടന്തർ നടക്കുന്നു, കുഷ്ഠരോഗികൾ ശുദ്ധരായ്ചമയുന്നു, ചെവിടർ കേൾക്കുന്നു (യശ. 35, 5.) മരിച്ചവർ ഉണർന്നു
6 വരുന്നു, ദരിദ്രരെ സുവിശേഷം കേൾപിക്കുന്നു. പിന്നെ എങ്കൽ ഇടറി പോകാത്തവൻ എല്ലാം ധന്യനത്രെ.

7 എന്നാറെ അവർ യാത്രയായ ശേഷം യേശു പുരുഷാരങ്ങളോടു യോഹനാനെ കൊണ്ടു പറഞ്ഞു തുടങ്ങിയതു: നിങ്ങൾ എന്തു നോക്കുവാൻ മരുഭൂമി
8 യിലേക്കു പുറപ്പെട്ടു പോയി? കാറ്റിനാൽ ഉലയുന്ന ഓടയൊ? അല്ല എന്തു കാണ്മാൻ പുറപ്പെട്ടു. നേരിയ വസ്ത്രങ്ങൾ ധരിച്ച മനുഷ്യനെയൊ? കണ്ടാലും നേരിയതുടുത്തവർ രാജഗൃഹങ്ങളിലത്രെ ആകുന്നു. അല്ല എന്തു കാ
9 ണ്മാൻ പുറപ്പെട്ടു? പ്രവാചകനെയൊ? അതെ ഞാൻ നിങ്ങളോടു പറയുന്നു: പ്രവാചകനു മീതെയുള്ളതും (കണ്ടതു.) (മല. 3, 1) ഇതാ നിന്റെ
10 മുമ്പിൽ നിണക്കു വഴിയെ ഒരുക്കുവാനായി ഞാൻ എന്റെ ദൂതനെ നിന്മുഖത്തിനുമുമ്പാകെ അയക്കുന്നു എന്നു എഴുതിക്കുറിച്ചവൻ ഇവനാ
11 കുന്നു സത്യം. ആമെൻ ഞാൻ നിങ്ങളോടു പറയുന്നിതു: സ്ത്രീകളിൽ ജനിച്ചവരിൽ സ്നാപകനായ യോഹനാനേക്കാളും വലിയവൻ ആരും ഉദിച്ചിട്ടില്ല; സ്വർഗ്ഗരാജ്യത്തിൽ ഏറ്റവും ചെറിയവൻ അവനിലും വലുതാകുന്നു താ
12 നും. പിന്നെ സ്നാപകനായ യോഹനാന്റെ നാളുകളും മുതൽ ഇന്നേവരെയും സ്വർഗ്ഗരാജ്യം അതിക്രമിച്ചു പോരുന്നു; ആക്രമികൾ അതിനെ കൈ
13 ക്കൽ ആക്കുകയും ചെയ്യുന്നു. എങ്ങിനെ എന്നാൽ സകല പ്രവാചകന്മാരും ധർമ്മശാസ്ത്രവും യോഹനാൻ വരെ പ്രവചിച്ചതെ ഉള്ളു. നിങ്ങൾക്കു പ
14 രിഗ്രഹിപ്പാൻ മനസ്സുണ്ടെങ്കിൽ (മല. 3, 23.) വരേണ്ടുന്ന എലിയാ അവൻ തന്നെ.
15 കേൾപാൻ ചെവികൾ ഉള്ളവൻ കേൾക്കുക. എന്നാൽ ഈ
16 തലമുറയെ ഏതിനോടു ഉപമിക്കേണ്ടു? കുട്ടികൾ ചന്തസ്ഥലങ്ങളിൽ ഇരു
17 ന്നു, തങ്ങളുടെ തോഴന്മാരോടു ഞങ്ങൾ നിങ്ങൾക്കായി കുഴലൂതി നിങ്ങൾ തുള്ളിയതും ഇല്ല; നിങ്ങൾക്കായി വിലാപം പാടി നിങ്ങൾ തൊഴിച്ചതും
18 ഇല്ല എന്നു വിളിച്ചു പറയുന്നതിനോടു ഒക്കുന്നു. എങ്ങിനെ എന്നാൽ യോഹനാൻ തിന്നാത്തവനും കുടിക്കാത്തവനും ആയ്വന്നിരിക്കെ; അവനു ഭ്ര
19 തം ഉണ്ടു എന്നു പറയുന്നു. മനുഷ്യപുത്രൻ തിന്നും കുടിച്ചും കൊണ്ടു വന്നിരിക്കെ: ഇതാ തിന്നിയും കുടിയനും ആകുന്ന ആൾ, ചുങ്കക്കാർക്കും പാപികൾക്കും സ്നേഹിതനത്രെ എന്നു പറയുന്നു; ജ്ഞാനം എന്നവളൊ തന്റെ മക്കളിൽ നീതീകരിക്കപ്പെട്ടിട്ടുണ്ടു താനും.

20 അപ്പോൾ തന്റെ ശക്തികൾ മിക്കതും നടന്നു വിളങ്ങിയ പട്ടണങ്ങളെ
21 മാനസാന്തരം ചെയ്കയാൽ പഴിച്ചു പറവാൻ തുടങ്ങി: കൊരജീനെ, നിണക്കു ഹാ കഷ്ടം! ബെത്തചൈദെ, നിണക്കു ഹാ കഷ്ടം! നിങ്ങളിൽ

കാണിച്ച ശക്തികൾ തൂരിലും ചീദോനിലും കാണിച്ചു എങ്കിൽ പണ്ടു ത
22 ന്നെ രട്ടിലും വെണ്ണീറിലും മനം തിരിയുമായിരുന്നു. ശേഷം ഞാൻ നിങ്ങ
ളോടു പറയുന്നിതു: ന്യായവിധിനാളിൽ നിങ്ങളേക്കാൾ തൂരിന്നും ചീദോ
23 നും സഹിച്ചു കൂടുമായിരിക്കും. പിന്നെ സ്വർഗ്ഗത്തോളം ഉയർന്ന കപ
ർന്നഹൂമായുള്ളോവെ! നീ പാതാളം വരെ കീഴിഞ്ഞു പോകും; നി
ന്നിൽ കാണിച്ച ശക്തികൾ സദോമിൽ കാണിച്ചു എങ്കിൽ ഇന്നേവരെ
24 യും നില്പുമായിരുന്നു. ശേഷം ഞാൻ നിങ്ങളോടു പറയുന്നിതു: ന്യായവിധി
നാളിൽ നിന്നേക്കാൾ സദോം നാട്ടിന്നു സഹിച്ചു കൂടുമായിരിക്കും.

25 ആ കാലത്തിൽ യേശു ആരംഭിച്ചു പറഞ്ഞിതു: പിതാവെ! സ്വർഗ്ഗത്തി
ന്നും ഭൂമിക്കും കർത്താവായുള്ളോവെ! നീ ഇവറെ ജ്ഞാനികൾക്കും വിവേ
26 കികൾക്കും (തോന്നാതെ) മറെച്ചു, ശിശുക്കൾക്കു വെളിപ്പെടുത്തിയതു
കൊണ്ടു ഞാൻ വാഴ്ത്തുന്നുണ്ടു. അങ്ങിനെ തന്നെ പിതാവെ ഇപ്രകാരമല്ലൊ
27 നിണക്കു പ്രസാദം തോന്നിയതു. സകലവും എൻ പിതാവിനാൽ എങ്കൽ
സമർപ്പിക്കപ്പെട്ടു, പിതാവല്ലാതെ ആരും പുത്രനെ തിരിച്ചറിയുന്നതും ഇ
ല്ല; പുത്രനും പുത്രൻ വെളിപ്പെടുത്തുവാൻ ഇച്ഛിക്കുന്നവനും അല്ലാതെ ആരും
28 പിതാവിനെ തിരിച്ചറിയുന്നതും ഇല്ല. അല്ലയൊ! അദ്ധ്വാനിച്ചും ഭാരം
ചുമന്നും നടക്കുന്നോരെ ഒക്കയും എന്റെ അടുക്കെ വരുവിൻ! ഞാൻ നിങ്ങ
29 ളെ തണുപ്പിക്കും. ഞാൻ സൌമ്യതയും ഹൃദയതാഴ്മയും ഉള്ളവനാകകൊണ്ടു
എന്റെ നുകം നിങ്ങളിൽ ഏറ്റുകൊണ്ടു എങ്കൽനിന്നു പഠിപ്പിൻ: എന്നാൽ
30 നിങ്ങളുടെ ദേഹികൾക്കു വിശ്രാമം കണ്ടെത്തും (യിറ. 6, 16.) കാരണം
എന്റെ നുകം ഗുണമായും എന്റെ ചുമടു ലഘുവായും ഇരിക്കുന്നു.

12. അദ്ധ്യായം

[ലൂ. 6. മാ. 2, 23.] ശബ്ബത്തിൽ കതിരുകൾ പറിക്കുന്നതും, (9) കൈ
വറ്റുചയെ ശമിപ്പിക്കുന്നതും, (22) പറീശരുടെ ദൂഷണാദികൾ [മാ. 3,
22. ലൂ. 11, 14.], (46) അമ്മയും സഹോദരരും യേശുവെ കാണ്മാൻ വ
ന്നതും [മാ. 3, 20. ലൂ. 8, 19]

1 **ആ** സമയത്തു യേശു ശബ്ബത്തു നാളിൽ വിളഭൂമിയൂടെ കടന്നു പോയി;
അവന്റെ ശിഷ്യന്മാർ വിശന്നിട്ടു കതിരുകളെ പറിച്ചു തിന്നു തുടങ്ങി. ആ
2 യതു പറീശർ കണ്ടു: ഇതാ ശബ്ബത്തിൽ ചെയ്വാൻ വിഹിതമല്ലാത്തതു
നിന്റെ ശിഷ്യന്മാർ ചെയ്യുന്നു എന്നു അവനോടു പറഞ്ഞു. അവനും അവ
3 രോടു പറഞ്ഞിതു: ദാവീദും കൂടെ ഉള്ളവരും വിശക്കുമ്പോൾ ചെയ്തതെന്തു
4 എന്നു നിങ്ങൾ വായിച്ചിട്ടില്ലയോ? (1 ശമു. 21.) അവൻ ദേവഭവന
ത്തിൽ പുക്കു പുരോഹിതർക്കു മാത്രമല്ലാതെ തനിക്കും കൂടെ ഉള്ളവർക്കും തി
ന്നരുതാതെ ഉള്ള കാഴ്ച അപ്പങ്ങളെ ഭക്ഷിച്ച പ്രകാരം തന്നെ. അല്ല (4.
5 മൊ. 28, 9) ശബ്ബത്തിൽ പുരോഹിതൻമാർ ആലയത്തിൽ വെച്ചു ശബ്ബ
ത്തിനെ ലംഘിക്കുന്നു എങ്കിലും കുറ്റം ഇല്ലാതെ ഇരിക്കുന്നതു ധർമ്മശാസ്ത്ര
ത്തിൽ വായിച്ചില്ലയൊ? ഞാനോ നിങ്ങളോടു പറയുന്നിതു: ദേവാലയ
6 ത്തിലും വലുതായതു ഇവിടെ ഉണ്ടു. പിന്നെ (9, 13.) ബലിയിലല്ല ദയ
7 യിലത്രെ ഞാൻ പ്രസാദിക്കുന്നു എന്നുള്ളതു എന്തു എന്നു അറിഞ്ഞു എ
8 ങ്കിൽ കുറ്റമില്ലാത്തവർക്കു കുറ്റം വിധിക്കയില്ലായിരുന്നു. മനുഷ്യപുത്രൻ
ശബ്ബത്തിന്നും കർത്താവാകുന്നു സത്യം.

9 അവിടെനിന്നു പോയി അവരുടെ പള്ളിയിൽ ചെന്നപ്പോൾ കണ്ടാലും
10 കൈവറണ്ടുള്ളൊരു മനുഷ്യൻ ഉണ്ടു. അവരും അവനിൽ കുറ്റം ചുമത്തേണ്ട
തിന്നു: ശബ്ബത്തിൽ ചികിത്സിക്ക വിഹിതമൊ? എന്നു അവനോടു ചോ
11 ദിച്ചു. അവരോടു അവൻ പറഞ്ഞു: ഒരാടുള്ള മനുഷ്യനു അതു ശബ്ബത്തിൽ

കഴിയിൽ വീണ എങ്കിൽ അതിനെ പിടിച്ചു കരേററാത്തവൻ നിങ്ങളിൽ
12 ആർ ഉള്ള? പിന്നെ മനുഷ്യനും ആടും തമ്മിൽ എത്ര വിശേഷം! ആകയാൽ
13 ശബ്ബത്തിൽ നന്മായി ചെയ്യുന്നതു വിഹിതം തന്നെ. എന്നാറെ മനുഷ്യ
നോടു: നിന്റെ കൈ നീട്ടുക! എന്നു പറഞ്ഞപ്പോൾ അതു നീട്ടിയ ഉടനെ
14 മറേറതു പോലെ വഴിക്കെ സൌഖ്യമായ്വന്നു. പരീശരൊ പുറപ്പെട്ടു നാ
ശം വരുത്തുവാൻ അവനു നേരെ തങ്ങളിൽ നിരൂപിച്ചു മന്ത്രിക്കയും ചെയ്തു.

15 ആയതിനെ യേശു അറിഞ്ഞിട്ടു അവിടെനിന്നു വാങ്ങി പോയി, വളരെ
16 പുരുഷാരങ്ങൾ അവന്റെ പിന്നാലെ നടന്നു; അവരെ ഒക്കയും അവൻ സൌ
17 ഖ്യമാക്കി തന്നെ പ്രസിദ്ധമാക്കരുത് എന്ന് അവരോട് ശാസിച്ചു കൊ
ല്ലിക്കൊണ്ടു, യശയ്യ പ്രവാചകനമുഖേന (42,1—4.) മൊഴിഞ്ഞതു പൂരി
18 പ്പാൻ സംഗതി വരുത്തുകയും ചെയ്തു. അതാവിത്: കണ്ടാലും ഞാൻ
കൈ പിടിച്ച ദാസൻ, എന്റെ ഉള്ളം പ്രസാദിക്കുന്ന എന്റെ പ്രിയൻ;
19 അവന്മേൽ എന്റെ ആത്മാവെ ആക്കീട്ടു അവൻ ജാതികളിൽ ന്യായത്തെ
അറിയിക്കും. അവൻ തർക്കിക്കയില്ല, നിലവിളിക്കയും ഇല്ല, തെരുക്ക
20 ളിൽ അവന്റെ ശബ്ദം കേൾപ്പാറുമില്ല. ചതഞ്ഞ ഓടയെ അവൻ ഒടി
ക്കാതെയും പുകയുന്ന തിരിയെ പൊലിക്കാതെയും ഇരിക്കും; ന്യായത്തെ
21 ജയത്തോളം നടത്തുംവരെ തന്നെ. അവന്റെ നാമത്തിൽ ജാതികൾ ആശ
വെക്കയും ചെയ്യും എന്നത്രെ.

22 അപ്പോൾ കുരുടനും ഊമനും ആയ ഭ്രതഗ്രസ്തനെ അവന്റെ അടുക്കെ കൊ
ണ്ടുവന്നു, ആയവൻ പറകയും കാൺകയും ചെയ്വാന്തക്കവണ്ണം യേശു
23 സൌഖ്യമാക്കുകയും ചെയ്തു. എന്നാറെ പുരുഷാരങ്ങൾ ഒക്കയും വിസ്മയി
ച്ചു: എന്തൊ! ഇവൻ ദാവിദിൻ പുത്രൻ തന്നെയൊ? എന്നു പറഞ്ഞു; അതു
24 കേട്ട പരീശർ പറഞ്ഞു: ഇവൻ ഭ്രതങ്ങളുടെ തലവനായ ബയൽസെബൂലെ
കൊണ്ടല്ലാതെ ഭ്രതങ്ങളെ ആട്ടിക്കളയുന്നില്ല എന്നു പറഞ്ഞു. അവരുടെ
25 നിരൂപണങ്ങളെ യേശു അറിഞ്ഞ് അവരോട് പറഞ്ഞിതു: എല്ലാ രാജ്യ
വും തന്നിൽ തന്നെ ഛിദ്രിച്ചു എങ്കിൽ പാഴായ്പോകും; യാതൊരു പട്ടണ
26 വും ഗൃഹവും തന്നിൽ തന്നെ ഛിദ്രിച്ചു എങ്കിൽ നിലനില്ക്കയും ഇല്ല. സാ
ത്താൻ സാത്താനെ ആട്ടിക്കളഞ്ഞാൽ അവൻ തന്നിൽ തന്നെ ഛിദ്രിച്ചു
പോയല്ലൊ! പിന്നെ അവന്റെ രാജ്യം എങ്ങിനെ നിലനിൽപു. ഞാ
27 നൊ ബയൽസെബൂലെകൊണ്ടു ഭ്രതങ്ങളെ ആട്ടുന്നു എങ്കിൽ നിങ്ങളുടെ മക്കൾ
ഏതുകൊണ്ടു് ആട്ടുന്നു? അതുകൊണ്ടു് അവർ നിങ്ങൾക്കു ന്യായാധിപരാ
28 കും. ദേവാത്മാവിനെകൊണ്ടൊ ഞാൻ ഭ്രതങ്ങളെ ആട്ടുന്നു എങ്കിൽ ദേവ
29 രാജ്യം നിങ്ങളോട് എത്തിവന്നു സ്പഷ്ടം. അല്ലായ്കിൽ ഊക്കനെ കെ
ട്ടീട്ട് ഒഴികെ ഊക്കന്റെ വീട്ടിൽ കടന്ന് അവന്റെ കോപ്പുകളെ കവർന്നു
കളവാൻ എങ്ങിനെ കഴിയും (കെട്ടീട്ടത്രെ) അവന്റെ വീട്ടിൽ കവർച്ച ചെ
30 യ്യാം. എന്റെ കൂടയില്ലാത്തവൻ എനിക്ക് എതിരാകുന്നു; എന്നോട് ഒന്നി
31 ച്ചു ചേർക്കാത്തവൻ ചിതറിക്കുന്നു. ആകയാൽ ഞാൻ നിങ്ങളോട് പറയു
ന്നിതു: എല്ലാപാപവും ദൂഷണവും മനുഷ്യരോടു ക്ഷമിക്കപ്പെടും; ആത്മാ
32 വിന്റെ ദൂഷണം മനുഷ്യർക്കു ക്ഷമിക്കപ്പെടുകയില്ല താനും. ആരും മനു
ഷ്യപുത്രനു നേരെ വാക്കു പറഞ്ഞാൽ അവനോടു ക്ഷമിക്കപ്പെടും; വിശുദ്ധാ
ത്മാവിനു നേരെ പറഞ്ഞാലൊ ഈ യുഗത്തിലും വരുന്നതിലും അവനോ
33 ട് ക്ഷമിക്കപ്പെടുകയില്ല. ഒന്നുകിൽ മരം നല്ലത് എന്നും അതിന്റെ കാ
യും നന്നെന്നും വെപ്പിൻ; അല്ലായ്കിൽ മരം വിടക്കെന്നും അതിന്റെ
കായും വിടക്കെന്നും വെപ്പിൻ; കായിൽ നിന്നല്ലൊ മരം അറിയപ്പെടുന്നു
34 തു. അണലിസന്തതികളെ! നിങ്ങൾ ദുഷ്ടരായിരിക്കെ നല്ലവ പറവാൻ എ
ങ്ങിനെ കഴിയും? ഹൃദയത്തിൽ നിറഞ്ഞുവഴിയുന്നതിൽ നിന്നല്ലൊ വായ്
35 പറയുന്നു. നല്ല മനുഷ്യൻ നല്ല (ഹൃദയ) നിക്ഷേപത്തിൽ നിന്നു നല്ലവറെ

പുറപ്പെടുവിക്കുന്നു; ദുഷ്ടമനുഷ്യൻ ദുർന്നിക്ഷേപത്തിൽ നിന്നു തീയവ പുറ
36 പ്പെടുവിക്കുന്നു. ഞാനോ നിങ്ങളോട് പറയുന്നിതു: മനുഷ്യർ പറയുന്ന ഏതു
നിസ്സാരവാക്കിനെ കൊണ്ടും ന്യായവിധിനാളിൽ കണക്ക് ഒപ്പിക്കേണ്ടി
37 വരും; നിന്റെ വാക്കുകളിൽ നിന്നല്ലൊ നീതികരിക്കപ്പെടുകയും നിന്റെ
വാക്കുകളിൽനിന്നു കുറ്റം വിധിക്കപ്പെടുകയും ആം.
38 പിന്നെ ശാസ്ത്രികളിലും പരീശരിലും ചിലർ അവനോട് ഉത്തരമായി—
ഗുരോ നിങ്കൽനിന്ന് ഒരു അടയാളം കാൺമാൻ ഞങ്ങൾ ഇച്ഛിക്കുന്നു എന്നു
39 പറഞ്ഞു. അവരോട് അവൻ ഉത്തരം പറഞ്ഞിതു: ദോഷവും വ്യഭിചാരവും
40 ഉള്ള തലമുറ അടയാളം തിരയുന്നു. യോനാപ്രവാചകന്റെ അടയാളം ഒഴി
കെ അതിന്ന് അടയാളം കൊടുക്കപ്പെടുകയും ഇല്ല; യോനാവല്ലൊ കടലാ
നയുടെ വയറ്റിൽ മൂന്നു രാപ്പകൽ ഇരുന്ന പ്രകാരം തന്നെ മനുഷ്യപുത്രൻ
41 മൂന്നു രാപ്പകൽ ഭൂമിഹൃദയത്തിൽ ഇരിക്കും. നിനവെക്കാർ ന്യായവിധി
യിൽ ഈ തലമുറയോട് ഒന്നിച്ച് എഴുനീറ്റു യോനാവിൻ ഘോഷണത്തി
ന്ന് അനുതപിച്ചതിനാൽ അതിനു കുറ്റം വിധിക്കും; യോനാവിലും അധി
42 കമായത് ഇവിടെ ഇതാ! തെക്കേരാജ്ഞി ന്യായവിധിയിൽ ഈ തലമുറ
യോട് ഒന്നിച്ച് ഉണർന്നു വന്നു ശലൊമോവിൻ ജ്ഞാനത്തെ കേൾപാൻ
ഭൂമിയുടെ അറുതികളിൽ നിന്നു വന്നതിനാൽ അതിനു കുറ്റം വിധിക്കും;
43 ശലൊമോവിലും അധികമായത് ഇവിടെ ഇതാ. അശുദ്ധാത്മാവ് മനുഷ്യ
നെ വിട്ടു പുറപ്പെട്ടാൽ പിന്നെ നീരില്ലാത്ത സ്ഥലങ്ങളുടെ തണുപ്പു തിര
44 ഞ്ഞും കാണാതെയും കടന്നു പോകുന്നു. പിന്നെ ഞാൻ പുറപ്പെട്ടു പോന്ന
എന്റെ വീട്ടിലേക്ക് മടങ്ങി ചെല്ലും എന്നു പറയുന്നു; ഉടനെ വന്നു അതു
45 ശൂന്യമായി അടിച്ചു തളിച്ചും അലങ്കരിച്ചും കാണുന്നു. അപ്പോൾ യാത്രയാ
യി തന്നിലും ദുഷ്ടത ഏറിയ വേറെ ഏഴ് ആത്മാക്കളെ കൂട്ടിക്കൊണ്ടുവരു
ന്നു. അവയും അവിടെ പുക്കു കുടിയിരിക്കുന്നു; ആ മനുഷ്യന്റെ പിമ്പു
മുമ്പിനേക്കാൾ വല്ലാതെ ചമയുന്നു; ഈ ദുഷ്ടതലമുറെക്കും അപ്രകാരം
ഉണ്ടാകും.
46 അവൻ പുരുഷാരങ്ങളോടു ചൊല്ലി പോരുമ്പോൾ തന്നെ; ഇതാ അവ
47 ന്റെ അമ്മയും സഹോദരരും അവനോടു സംസാരിപ്പാൻ അന്വേഷിച്ചു
കൊണ്ടു പുറത്തുനിന്നു; ഒരുത്തൻ അവനോടു കണ്ടാലും നിന്റെ അമ്മയും
സഹോദരരും നിന്നോട് സംസാരിപ്പാൻ അന്വേഷിച്ചു പുറത്തു നില്ക്കുന്നു
48 എന്നു പറഞ്ഞു. ആ പറയുന്നവനോട് അവൻ ഉത്തരം ചൊല്ലിയതു: എ
49 ന്റെ അമ്മ ആർ ആകുന്നു? എന്റെ സഹോദരരും ആർ? എന്നിട്ടു തന്റെ ശി
ഷ്യരുടെ മേൽ കൈ നീട്ടി: ഇതാ എന്റെ അമ്മയും സഹോദരന്മാരും
50 തന്നെ! സ്വർഗ്ഗസ്ഥനായ എൻ പിതാവിന്റെ ഇഷ്ടം ചെയ്യുന്നവൻ ആരെ
ങ്കിലും എനിക്ക് സഹോദരനും സഹോദരിയും അമ്മയും ആകുന്നു സത്യം
എന്നു പറകയും ചെയ്യു.

13. അദ്ധ്യായം

(3) വിതെക്കുന്നവൻ മുതലായ സ്വർഗ്ഗരാജ്യത്തിൻ ഉപമകൾക്കു, (10) കാരണവും, (18) ഒന്നാമതിൻ വ്യാഖ്യാനവും (മാ. 4,8), (24) മൂന്നുപമകൾ [മാ. 4,30. ലൂ. 13,18.], (36) രണ്ടാമതിൻ വ്യാഖ്യാനം, (44) ശേഷം ഉപമകൾ മൂന്നും, (53) നചറത്തിലെ അവിശ്വാസം (മാ. 6. ലൂ. 4, 16.)

1 ആ ദിവസം യേശു വീട്ടിൽനിന്നു പുറപ്പെട്ടു കടലരികെ ഇരുന്നു. വള
2 രെ പുരുഷാരങ്ങൾ അവന്റെ ചുറ്റും ചേരുകകൊണ്ട് അവൻ പടകിലേ
റി ഇരുന്നു; സമൂഹം എല്ലാം കരമേൽ നിന്നിരിക്കെ അവരോട് ഉപമകൾ

3 കൊണ്ട് പലതും പറഞ്ഞിതു: കണ്ടാലും വിതെക്കുന്നവൻ വിതെപ്പാൻ
4 പുറപ്പെട്ടു; വിതെക്കുമ്പോൾ ചിലതു വഴിയരികെ വീണു, പറജാതികൾ 29
5 വന്നു അതിനെ തിന്നു കളഞ്ഞു. ചിലതു പാറമേൽ ഏറിയ മണ്ണില്ലാത്തെട
ത്തു വീണു, മണ്ണിൻതാഴ്ച ഇല്ലായ്കയാൽ ക്ഷണത്തിൽ മുളെച്ചു വന്നു; ആദി 30
6 ത്യൻ ഉദിച്ചാറെ ചൂടു തട്ടി വേരില്ലായ്കകൊണ്ട് ഉണങ്ങി പോകയും
7 ചെയ്തു. മറെറതു മുള്ളുകളിൽവീണു, മുള്ളുകൾ പൊങ്ങി വന്നു, അതിനെ
8 ഞെരുക്കിക്കളഞ്ഞു. മറേറതു നല്ലമണ്ണിൽ വീണു ചിലതു നൂറും ചിലത് 31
9 അറുപതും ചിലത് മുപ്പതും ഫലം തരികയും ചെയ്തു. കേൾപാൻ ചെവികൾ 32
ഉള്ളവൻ കേൾക്കുക.
10 എന്നാറെ ശിഷ്യന്മാർ അടുത്തുവന്നു: അവരോടു ഉപമകൾകൊണ്ടു പറ
വാൻ എന്തു? എന്നു അവനൊടു ചൊല്ലിയപ്പോൾ— അവരോടു ഉത്തരം 33
11 പറഞ്ഞിതു: സ്വർഗ്ഗരാജ്യത്തിൻെറ മർമ്മങ്ങളെ അറിവാനുള്ള വരം നി
ങ്ങൾക്കു നല്കപ്പെട്ടിട്ടും അവർക്കു നല്കപ്പെടായ്കയാലത്രെ. കാരണം
12 ഉള്ളവനു നിറഞ്ഞു വഴിവോളം കൊടുക്കപ്പെടും. ഇല്ലാത്തവനോടോ 34
ഉള്ളതും കൂടെ പറിച്ചെടുക്കപ്പെടും. അതുകൊണ്ടു അവർ കണ്ടിട്ടും കാണാ 35
13 തെയും കേട്ടിട്ടും കേളാതെയും ഗ്രഹിയാതെയും ഇരിക്കയാൽ ഞാൻ
അവരോടു ഉപമകൾകൊണ്ടു സംസാരിക്കുന്നു; (യശ. 6,9.) നിങ്ങൾ ചെ
വി കേൾക്കും ഗ്രഹിക്കയില്ല താനും; കൺ കാണും ദർശിക്കയില്ല താനും.
14 കാരണം ഈ ജനത്തിൻെറ ഹൃദയം സ്ഥൂലിച്ചതും അവർ ചെവികൾ കൊ 36
ണ്ടു ദുഃഖേന കേൾക്കുന്നതും കണ്ണുകൾ അടെച്ചിട്ടതും ആയതു. അവർ കൺ
15 കാണാതെയും ചെവി കേളാതെയും ഹൃദയം കൊണ്ടു ഗ്രഹിയാതെയും തി
രിഞ്ഞു കൊള്ളാതെയും ഞാൻ അവരെ സൌഖ്യമാക്കാതെയും ഇരിക്കേണ്ടു 37
തിന്നത്രെ; എന്നുള്ള യശയ്യാ പ്രവാചകത്തിന്നു അവരിൽ നിവൃത്തി വരു 38
16 ന്നു. എങ്കിലും നിങ്ങളുടെ കണ്ണുകൾ കാണുന്നതുകൊണ്ടും ചെവികൾ കേൾ 39
17 ക്കുന്നതുകൊണ്ടും ധന്യങ്ങളായവ. ആമെൻ ഞാൻ നിങ്ങളോടു പറയു 40
ന്നിതു: നിങ്ങൾ കാണുന്നതു കാണ്മാൻ ഏറിയ പ്രവാചകരും നീതിമാ
ന്മാരും ആഗ്രഹിച്ചിട്ടും കാണാതെ പോയി; നിങ്ങൾ കേൾക്കുന്നതു കേൾ 41
18 പാനും (ആഗ്രഹിച്ചിട്ടും) കേളാതെ പോയി. എന്നാൽ നിങ്ങൾ വിതെ
ക്കുന്നവൻെറ ഉപമയെ കേട്ടുകൊൾവിൻ. ആരാനും രാജ്യത്തിൻെറ വചനം 42
19 കേട്ടിട്ടു ഗ്രഹിയാഞ്ഞാൽ ദുഷ്ടൻ വന്നു അവൻെറ ഹൃദയത്തിൽ വിതെച്ച 43
തിനെ അപഹരിക്കുന്നു; ഇവൻ വഴിയരികെ വിതെക്കപ്പെട്ടവൻ. പാറ
20 മേൽ വിതെക്കപ്പെട്ടവനൊ വചനത്തെ കേട്ട ഉടനെ സന്തോഷത്തോടെ
കൈക്കൊള്ളുന്നവൻ എങ്കിലും തന്നിൽ വേരില്ലാതെ ഇരിക്കയാൽ തല്ക്കാ 44
21 ലക്കാരൻ ആകുന്നു. വചനം നിമിത്തം ഉപദ്രവമൊ ഹിംസയൊ ഉളവാ
22 യാൽ ക്ഷണത്തിൽ അവനു ഇടർച്ച തോന്നുന്നു. മുള്ളുകളിൽ വിതെക്കപ്പെ
ട്ടവനൊ വചനത്തെ കേൾക്കുന്നവൻ എങ്കിലും ഈ യുഗത്തിലെ ചിന്തയും
ധനത്തിൻെറ വഞ്ചനയും വചനത്തെ ഞെരുക്കീട്ടു നിഷ്ഫലമായ്തീരുന്നു. 45 46
23 നല്ല മണ്ണിൽ വിതെക്കപ്പെട്ടവനൊ വചനത്തെ കേട്ടു ഗ്രഹിക്കുന്നവൻ ത
ന്നെ; അവൻ ഫലം കൊടുക്കുന്നു. (അതിൽ) ഒരുവൻ നൂറും ഒരുവൻ അറുപ 47 48
തും ഒരുവൻ മുപ്പതും ഉണ്ടാക്കുന്നു.
24 അവരിൽ മറെറാരു ഉപമയെ എല്പിച്ചിതു; സ്വർഗ്ഗരാജ്യം തൻെറ നില 49
ത്തിൽ നല്ല വിത്തു വിതെക്കുന്ന ഒരു മനുഷ്യനോടു സദൃശമായി. പിന്നെ
25 മനുഷ്യർ ഉറങ്ങുമ്പോൾ അവൻെറ ശത്രു വന്നു കോതമ്പിൻെറ ഇടയിൽ നാ 50
26 യ്കുല വിതെച്ചു പോയ്കളഞ്ഞു. പിന്നെ ഞാറു വളർന്നു വിളയുമ്പോഴെക്കു നാ 51
27 യ്കുലകളും കാണായ്വന്നു. എന്നാറെ വീട്ടുടയവൻെറ ദാസന്മാർ അവനെ 52
ചെന്നു കണ്ടു: കർത്താവെ, നിൻെറ നിലത്തിൽ നല്ല വിത്തു വിതെച്ചിട്ടി
ല്ലയൊ? പിന്നെ നായ്കുലകൾ അതിന്നു എവിടുന്നു ഉണ്ടായി? എന്നു പറ
28 ഞ്ഞാറെ: ശത്രുവായവൻ ഇതിനെ ചെയ്തു എന്നു അവരോടു പറഞ്ഞു:

എന്നാൽ ഞങ്ങൾ പോയി അവറെ പറിച്ചെടുപ്പാൻ മനസ്സൊ? എന്നു ദാസ
29 ന്മാർ അവനോടു പറഞ്ഞതിന്നു ചൊല്ലിയതു: ഇല്ല! പക്ഷെ നാഞ്ങ്ങല്ലകളെ
കൂട്ടിയാൽ അതിനോടു ഒരുമിച്ചു കോതമ്പും പറിച്ചു പോകുമല്ലൊ! രണ്ടും
30 കൂടെ കൊയിത്തോളം വളരട്ടെ; കൊയിത്തുകാലത്തിൽ ഞാൻ മൂരുന്നവ
രോടു നിങ്ങൾ മുമ്പെ നാഞ്ങ്ങല്ല എടുത്തു കൂട്ടി ചുടുവാൻ കെട്ടാക്കി കൊൾ
വിൻ; കോതമ്പൊ എന്റെ കളപ്പുരയിൽ കൂട്ടി വെപ്പിൻ എന്നു പറയും.

31 മറൊരു ഉപമയെ അവരിൽ ഏല്പിച്ചിതു: സ്വൎഗ്ഗരാജ്യം ഒരു മനുഷ്യൻ
32 എടുത്തു തന്റെ നിലത്തു വിതെച്ച കടുകുമണിക്കു സദൃശമാകുന്നു. അതു
എല്ലാ വിത്തുകളിലും ചെറിയതെങ്കിലും വളൎന്നാൽ പിന്നെ സസ്യങ്ങളിൽ
ഏറ്റവും വലുതായി ആകാശപക്ഷികളും വന്നു അതിന്റെ കൊമ്പുകളിൽ കു
33 ടിപാൎക്കുംവണ്ണം മരമായ്തീരുന്നു. മറൊരു ഉപമയെ അവരോടു ചൊല്ലിയ
തു: സ്വൎഗ്ഗരാജ്യം ഒരു സ്ത്രീ പുളിച്ചമാവിനെ എടുത്തു മൂന്നു പറമാവിൽ
ചേൎത്തു എല്ലാം പുളിച്ചു വരുവോളം അടക്കി വെച്ചതിനോടു തുല്യമാകുന്നു.
34 ഇവ ഒക്കയും യേശു പുരുഷാരങ്ങളോടു ഉപമകളാ കൊണ്ടു ഉരെച്ചു; ഉപമ
35 കളാ കൂടാതെ അവരോടു പറഞ്ഞതും ഇല്ല. (സങ്കീ. 78, 2) ഞാൻ ഉപമ
കളാൽ വായ്തുറക്കുംലോകസ്ഥാപനം മുതൽ ഗൂഢമായവറെ ഉരിയാടും എന്നു
പ്രവാചകനെ കൊണ്ടുമൊഴിഞ്ഞതിന്നു നിവൃത്തിയാവാൻ തന്നെ.

36 അപ്പോൾ (യേശു) പുരുഷാരങ്ങളെ അയച്ചിട്ടു, വീട്ടിൽ വന്നു ശിഷ്യൻ
മാർ അവനോടു അണഞ്ഞു—നിലത്തിലെ നാഞ്ങ്ങല്ലകളുടെ ഉപമയെ ഞ
ങ്ങൾക്കു തെളിയിച്ചാലും എന്നു പറഞ്ഞതിന്നു, അവൻ ഉത്തരം ചൊല്ലിയ
37 തു: നല്ല വിത്തു വിതെക്കുന്നവൻ മനുഷ്യപുത്രനത്രെ; നിലം ലോകം ത
38 ന്നെ; നല്ല വിത്തായതു രാജ്യത്തിന്റെ പുത്രരും, നാഞ്ങ്ങല്ലകൾ ദുഷ്ടന്റെ
39 മക്കളും ആകുന്നു. അവറെ വിതെച്ച ശത്രു പിശാചു തന്നെ; കൊയിത്തൊ
40 യുഗസമാപ്തിയും, മൂരുന്നവർ ദൂതന്മാരും ആകുന്നു. പിന്നെയും നാഞ്ങ്ങല്ലകളെ
കൂട്ടി തീയിൽ ചുടുമ്പോലെ തന്നെ യുഗസമാപ്തിയിൽ ഭവിക്കും. മനുഷ്യപു
41 ത്രൻ തന്റെ ദൂതന്മാരെ അയക്കും; അവരും അവന്റെ രാജ്യത്തിൽനിന്നു
എല്ലാ ഇടൎച്ചകളെയും അധൎമ്മം പ്രവൃത്തിക്കുന്നവരെയും ചേൎത്തുകൊണ്ടു,
42 തീച്ചൂളയിൽ ഇട്ടുകളയും; അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും. അ
43 ന്നു നീതിമാന്മാർ തങ്ങളുടെ പിതാവിന്റെ രാജ്യത്തിൽ സൂൎയ്യനെ പോലെ
ഉജ്ജ്വലിക്കും; കേൾപാൻ ചെവികൾ ഉള്ളവൻ കേൾക്കുക.

44 പിന്നെയും സ്വൎഗ്ഗരാജ്യം നിലത്തിൽ ഒളിച്ചു വെച്ച നിധിയോടു സദൃ
ശമാകുന്നു; ആയതിനെ ഒരു മനുഷ്യൻ കണ്ടു മറെച്ചിട്ടു തന്റെ സന്തോഷ
ത്താൽ ചെന്നു തനിക്കുള്ളതൊക്കയും വിറ്റു, ആ നിലത്തെ വാങ്ങുന്നു, പി
45 ന്നെയും സ്വൎഗ്ഗരാജ്യം നല്ല മുത്തുകളെ അന്വെഷിച്ചു നടക്കുന്നൊരു വ്യാപാ
46 രിയോടു സമം. അവൻ വിലയേറിയൊരു മുത്തിനെ കണ്ടെത്തിയാറെ
ചെന്നു, തനിക്കുള്ളതു ഒക്കയും വിറ്റു, അതിനെ കൊള്ളുകയും ചെയ്തു. പി
47 ന്നെയും സ്വൎഗ്ഗരാജ്യം ഒരു വല കടലിൽ ഇട്ടിട്ടു എല്ലാവകയിലും (മീനുക
48 ളെ) ചേൎത്തു കൊള്ളുന്നതിനോടു ഒക്കും. നിറഞ്ഞപ്പോൾ അതിനെ വലിച്ചു
കരേറി, ഇരുന്നുകൊണ്ടു നല്ലവറെ പാത്രങ്ങളിൽ കൂട്ടിവെച്ചു, ചീത്തയാ
49 യവ എറിഞ്ഞുകളഞ്ഞു. യുഗസമാപ്തിയിൽ അപ്രകാരം ഉണ്ടാകും; ദൂതന്മാർ
പുറപ്പെട്ടു, നീതിമാന്മാരുടെ ഇടയിൽനിന്നു, ദുഷ്ടന്മാരെ നീക്കി, തീച്ചൂള
50 യിൽ ഇട്ടുകളയും. അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും; ഇവ ഒക്കയും
51 ഗ്രഹിച്ചുവൊ എന്നു യേശു പറഞ്ഞതിന്നു, അവർ അതെ കൎത്താവെ, എന്നു
52 പറഞ്ഞു. അവനും അവരോടു ചൊല്ലിയതു: അതുകൊണ്ടു സ്വൎഗ്ഗരാജ്യത്തി
ന്നായി, ശിഷ്യനാക്കപ്പെട്ട ശാസ്ത്രി എല്ലാം തന്റെ നിക്ഷേപത്തിൽനി
ന്നു, പുതിയവയും പഴയവയും എടുത്തു കൊടുക്കുന്നൊരു വീട്ടുടയവനോടു
തുല്യനാകുന്നു.

53 യേശു ഈ ഉപമകളെ ചൊല്ലി തികെച്ചപ്പോൾ സംഭവിച്ചിതു; അവൻ
അവിടെനിന്നു വാങ്ങി തന്റെ അപ്പന്റെ നഗരത്തിൽ വന്നു, അവരുടെ
54 പള്ളിയിൽ അവർക്ക് ഉപദേശിച്ചു. എന്നതുകൊണ്ടു് അവർ സ്തംഭിച്ചു: ഇവ
55 ന് ഈ ജ്ഞാനവും ശക്തികളും എവിടെ നിന്നു? ഇവൻ തച്ചന്റെ മകന
ല്ലയൊ! അവന്റെ അമ്മെക്കു മറിയ എന്നും, സഹോദരർക്കു യാക്കോബ്
56 യോസെ ശീമോൻ യൂദാ എന്നും പേരുകൾ ഇല്ലയൊ? അവന്റെ സഹോ
ദരികളും എല്ലാം നമ്മോടല്ലൊ പാർക്കുന്നു; പിന്നെ ഇവന് ഇത് ഒക്കയും
എവിടെ നിന്നു? എന്നു ചൊല്ലി, അവങ്കൽ ഇടറി പോയി. എന്നാറെ യേ
57 ശു പ്രവാചകനു തന്റെ അപ്പന്റെ നഗരത്തിലും ഭവനത്തിലും ഒഴികെ മാ
58 നം ഇല്ലാതിരിക്കയില്ല എന്നു് അവരോടു പറഞ്ഞു. അവരുടെ അവിശ്വാസം
നിമിത്തം അവിടെ വളരെ ശക്തികളെ കാണിച്ചതും ഇല്ല.

14. അദ്ധ്യായം

സ്നാപകന്റെ മരണം [മാ. 6, 14. ലൂ. 3, 19. 9, 7.], (13) 5000 ആള
കൾക്ക് തൃപ്തി വരുത്തിയതും, (22) പൊയ്കമേൽ നടന്നതും [മാ. 6. ലൂ.
9. യൊ. 6.]

1 ആ സമയത്തിൽ ഇടപ്രഭുവായ ഹെരോദാ യേശുവിന്റെ ശ്രുതിയെ
2 കേട്ടു. ഇവൻ സ്നാപകനായ യോഹനാൻ തന്നെ; അവൻ മരിച്ചവരിൽ
നിന്ന് ഉണർന്നതു കൊണ്ടത്രെ, ഈ ശക്തികൾ അവനിൽ വ്യാപരിക്കുന്നു
3 എന്നു തന്റെ ഭൃത്യരോടു് പറഞ്ഞു. ഹെരോദ ആകട്ടെ, തന്റെ സഹോദര
4 നായ ഫിലിപ്പന്റെ ഭാര്യ ഹെരോദ്യ നിമിത്തം, അവളെ വെക്കുന്നതു നി
ണക്കു വിഹിതമല്ല എന്നു (3 മൊ. 18, 16.) യോഹനാൻ പറകകൊണ്ടു്
അവനെ പിടിപ്പിച്ചു കെട്ടി തടവിൽ ആക്കിയിരുന്നു. അവനെ കൊല്ലുവാൻ
5 മനസ്സു് ഉണ്ടായിട്ടും പുരുഷാരം അവനെ പ്രവാചകൻ എന്നു മാനിക്കയാൽ
6 (പ്രജകളെ) ഭയപ്പെട്ടു നിന്നു. പിന്നെ ഹെരോദാവിന്റെ ജനനോത്സവം
കൊണ്ടാടുമ്പോൾ ഹെരോദ്യയുടെ മകൾ (ശാലയുടെ) നടുവിൽ നൃത്തം ചെ
7 യ്തു, ഹെരോദാവെ പ്രസാദിപ്പിച്ചതുകൊണ്ടു്, എന്തു ചോദിച്ചാലും അവൾക്കു
കൊടുക്കും എന്നു് ആണയിട്ടും വാഗ്ദത്തം ചെയ്തു. അവളും അമ്മയുടെ ചൊ
8 ല്പടിക്കു സ്നാപകനായ യോഹനാന്റെ തലയെ ഒരു തളികയിൽ ഇങ്ങു
9 തരിക എന്നു പറഞ്ഞു. എന്നാറെ, രാജാവ് ദുഃഖിച്ചിട്ടും, ആണകളെയും,
10 പന്തിക്കാരെയും വിചാരിച്ചു കൊടുപ്പാൻ കല്പിച്ചു. ആളയച്ചു യോഹനാ
11 നെ തടവിൽ വെച്ചു് തല അറുപ്പിച്ചു. അവന്റെ തല തളികയിൽ കൊണ്ടു
വന്നു, കന്യെക്കു കൊടുക്കപ്പെട്ടു, അവളും തന്റെ അമ്മെക്കു കൊണ്ടുപോയി.
12 അവന്റെ ശിഷ്യന്മാർ ചെന്നു് ഉടൽ എടുത്തു കുഴിച്ചിട്ടു, പിന്നെ വന്നു
യേശുവെ അറിയിക്കയും ചെയ്തു.
13 എന്നതു കേട്ടിട്ടു യേശുവെ അവിടെ നിന്നു പടക ഏറി ഏകാന്തസ്ഥല
ത്തിലേക്കു വേറിട്ടു, വാങ്ങിപ്പോയി; പുരുഷാരങ്ങളും കേട്ടു, ഊരുകളിൽ
നിന്നു കരവഴിയായി അവന്റെ പിന്നാലെ ചെന്നു. യേശുവും പുറപ്പെട്ടു
14 വന്നു വലിയ സമൂഹത്തെ കണ്ടു് അവരിൽ കരൾ അലിഞ്ഞു; അവരുടെ
15 രോഗികളെ സൌഖ്യമാക്കി. വൈകുന്നേരമായപ്പോൾ അവന്റെ ശിഷ്യ
ന്മാർ അണഞ്ഞു; ഈ സ്ഥലം ഏകാന്തമായി നേരവും വൈകിപ്പോയി,
പുരുഷാരങ്ങൾ ഊരുകളിൽ പോയി, തങ്ങൾക്കു് കൊറുകൾ കൊള്ളേണ്ട
16 തിന്നു, പറഞ്ഞയക്കുക എന്നു പറഞ്ഞു. യേശു അവരോടു പറഞ്ഞു: അവ
ക്കു പോവാൻ ആവശ്യമില്ല; നിങ്ങൾ അവർക്കു തിന്മാൻ കൊടുപ്പിൻ.
17 അവർ അവനോടു്: അഞ്ചപ്പവും രണ്ടു മീനും അല്ലാതെ ഞങ്ങൾക്കു് ഇവി
18 ടെ ഒന്നും ഇല്ല എന്നു പറഞ്ഞു. അവ ഇങ്ങു കൊണ്ടു വരുവിൻ എന്നു

19 പറഞ്ഞിട്ടു, പുരുഷാരങ്ങളെ പുല്ലിന്മേൽ ഇരിപ്പാൻ കല്പിച്ചു. അഞ്ചപ്പവും
രണ്ടു മീനും എടുത്തു, സ്വർഗ്ഗത്തേക്കു നോക്കി വാഴ്ത്തി, അപ്പങ്ങളെ നുറുക്കി,
20 ശിഷ്യന്മാർക്കു കൊടുത്തു; ശിഷ്യർ ജനക്കൂട്ടങ്ങൾക്കു കൊടുത്തു. എല്ലാവരും
തിന്നു തൃപ്തരായി, കഷണങ്ങൾ ശേഷിച്ചതു കൊണ്ടു പന്ത്രണ്ടു കൊട്ട നിറ
21 ച്ചെടുക്കയും ചെയ്തു. തിന്നവരൊ സ്ത്രീകളും കുട്ടികളും ഒഴികെ ഏകദേ
ശം അയ്യായിരം പുരുഷർ തന്നെ ആയതു.

22 ഉടനെ യേശു താൻ പുരുഷാരങ്ങളെ പറഞ്ഞയക്കും വരെ, തന്റെ ശിഷ്യ
23 രെ പടകിലേറി, അക്കരെക്കു മുന്നോട്ടുവാൻ നിർബ്ബന്ധിച്ചു. താൻ സമൂഹ
ങ്ങളെ അയച്ചിട്ടു ഒരു മലമേൽ പ്രാർത്ഥിപ്പാൻ തനിയെ ചെന്നു, വൈകു
24 ന്നേരമായപ്പോൾ, ഏകനായി അവിടെ ഇരുന്നു. പടകൊ കാറ്റു വിരോ
25 ധമാകകൊണ്ടു തിരകളാൽ വലഞ്ഞു, കടലിന്റെ നടുവിൽ ആയിരുന്നു.
രാത്രിയുടെ നാലാം യാമത്തിൽ യേശു കടലിന്മേൽ കൂടി നടന്നു, അവരുടെ
26 അടുക്കെ ചെന്നു. അവൻ കടലിന്മേൽ നടക്കുന്നതു കണ്ടിട്ടു, ശിഷ്യർ ഇതു
പ്രേതം എന്നു കലങ്ങി, ഭയം ഹേതുവായി കൂക്കലിട്ടു. ഉടനെ യേശു അവ
27 രോടു: ധൈര്യപ്പെടുവിൻ! ഞാൻ തന്നെ ആകുന്നു; ഭയപ്പെടേണ്ടാ എന്നു
28 പറഞ്ഞു. അതിനു പേത്രൻ ഉത്തരം ചൊല്ലിയതു: കർത്താവെ, നീ ആകുന്നു
എങ്കിൽ ഞാൻ വെള്ളത്തിന്മേൽ നിന്റെ അടുക്കെ വരേണ്ടതിന്നു കല്പിക്ക;
29 അവനും വാ എന്നു പറഞ്ഞു. പേത്രൻ പടകിൽനിന്നു കീഴിങ്ങു, യേശു
30 വോടു എത്തുവാൻ വെള്ളങ്ങളിൻ മീതെ നടന്നു. പിന്നെ ഊക്കുള്ള കാറ്റി
നെ കണ്ടിട്ടു പേടിച്ചു മുങ്ങി തുടങ്ങിയാറെ, കർത്താവെ, എന്നെ രക്ഷിക്ക!
31 എന്നു നിലവിളിച്ചു. യേശുവും ഉടനെ കൈ നീട്ടി അവനെ പിടിച്ചു: അല്പ
32 വിശ്വാസിയെ! എന്തിനു ശങ്കിച്ചു എന്നു പറഞ്ഞു. അവർ പടകിൽ കയ
33 റിയപ്പോൾ കാറ്റു അമർന്നു; പടകിലുള്ളവരൊ വന്നു: നീ ദൈവപുത്രൻ
സത്യം എന്നു അവനെ നമസ്കരിച്ചു.

34 എന്നാറെ, അവർ അക്കരെക്കു എത്തി, ഗനേസരെത്തു എന്ന ദേശ
35 ത്തിൽ വന്നു. അവിടത്തെ ലോകർ അവനെ അറിഞ്ഞു, ചുറുമുള്ള
നാട്ടിൽ ഒക്കയും ആളയച്ചു, എല്ലാ ദുസ്ഥന്മാരെയും അവനു കൊണ്ടുവന്നു.
36 തന്റെ വസ്ത്രത്തിന്റെ തൊങ്കൽ മാത്രം അവർ തൊടേണ്ടതിന്നു അപേ
ക്ഷിച്ചു, തൊട്ടവർ ഒക്കയും രക്ഷപ്രാപിക്കയും ചെയ്തു.

15. അദ്ധ്യായം.

കൈ കഴുകുന്ന സമ്പ്രദായത്തിൻ ആക്ഷേപണം [മാ. 7.], (21) കനാന്യ
സ്ത്രീയുടെ വിശ്വാസം [മാ. 7,24.], (29) 4000 ജനങ്ങളെ ഭക്ഷിപ്പിച്ചതു
[മാ.8.]

1 അപ്പോൾ യരുശലേമ്യശാസ്ത്രികളും പരീശരും യേശുവോടു അടുത്തു
2 വന്നു: നിന്റെ ശിഷ്യർ പൂർവ്വന്മാരുടെ സമ്പ്രദായത്തെ ലംഘിക്കുന്നതു
എന്തു? അവർ ആഹാരം ഭക്ഷിക്കുമ്പോൾ, കൈകളെ കഴുകുന്നില്ല പോൽ
3 എന്നു പറഞ്ഞു. അവനും അവരോടു ഉത്തരം പറഞ്ഞിതു: നിങ്ങളുടെ സമ്പ്ര
ദായം നിമിത്തം നിങ്ങളും ദൈവത്തിന്റെ കല്പനയെ ലംഘിക്കുന്നതു
4 എന്തു? (2മൊ. 20,12.) അച്ഛനേയും അമ്മയേയും ബഹുമാനിക്ക എന്നും,
(21,17.) അച്ഛനെ താൻ അമ്മയെ താൻ പ്രാകുന്നവൻ മരിക്കേണം നി
ശ്ചയം എന്നും, ദൈവം കല്പിച്ചുവല്ലൊ. നിങ്ങളോ, ഒരുത്തൻ അച്ഛനോ
5 ടു എങ്കിലും, അമ്മയോടു എങ്കിലും നിണക്കു എന്നിൽനിന്നു ഉപകാര
മായ്വരുന്നതു വഴിപാടു (ആക) എന്നു പറഞ്ഞാലും (കാര്യം തന്നെ)
6 എന്നു ചൊല്ലുന്നതുകൊണ്ടു—അവൻ തന്റെ അച്ഛനെ ആകട്ടെ അമ്മയെ

ആകട്ടെ ബഹുമാനിക്കാതെ പോകുന്നു; ഇപ്രകാരം നിങ്ങളുടെ സമ്പ്രദായ
7 ത്താൽ ദൈവകല്പനയെ ദുർബ്ബലമാക്കി. വേഷധാരികളെ! നിങ്ങളെ
8 തൊട്ടു യശയ്യാ നന്നായി പ്രവചിച്ചിതു. (യശ.29,13.) ഈ ജനം (വായ്കൊ
ണ്ടു് എന്നോടു് അടുത്തു) അധരങ്ങൾകൊണ്ടു് എന്നെ ബഹുമാനിക്കുന്നു
9 എങ്കിലും അവരുടെ ഹൃദയം എന്നോടു ദൂരത്തു് അകന്നിരിക്കുന്നു. മാനുഷ
കല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിച്ചുകൊണ്ടു് എന്നെ വ്യർത്ഥ
മായി ഭജിക്കുന്നു എന്നത്രെ.

10 പിന്നെ പുരുഷാരത്തെ അരികെ വിളിച്ചു് അവരോടു് പറഞ്ഞു: അല്ല
യൊ കേട്ടു ഗ്രഹിച്ചുകൊൾവിൻ! വായുടെ അകത്തു ചെല്ലുന്നതല്ല, മനുഷ്യ
11 നു തീണ്ടൽ വരുത്തുന്നതു്; വായിൽനിന്നു പുറപ്പെടുന്നതത്രെ മനുഷ്യനു
12 തീണ്ടൽ ഉണ്ടാക്കുന്നുള്ളു. എന്നാറെ, അവന്റെ ശിഷ്യന്മാർ അടുത്തു വന്നു
പറഞ്ഞു: പരീശന്മാർ ഈ വാക്കു കേട്ടിട്ടു് ഇടറി പോയി എന്നു് അറിയു
13 ന്നുവൊ? അവൻ ഉത്തരമായി പറഞ്ഞു: സ്വർഗ്ഗസ്ഥനായ എന്റെ പിതാവു്
നട്ടിട്ടില്ലാത്ത ഏതു തൈയും വേർ പറിഞ്ഞു പോകും. അവരെ വിട്ടുവിടു
14 വിൻ! അവർ കുരുടർക്കു് വഴികാട്ടുന്ന കുരുടന്മാർ; പിന്നെ കുരുടൻ കുരുട
15 നെ വഴി നടത്തിയാൽ ഇരുവരും കുഴിയിൽ വീഴും. പേത്രൻ ഉത്തരമായി
അവനോടു്, ഈ ഉപമയെ ഞങ്ങൾക്കു തെളിയിച്ചാലും എന്നു പറഞ്ഞാറെ,
16 അവൻ ചൊല്ലിയതു: ഇന്നും നിങ്ങൾ കൂടെ ബോധം ഇല്ലാതിരിക്കുന്നുവൊ?
17 വായുടെ പൂകുന്നതു എല്ലാം വയറ്റിൽ ചെന്നു മറപ്പുരയിലേക്കു് തള്ളപ്പെടുന്നു
18 എന്നു ബോധിക്കുന്നില്ലയൊ? വായിൽനിന്നു പുറപ്പെടുന്നവയൊ ഹൃദയ
19 ത്തിൽനിന്നു വരുന്നു; മനുഷ്യനു തീണ്ടൽ ഉണ്ടാകുന്നതു് ഇവയത്രെ. എങ്ങനെ
എന്നാൽ ദുശ്ചിന്തകൾ, കൊലകൾ, വ്യഭിചാരങ്ങൾ പുലയാട്ടുകൾ, മോഷ
ണങ്ങൾ, കള്ളസ്സാക്ഷികൾ, ദൂഷണങ്ങൾ ഇവ ഹൃദയത്തിൽനിന്നു പുറപ്പെ
20 ട്ടു വരുന്നു. മനുഷ്യനെ തീണ്ടികുന്നതു് ഇവയത്രെ. കഴുകാത്ത കൈകൾ
കൊണ്ടു ഭക്ഷിക്കുന്നതൊ മനുഷ്യനെ തീണ്ടികുന്നില്ല.

21 അവിടെനിന്നു യേശു പുറപ്പെട്ടു, ത്രൂർ ചീദോൻ അംശങ്ങളിൽ വാങ്ങി
22 പോയി. ആ ദിക്കുകളിൽനിന്നു, കണ്ടാലും ഒരു കനാന്യസ്ത്രീ പുറപ്പെട്ടു വ
ന്നു് അവനോടു; ദാവീദ്പുത്രു! കർത്താവെ! എന്നെ കനിഞ്ഞു കൊൾക!
എന്റെ മകൾക്കു ഭ്രതോപദ്രവം കഠിനമായിട്ടു് ഉണ്ടു എന്നു കൂക്കി പറഞ്ഞു.
23 അവളോടു് അവൻ ഉത്തരം ഒന്നും മിണ്ടാഞ്ഞപ്പോൾ, ശിഷ്യന്മാർ അടുക്കെ
വന്നു അവൾ നമ്മുടെ പിന്നാലെ കൂകുന്നതു കൊണ്ടു് അവൾക്കു് വിട കൊ
24 ടുക്ക എന്നു് അവനോടു ചോദിച്ചു. അവൻ ഉത്തരം പറഞ്ഞിതു: ഇസ്രയേൽ
ഗൃഹത്തിൽ നശിച്ചു പോയ ആടുകളടുക്കലേക്കു് ഒഴികെ ഞാൻ അയക്കപ്പെ
25 ട്ടില്ല. എന്നാറെ അവൾ വന്നു: കർത്താവെ! എന്നെ തുണെക്കേണമെ! എന്നു്
26 അവനെ നമസ്കരിച്ചു. അവൻ ഉത്തരമായി: മക്കളുടെ അപ്പത്തെ ചെറുനാ
27 യ്ക്കുൾക്കു ചാടുന്നതു നന്നല്ല എന്നു പറഞ്ഞു. അവളൊ: അതെ കർത്താവെ!
ചെറുനായ്ക്കളും ഉടയവരുടെ മേശയിൽനിന്നു വീഴുന്ന നുറുക്കുകളെ കൊണ്ടു ഉ
28 പജീവിക്കുന്നുവല്ലൊ എന്നു പറഞ്ഞു. അപ്പോൾ യേശു ഉത്തരമായി: ഹാ
സ്ത്രീയെ! നിന്റെ വിശ്വാസം വലിയതു്, നിണക്കു് ഇഷ്ടം പോലെ
ഭവിക്കുക എന്നു് അവളോടു പറഞ്ഞു; ആ നാഴിക മുതൽ അവളുടെ മകൾ
സ്വസ്ഥയാകയും ചെയ്തു.

29 യേശു അവിടെനിന്നു യാത്രയായി, ഗലീലക്കടലരികെ വന്നു, മലമേൽ
30 കയറി അവിടെ ഇരുന്നു. അനേകം പുരുഷാരങ്ങളും മുടന്തർ, കുരുടർ, ഊമർ,
കൂനർ മുതലായ പലരേയും കൂട്ടികൊണ്ടു അവന്റെ അടുക്കൽ വന്നു, അവ
31 രെ അവന്റെ കാല്ക്കൽ ഇട്ടു. അവനും അവർക്കു സൌഖ്യം ഉണ്ടാക്കി. ഊമർ
പറയുന്നതും, കൂനർ സ്വസ്ഥരായതും, മുടന്തർ നടക്കുന്നതും, കുരുടർ കാണു
ന്നതും, പുരുഷാരങ്ങൾ കണ്ടിട്ടു് ആശ്ചര്യപ്പെട്ടു് ഇസ്രയേലിൻ ദൈവത്തെ

32 മഹത്വീകരിക്കയും ചെയ്തു. പിന്നെ യേശു തന്റെ ശിഷ്യരെ വിളിച്ചു കൂട്ടി
പറഞ്ഞു: ഈ പുരുഷാരം മൂന്നു നാളും എന്നോടു കൂടെ പാർത്തിട്ടു, തിന്മാൻ
ഒന്നും ഇല്ലായ്കകൊണ്ടു്, എനിക്കു് അവരിൽ കരളലിയുന്നു; അവരെ പട്ടി
ണിയായി വിട്ടയക്കേണ്ടതിന്നു മനസ്സും ഇല്ല; വഴിയിൽ വെച്ചു തളർന്നു
33 പോകായ്വാൻ തന്നെ. അവനോടു ശിഷ്യന്മാർ: ഇത്ര വലിയ പുരുഷാര
ത്തിന്നു തൃപ്തിവരുത്തുവാൻ മതിയാകുന്ന അപ്പങ്ങൾ ഈ കാട്ടിൽ നമുക്കു്
എവിടെനിന്നു എന്നു പറഞ്ഞാറെ, നിങ്ങൾക്കു് എത്ര അപ്പം ഉണ്ടു എന്നു
34 യേശു ചോദിച്ചു. ഏഴും ഒട്ടു ചെറു മീനുകളും തന്നെ എന്നു് അവർ പറഞ്ഞു.
35 അവൻ പുരുഷാരങ്ങളെ നിലത്തിൽ ചാരി ഇരിപ്പാൻ കല്പിച്ചു. ഏഴപ്പവും
36 മീനുകളും എടുത്തു വാഴ്ത്തി നുറുക്കി തന്റെ ശിഷ്യർക്കും ശിഷ്യർ പുരുഷാ
37 രത്തിന്നും കൊടുത്തു. എല്ലാവരും തിന്നു തൃപ്തരായി, കഷണങ്ങൾ ശേഷി
ച്ചതു കൊണ്ടു് ഏഴ വട്ടികളെ നിറെച്ചെടുത്തു. ഭക്ഷിക്കുന്നവരോ സ്ത്രീകളും
38 കുട്ടികളും ഒഴികെ നാലായിരം പുരുഷരായിരുന്നു. പിന്നെ അവൻ പുരുഷാ
39 രങ്ങളെ വിടകൊടുത്തു, പടകിൽ ഏറി, മഗ്ദലദിക്കുകളിൽ ചേരുകയും
ചെയ്തു.

16. അദ്ധ്യായം

യേശുവോടു് അടയാളം ചോദിച്ചതു [മാ. 8, 11. ലൂ. 12, 54.], (5) പരീശാദികളുടെ പുളിച്ചമാവു് [മാ. 8, 14.] (13) ശിഷ്യരെ ശോധന ചെയ്തിട്ടു, (21) സ്വമരണത്തെ അറിയിച്ചു പ്രബോധിപ്പിച്ചതു [മാ. 8. ലൂ. 9, 21]

1 **പി**ന്നെ പരീശരും ചദൂക്യരും അടുത്തു വന്നു തങ്ങൾക്കു് വാനത്തിൽ
2 നിന്നു് അടയാളം കാട്ടേണം എന്നു പരീക്ഷിച്ചു ചോദിച്ചു. അവരോടു്
അവൻ ഉത്തരം പറഞ്ഞു: സന്ധ്യയാകുമ്പോൾ വാനം ചുവക്കകൊണ്ടു നല്ല
3 തെളിവാകും എന്നും, ഉഷസ്സിലൊ വാനം തുടുക്കനെ ചുവന്നിരിക്കയാൽ
ഇന്നു മഴക്കോളത്രെ എന്നും നിങ്ങൾ പറയുന്നു; വേഷധാരികളെ! വാന
ത്തിന്റെ മുഖത്തെ നിങ്ങൾ വിവേചിപ്പാൻ അറിയുന്നു; സമയങ്ങളുടെ അ
4 ടയാളങ്ങളെ കഴികയില്ലയൊ? ദോഷവും വ്യഭിചാരവും ഉള്ള തലമുറ അട
യാളം തിരയുന്നു; യോനാപ്രവാചകന്റെ അടയാളം ഒഴികെ അതിന്നു്
അടയാളം കൊടുക്കപ്പെടുകയും ഇല്ല (12, 39.) എന്നിട്ടു് അവരെ വിട്ടു യാ
ത്രയായി.

5 ശിഷ്യൻമാർ അക്കരെ കടക്കുമ്പോൾ അപ്പങ്ങളെ കൊണ്ടു പോരുവാൻ
6 മറന്നിരുന്നു. അന്നു യേശു അവരോടു: പരീശർ ചദൂക്യർ എന്നവരുടെ പു
7 ളിച്ചമാവിൽനിന്നു സൂക്ഷിച്ചുകൊണ്ടു നോക്കുവിൻ എന്നു പറഞ്ഞാറെ—അ
പ്പങ്ങളെ കൊള്ളാഞ്ഞതു് കൊണ്ടത്രെ എന്നു് അവർ തങ്ങളിൽ നിരൂപി
8 ച്ചുപോയി. ആയ്തു യേശു അറിഞ്ഞു പറഞ്ഞിതു: അല്പവിശ്വാസികളെ!
9 അപ്പങ്ങളെ കൊള്ളാഞ്ഞതു കൊണ്ടു നിങ്ങളിൽ നിരൂപിപ്പാൻ എന്തു? ഇ
ന്നും നിങ്ങൾക്കു ബോധം ഇല്ലയൊ? ആ അയ്യായിരങ്ങളുടെ അപ്പം അഞ്ചും
10 എടുത്ത കൊട്ടകളുടെ എണ്ണവും പിന്നെ ആ നാലായിരങ്ങളുടെ അപ്പം എഴും
എടുത്ത വട്ടികളുടെ എണ്ണവും ഓർമ്മ വെക്കുന്നതും ഇല്ലയൊ? പരീശർ ചദൂ
11 ക്യർ എന്നവരുടെ പുളിച്ചമാവിൽനിന്നു സൂക്ഷിച്ചുകൊള്ളേണം എന്നു ചൊ
12 ല്ലിയതു് അപ്പം കൊണ്ടല്ല എന്നു തോന്നാത്തതു് എന്തു? എന്നാറെ അവൻ
അപ്പത്തിന്റെ പുളിച്ചമാവിൽ നിന്നല്ല, പരീശർ ചദൂക്യർ എന്നവരുടെ
ഉപദേശത്തിൽ നിന്നു സൂക്ഷിച്ചുകൊള്ളേണ്ടതിന്നു പറഞ്ഞപ്രകാരം അവർ
ഗ്രഹിച്ചു.

13 അനന്തരം യേശു ഫിലിപ്പന്റെ കൈസരയ്യയുടെ അംശങ്ങളിൽ വന്ന
ശേഷം തന്റെ ശിഷ്യരോട ചോദിച്ചു: ജനങ്ങൾ മനുഷ്യപുത്രനായ എന്നെ
14 ആർ എന്നു ചൊല്ലുന്നു? എന്നാറെ അവർ പറഞ്ഞു: ചിലർ സ്നാപകനായ
യോഹനാൻ എന്നും, മറേറവർ ഏലീയാവെന്നും, വേറെ ചിലർ യിറമി
15 യ്യാവൊ പ്രവാചകരിൽ ഒരുത്തനോ എന്നും (ചൊല്ലുന്നതു). അവരോട്
അവൻ: നിങ്ങളോ എന്നെ ആർ എന്നു ചൊല്ലുന്നു? എന്നു പറഞ്ഞതിന്നു
16 ശിമോൻ പേത്രൻ ഉത്തരം പറഞ്ഞിതു: നീ ജീവനുള്ള ദൈവത്തിന്റെ
പുത്രനായ ക്രിസ്തൻ തന്നെ, എന്നാറെ യേശു അവനോട് ഉത്തരം ചൊല്ലി
17 യതു: ബർയോനാ ശിമോനായുള്ളോവെ! ജഡരക്തങ്ങളല്ല; സ്വർഗ്ഗസ്ഥ
നായ എന്റെ പിതാവത്രെ നിണക്ക് (ഇതു) വെളിപ്പെടുത്തിയതുകൊണ്ടു
18 നീ ധന്യൻ! ഞാനോ നിന്നോടു പറയുന്നു: നീ പാറ (കേഫാ) ആകുന്നു;
ഈ പാറമേൽ ഞാൻ എൻ സഭയെ പണിയിക്കും അതിനോടു പാതാളദ്വാ
19 രങ്ങൾക്ക് ഓർ ആവതും വരികയില്ല. വിശേഷിച്ച് സ്വർഗ്ഗരാജ്യത്തിന്റെ
താക്കോലുകളെയും നിണക്കു തരും (യശ. 22,22) നീ ഭൂമിമേൽ വിലക്കി
കെട്ടുന്നത് ഒക്കെയും സ്വർഗ്ഗങ്ങളിൽ കെട്ടപ്പെട്ടിരിക്കും; നീ ഭൂമിമേൽ സമ്മതി
ച്ച് അഴിക്കുന്നത് ഒക്കെയും സ്വർഗ്ഗങ്ങളിൽ അഴിഞ്ഞിരിക്കയും ചെയ്യും. എ
20 ന്നാറെ താൻ ക്രിസ്തൻ (അഭിഷിക്തൻ) എന്ന് ആരോടും പറയാതിരി
പ്പാൻ സ്വശിഷ്യന്മാരോട് ചട്ടമാക്കി.
21 അന്നു മുതൽ യേശു താൻ യരുശലേമിലേക്ക് പോയി, മൂപ്പന്മാർ, മഹാ
പുരോഹിതർ, ശാസ്ത്രികൾ ഇവരാൽ പലവും സഹിച്ചു കൊല്ലപ്പെടുകയും
മൂന്നാം നാൾ ഉണർന്നു വരികയും വേണ്ടത് എന്നു തന്റെ ശിഷ്യന്മാർക്ക്
22 കാണിച്ചു തുടങ്ങി. എന്നാറെ, പേത്രൻ അവനെ (വേറിട്ടു) കൂട്ടിക്കൊണ്ടു:
കർത്താവെ, (ദേവകൃപയാൽ) അത് അരുതു; നിനക്ക് അങ്ങിനെ വരിക
23 യില്ല! എന്നു ശാസിച്ചു തുടങ്ങി. അവനോ തിരിഞ്ഞു പേത്രനോടു പറഞ്ഞു:
സാത്താനെ എന്റെ പിന്നിൽ പൊയ്കൊള! നീ ദൈവത്തിന്റെ അല്ല, മനു
ഷ്യരുടേവ കരുതുന്നതു കൊണ്ടു് എനിക്ക് ഇടർച്ച ആകുന്നു. അന്നു യേശു
24 തന്റെ ശിഷ്യന്മാരോടു പറഞ്ഞിതു: ഒരുത്തൻ എന്റെ പിന്നാലെ വരു
വാൻ ഇച്ഛിച്ചാൽ, തന്നെതാൻ തള്ളീട്ടു, തന്റെ ക്രൂശിനെ എടുത്തും കൊ
25 ണ്ടു, എന്നെ അനുഗമിപ്പൂതാക. ആരാനും തന്റെ ദേഹിയെ രക്ഷിപ്പാൻ ഇ
ച്ഛിച്ചാൽ അതിനെ കളയും; ഞാൻ നിമിത്തം ആരാനും തന്റെ ദേഹിയെ
26 കളഞ്ഞാൽ അതിനെ കണ്ടെത്തും. കാരണം ഒരു മനുഷ്യൻ സർവ്വലോകം
നേടിയാറെയും തന്റെ ദേഹി ചേതംവന്നാൽ അവന് എന്തു പ്രയോജനം
ഉള്ള? അല്ല, തന്റെ ദേഹിയെ വീണ്ടുകൊൾവാൻ മനുഷ്യൻ എന്തൊരു
27 മറുവിലകൊടുക്കും? എങ്ങിനെ എന്നാൽ, മനുഷ്യപുത്രൻ സ്വപിതാവിന്റെ
തേജസ്സോടെ തന്റെ സകല ദൂതന്മാരുമായി വരുവാൻ ഉണ്ടു; അപ്പോൾ
അവൻ ഏവനും താന്താന്റെ പ്രവൃത്തിക്ക് തക്ക പകരം നല്കും. ആമെൻ
28 ഞാൻ നിങ്ങളോട് പറയുന്നിതു: മനുഷ്യപുത്രൻ തന്റെ രാജത്വത്തിൽ വരു
ന്നതു കാണുവോളം, മരണത്തെ ആസ്വദിക്കാത്തവർ ചിലർ ഈ നില്ക്കുന്ന
വരിൽ ഉണ്ടു.

17. അദ്ധ്യായം

യേശുവിന്റെ രൂപാന്തരവും (19) ചന്ദ്രബാധെക്കു ശാന്തിയും, (22) സ്വ
മരണത്തെ പിന്നെയും അറിയിച്ചതും [മാ. 9. ലൂ. 9.], (24) ദൈവാലയ
പ്പണിക്കു പണം.

1 ആറു ദിവസം കഴിഞ്ഞശേഷം യേശു പേത്രനെയും യാക്കോബെയും
സഹോദരനായ യോഹനാനെയും കൂട്ടിക്കൊണ്ടു ഓർ ഉയർന്ന മലമേൽ

2 അവരുമായി വേറിട്ട നടന്നു. പിന്നെ അവരുടെ മുമ്പാകെ മറുരൂപപ്പെട്ടിട്ട്,
അവന്റെ മുഖം സൂര്യനെ പോലെ വിളങ്ങി, അവന്റെ വസ്ത്രങ്ങൾ വെളി
3 ച്ചം പോലെ വെള്ളയായ്തീർന്നു. ഇതാ മോശയും എലീയാവും അവനോട്ട
സംഭാഷിച്ചുകൊണ്ട്, അവർക്കു കാണായ്വന്നു; അതിന്നു പേത്രൻ യേശു
4 വോട്: കർത്താവെ, ഞങ്ങൾ ഇവിടെ ഇരിക്കുന്നത് നല്ലതു; നിണക്കു മന
സ്സായാൽ ഞങ്ങൾ ഇവിടെ മൂന്നു കുടിലുകളെ ഉണ്ടാക്കട്ടെ! ഒന്നു നിണക്കും
5 ഒന്ന് മോശെക്കും ഒന്ന് എലീയാവിന്നും എന്നു പറഞ്ഞു. അവൻ പറയു
മ്പോൾ തന്നെ കണ്ടാലും പ്രകാശമുള്ളൊരു മേഘം അവരിൽ നിഴലിട്ട, ഉട
നെ മേഘത്തിൽ നിന്നു: (3, 17.) ഇവൻ എന്റെ പ്രിയപുത്രൻ; അവങ്കൽ
ഞാൻ പ്രസാദിച്ചു; (5 മൊ. 18, 15.) ഇവനെ ചെവികൊൾവിൻ! എ
6 ന്നൊരു ശബ്ദം ഉണ്ടായി. ആയതു ശിഷ്യന്മാർ കേട്ട. കവിണ്ണു വീണ് ഏറ
7 വും ഭയപ്പെട്ടപ്പോൾ— യേശു അടുത്തു വന്ന്, അവരെ തൊട്ട: എഴുനീ
8 ല്പിൻ! ഭയപ്പെടേണ്ടാ എന്നു പറഞ്ഞു അവരും കണ്ണുകളെ ഉയർത്തിയാറെ;
9 യേശുവെ മാത്രം അല്ലാതെ, ആരെയും, കണ്ടതും ഇല്ല. അവർ മലയിൽ
നിന്ന് ഇറങ്ങുമ്പോൾ യേശു അവരോട്ട: മനുഷ്യപുത്രൻ മരിച്ചവരിൽനിന്ന്
10 എഴുനീല്ക്കും വരെ, കാഴ്ചയെ ആരെയും കേൾപിക്കല്ലെ എന്നു കല്പിച്ചു. പിന്നെ
അവന്റെ ശിഷ്യന്മാർ: എന്നാൽ എലീയാ മുമ്പെ വരേണ്ടതു എന്നു ശാസ്ത്രി
11 കൾ ചൊല്ലുന്നത് എന്തെന്നു ചോദിച്ചതിന്നു— യേശു ഉത്തരം പറഞ്ഞിതു:
12 എലീയാ മുമ്പെ വന്നു സകലവും യഥാസ്ഥാനത്താക്കുന്നു സത്യം. ഞാനോ
എലീയാ വന്നു കഴിഞ്ഞു എന്നും, അവർ അവനെ അറിഞ്ഞുകൊള്ളാതെ,
തങ്ങൾക്കു തോന്നിയത് എല്ലാം അവങ്കൽ ചെയ്തു എന്നും നിങ്ങളോട്ട പറ
13 യുന്നു; അവ്വണ്ണം മനുഷ്യപുത്രനും അവരിൽനിന്നു സഹിപ്പാൻ ഉണ്ടു. എന്നാ
റെ, സ്നാപകനായ യോഹനാനേകൊണ്ടു തങ്ങളോട്ട പറഞ്ഞപ്രകാരം ശി
ഷ്യന്മാർ ഗ്രഹിച്ചു.
14 അവർ പുരുഷാരത്തിലേക്ക് വന്നാറെ, ഒരു മനുഷ്യൻ അടുത്തുവന്ന്, അ
15 വൻ മുമ്പാകെ മുട്ടുകുത്തി: കർത്താവെ, എന്റെ മകനെ കനിഞ്ഞു കൊൾക!
അവൻ ചന്ദ്രബാധ പിടിച്ചു, പലപ്പോഴും തീയിലും കൂടക്കൂടെ വെള്ളത്തി
16 ലും വീണു വല്ലാതെ പീഡിച്ചിരിക്കുന്നു. അവനെ നിന്റെ ശിഷ്യന്മാക്ക
കൊണ്ടുവന്നു, സൌഖ്യം വരുത്തുവാൻ അവർക്കു കഴിഞ്ഞില്ല താനും എന്നു
17 പറഞ്ഞു. യേശു ഉത്തരമായി പറഞ്ഞു: അവിശ്വാസവും കോട്ടവും ഉള്ള
തലമുറയെ! എത്രോടം ഞാൻ നിങ്ങളോട്ട കൂടെ ഇരിക്കും; എത്രോടം നിങ്ങ
ളെ പൊറുക്കും? അവനെ എനിക്ക് ഇങ്ങു കൊണ്ടുവരുവിൻ! എന്നാറെ,
18 യേശു അവനെ ശാസിച്ചു, ഭൂതം അവങ്കൽനിന്നു പുറപ്പെട്ടുപോയി; ബാലൻ
19 ആ നാഴിക മുതൽ സൌഖ്യമാകയും ചെയ്തു. പിന്നെ ശിഷ്യന്മാർ യേശു
വോട്ട പ്രത്യേകം അണഞ്ഞു വന്നു: ഞങ്ങൾക്ക് അതിനെ പുറത്താക്കികൂടാ
20 ഞ്ഞതു എന്തു എന്നു ചോദിച്ചു. യേശു അവരോട്ട പറഞ്ഞു: നിങ്ങളുടെ അ
വിശ്വാസം നിമിത്തമത്രെ; എങ്ങിനെ എന്നാൽ നിങ്ങൾക്കു കടുകിൻമണി
യോളം വിശ്വാസം ഉണ്ടെങ്കിൽ ഈ മലയോട്, ഇവിടുന്നു അങ്ങോട്ട നീ
ങ്ങുക എന്നു പറഞ്ഞാൽ അതു നീങ്ങും; നിങ്ങൾക്ക് ഒന്നും അസാദ്ധ്യമാക
21 യും ഇല്ല; ആമെൻ എന്നു ഞാൻ നിങ്ങളോട്ട പറയുന്നു. എങ്കിലും പ്രാർത്ഥന
യാലും ഉപവാസത്താലും അല്ലാതെ ഈ ജാതി പുറത്തു പോകുന്നില്ല.

22 പിന്നെ അവൻ ഗലീലയിൽ സഞ്ചരിക്കുമ്പോൾ, യേശു അവരോട്ട പറ
ഞ്ഞിതു: മനുഷ്യപുത്രൻ മനുഷ്യരുടെ കൈകളിൽ ഏല്പിക്കപ്പെടുവാൻ ഉണ്ടു.
23 അവർ അവനെ കൊന്നുകളയും, മൂന്നാം നാൾ അവൻ ഉണർന്നു വരികയും
ചെയ്യും; എന്നിട്ട് അവർ ഏറ്റം ദുഃഖിച്ചു പോയി.
24 അവർ കഫർന്നഹൂമിൽ വന്നാറെ, ദ്വിദ്രഹ്മകളെ (3 പണം) വാങ്ങുന്നവർ
പേത്രനെ ചെന്നു കണ്ടു: നിങ്ങളുടെ ഉപദേഷ്ടാവ് ദ്വിദ്രഹ്മയെ ഒപ്പിക്കുന്നി
25 ല്ലയൊ? എന്നു ചോദിച്ചാറെ: ഉവ്വ എന്നു പറഞ്ഞു. അവൻ വീട്ടിൽ

പ്രവേശിച്ചപ്പോൾ, യേശു അവനെ മുന്നിട്ടു പറഞ്ഞു: ശിമോനെ, നിണക്കു എന്തു തോന്നുന്നു? ഭൂമിയിലെ രാജാക്കന്മാർ ചുങ്കമൊ കരമൊ ആരോടു വാ
26 ങ്ങുന്നു; സ്വപുത്രരോടൊ അന്യരോടൊ? എന്നതിന്നു പേത്രൻ: അന്യരോടു
17 ത്രെ എന്നു പറഞ്ഞാറെ, യേശു അവനോടു ചൊല്ലിയതു: എന്നാൽ പുത്രന്മാർ
27 വിടുതൽ ഉള്ളവർ ആകുന്നു സ്പഷ്ടം. എങ്കിലും അവർക്കു നാം ഇടർച്ച വരു
18 ത്താതിരിപ്പാൻ നീ കടലിലേക്കു ചെന്നു ചൂണ്ടൽ ഇട്ടു മുമ്പെ കയറി വ
രുന്ന മീനിനെ പിടിച്ചു അതിന്റെ വായി തുറന്നിട്ടു ഒരു ചതുർദ്രഹ്മ (6
19 പണം) കാണും: അതു നീ എടുത്തു എനിക്കും നിണക്കും വേണ്ടി കൊടുക്ക.

18. അദ്ധ്യായം

ശിശുഭാവത്തിന്റെ സാരവും ഇടച്ചുകളെ സങ്കടവും [മാ. 9. ലൂ. 9.], (12) നശിച്ച ആടിന്റെ ഉപമ [ലൂ. 15, 14.], (15) സഭക്കാർ തമ്മിൽ ഇണങ്ങുകയും, (21) വളരെ ക്ഷമിക്കുകയും വേണം; കടക്കാരുടെ ഉപമ.

1 **ആ** നേരത്തിൽ ശിഷ്യന്മാർ യേശുവിന്റെ അടുക്കെ വന്നു: എങ്കിലൊ
2 സ്വർഗ്ഗരാജ്യത്തിൽ ഏറെ വലിയവൻ ആർ എന്നു പറഞ്ഞാറെ, യേശു ഒരു
3 ശിശുവെ വിളിച്ചു വരുത്തി, അവരുടെ നടുവിൽ നിറുത്തി: ആമെൻ ഞാൻ
നിങ്ങളോടു പറയുന്നു: നിങ്ങളും തിരിഞ്ഞു ശിശുക്കളെ പോലെ ആയ്വരുന്നില്ല എങ്കിൽ, സ്വർഗ്ഗരാജ്യത്തിൽ കടക്കയില്ല. ആകയാൽ ഈ ശിശു
4 വെ പോലെ തന്നെത്താൻ താഴ്ത്തുന്നവനത്രെ സ്വർഗ്ഗരാജ്യത്തിൽ ഏറെ വലി
5 യവൻ ആകുന്നു. ഇങ്ങിനെയുള്ള ശിശുവെ എന്റെ നാമത്തിൽ ആരാനും
കൈക്കൊണ്ടാൽ എന്നെ കൈക്കൊള്ളുന്നു; എന്നിൽ വിശ്വസിക്കുന്ന ഈ
6 ചെറിയവരിൽ ഒരുത്തനു ആരാനും ഇടച്ചു വരുത്തുകിലൊ അവന്റെ കഴു
ത്തിൽ ഒരു കഴുതത്തിരിക്കല്ലു കെട്ടിത്തൂക്കി, കടലിന്റെ പരപ്പിൽ ആഴ്കി
7 ക്കളഞ്ഞാൽ അവനു കൊള്ളാം. ഇടർച്ചകളും ഹേതുവായി, ലോകത്തിന്നു
ഹാ കഷ്ടം! ഇടർച്ചകളും വരുന്നതു ആവശ്യം തന്നെ സത്യം; എങ്കിലും ഇടച്ചു
വരുത്തുന്ന മനുഷ്യനു ഹാ കഷ്ടം!
8 (5, 29.) എന്നാൽ നിന്റെ കൈയൊ കാലൊ നിണക്കു ഇടർച്ച വരു
ത്തിയാൽ അതിനെ വെട്ടി തള്ളിക്കളക! രണ്ടു കൈയും രണ്ടു കാലും ഉള്ള
വനായി നിത്യാഗ്നിയിൽ തള്ളപ്പെടുന്നതിനേക്കാളും മുടവനായിട്ടൊ ഊന
9 നായിട്ടൊ ജീവനിൽ കടക്കുന്നതു നിണക്കു നല്ലു. പിന്നെ കണ്ണു നിണക്കു
ഇടർച്ച വരുത്തിയാൽ അതിനെ ചൂന്നെടുത്തു തള്ളിക്കളക! രണ്ടു കണ്ണുള്ളവ
നായി അഗ്നിനരകത്തിൽ തള്ളപ്പെടുന്നതിനേക്കാളും ഒറക്കണ്ണനായി ജീവ
10 നിൽ കടക്കുന്നതു നിണക്കു നല്ലു. ഈ ചെറിയവരിൽ ഒന്നിനെ തുച്ഛീ
കരിക്കാതിരിപ്പാൻ നോക്കിക്കൊൾവിൻ! കാരണം സ്വർഗ്ഗങ്ങളിൽ അവ
രുടെ ദൂതന്മാർ സ്വർഗ്ഗസ്ഥനായ എൻ പിതാവിന്റെ മുഖത്തെ വിടാതെ കാ
11 ണുന്നു എന്നു ഞാൻ നിങ്ങളോടു പറയുന്നു; നഷ്ടമായതിനെ രക്ഷിപ്പാനല്ലൊ,
മനുഷ്യപുത്രൻ വന്നതു.
12 നിങ്ങളുക്കു എന്തു തോന്നുന്നു; ഒരു മനുഷ്യനു നൂറു ആടു ഉണ്ടായിരി
ക്കെ, അതിൽ ഒന്നു ഉഴന്നു പോയാൽ തൊണ്ണൂറൊമ്പതിനെ മലകളി
ന്മേൽ വിട്ടു ആ ഉഴലുന്നതിനെ ചെന്നു തിരയുന്നില്ലയൊ? അതിനെ ക
13 ണ്ടെത്തുക ഉണ്ടായാലൊ ആമെൻ ഞാൻ നിങ്ങളോടു പറയുന്നു: തെറ്റി
പ്പോകാത്ത തൊണ്ണൂറൊമ്പതിലും അധികം ആ ഒന്നിൽ തന്നെ സന്തോ
14 ഷിക്കുന്നു. ഇപ്രകാരം ഈ ചെറിയവരിൽ ഒന്നു നശിച്ചു പോവാൻ സ്വർഗ്ഗ
സ്ഥനായ നിങ്ങളുടെ പിതാവിനു ഇഷ്ടം ഇല്ലു.
15 പിന്നെ നിന്റെ സഹോദരൻ നിന്നോടു പിഴെച്ചാൽ നീ ചെന്നു അ
വനുമായിട്ടു തന്നെ കണ്ടു കുറ്റം അവനു ബോധം വരുത്തുക! അവൻ നിന്നെ

16 കേട്ടാൽ നീ സഹോദരനെ നേടി; കേൾക്കാഞ്ഞാൽ ഇനി ഒന്നു രണ്ടു
പേരെ കൂട്ടിക്കൊണ്ടു ചെല്ലുക; (5 മൊ. 19, 15.) രണ്ടു മൂന്നു സാക്ഷിമുഖേന
17 സകല കാര്യവും സ്ഥിരമാക്കണമല്ലൊ. അവരേയും കൂട്ടാക്കാതെ ഇരുന്നാൽ
സഭയോടു് അറിയിക്ക; സഭയേയും നിരസിച്ചാൽ അവൻ നിണക്കു (പുറ)
ജാതിക്കാരനും ചുങ്കക്കാരനും എന്നപോലെ ആക. ആമെൻ ഞാൻ നിങ്ങ
18 ളോടു പറയുന്നു: നിങ്ങൾ ഭൂമിയിൽ എന്തെല്ലാം കെട്ടിയാലും അതു സ്വർഗ്ഗ
ത്തിലും കെട്ടപ്പെട്ടിരിക്കും; നിങ്ങൾ ഭൂമിമേൽ എന്തെല്ലാം കെട്ടഴിച്ചാലും
19 അതു സ്വർഗ്ഗത്തിലും അഴിഞ്ഞിരിക്കും; പിന്നെയും ഞാൻ നിങ്ങളോടു് പറ
യുന്നു: ഭൂമിമേൽ നിങ്ങളിൽ ഇരുവർ യാചിക്കുന്ന ഏതു കാര്യംകൊണ്ടും
ഐകമത്യപ്പെട്ട എങ്കിൽ, അതു സ്വർഗ്ഗസ്ഥനായ എൻ പിതാവിൽനിന്നു്
20 അവർക്കു ഭവിക്കും. രണ്ടു മൂന്നു പേർ എന്റെ നാമത്തിലേക്കു് എവിടെ ഒരു
മിച്ചു കൂടിയാലും അവിടെ ഞാൻ അവരുടെ നടുവിൽ ഉണ്ടു.

21 അന്നു പേത്രൻ അവന്റെ അടുക്കെ വന്നു: കർത്താവെ! സഹോദരൻ എ
ന്നോടു് എത്ര വട്ടം പിഴെച്ചിട്ടു ഞാൻ ക്ഷമിച്ചു വിടേണ്ടു; ഏഴോളമൊ?
22 എന്നു പറഞ്ഞു. യേശു അവനോടു പറയുന്നു: ഏഴോളമല്ല, ഏഴു് എഴുപ
തോളമത്രെ എന്നു ഞാൻ നിന്നോടു ചൊല്ലുന്നു. അതുകൊണ്ടു് സ്വർഗ്ഗരാജ്യം
23 ഒരു രാജാവു് തന്റെ ദാസരോടു് കണക്കു തീർപ്പാൻ ഭാവിക്കുന്നതിനോടു
24 സദൃശമാകുന്നു. അവൻ കണക്കു നോക്കി തുടങ്ങിയാറെ. പതിനായിരം
താലന്തു (9 കോടി പണം) കടമ്പെട്ട ഒരുത്തനെ അവനു കൊണ്ടുവന്നു.
25 ആയവനു തീർപ്പാൻ (വക) യില്ലായ്കയാൽ കർത്താവു് അവനേയും ഭാര്യാപു
26 ത്രരേയും അവനുള്ളതു് ഒക്കയും വിറ്റു കടം തീർപ്പാൻ കല്പിച്ചു.
അതുകൊണ്ടു് ആ ദാസൻ വീണു അവനെ നമസ്കരിച്ചു: കർത്താവെ, എ
ങ്കൽ ദീർഘക്ഷാന്തി തോന്നേണമെ! എന്നാൽ നിണക്കു സകലവും ഒപ്പി
27 ച്ചു, തരാം എന്നു പറഞ്ഞപ്പോഴോ——ആ ദാസന്റെ കർത്താവു് കരളലിഞ്ഞു:
അവനെ വിടുവിച്ചു, കടവും ഇളെച്ചു കൊടുത്തു. ആ ദാസൻ പുറപ്പെട്ടാറെ,
28 തന്റെ കൂട്ടദാസരിൽ വെച്ചു് തനിക്കു് നൂറു ദ്രഹ്മ (150 പണം) കടംപെട്ട
ഒരുത്തനെ കണ്ടു് അവനെ വേള പിടിച്ചു ഞെക്കി: കടമുള്ളതു വീട്ടി താ!
29 എന്നു പറഞ്ഞു. എന്നാറെ, ആ കൂട്ടദാസൻ അവന്റെ കാൽക്കൽ വീണു: എ
ങ്കൽ ദീർഘക്ഷാന്തി തോന്നേണമെ! എന്നാൽ നിണക്കു സകലവും ഒപ്പിച്ചു
30 തരാം! എന്നു് അവനെ അപേക്ഷിച്ചു. അവനൊ മനസ്സില്ലാതെ ഉടനെ
31 ചെന്നു കടമുള്ളതു് വീട്ടുവോളം അവനെ തടവിൽ ആക്കിച്ചു. ഈ ഉണ്ടായ
വ അവന്റെ കൂട്ടദാസർ കണ്ടു വളരെ ദുഃഖിച്ചു ചെന്നു സംഭവിച്ചതു് ഒക്ക
32 യും തങ്ങളുടെ കർത്താവിനെ ഉണർത്തിക്കയും ചെയ്തു. അപ്പോഴോ കർത്താവു്
അവനെ വിളിച്ചു വരുത്തി പറഞ്ഞു: ദുഷ്ട ദാസനെ! ആ കടം എല്ലാം നീ
33 എന്നെ അപേക്ഷിക്കയാൽ ഞാൻ നിണക്കു് ഇളെച്ചു തന്നുവല്ലൊ! ഞാനും
നിന്നെ കനിഞ്ഞ പ്രകാരം തന്നെ നിന്റെ കൂട്ടദാസനെ നീയും കനിഞ്ഞു
34 കൊള്ളേണ്ടതായിരുന്നില്ലയൊ? എന്നിട്ടു് അവന്റെ കർത്താവു് ക്രുദ്ധിച്ചു,
അവൻ കടമ്പെട്ടതു് എല്ലാം ഒപ്പിച്ചു തീർക്കുവോളം അവനെ ദണ്ഡിപ്പിക്കു
35 ന്നവരിൽ ഏല്പിച്ചു; അപ്രകാരം സ്വർഗ്ഗസ്ഥനായ എൻ പിതാവു് നിങ്ങളി
ലും ചെയ്യും; നിങ്ങൾ താന്താന്റെ സഹോദരനു് (അവരുടെ പിഴകളെ)
ഹൃദയങ്ങളിൽനിന്നു, ക്ഷമിച്ചു വിടാഞ്ഞാൽ തന്നെ.

19. അദ്ധ്യായം

പരാഗ്വയാത്രയിൽ വിവാഹചോദ്യം [മാ.10.], (13) ശിശുക്കളെ അനു
ഗ്രഹിച്ചതും, (16) ധനവാനായ യുവാവോടു സംഭാഷണാദികളും [മാ.10.
ലൂ.18,15.]

1 **യേശു** ഈ വചനങ്ങളെ തികച്ചപ്പോൾ സംഭവിച്ചത് എങ്കിലോ—അ
2 വൻ ഗലീലയിൽനിന്നു യാത്രയായി യർദ്ദനക്കരയിൽ യഹൂദ്യ അതിരോ
ളം വന്നു; അനേക പുരുഷാരങ്ങളും അവനെ അനുഗമിച്ചു; അവൻ അവിടെ
അവരെ സൌഖ്യമാക്കുകയും ചെയ്തു.
3 പരീശന്മാർ അവനെ അടുത്തു ചെന്ന്: ഒരു മനുഷ്യൻ ഏതു കാരണം
ചൊല്ലിയും തന്റെ ഭാര്യയെ ഉപേക്ഷിക്കുന്നത് വിഹിതമോ? എന്നു പറ
4 ഞ്ഞ് അവനെ പരീക്ഷിച്ചു. അവൻ ഉത്തരം പറഞ്ഞിതു: ആദിയിൽ പടെ
5 ച്ചവൻ (1മൊ. 1,27.) അവരെ ആണും പെണ്ണുമാക്കി തീർത്തു എന്നുള്ളതും.
(1മൊ. 2,24.) അതു നിമിത്തം മനുഷ്യൻ പിതാവേയും മാതാവെയും വി
ട്ടു സ്വഭാര്യയോടു പററിയിരിക്കും; ഇരുവരും ഒരു ജഡമായ്തീരും എന്ന് അ
6 വൻ പറഞ്ഞ പ്രകാരവും നിങ്ങൾ വായിച്ചിട്ടില്ലയൊ? എന്നതുകൊണ്ട് അ
വർ ഇനി രണ്ടല്ല; ഒരു ജഡമത്രെ ആകുന്നു; ആകയാൽ ദൈവം യോജിപ്പി
7 ച്ചതിനെ മനുഷ്യൻ വേർതിരിക്കരുതു. അവർ അവനോട്: എന്നാൽ മോ
ശെ (5മൊ.24,1) ഉപേക്ഷണച്ചീട്ട് (എഴുതി) കൊടുത്ത് ഉപേക്ഷിപ്പാൻ
8 കല്പിച്ചത് എന്തിന്? എന്നു പറഞ്ഞാറെ, അവരോടു ചൊല്ലിയതു: നിങ്ങ
ളുടെ ഹൃദയകാഠിന്യം വിചാരിച്ചത്രെ നിങ്ങളുടെ ഭാര്യമാരെ ഉപേക്ഷിപ്പാൻ
9 മോശെ അനുവദിച്ചതുകൊണ്ട് ആകുന്നു; ആദിയിങ്കൽ അപ്രകാരം ആയി
ല്ല താനും. ഞാനൊ നിങ്ങളോടു പറയുന്നു: പുലയാട്ടകൊണ്ടല്ലാതെ, ആരാ
നും തന്റെ ഭാര്യയെ ഉപേക്ഷിച്ചു, മറവളെ കെട്ടിയാൽ വ്യഭിചരിക്കുന്നു;
ഉപേക്ഷിച്ചവളെ കെട്ടിയവനും വ്യഭിചരിക്കുന്നു. (5,32) എന്നാറെ ശിഷ്യ
10 ന്മാർ അവനോടു: സ്ത്രീയെ സംബന്ധിച്ചിട്ടു മനുഷ്യന്റെ അവസ്ഥ അങ്ങി
11 നെ എങ്കിൽ കെട്ടുന്നതു നിഷ്പ്രയോജനമത്രെ എന്നു പറഞ്ഞാറെ, അവൻ
അവരോടു ചൊല്ലിയതു: ഈ വചനത്തെ വരം കിട്ടിയവർ അല്ലാതെ ശേഷ
12 മുള്ളവർ പിടിക്കുന്നില്ല. എന്തെന്നാൽ അമ്മയുടെ ഗർഭത്തിൽ നിന്ന് അ
ങ്ങിനെ ജനിച്ചിട്ടുള്ള ഷണ്ഡന്മാർ ഉണ്ടു; മനുഷ്യരാൽ ഷണ്ഡത്വം വന്ന ഷ
ണ്ഡന്മാരും ഉണ്ടു; സ്വർഗ്ഗരാജ്യം നിമിത്തം തങ്ങൾക്ക് തന്നെ ഷണ്ഡത്വം
വരുത്തിയ ഷണ്ഡരും ഉണ്ടു; പിടിപ്പാൻ കഴിയുന്നവൻ പിടിപ്പൂതാക.
13 അപ്പോൾ അവനു ശിശുക്കളെ കൊണ്ടുവന്നു, അവൻ അവരുടെ മേൽ
14 കൈകളെ വെച്ചു, പ്രാർത്ഥിക്കേണ്ടതിന്നു തന്നെ. ആയവരെ ശിഷ്യന്മാർ വി
ലക്കി, യേശുവോ: ശിശുക്കളെ വിടുവിൻ! അവർ എന്റെ അടുക്കെ വരു
15 ന്നത് തടുക്കയും അരുതു: ഇപ്രകാരമുള്ളവർക്കു സ്വർഗ്ഗരാജ്യം ഉണ്ടു സത്യം
എന്നു ചൊല്ലി അവർ മേൽ കൈകളെ വെച്ചു, അവിടെ നിന്നു യാത്രയാക
യും ചെയ്തു.
16 ഉടനെ കണ്ടാലും ഒരുത്തൻ വന്ന് അവനോടു: (നല്ല) ഗുരോ, നിത്യജീ
വനെ പ്രാപിപ്പാൻ ഞാൻ എന്തു നന്മ ചെയ്യേണം? എന്നു പറഞ്ഞു. അവ
17 നോട് അവൻ പറഞ്ഞു: എന്നോടു നന്മയെ ചൊല്ലി ചോദിക്കുന്നത് എ
ന്തു? നല്ലവൻ ഒരുത്തനെ ഉള്ളു! ജീവനിൽ പ്രവേശിക്കേണം എങ്കിലൊ ക
18 ല്പനകളെ സൂക്ഷിക്ക! ഏവ? എന്നു ചോദിച്ചതിന്നു യേശു പറഞ്ഞു: (2
മൊ. 20.) നീ കൊലചെയ്യരുതു; വ്യഭിചരിക്കരുതു; മോഷ്ടിക്കരുതു; കള്ള
സ്സാക്ഷി പറയരുതു; മാതാപിതാക്കൻമാരെ ബഹുമാനിക്ക എന്നുള്ളവയും
19 (3. മൊ. 19, 18.) നിന്റെ കൂട്ടുകാരനെ നിന്നെപ്പോലെ തന്നെ സ്നേഹിക്ക
20 എന്നതും തന്നെ. ബാല്യക്കാരൻ അവനോട്: ഇവ ഒക്കയും ഞാൻ ചെറുപ്പം
മുതൽ കാത്തുകൊണ്ടിരിക്കുന്നു; ഇനി കുറവുള്ളത് എന്ത്? എന്നു പറഞ്ഞാ
21 റെ, യേശു അവനോട് പറഞ്ഞു: തികഞ്ഞവനാവാൻ ഇച്ഛിച്ചാൽ
നീ ചെന്നു മുതലുള്ളതു വിറ്റു ദരിദ്രർക്കു കൊടുക്ക, എന്നാൽ സ്വർ
ഗ്ഗത്തിൽ നിണക്ക് നിക്ഷേപം ഉണ്ടാകും; പിന്നെ വന്ന് എന്നെ അനുഗമി
22 ക്ക! ഈ വചനം ബാല്യക്കാരൻ കേട്ടപ്പോൾ, വളരെ സമ്പത്തുള്ളവനാക
23 കൊണ്ടു ദുഃഖിച്ചു പോയ്തുളഞ്ഞു. അപ്പോൾ യേശു തന്റെ ശിഷ്യരോടു

24 പറഞ്ഞു, ആമെൻ ഞാൻ നിങ്ങളോട പറയുന്ന: ധനവാൻ സ്വർഗ്ഗരാജ്യത്തിൽ
പ്രവേശിപ്പാൻ പ്രയാസം അത്രെ; പിന്നെയും നിങ്ങളോട പറയുന്നിതു:
ധനവാൻ ദേവരാജ്യത്തിൽ പൂകുന്നതിലും ഒട്ടകം സൂചിക്കുഴയുടെ കടക്കുന്ന
25 തിന്നു് എളുപ്പം ഏറെ ഉണ്ടു. എന്നതു് കേട്ടു ശിഷ്യന്മാർ ഏറ്റം സ്തംഭിച്ചു്:
എന്നാൽ രക്ഷപെടുവാൻ ആർക്കു് കഴിയും? എന്നു പറഞ്ഞു. യേശുവൊ അ
26 വരെ നോക്കി: ഇതു മനുഷ്യരോടു് അസാദ്ധ്യം എങ്കിലും ദൈവത്തോട
സകലവും സാദ്ധ്യം ആകുന്നു എന്നു പറഞ്ഞു.

27 അപ്പോൾ പേത്രൻ അവനോടു് ഉത്തരമായി പറഞ്ഞു: ഇതാ ഞങ്ങൾ
സകലവും വിട്ടകളഞ്ഞു, നിന്റെ പിന്നാലെ വന്നു; എന്നാൽ ഞങ്ങൾക്കു്
28 എന്തുണ്ടാകും? യേശു അവരോട ചൊല്ലിയതു്, ആമെൻ ഞാൻ നിങ്ങളോ
ടു് പറയുന്നു: എന്നെ അനുഗമിച്ച നിങ്ങൾ പുനർജ്ജനനത്തിൽ തന്നെ മനു
ഷ്യപുത്രൻ തന്റെ തേജസ്സിൻ സിംഹാസനത്തിൽ ഇരുന്നാൽ പിന്നെ നി
ങ്ങളും, ഇസ്രയേൽ ഗോത്രങ്ങൾ പന്ത്രണ്ടിന്നും ന്യായം വിധിച്ചും കൊണ്ടു
29 പന്ത്രണ്ടു സിംഹാസനങ്ങളിൽ ഇരിക്കും. പിന്നെ വീടുകൾ, സഹോദരർ,
സഹോദരികൾ, അച്ഛൻ, അമ്മ, മക്കൾ, നിലങ്ങൾ എന്നിവറ്റിൽ ഒന്നി
നെ എന്റെ നാമം നിമിത്തം വിട്ടകളഞ്ഞവൻ എല്ലാം നൂറു മടങ്ങു പ്രാപി
ച്ചു, നിത്യജീവനെയും അവകാശമായി ലഭിക്കും.

30 എങ്കിലും മുമ്പരായ പലരും പിമ്പരും, പിമ്പരായവർ മുമ്പരും ആകും.

20. അദ്ധ്യായം

(19, 30.) പറമ്പിലെ കൂലിക്കാരുടെ ഉപമ, (17) യേശു സ്വമരണത്തെ
അറിയിച്ചതു് [മാ. 10, 32. ലൂ. 18, 31.], (20) ജബദിമക്കളുടെ അപേ
ക്ഷ [മാ. 10], (29) യറിഹോവിലെ രണ്ടു കുരുടന്മാർ [മാ. 10. ലൂ. 18.]

1 **എ**ങ്ങിനെ എന്നാൽ സ്വർഗ്ഗരാജ്യം തന്റെ മുന്തിരിവള്ളി പറമ്പിലേക്കു
കൂലിക്കാരെ ആക്കേണ്ടതിന്നു, പുലർച്ചക്കു തന്നെ പുറപ്പെട്ടിട്ടുള്ള ഗൃഹസ്ഥ
2 നോട സദൃശമാകുന്നു. ആ പ്രവൃത്തിക്കാരോടു് അവൻ ദിവസത്തേക്കു് ഓ
രോ ദ്രഹ്മ (1 || പണം) പറഞ്ഞു നിശ്ചയിച്ചിട്ടു്, അവരെ തന്റെ പറ
3 മ്പിൽ അയച്ചു. മൂന്നാം മണിനേരത്തും പുറപ്പെട്ട, മറ്റുള്ളവർ ചന്തയിൽ മി
4 നക്കേട്ട നില്ക്കുന്നതു കണ്ടു: നിങ്ങളും പറമ്പിലേക്കു് ചെല്ലുവിൻ! ന്യായമാ
യുള്ളതിനെ ഞാൻ തരികയും ആം എന്നു് അവരോടും പറഞ്ഞു, അവർ ചെ
5 ല്ലുകയും ചെയ്തു. പിന്നെയും ആറുമണിക്കും ഒമ്പത മണിക്കും പുറപ്പെട്ട, അ
6 പ്രകാരം തന്നെ ചെയ്തു; പതിനൊന്നാം മണിക്കു കൂടെ പുറപ്പെട്ട ചെന്നു,
മറ്റുള്ളവർ നില്ക്കുന്നതു കണ്ടാറെ: നിങ്ങൾ ഇവിടെ പകൽ എല്ലാം മിന
7 ക്കേട്ടു നിലു്പാൻ എന്തു്? എന്നു പറഞ്ഞതിന്നു: ഞങ്ങളെ ആരും കൂലി
ക്കു് ആക്കീട്ടില്ലായ്കയാൽ അത്രെ എന്നു പറഞ്ഞപ്പോൾ—നിങ്ങളും പറമ്പി
ലേക്കു ചെല്ലുവിൻ! (ന്യായമായുള്ളതു കിട്ടുകയുമാം) എന്നു് അവരോടു പ
8 റഞ്ഞു. പിന്നെ സന്ധ്യയായപ്പോൾ പറമ്പിൻ ഉടയവൻ വിചാരണക്കാര
നോടു പറയുന്നു: പ്രവൃത്തിക്കാരെ വിളിച്ചു് ഒടുക്കത്തവർ മുതൽ കൊണ്ടു, മു
9 മ്പുള്ളവരോളം അവർക്കു കൂലി കൊടുത്തു തീർക്ക. എന്നിട്ടു പതിനൊന്നു മണി
10 ക്കു (ആയവർ) വന്നു് ഓരൊ ദ്രഹ്മ വാങ്ങി, മുമ്പൻമാർ വന്നാറെ, അധി
11 കം കിട്ടും എന്നു നിരൂപിച്ചു, അവർക്കും ഓരൊ ദ്രഹ്മ ലഭിച്ചു. ആയതു്
അവർ വാങ്ങി, ഈ ഒടുക്കത്തവർ ഒരു മണിനേരം മാത്രം കഴിച്ചിട്ടും, ദി
12 വസത്തിന്റെ ഭാരവും വെയിലും ചുമന്ന ഞങ്ങളോടു നീ അവരെ സമ
മാക്കി വെച്ചുവല്ലൊ എന്നു ചൊല്ലി, ഗൃഹസ്ഥനു നേരെ പിറുപിറുത്തു. അ
13 വരിൽ ഒരുവനോടു് അവൻ ഉത്തരം പറഞ്ഞിതു; തോഴ, ഞാൻ നിനക്കു

ന്യായക്കുറവു ചെയ്യുന്നില്ല; എന്നോട് ഒരു ദ്രമ്മ തന്നെ സമ്മതിച്ചു പോയ
14 ല്ലൊ? നിന്നെറത് വാങ്ങി പോയ്ക്കൊൾക; ഈ ഒടുക്കത്തവനൊ നിണക്ക്
എന്ന പോലെ കൊടുപ്പാൻ എനിക്ക് മനസ്സുണ്ടു; ഞാൻ നല്ലവനാകകൊ
15 ണ്ടു, നിന്നെറ കണ്ണു ദുഷിച്ചുപോയാലും എനിക്കുള്ളവററിൽ എന്നെറ മന
16 സ്സിൻ പ്രകാരം ചെയ്വാൻ എനിക്കു വിഹിതം അല്ലയൊ? ഇപ്രകാരം
തന്നെ പിമ്പന്മാർ മുമ്പരും, മുമ്പന്മാർ പിമ്പരും ആകും; കാരണം വിളി
ക്കപ്പെട്ടവർ അനേകർ, തെരിഞ്ഞെടുക്കപ്പെട്ടവർ ചുരുക്കമത്രെ.

17 യേശു യരുശലേമിന്നായി യാത്ര നടക്കുമ്പോൾ, വഴിയിൽവെച്ചു, പന്ത്ര
18 ണ്ടു ശിഷ്യന്മാരെ പ്രത്യേകം കൂട്ടിക്കൊണ്ടു: കണ്ടാലും, നാം യരുശലേമിലേ
ക്കു കരേറി പോകുന്നു; അവിടെ മനുഷ്യപുത്രൻ മഹാപുരോഹിതർക്കും ശാ
19 സ്ത്രികൾക്കും ഏല്പിക്കപ്പെട്ടിട്ടു, അവർ അവനു മരണം വിധിച്ചു. പരിഹാ
സവും തല്ലും ക്രൂശാരോഹണവും നടത്തുവാൻ ജാതികളിൽ സമർപ്പിക്കും,
മൂന്നാം നാൾ അവൻ വീണ്ടും എഴുനീല്ക്കയും ചെയ്യും എന്ന് അവരോടു പറ
ഞ്ഞു.

20 അപ്പോൾ ജബദിപുത്രരുടെ അമ്മമക്കളുമായി അവന്നെറ അടുക്കെവന്നു കുമ്പി
21 ട്ട്, അവനോടു ഒന്നു യാചിച്ചാറെ എന്തുവേണം? എന്ന് അവളോടു പറ
ഞ്ഞു; അവൾ പറയുന്നു; ഈ എന്നെറ മക്കൾ ഇരുവരും നിന്നെറ രാജ്യത്തിൽ
ഒരുത്തൻ നിന്നെറ വലത്തും ഒരുത്തൻ ഇടത്തും ഇരിപ്പാൻ അരുളിച്ചെയ്ക.
22 അതിന്നു യേശു ഉത്തരം ചൊല്ലിയതു: നിങ്ങൾ യാചിക്കുന്നതു് ഇന്നതു്
എന്നു നിങ്ങൾ അറിയുന്നില്ല; ഞാൻ കുടിപ്പാനിരിക്കുന്ന പാനപാത്ര
ത്തിൽ കുടിപ്പാൻ നിങ്ങൾക്കു് കഴിയുമൊ? കഴിയും എന്നു് അവർ പറഞ്ഞ
23 പ്പോൾ—എന്നെറ പാനപാത്രത്തിൽ നിങ്ങൾ കുടിക്കും സത്യം; എങ്കിലും
എന്നെറ വലത്തും ഇടത്തും ഇരിക്കുന്നതു നല്കുവാൻ എങ്കൽ ഇല്ല; അതു് എൻ
പിതാവിനാൽ ആക്ക ഒരുക്കപ്പെട്ടതു് അവർക്കത്രെ (വരു) എന്നു് അവ
24 രോടു പറയുന്നു. ആയതു പത്തുപേർ കേട്ടിട്ടു, രണ്ടു സഹോദരരിൽ മുഷി
ച്ചൽ ഭാവിച്ചു; യേശുവൊ അവരെ അടുക്കെ വിളിച്ചുപറഞ്ഞിതു: ജാതി
25 കളിൽ വാഴുന്നവർ അവരിൽ കർത്തൃത്വം നടത്തുന്നു എന്നും, മഹത്തുകൾ
26 അവരെ അധികരിച്ചമർക്കുന്നു എന്നും നിങ്ങൾ അറിയുന്നു. നിങ്ങളിൽ
അപ്രകാരം ആകാ; നിങ്ങളിൽ മഹാൻ ആകുവാൻ ഇച്ഛിക്കുന്നവൻ എല്ലാം
27 നിങ്ങളുടെ ശുശ്രൂഷക്കാരനാകും; നിങ്ങളിൽ ഒന്നാമൻ ആവാൻ ഇച്ഛി
28 ച്ചാൽ, നിങ്ങളുടെ ദാസനുമായി ഭവിക്ക. മനുഷ്യപുത്രൻ ശുശ്രൂഷ ചെയ്വി
പ്പാനല്ല. താൻ ശുശ്രൂഷിപ്പാനും അനേകർക്കു വേണ്ടി തന്നെറ പ്രാണനെ
വീണ്ടെടുപ്പായി കൊടുപ്പാനും വന്ന പ്രകാരമത്രെ.

29 അവർ യറിഹോവിൽനിന്നു പുറപ്പെടുമ്പോൾ, വലിയ പുരുഷാരം അ
30 വന്നെറ പിന്നാലെ ചെന്നു; അപ്പോൾ കണ്ടാലും വഴിയരികെ ഇരിക്കുന്ന
രണ്ടു കുരുടർ, യേശു കടന്നു പോകുന്ന പ്രകാരം കേട്ടു: കർത്താവെ, ദാവിദ്
പുത്ര! ഞങ്ങളെ കനിഞ്ഞു കൊൾക! എന്നു നിലവിളിച്ചു. പുരുഷാരം അ
31 വരെ മിണ്ടാതിരിപ്പാൻ ശാസിച്ചപ്പോൾ, അവർ: കർത്താവെ ദാവിദ്
പുത്ര! ഞങ്ങളെ കനിഞ്ഞു കൊൾക! എന്നു് അധികം കൂക്കിപോന്നു.
32 യേശുവുംനിന്നു് അവരെ വിളിച്ചു; നിങ്ങൾക്കു് എന്തു ചെയ്യേണ്ടതിന്നു്
33 ഇച്ഛിക്കുന്നു? എന്നു പറഞ്ഞു. കർത്താവെ, ഞങ്ങൾക്കു് കണ്ണുകൾ തുറന്നു വരേ
34 ണം എന്നു് അവർ പറയുന്നു. അപ്പോൾ യേശു കരളലിഞ്ഞു, അവരുടെ
കണ്ണുകളെ തൊട്ടു ഉടനെ കണ്ണുകൾക്കു കാഴ്ച തിരികെ വന്നു; അവർ അവ
നെ പിന്തുടരുകയും ചെയ്തു.

21. അദ്ധ്യായം

യരുശലേമിൽ പ്രവേശം [മാ. 11. ലൂ. 19. യൊ. 12.], (12) ദേവാലയത്തിൽ വ്യാപരിച്ചത [മാ. 11. ലൂ. 19.], (18) അത്തിമരത്തിന്നു ശാപം [മാ. 11.], (23) പരീശപ്രോദ്യത്തിന്നു എതിർപ്രോദ്യം [മാ. 11. ലൂ. 19.], (28)രണ്ടു പുത്രരുടെ ഉപമ, (33) കള്ളകൂടിയാന്മാരുടെ ഉപമയും മറും [മാ. 12. ലൂ. 20.]

1 അനന്തരം അവർ യരുശലേമിനോടു സമീപിച്ചു ഒലീവമലയരികെ
ബെഥ്ഫഗ്യയിൽ എത്തിയപ്പോൾ, യേശു രണ്ടു ശിഷ്യരെ നിയോഗിച്ചു:
2 നിങ്ങൾക്കു എതിരെ ഉള്ള ഗ്രാമത്തിൽ ചെല്ലുവിൻ; അവിടെ ഉടനെ കെ
ട്ടീട്ടുള്ള ഒരു പെൺകഴുതയേയും അതിനോടുകൂടെ കുട്ടിയെയും കാണും; അവ
3 കെട്ടഴിച്ചു കൊണ്ടു വരുവിൻ! നിങ്ങളോടു ആരും വല്ലതും പറഞ്ഞാൽ,
കർത്താവിന്നു ഇവ കൊണ്ടു ആവശ്യം ഉണ്ടു എന്നു ചൊല്ലുവിൻ; അവ
4 നും ക്ഷണം അവറെ അയക്കും എന്നു പറഞ്ഞു. (ജക. 9, 9.) ചിയോൻ
പുത്രിയോടു പറവിൻ! കണ്ടാലും നിന്റെ രാജാവു സൌമ്യതയുള്ളവനായും
5 വാഹനമാകുന്ന കഴുതക്കുട്ടിപ്പുറത്തു കയറികൊണ്ടും നിണക്കു വരുന്നു എന്നു
പ്രവാചകനുഖേന മൊഴിഞ്ഞതിന്നു നിവൃത്തി വരുവാൻ ഇതു സംഭവിച്ച
6 തു. എന്നാറെ, ശിഷ്യർ പുറപ്പെട്ടു, യേശു നിയോഗിച്ച പ്രകാരം ചെയ്തു.
7 കഴുതയേയും കുട്ടിയേയും കൊണ്ടുവന്നു, തങ്ങളുടെ വസ്ത്രങ്ങളെ അതിന്മേൽ
8 പരത്തി, അവനും കയറി ഇരുന്നു. പുരുഷാരം മിക്കതും തങ്ങളുടെ വസ്ത്രങ്ങ
ളെ വഴിയിൽ വിരിച്ചു, മറുള്ളവർ മരങ്ങളിൽനിന്നു കൊമ്പുകളെ
9 വെട്ടി, വഴിയിൽ വിതറും. മുന്നും പിന്നും ചെല്ലുന്ന സമൂഹങ്ങൾ: ദാവീദു
പുത്രനു ഹൊശീയന്ന! (സങ്കീ. 118, 25.) കർത്താവിൻനാമത്തിൽ വരു
ന്നവൻ വാഴ്ത്തപ്പെട്ടവനാക! അത്യുന്നതങ്ങളിൽ ഹൊശീയന്ന! എന്നു
10 ആർത്തു കൊണ്ടിരുന്നു. പിന്നെ അവൻ യരുശലേമിൽ പുക്കപ്പോൾ, നഗ
11 രം എല്ലാം കലുങ്ങി: ഇവൻ ആർ? എന്നു (ചോദിച്ചു). പുരുഷാരങ്ങളോ:
ഇവൻ ഗലീലയിലെ നചറത്തിൽനിന്നുള്ള പ്രവാചകനായ യേശു എന്നു
പറഞ്ഞു.
12 പിന്നെ യേശു ദേവാലയത്തിൽ പ്രവേശിച്ചു ആലയത്തിൽ വില്ക്കുന്നവ
രെയും വാങ്ങുന്നവരെയും ഒക്കയും പുറത്താക്കി, പൊൻവാണിഭക്കാരുടെ
മേശകളെയും പ്രാവുകളെ വില്ക്കുന്നവരുടെ പലകകളെയും മറിച്ചുകളഞ്ഞു
13 അവരോടു പറയുന്നു: എന്റെ ഭവനം പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും
എന്നു എഴുതി ഇരിക്കുന്നു (യശ.56, 7.); നിങ്ങളോ അതിനെ കള്ളന്മാരു
14 ടെ ഗുഹ (യിറ. 7, 11.) ആക്കി തീർത്തു. എന്നാറെ, കുരുടരും മുടന്തരും ആ
ലയത്തിൽ തന്നെ അവന്റെ അടുക്കെ വന്നു; അവനും അവരെ സൌഖ്യമാ
15 ക്കി. പിന്നെ മഹാപുരോഹിതരും ശാസ്ത്രികളും അവൻ ചെയ്ത അതിശയ
ങ്ങളെയും ദാവീദുപുത്രനു ഹൊശീയന്ന എന്നു ആലയത്തിൽ ആർക്കുന്ന
16 ബാലന്മാരെയും കണ്ടിട്ടു മുഷിഞ്ഞു: ഇവർ പറയുന്നതു കേൾക്കുന്നുവൊ? എ
ന്നു അവനോടു പറഞ്ഞു; യേശു അവരോടു: അതെ, (സങ്കീ. 8, 3.) ശിശു
ക്കളുടെയും മുലകുടിക്കുന്നവരുടെയും വായിൽനിന്നു നീ പുകഴ്ചയെ നിമ്മിച്ചു
17 എന്നുള്ളതു നിങ്ങൾ ഒരിക്കലും വായിച്ചില്ലയൊ? എന്നു ചൊല്ലി, അവരെ
വിട്ടു, പട്ടണത്തിൽനിന്നു പുറപ്പെട്ടു, ബെഥന്യെക്കു ചെന്നു അവിടെ രാ
ത്രി പാർക്കയും ചെയ്തു.
18 പുലരുമ്പോൾ നഗരത്തിലേക്കു മടങ്ങി പോകും സമയം വിശന്നിട്ടു,
19 വഴിക്കൽ ഒർ അത്തിമരം കണ്ടു. അതിന്റെ നേരെ ചെന്നു, അതിൽ ഇല
കളും അല്ലാതെ ഒന്നും കാണായ്കയാൽ: ഇനി നിന്നിൽ ഏന്നേക്കും ഫലം
20 ജനിക്കായ്ക! എന്നു അതിനോടു പറഞ്ഞു: പെട്ടന്നു അത്തി ഉണങ്ങുകയും

ചെയ്യ. ശിഷ്യന്മാർ അതു കണ്ടാറെ: അത്തി എത്ര ക്ഷണത്തിൽ ഉണ
21 ങ്ങിപ്പോയി! എന്നു് ആശ്ചര്യപ്പെട്ടു; അതിന്നു യേശു ഉത്തരം ചൊല്ലിയതു:
ആമെൻ ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾക്കു സന്ദേഹം വരാതെ വി
ശ്വാസം ഉണ്ടായാൽ, ഈ അത്തിയിൽ കണ്ടതു മാത്രമല്ല നിങ്ങൾ ചെയ്യും;
ഈ മലയോടു്: അല്ലയൊ നീങ്ങി കടലിൽ ചാടിപ്പോ! എന്നു പറഞ്ഞാ
22 ലും അതു സംഭവിക്കും (17, 20.) നിങ്ങൾ പ്രാർത്ഥനയിൽ വിശ്വസിച്ചു
കൊണ്ടു് എന്തു യാചിച്ചാലും ലഭിക്കയും ചെയ്യും.

23 അവൻ ആലയത്തിൽ വന്നു് ഉപദേശിക്കുമ്പോൾ, മഹാപുരോഹിതരും
ജനത്തിന്റെ മൂപ്പരും അവനോടു് അണഞ്ഞു: നീ ഏതു വിധമുള്ള അധി
കാരംകൊണ്ടു് ഇവറെ ചെയ്യുന്നു? എന്നും, ഈ അധികാരത്തെ നിണക്കു
തന്നതു് ആർ? എന്നും പറഞ്ഞു. അവർക്കു യേശു ഉത്തരം ചൊല്ലിയ്തു:
24 ഞാനും നിങ്ങളോടു് ഒരു വാക്കു ചോദിക്കും; അതു നിങ്ങൾ എന്നോടു പറ
ഞ്ഞാൽ, ഏതു് അധികാരം കൊണ്ടു ഞാൻ ഇവ ചെയ്യുന്നു എന്നുള്ളതു ഞാനും
25 നിങ്ങളോടു പറയും. യോഹനാന്റെ സ്നാനം എവിടെനിന്നു് ഉണ്ടായി?
സ്വർഗ്ഗത്തിൽനിന്നോ? മനുഷ്യരിൽ നിന്നൊ? എന്നാറെ, അവർ തങ്ങളിൽ
നിരൂപിച്ചു, സ്വർഗ്ഗത്തിൽ നിന്നു് എന്നു പറഞ്ഞാൽ, പിന്നെ നിങ്ങൾ
26 അവനെ വിശ്വസിക്കാഞ്ഞതു് എന്തു്? എന്നു് നമ്മോടു പറയും; മനുഷ്യ
രിൽ നിന്നു് എന്നു പറഞ്ഞാലൊ, എല്ലാവരും യോഹനാനെ പ്രവാചകൻ
എന്നു മതിക്കുന്നതു കൊണ്ടു നാം ജനത്തെ ഭയപ്പെടുന്നു; എന്നുകണ്ടു് അ
27 വർ യേശുവോടു: ഞങ്ങൾക്കു് അറിഞ്ഞു കൂടാ എന്നു് ഉത്തരം പറഞ്ഞു; അ
വനും അവരോടു പറഞ്ഞു: എന്നാൽ ഞാൻ ഇവ ചെയ്യുന്നതു് ഏതു് അധി
കാരം കൊണ്ടു് ആകുന്നു എന്നുള്ളതും നിങ്ങളോടു ചൊല്ലുന്നില്ല.

28 എങ്കിലും നിങ്ങൾക്കു് എന്തു് തോന്നുന്നു; ഒരു മനുഷ്യനു രണ്ടു മക്കൾ ഉ
ണ്ടായതിൽ ഒന്നാമനെ ചെന്നു കണ്ടു: മകനെ, ഇന്നു് എന്റെ മുന്തിരി വള്ളി
പ്പുരമ്പിൽ പോയി പണി എടുക്ക! എന്നു പറഞ്ഞു എനിക്കു് മനസ്സില്ല!
29 എന്നു് അവൻ ഉത്തരം പറഞ്ഞാറെയും, പിന്നേതിൽ അനുതാപപ്പെട്ടു ചെ
30 ന്നു; രണ്ടാമനെ ചെന്നു കണ്ടു, അപ്രകാരം തന്നെ പറഞ്ഞപ്പോൾ: ഞാൻ
(പോകാം) കർത്താവെ! എന്നു് അവൻ ഉത്തരം ചൊല്ലി, പോകാതെ
31 നിന്നു. ഈ ഇരുവരിൽ ഏവൻ അപ്പന്റെ ഇഷ്ടം ചെയ്തു? എന്നാറെ, അവർ
ഒന്നാമൻ എന്നു പറഞ്ഞു: യേശു അവരോടു ചൊല്ലിയതു: ആമെൻ ഞാൻ
നിങ്ങളോടു പറയുന്നു: ചുങ്കക്കാരും വേശ്യമാരും നിങ്ങൾക്കു് മുമ്പെ തന്നെ
32 ദേവരാജ്യത്തിൽ ചെല്ലും; എങ്ങിനെ എന്നാൽ യോഹനാൻ നീതിയുടെ
വഴിയിൽ നിങ്ങളുടെ അടുക്കെ വന്നു, നിങ്ങൾ അവനെ വിശ്വസിച്ചതും
ഇല്ല; ചുങ്കക്കാരും വേശ്യമാരും അവനെ വിശ്വസിച്ചു താനും; ആയതു
നിങ്ങൾ കണ്ടിട്ടും അവനെ വിശ്വസിക്കത്തക്കവണ്ണം പിന്നേതിൽ അനു
തപിച്ചതും ഇല്ല.

33 മറ്റൊർ ഉപമയെ കേൾപ്പിൻ! ഒരു വീട്ടുടയവൻ ഉണ്ടായിരുന്നു; അവൻ
വള്ളിപ്പുരമ്പു നട്ടു്, അതിന്നു വേലി കെട്ടി, അതിൽ ചക്കു കുഴിച്ചു നാട്ടി,
ഗോപുരവും പണിചെയ്തു (യശ. 5, 1.) കുടിയാന്മാർക്കു പാട്ടത്തിന്നു കൊ
34 ടുത്തു, പരദേശത്തു പോയി. ഫലങ്ങളുടെ കാലം സമീപിച്ചപ്പോൾ—അവൻ
തന്റെ അനുഭവം വാങ്ങേണ്ടതിന്നു സ്വദാസന്മാരെ കുടിയാരുടെക്കെ പറ
35 ഞ്ഞയച്ചു. കുടിയാരോ അവന്റെ ദാസരെ പിടിച്ചു, ഒരുവനെ തല്ലി,
36 മറ്റവനെ കൊന്നു, മറ്റൊരുവനെ കല്ലെറിഞ്ഞു കളഞ്ഞു. പിന്നെയും മു
മ്പിലേത്തവരേക്കാൾ അധികം ദാസന്മാരെ അയച്ചു; അവരിലും അപ്ര
37 കാരം തന്നെ ചെയ്തു. ഒടുക്കം എന്റെ മകനെ അവർ ശങ്കിക്കും എന്നു പൊ
38 ല്ലി, സ്വപുത്രനെ അവരുടെ അടുക്കെ അയച്ചു. പുത്രനെ കണ്ടാറെ, കുടിയാ
ന്മാർ: ഇവൻ അവകാശി തന്നെ; വരുവിൻ! നാം അവനെ കൊന്നു,

39 അവന്റെ അവകാശത്തെ അടക്കിക്കൊൾക! എന്നു തങ്ങളിൽ പറഞ്ഞു: അ
40 വനെ പിടിച്ചു, പറമ്പിൽനിന്നു തള്ളി, കൊന്നുകളഞ്ഞു. എന്നാൽ പറമ്പി
നുടയവൻ വരുമ്പോൾ, ആ കുടിയാരിൽ എന്തുചെയ്യും? എന്നാറെ അവർ,
41 ആ വല്ലാത്തവരെ വല്ലാതെ നിഗ്രഹിച്ചു, പറമ്പിനെ തല്ക്കാലത്തു ഫല
ങ്ങളെ ഒപ്പിച്ചു കൊടുക്കുന്ന, വേറെ കുടിയാന്മാരിൽ (ഏല്പിച്ചു) കൊടുക്കും
എന്നു് അവനോടു് പറഞ്ഞു.
42 യേശു അവരോടു് പറയുന്നിതു: (സങ്കീ. 118,22) വീടു പണിയുന്നവർ
ആകാ എന്നു തള്ളിയോരു കല്ലു തന്നെ കോണിൻ തലയായ്വന്നു; കർത്താ
വിൽനിന്നു് ഇതുണ്ടായി നമ്മുടെ കണ്ണുകൾക്കു് ആശ്ചര്യമായിരിക്കുന്ന എന്നു
43 തിരുവെഴുത്തുകളിൽ ഒരിക്കലും വായിച്ചില്ലയൊ? അതുകൊണ്ടു് ദേവരാ
ജ്യം നിങ്ങളിൽനിന്നു് എടുക്കപ്പെട്ടു്, അതിന്റെ ഫലങ്ങളെ ഉണ്ടാക്കുന്ന
44 ജാതിക്കു കൊടുക്കപ്പെടും എന്നു ഞാൻ നിങ്ങളോടു പറയുന്നു. പിന്നെ ഈ
45 കല്ലിന്മേൽ വീണവൻ പൊടിഞ്ഞു പോകും; അതു് ആരുടെമേൽ വീണാ
ലും അവനെ ധൂളിപ്പിക്കും. എന്നിങ്ങിനെ അവന്റെ ഉപമകളെ മഹാപുരോ
46 ഹിതരും പറീശരും കേട്ടിട്ടു, തങ്ങളെ കൊണ്ടു പറയുന്നതു് എന്നു ബോധി
ച്ചു. അവനെ പിടിപ്പാൻ അന്വേഷിച്ചിട്ടും പുരുഷാരം അവനെ പ്രവാച
കൻ എന്നു മതിക്കുന്നതുകൊണ്ടു അവരെ ഭയപ്പെട്ടു നിന്നു.

22. അദ്ധ്യായം

രാജപുത്രന്റെ കല്യാണവിരുന്നു, (15) കൈസർ കരത്തെകൊണ്ടും, (23) പുനരുത്ഥാനത്തെകൊണ്ടും ചോദിച്ചതു [മാ. 12. ലൂ. 20.], (34) ധർമ്മവെപ്പിന്റെ സാരം [മാ. 12.], (41) ദാവിദിന്നു കർത്താവും പുത്രനും ആയവൻ [മാ. 12. ലൂ. 20.]

1 യേശു പിന്നെയും അവക്കു് ഉപമകൾകൊണ്ടു ഉത്തരം ചൊല്ലിയതു: സ്വർഗ്ഗ
2 രാജ്യം തന്റെ പുത്രനു കല്യാണം കഴിക്കുന്ന രാജാവിന്നു സദൃശമാകുന്നു;
3 ആയവൻ കല്യാണത്തിന്നു ക്ഷണിച്ചവരെ വിളിക്കേണ്ടതിന്നു തന്റെ ദാ
4 സരെ പറഞ്ഞയച്ചിട്ടും, അവർക്കു് വരുവാൻ മനസ്സില്ല. പിന്നെയും മറെ
ദാസരെ നിയോഗിച്ചു: ഇതാ എന്റെ മുത്താഴം ഒരുക്കി തീർന്നു, എന്റെ
കാളകളും തടിച്ച ജന്തുക്കളും അറുത്തിട്ടും എല്ലാം ഒരുമ്പെട്ടും ഇരിക്കുന്നു, ക
ല്യാണത്തിന്നു വരുവിൻ! എന്നു ക്ഷണിക്കപ്പെട്ടവരോടു പറയിച്ചു. ആയവർ
5 അതു കൂട്ടാക്കാതെ ഒരുവൻ തന്റെ നിലത്തിന്നും ഒരുത്തൻ തന്റെ വ്യാപാര
6 ത്തിന്നും ചെന്നു. ശേഷം ചിലർ അവന്റെ ദാസരെ പിടിച്ചു സാഹസം
7 ചെയ്തും കൊന്നും കളഞ്ഞു. ആയതു രാജാവു് കേട്ടു കോപിച്ചു, തന്റെ പട
കളെ അയച്ചു്, ആ കുലപാതകരെ ഒടുക്കി; അവരുടെ പട്ടണത്തെ എരിച്ചു
8 കളഞ്ഞു. അപ്പോൾ സ്വദാസരോടു, കല്യാണം ഒരുങ്ങിയിരിക്കുന്ന സത്യം,
ക്ഷണിച്ചവരോ യോഗ്യരല്ലാഞ്ഞു; അതുകൊണ്ടു വഴികളുടെ അറുതികളിൽ
9 ചെന്നുപോന്നു, കണ്ടവരെ ഒക്കെയും കല്യാണത്തിന്നു വിളിപ്പിൻ എന്നു
10 പറഞ്ഞാറെ—ആ ദാസന്മാർ (പെരു) വഴികളിൽ പോയി ദുഷ്ടരും നല്ലവരു
മായി കണ്ടവരെ ഒക്കെയും കൂട്ടിക്കൊണ്ടു വന്നു, കല്യാണത്തിന്നു പന്തി ഇരി
11 ക്കുന്നവർ നിറകയും ചെയ്തു. പിന്നെ ഇരിക്കുന്നവരെ നോക്കുവാൻ രാജാവു്
12 പ്രവേശിച്ചു, കല്യാണവസ്ത്രം ഉടുക്കാത്ത മനുഷ്യനെ അവിടെ കണ്ടു: തോഴ!
നീ കല്യാണവസ്ത്രം ഇല്ലാതെ ഇതിൽ അകമൃക്കതു് എങ്ങിനെ? എന്നു പ
13 റഞ്ഞു; അവനും വായിമുട്ടിനിന്നു. അപ്പോൾ രാജാവു് ശുശ്രൂഷക്കാരോടു്:
ഇവനെ കാലും കൈയും വരിഞ്ഞു കെട്ടി, ഏററം പുറത്തുള്ള ഇരുട്ടിൽ തള്ളി
ക്കളവിൻ! അവിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും എന്നു പറഞ്ഞു. കാര
14 ണം വിളിക്കപ്പെട്ടവർ അനേകർ, തെരിഞ്ഞെടുക്കപ്പെട്ടവർ ചുരുക്കമത്രെ
(20,16.)

15 അപ്പോൎ പറീശർ ചെന്ന, അവനെ വാക്കിൽ കുടുക്കുവാൻ മന്ത്രിച്ചുകൊ
ണ്ട, തങ്ങളുടെ ശിഷ്യരെ ഹെരോദ്യരുമായി അവന്റെ അടുക്കൽ അയച്ച:
16 ഗുരൊ, നീ സത്യവാനും ദൈവത്തിൻ വഴിയെ ഉണ്മയിൽ പഠിപ്പിക്കുന്നവ
നും എന്നും മനുഷ്യമുഖത്തെ നോക്കാത്തവനാകയാൽ ആരെയും ചിന്തയി
17 ല്ലാത്തവൻ എന്നും ഞങ്ങൾ അറിയുന്നു. അതുകൊണ്ട് ഞങ്ങളെ അറിയിക്ക;
നിണക്ക് എന്തു തോന്നുന്നു? കൈസർക്കു കരം കൊടുക്കുന്നതു വിഹിതമൊ
18 അല്ലയൊ? എന്നു പറയിച്ചു. യേശു അവരുടെ ദുഷ്ടതയെ അറിഞ്ഞു: വേഷ
19 ധാരികളെ! എന്നെ പരീക്ഷിക്കുന്നത് എന്തു? കരത്തിന്നുള്ള നാണിയം എ
20 നിക്കു കാട്ടുവിൻ! എന്നു പറഞ്ഞു. അവരും അവന്നു ദ്രഹ്മയെ കൊണ്ടക്കൊ
ടുത്തു: ഈ സ്വരൂപവും എഴുത്തും ആരുടെത് എന്ന് അവരോടു പറഞ്ഞതി
21 ന്നു: കൈസരുടേത് എന്ന് അവർ പറഞ്ഞപ്പൊൾ——എന്നാൽ കൈസർക്കു
ള്ളവ കൈസർക്കും, ദൈവത്തിന്നുള്ളവ ദൈവത്തിന്നും ഒപ്പിച്ചു കൊടുപ്പിൻ
22 എന്ന് അവരോടു പറയുന്നു. അവരും കേട്ട് ആശ്ചൎയ്യപ്പെട്ടു, അവനെ വിട്ടു
പൊയ്ക്കളഞ്ഞു.
23 പുനരുത്ഥാനം ഇല്ല എന്നു പറയുന്ന ചദൂക്യരും ആ ദിവസം അവനോട്
24 അടുത്തു വന്നു ചോദിച്ചിതു: ഗുരൊ, (5മൊ.25,5.) ഒരുത്തൻ മക്കളില്ലാതെ
മരിച്ചാൽ, അവന്റെ സഹോദരൻ അവന്റെ ഭാൎയ്യയോടു ദേവരവിവാഹം
കഴിച്ചു, തന്റെ സഹോദരനു സന്തതി ഉണ്ടാക്കേണം എന്നു മോശെ പറ
25 ഞ്ഞുവല്ലൊ. ഇപ്പോൾ ഞങ്ങളോട് ഏഴു സഹോദരർ ഉണ്ടായിരുന്നു; അ
തിൽ ഒന്നാമൻ വിവാഹം ചെയ്തശേഷം കഴിഞ്ഞു, സന്തതി ഇല്ലായ്കയാൽ
സ്വഭാൎയ്യയെ തന്റെ സഹോദരനു വിട്ടേച്ചു പോയി. രണ്ടാമനും മൂന്നാമനും
26 ഏഴവർ തികവോളവും അപ്രകാരം തന്നെ. എല്ലാവരുടെ ശേഷമൊ സ്ത്രീയും
27 മരിച്ചു; എന്നാൽ പുനരുത്ഥാനത്തിൽ അവൾ ആ ഏഴവരിൽ ആർക്കു ഭാ
28 ൎയ്യ ആകും; എല്ലാവർക്കും ഉണ്ടായിരുന്നുവല്ലൊ? എന്നതിന്നു യേശു ഉത്തരം
29 ചൊല്ലിയതു: നിങ്ങൾ തിരുവെഴുത്തുകളേയും ദൈവശക്തിയേയും അറിയാ
30 യ്കകൊണ്ടു തെറ്റി ഉഴലുന്നു. പുനരുത്ഥാനത്തിൽ ആകട്ടെ, കെട്ടുകയും കെട്ടി
31 ക്കയും ചെയ്യുമാറില്ല; സ്വൎഗ്ഗത്തിലെ ദൈവദൂതരോട് ഒക്കുകെ ഉള്ള. മരിച്ച
32 വരുടെ പുനരുത്ഥാനം എങ്കിലൊ ദൈവം നിങ്ങളോട് (2മോ.3,6.) ഞാൻ
അബ്രഹാം ഇസ്ഹാക്ക് യാക്കോബ് എന്നവരുടെ ദൈവം എന്നു മൊഴിഞ്ഞ
തു വായിച്ചില്ലയൊ? ദൈവം ചത്തവർക്കല്ല, ജീവനുള്ളവർക്കത്രെ ദൈവ
33 മാകുന്നു. എന്നതു പുരുഷാരങ്ങൾ കേട്ട് അവന്റെ ഉപദേശം നിമിത്തം
വിസ്മയിച്ചു നിന്നു.
34 ചദൂക്യർക്ക് വായടച്ചു വെച്ചപ്രകാരം പറീശർ കേട്ടാറെ, ഒന്നിച്ചു കൂടി—
35 അവരിൽ ഒരു വൈദികൻ അവനെ പരീക്ഷിച്ചു. ഗുരൊ, ധൎമ്മശാസ്ത്ര
36 ത്തിൽ എങ്ങിനത്തെ കല്പന വലിയത്? എന്നു ചോദിച്ചു. അയവനോട്
37 അവൻ പറഞ്ഞിതു: (5മോ.6,5.) നിന്റെ ദൈവമായ യഹോവയെ നിന്റെ
പൂൎണ്ണഹൃദയത്തോടും, പൂൎണ്ണമനസ്സോടും സൎവ്വശക്തിയോടും സ്നേഹിക്ക, എ
38 ന്നുള്ളത് വലുതും ഒന്നാമത്തുമായ കല്പന തന്നെ. രണ്ടാമത് ഒന്ന് അതിനോടു
39 സമമാകുന്നു (3മോ.19,18.) നിന്റെ കൂട്ടുകാരനെ നിന്നെ പോലെ തന്നെ
40 സ്നേഹിക്ക എന്നുള്ളതത്രെ. ഈ രണ്ടു കല്പനകളിലും സകലധൎമ്മവും പ്രവാച
കരും അടങ്ങിക്കിടക്കുന്നു.
41 പിന്നെ പറീശന്മാർ ഒരുമിച്ചിരിക്കുമ്പോൾ, യേശു അവരോടു: മശീഹാ
42 വിഷയമായി നിങ്ങൾക്ക് എന്തു തോന്നുന്നു? അവൻ ആരുടെ പുത്രൻ? എ
43 ന്നു ചോദിച്ചതിന്നു: ദാവീദിന്റെ എന്ന് അവർ പറഞ്ഞു. അവരോട് അ
വൻ പറയുന്നു: പിന്നെ ദാവീദ് ആത്മാവിലായി അവനെ കൎത്താവ്
44 എന്നു വിളിക്കുന്നത് എങ്ങിനെ? (സങ്കീ.110,1) യഹോവ എന്റെ കൎത്താ
വോട് അരുളിച്ചെയ്തിതു; ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാ
ക്കുവോളത്തേക്ക് എന്റെ വലഭാഗത്ത് ഇരിക്ക എന്നുണ്ടല്ലൊ. അതുകൊണ്ട്

45 ദാവിദ് അവനെ കൎത്താവ് എന്നു ചൊല്ലിയാൽ, അവന്റെ പുത്രൻ
46 ആകുന്നത് എങ്ങിനെ? എന്നാറെ, അവനോട് ഉത്തരം പറവാൻ ആൎക്കും കഴിഞ്ഞില്ല; ആ ദിവസം മുതല്ക്ക് ആരും അവനോട് ചോദിപ്പാൻ തുനിഞ്ഞതും ഇല്ല.

23. അദ്ധ്യായം

പരീശശാസ്ത്രികളെയും ആക്ഷേപിച്ചതും [മാ. 12, 38. ലൂ. 20,45], (13) എട്ടു ധിക്കാരങ്ങളാൽ ശപിച്ചതും [ലൂ. 11, 39.], (37) യരുശലേമെ ചൊല്ലി വിലപിച്ചതും [ലൂ. 13, 34.]

1 അനന്തരം യേശു പുരുഷാരങ്ങളോടും തന്റെ ശിഷ്യന്മാരോടും പറഞ്ഞി
2 തു: മോശെ പീഠത്തിന്മേൽ ശാസ്ത്രികളും പരീശരും കുത്തിയിരിക്കുന്നു. അ
3 തുകൊണ്ടു (പ്രമാണിക്കേണം എന്ന്) അവർ നിങ്ങളോടു പറയുന്നത് ഒക്കെയും ചെയ്തു പ്രമാണിച്ചു കൊൾവിൻ; അവരുടെ ക്രിയകളിൻപ്രകാരം ചെയ്യൊല്ലാ താനും; അവർ പറകയല്ലാതെ, ചെയ്യുന്നില്ല സ്പഷ്ടം. അവർ എടു
4 പ്പാൻ ഞെരുക്കമായ ഘനമുള്ള ചുമടുകളെ കെട്ടി, മനുഷ്യരുടെ തോളുകളിൽ വെക്കുന്നു; തങ്ങളുടെ വിരൽ കൊണ്ടെങ്കിലും അവ ഇളകുവാൻ മന
5 സ്സും ഇല്ല. പിന്നെ അവരുടെ ക്രിയകളെല്ലാം മനുഷ്യരാൽ കാണപ്പെടേണ്ടതിന്നത്രെ ചെയ്യുന്നത്; തങ്ങളുടെ മന്ത്രപ്പട്ടകളെ വീതിയാക്കി, വസ്ത്രങ്ങളു
6 ടെ തൊങ്കലുകളെ നീട്ടി വെക്കുന്നു. അത്താഴങ്ങളിൽ പ്രധാനസ്ഥലത്തെയും, പള്ളികളിൽ മുഖ്യാസനങ്ങളേയും, അങ്ങാടികളിൽ വന്ദനങ്ങളെയും,
7 മനുഷ്യരാൽ (എൻ ഗ്രൈാ) റബ്ബീ റബ്ബീ എന്നു വിളിക്കപ്പെടുന്നതിനെയും
8 സ്നേഹിക്കുന്നു. നിങ്ങളോ റബ്ബീ എന്നു നാമം ഏല്ക്കരുത്! കാരണം നിങ്ങളു
9 ടെ ഗുരു ഒരുവൻ (ക്രിസ്തൻ) അത്രെ; നിങ്ങളോ എല്ലാവരും സഹോദരർ ആകുന്നു. ഭൂമിയിൽ ആരേയും നിങ്ങളുടെ പിതാവെന്നു വിളിക്കയും അരുതു; ഒരുത്തനല്ലൊ നിങ്ങളുടെ പിതാവ്, സ്വൎഗ്ഗസ്ഥൻ തന്നെ. നായകർ
10 എന്ന പേരിനേയും ഏല്ക്കരുതു; ഏകനായ ക്രിസ്തനല്ലൊ നിങ്ങൾക്കു നായ
11 കൻ ആകുന്നു; നിങ്ങളിൽ ഏറ്റം വലിയവൻ നിങ്ങളുടെ ശുശ്രൂഷക്കാരനാ
12 കും (20, 26.) പിന്നെ തന്നെത്താൻ ഉയൎത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ എല്ലാം ഉയൎത്തപ്പെടും.

13 അല്ലയോ ശാസ്ത്രികളും പരീശരുമായുള്ള വേഷധാരികളെ! നിങ്ങൾ മനുഷ്യൎക്കു സ്വൎഗ്ഗരാജ്യത്തെ അടെച്ചു വെക്കുന്നതുകൊണ്ടു നിങ്ങൾക്ക് ഹാ കഷ്ടം! നിങ്ങൾ പ്രവേശിക്കുന്നില്ലല്ലൊ; പ്രവേശിക്കുന്നവരെ അകമ്പുകു
14 വാൻ വിടുന്നതും ഇല്ല. ശാസ്ത്രികളും പരീശരുമായുള്ള വേഷധാരികളെ! നിങ്ങൾ വിധവമാരുടെ വീടുകളെ ഉപായത്താൽ നീളെ പ്രാൎത്ഥിച്ചുംകൊണ്ടു മിഴുങ്ങുന്നതിനാൽ നിങ്ങൾക്ക് ഹാ കഷ്ടം! ഇതു ഹേതുവായി പൂൎണ്ണ
15 തര ശിക്ഷാവിധിയും ലഭിക്കും. ശാസ്ത്രികളും പരീശരുമായുള്ള വേഷധാരികളെ! നിങ്ങൾ ഒരുത്തനെ മതക്കാരനാക്കുവാൻ കടലും ഭൂമിയും എങ്ങും സഞ്ചരിക്കുന്നു: അങ്ങിനെ ആയാൽ അവനെ നിങ്ങളിലും ഇരട്ടിച്ച നരകപുത്രനാക്കുന്നു, എന്നതുകൊണ്ടു നിങ്ങൾക്ക് ഹാ കഷ്ടം! ആർ (ദേവ) മന്ദി
16 രത്താണ പറഞ്ഞാൽ ഏതും ഇല്ല എന്നും മന്ദിരസ്വൎണ്ണത്താണ സത്യം ചെയ്താൽ അവൻ കടക്കാരനാകുന്നു, എന്നും പറഞ്ഞും കൊള്ളുന്ന കുരുടരായ
17 വഴികാട്ടികളെ നിങ്ങൾക്ക് ഹാ കഷ്ടം! മൂഢരും കുരുടരുമായുള്ളോരെ! ഏതുപോൽ വലിയതു? സ്വൎണ്ണമൊ സ്വൎണ്ണത്തെ വിശുദ്ധീകരിക്കുന്ന മ
18 ന്ദിരമൊ? പിന്നെ ബലിപീഠത്താണയിട്ടാലും ഏതും ഇല്ല; അതിന്മേലെ കാഴ്ചയാണ സത്യം ചെയ്താലൊ, അവൻ കടക്കാരനാകുന്നു, എന്നും

19 (പറയുന്നു). മൂഢരും കുരുടരുമായുള്ളോരെ! ഏതുപോൽ വലിയതു? കാഴ്ച
യൊ. കാഴ്ചയെ വിശുദ്ധീകരിക്കുന്ന പീഠമൊ? എന്നാൽ ബലിപീഠത്താ
20 ണ ആർ ചൊല്ലിയാലും അതിനെയും അതിന്മേലുള്ള സകലത്തെയും ആ
21 ണയിടുന്നു. മന്ദിരത്താണ ആർ ചൊല്ലിയാലും അതിനേയും അതിൽ അ
22 ധിവസിച്ചവനേയും ആണയിടുന്നു; സ്വർഗ്ഗത്താണ ആർ ചൊല്ലിയാലും
ദൈവത്തിന്റെ സിംഹാസനത്തെയും അതിൽ ഇരിക്കുന്നവനേയും ആണ
23 യിടുന്നു. തുത്താവ് തുളസി ചീരകം ഇവററിൽ പതാരം കൊടുത്തും ന്യാ
യം, കനിവു, വിശ്വാസം ഇങ്ങിനെ ധർമ്മത്തിൽ ഘനം ഏറിയവറെ
ത്യജിച്ചും കളകയാൽ ശാസ്ത്രികളും പറീശരുമായുള്ള വേഷധാരികളെ നി
ങ്ങൾക്ക് ഹാ കഷ്ടം! ഇവ ചെയ്കയും അവ ത്യജിക്കാതെ ഇരിക്കയും വേ
24 ണ്ടിയതു താനും. കൊതു അരിച്ചെടുത്തും ഒട്ടകം കുടിച്ചും കളയുന്ന കുരുട
25 രായ വഴികാട്ടികളെ! കിണ്ടികിണ്ണങ്ങളുടെ അകത്തു കവർച്ചയും പുളെപ്പും
നിറഞ്ഞിട്ടും അവററിലേ പുറത്തെ വെടിപ്പാക്കികൊള്ളുന്ന ശാസ്ത്രികളും
പറീശരുമായുള്ള വേഷധാരികളെ നിങ്ങൾക്ക് ഹാ കഷ്ടം! കുരുടനായ
26 പറീശനെ! കിണ്ടികിണ്ണങ്ങളുടെ പുറവും വെടിപ്പാകേണ്ടതിന്നു മുമ്പെ അവ
27 ററിൻ അകത്തെ വെടിപ്പാക്കുക! പുറമെ അഴകായി ശോഭിച്ചിട്ടും അകമെ
ചത്തവരുടെ അസ്ഥികളും സകല അശുദ്ധിയും നിറഞ്ഞുള്ളവയായി വെള്ള
തേച്ചിട്ട ശവക്കുഴികളോടു നിങ്ങൾ ഒക്കുന്നതു കൊണ്ടു ശാസ്ത്രികളും പറീശ
28 രുമായുള്ള വേഷധാരികളെ നിങ്ങൾക്ക് ഹാ കഷ്ടം! നിങ്ങളും മനുഷ്യർക്ക്
പുറമെ നീതിമാൻമാർ എന്നു തോന്നീട്ടും അകമെ വ്യാജവും അധർമ്മവും
29 നിറഞ്ഞുള്ളവർ ആകുന്നു. പ്രവാചകരുടെ കല്ലറകളെ പണിചെയ്തും നീതി
30 മാൻമാരുടെ തറകളെ അലങ്കരിച്ചും കൊണ്ടു: ഞങ്ങൾ പിതാക്കന്മാരുടെ
നാളുകളിൽ ഇരുന്നു എങ്കിൽ പ്രവാചകരുടെ രക്തത്തിൽ അവരോടു കൂട്ടാളി
കളായിരിക്കുമാറില്ല എന്നു പറയുന്നതുകൊണ്ടു ശാസ്ത്രികളും പറീശരുമായു
31 ള്ള വേഷധാരികളെ നിങ്ങൾക്കു ഹാ കഷ്ടം! എന്നതിനാൽ പ്രവാചകരെ
കൊന്നവർക്കു നിങ്ങൾ മക്കൾ എന്നു നിങ്ങൾക്കു തന്നെ സാക്ഷ്യം ചൊല്ലുന്നു
32 വല്ലൊ. നിങ്ങളുടെ പിതാക്കന്മാരുടെ അളവിനെ നിങ്ങളും പൂരിപ്പിൻ! പാ
33 മ്പുകളെ! അണലിസന്തതികളെ! നരകവിധിയിൽ: നിന്നു നിങ്ങൾ എ
34 ങ്ങിനെ തെറ്റിപ്പോകും? അതുകൊണ്ടു ഇതാ! ഞാൻ പ്രവാചകരെയും
ജ്ഞാനികളെയും ശാസ്ത്രികളെയും നിങ്ങളുടെ അടുക്കെ അയക്കുന്നു: അതിൽ
ചിലരെ നിങ്ങൾ കൊല്ലുകയും ക്രൂശിക്കയും ചിലരെ നിങ്ങളുടെ പള്ളിക
ളിൽ ചമ്മട്ടികൊണ്ടടിക്കയും പട്ടണത്തിൽനിന്നു പട്ടണത്തേക്കു ആട്ടുകയും
35 ചെയ്യും. നീതിമാനായ ഹബേലിന്റെ രക്തം മുതൽ നിങ്ങൾ മന്ദിരത്തി
ന്നും ബലിപീഠത്തിന്നും നടുവിൽ കൊന്നിട്ടുള്ള ബരക്യാപുത്രനായ ജകര്യാ
യുടെ രക്തം വരെ (2 നാള. 24, 20.) ഭൂമിമേൽ ഒഴിച്ചു കളയുന്ന നീതിയു
36 ള്ള രക്തം എല്ലാം നിങ്ങളുടെ മേൽ വരുവാനായിട്ടത്രെ. ആമെൻ ഞാൻ നി
ങ്ങളോടു പറയുന്നു: ഇതു ഒക്കയും ഈ തലമുറമേൽ വരും.

37 അല്ലയൊ യരുശലേമെ! യരുശലേമെ! പ്രവാചകരെ കൊന്നും നിണ
ക്കായി അയക്കപ്പെട്ടവരെ കല്ലെറിഞ്ഞും കളയുന്നവളെ! ഒരു കോഴിതന്റെ
38 കുഞ്ഞുങ്ങളെ ചിറകുകളിൻ കീഴിൽ ചേർത്തുകൊള്ളുന്നപ്രകാരം തന്നെ നി
ന്റെ മക്കളെ എത്രവട്ടം ചേർത്തു കൊൾവാൻ എനിക്കു മനസ്സായി; എങ്കി
39 ലും നിങ്ങൾക്കു മനസ്സായില്ല. കണ്ടാലും, നിങ്ങളുടെ ഭവനം നിങ്ങൾക്കു
പാഴായി വിടപ്പെടും; എങ്ങിനെ എന്നാൽ: കർത്താവിന്റെ നാമത്തിൽ വ
രുന്നവൻ ആനുഗ്രഹിക്കപ്പെട്ടവൻ, എന്നു (21, 9.) നിങ്ങൾ പറവോളത്തേ
ക്കു നിങ്ങൾ ഇനിമേൽ എന്നെ കാണുകയില്ല എന്നു ഞാൻ നിങ്ങളോടു
പറയുന്നു.

24. അദ്ധ്യായം

യുഗാവസാനത്തിന്നു മുമ്പെ നടക്കേണ്ടുന്നവയും, (15) യരുശലേമിൽ ന്യായവിധിയും, (29) യേശുവിൻ വരവും അറിയിച്ചതു, (32) ഉണർവ്വാൻ പ്രബോധനം [മാ. 13. ലൂ. 21.], (45) വിശ്വസ്തദാസന്റെ ഉപമ.

1 പിന്നെ യേശു പുറപ്പെട്ടു ആലയത്തിൽനിന്നു യാത്രയാകുമ്പോൾ അവ
ന്റെ ശിഷ്യന്മാർ അവനു ആലയനിർമ്മാണങ്ങളെ കാണിക്കേണ്ടതിന്നു
2 സമീപിച്ചു വന്നു. അവരോടു യേശു: ഇവ എല്ലാം കാണുന്നില്ലയൊ? ആ
മെൻ ഞാൻ നിങ്ങളോടു പറയുന്നിതു: ഇവിടെ കല്ലു കല്ലിൻമേൽ ഇടിയാ
3 തെ വിടപ്പെടുകയില്ല എന്നു പറഞ്ഞു. പിന്നെ അവൻ ഒലീവമലമേൽ ഇരി
ക്കുമ്പോൾ, അവന്റെ ശിഷ്യൻമാർ പ്രത്യേകം അവനോടു അണഞ്ഞു:
ഇതു എപ്പോൾ ഉണ്ടാകും എന്നും, നിന്റെ വരവിന്നും യുഗസമാപ്തിക്കും അ
4 ടയാളം എന്തെന്നും ഞങ്ങളോടു പറക; എന്നു ചൊല്ലിയതിന്നു, യേശു ഉത്ത
രം പറഞ്ഞിതു: ആരും നിങ്ങളെ തെറ്റിക്കാതിരിപ്പാൻ നോക്കുവിൻ! എ
5 ങ്ങിനെ എന്നാൽ, ഞാൻ ക്രീസ്തൻ എന്നു ചൊല്ലി, അനേകർ എന്റെ
6 നാമം എടുത്തിട്ടു വന്നു, പലരേയും തെറ്റിക്കും. നിങ്ങൾ യുദ്ധങ്ങളേയും യു
ദ്ധ ശ്രുതികളേയും കേൾപാനും ഉണ്ടു; കലങ്ങാതിരിപ്പാൻ നോക്കുവിൻ!
(അതു) ഒക്കയും ഉണ്ടാകേണ്ടതു സത്യം; അവസാനം ഉടനെ ഇല്ല താനും.
7 വംശം വംശത്തിന്നും രാജ്യം രാജ്യത്തിന്നും എതിരേ എഴുനീല്ക്കും, ക്ഷാമങ്ങ
8 ളും മഹാവ്യാധികളും ഭ്രകമ്പങ്ങളും അവിടവിടെ ഉണ്ടാകും. എങ്കിലും ഇവ
ഒക്കയും ഈറ്റു നോവുകളുടെ ആരംഭമത്രെ. അപ്പോൾ അവർ നിങ്ങളെ ഉപ
9 ദ്രവത്തിൽ ഏലുപിക്കയും കൊല്ലുകയും ചെയ്യും; നിങ്ങൾ എൻ നാമം
10 നിമിത്തം എല്ലാവംശങ്ങളാലും പകെക്കപ്പെട്ടവരാകും. പലരും അപ്പൊൾ
ഇടർച്ച തോന്നീട്ടു അന്യോന്യം ഏലുപിച്ചും തങ്ങളിൽ പകെച്ചും പോ
11 കും. കള്ളപ്രവാചകർ പലരും ഉദിച്ചു അനേകരെ തെറ്റിക്കും; അധർമ്മം
12 പെരുകിയതുകൊണ്ടു, അനേകരുടെ സ്നേഹം തണുത്തു പോകും. അവസാനം
13 വരെ സഹിച്ചു നിന്നവൻ രക്ഷിക്കപ്പെടും താനും ഈ രാജ്യസുവിശേഷ
14 മൊ സകല വംശങ്ങൾക്കും സാക്ഷ്യമായി പ്രപഞ്ചം എങ്ങും ഘോഷിക്ക
പ്പെടും; അപ്പോൾ അവസാനം വരികയും ആം.

15 ആകയാൽ പ്രവാചകനായ ദാനീയേൽ (9,27 11,31.) മൊഴിഞ്ഞപ്ര
കാരം പാഴാക്കുന്നതിന്റെ അറെപ്പു വിശുദ്ധസ്ഥലത്തിൽ നില്ക്കുന്നതു നി
16 ങ്ങൾ കാണുമ്പോൾ, വായിക്കുന്നവൻ ചിന്തിച്ചു കൊൾക. എന്നു യഹൂദയി
17 ലുള്ളവർ മലകളിലേക്കു ഓടുക. വീട്ടിന്മേൽ ഇരിക്കുന്നവൻ ഭവനത്തിൽ
18 നിന്നുള്ളവ എടുക്കേണ്ടതിന്നു ഇറങ്ങി പോകായ്ക. വയലിലുള്ളവൻ
19 തന്റെ വസ്ത്രങ്ങളെ എടുപ്പാനും വഴിയോട്ടു തിരികയും ഒല്ലാ. ആ നാളുക
20 ളിൽ ഗർഭിണികൾക്കും മുലകുടിപ്പിക്കുന്നവർക്കും ഹാ കഷ്ടം! എന്നാൽ നി
ങ്ങളുടെ മണ്ടിപ്പോക്കു ശീതകാലത്തിലോ ശബ്ബത്തിലോ സംഭവിക്കാതി
21 രിപ്പാൻ പ്രാർത്ഥിപ്പിൻ! ലോകാരംഭം മുതൽ ഇന്നു വരെയും ഇല്ലാത്തതും ഇ
22 നിമേൽ ഭവിക്കാത്തതും ആയുള്ള വലിയ ഉപദ്രവം അന്നുണ്ടാകും സത്യം.
ആ ദിവസങ്ങളെ ചുരുക്കീട്ടില്ല എങ്കിൽ ഒരു ജഡവും രക്ഷപെടുകയില്ല;
തെരിഞ്ഞെടുക്കപ്പെട്ടവർ നിമിത്തമൊ ആ നാളുകൾ ചുരുക്കപ്പെടും. അ
23 പ്പോൾ ആരാനും നിങ്ങളോടു: ഇതാ മശീഹ ഇവിടെ എന്നും ഇങ്ങു എന്നും
24 പറഞ്ഞാൽ വിശ്വസിക്കരുതു! എങ്ങിനെ എന്നാൽ, കള്ളമശീഹമാരും കള്ള
പ്രവാചകരും എഴുനീറ്റു, കഴിയുന്നെങ്കിൽ തെരിഞ്ഞെടുത്തവരേയും തെറ്റി
25 പ്പാനായി, വലിയ അടയാളങ്ങളേയും അത്ഭുതങ്ങളേയും കാട്ടിക്കൊടുക്കും.
26 നോക്കുവിൻ! ഞാൻ നിങ്ങളോടു മുൻ പറഞ്ഞുവല്ലൊ. ആകയാൽ നിങ്ങ
ളോടു: ഇതാ അവൻ കാട്ടിൽ ആകുന്നു എന്നു പറഞ്ഞാൽ, പുറപ്പെടരുതു;

27 ഇതാ അറകളിൽ എന്ന പറഞ്ഞാൽ, വിശ്വസിക്കയും അരുതു; കാരണം
മിന്നൽ കിഴക്കുനിന്ന ചെന്ന, പടിഞ്ഞാറോളം വിളങ്ങും പോലെ തന്നെ
28 മനുഷ്യപുത്രന്റെ വരവു ഭവിക്കും; പിണം എവിടെ എന്നാലും അവിടെ
കഴുക്കൾ കൂട്ടമല്ലൊ.

29 ആ നാളുകളിലെ ഉപദ്രവത്തിന്റെ ശേഷമൊ ഉടനെ സൂര്യൻ ഇരുണ്ടു പോ
കയും, ചന്ദ്രൻ നിലാവിനെ തരായ്കയും, നക്ഷത്രങ്ങൾ വാനത്തിൽനി
30 ന്ന വീഴ്കയും സ്വർഗ്ഗങ്ങളുടെ സൈന്യങ്ങൾ കലുങ്ങി പോകയും ആം (യശ.
34,4.) അപ്പോൾ മനുഷ്യപുത്രന്റെ അടയാളം വാനത്തിൽ വിളങ്ങും; ഭൂമി
യിലെ സകല ഗോത്രങ്ങളും തൊഴിച്ചും കൊണ്ടു, മനുഷ്യപുത്രൻ വാനത്തിൻ
മേഘങ്ങളിന്മേൽ വലിയ ശക്തിയോടും തേജസ്സോടും കൂടെ വരുന്നതിനെ
31 കാണും (ദാനി. 7,13.) അവൻ തന്റെ ദൂതരെ മഹാ കാഹളധ്വനിയോടും
കൂടെ അയക്കും; അവരും അവൻ തെരിഞ്ഞെടുത്തവരെ വാനങ്ങളുടെ അറുതി
മുതൽ അറുതിവരേയും നാലു കാറുകളിൽനിന്നും കൂട്ടിച്ചേൎക്കും.

32 എന്നാൽ അത്തിയിൽനിന്ന് ഉപമയെ ഗ്രഹിപ്പിൻ; അതിന്റെ കൊ
മ്പ് ഇളതായി ഇലകളെ തഴെപ്പിക്കുമ്പോൾ, വേനൽ അടുത്തത് എന്ന്
33 അറിയുന്നവല്ലൊ. അപ്രകാരം നിങ്ങൾ ഇവ ഒക്കയും കാണുമ്പോൾ, (അ
വൻ) അടുക്കെ വാതുക്കൽ തന്നെ ആകുന്ന എന്ന് അറിഞ്ഞു കൊൾവിൻ.
34 ആമെൻ ഞാൻ നിങ്ങളോട് പറയുന്നിതു: ഇവ ഒക്കയും ഉണ്ടാകുവോളത്തി
35 ന്ന് ഈ തലമുറ ഒഴിഞ്ഞു പോകയില്ല; വാനവും ഭൂമിയും ഒഴിഞ്ഞു പോകും;
എന്റെ വചനങ്ങൾ ഒഴിഞ്ഞുപോകയില്ല താനും. ആ നാളും നാഴികയും
36 സംബന്ധിച്ചൊ എൻ പിതാവ് തന്നെ അല്ലാതെ, ആരെങ്കിലും സ്വർഗ്ഗങ്ങ
37 ളിലെ ദൂതരും അറിയുന്നില്ല. എങ്കിലൊ നോഹയുടെ ദിവസങ്ങൾ ഏതു
38 പ്രകാരം അപ്രകാരം തന്നെ മനുഷ്യപുത്രന്റെ വരവും ആകും; എങ്ങിനെ
എന്നാൽ ജലപ്രളയത്തിൻ മുമ്പെ ഉള്ള നാളുകളിൽ നോഹ പെട്ടകത്തിൽ
കടന്ന നാൾവരെ അവർ തിന്നും കുടിച്ചും കെട്ടിയും കെട്ടിച്ചും കൊണ്ടിരു
39 ന്ന. ജലപ്രളയം വന്ന് എല്ലാവരേയും നീക്കുവോളത്തേക്കു, ബോധിക്കാ
40 തെ പാർത്തപ്രകാരം തന്നെ മനുഷ്യപുത്രന്റെ വരവും ആകും. അന്ന് ഇരു
വർ വയലിൽ ഇരിക്കും, ഒരുത്തൻ കൈക്കൊള്ളപ്പെടും, ഒരുത്തൻ കൈവി
41 ടപ്പെടും. ഇരുവർ തിരികല്ലിൽ അരെച്ചു കൊള്ളുന്നതിൽ ഒരുത്തി കൈ
42 ക്കൊള്ളപ്പെടും, ഒരുത്തി വിടപ്പെടും. ആകയാൽ നിങ്ങളുടെ കർത്താവ് വരു
ന്ന ദിവസം ഇന്നത് എന്ന് അറിയായ്കകൊണ്ട് ഉണൎന്നുകൊൾവിൻ.
43 കള്ളൻ വരുന്ന യാമം ഇന്നത് എന്ന വീട്ടുടയവൻ അറിഞ്ഞു എങ്കിൽ അവൻ
ഉണരുകയും തന്റെ വീട്ടിൽ തുരക്കുന്നതിന്ന് ഇടകൊടുക്കായ്കയും ചെയ്തു
44 മായിരുന്ന എന്നുള്ളത് അറിവിൻ. ആകയാൽ മനുഷ്യപുത്രൻ നിങ്ങൾക്ക്
തോന്നാത്ത നാഴികയിൽ വരുന്നതു കൊണ്ടു നിങ്ങളും ഒരുങ്ങി ചമവിൻ.

45 എന്നാൽ യജമാനൻ തന്റെ വീട്ടുകാൎക്കു തൽസമയത്തു ഭക്ഷണം കൊടുക്കേ
ണ്ടതിന്ന് ആ കൂട്ടത്തിന്മേൽ ആക്കി വെച്ചൊരു വിശ്വസ്തനും ബുദ്ധിമാനും
46 ആയ ദാസൻ ആകുന്നത് ആരുപോൽ? യജമാനൻ വരുമ്പോൾ ഇപ്രകാരം
47 ചെയ്തു കാണുന്ന ദാസൻ ധന്യൻ തന്നെ. ആമെൻ ഞാൻ നിങ്ങളോടു പറ
യുന്നിതു: അവനെ തന്റെ സകല വസ്തുവിന്മേലും ആക്കി വെക്കും; എന്നാൽ
48 ആ ദുഷ്ടദാസൻ എന്റെ കർത്താവ് വരുവാൻ താമസിക്കുന്നു എന്നു ഹൃദയം
49 കൊണ്ടു ചൊല്ലി, തന്റെ കൂട്ടുദാസരെ അടിച്ചു തുടങ്ങി, കുടിയന്മാരോടു
50 കൂടി തിന്നും കുടിച്ചും പോയാൽ, ആ ദാസൻ നിരൂപിക്കാത്ത നാളിലും
51 അറിയാത്ത നാഴികെക്കും അവന്റെ യജമാനൻ വന്നു, അവനെ ശകലി
ച്ച് അവനു വേഷധാരികളോടു കൂട പങ്കു കല്പിച്ചാക്കും; അവിടെ കരച്ചലും
പല്ലുകടിയും ഉണ്ടാകും.

25. അദ്ധ്യായം

പത്ത കന്യമാർ, (14) തലന്തുകം [ലൂ. 19, 12], (31) ന്യായവിധി വർണ്ണനം.

1 അപ്പോം സ്വർഗ്ഗരാജ്യം മണവാളനെ എതിരേല്പാൻ തങ്ങളുടെ ദീ
പങ്ങളെ എടുത്തും കൊണ്ടു പുറപ്പെടുന്ന പത്ത കന്യമാരോട സദൃശമാകും.
2 അതിൽ ഐവർ ബുദ്ധിയുള്ളവരും, ഐവർ മൂഢരുമായിരുന്നു; മൂഢരായ
3 വർ തങ്ങളുടെ ദീപങ്ങളെ എടുക്കുമ്പോം, എണ്ണ കൂടെ കൊണ്ടുവന്നില്ല;
4 ബുദ്ധിയുള്ളവരൊ തങ്ങളുടെ ദീപങ്ങളോടും കൂടെ പാത്രങ്ങളിൽ എണ്ണയും
5 കൊണ്ടു വന്നു. പിന്നെ മണവാളൻ താമസിക്കുമ്പോം, എല്ലാവരും നിദ്രാ
6 മയക്കമുണ്ടായി ഉറങ്ങി. പാതിരാത്രിക്കൊ: ഇതാ മണവാളൻ! എന്നും,
അവനെ എതിരേല്പാൻ പുറപ്പെടുവിൻ! എന്നും കൂക്കൽ ഉണ്ടായി; അ
7 പ്പോം എല്ലാ കന്യമാരും എഴുനീറു, തങ്ങളുടെ ദീപങ്ങളെ തെളിയി
8 ച്ചു, എന്നാറെ, മൂഢർ ബുദ്ധിയുള്ളവരോട: ഞങ്ങളുടെ ദീപങ്ങം കെട്ട
പോകുന്നതു കൊണ്ടു നിങ്ങളുടെ എണ്ണയിൽനിന്നു ഞങ്ങൾക്കു തരുവിൻ
9 എന്നു പറഞ്ഞു. ബുദ്ധിയുള്ളവർ ഉത്തരം പറഞ്ഞിതു: എന്നാൽ പക്ഷെ
ഞങ്ങൾക്കും നിങ്ങൾക്കും പോരാതെ ചമയും; അല്ല, വില്ക്കുന്നവരുടെ അടു
10 ക്കെ ചെന്നു, നിങ്ങൾക്കായി കൊള്ളുവിൻ. എന്നാറെ, അവർ കൊള്ളു
വാൻ പോകുമ്പോം മണവാളൻ വന്നു, ഒരുങ്ങിയിരുന്നവർ അവനോടു
കൂടി കല്യാണത്തിലേക്കു പ്രവേശിച്ചു, വാതിൽ അടെക്കപ്പെടുകയും ചെ
11 യ്തു. പിന്നെ ശേഷം കന്യമാരും വന്നു: കർത്താവെ! കർത്താവെ! ഞങ്ങൾക്കു
12 തുറക്കുക! എന്നു പറഞ്ഞു. അതിന്നു അവൻ: ആമെൻ ഞാൻ നിങ്ങളോടു
13 ചൊല്ലുന്നിതു: നിങ്ങളെ അറിയുന്നില്ല എന്നു ഉത്തരം പറഞ്ഞു; ആകയാൽ
നാളും നാഴികയും അറിയായ്കകൊണ്ടു ഉണർന്നിരിപ്പിൻ!

14 ആയതല്ലൊ ഒരു മനുഷ്യൻ പരദേശത്തു പോകുമ്പോം സ്വദാസരെ വി
ളിച്ചു. തന്റെ വസ്തുക്കളം അവരിൽ ഏല്പിച്ചതുപോലെ തന്നെ. ഒരുവ
15 നു അഞ്ചു തലന്തു, ഒരുവനു രണ്ടു, ഒരുവനു തലന്തു ഒന്നു (= 6000 ദ്രഹ്മപ്പ
ണം) ഇങ്ങിനെ അവനവനു താന്താന്റെ പ്രാപ്തി പോലെ കൊടുത്തു, ക്ഷ
16 ണത്തിൽ യാത്രയാകയും ചെയ്തു. അഞ്ചു തലന്തു ലഭിച്ചവൻ ചെന്നു അവ
കൊണ്ടു വ്യാപാരം ചെയ്തു, വേറെ അഞ്ചു തലന്തും സമ്പാദിച്ചു. അപ്രകാ
17 രം രണ്ടിനെ ലഭിച്ചവൻ കൂടെ വേറെ രണ്ടു നേടി. ഒന്നിനെ ലഭിച്ചവനൊ
18 ചെന്നു, മണ്ണിൽ കുഴിച്ചു, തന്റെ കർത്താവിന്റെ ദ്രവ്യം മറെച്ചിടുകയും
19 ചെയ്തു. വളരെ കാലം കഴിഞ്ഞശേഷം ആ ദാസരുടെ കർത്താവു വന്നു,
20 അവരോടു കണക്കു നോക്കുന്ന സമയം, അഞ്ചു തലന്തു ലഭിച്ചവൻ അണ
ഞ്ഞു, വേറെ തലന്തു അഞ്ചും കൊണ്ടുവന്നു: കർത്താവെ! അഞ്ചു തലന്തു
എങ്കൽ ഏല്പിച്ചു തന്നുവല്ലൊ; ഇതാ ഞാൻ വേറെ അഞ്ചു തലന്തും കൂടെ
21 നേടി, എന്നു പറഞ്ഞു. അവന്റെ കർത്താവു: നന്നു, നല്ലവനും വിശ്വസ്തനു
മായ ദാസനെ! നീ അല്പത്തിങ്കൽ വിശ്വസ്തനായിരുന്നു, നിന്നെ പല
തിന്മേലും ആക്കി വെക്കും, നിന്റെ കർത്താവിൻ സന്തോഷത്തിൽ
അകമ്പൂകുക! എന്നു അവനോടു പറഞ്ഞു. എന്നാറെ, രണ്ടു തല
22 ന്തു ലഭിച്ചവൻ അണഞ്ഞു വന്നു: കർത്താവെ: രണ്ടു തലന്തു എങ്കൽ ഏല്പി
ച്ചു തന്നുവല്ലൊ; ഇതാ വേറെ രണ്ടു തലന്തും കൂടെ നേടി എന്നു പറഞ്ഞു.
23 അവന്റെ കർത്താവു: നന്നു, നല്ലവനും വിശ്വസ്തനുമായ ദാസനെ! നീ
അല്പത്തിങ്കൽ വിശ്വസ്തനായിരുന്നു, നിന്നെ പലതിന്മേലും ആക്കിവെ
ക്കും; നിന്റെ കർത്താവിൻ സന്തോഷത്തിൽ അകമ്പൂകുക എന്നു അവ
24 നോടു പറഞ്ഞു. എന്നാറെ, ഒരു തലന്തു ലഭിച്ചവനും വന്നു പറഞ്ഞിതു:

കത്താവെ! നീ വിതെക്കാത്തതിൽ കൊയ്യും വിതറാത്തതിൽനിന്നു ചേൎത്തും
25 കൊള്ളുന്ന കഠിന മനുഷ്യൻ എന്നു നിന്നെ ഞാൻ അറിഞ്ഞു, ഭയപ്പെട്ടു
ചെന്നു, നിന്റെ തലന്തു മണ്ണിൽ മറെച്ചു വെച്ചു; ഇതാ നിന്റെതു നിണ
26 ക്കുണ്ടു. എന്നതിന്നു അവന്റെ കത്താവു ഉത്തരം പറഞ്ഞു: ദുഷ്ടനും മടിയ
നും ആയ ദാസനെ! ഞാൻ വിതെക്കാത്തതിൽ കൊയ്യും വിതറാത്തതിൽ
27 നിന്നു ചേൎത്തും കൊള്ളുന്നു എന്നു അറിഞ്ഞുവൊ? അതുകൊണ്ടു എന്റെ
ദ്രവ്യം പൊൻവാണിഭക്കാൎക്കു ഏല്പിക്കേണ്ടി ഇരുന്നു; എന്നാൽ ഞാൻ
28 വന്നിട്ടു, എനിക്കതിനെ പലിശയോടും കൂട പ്രാപിക്കുമായിരുന്നു. ആക
യാൽ തലന്തിനെ അവനിൽനിന്നു എടുത്തു, പത്തുതലന്തുള്ളവന്നു കൊടു
29 പ്പിൻ! കാരണം (13, 12.) ഉള്ളവനൊക്കയും നിറഞ്ഞു വഴിവോളം കൊ
30 ടുക്കപ്പെടും; ഇല്ലാത്തവനോടൊ, ഉള്ളതും കൂടെ പറിച്ചെടുക്കപ്പെടും. ശേഷം
നിസ്സാരനായ ദാസനെ! ഏറ്റവും പുറത്തുള്ള ഇരുളിലേക്കു കളവിൻ; അ
വിടെ കരച്ചലും പല്ലുകടിയും ഉണ്ടാകും.

31 പിന്നെ മനുഷ്യപുത്രൻ തന്റെ തേജസ്സോടെ, സകല ദൂതരുമായി വന്ന
സമയം, അവൻ സ്വതേജസ്സിൻ സിംഹാസനത്തിൽ ഇരുന്നുകൊണ്ടും,
32 സകല ജാതികളും അവന്മുമ്പാകെ കൂട്ടപ്പെടുകയും, അവരെ അവൻ ഇടയൻ
കോലാടുകളിൽനിന്നു ആടുകളെ വേൎതിരിക്കുമ്പോലെ തങ്ങളിൽ വേറു
33 തിരിച്ചു: ആടുകളെ തന്റെ വലത്തും കോലാടുകളെ ഇടത്തും നിറുത്തുകയും
34 ചെയ്യും. അന്നു രാജാവു തന്റെ വലത്തുള്ളവരോടു, ഉരചെയ്യും: എന്റെ
പിതാവിനാൽ അനുഗ്രഹിക്കപ്പെട്ടവരെ വരുവിൻ! ലോകസ്ഥാപനം മുതൽ
35 നിങ്ങൾക്കായി ഒരുക്കിയ രാജ്യത്തെ അനുഭവിച്ചുകൊൾവിൻ. കാരണം
എനിക്കു വിശന്നു, നിങ്ങൾ തിന്മാൻ തന്നു; ദാഹിച്ചു, നിങ്ങൾ എന്നെ
36 കുടിപ്പിച്ചു; അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേൎത്തുകൊണ്ടു; നഗ
നായി, നിങ്ങൾ എന്നെ ഉടുപ്പിച്ചു; രോഗിയായി, നിങ്ങൾ എന്നെ വന്നു
37 നോക്കി; കാവലിൽ ആയിരുന്നു, നിങ്ങൾ എന്റെ അടുക്കെ വന്നു. അ
പ്പോൾ, നീതിമാന്മാർ അവനോടു ഉത്തരം പറയും: കത്താവെ! നിന്നെ
ഞങ്ങൾ എപ്പോൾ വിശന്നു കണ്ടിട്ടു, ഊട്ടുകയൊ, ദാഹിച്ചു കണ്ടിട്ടു,
38 കുടിപ്പിക്കയൊ ചെയ്തതു? നിന്നെ അതിഥിയായി എപ്പോൾ കണ്ടു, ചേൎത്തു
39 കൊൾകയൊ, നഗ്നനായി (കണ്ടിട്ടു) ഉടുപ്പിക്കയൊ ചെയ്തതു? നീ രോ
ഗിയൊ, കാവലിലൊ ഇരിക്കുന്നതു എപ്പോൾ കണ്ടിട്ടു ഞങ്ങൾ നിന്റെ
40 അടുക്കെ വന്നു? എന്നതിനു ഉത്തരമായി രാജാവു ഉരചെയ്യും: ആമെൻ
ഞാൻ നിങ്ങളോടു പറയുന്നു: ഈ എന്റെ ഏറ്റവും ചെറിയ സഹോദരരിൽ
41 ഒരുത്തന്നു നിങ്ങൾ ചെയ്ത ഇടത്തോളം എനിക്കു ചെയ്തു. അപ്പൊൾ അവൻ
ഇടത്തുള്ളവരോടു ഉരചെയ്യും: ശപിക്കപ്പെട്ടവരെ! എന്നെ വിട്ടു, പിശാ
ചിന്നും അവന്റെ ദൂതൎക്കും ഒരുക്കിയ നിത്യാഗ്നിയിലേക്കു പോകുവിൻ!
42 കാരണം എനിക്കു വിശന്നു, നിങ്ങൾ തിന്മാൻ കൊടുത്തതും ഇല്ല; ദാഹി
43 ച്ചു, നിങ്ങൾ എന്നെ കുടിപ്പിച്ചതും ഇല്ല; അതിഥിയായി, നിങ്ങൾ എന്നെ
ചേൎത്തു കൊണ്ടില്ല; നഗ്നനായി, നിങ്ങൾ എന്നെ ഉടുപ്പിച്ചതും ഇല്ല; രോ
ഗിയും കാവലിലും ആയി, നിങ്ങൾ എന്നെ വന്നു നോക്കിയതും ഇല്ല.
44 അതിന്നു അവരും ഉത്തരം പറയും: കത്താവെ! ഞങ്ങൾ നിന്നെ വിശ
പ്പോടൊ, ദാഹത്തോടൊ, അതിഥി എന്നൊ, നഗ്നൻ എന്നൊ, രോഗി
യായൊ, കാവലിലൊ, എപ്പോൾ കണ്ടു ശുശ്രൂഷ ചെയ്യാതെ ഇരുന്നു? എ
45 ന്നാറെ, അവരോടു: ആമെൻ ഞാൻ നിങ്ങളോടു പറയുന്നു: ഈ ഏറ്റവും
ചെറിയവരിൽ ഒരുത്തന നിങ്ങൾ ചെയ്യാതെടത്തോളം എനിക്കു ആകുന്നു
46 ചെയ്യാഞ്ഞതു എന്നുത്തരം പറയും. പിന്നെ ഇവർ നിത്യദണ്ഡത്തിലേക്കും,
നീതിമാന്മാർ നിത്യജീവങ്കലേക്കും ചെന്നു പോകും.

26. അദ്ധ്യായം

യേശുവെ കൊല്ലുവാൻ കൂടി നിരൂപിച്ചത് [മാ. 14. ലൂ.22.], (6) ബെ
ത്ഥന്യയിലെ അഭിഷേകം [മാ. 14. യോ. 12.], (14) യൂദാവിൻ ദ്രോഹ
വും, (17) തിരുവത്താഴവും, (30) ശിമോനാദികളെ പ്രബോധിപ്പിച്ചതും;
(36) ഗഥശമനയിലെ പോരാട്ടവും, (47) തോട്ടത്തിൽ പിടിച്ചതും, (57)
സൻഹെദ്രിയത്തിൽനിന്ന വിസ്തരിച്ചതും, (69) ശിമോന്റെ വീഴ്ചയും, [മാ.
14. ലൂ. 22.]

1 യേശു ഈ വചനങ്ങളെ ഒക്കെയും തികെച്ചതിന്റെശേഷം സംഭവിച്ചിതു—
2 അവൻ തന്റെ ശിഷ്യന്മാരോടു: രണ്ടു ദിവസം കഴിഞ്ഞാൽ പെസഹ ആ
കുന്ന എന്നു് അറിയുന്നുവല്ലൊ! അന്ന മനുഷ്യപുത്രൻ ക്രൂശിക്കപ്പെടുവാൻ
3 ഏല്പിക്കപ്പെടുന്ന എന്ന പറഞ്ഞു. അപ്പോൾതന്നെ മഹാപുരോഹിതരും,
(ശാസ്ത്രികളും) ജനത്തിന്റെ മൂപ്പരും, കയഫാ എന്നുള്ള മഹാപുരോഹിത
4 ന്റെ നടമുറത്തുവന്ന കൂടി, യേശുവെ ഉപായംകൊണ്ടു പിടിച്ചു, കൊല്ല
5 വാൻ നിരൂപിച്ചു; എങ്കിലും ജനത്തിൽ കലഹം ഉണ്ടാകായ്വാൻ പെരു
നാളിൽ മാത്രം അരുത് എന്ന പറഞ്ഞു.

6 യേശു ബെത്ഥന്യയിൽ കുഷ്ഠരോഗിയായ ശിമോന്റെ വീട്ടിൽ ആയ
പ്പോൾ—ഒരു സ്ത്രീ വിലയേറിയ തൈലമുള്ള ഭരണി എടുത്തുംകൊണ്ടു, അ
7 വന്റെ അടുക്കെ വന്നു; അവൻ പന്തിക്കിരിക്കുമ്പോൾതന്നെ അതു് അവ
8 ന്റെ തലമേൽ ഒഴിച്ചു. ആയതു ശിഷ്യർ കണ്ടിട്ടു്: ഈ അഴിച്ചൽ എന്തി
9 ന്നു? ഈ തൈലം ഏറിയ വിലെക്കു വിറ്റു ദരിദ്രർക്കു കൊടുപ്പാൻ സംഗ
10 തിയായല്ലൊ! എന്നു ചൊല്ലി, മുഷിഞ്ഞിരുന്നു. ആയ്തു് യേശു അറിഞ്ഞു്
അവരോടു പറഞ്ഞിതു: സ്ത്രീക്കു് അലമ്പൽ ഉണ്ടാക്കുവാൻ എന്തു? അവൾ
11 എന്നിൽ നല്ല പ്രവൃത്തി ചെയ്തവല്ലൊ! എങ്ങിനെ എന്നാൽ ദരിദ്രർ നി
12 ങ്ങൾക്കു് എല്ലായ്പൊഴും അടുക്കെ ഉണ്ടു; ഞാൻ എല്ലായ്പൊഴും അല്ല താ
നും. ഇവളൊ, ഈ തൈലം എന്റെ ദേഹത്തിന്മേൽ ആക്കിയതു് എന്നെ
13 കുഴിച്ചിടുവാൻ ചെയ്തതു്. ആമെൻ ഞാൻ നിങ്ങളോടു പറയുന്നു: ഈ സു
വിശേഷം സർവ്വലോകത്തും എവിടെ എല്ലാം ഘോഷിക്കപ്പെട്ടാലും, അ
വിടെ ഇവൾ ചെയ്തതും അവളുടെ ഓർമ്മക്കായി പറയപ്പെടും.

14 അന്ന പന്തിരുവരിൽ ഒരുത്തനായ ഇസ്കര്യൊതാ യൂദാ എന്നുള്ളവൻ മഹാ
15 പുരോഹിതരെ ചെന്ന കണ്ടു: എനിക്കു് എന്തു തരുവാൻ മനസ്സായിരിക്കുന്നു?
എന്നാൽ അവനെ നിങ്ങൾക്കു കാണിച്ചു തരാം എന്ന പറഞ്ഞു; അവനു്
16 അവർ മുപ്പതു ശെക്കൽ തൂക്കിക്കൊടുത്തു. അവനും അന്ന മുതൽ അവനെ
കാണിച്ചു കൊടുപ്പാൻ തക്കം അന്വെഷിക്കയും ചെയ്തു.

17 പുളിപ്പില്ലാത്തതിന്റെ ഒന്നാം നാളിൽ ശിഷ്യന്മാർ യേശുവിന്റെ അ
ടുക്കെ വന്നു: നിണക്കു ഞങ്ങൾ പെസഹ ഭക്ഷിപ്പാൻ എവിടെ ഒരുക്കേണ്ട
18 തു്? എന്ന പറഞ്ഞു. അവനൊ: നിങ്ങൾ നഗരത്തിൽ ഇന്നവനെ ചെന്ന
കണ്ടു പറവിൻ, എന്റെ സമയം അടുത്തിരിക്കുന്നു; ഞാൻ എന്റെ ശിഷ്യ
രുമായി നിന്നോടു പെസഹയെ കഴിക്കുന്ന എന്ന ഗുരു പറയുന്നു. എന്നാ
19 റെ, യേശു നിയോഗിച്ച പ്രകാരം ശിഷ്യന്മാർ ചെയ്തു, പെസഹയെ ഒരു
20 ക്കി സന്ധ്യയായാറെ, അവൻ പന്തിരുവരോടും കൂടെ ചാരിക്കൊണ്ടു,
21 അവർ ഭക്ഷിക്കുമ്പോൾ: ആമെൻ ഞാൻ നിങ്ങളോടു പറയുന്നിതു: നിങ്ങ
22 ളിൽ ഒരുവൻ എന്നെ കാണിച്ചു കൊടുക്കും എന്ന പറഞ്ഞു. അവർ അത്യ
ന്തം ദുഃഖിച്ചു: കർത്താവെ, ഞാനല്ലല്ലൊ! എന്ന ഓരോരുത്തർ പറഞ്ഞു തു
23 ടങ്ങി. അവനും ഉത്തരം പറഞ്ഞിതു: എന്നോടു കൂടെ താലത്തിൽ കൈയിട്ട
24 മുക്കിയവൻ തന്നെ, എന്നെ കാണിച്ചു കൊടുക്കും. തന്നെ കുറിച്ചു് എഴുതി

കിടക്കുന്ന പ്രകാരം മനുഷ്യപുത്രൻ പോകുന്നു സത്യം; മനുഷ്യപുത്രനെ കാ
ണിച്ചു കൊടുക്കുന്ന മനുഷ്യനൊ ഹാ കഷ്ടം! ആ മനുഷ്യൻ ജനിച്ചില്ല എ
25 ങ്കിൽ അവന് കൊള്ളായിരുന്നു. എന്നാറെ, അവനെ കാണിച്ചു കൊടുക്കു
ന്ന യൂദാ: റബ്ബീ, ഞാനല്ലല്ലൊ! എന്നുത്തരം ചൊല്ലിയതിന്നു: നീ പറഞ്ഞു
വല്ലൊ! എന്നു പറയുന്നു.

26 അവർ ഭക്ഷിക്കുമ്പോഴം, യേശു അപ്പത്തെ എടുത്ത്, അനുഗ്രഹം ചൊല്ലി,
നുറുക്കി, ശിഷ്യർക്കു കൊടുത്തു. പറഞ്ഞിതു: വാങ്ങി ഭക്ഷിപ്പിൻ! ഇത്
27 എന്റെ ശരീരം ആകുന്നു. പിന്നെ പാനപാത്രം എടുത്തു വാഴ്ത്തി, അവ
28 ക്കു കൊടുത്തു, പറഞ്ഞിതു: എല്ലാവരും ഇതിൽ കുടിപ്പിൻ! കാരണം ഇതു
പുതു നിയമത്തിന്റെ രക്തമായി അനേകർക്കുവേണ്ടി, പാപമോചനത്തി
29 ന്നായി ഒഴിക്കപ്പെടുന്ന എന്റെ രക്തം ആകുന്നു. ഞാനൊ നിങ്ങളോട് പറ
യുന്നിതു: എന്റെ പിതാവിൻ രാജ്യത്തിൽ നിങ്ങളോടു കൂടെ പുതുതായി
കുടിക്കും നാൾ വരെ, ഞാൻ മുന്തിരിവള്ളിയുടെ അനുഭവത്തിൽ നിന്ന്
ഇനി കുടിക്കയില്ല.

30 പിന്നെ (സങ്കീ. 115, 118.) സ്തോത്രം പാടിയ ശേഷം ഒലീവ് മലെ
31 ക്ക് പുറപ്പെട്ടു പോയി. അപ്പോഴം, യേശു അവരോടു പറഞ്ഞു: ഈ രാത്രി
യിൽ നിങ്ങളം എല്ലാവരും എങ്കൽ ഇടറി പോകും; (സക. 13, 7.) ഞാൻ
ഇടയനെ വെട്ടും, കൂട്ടത്തിലെ ആടുകളം ചിതറി പോകയുമാം എന്ന് എഴു
32 തിക്കിടക്കുന്നുവല്ലൊ. ഞാൻ ഉണർന്നു വന്ന ശേഷമൊ നിങ്ങളംക്ക് മുമ്പെ
33 ഗലീലെക്കു ചെല്ലും. എന്നതിന്നു പേത്രൻ ഉത്തരം പറഞ്ഞിതു: എല്ലാവ
രും നിങ്കൽ ഇടറി പോയാൽ, ഞാൻ ഒരു നാളും ഇടറുകയില്ല. യേശു അവ
34 നോട്: ആമെൻ ഞാൻ നിന്നോടു ചൊല്ലുന്നിതു: ഈ രാത്രിയിൽ കോഴി
35 കൂകുമ്മുമ്പെ നീ മൂന്നു വട്ടം എന്നെ തള്ളിപ്പറയും എന്നു പറഞ്ഞു. അവനോട്
പേത്രൻ പറയുന്നു: നിന്നോടു കൂടെ മരിക്കേണ്ടി വന്നാലും നിന്നെ തള്ളിപ്പ
റകയില്ല; ഇതിനൊത്തവണ്ണം എല്ലാ ശിഷ്യരും പറഞ്ഞു.

36 അപ്പോഴം, യേശു അവരുമായി ഗഥശമന (എണ്ണച്ചക്ക്) എന്നുള്ള പറ
മ്പിൽ വന്നു ശിഷ്യരോടു: ഞാൻ പോയി, അവിടെ പ്രാർത്ഥിച്ചു തീരുവോ
37 ളം ഇവിടെ ഇരിപ്പിൻ എന്നു പറഞ്ഞു. പേത്രനേയും ജബദിപുത്രർ ഇരുവ
38 രെയും കൂട്ടിക്കൊണ്ടു ദുഃഖിച്ചും വലഞ്ഞും പോവാൻ തുടങ്ങിയാറെ: എന്റെ
ദേഹി മരണത്തോളം അതിദുഃഖപ്പെട്ടിരിക്കുന്നു; ഇവിടെ പാർത്ത് എന്നോ
39 ടു കൂടെ ഉണർന്നിരിപ്പിൻ! എന്ന് അവരോട് പറഞ്ഞു. അല്പം മുന്നോട്ടു
ചെന്നു, മുഖം കവിണ്ണുവീണു: എൻ പിതാവെ! കഴിയുന്നു എങ്കിൽ ഈ
പാനപാത്രം എന്നിൽ നിന്നു നീങ്ങിപ്പോക! എങ്കിലും ഞാൻ ഇച്ഛിക്കും
പോലെ അല്ല: നീ (ഇച്ഛിക്കും പോലെ) അത്രെ എന്നു പ്രാർത്ഥിച്ചു പോന്നു.
40 പിന്നെ ശിഷ്യരടുക്കെ വന്നു, അവർ ഉറങ്ങുന്നതു കണ്ടു, പേത്രനോട് പറ
യുന്നു: ഇങ്ങിനെയൊ? എന്നോടു കൂടെ ഒരു നാഴികയും ഉണർന്നിരിപ്പാൻ
41 കഴിഞ്ഞില്ലയൊ! പരീക്ഷയിൽ: അകപ്പെടായ്വാൻ ഉണർന്നും പ്രാർത്ഥി
ച്ചും കൊൾവിൻ! ആത്മാവ് മനഃപൂർവ്വമുള്ളതു സത്യം; ജഡം ബലഹീനമ
42 ത്രെ. പിന്നെയും രണ്ടാമതു പോയി: എൻ പിതാവെ! ഇതു ഞാൻ കുടി
43 ക്കാതെ നീങ്ങി കൂടാ എങ്കിൽ നിന്റെ ഇഷ്ടം നടക്കെണം എന്നു പ്രാർത്ഥി
ച്ചു. അനന്തരം വന്ന് അവർ കണ്ണുകൾക്കു ഭാരം ഏറുകയാൽ, പിന്നെയും
44 ഉറങ്ങുന്നതു കണ്ടു; അവരെ വിട്ടു. മൂന്നാമതും ചെന്നു, ആ വചനത്താൽ ത
45 ന്നെ പ്രാർത്ഥിച്ചു പിന്നെയും തന്റെ ശിഷ്യരുടെ അടുക്കെ വന്നു പറയു
ന്നു: ശേഷത്തേക്ക് ഇനി ഉറങ്ങി, ആശ്വസിച്ചു കൊൾവിൻ! ഇതാ നാ
46 ഴിക അടുത്തു, മനുഷ്യപുത്രൻ പാപികളുടെ കൈകളിൽ ഏല്പിക്കപ്പെടുക
യും ചെയ്യുന്നു. എഴുനീല്പിൻ നാം പോക! കണ്ടാലും എന്നെ കാണിച്ചു
കൊടുക്കുന്നവൻ അണഞ്ഞു വന്നു.

47 എന്നു് അവൻ പറയുമ്പോഴെ തന്നെ കണ്ടാലും പന്തിരുവരിൽ ഒരുത്തനാ
യ യൂദാവും, മഹാപുരോഹിതർ, ജനത്തിൻമുപ്പർ ഇവർ അയച്ച വലിയ
48 കൂട്ടവും വാളുവടികളുമായി ഒന്നിച്ചു വന്നു. അവനെ കാണിച്ചുകൊടുക്കുന്ന
വൻ: ഞാൻ ഏവനെ ചുംബിച്ചാൽ അവൻ തന്നെ ആകുന്നു; ആയവനെ
49 പിടിച്ചു കൊൾവിൻ എന്നു് അവക്കു ലക്ഷണം കൊടുത്തിരുന്നു. പിന്നെ
ക്ഷണത്തിൽ യേശുവിന്നു നേരിട്ടു വന്നു: റബ്ബീ, വാഴുക! എന്നു പറഞ്ഞു,
50 അവനെ ചുംബിച്ചു കളഞ്ഞു. അവനോടു് യേശു: തോഴ! നീ വന്നകാര്യം
(നടത്തുക) എന്നു പറഞ്ഞപ്പോഴെ, അവർ അടുത്തു യേശുവിന്മേൽ കൈക
51 ളെ വെച്ചു് അവനെ പിടിച്ചു. ഉടനെ യേശുവോടു കൂടിയവരിൽ ഒരുവൻ
ഇതാ കൈ നീട്ടി, തന്റെ വാളൂരി, മഹാപുരോഹിതന്റെ ദാസനെ വെ
52 ട്ടി, അവന്റെ കാതു് അറുത്തു. അപ്പോഴെ യേശു അവനോടു് പറഞ്ഞു: നി
ന്റെ വായ്മ അതിന്റെ സ്ഥലത്തേക്കു് തിരിച്ചിടുക; വായ്മ എടുക്കുന്നവർ
53 ഒക്കയും വാളാൽ നശിച്ചു പോകും സത്യം. അല്ല, ഞാൻ തല്ക്ഷണം എ
ന്റെ അച്ഛനോടു, പന്ത്രണ്ടു ലെഗ്യൊൻ ദൂതരിലും അധികം എനിക്കു നിറു
54 ത്തേണ്ടതിന്നു് അപേക്ഷിച്ചു കൂടാ എന്നു തോന്നുന്നുവൊ? എന്നാൽ തിരു
വെഴുത്തുകളെക്കു് എങ്ങിനെ നിവൃത്തിവരും? ഇപ്രകാരം സംഭവിക്കേണ്ടു
55 ന്നതുണ്ടല്ലൊ! ആ നാഴികയിൽ തന്നെ യേശു കൂട്ടങ്ങളെ നോക്കി: ഒരു ക
ള്ളനെക്കൊള്ള എന്ന പോലെ നിങ്ങളെ എന്നെ പിടിച്ചു വെപ്പാൻ വാളുവ
ടികളുമായി പുറപ്പെട്ടു; ഞാൻ ദിവസേന ദേവാലയത്തിൽ ഉപദേശിച്ചും
56 കൊണ്ടു, നിങ്ങളോടു കൂടെ ഇരുന്നിട്ടും നിങ്ങളെ എന്നെ പിടിച്ചതും ഇല്ല. ഇ
തു് ഒക്കയും പ്രവാചകരുടെ എഴുത്തുകളെ നിവൃത്തിയാകേണ്ടതിന്നത്രെ സം
ഭവിച്ചതു് എന്നു പറഞ്ഞു; അപ്പോഴെ, എല്ലാ ശിഷ്യരും അവനെ വിട്ടു,
മണ്ടിപ്പോയി.

57 യേശുവെ പിടിച്ചവരൊ ശാസ്ത്രികളും മൂപ്പന്മാരും കൂടി വന്ന മഹാപുരോ
ഹിതനായ കയഫാവിൻ ഇടത്തിൽ അവനെ കൊണ്ടുപോയി. പിന്നെ
58 പേത്രൻ ദൂരത്തുനിന്നു, മഹാപുരോഹിതന്റെ നടമുറ്റത്തോളം പിഞ്ചെന്നു,
അകത്തു കടന്നു, അവസാനത്തെ കാണ്മാൻ ഭൃത്യൻമാരോടു കൂടി ഇരുന്നുകൊ
59 ണ്ടു. മഹാപുരോഹിതരും (മൂപ്പരുമായി) സുനെദ്രിയം ഒക്കയും യേശുവെ
മരിപ്പിക്കേണ്ടതിന്നു്, അവന്റെ നേരെ കള്ളസാക്ഷ്യം അന്വെഷിച്ചു പോ
60 ന്നു, കണ്ടിട്ടില്ല താനും. കള്ളസാക്ഷികളും പലരും എത്തിവന്നപ്പോഴും ക
ണ്ടതും ഇല്ല; ഒടുക്കം രണ്ടു കള്ളസാക്ഷികളും വന്നു പറഞ്ഞിതു: എനിക്കു്
61 ദേവമന്ദിരത്തെ അഴിച്ചു മൂന്നു ദിവസംകൊണ്ടു കെട്ടുവാൻ കഴിയും എന്നു്
62 ഇവൻ പറഞ്ഞു. എന്നിട്ടു മഹാപുരോഹിതൻ എഴുനീറ്റു, അവനോടു്: നീ
ഒരുത്തരവും പറയുന്നില്ലയൊ? ഇവർ നിന്റെ നേരെ സാക്ഷ്യം ചൊല്ലുന്ന
തു് എങ്ങിനെ? എന്നു പറഞ്ഞാറെ, യേശു മിണ്ടാതെ നിന്നു, മഹാപുരോ
63 ഹിതൻ അവനോടു് ഉത്തരം ചൊല്ലിയതു: നീ ദേവപുത്രനായ മശീഹ ത
ന്നെയൊ? എന്നു ഞങ്ങളോടു പറയേണ്ടതിന്നു, ഞാൻ ജീവനുള്ള ദൈവത്താ
64 ണ നിന്നോടു് ചോദിക്കുന്നു. അവനോടു യേശു: നീ പറഞ്ഞുവല്ലൊ! ശേ
ഷം ഞാൻ നിങ്ങളോടു ചൊല്ലുന്നിതു: ഇതുമുതൽ മനുഷ്യപുത്രൻ (സർവ്വ) ശ
ക്തിയുടെ വലഭാഗത്തിരിക്കുന്നതും വാനത്തിൻ മേഘങ്ങളിൻമേൽ വരു
ന്നതും നിങ്ങൾ കാണും (24, 30.) എന്നു പറഞ്ഞു. ഉടനെ മഹാപുരോഹി
65 തൻ തന്റെ വസ്ത്രങ്ങളെ കീറി: ഇവൻ ദേവദൂഷണം പറഞ്ഞു; ഇനി സാ
ക്ഷികളെ കൊണ്ടു നമുക്കു് എന്തു് ആവശ്യം? ഇതാ അവന്റെ ദൂഷണം ഇ
66 പ്പോൾ കേട്ടുവല്ലൊ! നിങ്ങൾക്കു് എങ്ങിനെ തോന്നുന്നു? എന്നു പറഞ്ഞ
തിന്നു് അവർ: മരണയോഗ്യൻ ആകുന്നു എന്നു പറഞ്ഞപ്പോൾ— അവന്റെ
67 മുഖത്തു തുപ്പി അവനെ കുത്തി, ചിലരും: ഹേ മശീഹെ! ഞങ്ങളോടു പ്ര
വചിക്ക; നിന്നെ തല്ലിയതു് ആർ? എന്നു ചൊല്ലി കുമക്കയും ചെയ്തു.

69 പേത്രനൊ പുറമെ നടുമുറ്റത്ത തന്നെ ഇരുന്ന, അവനോട് ഒരു ബാല്യ
ക്കാരത്തി അണഞ്ഞു: നീയും ഗലീലക്കാരനായ യേശുവിൻെറ ഒപ്പരം ആ
70 യല്ലൊ എന്നു പറഞ്ഞു. അവനൊ: നീ പറയുന്നതു തിരിയുന്നില്ല എന്ന്
71 എല്ലാവർക്കും മുമ്പാകെ തള്ളിപ്പറഞ്ഞു. പിന്നെ പടിപ്പുരയിലേക്ക് പുറ
പ്പെടുമ്പോൾ, അവനെ മറെറാരുത്തി കണ്ട്, അവിടെ ഉള്ളവരോട്: ഇവ
72 നും നചറക്കാരനായ യേശുവിൻെറ ഒപ്പരം ഇരുന്ന എന്നു പറയുന്നു. ആ മ
നുഷ്യനെ അറിയുന്നില്ല എന്ന് അവൻ രണ്ടാമതും ആണയിട്ടും തള്ളിപ്പറ
73 ഞ്ഞു. കുറയ പിന്നേതിൽ അരികെ നില്ക്കുന്നവർ അടുത്തു വന്നു, പേത്രനോ
ടു: നീ അവരുടെ കൂട്ടത്തിൽ ആകുന്നു സത്യം; നിൻെറ ഉച്ചാരണം കൂടെ
നിന്നെ വെളിവാക്കുന്നുവല്ലൊ! എന്നു പറഞ്ഞു. അപ്പോൾ അവൻ: ആ മ
74 നുഷ്യനെ അറിയുന്നില്ല എന്നു പ്രാകുവാനും സത്യം ചെയ്വാനും തുടങ്ങി;
75 ഉടനെ പൂവങ്കോഴി കൂകി. പേത്രനും കോഴി കൂകുമ്മുമ്പെ നീ മൂന്നു വട്ടം എ
ന്നെ തള്ളിപ്പറയും എന്നു യേശു തന്നോടു ചൊല്ലിയ മൊഴിയെ ഓർത്തു പു
റപ്പെട്ടു പോയി, കൈപ്പോടെ കരകയും ചെയ്തു.

27. അദ്ധ്യായം

യേശുപിലാതനിൽ ഏല്പിക്കപ്പെട്ടതു [മാ. 15. ലൂ. 23], (3) യൂദാവി
ൻെറ ഒടുവു [അപ. 1, 18.]: (11) പിലാതൻെറ ന്യായവിസ്താരം [മാ.
15. ലൂ. 23. യൊ. 18, 29.], (27) സേവകരുടെ പരിഹാസം [മാ. യൊ]:
(32) യേശു ക്രൂശിക്കപ്പെട്ടു മരിച്ചതു [മാ. ലൂ. യൊ.], (51) അതിശയല
ക്ഷണങ്ങളും, (54) കാണികളുടെ ഭാവവും [മാ. ലൂ.], (57) ശവസംസ്കാരം
[മാ ലൂ. യൊ], (62) ശ്മശാനത്തിന്നു കാവൽ.

1 ഉഷസ്സായപ്പോൾ മഹാപുരോഹിതരും ജനത്തിൻ മൂപ്പരും എല്ലാം യേ
2 ശുവെ മരിപ്പിപ്പാൻ നിരൂപിച്ചു; അവനെ കെട്ടി കൊണ്ടുപോയി, നാടു
വാഴിയായ പൊന്ത്യപിലാതനിൽ ഏല്പിച്ചു.
3 അപ്പോൾ ദണ്ഡവിധി ഉണ്ടായത് അവനെ കാണിച്ചു കൊടുത്ത യൂദാ
കണ്ടു, അനുതപിച്ച്, ആ മുപ്പതു ശേഖലിനെ മഹാപുരോഹിതർക്കും മൂപ്പ
4 ന്മാർക്കും മടക്കി: ഞാൻ കുറമില്ലാത്ത രക്തത്തെ ഏല്പിച്ചു കൊടുക്ക
യാൽ, പിഴെച്ചു എന്നു പറഞ്ഞു; അതു ഞങ്ങൾക്കു എന്തു? നീ തന്നെ നോ
ക്കു! എന്ന് അവർ പറഞ്ഞാറെ, അവൻ ആ പണങ്ങളെ മന്ദിരത്തിൽ എ
5 റിഞ്ഞു കളഞ്ഞു വാങ്ങിപ്പോയി, കെട്ടിഞാന്നു മരിച്ചു. മഹാപുരോഹിതർ
6 പണങ്ങളെ എടുത്ത്: ഇതു രക്തവില ആകയാൽ (കൊർബ്ബാൻ എന്ന)
7 കാഴ്ചഭണ്ഡാരത്തിൽ ഇടുന്നതു വിഹിതമല്ല എന്നു പറഞ്ഞു. പിന്നെ കൂടി
നിരൂപിച്ചു, അവ കൊണ്ട് പരദേശികളുടെ ശ്മശാനത്തിന്നായി കുശവ
8 ൻെറ നിലത്തെ കൊണ്ടു. ആകയാൽ ആ നിലത്തിന്ന് ഇന്നേവരെ, രക്ത
നിലം എന്ന പേർ ഉണ്ടായത്; പ്രവാചകനായ യിരമിയ്യാവെ കൊണ്ടു
മൊഴിഞ്ഞതിന്ന് അന്നു നിവൃത്തി വന്നു. കർത്താവ് എന്നോട് അരുളി
9 ച്ചെയ്ത പ്രകാരം ഇസ്രയേൽ പുത്രരിൽ ചിലർ മതിച്ചൊരു മാനയോഗ്യ
10 ൻെറ വിലയായി മുപ്പതു ശേഖലിനെ അവർ എടുത്തു. കുശവനിലത്തി
ന്നായി കൊടുത്തു കളഞ്ഞു എന്നതത്രെ (ജക. 11, 12.)
11 യേശു നാടുവാഴിയുടെ മുമ്പിൽ നില്ക്കുമ്പോൾ: നീ യഹൂദരുടെ രാജാ
വൊ? എന്നു നാടുവാഴി ചോദിച്ചു: നീ പറയുന്നുവല്ലൊ! എന്നു യേശു അ
12 വനോട് പറഞ്ഞു. മഹാപുരോഹിതരും മൂപ്പരും കുറം ചുമത്തുമ്പോഴൊ
അവൻ ഉത്തരം ഒന്നും ചൊല്ലാതിരുന്നു. അപ്പോൾ പിലാതൻ അവനോ
13 ട് പറയുന്നു: നിൻെറ നേരെ എത്ര സാക്ഷ്യംചൊല്ലുന്നു എന്നു കേൾക്കുന്നി
14 ല്ലയൊ? അവനൊ ഒരു മൊഴിക്കും ഉത്തരം ചൊല്ലായ്കയാൽ, നാടുവാഴി

അത്യന്തം ആശ്ചര്യപ്പെട്ട. ഉത്സവംതോറും പുരുഷാരത്തിന്ന തെളിഞ്ഞ ഒ
15 രു ചങ്ങലക്കാരനെ വിട്ടുകൊടുക്കുന്നതു, നാടുവാഴിക്ക മര്യാദ തന്നെ. അ
16 ന്ന (യേശു) ബറബ്ബാ എന്ന ചൊല്ലുള്ള ഒരു ചങ്ങലക്കാരൻ അവർക്ക
17 ഉണ്ടായിരുന്ന. അതുകൊണ്ട ജനങ്ങൾ കൂടി വന്നപ്പോൾ, പിലാതൻ അ
വരോട: ബറബ്ബാ എന്നവനൊ ക്രിസ്തൻ എന്നുള്ള യേശുവൊ ആരെ നി
ങ്ങൾക്ക വിട്ട തരേണ്ടത? എന്ന പറഞ്ഞു. അസൂയകൊണ്ട അവനെ ഏ
18 ല്പിച്ചത തനിക്ക ബോധിക്കയാൽ അത്രെ. പിന്നെന്യായാസനത്തിൽ
19 ഇരുന്നപ്പോൾ, അവന്റെ ഭാര്യ ആളയച്ച: നീയും ആ നീതിമാനുമായി ഇ
ടപ്പെടരുതെ! അവൻ നിമിത്തം ഞാൻ ഇന്നുകൊണ്ടത്തിൽ വളരെ പാട്ട
20 പെട്ട പോയി, സത്യം എന്ന പറ ഇപ്പ. എന്നാറെ, ബറബ്ബാവെ ചോദി
പ്പാനും, യേശുവെ നശിപ്പിപ്പാനും, മഹാപുരോഹിതരും മൂപ്പന്മാരും പുരു
21 ഷാരങ്ങളെ ഇളക്കി സമ്മതിപ്പിച്ച. പിന്നെ നാടുവാഴി അവരോട: ഈ
ഇരുവരിൽ ഏവനെ നിങ്ങൾക്ക വിടുവിപ്പാൻ ഇച്ഛിക്കുന്ന? എന്ന പറ
ഞ്ഞു തുടങ്ങിയാറെ: ബറബ്ബാവെ, എന്ന അവർ പറഞ്ഞു. പിലാതൻ അവ
22 രോട: എന്നാൽ ക്രിസ്തൻ എന്നുള്ള യേശുവെ എന്ത ചെയ്യേണ്ട? എന്ന പറ
23 ഞ്ഞതിന്ന: അവൻ ക്രൂശിക്കപ്പെടെണം! എന്ന എല്ലാവരും പറയുന്ന:
അവൻ ചെയ്ത ദോഷം എന്ത പോൽ? എന്ന നാടുവാഴി പറഞ്ഞാറെ: അ
വൻ ക്രൂശിക്കപ്പെടേണം! എന്ന അത്യന്തം കൂക്കി പറഞ്ഞു. പിന്നെ പി
24 ലാതൻ താൻ ഏതും സാധിക്കുന്നില്ല എന്നും ആരവാരം അധികം ആകുന്ന
എന്നും കണ്ട, വെള്ളം വരുത്തി, പുരുഷാരത്തിന്ന മുമ്പാകെ കൈകളെ കഴു
കി: ഈ നീതിമാന്റെ രക്തത്തിൽ എനിക്ക കുറ്റം ഇല്ല; നിങ്ങൾ തന്നെ
25 നോക്കുവിൻ! എന്ന പറഞ്ഞു. ജനം ഒക്കയും ഉത്തരം പറഞ്ഞിത: അവന്റെ
26 രക്തം ഞങ്ങളുടെ മേലും ഞങ്ങളെ മക്കളുടെ മേലും (വരിക)! എന്നാറെ,
അവൻ ബറബ്ബാവെ അവർക്ക വിട്ടുകൊടുത്ത, യേശുവെ ചമ്മട്ടികൊണ്ട
അടിപ്പിച്ച, ക്രൂശിക്കപ്പെടേണ്ടതിന്ന ഏല്പിച്ച.

27 അപ്പോൾ നാടുവാഴിയുടെ സേവകർ യേശുവെ ആസ്ഥാനത്തിലേക്ക
കൊണ്ടുപോയി, പട്ടാളം എല്ലാം അവനെക്കൊള്ളെ വരുത്തി. അവന്റെ വ
28 സ്ത്രം നീക്കി, ചുവന്ന പുതപ്പ ഇട്ട, മുള്ളുകൊണ്ട കിരീടം മെടഞ്ഞ അവ
29 ന്റെ തലയിലും വലത്തെ കൈയിൽ ഒരു ചൂരല്ലോലും ആക്കി, അവന്മുമ്പിൽ
മുട്ടുകുത്തി: യഹൂദരുടെ രാജാവെ വാഴുക! എന്ന പരിഹസിച്ച ചൊല്ലി. അവ
30 നിൽ തുപ്പി, ചൂരൽ എടുത്ത, അവന്റെ തലയിൽ അടിച്ച. അവനെ പരി
31 ഹസിച്ച തീർന്നപ്പോൾ, പുതപ്പിനെ നീക്കി, അവന്റെ വസ്ത്രങ്ങളെ ഉടു
പ്പിച്ച, അവനെ ക്രൂശിപ്പാൻ കൊണ്ടുപോയി.

32 അവർ പുറപ്പെടുമ്പോൾ, ശിമോൻ എന്ന പേരുള്ള കുറേനക്കാരനെ ക
ണ്ട, അവന്റെ ക്രൂശിനെ എടുത്ത നടപ്പാൻ (രാജനാമം ചൊല്ലി) നിർബ്ബ
33 ന്ധിച്ച. പിന്നെ തലയോടിടം ആകുന്ന ഗോല ഗൊഥ എന്ന സ്ഥലത്ത
34 എത്തിയപ്പോൾ—പിത്തം കലക്കിയ കാടിയെ (സങ്കീ. 69,22.) അവന
35 കുടിപ്പാൻ കൊടുത്ത; ആയ്ത രുചി നോക്കിയാറെ, കുടിപ്പാൻ മനസ്സില്ലാ
ഞ്ഞു. പിന്നെ അവനെ ക്രൂശിൽ തറെച്ച ശേഷം അവന്റെ വസ്ത്രങ്ങളെ ചീ
ട്ടിട്ട തങ്ങളിൽ പകുതി ചെയ്ത, [എന്റെ വസ്ത്രങ്ങളെ തങ്ങളിൽ പകുത്ത,
എൻ പുതപ്പിന്മേൽ ചീട്ടിട്ടുകളഞ്ഞു (സങ്കീ. 22,19.) എന്ന പ്രവാചകൻ
36 മൊഴിഞ്ഞതിന്ന നിവൃത്തി വരുത്തി] അവിടെ ഇരുന്നുകൊണ്ട അവനെ
37 കാത്ത. അവന്റെ തലെക്കു മീതെ: ഇവൻ യഹൂദരുടെ രാജാവായ യേശു
എന്ന അവന്റെ സംഗതിയെ എഴുതി വെച്ചിട്ടുണ്ടായിരുന്ന. രണ്ട കള്ളന്മാ
38 രും ഒരുത്തൻ വലത്തും ഒരുത്തൻ ഇടത്തും അവനോടു കൂടെ ക്രൂശിക്കപ്പെടുക
യും ചെയ്ത.

39 പിന്നെ കടന്ന പോകുന്നവർ തലകളെ കുലുക്കി, അവനെ ദുഷിച്ച പറ
40 ഞ്ഞിത: ഹൊ മന്ദിരത്തെ അഴിച്ച മൂന്ന നാളകൊണ്ട പണിയുന്നവനെ!

നിന്നെ തന്നെ രക്ഷിക്ക! നീ ദൈവപുത്രൻ എങ്കിൽ ക്രൂശിൽനിന്ന് ഇറങ്ങി
41 വാ! എന്നതിന്ന് ഒത്തവണ്ണം മഹാപുരോഹിതരും ശാസ്ത്രികളും മൂപ്പന്മാരു
42 മായി പരിഹസിച്ചു പറഞ്ഞിതു: ഇവൻ മറ്റവരെ രക്ഷിച്ചു, തന്നെത്താൻ
രക്ഷിപ്പാൻ കഴികയില്ല; അവൻ ഇസ്രയേൽ രാജാവെങ്കിൽ ഇപ്പോൾ ക്രൂ
43 ശിൽനിന്ന് ഇറങ്ങി വരട്ടെ! എന്നാൽ നാം അവനിൽ വിശ്വസിക്കും;
ഞാൻ ദേവപുത്രൻ എന്നു ചൊല്ലിക്കൊണ്ട് (സങ്കീ. 22,9) അവൻ ദൈവ
ത്തിൽ ആശ്രയിച്ചുവല്ലൊ; ആയവൻ ഇവനെ ഇച്ഛിക്കുന്നു എങ്കിൽ ഇപ്പോൾ
44 ഉദ്ധരിക്കട്ടെ! അപ്രകാരം തന്നെ അവനോടു കൂടെ ക്രൂശിക്കപ്പെട്ട കള്ളന്മാ
45 രും അവനെ പഴിച്ചു പറഞ്ഞു. ആറാം മണി മുതൽ ഒമ്പതാമത് വരെയും
46 ആ ദേശത്തിൽ എങ്ങും ഇരുട്ടുണ്ടായി. ഏകദേശം ഒമ്പതാം മണിക്കു യേശു:
ഏലീ, ഏലീ, ലമാ ശബക്ഥാനീ! എന്നു മഹാശബ്ദത്തോടെ വിളിച്ചു;
അതു (സങ്കീ. 22,2) എൻ ദൈവമെ! എൻ ദൈവമെ! നീ എന്നെ കൈവിട്ട
47 ത് എന്ത് എന്നാകുന്നു. അവിടെ നില്ക്കുന്നവരിൽ ചിലർ കേട്ടിട്ട്: ഇവൻ
48 ഏലീയാവെ വിളിക്കുന്നു എന്നു പറഞ്ഞു. ഉടനെ അവരിൽ ഒരുത്തൻ ഒരു
49 സ്പൊങ്ങ് എടുത്തു, കാടികൊണ്ടു നിറെച്ചു ഓടമേലാക്കി അവനെ കുടി
പ്പിച്ചു. ശേഷിച്ചവർ: വിട്ടു, ഏലീയാ അവനെ രക്ഷിപ്പാൻ വരുന്നുവൊ?
50 എന്നു നാം നോക്കട്ടെ! എന്നു പറഞ്ഞു. യേശു പിന്നെയും മഹാശബ്ദത്തോ
ടെ കൂക്കി, ആത്മാവെ വിടുകയും ചെയ്തു.

51 അപ്പോൾ ഇതാ മന്ദിരത്തിലെ തിരശ്ശീല മേലോട് അടിയോളവും
രണ്ടായി ചീന്തിപ്പോയി, ഭൂമി കുലുങ്ങി, പാറകൾ പിളർന്നു; തറകളും തുറ
52 ന്നു, നിദ്രപ്രാപിച്ച വിശുദ്ധരുടെ ഉടലുകൾ പലതും ഉണർന്നു വരികയും,
53 അവന്റെ ഉയിർപ്പിൽ പിന്നെ തറകളെ വിട്ടു വിശുദ്ധനഗരത്തിൽ പ്രവേ
54 ശിച്ചു, പലർക്കും കാണാകയും ചെയ്തു. ശതാധിപനും അവനോടു കൂടെ
യേശുവെ കാത്തുനില്ക്കുന്നവരും ഭൂകമ്പം മുതലായി സംഭവിച്ചവ കണ്ടിട്ട്:
55 ഇവൻ ദേവപുത്രനായതു സത്യം! എന്നു ചൊല്ലി, ഏറ്റം ഭയപ്പെട്ടു. ഗലീ
ലയിൽനിന്നു യേശുവെ ശുശ്രൂഷിച്ചുംകൊണ്ടു പിഞ്ചെന്ന പല സ്ത്രീകളും ദൂര
56 ത്തു നോക്കിക്കൊണ്ട്, അവിടെ നിന്നിരുന്നു. അവരിൽ മഗ്ദലക്കാരത്തി
മറിയയും യാക്കോബ് യോസെ എന്നവരുടെ അമ്മയായ മറിയയും ജബ
ദിപുത്രരുടെ അമ്മയും ഉണ്ടു.

57 സന്ധ്യയായാറെ, അരിമത്യക്കാരനായ യോസെഫ് എന്ന ഒരു ധന
വാൻ താനും യേശുവിന്നു ശിഷ്യനാകയാൽ വന്നു, പിലാതനെ ചെന്നു ക
58 ണ്ടു, യേശുവിന്റെ ഉടൽ ചോദിച്ചപ്പോൾ, പിലാതൻ ശവം ഏല്പിച്ചു
59 കൊടുപ്പാൻ കല്പിച്ചു. യോസെഫും ഉടൽ എടുത്തു, ശുദ്ധശീലകളെ ചു
60 റ്റി, താൻ മുമ്പെ തനിക്ക് പാറയിൽ വെട്ടിച്ചൊരു പുതു കല്ലറയിൽ
61 സ്ഥാപിച്ച്, അറയുടെ വാതില്ക്കൽ വലിയ കല്ല് ഉരുട്ടിവെച്ചിട്ടു പോകയും
ചെയ്തു. അവിടെ കുഴിക്ക് എതിരെ മഗ്ദലക്കാരത്തി മറിയയും, മറെറ മ
റിയയും ഇരുന്നിരിക്കുന്നു.

62 വെള്ളിയാഴ്ചെക്കു പിറേറദിവസം മഹാപുരോഹിതരും പരീശരും പിലാ
63 തന്റെ അടുക്കെ വന്നു കൂടി പറഞ്ഞിതു: കർത്താവെ! ആ ചതിയൻ ജീവ
നോടിരിക്കുമ്പോൾ തന്നെ മൂന്നു നാളിലകം ഞാൻ ഉണർന്നു വരുന്നു എന്നു
64 പറഞ്ഞ പ്രകാരം ഞങ്ങൾക്ക് ഓർമ്മ വന്നു. അതുകൊണ്ട് അവന്റെ ശി
ഷ്യന്മാർ വന്നു അവനെ മോഷ്ടിച്ച് അവൻ മരിച്ചവരിൽനിന്ന് ഉണർന്നു
വന്നു എന്നു ജനത്തോടു പറഞ്ഞാൽ, ഒടുക്കത്തെ ചതി മുമ്പിലേത്തതിനെ
ക്കാൾ വിഷമമായിതീരും, എന്നു വരാതിരിക്കേണ്ടതിന്നു മൂന്നാം നാൾ വ
65 രെ കുഴിയെ ഉറപ്പാക്കി വെപ്പാൻ കല്പിക്ക. അവരോടു പിലാതൻ
നിങ്ങൾക്കു കാവൽകൂട്ടം ഉണ്ടാക പോവിൻ! അറിയുന്നേടത്തോളം ഉറപ്പു
66 വരുത്തുവിൻ! എന്നു പറഞ്ഞു. അവരും ചെന്നു, കല്ലിന്നു മുദ്രയിട്ടു, കുഴിയെ
കാവല്കൂട്ടം കൊണ്ട് ഉറപ്പാക്കുകയും ചെയ്തു:

28. അദ്ധ്യായം

യേശുവിന്റെ പുനരുത്ഥാനം [മാ. 16. ലൂ. 24; യൊ. 20.], (11) കാവല്ലാരെ പറിപ്പിച്ച ഉപായം , (16) ഗലീലയിൽ പ്രത്യക്ഷതയും അന്ത്യപ്രബോധനയും.

1 ശബ്ബത്തിന്നു് അനന്തരം ഒന്നാം ആഴ്ച വെളുക്കുമ്പോഴം തന്നെ, മഗ്ദല
ക്കാരത്തി മറിയയും മറെറ മറിയയും കല്ലറയെ കാണ്മാൻ വന്നു. അന്നു
2 ഇതാ വലിയ ഭ്രകമ്പം ഉണ്ടായി; കർത്താവിന്റെ ദൂതൻ സ്വർഗ്ഗത്തിൽനി
ന്നു് ഇറങ്ങി വന്നു, കല്ലിനെ ഉരുട്ടി നീക്കി, അതിന്മേൽ ഇരുന്നിരുന്നു.
3 അവന്റെ കാഴ്ച മിന്നല്ലൊത്തതും അവന്റെ ഉടുപ്പു ഹിമം പോലെ വെളു
4 ത്തതും തന്നെ. കാവല്ലാർ അവങ്കലെഭയം നിമിത്തം കുലുങ്ങി മരിച്ചവരെ
5 പോലെ ആയി. ദൂതർ സ്ത്രീകളോടു പറഞ്ഞു തുടങ്ങിയതു: നിങ്ങഠം ഭയ
പ്പെടേണ്ട; ക്രൂശിക്കപ്പെട്ട യേശുവിനെ നിങ്ങഠം അന്വെഷിക്കുന്നു എന്നു
6 റിയുന്നു സത്യം. അവൻ ഇവിടെ ഇല്ല; താൻ പറഞ്ഞ പ്രകാരം ഉണർന്നു
7 വന്നവനത്രെ. അല്ലയോ വന്നു കർത്താവു് കിടന്ന സ്ഥലം കാണ്മിൻ! ഇ
നി വേഗം ചെന്നു് അവൻ മരിച്ചവരിൽനിന്നു് ഉണന്ന പ്രകാരം അവന്റെ
ശിഷ്യന്മാരോടു പറവിൻ; ഇതാ അവൻ നിങ്ങഠംക്കു് മുമ്പെ ഗലീലെക്കു
പോകുന്നു, അവിടെ അവനെ കാണും, കണ്ടാലും ഞാൻ നിങ്ങളോടു പറ
8 ഞ്ഞു. എന്നാറെ, അവർ ഭയത്തോടും, മഹാസന്തോഷത്തോടും കൂടി, കുഴി
9 യെ വിരഞ്ഞു വിട്ടു്, അവന്റെ ശിഷ്യന്മാർക്കു് അറിയിപ്പാൻ ഓടിപ്പോ
യി. (അവന്റെ ശിഷ്യന്മാർക്കു് അറിയിപ്പാൻ ചെല്ലുമ്പോഴം) കണ്ടാലും
യേശു അവരെ എതിരേറ്റു: വാഴ്വിൻ! എന്നു പറഞ്ഞു. അവരും അടുത്തു
10 വന്നു് അവന്റെ കാലുകളെ പിടിച്ചു്, അവനെ കുമ്പിട്ടു. അപ്പോഴം യേശു
അവരോടു: ഭയപ്പെടായ്വിൻ! ചെന്നു് എന്റെ സഹോദരന്മാരോടു, ഗ
ലീലെക്കു് പോവാൻ അറിയിപ്പിൻ; അവിടെ അവർ എന്നെ കാണും
എന്നു പറയുന്നു.

11 അവർ പോകുമ്പോഴം, കാവലുക്കൂട്ടത്തിൽ ചിലർ ഇതാ നഗരത്തിൽ
വന്നു്, ഉണ്ടായതു് എല്ലാം മഹാപുരോഹിതരോടു ബോധിപ്പിച്ചു. ആയവർ
12 മൂപ്പരുമായി ഒന്നിച്ചു കൂടി നിരൂപിച്ചുകൊണ്ടു, സേവകർക്കു് ആവോളം
13 പണം കൊടുത്തു പറഞ്ഞിതു; അവന്റെ ശിഷ്യർ രാത്രിയിൽ വന്നു, ഞ
14 ങ്ങഠം കിടന്നിരിക്കെ അവനെ കട്ടുകൊണ്ടുപോയി എന്നു പറവിൻ. അതു
നാടുവാഴിയുടെ സന്നിധാനത്തിൽ ഉണർത്തിച്ചു എങ്കിലൊ, ഞങ്ങഠം അ
15 വനെ സമ്മതിപ്പിച്ചു, നിങ്ങളെ ഖേദമില്ലാതാക്കും. എന്നാറെ അവർ പണം
വാങ്ങി ഉപദേശപ്രകാരം ചെയ്തു; ഈ വാക്കു് ഇന്നുവരെ യഹൂദരിൽ പരന്നു
നടക്കയും ചെയ്തു.

16 പിന്നെ പതിനൊന്നു ശിഷ്യന്മാർ ഗലീലയിൽ യേശു അവർക്കു നി
17 യമിച്ച മലെക്കു് യാത്രയായി. അവനെ കണ്ടാറെ, അവനെ കുമ്പിട്ടു, ചി
18 ലർ ശങ്കിച്ചു നിന്നു. യേശുവൊ അവരോടു് അണഞ്ഞു അരുളിച്ചെയ്തിതു:
19 സ്വർഗ്ഗത്തിലും ഭൂമിയിലും സകല അധികാരവും എനിക്കു് നല്കപ്പെട്ടിരി
ക്കുന്നു. (ആകയാൽ) നിങ്ങഠം പുറപ്പെട്ടു, പിതാപുത്രൻവിശുദ്ധാത്മാവു്
20 എന്നീ നാമത്തിലേക്കു് സ്നാനം ഏല്പിച്ചും, ഞാൻ നിങ്ങളോടു കല്പി
ച്ചവ ഒക്കയും സൂക്ഷിപ്പാന്തക്കവണ്ണം ഉപദേശിച്ചും, ഇങ്ങിനെ സകല ജാ
തികളെയും ശിഷ്യരാക്കികൊഠംവിൻ, ഞാനൊ ഇതാ യുഗസമാപ്തിയോളം
എല്ലാനാളും നിങ്ങളോടു കൂടെ ഉണ്ടു. (ആമെൻ.)

THE

GOSPEL OF MARK

മാക്കൻ എഴുതിയ

സുവിശേഷം

1. അദ്ധ്യായം

യോഹനാൻ സ്നാപകനും, (9) യേശുവിൻ സ്നാനവും പരീക്ഷയും (മത്താ. 3. ലൂ. 3. യൊ. 1], (14) യേശു ഉപദേശിച്ചു നാലു ശിഷ്യരെ വിളിച്ചതു [മാ. 4.], (21) കഫർന്നഹൂമിലെ ഭ്രതഗ്രസ്തൻ [ലൂ. 4], (29) ശിമോന്റെ അമ്മായി മുതലായവർക്കു സൌഖ്യവും, (40) കുഷ്ഠരോഗിക്കു ശുദ്ധിയും വന്നതു [മത്താ. 8. ലൂ. 4.5.]

1 ദേവപുത്രനായ യേശുക്രിസ്തന്റെ സുവിശേഷത്തിന്നു ആരംഭം (ആവി
2 തു.) (മല. 3,1) കണ്ടാലും നിണക്കു വഴിയെ യഥാസ്ഥാനത്താക്കുവാനുള്ള
എന്റെ ദൂതനെ ഞാൻ അയക്കുന്നുണ്ടു എന്നും, (യശ. 40,3) മരുഭ്രമിയിൽ
3 കൂക്കുന്നവന്റെ ശബ്ദമാവിതു: കർത്താവിന്റെ വഴിയെ നിരത്തി, അവ
ന്റെ പാതകളെ നേരെ ആക്കുവിൻ എന്നും യശയ്യ പ്രവാചകനിൽ എഴുതി
4 യിരിക്കുന്ന പ്രകാരം, യോഹനാൻ മരുഭ്രമിയിൽ സ്നാനം ഏല്പിച്ചും പാപ
മോചനത്തിന്നായുള്ള മാനസാന്തരസ്നാനത്തെ ഘോഷിച്ചും കൊണ്ടിരുന്നു.
5 അവന്റെ അടുക്കെ യഹൂദദേശം ഒക്കയും യരുശലേമ്യരും യാത്രയായി, എ
ല്ലാവരും തങ്ങളുടെ പാപങ്ങളെ ഏറ്റുപറഞ്ഞു: യർദ്ദൻനദിയിൽ അവ
6 നാൽ സ്നാനപ്പെടുകയും ചെയ്തു. യോഹനാനൊ ഒട്ടകരോമവും അരെക്കു
തൊൽവാറും ധരിച്ചു, തുള്ളനും കാട്ടുതേനും തിന്നുംകൊണ്ടിരുന്നു. എന്നെ
7 ക്കാൾ ഊക്കേറിയവൻ എന്റെ പിന്നാലെ വരുന്നു; അവന്റെ ചെരിപ്പുകളു
ടെ വാറു കുനിഞ്ഞു അഴിപ്പാൻ ഞാൻ യോഗ്യനല്ല. ഞാൻ നിങ്ങളെ വെ
8 ള്ളത്തിൽ സ്നാനം ഏല്പിച്ചു സത്യം; അവൻ നിങ്ങളെ വിശുദ്ധാത്മാവിൽ
സ്നാനം ഏല്പിക്കും എന്നു ഘോഷിച്ചു പോന്നു.
9 ആ നാളുകളിൽ സംഭവിച്ചതു, യേശു ഗലീലയിലെ നചറത്തെ വിട്ടു,
10 യോഹനാനാൽ യർദ്ദനിൽ സ്നാനപ്പെട്ടു. ഉടനെ വെള്ളത്തിൽനിന്നു കരേറി
വന്നിട്ടു, അവൻ വാനങ്ങളും പിളരുന്നതും ആത്മാവു പ്രാവുപോലെ അവ
11 കലേക്കു ഇറങ്ങി വരുന്നതും കണ്ടു. ഞാൻ പ്രസാദിച്ച എന്റെ പ്രിയപു
12 ത്രൻ നീ ആകുന്നു എന്നു വാനങ്ങളിൽനിന്നു ഒരു ശബ്ദം ഉണ്ടാകയും ചെ
13 യ്തു. അനന്തരം ആത്മാവു അവനെ മരുഭ്രമിയിലേക്കു ആക്കി; അവിടെ
അവൻ സാത്താനാൽ പരീക്ഷിക്കപ്പെട്ടു, നാല്പതു ദിവസം മരുഭ്രമി
യിൽ മൃഗങ്ങളോടു കൂടെ ഇരുന്നു, പിന്നെ ദൂതർ അവനെ ശുശ്രൂഷിച്ചു.
14 യോഹനാൻ (തടവിൽ) ഏല്പിക്കപ്പെട്ട ശേഷമോ യേശു ഗലീല
യിൽ വന്നു, ദേവരാജ്യത്തിന്റെ സുവിശേഷത്തെ ഘോഷിച്ചും, കാലം
15 പൂരിച്ചു വന്നു, ദേവരാജ്യം സമീപിച്ചിട്ടും ഉണ്ടു; മാനസാന്തരപ്പെട്ടു സുവി
ശേഷത്തിൽ വിശ്വസിപ്പിൻ എന്നു പറഞ്ഞും കൊണ്ടിരുന്നു.
16 പിന്നെ ഗലീലകടല്പുറത്തു നടക്കുമ്പോൾ, ശിമോനും അവന്റെ സ
ഹോദരനായ അന്ത്രെയാവും മീൻപിടിക്കാരായി, കടലിൽ വലവീശുന്ന
17 തിനെ കണ്ടു. അവരോടു യേശു: എന്റെ പിന്നാലെ വരുവിൻ എന്നാൽ

18 നിങ്ങളെ മനുഷ്യപിടിക്കാരാക്കാം! എന്നു പറഞ്ഞു. ഉടനെ അവർ വല
19 കളെ വിട്ടേച്ചു, അവനെ അനുഗമിച്ചു. അപ്പുറം ചെന്നാറെ, ജബദിയുടെ
മകനായ യാക്കോബും അവന്റെ സഹോദരനായ യോഹനാനും കൂടെ പട
20 കിൽ ഇരുന്നു, വലകളെ നന്നാക്കുന്നതു കണ്ട ഉടനെ — അവരെയും വിളിച്ചു,
അവർ അച്ഛനായ ജബദിയെ കൂലിക്കാരോടും കൂടെ പടകിൽ വിട്ടു, അവ
ന്റെ പിന്നാലെ നടന്നു പോകയും ചെയ്തു.

21 അവർ കഫർന്നഹൂമിൽ പ്രവേശിച്ച ഉടനെ, അവൻ ശബ്ബത്തിൽ പള്ളി
22 ക്കു ചെന്നു ഉപദേശിച്ചു; അവന്റെ ഉപദേശം നിമിത്തം അവർ സ്തംഭിച്ചു
പോയി; ശാസ്ത്രികളെ പോലെ അല്ലല്ലൊ, അധികാരമുള്ളവനായിട്ടത്രെ
23 അവൻ ഉപദേശിക്കുന്നവനായിരുന്നു: അവരുടെ പള്ളിയിൽ അശുദ്ധാത്മാ
24 വിൻ വശത്തുള്ള മനുഷ്യൻ ഉണ്ടു, ആയവൻ: നചറക്കാരനായ യേശുവെ
വിടു! ഞങ്ങൾക്കും നിണക്കും എന്തു? ഞങ്ങളെ നശിപ്പിപ്പാൻ വന്നു, നീ
ആർ എന്നു ഞാൻ അറിയുന്നു; ദൈവത്തിന്റെ വിശുദ്ധൻ തന്നെ എന്നു നി
25 ലവിളിച്ചു. മിണ്ടാതിരു, അവനെ വിട്ടു പുറപ്പെടുക! എന്നു യേശു അതി
26 നെ ശാസിച്ചു. അപ്പോൾ അശുദ്ധാത്മാവു അവനെ ഇഴെച്ചു, മഹാ ശബ്ദ
27 ത്തോടെ കൂക്കി, അവനെ വിട്ടു പോയി. എല്ലാവരും വിസ്മയിച്ചു: ഇതെ
ന്തു? ഈ പുതിയ ഉപദേശം എന്തു പോൽ? അധികാരത്തോടെ അവൻ അശു
ദ്ധാത്മാക്കളേയും നിയോഗിക്കുന്നു; അവ അവനെ അനുസരിക്കയും ചെ
യ്യുന്നവല്ലൊ എന്നു തങ്ങളിൽ വാദിച്ചുകൊണ്ടിരുന്നു. അവന്റെ ശ്രുതി
28 പെട്ടന്നു, ഗലീലാ നാടു എങ്ങും പരന്നു പോയി.

29 ഉടനെ പള്ളിയെ വിട്ടു, ശിമോൻ അന്ത്രെയാ എന്നവരുടെ വീട്ടിൽ യാ
30 ക്കോബും യോഹനാനുമായി വന്നു, അവിടെ ശിമോന്റെ അമ്മായി പനി
പിടിച്ചു കിടന്നു, ക്ഷണത്തിൽ അവളെകൊണ്ടു അവനോടു പറഞ്ഞാ
31 റെ, അവൻ സമീപിച്ചു, അവളുടെ കൈയെ പിടിച്ചുകൊണ്ടു, അവളെ എ
ഴുനീല്പിച്ചു, ഉടനെ പനി അവളെ വിട്ടു മാറി, അവൾ അവരെ ശുശ്രൂഷിക്ക
32 യും ചെയ്തു. വൈകുന്നേരമായപ്പോൾ, സൂര്യൻ അസ്തമിച്ചശേഷം അവന്റെ
അടുക്കെ സകല ദുസ്ഥന്മാരെയും ഭ്രൂതഗ്രസ്തരെയും കൊണ്ടുവന്നു. പട്ടണം
33 എല്ലാം വാതില്ക്കൽ വന്നു കൂടിയിരുന്നു. അവനൊ, നാനാവ്യാധികളാൽ
34 ദുസ്ഥരായ പലരെയും സൌഖ്യമാക്കി, അനേകഭ്രൂതങ്ങളെയും ആട്ടി, ഭ്രൂത
ങ്ങളും അവനെ അറികകൊണ്ടു അവ ഉരിയാടുവാൻ സമ്മതിച്ചതും ഇല്ല.
35 അതികാലത്തു ഇരുട്ടോടെ അവൻ എഴുനീറു പുറപ്പെട്ടു, നിർജ്ജനസ്ഥല
36 ത്തിൽ ചെന്നു പ്രാർത്ഥിച്ചു. ശിമോനും കൂടെ ഉള്ളവരും, അവനെ പിന്തുടർന്നു
37 കണ്ടെത്തി: എല്ലാവരും നിന്നെ തിരയുന്നു എന്നു പറയുന്നു. അവരോടു അ
38 വൻ: ഞാൻ അടുത്ത ഊരുകളിലും ഘോഷിക്കേണ്ടതിന്നു, നാം അവിടെ
ചെല്ലുക; ഇതിന്നായല്ലൊ ഞാൻ യാത്രയായതു എന്നു ചൊല്ലി; ഗലീല
39 യിൽ മുഴുവൻ അവരുടെ പള്ളികളിൽ ഘോഷിച്ചും, ഭ്രൂതങ്ങളെ ആട്ടിയും
കൊണ്ടിരുന്നു.

40 ഒരു കുഷ്ഠരോഗി അവനോടു അണഞ്ഞു, മുട്ടുകുത്തി അപേക്ഷിച്ചു: നിണ
ക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധീകരിപ്പാൻ കഴിയും എന്നുപറയുന്നു. യേ
41 ശു കരളലിഞ്ഞു കൈ നീട്ടി, അവനെ തൊട്ടു പറയുന്നു: മനസ്സുണ്ടു ശുദ്ധ
42 നാക! എന്നു ചൊല്ലിയ ഉടനെ കുഷ്ഠം മാറി ശുദ്ധിവരികയും ചെയ്തു. യേശു
43 അവനെ അമർച്ചയായി ശാസിച്ചു: നോക്കു, ആരോടും ഒന്നും പറയാതെ
44 പുറപ്പെട്ടു, പുരോഹിതനു നിന്നെത്തന്നെ കാണിച്ചു, നിന്റെ ശുദ്ധീകരണ
ത്തിന്നായി, മോശെ ആജ്ഞാപിച്ചവ, അവക്കുള്ള സാക്ഷ്യത്തിന്നായി
കഴിച്ചുകൊൾക! എന്നു ചൊല്ലി, അവനെ പുറത്താക്കി. അവനും പുറ
45 പ്പെട്ടു, പലതും ഘോഷിപ്പാനും വിവരത്തെ പരത്തുവാനും തുടങ്ങി, അവനു
പ്രസിദ്ധമായി ഊരിൽ കടപ്പാൻ കഴിയാതെ ആക്കിവെച്ചു; (അതുകൊണ്ടു)

അവൻ പുറത്തു നിജ്ജനസ്ഥലങ്ങളിൽ പാർത്തു, എല്ലാടത്തുംനിന്നു (ജനങ്ങൾ) അവന്റെ അടുക്കെ വന്നു കൂടുകയും ചെയ്തു.

2. അദ്ധ്യായം

വാതശാന്തി [മത്താ. 9. ലൂ. 5.], (13) മത്തായുടെവിളിയും ഉപവാസചോദ്യവും [മത്താ. 9. ലൂ. 5.], (23) ശബ്ബത്തിൽ കതിരുകളെ പറിക്കയാലെ വാദം [മത്താ. 12. ലൂ. 6.]

1 **ചി**ല ദിവസങ്ങളിൽ പിന്നെ മടങ്ങി, കഫർന്നഹൂമിൽ പ്രവേശിച്ചു.
2 അവൻ വീട്ടിലേക്കു് ആയി എന്നു കേട്ട ഉടനെ, പലരും വന്നുകൂടി, വാതിലുല്ലും ഇടം ഇല്ലാതാക്കി; അവരോടു് അവൻ വചനത്തെ പറയുമ്പോൾ,
3 നാലാൾ എടുത്ത ഒരു പക്ഷവാതക്കാരനെ അവന്റെ അടുക്കെ കൊണ്ടുവന്നു;
4 പുരുഷാരം നിമിത്തം അവനോടു സമീപിച്ചു കൂടായ്കയാൽ അവൻ ഇരിക്കുന്നതിന്റെ മേല്പുരയെ പൊളിച്ചു, കുഴിച്ചു, പക്ഷവാതക്കാരൻ കിടക്കുന്ന
5 ശയ്യയെ ഇറക്കി വിടുന്നു. അവരുടെ വിശ്വാസത്തെ യേശു കണ്ടു, പക്ഷവാതക്കാരനോടു്: കുഞ്ഞനെ, നിന്റെ പാപങ്ങൾ നിണക്കു് മോചിക്കപ്പെട്ടിരിക്കുന്നു! എന്നു പറയുന്നു. അവിടെ ചില ശാസ്ത്രികൾ ഇരുന്നുകൊണ്ടു്:
6 ഇവൻ ഇങ്ങിനെ (ദേവ) ദൂഷണം ചൊല്ലുന്നതു് എന്തു? ഏകദൈവമല്ലാതെ
7 പാപങ്ങളെ മോചിപ്പാൻ കഴിയുന്നവൻ ആർ? എന്നു ഹൃദയങ്ങളിൽ ചി
8 ന്തിച്ചു നിന്നു. ഇങ്ങിനെ തങ്ങളിൽ ചിന്തിക്കുന്നതു യേശു പെട്ടന്നു തന്റെ ആത്മാവിൽ ബോധിച്ചിട്ടു്, അവരോടു പറഞ്ഞിതു: നിങ്ങളുടെ ഹൃദയങ്ങളിൽ ഇവ ചിന്തിപ്പാൻ എന്തു? പക്ഷവാതക്കാരനോടു, നിന്റെ പാപ
9 ങ്ങൾ മോചിച്ചിരിക്കുന്നു എന്നു പറവാനൊ; എഴുനീറു, നിന്റെ കിടക്ക എടുത്തു നടക്ക എന്നു പറവാനൊ; ഏതിന്നു എളുപ്പം ഏറെ ഉണ്ടു? എങ്കിലും
10 ഭൂമിയിൽ പാപങ്ങളെ മോചിപ്പാൻ മനുഷ്യപുത്രനു് അധികാരം ഉണ്ടു്
11 എന്നു നിങ്ങൾക്കു് ബോധിക്കേണ്ടതിന്നു്, അവൻ പക്ഷവാതക്കാരനോടു പറയുന്നു: ഞാൻ നിന്നോടു ചൊല്ലുന്നു, എഴുനീറു നിന്റെ കിടക്ക എടു
12 ത്തു, നിന്റെ വീട്ടിലേക്കു് പോക. ഉടനെ അവൻ എഴുനീറു, തന്റെ കിടക്ക എടുത്തു, എല്ലാവർക്കും മുമ്പാകെ പുറപ്പെട്ടതുകൊണ്ടു, എല്ലാവരും സ്തംഭിച്ചു്: ഇപ്രകാരം നാം ഒരുനാളും കണ്ടിട്ടില്ല എന്നു ചൊല്ലി, ദൈവത്തെ മഹത്വീകരിക്കയും ചെയ്തു.
13 അവൻ പിന്നെയും കടല്ക്കരെ ചെന്നു, പുരുഷാരം എല്ലാം അവനോടു ചേർന്നു വന്നു; അവർക്കു് അവൻ ഉപദേശിക്കയും ചെയ്തു. അവിടെ കടക്കുമ്പോൾ,
14 ഹൽഫായിപുത്രനായ ലേവി ചുങ്കസ്ഥലത്തിൽ ഇരിക്കുന്നതു കണ്ടു്: എന്റെ പിന്നാലെ വാ! എന്നു് അവനോടു പറയുന്നു; അവൻ എഴുനീറ്റു്, അവനെ അനുഗമിച്ചു. പിന്നെ അവന്റെ വീട്ടിൽ പന്തിയിൽ
15 ഇരിക്കുമ്പോൾ, സംഭവിച്ചിതു: പല ചുങ്കക്കാരും, പാപികളും, യേശുവോടും, അവന്റെ ശിഷ്യരോടുംകൂടി പന്തിയിൽ ഇരുന്നു; കാരണം അനേകർ അവിടെ ഇരുന്നു, യേശുവിന്റെ പിന്നാലെ വന്നു പാർത്തു. ശാസ്ത്രി
16 കളും പരീശരും അവൻ ചുങ്കക്കാരോടും, പാപികളോടും ഒന്നിച്ചു ഭക്ഷിക്കുന്നതു കണ്ടിട്ടു്, അവന്റെ ശിഷ്യരോടു പറഞ്ഞു: ഇവൻ ചുങ്കക്കാരോടും, പാപികളോടും കൂടെ തിന്നു കുടിക്കുന്നതു എന്തു? എന്നതു യേശു കേട്ടു്,
17 അവരോടു പറയുന്നു: സുസ്ഥന്മാക്കു് വൈദ്യനെകൊണ്ടു് ആവശ്യമില്ല, ദുസ്ഥക്കേ ഉള്ളു; ഞാൻ നീതിമാന്മാരെ അല്ല, പാപികളെ വിളിപ്പാൻ വന്നതു്.
18 യോഹനാന്റെ ശിഷ്യരും പരീശരും ഉപവാസം ദീക്ഷിക്കുന്നവരായിരുന്നു, (ചിലർ) വന്നു അവനോടു പറയുന്നു: യോഹനാന്റെ ശിഷ്യരും,

പറീശക്കുള്ളവരും ഉപവസിക്കുന്നതും, നിന്റെ ശിഷ്യന്മാർ ഉപവസിക്കാത്തതും എന്തു കൊണ്ടു? അവരോടു യേശു പറഞ്ഞിതു: മണവാളൻ കൂടെ ഉള്ളന്നും കല്യാണകൂട്ടക്കു് ഉപവസിപ്പാൻ കഴിയുമൊ? അവക്കു മണവാളൻ അരികിൽ ഇരിക്കുംകാലത്തോളം ഉപവസിപ്പാൻ കഴികയില്ല; മണവാളൻ അവരിൽ നിന്നു് എടുക്കപ്പെട്ട എന്നുള്ള നാളുകളും വരും താനും; അന്നേദിവസം അവർ ഉപവസിക്കും. പഴയവസ്ത്രത്തിൽ അലക്കാത്ത തുണിക്കണ്ടങ്ങളും ഒരുത്തരും ചേത്തു തുന്നുമാറില്ല; ചെയ്താൽ നിറപ്പിന്നായി ചേത്ത പുതുക്കണ്ടം പഴേതിൽനിന്നു വലിച്ചിട്ടു ചിന്തൽ ഏറും വല്ലാതെ ആകും. ആരും പുതിയ വീഞ്ഞു പഴയ തുരുത്തികളിൽ ഇടുന്നതും ഇല്ല; ഇട്ടാൽ, വീഞ്ഞു തുരുത്തികളെ പൊളിക്കും, വീഞ്ഞു് ഒഴുകി പോകും; തുരുത്തികളും കെട്ടുപോകും; പുതിയ വീഞ്ഞു പുതിയ തുരുത്തികളിൽ അത്രെ പകർന്നു വെക്കേണ്ടതു.

23 അവൻ ശബ്ബത്തിൽ വിളഭ്രമിയൂടെ കടന്നു പോകുമ്പോൾ, അവന്റെ ശിഷ്യന്മാർ കതിരുകളെ പറിച്ചു വഴി ഉണ്ടാക്കുവാൻ തുടങ്ങുകയായി. പ
24 റീശർ അവനോടു: നോക്കു; ഇവർ ശബ്ബത്തിൽ വിഹിതമല്ലാത്തതു ചെയ്യുന്നതു് എന്തു്? എന്നു പറഞ്ഞു. അവരോടു് അവൻ പറഞ്ഞിതു: ദാവിദും
25 കൂടെ ഉള്ളവരും വിശന്നപ്പോൾ, മുട്ടുണ്ടായിട്ടു് ചെയ്തതു് എന്തു എന്നു നി
26 ങ്ങൾ ഒരിക്കലും വായിച്ചില്ലയൊ? അവൻ അബ്യതാർ എന്ന മഹാപുരോ
ഹിതന്റെ കാലത്തു ദേവഭവനത്തിൽ പുക്കു, പുരോഹിതക്കല്ലാതെ തിന്നരുതാതെ ഉള്ള കാഴ്ചയപ്പങ്ങളെ ഭക്ഷിച്ചു, കൂടയുള്ളവർക്കും കൊടുത്ത പ്രകാ
27 രം തന്നെ. പിന്നെ അവരോടു പറഞ്ഞു: ശബ്ബത്തു മനുഷ്യൻനിമിത്തം ഉണ്ടായതു്; മനുഷ്യൻ ശബ്ബത്തിന്നായിട്ടല്ല: അതുകൊണ്ടു മനുഷ്യപുത്രൻ ശബ്ബത്തിന്നും കർത്താവാകുന്നു.

3. അദ്ധ്യായം

കൈവാഴ്ചയേയും, (7) മറും ശമിപ്പിച്ചതു [മത്താ. 12, 9. ലൂ. 6.], (13) പന്ത്രണ്ടു് അപോസ്തലരും[മത്താ. 10. ലൂ. 6.], (20) പറീശരുടെ ദൂഷണാദികളും [മത്താ. 12. ലൂ. 11.], (31) ചേച്ചക്കാർ കാണ്മാൻ വന്നതു [മത്താ. 12. ലൂ. 8, 19.]

1 അവൻ പിന്നെയും പള്ളിയിൽ പുക്കു, അവിടെ വറണ്ട കൈയുള്ള മനു
2 ഷ്യൻ ഉണ്ടു. ആയവനെ ശബ്ബത്തിൽ സൌഖ്യമാക്കുമൊ എന്നു് അവനെ
3 കുറം ചുമത്തേണ്ടതിന്നു്, (അവർ) നോക്കിനിന്നു. വറണ്ട കൈയുള്ള മനു
4 ഷ്യനോടു് അവൻ: നടുവിൽ നിവിന്നു നില്ക്ക എന്നു പറയുന്നു. പിന്നെ അവരോടു്: ശബ്ബത്തിൽ നന്മ ചെയ്കയൊ; തിന്മ ചെയ്കയൊ; ജീവനെ രക്ഷിക്കയൊ; കൊല്ലുകയൊ; ഏതു വിഹിതം? എന്നു പറഞ്ഞാറെ, അവർ
5 മിണ്ടാതിരുന്നു. അവരുടെ ഹൃദയത്തടിപ്പിൻ നിമിത്തം ദുഃഖിച്ചും കൊണ്ടു, കോപത്തോടെ അവരെ ചുറും നോക്കി, മനുഷ്യനോടു്: നിന്റെ കൈ നീട്ടുക! എന്നു പറഞ്ഞപ്പോൾ, അവൻ നീട്ടിയ ഉടനെ, അവന്റെ കൈ
6 വഴിക്കെ വന്നു. പറീശരൊ പുറപ്പെട്ടു, അവനെ നശിപ്പിപ്പാൻ ഹെരോദ്യരുമായി അവന്റെ നേരെ നിരൂപിച്ചു മന്ത്രിക്കയും ചെയ്തു.

7 പിന്നെ യേശു തന്റെ ശിഷ്യരോടും കൂടെ കടല്ക്കരെക്കു് വാങ്ങി പോ
8 യി. ഗലീലയിൽനിന്നു വലിയ സമൂഹവും, യഹൂദാ യരുശലേമിലും ഏദൊം യർദ്ദനക്കരെയും ഉള്ളവരും ഥൂർ ചിദൊന്നടുത്തവരും ആകെ വലിയ കൂട്ടം അവൻ ചെയ്യുന്നതു് ഒക്ക കേട്ടിട്ടു്, അവന്റെ അടുക്കെ വന്നു. പിന്നെ
9 പുരുഷാരം തന്നെ ഞെരുക്കാതെ ഇരിക്കേണ്ടതിന്നു്, അവർ നിമിത്തം ഒരു
10 ചെറു പടകു് അരികിൽ നിലുപാൻ ശിഷ്യരോടു പറഞ്ഞു. കാരണംഅവൻ

അനേകരെ സൌഖ്യമാക്കുകയാൽ ബാധകം ഉള്ളവർ ഒക്കയും അവനെ
11 തൊടുവാൻ അവനോടു തിരക്കി കൂടി. അശുദ്ധാത്മാക്കളും അവനെ കാണു
ന്തോറും, അവൻമുമ്പിൽ വീണു: നീ ദൈവപുത്രനാകുന്നു! എന്നു കൂക്കി പറ
12 യുമ്പോൾ—അവരെ തന്നെ പ്രസിദ്ധനാക്കരുത് എന്നിട്ടു, പലവിധേന
ശാസിച്ചുകൊണ്ടിരുന്നു.

13 പിന്നെ അവൻ മലമേൽ കരേറി, തനിക്കു ബോധിക്കുന്നവരെ വിളിച്ചു
വരുത്തി; അവരും അവനോടു എത്തിയപ്പോൾ, തന്നോടു കൂടെ ഇരിക്കേ
14 ണം എന്നും, ഘോഷിച്ചു ചൊല്വാനും. രോഗങ്ങളെ ശമിപ്പിക്കയും ഭൂത
15 ങ്ങളെ ആട്ടുകയും ചെയ്വേണ്ടതിന്നു അധികാരം ഉണ്ടാകുവാനും അവരെ അ
16 യക്കേണം എന്നും പന്തിരുവരെ ആക്കി (നിയമിച്ചു). (അവരിൽ) ശി
17 മോന്നു പേത്രൻ എന്ന പേർ ഇട്ടു. പിന്നെ ജബദിപുത്രനായ യാക്കോബു,
യാക്കോബിൻ സഹോദരനായ യോഹനാൻ, എന്നവർക്കു ഇടിമക്കൾ എ
ന്നർത്ഥമുള്ള ബനെഗ്സു എന്ന പേരും ഇട്ടു. ശേഷം അന്ത്രെയാ, ഫിലിപ്പൻ,
18 ബർത്തൊലൂമായി, മത്തായി, തൊമാ, ഹലഫായപുത്രനായ യാക്കോ
19 ബു, തദ്ദായി, എരിവുകാരനായ ശിമോൻ, അവനെ കാണിച്ചു കൊടുക്കു
ന്ന ഇഷ്കര്യോതാവായ യൂദാ എന്നുള്ളവരെ തന്നെ.

20 അവർ വീട്ടിൽ വരുന്നു (അവിടെ) അവർക്കു ഭക്ഷണം കഴിപ്പാൻ
പോലും വഹിയാതവണ്ണം പുരുഷാരം പിന്നെയും തിങ്ങിക്കൂടിവന്നു. അവ
21 ന്റെ ചേച്ചക്കാർ അതു കേട്ടു, അവൻ ഭ്രാന്തനായി എന്നു ചൊല്ലി, അവ
നെ പിടിപ്പാൻ പുറപ്പെട്ടുപോയി. യരുശലേമിൽ നിന്നു ഇറങ്ങി വന്ന
22 ശാസ്ത്രികളും, ഇവനിൽ ബയൽസെബൂൽ ഉറഞ്ഞിരിക്കുന്നു എന്നും, ഭൂതങ്ങള
ുടെ തലവനെ കൊണ്ടു ഭൂതങ്ങളെ ആട്ടുന്നു എന്നും പറഞ്ഞു. അവരെ അവൻ
23 അടുക്കെ വിളിച്ചു, ഉപമകൾ കൊണ്ടു അവരോടു പറഞ്ഞതു: സാത്താ
ന സാത്താനെ ആട്ടിക്കളവാൻ എങ്ങിനെ കഴിയും? പിന്നെ ഒരു രാജ്യം
24 തന്നിൽ തന്നെ ഛിദ്രിച്ചു എങ്കിൽ, ആ രാജ്യത്തിന്നു നിലനില്പാൻ കഴിക
25 യില്ല. ഒരു വീടും തന്നിൽ തന്നെ ഛിദ്രിച്ചു എങ്കിൽ, ആ വീട്ടിന്നു നിലനി
26 ല്പാൻ കഴികയില്ല. സാത്താൻ തന്നെക്കൊള്ളെ എഴുനീറു ഛിദ്രിച്ചു എ
27 ങ്കിൽ, അവനു നിലനില്പാൻ വഹിയാതെ ഒടുവുണ്ടു (നിശ്ചയം). ഊക്കു
നെ കെട്ടീട്ടു ഒഴികെ ഊക്കന്റെ വീട്ടിൽ കടന്നു അവന്റെ കോപ്പുകളെ
കവർന്നു കളവാൻ ആർക്കും കഴികയില്ല; (കെട്ടീട്ടത്രെ) അവന്റെ വീട്ടിൽ
28 കവർച്ച ചെയ്യാം. ആമെൻ ഞാൻ നിങ്ങളോടു പറയുന്നതു: മനുഷ്യപുത്ര
29 രോടു എല്ലാപാപങ്ങളും അവർ ദൂഷിച്ചു പറയുന്ന ഏതു ദൂഷണങ്ങളും ക്ഷ
മിക്കപ്പെടും. വിശുദ്ധാത്മാവിന്റെ നേരെ ആരാനും ദൂഷിച്ചു പറഞ്ഞു എ
ങ്കിലൊ, അവനു യുഗപര്യന്തവും ക്ഷമ ഉണ്ടാകാതെ, നിത്യന്യായവിധിക്കു
30 ഹേതുവാകുന്നു. (എന്നതു) അവനു ഒർ അശുദ്ധാതുമാവു ഉണ്ടു എന്നു അ
വർ പറകയാലത്രെ (ചൊല്ലിയതു).

31 അനന്തരം അവന്റെ അമ്മയും സഹോദരരും വന്നു, പുറത്തു നിന്നിട്ടു,
32 അവനെ വിളിപ്പാൻ ആളയച്ചു. അപ്പോൾ, പുരുഷാരം അവന്റെ ചുറും
ഇരുന്നുകൊണ്ടു: ഇതാ നിന്റെ അമ്മയും സഹോദരരും (സഹോദരിമാരും)
33 പുറത്തുനിന്നു, നിന്നെ അന്വേഷിക്കുന്നു എന്നു അവനോടു പറഞ്ഞു. അവ
രോടു അവൻ എന്റെ അമ്മ എങ്കിലും സഹോദരർ എങ്കിലും ആർ ആകു
34 ന്നു? എന്നു ഉത്തരം ചൊല്ലി—തന്റെ ചുറും ഇരിക്കുന്നവരെ നാലു പുറവും
നോക്കി കൊണ്ടു: കണ്ടാലും എന്റെ അമ്മയും എന്റെ സഹോദരരും; ദൈ
35 വത്തിന്റെ ഇഷ്ടം ആർ ചെയ്യുന്നു എന്നാലും അവൻ എനിക്കു സഹോദരനും
സഹോദരിയും അമ്മയും ആകുന്നു സത്യം എന്നു പറയുന്നു.

4. അദ്ധ്യായം

(3) വിതെക്കുന്നവൻ മുതലായ ദൈവരാജ്യത്തിൻ ഉപമകൎക്കും, (10) കാരണവും, (13) ഒന്നാമതിൻ വ്യാഖ്യാനവും [മത്താ. 13. ലൂ. 8.], (21) വിളക്കുതണ്ടു [ലൂ, 8,16.], (26) വിത്തു വെറുതെ മുളെക്കുന്നതു, (30) കടുകിന്മണി [മത്താ. 13. ലൂ. 13.], (35) കൊടുങ്കാറ്റിനെ ശമിപ്പിച്ചതു [മത്താ. 8. ലൂ. 8.]

1 അവൻ പിന്നെയും കടല്ക്കരെ ഉപദേശിപ്പാൻ തുടങ്ങിയപ്പോൾ, വലിയ
പുരുഷാരം അവന്റെ ചുറും ചേരുകകൊണ്ടു, അവൻ പടകിൽ കരേറി
കടലിൽ ഇരുന്നു; സമൂഹം എല്ലാം കടല്പുറത്തു കരമേൽ ആയിരുന്നു. അവരെ
2 ഉപമകൎംകൊണ്ടു വളരെ പഠിപ്പിച്ചു, തന്റെ ഉപദേശത്തിൽ നിന്നു അവ
3 രോടു പറഞ്ഞിതു: കേൾപ്പിൻ! വിതെക്കുന്നവൻ ഇതാ വിതെപ്പാൻ പുറ
4 പ്പെട്ടു; വിതെക്കുമ്പോൾ സംഭവിച്ചതു, ചിലതു വഴിയരികെ വീണു, പറ
5 ജാതികൾ വന്നു അതിനെ തിന്നുകളഞ്ഞു. മറ്റേതു പാറമേൽ ഏറിയ മ
ണ്ണില്ലാത്തെടത്തു വീണു; മണ്ണിന്നു താഴ്ചയില്ലായ്കയാൽ, ക്ഷണത്തിൽ
6 മുളെച്ചു വന്നു; ആദിത്യൻ ഉദിച്ചാറെ, ചൂടു തട്ടി, വേരില്ലായ്കകൊണ്ടു
7 ഉണങ്ങി പോകയും ചെയ്തു. മറ്റേതു മുള്ളുകളിൽ വീണു; മുള്ളുകൾ പൊങ്ങി
8 വന്നു, അതിനെ ഫലം തരാതവണ്ണം ഞെരുക്കിക്കളഞ്ഞു. മറ്റേതു നല്ല
മണ്ണിൽ വീണിട്ടു കയറുന്നതും വളരുന്നതും ആയ ഫലം നല്കി; ഒന്നു മുപ്പതു
9 മേനിയും, ഒന്നു അറുപതും, ഒന്നു നൂറും വിളയിക്കയും ചെയ്തു. പിന്നെ
കേൾപ്പാൻ ചെവികൾ ഉള്ളവൻ കേൾക്കുക എന്നു പറഞ്ഞു.

10 അനന്തരം അവൻ പ്രത്യേകം ആയപ്പോൾ, പന്തിരുവർ ആദിയായി അ
11 വനോടു ചേൎന്നവർ ഉപമയെ ചോദിച്ചു. അവരോടു അവൻ പറഞ്ഞിതു:
12 ദൈവരാജ്യത്തിന്റെ മർമ്മം നിങ്ങൾക്കു നല്കപ്പെട്ടിരിക്കുന്നു; ആ പുറത്തു
ള്ളവർക്കോ, സകലവും ഉപമകൾ വഴിയായി വരുന്നതു; അവർ മനന്തിരി
യാതെയും, ക്ഷമ ലഭിക്കാതെയും, ഇരിക്കത്തക്കവണ്ണം കൺ നോക്കീട്ടും
13 കാണായ്വാനും ചെവി കേട്ടിട്ടും ഗ്രഹിക്കായ്വാനും തന്നെ. എന്നാറെ,
അവരോടു പറയുന്നു: ഈ ഉപമ തിരിയുന്നില്ലയൊ? പിന്നെ എല്ലാ ഉപമക
14 ളേയും എങ്ങിനെ അറിയും? വിതെക്കുന്നവൻ വചനത്തെ വിതെക്കുന്നു.
15 പിന്നെ വഴിയരികെ ഉള്ളവർ ആർ എന്നാൽ വചനം അകത്തു വിതെക്ക
പ്പെട്ടിട്ടു അവർ കേട്ടുകൊണ്ടഉടനെ, സാത്താൻ വന്നു, ഹൃദയങ്ങളിൽ വി
16 തെച്ച വചനം എടുത്തു കളയുന്നു. അപ്രകാരം പാറമേൽ വിതെക്കപ്പെടുന്ന
വർ ആർ എന്നാൽ, വചനത്തെ കേട്ട ഉടനെ, സന്തോഷത്തോടെ കൈക്കൊ
17 ള്ളുന്നവർ എങ്കിലും, ഉള്ളിൽ വേരില്ലാതെ തല്ക്കാലക്കാർ ആകുന്നവർ; പി
ന്നെ വചനം നിമിത്തം ഉപദ്രവമോ, ഹിംസയോ, ഉണ്ടായാൽ, ക്ഷണ
18 ത്തിൽ ഇടർച്ച തോന്നുന്നു. മറ്റു മുള്ളുകളിൽ വിതെക്കപ്പെടുന്നവരോ, വച
19 നത്തെ കേൾക്കുന്നവർ. എങ്കിലും, ഈ യുഗചിന്തകളും ധനവഞ്ചനയും
ശേഷം വിഷയമോഹങ്ങളും അകംപുക്കു, വചനത്തെ ഞെരുക്കീട്ടു അതു
20 നിഷ്ഫലമായിതീരുന്നു. നല്ല മണ്ണിൽ വിതെക്കപ്പെട്ടവരൊ, വചന
ത്തെ കേട്ടു അംഗീകരിച്ചുംകൊള്ളുന്നവർ തന്നെ: അവർ ഒന്നു മുപ്പതും ഒ
ന്നു അറുപതും, ഒന്നു നൂറുമായി ഫലം തരുന്നു.

21 പിന്നെ അവരോടു പറഞ്ഞു: വിളക്കു വരുന്നതു പറയിൻ കീഴിൽ ആക
ട്ടെ, കട്ടിൽകീഴിലാകട്ടെ, ആക്കേണ്ടതിന്നൊ; അല്ല, വിളക്കു തണ്ടിന്മേൽ
22 ഇടേണ്ടതിന്നില്ലയൊ? എങ്ങിനെ എന്നാൽ! വെളിപ്പെടാതെ ഗൂഢമായതു
ഒന്നും ഇല്ല; വെളിച്ചത്തു വരുവാനല്ലാതെ, ഒന്നും മറവായതും ഇല്ല.
23 കേൾപ്പാൻ ചെവികൾ ഉള്ളവൻ ഉണ്ടെങ്കിൽ കേൾക്കുക. പിന്നെ അവരോ
24 ടു പറഞ്ഞിതു: നിങ്ങൾ കേൾക്കുന്നതു എന്തെന്നു നോക്കുവിൻ! നിങ്ങൾ

ഏത് അളവു കൊണ്ടു അളന്നാലും അതിനാൽ നിങ്ങൾക്ക് അളക്കപ്പെടും;
25 കേൾക്കുന്ന നിങ്ങൾക്ക് കൂട്ടി നല്കപ്പെടുകയുമാം. എങ്ങിനെ എന്നാൽ, ഏ
വൻ ഉള്ളവനായാൽ അവനു കൊടുക്കപ്പെടും; ഏവൻ ഇല്ലാത്തവനായാൽ,
ഉള്ളതും കൂടെ അവനോട് എടുക്കപ്പെടും.

26 അനന്തരം പറഞ്ഞിതു: ദൈവരാജ്യം ഇപ്രകാരം ആകുന്നു. ഒരു മനുഷ്യൻ
27 മണ്ണിൽ വിത്തിനെ എറിഞ്ഞതിന്റെ ശേഷം, രാപ്പകലും ഉറങ്ങി, എഴുനീ
റും കൊണ്ടിരിക്കെ, താൻ അറിയാതവണ്ണം വിത്തു മുളെച്ചു വരുന്നതു
28 പോലെ തന്നെ. ഭൂമിയാകട്ടെ, സ്വയമായി തഴെപ്പിച്ചു മുമ്പെ തണ്ടും
പിന്നെ കതിരും പിന്നെ കതിരിൽ നിറഞ്ഞ മണിയും ഉണ്ടാക്കുന്നു. വിള
29 സമ്മതിച്ചാൽ കൊയ്ത്തു സമീപിച്ചതു കൊണ്ട് അവൻ ഉടനെ അരിവാ
ളെ അയക്കുന്നു.

30 പിന്നെ പറഞ്ഞിതു: ദേവരാജ്യത്തെ ഏതിനോട് ഉപമിക്കേണ്ടു? ഏതു
31 ഉപമയാൽ അതിനെ വർണ്ണിക്കേണ്ടു? അതു കടുകിന്മണിയോട് ഒക്കും;
ആയതു മണ്ണിൽ വിതെക്കപ്പെടുമ്പോൾ, ഭൂമിയിലെ എല്ലാ വിത്തുകളിലും
ചെറിയതു എങ്കിലും വിതെച്ച ശേഷം വളർന്നു സകല സസ്യങ്ങളിലും
32 വലുതായിതീർന്നു, ആകാശ പക്ഷികളും വന്നു അതിന്റെ നിഴലിൽ കൂ
ടിപാർക്കുംവണ്ണം വലുതായ കൊമ്പുകളെ വിടുന്നു. അവൻ ഇങ്ങിനത്തെ
33 ഉപമകളും പലതുംകൊണ്ടു അവർ കേൾപാൻ കഴിയുന്ന പ്രകാരം തന്നെ വ
34 ചനത്തെ അവരോടു പറഞ്ഞു പോന്നു. ഉപമ കൂടാതെ അവരോടു പറഞ്ഞ
തും ഇല്ല; വേറിട്ടു തന്റെ ശിഷ്യരോടു സകലവും വ്യാഖ്യാനിക്കും താനും.

35 ആ നാളിൽ സന്ധ്യയായാറെ: നാം അക്കരെ കടക്കുക എന്നു അവരോ
36 ടു പറയുന്നു. അവർ പുരുഷാരത്തെ വിട്ടു, അവനെ പടകിൽ താൻ ആയ
പ്രകാരം തന്നെ ചേർത്തുകൊണ്ടു, മറ്റെ പടകുകളും അവനോടു കൂടെ ഓടു
37 ന്നുണ്ടു. അപ്പോൾ, വലിയ ചുഴലിക്കാറുണ്ടായി, തിരകൾ പടകിൽ ത
ള്ളി വന്നതുകൊണ്ടു അതു നിറവാറായി. അപ്പോൾ താൻ അമരത്തിൽ ത
38 ലയാണ മേൽ ഉറങ്ങുന്നുണ്ടു; അവനെ അവർ ഉണർത്തി: ഗുരൊ! ഞങ്ങൾ
നശിച്ചു പോകുന്നതിനാൽ നിണക്കു വിചാരം ഇല്ലയൊ? എന്നു പറയു
39 ന്നു. അവനും എഴുനീറു, കാറ്റിനെ ശാസിച്ചു, കടലിനോട്: മിണ്ടാതി
രു! അടങ്ങു! എന്നു പറഞ്ഞു; കാറ്റും തളർന്നു വലിയ ശാന്തത ഉണ്ടാകയും
40 ചെയ്തു. പിന്നെ അവരോടു: നിങ്ങൾ ഇങ്ങിനെ ഭീരുക്കൾ ആവാൻ എന്തു?
41 വിശ്വാസം ഉണ്ടാകാത്തതു എന്തു? എന്നു പറഞ്ഞു. അവരും വളരെ ഭയപ്പെ
ട്ടു: എന്നാൽ കാറ്റും കടലും അനുസരിക്കുന്നതു കൊണ്ടു പിന്നെ ഇവൻ ആ
രുപോൽ? എന്നു തങ്ങളിൽ പറകയും ചെയ്തു.

5. അദ്ധ്യായം

ഗദരയിലെ ഭ്രതഗ്രസ്തൻ [മത്താ. 8. ലൂ. 8.], യായീർപ്പുത്രിയും രക്ത
വാർച്ചയുള്ളവളും [മത്താ. 9. ലൂ. 8.]

1 അവർ അക്കരെ ഗദരദേശത്തിൽ എത്തി, പടകിൽനിന്നു ഇറങ്ങിയ ഉ
2 ടനെ, അശുദ്ധാത്മാവുള്ള ഒരു മനുഷ്യൻ കല്ലറകളിൽനിന്നു (ഓടി) അവ
3 നെ എതിരേറ്റു. ആയവനു തറകളിൽ തന്നെ പാർപ്പുണ്ടു; പലപ്പോഴും അ
4 വനെ ചങ്ങലതളകളും കൊണ്ടു കെട്ടിയാറെയും, അവൻ ചങ്ങലകളെ വ
ലിച്ചു പൊട്ടിച്ചും തളകളെ ഉരമ്മി ഒടിച്ചും കളഞ്ഞതിനാൽ അവനെ ആർ
ക്കും ചങ്ങലകളാലും കെട്ടി കൂടാതെയും അടക്കുവാൻ വഹിയാതെയും ആ
5 യി. രാപ്പകലും തറകളിലും മലകളിലും വിടാതെ കൂക്കി, തന്നെത്താൻ ക
6 ല്ലുകളാൽ തച്ചും കൊണ്ടിരുന്നു. ആയവൻ യേശുവെ ദൂരത്തുനിന്നു കണ്ടിട്ടു

7 ഓടിച്ചെന്ന, അവനെ കുമ്പിട്ട. (യേശു): അശുദ്ധാത്മാവെ, ഈ മനുഷ്യ
നിൽ നിന്ന പുറപ്പെട്ട പോക എന്ന പറഞ്ഞതുകൊണ്ട: മഹോന്നതദൈവ
8 ത്തിൻെറ പുത്രനായ യേശുവെ! എനിക്കും നിണക്കും എന്ത? ദൈവത്താ
ണ നീ എന്നെ പീഡിപ്പിക്കൊല്ലാ എന്ന് അപേക്ഷിക്കുന്ന എന്ന വലിയ
9 ശബ്ദത്തോടെ കൂക്കി പറഞ്ഞു. അവനോട യേശു: നിൻെറ പേർ എന്ത?
എന്ന ചോദിച്ചതിന്ന: ഞങ്ങൾ അനേകർ ആകയാൽ (പട്ടാളം) ലെഗ്യോൻ
10 എന്ന പേർ ഉണ്ട എന്ന പറഞ്ഞു. ദേശത്തിൽനിന്ന് തങ്ങളെ അയച്ച കള
11 യാതിരിപ്പാൻ ഏറിയോന്ന് അപേക്ഷിച്ചു. അവിടെ മലയരികെ ഒരു വ
12 ലിയ പന്നിക്കൂട്ടം മേയുന്നുണ്ട: ഇവററിൽ പ്രവേശിക്കത്തക്കവണ്ണം ഞങ്ങ
ളെ പന്നികളിലേക്ക് അയക്കുക എന്ന (ഭൂതങ്ങൾ) അവനോട അപേക്ഷി
13 ച്ചു. യേശു ഉടനെ അനുവാദം കൊടുത്തു; അശുദ്ധാത്മാക്കൾ പുറപ്പെട്ട പ
ന്നികളിൽ കടന്ന, കൂട്ടം ഞെട്ടി, കടുന്തുക്കത്തുടെ കടലിൽ പാഞ്ഞിറങ്ങി,
14 ഈരായിരത്തോളം എണ്ണം കടലിൽ വീർപ്പുമുട്ടി ചാകയും ചെയ്തു. അവമേ
യ്ക്കുന്നവർ മണ്ടിപോയി പട്ടണത്തിലും നിലങ്ങളിലും അറയിച്ചു; സംഭവി
ച്ചത് എന്തെന്ന കാണ്മാൻ (പലരും) യാത്രയായി. യേശുവോട എത്തി.
15 ലെഗ്യോൻ ഉണ്ടായ ഭൂതഗ്രസ്തൻ വസ്ത്രം ഉടുത്തും സുബോധം പൂണ്ടും ഇരിക്ക
16 ുന്നത കണ്ട ഭയപ്പെട്ട. ഭൂതഗ്രസ്തനു ഉണ്ടായതും പന്നികളുടെ വൃത്താന്തവും
17 കാണികളും അവരോട അറിയിച്ചപ്പോൾ, തങ്ങളുടെ അതിരുകളെ വിട്ട
18 പോവാൻ അവനോട അപേക്ഷിച്ചു തുടങ്ങി. അവൻ പടകേറുമ്പോൾ, ത
19 ന്നോട കൂടെ ഇരിപ്പാൻ ഭൂതഗ്രസ്തൻ അപേക്ഷിച്ചു. അവനെ സമ്മതിയാ
തെ: നിണക്കുള്ളവരെ കാണ്മാൻ നിൻെറ വീട്ടിൽ ചെന്ന, കർത്താവ് നി
ന്നിൽ കനിഞ്ഞു ചെയ്തിട്ടുള്ളത് ഒക്കയും പ്രസ്താപിക്ക എന്ന് അവനോട
20 പറയുന്ന. അവനും പോയി യേശു തന്നിൽ ചെയ്തത് ഒക്കയും ദശപുരത്തിൽ
ഘോഷിച്ചു തുടങ്ങി. എല്ലാവരും ആശ്ചര്യപ്പെടുകയും ചെയ്തു.

21 യേശു പടകിൽ പിന്നെയും ഇക്കരെ കടന്നശേഷം, കടലരികെ ഇരിക്ക
22 മ്പോൾ, വലിയ പുരുഷാരം അവനോട ചേർന്ന കൂടി. അപ്പോൾ (കണ്ടാ
ലും) പള്ളിമൂപ്പരിൽ യായീർ എന്ന പേരുള്ള ഒരുത്തൻ വന്ന് അവനെ ക
23 ണ്ട കാൽക്കൽ വീണ: എൻെറ ചെറുമകൾ അത്യാസന്നത്തിൽ ആകുന്ന; അ
വൾ രക്ഷപെടേണ്ടതിന്ന നീ വന്ന് അവളുടെ മേൽ കൈകളെ വെച്ചാലും,
24 എന്നാൽ അവൾ ജീവിക്കും എന്ന വളരെ അപേക്ഷിച്ചു. അവനോട് അ
വൻ കൂടി പോയി, വലിയ പുരുഷാരവും പിഞ്ചെന്ന് അവനെ തിരക്കി
25 പോന്ന. അപ്പോൾ പന്തീരാണ്ട രക്തവാർച്ചയുള്ളോരു സ്ത്രീ, പല വൈദ്യ
26 ന്മാരാലും ഏറിയോന്ന് അനുഭവിച്ചു, സകല വസ്തുവും ചെലവഴിച്ചിട്ടും
ഒട്ടും ഭേദം വരാതെ, ഏറ്റവും കെട്ടതിയായി പോയശേഷം, യേശുവിൻെറ
27 വർത്തമാനം കേട്ടിട്ട പുരുഷാരത്തിൽ വഴിയെ വന്ന. ഇവൻെറ വസ്ത്രങ്ങൾ
28 പോലും തൊട്ട എങ്കിൽ, ഞാൻ രക്ഷപെടും എന്ന ചൊല്ലി, അവൻെറ വ
29 സ്ത്രം തൊട്ട: ക്ഷണത്തിൽ അവളുടെ രക്തത്തിൻ ഉറവ് വററി, അവൾ ബാ
30 ധ മാറി, സൌഖ്യം വന്ന എന്ന ശരീരത്തിൽ അറികയും ചെയ്തു. യേശു ത
ങ്കൽനിന്ന ശക്തി പുറപ്പെട്ടത് ഉടനെ ഉള്ളിൽ അറിഞ്ഞു, പുരുഷാര
ത്തിൽ തിരിഞ്ഞു (നോക്കി): എൻെറ വസ്ത്രങ്ങളെ തൊട്ടത് ആർ? എന്ന
31 പറഞ്ഞു. അവനോട ശിഷ്യൻമാർ പറഞ്ഞു: പുരുഷാരം നിന്നെ തിരക്കുന്ന
ത കണ്ടിട്ടും എന്നെ തൊട്ടത് ആർ എന്ന പറയുന്നുവൊ? അവനൊ അത
32 ചെയ്തവളെ കാണ്മാൻ ചുററും നോക്കി കൊണ്ടിരുന്ന. അപ്പോൾ, സ്ത്രീ ത
33 ന്നിൽ ഉണ്ടായത് അറിഞ്ഞിട്ട ഭയപ്പെട്ടും വിറെച്ചും വന്ന്, അവൻമുമ്പിൽ
വീണ വസ്തുത ഒക്കയും പറഞ്ഞു. അവളോട അവൻ പറഞ്ഞു: മകളെ, നി
34 ൻെറ വിശ്വാസം നിന്നെ രക്ഷിച്ചു, സമാധാനത്തിൽ പോയി നിൻെറ
35 ബാധയിൽനിന്ന സ്വസ്ഥയായിരിക്ക. ഇങ്ങിനെ പറയുമ്പോൾ തന്നെ

പള്ളിമൂപ്പന്റെ വീട്ടിൽനിന്നു് അളകൻ വന്നു: നിന്റെ മകൻ മരിച്ചു പോ
യി, ഗുരുവിനെ ഇനി അസഹ്യപ്പെടുത്തുന്നതു് എന്തിനു്? എന്നു് പറഞ്ഞ ഉ
36 ടനെ, യേശു ആ വാക്കു കേട്ടിട്ടു പള്ളിമൂപ്പനോടു്: ഭയപ്പെടായ്ക! വിശ്വസി
37 ക്ക മാത്രം ചെയ്ക എന്നു പറഞ്ഞു. പേത്രനേയും യാക്കോബെയും യാ
ക്കോബിൻ സഹോദരനായ യോഹനാനെയും അല്ലാതെ, മറ്റാരെയും പി
38 ഞ്ചെല്ലുവാൻ സമ്മതിയാതെ, പള്ളിമൂപ്പന്റെ വീട്ടിൽ വന്നു് ആരവാര
ത്തെയും വളരെ കരഞ്ഞു വിലപിക്കുന്നവരെയും കണ്ടു, അകമ്പുക്കു: നിങ്ങ
39 ളുടെ ആരവാരവും കരച്ചലും എന്തിനു? കുട്ടി മരിച്ചിട്ടില്ല, ഉറങ്ങുന്നത്രെ!
എന്നു് അവരോടു പറഞ്ഞു; അവർ അവനെ പരിഹസിച്ചു. അവനൊ എ
40 ല്ലാവരെയും പുറത്താക്കി, കുട്ടിയുടെ അമ്മയപ്പന്മാരെയും തന്റെ ഒന്നിച്ചുള്ള
വരെയും കൂട്ടിക്കൊണ്ടു; കുട്ടി കിടക്കുന്നേടത്തു കടന്നു, കുട്ടിയുടെ കൈപി
41 ടിച്ചു, ബാലെ, ഞാൻ നിന്നോടു കല്പിക്കുന്നു എഴനീല്ക്ക എന്നത്ഥത്തോടെ:
തലീഥ! കൂമി! എന്നു് അവളോടു പറയുന്നു. ബാലയും ഉടനെ എഴനീറ്റു,
42 പന്ത്രണ്ടു വയസ്സുള്ളവൾ ആകകൊണ്ടു നടന്നു; അവരും മഹാ വിസ്മയത്താ
43 ലെ സ്തംഭിച്ചു പോയി. ഇതു് ആരും അറിയരുതെന്നു് അവരോടു വളരെ
ആജ്ഞാപിച്ചു് അവൾക്കു തിന്മാൻ കൊടുക്കേണ്ടതിന്നു പറകയും ചെയ്തു.

6. അദ്ധ്യായം

നചരത്തിലെ അവിശ്വാസം [മത്താ. 13.], (7) അപോസ്തലരെ അയച്ച
തു [മത്താ. 10. ലൂ. 9.], (14) ഹെരോദാ യോഹനാനെ കൊന്നതു [മ
ത്താ. 14. ലൂ. 9.], 30, 5000 ങ്ങൾക്കു ഭക്ഷണം കൊടുത്തു. [മത്താ. 14.
ലൂ. 9. യൊ. 6.], (47) പൊയ്കയിന്മേൽ നടന്നതു [മത്താ. യൊ.]

1 അവൻ അവിടെനിന്നു യാത്രയായി, തന്റെ പിതൃനഗരത്തിൽ വന്നു
2 അവന്റെ ശിഷ്യരും പിഞ്ചെല്ലുന്നുണ്ടു. ശബ്ബത്തായപ്പോൾ അവൻ പള്ളി
യിൽ ഉപദേശിച്ചു തുടങ്ങി; കേൾക്കുന്നവർ പലരും സ്തംഭിച്ചു: ഇവനു് ഇ
വ എവിടെനിന്നു് അവനു കൊടുക്കപ്പെട്ട ജ്ഞാനവും ഇങ്ങിനെ അവന്റെ
3 കൈകളാൽ നടക്കുന്ന ശക്തികളും എന്തുപോൽ! ഇവൻ മറിയയുടെ മകനും
യാക്കോബു് യോസെ യൂദാ ശിമോൻ എന്നവരുടെ സഹോദരനും ആയ
തച്ചനല്ലയൊ? അവന്റെ സഹോദരികളും നമ്മോടല്ലൊ പാർക്കുന്നു! എന്നു
4 ചൊല്ലി, അവർ ഇടറി പോയി എന്നാറെ, യേശു: പ്രവാചകനു തന്റെ
പിതൃനഗരത്തിലും ചേച്ചിക്കാരിലും സ്വഭവനത്തിലും ഒഴികെ മാനം ഇല്ലാ
5 തിരിക്കയില്ല എന്നു് അവരോടു പറഞ്ഞു. അല്പം ചില ബലഹീനരുടെ
മേൽ കൈകളെ വെച്ചു സൌഖ്യം വരുത്തുക അല്ലാതെ, അവിടെ ശക്തി
6 ഒന്നും കാണിപ്പാൻ കഴിഞ്ഞില്ല. അവരുടെ അവിശ്വാസം ഹേതുവായി
അവൻ ആശ്ചര്യപ്പെട്ടു, ചുറ്റുമുള്ള ഊരുകളിൽ ഉപദേശിച്ചുകൊണ്ടു സഞ്ച
രിക്കയും ചെയ്തു.
7 പിന്നെ പന്തിരുവരെയും അടുക്കെ വിളിച്ചു, അവരെ ഈരണ്ടായി അ
യച്ചു തുടങ്ങി, അവർക്കു അശുദ്ധാത്മാക്കളിൽ അധികാരവും കൊടുത്തു:
8 വഴിക്കു വടിയല്ലാതെ ഒന്നും എടുക്കരുതു്; പൊക്കണവും അപ്പവും മടിശ്ശീ
ലയിൽ ചെമ്പു (നാണ്യവും) അരുതു; ചെരിപ്പുകളും ഇട്ടത്രെ (നടക്കുക);
9 രണ്ടു വസ്ത്രം ധരിക്കയും അരുതു് എന്നു് അവരോടു് ആജ്ഞാപിച്ചു. പിന്നെ
10 എങ്ങായാലും ഒരു വീട്ടിൽ കടന്നാൽ, അവിടെ നിന്നു പുറപ്പെടുവോളത്തേ
11 ക്കു് അതിൽ തന്നെ വസിപ്പിൻ! ആർ എങ്കിലും നിങ്ങളെ കൈക്കൊള്ളാ
തെയും നിങ്ങളെ കേൾക്കാതെയും ഇരുന്നാൽ, അവിടം വിട്ടു, നിങ്ങളുടെ
കാലുകളുടെ കീഴുള്ള ധൂളിയെ അവർക്കു സാക്ഷ്യത്തിന്നായി കുടഞ്ഞു കള
വിൻ! (ആമെൻ ഞാൻ നിങ്ങളോടു പറയുന്നിതു: ന്യായവിധിനാളിൽ ആ

പട്ടണത്തിനേക്കാൾ സദോമിന്നും ഘമോറെക്കും സഹിച്ചുകൂടുമായിരിക്കും).
12 അവരും പുറപ്പെട്ടു, മാനസാന്തരപ്പെടേണം എന്നു ഘോഷിച്ചു പോന്നു. 36
13 പല ഭ്രതങ്ങളെയും ആട്ടിക്കളഞ്ഞു, അനേകം ബലഹീനരെ എണ്ണകൊണ്ടു
തേച്ചു സൌഖ്യം വരുത്തിക്കൊണ്ടിരുന്നു. 37
14 ഇങ്ങിനെ അവന്റെ നാമം പ്രസിദ്ധമായി വരുമ്പോൾ ഹെരോദാരാജാ
വും കേട്ടിട്ടു: സ്നാപകനായ യോഹനാൻ മരിച്ചവരിൽ നിന്നു ഉണർന്നതു 38
കൊണ്ടത്രെ ഈ ശക്തികൾ ഇവനിൽ വ്യാപരിക്കുന്നു എന്നു പറഞ്ഞു. അ
15 വൻ ഏലീയാവു എന്നു മറ്റു ചിലർ പറഞ്ഞു; പ്രവാചകരിൽ ഒരുവനെ
16 പോലെ പ്രവാചകനാകുന്നു എന്നു മറ്റവരും പറഞ്ഞു. അതു ഹെരോദാ 39
കേട്ടാറെ; ഞാൻ തലവെട്ടിച്ച യോഹനാൻ തന്നെ ആകുന്നു; അവൻ (മരി 40
ച്ചവരിൽനിന്നു) ഉണർന്നു വന്നു എന്നു പറഞ്ഞു. ഹെരോദാ ആകട്ടെ, ത
17 ന്റെ സഹോദരനായ ഫിലിപ്പന്റെ ഭാര്യ ഹെരോദ്യയെ വേട്ടതു കൊണ്ടു, 41
സഹോദരന്റെ ഭാര്യയെ എടുക്കുന്നതു നിണക്കു വിഹിതമല്ല എന്നു യോഹ
18 നാൻ ഹെരോദാവോടു പറകകൊണ്ടു, അവൻ അവൾ നിമിത്തം ആളയ 42
ച്ചു, യോഹനാനെ പിടിപ്പിച്ചു തടവിൽ കെട്ടിച്ചാക്കിയിരുന്നു. ഹെരോ 43
19 ദ്യ അവനിൽ ഉൾപ്പക ഭാവിച്ചു കൊല്ലുവാനും ഇച്ഛിച്ചു, കഴിഞ്ഞില്ല താ 44
20 ൻ. കാരണം ഹെരോദാ യോഹനാനെ നീതിയും വിശുദ്ധിയും ഉള്ള പുരു
ഷൻ എന്നറിഞ്ഞു, അവനെ ഭയപ്പെട്ടു, സൂക്ഷിച്ചു വെച്ചും അവനിൽ നി 45
ന്നു കേട്ട പ്രകാരം പലതും ചെയ്തും മനസ്സോടെ അവനെ കേട്ടും കൊണ്ടിരു
21 ന്നു. ശേഷം തക്കത്തിൽ ഒരു ദിവസം വന്നാറെ, ഹെരോദാ തന്റെ ജന 46
നോത്സവത്തിൽ തന്റെ മഹത്തുക്കൾക്കും സഹസ്രാധിപന്മാർക്കും ഗലീല 47
യിലെ പ്രമാണികൾക്കും, അത്താഴം കഴിച്ചപ്പോൾ – ഹെരോദ്യയുടെ മകൾ 48
22 അകമ്പുക്കു നൃത്തം ചെയ്തു; ഹെരോദാവെയും വിരുന്നുകാരെയും പ്രസാദിപ്പി
23 ച്ചു സമയം: മനസ്സുള്ളതു എന്നോടു ചോദിച്ചുകൊൾക! നിണക്കു തരാം 49
എന്നു രാജാവു ബാലയോടു പറഞ്ഞു; നീ എന്തു ചോദിച്ചാലും രാജ്യത്തി
24 ന്റെ പാതിയോളവും നിണക്കു തരുന്നു എന്നു സത്യവും ചെയ്തു. അവളോ 50
പുറപ്പെട്ടു, തന്റെ അമ്മയോടു എന്തു ചോദിക്കേണം എന്നു പറഞ്ഞതിന്നു, 51
സ്നാപകനായ യോഹനാന്റെ തലയെ എന്നു അവൾ പറഞ്ഞ ഉടനെ– അ
25 വൾ വിരഞ്ഞു രാജാവെ ചെന്നു കണ്ടു: എനിക്കു തല്ക്ഷണം സ്നാപകനായ
26 യോഹനാന്റെ തല ഒരു തളികയിൽ തരികെ വേണ്ടു എന്നു ചോദിച്ചു. രാ
ജാവു അതിദുഃഖിതൻ എങ്കിലും ആണകളെയും പന്തിക്കാരെയും വിചാ 52
27 രിച്ചു അവളെ തോല്പിപ്പാൻ മനസ്സില്ലാഞ്ഞു. ഉടനെ, അകമ്പടിയെ അ 53
യച്ചു അവന്റെ തലയെ കൊണ്ടു വരുവാൻ രാജാവു കല്പിച്ചു. ആയവൻ
28 പോയി തടവിൽ അവനെ ശിരഃഛേദം ചെയ്തു, തലയെ തളികയിൽ കൊ 54
29 ണ്ടുവന്നു ബാലെക്കു കൊടുത്തു; ബാല തന്റെ അമ്മെക്കു കൊടുക്കയും ചെ
യ്തു. അവന്റെ ശിഷ്യന്മാർ അതു കേട്ടിട്ടു വന്നു, ശവത്തെ എടുത്തു കല്ലറ 55
യിൽ സ്ഥാപിക്കയും ചെയ്തു.
30 പിന്നെ അപോസ്തലർ യേശുവോടു ചേർന്നു കൂടി; തങ്ങൾ ചെയ്തതും
31 ഉപദേശിച്ചതും എല്ലാം അറിയിച്ചു. വരുന്നവരും പോകുന്നവരും വളരെ
ഉണ്ടായിട്ടു ഭക്ഷിപ്പാൻ പോലും സമയം ഇല്ലാഞ്ഞിട്ടു അവരോടു അവൻ:
നിങ്ങൾ തന്നെ വേറിട്ടു ഏകാന്ത സ്ഥലത്തിൽ ചെന്നു അല്പം ആശ്വസി
32 ച്ചു കൊൾവിൻ! എന്നു പറഞ്ഞു. എന്നാറെ, അവർ തനിച്ചു പടകേറി ഏ
33 കാന്ത സ്ഥലത്തിൽ ചെന്നു. അവർ പോകുന്നതു (ജനങ്ങൾ) കണ്ടു, പലരും
(അവനെ) അറിഞ്ഞു; എല്ലാ പട്ടണങ്ങളിൽനിന്നും കരവഴിയായി (ആൾ)
അവിടേക്കു ഓടി, അവർക്കു മുമ്പെ എത്തി, അവനോടു ചേരുകയും ചെയ്തു.
34 അവനും പുറപ്പെട്ടുവന്നു, വലിയ സമൂഹത്തെ കണ്ടു, അവർ ഇടയൻ ഇല്ലാ
ത്ത ആടുകളെപോലെ ആകകൊണ്ടു അവരിൽ കരളലിഞ്ഞു പലതും ഉപ
35 ദേശിച്ചു തുടങ്ങി. പിന്നെ നേരം നന്നെ വൈകീട്ടു, ശിഷ്യന്മാർ അവനോടു

അണഞ്ഞു: ഈ സ്ഥലം കാടത്രെ, നേരവും വളരെ വൈകി പോയി,
36 തിന്മാൻ ഇവർക്കില്ലായ്കയാൽ ചൂഴന്ന ഊരുകളിലും ദേശങ്ങളിലും പോ
യി തങ്ങൾക്ക് അപ്പങ്ങൾ കൊള്ളുന്നതിന്നു, അവരെ പറഞ്ഞയക്ക എ
37 ന്നു പറയുന്നു. അവരോടു, അവൻ: നിങ്ങൾ അവർക്കു തിന്മാൻ കൊടു
പ്പിൻ! എന്നു ഉത്തരം പറഞ്ഞതിന്നു; ഞങ്ങൾ പോയി (300 പണമാകുന്ന)
ഇരുന്നൂറു ദ്രഹ്മെക്ക് അപ്പങ്ങൾ കൊണ്ടിട്ടു അവർക്കു തിന്മാൻ കൊടുക്കേ
38 ണമൊ? എന്നു അവനോടു പറയുന്നു. അവൻ അവരോടു: നിങ്ങൾക്ക്
എത്ര അപ്പം ഉണ്ടു? പോയി നോക്കുവിൻ! എന്നു പറയുന്നു; അവരും അറി
ഞ്ഞുകൊണ്ടു അഞ്ചത്രെ, രണ്ടു മീനും എന്നു പറയുന്നു. പിന്നെ അവരോ
39 ടു എല്ലാവരേയും പച്ചപുല്ലിൽ പന്തിപന്തിയായി ഇരുത്തുവാൻ കല്പിച്ചു.
40 അവർ നൂറും അമ്പതും ആയിട്ടു നിരനിരയായി ചാരികൊണ്ടു ശേഷം, അ
41 വൻ അഞ്ചു അപ്പവും രണ്ടു മീനും എടുത്തു സ്വർഗ്ഗത്തേക്കു നോക്കി, വാഴ്ത്തി,
അപ്പങ്ങളെ നുറുക്കി അവരുടെ മുമ്പിൽ വെപ്പാൻ സ്വശിഷ്യർക്കു കൊടു
42 ത്തു; രണ്ടു മീനിനേയും എല്ലാവർക്കും പകുതി ചെയ്തു. എല്ലാവരും തിന്നു
43 തൃപ്തരായി; കഷണങ്ങളും കൊണ്ടും മീനിൽനിന്നും പന്ത്രണ്ടു കൊട്ട നിറ
44 ച്ചെടുക്കയും ചെയ്തു. അപ്പങ്ങളെ തിന്നവരൊ ഐയ്യായിരം പുരുഷർ തന്നെ
ആയത്രെ.

45 ഉടനെ താൻ പുരുഷാരത്തെ പറഞ്ഞയക്കുംവരെ തന്റെ ശിഷ്യരെ പട
കിൽ ഏറി, ബെഥ്ചൈദെക്കു നേരെ അക്കരെക്കു മുന്നോടുവാൻ നിർ
46 ബ്ബന്ധിച്ചു. താൻ അവരെ അയച്ചു വിട്ടശേഷം പ്രാർത്ഥിപ്പാൻ മലമേൽ ചെന്നു.
47 പിന്നെ വൈകുന്നേരമായപ്പോൾ പടകു കടലിന്റെ നടുവിലും താൻ ഏക
48 നായി കരമേലും ആയിരുന്നു. കാറ്റു വിരോധം ആകകൊണ്ടു അവർ
വലിക്കുന്നതിൽ വലയുന്നതു അവൻ കണ്ടു, ഏകദേശം രാത്രിയുടെ നാ
ലാം യാമത്തിൽ കടലിന്മേൽകൂടി നടന്നു അവരുടെ അടുക്കെ ചെന്നു അ
49 വരെ കടന്നു പിന്നിടുവാൻ ഭാവിച്ചു. അവരൊ അവൻ കടലിന്മേൽ നടക്കു
ന്നതുകണ്ടു എല്ലാവരും നോക്കീട്ടു, കലക്കമുണ്ടായി പ്രേതം എന്നു നിരൂ
50 പിച്ചു കൂക്കലിട്ടു; ഉടനെ അവൻ അവരോടു ഉരിയാടി: ധൈര്യപ്പെടു
51 വിൻ! ഞാൻ തന്നെ ആകുന്നു; ഭയപ്പെടേണ്ടാ! എന്നു പറയുന്നു. അവനും
അവരോടു ചേരുവാൻ പടകിൽ കരേറി, കാറ്റും അമർന്നു അവർ തങ്ങ
ളിൽ ഏറ്റവും സ്തംഭിച്ചു അത്യന്തം ആശ്ചര്യപ്പെടുകയും ചെയ്തു. കാരണം
52 അവരുടെ ഹൃദയത്തിന്നു തടിപ്പു വെച്ചതുകൊണ്ടു അപ്പങ്ങളുടെ സംഗതി
യാലും ബോധം ഉണ്ടായിരുന്നില്ല.

53 അവർ അക്കരെക്കു എത്തി, ഗന്നെസരത്തു എന്ന ദേശത്തിൽ വന്നു അ
54 ണകയും ചെയ്തു. അവർ പടകിൽനിന്നു കിഴിഞ്ഞ ഉടനെ, (ജനങ്ങൾ) അ
വനെ അറിഞ്ഞുകൊണ്ടു ചുറ്റുമുള്ള നാട്ടിൽ ഒക്കയും ഓടിച്ചെന്നു, രോഗികളെ
55 കിടക്കകളിൽ എടുത്തുംകൊണ്ടു അവൻ ഉണ്ടെന്നു കേൾക്കുന്നേടത്താക്കി
തുടങ്ങി. പിന്നെ അവൻ ഊരുകളും, പട്ടണങ്ങളും, ദേശങ്ങളും, എവിടെ
എങ്കിലും കടന്നാലും രോഗികളെ ചന്തകളിൽ ഇട്ടു, അവന്റെ വസ്ത്രാ
ന്റെ തൊങ്കൽ പോലും തൊടേണ്ടതിന്നു അവർ അപേക്ഷിച്ചു; അവനെ
തൊട്ടവർ ഒക്കയും രക്ഷപ്രാപിക്കയും ചെയ്തു.

7. അദ്ധ്യായം

പരീശരോടു വാദവും, (24) കനാന്യസ്ത്രീയുടെ വിശ്വാസവും [മത്താ. 15.], (31) എഫ്ഫതഃ.

1 യരുശലേമിൽനിന്നു വന്നിട്ടുള്ള പരീശരും ചില ശാസ്ത്രികളും അവനോടു
2 ചേർന്നു കൂടി. ആയവർ ശിഷ്യരിൽ ചിലർ കൈ കഴുകാതെ പടുകൈകളാൽ

തന്നെ ആഹാരം ഭക്ഷിക്കുന്നതു കണ്ടു (പഴിച്ചു പറഞ്ഞു). പറീശരാക
3 ട്ടെ, യഹൂദരും ഒക്കയും പൂർവ്വന്മാരുടെ സമ്പ്രദായത്തെ പിടിച്ചുകൊണ്ടു
4 മുഷ്ടിയോടു, കൈകളെ കഴുകീട്ടല്ലാതെ ഭക്ഷിക്കുന്നില്ല; ചന്തയിൽനിന്നു
(വന്നാലും) കുളിച്ചിട്ടല്ലാതെ ഭക്ഷിക്കുന്നില്ല. കിണ്ടി, ഭരണി, ചെമ്പു,
കിടക്ക എന്നിവ കഴുകുക മുതലായതു പലതും ഉണ്ടു, അവർ പിടിച്ചുകൊ
5 വാൻ കൈക്കൊണ്ടതു. അപ്പോ പറീശരും ശാസ്ത്രികളും: നിന്റെ ശിഷ്യ
ന്മാർ പൂർവ്വന്മാരുടെ സമ്പ്രദായപ്രകാരം നടക്കാതെ പടുകൈകളാൽ അപ്പം
6 ഭക്ഷിക്കുന്നതു് എന്തു്? എന്നു് അവനോടു ചോദിക്കുന്നു. അവൻ അവരോ
ടു് ഉത്തരം പറഞ്ഞിതു: വേഷധാരികളായ നിങ്ങളെ തൊട്ടു യശയ്യ നന്നാ
യി പ്രവചിച്ചിതു: (29,13.) ഈ ജനം അധരങ്ങാംകൊണ്ടു് എന്നെ ബഹു
മാനിക്കുന്നു എങ്കിലും അവരുടെ ഹൃദയം എന്നോടു് ദൂരത്തു് അകന്നിരിക്കു
7 ന്നു. മാനുഷകല്പനകളായ ഉപദേശങ്ങളെ അവർ പഠിപ്പിച്ചുകൊണ്ടു് എന്നെ
8 വ്യർത്ഥമായി ഭജിക്കുന്നു എന്നതത്രെ. എങ്ങിനെ എന്നാൽ ദൈവകല്പനയെ
വിട്ടുംകളഞ്ഞു, കിണ്ടി ഭരണികളെ കഴുകുക തുടങ്ങിയ മനുഷ്യസമ്പ്രദായങ്ങ
ളെ പ്രമാണിച്ചു കൊള്ളുന്നു; ഇവറിനൊത്തതു പലതും നിങ്ങാം ചെയ്യുന്നു.
9 പിന്നെ അവരോടു പറഞ്ഞിതു: നിങ്ങളുടെ സമ്പ്രദായത്തെ സൂക്ഷിപ്പാൻ
ദൈവകല്പനയെ നന്നായി തള്ളിക്കളയുന്നു. (2മോ. 20,12) നിന്റെ അ
10 ച്ഛനേയും അമ്മയേയും ബഹുമാനിക്ക എന്നും (21,17.) അച്ഛനെ എങ്കിലും
അമ്മയെ എങ്കിലും പ്രാകുന്നവൻ മരിക്കേണം നിശ്ചയം എന്നും മൊശെ
11 പറഞ്ഞുവല്ലൊ. നിങ്ങളൊ ഒരു മനുഷ്യൻ അച്ഛനോടെങ്കിലും അമ്മയോടു്
എങ്കിലും നിണക്കു് എന്നിൽനിന്നു് ഉപകാരമായ്വരുന്നതു കൊടുപ്പാൻ എ
ന്നുള്ള വഴിപാടു് (ആക) എന്നു പറഞ്ഞാൽ (കാര്യം തന്നെ) എന്നു ചൊ
12 ല്ലിക്കൊണ്ടു്, അവൻ തന്റെ അച്ഛനാകട്ടെ, അമ്മെക്കാകട്ടെ. ഇനി (ഗ്ര
ണം) ഒന്നും ചെയ്വാൻ സമ്മതിക്കാതെ ഇരിക്കുന്നു. ഇങ്ങിനെ നിങ്ങാം
13 നടത്തുന്ന സമ്പ്രദായത്താൽ ദൈവകല്പനയെ ദുർബ്ബലമാക്കുന്നു. ഈ വക
പലതും നിങ്ങാം ചെയ്യുന്നു.

14 പിന്നെയും പുരുഷാരത്തെ അരികെ വിളിച്ചു്, അവരോടു പറഞ്ഞു: എ
15 ല്ലാവരും കേട്ടു ഗ്രഹിച്ചുകൊാംവിൻ! പുറത്തുനിന്നു മനുഷ്യനിൽ ചെല്ലുന്ന
തു് ഒന്നും അവനെ തീണ്ടൽ വരുത്തികൂടാ; അവനിൽ നിന്നു പുറപ്പെടുന്നവ
16 അത്രെ മനുഷ്യനെ തീണ്ടൽ ഉണ്ടാക്കുന്നുള്ളു. ഒരുത്തനു കോംപാൻ ചെവികാം
17 ഉണ്ടെങ്കിൽ അവൻ കോംക്കുക. അവൻ പുരുഷാരത്തെ വിട്ടു, വീട്ടിൽ പുക്ക
ശേഷം ശിഷ്യന്മാർ: ആ ഉപമയെ അവനോടു ചോദിച്ചു; അവരോടു പറ
18 ഞ്ഞിതു: ഇപ്രകാരം നിങ്ങളും ബോധം ഇല്ലാതിരിക്കുന്നുവൊ? പുറത്തുനി
ന്നു മനുഷ്യനിൽ അകമ്പൂകുന്നതു് ഒന്നും അവനെ തീണ്ടൽ വരുത്തികൂടാ എന്നു
19 ബോധിക്കുന്നില്ലയൊ? അതു് അവന്റെ ഹൃദയത്തിൽ അല്ലല്ലൊ വയറ്റിൽ
അത്രെ ചെല്ലുന്നു; പിന്നെ മറപ്പുരയിലേക്കു് പോകുന്നു; ഈ വഴി എല്ലാ
20 ഭോജ്യങ്ങാംക്കും ശുദ്ധി വരുത്തുന്നു. പിന്നെ പറഞ്ഞിതു: മനുഷ്യനിൽനിന്നു
പുറപ്പെടുന്നതത്രെ, മനുഷ്യനെ തീണ്ടൽ ഉണ്ടാക്കുന്നതു. എങ്ങിനെ എന്നാൽ,
21 ദുശ്ചിന്തകാം തന്നെ അകത്തുനിന്നു മനുഷ്യരുടെ ഹൃദയത്തിൽനിന്നു പുറ
22 പ്പെടുന്നു. വ്യഭിചാരങ്ങാം, പുലയാട്ടുകാം, കൂടുകാം, മോഷണങ്ങാം, അ
ത്യാഗ്രഹങ്ങാം, വേണ്ടാതനങ്ങാം, ചതി, ദുഷ്കാമം, വിടകുകണ്ണു, ദൂഷ
23 ണം, ഗർവ്വം, ബുദ്ധിഹീനത, ഈ ദോഷങ്ങാം എല്ലാം അകത്തുനിന്നു പുറ
പ്പെട്ടു, മനുഷ്യനെ തീണ്ടികുന്നു.

24 അവിടെ നിന്നു് എഴുനീറ്റു, അവൻ തൂർ (ചീദോൻ) എന്നതിന്റെ അ
തിർനാട്ടിൽ പോയി ഒരു വീട്ടിൽ കടന്നു്, ആരും അറിയരുതു് എന്നു് ഇ
25 ച്ഛിച്ചു, മറഞ്ഞിരിപ്പാൻ കഴിഞ്ഞില്ല താനും. എങ്ങിനെ എന്നാൽ അശു
ദ്ധാത്മാവുറഞ്ഞ ചെറുമകാം ഉള്ളൊരു സ്ത്രീ, അവന്റെ വസ്തുത കേട്ടിട്ടു
26 വന്നു്, അവന്റെ കാല്ക്കൽ വീണു. അവാം സുറഫൊയ്നീക്യ ജാതിയിൽ

ഉള്ളൊരു യവനക്കാരത്തി തന്നെ; തൻെറ മകളിൽനിന്ന ഭ്രതത്തെ പുറത്താ
27 ക്കുവാൻ അവനെ അപേക്ഷിച്ചു. യേശു അവളോടു: മുമ്പെ മക്കൾക്കു തൃപ്തി
വരുത്തുവാൻ സമ്മതിക്ക: മക്കളുടെ അപ്പത്തെ എടുത്തു, ചെറുനായ്ക്കൾക്കു
28 ചാടുന്നതു നന്നല്ല എന്ന പറഞ്ഞു. അവൾ അവനോടു ഉത്തരം പറഞ്ഞി
ത്തു: അതെ കർത്താവെ! ചെറുനായ്ക്കളും മേശെക്കു കീഴെ കുട്ടികളുടെ നു
29 ക്കുകൊണ്ടു ഉപജീവിക്കുന്നുവല്ലൊ. അവളോടു അവൻ: ഈ വാക്കു
നിമിത്തം പോക! ഭ്രതം നിൻെറ മകളെ വിട്ടു പോയിരിക്കുന്ന എന്ന
30 പറഞ്ഞു. അവൾ തൻെറഭവനത്തിൽ വന്നാറെ, ഭ്രതം പുറപ്പെട്ടതും മകൾ ശയ്യ
മേൽ കിടക്കുന്നതും കണ്ടു.
31 അവൻ വീണ്ടും തൂർഅതിരിനെ വിട്ടു, ചീദോനിൽ കൂടി ഗലീലക്കടെ
ലുപുറത്തു (ചെന്ന) ദശപുരനാട്ടിൻെറ നടുവിൽ വന്നു. അവിടെ വായി
32 വരാത്ത ചെവിടനെ അവനു കൊണ്ടുവന്നു, അവൻെറ മേൽ കൈ വെക്കേ
33 ണം എന്നു അപേക്ഷിക്കുന്നു. ആയവനെ പുരുഷാരത്തിൽ നിന്നു വേറിട്ടു
കൂട്ടിക്കൊണ്ടു തൻെറ വിരലുകളെ അവൻെറ ചെവികളിൽ ഇട്ടു തുപ്പി,
34 അവൻെറ നാവിനെ തൊട്ടു. പിന്നെ സ്വർഗ്ഗത്തേക്കു നോക്കി, ഞരങ്ങി,
അവനോടു തുറന്നു വരിക! എന്നുള്ള എഫ്ഫഥഃ! എന്നു പറഞ്ഞു. ഉടനെ
35 അവനു ശ്രവണം തുറന്നു, നാവിൻെറ കെട്ടും അഴിഞ്ഞിട്ടു, അവൻ ശരി
36 യായി പറഞ്ഞു. ഇതു ആരോടും പറയരുതു എന്നു അവരോടു ആജ്ഞാ
പിച്ചു എങ്കിലും അവൻ കലുപിക്കുംതോറും അവർ ഏറ്റം ഘോഷിച്ചു
37 പരത്തും: അവൻ സകലവും നന്നായി ചെയ്തു; ചെവിടരെ കേൾപിക്ക
യും, പറയാത്തവരെ പറയിക്കയും ചെയ്യുന്നു! എന്നു അവർ അത്യന്തം
സ്തംഭിച്ചു പറഞ്ഞുകൊണ്ടിരുന്നു.

8. അദ്ധ്യായം

4000ങ്ങൾക്കു ഭക്ഷണം: [മത്താ. 15.], (11) പരീശരുടെ പുളിച്ചമാവി
നെ ആക്ഷേപിച്ചതു [മത്താ. 16.] (22) ഒരു കുരുടനു കാഴ്ചകൊടുത്തതു,
(27) ശിഷ്യരുടെ പരിശോധനയിൽ പിന്നെ, (30) ക്രൂശിലെ മരണത്തെ
പ്രവചിച്ചതു [മത്താ. 16. ലൂ. 9.]

1 **ആ** ദിവസങ്ങളിൽ ഏറ്റം വലിയ പുരുഷാരം ഉണ്ടാകുമ്പോൾ തിന്മാൻ
ഇല്ലായ്കകൊണ്ടു അവൻ ശിഷ്യന്മാരെ വിളിച്ചു കൂട്ടി പറഞ്ഞു: ഈ പു
2 രുഷാരം മൂന്നു നാളും എന്നോടു കൂട പാർത്തിട്ടു, അവർക്കു തിന്മാൻ ഇല്ലാ
3 യ്കകൊണ്ടു എനിക്കു അവരിൽ കരളലിയുന്നു; ഞാൻ അവരെ പട്ടി
ണിയായി അവരവരുടെ വീട്ടിലേക്കു അയച്ചാലൊ, അവർ വഴിയിൽ
4 വെച്ചു തളർന്നു പോകും; ചിലർ ദൂരത്തുനിന്നു വരുന്നതും ഉണ്ടു. എന്നതിന്നു
അവൻെറ ശിഷ്യർ ഉത്തരം പറഞ്ഞിതു: ഇവർക്കു ഇവിടെ മരുവിൽ
തന്നെ അപ്പങ്ങൾകൊണ്ടു തൃപ്തി വരുത്തുവാൻ ആർക്കും എവിടെനിന്നു ക
5 ഴിവുണ്ടാകും? എന്നാറെ അവരോടു: എത്ര അപ്പം ഉണ്ടു? എന്നു ചോദിച്ചു
6 തിന്നു ഏഴു എന്നു പറഞ്ഞു. അവൻ അപ്പോൾ പുരുഷാരത്തെ നില
ത്തിൽ ചാരി ഇരിപ്പാൻ കലുപിച്ചു; ഏഴപ്പവും എടുത്തു വാഴ്ത്തി, നു
റുക്കി, തൻെറ ശിഷ്യർക്കു വിളമ്പുവാൻ കൊടുത്തു; അവർ പുരുഷാരത്തി
7 നു വിളമ്പുകയും ചെയ്തു. ചെറുമീനും ചിലതുണ്ടായി, അവയും അനുഗ്ര
8 ഹിച്ചു വിളമ്പുവാൻ പറഞ്ഞു. എല്ലാവരും തിന്നു തൃപ്തരായി, കഷണങ്ങൾ
9 ശേഷിച്ചതുകൊണ്ടു, ഏഴ വട്ടി നിറച്ചെടുത്തു. തിന്നവരൊ ഏകദേശം
10 നാലായിരം പേർ തന്നെ. അവർക്കു അവൻ വിട കൊടുത്ത ഉടനെ,
തൻെറ ശിഷ്യരോടു കൂട പടകിൽ ഏറി, ദലുമനൂഥ അംശങ്ങളിൽ എത്തു
കയും ചെയ്തു.

11 അനന്തരം പറീശന്മാർ പുറപ്പെട്ട, വാനത്തിൽനിന്ന് ഒർ അടയാളം അ
വനോട പരീക്ഷിച്ച്, അന്വെഷിച്ച്, അവനമായി തർക്കിച്ച തുടങ്ങി.
12 അവനം തന്റെ ആത്മാവിൽ ദീർഘശ്വാസം ഇട്ട: ഈ ജാതി അടയാളം
13 തിരയുന്നത് എന്ത്? ആമെൻ ഞാൻ നിങ്ങളോട പറയുന്ന: ഈ ജാതിക്ക്,
അടയാളം കൊടുക്കപ്പെടാത്ത എന്ന പറഞ്ഞു; അവരെ വിട്ട. പിന്നെയും പട
14 കേറി, അക്കരെക്ക് കടന്ന. അവർ അപ്പങ്ങം കൊണ്ടുപോരുവാൻ മറന്നിട്ട,
പടകിൽ അവരുടെ പക്കൽ ഒർ അപ്പം മാത്രം ഉണ്ട. അന്ന് അവൻ അവ
15 രോട: പറീശരുടെ പുളിച്ചമാവിന്നം ഹെരോദാവിന്റെ പുളിച്ചമാവിന്നം
16 സൂക്ഷിച്ച നോക്കികൊൾവിൻ! എന്ന കല്പിച്ച; എന്നാറെ, നമുക്ക് അ
17 പ്പങ്ങം ഇല്ലായ്ഞ്ഞയാൽ എന്ന തങ്ങളിൽ നിരൂപിച്ചപോയി. ആയത യേശു
അറിഞ്ഞ്, അവരോട പറയുന്ന: അപ്പങ്ങം ഇല്ലായ്കയാൽ നിങ്ങളിൽ
18 നിരൂപിപ്പാൻ എന്ത്? ഇന്നം ബോധികുന്നില്ലയൊ? ഗ്രഹികുന്നില്ലയൊ?
ഇന്നം നിങ്ങൾക്ക് ഹൃദയം തടിപ്പ വെച്ചത തന്നെയൊ? കണ്ണുകം ഉണ്ടായി
ട്ടം കാണായ്കയും ചെവികം ഉണ്ടായിട്ടം കേൾക്കായ്കയും ഓർമ്മ
19 വെക്കായ്കയും ചെയ്യുന്നവൊ? ആ ഐയായിരങ്ങൾക്ക, ഞാൻ അഞ്ചപ്പ
ത്തെ നുറുക്കിയപ്പൊൾ, എത്ര കൊട്ട കഷണങ്ങൾ നിറെച്ചെടുത്ത? എന്ന
തിന്ന പന്ത്രണ്ട് എന്ന പറഞ്ഞു. നാലായിരങ്ങൾക്ക് ഏഴിനെ (നുറുക്കിയ)
20 പ്പൊഴെക്കൊ, എത്ര വട്ടി കഷണങ്ങൾ എടുത്ത? എന്നതിന്ന് ഏഴ് എന്ന്
21 പറഞ്ഞാറെ: പിന്നെ നിങ്ങൾ ഗ്രഹിക്കാത്തത് എങ്ങിനെ? എന്ന് അവ
രോട പറഞ്ഞു.

22 അവർ ബെഥ്ചൈദയിൽ വന്നപ്പൊൾ, അവന് ഒരു കുരുടനെ കൊണ്ട
വന്ന, അവനെ തൊടുവാൻ അപേക്ഷിച്ചാറെ, അവൻ കുരുടന്റെ കയ്യെ
23 പിടിച്ച്, അവനെ ഊരിന്ന പുറത്ത കൊണ്ടുപോയി; അവന്റെ കണ്ണുക
ളിൽ തുപ്പി, കൈകളെ അവന്മേൽവെച്ച: നീ വല്ലതും കാണുന്നവൊ? എ
ന്ന ചോദിച്ച; ആയവൻ മേല്പെട്ട നോക്കി: മനുഷ്യർ മരങ്ങൾ പോലെ
24 നടക്കുന്നത കാണുന്ന എന്ന പറഞ്ഞശേഷം, പിന്നെയും കൈകളെ അവ
25 ന്റെ കണ്ണുകളിന്മേൽ വെച്ച്, അവനെ മേല്പെട്ട നോക്കുമാറാക്കി; അവ
നം വഴിക്കലായി, എല്ലാവരേയും സ്പഷ്ടമായി കണ്ട; അവനെ ഊരിൽ ക
26 ടക്കയും ഊരിൽ ആരോടും പറകയും അരുത് എന്ന ചൊല്ലി, സ്വഭവന
ത്തിലേക്ക് പറഞ്ഞയച്ച.

27 അനന്തരം യേശു ശിഷ്യരുമായി, ഫിലിപ്പന്റെ കൈസരയ്ക്ക്
അടുത്ത ഊരുകളിൽ യാത്രയായി, വഴിയിൽ വെച്ച, തന്റെ ശിഷ്യരോട
ചോദിച്ച: മനുഷ്യർ എന്നെ ആർ എന്ന പറയുന്ന? അവർ ഉത്തരം ചൊല്ലി
28 യത: ചിലർ സ്നാപകനായ യോഹനാൻ എന്നം, ചിലർ ഏലീയാവെ
ന്നം, മറ്റവർ പ്രവാചകരിൽ ഒരുവൻ എന്നം (പറയുന്നത). അവരോട്
29 അവൻ: നിങ്ങളോ എന്നെ ആർ എന്ന ചൊല്ലുന്ന? എന്ന പറഞ്ഞതിന്ന:
നീ ക്രിസ്തൻ ആകുന്ന എന്ന പേത്രൻ ഉത്തരം പറഞ്ഞു. അവനം തന്റെ വ
30 സ്തത ആരോടും പറയാതിരിപ്പാൻ അവരെ ശാസിച്ച. മനുഷ്യപുത്രൻ പല
31 തും സഹിച്ച, മൂപ്പർ, മഹാപുരോഹിതർ, ശാസ്ത്രികം ഇവരാൽ നിസ്സാ
രൻ എന്ന തള്ളപ്പെട്ട, കൊല്ലപ്പെട്ടകയും മൂന്ന നാൾ കഴിഞ്ഞിട്ട്, എഴനീ
റു വരികയും വേണം എന്ന് അവർക്ക ഉപദേശിച്ച തുടങ്ങി. പ്രാഗത്ഭ്യ
32 ത്തോടെ വചനത്തെ ചൊല്ലുമ്പോൾ, പേത്രൻ അവനെ കൂട്ടിക്കൊണ്ട ശാ
33 സിച്ച തുടങ്ങി. അവനം തിരിഞ്ഞു നോക്കി, തന്റെ ശിഷ്യന്മാരെ കണ്ടി
ട്ട, പേത്രനെ ശാസിച്ച: സാത്താനെ, എന്റെ പിന്നിൽ പൊയ്കൊള! നീ
ദൈവത്തിന്റേതല്ല, മനുഷ്യരുടേത കരുതുന്നത കൊണ്ടത്രെ! എന്ന
പറഞ്ഞു.

34 പിന്നെ തന്റെ ശിഷ്യരോടും കൂടെ പുരുഷാരത്തെ അരികെ വിളിച്ച്,
അവരോട് പറഞ്ഞിത: എന്റെ പിന്നാലെ വരുവാൻ ഒരുവൻ ഇച്ഛിച്ചാൽ

തന്നെത്താൻ തള്ളീട്ടും തന്റെ ക്രൂശിനെ എടുത്തുംകൊണ്ട് എന്നെ അനുഗ
35 മിപ്പൂതാക. ആരാനും തന്റെ ദേഹിയെ രക്ഷിപ്പാൻ ഇച്ഛിച്ചാൽ, അതി
നെ കളയും, ആരാനും എന്നെയും സുവിശേഷത്തെയും ചൊല്ലി തന്റെ ദേ
ഹിയെ കളഞ്ഞാലൊ, അതിനെ രക്ഷിക്കും. കാരണം ഒരു മനുഷ്യൻ സർ
36 വ്വലോകം നേടിയാറെയും തന്റെ ദേഹിക്കു ചേതം വന്നാൽ അവന് എ
37 ന്തു പ്രയോജനം ഉള്ള? അല്ല, തന്റെ ദേഹിയെ വീണ്ടുകൊൾവാൻ മനു
ഷ്യൻ എന്തൊരു മറുവിലെ കൊടുക്കും? ഈ വ്യഭിചാരവും, പാപവും ഉള്ള
38 തലമുറയിൽ ആരാനും എന്നെയും എന്റെ വചനങ്ങളേയും കുറിച്ചു നാണി
ച്ചാൽ, ആയവനെ കുറിച്ചു, മനുഷ്യപുത്രനും വിശുദ്ധദൂതരോടു കൂടെ, തന്റെ
പിതാവിൻ തേജസ്സിൽ വന്നപ്പോൾ നാണിക്കും സത്യം.

9. അദ്ധ്യായം

രൂപാന്തരവും, (14) ചന്ദ്രബാധെക്കു ശാന്തിയും, (30) സ്വമരണത്തെ പി
ന്നെയും അറിയിച്ചതും [മത്താ. 17. ലൂ. 9.], (33) ശിശുഭാവവും ഇടർച്ചക
ളെസംകടവും [മത്താ. 18. ലൂ. 9.]

1 പിന്നെ ആമെൻ ഞാൻ നിങ്ങളോട് പറയുന്നിതു: ദൈവരാജ്യം ശക്തി
യിൽ വരുന്നതു കാണുവോളം, മൃണത്തെ ആസ്വദിക്കാത്തവർ ചിലർ ഈ
നില്ക്കുന്നവരിൽ ഉണ്ട് എന്ന് അവരോടു പറഞ്ഞു. ആറു ദിവസം കഴിഞ്ഞ
2 ശേഷം, യേശു പേത്രനേയും, യാക്കോബ് യോഹനാന്മാരെയും, കൂട്ടി
ക്കൊണ്ട്, ഒരുയർന്ന മലമേൽ അവരോടത്രെ വേറിട്ടു നടന്നു; പിന്നെ അ
3 വരുടെ മുമ്പാകെ മറുരൂപപ്പെട്ടിട്ടു, അവന്റെ വസ്ത്രങ്ങൾ ഭൂമിയിൽ അലക്കു
ന്നവൻ വെളിപ്പിച്ചുകൂടാതവണ്ണം ഹിമം പോലെ മിനുങ്ങി, ഏറ്റം വെളു
4 ത്തു ചമഞ്ഞു. ഏലീയാ മോശെയോടു കൂട അവർക്കു കാണായ്വന്നു, യേ
ശുവോടു സംഭാഷിച്ചു കൊണ്ടിരുന്നു. അതിനു പേത്രൻ യേശുവോടു,
റബ്ബീ, നാം ഇവിടെ ഇരിക്കുന്നതു നല്ലതു; ഞങ്ങൾ മൂന്നു കുടിലുകളെ
5 ഉണ്ടാക്കട്ടെ! ഒന്നു നിണക്കും, ഒന്നു മോശെക്കും ഒന്ന് ഏലീയാവി
നും എന്നു പറഞ്ഞു. കാരണം അവർ ഭയപരവശരാകകൊണ്ടു എന്തു പറ
6 യേണ്ടു എന്ന് അവൻ അറിയാഞ്ഞു. പിന്നെ അവരിൽ നിഴലിടുന്ന ഒരു
7 മേഘം സംഭവിച്ചു, മേഘത്തിൽ നിന്ന്: ഇവൻ എന്റെ പ്രിയ പുത്രൻ,
8 ഇവനെ ചെവിക്കൊൾവിൻ എന്നൊരു ശബ്ദമുണ്ടായി. ക്ഷണത്തിൽ അവർ
ചുറ്റും നോക്കി, തങ്ങളോടു കൂട യേശുവെ മാത്രം അല്ലാതെ, മറാരെയും
9 കണ്ടിട്ടില്ല. അവർ മലയിൽനിന്ന് ഇറങ്ങുമ്പോൾ, മനുഷ്യപുത്രൻ മരിച്ച
വരിൽനിന്ന് എഴുനീറു എന്നു വന്നിട്ട് ഒഴികെ ഈ കണ്ടതു ആരോടും
10 അറിയിക്കാതിരിപ്പാൻ നിയോഗിച്ചു. ആ വാക്കിനെ അവർ ഉള്ളിൽ സം
11 ഗ്രഹിച്ചുംകൊണ്ടു, മരിച്ചവരിൽനിന്ന് എഴുനീല്ക്കുന്നുള്ളതു എന്തെന്നു ത
ക്കിച്ചു പോന്നു. പിന്നെ എലീയാ മുമ്പെ വരേണ്ടതു എന്നു ശാസ്ത്രികൾ
12 വാദിക്കുന്നതു എന്തെന്ന്, അവർ ചോദിച്ചതിന്നു, യേശു ഉത്തരം പറഞ്ഞി
തു: എലീയാ മുമ്പെ വന്നു സകലവും യഥാസ്ഥാനത്താക്കുന്നു സത്യം, എ
ന്നാൽ മനുഷ്യപുത്രനേകൊണ്ടു എങ്ങിനെ എഴുതിക്കിടക്കുന്നു? അവൻ പല
13 തും കഷ്ടിച്ചും ധിക്കരിക്കപ്പെട്ടും പോകെണം (എന്നുണ്ടു). ഞാനൊ എലീ
യാവും വന്നിരിക്കുന്നു, അവനെ ചൊല്ലി എഴുതി ഇരിക്കുന്ന പ്രകാരം ത
ന്നെ അവർ തോന്നിയതു എല്ലാം അവനോടു ചെയ്തു എന്നു നിങ്ങളോടു പറ
യുന്നു.

14 അവൻ ശിഷ്യരുടെ അടുക്കെ വന്നാറെ, വലിയ പുരുഷാരം അവരെ ചു
റ്റി നില്ക്കുന്നതും ശാസ്ത്രികൾ അവരോടു തർക്കിക്കുന്നതും കണ്ടു. പുരുഷാരം

15 അവനെ കണ്ട ഉടനെ സ്തംഭിച്ച്, ഓടി വന്ന അവനെ വന്ദിച്ചു. ശാസ്ത്രിക
16 ളോട്, അവൻ നിങ്ങൾ തങ്ങളിൽ തർക്കിക്കുന്നത് എന്തെന്നു ചോദിച്ചതി
17 ന്നു, പുരുഷാരത്തിൽ ഒരുത്തൻ ഉത്തരം പറഞ്ഞിതു: ഗുരൊ, വാക്കില്ലാത്ത
ആത്മാവ് കൂടിയ എന്റെ മകനെ നിന്റെ അടുക്കെ കൊണ്ടുവന്നു. അത്
18 അവനെ പിടിക്കുന്തോറും അവനെ വലിക്കുന്നു, പിന്നെ നുരെച്ചും പല്ലു ക
ടിച്ചും വരണ്ടു പോകുന്നു; അതിനെ പുറത്താക്കേണ്ടതിന്നു നിന്റെ ശിഷ്യ
19 ന്മാരോടു പറഞ്ഞിട്ടും അവക്കു കഴിവില്ലാഞ്ഞു. എന്നാറെ, അവരോടു: അ
വിശ്വാസമുള്ള തലമുറയെ! എത്രോടം ഞാൻ നിങ്ങളരികെ ഇരിക്കും? എ
ത്രോടം നിങ്ങളെ പൊറുക്കും? അവനെ എനിക്കു കൊണ്ടുവരുവിൻ! എന്നു
20 ത്തരം പറഞ്ഞു. അവനെ അവനടുക്കെ കൊണ്ടുവന്നു, അവനെ കണ്ട ഉടനെ,
21 ആത്മാവു അവനെ ഇഴെച്ചു, അവനും നിലത്തു വീണു, നുരെച്ചുരുണ്ടു വ
ന്നു. ഇത് അവനു സംഭവിച്ചിട്ടു എത്ര കാലമായി? എന്നു അപ്പനോടു,
22 ചോദിച്ചാറെ, അവൻ പറഞ്ഞു: ചെറുപ്പം മുതൽ തന്നെ, അതു പലപ്പോ
ഴും, അവനെ നശിപ്പിക്കേണ്ടതിന്നു, തീയിലും വെള്ളങ്ങളിലും തള്ളിക്കള
ഞ്ഞു; നിന്നാൽ വല്ലതും കഴിയും എങ്കിലൊ, ഞങ്ങളെ കരളലിഞ്ഞു തുണ
23 ക്കേണമെ! യേശു അവനോടു പറഞ്ഞു: നിന്നാൽ കഴിയും എങ്കിൽ എ
ന്നൊ? വിശ്വസിപ്പാൻ (കഴിയും എങ്കിൽ) എന്നതെ വിശ്വസിക്കുന്നവനു
24 എല്ലാം കഴിയും; ബാലന്റെ അപ്പൻ ഉടനെ പൊട്ടി, കണ്ണീർ വാർത്തു പറ
ഞ്ഞു: (കർത്താവെ!) ഞാൻ വിശ്വസിക്കുന്നു; എന്റെ അവിശ്വാസത്തിന്നു
25 സഹായിക്കേണമെ! എന്നാറെ, പുരുഷാരം ഓടി കൂടുന്നതു, യേശു കണ്ടി
ട്ടു, അശുദ്ധാത്മാവെ ശാസിച്ചു: വാക്കില്ലാതെ ഊമനായ ആത്മാവെ!
ഞാൻ നിന്നോടു കല്പിക്കുന്നു: ഇവനെ വിട്ടു പോ; ഇനി അകമ്പൂകയും
26 അരുത്! എന്നു പറഞ്ഞു. ആയത് ആർത്തും അവനെ വളരെ ഇഴെച്ചുംകൊ
ണ്ടു പുറപ്പെട്ടു പോയി; അവൻ മരിച്ചു എന്നു പലരും പറവാന്തക്കവണ്ണം
27 ശവം പോലെ ആയി. അപ്പോൾ യേശു അവനെ കൈയിൽ പിടിച്ചു എഴ
28 നീല്പിച്ചു, അവൻ നിവിരുകയും ചെയ്തു. വീട്ടിൽ ചെന്നപ്പോൾ, അവ
നോടു ശിഷ്യന്മാർ പ്രത്യേകം ചോദിച്ചു: ഞങ്ങൾക്കു അതിനെ പുറത്താ
29 ക്കി കൂടാഞ്ഞതു എന്തു? എന്നതിന്നു: പ്രാർത്ഥനയാലും ഉപവാസത്താലും
അല്ലാതെ, ഈ ജാതി ഒന്നിനാലും പുറപ്പെട്ടുകൂടാ എന്നു പറഞ്ഞു.

30 അവിടെനിന്നു അവർ യാത്രയായി, ഗലീലയിൽ കൂടി കടക്കുമ്പോൾ,
31 ആരും അറിവാൻ അവനു മനസ്സായില്ല. കാരണം അവൻ തന്റെ ശിഷ്യ
രെ പഠിപ്പിച്ചു: മനുഷ്യപുത്രൻ മനുഷ്യരുടെ കൈകളിൽ ഏല്പിക്കപ്പെടുന്നു.
അവർ അവനെ കൊന്നു കളയും കൊന്നിട്ടു, മൂന്നാം നാൾ അവൻ ഉയിർത്തെ
32 ഴുനീല്ക്കയും ചെയ്യും എന്നു പറഞ്ഞു കൊണ്ടിരുന്നു. ആ വാക്കു അവർ ഗ്രഹി
യാതെ, അവനോടു ചോദിപ്പാൻ ഭയപ്പെട്ടിരുന്നു.

33 പിന്നെ അവൻ കഫർന്നഹൂമിൽ വന്നപ്പോൾ, വീട്ടിൽ ആയശേഷം: നി
ങ്ങൾ വഴിയിൽ വെച്ചു തമ്മിൽ വാദിച്ചതു എന്തെന്നു അവരോടു ചോദി
34 ച്ചു. വഴിയിൽ വെച്ചു അവർ ഏറെ, വലുതായവൻ ആർ എന്നു തങ്ങളിൽ
35 വാദിക്കകൊണ്ടു മിണ്ടാതെ നിന്നു. അവനും ഇരുന്നു പന്തിരുവരെയും വിളി
ച്ചു കൂട്ടി: ഒരുവൻ മുമ്പനാവാൻ ഇച്ഛിച്ചാൽ, എല്ലാവരിലും ഒടുക്കത്തവനും,
36 എല്ലാവർക്കും ശുശ്രൂഷക്കാരനും ആക, എന്നു അവരോടു ചൊല്ലി, ഒരു
37 ശിശുവെ പിടിച്ചു, അവരുടെ നടുവിൽ നിറുത്തി അതിനെ അണച്ചും
കൊണ്ടു അവരോടു പറഞ്ഞിതു: ഇങ്ങിനെയുള്ള ശിശുക്കളിൽ ഒന്നിനെ
എൻ നാമത്തിൽ ആരാനും കൈക്കൊണ്ടാൽ, എന്നെ കൈക്കൊള്ളുന്നു; എ
ന്നെ കൈക്കൊള്ളുന്നവനൊ, എന്നെ അല്ല; എന്നെ അയച്ചവനെകൈക്കൊ
38 ള്ളുന്നു. എന്നതിന്നു യോഹനാൻ ഉത്തരം പറഞ്ഞിതു: ഗുരൊ, ഒരുവൻ നി
ന്റെ നാമത്തിൽ ഭ്രതങ്ങളെ ആട്ടുന്നതു ഞങ്ങൾ കണ്ടു, നമ്മെ അനുഗമി
39 ക്കാത്തവനാകകൊണ്ടു, അവനെ വിരോധിച്ചു. യേശു പറഞ്ഞു: അവനെ

വിരോധിക്കരുതു! കാരണം എൻ നാമത്തിൽ ശക്തി കാട്ടീട്ടു. വേഗത്തിൽ
40 എന്നെ ദുഷ്പാക്കു പറവാൻ കഴിയുന്നവൻ ആരും ഇല്ല. നമുക്ക് എതിരെയ
41 ല്ലാത്തവൻ നമുക്കു വേണ്ടിയുള്ളവൻ ആകുന്നുവല്ലൊ! എന്തെന്നാൽ നിങ്ങൾ
ക്രിസ്തനുള്ളവർ എന്നീ (എന്റെ) നാമത്തിൽ ആരാനും ഒരു കിണ്ടി വെള്ളം
നിങ്ങളെ കുടിപ്പിച്ചാലും അവൻ തന്റെ കൂലിയെ കളകയില്ല സത്യം എ
42 ന്നു ഞാൻ നിങ്ങളോടു പറയുന്നു. പിന്നെ എങ്കൽ വിശ്വസിക്കുന്ന ഈ
ചെറിയവരിൽ ഒരുത്തനു് ആരാനും ഇടർച്ച വരുത്തുകിൽ അവന്റെ കഴു
ത്തിന്റെ ചുറും ഒരു കഴുതത്തിരിക്കല്ലാക്കി, കടലിൽ എറിയപ്പെട്ടാലും
43 അവനു് ഏറെ നല്ലു. നിന്റെ കൈ നിണക്കു് ഇടർച്ച വരുത്തിയാൽ,
അതിനെ വെട്ടിക്കള; രണ്ടു കൈയും ഉള്ളവനായി കെടാത അഗ്നിയാകു
ന്ന നരകത്തിൽ പോകുന്നതിനേക്കാളും ഊനനായി ജീവനിൽ കടക്കുന്നതു
44 നിണക്കു് നല്ലു. അവിടെ അവരുടെ പുഴു ഒടുങ്ങാതെയും, തീ കെടാതെ
45 യും ഇരിക്കുന്നു. (യശ. 66, 24.) നിന്റെ കാൽ നിണക്കു് ഇടർച്ച വരു
ത്തിയാലും, അതിനെ വെട്ടിക്കള; രണ്ടു കാലും ഉള്ളവനായി (കെടാത അ
ഗ്നിയാകുന്ന) നരകത്തിൽ തള്ളപ്പെടുന്നതിനേക്കാളും മുടവനായി ജീവ
നിൽ കടക്കുന്നതു നിണക്കു നല്ലു. അവിടെ അവരുടെ പുഴു ഒടുങ്ങാതെയും,
46 തീ കെടാതെയും ഇരിക്കുന്നു. നിന്റെ കണ്ണു നിണക്കു് ഇടർച്ച വരുത്തിയാ
47 ലും അതിനെ എറിഞ്ഞുകള! രണ്ടു കണ്ണുള്ളവനായി അഗ്നിനരകത്തിൽ
തള്ളപ്പെടുന്നതിനേക്കാളും ഒറക്കണ്ണനായി ദേവരാജ്യത്തിൽ കടക്കുന്നതു
48 നിണക്കു നല്ലു. അവിടെ അവരുടെ പുഴു ഒടുങ്ങാതെയും തീ കെടാതെയും
49 ഇരിക്കുന്നു. എങ്ങിനെ എന്നാൽ എല്ലാവനും തീയാൽ സാരമാക്കപ്പെടും;
എല്ലാ ബലിയും ഉപ്പിനാൽ സാരമാക്കപ്പെടും, (3 മോ. 2, 13.) ഉപ്പു നല്ല
50 തു തന്നെ. ഉപ്പു സാരമില്ലാതെ പോകിലൊ, നിങ്ങളാം എതു് കൊണ്ടു് അ
തിനു രുചി വരുത്തും? നിങ്ങളിൽ തന്നെ ഉപ്പുള്ളവരും അന്യോന്യം സ
മാധാനിക്കുന്നവരും ആയിരിപ്പിൻ.

10. അദ്ധ്യായം

പരാശ്രയിൽ വിവാഹചോദ്യം [മത്താ. 19], (13) ശിശുക്കളെ അനുഗ്ര
ഹിച്ചതും, (17) ധനവാനായ യുവാവും [മത്താ. 19. ലൂ. 18], (32) മരണ
പ്രവചനം [മത്താ. 20. ലൂ. 18.], (35) ജബദിമക്കളെ അപേക്ഷ [മത്താ.
20.], (46) യരിഹോവിലെ കുരുടൻ [മത്താ. 20. ലൂ. 18.]

1 **അ**വിടെ നിന്നു് എഴുനീറ്റു് അവൻ യർദ്ദനക്കരയിൽ കൂടി യഹൂദ്യ അ
തിരോളം വന്നു; പുരുഷാരങ്ങളും പിന്നെയും അവനോടു ചേർന്നു കൂടി; അ
2 വനു ശീലമുള്ളപ്രകാരം അവക്കു പിന്നെയും ഉപദേശിച്ചു. അപ്പോൾ, പരീ
ശന്മാർ അടുത്തു ചെന്നു: പുരുഷൻ ഭാര്യയെ ഉപേക്ഷിക്കുന്നതു വിഹിതമൊ?
3 എന്നു പരീക്ഷിച്ചുകൊണ്ടു് അവനോടു ചോദിച്ചു. അവൻ അവരോടു: മോ
ശെ നിങ്ങളോക്കു് എന്തു കല്പിച്ചു? എന്നുത്തരം പറഞ്ഞാറെ, ഉപേക്ഷണശ്ശീ
4 ട്ടു് എഴുതി കൊടുത്തു് അവളെ ഉപേക്ഷിപ്പാൻ മോശെ ആനുവദിച്ചു എന്നു്
5 അവർ പറഞ്ഞു. യേശു അവരോടു് ഉത്തരം പറഞ്ഞിതു: നിങ്ങളുടെ ഹൃദ
6 യകാഠിന്യം വിചാരിച്ചത്രെ നിങ്ങളോക്കു് ഈ കല്പന എഴുതിയതു. സൃഷ്ടി
യുടെ ആരംഭത്തിങ്കലൊ, ദൈവം അവരെ ആണും പെണ്ണും ആക്കി തീർത്തു.
7 അതുനിമിത്തം മനുഷ്യൻ തന്റെ പിതാവേയും മാതാവേയും വിട്ടു,സ്വഭാര്യ
8 യോടു പറ്റിയിരിക്കും. ഇരുവരും ഒരു ജഡമായ്തീരും (1 മോ. 2) എന്നതു്
9 കൊണ്ടു് അവർ ഇനി രണ്ടല്ല ഒരു ജഡമത്രെ ആകുന്നു. ആകയാൽ ദൈവം
10 യോജിപ്പിച്ചതിനെ മനുഷ്യൻ വേർ പിരിക്കരുതു്! വീട്ടിൽ ആയപ്പോൾ
ശിഷ്യന്മാർ പിന്നെയും അതിനെ കൊല്ലി തന്നെ, അവനോടു്

11 ചോദിച്ചാറെ, ആരാനും തന്റെ ഭാര്യയെ ഉപേക്ഷിച്ചു, മറൊരുത്തിയെ
കെട്ടിയാൽ അവൻകു നേരെ വ്യഭിചരികുന്നു. സ്ത്രീ തന്റെ ഭർത്താവെ ഉപേ
12 ക്ഷിച്ചു, മറൊരുത്തനെ കെട്ടിയാലും, അവൾ വ്യഭിചരികുന്നു എന്നു
അവരോടു പറഞ്ഞു.

13 അപ്പോൾ, അവൻ തൊടുവാനായി അവനു ശിശുക്കളെ കൊണ്ടുവന്നു.
14 വഹിക്കുന്നവരെ ശിഷ്യർ വിലക്കി; യേശു അതു കണ്ടാറെ, മുഷിഞ്ഞു
അവരോടു പറഞ്ഞിതു: ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടു
വിൻ, അവരെ തടുക്കരുതു! ദേവരാജ്യം ഇപ്രകാരമുള്ളവർക്കാകുന്നു സത്യം.
15 ആമെൻ ഞാൻ നിങ്ങളോടു പറയുന്നു: ദേവരാജ്യത്തെ ശിശുവെന്ന പോലെ
16 കൈക്കൊള്ളാത്തവൻ ആരും അതിൽ (ഒരുനാളും) കടക്കയില്ല. എന്നിട്ടു
അവരെ പുല്കി, അവരുടെ മേൽ കൈകളെ വെച്ചനുഗ്രഹിക്കയും ചെയ്തു.

17 അവൻ പുറപ്പെട്ടു, വഴിയിലായപ്പോൾ, ഒരുവൻ ഓടി വന്നു അവനു മുട്ടു
കുത്തി: നല്ല ഗുരൊ, നിത്യജീവനെ അവകാശമാകുവാൻ ഞാൻ എന്തു
18 ചെയ്യേണ്ടു? എന്നു അവനോടു ചോദിച്ചതിന്നു, യേശു പറഞ്ഞു: എന്നെ
നല്ലവൻ എന്നു ചൊലുവാൻ എന്തു! ദൈവമാകുന്ന ഒരുവനല്ലാതെ, നല്ലവൻ
19 ആരും ഇല്ല! കല്പനകളെ അറിയുന്നുവല്ലൊ. വ്യഭിചരിക്കല്ലു; കൊലചെയ്യല്ലു;
മോഷ്ടിക്കല്ലു; കള്ളസാക്ഷിപറയല്ലു; ചതിക്കല്ലു; (5 മോ. 24, 14.) നിന്റെ
20 മാതാപിതാക്കന്മാരെ ബഹുമാനിക്ക എന്നുള്ളവ തന്നെ (2 മോ. 20.) അ
വനോടു അവൻ ഗുരൊ, ഇവ ഒക്കയും ചെറുപ്പം മുതൽ ഞാൻ കാത്തുകൊ
ണ്ടിരികുന്നു എന്നുത്തരം പറഞ്ഞാറെ, യേശു അവനെ ഒന്നു നൊക്കി, അ
21 വനെ സ്നേഹിച്ചു: ഒന്നു നിണക്കു കുറവാകുന്നു; നീ പോയി ഉള്ളതു എല്ലാം
വിറു, ദരിദ്രർക്കു കൊടുക്ക, എന്നാൽ സ്വർഗ്ഗത്തിൽ നിണക്കു നിക്ഷേ
പം ഉണ്ടാകും; പിന്നെ വന്നു നിന്റെ ക്രൂശു എടുത്തുകൊണ്ടു എന്നെ അ
22 നുഗമിക്ക എന്നു പറഞ്ഞു. അവൻ വളരെ സമ്പത്തുള്ളവനാകകൊണ്ടു ആ
23 വചനത്താൽ വിഷാദിച്ചു ദുഃഖിതനായി പൊയ്കളഞ്ഞു. യേശു ചുറും നൊ
ക്കി, തന്റെ ശിഷ്യരോടു പറയുന്നു: ദ്രവ്യങ്ങളുള്ളവർ, ദേവരാജ്യത്തിൽ
24 പ്രവേശിപ്പാൻ എത്ര പ്രയാസം! എന്നുള്ള വാക്കുകളാൽ ശിഷ്യന്മാർ അതി
ശയിച്ചതിന്നു, യേശു പിന്നെയും ഉത്തരം പറഞ്ഞിതു: ഹേ, മക്കളെ! ദ്ര
വ്യങ്ങളിൽ ആശ്രയിച്ചിരികുന്നവർ ദൈവരാജ്യത്തിൽ പ്രവേശിപ്പാൻ എ
25 ത്ര പ്രയാസം! ധനവാൻ ദേവരാജ്യത്തിൽ പൂകുന്നതിലും ഒട്ടകം സൂചികുഴ
26 യൂടെ കടക്കുന്നതിന്നു എളുപ്പം ഏറെ ഉണ്ടു. എന്നാറെ, അവർ ഏറ്റം അ
തിശയിച്ചു: പിന്നെ രക്ഷപെടുവാൻ ആർക്കുകഴിയും? എന്നു തമ്മിൽ പറ
27 ഞ്ഞു. യേശു അവരിൽ നൊക്കി: മനുഷ്യരോടു അസാദ്ധ്യം തന്നെ ദൈവ
ത്തോടല്ല താനും; ദൈവത്തോടു സകലവും സാദ്ധ്യമാകുന്നുവല്ലൊ എന്നു പ
റഞ്ഞു.

28 പേത്രൻ അവനോടു: ഇതാ, ഞങ്ങൾ സകലവും വിട്ടുകളഞ്ഞു നിന്റെ
പിന്നാലെ വന്നു എന്നു പറഞ്ഞതിന്നു, യേശു ഉത്തരം ചൊല്ലിയതു: ആ
29 മെൻ ഞാൻ നിങ്ങളോടു പറയുന്നു, ഞാന്നിമിത്തവും, സുവിശേഷം നിമി
ത്തവും വീടൊ, സഹോദരസഹോദരികളെയൊ, അച്ഛനെയൊ, അമ്മയെ
30 യൊ, ഭാര്യയെയൊ, മക്കളെയൊ, നിലങ്ങളെയൊ, വിട്ടുകളഞ്ഞാൽ, ഈ
കാലത്തിൽ തന്നെ നൂറു മടങ്ങു വീടുകളും, സഹോദരസഹോദരികളും, അ
മ്മമാരും, മക്കളും, നിലങ്ങളും, ഉപദ്രവങ്ങളോടും കൂടെ ലഭിച്ചും, വരുവാ
നുള്ള യുഗത്തിൽ നിത്യജീവനെ പ്രാപിച്ചും കൊള്ളാത്തവൻ ആരും ഇല്ല;
31 എങ്കിലും മുമ്പരായ പലരും പിമ്പരും, പിമ്പരായവർ മുമ്പരും ആകും.

32 പിന്നെ അവർ യരുശലേമിന്നാകുന്ന വഴിയിൽ കയറി നടക്കുന്നുണ്ടു; അ
ന്നു യേശു അവരുടെ മുമ്പെ നടന്നു അവരും സ്തംഭിച്ചു, ഭയപ്പെട്ടു പിഞ്ചെ
ന്നു; അവൻ പിന്നെയും പന്തിരുവരേയും കൂട്ടിക്കൊണ്ടു, തനിക്കു

33 സംഭവിപ്പാനുള്ളവ അവരോടു, പറഞ്ഞു തുടങ്ങിയതു: കണ്ടാലും നാം യരുശ
ലേമിലേക്കു് കരേറി പോകുന്നു; അവിടെ മനുഷ്യപുത്രൻ മഹാപുരോഹിത
ക്കും, ശാസ്ത്രികൾക്കും, ഏല്പിക്കപ്പെട്ടിട്ടു, അവർ അവനെമരണം വിധിച്ചു,
34 ജാതികളിൽ സമർപ്പിക്കും. ആയവർ അവനെ പരിഹസിക്കയും, തല്ലുകയും,
തുപ്പുകയും, കൊല്ലുകയും, മൂന്നാം നാൾ അവൻ വീണ്ടും എഴുനീല്ക്കയും ചെ
35 യ്യും. അപ്പോൾ, ജബദിപുത്രരായ യാക്കോബും യോഹനാനും, അവനോ
ടു് അണഞ്ഞു വന്നു പറഞ്ഞു: ഗുരൊ, ഞങ്ങൾ യാചിക്കുന്നതു് ചെയ്തു ത
36 രേണം എന്നു ഇച്ഛിക്കുന്നു. അവരോടു് അവൻ: നിങ്ങൾക്കു് ഞാൻ എന്തു
37 ചെയ്വാൻ ഇച്ഛിക്കുന്നു? എന്നു പറഞ്ഞാറെ, നിന്റെ തേജസ്സിൽ (എത്തി
യപ്പോൾ) ഞങ്ങൾ ഒരുത്തൻ നിന്റെ വലത്തും ഒരുത്തൻ നിന്റെ ഇടത്തും
38 ഇരിപ്പാൻ വരം നല്കുക എന്നു് അവർ പറഞ്ഞു. യേശു അവരോടു: നിങ്ങൾ
യാചിക്കുന്നതു് ഇന്നതെന്നു നിങ്ങൾ അറിയുന്നില്ല; ഞാൻ കുടിക്കുന്ന പാന
പാത്രത്തിൽ കുടിപ്പാനും ഞാൻ മുഴുകുന്ന സ്നാനത്തിൽ മുഴുകുവാനും നിങ്ങൾ
ക്കു് കഴിയുമൊ? എന്നു പറഞ്ഞാറെ, കഴിയും എന്നവർ പറഞ്ഞു. യേശു
39 അവരോടു്: ഞാൻ കുടിക്കുന്ന പാനപാത്രത്തിൽ നിങ്ങൾ കുടിക്കയും,
ഞാൻ മുഴുകുന്ന സ്നാനത്തിൽ മുഴുകുകയും ചെയ്യും നിശ്ചയം, എങ്കിലും എന്റെ
40 വലത്തും ഇടത്തും ഇരിക്കുന്നതു നല്കുവാൻ എനിക്കു് ഇല്ല; ആക്ക ഒരുക്കപ്പെട്ടതു്
അവർക്കത്രെ വരും എന്നു പറഞ്ഞു.
41 ആയതു പത്തുപേരും കേട്ടിട്ടു, യാക്കോബു് യോഹനാന്മാരിൽ മുഷി
ച്ചൽ ഭാവിച്ചു; യേശുവോ അവരെ അടുക്കെ വിളിച്ചു് അവരോടു് പറ
42 ഞ്ഞിതു: ജാതികളിൽ വാണു കാണുന്നവർ അവരിൽ കർത്തൃത്വം നടത്തു
ന്നു എന്നും അവരിൽ മഹത്തുക്കൾ അവരെ അധികാരിച്ചമർക്കുന്നു എന്നും
43 നിങ്ങൾ അറിയുന്നു. നിങ്ങളിൽ അപ്രകാരം ആകാ; നിങ്ങളിൽ മഹാനാ
44 കുവാൻ ഇച്ഛിക്കുന്നവൻ എല്ലാം നിങ്ങളുടെ ശുശ്രൂഷക്കാരനാക! നിങ്ങ
45 ളിൽ ഒന്നാമനാവാൻ ഇച്ഛിച്ചാൽ, എല്ലാവർക്കും ദാസനുമായ്ഭവിക്ക! മനു
ഷ്യപുത്രനും ശുശ്രൂഷചെയ്യിപ്പാനല്ല, താൻ ശുശ്രൂഷിപ്പാനും, അനേകർക്കു
വേണ്ടി തന്റെ ദേഹിയെ വീണ്ടെടുപ്പായി കൊടുപ്പാനും വന്നുവല്ലൊ.
46 അവർ യറിഹോവിൽ എത്തി; പിന്നെ അവൻ തന്റെ ശിഷ്യരോടും
മതിയായ പുരുഷാരത്തോടും ഒന്നിച്ചു, യറിഹോവിൽ നിന്നു പുറപ്പെട്ട
പ്പോൾ, കുരുടനായ ഇരുപ്പാളി ബർത്തിമായി എന്ന തിമായ്പുത്രൻ തന്നെ
47 വഴിയരികെ കുത്തിരുന്നു. നചറയ്യനായ യേശു ആകുന്നു എന്നു കേട്ടിട്ടു് അ
വൻ: ദാവിദ്പുത്ര, യേശുവെ! എന്നെ കനിഞ്ഞു കൊൾക! എന്നു നില
48 വിളിച്ചു തുടങ്ങി. മിണ്ടാതിരിപ്പാൻ പലരും അവനെ ശാസിച്ചാറെയും:
ദാവിദ്പുത്ര, എന്നെ കനിഞ്ഞു കൊൾക! എന്നു് അവൻ ഏറെം അധികം
49 കൂക്കിപറഞ്ഞു. യേശുവും നിന്നു അവനെ വിളിപ്പാൻ പറഞ്ഞു: ധൈര്യ
പ്പെടുക, എഴുനീല്ക്ക! നിന്നെ വിളിക്കുന്നു! എന്നു അവർ ചൊല്ലി, കുരുട
50 നെ വിളിച്ചു. ആയവൻ തന്റെ വസ്ത്രം ഇട്ടുംകളഞ്ഞു, തുള്ളിക്കൊണ്ടും യേശു
51 വിന്റെ അടുക്കെ വന്നു. അവനോടു, യേശു: നിണക്കു് എന്തു ചെയ്യേണ്ട
തിന്നു് ഇച്ഛിക്കുന്നു? എന്നുത്തരം പറഞ്ഞതിന്നു: റബ്ബൂനി, കാഴ്ചവരിക ത
52 ന്നെ! എന്നു കുരുടൻ പറഞ്ഞു. യേശു അവനോടു: പോക, നിന്റെ വി
ശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു എന്നു പറഞ്ഞ ഉടനെ, അവൻ കാഴ്ച
പ്രാപിച്ചു, അവന്റെ വഴിയിൽ പിന്തുടരുകയും ചെയ്തു.

11. അദ്ധ്യായം

യരുശലേമിൽ പ്രവേശം [മത്താ. 21. ലൂ. 19], (11, 19.) അത്തിശാപം [മത്താ. 21.], (15) ദേവാലയശുദ്ധീകരണവും, (27) ശാസ്ത്രികളുടെ ചോദ്യത്തിന്നു പ്രതിചോദ്യവും [മത്താ. 21. ലൂ. 19,20.]

1 അവർ യരുശലേമിനോട്ട സമീപിച്ച് ഒലീവ മലയരികെ ബെഥഫ
ഗ്യയിലും ബെഥനയ്യയിലും എത്തുമ്പോൾ, അവൻ തന്റെ ശിഷ്യരിൽ
2 ഇരുവരെ നിയോഗിച്ചു: നിങ്ങൾക്ക് എതിരെയുള്ള ഗ്രാമത്തിൽ ചെല്ലു
വിൻ! അതിൽ പ്രവേശിച്ചാൽ ഉടനെ ഒരു മനുഷ്യനും കയറീട്ടില്ലാത്ത
(കഴുത)ക്കുട്ടി കെട്ടിയിരിക്കുന്നതു കാണും; അതിനെ അഴിച്ചു കൊണ്ടുവരു
3 വിൻ! വല്ലവനും നിങ്ങളോട് ഈ ചെയ്യുന്നത് എന്തെന്നു ചോദിച്ചാൽ,
കർത്താവിന് ഇത്കൊണ്ട് ആവശ്യം ഉണ്ട് എന്നു ചൊല്ലുവിൻ; അവനും
4 ക്ഷണത്തിൽ അതിനെ ഇങ്ങോട്ടയക്കും എന്നു പറയുന്നു. അവർ പോയി,
തെരുവിൽ വാതിൽപുറത്തു കുട്ടി കെട്ടിനില്ക്കുന്നതു കണ്ട്, അഴിച്ചു വിടുന്നു.
5 അവിടെ നിന്നവരിൽ ചിലർ അവരോട്ട: കുട്ടിയെ അഴിച്ചുകൊണ്ട് എന്തു
6 ചെയ്യുന്നു? എന്നു പറഞ്ഞാറെ, യേശു കല്പിച്ചപ്രകാരം അവരോട്ട പറഞ്ഞു;
7 അവർ അവരെ വിട്ടയക്കയും ചെയ്തു. പിന്നെ കുട്ടിയെ യേശുവിന്നടുക്കെ
കൊണ്ടുവന്നു, തങ്ങളുടെ വസ്ത്രങ്ങളെ അതിന്മേൽ പരത്തി അവനും കയറി
8 ഇരുന്നു. പിന്നെ അനേകർ തങ്ങളുടെ വസ്ത്രങ്ങളെ വഴിയിൽ വിരിച്ചു മറു
9 ള്ളവർ പറമ്പുകളിൽ നിന്നും തോൽ കൊത്തി വഴിയിൽ വിതറും. മുന്നും
പിന്നും ചെല്ലുന്നവർ: ഹൊശീയന്ന! കർത്താവിൻ നാമത്തിൽ വരുന്നവൻ
10 വാഴ്ത്തപ്പെട്ടവനാക! നമ്മുടെ പിതാവായ ദാവിദിന്റെ രാജ്യം വരുന്നതു
വാഴ്ത്തപ്പെട്ടതു! അത്യുന്നതങ്ങളിൽ ഹൊശീയന്ന! എന്ന് ആർത്തുകൊണ്ടിരു
ന്നു.
11 പിന്നെ അവൻ യരുശലേമിൽ പുക്ക് ആലയത്തിൽ കടന്നു; സകലവും
ചുറ്റും നോക്കിയ ശേഷം, നേരം വൈകിയതുകൊണ്ടു പന്തിരുവരോടും കൂട
12 ബെഥനെക്കു പുറപ്പെട്ടു പോയി. പിറെന്നാൾ അവർ ബെഥനയ്യയെ
13 വിട്ടു പോന്നപ്പോൾ, അവനു വിശന്നിട്ടു. ഇലയുള്ളൊരു അത്തിമരം ദൂരത്തു
നിന്നു കണ്ട്, ഇതിൽ വല്ലതും ലഭിക്കുമൊ എന്നു വെച്ചു ചെന്നു; അതിൽ
എത്തിയപ്പോൾ, ഇലകളല്ലാതെ ഒന്നും കണ്ടില്ല; കാരണം അത്തിപ്പഴങ്ങളു
14 ടെ സമയം അപ്പോൾ ഇല്ലായിരുന്നു. അതിനോട് അവൻ: ഇനി നിങ്കൽനി
15 ന്ന് എന്നേക്കും ആരും ഫലം തിന്നരുത്! എന്ന് ഉത്തരം പറഞ്ഞത്, അ
വന്റെ ശിഷ്യന്മാർ കേട്ടു. അനന്തരം അവർ യരുശലേമിൽ ചെന്നപ്പോൾ,
അവൻ ആലയത്തിൽ കടന്നു വിശ്രുദ്ധസ്ഥലത്തു വില്ക്കുന്നവരെയും വാങ്ങുന്ന
വരെയും പുറത്താക്കി തുടങ്ങി, പൊൻവാണിഭക്കാരുടെ മേശകളേയും പ്രാ
16 ക്കളെ വില്ക്കുന്നവരുടെ പലകകളെയും, മറിച്ചു കളഞ്ഞു. ആരും വിശ്രുദ്ധ
സ്ഥലത്തുടെ ഒരു പാത്രവും കൊണ്ടുപോയി കടപ്പാൻ സമ്മതിച്ചതും ഇല്ല.
17 പിന്നെ അവർക്ക് ഉപദേശിച്ചിതു: എന്റെ ഭവനം സകല ജാതികൾക്കും
പ്രാർത്ഥനാലയം എന്നു വിളിക്കപ്പെടും പ്രകാരം എഴുതിയിരിക്കുന്നില്ലയൊ?
(യശ. 56,7.) നിങ്ങളൊ അതിനെ കള്ളന്മാരുടെ ഗുഹയാക്കി തീർത്തു.
18 എന്നു കേട്ടിട്ടു, ശാസ്ത്രികളും മഹാപുരോഹിതരും അവനെ നശിപ്പിപ്പാൻ
വഴി അന്വെഷിച്ചു; കാരണം പുരുഷാരം എല്ലാം അവന്റെ ഉപദേശത്തിൽ
19 വിസ്മയിക്കുന്നതിനാൽ അവർ അവനെ ഭയപ്പെട്ടു; സന്ധ്യയായപ്പോൾ,
അവൻ നഗരത്തെ വിട്ടു പുറപ്പെട്ടു പോയി.
20 പിന്നെ രാവിലെ അവൻ കടന്നു പോരുമ്പോൾ, അത്തി വേരോടെ ഉണ
21 ങ്ങിപ്പോയതു കണ്ടാറെ, പേത്രൻ ഓർമ്മ ഉണ്ടായി: റബ്ബീ, നീ ശപിച്ചു
കളഞ്ഞ അത്തി ഇതാ ഉണങ്ങിപ്പോയി! എന്ന് അവനോട്ട പറഞ്ഞു.
22 യേശു അവരോട് ഉത്തരം ചൊല്ലിയതു: ദേവവിശ്വാസത്തെ ധരിച്ചു കൊൾ
23 വിൻ! ആമെൻ ഞാൻ നിങ്ങളോട്ട പറയുന്നു: ആരാനും ഹൃദയത്തിൽ ശങ്ക
വരാതെ, താൻ ചൊല്ലുന്നതുണ്ടാകുന്നു എന്നു വിശ്വസിച്ചും കൊണ്ട് ഈ
മലയോട്, അല്ലയൊ നീങ്ങി കടലിൽ ചാടിപോ എന്നു പറഞ്ഞാൽ,
24 പറഞ്ഞപ്രകാരം അവന് ഉണ്ടാകും. അത് കൊണ്ടു ഞാൻ നിങ്ങളോട്
ചൊല്ലുന്നിതു: നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, എന്തെല്ലാം യാചിച്ചാലും,

25 ലഭിച്ചു എന്നതെ വിശ്വസിപ്പിൻ, എന്നാൽ നിങ്ങൾക്ക് ഉണ്ടാകും. പിന്നെ
(മത്താ. 6,14.)പ്രാത്ഥിച്ചു നില്ക്കുമ്പോൾ, ആരുടെ നേരെ വല്ലതും
ഉണ്ടായാൽ, സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളെ
26 ക്ഷമിച്ചു വിടേണ്ടതിന്ന് അവനു ക്ഷമിച്ചു വിടുവിൻ! നിങ്ങളൊ, ക്ഷമി
ക്കാഞ്ഞാൽ സ്വർഗ്ഗസ്ഥനായ നിങ്ങളുടെ പിതാവ് നിങ്ങളുടെ പിഴകളേയും
ക്ഷമിക്കയും ഇല്ല.
27 അവർ പിന്നെയും യരുശലേമിൽ വരുന്നു; അവൻ ആലയത്തിൽ സഞ്ച
രിക്കുമ്പോൾ, മഹാ പുരോഹിതരും ശാസ്ത്രികളും മൂപ്പരും അവന്റെ അടു
28 ക്കൽ വന്നു: നീ ഏതു വിധമുള്ള അധികാരം കൊണ്ടു ഇവറെ ചെയ്യുന്നു
എന്നും, ഇവ ചെയ്വാനുള്ള ഈ അധികാരത്തെ നിണക്കു തന്നതു ആർ
29 എന്നും പറയുന്നു. അവക്കു യേശു ഉത്തരം ചൊല്ലിയതു: ഞാൻ നിങ്ങളോടു
ഒരു വാക്കു ചോദിക്കും; അതിനു ഉത്തരം പറവിൻ! പിന്നെ ഇന്ന അധി
കാരം കൊണ്ടു ഇവ ചെയ്യുന്നു എന്നുള്ളതും നിങ്ങളോടു പറയും. യോഹനാ
30 ന്റെ സ്നാനം ഉണ്ടായതു, സ്വർഗ്ഗത്തിൽ നിന്നൊ, മനുഷ്യരിൽ നിന്നൊ,
31 എന്നോടു ഉത്തരം പറഞ്ഞാലും. എന്നാറെ, അവർ തങ്ങളിൽ നിരൂപിച്ചു,
സ്വർഗ്ഗത്തിൽനിന്നു എന്നു പറഞ്ഞാൽ, പിന്നെ നിങ്ങൾ അവനെ വിശ്വ
32 സിക്കാഞ്ഞതു എന്തു എന്നു പറയും. അല്ല, മനുഷ്യരിൽ നിന്നു എന്നു പ
റകയൊ, എന്നിട്ടു എല്ലാവരും യോഹനാനെ ഉള്ളവണ്ണം പ്രവാചകൻ എ
33 ന്നു എണ്ണുകകൊണ്ടു അവർ ജനത്തെ ഭയപ്പെട്ടു; ഞങ്ങൾക്കു അറിഞ്ഞു കൂ
ടാ എന്നു യേശുവോടു ഉത്തരം പറഞ്ഞു. എന്നാൽ ഞാൻ ഇവ ചെയ്യുന്നതു
ഇന്ന അധികാരം കൊണ്ടാകുന്നു എന്നുള്ളതും നിങ്ങളോടും ചൊല്ലുന്നില്ല
എന്നു യേശു അവരോടു പറകയും ചെയ്തു.

12. അദ്ധ്യായം

(1) കള്ളക്കുടിയാന്മാരുടെ ഉപമയും [മത്താ. 21. ലൂ. 20.], (13) കൈ
സർ കരത്തെ കൊണ്ടും (18)പുനരുത്ഥാനത്തെ കൊണ്ടും ചോദിച്ചതു [മത്താ.
22. ലൂ. 20.], (28) ധർമ്മപ്പുസ്തകത്തിന്റെ സാരാംശം [മത്താ. 22.], (35)
ദാവിദിനു കർത്താവും പുത്രനുമായവൻ [മത്താ.22. ലൂ. 20.], (38) ശാസ്ത്രി
കളെ ശാസിച്ചതു [മത്താ. 23. ലൂ. 20.], (41) വിധവയുടെ കാശു [ലൂ.21.]

1 **പി**ന്നെ അവൻ ഉപമകൾ കൊണ്ടു അവരോടു പറഞ്ഞു തുടങ്ങി: ഒരു
മനുഷ്യൻ വള്ളിപ്പറമ്പു നട്ടു, വേലി കെട്ടി, ചക്കു കുഴിച്ചു നാട്ടി, ഗോപുര
വും പണിചെയ്തു, കുടിയാന്മാർക്കു കൊടുത്തു, പരദേശത്തു പോയി; സമ
2 യമായാറെ, കുടിയാന്മാരോടു, പറമ്പിലെ ഫലങ്ങളിൽ ചിലതു വാങ്ങേ
3 ണ്ടതിന്നു ഒരു ദാസനെ കുടിയാരുടെക്കെ പറഞ്ഞയച്ചു. ആയവർ അവ
4 നെ പിടിച്ചു തല്ലി, വെറുതെ അയച്ചു വിടുകയും ചെയ്തു. പിന്നെയും അവ
രുടെ അടുക്കെ മറ്റൊരു ദാസനെ പറഞ്ഞയച്ചു, അവനെയും അവർ
5 കല്ലെറിഞ്ഞു, തലെക്കു മുറിച്ചു അപമാനിച്ചയച്ചു കളഞ്ഞു. അവൻ മറ്റൊ
രുവനെ പറഞ്ഞയച്ചു; ആയവനെ കൊന്നു; മറ്റു പലരേയും, അടിക്ക
6 യൊ കൊല്ലുകയോ ചെയ്തു. തനിക്കു പ്രിയ പുത്രൻ ഒരുവൻ ശേഷിച്ചിരി
ക്കെ, എന്റെ മകനെ അവർ ശങ്കിക്കും എന്നു ചൊല്ലി; ഒടുക്കം അവനെയും
7 അവരുടെ അടുക്കെൽ പറഞ്ഞയച്ചു. ആ കുടിയാരൊ, ഇവൻ അവകാശി ത
ന്നെ വരുവിൻ; നാം ഇവനെ കൊല്ലുക; എന്നാൽ അവകാശം നമുക്കാകും
8 എന്നു തമ്മിൽ പറഞ്ഞു. അവനെ പിടിച്ചു കൊന്നു പറമ്പിൽനിന്നു എറി
9 ഞ്ഞു കളഞ്ഞു. എന്നാൽ പറമ്പിന്നുടയവൻ, എന്തു ചെയ്യും? അവൻ വന്നു കു
ടിയാരെ നിഗ്രഹിച്ചു പറമ്പിനെ അന്യർക്കു കൊടുക്കും. പിന്നെ (സങ്കീ.
10 118, 22.) വീടു പണിയുന്നവർ ആകാ എന്നു തള്ളിയോരു കല്ലു തന്നെ

11 കോണിന്തലയായ്വന്നു. കർത്താവിൽനിന്ന് ഇതുണ്ടായി നമ്മുടെ കണ്ണു
കൗക്ക് ആശ്ചര്യമായിരിക്കുന്നു എന്നുള്ളൊരു തിരുവെഴുത്ത് എങ്കിലും നീ
12 ങ്ങൗം വായിച്ചില്ലയൊ? എന്നീ ഉപമയെ തങ്ങളെ കുറിച്ചു ചൊല്ലിയ പ്ര
കാരം ബോധിക്കയാൽ അവർ അവനെ പിടിപ്പാൻ അന്വെഷിച്ചിട്ടും പു
രുഷാരത്തെ ഭയപ്പെട്ട്, അവനെ വിട്ടു പുറപ്പെട്ടു പോയി.

13 അനന്തരം അവനെ വാക്കിനാൽ കുടുക്കുവാൻ പറീശരിലും ഹെരോദ്യ
രിലും ചിലരെ അവന്റെ അടുക്കൽ അയക്കുന്നു. ആയവർ വന്നു: ഗുരൊ,
14 നീ മനുഷ്യമുഖത്തെ നോക്കാതെ, ദൈവത്തിൻ വഴിയെ ഉണ്മയിൽ പഠി
പ്പിക്കുന്നതുകൊണ്ടു നീ സത്യവാനും ആരെയും ചിന്തയില്ലാത്തവനും എന്നു
ഞങ്ങൗം അറിയുന്നു: കൈസർക്കു കരം കൊടുക്കുന്നതു വിഹിതമൊ അല്ല
15 യൊ? ഞങ്ങൗം കൊടുക്കയൊ, കൊടായ്കയൊ, വേണ്ടതു? എന്ന് അവനൊ
ടു പറയുന്നു; അവനൊ അവരുടെ വ്യാജത്തെ അറിഞ്ഞു: എന്നെ പരീക്ഷി
16 ക്കുന്നത് എന്തു? എനിക്കു കാണേണ്ടതിന്ന് ഒരു ദ്രഹ്മയെ കൊണ്ടുവരുവിൻ
എന്നു പറഞ്ഞു, അവരും കൊണ്ടുവന്നു. ഈ സ്വരൂപവും എഴുത്തും ആരുടെ
ത്? എന്ന് അവരോടു പറഞ്ഞതിന്നു, കൈസരുടെത് എന്ന് അവർ പറ
17 ഞ്ഞപ്പോൗം: കൈസർക്കുള്ളവ കൈസർക്കും, ദൈവത്തിന്നുള്ളവ ദൈവ
ത്തിന്നും ഒപ്പിച്ചു കൊടുപ്പിൻ എന്നു യേശു അവരോട് ഉത്തരം പറഞ്ഞു; അ
വർ അവങ്കൽ ആശ്ചര്യപ്പെടുകയും ചെയ്തു.

18 പുനരുത്ഥാനം ഇല്ല എന്നു ചൊല്ലുന്ന ചദൂക്യരും അവനോട് അടുത്തു വ
19 ന്നു ചോദിച്ചിതു: ഗുരൊ, ഒരുത്തന്റെ സഹോദരൻ മരിച്ചു. മക്കളെ അല്ല,
ഭാര്യയെ തന്നെ വെച്ചേച്ചു എന്നു വരികിൽ, ആ ഭാര്യയെ അവന്റെ സ
ഹോദരൻ പരിഗ്രഹിച്ചു, തന്റെ സഹോദരനു സന്തതി ഉണ്ടാക്കേണം എന്നു
മോശെ (5 മോ. 25) നമുക്ക് എഴുതിയല്ലൊ. എന്നാൽ ഏഴു സഹോദരർ
20 ഉണ്ടായിരുന്നു, അതിൽ മൂത്തവൻ ഭാര്യയെ കൈക്കൊണ്ടു സന്തതി വെച്ചേ
21 ക്കാതെ മരിച്ചു. രണ്ടാമൻ അവളെ പരിഗ്രഹിച്ചു, സന്തതി വെച്ചേക്കാതെ
22 മരിച്ചു. മൂന്നാമനും അപ്രകാരം തന്നെ; ഏഴുവരും അവളെ പരിഗ്രഹിച്ചു,
സന്തതി വെച്ചേക്കാതെ പോയി; എല്ലാവർക്കും പിന്നെ സ്ത്രീയും മരിച്ചു.
23 പുനരുത്ഥാനത്തിൽ അവർ ഉയിർത്തെഴുനീറു എങ്കിൽ, അവരിൽ ഏവന
24 ഭാര്യയാകും? അവൗം ഏഴുവർക്കും ഭാര്യയായിരുന്നുവല്ലൊ. എന്നതിന്നു
യേശു ഉത്തരം ചൊല്ലിയതു: നിങ്ങൗം തിരുവെഴുത്തുകളേയും ദേവശക്തി
യേയും അറിയായ്കകൊണ്ടല്ലയൊ തെറ്റി ഉഴലുന്നതു? എങ്ങിനെ എന്നാൽ
25 മരിച്ചവരിൽനിന്നു വീണ്ടും എഴുനീറപ്പൊൗം, കെട്ടുകയും ഇല്ല, കെട്ടപ്പെ
ടുകയും ഇല്ല; സ്വർഗ്ഗങ്ങളിലെ ദൂതരോട് ഒക്കുകെ ഉള്ളു. മരിച്ചവർ ഉണരു
26 ന്നത് എങ്കിലൊ മോശെ പുസ്തകത്തിൽ മുൾചെടിഭാഗത്തു തന്നെ ദൈവം
അവനോടു: ഞാൻ അബ്രഹാമിന്റെ ദൈവവും, ഇഛാക്കിൻ ദൈവവും,
യാക്കോബിൻ ദൈവവും എന്നു പറഞ്ഞപ്രകാരം വായിച്ചിട്ടില്ലയൊ? അ
27 വൻ ചത്തവർക്കല്ല, ജീവനുള്ളവർക്കത്രെ ദൈവം ആകുന്നു; അതുകൊണ്ടു
നിങ്ങൗം വളരെ തെറ്റി പോകുന്നു.

28 പിന്നെ ശാസ്ത്രികളിൽ ഒരുത്തൻ അവർ തർക്കിക്കുന്നതു കേട്ട്, അവരോ
ടു നല്ല ഉത്തരം പറഞ്ഞപ്രകാരം ബോധിച്ചിട്ട്, എല്ലാറ്റിലും മുഖ്യകല്പ
ന ആകുന്നത് ഏതു് എന്ന് അവനോടു, ചോദിച്ചു. അവനോടു, യേശു ഉ
29 ത്തരം ചൊല്ലിയതു: എല്ലാറ്റിലും മുഖ്യകല്പനയാവിതു: (5 മോ. 6,
4.) ഇസ്രയേലെ കേൗക്ക! നമ്മുടെ ദൈവമായ യഹോവ ഏക കർത്താ
30 വ് ആകുന്നു. നിന്റെ ദൈവമായ യഹോവയെ നിന്റെ പൂർണ്ണഹൃദയത്താ
ലും, പൂർണ്ണമനസ്സാലും, നിന്റെ സർവ്വവിചാരത്തോടും, സർവ്വ ശക്തിയോ
31 ടും സ്നേഹിക്ക എന്നുള്ളതു് ഒന്നാം കല്പന തന്നെ. സമമായത് രണ്ടാമ
തൊ (3 മോ. 19.) നിന്റെ കൂട്ടുകാരനെ നിന്നപ്പോലെ തന്നെ സ്നേഹിക്ക

എന്നുള്ളതത്രെ; ഇവററിലും വലുതായിട്ടു മറെറാരു കല്പനയും ഇല്ല. എന്നാ
32 റെ, ശാസ്ത്രീ അവനോടു പറഞ്ഞു: നന്നു ഗ്രരൊ, ഒരുത്തനെ ഉള്ളു; അവ
നൊഴികെ മറെറാരും ഇല്ല എന്നും, അവനെ പൂർണ്ണഹൃദയത്താലും, സമ്പു
33 ദ്ധിയോടും, പൂർണ്ണമനസ്സാലും, സമ്പൂശക്തിയോടും സ്നേഹിക്കുന്നതും, ത
ന്നെപ്പോലെ കൂട്ടുകാരനെ സ്നേഹിക്കുന്നതും, എല്ലാദഹനബലിഹോമങ്ങളി
ലും: സാരം ഏറിയത് എന്നും, നീ സത്യപ്രകാരം ചൊല്ലിയതു. അവൻ
34 ബുദ്ധിശാലിയായി ഉത്തരം പറഞ്ഞതു യേശു കണ്ടു: നീ ദേവരാജ്യത്തിന്നു
ദൂരസ്ഥനല്ല എന്ന് അവനോടു പറഞ്ഞു; പിന്നെ അവനോടു ചോദിപ്പാൻ
ആരും തുനിഞ്ഞതും ഇല്ല.

35 യേശു ആലയത്തിൽ ഉപദേശിച്ചുംകൊണ്ടു പറഞ്ഞു തുടങ്ങിയതു: മശീ
36 ഹ ദാവിദിൻ പുത്രനാകുന്നു എന്നു ശാസ്ത്രികൾ എങ്ങിനെ പറയുന്നു? ദാവി
ദാകട്ടെ, വിശുദ്ധാത്മാവിലായി പറഞ്ഞിതു: കർത്താവ് എന്റെ കർത്താ
വിനോടു് അരുളിച്ചെയ്യുന്നിതു: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദ
37 പീഠമാക്കുവോളത്തിന്നു് എന്റെ വലത്തു ഭാഗത്തിരിക്ക (സങ്കീ. 110.)
എന്നതിൽ ദാവിദ് താനും അവനെ കർത്താവ് എന്നു ചൊല്ലുന്നു; പിന്നെ
38 അവന്റെ പുത്രൻ ആകുന്നതു് എവിടെനിന്നു? എന്നാറെ, വലിയ പുരുഷാ
രം ഇഷ്ടത്തോടെ അവനെ കേൾക്കുമ്പോൾ, തന്റെ ഉപദേശത്തിൽ നി
39 ന്നു് അവരോടു പറഞ്ഞിതു: അങ്കികളോടെ നടക്കുന്നതും, അങ്ങാടിക
ളിൽ വന്ദനങ്ങളും, പള്ളികളിൽ മുഖ്യാസനങ്ങളും, അത്താഴങ്ങളിൽ പ്ര
ധാനസ്ഥലങ്ങളും ഇച്ഛിക്കുന്ന ശാസ്ത്രികളിൽനിന്നു സൂക്ഷിച്ചു നോക്കുവിൻ!
40 ഉപായത്താൽ നീളെ പ്രാർത്ഥിച്ചുംകൊണ്ടു വിധവമാരുടെ വീടുകളെ വിഴു
ങ്ങുന്നവർ; അയവർക്കു് ഏറ്റം വലിയ ശിക്ഷാവിധി വരും.

41 എന്നാറെ, യേശു ശ്രീഭണ്ഡാരത്തിന്നു നേരെ ഇരുന്നു, പുരുഷാരം ഭണ്ഡാ
രത്തിൽ ദ്രവ്യം ഇടുന്നപ്രകാരം നോക്കിക്കൊണ്ടിരുന്നു; അതിൽ ധനവാൻ
മാർ പലരും വളരെ ഇടുന്നതിന്നിടയിൽ, ദരിദ്രയായ ഒരു വിധവ വന്നു്
42 ഒരു താരമാകുന്ന രണ്ടു കാശു് ഇട്ടപ്പോൾ, അവൻ തന്റെ ശിഷ്യരെ വിളി
43 ച്ചു കൂട്ടി: ആമെൻ ഞാൻ നിങ്ങളോടു്, പറയുന്നു: ഭണ്ഡാരത്തിൽ ഇട്ട
44 സകലരേക്കാളും ഈ ദരിദ്രയായ വിധവ അധികം ഇട്ടിരിക്കുന്നു. എല്ലാവ
രും തങ്ങളുടെ വഴിച്ചലിൽനിന്നു് (അല്പം) ഇട്ടുവല്ലൊ; അവളൊ ത
ന്റെ കുറച്ചലിൽ നിന്നു് എത്ര ഉണ്ടായാലും തന്റെ സമ്പത്തു് ഒക്കയും ഇ
ട്ടതു എന്നു് അവരോടു പറഞ്ഞു.

13. അദ്ധ്യായം

യരുശലേമിൻ സംഹാരവും തന്റെ പ്രത്യക്ഷതയും പ്രവചിച്ചതു [മത്താ. 24. ലൂ. 21.]

1 അവൻ ആലയത്തെ വിട്ടു പോകുമ്പോൾ, ശിഷ്യരിൽ ഒരുത്തൻ: ഗ്രരൊ,
ഇതാ എന്തു കല്ലുകളും ഏതു നിർമ്മാണങ്ങളും എന്നു് അവനോടു പറയുന്നു.
2 അവനോടു യേശു: ഈ വലിയ പണികളെ കാണുന്നുവൊ? കല്ലു കല്ലിൻ
3 മേൽ ഇടിയാതെ വിടപ്പെടുകയില്ല എന്നു് ഉത്തരം പറഞ്ഞു. പിന്നെ അ
വൻ ഒലീവമലയേറി ആലയത്തിന്നു് എതിരെ ഇരുന്നുകൊണ്ടാറെ, പേത്ര
നും യാക്കോബും യോഹനാനും അന്ത്രെയാവും അവനോടു വേറിട്ടു തന്നെ
4 ചോദിച്ചിതു: ഇവ എപ്പൊൾ ഉണ്ടാകും എന്നും, ഇവ എല്ലാം തികഞ്ഞു വ
രേണ്ടുമ്പോഴെക്കുള്ള ലക്ഷണം ഏതു് എന്നും ഞങ്ങളോടു് പറഞ്ഞാലും, എ
5 ന്നതിന്നു യേശു ഉത്തരം ചൊല്ലി തുടങ്ങിയതു: ആരും നിങ്ങളെ തെററിക്കാ
തിരിപ്പാൻ നോക്കുവിൻ! എങ്ങിനെ എന്നാൽ ഞാനാകുന്നു എന്നു ചൊ
6 ല്ലി, അനേകർ എൻ നാമം എടുത്തു വന്നു, പലരേയും തെററിക്കും. നിങ്ങളൊ

7 യുദ്ധങ്ങളും യുദ്ധശ്രുതികളും കേൾക്കുമ്പോൾ, കലങ്ങാതിരിപ്പിൻ! അ
ത് ഉണ്ടാകേണ്ടതു സത്യം; അവസാനം ഉടനെ ഇല്ല താനും. വംശം വംശ
8 ത്തിന്നും, രാജ്യം രാജ്യത്തിന്നും എതിരെ എഴനീല്ക്കും; അവിടവിടെ ഭൂക
മ്പങ്ങളും, ക്ഷാമങ്ങളും, കലഹങ്ങളും ഉണ്ടാകും; ഇവ ഈറ്റുനോവുകളുടെ
9 ആരംഭങ്ങളത്രെ; എന്നാൽ നിങ്ങളെ തന്നെ നോക്കുവിൻ! എന്നാമം നിമി
ത്തം നിങ്ങളെ സുനേദ്രിയങ്ങളിൽ ഏല്പിക്കയും, പള്ളികളിൽ തല്ലുകയും
നാടുവാഴികൾക്കും രാജാക്കന്മാൎക്കും മുൻനിറുത്തുകയും ചെയ്യുമല്ലൊ; അവർ
10 ക്കു സാക്ഷ്യത്തിന്നായി തന്നെ. സുവിശേഷമൊ, മുമ്പെ സകല വംശങ്ങൾ
11 ക്കും ഘോഷിക്കപ്പെടേണം. പിന്നെ നിങ്ങളെ ഏല്പിച്ചു കൊണ്ടു പോ
കുന്തോറും, ഏതു പറവു എന്നു മുൻകരുതുകയും ധ്യാനിക്കയും അരുതു; ആ നാ
ഴികയിൽ തന്നെ നിങ്ങൾക്കു എന്തു തരപ്പെട്ടാലും അതു പറവിൻ! ഉരെക്കു
12 ന്നതു നിങ്ങൾ അല്ല, വിശുദ്ധാത്മാവത്രെ ആകുന്നുവല്ലൊ. വിശേഷിച്ചു,
സഹോദരൻ സഹോദരനെയും, അപ്പൻ കുട്ടിയേയും, മരണത്തിന്നു ഏ
ല്പിക്കും; മക്കളും പിതാക്കളുടെ നേരെ എഴനീറ്റു, അവരെ മരിപ്പിക്കും.
13 എൻനാമം നിമിത്തം നിങ്ങൾ എല്ലാവരാലും പകെക്കപ്പെട്ടവരാകും; അവ
സാനം വരെ നിന്നവൻ രക്ഷിക്കപ്പെടും താനും.
14 എന്നാൽ പാഴാക്കുന്നതിന്റെ അറെപ്പു ഇരിക്കരുതാത്ത സ്ഥലത്തു നില്ക്കു
ന്നതു നിങ്ങൾ കാണുമ്പോൾ, (വായിക്കുന്നവൻ ചിന്തിച്ചുകൊൾക!) അ
15 ന്ന യഹൂദ്യയിലുള്ളവർ മലകളിലേക്കു മണ്ടിപോക. വീട്ടിന്മേൽ ഇരിക്കു
ന്നവൻ വീട്ടിനകത്തേക്കു ഇറങ്ങിപോകയും, തന്റെ വീട്ടിൽനിന്നു വല്ല
16 തും എടുപ്പാൻ പൂകയും അരുതു. വയലിലെക്കുള്ളവൻ തന്റെ വസ്ത്രം എടു
17 പ്പാൻ വഴിയോട്ടു തിരികയും ഒല്ലാ. ആ നാളുകളിൽ ഗർഭിണികൾക്കും മുല
18 കുടിപ്പിക്കുന്നവൎക്കും ഹാ കഷ്ടം! എന്നാൽ അതു ശീതകാലത്തിൽ സംഭ
19 വിക്കാതിരിപ്പാൻ പ്രാൎത്ഥിപ്പിൻ! ദൈവം പടെച്ച സൃഷ്ടിയുടെ ആരംഭം
20 മുതൽ ഇന്നേവരെ ഇല്ലാത്തതും ഇനിമേൽ ഭവിക്കാത്തതും ആയുള്ള ഉപദ്രവം
തന്നെ ആ നാളുകൾ ആകും സത്യം. കൎത്താവു നാളുകളെ ചുരുക്കീട്ടില്ല
എങ്കിൽ, ഒരു ജഡവും രക്ഷപെടുകയില്ല; അവൻ തെരിഞ്ഞെടുത്ത വൃത
21 ന്മാർ നിമിത്തമൊ നാളുകളെ ചുരുക്കി വെച്ചതു. അപ്പോൾ ആരാനും നി
ങ്ങളോടു ഇതാ മശീഹ ഇവിടെ എന്നും, ഇതാ അവിടെ എന്നും പറഞ്ഞാൽ
22 വിശ്വസിക്കരുതു! എങ്ങിനെ എന്നാൽ കള്ളമശീഹമാരും കള്ളപ്രവാചക
രും എഴനീറ്റു, കഴിയുന്ന എങ്കിൽ തെരിഞ്ഞെടുത്തവരേയും തെറ്റിച്ചു കള
23 വാനായി അടയാളങ്ങളും അത്ഭുതങ്ങളും കാട്ടിക്കൊടുക്കും. നിങ്ങളൊ സൂക്ഷി
ച്ചു നോക്കുവിൻ! ഇതാ ഞാൻ എല്ലാം നിങ്ങളോടു മുൻപറഞ്ഞുവല്ലൊ.
24 എങ്കിലൊ ആ നാളുകളിലെ ഉപദ്രവത്തിന്റെ ശേഷം, സൂൎയ്യൻ ഇരുണ്ടു
25 പോകയും, ചന്ദ്രൻ നിലാവിനെ തരായ്കയും, വാനത്തിലെ നക്ഷത്രങ്ങൾ
വീണ വീണിരിക്കയും, സ്വൎഗ്ഗങ്ങളുടെ സൈന്യങ്ങൾ കുലുങ്ങി പോകയും
26 ആം (യശ. 34. 4.) അപ്പോൾ മനുഷ്യപുത്രൻ വലിയ ശക്തിയോടും, തേജ
27 സ്സോടും കൂട മേഘങ്ങളിൽ വരുന്നതു അവർ കാണും. അന്നു അവൻ തന്റെ
ദൂതരെ അയച്ചു, താൻ തെരിഞ്ഞെടുത്തവരെ ഭൂമിയുടെ അറുതിമുതൽ വാന
ത്തിൻ അറുതിവരെയും, നാലുകാറ്റുകളിൽ നിന്നും കൂട്ടിചേൎക്കും.
28 എന്നാൽ അത്തിയിൽനിന്നു ഉപമയെ ഗ്രഹിപ്പിൻ! അതിന്റെ കൊ
മ്പു ഇളതായി ഇലകളെ തഴെപ്പിക്കുമ്പോൾ, വേനൽ അടുത്തതു എന്നു
29 അറിയുന്നുവല്ലൊ. അപ്രകാരം നിങ്ങളും ഇവ ഉണ്ടാകുന്നതു കാണുമ്പോൾ,
30 (അവൻ) അടുക്കെ വാതില്ക്കൽ തന്നെ ആകുന്നു എന്നു അറിവിൻ! ആമെൻ
ഞാൻ നിങ്ങളോടു പറയുന്നിതു: ഇവ ഒക്കയും ഉണ്ടാകുവോളത്തിന്നു ഈ
31 തലമുറ ഒഴിഞ്ഞു പോകയില്ല. വാനവും ഭൂമിയും ഒഴിഞ്ഞു പോകും, എന്റെ
വചനങ്ങൾ ഒഴിഞ്ഞു പോകയില്ല താനും. ആ നാളൊ, നാഴികയൊ, സം
32 ബന്ധിച്ചിട്ടു പിതാവു തന്നെ അല്ലാതെ, ആരെങ്കിലും സ്വൎഗ്ഗത്തിലെ

33 ദൂതരും പുത്രനും കൂടെ അറിയുന്നില്ല. സമയം എപ്പോൾ എന്നറിയായ്കകൊണ്ടു
34 സൂക്ഷിപ്പിൻ! ഉണർന്നും പ്രാർത്ഥിച്ചും, കൊണ്ടിരിപ്പിൻ! പരദേശത്തു പോ
കുന്ന മനുഷ്യൻ തന്റെ വീടു വിട്ടു, ദാസർക്കു അധികാരവും അവനവന്നു ത
ക്ക വേലയും കൊടുത്തിട്ടു, വിശേഷാൽ കാവല്ക്കാരനോടു് ഉണർന്നിരിപ്പാൻ
35 കല്പിച്ച പോലെ തന്നെ. നിങ്ങളും വീടുടയവൻ സന്ധ്യക്കൊ, പാതിരാ
ക്കൊ, പൂവങ്കോഴി കൂകുകിലൊ, രാവിലെയൊ എപ്പോൾ വരും എന്നറി
36 യായ്കകൊണ്ടു്, അവൻ പെട്ടന്നു വന്നു, നിങ്ങൾ ഉറങ്ങുന്നതു കണ്ടു, പി
37 ടിക്കാതിരിക്കേണ്ടതിന്നു് ഉണർന്നു കൊൾവിൻ. ഞാൻ നിങ്ങളോടു പറയു
ന്നതൊ എല്ലാവരോടും പറയുന്നു: ഉണർന്നു കൊൾവിൻ എന്നത്രെ.

14. അദ്ധ്യായം

കൂലവിചാരം [മത്താ. 26. ലൂ. 22.], (3) ബെഥന്യയിലെ അഭിഷേ
കം [മത്താ. 26. യൊ. 12.], (10) യൂദാവിൻ ദ്രോഹവും, (17) തിരുവത്താ
ഴവും, (26) ഗഥശെമനയിലെ പോരാട്ടവും, (43) പിടിപെട്ടതും, (53)
ന്യായവിസ്താരവും, (66) ശിമോന്റെ വീഴ്ചയും, [മത്താ. 26. ലൂ. 22.]

1 **പെ**സഹയും പുളിപ്പില്ലാത്തതും ഉണ്ടാവാൻ രണ്ടു നാൾ ആകുമ്പോൾ,
മഹാപുരോഹിതരും ശാസ്ത്രികളും (കൂടി) അവനെ ഉപായം കൊണ്ടു പിടിച്ചു
2 കൊല്ലുവാൻ വഴി അന്വെഷിച്ചു കൊണ്ടിട്ടു, ജനത്തിൽ കലഹം ഉണ്ടാകാ
യ്വാൻ പെരുനാളിൽ അരുതു് എന്നു പറഞ്ഞു.
3 യേശു ബെഥന്യയിൽ കുഷ്ഠരോഗിയായ ശിമോന്റെ വീട്ടിൽ ആയി
പന്തിയിൽ ഇരിക്കുമ്പോൾ, ഒരു സ്ത്രീ സ്വച്ഛ ജടാമാംസിയാലെ വില
യേറിയ തൈലമുള്ള ഭരണിയുമായി വന്നു ഭരണിയെ പൊളിച്ചു് അവ
4 ന്റെ തലമേൽ ഒഴിച്ചു. അവിടെ ചിലർ ഉള്ളിൽ മുഷിച്ചൽ ഭാവിച്ചു: ഈ
5 തൈലത്തിൻ അഴിച്ചൽ എന്തിന്നു? ഇതു മുന്നൂറിൽ ചിലപ്പാനം ദ്രവ്യമെങ്കി
ലിറ്റു, ദരിദ്രക്കു് കൊടുപ്പാൻ സംഗതി ഉണ്ടായല്ലൊ എന്നു് അവളോടു
6 പഴിച്ചു പറഞ്ഞു. എന്നാറെ, യേശു: ഇവളെ വിടുവിൻ! അവൾക്കു് അല
മ്പൽ ഉണ്ടാക്കുവാൻ എന്തു? അവൾ എന്നിൽ നല്ല പ്രവൃത്തി ചെയ്തുവല്ലൊ.
7 എങ്ങിനെ എന്നാൽ ദരിദ്രർ നിങ്ങൾക്കു് എല്ലായ്പ്പൊഴും അടുക്കെ ഉണ്ടു;
ഇച്ഛിക്കുന്തോറും, അവക്കു് നന്മ ചെയ്വാമല്ലൊ; ഞാൻ എല്ലായ്പ്പൊഴും അല്ല
8 താനും. ഇവൾ ആവതോളം ചെയ്തു; എന്റെ ദേഹത്തെ കുഴിച്ചിടുവാൻ
9 മുമ്പിൽ കൂട്ടി തൈലം തേച്ചിട്ടുണ്ടു. ആമെൻ ഞാൻ നിങ്ങളോടു പറയുന്നു:
ഈ സുവിശേഷം സർവ്വലോകത്തും എവിടെ എല്ലാം ഘോഷിക്കപ്പെട്ടാ
ലും, അവിടെ ഇവൾ ചെയ്തതും അവളുടെ ഓർമ്മെക്കായി പറയപ്പെടും.
10 പിന്നെ പന്തിരുവരിൽ ഒരുത്തനായ ഇസ്കര്യൊതാ യൂദാ അവനെ മഹാ
പുരോഹിതർക്കു കാണിച്ചുകൊടുക്കേണ്ടതിന്നു് അവരുടെ അടുക്കലേക്കു്
11 ചെന്നു. ആയ്തു് അവർ കേട്ടു, സന്തോഷിച്ചു്, അവന്നു ദ്രവ്യം കൊടുപ്പാൻ
വാഗ്ദത്തം ചെയ്തു; അവനും തക്കത്തിൽ അവനെ കാണിച്ചു കൊടുക്കുന്ന എ
ങ്ങിനെ എന്നു് അന്വെഷിച്ചു കൊണ്ടിരുന്നു.
12 പെസഹയെ അറുക്കുന്ന കാലമായി പുളിപ്പില്ലാത്തതിന്റെ ഒന്നാം നാ
ളിൽ ശിഷ്യന്മാർ അവനോടു്: നീ പെസഹ ഭക്ഷിപ്പാൻ ഞങ്ങൾ എവി
13 ടെ പോയി ഒരുക്കേണ്ടതു് എന്നു പറയുന്നു. അവനും തന്റെ ശിഷ്യരിൽ
ഇരുവരെ അയച്ചു, നിങ്ങൾ പട്ടണത്തിൽ ചെല്ലുവിൻ! അവിടെ ഒരു കുടം
14 വെള്ളം ചുമക്കുന്ന മനുഷ്യൻ നിങ്ങളെ എതിരേല്ക്കും. ആയവനെ പിഞ്ചെ
ന്നു അവൻ എവിടെ പ്രവേശിച്ചാലും ആ വീടുടയവനോടു പറവിൻ: ഞാൻ
ശിഷ്യരുമായി പെസഹ ഭക്ഷിപ്പാനുള്ള ശാല എവിടെ എന്നു ഗുരു പറ
15 യുന്നു. എന്നാൽ അവൻ ചായ്പുണവിരിച്ചു് ഒരുക്കിയൊരു വന്മാളിക

16 നിങ്ങൾക്ക് കാണിക്കും; അവിടെ നമുക്കായി ഒരുക്കുവിൻ എന്നു പറഞ്ഞു.
അവന്റെ ശിഷ്യന്മാർ പുറപ്പെട്ടു പട്ടണത്തിൽ വന്നു, തങ്ങളോടു പറഞ്ഞ
പ്രകാരം കണ്ടു, പെസഹ ഒരുക്കുകയും ചെയ്തു.
17 സന്ധ്യയായപ്പോൾ, അവൻ പന്തിരുവരോടും കൂട വരുന്നു. അവർ ചാ
18 രികൊണ്ടു ഭക്ഷിക്കുമ്പോൾ: ആമെൻ ഞാൻ നിങ്ങളോടു പറയുന്നിതു: നി
ങ്ങളിൽ ഒരുവൻ എന്നോടു കൂട ഭക്ഷിക്കുന്നവൻ തന്നെ, എന്നെ കാണിച്ചു
19 കൊടുക്കും എന്നു യേശു പറഞ്ഞു. ആയവർ ദുഃഖിച്ചു: പക്ഷെ ഞാനൊ,
20 ഞാനൊ? എന്നു വെവ്വേറെ അവനോടു ചൊല്ലി തുടങ്ങി. അവരോട് അ
വൻ പറഞ്ഞിതു: പന്തിരുവരിൽ ഒരുവൻ എന്നോടുകൂടെ താലത്തിൽ കൈ
21 യിട്ടു മുക്കുന്നവൻ തന്നെ. മനുഷ്യപുത്രൻ തന്നെ കുറിച്ച് എഴുതികിടക്കുന്ന
പ്രകാരം പോകുന്നു സത്യം, മനുഷ്യപുത്രനെ കാണിച്ചു കൊടുക്കുന്ന മനുഷ്യ
നൊ ഹാ കഷ്ടം! ആ മനുഷ്യൻ ജനിച്ചില്ല എങ്കിൽ അവനു കൊള്ളായിരു
22 ന്നു. അവർ ഭക്ഷിക്കുമ്പോൾ, യേശു അപ്പത്തെ എടുത്ത്, അനുഗ്രഹം ചൊ
ല്ലി, നുറുക്കി, അവർക്കു കൊടുത്തു പറഞ്ഞിതു: വാങ്ങുവിൻ! ഇതെന്റെ
23 ശരീരം ആകുന്നു; പിന്നെ പാനപാത്രം എടുത്തു വാങ്ങി അവർക്കു കൊടു
24 ത്തു, എല്ലാവരും അതിൽ കുടിച്ചു: ഇതു (പുതു) നിയമത്തിന്റെ രക്തമായി
25 അനേകർക്കു വേണ്ടി ഒഴിക്കപ്പെടുന്ന എന്റെ രക്തം ആകുന്നു. ആമെൻ ഞാൻ
നിങ്ങളോടു പറയുന്നിതു: മുന്തിരി വള്ളിയുടെ അനുഭവത്തെ ദേവരാജ്യ
ത്തിൽ പുതുതായി കുടിക്കും നാൾവരെ, ഞാൻ ഇതിൽനിന്ന് ഇനി കുടി
ക്കയില്ല എന്ന് അവരോടു പറകയും ചെയ്തു.
26 പിന്നെ അവർ സ്തോത്രംപാടിയശേഷം, ഒലീവമലെക്ക് പുറപ്പെട്ടുപോ
27 യി. യേശു അവരോടു പറഞ്ഞു: ഞാൻ ഇടയനെ വെട്ടും, ആടുകൾ ചിത
റിപോകയും ചെയ്യും എന്നെഴുതിയിരിക്കയാൽ (ഈ രാത്രിയിൽ) നിങ്ങൾ
28 എല്ലാവരും എങ്കൽ ഇടറി പോകും. ഞാൻ ഉണർന്നു വന്നശേഷമൊ നി
29 ങ്ങൾക്ക് മുമ്പെ ഗലീലെക്കു ചെല്ലും. പേത്രൻ അവനോടു: എല്ലാവരും
30 ഇടറിപോയാലും ഞാനല്ല താനും എന്നു പറഞ്ഞു. അവനോടു യേശു: ആ
മെൻ ഞാൻ നിന്നോടു ചൊല്ലുന്നിതു: ഇന്നു ഈ രാത്രിയിൽ കോഴി രണ്ടു
കുറി കൂകുമ്മുമ്പെ നീ മൂന്നുവട്ടം എന്നെ തള്ളിപ്പറയും എന്നു പറയുന്നു. അവ
31 നോ: നിന്നോടു ഒന്നിച്ചു മരിക്കേണ്ടി വന്നാലും നിന്നെ തള്ളിപ്പറകയി
ല്ല എന്നു ഏറ്റം അധികം പറഞ്ഞു; അപ്രകാരം തന്നെ എല്ലാവരും പറ
ഞ്ഞുവന്നു.
32 അവർ ഗഥശെമന എന്ന പേരുള്ള പറമ്പിൽ വന്നാറെ, അവൻ തന്റെ
ശിഷ്യരോടു: ഞാൻ പ്രാർത്ഥിച്ചു തീരുവോളം ഇവിടെ ഇരിപ്പിൻ എന്നു പറ
33 ഞ്ഞു. പേത്രനേയും യാക്കോബ് യോഹനാൻ എന്നവരേയും കൂട്ടികൊണ്ടു
34 സ്തംഭിച്ചും വലഞ്ഞും പോവാൻ തുടങ്ങി: എന്റെ ദേഹി മരണത്തോളം അ
തിദുഃഖപ്പെട്ടിരിക്കുന്നു, ഇവിടെ പാർത്തുണർന്നു കൊൾവിൻ എന്ന് അവ
35 രോടു പറഞ്ഞു. അല്പം മുന്നോട്ടു ചെന്നു, നിലത്തുവീണു: കഴിയുന്ന എങ്കിൽ
36 ആ നാഴിക നീങ്ങിപ്പോകെണം എന്നു പ്രാർത്ഥിച്ചു. അബ്ബാ പിതാവെ! നി
ന്നാൽ എല്ലാം കഴിയും; ഈ പാനപാത്രം എന്നിൽനിന്നു നീക്കികൊള്ളേ
ണമെ! എങ്കിലും ഞാൻ ഇച്ഛിക്കുന്നതല്ല; നീ (ഇച്ഛിക്കുന്നത്) അത്രെ (അ
37 വു) എന്നു പറഞ്ഞു. പിന്നെ വന്നു അവർ ഉറങ്ങുന്നതു കണ്ടു, പേത്രനോടു പ
റഞ്ഞു: ശിമോനെ, ഉറങ്ങുന്നുവൊ? ഒരു നാഴികയും ഉണർന്നിരിപ്പാൻ കഴി
38 ഞ്ഞില്ലയൊ? പരീക്ഷയിൽ അകപ്പെടായ്വാൻ ഉണർന്നും പ്രാർത്ഥിച്ചും
39 കൊൾവിൻ! ആത്മാവ് മനഃപൂർവ്വമുള്ളതു സത്യം ജഡം ബലഹീനമത്രെ.
40 പിന്നെയും പോയി ആ വാക്കിനാൽ തന്നെ പ്രാർത്ഥിച്ചശേഷം മടങ്ങിവന്നു
അവർ കണ്ണുകൾക്ക് ഭാരം ഏറുകയാൽ പിന്നെയും ഉറങ്ങുന്നതു കണ്ടു, അവർ
41 എന്തുത്തരം ചൊല്ലേണ്ടു: എന്നറിഞ്ഞതും ഇല്ല. മൂന്നാമതും വന്ന് അവരോടു
പറയുന്നു: ശേഷത്തേക്ക് ഇനി ഉറങ്ങി, ആശ്വസിച്ചുകൊൾവിൻ! മതി;

42 നാഴിക വന്നു; ഇതാ മനുഷ്യപുത്രൻ പാപികളുടെ കൈകളിൽ ഏല്പിക്കപ്പെ
ടുന്നു. എഴുനീല്പിൻ! നാം പോക; കണ്ടാലും എന്നെ കാണിച്ചു കൊടു
ക്കുന്നവൻ അണഞ്ഞു വന്നു.
43 എന്നു അവൻ പറയുമ്പോഴെ തന്നെ, പെട്ടന്നു പന്തിരുവരിൽ ഒരുത്ത
നായ യൂദാവും, മഹാപുരോഹിതർ, മൂപ്പർ ഇവർ നിയോഗിച്ച വലിയ കൂട്ട
44 വും, വാളുകളും വടികളുമായി ഒന്നിച്ചു വന്നു കൂടി; അവനെ കാണിച്ചു കൊ
ടുക്കുന്നവനൊ, ഞാൻ ഏവനെ ചുംബിച്ചാലും അവൻ തന്നെ ആകുന്നു;
ആയവനെ പിടിച്ചുറപ്പാക്കി കൊണ്ടുപോവിൻ എന്നു അവർക്കു ലക്ഷണം
45 കൊടുത്തിരുന്നു. പിന്നെ വന്ന ഉടനെ അവനു നേരിട്ടു: റബ്ബീ! റബ്ബീ! എന്നു
46 പറഞ്ഞു അവനെ ചുംബിച്ചു. അവരും അവന്മേൽ കൈകളെ വെച്ചു അ
47 വനെ പിടിച്ചു; അരികെ നില്ക്കുന്നവരിൽ ഒരുവൻ വാളൂരി, മഹാപുരോഹി
48 തന്റെ ദാസനെ വെട്ടി, അവന്റെ കാതറുത്തു. അതിനു യേശു അവരോടു
പറഞ്ഞു തുടങ്ങിയതു: ഒരു കള്ളനെക്കൊള്ളെ എന്നപോലെ നിങ്ങളും എന്നെ
49 പിടിച്ചു വെപ്പാൻ വാളുവടികളുമായി പുറപ്പെട്ടതു; ഞാൻ ദിവസേന ആല
യത്തിൽ ഉപദേശിച്ചും കൊണ്ടു നിങ്ങളോടു കൂട ഇരുന്നിട്ടും നിങ്ങളും എന്നെ
50 പിടിച്ചില്ല; തിരുവെഴുത്തുകളും നിവൃത്തി വരുത്തേണ്ടിയിരുന്നു താ
51 നും. അപ്പോഴെ, എല്ലാവരും അവനെ വിട്ടു മണ്ടിപോയി, അവനെ ഒരു യു
52 വാവു വെറുമ്മെയ്യിൽ പുടവ പുതെച്ചുംകൊണ്ടു അനുഗമിക്കുന്നുണ്ടു; ആയവ
നെ (ബാല്യക്കാർ) പിടിക്കുന്നേരം അവൻ പുടവ വിട്ടു, നഗ്നനായി അ
വർക്കു തെറ്റി മണ്ടിപോയി.

53 യേശുവെ മഹാപുരോഹിതന്റെ അടുക്കെ കൊണ്ടുപോയപ്പോഴെ, മഹാപു
രോഹിതരും മൂപ്പന്മാരും ശാസ്ത്രികളും അവന്റെ കൂടെ വരുന്നു. പിന്നെ പേ
54 ത്രൻ ദൂരത്തുനിന്നു മഹാപുരോഹിതന്റെ അരമനെക്കകത്തോളവും അവനെ
55 പിഞ്ചെന്നു, ഭൃത്യരോടു ചേന്നു തീക്കാഞ്ഞുകൊണ്ടിരുന്നു. മഹാപുരോഹിത
രും സുനേദ്രിയം ഒക്കയും യേശുവെ മരിപ്പിക്കേണം എന്നു വെച്ചു അവന്റെ
നേരെ സാക്ഷ്യം അന്വെഷിച്ചു പോന്നു കണ്ടിട്ടില്ല താനും; കാരണം അനേ
56 കർ അവന്റെ നേരെ കള്ളസാക്ഷ്യം ചൊല്ലീട്ടും സാക്ഷ്യങ്ങളും ഒത്തില്ല.
57 ചിലർ എഴുനീറു, കള്ളസാക്ഷ്യം പറഞ്ഞിതു: ഈ കൈപ്പണിയായ മന്ദി
58 രത്തെ ഞാൻ അഴിച്ചു മൂന്നു ദിവസം കൊണ്ടു കൈപ്പണിയല്ലാത്ത മറ്റൊ
ന്നിനെ എടുപ്പിക്കും എന്നു ഇവൻ പറയുന്നതു ഞങ്ങളും കേട്ടു; എന്നിപ്ര
59 കാരവും അവരുടെ സാക്ഷ്യം ഒത്തതും ഇല്ല. എന്നാറെ, മഹാപുരോഹിതൻ
60 നടുവിൽ നിന്നുകൊണ്ടു, യേശുവോടു: നീ ഒരുത്തരവും പറയുന്നില്ലയൊ?
ഇവർ നിന്റെ നേരെ സാക്ഷ്യം ചൊല്ലുന്നതു എങ്ങിനെ? എന്നു ചോദി
61 ച്ചതിനു, യേശു ഉത്തരം പറയാതെ അടങ്ങി പാർത്തു. മഹാ പുരോഹിതൻ
പിന്നെയും അവനോടു: നീ അനുഗ്രഹിക്കപ്പെട്ടവന്റെ പുത്രനായ മശീഹ
62 തന്നെയൊ? എന്നു ചോദിച്ചതിനു: ഞാൻ ആകുന്നു! മനുഷ്യപുത്രൻ ശക്തി
യുടെ വലഭാഗത്തിരിക്കുന്നതും, വാനത്തിൻമേഘങ്ങളോടെ വരുന്നതും നി
63 ങ്ങളും കാണും എന്നു യേശു പറഞ്ഞു. മഹാ പുരോഹിതൻ തന്റെ വസ്ത്ര
64 ങ്ങളെ കീറി: ഇനി സാക്ഷികളെ കൊണ്ടു നമുക്കു എന്താവശ്യം! ദേവദൂഷ
ണത്തെ നിങ്ങളും കേട്ടുവല്ലൊ! നിങ്ങളുക്കു എങ്ങിനെ തോന്നുന്നു? എന്നു
പറഞ്ഞപ്പോഴെ, എല്ലാവരും അവനെ മരണയോഗ്യൻ എന്നു വിധിച്ചുകള
65 ഞ്ഞു. ചിലർ അവന്മേൽ തുപ്പുകയും, അവന്റെ മുഖം മൂടി കുത്തുകയും, അവ
നോടു പ്രവചിക്ക എന്നു ചൊല്ലുകയും ചെയ്തു തുടങ്ങി, ഭൃത്യന്മാർ കൈച്ചും
തച്ചും കൊണ്ടിരുന്നു.
66 പേത്രൻ താഴെ നടുമുറ്റത്തിരിക്കുമ്പോഴെ, മഹാപുരോഹിതന്റെ ബാ
67 ല്യക്കാരത്തികളിൽ ഒരുത്തി വന്നു. പേത്രൻ തീക്കായുന്നതു കണ്ടു,
അവനെ നോക്കികൊണ്ടു: നീയും ആ നചറയ്യനായ യേശുവിനോടു കൂട
68 ഇരുന്നു എന്നു പറയുന്നു. നീ പറയുന്നതു തിരിയുന്നില്ല ബോധിക്കുന്നതും

ഇല്ല എന്ന ചൊല്ലി, അവൻ തള്ളിപ്പറഞ്ഞു: പടിപ്പുരയിലേക്ക് പുറപ്പെട്ട
പ്പോൾ, കോഴി ഒന്ന കൂകി. ആ ബാല്യക്കാരത്തി അവനെ പിന്നെയും ക
69 ണ്ടു, സമീപത്തു നില്ക്കുന്നവരോട്: ഇവൻ ആ കൂട്ടരിൽ ഉള്ളവനത്രെ എന്ന
70 പറഞ്ഞു തുടങ്ങി. അവൻ പിന്നെയും തള്ളിപ്പറഞ്ഞു: കുറയ പിന്നേതിൽ
സമീപസ്ഥർ പേത്രനോടു: നീ ആ കൂട്ടരിൽ ഉള്ളവൻ സത്യം; നീ ഗലീല
ക്കാരനുമല്ലയൊ? (നിന്റെ ഉച്ചാരണം കൂടെ ഒക്കുന്ന) എന്ന പറഞ്ഞപ്പോൾ:
71 നിങ്ങൾ പറയുന്ന മനുഷ്യനെ അറിയുന്നില്ല എന്ന ചൊല്ലി, അവൻ പ്രാകു
72 വാനും സത്യം ചെയ്വാനും തുടങ്ങി. ഉടനെ കോഴി രണ്ടാമതും കൂകി;
പേത്രനും കോഴി രണ്ടു കുറി കൂകുമ്മുമ്പെ നീ മൂന്ന വട്ടം എന്നെ തള്ളിപ്പറയും
എന്ന യേശു തന്നോടു ചൊല്ലിയ മൊഴിയെ ഓർത്തു കരഞ്ഞു കൊൾകയും
ചെയ്തു.

15. അദ്ധ്യായം

യേശു പിലാതന്മുമ്പിൽ നിന്നതു [മത്താ. 27. ലൂ. 23. യോ. 18], (16) താഡനശിക്ഷ [മത്താ. 27.], (21) ക്രൂശാരോഹണവും, (37) മരണവും, (42) ശവസംസ്കാരവും [മത്താ. ലൂ. 23. യോ. 19.]

1 അതികാലത്തു മഹാപുരോഹിതരും മൂപ്പന്മാരും ശാസ്ത്രികളുമായി സൂനേ
ദ്രിയം ഒക്കയും കൂടി നിരൂപിച്ചു, യേശുവെ കെട്ടികൊണ്ടുപോയി, പിലാ
2 തനിൽ ഏല്പിച്ചു. പിലാതൻ അവനോടു: നീ യഹൂദരുടെ രാജാവൊ?
എന്ന ചോദിച്ചതിന്നു: നീ പറയുന്നവല്ലൊ എന്നുത്തരം പറഞ്ഞു. മഹാപു
3 രോഹിതർ അവനിൽ ഏറിയോന്നു ചുമത്തുമ്പോൾ, പിലാതൻ പിന്നെ
4 യും അവനോടു ചോദിച്ചിതു: നീ ഒരുത്തരവും ചൊല്ലുന്നില്ലയൊ? നോക്കു,
5 ഇവർ നിന്നിൽ എത്ര ചുമത്തുന്നു! അപ്പൊഴും യേശു ഉത്തരം ഒന്നും പറയാ
തെ നില്ക്കയാൽ, പിലാതൻ ആശ്ചര്യപ്പെട്ടു. ആയവൻ ഉത്സവം തോറും
6 അവർ ചോദിക്കുന്നൊരു ചങ്ങലക്കാരനെ അവർക്കു വിട്ടു കൊടുക്കും. അന്നു
7 ബറബ്ബാ എന്നുള്ളവൻ മറുള്ളവരുമായി കലഹിച്ചു, കലചെയ്തതിനാൽ സ
ഹമത്സരികളോടു കൂടെ ബദ്ധനായിരിക്കുന്നു. പിന്നെ പുരുഷാരം കരേറി
8 വന്നു അവൻ തങ്ങളോടു നിത്യം ചെയ്യുമ്പോലെ (ചെയ്യേണം) എന്ന പ്രാ
9 ർത്ഥിച്ചു തുടങ്ങി. പുരോഹിതന്മാർ അസൂയകൊണ്ടു അവനെ ഏല്പിച്ച
തു ബോധിക്കയാൽ, പിലാതൻ കൂട്ടത്തോടു ഉത്തരം പറഞ്ഞിതു: യഹൂദ
10 രുടെ രാജാവായവനെ നിങ്ങൾക്കു വിട്ടു തരുവാൻ ഇച്ഛിക്കുന്നുവൊ? മഹാ
11 പുരോഹിതരൊ ബറബ്ബാവെ തന്നെ തങ്ങൾക്കു വിട്ടുതരേണം എന്ന പുരു
12 ഷാരത്തെ ഇളക്കികൊണ്ടിരുന്നു. പിന്നെയും പിലാതൻ അവരോടു ഉരി
യാടി: എന്നാൽ നിങ്ങൾ യഹൂദരുടെ രാജാവു് എന്ന ചൊല്ലുന്നവനെ
ഞാൻ എന്തു ചെയ്യേണ്ടു? എന്ന പറഞ്ഞാറെ: അവനെ ക്രൂശിക്ക എന്നു്
13 അവർ വീണ്ടും ആർത്തു. അവരോടു പിലാതൻ അവൻ ചെയ്ത ദോഷം എ
14 ന്തു പോൽ? എന്ന പറഞ്ഞാറെ: അവനെ ക്രൂശിക്ക! എന്നു് ഏറ്റം അധി
15 കം ആർത്തു. പിലാതനും പുരുഷാരത്തിന്നു് അലമ്മതി വരുത്തുവാൻ ഭാവി
ച്ചു, ബറബ്ബാവെ അവർക്കു വിടുവിച്ചു, യേശുവെ ചമ്മട്ടികൊണ്ടു് അടിച്ചു
ക്രൂശിപ്പാൻ ഏല്പിക്കയും ചെയ്തു.

16 സേവകർ അവനെ ആസ്ഥാനം ആകുന്ന നടുമുറ്റത്തിന്നകത്തു കൊണ്ടുപോ
17 യി പട്ടാളം എല്ലാം കൂടെ വിളിച്ചു. അവനെ രക്താംബരം ഉടുപ്പിച്ചു മുള്ള
കൊണ്ടു കിരീടം മെടഞ്ഞു് അവന്മേൽ ഇട്ടു: യഹൂദരുടെ രാജാവെ, വാഴ
18 ക! എന്ന വന്ദിച്ചു തുടങ്ങി. ചൂരല്കൊൽകൊണ്ടു് അവന്റെ തലയിലടി
19 ച്ചു, അവന്മേൽ തുപ്പി മുട്ടുകുത്തി, അവനെ നമസ്കരിക്കയും ചെയ്തു.

20 അവനെ പരിഹസിച്ച കളഞ്ഞശേഷം, രക്താംബരത്തെ നീക്കി, സ
ന്തവസ്ത്രങ്ങളെ ഉടുപ്പിച്ച്, അവനെ ക്രൂശിപ്പാൻ കൊണ്ടുപോകുന്നു. നാട്ടിൽ
21 നിന്നു വന്നു, കടന്നു പോരുന്ന കുറെനയിലെ ശിമോൻ എന്ന അലക്ഷന്ത്രൻ
രൂഫൻ എന്നവരുടെ അച്ഛനെ അവന്റെ ക്രൂശിനെ ചുമപ്പാൻ നിർബ്ബന്ധി
22 ച്ചു. അവനെ തലയോടിടം എന്നർത്ഥമുള്ള ഗൊല്ഗൊഥാ സ്ഥലത്തേക്കു
23 കൊണ്ടുപോയി, കണ്ടിവെണ്ണയിട്ട വീഞ്ഞ് അവനു കുടിപ്പാൻ കൊടുത്തു;
24 അവൻ വാങ്ങീട്ടില്ല താനും. അവനെ ക്രൂശിച്ചശേഷം, അവന്റെ വസ്ത്രങ്ങ
ളിൽ ഇന്നവൻ ഇന്നത് എടുക്കട്ടെ എന്നു വെച്ചു ചീട്ടിട്ടു, പകുതി ചെയ്യുന്നു.
25 ക്രൂശിക്കുമ്പോൾ, മൂന്നാം മണി നേരമായി, അവന്റെ കുറ്റത്തിന്റെ സംഗ
26 തിയായി ''യഹൂദരുടെ രാജാവ്'' എന്നത് മീതെ എഴുതി വെച്ചിരുന്നു.
27 അവനോടു കൂടെ രണ്ടു കള്ളരെ ഒരുത്തനെ വലത്തും ഒരുത്തനെ ഇടത്തും ക്രൂശി
28 ക്കുന്നു. (യശ. 53, 12.) ദ്രോഹികളോടു• എണ്ണപ്പെട്ട എന്നുള്ള വേദവാക്യം
നിവൃത്തിയാകയും ചെയ്തു.

29 കടന്നു പോകുന്നവരോ: ഹാ! ഹാ! മന്ദിരത്തെ അഴിച്ചു മൂന്നു നാളകൊണ്ടു
30 പണിയുന്നവനെ! നിന്നെ തന്നെ രക്ഷിച്ചു, ക്രൂശിൽനിന്നിറങ്ങിവാ! എ
31 ന്നു തലകളെ കുലുക്കി, അവനെ ദുഷിച്ചു പറഞ്ഞു. സമപ്രകാരത്തിൽ മഹാ
പുരോഹിതരും മൂപ്പന്മാരോടു കൂട: ഇവൻ മറ്റവരെ രക്ഷിച്ചു, തന്നെത്താൻ
32 രക്ഷിച്ചു കൂട! മശീഹാ എന്ന ഇസ്രയേൽ രാജാവായവൻ നാം കണ്ടു വി
ശ്വസിക്കുമാറ് ഇപ്പോൾ ക്രൂശിൽനിന്നിറങ്ങി വരട്ടെ! എന്നു തങ്ങളിൽ
പരിഹസിച്ചു; അവനോടു കൂട ക്രൂശിക്കപ്പെട്ടവരും അവനെ പഴിച്ചു പറ
ഞ്ഞു.

33 ആറാംമണിയായാറെ, ഒമ്പതാംമണിയോളം ആ ദേശത്തിൽ എങ്ങും ഇരു
34 ട്ടുണ്ടായി. ഒമ്പതാം മണിക്കു യേശു: എൻ ദൈവമെ! എൻ ദൈവമെ നീ
എന്നെ കൈവിട്ടത് എന്ത്? എന്നുള്ള അർത്ഥത്തോടെ (സങ്കീ. 22, 1.)
35 എലോഹി! എലോഹി! ലമ്മശബക്താനി! എന്നു മഹാ ശബ്ദത്തോടെ വി
ളിച്ചു. സമീപസ്ഥരിൽ ചിലർ കേട്ടിട്ട്: ഇതാ ഏലീയാവെ വിളിക്കുന്നു!
36 എന്നു പറഞ്ഞു. ഒരുവൻ ഓടി ഒരു സ്പോങ്ങിൽ കാടി നിറെച്ച് ഓടമേലാ
ക്കി: വിടുവിൻ! ഏലീയാ അവനെ ഇറക്കുവാൻ വരുന്നുവൊ എന്നു നോക്ക
37 ട്ടെ! എന്നു ചൊല്ലി, അവനെ കുടിപ്പിച്ചു. യേശു മഹാശബ്ദം കേഴ്പിച്ചു,
പ്രാണനെ വിടുകയും ചെയ്തു.

38 (ഉടനെ) മന്ദിരത്തിലെ തിരശ്ശീല മേലോട് അടിയോളവും രണ്ടായി
39 ചീന്തിപ്പോയി. അവന്റെ എതിരെ നില്ക്കുന്ന ശതാധിപൻ അവൻ ഇങ്ങി
നെ നിലവിളിച്ചും കൊണ്ടു കഴിഞ്ഞതു കണ്ടിട്ട്: ഈ മനുഷ്യൻ ദൈവപു
40 ത്രനായതു സത്യം! എന്നു പറഞ്ഞു. (യേശു) ഗലീലയിൽ ഇരിക്കുമ്പോൾ,
അവനെ അനുഗമിച്ചു. ശുശ്രൂഷിച്ചുള്ള മഗ്ദലക്കാരത്തി മറിയ; ചെറിയ
41 യാക്കോബിന്നും യോസെക്കും അമ്മയായ മറിയ; ശലോമ ഇവർ കൂടയു
ള്ള സ്ത്രീകളും അവനോട് ഒരുമിച്ചു യരുശലേമിലേക്ക് കരേറിവന്ന മറ
നേകരും ദൂരത്തുനിന്നു നോക്കിക്കൊണ്ടിരുന്നു.

42 സന്ധ്യയായപ്പോൾ തന്നെ, ശബ്ബത്തിൻ തലനാൾ ആകുന്ന വെള്ളിയാ
43 ഴ്ചയാക കൊണ്ടു, തനിക്കുതാൻപോരുന്ന മന്ത്രിയും ദേവരാജ്യത്തെ കാത്തു
കൊള്ളുന്നവനും ആയ അരിമത്യയിലെ യോസേഫ് വന്നു, പിലാതൻ
44 ഉള്ളതിൽ ധൈര്യത്തോടെ കടന്നു, യേശുവിന്റെ ഉടൽ ചോദിച്ചു; അവൻ
അപ്പോഴെ മരിച്ചുവൊ എന്നു പിലാതൻ ആശ്ചര്യപ്പെട്ടു. ശതാധിപനെ
വിളിപ്പിച്ചു: അവൻ മരിച്ചിട്ട് അധികം നേരമായൊ! എന്നു ചോദിച്ചു.
45 ശതാധിപനോടു വസ്തുത അറിഞ്ഞ് ഉടൽ യോസേഫിന്നു സമ്മാനിച്ചു. അ
46 യവൻ ശീല വാങ്ങി, അവനെ ഇറക്കി, ശീലയിൽ ചുറ്റിപുതെച്ചു. പാറ
യിൽ വെട്ടീട്ടുള്ള കല്ലറയിൽ സ്ഥാപിച്ചു. അറവാതില്ക്കൽ കല്ലിനെ ഉരുട്ടി

47 വെക്കയും ചെയ്തു. മഗ്ദലക്കാരത്തി മറിയയും യോസയുടെ മറിയയും അവൻ വെക്കപ്പെട്ട ഇടത്തെ നോക്കിക്കൊണ്ടിരുന്നു.

16. അദ്ധ്യായം

യേശുവിൻ പുനരുത്ഥാനം സ്ത്രീകളോട് അറിയിച്ചത് [മത്താ. 28. ലൂ. 24.], (9) മറിയെക്കും രണ്ടു പ്രയാണികന്മാക്കും അപോസ്തലക്കും പ്രത്യക്ഷനായത് [മത്താ. 28. ലൂ. 24. യോ. 20.], (19) സ്വർഗ്ഗാരോഹണം [ലൂ. 24. അപ. 1.]

1 ശബ്ബത്ത് കഴിഞ്ഞ ശേഷം മഗ്ദലക്കാരത്തി മറിയയും യാക്കോബിൻ
മറിയയും ശലോമയും അവനെ വന്ന് അഭ്യംഗം ചെയ്വാൻതിന്നു സുഗന്ധ
2 വർഗ്ഗങ്ങളെ വാങ്ങി. പിന്നെ ഒന്നാം ആഴ്ചയിൽ അതികാലത്ത് (പുറപ്പെട്ട)
3 സൂര്യൻ ഉദിച്ചാറെ, കല്ലറെക്കു വരുന്നു: ഏറ്റം വലുതായിട്ടുള്ള കല്ലിനെ
4 അറവാതില്ക്കൽ നിന്നു നമുക്ക് ആർ ഉരുട്ടിക്കളയും? എന്നു തങ്ങളിൽ പറയു
5 മ്പോൾ, അവർ നോക്കികൊണ്ടു കല്ലുരുണ്ടു പോയതു കണ്ടു; അറയകത്തു
കടന്നു വെള്ളയങ്കി ധരിച്ചൊരു യുവാവ് വലഭാഗത്തിരിക്കുന്നതു കണ്ടു
6 സ്തംഭിച്ചു പോയി. അവരോട് അവൻ പറയുന്നു: സ്തംഭിച്ചു പോകേണ്ടാ!
7 ക്രൂശിക്കപ്പെട്ട നചറയനായ യേശുവെ നിങ്ങൾ അന്വേഷിക്കുന്നു; അവൻ
ഉണർന്നു വന്നു, ഇവിടെ ഇരിക്കുന്നില്ല; അവനെ വെച്ച സ്ഥലം ഇതാ!
എന്നാൽപോയി, അവന്റെ ശിഷ്യരോടും പേത്രനോടും അവൻ നിങ്ങൾ
ക്കു മുമ്പെ ഗലീലെക്ക് പോകുന്നു എന്നു പറവിൻ; അവൻ നിങ്ങളോടു
പറഞ്ഞപ്രകാരം, അവിടെ അവനെ കാണും. എന്നാറെ, അവർ അറയിൽ
8 നിന്നു പുറപ്പെട്ടു മണ്ടിപോയി, വിറയലും വിഭ്രമവും പിടിച്ചിട്ട്, അവർ
ആരോടും ഒന്നും പറയാഞ്ഞു ഭയപ്പെട്ടതെ ഉള്ളു.

9 അവനൊ ഒന്നാം ആഴ്ചയിൽ രാവിലെ എഴുനീറ്റിട്ടു താൻ ഏഴു ഭ്രതങ്ങ
ളെ ആട്ടീട്ടുള്ള മഗ്ദലക്കാരത്തി മറിയെക്കു മുമ്പെ കാണായ്വന്നു. അവൾ
10 ചെന്ന് അവനോടു കൂടെ ഇരുന്നവരായി ശേഷം ഖേദിച്ചും കരഞ്ഞും കൊ
11 ള്ളുന്നവരോട് അറിയിച്ചു. അവൻ ജീവനോടിരിക്കുന്നു എന്നും ഇവളാൽ
12 കാണപ്പെട്ടു എന്നും അവർ കേട്ടാറെ, വിശ്വസിച്ചില്ല. അതിൽ പിന്നെ
അവരിൽനിന്നു രണ്ടു പേർ നാട്ടിലേക്കു നടന്നു പോകുമ്പോൾ, അന്യരൂപ
13 ത്തിൽ അവർക്കു പ്രത്യക്ഷനായി. ആയവരും പോയി, ശേഷമുള്ളവരോ
ട് അറിയിച്ചു; അവരെ വിശ്വസിച്ചതും ഇല്ല. പിന്നെതിൽ പതിനൊന്നു
14 പേർ അത്താഴത്തിന്നു ചാരികൊണ്ടിരിക്കെ അവർക്കും പ്രത്യക്ഷനായി.
താൻ ഉണർന്നു വന്നതിനെ കണ്ടിട്ടുള്ളവരെ വിശ്വസിക്കായ്കയാൽ അവ
രുടെ അവിശ്വാസവും ഹൃദയകാഠിന്യവും പഴിച്ചു പറഞ്ഞുരെച്ചിതു; ഭൂലോ
15 കത്തിൽ ഒക്കയും പോയി, സകല സൃഷ്ടിക്കും സുവിശേഷത്തെ ഘോഷി
16 പ്പിൻ! വിശ്വസിച്ചും സ്നാനപ്പെട്ടും ഉള്ളവൻ രക്ഷിക്കപ്പെടും: വിശ്വസി
17 ക്കാത്തവൻ ശിക്ഷാവിധിയിൽ അകപ്പെടും. വിശ്വസിച്ചവരോടൊ ഈ
അടയാളങ്ങൾ കൂടെ പോരും: എന്റെ നാമത്തിൽ അവർ ഭ്രതങ്ങളെ പുറ
18 ത്താക്കും, പുതു ഭാഷകളാൽ പറയും, സർപ്പങ്ങളെ പിടിച്ചെടുക്കും, ചാവു
ള്ളതൊന്നു കുടിച്ചാലും അവർക്കു ഹാനി വരികയില്ല; രോഗികളുടെമേൽ
കൈകളെ വെക്കും, അവർ സൌഖ്യപ്പെടുകയും ചെയ്യും.

19 കർത്താവായ യേശു അവരോട് അരുളിച്ചെയ്തശേഷം സ്വർഗ്ഗത്തിലേക്ക്
എടുക്കപ്പെട്ടു, ദൈവത്തിന്റെ വലഭാഗത്ത് ഇരുന്നുകൊണ്ടു: അവരും പുറ
20 പ്പെട്ടു കർത്താവ് കൂടെ പ്രവൃത്തിച്ചും പിന്തുടരുന്ന അടയാളങ്ങളാൽ വചന
ത്തെ ഉറപ്പിച്ചും കൊണ്ടിരിക്കെ എല്ലാടത്തും ഘോഷിച്ചു പോരുകയും ചെയ്തു.

THE

GOSPEL OF LUKE

ലൂക്കാ എഴുതിയ

സുവിശേഷം

1. അദ്ധ്യായം

മുഖവര, (5) ദൈവദൂതൻ ജകര്യാവിന് യോഹനാന്റെ ജനനത്തെയും, (26) മറിയെക്കു മശീഹാവതാരത്തെയും വാഗ്ദത്തം ചെയ്യുന്നു, (39) മറിയ ജകര്യാ ഭാര്യയെ സന്ദർശിച്ചതു, (57) യോഹനാന്റെ ജനനവും, (67) അ മ്മന്റെ സ്തോത്രവും.

1 ആദി മുതൽ കാണികളും വചനത്തിന്റെ ഭൃത്യന്മാരും ആയവർ നമുക്കു
2 ഭരമേല്പിച്ചപ്രകാരം, നമ്മിൽ നിറവടിയായി പ്രമാണിച്ചു വരുന്ന അവ
സ്ഥകളെ വിവരിക്കുന്നൊരു ചരിത്രത്തെ ചമെപ്പാൻ പലരും തുനിഞ്ഞി
3 രിക്കകൊണ്ടു. ബഹുമാനപ്പെട്ട തെയൊഫിലനെ! നീ പഠിപ്പിക്കപ്പെട്ട വ
4 ചനങ്ങളുടെ നിർണ്ണയം അറിയേണ്ടതിന്നു്, ആരംഭത്തോടെ സകലവും സൂ
ക്ഷ്മമായി ആരാഞ്ഞിട്ടു, യഥാക്രമം നിണക്കു് എഴുതുക നന്നു് എന്നു്
എനിക്കും തോന്നി ഇരിക്കുന്നു.
5 യഹൂദരാജാവായ ഹെരോദാവിന്റെ നാളുകളിൽ അബിയാക്കൂറിൽ ജക
ര്യാ എന്നു പേരുള്ള ഒരു പുരോഹിതനും, അവനു് അഹരോൻ പുത്രികളിൽ
എലീശബെത്തു് എന്ന പേരുള്ളോരു ഭാര്യയും ഉണ്ടായിരുന്നു. ഇരുവരും
6 ദൈവത്തിൻമുമ്പാകെ നീതിയുള്ളവരും കർത്താവിൻ കല്പനാന്യായങ്ങ
7 ളിൽ എല്ലാം നിർദ്ദോഷികളായി നടക്കുന്നവരും തന്നെ. എലീശബെത്തു്
മച്ചിയാകകൊണ്ടു് അവർക്കു സന്തതി ഇല്ല; ഇരുവരും പ്രായം നന്ന ചെ
8 ന്നവർ തന്നെ. അവൻ കൂറിന്റെ ക്രമത്തിൽ ദൈവസന്നിധിയിൽ പുരോ
9 ഹിതനായി സേവിക്കയിൽ സംഭവിച്ചതു. കർത്താവിൻമന്ദിരത്തിൽ പു
ക്കു, ധൂപം കാട്ടുവാൻ പൌരോഹിത്യമര്യാദപ്രകാരം അവനു് ഊഴം വന്നു.
10 ധൂപം കാട്ടുന്ന നാഴികയിൽ ജനസമൂഹം ഒക്കയും പുറത്തു പ്രാർത്ഥിച്ചു
11 കൊണ്ടിരുന്നു. അപ്പോൾ കർത്താവിൻ ദൂതൻ ധൂപപീഠത്തിൻ വലത്തുനി
12 ന്നും കൊണ്ടു് അവനു കാണായ്വന്നു. ജകര്യാവും കണ്ടു കലങ്ങി, ഭയം
13 പിടിച്ചു, അവനോടു ദൂതൻ പറഞ്ഞിതു: ജകര്യാവെ, ഭയപ്പെടല്ല! നിന്റെ
യാചന കേൾക്കപ്പെട്ടിട്ടു നിന്റെ ഭാര്യ എലീശബെത്തു് നിണക്കു പുത്ര
14 നെ പ്രസവിക്കും അവനു യോഹനാൻ എന്നു പേരിടുക. നിണക്കു സന്തോ
ഷവും, ഉല്ലാസവും, ഉണ്ടാകും; അവന്റെ ജനനത്താൽ അനേകർ ആനന്ദി
15 ക്കും. കാരണം അവൻ കർത്താവിൻ സന്നിധിയിൽ വലിയവനാകയും, വീ
ഞ്ഞും മദ്യവും കുടിക്കായ്കയും, അമ്മയുടെ ഗർഭത്തിൽ തന്നെ വിശുദ്ധാത്മാ
16 വിനാൽ നിറകയും, ഇസ്രയേൽ പുത്രരിൽ അനേകരെ അവരുടെ ദൈവ
17 മായ കർത്താവിലേക്കു് തിരിക്കയും ചെയ്യും. താൻ അച്ഛന്മാരുടെ ഹൃദയങ്ങ
ളെ മക്കളിലേക്കും (മല. 4, 6.) വഴങ്ങാത്തവരെ നീതിയുള്ളവരുടെ ബോ
ധത്തിലേക്കും തിരിയിച്ചുംകൊണ്ടു. കർത്താവിനായി ഒരുമ്പെട്ടുള്ളോരു ജ
നത്തെ ഒരുക്കുവാൻ താൻ ഏലീയാവിൻ ആത്മാവിലും ശക്തിയിലും മു
18 വന്റെ മുമ്പാകെ നടന്നു വരും. ജകര്യാ ദൂതനോടു പറഞ്ഞു: ഇതു ഞാൻ

എന്തുകൊണ്ട് അറിയും? ഞാൻ വൃദ്ധനും ഭാര്യ പ്രായം ചെന്നവളും ആകു
19 ന്നവല്ലൊ! അവനോടു ദൂതൻ ഉത്തരം പറഞ്ഞിതു: ഞാൻ ദൈവമുമ്പിൽ
നില്ക്കുന്ന ഗബ്രിയേൽ തന്നെ; നിന്നോടു പറവാനും, ഇവ നിന്നോടു സുവി
20 ശേഷിപ്പാനും, ഞാൻ അയക്കപ്പെട്ടതു. തല്ക്കാലത്തു പൂർത്തിവരുവാനുള്ള ഈ
എന്റെ വാക്കുകളെ നീ വിശ്വസിക്കായ്കകൊണ്ട്, ഇതാ ഇവ സംഭവിക്കും
നാൾ വരെയും നീ പറവാൻ കഴിയാത്തവനായി, മിണ്ടാതെ ഇരിക്കും.
21 (ഇങ്ങിനെ) ജകര്യാവു് മന്ദിരത്തിൽ താമസിക്കയിൽ ജനം ആശ്ചര്യപ്പെ
22 ട്ടു്, അവനെ കാത്തിരുന്നു. അവനൊ പുറപ്പെട്ടു് അവരോടു, പറവാൻ കഴി
യാതെ നിന്നപ്പോൾ, മന്ദിരത്തിൽ ദർശനം കണ്ടു എന്നവർ അറിഞ്ഞു;
23 അവർക്കു് അവൻ ആംഗ്യം കാട്ടി ഊമനായ്പാർത്തു. അവന്റെ സേവാ
ദിവസങ്ങൾ തികഞ്ഞശേഷമൊ, അവൻ സ്വഭവനത്തിലേക്കു് പോയി.
24 ആ നാളുകളിൽ പിന്നെ അവന്റെ ഭാര്യ എലീശബെത്തു് ഗർഭം ധരിച്ചു:
25 മനുഷ്യരിൽ എന്റെ നിന്ദയെ നീക്കുവാൻ കർത്താവു് എന്നെ കടാക്ഷിച്ച
നാളുകളിൽ ഇപ്രകാരം എനിക്കു വരുത്തി എന്നു ചൊല്ലി, അഞ്ചു മാസം
ഒളിച്ചു പാർക്കയും ചെയ്തു.
26 ആറാം മാസത്തിലൊ ഗബ്രിയേൽ എന്ന ദൈവദൂതൻ, ദാവിദ്ഗൃഹ
ത്തിലുള്ള യോസേഫു് എന്നൊരു പുരുഷനോടു വിവാഹം നിശ്ചയിച്ച
27 കന്യയുടെ അടുക്കലേക്കു്, നചറത്തു് എന്ന ഗലീലപട്ടണത്തിൽ ദൈവ
28 ത്താൽ അയക്കപ്പെട്ടു. കന്യയുടെ പേർ മറിയ എന്നത്രെ; അവളടുക്കെ ദൂതൻ
അകമ്പുക്കു്: അല്ലയൊ കൃപ ലഭിച്ചവളെ വാഴുക! കർത്താവു് നിന്നോടു കൂ
29 ടെ ഉണ്ടു: സ്ത്രീകളിൽ അനുഗ്രഹിക്കപ്പെട്ടവളെ! എന്ന വചനത്താൽ അവൾ
30 കണ്ടു കലങ്ങി: ഇതു് എങ്ങിനത്തെ വന്ദനം എന്നു വിചാരിക്കുമ്പോൾ
ദൂതൻ അവളോടു് പറഞ്ഞിതു: മറിയെ, ഭയപ്പെടേണ്ടാ! നിണക്കു ദൈവ
31 ത്തോടു കൃപ ലഭിച്ചു. കണ്ടാലും നീ ഗർഭം ധരിച്ചു. പുത്രനെ പ്രസവിക്കും;
32 അവനു യേശു എന്ന പേർ വിളിക്ക. ആയവൻ വലിയവനാകയും അത്യുന്ന
തന്റെ പുത്രൻ എന്നു വിളിക്കപ്പെടുകയും, കർത്താവായ ദൈവം അവനു പി
33 താവായ ദാവിദിൻ സിംഹാസനത്തെ കൊടുപ്പതാൽ, യാക്കോബ്ഗൃഹ
ത്തിന്മേൽ യുഗാദികളോളം വാഴുകയും, അവന്റെ രാജ്യത്തിന്നു് അവസാ
34 നംവരാതിരിക്കയും ചെയ്യും. മറിയ ദൂതനോടു്:എനിക്കു പുരുഷൻ അറിയാ
35 യ്കയാൽ ഇതു് എങ്ങിനെ ഉണ്ടാകും? എന്നു പറഞ്ഞതിന്നു ദൂതൻ ഉത്തരം
ചൊല്ലിയതു: വിശുദ്ധാത്മാവു് നിന്റെ മേൽ വരും, അത്യുന്നതന്റെ ശക്തി
നിൻമേൽ ആഛാദിക്കും; അതുകൊണ്ടു് ആ ഉത്ഭവിക്കുന്ന വിശുദ്ധരൂപം
36 ദേവപുത്രൻ എന്നു വിളിക്കപ്പെടും. കണ്ടാലും നിന്റെ ചാർച്ചക്കാരത്തി
എലീശബെത്തു് താനും വാർദ്ധക്യത്തിൽ മകനെ ഗർഭം ധരിച്ചിട്ടു, മച്ചി
എന്നു പേരുള്ളവൾക്കു് ഇതു് ആറാം മാസം ആകുന്നു. ദൈവത്തോടു് ഏതു
37 മൊഴിയും അസാദ്ധ്യമല്ലല്ലൊ (1 മോ. 18, 14.) മറിയ: ഇതാ കർത്താവിൻ
38 ദാസി; നിന്റെ മൊഴിയിൻപ്രകാരം എനിക്കുണ്ടാവൂതാക എന്നു പറഞ്ഞു,
ദൂതൻ അവളെ വിട്ടു പോകയും ചെയ്തു.
39 ആ നാളുകളിൽ മറിയ എഴുനീറു, മലപ്രദേശത്തേക്കു്, യഹൂദ പട്ടണ
40 ത്തിന്നു ബദ്ധപ്പെട്ടു ചെന്നു, ജകര്യാവിൻ ഭവനത്തിൽ കടന്നു് എലീശബെ
41 ത്തെ വന്ദിച്ചു. മറിയയുടെ വന്ദനത്തെ എലീശബെത്തു് കേട്ടപ്പൊൾ, പി
42 ള്ള അവളുടെ ഗർഭത്തിൽ തുള്ളി. എലീശബെത്തു് വിശുദ്ധാത്മാവു് നിറ
ഞ്ഞവളായി മഹാശബ്ദത്തോടെ വിളിച്ചു പറഞ്ഞിതു. സ്ത്രീകളിൽ നീ അനു
43 ഗ്രഹിക്കപ്പെട്ടവൾ; നിന്റെ ഗർഭഫലവും അനുഗ്രഹിക്കപ്പെട്ടതു! എന്റെ
കർത്താവിൻ അമ്മയായവൾ എന്റെ അടുക്കെ വരുന്നതൊ. എനിക്കു് എ
44 വിടുന്നു? എങ്ങിനെ എന്നാൽ, നീ വന്ദിച്ചതിന്റെ ശബ്ദം എന്റെ ചെവി
കളിൽ ആയപ്പൊൾ, ഇതാ എൻ ഗർഭത്തിലെ പിള്ള ഉല്ലസിച്ചു തുള്ളി.
45 കർത്താവിൽ നിന്നു നിന്നോടു്. ഉരെച്ചവറിന്നു നിവൃത്തി ഉണ്ടാകും എന്നു

46 വിശ്വസിച്ചതിനാൽ നീ ധന്യയത്രെ. എന്നാറെ. മറിയ പറഞ്ഞിതു: എ
47 ന്റെ ദേഹി, കർത്താവെ മഹിമപ്പെടുത്തുന്നതും; എന്റെ ആത്മാവ്.
48 എൻ രക്ഷിതാവായ ദൈവത്തിൽ ഉല്ലസിച്ചതും; അവൻ സ്വദാസിയുടെ
താഴ്ചയെ നോക്കികൊണ്ട ഹേതുവാലത്രെ (1ശമു. 1,11) കണ്ടാലും ഇതു
49 മുതൽ സകല തലമുറകളും എന്നെ ധന്യ എന്നു വാഴ്ത്തും. ശക്തനായവൻ
50 എന്നോടു വലിയവ ചെയ്യുവല്ലൊ: അവന്റെ നാമം വിശുദ്ധം. അവന്റെ
കനിവു, തന്നെ ഭയപ്പെടുന്നവരിൽ തലമുറതലമുറകളോളവും ആകുന്നു. സ്വ
51 ഭുജംകൊണ്ട് അവൻ ഊക്കു പ്രവൃത്തിച്ചു ഹൃദയവിചാരത്താൽ അഹങ്കരിക്ക
52 ന്നവരെ ചിതറി; മന്നവന്മാരെ സിംഹാസനങ്ങളിൽ നിന്നു തള്ളി, താണ
53 വരെ ഉയർത്തി; വിശന്നവരെ നന്മകളാൽ നിറെച്ചു. സമ്പന്നരെ വെറുതെ
54 അയച്ചു വിട്ടു. നമ്മുടെ പിതാക്കന്മാരോട് അരുളിചെയ്ത പ്രകാരം, അബ്ര
55 ഹാമിലും അവന്റെ സന്തതിയിലും എന്നേക്കും കനിവ് ഓൎക്കേണ്ടതിന്നു
56 സ്വദാസനായ ഇസ്രയേലെ തുണെച്ചു കൊൾകയും ചെയ്തു. ശേഷം മറിയ
ഏകദേശം മൂന്നു മാസം അവളോടു കൂട പാൎത്തു, തന്റെ വീട്ടിലേക്കു മടങ്ങി
പോയി.

57 എലീശബെത്തിന്നു ഉല്പാദനകാലം തികഞ്ഞപ്പൊൾ, അവൾ ഒരു
58 പുത്രനെ പ്രസവിച്ചു. കൎത്താവ് അവളിൽ തന്റെ കനിവു മഹിമപ്പെടുത്തി
59 എന്നു അയല്ക്കാരും ചാൎച്ചക്കാരും കേട്ടിട്ടു. അവളോടു കൂടി സന്തോഷി
60 ച്ചു; എട്ടാം നാളിൽ പൈതലെ പരിച്ഛേദന ചെയ്വാൻ വന്നു. അപ്പന്റെ
പേർ കൊണ്ടു അവനെ ജകര്യാവെന്നു വിളിക്കുമ്പൊൾ, അമ്മ ഉത്തരം പറ
61 ഞ്ഞിതു: അല്ല. യോഹനാൻ എന്നു വിളിക്കപ്പെടും. അവർ അവളോടു നി
ന്റെ ചാൎച്ചയിൽ ഈ പേർ ഇട്ടവർ ആരും ഇല്ലല്ലൊ എന്നു പറഞ്ഞു. അ
62 വന്റെ അപ്പനു എന്തു പേർ വേണം എന്നു ആംഗ്യം കാട്ടി (ചോദിച്ചു).
63 ആയവൻ ചെറു പലക വാങ്ങി, അവന്റെ പേർ യോഹനാൻ എന്നു എഴു
64 തി; എല്ലാവരും ആശ്ചൎയ്യപ്പെടുകയും ചെയ്തു. തല്ക്ഷണം അവന്റെ വായും
നാവും തുറക്കപ്പെട്ടു, അവൻ ദൈവത്തെ വാഴ്ത്തി, സംസാരിച്ചു. ചുറ്റും
65 വസിക്കുന്നവൎക്കു എല്ലാം ഭയം സംഭവിച്ചു, യഹൂദാമലപ്രദേശത്തെങ്ങും ആ
66 വാൎത്തകളും എല്ലാം ശ്രുതിപ്പെടുകയും ചെയ്തു. കേട്ടവർ എല്ലാവരും അതു ഹൃ
ദയത്തിൽ നിക്ഷേപിച്ചു എന്നാൽ ഈ പൈതൽ എന്തുപോൽ ആകും എന്നു
പറഞ്ഞു: കൎത്താവിൻ കൈ അവനോടു കൂടെ ആയിരുന്നു സ്പഷ്ടം.

67 അവന്റെ പിതാവായ ജകര്യ വിശുദ്ധാത്മാവു നിറഞ്ഞവനായി പ്രവ
68 ചിച്ചിതു: ഇസ്രയേലിന്റെ ദൈവമായ കൎത്താവു യുഗകാലം മുതൽ തന്റെ
വിശുദ്ധപ്രവാചകന്മാരുടെ വായികൊണ്ടു അരുളിച്ചെയ്ത പ്രകാരം സ്വവംശ
69 ത്തെ സന്ദൎശിച്ചു വീണ്ടെടുപ്പു വരുത്തി. സ്വദാസനായ ദാവിദിൻ ഗൃഹ
70 ത്തിൽ നമുക്കു രക്ഷാകരകൊമ്പിനെ എഴുനീല്പിച്ചു. നമ്മുടെ ശത്രുക്കളിൽ
71 നിന്നും നമ്മെ പകെക്കുന്ന സകലരുടെ കൈയിൽനിന്നും രക്ഷ (ഉണ്ടാക്കി
72 യതു) കൊണ്ടു അനുഗ്രഹിക്കപ്പെട്ടവനാക! നമ്മുടെ ശത്രുക്കളുടെ കൈയിൽ
73 നിന്നു ഉദ്ധരിക്കപ്പെട്ടു, നാം ഭയമില്ലാതെ ആയുസ്സുപൎയ്യന്തം തന്റെ മുമ്പി
74 ലുള്ള നീതിയിലും, പവിത്രതയിലും തന്നെ ഉപാസിപ്പാൻ സംഗതി വരു
ത്താം എന്നു നമ്മുടെ പിതാവായ അബ്രഹാമോടു ആണ ചെയ്ത സത്യവും,
75 തന്റെ വിശുദ്ധനിയമവും ഓൎത്തുംകൊണ്ടു, നമ്മുടെ പിതാക്കന്മാരോടു, ക
നിവു പ്രവൃത്തിക്കേണ്ടതിന്നു (ഇങ്ങിനെ ചെയ്തതു). നീയൊ പൈതലെ
76 അത്യുന്നതന്റെ പ്രവാചകൻ എന്നു വിളിക്കപ്പെടും; കാരണം കൎത്താവി
77 ന്റെ വഴികളെ ഒരുക്കി, അവന്റെ വംശത്തിന്നു പാപമോചനത്തിൽ രക്ഷ
യുടെ അറിവു കൊടുപ്പാന്തക്കവണ്ണം നീ അവന്റെ മുഖത്തിന്മുമ്പാകെ മുന്നട
78 ക്കും. ഇരുളിലും മരണനിഴലിലും ഇരുന്നവൎക്കു പ്രകാശിച്ചു, നമ്മുടെ കാ
79 ലുകളെ സമാധാനവഴിയിൽ നടത്തേണ്ടതിന്നു, ഉയരത്തിൽനിന്നു ഒരു

80 ഉദയം നമ്മെ സന്ദർശിച്ചിട്ടുള്ള നമ്മുടെ ദൈവത്തിന്റെ കരുംക്കനിവുകളാ
ലത്രെ. ആ പൈതലൊ വളൎന്നു ആത്മാവിൽ ബലപ്പെട്ടു, താൻ ഇസ്രയേ
ലിനു വെളിവാകേണ്ടും നാൾ വരെ കാടുകളിൽ വസിച്ചിരുന്നു.

2. അദ്ധ്യായം

ബെത്ത്ലെഹമിൽ യേശു ജനിച്ചതു: [മത്താ. 1], (8) ദൂതർ ഇടയരോ
ടു അറിയിക്കുന്നു, (21) പരിഛേദനയും അർപ്പണവും, (40) ബാലന്റെ
വളർച്ച.

1 ആ നാളുകളിൽ സംഭവിച്ചതു: പ്രപഞ്ചത്തിൽ ഒക്കയും പേർവഴി ചാർ
ത്തിവെക്കേണ്ടതു എന്നു ഔഗുസ്തൻ കൈസരിൽനിന്നു ഒർ ആജ്ഞ പുറ
2 പ്പെട്ടു, കിരീനൻ സൂറിയനാടു വാഴുമ്പോൾ, ഈ ഒന്നാമത് ചാർത്തൽ
3 നടന്നു എല്ലാവരും തങ്ങളെ ചാർത്തേണ്ടതിന്നു, താന്താന്റെ ഊരിലേക്കു
യാത്രയാകുമ്പോൾ, യോസെഫും ദാവിദ് ഗൃഹത്തിലും കുലത്തിലും ഉള്ള
4 വനാകകൊണ്ടു ഗലീലയിൽ നചറത്തൂരെ വിട്ടു. തന്നോടു വിവാഹം നി
5 ശ്ചയിച്ചുള്ള മറിയ എന്ന ഗർഭിണിയായ ഭാര്യയോടും കൂട ചാർത്തപ്പെടേ
ണ്ടതിന്നു യഹൂദയിൽ ബെത്ത്ലെഹം എന്നുള്ള ദാവിദ്പുരിലേക്കു കരേറി
6 പോയി. അവർ അവിടെ ഇരിക്കുമ്പോൾ തന്നെ, അവൾക്കു പ്രസവത്തി
7 നുള്ള നാളുകൾ തികഞ്ഞു. അവൾ ആദ്യജാതനായ മകനെ പ്രസവിച്ചു,
ജീർണ്ണവസ്ത്രങ്ങളെ ചുറ്റി, വഴിയമ്പലത്തിൽ അവർക്കു സ്ഥലം ഇല്ലായ്കയാൽ, പശു തൊട്ടിയിൽ കിടത്തുകയും ചെയ്തു.

8 അന്നു ആ പ്രദേശത്തിൽ ഇടയന്മാർ തങ്ങളുടെ കൂട്ടത്തെ രാത്രിയിൽ കാ
9 വൽ കാത്തു, വെളിയെ പാർത്തിരിക്കുമ്പോൾ, ഇതാ കർത്താവിൻ ദൂതൻ
അവൎക്കരികെ നിന്നു, കർത്താവിന്റെ തേജസ്സു അവരെ ചുറ്റി മിന്നി,
അവർ മഹാഭയത്തിൽ ആകയും ചെയ്തു. ദൂതൻ അവരോടു പറഞ്ഞിതു: ഭയ
10 പ്പെടായ്വിൻ! കണ്ടാലും വംശത്തിന്നു എല്ലാം ഉണ്ടാവാനുള്ളോരു മഹാ
11 സന്തോഷം ഞാൻ നിങ്ങളോടു സുവിശേഷിക്കുന്നു; ഇന്നല്ലൊ കൎത്താവാകു
ന്ന ക്രിസ്തൻ എന്ന രക്ഷിതാവു ദാവിദ്പുരിൽ നിങ്ങൾക്കായി ജനിച്ചു. നി
12 ങ്ങൾക്കു അടയാളം ആകുന്നതൊ, ജീർണ്ണങ്ങൾ ചുറ്റീട്ടുള്ളോരു ശിശു
തൊട്ടിയിൽ കിടക്കുന്നതു കണ്ടെത്തും എന്നത്രെ. പെട്ടന്നു ദൂതനോടു സ്വർ
13 ഗ്ഗീയ സൈന്യത്തിന്റെ സമൂഹം ചേർന്നു, ദൈവത്തെ പുകഴ്ത്തി ചൊല്ലി
14 യതു: അത്യുന്നതങ്ങളിൽ ദൈവത്തിന്നു തേജസ്സും, ഭൂമിയിൽ സമാധാനവും,
15 മനുഷ്യരിൽ പ്രസാദവും (ഉണ്ടു). എന്നാറെ, ദൂതന്മാർ അവരെ വിട്ടു, സ്വർ
ഗ്ഗത്തിൽ പോയ ശേഷം, മനുഷ്യരായ ഇടയന്മാർ, നാം ബെത്ത്ലെഹമി
നോളം പോയി, കർത്താവു നമ്മോടു അറിയിച്ച ഈ വൎത്തമാനം ഉണ്ടാ
16 യതു കാണട്ടെ എന്നു തങ്ങളിൽ പറഞ്ഞു. വിരഞ്ഞു ചെന്നു മറിയ, യോസേ
ഫ് എന്നവരെയും തൊട്ടിയിൽ കിടക്കുന്ന ശിശുവെയും കണ്ടെത്തി, ദർ
17 ശിച്ച ശേഷം, ഈ പൈതലെ കൊണ്ടു തങ്ങളോടു അരുളിച്ചെയ്ത മൊഴിയെ
18 ബോധിപ്പിച്ചു. കേട്ടവർ എല്ലാവരും ഇടയന്മാർ പറഞ്ഞവറെ വിചാരി
19 ച്ചു ആശ്ചൎയ്യപ്പെട്ടു. മറിയ ആ വാർത്തകളെ ഒക്കയും സംഗ്രഹിച്ചു, ഹൃദയ
20 ത്തിൽ ആടിച്ചുകൊണ്ടിരുന്നു. ഇടയന്മാർ തങ്ങളോടുരെച്ചപ്രകാരം കണ്ടും
കേട്ടും ഉള്ളതു എല്ലാം വിചാരിച്ചു, ദൈവത്തെ തേജസ്കരിച്ചും പുകഴ്ത്തും
കൊണ്ടു, മടങ്ങി പോകയും ചെയ്തു.

21 പരിഛേദനക്കുള്ള എട്ടു ദിവസം തികഞ്ഞപ്പോൾ, അവൻ ഗർഭസ്ഥനാ
യ്ചമയുമ്മുമ്പെ ദൂതൻ വിളിച്ചപ്രകാരം തന്നെ, അവനു, യേശു എന്ന
പേർ ഇടപ്പെട്ടു.

22 പിന്നെ അവർക്ക മോശധർമ്മപ്രകാരം ശുദ്ധീകരണ നാളുകൾ തികഞ്ഞ
23 പ്പോൾ, (2 മോ. 13, 2.) ഗർഭപാത്രം തുറക്കുന്ന ആൺ എല്ലാം യഹോവെ
ക്ക വിശുദ്ധമായി വിളിക്കപ്പെടും എന്ന കർത്താവിൻ ധർമ്മത്തിൽ എഴു
24 തിയിരിക്കുന്ന പ്രകാരം, അവനെ കർത്താവിന്നു് അർപ്പിപ്പാനും, (3 മോ.
12, 8.) ഒർ ഇണ കുറുപ്രാവാകട്ടെ, രണ്ടു പ്രാക്കുഞ്ഞുങ്ങൾ ആകട്ടെ, എന്ന
യഹോവാധർമ്മത്തിൽ കല്പിച്ച പ്രകാരം, ബലി കഴിപ്പാനും, അവനെ യ
25 രുശലേമിലേക്ക കൊണ്ടുപോയി. യരുശലേമിൽ അതാ! ശിമ്യോൻ എ
ന്നൊരു മനുഷ്യൻ ഉണ്ടു; ആ മനുഷ്യൻ നീതിമാനും ഭക്തിമാനും ഇസ്രയേ
ലിൻ ആശ്വാസത്തെ കാത്തുനില്ക്കുന്നവനും തന്നെ; വിശുദ്ധാത്മാവും അവ
26 ന്മേൽ ഉണ്ടു. കർത്താവിന്റെ മശീഹാവെ കാണുമ്മുമ്പെ മരണം കാൺകയി
ല്ല എന്നുവിശുദ്ധാത്മാവിനാൽ അവനു് അരുളപ്പാടുണ്ടായി. ആയവൻ ആ
27 ത്മാവിലായി ദേവാലയത്തിലേക്ക വന്നു; പിന്നെ യേശു എന്ന പൈത
ലെ പിതാക്കൾ അകത്തു കൊണ്ടുവന്ന ധർമ്മമര്യാദപ്രകാരം അവനു് വേ
28 ണ്ടി ചെയ്വാൻ ഭാവിക്കുമ്പോൾ, അവൻ അതിനെ ഭുജങ്ങളിൽ ഏന്തി
കൊണ്ടു, ദൈവത്തെ വാഴ്ത്തി പറഞ്ഞിതു: ഇപ്പോൾ നാഥ! നിന്നൊഴി പ്ര
കാരം നിന്റെ ദാസനെ സമാധാനത്തിൽ വിട്ടയക്കുന്നു. ജാതികൾക്ക വെ
29 ളിപ്പാടിനുള്ള പ്രകാശവും, നിന്റെ ജനമായ ഇസ്രയേലിന്റെ തേജസ്സുമാ
30 യിട്ടു (യശ. 49, 6.) നീ സകല വംശങ്ങളുടെ മുഖത്തിന്നും മുമ്പാകെ ഒരു
31 ക്കീട്ടുള്ള നിന്റെ ത്രാണനം എന്റെ കണ്ണുകൾ കണ്ടുവല്ലൊ! എന്നിങ്ങിനെ
32 അവനെ കുറിച്ചു ചൊല്ലുന്നവരിൽ, അവന്റെ അമ്മയപ്പന്മാർ ആശ്ചര്യ
33 പ്പെട്ടിരിക്കുമ്പോൾ, ശിമ്യോൻ അവരെ അനുഗ്രഹിച്ചു. അവന്റെ അമ്മ
34 യായ മറിയയോടു പറഞ്ഞിതു: കണ്ടാലും ഇവൻ ഇസ്രയേലിൽ പലർക്കും
വീഴ്ചയും എഴുനീല്പും (വരുത്തുവാനും) മറുത്തു പറയപ്പെടുന്ന അടയാളവും
35 ആയി കിടക്കുന്നു. അനേക ഹൃദയങ്ങളിലെ വിചാരങ്ങൾ വെളിപ്പെടുവാ
36 ന്തക്കവണ്ണം നിണക്കും കൂടെ ഒരു വാൾ ദേഹിയിൽ കടക്കും. അത്രയുമല്ല;
അശേർഗോത്രത്തിൽ ഫനുവേലിൻ പുത്രിയായ ഹന്ന എന്ന പ്രവാദിനി
37 ഉണ്ടായിരുന്നു. അവൾ കന്യാകാലത്തിൽ പിന്നെ ഭർത്താവോടു കൂടി ഏഴു
വർഷം കഴിച്ചശേഷം, വിധവയായി എൺപത്തുനാലു സംവത്സരത്തോളവും വയസ്സു നന്നെ ചെന്നവളും ദേവാലയത്തോടു പിരിയാതെ രാവും പകലും നോറ്റും പ്രാർത്ഥിച്ചും കൊണ്ടു്, ഉപാസിക്കുന്നവളും തന്നെ. ആ നാഴി
38 കയിൽ അവളും അടുത്തുനിന്നു, കർത്താവെ കീർത്തിച്ചു, വീണ്ടെടുപ്പിനെ
39 കാത്തു നില്ക്കുന്ന എല്ലാ യരുശലേമ്യരോടും, അവന്റെ വസ്തുത പറകയും
ചെയ്തു. അവരൊ കർത്താവിൻ ധർമ്മത്തിലുള്ളപ്രകാരം എല്ലാം അനുഷ്ഠിച്ചപ്പോൾ, ഗലീലയിൽ തങ്ങളുടെ ഊരായ നചറത്തിലേക്ക മടങ്ങിപോയി.

40 ബാലൻ വളർന്നു ജ്ഞാനത്താൽ നിറഞ്ഞു: ആത്മാവിൽ ബലപ്പെട്ടുപോ
41 ന്നു, ദൈവകൃപ തന്നെ അവന്മേൽ ഇരുന്നു. അവന്റെ പിതാക്കൾ ആണ്ടു
42 തോറും പെസഹ പെരുനാളേക്ക യരുശലേമിന്നു യാത്രയാകും. അവനു പ
43 ന്ത്രണ്ടു വയസ്സു് ആയാറെ, അവർ ഉത്സവമര്യാദപ്രകാരം കരേറി പോയി.
ആ ദിവസങ്ങളെ കഴിച്ചശേഷം മടങ്ങി വരുമ്പോൾ, ബാലനായ യേശു
യരുശലേമിൽ തന്നെ താമസിച്ചു; അവന്റെ പിതാക്കൾ അറിഞ്ഞതും ഇ
44 ല്ല; യാത്രാക്കൂട്ടത്തിൽ ആകും എന്നു് അവർ ഊഹിച്ചു്, ഒരു ദിവസത്തെ
45 വഴി നടന്നു് അവനെ ബന്ധുക്കളിലും പരിചയക്കാരിലും തിരഞ്ഞുകൊ
46 ണ്ടു—കാണാഞ്ഞിട്ടു് അവനെ അന്വെഷിപ്പാൻ യരുശലെമിലേക്ക തിരിച്ചു
പോയി. മൂന്നു നാളിൽ പിന്നെ സംഭവിച്ചിതു: അവൻ ദേവാലയത്തിൽ
ഉപദേഷ്ടാക്കളുടെ നടുവിൽ ഇരിക്കുന്നതും അവരെ കേട്ടും ചോദിച്ചും കൊള്ള
47 ന്നതും അവർ കണ്ടു; അവനെ കേൾക്കുന്നവർക്ക എല്ലാവർക്കും അവന്റെ
48 വിവേകത്തിലും, ഉത്തരങ്ങളിലും, വിസ്മയം തോന്നി. ആയവരോ,

അവനെ കണ്ടിട്ട് അതിശയിച്ചു, അമ്മ അവനോട്: മകനെ, ഇങ്ങിനെ
ഞങ്ങളോട് ചെയ്തത എന്തു? ഇതാ നിന്റെ അപ്പനും ഞാനും നൊന്തുംകൊ
49 ണ്ടു നിന്നെ തിരഞ്ഞു നടന്നു എന്നു പറഞ്ഞു. അവരോട് അവൻ പറഞ്ഞിതു:
50 എന്നെ തിരഞ്ഞത് എന്തുകൊണ്ടു? എന്റെ പിതാവിന്നുള്ളവറ്റിൽ ഞാൻ
51 ഇരിക്കേണ്ടതു് എന്നറിഞ്ഞില്ലയൊ? ഇങ്ങിനെ പറഞ്ഞ മൊഴി അവർ ഗ്ര
ഹിക്കാതെ ഇരുന്നു. പിന്നെ അവൻ അവരോടു കൂടെ നചറത്തിന്നു് ഇറ
ങ്ങിപോന്നു, അവർക്കു കീഴടങ്ങി പാർത്തു; ഈ വാർത്തകളം എല്ലാം അ
52 വന്റെ അമ്മ ഹൃദയത്തിൽ സംഗ്രഹിച്ചു കൊണ്ടിരുന്നു. വിശേഷിച്ചു; യേശു
ജ്ഞാനത്തിലും വളർച്ചയിലും ദൈവത്തോടും, മനുഷ്യരോടും, കൃപയുള്ള
തിലും മുതിർന്നു വന്നു. (1 ശമു 2, 26)

3. അദ്ധ്യായം

യോഹനാന്റെ വേലയും, (15) സാക്ഷ്യവും [മത്താ. 3. മാ. 1. യോ. 1, 19.], (19) അവൻ തടവിലാകുമ്മുമ്പെ [മത്താ. 14. മാ. 6.], (21) യേശു വെ സ്നാനം ഏല്പിച്ചതു് [മത്താ. 3. മാ. 1. യോ. 1.], (23) യേശു വിന്റെ വംശാവലി.

1 **തി**ബെര്യൻ കൈസർ വാഴുന്നതിന്റെ പതിനഞ്ചാം ആണ്ടിൽ പൊന്ത്യ
പിലാതൻ യഹൂദനാടു വാഴുമ്പോഴം, ഹെരോദാ ഗലീലയിലും, അവന്റെ
സഹോദരനായ ഫിലിപ്പൻ ഇതുറിയ ത്രഖോനിതി ദേശത്തിലും ലുസന്യാ
2 അബീലയിലും ഇടപ്രഭുക്കളായും, ഹനാൻ, കയഫാ എന്നുള്ളവർ മഹാപു
രോഹിതരായും, ഇരിക്കും കാലം, ജകര്യാവിൻ പുത്രനായ യോഹനാന്നു
3 മരുഭൂമിയിൽ തന്നെ ദൈവത്തിൻ മൊഴി ഉണ്ടായിട്ടു, അവൻ യർദ്ദനെ ചുറ്റു
ന്ന നാട്ടിൽ ഒക്കയും വന്നു, പാപമോചനത്തിന്നായുള്ള മാനസാന്തരസ്നാ
നത്തെ ഘോഷിച്ചു പോന്നു; മരുഭൂമിയിൽ കൂക്കുന്നവന്റെ ശബ്ദമാവിതു:
4 കർത്താവിന്റെ വഴിയെ നിരത്തി, അവന്റെ പാതകളെ നേരെ ആക്കു
5 വിൻ; എല്ലാ താഴ്വരയും നികന്നും എല്ലാ മലയും കുന്നും താണും വരി
6 കയും വളഞ്ഞവ ചൊവ്വായും, കടുമയുള്ളവ സമവഴികളായും തീരുകയും,
സകല ജഡവും ദൈവത്തിൻ ത്രാണനം കാണുകയും ചെയ്യും എന്നു പ്രവാ
ചകനായ യശയ്യാവിൻ വചനപുസ്തകത്തിൽ (40, 3.) എഴുതിയിരിക്കുന്ന
പ്രകാരം തന്നെ.

7 അതുകൊണ്ടു് അവനാൽ സ്നാനം ഏല്പാൻ പുറപ്പെട്ടു വരുന്ന പുരുഷാ
രങ്ങളോട് അവൻ പറഞ്ഞിതു: അണലിസന്തതികളെ! ഭാവികോപത്തിൽ
നിന്നു മണ്ടിപോകുന്ന പ്രകാരം നിങ്ങൾക്കു് ആർ കാണിച്ചു? എന്നാൽ
8 മാനസാന്തരത്തിന്നു യോഗ്യമായ ഫലങ്ങളം ഉണ്ടാക്കുവിൻ! അബ്രഹാം നമു
ക്കു പിതാവായിട്ടുണ്ടു എന്നു് ഉള്ളം കൊണ്ടു പറവാൻ തുടങ്ങരുതെ; അബ്ര
ഹാമിനു് ഈ കല്ലുകളിൽനിന്നു മക്കളെ എഴുനീല്പിപ്പാൻ ദൈവത്തിന്നു ക
9 ഴിയുമല്ലൊ! എന്നു ഞാൻ നിങ്ങളോട് പറയുന്നു. എങ്കിലും ഇപ്പൊഴം കൂടെ,
കോടാലി മരങ്ങളുടെ ചുവട്ടിന്നു വെച്ചുകിടക്കുന്നു: നല്ലഫലം ഉണ്ടാക്കാത്ത
10 മരം എല്ലാം വെട്ടപ്പെട്ടു, തീയിൽ ഇടപ്പെടുന്നുണ്ടു. എന്നാൽ ഞങ്ങളം എന്തു
11 ചെയ്യേണ്ടു എന്നു പുരുഷാരങ്ങളം അവനോടു ചോദിച്ചതിന്നു: രണ്ടു വസ്ത്രമു
ള്ളവൻ ഇല്ലാത്തവനു കൊടുക്കുക; ഭോജ്യങ്ങളം ഉള്ളവനും അപ്രകാരം ചെ
12 യ്ക എന്നുത്തരം പറഞ്ഞു. ചുങ്കക്കാരും സ്നാനപ്പെടുവാൻ വന്നു: ഗുരൊ, ഞ
13 ങ്ങളം എന്തു ചെയ്യേണ്ടു? എന്നു് അവനോടു പറഞ്ഞാറെ, നിങ്ങളോട് ആ
ജ്ഞാപിച്ചതിൽ പുറമെ ഒന്നും പിരിക്കരുതു എന്നു പറഞ്ഞു. പടജ്ജനങ്ങ
14 ളും ഞങ്ങളൊ എന്തു ചെയ്വു? എന്നു് അവനോട് ചോദിച്ചപ്പൊഴം,

ആരെയും ബലാല്ക്കാരം ചെയ്യാതെയും, തോല്പിക്കാതെയും, നിങ്ങളുടെ
ശമ്പളം മതി എന്നു വെച്ചിരിപ്പിൻ എന്നു അവരോടു പറഞ്ഞു.
15 പിന്നെ ജനം കാത്തുനിന്നു ഇവൻ മശീഹാവൊ എന്നു എല്ലാവരും ഹൃദ
യങ്ങളിൽ യോഹനാനെ ചൊല്ലി ചോദിക്കുമ്പൊൾ അവൻ സകലരോ
16 ടും ഉത്തരം പറഞ്ഞിതു: ഞാൻ നിങ്ങളെ വെള്ളത്തിലെ സ്നാനം ഏല്പിക്കുന്നു
ള്ളു, എന്നേക്കാൾ ഊക്കേറിയവൻ വരുന്നുണ്ടു താനും; അവന്റെ ചെരിപ്പുക
ളുടെ വാറു അഴിപ്പാൻ ഞാൻ യോഗ്യനല്ല; അവൻ നിങ്ങളെ വിശുദ്ധാ
17 ത്മാവിലും തീയിലും സ്നാനം ഏല്പിക്കും. അവന്റെ ചേറു മുറം കൈയിൽ
ഉണ്ടായിട്ടു തന്റെ കളത്തെ തീരെ വെടിപ്പാക്കി, കോതമ്പു തന്റെ കള
പ്പുരയിൽ കൂട്ടിവെക്കയും, പതിരിനെ കെടാത്ത തീയിൽ ചുട്ടുകളകയും
18 ചെയ്യും. മറു പലതും അവൻ പ്രബോധിപ്പിച്ചു. ജനത്തോടു സുവിശേഷി
19 ച്ചു കൊണ്ടിരിക്കുമ്പൊൾ, ഇടപ്രഭുവായ ഹെരോദാ തന്റെ സഹോദരന്റെ
ഭാര്യ ഹെരോദ്യ നിമിത്തവും, ഹെരോദാ താൻ ചെയ്ത സകല ദോഷങ്ങൾ
20 നിമിത്തവും അവനാൽ ആക്ഷേപിക്കപ്പെട്ടിട്ടു, ശേഷം എല്ലാംമതിയാക്കാ
തെയോഹനാനെ തടവിൽ ആക്കി വെക്കയും ചെയ്തു.
21 (നടേതിലൊ) എല്ലാ ജനവും സ്നാനപ്പെട്ടാറെ, യേശുവും സ്നാനം ഏറു
പ്രാർത്ഥിക്കുമ്പൊൾ, വാനം തുറക്കയും വിശുദ്ധാത്മാവു ദേഹരൂപത്തിൽ
പ്രാവു പോലെ അവങ്കലേക്കു ഇറങ്ങിവരികയും: ഞാൻ പ്രസാദിച്ച എ
22 ന്റെ പ്രിയപുത്രൻ നീ ആകുന്നു എന്നു സ്വർഗ്ഗത്തിൽനിന്നു ഒരു ശബ്ദം ഉണ്ടാ
കയും ചെയ്തു.
23 യേശു എന്നവനൊ (പ്രവൃത്തി) ആരംഭിക്കുമ്പൊൾ, ഏകദേശം മുപ്പതുവയ
സ്സുള്ളവനായി, (ലോകക്കു) തോന്നും പോലെ യോസേഫിന്റെ പുത്രൻ
24 തന്നെ. ആയവന്നു അച്ഛന്മാരൊ ഏളി, മത്ഥാത്തു, ലേവി, മല്ക്കി, യന്നാ,
25 യോസേഫു, മത്ഥത്യാ, അമൊചു, നഹൂം, ഹെസ്ളി, നഗ്ഗായി. മഹെ
26 തു, മത്ഥത്യാ, ശിമയി, യോസേഫു, യഹൂദാ. യോഹനാൻ, രേസാ,
27 ജരുബ്ബാബ്ബൽ, ശയല്ത്തിയെൽ, നേരി. മല്ക്കി, അദ്ദി, കൊസാം, അ
28 ല്മൊദാം, ഏർ. (29) യോസ, എലിയേജർ, യൊറാം, മത്ഥത്തു, ലേ
30 വി. ശിമയൊൻ, യഹൂദാ, യോസേഫു, യൊനാൻ, എല്യക്കീം. മല്യാ.
31 മയിനാൻ, മത്ഥാ, നാഥാൻ, ദാവിദു. ഇശ്ശായി, ഒബെദു, ബൊവജു,
32 സല്മോൻ, നഹശോൻ. (33) അമ്മിനദാബു, അരാം, ഹെത്രൊൻ,
34 ഫെരെചു, യഹൂദാ. യാക്കോബു, ഇസ്ഹാകു, അബ്രഹാം, തെരഃ, നഹോർ
35 സ്രുഗു റഘു, ഫെലഗു, ഏബർ, ശലഃ. (36) കയ്നാൻ, അർഫക്ഷാ
37 ദു, ശേം, നോഹ, ലമെകു. മതുശെലഃ, ഹനോകു, യാരദു മഹലലേൽ,
38 കൈനാൻ. എനോശു, ശെഥു, ആദാം, ദൈവം എന്നത്രെ.

4. അദ്ധ്യായം

യേശുവിൻ പരീക്ഷ [മത്താ. 4. മാ. 1.], (14) യേശു ഗലീലയിലും ന
ചറത്തിലും ഉപദേശിച്ചതു [മത്താ. 13, 54. മാ. 6.], (31) കഫർന്നഹൂ
മിൽ ഭ്രതഗ്രസ്തനെയും [മാ 1.], (38) പേത്രന്റെ അമ്മാവിയെയും മറും
സൌഖ്യമാക്കിയതു [മത്താ. 8. മാ. 1.]

1 **പി**ന്നെ യേശു വിശുദ്ധാത്മാപൂർണ്ണനായി യർദ്ദനെ വിട്ടു വാങ്ങി, പി
ശാചിനാൽ പരീക്ഷിക്കപ്പെട്ടുംകൊണ്ടു മരുഭ്രമിയിൽ നാല്പതു ദിവസം ആ
2 ത്മാവിനാൽ നടത്തപ്പെട്ടു. ആ ദിവസങ്ങളിൽ അവൻ ഒന്നും ഭക്ഷിക്കാതെ
ഇരുന്നു; അവ തികഞ്ഞശേഷം, വിശക്കയും ചെയ്തു. പിശാചു അവനോ
3 ടു: നീ ദൈവപുത്രനായാൽ, ഈ കല്ലിനോടു അപ്പമായ്ചമവാൻ കല്പിക്ക
4 എന്നു പറഞ്ഞു. യേശു അവനോടു ഉത്തരം പറഞ്ഞിതു: മനുഷ്യൻ

അപ്പത്താൽ തന്നെ അല്ല, ദൈവത്തിൻെറ സകല വചനത്താലത്രെ ജീവി
5 ക്കും (5 മോ. 8, 3.) എന്ന് എഴുതികിടക്കുന്നു. പിന്നെ പിശാച് അവനെ
ഉയൎന്ന മലമേൽ നടത്തി, പ്രപഞ്ചരാജ്യങ്ങളെ ഒക്കയും ഒരു ക്ഷണനേരത്തിൽ
6 കാണിച്ചു: ഈ സൎവ്വാധികാരവും ഇവറ്റിലെ തേജസ്സും നിണക്കു തരാം; കാ
രണം അത് എന്നിൽ ഭരമേല്പിച്ചു കിടക്കുന്നു, തെളിഞ്ഞവനു ഞാൻ കൊടു
7 ക്കയും ചെയ്യുന്നു. എന്നാൽ നീ എൻെറ മുമ്പിൽ കുമ്പിട്ടു എങ്കിൽ, ഇതെ
8 ല്ലാം നിനേറതാകും എന്ന് പിശാച് അവനോട് പറഞ്ഞു. യേശു അവ
നോട് ഉത്തരം ചൊല്ലിയതു: നിൻെറ ദൈവമായ യഹോവയെ കുമ്പിട്ടു,
അവനെ മാത്രം ഉപാസിക്കാവു (5മോ. 6,13.) എന്ന് എഴുതിയിരിക്കു
9 ന്നു. അവനെ യരുശലേമിലും നടത്തി, ദേവാലയത്തിൻെറ അഗ്രത്തിന്മേൽ
നിറുത്തി, അവനോടു പറഞ്ഞു: നീ ആ ദേവപുത്രനായാൽ, ഇവിടെനിന്നു
10 താഴോട്ടു ചാടുക (സങ്കീ. 91,11.) നിന്നെ ചൊല്ലി, അവൻ സ്വദൂതന്മാ
11 രോടു നിന്നെ കാപ്പാൻ കല്പിക്കും; അവരും നിന്നെ കാല കല്ലിനോടു തട്ടാ
12 തവണ്ണം കൈകളിൽ താങ്ങികൊള്ളും എന്ന് എഴുതിക്കിടക്കുന്നുവല്ലൊ!
യേശു അവനോട്, ഉത്തരം പറഞ്ഞു: (5മോ. 6,16.) നിൻെറ ദൈവമായ
13 യഹോവയെ പരീക്ഷിക്കൊല്ല എന്നു ചൊല്ലി ഇരിക്കുന്നു. പിന്നെ പിശാ
ച് സകല പരീക്ഷയും തികെച്ചു ഒരു സമയം വരെ അവനെ വിട്ടു മാറി.
14 യേശു ആത്മാവിൻ ശക്തിയിൽ ഗലീലയിലേക്കു മടങ്ങി ചെന്നു, അവ
നെ കൊണ്ടൊരു ശ്രുതി ചുറ്റുമുള്ള നാട്ടിൽ ഒക്കയും പരക്കയും ചെയ്തു. അ
15 വൻ എല്ലാവരാലും മഹത്വപ്പെട്ടും കൊണ്ട് അവരുടെ പള്ളികളിൽ ഉപദേ
16 ശിക്കും. അവൻ വളൎന്ന നചരത്തിൽ വന്നപ്പോൾ, തനിക്കു ശീലമുള്ള പ്ര
കാരം, ശബ്ബത്തുനാളിൽ പള്ളിയിൽ ചെന്നു, വായിപ്പാൻ എഴുനീറ്റു നി
17 ന്നു. യശയ്യാ പ്രവാചകൻെറ പുസ്തകം അവനു കൊടുക്കപ്പെട്ടു, അവനും പുസ്ത
18 കം വിടൎത്തി, (യശ. 61,1.) യഹോവയുടെ ആത്മാവ് എന്മേൽ അത്രെ;
ദരിദ്രരോട് സുവിശേഷിപ്പാൻ അവൻ എന്നെ അഭിഷേകം ചെയ്തു (ഹൃദയം
19 നുറുങ്ങിയവരെ പൊറുപ്പിപ്പാനും), ബദ്ധന്മാരോടു വിടുതലും കുരുടരോടു കാ
ഴ്ചയും, ഘോഷിപ്പാനും (യശ. 58,6.) ചതഞ്ഞവരെ ഒഴിച്ചു വിടുവാനും, ക
20 ൎത്താവിൻെറ പ്രസാദവൎഷം ഘോഷിപ്പാനും എന്നെ അയച്ച ഹേതുവാൽ
തന്നെ, എന്ന് എഴുതിയിരിക്കുന്ന സ്ഥലം കണ്ടു; പിന്നെ പുസ്തകം മടക്കി
ഭൃത്യനു തിരികെ കൊടുത്തു. താൻ ഇരുന്ന പള്ളിയിലുള്ള സകലരുടെ കണ്ണു
21 കളും അവനെ ഉറ്റുനോക്കിയിരുന്നു. അവരോട് അവൻ: ഈ എഴുത്തിന്ന്
ഇന്നു തന്നെ നിങ്ങളുടെ ചെവികളിൽ നിവൃത്തി വന്നു എന്നു പറഞ്ഞു തുട
22 ങ്ങി. അവൻെറ വായിൽനിന്നു പുറപ്പെടുന്ന ലാവണ്യവാക്കുകളും നിമിത്തം
എല്ലാവരും ആശ്ചൎയ്യപ്പെട്ടു, അവനായി സാക്ഷ്യം ചൊല്ലിയശേഷം: ഇവൻ
യോസേഫിൻെറ മകനല്ലയൊ എന്നു പറഞ്ഞു. അവരോട് അവൻ പറഞ്ഞി
23 തു: വൈദ്യ! നിണക്കു തന്നെ ചികിത്സിക്ക എന്നുള്ള പഴഞ്ചൊല്ലും കഫൎന്ന
ഹൂമിൽ ഉണ്ടായി കേട്ടത് എല്ലാം ഈ നിൻെറ പിതൃനഗരത്തിലും ചെയ്ക
24 എന്നും, നിങ്ങളും എന്നോടു പറയുമല്ലൊ! ആമെൻ ഞാൻ നിങ്ങളോടു പറ
25 യുന്നിതു: ഒരു പ്രവാചകനും സ്വനഗരത്തിൽ ഗ്രാഹ്യനാകയില്ല ഞാൻ ഉണ്മ
യിൽ നിങ്ങളോടു ചൊല്ലുന്നിതു: ഏലിയാവിൻ നാളുകളിൽ വാനം മൂവാ
ണ്ടും ആറു മാസവും അടെക്കപ്പെട്ടിട്ടു, ദേശത്തിൽ എങ്ങും മഹാക്ഷാമം ഉണ്ടാ
26 യപ്പോൾ, ഇസ്രയേലിൽ പല വിധവമാരും ഉണ്ടായിരുന്നു; സീദോന്യയി
ലെ ചൎപ്പത്തിൽ ഒരു വിധവാസ്ത്രീയടുക്കലേക്കല്ലാതെ, അവരിൽ ആൎക്കും
27 ഏലീയാ അയക്കപ്പെട്ടതും ഇല്ല. ഏലീശാ പ്രവാചകൻെറ കാലത്ത് ഇസ്ര
യേലിൽ പല കുഷ്ഠികളും ഉണ്ടായിരുന്നു; സുറിയാണി നയമാനല്ലാതെ,
28 അവരാരും ശുദ്ധരായി ചമഞ്ഞതും ഇല്ല എന്നു പറഞ്ഞു. പള്ളിയിൽ ഉള്ള
29 വർ ഇവ കേട്ടാറെ, എല്ലാവരും ക്രോധത്താൽ നിറഞ്ഞു. എഴുനീറ്റു, അവ
നെ പട്ടണത്തിന്നു പുറത്താക്കി, അവരുടെ ഊർ തീൎത്തിട്ടുള്ള മലയുടെ

30 അരുവിനോളവും കൊണ്ടുപോയി, അവനെ തല കീഴായി തള്ളി വിട്ടു
വാൻ ഭാവിച്ചു; അവനൊ അവരുടെ നടുവിൽ കൂടി കടന്നുപോയി.
31 അവൻ ഗലീലനഗരമായ കഫൎന്നഹൂമിലേക്ക് ഇറങ്ങി പോയി, ശബ്ബ
32 ത്തുകളിൽ അവർക്ക് ഉപദേശിച്ചു, പോന്നു. അവന്റെ വചനം അധികാര
ത്തിൽ ഉള്ളതാകയാൽ അവന്റെ ഉപദേശം നിമിത്തം അവർ സ്തംഭിച്ചുപോ
33 യി. (അന്നു) പള്ളിയിൽ അശുദ്ധ ഭ്രുതത്തിൻ ആത്മാവുള്ള മനുഷ്യൻ ഉണ്ടു;
34 ആയവൻ ഹാ നചറക്കാരനായ യേശുവെ! ഞങ്ങൾക്കും നിണക്കും എന്തു!
ഞങ്ങളെ നശിപ്പിപ്പാൻ വന്നു; നീ ആർ എന്നു ഞാനറിയുന്നു; ദൈവത്തിൻ
വിശുദ്ധൻ തന്നെ എന്നു മഹാശബ്ദത്തോടെ നിലവിളിച്ചു. മിണ്ടാതിരു,
35 ഇവനെ വിട്ടു പുറപ്പെടുക! എന്നു യേശു അതിനെ ശാസിച്ചപ്പൊൾ, ഭ്രുതം
അവനെ നടുവിലേക്കുന്തി തള്ളി. ചേതം ഒന്നും വരുത്താതെ അവനിൽനി
36 ന്നു പുറപ്പെട്ടുപോയി. എല്ലാവർക്കും വിസ്മയം ഉണ്ടായി; ഈ വചനം എ
ന്തു? അധികാരത്തിലും ശക്തിയിലും അവൻ അശുദ്ധാത്മാക്കളെയും നി
യോഗിക്കുന്നു; അവ പുറപ്പെട്ടു പോകയും ചെയ്യുന്നുവല്ലൊ എന്നു തങ്ങളിൽ
37 സംഭാഷിച്ചുകൊണ്ടിരുന്നു: അവനെകൊണ്ടു കീൎത്തി. ചുറുമുള്ള നാട് എ
ങ്ങും പരന്നു പോയി.
38 അവൻ പള്ളിയിൽ നിന്ന് എഴുനീറ്റു, ശിമോന്റെ വീട്ടിൽ കടന്നു: അ
വിടത്തവർ ശിമോന്റെ അമ്മായി വലിയ പനികൊണ്ടു വലഞ്ഞിരിക്ക
39 യാൽ, അവൾക്കു വേണ്ടി അവനോട് അപേക്ഷിച്ചു. അവനും അവളുടെ
മേൽ കുനിഞ്ഞു നിന്നു, പനിയെ ശാസിച്ചു, അത് അവളെ വിട്ടു മാറി, അ
40 വളും പെട്ടന്ന് എഴുനീറ്റ്, അവരെ ശുശ്രൂഷിച്ചു. സൂൎയ്യൻ അസ്തമിക്കുമ്പോൾ,
നാനാവ്യാധികളാൽ ബലഹീനരായവരെ ഒക്കയും, ബന്ധുക്കൾ അവനു
കൊണ്ടുവന്നു, അവനും ഓരോരുത്തന്റെ മേൽ കൈകളെ വെച്ച്, അവരെ
41 സൌഖ്യമാക്കി. പലരിൽനിന്നും ഭ്രുതങ്ങൾ: നീ ദേവപുത്രനായ മശീഹ
എന്നു വിളിച്ചുംകൊണ്ടു പുറപ്പെട്ടു പോയി; താൻ മശീഹ ആകുന്ന പ്രകാരം
അവ അറികകൊണ്ടു അവ ഉരിയാടുവാൻ അവൻ സമ്മതിക്കാതെ, ശാസി
42 ക്ക അത്രെ ചെയ്തു. പകലായപ്പൊൾ, അവൻ പുറപ്പെട്ടു, നിൎജ്ജനദേശ
ത്തിൽ ചെന്നു; പുരുഷാരങ്ങൾ അവനെ തിരഞ്ഞു പോന്നു, അവനോളം വ
43 ന്നു തങ്ങളെ വിട്ടു പോകുന്നതു തടുത്തു അവനെ നിറുത്തി. അവരോടു അ
വൻ: ഞാൻ മറ്റുള്ള ഊരുകളോടും, ദേവരാജ്യത്തെ സുവിശേഷിക്കേണ്ടു, ഇ
44 തിനായല്ലൊ ഞാൻ അയക്കപ്പെട്ടതു എന്നു ചൊല്ലി, ഗലീലപള്ളികളിൽ
ഘോഷിച്ചുവന്നു.

5. അദ്ധ്യായം

ശിമോനാദി മീൻപിടിക്കാർ യേശുവെ അനുഗമിച്ചതു[മത്താ.4. മാ.1.], (12) കുഷ്ഠശാന്തി [മത്താ. 8. മാ. 1.], (17) വാതശാന്തിയും (27) മത്തായുടെ വിളിയും ഉപവാസചോദ്യവും [മത്താ. 8. മാ. 2.]

1 പിന്നെ പുരുഷാരം ദേവവചനം കേൾക്കേണ്ടതിന്നു അവനെ തിരക്കി
വരുമ്പോൾ, ഗനെസരത്തു പൊയ്ക്കയുടെ കരയിൽ അവൻ നിന്നുകൊണ്ടു,
2 രണ്ടു പടകു കരെക്കണഞ്ഞു നിന്നു കാണായി. അതിൽനിന്നു മീൻപിടി
3 ക്കാർ ഇറങ്ങി, വലകളെ കഴുകി കളഞ്ഞു. ആ പടകുകളിൽ ശിമോനുള്ളതു
ഒന്നിൽ അവൻ കരേറി, അവനോടു കരയിൽനിന്നു അല്പം നീക്കുവാൻ
4 ചോദിച്ചു; പിന്നെ പടകിൽ ഇരുന്നു, പുരുഷാരങ്ങൾക്കുപദേശിച്ചു. പറഞ്ഞു
തീൎന്നപ്പോൾ, അവൻ ശിമോനോടു: ആഴത്തിലേക്കു നീക്കു, നിങ്ങളുടെ
വലകളെ പിടിത്തത്തിന്നു വീശുവിൻ എന്നു പറഞ്ഞതിന്നു, ശിമോൻ
5 ഉത്തരം ചൊല്ലിയതു: നായക, രാത്രി എല്ലാം ഞങ്ങൾ അദ്ധ്വാനിച്ചിട്ടും

6 ഒന്നും ലഭിച്ചില്ല; നിന്റെ മൊഴിക്കൊ ഞാൻ വല വീശാം. ആയ്ത്ത് അവർ
7 ചെയ്ത, പെരുത്ത മീൻകൂട്ടം ചേത്തു. അവരുടെ വല കീറുമ്പോഴം, വേറെ പടകിലെ കൂട്ടാളികഠം തങ്ങഠംകു വന്ന സഹായിപ്പാൻ മാടിവിളിച്ചു, അവരും വന്ന പടകു രണ്ടും ആഴം വണ്ണം നിറെക്കയും ചെയ്ത. ശിമോൻ പേ
8 ത്രൻ യേശുവിന്റെ മുഴങ്കാൽ പിടിച്ചു കുമ്പിട്ട: കത്താവെ, ഞാൻ പാപി
9 യായ പുരുഷൻ ആകകൊണ്ട് എന്നെ വിട്ടുപോക! എന്നു പറഞ്ഞു. എന്തെന്നാൽ അവർ കൈക്കലാക്കിയ മീൻപിടിയാൽ അവനും അവന്റെ ഒപ്പരം
10 ഉള്ളവർക്ക് എല്ലാവർക്കും, ശിമോന്റെ കൂട്ടാളികളായ യാക്കോബ് യോ ഹനാൻ എന്ന ജബദിപുത്രർക്കും, ഒരുപോലെ സ്തംഭനം അകപ്പെട്ടിരുന്നു; യേശു ശിമോനോട: ഭയപ്പെടൊല്ല, ഇതു മുതൽ നീ മനുഷ്യരെ പിടിക്കുന്
11 വനാകും എന്നു പറഞ്ഞു. അവർ പടകുകളെ കരമേലാക്കി, സകലവും വിട്ട്, അവനെ അനുഗമിക്കയും ചെയ്ത.

12 അവൻ പട്ടണങ്ങളിൽ ഒന്നിൽ ഇരിക്കുമ്പോഴം, കുഷ്ഠം നിറഞ്ഞ മനുഷ്യൻ കാണായി; അവൻ യേശുവെ കണ്ട കവിണ്ണു വീണ: കത്താവെ,
13 നിണക്കു മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധീകരിപ്പാൻ കഴിയും! എന്ന് അവനോട് അപേക്ഷിച്ചു. എന്നാറെ, കൈ നീട്ടി അവനെ തൊട്ട: മനസ്സുണ്ട,
14 ശുദ്ധനാക! എന്നു പറഞ്ഞു; ഉടനെ കുഷ്ഠം അവനെ വിട്ടു മാറുകയും ചെയ്ത. അത് ആരോടും പറയരുത്, അവർക്കുള്ള സാക്ഷ്യം നിമിത്തം നീ പോയി, നിന്നെ തന്നെ പുരോഹിതനു കാണിച്ചു, മോശെ കല്പിച്ച പ്രകാരം നിന്റെ ശുദ്ധീകരണത്തിന്നായി ബലി കഴിച്ചുകൊഠക എന്ന് അവനെ
15 പ്രബോധിപ്പിച്ചാറെയും, അവനെകൊണ്ടുള്ള വാത്ത അധികം പരന്നു, വളരെ പുരുഷാരങ്ങളും കേഠംക്കേണ്ടതിന്നും, താന്താന്റെ വ്യാധികഠംകു
16 ശാന്തി വരേണ്ടതിന്നും കൂടി വന്നു. അവനൊ കാടുകളിൽ വാങ്ങിപോയി, പ്രാത്ഥിച്ചുകൊണ്ടിരുന്നു.

17 ഒരു ദിവസം അവൻ ഉപദേശിക്കുമ്പോഴം, ഗലീലയിലെ സകല ഗ്രാമത്തിൽനിന്നും യഹൂദാ യരുശലേമിൽനിന്നും വന്നിട്ടുള്ള പറീശരും, വൈദികരും, ഇരുന്നിരുന്നു: സൌഖ്യമാകുവാനും അവിടെ കർത്താവിന്റെ ശ
18 ക്തി ഉണ്ടായി. ഇതാ ചില ആളുകഠം വാതം പിടിച്ചവനായ മനുഷ്യനെ കിടക്കയിൽ എടുത്തു കൊണ്ടുവന്ന്; ആയവനെ അകത്താക്കി, അവനു മ്പിൽ വെപ്പാൻ വക അന്വെഷിച്ചു. പുരുഷാരം ഹേതുവായി അവനെ കട
19 ത്തുവാൻ വഴി കാണാഞ്ഞു, പുരമേൽ കരേറി, ഓടുകളിൽ കൂടി അവനെ കിടക്കയോടുംകൂടെ നടുവിലേക്ക് ഇറക്കി, യേശുവിനുമ്പിൽ വിടുകയും
20 ചെയ്ത. അവരുടെ വിശ്വാസം കണ്ടിട്ട്, അവൻ പറഞ്ഞു: മനുഷ്യ, നിന്റെ പാപങ്ങഠം നിണക്ക് മോചിക്കപ്പെട്ടിരിക്കുന്നു! എന്നാറെ, ശാസ്ത്രി
21 കളും പറീശരും: (ദേവ) ദൂഷണങ്ങഠം ചൊല്ലുന്ന ഇവൻ ആർ? ഏകദൈവമല്ലാതെ, പാപങ്ങളെ മോചിപ്പാൻ കഴിയുന്നവൻ ആർ? എന്നു ചിന്തിച്ചു
22 തുടങ്ങി. അവരുടെ ചിന്തകളെ യേശു അറിഞ്ഞു, അവരോട് ഉത്തരം ചൊല്ലിയതു: നിങ്ങളുടെ ഹൃദയങ്ങളിൽ ചിന്തിക്കുന്നത് എന്തു? നിന്റെ പാപ
23 ങ്ങഠം മോചിച്ചിരിക്കുന്നു എന്നു പറവാനൊ; എഴുനീറു നടക്ക എന്നു പറവാനൊ; ഏതിന്ന് എളുപ്പം ഏറ ഉണ്ടു? എങ്കിലും ഭൂമിയിൽ പാപങ്ങളെ
24 മോചിപ്പാൻ മനുഷ്യപുത്രന് അധികാരം ഉണ്ടെന്നു നിങ്ങഠംകു ബോധിക്കേണ്ടതിന്നു, അവൻ വാതക്കാരനോട പറഞ്ഞു: ഞാൻ നിന്നോടു ചൊല്ലുന്നു, എഴുനീറു നിന്റെ കിടക്ക എടുത്തുകൊണ്ടു, നിന്റെ വീട്ടിലേക്ക്
25 പോക! തൽക്ഷണം അവൻ അവരുടെ മുമ്പാകെ എഴുനീറു, താൻ കിടന്നതിനെ എടുത്തു, ദൈവത്തെ മഹത്വീകരിച്ചുംകൊണ്ടു തന്റെ വീട്ടിലേക്ക്
26 പോയി. എല്ലാവരും വിസ്മയം പൂണ്ട: ഇന്നു നാം അപൂവ്വങ്ങഠം കണ്ടു എന്നു ചൊല്ലി, അവർ ദൈവത്തെ മഹത്വീകരിച്ചു ഭയംകൊണ്ടു നിറഞ്ഞു വരികയും ചെയ്ത.

27 അതിൽ പിന്നെ അവൻ പുറപ്പെട്ട, ലേവി എന്ന പേരുള്ള ചുങ്കക്കാരൻ
ചുങ്കസ്ഥലത്തിൽ ഇരിക്കുന്നതു കണ്ടു: എന്റെ പിന്നാലെ വാ! എന്നു
28 അവനോടു പറഞ്ഞു. അവനും സകലവും വിട്ടു കളഞ്ഞു, അവന്റെ പി
29 ന്നാലെ പോയി. ശേഷം ലേവി തന്റെ വീട്ടിൽ അവനു വലിയ വിരു
ന്നു ഉണ്ടാക്കി; ചുങ്കക്കാരും മറ്റുമുള്ളോരു മഹാസമൂഹം അവരോടു കൂട പ
ന്തിയിൽ ഇരുന്നു. അവരുടെ ശാസ്ത്രികളും പരീശരും അവന്റെ ശിഷ്യന്മാ
30 രോടു: നിങ്ങൾ ചുങ്കക്കാരോടും, പാപികളോടും, കൂട ഭക്ഷിച്ചു കുടിക്കുന്ന
31 തു എന്തുകൊണ്ടു? എന്നു പിറുപിറുത്തു അവരോടു യേശു ഉത്തരം ചൊ
ല്ലിയതു: സൌഖ്യവാന്മാർക്കു വൈദ്യനെകൊണ്ടു ആവശ്യമില്ല, ദുസ്ഥന്മാ
32 ക്കു ഉള്ളു: ഞാൻ നീതിമാന്മാരെ അല്ല, പാപികളെ മാനസാന്തരത്തി
ലേക്കു വിളിപ്പാൻ വന്നിരിക്കുന്നു. അവനോടു അവർ, യോഹന്നാന്റെ
33 ശിഷ്യന്മാർ കൂടക്കൂട ഉപവസിച്ചു യാചനകളും ചെയ്യുന്നു, പരീശന്മാർക്കുള്ള
വരും അപ്രകാരം തന്നെ; നിന്റെവരൊ ഭക്ഷിച്ചു കുടിക്കുന്നു; അതു എന്തു
34 കൊണ്ടു എന്നു ചൊല്ലിയതിന്നു, അവരോടു പറഞ്ഞു: മണവാളൻ കൂടെ
ഉള്ളെന്നും നിങ്ങൾക്കു കല്യാണക്കുട്ടരെ ഉപവസിപ്പിക്കാമൊ? മണവാളൻ
35 അവരിൽ നിന്നു എടുക്കപ്പെട്ട എന്നുള്ള നാളുകളും വരും താനും; അന്നു
അവർ ഉപവസിക്കും; ആ നാളുകളിൽ തന്നെ. ഒരു ഉപമയും അവരോടു പ
36 റഞ്ഞിതു: ഒരുത്തനും പുതിയ വസ്ത്രത്തിൽനിന്നു കണ്ടം മുറിച്ചു, പഴയ
വസ്ത്രത്തോടു ചേർത്തു തുന്നുമാറില്ല; ചെയ്താൽ പുതിയതിനെ ഖണ്ഡി
ക്കും, പുതിയതിൽനിന്നുള്ളതു പഴയതിനോടു പൊരുന്നുന്നതും ഇല്ല. ആരും
37 പുതിയ വീഞ്ഞു പഴയ തുരുത്തികളിൽ ഇടുന്നതും ഇല്ല; ഇട്ടാൽ, പുതു വീ
ഞ്ഞു തുരുത്തികളെ പൊളിച്ചു ഒഴുകിപ്പൊകും, തുരുത്തികളും കെട്ടുപോകും.
38 പുതു വീഞ്ഞു പുതിയ തുരുത്തികളിൽ അത്രെ പകർന്നു വെക്കേണ്ടതു, എ
ന്നാൽ രണ്ടും കുറയാതെ നില്ക്കും. പിന്നെ പഴയതു കുടിച്ചിട്ടു ആർക്കും പു
39 തിയതു ഉടനെ രുചിക്കയില്ല; പഴയതു ഏറ നല്ലതു എന്നു പറകെയുള്ളു.

6. അദ്ധ്യായം

ശബ്ബത്തിൽ കതിർ പറിക്കുന്നതും, (6) കൈവറ്റവും മാറ്റിയതും [മത്താ 12. മാ. 2.], (12) അപോസ്തലരെ വരിച്ചതു [മത്താ. 10. മാ. 6.], (20) മലപ്രസംഗം പുരുഷാരത്തോടു സംക്ഷേപിച്ചു ചൊല്ലിയതു [മത്താ. 5, 7.]

1 പിന്നെ ദ്വിതീയാദ്യമായ ശബ്ബത്തിൽ ഉണ്ടായിതു: അവൻ വിളഭ്രമി
യൂടെ, കടന്നുപോകയിൽ, അവന്റെ ശിഷ്യന്മാർ കതിരുകളെ പറിച്ചു,
2 കൈകളുംകൊണ്ടു തിരുമ്പി തിന്നുമ്പൊൾ, പരീശരിൽ ചിലർ അവരോടു;
ശബ്ബത്തുകളിൽ വിഹിതമല്ലാത്തതു നിങ്ങൾ ചെയ്യുന്നതു എന്തു? എന്നു
3 പറഞ്ഞു. അവരോടു യേശു ഉത്തരം പറഞ്ഞിതു: ദാവിദും കൂടയുള്ളവരും
4 വിശന്നപ്പോൾ, ചെയ്തതു എന്തു എന്നുള്ളതും നിങ്ങൾ വായിച്ചില്ലയൊ?
അവൻ ദേവഭവനത്തിൽ പുക്കു, പുരോഹിതർക്കു മാത്രമല്ലാതെ ആർക്കും
തിന്നരുതാതെയുള്ള കാഴ്ചയപ്പങ്ങളെ വാങ്ങി തിന്നു, കൂടയുള്ളവർക്കും കൊ
5 ടുത്ത പ്രകാരം തന്നെ. പിന്നെ അവരോടു: മനുഷ്യപുത്രൻ ശബ്ബത്തിന്നും ക
ർത്താവാകുന്നു എന്നു പറഞ്ഞു.

6 മറ്റൊ ശബ്ബത്തിൽ അവൻ പള്ളിയിൽ പുക്കു ഉപദേശിക്കുമ്പൊൾ, വ
7 ലത്തു കൈ വറണ്ടുള്ള മനുഷ്യൻ അവിടെ ഉണ്ടു. ശബ്ബത്തിൽ സൌഖ്യമാ
ക്കുമൊ എന്നു ശാസ്ത്രികളും പരീശരും നോക്കി നിന്നു, അവനെ കുറ്റംചു
8 മത്തുന്ന സംഗതി കിട്ടുവാൻ അന്വേഷിച്ചു. അവരുടെ വിചാരങ്ങളെ അ
റിഞ്ഞിട്ടു, അവൻ വറണ്ട കൈയുള്ള മനുഷ്യനോടു: എഴുനീറ്റു നടുവിൽ

9 നില്ല്വ! എന്ന പറഞ്ഞു; അവനും എഴനീറു നിന്ന. യേശു അവരോടു പറ
ഞ്ഞു: ഞാൻ നിങ്ങളോട് (ഒന്ന) ചോദിക്കട്ടെ; ശബ്ബത്തുകളിൽ നന്മ ചെ
യ്യലയൊ, തിന്മ ചെയ്കയൊ, ജീവനെ രക്ഷിക്കയൊ, നശിപ്പിക്കയൊ
10 എന്തു വിഹിതം?എന്നിട്ട് അവരെ എല്ലാം ചുറും നോക്കി: നിന്റെ കൈ
നീട്ടുക! എന്ന് ആ മനുഷ്യനോടു പറഞ്ഞപ്പൊൾ, അവൻ അപ്രകാരം ചെ
11 യ്തു; അവന്റെ കൈ മാറത്തു പോലെ വഴിക്കെ വന്ന. അവരൊ ഭ്രാന്തു കൊ
ണ്ടുനിറഞ്ഞു, യേശുവെ എന്തു ചെയ്വെണ്ടു എന്ന തങ്ങളിൽ സംഭാഷിച്ചുകൊ
ണ്ടിരുന്ന.

12 ആ നാളുകളിൽ അവൻ പ്രാർത്ഥിക്കേണ്ടതിന്ന്, ഒരു മലമേൽ ചെന്ന,
13 ദേവപ്രാർത്ഥനയിൽ രാത്രി കഴിച്ചിരുന്ന. പകലായാറെ, തന്റെ ശിഷ്യൻ
മാരെ വിളിച്ചു കൂട്ടി, അവരിൽനിന്ന പന്തിരുവരെ തെരിഞ്ഞെടുത്ത്,
14 പൊസ്തലർ (പ്രേരിതർ) എന്ന പേരും ഇട്ടിതു, അവൻ (പാറ) പേത്രൻ
എന്ന വിളിച്ച ശിമോനും, അവന്റെ സഹോദരനായ അന്ത്രെയാവും, യാ
15 ക്കോബ്, യോഹനാൻ, എന്നവരും, ഫിലിപ്പൻ, ബർത്തൊല്മായും,
16 മത്തായി, തോമാവും ഹല്ഫായ്പുത്രനായ യാക്കോബ്,എരിവുകാരനാ
യ ശിമോനും, യാക്കോബിൻ യൂദാ, ദ്രോഹിയായ്തീർന്ന ഇഷ്കര്യോതാവാ
യ യൂദാവും എന്നവരെ തന്നെ.

17 പിന്നെ അവരോടു കൂടെ ഇറങ്ങി, സമഭ്രമിയിൽനിന്നു, അവന്റെ ശി
ഷ്യന്മാരുടെ സമൂഹവും സകല യഹൂദാ യരുശലേമിൽനിന്നും തൂർ, ചിദോൻ
എന്ന തീരദേശത്തിൽനിന്നും അവനെ കേൾപാനും തങ്ങളുടെ രോഗങ്ങൾ
ക്ക ശാന്തി ഉണ്ടാവാനും വന്നിട്ടുള്ള ബഹു പുരുഷാരവും കൂടെ (നില്ക്കയും.)
18 അശുദ്ധാത്മാക്കളാൽ പീഡിതർ സ്വസ്ഥരാക്കപ്പെടുകയും,ശക്തി അവനിൽ
19 നിന്നു പുറപ്പെട്ടു എല്ലാവരെയും സൌഖ്യമാക്കുകകൊണ്ടു, സമൂഹം ഒക്കയും
20 അവനെ തൊടുവാൽ ശ്രമിക്കയും ആയി. അവൻ ശിഷ്യരെ നോക്കി.
കണ്ണുകളെ ഉയത്തി പറഞ്ഞിതു: ദരിദ്രരായ നിങ്ങൾ ധന്യർ; ദേവരാജ്യം
21 നിങ്ങൾക്കത്രെ. ഇപ്പൊൾ, വിശന്നിരിക്കുന്ന നിങ്ങൾ ധന്യർ: നിങ്ങൾ
22 തൃപ്തരാകും. ഇപ്പൊൾ കരയുന്ന നിങ്ങൾ ധന്യർ; നിങ്ങൾ ചിരിക്കും. മനു
ഷ്യപുത്രൻ നിമിത്തം മനുഷ്യർ നിങ്ങളെ ദ്വേഷിച്ചു നിങ്ങൾ ഭ്രഷ്ടരാക്കി
നിന്ദിച്ചു, നിങ്ങളുടെ നാമം വിടക്ക് എന്ന തള്ളി എങ്കിൽ നിങ്ങൾ ധ
23 ന്യർ. ആ നാളിൽ സന്തോഷിച്ചു തുള്ളുവിൻ! കാരണം നിങ്ങളുടെ പ്രതി
ഫലം സ്വർഗ്ഗത്തിൽ ഇതാ വലിയതു: അതിനൊത്തവണ്ണം അവരുടെ പി
താക്കന്മാർ പ്രവാചകരോടും ചെയ്തുവല്ലൊ, എങ്കിലൊ, സമ്പന്നരായ
24 നിങ്ങൾക്ക് ഹാ കഷ്ടം! നിങ്ങളുടെ ആശ്വാസം ലഭിച്ചു തീർന്നുവല്ലൊ.
25 നിറവു വന്ന നിങ്ങൾക്ക് ഹാ കഷ്ടം! നിങ്ങൾക്കു വിശക്കെ ഉള്ള;ഇപ്പൊൾ
ചിരിക്കുന്ന നിങ്ങൾക്ക് ഹാ കഷ്ടം! നിങ്ങൾ ഖേദിച്ചു കരയും. എല്ലാ മനു
26 ഷ്യരും നിങ്ങളെകൊണ്ടു നന്മപറയുമ്പൊൾ, ഹാ കഷ്ടം! അതിനൊത്തവ
ണ്ണം അവരുടെ പിതാക്കൻമാർ കള്ളപ്രവാചകരോടും ചെയ്തുവല്ലൊ. വി
27 രോധിച്ചു കേൾക്കുന്ന നിങ്ങളോടു ഞാൻ പറയുന്ന: നിങ്ങളുടെ ശത്രുക്ക
ളെ സ്നേഹിപ്പിൻ; നിങ്ങളെ പകെക്കുന്നവർക്കു ഗുണം ചെയ്വിൻ; നിങ്ങ
28 ളെ ശപിക്കുന്നവരെ അനുഗ്രഹിപ്പിൻ; നിങ്ങളെ പ്രാകുന്നവർക്കായി പ്രാ
29 ർത്ഥിപ്പിൻ. നിന്നെ കവിൾക്ക് അടിക്കുന്നവനു മറെറതും കാട്ടിക്കൊടുക്ക;
നിന്റെ വസ്ത്രം എടുത്തുകളയുന്നവനോടു ശീലയും തടുക്കായ്ക. നിന്നോ
30 ട് അപേക്ഷിക്കുന്നവന് എല്ലാം കൊടുക്ക; നിന്റെവ എടുത്തു കൊള്ളുന്ന
31 വനോടു തിരികെ ചോദിക്കായ്ക. മനുഷ്യർ നിങ്ങൾക്ക് ഏതുപ്രകാരം
ചെയ്വെണം എന്നു നിങ്ങൾ ഇച്ഛിച്ചാൽ അപ്രകാരം അവക്കും ചെയ്വിൻ!—
32 പിന്നെ നിങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിച്ചാൽ, നിങ്ങൾക്ക് എന്തു
ഉപചാരം ഉള്ള? പാപികളും തങ്ങളെ സ്നേഹിക്കുന്നവരെ സ്നേഹിക്കുന്നവ
33 ല്ലൊ! പിന്നെ നിങ്ങൾക്ക് നന്മ ചെയ്യുന്നവരിൽ നന്മചെയ്താൽ നിങ്ങൾക്ക്

34 എന്തുപചാരം ഉള്ള? പാപികളും അതുതന്നെ ചെയ്യുന്നവല്ലൊ. ഇന്നവരോടു
തിരികെ കിട്ടും എന്നു് ആശിച്ചു കടം കൊടുത്താലും നിങ്ങൾക്കു് എന്തുപ
ചാരം ഉള്ള? പാപികളും ശരി വരെ തിരികെ കിട്ടേണ്ടതിന്നു പാപികൾക്കു
35 കടം കൊടുക്കുന്നവല്ലൊ. എങ്കിലൊ നിങ്ങളുടെ ശത്രുക്കളെ സ്നേഹിച്ചും,
നിരാശരായി ഒന്നും വിടുകളയാതെ നന്മചെയ്തും കടം കൊടുത്തും കൊൾ
വിൻ! എന്നാൽ നിങ്ങളുടെ പ്രതിഫലം വലുതാകും: നിങ്ങൾ അത്യുന്നത
36 ന്റെ മക്കൾ ആകയും ചെയ്യും; ആയവൻ കൃതഘ്നരിലും ദയാവാൻ ആകു
ന്നവല്ലൊ. അതുകൊണ്ടു നിങ്ങളുടെ പിതാവിന്നു് അയ്യോഭാവമുള്ളതു
37 പോലെ അയ്യോഭാവമുള്ളവരാകുവിൻ! (ന്യായം) വിധിക്കയും ഒല്ലാ, എ
ന്നാൽ നിങ്ങൾക്കും വിധിക്കപ്പെടുകയില്ല: ശിക്ഷ നിർണ്ണയിക്കൊല്ലാ;
എന്നാൽ നിങ്ങൾക്കു് ശിക്ഷാനിർണ്ണയം ഇല്ല; വിട്ടയപ്പിൻ! നിങ്ങളു
38 വിട്ടയക്കപ്പെടും. കൊടുപ്പിൻ, എന്നാൽ, നിങ്ങൾക്കു് തരപ്പെടും: അമൎന്ന
കുലുങ്ങി വഴിയുന്നൊരു നല്ല അളവു നിങ്ങളുടെ മടിയിൽ തരും; കാരണം
നിങ്ങൾ അളക്കുന്ന അളവിനാൽ നിങ്ങൾക്കും അളക്കപ്പെടും.

39 ഒരുപമയും അവരോടു പറഞ്ഞിതു: കുരുടൻ കുരുടനു വഴി കാട്ടുവാൻ മ
40 തിയൊ; ഇരുവരും കുഴിയിൽ വീഴുകയില്ലയൊ? ശിഷ്യൻ തന്റെ ഗുരു
വിനു മീതെയല്ല, അഭ്യാസം തികഞ്ഞിട്ടു് എല്ലാവനും സ്വഗുരുവിന്നു് ഒത്തു
41 വരികേ ഉള്ള. എന്നാൽ നിന്റെ സഹോദരന്റെ കണ്ണിലെ കരടു കണ്ടിട്ടും
42 സ്വന്ത കണ്ണിലെ കോൽ വിചാരിക്കാത്തതു് എന്തു? അല്ല, നിന്റെ കണ്ണി
ലെ കോൽ നോക്കാതെ, സഹോദര, നില്ല. നിന്റെ കണ്ണിലെ കരടു്
എടുത്തു കളയട്ടെ! എന്നു സഹോദരനോടു് എങ്ങിനെ പറഞ്ഞു കൂടും? വേഷ
ധാരിയെ, മുമ്പെ നിന്റെ കണ്ണിൽനിന്നു കോൽ കളക! അപ്പൊൾ സ
ഹോദരന്റെ കണ്ണിലെ കരടും കളവാൻ നോക്കാമല്ലൊ. എന്തെന്നാൽ
43 ആകാത്ത ഫലം ഉണ്ടാക്കുന്ന നല്ല മരം (ഒന്നും) ഇല്ല. പിന്നെ നല്ല ഫലം
44 ഉണ്ടാക്കുന്ന ആകാത്ത മരവും ഇല്ല; എല്ലാ മരവും അതതിന്റെ ഫലം
കൊണ്ടു് അറിയപ്പെടുന്നു; മുള്ളുകളിൽനിന്നു് അത്തിപ്പഴങ്ങളും ചേർക്കയും
45 ഞങ്ങകളിൽനിന്നു മുന്തിരിങ്ങ പറിക്കയും ഇല്ലല്ലൊ! നല്ല മനുഷ്യൻ സ്വ
ഹൃദയത്തിലെ നല്ല നിക്ഷേപത്തിൽനിന്നു നല്ലതു പുറപ്പെടുവിക്കുന്നു, ദുഷ്ട
മനുഷ്യൻ സ്വഹൃദയത്തിലെ ദുർന്നിക്ഷേപത്തിൽ നിന്നു ദോഷം പുറപ്പെടു
വിക്കുന്നു: ഹൃദയത്തിൽ നിറഞ്ഞു വഴിയുന്നതിൽ നിന്നല്ലൊ തന്റെ വായി
ഉരിയാടുന്നതു.

46 എന്നാൽ നിങ്ങൾ എന്നെ കൎത്താവെ, കൎത്താവെ, എന്നു വിളിച്ചുംകൊ
ണ്ടു ഞാൻ ചൊല്ലുന്നതു ചെയ്യാതിരിക്കുന്നതു് എന്തു? എന്റെ അടുക്കെ
47 വന്നു്, എൻവചനങ്ങളെ കേട്ടു ചെയ്യുന്നവൻ എല്ലാം ഇന്നവനോടു തുല്യൻ
48 എന്നു് കാട്ടിത്തരാം. വീടു പണിയുന്നതിൽ ആഴക്കുഴിച്ചു പാറമേൽ അടി
സ്ഥാനം ഇട്ട മനുഷ്യനോടു തുല്യനാകുന്നു. പിന്നെ നീർക്കവിച്ചൽ ഉണ്ടാ
യിട്ടു പുഴയും വീട്ടിനോടു തട്ടിയാറെയും അതു പാറമേൽ സ്ഥാപിച്ചതാക
49 കൊണ്ടു കുലുക്കുവാൻ കഴിഞ്ഞില്ല. കേട്ടിട്ടും ചെയ്യാത്തവനൊ, അടിസ്ഥാ
നം കൂടാതെ നിലത്തിന്മേൽ വീടു പണിയുന്ന മനുഷ്യനോടു തുല്യനത്രെ;
ആയതു പുഴ തട്ടിയ ഉടനെ വീണു, ആ വീട്ടിൻ ഇടിവു വലുതായും തീൎന്നു.

7. അദ്ധ്യായം

ശതാധിപന്റെ വിശ്വാസം [മത്താ. 8.], (11) വിധവാപുത്രനെ ജീവി
പ്പിച്ചതു, (18) സ്നാപകന്റെ ദൂതും ഗുണവർണ്ണനവും [മത്താ. 11.], (37)
പാപിയായ സ്ത്രീയാൽ അഭിഷേകം.

1 ജനങ്ങൾ കേൾക്കെ തന്റെ മൊഴികളെ ഒക്കയും തികച്ചപ്പോൾ, അവൻ
2 കഫർന്നഹൂമിൽ കടന്നു. അവിടെ ഒരു ശതാധിപന്നു പ്രിയനായ ദാസൻ
3 നന്നു വലഞ്ഞു, കഴിവാറായി, അവൻ യേശുവിന്റെ വസ്തുത കേട്ടു,
4 അവന്റെ അടുക്കെ യഹൂദരുടെ മൂപ്പന്മാരെ അയച്ചു, താൻ വന്നു ആ ദാസ
നെ രക്ഷിക്കേണ്ടതിന്നു, അവനോടു ചോദിപ്പിച്ചു; ആയവർ യേശുവോ
ടെത്തി, അവൻ നമ്മുടെ ജനം സ്നേഹിച്ചുകൊണ്ടു ഞങ്ങളുടെ പള്ളിയെ താൻ
തീർപ്പിച്ചതാകയാൽ, നീ ഇതു ചെയ്തുകൊടുപ്പാൻ പാത്രം ആകുന്നു. എന്നു
5 താല്പര്യത്തോടെ അവനെ പ്രബോധിപ്പിച്ചു. യേശു അവരോടുകൂടെ നട
6 ന്നു വീട്ടിന്നു ഒട്ടും ദൂരമല്ലാതായപ്പോൾ, ശതാധിപൻ അവനു ചങ്ങാതി
കളെ അയച്ചു പറഞ്ഞിതു: കർത്താവെ, അസഹ്യപ്പെടൊല്ലാ; നീ എന്റെ
7 പുരെക്കകത്തു വരുവാൻ ഞാൻ യോഗ്യനല്ലല്ലൊ. അതുകൊണ്ടു നിന്റെ
അടുക്കെ ചെല്ലുവാൻ ഞാൻ തന്നെ പാത്രം എന്നു തോന്നീട്ടില്ല; ഒരു വാക്കു
8 കൊണ്ടത്രെ കല്പിക്ക എന്നാൽ എന്റെ ബാല്യക്കാരൻ സ്വസ്ഥനാകും.
ഞാനുംകൂടെ അധികാരത്തിനു കീഴ്പെട്ട മനുഷ്യനാകുന്നുവല്ലൊ; ചേവകർ
എനിക്കടങ്ങുന്നുണ്ടു. (അതിൽ) ഇവനോടു യാത്രയാക എന്നു പറഞ്ഞാൽ യാ
ത്രയാകുന്നു, മറവനോടു വാ എന്നാൽ വരുന്നു, എന്റെ ദാസനോടു ഇതു
9 ചെയ്വി എന്നാൽ അവൻ ചെയ്യുന്നു. എന്നതു യേശു കേട്ടു, അവങ്കൽ ആ
ശ്ചര്യപ്പെട്ടു തിരിഞ്ഞുകൊണ്ടു, തന്റെ പിന്നാലെ വരുന്ന കൂട്ടത്തോടു:
ഞാൻ നിങ്ങളോടു പറയുന്നിതു: ഇസ്രയേലിൽ കൂടെ ഇത്ര വലിയ വിശ്വാ
10 സത്തെ ഞാൻ കണ്ടിട്ടില്ല എന്നു പറഞ്ഞു. അയക്കപ്പെട്ടവർ വീട്ടിൽ മടങ്ങി
വന്നാറെ, രോഗിയായ ദാസനെ സൌഖ്യത്തോടെ കണ്ടു.

11 പിറെറ (ദിവസത്തിൽ) ഉണ്ടായിതു: അവൻ നയിൻ എന്ന ഊരിലേക്കു
യാത്രയാകുമ്പോൾ, അവന്റെ ശിഷ്യന്മാർ പലരും വളരെ പുരുഷാരവും
12 കൂടെ പോയി. ഊരിന്റെ വാതിലോടു അണഞ്ഞപ്പോൾ, കണ്ടാലും വി
ധവയാകുന്ന അമ്മെക്കു, ഏകജാതനായ മകൻ ചത്തിട്ടു പുറത്തു കൊണ്ടു
13 പോകപ്പെടുന്നു, ഊർക്കാരുടെ വലിയ സമൂഹവും അവളോടു കൂട ഉണ്ടു. അ
വളെ കണ്ടിട്ടു കർത്താവു കരളലിഞ്ഞു, അവളോടു: കരയല്ല എന്നു പറഞ്ഞു,
14 അടുത്തു വന്നു മഞ്ചത്തെ തൊട്ടു, ചുമക്കുന്നവരും നിന്നു. ബാല്യക്കാര, ഞാൻ
15 നിന്നോടു പറയുന്നിതു: ഉണർന്നു വാ എന്നു അവൻ പറഞ്ഞാറെ, ചത്തവൻ
16 ഇരുന്നു കൊണ്ടു ഉരിയാടി തുടങ്ങി; അവനെ അമ്മെക്കു കൊടുക്കയും ചെ
യ്തു. എല്ലാവരും ഭയം പിടിച്ചിട്ടു, ഒരു വലിയ പ്രവാചകൻ നമ്മിൽ ഉദി
ച്ചിരിക്കുന്നു എന്നും, ദൈവം സ്വജനത്തെ സന്ദർശിച്ചു എന്നും ചൊല്ലി,
17 ദൈവത്തെ മഹത്വീകരിച്ചു. അവനെ കൊണ്ടുള്ള ഈ വാക്കു സകല യഹൂദ
യിലും ചുറുമുള്ള നാടെങ്ങും പരക്കയും ചെയ്തു.

18 ഇവ ഒക്കയും യോഹനാന്റെ ശിഷ്യന്മാർ അവനെ കേൾപ്പിച്ചാറെ,
19 യോഹനാൻ സ്വശിഷ്യരിൽ ഇരുവരെ വിളിച്ചു, യേശുവിന്റെ അടുക്കെ
20 അയച്ചു: വരുവാനുള്ളവൻ നീയൊ, ഞങ്ങൾ മറെറവനെ കാത്തിരിക്കയൊ
എന്നു പറയിച്ചു. ആ പുരുഷർ അവനോടു എത്തി പറഞ്ഞിതു: യോഹ
നാൻ സ്നാപകൻ ഞങ്ങളെ നിന്റെ അടുക്കൽ അയച്ചു വരുന്നവൻ നീയോ
21 മറെറവനെ കാത്തിരിക്കയൊ എന്നു ചോദിപ്പിച്ചു. ആ നാഴികയിൽ അ
വൻ പലർക്കും, വ്യാധികളും, ദണ്ഡങ്ങളും, ദുരാത്മാക്കളെയും മാററി, പല
22 കുരുടന്മാർക്കും കാഴ്ച സമ്മാനിച്ചു. പിന്നെ അവരോടു ഉത്തരം ചൊല്ലിയ
തു: നിങ്ങൾ കേട്ടു കണ്ടവ യോഹനാനെ ചെന്നു അറിയിപ്പിൻ: കുരുടർ
കാണുന്നു, മുടന്തർ നടക്കുന്നു. രോഗികൾ ശുദ്ധരായ്ചമയുന്നു, ചെവിടർ
കേൾക്കുന്നു, മരിച്ചവർ ഉണർന്നു വരുന്നു. ദരിദ്രരെ സുവിശേഷം കേൾപി
23 ക്കുന്നു: പിന്നെ എങ്കൽ ഇടറി പോകാത്തവൻ എല്ലാം ധന്യൻ എന്നത്രെ.
24 യോഹനാന്റെ ദൂതർ പോയശേഷം, അവൻ പുരുഷാരങ്ങളോടു യോഹ
നാനെകൊണ്ടു പറഞ്ഞു തുടങ്ങിയതു: നിങ്ങൾ എന്തു നോക്കുവാൻ

25 മരുഭൂമിയിലേക്ക് പുറപ്പെട്ടു പോയി? കാററിനാൽ ഉലയുന്ന ഓടയൊ? അ
ല്ല, എന്തു കാണ്മാൻ പുറപ്പെട്ടു? നേരിയ വസ്ത്രങ്ങൾ ധരിച്ച മനുഷ്യനെയൊ?
കണ്ടാലും മോടിയിൽ ഉടുത്തും, പുളെച്ചും, നടക്കുന്നവർ രാജധാനികളില
26 ത്രെ ആകുന്നു. അല്ല എന്തു കാണ്മാൻ പുറപ്പെട്ടു? പ്രവാചകനെയൊ? അതെ
ഞാൻ നിങ്ങളോടു പറയുന്നു: പ്രവാചകനും മീതെയുള്ളതും (കണ്ടതു) (മല.
27 3,1.) ഇതാ നിന്റെ മുമ്പിൽ നിണക്കു വഴിയെ ഒരുക്കുവാനായി, എന്റെ
ദൂതനെ നിൻമുഖത്തിൻ മുമ്പാകെ അയക്കുന്നു എന്നു് എഴുതിക്കുറിച്ചുള്ളവൻ
28 ഇവനാകുന്നു. ഞാൻ നിങ്ങളോടു പറയുന്നിതു: സ്ത്രീകളിൽ ജനിച്ചവരിൽ
യോഹനാൻ സ്നാപകനേക്കാളും വലിയ പ്രവാചകൻ ആരും ഇല്ല; ദേവ
രാജ്യത്തിൽ ഏററവും ചെറിയവൻ അവനിലും വലുതാകുന്നു താനും. പിന്നെ
29 സകല ജനങ്ങളും ചുങ്കക്കാരും യോഹനാന്റെ സ്നാനത്തിൽ മുഴുകികൊണ്ടു,
30 ദൈവത്തെ നീതീകരിച്ചു. പരീശരും വൈദികന്മാരും അവനാൽ സ്നാനം
ഏല്ക്കാതെ, ദൈവത്തിൻ ആലോചനയെ തങ്ങൾക്കു് പരാതെ വ്യർത്ഥമാ
31 ക്കിയതെ ഉള്ളു? ആകയാൽ ഈ തലമുറയുടെ മനുഷ്യരെ എതിനോടു ഉപ
32 മിക്കേണ്ടു; അവർ ആരോടു് ഒക്കുന്നു? കുട്ടികൾ ചന്തസ്ഥലത്തു് ഇരുന്നു അ
ന്യോന്യം വിളിച്ചു: ഞങ്ങൾ നിങ്ങൾക്കായി കുഴലൂതി, നിങ്ങൾ തുള്ളി
യതും ഇല്ല, നിങ്ങൾക്കായി വിലാപം പാടി, നിങ്ങൾ കരഞ്ഞതും ഇല്ല;
33 എന്നു പറയുന്നതിനോടു് ഒക്കുന്നു. എങ്ങിനെ എന്നാൽ യോഹനാൻ സ്നാപ
കൻ അപ്പം ഭക്ഷിക്കാതെയും, വീഞ്ഞു് കുടിക്കാതെയും വന്നിരിക്കെ,
34 അവനു ഭ്രതം ഉണ്ടെന്നു നിങ്ങൾ പറയുന്നു: മനുഷ്യപുത്രൻ തിന്നും കുടിച്ചും
കൊണ്ടു വന്നിരിക്കെ, ഇതാ തിന്നിയും കുടിയനും ആകുന്ന ആൾ, ചുങ
35 ക്കാർക്കും പാപികൾക്കും സ്നേഹിതനത്രെ എന്നു പറയുന്നു. ജ്ഞാനം എ
ന്നവളെ തന്റെ എല്ലാമക്കളിലും നീതികരിക്കപ്പെട്ടു.

36 പരീശന്മാരിൽ ഒരുത്തൻ തന്നോടുകൂട ഭക്ഷിപ്പാൻ അവനെ ക്ഷണിച്ച
പ്പോൾ അവൻ പരീശന്റെ വീട്ടിൽ കടന്നു ചാരികൊണ്ടു. ആ ഊരിൽ
37 പാപിയായ ഒരു സ്ത്രീ, അവൻ പരീശന്റെ വീട്ടിൽ ചാരികൊള്ളുന്നതു്
38 അറിഞ്ഞു. തൈലഭരണി കൊണ്ടുവന്നു. പിറകിൽ അവന്റെ കാല്ക്കൽ കര
ഞ്ഞു നിന്നു, കണ്ണുനീർ കൊണ്ടു് അവന്റെ കാലുകളെ നനെച്ചു തുടങ്ങി ത
ന്റെ തലമുടികൊണ്ടു തുടെച്ചു, കാലുകളെ ചുംബിച്ചു, തൈലം കൊണ്ടു
39 പൂശി. അവനെ വിളിച്ച പരീശൻ അതു കണ്ടു, തന്നിൽ തന്നെ പറഞ്ഞി
തു: ഇവൻ പ്രവാചകനായെങ്കിൽ, തന്നെ തൊടുന്ന സ്ത്രീ ആർ എന്നും ഇ
40 ന്നവളെന്നും പാപി അത്രെ എന്നും അറിയുമായിരുന്നു. അതിനു യേശു: ശി
മോനെ നിന്നോടു് ഒന്നു പറവാനുണ്ടു എന്നരുച്ചപ്പോൾ: ഗുരൊ, പറഞ്ഞാ
41 ലും എന്നു് അവൻ പറഞ്ഞു. എങ്കിലൊ ഒരു പട്ടണക്കാരനു രണ്ടു കടക്കാർ
ഉണ്ടായതിൽ, ഒരുത്തൻ അഞ്ഞുറു ദ്രഹ്മയും, മറവൻ അമ്പതു ദ്രഹ്മയും കൊ
42 ടുപ്പാനുണ്ടു. വീട്ടുവാൻ അവർക്കു വക ഇല്ലായ്കയാൽ, അവൻ ഇരുവർക്കും
ഇളെച്ചു കൊടുത്തു എന്നാൽ ഇവരിൽ ആർ അവനെ അധികം സ്നേഹിക്കും?
43 എന്നതിനു ശിമോൻ പറഞ്ഞു: അധികം ഇളെച്ചു കിട്ടിയവൻ എന്നു്
ഊഹിക്കുന്നു; എന്നാറെ, അവനോടു്: നീ നേരായി വിധിച്ചു എന്നു ചൊ
44 ല്ലി, സ്ത്രീയെ നോക്കി തിരിഞ്ഞു. ശിമോനോടു പറഞ്ഞു: ഈ സ്ത്രീയെ
കാണുന്നുവൊ? ഞാൻ നിന്റെ വീട്ടിൽ കടന്നു, നീ എൻ കാലുകൾക്കു്
വെള്ളം തന്നില്ല; ഇവളൊ കണ്ണുനീർകൊണ്ടു് എൻ കാലുകളെ നനെച്ചു,
45 തന്റെ മുടികൊണ്ടു തുടെച്ചു. നീ എനിക്കു് ചുംബനം തന്നില്ല; ഇവളൊ
ഞാൻ പ്രവേശിച്ചതു മുതൽ എന്റെ കാലുകളെ വിടാതെ, ചുംബിച്ചു. നീ
46 നെയികൊണ്ടു് എന്റെ തലയെ തേച്ചിട്ടില്ല; ഇവളൊ തൈലം കൊണ്ടു്
47 എൻ കാലുകളെ പൂശി. ആകയാൽ, ഇവൾ വളരെ സ്നേഹിച്ചതുകൊണ്ടു്
അവളുടെ അനേകപാപങ്ങളും മോചിക്കപ്പെട്ടു എന്നു് ഞാൻ നിന്നോടു പ
48 റയുന്നു: അല്പം മോചിക്കപ്പെട്ടുള്ളവൻ അല്പം സ്നേഹിക്കുന്നു. പിന്നെ

അവളോട: നിന്റെ പാപങ്ങ൦ മോചിക്കപ്പെട്ടിരിക്കുന്ന എന്ന പറഞ്ഞു.
49 പന്തിയിൽ കൂടിയിരിക്കുന്നവർ പാപങ്ങളും മോചിക്കുന്നോരിവൻ ആരു
50 പോൽ എന്ന തങ്ങളിൽ പറഞ്ഞു തുടങ്ങി. അവനും സ്ത്രീയോട: നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്ന; സമാധാനത്തിൽ പോക എന്ന പറഞ്ഞു.

8. അദ്ധ്യായം

യേശുവെ ശുശ്രൂഷിക്കുന്ന സ്ത്രീകം, (4) വിതെക്കുന്നവന്റെ ഉപമയും മ റും [മത്താ. 13. മാ. 4.], (19) യേശുവിൻ ബന്ധുക്കം ആർ എന്നതു [മത്താ. 12. മാ. 3.], (22) കൊടുങ്കാറും, ഭ്രതോപദ്രവവും ശമിപ്പിച്ചതു [മത്താ. 8. മാ. 4.], (40) രക്തവാച്ചുക്കാരത്തിയും യായീർപുത്രിയും [മത്താ. 9. മാ. 5]

1 ശേഷത്തിങ്കൽ ഉണ്ടായിതു: അവൻ ദേവരാജ്യത്തെ ഘോഷിച്ചും, സു
വിശേഷിച്ചുംകൊണ്ടു, പട്ടണവും ഊരുംതോറും പെരുമാറി നടന്നു. അവ
2 നോടു കൂടെ പന്തിരുവരുമല്ലാതെ, ഏഴു ഭ്രതങ്ങ൦ വിട്ടുപോയ മഗ്ദലക്കാര
3 ത്തി എന്ന മറിയയും, ഹെരോദാവിൻ വിചാരണക്കാരനായ കൂജാവിൻ ഭാര്യ യോഹന്നയും ശുശന്നയും ഇവരും മറും അവൻ ദുരാത്മാക്കളെയും, വ്യാധികളെയും നീക്കി, സൌഖ്യം വരുത്തിയ പല സ്ത്രീകളും തങ്ങ൦കളുള്ളതിൽനിന്നു അവനു ശുശ്രൂഷചെയ്തു കൂടെ നടന്നു.

4 ഊർ തോറും വസിക്കുന്നവർ അവനടുക്കലേക്കു യാത്രയാകകൊണ്ടു, വള
രെ പുരുഷാരം കൂടിവരുമ്പോ൦, അവൻ ഉപമയാൽ പറഞ്ഞിതു: വിതെ
5 ക്കുന്നവൻ തന്റെ വിത്തു വിതെപ്പാൻ പുറപ്പെട്ടു; വിതെക്കുമ്പോ൦, ചില
തു വഴിയരികെ വീണു, ചവിട്ടപ്പെട്ടു, ആകാശത്തിലെ പറജാതികളും
6 അതിനെ തിന്നു കളഞ്ഞു. മറെറതു പാറമേൽ വീണു മുളെച്ചു, പിന്നെ നന
7 വില്ലായ്കയാൽ ഉണങ്ങിപോയി. മറെറതു മുള്ളുകളുടെ നടുവിൽ വീണു,
8 മുള്ളുകളും കൂടെ പൊടിച്ചു അതിനെ ഞെരുക്കിക്കളഞ്ഞു. മറെറതു നല്ല ഭ്രമി
യിൽ വീണു മുളെച്ചു, നൂറു വീതം ഫലം ഉണ്ടാക്കയും ചെയ്തു; എന്നു ചൊല്ലി
യാറെ; കേ൦പാൻ ചെവികം ഉള്ളവൻ കേ൦ക്കുക എന്നു വിളിച്ചു.

9 പിന്നെ അവന്റെ ശിഷ്യന്മാർ: ഈ ഉപമ എന്തു് എന്നു് അവനോടു,
10 ചോദിച്ചതിനു പറഞ്ഞിതു: ദേവരാജ്യത്തിന്റെ മർമ്മങ്ങളെ അറിവാനുള്ള
വരം നിങ്ങ൦ക്കു നല്കപ്പെട്ടിരിക്കുന്നു; ശേഷമുള്ളവക്കു ഉപമകളിലത്രെ (വന്ന
11 തു); അവർ കണ്ടിട്ടും കാണായ്വാനും, കേട്ടിട്ടും ഗ്രഹിക്കായ്വാനും ത
12 ന്നെ. ഉപമയൊ എന്തെന്നാൽ, വിത്തു ദേവവചനം ആകുന്നു; വഴിയരികെ
ഉള്ളവർ കേ൦ക്കുന്നവരത്രെ; പിന്നെ അവർ വിശ്വസിച്ചു രക്ഷപെടാതി
രിപ്പാൻ പിശാചു് വന്നു്, അവരുടെ ഹൃദയത്തിൽനിന്നു വചനം എടുത്തു
13 കളയുന്നു. പാറമേലുള്ളവരൊ, കേട്ടിട്ടു വചനം സന്തോഷത്തോടെ കൈ
ക്കൊള്ളുന്നവരെങ്കിലും തല്ക്കാലത്തിൽ വിശ്വസിച്ചും പരീക്ഷാസമയത്തിൽ
14 ഭ്രംശിച്ചു പോയും കൊണ്ടു് ഇങ്ങിനെ വേരില്ലാത്തവരത്രെ. മുള്ളുകളിൽ വീ
ണതൊ കേട്ടിട്ടും പോയ്ക്കൊണ്ടു, ചിന്തകളാലും ധനത്താലും സംസാരഭോഗ
15 ങ്ങളാലും ഞെരുങ്ങി, ഫലം കായ്ക്കാതെ ഇരിക്കുന്നവർ. നല്ല മണ്ണിൽ ഉള്ള
തൊ, വചനം കേട്ടു, ഗുണമുള്ള നല്ല ഹൃദയത്തിൽ സംഗ്രഹിച്ചു, ക്ഷാന്തി
16 യോടെ ഫലം തരുന്നവർ ആകുന്നു. വിളക്കു കൊളുത്തീട്ടു് ആരും പാത്രം
കൊണ്ടു മൂടുകയൊ, കട്ടിലിന്നീഴെ ആക്കുകയൊ, ചെയ്യാതെ, പ്രവേശിക്കുന്ന
17 വർ വെളിച്ചം കാണേണ്ടതിന്നു വിളക്കു തണ്ടിന്മേൽ അത്രെ ഇടുന്നു. എങ്ങി
നെ എന്നാൽ വെളിപ്പെടാതെ ഗൂഢമായതു് ഒന്നും ഇല്ല. തിരിഞ്ഞു വന്നു

18 വെളിച്ചത്താകാതെ മറവായതും ഒന്നും ഇല്ല. ആകയാൽ, നിങ്ങൾ കേൾ
ക്കുന്നപ്രകാരം നോക്കുവിൻ! ഏവൻ ഉള്ളവനായാലും അവനു കൊടുക്ക
പ്പെടും; ഏവൻ ഇല്ലാത്തവനായാൽ, ഉണ്ടെന്നു തോന്നുന്നതും കൂടെ അവ
നോട് എടുക്കപ്പെടും.
19 അവന്റെ അമ്മയും സഹോദരരും എത്തിയാറെ, പുരുഷാരം നിമിത്തം
20 അവനോടു ചേരുവാൻ കഴിയാതിരുന്നു. അപ്പോൾ, നിന്റെ അമ്മയും, സ
21 ഹോദരരും, നിന്നെ കാണ്മാൻ ഇച്ഛിച്ചു, പുറത്തു നില്ക്കുന്നു എന്ന് അവനെ
അറിയിച്ചവരോട്: എന്റെ അമ്മയും എന്റെ സഹോദരരും എങ്കിലൊ,
ദേവവചനത്തെ കേട്ടു ചെയ്കകൊള്ളുന്നവരത്രെ എന്ന് അവൻ ഉത്തരമാ
യി പറഞ്ഞു.
22 ആ ദിവസങ്ങളിൽ ഒന്നിൽ അവൻ ശിഷ്യരുമായി പടകിൽ കരേറി;
നാം പൊയ്കയുടെ അക്കരെ കടന്നു പോക എന്ന് അവരോടു പറഞ്ഞു. അ
23 വർ നീക്കി ഓടുമ്പോൾ, അവൻ ഉറങ്ങിപ്പോയി; പിന്നെ ചുഴലിക്കാറു
24 പൊയ്കമേൽ ഇറങ്ങി, തട്ടി അവർ (വെള്ളം) നിറഞ്ഞിട്ടു പ്രാണഭയത്തിലാ
യി, അടുക്കെ ചെന്നു: നായക, നായക, ഞങ്ങൾ നശിച്ചുപോകുന്നു എന്ന് അ
വനെ ഉണൎത്തി, അവനും എഴുനീറു, കാറ്റിനേയും വെള്ളത്തിൻ മോതയേ
25 യും ശാസിച്ചു: അവയും അമൎന്നു, ശാന്തത ഉണ്ടാകയും ചെയ്തു. പിന്നെ അവരോ
ടു: നിങ്ങളുടെ വിശ്വാസം എവിടെ? എന്നു പറഞ്ഞു: എന്നാൽ കാറ്റുകളും
വെള്ളവും അനുസരിക്കുമാറ് ആജ്ഞാപിക്കുന്നതു കൊണ്ടു, ഇവൻ ആരു
പോൽ എന്ന് അവർ തങ്ങളിൽ ചൊല്ലി പേടിച്ചു, ആശ്ചൎയ്യപ്പെടുകയും
ചെയ്തു.
26 അവർ ഓടി. ഗലീലെക്ക് നേരെയുള്ള ഗദരദേശത്തിൽ അണഞ്ഞാറെ,
27 അവൻ കരെക്ക് ഇറങ്ങിയപ്പോൾ, ആ പട്ടണത്തിൽ നിന്ന് ഒരാൾ അവ
നെ എതിരേറ്റു: ആയവൻ ബഹുകാലം ഭ്രതങ്ങൾ ഉറഞ്ഞിട്ടു, വസ്ത്രം ഉടു
28 ക്കാതെ, വീട്ടിലല്ല; തറകളിൽ തന്നെ വസിക്കുന്നവൻ. പിന്നെ യേശു
വെ കണ്ടു നിലവിളിച്ചു, അവന്മുമ്പിൽ വീണു; ആയവൻ അശുദ്ധാത്മാ
വോട് ആ മനുഷ്യനിൽനിന്നു പുറപ്പെട്ടു പോവാൻ ആജ്ഞാപിച്ചതുകൊ
ണ്ടു: മഹോന്നത ദൈവത്തിന്റെ പുത്രനായ യേശുവെ! എനിക്കും നിണക്കും
എന്തു? നീ എന്നെ പീഡിപ്പിക്കാതിരിപ്പാൻ യാചിക്കുന്നു എന്നു മഹാശബ്ദ
29 ത്തോടെ പറഞ്ഞു. അത് വളരെ കാലമായി അവനെ പറിച്ചു കൊണ്ടിരു
ന്നു; പിന്നെ അവൻ ചങ്ങലകളാലും തളകളാലും കെട്ടി, സൂക്ഷിക്കപ്പെട്ടാ
ലും, ബന്ധനങ്ങളെ തകൎത്തു ഭ്രതത്താൽ കാടുകളിൽ തെളിക്കപ്പെട്ടു പോകും.
30 യേശു അവനോടു: നിന്റെ പേർ എന്ത്? എന്നു ചോദിച്ചതിന്നു, അ
നേകം ഭ്രതങ്ങൾ അവനിൽ പ്രവേശിച്ചതുകൊണ്ടു ലെഗ്യ്യാൻ എന്നു പറ
31 ഞ്ഞു. തങ്ങളെ അഗാധത്തിലേക്ക് പൊയ്പ്പോവാൻ നിയോഗിക്കരുത് എ
32 ന്ന് അവനോട് അപേക്ഷിച്ചു. അവിടെ മലയിൽ പെരുത്ത പന്നിക്കൂട്ടം
മേയുന്നുണ്ടു; ഇവറ്റിൽ പ്രവേശിക്കത്തക്കവണ്ണം തങ്ങൾക്ക് അനുവാദം ത
രേണ്ടതിന്ന് അവനോട് അപേക്ഷിച്ചു; അവനും അനുവാദം കൊടുത്തു. അ
33 പ്പോൾ, ഭ്രതങ്ങൾ മനുഷ്യനിൽനിന്നു പുറപ്പെട്ടു, പന്നികളിൽ കടന്ന
പ്പോൾ, കൂട്ടം ഞെട്ടി, കടുന്തുക്കത്തുടെ പൊയ്കയിൽ പാഞ്ഞിറങ്ങി,
34 കുടിച്ചു ചാകയും ചെയ്തു. ഈ ഉണ്ടായതു മേയ്ക്കുന്നവർ കണ്ടു, മണ്ടിപോയി,
35 പട്ടണത്തിലും നിലങ്ങളിലും അറിയിച്ചു. ഉണ്ടായതു കാണ്മാൻ (പലരും)
പുറപ്പെട്ടു, യേശുവോട് എത്തി, ഭ്രതങ്ങൾ നീങ്ങിപ്പോയ മനുഷ്യൻ
വസ്ത്രം ഉടുത്തും സുബോധത്തോടും, യേശുവിൻ കാൽക്കൽ ഇരിക്കുന്നതും കണ്ടു
36 ഭയപ്പെട്ടു. ഭ്രതഗ്രസ്തൻ രക്ഷപെട്ട പ്രകാരം കാണികൾ അവരോട് അറി
37 യിച്ചപ്പോൾ ഗദരപ്രദേശത്തിലെ ജനക്കൂട്ടം എല്ലാം വലിയ ഭയം അകപ്പെ
ടുകകൊണ്ടു, തങ്ങളെ വിട്ടുപോവാൻ അവനോട് ചോദിച്ചു: അവനും പട
38 കേറി മടങ്ങിപോയി. ഭ്രതങ്ങൾ പുറപ്പെട്ടു പോയ ആൾ, അവനോടു കൂട

39 ഇരിപ്പാൻ യാചിച്ചാറെയും: നിൻെറ വീട്ടിൽ തിരികെ ചെന്നു, ദൈവം
നിണക്കു് ചെയ്തതു് എല്ലാം കഥിക്ക എന്നു ചൊല്ലി അവനെ അയച്ചു:
അവനും പോയി യേശു തനിക്കു് ചെയ്തതു് ഒക്കയും പട്ടണത്തിൽ എല്ലാ
ടവും ഘോഷിച്ചു നടന്നു.
40 യേശു മടങ്ങി വരുമ്പോൾ, എല്ലാവരും അവനെ കാത്തു നില്ക്കുന്നതുകൊ
41 ണ്ടു പുരുഷാരം അവനെ കൈക്കൊണ്ടു കണ്ടാലും പള്ളിക്കു മൂപ്പനായ യാ
യീർ എന്നു പേരുള്ള പുരുഷൻ വന്നു, യേശുവിൻെറ കാല്ക്കൽ വീണു: ത
42 നിക്കു പന്ത്രണ്ടു വയസ്സുള്ള ഒറ്റ മകളായവൾ മരിക്കുന്നതു കൊണ്ടു, തൻെറ
വീട്ടിൽ വരേണം എന്നു് അവനോടു അപേക്ഷിച്ചു. അവൻ ചെല്ലുമ്പോൾ,
43 പുരുഷാരങ്ങൾ അവനെ തിക്കി വന്നു; അപ്പോൾ, പന്തീരാണ്ടു രക്തവാച്ചു
44 യുള്ളൊരു സ്ത്രീ, വൈദ്യന്മാർക്കായി മുതലും എല്ലാം അഴിച്ചു കളഞ്ഞിട്ടും,
ഭേദം ആരാലും വന്നുകൂടാഞ്ഞതിൻെറ ശേഷം, പിറകിൽ അടുത്തു ചെന്നു്,
അവൻെറ വസ്ത്രത്തിൻ തോങ്കലെ തൊട്ടു; അവളിൽ രക്തവാർച്ച പെട്ടന്നു
45 നിന്നു പോകയും ചെയ്തു. യേശു: എന്നെ തൊട്ടതു് ആർ? എന്നു ചോദി
ച്ചതിന്നു്, എല്ലാവരും ഇല്ല എന്നു പറയുമ്പോൾ, പേത്രൻ മുതലായവർ
പറഞ്ഞു: നായക, പുരുഷാരങ്ങൾ നിന്നെ തിക്കി തിരക്കികൊണ്ടിരിക്കെ
46 എന്നെ തൊട്ടതു് ആർ എന്നു നീ പറയുന്നുവൊ? എന്നിട്ടും യേശു: എന്നെ
47 ആരാനും തൊട്ടു; എങ്കൽ നിന്നു ശക്തി പുറപ്പെട്ടതു ബോധിച്ചുവല്ലൊ. പി
ന്നെ സ്ത്രീ താൻ മറയാഞ്ഞതു കണ്ടു, വിറെച്ചും വന്നു അവന്മുമ്പിൽ വീണു്,
അവനെ തൊട്ട സംഗതിയും പെട്ടെന്നു സൌഖ്യമായതും സകല ജനത്തി
48 നും മുമ്പാകെ അറിയിച്ചു. അവളോടു് അവൻ പറഞ്ഞു: മകളെ, ധൈര്യ
49 ത്തോടിരിക്ക; നിൻെറ വിശ്വാസം നിന്നെ രക്ഷിച്ചു, സമാധാനത്തിൽ
പോക. ഇങ്ങിനെ പറയുമ്പോൾ തന്നെ, പള്ളിമൂപ്പൻെറ ഒരാൾ വന്നു:
നിൻെറ മകൾ മരിച്ചുപോയി, ഗുരുവിനെ അസഹ്യപ്പെടുത്തൊല്ല എന്നു
50 പറഞ്ഞതു യേശു കേട്ടാറെ: ഭയപ്പെടായ്ക, വിശ്വസിക്കെ ആവു, എന്നാൽ
അവൾ രക്ഷപെടും എന്നു് അവനോടു് ഉത്തരം പറഞ്ഞു. വീട്ടിൽ എത്തി
51 യാറെ, പേത്രൻ യോഹനാൻ, യാക്കോബു് എന്നവരെയും കുട്ടിയുടെ അ
മ്മയപ്പന്മാരെയും അല്ലാതെ. ആരെയും അകത്തു വരുവാൻ സമ്മതിച്ചില്ല.
52 അവിടെ എല്ലാവരും അവളെ ചൊല്ലി കരഞ്ഞും തൊഴിച്ചും കൊള്ളുമ്പോൾ:
53 കരയല്ല, അവൾ മരിച്ചില്ല: ഉറങ്ങുന്നത്രെ എന്നു് അവൻ പറഞ്ഞു. അവൾ
54 മരിച്ചു എന്നു് അവർ അറിഞ്ഞു്, അവനെ പരിഹസിച്ചു, അവനോ എ
ല്ലാവരെയും പുറത്താക്കി, അവളുടെ കൈയെ പിടിച്ചു: കുട്ടി എഴുനീല്ക്ക!
55 എന്നു് അവളോടു വിളിച്ചു പറഞ്ഞു. അവളുടെ ആത്മാവു് തിരികെ വ
ന്നിട്ടു് അവൾ പെട്ടന്നു എഴുനീറ്റു, അവൾക്കു തിന്മാൻ കൊടുക്കേണം
56 എന്നു് അവൻ കല്പിക്കയും ചെയ്തു. അവളുടെ പിതാക്കൾ വിസ്മയിച്ചു;
ഉണ്ടായതു് ആരോടും പറയാതിരിപ്പാൻ താൻ അവരോടു് ആജ്ഞാപി
ക്കയും ചെയ്തു.

9. അദ്ധ്യായം

അപോസ്തലരെ നിയോഗിച്ചതു [മത്താ. 10. മാ. 6.], (7) 5000ആൾക്കു ഭോജനം [മത്താ. 14. മാ. 6. യോ. 6.], (18) ശിമോൻെറ സ്വീകാരവും മരണപ്രവചനവും [മത്താ. 16. മാ. 8.], (28) രൂപാന്തരവും (37) അപസ്മാര ശാന്തിയും [മത്താ. 17. മാ. 9.], (16) കുട്ടിപ്രായമായ ഭാവം [മത്താ. 18. മാ. 9.], (51) ശമര്യയിൽ കടപ്പു, (57) മൂന്നു ശിഷ്യരോടു കല്പിച്ചതു [മത്താ. 8.]

1 പിന്നെ അവൻ പന്തിരുവരെ കൂടെ വിളിച്ചു, എല്ലാഭൂതങ്ങളുടെ മേലും

വ്യാധികളെ മാറുവാനും അവർക്കു ശക്തിയും അധികാരവും കൊടുത്തു. ദേ
2 വരാജ്യം ഘോഷിപ്പാനും രോഗികളെ സ്വസ്ഥരാക്കുവാനും അയച്ചു പറ
3 ഞ്ഞിതു: വഴിക്കായിട്ടു വടികളും പൊക്കണവും അപ്പവും പണവും എടുത്തു
4 കൊള്ളരുത്; ഈരണ്ടു ഉടുപ്പും അരുതു. ഏതു വീട്ടിൽ കടന്നാലും, അവി
5 ടെ പാർപ്പിൻ; പിന്നെ അവിടെനിന്നു പുറപ്പെടുകയും ചെയ്വിൻ. ആർ
എങ്കിലും നിങ്ങളെ കൈക്കൊള്ളാതിരുന്നാൽ, ആ പട്ടണം വിട്ടു, നിങ്ങ
ളുടെ കാലുകളിൽനിന്നു ധൂളിയെ അവരുടെ നേരെ സാക്ഷ്യത്തിന്നായി
6 കുടഞ്ഞു കളവിൻ. അവരും പുറപ്പെട്ടു, എങ്ങും സുവിശേഷിച്ചും സൌഖ്യ
മാക്കിക്കൊണ്ടു ഊർതോറും കടന്നു പോന്നു.
7 അവനാൽ സംഭവിക്കുന്നതു എല്ലാം ഇടപ്രഭുവായ ഹെരോദാ കേട്ടു.
8 യോഹനാൻ മരിച്ചവരിൽനിന്നു ഉണർന്നു വന്നു എന്നു ചിലരും, ഏലീ
യാ വിളങ്ങി വന്നു എന്നു ചിലരും, പുരാണപ്രവാചകരിൽ ഒരുത്തൻ എഴു
നീറു എന്നു മറെവരും പറക കൊണ്ടു ഹെരോദാ ചഞ്ചലിച്ചതിനെറ ശേ
9 ഷം: യോഹനാനെ ഞാൻ ശിരച്ഛേദം ചെയ്തുകളഞ്ഞു; ഈ വക ചെയ്തു
കേൾക്കുന്ന ഒരുവനൊ ആരാകുന്നു എന്നു ചൊല്ലി, അവനെ കാണ്മാൻ ശ്രു
10 മിച്ചു. അപോസ്തലർ മടങ്ങിവന്നാറെ, തങ്ങൾ ചെയ്തതു ഒക്കെയും അവനോ
ടു ബോധിപ്പിച്ചു, അവരെ അവൻ കൂട്ടിക്കൊണ്ടു, ബെഥചൈദ എന്ന പ
ട്ടണത്തിലുള്ള കാട്ടുസ്ഥലത്തു, വേറിട്ടു വാങ്ങിപോയി. ആയതു പുരുഷാര
11 ങ്ങൾ അറിഞ്ഞു അവനെ പിന്തുടർന്നു; അവരെ അവൻ കൈക്കൊണ്ടു. ദേ
വരാജ്യത്തെ കുറിച്ചു അവരോടു പറഞ്ഞു; ചികിത്സകു മുട്ടുള്ളവരെ സൌ
12 ഖ്യമാക്കി വന്നു. പകൽ കഴിവാറായപ്പോൾ, പന്തിരുവരും അടുത്തുവന്നു
അവനോടു: ഇവിടെ നാം കാട്ടുസ്ഥലത്തു ആകകൊണ്ടു അവർ ചുഴന്ന
ഊരുകളിലും നിലങ്ങളിലും പോയി, രാത്രിപാർത്തു ആഹാരം കാണേണ്ട
തിന്നു, പുരുഷാരത്തെ പറഞ്ഞയക്ക എന്നു പറഞ്ഞു. അവൻ അവരോടു:
13 നിങ്ങൾ തന്നെ അവർക്കു തിന്മാൻ കൊടുപ്പിൻ എന്നു പറഞ്ഞതിന്നു: ഞ
ങ്ങൾ ചെന്നു ഈ സകല ജനത്തിന്നും, ഭോജ്യങ്ങൾ കൊണ്ടാൽ ഒഴികെ
അഞ്ചു അപ്പവും രണ്ടു മീനും ഉള്ളതിന്നു പുറമെ ഞങ്ങൾക്കു ഇല്ല. ആ പു
14 രുഷന്മാരൊ ഏകയായിരത്തോളം ആയതു; പിന്നെ തൻെറ ശിഷ്യരോടു:
അവരെ അമ്പതീതു പങ്തികളിൽ ഇരുത്തുവിൻ എന്നു പറഞ്ഞു. അപ്രകാ
15 രം അവർ ചെയ്തു എല്ലാവരെയും ഇരുത്തി. അവൻ അഞ്ചപ്പവും രണ്ടു മീ
16 നും എടുത്തുകൊണ്ടു സ്വർഗ്ഗത്തേക്കു നോക്കി, അവറെ അനുഗ്രഹിച്ചു നു
ക്കി, പുരുഷാരത്തിൻ മുമ്പിൽ വെപ്പാൻ ശിഷ്യർക്കു കൊടുത്തു. എല്ലാവ
17 രും തിന്നു തൃപ്തരായി, കഷണങ്ങൾ അവർക്കു ശേഷിച്ചുള്ളതു പന്ത്രണ്ടു കൊ
ട്ടയിൽ നിറച്ചെടുക്കപ്പെട്ടു.
18 അവൻ തനിച്ചു പ്രാർത്ഥിച്ചുകൊണ്ടിരിക്കുമ്പോൾ, ശിഷ്യന്മാർ കൂടെ
നിന്നു; അവരോടു അവൻ ചോദിച്ചു: പുരുഷാരങ്ങൾ എന്നെ ആർ എന്നു
19 ചൊല്ലുന്നു? അവർ ഉത്തരം പറഞ്ഞിതു: യോഹനാൻ സ്നാപകൻ എന്നും,
എലീയാവെന്നും, പുരാണ പ്രവാചകരിൽ ഒരുത്തൻ എഴുനീറു എന്നും ഇ
ങ്ങിനെ വെവ്വേറെ പറയുന്നു. അവരോടു അവൻ പറഞ്ഞു: നിങ്ങളൊ എ
20 ന്നെ ആർ എന്നു ചൊല്ലുന്നു? എന്നതിന്നു പേത്രൻ: ദൈവത്തിൻെറ മശീ
21 ഹാവെന്നു ഉത്തരം പറഞ്ഞപ്പോൾ, ഇതു ആരോടും പറയായ്വാൻ അ
വൻ അവരെ ശാസിച്ചു ചട്ടമാക്കി. മനുഷ്യപുത്രൻ പലതും സഹിച്ചു
22 മൂപ്പർ, മഹാപുരോഹിതർ, ശാസ്ത്രികൾ ഇവരാൽ നിസ്സാരൻ എന്നു തള്ള
പ്പെട്ടു, കൊല്ലപ്പെടുകയും, മൂന്നാം നാൾ ഉണർന്നു വരികയും വേണം എന്നു
ചൊല്ലി, എല്ലാവരോടും പറഞ്ഞിതു: എൻെറ പിന്നാലെ വരുവാൻ ഒരു
23 ത്തൻ ഇച്ഛിച്ചാൽ, തന്നെത്താൻ തള്ളീട്ടും നാൾതോറും തൻെറ ക്രൂശു എടു
ത്തുംകൊണ്ടു. എന്നെ അനുഗമിപ്പൂതാക. ആരാനും തൻെറ ദേഹിയെ രക്ഷി
24 പ്പാൻ ഇച്ഛിച്ചാൽ, അതിനെ കളയും, എൻനിമിത്തം ആരാനും തൻെറ

ദേഹിയെ കളഞ്ഞാലൊ, അതിനെ രക്ഷിക്കും. കാരണം ഒരു മനുഷ്യൻ സർ
25 വ്വലോകം നേടിയാറെയും, തന്നെത്താൻ കളകയൊ ചേതം വരുത്തുക
യൊ ചെയ്താൽ അവന് എന്ത പ്രയോജനം ഉള്ള? ആരാനും എന്നെയും എ
26 ന്റെ വചനങ്ങളെയും കുറിച്ച നാണിച്ചാൽ ആയവനെ കുറിച്ച മനുഷ്യപു
ത്രൻതനിക്കും പിതാവിന്നും വിശുദ്ധ ദൂതർക്കും ഉള്ള തേജസ്സിൽ വന്ന
27 പ്പൊഴ നാണിക്കും; എങ്കിലും ദൈവരാജ്യത്തെ കാണുവോളം മരണം ആ
സ്വദിക്കാത്തവർ ചിലർ ഇവിടെ നില്ക്കുന്നവരിൽ ഉണ്ട സത്യം എന്ന
ഞാൻ നിങ്ങളോട പറയുന്ന.

28 ഈ വാക്കുകളുടെ ശേഷം ഏകദേശം എട്ട നാള കഴിഞ്ഞപ്പൊൾ ഉണ്ടാ
യിത്ത: അവൻ പേത്രൻ, യോഹനാൻ, യാക്കോബ് എന്നവരെ കൂട്ടിക്കൊ
ണ്ട, പ്രാർത്ഥിപ്പാൻ മലമേൽ കരേറി പോയി. അവൻ പ്രാർത്ഥിക്ക
29 മ്പോൾ, മുഖത്തിന്റെ ഭാവം വേറെ ആയി; ഉടുപ്പ മിന്നുന്ന വെള്ളയായും
30 ചമഞ്ഞു. ഇതാ രണ്ട പുരുഷന്മാർ അവനോട സംഭാഷിച്ച വന്ന; ആയവർ
മോശയും എലീയാവും തന്നെ. ഇവർ തേജസ്സിൽ കാണായ്വന്, അവൻ
31 യരുശലേമിൽ നിവൃത്തിക്കേണ്ടിയ പുറപ്പാടിനെ പറഞ്ഞു. പേത്രൻ മുത
32 ലായവരൊ, ഉറക്കത്താൽ ഭാരപ്പെട്ടിരുന്ന; ഉണർച്ചയായ ശേഷമൊ അവ
ന്റെ തേജസ്സും കൂടി നില്ക്കുന്ന രണ്ട പുരുഷരെയും കണ്ട. ആയവർ അവനെ
33 വിട്ട പിരിയുമ്പൊഴെക്ക, പേത്രൻ യേശുവോട: നായക, നാം ഇവിടെ
ഇരിക്കുന്നത നല്ലത; ഞങ്ങൾ മൂന്ന കുടിലുകളെ ഉണ്ടാക്കട്ടെ; ഒന്ന നിണക്കും
ഒന്ന മോശെക്കും ഒന്ന് എലീയാവിന്നും എന്ന താൻ ചൊല്ലുന്നത് അറിയാ
34 തെ പറഞ്ഞു. ഇത പറയുമ്പോൾ, ഒരു മേഘം സംഭവിച്ച് അവരിൽ നി
35 ഴലിട്ട; അവർ മേഘം പ്രവേശിക്കയിൽ, ഇവർ പേടിച്ചുപോയി. മേഘ
ത്തിൽ നിന്ന്: ഇവൻ എന്റെ പ്രിയപുത്രൻ; ഇവനെ ചെവിക്കൊൾവിൻ
36 എന്ന് ഒരു ശബ്ദം ഉണ്ടായി. ശബ്ദം ഉണ്ടായ നേരത്തിൽ, യേശു തനിയെ
കാണപ്പെട്ട; അവർ കണ്ടത് ഒന്നും ആ നാളുകളിൽ ആരോടും അറിയിക്കാ
തെ അടങ്ങി പാർത്ത.

37 പിറെറനാൾ അവൻ മലയിൽനിന്ന് ഇറങ്ങിവന്നശേഷം, ബഹുപുരു
38 ഷാരം അവനെ എതിരേറ്റ കൂട്ടത്തിൽനിന്ന് ഒരാൾ നിലവിളിച്ച: ഗുരൊ,
എന്റെ മകൻ എനിക്ക് ഏകജാതനാകകൊണ്ട് അവനെ നൊക്കേണ്ടതി
39 ന്ന നിന്നോട യാചിക്കുന്ന. കണ്ടാലും ഒരാത്മാവ് അവനെ പിടിച്ചിട്ട്,
അവൻ പൊടുന്നനവെ ആക്കുന്ന; അത് അവനെ നുരപ്പിച്ച് ഇഴെക്കുന്ന;
40 അവനെ ഞെരിച്ചിട്ടത്രെ ദുഃഖേന വിട്ടുമാറുന്ന. അതിനെ പുറത്താക്കുവാൻ
നിന്റെ ശിഷ്യന്മാരോട് യാചിച്ചിട്ടും, അവർക്ക കഴിഞ്ഞില്ല എന്ന പറ
41 ഞ്ഞതിന്ന, യേശു ഉത്തരം ചൊല്ലിയത: അവിശ്വാസവും കോട്ടവും ഉള്ള
തലമുറയെ! എത്രോടം ഞാൻ നിങ്ങളരികെ ഇരുന്ന നിങ്ങളെ പൊറുക്കും?
42 നിന്റെ മകനെ ഇങ്ങോട്ട കൊണ്ടുവാ! വരുമ്പോൾ തന്നെ ഭ്രതം അവനെ
വലിച്ചിഴച്ച കളഞ്ഞു; യേശു അശുദ്ധാത്മാവെ ശാസിച്ച, കുട്ടിയെ സൌ
ഖ്യമാക്കി, അച്ഛന കൊടുത്ത വിട്ട; ദൈവത്തിന്റെ മഹിമയിങ്കൽ എല്ലാ
43 വരും വിസ്മയിക്കയും ചെയ്ത. യേശു ചെയ്യുന്നതിൽ ഒക്കെയും എല്ലാവരും
44 ആശ്ചര്യപ്പെടുമ്പോൾ, അവൻ തന്റെ ശിഷ്യരോട: നിങ്ങൾ ഈ വാക്ക
കളെ ചെവിക്കൊണ്ട വെപ്പിൻ! മനുഷ്യപുത്രൻ മനുഷ്യരുടെ കൈകളിൽ
45 ഏല്പിക്കപ്പെടുവാനുണ്ട എന്ന പറഞ്ഞു. ആ മൊഴി അവർ ഗ്രഹിയാതെ ഇരു
ന്ന; അത ബോധിക്കാതവണ്ണം അവരിൽനിന്ന മറഞ്ഞിരുന്ന; ആ മൊഴി
സംബന്ധിച്ച് അവനോട് ചോദിപ്പാനും ഭയപ്പെട്ട.

46 അനന്തരം അവരിൽ ഏറ്റവും വലുതായവൻ ആർ എന്ന് ഒരു വിചാരം
47 അവരിൽ പ്രവേശിച്ചാറെ, യേശു അവരുടെ ഹൃദയവിചാരം കണ്ട, ശിശു
വെ കൈപിടിച്ച, തന്റെ അരികെ നിറുത്തി: ഈ ശിശുവെ എൻനാമ
48 ത്തിൽ ആരാനും കൈക്കൊണ്ടാൽ എന്നെ കൈക്കൊള്ളുന്ന; എന്നെ

കൈക്കൊള്ളുന്നവനൊ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു; എങ്ങിനെ എ
ന്നാൽ നിങ്ങൾ എല്ലാവരിലും ചെറുതായവൻ വലിയവൻ ആകുന്നു എന്നു
49 അവരോടു പറഞ്ഞു. യോഹനാൻ ഉത്തരം ചൊല്ലിയതു: നായക, ഒരുത്തൻ
നിന്റെ നാമത്തിൽ ഭൂതങ്ങളെ ആട്ടുന്നതു ഞങ്ങൾ കണ്ടു, നമ്മോടു അനു
50 ഗമിക്കായ്കയാൽ അവനെ വിരോധിച്ചു. അവനോടു യേശു പറഞ്ഞു: വി
രോധിക്കരുതു, കാരണം നിങ്ങൾക്കു എതിരെ അല്ലാത്തവൻ നിങ്ങൾക്കു
വേണ്ടിയവനാകുന്നു.
51 അവൻ മേലോട്ടു എടുത്തുകൊള്ളപ്പെടുന്നതിന്റെ നാളുകൾ തികയു
മ്പോൾ സംഭവിച്ചിതു: അവൻ യരുശലേമിലേക്കു യാത്രയാവാൻ തന്റെ
52 മുഖം ഉറപ്പിച്ചു. തന്റെ സന്നിധിക്കു മുമ്പാകെ, ദൂതന്മാരെ അയച്ചു: ആയ
വർ യാത്രയായി, ഒരു ശമര്യ ഗ്രാമത്തിൽ അവനായി ഒരുക്കേണ്ടതിന്നു
53 പ്രവേശിച്ചാറെ, അവന്റെ മുഖം യരുശലേമിലേക്കു ചെല്ലുന്നതാകകൊ
54 ണ്ടു, അവനെ കൈക്കൊണ്ടില്ല. അതു അവന്റെ ശിഷ്യരായ യാക്കോ
ബും യോഹനാനും കണ്ടു പറഞ്ഞിതു: കർത്താവെ, ഏലീയാ, ചെയ്തതു പോ
ലെ ഞങ്ങൾ ആകാശത്തിൽനിന്നു തീ ഇറങ്ങി, അവരെ നിഗ്രഹിപ്പാൻ
55 പറയേണമൊ? അവനൊ തിരിഞ്ഞു: നിങ്ങൾ ഇന്ന ആതുമാവിന്നുള്ളവർ
56 എന്നറിയുന്നില്ലയൊ? (മനുഷ്യരുടെ ദേഹികളെ നശിപ്പിപ്പാനല്ല, രക്ഷിപ്പാ
നത്രെ മനുഷ്യപുത്രൻ വന്നതു) എന്നു അവരെ ശാസിച്ചു അവർ വേറെ ഗ്രാമ
ത്തിൽ പോകയും ചെയ്തു.
57 അവർ വഴിയിൽ നടക്കുമ്പോൾ, സംഭവിച്ചിതു: ഒരുത്തൻ അവനോടു:
(കർത്താവെ,) നീ എവിടെ പോയാലും ഞാൻ പിഞ്ചെല്ലാം എന്നു പറ
58 ഞ്ഞു. യേശു അവനോടു ഉരെച്ചു: കുറുനരികൾക്കു കുഴികളും വാനത്തിലെ
പറജാതികൾക്കു പാർപ്പിടങ്ങളും ഉണ്ടു; മനുഷ്യപുത്രനൊ. തലചായിപ്പാ
59 നും സ്ഥലം ഇല്ല. വേറൊരുത്തനോടു അവൻ എന്നെ അനുഗമിക്ക എന്നു
പറഞ്ഞാറെ: കർത്താവെ, ഞാൻ മുമ്പെ പോയി എന്റെ അച്ഛനെ കുഴിച്ചിടു
വാൻ അനുവാദം തരിക എന്നു അവൻ പറഞ്ഞു. അവനോടു യേശു ചൊ
60 ല്ലിയതു: മരിച്ചവർ തങ്ങളുടെ മരിച്ചവരെ കുഴിച്ചിടുവാൻ സമ്മതിക്ക; നീ
61 പോയി, ദേവരാജ്യത്തെ അറിയിക്ക. മറൊരുവൻ പറഞ്ഞു: കർത്താവെ,
നിന്നെ അനുഗമിക്കാം; എന്റെ വീട്ടിലുള്ളവരോടു വിടവാങ്ങുവാൻ മാ
62 ത്രം എനിക്കു മുമ്പെ അനുവാദം തരേണം അവനോടു യേശു: കലപ്പിവിക്കു
കൈയിട്ട ശേഷം വഴിയോടു നോക്കുന്നവൻ ആരും ദേവരാജ്യത്തിന്നു ഹി
തനാകുന്നില്ല എന്നു പറഞ്ഞു.

10. അദ്ധ്യായം

70 ശിഷ്യരേയും നിയോഗിച്ചതും ഗലീലയിലെ പട്ടണങ്ങളെ ശാസി
ച്ചതും [മത്താ. 10. 11.], (17) സ്വശിഷ്യരിലെ സന്തോഷം[മത്താ. 11.],
(25) കനിവുള്ള ശമര്യന്റെ ഉപമ, (38) ബെത്ഥന്യയിലെ സഹോദരി
മാർ.

1 അനന്തരം കർത്താവു മറ്റു എഴുപതു ആളുകളെ നിയമിച്ചു, താൻ ചെല്ലു
വാനുള്ള ഓരൊ നഗരഗ്രാമങ്ങളിലും തന്റെ മുഖത്തിൻ മുമ്പാകെ ഈരണ്ടാ
2 യി അയച്ചു, അവരോടു പറഞ്ഞിതു: കൊയ്ത്തു വളരെ ഉണ്ടു സത്യം: പ്ര
വൃത്തിക്കാരൊ ചുരുക്കം, ആകയാൽ കൊയ്ത്തിന്റെ യജമാനനോടു ത
3 ന്റെ കൊയ്ത്തിന്നായി പ്രവൃത്തിക്കാരെ അയക്കേണ്ടതിന്നു യാചിപ്പിൻ!
ചെല്ലുവിൻ, കണ്ടാലും ഞാൻ നിങ്ങളെ അയക്കുന്നതു, ചെന്നായ്ക്കളുടെ നടു
4 വിലെ ആട്ടിങ്കുട്ടികൾ കണക്കെ തന്നെ. സഞ്ചിയും പൊക്കണവും ചെരി
പ്പുകളും എടുത്തു നടക്കരുതു; വഴിയിൽ വെച്ചു ആരെയും വന്ദിക്കയും

5 അരുതു. പിന്നെ ഏതു വീട്ടിൽ കടന്നാലും ഈ വീട്ടിന്നു സമാധാനം എന്നു
6 മുമ്പെ പറവിൻ: അവിടെ സമാധാനപുത്രൻ ഉണ്ടെങ്കിൽ, നിങ്ങളുടെ സ
മാധാനം അവൻമേൽ അമർന്നിരിക്കും; ഇല്ലെന്നു വരികിലൊ, നിങ്ങളി
7 ലേക്കു മടങ്ങി പോരും. ശേഷം ആ വീട്ടിൽ തന്നെ അവരുടെ പക്കൽ ഉള്ള
തു തിന്നും കുടിച്ചും കൊണ്ടു വസിപ്പിൻ! പ്രവൃത്തിക്കാരൻ തന്റെ കൂലിക്കു
യോഗ്യനല്ലൊ ആകുന്നതു; വീട്ടിൽനിന്നു വീട്ടിലേക്കു് മാറി പോകായ്
8 വിൻ? ഏതു നഗരത്തിൽ കടന്നാലും അവർ നിങ്ങളെ കൈക്കൊണ്ടാൽ
9 നിങ്ങൾക്കു മുൻ വെക്കുന്നതു ഭക്ഷിച്ചു, അതിലെ രോഗികളെ സൌഖ്യമാ
ക്കി, ദേവരാജ്യം നിങ്ങൾക്കു സമീപമായ്വന്നു എന്നു് അവരോടു പറ
10 ഞ്ഞുകൊണ്ടിരിപ്പിൻ! പിന്നെ ഏതു നഗരത്തിൽ കടന്നാലും അവർ നി
ങ്ങളെ കൈക്കൊള്ളാഞ്ഞാൽ, അതിന്റെ തെരുക്കളിൽ പുറപ്പെട്ടു ചൊ
11 ല്ലേണ്ടിയതു: നിങ്ങളുടെ പട്ടണത്തിലെ പൂഴിയും ഞങ്ങളുടെ കാലുകളിൽ
പറ്റിയതു ഞങ്ങൾ നിങ്ങൾക്കു കുടഞ്ഞേച്ചു പോകുന്നു; എന്നാലും ദേവ
12 രാജ്യം സമീപിച്ചു വന്നിരുന്നു എന്നറിവിൻ. എന്നാൽ ആ നഗരത്തേ
ക്കാൾ സദോമിന്നും അന്നു സഹിച്ചു കൂടുമായിരിക്കും എന്നു ഞാൻ നിങ്ങ
ളോടു് പറയുന്നു.

13 കൊരജീനെ, നിനക്കു ഹാ കഷ്ടം! ബെഥ്ചൈദെ, നിനക്കു ഹാ കഷ്ടം!
നിങ്ങളിൽ കാണിച്ച ശക്തികൾ തൂരിലും ചിദോനിലും കാണിച്ചു എ
ങ്കിൽ പണ്ടു തന്നെ രട്ടിലും വെണ്ണീറിലും ഇരുന്നു മനന്തിരിയുമായിരുന്നു.
14 ശേഷം ന്യായവിധിയിൽ നിങ്ങളേക്കാൾ തൂരിന്നും ചിദോന്നും സഹിച്ചു
15 കൂടുമായിരിക്കും. പിന്നെ സ്വർഗ്ഗത്തോളം ഉയർന്നു ചമഞ്ഞ കഫർന്നഹൂമെ!
16 നീയും പാതാളം വരെ കിഴിഞ്ഞു പോകും. നിങ്ങളെ കേൾക്കുന്നവൻ എ
ന്നെ കേൾക്കുന്നു; നിങ്ങളെ തള്ളുന്നവൻ എന്നെ തള്ളുന്നു: എന്നെ തള്ളുന്ന
വൻ എന്നെ അയച്ചവനെ തള്ളുന്നു.

17 ആ എഴുപതു പേർ സന്തോഷത്തോടെ മടങ്ങിവന്നു: കർത്താവെ, നിന്റെ
നാമത്തിൽ ഭ്രതങ്ങളും ഞങ്ങൾക്കു കീഴടങ്ങുന്നു എന്നു പറഞ്ഞു. അവരോടു്
18 അവൻ: സാത്താൻ മിന്നൽ പോലെ സ്വർഗ്ഗത്തുനിന്നു വീഴുന്നതു ഞാനും ക
19 ണ്ടു. ഇതാ പാമ്പു തേളുകളിലും മെതിപ്പാനും ശത്രുവിന്റെ സർവ്വബലത്തി
ന്മേലും ഞാൻ നിങ്ങൾക്കു് അധികാരം തന്നിരിക്കുന്നു; ഒന്നും നിങ്ങളെ ചേ
20 തം വരുത്തുകയും ഇല്ല. എന്നിട്ടും ഭ്രതങ്ങൾ നിങ്ങൾക്കു കീഴടങ്ങുന്നതിൽ
സന്തോഷിക്കൊല്ല: നിങ്ങളുടെ നാമങ്ങൾ സ്വർഗ്ഗങ്ങളിൽ എഴുതിവെച്ച
21 തിൽ സന്തോഷിക്കെ ചെയ്വിൻ. ആ നാഴികയിൽ യേശു ആത്മാവിൽ
ഉല്ലസിച്ചു പറഞ്ഞിതു: പിതാവെ, സ്വർഗ്ഗത്തിന്നും ഭൂമിക്കും കർത്താവായ
യ്ള്ളോവെ! നീ ഇവറെ ജ്ഞാനികൾക്കും വിവേകികൾക്കും (തോന്നാതെ)
മറെച്ചു ശിശുക്കൾക്കു വെളിപ്പെടുത്തിയതുകൊണ്ടു ഞാൻ വാഴ്ത്തുന്നുണ്ടു; അ
ങ്ങിനെ തന്നെ പിതാവെ, ഇപ്രകാരം നിനക്കു പ്രസാദം തോന്നിയതു.
22 പിന്നെ ശിഷ്യന്മാരുടെ നേരെ തിരിഞ്ഞു പറഞ്ഞു, സകലവും എൻ പിതാ
വിനാൽ എങ്കൽ സമർപ്പിക്കപ്പെട്ടു; പുത്രൻ ഇന്നത് എന്നു പിതാവല്ലാ
തെ ആരും അറിയുന്നതും ഇല്ല; പിതാവ് ഇന്നത് എന്നു പുത്രനും പുത്രൻ
വെളിപ്പെടുത്തുവാൻ ഇച്ഛിക്കുന്നവനും അല്ലാതെ ആരും അറിയുന്നതും ഇ
23 ല്ല. എന്നാറെ, ശിഷ്യന്മാരുടെ നേരെ പ്രത്യേകം തിരിഞ്ഞു പറഞ്ഞിതു:
നിങ്ങൾ കാണുന്നതു കണ്ണുകൾ ധന്യങ്ങളായവ! നിങ്ങൾ കാണുന്നതു കാൺ
24 മാൻ ഏറിയ പ്രവാചകരും രാജാക്കന്മാരും ഇച്ഛിച്ചിട്ടും കാണാതെ പോ
യി; നിങ്ങൾ കേൾക്കുന്നതു കേൾപാനും (ഇച്ഛിച്ചിട്ടും) കേളാതെ പോയി
എന്നു ഞാൻ നിങ്ങളോടു പറയുന്നു സത്യം.

25 അനന്തരം കണ്ടാലും ഒരു വൈദികൻ എഴുനീറു: ഗുരൊ, ഞാൻ നിത്യ
ജീവന് അവകാശി ആവാൻ എന്തു ചെയ്യേണ്ടു? എന്ന് അവനെ പരീക്ഷിച്ചു

26 പറഞ്ഞു. അവനോട് അവൻ: ധർമ്മശാസ്ത്രത്തിൽ എന്ത് എഴുതിക്കിട
27 ക്കുന്നു: എങ്ങിനെ വായിക്കുന്നു? എന്നു പറഞ്ഞു. അവൻ ഉത്തരം ചൊല്ലി
യതു: (5മോ. 6.5.) നിന്റെ ദൈവമായ യഹോവയെ നിന്റെ പൂർണ്ണഹൃദ
യത്തോടും, പൂർണ്ണമനസ്സോടും, സമ്പൂർണശക്തിയോടും, സർവ്വവിചാരത്തോടും,
സ്നേഹിക്ക എന്നും, (3 മോ. 19,18.) നിന്റെ കൂട്ടുകാരനെ നിന്നെ പോ
28 ലെ തന്നെ സ്നേഹിക്ക എന്നും ഉള്ളതത്രെ. ആയവനോട് അവൻ പറഞ്ഞു:
29 നീ നേരായ ഉത്തരം ചൊല്ലിയതു; ഇപ്രകാരം ചെയ്ക എന്നാൽ നീ ജീ
വിക്കും. എന്നാറെ, അവൻ തന്നെത്താൻ നീതീകരിപ്പാൻ ഇച്ഛിച്ചു, യേ
30 ശുവോടു പറഞ്ഞു: എന്നാൽ എന്റെ കൂട്ടുകാരൻ ആർ? എന്നതിന്നു? യേശു
ആരംഭിച്ചു പറഞ്ഞിതു: ഒരു മനുഷ്യൻ യരുശലേമിൽ നിന്നു യരിഹോവി
ലേക്ക് ഇറങ്ങുമ്പോൾ, കള്ളന്മാരിൽ അകപ്പെട്ടു പോയി; ആയവർ അവ
31 നെ പിടിച്ചു പറിച്ചു, മുറിയും ഏല്പിച്ച്, അർദ്ധപ്രാണനോടെ വിട്ടേച്ചു
പോയി. ആ വഴിക്കെ യദൃച്ഛയാ, ഒരു പുരോഹിതൻ ഇറങ്ങിവന്ന്, അവ
32 നെ കണ്ടിട്ട്, ഒഴിഞ്ഞു മാറിപ്പോയി. അപ്രകാരം ഒരു ലേവ്യനും ആ സ്ഥ
33 ലത്തിൽ ആയിവന്നു കണ്ട്, ഒഴിഞ്ഞു മാറിപ്പോയി. വഴിപോക്കനായ
ഒരു ശമര്യനൊ, അവൻ ഉള്ളേടത്ത് എത്തി, അവനെ കണ്ടു കരളലിഞ്ഞു,
34 അരികെ ചെന്ന്, എണ്ണയും വീഞ്ഞും പകർന്ന്, അവന്റെ മുറികളെ കെട്ടി
ക്കളഞ്ഞു, തന്റെ വാഹനത്തിൽ അവനെ കരേററി, വഴിയമ്പലത്തിലേ
35 ക്ക് കൊണ്ടുപോയി, അവനെ പൊറുപ്പിച്ചു നിന്നു. പിറേറ നാൾ അവൻ
പുറപ്പെടുമ്പോൾ, രണ്ടു ദ്രഹ്മ എടുത്തു, വഴിയമ്പലക്കാരനു കൊടുത്തു: ഇവ
നെ പൊറുപ്പിക്ക, ഇനി ഏതാനും ചെലവിട്ടാൽ ഞാൻ മടങ്ങി വരു
മ്പോൾ, നിണക്കു തീർത്തുതരാം. എന്ന് അവനോടു പറകയും ചെയ്തു. ഏ
36 ന്നാൽ കള്ളന്മാരിൽ അകപ്പെട്ടുപോയവനു ഈ മൂവരിൽ ഏവൻ കൂട്ടുകാര
37 നായി വന്ന പ്രകാരം തോന്നുന്നു? അവനിൽ കനിവു കാണിച്ചവൻ എന്ന്
അവൻ പറഞ്ഞു; യേശു അവനോട്: നീയും പോയി, അപ്രകാരം തന്നെ
ചെയ്ക എന്നു പറഞ്ഞു.

38 അവർ യാത്രയായിരിക്കയിൽ ഉണ്ടായിതു: അവൻ ഒരു ഗ്രാമത്തിൽ പ്ര
വേശിച്ചാറെ, മർത്ത എന്ന പേരുള്ള സ്ത്രീ തന്റെ വീട്ടിൽ അവനെ കൈ
39 ക്കൊണ്ടു. അവൾക്കു മറിയ എന്നുള്ള സഹോദരി ഉണ്ടു; ആയവൾ യേശു
40 വിന്റെ കാല്ക്കൽ ഇരുന്നുകൊണ്ട് അവന്റെ വചനം കേട്ടു പാർത്തു. മർത്ത
പല ശുശ്രൂഷയാലും കുഴങ്ങീട്ട്, അടുക്കെ നിന്നു: കർത്താവെ, സഹോദരി
എന്നെ മാത്രം ശുശ്രൂഷ ചെയ്വിച്ചു വിട്ടുപോയതു നിണക്ക് വിചാരം ഇല്ല
യൊ? അതുകൊണ്ട് അവളോട് എനിക്കു തുണ നില്പാൻ കല്പിച്ചാ
41 ലും എന്നു പറഞ്ഞു. അവളോട് യേശു ഉത്തരം ചൊല്ലിയതു: മർത്തെ,
മർത്തെ, നീ പലതും ചൊല്ലി, ചിന്തപ്പെട്ടും, മുഷിഞ്ഞും ഇരിക്കുന്നു; ആവ
42 ശ്യമായിട്ട് ഒന്നെ ഉള്ളു, മറിയ നല്ല അംശത്തെ തെരിഞ്ഞെടുത്തു; ആയ്തു അ
വളോട് അപഹരിക്കപ്പെടുകയും ഇല്ല.

11. അദ്ധ്യായം

പ്രാർത്ഥിപ്പാൻ ഉപദേശിച്ചതു [മത്താ. 6,9. 7,7.], (14) പരീശരുടെ ദൂ
ഷണാദികളും [മത്താ. 12, 22. മാ. 3, 22.], (19) യോനാവിൻ അടയാളം
[മത്താ. 12.], (37) മുന്നാഴത്തിങ്കൽ പരീശരെ ആക്ഷേപിച്ചതു[മത്താ.23.]

1 അവൻ ഒരു സ്ഥലത്തിൽ പ്രാർത്ഥിച്ചിരിക്കുമ്പോൾ സംഭവിച്ചിതു (പ്രാ
ർത്ഥന) തീർന്നാറെ, ശിഷ്യരിൽ ഒരുത്തൻ അവനോടു: കർത്താവെ, യോഹ
നാൻ തന്റെ ശിഷ്യന്മാർക്ക് ഉപദേശിച്ചതു പോലെ പ്രാർത്ഥിപ്പാൻ

2 ഞങ്ങൾക്കും ഉപദേശിക്കേണമെ എന്നു പറഞ്ഞു. അവൻ അവരോടു പറഞ്ഞി
തു: നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ, ചൊല്ലേണ്ടിയതു: സ്വർഗ്ഗസ്ഥനായ ഞ
ങ്ങളുടെ പിതാവെ! നിന്റെ നാമം വിശുദ്ധീകരിക്കപ്പെടേണമെ! നിന്റെ
3 രാജ്യം വരേണമെ! നിന്റെ ഇഷ്ടം (സ്വർഗ്ഗത്തിലെ പോലെ ഭൂമിയിലും)
4 നടക്കേണമെ! ഞങ്ങൾക്കു വേണ്ടുന്ന അപ്പം ദിനന്പ്രതി തരേണമെ! ഞങ്ങള
ുടെ പാപങ്ങളെ വിട്ടു തരേണമെ; ഞങ്ങൾക്കു കടംപെട്ടവന്നു എല്ലാവന്നും
ഞങ്ങളും വിട്ടു കൊടുക്കുന്നുവല്ലൊ; ഞങ്ങളെ പരീക്ഷയിൽ കടത്തൊല്ല
5 (ദോഷത്തിൽ നിന്നു ഞങ്ങളെ ഉദ്ധരിക്കേണമെ). പിന്നെ അവരോടു പറ
ഞ്ഞിതു: നിങ്ങളിൽ ആർക്കാന്നും ഒരു സ്നേഹിതൻ ഉണ്ടായിരിക്കെ അവൻ!
6 പാതിരാവിൽ അവിടെ ചെന്നു: സ്നേഹിത! എനിക്കു ചങ്ങാതിയായുള്ളവൻ
യാത്രയായ്വന്നു എന്നോടു എത്തി, അവന്നു വിളമ്പുവാൻ കൈക്കൽ
7 ഏതും ഇല്ലായ്കകൊണ്ടു മൂന്നപ്പം വായ്പ തന്നാലും, എന്നു അവനോടു പറ
ഞ്ഞാൽ, എനിക്കു അലമ്പൽ ചെയ്യേണ്ടു; കതകു പൂട്ടിക്കളഞ്ഞിരിക്കുന്നു;
എന്റെ പൈതങ്ങൾ എന്നോടു കിടക്കയിൽ ആയി കിടക്കുന്നു; എഴുനീറ്റു
നിണക്കു തരുവാൻ എനിക്കു കഴികയില്ല എന്നു അകത്തുനിന്നു ഉത്തരം
8 ചൊല്ലുമൊ? അവൻ സ്നേഹിതനാകകൊണ്ടു എഴുനീറ്റു അവന്നു കൊടുക്കും
എന്നു വരായ്കിലും അവന്റെ നിർലജ്ജയാൽ പോലും ഉണർന്നു അവന്നു
വേണ്ടുന്നതത്രയും കൊടുക്കും എന്നു ഞാൻ നിങ്ങളോടു പറയുന്നു. പിന്നെ
9 ഞാൻ നിങ്ങളോടു പറയുന്നിതു: യാചിപ്പിൻ, എന്നാൽ നിങ്ങൾക്കു തര
പ്പെടും; അന്വേഷിപ്പിൻ, എന്നാൽ കണ്ടെത്തും; മുട്ടുവിൻ, എന്നാൽ നി
10 ങ്ങൾക്കു തുറക്കപ്പെടും; കാരണം യാചിക്കുന്നവന്നു എല്ലാവന്നും ലഭിക്കുന്നു;
അന്വേഷിക്കുന്നവൻ കണ്ടെത്തുന്നു; മുട്ടുന്നവന്നു തുറക്കപ്പെടും പിന്നെയൊ,
11 നിങ്ങളിൽ അപ്പനായുള്ളവനോടു മകൻ അപ്പം യാചിച്ചാൽ, ആരും അവന്നു
12 കല്ലു കൊടുക്കുമൊ? മീനു യാചിച്ചാൽ, മീനിനു പകരം പാമ്പു കൊടുക്കു
13 മൊ? മുട്ട യാചിച്ചു എങ്കിലൊ തേളു കൊടുക്കുമൊ? ആകയാൽ ദുഷ്ടർ
എങ്കിലും നിങ്ങൾ മക്കൾക്കു നല്ല ദാനങ്ങളെ കൊടുപ്പാൻ അറിയുന്നു എങ്കിൽ,
സ്വർഗ്ഗത്തിൽനിന്നു പിതാവു തന്നോടു യാചിക്കുന്നവർക്കു വിശുദ്ധാത്മാ
വിനെ എത്ര അധികം കൊടുക്കും.

14 പിന്നെ അവൻ ഊമയായൊരു ഭൂതം പുറത്താക്കി; ഭൂതം പുറപ്പെട്ട
പ്പോൾ, ഊമൻ ഉരിയാടി, പുരുഷാരങ്ങൾ ആശ്ചര്യപ്പെടുകയും ചെയ്തു.
15 അവരിൽ ചിലരൊ: ഇവൻ ഭൂതങ്ങളുടെ തലവനായ ബയൽസെബൂലെ കൊ
16 ണ്ടാകുന്നു ഭൂതങ്ങളെ ആട്ടിക്കളയുന്നതു എന്നു പറഞ്ഞു. വേറെ ചിലർ പരീ
17 ക്ഷിച്ചു കൊണ്ടു വാനത്തിൽനിന്നു ഒർ അടയാളം അവനോടു ചോദിച്ചു.
അവരുടെ വിചാരങ്ങളെ അവൻ അറിഞ്ഞു അവരോടു പറഞ്ഞിതു: എല്ലാ
18 രാജ്യവും തന്നിൽ തന്നെ ഛിദ്രിച്ചു എങ്കിൽ പാഴായിപോകും; വീടു വീ
ട്ടിന്മേൽ വീഴുകയും ചെയ്യും; സാത്താനും തന്നിൽതന്നെ ഛിദ്രിച്ചു എങ്കിൽ
അവന്റെ രാജ്യം എങ്ങിനെ നിലനില്ക്കും? ബയൽസെബൂലെ കൊണ്ടു ഞാൻ
19 ഭൂതങ്ങളെ പുറത്താക്കുന്ന പ്രകാരം നിങ്ങൾ പറയുന്നുവല്ലൊ; ഞാനൊ ബ
യൽസെബൂലെ കൊണ്ടു ഭൂതങ്ങളെ ആട്ടുന്നു എങ്കിൽ, നിങ്ങളുടെ മക്കൾ ആരെ
കൊണ്ടു ആട്ടുന്നു? അതുകൊണ്ടു അവരത്രെ നിങ്ങൾക്കു ന്യായാധിപർ
20 ആകും. ദേവവിരൽ കൊണ്ടൊ ഞാൻ ഭൂതങ്ങളെ ആട്ടുന്നു എങ്കിൽ, ദേവ
രാജ്യം നിങ്ങളോടു എത്തി വന്നു സ്പഷ്ടം. ഊക്കൻ ആയുധം ധരിച്ചു, തന്റെ
21 വളപ്പിനെ കാക്കുമ്പോൾ, അവന്റെ വസ്തുക്കൾ സമാധാനത്തോടിരിക്കു
22 ന്നു; അവനിലും ഊക്കനായവൻ മുതിർന്നു വന്നു, അവനെ ജയിച്ചു എ
ങ്കിലൊ, അവൻ ആശ്രയിച്ചിരുന്ന ആയുധ വർഗ്ഗത്തെ പറിച്ചുകൊണ്ടു,
23 അവന്റെ കൊള്ളയെ പകുത്തു കൊടുക്കുന്നു. എന്റെ കൂടെ ഇല്ലാത്തവൻ
എനിക്കു എതിരാകുന്നു; എന്നോടു ഒന്നിച്ചു ചേർക്കാത്തവൻ ചിതറി
24 ക്കുന്നു. അശുദ്ധാത്മാവു മനുഷ്യനെ വിട്ടു പുറപ്പെട്ടാൽ, പിന്നെ നീരില്ലാത്ത

സ്ഥലങ്ങളുടെ തണുപ്പു തിരഞ്ഞു കടന്നു പോരുന്നു; അതു കാണാ
25 ഞ്ഞിട്ടു: ഞാൻ പുറപ്പെട്ടു പോന്ന എന്റെ വീട്ടിലേക്കു് മടങ്ങി ചെല്ലും
എന്നു പറഞ്ഞു്, ഉടനെ വന്നു്, അതു് അടിച്ചു തളിച്ചും അലങ്കരിച്ചും
26 കാണുന്നു. അപ്പോൾ യാത്രയായി തന്നിലും ദുഷ്ടത ഏറിയ ഏഴു് ആത്മാ
ക്കളെ കൂട്ടിക്കൊണ്ടു വരുന്നു; അവയും അവിടെ പുക്കു കുടിയിരിക്കുന്നു;
ആ മനുഷ്യന്റെ പിമ്പു മുമ്പിനേക്കാളും വല്ലാതെ ചമയുന്നു.
27 ഇവ പറയുമ്പോൾ, പുരുഷാരത്തിൽ ഒരു സ്ത്രീ ശബ്ദം ഉയർത്തി, അവ
നോടു പറഞ്ഞു: നിന്നെ ചുമന്ന ഉദരവും, നീ കുടിച്ച മുലകളും ധന്യം ത
28 ന്നെ; അവനോ: ആകട്ടെ ദൈവത്തിന്റെ വചനം കേട്ടു കാത്തും കൊള്ള
29 ന്നവർ ധന്യർ താനും എന്നു പറഞ്ഞു. പിന്നെ സമൂഹങ്ങളും തിങ്ങി കൂടു
മ്പോൾ, അവൻ പറഞ്ഞു തുടങ്ങിയതു: ഈ തലമുറ ദോഷമുള്ളതാകുന്നു;
അതു് അടയാളം അന്വേഷിക്കുന്നു; യോനാവിന്റെ അടയാളം ഒഴികെ
30 അതിനു് അടയാളം കൊടുക്കപ്പെടുകയും ഇല്ല. യോനാവല്ലൊ നിനവക്കാ
ർക്കു അടയാളം ആയതുപോലെ തന്നെ, മനുഷ്യപുത്രൻ ഈ തലമുറെക്കാകും.
31 തെക്കെരാജ്ഞി ന്യായവിധിയിൽ ഈ തലമുറയുടെ ആളുകളോടു് ഒന്നി
ച്ചു് ഉണർന്നു വന്നു, ശലോമോവിൻ ജ്ഞാനത്തെ കേൾപാൻ ഭൂമിയുടെ അറു
തികളിൽനിന്നു വന്നതിനാൽ, അവർക്കു കുറ്റം വിധിക്കും; ശലോമോ
32 വിലും അധികമായതു് ഇവിടെ കണ്ടാലും! നിനവക്കാർ ന്യായവിധി
യിൽ ഈ തലമുറയോടു് ഒന്നിച്ചു് എഴുനീറ്റു, യോനാവിൻ ഘോഷണ
ത്തിന്നു് അനുതപിച്ചതിനാൽ അതിന്നു കുറ്റം വിധിക്കും; യോനാവിലും
33 അധികമായതു് ഇവിടെ കണ്ടാലും! (8, 13.) വിളക്കു കൊളുത്തീട്ടു് ആ
രും നിലയറയിലൊ പറക്കീഴിലൊ വെക്കാതെ, പ്രവേശിക്കുന്നവർ വെ
34 ളിച്ചം കാണേണ്ടതിന്നു വിളക്കു തണ്ടിന്മേൽ അത്രെ ഇടുന്നു. (മത്താ. 6,22)
ശരീരത്തിന്റെ വിളക്കു കണ്ണു തന്നെ; എന്നാൽ നിന്റെ കണ്ണു് ഏകാഗ്ര
മായാൽ, നിന്റെ ശരീരം എല്ലാം പ്രകാശിതമായിരിക്കും; വിടക്കാകി
35 ലൊ നിന്റെ ശരീരവും ഇരുട്ടുള്ളതു തന്നെ. ആകയാൽ, നിന്നിലുള്ള വെ
ളിച്ചം ഇരുളായിരിക്കാതവണ്ണം നോക്കുക! എന്നാൽ നിന്റെ ശരീരം അ
36 ന്ധകാരമുള്ള അംശം ഒന്നും കൂടാതെ മുഴുവൻ പ്രകാശിതമായിരുന്നാൽ, വി
ളക്കു തന്റെ തെളിക്കം കൊണ്ടു നിന്നെ പ്രകാശിപ്പിക്കുമ്പോലെ, അശേഷം
പ്രകാശിതമായിരിക്കും.
37 പറയുമ്പോൾ തന്നെ, ഒരു പരീശൻ അവനെ തന്നോടു കൂടെ മുത്താഴം ക
ഴിപ്പാൻ ക്ഷണിച്ചു; അവനും അകമ്പുക്കു ചാരികൊണ്ടിരുന്നു. മുത്താഴത്തി
38 ന്നു മുമ്പെ കുളിക്കാത്തതു കണ്ടിട്ടു പരീശൻ ആശ്ചര്യപ്പെട്ടാറെ, കർത്താവു്
39 അവനോടു പറഞ്ഞിതു: ഇപ്പോൾ പരീശരായ നിങ്ങൾ കിണ്ടികിണ്ണങ്ങ
ളുടെ പുറത്തെ വെടിപ്പാക്കികൊള്ളുന്നു; നിങ്ങളുടെ അകത്തൊ, കവർച്ച
40 യും ദുഷ്ടതയും നിറയുന്നു. മൂഢരെ, പുറത്തെ ഉണ്ടാക്കിയവൻ അകത്തെയും
ഉണ്ടാക്കിയില്ലയൊ? എങ്കിലും അകത്തുള്ളവ ഭിക്ഷകൊടുപ്പിൻ എന്നാൽ
41 കണ്ടാലും സകലവും നിങ്ങൾക്കു ശുദ്ധമാകുന്നു; എങ്കിലൊ തൃത്താവിലും
42 അരുതയിലും എല്ലാ ചീരയിലും പതാരം കൊടുത്തു ന്യായവും ദേവസ്നേ
ഹവും വിട്ടു കളകയാൽ, പരീശരായ നിങ്ങൾക്കു ഹാ കഷ്ടം! ഇവചെയ്തു
43 യും അവ ത്യജിക്കാതിരിക്കയും വേണ്ടിയതു താനും. പള്ളികളിൽ മുഖ്യാ
സനവും അങ്ങാടികളിൽ വന്ദനങ്ങളും, സ്നേഹിക്കയാൽ പരീശരായ നി
44 ങ്ങൾക്കു ഹാ കഷ്ടം! മനുഷ്യർ മീതെ നടക്കുമ്പോൾ, അറിയാതവണ്ണം
അസ്പഷ്ടങ്ങളായ ശവക്കുഴികളോടു നിങ്ങൾ ഒക്കുകകൊണ്ടു നിങ്ങൾക്കു
45 ഹാ കഷ്ടം! എന്നാറെ, വൈദികരിൽ ഒരുത്തൻ അവനോടു: ഗുരൊ, ഇങ്ങി
നെ പറയുന്നതു കൊണ്ടു നീ ഞങ്ങളോടും അഹങ്കരിക്കുന്നു എന്നു ഉത്തരം
46 ചൊല്ലിയതിന്നു്, അവൻ പറഞ്ഞിതു: എടുപ്പാൻ ഞെരുക്കമുള്ള ചുമടുകളെ
നിങ്ങൾ മനുഷ്യരെകൊണ്ടു ചുമപ്പിച്ചു, നിങ്ങളുടെ വിരലുകൾ ഒന്നിനാലും

ചുമട്ടുകളെ തൊടാതെ പോകയാൽ, വൈദികരായ നിങ്ങൾക്കു ഹാ കഷ്ട
47 ം! നിങ്ങളുടെ പിതാക്കന്മാർ കൊന്നിട്ടുള്ള പ്രവാചകരുടെ തറകളെ പ
ണി ചെയ്കയാൽ നിങ്ങൾക്കു ഹാ കഷ്ടം! എന്നതിനാൽ നിങ്ങളുടെ പി
താക്കന്മാരുടെ ക്രിയകൾക്കു നിങ്ങളും കൂടെ സാക്ഷ്യവും, പ്രസാദമു
48 ണ്ടു. എങ്ങിനെ എന്നാൽ, അവർ അവനെ കൊന്നു, നിങ്ങൾ
(അവർക്കു തറകളെ) പണികയും ചെയ്യുന്നു. അതുകൊണ്ടു ദൈവത്തിൻ
49 ജ്ഞാനമായതു പറയുന്നിതു: ഞാൻ അവരുടെ ഇടയിലേക്കു പ്രവാചകരെ
യും അപോസ്തലരെയും അയക്കുന്നു; അവരിൽ ചിലരെ കൊല്ലുകയും ഹിം
50 സിക്കയും ചെയ്യും. ഹബെലിന്റെ രക്തം തുടങ്ങി, ബലിപീഠത്തിന്നും ഭ
വനത്തിന്നും നടുവിൽ നശിച്ചു പോയ ജകര്യയുടെ രക്തം വരെ, ലോക
51 സ്ഥാപനം മുതൽ ഒഴിച്ചു കളയുന്ന സകല പ്രവാചകരുടെ രക്തവും ഈ ത
ലമുറയോടു ചോദിക്കപ്പെടുവാനായിട്ടത്രെ; അതെ ഞാൻ നിങ്ങളോടു പ
52 റയുന്നിതു: ഈ തലമുറയോടു ചോദിക്കപ്പെടും. നിങ്ങൾ അറിവിന്റെ താ
ക്കോൽ എടുത്തു കളഞ്ഞതിനാൽ, വൈദികരായ നിങ്ങൾക്കു ഹാ കഷ്ടം!
നിങ്ങൾ തന്നെ പ്രവേശിച്ചില്ല, പ്രവേശിക്കുന്നവരെ വിലക്കുകയും ചെയ്തു.
53 ഇവ അവരോടു പറയുമ്പോൾ, ശാസ്ത്രികളും പറീശരും അവനിൽ അത്യ
ന്തം സിദ്ധാന്തിച്ചു, കുറെ ചുമത്തേണ്ടതിന്നു, അവന്റെ വായിൽനിന്നു
54 വല്ലതും പിടിക്കുവാൻ പതിയിരുന്നു. തേടി കൊണ്ടു പലവും ചോദിച്ചു
അവനെ കുടുക്കുവാൻ തുടങ്ങുകയും ചെയ്തു.

12. അദ്ധ്യായം

പറീശവ്യാജവും മനുഷ്യഭയവും ഒഴിപ്പാൻ ഉപദേശം [മത്താ. 10.], (13) ലോഭത്തെ ശാസിക്കുന്ന ഉപമ, (22) ദേവാശ്രയവും [മത്താ. 6.], (35) ശുശ്രൂഷയിൽ ജാഗ്രതയും [മത്താ. 24.] പഠിപ്പിച്ചതു, (49) യേശുവിൻ വരവിന്റെ ഫലവും [മത്താ. 10, 34.], (54) കാലത്തിൻ അടയാളങ്ങളും സൂചിപ്പിച്ചതു [മത്താ. 16, 5.]

1 ഇതിന്നിടയിൽ പുരുഷാരം തങ്ങളിൽ ചവിട്ടും വണ്ണം ആയിരങ്ങളോ
ളവും തിങ്ങി കൂടി വന്നപ്പോൾ, അവൻ തന്റെ ശിഷ്യരോടു പറഞ്ഞു തുട
ങ്ങി: വ്യാജമാകുന്ന പറീശരുടെ പുളിച്ചമാവിൽനിന്നു മുമ്പെ സൂക്ഷിച്ചു
2 കൊൾവിൻ! മൂടി വെച്ചതു ഒന്നും വെളിപ്പെടാതെയും ഗൂഢമായതു ഒന്നും
3 അറിഞ്ഞു വരാതെയും ഇരിക്കയില്ല താനും. ആകയാൽ, നിങ്ങൾ ഇരുട്ടത്തു
പറഞ്ഞതു എല്ലാം വെളിച്ചത്തു കേൾക്കപ്പെടും, അറകളിൽ ചെവിട്ടിൽ
4 മന്ത്രിച്ചതു മേലുപുരകളിൽ ഘോഷിക്കപ്പെടും. എന്നാൽ എന്റെ സ്നേഹി
തരായ നിങ്ങളോടു ഞാൻ പറയുന്നിതു: ദേഹത്തെ കൊല്ലുന്നവർ എങ്കിലും
അതിൽ പിന്നെ അധികമായിട്ടു ഒന്നും ചെയ്തു കൂടാത്തവരെ ഭയപ്പെടേണ്ട.
5 നിങ്ങൾക്കു ഭയപ്പെടേണ്ടുന്നവനെ കാണിക്കാം; കൊന്നതിൽ പിന്നെ നര
കത്തിൽ തള്ളിക്കളവാൻ അധികാരമുള്ളവനെ ഭയപ്പെടുവിൻ; അതെ ഞാൻ
6 നിങ്ങളോടു പറയുന്നു: അവനെ ഭയപ്പെടുവിൻ! രണ്ടു കാശിന്നു അഞ്ചു കു
രികിൽ വില്ക്കുന്നില്ലയൊ? അവറ്റിൽ ഒന്നാകട്ടെ ദൈവമുമ്പാകെ മറന്നു
7 പോയതും അല്ല; നിങ്ങൾക്കൊ, തലയിലെ രോമങ്ങളും എല്ലാം എണ്ണ
പ്പെട്ടിരിക്കുന്നു, ആകയാൽ, ഭയപ്പെടേണ്ട, ഏറിയ കുരികിലിനേക്കാളും
8 നിങ്ങൾക്കു വിശേഷത ഉണ്ടു. എന്നാൽ നിങ്ങളോടു പറയുന്നിതു: മനുഷ്യ
രുടെ മുമ്പിൽ ആർ എങ്കിലും എന്നെ സ്വീകരിച്ചാൽ, അവനെ മനുഷ്യപുത്ര
9 നും, ദേവദൂതർ മുമ്പാകെ സ്വീകരിക്കും; മനുഷ്യരുടെ മുമ്പിൽ എന്നെ തള്ളി
പ്പറയുന്നവനൊ, ദേവദൂതർ മുമ്പാകെ തള്ളിപ്പറയപ്പെടും. (മാ. 3, 28.)

10 പിന്നെ മനുഷ്യപുത്രന്റെ നേരെ വാക്കുപറയുന്നവന്നു ക്ഷമ ഉണ്ടാകും; വിശു
11 ദ്ധാത്മാവിന്റെ നേരെ ദൂഷണം ചൊല്ലിയവനോ, ക്ഷമ ഉണ്ടാകയില്ല.
പിന്നെ നിങ്ങളെ പള്ളികളും, വാഴ്ചകളും, അധികാരങ്ങളും ഇവറ്റിന്നടുക്കെ
കൊണ്ടുപോകുമ്പോൾ, എങ്ങിനെയൊ എന്തൊ, പ്രതിവാദിക്കു എങ്കി
12 ലും, പറക എങ്കിലും ചെയ്വു എന്നു ചിന്തപ്പെടേണ്ടാ; പറയേണ്ടതാക
ട്ടെ, വിശുദ്ധാത്മാവു് ആ നാഴികയിൽ തന്നെ നിങ്ങൾക്കു് ഉപദേശിക്കും.
13 എന്നാറെ, കൂട്ടത്തിൽനിന്നു് ഒരുത്തൻ അവനോടു്: ഗുരൊ, എന്നോടു്
അവകാശത്തെ പകുതിചെയ്വാൻ എന്റെ സഹോദരനോടു് കല്പി
14 ച്ചാലും എന്നു പറഞ്ഞതിന്നു: മനുഷ്യ, എന്നെ നിങ്ങൾക്കു ന്യായക
ത്താവൊ, പകുതിക്കാരനൊ ആക്കിയതു് ആരു പോൽ? പിന്നെ അവ
15 രോടു പറഞ്ഞു: സകല ലോഭത്തിൽനിന്നും സൂക്ഷിച്ചു നോക്കിക്കൊൾ
വിൻ! കാരണം തനിക്കു വഴിയുന്നതു കൊണ്ടു തന്റെ വസ്തുക്കളിൽനിന്നു്
16 ആക്കും ജീവൻ ഉണ്ടാകുന്നതല്ല. ഒർ ഉപമയും അവരോടു പറഞ്ഞിതു: ഒരു
17 ധനവാന്റെ ഭൂമി നന്നായി വിളയിച്ചു; അവനും ഞാൻ എന്തു ചെയ്യാവു;
എന്റെ എടുപ്പുകളും കൂട്ടിവെപ്പാൻ സ്ഥലം പോരാ എന്നു തന്നിൽ വിചാ
രിച്ചു കൊണ്ടശേഷം: ഇതിനെ ചെയ്യാം; എന്റെ പാണ്ടിശാലകളെ പൊ
18 ളിച്ചു്, അധികം വലിയവ എടുപ്പിച്ചുകൊണ്ടു് എന്റെ വിളവും മുതലും എ
19 ല്ലാം അതിൽ കൂട്ടിവെക്കും. പിന്നെ എന്റെ ദേഹിയോടു: ദേഹിയെ, ഏറി
യ ആണ്ടുകൾക്കും വളരെ മുതലും നിണക്കുവെച്ചു കിടക്കുന്നു; ഇനി ആശ്വസി
20 ക്ക, തിന്നു കുടിക്ക, കളിക്ക എന്നു പറയും. ദൈവമൊ അവനോടു: മൂഢ, ഈ
രാത്രിയിൽ നിന്റെ ദേഹി നിന്നോടു ചോദിക്കപ്പെടും: പിന്നെ നീ ഒരു
ക്കിയവ ആർക്കു് ആകും? എന്നു പറഞ്ഞു. ദൈവത്തിന്നായി സമ്പന്നനാ
21 കാതെ തനിക്കെന്നു നിക്ഷേപിക്കുന്നവൻ ഇപ്രകാരമത്രെ!

22 എന്നാറെ, തന്റെ ശിഷ്യരോടു പറഞ്ഞിതു: അതുകൊണ്ടു് ഏതു തി
ന്നും എന്നു നിങ്ങളുടെ പ്രാണനാലുള്ളോണ്ടും, ഏതു് ഉടുക്കും എന്നു ശരീരത്തി
23 ന്നായും ചിന്തപ്പെടരുതു് എന്നു ഞാൻ നിങ്ങളോടു് പറയുന്നു. ആഹാരത്തേ
ക്കാൾ പ്രാണനും, ഉടുപ്പിനേക്കാൾ ശരീരവും ഏറെ വലുതല്ലൊ. കാക്കകളെ
24 കൂട്ടാക്കുവിൻ; അവ വിതെക്കുന്നില്ല, കൊയ്യുന്നതും ഇല്ല; അറയും പാണ്ടി
ശാലയും ഇല്ല; എന്നിട്ടും ദൈവം അവറ്റെ പുലർത്തുന്നു; പറജാതികളിലും
25 നിങ്ങൾക്കു് എത്ര വിശേഷം ഉണ്ടു! പിന്നെ ചിന്തപ്പെട്ടാലും തന്റെ വയ
സ്സോടു് ഒരു മുളം കൂട്ടിവെപ്പാൻ നിങ്ങളിൽ ആർക്കു കഴിയും? എന്നാൽ
26 ഏററം ചെറിയതിന്നു നിങ്ങൾ പോരാത്തവർ എങ്കിൽ, ശേഷത്തിന്നു ചി
27 ന്തപ്പെടുവാൻ എന്തു? താമരകൾ വളരുന്ന പ്രകാരം കൂട്ടാക്കുവിൻ; അവ അ
ദ്ധ്വാനിക്കുന്നില്ല, നൂല്ക്കുന്നതും ഇല്ല; ശലോമോവും തന്റെ സകല തേജ
28 സ്സിലും ഇവറ്റിൽ ഒന്നിനോളം അണിഞ്ഞവനല്ല താനും എന്നു ഞാൻ നി
ങ്ങളോടു പറയുന്നു. എന്നാൽ ഇന്നുള്ളതും നാളെ അടുപ്പിൽ ഇടുന്നതുമായ
വയലിലെ പുല്ലിനെ ദൈവം ഇപ്രകാരം അണിയിച്ചിരിക്കെ അല്പവിശ്വാ
സികളെ, നിങ്ങളെ എത്ര അധികം! ഏതു തിന്നും ഏതു കുടിക്കും എന്നു
29 നിങ്ങളും അന്വേഷിക്കയും, ഏറെ പൊങ്ങി പോകയും അരുതു. ഈ വക
30 ഒക്കയും ലോകജാതികളും അന്വേഷിച്ചു നടക്കുന്നു; നിങ്ങളുടെ പിതാവൊ
31 ഇവ നിങ്ങൾക്കു് ആവശ്യം എന്നറിയുന്നുണ്ടല്ലൊ. അല്ല, ദൈവത്തിന്റെ
രാജ്യത്തെ അന്വേഷിപ്പിൻ; എന്നാൽ ഇവ എല്ലാം നിങ്ങൾക്കു കൂടെ
32 കിട്ടും: രാജ്യത്തെ നിങ്ങൾക്കു നല്കുവാൻ നിങ്ങളുടെ പിതാവു് പ്രസാദി
33 ച്ചരുളിയതുകൊണ്ടു, ചെറിയ ആട്ടിങ്കൂട്ടമെ ഭയപ്പെടായ്ക! നിങ്ങൾക്കുള്ളവ
വിറ്റു, ഭിക്ഷ കൊടുപ്പിൻ! കള്ളൻ അടുക്കാതെയും പാറ്റ കൊടുക്കാതെ
യും ഉള്ളേടത്തു പഴകാത്ത മടിശ്ശീലകളും ആന്നു പോകാത്ത നിക്ഷേപ
34 വും സ്വർഗ്ഗങ്ങളിൽ തന്നെ നിങ്ങൾക്കു ഉണ്ടാക്കുവിൻ: കാരണം നിങ്ങള
ടെ നിക്ഷേപം എവിടെ, അവിടെ നിങ്ങളുടെ ഹൃദയവും ആകും.

35 നിങ്ങളുടെ അരകൎം കെട്ടീട്ടും, വിളക്കുകൎം കത്തീട്ടും കൊണ്ടിരിക്ക.
36 തങ്ങളുടെ യജമാനൻ കല്യാണത്തിൽനിന്നു് എപ്പോൎം തിരികെ വരും
എന്നും അവൻ വന്നു മുട്ടിയ ഉടനെ, അവനായി തുറക്കെണം എന്നും കാത്തു
37 നില്ക്കുന്ന ആളുകളോടു നിങ്ങൎം തുല്യരായും ഇരിപ്പിൻ! യജമാനൻ വന്ന
നേരം ഉണൎന്ന കാണുന്ന ദാസന്മാർ ധന്യർ; ആമെൻ ഞാൻ നിങ്ങളോടു്
പറയുന്നിതു: അവൻ അര കെട്ടിക്കൊണ്ടു് അവരെ പന്തിയിൽ ഇരുത്തുക
38 യും താൻ വന്നു് അവൎക്കു ശുശ്രൂഷിക്കയും ചെയ്യും. അവൻ രണ്ടാം യാമ
ത്തിൽ വന്നാലും, മൂന്നാമതിൽ വന്നാലും ഇപ്രകാരം കണ്ടു എങ്കിൽ ആ ദാ
39 സന്മാർ ധന്യർ ആകുന്നു. (മത്താ. 24, 43.) കള്ളൻ ഇന്ന നാഴികെക്കു്
വരുന്നു എന്നു വീട്ടുടയവൻ ബോധിച്ചിരുന്നു എങ്കിൽ അവൻ ഉണർന്നു
40 കൊൎംകയും തന്റെ വീടു തുരക്കാതെ വെക്കയും ചെയ്യും എന്നറിവിൻ: ആ
കയാൽ നിങ്ങൎംക്കും തോന്നാത്ത നാഴികെക്കു മനുഷ്യപുത്രൻ വരുന്നതുകൊ
ണ്ടു നിങ്ങളും ഒരുങ്ങിയിരിപ്പിൻ!
41 പേത്രൻ അവനോടു: കൎത്താവെ, ഈ ഉപമ പറയുന്നതു ഞങ്ങളോടൊ
സകലരോടും കൂടയൊ? എന്നു പറഞ്ഞാറെ, കൎത്താവു് ചൊല്ലിയതു: എ
42 ന്നാൽ തൽസമയത്തു വല്ലിയെ കൊടുക്കേണ്ടതിന്നു യജമാനൻ തന്റെ വീട്ടു
കാരുടെ മേൽ ആക്കുവാനുള്ള വിശ്വസ്തനും ബുദ്ധിമാനുമായ വീട്ടുവിചാര
43 കൻ ആരുപോൽ? യജമാനൻ വന്നാൽ ഇപ്രകാരം ചെയ്തു കാണുന്ന ദാസൻ
44 ധന്യൻ; തന്റെ എല്ലാമുതലിൻമേലും അവനെ ആക്കിവെക്കും എന്നു
45 ഞാൻ സത്യമായി നിങ്ങളോടു് പറയുന്നു; എന്നാൽ ആ ദാസൻ എന്റെ
യജമാനൻ വരുവാൻ താമസിക്കുന്നു എന്നു തന്റെ ഹൃദയത്തിൽ ചൊല്ലി,
ബാല്യക്കാരെയും ബാല്യക്കാരത്തികളേയും, തല്ലുവാനും, തിന്നു കുടിച്ചു
46 മദിപ്പാനും തുടങ്ങിയാൽ, ആ ദാസന്റെ യജമാനൻ അവൻ പ്രതീക്ഷിക്കാ
ത്ത നാളിലും തിരിയാത്ത നാഴികയിലും വന്നു്. അവനെ തുണ്ടിക്കയും,
അവന്റെ അംശം അവിശ്വാസികളുടെ കൂട്ടത്തിൽ നിയമിക്കയും ചെയ്യും;
47 തന്റെ യജമാനന്റെ ഇഷ്ടം അറിഞ്ഞിട്ടും ഒരുമ്പെടാതെയും ആ ഇഷ്ടപ്രകാ
രം ചെയ്യാതെയും ഉള്ള ദാസനൊ വളരെ അടികൊള്ളും. അറിയാതെ കണ്ടു്
48 അടികൎംക്കു യോഗ്യമായവ ചെയ്തവനൊ കുറയ അടികൊള്ളും: ആക്കെല്ലാം
വളരെ കൊടുക്കപ്പെട്ടവൊ അവനോടു വളരെ അന്വേഷിക്കപ്പെടും; ആരുടെ
പക്കൽ വളരെ സമർപ്പിച്ചുവൊ അവനോടു് അധികം ചോദിക്കയും ചെയ്യും.
49 ഭൂമിയിൽ അഗ്നി ഇടുവാൻ ഞാൻ വന്നു; പിന്നെ ഞാൻ എന്തു ഇച്ഛിക്കുന്നു;
50 അതു കത്തീട്ടു് എങ്കിൽ കൊള്ളാം: എങ്കിലും ഞാൻ മുഴുകുവാനുള്ള സ്നാനം
ഉണ്ടു: അതു തികഞ്ഞുവരുവോളം എനിക്കു് എന്തു് ആവേശം ഉണ്ടു! ഞാൻ
51 വന്നതു ഭൂമിയിൽ സമാധാനം ആക്കുവാൻ എന്നു തോന്നുന്നുവൊ?
52 അല്ല, ഛിദ്രം അത്രെ എന്നു ഞാൻ നിങ്ങളോടു പറയുന്നു. എങ്ങിനെ എ
ന്നാൽ ഇനിമേൽ, ഒരു വീട്ടിൽ ഇരുവരോടു മൂവരും, മൂവരോടു ഇരുവരും
53 ഇങ്ങിനെ ഐവർ തങ്ങളിൽ ഇടഞ്ഞിരിക്കും. അപ്പൻ മകനോടും, മകൻ
അപ്പനോടും, അമ്മ മകളോടും, മകൎം അമ്മയോടും, അമ്മാവി മരുമകളോ
ടും, മരുമകൎം അമ്മാവിയോടും ഇടഞ്ഞു ഛിദ്രിച്ചിരിക്കും.
54 പിന്നെ സമൂഹങ്ങളോടു് പറഞ്ഞിതു: പടിഞ്ഞാറുനിന്നു മേഘം പൊ
ങ്ങുന്നതു കണ്ടാൽ നിങ്ങൎം പെരുമഴ വരുന്നു എന്നു ഉടനെ പറയുന്നു. അപ്ര
55 കാരവും സംഭവിക്കുന്നു. തെക്കുനിന്നു വീശുന്നതു കണ്ടാലൊ വിഷക്കാറു്
56 ഉണ്ടാം എന്നു പറയുന്നു, അപ്രകാരവും സംഭവിക്കുന്നു; വേഷധാരിക
ളെ ഭൂമിവാനങ്ങളുടെ മുഖം ശോധനചെയ്വാൻ നിങ്ങൎം അറിയുന്നു: പി
57 ന്നെ ഈ സമയത്തെ ശോധന ചെയ്യാത്തതു് എങ്ങിനെ? ന്യായമായതു നി
58 ങ്ങൎം സ്വതെ വിസ്തരിക്കാത്തതും എന്തു? എങ്ങിനെ എന്നാൽ നിന്റെ പ്ര
തിയോഗിയോടു, കൂടെ പ്രമാണിയുടെ അടുക്കലേക്കു് ചെല്ലുമ്പോൎം, വഴി
യിൽ വെച്ചു് അവനോടു് നിരന്നു വരുവാൻ കൂട്ടം കൂട്ടുക; അല്ലാഞ്ഞാൽ

അവൻ നിന്നെ ന്യായാധിപന്റെ മുമ്പിലേക്ക് ഇഴെക്കയും, ന്യായാധിപൻ
നിന്നെ കോല്ല്യാരനിൽ ഏല്പിക്കയും, കോല്ല്യാരൻ തടവിൽ ആക്കുകയും ചെ
59 യ്യും; ഒടുക്കത്തെ കാശ്രുവരെയും കൊടുത്തു തീരുവോളം നീ അവിടെനിന്നു
പുറത്തു വരികയില്ല എന്നു ഞാൻ നിന്നോടു പറയുന്നു.

13. അദ്ധ്യായം

അനുതാപത്തിന്നായി വിളിക്കുമ്പോൾ, (6) കായ്ക്കാത്ത മരത്തിന്റെ
ഉപമ, (10) ശബ്ബത്തിൽ അബ്രഹാം പുത്രിയെ കെട്ടഴിച്ചതു, (18) രണ്ടുപമ
കൾ [മത്താ; 13. മാ. 4.], (22) രക്ഷപെടുവാൻ പോരാടെണം, (31)
ഹെരോദാവെയും യരുശലെമ്യരെയും ആക്ഷേപിച്ചതു.

1 **ആ** സമയത്തിൽ തന്നെ ചിലർ കൂടി നിന്നു ഇന്ന ഗലീലക്കാരുടെ ചോ
രയെ പിലാതൻ അവരുടെ ബലിരക്തത്തിൽ കലർത്തിയ വർത്തമാനം
2 അവനോടു അറിയിച്ചതിന്നു യേശു ഉത്തരം പറഞ്ഞിതു: ആ ഗലീല
ക്കാർ ഇവ അനുഭവിക്കയാൽ എല്ലാ ഗലീലക്കാരിലും പാപികൾ ആയ
3 പ്രകാരം തോന്നുന്നുവൊ? അരുതു. നിങ്ങൾ മനംതിരിയാഞ്ഞാൽ എല്ലാവ
രും ഒത്തവണ്ണം നശിച്ചുപോകും എന്നു ഞാൻ നിങ്ങളോടു പറയുന്നു. അല്ല,
4 ശിലോഹയിലെ ഗോപുരം വീണു കൊന്നുകളഞ്ഞ പതിനെണ്മർ യരുശ
ലേമിൽ പാർക്കുന്ന എല്ലാ മനുഷ്യരിലും, കടക്കാർ ആയ പ്രകാരം തോന്നു
5 ന്നുവൊ? അതരുതു! നിങ്ങൾ മനംതിരിയാഞ്ഞാൽ എല്ലാവരും ഒത്തവണ്ണം
6 നശിച്ചു പോകും എന്നു ഞാൻ നിങ്ങളോടു പറയുന്നു. ഈ ഉപമയും പറഞ്ഞു.
ഒരുത്തന്നു തന്റെ പറമ്പിൽ നട്ടിട്ടുള്ള അത്തി ഉണ്ടായി. അവൻ അതിൽ
7 കായി തിരഞ്ഞു വന്നു കാണാഞ്ഞു, തന്റെ തോട്ടക്കാരനോടു: ഇതാ ഈ
അത്തിയിൽ ഞാൻ മൂന്നുവർഷം കായി തിരഞ്ഞു വരുന്നു കാണുന്നതും ഇല്ല;
അതു വെട്ടിക്കള; അതു നിലവും നിഷ്ഫലമാക്കുന്നതു എന്തിന്നു? എന്നു പറ
8 ഞ്ഞാറെ, അവൻ ഉത്തരം ചൊല്ലിയതു: കർത്താവെ, ഞാൻ അതിന്നു ചുറ്റും
കിളെച്ചു വളം ഇടുവോളം ഈ ആണ്ടും കൂടെ അതു നില്ക്കട്ടെ; പിന്നെ കാച്ചു
9 എങ്കിൽ (കൊള്ളാം) അല്ലാഞ്ഞാൽ മേലാൽ അതിനെ വെട്ടിക്കളക.
10 ശബ്ബത്തുനാളിൽ അവൻ ഒരു പള്ളിയിൽ ഉപദേശിക്കുമ്പോൾ കണ്ടാലും
11 ഒരു സ്ത്രീ പതിനെട്ടു വർഷം ഒരു ബലക്ഷയത്തിൻ ആത്മാവു ഉണ്ടായിട്ടു
12 നിവിരുവാൻ, ഒട്ടും കഴിയാതെ, കുനിയായിരുന്നു. അവളെ യേശു കണ്ടു
അടുക്കെ വിളിച്ചു: സ്ത്രീയെ, നിന്റെ ബലക്ഷയത്തിൽ നിന്നു നീ അഴി
13 ഞ്ഞു വന്നു എന്നു ചൊല്ലി അവളുടെ മേൽ കൈകളെ വെച്ചു: അവളും ക്ഷണ
ത്തിൽ നിവിർന്നു വന്നു. ദൈവത്തെ തേജസ്കരിക്കയും ചെയ്തു. യേശു ശബ്ബ
14 ത്തിൽ സൌഖ്യമാക്കിയതിന്നു പള്ളിമൂപ്പൻ കോപിച്ചു പുരുഷാരത്തോടു:
പ്രവൃത്തിപ്പാൻ ആറു കർമ്മം ആറുണ്ടല്ലൊ (5 മോ. 5, 13) അതിലകം വന്നു
15 സൌഖ്യപ്പെടുവിൻ ശബ്ബത്തുനാളിൽ അരുതു എന്നു പറഞ്ഞു. അവനോടു
കർത്താവു ഉത്തരം ചൊല്ലിയതു: വേഷധാരികളെ! നിങ്ങളിൽ ഓരോരുത്ത
നും ശബ്ബത്തിൽ തന്റെ കാളയെയൊ, കഴുതയെയൊ, തൊട്ടിയിൽനിന്നു അഴി
16 ച്ചു കൊണ്ടുപോയി കുടിപ്പിക്കുന്നില്ലയൊ? എന്നാൽ സാത്താൻ ഈ പതി
നെട്ടു വർഷവും കെട്ടിവെച്ചുള്ള ഈ അബ്രഹാമിൻ മകളായവളെ ശബ്ബത്തു
17 നാളിൽ ആ കെട്ടിൽനിന്നു അഴിച്ചു വിടേണ്ടതല്ലയൊ! എന്നു പറയുമ്പോൾ,
വിരോധികൾ എല്ലാവരും നാണിച്ചു, അവനാൽ ഉണ്ടാകുന്ന മഹിമകളാൽ
പുരുഷാരം ഒക്കയും സന്തോഷിക്കയും ചെയ്തു.
18 പിന്നെ അവൻ പറഞ്ഞിതു: ദേവരാജ്യം ഏതിനോടു സദൃശമാകുന്നു; ഏ
19 തിനോടു അതിനെ ഉപമിക്കേണ്ടു? ഒരു മനുഷ്യൻ എടുത്തു, തന്റെ തോട്ട
ത്തിൽ ഇട്ട കടുകിൻമണിക്കു സദൃശമാകുന്നു. അതു വളർന്നു വലിയ മരമായി,

20 ആകാശപക്ഷികളും വന്നു അതിന്റെ കൊമ്പുകളിൽ കൂടിപാർത്തു.
21 പിന്നെയും പറഞ്ഞിതു, ദേവരാജ്യത്തെ ഏതിനോടു ഉപമിക്കേണ്ടു? ഒരു
സ്ത്രീ പുളിച്ചമാവു് എടുത്തു മൂന്നു പറ മാവിൽ ചേർത്തു്, എല്ലാം പുളിച്ചു
വരുവോളം അടക്കി വെച്ചതിനോടു് അതു തുല്യമാകുന്നു.
22 അവൻ ഉപദേശിച്ചുകൊണ്ടു യരുശലേമിനായി യാത്ര ചെയ്തു; പട്ടണങ്ങ
23 ളും ഗ്രാമങ്ങളും തോറും കടന്നു പോരുമ്പോഴും, ഒരുത്തൻ അവനോടു: കർ
ത്താവെ, രക്ഷപെടുന്നവർ ചുരുക്കമൊ? എന്നു ചോദിച്ചാറെ, അവനോടു
24 പറഞ്ഞിതു: ഇടുക്കുവാതിലൂടെ അകന്മൂകുവാൻ പോരാടുവിൻ! കാരണം
പലരും പൂകുവാൻ അന്വേഷിക്കും കഴികയും ഇല്ല എന്നു ഞാൻ നിങ്ങളോടു
25 പറയുന്നു. വീട്ടുടയവൻ എഴുനീറു, കതകു പൂട്ടിക്കളകയാൽ, നിങ്ങൾ പുറ
ത്തുനിന്നു: കർത്താവെ, കർത്താവെ ഞങ്ങൾക്കു തുറക്കുക! എന്നു ചൊല്ലി,
കതകു മുട്ടിതുടങ്ങിയശേഷവും, അവൻ നിങ്ങൾ എവിടെനിന്നു് എന്നു
26 ഞാൻ അറിയുന്നില്ല എന്നു നിങ്ങളോടു് ഉത്തരം പറയുംനേരം മുതൽ: നി
ന്റെ മുമ്പിൽ ഞങ്ങൾ തിന്നു കുടിച്ചും ഞങ്ങടെ തെരുക്കളിൽ നീ പഠിപ്പി
27 ച്ചും കൊണ്ടിരുന്നുവല്ലൊ എന്നു നിങ്ങൾ പറഞ്ഞു തുടങ്ങും. അവനൊ,
ഞാൻ നിങ്ങളോടു പറയുന്നിതു: നിങ്ങൾ എവിടെ നിന്നു് എന്നു നിങ്ങളെ
അറിയുന്നില്ല; അനീതി പ്രവൃത്തിക്കുന്ന സകലരുമായുള്ളോരെ എന്നെ വി
28 ട്ടുപോവിൻ! എന്നു പറയും. (മത്താ. 8,11.) അവിടെ നിങ്ങൾ അബ്രഹാം,
ഇച്ഛാക്, യാക്കോബു് എന്നവരും എല്ലാ പ്രവാചകരും ദേവരാജ്യത്തിൽ
ഇരിക്കുന്നതും നിങ്ങൾ പുറത്തു തള്ളപ്പെടുന്നതും കാണുമ്പോഴും, കരച്ചലും
29 പല്ലുകടിയും ഉണ്ടാകും. കിഴക്കുപടിഞ്ഞാറുനിന്നും തെക്കുവടക്കുനിന്നും, (അ
30 വരവർ) വന്നു ദേവരാജ്യത്തിന്റെ പന്തിയിൽ ചേരും. കണ്ടാലും മുമ്പർ
ആവാനുള്ള പിമ്പരും, പിമ്പർ ആവാനുള്ള മുമ്പരും ഉണ്ടു.
31 ആ നാളിൽ ചില പരീശരും അടുത്തു വന്നു: ഹെരോദാ നിന്നെ കൊ
ല്ലുവാൻ ഇച്ഛിക്കുന്നതുകൊണ്ടു്, ഇവിടുന്നു പുറപ്പെട്ടു യാത്രയാക എന്നു് അവ
32 നോടു് പറഞ്ഞാറെ, അവരോടു ചൊല്ലിയതു: നിങ്ങൾ പോയി, ആ കു
ക്കനോടു പറവിൻ! ഇതാ ഇന്നും നാളയും ഞാൻ ഭ്രതങ്ങളെ പുറത്താക്കി, രോ
ഗശാന്തികളും വരുത്തി നടക്കുന്നു; മൂന്നാം നാളിൽ തികച്ചു കൊൾകയും
ചെയ്യുന്നു: എങ്കിലും ഇന്നും നാളയും മറെറന്നാളും ഞാൻ യാത്ര ചെയ്യേണ്ടതു,
33 യരുശലേമിന്നു പുറത്തു വെച്ചു പ്രവാചകൻ നശിച്ചുപോകുന്നതു പറയാതല്ല
34 ല്ലൊ, (മത്താ. 23, 37.) അല്ലയൊ? യരുശലേമെ! യരുശലേമെ! പ്രവാ
ചകരെ കൊന്നും നിണക്കായി അയക്കപ്പെട്ടവരെ കല്ലെറിഞ്ഞും കളയുന്നവ
ളെ! ഒരു കോഴി തന്റെ കുഞ്ഞുകൂട്ടം ചിറകുകളിൻകീഴിൽ ചേർത്തുകൊള്ളുന്ന
പ്രകാരം തന്നെ നിന്റെ മക്കളെ എത്ര വട്ടം ചേർത്തുകൊൾവാൻ എനിക്കു്
35 മനസ്സായി എങ്കിലും, നിങ്ങൾക്കു മനസ്സായില്ല. കണ്ടാലും നിങ്ങളുടെ ഭവ
നം നിങ്ങൾക്കു കൈവിടപ്പെട്ടും; കർത്താവിന്റെ നാമത്തിൽ വരുന്നവൻ
അനുഗ്രഹിക്കപ്പെട്ടവൻ എന്നു നിങ്ങൾ ചൊല്ലും കാലം വരുവോളത്തേക്കു
നിങ്ങൾ എന്നെ കാണുക ഇല്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു.

14. അദ്ധ്യായം

ശബ്ബത്തിൽ മഹോദരശാന്തിയുടെ ശേഷം, (7) ദേവരാജ്യത്തിലെവിന
യം, (12) പക്ഷഭേദമില്ലായ്മ, (15) ക്ഷണിക്കുന്ന ക്രമം [മത്താ. 22.] ഇ
വ മൂന്നു് ഉപമകളാൽ വർണ്ണിച്ചതു, (25) ശിഷ്യനാവാൻ വേണ്ടുന്ന ഭാവം.

1 പരീശപ്രമാണികളിൽ ഒരുത്തന്റെ വീട്ടിൽ അവൻ അപ്പം ഭക്ഷിപ്പാൻ
2 ശബ്ബത്തിൽ ചെന്നപ്പൊഴും, ഉണ്ടായിതു: അവർ അവനെ കാത്തുനിന്നിരി
ക്കെ, മഹോദരമുള്ളോരു മനുഷ്യൻ അതാ അവന്റെ മുമ്പിൽ ഉണ്ടു. അതിന്നു

3 യേശു വൈദികരോടും പറീശരോടും ഉരിയാടി, ശബ്ബത്തിൽ സൌഖ്യ
4 മാക്കുന്നതു ന്യായമൊ? എന്നു ചൊല്ലിയാറെ, അവർ മിണ്ടാതിരുന്നു. അ
വനും അവനെ കൈപിടിച്ചു, സ്വസ്ഥനാക്കി വിട്ടയച്ചു അവരോടു ചൊല്ലി
5 യതു: നിങ്ങളിൽ ആർക്കു കഴുതയൊ, കാളയൊ, കിണറ്റിൽ വീണാൽ,
6 ശബ്ബത്തുനാളിലും ക്ഷണത്തിൽ അതു വലിച്ചെടുക്കയില്ലയൊ? എന്നതിന്നു
അവർ ഉത്തരം ഒന്നും പറഞ്ഞു കൂടാതെ ആയി.

7 പിന്നെ ക്ഷണിക്കപ്പെട്ടവർ മുഖ്യാസനങ്ങളെ തെരിഞ്ഞെടുക്കുന്ന പ്രകാ
8 രം കുറിക്കൊണ്ടു അവരോടു ഉപമ പറഞ്ഞിതു: നീ ഒരുത്തനാൽ കല്യാ
ണത്തിന്നു വിളിക്കപ്പെട്ടപ്പോൾ, മുഖ്യാസനത്തിൽ ചാരിക്കൊള്ളരുതു; പ
9 ക്ഷെ നിന്നിലും മാനം ഏറിയവൻ അവനാൽ വിളിക്കപ്പെട്ടിട്ടു, നിന്നെയും
അവനെയും ക്ഷണിച്ചവൻ വന്നു: ഇവനു ഇടം കൊടുക്ക! എന്നു നിന്നോടു
പറയുമ്പോൾ, നീ നാണത്തോടെ ഒടുക്കത്തെ സ്ഥലം എടുക്കേണ്ടിവരും.
10 അല്ല, നീ വിളിക്കപ്പെട്ടാൽ, ചെന്നു ഒടുക്കത്തെ സ്ഥലത്തു ചാരികൊൾക;
നിന്നെ ക്ഷണിച്ചവൻ വന്ന ശേഷം നിന്നോടു: സ്നേഹിത! മേലോട്ടു പോ
യിരിക്ക എന്നു പറവാന്തക്കവണ്ണം തന്നെ; അപ്പോൾ ആ പന്തിയിൽ ചേ
11 രുന്നവരുടെ മുമ്പാകെ നിണക്കു മാനം ഉണ്ടാകും. കാരണം തന്നെത്താൻ ഉയ
ർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ ഉയർത്ത
പ്പെടുകയും ചെയ്യും (മത്താ. 23,12.)

12 പിന്നെ തന്നെ ക്ഷണിച്ചവനോടു പറഞ്ഞിതു: നീ മുത്താഴമൊ അത്താ
ഴമൊ കഴിക്കുമ്പോൾ, നിന്റെ സ്നേഹിതരേയും, സഹോദരരേയും, ചാർച്ച
ക്കാരേയും, സമ്പത്തുള്ള അയല്ക്കാരേയും വിളിക്കൊല്ല; അല്ലാഞ്ഞാൽ, അവർ
നിന്നെ അങ്ങോട്ടും ക്ഷണിക്കയും, നിണക്കു പ്രത്യുപകാരം വരികയും ആ
13 മല്ലൊ. നീ വിരുന്നു കഴിക്കുമ്പോൾ, ദരിദ്രർ, ഊനക്കാർ, മുടന്തർ, കുരുടർ
14 ഇവരെ ക്ഷണിക്ക; എന്നാൽ അവക്കു പ്രത്യുപകാരം ചെയ്വാൻ ഇല്ലാ
യ്കയാൽ നീതിമാന്മാരുടെ പുനരുത്ഥാനത്തിങ്കൽ നിണക്കു പകരം ലഭിപ്പാ
നുള്ളതുകൊണ്ടു നീ ധന്യനാകും.

15 എന്നതു പന്തിയിൽ ചേർന്നവരിൽ ഒരുത്തൻ കേട്ടിട്ടു: ദേവരാജ്യത്തിൽ
16 അപ്പം ഭക്ഷിക്കുന്നവൻ ധന്യൻ എന്നു അവനോടു പറഞ്ഞു. ആയവനോടു
അവൻ ചൊല്ലിയതു: ഒരു മനുഷ്യൻ വലിയ അത്താഴംകഴിച്ചു പലരേയും
17 ക്ഷണിച്ച ശേഷം, അത്താഴനാഴികെക്കു തന്റെ ദാസനെ അയച്ചു, ആ ക്ഷ
ണിച്ചവരോടു: ഇപ്പോൾ, എല്ലാം ഒരുങ്ങിതീൎന്നതുകൊണ്ടു വരുവിൻ! എന്നു
18 പറയിച്ചു. എല്ലാവരും ഏകമനസ്സോടെ ഒഴിച്ചൽ പറഞ്ഞുതുടങ്ങി; ഒന്നാ
മൻ അവനോടു: ഞാൻ ഒരു നിലംകൊണ്ടതിനാൽ, അതിനെ പോയി
കാണ്മാൻ മുട്ടുണ്ടു; ഞാൻ നിന്നെ അപേക്ഷിക്കുന്നു: എന്റെ അവിധ ബോ
19 ധിച്ചിരിപ്പൂതാക എന്നു പറഞ്ഞു. മറ്റവൻ: അഞ്ചുർകാള കൊണ്ടതിനാൽ
അവ ശോധനചെയ്വാൻ പോകുന്നു. ഞാൻ നിന്നെ അപേക്ഷിക്കുന്നു:
20 എന്റെ അവിധ ബോധിച്ചിരിപ്പൂതാക എന്നു പറഞ്ഞു. മറ്റവൻ: പെണ്ണു
21 കെട്ടിയതുകൊണ്ടു വന്നുകൂടാ എന്നു പറഞ്ഞു. ആ ദാസൻ മടങ്ങിവന്നു, ത
ന്റെ യജമാനനോടു ഇവ അറിയിച്ചപ്പോൾ, വീട്ടുടയവൻ കോപിച്ചു, ത
ന്റെ ദാസനോടു നീ വേഗം പട്ടണത്തിലേ വീഥികളിലും ഇടത്തെരുക്ക
ളിലും ചെന്നു, ദരിദ്രർ, ഊനക്കാർ, മുടന്തർ, കുരുടർ ഇവരെ ഇങ്ങു വരുത്തു
22 ക എന്നു കല്പിച്ചു. ദാസൻ പറഞ്ഞു: കൎത്താവെ, നിയോഗിച്ച പ്രകാരം
23 ചെയ്തതീൎന്നു; ഇനിയും സ്ഥലം ഉണ്ടു. എന്നാറെ, യജമാനൻ ദാസനോടു
പറഞ്ഞു: നീ പുറപ്പെട്ടു പെരുവഴികളിലും, വേലികളിലും (പോയി) എ
ന്റെ വീടു നിറയേണ്ടതിന്നു (കണ്ടവരെ) പ്രവേശിപ്പാൻ നിൎബ്ബന്ധിക്ക.
24 ആ ക്ഷണിച്ചിട്ടുള്ള പുരുഷർ ആരും എന്റെ അത്താഴം ആസ്വദിക്കയില്ല
എന്നു ഞാൻ നിങ്ങളോടു പറയുന്നു.

25 ഏറിയ സമൂഹങ്ങൾ അവനോട് ഒന്നിച്ചു നടക്കുമ്പോൾ, അവൻ തിരി
26 ഞ്ഞു അവരോടു പറഞ്ഞിതു: ഒരുവൻ എന്നോടു ചേർന്നാൽ തന്റെ അപ്പനേ
യും, അമ്മയേയും, ഭാര്യയേയും മക്കളേയും, സഹോദരരേയും, സഹോദരികളെ
യും തന്റെ ദേഹിയേയും കൂട പകെക്കുന്നില്ല എങ്കിൽ, എന്റെ ശിഷ്യനായി
27 രിപ്പാൻ കഴികയില്ല. പിന്നെ തന്റെ ക്രൂശിനെ എടുത്തു എന്റെ പിന്നാലെ
28 ചെന്നുകൊള്ളാത്തവനും എന്റെ ശിഷ്യനായിരിപ്പാൻ കഴികയില്ല (മത്താ.
10, 38.) എങ്ങിനെ എന്നാൽ നിങ്ങളിൽ ആർ ഒരു ഗോപുരം പണി ചെയ്
വാൻ ഇച്ഛിച്ചാൽ, മുമ്പെ ഇരുന്ന് അതു തീർപ്പാൻ തനിക്കു വക ഉണ്ടോ എ
29 ന്നുവെച്ചു ചെല്ലും, ചെലവു കണക്കുനോക്കുന്നില്ലയൊ? അല്ലാഞ്ഞാൽ പക്ഷെ
അടിസ്ഥാനം ഇട്ട ശേഷം, തികെപ്പാൻ പോരാഞ്ഞുകൊണ്ടു, കാണുന്നവർ എ
30 ല്ലാം ഈ മനുഷ്യൻ പണിചെയ്‌വാൻ ആരംഭിച്ചു തികെപ്പാൻ കഴിഞ്ഞ
31 തും ഇല്ല എന്നു പരിഹസിച്ചു തുടങ്ങുമല്ലൊ. അല്ല രാജാവ് രാജാവിനോടു
പട ഏല്പാൻ പുറപ്പെടുമ്മുമ്പെ ഇരുന്നുകൊണ്ടു ഇരുപതിനായിരവുമായി
എതിർത്തുവരുന്നവനെ താൻ പതിനായിരവുമായി ഏറ്റു ചെറുപ്പാൻ മതി
32 എന്നു വെച്ചു മന്ത്രിക്കുന്നില്ലയൊ? പോര എന്നു വരികിൽ, മറവൻ ദൂരത്തി
രിക്കുമ്പോൾ തന്നെ, മന്ത്രിദൂത് അയച്ചു, സമാധാനം സംബന്ധിച്ചവ അ
33 പേക്ഷിക്കുന്നുവല്ലൊ. അപ്രകാരം തന്നെ നിങ്ങളിൽ ആരും തനിക്കുള്ളവ
റൊടു ആകെ വിട വാങ്ങുന്നില്ല എങ്കിൽ, എന്റെ ശിഷ്യനായിരിപ്പാൻ
34 കഴികയില്ല (മാ. 9,50.) ഉപ്പു നല്ലതു തന്നെ; ഉപ്പുകൂടെ രസമില്ലാതെ
പോകിലൊ (അതിനു) ഏതുകൊണ്ടു രുചി വരുത്തും? ഇനി നിലത്തി
35 ന്നും, വളത്തിന്നും, കൊള്ളരുതു; അതു പുറത്തു കളയുന്നു; കേൾപാൻ ചെവി
കും ഉള്ളവൻ കേൾക്കുക.

15. അദ്ധ്യായം

പാപികളോടുള്ള ചേർച്ചെക്കു കാരണമായതു, (3) നഷ്ടമായ ആടു[മത്താ. 18, 12.] (8) കാണാതെ പോയ ദ്രഹ്മ, (11) മൂടിയനായ മകൻ ഈ മൂന്നു ഉപമകളാൽ വർണ്ണിച്ച ദേവകരുണ.

1 എല്ലാ ചുങ്കക്കാരും പാപികളും, അവനെ കേൾപാൻ അടുത്തു വരുന്നതു
2 കൊണ്ടു, പരീശരും ശാസ്ത്രികളും: ഇവൻ പാപികളെ ചേർത്തുകൊണ്ടു, അ
3 വരോടു കൂടി ഭക്ഷിക്കുന്നു എന്നു പിറുപിറുത്തു. അവരോടു അവൻ ഈ ഉപ
മ പറഞ്ഞു: നിങ്ങളിൽ ഏതു മനുഷ്യൻ നൂറു ആടുണ്ടായിരിക്കെ, അതിൽ
4 ഒന്നു കളഞ്ഞു പോയാൽ, തൊണ്ണൂറൊമ്പതിനെ ഭൂമിയിൽ വിട്ടേച്ചു, ആ
കാണാതെ പോയതിനെ കണ്ടെത്തും വരെ, നോക്കി നടക്കാതിരിക്കുമൊ?
5 കണ്ടു കിട്ടിയപ്പോൾ സന്തോഷിച്ചുംകൊണ്ടു, തന്റെ ചുമലുകളിൽ എടുത്തു
6 വീട്ടിൽവന്നു സ്നേഹിതരെയും, അയല്പാരെയും, വിളിച്ചുകൂട്ടി: ഞാൻ കള
ഞ്ഞിട്ടുള്ള ആടു കണ്ടു കിട്ടുകകൊണ്ടു എന്നോടു കൂടെ സന്തോഷിപ്പിൻ! എ
ന്നു അവരോടു പറയുന്നു. അപ്രകാരം തന്നെ മാനസാന്തരം കൊണ്ടു ആ
7 വശ്യമില്ലാത്ത തൊണ്ണൂറൊമ്പതു നീതിമാന്മാരിലും മനം തിരിയുന്ന ഏക
പാപിയെ ചൊല്ലി, സ്വർഗ്ഗത്തിൽ സന്തോഷം ഉണ്ടാകും എന്നു ഞാൻ നി
ങ്ങളോടു പറയുന്നു.

8 അല്ല, ഏതു സ്ത്രീ പത്തു ദ്രഹ്മ ഉണ്ടായിരിക്കെ, ഒരു ദ്രഹ്മ കളഞ്ഞാൽ, വി
ളക്കു കത്തിച്ചു ഭവനം അടിച്ചു വാരി, അതു കണ്ടു കിട്ടും വരെ, സൂക്ഷ്മ
9 ത്തോടെ അന്വേഷിക്കാതിരിക്കുമൊ? കണ്ടു കിട്ടിയപ്പോൾ തോഴിമാരെ
യും, അയല്പാരത്തികളേയും വിളിച്ചുകൂട്ടി: ഞാൻ കളഞ്ഞിരുന്ന ദ്രഹ്മ കണ്ടു
കിട്ടുകകൊണ്ടു എന്നോടു കൂടെ സന്തോഷിപ്പിൻ! എന്നു പറയുന്നു.

10 അപ്രകാരം തന്നെ മനം തിരിയുന്ന ഏക പാപിയെ ചൊല്ലി, ദേവദൂത
ന്മാരുടെ മുമ്പാകെ സന്തോഷം ഉണ്ടാകുന്ന എന്ന ഞാൻ നിങ്ങളോടു പറ
യുന്ന.

11 പിന്നെ പറഞ്ഞിതു: ഒരു മനുഷ്യന രണ്ടു മക്കൾ ഉണ്ടു: അതിൽ ഇളയ
12 വൻ അപ്പനോടു: അപ്പനെ, വസ്തുവിൽ എനിക്കു വരുന്ന പങ്കു തരേണ
മെ എന്ന പറഞ്ഞു; അവനും മുതലിനെ അവർക്കു പകുതി ചെയ്തു. കുറയ
13 നാൾ കഴിഞ്ഞപ്പോൾ, ഇളയ മകൻ സകലവും സ്വരൂപിച്ചുകൊണ്ടു, ദൂരദേ
ശത്തേക്കു യാത്രപോയി, അവിടെ ദുർന്നടപ്പു ആചരിച്ചുകൊണ്ടു, തന്റെ
14 വസ്തു നാനാവിധമാക്കിക്കളഞ്ഞു. എല്ലാം ചെലവഴിച്ചശേഷം ആ ദേശ
ത്തിൽ കനത്ത ക്ഷാമം ഉണ്ടായി; അവനും മുട്ടു വന്നുതുടങ്ങി. പിന്നെ പോ
15 യി, ആ ദേശത്തിലെ പൌരന്മാരിൽ ഒരുത്തനെ പറ്റിക്കൊണ്ടു, ആയവൻ
അവനെ തന്റെ നിലങ്ങളിൽ അയച്ചു, പന്നികളെ മേയ്പാനാക്കി. പന്നി
16 കൾ തിന്നുന്ന മരപ്പയറു കൊണ്ടു തന്റെ വയറു നിറെപ്പാൻ എത്ര കൊതി
17 ച്ചാലും ആരും അവന കൊടുത്തില്ല. അപ്പോൾ, അവൻ തന്നിലേക്കു തന്നെ
വന്നു പറഞ്ഞു: എന്റെ അപ്പനോടു എത്ര കൂലിക്കാർക്കു അപ്പം വഴിയുന്ന
ണ്ടു; ഞാനൊ വിശപ്പുകൊണ്ടു ഇവിടെ നശിച്ചു പോകുന്നു. ഞാൻ എഴുനീ
18 റു എന്റെ അപ്പന്റെ അടുക്കെ പോയി അവനോടു: അപ്പനെ, ഞാൻ
19 സ്വർഗ്ഗത്തോടും, നിന്നോടും, പാപം ചെയ്തു; ഇനി നിന്റെ മകനെന്നു വി
ളിക്കപ്പെടുവാൻ യോഗ്യനല്ല; നിന്റെ കൂലിക്കാരിൽ ഒരുത്തനെ പോലെ
എന്നെ ആക്കിക്കൊള്ളേണമെ എന്ന പറയും. എന്നിട്ടു എഴുനീറു തന്റെ
20 അപ്പന്റെ അടുക്കെപോയി; അവൻ ദൂരത്തുള്ളപ്പോൾ തന്നെ, അപ്പൻ അവ
നെ കണ്ടു കരളലിഞ്ഞു, ഓടി വന്നു അവന്റെ കഴുത്തു കെട്ടിപ്പിടിച്ചു അ
21 വനെ ചുംബിച്ചു. മകൻ അവനോടു: അപ്പനെ, ഞാൻ സ്വർഗ്ഗത്തോടും, നി
ന്നോടും, പാപം ചെയ്തു; ഇനി നിന്റെ മകൻ എന്ന വിളിക്കപ്പെടുവാൻ
22 യോഗ്യനമല്ല എന്ന പറഞ്ഞാറെ, അപ്പൻ തന്റെ ദാസരോടു വേഗം മേല
ത്തരമായ അങ്കിയെ കൊണ്ടുവന്നു, ഇവനെ ഉടുപ്പിപ്പിൻ! കൈക്കു മോതി
രവും, കാലുകൾക്കു ചെരിപ്പുകളും ഇടുവിപ്പിൻ! പുഷ്ടിപ്പിച്ച കന്നുകുട്ടിയെ
23 കൊണ്ടുവന്നു അറുപ്പിൻ! ഇനി നാം ഭക്ഷിച്ചു ആനന്ദിക്ക! ഈ എന്റെ മ
24 കൻ ചത്തവനായിരുന്നു. തിരികെ ഉയിർത്തു; കാണാതെ പോയവനായി
രുന്നു, കണ്ടുകിട്ടുകയും ചെയ്തുവല്ലൊ! എന്ന പറഞ്ഞു; അവരും ആനന്ദിച്ചു
25 തുടങ്ങി അവനു അവന്റെ മൂത്തമകൻ വയലിൽ ഉണ്ടു; ആയവൻ വന്നു
വീട്ടിനോടു അടുത്തപ്പോൾ, വാദ്യനൃത്തഘോഷവും കേട്ടു, ബാല്യക്കാ
26 രിൽ ഒരുത്തനെ വിളിച്ചു: ഇതെന്തു? എന്ന ചോദിച്ചു. നിന്റെ സഹോ
27 ദരൻ വന്നു, പിന്നെ നിന്റെ അപ്പൻ അവനെ സൌഖ്യത്തോടെ കിട്ടിയ
തുകൊണ്ടു, പുഷ്ടിപ്പിച്ച കന്നുകുട്ടിയെ അറുപ്പിച്ചു എന്നു അവനോടു പറ
28 ഞ്ഞപ്പോൾ, അവൻ കോപിച്ചു അകമ്പൂകുവാൻ മനസ്സില്ലാഞ്ഞു. എന്നി
ട്ടു അപ്പൻ പുറത്തു വന്നു അവനെ പ്രബോധിപ്പിച്ചു പോരുമ്പോൾ, അവൻ
29 അവനോടു: കണ്ടാലും ഇത്ര വർഷം ഞാൻ നിന്നെ സേവിക്കുന്നു, നിന്റെ
കല്പന ഒരു നാളും ലംഘിച്ചതും ഇല്ല; ഞാൻ ചങ്ങാതികളുമായി ആനന്ദി
30 ക്കേണ്ടതിന്നു, നീ ഒരിക്കലും ഒർ ആട്ടുകുട്ടി തന്നില്ല താനും. വേശ്യമാരോടു
കൂടി നിന്റെ മുതൽ തിന്നുകളഞ്ഞുള്ള ഈ നിന്റെ മകൻ വന്നപ്പോഴെക്കൊ,
പുഷ്ടിപ്പിച്ച കന്നുകുട്ടിയും അവനു അറുത്തു കൊടുത്തു എന്നത്തരം ചൊല്ലി
31 യാറെ, അവനോടു പറഞ്ഞിതു: കുഞ്ഞനെ, നീ എപ്പോഴും എന്നോടു കൂടെ
32 ഉണ്ടല്ലൊ; എനിക്കുള്ളതു എല്ലാം നിന്റെതു ആകുന്നു; ഈ നിന്റെ സ
ഹോദരൻ ചത്തവനായിരുന്നു തിരികെ ഉയിർത്തു; കാണാതെ പോയവനാ
യിരുന്നു, കണ്ടു കിട്ടിയതുകൊണ്ടു ആനന്ദിച്ചു സന്തോഷിക്കേണ്ടിയിരുന്നു
താനും.

16. അദ്ധ്യായം

മാമോന്റെ അനീതിയുള്ള വീട്ടുവിചാരകന്റെ ഉപമ, (14) പരീശരെ ആക്ഷേപിച്ചു, (19) ധനവാനും ലാജരിന്നും സംഭവിച്ചത് ഉപമയിൽ കാട്ടിയതു.

1 പിന്നെ അവൻ ശിഷ്യരോട് പറഞ്ഞിതു: ധനവാനായൊരു മനുഷ്യനു
വീട്ടുവിചാരകൻ ഉണ്ടായിരുന്നു; ആയവൻ അവന്റെ വസ്തു നാനാവിധമാ
2 കുന്ന പ്രകാരം കുറ്റം ചുമത്തപ്പെട്ടാറെ, അവനെ വിളിച്ചു വരുത്തി: നി
ന്നെ കൊണ്ടു് ഈ കേൾക്കുന്നതു് എന്തു? നിണക്കു് ഇനി വീട്ടുവിചാരി
പ്പാൻ കഴിയായ്കകൊണ്ടു്, നിന്റെ വിചാരണക്കണക്കു് ഏല്പിച്ചു ത
3 രിക എന്നു പറഞ്ഞു. വീട്ടുവിചാരകൻ ഉള്ളുകൊണ്ടു പറഞ്ഞു: എന്റെ യജ
മാനൻ വിചാരണയെ എന്നോടു് എടുത്തു കൊള്ളുന്നതുകൊണ്ടു് എന്തു
4 ചെയ്യേണ്ടു? കൊത്തുവാൻ പ്രാപ്തിയില്ല; ഇരെപ്പാൻ നാണിക്കുന്നു; എന്നെ
വിചാരണയിൽനിന്നു നീക്കിയാൽ പിന്നെ തങ്ങളുടെ വീടുകളിൽ എ
ന്നെ ചേർത്തു കൊൾവാന്തക്കവണ്ണം ഞാൻ ചെയ്യേണ്ടതു് ഇന്നതു് എന്നു ബോ
5 ധിച്ചു. എന്നിട്ടു തന്റെ യജമാനനുള്ളോരോരോ കടക്കാരെ വരുത്തി, മുമ്പി
ലത്തവനോടു്: എന്റെ യജമാനനോടു് എത്ര കടപ്പെട്ടിരിക്കുന്നു? എന്നു
6 ചോദിച്ചു. നൂറു കുടം എണ്ണ എന്നു് അവൻ പറഞ്ഞാറെ: നിന്റെ കൈ
ച്ചീട്ടു് ഇതാ വാങ്ങി വേഗം ഇരുന്നു് അമ്പതു് എന്നു് എഴുതുക എന്നു് അ
7 വനോടു് പറഞ്ഞു. പിന്നെ മറ്റൊരുത്തനോടു്: നീയോ എത്ര കടംപെ
ട്ടിരിക്കുന്നു എന്നു ചോദിച്ചാറെ: നൂറു പറ കോതമ്പു് എന്നു പറഞ്ഞു; അ
വനോടു്: നിന്റെ കൈച്ചീട്ടു വാങ്ങി, എൺപതു് എന്നു് എഴുതുക എന്നു
8 പറഞ്ഞു. ശേഷം ഈ നീതികേടുള്ള വീട്ടു വിചാരകൻ ബുദ്ധിപ്രകാരം
ചെയ്തുകൊണ്ടു, യജമാനൻ അവനെ പുകഴ്ത്തി; എങ്ങിനെ എന്നാൽ വെളി
ച്ചമക്കളേക്കാളും, ഈ യുഗത്തിന്റെ മക്കൾ താന്താങ്ങളുടെ തലമുറയോടു ബു
9 ദ്ധി ഏറിയവർ ആകുന്നു. ഞാനും നിങ്ങളോടു പറയുന്നിതു: നീതികേടുള്ള
(ധനം) മാമോനെകൊണ്ടു നിങ്ങൾക്കു സ്നേഹിതരെ ഉണ്ടാക്കിക്കൊൾവിൻ!
അതു് ഒടുങ്ങി പോയാൽ, അവർ നിത്യകൂടാരങ്ങളിൽ നിങ്ങളെ ചേർത്തു
10 കൊള്ളേണ്ടതിന്നു തന്നെ. ഏറ്റവും ചെറിയതിൽ വിശ്വസ്തനായവൻ അധി
കത്തിലും വിശ്വസ്തൻ ആകുന്നു; ഏറ്റവും ചെറിയതിൽ നീതികേടുള്ളവൻ
11 അധികത്തിലും നീതികെട്ടവനത്രെ. ആകയാൽ, അനീതിയുള്ള മാമോ
നിൽ വിശ്വസ്തരായില്ല എങ്കിൽ സത്യമായുള്ളതു നിങ്ങളിൽ ആർ ഭരമേ
12 ല്പിക്കും? അന്യന്റെ മുതലിൽ വിശ്വസ്തരായില്ല എങ്കിൽ, നിങ്ങൾക്കു
13 സ്വന്തമായതു് ആർ തരും? രണ്ടു യജമാനന്മാരെ സേവിപ്പാൻ ഒരു ഭൃത്യ
നും കഴികയില്ല; ചെയ്താൽ ഒരുവനെ പകെക്കും. മറ്റവനെ സ്നേഹിക്കും:
അല്ലെങ്കിൽ ഒരുത്തനെ മുറുക പിടിക്കും, മറ്റവനെ നിന്ദിക്കും. നിങ്ങൾ
ക്കു ദൈവത്തെയും മാമോനെയും സേവിച്ചു കൂടാ. (മത്താ. 6, 24.)

14 എന്നിവ എല്ലാം ദ്രവ്യാഗ്രഹികളായ പരീശന്മാർ കേട്ടു് അവനോടു് ഇ
15 ളിച്ചു കാട്ടി അവരോടു് പറഞ്ഞിതു: നിങ്ങളെ തന്നെ മനുഷ്യരുടെ മുമ്പാ
കെ. നിങ്ങൾ നീതീകരിക്കുന്നവർ എങ്കിലും, ദൈവം നിങ്ങളുടെ ഹൃദയ
ങ്ങളെ അറിയുന്നു; കാരണം മനുഷ്യരിൽ ഉന്നതമായതു. ദൈവത്തിൻമു
16 മ്പാകെ അറെപ്പത്രെ. ധർമ്മശാസ്ത്രവും പ്രവാചകരും, യോഹനാൻ വരെ
(ഉള്ളതു); അന്നു മുതൽ ദേവരാജ്യം സുവിശേഷിക്കപ്പെടുന്നു; എല്ലാവനും
17 അതിനെ ആക്രമിക്കുന്നു (മത്താ 11. 12.) ധർമ്മത്തിൽ ഒരു പുള്ളി വീണു
പോകുന്നതിനേക്കാളും, സ്വർഗ്ഗവും ഭൂമിയും ഒഴിഞ്ഞു പോകുന്നതു് എളുപ്പം
18 തന്നെ (മത്താ. 5, 18.) തന്റെ ഭാര്യയെ ഉപേക്ഷിച്ചു മറ്റവളെ

കെട്ടന്നവൻ എല്ലാം വ്യഭിചരിക്കുന്നു: പുരുഷൻ ഉപേക്ഷിച്ചു പോയവളെ
കെട്ടന്നവനും എല്ലാം വ്യഭിചരിക്കുന്നു (മത്താ. 19, 9.)
19 ധനവാനായൊരു മനുഷ്യൻ ഉണ്ടായിരുന്നു; അവൻ ധൂമ്രവർണ്ണമുള്ളതും,
നേരിയ ശീലയും ഉടുത്തുംകൊണ്ടു, ദിനമ്പ്രതി കൌതുകത്തോടെ രമിക്കുന്ന
20 വൻ തന്നെ. ലാജർ എന്നു പേരുള്ള ഒരു ദരിദ്രനും ഉണ്ടു; അവന്റെ പടിപ്പുര
21 ക്കൽ ഇവൻ പരുവും മൂടി ഇടപ്പെട്ടിരുന്നു; ധനവാന്റെ മേശയിൽനിന്നു
വീഴുന്ന കഷണങ്ങൾകൊണ്ടു തൃപ്തി വരുത്തുവാൻ, ആഗ്രഹിച്ചു പാർത്തു; നാ
യ്ക്കളും വന്നു അവന്റെ പരുക്കളെ നക്കും. ആ ദരിദ്രനു മരണം സംഭവിച്ചു;
22 ദൂതന്മാർ അവനെ കൊണ്ടു പോയി, അബ്രഹാമിൻ മടിയിലാക്കി. ധന
23 വാനും മരിച്ചു കുഴിച്ചിടപ്പെട്ടു; അവൻ പാതാളത്തിൻ ദണ്ഡങ്ങളിൽ ഉഴപ്പെ
ട്ടു കണ്ണുകളെ ഉയർത്തി, ദൂരത്തുനിന്നു അബ്രഹാമെയും, അവന്റെ മടിയിൽ
24 ലാജരെയും കണ്ടു, വിളിച്ചു പറഞ്ഞു: പിതാവായ അബ്രഹാമേ! എന്നിൽ
കനിഞ്ഞു കൊണ്ടാലും ഈ ജ്വാലയിൽ ഞാൻ വേദനപ്പെടുക കൊണ്ടു,
ലാജർ തന്റെ വിരലിന്റെ അറ്റം വെള്ളത്തിൽ മുക്കി എന്റെ നാവിനെ
25 തണുപ്പിക്കേണ്ടതിന്നു നിയോഗിക്ക! എന്നാറെ ,അബ്രഹാം പറഞ്ഞു: മക
നെ! നിന്റെ ആയുസ്സിൽ നിന്റെ നന്മകളും ലാജരിന്നു അപ്രകാരം തിന്മ
കളും കിട്ടി പോയ പ്രകാരം ഓർക്ക! ഇപ്പോഴോ ഇവനു ഇവിടെ ആ
26 ശ്വാസവും നിണക്കു വേദനയും ഉണ്ടു. അത്രയുമല്ല; ഇവിടെനിന്നു നിങ്ങളുടെ
ക്കെ കടപ്പാൻ ഇച്ഛിക്കുന്നവക്കു കഴിവില്ലാതെയും, അങ്ങെയവർ ഞങ്ങളുടെ
ക്കെ കടന്നു വരാതെയും ഇരിപ്പാന്തക്കവണ്ണം ഞങ്ങൾക്കും നിങ്ങൾക്കും നടു
27 വെ വലിയ പിളർപ്പു സ്ഥാപിച്ചിട്ടുണ്ടു. പിന്നെഅവൻ പറഞ്ഞു; എന്നാൽ
പിതാവെ! ആയവനെ എന്റെ അപ്പന്റെ വീട്ടിൽ അയപ്പാൻ അപേക്ഷി
28 ക്കുന്നു; കാരണം എനിക്കു അഞ്ചു സഹോദരൻമാർ ഉണ്ടു; അവരും ഈ ദ
ണ്ഡസ്ഥലത്തു വരാതിരിപ്പാൻ അവൻ അവർക്കു (ആണയിട്ടും) സാക്ഷ്യം
29 ചൊല്ലുക! അബ്രഹാം അവനോടു: അവർക്കു മോശയും പ്രവാചകരും
ഉണ്ടല്ലൊ; ആയവനെ കേൾക്കേണ്ടതു എന്നു പറഞ്ഞാറെ: അല്ല, പിതാ
30 വായ അബ്രഹാമേ! മരിച്ചവരിൽനിന്നു ഒരുത്തൻഅവരരികെ പോയി എ
ങ്കിൽ മനന്തിരിയും എന്നു അവൻ പറഞ്ഞതിന്നു:അവർ മോശയേയും പ്ര
31 വാചകരേയും കേൾക്കാഞ്ഞാൽ, മരിച്ചവരിൽനിന്നു ഒരുത്തൻ എഴുനീറു
വന്നു എങ്കിലും, അവരെ അനുസരിപ്പിക്കയും ഇല്ല എന്നു അവനോടു പ
റഞ്ഞു.

17. അദ്ധ്യായം

ഇടച്ചകളും തമ്മിൽ ക്ഷമിക്കുന്നതും വിശ്വാസവർദ്ധനയും ചൊല്ലി ഉപദേ
ശിച്ചതു, (11) 10 കുഷ്ഠികൾക്കു ശുദ്ധി വന്നതിന്റെ അനുഭവം, (20) ദേവ
രാജ്യം പരുക്കയും ഘോഷത്തോടും വരുന്ന പ്രകാരം [മത്താ. 24, 17–41.]

1 അവൻ തന്റെ ശിഷ്യരോടു ചൊല്ലിയതു: ഇടർച്ചകൾ വരാതിരിക്കു
ന്നതു അസാദ്ധ്യം തന്നെ; എങ്കിലും അവ വരുത്തുന്നവനു ഹാ കഷ്ടം! ഈ
2 ചെറിയവരിൽ ഒരുത്തനു ഇടർച്ച വരുത്തുന്നതിനേക്കാൾ അവന്റെ കഴു
ത്തിൽ ഒരു തിരിക്കല്ലു ചുറ്റീട്ടു കടലിൽ എറിഞ്ഞു കളഞ്ഞാൽ, അവനു
3 പ്രയോജനമായിരിക്കുന്നു. (മത്താ. 18, 6.) നിങ്ങളെ തന്നെ സൂക്ഷിച്ചു
കൊൾവിൻ! നിന്റെ സഹോദരൻ നിന്നോടു പിഴെച്ചാൽ അവനെ ആ
ക്ഷേപിക്ക; അവൻ മനന്തിരിഞ്ഞാൽ അവനു വിട്ടുകൊടുക്ക. ദിവസത്തിൽ
4 ഏഴു വട്ടം നിന്നോടു പിഴെച്ചാലും (ദിവസത്തിൽ) ഏഴു വട്ടം നിങ്കലേക്കു
തിരിഞ്ഞു: എനിക്കു അനുതാപം ഉണ്ടു എന്നു പറഞ്ഞു എങ്കിൽ, അവ
5 നോടു ക്ഷമിക്ക. അപോസ്തലന്മാർ കർത്താവിനോടു:ഞങ്ങൾക്കു വിശ്വാസം

6 കൂട്ടിത്തരേണം എന്നു പറഞ്ഞാറെ, കൎത്താവ് ചൊല്ലിയതു: നിങ്ങൾ
ക്കു കടുകിന്മണിയോളം വിശ്വാസം ഉണ്ടായാൽ, ഈ അമാറത്തിയോട്
വേരോടെ പറിഞ്ഞു കടലിൽ നട്ടിരിക്ക എന്നു പറകയും, അതു നിങ്ങൾക്കു
7 ചെവികൊടുക്കയും ആം (മത്താ. 17, 20) എങ്കിലും നിങ്ങളിൽ ആർക്ക്
ഒരു ദാസൻ ഉണ്ടായാൽ അവൻ ഉഴുക എങ്കിലും മേയ്ക്ക എങ്കിലും ചെയ്തിട്ട് വ
യലിൽ നിന്നു പോരുമ്പോൾ: നീ ക്ഷണത്തിൽ വന്നു ഊണിന്നു ഇരിക്ക
8 എന്നു അവനോടു പറയുമൊ? അല്ല എന്റെ അത്താഴത്തിന്നു ഒരുക്കുക;
പിന്നെഅരകെട്ടിക്കൊണ്ടു ഞാൻ തിന്നു കുടിച്ചു തീരുവോളം എന്റെ ശുശ്രൂ
9 ഷ ചെയ്ക; ശേഷം നീയും തിന്നു കുടിച്ചു കൊൾക എന്നു പറകയില്ലയൊ?
ആ ദാസൻ നിയോഗപ്രകാരം ചെയ്തതിന്നു കൃതജ്ഞത കാട്ടുമൊ? അങ്ങിനെ
10 തോന്നുന്നില്ല. അവ്വണ്ണം നിങ്ങളും നിയോഗപ്രകാരം എല്ലാം ചെയ്തപ്പൊ
ഴെക്കു: ഞങ്ങൾ നിസ്സാരദാസരാകുന്നു; ചെയ്വേണ്ടിയതത്രെ ചെയ്തു എന്നു
പറവിൻ.

11 അവൻ യരുശലേമിലേക്കു യാത്രയാകുമ്പോൾ, സംഭവിച്ചിതു: ശമര്യെർ
ക്കും ഗലീലെക്കും നടുവിൽ കൂടികടക്കയിൽ ഒരു ഗ്രാമത്തിൽ ചെല്ലും നേ
12 രം, കുഷ്ഠം പിടിച്ച പത്തു പുരുഷന്മാർ അവനെ എതിരേറ്റു അകലെ,
13 നിന്നുകൊണ്ടു: യേശു നായക! ഞങ്ങളെ കനിഞ്ഞുകൊണ്ടാലും! എന്നു ശ
14 ബ്ദം ഉയൎത്തി പറഞ്ഞു. ആയവരെ അവൻ കണ്ടു: നിങ്ങൾ പോയി, പു
രോഹിതന്മാൎക്കു നിങ്ങളെ തന്നെ കാട്ടുവിൻ എന്നു പറഞ്ഞു; അവർ ചെല്ല
15 കയിൽ തന്നെ ശുദ്ധരായി വരികയും ചെയ്തു. അവരിൽ ഒരുവൻ സൌഖ്യ
പ്പെട്ടതു കണ്ടു, മഹാശബ്ദത്തോടെ ദൈവത്തെ തേജസ്കരിച്ചുംകൊണ്ടു
16 മടങ്ങിവന്നു, അവന്റെ കാല്ക്കൽ കവിണ്ണുവീണു ഉപചാരം പറഞ്ഞു; അവ
17 നൊ ശമര്യൻ തന്നെ. യേശു ഉത്തരം ചെല്ലിയതു: പത്തു പേരും ശുദ്ധരാ
18 യില്ലയൊ? ഒമ്പതൊ എവിടെ? ഈ മറുജാതിക്കാരനല്ലാതെ തിരിഞ്ഞു
19 വന്നു ദൈവത്തിന്നു തേജസ്സു കൊടുപ്പവർ കാണായില്ലയൊ? എന്നാറെ
അവനോടു: എഴുനീറ്റു പോക; നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചു
എന്നു പറഞ്ഞു.

20 ദേവരാജ്യം എപ്പോൾ, വരുന്നു എന്നു പറീശർ ചോദിച്ചതിന്നു, അവൻ
21 ഉത്തരം ചൊല്ലിയതു: ദേവരാജ്യം നോക്കിക്കൊള്ളുംവണ്ണം അല്ല വരുന്നതു
ഇതാ ഇവിടെ എന്നും അതാ അവിടെ എന്നും പറയുംമാറും ഇല്ല; കണ്ടാലു,
ദേവരാജ്യംനിങ്ങളുടെ ഇടയിൽ അത്രെ ആകുന്നതു. പിന്നെ തന്റെ ശിഷ്യ
22 രോടു പറഞ്ഞിതു: നിങ്ങൾ മനുഷ്യപുത്രന്റെ ദിവസങ്ങളിൽ ഒന്നു കാ
ണ്മാൻ ആഗ്രഹിക്കയും കാണായ്കയും ചെയ്യുന്ന നാളുകൾ വരും; അന്നു നാ
23 ങ്ങളോടു ഇതാ ഇവിടെ എന്നും അതാ അവിടെ എന്നും പറയും; നിങ്ങൾ
24 പോകരുതു; പിഞ്ചെല്ലുകയും അരുതു; കാരണം മിന്നൽ വാനത്തിങ്കീഴേ
25 ദിക്കിൽനിന്നു ദിക്കോളവും തെളങ്ങി മിന്നുന്ന പോലെ തന്നെ മനുഷ്യപുത്ര
നും തന്റെ ദിവസത്തിൽ ആകും മുമ്പെ അവൻ വളരെ കഷ്ടപ്പെടുകയും
26 ഈ തലമുറയാൽ തള്ളപ്പെടുകയും വേണ്ടിയതു. പിന്നെ നോഹയുടെ ദിവ
സങ്ങളിൽ സംഭവിച്ചപ്രകാരംതന്നെ മനുഷ്യപുത്രന്റെ ദിവസങ്ങളിലും
27 ഉണ്ടാകും. അവർ തിന്നും കുടിച്ചും കെട്ടിയും കെട്ടിച്ചും വന്നതു നോഹ പെ
ട്ടകത്തിൽ കടന്നിട്ടു, ജലപ്രളയം വന്നു, എല്ലാവരെയും മുടിക്കുന്ന നാൾ
28 വരെയത്രെ. ലോത്തിന്റെ നാളുകളിൽ സംഭവിച്ചപ്രകാരവും തന്നെ;
അവരും തിന്നും കുടിച്ചുംകൊണ്ടും, വിറ്റും നട്ടുംപണി ചെയ്തും പോന്നും,
29 ലോത്തു സദോമെ വിട്ടു പോയ നാളേക്കൊ, വാനത്തിൽനിന്നു അഗ്നി
30 യും ഗന്ധകവും പെയ്തു എല്ലാവരെയും മുടിച്ചുകളഞ്ഞു. മനുഷ്യപുത്രൻ
വെളിപ്പെടുന്ന നാളിൽ അവ്വണ്ണം തന്നെ ആകും. അന്നു വീട്ടിന്മേൽ ഇരി
31 ക്കുന്നവൻ ഭവനത്തിൽ ഉള്ള കോപ്പുകളെ എടുക്കേണ്ടതിന്നു, ഇറങ്ങി
പോകായ്ക! വയലിൽ ഉള്ളവനും അപ്രകാരം പിന്നോക്കം തിരികയും

32 ഒല്ലാ! ലോത്തിന്റെ ഭാര്യയെ ഓർത്തുകൊൾവിൻ! ആരാനും തന്റെ ദേഹി
33 യെ രക്ഷിപ്പാൻ നോക്കിയാൽ, അതിനെ കളയും; അതിനെ കളഞ്ഞാൽ,
34 ഉയർപ്പിക്ക അത്രെ ചെയ്യും (9, 24.) ഞാൻ നിങ്ങളോടു പറയുന്നിതു: ആ
35 രാത്രിയിൽ ഇരുവർ ഒരു കിടക്കമേൽ ഇരിക്കും; ഒരുത്തൻ കൈക്കൊള്ള
പ്പെടും; മറ്റവൻ കൈവിടപ്പെടും. ഇരുവർ ഒന്നിച്ചു അരെച്ചുകൊണ്ടിരിക്കും;
36 ഒരുത്തി കൈക്കൊള്ളപ്പെടും, മറ്റെവൾ വിടപ്പെടും. (ഇരുവർ വയലിൽ
37 ഇരിക്കും, ഒരുത്തൻ കൈക്കൊള്ളപ്പെടും. മറ്റവൻ വിടപ്പെടും.) അവർ
ഉത്തരമായി അവനോടു: കർത്താവെ! എവിടെ? എന്നു പറഞ്ഞതിന്നു: ഉടൽ
എവിടെ അവിടെ കഴുക്കൾ കൂടും എന്നു പറഞ്ഞു.

18. അദ്ധ്യായം

പ്രാർത്ഥനയെ വർണ്ണിക്കുന്ന ഉപമകൾ രണ്ടു, (15) ശിശുക്കളെ അനുഗ്രഹിച്ചതും; (18) ധനവാനായ യുവാവും [മത്താ. 19. മാ. 10.], (31). മരണപ്രവചനവും, (35) യരിഹോവിലെ അന്ധനും [മത്താ. 20. മാ. 10.]

1 പിന്നെ മടുത്തു പോകാതെ എപ്പോഴും പ്രാർത്ഥിക്കേണം എന്നതിനെ
2 ചൊല്ലി അവരോടു ഉപമ പറഞ്ഞിതു: ദൈവത്തെ ഭയവും മനുഷ്യരെ
ശങ്കയും ഇല്ലാത്തൊരു ന്യായാധിപൻ ഒരു പട്ടണത്തിൽ ഉണ്ടായിരുന്നു.
3 ആ പട്ടണത്തിൽ ഒരു വിധവയും ഉണ്ടു; അവൾ അവന്റെ അടുക്കെ ചെന്നു,
എന്റെ പ്രതിയോഗിയിൽ പ്രതിക്രിയ നടത്തി എന്നെ രക്ഷിക്കേണം എ
4 ന്നു പറഞ്ഞുതുടങ്ങി. അവനു ഒരു കാലത്തോളം മനസ്സില്ലാഞ്ഞതിന്റെ
ശേഷം: ഞാൻ ദൈവഭയവും, മനുഷ്യരെ ശങ്കയും ഇല്ലാത്തവൻ എങ്കിലും,
5 ഈ വിധവ എനിക്കു അലമ്പൽ ചെയ്യുന്നതുകൊണ്ടു അവൾക്കായി
പ്രതിക്രിയ നടത്തും; അല്ലാഞ്ഞാൽ അന്തിയോളം വന്നു എന്നെ കുമെച്ചു
6 പോകിലും ആം എന്നു ഉള്ളുകൊണ്ടു പറഞ്ഞു. കർത്താവു പറഞ്ഞിതു: അ
7 നീതിയുള്ള ന്യായാധിപൻ ചൊല്ലുന്നതു കേൾപിൻ! ദൈവമൊ തനിക്കു
തെരിഞ്ഞെടുത്തവർ രാപ്പകൽ തന്നോടു നിലവിളിക്കയിൽ അവരുടെ
മേൽ ദീർഘക്ഷാന്തിയുള്ളവൻ എങ്കിലും, അവർക്കായി പ്രതിക്രിയ ചെ
8 യ്കയില്ലയൊ? വേഗത്തിൽ അവർക്കായി പ്രതിക്രിയ ചെയ്യും എന്നു
ഞാൻ നിങ്ങളോടു പറയുന്നു; എന്നാലും മനുഷ്യപുത്രൻ വന്നാൽ പിന്നെ
ഭൂമിയിൽ വിശ്വാസത്തെ കണ്ടെത്തുമൊ?

9 ചിലർ നീതിമാന്മാർ എന്നു തങ്ങളിൽ തന്നെ ആശ്രയിച്ചും, മറ്റുള്ളവ
രെ ധിക്കരിച്ചും കൊള്ളുന്നതിനെ ചൊല്ലി, ഈ ഉപമ പറഞ്ഞിതു: രണ്ടു
10 മനുഷ്യർ പ്രാർത്ഥിപ്പാൻ ദേവാലയത്തിൽ കരേറിപോയി; ഒരുത്തൻ പരീ
ശൻ, മറ്റെവൻ ചുങ്കക്കാരൻ തന്നെ. പരീശൻ നിന്നുകൊണ്ടു തന്നോടു ത
11 ന്നെ പ്രാർത്ഥിച്ചിതു: ദൈവമെ! പിടിച്ചുപറിക്കാർ, നീതികെട്ടവർ, വ്യ
ഭിചാരികൾ മുതലായ ശേഷം മനുഷ്യരെ പോലെയൊ, ഈ ചുങ്കക്കാരനെ
പോലെയൊ, ഞാനല്ലാത്തവനാകയാൽ നിണക്കു സ്തോത്രം ചെയ്യുന്നു.
12 ആഴ്ചയിൽ രണ്ടു വട്ടം ഉപോഷിക്കുന്നു; നേടുന്നതിൽ ഒക്കയും പതാരം
13 കൊടുത്തു വരുന്നു. ചുങ്കക്കാരനൊ, ദൂരത്തുനിന്നുകൊണ്ടു കണ്ണുകൾ സ്വ
ർഗ്ഗത്തേക്കു ഉയർത്തുവാനും മനസ്സില്ലാതെ, തന്റെ മാറത്തു അടിച്ചുകൊണ്ടു
ദൈവമെ പാപിയായ എന്നെ കടാക്ഷിച്ചു കൊള്ളേണമെ എന്നു പറഞ്ഞു.
14 അവനേക്കാൾ ഇവൻ നീതീകരിക്കപ്പെട്ടവനായി തന്റെ ഭവനത്തിലേ
ക്കു ഇറങ്ങിപോയി എന്നു ഞാൻ നിങ്ങളോടു പറയുന്നു; കാരണം തന്നെ
ത്താൻ ഉയർത്തുന്നവൻ എല്ലാം താഴ്ത്തപ്പെടും; തന്നെത്താൻ താഴ്ത്തുന്നവൻ ഉയ
ർത്തപ്പെടുകയും ചെയ്യും (14, 11.)

15 അവൻ തൊടുവാനായി, ചിലർ കുട്ടികളെയും അവനു കൊണ്ടുവരുന്നതു
16 ശിഷ്യന്മാർ കണ്ടു, അവരെ ശാസിച്ചു. യേശുവൊ ആ കുട്ടികളെ വി
ളിച്ചു വരുത്തി പറഞ്ഞിതു: ശിശുക്കളെ എന്റെ അടുക്കൽ വരുവാൻ വിടു
17 വിൻ; അവരെ തടുക്കരുതു; ദേവരാജ്യം ഇപ്രകാരമുള്ളവർക്കു ആകുന്നു സ
ത്യം. ആമെൻ ഞാൻ നിങ്ങളോടു പറയുന്നിതു: ദേവരാജ്യത്തെ ശിശുവെ
ന്ന പോലെ കൈക്കൊള്ളാത്തവൻ ആരും അതിൽ കടക്കയില്ല.

18 പിന്നെ ഒരു പ്രമാണി അവനോടു: നല്ല ഗുരൊ, എന്തു ചെയ്തിട്ടു ഞാൻ
നിത്യജീവനെ അവകാശമാക്കു? എന്നു ചോദിച്ചതിന്നു യേശു പറഞ്ഞു:
19 എന്നെ നല്ലവൻ എന്നു ചൊലുവാൻ എന്തു? ദൈവമാകുന്ന ഒരുവനല്ലാതെ,
20 നല്ലവൻ ആരും ഇല്ല. കല്പനകളെ അറിയുന്നുവല്ലൊ; വ്യഭിചരിക്കല്ല, കൊല
ചെയ്യല്ല, മോഷ്ടിക്കല്ല, കള്ളസ്സാക്ഷി പറയല്ല, നിന്റെ മാതാപിതാക്ക
21 ന്മാരെ ബഹുമാനിക്ക (2മോ, 20.) എന്നുള്ളവ തന്നെ. അവൻ പറഞ്ഞു:
ഇവ ഒക്കയും ഞാൻ ചെറുപ്പം മുതൽ കാത്തു കൊണ്ടിരിക്കുന്നു. എന്നതു യേശു
22 കേട്ടു ഇനി നിണക്കു ഇല്ലാത്തതു ഒന്നു ഉണ്ടു; ഉള്ളതു എല്ലാം വിറ്റു,
ദരിദ്രർക്കു പകുത്തു കൊടുക്ക എന്നാൽ സ്വർഗ്ഗത്തിൽ നിണക്കു നിക്ഷേ
23 പം ഉണ്ടാകും; പിന്നെ വന്നു എന്നെ അനുഗമിക്ക എന്നു പറഞ്ഞു. അവൻ
എത്രയും ധനവാനാകകൊണ്ടു ആയതു കേട്ടിട്ടു അതിദുഃഖിതനായി ചമ
24 ഞ്ഞു. അതിദുഃഖിയായതു യേശു കണ്ടു: ദ്രവ്യങ്ങം ഉള്ളവർ ദേവരാജ്യത്തിൽ
25 പ്രവേശിപ്പാൻ എത്ര പ്രയാസം! ധനവാൻ ദേവരാജ്യത്തിൽ പൂകുന്നതിലും
ഒട്ടകം സൂചികുഴയുടെ കടക്കുന്നതിന്നു എളുപ്പം ഏറെ ഉണ്ടു സത്യം എന്നു
26 പറഞ്ഞു. പിന്നെ രക്ഷപെടുവാൻ ആർക്കു കഴിയും? എന്നു കേട്ടവർ പറഞ്ഞ
27 പ്പോം: മനുഷ്യരോടു അസാദ്ധ്യമായവ ദൈവത്തോടു സാദ്ധ്യമാകുന്നു
എന്നു അവൻ പറഞ്ഞു.

28 പേത്രൻ ഇതാ ഞങ്ങം (സ്വന്തമായതു) എല്ലാം വിട്ടുകളഞ്ഞു നിന്റെ
പിന്നാലെ വന്നു എന്നു പറഞ്ഞാറെ, യേശു അവരോടു ചൊല്ലിയതു:
29 ആമെൻ ഞാൻ നിങ്ങളോടു പറയുന്നു: ദേവരാജ്യം നിമിത്തം വീടൊ,
30 പിതാക്കളെയൊ, സഹോദരരെയൊ, ഭാര്യയെയൊ, മക്കളെയൊ, വിട്ടു
കളഞ്ഞാൽ, ഈ കാലത്തിൽ തന്നെ പലമടങ്ങായിട്ടും വരുവാനുള്ള യുഗ
ത്തിൽ നിത്യജീവനെയും, പ്രാപിക്കാത്തവൻ ആരും ഇല്ല.

31 പിന്നെ പന്തിരുവരെയും കൂട്ടിക്കൊണ്ടു അവരോടു പറഞ്ഞിതു: കണ്ടാ
ലും നാം യരുശലേമിലേക്കു കരേറി പോകുന്നു; മനുഷ്യപുത്രനു പ്രവാച
കരാൽ എഴുതപ്പെട്ടുള്ളതിന്നു എല്ലാം അവിടെ നിവൃത്തി വരും. അവർ
32 അവനെ ജാതികളിൽ ഏല്പിച്ച ശേഷം പരിഹസിക്കയും, അപമാനിക്ക
33 യും, തുപ്പുകയും, തല്ലിട്ടു കൊല്ലുകയും, മൂന്നാം നാം അവൻ വീണ്ടും
34 എഴുനീല്ക്കയും ചെയ്യും. എന്നതു ഒന്നും അവർ ഗ്രഹിച്ചില്ല; ഈ മൊഴി അ
വർക്കു മറഞ്ഞിരുന്നു; പറഞ്ഞവ ബോധിച്ചതും ഇല്ല.

35 അവർ യറിഹോവിലേക്കു അടുക്കുമ്പോം, ഒരു കുരുടൻ വഴിയരികെ
36 ഇരുന്നു കൊണ്ടിരുന്നു. അവൻ പുരുഷാരം കടന്നു പോകുന്നതു കേട്ടു: ഇതെ
37 ന്തു? എന്നു ചോദിച്ചു: നചറയ്യനായ യേശു കൂടികടക്കുന്നു എന്നു അവ
38 നോടു അറിയിച്ചപ്പോം, അവൻ: ദാവിദ്പുത്ര, യേശുവെ! എന്നെ ക
39 നിഞ്ഞു കൊം‌ക! എന്നു നിലവിളിച്ചു. മുന്നടക്കുന്നവർ അവനെ മിണ്ടാ
തിരിപ്പാൻ ശാസിച്ചാറെയും: ദാവിദ് പുത്ര, എന്നെ കനിഞ്ഞു കൊം‌ക!
40 എന്നു അവൻ ഏറെം അധികം കൂക്കി പോന്നു. യേശുവും നിന്നു അവ
നെ അരികെ വരുത്തുവാൻ കല്പിച്ചു. അവൻ സമീപിച്ചപ്പോം: നി
ണക്കു എന്തു ചെയ്യേണ്ടു? എന്നു ചോദിച്ചു. കർത്താവെ, കാഴ്ചവരിക
44 തന്നെ! എന്നു അവൻ പറഞ്ഞു. യേശു അവനോടു: കാഴ്ചപ്രാപിക്ക!
42 നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു! എന്നു പറഞ്ഞു.

48 ക്ഷണത്തിൽ അവൻ കാഴ്ചപ്രാപിച്ചു ദൈവത്തെ തേജസ്കരിച്ചുംകൊണ്ടു
അവനെ പിഞ്ചെന്ന വന്ന കണ്ട ജനങ്ങൾ എല്ലാം ദൈവത്തിന്നു പുകഴ്ച
കൊടുക്കയും ചെയ്തു.

19. അദ്ധ്യായം

ചുങ്കക്കാരനായ ജക്കായി, (11) മ്നാക്കളുടെ ഉപമ [മത്താ. 25.], (29) യരുശലെമിലെപ്രവേശം [മത്താ.21.മാ. 11. യോ. 12.], (41) പട്ടണത്തെ കുറിച്ചു കരഞ്ഞു വിലപിച്ചതു, (45) ദേവാലയത്തെ ശുദ്ധീകരിച്ചതു [മത്താ. 21. മാ. 11.]

1 അവൻ യറിഹോവിൽ പുക്കു കൂടികടക്കുമ്പോൾ, കണ്ടാലും ചുങ്കപ്രമാ
2 ണിയും, ധനവാനും ആയ ജക്കായി എന്നു പേരുള്ള പുരുഷൻ. യേശു ഇന്ന
3 വൻ എന്നു കാണ്മാൻ ശ്രമിച്ചാറെയും വളർച്ചയിൽ കുള്ളനാകകൊണ്ടു പുരു
4 ഷാരം നിമിത്തം കഴിവില്ലാതെയായ ശേഷം, അവൻ ഇന്ന ദിക്കിന്നുടെ
പോകും എന്നു ഗ്രഹിച്ചു മുന്നോട്ടു ഓടി, അവനെ കാണേണ്ടതിന്നു ഒർ അ
5 മാറത്തിയിൽ കയറി. ആ സ്ഥലത്തു യേശു എത്തിയപ്പോൾ മേല്പെട്ടു നോ
ക്കി, അവനെ കണ്ടു: ജക്കായെ! വിരഞ്ഞു ഇറങ്ങി വാ! എനിക്കു ഇന്നു
6 നിന്റെ വീട്ടിൽ പാൎക്കേണ്ടതാകുന്നു എന്നു പറഞ്ഞു. അവനും വിരഞ്ഞു
7 ഇറങ്ങി വന്നു, സന്തോഷത്തോടെ, അവനെ കൈക്കൊണ്ടു. കണ്ടവർ എ
ല്ലാം; ഇവൻ പാപിയായ പുരുഷനോടു വസിപ്പാൻ അകമ്പുക്കു എന്നു പിറു
8 പിറുത്തു. എന്നാറെ, ജക്കായി നിന്നുകൊണ്ടു കൎത്താവിനോടു പറഞ്ഞിതു:
കണ്ടാലും കൎത്താവെ, എന്റെ വസ്തുക്കളിൽ പാതിയെ ദരിദ്രർക്കു കൊടുക്കു
9 ന്നുണ്ടു; ആരോടും വല്ലതും തോല്പിച്ചു വാങ്ങി എങ്കിൽ, നാലു മടങ്ങു തിരി
കെ കൊടുക്കുന്നു. അവനോടു യേശു ചൊല്ലിയതു: അവനും അബ്രഹാം പുത്ര
10 നാകയാൽ, ഇന്നു ഈ വീട്ടിന്നു രക്ഷ ഉണ്ടായി; നഷ്ടമായതിനെ തിരഞ്ഞു
രക്ഷിപ്പാനല്ലൊ മനുഷ്യപുത്രൻ വന്നതു (മത്താ. 18,11.)
11 എന്നതു അവർ കേട്ടുകൊള്ളുമ്പോൾ, അവൻ യരുശലേമിനു സമീപിച്ചി
രിക്കകൊണ്ടും ദേവരാജ്യം ക്ഷണത്തിൽ വിളങ്ങിവരും എന്നു അവർക്കു
12 തോന്നുകകൊണ്ടും ഒർ ഉപമ കൂട്ടി പറഞ്ഞു. അതു എന്തെന്നാൽ: കുല
ശ്രെഷ്ഠനായ ഒരുത്തൻ രാജത്വം പ്രാപിച്ചു മടങ്ങിവരെണം എന്നു വെച്ചു,
13 ദൂരദേശത്തേക്കു യാത്രയാകുമ്പോൾ, തന്റെ പത്തു ദാസരെ വരുത്തി, അവ
ൎക്കു പത്തു മ്നാക്കളെ കൊടുത്തു (മ്നാ ഒന്നിന്നു 35 രൂപ്പിക): ഞാൻ വരു
ന്നതിന്നകത്തു വ്യാപാരം ചെയ്തുകൊൾവിൻ എന്നു അവരോടു പറഞ്ഞു
14 (പോയി). അവന്റെ പൌരന്മാരൊ, അവനെ പകെച്ചു അവന്റെ പി
ന്നാലെ മന്ത്രികളെ അയച്ചു ഇവൻ ഞങ്ങളിൽ വാഴുന്നതിന്നു, ഞങ്ങൾക്കു മന
15 സ്സില്ല എന്നു ഉണൎത്തിക്കയും ചെയ്തു. എന്നാറെ, അവൻ രാജത്വം പ്രാപി
ച്ചിട്ടു തിരികെ വന്നപ്പോൾ, ആ ദ്രവ്യം കൊടുത്ത ദാസരിൽ ഇന്നവൻ ഇ
ന്നതു വ്യാപരിച്ചു നേടി എന്നു അറിയേണ്ടതിന്നു, അവരെ വിളിച്ചു വരു
16 ത്തുവാൻ കല്പിച്ചു. ഒന്നാമൻ വന്നു: കൎത്താവെ, നിന്റെ മ്നാ പത്തു മ്നാ
17 ക്കൾ സമ്പാദിച്ചു എന്നു പറഞ്ഞു. അവനോടു അവൻ: നന്നു, നല്ല ദാസ
നെ, നീ ഏറ്റവും ചെറിയതിൽ വിശ്വസ്തനായതുകൊണ്ടു പത്തു പട്ടണങ്ങ
18 ളിൽ അധികാരമുള്ളവനായിരിക്ക! എന്നു പറഞ്ഞു. രണ്ടാമൻ വന്നു: കൎത്താ
19 വെ, നിന്റെ മ്നാ അഞ്ചു മ്നാക്കളെ ഉണ്ടാക്കി എന്നു പറഞ്ഞു. നീയും അഞ്ചു
20 പട്ടണങ്ങൾക്കു മേല്പെട്ടവനാക എന്നു അവനോടു പറഞ്ഞു. മറ്റൊരുവൻ
21 വന്നു: കൎത്താവെ, ഞാൻ രൂമാലിൽ കെട്ടിവെച്ചിട്ടുള്ള നിന്റെ മ്നാവു ഇതാ!
കാരണം നീ ഇടാത്തതു എടുത്തും, വിതെക്കാത്തതു കൊയ്തുംകൊണ്ടു കടുപ്പ
മുള്ള മനുഷ്യനാകകൊണ്ടു, ഞാൻ നിന്നെ ഭയപ്പെട്ടു എന്നു പറഞ്ഞു. അവ

22 നോട് അവൻ പറയുന്നിതു: ദുഷ്ടദാസനെ! നിന്റെ വായിൽനിന്നു നിണ
ക്കു ന്യായം വിധിക്കും! ഞാൻ ഇടാഞ്ഞതു എടുത്തും വിതെക്കാത്തതു കൊ
23 യ്തുംകൊണ്ടു കടുപ്പമുള്ള മനുഷ്യൻ ആകുന്നപ്രകാരം അറിഞ്ഞുവല്ലൊ. പിന്നെ
ഞാൻ വന്നിട്ടു എന്റെ ദ്രവ്യം പലിശയോടും കൂട ശേഖരിക്കേണ്ടതിന്നു
24 അതു നാണ്യപീഠത്തിൽ വെക്കാഞ്ഞതു എന്തു? എന്നിട്ടു ചുറും നില്ക്കുന്ന
25 വരോടു: ആ മ്നാവു് അവനോടു് എടുത്തു പത്തു മ്നാവുള്ളവനു കൊടുപ്പിൻ
26 എന്നും: കർത്താവെ, അവനു പത്തു മ്നാവുണ്ടല്ലൊ എന്നു് അവർ ചൊല്ലു
മ്പോൾ: ഞാനല്ലൊ നിങ്ങളോടു് പറയുന്നിതു: ഉള്ളവനു് എല്ലാവനും കൊ
ടുക്കപ്പെടും; ഇല്ലാത്തവനോടു് ഉള്ളതും കൂടെ എടുക്കപ്പെടും (8, 18). ശേഷം
27 ഞാൻ അവരിൽ വാഴുന്നതിന്നു മനസ്സില്ലാത്ത എന്റെ ശത്രുക്കളായവരെ
ഇവിടെ കൊണ്ടുവന്നു് എന്റെ മുമ്പിൽ വെച്ചു് അറുത്തുകളവിൻ എന്നും
കല്പിച്ചു.

28 ഇവ പറഞ്ഞശേഷം, അവൻ യരുശലേമിലേക്കു യാത്രയായി മുന്നോട്ടു
29 നടന്നു. പിന്നെ ഒലീവമരങ്ങളാൽ പേർകൊണ്ട മലയരികെ ബെഥഫഗ്ഗ
ബെത്ഥന്യ എന്നവറ്റോടു സമീപിച്ചപ്പോൾ, ഉണ്ടായിതു: അവൻ തന്റെ
30 ശിഷ്യരിൽ ഇരുവരെയും നിയോഗിച്ചു പറഞ്ഞു: നിങ്ങൾക്കു് എതിരെ
ഉള്ള ഗ്രാമത്തിൽ പോകുവിൻ; അതിൽ പ്രവേശിക്കയിൽ മനുഷ്യർ ആ
രും കയറീട്ടില്ലാത്ത കഴുതക്കുട്ടി കെട്ടി നില്ക്കുന്നതു കാണും; അതു് അഴി
31 ച്ചു കൊണ്ടുവരുവിൻ! ആരും നിങ്ങളോടു്: ഇതു് അഴിപ്പാൻ എന്തു? എന്നു
32 ചോദിച്ചാൽ: കർത്താവിനു് ഇതു് കൊണ്ടു് ആവശ്യം ഉണ്ടു് എന്നു് അവ
33 നോടു് ചൊല്ലുവിൻ. അയച്ചവർ പോയി തങ്ങളോടു പറഞ്ഞപ്രകാരം ക
ണ്ടെത്തി. കഴുതക്കുട്ടിയെ അഴിക്കുമ്പോൾ, അതിനുടയവർ കുട്ടിയെ അഴി
34 ക്കുന്നതു് എന്തു് എന്നു പറഞ്ഞാറെ: കർത്താവിനു് അതുകൊണ്ടു് ആവശ്യം
35 ഉണ്ടെന്നു അവർ പറഞ്ഞു. അതിനെ യേശുവിനടുക്കെ കൊണ്ടുവന്നു തങ്ങള
36 ടെ വസ്ത്രങ്ങൾ കഴുതക്കുട്ടിമേൽ ഇട്ടു, യേശുവെ ഇരുത്തുകയും ചെയ്തു. അവൻ
37 ചെല്ലുമ്പോൾ, തങ്ങളുടെ വസ്ത്രങ്ങളെ വഴിയിൽ വിരിച്ചു പോന്നു. പിന്നെ
അവൻ ഒലീവു് മലയുടെ ഇറക്കത്തിൽ തന്നെ അടുക്കുമ്പോൾ, ശിഷ്യക്കൂ
ട്ടം എല്ലാം കണ്ട ശക്തികളെ ഒക്കയും ഓർത്തു സന്തോഷിച്ചു, മഹാശബ്ദ
38 ത്തോടെ ദൈവത്തെ സ്തുതിച്ചു തുടങ്ങിയതു് ഇവ്വണ്ണം: കർത്താവിൻ നാമ
ത്തിൽ വരുന്ന രാജാവു് വാഴ്ത്തപ്പെട്ടവനാക! സ്വർഗ്ഗത്തിൽ സമാധാനവും,
39 അത്യുന്നതങ്ങളിൽ തേജസ്സും (ഉണ്ടു). എന്നാറെ, പുരുഷാരത്തിൽനിന്നു ചി
ല പരീശർ അവനോടു: കർത്താവെ, നിന്റെ ശിഷ്യന്മാരെ വിലക്കുക!
40 എന്നു പറഞ്ഞതിന്നു ചൊല്ലിയ ഉത്തരമാവിതു: ഇവർ മിണ്ടാതിരുന്നു എ
ങ്കിൽ, കല്ലുകളം ആർത്തു പോകും എന്നു ഞാൻ നിങ്ങളോടു പറയുന്നു.

41 പിന്നെ സമീപിച്ചപ്പോൾ നഗരത്തെ കണ്ടു്, അതിനെ കുറിച്ചു കര
42 ഞ്ഞു പറഞ്ഞിതു: അല്ലയൊ, നിന്റെ സമാധാനത്തിനുള്ളവ നീയും ഈ
43 നിന്റെ നാളിൽ എങ്കിലും, അറിഞ്ഞു എങ്കിൽ (കൊള്ളാം)! ഇപ്പൊഴൊ,
അവ നിന്റെ കണ്ണുകൾക്കു മറഞ്ഞു കിടക്കുന്നു; എന്തെന്നാൽ നിന്റെ ശത്രു
44 ക്കൾ നിണക്കു ചുറും കിടങ്ങു കിളെച്ചു, നിന്നെ വളഞ്ഞു് എല്ലാടത്തും
ഞെരുക്കികൊണ്ടു, നിന്നെയും നിന്നിലുള്ള മക്കളെയും നിലത്താക്കികളഞ്ഞു, നിങ്കൽ കല്ലിൻമേൽ കല്ലു ശേഷിയാതാക്കി വെക്കുന്ന നാളുകൾ നി
ന്റെ മേൽ വരും; നിന്നെ സന്ദർശിച്ചതിന്റെ സമയം നീ അറിയായ്ഞ
തുകൊണ്ടത്രെ.

45 എന്നാറെ, അവൻ ദേവാലയത്തിൽ പ്രവേശിച്ചു: എന്റെ ഭവനം പ്രാ
46 ർത്ഥനാലയം ആകും എന്നു് (യശ. 56, 7.) എഴുതിയിരിക്കുന്നു! നിങ്ങളൊ
അതിനെ കള്ളന്മാരുടെ ഗുഹ ആക്കി തീർത്തു എന്നു അവരോടു് പറഞ്ഞു
കൊണ്ടു്. അതിൽ വില്ക്കുന്നവരെയും വാങ്ങുന്നവരെയും പുറത്താക്കിത്തുട
47 ങ്ങി. പിന്നെ ദിവസേന ദേവാലയത്തിൽ ഉപദേശിച്ചുകൊണ്ടിരുന്നു;

അന്നു മഹാപുരോഹിതരും ശാസ്ത്രികളും ജനത്തിലെ പ്രധാനികളും, അവനെ
48 നശിപ്പിപ്പാൻ അന്വേഷിച്ചാറെയും, ജനം ഒക്കയും അവനെ കേട്ടു കൊണ്ടു അവങ്കൽ രഞ്ജിച്ചു പോകയാൽ എന്തു ചെയ്യേണ്ടു എന്നു കണ്ടതും ഇല്ല.

20. അദ്ധ്യായം

പരീശചോദ്യത്തിന്നു എതിർചോദ്യവും, (9) കള്ളക്കുടിയാന്മാരുടെ ഉപമയും [മത്താ. 21. മാ. 11.], (20) കൈസർകരത്തെ കൊണ്ടും, (27) പുനരുത്ഥാനത്തെ കൊണ്ടും, (41) ദാവിദിന്റെ കർത്താവും പുത്രനും ആയതിനെ കൊണ്ടും പറഞ്ഞതു [മത്താ. 22. മാ. 12.], (45) പരീശരെ ആക്ഷേപിച്ചതു [മത്താ. 23. മാ. 10.]

1 **ആ** ദിവസങ്ങളിൽ ഒന്നിൽ ഉണ്ടായിതു: അവൻ ദേവാലയത്തിൽ ജനത്തിന്നു ഉപദേശിച്ചു സുവിശേഷിക്കുമ്പോൾ, മഹാപുരോഹിതരും ശാസ്ത്രികളും മൂപ്പന്മാരുമായി അണഞ്ഞു നിന്നു അവനോടു പറഞ്ഞു: നീ ഏതുവി
2 ധമുള്ള അധികാരംകൊണ്ടു ഇവറെ ചെയ്യുന്നു? അല്ല, ഈ അധികാരത്തെ
3 നിണക്കു തന്നതു ആർ എന്നു ഞങ്ങളോടു പറഞ്ഞാലും! അതിന്നു അ
4 വൻ; ഞാനും നിങ്ങളോടു ഒരു വാക്കു ചോദിക്കും; അത എന്നോടു പറ
ഞ്ഞാലും; യോഹനാന്റെ സ്നാനം സ്വർഗ്ഗത്തിൽ നിന്നോ മനുഷ്യരിൽ നി
5 ന്നോ ഉണ്ടായതു? എന്നുത്തരം പറഞ്ഞാറെ, അവർ തങ്ങളിൽ നിരൂപിച്ചു:
6 സ്വർഗ്ഗത്തിൽനിന്നു എന്നു പറഞ്ഞാൽ, പിന്നെ നിങ്ങളും അവനെ വിശ്വ
സിക്കാഞ്ഞതു എന്തു? എന്നു പറയും; മനുഷ്യരിൽ നിന്നു എന്നു പറ
7 ഞ്ഞാലൊ, ജനം ഒക്കയും യോഹനാൻ പ്രവാചകൻ എന്നു തേറിയിരിക്ക
കൊണ്ടു നമ്മെ കല്ലെറിഞ്ഞുകളയും എന്നു കണ്ടിട്ടു, എവിടെനിന്നു എന്ന
8 തു തിരിയാ എന്നു ഉത്തരം പറഞ്ഞു. യേശുവും അവരോടു പറഞ്ഞു: ഞാൻ ഇവ ചെയ്യുന്നതു ഇന്ന അധികാരം കൊണ്ടാകുന്നു എന്നുള്ളതും നിങ്ങളോടു ചൊല്ലുന്നില്ല.

9 അനന്തരം ജനത്തോടു ഈ ഉപമ പറഞ്ഞു തുടങ്ങി: ഒരു മനുഷ്യൻ മുന്തിരിപ്പറമ്പു നട്ടു, കുടിയാൻമാർക്കു കൊടുത്തു വിട്ടു, ഏറിയ കാലം പരദേശ
10 ത്തുപോയി പാത്തശേഷം, കുടിയാന്മാർ പറമ്പിന്റെ അനുഭവത്തിൽനിന്നു കൊടുക്കേണ്ടതിന്നു തക്കത്തിൽ അവരുടെക്കെ, ദാസനെ പറഞ്ഞയച്ചു;
11 ആയവനെ കുടിയാർതല്ലി, വെറുതെ അയച്ചുകളകയും ചെയ്തു. അവൻ മറൊരു ദാസനെയും നിയോഗിച്ചു; അവനെയും അവർ തല്ലി അപമാനിച്ചു, വെ
12 റുതെ അയച്ചുകളകയും ചെയ്തു. മൂന്നാമനെയും നിയോഗിച്ചയച്ചപ്പോൾ, അ
13 വനെ മുറി ഏല്പിച്ചു പുറത്താക്കിക്കളഞ്ഞു. പിന്നെ പറമ്പിന്നുടയവൻ പറഞ്ഞു: ഞാൻ എന്തുചെയ്വു? എന്റെ പ്രിയപുത്രനെ നിയോഗിക്കും; പക്ഷെ
14 ഇവനെ കണ്ടു ശങ്കിക്കും. എന്നിട്ടു കുടിയാർ അവനെ കണ്ടു: ഇവൻ അവകാശിയാകുന്നു; അവകാശം ഇങ്ങാവാൻ നാം അവനെ കൊന്നുകളക! എന്നു
15 തങ്ങളിൽ നിരൂപിച്ചു ചൊല്ലി, അവനെ പറമ്പിൽനിന്നു തള്ളിക്കൊന്നുക
16 ളഞ്ഞു. എന്നാൽ പറമ്പിന്നുടയവൻ അവരിൽ എന്തു ചെയ്യും? ആ കുടിയാരെ വന്നു നിഗ്രഹിച്ചു, പറമ്പിനെ അന്യരിൽ ഏല്പിച്ചുകൊടുക്കും; എന്നു
17 അവർ കേട്ടാറെ, അതരുതു! എന്നു പറഞ്ഞു. അവനൊ അവരെ നോക്കി (സങ്കീ. 118, 22.) എന്നാൽ വീടു പണിയുന്നവർ ആകാ എന്നു തള്ളിയോരു കല്ലു തന്നെ കോണിൻ തലയായ്വന്നു എന്നു എഴുതിയിരിക്കുന്നതു എന്തു പോൽ? ആ കല്ലിന്മേൽ വീണവൻ എല്ലാം പൊടിഞ്ഞുപോകും;
18 അതു ആരുടെ മേൽ വീണാലും അവനെ ധൂളിപ്പിക്കും എന്നു പറഞ്ഞു.
19 ഈ ഉപമ തങ്ങളെ കുറിച്ചു ചൊല്ലിയപ്രകാരം മഹാപുരോഹിതരും,

ശാസ്ത്രീകളും ബോധിച്ചിട്ട് ആ നാഴികയിൽ തന്നെ, അവൻമേൽ കൈകളെ വെപ്പാൻ അന്വേഷിച്ചാറെയും, ജനത്തെ ഭയപ്പെട്ട നിന്നു.

20 പിന്നെ അവനെ കാത്തിരുന്നു, നാടുവാഴിയുടെ അധികാരത്തിലും, കോയ്മയിലും ഏല്പിപ്പാന്തക്കവണ്ണം വാക്കുകൊണ്ട് അവനെ പിടികൂടേണ്ടതി
21 ന്നു, നീതിമാന്മാർ എന്നു നടിക്കുന്ന ഒറുകാരെ നിയോഗിച്ചു. ആയവർ ഗുരൊ, നീ നേരായി പറഞ്ഞുപദേശിക്കുന്നു എന്നും മുഖപക്ഷം തോന്നാതെ, ദൈവത്തിൻ വഴിയെ ഉണ്മയിൽ പഠിപ്പിക്കുന്നു എന്നും, ഞങ്ങൾ അറിയു
22 ന്നു. നാം കൈസർക്കു കപ്പം കൊടുക്കുന്നതു വിഹിതമൊ അല്ലയൊ? എന്ന്
23 അവനോട് ചോദിച്ചു. അവരുടെ കൌശലം അവൻ ഗ്രഹിച്ചു (എന്നെ പ
24 രീക്ഷിക്കുന്നത് എന്തു?) ദ്രമയെ കാട്ടുവിൻ! ആരുടെ സാദൃപവും എഴുത്തും ഉള്ളതാകുന്നു? എന്ന് അവരോടു പറഞ്ഞതിന്നു: കൈസരുടെ എന്ന് ഉത്തരം
25 പറഞ്ഞു. എന്നാൽ കൈസർക്കുള്ളവ കൈസർക്കും, ദൈവത്തിന്നുള്ളവ ദൈ
26 വത്തിന്നും ഒപ്പിച്ചുകൊടുപ്പിൻ! എന്ന് അവരോട് പറഞ്ഞു. അവർ ജനത്തിന്റെ മുമ്പിൽ അവന്റെ മൊഴിയെ പിടിച്ചു കൂടാതെ, ഉത്തരം ഹേതുവായി ആശ്ചര്യപ്പെട്ടു, മിണ്ടാതെ നില്ക്കയും ചെയ്തു.

27 പുനരുത്ഥാനം ഇല്ല എന്നു തർക്കിക്കുന്ന ചദൂക്യരിൽ ചിലർ അടുത്തു വ
28 ന്ന് അവനോട് ചോദിച്ചിതു: ഗുരൊ, ഒരുത്തന്റെ സഹോദരൻ ഭാര്യയെ കെട്ടി, മക്കളില്ലാതെ മരിച്ചു എങ്കിൽ, ആ ഭാര്യയെ സഹോദരൻ പരിഗ്രഹിച്ചു, തന്റെ സഹോദരനു സന്തതി ഉണ്ടാക്കേണം എന്നു മോശ
29 (5 മോ. 25,5.) നമുക്ക് എഴുതിയല്ലൊ. എന്നാൽ ഏഴു സഹോദരർ ഉണ്ടായിരുന്നു; അതിൽ ഒന്നാമൻ ഭാര്യയെ കെട്ടി, മക്കൾ ഇല്ലാതെ മരിച്ചു;
30 രണ്ടാമൻ ആ സ്ത്രീയെ ചേർത്തുകൊണ്ടു, മക്കളില്ലാതെ മരിച്ചു; മൂന്നാമനും
31 അവളെ പരിഗ്രഹിച്ചു. അവ്വണ്ണം എഴുവരും മക്കളെ വെച്ചേക്കാതെ മരിച്ചു.
32 ഒടുക്കം സ്ത്രീയും മരിച്ചു പോയി; എന്നാൽ പുനരുത്ഥാനത്തിൽ അവരിൽ
33 ഏവന്റെ ഭാര്യ ആകും? അവൾ എഴുവർക്കും ഭാര്യയായിരുന്നുവല്ലൊ! എന്നതിന്നു യേശു ഉത്തരം ചൊല്ലിയതു: ഈ യുഗത്തിൻമക്കൾ കെട്ടുകയും കെ
34 ട്ടിക്കയും ചെയ്യുന്നു; എങ്കിലും ആ യുഗത്തിന്നും മരിച്ചവരിൽ നിന്നുയിർത്തെ
35 ഴുനീല്പതിന്നും, യോഗ്യരായി തോന്നിയവർ, ഇനി മരിപ്പാനും കഴിയാതു കൊണ്ടു, കെട്ടുകയും കെട്ടിക്കയും ഇല്ല: കാരണം അവർ പുനരുത്ഥാനത്തിൻ
36 മക്കളാകയാൽ ദൂതതുല്യരും ദേവപുത്രരും ആകുന്നു. മരിച്ചവർ എഴുനീല്ക്കുന്നു
37 എന്നതൊ, മോശയും മുൾചെടികഥയിൽ (2 മോ. 3,6.) യഹോവ അബ്രഹാമിൻ ദൈവവും, ഇസ്ഹാക്കിൻ ദൈവവും, യാക്കോബിൻ ദൈവവും, എ
38 ന്നു ചൊല്ലുമ്പോൾ, സൂചിപ്പിച്ചു തന്നു. ദൈവമാകട്ടെ, ചത്തവർക്കല്ല, ജീവനുള്ളവർക്കത്രെ ആകുന്നത്. അവനായിട്ട് എല്ലാവരും ജീവിച്ചിരി
39 ക്കുന്നവല്ലൊ! എന്നാറെ, ശാസ്ത്രീകളിൽ ചിലർ: ഗുരൊ, നീ നന്നായി
40 പറഞ്ഞു എന്ന് ഉത്തരം ചൊല്ലിയതല്ലാതെ, അവർ പിന്നെ അവനോട് ഒന്നും ചോദിപ്പാൻ തുനിഞ്ഞതും ഇല്ല.

41 അവരോട് അവൻ പറഞ്ഞിതു: മശീഹ ദാവിദിൻപുത്രൻ എന്നു ചൊല്ലു
42 ന്നതു എങ്ങിനെ? യഹോവ എന്റെ കർത്താവോട് അരുളിച്ചെയ്യുന്നിതു: ഞാൻ നിന്റെ ശത്രുക്കളെ നിന്റെ പാദപീഠമാക്കുവോളത്തിന്ന് എന്റെ
43 വലഭാഗത്തിരിക്ക എന്നു സങ്കീർത്തനപുസ്തകത്തിൽ (110) ദാവിദ് തന്നെ
44 ചൊല്ലുന്നുവല്ലൊ; ദാവിദ് അവനെ കർത്താവ് എന്നു വിളിക്കുന്നു. എന്നാൽ അവന്റെ പുത്രനാകുന്നതു എങ്ങിനെ?

45 പിന്നെ ജനം ഒക്കയും കേൾക്കെ തന്റെ ശിഷ്യരോട് പറഞ്ഞിതു: അ
46 ങ്കികളോടെ നടക്കുന്നതും അങ്ങാടികളിൽ വന്ദനങ്ങളും, പള്ളികളിൽ മുഖ്യാസനങ്ങളും, അത്താഴങ്ങളിൽ പ്രധാനസ്ഥലങ്ങളും ഇച്ഛിക്കുന്ന ശാ
47 സ്ത്രീകളിൽനിന്നു സൂക്ഷിച്ചുകൊൾവിൻ! അവർ ഉപായത്താൽ നീളെ

പ്രാത്ഥിച്ചുംകൊണ്ടു വിധവമാരുടെ വീടുകളെ വിഴുങ്ങുന്നു: ആയവർക്കു ഏറ്റം വലിയ ശിക്ഷാവിധിവരും.

21. അദ്ധ്യായം

വിധവയുടെ കാഴ്ച [മാ. 12], (5) യുഗാവസാനത്തിന്നു മുമ്പെ നടക്കേണ്ടുന്നവയും, (20) യരുശലേമിൻ സംഹാരവും, (25) കർത്താവിൻ പ്രത്യക്ഷതയും അറിയിച്ചു, (29)ഉണർവ്വാൻ പ്രബോധിപ്പിച്ചതു [മത്താ. 24. മാ. 13.]

1 എന്നാറെ, അവൻ മേല്പെട്ടു നോക്കി ധനവാന്മാർ തങ്ങളുടെ കാഴ്ചകളെ
2 ഭണ്ഡാരത്തിൽ ഇടുന്നതു കണ്ടു. ദരിദ്രയായൊരു വിധവ അതിൽ രണ്ടു കാ
3 ശ് ഇടുന്നതും കണ്ടു പറഞ്ഞിതു: ഈ ദരിദ്രയായ വിധവ എല്ലാവരെക്കാളും
4 അധികം ഇട്ടു എന്നു ഞാൻ സത്യമായി, നിങ്ങളോടു പറയുന്നു. എല്ലാവരും തങ്ങളുടെ വഴിച്ചലിൽ നിന്നല്ലൊ ദേവക്കാഴ്ചകളിലേക്ക് ഇട്ടിരിക്കുന്നു; ഇവളൊ തന്റെ കുറച്ചലിൽനിന്നത്രെ തനിക്കുള്ള സമ്പത്ത് ഒക്കയും ഇട്ടതു!

5 പിന്നെ ചിലർ ദേവാലയത്തെ കാട്ടി, അതു മനോഹരകല്ലുകളാലും,
6 നേർച്ചദാനങ്ങളാലും, അലങ്കരിച്ചു നില്ക്കുന്നതു ചൊല്ലുമ്പോൾ: ഈ കാണുന്നതിൽ ഒക്കയും കല്ലുകളിന്മേൽ ഇടിയാതെ കണ്ടു വിടപ്പെടുകയില്ല എന്നു
7 ള്ള ദിവസങ്ങൾ വരും എന്നു പറഞ്ഞാറെ: ഗുരൊ, ഇവ എപ്പോൾ ഉണ്ടാകും എന്നും ഇവ സംഭവിക്കേണ്ടുന്നപ്പൊഴെക്കുള്ള ലക്ഷണം ഏതു എന്നും അവർ
8 അവനോടു ചോദിച്ചതിന്നു പറഞ്ഞിതു: നിങ്ങളെ തെറ്റിക്കാതിരിപ്പാൻ തന്നെ നോക്കുവിൻ! എങ്ങിനെ എന്നാൽ ഞാൻ ആകുന്നു എന്നും സമയം അണഞ്ഞിരിക്കുന്നു എന്നും ചൊല്ലി, അനേകർ എന്റെ നാമം എടുത്തു വ
9 രും; അവരുടെ പിന്നാലെ നടക്കരുതെ! നിങ്ങൾ യുദ്ധങ്ങളും കലഹങ്ങളും കേൾക്കുമ്പോൾ, ഞെട്ടിപ്പോകായ്വിൻ! അവ എല്ലാം ഉണ്ടാകേണ്ടതു സ
10 ത്യം; അവസാനം തൽക്ഷണം ഇല്ല താനും. പിന്നെ അവരോട് പറഞ്ഞിതു: ജാതി ജാതിക്കും രാജ്യം രാജ്യത്തിന്നും എതിരെ എഴുനീല്ക്കും; വലിയ
11 ഭൂകമ്പങ്ങളും ക്ഷാമങ്ങളും മഹാവ്യാധികളും അവിടവിടെ ഉണ്ടാകും: ഉല്പാത
12 ങ്ങളും വാനത്തിങ്കൽനിന്നു മഹാലക്ഷണങ്ങളും ഉണ്ടാകും. ഇവ എല്ലാററിനും മുമ്പെ എൻ നാമം നിമിത്തം നിങ്ങളുടെമേൽ കൈകളെവെച്ചു, പള്ളികളിലും തടവുകളിലും ഏല്പിച്ചു രാജാക്കന്മാർക്കും നാടുവാഴികൾക്കും മുമ്പിലാ
13 ക്കി ഹിംസിക്കും. അതൊ നിങ്ങൾക്കു സാക്ഷ്യത്തിന്നു സംഗതി ആകും.
14 ആകയാൽ, വാദിക്കേണ്ടതു മുമ്പിൽ കൂട്ടി ധ്യാനിക്കരുത് എന്നു ഹൃദയങ്ങ
15 ളിൽ ഉറപ്പിച്ചുകൊൾവിൻ! നിങ്ങളുടെ എതിരികൾ എല്ലാം എതിർ പറവാനും ചെറുപ്പാനും, കഴിയാത്ത വായും, ജ്ഞാനവും, ഞാൻ നിങ്ങൾക്കു
16 തരും നിശ്ചയം. എന്നാൽ, പിതാക്കളും സഹോദരരും ചാർച്ചക്കാരും ചങ്ങാതികളും നിങ്ങളെ ഏല്പിച്ചു കൊടുക്കയും, നിങ്ങളിൽ (ചിലരെ)മരിപ്പി
17 ക്കയും ചെയ്യും. എൻ നാമം നിമിത്തം നിങ്ങൾ എല്ലാവരാലും പകെക്കപ്പെ
18 ട്ടവർ ആകും. നിങ്ങളുടെ തലയിൽനിന്നു രോമവും (വെറുതെ) കെട്ടുപോ
19 കയില്ല. നിങ്ങളുടെ ക്ഷാന്തിയെ കൊണ്ടു നിങ്ങളുടെ ദേഹികളെ നേടുവിൻ.

20 എന്നാൽ, യരുശലേം പടകളാൽ വളയപ്പെടുന്നതു കാണുമ്പോൾ, അതു
പാഴാക്കുന്നത് അടുത്തുവന്നു എന്നു ബോധിച്ചുകൊൾവിൻ! അന്നു യഹൂദയി
21 ലുള്ളവർ മലകളിലേക്കു മണ്ടിപ്പൊകട്ടെ! അതിൻ നടുവിലുള്ളവർ പുറപ്പെട്ടു
22 പോകട്ടെ; നാടുകളിൽ ഉള്ളവർ അതിൽ കടക്കായ്കട്ടെ! ആ നാളുകളാകട്ടെ, എഴുതിക്കിടക്കുന്നത് എല്ലാം നിവൃത്തിക്കേണ്ടുന്ന പ്രതിക്രിയാദിവസങ്ങൾ
23 ആകുന്നു. ആ നാളുകളിൽ ഗർഭിണികൾക്കും മുലകുടിപ്പിക്കുന്നവർക്കും ഹാ

കഷ്ടം! കാരണം ഭ്രമിയിൽ വലിയ ഞെരുക്കവും, ഈ ജനത്തിങ്കൽ ക്രോ
24 ധവും ഉണ്ടാകും. അവർ വാളിൻവായാൽ പട്ടകയും ബദ്ധരായി എല്ലാജാ
തികളിലേക്കും, കൊണ്ടുപോകപ്പെടുകയും ജാതികളുടെ സമയങ്ങൾ തിക
25 വോളം യരുശലേം ജാതികളാൽ ചവിട്ടപ്പെടുകയും ചെയ്യും. ശേഷം സൂര്യ
ചന്ദ്രനക്ഷത്രങ്ങളിൽ ലക്ഷണങ്ങളും കടലും ഓളവും മുഴങ്ങിയിരിക്കെ ഭ്രമി
26 യിലെ ജാതികൾക്ക് അഴിനിലയോടെ കഴെക്കും ഉണ്ടാകും. സ്വർഗ്ഗങ്ങളുടെ
സൈന്യങ്ങൾ കുലുങ്ങിപ്പോകുന്നതിനാൽ മനുഷ്യർ ഭയപ്പെട്ടും, പ്രപഞ്ച
27 ത്തിന്നു തട്ടുന്നവ പാത്തു നിന്നും വീർപ്പു മുട്ടിയിരിക്കും. അപ്പോൾ, മനുഷ്യ
പുത്രൻ വലിയ ശക്തിയോടും തേജസ്സോടും, കൂടെ മേഘത്തിൽ വരുന്നത്
28 അവർ കാണും. ഇവ സംഭവിച്ചു തുടങ്ങുമ്പോൾ, നിങ്ങളുടെ വീണ്ടെടുപ്പു സ
മീപിക്കുന്നതിനാൽ, നിവർന്നു കൊണ്ടു, തലകളെ ഉയർത്തുവിൻ!
29 അവരോട് ഉപമയും പറഞ്ഞിതു: അത്തി മുതലായ മരങ്ങളെ എല്ലാം
30 കാണ്മിൻ! അവ തളിർത്തു കാണുമ്പോൾ, വേനലിൽ അടുത്തു വന്നു എന്നു
31 സ്വതെ അറിയുന്നുവല്ലൊ! അപ്രകാരം നിങ്ങളും ഇവ ഉണ്ടാകുന്നതു കാണു
32 മ്പോൾ, ദേവരാജ്യം സമീപമാകുന്നു, എന്നു ഗ്രഹിപ്പിൻ! ആമെൻ ഞാൻ
നിങ്ങളോട് പറയുന്നിതു: എല്ലാം ഉണ്ടാകുവോളത്തിന്ന് ഈ തലമുറ ഒഴി
ഞ്ഞു പോകയില്ല; വാനവും ഭ്രമിയും ഒഴിഞ്ഞുപോകും: എന്റെ വചനങ്ങൾ
33 ഒഴിഞ്ഞു പോകയില്ല താനും. ശേഷം നിങ്ങളുടെ ഹൃദയങ്ങൾ ലഹരി പ്രമാ
34 ദത്താലും, ഉപജീവനചിന്തകളാലും ഭാരപ്പെട്ടിട്ട് ആ ദിവസം പെട്ടന്നു നി
35 ങ്ങളിൽ തട്ടാതിരിപ്പാൻ സൂക്ഷിച്ചുകൊൾവിൻ! കാരണം സർവ്വഭ്രമിയുടെ
മുഖത്തിലും ഇരിക്കുന്നവർക്ക് എല്ലാവർക്കും അതു കണ്ണിപോലെ വരും.
36 ആകയാൽ ഈ സംഭവിപ്പാനുള്ളതിന് ഒക്കെക്കും നിങ്ങൾ തെറ്റിപോയി,
മനുഷ്യപുത്രന്റെ മുമ്പിൽ നില്പാൻ യോഗ്യരായി തോന്നേണ്ടതിന്ന് എല്ലാ
സമയത്തിലും, പ്രാർത്ഥിച്ചും ജാഗരിച്ചും കൊണ്ടിരിപ്പിൻ (എന്ന് അരുളി
ച്ചെയ്തു.)
37 പകൽ തോറും അവൻ ദേവാലയത്തിൽ ഉപദേശിച്ചും രാത്രികളിൽ
ഒലീവ് എന്ന് പേരുള്ള മലെക്കു പുറപ്പെട്ടു, പാർത്തും കൊൾകയും, ജനം
38 എല്ലാം അവനെ കേൾക്കേണ്ടതിന്ന് അതികാലത്തു ദേവാലയത്തിൽ അ
വനെ നോക്കി നടക്കയും ചെയ്തു.

22. അദ്ധ്യായം

യേശുവെ കൊല്ലുവാൻ നിശ്ചയിച്ചതു, (7) പെസഹാഭക്ഷണവും തിരു
വത്താഴവും [മത്താ. 26. മാ 14.], (24) അപോസ്തലരിൽ തർക്കം ഉണ്ടായ
തു, (31) ശിമോന്റെ വീഴ്ച അറിയിച്ചതു [മ മ. യോ. 13.], (39) ഗഥശമ
നയിലെ പോരാട്ടവും, (47) തോട്ടത്തിൽ പിടിപെട്ടതും [മ മ.], (54) ശി
മോന്റെ വീഴ്ചയും, (63) സുനേദ്രിയത്തിൽനിന്നു വിസ്തരിച്ചതും [മ മ.
യോ. 18.]

1 പിന്നെ പെസഹ എന്ന പേരുള്ള പുളിപ്പില്ലാത്തതിന്റെ പെരുനാൾ
2 അടുക്കുമ്പോൾ, മഹാപുരോഹിതരും, ശാസ്ത്രികളും, ജനത്തെ ഭയപ്പെടുന്നതു
കൊണ്ട് അവനെ ഒടുക്കുവാൻ വഴി അന്വേഷിച്ചുകൊണ്ടിരുന്നു. അന്നു പ
3 ന്തിരുവരുടെ സംഖ്യയിൽ കൂടിയ ഇസ്കര്യോതാവ് എന്നുള്ള യൂദാവിൽ സാ
ത്താൻ പ്രവേശിച്ചിട്ടു, അവൻ പോയി മഹാപുരോഹിതരോടും പടനായ
4 കരോടും, അവനെ ഇന്നപ്രകാരം അവർക്കു കാണിച്ചു തരാം എന്നു സംഭാ
5 ഷണം ചെയ്തു. ആയവർ സന്തോഷിച്ചു ദ്രവ്യം കൊടുപ്പാൻ പറഞ്ഞൊത്തു:
6 അവനും കൈ കൊടുത്ത ശേഷം കൂട്ടം കൂടാതെകണ്ട് അവനെ ഏല്പിച്ചുകൊ
ടുപ്പാൻ തക്കം അന്വേഷിച്ചു വന്നു.

7 പെസഹയെ അറുക്കേണ്ടുന്ന കാലമായി പുളിപ്പില്ലാത്തതിൻെറ നാൾ
8 ആയപ്പോൾ, അവൻ പേത്രനെയും യോഹനാനെയും നിയോഗിച്ചു: നി
ങ്ങൾ പോയി, നമുക്കു പെസഹ ഭക്ഷിപ്പാൻ ഒരുക്കുവിൻ എന്നു പറഞ്ഞ
9 തിന്നു: എവിടെ ഒരുക്കേണ്ടു? എന്നു ചൊല്ലിയാറെ: നിങ്ങൾ പട്ടണത്തിൽ
10 ചെല്ലുമ്പോൾ, അതാ ഒരു കുടംവെള്ളം ചുമക്കുന്ന മനുഷ്യൻ നിങ്ങളെ എ
തിരേല്ക്കും; ആയവൻ കടക്കുന്ന വീട്ടിലേക്കു പിഞ്ചെന്നു ആ വീട്ടുടയവ
11 നോടു പറവിൻ; ഞാൻ ശിഷ്യരുമായി പെസഹ ഭക്ഷിപ്പാനുള്ള ശാല എ
12 വിടെ? എന്നു ഗുരു നിന്നോടു പറയുന്നു എന്നു ചൊല്ലുവിൻ; എന്നാൽ അവൻ
ചായ്പുണ വിരിച്ചുള്ള വൻമാളിക നിങ്ങൾക്കു കാണിക്കും; അവിടെ ഒരുക്കു
13 വിൻ! എന്നു അവരോടു പറഞ്ഞു. അവർ പോയി തങ്ങളോടു പറഞ്ഞ
പ്രകാരം കണ്ടു പെസഹ ഒരുക്കുകയും ചെയ്തു.
14 നാഴിക ആയപ്പോൾ, അവനും അപോസ്തലരും കൂടെ, ചാരിക്കൊണ്ടു
15 ശേഷം, അവരോടു പറഞ്ഞിതു: കഷ്ടപ്പെടും മുമ്പെ ഈ പെസഹ നിങ്ങ
ളോടു കൂടെ ഭക്ഷിപ്പാൻ ഞാൻ വാഞ്ഛയോടെ ആഗ്രഹിച്ചു; എങ്ങിനെ
16 എന്നാൽ, അതു ദേവരാജ്യത്തിൽ പൂർണ്ണമാകുവോളം ഞാൻ ഇനി അതിൽ
നിന്നു ഭക്ഷിക്കയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. എന്നിട്ടു പാന
17 പാത്രം എടുത്തു വാങ്ങി പറഞ്ഞു: ഇതു വാങ്ങി നിങ്ങളിൽ തന്നെ പങ്കിട്ടു
18 കൊൾവിൻ! എന്തെന്നാൽ ദേവരാജ്യം വരുവോളം ഞാൻ മുന്തിരിവള്ളിയു
ടെ പിറപ്പിൽനിന്നു കുടിക്കയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. പി
19 ന്നെ അപ്പം എടുത്തു വാങ്ങി നുറുക്കി, അവർക്കു കൊടുത്തു പറഞ്ഞിതു: ഇതു
നിങ്ങൾക്കു വേണ്ടി കൊടുക്കപ്പെടുന്ന എൻെറ ശരീരം ആകുന്നു; എൻെറ
20 ഓൎമ്മെക്കായി ഇതിനെ ചെയ്വിൻ. അപ്രകാരം തന്നെ അത്താഴത്തിൽ
പിന്നെ പാനപാത്രവും (കൊടുത്തു) പറഞ്ഞിതു: ഈ പാനപാത്രം നി
ങ്ങൾക്കു വേണ്ടി ഒഴിക്കപ്പെടുന്ന എൻെറ രക്തത്തിൽ പുതിയ നിയമമാകു
21 ന്നു (1 കൊ. 11,23), എങ്കിലും കണ്ടാലും എന്നെ കാണിച്ചു കൊടുക്കുന്ന
22 വൻെറ കൈ എന്നോടു കൂടെ മേശയിൽ ഉണ്ടു. വിധിച്ചു കിടക്കുന്ന പ്രകാരം
തന്നെ മനുഷ്യപുത്രൻ പോകുന്നു സത്യം; എങ്കിലും അവനെ കാണിച്ചു കൊ
23 ടുക്കുന്ന മനുഷ്യനു ഹാ കഷ്ടം! എന്നാറെ, ഇതു ചെയ്വാനുള്ളവൻ തങ്ങ
ളിൽ ആരു പോൽ എന്നു അവർ അന്യോന്യം നിരൂപിച്ചു തുടങ്ങി.
24 അവരിൽ ഏറ്റം വലിയവനായി തോന്നുന്നവൻ ആർ എന്നതിനെ
ചൊല്ലി, ഒരു തർക്കവും അവരിൽ ഉണ്ടായി; അവരോടു അവൻ പറഞ്ഞി
25 തു: (മത്താ. 20,25.) ജാതികളുടെ രാജാക്കന്മാർ അവരിൽ കർത്തൃത്വം നട
26 ത്തുന്നു; അവരിൽ അധികരിക്കുന്നവർ ഉപകാരികൾ എന്നു വിളിക്കപ്പെടു
ന്നു. നിങ്ങളോ അപ്രകാരം അല്ല; നിങ്ങളിൽ ഏറെ വലുതായവൻ ഇളയ
27 വനെ പോലെയും, നടത്തുന്നവൻ ശുശ്രൂഷിക്കുന്നവനെ പോലെയും ആക!
ഏറെ വലുതായതു ആരു പോൽ? ചാരിക്കൊണ്ടവനൊ, ശുശ്രൂഷിക്കുന്ന
വനൊ? ചാരിക്കൊണ്ടവനല്ലയൊ; ഞാനൊ നിങ്ങളുടെ ഇടയിൽ ശുശ്രൂ
28 ഷിക്കുന്നവനെ പോലെ ആകുന്നു (യോ. 13. 14.) എങ്കിലും എൻെറ
29 പരീക്ഷകളിൽ എന്നോടു കൂടെ പാൎത്തു നിന്നവർ നിങ്ങളത്രെ. ഞാനും എ
30 ൻപിതാവു എനിക്കു നിയമിച്ചതു പോലെ രാജ്യത്തെ നിങ്ങൾക്കു നിയ
മിച്ചു തരുന്നുണ്ടു. നിങ്ങൾ എൻെറ രാജ്യത്തിൽ എൻമേശയിൽ ഭക്ഷിച്ചു
കുടിക്കയും, ഇസ്രയേൽഗോത്രങ്ങൾ പന്ത്രണ്ടിന്നും ന്യായം വിധിച്ചു, സിം
ഹാസനങ്ങളിൽ ഇരിക്കയും ചെയ്വാന്തക്കവണ്ണമെ!
31 പിന്നെ കൎത്താവു പറഞ്ഞിതു: ശിമോനെ, ശിമോനെ! കണ്ടാലും സാ
ത്താൻ നിങ്ങളെ കോതമ്പു പോലെ ചേറുവാന്തക്കവണ്ണം ചോദിച്ചുപോ
32 യി. ഞാനൊ നിൻെറ വിശ്വാസം ഒട്ടുങ്ങിപോകായ്വാൻ നിണക്കു വേ
ണ്ടി യാചിച്ചു; പിന്നെ നീ ഒരിക്കൽ തിരിഞ്ഞു വന്നാൽ നിൻെറ സഹോ
33 ദരന്മാരെ ഉറപ്പിച്ച കൊൾക! എന്നതിന്നു അവൻ: കൎത്താവെ! നിന്നോടു

കൂടെ തടവിലും ചാവിലും ചെല്ലുവാൻ ഞാൻ ഒരുങ്ങി നില്ക്കുന്നു! എന്നു
34 പറഞ്ഞാറെ ചൊല്ലിയതു: പേത്രു, നീ എന്നെ അറിയുന്നില്ല എന്നു മൂന്നുവ
ട്ടം തള്ളിപ്പറയും മുമ്പെ, പൂവങ്കോഴി ഇന്നു കൂവുകയില്ല എന്നു ഞാൻ നി
35 ന്നോടു പറയുന്നു. പിന്നെ അവരോടു പറഞ്ഞു: നിങ്ങളെ മടിശ്ശീല, പൊ
ക്കണം ചെരിപ്പുകൾ ഇവ കൂടാതെ അയച്ചപ്പോൾ, ഒട്ടു കുറവുണ്ടായൊ?
36 എന്നതിന്നു ഒട്ടും ഇല്ല എന്നു ചൊല്ലിയാറെ, അവരോടു പറഞ്ഞിതു: എ
ങ്കിലൊ ഇപ്പോൾ, മടിശ്ശീലയുള്ളവൻ അതു എടുക്കുക! പൊക്കണവും അ
37 വ്വണ്ണം തന്നെ. ഇല്ലാത്തവൻ തന്റെ വസ്ത്രം വിറ്റു, വാൾ കൊള്ളുകയും
ചെയ്ക. (യശ. 53,12.) ദ്രോഹികളോടും എണ്ണപ്പെട്ട എന്നു എഴുതിക്കിട
ക്കുന്നതും കൂടെ എന്നിൽ തികഞ്ഞു വരേണം എന്നു ഞാൻ നിങ്ങളോടു പ
38 റയുന്നു സത്യം. കാരണം എന്റെ അവസ്ഥകൾക്കു തികവു എത്തിയിരി
ക്കുന്നു; അവർ: കർത്താവെ, ഇവിടെ രണ്ടു വാൾ ഇതാ! എന്നു ചൊല്ലിയാ
റെ: മതി! എന്നു അവരോടു പറഞ്ഞു.
39 പിന്നെ മര്യാദപ്രകാരം ഒലീവമലെക്കു പുറപ്പെട്ടു ചെന്നു, ശിഷ്യരും
40 അവനെ അനുഗമിച്ചു. ആ സ്ഥലത്തു എത്തിയപ്പോൾ: നിങ്ങൾ പരീ
41 ക്ഷയിൽ കടക്കാതിരിപ്പാൻ പ്രാർത്ഥിപ്പിൻ! എന്നു അവരോടു പറഞ്ഞു.
42 താൻ അവരെ വിട്ടു ഒരു കല്ലേറു ദൂരത്തോളം വാങ്ങി മുട്ടുകുത്തി: പിതാ
വെ, ഈ പാനപാത്രം എന്നെ വിട്ടു നീങ്ങുമാറാകുവാൻ നിണക്കു തോ
43 ന്നിയാലൊ? എങ്കിലും എന്റെ ഇഷ്ടമല്ല, നിന്റെതത്രെ ആക എന്നു പ്രാ
44 ർത്thിച്ചു. സ്വർഗ്ഗത്തിങ്കൽനിന്നു ഒരു ദൂതനും ഊക്കു കൂട്ടുവാൻ അവനു കാണായ്
വന്നു. പിന്നെ അവൻ അത്യാസന്നത്തിലായി അതിശ്രദ്ധയോടെ പ്രാ
ർത്thിച്ചു; അവന്റെ വിയർപ്പു നിലത്തു വീഴുന്ന വലിയ ചോരത്തുള്ളികൾ ക
45 ണക്കെ ആയ്ചമഞ്ഞു. പ്രാർത്thനയിൽനിന്നു എഴുനീറ്റു, അവൻ ശിഷ്യ
രുടെക്കെ ചെന്നു, വിഷാദത്താൽ നിദ്രിതർ എന്നു കണ്ടു അവരോടു പറഞ്ഞി
46 തു: നിങ്ങൾ ഉറങ്ങുന്നതു എന്തു? പരീക്ഷയിൽ കടക്കാതിരിപ്പാൻ എഴുനീ
റു പ്രാർത്thിപ്പിൻ!
47 എന്നു പറയുമ്പോൾ തന്നെ, ഇതാ ഒരു പുരുഷാരം അവരോടു പന്തിരുവ
രിൽ കൂടിയ യൂദാ എന്നവൻ മുന്നടന്നു, യേശുവെ ചുംബിപ്പാൻ അടുത്തു
48 വന്നു. യേശു അവനോടു: യൂദാവെ! മനുഷ്യപുത്രനെ ചുംബനംകൊണ്ടൊ
49 കാണിച്ചു കൊടുക്കുന്നു? എന്നു പറഞ്ഞു. അവന്റെ കൂടയുള്ളവരോ വരുന്നതു
കണ്ടു: കർത്താവെ, ഞങ്ങൾ വാളാൽ വെട്ടുകയൊ? എന്നു ചൊല്ലി അവ
50 രിൽ ഒരുത്തൻ മഹാപുരോഹിതന്റെ ദാസനെ, വെട്ടി വലത്തെ ചെവി
51 അറുത്തു. അതിന്നു യേശു: ഇത്രോളം വിടുവിൻ! എന്നു ചൊല്ലി ആയവ
ന്റെ ചെവി തൊട്ടു സൌഖ്യം വരുത്തി. തന്റെ നേരെ വന്ന മഹാപുരോ
52 ഹിതരോടും ദേവാലയത്തിലെ പടനായകരോടും മൂപ്പരോടും യേശു പറ
ഞ്ഞിതു: ഒരു കള്ളനെക്കൊള്ളെ എന്ന പോലെ നിങ്ങൾ വാളുവടികളുമാ
53 യി പുറപ്പെട്ടു വന്നു. ഞാൻ ദിവസേന ദേവാലയത്തിൽ നിങ്ങളോടു കൂടെ
ഇരുന്നിട്ടും എന്റെ നേരെ കൈകളെ നീട്ടീട്ടില്ല എങ്കിലും, ഇതു നിങ്ങളുടെ
നാഴികയും, ഇരുളിന്റെ അധികാരവും ആകുന്നു.
54 അവരോ, അവനെ പിടിച്ചു കൊണ്ടുപോയി, മഹാപുരോഹിതന്റെ വീ
55 ട്ടിൽ കടത്തി; പേത്രൻ ദൂരത്തു കൂടി പിഞ്ചെല്ലുമ്പോൾ, അവർ നടുമുറ
ത്തിൻ മദ്ധ്യേ തീകത്തിച്ചു ഒന്നിച്ചിരുന്ന ശേഷം, പേത്രനും അവരുടെ ഇ
56 ടയിൽ ഇരുന്നുകൊണ്ടു, അവൻ വെളിച്ചത്തോടു ചേർന്നിരിക്കുന്നതു ഒരു
ബാല്യക്കാരത്തി കണ്ടു, അവനെ ഉറ്റു നോക്കി: ഇവനും അവനോടു കൂടെ
57 ഇരുന്നു എന്നു പറഞ്ഞാറെ: സ്ത്രീയെ, ഞാൻ അവനെ അറിയുന്നില്ല! എ
58 ന്നു അവൻ തള്ളിപ്പറഞ്ഞു. കുറയ പിന്നെ മറൊരുവൻ അവനെ കണ്ടു: നീ
യും അവരിലുള്ളവൻ തന്നെ എന്നു പറഞ്ഞു. പേത്രനൊ: മനുഷ്യ, ഞാനല്ല!
59 എന്നു പറഞ്ഞു. ഏകദേശം ഒരുമണിനേരം കഴിഞ്ഞ ശേഷം വേറൊരുവൻ:

ഉണ്മയിൽ ഇവൻ അവനോട കൂടെ ഇരുന്ന; ഗലീലക്കാരനല്ലൊ
60 ആകുന്ന! എന്ന നിഷ്കർഷിച്ചു ചൊല്ലിയാറെ: മനുഷ്യ, നീ പറയുന്നതു തി
രിയുന്നില്ല! എന്ന പേത്രൻ പറഞ്ഞു; ഉരിയാടുമ്പോഴം തന്നെ, പെട്ടന്ന പൂ
61 വങ്കോഴി കൂകി. കർത്താവ് തിരിഞ്ഞു പേത്രനെ ഒന്ന നോക്കുകയും ചെയ്തു.
62 ഇന്ന കോഴികൂകുമ്മുമ്പെ മൂന്ന വട്ടം എന്നെ തള്ളിപ്പറയും എന്ന കത്താവ് ത
ന്നോട് ചൊല്ലിയ വാക്കിനെ പേത്രൻ ഓത്തു പുറപ്പെട്ടുപോയി, കൈപ്പോ
ടെ കരകയും ചെയ്തു.
63 യേശുവെ പിടിച്ചുകൊള്ളുന്ന പുരുഷന്മാരോ അവനെ പരിഹസിച്ചു,
64 തല്ലി, കണ്ണു മൂടിക്കെട്ടി മുഖത്തടിച്ചു: നിന്നെ കുമച്ചവൻ ആർ എന്ന പ്രവ
65 ചിക്ക! എന്ന ചോദിക്കയല്ലാതെ, മറെറ പല ദൂഷണവും അവന്നെറ നേ
66 രെ പറഞ്ഞു പോകും. നേരം വെളുത്തപ്പോഴം, മഹാപുരോഹിതർ, ശാസ്ത്രി
കളം മുതലായ ജനമൂപ്പന്മാർ വന്ന കൂടി, അവനെ തങ്ങളുടെ സുനേദ്രിയ
67 ത്തിൽ വരുത്തി: നീ മശീഹയെങ്കിൽ ഞങ്ങളോട പറ! എന്ന ചൊല്ലിയാ
68 റെ: നിങ്ങളോട പറഞ്ഞാലും നിങ്ങളം വിശ്വസിക്കയില്ല; ഞാൻ ചോ
ദിച്ചാലും എന്നോട് ഉത്തരം ചൊല്ലുകയില്ല; വിട്ടയക്കയും ഇല്ല; എങ്കി
69 ലൊ ഇതു മുതൽ മനുഷ്യപുത്രൻ ദേവശക്തിയുടെ വലഭാഗത്ത് ഇരുന്നിരി
70 ക്കും എന്ന് അവരോട പറഞ്ഞു. എന്നാൽ: നീ ദേവപുത്രനൊ? എന്ന് എ
71 ല്ലാവരും ചോദിച്ചതിന്ന: നിങ്ങളം പറയുന്നവല്ലൊ: ഞാൻ ആകുന്ന എന്ന
ചൊല്ലിയപ്പോഴം: ഇനി സാക്ഷ്യംകൊണ്ട് നമുക്ക് എന്ത് ആവശ്യം?
നാം തന്നെ അവന്റെ വായിൽനിന്ന കേട്ടവല്ലൊ എന്ന് അവർ പറഞ്ഞു.

23. അദ്ധ്യായം

യേശു പിലാതനും, (6) ഹെരോദാവിനും മുമ്പിൽനിന്നു, (13) നിർദ്ദോ
ഷൻ എന്ന തോന്നീട്ടും മരണവിധി ഉണ്ടായതു [മത്താ. 27. മാ. 15. യോ.
18.], (26) നഗരത്തിങ്കന്ന പുറപ്പാട, (33) ക്രൂശാരോഹണവും, (44) മരണ
വും, (50) ശവസംസ്കാരവും [മമ. യോ. 19.]

1 അനന്തരം അവർ എല്ലാവരും കൂട്ടമെ എഴുനീറ്റ്, അവനെ പിലാതനട
2 ക്കൽ കൊണ്ടുപോയി. ഇവൻ താൻ ക്രിസ്തനാകുന്ന ഒരു രാജാവ് എന്ന
ചൊല്ലിക്കൊണ്ട, ജാതിയെ മറിച്ചുകളകയും കൈസർക്കു കരംകൊടുക്കുന്ന
തു വിരോധിക്കയും ചെയ്യുന്ന പ്രകാരം ഞങ്ങം കണ്ട എന്ന കുറം ചുമത്തി
3 തുടങ്ങി. എന്നാറെ, പിലാതൻ അവനോട: നീ യഹൂദരുടെ രാജാവായവ
നൊ? എന്ന ചോദിച്ചതിന്ന: നീ ചൊല്ലുന്നുണ്ട എന്ന അവനോട് ഉത്തരം
4 പറഞ്ഞു. പിലാതൻ മഹാപുരോഹിതരോടും, പുരുഷാരങ്ങളോടും: ഈ മനു
ഷ്യനിൽ കുറം ഒന്നും കാണുന്നില്ല എന്ന പറഞ്ഞാറെയും: അവൻ ഗലീല
5 യിൽ തുടങ്ങി, യഹൂദയിൽ എങ്ങും ഇവിടത്തോളവും പഠിപ്പിച്ചുംകൊണ്ട
ജനത്തെ ഇളകുന്ന എന്ന മുട്ടിച്ചു ചൊല്ലിയപ്പോഴം, പിലാതൻ ഗലീല എ
6 ന്നതു കേട്ടിട്ട: മനുഷ്യൻ ഗലീലക്കാരനൊ? എന്ന ചോദിച്ചു. ഹെരോദാ
7 വിന്റെ അധികാരത്തിൽ ഉൾപ്പെട്ടവൻ എന്നറിഞ്ഞ ഉടനെ, ആ നാളുക
ളിൽ യരുശലേമിൽ വന്ന പാർക്കുന്ന ഹെരോദാവിന്റെ അടുക്കൽ അവനെ
8 അയച്ചുകളഞ്ഞു. ഹെരോദാ യേശുവേകൊണ്ട വളരെ കേഴംക്കയാൽ അവ
നെ കാണ്മാൻ പണ്ടെ ഇച്ഛിച്ചതല്ലാതെ. അവനാൽ വല്ല അടയാളവും
ഉണ്ടാകുന്നതു കാണം എന്ന് ആശിച്ചുംകൊണ്ട, യേശുവെ കണ്ടിട്ട് അത്യ
9 ന്തം സന്തോഷപ്പെട്ട, ഏറിയ വാക്കുകളാൽ ചോദിച്ചാറെയും അവൻ അവ
10 നോട് ഒരു ഉത്തരം പറഞ്ഞതും ഇല്ല. അവനിൽ മഹാപുരോഹിതരും ശാ
11 സ്ത്രികളും കടുമയോടെ കുറം ചുമത്തി നില്ക്കുമ്പോഴം ഹെരോദാ തന്റെ പട
യാളികളുമായി അവനെ പരിഹസിച്ചു നിസ്സാരനാക്കി ശുഭ്രവസ്ത്രം

12 ഉടപ്പിച്ച, പിലാതനു തിരികെ അയച്ചു വിട്ടു. പിലാതനും ഹെരോദാവും
മുമ്പെ തമ്മിൽ സിദ്ധാന്തമായ ശേഷം, അന്നു ഇണങ്ങി, സ്നേഹിതരാ
യ്തീർന്നു.

13 പിലാതനൊ, മഹാപുരോഹിതരെയും, ശാസ്ത്രികളെയും, ജനത്തെയും
14 കൂടെ വരുത്തി: നിങ്ങൾ ഈ മനുഷ്യനെ ജാതിയെ മത്സരിപ്പിച്ചു വെക്കുന
വൻ എന്നിട്ടു ഇങ്ങു കൊണ്ടുവന്നു; ഞാനൊ ഇതാ നിങ്ങളുടെ മുമ്പാകെ
15 വിസ്തരിച്ചിട്ടും നിങ്ങൾ ചുമത്തിയ കുറങ്ങൾ ഒന്നും ഇവനിൽ കണ്ടിട്ടില്ല;
ഹെരോദാവും (കണ്ടു) ഇല്ല; അവനടുക്കെ നിങ്ങളെ അയച്ചു എന്നിട്ടും,
മരണയോഗ്യമായതു ഒന്നും ഇവൻ പ്രവൃത്തിച്ചു എന്നു വന്നില്ലല്ലൊ; അതു
16 കൊണ്ടു അവനെ ശിക്ഷിച്ചു വിട്ടുതരാം എന്നു പറഞ്ഞു. (എന്നതിന്റെ
17 കാരണമൊ ഉത്സവംതോറും, അവർക്കു ഒരുത്തനെ വിട്ടുകൊടുക്കേണ്ടി
18 യതത്രെ). എന്നാറെ, അവർ: ഇവനെ നീക്കികളക; ഞങ്ങൾക്കു ബറബ്ബാ
19 വെ വിട്ടുതരേണം എന്നു ഒക്കത്തക്ക ആർത്തുവിളിച്ചു. ആയവനൊ നഗര
ത്തിൽ ഉണ്ടായ വല്ല കലഹവും, കുലയും ഹേതുവായിട്ടു, തടവിൽ ആക്ക
20 പ്പെട്ടവൻ തന്നെ. പിലാതൻ യേശുവെ വിടുവിപ്പാൻ മനസ്സാകകൊണ്ടു
21 പിന്നെയും അവരോടു വിളിച്ചു പറഞ്ഞാറെ: അവനെ ക്രൂശിക്ക! ക്രൂശി
ക്ക! എന്നു അവർ എതിരെ വിളിച്ചു; മൂന്നാമതും, അവരോടു: അവൻ
22 ചെയ്ത ദോഷം എന്തുപോൽ; മരണയോഗ്യമായതു ഒന്നും അവനിൽ ക
ണ്ടിട്ടില്ല; അതുകൊണ്ടു അവനെ ശിക്ഷിച്ചു വിട്ടുതരട്ടെ എന്നു പറഞ്ഞാറെ,
23 അവൻ ക്രൂശിക്കപ്പെടേണ്ടതിന്നു അവർ ചോദിച്ചു ഉറക്കെ ശബ്ദിച്ചുപോ
ന്നു; അവരും മഹാപുരോഹിതരും ശബ്ദിക്കുന്നതു ഏറെ കടുതായി വന്നു.
24 പിലാതൻ അവരുടെ ചോദ്യം പോലെ ആക എന്നു വിധിച്ചുകളഞ്ഞു. കല
25 ഹവും കുലയും ഹേതുവായി തടവിലായവനെ അവർ അപേക്ഷിക്കയാൽ
വിട്ടുകൊടുത്തു; യേശുവെ അവരുടെ ഇഷ്ടത്തിൽ ഏല്പിച്ചു വിടുകയും ചെയ്തു.
26 അവനെ കൊണ്ടുപോയപ്പോൾ, നാട്ടിൽനിന്നു വരുന്ന ശിമോൻ എന്നു
ഒരു കുറെനക്കാരനെ അവർ പിടിച്ചു, യേശുവിന്റെ ക്രൂശു ചുമത്തിവെ
27 ച്ചു അവനെ യേശുവിൻ വഴിയെ നടക്കുമാറാക്കി. അതു കൂടാതെ, വ
ലിയ ജനസമൂഹവും, അവനെ ചൊല്ലി, തൊഴിച്ചു മുറയിടുന്ന സ്ത്രീകളും
അവന്റെ പിന്നാലെ നടന്നു ആയവരുടെ നേരെ യേശു തിരിഞ്ഞു: യരു
28 ശലേം പുത്രിമാരെ! എന്നെ അല്ല; നിങ്ങളെയും നിങ്ങളുടെ മക്കളെയും
29 ചൊല്ലി കരവിൻ! എന്തിന്നു എന്നാൽ, മച്ചിമാരും പെറാത്ത ഉദരങ്ങളും
കുടിപ്പിക്കാത്ത മുലകളും ധന്യമാർ തന്നെ എന്നു ചൊല്ലുന്ന നാളുകൾ ഇതാ
30 വരുന്നു! അന്നു മലകളോടു ഞങ്ങളുടെ മേൽ വീഴുവിൻ എന്നും കുന്നുകളോടു
31 ഞങ്ങളെ മറെപ്പിൻ എന്നും പറഞ്ഞു തുടങ്ങും (ഹൊശ. 10, 8.) കാരണം
പച്ചമരത്തിൽ ഈ വക ചെയ്താൽ ഉണങ്ങിയതിൽ എന്തു ഉണ്ടാകും? എ
32 ന്നു പറഞ്ഞു. മറു രണ്ടു ദുഷ്പ്രവൃത്തിക്കാരും അവനോടു കൂടെ പ്രാണൻ
എടുപ്പാൻ കൊണ്ടുപോകപ്പെട്ടു.

33 പിന്നെ തലയോടിടം എന്നുള്ള സ്ഥലത്തേക്കു ചെന്നപ്പോൾ, അവിടെ
അവനെയും ദുഷ്പ്രവൃത്തിക്കാരെയും ഒരുത്തനെ വലത്തും, ഒരുത്തനെ ഇടത്തും
34 ക്രൂശിച്ചു. യേശുപറഞ്ഞു: പിതാവെ, ഇവർ ചെയ്യുന്നതു ഇന്നതു എന്നറിയാ
യ്കകൊണ്ടു അവർക്കു ക്ഷമിച്ചുവിടേണമെ! അവരൊ, അവന്റെ വസ്ത്രങ്ങളെ
35 പങ്കാക്കി ചീട്ടു ഇടുകയും ചെയ്തു. ജനം നോക്കി നില്ക്കയല്ലാതെ, പ്രധാനി
കളും കൂടി ഇവൻ: മറ്റവരെ രക്ഷിച്ചു, തന്നെത്താൻ രക്ഷിക്കട്ടെ! ദൈവം
36 തെരിഞ്ഞെടുത്ത മശീഹ എങ്കിൽ, എന്നു ഇളിച്ചു പറഞ്ഞു. പടജ്ജനങ്ങ
37 ളും അടുത്തു വന്നു, കാടികൊണ്ടക്കാണിച്ചു: നീ യഹൂദരുടെ രാജാവായാൽ
38 നിന്നെ തന്നെ രക്ഷിക്ക! എന്നു അവനെ പരിഹസിച്ചു. ''ഇവൻ യഹൂ
ദരുടെ രാജാവു'' എന്നു യവന രോമാ എബ്രായ ഈ (മൂന്നു വക)

അക്ഷരങ്ങൾകൊണ്ട് ഒരു മേലെഴുത്തും വരെച്ചിട്ടിരുന്നു. തൂക്കിവിട്ട ദുഷ്പ്രവൃ
39 ത്തിക്കാരിൽ ഒരുത്തൻ: നീ മശീഹ അല്ലയൊ! നിന്നെയും ഞങ്ങളെയും ര
40 ക്ഷിക്ക! എന്ന് അവനെ ദുഷിച്ചപ്പോൾ, മറ്റവൻ അവനെ ശാസിച്ചു: നീ
ഈ ശിക്ഷാവിധിയിൽ തന്നെ ആയിട്ടും ദൈവത്തെ ഭയപ്പെടാതിരിക്കുന്നു
41 വൊ?നാമൊ ന്യായപ്രകാരം സത്യം;നാം വ്യാപരിച്ചതിന്നു യോഗ്യമായതു
കിട്ടിപ്പോയല്ലൊ!ഇവനൊ പറ്റാത്തത് ഒന്നും വ്യാപരിച്ചില്ല എന്ന് ഉത്ത
42 രം ചൊല്ലി: കർത്താവെ, നിന്റെ രാജത്വത്തിൽ നീ വരുമ്പോൾ, എന്നെ
43 ഓർക്കേണമെ! എന്നു യേശുവോടു പറഞ്ഞു. യേശു അവനോട്: ആമെൻ
ഞാൻ നിന്നോടു ചൊല്ലുന്നിതു: ഇന്നു നീ എന്നോടു കൂടെ പരദീസയിൽ ഇ
രിക്കും എന്നു പറകയും ചെയ്തു.
44 ഏകദേശം ആറാം മണിനേരമായപ്പോൾ, ഒമ്പതാം മണിവരെയും ആ
ദേശത്തിൽ ഒക്കയും അന്ധകാരം ഉണ്ടായി; സൂര്യൻ ഇരുണ്ടു, മന്ദിരത്തിലെ
45 തിരശ്ശീല നടുവെ ചീന്തിപ്പോയി. യേശു (സങ്കീ. 31,6) പിതാവെ! നി
46 ന്റെ കൈകളിൽ എൻ ആത്മാവെ ഏല്പിക്കുന്നു! എന്നു മഹാശബ്ദത്തോടെ
47 വിളിച്ചു പറഞ്ഞ ഉടനെ പ്രാണനെവിട്ടു. ഈ ഉണ്ടായതു ശതാധിപൻ കണ്ടി
ട്ട്: ഈ മനുഷ്യൻ ഉള്ളവണ്ണം നീതിമാനായിരുന്നു! എന്നു ചൊല്ലി, ദൈവ
48 ത്തെ തേജസ്കരിച്ചു. ആ കാഴ്ചെക്കു കൂടിയ പുരുഷാരങ്ങളും എല്ലാം സംഭവി
49 ച്ചവ നോക്കികൊണ്ടു മാറത്തടിച്ചു മടങ്ങിപോയി. അവന്റെ പരിചയ
ക്കാരും എല്ലാം ഗലീലയിൽനിന്നു പിഞ്ചെന്നു വന്ന സ്ത്രീകളും ഇവ കണ്ടു
കൊണ്ടു ദൂരത്തുനില്ക്കുന്നു.
50 അപ്പോൾ കണ്ടാലും, നീതിയുള്ള നല്ലൊരു പുരുഷനായ യോസേഫ് എ
51 ന്ന മന്ത്രി യഹൂദരുടെ ഊരായ അരിമത്യയിൽ നിന്ന് (അവിടെ ഉണ്ടു). അ
വൻ താനും ദേവരാജ്യത്തെ കാത്തു കൊള്ളുന്നവനും അവർ മന്ത്രിച്ചതും പ്രവൃ
52 ത്തിച്ചതും സമ്മതിക്കാതെ നിന്നവനും, ആയതല്ലാതെ, പിലാതനെ ചെന്നു
53 കണ്ടു. യേശുവിന്റെ ഉടൽ ചോദിച്ചു. അത് ഇറക്കി ശീല ചുറ്റി, താൻ
വെട്ടിച്ച കല്ലറയിൽ ആരും ഒരിക്കലും കിടന്നിട്ടില്ലാത്ത സ്ഥലത്തു സ്ഥാ
54 പിച്ചു; അന്ന് ഒരുമ്പാടാഴ്ചയും ശബ്ബത്തു ഉദിക്കുംനേരവും ആയി.
55 ഗലീലയിൽനിന്ന് അവനോടു കൂടെ പോന്ന സ്ത്രീകളും പിഞ്ചെന്നു വന്നു
കല്ലറയും, അവന്റെ ഉടൽ വെച്ച പ്രകാരവും, നോക്കിയശേഷം മടങ്ങി
56 പോയി. സുഗന്ധവർഗ്ഗങ്ങളും തൈലങ്ങളും ഒരുക്കി, ശബ്ബത്തിൽ കല്പനപ്ര
കാരം സ്വസ്ഥമായി പാർത്തു.

24. അദ്ധ്യായം

സ്ത്രീകൾ ഉയർപ്പിന്റെ വാർത്ത കേട്ടു [മത്താ. 28. മാ. 16.], (8) അറി
യിച്ചിട്ടു ശിമോൻ വന്നതു [യോ. 20.], (13) എമ്മവുസ്സ് യാത്രയിലെപ്ര
ത്യക്ഷത [മാ. 16.], (36) ശിഷ്യർക്കു കാണായ്വന്നു പ്രബോധിപ്പിച്ചതു
[മാ. 16. യോ. 20.], (50) സ്വർഗ്ഗാരോഹണം [മാ. 16. അപ. 1.]

1 എങ്കിലും ഒന്നാം ആഴ്ചയിൽ നന്ന രാവിലെ അവർ ഒരുക്കിയ സുഗന്ധ
2 വർഗ്ഗങ്ങളെ കൊണ്ടുവന്നു, മറ്റ് ചിലരുമായി കല്ലറെക്കൽ എത്തി. കല്ല
3 റയിൽനിന്ന് കല്ല് ഉരുട്ടിക്കളഞ്ഞതു കണ്ടു അകമ്പുക്കു, കർത്താവായ യേ
4 ശുവിന്റെ ഉടൽ കാണായ്കയാൽ, ബുദ്ധിമുട്ടി നില്ക്കുമ്പോൾ സംഭവിച്ചിതു:
മിന്നുന്ന ഉടുപ്പുകളോടെ രണ്ടു പുരുഷന്മാർ ഇതാ അവരരികത്തു നിന്നു. അ
5 വർ ഭയപ്പെട്ടു, മുഖം നിലത്തേക്ക് നോക്കി, കുനിഞ്ഞിരിക്കുമ്പോൾ: നി
ങ്ങൾ ജീവനുള്ളവനെ മരിച്ചവരോട് അന്വേഷിക്കുന്നതു എന്തു? അവൻ
6 ഇവിടെ ഇല്ല; ഉണർന്നു വന്നു; മുമ്പെ ഗലീലയിൽ ഇരിക്കുമ്പോൾ തന്നെ,
7 അവൻ നിങ്ങളോടു: മനുഷ്യപുത്രൻ പാപികളായ മനുഷ്യരുടെ കൈകളിൽ

ഏല്പിക്കപ്പെട്ട, ക്രൂശിക്കപ്പെടുകയും മൂന്നാം നാൾ വീണ്ടും എഴനീല്ക്കയും
ചെയ്യേണ്ടതു് എന്നു ചൊല്ലിയപ്രകാരം ഓൎത്തുകൊൾവിൻ! എന്നു് അവ
8 രോടു് പറഞ്ഞു. അവൻെറ മൊഴികളെ അവർ ഓൎത്തു കല്ലറയെ വിട്ടു മടങ്ങി
9 പോന്നു. പതിനൊരുവർ മുതലായവരോടു് എല്ലാം ഇതു് ഒക്കയും അറിയി
10 ച്ചു. അപോസ്തലരോടു് ഇതു പറഞ്ഞവർ മഗ്ദലക്കാരത്തി മറിയ, യോഹ
11 ന്ന, യാക്കോബിൻ (അമ്മ) മറിയ തുടങ്ങിയുള്ളവർ അത്രെ. ഈ മൊഴികളെ
12 അവർക്കു വെറുങ്കഥ പോലെ തോന്നി, ആയവരെ വിശ്വസിച്ചതും ഇല്ല.
പേത്രനൊ എഴനീറു കല്ലറയരികിൽ ഓടി കുനിഞ്ഞു നോക്കി, തുണി
കളെ മാത്രമെ കിടക്കുന്നതു കണ്ടപ്പോൾ, ഉണ്ടായതിൽ ആശ്ചൎയ്യപ്പെട്ടു, തി
രിച്ചു പോരുകയും ചെയ്തു.

13 അന്നു തന്നെ കണ്ടാലും അവരിൽ ഇരുവർ യരുശലേമിൽ നിന്നു് അറുപതു
സ്താദി (6 നാഴിക) വഴി ദൂരമുള്ള എമ്മവുസ്സു് എന്ന ഗ്രാമത്തേക്കു് യാത്രയാ
14 യി ചെല്ലുമ്പോൾ, ഈ സംഭവിച്ചവ കൊണ്ടു് ഒക്കയും തമ്മിൽ സംസാരി
15 ച്ചുപോന്നു. സംസാരിച്ചു തർക്കിക്കയിൽ ഉണ്ടായിതു: യേശു താൻ അണ
16 ഞ്ഞു് അവരോടു് ചേൎന്നു സഞ്ചരിച്ചു; അവനെ അറിയാതിരിപ്പാൻ അവ
17 രുടെ കണ്ണുകളും അടക്കിപ്പിടിക്കപ്പെട്ടിരുന്നു. അവരോടു് അവൻ നിങ്ങൾ
മുഖം മുഷിഞ്ഞു വഴി നടന്നു തമ്മിൽ വാദിച്ചു കൊള്ളുന്ന ഈ വാക്കുകൾ എ
18 ന്തു്? എന്നു പറഞ്ഞതിന്നു: ക്ലെയൊപാ എന്നു പേരുള്ളൊരുവൻ ഉത്തരം
പറഞ്ഞിതു: യരുശലേമിൽ പാവാസം ചെയ്യുന്നവരിൽ നീ മാത്രം ഈ നാ
19 ളുകളിൽ അവിടെ ഉണ്ടായവ അറിയാതിരിക്കുന്നവനൊ? ഏവ? എന്നു് അ
വരോടു് പറഞ്ഞാറെ, അവനോടു് ചൊല്ലിയതു: നചറയ്യനായ യേശുവി
ൻെറവ തന്നെ; ആയവൻ ദൈവത്തിന്നും സകല ജനത്തിന്നും, മുമ്പാകെ,
20 പ്രവൃത്തിയിലും, വചനത്തിലും ശക്തിയുള്ള പ്രവാചകനായി വന്നതു. ന
മ്മുടെ മഹാപുരോഹിതരും, പ്രമാണികളും, അവനെ മരണവിധിയിൽ ഏ
21 ല്പിച്ചു. ക്രൂശിച്ച പ്രകാരവും അത്രെ. ഞങ്ങളൊ, ഇസ്രയേലെ വീണ്ടെടു
പ്പാനുള്ളവൻ അവൻ എന്നു് ആശിച്ചിരുന്നു; എന്നു് എല്ലാം കൂടാതെ അവ
22 ഉണ്ടായിട്ടു്, ഇന്നു് മൂന്നാം നാൾ ചെല്ലുന്നുണ്ടു; അത്രയല്ല ഞങ്ങളുടെ കൂട്ട
ത്തിൽ ചില സ്ത്രീകളും രാവിലെ കല്ലറെക്കു പോയി, അവൻെറ ഉടൽ
23 കാണാഞ്ഞു. അവർ വന്നു അവൻ ജീവിച്ചിരിക്കുന്നു എന്നു ചൊല്ലുന്ന ദൂത
24 ന്മാരുടെ ദർശനം കണ്ട പ്രകാരം പറഞ്ഞുകൊണ്ടു ഞങ്ങളെ ഭ്രമിപ്പിച്ചു. ഞ
ങ്ങളോടുള്ളവരിൽ ചിലർ കല്ലറെക്കു പോയി, സ്ത്രീകളും പറഞ്ഞപ്രകാരം
25 തന്നെ കണ്ടു, അവനെ കണ്ടില്ല താനും എന്നാറെ, അവൻ അവരോടു: അല്ല
യൊ പ്രവാചകന്മാർ ഉരെച്ചതു് എല്ലാം വിശ്വസിക്കുന്നതിന്നു ഹൃദയമാ
26 ന്ദ്യവും ബുദ്ധിക്കേടും ഉള്ളോരെ! മശീഹ ഈ വക കഷ്ടപ്പെട്ടിട്ടു തൻെറ
27 തേജസ്സിൽ പ്രവേശിക്കേണ്ടതായില്ലയൊ? എന്നു ചൊല്ലി. മോശ തുടങ്ങി
സകല പ്രവാചകന്മാരെയും എടുത്തു, എല്ലാ എഴുത്തുകളിലും തന്നെ കുറി
28 ച്ചുള്ളവ അവർക്കു വ്യാഖ്യാനിച്ചുകൊടുത്തു. അവർ പോകുന്ന ഗ്രാമത്തോടു്
അടുത്തപ്പോൾ, അവൻ അപ്പുറത്തേക്കു പോകുന്ന ഭാവം കാട്ടി. അവരൊ:
29 സന്ധ്യയായി, നേരം വൈകിപോയതുകൊണ്ടു, ഞങ്ങളോടു കൂട പാൎക്കുക
30 എന്നു് അവനെ മുട്ടിച്ചിരുത്തി; അവനും അവരോടു പാൎപ്പാൻ അകമ്പുക്കു;
അവരുമായി ചാരികൊള്ളുമ്പോൾ ഉണ്ടായിതു: അവൻ അപ്പം എടുത്തു്
31 അനുഗ്രഹിച്ചു, നുറുക്കി അവർക്കു കൊടുത്തു. ഉടനെ അവർ കണ്ണുകളും തുറന്നു
വന്നു, അവനെ അറിഞ്ഞു, അവൻ അവരിൽനിന്നു മറകയും ചെയ്തു. അവൻ
32 വഴിയിൽ നമ്മോടു പറഞ്ഞുകൊണ്ടു തിരുവെഴുത്തുകളെ തെളിയിക്കുമ്പോൾ
നമ്മുടെ ഉള്ളിൽ ഹൃദയം കത്തിവന്നില്ലയൊ? എന്നു തമ്മിൽ ചൊല്ലി, ആ
33 നാഴികെക്കു് എഴനീറു, യരുശലേമിലേക്കു് തിരികെ പോന്നു. പതി
34 നൊരുവരെയും കൂടെ ഉള്ളവരെയും ഒക്കത്തക്ക കണ്ടെത്തി: ഉള്ളവണ്ണം കർ
ത്താവു് ഉണൎന്നു ശിമോന്നു കാണായി വന്നു എന്നു പറഞ്ഞു (കേട്ടു).

35 തങ്ങളും വഴിയിൽ സംഭവിച്ചതും അവൻ അപ്പം നുറുക്കയിൽ അറിയായ്
വന്നപ്രകാരവും വിവരിച്ചു പറകയും ചെയ്തു.

36 ഇങ്ങിനെ അവർ പറയുമ്പോഴം, യേശു താൻ അവരുടെ നടുവിൽ നി
ന്നു: നിങ്ങൾക്കു സമാധാനം (ഉണ്ടാക) എന്നു പറഞ്ഞു. ആയവർ ഞെട്ടി
37 ഭയപ്പെട്ടു, പ്രേതാത്മാവിനെ കാണുന്നപ്രകാരം നിശ്ചയിക്കുമ്പോഴം: നി
38 ങ്ങൾ കലങ്ങിയിരിക്കുന്നത് എന്തു? നിങ്ങളുടെ ഹൃദയത്തിൽ വിചാരങ്ങൾ
39 പൊങ്ങുവാൻ എന്തു! എന്റെ കൈകളെയും കാലുകളെയും നോക്കി, ഞാൻ
തന്നെ ആകുന്നു എന്നറിവിൻ! എന്നെ തൊട്ടു കാണ്മിൻ! എന്നിൽ കാണു
ന്നപ്രകാരം പ്രേതാത്മാവിന്നു മാംസവും അസ്ഥികളും ഇല്ലല്ലൊ എന്നു അ
40 വരോടു പറഞ്ഞു. കൈകളെയും കാലുകളെയും കാണിച്ചുകൊടുത്തു. അവർ
41 സന്തോഷത്താൽ വിശ്വസിക്കാതെ, അതിശയിച്ചു നില്ക്കുമ്പോഴം: തിൻ
മാൻ വല്ലതും നിങ്ങൾക്കു ഇങ്ങുണ്ടോ? എന്നു അവരോടു പറഞ്ഞു. അവ
42 രും ഒരു ഖണ്ഡം വറുത്ത മീനും ഒട്ടു തേങ്കട്ടയും അവനു കൊടുത്തു. അതു അ
43 വൻ വാങ്ങി അവർ കാൺകെ തിന്നു. പിന്നെ അവരോടു പറഞ്ഞിതു:
44 ഞാൻ നിങ്ങളോടു ഇരിക്കുമ്പോഴം തന്നെ, ചൊല്ലിതന്ന വാക്കുകൾ ഇവ
അത്രെ; മോശധർമ്മത്തിലും പ്രവാചകരിലും സങ്കീർത്തനങ്ങളിലും എന്നെ
കൊണ്ടു എഴുതിയതു ഒക്കയും നിവൃത്തിയാകേണം എന്നു തന്നെ. അ
45 പ്പോഴം തിരുവെഴുത്തുകളെ തിരിച്ചറിയേണ്ടതിനായി അവർക്കു ബുദ്ധി
46 യെ തുറന്നു. ഇന്ന പ്രകാരം മശീഹ കഷ്ടപ്പെടുകയും മൂന്നാംനാൾ മരിച്ചവ
47 രിൽനിന്നു വീണ്ടും എഴുനീല്ക്കയും, അവന്റെ നാമത്തിൽ മാനസാന്തരവും
പാപമോചനവും യരുശലേമിൽ തുടങ്ങി, സകലജാതികളിലും ഘോഷി
48 ക്കപ്പെടുകയും വേണ്ടുന്നതു എന്നു എഴുതിക്കിടക്കുന്നു. ഇവറിന്നു നിങ്ങൾ
49 സാക്ഷികൾ ആകുന്നു. കണ്ടാലും എന്റെ പിതാവു, വാഗ്ദത്തം ചെയ്തതി
നെ ഞാൻ നിങ്ങളുടെ മേലെ അയക്കുന്നു; നിങ്ങളോ ഉയരത്തിൽനിന്നു ശ
ക്തി ധരിക്കും വരെ പട്ടണത്തിൽ വസിച്ചുകൊൾവിൻ എന്നു അവരോടു
പറഞ്ഞു.

50 പിന്നെ അവരെ ബെഥന്യയോളം പുറത്തുകൊണ്ടുപോയി. തന്റെ
51 കൈകളെ ഉയർത്തി അവരെ അനുഗ്രഹിച്ചു. അവൻ അനുഗ്രഹിക്കുമ്പോഴം
52 തന്നെ ഉണ്ടായിതു: അവൻ അവരിൽ നിന്നു അകന്നു സ്വർഗ്ഗത്തേക്കു എടു
ത്തുകൊള്ളപ്പെട്ടു അവരോ അവനെ കുമ്പിട്ടു. മഹാസന്തോഷത്തോടെ യരു
53 ശലേമിലേക്കു തിരിച്ചുപോന്നു; ദൈവത്തെ പുകഴ്ത്തികൊണ്ടു എ
പ്പോഴും ദൈവാലയത്തിൽ ഇരിക്കയും ചെയ്തു (ആമെൻ).

ദേവ
സാക്ഷ്യ

1 ആദ
2 രുന്നു, വ
3 ആയിര
4 കൂടാതെ
5 രുടെ
6 ഇരുളൊ
7 വത്തിര
ക്കായി
8 ച്ചത്തെ
9 വെളിച്ച
കാശിപ്പ
10 അവൻ
11 നെ അ
12 ക്കൊണ
വിശ്വ
13 ത്തു. അ
ന്റെ ഉ
14 നം ജന
കൂടിപ്പാ
15 ന്റെ
റിച്ച വ
എനിക
16 പറഞ്ഞ
17 കൂപ്പെ
ശയാത്
18 ത്തെ
ന്ന ഏ
19 എ
യഹൂദ
20 പ്പോ
21 ഞാൻ
വൊ?
ചകത

THE

GOSPEL OF JOHN

യോഹനാൻ എഴുതിയ

സുവിശേഷം

1. അദ്ധ്യായം

ദേവവചനമായവൻ ജഡീഭവിച്ച മർമ്മോപദേശം, (19) സ്നാപകന്റെ സാക്ഷ്യം, (35) അഞ്ചു ശിഷ്യന്മാർ കൂടിയതു.

1 ആദിയിൽ വചനം ഉണ്ടായിരുന്നു; ആ വചനം ദൈവത്തോട് ആയി
2 രുന്നു, വചനം ദൈവമായും ഇരുന്നു. ആയവൻ ആദിയിൽ ദൈവത്തോട്
3 ആയിരുന്നു. സകലവും അവനാൽ ഉണ്ടായി; ഉണ്ടായതു് ഒന്നും അവനെ
4 കൂടാതെ ഉണ്ടായതും ഇല്ല. അവനിൽ ജീവൻ ഉണ്ടായിരുന്നു; ജീവൻ മനുഷ്യ
5 രുടെ വെളിച്ചമായും ഇരുന്നു. ആ വെളിച്ചമായതു് ഇരുളിൽ വിളങ്ങുന്നു
6 ഇരുളൊ അതിനെ പിടിച്ചുകൊണ്ടില്ല. യോഹനാൻ എന്ന പേരോടെ ദൈ
7 വത്തിൽനിന്നു് അയക്കപ്പെട്ട ഒരു മനുഷ്യൻ ഉണ്ടായി. ആയവൻ സാക്ഷി
ക്കായി വന്നതു താൻ മൂലമായി എല്ലാവരും വിശ്വസിക്കെണ്ടതിന്നു വെളി
8 ച്ചത്തെ കൊണ്ടു സാക്ഷ്യം പറവാൻ തന്നെ. താൻ വെളിച്ചമായിരുന്നില്ല;
9 വെളിച്ചത്തിന്നു സാക്ഷിയാകേണ്ടിയവനത്രെ. എല്ലാ മനുഷ്യനേയും, പ്ര
കാശിപ്പിക്കുന്ന സത്യവെളിച്ചം ലോകത്തിലേക്കു് വന്നുകൊണ്ടിരുന്നു.
10 അവൻ ലോകത്തിലായി; ലോകം അവനാൽ ഉണ്ടായി; ലോകം അവ
11 നെ അറിഞ്ഞതും ഇല്ല. തന്റെവരിൽ വന്നു; തന്റെവർ അവനെ കൈ
12 ക്കൊണ്ടതും ഇല്ല. ആർ അവനെ കൈക്കൊണ്ടിട്ടും അവന്റെ നാമത്തിൽ
വിശ്വസിക്കുന്നവർക്കു് ഏവക്കും ദേവമക്കൾ ആവാൻ അധികാരം കൊടു
13 ത്തു. ആയവർ രക്തങ്ങളിൽനിന്നും ജഡത്തിൻ ഇഷ്ടത്തിൽനിന്നും പുരുഷ
ന്റെ ഇഷ്ടത്തിൽനിന്നും അല്ല ദൈവത്തിൽനിന്നത്രെ ജനിച്ചവർ. വച
14 നം ജഡമായി ചമഞ്ഞു കൃപയും സത്യവും കൊണ്ടു പൂർണ്ണനായി നമ്മിൽ
കുടിപാർത്തു, അവന്റെ തേജസ്സെ പിതാവിൽ നിന്നു് ഏകജാതനായവ
15 ന്റെ തേജസ്സായിട്ടു ഞങ്ങൾ കാൺകയും ചെയ്തു. യോഹനാൻ അവനെ കു
റിച്ചു വിളിച്ചു സാക്ഷി ചൊല്ലുന്നിതു: എന്റെ പിന്നാലെ വരുന്നവൻ
എനിക്കു് മുമ്പനായതുകൊണ്ടു് എന്റെ മുമ്പിലായി ചമഞ്ഞു എന്നു ഞാൻ
16 പറഞ്ഞവൻ ഇവനത്രെ. അവന്റെ നിറവിൽ നിന്നു ഞങ്ങൾ എല്ലാവരും
17 കൃപെക്കുവേണ്ടി കൃപയും ലഭിച്ചു സത്യം. എങ്ങിനെ എന്നാൽ ധർമ്മം മോ
ശയാൽ തരപ്പെട്ടു, കൃപയും സത്യവും യേശുക്രിസ്തുനാൽ ഉണ്ടായി. ദൈവ
18 ത്തെ ഒരുത്തനും ഒരു നാളും കണ്ടിട്ടില്ല; പിതാവിന്റെ മടിയിൽ ഇരിക്കു
ന്ന ഏകജാതനായ പുത്രൻ (അവനെ) തെളിയിച്ചു.
19 എങ്കിലൊ നീ ആരാകുന്നു എന്നു യോഹനാനോടു ചോദിക്കേണ്ടതിന്നു,
യഹൂദന്മാർ യരുശലേമിൽനിന്നു പുരോഹിതരെയും ലേവ്യരെയും അയച്ച
20 പ്പോൾ, അവന്റെ സാക്ഷ്യം ആവിതു: അവൻ മറുക്കാതെ ഏറ്റുപറഞ്ഞു:
21 ഞാൻ മശീഹ അല്ല എന്നു് ഏറ്റുപറഞ്ഞു: എന്നാൽ എന്തു? നീ ഏലീയാ
വൊ? എന്നു് അവനോടു് ചോദിച്ചാറെ: അല്ല എന്നു പറയുന്നു: ആ പ്രവാ
ചകനൊ? എന്നതിന്നു്: അല്ല എന്നു് ഉത്തരം പറഞ്ഞു. അതുകൊണ്ടു നീ

22 ആരുപോൽ? ഞങ്ങളെ അയച്ചവരോട് ഉത്തരം ചൊല്ലേണ്ടതല്ലെ? നിന്നെ
23 കൊണ്ടു നീ എന്തു പറയുന്നു? എന്ന് അവനോടു പറഞ്ഞാറെ: യശായപ്ര
വാചകൻ (40,3.) ഉരെച്ച പ്രകാരം കർത്താവിന്റെ വഴിയെ നേരെ ആക്കു
വിൻ എന്നു മരുഭൂമിയിൽ കൂക്കുന്നവന്റെ ശബ്ദം ഞാൻ ആകുന്നു എന്നു പറ
24 ഞ്ഞു. ആ അയക്കപ്പെട്ടവർ പരീശക്കൂട്ടത്തിൽ ഉള്ളവർ തന്നെ: പിന്നെ
25 നീ മശീഹയും അല്ല, ഏലീയാവും അല്ല, ആ പ്രവാചകനും അല്ല, എന്നു
26 വരികിൽ, സ്നാനം ഏല്പിക്കുന്നത് എന്ത്? എന്നു ചോദിച്ചതിന്നു: യോഹ
നാൻ ഉത്തരം പറഞ്ഞിതു: ഞാൻ വെള്ളത്തിൽ സ്നാനം ഏല്പിക്കുന്നു; നി
ങ്ങൾ അറിയാത്തവനൊ നിങ്ങളുടെ ഇടയിൽ നില്ക്കുന്നുണ്ടു. എന്റെ മുമ്പിൽ
27 ആയി എന്റെ പിന്നാലെ വരുന്നവൻ അവൻ തന്നെ; അവന്റെ ചെരി
28 പ്പിൻവാറഴിപ്പാനും ഞാൻ പാത്രമല്ല. എന്നതു യർദ്ദന് അക്കരെ യോഹ
29 നാൻ സ്നാനം ഏല്പിക്കുന്ന ബെത്തന്യയിൽ തന്നെ ഉണ്ടായതു. പിറെ ദി
വസം യേശു തന്റെ അടുക്കെ വരുന്നതു കണ്ടു; അവൻ പറയുന്നു: ഇതാ
ലോകത്തിന്റെ പാപത്തെ ചുമന്നെടുക്കുന്ന ദൈവത്തിൻ കുഞ്ഞാടു (യശ.
30 53,7) എനിക്കു മുമ്പനായതുകൊണ്ടു് എന്റെ മുമ്പിലായൊരു പുരുഷൻ
എന്റെ പിന്നാലെ വരുന്നു എന്നു ഞാൻ സൂചിപ്പിച്ചവൻ ഇവൻ തന്നെ.
31 ഞാനൊ അവനെ അറിഞ്ഞില്ല: എങ്കിലും അവൻ ഇസ്രയേലിന്നു വെളി
പ്പെടേണ്ടതിന്നു ഞാൻ വെള്ളത്തിൽ സ്നാനം ഏല്പിപ്പാൻ വന്നതു; ശേഷം
32 യോഹനാൻ സാക്ഷ്യം ചൊല്ലിയതു: ആത്മാവ് ഒരു പ്രാവു പോലെ, സ്വ
33 ർഗ്ഗത്തിൽനിന്നു് ഇറങ്ങിവരുന്നതും അവന്റെ മേൽ വസിക്കുന്നതും ഞാൻ
കണ്ടിട്ടുണ്ടു. ഞാനൊ അവനെ അറിഞ്ഞില്ല; എങ്കിലും വെള്ളത്തിൽ സ്നാ
നം ഏല്പിപ്പാൻ എന്നെ അയച്ചവൻ ആരുടെ മേൽ ആത്മാവ് ഇറങ്ങി
34 വസിക്കുന്നതു നീ കണ്ടാൽ, ആയവൻ വിശുദ്ധാത്മാവിൽ സ്നാനം ഏല്പി
ക്കുന്നവൻ ആകുന്നു എന്നു് എന്നോടു് പറഞ്ഞു. (ആയതു) ഞാൻ കണ്ടും ഇ
വൻ ദൈവപുത്രൻ തന്നെ എന്നു സാക്ഷ്യം ചൊല്ലീട്ടും ഉണ്ടു.

35 പിറെന്നാൾ യോഹനാൻ പിന്നെയും തന്റെ ശിഷ്യരിൽ ഇരുവരുമാ
36 യി നിന്നുകൊണ്ടിരിക്കുമ്പോൾ, യേശു നടക്കുന്നതു നോക്കീട്ടു: ഇതാ ദൈ
37 വത്തിൻകുഞ്ഞാടു്! എന്നു പറയുന്നു. അവൻ ചൊല്ലുന്നതു രണ്ടു ശിഷ്യന്മാ
38 രും കേട്ടു യേശുവെ അനുഗമിച്ചു. യേശു തിരിഞ്ഞു് അവർ പിഞ്ചെല്ലുന്നതു
കണ്ടു: നിങ്ങൾ എന്തു് അന്വേഷിക്കുന്നു എന്നു പറഞ്ഞതിന്നു് അവർ ചൊ
39 ല്ലിയതു: (ഗുരൊ, എന്നർത്ഥമുള്ള) റബ്ബീ, നീ എവിടെ വസിക്കുന്നു? അ
40 വൻ അവരോടു: വന്നു കാണ്മിൻ! എന്നു പറയുന്നു. അവൻ വസിക്കുന്നതു്
അവർ വന്നു കണ്ടു് ഏകദേശം പത്താം മണിനേരമായിട്ടു് ആ ദിവസം അ
41 വനോടു പാർത്തു. യോഹനാനിൽനിന്നു കേട്ടു് അവനെ അനുഗമിച്ച ഇരു
വരിൽ ശിമോൻ, പേത്രന്റെ സഹോദരനായ അന്ത്രെയാ, ഒരുത്തൻതന്നെ;
42 ആയവൻ സ്വന്തസഹോദരനായ ശിമോനെ മുമ്പെ തന്നെ കണ്ടു: അഭി
ഷിക്തൻ എന്നു അർത്ഥമുള്ള മശീഹയെ ഞങ്ങൾ കണ്ടെത്തീട്ടുണ്ടു! എന്നു
43 അവനോടു പറഞ്ഞു, അവനെ യേശുവിനടുക്കെ കൊണ്ടുവന്നു. യേശു അവ
നെ നോക്കി: നീ യോനാവിൻപുത്രനായ ശിമോൻ ആകുന്നു: നീ (പാറ എ
ന്നർത്ഥമുള്ള) കെഫാ എന്നു വിളിക്കപ്പെടും എന്നു പറഞ്ഞു.
44 പിറെന്നാൾ (അവൻ) ഗലീലെക്കു പുറപ്പെടുവാൻ ഭാവിച്ചപ്പോൾ, ഫി
ലിപ്പനെ കണ്ടെത്തി: എന്റെ പിന്നാലെ വാ എന്നു് അവനോടു പറയുന്നു.
45 ഫിലിപ്പനൊ, അന്ത്രെയാ, പേത്രൻ എന്നവരുടെ ഊരായ ബെഥ്ചൈദ
46 യിൽ നിന്നുള്ളവനത്രെ. ഫിലിപ്പൻ നഥനയ്യലെ കണ്ടു് അവനോടു പറയു
ന്നു: ധർമ്മത്തിൽ മോശയും പ്രവാചകരും എഴുതീട്ടുള്ളവനെ ഞങ്ങൾ കണ്ടെ
47 ത്തി; നചറത്തിൽനിന്നു യേശു എന്ന യോസെഫിൻ പുത്രനെ തന്നെ. നഥ
നയ്യൽ അവനോടു: നചറത്തിൽനിന്നു വല്ല നന്മയും ഉണ്ടായിക്കൂടുമൊ? എ
48 ന്നു പറഞ്ഞു. ഫിലിപ്പൻ അവനോടു്: വന്നു കാൺക എന്നു പറയുന്നു.

നഥന്യെൽ തന്നെറ അടുക്കെ വരുന്നതു യേശു കണ്ടു: ഇതാ കപടം ഇല്ലാതെ
ഉണ്മയിൽ ഇസ്രയേല്ക്കാരനായവൻ എന്നു അവനെ കൊണ്ടുപറയുന്നു. നഥ
49 ന്യെൽ അവനോടു: എന്നെ എവിടെനിന്നു അറിയുന്നു? എന്നു പറഞ്ഞതി
ന്നു യേശു ഉത്തരം ചൊല്ലിയതു: ഫിലിപ്പൻ നിന്നെ വിളിക്കുമ്മുമ്പെ അ
50 ത്തിയുടെ ചുവട്ടിൽ നിന്നെ കണ്ടു. നഥന്യെൽ അവനോടു: റബ്ബീ, നീ ദൈ
വപുത്രൻ; നീ ഇസ്രയേലിന്നെറ രാജാവു തന്നെ എന്നു ഉരെച്ചാറെ, യേശു
51 അവനോടു ഉത്തരം ചൊല്ലിയതു: അത്തിച്ചുവട്ടിൽ നിന്നെ കണ്ടു എന്നു
52 നിന്നോടു പറകകൊണ്ടു നീ വിശ്വസിക്കുന്നുവൊ? ഇതിനെക്കാളും വലിയ
വ നീ കാണും; പിന്നെ ആമെൻ ആമെൻ ഞാൻ നിങ്ങളോടു പറയുന്നു ഇനി
മേൽ സ്വർഗ്ഗം തുറന്നിരിക്കുന്നതും ദേവദൂതന്മാർ മനുഷ്യപുത്രന്മേൽ ഇറങ്ങു
കയും കയറുകയും ചെയ്യുന്നതും നിങ്ങൾ കാണും എന്നു അവനോടു പറയുന്നു.

2. അദ്ധ്യായം

ഒന്നാം അതിശയം, (13) പെസഹയാത്രയും ദേവാലയശുദ്ധീകരണവും,
(23) അതിശയഫലമായ വിശ്വാസവും.

1 മൂന്നാം നാൾ ഗലീലയിലെ കാനാവിൽ ഒരു കല്യാണം ഉണ്ടായി.
2 യേശുവിന്നെറ അമ്മയും അവിടെയുള്ളതല്ലാതെ, യേശുവും ശിഷ്യന്മാരും
3 കല്യാണത്തിന്നു ക്ഷണിക്കപ്പെട്ടു. പിന്നെ വീഞ്ഞിന്നു മുട്ടു വന്നാറെ, യേശു
4 വിന്നെറ അമ്മ അവനോടു: അവർക്കു വീഞ്ഞില്ല എന്നു പറയുന്നു. യേശു അ
വളോടു: സ്ത്രീയെ, എനിക്കും നിണക്കും എന്തു! എന്നെറ നാഴിക വന്നിട്ടി
5 ല്ല എന്നു പറയുന്നു. അവന്നെറ അമ്മ ശുശ്രൂഷക്കാരോടു: അവൻ നിങ്ങളോ
ടു എന്തു കല്പിച്ചാലും അതു ചെയ്വിൻ എന്നു പറയുന്നു. അവിടെ യഹൂ
6 දരുടെ ശുദ്ധീകരണത്തിന്നു തക്കവണ്ണം ഓരോന്നിൽ രണ്ടു മൂന്നു പറ കൊള്ള
7 ന്ന കല്പാത്രങ്ങൾ ആറു നിന്നിരിക്കെ: യേശു അവരോടു: ഈ കല്പാ
ത്രങ്ങളിൽ വെള്ളം നിറെപ്പിൻ എന്നു പറഞ്ഞു; അവർ വക്കോളവും നിറെ
8 ച്ചു: ഇപ്പോൾ കോരി വിരുന്നുവാഴിക്കു കൊണ്ടുപോവിൻ എന്നു അവൻ
9 പറഞ്ഞിട്ടു അവർ കൊണ്ടുപോയി വീഞ്ഞായി ചമഞ്ഞ വെള്ളത്തെ വി
രുന്നുവാഴി രുചി നോക്കിയശേഷം, അതു എവിടെനിന്നു എന്നു വെള്ള
10 ത്തെ കോരിയ ശുശ്രൂഷക്കാർ അറിഞ്ഞിട്ടും താൻ അറിയാഞ്ഞു; മണവാള
നെ വിളിച്ചു: ഏതു മനുഷ്യനും മുമ്പെ നല്ലവീഞ്ഞിനേയും തൃപ്തിവന്ന
പ്പോൾ, ഇളപ്പമായതിനെയും ഇടുമാറുണ്ടു; നീ നല്ലവീഞ്ഞിനെ ഇതുവരെ
യും സംഗ്രഹിച്ചിരിക്കുന്നു എന്നു വിരുന്നുവാഴി അവനോടു പറയുന്നു. ഇങ്ങി
11 നെ യേശു ഗലീലയിലെ കാനാവിൽ അടയാളങ്ങളുടെ ആരംഭം ചെയ്തു
തന്നെറ തേജസ്സു വിളങ്ങിച്ചു. അവന്നെറ ശിഷ്യന്മാർ അവനിൽ വിശ്വസി
12 ക്കയും ചെയ്തു. അനന്തരം അവന്നെറ അമ്മയും സഹോദരന്മാരും അവന്നെറ
ശിഷ്യരും കൂടി, കഫൎന്നഹൂമിലേക്കു ഇറങ്ങിപോയി, അവിടെ അല്പം
ചില ദിവസങ്ങൾ പാൎത്തു.

13 അപ്പോൾ യഹൂദരുടെ പെസഹ സമീപമാകകൊണ്ടു, യേശു യരുശലേ
14 മിലേക്കു കരേറിപോയി. ദേവാലയത്തിൽ ആടുമാടു പ്രാവുകളേയും വില്ക്കു
15 ന്നവരും നാണ്യക്കാരും ഇരിക്കുന്നതു കണ്ടു, കയറുകൊണ്ടു ചമ്മട്ടി ഉണ്ടാ
ക്കി, ആടുമാടുകളൊടു കൂട എല്ലാവരെയും ആലയത്തിൽനിന്നു പുറത്താക്കി
16 പൊൻവാണിഭക്കാരുടെ നാണ്യം തൂകിക്കളഞ്ഞു മേശകളെ മറിച്ചിട്ടു, പ്രാ
വുകളെ വില്ക്കുന്നവരോടു: ഇവ ഇതിൽനിന്നു കൊണ്ടു പോവിൻ; എന്നെറ
പിതാവിൻ ഭവനത്തെ ചന്തപ്പുര ആക്കരുതേ എന്നു പറഞ്ഞു. അപ്പോൾ,
17 അവന്നെറ ശിഷ്യന്മാർ (സങ്കീ. 69,10.) നിന്നെറ ഭവനത്തിന്നായുള്ള എരി
വു എന്നെ തിന്നുകളയുന്നു എന്നു എഴുതിയിരിക്കുന്ന പ്രകാരം ഓൎത്തു.

18 ആകയാൽ യഹൂദന്മാർ അവനോടു: നീ ഇവ ചെയ്യുന്നത്കൊണ്ടു ഞങ്ങൾ
ക്ക് ഏത് അടയാളം കാണിക്കുന്നു എന്നു ചൊല്ലിതുടങ്ങിയാറെ, യേശു അ
19 വരോടു: ഈ മന്ദിരത്തെ അഴിപ്പിൻ എന്നാൽ ഞാൻ മൂന്നുദിവസത്തിന്നകം
അതിനെ ഉയർത്തും എന്ന് ഉത്തരം പറഞ്ഞു. എന്നിട്ടു യഹൂദന്മാർ ഈ മന്ദി
20 രം നാല്പത്താറു വർഷംകൊണ്ടു പണിയിക്കപ്പെട്ടു നീ മൂന്നുനാൾകൊണ്ട് അ
തിനെ ഉയർത്തുമൊ? എന്ന് അവനോട് പറഞ്ഞു. അവനോ തന്റെ ശരീര
21 മാകുന്ന മന്ദിരത്തെ കുറിച്ചു പറഞ്ഞിതു. ആകയാൽ അവൻ മരിച്ചവരിൽ
22 നിന്ന് ഉണർന്നപ്പോൾ, ഇതു പറഞ്ഞപ്രകാരം ശിഷ്യന്മാർ ഓർത്തു തിരു
വെഴുത്തും യേശു പറഞ്ഞവചനവും വിശ്വസിച്ചു.

23 പെസഹപെരുനാൾക്ക് യരുശലേമിൽ ഇരിക്കുമ്പോൾ തന്നെ അവൻ
ചെയ്യുപോരുന്ന അടയാളങ്ങൾ കണ്ടിട്ടു പലരും അവന്റെ നാമത്തിൽ വി
24 ശ്വസിച്ചു. യേശുവൊ എല്ലാവരെയും അറികകൊണ്ടും (ഇന്ന) മനുഷ്യനിൽ
ഉള്ളത് ഇന്നത് എന്ന് സ്വതെ ബോധിക്കയാൽ തനിക്കു മനുഷ്യനെ കു
25 റിച്ച് ഒരുത്തരുടെ സാക്ഷ്യവും വെണ്ടായ്കകൊണ്ടും തന്നെത്താൻ അവരിൽ
വിശ്വസിച്ച് ഏല്പിച്ചില്ല.

3. അദ്ധ്യായം

നീകൊദേമനോടു സംഭാഷണം, (22) യേശു യഹൂദയിൽ സ്നാനം ഏല്പി
കുമ്പോൾ, യോഹനാന്റെ സാക്ഷ്യസമർപ്പണം.

1 യഹൂദരുടെ പ്രമാണിയായി നീകൊദേമൻ എന്നു പേരുള്ളൊരു മനു
2 ഷ്യൻ പരീശരിൽ ഉണ്ടായിരുന്നു. ആയവൻ രാത്രിയിൽ അവന്റെ അടു
ക്കൽ വന്ന് അവനോടു പറഞ്ഞിതു; റബ്ബീ, നീ ദൈവത്തിൽനിന്ന് ഉപ
ദേഷ്ടാവായി വന്നിരിക്കുന്നു എന്നു ഞങ്ങൾ അറിയുന്നു. കാരണം ദൈവം ത
ന്നോടു കൂടിയില്ലെങ്കിൽ, നീ ചെയ്യുന്ന ഈ അടയാളങ്ങളെ ആർക്കും ചെ
3 യ്വാൻ കഴികയില്ല. എന്നതിന്നു യേശു: ആമെൻ ആമെൻ ഞാൻ നി
ന്നോട് പറയുന്നിതു മേലിൽ നിന്നു ജനിച്ചില്ല എങ്കിൽ ഒരുത്തനും ദൈവ
രാജ്യത്തെ കാണ്മാൻ കഴികയില്ല എന്ന് ഉത്തരം പാഞ്ഞു. നീകൊദേമൻ
4 അവനോടു: മനുഷ്യൻ വൃദ്ധനായാൽ എങ്ങിനെ ജനിച്ചു കൂടും? രണ്ടാമതു ത
ന്റെ അമ്മയുടെ ഉദരത്തിൽ കടന്നു പിറപ്പാൻ കഴിയുമൊ? എന്നു പറഞ്ഞ
5 തിന്നു യേശു ഉത്തരം ചൊല്ലിയതു: ആമെൻ ആമെൻ ഞാൻ നിന്നോടു പറ
യുന്നു, വെള്ളത്തിൽനിന്നും ആത്മാവിൽനിന്നും, ജനിച്ചില്ല എങ്കിൽ ഒരു
ത്തനും ദൈവരാജ്യത്തിൽ കടപ്പാൻ കഴികയില്ല; ജഡത്തിൽനിന്നു ജനി
6 ച്ചത് ജഡമാകുന്നു; ആത്മാവിൽനിന്ന് ജനിച്ചത് ആത്മാവ് ആകുന്നു.
7 നിങ്ങൾ മേലിൽ നിന്നു ജനിക്കേണം എന്നു നിന്നോടു പറകയാൽ ആശ്ച
8 ര്യപ്പെടൊല്ല കാറ്റ് ഇഷ്ടമുള്ളേടത്ത് ഊതുന്നു; അതിന്റെ ശബ്ദം നീ കേൾ
ക്കുന്നു എങ്കിലും എവിടെനിന്നു വരുന്നു എന്നും എവിടെക്ക് പോകുന്നു എ
ന്നും അറിയുന്നില്ല; ആത്മാവിൽനിന്നു ജനിച്ചവൻ എല്ലാം ഇപ്രകാരം ആ
9 കുന്നു. നീകൊദേമൻ അവനോട്: ഇവ എങ്ങിനെ സംഭവിച്ചുകൂടും? എന്നു
ചൊല്ലിയാറെ: യേശു അവനോടു ഉത്തരം പറഞ്ഞിതു, നീ ഇസ്രയേലി
10 ന്റെ ഉപദേഷ്ടാവ് എങ്കിലും, ഇവ അറിയാതിരിക്കുന്നുവൊ? ആമെൻ ആ
11 മെൻ ഞാൻ നിന്നോടു പറയുന്നിതു, ഞങ്ങൾ അറിയുന്നത് ഉരെക്കയും ഞ
ങ്ങൾ കണ്ടതിന്നു സാക്ഷ്യം ചൊല്ലുകയും ചെയ്യുന്നു; ഞങ്ങളുടെ സാക്ഷ്യം
നിങ്ങൾ കൈക്കൊള്ളുന്നില്ല താനും ഭ്രമിമേലേവ നിങ്ങളോട് പറഞ്ഞിട്ടു
12 നിങ്ങൾ വിശ്വസിക്കാഞ്ഞാൽ, സ്വർഗ്ഗത്തിലേവ, നിങ്ങളോടു പറഞ്ഞു
13 എങ്കിൽ എങ്ങിനെ വിശ്വസിക്കും? സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങി വന്നു,

സ്വർഗ്ഗത്തിൽ ഇരിക്കുന്ന മനുഷ്യപുത്രൻ ഒഴികെ ആരും സ്വർഗ്ഗത്തിൽ കരെ
14 റീട്ടും ഇല്ല. പിന്നെ മോശ മരുഭൂമിയിൽ സർപ്പത്തെ ഉയർത്തിയപ്രകാരം മനു
15 ഷ്യ പുത്രൻ ഉയർത്തപ്പെടേണ്ടുന്നത് അവനിൽ വിശ്വസിക്കുന്നവൻ എല്ലാം
16 നശിച്ചു പോകാതെ നിത്യജീവനുണ്ടാവാനായി തന്നെ. കാരണം ദൈവം
ലോകത്തെ സ്നേഹിച്ചവിധമാവിതു തൻറെഏക ജാതനായ പുത്രനിൽ വി
ശ്വസിക്കുന്നവൻ എല്ലാം നശിക്കാതെ നിത്യജീവനുള്ളവൻ ആകെണ്ടതി
17 ന് അവനെ തരുവോളം തന്നെ (സ്നേഹിച്ചതു). ലോകത്തിനു ന്യായം വി
ധിപ്പാനല്ലല്ലൊ, ദൈവം തൻറെ പുത്രനെ ലോകത്തിൽ അയച്ചതു; ലോ
18 കം അവനാൽ രക്ഷിക്കപ്പെടുവാനത്രെ. അവങ്കൽ വിശ്വസിക്കുന്നവനു ന്യാ
യവിധി ഇല്ല; വിശ്വസിക്കാത്തവനൊ, ദൈവത്തിൻ ഏകജാതനായ പു
ത്രൻറെ നാമത്തിൽ വിശ്വസിക്കാഞ്ഞതിനാൽ ന്യായവിധിവന്നു കഴി
19 ഞ്ഞു. ന്യായവിധി എങ്കിലൊ, വെളിച്ചം ലോകത്തിൽ വന്നിട്ടും മനുഷ്യ
രുടെ ക്രിയകൾ ദോഷമുള്ളവ ആകയാൽ അവർ വെളിച്ചത്തിലും ഏറ്റം
20 ഇരുളിനെ സ്നേഹിച്ചതു തന്നെ. എങ്ങിനെ എന്നാൽ തിന്മകൾ പ്രവൃത്തി
ക്കുന്നവൻ എല്ലാം വെളിച്ചത്തെ പകെക്കുന്നു: തൻറെ ക്രിയകൾ ആക്ഷേ
പിക്കപ്പെടാതിരിപ്പാൻ വെളിച്ചത്തിലേക്കു വരുന്നതും ഇല്ല. സത്യത്തെ
21 നടത്തുന്നവനൊ തൻറെ ക്രിയകൾ ദൈവത്തിൽ ചെയ്തവ ആകകൊണ്ടു
അവ വെളിപ്പെടേണ്ടതിനു വെളിച്ചത്തിലേക്കു വരുന്നു.

22 എന്നതിൽ പിന്നെ യേശു തൻറെ ശിഷ്യരുമായി, യഹൂദ നാട്ടിൽ വന്നു
അവരോടു കൂടെ സ്നാനം ഏല്പിച്ചുകൊണ്ടു പാർത്തു. അപ്പോൾ, യോഹ
23 നാൻ താനും സ്നാനം കഴിപ്പിച്ചു പോന്നതു ശലേമരികിൽ വളരെ വെള്ളമുള്ള
24 ഐനൊനിൽ തന്നെ. അവിടെ (ആളുകൾ) വന്നു കൂടി സ്നാനപ്പെട്ടു.
25 യോഹനാൻ ആകട്ടെ, അതുവരെയും തടവിൽ ആക്കപ്പെട്ടിരുന്നില്ല. അ
പ്പോൾ, യോഹനാൻറെ ശിഷ്യന്മാരിൽ ചിലർക്കു ഒരു യഹൂദനോടു ശുദ്ധീ
കരണത്തെച്ചൊല്ലി, വാദം ഉണ്ടായിട്ടു അവർ യോഹനാൻറെ അടുക്കൽ
26 വന്നു അവനോടു: റബ്ബീ, യർദ്ദനക്കരെ നിന്നോടു കൂടെ ഇരുന്നവൻ ആ
രൊ? നീ സാക്ഷ്യം ചൊല്ലികൊടുത്തവൻ ആരൊ? ആയവൻ ഇതാ സ്നാനം
ഏല്പിച്ചുവരുന്നു എല്ലാവരും അവനോടു ചേർന്നുപോകുന്നു എന്നു പറഞ്ഞു. യോ
27 ഹനാൻ ഉത്തരം ചൊല്ലിയതു: സ്വർഗ്ഗത്തിൽനിന്നു തരപ്പെട്ടിട്ടു ഒഴികെ മനു
28 ഷ്യനു ഒന്നും പ്രാപിപ്പാൻ കഴികയില്ല; ഞാൻ മശീഹാ അല്ല, ആയവനു
മുമ്പെ അയക്കപ്പെട്ടവനത്രെ എന്നു ഞാൻ പറഞ്ഞതിനു നിങ്ങൾ തന്നെ എ
29 നിക്കു സാക്ഷികൾ ആകുന്നു. കാന്ത ഉള്ളവൻ മണവാളനാകുന്നു; മണവാ
ളൻറെ സ്നേഹിതനൊ നിന്നും അവനെ കേട്ടുംകൊണ്ടു മണവാളൻറെ ഒച്ച
30 നിമിത്തം സന്തോഷിച്ചു ആനന്ദികുന്നു. ഈ എൻറെ സന്തോഷം നിറ
31 ഞ്ഞുവന്നു. ആയവൻ വളരുകയും ഞാൻ കുറകയും തന്നെ വേണ്ടതു. മേലിൽ
നിന്നു വരുന്നവൻ എല്ലാവർക്കും മീതെ ആകുന്നു; ഭൂമിയിൽ നിന്നുള്ളവൻ
ഭൂമിയിൽനിന്നു ആകുന്നു ഭൂമികുള്ളവ പറകയും ചെയ്യുന്നു. സ്വർഗ്ഗത്തിൽനിന്നു
32 വരുന്നവൻ എല്ലാവർക്കും മീതെ ആയി, താൻ കണ്ടതും കേട്ടതും സാക്ഷി
33 യായി പറയുന്നു. അവൻറെ സാക്ഷ്യം ആരും കൈക്കൊള്ളുന്നതും ഇല്ല.
അവൻറെ സാക്ഷ്യം കൈക്കൊണ്ടവനൊ, ദൈവം സത്യവാൻ എന്നുള്ള
34 തിനു മുദ്രയിട്ടു. കാരണം ദൈവം അയച്ചവൻ ദൈവം ആത്മാവിനെ അ
ളവു കൂടാതെ കൊടുക്കുന്നതിനാൽ ദൈവമൊഴികളെ പറയുന്നുള്ളു. പിതാവു
35 പുത്രനെ സ്നേഹികുന്നു, സകലവും അവൻറെ കൈയിൽ കൊടുത്തും ഇരി
36 കുന്നു. പുത്രനിൽ വിശ്വസിക്കുന്നവനു നിത്യജീവൻ ഉണ്ടു: പുത്രനെ അനു
സരിക്കാത്തവൻ ജീവനെ കാണുക ഇല്ല: ദൈവക്രോധം അവൻറെ മേൽ
വസിക്കുന്നു.

4. അദ്ധ്യായം

ശികെമിലെ സ്ത്രീയോട സംഭാഷണവും, (28) ശമര്യരിൽ വ്യാപരിച്ചതും, (43) കാനാവിലെ രണ്ടാം അതിശയം.

1 എന്നാറെ, യോഹനാനിലും അധികം ശിഷ്യന്മാരെ യേശു ചേർത്തു
സ്നാനം ഏല്പിക്കുന്ന പ്രകാരം പരീശന്മാർ കേട്ട എന്ന കർത്താവ് അറി
2 ഞ്ഞു. തന്റെ ശിഷ്യന്മാർ അല്ലാതെ യേശു തന്നെ സ്നാനം കഴിപ്പിക്കുമാ
3 റില്ല താനും. ആയത് അറിഞ്ഞിട്ട് അവൻ യഹൂദയെ വിട്ട, പിന്നെയും
4 ഗലീലെക്കാമാറു പുറപ്പെട്ട. അപ്പൊഴം, ശമര്യയിൽ കൂടി കടക്കേണ്ടി വന്നു;
5 യാക്കോബ് തന്റെ പുത്രനായ യോസെഫിനു കൊടുത്ത പറമ്പിന്നരികിൽ
6 സുകാർ എന്ന ശമര്യനഗരത്തിൽ അവൻ വരുന്നു. അവിടെ യാക്കൊബിൻ
ഉറവ് ഉണ്ടു, യേശുവൊ വഴിനടപ്പിനാൽ തളർന്നുപോയിട്ട് ഏകദേശം
ആറാം മണിക്കു ഉറവിന്നരികിൽ വെറുതെ ഇരുന്നു. ഒരു ശമര്യക്കാരത്തി
7 വെള്ളം കോരുവാൻ വരുന്നു, അവളൊടു യേശു: എനിക്കു കുടിപ്പാൻ
8 തരിക എന്നു പറയുന്നു. അവന്റെ ശിഷ്യന്മാർ ഭക്ഷ്യങ്ങളെ കൊള്ളുവാൻ
9 ഊരിൽ പോയിരുന്നു. യഹൂദർക്കൊ, ശമര്യരോടു കൊള്ളക്കൊടുക്ക ഇല്ലാ
യ്കയാൽ, ശമര്യസ്ത്രീ അവനോട്: നീ യഹൂദൻ എങ്കിലും, ശമര്യയായ എ
ന്നോടു കുടിപ്പാൻ ചോദിക്കുന്നത് എങ്ങിനെ? എന്നു പറഞ്ഞതിന്നു, യേശു
10 ഉത്തരം ചൊല്ലിയത്: നീ ദൈവത്തിന്റെ ദാനത്തെയും, നിന്നോടു കുടി
പ്പാൻ തരിക എന്നു ചോദിക്കുന്നവൻ ഇന്നവൻ എന്നതിനെയും അറിഞ്ഞു
എങ്കിൽ നീ അവനോടു ചോദിക്കയും അവൻ ജീവനുള്ള വെള്ളം നിനക്കു
11 തരികയും ആയിരുന്നു: സ്ത്രീ അവനോടു പറയുന്നു: കർത്താവെ, നിനക്കു
12 പാളയും ഇല്ല കിണറും ആഴമുള്ളതല്ലൊ; പിന്നെ ജീവനുള്ള വെള്ളം നി
നക്ക് എവിടെനിന്നു? ഞങ്ങൾക്ക് ഈ കിണറു തന്നവനായി താൻ മക്ക
ളോടും മൃഗക്കൂട്ടങ്ങളോടും അതിൽനിന്നു കുടിച്ചിട്ടുള്ള ഞങ്ങളുടെ അപ്പനായ
13 യാക്കോബിനെക്കാൾ നീ വലിയവനൊ? യേശു അവളോട് ഉത്തരം ചൊ
ല്ലിയതു: ഈ വെള്ളത്തിൽ കുടിക്കുന്നവനെല്ലാം പിന്നെയും ദാഹിക്കും;
14 ഞാൻ കൊടുക്കുന്ന വെള്ളത്തിൽനിന്നു ആരാനും കുടിച്ച എങ്കിലൊ, എന്നേ
ക്കും ദാഹിക്കയില്ല: ഞാൻ കൊടുക്കുന്ന വെള്ളം അവനിൽ നിത്യജീവനോ
15 ളം പൊങ്ങിവരുന്ന നീരുറവായിതീരും. സ്ത്രീ അവനോടു: കർത്താവെ ഇ
നി ദാഹിക്കയും ഇങ്ങു കോരുവാൻ വരികയും ചെയ്യാതിരിപ്പാൻ ആ വെ
16 ള്ളം എനിക്കു തരിക എന്നു പറയുന്നു. യേശു അവളോടു: നിന്റെ ഭർത്താ
വിനെ ചെന്നു വിളിച്ചു കൊണ്ടു ഇങ്ങു വരിക എന്നു പറഞ്ഞതിന്നു: എനി
17 ക്ക് ഭർത്താവ് ഇല്ല എന്നു സ്ത്രീ ഉത്തരം ചൊല്ലിയാറെ, യേശു പറഞ്ഞു:
എനിക്ക് ഭർത്താവ് ഇല്ല എന്നു ചൊല്ലിയതു നന്നു; നിനക്ക് അഞ്ചു ഭർത്താ
18 ക്കന്മാർ ഉണ്ടായല്ലൊ; ഇപ്പൊഴം, ഉള്ളവൻ നിന്റെ ഭർത്താവും അല്ല. ഇതു
19 സത്യമായി ചൊല്ലിയതു. സ്ത്രീ അവനോടു പറഞ്ഞു: കർത്താവെ നീ പ്രവാ
20 ചകൻ എന്നു ഞാൻ കാണുന്നു. ഞങ്ങളുടെ പിതാക്കന്മാർ ഈ മലയിൽ കു
മ്പിട്ടവന്നു; കുമ്പിടേണ്ടുന്ന സ്ഥലം യരുശലേമിൽ ആകുന്നു എന്നു നിങ്ങൾ
21 ചൊല്ലുന്നു. എന്നാറെ, യേശു പറയുന്നു: സ്ത്രീയെ എന്നെ വിശ്വസിക്ക,
22 നിങ്ങൾ ഈ മലമേലും അല്ല യരുശലേമിലും അല്ല പിതാവെ കുമ്പിടുന്ന
നാഴിക വരുന്നു. നിങ്ങളാകട്ടെ അറിയാത്തതിനെ കുമ്പിടുന്നു; ഞങ്ങളൊ
അറിയുന്നതിനെ കുമ്പിടുന്നു; രക്ഷ എന്നതു യഹൂദരിൽനിന്ന് ആകുന്നുവ
23 ല്ലൊ. എങ്കിലും സത്യനമസ്കാരികൾ പിതാവിനെ ആത്മാവിലും സത്യ
24 ത്തിലും കുമ്പിടുന്ന നാഴിക വരുന്നു, ഇപ്പോഴം ആകുന്നു. കാരണം പിതാവും
ഇങ്ങിനത്തെ നമസ്കാരികളെ അന്വേഷിക്കുന്നു. ദൈവം ആത്മാവ് (ആകു
25 ന്നു) അവനെ കുമ്പിടുന്നവർ ആത്മാവിലും സത്യത്തിലും കുമ്പിടുകയും

വേണം. സ്ത്രീ അവനോട് അഭിഷിക്തൻ എന്നുള്ള മശീഹ വരുന്നപ്രകാരം
ഞാൻ അറിയുന്നു; ആയവൻ വരുമ്പോൾ, നമ്മോടു സകലവും അറിയിക്കും
26 എന്നു പറഞ്ഞാറെ: നിന്നോടു സംസാരിക്കുന്ന ഞാൻ (അവൻ) ആകുന്നു എ
27 ന്നു യേശു അവളോടു പറയുന്ന ഇടയിൽ അവന്റെ ശിഷ്യന്മാർ വന്നു സ്ത്രീ
യോടു സംസാരിക്കയാൽ ആശ്ചര്യപ്പെട്ടിട്ടും അവളോട് എന്തു ചോദിക്കു
ന്നു, എന്തു സംസാരിക്കുന്നു എന്നു ആരും പറഞ്ഞില്ല.
28 അനന്തരം സ്ത്രീ തന്റെ പാത്രം വെച്ചിട്ട്, ഊരിൽ ചെന്നു: ഹൊ, ഞാൻ
29 ചെയ്തത് ഒക്കയും എന്നോട് പറഞ്ഞ മനുഷ്യനെ വന്നു കാണ്മിൻ! പക്ഷെ
30 ഇവൻ മശീഹ അല്ലയൊ? എന്നു ആ മനുഷ്യരോടു പറഞ്ഞു. അവർ ഊരിൽ
31 നിന്നു പുറപ്പെട്ട് അവന്റെ അടുക്കെ വരികയും ചെയ്തു. അതിന്നിടയിൽ
ശിഷ്യന്മാർ: റബ്ബീ ഭക്ഷിക്ക എന്നു അവനോട് അപേക്ഷിച്ചാറെ: നി
32 ങ്ങൾ അറിയാത്ത ആഹാരം ഭക്ഷിപ്പാൻ എനിക്കു ഉണ്ടു എന്നു അവരോ
33 ടു പറഞ്ഞതുകൊണ്ടു, ആരും അവനു തിന്മാൻ കൊണ്ടു വന്നുവൊ എന്നു ശി
34 ഷ്യന്മാർ തമ്മിൽ പറഞ്ഞു. യേശു അവരോടു ചൊല്ലുന്നിതു: എന്നെ അയച്ച
35 വന്റെ ഇഷ്ടം ചെയ്തു അവന്റെ വേലയെ തികെക്കുക അത്രെ എന്റെ ആ
ഹാരം ആകുന്നു. ഇനി നാലാം മാസത്തിൽ കൊയ്ത്തു വരുന്നു എന്നു നി
ങ്ങൾ ചൊല്ലുന്നില്ലയൊ? ഞാനൊ നിങ്ങളോടു പറയുന്നിതു കണ്ണുകളെ ഉയ
ർത്തി നിലങ്ങൾ ഇതാ കൊയ്ത്തിനായി വിളഞ്ഞു പോയതു കാണ്മിൻ.
36 കൊയ്യുന്നവൻ കൂലി സമ്പാദിച്ചു, നിത്യജീവങ്കലേക്കു വിളയെ ചേർത്തു
വെക്കുന്നതു വിതെക്കുന്നവനും കൊയ്യുന്നവനും ഒരുമിച്ചു സന്തോഷിപ്പാൻ
37 തന്നെ. എങ്ങിനെ എന്നാൽ വിതെക്കുന്നവൻ വേറെ, കൊയ്യുന്നവൻ വേറെ
38 എന്നുള്ള ചൊൽ ഇതിൽ സത്യമുള്ളതാകുന്നു. നിങ്ങൾ അദ്ധ്വാനിക്കാഞ്ഞതു
കൊയ്വാൻ ഞാൻ നിങ്ങളെ അയച്ചു; മറ്റവർ അദ്ധ്വാനിച്ചിട്ടുണ്ടു; അവ
39 രുടെ അദ്ധ്വാനത്തിൽ നിങ്ങൾ പ്രവേശിച്ചിരിക്കുന്നു. എന്നാറെ, ആ സ്ത്രീ
ഞാൻ ചെയ്തത് ഒക്കയും ഇവൻ എന്നോടു പറഞ്ഞു എന്ന സാക്ഷ്യം ചൊല്ല
40 ന്ന വചനം ഹേതുവായി ആ ഊരിൽ പലശമര്യരും അവനിൽ വിശ്വസി
ച്ചു. പിന്നെ ശമര്യർ അവനോട് എത്തിയപ്പോൾ, തങ്ങളോട് വസിപ്പാൻ
41 അപേക്ഷിച്ചു, അവൻ രണ്ടുനാൾ പാർക്കയും ചെയ്തു. ഏറ്റവും അധികം ആ
42 ളുകൾ അവന്റെ വചനം നിമിത്തം വിശ്വസിച്ചു. സ്ത്രീയോടു പറഞ്ഞു: ഇ
നി നിന്റെ വാക്കുകൊണ്ടല്ല ഞങ്ങൾ വിശ്വസിക്കുന്നതു; ഞങ്ങൾ തന്നെ
കേട്ടും ഇവൻ ലോകരക്ഷിതാവായ മശീഹ ആകുന്നു സത്യം എന്നു അറി
ഞ്ഞും ഇരിക്കുന്നു.
43 രണ്ടുദിവസം കഴിഞ്ഞിട്ട് അവൻ അവിടം വിട്ടു ഗലീലക്കപോയി. യേ
44 ശു ആകട്ടെ പ്രവാചകനു തന്റെ പിതൃദേശത്തിൽ ബഹുമാനം ഇല്ല എന്നു
45 താൻ സാക്ഷി പറഞ്ഞു. അന്നു ഗലീലയിൽ വന്നപ്പൊഴെക്കൊ തങ്ങളും
ഉത്സവത്തിന്നു പോയിട്ടുള്ള ഗലീലക്കാർ അവൻ യരുശലേമിൽ പെരുനാ
ളിന്നകം ചെയ്തത് ഒക്കയും കണ്ട ഹേതുവാൽ അവനെ കൈക്കൊണ്ടു എന്നാ
46 റെ, അവൻ വെള്ളത്തെ വീഞ്ഞാക്കിയ ഗാലീല്യകാനാവിൽ പിന്നെയും
വന്നു. അന്നു മകൻ രോഗിയായിരിക്കുന്ന ഒരു രാജഭൃത്യൻ കഫർന്നഹൂമിൽ
47 ഉണ്ടു. യേശു യഹൂദയിൽനിന്നു ഗലീലയിൽ വന്നത് അവൻ കേട്ട് അവ
ന്റെ അടുക്കൽ ചെന്ന് അവൻ ഇറങ്ങിവന്നു മരിപ്പാറാകുന്ന മകനെ സൌ
48 ഖ്യമാക്കേണം എന്നു അപേക്ഷിച്ചാറെ, യേശു അവനോടു: നിങ്ങൾ അട
യാളങ്ങളും, അത്ഭുതങ്ങളും, കണ്ടിട്ടൊഴികെ വിശ്വസിക്കയില്ല എന്നു പറ
49 ഞ്ഞു. രാജഭൃത്യൻ അവനോട്: കർത്താവെ എന്റെ കുഞ്ഞൻ മരിക്കുമ്മുമ്പെ
50 ഇറങ്ങിവരിക എന്നു പറയുന്നു. യേശു അവനോട് ചൊല്ലുന്നു: യാത്രയാക,
നിന്റെ മകൻ ജീവിച്ചിരിക്കുന്നു. എന്നു യേശു പറഞ്ഞവാക്കിനെ ആ
51 മനുഷ്യൻ വിശ്വസിച്ചു, യാത്രയായി. ഇറങ്ങി പോകുമ്പോൾ തന്നെ, അ
വന്റെ ദാസന്മാർ എതിരേറ്റു മകൻ ജീവിച്ചിരിക്കുന്നു എന്നറിയിച്ചു.

52 ആകയാൽ ഭേദം വന്നനാഴികയെ അവരോടു ചോദിച്ചാറെ, ഇന്നലെ ഏഴമ
53 ണിക്കു പനിവിട്ടുമാറി എന്നു് അവനോടു് പറകയാൽ, നിന്റെ മകൻ ജീ
വിച്ചിരിക്കുന്നു എന്നു യേശു തന്നോടു ചൊല്ലിയ നാഴികെക്കു തന്നെ എന്നു്
അപ്പൻ അറിഞ്ഞു, താൻ സകല കുഡുംബത്തോടും കൂടെ വിശ്വസിക്കയും
54 ചെയ്തു. യേശു യഹൂദയിൽനിന്നു ഗലീലയിൽ വന്ന ശേഷം, ഈ രണ്ടാം
അടയാളം ചെയ്തതു്.

5. അദ്ധ്യായം

യേശു ശബ്ബത്തിൽ രോഗശാന്തി ചെയ്തശേഷം, (16) വിരോധിക്കുന്നവ
രോടു, (19) തന്റെ ദിവ്യശക്തിയും, (25) ഉയർപ്പിക്ക വിധിക്ക എന്നുള്ള
ഇരുതൊഴിലും, (31) ദൈവം വേദം മുതലായ പ്രമാണങ്ങളും ചൊല്ലി,
(41) അവിശ്വാസത്തെ ആക്ഷേപിച്ചതു.

1 അതിൽ പിന്നെ യഹൂദരുടെ പെരുനാൾഉണ്ടായിട്ടു, യേശു യരുശലേമി
2 ലെക്കു കരേറിപോയി. യരുശലേമിലൊ, ആട്ടുവാതില്ക്കൽ ബെഥെസദു്
3 എന്ന എബ്രായ നാമമുള്ളൊരു കുളം ഉണ്ടു. അതിന്നു് അഞ്ചു് മണ്ഡപങ്ങളും
ഉണ്ടു. ആയവററിൽ വ്യാധിക്കാർ കുരുടർ മുടന്തർ ക്ഷയരോഗികൾ ഉള്ള
4 ജനസമൂഹം കിടന്നിരുന്ന (വെള്ളത്തിന്റെ ഇളക്കം കാത്തുകൊണ്ടു: എന്തെ
ന്നാൽ ചിലപ്പോൾ, ഒരു ദൂതൻ കുളത്തിൽ ഇറങ്ങി വെള്ളത്തെ കലുക്കും;
പിന്നെ വെള്ളം കലുങ്ങിയശേഷം മുല്പെട്ടു് ഇറങ്ങിയവൻ ഏതു വ്യാ
5 ധിയിൽ അകപ്പെട്ടാലും, സൌഖ്യവാൻ ആയ്വരും). അന്നു മുപ്പത്തെട്ടാണ്ടു
രോഗത്തോടെ കഴിച്ചിട്ടുള്ള മനുഷ്യൻ അവിടെ ഉണ്ടു; അവൻ കിടക്കുന്ന
6 തിനെ യേശു കണ്ടു് ഏറിയകാലം ചെന്നപ്രകാരം അറിഞ്ഞു: സ്വസ്ഥനാ
7 വാൻ മനസ്സുണ്ടൊ? എന്നു് അവനോടു് പറയുന്നു. രോഗി അവനോടു് ഉ
ത്തരം ചൊല്ലിയതു: കർത്താവെ, വെള്ളം കലുങ്ങുമ്പോൾ എന്നെ കുളത്തിൽ
ആക്കുവാൻ ആരും ഇല്ല; ഞാൻ തന്നെ ചെല്ലുകയിൽ മറവൻ എന്റെ
8 മുമ്പിൽ ഇറങ്ങിപോകുന്നു. യേശു അവനോടു്: എഴുനീറു നിന്റെ കിടക്ക
9 എടുത്തു നടക്ക എന്നു പറയുന്നു. ആ മനുഷ്യൻ പെട്ടന്നു സൌഖ്യമായിതന്റെ
കിടക്ക എടുത്തുംകൊണ്ടു നടന്നു.

10 അന്നു ശബ്ബത്താകകൊണ്ടു യഹൂദന്മാർ ആ സൌഖ്യപ്പെട്ടവനോടു; ശബ്ബ
ത്താകുന്നു; നിണക്കു് കിടക്ക എടുക്കരുതു്! എന്നു പറഞ്ഞു. അവരോടു്
11 ഉത്തരം ചൊല്ലിയതു്: എന്നെ സ്വസ്ഥനാക്കിയവൻ തന്നെ നിന്റെ കിട
12 ക്ക എടുത്തു നടക്ക എന്നു് എന്നോടു കല്പിച്ചു. എന്നതു കൊണ്ടു് അവ
നോടു്: നിന്റെ കിടക്ക എടുത്തു നടക്ക എന്നു പറഞ്ഞ മനുഷ്യൻ ആർ? എ
13 ന്നു ചോദിച്ചു. ആ സ്ഥലത്തു പുരുഷാരം ഉള്ളതുകൊണ്ടു യേശു മാറിപോയ
തിനാൽ സ്വസ്ഥനായവനു് അവൻ ഇന്നവൻ എന്നു തിരിഞ്ഞില്ല. അന
14 ന്തരം യേശു അവനെ ദൈവാലയത്തിൽ കണ്ടെത്തി, അവനോടു: നോക്കു
നീ സ്വസ്ഥനായ്വന്നു; അധികം വിടക്കായതു നിണക്കു സംഭവിക്കാ
15 യ്വാൻ ഇനി പാപം ചെയ്യല്ല എന്നു പറഞ്ഞു. ആയാൾ പോയി തന്നെ
സൌഖ്യമാക്കിയതു യേശു എന്നു യഹൂദരൊടു ബോധിപ്പിച്ചു. ആകയാൽ
16 യേശു ശബ്ബത്തിൽ ഇവ ചെയ്തുകൊണ്ടു യഹൂദന്മാർ അവനെ ഹിംസിച്ചു
17 വന്നു. യേശുവൊ: എന്റെ പിതാവു് ഇതു വരെയും, പ്രവൃത്തിക്കുന്നു ഞാ
18 നും പ്രവൃത്തിക്കുന്നു എന്നു് ഉത്തരം പറഞ്ഞു. ആകയാൽ ശബ്ബത്തിനെ ത
ള്ളുന്നതു കൂടാതെ, ദൈവം സ്വപിതാവു് എന്നു ചൊല്ലി തന്നെത്താൻ ദൈ
വത്തോടു സമനാക്കുകകൊണ്ടും യഹൂദർ അവനെ കൊല്ലുവാൻ ഏറ്റം അ
ന്വേഷിച്ചു പോന്നു.

19 ആയതുകൊണ്ടു യേശു അവരോടു ഉത്തരം ചൊല്ലിയതു: ആമെൻ ആ
മെൻ ഞാൻ നിങ്ങളോടു പറയുന്നിതു: പിതാവു ചെയ്യു കാണുന്നതു് എ
ന്നിയെ പുത്രനു സ്വതെ ഒന്നും ചെയ്വാൻ കഴികയില്ല കാരണം ആയവൻ
20 എന്തു ചെയ്താലും പുത്രനും അതു് ഒത്തവണ്ണം ചെയ്യുന്നു. കാരണം പിതാവു്
പുത്രനിൽ പ്രിയം ഭാവിച്ചും താൻ ചെയ്യുന്നവ അവനു കാണിച്ചും വരു
ന്നു. നിങ്ങൾ ആശ്ചര്യപ്പെട്ടും വണ്ണംഇവററിൽ വലിയ ക്രിയകളെയും അവ
21 നു കാണിക്കും എന്തെന്നാൽ പിതാവു് മരിച്ചവരെ ഉണർത്തിജീവിപ്പിക്കു
ന്നതു പോലെ തന്നെ പുത്രനും ബോധിച്ചവരെ ജീവിപ്പിക്കുന്നു. കാരണം
പിതാവും ആക്കും ന്യായം വിധിക്കാതെ ന്യായ വിധിയേയും എല്ലാം പു
22 ത്രനു കൊടുത്തിരിക്കുന്നതു. എല്ലാവരും പിതാവിനെ ബഹുമാനിക്കും പ്ര
23 കാരം പുത്രനെ ബഹുമാനിക്കേണ്ടതിന്നു തന്നെ. പുത്രനെ മാനിക്കാത്തവൻ
24 അവനെ അയച്ച പിതാവിനേയും മാനിക്കുന്നില്ല. ആമെൻ ആമെൻ ഞാൻ
നിങ്ങളോടു പറയുന്നിതു: എന്റെ വചനം കേട്ടു് എന്നെ അയച്ചവനെ വി
ശ്വസിക്കുന്നവനു് നിത്യജീവൻ ഉണ്ടു; അവൻ ന്യായവിധിയിൽ വരാതെ
25 മരണത്തിൽനിന്നു ജീവങ്കലേക്കു് കടന്നിരിക്കുന്നു. ആമെൻ ആമെൻ ഞാൻ
നിങ്ങളോടു പറയുന്നു: മരിച്ചവർ ദേവപുത്രന്റെ ശബ്ദം കേൾക്കയും കേട്ടു
26 കൊണ്ടവർ ജീവിക്കയും ചെയ്യുന്ന നാഴിക വരുന്നു ഇപ്പോഴും ഉണ്ടു കാര
ണം പിതാവിനു തന്നിൽ തന്നെ ജീവൻ ഉള്ള പ്രകാരമെ അവൻ പുത്രനും
27 തന്നിൽ തന്നെ ജീവനുള്ളവൻ ആകുമാറു് നല്കി. അവൻ മനുഷ്യ പുത്രനാ
28 കയാൽ ന്യായവിധിയും ചെയ്വാൻ അധികാരവും തന്നു. ഇതിങ്കൽ
29 ആശ്ചര്യപ്പെടായ്വിൻ കല്ലറകളിൽ ഉള്ളവർ എല്ലാം അവന്റെ ശബ്ദം
കേട്ടു, നന്മകൾ ചെയ്തവർ ജീവന്റെ പുനരുത്ഥാനത്തിന്നായും തിന്മകൾ
ചെയ്തവർ ന്യായവിധിയുടെ പുനരുത്ഥാനത്തിന്നായും പുറപ്പെടുവാന
30 ള്ള നാഴിക വരുന്നു. എനിക്കു് ഒന്നും സ്വതെ ചെയ്വാ കൂടാ; ഞാൻ കേൾ
ക്കുന്ന പ്രകാരം ന്യായം വിധിക്കുന്നു പിന്നെ എന്റെ ഇഷ്ടമല്ല, എന്നെ
അയച്ചവന്റെ ഇഷ്ടമത്രെ അന്വേഷിക്കുന്നതു് കൊണ്ടു് എന്റെ വിധി,
നീതിയുള്ളതാകുന്നു.

31 എന്നെ കുറിച്ചു ഞാൻ തന്നെ സാക്ഷ്യം പറഞ്ഞാൽ എന്റെ സാക്ഷ്യം സ
32 ത്യമുള്ളതല്ല. എന്നെ കുറിച്ചു സാക്ഷ്യം ചൊല്ലുന്നവൻ മറൊരുത്തൻ ഉണ്ടു;
അവൻ എന്നെ കൊണ്ടു പറയുന്ന സാക്ഷ്യം സത്യമുള്ളതു് എന്നു ഞാൻ അ
33 റിയുന്നു. നിങ്ങൾ യോഹനാന്റെ അടുക്കൽ ആളയച്ചും, അവൻ സത്യത്തി
34 നു സാക്ഷ്യം കൊടുത്തും ഇരിക്കുന്നു ഞാനൊ മനുഷ്യനിൽനിന്നു സാക്ഷ്യം
വാങ്ങുന്നില്ല; നിങ്ങൾ രക്ഷിക്കപ്പെടേണ്ടതിനത്രെ ഇവ പറയുന്നു. ആയ
35 വൻ ജ്വലിച്ചു വിളങ്ങുന്ന വിളക്കായിരുന്നു: നിങ്ങളൊ തത്സമയത്തേക്കു്
36 അവന്റെ വെളിച്ചത്തു് ഉല്ലസിച്ചു കൊൾവാൻ ഇമ്പിച്ചു. യോഹനാനെ
ക്കാളും വലിയസാക്ഷി എനിക്കു് ഉണ്ടു: ഞാൻ തികെപ്പാൻ പിതാവു്
തന്ന ക്രിയകളല്ലൊ പിതാവു് എന്നെ അയച്ചിരിക്കുന്നു എന്നു് ഞാൻ ചെ
37 യ്യുന്ന ക്രിയകൾ തന്നെ എന്നെ കൊണ്ടു് സാക്ഷ്യം ചൊല്ലുന്നു. എന്നെ അ
യച്ച പിതാവു് താനും എന്നെ കുറിച്ചു സാക്ഷ്യം ചൊല്ലീട്ടുണ്ടു. നിങ്ങൾ
അവന്റെ ശബ്ദം ഒരുനാളും കേട്ടിട്ടും ഇല്ല; അവന്റെ രൂപം കണ്ടിട്ടും ഇല്ല;
38 അവന്റെ വചനം നിങ്ങൾക്കു് ഉള്ളിൽ വസിച്ചു നില്ക്കുന്നതും ഇല്ല; ആയ
39 വൻ അയച്ചവനെ നിങ്ങൾ വിശ്വസിക്കുന്നില്ലല്ലൊ; തിരുവെഴുത്തുകളിൽ
നിങ്ങൾക്കു നിത്യജീവൻ ഉള്ളപ്രകാരം തോന്നുകയാൽ നിങ്ങൾ അവ ആ
40 രായുന്നുവല്ലൊ: അവയും എനിക്കു സാക്ഷികളായി നില്ക്കുന്നു. എങ്കിലും
ജീവൻ ഉണ്ടാകേണ്ടതിന്നു് എന്റെ അടുക്കൽ വരുവാൻ നിങ്ങൾക്കു് മന
സ്സില്ല.

41 മനുഷ്യരോടുള്ള തേജസ്സു ഞാൻ വാങ്ങുന്നില്ല; നിങ്ങൾക്കൊ ദേവസ്നേഹം
42 ഉള്ളിൽ ഇല്ല എന്നു ഞാൻ നിങ്ങളെ അറിഞ്ഞിരിക്കുന്നു; എന്റെ പിതാവിൻ

43 നാമത്തിൽ ഞാൻ വന്നിട്ടും നിങ്ങൾ എന്നെ കൈക്കൊള്ളുന്നില്ല;
മറെറാരുത്തൻ സ്വനാമത്തിൽ വന്നു എങ്കിൽ അവനെ നിങ്ങൾ കൈക്കൊ
44 ള്ളും. തമ്മിൽ തമ്മിൽ തേജസ്സു വാങ്ങിക്കൊണ്ടു ഏകദൈവത്തിൽ നിന്നു
ള്ള തേജസ്സിനെ അന്വേഷിക്കാത്ത നിങ്ങൾക്കു എങ്ങിനെ വിശ്വസി
45 ക്കാം? ഞാൻ പിതാവിന്മുമ്പിൽ നിങ്ങളെ കുറ്റം ചുമത്തും എന്നു തോന്നു
രുതു നിങ്ങളിൽ കുറ്റം ചുമത്തുന്നവൻ ഉണ്ടു; നിങ്ങൾ ആശവെച്ച മോശ
46 തന്നെ. എങ്ങിനെ എന്നാൽ നിങ്ങൾ മോശയിൽ വിശ്വസിച്ചു എങ്കിൽ
47 എന്നിലും വിശ്വസിക്കുമായിരുന്നു; അയവൻ എ,ന്നെ കുറിച്ചല്ലൊ എഴുതി
യതു; അവന്റെ എഴുത്തുകളിൽ നിങ്ങൾക്കു വിശ്വാസം ഇല്ല എങ്കിലൊ,
എന്റെ മൊഴികളെ എങ്ങിനെ വിശ്വസിക്കും.

6. അദ്ധ്യായം

5000ത്തിന്നു ഭക്ഷണം കൊടുത്തശേഷം [മത്താ. 14. മാ 6. ലൂ. 9.], (14) യേശു തനിയെ പൊയ്ക്കമേൽ നടന്നതു [മത്താ. 14. മാ. 8], (22) താൻ സത്യമായുള്ള ആഹാരം എന്നു പുരുഷാരത്തോടും, (41) പള്ളിയിലും വാദിച്ചു, (52) കഠിനമായ ഉപദേശം കൊണ്ടു, (60) ശിഷ്യരെ അരിച്ചെടുത്തതു.

1 അനന്തരം യേശു ഗലീലക്കടലാകുന്ന തിബെര്യ പൊയ്കയുടെ അക്കരെ
2 ക്കു യാത്രയായി. അവൻ വ്യാധിതരിൽ ചെയ്യുന്ന അടയാളങ്ങളെ കാൺ
3 കകൊണ്ടു വലിയ പുരുഷാരവും അവനെ അനുഗമിച്ചു: യേശു മലയിൽ
4 കരേറി ശിഷ്യരൊടും കൂടെ അവിടെ ഇരുന്നിരുന്നു. അന്നു യഹൂദരുടെ പെ
5 രുനാളും ആകുന്ന പെസഹ അടുത്തിരുന്നു. എന്നാറെ, യേശു കണ്ണുകളെ ഉയ
ർത്തി വലിയ പുരുഷാരം തന്നോടു ചേരുന്ന പ്രകാരം കണ്ടിട്ടു ഫിലിപ്പനോ
6 ടു പറയുന്നു: ഇവർ തിന്മാൻ നാം എവിടെനിന്നു അപ്പങ്ങൾ കൊൾവൂ?
7 എന്നതു താൻ ചെയ്വാൻ പോകുന്നതു അറിഞ്ഞു കൊണ്ടു അവനെ പരീ
ക്ഷിച്ചു പറഞ്ഞതു. ഫിലിപ്പൻ അവനോടു: ഇവരിൽ ഓരൊരുത്തനു അ
ല്പം ചിലതു ലഭിക്കേണ്ടതിന്നു (300 പണമാകുന്ന) ഇരുനൂറുദ്രമെക്കുള്ള
8 അപ്പവും പോരാ എന്നു ഉത്തരം പറഞ്ഞു. ശിമോൻ പേത്രന്റെ സഹോദര
9 നായ അന്ത്രയാ എന്ന ഒരു ശിഷ്യൻ അവനോടു പറയുന്നിതു: അഞ്ചുയവ
ത്തു അപ്പവും രണ്ടു ചെറുമീനും ഉള്ള ഒരു കുഞ്ഞൻ മാത്രം ഇവിടെ ഉണ്ടു എ
10 ങ്കിലും, ഇത്രപേക്കു അതു എന്തുള്ളു? എന്നാറെ, യേശു: ആളുകളെ ചാരി
ക്കൊള്ളുമാറാക്കുവിൻ എന്നു പറഞ്ഞു. വളരെ പുല്ലുള്ള ആ സ്ഥലത്തു ഏ
11 കദേശം അയ്യായിരത്തോളം പുരുഷന്മാർ ചാരിക്കൊൾകയും ചെയ്തു. യേശുവൊ അപ്പ
ങ്ങളെ എടുത്തു വാങ്ങീ (ശിഷ്യന്മാക്കും ശിഷ്യന്മാർ) ഇരുന്നുകൊണ്ടവർക്കും
12 പങ്കിട്ടു കൊടുത്തു, അപ്രകാരം മീനുകളിൽ ഇഷ്ടമുള്ളത്രയും (കൊടുത്തു). അ
വർക്കു തൃപ്തിവന്നപ്പോൾ, തന്റെ ശിഷ്യരോടു: ഒന്നും കെട്ടു പോകായ്
13 വാൻ ശേഷിപ്പുള്ള കഷണങ്ങളെ കൂട്ടിക്കൊൾവിൻ എന്നു പറയുന്നു. അവ
രും കൂട്ടിയവത്തപ്പങ്ങൾ അഞ്ചും തിന്നവർക്കു മിഞ്ചിയ കഷണങ്ങൾ കൊ
ണ്ടു പന്ത്രണ്ടു കൊട്ടയും നിറെച്ചു.
14 അതുകൊണ്ടു യേശു ചെയ്ത അടയാളത്തെ കണ്ട മനുഷ്യർ, ലോകത്തിൽ
15 വരുന്ന പ്രവാചകൻ ഇവനാകുന്നു സത്യം എന്നു പറഞ്ഞു. പിന്നെ അവനെ
രാജാവാക്കേണ്ടതിന്നവർ വന്നു പിടിച്ചുപോകും എന്നു യേശു അറിഞ്ഞിട്ടു പി
16 ന്നെയും തനിച്ചു മലയിലേക്കു വാങ്ങിപോയി. സന്ധ്യയായപ്പോൾ, അവ
17 ന്റെ ശിഷ്യന്മാർ കടൽപുറത്തേക്കു ഇറങ്ങി, പടകിൽ കയറി കടലക്കരെ
കഫർന്നഹൂമിലേക്കു ഓടി; ഇരിട്ടായ ശേഷവും, യേശു അവരോടു ചേർ
18 ന്നില്ല. കൊടുങ്കാറ്റു അടിച്ചിട്ടു കടൽ പൊങ്ങി വന്നു. എന്നിട്ടു ഇരുപത്ത
19 ഞ്ചൊ മുപ്പതൊ സ്താദി (മൂന്നു നാലു നാഴിക) ദൂരത്തോളം വലിച്ചശേഷം

കടലിന്റെ മെൽ യേശു നടന്നു, പടകിനോട് സമീപിക്കുന്നതു കണ്ടു, ഭയ
20 പ്പെട്ടു. അവനൊ: ഞാനാകുന്നു, ഭയപ്പെടേണ്ട എന്ന് അവരോടു പറയുന്നു.
21 അപ്പോൾ അവനെ പടകിൽ കരേറുവാൻ ഇച്ഛിച്ചു പടക് അവർ ഓടുന്ന
ദേശത്തിൽ പെട്ടന്ന് എത്തി പോകയും ചെയ്തു.

22 പിറെറന്നു കടലക്കരെ നില്ക്കുന്ന പുരുഷാരം അവിടെ ആ ഒരു പടക്ഒഴി
കെ (മറ്റ്) ഒന്നും ഉണ്ടായില്ല എന്നും യേശു തന്റെ ശിഷ്യരോട് കൂടെ പട
23 കിൽ ഏറാതെ, ഇരുന്നു ശിഷ്യർ മാത്രം (കയറി) പോയി എന്നും കണ്ടു. ക
ർത്താവ് വാഴ്ത്തിയശേഷം അവർ അപ്പം ഭക്ഷിച്ച സ്ഥലത്തിന്നരികെ തി
24 බെര്യയിൽനിന്നു വേറെ പടകുകൾ എത്തിയപ്പോൾ, യേശുവും അവന്റെ
ശിഷ്യന്മാരും അവിടെ ഇല്ലാത്ത പ്രകാരം പുരുഷാരം കണ്ടു തങ്ങളും പടകു
25 കളിൽ കയറി യേശുവെ തിരഞ്ഞു കൊണ്ടു കഫർന്നഹൂമിൽ വന്നു. കടലി
ക്കരെ അവനെ കണ്ടെത്തിയപ്പോൾ: റബ്ബീ, നീ എപ്പോൾ, ഇവിടെ വന്നു
26 എന്നു ചോദിച്ചതിന്നു, യേശു ഉത്തരം ചൊല്ലിയതു: ആമെൻ ആമെൻ
ഞാൻ നിങ്ങളോട് പറയുന്നു: നിങ്ങൾ അടയാളങ്ങളെ കണ്ടതിനാൽ അല്ല
അപ്പങ്ങളിൽനിന്നു ഭക്ഷിച്ചു, തൃപ്തന്മാരായതു കൊണ്ടത്രെ എന്നെ അന്വേ
27 ഷിക്കുന്നതു. കെട്ടുപോകുന്ന ആഹാരമല്ല, നിത്യജീവങ്കലേക്കു വസിക്കു
ന്ന ആഹാരമായി, മനുഷ്യപുത്രൻ നിങ്ങൾക്ക് തരുവതിനെ (പ്രവൃത്തിച്ചു)
28 നേടുവിൻ; ആയവനെ ദൈവമായ പിതാവ് മുദ്രയിട്ടുവല്ലൊ. എന്നതുകൊ
ണ്ടു് അവനോട്: ഞങ്ങൾ ദേവക്രിയകളെ പ്രവൃത്തിപ്പാൻ എന്തുചെയ്യേണ്ടു
29 എന്നു പറഞ്ഞതിന്നു: ദേവക്രിയയാവിതു അവൻ അയച്ചവനിൽ വിശ്വ
30 സിക്കയത്രെ എന്നു യേശു ഉത്തരം പറഞ്ഞു. അതുകൊണ്ടു് അവനോട് പറ
31 ഞ്ഞു: ഞങ്ങൾ കണ്ടു നിന്നെ വിശ്വസിപ്പാനായി ഏതു് അടയാളം ചെയ്യു
ന്നു? നീ എന്തു പ്രവൃത്തിക്കുന്നു? നമ്മുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്ന
തിന്നുവല്ലൊ—(സങ്കീ. 78,24.) സ്വർഗ്ഗത്തിൽ നിന്ന് അപ്പം അവർക്കു തി
32 ന്മാൻ കൊടുത്തു എന്ന് എഴുതിയ പ്രകാരം തന്നെ. എന്നതുകൊണ്ടു യേശു
അവരോടു ചൊല്ലിയതു: ആമെൻ ആമെൻ ഞാൻ നിങ്ങളോട് പറയുന്നു
സ്വർഗ്ഗത്തിൽനിന്നുള്ള അപ്പം മോശെ നിങ്ങൾക്കു തന്നില്ല സ്വർഗ്ഗത്തിൽനി
33 ന്നു സത്യമായുള്ള അപ്പത്തെ എന്റെ പിതാവെ നിങ്ങൾക്കു തരുന്നുള്ളു. ദൈ
വത്തിൻ അപ്പം എന്നതൊ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങി വന്നു, ലോകത്തി
34 ന്നു ജീവനെ കൊടുക്കുന്നതു ആകുന്നു. അവർ അവനോട്: കർത്താവെ ആ
35 അപ്പം എപ്പോഴും ഞങ്ങൾക്കു തരിക എന്നു പറഞ്ഞു. യേശു അവരോടു
ചൊല്ലിയതു: ജീവന്റെ അപ്പം ഞാൻ ആകുന്നു; എന്നെ അടുക്കുന്നവന്
ഒരു നാളും വിശക്കയും ഇല്ല എന്നിൽ വിശ്വസിക്കുന്നവന് ദാഹിക്കയും ഇ
36 ല്ല. എങ്കിലും നിങ്ങൾ എന്നെ കണ്ടിട്ടും വിശ്വസിക്കുന്നില്ല എന്നു നിങ്ങ
37 ളോട് പറഞ്ഞിട്ടുണ്ടു. പിതാവ് എനിക്ക് തരുന്നതു് ഒക്കയും എന്റെ അടു
ക്കെ വരും എന്റെ അടുക്കെ വരുന്നവനെ ഞാൻ പുറത്തുതള്ളിക്കളകയും ഇ
38 ല്ല. കാരണം ഞാൻ എന്റെ ഇഷ്ടമല്ല, എന്നെ അയച്ചവന്റെ ഇഷ്ടം ചെയ്
39 വാനത്രെ സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്നിരിക്കുന്നതു്. എന്നെ അയച്ചവ
ന്റെ ഇഷ്ടമാവിതു: അവൻ എനിക്കു തന്നതു് ഒന്നും ഞാൻ കളയാതെ എ
40 ല്ലാം ഒടുക്കത്തെ നാളിൽ വീണ്ടും എഴുനീല്പിക്ക എന്നുള്ളതു തന്നെ. കാര
ണം എന്നെ അയച്ചവന്റെ ഇഷ്ടമാവിതു: പുത്രനെ നോക്കിക്കൊണ്ടു വി
ശ്വസിക്കുന്നവന് എല്ലാം നിത്യജീവനുണ്ടാകയും ഞാൻ അവനെ ഒടുക്ക
ത്തെ നാളിൽ വീണ്ടും എഴുനീല്പിക്കയും വേണം എന്നത്രെ.

41 അതുകൊണ്ടു് അവൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങി വന്ന അപ്പം ഞാനാ
കുന്നു എന്ന് പറഞ്ഞതിനാൽ യഹൂദർ അവനെ കുറിച്ചു പിറുപിറുത്തു പറ
42 ഞ്ഞിതു: ഇവനാകട്ടെ നാം അപ്പനെയും അമ്മയെയും അറിയുന്ന യേശു എ
ന്ന യോസെഫിൻ പുത്രനല്ലയൊ! പിന്നെ ഞാൻ സ്വർഗ്ഗത്തിൽനിന്ന് ഇറ
43 ങ്ങിവന്നു എന്ന് ഇവൻ ചൊല്ലുന്നതു് എങ്ങിനെ? അവരോടു് യേശു ഉത്തരം

44 പറഞ്ഞിതു: നിങ്ങളിൽ പിറുപിറുത്തു പോകൊല്ല! എന്നെ അയച്ച
പിതാവ് വലിച്ചിട്ടല്ലാതെ ആക്കും എന്റെ അടുക്കെ വരുവാൻ കഴികയി
45 ല്ല; ആയവനെ ഞാൻ ഒടുക്കത്തെ നാളിൽ എഴുനീല്പിക്കും. (യശ. 54, 13.)
എല്ലാവരും ദേവോപദിഷ്ടരാകും എന്നു പ്രവാചകരിൽ എഴുതിക്കിടക്കുന്നു.
പിതാവിൽനിന്നു കേട്ടുപഠിച്ചവൻ എല്ലാം എന്റെ അടുക്കൽവരുന്നു. ആ
46 രും പിതാവിനെ കണ്ടിരിക്കുന്നു എന്നല്ല, ദൈവത്തിൻപക്കൽ നിന്നുള്ളവ
47 നേ പിതാവിനെ കണ്ടിട്ടുള്ളു. ആമെൻ ആമെൻ ഞാൻ നിങ്ങളോടു പറയു
48 ന്നു: എങ്കൽ വിശ്വസിക്കുന്നവന് നിത്യജീവൻ ഉണ്ടു. ഞാൻ ജീവന്റെ
49 അപ്പം ആകുന്നു; നിങ്ങളുടെ പിതാക്കന്മാർ മരുഭൂമിയിൽ മന്ന ഭക്ഷിച്ചു മരി
50 ച്ചു. സ്വർഗ്ഗത്തിൽനിന്നിറങ്ങുന്ന അപ്പമൊ വല്ലവനും അതിൽനിന്നു ഭക്ഷി
51 ച്ചാൽ മരിക്കാതിരിപ്പാനുള്ളതു് ആകുന്നു. സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങിയ
ജീവനുള്ള അപ്പം ഞാനാകുന്നു. ആരാനും ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ
അവൻ എന്നേക്കും ജീവിക്കും. ഞാൻ കൊടുപ്പാനിരിക്കുന്ന അപ്പമൊ ലോ
കജീവനു വേണ്ടി കൊടുപ്പാനുള്ള എന്റെ മാംസം ആകുന്നു.

52 ആകയാൽ യഹൂദന്മാർ: ഇവൻ എങ്ങിനെ നമുക്കു (തന്റെ) മാംസത്തെ
തിന്മാൻ തന്നുകൂടും? എന്നു തങ്ങളിൽ ഇടഞ്ഞിരിക്കുമ്പോൾ, യേശു അവ
53 രോടു് ചൊല്ലിയതു: ആമെൻ ആമെൻ ഞാൻ നിങ്ങളോടു് പറയുന്നു: നി
ങ്ങൾ മനുഷ്യപുത്രന്റെ മാംസം ഭക്ഷിയാതെയും രക്തം കുടിയാതെയും, ഇരു
54 ന്നാൽ നിങ്ങൾക്കു് ഉള്ളിൽ ജീവൻ ഇല്ല. എന്റെ മാംസം തിന്നു് എന്റെ
രക്തം കുടിക്കുന്നവനു് നിത്യജീവൻ ഉണ്ടു; ഞാൻ ഒടുക്കത്തെനാളിൽ അ
55 വനെ എഴുനീല്പിക്കയും, ചെയ്യും. കാരണം എന്റെ മാംസം മെയ്യായ ഭക്ഷ്യം
56 ആകുന്നു; എൻ രക്തം മെയ്യായ പാനീയവും ആകുന്നു. എന്റെ മാംസം തിന്നു
57 എൻ രക്തം കുടിക്കുന്നവൻ എന്നിലും, ഞാൻ അവനിലും വസിക്കുന്നു. ജീവ
നുള്ള പിതാവു് അയച്ചിട്ടു ഞാൻ പിതാവിൻമൂലം ജീവിക്കുന്നതുപോലെ
58 എന്നെ തിന്നുന്നവനും എൻ മൂലം ജീവിക്കും. സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങി
വന്ന അപ്പം ഇതത്രെ. നിങ്ങളുടെ പിതാക്കന്മാർ മന്നഭക്ഷിച്ചു മരിച്ചതുപൊ
59 ലെ അല്ല; ഈ അപ്പം തിന്നുന്നവൻ എന്നേക്കും ജീവിക്കും. എന്നതു് അവൻ
കഫർന്ഹൂമിലെ പള്ളിയിൽ ഉപദേശിച്ചുകൊണ്ടു പറഞ്ഞു.

60 അതുകൊണ്ടു് അവന്റെ ശിഷ്യരിൽ പലരും കേട്ടിട്ടു്: ഇതു് കഠിന
61 വാക്കു്; ഇതാർക്കുകേൾക്കാം എന്നു പറഞ്ഞു. ആകയാൽ ശിഷ്യന്മാർ അ
തിനെ ചൊല്ലി, പിറുപിറുക്കുന്നതു യേശു തന്നിൽ ബോധിച്ചു് അവരോ
62 ടു് പറഞ്ഞു: ഇതു നിങ്ങളെ ഇടറിക്കുന്നുവൊ? പിന്നെ മനുഷ്യപുത്രൻ പൂർവ്വ
ത്തിൽ ഇരുന്നതിലേക്കു് കരേറി പോകുന്നതു നിങ്ങൾ കാണും എങ്കിലൊ
63 (എങ്ങിനെ)? ജീവിപ്പിക്കുന്നതു് ആത്മാവാകുന്നു, മാംസം ഒന്നിനും കൊ
ള്ളരുതു. ഞാൻ നിങ്ങളോടു് ഉരെച്ചമൊഴികൾ ആത്മാവാകുന്നു ജീവനും
64 ആകുന്നു. എങ്കിലും, വിശ്വസിക്കാത്തവർ നിങ്ങളിൽ ഉണ്ടു. എന്നതിൻ കാ
രണമൊ വിശ്വസിക്കാത്തവർ ഇന്നവർ എന്നും, തന്നെ കാണിച്ചു കൊടു
ത്തവൻ ഇന്നവൻ എന്നും യേശു ആദിമുതൽ അറിഞ്ഞിരുന്നു. പിന്നെയും
65 പറഞ്ഞു: ഇതു ഹേതുവായി ഞാൻ നിങ്ങളോടു്: പിതാവിൽനിന്നു നല്കപ്പെ
ട്ടിട്ടു്, ഒഴികെ ആർക്കും എന്റെ അടുക്കെ വരുവാൻ കഴികയില്ല എന്നു
66 ചൊല്ലിയതു. ഇതു മുതലായി അവന്റെ ശിഷ്യരിൽ പലരും അവനോടു്
67 കൂടെ ഇനി സഞ്ചരിക്കാതെ പിന്നോക്കം വാങ്ങിപോയി. ആകയാൽ,
യേശു പന്തിരുവരോടു്: (പക്ഷെ) നിങ്ങൾക്കും പൊയ്പ്പോളുവാൻ മനസ്സുണ്ടൊ?
68 എന്നു പറഞ്ഞാറെ, ശിമോൻ പേത്രൻ അവനോടു് ഉത്തരം ചൊല്ലിയതു:
കർത്താവെ, ഞങ്ങൾ ആരെ ചേർന്നു പോകേണ്ടു? നിത്യജീവന്റെ മൊഴി
69 കൾ നിണക്കു് ഉണ്ടു. നീ ജീവനുള്ള ദൈവത്തിന്റെ പുത്രൻ ആയ മശീഹ
70 എന്നു ഞങ്ങൾ വിശ്വസിച്ചും അറിഞ്ഞും ഇരിക്കുന്നു. യേശു അവരോടു്

ഉത്തരം ചൊല്ലിയതു: പന്തിരുവരായ നിങ്ങളെ ഞാൻ തെരിഞ്ഞെടുത്തി
ല്ലയൊ? എന്നാലും, നിങ്ങളിൽ ഒരുത്തൻ പിശാചാകുന്നു, എന്നത് ഇഷ്ട
71 രേ്യാതാ ശിമോന്റെ പുത്രനായ യൂദാവെ ഉദ്ദേശിച്ചു ചൊല്ലിയതു. പന്തി
രുവരിൽ ഉള്ള ഒരിവനല്ലൊ പിന്നെതിൽ അവനെ കാണിച്ചു കൊടുത്തു.

7. അദ്ധ്യായം

യേശു കൂടാരപ്പെരുനാളിൽ, (14) തന്റെ ഉപദേശത്തിനും ക്രിയെക്കും പ്രാമാണ്യം വിവരിച്ചും, (37) നല്ലുറവിനെ പ്രശംസിച്ചും പുരുഷാര ത്തോടു വാദിച്ചതു, (44) അവരെ പോലെ സുനേദ്രിയക്കാരും ഛിദ്രിച്ചതു.

1 ഇവറ്റിൽ പിന്നെ യേശു ഗലീലയിൽ സഞ്ചരിച്ചു, യഹൂദർ അവനെ
കൊല്ലുവാൻ അന്വേഷിക്കുന്നതിനാൽ, യഹൂദയിൽ സഞ്ചരിപ്പാൻ മനസ്സി
2 ല്ലാതിരുന്നതിനുശേഷം, യഹൂദരുടെ പെരുനാളാകുന്ന കൂടാരനാൾ അടുത്തി
3 രുന്നു. എന്നാറെ, അവന്റെ സഹോദരന്മാർ അവനൊടു: ഇവിടം വിട്ടു
യഹൂദയിലും നിന്റെ ശിഷ്യന്മാർ നീ ചെയ്യുന്ന ക്രിയകളെ കാണ്മാന്തക്ക
4 വണ്ണം അവിടെ പോക! പ്രസിദ്ധനാവാൻ അന്വേഷിക്കുന്നവൻ ആരും
രഹസ്യത്തിൽ ഒന്നും ചെയ്യുന്നില്ലല്ലൊ! നീ ഇവ ചെയ്യുന്നവൻ ആയാൽ,
5 ലോകത്തിന്നു നിന്നെ തന്നെ വെളിവാക്കുക എന്നു പറഞ്ഞു. കാരണം അ
6 വന്റെ സഹോദരന്മാരും, അവർകൾ വിശ്വസിച്ചില്ല. അതുകൊണ്ടു, യേശു
അവരോടു പറയുന്നിതു: എന്റെ സമയം ഇതുവരേയും വന്നിട്ടില്ല; നിങ്ങ
ളുടെ സമയം എല്ലാസ്സൊഴും മുറിന്നിരിക്കുന്നു. ലോകത്തിന്നു നിങ്ങളെ
7 പകെപ്പാൻ കഴിയുന്നതല്ല; ഞാനൊ അതിന്റെ ക്രിയകൾ ആകാ എന്നു
8 അതിന്നു സാക്ഷി ചൊല്ലുന്നതു കൊണ്ടു അതു എന്നെ പകെക്കുന്നു. നി
ങ്ങൾ പെരുനാളിനു കയറിപോവിൻ! എന്റെ സമയത്തിന്നു ഇന്നു നിവൃ
ത്തിവരായ്കയാൽ ഞാൻ ഈ പെരുനാളിനു കയറിപോകുന്നില്ല. എന്ന
9 തു അവരോടു ചൊല്ലി, ഗലീലയിൽ തന്നെ പാർത്തു. പിന്നെ അവന്റെ
10 സഹോദരന്മാർ കയറി പോയശേഷം, താനും പരസ്യമായിട്ടല്ല, രഹസ്യ
11 ത്തിൽ എന്നപോലെ പെരുനാളിന്നു പോയി. യഹൂദരൊ, പെരുനാളിൽ
അവനെ അന്വേഷിച്ചു: ആയവൻ എവിടെ? എന്നു ചൊല്ലി വന്നു. പുരു
12 ഷാരങ്ങളിൽ അവനെ കൊണ്ടു വളരെ പിറുപിറുപ്പു ഉണ്ടായി; ചിലർ
അവൻ നല്ലവൻ എന്നും, മറ്റവർ അല്ല പുരുഷാരത്തെ ഉഴലിക്കുന്നു എന്നും
13 ചൊല്ലുന്നതല്ലാതെ, യഹൂദരെ ഭയം നിമിത്തം ആരും പ്രാഗത്ഭ്യത്തോടെ
അവനെ കൊണ്ടു ഉരിയാടുമാറില്ല.
14 ശേഷം പെരുനാൾ പാതിയായപ്പോൾ, യേശു ദേവാലയത്തിലേക്കു
15 കയറി ചെന്നു ഉപദേശിച്ചു: ഇവൻ പഠിക്കാത്തവൻ എങ്കിലും വിദ്യകൾ
എങ്ങിനെ അറിയുന്നു? എന്നു ചൊല്ലി: യഹൂദർ ആശ്ചര്യപ്പെടുമ്പോൾ,
16 യേശു അവരോടു ഉത്തരം ചൊല്ലിയതു: എന്റെ ഉപദേശം എന്റെതല്ല,
17 എന്നെ അയച്ചവന്റെതത്രെ; അവന്റെ ഇഷ്ടം ചെയ്വാൻ ഒരുത്തൻ ഇച്ഛി
ക്കുന്നു എങ്കിൽ ഈ ഉപദേശം ദൈവത്തിൽനിന്നുള്ളതൊ ഞാൻ സ്വയമാ
യി പറയുന്നതൊ എന്നു അവനു ബോധിക്കും. സ്വയമായി പറയുന്നവൻ
18 സ്വതേജസ്സിനെ അന്വേഷിക്കുന്നു; തന്നെ അയച്ചവന്റെ തേജസ്സു അന്വേ
ഷിക്കുന്നവൻ സത്യവാനാകുന്നു, നീതികേടു അവനിൽ ഇല്ല. മോശ നി
19 ങ്ങൾക്കു ധർമ്മശാസ്ത്രം തന്നിട്ടില്ലയൊ: എന്നിട്ടും നിങ്ങളിൽ ആരും ധർ
മ്മത്തെ അനുഷ്ഠിക്കുന്നില്ല. എന്നെ കൊല്ലുവാൻ അന്വേഷിക്കുന്നതു എന്തു?
20 പുരുഷാരം ഉത്തരം ചൊല്ലിയതു: നിണക്കു ദുർഭ്രതം ഉണ്ടു ആർ നിന്നെ കൊ
21 ല്ലുവാൻ അന്വേഷിക്കുന്നു? യേശു അവരോടു ഉത്തരം പറഞ്ഞു: ഞാൻ ഒരു
22 ക്രിയ ചെയ്തു ആയതുകൊണ്ടു നിങ്ങൾ എല്ലാവരും ആശ്ചര്യപ്പെടുന്നു. മോശ

നിങ്ങൾക്കു പരിച്ഛേദനയെ നല്കിയിരിക്കുന്നു; അതൊ മോശയിൽനി
ന്ന് എന്നല്ല പിതാക്കന്മാരിൽ നിന്നത്രെ; എന്നിട്ടു നിങ്ങൾ ശബ്ബത്തിൽ
23 ആളെ പരിച്ഛേദിക്കുന്നുവല്ലൊ! മോശ ധർമ്മത്തിന്നു നീക്കം വരായ്വാൻ
ശബ്ബത്തിലും മനുഷ്യനു പരിച്ഛേദന ലഭിച്ചാൽ ഞാൻ ശബ്ബത്തിൽ ഒരു
24 മനുഷ്യനെ അശേഷം, സൌഖ്യമാക്കിയതിനാൽ എങ്കൽ ഈർഷ്യ ഉണ്ടൊ?
കാഴ്ച പ്രകാരം വിധിക്കാതെ നീതിയുള്ള ന്യായം വിധിപ്പിൻ! എന്നാറെ,
25 യരുശലേമ്യരിൽ ചിലർ പറഞ്ഞു: (അവർ) കൊല്ലുവാൻ അന്വേഷിക്കുന്ന
26 ആയം ഇവനല്ലയൊ? കണ്ടാലും അവൻ പ്രാഗത്ഭ്യത്തോടെ ഉരെച്ചാലും അവ
നോടു ഒന്നും പറയുന്നില്ല; പക്ഷെ ഇവൻ മശീഹ ആകുന്നപ്രകാരം പ്രമാ
27 ണികയ്ക്കു ഉണ്മയിൽ ബൊധിച്ചുവൊ? എങ്കിലും ഇവൻ എവിടെ നിന്ന്
എന്നു നാം അറിയുന്നു; മശീഹ വരുമ്പോൾ അവൻ എവിടെനിന്നു എന്നു
ആർക്കും അറികയില്ല.

28 എന്നാറെ യേശു ദേവാലയത്തിൽ ഉപദേശിക്കുമ്പോൾ, വിളിച്ചു പറ
ഞ്ഞിതു: നിങ്ങൾ എന്നെയും അറിയുന്നു, ഞാൻ എവിടെനിന്നു എന്നും
അറിയുന്നു; ഞാനൊ സ്വയമായല്ല വന്നതു; നിങ്ങൾ അറിയാത്ത ഒരുത്തൻ
29 ഉണ്മയിൽ എന്നെ അയച്ചവനായിട്ടുണ്ടു. അവനെറ പക്കൽനിന്നു ആക
30 കൊണ്ടും, അവൻ എന്നെ അയച്ചതുകൊണ്ടും ഞാൻ അവനെ അറിയുന്നു.
എന്നാറെ, അവനെ പിടിപ്പാൻ തേടിക്കൊണ്ടിട്ടും അവനെറ നാഴിക അ
ന്നു വരാഞ്ഞതിനാൽ, ആരും അവന്മേൽ കൈകളെ വെച്ചിട്ടില്ല. പുരുഷാ
31 രത്തിൽ പലരും മശീഹ വരുമ്പോൾ, ഇവൻ ചെയ്തതിൽ അധികം അടയാ
ളങ്ങളെ ചെയ്യുമൊ? എന്നു ചൊല്ലി അവങ്കൽ വിശ്വസിച്ചുവന്നു. പുരുഷാ
32 രം അവനെ കൊണ്ടു, ഇവ പിറുപിറുക്കുന്നതു പറീശന്മാർ കേട്ടാറെ, അവ
നെ പിടിക്കേണ്ടതിന്നു പറീശരും മഹാപുരോഹിതരും സേവകന്മാരെ അ
33 യച്ചു. അതുകൊണ്ടു യേശു: ഞാൻ ഇനികുറയകാലം നിങ്ങളോടു കൂടെ ഇ
രിക്കുന്നു; പിന്നെ എന്നെ അയച്ചവനെറ അടുക്കെ ചെല്ലുന്നു. നിങ്ങൾ എ
34 ന്നെ അന്വേഷിക്കും; കണ്ടു പിടിക്കയും ഇല്ല; ഞാൻ ഇരിക്കുന്നേടത്തു നി
ങ്ങൾക്കു വന്നുകൂടാ എന്നു പറഞ്ഞു. അതുകൊണ്ടു യഹൂദന്മാർ: നാം കണ്ടു പി
35 ടിക്കയില്ല എന്നതിനാൽ ഇവൻ എവിടേക്കു യാത്രയാവാൻ ഭാവിക്കുന്നു?
യവനരിൽ ചിതറിപാർക്കുന്നവരുടെ അടുക്കെ യാത്രയായി. യവനർക്കു
36 ഉപദേശിപ്പാൻ ഭാവമൊ? നിങ്ങൾ എന്നെ അന്വേഷിക്കും, കണ്ടുപിടി
ക്കയും ഇല്ല; ഞാൻ ഇരിക്കുന്നേടത്തു നിങ്ങൾക്കു വന്നുകൂടാ എന്നു ഈ ചൊ
ല്ലിയവാക്കു എന്തു? എന്നു തമ്മിൽ തമ്മിൽ പറഞ്ഞു.

37 ഉത്സവത്തിന്റെ മഹാദിനമായ ഒടുക്കത്തെനാളിൽ, യേശു നിന്നുകൊ
ണ്ടു വിളിച്ചു പറഞ്ഞിതു: ആർക്കു ദാഹിച്ചാലും അവൻ എന്റെ അടുക്കൽ
38 വന്നു കുടിക്ക! എന്നിൽ വിശ്വസിക്കുന്നവൻ എങ്കിലൊ (യശ. 44, 3.58,
11.) തിരുവെഴുത്തു പറഞ്ഞപ്രകാരം, ജീവനുള്ള വെള്ളത്തിൻ പുഴകൾ അ
39 വന്റെ വയററിൽനിന്നു ഒഴുകും. എന്നതിനെ തങ്കൽ വിശ്വസിക്കുന്നവർക്കു
ലഭിപ്പാനുള്ള ആത്മാവിനെ ഉദ്ദേശിച്ചു പറഞ്ഞു. അന്നാകട്ടെ, യേശുവി
നു തേജസ്കരണം വരായ്കയാൽ വിശുദ്ധാത്മാവു (നല്കപ്പെട്ടിട്ടു) ഇല്ല. പുരു
40 ഷാരത്തിൽവെച്ചു ആ വാക്കു കേട്ടവർ: ഇവൻ ഉള്ളവണ്ണം ആ പ്രവാചകനാ
കുന്നു എന്നു പറഞ്ഞു. മറ്റുള്ളവർ ഇവൻ മശീഹ തന്നെ എന്നും മറേറവർ പി
41 ന്നെ ഗലീലയിൽനിന്നു മശീഹവരുന്നു എന്നൊ? ദാവിദ്സന്തതിയിലും
42 ദാവിദുള്ള ബെത്ലെഹം ഗ്രാമത്തിൽനിന്നും മശീഹ വരുന്നു എന്നതു
(മീക. 5, 1.) വേദത്തിൻ അരുളപ്പാടല്ലയൊ? എന്നും പറഞ്ഞു. അവ്വണ്ണം
43 പുരുഷാരത്തിൽ അവനെ ചൊല്ലി ഇടച്ചൽ ഉണ്ടാകയും ചെയ്തു. അവരിൽ
44 ചിലർ അവനെ പിടിപ്പാൻ ഇച്ഛിച്ചാറെയും ആരും അവന്മേൽ കൈകളെ
45 വെച്ചിട്ടില്ല. അതുകൊണ്ടു സേവകന്മാർ മഹാപുരോഹിതരെയും പറീശന്മാ
രെയും, ചെന്നുകണ്ടാറെ, അവരൊ കൊണ്ടു വരാഞ്ഞതു എന്തു? എന്നു

46 ഇവർ ചോദിച്ചു. ഇയ്യാളെ പോലെ മനുഷ്യൻ ഒരുനാളും സംസാരിച്ചിട്ടില്ല
47 എന്നു സേവകന്മാർ ഉത്തരം പറഞ്ഞു. പരീശന്മാർ അവരോട്: നിങ്ങളും
48 ഭ്രമിച്ചു പോയൊ? പ്രമാണികളിലാകട്ടെ. പരീശരിലാകട്ടെ, ഒരുത്തരും അ
49 വനിൽ വിശ്വസിച്ചുവൊ? ധർമ്മത്തെ അറിയാത്ത ആ ജനസമൂഹം ശപി
50 ക്കപ്പെട്ടവരത്രെ എന്നു പറഞ്ഞു. അവരിൽ ഒരുത്തനായി രാത്രിയിൽ അവ
51 ന്റെ അടുക്കെ വന്ന നീക്കൊദേമൻ അവരോട് (5 മൊ. 1, 16.) നമ്മുടെ
ധർമ്മം മനുഷ്യനെ മുമ്പെ കേട്ടിട്ടും അവൻ ചെയ്യുന്നത് ഇന്നത് എന്ന് അ
റിഞ്ഞും കൊണ്ടല്ലാതെ അവന് ന്യായം വിധിക്കുന്നുവൊ? എന്നു പറയുന്നു.
52 അവർ അവനോട്: നീയും പക്ഷെ ഗലീലക്കാരനൊ? നീ ആരാഞ്ഞുകൊ
ണ്ടു പ്രവാചകൻ ഗലീലയിൽനിന്ന് ഉദിച്ചിട്ടില്ലാത്ത പ്രകാരം കാൺക!
53 എന്ന് ഉത്തരം പറഞ്ഞു. അവരവർ താന്താന്റെ വീട്ടിലേക്ക് പോയി;
യേശു ഒലിവ്മലെക്കു വാങ്ങി പോകയും ചെയ്തു.

8. അദ്ധ്യായം

വ്യഭിചാരണിക്കുള്ള വിധി, (12) യേശു ലോകവെളിച്ചവും മറും, (21) ഇന്നവൻ ആകുന്നു എന്നും, (30) ഇന്നവർക്കു ഇന്നവൻ പിതാവ് എന്നും, (48) താൻ അബ്രഹാമിന് മുമ്പനും മേല്പെട്ടവനും എന്നും ചൊല്ലിയതു.

1 **പു**ലരുമ്പോൾ, അവൻ പിന്നെയും ദേവാലയത്തിൽ എത്തിയാറെ, ജ
2 നം ഒക്കയും അവനോട് ചേർന്നുകൂടി, അവനും ഇരുന്ന് അവർക്കു ഉപദേശി
3 ച്ചിരിക്കുമ്പോൾ, ശാസ്ത്രികളും പരീശരും വ്യഭിചാരത്തിൽ പിടിക്കപ്പെട്ട
4 സ്ത്രീയെ അവന്റെ അടുക്കെ കൊണ്ടുവന്നു, നടുവിൽ നിറുത്തി പറയുന്നു:
5 ഗുരൊ, ഈ സ്ത്രീ വ്യഭിചാരം ചെയ്യുന്ന നേരത്തിൽ തന്നെ പിടിപ്പെട്ടുകി
6 ട്ടി, (5 മോ. 22, 24.) ഇങ്ങനെത്തവരെ കല്ലെറിയേണം എന്നു മോശ ധർ
മ്മത്തിൽ നമ്മോടു കല്പിച്ചിരിക്കുന്നു, എന്നാൽ നീ എന്തു പറയുന്നു? എ
ന്നതു അവനിൽ കുറ്റംചുമത്തുവാൻ സംഗതി ഉണ്ടാകേണ്ടതിന്നു പരീക്ഷി
ച്ചുകൊണ്ടു പറഞ്ഞു. യേശുവൊ താഴെ കുനിഞ്ഞു വിരൽകൊണ്ടു നില
7 ത്തിൽ എഴുതിക്കൊണ്ടിരുന്നു. അവർ തിരക്കി ചോദിച്ചു പോരുമ്പോൾ,
അവൻ നിവിർന്നു: നിങ്ങളിൽ പാപമില്ലാത്തവൻ അവളിൽ ഒന്നാമത്
8 കല്ലു എറിക എന്ന് അവരോട് ചൊല്ലി. പിന്നെയും താണുകുനിഞ്ഞു
9 നിലത്തിൽ എഴുതിവന്നു; അവർ കേട്ടു മനസ്സാക്ഷിയാൽ ആക്ഷേപിക്കപ്പെ
ട്ടിട്ടു, വലിയവർ മുതൽ എളിവർ വരെയും, ഒന്നൊന്നായി പുറപ്പെട്ടു
10 പോയി; യേശു മാത്രവും നടുവിൽ നില്ക്കുന്ന സ്ത്രീയും ശേഷിച്ചിരുന്നു. എ
ന്നാറെ, യേശു നിവിർന്നു സ്ത്രീയല്ലാതെ ആരെയും കാണാഞ്ഞ് അവളോടു:
സ്ത്രീയെ, നിന്നിൽ ആ കുറ്റം ചുമത്തുന്നവർ എവിടെ? നിണക്കു ആരും
11 ശിക്ഷവിധിച്ചില്ലയൊ? എന്നു പറഞ്ഞു: കർത്താവെ, ആരും ഇല്ല എന്ന്
അവൻ പറഞ്ഞാറെ: ഞാനും നിണക്കു ശിക്ഷ വിധിക്കുന്നില്ല; പോക,
ഇനി പാപം ചെയ്യായ്ക എന്നു യേശു അവളോട് പറഞ്ഞു.

12 പിന്നെയും, യേശു അവരോടു സംസാരിച്ചു: ഞാൻ ലോകത്തിന്റെ
വെളിച്ചമാകുന്നു; എന്നെ അനുഗമിക്കുന്നവൻ ഇരുളിൽ നടക്കാതെ, ജീവ
വെളിച്ചമുള്ളവൻ ആയിരിക്കും എന്നു പറക കൊണ്ടു, പരീശന്മാർ അവനോ
13 ട്: നീ നിണക്കു തന്നെ സാക്ഷി ചൊല്ലുന്നു; നിന്റെ സാക്ഷ്യം നേരല്ല
എന്നു പറഞ്ഞു. യേശു അവരോട് ഉത്തരം ചൊല്ലിയതു: ഞാൻ എനിക്കു
14 തന്നെ സാക്ഷി ചൊല്ലിയാലും എന്റെ സാക്ഷ്യം നേർ തന്നെ. കാരണം
ഞാൻ എവിടെനിന്നു വന്നു എന്നും എവിടേക്ക് പോകുന്നു എന്നും അറിയു
ന്നു; നിങ്ങളൊ ഞാൻ വരുന്ന ഇടം എങ്കിലും പോകുന്ന ഇടം എങ്കിലും

15 അറിയുന്നില്ല. നിങ്ങൾ ജഡപ്രകാരം വിധിക്കുന്നു; ഞാൻ ആർക്കും ന്യാ
16 യം വിധിക്കുന്നില്ല. ഞാൻ വിധിച്ചാലും ഏകനായല്ല; ഞാനും എന്നെ അ
യച്ച പിതാവും (കൂടി) ഇരിക്കകൊണ്ട് എന്റെ ന്യായവിധിനേരാകുന്നു
17 (5 മോ. 19, 15.) രണ്ട മനുഷ്യരുടെ സാക്ഷ്യം സത്യമുള്ളത് എന്നു നി
ങ്ങളുടെ ധർമ്മത്തിലും എഴുതിയിരിക്കുന്നുവല്ലൊ; എനിക്കു സാക്ഷിനി
18 ല്ക്കുന്നതു ഞാൻ തന്നെ; എന്നെ അയച്ച പിതാവും എനിക്കു സാക്ഷി നില്ക്കു
19 ന്നു. എന്നാറെ, അവനോട്: നിന്റെ പിതാവ് എവിടെ ആകുന്നു? എന്നു
ചോദിച്ചതിന്നു, യേശു ഉത്തരം ചൊല്ലിയതു: നിങ്ങൾ എന്നെയും, എന്റെ
പിതാവിനെയും അറിയുന്നില്ല; എന്നെ അറിഞ്ഞു എങ്കിൽ, എന്റെ പി
20 താവിനെയും അറിയുമായിരുന്നു. ദേവാലയത്തിൽ ഉപദേശിക്കുമ്പോൾ,
ഈ മൊഴികളെ ഭണ്ഡാരസ്ഥലത്തിൽ വെച്ചു പറഞ്ഞു; അവന്റെ നാ
ഴിക അന്നു വരായ്കകൊണ്ട് ആരും അവനെ പിടിച്ചതും ഇല്ല.

21 ആകയാൽ യേശു പിന്നെയും അവരോട്: ഞാൻ പോകുന്നു, നിങ്ങളും
എന്നെ അന്വേഷിക്കും, നിങ്ങളുടെ പാപത്തിൽ മരിക്കയും ചെയ്യും.
ഞാൻ പോകുന്നതിലേക്ക് നിങ്ങൾക്കു വന്നുകൂടാ എന്നു പറഞ്ഞു. അതു
22 കൊണ്ടു യഹൂദന്മാർ: ഞാൻ പോകുന്നതിലേക്ക് നിങ്ങൾക്കു വന്നുകൂടാ
എന്ന് അവൻ ചൊല്ലുന്നതിനാൽ, പക്ഷെ മരിച്ചു കളയുമൊ? എന്നു പറ
23 ഞ്ഞു. അവരോട് അവൻ പറഞ്ഞതു: നിങ്ങൾ കീഴേതിൽ നിന്നാകുന്നു;
ഞാൻ മേലേതിൽ നിന്നാകുന്നു; നിങ്ങൾ ഈ ലോകത്തിങ്കന്നാകുന്നു; ഞാൻ
24 ഈലോകത്തിങ്കന്നല്ല. എന്നാൽ നിങ്ങളുടെ പാപങ്ങളിൽ മരിക്കും എന്നു
നിങ്ങളോട് പറഞ്ഞുവല്ലൊ. കാരണം ഞാൻ(ഇന്നവൻ) ആകുന്നു എന്നു നി
25 ങ്ങൾ വിശ്വസിക്കാഞ്ഞാൽ, നിങ്ങളുടെ പാപങ്ങളിൽ മരിക്കും. അവർ
അവനോട്: നീ എന്തൊരുവൻ? എന്നു ചോദിച്ചതിന്നു, യേശു പറഞ്ഞി
തു; ആദിമുതൽ ഞാൻ നിങ്ങളോടു സംസാരിക്കുന്നതൊ (ചോദിക്കുന്നു.)
26 നിങ്ങളെകൊണ്ടു വളരെ പറവാനും വിധിപ്പാനും എനിക്കുണ്ടു. എങ്കിലും
എന്നെ അയച്ചവൻ സത്യവാനാകുന്നു, അവനോട് ഞാൻ കേട്ടവ തന്നെ
27 ലോകത്തിലേക്കു പറയുന്നു. എന്നതു തങ്ങളോട് പിതാവിനെ കുറിച്ചു
28 ചൊല്ലിയത് എന്ന് അവർക്കു തിരിഞ്ഞില്ല. അതുകൊണ്ടു യേശു അവ
രോട്: നിങ്ങൾ മനുഷ്യപുത്രനെ ഉയർത്തിയപ്പോൾ അത്രെ, ഞാൻ ഇന്ന
വൻ ആകുന്നു എന്നും, സ്വയമായി ഒന്നും ചെയ്യാതെ, എൻ പിതാവ് എ
നിക്ക് ഉപദേശിച്ചപോലെ തന്നെ ഉരെക്കുന്നു എന്നും, എന്നെ അയച്ചവൻ
29 എന്നോടുകൂടെ ഉണ്ടു എന്നും അറിയും ഞാൻ എല്ലായ്പോഴും അവന് ബോ
ധിച്ചവ ചെയ്യുന്നതു കൊണ്ടു. പിതാവ് എന്നെ ഏകനായി വിട്ടിട്ടില്ല.
30 എന്നത് അവൻ ഉരെക്കുമ്പോൾ, പലരും അവനിൽ വിശ്വസിച്ചു. ത
31 ങ്കൽ വിശ്വസിച്ച യഹൂദരോടു, യേശു പറഞ്ഞിതു: നിങ്ങൾ എന്റെ വച
നത്തിൽ വസിച്ചു എങ്കിൽ ഉണ്മയിൽ എന്റെ ശിഷ്യരാകുന്നു, സത്യത്തെ
32 അറികയും സത്യം നിങ്ങളെ വിടുവിക്കയും ചെയ്യും. (ചിലർ) ഉത്തരം
33 ചൊല്ലിയതു: ഞങ്ങൾ അബ്രഹാമിൻ സന്തതി ആകുന്നു; ആർക്കും ഒരുനാ
ളും ദാസരായി പോയവരല്ല; നിങ്ങൾ വിടുതൽ ഉള്ളവരാകും എന്നു പറ
34 യുന്നത് എങ്ങിനെ? എന്നതിന്നു യേശു ഉത്തരം ചൊല്ലിയതു: ആമെൻ
ആമെൻ ഞാൻ നിങ്ങളോടു പറയുന്നു: പാപത്തെ ചെയ്യുന്നവൻ എല്ലാം പാ
35 പത്തിന്റെ ദാസനാകുന്നു. ദാസനൊ എന്നേക്കും വീട്ടിൽ വസിക്കുന്നില്ല;
36 പുത്രൻ എന്നും വസിക്കുന്നു. ആകയാൽ പുത്രൻ നിങ്ങളെ വിടുവിച്ചു എ
37 ങ്കിൽ നിങ്ങൾ ഉള്ളവണ്ണം വിടുതലുള്ളവരാകും. നിങ്ങൾ അബ്രഹാമിൻ
സന്തതി എന്നു ബോധിച്ചു എങ്കിലും, എന്റെ വചനം നിങ്ങളിൽ ചെല്ലാ
യ്കകൊണ്ടു നിങ്ങൾ എന്നെ കൊല്ലുവാൻ അന്വേഷിക്കുന്നു. എൻ പിതാവി
38 നോട് ഞാൻ കണ്ടിട്ടുള്ളതിനെ പറയുന്നു; നിങ്ങളുടെ പിതാവിനോട്
39 കേട്ടിട്ടുള്ളതു നിങ്ങളും ചെയ്യുന്നു. അവർ അവനോട്: അബ്രഹാം ഞങ്ങളുടെ

പിതാവാകുന്നു എന്നു് ഉത്തരം ചൊല്ലിയതിന്നു യേശു പറയുന്നതു:
നിങ്ങൾ അബ്രഹാമിൻ മക്കൾ ആയാൽ അബ്രഹാമിൻ ക്രിയകളെ ചെയ്യും:
40 ഇപ്പോഴോ എന്നെ കൊല്ലുവാൻ അന്വേഷിക്കുന്നു. ദൈവത്തോടു കേട്ട സ
41 ത്യത്തെ നിങ്ങളോടു് പറഞ്ഞോരു മനുഷ്യനെ തന്നെ. ആയതു് അബ്ര
ഹാം ചെയ്തിട്ടില്ല. നിങ്ങളുടെ പിതാവിൻ ക്രിയകളത്രെ നിങ്ങൾ ചെയ്യു
ന്നതു. എന്നാറെ, അവനോടു്: ഞങ്ങൾ പുലയാട്ടിൽനിന്നു് ഉണ്ടായവരല്ല;
ദൈവം ഞങ്ങൾക്കു് ഏകപിതാവായിട്ടുള്ള എന്നു പറഞ്ഞാറെ, യേശു അ
42 വരോടു ചൊല്ലിയതു: ദൈവം നിങ്ങൾക്കു പിതാവായെങ്കിൽ, നിങ്ങൾ
എന്നെ സ്നേഹിക്കുമായിരുന്നു; കാരണം ഞാൻ ദൈവത്തിൽനിന്നു പുറപ്പെട്ടു
വന്നിരിക്കുന്നു, സ്വയമായിട്ടുമല്ല വന്നതു്; അവൻ തന്നെ അയക്ക അത്രെ
43 ചെയ്തതു. എന്റെ ഭാഷണം നിങ്ങൾക്കു് എന്തുകൊണ്ടു ബോധിക്കാതു? എ
44 ന്റെ വചനം കേൾപ്പാൻ കഴിയായ്കകൊണ്ടത്രെ. നിങ്ങൾ പിശാചാകു
ന്ന പിതാവിൽ നിന്നാകുന്നു; നിങ്ങളുടെ പിതാവിൻ മോഹങ്ങളെ ചെയ്വാ
നും ഇച്ഛിക്കുന്നു. ആയവൻ ആദിമുതൽ ആളക്കൊല്ലി ആയി; അവ
നിൽ സത്യം ഇല്ലായ്കകൊണ്ടു, സത്യമായതിൽ നിലനില്ക്കുന്നതും ഇല്ല.
അവൻ പൊളിപറയുമ്പോൾ, സ്വന്തത്തിൽനിന്നു് (എടുത്തു) പറയുന്നു. കാ
45 രണം അവൻ പൊള്ളനും അവന്റെ പിതാവും ആകുന്നു. ഞാനോ സത്യ
ത്തെ പറയുന്നതുകൊണ്ടു തന്നെ നിങ്ങൾ എന്നെ വിശ്വസിക്കാതു. നിങ്ങ
46 ളിൽ ആർ എന്നെ പാപം ചൊല്ലി ബോധം വരുത്തുന്നു? എന്നാൽ ഞാൻ
സത്യം പറയുന്നു എങ്കിൽ, നിങ്ങൾ എന്തുകൊണ്ടു് എന്നെ വിശ്വസിക്കാ
47 തു? ദൈവത്തിൽ നിന്നുള്ളവൻ ദൈവമൊഴികളെ കേൾക്കുന്നു, ആകയാൽ
നിങ്ങൾ കേൾക്കാത്തതു ദൈവത്തിൽ നിന്നല്ലായ്കകൊണ്ടു് ആകുന്നു.

48 എന്നതിന്നു യഹൂദർ അവനോടു് ഉത്തരം ചൊല്ലിയതു: നീ ശമര്യനും
ഭ്രതം ഉറഞ്ഞവനുമാകുന്നു എന്നു ഞങ്ങൾ നന്നായി പറയുന്നില്ലയൊ? യേശു
49 ഉത്തരം ചൊല്ലിയതു: എനിക്കു ഭ്രതം ഇല്ല; എൻപിതാവിനെ ഞാൻ മാ
50 നിക്കയും നിങ്ങൾ എന്നെ അപമാനിക്കയും അത്രെ ചെയ്യുന്നതു്. എന്റെ
തേജസ്സു് ഞാൻ തേടുന്നു എന്നല്ല (അതു) തേടി ന്യായം വിധിക്കുന്നവൻ
51 (ഒരുവൻ) ഉണ്ടു. ആമെൻ ആമെൻ ഞാൻ നിങ്ങളോടു പറയുന്നു: ഒരുത്തൻ
എന്റെ വചനം കാത്തുകൊണ്ടാൽ അവൻ എന്നേക്കും മരണം കാൺകയി
52 ല്ല. എന്നാറെ, യഹൂദർ പറഞ്ഞു: നീ ഭ്രതമുള്ളവൻ എന്നു് ഇപ്പോൾ ബോ
ധിച്ചു; അബ്രഹാമും പ്രവാചകരും മരിച്ചു: നീയൊ എന്റെ വചനത്തെ
ഒരുത്തൻ കാത്തുകൊണ്ടാൽ എന്നേക്കും മരണം ആസ്വദിക്കയില്ല എന്നു
53 പറയുന്നു. നമ്മുടെ പിതാവായ അബ്രഹാമിലും നീ വലിയവനൊ? അവ
54 നും മരിച്ചു, പ്രവാചകരും മരിച്ചുവല്ലൊ; നിന്നെ തന്നെ നീ എന്താക്കുന്നു?
യേശു ഉത്തരം പറഞ്ഞിതു: ഞാൻ എന്നെ തേജസ്കരിച്ചാൽ എന്റെ തേജ
സ്സു് ഏതും ഇല്ല. എന്നെ തേജസ്കരിക്കുന്നതു നിങ്ങളുടെ ദൈവം എന്നു നി
ങ്ങൾ ചൊല്ലിക്കൊണ്ടും അറിയാതിരിക്കുന്ന എന്റെ പിതാവു് തന്നെ;
55 അവനെ ഞാൻ അറിയുന്നു. അറിയുന്നില്ല എന്നു പറഞ്ഞു എങ്കിൽ, നിങ്ങ
ളെ പോലെ പൊള്ളൻ ആകും. എങ്കിലൊ അവനെ ഞാൻ അറിയുന്നു; അ
56 വന്റെ വചനവും കാത്തുകൊള്ളുന്നു. നിങ്ങളുടെ പിതാവായ അബ്രഹാം
57 (1 മോ. 22. 18) എന്റെ ദിവസം കാണും എന്നുള്ളതുകൊണ്ടു് ഉല്ലസിച്ചു
അവനും കണ്ടു സന്തോഷിച്ചു. എന്നാറെ, യഹൂദർ അവനോടു പറഞ്ഞു: നി
58 ണക്കു് അമ്പതു വയസ്സും ആയില്ല എന്നിട്ടും അബ്രഹാമിനെ കണ്ടിരിക്കുന്നു
എന്നൊ? യേശു അവരോടു്: ആമെൻ ആമെൻ ഞാൻ നിങ്ങളോടു പറ
59 യുന്നു: അബ്രഹാം ഉണ്ടായതിന്നു മുമ്പെ ഞാൻ ഉണ്ടു. എന്നു പറഞ്ഞാറെ,
അവർ അവങ്കൽ എറിവാൻ കല്ലുകളും എടുത്തു. യേശുവൊ ഒളിച്ചുകൊണ്ടു,
ദേവാലയത്തിൽനിന്നു പുറപ്പെട്ടു വെറുതെ കടന്നു പോകയും ചെയ്തു.

9. അദ്ധ്യായം

പിറവികുരുടനു കാഴ്ചകൊടുക്കയാൽ, (13) പറീശരാൽ ന്യായവിസ്താരവും, (35) ഭ്രഷ്ടനായ ശേഷം വിശ്വാസവും ഉണ്ടായതു.

1 അവൻ കടക്കുമ്പോൾ, പിറവിമുതൽ കുരുടനായ മനുഷ്യനെ കണ്ടാറെ,
2 അവന്റെ ശിഷ്യന്മാർ: റബ്ബീ, ഇവൻ കുരുടനായിപിറക്കുംവണ്ണം താനൊ
3 അമ്മയപ്പന്മാരൊ ആർ പാപം ചെയ്തതു? എന്നു അവനോടു ചോദിച്ചു.
യേശു ഉത്തരം ചൊല്ലിയതു: ഇവനും ഇവന്റെ അമ്മയപ്പന്മാരും പാപം
4 ചെയ്തിട്ടല്ല, ഇവങ്കൽ ദേവക്രിയകളും വെളിവാകേണ്ടിയതത്രെ. എന്നെ
അയച്ചവന്റെ ക്രിയകളെ പകൽ ഉള്ളനും നാം പ്രവൃത്തിക്കേണ്ടതു; ആർ
5 ക്കും പ്രവൃത്തിച്ചു കൂടാത്ത രാത്രിവരുന്നു. ഞാൻ ലോകത്തിൽ ഉള്ളപ്പോൾ,
6 ലോകത്തിൻ വെളിച്ചമായിരിക്കുന്നു. എന്നതു പറഞ്ഞു നിലത്തു തുപ്പി,
ഉമിനീർകൊണ്ടു ചേറുണ്ടാക്കി, കുരുടന്റെ കണ്ണുകളിന്മേൽ ചേറു പൂശി:
7 നീ പോയി (അയക്കപ്പെട്ടവൻ എന്ന അർത്ഥമുള്ള) ശിലോഹക്കുളത്തിൽ കഴു
കികൊൾക എന്നു അവനോടു പറഞ്ഞു. അവനും പോയി കഴുകി, കൺ
8 കാണുന്നവനായി വരികയും ചെയ്തു. അതുകൊണ്ടു അയല്ക്കാരും അവനെ
9 മുമ്പെ ഭിക്ഷക്കാരൻ എന്നു കണ്ടവരുന്നവരും: ഇരുന്നു ഇരക്കുന്നവൻ ഇവന
ല്ലയൊ? എന്നും, ചിലർ: അവൻ തന്നെ എന്നും മറുള്ളവർ: അവനു സദൃ
ശനത്രെ എന്നും പറഞ്ഞു. ആയവൻ: ഞാൻ തന്നെ എന്നു പറഞ്ഞു. അതു
10 കൊണ്ടു നിന്റെ കണ്ണുകളും എങ്ങിനെ തുറന്നുവന്നു? എന്നു അവനോടു ചോ
11 ദിച്ചാറെ: യേശു എന്നുള്ള മനുഷ്യൻ ചേറുണ്ടാക്കി, എന്റെ കണ്ണുകളിന്മേൽ
പൂശി, നീ ശിലോഹയിൽ പോയി കഴുക എന്നു എന്നോടു പറഞ്ഞു, ഞാ
12 നും പോയി കഴുകി കാഴ്ചപ്രാപിച്ചു. എന്നാറെ: ആയവൻ എവിടെ? എ
ന്നു അവനോടു ചോദിച്ചതിന്നു: അറിയുന്നില്ല എന്നു പറഞ്ഞു.

13 പണ്ടു കുരുടനായവനെ പറീശന്മാരുടെ അടുക്കെ കൊണ്ടു പോകുന്നു; കാ
14 രണം യേശു ചേറുണ്ടാക്കി, അവന്റെ കണ്ണുകളെ തുറന്നതു ശബ്ബത്തുനാളാ
15 യതു, ആകയാൽ പറീശന്മാർ പിന്നെയും അവനോടു: കാഴ്ചപ്രാപിച്ചതു
എങ്ങിനെ? എന്നു ചോദിച്ചു; അവൻ അവരോടു: എന്റെ കണ്ണുകളിന്മേൽ
16 അവൻ ചേറിട്ടു ഞാനും കഴുകികൊണ്ടു കാണുന്നു എന്നു പറഞ്ഞു. പറീശ
രിൽ ചിലർ: ആ മനുഷ്യൻ ശബ്ബത്തിനെ സൂക്ഷിക്കായ്കകൊണ്ടു ദൈവ
ത്തിൽനിന്നുള്ളവനല്ല എന്നു പറഞ്ഞു. മറു ചിലർ പാപിയായ മനുഷ്യനു
ഇപ്രകാരം അടയാളങ്ങളെ ചെയ്വാൻ എങ്ങിനെ കഴിയും? എന്നു പറ
17 ഞ്ഞു, തങ്ങളിൽ ഇടച്ചൽ ഉണ്ടാകയും ചെയ്തു. അവർ പിന്നെയും കുരുടനോ
ടു പറഞ്ഞിതു: നിന്റെ കണ്ണുകളെ തുറക്കയാൽ നീ അവനെ ചൊല്ലി,
എന്തു പറയുന്നു? എന്നതിന്നു അവൻ: പ്രവാചകൻ എന്നു പറഞ്ഞു. യഹൂദ
18 രൊ അവൻ കുരുടനായിരുന്നു കാഴ്ചപ്രാപിച്ചപ്രകാരം ഉടനെ വിശ്വസി
ക്കാഞ്ഞു കാഴ്ചകിട്ടിയവന്റെ അമ്മയപ്പന്മാരെ മുമ്പെ വരുത്തി: ഇവൻ നി
19 ങ്ങളുടെ മകനൊ? കുരുടനായി ജനിച്ചു എന്നു നിങ്ങളും ചൊല്ലുന്നവനൊ?
20 പിന്നെ ഇന്നു കാണുന്നതു എങ്ങിനെ? എന്നു ചോദിച്ചു. അവന്റെ അമ്മ
യപ്പന്മാർ അവരോടു ഉത്തരം ചൊല്ലിയതു: ഇവൻ ഞങ്ങളുടെ മകൻ എ
ന്നും, കുരുടനായി ജനിച്ചവൻ എന്നും, ഞങ്ങളും അറിയുന്നു: ഇപ്പോളും,
21 കൺ കാണുന്നതു എങ്ങിനെ എന്നതൊ അറിയുന്നില്ല; അവന്റെ കണ്ണുക
ളെ ആർ തുറന്നെന്നും ഞങ്ങളും അറിയുന്നില്ല. ഇവനോടു തന്നെ ചോദി
22 പ്പിൻ! ഇവനു പ്രായം ഉണ്ടു; തനിക്കു വേണ്ടി താൻ പറയും. എന്നതു യ
ഹൂദന്മാരെ ഭയപ്പെട്ടിട്ടത്രെ അമ്മയപ്പൻമാർ പറഞ്ഞതു. കാരണം ആരാനും
അവനെ ക്രിസ്തൻ എന്നു അനുസരിച്ചു പറഞ്ഞാൽ, പള്ളിഭ്രഷ്ടനാക എന്നു
23 യഹൂദന്മാർ ഒത്തുകൊണ്ടിരുന്നു. ആകയാൽ അവന്റെ പിതാക്കളും ഇന്നു

24 പ്രായം ഉണ്ടു, അവനോടു ചോദിപ്പിൻ എന്നു പറഞ്ഞതു. എന്നാറെ, കുരുട
നായിരുന്ന മനുഷ്യനെ അവർ രണ്ടാമതും വിളിച്ചു: ദൈവത്തിന്നു തേജസ്സു്
കൊടുക്ക; ആ മനുഷ്യൻ പാപി എന്നു ഞങ്ങൾ അറിയുന്നു എന്നു പറഞ്ഞതി
25 ന്നു, ആയവൻ ഉത്തരം ചൊല്ലിയതു: അവൻ പാപിയൊ എന്നറിയുന്നി
ല്ല; ഞാൻ കുരുടനായി, ഇന്നു കാണുന്നു എന്നുള്ളതു് ഒന്നു് അറിയുന്നു. അവർ
26 പിന്നെയും അവനോടു്: നിണക്കു് അവൻ എന്തുചെയ്തു? നിന്റെ കണ്ണുക
ളെ എങ്ങിനെ തുറന്നു? എന്നു പറഞ്ഞാറെ: ഞാൻ നിങ്ങളോടു് പറഞ്ഞുവ
27 ല്ലൊ; നിങ്ങൾ കേട്ടിട്ടും ഇല്ല; വീണ്ടും കേൾപാൻ ഇച്ഛിക്കുന്നതു് എന്തു?
പക്ഷെ നിങ്ങൾക്കും അവന്റെ ശിഷ്യർ ആകുവാൻ മനസ്സൊ? എന്നു് ഉ
28 ത്തരം പറഞ്ഞു. അവർ അവനെ ശകാരിച്ചു: നീയെ അവന്റെ ശിഷ്യൻ;
29 ഞങ്ങൾ മോശയുടെ ശിഷ്യരാകുന്നു. മോശയോടു ദൈവം അരുളിചെയ്തു എന്നു
30 ഞങ്ങൾ അറിയുന്നു; ഇവനൊ എവിടെനിന്നു് എന്നറിയുന്നില്ല എന്നു പറ
ഞ്ഞു. അവരോടു് ആ മനുഷ്യൻ ഉത്തരം ചൊല്ലിയതു: എന്റെ കണ്ണുകളെ തുറ
31 ന്നിട്ടും അവൻ എവിടെനിന്നു് എന്നു തിരിയാ എന്നുള്ളതിൽ ആശ്ചര്യം ഉണ്ടു
സത്യം; പാപികളെ ദൈവം കേൾക്കുന്നില്ല എന്നും, വല്ലവനും ദൈ
വഭക്തനായി, അവന്റെ ഇഷ്ടം ചെയ്യുന്നു എങ്കിൽ അവനെ കേൾക്കുന്നു
32 എന്നും നാം അറിയുന്നുവല്ലൊ. കുരുടനായി പിറന്നവന്റെ കണ്ണുകളെ ആരെ
33 കിലും തുറന്നപ്രകാരം ആദിമുതൽക്കൊണ്ടു കേൾക്കായില്ല. അവൻ ദൈവ
34 ത്തിൽനിന്നല്ല എന്നു വരികിൽ ഒന്നും ചെയ്വാൻ കഴികയില്ല. അവർ അ
വനോടു്: നീ അശേഷം പാപങ്ങളിൽ പിറന്നവൻ എന്നിട്ടും ഞങ്ങൾക്കു്
ഉപദേശിക്കുന്നുവൊ? എന്നു് ഉത്തരംചൊല്ലി, അവനെ പിഴുക്കിക്കളകയും
ചെയ്തു.

35 അവനെ പിഴുക്കിയപ്രകാരം യേശു കേട്ടശേഷം അവനെ കണ്ടെത്തി:
നീ ദേവപുത്രനിൽ വിശ്വസിക്കുന്നുവൊ? എന്നു പറഞ്ഞാറെ: കർത്താവെ,
36 ഞാൻ അവനിൽ വിശ്വസിപ്പാനായി, അവൻ ആർ ആകുന്നു? എന്നു് ഉ
37 ത്തരം ചൊല്ലിയപ്പോൾ: നീ അവനെ കണ്ടിട്ടും ഉണ്ടു; നിന്നോടു സംസാ
38 രിക്കുന്നവൻ തന്നെ ആകുന്നു എന്നു യേശു പറഞ്ഞു. ആയവൻ: കർത്താവെ,
ഞാൻ വിശ്വസിക്കുന്നു എന്നു ചൊല്ലി അവനെ കുമ്പിട്ടു, യേശു പറഞ്ഞി
39 തു: കാണാത്തവർ കാണ്മാനും കാണുന്നവർ കുരുടരാവാനും ഇങ്ങിനെ ന്യാ
40 യവിധിക്കായി, ഞാൻ ഇഹലോകത്തിൽ വന്നു. എന്നതു കൂടെയുള്ള ചില
41 പരീശന്മാർ കേട്ടു: പക്ഷെ ഞങ്ങളും കുരുടരൊ? എന്നു പറഞ്ഞാറെ: നിങ്ങൾ
കുരുടരായാൽ പാപം ഉണ്ടാക ഇല്ലായിരുന്നു; ഇപ്പോൾ ഞങ്ങൾ കാണുന്നു
എന്നു പറകയാൽ നിങ്ങളുടെ പാപം നില്ക്കുന്നു എന്നു യേശു അവരോടു
പറഞ്ഞു.

10. അദ്ധ്യായം

നല്ല ഇടയൻ, (7) ആടുകൾക്കു വാതിൽ എന്നുള്ള സദൃശങ്ങൾ, (22)
പ്രതിഷ്ഠാനാളിൽ തനിക്കു പിതാവോടുള്ള ഐക്യം അറിയിച്ചു, (31) തെ
ളിയിച്ചതു.

1 **ആ**മെൻ ആമെൻ ഞാൻ നിങ്ങളോടു പറയുന്നിതു: ആട്ടാലയിൽ വാതി
ലൂടെ കടക്കാതെ, വെറുവഴിയായി കരേറുന്നവൻ കള്ളനും കവർച്ചക്കാരനും
2 ആകുന്നു. വാതിലൂടെ കടക്കുന്നവനൊ ആടുകളുടെ ഇടയൻ തന്നെ. ആയവ
3 ന വാതിലാളൻ തുറക്കുന്നു; ആടുകളും അവന്റെ ശബ്ദം കേൾക്കുന്നു. തന്റെ
4 ആടുകളെ അവൻ പേർവിളിച്ചു പുറത്തുകൊണ്ടുപോകുന്നു. തന്റേവ ഒക്കെ
യും പുറത്തുകൊണ്ടുപോയാൽ, അവറിൻ മുമ്പെ നടക്കുന്നു, ആടുകളും അവ
ന്റെ ശബ്ദം അറികകൊണ്ടു് അവന്റെ പിന്നാലെ ചെല്ലുന്നു. അന്യനെ
5 പിഞ്ചെല്ലുകയില്ലതാനും; അന്യരുടെ ശബ്ദം അറിയായ്കകൊണ്ടു്, അവനെ

6 വിട്ടു മണ്ടി പോകും. ഈ സദൃശം യേശു അവരോട് പറഞ്ഞു: തങ്ങളോ
ട് അരുളിച്ചെയ്തത് ഇന്നത് എന്ന് അവർക്കു തിരിഞ്ഞതും ഇല്ല.
7 ആകയാൽ യേശു പിന്നെയും അവരോട് പറഞ്ഞു: ആമെൻ ആമെൻ
8 ഞാൻ നിങ്ങളോട് ചൊല്ലുന്നിതു: ആടുകളിലേക്ക് വാതിൽ ഞാൻ ആകു
ന്നു; എനിക്കു മുമ്പെ വന്നവർ ഒക്കെയും കള്ളരും കവർച്ചക്കാരും ആകുന്നു:
9 ആടുകളും അവരെ ചെവിക്കൊണ്ടില്ല താനും. ഞാനെ വാതിൽ ആകുന്നു;
ആരാനും എന്നിലൂടെ കടന്നുഎങ്കിൽ രക്ഷപെടും, അവൻ അകമ്പുകയും പു
10 റപ്പെടുകയും മേച്ചൽ കാൺകയും ചെയ്യും. കപ്പാനും, അറുപ്പാനും കെടുപ്പാ
നും അല്ലാതെ, കള്ളൻ വരുന്നില്ല; ഞാൻ വന്നത് അവർക്കു ജീവൻ ഉണ്ടാ
11 വാനും വഴിച്ചൽ ഉണ്ടാവാനും അത്രെ. നല്ല ഇടയൻ ഞാൻ ആകുന്നു; നല്ല
ഇടയൻ ആടുകൾക്ക് വേണ്ടി തന്നെ പ്രാണനെ വെക്കുന്നു. ഇടയൻ അല്ല
12 കൂലിക്കാരനായുള്ളവൻ ആടുകൾ തനിക്കു സ്വന്തം അല്ലായ്കയാൽ, ചെന്നാ
13 യി വരുന്നതു കണ്ടിട്ട്, ആടുകളെ വിട്ടു മണ്ടിപോകുന്നു. ചെന്നായി അവ
പറിച്ചു, ആടുകളെ ചിന്നിക്കുന്നു. കൂലിക്കാരൻ മണ്ടുന്നതൊ കൂലിക്കാരനും
ആടുകളെ വിചാരമില്ലാത്തവനും ആകകൊണ്ടത്രെ. ഞാൻ നല്ല ഇടയൻ
14 ആകുന്നു പിതാവ് എന്നെ അറികയും ഞാൻ പിതാവിനെ അറികയും ചെ
യ്യുമ്പോലെ, എൻറെവ ഞാൻ അറിയുന്നവനും എൻറെവരാൽ അറിയപ്പെ
15 ടുന്നവനും ആകുന്നു. ആടുകൾക്കുവേണ്ടി, എൻറെ പ്രാണനെയും വെക്കുന്നു
16 ണ്ടു. ഈ ആലയിൽനിന്നല്ലാത്ത, വേറെ ആടുകളും എനിക്കുണ്ടു; അവയും
ഞാൻ വരുത്തേണ്ടതു, എൻറെ ശബ്ദം അവ ചെവിക്കൊള്ളും ഒരുകൂട്ടം ഒർ
17 ഇടയൻ എന്ന് ആകയും ചെയ്യും. എൻറെ പ്രാണനെ പിന്നെയും എടുക്കേ
ണ്ടതിന്നു ഞാൻ അതുവെക്കുന്നതുകൊണ്ടത്രെ പിതാവ് എന്നെ സ്നേഹിക്കു
18 ന്നു. ആരും അതിനെ എന്നോടു പറിച്ചെടുക്കുന്നില്ല; ഞാനായിട്ടു തന്നെ
അതുവെക്കുന്നു. അതുവെപ്പാൻ എനിക്ക് അധികാരമുണ്ടു; വീണ്ടും എടുപ്പാ
നും അധികാരം ഉണ്ടു. ഈ കല്പന എൻറെ പിതാവിൽനിന്നു ലഭിച്ചു. ഈ
19 വചനങ്ങൾ നിമിത്തം യഹൂദരിൽ പിന്നെയും ഇടച്ചൽ ഉണ്ടായി. അവ
20 രിൽ പലരും; അവൻ ഭ്രതം ഉറഞ്ഞവനും ഭ്രാന്തനും അത്രെ; അവനെ കേൾ
21 ക്കുന്നതു എന്തു? എന്നു പറഞ്ഞു മറെറവർ: ഈ മൊഴികൾ ഭ്രതഗ്രസ്തനു
ള്ളവ അല്ല; കുരുടരുടെ കണ്ണുകളെ ഭ്രതത്തിന്നു തുറന്നു കൂടുമൊ? എന്നു പറയും.
22 ശേഷം ശീതകാലമായപ്പോൾ, യരുശലേമിൽ പ്രതിഷ്ഠപെരുനാൾ ആ
23 യി, യേശു ദേവാലയത്തിൽ ശലോമോ മണ്ഡപത്തിൽ നടക്കുമ്പോൾ,
24 യഹൂദന്മാർ അവനെ വളഞ്ഞു: നീ എത്രത്തോളം ഞങ്ങളുടെ ദേഹിയെ താ
മസിപ്പിക്കുന്നു? നീ മശീഹ എങ്കിൽ, പ്രാഗത്ഭ്യമായി ഞങ്ങളോടു പറക
എന്ന് അവനോടു പറഞ്ഞു. യേശു അവരോടു ഉത്തരം ചൊല്ലിയതു:
25 ഞാൻ നിങ്ങളോടു പറഞ്ഞു, നിങ്ങൾ വിശ്വസിക്കുന്നതും ഇല്ല. എൻറെ
പിതാവിൻ നാമത്തിൽ ഞാൻ ചെയ്യുന്ന ക്രിയകളായവ എനിക്കു സാ
ക്ഷ്യം ചൊല്ലുന്നു; നിങ്ങളൊ വിശ്വസിക്കുന്നില്ല, കാരണം ഞാൻ നിങ്ങ
26 ളോടു പറഞ്ഞപ്രകാരം നിങ്ങൾ എൻറെ ആടുകളിൽ കൂടിയവരല്ല, എ
27 ൻറെ ആടുകൾ എൻറെ ശബ്ദം കേൾക്കുന്നു; ഞാൻ അവ അറികയും അവ
എന്നെ അനുഗമിക്കയും ചെയ്യുന്നു. അവറിന്നു ഞാൻ നിത്യജീവനെ കൊ
28 ടുക്കുന്നു; അവ എന്നേക്കും നശിച്ചുപോകയില്ല; ആരും എൻറെ കയ്യിൽനി
29 ന്നു അവറെ പറിച്ചുകളകയും ഇല്ല. എനിക്കു തന്നിരിക്കുന്ന എൻപിതാ
വു എല്ലാവരിലും വലുതു ആകുന്നു. എൻപിതാവിൻറെ കയ്യിൽ നിന്നു പ
30 റിച്ചുകളവാൻ ആർക്കും കഴിയുന്നതും അല്ല. ഞാനും പിതാവും ഒന്നായിരി
31 ക്കുന്നു. എന്നാറെ, യഹൂദർ പിന്നെയും അവനെ എറിഞ്ഞുകളവാൻ കല്ലു
32 കൾ എടുത്തു. അതിന്നു യേശു അവരോടു പറഞ്ഞിതു: എൻറെ പിതാ
വിൽനിന്നു പല സൽക്രിയകളേയും നിങ്ങൾക്കു കാണിച്ചു, അതിൽ ഏ
33 തു ക്രിയനിമിത്തം എന്നെ കല്ലെറിയുന്നു. യഹൂദർ അവനോടു ഉത്തരം

ചൊല്ലിയതു: സൽക്രിയകൊണ്ടല്ല, നിന്നെ കല്ലെറിയുന്നതു; ദേവദൂഷ
ണം നിമിത്തവും, നീ മനുഷ്യനായിരിക്കേ നിന്നെ തന്നെ ദൈവമാക്കുന്ന
തു നിമിത്തവും അത്രെ. യേശു അവരോടു ഉത്തരം ചൊല്ലിയതു (സങ്കീ.
34 82, 6.) ഞാൻ പറഞ്ഞു, നിങ്ങൾ ദേവന്മാർ എന്നതു നിങ്ങളുടെ വേദ
35 ത്തിൽ എഴുതിയിരിക്കുന്നില്ലയൊ? ദേവവചനം ഉണ്ടായിട്ടുള്ള ആ കൂട്ടരെ
ദേവന്മാർ എന്നു (വേദം) ചൊല്ലി എങ്കിൽ, തിരുവെഴുത്തിന്നു നീക്കം ഇ
36 ല്ലെന്നുവന്നാൽ, പിതാവു വിശുദ്ധീകരിച്ചു, ലോകത്തിൽ അയച്ചവൻ
ഞാൻ ദൈവത്തിന്റെ പുത്രൻ എന്നു പറകയാൽ, ദേവദൂഷകൻ എന്നു നി
37 ങ്ങൾ ചൊല്ലുന്നതു എങ്ങിനെ? എൻ പിതാവിന്റെ ക്രിയകളെ ചെയ്യാ
38 ഞ്ഞാൽ എന്നെ വിശ്വസിക്കേണ്ടാ; ചെയ്യുന്നു എങ്കിലൊ, എന്നെ വി
ശ്വസിക്കാതെ പോയാലും, പിതാവു എന്നിലും ഞാൻ അവനിലും എന്നു
നിങ്ങൾ അറിഞ്ഞുകൊണ്ടു, ബോധിക്കത്തക്കവണ്ണം ക്രിയകളെ വിശ്വസി
പ്പിൻ.
39 എന്നാറെ, അവനെ പിന്നെയും പിടികൂടുവാൻ അന്വേഷിച്ചാറെയും
40 അവരുടെ കയ്യിൽനിന്നു അവൻ തെറ്റി. യർദ്ദനക്കരെ യോഹനാൻ ആ
ദ്യമിയിൽ സ്നാനം നടത്തിയ സ്ഥലത്തേക്കു വാങ്ങിപ്പോയി, അവിടെ
41 പാർത്തു. പലരും അവന്റെ അടുക്കെ വന്നു, യോഹനാൻ അടയാളം ഒന്നും
ചെയ്തിട്ടില്ല എങ്കിലും, ഇവനെ കുറിച്ചു യോഹനാൻ പറഞ്ഞതു ഒക്കെയും
42 സത്യമായി എന്നു ചൊല്ലി, അവിടെ പലരും അവങ്കൽ വിശ്വസിക്കയും
ചെയ്തു.

11. അദ്ധ്യായം

ബെത്ഥന്യയിലെ ലാജരിനെ, (17) യേശു ഉയിർപ്പിച്ചതിന്റെ, (45) ഫലങ്ങൾ.

1 മറിയയും സഹോദരിയായ മൎത്ഥയും ഉള്ള ബെത്ഥന്യഗ്രാമത്തിലെ ലാജർ
2 എന്നു ഒരുത്തൻ രോഗിയായിരുന്നു. ലാജർ എന്ന രോഗിയായ സഹോ
ദരൻ ഉള്ള മറിയ എന്നവളൊ (പിന്നേതിൽ) കൎത്താവെ, തൈലം കൊ
ണ്ടു അഭിഷേകം ചെയ്തു; തലമുടികൊണ്ടു അവന്റെ കാലുകളെ തുടച്ചു
3 കൊണ്ടവൾ തന്നെ (12, 2.) ആ സഹോദരിമാർ അവന്റെ അടുക്കെ ആ
ളയച്ചു: കൎത്താവെ, കണ്ടാലും നിണക്കു പ്രിയനായവൻ രോഗിയായി
4 എന്നു പറയിച്ചു. യേശു കേട്ടിട്ടു: ഈ രോഗം മരണത്തിലേക്കല്ല; ദേവതേ
ജസ്സിന്നത്രെ ആകുന്നതു, ദേവപുത്രനു അതിനാൽ തേജസ്സു വരുവാൻ തന്നെ
5 എന്നു പറഞ്ഞു. യേശുവൊ, മൎത്ഥയേയും സഹോദരിയേയും ലാജരേയും
6 സ്നേഹിക്കുന്നവൻ തന്നെ. അതുകൊണ്ടു, അവൻ രോഗിയായതു കേട്ടിട്ടു
7 അന്നിരിക്കുന്ന സ്ഥലത്തിൽ രണ്ടു നാൾ പാർത്താറെയും, അതിൽ പിന്നെ
ശിഷ്യരോടു: നാം തിരികെ യഹൂദയിലേക്കു ചെല്ലുക എന്നു പറയുന്നു.
8 ശിഷ്യന്മാർ അവനോടു: റബ്ബീ, യഹൂദർ നിന്നെ ഇപ്പോൾ തന്നെ കല്ലെ
റിവാൻ ഭാവിച്ചിട്ടും, നീ തിരികെ അവിടെ പോകുന്നുവൊ? എന്നു പറ
9 യുന്നു. യേശു ഉത്തരം ചൊല്ലിയതു: പകലിന്നു പന്ത്രണ്ടു മണിനേരം ഇല്ല
യൊ? താൻ പകലിൽ നടന്നാൽ ഈ ലോകത്തിൻ വെളിച്ചം കാണുന്ന
10 തു കൊണ്ടു ഇടറുന്നില്ല; രാത്രിയിൽ നടക്കുന്നു എങ്കിലൊ തന്നോടു വെ
11 ളിച്ചം ഇല്ലായ്കകൊണ്ടു ഇടറുന്നുണ്ടു എന്നു പറഞ്ഞിട്ടു: നമ്മുടെ പ്രിയ
നായ ലാജർ നിദ്രപ്രാപിച്ചിരിക്കുന്നു എങ്കിലും, അവന്റെ ഉറക്കു ഒഴി
പ്പാൻ ഞാൻ യാത്രയാകുന്നു എന്നു അവരോടു പറയുന്നു. അതുകൊണ്ടു
12 അവന്റെ ശിഷ്യന്മാർ: കൎത്താവെ, നിദ്രപ്രാപിച്ചു എങ്കിൽ, അവൻ രക്ഷ
13 പെടും എന്നു പറഞ്ഞു. യേശു അവന്റെ മരണത്തെ ഉദ്ദേശിച്ചു പറഞ്ഞതൊ

ഉറക്കിന്റെ നിദ്രയെ സൂചിപ്പിച്ചപ്രകാരം അവർക്കു തോന്നിപോ
14 യി. അപ്പോൾ, യേശു അവരോട് സ്പഷ്ടമായി പറഞ്ഞു: ലാജർ മരിച്ചു:
15 ഞാൻ അവിടെ ഇല്ലായ്കകൊണ്ടു, നിങ്ങളുടെ നിമിത്തം നിങ്ങൾ വി
ശ്വസിക്കും എന്നു വെച്ചത്രെ. ഞാൻ സന്തോഷിക്കുന്നു എന്നാൽ നാം അ
16 വന്റെ അടുക്കെ ചെല്ലുക. എന്നാറെ, ഇരട്ട എന്നർത്ഥമുള്ള തോമാ കൂട്ട
ശിഷ്യരോട്: നാമും അവനോട് ഒന്നിച്ചു മരിപ്പാൻ പോക എന്നു പറഞ്ഞു.
17 പിന്നെ യേശു എത്തിയപ്പോൾ, അവനെ കല്ലറയിൽ ആക്കിയതു നാലു
18 നാളായി എന്നു കേട്ടു. ബെത്ഥന്യയൊ, യരുശലേമിന്നരികെ ഏകദേശം
19 പതിനഞ്ചു സ്താദി (2 നാഴിക) ദൂരത്തിലത്രെ. ആ യഹൂദരിൽ പലരും മ
ർത്ഥ, മറിയ എന്നവരെ സഹോദരനെ ചൊല്ലി, സാന്ത്വനം ചെയ്യേണ്ടതി
20 ന്ന് അവരുടെ സമീപെ വന്നിരുന്നു. യേശു വരുന്നപ്രകാരം മർത്ഥ കേട്ട
ഉടനെ അവനെ എതിരേറ്റു; മറിയ വീട്ടിൽ തന്നെ ഇരുന്നു. മർത്ഥ യേശു
21 വോടു പറഞ്ഞു: കർത്താവെ, നീ ഇവിടെ ആയി എങ്കിൽ, എന്റെ സ
22 ഹോദരൻ മരിക്കയില്ലായിരുന്നു; ഇപ്പൊഴും നീ ദൈവത്തോടു എന്തെല്ലാം
23 ചോദിച്ചാലും ദൈവം നിണക്കു തരും എന്നറിയുന്നു. യേശു അവളോടു
24 പറയുന്നു: നിന്റെ സഹോദരൻ വീണ്ടും എഴുനീല്ക്കും. മർത്ഥ അവനോടു
പറയുന്നു: അവൻ ഒടുക്കത്തെ നാളിലെ പുനരുത്ഥാനത്തിൽ എഴുനീല്ക്കും
25 എന്നു അറിയുന്നു. യേശു അവളോടു പറഞ്ഞു: ഞാനേ പുനരുത്ഥാനവും,
ജീവനും ആകുന്നു; എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും.
26 ജീവിച്ചിരുന്നു, എങ്കൽ വിശ്വസിക്കുന്നവൻ എല്ലാം എന്നേക്കും മരിക്കയും
27 ഇല്ല; ഇതിനെ വിശ്വസിക്കുന്നുവൊ? അവനോടു അവൾ പറയുന്നു: അ
തെ കർത്താവെ, ലോകത്തിൽ വരേണ്ടുന്ന ദേവപുത്രനായ മശീഹ നീ എന്നു
28 ഞാൻ വിശ്വസിച്ചിരിക്കുന്നു. എന്നു ചൊല്ലീട്ടു പോയി, തന്റെ സഹോദ
രിയായ മറിയയെ ഗൂഢമായി വിളിച്ചു, ഗുരു വന്നു നിന്നെ വിളിക്കുന്നു എ
29 ന്നു അറിയിച്ചു. അവൾ കേട്ട ഉടനെ വേഗം എഴുനീറു അവന്റെ അടുക്കെ
30 വരുന്നു, യേശുവൊ ഗ്രാമത്തിൽ ചെല്ലാതെ, മർത്ഥ അവനെ എതിരേറ്റ സ്ഥ
31 ലത്തിൽ തന്നെ നിന്നിരുന്നു. വീട്ടിൽ അവളെ സാന്ത്വനം ചെയ്തു. കൂടെ
പാർക്കുന്ന യഹൂദന്മാർ മറിയ വേഗം എഴുനീറു പുറപ്പെടുന്നതു കണ്ടിട്ടു,
32 അവൾ കല്ലറെക്കു കരവാൻ പോകുന്നു എന്നു ചൊല്ലി പിഞ്ചെന്നു. മറിയ
യൊ, യേശു ഉള്ളേടത്തു എത്തി, അവനെ കണ്ടിട്ടു, അവന്റെ കാല്ക്കൽ
വീണു: കർത്താവെ, നീ ഇവിടെ ആയി എങ്കിൽ, എന്റെ സഹോദരൻ
33 മരിക്കയില്ലായിരുന്നു എന്നു പറഞ്ഞു. അതുകൊണ്ടു അവൾ കരയുന്നതും
അവളോടു ഒന്നിച്ചു വന്ന യഹൂദന്മാർ കരയുന്നതും യേശു കണ്ടാറെ, ആത്മാ
34 വിൽ ഈറിക്കൊണ്ടു കലങ്ങീട്ടു: അവനെ എവിടെ വെച്ചു? എന്നു ചോദിച്ചു:
35 കർത്താവെ, വന്നുകാൺക എന്നു അവർ അവനോടു പറയുന്നു. യേശു കണ്ണീർ
വാർത്തു. ആകയാൽ, യഹൂദന്മാർ: കണ്ടൊ അവനിൽ എത്ര പ്രിയംഭാവിച്ചു
36 എന്നു പറഞ്ഞു. അതിൽ ചിലർ: കുരുടന്റെ കണ്ണുകളെ തുറന്നവൻ ഇവനെ
37 മരിക്കാതാക്കുവാനും കഴിഞ്ഞില്ലയൊ? എന്നു പറഞ്ഞു. യേശു പിന്നെയും
38 ഉള്ളിൽ ഈറിക്കൊണ്ടു, കല്ലറെക്കു ചെന്നു; അതൊ കല്ലു മുഖത്തു അടെച്ചു
39 കിടക്കുന്ന ഗുഹ തന്നെ. യേശു പറയുന്നു: കല്ലിനെ നീക്കുവിൻ! എന്നതി
ന്നു, കഴിഞ്ഞവന്റെ സഹോദരിയായ മർത്ഥ: കർത്താവെ, നാറ്റം വെച്ചു
തുടങ്ങി; നാലാം നാളായല്ലൊ! എന്നു പറയുന്നു. അവളോടു യേശു പറയു
40 ന്നു: നീ വിശ്വസിച്ചു എങ്കിൽ, ദൈവത്തിൻ തേജസ്സുകാണും എന്നു നി
41 ന്നോടു ചൊല്ലീട്ടില്ലയൊ? എന്നാറെ, മരിച്ചവനെ കിടത്തിയതിൽനിന്നു
കല്ലിനെ നീക്കിയപ്പോൾ, യേശു കണ്ണുകളെ ഉയർത്തി: പിതാവെ, നീ
42 എന്നെ കേട്ടതുകൊണ്ടു നിന്നെ വാഴ്ത്തുന്നു. നീ എപ്പോഴും എന്നെ കേൾ
ക്കുന്നു എന്നറിഞ്ഞു എങ്കിലും നീ എന്നെ അയച്ചതു ഇവർ വിശ്വസിക്കേ
ണ്ടതിന്നു ചുറ്റും നില്ക്കുന്ന പുരുഷാരത്തിൻ നിമിത്തം ഞാൻ പറഞ്ഞു.

43 എന്നു ചൊല്ലിയശേഷം: ലാജരെ! പുറത്തുവാ! എന്നു മഹാശബ്ദത്തോടെ
44 വിളിച്ചു. ഉടനെ മരിച്ചവൻ കൈകാലുകളും ശീലകളാൽ കെട്ടപ്പെട്ടും, മുഖം
രുമാൽകൊണ്ടു മൂടീട്ടും പുറത്തുവന്നു: അവനെ കെട്ടഴിച്ചു പോകുവാൻ വിടു
വിൻ! എന്നു യേശു അവരോടു കല്പിക്കയും ചെയ്തു.
45 അതുകൊണ്ടു മറിയയുടെ വന്ന യഹൂദരിൽ പലരും അവൻ ചെയ്തത്
46 കണ്ടിട്ട് അവങ്കൽ വിശ്വസിച്ചു. ചിലരൊ, പരീശരുടെ അടുക്കെ പോ
യി, യേശു ചെയ്തത് അവരോട് ബോധിപ്പിച്ചു. ആകയാൽ, മഹാപു
47 രോഹിതരും പരീശന്മാരും സംഘം കൂടി: ആ മനുഷ്യൻ വളരെ അടയാള
48 ങ്ങളെ ചെയ്യുന്നതുകൊണ്ടു, നാം എന്തു വേണ്ടു? അവനെ ഇങ്ങിനെ വിട്ടേ
ച്ചാൽ, എല്ലാവരും അവങ്കൽ വിശ്വസിക്കും രോമക്കാരും വന്നു, നമ്മുടെ
49 സ്ഥലവും വംശവും മുടിക്കും എന്നു പറഞ്ഞു. അവരിൽ ഒരുത്തനായ കയഫാ
എന്ന ആ വർഷത്തെ മഹാപുരോഹിതനൊ, അവരോട് ചൊല്ലിയതു:
50 നിങ്ങൾ ഒന്നും അറിയുന്നില്ല: വംശം എല്ലാം നശിച്ചു പോകാതവണ്ണം ഒരു
മനുഷ്യൻ ജനത്തിന്നു വേണ്ടി മരിക്കുന്നതു നമുക്ക് ഉപകാരം എന്നു വിചാ
51 രിക്കുന്നതും ഇല്ല. എന്ന് അവരോട് പറഞ്ഞതു: സ്വമേധയാലല്ല; ആ വ
ർഷത്തെ മഹാപുരോഹിതനായതു; അവൻ യേശു ജനത്തിന്നു വേണ്ടി മരി
52 പ്പാനുള്ളതു പ്രവചിച്ചു. ജനത്തിന്നു വേണ്ടി മാത്രവും അല്ല; ചിതറിയിരി
53 ക്കുന്ന ദേവമക്കളെ ഒന്നിലേക്ക് ചേർത്തുകൊൾവാൻ (മരിപ്പാനുള്ളതു) തന്നെ.
54 എന്നാറെ, അന്നുമുതൽ അവനെ കൊല്ലുവാൻ തങ്ങളിൽ നിരൂപിച്ചു. അതു
കൊണ്ടു യേശു യഹൂദരുടെ ഇടയിൽ പിന്നെ പ്രസിദ്ധനായി നടക്കാതെ,
അവിടം വിട്ടു, മരുഭൂമിക്കരികിൽ എഫ്രയീം എന്ന ദേശത്തിൽ വാങ്ങി,
55 ശിഷ്യരുമായി അവിടെ പാർത്തു. യഹൂദരുടെ പെസഹ അടുത്തിരിക്കയാൽ
പലരും തങ്ങൾക്കു ശുദ്ധിവരുത്തുവാൻ പെസഹെക്കു മുമ്പെ നാടുവിട്ടു, യരു
56 ശലേമിലേക്ക് കരേറി. യേശുവെ അന്വേഷിച്ചും ദേവാലയത്തിൽ നിന്നു
മ്പോൾ: നിങ്ങൾക്ക് എങ്ങിനെ തോന്നുന്നു? അവൻ പെരുനാൾക്കു വരിക
57 ഇല്ലയൊ? എന്നു തങ്ങളിൽ പറഞ്ഞും കൊണ്ടിരുന്നു. മഹാപുരോഹിതരും
പരീശന്മാരും: ആകട്ടെ, അവൻ ഉള്ള സ്ഥലം ആർ അറിഞ്ഞാലും, അവനെ
പിടിച്ചുകൂടേണ്ടതിന്നു ബോധിപ്പിക്കേണം എന്നു കല്പന കൊടുത്തിരുന്നു.

12. അദ്ധ്യായം

ബെഥന്യയിലെ അഭിഷേകം [മത്താ. 26. മാ. 14], (9) യരുശലേമി
ലെ പ്രവേശം [മത്ത. 21. മാ. 11. ലൂ. 19.], (20) യവനന്മാരുടെ സന്ദ
ർശനവും അന്ത്യപ്രസംഗവും, (37) യഹൂദരുടെ മനഃകാഠിന്യം.

1 **ചത്തുകിടന്ന** ശേഷം യേശു മരിച്ചവരിൽനിന്ന് ഉണർത്തിയ ലാജർ ഉള്ള
2 ബെഥന്യയിൽ (യേശു) പെസഹെക്കു ആറുനാൾ മുമ്പെ വന്നാറെ, അവ
ന് അവിടെ അത്താഴം ഉണ്ടാക്കി, മർത്ഥ ശുശ്രൂഷ ചെയ്തു; അവനോടുകൂടെ
3 ചാരിക്കൊണ്ടവരിൽ ലാജരും ചേർന്നിരുന്നു. അപ്പോൾ, മറിയ വില
യേറിയ ജടാമാംസിതൈലം ഒരു റാത്തൽ എടുത്തു, യേശുവിന്റെ കാലു
കളിൽ പൂശി കാലുകളെ തന്റെ തലമുടികൊണ്ടു തുവർത്തി; തൈലത്തി
4 ന്റെ സൌരഭ്യം വീട്ടിൽ നിറകയും ചെയ്തു. അതിന്ന് അവന്റെ ശിഷ്യ
രിൽ ഒരുത്തനായി, അവനെ കാണിച്ചുകൊടുപ്പാനുള്ള യൂദാ, ഇസ്കര്യോ
5 താ എന്ന ശിമോന്റെ മകൻ പറയുന്നു:ഈ തൈലം മുന്നൂറു ദ്രഹ്മെക്കു വിറ്റു,
6 ദരിദ്രർക്കു കൊടുക്കാഞ്ഞത് എന്തിന്നു? എന്നു ദരിദ്രരെ വിചാരം ഉണ്ടായി
ട്ടല്ല; കള്ളനായി പണപ്പെട്ടിയെ സൂക്ഷിച്ചും, അതിൽ ഇടുന്നതു എടുത്തും
7 കൊണ്ടിട്ടത്രെ പറഞ്ഞതു. ആകയാൽ യേശു: ഇവളെ വിടു; എന്നെ കുഴി
8 ച്ചിടുന്നനാൾക്കായിട്ട് ഇതിനെ സംഗ്രഹിച്ചിരുന്നു. ദരിദ്രർ നിങ്ങൾക്ക്

എല്ലായ്പൊഴും അടുക്കെ ഉണ്ടെല്ലൊ; ഞാൻ എല്ലായ്പൊഴും അല്ല താനും
എന്നു പറഞ്ഞു.
9 എന്നാറെ, അവൻ അവിടെ ഉള്ളപ്രകാരം അറിഞ്ഞിട്ടു, യഹൂദരുടെ വ
ലിയ കൂട്ടം യേശുവെ തന്നെ അല്ല: അവൻ മരിച്ചവരിൽനിന്ന് ഉണൎത്തിയ
10 ലാജരേയും കാൺമാൻവന്നു. അവൻ ഹേതുവായിട്ട്, അനേകം യഹൂദൻ
11 മാർ പോയി, യേശുവിൽ വിശ്വസിക്കയാൽ, ലാജരേയും കൊല്ലേണം
12 എന്നു മഹാപുരോഹിതർ നിരൂപിക്കയും ചെയ്തു. പെരുനാൾക്കു വന്നൊരു
13 വലിയ പുരുഷാരം യേശു യരുശലേമിൽ വരുന്നത് അറിഞ്ഞു; പിറെ
ന്നാൾ ഈത്തപ്പനകളുടെ മട്ടൽ എടുത്തുംകൊണ്ട് അവനെ എതിരേല്പാൻ
പുറപ്പെട്ടുപോയി: ഹൊശന്ന ഇസ്രയേലിൻ രാജാവായി (സങ്കീ. 118,
25.) കൎത്താവിൻനാമത്തിൽ വരുന്നവൻ വാഴ്ത്തപ്പെട്ടവനാക! എന്ന് ആ
14 ൎത്തുകൊണ്ടിരുന്നു. യേശു ചെറിയ കഴുതയെ കണ്ടിട്ട് അതിന്മേൽ കയറി
15 ഇരുന്നു. (ജക. 9, 9.) ചിയോൻപുത്രി, ഭയപ്പെടായ്ക! കണ്ടാലും നി
ന്റെ രാജാവ് കഴുതക്കുട്ടിപ്പുറത്തു കയറികൊണ്ടു വരുന്നു എന്ന് എഴുതിയി
16 രിക്കുന്നപ്രകാരം തന്നെ. ആയത് അവന്റെ ശിഷ്യന്മാർ ആദിയിൽ അറി
യാഞ്ഞു; യേശുവിന്നു തേജസ്കരണം ആയ ശേഷം അവനെ കുറിച്ച് ഇ
ത് എഴുതിക്കിടന്നു എന്നും തങ്ങൾ അവനോട് ഇന്നത് ചെയ്തു എന്നും
17 ഓർമ്മ ഉണ്ടായി. അന്ന് അവനോട്കൂടി വന്ന സമൂഹമൊ, അവൻ ലാ
ജരെ കല്ലറയിൽനിന്നു വിളിച്ചു. മരിച്ചവരിൽനിന്ന് ഉണൎത്തി എന്നു
18 സാക്ഷ്യം ചൊല്ലികൊണ്ടിരുന്നു. അതുകൊണ്ട് ഈ അടയാളം ചെയ്തപ്ര
19 കാരം പുരുഷാരം കേട്ടിട്ടു, അവനെ എതിരേറ്റുകൂടി. പരീശർ; നമുക്ക്
ഏതും ഫലിക്കുന്നില്ല എന്നു കണ്ടുവൊ? ഇതാ ലോകം അവന്റെ പിന്നാ
ലെ ആയ്പൊയി! എന്നു തങ്ങളിൽ പറകയും ചെയ്തു.
20 പെരുനാളിൽ കുമ്പിടുവാൻ കയറിവരുന്നവരിൽ (അന്നു) ചില യവനൻ
21 മാർ ഉണ്ടായിരുന്നു. ആയവർ ഗലീലയിലെ ബെഥ്ചൈദക്കാരനായ ഫി
ലിപ്പനെ ചെന്നുകണ്ടു: യജമാന, ഞങ്ങൾക്കു യേശുവിനെ കാൺമാൻ മന
22 സ്സുണ്ടു എന്നു ചോദിച്ചു. ഫിലിപ്പൻ വന്ന് അന്ദ്രെയാവിനോട് പറയുന്നു:
പിന്നെ അന്ദ്രെയാവും, ഫിലിപ്പനും യേശുവിനോടു പറയുന്നു: അതിന്ന്
23 യേശു ഉത്തരം ചൊല്ലിയതു: മനുഷ്യപുത്രനു തേജസ്കരണം ഉണ്ടാവാനുള്ള
24 നാഴികവന്നു. ആമെൻ ആമെൻ ഞാൻ നിങ്ങളോടു പറയുന്നു, കോതമ്പമ
ണി ഭ്രമിയിൽ വീണു ചത്താൽ ഒഴികെ തനിയെ വസിക്കുന്നുള്ളു; ചത്തു
25 എങ്കിലൊ വളരെ ഫലം ഉണ്ടാകുന്നു. തന്റെ ദേഹിയെ സ്നേഹിക്കുന്നവൻ
അതിനെ കളയും; ഇഹലോകത്തിൽ തന്റെ ദേഹിയെ പകെക്കുന്നവൻ
26 അതിനെ നിത്യജീവനോളം സൂക്ഷിക്കും (ലൂക്ക. 9, 24.) ആരാനും എന്നെ
ശുശ്രൂഷചെയ്താൽ അവൻ എന്നെ അനുഗമിക്ക! പിന്നെ ഞാൻ എവിടെ ആ
യാലും, അവിടെ എന്റെ ശുശ്രൂഷക്കാരനും ഇരിക്കും; ആർ എന്നെ ശുശ്രൂ
27 ഷചെയ്താൽ അവനെ പിതാവ് മാനിക്കും. ഇപ്പോൾ, എൻദേഹി, കല
ങ്ങി ഇരിക്കുന്നു; പിന്നെ ഞാൻ എന്തുപറവു? പിതാവെ, ഈ നാഴികയിൽ
28 നിന്ന് എന്നെ രക്ഷിക്കേണമെ! എങ്കിലും ഇതിൻനിമിത്തം ഈ നാഴിക
യിൽ വന്നുവല്ലൊ. പിതാവെ, നിൻനാമത്തെ തേജസ്കരിക്കേണമെ! എന്ന
തുകൊണ്ടു, ഞാൻ തേജസ്കരിച്ചു, തേജസ്കരിക്കയും ചെയ്യും എന്നു വാനത്തിൽ
29 നിന്ന് ഒരു ശബ്ദം ഉണ്ടായി. അതുകേട്ടിട്ടു, നില്ക്കുന്ന പുരുഷാരം, ഇടി
ഉണ്ടായി എന്നു പറഞ്ഞു: മറ്റൊവർ ഒരു ദൂതൻ അവനോട് അരുളിച്ചെയ്തു
30 എന്നു പറഞ്ഞു; യേശു ഉത്തരം ചൊല്ലിയതു: ഈ ശബ്ദം എൻ നിമി
ത്തമല്ല, നിങ്ങൾ നിമിത്തമത്രെ ഉണ്ടായതു: ഇപ്പോൾ ഈ ലോകത്തി
31 ന്റെ ന്യായവിധി ആകുന്നു: ഇപ്പോൾ ഈ ലോകപ്രഭു പുറത്തു കളയപ്പെ
32 ടും. ഞാനും ഭ്രമിയിൽനിന്ന് ഉയൎത്തപ്പെട്ടു എങ്കിൽ എല്ലാവരെയും എങ്ക
33 ലേക്കു വലിച്ചുകൊള്ളും. എന്നത് കൊണ്ട് താൻ ചാവാനുള്ളമരണവിധം

34 ഇന്നത് എന്ന് സൂചിപ്പിച്ചതു. പുരുഷാരം അവനോട്: മശീഹ എ
ന്നേക്കും വസിക്കുന്നപ്രകാരം ഞങ്ങൾ വേദത്തിൽനിന്നു (ദാനി. 7, 14.)
കേട്ടു: പിന്നെ മനുഷ്യപുത്രൻ ഉയർത്തപ്പെടേണ്ടത് എന്നു നീ എങ്ങിനെ
പറയുന്നു? ആ മനുഷ്യപുത്രൻ ആരുപോൽ? എന്ന് ഉത്തരം പറഞ്ഞാറെ,
35 യേശു അവരോട് ചൊല്ലിയതു: ഇനി കുറയ കാലം വെളിച്ചം നിങ്ങളിൽ
ഇരിക്കുന്നു; ഇരുൾ നിങ്ങളെ പിടിച്ചുകളയാതവണ്ണം നിങ്ങൾക്ക് വെളി
ച്ചം ഉള്ളളവു നടന്നു കൊൾവിൻ! ഇരുളിൽ നടക്കുന്നവൻ എവിടെ പോകുന്നു
36 എന്നറിയുന്നില്ലല്ലൊ! നിങ്ങൾക്കു വെളിച്ചം ഉള്ളെടം വെളിച്ചത്തിൻ മക്കൾ
ആകേണ്ടതിന്നു, വെളിച്ചത്തിൽ വിശ്വസിപ്പിൻ! എന്നു യേശു അരുളിച്ചെ
യ്തു വാങ്ങിപ്പോയി; അവരിൽനിന്ന് ഒളിച്ചുകൊൾകയും ചെയ്തു.
37 ഇത്ര അടയാളങ്ങളെ അവർ കാൺകെ, ചെയ്താറെയും അവനിൽ വി
38 ശ്വസിക്കാത്തതു. യശയ്യാപ്രവാചകൻ (53, 1.) കർത്താവെ, ഞങ്ങൾ കേൾ
പിക്കുന്നത് ആർ വിശ്വസിച്ചു? യഹോവാഭുജം ആർക്കു വെളിപ്പെട്ടു എന്നു
39 പറഞ്ഞ വചനം പൂരിപ്പാൻ തന്നെ. യശയ്യാ പിന്നെയും: (6, 9.) അവരു
ടെ കണ്ണുകളെ അവൻ കുരുടാക്കി, ഹൃദയത്തെ തടിപ്പിച്ചിരിക്കുന്നത് അ
വർ കണ്ണുകൊണ്ടു കാണാതെയും, ഹൃദയംകൊണ്ടു ബോധിക്കാതെയും, മനം
തിരിയാതെയും, ഞാൻ അവരെ സൌഖ്യമാക്കാതെയും ഇരിപ്പാൻ തന്നെ.
40 എന്നു പറഞ്ഞതിനാൽ അവർക്കു വിശ്വസിച്ചുകൂടാഞ്ഞതു. ആയതു യശയ്യാ
41 അവന്റെ തേജസ്സ് കണ്ടിട്ട് അവനെകൊണ്ട് ഉരെച്ചപ്പോൾ തന്നെ പറ
42 ഞ്ഞതു. എന്നിട്ടും പ്രമാണികളിലും അനേകർ അവനിൽ വിശ്വസിച്ചു
എങ്കിലും, പള്ളിഭ്രഷ്ടർ ആകായ്വാൻ പരീശർ ഹേതുവായി ഏറ്റു പറ
43 ഞ്ഞിട്ടില്ല; കാരണം അവർ ദേവതേജസ്സിലും മനുഷ്യതേജസ്സെ ഏറ്റം സ്നേ
44 ഹിച്ചു. യേശു വിളിച്ചുപറഞ്ഞത്: എങ്കിലൊ എന്നിൽ വിശ്വസിക്കുന്ന
45 വൻ എന്നിലല്ല, എന്നെ അയച്ചവനിൽ വിശ്വസിക്കുന്നു. എന്നെ കാണു
46 ന്നവൻ എന്നെ അയച്ചവനെ കാണുന്നു. ഞാൻ വെളിച്ചമായി ലോക
ത്തിൽ വന്നത്, എങ്കൽ വിശ്വസിക്കുന്നവൻ ആരും ഇരുളിൽ വസിക്കാ
47 യ്വാൻ തന്നെ. എന്റെ മൊഴികളും ആർ കേട്ടു വിശ്വസിക്കാതെ പോ
യാൽ, ഞാൻ അവനു ന്യായം വിധിക്കുന്നില്ല; കാരണം ലോകത്തിനു
വിധിപ്പാനല്ല, ലോകത്തെ രക്ഷിപ്പാനത്രെ; ഞാൻ വന്നതു, എന്റെ മൊ
48 ഴികളെ കൈക്കൊള്ളാതെ, എന്നെ തള്ളുന്നവനു ന്യായം വിധിക്കുന്നവൻ
ഉണ്ടു; ഞാൻ പറഞ്ഞവചനം ഒടുക്കത്തെ നാളിൽ അവനു ന്യായം വിധി
49 ക്കും. എങ്ങിനെ എന്നാൽ, ഞാൻ സ്വയമായി ഉരിയാടാതെ, എന്നെ അ
യച്ച പിതാവായവൻ ഇന്നതു പറവാനും ഇന്നത് സംസാരിപ്പാനും എനി
50 ക്ക് കല്പന തന്നു. അവൻ കല്പിച്ചതു നിത്യജീവൻ എന്നു ഞാൻ അറിയുന്നു,
ആകയാൽ ഞാൻ സംസാരിക്കുന്നവ പിതാവ് എന്നോട് ഉരെച്ചപ്രകാരമ
ത്രെ സംസാരിക്കുന്നു.

13. അദ്ധ്യായം

യേശു ശിഷ്യർക്കു കാൽകഴുകി, (12) ഉപദേശിച്ചു, (21) യൂദാവിൻ ദ്രോ
ഹവും, (31) സ്വമരണത്താലെ പുതിയ കല്പനയും, (36) പേത്രന്റെ വീഴ്ച
യും അറിയിച്ചതു [മത്താ. 26. മാ. 14. ലൂ. 22.]

1 പെസഹ പെരുനാൾക്കു മുമ്പെ യേശു ലോകത്തിൽ തനിക്കുള്ളവരെ
സ്നേഹിച്ചശേഷം ഈ ലോകം വിട്ടു, പിതാവിന്നരികിൽ പോകുവാനുള്ള
2 നാഴികവന്നു എന്നറിഞ്ഞു; അവസാനത്തേക്കും അവരെ സ്നേഹിച്ചു. അവനെ
കാണിച്ചുകൊടുക്കേണം എന്നതു ശിമോന്യനായ യൂദാഇസ്കര്യോതാവിന്റെ
ഹൃദയത്തിൽ പിശാച് തോന്നിച്ചതിൽ പിന്നെ അത്താഴം തുടങ്ങും നേരം,

3 പിതാവ് തനിക്കു സകലവും കൈക്കൽ തന്നു എന്നും, താൻ ദൈവത്തിൽനി
ന്നു പുറപ്പെട്ടു വന്നു എന്നും, ദൈവത്തിന്നടുക്കെ ചെല്ലുന്നുഎന്നും യേശു അറി
4 ഞ്ഞിട്ടും, അത്താഴത്തിൽനിന്നു് എഴുനീറു, വസ്ത്രങ്ങളെ ഊരിവെച്ചു, ശീല
5 എടുത്തു, തന്റെ അരെക്കുകെട്ടി, പാത്രത്തിൽ വെള്ളം ഒഴിച്ചു ശിഷ്യരുടെ കാ
ലുകളെ കഴുകുവാനും അരെക്കു കെട്ടിയ ശീലകൊണ്ടു തുവർത്തുവാനും തുടങ്ങി.
6 പിന്നെ ശിമോൻപേത്രനടുക്കെ വരുമ്പോൾ: കർത്താവെ, നീ എന്റെ കാലു
7 കളെ കഴുകയൊ? എന്നു് അവൻ പറഞ്ഞതിന്നു: ഞാൻ ചെയ്യുന്നതിനെ നീ
ഇന്നു് അറിയുന്നില്ല; ഇതിൽ പിന്നെ അറിയും താനും എന്നു് ഉത്തരം ചൊ
8 ല്ലിയശേഷം: നീ എന്നും എന്റെ കാലുകളെ കഴുകയില്ല എന്നു പേത്രൻ
പറയുന്നു. യേശു ഉത്തരം ചൊല്ലിയതു: ഞാൻ നിന്നെ കഴുകാഞ്ഞാൽ നി
9 ണക്കു് എന്നിൽ പങ്കു് ഇല്ല. എന്നാറെ, ശിമോൻപേത്രൻ: കർത്താവെ,
10 എൻ കാലുകളും മാത്രമല്ല, കൈകളും തലയും കൂടെ എന്നു പറയുന്നു. യേശു
അവനോടു: കുളിച്ചിരിക്കുന്നവനു് കാലുകളും അല്ലാതെ, കഴുകുവാൻ ആവ
ശ്യം ഇല്ല; സർവ്വാംഗം ശുദ്ധനാകുന്നു: നിങ്ങളും ശുദ്ധരാകുന്നു; എല്ലാവരും
11 അല്ലതാനും എന്നു പറയുന്നു. തന്നെ കാണിച്ചു കൊടുക്കുന്നവനെ അറികകൊ
ണ്ടത്രെ എല്ലാവരും ശുദ്ധരല്ല എന്നു പറഞ്ഞതു.
12 അവരുടെ കാലുകളെ കഴുകീട്ടു, തന്റെ വസ്ത്രങ്ങളെ ധരിച്ചശേഷം അവൻ
പിന്നെയും ചാരികൊണ്ടു് അവരോടു് പറഞ്ഞിതു: നിങ്ങളോടു് ചെയ്തതു്
13 ബോധിക്കുന്നുവൊ? നിങ്ങളും എന്നെ ഗുരുവെന്നും കർത്താവെന്നും വിളിക്കു
14 ന്നു; ഞാൻ അപ്രകാരം ആകയാൽ, നന്നായി ചൊല്ലുന്നു. കർത്താവും ഗുരുവുമാ
യ ഞാൻ നിങ്ങളുടെ കാലുകളെ കഴുകി എങ്കിൽ, നിങ്ങളും തമ്മിൽ തമ്മിൽ
15 കാലുകളെ കഴുകേണ്ടതു. ഞാൻ നിങ്ങളോടു് ചെയ്തപ്രകാരം നിങ്ങളും ചെ
യ്വേണ്ടതിന്നല്ലൊ, ഞാൻ നിങ്ങൾക്കു് ദൃഷ്ടാന്തം തന്നതു. ആമെൻ ആമെൻ
16 ഞാൻ നിങ്ങളോടു ചൊല്ലുന്നിതു: തന്റെ കർത്താവിനേക്കാളും ദാസൻ വലി
17 യതല്ല; തന്നെ അയച്ചവനേക്കാളും ദൂതനും വലിയതല്ല (മത്താ. 10, 24.)
18 ഇവ നിങ്ങൾ അറിയുന്നു എങ്കിൽ, ചെയ്താൽ ധന്യർ ആകുന്നു. നിങ്ങളെ എ
ല്ലാവരേയും ചൊല്ലുന്നില്ല; ഞാൻ തെരിഞ്ഞെടുത്തവരെ അറിയുന്നു എ
ന്നാൽ (സങ്കീ. 41, 10.) എന്നോടു കൂടെ അപ്പം തിന്നുന്നവൻ എന്റെ നേ
രെ മടമ്പു് ഉയർത്തി എന്നുള്ള തിരുവെഴുത്തിന്നു പൂർത്തിവരേണ്ടിയിരുന്നു.
19 അതു സംഭവിക്കും മുമ്പെ ഞാൻ ഇന്നു നിങ്ങളോടു പറയുന്നതു: സംഭവി
ച്ചാൽ ഞാൻ തന്നെ ആകുന്നു, എന്നു നിങ്ങളും വിശ്വസിപ്പാനായി തന്നെ.
20 ആമെൻ ആമെൻ ഞാൻ നിങ്ങളോടു് ചൊല്ലുന്നിതു: ഞാൻ വല്ലപ്പോഴും അ
യച്ചവനെ കൈക്കൊള്ളുന്നവൻ എന്നെ കൈക്കൊള്ളുന്നു: എന്നെ കൈ
ക്കൊള്ളുന്നവൻ എന്നെ അയച്ചവനെ കൈക്കൊള്ളുന്നു (മത്താ. 10, 40.)
21 ഇവ പറഞ്ഞിട്ടു യേശു ആത്മാവിൽ കലങ്ങി: ആമെൻ ആമെൻ ഞാൻ
നിങ്ങളോടു് ചൊല്ലുന്നിതു. നിങ്ങളിൽ ഒരുത്തൻ എന്നെ കാണിച്ചു കൊടു
22 ക്കും എന്നു സാക്ഷിപറഞ്ഞു. ഇതു് ആരെകൊണ്ടു് പറഞ്ഞു എന്നു ശിഷ്യർ
23 മെരിണ്ടു തമ്മിൽ തമ്മിൽ നോക്കിനിന്നു. ശിഷ്യരിൽവെച്ചു് യേശു സ്നേ
24 ഹിക്കുന്ന ഒരുത്തൻ യേശുവിൻ മടിയോടു ചാരിക്കൊണ്ടിരിക്കെ, ശി
മോൻപേത്രൻ ആംഗികം കാട്ടി ഈ ചൊല്ലിയതു് ആരെകൊണ്ടു് പറക
25 എന്നു് അവനോടു് ചോദിക്കുന്നു. ആയവൻ യേശുവിൻ മാർവ്വിടത്തിൽ
(തല) ചരിച്ചു: കർത്താവെ, ആർ ആകുന്നു? എന്നു ചോദിച്ചതിന്നു യേശു:
26 ഞാൻ അപ്പഖണ്ഡം മുക്കികൊടുക്കുന്നവൻ തന്നെ എന്നു് ഉത്തരം പറഞ്ഞു.
27 ഖണ്ഡത്തെ മുക്കീട്ടു ശിമോന്യൻ യൂദാഇസ്കര്യോത്താവിന്നു കൊടുക്കുന്നു. ഖ
ണ്ഡം വാങ്ങിയശേഷം സാത്താൻ ഉടനെ അവനിൽ പ്രവേശിച്ചു; യേശു
അവനോടു്: നീ ചെയ്യുന്നതു് അതിവേഗത്തിൽ ചെയ്ക എന്നു പറകയും
28 ചെയ്തു. ആയതു് ഇന്നതിനെ ചൊല്ലീട്ടുള്ളപ്രകാരം ചാരി ഇരുന്നവരിൽ
29 ആരും അറിഞ്ഞില്ല. പണപ്പെട്ടി യൂദാവോടുള്ളതാകയാൽ, പെരുനാൾക്കു

നമുക്കു വേണ്ടുന്നത് മേടിക്ക എന്നൊ, ദരിദ്രർക്ക് ഏതാനും കൊടുക്ക എ
30 ന്നൊ, യേശു അവനോട്: കല്പിക്കുന്നപ്രകാരം ചിലർക്കു തോന്നി. അവ
നൊ ഖണ്ഡം വാങ്ങി ക്ഷണത്തിൽ പുറപ്പെട്ടുപോയി, അപ്പോൾ രാത്രി
ആയിരുന്നു.
31 അവൻ പുറപ്പെട്ടു പോയപ്പോൾ, യേശു പറയുന്നിതു: ഇപ്പോൾ മനുഷ്യ
പുത്രൻ തേജസ്കരിക്കപ്പെട്ടു; അവനിൽ ദൈവവും തേജസ്കരിക്കപ്പെട്ടു.
32 ദൈവം അവനിൽ തേജസ്കരിക്കപ്പെട്ടു എങ്കിൽ, ദൈവം അവനെ ത
ന്നിൽതന്നെ തേജസ്കരിക്കും പെട്ടന്നു തേജസ്കരിക്കയും ചെയ്യും.
33 പൈതങ്ങളെ ഇനി അല്പമാത്രമെ നിങ്ങളോടു ഇരിക്കുന്നുള്ളു: നിങ്ങൾ എ
ന്നെ അന്വേഷിക്കും, പിന്നെ ഞാൻ പോകുന്ന എടത്തു നിങ്ങൾക്കു വന്നു
കൂടാ എന്നു (7, 34.) യഹൂദരോടു: പറഞ്ഞപ്രകാരം ഇന്നു നിങ്ങളോടും
34 ചൊല്ലുന്നു. നിങ്ങൾ തമ്മിൽ സ്നേഹിക്കേണം എന്നു ഒരു പുതിയ കല്പന
നിങ്ങൾക്കു തരുന്നു, ഞാൻ നിങ്ങളെ സ്നേഹിച്ചതു പോലെ നിങ്ങളും ത
35 മ്മിൽ സ്നേഹിക്ക എന്നത്രെ. നിങ്ങൾക്കു അന്യോന്യം സ്നേഹം ഉണ്ടെങ്കിൽ,
അതുകൊണ്ടു നിങ്ങൾ എന്റെ ശിഷ്യർ എന്നു എല്ലാവർക്കും ബോധി
36 ക്കും. ശിമോൻ പേത്രൻ അവനോടു: കർത്താവെ, നീ എവിടെ പോകു
ന്നു? എന്നു പറയുന്നതിന്നു: ഞാൻ പോകുന്നതിലേക്കു നിണക്കു ഇപ്പോൾ,
അനുഗമിച്ചുകൂടാ; പിന്നേതിൽ നീ എന്നെ അനുഗമിക്കും താനും എന്നു യേ
37 ശു ഉത്തരം പറഞ്ഞു. പേത്രൻ അവനോടു: കർത്താവെ, ഇന്നു നിന്നെ അ
നുഗമിച്ചു കൂടാത്തതു എന്തുകൊണ്ടു? നിണക്കുവേണ്ടി എൻപ്രാണനെ വെച്ചു
38 കളയും എന്നു പറഞ്ഞാറെ, യേശു ഉത്തരം ചൊല്ലിയതു: നിൻപ്രാണനെ
എനിക്കുവേണ്ടി വെക്കുമൊ? ആമെൻ ആമെൻ ഞാൻ നിന്നോടു പറയുന്നു:
നീ മൂന്നുരു എന്നെ തള്ളിപറഞ്ഞു എന്നു വരുവോളത്തിന്നു കോഴി കൂവുക
യില്ല.

14. അദ്ധ്യായം

യേശു ശിഷ്യരെ ആശ്വസിപ്പിച്ചുകൊണ്ടു തന്റെ യാത്രയും, (8) പിതാ
വോടുള്ള ഐക്യവും, (12) ശിഷ്യർ വ്യാപരിപ്പാനുള്ളതും, (15) ആത്മാവെ
പ്രാപിപ്പതും, (22) തന്റെ പ്രത്യക്ഷതയും അറിയിച്ചു, (25) സലാം പറയു
ന്നതു.

1 നിങ്ങളുടെ ഹൃദയം കലങ്ങിപ്പോകായ്ക! ദൈവത്തിൽ വിശ്വസിപ്പിൻ!
2 എന്നിലും വിശ്വസിപ്പിൻ! എന്റെ പിതാവിൻ ഭവനത്തിൽ പല പാർപ്പി
ടങ്ങളും ഉണ്ടു, അല്ലാഞ്ഞാൽ ഞാൻ നിങ്ങളോടു പറയുമായിരുന്നു; ഞാൻ
3 നിങ്ങൾക്കു സ്ഥലം ഒരുക്കുവാൻ പോകുന്നു സത്യം. ഞാൻ പോയി നി
ങ്ങൾക്കു സ്ഥലം ഒരുക്കി എങ്കിൽ, ഞാൻ ഇരിക്കുന്നതിൽ നിങ്ങളും ഇരി
ക്കേണ്ടതിന്നു പിന്നെയും വന്നു, നിങ്ങളെ എന്നോടു ചേർത്തുകൊള്ളും. ഞാൻ
4 പോകുന്ന ഇടത്തെ നിങ്ങൾ അറിയുന്നു, വഴിയും അറിയുന്നു. തോമാ അവ
5 നോടു: കർത്താവെ, നീ പോകുന്ന ഇടം ഞങ്ങൾക്കു അറിയാ; പിന്നെ വഴി
6 എങ്ങിനെ അറിയാം എന്നു പറയുന്നു. യേശു അവനോടു ചൊല്ലുന്നിതു:
ഞാൻ തന്നെ വഴിയും, സത്യവും, ജീവനും ആകുന്നു. എന്നിലൂടെ അല്ലാതെ
7 ആരും പിതാവിനോടു ചേരുന്നില്ല. നിങ്ങൾ എന്നെ അറിഞ്ഞു എങ്കിൽ
എൻ പിതാവിനേയും അറിയുമായിരുന്നു. വിശേഷിച്ചു ഇന്നുമുതൽ നി
ങ്ങൾ അവനെ അറിയുന്നു; അവനെ കണ്ടും ഇരിക്കുന്നു.
8 ഫിലിപ്പൻ അവനോടു: കർത്താവെ, പിതാവിനെ കാണിച്ചു തരേണം
എന്നാൽ ഞങ്ങൾക്കു മതിയായി എന്നു പറയുന്നതിന്നു യേശു ചൊല്ലുന്നി
9 തു: ഇത്ര കാലവും നിങ്ങളോടുകൂടെ ഇരുന്നിട്ടും നീ എന്നെ അറിഞ്ഞില്ലയൊ

ഫിലിപ്പ എന്നെ കണ്ടവൻ പിതാവിനെ കണ്ടിരിക്കുന്ന പിന്നെ പി
10 താവിനെ കാണിക്കേണം എന്നുചൊല്ലുന്നത് എങ്ങിനെ? ഞാൻ പിതാ
വിലും പിതാവ് എന്നിലും എന്നു നീ വിശ്വസിക്കുന്നില്ലയൊ? ഞാൻ
നിങ്ങളോട ചൊല്ലുന്ന മൊഴികളെ സ്വയമായി ചൊല്ലുന്നില്ല; എന്നിൽ
വസിക്കുന്ന പിതാവ് തന്നെ ക്രിയകളെ ചെയ്യുന്നത്. ഞാൻ പിതാവി
11 ലും പിതാവ് എന്നിലും എന്ന് എന്നെ വിശ്വസിപ്പിൻ! അല്ലെങ്കിൽ,
ക്രിയകൎമ നിമിത്തമത്രെ എന്നെ വിശ്വസിപ്പിൻ. ആമെൻ ആമെൻ ഞാൻ
12 നിങ്ങളോട് ചൊല്ലുന്നിതു: ആർ എന്നെ വിശ്വസിച്ചാൽ, ഞാൻ ചെ
13 യ്യുന്ന ക്രിയകളെ അവനും ചെയ്യും, ഇവറിലും വലിയവ ചെയ്യും. കാര
ണം ഞാൻ എൻപിതാവിന്നടുക്കെ പോകുന്നതുകൊണ്ടും, നിങ്ങൾ എന്റെ
നാമത്തിൽ എന്തു യാചിച്ചാലും പിതാവ് പുത്രനിൽ തേജസ്സരിക്കപ്പെടേ
14 ണ്ടതിന്ന് ഞാൻ ചെയ്വാനുള്ളതുകൊണ്ടും (ആകുന്നു). നിങ്ങൾ എന്റെ
നാമത്തിൽ വല്ലതും യാചിച്ചാൽ ഞാൻ ചെയ്യും.

15 നിങ്ങൾ എന്നെ സ്നേഹിച്ചാൽ, എന്റെ കല്പനകളെ കാത്തുകൊൾവിൻ!
16 എന്നാൽ ഞാൻ പിതാവിനോട ചോദിക്കും; അവൻ എന്നേക്കും നിങ്ങ
ളോട കൂടെ വസിപ്പാനുള്ള മറൊരു കാര്യസ്ഥനെ നിങ്ങൾക്കു തരും; സ
17 ത്യാത്മാവിനെ തന്നെ. ആയവനെ ലോകം കാണാത്തതും അറിയാത്തതും
ആകകൊണ്ട് കൈക്കൊൾവാൻ കഴികയില്ല; നിങ്ങളോടെ അവൻ വസി
ക്കുന്നു നിങ്ങളിൽ ഇരിക്കും എന്നതുകൊണ്ടത്രെ; നിങ്ങൾ അവനെ അറിയു
18 ന്നു. ഞാൻ നിങ്ങളെ അനാഥരാക്കി വിടുകയില്ല; നിങ്ങളുടെ അടുക്കെ ഞാൻ
19 (തിരികെ) വരും. കുറയനേരം (കഴിഞ്ഞാൽ) ലോകം ഇനി എന്നെ കാണ
ുന്നില്ല; നിങ്ങളൊ എന്നെ കാണുന്നു; ഞാൻ ജീവിച്ചിരിക്കുന്നുവല്ലൊ, പി
20 ന്നെ നിങ്ങളും ജീവിച്ചിരിക്കും. ഞാൻ എൻ പിതാവിലും, നിങ്ങൾ എ
21 ന്നിലും, ഞാൻ നിങ്ങളിലും എന്നതു നിങ്ങൾ അന്നറിയും. എന്റെ കല്പ
നകളെ ധരിച്ചു കാത്തുകൊള്ളുന്നവൻ എന്നെ സ്നേഹിക്കുന്നവൻ ആകുന്നു.
എന്നെ സ്നേഹിക്കുന്നവനൊ, എൻപിതാവിനാൽ സ്നേഹിക്കപ്പെട്ടും, ഞാനും
അവനെ സ്നേഹിച്ച് അവന് എന്നെ തന്നെ പ്രസിദ്ധനാക്കും.

22 ഇസ്കര്യോതാവ് അല്ലാത്ത യൂദാ അവനോട് പറയുന്നിതു: കർത്താവെ,
നീ ലോകത്തിന്നല്ല ഞങ്ങൾക്കത്രെ നിന്നെ പ്രസിദ്ധനാക്കുവാൻ ഭാവി
23 ക്കുന്നത്. എന്തുണ്ടായിട്ടാകുന്നു? യേശു അവനോട് ഉത്തരം ചൊല്ലിയതു:
ആരാനും എന്നെ സ്നേഹിച്ചാൽ അവൻ എന്റെ വചനം കാത്തുകൊള്ളും.
എൻ പിതാവ്, അവനെ സ്നേഹിക്കും ഞങ്ങളും അവന്നടുക്കെ വന്നു അവ
24 നോട് വാസം ചെയ്യും. എന്നെ സ്നേഹിക്കാത്തവൻ എന്റെ വചനങ്ങ
ളേയും കാക്കുന്നില്ല; നിങ്ങൾ കേൾക്കുന്ന വചനമൊ, എന്റെതല്ല, എന്നെ
25 അയച്ച പിതാവിന്റെതത്രെ. നിങ്ങളോട വസിച്ചിരിക്കുമ്പോൾ ഞാൻ
26 ഇവ നിങ്ങളോട് ഉരെച്ചിരിക്കുന്നു. എങ്കിലും പിതാവ് എൻ നാമത്തിൽ
അയപ്പാനുള്ള വിശുദ്ധാത്മാവ് എന്ന കാര്യസ്ഥനായവൻ നിങ്ങൾക്കു സക
ലവും ഉപദേശിച്ചും, ഞാൻ നിങ്ങളോട് പറഞ്ഞത് ഒക്കയും ഓർപ്പിച്ചും
തരും.

27 സമാധാനം ഞാൻ നിങ്ങൾക്കു വിട്ടേക്കുന്നു: എന്റെ സമാധാനത്തെ
നിങ്ങൾക്കു തരുന്നുണ്ടു; ലോകം തരുംപോലെ അല്ല, ഞാൻ നിങ്ങൾക്കു ത
28 രുന്നതു. നിങ്ങളുടെ ഹൃദയം കലങ്ങുകയും അഞ്ചുകയും അരുതു. ഞാൻ (3.)
പോകുന്നു പിന്നെ നിങ്ങളുടെ അടുക്കെ വരുന്നു എന്നു നിങ്ങളോട് പറ
ഞ്ഞതു കേട്ടുവല്ലൊ; എന്നെ സ്നേഹിക്കുന്നു എങ്കിൽ, ഞാൻ പിതാവിന്ന
രികിലേക്ക് പോകുന്നതിനാൽ, നിങ്ങൾ സന്തോഷിക്കുമായിരുന്നു: കാര
29 ണം പിതാവ് എന്നേക്കാൾ വലിയവനാകുന്നു. ഇപ്പോഴും ഞാൻ അതു
സംഭവിക്കുംമുമ്പെ, നിങ്ങളോട് പറഞ്ഞിരിക്കുന്നതു സംഭവിച്ചാൽ പിന്നെ,

30 നിങ്ങൾ വിശ്വസിപ്പാനായി തന്നെ (13, 19.) ഞാൻ ഇനി നിങ്ങ
ളോടു വളരെ സംസാരിക്കയില്ല; കാരണം ലോകത്തിൻ പ്രഭു വരുന്നു, അവ
31 ന് എന്നിൽ ഏതും ഇല്ല. എങ്കിലും ഞാൻ പിതാവിനെ സ്നേഹിക്കുന്നു എന്നും,
പിതാവ് എന്നോടു കല്പിച്ചപ്രകാരം ചെയ്യുന്നു എന്നും ലോകം അറി
യേണ്ടതിന്നു് (അല്ലയൊ) എഴുനീല്പിൻ നാം ഇവിടെനിന്നു് പോക.

15. അദ്ധ്യായം

മുന്തിരിവള്ളിയുടെ ഉപമ, (9) തന്റെ സ്നേഹത്തിലും അന്യോന്യസ്നേ
ഹത്തിലും നില്പാനും, (18. 16, 4) ലോകദ്വേഷത്തെ സഹിപ്പാനും പ്ര
ബോധനം.

1 **ഞാൻ** സത്യമായുള്ള മുന്തിരിവള്ളിയും (സങ്കീ. 80. 9.) എൻ പിതാവു്
2 തോട്ടക്കാരനും ആകുന്നു. എന്നിൽ കായ്ക്കാത്ത കൊമ്പു് ഒക്കയും അവൻ
ചെത്തിക്കളയുന്നു; കായ്ക്കുന്നതു് അധികം ഫലം തരേണ്ടതിന്നു ചെത്തി
3 ശുദ്ധമാക്കുന്നു. ഞാൻ നിങ്ങളോടു് ഉരെച്ച വചനം നിമിത്തം നിങ്ങൾ ശു
4 ദ്ധരായ്വന്നു. എന്നിൽ വസിപ്പിൻ, ഞാൻ നിങ്ങളിൽ (വസിക്കയും
ചെയ്യും) കൊമ്പു വള്ളിയിൽ നിന്നിട്ടല്ലാതെ, തന്നാൽതന്നെ കായ്പാൻ
കഴിയാത്ത പ്രകാരം എന്നിൽ വസിച്ചിട്ടല്ലാതെ നിങ്ങളും തന്നെ. ഞാൻ
5 മുന്തിരിവള്ളിയും നിങ്ങൾ കൊമ്പുകളും ആകുന്നു; ഞാൻ കൂടാതെ, നിങ്ങൾ
ക്കു് ഒന്നും ചെയ്വാൻ കഴിയായ്കയാൽ, ഒരുത്തൻ എന്നിലും ഞാൻ അ
വനിലും വസിക്കുന്നു എങ്കിൽ, അവൻ വളരെ ഫലം തരും. ആർ എന്നിൽ
6 വസിക്കാഞ്ഞാൽ കൊമ്പുപോലെ പുറത്തുകളയപ്പെട്ടു് ഉണങ്ങിപ്പോയി;
7 ആ വക ചേർത്തു തീയിൽ എറിയും, വെന്തും പോകുന്നു. നിങ്ങൾ എന്നിലും
എന്റെ മൊഴികളും നിങ്ങളിലും വസിച്ചു എന്നുവന്നാൽ എന്തൊന്നു് ഇച്ഛി
8 ച്ചാലും, യാചിപ്പിൻ നിങ്ങൾക്കു് ഉണ്ടാകയും ചെയ്യും. നിങ്ങൾ വളരെ
(ഫലം) കായ്ക്കുന്നതിനാൽതന്നെ എന്റെ പിതാവിനു് തേജസ്കരണം ആ
യി, ഇങ്ങിനെ നിങ്ങൾ എന്റെ ശിഷ്യർ ആകും.

9 പിതാവു് എന്നെ സ്നേഹിച്ചതുപോലെ ഞാൻ നിങ്ങളെ സ്നേഹിച്ചു,
10 എന്റെ സ്നേഹത്തിൽ വസിപ്പിൻ! എൻ പിതാവിന്റെ കല്പനകളെ ഞാൻ
കാത്തുകൊണ്ടു്, അവന്റെ സ്നേഹത്തിൽ വസിക്കുന്നതുപോലെ നിങ്ങൾ
11 എൻ കല്പനകളെ കാത്തു എങ്കിൽ എൻ സ്നേഹത്തിൽ വസിക്കും. എന്റെ
സന്തോഷം നിങ്ങളിൽ വസിപ്പാനും നിങ്ങളുടെ സന്തോഷം നിറവാനും
12 ഞാൻ ഇവ നിങ്ങളോടു് സംസാരിച്ചിട്ടുണ്ടു. നിങ്ങളെ ഞാൻ സ്നേഹിച്ചപ്ര
കാരം നിങ്ങൾ തമ്മിലും സ്നേഹിക്ക എന്നതു എന്റെ കല്പന ആകുന്നു. തന്റെ
13 സ്നേഹിതർക്കു വേണ്ടി, തന്റെ പ്രാണനെ വെക്കുന്നതിലും അധികമുള്ള
14 സ്നേഹം ആർക്കും ഇല്ല. ഞാൻ നിങ്ങളോടു് കല്പിക്കുന്നതിനെ ചെയ്താൽ,
15 നിങ്ങൾ എന്റെ സ്നേഹിതർ ആകുന്നു. ദാസൻ തന്റെ കർത്താവു് ചെ
യ്യുന്നതു് അറിയായ്കകൊണ്ടു് നിങ്ങളെ ദാസർ എന്നു് ഇനി വിളിക്കു
ന്നില്ല: എന്റെ പിതാവിനോടു് കേട്ടതു് എല്ലാം ഞാൻ നിങ്ങളെ കേൾ
പിച്ചതുകൊണ്ടു് നിങ്ങളെ സ്നേഹിതർ എന്നു ചൊല്ലി ഇരിക്കുന്നു. നി
16 ങ്ങൾ എന്നെ തെരിഞ്ഞെടുത്തു എന്നല്ല; ഞാൻ നിങ്ങളെ തെരിഞ്ഞെ
ടുത്തു നിങ്ങൾ പോയി, ഫലം തരേണ്ടതിന്നും നിങ്ങളുടെ ഫലം വസി
ക്കേണ്ടതിന്നും നിങ്ങളെ ആക്കി വെച്ചും ഇരിക്കുന്നു; നിങ്ങൾ എന്റെ
നാമത്തിൽ പിതാവിനോടു് എന്തു യാചിച്ചാലും അവൻ നിങ്ങൾക്കു തരു
17 വാനായി തന്നെ. ഇവ നിങ്ങളോടു് കല്പിക്കുന്നതു നിങ്ങൾ തമ്മിൽ ത
മ്മിൽ സ്നേഹിപ്പാൻ തന്നെ.

18 ലോകം നിങ്ങളെ പകെച്ചാൽ, നിങ്ങൟക്കു മുമ്പെ എന്നെ പകെച്ചിരി
19 ക്കുന്നതു അറിവിൻ. നിങ്ങൟ ലോകക്കാർ ആയാൽ ലോകം തനിക്കു സ്വ
ന്തമായതു സ്നേഹിക്കുമായിരുന്നു; ലോകക്കാരല്ലാത്തവരായി, ഞാൻ നി
ങ്ങളെ ലോകത്തിൽനിന്നു തെരിഞ്ഞെടുത്തതു ആകയാൽ, ലോകം നി
20 ങ്ങളെ പകെക്കുന്നു. തന്റെ കർത്താവിനേക്കാൟ ദാസൻ വലിയതല്ല എ
ന്നു ഞാൻ (13, 16) നിങ്ങളോടു പറഞ്ഞ വചനം ഓർപ്പിൻ; എന്നെ ഹിം
സിച്ചു എങ്കിൽ, നിങ്ങളേയും ഹിംസിക്കും; എന്റെ വചനം കാത്തു എങ്കിൽ
21 നിങ്ങളുടേതും കാക്കും. എങ്കിലും ഇവ അവർ നിങ്ങളിൽ ചെയ്വാനുള്ളതു
എന്റെ നാമം നിമിത്തം ആകുന്നു, എന്നെ അയച്ചവനെ അറിയായ്കയാല
22 ത്രെ. ഞാൻ വന്നു അവരോടു സംസാരിച്ചില്ല എങ്കിൽ, പാപം ഇല്ലാത്ത
വരായിരുന്നു; ഇപ്പോഴൊ, അവർക്കു പാപത്തിന്നു ഒരു ഹേതു പറവാനും
23 ഇല്ല. എന്നെ പകെക്കുന്നവൻ എൻപിതാവിനേയും പകെക്കുന്നു. മറ്റാരും
24 ചെയ്തിട്ടില്ലാത്ത ക്രിയകളെ ഞാൻ അവരിൽ ചെയ്തില്ല എങ്കിൽ, അവക്കു
പാപം ഇല്ല; ഇപ്പോഴൊ കണ്ടിട്ടും എന്നെയും എൻപിതാവിനെയും പകെ
25 ച്ചിരിക്കുന്നു. എന്നാലും (സങ്കീ. 69, 5.) അവർ വെറുതെ എന്നെ പകെ
ച്ചു എന്നു അവരുടെ വേദത്തിൽ എഴുതിക്കിടക്കുന്ന വചനം പൂരിക്കേണ്ടി
26 യിരുന്നു. എങ്കിലും, ഞാൻ പിതാവിൻ പക്കൽനിന്നു നിങ്ങൟക്കു അയ
പ്പാനുള്ള കാര്യസ്ഥനായി, പിതാവിൽനിന്നു പുറപ്പെടുന്ന സത്യാത്മാവാ
യവൻ വന്നപ്പോഴേക്കു, അവൻ എനിക്കു സാക്ഷ്യം ചൊല്ലും; നിങ്ങളും
27 ആദിമുതൽ എന്നോടുകൂടെ ഇരിക്കുന്നതുകൊണ്ടു സാക്ഷ്യം ചൊല്ലും താനും.

16. അദ്ധ്യായം

(5) താൻ പോയാൽപിന്നെ, ആത്മാവു വ്യാപരിപ്പാനുള്ളതും, (16) തന്റെ മരണാദികളും അറിയിക്കയാൽ, (29) ശിഷ്യന്മാരെ ഇളക്കി ഉറ
പ്പിച്ചതു.

1 നിങ്ങൟക്കു ഇടർച്ച വരാതിരിപ്പാൻ ഇവ നിങ്ങളോടു ഉരെച്ചിരിക്കു
2 ന്നു. നിങ്ങളെ പള്ളിഭ്രഷ്ടരാക്കുക അല്ലാതെ, നിങ്ങളെ കൊന്നവൻ എല്ലാം
ദൈവത്തിന്നു പൂജ കഴിക്കുന്നു എന്നു തോന്നുന്ന നാഴികയും വരുന്നു. അവർ
3 എന്റെ പിതാവിനേയും എന്നെയും അറിയായ്കയാൽ ഈ വക ചെയ്യും.
4 ഇവ നിങ്ങളോടു ഉരെച്ചതൊ നാഴിക വന്നപ്പോഴെക്കു ഞാൻ നിങ്ങളോടു
പറഞ്ഞപ്രകാരം ഓർക്കേണ്ടതിന്നു തന്നെ. ആദിയിൽ ഇവ നിങ്ങളോടു
പറയാഞ്ഞതു ഞാൻ നിങ്ങളോടുകൂട ഇരിക്കകൊണ്ടത്രെ.
5 ഇപ്പോഴൊ എന്നെ അയച്ചവന്റെ അടുക്കലേക്കു പോകുന്നു; എവിടെ
പോകുന്നു എന്നു നിങ്ങൟ ആരും എന്നോടു ചോദിക്കുന്നതും ഇല്ല. ഇവ നി
6 ങ്ങളോടു ഉരെച്ചതുകൊണ്ടു, ദുഃഖം നിങ്ങളുടെ ഹൃദയം നിറെച്ചിരിക്കുന്നു;
7 എന്നാലും ഞാൻ നിങ്ങളോടു സത്യം ചൊല്ലുന്നു: ഞാൻ പോകുന്നതു നി
ങ്ങൟക്കു പ്രയോജനം തന്നെ, കാരണം ഞാൻ പോകാഞ്ഞാൽ, കാര്യ
സ്ഥൻ നിങ്ങളുടെ അടുക്കെ വരികയില്ല; ഞാൻ യാത്രയായശേഷമൊ അ
8 വനെ നിങ്ങൟക്കു അയക്കും. ആയവൻ വന്നു പാപം നീതിന്യായവിധി
എന്നിവ ചൊല്ലി, ലോകത്തെ ആക്ഷേപിക്കും. അവർ എന്നിൽ വിശ്വ
9 സിക്കായ്കകൊണ്ടു, പാപബോധവും, എന്റെ പിതാവിന്നടുക്കെ ഞാൻ
10 പോയി, ഇനി നിങ്ങൟ കാണാതെ ഇരിക്കും എന്നതുകൊണ്ടു നീതി
11 ബോധവും, ഇഹലോകത്തിൻപ്രഭുവിന്നു ന്യായവിധി ഉണ്ടായതുകൊണ്ടു,
12 വിധിബോധവും (വരുത്തും). ഇനി വളരെ നിങ്ങളോടു പറവാനുണ്ടു; ഇ
13 ന്നു നിങ്ങൟക്കു ചുമപ്പാൻ കഴികയില്ലതാനും. എങ്കിലും സത്യാത്മാവായ
വൻ വന്നപ്പോൟ, അവൻ നിങ്ങളെ സകല സത്യത്തിലും വഴി നടത്തും,

കാരണം അവൻ സ്വയമായി പറയാതെ, താൻ കേട്ടവ അത്രെ ഉരെക്കയും
വരുന്നവ നിങ്ങളെ ഗ്രഹിപ്പിക്കയും ചെയ്യും. ആയവൻ എന്നേറതിൽനിന്ന്
14 എടുത്തു, നിങ്ങളെ ഗ്രഹിപ്പിപ്പാൻ പോകുന്നതുകൊണ്ട് എന്നെ തേജസ്കരി
15 ക്കും. പിതാവിനുള്ളവ ഒക്കയും എന്നേറവ ആകുന്നു. അതുകൊണ്ട് എന്നേറ
തിൽനിന്ന് എടുത്തു നിങ്ങളെ ഗ്രഹിപ്പിക്കും എന്നു പറഞ്ഞതു.
16 ഞാൻ പിതാവിന്നടുക്കലേക്ക് പോകുന്നതുകൊണ്ട് കുറഞ്ഞൊന്നു (കു
ഴിഞ്ഞിട്ടു) നിങ്ങൾ എന്നെ ദർശിക്കുന്നില്ല, പിന്നെയും കുറഞ്ഞൊന്നു (കഴി
17 ഞ്ഞിട്ട്) എന്നെ കാണും. എന്നാറെ, അവന്റെ ശിഷ്യരിൽ ചിലർ: കുറ
ഞ്ഞൊന്നു (കഴിഞ്ഞിട്ട്) എന്നെ ദർശിക്കുന്നില്ല, പിന്നെയും കുറഞ്ഞൊ
ന്നു (കഴിഞ്ഞിട്ട്) എന്നെ കാണും എന്നും, പിതാവിന്നടുക്കലേക്ക് പോകു
ന്നു എന്നും നമ്മോടു ചൊല്ലുന്നതു എന്തു? എന്നു തമ്മിൽ പറഞ്ഞ ശേഷം:
18 കുറഞ്ഞൊന്ന് എന്നു ചൊല്ലുന്നതു എന്തു? അവൻ ഉരെക്കുന്നതു ഇന്നതു എ
19 ന്നു തിരിയാ എന്നും പറഞ്ഞു. തന്നോടു ചോദിപ്പാൻ മനസ്സാകുന്ന പ്രകാരം
യേശു അറിഞ്ഞു അവരോടു പറഞ്ഞിതു: കുറഞ്ഞൊന്നു (കഴിഞ്ഞിട്ട്) എ
ന്നെ ദർശിക്കുന്നില്ല, പിന്നെയും കുറഞ്ഞൊന്നു (കഴിഞ്ഞിട്ട്) എന്നെ കാ
ണും എന്നു ചൊല്ലുകയാൽ, നിങ്ങൾ തങ്ങളിൽ വിചാരിക്കുന്നുവൊ? ആ
20 മെൻ ആമെൻ ഞാൻ നിങ്ങളോടു പറയുന്നു: നിങ്ങൾ കരഞ്ഞു തൊഴിക്കും,
ലോകമൊ സന്തോഷിക്കും; നിങ്ങൾ ദുഃഖിച്ചു പോകും; നിങ്ങളുടെ ദുഃഖം
21 സന്തോഷമായി തീരും താനും. സ്ത്രീ പ്രസവിക്കുമ്പോൾ, തന്റെ നാഴിക
വന്നതുകൊണ്ടു ദു:ഖിത ആകുന്നു; കുഞ്ഞനെ പൊറപ്പോഴെക്കൊ, മനുഷ്യൻ
ലോകത്തിലേക്കു പിറന്നിട്ടുള്ള സന്തോഷം നിമിത്തം കഷ്ടത്തെ പിന്നെ
22 ഓർക്കുന്നില്ല. ഇപ്പോഴാകട്ടെ, നിങ്ങൾക്കും ദുഃഖം ഉണ്ടാകും ഞാനൊ പി
ന്നെയും നിങ്ങളെ കാൺകയും നിങ്ങളുടെ ഹൃദയം സന്തോഷിക്കയും ചെയ്യും.
23 ആ സന്തോഷത്തെ ആരും നിങ്ങളോടു പറിച്ചെടുക്കയും, അന്നു നിങ്ങൾ എ
ന്നോടു ഒന്നും ചോദിക്കയും ഇല്ല. ആമെൻ ആമെൻ ഞാൻ നിങ്ങളോടു
പറയുന്നു: നിങ്ങൾ എന്റെ നാമത്തിൽ പിതാവിനോടു എന്തെല്ലാം യാ
24 ചിച്ചാലും അവൻ നിങ്ങൾക്കു തരും. ഇന്നേവരെ നിങ്ങൾ എൻനാമത്തിൽ
ഒന്നും യാചിച്ചില്ല; യാചിപ്പിൻ എന്നാൽ നിങ്ങളുടെ സന്തോഷം നിറവാ
കുംവണ്ണം ലഭിക്കും.
25 ഇവ നിങ്ങളോടു സദൃശങ്ങളായി ചൊല്ലീട്ടുണ്ടു, എങ്കിലും ഞാൻ സദൃ
ശങ്ങളായിട്ടു ഇനി ചൊല്ലാതെ, പിതാവെ സംബന്ധിച്ചു നിങ്ങളെ സ്പഷ്ടു
26 മായി ഗ്രഹിപ്പിക്കുംനാഴിക വരുന്നു. അന്നു നിങ്ങൾ എൻനാമത്തിൽ
യാചിക്കും; ഞാൻ നിങ്ങൾക്കു വേണ്ടി പിതാവിനോടു ചോദിക്കും എന്നു
27 ഞാൻ നിങ്ങളോടു പറയുന്നതും ഇല്ല; കാരണം നിങ്ങൾ എന്നിൽ പ്രിയം
ഭാവിച്ചു, ഞാൻ പിതാവിൻ പക്കൽനിന്നു പുറപ്പെട്ടു വന്നപ്രകാരം വിശ്വ
സിച്ചിരിക്കയാൽ, പിതാവു താനും നിങ്ങളിൽ പ്രിയംഭാവിക്കുന്നു.
28 ഞാൻ പിതാവിൻ പക്കൽനിന്നു പുറപ്പെട്ടു, ലോകത്തിൽ വന്നിരിക്കുന്നു,
പിന്നെയും ലോകത്തെ വിട്ടു, പിതാവിന്നടുക്കലേക്ക് പോകുന്നു. എ
29 ന്നാറെ, അവന്റെ ശിഷ്യന്മാർ: ഇതാ ഇപ്പോൾ. നീ സദൃശം ഒന്നും ചൊ
30 ല്ലാതെ സ്പഷ്ടമായി പറയുന്നു: നീ സകലവും അറിയുന്നു എന്നും ആരും നി
ന്നോടു ചോദിപ്പാൻ നിണക്കു ആവശ്യം ഇല്ലെന്നും ഞങ്ങൾ ഇപ്പോൾ,
അറിയുന്നു. അതുകൊണ്ടു നീ ദൈവത്തിൽനിന്നു പുറപ്പെട്ടു വന്നപ്രകാരം ഞ
31 ങ്ങൾ വിശ്വസിക്കുന്നു എന്നു അവനോടു പറയുന്നു. യേശു അവരോടു
32 ഉത്തരം ചൊല്ലിയതു: ഇപ്പോൾ തന്നെ വിശ്വസിക്കുന്നു. കണ്ടാലും നി
ങ്ങൾ ഓരോരുത്തർ അവനവന്റെ സ്വന്തത്തിലേക്കു ചിതറിപ്പോയി എ
ന്നെ ഏകനായി വിടുന്ന നാഴിക വരുന്നു: വന്നും ഇരിക്കുന്നു; പിതാവു
33 എന്നോടു കൂടെ ഇരിക്കകൊണ്ടു. ഞാൻ ഏകനല്ലതാനും നിങ്ങൾക്കു എ
ന്നിൽ സമാധാനം ഉണ്ടാകേണ്ടതിന്നു, ഇവ നിങ്ങളോടു ചൊല്ലീട്ടുണ്ടു;

ലോകത്തിൽ നിങ്ങൾക്കു ഉപദ്രവം ഉണ്ടാകും എങ്കിലും, ധൈര്യപ്പെട്ടുവിൻ! ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു.

17. അദ്ധ്യായം

യേശു തനിക്കും വേലെക്കും, (9) ശിഷ്യർക്കും, (20) വിശ്വാസികൾക്കും വേണ്ടി പ്രാർത്ഥിച്ചതു.

1 എന്നിവ യേശു ചൊല്ലിത്തീർത്തു തന്റെ കണ്ണുകളെ വാനത്തേക്കു് ഉയ
ർത്തി പറഞ്ഞിതു: പിതാവെ, നാഴിക വന്നിരിക്കുന്നു; പുത്രൻ നിന്നെ തേ
ജസ്സരിക്കേണ്ടതിന്നു, നിന്റെ പുത്രനെ തേജസ്സരിക്കേണമെ! നീ അവനു
2 തന്നവർക്കെല്ലാവർക്കും അവൻ നിത്യജീവനെ കൊടുക്കേണ്ടതിന്നു നീ സ
3 കല ജഡത്തിന്മേലും അവനു് അധികാരം നല്കിയപ്രകാരമെ; നിത്യജീ
വൻ എന്നതൊ, സത്യമായുള്ള ഏക ദൈവമാകുന്ന നിന്നെയും നീ അയച്ച
യേശു തന്നെ ക്രിസ്തൻ എന്നും അറിയുന്നതു തന്നെ. ഞാൻ ഭൂമിമേൽ നി
4 ന്നെ തേജസ്സരിച്ചു, എനിക്കു ചെയ്വാൻ തന്നിട്ടുള്ള വേലയെ തികെച്ചു;
5 ഇപ്പോഴും, ഹേ പിതാവെ, ലോകം ഉണ്ടാകും മുമ്പെ എനിക്കു നിന്റെ
കൂടെ ഉള്ളതേജസ്സുകൊണ്ടു് എന്നെ നിന്റെ പക്കൽ തന്നെ തേജസ്കരി
6 ക്കേണമെ! നീ ലോകത്തിൽ നിന്നു് എനിക്കു തന്നിട്ടുള്ള മനുഷ്യക്കു്
ഞാൻ നിന്റെ നാമം പ്രത്യക്ഷമാക്കി; അവർ നിന്റേവരായിരുന്നു; നീ
അവരെ എനിക്കു തന്നും നിന്റെ വചനത്തെ അവർ കാത്തും ഇരിക്കുന്നു.
7 നീ എനിക്കു തന്ന മൊഴികളെ ഞാൻ അവർക്കു കൊടുത്തിട്ടു് അവർ കൈ
ക്കൊണ്ടു, ഞാൻ നിന്റെ പക്കൽനിന്നു പുറപ്പെട്ട എന്നു സത്യമായി അറി
8 ഞ്ഞു; നീ എന്നെ അയച്ചപ്രകാരം വിശ്വസിച്ചു; എന്നതുകൊണ്ടു നീ എനി
ക്കു തന്നതു് എല്ലാം നിന്റെ പക്കൽനിന്നു് ആകുന്നു എന്നു് അവർ ഇ
പ്പോഴും, ബോധിച്ചിരിക്കുന്നു.

9 അവർ നിമിത്തം ഞാൻ ചോദിക്കുന്നു: ലോകം നിമിത്തം അല്ല; നീ
എനിക്കു തന്നവർ നിമിത്തമത്രെ, ഞാൻ ചോദിക്കുന്നതു് അവർ നിന്റെ
10 വർ ആകകൊണ്ടത്രെ. പിന്നെ എന്റെതു് എല്ലാം നിന്റെതും, നിന്റെവ
11 എന്റെവയും, ഞാൻ അവരിൽ തേജസ്കരിക്കപ്പെട്ടവനും ആകുന്നു. ഇനി
ഞാൻ ലോകത്തിൽ ഇല്ല; ഇവരൊ ലോകത്തിൽ ഇരിക്കുന്നു; ഞാൻ നി
ന്റെ അടുക്കെ വരുന്നു. വിശുദ്ധ പിതാവെ, അവർ നമ്മെപോലെ ഒന്നാ
കേണ്ടതിന്നു് നീ എനിക്കു തന്നിരിക്കുന്ന നിന്റെ നാമത്തിൽ അവരെ കാ
12 ത്തുകൊൾക. (ലോകത്തിൽ) അവരോടു കൂടെ ഉള്ളപ്പോഴും, ഞാൻ അവരെ
നിന്റെ നാമത്തിൽ കാത്തുകൊണ്ടിരുന്നു. നീ എനിക്കു തന്നവരെ ഞാൻ
സൂക്ഷിച്ചു; തിരുവെഴുത്തിന്നു നിവൃത്തി വരേണ്ടതിന്നു നാശപുത്രനെ ഒഴി
13 കെ അവരിൽ ഒരുത്തനും നശിച്ചു പോയതും ഇല്ല. ഇപ്പോഴൊ, ഞാൻ നി
ന്റെ അടുക്കെ വരുന്നു; എന്റെ സന്തോഷം അവക്കു് ഉള്ളിൽ നിറഞ്ഞി
14 രിക്കേണ്ടതിന്നു്, ഇവ ലോകത്തിൽ തന്നെ പറകയും ചെയ്യുന്നു. നിന്റെ
വചനത്തെ അവർക്കു് കൊടുത്തിരിക്കുന്നു; ഞാൻ ലോകത്തിൽനിന്നു് അ
ല്ലാത്തതുപോലെ അവർ ലോകക്കാർ അല്ലായ്കകൊണ്ടു് ലോകം അവരെ
15 പകെച്ചു. അവരെ ലോകത്തിൽ നിന്നെടുക്കേണം എന്നല്ല; ദുഷ്ടനിൽനിന്നു്
16 അവരെ കാത്തുകൊള്ളേണം എന്നത്രെ അപേക്ഷിക്കുന്നു. ഞാൻ ലോക
17 ത്തിൽ നിന്നല്ലാത്തതു പോലെ അവരും ലോകത്തിൽ നിന്നുള്ളവർ അല്ല.
(നിന്റെ) സത്യത്തിൽ അവരെ വിശുദ്ധീകരിക്ക! നിന്റെ വചനം സ
18 ത്യം തന്നെ. നീ എന്നെ ലോകത്തിൽ അയച്ചപ്രകാരം ഞാൻ അവരേയും,
19 ലോകത്തിലേക്കു് അയച്ചു; അവരും സത്യത്തിൽ വിശുദ്ധീകരിക്കപ്പെട്ടവർ

ആകേണ്ടതിന്നു് അവർക്കു വേണ്ടി എന്നെ തന്നെ ഞാൻ വിശുദ്ധീകരിച്ചു് ഏല്പിക്കുന്നു.

20 ശേഷം ഇവർക്കുവേണ്ടി മാത്രമല്ല; ഇവരുടെ വചനത്താൽ എന്നിൽ വിശ്വസിക്കുന്നവർക്കു വേണ്ടിയും അപേക്ഷിക്കുന്നതു. പിതാവെ, നീ എന്നിലും ഞാൻ നിന്നിലും
21 ഉള്ളപോലെ എല്ലാവരും ഒന്നാകേണ്ടതിന്നു തന്നെ, നീ എന്നെ അയച്ചപ്രകാരം ലോകം വിശ്വസിപ്പാനായിട്ടു്, അവരും ന
22 മ്മിൽ ആകേണ്ടതിന്നത്രെ. പിന്നെ നീ എനിക്കു തന്നിട്ടുള്ള തേജസ്സിനെ അവർക്കു കൊടുത്തിരിക്കുന്നതു നാം ഒന്നായിരിക്കുന്ന പ്രകാരം അവരും ഒ
23 ന്നാവാൻ തന്നെ. ഞാൻ അവരിലും നീ എന്നിലും എന്നിട്ടു് അവർ ഒന്നിലേക്കു തികെഞ്ഞിരിപ്പാനും നീ തന്നെ എന്നെ അയച്ചു എന്നും, നീ എന്നെ സ്നേഹിച്ചപ്രകാരം അവരേയും, സ്നേഹിച്ചു എന്നും ലോകം അറിവാനും
24 തന്നെ. പിതാവെ, നീ ലോകസ്ഥാപനത്തിന്നു മുമ്പെ എന്നെ സ്നേഹിച്ചിട്ടു് എനിക്കു നല്കിയ എന്റെ തേജസ്സിനെ നീ എനിക്കു തന്നിട്ടുള്ളവർ കാണ്മാന്തക്കവണ്ണം ഞാൻ ഇരിക്കുന്ന ഇടത്തു് ആയവരും എന്റെ കൂടെ ഇരി
25 ക്കേണം എന്നു ഞാൻ ഇച്ഛിക്കുന്നു. നീതിയുള്ള പിതാവെ, ലോകം നിന്നെ അറിഞ്ഞിട്ടില്ല; ഞാനൊ നിന്നെ അറിഞ്ഞു; നീ എന്നെ അയച്ചപ്രകാരം ഇ
26 വരും അറിഞ്ഞു. നീ എന്നെ സ്നേഹിച്ച സ്നേഹം അവരിൽ ആവാനും ഞാൻ അവരിൽ ആവാനും നിന്റെ നാമത്തെ ഞാൻ അവർക്കു അറിയിച്ചു; ഇനി അറിയിക്കയും ചെയ്യും.

18. അദ്ധ്യായം

യൂദാവിൻ ദ്രോഹവും പേത്രന്റെ വെട്ടം, (12) ഹന്നാവും കയഫാവും വിസ്മരിക്കുംനേരം പേത്രന്റെ വീഴ്ചയും [മത്താ. 26. മാ. 14. ലൂ.22.], (28) പിലാതനോടു സംഭാഷണം [ലൂ.23,4.]

1 **എ**ന്നിവ യേശു പറഞ്ഞശേഷം തന്റെ ശിഷ്യരോടു കൂടെ പുറപ്പെട്ടു, കിദ്രോൻ തോടിന്നു് അക്കരെ തോട്ടം ഉള്ളതിൽ താൻ ശിഷ്യരുമായി കട
2 ന്നു. അവിടെ യേശു പലപ്പോഴും, തന്റെ ശിഷ്യരോടു ചേന്നിരിക്കയാൽ,
3 അവനെ കാണിച്ചുകൊടുക്കുന്ന യൂദാവും, സ്ഥലത്തെ അറിഞ്ഞു. എന്നാറെ, യൂദാ (രോമാ) പട്ടാളത്തേയും മഹാപുരോഹിതക്കും, പരീശർക്കും, ഉള്ള ഭൃത്യന്മാരേയും കൂട്ടികൊണ്ടു ദീപട്ടി പന്തങ്ങളോടും, ആയുധങ്ങളോടുംകൂടെ അവി
4 ടെ വരുന്നു. തന്റെ മേൽ വരുന്നവ എല്ലാം യേശു അറിഞ്ഞിട്ടു പുറത്തു വ
5 ന്നു: ആരെ തിരയുന്നു? എന്നു് അവരോടു പറഞ്ഞു: നചറയ്യനായ യേശുവെ എന്നു് അവർ ഉത്തരം ചൊല്ലിയാറെ: ഞാൻ ആകുന്നു എന്നു യേശു പറയുന്നു. അപ്പോഴ അവനെ കാണിച്ചുകൊടുക്കുന്ന യൂദാവും അവരോടു നില്ക്കുന്നുണ്ടു:
6 ഞാൻ ആകുന്നു എന്നു് അവരോടു പറഞ്ഞ ഉടനെ, അവർ പിൻവാ
7 ങ്ങി, നിലത്തുവീണു: ആരെ തിരയുന്നു? എന്നു പിന്നെയും അവരോടു ചോദിച്ചതിന്നു: നചറയ്യനായ യേശുവെ എന്നു പറഞ്ഞപ്പോഴ, യേശു
8 ഉത്തരം ചൊല്ലിയതു: ഞാൻ ആകുന്നു എന്നു നിങ്ങളോടു പറഞ്ഞുവല്ലൊ, ആകയാൽ എന്നെ തിരയുന്നു എങ്കിൽ, ഇവരെ പോകുവാൻ വിടുവിൻ.
9 എന്നതിനാൽ നീ എനിക്കു തന്നവരിൽ ആരേയും ഞാൻ നഷ്ടമാക്കീട്ടില്ല എന്നു (17,12) ചൊല്ലിയ വചനത്തിന്നു നിവൃത്തി വരേണ്ടിയിരുന്നു. ശി
10 മോൻപേത്രനൊ, തനിക്കുള്ള വാളെ ഊരി, മഹാപുരോഹിതന്റെ ദാസനെ വെട്ടി, അവന്റെ വലത്തുകാതെ അറുത്തുകളഞ്ഞു; ആ ദാസനു മല്ക്കൻ എന്നു
11 പേർ ഉണ്ടു. എന്നാറെ, യേശു പേത്രനോടു; വാൾ ഉറയിൽ ഇടു; പിതാവു് എനിക്കു തന്ന പാനപാത്രത്തെ ഞാൻ കുടിക്കാതിരിക്കയൊ! എന്നു പറഞ്ഞു.

12 പട്ടാളവും സഹസ്രാധിപനും, യഹൂദ ഭൃത്യരും, യേശുവെ പിടിച്ചുകെട്ടി.
13 ആ വർഷത്തെ മഹാപുരോഹിതനായ കയഫാവിനു ഹന്നാശ്വശ്രുരൻ ആ
കകൊണ്ടു് മുമ്പെ അവനടുക്കെ കൊണ്ടുപോയി. കയഫാ എന്നവനൊ,
14 ജനത്തിനുവേണ്ടി ഒരു മനുഷ്യൻ നശിച്ചുപോകുന്നതു് ഉപകാരം എന്നു
15 (11, 50) യഹൂദരോടു മന്ത്രിച്ചവൻ തന്നെ. ശിമോൻപേത്രനും മറെറ ശി
ഷ്യനും യേശുവിൻ പിന്നാലെ ചെല്ലുമ്പോഴും, ആ ശിഷ്യൻ മഹാപുരോ
ഹിതനോടു പരിചയമുള്ളവനാകയാൽ, യേശുവോടുകൂടെ മഹാപുരോഹി
16 തന്റെ നടുമുററത്തു കടന്നു. പേത്രൻ വാതില്ക്കൽ പുറത്തുനില്ക്കുമ്പോഴും, മഹാ
പുരോഹിതനോടു പരിചയമുള്ള മറെറ ശിഷ്യൻ പുറപ്പെട്ടു, വാതില്ക്കാരത്തി
17 യോടു പറഞ്ഞു, പേത്രനെ അകത്തു വരുത്തി. എന്നാറെ, വാതിൽ കാക്കു
ന്ന ബാല്യക്കാരത്തി പേത്രനോടു: പക്ഷെ നീയും അയാളുടെ ശിഷ്യരിൽ
കൂടിയവനൊ? എന്നു പറയുന്നു. അല്ല എന്നു് അവൻ പറയുന്നു. അന്നു കു
18 ളിർ ആകകൊണ്ടു, ദാസരും ഭൃത്യരും കനൽകൂട്ടി, തീക്കാഞ്ഞുകൊണ്ടു നി
ന്നിരിക്കെ, പേത്രനും അവരോടു കൂടെ നിന്നു, തീകാഞ്ഞുകൊണ്ടിരുന്നു.
19 എന്നാറെ, മഹാപുരോഹിതൻ യേശുവിനോടു് അവന്റെ ശിഷ്യന്മാരേ
യും, ഉപദേശത്തെയും കുറിച്ചു ചോദിച്ചപ്പോഴും, യേശു ഉത്തരം ചൊല്ലി
20 യതു: ഞാൻ ലോകത്തോടു പരസ്യത്തിൽ പറഞ്ഞിരിക്കുന്നു; പള്ളിയി
ലും, എല്ലാ യഹൂദന്മാരും കൂടുന്ന ദേവാലയത്തിലും, ഞാൻ എപ്പോഴും ഉപ
ദേശിച്ചു. രഹസ്യത്തിൽ ഒന്നും ഉരെച്ചതും ഇല്ല. നീ എന്നോടു ചോദിക്കു
21 ന്നതു് എന്തു? കേട്ടവരോടു ഞാൻ അവരെ കേൾപിച്ചതു് എന്തു എന്നു ചോ
ദിക്ക; കണ്ടാലും ഞാൻ പറഞ്ഞവ അവർ അറിയുന്നു. എന്നു പറഞ്ഞാറെ,
22 ഭൃത്യരിൽ അരികെ നില്ക്കുന്ന ഒരുത്തൻ: മഹാപുരോഹിതനോടു് ഇങ്ങിനെ
ഉത്തരം ചൊല്ലുന്നുവൊ? എന്നു പറഞ്ഞു, യേശുവിനു് കുമകൊടുത്തു. അതി
23 നു യേശു: ഞാൻ ദോഷമായി സംസാരിച്ചു എങ്കിൽ, ദോഷം എന്നതിനു
തുമുണ്ടാക്ക; നല്ലവണ്ണം എങ്കിൽ, എന്നെ തല്ലുന്നതു് എന്തു്! എന്നു പറ
24 ഞ്ഞു. ഹന്ന അവനെ കെട്ടപ്പെട്ടവനായി, മഹാപുരോഹിതനായ കയഫാ
വിന്നടുക്കെ അയച്ചു. ശിമോൻ, പേത്രൻ, തീക്കാഞ്ഞു നില്ക്കുമ്പോഴും: നീ
25 യും അവന്റെ ശിഷ്യരിൽ ഒരുത്തനല്ലയൊ! എന്നു (ചിലർ) അവനോടു പ
റഞ്ഞു. അല്ല എന്നു് അവൻ മറുത്തു പറഞ്ഞു. പേത്രൻ കാതറുത്തവന്റെ
26 ചാർച്ചക്കാരനായി മഹാപുരോഹിതന്റെ ദാസന്മാരിൽവെച്ചു് ഒരുത്തൻ:
നിന്നെ അവനോടുകൂടെ തോട്ടത്തിൽ കണ്ടിട്ടില്ലയൊ? എന്നു പറയുന്നു.
27 പേത്രൻ പിന്നെയും മറുത്തു പറഞ്ഞു ഉടനെ, പൂവങ്കോഴി കൂകി.
28 പുലർച്ചെക്കൊ, അവർ യേശുവിനെ കയഫാവിൻ പോക്കൽനിന്നു് ആ
സ്ഥാനത്തിലേക്കു കൊണ്ടുപോയി, തങ്ങൾ തീണ്ടിപ്പോകാതെ, പെസഹ
29 തിന്മാന്തക്കവെണ്ണം, ആസ്ഥാനത്തിൽ പ്രവേശിക്കാതെ നിന്നു. അതുകൊ
ണ്ടു പിലാതൻ അവരുടെ അടുക്കെ പുറത്തു വന്നു: ഈ മനുഷ്യന്റെ നേരെ
30 എന്തു കുറ്റം ബോധിപ്പിക്കുന്നു? എന്നു ചോദിച്ചതിന്നു: ഇവൻ ദുഷ്പ്രവൃത്തി
ക്കാരൻ അല്ല എങ്കിൽ, അവനെ നിങ്കൽ ഏല്പിക്കുമാറില്ലല്ലൊ എന്നു ഉത്ത
31 രം പറഞ്ഞു. പിലാതൻ അവരോടു: നിങ്ങൾ അവനെ കൂട്ടിക്കൊണ്ടു, നി
ങ്ങളുടെ ധർമ്മപ്രകാരം വിധിപ്പിൻ എന്നു പറഞ്ഞാറെ, യഹൂദർ അവനോ
ടു്: ആരെയും കൊല്ലുന്നതു് ഞങ്ങൾക്കു വിഹിതമല്ലല്ലൊ! എന്നു പറഞ്ഞു.
32 ഇവ്വണ്ണം താൻ ഇന്ന മരണം മരിക്കും എന്നു യേശു (3, 14, 12, 32. സൂചി
33 പ്പിച്ച വചനത്തിന്നു, നിവൃത്തിവരികയും ചെയ്തു. ആകയാൽ, പിലാതൻ
പിന്നെയും ആസ്ഥാനത്തിൽ പുക്കു, യേശുവെ വിളിച്ചു: നീ യഹൂദരുടെ
രാജാവൊ? എന്നു ചോദിച്ചാറെ, യേശു ഉത്തരം ചൊല്ലിയതു: ഇതു നീ
34 സ്വയമായി പറയുന്നുവൊ? മറുള്ളവർ എന്നെകൊണ്ടു നിന്നോടു ബോധി
35 പ്പിച്ചിട്ടൊ? പിലാതൻ ഞാൻ യഹൂദനൊ? നിന്റെ ജനവും മഹാപുരോ
ഹിതരും നിന്നെ എങ്കൽ ഏല്പിച്ചു; നീ എന്തു ചെയ്തു? എന്നു് എതിരെ

36 പറഞ്ഞപ്പോൾ, യേശു ഉത്തരം ചൊല്ലിയതു: എൻെറ രാജ്യം ഈ ലോക
ത്തിൽ നിന്നുള്ളതല്ല; എൻെറ രാജ്യം ഇഹലോകത്തിൽനിന്നു് എന്നുവരി
കിൽ, എൻെറ ഭൃത്യന്മാർ ഞാൻ യഹൂദരിൽ ഏല്പിക്കപ്പെടാതവണ്ണം പോ
37 രാടുകയായിരുന്നുവല്ലൊ, എന്നിട്ടു് എൻെറ രാജ്യം ഇവിടുന്നല്ല സ്പഷ്ടം!
പിലാതൻ അവനോടു്: പിന്നെ നീ രാജാവല്ലൊ! എന്നു പറഞ്ഞാറെ,
യേശു ഉത്തരം ചൊല്ലിയതു: നീ പറയുന്നു; ഞാൻ രാജാവാകുന്നു സത്യം;
സത്യത്തിന്നു സാക്ഷി നില്ക്കേണ്ടതിന്നു ഞാൻ ജനിച്ചിരിക്കുന്നു; ഇതിനാ
യി, ലോകത്തിൽ വന്നും ഇരിക്കുന്നു; സത്യത്തിൽനിന്നുള്ളവൻ എല്ലാം
38 എൻെറ ശബ്ദം കേൾക്കുന്നു. പിലാതൻ അവനോടു്: സത്യം എന്തു് എന്നു
പറഞ്ഞു (വെച്ചു) പിന്നെയും യഹൂദരുടെ അടുക്കെ പുറത്തുപോയി, അവ
രോടു പറഞ്ഞിതു: അവനിൽ ഞാൻ കുറ്റം ഒന്നും കാണുന്നില്ല. എന്നാൽ
39 പെസഹയിൽ നിങ്ങൾക്കു് ഒരുത്തനെ വിട്ടുകൊടുക്കുന്നതു, നിങ്ങളിൽ മ
ര്യാദയാകുന്നുവല്ലൊ; അതുകൊണ്ടു് യഹൂദ രാജാവിനെ നിങ്ങൾക്കു് അ
40 ഴിച്ചു തരുവാൻ ഇച്ഛിക്കുന്നുവൊ? എന്നാറെ, അവർ എല്ലാവരും: ഇവനെ
അല്ല, ബറബ്ബാവെ തന്നെ! എന്നു് ആവർത്തിച്ചു വിളിച്ചു; ബറബ്ബ എന്ന
വനൊ കവർച്ചക്കാരൻ തന്നെ.

19. അദ്ധ്യായം

യേശു അടിക്കപ്പെട്ടശേഷം മരണവിധിയും, (17) ക്രൂശാരോഹണാദിക
ളും, (31) മരിച്ചവൻെറ നെഞ്ഞിലെ കുത്തും, (31) ശവസംസ്കാരവും
[മത്താ. 27. മാ 15. ലൂ. 23]

1 **അ**പ്പോൾ, പിലാതൻ യേശുവിനെ കൂട്ടിക്കൊണ്ടു വാറടി ഏല്പിക്കയും
2 ചെയ്തു. സേവകർ മുള്ളുകൊണ്ടു കിരീടം മെടഞ്ഞു, അവൻെറ തലയിൽ
3 ആക്കി, ധൂമ്രവർണ്ണമുള്ള പുതെപ്പും ഇട്ടു്, അവനെ ചെന്നുകണ്ടു: യഹൂദരാജാ
4 വെ, വാഴ്ക! എന്നു പറഞ്ഞും കുമകൊടുത്തും കൊണ്ടിരുന്നു. പിലാതൻ
പിന്നെയും, പുറത്തുവന്നു: ഞാൻ അവനിൽ കുറ്റം കാണുന്നില്ല എന്നു നി
ങ്ങൾ അറിയേണ്ടതിന്നു്, അവനെ നിങ്ങൾക്കു് ഇതാ പുറത്തു കൊണ്ടു വ
5 രുന്നു എന്നു് അവരോടു് പറഞ്ഞു. ഉടനെ യേശു മുള്ളിൻ കിരീടവും ധൂമ്ര
വർണ്ണപുതെപ്പും പൂണ്ടു; പുറത്തുവന്നപ്പോൾ: ആ മനുഷ്യൻ ഇതാ! എന്നു്
6 അവരോടു് പറയുന്നു. എന്നാറെ, മഹാപുരോഹിതരും ഭൃത്യന്മാരും അവനെ
കണ്ടപ്പോൾ: ക്രൂശിക്ക! അവനെ ക്രൂശിക്ക! എന്നു് ആർത്തു പോയി. പി
ലാതൻ, അവരോടു: നിങ്ങൾ അവനെ കൊണ്ടുപോയി, ക്രൂശിപ്പിൻ! ഞാ
നൊ കുറ്റം അവനിൽ കാണുന്നില്ല എന്നു പറയുന്നു. യഹൂദർ അവനോടു് ഉ
7 ത്തരം ചൊല്ലിയതു: ഞങ്ങൾക്കു ഒരു ധർമ്മം ഉണ്ടു; അവൻ തന്നെത്താൻ ദൈ
വപുത്രൻ ആക്കിയതുകൊണ്ടു, ഞങ്ങളുടെ ധർമ്മപ്രകാരം അവൻ മരിക്കേ
8 ണ്ടതു. എന്നുള്ള വാക്കു പിലാതൻ കേട്ടു് ഏറ്റം ഭയപ്പെട്ടു, പിന്നെയും ആ
9 സ്ഥാനത്തിൽ ചെന്നു: നീ എവിടെനിന്നു് ആകുന്നു? എന്നു് യേശുവി
നോടു പറയുന്നു; യേശു അവനു് ഉത്തരം കൊടുത്തില്ല. പിലാതൻ അവ
10 നോടു പറയുന്നു: നീ എന്നോടു സംസാരിക്കുന്നില്ലയൊ? നിന്നെ ക്രൂശി
പ്പാൻ അധികാരവും, നിന്നെ അഴിച്ചുവിടുവാൻ അധികാരവും എനിക്കു്
11 ഉണ്ടു എന്നു അറിയുന്നില്ലയൊ! യേശു ഉത്തരം ചൊല്ലിയതു: മേലിൽനിന്നു
നിണക്കു തരപ്പെട്ടിട്ടില്ല എങ്കിൽ, എൻെറ നേരെ നിണക്കു് ഒർ അധികാ
രവും ഇല്ല, ആയതുകൊണ്ടു, നിന്നിൽ എന്നെ ഏല്പിച്ചവനു് അധികം പാ
12 പം ഉണ്ടു. എന്നതു നിമിത്തം പിലാതൻ അവനെ വിടുവിപ്പാൻ അന്വേ
ഷിച്ചു; യഹൂദരോ: നീ ഇവനെ വിടുവിച്ചാൽ കൈസരുടെ സഖിയല്ല;
തന്നെത്താൻ രാജാവാക്കുന്നവൻ എല്ലാം കൈസരോടു മറുക്കുന്നുവല്ലൊ:

13 എന്നു് ആത്തു പറഞ്ഞു. ആ വചനം പിലാതൻ കേട്ടു, യേശുവെ പുറത്തു വ
രുത്തി, എബ്രയഭാഷയിൽ ഗബ്ബത എന്നു ചൊല്ലുന്ന കൽത്തളമാകുന്ന സ്ഥ
ലത്തു ന്യായാസനത്തിൽ ഇരുന്നു കൊണ്ടു, പെസഹയുടെ ഒരുമ്പാടാഴ്ച ഏ
14 കദേശം ആറു മണിക്കു യഹൂദരോടു്: ഇതാ നിങ്ങളുടെ രാജാവെന്നു പറയു
ന്നു; നീക്കിക്കള! അവനെ നീക്കിക്കളക! ക്രൂശിക്ക! എന്നു് അവർ ആത്തു
15 ക്കുകിയപ്പോഴം: നിങ്ങളുടെ രാജാവിനെ ഞാൻ ക്രൂശിക്കയൊ! എന്നു പി
പിലാതൻ അവരോടു പറയുന്നു; മഹാപുരോഹിതന്മാർ: ഞങ്ങൾക്കു കൈ
സർ ഒഴികെ രാജാവില്ല! എന്നു് ഉത്തരം പറഞ്ഞപ്പോഴം, അവനെ ക്രൂശി
ക്കേണ്ടതിന്നു് അവക്കു് നല്കി.

16 ആയവർ യേശുവിനെ കൈക്കൊണ്ടു നടത്തുമ്പോഴം, അവൻ തന്നെറ ക്രൂ
17 ശിനെ ചുമന്നുകൊണ്ടു, എബ്രയർ ഗൊലു്ഗഥ എന്നു ചൊല്ലുന്ന തലയോടി
18 ടത്തേക്കു പുറത്തുപോയി. അവിടെ അവനെയും, അവൻ നടുവിൽ ഇരി
ക്കെ, ഇങ്ങും അങ്ങും വേറെ രണ്ടാളുകളെയും. അവനോടു കൂട ക്രൂശിച്ചു.
19 ശേഷം പിലാതൻ ഒരു ശാസനം എഴുതി ക്രൂശിന്മേൽ പതിപ്പിച്ചു;അതിൽ:
നചറയ്യനായ യേശു യഹൂദരുടെ രാജാവു് എന്നു വരെച്ചിട്ടുണ്ടു. യേശുവെ
20 ക്രൂശിച്ച സ്ഥലം നഗരത്തിന്നു സമീപമാകയാൽ, എബ്രയ, യവന, രോമ
ഈ (മൂന്നുവക) അക്ഷരങ്ങഠം കൊണ്ടും എഴുതീട്ടുള്ള ശാസനത്തെ അനേക
യഹൂദന്മാർ വായിച്ചു; പിന്നെ യഹൂദന്മാരുടെ മഹാപുരോഹിതന്മാർ പി
21 ലാതനോടു പറഞ്ഞു: യഹൂദരാജാവു് എന്നല്ല; ഞാൻ യഹൂദരാജാവു് എ
22 ന്നു് അവൻ പറഞ്ഞതു് എന്നതത്രെ എഴുതേണ്ടതു്; എന്നാറെ, പിലാതൻ:
23 ഞാൻ എഴുതിയതു് എഴുതീട്ടുണ്ടു എന്നു് ഉത്തരം പറഞ്ഞു. സേവകർ യേശു
വെ ക്രൂശിച്ചശേഷം അവന്റെ വസ്ത്രങ്ങളെ എടുത്തു, ഓരൊ സേവകനു്
24 ഓരൊ പങ്കായിട്ടു നാലംശം ആക്കി; ഉള്ളങ്കിയെ എടുത്തു, മീത്തലോടു്
അടിയോളം മുട്ടാതെ മുറും നെയ്ത്തുപണിയായതു കണ്ടു: ഇതു നാം കീറ
ല്ല, ആർക്കു വരും എന്നു ചീട്ടു് ഇടുക! എന്നു തമ്മിൽ പറഞ്ഞു. (സങ്കീ. 22,
19.) തങ്ങളിൽ എന്റെ വസ്ത്രങ്ങളെ പകുത്തു, എന്റെ തുണിമേൽ ചീട്ടും
ഇട്ടു എന്നുള്ള തിരുവെഴുത്തിന്നു നിവൃത്തി വരുവാൻ, സേവകർ ഇവ ചെ
25 യ്തതു. യേശുവിൻ ക്രൂശിന്നരികെ അവന്റെ അമ്മയും, അമ്മയുടെ സഹോ
ദരിയും, ഹല്പായുടെ മറിയയും, മഗ്ദലക്കാരത്തി മറിയയും നിന്നുംകൊണ്ടി
26 രിക്കെ, യേശു അമ്മയും, താൻ സ്നേഹിക്കുന്ന ശിഷ്യനും, നില്ക്കുന്നതു കണ്ടു:
സ്ത്രീയെ, കണ്ടാലും നിന്റെ മകൻ! എന്നു തന്റെ അമ്മയോടു പറഞ്ഞു.
27 അനന്തരം ശിഷ്യനോടു്: കണ്ടാലും, നിന്റെ അമ്മ എന്നു പറയുന്നു. ആ
നാഴികമുതൽ ശിഷ്യൻ അവളെ തന്റെ കൂടിയിൽ ചേർത്തുകൊണ്ടു. അ
28 തിൽ പിന്നെ തിരുവെഴുത്തിന്നു നിവൃത്തിയാവാൻ സകലവും തികെഞ്ഞു
വന്നു എന്നു, യേശു അറിഞ്ഞിട്ടു് എനിക്കു ദാഹിക്കുന്നു എന്നു പറയുന്നു.
29 അവിടെ കാടിനിറഞ്ഞ പാത്രം ഉണ്ടു; അവരും ഒരു സ്പോങ്ങു കാടികൊ
ണ്ടു നിറച്ചു, ഈസൊപ്പിൻ (തണ്ടിൻ) മേൽ ആക്കി, അവന്റെ വായോടു്
30 അടുപ്പിച്ചു. യേശു കാടി സേവിച്ചിട്ടു: നിവൃത്തിയായി! എന്നു ചൊല്ലി,
തല ചാച്ചു് ആത്മാവിനെ ഏല്പിക്കയും ചെയ്തു.

31 എന്നാറെ, അന്നു് ഒരുമ്പാടാഴ്ചയും വരുന്ന ശബ്ബത്തു നാഠം വലിയതും,
ആകകൊണ്ടു് ആ ഉടലുകഠം ശബ്ബത്തിൽ ക്രൂശിന്മേൽ ഇരിക്കരുതു് എന്നു
വെച്ചു്, അവരുടെ തുടകളെ ഒടിച്ചു (ഉടലുകഠം) എടുപ്പിക്കേണം എന്നു യ
ഹൂദർ പിലാതനോടു ചോദിച്ചു. അതുകൊണ്ടു സേവകർ വന്നു്, ഒന്നാമ
32 നും അവനോടു കൂടെ ക്രൂശിക്കപ്പെട്ട മറെറവനും തുടകളെ ഒടിച്ചു, പിന്നെ
33 യേശുവിന്നടുക്കെ വന്നു്, അവൻ മരിച്ചു കളഞ്ഞപ്രകാരം കണ്ടു, തുടകളെ
34 ഒടിച്ചില്ല; സേവകരിൽ ഒരുത്തൻ കുന്തംകൊണ്ടു് അവന്റെ വിലാപ്പുറത്തു
കുത്തി, ഉടനെ രക്തവും വെള്ളവും പുറപ്പെടുകയും ചെയ്തു. ഇതിന്നു കണ്ടി
35 ട്ടുള്ളവൻ സാക്ഷ്യം പറഞ്ഞിരിക്കുന്നു; അവന്റെ സാക്ഷ്യം സത്യമുള്ളതു

തന്നെ; നിങ്ങളും വിശ്വസിക്കേണ്ടതിന്നു താൻ ഉള്ളവ തന്നെ പറയുന്നു എ
36 ന്നു് അവൻ അറിഞ്ഞും ഇരിക്കുന്നു. കാരണം അവന്റെ അസ്ഥി ഒടികയും ഇ
ല്ല, (2 മോ. 12, 46. സങ്കീ. 34, 21.) എന്നുള്ള തിരുവെഴുത്തു പൂരിക്കേ
37 ണ്ടതിന്നു് ഇവ സംഭവിച്ചു; പിന്നെ (ജക. 12, 37, 10.) അവർ കുത്തി
യവങ്കലേക്കു് നോക്കും എന്നു മറെറാർ എഴുത്തും പറയുന്നു.

38 അനന്തരം യേശുവിൻ ശിഷ്യൻ എങ്കിലും, യഹൂദരെ ഭയം ഹേതുവായി
മറഞ്ഞിരുന്ന അരിമത്യയിലെ യോസേഫു് പിലാതനോടു് യേശുവിൻ
ഉടൽ എടുപ്പാൻ ചോദിച്ചു, പിലാതൻ അനുവദിക്കയാൽ, അവൻ വന്നു,
39 യേശുവിൻ ഉടൽ എടുത്തു. ആദ്യം രാത്രിയിൽ യേശുവിന്നടുക്കെ വന്ന നീ
ക്കൊദേമനും കൂടെ കണ്ടിവെണ്ണയും, അകിലും, വിരകിയ കൂട്ടു നൂറു റാത്ത
40 ലോളം കൊണ്ടുവന്നു് എത്തി. ആയവൻ യേശുവിൻ ഉടൽ കൈക്കൊണ്ടു,
യഹൂദർ കുഴിച്ചിടുന്ന മര്യാദപ്രകാരം അതിനെ സുഗന്ധങ്ങൾ ചേർത്തു, തു
41 ണികളും ചുററി കെട്ടി, അവനെ ക്രൂശിച്ച പ്രദേശത്തു തന്നെ, ഒരു തോ
ട്ടവും തോട്ടത്തിൽ മുമ്പെ ആരെയും വെച്ചിട്ടില്ലാത്ത പുതിയ കല്ലറയും ഉണ്ടു.
42 ആ കല്ലറ സമീപം ആകകൊണ്ടു് അവർ യഹൂദരുടെ ഒരുമ്പാടാഴ്ച വി
ചാരിച്ചു, യേശുവിനെ അവിടെ വെച്ചു.

20. അദ്ധ്യായം

മഗ്ദലക്കാരത്തി യേശുവിൻ ഉടൽ കാണാതെ രണ്ടു ശിഷ്യന്മാരെ വരുത്തി, (11) താൻ യേശുവിനെ കണ്ടശേഷം, (19) പത്തു് ശിഷ്യർക്കും യേശു പ്രത്യക്ഷനായതും [മത്താ. 28. മാ. 16. ലൂ. 24.], (24) തോമാവിന്നു കാണായതു, (30) സുവിശേഷത്തിൽ താല്പര്യം.

1 **ആ**ഴ്ചവട്ടത്തിൽ ഒന്നാം നാൾ മഗ്ദലക്കാരത്തി മറിയ, രാവിലെ ഇരുട്ടു
ള്ളപ്പോൾ തന്നെ കല്ലറയരികെ വന്നു, കല്ലറയിൽ നിന്നു കല്ലു നീങ്ങി
2 പോയതു കണ്ടിട്ടു്; ഓടി ശിമോൻ പേത്രനോടും യേശുവിനു് പ്രിയനായ
മറെറ ശിഷ്യനോടും എത്തി: (ആരൊ) കർത്താവിനെ കല്ലറയിൽനിന്നു്
എടുത്തു കൊണ്ടുപോയി, എവിടെ ആക്കി എന്നു ഞങ്ങൾ അറിയുന്നതും
3 ഇല്ല എന്നു് അവരോടു പറയുന്നു. അതുകൊണ്ടു പേത്രനും, മറെറ ശിഷ്യനും
പുറപ്പെട്ടു, കല്ലറെക്കു ചെല്ലുമ്പോൾ, ഇരുവരും ഒന്നിച്ചു് ഓടി; മറെറ ശി
4 ഷ്യനൊ, പേത്രനിലും വിരഞ്ഞു പാഞ്ഞു മുമ്പെ കല്ലറെക്കൽ എത്തി, കു
5 നിഞ്ഞു നോക്കി, തുണികൾ കിടക്കുന്നപ്രകാരം കണ്ടു പാർത്തും അക
6 ത്തുക്കതും ഇല്ല. അവന്റെ പിന്നാലെ ശിമോൻ പേത്രൻ വന്നു കല്ലറയിൽ
7 പുക്കു: തുണികൾ കിടക്കുന്നതും, അവന്റെ തല ചുററിയ ശീല തുണിക
ളോടു കിടക്കാതെ വേറിട്ടു് ഒരിടത്തു ചുററി വെച്ചിരിക്കുന്നതും കണ്ടു പാർത്തു.
8 അപ്പോൾ തന്നെ, കല്ലറെക്കൽ മുമ്പെ എത്തിയ മറെറ ശിഷ്യനും അകമ്പുക്കു,
9 കണ്ടു വിശ്വസിക്കയും ചെയ്തു. കാരണം അവൻ മരിച്ചവരിൽനിന്നു വീ
10 ണ്ടും എഴുനീല്ക്കേണ്ടിയതു് എന്നുള്ള തിരുവെഴുത്തിനെ അവർ അന്നു് അറി
ഞ്ഞില്ല; പിന്നെ ശിഷ്യന്മാർ തിരികെ വീട്ടിലേക്കു പോയി.

11 എന്നാറെയും, മറിയ കല്ലറെക്കൽ പുറത്തു കരഞ്ഞുനിന്നിരുന്നു; കരയു
12 മ്പോൾ തന്നെ, കല്ലറയിൽ കുനിഞ്ഞു നോക്കി, യേശുവിൻ ഉടൽ
കിടന്നിരുന്ന ഇടത്തു വെള്ള വസ്ത്രം ധരിച്ച രണ്ടു ദൂതന്മാർ, ഒരുത്തൻ തലെ
13 ക്കലും ഒരുത്തൻ കാല്ക്കലും ഇരിക്കുന്നതു കാണുന്നു: അവർ അവളോടു: സ്ത്രീ
യെ, നീ കരയുന്നതു് എന്തു്? എന്നു പറഞ്ഞാറെ: എന്റെ കർത്താവിനെ
എടുത്തു പോകയാലും, അവർ അവനെ വെച്ച സ്ഥലം അറിയായ്കയാലും
14 എന്നു് അവരോടു പറയുന്നു. ഇവ ചൊല്ലീട്ടു, പിന്നോക്കം തിരിഞ്ഞു,

യേശു നില്ക്കുന്നതു കാണുന്നു; യേശു എന്നു തിരിഞ്ഞതും ഇല്ല. യേശു അവ
15 ളോടു: സ്ത്രീയെ, കരയുന്നതു് എന്തു് ആരെ തിരയുന്നു? എന്നു് അവളോടു
പറയുന്നു: ഇവൻ തോട്ടക്കാരൻ എന്നു് അവൎം നിരൂപിച്ചു: യജമാന,
അവനെ ചുമന്നു പോയതു നീ എന്നു വരികിൽ, അവനെ വെച്ച സ്ഥലം
പറഞ്ഞു തരിക, ഞാൻ അവനെ എടുത്തു കൊണ്ടുപോകയും ചെയ്യും എന്നു്
അവനോടു പറയുന്നു. യേശു അവളോടു്: മറിയെ! എന്നു പറയുന്നു. അ
16 വൎം തിരിഞ്ഞു് അവനോടു് എബ്രയവാക്കിൽ (എൻ) ഗുരോ എന്നുള്ള:
17 റബ്ബൂനി എന്നു പറയുന്നു. യേശു അവളോടു് പറയുന്നിതു: എന്നെ പിടിച്ചു
കൊള്ളല്ല; കാരണം ഞാൻ ഇതുവരെ എന്റെ പിതാവിന്നടുക്കെ കരേറി
പോയില്ല, എങ്കിലും, .എന്റെ സഹോദരന്മാരെ ചെന്നു കണ്ടു്, എൻ പി
താവും നിങ്ങളുടെ പിതാവും എൻ ദൈവവും നിങ്ങളുടെ ദൈവവും ആയ
വന്നടുക്കെ ഞാൻ കരേറി പോകുന്നു എന്നു പറക. മഗ്ദലക്കാരത്തി മറിയ
18 കർത്താവെ കണ്ടതും അവൻ ഇവ തന്നോടു പറഞ്ഞപ്രകാരവും ശിഷ്യരോടു്
അറിയിക്കയും ചെയ്തു.

19 ആഴ്ചവട്ടത്തിന്റെ ആ ഒന്നാം നാൎം വൈകുന്നേരത്തു, ശിഷ്യന്മാർ കൂടി
വന്ന സ്ഥലത്തിൽ യഹൂദരെ ഭയം ഹേതുവായി വാതിലുകൎം പൂട്ടീട്ടിരി
ക്കെ, യേശു വന്നു നടുവിൽനിന്നുകൊണ്ടു് അവരോടു പറയുന്നു; നിങ്ങൎം
20 ക്കു സമാധാനം (ഉണ്ടാക)! എന്നതു ചൊല്ലി, തന്റെ കൈകളേയും വിലാ
പ്പുറവും അവർക്കു കാണിച്ചു കർത്താവിനെ കണ്ടിട്ടു, ശിഷ്യർ സന്തോ
21 ഷിക്കയും ചെയ്തു. യേശു പിന്നെയും അവരോടു പറഞ്ഞിതു: നിങ്ങൎംക്കു
സമാധാനം! പിതാവു് എന്നെ അയച്ചപ്രകാരം ഞാനും നിങ്ങളെ അയ
22 ക്കുന്നു! എന്നു ചൊല്ലി, അവരുടെമേൽ ഊതി പറയുന്നിതു: വിശുദ്ധാത്മാ
23 വിനെ കൈക്കൊൎംവിൻ! ആർക്കെങ്കിലും നിങ്ങൎം പാപങ്ങളെ മോചി
ച്ചാൽ, അവർക്കു മോചിക്കപ്പെടുന്നു: ആർക്കെങ്കിലും പിടിപ്പിച്ചാൽ അ
വർക്കു പിടിക്കപ്പെട്ടിരിക്കുന്നു.

24 അന്നു യേശു വന്നപ്പോൾ, പന്തിരുവരിൽ ഒരുവനായ ഇരട്ട എന്നുള്ള
25 തോമാ അവരോടു കൂടിയിരുന്നില്ല. പിന്നെ മറെറ ശിഷ്യന്മാർ: ഞങ്ങൎം
കർത്താവിനെ കണ്ടു എന്നു് അവനോടു പറഞ്ഞാറെ: അവന്റെ കൈക
ളിൽ ഞാൻ ആണികളുടെ പഴുതു കണ്ടും, ആണിപഴുതിൽ എന്റെ വിരൽ
ഇട്ടും, അവന്റെ വിലാപ്പുറത്തു എൻ കൈയ്യിട്ടും കൊണ്ടല്ലാതെ, വിശ്വ
26 സിക്കയില്ല എന്നു് അവരോടു പറഞ്ഞു. എട്ടു നാൎം കഴിഞ്ഞിട്ടു, ശിഷ്യ
ന്മാർ പിന്നെയും തോമാവുമായി അകത്തുകൂടി ഇരുന്നു, വാതിലുകൎം പൂട്ടീ
27 ട്ടിരിക്കെ, യേശു വന്നു നടുവിൽ നിന്നുകൊണ്ടു: നിങ്ങൎംക്കു സമാധാനം!
എന്നു പറഞ്ഞു. പിന്നെ തോമാവിനോടു: നിന്റെ വിരൽ ഇങ്ങോട്ടു നീ
ട്ടി, എന്റെ കൈകളെ കാൺക; നിന്റെ കൈയും നീട്ടി എന്റെ വിലാ
പ്പുറത്തു് ഇടുക! അവിശ്വാസിയല്ല വിശ്വാസിയായ്തീരുക! എന്നു പറഞ്ഞു.
28 തോമാ അവനോടു: എൻകൎത്താവും എൻദൈവവും ആയുള്ളോവെ! എന്നു്
29 ഉത്തരം പറഞ്ഞു. യേശു അവനോടു പറയുന്നു: നീ എന്നെ കാൺകകൊണ്ടു
വിശ്വസിച്ചിരിക്കുന്നു(വൊ); കാണാതെ വിശ്വസിച്ചവർ ധന്യന്മാർ.

30 വിശേഷിച്ചു് ഈ പുസ്തകത്തിൽ എഴുതിയതല്ലാതെ, മറനേകം അട
യാളങ്ങളേയും, യേശു തന്റെ ശിഷ്യന്മാർ കാൺക ചെയ്തു സത്യം. ഇവ
31 യൊ യേശു ദൈവത്തിൻ, പുത്രനായ മശീഹ എന്നു നിങ്ങൎം വിശ്വസി
പ്പാനും വിശ്വസിച്ചിട്ടു് അവന്റെ നാമത്തിൽ ജീവൻ ഉണ്ടാവാനും തന്നെ
എഴുതിയിരിക്കുന്നതു.

21. അദ്ധ്യായം

ഗലീലയിലെ ഒന്നാം പ്രത്യക്ഷത, (15) ശിമോൻ യോഹനാൻ എന്നവരോട് യേശു പ്രവചിച്ചതു, (24) സുവിശേഷത്തിന്നു എഫെസ സഭയുടെ സാക്ഷ്യം.

1 ഇവറ്റിൻശേഷം, യേശു പിന്നെയും തിബെര്യ പൊയ്ക്കവക്കത്തു ശി
2 ഷ്യന്മാർക്കു പ്രത്യക്ഷനായ്വന്നു; പ്രത്യക്ഷതാ വിവരം ആവിതു. ശിമോൻ
പേത്രനും ഇരട്ട എന്നുള്ള തോമാവും, ഗാലീല്യ കാനാവിലെ നഥനയെലും
ജബദിമക്കളും അവന്റെ ശിഷ്യരിൽ വേറെ രണ്ടാളും ഒരുമിച്ചിരിക്കു
3 മ്പോൾ, ശിമോൻ പേത്രൻ, അവരോടു: ഞാൻ മീൻപിടിപ്പാൻ പോകുന്നു
എന്നു പറയുന്നു: ഞങ്ങളും നിന്നോടു കൂടി പോരുന്നു എന്നു അവർ പറഞ്ഞു
പുറപ്പെട്ടു; ഉടനെ പടകിൽ കയറിപോയി, ആ രാത്രിയിൽ ഒന്നും പിടി
4 ച്ചില്ല. പുലർച്ചയായപ്പോൾ, യേശു കരയിൽ നിന്നിരുന്നു; യേശു എന്നു
5 ശിഷ്യന്മാർ അറിഞ്ഞില്ല താനും. യേശു അവരോടു: കുഞ്ഞുങ്ങളെ കൂട്ടുവാൻ
ഏതാനും ഉണ്ടോ? എന്നു ചോദിച്ചതിന്നു: ഇല്ലെന്നു അവർ ഉത്തരം ചൊ
6 ല്ലിയാറെ: പടകിന്റെ വലഭാഗത്തു വല വീശുവിൻ എന്നാൽ കിട്ടും എ
ന്നു അവരോടു പറഞ്ഞു. അവർ വീശി, മീനുകളുടെ പെരുക്കം ഹേതുവാ
7 യി, വലിപ്പാൻ പിന്നെ കഴിഞ്ഞതും ഇല്ല. അതുകൊണ്ടു യേശു സ്നേ
ഹിക്കുന്ന ശിഷ്യനായവൻ, പേത്രനോടു: കർത്താവാകുന്നു എന്നു പറയുന്നു;
കർത്താവു എന്നു ശിമോൻ കേട്ടു നഗ്നനാകയാൽ, അങ്കിയെ ഉടുത്തു അരെ
8 ക്കു കെട്ടി, കടലിൽ ചാടി. ശേഷം ശിഷ്യന്മാർ കരെക്കു, ദൂരത്തല്ല ഏകദേ
ശം ഇരുന്നൂറു മുഴം അകലെ ആകകൊണ്ടു, മീൻ നിറഞ്ഞ വല ഇഴെച്ചുംകൊ
9 ണ്ടു, പടകു വലിച്ചു വന്നു. നിലത്തു ഇറങ്ങിയപ്പോൾ, തീക്കനൽ ഉള്ളതു
ല്ലാതെ, അതിന്മേൽ മീൻ കിടക്കുന്നതും അപ്പവും കാണുന്നു. യേശു അവ
10 രോടു: ഇപ്പോൾ പിടിച്ച മീനുകളിൽ ചിലതു കൊണ്ടുവരുവിൻ! എന്നു പ
11 റഞ്ഞാറെ, ശിമോൻ, പേത്രൻ, കയറി നൂറമ്പത്തുമൂന്നു വലിയ മീനും നി
റഞ്ഞിട്ടുള്ള വലയെ കരമേൽ വലിച്ചു. അത്ര ഉണ്ടായിട്ടും വല കീറിയതും
12 ഇല്ല. യേശു അവരോടു: ഇങ്ങു വന്നു മുത്താഴം കഴിച്ചു കൊൾവിൻ എന്നു
പറഞ്ഞു. ഇവൻ കർത്താവു, എന്നു അറിഞ്ഞിട്ടു, ശിഷ്യരിൽ ഒരുത്തനും നീ
13 ആർ എന്നു അവനോടു ആരായ്വാൻ തുനിഞ്ഞില്ല. യേശു വന്നു അപ്പം
14 എടുത്തു, അവർക്കു കൊടുത്തു; മീനും അപ്രകാരം തന്നെ; യേശു മരിച്ചവ
രിൽനിന്നു ഉണർന്നശേഷം ഇങ്ങിനെ മൂന്നാമതും തന്റെ ശിഷ്യർക്കു പ്രത്യ
ക്ഷനായതു.

15 അവർ മുത്താഴം കഴിച്ചശേഷം യേശു ശിമോൻ പേത്രനോടു: യോഹ
ന്നാവിൻ ശിമോനെ! എന്നെ നീ ഇവരേക്കാളും അധികം സ്നേഹിക്കുന്നു
വൊ? (മാ. 14, 29.) എന്നു പറഞ്ഞാറെ: ഉവ്വു കർത്താവെ, എനിക്കു നീ
നിൽ പ്രേമം ഉള്ളപ്രകാരം നീ അറിയുന്നു എന്നു പറയുന്നു: എന്റെ കുഞ്ഞാ
16 ടുകളെ മേയ്ക്ക! എന്നു അവനോടു പറയുന്നു. രണ്ടാമതും അവനോടു: യോഹ
ന്നാവിൻ ശിമോനെ! നീ എന്നെ സ്നേഹിക്കുന്നുവൊ? എന്നു ചോദി
ച്ചാറെ: ഉവ്വു കർത്താവെ, എനിക്കു നിന്നിൽ പ്രേമം ഉള്ള പ്രകാരം നീ അറി
17 യുന്നു: എന്റെ ആടുകളെ പാലിക്ക! എന്നു അവനോടു പറയുന്നു. മൂന്നാമ
തും അവനോടു: യോഹന്നാവിൻ ശിമോനെ! നിണക്കു എന്നിൽ പ്രേമം
ഉണ്ടോ? എന്നു ചോദിച്ചാറെ, എന്നിൽ പ്രേമം ഉണ്ടോ എന്നു മൂന്നാമതും ത
ന്നോടു പറകയാൽ, പേത്രൻ ദുഃഖിച്ചു: കർത്താവെ, നീ സകലവും അറി
ഞ്ഞിരിക്കുന്നു; എനിക്കു നിന്നിൽ പ്രേമം ഉള്ളതു ബോധിക്കുന്നുവല്ലൊ!
എന്നു അവനോടു പറഞ്ഞു; യേശു അവനോടു: എന്റെ ആടുകളെ മേയ്ക്ക!
18 എന്നു പറയുന്നു. ആമെൻ ആമെൻ ഞാൻ നിന്നോടു ചൊല്ലുന്നിതു: നിണക്കു

വയസ്സ് കുറഞ്ഞിരിക്കുമ്പോൾ, നീ തന്നെ അരകെട്ടിക്കൊണ്ട് ഇഷ്ടമുള്ളേ
ടത്തു നടന്നുവന്നു; നീ മൂത്തശേഷമൊ, നിന്റെ കൈകളെ നീട്ടും, മറൊ
രുവൻ നിന്നെ അരകെട്ടി, ഇഷ്ടമല്ലാത്ത ഇടത്തേക്ക് കൊണ്ടുപോകും. എ
19 ന്നതിനാൽ അവൻ ഇന്ന മരണംകൊണ്ടു ദൈവത്തെ തേജസ്കരിക്കും എ
ന്ന സൂചിപ്പിച്ചു; ആയതു ചൊല്ലിയാറെ: എന്നെ അനുഗമിക്ക എന്ന് അ
20 വനോടു പറയുന്നു. പേത്രൻ തിരിഞ്ഞു, യേശു സ്നേഹിക്കുന്ന ശിഷ്യൻ
പിഞ്ചെല്ലുന്നതു കാണുന്നു (അത്താഴത്തിൽ അവന്റെ മാറിടത്തോടു ചാരി
ക്കൊണ്ടു, കർത്താവെ, നിന്നെ കാണിച്ചു കൊടുക്കുന്നവൻ ആർ എന്നു ചോ
21 ദിച്ചവൻ തന്നെ.) ആയവനെ പേത്രൻ കണ്ടു: കർത്താവെ, ഇവനൊ എ
22 ന്ത് (ആകും)? എന്നു യേശുവിനോടു പറയുന്നു. യേശു അവനോടു: ഞാൻ
വരുവോളം ഇവനെ വസിപ്പിപ്പാൻ തോന്നിയാൽ അതു നിണക്ക് എന്തു?
23 നീ എന്നെ അനുഗമിക്ക! എന്നു പറയുന്നു. ആകയാൽ, ആ ശിഷ്യൻ മരിക്ക
യില്ല എന്നുള്ള ശ്രുതി സഹോദരരിൽ പരന്നുപോയി; യേശുവൊ അവൻ
മരിക്കയില്ല എന്നല്ല; ഞാൻ വരുവോളം ഇവനെ വസിപ്പിപ്പാൻ തോന്നി
യാൽ, അതു നിണക്ക് എന്ത് എന്നത്രെ അവനോടു പറഞ്ഞതു.

24 ഇവ എഴുതിയതല്ലാതെ, ഇവററിന്നു സാക്ഷിനില്ക്കുന്ന ശിഷ്യൻ അവൻ
തന്നെ ആകുന്നു; അവന്റെ സാക്ഷ്യം സത്യമുള്ളത് എന്നു ഞങ്ങൾ അറിയു
25 ന്നു. യേശു ചെയ്തവ മറു പലവും എല്ലാം ഉണ്ടു; ആയത് ഓരൊന്നു, എഴുത
പ്പെട്ടാൽ എഴുതേണ്ടിയ പുസ്തകങ്ങളെ ലോകം തന്നെ കൊള്ളുകയും ഇല്ല എ
ന്നു ഞാൻ ഊഹിക്കുന്നു. ആമെൻ.

THE

ACTS OF THE APOSTLES

അപോസ്തലരുടെ

പ്രവൃത്തികൾ

1. അദ്ധ്യായം

കർത്താവ് സ്വർഗ്ഗാരോഹണമായി ഭൂമിയിൽ വ്യാപരിപ്പാൻ പോകുന്നതു ലൂക്കാ വിവരിപ്പാൻ തുടങ്ങിയതു, (12) അപോസ്തലർ ആത്മാദാനത്തിന്നു ഒരുമ്പെട്ടു വന്നതു.

1 പ്രിയ തെയോഫിലനെ! യേശു തെരിഞ്ഞെടുത്ത അപോസ്തലന്മാർക്കു
വിശുദ്ധാത്മാമൂലം കല്പനകൊടുത്തു, മേലോട്ടു എടുക്കപ്പെട്ടനാൾവരെ, അ
വൻ ചെയ്വാനും ഉപദേശിപ്പാനും ആരംഭിച്ച സകലവും വർണ്ണിക്കുന്ന,
2 ഒന്നാം പ്രബന്ധം ഞാൻ ഉണ്ടാക്കിയല്ലൊ. എങ്കിലൊ, അവൻ കഷ്ടപ്പെട്ട
ശേഷം നാല്പതു ദിവസംകൊണ്ടു അവർക്കു കാണായ്വന്നും ദൈവരാജ്യം
3 സംബന്ധിച്ചുവ പറഞ്ഞും കൊണ്ടു, താൻ ജീവിക്കുന്നവൻ എന്നു അനേ
4 കം ദൃഷ്ടാന്തങ്ങളാൽ അവർക്കു കാണിച്ചുകൊടുത്തു. അനന്തരം അവൻ അ
വരോടു ചേർന്നു യരുശലേമിൽനിന്നു വാങ്ങാതെ (ലൂ. 24, 49.) എങ്കൽ
നിന്നു കേട്ട പിതാവിൻ വാഗ്ദത്തത്തെ പാർത്തിരിക്കേണം; കാരണം (ലൂ.
5 3, 16.) യോഹനാൻ വെള്ളത്താൽ സ്നാനം കഴിച്ചു; നിങ്ങളോ ഇനി കു
റയനാൾ ചെന്നാൽ, വിശുദ്ധാത്മാവിൽ സ്നാനപ്പെടും എന്നു പ്രബോധിപ്പി
6 ച്ചു. ആ കൂടിവന്നവർ: കർത്താവെ, നീ ഇസ്രയേലിന്നു ഈ കാലത്തിൽ രാ
ജത്വത്തെ യഥാസ്ഥാനപ്പെടുത്തിക്കൊടുക്കുന്നുവൊ? എന്നു അവനോടു ചോ
7 ദിച്ചതിന്നു പറഞ്ഞിതു: പിതാവു തന്റെ അധികാരത്തിൽ വെച്ച കാലങ്ങ
8 ളെയൊ സമയങ്ങളെയൊ അറിയുന്നതു നിങ്ങൾക്കുള്ളതല്ല; വിശുദ്ധാത്മാ
വു നിങ്ങളുടെ മേൽ വന്നപ്പോൾ, ശക്തിലഭിച്ചിട്ടു നിങ്ങൾ യരുശലെമാ
ദി സകല യഹൂദയിലും ശമര്യയിലും ഭൂമിയുടെ അറ്റത്തോളവും എനി
9 ക്കു സാക്ഷികൾ ആകും താനും. എന്നിവ ചൊല്ലി, അവർ നോക്കിക്കൊ
ണ്ടിരിക്കെ, അവൻ മേലോട്ടു ഉയർന്നു, മേഘം അവനെ അവരുടെ കണ്ണുക
10 ളിൽനിന്നു മറെച്ചെടുക്കയും ചെയ്തു. അവൻ പോകുന്നേരം അവർ വാന
ത്തേക്കു ഉറുനോക്കുമ്പോൾ, ഇതാ വെള്ള വസ്ത്രത്തോടെ രണ്ടു പുരുഷന്മാർ
11 അവരുടെ അടുക്കെ നിന്നു: ഗലിലിയപുരുഷന്മാരെ, നിങ്ങൾ വാനത്തേക്കു
നോക്കിനില്ക്കുന്നതു എന്തു? നിങ്ങളിൽനിന്നു സ്വർഗ്ഗത്തേക്കു എടുക്കപ്പെട്ട
ഈ യേശു ഇങ്ങിനെ വരും, അവൻ സ്വർഗ്ഗത്തേക്കു പോകുന്നതു നിങ്ങൾ
കണ്ടപ്രകാരം തന്നെ എന്നു പറകയും ചെയ്തു.
12 അപ്പോൾ അവർ യരുശലേമിനോടു ഒരു ശബ്ബത്തു വഴിമാത്രം ദൂരമുള്ള
13 ഒലീവമലയെ വിട്ടു, യരുശലേമിലേക്കു മടങ്ങിപോന്നു; അകത്തു വന്ന
പ്പോൾ, അവർ വസിക്കുന്ന മാളികമുറിയിൽ കയറിപോയി; പേത്രൻ,
യോഹനാൻ, യാക്കോബു, അന്ത്രെയാവു, ഫിലിപ്പൻ, തോമാവും, ബർ
ത്തോലൂമായി, മത്തായും, ഹലഫായുടെ യാക്കോബു, എരിവുകാരൻ ശി
14 മോൻ, യാക്കൊബിൻ യൂദാവും, ഇവർ എല്ലാവരും സ്ത്രീകളോടും യേശു
വിന്റെ അമ്മയായ മറിയയോടും അവന്റെ സഹോദരൻമാരോടും കൂടെ

ഒരുമനപ്പെട്ട, പ്രാൎത്ഥനയിൽ [യാചനയിലും] ഉറുകൊണ്ടിരുന്നു. ആ നാളുക
15 ളിൽ ശിഷ്യൻമാർ നൂറിരുപതിനോളം പേരുകൾ കൂട്ടമായി, ഒരുമിച്ച
പ്പോൾ, പേത്രൻ അവരുടെ നടുവിൽ എഴുനീറുനിന്നു പറഞ്ഞിതു: സ
16 ഹോദരന്മാരായ പുരുഷന്മാരെ! യേശുവിനെ പിടിച്ചവർക്കു വഴികാട്ടിയാ
യി, പോയ യൂദാവിനെ ചൊല്ലി, വിശുദ്ധാത്മാവ് ദാവിദിൻ വായികൊ
17 ണ്ടു, മുൻപറഞ്ഞ എഴുത്തിനു നിവൃത്തിവരേണ്ടി ഇരുന്നു. അവനാകട്ടെ ഞ
ങ്ങളിൽ എണ്ണപ്പെട്ടവനായി, ഈ ശുശ്രൂഷയുടെ ചീട്ടിനെ ലഭിച്ചിരുന്നുവ
18 ല്ലൊ. പിന്നെ അനീതിയുടെ കൂലികൊണ്ടു് അവൻ പറമ്പു വാങ്ങിയശേ
ഷം തല കീഴായി വീണു നടുവെ പിളൎന്നു, അവന്റെ കുടലും എല്ലാം
19 തുറിച്ചുപോയി. ആയതു യരുശലേമിൽ പാൎക്കുന്നവൎക്കു് എല്ലാം അറിയാ
യ്വന്നതിനാൽ, ആ പറമ്പിന്നു് അവരുടെ ഭാഷാഭേദത്തിൽ ഹക്കൽദമ
20 എന്നുള്ള ചോരനിലം ആകുന്ന പേർ ഉണ്ടായി. കാരണം സങ്കീൎത്തനപുസ്തക
ത്തിൽ (69, 26.) അവന്റെ പാൎപ്പിടം പാഴായ്പോക; അതിൽ വസി
ക്കുന്നവൻ ഇല്ലാതിരിക്ക എന്നും, (109, 8) അവന്റെ സ്ഥാനം മറൊരു
21 ത്തനു ലഭിക്ക എന്നും എഴുതിയിരിക്കുന്നു. അതുകൊണ്ടു കൎത്താവായ യേശു
യോഹനാന്റെ സ്നാനം തുടങ്ങി അവൻ നമ്മിൽനിന്നു മേലോട്ടു് എടുക്ക
പ്പെട്ട നാളംവരെ, നമ്മോടു വരികയും പോകയും ചെയ്തുപോന്ന കാലത്തെ
22 ല്ലാം നമ്മോടു കൂടെ നടന്ന പുരുഷന്മാരിൽ ഒരുത്തൻ ഞങ്ങളോടു കൂടെ അവ
ന്റെ പുനരുത്ഥാനത്തിനു സാക്ഷിയായി തീരേണം എന്നാറെ: അവർ യു
23 സ്തൻ എന്ന മറുനാമവും ഉള്ള ബൎശബാ യോസേഫിനെയും മത്ഥീയാവി
നെയും (കണ്ടു) നിറുത്തി: എല്ലാവരുടെയും ഹൃദയജ്ഞാതാവായ കൎത്താവെ!
24 യൂദാവു് തന്റെ സ്ഥലത്തേക്കു് പോവാൻ തെറ്റി വീണ്ട ഈ ശുശ്രൂഷയും
25 തൂതും ആകുന്ന സ്ഥാനം ലഭിക്കേണ്ടതിനു; ഈ ഇരുവരിൽ നീ തെരിഞ്ഞെ
ടുത്ത ഒരുത്തനെ കാട്ടിത്തരേണമെ! എന്നു പ്രാൎത്ഥിച്ചു, അവർക്കു ചീട്ടുകളെ
26 ഇട്ടു. ചീട്ടു മത്ഥീയാവിനു വന്നു അവൻ പതിനൊന്നു് അപോസ്തലന്മാരുടെ
എണ്ണത്തിൽ ചേൎക്കപ്പെടുകയും ചെയ്തു.

2. അദ്ധ്യായം

പെന്തെകൊസ്തനാളിൽ സഭയുടെ സ്ഥാപനവും, (14) അപോസ്തലഘോ
ഷണം ഒന്നാമതും, (37) സഭാവൎദ്ധനയുടെ ആരംഭവും.

1 പെന്തെകൊസ്തു എന്ന (അമ്പതാം) നാൾ തികഞ്ഞുവന്നപ്പോൾ, എല്ലാ
2 വരും ഒരുമനപ്പെട്ടു ഒന്നിച്ചു കൂടി ഇരുന്നു. പെട്ടന്നു തകൎത്ത ഊത്തു തള്ളിവ
രുന്നപോലെ, വാനത്തിങ്കന്നു; ഒരു മുഴക്കം ഉണ്ടായി, അവർ ഇരുന്നിരി
3 ക്കുന്ന വീടെല്ലാം നിറെച്ചു, അഗ്നിപോലെ വിടൎന്നു പോകുന്ന നാവുക
ളും, അവർക്കു കാണായ്വന്നു; അവനവന്റെ മേൽ ഓരൊന്നിരുന്നു പാ
4 ൎത്തു എല്ലാവരും വിശുദ്ധാത്മാവു് നിറഞ്ഞുവന്നിട്ടു് ആത്മാവു് അവർക്കു
ഉച്ചരിപ്പാൻ കൊടുക്കുംപ്രകാരം മറുഭാഷകളാൽ പറഞ്ഞുതുടങ്ങി. അന്നു വാ
5 നത്തിങ്കീഴുള്ള സൎവ്വജാതിയിൽനിന്നും (വന്നു) യരുശലേമിൽ കുടിയിരിക്കു
ന്ന യഹൂദരായ ഭക്തിയുള്ള പുരുഷന്മാർ ഉണ്ടു. ആ ശബ്ദം ഉണ്ടായാറെ, ഈ
6 കൂട്ടം ചേൎന്നു വന്നു ഓരൊരുവർ താന്താന്റെ ഭാഷാഭേദത്താൽ അവർ
7 ചൊല്ലുന്നതു കേട്ടിട്ടു് അമ്പരന്നുപോയി. ഭ്രമിച്ചു് ആശ്ചൎയ്യപ്പെട്ടു തങ്ങളിൽ
പറഞ്ഞിതു: ഈ ഉരചെയ്യുന്നവർ എല്ലാവരും കണ്ടാലും ഗലീലക്കാരല്ല
8 യൊ! പിന്നെ നാം ജനിച്ച ഓരൊ ഭാഷ നാം കേൾക്കുന്നതു് എങ്ങിനെ?
9 പൎത്ഥർ, മേദർ, ഏലാമ്യരും, മെസപൊതാമ്യ, യഹൂദ, കപ്പദൊക്യയിലും,
10 പൊന്ത, ആസ്യയിലും, ഭ്രുഗ്യ, പംഫല്യയിലും, മിസ്രയോടു കുറെനെക്കുട
ത്ത ലിബ്യയാംശങ്ങളിലും കുടിയിരിക്കുന്നവരും, രോമയിൽനിന്നു വന്നു

11 പാർക്കുന്നവരും, യഹൂദരും, മതാവലംബികളും ക്രേതർ, അറബരുമായി
ഈ നമ്മുടെ ഭാഷകളാൽ എല്ലാം അവർ ദൈവത്തിൻ വൻക്രിയകളെ ഉരെ
12 ക്കുന്നതു കേൾക്കുന്ന (എങ്ങിനെ)? എന്നിട്ടു ഭ്രമിച്ചു ബുദ്ധിമുട്ടീട്ട്, ഇതാകു
ന്നത് എന്തുപോൽ? എന്നു തങ്ങളിൽ പറയും. മറ്റവർ ഇവർ മധുര മദ്യം
13 നിറഞ്ഞവരത്രെ എന്നു പരിഹസിച്ചു പോകയും ചെയ്തു.
14 ഉടനെ പേത്രൻ പതിനൊരുവരോടും കൂടെ നിന്നുകൊണ്ടു, തന്റെ ശബ്ദം
ഉയർത്തി, അവരോടു ഉരചെയ്തിതു: യഹൂദ പുരുഷന്മാരും യരുശലേമിൽ
പാർക്കുന്ന എല്ലാവരും ആയുള്ളോരെ! ഇതു നിങ്ങൾക്ക് അറിയായ്വരി
15 ക, എന്റെ മൊഴികളെ ചെവികൊൾകയും ചെയ്വിൻ! നിങ്ങൾ ഊ
ഹിക്കുംപോലെ ഇവർക്കു ലഹരി ഉള്ളതല്ല; പകലിൽ മൂന്നാം മണിനേരമെ
16 ഉള്ളുവല്ലൊ! യോവേൽ പ്രവാചകനാൽ (3. 1, 5.) മൊഴിയപ്പെട്ടതത്രെ
17 ഇതാകുന്നതു. ദൈവത്തിൻ അരുളപ്പാടാവിതു: ഒടുക്കത്തെ നാളുകളിൽ ഞാൻ
എല്ലാജഡത്തിന്മേലും എന്റെ ആത്മാവിനെ പകരും, നിങ്ങളുടെ പുത്രരും പു
ത്രിമാരും പ്രവചിക്കയും, നിങ്ങളുടെ ബാല്യക്കാർ, ദർശനങ്ങളെ കാൺകയും,
18 നിങ്ങളുടെ മൂത്തവർ, സ്വപ്നങ്ങളെ സ്വപ്നിക്കയും ചെയ്യും; എന്റെ ദാസർ
ദാസിമാരുടെ മേലും ഞാൻ ആ നാളുകളിൽ എന്റെ ആത്മാവിനെ പകരും
19 അവരും പ്രവചിക്കും. മീത്തൽ വാനത്തിൽ അത്ഭുതങ്ങളും താഴെ ഭ്രമിയിൽ
രക്തം അഗ്നിധൂമസ്തംഭം എന്നുള്ള അടയാളങ്ങളും ഞാൻ വെക്കും; കർത്താ
20 വിന്റെ വലുതും പ്രത്യക്ഷവും ആയ നാൾ വരുമ്മുമ്പെ സൂര്യൻ ഇരുളായും
21 ചന്ദ്രൻ രക്തമായും മാറപ്പെടും. എന്നാൽ കർത്താവിന്റെ നാമത്തെ വി
22 ളിച്ചവൻ എല്ലാം രക്ഷപെടും എന്നത്രെ! ഇസ്രയേല്യപുരുഷന്മാരെ! ഈ
വചനങ്ങളെ കേൾപ്പിൻ! നചറയ്യനായ യേശു നിങ്ങളും തന്നെ അറിയുന്ന
പ്രകാരം ദൈവം അവനെ കൊണ്ടു നിങ്ങളുടെ നടുവിൽ ചെയ്ത ശക്തികളും,
അത്ഭുതങ്ങളും, അടയാളങ്ങളും കൊണ്ടു, ദൈവം നിങ്ങൾക്കായി, തെളിവു
23 വരുത്തിയോരു പുരുഷനായി സത്യം! ആയവൻ ദൈവത്തിന്റെ നിർണ്ണ
യാലോചനയാലും മുന്നറിവിനാലും ഏല്പിക്കപ്പെട്ടപ്പോൾ, നിങ്ങൾ
24 അവനെ പിടിച്ചു അധർമ്മികളുടെ കൈയാൽ തറപ്പിച്ചു ഒടുക്കി. ദൈവ
മൊ, മരണപാശങ്ങളെ അഴിച്ചിട്ട്, അവനെ എഴുനീല്പിച്ചു; കാരണം
25 ആയവനെ അതു അടക്കി വെക്കുന്നതു കഴിയാത്തതു എന്നു ദാവിദ്
അവനെ ഉദ്ദേശിച്ചു പറയുന്നതിനാൽ സ്പഷ്ടം; എങ്കിലൊ (സങ്കീ. 16. 8.)
ഞാൻ കർത്താവിനെ എപ്പോഴും എന്റെ മുമ്പിൽ വെച്ചിരിക്കുന്നു; അവൻ എ
26 ന്റെ വലത്തിരിക്കയാൽ, ഞാൻ കുലുങ്ങുകയില്ല. അതുകൊണ്ടു, എന്റെ ഹൃ
ദയം സന്തോഷിച്ചു, എന്റെ നാവും ആനന്ദിച്ചു, എന്റെ ജഡവും പ്രത്യാശ
27 യോടെ വസിക്കും; കാരണം നീ എന്റെ ദേഹിയെ പാതാളത്തിന്നു വിടു
കയില്ല: നിന്റെ പവിത്രനെ കേടു കാണ്മാൻ ഏല്പിക്കയും ഇല്ല; നീ
28 ജീവമാർഗ്ഗങ്ങളെ എന്നെ അറിയിച്ചു, നിൻമുഖത്തോടു എനിക്കു ഭോഗതൃ
29 പ്തി വരുത്തും എന്നുണ്ടല്ലൊ! സഹോദരരായ പുരുഷന്മാരെ! ഗോത്രപിതാ
വായ ദാവിദിനെ കൊണ്ടു, അവൻ മരിച്ചു എന്നും, കുഴിച്ചിടപ്പെട്ട എന്നും
നിങ്ങളോടു പ്രാഗത്ഭ്യമായി പറയാമല്ലൊ; അവന്റെ കല്ലറ ഇന്നേവരെ
30 നമ്മോടു ഉണ്ടല്ലൊ! എന്നാൽ അവൻ പ്രവാചകൻ ആകയാൽ (സങ്കീ 132,
11.) ദൈവം അവന്റെ അരയുടെ ഫലത്തിൽനിന്നു ഒരുവനെ അവന്റെ
സിംഹാസനത്തിൽ ഇരുത്തും എന്നു അവനു ആണയിട്ടു ഉറപ്പിച്ചപ്രകാരം
31 അറിഞ്ഞിട്ടു, മശീഹയുടെ പുനരുത്ഥാനത്തെ മുങ്കണ്ടു ആയവൻ പാതാള
ത്തിന്നു വിടപ്പെട്ടില്ല; അവന്റെ ജഡം കേടുകണ്ടിട്ടും ഇല്ല എന്നു പറഞ്ഞതു.
32 ഈ യേശുവിനെ ദൈവം എഴുനീല്പിച്ചു: അതിന്നു ഞങ്ങൾ എല്ലാവരും
33 സാക്ഷികൾ ആകുന്നു. അതുകൊണ്ടു അവൻ ദൈവത്തിന്റെ വലത്തുകൈ
ക്കൽ ഉയർന്നിരുന്നു വിശുദ്ധാത്മാവാകുന്ന വാഗ്ദത്തത്തെ പിതാവോടു
വാങ്ങി, ഇന്നു നിങ്ങൾ ഈ കണ്ടു കേൾക്കുന്നതിനെ പകർന്നുതന്നു. ദാവിദ്

34 ആകട്ടെ വാനങ്ങളിൽ കരേറിപോയില്ല, (സങ്കീ. 110, 1.) യഹോവ
എന്റെ കർത്താവിനോട് അരുളിച്ചെയ്തിത്: ഞാൻ നിന്റെ ശത്രുക്കളെ
35 നിണക്കു പാദപീഠമാക്കുവോളത്തിന്ന് എന്റെ വലഭാഗത്തിരിക്ക എന്ന്
36 അവൻ പറയുന്നു താനും. ആകയാൽ നിങ്ങൾ ക്രൂശിച്ച യേശുവിനെ തന്നെ
ദൈവം കർത്താവും ക്രിസ്തനും ആക്കിവെച്ചു എന്ന് ഇസ്രയേൽഗൃഹം ഒക്ക
യും നിശ്ചയമായി അറിവൂതാക!
37 എന്നതു കേട്ടവർ ഹൃദയത്തിൽ കുത്തുകൊണ്ടു, പേത്രൻ മുതലായ അപോ
സ്തലരോടു: സഹോദരരായ പുരുഷന്മാരെ! ഞങ്ങൾ എന്തു ചെയ്യേണ്ടു? എന്നു
38 ചോദിച്ചാറെ, പേത്രൻ അവരോടു പറഞ്ഞിത്: നിങ്ങൾ മനന്തിരിഞ്ഞു ഓ
രൊരുത്തൻ പാപമോചനത്തിന്നായി യേശുക്രിസ്തന്റെ നാമത്തിൽ സ്നാ
39 നം ഏല്ക്കുക, എന്നാൽ വിശുദ്ധാത്മാവാകുന്ന ദാനം ലഭിക്കും. കാരണം ഈ
വാഗ്ദത്തം നിങ്ങൾക്കും നിങ്ങളുടെ മക്കൾക്കും നമ്മുടെ ദൈവമായ കർത്താവ്
40 വിളിച്ചടുപ്പിക്കുന്ന എണ്ണത്തോളം സകല ദൂരസ്ഥന്മാർക്കും ഉള്ളതാകുന്നു.
എന്നല്ലാതെ, ഈ വക്രതയുള്ള തലമുറയിൽനിന്നു നീങ്ങി രക്ഷപെടുവിൻ!
എന്നും മറും പല വാക്കുകളാലും സാക്ഷ്യം ചൊല്ലി പ്രബോധിപ്പിച്ചു വ
41 ന്നു. അതുകൊണ്ട് അവന്റെ വാക്കു മനസ്സോടെ കൈക്കൊണ്ടു, സ്നാനം ഏ
റ്റു, അന്നാൾ മൂവായിരത്തോളം ദേഹികൾ ചേർക്കപ്പെട്ടുകയും ചെയ്തു. ആ
42 യവർ അപോസ്തലരുടെ ഉപദേശത്തിലും കൂട്ടായ്മയിലും അപ്പം നുറുക്കുന്ന
43 തിലും പ്രാർത്ഥനകളിലും ഉറുകൊണ്ടിരുന്നു. സകല ദേഹികൾക്കും ഭയം ജനി
ച്ചു, അപോസ്തലരാൽ ഏറിയ അത്ഭുതങ്ങളും അടയാളങ്ങളും ഉണ്ടായി നട
44 ന്നു. വിശ്വാസികൾ എല്ലാവരും ഒന്നിച്ചു കൂടുകയും, സകലവും പൊതു
45 വിൽ അനുഭവിക്കയും ജന്മഭൂമികളെയും വസ്തുക്കളെയും വിറ്റ്, അവനവ
46 ന് ആവശ്യം ഉള്ളപ്രകാരം എല്ലാവർക്കും പങ്കിടുകയും, ദിനന്പ്രതി ഒരുമന
പ്പെട്ടു, ദൈവാലയത്തിൽ ഉറിരുന്നും വീട്ടിൽ അപ്പം നുറുക്കികൊണ്ടും,
47 ഉല്ലാസവും, ഹൃദയസാമാന്യവും പൂണ്ട് ആഹാരം ഭക്ഷിക്കയും, ദൈവത്തെ
സ്തുതിക്കയും, സകല ജനത്തോടും കൃപ അനുഭവിക്കയും ചെയ്തും. കർത്താ
വൊ രക്ഷപെടുന്നവരെ ദിനന്പ്രതി സഭയോടു ചേർത്തുകൊണ്ടിരുന്നു.

3. അദ്ധ്യായം

പ്രത്യക്ഷമുള്ള ഒന്നാം അതിശയത്തെ, (12) പേത്രൻ വ്യാഖ്യാനിച്ചതു.

1 ഒമ്പതാം മണിക്കു പ്രാർത്ഥനാനേരത്തു, പേത്രനും, യോഹനാനും ഒന്നി
2 ച്ചു, ദേവാലയത്തിലേക്കു കയറുമ്പോൾ, അമ്മയുടെ ഗർഭത്തിലെ മുടന്തനാ
യൊര് ആളെ (ചിലർ) കൊണ്ടുവന്നു; ആയവനെ ആലയം പ്രവേശിക്കു
ന്നവരോടു ഭിക്ഷ ഇരപ്പാൻ അഴകിയത് എന്നുള്ള ആലയ വാതില്ക്കൽ ദിന
3 ന്പ്രതി ഇരുത്തും. അന്ന് അവൻ പേത്രനും, യോഹനാനും, ആലയത്തിൽ
4 കടപ്പാൻ പോകുന്നതു കണ്ടാറെ, ഭിക്ഷ ചോദിച്ചു. പേത്രൻ യോഹനാ
നോടുകൂടെ അവനെ ഉറുനോക്കി: ഞങ്ങളെ നോക്കു! എന്നു പറഞ്ഞു. ആ
5 യവൻ ഇവരോടു വല്ലതും കിട്ടും എന്നു കാത്തിരുന്നു, അവരെ കുറിക്കൊ
6 ള്ളുമ്പോൾ പേത്രൻ: വെള്ളിയും പൊന്നും എനിക്കില്ല, ഉള്ളതിനെ നി
ണക്കു തരുന്നു താനും; നചറയ്യനായ യേശുക്രിസ്തന്റെ നാമത്തിൽ എഴനീ
7 റു നടക്ക എന്നു പറഞ്ഞു. അവനെ വലങ്കയ്യിൽ പിടിച്ച് എഴനീല്പിച്ചു;
ക്ഷണത്തിൽ അവന്റെ കഴലുകളും നരിയാണികളും ഉറെച്ചുവന്നു. അവൻ ചാ
8 ടിനിന്നു നടന്നു കൊണ്ടശേഷം അവരോടുകൂടി നടന്നും, തുള്ളിയും, ദൈവ
9 ത്തെ പുകഴ്ത്തുംകൊണ്ടു, ദേവാലയത്തിൽ കടന്നു. ജനം ഒക്കയും അവൻ നട
10 ന്നു ദൈവത്തെ പുകഴുന്നതുകണ്ട്, ഇവൻ ആലയത്തിൽ അഴകിയ വാതി
ല്ക്കൽ ഭിക്ഷ ഇരന്നിരുന്നവൻ എന്ന് അറിഞ്ഞു അവനു സംഭവിച്ചതിനാൽ,

വിസ്മയവും, സ്തംഭനവും നിറഞ്ഞു വരികയും ചെയ്തു. അവൻ പേത്രൊ
11 നെയും യോഹനാനെയും പിടിച്ചു കൊള്ളുമ്പോൾ, ജനം എല്ലാം വിസ്മയ
തരായി ശലോമൊ പേരുള്ള മണ്ഡപത്തിലേക്ക് ഓടി കൂടി.
12 എന്നതു പേത്രൊൻ കണ്ടു, ജനത്തോട് ഉത്തരം പറഞ്ഞിതു: ഇസ്രയേല്യ
പുരുഷന്മാരെ ഇതിങ്കൽ ആശ്ചര്യപ്പെടുന്നതു് എന്തു? സ്വശക്തികൊണ്ടൊ,
ഭക്തികൊണ്ടൊ ഇവനെ നടപ്പിച്ചവർ എന്നുള്ളപ്രകാരം ഞങ്ങളെ ഉറ്റു
13 നോക്കുന്നതും എന്തു? അബ്രഹാം, ഇച്ഛാക്, യാക്കോബ് എന്നവരുടെ ദൈ
വമായി നമ്മുടെ പിതാക്കന്മാരുടെ ദൈവമായവൻ (യശ. 49,6.) തന്റെ
ദാസനായ യേശുവിനെ തേജസ്കരിച്ചു; അവനെ നിങ്ങൾ ഏല്പിച്ചും വി
ടുവിപ്പാൻ വിധിച്ചിട്ടുള്ള പിലാതന്റെ മുമ്പിൽ അവനെ തള്ളിപ്പറഞ്ഞും
14 ഇരുന്നു. വിശുദ്ധനും നീതിമാനും ആയവനെ നിങ്ങൾ തള്ളി, കൊലപാത
കനായ ആളെ നിങ്ങൾക്കായി സമ്മാനിക്കേണം എന്നു ചോദിച്ചു, ജീവ
15 നായകനെ കൊന്നുകളഞ്ഞു. അവനെ ദൈവം മരിച്ചവരിൽനിന്ന് എഴു
16 നീല്പിച്ചു എന്നതിന്നു ഞങ്ങൾ സാക്ഷികൾ ആകുന്നു. അവന്റെ നാമ
ത്തിലെ വിശ്വാസം നിമിത്തം നിങ്ങൾ ഈ കണ്ടറിയുന്നവന്നു് അവ
ന്റെ നാമം തന്നെ ഉറപ്പു വരുത്തി; അവനാലുള്ള വിശ്വാസം ഇവന് നി
ങ്ങൾ എല്ലാവരും കാൺകെ ഈ ആരോഗ്യം കൊടുത്തു. ഇപ്പോൾ സഹോ
17 ദരന്മാരെ, നിങ്ങളെ വാഴുന്നവരെ പോലെ നിങ്ങളും അറിയായ്കകൊണ്ടു പ്ര
18 വൃത്തിച്ചു എന്നു ഞാൻ അറിയുന്നു; ദൈവമൊ മശീഹ കഷ്ടപ്പെടും എന്നു
തന്റെ എല്ലാ പ്രവാചകന്മാരുടെ വായിനാലും മുൻ അറിയിച്ചതിനെ ഇപ്ര
19 കാരം നിവൃത്തിച്ചു. ആകയാൽ, നിങ്ങളുടെ പാപങ്ങൾ മാച്ചുപോകേണ്ട
തിന്നു മാനസാന്തരപ്പെട്ടു തിരിഞ്ഞുകൊൾവിൻ! എന്നാൽ, കർത്താവി
20 ന്റെ സമ്മുഖത്തിൽ നിന്നു തണുപ്പിന്റെ സമയങ്ങൾ വരുവാനും നിങ്ങൾ
ക്കു മുന്നിയമിക്കപ്പെട്ടുള്ള യേശുക്രിസ്തനെ അവൻ അയപ്പാനും സംഗതി
21 വരും. ദൈവമൊ തന്റെ വിശുദ്ധ പ്രവാചകന്മാരുടെ വായിനാൽ യുഗാ
ദിമുതൽ അരുളിച്ചെയ്തതു് ഒക്കയും വഴിക്കാക്കുന്ന കാലങ്ങൾ വരുവോളം
22 ആയവനെ സ്വർഗ്ഗം കൈക്കൊള്ളേണ്ടതു. മോശെ ആകട്ടെ (പിതാക്കന്മാ
രോടു) പറഞ്ഞിതു: നിങ്ങളുടെ ദൈവമായ യഹോവ നിങ്ങൾക്കു് സഹോ
ദരരിൽനിന്നു് എന്നെ പോലെ ഒരു പ്രവാചകനെ എഴുനീല്പിക്കും; ആ
യവൻ നിങ്ങളോടു് എന്തെല്ലാം പറഞ്ഞാലും അവനെ നിങ്ങൾ കേൾ
23 ക്കേണം. പിന്നെ ആ പ്രവാചകനെ കേൾക്കാത്ത ഏതു് ആത്മാവും ജന
ത്തിൽനിന്നു് അറുതിപെടും (5 മോ. 18. 15, 19.) എന്നല്ലാതെ ശമുവേൽ
24 ആദിയായി അരുളിച്ചെയ്ത പ്രവാചകന്മാർ ഒക്കയും ഈ നാളുകളെയും അ
25 റിയിച്ചു. (1 മോ. 22, 18.) നിന്റെ സന്തതിയിങ്കൽ ഭൂമിയിലെ സകല
വംശങ്ങളും അനുഗ്രഹിക്കപ്പെടും എന്നു ദൈവം അബ്രഹാമിനോടു ചൊല്ലി,
നമ്മുടെ പിതാക്കന്മാരോടു നിയമിച്ച നിയമത്തിന്നും, ആ പ്രവാചകന്മാ
26 ക്കും നിങ്ങൾ മക്കളാകുന്നു. മുമ്പെ നിങ്ങൾക്കു തന്നെ ദൈവം സ്വദാസനെ
എഴുനീല്പിച്ചു; ആയവൻ നിങ്ങളുടെ ദുഷ്ടതകളിൽനിന്നു് അവനവനെ
തിരിച്ചു കൊണ്ടു നിങ്ങളെ അനുഗ്രഹിപ്പാനായി അവനെ അയച്ചതു.

4. അദ്ധ്യായം

ഒന്നാം ശത്രുത്വത്തെ അപോസ്തലർ അനുഭവിച്ചശേഷം, (23) പ്രാർത്ഥന
യാലും, (32) വിശ്വാസനടപ്പിനാലും സഭ ജയിച്ചു പോന്നതു.

1 അവർ ജനത്തോടു പറയുമ്പോൾ തന്നെ, പുരോഹിതന്മാരും ദേവാലയ
ത്തിലെ പടനായകനും, സദൂക്യരും ഇവർ ജനത്തിന്നു് ഉപദേശിക്കയാലും
2 മരിച്ചവരിൽനിന്നുള്ള എഴുനീല്പിനെ യേശുവിങ്കൽ അറിയിക്കയാലും,

3 അഴൽ പിടിച്ച് അണഞ്ഞു നിന്ന്, അവരിൽ കൈകളെ ഇട്ട, വൈകുന്നേ
4 രം ആകകൊണ്ടു പിറേറന്നാളിന്നായി തടവിലാക്കി. വചനത്തെ കേട്ടവ
രൊ പലരും വിശ്വസിച്ചു, ആ പുരുഷന്മാരുടെ എണ്ണം ഏകദേശം
5 ളവും വർദ്ധിച്ചു. രാവിലെ അവരുടെ പ്രമാണികളും, മൂപ്പന്മാരും, ശാസ്ത്രി
6 കളും, മഹാപുരോഹിതനായ ഹന്നാ, കയഫാ, യോഹനാൻ, അലക്സ
ന്തർ ആദിയായി മഹാപുരോഹിതകുലത്തിൽ ഉള്ളവരും എല്ലാം, യരുശ
7 ലേമിലേക്ക് ഒന്നിച്ചുകൂടിയാറെ ഉണ്ടായിതു: അവരെ നടുവിൽ നിറുത്തി:
ഏതു ശക്തികൊണ്ടോ, ഏതു നാമത്തിലൊ, നിങ്ങൾ ഇതു ചെയ്തു? എന്നു
8 ചോദിച്ചു. അപ്പോൾ പേത്രൻ വിശുദ്ധാത്മാപൂർണ്ണനായി, അവരോടു പ
റഞ്ഞിതു: ജനപ്രമാണികളും, ഇസ്രയേൽ മൂപ്പന്മാരും ആയുള്ളോരെ! ബല
9 ഹീനമനുഷ്യകുലെ സൽക്രിയനിമിത്തം, ഇവന്ന് ഏതിങ്കൽ രക്ഷ ഉണ്ടാ
യി എന്നു ഞങ്ങൾക്ക് ഇന്നു വിസ്താരം ഉണ്ടായാൽ, നിങ്ങൾക്കു എല്ലാവർ
10 ക്കും ഇസ്രയേൽ ജനത്തിന്ന് ഒക്കെക്കും അറിയായ്വരേണ്ടുന്നിതു; നിങ്ങൾ
ക്രൂശിച്ചും ദൈവം മരിച്ചവരിൽനിന്ന് ഉണർത്തിയും ഉള്ള നചറയ്യനായ
യേശുക്രിസ്തന്റെ നാമത്തിൽതന്നെ, ഇവൻ നിങ്ങളുടെ മുമ്പാകെ സ്വസ്ഥ
11 നായി നില്ക്കുന്നത് എന്നത്രെ. വീടുപണിയുന്ന നിങ്ങൾ നികൃഷ്ടമാക്കിക
ളഞ്ഞിട്ടും, കോണിൻ തലയായി വന്നൊരുകല്ല് (മത്താ. 21, 42.) ഇവ
12 നത്രെ! വിശേഷിച്ച് മറെറാരുത്തനിലും രക്ഷ ഇല്ല; നാം രക്ഷപെടുവാൻ
മനുഷ്യരിൽ കൊടുക്കപ്പെട്ട വെറൊരു നാമവും വാനത്തിൻ കീഴിൽ ഇല്ല.
13 എന്നാറെ, അവർ പേത്രൻ യോഹനാൻ എന്നവരുടെ പ്രാഗത്ഭ്യം കണ്ട്,
അവർ അശാസ്ത്രരും സാമാന്യരും ആയ മനുഷ്യർ എന്നു ഗ്രഹിച്ചിട്ട്, അ
വർ യേശുവിനോടു കൂടെ ഇരുന്നവർ എന്ന് അറിഞ്ഞും ആശ്ചര്യപ്പെട്ടും
14 കൊണ്ടല്ലാതെ, സൌഖ്യം വന്ന മനുഷ്യൻ അവരോടു കൂട നില്ക്കുന്നതു നോ
15 ക്കുന്തോറും, എതിർപറവാൻ അവർക്ക് ഒന്നും ഇല്ലാഞ്ഞു. പിന്നെ അവർ
സുനേദ്രിയത്തിന്നു പുറത്തുപോവാൻ കല്പിച്ചു, തങ്ങളിൽ മന്ത്രിച്ചു പറഞ്ഞി
16 തു: ഈ മനുഷ്യരെ എന്തു ചെയ്യേണ്ടു? അവരാൽ ഉണ്ടായ അടയാളം അറി
യാകുന്നതും യരുശലേം നിവാസികൾക്ക് എല്ലാവർക്കും സ്പഷ്ടവും ആകുന്നു
17 വല്ലൊ: നമുക്കും ഇല്ലെന്നു പറഞ്ഞുകൂടാ: എങ്കിലും അതു ജനത്തിലേക്ക്
അധികം വ്യാപിച്ചു പോകായ്വാൻ മനുഷ്യർ ആരോടും ഈ നാമം ആശ്ര
യിച്ച് ഇനി പറയരുത് എന്നു നാം അവരെ ഭീഷണിചൊല്ലി അമർത്തേ
18 ആവു. എന്നിട്ട് അവരെ വരുത്തി യേശുനാമം ആശ്രയിച്ച് ഒട്ടും ഉരിയാടു
19 കയും, ഉപദേശിക്കയും അരുത് എന്ന് ആജ്ഞാപിച്ചു. അതിന്നു പേത്രനും,
യോഹനാനും ഉത്തരം ചൊല്ലിയതു: ദൈവത്തേക്കാൾ അധികം നിങ്ങളെ
ചെവിക്കൊള്ളുന്നതു ദൈവത്തിൻ മുമ്പാകെ ന്യായമൊ? എന്നു വിസ്തരി
20 പ്പിൻ! ഞങ്ങളൊ കണ്ടും കേട്ടും ഉള്ളവ പറയാതിരിപ്പാൻ, കഴിയുന്നതല്ല.
21 എന്നാറെ, അവരെ ഭീഷണിവാക്കുകൂട്ടി, അഴിപ്പിച്ചു വിട്ടു, കാരണം ഈ
സൌഖ്യം വരുത്തുന്ന അടയാളം സംഭവിച്ച മനുഷ്യൻ നാല്പതിൽ അധികം
വയസ്സുള്ളവനാകയാൽ, എല്ലാവരും ഈ ഉണ്ടായതുകൊണ്ടു ദൈവത്തെ തേ
22 ജസ്കരിച്ചുകൊണ്ടിരിക്കെ അവരെ ശിക്ഷിപ്പാനുള്ള വഴി ഒന്നും ജനം ഹേ
തുവായി കണ്ടിട്ടില്ല.
23 ആയവർ, വിട്ടയക്കപ്പെട്ടു, കൂട്ടരുടെ അടുക്കെ പോയി, മഹാപുരോഹി
തരും മൂപ്പന്മാരും തങ്ങളോടു പറഞ്ഞത് എല്ലാം അറിയിച്ചത്. അവർ കേ
24 ട്ടു ഒരുമനപ്പെട്ടു ദൈവത്തെ നോക്കി, ശബ്ദം ഉയർത്തി പറഞ്ഞിതു: സ്വ
ർഗ്ഗവും ഭൂമിയും സമുദ്രവും അവറിലുള്ള സകലവും ഉണ്ടാക്കിയ ദൈവമായ
25 നാഥനേ! ജാതികൾ മുഴങ്ങിയും കുലങ്ങൾ വ്യർത്ഥമായവ ചിന്തിച്ചും പോ
26 വാൻ എന്തു! ഭൂമിയുടെ രാജാക്കൾ നിലനിന്നും മന്നവർ ഒക്കത്തക്ക മന്ത്രി
ച്ചും കൊള്ളുന്നതു യഹോവെക്കും അവന്റെ അഭിഷിക്തനും എതിരെ ത
ന്നെ (സങ്കീ. 2, 1.) എന്നു നിന്റെ ദാസനായ ദാവിദിന്റെ വായ്കൊണ്ടു

27 പറയിച്ചവനെ! നീ അഭിഷേകം ചെയ്ത യേശു എന്ന നിന്റെ വിശുദ്ധനായ
ദാസന് എതിരെ ഹേരോദാവും പൊന്ത്യപിലാതനും ജാതികളോടും ഇസ്രാ
യേൽ കുലങ്ങളോടും കൂടി, ഈ നഗരത്തിൽ മന്ത്രിച്ചു കൊണ്ടതു സത്യം സംഭ
28 വിക്കേണം എന്നു നിന്റെ കൈയും നിന്റെ ആലോചനയും മുന്നിയമിച്ച
29 ത് ഒക്കയും ചെയ്വേണ്ടതിന്നത്രെ! ഇപ്പോഴൊ, കർത്താവെ! അവരുടെ ഭീ
ഷണികളെ വിചാരിച്ച് അടിയങ്ങൾ നിന്റെ വചനം എല്ലാ പ്രാഗത്ഭ്യ
30 ത്തോടും കൂടെ പറവാൻ വരം നല്കേണമെ! സൌഖ്യം ആക്കുവാൻ തൃക്കൈ
നീട്ടുന്നതിനാലും നിന്റെ വിശുദ്ധദാസനായ യേശുവിന്റെ നാമത്താൽ,
അടയാളങ്ങളും അത്ഭുതങ്ങളും ഉണ്ടാകുന്നതിനാലും തന്നെ. എന്ന് ഇങ്ങി
31 നെ യാചിച്ചപ്പോൾ, അവർ കൂടിയിരിക്കുന്ന സ്ഥലം കുലുങ്ങി, എല്ലാവ
രും വിശുദ്ധാത്മാവ് നിറഞ്ഞവരായി ദൈവവചനത്തെ പ്രാഗത്ഭ്യത്തോ
ടെ ഉരെച്ചുകൊണ്ടിരുന്നു.

32 വിശ്വസിച്ചവരുടെ കൂട്ടത്തിന്നൊ, ഹൃദയവും മനസ്സും ഒന്നത്രെ: തനി
ക്കുള്ളത് ഒന്നും സ്വന്തമെന്നു ആരും പറകയുമില്ല. സകലവും അവർക്കു സാ
33 ധാരണമായിരുന്നതെ ഉള്ളു. അപോസ്തലന്മാർ മഹാശക്തിയോടെ കർത്താ
വായ യേശുവിൻ പുനരുത്ഥാനത്തിന്നു സാക്ഷ്യം ഒപ്പിക്കും എല്ലാവരുടെ
34 മേലും വലിയ കരുണയും ഉണ്ടു. മുട്ടുള്ളവൻ ആരും അവരിൽ ഇല്ല സത്യം
(5 മോ. 15, 4.) എങ്ങിനെ എന്നാൽ, നിലങ്ങൾക്കൊ, വീടുകൾക്കൊ
ഉടയവർ ആയുള്ളോർ ഒക്കെയും, അവ വിറ്റു, വിക്രയവിലയെ കൊണ്ടുവ
35 ന്ന്, അപോസ്തലന്മാരുടെ കാല്ക്കൽ വെക്കും. പിന്നെ അവനവന്ന് ആവ
36 ശ്യമുള്ളതിൻവണ്ണം പങ്കിടപ്പെട്ടും. അതിൽ കുപ്രദ്വീപിലെ ലെവ്യനായ
യോസേഫ് അപോസ്തലരാൽ പ്രബോധപുത്രൻ എന്ന് അർത്ഥമുള്ള ബർന്ന
ബാ എന്നുള്ള പേർ ലഭിച്ചവൻ തനിക്കു നിലം ഉണ്ടായതു വിറ്റു ദ്രവ്യം
37 കൊണ്ടുവന്ന് അപോസ്തലരുടെ കാല്ക്കൽ വെക്കുകയും ചെയ്തു.

5. അദ്ധ്യായം

സഭയുടെ ഉള്ളിൽനിന്ന് ഒന്നാം അപകടം, (17) അപോസ്തലരുടെ ഒന്നാം കഷ്ടം.

1 എന്നാറെ, ഹനന്യാ എന്ന പേരുള്ളോരു പുരുഷൻ ഭാര്യയായ ശഫീര
2 യോട് ഒത്തു, ഒർ അവകാശം വിറ്റു; ഭാര്യയും ബോധിച്ചിരിക്കേ വില
യിൽനിന്നു വഴ്ചിച്ചിട്ട്, ഒരംശം കൊണ്ടുവന്ന് അപോസ്തലരുടെ കാൽ
3 ക്കൽ വെച്ചു. പേത്രൻ പറഞ്ഞിതു; ഹനന്യാവെ, നീ വിശുദ്ധാത്മാവി
നോട് ഭോഷ്കു പറഞ്ഞു. നിലത്തിൻവിലയിൽനിന്നു വഴ്ചിപ്പാനായി
4 സാത്താൻ നിന്റെ ഹൃദയം നിറെച്ചതു എന്തിന്നു? അതു വില്ക്കാതിരുന്നാൽ,
നിണക്ക് ഇരുന്നുവല്ലൊ; വിറ്റശേഷവും നിന്റെ കൈവശത്തിലായല്ലൊ!
നീ ഈ പണി നിന്റെ ഹൃദയത്തിൽ വെച്ചതു എന്തു? മനുഷ്യരോടല്ല ദൈ
5 വത്തോടത്രെ, ഭോഷ്കു പറഞ്ഞതു! എന്നുള്ള വാക്കുകളെ ഹനന്യാ കേട്ടിട്ടു
വീണു വീർപ്പുമുട്ടി. ഇവ കേൾക്കുന്നവർക്ക് എല്ലാവർക്കും മഹാഭയം സംഭ
6 വിക്കയും ചെയ്തു. ബാല്യക്കാർ എഴുനീറ്റ് ശവം വഴിക്കാക്കി പുറത്തു
7 കൊണ്ടുപോയി കുഴിച്ചിട്ടു. ഏകദേശം മൂന്നു മണി നേരത്തിൻ ഇടയിൽ അ
വന്റെ ഭാര്യ സംഭവിച്ചതു അറിയാതെ അകമ്പുക്കപ്പോൾ, പേത്രൻ അവ
8 ളോട്: ഇത്രെക്കൊ നിങ്ങൾ നിലം കൊടുത്തുകളഞ്ഞു? എന്നോടു പറക!
എന്നു ചൊല്ലിത്തുടങ്ങിയാറെ: അതെ ഇത്രെക്ക് എന്ന് അവൾ പറഞ്ഞു.
9 പേത്രൻ അവളോടു: കർത്താവിൻ ആത്മാവിനെ പരീക്ഷിപ്പാൻ നിങ്ങൾ
ഉള്ളൊത്തതു എന്തു? ഇതാ നിന്റെ ഭർത്താവിനെ കുഴിച്ചിട്ടവരുടെ കാലു
10 കൾ വാതിൽക്കൽ എത്തി, നിന്നെയും പുറത്തു കൊണ്ടു പോകും. എന്നു

പറഞ്ഞ ഉടനെ അവൻ അവന്റെ കാല്ക്കൽ വീണു വീർപ്പുമുട്ടി; ബാല്യക്കാർ
പുക്കു, അവൻ മരിച്ചതിനെ കണ്ടു പുറത്തു കൊണ്ടുപോയി, ഭർത്താവിന്നു
11 രികെ കുഴിച്ചിട്ടു. സഭെക്കു ഒക്കയും ഇവ കേൾക്കുന്നവർക്കു എല്ലാവർക്കും
മഹാഭയം സംഭവിക്കയും ചെയ്തു.
12 അപോസ്തലരുടെ കൈകളാൽ ജനത്തിൽ പല അടയാളങ്ങളും, അത്ഭു
തങ്ങളും, ഉണ്ടായി, എല്ലാവരും ശലൊമൊന്യ മണ്ഡപത്തിൽ ഒരുമനപ്പെ
13 ട്ടു കൂടും. മറ്റുള്ളവരിൽ ആരും അവരോടു പറ്റിക്കൊൾവാൻ തുനിയുമാറി
14 ല്ല: ജനം അവരെ മഹത്വീകരിക്കും താനും. വിശ്വസിക്കുന്ന പുരുഷന്മാരും
15 സ്ത്രീകളും കൂട്ടമെ കർത്താവിനോടു പേത്തും ചേർന്നവരികയാൽ, പേത്രൻ
നടക്കുമ്പോൾ, അവന്റെ നിഴൽ പോലും വല്ലവരിലും പറ്റേണ്ടതിന്നു രോ
ഗികളെ വീഥിതോറും പുറത്തു കൊണ്ടുവന്നു, വിരിപ്പുകളിലും കട്ടിലുകളി
16 ലും കിടത്തും; ചുറ്റുമുള്ള ഊരുകളിലെ പുരുഷാരവും രോഗികളെയും അശു
ദ്ധാത്മാക്കളുടെ പീഡയുള്ളവരേയും കൊണ്ടുവന്നു, യരുശലേമിൽ കൂടുകയും
ആയവർ എപ്പേരും സ്വസ്ഥരാകയും ചെയ്യും.
17 പിന്നെ മഹാപുരോഹിതനും, ചട്ടുകൃരുടെ മതഭേദത്തിൽ അവനോടു
18 കൂടെ ഉള്ളവരും എല്ലാം എഴുനീറ്റു, എരിവു നിറഞ്ഞവരായി, അപോസ്തു
ലന്മാരിൽ കൈകളെ ഇട്ടു, അവരെ നടപ്പുള്ള കാരാഗൃഹത്തിൽ ആക്കി.
19 രാത്രിയിലൊകർത്താവിൻ ദൂതൻ തടവിന്റെ വാതിലുകളെ തുറന്നു അവരെ
20 പുറത്തേക്കു നടത്തി: നിങ്ങൾ പോയി, ദേവാലയത്തിൽനിന്നുകൊണ്ടു
ഈ ജീവമൊഴികൾ എല്ലാം ജനത്തോടു ചൊല്ലുവിൻ! എന്നു പറഞ്ഞു. അ
21 വർ കേട്ടു പുലർച്ചെക്കു ദേവാലയത്തിൽ കടന്നു ഉപദേശിച്ചുകൊണ്ടിരുന്നു;
മഹാ പുരോഹിതനും കൂടയുള്ളവരും എത്തി സുനേദ്രിയത്തോടു ഒക്കത്തക്ക
ഇസ്രയേൽ പുത്രരുടെ മൂപ്പുകൂട്ടവും എല്ലാം വിളിച്ചുകൂട്ടി ആയവരെ വരുത്തു
22 വാൻ കാരാഗൃഹത്തിലേക്കു ആളയച്ചു. ഭൃത്യന്മാർ ചെന്നപ്പോൾ, അവരെ
23 തടവിൽ കാണാതെ മടങ്ങിപ്പോന്നു: കാരാഗൃഹം നല്ല സൂക്ഷ്മത്തോടെ പൂ
ട്ടിയും കാവല്ക്കാർ വാതിലുകൾക്കു മുന്നെ നിന്നും കണ്ടു സത്യം, തുറന്നപ്പോൾ
24 ആരും അകത്തു കാണായില്ല താനും എന്ന ഉണർത്തിച്ചു. ഈ വാക്കുകളെ
പുരോഹിതനും ദേവാലയത്തിലെ പടനായകനും മഹാപുരോഹിതരും കേ
ട്ടാറെ: ഇതു എന്തായ്തീരും? എന്നു അവരെ കുറിച്ചു ബുദ്ധിമുട്ടി നില്ക്കു
25 മ്പോൾ, ഒരുത്തൻ വന്നു; നിങ്ങൾ തടവിലാക്കിയ പുരുഷന്മാർ അതാ ദേ
വാലയത്തിൽ നിന്നുകൊണ്ടു, ജനത്തിന്നു ഉപദേശിക്കുന്നു എന്നു അവരോ
26 ടു ബോധിപ്പിച്ചു. അപ്പോൾ പടനായകൻ ഭൃത്യരുമായി പോയി, അവരെ
കൂട്ടിക്കൊണ്ടു വന്നു, ജനത്തെ ഭയപ്പെടുകയാൽ, കല്ലെറിഞ്ഞു പോകായ്
27 വാൻ നിർബ്ബന്ധത്തോടെ അല്ല താനും. ശേഷം അവരെ കൊണ്ടുവന്നു സു
നേദ്രിയത്തിൽ നിറുത്തിയാറെ, മഹാപുരോഹിതൻ അവരോടു ചോദിച്ചു:
28 ഈ നാമം ആശ്രയിച്ചു ഇനി ഉപദേശിക്കരുതു എന്നു നിങ്ങളോടു അമ
ർച്ചയായി ആജ്ഞാപിച്ചുവല്ലൊ! നിങ്ങളൊ കണ്ടാലും യരുശലേമിനെ നി
ങ്ങളുടെ ഉപദേശംകൊണ്ടു നിറെച്ചിരിക്കുന്നു; ആ മനുഷ്യന്റെ രക്തം ഞങ്ങ
29 ളുടെ മേൽ വരുത്തുവാൻ ഇച്ഛിക്കുന്നുവൊ? എന്നതിന്നു പേത്രൻ മുതലായ
അപോസ്തലന്മാർ ഉത്തരം ചൊല്ലിയതു: മനുഷ്യരെക്കാൾ ഏറ്റം ദൈവത്തെ
30 വഴിപ്പെടേണ്ടതു. നമ്മുടെ പിതാക്കന്മാരുടെ ദൈവം നിങ്ങൾ മരത്തിൽ
31 തൂക്കി വധിച്ച യേശുവിനെ ഉണർത്തി. ആയവനെ ദൈവം നായകനും
രക്ഷിതാവും ആയിട്ടു തന്റെ വലത്തുകൈക്കൽ ഉയർത്തി, ഇസ്രയേലിന്നു
32 മാനസാന്തരവും പാപമോചനവും കൊടുപ്പിച്ചു. ഞങ്ങളൊ ഈ വസ്തുതകൾ
ക്കു അവന്റെ സാക്ഷികൾ ആകുന്നു. ദൈവം തന്നെ വഴിപ്പെടുന്നവർക്കു
നല്കിയ വിശുദ്ധാത്മാവും കൂടെ (സാക്ഷി).
33 എന്നതു കേട്ടു അവർ ഉള്ളം പിളർന്നു അവരെ ഒടുക്കിക്കളവാൻ മന്ത്രിക്കു
34 മ്പോൾ, സർവ്വജനത്തോടും ബഹുമാനം ഏറിയ ധർമ്മോപദേശകനായ

ഗമലേ്യൽ എന്നൊരു പറീശൻ സുനേദ്രീയത്തിൽ എഴനീററ്, ആ മനുഷ്യ
35 രെ തെല്ലുനേരം പുറത്താക്കുവാൻ കല്പിച്ചനന്തരം: ഇസ്രയേല്യപുരുഷന്മാരെ! ഈ മനുഷ്യരിൽ നിങ്ങൾ എന്തു ചെയ്വാൻ പോകുന്നു എന്നു സൂക്ഷിച്ചു
36 നോക്കുവിൻ! എങ്ങിനെ എന്നാൽ ഈ നാളുകൾക്കുമുമ്പെ തുദാസ് എന്നവൻ എഴനീറു, താൻ വല്ലതും ആകുന്നു എന്നു നടിച്ചു, നാന്നൂറോളം പുരുഷന്മാർ അവനെ ആശ്രയിച്ചുപോയാറെയും, അവൻ ഹാനിവന്നു, അവനെ
37 തേറിയവർ ഒക്കെയും നാനാവിധമായി ഇല്ലാതെ പോകയും ചെയ്തു. അവന്റെ ശേഷം ഗലീലക്കാരൻ യൂദാ ചാർത്തലിന്റെ നാളുകളിൽ (ലൂ. 2, 2.) എഴനീറു ജനങ്ങളെ മത്സരിച്ചു പിഞ്ചെല്ലുമാറാക്കി; പിന്നെ താനും നശിച്ചു; അവനെ തേറിയവരും ഒക്കെയും ചിതറി പോയി. എന്നാൽ ഇപ്പോൾ
38 ഞാൻ നിങ്ങളോടു പൊല്ലുന്നിതു: ഈ മനുഷ്യരെ തൊടാതെ വിടുവിൻ! കാരണം ഈ ആലോചനയൊ, കാര്യമൊ മനുഷ്യരിൽനിന്ന് എന്നു വരി
39 കിൽ അഴിഞ്ഞുപോകും; ദൈവത്തിൽനിന്ന് എങ്കിലൊ അതു നിങ്ങൾക്ക്
40 അഴിച്ചുകൂടാ; ദേവമാറരാന്മാരായി കാണരുതല്ലൊ! എന്നാറെ, അവനെ അനുസരിച്ച് അപോസ്തലരെ വരുത്തി തല്ലിച്ചു: യേശുനാമത്തെ ആശ്രയി
41 ച്ച് ഇനി പറയരുത് എന്ന് ആജ്ഞാപിച്ചു വിട്ടയച്ചു. അവരും ആ നാമത്തിനു വേണ്ടി അപമാനം സഹിപ്പാൻ പാത്രങ്ങളായതുകൊണ്ടു, സന്തോ
42 ഷിച്ചു, സുനേദ്രീയത്തിൻ മുമ്പിൽനിന്നു പുറപ്പെട്ടു പോയി. പിന്നെ നാളും തോറും ദേവാലയത്തിലും വീട്ടിലും വിടാതെ, ഉപദേശിച്ചും മശീഹയാകുന്ന യേശുവെ സുവിശേഷിച്ചും കൊണ്ടിരുന്നു.

6. അദ്ധ്യായം

സഭയിൽ ഒന്നാം ഇടച്ചൽ ഉണ്ടായതിനാൽ ശുശ്രൂഷക്കാരെ നിയമിച്ചതു, (8) അതിൻ സ്തെഫനന്റെ വൈഭവം.

1 ആ നാളുകളിൽ ശിഷ്യന്മാർ പെരുകുമ്പോൾ, യവനഭാഷക്കാരുടെ വിധവമാരെ ദിനസ്രുതിയുള്ള ശുശ്രൂഷയിൽ ഉപേക്ഷാഭാവം കാണിച്ചു പോക
2 കൊണ്ടു, ആ കൂട്ടക്ക് എബ്രയക്കാരുടെ നേരെ പിറുപിറുപ്പുണ്ടായി. എന്നാറെ, പന്തിരുവരും ശിഷ്യരുടെ കൂട്ടത്തെ വരുത്തി പറഞ്ഞിതു: ഞങ്ങൾ ദൈവവചനത്തെ വിട്ടുകളഞ്ഞു: മേശകളെ ശുശ്രൂഷിക്ക തെളിയുന്നതല്ല: ആക
3 യാൽ സഹോദരന്മാരെ, ദേവാത്മാവും ജ്ഞാനവും നിറഞ്ഞു, നല്ല സാക്ഷ്യം കൊണ്ടുള്ള ഏഴു പുരുഷന്മാരെ നിങ്ങളിൽ തന്നെ കണ്ടുകൊൾവിൻ;
4 അവരെ ഈ വേലെക്ക് ആക്കാം; ഞങ്ങളൊ പ്രാർത്ഥനയിലും വചന ശുശ്രൂ
5 ഷയിലും ഉററിരിക്കും. എന്നീവചനം കൂട്ടത്തിന്ന് ഒക്കെയും തെളിഞ്ഞു; വിശ്വാസവും വിശുദ്ധാത്മാവും നിറഞ്ഞ പുരുഷനായ സ്തെഫനൻ, ഫിലിപ്പൻ, പ്രൊഖരൻ, നിക്കാനൊർ, തീമോൻ, പർമ്മനാവ്, അന്ത്യൊഹ്യയിലെ മതാവലംബിയായ നിക്കൊലാവ് എന്നിവരെ തെരിഞ്ഞെടുത്ത്
6 അപോസ്തലരുടെ മുമ്പാകെ നിറുത്തി ഇവർ പ്രാർത്ഥിച്ചു അവരുടെ മേൽ
7 കൈകളെ വെച്ചു. പിന്നെ ദൈവവചനം വർദ്ധിച്ചു; യരുശലേമിൽ ശിഷ്യന്മാരുടെ എണ്ണം ഏററം പെരുകി പോന്നു; പുരോഹിതരിലും വലിയ സമൂഹം വിശ്വാസത്തിന്നു സ്വാധീനമായ്വന്നു.
8 അനന്തരം സ്തെഫനൻ കരുണയും, ശക്തിയും നിറഞ്ഞവനായി, ജനത്തിൽ വലിയ അത്ഭുതങ്ങളും അടയാളങ്ങളും ചെയ്തു നടക്കുമ്പോൾ, (റോമാ ദാസ്യത്തിൽനിന്നു വിടുതൽ കിട്ടിയ) ലിബർത്തിനരുടെ പള്ളിയിൽ
9 നിന്നും കുറേന്യരും അലക്ഷന്ത്ര്യക്കാരും ആസ്യകിലികൃകളിൽ നിന്നുള്ളവ
10 രും ചിലർ എഴനീറു, സ്തെഫനനോടു തർക്കിച്ചു. അവൻ പറയുന്ന ജ്ഞാനത്തോടും ആത്മാവോടും എതിർത്തു നില്പാൻ കഴിയാഞ്ഞപ്പോൾ, അവർ

11 ചില പുരുഷന്മാരെ വശീകരിച്ച്: ഇവൻ മോശെക്കും ദൈവത്തിന്നും നേ
രെ ദൂഷണമൊഴികൾ പറയുന്നതു ഞങ്ങൾ കേട്ടു എന്നു പറയിച്ചതല്ലാതെ,
12 ജനത്തെയും, മൂപ്പന്മാരെയും, ശാസ്ത്രികളേയും ഇളക്കിയ ശേഷം അടുത്തു ചെ
ന്ന് അവനെ പിടിച്ചുവെച്ചു സുനേദ്രിയത്തിലേക്കു കൊണ്ടു പോയി, കള്ള
13 സ്സാക്ഷികളെ നിറുത്തി പറയിച്ചിതു: ഈ മനുഷ്യൻ വിശുദ്ധസ്ഥലത്തിന്നും,
ധർമ്മത്തിന്നും, എതിരേയുള്ള മൊഴികളെ വിടാതെ ചൊല്ലി വരുന്നു. ആ ന
14 ചറയ്യനായ യേശു ഈ സ്ഥലത്തെ അഴിച്ചു, മോശെ നമ്മിൽ ഏല്പിച്ച
മര്യാദകളെ മാററിക്കളയും എന്ന് അവൻ പറയുന്നതു ഞങ്ങൾ കേട്ടു സത്യം
15 എന്നാറെ, സുനേദ്രിയത്തിൽ ഇരുന്നവർ എല്ലാവരും അവനെ ഉറുനോ
ക്കി, അവന്റെ മുഖം ദൂതന്റെ മുഖം പോലെ കണ്ടു.

7. അദ്ധ്യായം

സ്തെഫനന്റെ പ്രതിവാദവും, (54) ഒന്നാം സാക്ഷി മരണവും.

1 പിന്നെ മഹാപുരോഹിതൻ: ഇവ ഉള്ളതു തന്നെയൊ? എന്നു പറഞ്ഞാ
2 റെ, അവൻ ചൊല്ലിയതു: സഹോദരരും പിതാക്കളും ആയ പുരുഷന്മാരെ
കേൾപിൻ! നമ്മുടെ പിതാവായ അബ്രഹാം ഹറാനിൽ കുടിയേറുമ്മുമ്പെ
മെസപൊതമ്യയിൽ ഉള്ളപ്പോൾ തന്നെ തേജസ്സിന്റെ ദൈവമായവൻ
3 അവനു കാണായി (1 മോ. 12, 1) നിന്റെ ദേശത്തെയും നിന്റെ സംബ
ന്ധക്കാരെയും വിട്ടു പുറപ്പെട്ടു. ഞാൻ നിണക്കു കാണിക്കും നാട്ടിലേക്കു
4 വരിക. എന്നു പറഞ്ഞപ്പോൾ, കല്ദയരുടെ ദേശം വിട്ടു പുറപ്പെട്ടു. ഹറാ
നിൽ കുടിയേറി; അവിടെ നിന്ന് അവന്റെ അപ്പൻ മരിച്ചപ്പോൾ,
(ദൈവം) അവനെ നിങ്ങൾ ഇപ്പോൾ കുടിയിരിക്കുന്ന ഈ ദേശത്തിലേക്കു
5 പ്രവാസം ചെയ്യിച്ചു. അവന് അതിൽ കാലടി നിലം പോലും അവകാശം
കൊടുക്കാതെ (1 മോ, 13, 15.) കൂട്ടിയില്ലാത്ത സമയം അവനും അവ
ന്റെ പിന്നിൽ സന്തതിക്കും അതു ഉടമയായി നല്കും എന്ന് അവനു വാഗ
6 ത്തം ചെയ്തു. ശേഷം ദൈവം പറഞ്ഞതിപ്രകാരം (1 മോ. 15, 13.) അവ
ന്റെ സന്തതി അന്യദേശത്തിൽ കുടിയിരിക്കും ആയവർ അവരെ അടിമ
7 യാക്കി നാന്നൂറു വർഷം താഴ്ത്തിവെക്കും; അവർ സേവിക്കും ജാതിക്കൊ,
ഞാൻ ന്യായം വിധിക്കും എന്നും, (2 മോ. 3, 12) പിന്നെതിൽ അവർ
പുറപ്പെട്ട്, ഈ സ്ഥലത്തിൽ എന്നെ ഉപാസിക്കും എന്നും ദൈവം അരുളി
8 ചെയ്തു. പിന്നെ അവനു പരിഛേദനയാകുന്ന നിയമം കൊടുത്തു, അതിൻ
പ്രകാരം ഇസ്ഹാക്കിനെ ജനിപ്പിച്ചു, എട്ടാംനാൾ പരിഛേദനചെയ്തു. ഇസ്ഹാ
ക് യാക്കോബിനേയും യാക്കോബ് പന്ത്രണ്ടു ഗോത്രപിതാക്കന്മാരേയും
9 (അപ്രകാരം തന്നെ). ഗോത്രപിതാക്കളൊ യോസേഫെ അസൂയപ്പെട്ടു മി
10 സ്രയിലേക്കു വിറ്റുകളഞ്ഞു. എന്നാറെ, ദൈവം അവനോടു കൂടെ ഇരുന്നു
സകല ക്ലേശങ്ങളിൽനിന്നും അവനെ വിടുവിച്ചു, മിസ്രരാജാവായ ഫര
വൊ മുമ്പാകെ അവനു കൃപയും ജ്ഞാനവും കൊടുത്തു; ഇവൻ അവനെ മി
11 സ്രെക്കും തന്റെ സകല ഭവനത്തിന്നും നായകനാക്കി വെച്ചു. പിന്നെ മി
സ്രദേശത്തിലും കനാനിലും ഒക്കയും ക്ഷാമവും മഹാക്ലേശവും അകപ്പെട്ടാറെ,
12 നമ്മുടെ പിതാക്കൾ ഭക്ഷ്യങ്ങൾ കാണാഞ്ഞിരുന്നു. മിസ്രയിൽ ധാന്യ
ങ്ങൾ ഉണ്ടെന്നു യാക്കോബ് കേട്ടു നമ്മുടെ പിതാക്കളെ ഒന്നാമത് അയ
13 ച്ചു. രണ്ടാമതിൽ യോസേഫ് തന്റെ സഹോദരന്മാർക്ക് അറിയായതി
നാൽ, യോസേഫിന്റെ വംശം ഫരവോവിന്നു സ്പഷ്ടമായ്വന്നു. അപ്പോൾ,
14 യോസേഫ് ആളയച്ചു, തന്റെ അപ്പനായ യാക്കോബിനോടു കുഡുംബം
15 ഒക്കയും ആകെ എഴുപത്തഞ്ചു ദേഹികളേയും വരുത്തി. യാക്കോബ് മിസ്ര
യിലേക്ക് ഇറങ്ങിപോയി താനും നമ്മുടെ പിതാക്കളും അന്തരിച്ചു

16 ശീകേമിലേക്ക് കൊണ്ടുവരപ്പെട്ടു. ശീകേമിൻ അപ്പനായ ഹമോരിൻ മക്ക
ളോട് അബ്രഹാം വിലെക്കു വാങ്ങീട്ടുള്ള കല്ലറയിൽ ഇടപ്പെടുകയും ചെയ്തു.
17 പിന്നെ ദൈവം അബ്രഹാമിനോട് സത്യം ചെയ്ത വാഗ്ദത്തകാലം അ
ണയുന്തോറും ജനം മിസ്രയിൽ വർദ്ധിച്ചു പെരുകിവന്നു. യോസേഫിനെ
18 അറിയാത്ത അന്യരാജാവ് ഉദിക്കുംവരെ തന്നെ; ആയവൻ നമ്മുടെ വംശ
19 ത്തിൽ കൌശലം പ്രയോഗിച്ചു, നമ്മുടെ പിതാക്കന്മാരെ ദണ്ഡിപ്പിച്ച്,
അവരുടെ ശിശുക്കൾ ജീവനോടിരിക്കാതവണ്ണം അവരെ പുറത്തിടുകളയു
20 മാറാക്കി. ആ സമയത്തിൽ മോശെ ജനിച്ചു ദൈവത്തിന്നു സുന്ദരനായി
രുന്നു. അവനെ അപ്പന്റെ വീട്ടിൽ മൂന്നു മാസം പോററിയ ശേഷം, പുറ
21 ത്തിട്ടപ്പോൾ ഫരവൊപുത്രി എടുത്തു, തനിക്കു മകനാവാൻ വളർത്തി.
22 മോശെ മിസ്രക്കാരുടെ സകല ജ്ഞാനവും ശീലിച്ചു വാക്കുകളിലും ക്രിയക
23 ളിലും സമർത്ഥനായ്തീർന്നു. അവനു നാല്പതു വയസ്സു തികയുമ്പോൾ, ഇസ്ര
യേൽ പുത്രരാകുന്ന സഹോദരന്മാരെ ചെന്നു ദർശിപ്പാൻ തോന്നിയാറെ,
24 ഒരുത്തൻ സാഹസം അനുഭവിക്കുന്നതു കണ്ടു പിന്തുണയായ്വന്നു മിസ്രക്കാ
രനെ വെട്ടി പീഡിതനു വേണ്ടി പ്രതിക്രിയ ചെയ്തു. ദൈവം ഈ കൈകൊ
25 ണ്ടു അവർക്കു രക്ഷകൊടുക്കുന്നതു സഹോദരന്മാർ ഗ്രഹിക്കും എന്നു നിരൂപി
26 ച്ചുകൊണ്ടതത്രെ; അവർ ഗ്രഹിച്ചില്ല താനും. പിറെന്നാൾ അവർ പിണ
ങ്ങിയിരിക്കെ, അവൻ കാണായ്വന്ന പുരുഷന്മാരെ: നിങ്ങൾ സഹോ
ദരർ തന്നെ; തമ്മിൽ സാഹസം ചെയ്യുന്നത് എന്തു? എന്നു ചൊല്ലി, അവ
27 രെ സമാധാനത്തിലേക്ക് തെളിച്ചു കൂട്ടിയാറെ, കൂട്ടക്കാരനിൽ സാഹസം
ചെയ്യുന്നവൻ അവനെ ഉന്തിക്കളഞ്ഞു: നിന്നെ ഞങ്ങളിൽ പ്രഭുവും ന്യായ
28 കർത്താവും ആക്കിയതു ആർ? ഇന്നലെ മിസ്രക്കാരനെ ഒടുക്കിയ കണ
29 ക്കെ എന്നെയും. ഒടുക്കുവാൻ ഭാവിക്കുന്നുവൊ? എന്നു പറഞ്ഞു. ആ വാക്കി
നാൽ മോശെ മണ്ടിപോയി, മിദ്യാൻ ദേശത്തിൽ പ്രവാസിയായി, അ
30 വിടെ രണ്ടു മക്കളെ ജനിപ്പിച്ചു. നാല്പത്താണ്ടു തികഞ്ഞപ്പോൾ, സിനായ്
മലയുടെ മരുവിൽ കർത്താവിൻ ദൂതൻ പടർപ്പിലെ അഗ്നിജ്വാലയിൽ അ
വനു പ്രത്യക്ഷനായ ദർശനത്തെ: മോശെ കണ്ടു ആശ്ചര്യപ്പെട്ടു വിചാരി
31 ച്ചു നോക്കുവാൻ അടുത്തു ചെല്ലുമ്പോൾ, കർത്താവിന്റെ ശബ്ദം അവനോ
32 ട് ഉണ്ടായിതു: അബ്രഹാമിൻ ദൈവം ഇച്ഛാക്കിൻ ദൈവം യാക്കോബിൻ
ദൈവം എന്നു നിന്റെ പിതാക്കന്മാരുടെ ദൈവമായതു ഞാൻ തന്നെ. എ
ന്നിട്ടു മോശെ കമ്പിതനായി ചമഞ്ഞു നോക്കുവാൻ തുനിയാതെ നിന്നു.
33 കർത്താവ് അവനോടു: നീ നില്ക്കുന്ന സ്ഥലം വിശുദ്ധഭൂമിയാകയാൽ, കാ
34 ലുകളിൽ നിന്നു ചെരിപ്പ് ഊരിക്കളക എന്നും, മിസ്രയിൽ എന്റെ ജന
ത്തിൻ പീഡയെ ഞാൻ കണ്ടു കണ്ടു, അവരുടെ ഞരക്കവും കേട്ടു, അവരെ
വിടുവിപ്പാൻ ഇറങ്ങി വന്നു ഇപ്പോൾ വാ, നിന്നെ മിസ്രയിലേക്ക് അയ
35 ക്കട്ടെ എന്നും പറഞ്ഞു. നിന്നെ പ്രഭുവും ന്യായകർത്താവും ആക്കിയതു ആർ
എന്നു അവർ തള്ളിപ്പറഞ്ഞ മോശയെ തന്നെ ദൈവം മുൾപടർപ്പിൽ കാ
ണായ ദൂതന്റെ കൈതുണയായിട്ടു, പ്രഭുവും വീണ്ടെടുപ്പുകാരനും ആക്കി
36 അയച്ചു. ഇവൻ മിസ്രദേശത്തിലും ചെങ്കടലിലും മരുവിലും നാല്പതു
സംവത്സരംകൊണ്ടു അതിശയങ്ങളും അടയാളങ്ങളും ചെയ്തുവന്നു അവരെ
37 പുറപ്പെടുവിച്ചു, (3, 22) ദൈവമായ യഹോവ നിങ്ങൾക്കു സഹോദരരിൽ
നിന്നു എന്നെ പോലെ ഒരു പ്രവാചകനെ എഴുനീല്പിക്കും; ആയവനെ
നിങ്ങൾ കേൾപ്പു എന്നു ഇസ്രയേൽ പുത്രന്മാരോടു പറഞ്ഞ മോശെ ഇവൻ
38 തന്നെ. സിനായ്മലമേൽ അവനോടു സംസാരിക്കുന്ന ദൂതനോടും നമ്മുടെ
പിതാക്കന്മാരോടും കൂടെ മരുഭൂമിയിലെ സഭക്കൂട്ടത്തിൽ ഇരുന്നവനും, ജീ
വനുള്ള അരുളപ്പാടുകളെ നമുക്കു തരുവാൻ കൈക്കൊണ്ടവനും, നമ്മുടെ പി
39 താക്കന്മാർ അധീനരാകുവാൻ മനസ്സില്ലാതെ, ഹൃദയം കൊണ്ടു മിസ്രയിലേ
40 ക്കു തിരിഞ്ഞു അഹരോനോടു: ഞങ്ങൾക്കു മുന്നടക്കുന്ന ദേവകളെ ഉണ്ടാക്കി

തരിക; നമ്മെ മിസ്രദേശത്തിൽനിന്നു പുറപ്പെടുവിച്ച, ആ മോശെ
ക്കൊ എന്തു സംഭവിച്ചു എന്നറിയുന്നില്ലല്ലൊ! എന്നിങ്ങിനെ ചൊല്ലി,
41 നിരസിച്ചു കളഞ്ഞവനും ആയത് ഇവൻ തന്നെ. ആ നാളുകളിൽ അവർ
കന്നുകുട്ടി ഉണ്ടാക്കി ബിംബത്തിന്നു ബലികഴിച്ചു. തങ്ങളുടെ കൈക്രിയ
42 കളാൽ രമിച്ചു കൊണ്ടിരുന്നു. ദൈവമൊ വാങ്ങിപോയി, അവരെ വാന
സൈന്യം പൂജിപ്പാൻ ഏല്പിച്ചു കൊടുത്തു, (അമോ. 5, 25.) ഇസ്രയേൽ
ഗൃഹമെ, നിങ്ങൾ നാല്പത്താണ്ടും കൊണ്ടു മരുവിൽ വെച്ച് എനിക്കു ബലി
43 കളും വഴിപാടുകളും കഴിച്ചുവൊ? നിങ്ങൾ കുമ്പിടുവാൻ ഉണ്ടാക്കിയ സ്വ
രൂപങ്ങളായ മൊലക്കിന്റെ കൂടാരവും രഫാൻ ദേവന്റെ നക്ഷത്രവും നി
ങ്ങൾ എടുത്തു നടന്നതെ ഉള്ളു; ഞാനൊ ബാബലിന്നപ്പുറത്തേക്കു നിങ്ങ
ളെ പ്രവസിപ്പിക്കും എന്നു പ്രവാചകരുടെ പുസ്തകത്തിൽ എഴുതിയിരിക്കു
44 ന്നപ്രകാരം തന്നെ. മോശെയോടു സംസാരിക്കുന്നവൻ: നീ കണ്ട മാതിരി
ക്കൊത്തവണ്ണം തീർക്ക എന്നു നിയോഗിച്ചപ്രകാരം സാക്ഷ്യ കൂടാരം മരുഭൂ
45 മിയിൽ നമ്മുടെ പിതാക്കന്മാക്ക് ഉണ്ടായിരുന്നു. ആയതിനെ കൈക്കൊ
ണ്ടുള്ള നമ്മുടെ പിതാക്കൾ ദൈവം അവരുടെ മുമ്പിൽനിന്നു, നീക്കിക്കള
ഞ്ഞ ജാതികളെ അടക്കുമ്പോൾ യോശുവിനോടു കൂടെ (കനാനിൽ) പൂകി
46 ച്ചു. ദാവിദിൻ നാളുകൾവരെ, (സേവിച്ചുപോന്നു) ആയവൻ ദൈവത്തിൻ
മുമ്പാകെ കരുണകണ്ടു, യാക്കോബിൻ ദൈവത്തിന്നു പാർപ്പിടം കണ്ടെത്തേ
47 ണം എന്നു ചോദിച്ചു. (സങ്കീ. 132, 2.) എന്നാറെ, ശലോമൊ അവനു ഭവ
48 നം പണിതു. അത്യുന്നതൻ കൈപ്പണിയായവറ്റിൽ വസിക്കുന്നില്ല താനും
(യശ. 66, 1.) സ്വർഗ്ഗം എനിക്കു സിംഹാസനം ഭൂമി എൻ കാലുകൾക്കു പീ
49 ഠമത്രെ. കർത്താവു ചൊല്ലുന്നിതു: നിങ്ങൾ എനിക്കു പണിവാനുള്ള ഭവ
നം ഏതുപോൽ? അല്ല ഞാൻ ആവസിപ്പാനുള്ള സ്ഥലം എന്തു? എന്റെ
50 കൈ ഇവ ഒക്കെയും ഉണ്ടാക്കീട്ടില്ലയൊ? എന്നു പ്രവാചകൻ പറയും പോ
51 ലെ; കഠിന കണ്ണുക്കാരും ഹൃദയത്തിന്നും ചെവികൾക്കും പരിഛേദന ഇല്ലാ
ത്തവരുമായോരെ, നിങ്ങൾ എല്ലായ്പ്പോഴും വിശുദ്ധാത്മാവിനോടു ചെറുത്തു
52 നില്ക്കുന്നു. നിങ്ങളുടെ അച്ഛന്മാർ എങ്ങിനെ, അങ്ങിനെ നിങ്ങളും പ്രവാച
കരിൽ ഏവനെ നിങ്ങളുടെ പിതാക്കൾ ഹിംസിക്കാഞ്ഞതു! നീതിമാനാ
യവന്റെ വരവിനെ കുറിച്ചു, മുൻ അറിയിച്ചവരെ അവർ കൊന്നു, അവ
നു് ഇപ്പോൾ, നിങ്ങൾ ദ്രോഹികളും കുലപാതകരും ആയ് ചമഞ്ഞു. നി
53 ങ്ങളാകട്ടെ, ദൂതരുടെ നിയോഗങ്ങളാൽ ധർമ്മത്തെ പ്രാപിച്ചാറെയും സൂ
ക്ഷിച്ചു കൊണ്ടില്ല.

54 എന്നിവ കേട്ടാറെ, അവർ ഹൃദയങ്ങൾ പിളർന്നു, അവന്റെ നേരെ പ
55 ല്ലുകടിച്ചു. അവനൊ വിശുദ്ധാത്മ പൂർണ്ണനായി സ്വർഗ്ഗത്തേക്കു് ഉറുനോ
ക്കി, ദേവതേജസ്സും, ദൈവത്തിൻ വലഭാഗത്തു യേശു നില്ക്കുന്നതും, കണ്ടു:
56 ഇതാ, സ്വർഗ്ഗങ്ങൾ തുറന്നിരിക്കുന്നതും മനുഷ്യപുത്രൻ ദൈവത്തിൻ വലത്തു
57 നില്ക്കുന്നതും ഞാൻ കാണുന്നു! എന്നു പറഞ്ഞു. അവർ മഹാ ശബ്ദത്തോടെ
കൂക്കി ചെവികൾ പൊത്തിക്കൊണ്ടു്, ഒരുമനപ്പെട്ടു്, അവന്റെ നേരെ
58 തള്ളിപ്പാഞ്ഞു, നഗരത്തിന്നു പുറത്താക്കിക്കളഞ്ഞു, കല്ലെറിവാൻ തുടങ്ങി,
സാക്ഷികൾ തങ്ങളുടെ വസ്ത്രങ്ങളെ ശൌൽ എന്നു പേരുള്ള ബാല്യക്കാര
59 ന്റെ കാൽക്കൽ വെച്ചു. സ്തെഫനൻ: കർത്താവായ യേശുവെ! എന്റെ ആ
ത്മാവിനെ കൈക്കൊള്ളേണം! എന്നു വിളിച്ചു ചോദിച്ചിരിക്കെ അവനെ
60 കല്ലെറിഞ്ഞുകളഞ്ഞു. അവനും മുട്ടുകുത്തി: കർത്താവെ, അവർക്കു് ഈ പാ
പം നില്പിക്കൊല്ലാ! എന്നു മഹാശബ്ദത്തോടെ വിളിച്ചു. ഇതു ചൊല്ലിയ
ഉടനെ നിദ്രപ്രാപിച്ചു. ശൌലിന്നൊ അവന്റെ വധത്തിൽ പ്രസാദസമ്മ
തി ഉണ്ടു.

8. അദ്ധ്യായം

ഹിംസയാൽ ചിതറിയവർ യേശുവെ അറിയിക്കുന്നതിൽ, (5) ശുശ്രൂഷക്കാരനായ ഫിലിപ്പൻ ശമര്യരേയും, (25) കൂശ്യ മന്ത്രിയേയും സ്നാനം ഏല്പിച്ചത്.

1 **അ**ന്നാളിൽ യരുശലേമിലെ സഭയുടെ നേരെ വലിയ ഹിംസ ഉണ്ടായി.
അപോസ്തലന്മാർ ഒഴികെ എല്ലാവരും യഹൂദ ശമര്യ നാടുകളിൽ ചിതറി
2 പ്പോയി. സ്തെഫനനെ ഭക്തിയുള്ള പുരുഷന്മാർ ശവസംസ്കാരം ചെയ്തു, അവ
3 ന്റെ മേൽ വലിയ തൊഴി കഴിച്ചു. എന്നാറെ, ശൌൽ വീടുതോറും കടന്നു
പുരുഷരേയും സ്ത്രീകളേയും പിടിച്ചിഴച്ചും തടവിൽ ഏല്പിച്ചുംകൊണ്ടു സ
4 ഭയെ സംഹരിച്ചു പോന്നു. അതുകൊണ്ടു ചിതറിയവർ വചനത്തെ സുവി
ശേഷിച്ചു കൊണ്ടു് അവിടവിടെ സഞ്ചരിച്ചു.

5 അതിൽ ഫിലിപ്പൻ ഒരു ശമര്യ പട്ടണത്തിൽ കടന്നു മശീഹയെ അവ
രോടു ഘോഷിച്ചു പുരുഷാരങ്ങൾ കേട്ടും ഫിലിപ്പൻ ചെയ്യുന്ന അടയാള
6 ങ്ങളെ കണ്ടുംകൊണ്ടു്, അവൻ പറയുന്നവ ഒരുമനപ്പെട്ടു. ശുദ്ധിച്ചു കൊണ്ടി
7 രുന്നു. അശുദ്ധാത്മാക്കളാകട്ടെ. ഉറഞ്ഞ പലരിൽനിന്നും മഹാ ശബ്ദത്തോ
ടെ ആർത്തുംകൊണ്ടു പുറപ്പെട്ടു, അനേകം വാതരോഗികൾക്കും മുടന്തർക്കും
8 സൌഖ്യം വന്നു. ആ പട്ടണത്തിൽ വലിയ സന്തോഷം ഉണ്ടാകയും ചെയ്തു.
9 ശിമോൻ എന്നു പേരുള്ളോരു പുരുഷനൊ താൻ വലിയൊന്നു് എന്നു പൊ
ല്ലി, ആ പട്ടണത്തിൽ ആഭിചാരം ചെയ്തും ശമര്യ ജാതിയെ ഭ്രമിപ്പിച്ചും
10 പാർത്തിരുന്നു. ഇവൻ ദൈവത്തിന്റെ മഹാ ശക്തി എന്നുവെച്ചു് ആബാ
11 ലവൃദ്ധം എപ്പേരും അവനെ ശ്രദ്ധിച്ചുകൊള്ളും. അവൻ ആഭിചാരങ്ങൾകൊ
12 ണ്ടു് ഏറിയകാലം അവരെ ഭ്രമിപ്പിക്കയാലത്രെ ശ്രദ്ധിച്ചതു. പിന്നെ ദേവ
രാജ്യവും യേശുക്രിസ്തന്റെ നാമവും സംബന്ധിച്ചവ ഫിലിപ്പൻ സുവിശേ
ഷിക്കുന്നതു് അവർ വിശ്വസിച്ചപ്പോൾ, പുരുഷന്മാരും സ്ത്രീകളും സ്നാനം
13 ഏറ്റു വന്നു. ശിമോൻ താനും വിശ്വസിച്ചു സ്നാനം ഏറ്റുകൊണ്ടു ഫിലി
പ്പനോടും ഉറ്റിരുന്നു പാർക്കുമ്പോൾ, വലിയ ശക്തികളും അടയാളങ്ങളും
14 സംഭവിക്കുന്നതു കണ്ടു ഭ്രമിച്ചു. അനന്തരം യരുശലേമിലെ അപോസ്തലൻ
മാർ ശമര്യ ദേവവചനത്തെ കൈക്കൊണ്ടപ്രകാരം കേട്ടാറെ, പത്രൊനേയും
15 യോഹനാനേയും, അവരുടെ അടുക്കെ അയച്ചു. ആയവർ ഇറങ്ങി ചെന്നു
അവർക്കു വിശുദ്ധാത്മാവു് ലഭിക്കേണ്ടതിന്നു്, അവർക്കായി പ്രാർത്ഥിച്ചു.
16 ആയതൊ അന്നേവരെ അവരിൽ ആരുടെ മേലും വീണിരുന്നില്ല; അവർ
കർത്താവായ യേശുവിൻ നാമത്തിൽ സ്നാനം ഏറ്റിരുന്നതെ ഉള്ളു. അ
17 പ്പോൾ, അവരുടെ മേൽ കൈകളെ വെക്കുകയാൽ, വിശുദ്ധാത്മാവു് ലഭി
18 ച്ചു വന്നു. അപോസ്തലർ കൈകൾ വെക്കുന്നതിനാൽ, വിശുദ്ധാത്മാവു് ന
ല്കപ്പെടുന്നതു ശിമോൻ നോക്കികണ്ടു്, അവർക്കു ദ്രവ്യം കൊണ്ടുവന്നു: ഞാ
19 നും ആരുടെ മേൽ കൈകളെ വെച്ചാലും അവനു വിശുദ്ധാത്മാവു്, കിട്ടു
വാനുള്ള അധികാരം നിങ്ങളും തരികെ വേണ്ടു എന്നു പറഞ്ഞാറെ, പേ
20 രുൻ അവനോടു പൊല്ലിയതു: ദൈവത്തിന്റെ സമ്മാനം ദ്രവ്യം കൊടു
ത്തു വാങ്ങുവാൻ തോന്നുക കൊണ്ടു നീയുമായി നിന്റെ പണം നാശത്തിൽ
21 ആയ്പോക! നിന്റെ ഹൃദയം ദൈവത്തിൻ മുമ്പാകെ നേരുള്ളതല്ലായ്കകൊ
ണ്ടു് ഈ കാര്യത്തിൽ നിണക്കു പങ്കും ചീട്ടും ഇല്ല. ആകയാൽ ഈ നിന്റെ
22 വേണ്ടാതനത്തിൽനിന്നു മനന്തിരിഞ്ഞു കർത്താവോടു യാചിക്ക, പക്ഷെ
നിന്റെ ഹൃദയത്തിലെ നിനവു ക്ഷമിക്കപ്പെട്ടുമായിരിക്കും. ഇപ്പോഴൊ
23 നീ കൈപ്പിൻ പിത്തത്തിലും (5 മോ. 29, 17) അനീതിയുടെ തളയിലും
24 (യശ. 58, 6.) അകപ്പെട്ടിരിക്കുന്നതു ഞാൻ കാണുന്നു. ശിമോൻ ഉത്തരമാ
യി, നിങ്ങൾ പൊല്ലിയതു് ഒന്നും എനിക്കു് പിണയാതിരിപ്പാൻ

കത്താവിനോട് എനിക്ക് വേണ്ടി യാചിപ്പിൻ എന്നു പറഞ്ഞു. അവരൊ
25 കർത്താവിൻ വചനത്തെ പറഞ്ഞു സാക്ഷ്യം ഉറപ്പിച്ച ശേഷം ശമര്യരുടെ
പല ഊരുകളിലും സുവിശേഷിച്ചു കൊണ്ടു യരുശലേമിലേക്കു തിരിച്ചു
പോകയും ചെയ്തു.
26 പിന്നെ കർത്താവിൻ ദൂതൻ ഫിലിപ്പനോടു സംസാരിച്ചു: നീ എഴനീ
റു, യരുശലേമിൽനിന്നു ഘജ്ജെക്ക് ഇറങ്ങുന്ന നിജ്ജനമായുള്ള വഴിയി
ലേക്ക് തെക്കോട്ടു യാത്രയാക എന്നു പറഞ്ഞു. അവൻ എഴനീറു യാത്ര
27 യായി; അവിടെ ഇതാ കന്തക എന്ന ഐഥിയൊപ്യരാജ്ഞിയുടെ ഒരധി
പതി, അവളുടെ സകല ഭണ്ഡാരത്തിന്നും അദ്ധ്യക്ഷയുള്ള ഷണ്ഡനായൊ
28 ത് ഐഥിയൊപ്യൻ (കാണായി). അവൻ യരുശലേമിൽ കുമ്പിടുവാൻ
ചെന്നശേഷം തിരിച്ചുപോന്നു തേരിൽ ഇരുന്നു യശയ്യാ പ്രവാചകനെ വാ
29 യിക്കുമ്പോൾ, ആത്മാവ് ഫിലിപ്പനോട്: നീ അരികെ ചെന്ന് ഈ
30 തേരിനോടു പറ്റികൊൾക എന്നു പറഞ്ഞു. ഫിലിപ്പൻ ഓടി ചേർന്നു യ
ശയ്യാപ്രവാചകനെ വായിച്ചു കേട്ടാറെ: ഈ വായിക്കുന്നവ ബോധിക്കുന്നു
31 വൊ? എന്നു ചോദിച്ചു: ഒരുത്തരും വഴികാട്ടാഞ്ഞാൽ അത് എനിക്ക് എ
ങ്ങിനെ കഴിയും? എന്ന് അവൻ ചൊല്ലി, ഫിലിപ്പൻ കയറിവന്നു ത
32 ന്നോട് ഇരിക്കേണം എന്ന് അപേക്ഷിച്ചു. അവൻ വായിക്കുന്ന തിരുവെ
ഴുത്തിൻ അടക്കം ആവിതു (യശ. 53, 7.) കുലെക്കു കൊണ്ടുപോകുന്ന കു
ഞ്ഞാടു പോലെയും കത്തിരിക്കുന്നവന്റെ മുമ്പാകെ മിണ്ടാത്ത ആടു പോ
33 ലെയും വായ്തുറക്കാതെ ഇരുന്നു. താഴ്മയിൽ അവന്റെ ന്യായവിധി എടു
ക്കപ്പെട്ടു, അവന്റെ തലമുറയെ ആർ വിവരിക്കും? ഭൂമിയിൽനിന്ന് അവ
34 ന്റെ ജീവൻ എടുക്കപ്പെടുന്നുവല്ലൊ: എന്നിതു പ്രവാചകൻ ആരെകൊണ്ടു
പറയുന്നു? തന്നെകൊണ്ടൊ മറൊരുത്തനെ കൊണ്ടൊ? ഞാൻ നിന്നോടു
35 യാചിക്കുന്നു എന്നു ഷണ്ഡൻ ഫിലിപ്പനോട് ആരംഭിച്ചു പറഞ്ഞാറെ, ഫി
ലിപ്പൻ തന്റെ വായ് തുറന്ന് ഈ തിരുവെഴുത്തിൽനിന്നു തുടങ്ങി അവ
36 നോടു യേശുവെ സുവിശേഷിച്ചു. അവർ വഴി പോകുമ്പോൾ തന്നെ ഒരു
വെള്ളത്തിൽ എത്തി ഷണ്ഡൻ: ഇതാ വെള്ളം! ഞാൻ സ്നാനം ഏല്ക്കുന്നതി
ന്ന് എന്തു മുടക്കം? എന്നു പറയുന്നു. [ഫിലിപ്പൻ പറഞ്ഞു: നീ പൂർണ്ണ ഹൃദ
37 യത്തോടും വിശ്വസിക്കുന്നു എങ്കിൽ, ന്യായം ഉണ്ടു. അവൻ ഉത്തരം പറ
ഞ്ഞിതു: യേശുക്രിസ്തൻ ദൈവപുത്രൻ എന്നു ഞാൻ വിശ്വസിക്കുന്നു]. ഉട
38 നെ തേർ നിറുത്തുവാൻ കല്പിച്ചു ഫിലിപ്പനും ഷണ്ഡനും ഇരുവരും വെ
ള്ളത്തിൽ ഇറങ്ങി, അവൻ അവനെ സ്നാനം കഴിപ്പിച്ചു; വെള്ളത്തിൽനിന്നു
കരേറിയപ്പോൾ കർത്താവിൻ ആത്മാവ് ഫിലിപ്പനെ പറിച്ചെടുത്തു ഷ
ണ്ഡൻ അവനെ പിന്നെ കാണാഞ്ഞിട്ടും സന്തോഷിച്ചുകൊണ്ടു തന്റെ വഴി
39 ക്കു പോയി. ഫിലിപ്പനൊ അഷ്ദോദിൽ കാണപ്പെട്ടു, പിന്നെ കൈസര്യ
യിൽ എത്തുവോളം എല്ലാ പട്ടണങ്ങളിലും സുവിശേഷിച്ചുകൊണ്ടു കടന്നു
പോരുകയും ചെയ്തു.

9. അദ്ധ്യായം

ശൌലിന്റെ അത്ഭുതകരമായ വിളിയും [അ. 22, 26.], (10) സ്നാനവും, (20) വളർച്ചയും, (31) യഹൂദ്യസഭയുടെ വർദ്ധനയും അതിൽ പേത്രന്റെ നടപ്പും.

1 അന്നു കൂടെ ശൌൽ കർത്താവിന്റെ ശിഷ്യരുടെ നേരെ ഭീഷണിയും കൂ
2 ലയും നിശ്വസിച്ചു കൊള്ളുന്നവനായി, മഹാപുരോഹിതനെ ചെന്നു കണ്ടു,
ദമസ്കിൽ വെച്ച് ആ മാർഗ്ഗക്കാരിൽ ആണുങ്ങളാകട്ടെ, പെണ്ണുങ്ങളാകട്ടെ വ
ല്ലവരെയും കണ്ടുവെങ്കിൽ അവരെ കെട്ടിവെച്ചു, യരുശലേമിലേക്കു

കൊണ്ടുവരുവാന്തക്കവണ്ണം അവിടത്തെ പള്ളികൎക്കു പത്രങ്ങളെ ചോദിച്ചു
3 (വാങ്ങി.) പിന്നെ പ്രയാണം ചെയ്തുകൊണ്ടു ദമഷ്കിനോടു സമീപിക്കു
4 മ്പോൎ ഉണ്ടായിതു. പെട്ടന്നു വാനത്തിൽനിന്നു വെളിച്ചം അവന്റെ ചു
റും മിന്നി, അവൻ നിലത്തു വീണു: ശൌലെ, ശൌലെ നീ എന്നെ ഹിം
സിക്കുന്നതു് എന്തു്? എന്നു തന്നോടു പറയുന്ന ശബ്ദം കേട്ടു: കർത്താവെ!
5 നീ ആർ? എന്നു ചോദിച്ചാറെ: നീ ഹിംസിക്കുന്ന യേശു ഞാൻ ആകുന്നു,
(തോട്ടിയുടെ നേരെ ഉതെക്കുന്നതു നിണക്കു കടിയതത്രെ) എങ്കിലും എഴു
6 നീറ്റു പട്ടണത്തിൽ ചെല്ക; നീ ചെയ്യേണ്ടതു് അവിടെ നിന്നോടു ചൊല്ല
7 പ്പെടും എന്നു് അവൻ പറഞ്ഞു. പ്രയാണത്തിൽ കൂടെ ഉള്ള പുരുഷന്മാർ
8 ശബ്ദത്തെ കേൾക്കയല്ലാതെ, ആരെയും ദർശിക്കാതെ നിർജ്ജീവരായി
നിന്നിരുന്നു. പിന്നെ ശൌൽ നിലത്തു നിന്നു് എഴുനീറ്റു കണ്ണുകളെ തുറ
ന്നാറെയും ഒന്നും കണ്ടില്ല. അവർ കൈ താങ്ങി, അവനെ ദമഷ്കിൽ
9 കൂട്ടി കൊണ്ടുപോയി. അവൻ മൂന്നുദിവസം കൺ കാണാതെയും തിന്നുകു
ടിക്കാതെയും പാർത്തു.
10 ദമഷ്കിലോ ഹനന്യ എന്നൊരു ശിഷ്യൻ ഉണ്ടു; അവനോടു കർത്താവു് ഒരു ദ
ൎശനത്തിൽ: ഹനന്യെ! എന്നു പറഞ്ഞാറെ: കർത്താവെ! ഞാൻ ഇതാ!
11 എന്നു് അവൻ പറഞ്ഞു. കർത്താവു് അവനോടു ചൊല്ലിയതു: നീ എഴുനീ
റു ''നേരെ വീഥി'' എന്നതിലേക്കു പോയി യൂദാവിൻ വീട്ടിൽ തർസ്സു
കാരൻ ശൌൽ എന്നു് പേരുള്ളവനെ അന്വേഷിക്ക; കണ്ടാലും അവൻ പ്രാ
12 ൎത്ഥിക്കുന്നു. അത്രയല്ല അവൻ ഹനന്യ എന്ന ഒരു പുരുഷൻ അകമ്പുക്കു,
താൻ കാഴ്ചപ്രാപിക്കേണ്ടതിന്നു തന്റെ മേൽ കൈ വെക്കുന്നതു കണ്ടു.
13 എന്നതിന്നു ഹനന്യ ഉത്തരം പറഞ്ഞിതു: കർത്താവെ! അയ്യാൾ യരുശലേ
മിൽ നിന്റെ വിശുദ്ധർക്കു് എത്ര തിന്മകൾ പിണെച്ചു എന്നു പലരിൽ
14 നിന്നും കേട്ടിരിക്കുന്നു. ഇവിടെയും നിന്റെ നാമത്തെ വിളിച്ചു ചോദി
ക്കുന്നവരെ ഒക്കയും കെട്ടുവാൻ മഹാപുരോഹിതരുടെ അധികാരം അവനു്
15 ഉണ്ടു. കർത്താവു് അവനോടു പറഞ്ഞു: ഇവൻ എന്റെ നാമം ജാതികൾക്കും
രാജാക്കന്മാർക്കും ഇസ്രയേൽ പുത്രന്മാർക്കും മുമ്പിൽ വഹിപ്പാൻ തെരി
ഞ്ഞെടുത്തോരു പാത്രമായി, എനിക്കുണ്ടാകയാൽ പോയ്ക്കൊൾക! എൻ
16 നാമത്തിന്നു വേണ്ടി അവൻ എന്തെല്ലാം അനുഭവിക്കേണ്ടതു് എന്നു ഞാൻ
17 അവനെ കാണിക്കും സത്യം. എന്നാറെ, ഹനന്യ പോയി വീടകം പുക്കു,
അവന്റെ മേൽ കൈകളെ വെച്ചു: സഹോദര ശൌലെ! നീ വന്ന വഴിയിൽ
നിണക്കു കാണായ യേശു എന്ന കർത്താവു് നീ കാഴ്ചപ്രാപിച്ചു വിശു
ദ്ധാത്മപൂർണ്ണനാകേണ്ടതിന്നു് എന്നെ അയച്ചിരിക്കുന്നു എന്നു പറഞ്ഞ ഉട
18 നെ, അവന്റെ കണ്ണുകളിൽനിന്നു ചെതുമ്പുപോലെ വീണു, അവൻ കാഴ്ച
പ്രാപിച്ചു് എഴുനീറ്റു സ്നാനം ഏറ്റ ശേഷം ആഹാരം കൈക്കൊണ്ടു് ഉ
ൎക്കുണ്ടാകയും ചെയ്തു;
19 പിന്നെ അവൻ ദമഷ്കിലുള്ള ശിഷ്യന്മാരോടു കൂടെ ചില ദിവസം പാ
20 ൎത്തശേഷം, ഉടനെ പള്ളികളിൽ വെച്ചു, യേശു ദേവപുത്രൻ എന്നു ഘോ
21 ഷിച്ചു. കേൾക്കുന്നവർ എല്ലാവരും ഭ്രമിച്ചു: യരുശലേമിൽ ഈ നാമം വി
ളിച്ചു ചോദിക്കുന്നവരെ പാഴാക്കിയവൻ ഇവനല്ലയൊ? ഇവിടെയും അ
വരെ കെട്ടിവെച്ചു മഹാപുരോഹിതരുടെ മുമ്പിലാക്കുവാൻ വന്നില്ലയൊ?
22 എന്നു പറയും; ശൌലൊ ഏറ്റം ശക്തിപ്പെട്ടു ''ഇവൻ മശീഹ ആകുന്നു''
എന്നു തുമ്പുണ്ടാക്കി, ദമഷ്കിൽ കുടിയിരിക്കുന്ന യഹൂദന്മാരെ കലക്കികള
23 ഞ്ഞു. ഇപ്രകാരം ബഹു ദിവസം തികയുമ്പോൾ, യഹൂദന്മാർ അവനെ
24 ഒടുക്കുവാൻ മന്ത്രിച്ചുകൂടി, ശൌലിന്നു് അവരുടെ കൂട്ടുകെട്ടു് അറിഞ്ഞു വന്നു;
25 അവനെ ഒടുക്കുവാൻ രാവും പകലും നഗരവാതിലുകളെ കാത്തുനില്ക്കു
മ്പോൾ, അവന്റെ ശിഷ്യന്മാർ രാത്രിയിൽ അവനെ എടുത്തു ഒരു കൊട്ട
26 യിലാക്കി, മതിൽവഴിയായി ഇറക്കിവിടുകയും ചെയ്തു. അവൻ

യരുശലേമിൽ എത്തിയാറെ, ശിഷ്യരോടു പറവാൻ ശ്രമിക്കുമ്പോഴം, അ
വൻ ശിഷ്യൻ എന്നു വിശ്വസിക്കാതെ,എല്ലാവരും അവനെ പേടിച്ചു നിന്നു.
27 ബർന്നബാ മാത്രം അവനെ കൈപിടിച്ചു് അപോസ്തലരുടെ അടുക്കൽ
കൊണ്ടു ചെന്നു്, ഇവൻ വഴിയിൽ വെച്ചു കർത്താവിനെ കണ്ടപ്രകാരവും,
ആയവൻ ഇവനോടു് അരുളിച്ചെയ്തതും, ദമഷ്കിൽ ഇവൻ യേശു നാമ
ത്തിങ്കൽ പ്രാഗത്ഭ്യം കാട്ടിയവാറും അവരോടു വിവരിച്ചറിയിച്ചു. പിന്നെ
28 അവൻ യരുശലേമിൽ അവരോടു് ഒന്നിച്ചു വന്നും പോയും കൊണ്ടു, കർ
ത്താവായ യേശുവിൻനാമത്തിൽ പ്രാഗത്ഭ്യം കാട്ടികൊണ്ടിരുന്നു. യവന
29 ഭാഷക്കാരോടും സംസാരിച്ചു തർക്കിച്ചു പോരുമ്പോഴം, അവർ അവനെ
30 ഒടുക്കുവാൻ വട്ടം കൂട്ടി. ആയതു സഹോദരന്മാർ അറിഞ്ഞു് അവനെ കൈ
സര്യയിലേക്കു് കൂട്ടിക്കൊണ്ടു പോയി, പിന്നെ തർസ്സിലേക്കു് അയച്ചു
വിടുകയും ചെയ്തു.
31 ആയതു കൊണ്ടു് യഹൂദ ഗലീല ശമര്യ ഈ നാട്ടിൽ ഒക്കയും ഉള്ള സഭ
സമാധാനത്തോടെ പാർത്തു വീട്ടവർദ്ധന ചെയ്തും, കർത്താവിൻ ഭയ
ത്തിൽ നടന്നും, വിശുദ്ധാത്മാവിൻ പ്രബോധനത്താൽ പെരുകിയും കൊ
32 ണ്ടിരുന്നു. പിന്നെ പേത്രൻ എല്ലാവരേയും കാണ്മാൻ ചെല്ലുമ്പോഴം, ലോ
33 ദ്ദിൽ പാർക്കുന്ന വിശുദ്ധർ അടുക്കെയും ഇറങ്ങിപോയി. അവിടെ ഐ
നയാ എന്നൊരു മനുഷ്യനു പക്ഷവാതം പിടിച്ചു് എട്ടു വർഷം ശയ്യമേൽ കി
34 ടക്കുന്നതു കണ്ടപ്പോഴം, പേത്രൻ അവനോടു്: ഐനയാവെ, യേശുക്രിസ്തൻ
നിന്നെ സ്വസ്ഥനാക്കുന്നു! എഴുനീറു നിണക്കായി താനെ വിരിക്ക! എന്നു
35 പറഞ്ഞു. ഉടനെ അവൻ എഴുനീറു. ലൊദിലും ശരോനിലും ഉള്ള സകല നി
വാസികളും അവനെ കണ്ടു. കർത്താവിലേക്കു് തിരിഞ്ഞു വരികയും ചെയ്തു.
36 അന്നു യാഫൊവിൽ പേടമാൻ എന്നർത്ഥമുള്ള തബീഥ എന്ന പേരോടെ
ഒരു ശിഷ്യ ഉണ്ടു, അവം ചെയ്തുപോരുന്ന ഭിക്ഷാദി സല്ക്രിയകളാൽ നി
37 റഞ്ഞവം തന്നെ. ആ നാളുകളിൽ അവംക്കു വ്യാധിപിടിച്ചു മരണം സം
38 ഭവിക്കയും ചെയ്തു. അവളെ കഴുകി മാളികയിൽ കിടത്തിയ ശേഷം ലൊ
ദ്ദു് യാഫൊവിന്നു സമീപമാകയാൽ, പേത്രൻ അവിടെ ഉള്ളപ്രകാരം ശി
ഷ്യന്മാർ കേട്ടു: വൈകാതെ ഞങ്ങളോളവും വരെണം ''എന്നു പ്രബോധി
പ്പിച്ചുംകൊണ്ടു, രണ്ടു പുരുഷന്മാരെ അവനടുക്കൽ അയച്ചു. പേത്രൻ എഴു
39 നീറ്റു് അവരോടു കൂടെ ചെന്നു് എത്തിയപ്പോഴം തന്നെ, അവനെ മാളിക
മുറിയിൽ കരേറ്റി, അവിടെ എല്ലാവിധവമാരും ചുറ്റിവന്നു കരഞ്ഞും,
ആ പേടമാൻ എന്നവം കൂടെ ഉള്ളപ്പോഴം ഉണ്ടാക്കിയ കുപ്പായങ്ങളും വസ്ത്രു
40 ങ്ങളും എല്ലാം കാണിച്ചും കൊണ്ടുനിന്നു. പേത്രൻ അവരെ ഒക്കയും പുറത്താ
ക്കി, മുട്ടുകുത്തി പ്രാർത്ഥിച്ചു് ഉടലിനെ നോക്കി തിരിഞ്ഞു: തബീഥെ,
41 എഴുനീല്ക്ക! എന്നു പറഞ്ഞു; അവളും കണ്ണുകളെ തുറന്നു പേത്രനെ കണ്ടു നി
വിന്നിരുന്നു. അവൻ കൈ കൊടുത്തു് അവളെ എഴുനീല്പിച്ചു, വിശുദ്ധരെ
യും വിധവമാരെയും വിളിച്ചു് അവളെ ജീവനുള്ളവളായി നിറുത്തി കാ
42 ണിച്ചു. ആയതു യാഫൊവിൽ എങ്ങും പ്രസിദ്ധമായി പലരും കർത്താ
43 വിൽ വിശ്വസിച്ചു. അവനും തോല്ക്കുല്നായ ശിമോൻ എന്നവന്റെ പ
ക്കൽ ബഹു ദിവസം യാഫൊവിൽ വസിക്കയും ആയി.

10. അദ്ധ്യായം

പുറജാതികളിലെ ആദ്യഫലത്തെ പേത്രൻ ചേർത്തതു.

1 അനന്തരം കൈസര്യയിൽ കൊന്നേല്യൻ എന്നൊരു പുരുഷൻ ഇതല്യ
2 പട്ടാളത്തിൽ ശതാധിപനായി, തന്റെ സകല ഗൃഹത്തോടും കൂടെ ദൈവ
ഭയവും ഭക്തിയും പൂണ്ടു (യഹൂദ) ജനത്തിന്നു വളരെ ഭിക്ഷകളം ചെയ്തും,

3 നിത്യം ദൈവത്തോടു യാചിച്ചും പോരുമ്പോൾ, ഏകദേശം പകലത്തെ
ഒമ്പതാം മണിക്കൂർ ദർശനം സംഭവിച്ചതിൽ ദേവദൂതൻ അരികത്തു വന്നു, ത
ന്നോടു: കൊൎന്നേല്യ! എന്നു പറയുന്നതു സ്പഷ്ടമായി കണ്ടു. ആയവനെ
4 ഉറ്റു നോക്കി ഭയവശനായ് ചമഞ്ഞു: കർത്താവെ! എന്താകുന്നു? എന്നു
ചൊല്ലിയാറെ, അവനോടു പറഞ്ഞിതു: നിൻെറ പ്രാർത്ഥനകളും ഭിക്ഷക
5 ളും ഓർക്കപ്പെടുവാൻ ദൈവത്തിൻമുമ്പിൽ കയറി വന്നു. ഇപ്പോഴൊ യാ
ഫൊവിൽ ആളുകളെ അയച്ചു, പേത്രൻ എന്ന മറു നാമമുള്ളൊരു ശിമോനെ
6 വരുത്തുക: അവൻ കടലപ്പുറത്തു വീടുള്ള തോല്പ്പുല്ലനായ ശിമോൻ എന്ന
വനോടു അതിഥിയായ്പാൎക്കുന്നു [നീ ചെയ്യേണ്ടുന്നതു് അവൻ നിന്നോ
7 ടു് ഉരെക്കും]. എന്നു ചൊല്ലി ദൂതൻ പോയപ്പോൾ, അവൻ ഭൃത്യന്മാരിൽ
ഇരുവരേയും, തന്നോടു് ഉറ്റിരുന്ന പാൎക്കുന്നവരിൽ ദേവഭക്തിയുള്ളൊരു
8 സേവകനേയും വിളിച്ചു്, അവരെ എല്ലാം വിവരിച്ചു കേൾപിച്ചു, യാ
9 ഫൊവിലേക്കു് അയക്കയും ചെയ്തു. പിറെ നാൾ അവർ യാത്ര പോ
യി പട്ടണത്തോടു് അണയുമ്പോൾ, പേത്രൻ ആറാം മണിക്കൂ പുരമേൽ
10 പ്രാർത്ഥിപ്പാൻ കരേറി. പിന്നെ വിശപ്പു വന്നു കത്തലടക്കുവാൻ ഭാവി
ച്ചു; അങ്ങേയോർ ഒരുക്കുമ്പോൾ തന്നെ അവനു് ഒരു പാരവശ്യം സംഭവി
11 ച്ചിട്ടു; വാനം തുറന്നിരിക്കുന്നതും വലിയൊരു തുപ്പട്ടി പോലെ ഒരു പാത്രം
നാലു് അററങ്ങളിലും കെട്ടീട്ടു് ഇറക്കിവിട്ട ഭ്രമിയിൽ കിഴിഞ്ഞു വരുന്ന
12 തും കാണുന്നു. ആയ്തിൽ ഭ്രമിയിലെയെല്ലാ നാല്ക്കാലികളും മൃഗങ്ങളും ഇഴ
ജാതികളും വാനത്തിലെ പറജാതികളും (കാണ്മാൻ) ഉണ്ടു. ഒരു ശബ്ദം അ
13 വനോടു: പേത്രു, എഴനീററു് അറുത്തു തിന്നുകൊൾക എന്നു് ഉണ്ടായാറെ,
14 പേത്രൻ പറഞ്ഞു: അരുതല്ലൊ കത്താവെ! തീണ്ടലൊ അശുദ്ധിയൊ ഉള്ള
15 തൊന്നും ഞാൻ ഒരുനാളും തിന്നിട്ടില്ലല്ലൊ! ആ ശബ്ദം പിന്നെയും അവ
16 നോടു: ദൈവം ശുദ്ധീകരിച്ചവ നീ തീണ്ടലാക്കൊല്ല. എന്നുള്ളതു മൂന്നുകൂറി
സംഭവിച്ചു, പാത്രം പെട്ടന്നു വാനത്തിലേക്കു് എടുത്തുകൊള്ളപ്പെട്ടു.

17 ഈ കണ്ട ദർശനം എന്തുപോൽ, എന്നു പേത്രൻ തന്നിൽ തന്നെ ബുദ്ധിമു
ട്ടി നോക്കുമ്പോൾ, കൊൎന്നേല്യൻ അയച്ചു വന്ന പുരുഷന്മാർ ഇതാ ശിമോ
18 ൻെറ വീടു ചോദിച്ചറിഞ്ഞു, പടിപ്പുരക്കൽനിന്നു: പേത്രൻ എന്ന മറുനാമ
മുള്ള ശിമോൻ ഇവിടെ പാർക്കുന്നുവൊ? എന്നു വിളിച്ചു ചോദിച്ചിരുന്നു.
19 പിന്നെ പേത്രൻ ദർശനത്തെ വിചാരിച്ചു് ഉന്നിപാർക്കുമ്പോൾ, ആത്മാ
വായവൻ അവനോടു്: കാൺക, പുരുഷന്മാർ നിന്നെ തിരയുന്നു! നീയൊ
20 എഴനീറു ഇറങ്ങി ചെല്ലു: അവരെ ഞാൻ അയച്ചതാകകൊണ്ടു് ഒന്നും സം
21 ശയിക്കാതെ അവരോടുകൂട യാത്രയും ആക. എന്നു പറഞ്ഞാറെ, പേത്രൻ
ഇറങ്ങി ആ പുരുഷന്മാരെ കണ്ടു; നിങ്ങൾ തിരയുന്നവൻ ഇതാ ഞാൻ ത
22 ന്നെ; നിങ്ങൾ വന്ന സംഗതി എന്തെന്നു? പറഞ്ഞാറെ, ശതാധിപനായ
കൊർന്നേല്യൻ എന്ന നീതിയും ദൈവഭയവും ഉള്ളൊരു പുരുഷൻ യഹൂദ
രുടെ സകല ജാതിയാലും നല്ല സാക്ഷ്യം കൊണ്ടുള്ളവൻ തന്നെ; നിന്നെ
ഭവനത്തിൽ വരുത്തുവാനും നിന്നോടു മൊഴികയും കേൾപാനും വിശുദ്ധ
23 ദൂതനാൽ അരുളപ്പാടുണ്ടായി, എന്നു് അവർ പറയുന്നു. അവൻ അവരെ
അകത്തേക്കു വിളിച്ചു അതിഥിസല്ക്കാരവും ചെയ്തു; പിറെന്നാൾ എഴനീ
റു, അവരോടുകൂടെ പുറപ്പെട്ടു (യാഫൊവിലെ); സഹോദരർ ചിലരും
24 അവനോടുകൂടെ പോയി. മറു നാളിൽ കൈസര്യയിൽ ചേർന്നു; അവിടെ
കൊർന്നേല്യൻ തൻെറ ചാർച്ചക്കാരെയും വേണ്ടപ്പെട്ട ചങ്ങാതികളേയും
കൂട്ടിവരുത്തി അവരെ കാത്തുകൊണ്ടിരുന്നു.

25 പേത്രൻ പ്രവേശിച്ചാറെ, കൊർന്നേല്യൻ എതിരേററു് അവൻെറ കാ
26 ല്ക്കൽ കുമ്പിട്ടു വീണു. പേത്രനൊ: എഴനീല്ക്ക! ഞാനും മനുഷ്യനത്രെ! എ
27 ന്നു ചൊല്ലി അവനെ എഴനീല്പിച്ചു. അവനോടു സംഭാഷിച്ചുംകൊണ്ടു്
അകമ്പുക്കു്, അനേകർ വന്നു കൂടിയതിനെ കണ്ടു് അവരോടു ചൊല്ലിയതു:

28 അന്യവകക്കാരനോട ചേർച്ചയൊ ഇടപാടൊ യഹൂദനു എത്രയും അധർ
മ്മമായുള്ള പ്രകാരം നിങ്ങൾ അറിയുന്നുവല്ലൊ! എനിക്കൊ ദൈവം ഒരു
മനുഷ്യനെയും തീണ്ടലൊ അശുദ്ധിയൊ ഉള്ളവൻ എന്നു ചൊല്ലാതിരി
29 പ്പാൻ തോന്നിച്ചു. ആകയാൽ ആളയച്ചു വരുത്തിയപ്പോൾ ഞാൻ എതിർ
30 പറയാതെ വന്നു. എന്നിട്ടു എന്നെ വരുത്തിയ സംഗതി എന്തെന്നു ചോ
ദിക്കുന്നു. എന്നാറെ, കൊർന്നേല്യൻ പറഞ്ഞിതു: നാലു നാളായിട്ടു ഞാൻ
ഈ നാഴിക വരെ ഉപവാസം ചെയ്തശേഷം ഒമ്പതാം മണിക്കു എന്റെ
31 വീട്ടിൽ പ്രാർത്ഥിച്ചിരിക്കുമ്പോൾ, ശുഭ്രവസ്ത്രത്തോടെ ഒരു പുരുഷൻ ഇതാ
എന്റെ മുമ്പിൽ നിന്നുകൊണ്ടു: കൊർന്നേല്യ, നിന്റെ പ്രാർത്ഥന കേൾ
ക്കപ്പെട്ടു: നിന്റെ ഭിക്ഷകളും ദൈവത്തിന്മുമ്പിൽ ഓർക്കപ്പെട്ടുകയും ചെ
33 യ്തു. അതുകൊണ്ടു യാഫൊവിലേക്കു ആളയച്ചു. പേത്രൻ എന്ന മറുനാമ
മുള്ള ശിമോനെ വിളിപ്പിക്ക; അവൻ കടലുപുറത്തു തോല്പ്പൊല്ലനായ
ശിമോന്റെ വീട്ടിൽ പാർക്കുന്നു; അവൻ വന്നു നിന്നോടു ഉരചെയ്യും എന്നു
33 പറകയാൽ, ഞാൻ ക്ഷണത്തിൽ നിന്റെ അടുക്കൽ ആളയച്ചു; നീ വന്ന
തിനാൽ നന്നായി ചെയ്തു; ഇപ്പോഴൊ ഞങ്ങളും എല്ലാവരും കർത്താവിൻ
പക്കൽനിന്നു നിണക്കു നിയോഗമായി വന്നതു ഒക്കയും കേൾപാനായി
ദൈവത്തിൻമുമ്പാകെ (ഒരുങ്ങി)യിരിക്കുന്നു.

84 അനന്തരം പേത്രൻ വായ്തുറന്നു പറഞ്ഞിതു: ദൈവം മുഖപക്ഷക്കാരനല്ല;
35 ഏതു ജാതിയിലും അവനെ ഭയപ്പെട്ടു നീതിയെ പ്രവൃത്തിക്കുന്നവൻ അവ
36 നു ഗ്രാഹ്യൻ എന്നു ഞാൻ ഉണ്മയിൽ ഗ്രഹിക്കുന്നു. അവൻ യേശുക്രിസ്തനെ
കൊണ്ടു സമാധാനം സുവിശേഷിച്ചു ഇസ്രയേൽ പുത്രന്മാർക്കു അയച്ച
വചനം തന്നെ; ആയവനാകട്ടെ, എല്ലാവർക്കും കർത്താവു തന്നെ. യോ
37 ഹനാൻ ഘോഷിച്ച സ്നാനത്തിൽ പിന്നെ ഗലീലയിൽ തുടങ്ങി യഹൂദ
യിൽ ഒക്കയും ഉണ്ടായ വർത്തമാനം (നിങ്ങളും അറിയുന്നുവല്ലൊ) നചറ
38 ത്തിൽ നിന്നുള്ള യേശുവെ തന്നെ അറിയാമല്ലൊ. അവനെ ദൈവം വി
ശുദ്ധാത്മാവിനാലും ശക്തിയാലും അഭിഷേകം ചെയ്തപ്രകാരവും, ദൈവം
കൂടയുള്ളതുകൊണ്ടു അവൻ സൽക്രിയകളും ചെയ്തും, പിശാചിനാൽ ഹേമി
ക്കപ്പെട്ടവരെ ഒക്കയും സ്വസ്ഥമാക്കികൊണ്ടും നടന്നുവന്നതും (അറിയുന്നു).
39 യഹൂദരുടെ നാട്ടിലും യരുശലേമിലും അവൻ ചെയ്ത സകലത്തിന്നും ഞ
ങ്ങൾ സാക്ഷികൾ, ആയവനെ അവർ മരത്തിന്മേൽ തൂക്കി ഒടുക്കിക
40 ളഞ്ഞു. ദൈവമൊ മൂന്നാം നാൾ ഉണർത്തി പ്രത്യക്ഷനാകുവാൻ (അനു
41 വാദം) കൊടുത്തു. അതൊ സകല ജനത്തിനുമല്ല, ദൈവം മുമ്പിൽകൂട്ടി
വരിച്ചെടുത്ത സാക്ഷികൾക്കത്രെ; അവൻ മരിച്ചവരിൽനിന്നു എഴുനീറ
ശേഷം ഒന്നിച്ചു ഭക്ഷിച്ചു കുടിച്ചു ഞങ്ങൾക്കു തന്നെ (പ്രത്യക്ഷനായതു).
42 ജീവികൾക്കും മരിച്ചവർക്കും ന്യായാധിപതിയായി ദൈവത്താൽ നിർ
ണ്ണയിക്കപ്പെട്ടതു താൻതന്നെ എന്നു ജനത്തോടു ഘോഷിച്ചു സാക്ഷ്യം ഉറ
43 പ്പിപ്പാൻ അവൻ ഞങ്ങളോടു ആജ്ഞാപിച്ചു. ഇവങ്കൽ വിശ്വസിക്കുന്ന
ഏവനും അവൻ നാമംമൂലം പാപങ്ങളുടെ മോചനം ലഭിക്കുന്നു എന്നു സകല
പ്രവാചകന്മാരും ആയവനു സാക്ഷി ചൊല്ലുന്നു.

44 എന്നീ മൊഴികളും പേത്രൻ ഉരെക്കുമ്പോൾ തന്നെ വചനം കേൾക്കുന്ന
45 എല്ലാവരുടെ മേലും വിശുദ്ധാത്മാവു വീണു വന്നു. അവർ ഭാഷകളാൽ ഉരെ
46 ച്ചു ദൈവത്തെ മഹത്വീകരിക്കുന്നതു കേൾക്കയാൽ, പേത്രനോടു കൂടിവന്ന
പരിച്ഛേദനയിലെ വിശ്വാസികളായവർ വിശുദ്ധാത്മാവാകുന്ന ദാനം ജാ
47 തികളുടെ മേലും പകരപ്പെട്ടതുകൊണ്ടു വിസ്മയിച്ചു പോയി. അപ്പോൾ
പേത്രൻ: നമുക്കു എന്നപോലെ ഇവർക്കും വിശുദ്ധാത്മാവു കിട്ടിയശേ
48 ഷം സ്നാനം വരാതവണ്ണം വെള്ളത്തെ വിലക്കുവാൻ കഴിയുന്നവൻ ആർ?
എന്നു ഉത്തരം ചൊല്ലി. അവരെ കർത്താവിൻ നാമത്തിൽ സ്നാനം

കഴിപ്പാൻ നിയോഗിച്ചു; അപ്പോൾ അവൻ ചില ദിവസം വസിച്ചു കൊൾവാൻ അവർ ചോദിക്കയും ചെയ്തു.

11. അദ്ധ്യായം

യരുശലേമിലെ സഹോദരരോടു പേത്രൻെറ പ്രതിവാദം, (19) അന്ത്യോഹ്യയിൽ പുറജാതികളിൽനിന്നു ഒന്നാം സഭ ചേർന്നു വന്നതു.

1 ജാതികളും ദേവവചനം കൈക്കൊണ്ടപ്രകാരം അപോസ്തലന്മാരും യഹൂ
2 ദയിലുള്ള സഹോദരന്മാരും കേട്ടാറെ, പേത്രൻ യരുശലേമിൽ കരേറിവ
3 ന്നപ്പോൾ, പരിച്ഛേദനക്കാർ; നീ അഗ്രചർമ്മമുള്ള പുരുഷന്മാർ ഇടത്തിൽ
4 പ്രവേശിച്ചു അവരോടു കൂടെ ഭക്ഷിച്ചു എന്നു അവനോടു വാദിച്ചു. എ
ന്നാറെ, പേത്രൻ ആരംഭിച്ചു ക്രമപ്രകാരം അവരോടു വിവരിച്ചു പൊല്ലിയ
5 തു: ഞാൻ യാഫൊപുരിയിൽ പ്രാർത്ഥിക്കുമ്പോൾ, പാരവശ്യം സംഭവിച്ച
തിൽ ഒരു ദർശനം കണ്ടു; വാനത്തിൽനിന്നു നാലു അററങ്ങളിലും (കെട്ടി)
ഇറക്കിവിടുന്ന തുപ്പട്ടി പോലെ ഒരു പാത്രം കീഴിഞ്ഞു എന്നോളം വന്നതു
6 തന്നെ. അതിന്നുള്ളിൽ നോക്കി വിചാരിക്കുമ്പോൾ, ഭൂമിയിലെ നാല്ക്കാ
7 ലികളെയും മൃഗങ്ങളെയും ഇഴജാതികളെയും വാനത്തിലെ പറജാതികളെ
യും കണ്ടു: പേത്രു, എഴുനീററു അറുത്തു തിന്നുകൊൾക! എന്നു എന്നോടു
8 പറയുന്ന ശബ്ദവും കേട്ടാറെ: അരുതല്ലൊ കർത്താവെ! തീണ്ടലും അശുദ്ധിയും
ഉള്ളതു ഒരിക്കലും എൻെറ വായിൽ ചെന്നില്ലല്ലൊ! എന്നു പറഞ്ഞതിന്നു,
9 വാനത്തിൽനിന്നു ആ ശബ്ദം പിന്നെയും (വന്നു): ദൈവം ശുദ്ധീകരിച്ചവ
10 നീ തീണ്ടലാക്കൊല്ലാ എന്നുത്തരം പറഞ്ഞു. ആയതു മൂന്നുകുറി സംഭവിച്ചു;
11 പിന്നെ എല്ലാം വാനത്തേക്കു തിരികെ വലിച്ചെടുക്കപ്പെട്ടു. അപ്പോൾ, ക
ണ്ടാലും കൈസര്യയിൽനിന്നു എനിക്കായിട്ടു അയക്കപ്പെട്ട മൂന്നു പുരുഷ
ന്മാർ പെട്ടന്നു ഞാൻ ഇരിക്കുന്ന വീട്ടിന്നരികെ നിന്നിരുന്നു: ഇവരോടു
12 ഒന്നും സംശയിക്കാതെ കൂടെ പോകെണം എന്നു ആത്മാവു എന്നോടു ക
ല്പിച്ചു. ഈ ആറു സഹോദരന്മാരും എന്നോടു കൂടെ പോന്നു. ഞങ്ങൾ പുരുഷ
13 ൻെറ വീട്ടിൽ അകംപുക്കു. ആയവൻ തൻെറ വീട്ടിൽ ദൂതൻ നിന്നുകൊണ്ടു
കണ്ടതും, നീ യാഫൊവിൽ ആളയച്ചു പേത്രൻ എന്നു മറുനാമമുള്ള ശിമോ
14 നെ വരുത്തുക. നീയും നിൻെറ ഗൃഹവും എല്ലാം രക്ഷപെടുന്ന മൊഴികളെ
അവൻ നിന്നോടു ഉരെക്കും എന്നു തന്നോടു പറഞ്ഞപ്രകാരവും ഞങ്ങളോടു
15 അറിയിച്ചു. പിന്നെ ഞാൻ ഉരചെയ്തു തുടങ്ങിയപ്പോഴെക്കു വിശുദ്ധാത്മാ
വു അവരുടെ മേൽ വീണതു ആദിയിൽ നമ്മുടെ മേൽ വന്നപ്രകാരം ത
16 ന്നെ. എന്നാറെ, (1,5.) യോഹനാൻ വെള്ളത്താൽ സ്നാനം ഏല്പിച്ചു നി
ങ്ങളൊ വിശുദ്ധാത്മാവിൽ സ്നാനപ്പെടും എന്നു കർത്താവു പറഞ്ഞ മൊ
17 ഴിയെ ഞാൻ ഓർത്തു. അതുകൊണ്ടു കർത്താവായ യേശുക്രിസ്തുകൽ വിശ്വ
സിച്ചവരായ നമുക്കൊത്തപ്രകാരം അവർക്കും ഒരു ദാനത്തെ തന്നെ ദൈവം
കൊടുത്തു എങ്കിൽ, ദൈവത്തെ വിലക്കുവാൻ കഴിവോളം ഞാൻ ആരു
18 പോൽ? എന്നു അവർ കേട്ടു അടങ്ങി: എന്നിട്ടു ദൈവം ജാതികൾക്കും ജീ
വങ്കലേക്കു മാനസാന്തരത്തെ നല്കിവെച്ചു എന്നു പൊല്ലി, ദൈവത്തെ
തേജസ്കരിച്ചിരുന്നു.

19 അനന്തരം സ്തെഫനൻ ഹേതുവായി ഉണ്ടായ ക്ലേശത്തിൽ നിന്നു ചിതറി
പോയവർ ഫൊയിനീക്ക, കുപ്ര, അന്ത്യോഹ്യ ഈ ദേശങ്ങളോളവും സഞ്ച
20 രിച്ചുകൊണ്ടു യഹൂദരോടല്ലാതെ ആരോടും വചനത്തെ പറയാതെ കണ്ടു നട
ന്നു. അവരിൽ ചിലർ കുപ്രക്കാരും കുറേനക്കാരും; ആയവർ അന്ത്യോഹ്യ
യിൽ എത്തിയശേഷം കർത്താവായ യേശുവിനെ സുവിശേഷിച്ചു കൊണ്ടു,
21 യവനക്കാരോടു സംസാരിച്ചു പോന്നു. കർത്താവിൻ കൈ അവരോടു കൂടെ

22 ആകയാൽ വലിയോരു കൂട്ടം വിശ്വസിച്ചു, കർത്താവിലേക്ക് തിരിഞ്ഞു
വന്നു. അവരുടെ വർത്തമാനം യരുശലേമിലെ സഭയുടെ ചെവികൎംക്ക്
എത്തിയപ്പൊൾ അവർ ബർന്നബാവെ അന്ത്യൊഹ്യവരെ സഞ്ചരിച്ചുകൊൾ
23 വാൻ പറഞ്ഞയച്ചു. ആയവൻ ചേർന്നപ്പോൾ, ദേവകരുണയെ കണ്ടു സ
ന്തോഷിച്ച് എല്ലാവരും ഹൃദയനിർണ്ണയത്തോടെ കൎത്താവിൽ ചേർന്നു നി
ല്പാന്തക്കവെണ്ണം പ്രബോധിപ്പിച്ചുകൊണ്ടിരുന്നു. അവനാകട്ടെ നല്ല പുരു
24 ഷനും വിശുദ്ധാത്മാവും വിശ്വാസവും നിറഞ്ഞവനും തന്നെ; മതിയായുള്ള
25 പുരുഷാരം കർത്താവിനോട് ചേർന്നു വരികയും ചെയ്തു. പിന്നെ അവൻ
ശൌലിനെ തിരവാൻ തർസ്സിലേക്ക് പുറപ്പെട്ടു കണ്ടെത്തീട്ട്, അ
26 ന്ത്യൊഹ്യയിലേക്ക് കൂട്ടിക്കൊണ്ടു വന്നു. അവർ ഒരു വർഷം എല്ലാം സഭ
യിൽകൂടിവരികയും തിങ്ങിയ കൂട്ടത്തിന്ന് ഉപദേശിക്കയും ശിഷ്യന്മാക്കു
ആദ്യം അന്ത്യൊഹ്യയിൽവെച്ച് ക്രിസ്ത്യാനർഎന്ന പേർ വരികയും ആയി.
27 ആ നാളുകളിൽ യരുശലേമിൽനിന്നു പ്രവാചകന്മാർ അന്ത്യൊഹ്യയിലേ
28 ക്ക് ഇറങ്ങി ചെന്നാറെ. അവരിൽ ആഗാബ് എന്ന് പേരുള്ളൊരുവൻ എ
ഴുനീറ്റു പ്രപഞ്ചം എങ്ങും മഹാക്ഷാമം ഉണ്ടാകും എന്ന് ആത്മാവിനാൽ സൂ
ചിപ്പിച്ചു; ആയത് ക്ലൌദ്യൻ വാഴുംകാലത്തിൽ ഉണ്ടാകയും ചെയ്തു. ശി
29 ഷ്യന്മാരോ അവനവന്നു മുതൽ പോരുന്നെടത്തോളം യഹൂദയിൽ പാൎക്കുന്ന
30 സഹോദരന്മാർക്ക് ശുശ്രൂഷെക്കായി അയക്കെണം എന്നു നിർണ്ണയിച്ചു;
ആയത് അവർ അനുഷ്ഠിച്ചു ബർന്നബാ ശൌൽ എന്നവരുടെ കൈയിൽ
മൂപ്പന്മാർക്ക് കൊടുത്തയക്കയും ചെയ്തു.

12. അദ്ധ്യായം

യഹൂദയിൽ ദേവശത്രുത്വം തികഞ്ഞു വന്നതും, (20) മൂന്നാം ഹേരോദാവി
ന്റെ ശിക്ഷയും.

1 **ആ** സമയത്തു ഹേരോദാരാജാവ് സഭക്കാരിൽ ചിലരെ ദണ്ഡിപ്പിപ്പാ
2 ന്തക്കവെണ്ണം കൈയേറ്റം ചെയ്തു. യോഹനാന്റെ സഹോദരനായ യാക്കോ
3 ബിനെ വാൾ കൊണ്ട് ഒടുക്കിച്ചു. പിന്നെ യഹൂദർക്കു പ്രസാദം വന്നതു
4 കൊണ്ടു പുളിപ്പില്ലാത്തനാളുകളായപ്പൊൾ, പേത്രനെയും കൂടെ പിടിച്ചുവല്ലി
ച്ചു. കൈക്കലാക്കിയശേഷം പെസഹെക്കു പിന്നെ ജനത്തിൻ മുമ്പിൽ
നിറുത്തുവാൻ ഭാവിച്ചുകൊണ്ടു തടവിൽ ഇട്ടു, നന്നാലു സേവകന്മാരെ കാ
5 പ്പാൻ ഏല്പിച്ചു. ഇങ്ങിനെ പേത്രനെ തടവിൽ സൂക്ഷിച്ചു നോക്കുമ്പൊൾ,
സഭയാൽ അവന്നുവേണ്ടി ദൈവത്തോടു ശ്രദ്ധയേറിയ പ്രാർത്ഥന ഉണ്ടായി
6 നടന്നു. ഹെരോദാ അവനെ വരുത്തി കാണിപ്പാൻ ഓങ്ങുമ്പൊൾ, രാത്രി
യിൽ പേത്രൻ രണ്ടു ചങ്ങലകളാൽ കെട്ടപ്പെട്ടു. രണ്ടു സേവകരുടെ നടുവിൽ
കിടന്നുറങ്ങുന്നു വാതില്ക്കലുമ്പെ തടവിനെ സൂക്ഷിക്കുന്ന കാവല്ക്കാരും ഉണ്ടു.
7 അന്നു കണ്ടാലും കൎത്താവിൻദൂതൻ എത്തിനിന്നു വെളിച്ചം അറയിൽ പ്രകാ
ശിച്ചു അവൻ പേത്രനെ ഭാഗത്തുതട്ടി: വേഗത്തിൽ എഴുനീല്ക്ക! എന്നുണ
ൎത്തി, ഉടനെ അവന്റെ ചങ്ങലകൾ കൈകളിൽനിന്നു വീണുപോയി.
8 ദൂതൻ അവനോട്: അരകെട്ടി ചെരിപ്പുകളെ ഇട്ടുമുറുക്ക, എന്നു പറഞ്ഞപ്രു
കാരവും അവൻ ചെയ്തു. പിന്നെ: നിന്റെ വസ്ത്രം പുതെച്ച്, എന്റെ പി
9 ന്നാലെ വാ! എന്നു പറഞ്ഞു. അവനും പിഞ്ചെന്നു പുറപ്പെട്ടു. ദൂതനാൽ
ഉണ്ടാകുന്നതു സത്യം എന്നറിയാതെ, ദർശനം കാണുന്നപ്രകാരം നിരൂപി
10 ച്ചുകൊണ്ടു നടന്നു. അവർ ഒന്നാം കാവലിലും രണ്ടാമതിലും കൂടിക്കടന്നു
പട്ടണത്തിൽ ചെല്ലുന്ന ഇരിമ്പുവാതില്ക്കൽ എത്തി; അതും അവർക്ക് സ്വ
തെ തുറന്നുകൂടി, അവർ പുറപ്പെട്ട് ഒരു തെരുവിനെ പിന്നിട്ടുപോയ ഉടനെ
11 ദൂതൻ അവനെ വിട്ടു പിരികയും ചെയ്തു. അപ്പൊൾ, പേത്രൻ തന്നിലായ്

വന്നു പറഞ്ഞു: കർത്താവ് തന്റെ ദൂതനെ അയച്ചു, ഹെരോദാവിൻ ക
യ്യിൽനിന്നും, യഹൂദവംശത്തിന്റെ സകല പ്രതീക്ഷയിൽനിന്നും എന്നെ
12 പറിച്ചെടുത്തു എന്ന് ഇപ്പോൾ സത്യമായി അറിയുന്നു. എന്നു ബോധിച്ചു
മാക്ക് എന്ന് മറുനാമമുള്ള യോഹനാന്റെ അമ്മയായ മറിയയുടെ വീട്ടിൽ
13 ചെന്നു. അവിടെ അനേകർ ഒരുമിച്ചുകൂടി പ്രാർത്ഥിച്ചിരിക്കുമ്പോൾ, അവൻ
പടിപ്പുരക്കൽ മുട്ടിയാറെ, റോദ എന്നൊരു ബാല്യക്കാരത്തി കേൾപാൻ
14 അണഞ്ഞുവന്നു. പേത്രന്റെ ഒച്ച തിരിഞ്ഞു വന്നു സന്തോഷത്താൽ പടിപ്പു
രയെ തുറക്കാതെ അകത്ത് ഓടി പേത്രൻ പടിപ്പുരമുന്നിൽ നില്ക്കുന്നപ്രകാ
15 രം അറിയിച്ചു. അവർ അവളോടു ഭ്രാന്തിയാകുന്നു എന്നു പറഞ്ഞാറെ, അ
വൾ ഉള്ളതെന്നു നിശ്ചർഷിച്ചു ചൊല്ലുമ്പോൾ, അവന്റെ ദൂതനാകുന്നു എ
16 ന്ന് അവർ പറഞ്ഞു പോയി. പേത്രൻ മുട്ടി മുട്ടി നില്ക്കുന്നതിനാൽ അവർ
17 തുറന്ന് അവനെ കണ്ടു വിസ്മയിച്ചു. എന്നാറെ, അവർ മിണ്ടാതിരിപ്പാൻ
അവൻ കൈ പൊങ്ങിച്ചു, കർത്താവ് തടവിൽനിന്നു പുറപ്പെടുവിച്ചപ്രകാരം വിവരിച്ചു കേൾപിച്ചു; ഇത് യാക്കോബ് മുതലായ സഹോദരന്മാർക്ക് അറിയിപ്പിൻ എന്നു ചൊല്ലി, പുറപ്പെട്ടു വേറൊരുസ്ഥലത്തേക്കു
18 യാത്രയായി. പകലായപ്പോൾ, പേത്രൻ എന്തായിപോയി എന്നു സേവ
കർ കലങ്ങിപോയതു ചെറുപമല്ല. ഹെരോദാ അവനെ ചോദിച്ചു, കാ
19 ണാഞ്ഞു കാവല്ക്കാരെ വിസ്തരിച്ചു വധിപ്പാൻ കല്പിച്ചു; പിന്നെ യഹൂദ
യെ വിട്ടു, കൈസര്യയിൽ ഇറങ്ങിപോയി പാർത്തു.

20 അന്നു ത്രുര്യർ ചിദോന്യരോടും അവന്ന് ഉഗ്രപോർ ഉണ്ടാകയാൽ തങ്ങ
ളുടെ നാട്ടിനെ രാജാവിന്റെ ഒരു പുലർത്തുന്നതാകകൊണ്ടു അവർ ഒരുമനപ്പെ
ട്ടു വന്നുകണ്ടു രാജാവിൻ പള്ളിയറക്കാരനായ ബ്ലസ്തനെ സമ്മതിപ്പിച്ചു
21 കൊണ്ടു സന്ധിപ്പാൻ അപേക്ഷിച്ചു. നിശ്ചയിച്ച ദിവസത്തിൽ ഹെരോ
ദാ രാജമയവസ്ത്രം ഉടുത്തു ഭദ്രാസനത്തിൽ ഇരുന്നു ജനസംഘത്തിൽ അവ
22 രോടു പ്രസംഗിച്ചരുളി. ജനസംഘമൊ: അല്ലയൊ ദേവന്റെ ശബ്ദം മനു
23 ഷ്യന്റെതല്ല! എന്നു ആർപ്പുകൂട്ടി. അവൻ ദൈവത്തിന്നു തേജസ്സ് കൊടാ
ഞ്ഞതിനാൽ കർത്താവിൻ ദൂതൻ പെട്ടന്ന് അവനെ തച്ചു, അവൻ കൃമികളാ
24 ക്ക് ഇരയായി വീർപ്പു മുട്ടി പോകയും ചെയ്തു. പിന്നെ ദേവവചനം വർ
25 ദ്ധിച്ചു പെരുകി പോന്നു. ബർന്നബാവും ശൌലും ആ ശുശ്രൂഷ നിവൃത്തി
ച്ചശേഷം മാർക്ക എന്ന യോഹനാനെ കൂട്ടികൊണ്ടു യരുശലേമിൽ നിന്നു മ
ടങ്ങി പോന്നു.

13. അദ്ധ്യായം

പുറജാതികൾക്ക് സുവിശേഷം അറിപ്പാൻ അന്ത്യോഹ്യസഭ മുതിർന്നതു, (4) കുപ്രു, (13) പിസിദ്യ നാടുകളിലെ പ്രയാണം.

1 അന്ത്യോഹ്യയിൽ ഉണ്ടായിരിക്കുന്ന സഭയിൽ ബർന്നബാവും, നിഗർ
എന്നുള്ള ശിമോനും, കുറേനക്കാരനായ ലൂക്യനും, ഇടപ്രഭുവായ ഹെരോദാ
വോട് ഒന്നിച്ചു വളർന്ന മനഹെമും, ശൌലും ഇവർ പ്രവാചകരും ഉപദേ
2 ഷ്ടാക്കളും ആയിട്ടുണ്ടു. അവർ കർത്താവിനെ ഉപാസിച്ചും ഉപോഷിച്ചും
കൊള്ളുമ്പോൾ, വിശുദ്ധാത്മാവ് പറഞ്ഞു: ഞാൻ ബർന്നബാ ശൌൽ എ
ന്നവരെ വിളിച്ചാക്കിയ പണിക്കായിട്ട് അവരെ എനിക്ക് വേർത്തിരി
3 പ്പിൻ! എന്നാറെ (സഭക്കാർ) ഉപോഷിച്ചു പ്രാർത്ഥിച്ച് അവരിൽ കൈ
കൾ വെച്ച് അവരെ പറഞ്ഞയക്കയും ചെയ്തു.
4 ആയവർ വിശുദ്ധാത്മാവിനാൽ അയക്കപ്പെട്ടു, സെലൂക്യയിലേക്ക് ഇ
റങ്ങിചെന്ന് അവിടെനിന്നു കുപ്രു ദ്വീപിലേക്ക് കപ്പൽകയറി ഓടി. സ
5 ലമിയിൽ അണഞ്ഞശേഷം യഹൂദരുടെ പള്ളികളിൽ ദേവവചനത്തെ

6 അറിയിച്ചു. യോഹനാൻ അവർക്കു ഭൃത്യനായുണ്ടു; പിന്നെ പാഫിനോളം
ദ്വീപിന്നുടെ കടന്നപ്പോൾ ബർയേശു എന്ന ആഭിചാരക്കാരനും കള്ളപ്ര
വാചകനും ആയ യഹൂദൻ ഉപരാജാവായ സേർഗ്യപൌൽ എന്ന ഒരു ബു
7 ദ്ധിയുള്ള പുരുഷന്റെ കൂട ഇരിക്കുന്നതു കണ്ടു. ആയവൻ ബർന്നബാ ശൌൽ
എന്നവരെ വിളിച്ചു വരുത്തി ദേവവചനത്തെ കേൾപാൻ അന്വേഷിച്ചു. മ
8 റുഭാഷയിൽ എലീം എന്ന നാമമുള്ള ആഭിചാരക്കാരനൊ, അവരോടു് എ
തിർത്തുനിന്നു്, ഉപരാജാവിനെ വിശ്വാസത്തിൽനിന്നു മറിച്ചു കളവാൻ
9 ശ്രമിച്ചു കൊണ്ടിരുന്നു. അന്നു പൌൽ എന്നും പൊല്ലുന്ന ശൌൽ വിശുദ്ധാ
ത്മാവു് നിറഞ്ഞുവന്നിട്ടു് അവനെ ഉറുനോക്കി പറഞ്ഞിതു: സകല കപ
10 ടവും എല്ലാ ധൂർത്തതയും നിറഞ്ഞ പിശാചിൻ മകനെ! സ്വനീതിക്കും ശ
ത്രുവായുള്ളോവെ! കർത്താവിന്റെ നേർവഴികളെ നീ മറിച്ചുകളയുന്നതു
11 നില്ലയില്ലയൊ? ഇപ്പോൾ കർത്താവിൻകൈ നിന്റെ മേൽ; ഇതാ നീ
ഒരു സമയത്തേക്കു് ആദിത്യനെ കാണാതെ കുരുടനായിരിക്കും; എന്ന
പ്പോൾ ഉടനെ തിമിരവും ഇരുട്ടും അവന്റെ മേൽ വീണു, അവൻ ചുറും
തപ്പികൊണ്ടു കൈക്കാരെ തിരഞ്ഞു നടന്നു. അന്നു് ഉണ്ടായതു ഉപരാജാവു്
12 കണ്ടിട്ടു കർത്താവിൻ ഉപദേശത്തിങ്കൽ അത്ഭുതപ്പെട്ടു വിശ്വസിക്കയും
ചെയ്തു.
13 പൌലാദികളും പാഫിനെ വിട്ടു നീക്കി, പംഫുല്യയിലെ പെർഗ്ഗെക്കു്
അണഞ്ഞു വന്നപ്പോൾ, യോഹനാൻ അവരോടു പിരിഞ്ഞു യരുശലേമി
14 ലേക്കു് മടങ്ങി പോയി. അവരൊ പെർഗ്ഗയെ വിട്ടു (നാട്ടിൽ) കൂടി സ
ഞ്ചരിച്ചു പിസിദ്യ അന്ത്യോഹ്യയിൽ എത്തി, ശബ്ബത്തു നാളിൽ പള്ളി
15 യിൽ ചെന്നിരുന്നു. ധർമ്മവും പ്രവാചകപുസ്തകവും വായിച്ചു തീർന്ന
പ്പോൾ, പള്ളിമൂപ്പന്മാർ അവർക്കു് ആളയച്ചു: സഹോദരന്മാരെ നിങ്ങൾ
ക്കു് ഈ ജനത്തോടു് പ്രബോധനവചനം വല്ലതും ഉണ്ടെങ്കിൽ പറവിൻ
16 എന്നു പറയിച്ചു. അപ്പോൾ പൌൽ എഴുനീറു കൈ പൊങ്ങിച്ചു പറ
ഞ്ഞിതു:
17 ഇസ്രയേല്യ പുരുഷന്മാരും ദേവഭയമുള്ള (ജാതിക്കാരും) ആയുള്ളോരെ
കേൾപിൻ! ഈ ജനത്തിന്റെ ദൈവമായവൻ നമ്മുടെ പിതാക്കന്മാരെ
തെരിഞ്ഞെടുത്തു, മിസ്രദേശത്തിൽ പ്രവസിക്കുമ്പോൾ, ജനത്തെ ഉയർ
18 ത്തി: അതിൽനിന്നു് അവരെ ഉയർന്ന ഭുജം കൊണ്ടു പുറപ്പെടുവിച്ചു മരുഭൂ
19 മിയിൽ നാല്പത്താണ്ടും കൊണ്ടു് പോറ്റുന്നവനെ പോലെ അവരെ ചുമന്നു
(5 മോ. 131.) കനാൻ ദേശത്തു് ഏഴു ജാതികളെയും ഒടുക്കി, അവരുടെ ദേ
20 ശം ഇവക്കു് അവകാശമാക്കി വിഭാഗിച്ചു. പിന്നെ ഏകദേശം നാന്നൂറമ്പ
തു വർഷം പ്രവാചകനായ ശമുവേൽ വരെക്കും ന്യായാധിപന്മാരെ കൊടു
21 ത്തു. അനന്തരം അവർ രാജാവിനെ ചോദിച്ചപ്പോൾ, ദൈവം അവർക്കു
കീശിന്മകനായ ശൌൽ എന്ന ബിന്യമീൻ ഗോത്രക്കാരനെ നാല്പത്താണ്ടേ
22 ക്കു കൊടുത്തു. അവനെ നീക്കി ദാവിദിനെ രാജാവായി ഉദിപ്പിച്ചു (സ
ങ്കീ. 89, 21. 1 ശമു. 13, 14.) യിശ്ശായിപുത്രനായ ദാവിദിനെ ഞാൻ ക
ണ്ടെത്തി. എന്റെ ഹൃദയപ്രകാരമുള്ള പുരുഷനെ തന്നെ; ആയവൻ എ
ന്റെ ഹിതങ്ങളെ എല്ലാം ചെയ്യും എന്നു് അവനായി സാക്ഷ്യം ചൊല്ലുക
23 യും ചെയ്തു. അവന്റെ സന്തതിയിൽനിന്നു ദൈവം വാഗ്ദത്തപ്രകാരം യേ
24 ശു എന്ന രക്ഷിതാവിനെ ഇസ്രയേലിന്നു വരുത്തിയതു. അവന്റെ പ്രവേ
ശത്തിന്നു മുമ്പെ യോഹനാൻ ഇസ്രയേൽ ജനത്തിന്നു് ഒക്കെക്കും മാനസാ
25 ന്തരത്തിന്റെ സ്നാനം ഘോഷിച്ചു തന്നു ശേഷമത്രെ. യോഹനാനൊ ത
ന്റെ ഓട്ടം തികക്കുന്നേരം: നിങ്ങൾ എന്നെ ആർ എന്നു് ഊഹിക്കുന്നു?
ഞാനതല്ല; കണ്ടാലും ഞാൻ കാലുകളുടെ ചെരിപ്പും അഴിപ്പാൻ യോഗ്യനു
26 ല്ലാത്തവൻ; എന്റെ ശേഷം വരുന്നു താനും എന്നു പറയും. സഹോദരരാ
യ പുരുഷന്മാരെ! അബ്രഹാം വംശത്തിലെ മക്കളും ദേവഭയം ഹേതുവായി

കൂടിയവരും ആയുള്ളോരെ! ഈ രക്ഷാവചനം നിങ്ങൾക്കു് അയക്കപ്പെട്ടു!
27 എങ്ങിനെ എന്നാൽ യരുശലേം നിവാസികളും അവരുടെ പ്രമാണികളും
ആയവനെ അറിയാഞ്ഞു വിസ്തരിച്ചു വിധിച്ചു കൊണ്ടു ശബ്ബത്തുതോറും
28 വായിക്കുന്ന പ്രവാചക ശബ്ദങ്ങളെ പൂരിപ്പിച്ചു. മരണഹേതു ഒന്നും കാ
ണാഞ്ഞിട്ടും പിലാതനോടു് അവനെ ഒടുക്കേണം എന്നു യാചിച്ചു. (ഇപ്ര
29 കാരം) അവനെ കുറിച്ചു് എഴുതിയവ ഒക്കയും തികെച്ചപ്പോൾ, അവനെ
30 മരത്തിൽനിന്നു് ഇറക്കി കല്ലറയിൽ ഇട്ടു. ദൈവമൊ അവനെ മരിച്ചവ
31 രിൽനിന്നു് ഉണർത്തി. ആയവൻ ഗലീലയിൽനിന്നു് യരുശലേമിലേക്കു
കൂടി കരേറി പോയവർക്കു് ഏറിയ ദിവസംകൊണ്ടും കാണായി വന്നു; ജ
32 നത്തോടു് ഇന്നു് അവന്റെ സാക്ഷികളായതു് അവർ തന്നെ. പിതാക്കൻ
മാർക്കു് ഉണ്ടായ വാഗ്ദത്തത്തെകൊണ്ടു ഞങ്ങളും നിങ്ങളോടു് സുവിശേഷി
ക്കുന്നിതു: ദൈവം യേശുവിനെ വീണ്ടും എഴുനീല്പിച്ചതിനാൽ അവരുടെ
മക്കളായ നമുക്കു് അതിനെ തീരെ നിവൃത്തിച്ചു കിടക്കുന്നു എന്നത്രെ. അപ്ര
33 കാരം നീ എന്റെ പുത്രൻ; ഞാൻ ഇന്നു നിന്നെ ജനിപ്പിച്ചു എന്നു രണ്ടാം
34 സങ്കീർത്തനത്തിലും (സ. 2, 7.) എഴുതിയിരിക്കുന്നു. അവനെ മരിച്ചവ
രിൽനിന്നു് എഴുനീല്പിച്ചതു് ഇനി നാശത്തിലേക്കു് തിരിഞ്ഞു പോ
കാതവണ്ണം തന്നെ എന്നുള്ളതു (തെളിവാൻ) ഞാൻ ദാവീദിന്റെ ഉറപ്പുള്ള
കൃപകളെ നിങ്ങൾക്കു നല്കും എന്നു (യശ. 55, 3.) ചൊല്ലിയതു് ഉണ്ടു. (2,
35 27.) നിന്റെ വിശുദ്ധനെ കേടു കാണ്മാൻ നീ എല്പിക്കയില്ല എന്നു മ
റൊരു സങ്കീർത്തനത്തിൽ (16, 10.) പറയുന്നതും അതിനായിട്ടത്രെ. ദാ
36 വീദാകട്ടെ തന്റെ തലമുറെക്കു ദേവാലോചനെക്കു ശുശ്രൂഷ ചെയ്തശേഷം
37 നിദ്രപ്രാപിച്ചു, തന്റെ പിതാക്കളോടു് ചേർക്കപ്പെട്ടു കേടുകണ്ടു. ദൈവം
38 ഉണർത്തിയവനൊ കേടു കാണാതിരുന്നു. ആകയാൽ സഹോദരരായ പു
രുഷന്മാരെ! ഇവകൽതന്നെ പാപങ്ങളുടെ മോചനം നിങ്ങൾക്കറിയിക്ക
39 പ്പെടുന്നു എന്നും, മോശധർമ്മത്തിൽ നിങ്ങൾക്കു നീതീകരണം വന്നുകൂടാ
ത്ത സകലത്തിൽനിന്നും വിശ്വസിക്കുന്നവൻ ഏവനും ഇവകൽ നീതീക
രിക്കപ്പെടുന്നു എന്നും നിങ്ങൾക്കു് അറിഞ്ഞിരിക്ക! ആയതുകൊണ്ടു. ഹേ
40 നിന്ദകന്മാരെ നോക്കി, ആശ്ചര്യപ്പെട്ടു, മാഴ്കിപോവിൻ! നിങ്ങളുടെ
നാളുകളിൽ ഞാൻ ഒരു ക്രിയ പ്രവൃത്തിക്കുന്നു സത്യം, നിങ്ങളോടു വിവരി
41 ച്ചാലും നിങ്ങൾ വിശ്വസിക്കാതെ ഉള്ള ക്രിയ തന്നെ എന്നു. (ഹബ. 1,5.)
പ്രവാചകരിൽ മൊഴിഞ്ഞു കിടക്കുന്നതു നിങ്ങളുടെ മേൽ വരാതിരിപ്പാൻ
സൂക്ഷിച്ചുകൊൾവിൻ!

42 എന്നാറെ അവർ പുറപ്പെടുമ്പോൾ വരുന്ന ശബ്ബത്തിലും ഈ വർത്തമാ
നങ്ങൾ തങ്ങളോടു് ഉരെപ്പാൻ അപേക്ഷിക്കുന്നതല്ലാതെ, പള്ളിവിട്ടു പി
43 രിഞ്ഞാറെ, യഹൂദരിലും ഭക്തിയുള്ള മതാവലംബികളിലും പലരും പൌൽ
ബൎന്നബാ എന്നവരെ അനുഗമിച്ചു; അവരും സല്ലാപിച്ചുകൊണ്ടു ദേവകൃ
44 ണയിൽ പാൎത്തുനില്ക്കേണ്ടതിന്നു് അവരെ സമ്മതിപ്പിച്ചു. പിറെ ശബ്ബ
ത്തിൽ പട്ടണം എല്ലാം ദേവവചനം കേൾപ്പാൻ വന്നുകൂടി അന്നു യഹൂദന്മാർ
45 പുരുഷാരങ്ങളെ കണ്ടു് എരിവു നിറഞ്ഞവരായി എതിർ പറഞ്ഞും ദൂഷി
46 ച്ചുംകൊണ്ടു പൌൽ പറയുന്നവറ്റോടു വിരോധിച്ചുനിന്നു. എന്നാറെ പൌ
ലും ബൎന്നബാവും പ്രാഗത്ഭ്യം പൂണ്ടു പറഞ്ഞിതു: ദേവവചനം മുമ്പെ നി
ങ്ങളോടു ചൊല്ലുന്നതു് ആവശ്യമായിരുന്നു, എന്നാൽ അതിനെ നിങ്ങൾ
തള്ളിക്കളഞ്ഞു നിങ്ങളെ തന്നെ നിത്യജീവനു് അപാത്രർ എന്നു വിധിച്ചു
കഴിഞ്ഞാൽ കണ്ടാലും ഞങ്ങൾ ജാതികളിലേക്കു് തിരിഞ്ഞു കൊള്ളുന്നു.
47 കർത്താവാകട്ടെ (യശ 49,6.) നീ ഭൂമിയുടെ അറ്റത്തോളവും രക്ഷ ആകേ
ണ്ടതിന്നു ഞാൻ നിന്നെ ജാതികളുടെ വെളിച്ചമാക്കി വെച്ചിരിക്കുന്നു എ
48 ന്നു് ഞങ്ങളോടു് കല്പിച്ചിട്ടുണ്ടു. എന്നിട്ടു് ജാതികൾ കേട്ടു സന്തോഷിച്ചും
കർത്താവിൻ വചനം തേജസ്കരിച്ചും ഇരുന്നു; നിത്യജീവങ്കലേക്കു്

49 നിയമിക്കപ്പെട്ടവർ എപ്പേരും വിശ്വസിച്ചു. കർത്താവിൻവചനം ആ നാട്ട്
50 എങ്ങും വ്യാപിക്കയും ചെയ്തു. യഹൂദന്മാരൊ ഘനമേറിയ ഭക്തികാര
ത്തികളെയും പട്ടണത്തിൽ മുതലാളികളേയും ഇളക്കിവിട്ടു, പൌൽ ബന്ന
ബാ എന്നവരുടെ നേരെ ഹിംസജനിപ്പിച്ചു അവരെ തങ്ങളുടെ അതിർ
51 കടത്തിക്കളകയും ചെയ്തു. ആയവർ കാലുകളിലെ പൂഴിയെ അവരുടെ നേ
52 രെ കുടഞ്ഞുകളഞ്ഞു ഇക്കൊന്യയിലേക്കു പോന്നു. ശിഷ്യന്മാരൊ സ
ന്തോഷവും വിശ്രുദ്ധാത്മാവും കൊണ്ടു നിറഞ്ഞു വന്നു.

14. അദ്ധ്യായം

ലുക്കവൊന്യ നാട്ടിലുള്ള ഇക്കൊന്യ, (8) ലുസ്ത്ര, (21) ദബ്ബ് തുടങ്ങിയുള്ള ഊരുകളിൽ വ്യാപരിച്ചതു.

1 ഇക്കൊന്യയിൽ അവർ ഒരുമിച്ചു യഹൂദരുടെ പള്ളി പ്രവേശിച്ചു സംസാ
രിക്കയാൽ, യഹൂദരിലും യവനരിലും വലിയ പുരുഷാരം വിശ്വസിച്ചു.
2 വഴിപ്പെടാത്ത യഹൂദരൊ, ജാതികളുടെ മനസ്സിനെ സഹോദരന്മാർക്കു നേ
3 രെ പൊങ്ങിച്ചു വഷളാക്കി. എന്നിട്ടു തങ്ങളുടെ കൈകളാൽ അടയാളങ്ങ
ളും അത്ഭുതങ്ങളും നടത്തികൊടുത്ത സ്വകൃപയുടെ വചനത്തിന്നു സാക്ഷി
നില്ക്കുന്ന കർത്താവിൽ ഉന്നി അവർ പ്രാഗത്ഭ്യത്തോടെ ചൊല്ലിക്കൊണ്ടു
4 വളരെ കാലം അവിടെ പാർത്തു. പട്ടണത്തിലെ സമൂഹം ഛിദ്രിച്ചു പോ
യി; ചിലർ യഹൂദരുടെ പക്ഷത്തിലും ചിലർ അപോസ്തലരുടെ പക്ഷത്തി
5 ലും ആയി. പിന്നെ അവരെ സാഹസം ചെയ്തു കല്ലെറിവാനായി ജാതി
6 ക്കാരും യഹൂദരും അവിടത്തെ പ്രമാണികളോടു കൂട്ടകെട്ടു ഉണ്ടാക്കിയ
7 പ്പോൾ, അവർ ഗ്രഹിച്ചു ലുസ്ത്ര, ദബ്ബ, എന്ന ലുക്കവൊന്യയിലെ ഊരുക
ളിലും ചുറുമുള്ള ദേശത്തിലും മണ്ടി വാങ്ങിപോയി, അവിടെ സുവിശേ
ഷിച്ചും കൊണ്ടിരുന്നു.

8 ലുസ്ത്രയിൽ അമ്മയുടെ ഗർഭംമുതൽ മുടന്തനായി ഒരിക്കലും നടക്കാതെ കാ
ലുകൾക്കു ശേഷിയില്ലാത്തൊരു പുരുഷൻ ഇരുന്നിരുന്നു. പൌൽ സംസാ
9 രിക്കുന്നതു കേൾക്കുമ്പോൾ, ഇവൻ അവനെ ഉറുനോക്കി, രക്ഷവരും എന്നു
10 വിശ്വാസമുള്ള പ്രകാരം കണ്ടു: നിന്റെ കാലുകളിൽ നിവിന്നു എഴുനീല്ക്ക! എന്നു മഹാശബ്ദത്തോടെ പറഞ്ഞു; അവൻ തുള്ളിനടന്നു പോരുകയും ചെ
11 യ്തു. പൌൽ ചെയ്തതു പുരുഷാരങ്ങൾ കണ്ടു: ദേവന്മാർ മനുഷ്യർക്കു തുല്യ
രായി ഇങ്ങു ഇറങ്ങിവന്നു! എന്നു ലുക്കവൊന്യഭാഷയിൽ ശബ്ദം ഉയർത്തി
12 പറഞ്ഞു. ബന്ബാവെ ഇന്ദ്രൻ എന്നും, പൌൽ വചനത്തിൽ മുമ്പുള്ളവ
13 നാകയാൽ, ബുധൻ (ഹെമ്മാ) എന്നും സങ്കല്പിച്ചു. ഊർക്കു മുമ്പിലുള്ള ഇന്ദ്ര
(സ്ഥാനത്തിന്റെ) പൂജാരി കാളകളേയും പൂമാലകളേയും വാതിലുകളോളം
കൊണ്ടുവന്നു, പുരുഷാരങ്ങളോടു കൂട ബലികഴിപ്പാൻ ഭാവിച്ചു. എന്നതു
14 ബന്ബാ പൌൽ എന്ന അപോസ്തലർ കേട്ടു, തങ്ങളുടെ വസ്ത്രങ്ങളെ കീ
റികൊണ്ടു പുറപ്പെട്ടു, പുരുഷാരത്തിൻ ഉള്ളിൽ ചാടി കൂക്കിപറഞ്ഞിതു:
15 പുരുഷന്മാരെ! ഈ ചെയ്യുന്നതു എന്തു? ഞങ്ങളും നിങ്ങൾക്കു ഒത്ത പിണി
പ്പാടുള്ള മനുഷ്യരാകുന്നതല്ലാതെ, ഈ മായങ്ങളെ നിങ്ങൾ വിട്ടു ജീവനുള്ള
ദൈവത്തിങ്കലേക്കു തിരിയെണം എന്നു നിങ്ങളോടു സുവിശേഷിക്കുന്നു.
ആയവനാകട്ടെ സ്വർഗ്ഗഭൂമിസമുദ്രങ്ങളേയും അവറിലുള്ള സകലത്തെയും
16 ഉണ്ടാക്കിയിരിക്കുന്നു. കഴിഞ്ഞ തലമുറകളിൽ അവൻ എല്ലാ ജാതികളേ
17 യും താന്താങ്ങടെ വഴികളിൽ നടപ്പാൻ സമ്മതിച്ചു എങ്കിലും, വാനത്തിൽ
നിന്നു മഴകളും ഫലപുഷ്ടിയുള്ള സമയങ്ങളും തന്നും ആഹാരം മുതലായ ഭോ
ഗങ്ങളാൽ നിങ്ങളുടെ ഹൃദയങ്ങടെ മുഷ്ടമാക്കി കൊണ്ടും നന്മ ചെയ്യുന്നതി
നാൽ തന്നെത്താൻ സാക്ഷി കൂടാതെ വിട്ടിട്ടില്ല. എന്നവ ചൊല്ലി,

18 തങ്ങൾക്കു ബലികഴിക്കാതവണ്ണം പുരുഷാരങ്ങളെ ദുഃഖേന നിറുത്തിവെച്ചു.
19 പിന്നെ അന്ത്യൊഹ്യയിൽ നിന്നും ഇക്കൊന്യയിൽനിന്നും യഹൂദന്മാർ വന്നു
കൂടി സമൂഹങ്ങളെ സമ്മതിപ്പിക്കയാൽ, പൌലിനെ കല്ലെറിഞ്ഞുകൊണ്ടു
മരിച്ചു എന്നു തോന്നിയപ്പോൾ പട്ടണത്തിന്നു പുറത്തേക്കു് ഇഴെച്ചുകളഞ്ഞു.
20 ശിഷ്യന്മാർ അവനെ ചുറ്റിനിന്നാറെ, അവൻ എഴുനീറ്റു നഗരത്തിൽ
ചെന്നു പിറെന്നാൾ ബർന്നബാവോടുകൂടെ ദെർബ്ബെക്കു പോകയും ചെയ്തു.
21 ആ ഊരിലും സുവിശേഷിച്ചുകൊണ്ടു പലരേയും ശിഷ്യരാക്കിയശേഷം
അവർ ലുസ്ത്രെ, ഇക്കോന്യ, അന്ത്യൊഹ്യ എന്ന ഊരുകളിലേക്കു് മടങ്ങി ചെ
22 ന്നു. വിശ്വാസത്തിൽ പാർത്തുനില്ക്കേണം എന്നും, നാം അനേകം ക്ലേശങ്ങ
ളിൽ കൂടി ദൈവരാജ്യം പൂകേണ്ടതു എന്നും പ്രബോധിപ്പിച്ചു. ശിഷ്യന്മാരുടെ
23 ഉള്ളങ്ങളെ സ്ഥിരീകരിച്ചു കൊണ്ടിരുന്നു. പിന്നെ സഭതോറും അവർക്കു
മൂപ്പന്മാരെ വരിപ്പിച്ചശേഷം അവർ വിശ്വസിച്ചിരിക്കുന്ന കർത്താവിനെ
24 ഉപവാസങ്ങളോടെ പ്രാർത്ഥിച്ചുകൊണ്ടു അവരെ ഭരമേല്പിച്ചു. അനന്ത
25 രം പിസിദ്യയിൽ കൂടി കടന്നു, പംഫുല്യയിൽ എത്തി; പെർഗ്ഗയിലും വ
26 ചനം ഉരെച്ചശേഷം അത്തല്യയോളം ഇറങ്ങി പോയി. അവിടെ നിന്നു
(പടകു) നീക്കീട്ടു തങ്ങൾ നിവൃത്തിച്ച ക്രിയെക്കായി ദൈവകൃപയിൽ ഏ
27 ല്പിച്ചു വിടപ്പെട്ടിട്ടുള്ള അന്ത്യൊഹ്യയിലേക്കു് വന്നു. അവിടെ ചേന്നാ
റെ, സഭയെ കൂട്ടിച്ചുകൊണ്ടു ദൈവം തങ്ങളോടു് ചെയ്തതു് ഇന്നതു് എല്ലാം
എന്നും, ജാതികൾക്കു വിശ്വാസവാതിൽ തുറന്നപ്രകാരവും കേൾപിച്ചു.
28 ശിഷ്യരോടു് കൂടെ അല്പമല്ലാത്ത കാലം പാർത്തുകൊൾകയും ചെയ്തു.

15. അദ്ധ്യായം

ജാതികളിൽ നിന്നുള്ള സഭെക്കു മോശൈനകം നീങ്ങിപ്പോയതു, (36) പൌലിന്റെ രണ്ടാം ഘോഷണയാത്ര.

1 യഹൂദയിൽനിന്നു ചിലർ ഇറങ്ങിവന്നു: നിങ്ങൾക്കു മോശയുടെ വെ
പ്പിൻപ്രകാരം പരിച്ഛേദന വന്നിട്ടല്ലാതെ രക്ഷപെട്ടുകൂടാ എന്നു് സഹോ
2 ദരരോടു് ഉപദേശിച്ചു പോന്നു. അതുകൊണ്ടു് ഇടച്ചലും പൌൽ ബർന്നബാ
എന്നവർക്കു് അവരോടു ബർന്നബാ മുതലായ ചിലരെ ഈ ചോദ്യം ഹേതു
വായി യരുശലേമിലേക്കു് കരേറി, അപോസ്തലരേയും മൂപ്പന്മാരേയും കാ
3 ണ്മാൻ നിയോഗിച്ചു. ആയവർ സഭയാൽ യാത്ര അയക്കപ്പെട്ടശേഷം,
ഫൊയിനീക്കയിലും ശമര്യയിലും കൂട്ടി സഞ്ചരിച്ചു ജാതികളുടെ മനന്തി
രിവിനെ വിവരിച്ചു ചൊല്ലി എല്ലാ സഹോദരന്മാർക്കും മഹാ സന്തോഷം
4 ഉണ്ടാക്കി പോന്നു. അവർ യരുശലേമിൽ എത്തിയാറെ, സഭയാലും അ
പോസ്തലമൂപ്പന്മാരാലും കൈക്കൊള്ളപ്പെട്ടു, ദൈവം തങ്ങളോടു് ചെയ്തതു്
എല്ലാം കേൾപിച്ചു; എന്നാറെ, പരീശരുടെ മതത്തിൽനിന്നു വിശ്വസിച്ച
5 വർ ചിലർ എഴുനീറ്റു് അവരെ പരിഛേദന കഴിപ്പിച്ചു. മോശധർമ്മത്തെ
സൂക്ഷിപ്പാൻ ആജ്ഞാപിക്കേണം എന്നു പറഞ്ഞു.
6 ഈ സംഗതി വിചാരിച്ചു നോക്കുവാൻ അപോസ്തലരും മൂപ്പന്മാരുംകൂടി
വന്നാറെ, വളരെ തർക്കമായശേഷം പേത്രൻ എഴുനീറ്റു് അവരോടു് പറ
5 ഞ്ഞിതു: സഹോദരരായ പുരുഷന്മാരെ! ദൈവം പൂർവ്വദിവസങ്ങളിൽ തുട
ങ്ങി ജാതികൾ എന്റെ വായ്മൂലം സുവിശേഷവചനം കേട്ടു വിശ്വസി
പ്പാൻ തക്കവണ്ണം നിങ്ങളിൽ തെരിഞ്ഞെടുത്തപ്രകാരം നിങ്ങൾ അറിയു
8 ന്നുവല്ലൊ! പിന്നെ ഹൃദയജ്ഞാതാവായ ദൈവം നമുക്കു് എന്ന പോലെ
അവർക്കും വിശുദ്ധാത്മാവിനെ കൊടുത്തുകൊണ്ടു് അവർക്കു സാക്ഷിനിന്നു.
9 വിശ്വാസത്താൽ അവരുടെ ഹൃദയങ്ങളെ ശുദ്ധീകരിച്ചിട്ടു്, നമുക്കും അവ
10 ർക്കും വ്യത്യാസം ഒന്നും വെക്കാതിരുന്നു. ഇപ്പോൾ, നമ്മുടെ പിതാക്കളും

നാമും ചുമന്ന കൂടാത്തൊരു നുകം ശിഷ്യരുടെ കഴുത്തിൽ വെപ്പാൻ ഭാവി
11 ക്കയാൽ, നിങ്ങൾ ദൈവത്തെ പരീക്ഷിക്കുന്നതു് എന്തു്? അല്ല കർത്താവായ
യേശുവിന്റെ കൃപയാൽ അവർ എന്നപോലെ നാമും രക്ഷപെടുന്ന എന്നു
12 വിശ്വസിക്കുന്നുവല്ലൊ. എന്നാറെ, കൂട്ടം എല്ലാം മിണ്ടാതിരുന്നു ബർന്ന
ബാവും പൌലും ദൈവം തങ്ങളെക്കൊണ്ടു ജാതികളിൽ ചെയ്ത അടയാള
13 ങ്ങളേയും അത്ഭുതങ്ങളേയും എല്ലാം വിവരിക്കുന്നതു കേട്ടുകൊണ്ടിരുന്നു. അ
വർ അടങ്ങി നിന്നശേഷം യാക്കോബ് ഉത്തരം പറഞ്ഞിതു: സഹോദര
14 രായ പുരുഷന്മാരെ! എന്നെ കേൾപിൻ! ദൈവം തന്റെ നാമത്തിന്നായി
15 ജാതികളിൽനിന്നു് ഒരു വംശത്തെ എടുത്തുവല്ലൊ. അതിനോടു പ്രവാചക
16 ന്മാരുടെ വാക്യങ്ങളും ഒത്തു വരുന്നു (അമൊ. 9, 11.) അപ്രകാരം എഴുതി
യിരിക്കുന്നതു: അനന്തരം ഞാൻ തിരിഞ്ഞു ദാവിദിന്റെ വീണുപോയ
കൂടാരത്തെ പിന്നെയും കെട്ടും, അതിൻ കേടുകളെ വീണ്ടും തീർത്തു, അ
17 തിനെ എടുപ്പിക്കും. മനുഷ്യരിൽ ശേഷിച്ചവരും എന്റെ പേർ വിളിക്ക
പ്പെട്ടിട്ടുള്ള ജാതികളും എല്ലാം കർത്താവിനെ അന്വേഷിപ്പാൻ തന്നെ എ
18 ന്നു് കർത്താവു് പറയുന്നു. യുഗം മുതൽകൊണ്ടു് (തനിക്കു്) അറിയാ
19 കുന്ന ഇവറെ ചെയ്യുന്നവൻ തന്നെ. അതുകൊണ്ടു ജാതികളിൽനിന്നു ദൈ
വത്തിലേക്കു തിരിയുന്നവരെ അലമ്പലാക്കാതെ, അവർ വിഗ്രഹങ്ങളുടെ
എച്ചിലുകളെയും പുലയാട്ടും, ശ്വാസം മുട്ടിച്ചതും രക്തവും വർജ്ജിച്ചു നി
20 ല്പാൻ കല്പിച്ചെ മതിയാവു. മോശ ശബ്ബത്തുതോറും പള്ളികളിൽ വായി
21 ക്കപ്പെടുകയാൽ പൂർവ്വതലമുറകളിൽനിന്നു പട്ടണം തോറും അവനെ ഘോ
ഷിക്കുന്നവർ ഉണ്ടല്ലൊ:

22 അപ്പോൾ, സകല സഭയോടും കൂടെ അപോസ്തലന്മാർക്കും മൂപ്പന്മാർക്കും
തോന്നിയതു് എന്തെന്നാൽ: നമ്മിൽനിന്നു ചില പുരുഷന്മാരെ തെരി
ഞ്ഞെടുത്തു പൌൽ ബർന്നബാ എന്നവരോടു കൂടെ അന്ത്യൊഹ്യയിലേക്കു്
അയക്കേണം; എന്നിട്ടു സഹോദരരിൽ മുഖ്യപുരുഷന്മാരാകുന്ന ബശ്ബാ എ
23 ന്നുള്ള യൂദാവിനെയു, സീലാവിനെയും (നിയോഗിച്ചു) അവരുടെ കൈ
ക്കൽ കൊടുത്ത എഴുത്താവിതു: അപോസ്തലരും മൂപ്പന്മാരും സഹോദരരും അ
ന്ത്യൊഹ്യയിലും സുറിയയിലും കിലികൃയിലും ജാതികളിൽ നിന്നു
24 ചേർന്നുള്ള സഹോദരന്മാർക്കു വന്ദനം (ചൊല്ലുന്നു.) ഞങ്ങളിൽനിന്നു ചി
ലർ പുറപ്പെട്ടു് ഇങ്ങനെയോഗം ഒന്നും ലഭിക്കാതെ, നിങ്ങളെ വാക്കുകൾ
കൊണ്ടു കലക്കി പരിഛേദനയും ധർമ്മം പ്രമാണിക്കയും വേണം എന്നു
25 ചൊല്ലി, നിങ്ങളുടെ മനസ്സുകളെ നാനാവിധമാക്കിയപ്രകാരം കേൾക്ക
കൊണ്ടു, ഞങ്ങൾ ഒരുമനപ്പെട്ടപ്പോൾ, പുരുഷന്മാരെ തെരിഞ്ഞെടുക്കയും
നമ്മുടെ കർത്താവായ യേശുക്രിസ്തന്റെ നാമത്തിന്നു വേണ്ടി പ്രാണങ്ങ
ളെയും ഏല്പിച്ചുകളഞ്ഞ മനുഷ്യരാകുന്ന ബർന്നബാ, പൌൽ എന്ന നമ്മുടെ
26 പ്രിയരോടു കൂട അയക്കയും നല്ലതു് എന്നു തോന്നി; അതുകൊണ്ടു ഞങ്ങൾ
27 യൂദാവെയും സീലാവെയും അയച്ചിരിക്കുന്നു. അവർ വായ്മൊഴിയായും
അറിയിക്കുന്നതു് ആവിതു: വിഗ്രഹാർപ്പിതങ്ങളേയും രക്തവും ശ്വാസം
28 മുട്ടിച്ചതും പുലയാട്ടും ഇവ വർജ്ജിക്ക ആവശ്യമായുള്ളതല്ലാതെ, അധികമായ
ഭാരം ഒന്നും നിങ്ങളുടെ മേൽ ചുമത്തരുതു് എന്നു വിശുദ്ധാത്മാവിന്നും ഞ
29 ങ്ങൾക്കും തോന്നി. അതിൻവണ്ണംനിങ്ങൾ സൂക്ഷിച്ചുകൊണ്ടാൽ (നി
ങ്ങൾക്കു) ഗുണംവരും കുശലം ഉണ്ടാവൂതാക.

30 എന്നാറെ അവർ വിടവാങ്ങി, അന്ത്യൊഹ്യയിലേക്കു വന്നു സമൂഹത്തെ
31 കൂട്ടി വരുത്തി ലേഖനത്തെ കൊണ്ടുകൊടുത്തു. ആയതു് വായിച്ചിട്ടു്
അവർ ആശ്വാസവാക്കിനാൽ സന്തോഷിച്ചു. യൂദാവും സീലാവുംകൂടെ
32 പ്രവാചകരാകകൊണ്ടു പല വചനത്താലും സഹോദരന്മാരെ പ്രബോധി
33 പ്പിച്ചു സ്ഥിരീകരിച്ചു. ചില സമയം കഴിച്ചപ്പോൾ, സഹോദരന്മാരാൽ
സമാധാനത്തോടെ തങ്ങളെ നിയോഗിച്ചവരുടെ അടുക്കെ അയക്കപ്പെട്ടു

34 പോയി. സീലാവിന൯ അവിടെ വസിക്കെണം എന്നു ബോധിച്ചു താനും.
35 പൌൽ ബർന്നബാ എന്നവരൊ അന്ത്യോഹ്യയിൽ പാർത്തു മറു പല
രോടും കൂടി കർത്താവിൻവചനം ഉപദേശിച്ചും സുവിശേഷിച്ചും കൊണ്ടി
രുന്നു.
36 ചില ദിവസങ്ങളുടെ ശേഷം പൌൽ ബർന്നബാവോടു പറഞ്ഞു: നാം
കർത്താവിൻവചനം പ്രസ്താപിച്ചുപോയ ഊരുകളിൽ തോറും പിന്നെയും
ചെന്നു, സഹോദരന്മാരെ സന്ദർശിച്ചു എങ്ങിനെ ഇരിക്കുന്നു (എന്നറിവാറാ
37 ക). എന്നാറെ, മാർക്ക എന്ന യോഹനാനെയും കൂട്ടിക്കൊണ്ടു പോരുവാൻ
38 ബർന്നബാ ഇച്ഛിച്ചു. പൌലൊ ഇവൻ പംഫുല്യയിൽനിന്ന൯ നമ്മെ വി
ട്ടൊഴിഞ്ഞു പ്രവൃത്തിക്കു കൂടി വരാതെ പോയവനാകയാൽ ചേർത്തു കൊ
39 ള്ളുന്നത൯ യോഗ്യമല്ല എന്നു നിരൂപിച്ചു. അതുകൊണ്ടു വക്കാണം ഉണ്ടാക
യാൽ അവർ തമ്മിൽ പിരിഞ്ഞുപോയി; ബർന്നബാ മാർക്കനെ കൂട്ടി
40 ക്കൊണ്ടു കുപ്രദ്വീപിലേക്ക൯ ഓടി. പൌൽ സീലാവെ തെരിഞ്ഞുകൊണ്ടു
41 സഹോദരരാൽ കർത്താവിൻ കരുണയിൽ ഏല്പിക്കപ്പെട്ടശേഷം പുറപ്പെ
ട്ടു. സുറിയ കിലികൃ നാടുകളിൽകൂടി സഞ്ചരിച്ചുകൊണ്ട൯ നടന്നു.

16. അദ്ധ്യായം

ആസ്യയിലും (11) മക്കെദൊന്യയിലെ ഫിലിപ്പിയോളവും യാത്ര
ചെയ്തതു.

1 അവൻ ദർബ്ബയിലും ലുസ്ത്രയിലും എത്തിയാറെ, തിമോത്ഥ്യൻ എന്നൊ
രു ശിഷ്യനെ അവിടെ കണ്ടു. അവൻ വിശ്വാസമുള്ള യഹൂദസ്ത്രീക്കും, യവ
2 നനായ പിതാവിനും മകനായി, ലുസ്ത്രയിലും ഇക്കൊന്യയിലും ഉള്ള സ
3 ഹോദരരാൽ, നല്ല സാക്ഷ്യം കൊണ്ടവൻ തന്നെ. ആയവൻ കൂടിവരേണം
എന്നു പൌൽ ഇച്ഛിച്ചുകൊണ്ട൯ ആ സ്ഥലങ്ങളിൽ ഉള്ള യഹൂദന്മാർ എല്ലാ
വരും അപ്പൻ യവനൻ എന്ന൯ അറികയാൽ, അവരെ വിചാരിച്ച൯ അവ
4 നെ പരിഛേദന ചെയ്തു. പിന്നെ ഊരുകളിൽ കടന്നു പോരുമ്പോൾ, യരു
ശലേമിൽ അപോസ്തലരും മൂപ്പന്മാരും വിധിച്ചുവെച്ച വെപ്പുകളെ ഏല്പി
ച്ചു പ്രമാണിപ്പിച്ചു കൊടുക്കയും; സഭകളും വിശ്വാസത്തിൽ ഉറെച്ചു വ
5 രികയും, എണ്ണം ദിവസേന പെരുകുകയും ചെയ്തു.
6 അനന്തരം ഭ്രുഗ്യയുടെയും ഗലാത്യ നാട്ടിൽ കൂടിയും സഞ്ചരിച്ചാറെ, ആ
സ്യയിൽ വചനം ഉരെക്കാതവണ്ണം വിശുദ്ധാത്മാവ് വിലക്കിയപ്പോൾ,
7 മുസിയയിൽ എത്തി; ബിഥുന്യെക്കു യാത്രയാവാൻ പരീക്ഷിച്ചു; (യേശു
8 വിൻ) ആത്മാവ് അവരെ വിട്ടില്ലതാനും. അവർ മുസിയയുടെ ഭാഗത്തുടെ
9 ചെന്നു ത്രോവസ്സിലേക്ക൯ ഇറങ്ങിപോയി; അവിടെ രാത്രിയിൽ പൌലി
ന്ന൯ ഒരു ദർശനം കാണായി, മക്കെദൊന്യനായ ഒരു പുരുഷൻ അരികെനി
ന്നു; നീ മക്കെദൊന്യക്ക൯ കടന്നുവന്നു ഞങ്ങൾക്ക൯ സഹായിക്ക! എന്നു പ്ര
10 ബോധിപ്പിച്ചു കൊണ്ടപ്രകാരം; ദർശനം കണ്ട ഉടനെ അവരോട സുവി
ശേഷിക്കേണ്ടതിന്നു കർത്താവ് നമ്മെ വിളിച്ചു കിടക്കുന്നു എന്നു തെളി
ഞ്ഞിട്ടു, നാം മക്കെദോന്യെക്കായി പുറപ്പെടുവാൻ ശ്രമിച്ചു.
11 ആകയാൽ ത്രോവസ്സിൽനിന്നു, കപ്പൽനീക്കി, നേരെ സമൊധ്രാക്ക
12 യിലേക്കും പിറേറന്നാൾ നവപൊലിക്കും, അവിടെനിന്ന൯ ഫിലിപ്പിയി
ലും ഓടി (ചേന്നു). ആയ്തു൯ ആ മക്കെദോന്യ ഭാഗത്തിൽ ഒന്നാമത൯ കൊ
13 ലോന്യപട്ടണം (രോമർ കുടിയേറിയത൯) ആകുന്നു. ആ പട്ടണത്തിൽ
നാം ചില ദിവസം പാർത്തിരുന്നു; ശബ്ബത്തുനാളിൽ നാം പട്ടണ വാതി
ല്കൽനിന്നു പുറപ്പെട്ടു പ്രാർത്ഥന നടപ്പാകുന്ന പുഴവക്കത്തു ചെന്നിരുന്നു, അവി
14 ടെ കൂടിവന്ന സ്ത്രീകളോടു സംസാരിക്കും. അതിൽ ധുയഥൈരപുരിയിൽ

നിന്ന രക്താംബരവ്യാപാരിണിയായ ലുദിയ എന്ന പേരൊടെ ദേവഭക്തി
യുള്ളൊരു സ്ത്രീ കേൾക്കുമ്പോൾ, കർത്താവ് അവളുടെ ഹൃദയം തുറന്നു,
15 പൌൽ ഉരെക്കുന്നവ കൂട്ടാക്കുമാറാക്കി. അവൾ ഗൃഹക്കാരുമായി സ്നാനം ഏ
റിറെ: നിങ്ങൾ എന്നെ കർത്താവിന് വിശ്വസ്ത എന്നു വിധിച്ചു കഴി
ഞ്ഞാൽ, എന്റെ ഭവനത്തിൽ വന്നു പാർപ്പിൻ എന്ന് അപേക്ഷിച്ചു ന
മ്മെ നിബ്ബന്ധിച്ചുകളഞ്ഞു.

16 ശേഷം നാം പ്രാർത്ഥനാസ്ഥലത്തേക്കു ചെല്ലുമ്പോൾ, വെളിച്ചപ്പാടാത്മാ
വുള്ളവളായി ലക്ഷണം പറഞ്ഞുകൊടുത്തു, തന്റെ യജമാനന്മാക്കു വളരെ
ലാഭം വരുത്തുന്നൊരു ബാല്യക്കാരത്തി നമ്മെ എതിരേല്ക്കു ഉണ്ടായി,
17 പൌലിനെയും നമ്മെയും അനുഗമിച്ച്: ഈ മനുഷ്യർ അത്യുന്നത ദൈവ
ത്തിന്റെ ദാസരായി രക്ഷാവഴിയെ നിങ്ങളോട് പ്രസ്താപിക്കുന്നവർ ആ
18 കുന്നു! എന്നു കൂക്കി പറഞ്ഞു. പലനാളും അപ്രകാരം ചെയ്തുവന്നപ്പോൾ
പൌൽ അഴൽപിടിച്ചു തിരിഞ്ഞു നോക്കി, ആത്മാവോട്: യേശുക്രിസ്തു
ന്റെ നാമത്തിൽ ഞാൻ നിന്നോട് ആജ്ഞാപിക്കുന്നു: അവളെ വിട്ടു പുറ
പ്പെട്ടു പോ! എന്നു പറഞ്ഞു; ആ നാഴികെക്ക് അത് അവളിൽനിന്നു പു
19 റപ്പെട്ടു പോയി. അവളുടെ യജമാനന്മാർ ലാഭത്തിന്റെ പ്രത്യാശ പോയ്പോ
20 യപ്രകാരം കണ്ടു; പൌൽ സീലാ എന്നവരെ പിടിച്ചു, ചന്തസ്ഥലത്തേ
ക്കു പ്രമാണികളുടെ അടുക്കെ വലിച്ചുകൊണ്ടു, നായകന്മാരുടെ മുമ്പിൽ ആ
ക്കി: യഹൂദരായ ഈ മനുഷ്യർ നമ്മുടെ പട്ടണത്തെ കലക്കിവെച്ചു, റോമ
രായ നമുക്കു അംഗീകരിക്കയും ചെയ്കയും അരുതാത്ത മര്യാദകളെ അറി
21 യിച്ചു നടത്തുന്നു എന്നു പറഞ്ഞു. പുരുഷാരവും കൂടെ അവരുടെ നേരെ പൊ
22 ങ്ങിവന്നു നായകന്മാർ അവരെ വസ്ത്രങ്ങളെ കീറിക്കളഞ്ഞു കോലുകളാൽ
തല്ലുവാൻ കല്പിച്ചു. അവരെ ഏറിയതല്ലും ഏല്പിച്ചിട്ടു തടവിൽ ആക്കി,
23 കാരാഗൃഹരക്ഷിയോട് അവരെ സൂക്ഷ്മത്തോടെ കാപ്പാൻ ആജ്ഞാപിച്ചു.
24 ആയവൻ ആജ്ഞയെ കൈക്കൊണ്ട് അവരെ അകത്തെ തടവിൽ ആക്കി,
25 കാലുകളെ ആമത്തിൽ ഇട്ടു പൂട്ടി. പാതിരാക്കു പൌലും സീലാവും പ്രാർ
26 ത്ഥിച്ചു, ദൈവത്തെ കൊണ്ടാടുന്നതു തടവുകാർ കേൾക്കുമ്പോൾ,
പൊടുന്നന മഹാഭ്രകമ്പം ഉണ്ടായിട്ടു, കാരാഗൃഹത്തിന്റെ അടിസ്ഥാനങ്ങ
ളും കുലുങ്ങി; ക്ഷണത്തിൽ വാതിലുകൾ ഒക്കയും തുറന്നു എല്ലാവർക്കും ച
ങ്ങലകൾ അഴിഞ്ഞുവീണു, കാരാഗൃഹരക്ഷി ഉറക്കുണർന്നു തടവിന്റെ
27 വാതിലുകൾ തുറന്നതുകണ്ടു ചങ്ങലക്കാർ മണ്ടി പോയ്ക്കളഞ്ഞു എന്നൂഹിച്ചു,
28 വാളൂരി തന്നെത്താൻ ഒടുക്കുവാൻ ഭാവിച്ചു. അപ്പോൾ പൌൽ: നിണക്ക്
ഒരു തിന്മയും പിണെക്കരുതു! ഞങ്ങൾ എല്ലാവരും ഇവിടെ ഉണ്ടല്ലൊ!
29 എന്നു മഹാശബ്ദത്തോടെ വിളിച്ചു. അവനും വിളക്കു ചോദിച്ച് അക
ത്തേക്ക് ചാടി വിറച്ചുംകൊണ്ടു പൌലിന്നും സീലാവിന്നും മുമ്പിൽ വീ
30 ണശേഷം അവരെ പുറത്തു കൊണ്ടുവന്നു: കർത്താക്കന്മാരെ, രക്ഷപെടുവാൻ
31 ഞാൻ എന്തു ചെയ്യേണം? എന്നു പറഞ്ഞു. അവരും കർത്താവായ യേശു
32 വിൽ വിശ്വസിക്ക, എന്നാൽ നീയും നിന്റെ ഗൃഹവും രക്ഷപെടും എന്നു
പറഞ്ഞു, കർത്താവിൻവചനം അവനോടും അവന്റെ വീട്ടിൽ ഉള്ള ഏവ
33 രോടും ഉരെച്ചു. അവനും രാത്രിയിൽ ആ നാഴികെക്ക് തന്നെ അവരെ
കൂട്ടിക്കൊണ്ട് അടികൾ പൊറുപ്പാൻ കുളിപ്പിച്ചു, താനും തനിക്കുള്ളവരും
34 എല്ലാം ക്ഷണത്തിൽ സ്നാനം ഏല്ക്കയും ചെയ്തു. പിന്നെ അവരെ തന്റെ
വീട്ടിൽ കരേറിക്കൊണ്ടു മേശ ഒരുക്കിവെച്ചു: താൻ ദൈവത്തിൽ വിശ്വ
35 സിച്ചതിനാൽ, സർവ്വഗൃഹവുമായി ഉല്ലസിച്ചിരുന്നു. നേരം പുലർന്നപ്പോൾ,
നായകന്മാർ കോല്ക്കാരെ അയച്ച്: ആ മനുഷ്യരെ അഴിച്ചു വിടുക! എന്നു
പറയിച്ചു. ആ വാക്കുകളെ കാരാഗൃഹരക്ഷി പൌലോടു ബോധിപ്പിച്ചു:
36 നായകന്മാർ ആളയച്ചു നിങ്ങളെ വിടുവിക്കുന്നു; അതുകൊണ്ടു പുറപ്പെട്ടു

37 സമാധാനത്തിൽ ചെല്ലുവിൻ. എന്നതിന്നു പൌൽ അവരോടു: രോമക്കാ
രാകുന്ന ഞങ്ങളെ അവർ കുറ്റം തെളിയിക്കാതെ വെളിവിൽതച്ചു, തടവി
ലാക്കി കളഞ്ഞുവെല്ലൊ; ഇപ്പോഴും സ്വകാര്യമായി ഞങ്ങളെ പുറത്താക്കു
ന്നു; അങ്ങിനെയല്ല താങ്ങൾ വന്നു ഞങ്ങളെ പുറത്തുകൊണ്ടു പോക എന്നു
38 പറഞ്ഞു. ആ മൊഴികളെ കോലുക്കാർ നായകന്മാരോടു ബോധിപ്പിച്ചാ
39 റെ, അവർ രോമക്കാർ എന്നു കേട്ടു ഭയപ്പെട്ടു, തങ്ങൾ ചെന്നു അവരെ അ
പേക്ഷിച്ചു, പുറത്തു കൊണ്ടുവന്നു പട്ടണത്തെ വിട്ടുപോവാൻ ചോദിച്ചു.
40 ആയവർ തടവിനെ വിട്ടു, ലുദിയ ഉള്ളതിൽ പ്രവേശിച്ചു, സഹോദരന്മാ
രെ കണ്ടു പ്രബോധിപ്പിച്ച ശേഷം പുറപ്പെടുകയും ചെയ്തു.

17. അദ്ധ്യായം

പൌൽ തെസ്സലനീക്ക, (10) ബരോയ, (16) അഥേന ഈ യവനപട്ട
ണങ്ങളിൽ വ്യാപരിച്ചതു.

1 പിന്നെ അവർ അംഫിപൊലിയും അപൊല്ലൊന്യയും കടന്നു പോ
2 യി, തെസ്സലനീക്കയിൽ എത്തി. അവിടെ മാത്രം യഹൂദരുടെ പള്ളി ഉണ്ടാ
കയാൽ, പൌൽ ശീലമുള്ളപ്രകാരം അവരെ ചെന്നു കണ്ടു. മൂന്നു ശബ്ബത്തു
8 കളെ കൊണ്ടും (തിരു) എഴുത്തുകളെ പറഞ്ഞു വാദിച്ചു. മശീഹ കഷ്ടപ്പെടുക
യും മരിച്ചവരിൽനിന്നു എഴുനീല്ക്കയും ചെയ്യേണ്ടിയതു എന്നും, ഞാൻ നി
ങ്ങളോടു അറിയിക്കുന്ന ഈ യേശു തന്നെ മശീഹ എന്നും തുറന്നു കാട്ടി
4 വിവരിച്ചു കൊണ്ടിരുന്നു. അവരിൽ ചിലരും ഭക്തിയുള്ള യവനരിൽ വ
ലിയ കൂട്ടവും മുഖ്യസ്ത്രീകളിൽ അല്പമല്ലാത്ത എണ്ണവും സമ്മതി വന്നു,
5 പൌൽ സീലാ എന്നവർക്കു ഓഹരിയായിപുക്കു. എന്നാറെ, യഹൂദന്മാർ
എരിവുംകൊണ്ടു, മിനക്കേട്ടനില്ക്കുന്നവരിൽ ചില ദുഷ്ടന്മാരെ ചേർത്തു പുരു
ഷാരത്തെ ഇളക്കി പട്ടണത്തിൽ ആരവാരം ഉണ്ടാക്കി, യാസോന്റെ
ഭവനത്തോടു കയർത്തുനിന്നു അവരെ കൂട്ടത്തിൽ നടത്തുവാൻ ശ്രമിച്ചു. അ
6 വരെ കാണാഞ്ഞിട്ടു യാസൊനെയും ചില സഹോദരരെയും നഗരാധ്യ
7 ന്മാരുടെ അടുക്കലേക്കു ഇഴെച്ചു ആർത്തു. പ്രപഞ്ചത്തെ കലഹിപ്പിച്ച കൂട്ടർ
ഇവിടയും എത്തി യാസോൻ അവരെ കൈക്കൊണ്ടും ഇരിക്കുന്നു; ഇവർ
എല്ലാം യേശു എന്ന മറ്റൊരുവൻ രാജാവെന്നു ചൊല്ലിക്കൊണ്ടു, കൈസ
8 രുടെ വെപ്പുകൾക്കു പ്രതികൂലമായി വ്യാപരിക്കുന്നു! എന്നിവ കേൾപി
ച്ചു, പുരുഷാരത്തെയും നഗരാധ്യന്മാരെയും കലക്കി വെച്ചശേഷം അവർ
9 യാസോൻ മുതലായവരോടു ജാമ്യം വാങ്ങി അവരെ വിട്ടയച്ചു.
10 സഹോദരന്മാർ ഉടനെ രാത്രിയിൽ പൌൽ സീലാവെന്നവരെ പുറപ്പെട്ടു
വിച്ചു, ബരൊയെക്കയച്ചു; അവിടെ എത്തിയപ്പോൾ, അവർ യഹൂദരുടെ
11 പള്ളിയിൽ പോയി. ആയവർ തെസ്സലനീക്കയിലുള്ളവരെക്കാൾ സാര
ന്മാരായി വചനത്തെ എല്ലാമുതിർച്ചയോടും, കൈക്കൊണ്ടതല്ലാതെ, ഇവ
ങ്ങിനെതന്നെയൊ എന്നറിവാൻ ദിനമ്പ്രതി എഴുത്തുകളെ വിസ്തരിച്ചു
12 നോക്കും. അതുകൊണ്ടു അവരിൽ പലരും ഘനമുള്ള യവന സ്ത്രീപുരുഷ
ന്മാരിലും അല്പമല്ലാത്ത എണ്ണവും വിശ്വസിച്ചു. പൌൽ ബരൊയയി
13 ലും ദേവവചനത്തെ പ്രസ്താപിച്ചപ്രകാരം തെസ്സലനീക്കയിലെ യഹൂദർ
14 അറിഞ്ഞാറെ, അവിടെയും പുരുഷാരങ്ങളെ കലുക്കിക്കളവാൻ വന്നു. അ
പ്പോൾ, സഹോദരന്മാർ ഉടനെ പൌലിനെ സമുദ്രം വരെ പോകുവാൻ
അയച്ചു; സീലാവും തിമോത്ഥ്യനും അവിടെ വസിച്ചുപോയി താനും.
15 പൌലിനെ നടത്തുന്നവർ അവനെ അഥേനയോളം കൊണ്ടു പോയി: സീ
ലാവും തിമോത്ഥ്യനും അതിവേഗത്തിൽ തന്നോടു എത്തേണം എന്നുള്ള
കല്പന കൈക്കൊണ്ടു, പുറപ്പെട്ടു പോകയും ചെയ്തു.

16 അഥേനയിൽ പൌൽ അവരെ കാത്തിരിക്കുമ്പോൾ, നഗരം ബിംബ
ങ്ങൾ നിറഞ്ഞതു കാണുന്തോറും ഉള്ളിൽ അവന്റെ ആത്മാവ് ചൊടിച്ചു
17 വന്നു. അവൻ പള്ളിയിൽ വെച്ച് യഹൂദരോടും ഭക്തിയുള്ളവരോടും ചന്ത
18 സ്ഥലത്തിൽ ദിവസേന കണ്ടവരോടും ഭാഷിച്ചുകൊണ്ടിരുന്നു. എന്നാറെ,
എപിക്കൂരരും സ്തൊയികരുമാകുന്ന ജ്ഞാനികളിൽ ചിലരും അവനോ
ട് വാദം ഏല്ക്കുമ്പോൾ; ഈ വായ്പാടി എന്തു ചൊലവാൻ ഭാവിക്കുന്നുപോൽ?
എന്നു ചിലരും; യേശുവെയും പുനരുത്ഥാനത്തെയും അവരോട് സുവിശേ
ഷിക്കകൊണ്ടു: ഹോ അപൂർവ്വദേവതകളെ പ്രസ്താപിക്കുന്നവൻ എന്നു തോ
19 ന്നുന്നു! എന്നു ചിലരും പറയും. പിന്നെ അവനെ പിടിച്ചു അരയൊപഗ
കുന്നിന്മേൽ കൂട്ടി കൊണ്ടുചെന്നു: നീ ചൊല്ലുന്ന ഈ പുത്തൻ ഉപദേശം ഇ
20 ന്നതെന്നു ഞങ്ങൾക്കറിയാംമൊ? കാരണം നീ ചില അപൂർവ്വങ്ങളെ ഞങ്ങള
ടെ ശ്രോതങ്ങളിൽ കടത്തുന്നു, ആകയാൽ ഇവ ഇന്നത് എന്ന് അറിവാൻ
21 ഞങ്ങൾ ഇച്ഛിക്കുന്നു എന്നു പറഞ്ഞു. അഥേനർ ആകട്ടെ എല്ലാവരും അവി
ടെ വന്നു പാർക്കുന്ന പരദേശികളും ഏറെ പുതിയതൊന്നു പറകയൊ,
22 കേൾക്കയൊ ചെയ്വാനൊഴികെ മറ്റൊന്നിനും അവസരമുള്ളവരല്ല. അ
നന്തരം പൌൽ അരയൊപഗമദ്ധ്യേ നിന്നുകൊണ്ടു പറഞ്ഞിതു: അഥേന
രായ പുരുഷന്മാരെ! നിങ്ങൾ എല്ലാം കൊണ്ടും ഏറാം ദേവാരിക്കുന്നവർ
23 ആകുന്നപ്രകാരം കാണുന്നു എന്തെന്നാൽ ഞാൻ കടന്നു ചെന്നു നിങ്ങളുടെ
പൂജാസ്ഥാനങ്ങളെ നോക്കുമ്പോൾ ''അറിയാത്ത ദേവന്'' എന്ന എഴു
ത്തിനോട് ഒരു വേദിക്കല്ലും കണ്ടു; എന്നാൽ നിങ്ങൾ അറിയാതെ പൂജി
24 ക്കുന്നതിനെ തന്നെ ഞാൻ നിങ്ങളോട് അറിയിക്കുന്നുണ്ടു. ലോകവും അ
തിലുള്ളവയും ഒക്കയും ഉണ്ടാക്കിയ ദൈവം സ്വർഭ്രമിക്കും കർത്താവാകകൊ
ണ്ടു കൈപ്പണിയായ ക്ഷേത്രങ്ങളിൽ വാസം ചെയ്യുന്നില്ല. താൻ എല്ലാ
25 വർക്കും ജീവനും ശ്വാസവും, സകലവും കൊടുക്കുന്നതുകൊണ്ടു വല്ല മുട്ടും ഉ
26 ള്ളവൻ എന്നപോലെ മാനുഷകൈകളാൽ സേവ അംഗീകരിക്കുന്നതും ഇ
ല്ല. അവൻ ഒരു രക്തത്തിൽനിന്നു മനുഷ്യജാതി ഒക്കയും, (ഉളവായി) ഭൂത
27 ലത്തിൽ എങ്ങും കുടിയിരിക്കുമാറാക്കിയതല്ലാതെ, അവരുടെ കുടിയിരി
പ്പിന്നു നിർണ്ണയിച്ച സമയങ്ങളെയും, അതിരുകളെയും നിശ്ചയിച്ചതു;
28 അവർ കർത്താവിനെ അന്വേഷിപ്പാൻ തന്നെ. പക്ഷേ തന്നെ തപ്പിനോ
ക്കി കണ്ടെത്തുമൊ എന്നുവെച്ചതത്രെ; അവനൊ നമ്മിൽ ആരോടും അക
ലെ നില്ക്കുന്നവനല്ല താനും. നാം ജീവിച്ചും, ചരിച്ചും, വസിച്ചും ഇരിക്കു
ന്നതു അവനിലല്ലൊ ആകുന്നതു. അപ്രകാരം നിങ്ങളിലെ കവികളിൽ
ചിലർ ''സാക്ഷാൽ നാം അവന്റെ വംശം'' എന്നു മൊഴിഞ്ഞും ഇരിക്കു
29 ന്നു. അതുകൊണ്ടു നാം ദേവവംശം എന്നു വരികയാൽ പൊൻ വെള്ളി ക
ല്ലു ഇവ കൊണ്ടു മനുഷ്യന്റെ വിദ്യയും സങ്കല്പവും കൊത്തിതീർക്കുന്നതി
ന്നു ദേവത്വം സദൃശം എന്നു നിരൂപിച്ചു പോകേണ്ടതല്ല. ഇപ്പോഴൊ ദൈ
30 വം അറിയായ്കയുടെ കാലങ്ങളെ കുറികൊള്ളാതെ എല്ലാടവും മനന്തിരിയെ
31 ണം എന്നു സകല മനുഷ്യരോടും ആജ്ഞാപിക്കുന്നു. കാരണം അവൻ ഒരാ
ളെകൊണ്ടു പ്രപഞ്ചത്തിന്നു നീതിയിൽ ന്യായം വിധിപ്പാൻ ഒരു ദിവസ
ത്തെ നിശ്ചയിച്ചു, അതിന്നായി നിയമിച്ച പുരുഷനെ മരിച്ചവരിൽനി
ന്നു എഴുനീല്പിച്ചതിനാൽ എല്ലാവർക്കു അതിന്റെ പ്രാമാണ്യം എ
32 ത്തിക്കുന്നു. എന്നപ്പോൾ, മരിച്ചവരുടെ എഴുനീല്പിനെ കേട്ടിട്ടു, ചിലർ
പരിഹസിച്ചു, ചിലർ: ഇതിനെ തൊട്ടു പിന്നെയും നിന്നെ കേൾക്കും!
33 എന്നു പറഞ്ഞു. ഇങ്ങിനെ പൌൽ അവരുടെ നടുവിൽനിന്നു പുറപ്പെട്ടക
34 യും ചെയ്തു. എന്നിട്ടു ചില പുരുഷന്മാർ അവനോടു പറ്റിക്കൊണ്ടു, വി
ശ്വസിച്ചു; അവരിൽ അരയോപഗസ്ഥാനിയായ ദ്യൊനുസിയൻ ദമരി
നാമമുള്ള സ്ത്രീ മുതലായവർ കൂടിയതു.

18. അദ്ധ്യായം

പൌൽ കോരിന്ത നഗരത്തിൽ വ്യാപരിച്ചതു, (18) യരുശലെം അന്ത്യൊഹ്യ എന്ന മൂലസ്ഥാനങ്ങളിലേക്കു പോയശേഷം മൂന്നാമതു ഘോഷണയാത്ര, (24) അപോല്ലോന്റെ വസ്തുത.

1 അനന്തരം അഥേനയെ വിട്ടു കൊരിന്തിൽ വന്നാറെ, പൊന്ത്യ വംശത്തിലുള്ള അകവിലാ എന്നൊരു യഹൂദനെയും പ്രിസ്കില്ല എന്ന ഭാര്യ
2 യെയും കണ്ടെത്തി. ക്ലൌദ്യൻ എല്ലാ യഹൂദരോടും രോമയിൽനിന്നു വാ
ങ്ങിപ്പോവാൻ കല്പിച്ചതുകൊണ്ടു് ആയവനും കുറയ മുമ്പെ ഇതല്യയിൽനി
3 ന്നു വന്നവനത്രെ. അവരോടു് അവൻ ചേർന്നു തൊഴിൽ ഒന്നാകകൊണ്ടു്
4 ഒന്നിച്ചു പാർത്തു വേലചെയ്തുകൊണ്ടിരുന്നു. തൊഴിൽകൊണ്ടു് അവർ കൂടാ
രപ്പണിക്കാരത്രെ; ശേഷം ശബ്ബത്തുതോറും അവൻ പള്ളിയിൽ ഭാഷിച്ചും,
5 യഹൂദരെയും, യവനന്മാരെയും അനുസരിപ്പിച്ചുംവന്നു. പിന്നെ സീലാവും
തിമോഥ്യനും മക്കെദൊന്യയിൽനിന്നു വന്നാറെ, പൌൽ വചനത്താൽ
തിരക്കുണ്ടായിട്ടു യഹൂദർക്കു് മശീഹയാകുന്ന യേശുവെ പൊല്ലി സാക്ഷ്യം
6 ഉറപ്പിച്ചുകൊടുത്തു. ആയവർ എതിർ പറഞ്ഞും ദൂഷിച്ചും പോകുമ്പോൾ.
അവൻ വസ്ത്രങ്ങളെ കുടഞ്ഞു: നിങ്ങളുടെ രക്തം നിങ്ങളുടെ തലമേലാക!
ഞാൻ ശുദ്ധൻ; ഇനിമേൽ ജാതികളുടെ അടുക്കെ പോകും എന്നു് അവരോ
7 ടു് പറഞ്ഞു. അവിടെനിന്നു മാറി യുസ്തൻ എന്ന ഒരു ദൈവഭക്തന്റെ വീ
8 ട്ടിൽ ചെന്നു; അവന്റെ വീടു പള്ളിയോടു ചേർന്നതത്രെ. പിന്നെ പള്ളി
മൂപ്പനായ ക്രിസ്പൻ തന്റെ സകല ഗൃഹത്തോടും കൂടെ കർത്താവിൽ വിശ്വ
സിച്ചു; കൊരിന്തരിൽ അനേകരും വിശ്വസിച്ചു സ്നാനം ഏറ്റുവന്നു. രാ
9 ത്രിയിൽ കർത്താവു് പൌലിനോടു് ദർശനത്താൽ പറഞ്ഞിതു: നീ ഭയ
പ്പെടാതെ പറക! മിണ്ടാതിരിക്കൊല്ലാ! ഞാനല്ലൊ നിന്നോടുകൂടെ ഉണ്ടു;
10 നിന്നെ ദണ്ഡിപ്പിപ്പാൻ ആരും കയ്യേറ്റം ചെയ്കയും ഇല്ല! കാരണം ഈ
11 നഗരത്തിൽ എനിക്കു വളരെ ജനം ഉണ്ടു. എന്നാറെ, അവൻ ഒരാണ്ടും ആറു
മാസവും അവരിൽ ദൈവവചനം ഉപദേശിച്ചുകൊണ്ടു് അവിടെ വസിച്ചി
12 രുന്നു. ഗല്ലിയോൻ അഖായയിൽ ഉപരാജാവായ്വാഴുമ്പോൾ, യഹൂദന്മാർ
ഒരുമനപ്പെട്ടു, പൌലിന്റെ നേരെ എഴുനീറ്റുകൊണ്ടു് അവനെ ന്യായാ
13 സനത്തിനുമ്പാകെ കൊണ്ടുവന്നു: ഇവൻ ധർമ്മത്തിന്നു വിരോധമായി ദൈ
വത്തെ ഭജിപ്പാൻ മനുഷ്യരെ ഇളക്കി സമ്മതിപ്പിക്കുന്നു എന്നു പറഞ്ഞു.
14 പൌൽ വായ്തുറപ്പാൻ ഭാവിക്കുമ്പോൾ, ഗല്ലിയോൻ യഹൂദരോടു പറഞ്ഞി
തു: ഹേ യഹൂദന്മാരെ! വല്ല അന്യായമൊ, വല്ലാത്തപാതകമൊ ആയെ
15 ങ്കിൽ മൊഴിവഴിപോലെ നിങ്ങളെ പൊറുക്കുമായിരുന്നു; വചനവും നാമ
ങ്ങളും നിങ്ങളിലെ ധർമ്മവും തൊട്ട വാദം ആയി, എങ്കിലൊ നിങ്ങൾ
16 തന്നെ നോക്കുവിൻ; ഈ വകെക്കു ന്യായാധിപതിയാവാൻ എനിക്കു മന
സ്സില്ല! എന്നിട്ടു് അവരെ ന്യായാസനത്തിൽനിന്നു നീക്കി. (യവനർ)
17 എല്ലാവരും പള്ളിമൂപ്പനായ സോസ്ഥനാവെ പിടിച്ചു ന്യായാസനത്തിനു
മുമ്പിൽ അടിച്ചു; അവ ഒന്നും ഗല്ലിയോന ചിന്ത ഉണ്ടായതും ഇല്ല.
18 പൌൽ പിന്നെയും വളരെ ദിവസം പാർത്തശേഷം സഹോദരരോടു വി
ടവാങ്ങിയതല്ലാതെ, നേർച്ച ഉണ്ടായിരിക്കകൊണ്ടു കെങ്കയയിൽ തല
ക്ഷൌരം ചെയ്തിട്ടു പ്രിസ്കില്ല അകവിലാ എന്നവരുമായി സുറിയയിലേ
ക്കാമാറു കപ്പൽ കയറി പുറപ്പെട്ടു, എഫെസിൽ വന്നു് അവരെ അവിടെ
19 വിട്ടുപോയി. താൻ പള്ളിയിൽ ചെന്നു യഹൂദരോടു് സംഭാഷിച്ചു. അവർ
20 അധികം കാലം തങ്ങളോടു കൂടെ പാർക്കെണം എന്നു ചോദിക്കുമ്പോൾ, മൂളാ
ഞ്ഞു: എനിക്കു വരുന്ന പെരുനാളിനെ എങ്ങിനെ എങ്കിലും യരുശലേമിൽ
21 കഴിക്കെണം; പിന്നെ ദൈവഹിതം എങ്കിൽ നിങ്ങളുടെ അടുക്കെ മടങ്ങിവരും

22 എന്നു പറഞ്ഞ് എഫെസിൽനിന്നു കപ്പൽ നീങ്ങിപ്പോയി. കൈസര്യ
യിൽ വന്നിറങ്ങി (യരുശലേമിലേക്കു) കരേറിച്ചെന്നു സഭയെ വന്ദിച്ചിട്ടു
23 അന്ത്യൊഹ്യയിലേക്ക് ഇറങ്ങിപ്പോയി. ചില സമയം താമസിച്ചു പുറ
പ്പെട്ടു ക്രമത്താലെ ഗലാത്യനാടും ഭ്രുഗ്യയും കടന്നുകൊണ്ട് എല്ലാ ശിഷ്യ
ന്മാരെയും സ്ഥിരീകരിച്ചു നടന്നു.
24 അനന്തരം അലക്ഷന്ത്ര്യയിൽ ഉത്ഭവിച്ച യഹൂദനായി അപൊല്ലൊൻ എന്ന
വൈദഗ്ദ്ധ്യവും തിരുവെഴുത്തുകളിൽ പ്രാപ്തിയുമുള്ള ഒരു പുരുഷൻ എഫെ
25 സിൽ എത്തി: ആയവൻ കർത്താവിൻ വഴിയെ പഠിച്ചവനും ആത്മാവിൽ
വേവുന്നവനും ആകകൊണ്ടു യോഹനാന്റെ സ്നാനംമാത്രം അറിഞ്ഞിട്ടും
കർത്താവിന്റെവ സൂക്ഷ്മമായി പറഞ്ഞും, ഉപദേശിച്ചും, കൊണ്ടിരുന്ന പ
26 ള്ളിയിൽ പ്രഗത്ഭിച്ചു, പൊൽവാനും തുടങ്ങി. ആയവനെ അകപിലാവും
പ്രിസ്കില്ലയും കേട്ടാറെ, ചേർത്തുകൊണ്ടു ദൈവവഴിയെ ഏറ സൂക്ഷ്മമായി തെ
27 ളിയിച്ചു കൊടുത്തു. പിന്നെ അവൻ അഖായയിലേക്കു കടപ്പാൻ മനസ്സാ
യാറെ, ശിഷ്യന്മാർ അവനെ കൈക്കൊള്ളേണ്ടതിന്നു, സഹോദരന്മാർ അ
28 വരെ എഴുതി ഉത്സാഹിപ്പിച്ചു. അവനും എത്തിയപ്പോൾ, വിശ്വസിച്ചവർ
ക്കു (ദൈവ) കൃപയാൽ വളരെ ഉതകിനിന്നു; കാരണം യേശു മശീഹ ആകു
ന്നു എന്ന് അവൻ എഴുത്തുകളാൽ കാണിച്ചുകൊണ്ടു യഹൂദരോടു പരസ്യമാ
യി വാദിച്ചു കടുമയോടെ മടക്കിക്കളയും.

19. അദ്ധ്യായം

ആസ്യയിലെ മൂലസ്ഥാനമാകുന്ന എഫെസിൽ വ്യാപരിച്ചതു.

1 അനന്തരം അപൊല്ലൊൻ കൊരിന്തിൽ ഇരിക്കുമ്പോൾ, പൌൽ മീത്ത
ലെ അംശങ്ങളൂടെ കടന്നിട്ട് എഫെസിൽ എത്തിയാറെ, ചില ശിഷ്യന്മാ
2 രെ കണ്ടു: നിങ്ങൾ വിശ്വസിച്ചിട്ടു വിശുദ്ധാത്മാവിനെ പ്രാപിച്ചുവൊ?
എന്ന് അവരോട് പറഞ്ഞതിന്നു: വിശുദ്ധാത്മാവ് ഉള്ളപ്രകാരം കൂടെ
3 കേട്ടിട്ടില്ല എന്ന് അവർ പറഞ്ഞു. എന്നാൽ ഏതിലേക്കു സ്നാനം ഏറ്റു?
എന്ന് അവരോട് പറഞ്ഞാറെ; യോഹനാന്റെ സ്നാനത്തിൽ എന്നു പൊ
4 ല്ലിയപ്പോൾ, പൌൽ പറഞ്ഞു: യോഹനാൻ തന്റെ പിന്നാലെ വരുന്ന
വനായ യേശുവിൽ തന്നെ വിശ്വസിക്കേണ്ടതിന്നു ജനത്തോടു പൊല്ലി
5 ക്കൊണ്ടു മാനസാന്തര സ്നാനം മുഴുവിയതു സത്യം. എന്നതു കേട്ടാറെ, അവർ
6 കർത്താവായ യേശുവിൻ നാമത്തിൽ സ്നാനം ഏറ്റു. പൌൽ അവരുടെ
മേൽ കൈകളെ വെച്ചപ്പോൾ, വിശുദ്ധാത്മാവ് അവരിൽ വന്നിട്ട് അവർ
7 ഭാഷകളാൽ ഉരചെയ്തു പ്രവചിച്ചുകൊണ്ടിരുന്നു. അവർ ഒക്കയും ഏകദേശം
പന്ത്രണ്ടു പുരുഷരായിരുന്നു.
8 ശേഷം അവൻ പള്ളിയിൽ ചെന്നു മൂന്നു മാസത്തോളം ദൈവരാജ്യം സം
9 ബന്ധിച്ചവ വാദിച്ചും ബോധ്യം വരുത്തികൊണ്ടും പ്രഗത്ഭിച്ചു പോന്നു. പി
ന്നെ ചിലർ കഠിനപ്പെട്ടു വിശ്വസിക്കാഞ്ഞു പുരുഷാരത്തിന്റെ മുമ്പാകെ
മാർഗ്ഗത്തെ ദൂഷിച്ചു കൊള്ളുമ്പോൾ, അവരോട് അകന്നു ശിഷ്യന്മാരെ വേ
റാക്കികൊണ്ടു തിറന്നൻ എന്നൊരുത്തന്റെ പാഠശാലയിൽ ദിനമ്പ്രതി
10 വാദിച്ചുവന്നു. ആയതു രണ്ടു വർഷം കൊണ്ടും നടക്കയാൽ ആസ്യയിൽ കു
ടിയിരിക്കുന്ന യഹൂദരും യവനരും എല്ലാം കർത്താവിന്റെ വചനം കേട്ടു.
11 ദൈവം പൌലിന്റെ കൈകളെക്കൊണ്ടു നടപ്പല്ലാത്ത ശക്തികളെ കാണി
12 ക്കയാൽ, അവന്റെ തോലോടു പറ്റിയ രൂമാലുകളും മേലാടകളും രോഗികളു
ടെ മേൽ ഇടുകയും വ്യാധികളും അവരെ വിട്ടു മാറുകയും ദുരാത്മാക്കൾ
13 പുറപ്പെടുകയും ചെയ്യും. പിന്നെ ചുറ്റി സഞ്ചരിക്കുന്ന ഭ്രുതമാറുകാരായ
യഹൂദരിലും ചിലർ ദുരാത്മാക്കളുള്ളവരുടെ മേൽ കർത്താവായ യേശുവിൻ

നാമത്തെ ചൊല്ലുവാൻ തുനിഞ്ഞു: പൌൽ ഘോഷിക്കുന്ന യേശുവാണ നി
14 ങ്ങളോടു ചൊല്ലുന്നു! എന്നു പറഞ്ഞു. ആയതു ചെയ്യുന്നവർ സ്കെവാ എന്ന
15 മഹാപുരോഹിതനായ യഹൂദന്റെ മക്കൾ ഏഴുവരും തന്നെ. എന്നാറെ ദുരാ
ത്മാവ്: യേശുവിനെ ഞാൻ അറിയുന്നു; പൌലിനേയും ബോധിക്കുന്നു;
16 നിങ്ങളൊ ആരുപോൽ? എന്ന് ഉത്തരം ചൊല്ലീട്ടു, ദുരാത്മാവുള്ള മനു
ഷ്യൻ അവരെക്കൊള്ളെ ചാടി വന്ന്, ഇരുവരേയും കീഴടക്കി മിടുമ കാട്ടുക
യാൽ അവർ നഗ്നരായും മുറിയേറും അവന്റെ വീട്ടിൽനിന്നു മണ്ടിപ്പോ
17 യി. ആയത് എഫെസിൽ പാർക്കുന്ന സകല യഹൂദർക്കും യവനർക്കും അ
റിയായ്വന്നു, അവരിൽ ഒക്കയും ഭയംതട്ടി, കർത്താവായ യേശുവിൻനാ
18 മം മഹിമപ്പെടുകയും ചെയ്തു. വിശ്വസിച്ചവരിൽ അനേകരുംവന്നു തങ്ങളുടെ
പ്രവൃത്തികളെ ഏറ്റുപറഞ്ഞു ബോധിപ്പിക്കും. ക്ഷുദ്രങ്ങളെ പ്രവൃത്തിച്ചിട്ടു
19 ള്ള പലരും പുസ്തകങ്ങളെ കൊണ്ടുവന്ന് എല്ലാവരും കാൺകെ ചുട്ടുകളയും;
അവറിൻ വിലകണക്കു കൂട്ടിയാറെ, അമ്പതിനായിരം ദ്രഹ്മ (20,000 ഉറു
20 പ്പിക) എന്നു കണ്ടു. ഇങ്ങിനെ കർത്താവിൻ വചനം ശക്തിയോടെ വർദ്ധിച്ചു
ബലത്തുവന്നു.

21 ആയവ കഴിഞ്ഞപ്പോൾ പൌൽ മക്കെദോന്യയിലും അഖായയിലും
കൂടിക്കടന്നു, യരുശലേമിലേക്ക് യാത്രയാകെണം എന്ന് ആത്മാവിൽ വെ
ച്ചിട്ടു: ഞാൻ അവിടെ ആയാൽ പിന്നെ രോമാപുരിയേയും കാണേണം
22 എന്നു പറഞ്ഞു. തന്റെ ശുശ്രൂഷചെയ്യുന്നവരിൽ തിമോത്ഥ്യൻ എരസ്തൻ
എന്ന ഇരുവരെ മക്കെദോന്യയിലേക്ക് അയച്ചിട്ടു, താൻ ചില കാലം ആ
23 സ്യയിൽ നിന്നിരുന്നു. ആ സമയത്തു മാർഗ്ഗത്തെ ചൊല്ലി അല്പമല്ലാത്ത
24 കലഹം ഉണ്ടായത് എങ്ങിനെ എന്നാൽ. അർത്തമി ദേവിയുടെ ക്ഷേത്ര (രൂ
പ)ങ്ങളെ വെള്ളികൊണ്ടു തീർക്കുന്ന ദേമേത്രിയൻ എന്ന് ഒരു തട്ടാൻ തൊ
25 ഴിലാക്കാക്ക് അനല്പലാഭം വരുത്തുന്നവൻ ആകയാൽ, അവരേയും ആവ
കപണികളും ചെയ്യുന്നവരേയും കൂട്ടിച്ചേർത്തു പറഞ്ഞിതു: പുരുഷന്മാരെ!
ഈ അഹോവൃത്തിയിൽനിന്നു നമ്മുടെ പ്രാപ്തി ഉണ്ടാകുന്നപ്രകാരം ബോ
26 ധിക്കുന്നുവല്ലൊ! ഈ പൌൽ എന്നവനൊ കൈകളാൽ ഉണ്ടായവർ ദേവ
വന്മാരല്ല എന്നു ചൊല്ലിക്കൊണ്ടു, എഫെസിൽ മാത്രമല്ല ആസ്യയിലും
മിക്കവാറും വലിയ സമൂഹത്തെ ബോധ്യം വരുത്തി മറിച്ചുകളഞ്ഞു എന്നു
27 നിങ്ങളും കണ്ടും കേട്ടും ഇരിക്കുന്നുവല്ലൊ. എന്നാൽ ഈ നമ്മുടെ കാര്യം
ആക്ഷേപത്തിൽ ആയ്പോവാൻ അടുത്തതുമല്ലാതെ അർത്തമി എന്ന മഹാ
ദേവിയുടെ സ്ഥാനം ഏതുമില്ല എന്ന് എണ്ണുകയും, ആസ്യ അശേഷവും പ്ര
പഞ്ചവും ഭജിക്കുന്നവളുടെ മാഹാത്മ്യം ഒടുങ്ങിപ്പോകയും ചെയ്യും. എന്നു
28 തു കേട്ടാറെ, ക്രോധപൂർണ്ണരായി ചമഞ്ഞു: എഫെസ്യരുടെ അർത്തമി വ
29 ലിയവൻ! എന്നാർത്തു കൊണ്ടിരുന്നു. നഗരത്തിൽ എങ്ങും തട്ടുകേടുനിറ
ഞ്ഞു. അവർ പൌലിന്റെ കൂട്ടയാത്രക്കാരായ ഗായൻ അരിസ്തർഹൻ എന്ന
മക്കെദോന്യരെ പിടിച്ചു കൂട്ടിക്കൊണ്ടു ഒരുമനപ്പെട്ടു, രംഗസ്ഥലത്തേക്ക്
30 തിങ്ങിച്ചെന്നു. പൌൽ ജനക്കൂട്ടത്തിൽ പ്രവേശിപ്പാൻ ഇച്ഛിച്ചാറെ, ശി
ഷ്യന്മാർ അവനെ വിട്ടിട്ടില്ല (രംഗനായകരായ) ആസ്യാധ്യരിൽ ചിലർ
31 അവന്റെ സ്നേഹിതരാകയാൽ, രംഗഭൂമിയിൽ ചെന്നു പോകരുത് എന്ന്
32 ആളയച്ചു അപേക്ഷിച്ചു. ശേഷം രംഗക്കൂട്ടത്തിന്നു തട്ടുകേടുണ്ടായി വന്നുകൂടി
യ സംഗതി മിക്കപേരും അറിയായ്കയാൽ അവരവർ വെവ്വേറെ ആർ
33 ക്കും. പിന്നെ യഹൂദന്മാർ അലക്ഷന്ദ്രനെ മുന്നോട്ടു ഉന്തുകകൊണ്ടു പുരു
ഷാരത്തിൽനിന്ന് അവനെ വലിച്ചെടുത്തു; അപ്പോൾ അലക്ഷന്ദ്രൻ കൈ
34 കൊണ്ടു അനക്കി ജനക്കൂട്ടത്തോടു പ്രതിവാദിപ്പാൻ ഭാവിച്ചു. അവൻ യ
ഹൂദൻ എന്ന് അറിഞ്ഞപ്പോഴേക്കൊ എല്ലാവരും ഒന്നിച്ചു കൂക്കി: എഫെ
സ്യരുടെ അർത്തമി വലിയവൾ എന്ന് രണ്ടു മണിനേരത്തോളം ആർത്തു
35 കൊണ്ടിരുന്നു. പിന്നെ (നഗര) മേനോനായവൻ പുരുഷാരത്തെ അമർത്തി

പറഞ്ഞിതു: എഫെസ്യരായ പുരുഷന്മാരെ! അർത്തമി മഹാദേവി
ക്കും ദ്യോവിൽനിന്നു വീണ ബിംബത്തിന്നും എഫെസ്യ നഗരം അമ്പ
ലവാസിനിയായ്നില്ക്കുന്നു എന്നു അറിയാത്ത മനുഷ്യൻ ആരുപോൽ? എ
36 ന്നാൽ ഇവ എതിർമൊഴിയില്ലാത്തത് ആകയാൽ, നിങ്ങൾ ധാർഷ്ട്യമു
37 ള്ളത് ഒന്നും ചെയ്യാതെ അമർന്നു പാർക്കേണ്ടതാകുന്നു. ക്ഷേത്രകവർച്ചയും
ദേവി ദൂഷണവും ചെയ്യാഞ്ഞിട്ടും ഈ പുരുഷന്മാരെ നിങ്ങൾ കൂട്ടികൊണ്ടു
38 വന്നുവല്ലൊ. എന്നാൽ ദേമെത്രിയനും കൂടെയുള്ള തൊഴില്ലാർക്കും ആരുടെ
നേരെയും ഒരു സംഗതി ഉണ്ടെങ്കിൽ നടക്കുട്ടത്തിന്നു നാളുകളും നടക്കുന്നു
39 ഉപരാജാക്കളും ഉണ്ടു; തമ്മിൽ വ്യവഹരിക്കട്ടെ. വേറുകാര്യങ്ങളെ ചൊല്ലി
40 അന്വേഷണം ഉണ്ടെങ്കിലൊ ധർമ്മസഭ കൂടുന്നതിൽ തെളിയിക്കാമല്ലൊ!
ഇന്നു ഹേതുവായിട്ടൊ നമ്മിൽ കലഹം ചുമത്തുവാൻ ഇടഉണ്ടു സ്പഷ്ടം; ഈ
41 അമളിക്കു നാം ഉത്തരംപറവാൻ തക്ക സംഗതി ഒന്നും ഇല്ലല്ലൊ! എന്നി
വ ചൊല്ലി സഭയെ പറഞ്ഞയച്ചു.

20. അദ്ധ്യായം

അഖായ മക്കെദോന്യ നാടുകളേയും വിട്ടു, (7) ത്രോവസ്സിലും മറും, (17) എഫെസ്യ മൂപ്പന്മാരോടും വിടവാങ്ങി പോയതു.

1 കലഹം ശമിച്ചശേഷം പൌൽ ശിഷ്യന്മാരെ കൂട്ടിവരുത്തി അഭിവാദ്യം
2 ചെയ്തു മക്കെദോന്യെക്കു യാത്രയാവാൻ പുറപ്പെട്ടു. ആ അംശങ്ങളുടെ സഞ്ച
രിച്ചു അങ്ങോരെ ഏറിയവചനത്താൽ പ്രബോധിപ്പിച്ചിട്ടു യവന നാട്ടിൽ
3 വന്നു. മൂന്നു മാസം കഴിച്ചിട്ടു സുറിയെക്കാമാറു കപ്പൽ കയറിപ്പോവാൻ ഭാ
വിക്കുമ്പോൾ യഹൂദർ അവനെക്കൊള്ളെ ചതിമന്ത്രിച്ചാറെ, മക്കെദോന്യ
4 യിൽകൂടി മടങ്ങിപ്പോവാൻ അഭിപ്രായം ഉണ്ടായി. ആസ്യയോളം പി
ഞ്ചെന്നു കൂടിയതോ ബരോയയിലെ (പുറൻറെ പുത്രൻ) സോപത്രൻ, തെ
സ്സലനീക്യരിൽ അരിസ്തർഹനും, സെക്കുന്തനും, ദർബ്ബയിലെ ഗായനും, തി
മോത്ഥ്യനും, ആസ്യക്കാരായ തുകിക്കനും, ത്രൊഫിമനും, എന്നവർ. ഇ
5 വർ മുന്നേ പോയി ത്രോവസ്സിൽ നമ്മെ കാത്തുനിന്നു; നാമൊ പുളിപ്പില്ലാ
6 ത്ത നാളുകൾക്കു പിന്നെ ഫിലിപ്പിയെ വിട്ടു കപ്പലോടി, അഞ്ചു ദിവസം
കൊണ്ടു ത്രോവസ്സിൽ അവരോടു എത്തി, ഏഴു ദിവസം അവിടെ പാർ
ത്തിരുന്നു.

7 ഒന്നാം ആഴ്ചയിൽ നാം അപ്പം നുറുക്കുവാൻ കൂടിവന്നപ്പോൾ, പൌൽ
രാവിലെ പുറപ്പെടുവാൻ ഒരുങ്ങി, അവരോടു സംഭാഷിച്ചുനിന്നു, പാതി
രാവരേയും വചനത്തെ നീട്ടിക്കൊണ്ടിരുന്നു. നാം കൂടിയിരിക്കുന്ന മാളിക
8 യിൽ വളരെ വിളക്കുകൾ ഉണ്ടായിരുന്നു. അവിടെ യൂതുകൻ എന്നൊരു യു
9 വാവു കിളിവാതിൽക്കൽ ഇരുന്നു; പൌൽ വളരെ നേരം ഭാഷിച്ചു കൊ
ള്ളുകയിൽ ഗാഢനിദ്രപിടിച്ചു, ഉറക്കത്താൽ തോറു, മൂന്നാംതട്ടിൽനിന്നു
താഴെ വീണു ചത്തവനായി എടുക്കപ്പെട്ടു. പൌൽ ഇറങ്ങിച്ചെന്നു അവ
10 ന്മേൽ കവിണ്ണു പുണർന്നുകൊണ്ടു കുറുവേണ്ടാ; അവൻറെ ദേഹി അവ
11 നിൽ ഉണ്ടല്ലൊ! എന്നു പറഞ്ഞു. മീത്തൽ ചെന്നു അപ്പം നുറുക്കി ആസ്വ
ദിച്ചു പുലരുംവരെ വേണ്ടുവോളം സംസാരിച്ചിട്ടത്രെ പുറപ്പെട്ടു പോയി. അ
12 വരൊ ബാലനെ ജീവനോടെ കൊണ്ടുപോന്നു,അളവില്ലാതെ ആശ്വസിച്ചു
13 വന്നു. അനന്തരം നാം മുമ്പെതന്നെ കപ്പലിൽ പോയി അസ്സിലേക്കു ഓ
ടി; പൌൽ കാൽനടയായി പോവാൻ ഭാവിച്ചു, അങ്ങിനെ നിയോ
ഗിക്കയാൽ അവിടെ അവനെ കയറ്റികൊൾവാൻ അണഞ്ഞു. അവനും
14 അസ്സിൽ നമ്മോടു എത്തിയപ്പോൾ അവനെ കയറ്റിക്കൊണ്ടു മിതുലേ
നെക്കു വന്നു. അവിടെനിന്നു നീക്കി, പിറേന്നാൾ ഖിയദ്വീപിൻറെ

15 തുക്കിൽ എത്തി. മറുനാൾ സാമദ്വീപിൽ അണഞ്ഞു ത്രോഗ്ലല്യയിൽ (രാ)
16 പാർത്തു, പിറെറന്നു മിലേത്തിൽ എത്തി. പൌൽ ആകട്ടെ കഴിയുന്ന
എങ്കിൽ പെന്തക്കോസ്ത നാളേക്കു യരുശലേമിൽ ആകേണ്ടതിന്നു ബദ്ധ
പ്പെടുകകൊണ്ടു് ആസ്യയിൽ കാലക്ഷേപം ഉണ്ടാകായ്വാൻ എഫെസിൽ
അണയാതെ, ഓടേണം എന്നു വിധിച്ചിരുന്നതു.
17 മിലേത്തിൽനിന്നു് അവൻ എഫെസിലേക്കു് ആളയച്ചു സഭയിലെ
18 മൂപ്പന്മാരെ വരുത്തി. ആയവർ അവനോടു് എത്തിയാറെ, അവരോടു
പറഞ്ഞിതു: ഞാൻ ആസ്യയിൽ പുക്ക ഒന്നാം നാൾ മുതൽ ആ കാലം എ
19 ല്ലാം നിങ്ങളോടു് എങ്ങിനെ ഇരുന്നു എന്നും, സകലമനത്താഴ്മയോടും
ബഹു കണ്ണീരുകളോടും യഹൂദന്മാരുടെ ചതിപ്രയോഗങ്ങളാൽ എനിക്കുണ്ടാ
യ (പല) പരീക്ഷകളോടും കൂടെ കർത്താവിനെ സേവിച്ചുവന്നു എന്നും,
20 പ്രയോജനമുള്ളവ ഒന്നും മറെച്ചുവെക്കാതെ, പരസ്യമായും വീടുകം തോ
റും നിങ്ങൾക്കു പ്രസ്താപിച്ചുപദേശിച്ചുപ്രകാരം ഇന്നതെന്നും: ദൈവത്തി
21 ലേക്കു് മനന്തിരിവും നമ്മുടെ കർത്താവാകുന്ന യേശുക്രിസ്തുകലേ വിശ്വാ
സവും ചൊല്ലി, യഹൂദന്മാർക്കും യവനന്മാർക്കും സാക്ഷ്യം ഉറപ്പിച്ചുകൊ
22 ടുത്തു എന്നും നിങ്ങൾ ബോധിക്കുന്നുവല്ലൊ. ഇപ്പോഴൊ, കണ്ടാലും ഞാൻ
ആത്മാവിനാൽ കെട്ടപ്പെട്ടവനായി യരുശലേമിലേക്കു യാത്രയാകുന്നതു;
23 ചങ്ങലകളും ഉപദ്രവങ്ങളും എന്നെ കാത്തിരിക്കുന്നു എന്നു വിശുദ്ധാത്മാവു്
നഗരം തോറും സാക്ഷ്യം തരുന്നതല്ലാതെ, അവിടെ എനിക്കു തട്ടുവാനുള്ള
24 വ അറിയാതെ കണ്ടാകുന്നു. എങ്കിലും ഞാൻ ഒന്നും കൂട്ടാക്കുന്നില്ല; പ്രാ
ണനും എനിക്കു വിലയുള്ളതുമല്ല; ദേവകരുണയുടെ സുവിശേഷത്തിന്നു
സാക്ഷിനില്ക്കുന്ന ശുശ്രൂഷ കർത്താവായ യേശുവിൽനിന്നു കിട്ടിയതിനെ
യും എന്റെ ഓട്ടത്തെയും സന്തോഷത്തോടെ തികെക്കയത്രെ വേണ്ടതു: ഇ
25 പ്പോഴൊ കണ്ടാലും ഞാൻ (ദേവ) രാജ്യത്തെ ഘോഷിച്ചു നടന്നുപോന്ന
26 നിങ്ങളൊ എല്ലാവരും എന്റെ മുഖം ഇനി കാൺകയില്ല എന്നു ഞാൻ അറി
യുന്നു. അതുകൊണ്ടു ദേവാലോചനയെ ഒട്ടും മറെച്ചു വെക്കാതെ മുറ്റും നി
27 ങ്ങളോടു് പ്രസ്താപിച്ചിരിക്കയാൽ, എല്ലാവരുടെ രക്തത്തിൽനിന്നും ഞാ
ൻ ശുദ്ധനാകുന്നു എന്നു് ഇന്നേ ദിവസത്തിൽ നിങ്ങളോടു് സാക്ഷിചൊ
28 ല്ലുന്നു. ആകയാൽ നിങ്ങളെത്തന്നെയും കർത്താവു് സ്വന്തരക്തത്താൽ സ
മ്പാദിച്ചുകൊണ്ടു് തന്റെ സഭയെ മേയ്പാൻ വിശുദ്ധാത്മാവു് നിങ്ങളെ
അദ്ധ്യക്ഷരാക്കിവെച്ചു് ആട്ടിങ്കുട്ടത്തെയും എല്ലാം സൂക്ഷിച്ചുനോക്കുവിൻ.
29 ഞാൻ നീങ്ങിയാൽ പിന്നെ ആട്ടിങ്കുട്ടത്തെ ആദരിയാത്ത കൊടിയ ചെ
ന്നായ്കളും നിങ്ങളുടെ ഇടയിൽ പ്രവേശിക്കും എന്നു ഞാൻ അറിയുന്നു.
30 ശിഷ്യന്മാരെ തങ്ങളുടെ പിന്നാലെ വലിച്ചുകളവാൻ മറിമായങ്ങളെ പറ
31 യുന്ന പുരുഷന്മാർ നിങ്ങളിൽനിന്നും എഴുനീല്ക്കും. അതുകൊണ്ടു ഞാൻ മൂന്നു
വർഷം കൊണ്ടു രാപ്പകൽ ഇടവിടാതെ കണ്ണുനീരുകളോടും ഓരോരുത്തനെ
32 വഴിക്കാക്കി പോന്നതു് ഓർത്തുകൊണ്ടു് ഉണർന്നിരിപ്പിൻ! ഇനി സഹോ
ദരന്മാരെ! നിങ്ങളിൽ വീട്ടുവർദ്ധന നടത്തുവാനും വിശുദ്ധീകരിക്കപ്പെട്ട
വരോടു് ഒക്കയും അവകാശം തരുവാനും കഴിയുന്ന ദൈവത്തിലും അവ
ന്റെ കരുണയുടെ വചനത്തിലും ഞാൻ നിങ്ങളെ ഭരമേല്പിക്കുന്നു. ആരുടെ
33 പൊന്നൊ വെള്ളിയൊ വസ്ത്രമൊ ഞാൻ കൊതിച്ചില്ല. എന്റെ മുട്ടുകം
34 ക്കും എന്നോടു കൂടിയിരുന്നവർക്കും ഈ കൈകം പണിചെയ്തപ്രകാരം
35 നിങ്ങം തന്നെ അറിയുന്നുവല്ലൊ! ഇങ്ങിനെ പ്രയത്നം ചെയ്തു പ്രാ
പ്തിയില്ലാത്തവർക്കു തുണെക്കയും വാങ്ങുന്നതിനേക്കാം കൊടുക്കുന്നതു്
ഏറെ ധന്യം എന്നു കർത്താവായ യേശു ചൊല്ലിയ വചനങ്ങളെ ഓർത്തു
കൊകയും വേണ്ടുന്നതു് എന്നു ഞാൻ എല്ലാംകൊണ്ടും നിങ്ങൾക്കു കാ
36 ണിച്ചു. എന്നിവ ചൊല്ലീട്ടു മുട്ടുകുത്തി അവർ എല്ലാവരോടും കൂടെ പ്രാർത്ഥി
37 ച്ചു. എല്ലാവരാലും ആവോളം കരച്ചൽ ഉണ്ടായി. ഇനിമേൽ അവന്റെ മുഖം

38 കാൺകയില്ല എന്നു പറഞ്ഞ വാക്കിനാൽ അവർ ഏറ്റം നൊന്തുകൊണ്ടു
പൌലിന്റെ കഴുത്തിൽ കെട്ടിപ്പിടിച്ചു് അവനെ ചുംബിച്ചു കപ്പലോളം
കൂടിപോന്നു അവനെ യാത്രയയച്ചു.

21. അദ്ധ്യായം

പൌൽ, (8) കൈസര്യവഴിയായി, (17) യരുശലേമിൽ പോയി, (27)
ശത്രു കൈവശത്തിലായി രോമ്യസഹസ്രാധിപനാൽ രക്ഷിക്കപ്പെട്ടതു.

1 അവരോടു പറഞ്ഞു പിരിഞ്ഞു പോയശേഷം നാം നേരെ ഓടി കോ
സിന്നും പിറെറനാളും രോദിന്നും അവിടെനിന്നു പതരെക്കും വന്നു. ഫൊ
2 യിനീക്കയിലേക്കു പോകുന്നൊരുകപ്പൽ കണ്ടിട്ടു കയറിപുറപ്പെട്ടു ഓടി;
3 കുപ്രദ്വീപു തോന്നിയാറെ, അതിനെ ഇടത്തോട്ടു ഇട്ടേച്ചു സുറിയയിലേ
ക്കു ഓടി ഠുറിൽ അണഞ്ഞു; അവിടെ കപ്പൽ ചരക്കിനെ ഇറക്കുവാനുള്ള
4 തായി. നാമൊ ശിഷ്യന്മാരെ, (തിരഞ്ഞു) കണ്ടശേഷം ഏഴു നാളവി
ടെ പാർത്തു; ആയവർ പൌൽ: യരുശലേമിൽ കരേറിപോകൊല്ല എന്നു
5 ആത്മമൂലമായി പറഞ്ഞു. ആ നാളുകളെ കഴിച്ചപ്പോൾ എല്ലാവരും സ്ത്രീക
ളും മക്കളുമായി പട്ടണത്തിന്നു പുറത്താകുവോളം നമ്മെ യാത്രയയച്ചു ചെല്ലു
6 മ്പോൾ, നാം പുറപ്പെട്ടുപോയി, കരമേൽ മുട്ടുകുത്തി പ്രാർത്ഥിച്ചു. പിന്നെ
നമ്മിൽ അഭിവാദ്യം ചെയ്തിട്ടു കപ്പലിൽ കയറി അവർ വീട്ടിലേക്കു തിരി
7 ച്ചുപോയി. ഠുറിനെ വിട്ടു നാം കപ്പലോട്ടം തികെച്ചു പ്തൊലമായിൽ എ
ത്തീട്ടു, സഹോദരരെ വന്ദിച്ചു ഒരു ദിവസം അവരോടു കൂടെ പാർത്തു.
8 പിറന്നാളും നാം പുറപ്പെട്ടു കൈസര്യയിൽ ചേർന്ന എഴുവരിൽ ഒരുവ
നായ ഫിലിപ്പൻ എന്ന സുവിശേഷകന്റെ വീട്ടിൽ കടന്നു അവനോടു
9 കൂടെ പാർത്തു. ആയവന്നുള്ള നാലു പുത്രിമാർ കന്യകമാരും പ്രവചിക്കുന്നവ
10 രും ആയിരുന്നു. നാം പല ദിവസങ്ങളും പാർക്കുമ്പോൾ, അഗാബു എന്നു
11 ള്ള പ്രവാചകൻ യഹൂദയിൽനിന്നു ഇറങ്ങിവന്നു. നമ്മെക്കണ്ടു പൌലി
ന്റെ അരക്കെട്ടിനെ എടുത്തു തന്റെ കൈകാലുകളെയും കെട്ടിക്കൊണ്ടു പ
12 റഞ്ഞിതു: ഈ അരക്കെട്ടുടയവനെ യരുശലേമിൽ യഹൂദന്മാർ ഇപ്രകാരം
കെട്ടി, ജാതികളുടെ കൈകളിൽ ഏല്പിക്കും എന്നു വിശുദ്ധാത്മാവു അരു
ളിച്ചെയ്യുന്നു; ഇവ കേട്ടാറെ നാമും അവിടെയോരും യരുശലേമിലേക്കു
കരേറിപോകായ്വാൻ അപേക്ഷിച്ചു പോകുമ്പോൾ, പൌൽ ഉത്തരം
13 ചൊല്ലിയതു: നിങ്ങൾ കരഞ്ഞും എൻഹൃദയം ഞെരിച്ചുംകൊണ്ടു ചെയ്യുന്ന
തു് എന്തു? കർത്താവായ യേശുവിൻ നാമത്തിന്നു വേണ്ടി കെട്ടപ്പെടുവാന
ല്ലാതെ, യരുശലേമിൽ മരിപ്പാനും ഞാൻ ഒരുങ്ങിനില്ക്കുന്നുവല്ലൊ. എന്നാ
14 റെ, അവനെ സമ്മതിപ്പിച്ചു കൂടാഞ്ഞപ്പോൾ: കർത്താവിൻ ഇഷ്ടം നടക്ക
15 ട്ടെ! എന്നു ചൊല്ലി നാം അടങ്ങിനിന്നു. ആ ദിവസങ്ങളിൽ പിന്നെ നാം
16 കോപ്പുകൂട്ടി യരുശലേമിലേക്കു കയറിപ്പോയി. കൈസര്യയിലെ ശിഷ്യ
ന്മാർ ചിലരും നമ്മോടു കൂടപോന്നു, നാം അതിഥികളായി പാർക്കേണ്ടു
ന്ന പഴയ ശിഷ്യനായ മ്നാസോൻ എന്നൊരു കുപ്രക്കാരന്റെ വീട്ടിൽ
കടത്തി.
17 യരുശലേമിൽ ആയപ്പോൾ, സഹോദരന്മാർ നമ്മെ പ്രസാദത്തോടെ
18 കൈക്കൊണ്ടു. പിറെറന്നു പൌൽ നമ്മോടുകൂടി യാക്കോബിനെ കാണ്മാൻ
ചെന്നു; എല്ലാ മൂപ്പന്മാരും അവിടെ വന്നുകൂടി. ആയവരെ അവൻ വന്ദി
19 ച്ചു, ദൈവം തന്റെ ശുശ്രൂഷയെക്കൊണ്ടു ജാതികളിൽ ചെയ്തവ ഓരോന്നു
20 വിവരിച്ചു പറഞ്ഞു. ആയവർ കേട്ടിട്ടു കർത്താവിനെ തേജസ്കരിച്ചു, പി
ന്നെ അവനോടു പറഞ്ഞിതു: സഹോദര, വിശ്വസിച്ചിരിക്കുന്ന യഹൂദ
ന്മാർ എത്ര ആയിരങ്ങൾ ഉണ്ടെന്നു കാണുന്നുവല്ലൊ; അവർ എല്ലാം

21 ധമ്മത്തെചൊല്ലി, എരിവുകാർ ആകുന്നു. വിശേഷിച്ചു ജാതികളിടയിലുള്ള
സകല യഹൂദന്മാരോടും നീ മക്കളെ പരിച്ഛേദനചെയ്യരുത് എന്നും വെപ്പു
കളെ കരുതിനടക്കരുത് എന്നും ചൊല്ലി, മോശധമ്മത്യാഗം ഉപദേശിക്ക
22 ന്നു എന്നുള്ളപ്രകാരം നിന്നെക്കൊണ്ടു പഠിപ്പിക്കപ്പെട്ടു. പിന്നെ എന്തു?
നീ വന്നപ്രകാരം അവർ കേൾക്കും; എന്നതുകൊണ്ടു കൂട്ടം കൂടാതിരിക്കയി
23 ല്ല; എന്നാൽ ഞങ്ങൾ നിന്നോട് ഈ പറയുന്നതു ചെയ്ക. നേർച്ച എടു
ത്തിട്ടുള്ള നാലു പുരുഷന്മാർ നമുക്കുണ്ടു. ആയവരെ കൂട്ടിക്കൊണ്ടു അവരോ
24 ടു ഒന്നിച്ചു, നിന്നെ നിർമ്മലീകരിക്കയും (4 മോ. 6, 3.) അവരുടെ തല
ക്ഷൌരത്തിന്നു ചെലവഴിക്കയും ചെയ്ക, എന്നാൽ നിന്നെക്കൊണ്ടു പഠി
പ്പിച്ചതു ഏതുമില്ല എന്നും, നീയും ധർമ്മത്തെ സൂക്ഷിച്ചു പെരുമാറുന്നവൻ
25 എന്നും, എല്ലാവർക്കും ബോധിക്കും വിശ്വസിച്ചിരിക്കുന്ന ജാതികളെ
തൊട്ടോ, ഈവക ഒന്നും കരുതാതെ വിഗ്രഹാർപ്പിതവും രക്തവും ശ്വാസം
മുട്ടിച്ചതും, വേശ്യാദോഷവും മാത്രം സൂക്ഷിച്ചുനോക്കേണ്ടതു എന്നു, നാം
26 വിധിച്ചു എഴുതിയയച്ചുവല്ലൊ. എന്നപ്പോൾ പൌൽ ആ പുരുഷന്മാരെ
കൂട്ടിക്കൊണ്ടു പിറെന്നാൾ അവരോടു ഒന്നിച്ചു വെടിപ്പുവരുത്തി, ദേവാല
യത്തിൽ ചെന്നു, അവരിൽ ഓരോരുത്തനു വേണ്ടി വഴിപാടു വെക്കേണ്ടു
ന്ന നിർമ്മലീകരണദിവസങ്ങളുടെ തികച്ചലിനെ (പുരോഹിതരോടു) ബോ
ധിപ്പിച്ചു.

27 ആ ഏഴുദിവസങ്ങൾ തീരുവാറാകുമ്പോൾ, ആസ്യയിൽനിന്നുള്ള യഹൂദ
ന്മാർ അവനെ ദേവാലയത്തിൽ കണ്ടിട്ടു പുരുഷാരത്തെ ഒക്കയും കലക്കി
28 വെച്ചു അവന്റെമേൽ കൈകളെ വെച്ചു കൂക്കിക്കൊണ്ടിതു: ഇസ്രയേൽ പു
രുഷന്മാരെ! സഹായിപ്പിൻ! ജനത്തെയും ധർമ്മത്തെയും ഈ സ്ഥാനത്തെ
യും എല്ലാടത്തും താഴ്ത്തിപ്പറഞ്ഞു എല്ലാവർക്കും ഉപദേശിക്കുന്ന മനുഷ്യൻ
ഇവൻ തന്നെ! ഇപ്പോൾ, ദേവാലയത്തിൽ യവനന്മാരെയും കടത്തി, ഈ
29 വിശുദ്ധസ്ഥലത്തെ തീണ്ടിച്ചും കളഞ്ഞു. എന്നതിന്റെ കാരണം ദൂരത്തു
നിന്നു എഫെസ്യനായ ത്രൊഫിമനെ അവനോടു കൂടെ നഗരത്തിൽ കാൺ
30 കകൊണ്ടു പൌൽ അവനെ ദേവാലയത്തിൽ കടത്തി എന്നു നിരൂപിച്ചത
ത്രെ. നഗരം എല്ലാം ഇളകിപ്പോയിട്ടു ജനങ്ങൾ ഓടിക്കൂടി, പൌലിനെ
പിടിച്ചുകൊണ്ടു ദേവാലയത്തിന്നു പുറത്തേക്കു ഇഴെച്ചുവന്നു; ഉടനെ വാ
31 തിലുകൾ അടെച്ചു പോകയും ചെയ്തു. അവനെ കൊല്ലുവാൻ ശ്രമിക്കു
മ്പോൾ, പട്ടാളത്തിന്റെ സഹസ്രാധിപനു യരുശലേം ഒക്കയും കലക്ക
32 ത്തിൽ ആയി എന്നുള്ള കേൾവി വന്നു. അവനും ക്ഷണത്തിൽ സേവകരെ
യും ശതാധിപരെയും കൂട്ടിക്കൊണ്ടു അവരേക്കൊള്ള പാഞ്ഞുവന്നു; അവർ
സഹസ്രാധിപനെയും സേവകരെയും കണ്ടു, പൌലിനെ അടിക്കുന്നതു മതി
33 യാക്കി. അപ്പോൾ, സഹസ്രാധിപൻ അടുത്തുവന്നു അവനെ പിടിച്ചു,
രണ്ടു ചങ്ങലകൊണ്ടു കെട്ടുവാൻ കല്പിച്ചു ആർ എന്നും, ചെയ്തതു എന്തു
34 എന്നും ചോദിക്കുന്നേരം പുരുഷാരത്തിൽനിന്നു അതതിനെ വിളിച്ചുപോ
ന്നിട്ടും ആരവാരം ഹേതുവായി, നിശ്ചയം ഒന്നും അറിഞ്ഞു കൂടായ്കയാൽ
35 അവനെ കൈനിലെക്കു കൊണ്ടുപോവാൻ കല്പിച്ചു. പടിക്കെട്ടിൽ ആയാ
റെ ജനസമൂഹം: അവനെ കളക! എന്നു ആർത്തുകൊണ്ടു പിഞ്ചെല്ലുകയാൽ,
36 പുരുഷാരത്തിന്റെ ബലാല്ക്കാരംകൊണ്ടു സേവകന്മാർ അവനെ എടുക്കേ
37 ണ്ടിവന്നു. കൈനിലയിൽ കടത്തുവാറായപ്പോൾ, പൌൽ സഹസ്രാധി
പനോടു: നിന്നോടു പറയുന്നതു എനിക്കു വിഹിതമൊ? എന്നു ചോദി
38 ച്ചതിന്നു: നിണക്കു യവനവാക്കറിയാമൊ? എന്നാൽ ഈ നാളുകൾക്കു
മുന്നെ കലഹം ഉണ്ടാക്കി, നാലായിരം കട്ടാരക്കാരെ മരുഭൂമിയിലേക്കു
കൂട്ടിച്ചു കൊണ്ടുപോയ മിസ്രക്കാരനല്ല എന്നു വരുന്നുവൊ? എന്നു പറഞ്ഞാ
39 റെ, പൌൽ ചൊല്ലിയതു: ഞാൻ കിലിക്യയിലെ പട്ടണങ്ങളിൽ നികൃഷ്ടമല്ലാ
ത്ത തർസ എന്നതിൽ പൌരനായ യഹൂദനാകുന്നു; ജനത്തോടു രിയാടുവാൻ

40 അനുവദിക്കേണം എന്നു് അപേക്ഷിക്കുന്നു. എന്നാറെ, അനുവദിച്ചപ്പോൾ പൌൽ പടികളുടെ മീതെ നിന്നുകൊണ്ടു ജനം കാൺകെ കൈകൊണ്ടു് അനക്കി വളരെ മൌനം ആയശേഷം എബ്രയഭാഷയാൽ വിളിച്ചു ചൊല്ലിയതു.

22. അദ്ധ്യായം

പൌൽ പ്രതിവാദം ചൊല്ലിയതു, (22) പഴുതിലായശേഷം രോമപൌരത്വം തുണയായ്വന്നതു.

1 സഹോദരരും പിതാക്കളുമായ പുരുഷന്മാരെ! എനിക്കു് ഇന്നു നിങ്ങ
2 ളോടുള്ള പ്രതിവാദം കേട്ടുകൊണ്ടാലും! എന്നാറെ, എബ്രയഭാഷയാൽ വിളിച്ചു പറയുന്നതു്. അവർ കേട്ടു്, ഏറിയോരു സാവധാനം കാട്ടി. അവ
3 നും പറഞ്ഞിതു: ഞാനൊ യഹൂദനായി കിലിക്യയിലെ തർസ്സിൽ ജനിച്ചവനും, ഈ നഗരത്തിൽ വളർന്നു ഗമലീയേലിന്റെ കാൽക്കൽ പൈതൃകധർമ്മത്തിന്റെ സൂക്ഷ്മപ്രകാരം പഠിച്ചുശീലിച്ചവനും ആകയാൽ നിങ്ങളെ
എല്ലാവരും ഇന്നു് ആകുന്നപ്രകാരം ദൈവത്തിന്നു് എരിവുള്ളവനായി ചമ
4 ഞ്ഞു. ഈ മാർഗ്ഗത്തെ മരണംവരെ ഹിംസിച്ചു, പുരുഷരെയും സ്ത്രീകളെയും തളെച്ചും തടവുകളിൽ ഏലു്പിച്ചും കൊണ്ടിരുന്നു. അതിന്നു മഹാപുരോ
5 ഹിതനും മൂപ്പുക്കൂട്ടവും എല്ലാം എനിക്കു സാക്ഷി; അവരിൽനിന്നു് സഹോദരന്മാക്കായി ലേഖനം വാങ്ങിക്കൊണ്ടു, ദമഷ്കിൽ ഇരിക്കുന്നവരെയും കെട്ടീട്ടു, ദണ്ഡനത്തിന്നായി, യരുശലേമിലേക്കു് കൊണ്ടുവരേണം എന്നു
6 വെച്ചു ഞാൻ അവിടെക്കു യാത്രയായി. പിന്നെ ചെന്നുകൊണ്ടു ദമഷ്കിനോടു് അടുക്കുമ്പോൾ, ഏകദേശം ഉച്ചെക്കു, പെട്ടന്നു വാനത്തിൽനിന്നു തിങ്ങിയ വെളിച്ചം എന്റെ ചുറ്റും മിന്നി ഞാൻ നിലത്തുവീണു: ശൌ
7 ലെ! ശൌലെ! നീ എന്നെ ഹിംസിക്കുന്നതു് എന്തു്? എന്നു് എന്നോടു പറയുന്ന ശബ്ദം കേട്ടു: കർത്താവെ, നീ ആർ? എന്നു് ഉത്തരം ചൊല്ലിയാറെ:
8 നീ ഹിംസിക്കുന്ന നചറയ്യനായ യേശു ഞാൻ ആകുന്നു എന്നു് അവൻ എ
9 ന്നോടു പറഞ്ഞു. എന്റെ ഒപ്പരമുള്ളവരൊ, വെളിച്ചത്തെ കണ്ടു ഭയപരവശരായതു് ഒഴികെ എന്നോടു് പറയുന്നവന്റെ ശബ്ദത്തെ കേട്ടിട്ടില്ല. പി
10 ന്നെ: കർത്താവെ, ഞാൻ എന്തു ചെയ്യേണ്ടു? എന്നു പറഞ്ഞാറെ, കർത്താവു് എന്നോടു് ചൊല്ലിയതു: എഴുനീറ്റു ദമഷ്കിലേക്കു് പോക! നീ ചെയ്യേണം എന്നു നിർണ്ണയിക്കപ്പെട്ടതെല്ലാം അവിടെ നിന്നോടു് ഉരെക്കപ്പെ
11 ടും. എന്നാറെ, ആ വെളിച്ചത്തിന്റെ തേജസ്സു് ഹേതുവായിട്ടു ഞാൻ നോക്കാഞ്ഞപ്പോൾ, കൂടെ ഉള്ളവർ കൈതാങ്ങി നടത്തുകയാൽ ഞാൻ ദമഷ്കിൽ
12 എത്തി. പിന്നെ കുടിയേറുന്ന സകല യഹൂദരാലും നല്ല സാക്ഷ്യം കൊണ്ടുള്ളവനായി ധർമ്മപ്രകാരം ഭക്തിയുള്ള പുരുഷനായ ഹനന്യ എന്നവൻ
13 എന്നെ വന്നുകണ്ടു് അരികെനിന്നു: സഹോദര ശൌലെ! കാഴ്ചപ്രാപിക്ക! എന്നു പറഞ്ഞു; ഞാൻ ആ നാഴികെക്കു് അവനെ നോക്കിക്കണ്ടു. അവനും
14 ചൊല്ലിയതു: നമ്മുടെ പിതാക്കന്മാരുടെ ദൈവമായവൻ നീ കണ്ടും, കേട്ടും ഉള്ളവറിന്നു് എല്ലാമനുഷ്യരോടും അവന്റെ സാക്ഷിയായി തീരേ
15 ണ്ടതാകകൊണ്ടു, സ്വചിത്തത്തെ നീ അറികയും ആ നീതിമാനെ കാൺകയും അവന്റെ വായിൽനിന്നു ശബ്ദം കേൾക്കയും ചെയ്യേണ്ടതിന്നു,
16 നിന്നെ ഒരുക്കിയരുളി. ഇനി താമസിക്കുന്നതു് എന്തു? നീ എഴുനീറ്റു്, അവന്റെ നാമം വിളിച്ചു പ്രാർത്ഥിച്ചു സ്നാനം ഏറ്റു നിൻപാപങ്ങളെ കഴു
17 കിക്കളക. ശേഷം ഞാൻ യരുശലേമിലേക്കു മടങ്ങി ചെന്നിട്ടു ദേവാലയ
18 ത്തിൽ പ്രാർത്ഥിക്കുന്നേരം സംഭവിച്ചിതു: ഞാൻ പാരവശ്യത്തിൽ ആയി അവനെക്കണ്ടു: നീ ബദ്ധപ്പെട്ടു. വിരവോടു് യരുശലേമിൽനിന്നു പുറപ്പെടുക;

എന്നേകൊണ്ടു നീ സാക്ഷ്യം ചൊല്ലുന്നത് അവർ കൈക്കൊൾകയി
19 ല്ല നിശ്ചയം എന്നു പറഞ്ഞു കേട്ടു: കർത്താവെ, നിങ്കൽ വിശ്വസിക്കുന്നവ
രെ ഞാൻ തടവിൽ ആക്കിവെച്ചും പള്ളിതോറും, അടിപ്പിച്ചും പോന്നപ്ര
കാരവും നിന്റെ സാക്ഷിയായ സ്തെഫനന്റെ രക്തം ചിന്നുമ്പോൾ, ഞാ
20 നും പ്രസാദസമ്മതിപൂണ്ടു് അരികെനിന്നു് അവനെ ഒടുക്കുന്നവരുടെ വസ്ത്ര
21 ങ്ങളെ കാത്തുകൊണ്ടിരുന്നു എന്നതും അവർ അറിയുന്നുവല്ലൊ. എന്നു പറ
ഞ്ഞാറെ, അവൻ എന്നോടു ചൊല്ലിയതു: ഞാൻ നിന്നെ ദൂരത്തു ജാതിക
ളിലേക്കു് അയപ്പാനുള്ളതുകൊണ്ടു യാത്രയാക!
22 എന്നു വാക്കിനോളം അവനെ കേട്ടു; പിന്നെ: ഇങ്ങിനത്തവനെ ഭൂമി
യിൽനിന്നു കളക! അവൻ ജീവിച്ചിരിക്കുന്നതു പറ്റാതു! എന്നു ശബ്ദം
23 ഉയർത്തി പറഞ്ഞു. പിന്നെ കുക്കലിട്ടും വസ്ത്രങ്ങളെ ചാടി തള്ളി ആകാശ
ത്തിൽ പൂഴി എറിഞ്ഞുംകൊള്ളുമ്പോൾ, സഹസ്രാധിപൻ അവർ ഇങ്ങിനെ
24 അവന്റെ നേരെ ശബ്ദിക്കുന്ന സംഗതി അറിയേണ്ടതിന്നു ചമ്മട്ടികൊണ്ടു
നിർബ്ബന്ധിച്ചു വിസ്തരിക്കേണം എന്നു ചൊല്ലി അവനെ കൈനിലയകത്തു
25 കടത്തുവാൻ കല്പിച്ചു. പിന്നെ അവനെ വാറുകൊണ്ടു കായി നീട്ടിവെച്ച
പ്പോൾ, പൌൽ (അരികെ) നില്ക്കുന്ന ശതാധിപനോടു: രോമക്കാരനും
ദണ്ഡവിധി തട്ടാത്തവനും ആയാൽ, ചമ്മട്ടിപ്രയോഗം നിങ്ങൾക്കു വിഹി
26 തമൊ? എന്നു പറഞ്ഞു. ശതാധിപൻ കേട്ടു സഹസ്രാധിപനെ ചെന്നു
കണ്ടു: നീ എന്തു ചെയ്വാൻ പോകുന്നു? ഈ മനുഷ്യൻ രോമനാകുന്നു
പോൽ! എന്നു ബോധിപ്പിച്ചു. സഹസ്രാധിപൻ വന്നു: എന്നോടു
പറക, നീ രോമൻ തന്നെയൊ?എന്നു പറഞ്ഞാറെ: അതെ എന്നു്
28 അവൻ പറഞ്ഞു. സഹസ്രാധിപൻ ഉത്തരം ചൊല്ലിയതു: ഞാൻ ഏറിയ
മുതൽ കൊടുത്തു് ആ പൌരത്വം മേടിച്ചു; എന്നതിന്നു പൌൽ പറഞ്ഞു:
29 ഞാനൊ ജനിച്ചും കിടക്കുന്നു. എന്നാറെ, ഭേദ്യം ചെയ്വാൻ ഭാവിക്കുന്ന
വർ ഉടനെ അവനെ വിട്ടു നീങ്ങി; സഹസ്രാധിപൻ അവൻ രോമൻ എന്നു
റിഞ്ഞും, അവനെ കെട്ടിവെച്ചതു വിചാരിച്ചും ഭയപ്പെട്ടു പോയി.
30 പിറേന്നു് രാവിലെ അവൻ യഹൂദന്മാർ ചുമത്തുന്ന കുറ്റത്തിന്റെ സൂ
ക്ഷ്മം അറിവാൻ മനസ്സായി, അവനെ അഴിച്ചുവിട്ടു മഹാപുരോഹിതർ മുത
ലായ സുനേദ്രിയം ഒക്കയും വരുവാൻ കല്പിച്ചു, പൌലിനെ താഴെ കൂട്ടി
കൊണ്ടുവന്നു് അവരുടെ മുമ്പിൽ നിറുത്തി.

23. അദ്ധ്യായം

പൌൽ സുനേദ്രിയത്തിൽ പ്രതിവാദം തുടർന്നശേഷം, (12) കൈസര്യ
യിലുള്ള നാടുവാഴിയുടെ അടുക്കെ അയക്കപ്പെട്ടതു.

1 പൌൽ സുനേദ്രിയത്തെ ഉറുനോക്കി പറഞ്ഞിതു: സഹോദരരായ പു
രുഷന്മാരെ! ഞാൻ ഇന്നെദിവസത്തോളവും സകല നല്ല മനോബോധ
2 ത്തോടും പെരുമാറി വന്നിരിക്കുന്നു. എന്നാറെ, മഹാപുരോഹിതനായ ഹന
ന്യ അവനെ വായിൽ അടിക്കേണം എന്നു കൂടെ നില്ക്കുന്നവരോടു കല്പിച്ചു.
3 അപ്പോൾ പൌൽ അവനോടു്: അല്ലയൊ വെള്ള തേച്ചിട്ടുള്ള ചുവരെ!
ദൈവം നിന്നെ അടിപ്പാൻ പോകുന്നു! നീയൊ ധർമ്മപ്രകാരം എനിക്കു
ന്യായം വിധിപ്പാൻ ഇരുന്നിരിക്കെ ധർമ്മത്തെ അതിക്രമിച്ചു് എന്നെ അ
4 ടിപ്പിക്കുന്നുവൊ? എന്നു പറഞ്ഞു. ചുറ്റും നിലു്ക്കുന്നവർ: നീ ദൈവത്തി
ന്റെ മഹാപുരോഹിതനെ വാവിഷ്ടാണം ചൊല്ലുന്നുവൊ? എന്നു പറഞ്ഞു.
5 അപ്പോൾ പൌൽ: സഹോദരന്മാരെ, മഹാപുരോഹിതനാകുന്ന പ്രകാരം
അറിഞ്ഞില്ല (2 മോ. 22, 18.) നിന്റെ ജനത്തിലെ പ്രഭുവിനെ പ്രാവൊ
6 ല്ല എന്നു് എഴുതിയിരിക്കുന്നുവല്ലൊ എന്നു പറഞ്ഞു. അനന്തരം ഒരു പക്ഷം

ചദ്ദൂക്യരും ഒരു പക്ഷം പറീശരും ആകുന്നു എന്നു പൌൽ അറിഞ്ഞു. സുനേ
ദ്രീയത്തിൽ വിളിച്ചുകൊണ്ടു: സഹോദരരായ പുരുഷന്മാരെ! ഞാൻ പറീ
ശൻ! പറീശരുടെ മകൻ തന്നെ! പ്രത്യാശയും മരിച്ചവരുടെ ഉത്ഥാനവും
7 ചൊല്ലി, എനിക്കു വിസ്താരം നടക്കുന്നു! എന്നു പറഞ്ഞപ്പോൾ പറീശർക്കും
ചദ്ദൂക്യർക്കും തമ്മിൽ ഇടച്ചൽ ഉണ്ടായി, കൂട്ടം ഭിന്നിച്ചുപോകയും ചെയ്തു.
8 ചദ്ദൂക്യർ ആകട്ടെ പുനരുത്ഥാനവും ഇല്ല ദൂത (ഭൂത)ാത്മാവും ഇല്ല എന്നു
9 ചൊല്ലുന്നു; പറീശരൊ രണ്ടിനേയും സമ്മതിക്കുന്നു. പിന്നെ വലിയ കൂ
ക്കൽ ഉണ്ടായി; പറീശപക്ഷത്തിലെ ശാസ്ത്രികൾ എഴുനീറു പൊരുതു
കൊണ്ടു: ഈ മനുഷ്യനിൽ നാം ഒരു ദോഷവും കാണുന്നില്ല: ഒർ ആത്മാ
വെങ്കിലും ദൂതൻ എങ്കിലും അവനോടു ഉരിയാടി എന്നു വരികിലൊ
10 (നാം ദേവമാരാന്മാരായ്തോകൊല്ല) എന്നു പറയും പിന്നെ വലിയ ഇട
ച്ചൽ ആയശേഷം സഹസ്രാധിപൻ ഇവരാൽ പൌൽ വലിച്ചു പീന്തിപ്പോ
കും എന്നു പേടിച്ചു പട ഇറങ്ങിച്ചെന്നു അവരുടെ നടുവിൽനിന്നു അവനെ
11 പറിച്ചെടുത്തു കൈനിലയിൽ കടത്തേണ്ടതിന്നു കല്പിച്ചു. പിറെ രാ
ത്രിയിൽ കർത്താവു അവന്റെ അടുക്കെനിന്നു: ധൈര്യത്തോടിരിക്ക! നീ
എന്റേറവ ചൊല്ലി യരുശലേമിൽ സാക്ഷ്യം ഉറപ്പിച്ചു വന്നപ്രകാരം തന്നെ;
രോമയിലും സാക്ഷ്യം നില്ക്കേണ്ടതാകുന്നു എന്നു പറഞ്ഞു.
12 പുലർന്നപ്പോൾ യഹൂദന്മാർ തമ്മിൽ യോജിച്ചു, പൌലിനെ കൊന്നുകള
വോളം തിന്നുകയും ഇല്ല കുടിക്കയും ഇല്ല എന്നു ചൊല്ലി, തങ്ങളെ തന്നെ
13 ശപിച്ചു. ഈ സഹശപഥം ചെയ്തവർ നാല്പതിലധികം പേർ ആയി.
14 അവർ മഹാപുരോഹിതരേയും മൂപ്പന്മാരേയും ചെന്നു കണ്ടു പറഞ്ഞിതു: ഞ
ങ്ങൾ പൌലിനെ കൊന്നുകളവോളം ഒന്നും ആസ്വദിക്കയില്ല എന്നു ശപ
15 ഥം ചെയ്തു, ഞങ്ങളെ തന്നെ ശപിച്ചു. അതുകൊണ്ടു സുനേദ്രീയത്തോടു
ഒന്നിച്ചു നിങ്ങൾ സഹസ്രാധിപനെ ഉണർത്തിച്ചു, ആയാളുടെ സംഗതി
അധികം സൂക്ഷ്മത്തോടെ വിവേചിക്കേണ്ടതിന്നു അവനെ നിങ്ങളുടെ അടു
ക്കെ താഴെ കൊണ്ടുപോരെണം എന്നു പറവിൻ എന്നാൽ അവൻ സമീപി
16 ക്കുമ്മുമ്പെ ഞങ്ങൾ അവനെ ഒടുക്കുവാൻ ഒരുങ്ങിയിരിക്കും. എന്നീ പതി
യിരിപ്പിനെ പൌലിന്റെ പെങ്ങളെ മകൻ കേട്ടുചെന്നു, കൈനിലയിൽ
17 കടന്നു പൌലിനെ കേൾപിച്ചു. പൌൽ ശതാധിപന്മാരിൽ ഒരുത്തനെ വി
ളിച്ചു: ഈ യുവാവിനു സഹസ്രാധിപനെ ഒന്നു കേൾപിപ്പാൻ ഉണ്ടാക
യാൽ അവനെ അങ്ങോട്ടു കൊണ്ടുപോക എന്നു പറഞ്ഞു. ആയവൻ അവനെ
18 കൂട്ടികൊണ്ടു, സഹസ്രാധിപനടുക്കലേക്കാക്കി: ചങ്ങലക്കാരനായ പൌൽ
എന്നെ വിളിച്ചു, നിന്നോടു വല്ലതും പറവാനുള്ള ഈ യുവാവിനെ നിണക്കു
19 കൊണ്ടു പോരുവാൻ അപേക്ഷിച്ചു എന്നു പറഞ്ഞു. സഹസ്രാധിപൻ അ
വന്റെ കൈ പിടിച്ചു വേറിട്ടു വാങ്ങിപോയി: എന്നോടു ബോധിപ്പി
20 പ്പാനുള്ളതു എന്തു? എന്നു ചോദിച്ചാറെ ആയവൻ ചൊല്ലിയതു: യഹൂദ
ന്മാർ പൌലിനെ കുറിച്ചു അധികം സൂക്ഷ്മത്തോടെ ചോദിച്ചറിയേണം
എന്നു ചൊല്ലി, നീ നാള അവനെ സുനേദ്രീയത്തിലേക്കു കൊണ്ടു പോരേ
21 ണ്ടതിന്നു അപേക്ഷിപ്പാൻ ഒന്നൊത്തിരിക്കുന്നു. നീയൊ അവരെ തേറി
പോകൊല്ല! അവരിൽ നാല്പതിലധികം ആളുകൾ അവനെ ഒടുക്കുവോ
ളം തിന്നുകയും ഇല്ല, കുടിക്കയും ഇല്ല എന്നു തങ്ങളെതന്നെ ശപിച്ചു കളഞ്ഞി
ട്ടു, അവനായി പതിയിരിക്കുന്നു; ആയവർ നിന്റെ വാഗ്ദത്തം കാത്തുകൊ
22 ണ്ടു ഇന്നും ഒരുങ്ങിനില്ക്കുന്നു. എന്നാറെ സഹസ്രാധിപൻ: ഇതു എ
ന്നോടു ഉണർത്തിച്ചപ്രകാരം ആരോടും മിണ്ടായ്ക എന്നു ആജ്ഞാപിച്ചു യു
വാവിനെ വിട്ടയച്ചു.
23 അനന്തരം ശതാധിപരിൽ ഇരുവരെ വരുത്തി പറഞ്ഞിതു: അസ്സമിച്ചി
ട്ടു മൂന്നാം മണിക്കൂറിൽ കൈസര്യക്കു പോവാൻ ഇരുനൂറു സേവകരെയും
എഴുവതു കുതിരയാളുകളെയും ഇരുനൂറു കവിണക്കാരെയും ഒരുക്കുവിൻ!

24 വാഹനങ്ങളെയും സംഭരിച്ചു പൌലിനെ കയററി, നാടുവാഴിയായ ഫേലി
25 ക്കിന്റെ അടുക്കലേക്കു കൂറവെന്നി എത്തിക്കേണം. എന്നിട്ട് ഈ മാതിരി
26 ക്കൊത്ത ലേഖനം എഴുതി: ക്ലൌദ്യൻ ലൂസിയാ ബഹുമാനപ്പെട്ട നാടുവാഴി
27 യായ ഫേലിക്കിന്നു വന്ദനം. ഈ പുരുഷനെ യഹൂദന്മാർ പിടിച്ചിട്ട് ഒടു
ക്കുവാറായപ്പോൾ രോമൻ എന്നറിഞ്ഞു ഞാൻ പടയോടുംകൂട നേരിട്ട് അ
28 വനെ പറിച്ചെടുത്തു; പിന്നെ അവനിൽ കുറ്റം ചുമത്തുന്ന സംഗതിയെ ഗ്ര
ഹിപ്പാൻ മനസ്സായി. അവരുടെ സുനെദ്രിയത്തിലേക്ക് അവനെ കൊ
29 ണ്ടുപോയാറെ, അവരുടെ ധർമ്മത്തെത്തൊട്ടുള്ള ചോദ്യങ്ങൾ ഹേതുവായി
ചുമത്തുന്നതല്ലാതെ, മരണത്തിന്നൊ ചങ്ങലകൾക്കൊ യോഗ്യമുള്ള കുറ്റം
30 ഒന്നും ഇല്ലാത്തപ്രകാരം ബോധിച്ചു. അനന്തരം പുരുഷന്റെ നേരെ ചതി
പ്രയോഗം ഭാവിക്കുന്ന എന്ന തുമ്പുണ്ടായപ്പോൾ, ഞാൻ മടിയാതെ നി
ന്റെ അടുക്കലേക്ക് അയച്ചു: വാദികളോടു അവന്റെ നേരെ ഉള്ളവ നി
ന്തിരുമുമ്പിൽ ബോധിപ്പിപ്പാൻ ആജ്ഞാപിച്ചു. സുഖമായിരിക്ക! എന്നി
31 ട്ടു സേവകന്മാർ നിയോഗപ്രകാരം പൌലിനെ കൂട്ടികൊണ്ടു, രാത്രിയിൽ
32 അന്തിപത്രിയോളം എത്തിച്ചു. പിറെറ നാൾ, കുതിരയാളുകളെ അവന്റെ
ഒപ്പരം യാത്രയാവാൻ വിട്ടു, തങ്ങൾ കൈനിലേക്കു തിരിച്ചുപോന്നു. മറെറ
33 വർ കൈസര്യയിൽ കടന്നു നാടുവാഴിക്കു ലേഖനത്തെ കൊടുത്തു. പൌലി
34 നെയും അവൻമുമ്പിൽ നിറുത്തി. നാടുവാഴി വായിച്ചശേഷം: ജനിച്ച നാ
35 ട് എന്ത്? എന്നു ചോദിച്ചു കിലികൃ എന്ന കേട്ടാറെ, നിന്റെ വാദികൾ
എത്തിയാൽ പിന്നെ നിന്നെ വിസ്തരിക്കാം എന്നും പറഞ്ഞു. ഹേരോദാവിൻ
ആസ്ഥാനത്തിൽ അവനെ കാത്തുകൊൾവാൻ കല്പിക്കയും ചെയ്തു.

24. അദ്ധ്യായം

ഫേലിക്കിൻമുമ്പിൽ യഹൂദർ വാദിച്ചതിന്നു, (10) പൌലിന്റെ പ്രത്യു
ത്തരവും, (22) ഫേലിക്കിനോട് വ്യാപരിച്ചതും.

1 അഞ്ചു നാൾ കഴിഞ്ഞശേഷം മഹാപുരോഹിതനായ ഹനന്യമൂപ്പന്മാരോ
ടും തെർത്തുല്ലൻ എന്നൊരു വാചാലനോടും കൂടി ഇറങ്ങിവന്നു, പൌലിന്നു
2 വിരോധമായി നാടുവാഴിയുടെ മുമ്പിൽ ഉണർത്തിച്ചു നിന്നു. ആയവനെ വ
രുത്തിയാറെ, തെർത്തുല്ലൻ അന്യായപ്പെട്ടു തുടങ്ങി: ബഹുമാനപ്പെട്ട ഫേലി
ക്കെ! നിന്നാൽ ഞങ്ങൾക്കു വളരെ സമാധാനവും നീ മുൻ കരുതിക്കൊൾ
3 കയാൽ ഈ ജാതിക്ക് ഏറിയ അഭ്യുദയങ്ങളും സാധിച്ചതു. ഞങ്ങൾ എ
പ്പോഴും എല്ലാടത്തും സകല കൃതജ്ഞതയോടും അംഗീകരിക്കുന്നു. എങ്കിലും
4 നിന്നെ അധികം ആയാസപ്പെടുത്തരുതെന്നുവെച്ചു, നിന്റെ സൌമ്യതയാ
ലെ ചുരുക്കത്തിൽ ഞങ്ങളെ കേൾക്കേണ്ടതിന്നു അപേക്ഷിക്കുന്നു. ഈ പുരു
5 ഷൻ ആകട്ടെ പ്രപഞ്ചത്തിലുള്ള സകല യഹൂദൻമാക്കും ഇടച്ചൽ വരുത്തു
6 ന്നൊരു ചേട്ടയും നചറയ്യരുടെ മതഭേദത്തിന്നു മുമ്പനും എന്നു ഞങ്ങൾ കണ്ട
തല്ലാതെ, അവൻ ദേവാലയത്തെ തീണ്ടിച്ചതും ഉണ്ടു: ഞങ്ങളോ അവ
നെ പിടിച്ചു ഞങ്ങളുടെ ധർമ്മപ്രകാരം വിസ്തരിപ്പാൻ ഭാവിച്ചപ്പോൾ,
7 സഹസ്രാധിപനായ ലൂസിയാ വളരെ ബലത്തോടു കൂടവന്നു അവനെ
8 ഞങ്ങളുടെ കൈകളിൽനിന്നു എടുത്തു കൊണ്ടുപോയി. അവന്റെ വാദി
കൾ നിന്തിരുമുമ്പിൽ വരേണം എന്നു കല്പിച്ചു അവനെ നീ വിസ്തരിച്ചു
ചോദിച്ചാൽ ഞങ്ങൾ കുറ്റം ചുമത്തുന്ന സകല സംഗതികളുടെ വിവരത്തെ
9 താൻ അറിഞ്ഞു കൊൾവാൻ ഇടയുണ്ടു. എന്നു ചൊല്ലിയതു ഉള്ളതു എന്നു
യഹൂദൻമാരും കൂടി വാദിച്ചു.

10 നാടുവാഴി അവൻ പറവാൻ ആംഗികം കാട്ടിയാറെ, പൌൽ ഉത്തരം ചൊ
ല്ലിയതു: ഈ ജാതിക്കു നീ ഏറിയ വർഷവും ന്യായാധിപതിയാകുന്നതു

അറികകൊണ്ട് എന്റെ കാര്യത്തിൽ ഞാൻ സുഖമനസ്സോടെ പ്രതിവാ
11 ദം ചൊല്ലുന്നു. കാരണം ഞാൻ യരുശലേമിൽ തൊഴേണം എന്നുവെച്ചു ക
രേറി പോയിട്ടു, പന്ത്രണ്ടു നാളിൽ പരമായില്ല എന്നു് നിണക്കു (ചോ
12 ദിച്ചു) അറിയാം. ദേവാലയത്തിൽ വെച്ചും ആരോടും സംഭാഷിക്കയൊ
പള്ളികളിൽ എങ്കിലും നഗരത്തിൽ എങ്കിലും പുരുഷാരത്തിന്റെ കോ
ലാഹലം ഉണ്ടാക്കയൊ ചെയ്യുന്നവനായിട്ടല്ല എന്നെക്കണ്ടുപിടിച്ചതു. ഇ
13 ന്നു് എന്മേൽ കുറ്റം ചുമത്തുന്നവ തെളിയിച്ചു തരുവാനും അവക്കു വഹി
14 യാ. ഞാനൊ നിന്നോടു് ഏറ്റു പറയുന്നിതു: ഇവർ മതഭേദം എന്നു ചൊ
ല്ലുന്ന ആ മാർഗ്ഗത്തിൽ തന്നെ ഞാൻ പൈതൃകനായ ദൈവത്തെ ഉപാസി
ക്കുന്നതു; ധർമ്മത്തിലും പ്രവാചകരാലും എഴുതികിടക്കുന്നതു് ഒക്കയും
15 വിശ്വസിക്കയും, ഇവരും കൂടെ കാത്തിരിക്കുന്ന പോലെ നീതിമാന്മാരു
ടെയും നീതി കെട്ടവരുടേയും പുനരുത്ഥാനം ഉണ്ടായിരിക്കും എന്നു ദൈവ
ത്തിങ്കൽ ആശ വെച്ചിരിക്കയും ചെയ്യുയിൽ തന്നെ. എങ്കിൽ ദൈവത്തോ
16 ടും മനുഷ്യരോടും എല്ലാം കൊണ്ടും ഇടർച്ച വരാത്ത മനസ്സാക്ഷി ഉണ്ടാ
17 വാൻ ഞാനും ശ്രമിക്കുന്നു. ഇപ്പോഴം പല വർഷങ്ങൾക്കു് പിമ്പെ ഞാൻ
(അവിടേക്കു) എത്തിയതൊ എന്റെ ജനത്തിന്നു ഭിക്ഷകളും വഴിപാടുകളും
18 അനുഷ്ഠിപ്പാനത്രെ. ആയതിൽ ഇടപ്പെട്ടപ്പോഴം ദൈവാലയത്തിൽ ശുദ്ധി
വരുത്തിയവനായി, പുരുഷാരത്തോടും കോലാഹലത്തോടും കൂട അല്ല
19 എന്നെ കണ്ടതു്, ആസ്യയിൽനിന്നു ചില യഹൂദന്മാർ മാത്രം. ആയവർക്കു്
എന്റെ നേരേ വല്ലതും ഉണ്ടെങ്കിൽ നിന്തിരുമുമ്പിൽവന്നു് അന്യായപ്പെ
20 ടേണ്ടതായിരുന്നു. അല്ല ഞാൻ സുനേദ്രിയമുമ്പിൽ നില്ക്കുമ്പോഴം എന്നിൽ
21 എന്തു ന്യായക്കുറവു കണ്ട എന്നു് ഇവർ തന്നെ പറയട്ടെ! പക്ഷെ ഇന്നു്
നിങ്ങളാൽ എനിക്കു വിസ്താരം നടക്കുന്നതു മരിച്ചവരുടെ ഉത്ഥാനം ചൊ
ല്ലീട്ടത്രെ എന്നു ഞാൻ അവരിൽനിന്നുകൊണ്ടു വിളിച്ചൊരു ശബ്ദം ഒഴി
കെ തന്നെ.

22 എന്നാറെ ഫേലിക്കു് ആ മാർഗ്ഗം സംബന്ധിച്ചവ സൂക്ഷ്മമായി അ
റിഞ്ഞിട്ടും അവർക്കു് അവധി വെച്ചു, സഹസ്രാധിപനായ ലുസിയ വ
ന്നാൽ പിന്നെ നിങ്ങളുടെ കാര്യം വിധിപ്പാൻ നോക്കും എന്നു പറഞ്ഞു.
23 പിന്നെ ശതാധിപനോടു് അവനെ സൂക്ഷിച്ചു കൊള്ളുകയും വേണ്ടപ്പെട്ട
വർ ആരും ശുശ്രൂഷിപ്പതൊ, വന്നു കാണ്മതൊ, വിലക്കാതെ സ്വാസ്ഥ്യം
24 കൊടുക്കയും വേണമെന്നു കല്പിച്ചു. ചില ദിവസങ്ങളുടെ ശേഷം ഫേ
ലിക്സ് തനിക്കുള്ള ദ്രുസില്ല എന്ന യഹൂദസ്ത്രീയുമായി എത്തി പൌലിനെ
25 വരുത്തി ക്രിസ്തുകലെ വിശ്വാസം ചൊല്ലി അവനെ കേട്ടു. ആയവൻ നീ
തി, ഇന്ദ്രിയജയം വരുവാനുള്ള ന്യായവിധി, എന്നിവകൊണ്ടു് ഭാഷിക്കു
മ്പോഴം ഫേലിക്സ് ഭീതനായി: തല്ക്കാലത്തേക്കു് പോക! തക്കം കിട്ടിയാൽ
26 നിന്നെ വിളിപ്പിക്കാം എന്നു് ഉത്തരം പറഞ്ഞു. പൌലിനാൽ തനിക്കു
ദ്രവ്യം തരപ്പെടും എന്നുള്ള ആശകൂട ഉണ്ടാകയാൽ പലപ്പോഴും അവനെ
27 വരുത്തി സംസാരിക്കും. ഈരാണ്ടു കഴിഞ്ഞിട്ടു ഫേലിക്കിന്നു് അനന്തര
വനായി പൊർക്ക്യൻ ഫേസ്തൻ വന്നാറെ, യഹൂദരോടു് ഓരൊ കൃതജ്ഞ
ത സമ്പാദിക്കേണം എന്നു വെച്ചു ഫേലിക്സ പൌലിനെ കെട്ടപ്പെട്ടവ
നായി വിട്ടേച്ചു പോകയും ചെയ്തു.

25. അദ്ധ്യായം

പൊൽ ഫേസ്തന്റെ മുമ്പിൽ കൈസരെ അഭയം ചൊന്നശേഷം, (13)
ഫേസ്തൻ അഗ്രിപ്പാ രാജാവോടു സംഭാഷിച്ചതു.

1 എന്നാറെ ഫേസ്തൻ തന്റെ നാട്ടിൽ എത്തീട്ടു, മൂന്നാം നാളിൽ

2 കൈസര്യയെ വിട്ടു. യരുശലേമിലേക്കു് കയറി പോയി. അപ്പോഴം മഹാ
പുരോഹിതർ മുതലായ യഹൂദാധ്യന്മാർ പൌലിൻ നിമിത്തം അവന്റെ
സന്നിധിയിൽ വന്നു വഴിയിൽ വെച്ചു് അവനെ ഒടുക്കുവാൻ പതിയിരി
3 പ്പിനെ ഒരുക്കികൊണ്ടു് ആയവന്റെ കാര്യത്തിൽ ദയചെയ്തു് അവനെ
4 യരുശലേമിലേക്കു വരുത്തേണം എന്നു അപേക്ഷിച്ചു പോന്നു. ആയതി
ന്നു ഫേസ്തൻ ഉത്തരമായിട്ടു, പൌലിനെ കൈസര്യയിൽ തന്നെ സൂക്ഷി
5 ച്ചുകൊള്ളും എന്നും, താൻ വേഗത്തിൽ പുറപ്പെടുവാൻ ഉണ്ടെന്നും. എന്നാൽ
നിങ്ങളിൽ അധികാരത ഉള്ളവർ കൂടെ വന്നു് ആയാളോടു വല്ലതും ഉണ്ടെ
6 കിൽ അവനിൽ കുറ്റം ചുമത്തട്ടെ എന്നും പറഞ്ഞു. എട്ടു പത്തു നാളില
ധികം അവരിൽ കഴിക്കാതെ കൈസര്യെക്കു ഇറങ്ങി, പിറെന്നു ന്യായാ
7 സനത്തിൽ ഇരുന്നു പൌലിനെ വരുത്തുവാൻ കല്പിച്ചു. അവൻ എത്തി
യാറെ യരുശലേമിൽനിന്നു് ഇറങ്ങിവന്ന യഹൂദന്മാർ ചുറ്റുംനിന്നു പൌ
ലിന്റെ നേരെ കഠിനസംഗതികളം പലതും ബോധിപ്പിച്ചു. യഹൂദരുടെ
8 ധർമ്മത്തോടു് എങ്കിലും, ദേവാലയത്തോടെങ്കിലും, കൈസരോടു് എ
ങ്കിലും ഞാൻ ഏതും പിഴച്ചില്ല എന്നു അവൻ പ്രതിവാദിക്കുമ്പോഴം, ആ
9 (സംഗതികളെ) തെളിയിപ്പാൻ അവർക്കു വഹിയാഞ്ഞു, ഫേസ്തൻ യഹൂദ
രോടു് കൃതജ്ഞത സമ്പാദിപ്പാൻ ഇച്ഛിച്ചുകൊണ്ടു പൌലോടു് ഉത്തരം
പറഞ്ഞിതു: യരുശലേമിലേക്കു യാത്രയായി, അവിടെ എന്റെ മുമ്പിൽ
ഈ സംഗതികളിൽ നിണക്കു വിസ്താരം നടപ്പാൻ മനസ്സുണ്ടൊ? എന്നാറെ,
10 പൌൽ എനിക്കു വിസ്താരം വരേണ്ടുന്ന കൈസരുടെ ന്യായാസനത്തിന്നു
മുമ്പിൽ ഞാൻ നില്ക്കുന്നു; യഹൂദരിൽ ന്യായക്കുറവു് ഒന്നും ചെയ്തിട്ടില്ല എ
11 ന്നതു നിണക്കും നല്ലവണ്ണം അറിയാം. ഞാനൊ ന്യായക്കുറവുള്ളവനൊ
മരണയോഗ്യമായതൊന്നു പ്രവൃത്തിച്ചവനൊ എങ്കിൽ, മരിക്കരുതു് എന്നി
ല്ല സത്യം; ഇവർ എന്നിൽ കുറ്റം ചുമത്തുന്നതു് ഒന്നും ഇല്ലെങ്കിലൊ എ
12 ന്നെ അവർക്കു സമ്മാനിച്ചു കളവാൻ ആർക്കും കഴികയില്ല. ഞാൻ കൈ
സരെ അഭയം ചൊല്ലുന്നു, എന്നു പറഞ്ഞപ്പോഴം ഫേസ്തൻ കൂട്ടമന്ത്രികളോടു്
സംഭാഷിച്ചിട്ടു: നീ കൈസരെ അഭയം ചൊല്ലീട്ടുണ്ടു; കൈസരുടുക്കലേക്കു
യാത്രപോകും! എന്നു ഉത്തരം കല്പിച്ചു.

13 ചില നാൾ കഴിഞ്ഞശേഷം അഗ്രിപ്പാ രാജാവും ബെരനീക്കയും ഫേസ്ത
നെ വന്ദിപ്പാനായി കൈസര്യയിൽ എത്തീട്ടു, ഏറിയ ദിവസം അവിടെ
14 പാർക്കുമ്പോഴം, ഫേസ്തൻ പൌലിന്റെ സംഗതി രാജാവിന്നു വിവരി
15 ച്ചിതു: ഫേലിക്സ് ബദ്ധനാക്കി വിട്ടൊരു പുരുഷൻ ഉണ്ടു: ആയവന്റെ നേ
രെ ശിക്ഷാവിധി ചോദിച്ചുംകൊണ്ടു യഹൂദരുടെ മഹാ പുരോഹിതന്മാരും
മൂപ്പന്മാരും ഞാൻ യരുശലേമിൽ ആയപ്പോഴം എന്നെ വന്നു കണ്ടു. അവർ
16 ക്കു ഞാൻ ഉത്തരം കല്പിച്ചിതു, കുറ്റക്കാരൻ അന്യായക്കാരെ മുഖതാവിൽ
കണ്ടു്, അന്യായ സംഗതിക്കു പ്രതിവാദിപ്പാൻ ഇടകിട്ടീട്ടു് എന്നിയെ
17 യാതൊരു മനുഷ്യനെ സമ്മാനിച്ചു കളയുന്നതു രോമർക്കു മര്യാദയായതല്ല
എന്നത്രെ. പിന്നെ അവർ ഇവിടെ വന്നുകൂടിയാറെ, ഞാൻ ഒട്ടും താമസി
യാതെ, പിറെന്നു ന്യായാസനത്തിൽ ഇരുന്നു, പുരുഷനെ കൊണ്ടുവരു
18 വാൻ കല്പിച്ചു. ആയവന്റെ ചുറ്റും അന്യായക്കാർ നിന്നുകൊണ്ടു, ഞാൻ
19 നിരൂപിച്ച സംഗതികളം ഒന്നും ബോധിപ്പിക്കാതെ സ്വന്ത ദേവാരത്തേയും
മരിച്ചൊരു യേശുവിനെ ജീവിക്കുന്നു എന്നു പൌൽ പറയുന്നതിനേയും കു
20 റിച്ചത്രെ, ഓരൊ ചോദ്യങ്ങളെ കൊണ്ടുവന്നു. ഇവ സംബന്ധിച്ചുള്ള തക്ക
ത്തിൽ ഞാൻ കരകാണാഞ്ഞു, നിണക്കു യരുശലേമിലേക്കു യാത്രയായി,
അവിടെ ഈ സംഗതികളിൽ വിസ്താരം നടപ്പാൻ മനസ്സുണ്ടൊ എന്നു പറ
21 ഞ്ഞു. എങ്കിലും പൌൽ തിരുമനസ്സിലെ വിസ്താരത്തിന്നായി തന്നെ കാ
ക്കെണം എന്നു് അഭയം പ്രാപിച്ചാറെ, കൈസരുടുക്കെ അയക്കുവോളം
22 അവനെ കാപ്പാൻ കല്പിച്ചു. എന്നതിന്നു അഗ്രിപ്പാ: ആ മനുഷ്യനെ

കേൾപാൻ എനിക്കും മനസ്സുണ്ടായിരുന്ന എന്ന ഫേസ്തനോട് ചൊല്ലിയാ
റെ; നാളെ അവനെ കേൾക്കും എന്ന് അവൻ പറഞ്ഞു.

23 പിറെന്ന് അഗ്രിപ്പാ ബെരനീക്കയുമായി വളരെ ആടോപത്തോടെ വ
ന്ന, സഹസ്രാധിപതികളോടും നഗരത്തിലെ പ്രധാനികളോടും കൂടെ ആ
24 സ്ഥാനമണ്ഡപം പുക്കാറെ, ഫേസ്തൻ കല്പിക്കയാൽ പൌൽ കൊണ്ടുവര
പ്പെട്ട. ഫേസ്തൻ പറഞ്ഞിതു: അഗ്രിപ്പാ രാജാവെ ഇങ്ങു കൂടിവന്ന സകല
പുരുഷന്മാരും ആയുള്ളോരെ! യഹൂദരുടെ സമൂഹം എല്ലാം യരുശലേമിലും
ഇവിടെയും എന്നോട് അപേക്ഷിച്ച്, ഇവൻ ഇനി ജീവനോടെ ഇരിക്കരു
25 ത് എന്ന് എതിരെ വിളിച്ചിട്ടുള്ളോരിവനെ കാണുന്നുവല്ലൊ! അവൻ മര
ണയോഗ്യമായത് ഒന്നും ചെയ്തിട്ടില്ല എന്നു ഗ്രഹിച്ചിട്ട്. ഇവൻ താനും തി
രുമനസ്സിലെ അഭയം ചൊല്ലിയതിനാൽ അവനെ അയക്കേണം എന്നു വി
26 ധിച്ചു. അവനെകൊണ്ട് നിശ്ചയമായത് ഒന്നും തമ്പുരാന് എഴുതുവാൻ എ
നിക്ക് ഇല്ലായ്കകൊണ്ട്, നിങ്ങളുടെ മുമ്പിൽ വരുത്തി. വിശേഷാൽ അ
27 ഗ്രിപ്പാ രാജാവെ! നിന്തിരുമുമ്പിൽ (ആക്കിയതു) വിവേചനം കഴിച്ചിട്ട്,
ഇന്നത് ഞാൻ എഴുതേണം എന്നു ബോധിപ്പിപ്പാൻ തന്നെ; തടവുകാരനെ
അയക്കുമ്പോഴേക്ക് അവന്റെ നേരെ ഉള്ള സംഗതികളെ സൂചിപ്പിക്കാത്ത
തൊ കാര്യമല്ല എന്നു എനിക്ക് തോന്നുന്നു സത്യം.

26. അദ്ധ്യായം

അഗ്രിപ്പാവിന്മുമ്പിൽ പൌൽ പ്രതിവാദിച്ചതും, (24) കേട്ടവരുടെ ഭാവ
ങ്ങളും.

1 അഗ്രിപ്പാ പൌലിനോട്: നിണക്കു വേണ്ടി പറവാൻ നിണക്ക് അനു
വാദം ഉണ്ടു എന്നു പറഞ്ഞപ്പോൾ, പൌൽ കൈ നീട്ടി പ്രതിവാദിച്ചിതു:
2 അഗ്രിപ്പാ രാജാവെ! യഹൂദന്മാർ എന്നിൽ ദൂഷ്യം കാണുന്ന സകലവും കൊ
3 ണ്ടു, ഇന്നു നിന്തിരുമുമ്പിൽ പ്രതിവാദിക്കേണ്ടിയിരിക്കുമ്പോൾ, പ്രത്യേ
കം നീ യഹൂദരിലെ മര്യാദകളും ചോദ്യങ്ങളും എല്ലാം തിരിച്ചറിയുന്നവനാ
കയാൽ ഞാൻ ഭാഗ്യവാൻ എന്നു നിരൂപിക്കുന്നു; അതുകൊണ്ടു ദീർഘക്ഷാ
ന്തിയോടെ എന്നെ കേൾപാൻ അപേക്ഷിക്കുന്നു. എങ്കിലൊ എന്റെ ജന
4 ത്തിൽ യരുശലേമിൽവെച്ച് ആദിമുതൽ ഉണ്ടായ എന്റെ നടപ്പു ബാല്യം
5 തുടങ്ങിയുള്ള പ്രകാരം എല്ലാ യഹൂദന്മാരും അറിയുന്നു. അവർക്കു സാക്ഷ്യം
ചൊല്വാൻ മനസ്സായാൽ, നമ്മുടെ ആരാധനയിൽ സൂക്ഷ്മത ഏറീട്ടുള്ള
മതഭേദപ്രകാരം ഞാൻ പരീശനായി ജീവിച്ചു എന്ന് അവർ ആരംഭത്തോ
6 ളവും മുന്നറിയുന്നുവല്ലൊ. ഇപ്പോൾ വിസ്തരിക്കപ്പെട്ടു നില്ക്കുന്നതൊ ദൈവ
ത്തിൽ നമ്മുടെ പിതാക്കന്മാർക്ക് ഉണ്ടായതും, നമ്മുടെ പന്തിരു ഗോത്രവും
7 രാപ്പകൽ ശ്രദ്ധയോടെ ഉപാസിച്ചുംകൊണ്ട് എത്തി പിടിപ്പാൻ ആശിക്കു
ന്നതും ആയുള്ള വാഗ്ദത്തത്തിന്റെ പ്രത്യാശഹേതുവായിട്ടത്രെ; അഗ്രിപ്പാ
രാജാവെ! ആ പ്രത്യാശയെ ചൊല്ലി ആകുന്നതു യഹൂദന്മാർ എന്നോട് അ
8 ന്യായപ്പെടുന്നതു. ദൈവം മരിച്ചവരെ ഉണർത്തുന്നു എങ്കിൽ നിങ്ങൾ അവി
9 ശ്വാസ്യം എന്നു വിധിക്കുന്നത് എന്തുകൊണ്ടു? എനിക്കൊ നചറയ്യനായ
യേശുവിൻ നാമത്തിന്നു പല വിരോധങ്ങളും ചെയ്യേണ്ടിയപ്രകാരം തോ
10 ന്നിയിരുന്ന സത്യം. ആയതു ഞാൻ യരുശലേമിൽ ചെയ്തു മഹാപുരോഹി
തരോട് അധികാരം വാങ്ങി, വിശുദ്ധരിൽ പലരേയും തടവുകളിൽ അടെ
ച്ചുവെച്ച്, അവരെ നിഗ്രഹിക്കുന്ന സമയം ഞാനും വിധിക്കല്ല് ഇട്ടുകള
11 ഞ്ഞു. എല്ലാപള്ളികളിലും അവരെ പലപ്പോഴും ദണ്ഡിപ്പിച്ചുംകൊണ്ടു ദൂഷ
ണം പറവാൻ നിർബ്ബന്ധിച്ചു അവരെ കൊള്ളെ അത്യന്തം ഭ്രാന്തു പിടിച്ചും

12 പുറമെ, പട്ടണങ്ങളോളവും ഹിംസിച്ചും പോയി നടന്നു. ആയതിൽ ഇട
പ്പെട്ട, ഞാൻ മഹാപുരോഹിതരോട് അധികാരവും അനുജ്ഞയും വേണ്ടിച്ചു
13 ദമഷ്കിലേക്ക് യാത്രയാകുമ്പോൾ, നട്ടുപ്പകലിൽ ഞാൻ വഴിക്കൽ കണ്ടതു
രാജാവെ! സൂര്യന്റെ പ്രതാപത്തിലും ഏറിയൊരു വെളിച്ചം വാനത്തിൽ
നിന്ന് എന്നെയും, കൂടെ യാത്ര പോരുന്നവരേയും ചുറ്റി പ്രകാശിച്ചതു.
14 ഞങ്ങൾ എല്ലാവരും നിലത്തു വീണാറെ, എബ്രായഭാഷയിൽ എന്നോടു പ
റയുന്ന ശബ്ദം കേട്ടു: ശൌലെ! ശൌലെ! നീ എന്നെ ഹിംസിക്കുന്നത്
15 എന്തു? തോട്ടിയുടെ നേരെ ഉതെക്കുന്നതു നിണക്കു കടിയത് എന്നത്രെ! ക
ർത്താവെ, നീ യാർ? എന്നു ഞാൻ ചോദിച്ചാറെ, അവൻ പറഞ്ഞിതു: നീ
16 ഹിംസിക്കുന്ന യേശു ഞാൻ ആകുന്നു! എങ്കിലും എഴുനീറ്റു കാലൂന്നി നി
ല്ക്ക; ഞാൻ നിണക്കു പ്രത്യക്ഷനായതൊ, നീ കണ്ടതിന്നും ഇനി ഞാൻ
നിന്നക്ക് കാണാകുന്നതിന്നും സാക്ഷിയും ഭൃത്യനുമായി നിന്നെ ഒരുക്കി അ
17 രുളുവാൻ തന്നെ. ഞാനും ഇന്നു നിന്നെ ജാതികളിൽ അയക്കുന്നത് അവരു
18 ടെ കണ്ണുകളെ നീ തുറന്നിട്ട് അവർ ഇരുളിൽനിന്നു വെളിച്ചത്തേക്കും സാ
ത്താന്റെ അധികാരം വിട്ടു, ദൈവത്തിലേക്കും തിരിഞ്ഞു, പാപമോചന
വും, എങ്കലെ വിശ്വാസത്താൽ വിശുദ്ധി വന്നവരിൽ ഒർ അവകാശവും ല
ഭിപ്പാനായി തന്നെ; ആ ജാതികളിൽനിന്നും (സ്വ) ജനത്തിൽനിന്നും ഞാൻ
19 നിന്നെ വിടുവിക്കയും ചെയ്യുന്നു. എന്നതുകൊണ്ട് അഗ്രിപ്പാ രാജാവെ!
ഞാൻ സ്വർഗ്ഗീയദർശനത്തിന്ന് അനധീനനായി പോകാതെ മുമ്പെ ദമ
ഷ്കിലുള്ളവരോടും യരുശലേമിന്നും യഹൂദ നാടു എങ്ങും പിന്നെ ജാതിക
20 ളോടും മാനസാന്തരപ്പെട്ടു, ദൈവത്തിലേക്ക് തിരിഞ്ഞു മാനസാന്തരത്തി
ന്നു യോഗ്യമായ ക്രിയകളും ചെയ്തു കൊള്ളേണം എന്ന് അറിയിച്ചു പോന്നു.
21 ആ കാരണത്താൽ യഹൂദന്മാർ ദൈവാലയത്തിൽ വെച്ച് എന്നെ പിടിച്ചു
22 വധിപ്പാൻ നോക്കി. എന്നാൽ ദൈവത്തിന്റെ സഖ്യം ലഭിച്ചിട്ടു ഞാൻ
ഇന്നേയോളം നില്ക്കയും ചെറിയവനാലും വലിയവനാലും (നല്ല) സാക്ഷ്യം
23 ലഭിക്കയും ചെയ്യുന്നു. മശീഹ കഷ്ടപ്പെടേണ്ടിയവനൊ മരിച്ചവരുടെ ഉത്ഥാ
നത്തിൽനിന്നു മുമ്പനായി ജനത്തിനോടും ജാതികളോടും വെളിച്ചം പ്രസ്താ
പിപ്പാനുള്ളവനൊ ഇത്യാദി ഉണ്ടാവാനുള്ള പ്രകാരം പ്രവാചകന്മാരും മോ
ശയും ഉരെച്ചവ ഒഴികെ ഒന്നും ചൊല്ലുന്നതും ഇല്ലല്ലൊ.

24 എന്നിവപ്രതിവാദിക്കയിൽ ഫേസ്തൻ മഹാശബ്ദത്തോടെ:പൌലെ, നി
ണക്കു ഭ്രാന്തായി! ശാസ്ത്രപെരിപ്പം നിന്നെ ബുദ്ധിഭ്രമത്തിലാക്കുന്നു! എ
25 ന്നു പറയുന്നു. അവനൊ പറഞ്ഞിതു: ഉത്തമ ഫേസ്തു! എനിക്കു ഭ്രാന്തില്ല;
26 സത്യവും സുബോധവും ഉള്ള മൊഴികളെ ഉച്ചരിക്കെ ഉള്ളു. രാജാവ് താനും
ഇവ ബോധിക്കുന്നവനാകയാൽ അവനോട് ഞാൻ പ്രാഗത്ഭ്യത്തോടെ ഉ
രിയാടുന്നു; ഇവ ഒട്ടും അവന് മറഞ്ഞു കിടക്കുന്ന പ്രകാരം തോന്നുന്നില്ല;
27 ആയതു കോണത്തു വ്യാപരിച്ചിട്ടുള്ളതുമല്ല. അഗ്രിപ്പാരാജാവെ! പ്രവാച
കന്മാരെ വിശ്വസിക്കുന്നുവൊ? നീ വിശ്വസിക്കുന്നു എന്നറിയുന്നു. എന്ന
28 പ്പോൾ അഗ്രിപ്പാ പൌലിനോട്: ചുരുക്കം (വാക്കു) കൊണ്ടു ക്രിസ്ത്യാന
29 നാവാൻ എന്നെ സമ്മതിപ്പിക്കുന്നു എന്നു പറഞ്ഞാറെ: നീ മാത്രമല്ല, ഇ
ന്നു എന്നെ കേൾക്കുന്നവരും ഒക്കയും ഈ ചങ്ങലകളും എന്നിയെ ഞാനാകു
ന്നപ്രകാരം ചുരുക്കം കൊണ്ടൊ അധികം കൊണ്ടൊ ആകേണ്ടതിന്നു ഞാൻ
ദൈവത്തെ പ്രാർത്ഥിക്കുമായിരുന്നു എന്നു പൌൽ പറഞ്ഞു.

30 അതു ചൊല്ലിയാറെ രാജാവ് നാടുവാഴി ബെരനീക്ക ഇവർ കൂടെ ഇരു
ന്നവരുമായി എഴുനീറ്റു വാങ്ങിപ്പോയി: ഈ മനുഷ്യൻ മരണത്തിനാകട്ടെ
31 ചങ്ങലകൾക്കാകട്ടെ, യോഗ്യമായത് ഒന്നും ചെയ്യാത് എന്നു തങ്ങളിൽ
32 ചൊല്ലിക്കൊണ്ടിരുന്നു. കൈസരെ അഭയം ചൊല്ലീട്ടില്ലെങ്കിൽ അഴിച്ചു
വിടുവാൻ സംഗതി ഉണ്ടായിരുന്നു എന്ന് അഗ്രിപ്പാ ഫേസ്തനോടു പറക
യും ചെയ്തു.

27. അദ്ധ്യായം

റോമയിലേക്ക് കപ്പൽ യാത്രയും, (14) കൊടുങ്കാറ്റിന്റെ ശേഷം, (27) കപ്പൽ ചേതത്തിൽനിന്നു രക്ഷയും.

1 അനന്തരം ഞങ്ങൾ ഇതല്യെക്കാമാറ് ഓടേണം എന്നു കല്പനയായപ്പോൾ,
പൌൽ മുതലായ ചില തടവുകാരെ ഔഗുസ്ത്യ പട്ടാളത്തിലെ ശതാധിപ
2 നായ യൂല്യനിൽ ഭരമേല്പിച്ചു. ഞങ്ങൾ മക്കെദോന്യയിലെ തെസ്സലനീക്ക
ക്കാരനായ അരിസ്തർഹൻമായി അദ്രമുത്യ കപ്പൽ ഏറീട്ട് ആസ്യയിലുള്ള
3 സ്ഥലങ്ങളിൽ പോയി അണവാൻ ഭാവിച്ചു പായിട്ടോടി. പിറെന്നു ചി
ദോനിൽ എത്തിയാറെ, യൂല്യൻ പൌലിൽ മാനുഷഭാവം കാട്ടി, സ്നേഹി
4 തരെ പോയിക്കണ്ടു, സല്ക്കാരം ലഭിപ്പാൻ അനുവദിച്ചു. അവിടുന്നു നീ
ക്കി കാറുകൊണ്ടു പ്രതികൂലമാകയാൽ, കുപ്രദ്വീപിനെ ഇടത്തിട്ട് ഓടി;
5 കിലികൃ, പംഫല്യത്തുകടലിലുള്ള സമുദ്രത്തൂടെ ചെന്നു, ലുക്കിയയിലെ
6 മുരെക്കൽ എത്തി അവിടെ ശതാധിപൻ ഒർ അലക്ഷന്ത്ര്യകപ്പൽ ഇതല്യെക്ക്
7 ഓടുമാറായതു കണ്ടു, ഞങ്ങളെ അതിൽ കരേറ്റിയ ശേഷം ബഹു ദിവസം
കൊണ്ടു പതുക്കെ ഓടി ക്നീദത്തുകടലിൽ ദുഃഖേന എത്തീട്ടു കാറ്റു ഹേതു
വായി അട്ടത്തു കൂടായ്കയാൽ ശല്മോനെക്കു നേരെ ക്രേതയോട് എത്തി,
8 പണിപ്പെട്ടു കരെക്കു ചാരി മുല്ലുകടൽ, ലസയപുരി സമീപമുള്ള ശുഭതുറമുഖം
9 എന്ന സ്ഥലത്തേക്കു വന്നു. ഇങ്ങിനെ വളരെ കാലം ചെന്നശേഷം (പരി
ഹാരനാളിലെ) നോമ്പും കഴിഞ്ഞിരിക്കെ കപ്പലോട്ടത്തിന്നു വൈഷമ്യം
10 നേരിടുക കൊണ്ടു പൌൽ അവരോട് ഉണർത്തി ചൊല്ലിയതു: പുരുഷന്മാ
രെ! ഈ യാത്ര ചെന്നാൽ അഹങ്കാരമുള്ളതും ചരക്കിന്നും കപ്പലിന്നും മാത്രമ
11 ല്ല നമ്മുടെ പ്രാണങ്ങൾക്കും ഏറിയ ഹാനി വരുത്തുന്നതുമായി കാണുന്നു.
എന്നു പൌൽ പറഞ്ഞതിനേക്കാൾ ശതാധിപൻ മാലുമിയേയും കപ്പലാളിയേ
12 യും അധികം വിശ്വസിച്ചു പോയി. പിന്നെ ആ തുറമുഖം ഹിമകാലം പാ
ർപ്പാൻ ഹിതമല്ലായ്കയാൽ മിക്കപേരും ആലോചിച്ചു: ഇവിടെ നിന്നും
ഓടി തെക്കുപടിഞ്ഞാറും വടക്കുപടിഞ്ഞാറും തുറന്നുള്ള ഫൊയ്നിക്ക് എ
ന്ന ക്രേത ബന്തരിൽ എത്തി ഹിമകാലം പാർപ്പാൻ നോക്കുക എന്നു വെച്ചു,
13 തെന്നൽ കാറ്റു മന്ദമായി ഊതുകയാൽ, ഭാവിച്ചതു സാധിച്ചു കൂടി എന്നു
തോന്നി (ഇരിമ്പ്) എടുത്തു ക്രേതയോട് അധികം സമീപത്തിൽ ഓടി.
14 ഏറ നേരം കഴിയാതെ ഈശാനമൂല എന്നുള്ളതിൽനിന്നു വിശറു കാറ്റ് അ
15 തിന്മേൽ തട്ടി. അന്നു പടകു കാറ്റിന്റെ നേരെ നില്പാൻ കഴിയാതെ
പറിക്കുമ്പോലെ പോയാറെ, ഞങ്ങൾ വെറുതെയിരുന്നു പാറിപ്പോയി,
16 ക്ലൌദ തുരുത്തിയോട് അരികെ ഓടീട്ട് തോണിയെ പ്രയാസത്തോടെ
കൈക്കലാക്കി വലിച്ചു കയറ്റിയപ്പോൾ, അവർ പടകു ചുറ്റിക്കെട്ടിക്കൊ
17 ണ്ടും മറും ഉറപ്പുകൾ വരുത്തി; പിന്നെ മണത്തിട്ടമേൽ അകപ്പെടുമൊ എ
18 ന്നു പേടിച്ചു, പായി ഇറക്കി പാറിപ്പോയി; ശേഷം ഞങ്ങൾ കൊടുങ്കാ
റ്റിനാൽ അത്യന്തം വലയുന്നതുകൊണ്ട്, പിറെന്ന് അവർ ചരക്ക് പുറ
19 ത്ത് എറിഞ്ഞു. മൂന്നാന്നാൾ ഞങ്ങളും കൈയിട്ട കപ്പൽക്കോപ്പുകളെ കട
20 ലിൽ ഇട്ടുകളഞ്ഞു. പല നാളും ആദിത്യനും നക്ഷത്രങ്ങളും കാണാതെ, ചെ
റുതല്ലാത്ത കൊടുങ്കാറ്റ് അടിച്ചു പോരുമ്പോൾ ഞങ്ങൾ രക്ഷപെടും എന്നു
21 ള്ള പ്രത്യാശ ഒക്കയും മറഞ്ഞുപോയി. മിക്കതും ഭക്ഷണം വേണ്ടാതെ ഇരി
ക്കുമ്പോൾ, പൌൽ അവരുടെ നടുവിൽ നിന്നുകൊണ്ടു പറഞ്ഞിതു: പുരുഷ
ന്മാരെ, എന്റെ ചൊൽ കേട്ടു ക്രേതയിൽനിന്നു നീക്കാതെ ഈ കഴുക്കും
22 ഹാനിയും വിലക്കി നില്ക്കേണ്ടതായിരുന്നു. ഇപ്പോഴോ സുഖമനസ്സോടെ
ഇരിപ്പാൻ നിങ്ങളെ ഉണർത്തുന്നു; കപ്പലിന്നല്ലാതെ നിങ്ങളുടെ പ്രാണന്
23 ഒന്നിന്നും ചേതം വരികയില്ല പോൽ. എന്നോടാകട്ടെ, ഈ രാത്രിയിൽ

ഞാൻ ഉടയതും ഉപാസിക്കുന്നതും ആയുള്ള ദൈവത്തിന്റെ ദൂതൻ എത്തി
24 നിന്നു: പൌലെ, ഭയപ്പെടായ്ക! നീ കൈസരുടെ മുമ്പിൽ നില്ക്കേണ്ടതു! കണ്ടാലും നിന്നോടുകൂടെ ഓടുന്നവരെ ഒക്കെയും ദൈവം നിണക്കു സ
25 മ്മാനിച്ചിട്ടുണ്ടു എന്നു പറഞ്ഞു. അതുകൊണ്ടു പുരുഷന്മാരെ! സുഖമനസ്സോടെ ഇരിപ്പിൻ! എന്നോടു് അരുളിച്ചെയ്തപ്രകാരം തന്നെ ആകും എന്നു
26 ഞാൻ ദൈവത്തിങ്കൽ വിശ്വസിക്കുന്നു സത്യം. പിന്നെ നാം വല്ല തുരു
27 ത്തിമേൽ തട്ടേണ്ടുന്നതാകുന്നു. എന്നിട്ടു പതിനാലാം രാത്രിയായാറെ, അദ്രിയ കടലൂടെ അലയുമ്പോൾ, നടുരാത്രെ കപ്പൽക്കാർക്കു വല്ല ഭൂമി
28 യും അണയുന്നപ്രകാരം തോന്നി ഈയം ഇട്ടു് ഇരുപതു മാർ എന്നു കണ്ടു; കുറയ അപ്പുറംപോയി എറിഞ്ഞാറെ പതിനഞ്ചു മാർ കണ്ടു.
29 തങ്ങൾ പാറസ്ഥലങ്ങളിൽ അകപ്പെടും എന്നു പേടിച്ചു് അമരത്തു നിന്നു
30 നാലു് നങ്കൂരം ഇട്ടു പകലായാൽ കൊള്ളാം എന്നിരുന്നു. അനന്തരം കപ്പലു്ക്കാർ പടകുവിട്ടു പാഞ്ഞു പോവാൻ ഭാവിച്ചു് അണിയത്തിങ്കൽനിന്നു നങ്കൂരങ്ങൾ ഇടുവാനുണ്ടു എന്നൊരു ഹേതു ചൊല്ലി, തോണിയെ കടലിൽ ഇറ
31 ക്കി വിട്ടാറെ, പൌൽ ശതാധിപനോടും സേവകരോടും: ഇവർ പടകിൽ
32 വസിച്ചിട്ടല്ലാതെ, നിങ്ങൾക്കു രക്ഷപെടുവാൻ കഴികയില്ല എന്നു പറഞ്ഞ ഉടനെ, സേവകർ തോണിയുടെ കയറുകളെ അറുത്തു ആയതിനെ വീഴിച്ചു
33 വിട്ടു. പുലരുവാൻ ആകുന്നവരെക്കു് എല്ലാവരും ആഹാരം പെരുമാറേണ്ടതിന്നു പൌൽ പ്രബോധിപ്പിച്ചു: ഇന്നു പതിനാലാം ദിവസം ആയി, നിങ്ങൾ ഒന്നും വാങ്ങാതെ, പട്ടിണിയായ്തന്നെ പാർക്കുന്നതു. ആ
34 കയാൽ നിങ്ങളുടെ രക്ഷെക്കു് ഉതകുന്നതാകകൊണ്ടു് ആഹാരം കൈക്കൊൾവാൻ നിങ്ങളോടു് അപേക്ഷിക്കുന്നു; നിങ്ങൾ ആർക്കും തലയിലെ
35 ഒരു രോമവും കെട്ടു പോകാതു നിശ്ചയം. എന്നു ചൊല്ലി അപ്പം എടുത്തു
36 കൊണ്ടു് എല്ലാവരും കാൺക ദൈവത്തെ വാഴ്ത്തീട്ടു നുറുക്കി തിന്നു തുടങ്ങി.
37 എല്ലാവരും മനം തെളിഞ്ഞു് ആഹാരം കൈക്കൊണ്ടു. ഞങ്ങൾ ആകട്ടെ, കപ്പലിൽ ഇരുന്നതു് ആകെ ഇരുനൂറെഴുപത്താറു ദേഹികൾ തന്നെ. ഭക്ഷ
38 ണം അവർ മതിയാക്കിയ ശേഷം ധാന്യത്തെ കടലിൽ കളഞ്ഞു പടകിന്റെ ഭാരം കുറെച്ചു. പുലർന്നപ്പോൾ ദേശത്തെ അറിഞ്ഞിട്ടില്ല എങ്കിലും
39 (നല്ല) കരയുള്ളൊരു മൂലയെ കണ്ടു കഴിവെങ്കിൽ പടകിനെ ഇതിലേക്കു്
40 ചെലുത്തേണം എന്നു ഭാവിച്ചു. നങ്കൂരങ്ങളെ മുറിച്ചു കടലിൽ വിട്ടു ചുക്കാന്റെ കെട്ടുകളേയും അഴിച്ചു, പിമ്പായ കാറ്റൂതുന്നതിന്റെ നേരെ വിരി
41 ച്ചു കരെക്കു് പിടിച്ചോടി. എന്നാറെ മാട്ടുള്ള സ്ഥലത്തു് അകപ്പെട്ടു കപ്പലിനെ മുട്ടിച്ചപ്പോൾ അണിയം ഊന്നിപോയി, കുലുങ്ങാതെ നിന്നു; അ
42 മരം തിരകളുടെ കേമത്താൽ അഴിഞ്ഞഴിഞ്ഞു. അപ്പോൾ ഒരു തടവുകാരനും നീന്തികൊണ്ടു തെറ്റി പോകായ്വാൻ അവരെ കൊല്ലേണം എന്നു
43 സേവകന്മാർ തങ്ങളിൽ നിരൂപണം തുടങ്ങിയാറെ, ശതാധിപൻ പൌലിനെ രക്ഷിപ്പാൻ ഇച്ഛിച്ചിട്ടു് അവരുടെ നിരൂപണം തടുത്തു, നീന്തുവാൻ കഴിയുന്നവർ മുമ്പെതന്നെ ചാടി കരെക്കു ചെല്ലുക, ശേഷമുള്ളവർ പ
44 ലകകളുടെ മേലും ചിലർ കപ്പലുടെ ഖണ്ഡങ്ങളുടെ മേലും തെറ്റിപ്പോക എന്നു കല്പിച്ചു. അപ്രകാരം എല്ലാവരും കരമേൽ എത്തി, രക്ഷപെടുവാൻ സംഗതി വന്നു.

28. അദ്ധ്യായം

പൌൽ മലിതയിൽ വ്യാപരിച്ചതും, (11) യാത്രയുടെ അവസാനവും, (16) രോമയിൽ സുവിശേഷിച്ചതും.

1 രക്ഷപെട്ട ശേഷം തുരുത്തിയുടെ പേർ മലിത എന്നു ഞങ്ങൾ ഗ്രഹിച്ചു.

2 അതിലെ മ്ലേച്ഛന്മാർ നടപ്പല്ലാത്ത മാനുഷഭാവം കാട്ടികൊണ്ടു തടികത്തി
ച്ചുശേഷം തട്ടുന്ന മഴയും ശീതവും വിചാരിച്ചു ഞങ്ങളെ ഒക്കയും കൈക്കൊ
3 ണ്ടു (പാർപ്പിച്ചു). അന്നു പൌൽ വിറകു പെറുക്കി കൂട്ടി തടിമേൽ ഇട്ടാറെ,
4 ഒർ അണലി ചൂടു ഹേതുവായി പുറപ്പെട്ടു അവന്റെ കൈക്കു പറ്റി. ആ
ജന്തു അവന്റെ കൈമേൽ തൂങ്ങുന്നതു മ്ലേച്ഛന്മാർ കണ്ടാറെ: ഈ മനുഷ്യൻ
എല്ലാംകൊണ്ടും കുലപാതകൻ ആകുന്നു; കടലിൽ നിന്നു രക്ഷവന്നിട്ടും നീ
തിദേവി അവനെ ജീവനോടെ വെക്കുന്നില്ല പോൽ, എന്നു തങ്ങളില്പറ
5 ഞ്ഞു. അവനൊ ജന്തുവിനെ തീയിൽ കുടഞ്ഞു കളഞ്ഞു തിന്മ ഒന്നും പറ്റാ
6 തെ ഇരുന്നു. ആയവർ അവൻ വീർക്കുന്നതെങ്കിലും. പെട്ടന്നു ചത്തുവീഴുന്നു
തെങ്കിലും കാത്തുനിന്നു വളരെ നോക്കി പാർത്തശേഷം വല്ലാത്തതു ഒന്നും
സംഭവിക്കാത്തപ്രകാരം കണ്ടിട്ടു മനസ്സു ഭേദിച്ചു അവൻ ദേവൻ എന്നു പറ
7 ഞ്ഞുപോയി. ആ സ്ഥലത്തിന്റെ ചുറ്റും ഉള്ളതിൽ പുബ്ലിയൻ എന്ന ദ്വീ
പ് പ്രധാനിക്കു ഒരു പറമ്പുണ്ടു; ആയവൻ ഞങ്ങളെ ചേർത്തുകൊണ്ടു മൂന്നു
8 ദിവസം മമതയോടെ അതിഥിസല്ക്കാരം ചെയ്തു. അന്നു പുബ്ലിയന്റെ അ
പ്പൻ പനികളും അതിസാരവും പിടിച്ചു കിടക്കുന്നുണ്ടു, അവന്റെ അടുക്ക
ലേക്കു പൌൽ അകമ്പുക്കു പ്രാർത്ഥിച്ചു കൈളെ അവന്മേൽ വെച്ചു സൌ
9 ഖ്യം വരുത്തുകയും ചെയ്തു. ആയ്തു സംഭവിച്ചാറെ: ദ്വീപിൽ രോഗമുള്ള
10 മറ്റെ ആളുകളും വന്നു ചേർന്നു സ്വസ്ഥത പ്രാപിച്ചു. അതിന്നു ഏറിയ
ബഹുമാനങ്ങളാൽ ഞങ്ങളെ മാനിച്ചു; ഞങ്ങം കപ്പലേറുന്ന സമയം ആവ
ശ്യമുള്ളവ വെച്ചു തരികയും ചെയ്തു.

11 മൂന്നു മാസം കഴിഞ്ഞിട്ടു ഞങ്ങം മിഥുനക്കുറിയുള്ള ഒർ അലക്ഷന്ത്ര്യ കപ്പ
ലിൽ കയറി; ആയതു ദ്വീപിൽ ശീതകാലം പാർത്തിട്ടിരുന്നു. അതിൽ
12 സുറക്കുസെക്കു ഓടി മൂന്നു നാം പാർത്തശേഷം, അവിടുന്നു ഞങ്ങം ചു
13 റ്റി ഓടി റെഗ്യത്തിൽ എത്തി. ഒരു ദിവസം പിന്നെ തെക്കെങ്കാറ്റുണ്ടായി
14 ട്ടു പിറ്റന്നു പുത്യൊലിയിൽ അണഞ്ഞു. അവിടെ സഹോദരന്മാരെ ക
ണ്ടാറെ, അവരോടുകൂടെ ഏഴു നാം പാർക്കേണം എന്നു അപേക്ഷ ഉണ്ടാ
15 യി. അപ്രകാരം ഞങ്ങം രോമയിൽ എത്തി. അവിടത്തെ സഹോദരന്മാ
രൊ ഞങ്ങളുടെ വർത്തമാനം കേട്ടാറെ അവ്യഫൊരും മുക്കുടിലുംവരെയും ഞ
ങ്ങളെ എതിരേല്പാൻ പുറത്തു വന്നു; ആയവരെ കണ്ടിട്ടു പൌൽ ദൈവത്തെ
വാഴ്ത്തി ധൈര്യം പ്രാപിക്കയും ചെയ്തു.

16 രോമയിൽ എത്തിയപ്പോം, ശതാധിപൻ തടവുകാരെ പടനായകനിൽ
ഏല്പിച്ചു കൊടുത്തു; പൌലിനൊ കാവലുള്ള ഒരു സേവകനോടു കൂടെ വേ
റിട്ടു വസിപ്പാൻ അനുവാദം ഉണ്ടായി. മൂന്നു ദിവസത്തിന്റെ ശേഷം അ
17 വൻ യഹൂദരിൽ മുതലാളികം ആയവരെ വരുത്തി കൂട്ടി അവർ ഒന്നിച്ചു
വന്നപ്പോം അവരോടു പറഞ്ഞിതു: സഹോദരരായ പുരുഷന്മാരെ! ഞാൻ
ജനത്തിനു എങ്കിലും പൈത്ര്യമര്യാദകംക്കു എങ്കിലും വിരോധം ഒന്നും
ചെയ്യാഞ്ഞിട്ടു; യരുശലേമിൽനിന്നു ബദ്ധനായി രോമരുടെ കൈയിൽ
18 ഏലപിക്കപ്പെട്ടു. ആയവർ വിസ്തരിച്ചാറെ, മരണസംഗതി ഒന്നും എന്നിൽ
19 ഇല്ലായ്കയാൽ, എന്നെ അഴിച്ചു വിടുവാൻ മനസ്സായി. യഹൂദർ എതിർ പ
റയുമ്പോം ഞാൻ കൈസരെ അഭയം ചൊല്ലേണ്ടി വന്നു; എന്റെ ജനത്തി
ന്റെ നേരെ വല്ല അന്യായവും ബോധിപ്പിപ്പാൻ ഉണ്ടെന്നില്ലതാനും. ഇതു
20 ഹേതുവായി നിങ്ങളെ കണ്ടു സംഭാഷിക്കേണം എന്നുവെച്ചു അപേ
ക്ഷിച്ചു കൊണ്ടതു; ഞാൻ ഈ ചങ്ങല പൂണ്ടു നില്ക്കുന്നതൊ ഇസ്രയേലി
21 ന്റെ പ്രത്യാശനിമിത്തം ആകുന്നു സത്യം. ആയവർ അവനോടു പറഞ്ഞു:
നിന്റെ സംഗതിക്കു യഹൂദയിൽനിന്നു ഞങ്ങൾക്കു എഴുത്തു വന്നിട്ടില്ല;
സഹോദരരിൽ ആരും വന്നു നിന്നെകൊണ്ടു വല്ല തിന്മയും അറിയിച്ചതും
22 ഇല്ല. എങ്കിലും ഈ മതഭേദത്തിന്നു ഏല്ലാടവും എതിർ പറയുന്നപ്രകാരം
ഞങ്ങൾക്കു അറിയായ്വന്നതിനാൽ നീ കരുതുന്നതു ഇന്നതു എന്നു

23 നിന്നിൽനിന്നു കേൾപാൻ കാംക്ഷിക്കുന്നു. എന്നാറെ അവനു് ഒരു ദിവസം
നിശ്ചയിച്ച ശേഷം പലരും അതിഥിഭവനത്തിൽ അവന്റെ അടുക്കെ
വന്നു; ആയവരോടു് അവൻ ദേവരാജ്യത്തിന്നു സാക്ഷ്യം ചൊല്ലി മോശ
ധർമ്മത്തിൽ നിന്നും പ്രവാചകരിൽനിന്നും യേശുവിന്റെ വർത്തമാനങ്ങ
ളെ തെളിയിച്ചുകൊണ്ടു പുലർച്ചമുതൽ സന്ധ്യയോളം വിവരിച്ചു പോന്നു.
24 പറയുന്നതിനാൽ ചിലർക്കു് സമ്മതിവന്നു; ചിലർ വിശ്വസിക്കാതെ
25 പോയി എന്നിട്ടു തങ്ങളിൽ ഒത്തുവരാതെ പിരിഞ്ഞു പോകുമ്പോൾ പൌൽ
പറഞ്ഞൊരു മൊഴി ആവിതു: വിശുദ്ധാത്മാവു് നമ്മുടെ പിതാക്കന്മാരോ
ടു യശയ്യാ പ്രവാചകന്റെ മുഖേന നന്നായി ചൊല്ലിയതു (യശ. 6, 9) ഈ
26 ജനത്തിന്റെ അടുക്കെ പോയി പറക: നിങ്ങൾ ചെവികേൾക്കും ഗ്രഹി
ക്കയില്ല താനും, കൺ കാണും ദർശിക്കയില്ല താനും, കാരണം ഈ ജനത്തി
ന്റെ ഹൃദയം സ്ഥൂലിച്ചതും അവർ ചെവികൊണ്ടു ദുഃഖേന കേൾക്കു
ന്നതും, കണ്ണുകൾ അടെച്ചിട്ടതും തന്നെ. അവർ കൺ കാണാതെയും, ചെ
27 വി കേളാതെയും, ഹൃദയംകൊണ്ടു ഗ്രഹിയാതെയും തിരിഞ്ഞു കൊള്ളാതെ
യും, ഞാൻ അവരെ സൌഖ്യമാക്കാതെയും, ഇരിക്കേണ്ടതിന്നത്രെ. എന്ന
28 തുകൊണ്ടു ദൈവത്തിന്റെ ഈ ത്രാണനം ജാതികൾക്കു് അയക്കപ്പെട്ടു; അ
വർ കേൾക്കയും ചെയ്യും എന്നു നിങ്ങൾക്കു് അറിഞ്ഞിരിക്ക! എന്നു് അ
29 വൻ പറഞ്ഞപ്പോൾ, യഹൂദന്മാർ തങ്ങളിൽ വളരെ തർക്കം ചെയ്തുകൊണ്ടു
പുറപ്പെട്ടു.
30 അവനൊ കൂലിക്കു വാങ്ങിയ വീട്ടിൽ ഈരാണ്ടു മുഴുവൻ പാർത്തു, തന്നെ
31 കാണ്മാൻ വരുന്നവരെ ഒക്കയും കൈക്കൊണ്ടു, എല്ലാ പ്രാഗത്ഭ്യത്തോടും
കൂടെ ദേവരാജ്യത്തെ ഘോഷിച്ചും കർത്താവായ യേശുക്രിസ്തുനെ കുറിച്ചു
ള്ളവ മുടക്കം വരാതെ ഉപദേശിച്ചും കൊണ്ടിരുന്നു.

THE EPISTLE PAUL

THE APOSTLE TO THE ROMANS

പൌൽ അപോസ്തലൻ

രോമർക്ക്

എഴുതിയ ലേഖനം

1. അദ്ധ്യായം

പൌലിന്റെ വിളി. (8) സുവിശേഷത്തിൽ വെളിപ്പെട്ട വിശ്വാസത്താലെ നീതി, (18. 3, 20.) കോപത്തിൽ ഉൾപ്പെട്ട ജാതികൾക്കു വേണം എന്നുള്ളതു.

1 ദൈവം മുമ്പെ വിശുദ്ധ എഴുത്തുകളിൽ തന്റെ പ്രവാചകരെകൊണ്ടു
വാഗ്ദത്തം ചെയ്തതായി സ്വപുത്രനും നമ്മുടെ കർത്താവും ആയ യേശുക്രിസ്തു
2 നെ സംബന്ധിച്ചുള്ള സുവിശേഷത്തിന്നായി വേറുതിരിച്ചു, വിളിക്കപ്പെട്ട
3 അപോസ്തലനും യേശുക്രിസ്തന്റെ ദാസനുമായ പൌൽ. റോമയിൽ ദേവ
പ്രിയരും വിളിക്കപ്പെട്ട വിശുദ്ധരും ആയവർക്കു് എല്ലാം (എഴുതുന്നതു.)
നമ്മുടെ പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശുക്രിസ്തുനിൽ
4 നിന്നും നിങ്ങൾക്കു് കൃപയും സമാധാനവും ഉണ്ടാക. ജഡപ്രകാരം ദാവീ
ദിൻ ബീജത്തിൽ നിന്നുണ്ടായും മരിച്ചവരിൽനിന്നു് എഴുനീല്പയാൽ വി
5 ശുദ്ധിയുടെ ആത്മപ്രകാരം ദേവപുത്രൻ എന്ന ശക്തിയോടെ നിർണ്ണയിക്ക
6 പ്പെട്ടും ഉള്ളവനാൽ, ഞങ്ങൾ അവന്റെ നാമത്തിന്നായി എല്ലാജാതികളി
ലും വിശ്വാസത്തിന്നു് അനുസരണം വരുത്തേണ്ടതിന്നു കൃപയെയും അ
7 പോസ്തലത്വത്തെയും പ്രാപിച്ചു. ആയവനിൽ നിങ്ങളും യേശുക്രിസ്തുനായി
8 വിളിക്കപ്പെട്ടവരാകുന്നു:ല്ലൊ. ഒന്നാമതു് നിങ്ങളുടെ വിശ്വാസം സർവ്വലോ
കത്തിലും പ്രസ്താപിക്കപ്പെടുന്നതാൽ എന്റെ ദൈവത്തിന്നു നിങ്ങൾ എ
9 ല്ലാവർക്കും വേണ്ടി, യേശുക്രിസ്തുമൂലം സ്തോത്രം ചെയ്യുന്നു. ഞാൻ ഇടവിടാ
തെ നിങ്ങളെ ഓർത്തുംകൊണ്ടു് എപ്പോഴും എങ്കിലും നിങ്ങളുടെ ഇടയിൽ
വരുവാൻ, ദൈവേഷ്ടത്താൽ സാധിക്കുമൊ എന്നു് എന്റെ പ്രാർത്ഥനകളിൽ
10 എപ്പോഴും യാചിക്കുന്നു എന്നുള്ളതിനും; അവന്റെ പുത്രനെകൊണ്ടുള്ള സു
വിശേഷത്തിങ്കൽ ഞാൻ എൻ ആത്മാവിൽ ഉപാസിക്കുന്ന ദൈവം എനി
11 ക്കു സാക്ഷി. ഞാൻ നിങ്ങളുടെ സ്ഥിരീകരണത്തിന്നായി ആത്മികവരം
വല്ലതിനേയും നിങ്ങൾക്കു നല്കുണ്ടതിന്നല്ലൊ നിങ്ങളെ കാണ്മാൻ വാ
12 ഞ്ഛിക്കുന്നു. അതോ നിങ്ങൾക്കും എനിക്കും തമ്മിലുള്ള വിശ്വാസ
ത്താൽ നിങ്ങളോടു കൂട പ്രബോധനം എനിക്കും വരുവാൻ തന്നെ. എന്നാൽ
13 സഹോദരന്മാരെ എനിക്കു ശേഷം ജാതികളിൽ ഉള്ളപോലെ നിങ്ങളിലും
വല്ലഫലവും ഉണ്ടാകേണ്ടതിന്നു് അങ്ങു വരുവാൻ പലപ്പോഴും ഭാവിച്ചു എ
ന്നും, ഇതുവരെ മുടക്കംവന്നു എന്നും നിങ്ങൾ ബോധിക്കാതിരിക്കരുതു് എ
14 ന്നു് ആഗ്രഹിക്കുന്നു.യവനർക്കും മ്ലേച്ഛർക്കും ജ്ഞാനികൾക്കും ബുദ്ധിഹീനർക്കും
15 ഞാൻ കടക്കാരനാകുന്നു. അപ്രകാരം രോമയിലുള്ള നിങ്ങളോടും സുവിശേ
16 ഷിപ്പാൻ എന്നാൽ ആകുംവണ്ണം മുതിർച്ച ഉണ്ടു. സുവിശേഷത്തിൽ എനി
ക്കു ലജ്ജയില്ലല്ലൊ! കാരണം അതു വിശ്വസിക്കുന്നവനു് ഒക്കയും മുമ്പെ

യഹൂദനും പിന്നെ യവനനും രക്ഷെക്കായ ദേവശക്തി ആകുന്നു. അതിൽ
17 ആകട്ടെ, വിശ്വാസത്തിൽനിന്ന വിശ്വാസത്തിന്നുള്ള ദേവനീതിവെളി
പ്പെടുന്നത്; (ഹബ. 2, 4.) വിശ്വാസത്താലെ നീതിമാൻ ജീവിക്കും എ
ന്ന് എഴുതിയിരിക്കുന്ന പ്രകാരം തന്നെ.
18 എങ്ങിനെ എന്നാൽ നീതിക്കേടുകൊണ്ടു സത്യത്തെ തടുക്കുന്ന മനുഷ്യരു
ടെ സകല അഭക്തിയിലും നീതിക്കേടിലും ദൈവകോപം സ്വർഗ്ഗത്തിൽനി
19 ന്നുവെളിപ്പെട്ടുവരുന്നു. അവർക്കു ദൈവം പ്രകാശിപ്പിച്ചതിനാലല്ലൊ, ഭൂ
20 വത്തിങ്കൽ അറിയായ്വന്നത് അവരിൽ സ്പഷ്ടമാകുന്നതു കൊണ്ടത്രെ. എ
ന്തെന്നാൽ അവന്റെ ശാശ്വതശക്തിയും ദിവ്യതവും ആയി, അവന്റെ
കാണാത്ത (ഗുണങ്ങൾ) ലോകസൃഷ്ടി മുതൽ പണികളാൽ ബുദ്ധിക്കു തി
രിഞ്ഞു കാണായ്വരുന്നത് അവർ പ്രതിവാദം ഇല്ലാതെ ആവാന്തന്നെ.
21 കാരണം ദൈവത്തെ അറിഞ്ഞിട്ടും ദൈവം എന്നു മഹത്വീകരിക്കയും കൃത
ജ്ഞരാകയും ചെയ്യാതെ, തങ്ങളുടെ നിരൂപണങ്ങളിൽ വ്യർത്ഥരായിതീർ
22 ന്നു ബോധമില്ലാത്ത അവരുടെ ഹൃദയം ഇരുണ്ടു പോകയും ചെയ്തു. ജ്ഞാ
നികൾ എന്നു ചൊല്ലികൊണ്ടു അവർ മൂഢരായിപോയി. കെടാത്ത ദൈ
23 വത്തിൻ തേജസ്സിനെ കേടുള്ള മനുഷ്യൻ, പക്ഷി, പശു, ഇഴജാതി ഇവറ്റിൻ
24 രൂപസാദൃശ്യത്തോടു പകർന്നു കളകയും ചെയ്തു. ആയ്തുകൊണ്ടത്രെ ദൈവം അ
വരുടെ ഹൃദയങ്ങളിലെ മോഹങ്ങളിൽ സ്വശരീരങ്ങളെ തങ്ങളിൽ അപമാ
25 നിക്കേണ്ടതിന്ന് അവരെ അശുദ്ധിയിൽ ഏല്പിച്ചതു. അവർ ദേവത്വ
ത്തെ കള്ളത്തോടു പകർന്നുകളഞ്ഞു. സൃഷ്ടിച്ചവനേക്കാൾ സൃഷ്ടിയെ ഭജി
ച്ച് ഉപാസിച്ചു പോകയാൽ തന്നെ; ആയവനെ യുഗങ്ങളോളം വാഴ്ത്തപ്പെ
26 ട്ടവൻ ആമെൻ. അതുകൊണ്ടു ദൈവം അവരെ അപമാനരാഗങ്ങളിൽ ഏ
ല്പിച്ചു; അവരുടെ പെണ്ണുങ്ങൾ ആകട്ടെ, സ്വാഭാവികമായ അനുഭോഗ
27 ത്തെ സ്വഭാവവിരുദ്ധമായതാക്കിമാറ്റി. അവ്വണ്ണം ആണുങ്ങളും പെണ്ണി
ന്റെ സ്വഭാവാനുഭോഗത്തെ വിട്ടു, തങ്ങളിൽ തന്നെ കാമത്തീകത്തി, ആ
ണോട് ആൺ ശീലക്കേടു നടത്തി, ഇങ്ങിനെ തങ്ങളുടെ ഭ്രമത്തിന്നു യോ
ഗ്യമായ പ്രതിഫലത്തെ തങ്ങളിൽ തന്നെ പ്രാപിച്ചു. പിന്നെ ദൈവത്തെ
28 പരിജ്ഞാനത്തിൽ ധരിപ്പാൻ തോന്നാഞ്ഞതിന്നു തക്കവണ്ണം ദൈവം അവ
29 രെ പറ്റാത്തവ ചെയ്വാൻ കൊള്ളരുതാത്ത ബുദ്ധിയിൽ ഏല്പിച്ചു
കളഞ്ഞു. എല്ലാ അനീതി, ദുഷ്ടത, ലോഭം, വേണ്ടാതനവും നിറഞ്ഞും;
30 അസൂയ, കൊല, പിണക്കം, കപടം, ദുശ്ശീലം ഇവ തിങ്ങിവസ്സും; മുരുംച
ക്കാർ, കുരളക്കാർ, ദേവകുത്സിതർ, സാഹസക്കാർ, ഗർവ്വികൾ, പൊങ്ങ
ച്ചക്കാർ പുതുദോഷങ്ങളെ സങ്കല്പിക്കുന്നവർ, പെറ്റവരെ അനുസരിയാ
31 ത്തവർ. ബുദ്ധിഹീനർ, സഖ്യഭംഗികൾ, അവത്സലർ, ഇണങ്ങാത്തവർ,
32 കനിവറ്റവർ, തന്നെ. അവരാകട്ടെ ഈവക പ്രവൃത്തിക്കുന്നവർ മരണ
ത്തിന്നു പാത്രം എന്നുള്ള ദേവന്യായത്തെ അറിഞ്ഞിട്ടും അവ ചെയ്യുന്നതല്ലാ
തെ പ്രവൃത്തിക്കുന്നവരെ രസിച്ചും സമ്മതിക്കുന്നു.

2. അദ്ധ്യായം

യഹൂദരും, (12)സമമായ കോപത്തിൽ ഉൾപെട്ടു, (17) ജഡവിശ്വാസ
ത്താൽ നിസ്സാരർ എന്നുള്ളതു.

1 **ആ**കയാൽ ന്യായം വിധിക്കുന്ന ഏതു മനുഷ്യനും ആയുള്ളോവെ! നി
ണക്ക് പ്രതിവാദം ചൊലവാൻ ഇല്ല; എങ്ങിനെ എന്നാൽ അന്യനു വി
സ്താരിക്കുന്നതിൽ തന്നെ നിന്നെ നീ താൻ വിധിച്ചു കളയുന്നു: വിസ്താരിക്കു
2 ന്ന നീയും അവ തന്നെ പ്രവൃത്തിക്കുന്നുവല്ലൊ. ആ വക പ്രവൃത്തിക്കുന്നവ
3 രിൽ ദേവവിധി സത്യപ്രകാരം തട്ടുന്നു എന്നും നാമറിയുന്നു. അല്ലയൊ,

ആ വക പ്രവൃത്തിക്കുന്നവർക്കു വിസ്തരിച്ചും, താനും അവ ചെയ്തും കൊള്ള
ന്ന മനുഷ്യനായുള്ളോവേ! നീ ദേവവിധിക്കു തെറ്റി ഒഴിയും എന്നു നിനെ
4 ക്കുന്നുവൊ? അല്ല ദൈവത്തിന്റെ ദയ നിന്നെ മാനസാന്തരത്തിലേക്കു ന
ടത്തുന്നു എന്നു ബോധിക്കാതെ, അവന്റെ ദയ, പൊറുതി, ദീർഘക്ഷാന്തി
5 ഇവറ്റിൻ ധനത്തെ നിരസിക്കുന്നുവൊ? എന്നാൽ നിന്റെ കാഠിന്യത്താലും
അനുതപിക്കാത്ത ഹൃദയത്തിനാലും നീ ദൈവത്തിൻ ന്യായവിധി വെളി
6 പ്പെടുന്ന കോപദിവസത്തിൽ നിണക്കു തന്നെ കോപത്തെ ചരതിക്കുന്നു. ആ
യവൻ ഓരോരുത്തന്നു അവനവന്റെ ക്രിയകൎക്കു തക്ക പകരം ചെയ്യും. നല്ല
7 ക്രിയയിലെ ക്ഷാന്തി പൂണ്ടു, തേജസ്സും മാനവും അക്ഷയതയും അന്വേഷിക്കു
8 ന്നവക്കു നിത്യജീവനേയും; ശാഠ്യം പൂണ്ടു സത്യത്തെ വഴിപ്പെടാതെ, അനീ
9 തിയെ അനുസരിക്കുന്നവർക്കു കോപക്രോധങ്ങളേയും (കൊടുക്കും). തിന്മ
യെ പ്രവൃത്തിക്കുന്ന ഏതു മനുഷ്യാത്മാവിന്മേലും സങ്കടവും ഇടുക്കും മുമ്പെ
10 യഹൂദനും പിന്നെ യവനനും; നന്മയെ പ്രവൃത്തിക്കുന്ന ഏവനും തേജസ്സും
മാനവും സമാധാനവും മുമ്പെ യഹൂദനും പിന്നെ യവനനും തന്നെ. ദൈവ
11 ത്തിൻ പക്കൽ മുഖപക്ഷം ഇല്ലല്ലൊ. ധർമ്മവെപ്പു എന്നിയെ പിഴെ
12 ച്ചവർ ഒക്കയും ധർമ്മം എന്നിയെ നശിച്ചു പോകും. ധർമ്മത്തിങ്കീഴു
13 പിഴച്ചവർ ഒക്കയും ധർമ്മത്താൽ വിധിക്കപ്പെടുകയും ചെയ്യും. (ധർമ്മ
14 ത്തെ കേൾക്കുന്നവരല്ലല്ലൊ ദൈവത്തോടു നീതിമാന്മാർ, ധർമ്മത്തെ ചെ
15 യ്യുന്നവരത്രെ നീതീകരിക്കപ്പെടും. ധർമ്മമില്ലാത്ത ജാതികളും ധർമ്മത്തിൽ
കുലുപിച്ചവ സ്വഭാവത്താൽ ചെയ്യുന്തോറും ഇങ്ങിനെ ധർമ്മമില്ലാതിരി
ക്കുന്നവർ തങ്ങൾക്കു തന്നെ ധർമ്മമാകുന്നു; ധർമ്മത്തിൻ ക്രിയ തങ്ങളുടെ
ഹൃദയങ്ങളിൽ എഴുതി കിടക്കുന്നപ്രകാരം കാട്ടി ഒപ്പിക്കുന്നുവല്ലൊ; അവരു
ടെ മനോബോധവും കൂട സാക്ഷ്യം കൊടുക്കുന്നു അവക്കു തമ്മിൽ വിചാര
16 ങ്ങൾ കുറ്റം ചുമത്തുകയും പ്രതിവാദം ചൊല്ലുയും ചെയ്യും). ദൈവം യേശു
ക്രിസ്തുനെകൊണ്ടു മനുഷ്യരുടെ രഹസ്യങ്ങൾക്കു എന്റെ സുവിശേഷപ്രകാ
രം ന്യായം വിധിക്കും നാളിൽ തന്നെ.

17 നീയൊ യഹൂദൻ എന്ന പേർകൊണ്ടും, ധർമ്മത്തിൽ ഊന്നി ആശ്രയി
18 ച്ചും, ദൈവത്തിൽ പ്രശംസിച്ചും, ധർമ്മത്തിൽനിന്നു പഠിക്കയാൽ (അവ
19 ന്റെ) ഇഷ്ടത്തെ അറിഞ്ഞും വിശിഷ്ടങ്ങളെ സമ്മതിച്ചും, നീ തന്നെ കുരുടക്കു
20 വഴി കാട്ടുന്നവൻ, ഇരിട്ടിലുള്ളവർക്കു വെളിച്ചം, മൂഢരെ അഭ്യസിപ്പിക്കുന്ന
വൻ, ശിശുക്കൾക്കു ഉപദേഷ്ടാവു എന്നും, സത്യത്തിന്റെയും ജ്ഞാനത്തി
ന്റെയും രൂപത്തെ ധർമ്മത്തിൽ ഗ്രഹിച്ചുള്ളവൻ എന്നും തേറിക്കൊണ്ടും ഇ
21 രിക്കുന്നു എങ്കിൽ, ഹേ അന്യനെ ഉപദേശിക്കുന്നവനെ! നിന്നെ തന്നെ ഉപ
22 ദേശിക്കാതിരിപ്പാൻ എന്തു? മോഷ്ടിക്കരുതു എന്നു ഘോഷിക്കുന്ന നീ
മോഷ്ടിക്കയൊ? വ്യഭിചാരം അരുതു എന്നു പറയുന്ന നീ വ്യഭിചരിക്ക
23 യൊ? വിഗ്രഹങ്ങളെ അറെക്കുന്ന നീ ക്ഷേത്രകവർച്ച ചെയ്കയൊ? ധർമ്മ
ത്തിൽ പ്രശംസിക്കുന്ന നീ ധർമ്മലംഘനത്താൽ ദൈവത്തെ അപമാനിക്ക
24 അത്രെ ചെയ്യുന്നു. (യശ. 52,5.) ദേവനാമം നിങ്ങൾ നിമിത്തം ജാതിക
25 ളിൽ ദുഷിക്കപ്പെടുന്നു എന്നു എഴുതിയപ്രകാരം തന്നെ. പരിഛേദനയൊ
നീ ധർമ്മത്തെ പ്രവൃത്തിച്ചാൽ ഉപകരിക്കുന്നു സത്യം; ധർമ്മലംഘി
26 ആയാൽ, നിന്റെ പരിഛേദന അഗ്രചർമ്മമായി പോയി. അഗ്രചർമ്മ
ക്കാരനൊ ധർമ്മന്യായങ്ങളെ കാത്തുകൊണ്ടാൽ അവന്റെ അഗ്രചർമ്മം പ
27 രിഛേദന എന്നു എണ്ണപ്പെടുകയില്ലയൊ? അതെ; സ്വഭാവത്താൽ അഗ്ര
ചർമ്മമായവർ ധർമ്മത്തെ അനുഷ്ഠിക്കുന്നു എങ്കിൽ, എഴുത്തും പരിഛേദന
യുമായി ധർമ്മലംഘിയായ നിണക്കു അവർ ന്യായം വിധിക്കയും ചെ
28 യ്യും. കാരണം പുറമെ യഹൂദനായവൻ യഹൂദനല്ല; പുറമെ ജഡത്തിലുള്ള
29 തു പരിഛേദനയും അല്ല. രഹസ്യത്തിലെ യഹൂദനത്രെ (യഹൂദൻ)

എഴുത്തിലല്ല ആത്മാവിലത്രെ ഉള്ളതു, ഹൃദയപരിഛേദന (പരിഛേദനയും ആകുന്നു). ആയതിന്നു പുകഴ്ച മനുഷ്യരിൽനിന്നല്ല, ദൈവത്തിൽ നിന്നെ വത്രു.

3. അദ്ധ്യായം

യഹൂദക്കുള്ള മുമ്പു പോരായ്മയാൽ, (9) അവരും ജാതികളെ പോലെ നീതിഹീനരായി, (21) വിശ്വാസത്താലത്രെ നീതീകരിക്കപ്പെടും.

1 എന്നാൽ യഹൂദനു എന്തു വിശേഷം ഉണ്ടു? അല്ല പരിഛേദനയാൽ എ
2 ന്തു ഉപകാരം? എല്ലാവിധത്തിലും വലിയോന്നു. ഒന്നാമതു, ദൈവത്തി
3 ന്റെ അരുളപ്പാടുകളും അവരിൽ സമർപ്പിക്കപ്പെട്ടു. പിന്നെയൊ അവർ
വിശ്വസിച്ചില്ല എങ്കിൽ, അവരുടെ അവിശ്വാസം ദൈവത്തിൻ വിശ്വാസ
4 ത്തെ നീക്കുമൊ? അതരുതെ! ദൈവം സത്യവാൻ; എല്ലാ മനുഷ്യനും കള്ളൻ
എന്നെ വരികയാവു (സങ്കീ. 51,6.) നിന്റെ വചനങ്ങളിൽ നീ നീതീക
രിക്കപ്പെടുവാനും, നിന്റെ ന്യായവിധിയിൽ ജയിപ്പാനും എന്നു എഴുതി
5 യപ്രകാരമത്രെ. എന്നാൽ നമ്മുടെ നീതി ദേവനീതിക്കു തന്നെ തുമ്പു വരു
ത്തിയാൽ നാം എന്തു പറയും? ദൈവം കോപത്തെ പിണെക്കുന്നതിനാൽ
പക്ഷെ നീതികെട്ടവൻ എന്നൊ? (ഞാൻ മാനുഷമായി പറയുന്നു). അതരു
6 തെ! അല്ലായ്കിൽ ദൈവം ലോകത്തിന്നു എങ്ങിനെ ന്യായം വിധിക്കും?
7 എന്തെന്നാൽ ദൈവത്തിൻ സത്യം എന്റെ കള്ളത്തിനാൽ അവന്റെ തേ
ജസ്സിന്നായി വഴിഞ്ഞു വന്നു എങ്കിൽ, എനിക്കു പാപി എന്നുള്ള വിധി വ
8 രുവാൻ എന്തു? (അല്ല ഞങ്ങൾ ഇങ്ങിനെ പറയുന്നു എന്നു ചിലർ ദുഷിച്ചു പ
റയുന്നപ്രകാരം) നല്ലതു വരേണ്ടതിന്നു നാം തീയതിനെ ചെയ്യ കൊള്ളുക
യില്ലയൊ? ¡എന്നവരുടെ ശിക്ഷാവിധി ന്യായമുള്ളതു തന്നെ. പിന്നെ എ
9 ന്തു? തടുപ്പാൻ നമുക്കു എന്തുണ്ടു? ഒട്ടും ഇല്ല; യഹൂദരും യവനരും എല്ലാവരും
പാപത്തിങ്കീഴെ ആകുന്നു എന്നു ഞങ്ങൾ മുമ്പെ കുറം തെളിയിച്ചുവല്ലൊ.
10 എഴുതിയിരിക്കുന്നപ്രകാരം: നീതിമാൻ ആരുമില്ല, ഒരുത്തൻ പോലും ഇ
11 ല്ല; ബോധിക്കുന്നവനില്ല, ദൈവത്തെ അന്വേഷിക്കുന്നവനുമില്ല. എല്ലാവ
12 രും വഴി തെറ്റി, ഒരുപോലെ നിസ്സാരമായി പോയി; ഗുണം ചെയ്യുന്ന
13 വൻ ഇല്ല ഒരുത്തൻ ആകിലും ഇല്ല (സങ്കീ. 14,1,3). അവരുടെ തൊണ്ട തു
റന്ന ശവക്കുഴി, നാവുകളാൽ അവർ ചതിച്ചു (സങ്കീ. 5,10.) സർപ്പവിഷം
14 അവരുടെ ചുണ്ടുകളിൻ കീഴെ (സങ്കീ. 140,4); അവരുടെ വായിൽ ശാപ
15 വും കൈപ്പും നിറയുന്നു (സങ്കീ. 10,7). അവരുടെ കാലുകൾ രക്തം
16 ചൊരിവാൻ ഉഴറുന്നു. സംഹാരവും ഇടിയും അവരുടെ വഴികളിൽ ഉണ്ടു.
17 സമാധാനവഴി അവർക്കു ബോധിച്ചതും ഇല്ല (യശ. 59, 7). അവരുടെ
18 കണ്ണുകൾക്കു മുമ്പാകെ ദേവഭയം ഇല്ല (സങ്കീ. 36.) എന്നാൽ ധർമ്മശാസ്ത്രം
പറയുന്നതു എല്ലാം ധർമ്മത്തിൽ ഉള്ളവരോടു ചൊല്ലുന്നതു എന്നു നാം അ
19 റിയുന്നു. എല്ലാവായും അടെച്ചു പോയി, സർവ്വലോകവും ദൈവത്തിന്നു
20 ദണ്ഡയോഗ്യമായി തീരേണ്ടതിന്നത്രെ. കാരണം ധർമ്മക്രിയകളാൽ ജഡം
ഒന്നും അവൻ മുമ്പാകെ നീതീകരിക്കപ്പെടുകയില്ല (സങ്കീ; 143, 2.) ധർ
മ്മത്താലൊ പാപത്തിൻ പരിജ്ഞാനമെ ഉള്ളു.

21 ഇപ്പൊഴൊ ദേവ നീതി ധർമ്മം കൂടാതെ വിളങ്ങി വന്നിരിക്കുന്നു; അ
22 തിന്നു ധർമ്മവും പ്രവാചകരും സാക്ഷ്യം ചൊല്ലുന്നു താനും. വിശ്വസിക്കുന്ന
എല്ലാവരിലും എല്ലാവരുടെ മേലും യേശുക്രിസ്തുകലെ വിശ്വാസത്താലുള്ള
23 ദൈവനീതി തന്നെ. വ്യത്യാസം ഒട്ടും ഇല്ലല്ലൊ? കാരണം എല്ലാവരും പാ
24 പം ചെയ്തു, ദേവതേജസ്സില്ലാതെ ചമഞ്ഞു. അവന്റെ കരുണയാൽ ക്രിസ്തു

യേശുവിങ്കലെ വീണ്ടെടുപ്പിനെകൊണ്ടു സൌജന്യമായത്രെ, നീതീകരിക്ക
25 പ്പെടുന്നു. ആയവനെ ദൈവം അവന്റെ രക്തത്താൽ തന്റെ നീതിയെ ഒപ്പി
ച്ചു കാട്ടേണ്ടതിന്നു, വിശ്വാസമൂലം പ്രായശ്ചിത്തബലിയായി മുന്നിറുത്തി
26 യതു. ദൈവം തന്റെ പൊറുതിയിൽ മുൻകഴിഞ്ഞ പാപങ്ങളെ ശിക്ഷിക്കാ
തെ വിട്ട നിമിത്തമായി, ഇപ്പോഴത്തെ സമയത്തിൽ തന്റെ നീതിയെ
ഒപ്പിപ്പാനും ഇങ്ങിനെ താൻ നീതിമാനും യേശുവിൽ വിശ്വാസമുള്ളവനെ
27 നീതികരിക്കുന്നവനും ആയി കാണ്മാനും തന്നെ. എന്നാൽ പ്രശംസ എവി
ടെ? പുറത്തു നീങ്ങി പോയി; ഏതു ധർമ്മത്താൽ (നീങ്ങിയതു)? ക്രിയകളു
28 ടെതിനാലൊ? അല്ല വിശ്വാസധർമ്മത്താലത്രെ. മനുഷ്യൻ ധർമ്മക്രിയ
കളും കൂടാതെ, വിശ്വാസത്താൽ തന്നെ നീതീകരിക്കപ്പെടുന്നു എന്നു നാം
29 പ്രമാണിക്കുന്നു സത്യം. അല്ല ദൈവം യഹൂദർക്കു മാത്രം ആകുന്നുവൊ? ജാ
30 തികൾക്കും കൂടെ അല്ലയൊ? അതെ ജാതികൾക്കും ആകുന്നു. വിശ്വാസമ്മൂ
ലം പരിഛേദനയേയും വിശ്വാസത്താൽ അഗ്രചർമ്മത്തേയും നീതീകരി
31 പ്പൊരു ദൈവം ഏകൻ ആകുന്നു പോൽ. അതുകൊണ്ടു വിശ്വാസത്താൽ നാം
ധർമ്മത്തെ നീക്കം ചെയ്യുന്നുവൊ? അതരുതെ; നാം ധർമ്മത്തെ സ്ഥാപി
ക്കുന്നുണ്ടു.

4. അദ്ധ്യായം

വിശ്വാസനീതി പഴയ നിയമത്തോടും ചേരുന്നതു.

1 എന്നാൽ ഞങ്ങളുടെ പിതാവായ അബ്രഹാം ജഡപ്രകാരം എന്തു സാധി
2 ച്ചു എന്നു പറയേണ്ടു. അബ്രഹാം ക്രിയകളാൽ നീതീകരിക്കപ്പെട്ടു എങ്കിൽ,
3 അവനു പ്രശംസിപ്പാൻ ഉണ്ടു സ്പഷ്ടം. ദൈവത്തിങ്കൽ അല്ല താനും; വേദമൊ
എന്തു പറയുന്നു (1 മോ. 15, 6.) അബ്രഹാം ദൈവത്തെ വിശ്വസിച്ചു അതും
4 അവനു നീതിയായി എണ്ണപ്പെട്ടു എന്നു തന്നെ. പ്രവൃത്തിക്കുന്നവനൊ കൂ
ലി എണ്ണപ്പെടുന്നതു കൃപാപ്രകാരമല്ല; കടപ്രകാരമത്രെ. പ്രവൃത്തിക്കാത്ത
5 വൻ എങ്കിലും അഭക്തനെ നീതീകരിക്കുന്നവനിൽ വിശ്വസിക്കുന്നവനൊ
6 തന്റെ വിശ്വാസം നീതിയായി എണ്ണപ്പെടുന്നു. ദൈവം ക്രിയകളും കൂടാ
തെ നീതിയെ എണ്ണുന്ന മനുഷ്യന്റെ ധന്യവാദത്തെ ദാവീദും പറയുന്നു (സ
7 ങ്കീ. 32, 1.) അധർമ്മങ്ങളും മോചിച്ചും പാപങ്ങളും മറെച്ചും കിട്ടിയവർ
8 ധന്യർ. കർത്താവു് പാപത്തെ ഒട്ടും എണ്ണാത്ത ആൾ ധന്യൻ എന്നു തന്നെ.
9 എന്നാൽ ഈ ധന്യവാദം ചൊല്ലിയതു പരിഛേദനെക്കു തന്നെയൊ? അഗ്ര
ചർമ്മത്തിന്നു കൂടയൊ? അബ്രഹാമിന്നല്ലൊ വിശ്വാസം നീതിയായി എണ്ണ
10 പ്പെട്ടു എന്നു നാം പറയുന്നു. എങ്ങിനെ എണ്ണപ്പെട്ടു? പരിഛേദനയിൽ ആ
യപ്പോഴൊ? അഗ്രചർമ്മത്തിൽ തന്നെയൊ? പരിഛേദനയിൽ അല്ല അഗ്ര
11 ചർമ്മത്തിലത്രെ. പിന്നെ (1 മോ. 17, 11.) പരിഛേദനയാൽ ഓർ അട
യാളം അഗ്രചർമ്മത്തിൽ സാധിച്ച വിശ്വാസനീതിക്കു മുദ്രയായി ലഭിച്ച
തു തങ്ങൾക്കും കൂടെ നീതി എണ്ണപ്പെടുവാൻ അഗ്രചർമ്മത്തോടുംകൂടെ വി
12 ശ്വസിക്കുന്നവർക്ക് എല്ലാവർക്കും (തന്നെ). പിന്നെ പരിഛേദന ഉള്ളവരല്ലാ
തെ, നമ്മുടെ പിതാവായ അബ്രഹാം അഗ്രചർമ്മത്തിൽ കാട്ടിയ വിശ്വാ
സത്തിൻ ചുവടുകളെ നോക്കി നടക്കുന്ന പരിഛേദനക്കാർക്കും പിതാവാ
13 യിരിക്കേണ്ടതിന്നു തന്നെ. ലോകാവകാശി ആകുവാനുള്ള വാഗ്ദത്തം അ
ബ്രഹാമിന്നും അവന്റെ സന്തതിക്കും ധർമ്മത്താൽ അല്ലല്ലൊ, വി
ശ്വാസനീതിയാലത്രെ വന്നതു. കാരണം ധർമ്മത്തിലുള്ളവർ അവകാശി
14 കൾ എങ്കിൽ, വിശ്വാസം വ്യർത്ഥവായി വാഗ്ദത്തവും നീക്കം വന്നു; ധർമ്മമാ
കട്ടെ കോപത്തെ സാധിപ്പിക്കുന്നു. ധർമ്മം ഇല്ലാത്തെടത്തു ലംഘനവും
15 ഇല്ല സ്പഷ്ടം. അതുകൊണ്ടു വിശ്വാസത്താൽ (അവകാശികൾ ആകുന്നതു)

അവർ കരുണപ്രകാരം ആകേണ്ടതിന്നത്രെ; ഇങ്ങിനെ ധർമ്മമുള്ളവന്നു മാ
ത്രമല്ല അബ്രഹാമിൻ വിശ്വാസം ഉള്ളവന്നുമായി സകല സന്തതിക്കും വാ
17 ഗ്ദത്തം ഉറപ്പാകേണ്ടതിന്നു തന്നെ. (1 മോ. 17,5.) ഞാൻ നിന്നെ ബഹു
ജാതികൾക്കു അപ്പനാക്കി വെച്ചു എന്നു് എഴുതിയപ്രകാരം അവൻ മരിച്ച
വരെ ജീവിപ്പിച്ചും, ഇല്ലാത്തവറെ ഉള്ളവ കണക്കെ വിളിച്ചും കൊള്ളു
ന്നവനെന്നു വിശ്വസിച്ചുള്ള ദൈവത്തിൻ മുമ്പാകെ, നമുക്കു് എല്ലാവർക്കും
18 പിതാവാകുന്നു. (1 മോ. 15, 5.) ഇതെ പ്രകാരം നിന്റെ സന്തതിയും ആ
കും എന്നുള്ള മൊഴിപ്രകാരം അവൻ ബഹുജാതികൾക്കു പിതാവാവാൻ
ആശെക്കു് വിരോധമായി ആശയിൽ ഊന്നി വിശ്വസിച്ചും, വിശ്വാസ
19 ത്തിൽ ക്ഷീണിക്കാഞ്ഞും ഏകദേശം നൂറു വയസ്സായിട്ടു നിർജ്ജീവമായി
പോയ തന്റെ ശരീരത്തെയും സാറയുടെ ഗർഭപാത്രത്തിൻ നിർജ്ജീവ
20 ത്വത്തെയും കൂട്ടാക്കാതെയും, ദേവവാഗ്ദത്തെ നോക്കി, അവിശ്വാസത്താൽ
സംശയം തോന്നാതെയും വിശ്വാസത്തിൽ ശക്തിപ്പെട്ടു, ദൈവത്തിന്നു തേ
21 ജസ്സു കൊടുത്തു, അവൻ വാഗ്ദത്തം ചെയ്തതിനെ വരുത്തുവാനും ശക്തൻ എ
22 ന്നു നിറപടിയായി ഉറപ്പിച്ചു. അതുകൊണ്ടത്രെ ഇതു് അവന്നു നീതിയായി
23 എണ്ണപ്പെട്ടതു. അവന്നു എണ്ണപ്പെട്ടു എന്നതൊ, അവൻ നിമിത്തം തന്നെ അ
24 ല്ല, നാം നിമിത്തം കൂടെ എഴുതപ്പെട്ടതു. നമ്മുടെ പിഴകൾ നിമിത്തം ഏ
ല്പിക്കപ്പെട്ടും, നമ്മുടെ നീതീകരണത്തിന്നായി ഉണർത്തപ്പെട്ടും ഉള്ള
നമ്മുടെ കർത്താവായ യേശുവെ മരിച്ചവരിൽനിന്നു ഉയർപ്പിച്ചവങ്കൽ വി
25 ശ്വസിച്ചാൽ അതു നമുക്കും എണ്ണപ്പെടും എന്നെ വേണ്ടു.

5. അദ്ധ്യായം

നീതീകരണത്തിൻ ഫലങ്ങൾ, (12) ആദാമിനാൽ വന്ന പാപഫലങ്ങളോടും, (20) ധർമ്മത്തിൻ ഫലത്തോടും ഉപമിച്ചതു്.

1 ആകയാൽ വിശ്വാസംമൂലം നീതീകരിക്കപ്പെട്ടിട്ടു, നമ്മുടെ കർത്താ
വായ യേശുക്രിസ്തനാൽ നമുക്കു ദൈവത്തോടു സമാധാനം ഉണ്ടു. നാം നി
2 ലനില്ക്കുന്ന കരുണയിൽ അടുപ്പിച്ചു് അവനാൽ അത്രെ വിശ്വാസമൂലം ല
3 ഭിച്ചതു; ദേവതേജസ്സിൻ ആശയിങ്കൽ നാം പ്രശംസിക്കയും ചെയ്യുന്നു. അ
തുതന്നെ അല്ല; സങ്കടം ക്ഷാന്തിയേയും, ക്ഷാന്തി സിദ്ധതയേയും, സി
4 ദ്ധത ആശയേയും സമ്പാദിക്കുന്നതു് അറിഞ്ഞു, നാം സങ്കടങ്ങളിലും പ്ര
5 ശംസിക്കുന്നു. ആശ എന്നതൊ ലജ്ജിപ്പിക്കുന്നില്ല; ദേവസ്നേഹമല്ലൊ നമു
ക്കു നല്കിയ വിശുദ്ധാത്മാവിനാൽ നമ്മുടെ ഹൃദയങ്ങളിൽ പകർന്നിരിക്കു
6 ന്നു. എങ്ങിനെ എന്നാൽ, നാം ബലഹീനർ ആകുമ്പോഴെ ക്രിസ്തൻ തക്ക
7 ത്തിൽ അഭക്തർക്കുവേണ്ടി മരിച്ചു. നീതിമാന്നു വേണ്ടിയും ആരാനും മരിക്കു
ന്നതു ദുർല്ലഭമത്രെ; ഉത്തമന്നു വേണ്ടി പക്ഷെ മരിപ്പാൻ തുനികിലുമാം.
8 ക്രിസ്തനൊ, നാം പാപികളായിരിക്കുമ്പോഴേക്കു, നമുക്കുവേണ്ടി മരിക്ക
യാൽ, ദൈവം തനിക്കു് നമ്മിലുള്ള സ്നേഹത്തിന്നു തുമ്പു വരുത്തുന്നു. എ
9 ന്നാൽ അവന്റെ രക്തത്താൽ നീതീകരിക്കപ്പെട്ടിട്ടു, നാം ഇപ്പോൾ അവ
10 നാൽ കോപത്തിൽ നിന്നു് എത്ര അധികം രക്ഷിക്കപ്പെടും. ശത്രുക്കളായ
നമുക്കെല്ലൊ അവന്റെ പുത്രമരണത്താൽ ദൈവത്തോടു നിരപ്പു വന്നു എ
ങ്കിൽ, നിരന്നശേഷം നാം അവന്റെ ജീവനാൽ എത്ര അധികം രക്ഷിക്ക
11 പ്പെടും. അത്രയല്ല; നമുക്കു ഇപ്പോൾ നിരപ്പു ലഭിച്ചതിൻ കാരണമായ നമ്മു
ടെ കർത്താവായ യേശുക്രിസ്തനാൽ ദൈവത്തിൽ പ്രശംസിച്ചുംകൊണ്ടു
(രക്ഷപെടുവതു).
12 അതുകൊണ്ടു ഇതു് ആകുന്നതു്: ഏകമനുഷ്യനാൽ പാപവും പാപത്താൽ
മരണവും ലോകത്തിൽ പുക്കു; ഇങ്ങിനെ എല്ലാവരും പാപം ചെയ്കയാൽ,

മരണം സകല മനുഷ്യരോളവും പരന്നതു പോലെ തന്നെ. പാപ
13 മൊ ധർമ്മംവരെ ലോകത്തിൽ ഇരുന്ന സത്യം. ധർമ്മം ഇല്ലാഞ്ഞാൽ പാ
14 പം (ലംഘനമായി) എണ്ണപ്പെടുന്നില്ല താനും. എങ്കിലും മരണം ആദാം
മുതൽ മോശെവരെയും വാണതു് ആദാമിന്റെ ലംഘനസാദൃശ്യത്തിൽ അ
15 ല്ലാതെ, പാപം ചെയ്തവരിലും തന്നെ. അവനൊ വരുവാനുള്ള ആദാമിന്നു
ദൃഷ്ടാന്തം അത്രെ. എന്നാൽ പിഴപോലെ കൃപാവരവും എന്നവരാ, എ
ങ്ങിനെ എന്നാൽ ഒരുവന്റെ പിഴയാൽ അനേകർ മരിച്ചു എങ്കിൽ, ദേവ
കൃപയും ദാനവും എത്ര അധികം; ഏക മനുഷ്യനായ യേശുക്രിസ്തന്റെ കരു
16 ണയാൽ അനേകരിലേക്കു വഴിഞ്ഞു. ഏകപാപിയാൽ ഉണ്ടായതുപോലെ
ദാനം എന്നും വരാ; ന്യായവിധിയാകട്ടെ, ഒരുവങ്കൽനിന്നു് (അനേകക്കു)
ശിക്ഷാവിധിയായിതീർന്നു; കൃപാവരമോ, അനേകം പിഴകളിൽ നിന്നു
17 നീതികരണവിധി അത്രെ. ഒരുവന്റെ പിഴയാൽ മരണം ഏകനാൽ വാ
ണു എങ്കിൽ, കൃപയും നീതിദാനവും വഴിഞ്ഞവണ്ണം ലഭിക്കുന്നവർ എത്ര
18 അധികം ഏകനായ യേശുക്രിസ്തനാൽ ജീവനിൽ വാഴും. എന്നതുകൊണ്ടു്
ഒരു പിഴയാൽ എല്ലാമനുഷ്യരിലും, ശിക്ഷാവിധി വന്നപോലെ നീതി
വിധി ഒന്നിനാൽ എല്ലാമനുഷ്യരിലും ജീവന്റെ നീതീകരണവും (വരു
19 ന്നതു). ഏകമനുഷ്യന്റെ അനുസരണക്കേടിനാൽ അനേകർ പാപികളായി
തീർന്നപ്രകാരം ഏകന്റെ അനുസരണത്താൽ അനേകർ നീതിമാന്മാരാ
20 യി തീരുകയും ചെയ്യും സത്യം. ധർമ്മമൊ പിഴ പെരുകേണ്ടതിന്നു ചേർ
21 ന്നു പുക്കതു എങ്കിലും പാപം വർദ്ധിച്ചേടത്തു കരുണ അത്യന്തം വഴിഞ്ഞു
വന്നതു: പാപം മരണത്താൽ വാണപ്രകാരം തന്നെ; നമ്മുടെ കർത്താവാ
യ യേശുക്രിസ്തനാൽ കരുണയും നീതിമൂലം നിത്യജീവന്നായി വാഴേണ്ട
തിന്നത്രെ.

6. അദ്ധ്യായം

കരുണയാൽ ഉഭംപുതുക്കം വരികയാൽ പാപത്തിൽ വസിപ്പാനും, (15)
അതിനെ സേവിപ്പാനും ഇനി കഴികയില്ല.

1 എന്നാൽ നാം എന്തു പറയും? കരുണ പെരുകേണ്ടതിന്നു പാപത്തിൽ
2 വസിക്ക എന്നൊ? അതരുതെ! പാപത്തിന്നു മരിച്ചുപോയ നാം ഇനി എ
3 ങ്ങിനെ അതിൽ ജീവിക്കും? അല്ലായ്തിൽ യേശുക്രിസ്തുകൽ സ്നാനം ഏറ
നാം എല്ലാവരും അവന്റെ മരണത്തിൽ സ്നാനപ്പെട്ട എന്നു നിങ്ങളം അറി
4 യുന്നില്ലയൊ? എന്നതുകൊണ്ടു നാം അവന്റെ മരണത്തിലെ സ്നാനത്താൽ
അവനോടു കൂടെ കുഴിച്ചിടപ്പെട്ടതു: ക്രിസ്തൻ പിതാവിൻ തേജസ്സിനാൽ മ
രിച്ചവരിൽനിന്നു് ഉണർന്നുവന്നതു പോലെ നാമും ജീവന്റെ പുതുക്കത്തിൽ
5 നടക്കേണ്ടതിന്നത്രെ. എങ്ങിനെ എന്നാൽ അവന്റെ മരണത്തിൻ സാദൃ
ശ്യത്തോടു നാം ഏകീഭവിച്ചവർ ആയെങ്കിൽ, പുനരുത്ഥാനത്തോടും ആ
6 കും. നാം ഇനിപാപത്തെ സേവിക്കാതവണ്ണം പാപശരീരത്തിന്നു നീക്കം
വരേണ്ടതിന്നു, നമ്മുടെ പഴയ മനുഷ്യൻ കൂടി ക്രൂശിക്കപ്പെട്ട എന്നറിയാമെ
7 ല്ലൊ! ചത്തവനല്ലൊ പാപത്തിൽനിന്നു മോചിക്കപ്പെട്ടവൻ. എന്നാൽ
8 നാം ക്രിസ്തനോടു് ഒന്നിച്ചു ചത്തുഎങ്കിൽ അവനോടു് ഒന്നിച്ചു ജീവിക്കും
എന്നു വിശ്വസിക്കുന്നു. ക്രിസ്തൻ മരിച്ചവരിൽനിന്നു് ഉണർന്നശേഷം ഇ
9 നി ചാകാ: മരണം അവന്മേൽ ഇനി അധികരിക്കുന്നില്ല എന്നു നമുക്കറി
ഞ്ഞുവല്ലൊ, അവൻ ചത്തതൊ, പാപത്തിന്നു് ഒരിക്കൽ ചത്തു; (10) ജീ
11 വിക്കുന്നതൊ, ദൈവത്തിന്നു ജീവിക്കുന്നു. അവ്വണ്ണം നിങ്ങളും പാപത്തി
ന്നു മരിച്ചവർ എന്നും, ക്രിസ്തുയേശുവിങ്കൽ ദൈവത്തിന്നു ജീവിക്കുന്നവർ
എന്നും നിങ്ങളെ തന്നെ എണ്ണുവിൻ! ആകയാൽ, പാപം നിങ്ങളുടെ

12 ചാകുന്ന ശരീരത്തിൽ അതിന്റെ മോഹങ്ങളെ അനുസരിക്കുമാറ് ഇനി വാ
ഴരുത്; നിങ്ങളുടെ അവയവങ്ങളെ അനീതിയുടെ ആയുധങ്ങളായി പാപ
13 ത്തിന്നു സമർപ്പിക്കയും ആരുത്. ദൈവത്തിന്നു നിങ്ങളെ തന്നെ മരിച്ചവ
രിൽനിന്നു ജീവിക്കുന്നവർ എന്നും, നിങ്ങളുടെ അവയവങ്ങളെ ദൈവ
ത്തിന്നു നീതിയുടെ ആയുധങ്ങൾ എന്നും സമർപ്പിച്ചേയാവു. പാപമൊ നി
14 ങ്ങൾ ധർമ്മത്തിങ്കീഴല്ല കരുണക്കീഴ ആകയാൽ, നിങ്ങളിൽ അധിക
രിക്കയില്ലല്ലൊ.
15 എന്നാൽ എന്തു? ധർമ്മത്തിങ്കീഴല്ല കരുണക്കീഴ ആകയാൽ പാപംചെ
16 യ്യ എന്നൊ? അതരുതെ! ആരിൽ നിങ്ങളെ തന്നെ അനുസരണത്തിന്നു ദാ
സർ എന്നു സമർപ്പിച്ചാലും, നിങ്ങൾ അനുസരിക്കുന്നവന്നു തന്നെ ദാസർ
ആകുന്നു എന്നറിയുന്നില്ലയൊ? മരണത്തിന്നായി പാപത്തിന്നു എങ്കിലും,
17 നീതിക്കായി അനുസരണത്തിന്നെങ്കിലും (ദാസരത്രെ). നിങ്ങളൊ പാപ
ത്തിന്നു ദാസരായിരുന്നതുകൊണ്ടും, യാതൊരു ഉപദേശരൂപത്തിൽ ഏല്പി
ക്കപ്പെട്ട, അതിനെതന്നെ ഹൃദയത്തോടെ അനുസരിച്ചതുകൊണ്ടും ദൈവ
18 ത്തിന്നു സ്തോത്രം! പാപത്തിൽനിന്നു വിടുവിക്കപ്പെട്ട, നിങ്ങൾ നീതിക്കു
19 അടിമപ്പെട്ടതേ ഉള്ളു. നിങ്ങളുടെ ജഡത്തിൻ ബലഹീനതനിമിത്തം ഞാൻ
മാനുഷമായി പറയുന്നു. നിങ്ങളുടെ അവയവങ്ങളെ അധർമ്മത്തിന്നായി
അശുദ്ധിക്കും അധർമ്മത്തിന്നും അടിമകളാക്കി സമർപ്പിച്ചപ്രകാരം ത
ന്നെ; ഇപ്പോൾ നിങ്ങളുടെ അവയവങ്ങളെ വിശുദ്ധീകരണത്തിന്നായി നീ
20 തിക്കു അടിമകളാക്കി സമർപ്പിപ്പിൻ! എങ്ങിനെ എന്നാൽ: നിങ്ങൾ
പാപദാസരായിരിക്കുമ്പോൾ, നീതിയിൽനിന്നു വിടുതലുള്ളവരായല്ലൊ,
21 നിങ്ങൾക്കു ഇപ്പോൾ ലജ്ജയോന്നുന്നവറാൽ അന്നു എന്തൊരു ഫലം
22 ഉണ്ടായി? അവറിൻ ഒടുവു മരണം തന്നെയല്ലൊ. ഇപ്പോഴൊ പാപത്തിൽ
നിന്നു വിടുവിക്കപ്പെട്ടും ദൈവത്തിന്നു അടിമപ്പെട്ടും വന്നതു മുതൽ വിശു
ദ്ധിക്കായി ഫലവും ഒടുവായി നിത്യജീവനും നിങ്ങൾക്കു ഉണ്ടു. പാപ
23 ത്തിൻ ശമ്പളമല്ലൊ മരണമത്രെ, ദൈവത്തിൻ കൃപാവരമൊ നമ്മുടെ കർത്താ
വായ യേശുക്രിസ്തനിൽ നിത്യജീവൻ തന്നെ.

7. അദ്ധ്യായം

വിശ്വാസി ധർമ്മത്തിന്നു ചത്തതു, (7) ധർമ്മം ശുദ്ധം എങ്കിലും, (14) ജഡികരിൽ പാപവർദ്ധനമായ്തീൎന്നു, (24) കരുണയിങ്കൽ ദാഹത്തെ ജനിപ്പിക്കുന്നു.

1 സഹോദരന്മാരെ (ധർമ്മത്തെ അറിയുന്നവരോടു ഞാൻ പറയുന്നുവല്ലൊ).
ധർമ്മമായതു മനുഷ്യനിൽ അവൻ ജീവിപ്പോളം നോം എല്ലാം അധികരി
2 ക്കുന്നു എന്നു ബോധിക്കാതിരിക്കുന്നുവൊ? പുരുഷന്റെ വശത്തുള്ള സ്ത്രീയാക
ട്ടെ, ജീവിച്ചിരിക്കുന്ന പുരുഷനോടു ധർമ്മത്താൽ കെട്ടപ്പെട്ടിരിക്കുന്നു.
3 പുരുഷൻ മരിച്ചാൽ അവൾ പുരുഷധർമ്മത്തിങ്കുന്നു നീങ്ങിപ്പോയി. എന്നാൽ
ഭർത്താവു ജീവിക്കയിൽ അവൾ വേറെ ആൾക്കു ആയാൽ, വ്യഭിചാരി
ണി എന്നു പേർ കൊള്ളും, ഭർത്താവു മരിച്ചു എങ്കിലൊ അവൾ വേറെ
4 ആൾക്കു ആയതിനാൽ വ്യഭിചാരിണി എന്നു വരാതെ, ധർമ്മത്തിൽനിന്നു
സ്വതന്ത്രയാകുന്നു. അതുകൊണ്ടു എന്റെ സഹോദരന്മാരെ! നിങ്ങളും ക്രി
സ്തന്റെ ശരീരത്താൽ ധർമ്മത്തിന്നു കൊല്ലപ്പെട്ടതു: നാം ദൈവത്തിന്നു ഫ
ലം കായ്ക്കുമാറു വേറൊരുവന്നു മരിച്ചവരിൽനിന്നു ഉണർന്നവന്നു തന്നെ
ആകേണ്ടതിന്നത്രെ. എങ്ങിനെ എന്നാൽ നാം ജഡത്തിൽ ആയിരിക്കും
5 കാലം ധർമ്മത്താൽ വരുന്ന പാപരാഗങ്ങൾ മരണത്തിന്നു ഫലം കായ്ക്കും
6 വണ്ണം നമ്മുടെ അവയവങ്ങളിൽ വ്യാപരിച്ചു പോന്നു. ഇപ്പോഴൊ നാം

കൂടുങ്ങി പാർത്തതിന്നു മരിച്ചിട്ടു, ധർമ്മത്തിൽനിന്നു നീങ്ങിപ്പോയതി
നാൽ അക്ഷരപഴക്കത്തിലല്ല; ആത്മാവിൻ പുതുക്കത്തിൽ തന്നെ സേവിച്ചു
വരുന്നതു.

7 എന്നാൽ നാം എന്തു പറയും? ധർമ്മം പാപം എന്നൊ? അതരുതു! എങ്കി
ലും ധർമ്മത്താൽ അല്ലാതെ ഞാൻ പാപത്തെ അറിഞ്ഞിട്ടില്ല (2 മോ. 20,
24.) മോഹിക്കരുത് എന്നു ധർമ്മം പറഞ്ഞ് ഒഴികെ, ഞാൻ മോഹത്തേ
8 യും അറിയാതിരുന്നു സ്പഷ്ടം. പാപമൊ അവസരം ലഭിച്ചിട്ടു കല്പനയെ
9 കൊണ്ട് എന്നിൽ എല്ലാ മോഹത്തെയും പ്രവൃത്തിച്ചു. ധർമ്മം എന്നിയെ
പാപം ചത്തപ്രായം ആകുന്നുവല്ലൊ; ഞാനൊ പണ്ടു ധർമ്മം എന്നിയെ
10 ജീവിച്ചിരുന്നു. പിന്നെ കല്പന വന്നാറെ, പാപം പുനർജ്ജീവിച്ചു. ഞാ
നും മരിച്ചു; ഇങ്ങിനെ ജീവന്നായുള്ള കല്പന എനിക്കു മരണത്തിന്നായുള്ള
11 ത് എന്നു കാണായ്വന്നു. പാപമെല്ലൊ, അവസരം ലഭിച്ചിട്ടു, കല്പന
12 യെകൊണ്ട് എന്നെ ചതിച്ചു അതിനാലും കൊന്നു. ആകയാൽ, ധർമ്മം
13 വിശുദ്ധം, കല്പന വിശുദ്ധവും ന്യായവും നല്ലതും ആകുന്നു. എന്നിട്ടു ന
ല്ലതു തന്നെ എനിക്കു മരണമായ്വന്നു എന്നൊ? അരുതു! പാപമത്രെ (മരണ
മായ്തു), അതു നല്ലതിനെകൊണ്ട് എനിക്കു മരണത്തെ പ്രവൃത്തിക്കുന്നതി
നാൽ പാപമായി തോന്നുവാനും പാപം കല്പനയാൽ അനവധി പാപ
14 മായിചമവാനും തന്നെ. കാരണം ധർമ്മം ആത്മീകം എന്നു നാം അറിയു
15 ന്നു; ഞാനൊ ജഡമയൻ, പാപത്തിങ്കീഴ് വില്ക്കപ്പെട്ടവൻ. ഞാൻ പ്രവൃത്തി
ക്കുന്നതാകട്ടെ, എനിക്കു തിരിയാ; ഞാൻ ഇച്ഛിക്കുന്നതിനെ തന്നെ ചെയ്യാ
16 തെ പകെക്കുന്നതിനെ ചെയ്യുന്നുണ്ടല്ലൊ. എന്നാൽ ഞാൽ ഇച്ഛിക്കാത്തതി
നെ തന്നെ ചെയ്കിൽ, ധർമ്മംനല്ലത് എന്നു ഞാനും അതിനോട് അനു
17 വദിക്കുന്നു. എന്നാൽ അതിനെ ഞാനല്ല എന്നിൽ വസിക്കുന്ന പാപം അ
18 ത്രെ, പ്രവൃത്തിക്കുന്നു എന്നു വരും. എന്നിലല്ലൊ എന്റെ ജഡത്തിൽ പോ
ലും നല്ലതു വസിക്കുന്നില്ല എന്നു ബൊധിച്ചു; നല്ലതിനെ ഇച്ഛിക്കുന്നത്,
19 എന്റെ പക്കൽ ഉണ്ടു; പ്രവൃത്തിക്കുന്നതു മാത്രം കാണാ. ഞാൻ ഇച്ഛിക്കുന്ന
നന്മയെ ചെയ്യുന്നില്ലല്ലൊ, ഇച്ഛിക്കാത്ത തിന്മയെ നടത്തുന്നു താനും. ഞാൻ
20 ഇച്ഛിക്കാത്തതിനെ ചെയ്കിലൊ അതിനെപ്രവൃത്തിക്കുന്നതു ഞാനല്ല,
21 എന്നിൽ വസിക്കുന്ന പാപമത്രെ സ്പഷ്ടം. എന്നതിനാൽ നന്മ ചെവ്വാൻ
ഇച്ഛിക്കുന്ന എന്റെ പക്കൽ തിന്മ ഉണ്ടു എന്നുള്ള ധർമ്മം എനിക്കു വെച്ചു
22 കാണുന്നു. ഞാനാകട്ടെ അകമെ മനുഷ്യപ്രകാരം ദേവധർമ്മത്തെ രസിക്കുന്നു
23 എങ്കിലും എന്റെ ബുദ്ധിയുടെ ധർമ്മത്തോടു പടകൂടുന്ന വേറൊരു ധർമ്മ
ത്തെ എന്റെ അവയവങ്ങളിൽ കാണുന്നു; ആയ്തു് എന്റെ അവയവങ്ങളിൽ
24 ഉള്ള പാപധർമ്മത്തിന്നു് എന്നെ ബദ്ധനാക്കിക്കളയുന്നു ഞാൻ അരിഷ്ടു
മുള്ള മനുഷ്യൻ! ഈ മരണത്തിന്റെ ശരീരത്തിൽനിന്നു് എന്നെ ഉദ്ധരി
25 പ്പതു് ആർ? നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം ദൈവത്തിന്നു
26 സ്തോത്രം. എന്നതുകൊണ്ടു ഞാൻ എന്നാൽ ആംവണ്ണം ബുദ്ധികൊണ്ടു ദേവ
ധർമ്മത്തേയും, ജഡംകൊണ്ടു പാപധർമ്മത്തേയും സേവിക്കുന്നു.

8. അദ്ധ്യായം

ക്രിസ്തുനിലുള്ളവർ ശിക്ഷാവിധി വരാതെ, (5) ജഡനിഗ്രഹവും ദേവപു
ത്രത്വവും പ്രാപിച്ചു, (18) തേജസ്സിൻ ആശയിൽ വേർതിരി, (31) ഭയഹീ
നർ ആകുന്നതു.

1 അതുകൊണ്ടു് ഇപ്പോൾ ക്രിസ്തുയേശുവിലുള്ളവക്കു ശിക്ഷാവിധി ഒന്നും
2 ഇല്ല. (ജഡപ്രകാരമല്ല ആത്മപ്രകാരം നടക്കുന്നവർക്കു തന്നെ). ജീവനാ
ത്മാവിന്റെ ധർമ്മമല്ലൊ, എന്നെ പാപമരണങ്ങളുടെ ധർമ്മത്തിൽനിന്നു

3 ക്രീസ്തു യേശുവിങ്കൽ വിടുവിച്ചു. എങ്ങിനെ എന്നാൽ, ധർമ്മത്തിന്നു ജഡ
ത്താലുള്ള ബലഹീനതനിമിത്തം കഴിയാത്തതു (വരുത്തുവാൻ) ദൈവം
സ്വപുത്രനെ പാപം നിമിത്തം പാപജഡത്തിൻ സാദൃശ്യത്തിൽ അയച്ചു,
4 പാപത്തിന്നു ജഡത്തിൽ ശിക്ഷാവിധിയെ നടത്തിയതു. ജഡപ്രകാരമല്ല
ആത്മപ്രകാരം നടക്കുന്ന നമ്മിൽ ധർമ്മത്തിൻ ന്യായം പൂരിച്ചു വരേണ്ട
5 തിന്നത്രെ. എങ്ങിനെ എന്നാൽ ജഡപ്രകാരം ഉള്ളവർ ജഡത്തിൻേറവയും
6 ആത്മപ്രകാരമുള്ളവർ ആത്മാവിൻേറവയും ഭാവിക്കുന്നു. ജഡഭാവമെല്ലൊ
7 മരണം; ആത്മഭാവമൊ, ജീവനും സമാധാനവും തന്നെ. കാരണം ജഡഭാ
വം ദൈവത്തോടു ശത്രുത്വം ആകുന്നു; അതു ദേവധർമ്മത്തിന്നു കീഴ്പെട്ടു
8 നില്ലല്ലൊ (കീഴ്പെടുവാൻ) കഴിവും ഇല്ല സ്പഷ്ടം. എന്നാൽ ജഡത്തിലു
9 ള്ളവർക്കു ദേവപ്രസാദം വരുത്തിക്കൂടാ. നിങ്ങളൊ ദേവാത്മാവ് നിങ്ങ
ളിൽ വസിച്ചാൽ ജഡത്തിൽ അല്ല, ആത്മാവിലത്രെ ആകുന്നു. ഒരുത്തനു
10 ക്രീസ്താത്മാവ് ഇല്ലാഞ്ഞാൽ അവൻ ഇവനുള്ളവനും അല്ല. ക്രീസ്തൻ നി
ങ്ങളിൽ ആകിലൊ ശരീരം പാപം നിമിത്തം മരിച്ചത് എന്നിട്ടും ആത്മാ
11 വ് നീതിനിമിത്തം ജീവനാകുന്നു. എന്നാൽ യേശുവെ മരിച്ചവരിൽ നി
ന്നുണർത്തിയവന്റെ ആത്മാവ് നിങ്ങളിൽ വസിച്ചാൽ ക്രീസ്തുനെ മരിച്ച
വരിൽ നിന്നുണർത്തിയവൻ നിങ്ങളിൽ വസിക്കുന്ന തന്റെ ആത്മാവിനെ
12 കൊണ്ടു, നിങ്ങളുടെ മർത്ത്യശരീരങ്ങളെയും ജീവിപ്പിക്കും. ആകയാൽ സ
13 ഹോദരന്മാരെ! നാം ജഡപ്രകാരം ജീവിപ്പാൻ ജഡത്തിന്നല്ല കടക്കാരാകു
ന്നതു. കാരണം നിങ്ങൾ ജഡപ്രകാരം ജീവിച്ചാൽ ചാകേ ഉള്ളു; ആത്മാ
വിനെകൊണ്ടു ശരീരത്തിൻ നടപ്പുകളെ കൊല്ലുകിലൊ നിങ്ങൾ ജീവിക്കും.
14 എങ്ങിനെ എന്നാൽ, ദേവാത്മാവിനാൽ നടത്തപ്പെടുന്നവർ അത്രെയും ദേ
15 വപുത്രന്മാർ ആകുന്നു. നിങ്ങളല്ലൊ പിന്നെയും ഭയപ്പെടുവാൻ ദാസ്യത്തിൻ
ആത്മാവെ അല്ല പ്രാപിച്ചു; നാം ''അബ്ബാ പിതാവെ!'' എന്നു വിളിക്കു
16 ന്ന പുത്രത്വത്തിൻ ആത്മാവെ അത്രെ പ്രാപിച്ചത്. നാം ദേവമക്കൾ എ
17 ന്ന് ആത്മാവു താനും നമ്മുടെ ആത്മാവോടു കൂടെ സാക്ഷ്യം പറയുന്നു. നാം
മക്കളെങ്കിലൊ, അവകാശികളെന്നും ഉണ്ടു; ദൈവത്തിൻ അവകാശികളും
ക്രീസ്തനു കൂട്ടവകാശികളും തന്നെ; നാം തേജസ്സിൽ കൂടേണ്ടതിന്നു കഷ്ടത
യിലും കൂടിയാൽ അത്രെ.

18 കാരണം ഈ കാലത്തിലെ കഷ്ടങ്ങൾ നമ്മിൽ വെളിപ്പെടുവാനുള്ള തേജ
19 സ്സോടു് ഒക്കാത് എന്നു ഞാൻ മതിക്കുന്നു. ദേവപുത്രരുടെ വെളിപ്പാടിനെ
20 അല്ലൊ, സൃഷ്ടിയുടെ പ്രതീക്ഷ കാത്തിരിക്കുന്നു. എങ്ങിനെ എന്നാൽ, സൃ
ഷ്ടി മനഃപൂർവ്വമായല്ല, കീഴാക്കിയവൻ നിമിത്തമത്രെ മായെക്കു് കീഴ്പെ
21 ട്ടതു. സൃഷ്ടിയും കേടിൻെറ ദാസ്യത്തിൽനിന്നു വിടുവിക്കപ്പെട്ടു, ദേവമക്ക
ളുടെ തേജസ്സാകുന്ന സ്വാതന്ത്ര്യത്തോടു് എത്തും എന്നുള്ള ആശയെ മുന്നിട്ടു
22 തന്നെ. സൃഷ്ടി എല്ലാം ഇന്നുവരെയും കൂടെ ഞരങ്ങി ഈറ്റുനോവോടിരിക്കു
23 ന്നു എന്നു നാം അറിയുന്നു പോൽ. അത്രയല്ല, ആത്മാവിൻ ആദ്യവിളവു
ലഭിച്ചുള്ള നാമും, നമ്മുടെ ശരീരത്തിൻ വീണ്ടെടുപ്പാകുന്ന (പൂർണ്ണ) പുത്ര
24 ത്വത്തെ കാത്തിരുന്നു, നമ്മിൽ തന്നെ ഞരങ്ങുന്നു. ആശയിൽ അല്ലൊ നാം
രക്ഷപ്പെട്ടു; കാണുന്ന ആശയൊ ആശയല്ല; താൻ കാണുന്നതിനെ ഇനി ആ
25 ശിപ്പാൻ എന്തുപോൽ? നാം കാണാത്തതിനെ ആശിക്കിലൊ ക്ഷാന്തിയോ
26 ടെ കാത്തിരിക്കുന്നു. അവ്വണ്ണംതന്നെ ആത്മാവും നമ്മുടെ ബലഹീനതെക്കു
തുണനില്ക്കുന്നു, എങ്ങിനെ എന്നാൽ, വേണ്ടുംപോലെ നാം പ്രാർത്ഥിക്കേ
ണ്ടതു് ഇന്നതു് എന്നറിയാ; ആത്മാവു തന്നെ ഉച്ചരിയാത്ത ഞരക്കങ്ങളെ
27 കൊണ്ടു നമ്മുടെ പക്ഷം എടുക്കുന്നു താനും. എന്നാൽ ആത്മാവിൻ ഭാവം
ഇന്നതെന്നും, അതു വിശുദ്ധർക്കായി ദേവപ്രകാരം പക്ഷവാദം ചെയ്യുന്നു എ
28 ന്നും ഹൃദയങ്ങളെ ആരായുന്നവൻ തന്നെ അറിയുന്നു. പിന്നെ ദൈവത്തെ
സ്നേഹിക്കുന്നവർ മുന്നിർണ്ണയത്താൽ വിളിക്കപ്പെട്ടവർ ആകകൊണ്ടു്

അവർക്ക സകലവും നന്മെക്കായി സഹായിക്കുന്ന എന്ന നാം അറിയുന്ന.
29 കാരണം അവൻ മുന്നറിഞ്ഞവരെ സ്വപുത്രൻ അനേകം സഹോദരരിൽ
ആദ്യജാതൻ ആകേണ്ടതിന്ന്, അവന്റെ പ്രതിമയോട് അനുരൂപരാവാ
30 നും മുന്നിയമിച്ചു. മുന്നിയമിച്ചവരെ വിളിക്കയും, വിളിച്ചവരെ നീതീക
രിക്കയും, നീതീകരിച്ചവരെ തേജസ്കരിക്കയും ചെയ്തു.
31 ഇവറ്റെകൊണ്ടു നാം എന്തു പറയും? ദൈവം നമുക്ക് വേണ്ടി ഉണ്ടെങ്കിൽ,
32 നമുക്ക് എതിർ ആർ? സ്വന്തപുത്രനെ ആദരിയാതെ, നമുക്ക് എല്ലാവക്കാ
യിട്ടും ഏല്പിച്ചവൻ ഇവനോടുകൂടെ സകലവും നമുക്ക് സമ്മാനിയാതെ
33 ഇരിപ്പതെങ്ങിനെ? ദൈവം തെരിഞ്ഞെടുത്തവരിൽ ആർ കുറ്റം ചുമത്തും?
34 നീതീകരിക്കുന്നവൻ ദൈവം തന്നെ. ശിക്ഷ വിധിക്കുന്നവൻ ആർ ക്രിസ്തു
നോ, മരിച്ചും എന്നതെ അല്ല; ഉണർന്നുംവന്ന, ദൈവത്തിൻ വലഭാഗത്ത്
35 ഇരുന്നും നമുക്കുവേണ്ടി പക്ഷവാദം ചെയ്യും കൊള്ളുന്നവൻ തന്നെ. ക്രിസ്തു
36 ന്റെ സ്നേഹത്തോടു നമ്മെ വേർപ്പെടുപ്പത് ആർ? സങ്കടമൊ? ഇടുക്കൊ?
ഹിംസയൊ? വിശപ്പൊ? നഗ്നതയൊ? കുടുക്കൊ? വാളൊ? (സങ്കീ. 44,
23.) നിൻനിമിത്തം ഞങ്ങൾ എല്ലാനാളും കൊല്ലപ്പെടുന്നു; അറുപ്പാനുള്ള
37 ആടുകളെപോലെ എണ്ണപ്പെട്ടു എന്ന് എഴുതിയപ്രകാരം തന്നെ. നാമൊ
38 നമ്മെ സ്നേഹിച്ചവനാൽ ഇവററിൽ ഒക്കയും ഏറെ ജയിക്കുന്നു. മരണവും
39 ജീവനും ഭൂതർവാഴ്ചകൾ, അധികാരങ്ങളും വർത്തമാനവും ഭാവിയും ഉയര
വും ആഴവും മറെറന്തു? സൃഷ്ടിയായതിന്നും നമ്മുടെ കർത്താവായ യേശു
ക്രിസ്തനിലുള്ള ദേവസ്നേഹത്തോടു നമ്മെ വേർപ്പെടുപ്പാൻ കഴികയില്ല എ
ന്നു ഞാൻ തേറി ഇരിക്കുന്നു സത്യം.

9. അദ്ധ്യായം

ഈ രക്ഷയിൽ യഹൂദർ എത്രാത്തതു സങ്കടം എങ്കിലും, (6) വാഗ്ദത്തഭം
ഗം ഉണ്ടായില്ല, (14, 29.) തെരിഞ്ഞെടുപ്പിന്നു കുറവും ഇല്ല.

1 **ഞാൻ** ക്രിസ്തനിൽ സത്യം ചൊല്ലുന്നു എൻമനോബോധം എന്നോടു കൂ
ടെ വിശുദ്ധാത്മാവിൽ സാക്ഷി ആയി നില്ക്കുന്നു, ഞാൻ കളവില്ലാതെ പറ
2 യുന്നിതു: എനിക്കു വലിയ ദുഃഖവും ഹൃദയത്തിൽ ഇടവിടാത്ത നോവും
3 ഉണ്ടു. ജഡപ്രകാരം എന്റെ ചാർച്ചക്കാരായ എന്റെ സഹോദരന്മാർക്ക്
4 അവർ ഇസ്രയേലരല്ലൊ ആകുന്നു, പുത്രത്വവും, (ദേവ) തേജസ്സും,
നിയമങ്ങളും, ധർമ്മവ്യവസ്ഥയും, ഉപാസനയും, വാഗ്ദത്തങ്ങളും ഉള്ളവർ
5 തന്നെ. പിതാക്കന്മാരും അവർക്കു ഉണ്ടു: ജഡപ്രകാരം ക്രിസ്തനും അവ
രിൽ നിന്നാകുന്നു, യുഗാദികളോളം വാഴ്ത്തപ്പെട്ട. സർവ്വത്തിന്മേലും
ദൈവമായവൻ തന്നെ ആമെൻ. ദേവവചനം ചൊട്ടിപ്പോയി എന്നല്ല താ
6 നും. കാരണം ഇസ്രയേലിൽ ഉളവായവർ എല്ലാം ഇസ്രയേൽ എന്നും, അ
ബ്രഹാം സന്തതിയാകയാൽ, എല്ലാവരും മക്കൾ എന്നും വരികയില്ല.
7 (1 മോ. 21, 12.) ഇച്ഛാക്കിൽ നിണക്കു സന്തതിവിളിക്കപ്പെടും എന്നത്രെ.
8 അതൊ ജഡത്തിൻ മക്കളല്ല, ദേവമക്കൾ ആകുന്നതു; വാഗ്ദത്തമക്കൾ അ
ത്രെ, സന്തതി എന്ന് എണ്ണപ്പെടുന്നു എന്ന് അർത്ഥമുള്ളതു. (1 മോ. 18,10.)
9 ഈ സമയത്തേക്കു ഞാൻ വരും, സാറെക്കു പുത്രൻ ഉണ്ടാകയും ചെയ്യും എന്ന
10 തല്ലൊ, വാഗ്ദത്തത്തിന്റെ വചനം ആകുന്നു. എന്നതെ അല്ല; ഞങ്ങളുടെ
പിതാവായ ഇച്ഛാക്ക് എന്ന് ഒരുവനാൽ ഗർഭം ധരിച്ച രിബക്ക (യും ഉണ്ടു).
11 കുട്ടികൾ ജനിക്കാതെയും, ഗുണദോഷം ഒന്നും ചെയ്യാതെയും ഉള്ളകാല
ത്തിൽ അല്ലൊ, തെരിഞ്ഞെടുപ്പിനാലുള്ള ദേവനിർണ്ണയം ക്രിയകൾ ഹേതു
12 വായല്ല; വിളിച്ചവൻ ഹേതുവായി തന്നെ നില്ക്കേണ്ടതിന്നു. (1 മോ. 25,
23.) മൂത്തവൻ ഇളയവനെ സേവിക്കും എന്ന് അവളോടു ചൊല്ലപ്പെട്ടു.

13 (മല. 1,2.) ഞാൻ യാക്കോബിനെ സ്നേഹിച്ചു, എസാവിനെ പകെച്ചു
14 എന്നു് എഴുതിയപ്രകാരം തന്നെ. എന്നാൽ നാം എന്തു പറയും? ദൈവ
ത്തിൻ പക്കൽ അനീതി ഇല്ലയോ? അതരുതു്. എങ്ങിനെ എന്നാൽ (2മോ.
15 33,19.) ഞാൻ കനിഞ്ഞു കൊള്ളുന്നവനെ കനിഞ്ഞും, അലിവു തോന്നുന്ന
16 വനെ അലിഞ്ഞും കൊള്ളും എന്നു് അവൻ മോശയോടു പറയുന്നു. ആക
യാൽ ഇച്ഛിക്കുന്നവനാലും അല്ല; ഓടുന്നവനാലും അല്ല; കനിയുന്ന ദൈവ
17 ത്താലെ വരുു. പിന്നെ ഫറവോവിനോടു് എഴുത്തു ചൊല്ലുന്നിതു: നിന്നിൽ
എന്റെ ശക്തിയെ കാട്ടീട്ടു് എന്റെ നാമം ഭൂമി എങ്ങും പ്രസ്താപിക്കപ്പെടേ
18 ണ്ടതിന്നു തന്നെ; ഞാൻ നിന്നെ നിറുത്തിയതു (2 മോ. 9, 16.) എന്നതു
19 കൊണ്ടു് അവൻ തോന്നുന്നവനെ കനിയുന്നു. തോന്നുന്നവനെ കഠിനനാക്കു
20 ന്നു. ആകയാൽ അവൻ പിന്നെ കുറ്റം പറയുന്നതു് എതിർത്തു? അല്ലയോ
മനുഷ്യ! ആകട്ടെ, ദൈവത്തോടു് വാദിപ്പാൻ നീ ആർ? മനഞ്ഞവനോടു
21 മനഞ്ഞതു, നീ എന്നെ ഇങ്ങിനെ ആക്കിയതു് എന്തെന്നു ചൊല്ലുമൊ? അ
ല്ല കുശവൻ ഒരു പിണ്ഡത്തിൽനിന്നു മാനപാത്രവും അപമാനപാത്രവും
22 രണ്ടും ഉണ്ടാക്കുവാൻ മണ്ണിന്മേൽ അധികാരമുള്ളവനല്ലയോ? ദൈവമൊ,
തന്റെ കോപത്തെ തെളിയിച്ചും, ശക്തിയെ അറിയിച്ചും കൊടുപ്പാൻ
23 മനസ്സായിട്ടും നാശത്തിന്നായി ചമഞ്ഞ കോപപാത്രങ്ങളെ വളരെ ദീർഘ
ക്ഷാന്തിയോടെ ചുമന്നു. തേജസ്സിന്നായി മുന്നൊരുക്കിയ കനിവിൻ പാ
24 ത്രങ്ങളിൽ സ്വതേജസ്സിൻധനത്തെ അറിയിപ്പാൻ ഭാവിച്ചു എങ്കിൽ (എ
ന്തു.) അവ്വണ്ണം അവൻ നമ്മെയും വിളിച്ചതു് യഹൂദരിൽനിന്നു് മാത്രമല്ല;
25 ജാതികളിൽനിന്നും തന്നെ. (ഹോ. 2, 23) എൻ ജനമല്ലാത്തവരെ എൻ
26 ജനം എന്നും, പ്രിയയല്ലാത്തവളെ പ്രിയ എന്നും ഞാൻ വിളിക്കും. നിങ്ങൾ
എന്റെ ജനമല്ല എന്നു് അവരോടു ചൊല്ലിയവിടത്തിൽ അവർ ജീവനുള്ള
27 ദൈവത്തിൻ പുത്രർ എന്നും വിളിക്കപ്പെടും, എന്നു ഹോശേയയിൽ (2, 1.)
പറയുന്നപ്രകാരം തന്നെ. ഇസ്രയേലെക്കൊണ്ടു യശായ (10, 22.) കൂക്കുന്നി
28 തു: ഇസ്രയേൽ പുത്രരുടെ എണ്ണം കടലിൽ മണലോളം ആയാലും, ശേഷി
പ്പേ രക്ഷപ്പെടൂ. നീതിയെ പൊഴിയുന്ന സംഹാരം വിധിച്ചിരിക്കുന്ന സ
29 ത്യം; കർത്താവല്ലൊ ഭൂമിമേൽ മുടിക്കുന്ന ദണ്ഡവിധിയെ നടത്തും എന്നല്ലാ
തെ, സൈന്യങ്ങളുടെയ കർത്താവു് നമുക്കു് സന്തതിയെ ശേഷിപ്പിച്ചി
ല്ല എങ്കിൽ, നാം സൊദൊമെ പോലെ ആയി, ഘമൊറയോടു് ഒത്തു വരി
കയായിരുന്നു എന്നു യശായ (1,9.) മുൻചൊല്ലിയപ്രകാരം തന്നെ.
30 ആകയാൽ നാം എന്തു പറയും? നീതിയെ പിന്തുടരാത്ത ജാതികൾ നീ
31 തിയെ പ്രാപിച്ചു. അതോ, വിശ്വാസത്താലുള്ള നീതി തന്നെ എന്നും, നീ
തിയെ വരുത്തുന്നൊരു ധർമ്മത്തെ പിന്തുടരുന്ന ഇസ്രയേൽ നീതി ധർമ്മ
32 ത്തോടു് എത്തിയില്ല എന്നും (പറയേണ്ടു.) ഇതു് എന്തുകൊണ്ടു? വിശ്വാ
സം ഹേതുവായല്ല, ധർമ്മക്രിയകളാൽ എത്തുവാൻ തോന്നുകയാൽ തന്നെ;
33 ഇടർച്ചയുള്ള കല്ലിനോടല്ലൊ അവർ മുട്ടിപ്പോയതു. (യശ. 28, 16, 8, 14.)
ഇതാ, ഞാൻ ചിയോനിൽ ഇടർച്ചക്കല്ലും, തടങ്ങൽ പാറയും വെക്കുന്നു;
അതിന്മേൽ വിശ്വസിക്കുന്നവൻ ഏവനും ലജ്ജപ്പെടുകയില്ല എന്നു് എഴുതി
യപ്രകാരം തന്നെ.

10. അദ്ധ്യായം

(9, 30) ജാതികൾക്കു ബോധിച്ച വിശ്വാസനീതിയെ, (10, 1) യഹൂദർ വെറുത്തു. (14) കേട്ടതിനോടു മുക്കയാൽ കുറ്റം അവർക്കേ ഉള്ളു.

1 **സ**ഹോദരന്മാരെ, അവർ രക്ഷപ്പെടേണം എന്നു് എന്റെ ഹൃദയപ്രസാദ
വും ദൈവത്തോടു യാചനയും അവർക്കു വേണ്ടി ആകുന്നു. കാരണം അവക്കു

2 ദൈവത്തിന്നായി എരിച്ചൽ ഉണ്ടു, പരിജ്ഞാനത്തിൻ പ്രകാരമല്ല
താനും; എന്നതിന്നു ഞാൻ സാക്ഷി. അവർ ദൈവത്തിൻ നീതിയെഅറി
3 യാതെ, സ്വനീതിയെ സ്ഥാപിപ്പാൻ അന്വേഷിച്ചുകൊണ്ടു, ദൈവനീതി
4 ക്കു കീഴ്പെട്ടു വന്നില്ലല്ലൊ. എങ്ങിനെ എന്നാൽ വിശ്വസിക്കുന്നവന്നു
ഏവനും നീതി വരുവാനായി, ക്രിസ്തൻ ധർമ്മത്തിന്റെ അവസാനം ആകു
5 ന്നു. മോശയല്ലൊ ധർമ്മത്താലെ നീതിയെ(3 മോ. 18, 5.) അവറെ ചെ
യ്തുകൊണ്ടു, മനുഷ്യൻ അവറാൽ ജീവിക്കും എന്നു വർണ്ണിക്കുന്നു. വിശ്വാ
6 സ (ത്താലെ) നീതിയൊ ഇവ്വണ്ണം പറയുന്നു (5 മോ. 30, 12, 14.) സ്വർ
ഗ്ഗത്തിൽ ആർ കരേറും? അത്രാൽ ക്രിസ്തനെ ഇറക്കേണ്ടതിന്നു എന്നൊ?
7 പാതാളത്തിൽ ആർ ഇറങ്ങും? അത്രാൽ ക്രിസ്തനെ മരിച്ചവരിൽ നിന്നു ക
8 രേറേണ്ടതിന്നു എന്നൊ, നിന്റെ ഹൃദയത്തിൽ പറയരുതു. പിന്നെ എന്തു
പറയുന്നു? വചനം നിണക്കു സമീപമായി നിന്റെ വായിലും ഹൃദയത്തി
ലും ഉണ്ടു, അതായതു ഞങ്ങൾ ഘോഷിക്കുന്ന വിശ്വാസവചനം തന്നെ.
9 വായികൊണ്ടല്ലൊ, നീ യേശു കൎത്താവെന്നു സ്വീകരിക്കയും, ഹൃദയംകൊ
ണ്ടൊ, ദൈവം അവനെ മരിച്ചവരിൽനിന്നു ഉണൎത്തിയതു, വിശ്വസിക്ക
യും ചെയ്താൽ, രക്ഷിക്കപ്പെടും. ഹൃദയംകൊണ്ടു നീതിക്കായി വിശ്വസിക്ക
10 യും, വായികൊണ്ടു രക്ഷെക്കായി സ്വീകരിക്കയും ആകുന്നു സ്പഷ്ടം. പി
11 ന്നെ (9, 33.) അവന്മേൽ വിശ്വസിക്കുന്നവൻ ഏവനും ലജ്ജപ്പെടുകയില്ല
12 എന്നു എഴുത്തു പറവാൻ കാരണം. ഏകൻ തന്നെ എല്ലാവർക്കും കൎത്താവും,
തന്നോടു വിളിച്ചു ചോദിക്കുന്ന എല്ലാവരിലും സമ്പന്നനായി കാട്ടുന്നവ
13 നും ആകയാൽ യഹൂദനും യവനനും വ്യത്യാസം ഇല്ല സ്പഷ്ടം. (യോവേ. 3,
5.) കൎത്താവിൻ നാമത്തെ വിളിച്ചപേടുക്കുന്ന ഏവനും രക്ഷപ്പെടും എന്നുണ്ടു
14 ല്ലൊ. എന്നാൽ അവർ വിശ്വസിക്കാത്തവനെ എങ്ങിനെ വിളിക്കും?
കേൾക്കാത്തവനെ എങ്ങിനെ വിശ്വസിക്കും? ഘോഷകൻ കൂടാതെ എങ്ങി
15 നെ കേൾക്കും? അയക്കപ്പെട്ടല്ലാതെ എങ്ങിനെ ഘോഷിക്കും? (യശ. 52.
7.) സമാധാനത്തെ സുവിശേഷിച്ചു, നന്മകളെ കേൾപ്പിക്കുന്നവരുടെ പാ
16 ദങ്ങൾ എത്ര മനോഹരം എന്നു എഴുതിയിരിക്കുന്നപ്രകാരം തന്നെ. എ
ന്നിട്ടും സുവിശേഷത്തെ എല്ലാവരും അനുസരിച്ചു എന്നു വന്നില്ല. കർ
17 ത്താവെ, ഞങ്ങൾ കേൾപ്പിക്കുന്നതിനെ ആർ വിശ്വസിച്ചു എന്നു യശയ്യാ
(53, 1.) പറയുന്നുവല്ലൊ! എന്നതുകൊണ്ടു വിശ്വാസം കേൾവിയിൽ നി
18 ന്നത്രെ; കേൾവിയൊ ദൈവനിയോഗത്തിൽനിന്നു ആകുന്നു. പക്ഷെ അ
വർ കേട്ടില്ല എന്നു ചൊല്ലാമൊ? (സങ്കീ. 19, 5.) അവരുടെ നാദം സൎവ്വ
ഭൂമിയിലും അവരുടെ വചനങ്ങൾ പ്രപഞ്ചത്തിൻ അറുതികളോളവും പുറ
19 പ്പെട്ടു എന്നു സ്പഷ്ടം. (ഈ പുറപ്പെടേണ്ടതു) പക്ഷെ ഇസ്രയേൽ അറിയാ
തിരുന്നുവൊ? (5 മോ. 32, 21) ജനമല്ലാത്തവരെകൊണ്ടു, ഞാൻ നിങ്ങൾ
ക്കു എരിവും മൂഢജാതിയാൽ കോപവും ജനിപ്പിക്കും എന്നു മോശെ മുമ്പ
20 നായി തന്നെ പറയുന്നു. പിന്നെ യശയ്യാ (65, 1.) എന്നെ അന്വേഷി
ക്കാത്തവരാൽ ഞാൻ കാണപ്പെട്ടു; തേടാത്തവർക്കു പ്രത്യക്ഷനായി വന്നു
എന്നു ചൊല്ലുവാൻ തുനിയുന്നതല്ലാതെ (65, 2.) ദിവസം മുഴുവൻ ഞാൻ വ
21 ഴിപ്പെടാതെ, മറുത്തു പറയുന്ന ജാതിയെകൊള്ളു എൻ കൈകളെ നീട്ടി
എന്നു ഇസ്രയേലെക്കൊണ്ടു പറയുന്നു.

11. അദ്ധ്യായം

ഇസ്രയേലിൽ ശേഷിപ്പിന്നു രക്ഷയും, (11) അവരുടെ വീഴ്ചയാൽ ജാതി
കൾക്കു ഉയർച്ചയും വന്നതെന്നി, (25) ജാതികളിൽ പിന്നെ ഇസ്രയേൽ
അശേഷം കൂടേണ്ടുകയാൽ, (33) ആശ്വാസവും സ്തോത്രവും.

1 എന്നാൽ ഞാൻ പറയുന്നു: ദൈവം സ്വ ജനത്തെ തള്ളിക്കളഞ്ഞുവൊ?
അതരുത്; ഞാനുമല്ലൊ ഇസ്രയേലൻ അബ്രഹാം സന്തതിയിലും ബിന്യ
2 മീൻ ഗോത്രത്തിലും ഉള്ളവൻ തന്നെ. ദൈവം മുന്നറിഞ്ഞുള്ള സ്വ ജാതിയെ
തള്ളീട്ടില്ല; ഏലീയാ (കാണ്ഡത്തിൽ) വേദം ചൊല്ലുന്നത് അറിയുന്നില്ല
3 യൊ? അവൻ ഇസ്രയേല്യ് എതിരെ ദൈവത്തോടു വാദിക്കുന്നതു (1 രാ. 19,
10.): കർത്താവെ അവർ നിന്റെ പ്രവാചകരെ കൊന്നു, നിന്റെ ബലി
പീഠങ്ങളെ ഇടിച്ചുകളഞ്ഞു; ഞാൻ തനിയെ ശേഷിച്ചു; എന്റെ പ്രാണനേ
4 യും അന്വേഷിക്കുന്നു. എന്നതിന്നു അരുളപ്പാടു ചൊല്ലുന്നതെന്തു? ബാലുക്ക
മുട്ടു കുത്താതെ, ഏഴായിരം ആളുകളെ ഞാൻ എനിക്കായി ശേഷിപ്പിച്ചു.
5 എന്നിപ്രകാരം ഈ കാലത്തിലും കരുണയാലുള്ള തെരിഞ്ഞെടുപ്പിനാൽ
6 ഒരു ശേഷിപ്പുണ്ടു. അതു കരുണയാൽ എങ്കിൽ ക്രിയകളാലല്ല സ്പഷ്ടം. അല്ലാ
7 യ്കിൽ കരുണ ഇനി കരുണ എന്മാനില്ല. അതുകൊണ്ടെന്തു? താൻ തിര
യുന്നതിനെ ഇസ്രയേൽ പ്രാപിച്ചില്ല. തെരിഞ്ഞെടുപ്പു പ്രാപിച്ചു താനും;
8 ശേഷിച്ചവർക്കൊ, തടിപ്പു സംഭവിച്ചതു. (5 മോ. 29 3.) ദൈവം അവർക്കു
സ്തംഭനാത്മാവെ കൊടുത്തു (യശ. 29, 10) ഇന്നേവരെ കാണാത്ത കണ്ണുകളും
9 കേൾക്കാത്ത ചെവികളും തന്നെ എന്നു എഴുതിയിരിക്കുന്നപ്രകാരം. പി
ന്നെ (സങ്കീ 69, 23) അവരുടെ മേശ അവർക്കു കണിയും നായാട്ടും ഇടർച്ച
10 യും പ്രതിക്രിയയും ആക! അവരുടെ കണ്ണുകൾ കാണാതവണ്ണം ഇരുണ്ടുപോ
ക! അവരുടെ മുതുകിനെ നിത്യം കൂനാക്കുക! എന്നു ദാവീദ് പറയുന്നു. എ
11 ന്നാൽ അവർ വീഴേണ്ടതിന്നു ഇടറി എന്നൊ? അതരുത് അവരുടെ പിഴ
12 യാൽ ജാതികൾക്കു രക്ഷ വന്നതു അവർക്കു ചൂടു ജനിപ്പിപ്പാൻ തന്നെ. എ
ന്നാൽ അവരുടെ പിഴ ലോകത്തിന്നു ധനവും, അവരുടെ തോല്യം ജാതിക
ളുടെ സമ്പത്തും ആയെങ്കിൽ, അവരുടെ തികച്ചൽ എത്ര അധികം! ഞാന
13 ല്ലൊ ജാതികളായ നിങ്ങളോടു പറയുന്നിതു: ഞാൻ ജാതികൾക്കു അപോ
14 സ്തലൻ ആകുന്ന അവസ്ഥക്കു എന്റെ ശുശ്രൂഷെക്കു തേജസ്സു കൂട്ടുന്നു സ
ത്യം. അതിനാൽ എന്റെ ജഡമാകുന്നവർക്കു എരിച്ചൽ ജനിപ്പിച്ചു, അവ
15 രിൽ ചിലരെ രക്ഷിപ്പാൻ നോക്കീട്ടു താനും. കാരണം അവരുടെ ഭ്രംശം
ലോകത്തിൻ നിരപ്പായി എങ്കിൽ, അവരുടെ ചേർച്ച മരിച്ചതിൽനിന്നു
16 യിർപ്പു ഇന്നല്ലാതെ എന്താകും? ആദ്യമാവു (4 മോ. 15, 20.) വിശുദ്ധമാ
കിലൊ, പിണ്ഡവും അതെ; വേർ വിശുദ്ധം ആയാൽ, കൊമ്പുകളും അവ
17 ണ്ണും. കൊമ്പുകൾ ചിലതു ഒടിഞ്ഞു പോയി, കാട്ടൊലീവിൽ നിന്നുള്ള
നീ അവറിന്നിടയിൽ ഒട്ടിച്ചു ചേർക്കപ്പെട്ടു; ഒലീവിൻ വേർക്കും നെയ്യും
18 കൂട്ടാളിയായ്വന്ന എങ്കിലൊ ആ കൊമ്പുകളെ നിന്ദിച്ചു പ്രശംസിക്ക
ല്ലെ! പ്രശംസിച്ചാലൊ, നീ വേരിനെ അല്ല വേർ നിന്നെ ചുമക്കുന്നതു (ഓ
19 ക്ക). എന്നാൽ ഞാൻ ഒട്ടിക്കപ്പെടുവാൻ കൊമ്പുകൾ ഒടിച്ചു പോയി എന്നു
20 നീ ചൊല്ലും. ശരി, അവിശ്വാസത്താൽ അവ ഒടിഞ്ഞു പോയി, വി
21 ശ്വാസത്താൽ നീ നില്ക്കുന്നു; ഞെളിഞ്ഞുപോകാതെ ഭയപ്പെടുക! സ്വാ
ഭാവികകൊമ്പുകളെ ദൈവം ആദരിയാതെ പോയെങ്കിൽ, നിന്നെയും
22 പക്ഷെ ആദരിയാതെ ഇരിക്കിലുമാം. ആകയാൽ ദൈവത്തിന്റെ ദയ
യുംഖണ്ഡിതവും കാൺക! വീണവരിൽ ഖണ്ഡിതവും, നിന്നിൽ ദയയും ഉ
23 ണ്ടു; ദയയിൽ നീ പാർത്തുകൊണ്ടാലത്രെ, അല്ലായ്കിൽ നീയും അറുക്കപ്പെടും.
അവരും കൂടെ അവിശ്വാസത്തിൽ പാർത്തു കൊള്ളാഞ്ഞാൽ ഒട്ടിക്കപ്പെടും.
24 അവരെ പിന്നെയും ഒട്ടിപ്പാൻ ദൈവം ശക്തനാകുന്നു പോൽ. നീയാക
ട്ടെ, സ്വഭാവത്താൽ കാട്ടുമരമായതിൽനിന്നു അറുക്കപ്പെട്ടു; സ്വഭാവത്തി
ന്നു വിരോധമായി, നല്ല ഒലീവിൽ ഒട്ടിക്കപ്പെട്ട എങ്കിൽ, ഈ സ്വാഭാ
25 വികകൊമ്പുകളെ സ്വന്തമായ ഒലീവിൽ എത്ര അധികം ഒട്ടിക്കപ്പെടും.
എങ്ങിനെ എന്നാൽ സഹോദരന്മാരെ, നിങ്ങൾക്കു തന്നെ നിങ്ങൾ ബുദ്ധി
മാന്മാരായി തോന്നായ്വാൻ ഈ മർമ്മം ബോധിക്കാതിരിക്കരുതു

എന്ന് ആഗ്രഹിക്കുന്നു; തടിപ്പ് ഇസ്രയേലിന്ന് ഏകദേശം സംഭവിച്ചതു ജാ
26 തികളുടെ നിറവു പ്രവേശിപ്പോളം അത്രെ. ഇപ്രകാരം ഇസ്രയേൽ എല്ലാം
രക്ഷപ്പെടുകയും ചെയ്യും; (യശ. 59,20.) ഉദ്ധരിപ്പവൻ ചീയോനിൽനിന്നു
27 വന്നു യാക്കോബിൽനിന്ന് അഭക്തിയെ മാറ്റും (യശ. 27,9.) അവരുടെ
പാപങ്ങളെ ഞാൻ എടുത്തു കളഞ്ഞാൽ പിന്നെ അവരോട് എന്റെ നിയമം
28 ഇതു തന്നെ എന്ന് എഴുതിയിരിക്കുന്നപ്രകാരം. സുവിശേഷത്തെ നോക്കി
യാൽ അവർ നിങ്ങൾ നിമിത്തം അനിഷ്ടർ; തെരിഞ്ഞെടുപ്പിനെ നോക്കി
29 യാലൊ, പിതാക്കന്മാർ നിമിത്തം പ്രിയമുള്ളവർ. കാരണം ദൈവത്തിൻ
കൃപാവരങ്ങളും വിളിയും അനുതാപം വരാത്തവ അത്രെ. എങ്ങിനെ എ
30 ന്നാൽ നിങ്ങളും പണ്ടു ദൈവത്തിന്ന് അടങ്ങാഞ്ഞശേഷം, ഇപ്പോൾ അവ
31 രുടെ അനധീനതയാൽ കനിവു ലഭിച്ചപ്രകാരം ഇവരും ഇപ്പോൾ അടങ്ങാ
32 ഞ്ഞതു നിങ്ങൾക്കുള്ള കനിവിനാൽ അവർക്കും കനിവു ലഭിക്കേണ്ടതിന്ന
ത്രെ. ദൈവമല്ലൊ എല്ലാവരേയും കനിഞ്ഞു കൊള്ളേണ്ടതിന്ന്, എല്ലാവരേ
33 യും അവിശ്വാസത്തിൽ അടെച്ചു കളഞ്ഞു. ഹാ ദൈവത്തിൻ (കൃപാ) ധനം
ജ്ഞാനം അറിവ് ഇവറ്റിൻ ആഴം എന്തു? അവന്റെ ന്യായവിധികളും എ
34 ത്ര അപ്രമേയവും, വഴികളും അഗോചരവും ആകുന്നു! (യശ. 40,13) കർത്താ
വിൻ മനസ്സെ ആരു പോൽ അറിഞ്ഞു? അവന് ആരു പോൽ മന്ത്രിയാ
35 യി കൂടി? (യോബ്. 41.3.) അല്ല അവനു വല്ലതും മുമ്പിൽ കൊടുത്തിട്ടു
36 പകരം മേടിപ്പത് ആർ? കാരണം അവനിൽനിന്നും അവനാലും അവങ്ക
ലേക്കും സകലവും ആകുന്നു, അവനു യുഗാദികളോളം തേജസ്സ് (ഉണ്ടാക)!
ആമെൻ.

12. അദ്ധ്യായം

കൃതജ്ഞതയാൽ തന്നെ ദൈവത്തിനു ബലികഴിച്ചു, (3) താഴ്മയോടും, (9) നാനാവിധസ്നേഹത്തോടും നടന്നു, (17) സമാധാനത്തെ പരത്തുവാൻ പ്രബോധനം.

1 എന്നതുകൊണ്ടു! സഹോദരന്മാരെ! ഞാൻ ദൈവത്തിന്റെ മനസ്സലിവു
കളെ ഓർപ്പിച്ചു, നിങ്ങളെ പ്രബോധിപ്പിക്കുന്നിതു: നിങ്ങൾ ബുദ്ധിയുള്ള
ഉപാസനയായി നിങ്ങളുടെ ശരീരങ്ങളെ ജീവിക്കുന്നതും വിശുദ്ധവും ദൈ
2 വത്തിനു പ്രസാദം വരുത്തുന്നതും ആയ ബലിയാക്കി കഴിക്ക. ഈ യുഗ
ത്തെ മാതിരി ആക്കാതെ, മനസ്സിനെ പുതുക്കുകയാൽ രൂപാന്തരപ്പെട്ടിട്ടു,
ദൈവത്തിന്ന് ഇഷ്ടമായി നന്മയും പ്രസാദവും തികവുമുള്ളത് ഇന്നത് എ
3 ന്നു ശോധന ചെയ്യുമാറാക. എങ്ങിനെ എന്നാൽ എനിക്കു നല്കപ്പെട്ട കൃപ
നിമിത്തം ഞാൻ നിങ്ങളിലുള്ള എല്ലാവനോടും ചൊല്ലുന്നിതു. ഭാവിക്കേ
ണ്ടതിനു മീതെ ഭാവിച്ചുയരാതെ, ദൈവം അവനവനു വിശ്വാസത്തിൻ
4 അളവിനെ പകുത്തതു പോലെ സുബോധമാകുംവണ്ണം ഭാവിക്ക! ഏകശ
രീരത്തിൽ അല്ലൊ, നമുക്ക് അനേകം അവയവങ്ങളും, അവയവങ്ങൾക്ക്
ഒക്കയും ഒരുപോലെ അല്ല, പ്രവൃത്തിയും ഉള്ളപ്രകാരം തന്നെ. അനേകരായ
5 നാം ക്രിസ്തനിൽ ഏകശരീരവും, അവനവൻ തങ്ങളിൽ അവയവങ്ങളും ആ
6 കുന്നു. വിശേഷിച്ചു നമുക്കു നല്കിയ കൃപെക്കു തക്കവണ്ണം വിവിധങ്ങളായ
വരങ്ങൾ ഉള്ളതുകൊണ്ടു, പ്രവചനമായാൽ, വിശ്വാസത്തിന്റെ പ്രമാണ
7 പ്രകാരം ആക; ശുശ്രൂഷ എങ്കിൽ, ശുശ്രൂഷയിൽ നാം ഇരിക്ക; ഉപദേശി
ക്കുന്നവൻ എങ്കിൽ, ഉപദേശത്തിൽ ആക; പ്രബോധിപ്പിക്കുന്നവൻ ആ
8 യാൽ, പ്രബോധനത്തിൽ ആക. വിഭാഗിച്ചു കൊടുക്കുന്നവൻ ഏകാഗ്രത
9 യോടെ, മുമ്പുള്ളവൻ ഉത്സാഹത്തോടെ, കനിയുന്നവൻ പ്രസന്നതയോടെ,
സ്നേഹം നിർവ്യാജം, (ആക) തീയതിനെ അറെച്ചും നല്ലതെ സജ്ജിച്ചും

10 കൊണ്ടു (അമ. 5, 15.) സഹോദരപ്രീതിയിൽ തമ്മിൽ സ്നേഹിപ്പിൻ
11 ബഹുമാനത്തിൽ തമ്മിൽ മുമ്പിട്ടുകൊണ്ടു, ഉത്സാഹത്തിൽ മടിപ്പില്ലാതെ
12 ആത്മാവിൽ വെന്തു സമയത്തെ സേവിച്ചു. ആശയാൽ സന്തോഷിച്ചു, ക്ലേ
13 ശത്തിൽ സഹിച്ചുനിന്നു. പ്രാർത്ഥനയിൽ അഭിനിവേശിച്ചു, വിശുദ്ധരു
ടെ ആവശ്യങ്ങളിൽ കൂട്ടായ്മ കാണിച്ചു, ആതിഥ്യം പിന്തുടർന്നും കൊണ്ടി
14 രിക്ക! നിങ്ങളെ ഹിംസിക്കുന്നവരെ അനുഗ്രഹിപ്പിൻ; ശപിക്കരുതെ.
15 സന്തോഷിക്കുന്നവരോടു കൂടെ സന്തോഷിക്കയും, കരയുന്നവരോടുകൂടെ ക
16 രകയും, തമ്മിൽ ഐകമത്യം ഭാവിച്ചു. ഉയരമുള്ളവ ചിന്തിക്കാതെ, താ
ണവരിൽ ഉൾപെട്ടും കൊൾക. താന്തനിക്കു ബുദ്ധിമാൻ എന്നു തോന്നാ
17 യ്ക. ഒരുത്തനും തിന്മെക്കു പകരം തിന്മ കൊടുക്കാതെ, എല്ലാമനുഷ്യരുടെ
18 മുമ്പാകെയും നല്ലവറെ മുൻകരുതി കഴിയും എങ്കിൽ, നിങ്ങളാൽ ആവോ
19 ളം എല്ലാമനുഷ്യരോടും സമാധാനം കോലുക. പ്രിയമുള്ളവരെ തങ്ങൾ ത
ന്നെ പകവീട്ടാതെ, (ദേവ) കോപത്തിന്നു ഇടം കൊടുപ്പിൻ, കാരണം
(5 മോ 32, 35.) പ്രതിക്രിയ എനിക്കുള്ളതു, ഞാൻ പകരം ചെയ്യും എന്നു
20 കർത്താവു് പറയുന്നു. ആകയാൽ (സുഭ. 25, 21) നിന്റെ ശത്രുവിന്നു വിശ
ക്കിൽ അവനെ ഊട്ടുക, ദാഹിക്കിൽ കുടിപ്പിക്ക; ഇതു ചെയ്താൽ തീക്ക
നലുകൾ അവന്റെ തലമേൽ കൂന്നിക്കും എന്നു് എഴുതിയിരിക്കുന്നതു്; തി
ന്മയോടു തോല്ക്കാതെ, നന്മയാൽ തിന്മയെ ജയിക്കുക!

13. അദ്ധ്യായം

കൊയ്മെക്കു കീഴ്പെടുവാനും, (8) സ്നേഹത്തെ പ്രമാണമാക്കി, (11) സുബോധം ആചരിപ്പാനും പ്രബോധനം.

1 ഏതു ദേഹിയും ശ്രേഷ്ഠാധികാരങ്ങൾക്കു കീഴടങ്ങുക; കാരണം ദൈവ
ത്തിൽ നിന്നല്ലാതെ അധികാരം ഒന്നും ഇല്ല; ഉള്ള അധികാരങ്ങളൊ ദൈ
2 വത്താൽ നിയമിക്കപ്പെട്ടവ, ആകയാൽ അധികാരത്തോടു മറുക്കുന്നവൻ
ദൈവവ്യവസ്ഥയോടു മറുക്കുന്നു; മറുക്കുന്നവരൊ, തങ്ങൾക്കു തന്നെ ന്യായ
3 വിധിയെ പ്രാപിക്കും. പിന്നെ വാഴുന്നവർ സൽക്രിയെക്കല്ല; ദുഷ്ക്രി
യെക്കത്രെ ഭയമായിരിക്കുന്നു; അധികാരസ്ഥനെ ഭയപ്പെടാതിരിപ്പാൻ
ഇച്ഛിക്കുന്നുവൊ? നല്ലതിനെ ചെയ്ക എന്നാൽ, അവനോടു പുകഴ്ച ലഭിക്കും.
4 നിണക്കു നന്മെക്കായിട്ടല്ലൊ, അവൻ ദൈവ ശുശ്രൂഷക്കാരനാകുന്നു, തീയ
തിനെ നീ ചെയ്കയിലൊ ഭയപ്പെടുക വെറുതെ അല്ലല്ലൊ, അവൻ വാളെ
വഹിക്കുന്നതു; ദോഷം പ്രവൃത്തിക്കുന്നവനിൽ കോപം നടത്തിപ്പാൻ ഉ
ത്തരം ചെയ്കൊണ്ടു, അവൻ ദൈവത്തിൻ ശുശ്രൂഷക്കാരനാകുന്നു സത്യം.
5 എന്നതുകൊണ്ടു കോപത്തെ അല്ല, മനസ്സാക്ഷിയേയും വിചാരിച്ചത്രെ,
6 കീഴടങ്ങുക തന്നെ ആവശ്യമാകുന്നു. അതുകൊണ്ടത്രെ നിങ്ങൾ നികിതി
യും കൊടുക്കുന്നു; അവർ ദേവസേവെക്കുള്ള വരും അതിൽ തന്നെ.
അഭിനിവേശിക്കുന്നവരും ആകുന്നതിനാൽ തന്നെ. അതുകൊണ്ടു കട
7 മായുള്ളതു് എല്ലാവർക്കും ഒപ്പിപ്പിൻ, നികിതി (മേടിക്കുന്നവന്നു)
നികിതി, ചുങ്കം (മേടിക്കുന്നവന്നു) ചുങ്കം, ഭയം വേണ്ടുന്നവന്നു ഭയം, മാ
8 നം വേണ്ടുന്നവന്നു മാനം തന്നെ. അന്യോന്യം സ്നേഹിക്കുന്നതു് ഒഴികെ
9 ആരോടും ഒന്നും കടമ്പെടരുതു. അന്യനെ സ്നേഹിക്കുന്നവനല്ലൊ ധർമ്മ
ത്തെ പൂരിപ്പിച്ചിരിക്കുന്നു; കാരണം വ്യഭിചാരം ചെയ്വരുതു, കുല ചെയ്വ
രുതു, മോഷ്ടിക്കരുതു, മോഹിക്കരുതു മുതലായിട്ടു യാതോരു കല്പനയും, നി
ന്നെപോലെ തന്നെ കൂട്ടുകാരനെ സ്നേഹിക്ക എന്നുള്ള വചനത്തിൽ തന്നെ
10 സംക്ഷേപിച്ചു കിടക്കുന്നു. സ്നേഹം എന്നതു കൂട്ടുകാരനു ദോഷം പ്രവൃത്തി
ക്കാത്തതാകയാൽ ധർമ്മനിവൃത്തി സ്നേഹം അത്രെ. അതൊ (ചെയ്യേണ്ടതു)

11 സമയത്തെ അറിഞ്ഞിട്ടു തന്നെ നാം വിശ്വസിച്ച നേരത്തേക്കാൾ
രക്ഷ ഇപ്പോൾ, നമുക്ക് അധികം അടുത്തതാകകൊണ്ടു, നാം ഉറക്കത്തിൽ
12 നിന്നുണരുവാൻ നാഴിക വന്ന എന്നറിയാമല്ലൊ. രാവു ചെന്ന കഴിഞ്ഞു,
പകൽ അടുത്തു; അതുകൊണ്ടു നാം ഇരുട്ടിൻക്രിയകളെ വീഴ്ത്തു, വെളിച്ച
ത്തിൻ ആയുധങ്ങളെ ധരിച്ചു കൊൾക. പകല്പോലത്ത് എന്നപോലെ
13 നാം മര്യാദയായി നടക്കുക, കുത്തു മദ്യപാനങ്ങളിലല്ല, ദുഷ്കാമമൈഥുനങ്ങ
ളിലല്ല, എരിവു പിണക്കങ്ങളിലല്ല; കർത്താവായ യേശുക്രിസ്തനെ
14 അത്രെ ഉടുത്തു കൊൾവിൻ! പിന്നെ മോഹങ്ങൾ ജനിപ്പാൻ ജഡത്തിന്നാ
യി കരുതികൊള്ളരുതു.

14. അദ്ധ്യായം

ഭക്ഷണാദി ആചാരങ്ങളെ ചൊല്ലി ഇടഞ്ഞു പോകാതെ, (7) താന്താൻ ക്രിസ്തുപ്രസാദവും, (13) സഭയുടെ കെട്ടുപണിയും വരുത്തുവാൻ നോക്കേണം.

1 വിശ്വാസത്തിൽ ബലഹീനനായവനെ നിങ്ങൾ (അവരുടെ) വിചാര
2 ങ്ങൾക്കു വിധിക്കാതെ കണ്ടു ചേർത്തുകൊൾവിൻ. ഒരുവൻ എല്ലാം തിന്മാൻ
വിശ്വസിക്കുന്നു; ബലഹീനൻ സസ്യാദികളെ തിന്നുകെ ഉള്ളു. തിന്നുന്ന
3 വൻ തിന്നാത്തവനെ ധിക്കരിക്കരുതു, തിന്നാത്തവൻ തിന്നുന്നവനു ന്യാ
4 യം വിധിക്കരുത്, ദൈവമല്ലൊ അവനെ ചേർത്തുകൊണ്ടു; അന്യന്റെ
ഭൃത്യനു വിധിപ്പാൻ നീ ആർ? അവൻ നില്ക്കുന്നതൊ വീഴുന്നതൊ തന്റെ
5 കർത്താവിന്നത്രെ; അവൻ നിലനില്ക്കും താനും; ദൈവം അവനെ നില്പി
പ്പാൻ ശക്തനല്ലൊ ആകുന്നു. ഒരുവൻ ദിവസത്തേക്കാൾ ദിവസത്തെ മാ
നിക്കുന്നു, മറവൻ എല്ലാ ദിവസങ്ങളെയും മാനിക്കുന്നു; അവനവൻ താ
6 ന്താന്റെ മനസ്സിൽ നിറപടിയുള്ളവനാക. ദിവസത്തെ കരുതുന്നവൻ കർ
ത്താവിന്നായി കരുതുന്നു; ദിവസത്തെ കരുതാത്തവൻ കർത്താവിന്നായി
കരുതാത്തതു; പിന്നെ തിന്നുന്നവൻ ദൈവത്തെ സ്തുതിക്കയാൽ കർത്താവി
ന്നായി തിന്നുന്നു, തിന്നാത്തവൻ കർത്താവിന്നായി തിന്നാതെ ദൈവ
7 ത്തെ സ്തുതിക്കയും ചെയ്യുന്നു. എങ്ങിനെ എന്നാൽ നമ്മിൽ ആരും തനിക്കു
ജീവിക്കുന്നില്ല, ആരും തനിക്കു ചാകുന്നതും ഇല്ല; നാം ജീവിച്ചാലും കർ
8 ത്താവിന്നു ജീവിക്കുന്നു; ചത്താലും കർത്താവിന്നു ചാകുന്നു. അതുകൊണ്ടു
9 ജീവിച്ചാലും ചത്താലും കർത്താവിന്നുള്ളവർ ആകേണ്ടതിന്നു തന്നെ ക്രിസ്തൻ മരിക്ക
10 യും ഉയിർക്കയും ചെയ്തു. നീയൊ നിന്റെ സഹോദരനു ന്യായം വിധി
പ്പാൻ എന്തു? അല്ല, നീയും നിന്റെ സഹോദരനെ ധിക്കരിപ്പാൻ എന്തു?
11 നാം എല്ലാവരും ദൈവത്തിന്റെ ന്യായാസനത്തിന്നു മുമ്പാകെ നില്ക്കും
സത്യം (യശ. 45, 23.) എന്റെ ജീവനാണ എല്ലാ മുഴങ്കാലും എനിക്കു വ
ണങ്ങും എല്ലാനാവും ദൈവത്തെ വാഴ്ത്തുകയും ചെയ്യും എന്നു് എഴുതി ഇരി
12 ക്കുന്നുവല്ലൊ. ആകയാൽ നമ്മിൽ ഓരോരുവനും താന്താന്റെ കണക്കിനെ
13 ദൈവത്തോടു ബോധിപ്പിക്കും. എന്നതുകൊണ്ടു നാം ഇനി അന്യോന്യം
ന്യായം വിധിക്കൊല്ല; സഹോദരന്നു് ഇടർച്ചയൊ തടങ്ങലൊ വെക്കാ
14 തിരിപ്പാൻ അത്രെ വിധിച്ചുകൊൾവിൻ. ഞാൻ കർത്താവായ യേശുവിൽ
അറിഞ്ഞു തേറിയതു് എന്തെന്നാൽ ഒന്നും തന്നാൽ തന്നെ തീണ്ടൽ ആക
യില്ല; ഒരുവൻ അതു തീണ്ടൽ എന്നു് എണ്ണിയാൽ അവന്നത്രെ തീണ്ടൽ ആ
15 കുന്നു. ഭക്ഷണം നിമിത്തം നിന്റെ സഹോദരൻ ദുഃഖിച്ചു പോയാലൊ,
നീ സ്നേഹപ്രകാരം നടക്കുന്നില്ല; ആർക്കു വേണ്ടി ക്രിസ്തൻ മരിച്ചു, ആയ
16 വനെ, നിന്റെ ഭക്ഷണംകൊണ്ടു നശിപ്പിക്കല്ലെ! ആകയാൽ നിങ്ങളുടെ

17 നന്മയോട ദൂഷണം പററി വരരുതെ. ദേവരാജ്യം ഭക്ഷണപാനവും അല്ല
ല്ലൊ, നീതിയും സമാധാനവും വിശുദ്ധാത്മാവിൽ സന്തോഷവും അത്രെ
18 ആകുന്നു. ഇവററിൽ തന്നെ ക്രിസ്തനെ സേവിക്കുന്നവൻ ദൈവത്തെ പ്രസാ
19 ദിപ്പിക്കുന്നവനും മനുഷ്യർക്ക് കൊള്ളാകുന്നവനും ആകുന്നു. അതുകൊണ്ടു
നാം സമാധാനത്തിന്നും അന്യോന്യം വീടുവർദ്ധനെക്കും ഉള്ളവറെ പി
20 ന്തുടരുക. ഭക്ഷണം നിമിത്തം ദേവനിർമ്മാണത്തെ കെടുഴിക്കല്ലെ! എ
ന്നാൽ എല്ലാം ശുദ്ധംതന്നെ; തടങ്ങൽ തട്ടിയിട്ടും തിന്നുന്ന മനുഷ്യനൊ അ
21 തു വിടക്കു. ഇറച്ചി തിന്നായ്കയും രസം കുടിക്കായ്കയും സഹോദരന്ന്
ഇടർച്ചയോ തടങ്ങലൊ ബലഹീനതയോ സംഭവിക്കുന്നത് എന്തെങ്കിലും
22 ചെയ്യായ്കയും നല്ലതു തന്നെ. നിണക്കു വിശ്വാസം ഉണ്ടൊ? അതിനെ
23 ദേവമുമ്പാകെ നിണക്കായിട്ടു ധരിച്ചുകൊൾക; താൻ സമ്മതിക്കുന്നതിൽ
തനിക്കു താൻ വിധിക്കാത്തവൻ ധന്യൻ; സംശയിക്കുന്നവനൊ തിന്നു എ
ങ്കിൽ വിശ്വാസത്തിൽനിന്നു വരായ്കകൊണ്ടു അവനു കുറം വിധിച്ചി
ട്ടുണ്ടു: വിശ്വാസത്തിൽനിന്നു വരാത്തത് ഒക്കയും പാപകരമത്രെ.

15. അദ്ധ്യായം

ബലഹീനരെ ചുമന്നുകൊണ്ടു, (5) രണ്ടു വകക്കാരും ഐക്യപ്പെടുവാൻ പ്രബോധനം, (14) അപോസ്തലന്റെ, (22) യാത്രാഭാവങ്ങളും അപേക്ഷയും.

1 എന്നാൽ ശക്തരായ നാം അശക്തരുടെ ബലഹീനതകളെ ചുമക്കേണം,
2 തങ്ങളെതന്നെ പ്രസാദിപ്പിക്കയും അരുത്. നമ്മിൽ ഓരോരുവൻ ഗുണ
ത്തിന്നായി വീടുവർദ്ധനെക്കായി തന്നെ കൂട്ടുകാരനെ പ്രസാദിപ്പിക്ക. കാ
3 രണം ക്രിസ്തനും തന്നെ താൻ പ്രസാദിപ്പിച്ചില്ല. (സങ്കീ. 69,1) നിന്നെ
നിന്ദിക്കുന്നവരുടെ നിന്ദകളും എന്റെ മേൽ വീണു എന്ന് എഴുതിയപ്രകാര
4 മത്രെ (നടന്നു.) എങ്ങിനെ എന്നാൽ മുൻ എഴുതപ്പെട്ടവ ഒക്കയും നമ്മുടെ
ഉപദേശത്തിന്നായി എഴുതിയത് നാം എഴുത്തുകളുടെ ക്ഷാന്തിയാലും ആ
5 ശ്വാസത്താലും ആശയെ ധരിച്ചു കൊള്ളേണ്ടതിന്നു തന്നെ. എന്നാൽ നി
ങ്ങളും ഐകമത്യപ്പെട്ടു, നമ്മുടെ കർത്താവായ യേശുക്രിസ്തന്റെ പിതാവായ
6 ദൈവത്തെ ഒരു വായികൊണ്ടു മഹത്വീകരിക്കേണ്ടതിന്നു, ക്ഷാന്തി ആശ്വാ
സങ്ങളുടെ ദൈവം ക്രിസ്തയേശുവിന്നു തക്കവണ്ണം അന്യോന്യം ഒന്നിനെ
7 തന്നെ ചിന്തിപ്പാൻ നിങ്ങളെക്ക് നല്കുണമെ. അതുകൊണ്ടു ക്രിസ്തൻ ദൈ
വതേജസ്സിന്നായികൊണ്ടു നിങ്ങളെ ചേർത്തുകൊണ്ടതു പോലെ അന്യോന്യം
8 ചേർത്തു കൊൾവിൻ. ഞാൻ പറയുന്നതൊ യേശുക്രിസ്തൻ ദേവസത്യത്തിൻ
നിമിത്തം പരിച്ഛേദനക്കു ശുശ്രൂഷക്കാരനായി ചമഞ്ഞതു പിതാക്കൊക്കു
9 ള്ള വാഗ്ദത്തങ്ങളെ ഉറപ്പിക്കേണ്ടതിന്നും, ജാതികളും ദൈവത്തെ കനിവിൻ
10 നിമിത്തം മഹത്വീകരിക്കേണ്ടതിന്നും എന്നത്രെ. (സങ്കീ. 18, 50.) ആക
യാൽ ഞാൻ ജാതികളിൽ നിന്നെ വാഴ്ത്തി, നിൻ നാമത്തിന്നു സ്തുതിപാടും
11 എന്ന് എഴുതിയപ്രകാരം തന്നെ. പിന്നെ (5 മോ. 32, 43.) ജാതികളെ
അവന്റെ ജനത്തോടു ഒന്നിച്ചു ആനന്ദിപ്പിൻ എന്നും, (സങ്കീ. 117, 1)
എല്ലാ ജാതികളും കർത്താവെ സ്തുതിപ്പിൻ, എല്ലാ വംശങ്ങളും അവനെ
12 പുകഴ്വിൻ എന്നും ഉണ്ടു. ജാതികളെ ഭരിപ്പാൻ എഴുനീല്ക്കുന്ന ഇശ്ശായിവേർ
ആയവനെ ജാതികളും ആശിച്ചു തേടും എന്നു യശയ്യാവും (11, 10) പറയു
13 ന്നു. എന്നാൽ ആശയുടെ ദൈവം വിശ്വസിക്കുന്നതിൽ തന്നെ നിങ്ങളും
വിശുദ്ധാത്മാവിൻ ശക്തിമൂലം ആശയിൽ വഴിയുമാറു സകല സന്തോഷ
വും സമാധാനവും കൊണ്ടും നിങ്ങളെ നിറെക്കുക.

14 പിന്നെ പ്രിയ സഹോദരന്മാരെ, നിങ്ങളും തന്നെയും സല്ഗുണ സമ്പൂ
ർണ്ണരും സകല ജ്ഞാനം നിറഞ്ഞവരും തങ്ങളിൽ തന്നെ വഴിക്കാക്കുവാൻ
പ്രാപ്തരും ആകുന്നു എന്നു ഞാൻ തന്നെയും നിങ്ങളെ ചൊല്ലി തേറി ഇരി
15 ക്കുന്നു. എന്നിട്ടും സഹോദരന്മാരെ, ദൈവം എനിക്കു നല്കിയ കൃപനിമി
ത്തം നിങ്ങളെ ഞാനും കൂടെ ഓർപ്പിക്കുന്നവനായി, ചിലതിൽ അതിധൈ
16 ര്യമായി നിങ്ങൾക്കു് എഴുതി. ജാതികളും ആകുന്നൊരു ബലി വിശുദ്ധാ
ത്മാവിനാൽ വിശുദ്ധീകരിക്കപ്പെട്ടു, സുഗ്രാഹ്യമായി ചമയേണ്ടതിന്നു
ഞാൻ ദൈവത്തിൻ സുവിശേഷത്തെ പുരോഹിതനായി നടത്തികൊണ്ടു,
ജാതികളിൽ യേശുക്രിസ്തന്റെ സേവകനായിരിപ്പാന്തക്കവണ്ണമല്ലൊ എ
17 നിക്കു കൃപ ലഭിച്ചതു. ആകയാൽ, എനിക്കു ദേവകാര്യത്തിൽ ക്രിസ്തുയേ
18 ശുവിങ്കൽ പ്രശംസ ഉണ്ടു. ക്രിസ്തൻ എന്നേകൊണ്ടു് ജാതികളുടെ അനുസര
ണത്തിന്നു വേണ്ടി, വാക്കിനാലും ക്രിയയാലും അടയാളങ്ങളുടെയും അത്ഭു
തങ്ങളുടെയും ശക്തികൊണ്ടു, വിശുദ്ധാത്മാവിൻശക്തിയിൽ തന്നെ പ്രവൃ
19 ത്തിച്ചവ അല്ലാതെ, ഞാൻ ചൊല്ലുവാൻ തുനികയില്ലല്ലൊ. അതിനാൽ
ഞാൻ മുമ്പെ യരുശലേമിലും ചുഴലവും പിന്നെ ഇല്ലുര്യവരെയും ക്രിസ്തന്റെ
20 സുവിശേഷത്തെ പൂരിപ്പിച്ചിരിക്കുന്നു. ഇതിൽ ഞാൻ അന്യന്റെ അടി
സ്ഥാനത്തിൻമേൽ പണി ചെയ്യാതെ ഇരിക്കേണ്ടതിന്നു, ക്രിസ്തന്റെ പേർ
21 കേൾക്കായ ഇടത്തിലല്ല. (യശ. 52, 15.) അവനെകൊണ്ടു് അറിയിക്ക
പ്പെടാത്തവർ കാണും കേൾക്കാത്തവർ ബോധിക്കും എന്നു് എഴുതിയ പ്ര
22 കാരമത്രെ സുവിശേഷിപ്പാൻ അഭിമാനിച്ചു നടക്കുന്നു. അതുകൊണ്ടത്രെ
ഞാൻ നിങ്ങളുടെ അടുക്കൽ വരുന്നതിന്നു മിക്കവാറും മുടക്കം വന്നു. ഇപ്പോ
23 ഴൊ എനിക്കു് ഈ ദിക്കുകളിൽ ഇനി സ്ഥലം ശേഷിക്കായ്കയാൽ അങ്ങു
24 ചെല്ലുവാൻ പല ആണ്ടുകളും തുടങ്ങി വാഞ്ഛ ഉണ്ടു. ഞാൻ സ്പാന്യയിലേ
ക്കു യാത്രയാകുമ്പോഴേക്കു നിങ്ങളുടെ ഇടയിൽ വരും; ഞാൻ കടന്നു പോ
കുന്ന പന്തിയിലല്ലൊ, നിങ്ങളെ ദർശിപ്പാനും മുമ്പെ തന്നെ നിങ്ങളിൽ
നിന്നു് ഏകദേശം തൃപ്തി വന്നശേഷം നിങ്ങളാൽ യാത്ര അയക്കപ്പെടുവാ
25 നും ആശ ഉണ്ടു. ഇപ്പോഴും തന്നെയൊ, ഞാൻ യരുശലേമിലേക്കു വിശുദ്ധർ
26 ക്കു് ശുശ്രൂഷ ചെയ്വാൻ യാത്ര പുറപ്പെടുന്നു. എങ്ങിനെ എന്നാൽ യരു
ശലേമിലെ വിശുദ്ധരിൽ ദരിദ്രരായവർക്കു് അല്പം കൂട്ടായ്മ കാട്ടുവാൻ മ
27 കെദോന്യയും അഖായയും പ്രസാദിച്ചു. പ്രസാദം തോന്നി സത്യം. ഇവർ
അവർക്കു കടമ്പെട്ടിരിക്കുന്നതും ഉണ്ടു; ജാതികളും അവരുടെ ആത്മീകവസ്തു
ക്കളിൽ കൂട്ടാളികളും ആയെങ്കിൽ ജഡികങ്ങളിൽ അവരെ സേവിപ്പാനും
28 കടം വന്നിരിക്കുന്നുവല്ലൊ. ആയതിനെ ഞാൻ സമാപിച്ചു് അവർക്കു്
ഈ ഫലത്തെ എത്തിച്ചു മുദ്രയിട്ടശേഷം നിങ്ങളിൽ കൂടി സ്പാന്യയിലേക്കു
29 ചെല്ലും. നിങ്ങളരികെ വന്നാലൊ, ക്രിസ്തുസുവിശേഷത്തിന്റെ അനുഗ്ര
30 ഹനിറവോടെ വരും എന്നു ഞാൻ അറിഞ്ഞിരിക്കുന്നു. എന്നാൽ സഹോ
ദരൻമാരെ, നമ്മുടെ കർത്താവായ യേശുക്രിസ്തനെയും ആത്മാവിൻസ്നേഹ
ത്തെയും ഓർപ്പിച്ചു, നിങ്ങളെ പ്രബോധിപ്പിക്കുന്നിതു: യഹൂദയിലെ
31 അവിശ്വാസികളിൽ നിന്നു ഞാൻ രക്ഷിക്കപ്പെടേണം എന്നും യരുശലേ
മിന്നായുള്ള എന്റെ ശുശ്രൂഷ വിശുദ്ധക്കു സുഗ്രാഹ്യമാകേണം എന്നും ഇ
32 ങ്ങിനെ ഞാൻ ദേവേഷ്ടത്താൽ സന്തോഷത്തോടെ അങ്ങു വന്നു, നിങ്ങളോ
ടു കൂടെ മനം തണുക്കേണ്ടതിന്നു നിങ്ങളും എനിക്കു വേണ്ടി ദൈവത്തോടു
33 പ്രാർത്ഥനകളിൽ കൂടെ പോരാടേണം എന്നു തന്നെ. സമാധാനത്തിന്റെ
ദൈവം നിങ്ങളെല്ലാവരോടും കൂടെ ഇരിപ്പുതാക.

16. അദ്ധ്യായം

ശീഫാർസി, (3) വന്ദനവാക്കുകളും, (17) ഭേദിപ്പിക്കുന്നവരെ സൂക്ഷിക്കേണം, (21) അന്യരുടെ വന്ദനങ്ങളും, (25) സമാപ്തി.

1 നമ്മുടെ സഹോദരിയും കെങ്ക്രെയസഭയിലെ ശുശ്രൂഷക്കാരിയും ആയുള്ള
2 ഫൊയ്ബയെ. നിങ്ങളും വിശുദ്ധർക്കു യോഗ്യമാംവണ്ണം കർത്താവിൽ കൈക്കൊണ്ടു, അവൾക്കു നിങ്ങളെ കൊണ്ടു ആവശ്യം തോന്നുന്ന യാ തൊരു കാര്യത്തിലും സഹായിച്ചും വരേണ്ടതിന്നു, ഞാൻ നിങ്ങളിൽ ഭര
3 മേല്പിക്കുന്നു; അവളും പലർക്കും വിശേഷാൽ എനിക്കും ആശ്രയമായ്വന്നു
സത്യം. ക്രിസ്തുയേശുവിൽ എന്റെ കൂട്ടു വേലക്കാരാകുന്ന പ്രിസ്കയേയും
4 അക്വിലാവെയും വന്ദിപ്പിൻ. ആയവർ എന്റെ പ്രാണനു വേണ്ടി, തങ്ങ
ളുടെ കഴുത്തിനെ നീട്ടിവെച്ചു: അവർക്കു കൃതജ്ഞത ചൊല്ലുന്നതു ഞാൻ മാ
5 ത്രമല്ല; ജാതികളുടെ സകല സഭകളും കൂടെ തന്നെ; അവരെ വീട്ടിലെ
സഭയേയും വന്ദിപ്പിൻ. ആസ്യയിൽനിന്നു ക്രിസ്തുന്നു ആദ്യവിളവായി
6 എനിക്കു പ്രിയമുള്ള എപൈനെതനെ വന്ദിപ്പിൻ. ഞങ്ങൾക്കായി വളരെ അ
7 ദ്ധ്വാനിച്ചുള്ള മര്യമേ വന്ദിപ്പിൻ. എന്റെ ചേർച്ചക്കാരും സഹബദ്ധരു
മായ അന്ത്രൊനിക്കനേയും യുനിയാവെയും വന്ദിപ്പിൻ; ആയവർ എന്റെ
മുമ്പിലും ക്രിസ്തുനിൽ ആയ്വന്നു, അപോസ്തലരിൽ പേർ കൊണ്ടവർ ആ
8 കുന്നു. കർത്താവിൽ എനിക്കു പ്രിയമുള്ള അമ്പ്ലിയാതനെ വന്ദിപ്പിൻ.
9 ക്രിസ്തുനിൽ ഞങ്ങളുടെ കൂട്ടുവേലക്കാരനായ ഉർബ്ബാനനേയും എൻ പ്രിയനാ
10 യ സ്താകുവേയും വന്ദിപ്പിൻ. ക്രിസ്തുനിൽ കൊള്ളാകുന്നവനായ അപെല്ലാ
വെ വന്ദിപ്പിൻ. അരിസ്തബൂലന്റെ വീട്ടുകാരിൽനിന്നുള്ളവരെ വന്ദിപ്പിൻ.
11 എന്റെ ചേർച്ചക്കാരനായ ഹേരോദിയോനെ വന്ദിപ്പിൻ. നർക്കിസ്സന്റെ
12 വീട്ടുകാരിൽനിന്നു കർത്താവിൽ ആയവരെ വന്ദിപ്പിൻ. കർത്താവിൽ അ
ദ്ധ്വാനിച്ചവരായ ത്രുഫൈനയേയും ത്രുഫോസയേയും വന്ദിപ്പിൻ. കർത്താവിൽ
13 വളരെ അദ്ധ്വാനിച്ച പ്രിയ പെർസിയെ വന്ദിപ്പിൻ. കർത്താവിൽ തെരി
ഞ്ഞെടുക്കപ്പെട്ട രൂഫനേയും അവന്റെയും എന്റെയും അമ്മയെയും വന്ദി
14 പ്പിൻ. അസുങ്ക്രിതൻ, ഫ്ലെഗൊൻ, ഹെർമ്മാവ്, പത്രൊബാ, ഹെർമ്മെ ഇ
15 വരേയും കൂടയുള്ള സഹോദരരേയും വന്ദിപ്പിൻ. ഫിലൊലഗനെയും, യൂലി
യയേയും, നേരയുവേയും, അവന്റെ സഹോദരിയേയും, ഒലുമ്പാവേയും,
16 അവരോടു കൂടയുള്ള വിശുദ്ധരേയും വന്ദിപ്പിൻ. വിശുദ്ധ ചുംബനംകൊ
ണ്ടു അന്യോന്യം വന്ദിപ്പിൻ. ക്രിസ്തുന്റെ സഭകളെല്ലാം നിങ്ങളെ വന്ദി
ക്കുന്നു.
17 എന്നാൽ സഹോദരന്മാരെ നിങ്ങളും പഠിച്ച ഉപദേശത്തോടു ചേരാത്ത
ഭിന്നപക്ഷങ്ങളേയും ഇടർച്ചകളേയും ഉണ്ടാക്കുന്നവരെ സൂക്ഷിപ്പാൻ ഞാൻ
18 നിങ്ങളെ പ്രബോധിപ്പിക്കുന്നു. അവരോടു അകന്നു വാങ്ങുവിൻ. കാരണം
അപ്രകാരമുള്ളവർ നമ്മുടെ കർത്താവായ യേശുക്രിസ്തുനെ അല്ല, തങ്ങളുടെ
വയറത്രെ സേവിച്ചുകൊണ്ടു ശുഭവാക്കിനാലും സുഭാഷണത്തിനാലും സാധു
19 ക്കളുടെ ഹൃദയങ്ങളെ ചതിച്ചുകളയുന്നു. നിങ്ങളുടെ അനുസരണം നീളെ എ
ല്ലാവർക്കും കേൾക്കായ്വന്നു, അതുകൊണ്ടു ഞാൻ നിങ്ങൾനിമിത്തം സ
ന്തോഷിക്കുന്നു; എങ്കിലും നന്മെക്കു നിങ്ങൾ ജ്ഞാനികളും തിന്മെക്കു കുട്ടി
20 ല്ലാത്തവരും ആകേണം എന്നു ഇച്ഛിക്കുന്നു. സമാധാനത്തിന്റെ ദൈവ
മൊ വേഗത്തിൽ സാത്താനെ നിങ്ങളുടെ കാലുകളിൻകീഴെ ചതെച്ചുകള
യും. നമ്മുടെ കർത്താവായ യേശുക്രിസ്തുന്റെ കൃപ നിങ്ങളോടു കൂട ഇരി
21 ക്ക. എന്റെ കൂട്ടുവേലക്കാരനായ തിമോത്ഥ്യനും, എന്റെ ചേർച്ചക്കാരായ
22 ലൂക്യനും, യാസോനും, സോസിപത്രനും നിങ്ങളെ വന്ദിക്കുന്നു. ലേഖനത്തെ
എഴുതിയ തെർത്യൻ എന്നുള്ള ഞാൻ നിങ്ങളെ കർത്താവിൽ വന്ദിക്കുന്നു.

23 എനിക്കും സർവ്വ സഭെക്കും ആതിഥ്യം ചെയ്യുന്ന ഗായൻ നിങ്ങളെ
വന്ദിക്കുന്നു; നഗരഭണ്ഡാരിയായ എരസ്തനും സഹോദരനായ കൎത്തനും
24 നിങ്ങളെ വന്ദിക്കുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തന്റെ കരുണ നി
ങ്ങൾ എല്ലാവരോടും കൂടെ ഇരിക്ക; ആമെൻ.
25 എന്നാൽ യുഗകാലങ്ങളിൽ മിണ്ടാതെ കിടന്നശേഷം ഇപ്പോൾ വിളങ്ങി
വന്നും, നിത്യ ദൈവത്തിൻ നിയോഗപ്രകാരം വിശ്വാസത്തിൻ അനുസര
ണത്തെ വരുത്തുവാൻ പ്രവാചകരുടെ എഴുത്തുകളേകൊണ്ടു സകല ജാതിക
26 ളിലും അറിയിക്കപ്പെട്ടും ഇരിക്കുന്ന മർമ്മത്തിൻ വെളിപ്പാടിനാലുള്ള എ
ന്റെ സുവിശേഷത്തിലും യേശുക്രിസ്തന്റെ ഘോഷണത്തിലും നിങ്ങളെ
27 സ്ഥിരീകരിപ്പാൻ കഴിയുന്ന ഏകജ്ഞാനിയായ ദൈവത്തിന്നു യേശുക്രി
സ്തമൂലം യുഗാദികാലങ്ങളിലും തേജസ്സു് ഉണ്ടാവൂതാക ആമേൻ.

THE FIRST EPISTLE OF PAUL

THE APOSTIE TO THE CORINTHIANS

കൊരിന്തക്കു

എഴുതിയ ഒന്നാം ലേഖനം

1. അദ്ധ്യായം

10, (– 4 അ.) സഭാഭിന്നതകളെ ആക്ഷേപിക്കയിൽ, (17) ജ്ഞാനവാ
സന ഇല്ലാത്ത ഉപദേശത്തിന്നായി പ്രതിവാദം ചൊല്ലിയതു, (– 2, 5.)

1 ദൈവേഷ്ടത്താൽ യേശുക്രിസ്തന്റെ അപോസ്തലനായി വിളിക്കപ്പെട്ട
2 പൌലും സഹോദരനായ സോസ്തനാവും കൊരിന്തിലുള്ള ദൈവസഭെക്കു,
ക്രിസ്തയേശുവിൽ വിശുദ്ധീകരിക്കപ്പെട്ടവരും ഇങ്ങും അങ്ങും എല്ലാവിട
ത്തും നമ്മുടെ കർത്താവായ യേശുക്രിസ്തന്റെ നാമത്തെ വിളിച്ചെടുക്കുന്ന
സകല്മാരോടും കൂടെ വിളിക്കപ്പെട്ട വിശുദ്ധന്മാരും ആയവർക്കു തന്നെ എ
3 ഴുതുന്നതു. നമ്മുടെ പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശു
ക്രിസ്തനിൽനിന്നും, നിങ്ങൾക്കു കരുണയും സമാധാനവും, ഉണ്ടാവൂതാക.
4 നിങ്ങൾക്കു് ക്രിസ്തയേശുവിൽ കൊടുക്കപ്പെട്ട ദൈവകരുണനിമിത്തം ഞാൻ
എന്റെ ദൈവത്തിന്നു നിങ്ങൾക്കു് വേണ്ടി എപ്പോഴും സ്തോത്രം ചെയ്യുന്നു.
5 ആയവനിൽ നിങ്ങൾ എല്ലാംകൊണ്ടും (വിശേഷാൽ) സകല വചനത്തി
6 ലും എല്ലാ അറിവിലും സമ്പന്നരായി ചമഞ്ഞു. ഒരു കൃപാവരത്തിലും മുട്ടു
വരാതെ, നമ്മുടെ കർത്താവായ യേശുക്രിസ്തന്റെ വെളിപ്പാടിനെ കാത്തു
7 കൊള്ളുന്നവർ ആവാൻ നിങ്ങളിൽ ക്രിസ്തന്റെ സാക്ഷ്യം ഉറെച്ചുവന്നു സ്ഥി
8 ച്ചു. അവൻ നിങ്ങളെ അവസാനം വരെയും ഉറപ്പിച്ചു, നമ്മുടെ കർത്താ
9 വായ യേശുക്രിസ്തന്റെ നാളിൽ കുറ്റം ചുമത്തപ്പെടാത്തവരാക്കും. അവ
ന്റെ പുത്രനും നമ്മുടെ കർത്താവും ആയ യേശുക്രിസ്തന്റെ കൂട്ടായ്മയിലേക്കു
നിങ്ങളെ വിളിച്ചാ(ക്കിയ) ദൈവം വിശ്വസ്തൻ തന്നെ.
10 എങ്കിലും സഹോദരന്മാരെ, നമ്മുടെ കർത്താവായ യേശുക്രിസ്തന്റെ നാ
മംമൂലം ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നിതു: നിങ്ങൾ എല്ലാവരും ഒന്നു
തന്നെ പറകയും, നിങ്ങളിൽ ഭിന്നത ഭവിക്കായ്കയും, ഏക മനസ്സിലും
11 ഏക അഭിപ്രായത്തിലും നിങ്ങൾ യഥാസ്ഥാനപ്പെടുകയും ആക. കാരണം
എൻ സഹോദരരെ, നിങ്ങളെ കുറിച്ചു് എനിക്കു് ക്ലൊവയുടെ ആളുകൾ
12 നിങ്ങളിൽ പിണക്കങ്ങൾ ഉള്ളപ്രകാരം ബോധിപ്പിച്ചു. ആയ്തു് എന്തെ
ന്നാൽ നിങ്ങളിൽ ഓരോരുത്തൻ ഞാൻ പൌലിന്നുള്ളവൻ എന്നും, ഞാൻ
അപോല്ലൊന്നു് എന്നും, ഞാൻ കേഫാവിന്നു് എന്നും, ഞാൻ ക്രിസ്തനു
13 ള്ളവൻ) എന്നും, ചൊല്ലുന്നതു തന്നെ. ക്രിസ്തൻ പകുക്കപ്പെട്ടിരിക്കുന്നുവൊ?
പക്ഷെ പൌൽ നിങ്ങൾക്കു് വേണ്ടി ക്രൂശിക്കപ്പെട്ടുവൊ? അല്ല. പൌലിൻ
14 നാമത്തിലേക്കു സ്നാനം ഏറ്റുവൊ? ക്രിസ്പനെയും ഗായനെയും ഒഴികെ,
ഞാൻ നിങ്ങളിൽ ഒരുവനെയും സ്നാനപ്പെടുത്തായ്കയാൽ (എൻ) ദൈവ
15 ത്തിന്നു സ്തോത്രം! എന്നാമത്തിലേക്കു സ്നാനം കഴിച്ചപ്രകാരം ആരും പറ
16 യാതിരിപ്പാൻ ഇങ്ങിനെ വന്നതു. പിന്നെ സ്തെഫനാവിന്റെ കുഡുംബ
ത്തെയും ഞാൻ സ്നാനപ്പെടുത്തി സത്യം; ശേഷം മറ്റു് ഒരുത്തരെ സ്നാ
നം ഏല്പിച്ചുവൊ എന്നറിയുന്നില്ല.

17 സ്നാനത്തിനല്ലല്ലൊ സുവിശേഷണത്തിന്ന തന്നെ ക്രിസ്തൻ എന്നെ അയ
ച്ചതു; അതൊ ക്രിസ്തന്റെ ക്രൂശ് പഴുതിൽ ആകാതിരിക്കേണ്ടതിന്ന വച
18 നജ്ഞാനത്തോടെ അരുതു. കാരണം ക്രൂശിൻവചനം നശിച്ചുപോകുന്നക്ക്
19 ഭോഷത്വവും രക്ഷപ്പെടുന്ന നമുക്ക് ദൈവശക്തിയും ആകുന്നു. (യശ. 29,
14.) ജ്ഞാനികളുടെ ജ്ഞാനത്തെ ഞാൻ നശിപ്പിച്ചു, ബുദ്ധിമാന്മാരുടെ
ബോധത്തെ അകറ്റുകയും ചെയ്യും എന്നു് എഴുതികിടക്കുന്നവല്ലൊ. ഈ യു
20 ഗത്തിൻ ജ്ഞാനി എവിടെ? ശാസ്ത്രി എവിടെ? താർക്കികൻ എവിടെ?
21 ഈ ലോകജ്ഞാനത്തെ ദൈവം ഭോഷത്വം ആക്കിയില്ലയൊ. എന്തുകൊ
ണ്ടെന്നാൽ ദേവജ്ഞാനമുള്ളതിങ്കൽ ലോകം ജ്ഞാനത്താൽ ദൈവത്തെ
അറിയായ്കകൊണ്ടു, ഘോഷണത്തിൻ ഭോഷത്വത്താൽ വിശ്വസിക്കുന്ന
വരെ രക്ഷിപ്പാൽ ദൈവത്തിന്ന നന്നു എന്നു തോന്നി. യഹൂദർ അടയാളം
22 ചോദിക്കയും, യവനർ ജ്ഞാനത്തെ അന്വേഷിക്കയും, ചെയ്യുമ്പോഴും,
23 ഞങ്ങളൊ ക്രൂശിക്കപ്പെട്ട ക്രിസ്തനെ ഘോഷിക്കുന്നു, ആയതു യഹൂദന്മാക്കു
24 ഇടർച്ചയും, ജാതികൾക്കു ഭോഷത്വവും, എങ്കിലും യഹൂദർ താൻ, യവനർ
താൻ, വിളിക്കപ്പെട്ടവർ ഏവർക്കും തന്നെ ദേവശക്തിയും ദേവജ്ഞാന
25 വും, ആകുന്ന ക്രിസ്തനെ അത്രെ, (ഘോഷിക്കുന്നു). ദൈവത്തിന്റെ
പൊട്ടായുള്ളതു മനുഷ്യരേക്കാളും ജ്ഞാനമുള്ളതും, ദൈവത്തിന്റെ ദുർ
ബ്ബലമായതു മനുഷ്യരേക്കാളും, ഊക്കുള്ളതും ആകുന്ന സത്യം. എങ്ങിനെ
26 എന്നാൽ സഹോദരന്മാരെ, നിങ്ങളെ വിളിച്ച (ചേൎത്ത) വാറു നോക്കുവിൻ!
അതിൽ ജഡപ്രകാരം ജ്ഞാനികളും ഏറയില്ല; ശക്തന്മാർ ഏറയില്ല; കു
27 ലീനർ ഏറയില്ലല്ലൊ. ജ്ഞാനികളെ ലജ്ജിപ്പിപ്പാൻ ദൈവം ലോക
ത്തിൽ പൊട്ടായവരെ തന്നെ തെരിഞ്ഞെടുത്തു; ഊക്കുള്ളവരെ ലജ്ജി
പ്പിപ്പാൻ ദൈവം ലോകത്തിൽ ദുർബ്ബലമായവരെ തെരിഞ്ഞെടുത്തു. ഉള്ള
28 വരെ നീക്കുവാൻ ദൈവം ലോകത്തിൽ കുലഹീനവും, നികൃഷ്ടവും, ആയവരെയും ഇല്ല എന്നുള്ളവരെയും തെരിഞ്ഞെടുത്തതു. ദൈവ
29 ത്തിൻ മുമ്പിൽ ഒരു ജഡവും പ്രശംസിച്ചു പോകായ്വാൻ തന്നെ. നിങ്ങ
30 ളൊ അവങ്കൽനിന്ന ഉണ്ടായി ക്രിസ്തയേശുവിൽ ഇരിക്കുന്നു; ആയവൻ
നമുക്കു ദൈവത്തിൽനിന്ന ജ്ഞാനവും, നീതിയും, വിശുദ്ധിയും, വീണ്ടെ
31 ടുപ്പും ആയ്ഭവിച്ചു. (യിറ. 9, 24.) പ്രശംസിക്കുന്നവൻ കൎത്താവിൽ പ്ര
ശംസിക്ക എന്നെഴുതിയപ്രകാരം വരേണ്ടതിന്നത്രെ.

2. അദ്ധ്യായം

(5) ക്രൂശിൻവചനത്തിൽ ആത്മികൎക്ക് എത്താകുന്ന ജ്ഞാനം അടങ്ങിയ്യു.

1 **ഞാ**നും സഹോദരന്മാരെ, നിങ്ങളുടെ അടുക്കൽ വരുമ്പോഴും, നിങ്ങളും
കു വചനത്തിലൊ, ജ്ഞാനത്തിലൊ, വിശേഷത്വം കൂടാതെ, ദൈവ
2 ത്തിൻ സാക്ഷ്യത്തെ പ്രസ്താപിപ്പാൻ വന്നതു. കാരണം യേശുക്രിസ്തനെ ക്രൂ
ശിക്കപ്പെട്ടവനെ തന്നെ അല്ലാതെ, നിങ്ങളിൽ ഒന്നും അറിയരുത് എന്നാ
3 ഞാൻ നിർണ്ണയിച്ചു. ഞാനും ബലഹീനതയും ഭയവും വളരെ നടുക്കവും
4 പൂണ്ടു, നിങ്ങളോടു ഇരുന്നു. എന്റെ വചനവും ഘോഷണവും ജ്ഞാന
ത്തിൻ വശീകരവാക്കുകളിൽ അല്ല; ആത്മാവിന്റെയും ശക്തിയുടെയും
5 പ്രാമാണ്യത്തിൽ അത്രെ ആയതു. നിങ്ങളുടെ വിശ്വാസം മാനുഷജ്ഞാന
ത്തിൽ അല്ല; ദേവശക്തിയിൽ നില്ക്കേണ്ടതിന്ന തന്നെ.
6 തികഞ്ഞവരിൽ ഞങ്ങളും ജ്ഞാനം ചൊല്ലുന്നു താനും; ആയതു ഈ യു
ഗത്തിന്റെതും നീക്കം വരുന്നവരായ ഈ യുഗപ്രഭുക്കളുടെ ജ്ഞാനവും അ
7 ല്ല; ദൈവം യുഗങ്ങൾക്ക് മുമ്പെ, നമ്മുടെ തേജസ്സിന്നായി മുന്നിയമിച്ചും
മറഞ്ഞു കിടന്നും ഉള്ള ദേവജ്ഞാനത്തെ ഞങ്ങളും മർമ്മമായിട്ടു ചൊല്ലുന്നു.

8 അതും ഈ യുഗപ്രഭുക്കന്മാർ ആർക്കും അറിയാത്ത ജ്ഞാനം തന്നെ; അറിഞ്ഞു
എങ്കിൽ, അവർ തേജസ്സിൻ കർത്താവെ ക്രൂശിക്കയില്ലയായിരുന്നവല്ലൊ.
9 അല്ല എഴുതിയിരിക്കുന്നപ്രകാരം ദൈവം തന്നെ സ്നേഹിക്കുന്നവർക്കു ഒരു
ക്കിയവ കൺ കാണാത്തതും ചെവി കേൾക്കാത്തതും മനുഷ്യഹൃദയത്തിൽ
10 ഏറാത്തതും ആയവയത്രെ (യശ. 64, 4. 65, 17.) ദൈവം തന്റെ ആ
ത്മമൂലം ഞങ്ങൾക്കു വെളിപ്പെടുത്തി ആത്മാവാകട്ടെ, സകലവും ദൈവ
11 ത്തിൻ ആഴങ്ങളേയും ആരായുന്നു. എങ്ങിനെ എന്നാൽ മനുഷ്യന്റെ അ
വനിലുള്ള മാനുഷാത്മാവിന്നു് അല്ലാതെ, മനുഷ്യർ ആർക്കു തിരിയുന്നു.
അവ്വണ്ണം ദൈവത്തിന്റെവ ദേവാത്മാവു് അല്ലാതെ, ഒരുവനും അറിയുന്ന
12 തും ഇല്ല. ഞങ്ങളൊ ലോകത്തിൻ ആത്മാവെ അല്ല; ദൈവം നമുക്കു സ
മ്മാനിച്ചവ തിരിവാനായി ദൈവത്തിൽനിന്നുള്ള ആത്മാവെ തന്നെ പ്രാ
13 പിച്ചു. അവയും ഞങ്ങൾ മാനുഷജ്ഞാനത്തിൻ പാഠമായ വചനങ്ങളാൽ
അല്ല; ആത്മാവിൻ പാഠമായവറാൽ അത്രെ, ചൊല്ലിക്കൊണ്ടു് ആത്മിക
14 പ്പൊരുളുകളോടു ആത്മിക വാക്കും ചേർത്തു പോരുന്നു. എന്നാൽ പ്രാണമ
യനായ മനുഷ്യൻ ദേവാത്മാവിന്റെവ കൈക്കൊള്ളുന്നില്ല; അതു് അവനു
ഭോഷത്വമല്ലൊ ആകുന്നതു്; ആത്മികമായി വിവേചിക്കേണ്ടതാകയാൽ,
15 അതു് അവനു തിരിവാൻ കഴികയും ഇല്ല. ആത്മികനൊ എല്ലാവറെ
യും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുകയും ഇല്ല. കർ
16 ത്താവിന്റെ മനസ്സു് അറിഞ്ഞു അവനെ ഗ്രഹിപ്പിക്കാകുന്നവൻ ആരു
പോൽ (യശ. 40, 13.) എന്നാൽ ഞങ്ങൾ ക്രിസ്തന്റെ മനസ്സുള്ളവർ
ആകുന്നു.

3. അദ്ധ്യായം

കൊരിന്തർ ജ്ഞാനപാത്രങ്ങൾ അല്ല, (5) ഗുരുക്കളെ താരതമ്യം പോ
ലെ മതിക്കുകയും, (16) ഛിദ്രപക്ഷംകൂടാതെ അനുഭവിക്കയും വേണം.

1 നിങ്ങളോടും സഹോദരന്മാരെ, എനിക്കു് ആത്മികരോടു് ആകുംവ
ണ്ണം ചൊല്ലുവാൻ കഴിഞ്ഞില്ല; ജഡമയരും ക്രിസ്തനിൽ ശിശുക്കളും ആയ
2 വരോടത്രെ. നിങ്ങൾക്കു് ഉണ്മാനല്ല; പാൽ കുടിപ്പാൻ തന്നതെ ഉള്ളു; അ
തു നിങ്ങൾക്കു പ്രാപ്തി പോരാഞ്ഞതിനാൽ ചെയ്തതു; ഇപ്പോഴും പ്രാപ്തി വ
3 ന്നതും ഇല്ല; ഇന്നും കൂടെ നിങ്ങൾ ജഡമയർ ആകുന്നവല്ലൊ. നിങ്ങളിൽ
എരിവും പിണക്കവും ഭിന്ന പക്ഷങ്ങളും ഇരിക്കെ, നിങ്ങൾ ജഡമയര
ല്ലൊ ആകുന്നു; മാനുഷമായി നടക്കുകയും ചെയ്യുന്നു. ഒരുത്തൻ ഞാൻ പൌ
4 ലിന്നുള്ളവൻ എന്നും മറ്റവൻ ഞാൻ അപൊല്ലൊന്നുള്ളവൻ എന്നും ചൊ
ല്ലുമ്പോൾ, നിങ്ങൾ മാനുഷരല്ലൊ ആകുന്നു.
5 എന്നിട്ടു് അപൊല്ലൊൻ എന്തു, പൌൽ എന്തു, നിങ്ങൾ വിശ്വാസികൾ
സേവിച്ച ശുശ്രൂഷക്കാർ അത്രെ; സേവിച്ചതൊ അവനവന്നു കർത്താവു്
6 കൊടുത്ത പോലെ. ഞാൻ നട്ട അപൊല്ലൊൻ നനെച്ചു ദൈവമത്രെ വർദ്ധി
7 പ്പിച്ചു. ആകയാൽ നടുന്നവനും നനെക്കുന്നവനും ഏതും ഇല്ല; വർദ്ധിപ്പി
ക്കുന്ന ദൈവമത്രെ (സാരം) പിന്നെ നടുന്നവനും നനെക്കുന്നവനും ഒന്നാകു
8 ന്നു. അവനവനു സ്വപ്രയത്നത്തിന്നു തക്ക തന്റെ തന്റെ കൂലിയും കിട്ടും.
9 ദൈവത്തിന്നല്ലൊ ഞങ്ങൾ കൂട്ടവേലക്കാർ നിങ്ങൾ ദൈവത്തിൻ കൃഷി,
10 ദൈവത്തിൻ വീട്ടുനിർമ്മാണം തന്നെ; എനിക്കു നല്കിയ ദേവകൃപെക്കു്
തക്കവണ്ണം ഞാൻ ജ്ഞാനമുള്ള ശില്പിമൂപ്പനായി അടിസ്ഥാനം ഇട്ടിരിക്കു
ന്നു; മറ്റവൻ മീതെ കെട്ടുന്നു; എങ്ങിനെ കെട്ടി പോരുന്നു എന്നു് ഓരോരു
11 ത്തൻ നോക്കുക കാരണം ക്രിസ്തുയേശു എന്നുള്ള അടിസ്ഥാനം ഇട്ടു കിടക്കു
ന്നതു് എന്നിയെ, മറ്റൊന്നു വെപ്പാൻ ആർക്കും കഴികയില്ല സത്യം. ആ

12 അടിക്ക മീതെ വല്ലവനും പൊൻ, വെള്ളി, വിലക്കല്ല, മരങ്ങം, പുല്ല, ത
ണ്ട ഇവ കെട്ടി പോരുകിൽ, അവനവന്റെ പണി സ്പഷ്ടമായ് വരും. ആ
13 ദിവസമല്ലൊ അതിനെ തെളിവാക്കും; അഗ്നിയിൽ അല്ലൊ വെളിപ്പെട
14 ന്നു. ഓരോരുത്തന്റെ പണി ഇന്നപ്രകാരം എന്നു തീ തന്നെ ശോധനചെ
15 യ്യും. വല്ലവനും കെട്ടിപോന്ന പണിനില്ക്കും എങ്കിൽ, കൂലി കിട്ടും വല്ലവ
ന്റെ പണി വെന്തുപോയെങ്കിൽ (കൂലി) ചേതം വരും; താൻ മാത്രം തീ
യൂടെ തെറും പോലെ രക്ഷിക്കപ്പെട്ടും.
16 നിങ്ങം ദേവമന്ദിരം എന്നും ദേവാത്മാവ് നിങ്ങളിൽ വസിക്കുന്നു എ
17 ന്നും അറിയുന്നില്ലയൊ. ദേവമന്ദിരത്തെ ആർ എങ്കിലും കെടുത്താൽ അവ
നെ ദൈവം കെടുക്കും; ദേവമന്ദിരം അല്ലൊ വിശുദ്ധം ആകുന്നു; നിങ്ങളും
18 (വിശുദ്ധർ തന്നെ). ഒരുവനും തന്നെത്താൻ ചതിച്ചു പോകരുതെ! നിങ്ങ
ളിൽ ആരാനും ഈ യുഗത്തിൽ ജ്ഞാനമുള്ളവൻ എന്നു ഭാവിച്ചാൽ, അവൻ
19 ജ്ഞാനിയായി ചമവാൻ ഭോഷനായ് പോക. കാരണം ഈ ലോകത്തിൻ
ജ്ഞാനം ദേവമുഖേന ഭോഷത്വം ആകുന്നു (യൊബ. 5,12) ജ്ഞാനികളെ
20 അവരുടെ കൌശലത്തിൽ പിടിപ്പെടുന്നവൻ എന്നും. (സങ്കീ. 94, 11) കർ
ത്താവ് ജ്ഞാനികളുടെ വിചാരങ്ങളെ മായയുള്ളവ എന്നറിയുന്നു എന്നും
21 എഴുതിയിരിക്കുന്നു. അതുകൊണ്ട് ആരും മനുഷ്യർ വിഷയമായി പ്രശം
22 സിക്കരുതു; സകലവും അല്ലൊ നിങ്ങൾക്ക് ഉള്ളതു. പൌൽ ആകട്ടെ, അ
പൊല്ലൊൻ ആകട്ടെ, കേഫാ ആകട്ടെ, ലോകം ആകട്ടെ, ജീവനൊ, മര
23 ണമൊ, വർത്തമാനമൊ, ഭാവിയൊ സകലവും നിങ്ങൾക്ക് ആകുന്നു. നി
ങ്ങളൊ ക്രിസ്തുന്നു, ക്രിസ്തനൊ ദൈവത്തിന്നു് (ആകുന്നു).

4. അദ്ധ്യായം

ഗുരുക്കളുടെ ഭേദാഭേദങ്ങം കാലത്താൽ തെളിയും, (6) അപോസ്തലന്മാർ തങ്ങളെ തന്നെ എത്ര താഴ്ത്തുന്നു, (14) പ്രബോധനം.

1 **ഞ**ങ്ങളെ ക്രിസ്തന്റെ പണിക്കാരും ദേവമർമ്മങ്ങളെ (പകുക്കുന്ന) വീട്ട
2 വിചാരകരും എന്നീവണ്ണം ഓരോരുവൻ എണ്ണി കൊള്ളേണ്ടിയതു. ശേഷം
ഈ വീട്ടുവിചാരകരിൽ അന്വേഷിക്കുന്നതു് എന്തെന്നാൽ, താൻ വിശ്വ
3 സ്തനായി കാണപ്പെടേണം എന്നതത്രെ. നിങ്ങളാലൊ വല്ല മാനുഷ (വിസ്താ
ര) ദിവസത്താലൊ, ഞാൻ വിവേചിക്കപ്പെടുന്നതു് എനിക്ക് എത്രയും എ
4 ളുപ്പം ആകുന്നു; എന്നെ ഞാൻ തന്നെ വിവേചിക്കുന്നതും ഇല്ല. എനി
ക്ക് ഒന്നിന്നും മനോബോധം ഉണ്ടായില്ല സത്യം; ഇതിനാൽ ഞാൻ നീതീ
കരിക്കപ്പെട്ടവനല്ല താനും; എന്നെ വിവേചി(ച്ചു വിധി)ക്കുന്നതു് കർത്താ
5 വത്രെ. ആകയാൽ കർത്താവ് താൻ വരുവോളം സമയത്തിന്നു മുമ്പെ ഒന്നി
ന്നും ന്യായം വിധിക്കരുതു്; അവൻ ഇരുട്ടിൽ മറഞ്ഞവറെ വെളിച്ചത്താ
ക്കി, ഹൃദയങ്ങളുടെ ആലോചനകളെ വിളങ്ങിക്കും അന്നു് ഓരോരുത്തനു
ദൈവപക്കൽനിന്നു തൻ പുകഴ്ച ഉണ്ടാകും.
6 ഇവറെ സഹോദരന്മാരെ, ഞാൻ നിങ്ങൾക്കായിട്ടു ദൃഷ്ടാന്തമാക്കി, എന്നെ
യും അപൊല്ലൊനെയും ഉദ്ദേശിച്ചു ചൊല്ലിയതു എഴുതികിടക്കുന്നതിന്മീതെ
ഭാവിക്കരുതു് എന്നു നിങ്ങൾ ഞങ്ങളിൽ തന്നെ പഠിച്ചും ഒരുവനു വേണ്ടി
ഒരുവൻ മറവന്റെ നേരെ ചീർത്തു പോകാതെയും വരേണ്ടതിന്നത്രെ, നി
7 ന്നെ ആരുപോൽ വിശേഷിപ്പിക്കുന്നു. ലഭിച്ചതല്ലാതെ, നിണക്കു് എന്തു
ണ്ടു? ലഭിച്ചു എങ്കിലൊ ലഭിയാത്തവനെ പോലെ എന്തു പ്രശംസിക്കുന്നു?
8 ഇത്ര ക്ഷണത്തിൽ നിങ്ങം തൃപ്തന്മാരായി കേവലം സമ്പന്നരായി ഞങ്ങ
ളെ കൂടാതെ, വാഴുന്നവരായി അയ്യൊ ഞങ്ങളും കൂടെ വാഴുവാനായി നി
9 ങ്ങം വാഴികളായെങ്കിൽ കൊള്ളായിരുന്നു. എങ്ങിനെ എന്നാൽ, ദൈവം

അപോസ്തലരാകുന്ന ഞങ്ങളെ പ്രാണദണ്ഡ്യന്മാരെ പോലെ എല്ലാറ
ലും കിഴിഞ്ഞവരായി കാണിച്ചു. ദൂതരും മനുഷ്യരും ആകുന്ന ലോകത്തി
10 ന്നു ഞങ്ങൾ കുത്തുകാഴ്ചയായ്തീൎന്നുവല്ലൊ എന്നു തോന്നുന്നു. ഞങ്ങൾ ക്രിസ്
തൻ നിമിത്തം ഭോഷന്മാർ നിങ്ങൾ ക്രിസ്തനിൽ വിവേകികൾ, ഞ
ങ്ങൾ ബലഹീനർ, നിങ്ങൾ ഊക്കന്മാർ നിങ്ങൾ തേജസ്വികൾ, ഞങ്ങൾ
11 അപമാനികൾ അത്രെ. ഈ നാഴികവരെയും ഞങ്ങൾ വിശന്നുദാഹിച്ചും
ഉടുപ്പാൻ കാണാതെയും കുത്തുകൊണ്ടും നിലയറും നടക്കുന്നു; ഈ കൈക
12 ളാൽ വേല ചെയ്തു അദ്ധ്വാനിക്കുന്നു. വാവിഷ്ഠാണം കൊണ്ടിട്ടു ആശീ
ൎവ്വദിക്കുന്നു; ഹിംസിക്കപ്പെട്ടു സഹിക്കുന്നു; ദൂഷിക്കപ്പെട്ടു (അമ്പോടെ) പ്ര
13 ബോധിപ്പിക്കുന്നു. ഞങ്ങൾ ലോകത്തിന്റെ എച്ചിലും കൂപ്പയും പോലെ
ഇന്നെയോളം സകലത്തിന്റെ ചവറായും പോയതെ ഉള്ളു.

14 നിങ്ങളെ നാണിപ്പിപ്പാനല്ല; എന്റെ പ്രിയകുട്ടികളെ വഴിക്കാക്കികൊ
15 ണ്ടത്രെ ഇവ എഴുതുന്നു. ക്രിസ്തനിൽ പത്തായിരം ഗുരുക്കന്മാർ ഉണ്ടായാലും
16 നിങ്ങൾക്കു അച്ഛന്മാർ ഏറയില്ല താനും; ക്രിസ്തയേശുവിൽ ഞാനല്ലൊ
നിങ്ങളെ സുവിശേഷത്താൽ ജനിപ്പിച്ചു. അതുകൊണ്ടു എന്റെ അനുകാരി
17 കൾ ആകുവിൻ എന്നു നിങ്ങളെ പ്രബോധിപ്പിക്കുന്നു. ഇതിൻനിമിത്തം
കൎത്താവിൽ വിശ്വസ്തനും എന്റെ പ്രിയകുട്ടിയുമായ തിമോത്ഥ്യനെ അ
ങ്ങു അയച്ചു, ഞാൻ എങ്ങും ഏതു സഭയിലും ഉപദേശിക്കുംപ്രകാരം ക്രിസ്ത
18 നിൽ ഉള്ള എന്റെ വഴികളെ അവൻ നിങ്ങളെ ഓൎപ്പിക്കും. എങ്കിലും
ഞാൻ നിങ്ങളുടെ അടുക്കൽ വരികയില്ല എന്നുവെച്ചു ചിലർ ചീൎത്തുവല്ലൊ.
19 കൎത്താവിന്നു ഇഷ്ടം എങ്കിൽ, ഞാൻ വേഗം നിങ്ങളുടെ അടുക്കെ വന്നു
ചീൎത്തുള്ളവരുടെ വചനം അല്ല; ശക്തിയെ അറിഞ്ഞു കൊള്ളുംതാനും.
20 ദേവരാജ്യം വചനത്തിൽ അല്ല: ശക്തിയിൽ അല്ലൊ ആകുന്നു. നിങ്ങൾ
21 ക്കു ഏതു വേണം ഞാൻ അങ്ങു വടിയോടെ വരികയൊ, സ്നേഹത്തിലും
ശാന്താത്മാവിലും വരികയൊ (വേണ്ടതു.)

5. അദ്ധ്യായം

പ്രത്യക്ഷപാതകന്റെ ആക്ഷേപണം, (9) ഇന്നവരോടു സമ്പൎക്കം അരുതു.

1 നിങ്ങളിൽ കേവലം പുലയാട്ടു ഉള്ളപ്രകാരം കേൾക്കുന്നു, ഒരുത്തൻ അ
ച്ഛന്റെ ഭാൎയ്യയെ വെച്ചുകൊള്ളുംവണ്ണം ജാതികളിൽ പോലും കേൾക്കാത്ത
2 പുലയാട്ടു വക തന്നെ. എന്നിട്ടും നിങ്ങൾ ചീൎത്തിരിക്കുന്നുവൊ അല്ല;
ഈ പണി ചെയ്തവൻ നിങ്ങളുടെ നടുവിൽനിന്നു നീങ്ങുവാനായി ഖേദി
3 ച്ചു പോകാതെയും ഇരുന്നുവൊ. ഞാനൊ ശരീരംകൊണ്ടു ദൂരസ്ഥൻ എങ്കി
ലും, ആത്മാവുകൊണ്ടു കൂടയുള്ളവനായി, ഇവ്വണ്ണം ഇതു നടത്തിയവനെ
നിങ്ങളും എൻ ആത്മാവുമായി നമ്മുടെ കൎത്താവായ യേശുക്രിസ്തന്റെ ശ
4 ക്തിയോടും, ഒന്നിച്ചു ചേൎന്നിരിക്കെ ഞാൻ അരികിലായതു പോലെ വി
5 ധിച്ചതാവിതു. നമ്മുടെ കൎത്താവായ യേശുക്രിസ്തന്റെ നാമത്തിൽ ആയ
വനെ ആത്മാവു കൎത്താവായ യേശുവിൻ നാളിൽ രക്ഷപ്പെടേണ്ടതിന്നു,
6 ജഡസംഹാരത്തിന്നായി സാത്താനിൽ എല്പിക്ക എന്നത്രെ. നിങ്ങളുടെ
പ്രശംസനന്നല്ല; അസാരം പുളിമാവു പിണ്ഡത്തെ എല്ലാം പുളിപ്പിക്കുന്നു
7 എന്നറിയുന്നില്ലയൊ. നിങ്ങൾ പുതിയ പിണ്ഡം ആകേണ്ടതിന്നു പഴയ
പുളിമാവിനെ വാരി നീക്കുവിൻ; നിങ്ങളും പുളിപ്പില്ലാത്തവരായല്ലൊ;
8 കാരണം നമ്മുടെ പെസഹയായി ക്രിസ്തൻ ഹോമിക്കപ്പെട്ടു. അതുകൊണ്ടു
നാം ഉത്സവം ഘോഷിച്ചു പോരുക, പഴയ പുളിമാവിൽ അല്ല; ആകായ്ക
യും ദുഷ്ടതയും ആകുന്ന പുളിമാവിലും അല്ല; സ്വച്ഛതാസത്യങ്ങൾ ആകുന്ന
പുളിപ്പില്ലായ്മയിൽ തന്നെ.

9 പുലയാടികളോടു് ഇടപാടരുതു് എന്ന ഞാൻ ആ ലേഖനത്തിൽ നി
10 ങ്ങൾക്കു് എഴുതി. അതു് ഈ ലോകത്തിലെ പുലയാടികളോടു താൻ, ലു
ബ്ധർ അപഹാരികളോടു താൻ, വിഗ്രഹാരാധികളോടു താൻ എന്ന മുറും
11 അല്ല; അങ്ങിനെ എങ്കിൽ ലോകത്തിൽ നിന്നു പുറംപ്പെടേണ്ടിവരുമല്ലൊ.
ഞാനൊ നിങ്ങൾക്കു് എഴുതിയതു് സഹോദരൻ എന്ന പേർപെട്ട ഒരുവൻ
പുലയാടിയൊ, ലുബ്ധനൊ, വിഗ്രഹാരാധിയൊ, വാവിഷ്ഠാണക്കാര
നൊ, മദ്യപനൊ, അപഹാരിയൊ ആകുന്നെങ്കിൽ ഇടപാടരുതു് ആയവ
12 നോടു കൂട ഭക്ഷിക്കപോലും അരുതു് എന്നത്രെ. പുറത്തുള്ളവർക്കു ന്യായം
വിധിപ്പാൻ എനിക്കു് എന്തുപോൽ; അകത്തുള്ളവർക്കു തന്നെ നിങ്ങൾ
13 വിധിക്കുന്നല്ലയൊ? പുറത്തുള്ളവർക്കൊ ദൈവം തന്നെ വിധിക്കുന്നു; നി
ങ്ങളിൽനിന്നു തന്നെ ആ ദുഷ്ടനെ നീക്കികളവിൻ.

6. അദ്ധ്യായം

വ്യവഹാരങ്ങളേയും, (12) കാമസേവയേയും ആക്ഷേപിച്ചതു.

1 നിങ്ങളിൽ ഒരുവൻ മറേവനോടു കാര്യം ഉണ്ടായാൽ, വിശുദ്ധരിൽ
അല്ല; അനീതിമാന്മാരുടെ മുമ്പിൽ വ്യവഹരിപ്പാൻ തുനിയുന്നവൊ? വി
2 ശുദ്ധർ ലോകത്തിന്നു ന്യായം വിധിക്കും എന്നറിയുന്നില്ലയൊ? ലോക
ത്തിന്നു നിങ്ങളിൽനിന്നു വിധി വരുന്നു എങ്കിൽ, ഏററം ചെറിയ സംഗ
3 തികൾക്കും നിങ്ങൾ അയോഗ്യർ എന്നു വരുന്നുവൊ? നാം ദൂതർക്കും, വി
4 ധികും എന്നറിയുന്നില്ലയൊ? പിന്നെ ദ്രവ്യകാര്യങ്ങൾക്കു പോരെ? എ
ന്നാൽ നിങ്ങൾക്കു് ദ്രവ്യസംഗതികൾ ഉണ്ടെങ്കിൽ സഭയിൽ നികൃഷ്ടർ എ
5 ന്നു നടക്കുന്നവരെ തന്നെ ഇരുത്തുന്നുവൊ? നിങ്ങൾക്കു ലജ്ജക്കായി ഞാൻ
പറയുന്നിതു: ഇങ്ങിനെ തന്റെ സഹോദരനു നടു ചൊലവാൻ പ്രാപ്തിയുള്ള
6 ജ്ഞാനി ഒരുവനും നിങ്ങളിൽ ഇല്ലയൊ? അല്ല സഹോദരൻ സഹോദര
നോടു വ്യവഹരിച്ചു പോകുന്നു, അതും അവിശ്വാസികളുടെ മുമ്പിൽ തന്നെ.
7 എന്നാൽ നിങ്ങൾക്കു തമ്മിൽ അന്യായങ്ങളും ഉണ്ടാകുന്നതു കൂടെ കേവലം നി
8 ങ്ങൾക്കു തോലവു അത്രെ; ന്യായക്കേടു സഹിപ്പാൻ എന്തു തോന്നാതു, ഹാ
നിപ്പെടുവാൻ എന്തു തൊന്നാതു? അല്ല നിങ്ങളും ന്യായക്കേടു ചെയ്യുന്നു, ഹാ
9 നിപ്പെടുത്തുന്നു, അതും സഹോദരരെ തന്നെ കഷ്ടം. അനീതിമാന്മാർ ദേവരാ
10 ജ്യത്തെ അവകാശമാക്കുകയില്ല എന്നറിയുന്നില്ലയൊ? ഭ്രമപ്പെടായ്വിൻ!
പുലയാടികളും, വിഗ്രഹാരാധികളും, വ്യഭിചാരികളും, സ്ത്രീഭാവക്കാർ,
പുരുഷകാമികളും, കള്ളർ, ലുബ്ധർ, മദ്യപായികളും, വാവിഷ്ഠാണക്കാർ,
11 അപഹാരികളും എന്നിവർ ദേവരാജ്യത്തെ അവകാശമാക്കുകയില്ല. നി
ങ്ങളും ചിലർ ഈ വകയായിരുന്നുവല്ലൊ; എങ്കിലും കർത്താവായ യേ
ശുവിൻ നാമത്തിലും നമ്മുടെ ദൈവത്തിൻ ആത്മാവിനാലും നിങ്ങളും കഴു
കികൊണ്ടു, നിങ്ങളും വിശുദ്ധീകരിക്കപ്പെട്ടു, നിങ്ങളും നീതീകരിക്ക
പ്പെട്ടു സത്യം.
12 എല്ലാററിന്നും എനിക്കു് അധികാരം ഉണ്ടു എങ്കിലും എല്ലാം ഉപകരിക്കു
ന്നതല്ല; എല്ലാററിന്നും എനിക്കു് അധികാരം ഉണ്ടു എങ്കിലും ഞാൻ ഏതി
ന്റെ അധികാരത്തിലും അകപ്പെടരുതു്; ഭോജ്യങ്ങളും വയററിന്നും, വയറു
13 ഭോജ്യങ്ങൾക്കും (ആകുന്നു) പിന്നെ ദൈവം ഇതും അതും നീക്കം ചെയ്യും.
ശരീരമൊ പുലയാട്ടിന്നല്ല കർത്താവിന്നത്രെ; കർത്താവു് ശരീരത്തിന്നും
14 തന്നെ. പിന്നെ ദൈവം കർത്താവെ ഉണൎത്തിയിട്ടു നമ്മെയും സ്വശക്തി
15 യാൽ ഉണൎത്തും. നിങ്ങളുടെ ശരീരങ്ങളും ക്രിസ്തുന്റെ അവയവങ്ങളും എന്ന
റിയുന്നില്ലയൊ? എന്നാൽ ക്രിസ്തുന്റെ അവയവങ്ങളെ ഞാൻ എടുത്തു വേ
16 ശ്യയുടെ അവയവങ്ങളും ആക്കുകയൊ? അതരുതെ വേശ്യയോടു പററുന്നവൻ

അവളോട് ഏകശരീരമായി എന്നറിയുന്നില്ലയൊ? ഇരുവരും ഒരു ജഡമാ
17 യി തീരും എന്ന് അവൻ മൊഴിയുന്നുണ്ടല്ലൊ? കർത്താവോട് പറുന്നവ
18 നൊ (അവനോട്) ഏകാത്മാവായി പുലയാട്ടിനെ വിട്ട് ഓടുവിൻ! മനു
ഷ്യൻ ചെയ്യുന്ന ഏതു പാപവും ശരീരത്തിന്നു പുറത്താകുന്നു; പുലയാടുന്ന
19 വൻ സ്വശരീരത്തിലേക്ക് പാപം ചെയ്യുന്നു. ദൈവത്തിൽനിന്നു കിട്ടി,
നിങ്ങളിൽ ഇരിക്കുന്ന വിശുദ്ധാത്മാവിന്നു നിങ്ങളുടെ ശരീരം മന്ദിരം
എന്നും നിങ്ങൾ തനിക്കു താൻ ഉടയവർ അല്ല എന്നും അറിയുന്നില്ലയൊ?
20 വിലെക്കല്ലൊ നിങ്ങൾ കൊള്ളപ്പെട്ടു, ആയതുകൊണ്ടു ദൈവത്തെ നിങ്ങളു
ടെ ശരീരത്തിലും, (ആത്മാവിലും) മഹത്വീകരിപ്പിൻ.

7. അദ്ധ്യായം

(1) വിവാഹം ആവശ്യം, (8) ഇന്നവക്കു വിവാഹം തുടങ്ങുകയും ഒഴിക്ക
യും ചെയ്യാം, (17) താൻ വിളിക്കപ്പെട്ടതിൽ നിലനില്ക്ക, (25) കന്യ
മാർക്കും മറു കല്പന അല്ല ബുദ്ധി ചൊല്ലിയതു.

1 നിങ്ങൾ എനിക്ക് എഴുതിയവ സംബന്ധിച്ചൊ (ഞാൻ ചൊല്ലുന്നിതു).
2 സ്ത്രീയെ തൊടാതിരിക്ക മനുഷ്യനു നല്ലത് എങ്കിലും പുലയാട്ടകൂം നിമിത്തം
ഓരോരുത്തനു തന്റെ ഭാര്യയും ഓരോരുത്തിക്കു തന്റെ ഭർത്താവും ഉണ്ടായി
3 രിക്കാവു. ഭാര്യെക്കു പുരുഷൻ കടമുള്ളതിനെ ഒപ്പിക്ക; അപ്രകാരം പുരുഷനു
4 ഭാര്യയും. ഭാര്യയുടെ ശരീരത്തിൽ അവളല്ല; പുരുഷനത്രെ അധികരിക്കു
നു; അപ്രകാരം പുരുഷശരീരത്തിൽ അവനല്ല ഭാര്യ അത്രെ അധികരിക്കു
5 നു. തമ്മിൽ തമ്മിൽ ഹാനിപ്പെടുത്തരുതു, പക്ഷെ പ്രാർത്ഥനെക്ക് ഒഴിവ്
ഉണ്ടാവാൻ ഒരു സമയത്തേക്ക് ഒത്തിരുന്നാൽ കൊള്ളാം; എന്നാൽ നിങ്ങ
ളുടെ ചാപല്യം നിമിത്തം സാത്താൻ നിങ്ങളെ പരീക്ഷിക്കാതെ ഇരി
6 പ്പാൻ വീണ്ടും ചേർന്നിരിപ്പിൻ. ആയ്തു ഞാൻ നിയോഗമായിട്ടല്ല അനുവാദ
7 മായത്രെ പറയുന്നു. എല്ലാ മനുഷ്യരും എന്നേപോലെ ആകേണം എന്ന് ഇ
ച്ഛിക്കുന്നു എങ്കിലും ഒരുവന്ന് ഇപ്രകാരം ഒരുവന്ന് അപ്രകാരം അവനവന്നു
8 താന്താന്റെ കൃപാവരം ദൈവത്തിൽനിന്നുണ്ടു. കെട്ടാത്തവർക്കും വിധവ
മാർക്കും ഞാൻ ചൊല്ലുന്നു: എന്നേപോലെ പാർത്താൽ അവർക്കു കൊള്ളാം.
9 ഇന്ദ്രിയജയം ഇല്ലാഞ്ഞാൽ അവർ കെട്ടുകതാനും അഴലുന്നതിനേക്കാളും വേ
10 ക തന്നെ നല്ലൂ സത്യം. കെട്ടീട്ടുള്ളവക്കൊ ഞാനല്ല; കർത്താവു തന്നെ
11 ആജ്ഞാപിക്കുന്നിതു: ഭാര്യ പുരുഷനോടു വേർപിരിയരുതു. (പിരിഞ്ഞു എ
ങ്കിലൊ വേളാതെ നില്ക്ക താൻ ഭർത്താവോടു നിരന്നു വരിക താൻ വേണ്ടു)
12 പുരുഷൻ ഭാര്യയെ വിടുകയും അരുതു. ശേഷമുള്ളവർക്കൊ കർത്താവല്ല ഞാ
നത്രെ പറയുന്നിതു: ഒരു സഹോദരന്ന് അവിശ്വാസിനിയായ ഭാര്യ ഉണ്ടാക
യും അവനോടു കൂട പാർപ്പാൻ സമ്മതിക്കയും ചെയ്താൽ അവളെ വിടരുതു.
13 അവിശ്വാസിയായ ഭർത്താവുള്ളൊരു സ്ത്രീയും, ഇവൻ അവളോട് കൂട
14 പാർപ്പാൻ സമ്മതിക്കുന്നു എങ്കിൽ, ഭർത്താവിനെ വിടരുതു. കാരണം അവി
ശ്വാസിയായ ഭർത്താവ് ഭാര്യയിങ്കൽ വിശുദ്ധീകരിക്കപ്പെട്ടും അവി
ശ്വാസിനിയായ ഭാര്യ ഭർത്താവിങ്കൽ വിശുദ്ധീകരിക്കപ്പെട്ടും ഇരിക്കുന്നു;
അല്ലായ്കിൽ നിങ്ങളുടെ മക്കൾ അശുദ്ധർ എന്നു വരും, അവർ വിശുദ്ധ
15 രാകുന്നു താനും. അവിശ്വാസി വേർപിരികിലൊ പിരിയട്ടെ, ഈ വക
യിൽ സഹോദരനൊ സഹോദരിയൊ അടിമപ്പെട്ടിരിക്കുന്നില്ല; സമാധാ
നത്തിൽ (ആവാൻ) ദൈവം നമ്മെ വിളിച്ചത് എന്തെന്നാൽ സ്ത്രീയെ,
16 നീ ഭർത്താവെ രക്ഷിക്കുമൊ എന്നും, പുരുഷ, നീ ഭാര്യയെ രക്ഷിക്കുമൊ
എന്നും എങ്ങിനെ അറിവതു.
17 ശേഷം ഓരോരുത്തനു കർത്താവ് വിഭാഗിച്ച പോലെ ഓരോരുത്തനെ

18 ദൈവം വിളിച്ചതുപോലെ അവ്വണ്ണം നടപ്പൂ; സകല സഭകളിലും ഞാൻ ഇ
ങ്ങിനെ ആദേശിക്കുന്നു. വല്ലവൻ പരിച്ഛേദനയുള്ളവനായി വിളിക്കപ്പെട്ട,
19 ചർമ്മാകർഷണം അരുതു. അഗ്രചർമ്മത്തോടെ വിളിക്കപ്പെട്ട പരിച്ഛേദന
അരുതു; പരിഛേദന ഒന്നും ഇല്ല; അഗ്രചർമ്മവും ഒന്നും ഇല്ല; ദേവകല്പന
20 കളെ സൂക്ഷിക്കുന്നതു കാര്യം. ഓരോരുത്തൻ വിളിക്കപ്പെട്ട വിളിയിൽ ത
21 ന്നെ വസിപ്പൂ. നീ ദാസനായി വിളിക്കപ്പെട്ടു വിചാരം അരുതു; സ്വാത
ന്ത്ര്യമുള്ളവൻ ആവാൻ കഴിഞ്ഞാലും അതിനെ അത്രെ ഉപയോഗിച്ചു കൊൾ
22 ക. കാരണം ദാസനായി കർത്താവിങ്കൽ വിളിക്കപ്പെട്ടവൻ കർത്താവി
ന്റെ വിടുതൽ കിട്ടിയവനത്രെ; അപ്രകാരം സ്വാതന്ത്ര്യമുള്ളവനായി വി
23 ളിക്കപ്പെട്ടവൻ ക്രിസ്തന്റെ ദാസൻ ആകുന്നു. നിങ്ങൾ വിലെക്കു കൊള്ള
24 പ്പെട്ടവർ തന്നെ മനുഷ്യർക്കു ദാസരാകരുതെ. സഹോദരൻമാരെ, താന്താൻ
ഏതിൽ വിളിക്കപ്പെട്ടിരുന്നാലും ആയതിൽ ദേവസമീപെ വസിപ്പൂതാക.
25 പിന്നെ കന്യകമാരെ തൊട്ടു എനിക്കു കർത്താവിന്റെ നിയോഗം ഇല്ല
എങ്കിലും വിശ്വാസ്യൻ ആവാൻതക്കവണ്ണം കർത്താവിൻ കനിവു ലഭിച്ച
26 വനായി ഞാൻ അഭിപ്രായം തരുന്നു. എന്നാൽ അടുത്തു വരുന്ന ഞെരുക്കം
നിമിത്തം നല്ലതു ഇതാകുന്നു എന്നും അങ്ങിനെ തന്നെ ഇരിക്ക മനുഷ്യനു
27 നല്ലതു എന്നും എനിക്കു തോന്നുന്നു. നീ ഭാര്യയോടു കെട്ടപെട്ടിരിക്കുന്നു
അഴിവാൻ തിരയല്ല; പെൺ കെട്ടറവൻ ആകുന്നു ഭാര്യയെ തിരയല്ല.
28 നീ വേട്ടു എന്നാലും പിഴച്ചില്ല; കന്യയും വിവാഹം ചെയ്താൽ, പിഴെച്ചി
ല്ല ഇപ്രകാരമുള്ളവർക്കു ജഡത്തിൽ പീഡ ഉണ്ടാകും താനും, ഞാനൊ നി
29 ങ്ങളെ ആദരിക്കുന്നു. എന്നാൽ സഹോദരന്മാരെ, ഞാൻ മൊഴിയുന്നിതു:
ഇനി സമയം സംക്ഷേപിച്ചിരിക്കുന്നതെ ഉള്ളു; എങ്ങിനെ എന്നാൽ ഭാ
30 ര്യമാർ ഉള്ളവർ ഇല്ലാത്തവരെ പോലെയും, കരയുന്നവർ കരയാത്തവരെ
പോലെയും സന്തോഷിക്കുന്നവർ സന്തോഷിക്കാത്തവരെ പോലെയും, വി
31 ലെക്കു വാങ്ങുന്നവർ അടക്കാത്തവരെ പോലെയും. ഈ ലോകത്തെ അനുഭ
വിക്കുന്നവർ അതിനെ മാത്രം അനുഭവം ആക്കാത്തവരെ പോലെയും ആ
കേണ്ടതിന്നത്രെ; ഈ ലോകത്തിൻ വേഷം ഒഴിഞ്ഞു പോകുന്നുവല്ലൊ.
32 നിങ്ങൾ ചിന്തയില്ലാത്തവർ ആയിരിക്കേണം എന്നു ഞാൻ ഇച്ഛിക്കുന്നു.
33 വേളാത്തവൻ കർത്താവിനെ എങ്ങിനെ പ്രസാദിപ്പിക്കും എന്നുവെച്ചു കർ
ത്താവിന്റെവ ചിന്തിക്കുന്നു; വേട്ടവൻ ഭാര്യയെ എങ്ങിനെ പ്രസാദിപ്പി
34 ക്കും എന്നുവെച്ചു ലോകത്തിന്റെവ ചിന്തിക്കുന്നു. അതു പോലെ കെട്ടിയവ
ളും കന്യയും വേർ തിരിഞ്ഞവർ തന്നെ; വേളാത്തവൾ ശരീരത്തിലും ആ
ത്മാവിലും വിശുദ്ധയാകേണ്ടതിന്നു കർത്താവിന്റെവ ചിന്തിക്കുന്നു; വേട്ടവ
ൾ ഭർത്താവിനെ എങ്ങിനെ പ്രസാദിപ്പിക്കും എന്നു വെച്ചു ലോകത്തിന്റെവ
35 ചിന്തിക്കുന്നു. ഇതിനെ നിങ്ങളുടെ ഉപകാരത്തിന്നായി ചൊല്ലുന്നു: നിങ്ങ
ളുടെമേൽ തളയിടുവാനല്ല; ഔചിത്യമായതിനേയും കൂഴക്കു എന്നി കർ
ത്താവിങ്കലെ അവസരത്തേയും വിചാരിച്ചത്രെ (ചൊല്ലുന്നു).
36 പിന്നെ തന്റെ കന്യെക്കു പ്രായം അധികം ചെന്നാൽ, അവളിൽ പ
രിചുകേടു വരുത്തും എന്നു ഒരുത്തൻ നിരൂപിക്കിലും അങ്ങിനെ ആകേണ്ടി
വരികിലും, താൻ ഇച്ഛിക്കുന്നതിനെ ചെയ്ക. അവൻ പിഴെക്കുന്നില്ല; അ
37 വർ വിവാഹം ചെയ്യട്ടെ. എങ്കിലും മുട്ടുപാടില്ലാതെ തന്നിഷ്ടത്തെ നടത്തു
വാൻ അധികാരം ഉണ്ടായാൽ ഹൃദയത്തിങ്കൽ ദൃഢമായി നില്ക്കുന്ന ഒരുവൻ
തന്റെ കന്യയെ സൂക്ഷിച്ചു കൊൾവാൻ ഹൃദയത്തിൽ വിധിച്ചു എങ്കിൽന
38 ല്ലവണ്ണം ചെയ്യുന്നു. ആകയാൽ വേൾവിക്കുന്നവൻ നന്നായി ചെയ്യുന്നു.
വേൾവിക്കാത്തവൻ ഏറെ നന്നായി ചെയ്യുന്നു. സ്ത്രീ തന്റെ ഭർത്താവു
39 ജീവിപ്പോളം കെട്ടപെട്ടിരിക്കുന്നു; ഭർത്താവു നിദ്രകൊണ്ടു എങ്കിൽ, തോ
ന്നുന്നവനെ കൊണ്ടു വേൾവിപ്പാൻ അവൾക്കു സ്വാതന്ത്ര്യം ഉണ്ടു, കർത്താ
40 വിൽ മാത്രമെ ആവു. അവൾ അങ്ങിനെ തന്നെ പാർത്തു എങ്കിലൊ

അതിധന്യ എന്ന് എന്റെ അഭിപ്രായം; ദേവാത്മാവ് എനിക്കും ഉണ്ടെന്നു തോന്നുന്ന താനും.

8. അദ്ധ്യായം

8–10 വിഗ്രഹാർപ്പിതങ്ങളും ബലിസദ്യകളും ഇവറെ സംബന്ധിച്ചു ബലഹീനരെ വിചാരിച്ചു അറിവിനെയല്ല; സ്നേഹത്തെ മുന്നിട്ടു സൂക്ഷിച്ചു നടക്കേണം.

1 **വി**ഗ്രഹാർപ്പിതങ്ങളുടെ കാര്യത്തിലൊ നമുക്ക് എല്ലാവർക്കും അറിവു
ണ്ട് എന്നു ബോധിച്ചു; [അറിവു ചീർപ്പിക്കുന്നു സ്നേഹം വീട്ടുവഴ്ചന ചെയ്യു
2 ന്നു. താൻ വല്ലതും അറിയുന്നു എന്ന് ഒരുത്തനു തോന്നിയാൽ, അറിയേണ്ട
3 പ്രകാരം അവൻ ഇന്നേവരെ ഒന്നും അറിഞ്ഞവനല്ല. ഒരുത്തൻ ദൈവത്തെ
4 സ്നേഹിച്ചാൽ ആയവൻ അവനാൽ അറിയപ്പെട്ടവനത്രെ.] വിഗ്രഹാർപ്പി
തങ്ങളുടെ ഭക്ഷണകാര്യം എന്നാൽ (ഉള്ളവണ്ണം) ഒരു വിഗ്രഹവും ലോക
ത്തിൽ ഇല്ല എന്നും ഒരുവൻ അല്ലാതെ, മറൊരു ദൈവവും ഇല്ല എന്നും
5 നാം അറിയുന്നു. എങ്ങിനെ എന്നാൽ പല ദേവകളും പല കർത്താക്കന്മാ
രും ഉണ്ടായിരിക്കെ വാനത്തിൽ ആകട്ടെ, ഭൂമിയിൽ ആകട്ടെ, ദേവകൾ
6 എന്നു ചൊല്ലിയവർ ഉണ്ട് എങ്കിലും പിതാവാകുന്ന ഏകദൈവമെ നമുക്കു
ള്ളു ആയവനിൽനിന്നു സകലവും അവനിലേക്ക് നാമും ആകുന്നു; യേശു
ക്രിസ്തൻ എന്ന ഏക കർത്താവും ഉണ്ടു; ആയവനാൽ സകലവും അവ
7 നാൽ തന്നെ നാമും ആകുന്നു. [എന്നാലും എല്ലാവരിലും ആ അറിവ് ആകു
ന്നില്ല; ചിലർ ഇന്നെയോളം വിഗ്രഹം എന്നുള്ള മനോബോധത്താലെ വി
ഗ്രഹാർപ്പിതം എന്നുവെച്ചു ഭക്ഷിക്കുന്നു; അവരുടെ മനോബോധം ബല
8 ഹീനം ആകയാൽ, മലിനപ്പെടുകയും ചെയ്യുന്നു.] എന്നാൽ ആഹാരം നമ്മെ
9 ദൈവത്തോട് അടുപ്പിക്കുന്നില്ല; നാം ഉണ്ടാൽ വഴികയും ഉണ്ണായ്കിൽ
കുറകയും ഇല്ലല്ലൊ. [എന്നാൽ ഈ നിങ്ങളുടെ അധികാരം ബലഹീനർക്കു
തടങ്ങൽ ആയി വരാതിരിപ്പാൻ നോക്കുവിൻ. എങ്ങിനെ എന്നാൽ അറി
10 വുള്ള നീ വിഗ്രഹാലയത്തിൽ പന്തികൊള്ളുന്നത് ഒരുത്തൻ കണ്ടാൽ
ബലഹീനനായവന്റെ മനസ്സാക്ഷിക്കു വിഗ്രഹാർപ്പിതങ്ങളെ ഉണ്മൊളം
11 ഉറപ്പു സംഭവിക്കയില്ലയൊ? ആർക്കുവേണ്ടി ക്രിസ്തൻ മരിച്ചു, ആ ബ
12 ഹീനസഹോദരൻ ഇങ്ങിനെ നിന്റെ അറിവിനാൽ നശിച്ചുപോകുന്നു.
ഇപ്രകാരം സഹോദരരിൽ പാപം ചെയ്തു അവരുടെ ബലഹീനമനസ്സാ
13 ക്ഷിയെ തല്ലിക്കൊണ്ടു നിങ്ങളും ക്രിസ്തനിൽ പാപം ചെയ്യുന്നു. ആകയാൽ
ആഹാരം എന്റെ സഹോദരനെ ഇടറിച്ചാൽ, എന്റെ സഹോദരനെ ഇടറി
ക്കാതെ ഇരിക്കേണ്ടതിന്നു ഞാൻ എന്നേക്കും ഇറച്ചി ഭക്ഷിക്കയില്ല.

9. അദ്ധ്യായം

അപോസ്തലൻ തന്റെ സ്വാതന്ത്ര്യത്തെ അല്ല സഭയുടെ വൃദ്ധിയെ ലാക്കാക്കിയതു, (24) ഓട്ടത്തിന്നു ത്യാഗം അത്യാവശ്യം.

1 **ഞാ**ൻ സ്വതന്ത്രൻ അല്ലയൊ, ഞാൻ അപോസ്തലൻ അല്ലയൊ, നമ്മുടെ
2 കർത്താവായ യേശുക്രിസ്തനെ കണ്ടിട്ടില്ലയൊ. കർത്താവിൽ എന്റെ പ
ണി നിങ്ങളും അല്ലയൊ. മറുള്ളവർക്കു ഞാൻ അപോസ്തലൻ അല്ല എങ്കിൽ,
നിങ്ങൾക്കു ആകുന്നു പോൽ; കർത്താവിൽ നിങ്ങളും അല്ലൊ എന്റെ അപോ
3 സ്തലത്വത്തിന്നു മുദ്ര ആകുന്നു. എന്നെ വിവേചിക്കുന്നവർക്കു എന്റെ പ്രതി
4 വാദം ഇതത്രെ. (സഭാദ്രവ്യത്താൽ) ഉണ്മാനും കുടിപ്പാനും ഞങ്ങൾക്കു

5 അധികാരം ഇല്ലയൊ? ശേഷം അപോസ്തലരും കർത്താവിൻ സഹോദര
ന്മാരും കേഫാവും എന്ന പോലെ ഞങ്ങൾക്കു ഒരു സഹോദരിയെ ഭാര്യയാ
6 യി കൂട്ടിക്കൊണ്ടു സഞ്ചരിപ്പാൻ അധികാരം ഇല്ലയൊ? അല്ല (വ്രത്തിക്കു)
അദ്ധ്വാനിക്കാതെ ഇരിപ്പാൻ എനിക്കും ബർന്നബാവിന്നും മാത്രം അധി
7 കാരം ഇല്ല എന്നുണ്ടൊ? സ്വന്തചെലവിട്ടു ആരുപോൽ ചെകം ചെയ്യുന്നു?
ആർ പറമ്പു നട്ടു അതിൻ ഫലം തിന്നാതിരിക്കുന്നു? അല്ല ആട്ടിങ്കുട്ടം ആർ
8 മേച്ചു കൂട്ടത്തിൻ പാലിൽ ഉപജീവിക്കാതിരിക്കും: ഇവ മാനുഷ്യപ്രകാരം
9 പൊല്ലുന്നുവൊ? ധർമ്മവും അതിനെ തന്നെ പറയുന്നില്ലയൊ? മെതിക്കുന്ന
കാളെക്കു വായ്ക്കെട്ടരുതു് എന്നു മോശധർമ്മത്തിൽ എഴുതികിടക്കുന്നുവല്ലൊ?
10 ദൈവത്തിന്നു കാളകൾ തന്നെ വിചാരമൊ? അല്ല കേവലം നമുക്കുവേ
ണ്ടി പറയുന്നുവൊ? അതെ ഉഴുന്നവൻ ആശയോടെ ഉഴുകയും മെതിക്കുന്ന
വൻ അംശം കിട്ടുവാനുള്ള ആശയോടെ മെതിക്കയും വേണം എന്നതു നമു
11 ക്കുവേണ്ടി എഴുതിയതു്. ഞങ്ങൾ ആത്മികങ്ങളെ നിങ്ങൾക്കു വിതെച്ചു
എങ്കിൽ, നിങ്ങളുടെ ജഡമയങ്ങളെ ഞങ്ങൾ കൊയ്താൽ വങ്കാര്യമൊ?
12 മറ്റെവർ നിങ്ങളുടെ മേൽ ഈ അധികാരത്തെ കൈക്കൊണ്ടാൽ ഞങ്ങൾ
വിശേഷാൽ അല്ലയൊ? എങ്കിലും ഞങ്ങൾ ഈ അധികാരത്തെ പ്രയോ
ഗിച്ചില്ല; ക്രിസ്തന്റെ സുവിശേഷത്തിന്നു യാതൊരു വിഘ്നവും വരു
13 ത്താതെ ഇരിപ്പാൻ സകലവും പൊറുക്കുന്നു. പുണ്യകർമ്മങ്ങൾ നടത്തുന്ന
വർ പുണ്യസ്ഥലത്തു നിന്നു ഉപജീവിക്കുന്നു എന്നും ബലിപീഠം ഉപാസി
ക്കുന്നവർ ബലിപീഠത്തോടു് അംശമാക്കികൊള്ളുന്നു എന്നും നിങ്ങൾ അ
14 റിയുന്നില്ലയൊ? അപ്പോലെ കർത്താവും സുവിശേഷത്തെ പ്രസ്താവിക്കുന്ന
വർക്കു സുവിശേഷത്താൽ ഉപജീവിക്കേണം എന്നു് ആദേശിച്ചു.

15 എങ്കിലും ഇവ ഒന്നും ഞാൻ പ്രയോഗിച്ചില്ല; ഇവ്വണ്ണം എന്നിൽ ഭവി
ക്കേണ്ടതിന്നും അല്ല ഇവ എഴുതിയതു; ആരും എന്റെ പ്രശംസയെ വ്യർത്ഥാ
16 വാക്കുന്നതിനേക്കാൾ മരിക്ക തന്നെ എനിക്കു നല്ലു; കാരണം ഞാൻ സു
വിശേഷിക്കുന്നു എങ്കിൽ, മട്ടപാടു് എന്റെ മേൽ കിടക്കുകയാൽ എനിക്കു്
പ്രശംസയില്ല; അതെ ഞാൻ സുവിശേഷിക്കുന്നില്ല എങ്കിൽ, എനിക്കു് ഹാ
17 കഷ്ടം. എങ്ങിനെ എന്നാൽ മനഃപൂർവ്വമായി ഇതിനെ ചെയ്കൊണ്ടാൽ
എനിക്കു് കൂലി ഉണ്ടു; മനഃപൂർവ്വം അല്ലാഞ്ഞാലും വീട്ടവിചാരണ എന്നിൽ
18 ഭരമേല്പിച്ചുകിടക്കുന്നു. എന്നാൽ എന്റെ കൂലി എന്തു? സുവിശേഷിക്കു
മ്പോൾ, എന്റെ അധികാരത്തെ മുറും അനുഭവമാക്കാതവണ്ണം ഞാൻ ക്രി
സ്തന്റെ സുവിശേഷത്തെ പരത്തികൊണ്ടു, ചെലവില്ലാതെയാക്കുക അത്രെ.
19 ഇങ്ങിനെ എല്ലാവരോടും ഞാൻ വിടുതലയുള്ളവൻ എങ്കിലും, അധികം
പേരെ നേടേണ്ടതിന്നു ഞാൻ എന്നെ തന്നെ എല്ലാവർക്കും ദാസനാക്കി.
20 യഹൂദരെ നേടുവാൻ യഹൂദർക്കു് യഹൂദനെ പോലെ ആയി, ധർമ്മത്തിൻ
കീഴുള്ളവരെ നേടുവാൻ താൻ ധർമ്മത്തിൻ കീഴുള്ളവനല്ല എങ്കിലും, ഞാൻ
ധർമ്മത്തിൻ കീഴുള്ളവർക്കു ധർമ്മത്തിൻ കീഴുള്ളവനെ പോലെ ആയി.
21 അധർമ്മികളെ നേടുവാൻ ഞാൻ ദൈവത്തിന്നു അധർമ്മി അല്ല, ക്രിസ്തനു
ധർമ്മസ്ഥൻ അത്രെ ആകുന്നു; എങ്കിലും അധർമ്മികൾക്കു അധർമ്മിയെ പോ
22 ലെ ആയി. ബലഹീനരെ നേടുവാൻ ഞാൻ ബലഹീനർക്കു ബലഹീന
നെ പോലെ ആയി; എല്ലാ പ്രകാരത്തിലും ചിലരെ രക്ഷിക്കേണ്ടതിന്നു,
23 ഞാൻ എല്ലാവർക്കും എല്ലാം ആയ്ചമഞ്ഞു. സുവിശേഷത്തിൻനിമിത്തം
ഞാനും അതിന്നു കൂട്ടാളി ആകേണ്ടതിന്നു് എല്ലാം ചെയ്യുന്നു.

24 ഓട്ടക്കളത്തിൽ ഓടുന്നവർ എല്ലാം ഓടുന്നു എങ്കിലും, ഒരുവനെ വിരുതു
പ്രാപിക്കുന്നുള്ളു എന്നറിയുന്നില്ലയൊ? അതുപോലെ നിങ്ങളും പ്രാപിച്ചു
25 കളവാൻ ഓടുവിൻ! പിന്നെ അങ്കം പൊരുന്നവൻ ഒക്കയും എല്ലാം വർജ്ജി
ക്കുന്നു; അതു വാടുന്ന മാല കിട്ടുവാൻ അവരും വാടാത്തതിന്നായി നാമും
26 (ചെയ്വു). ആകയാൽ ഞാൻ നിശ്ചയം ഇല്ലാതപ്രകാരം അല്ല ഓടുന്നു;

27 ആകാശത്തെ കുത്തുന്നപ്രകാരം അല്ല മുഷ്ടി ചുരുട്ടുന്നു. എന്റെ ശരീരത്തെ
കുമെച്ച് അടിമയാക്കുക അത്രെ ചെയ്യുന്നു; പക്ഷെ മറ്റവരോടു ഘോഷിച്ച
ശേഷം താൻ കൊള്ളരുതാത്തവനായി പോകായ്വാൻ തന്നെ.

10. അദ്ധ്യായം

സഭക്കാർക്കും വീഴ്ചകഴിയാത്തതല്ല, (14) ദുർഭ്രതസ്പർശത്തെ മുറും ഒ
ഴിച്ചു, (23) സകലത്തിലും പരോപകാരവും ദേവതേജസ്സും ലാക്കാക്കേണ്ടി
യതു.

1 എങ്ങിനെ എന്നാൽ സഹോദരന്മാരെ, നമ്മുടെ പിതാക്കന്മാർ എല്ലാവ
രും മേഘത്തിൻ കീഴെ ആയിരുന്നു എന്നും, എല്ലാവരും സമുദ്രത്തുടെ കടന്നു
2 എന്നും, എല്ലാവരും മേഘത്തിലും സമുദ്രത്തിലും മോശയിലേക്കു സ്നാനം
3 ഏറ്റു എന്നും, എല്ലാവരും ഒരുപോലെ. ആത്മികമായ ആഹാരം ഭക്ഷി
4 ച്ചു എന്നും, എല്ലാവരും ഒരുപോലെ ആത്മികമായ പാനീയം കുടിച്ചു എ
ന്നും, ആത്മികമായ പാറയിൽനിന്നല്ലൊ അവർ കുടിച്ചു; ആ കൂടിചെല്ലു
5 ന്ന പാറയൊ ക്രിസ്തനത്രെ. എന്നിട്ടും അവരിൽ മിക്കപേരിലും ദൈവം
പ്രസാദിച്ചില്ല; അവർ മരുഭ്രമിയിൽ വീഴ്ത്തിക്കളയപ്പെട്ടു എന്നും, നി
ങ്ങൾ ബോധിക്കാതെ ഇരിക്കരുത് എന്ന് ആഗ്രഹിക്കുന്നു. ഇവ നമുക്കു
6 ദൃഷ്ടാന്തങ്ങളായി വന്നതു; ആയവർ മോഹിച്ചപോലെ നാം തിന്മകളെ മോ
7 ഹിപ്പവർ ആകായ്വാൻ തന്നെ. അവരിൽ ചിലർ ആയ പോലെ നി
ങ്ങൾ വിഗ്രഹാരാധികൾ ആകയും അരുതു; ജനം ഭക്ഷിപ്പാനും കുടിപ്പാനും
ഇരുന്നു, കളിപ്പാൻ എഴുനീറ്റു (2മോ. 32,6.) എന്ന് എഴുതിയപ്രകാരമ
8 ത്രെ. അവരിൽ ചിലർ പുലയാടി, ഒരു ദിവസത്തിൽ 23000 പേർ വീണു
9 പോയ പോലെ നാം പുലയാട്ടുകയും ഒല്ലാ. അവരിൽ ചിലർ പരീക്ഷിച്ചു
സർപ്പങ്ങളാൽ നശിച്ചു പോയപോലെ നാം ക്രിസ്തനെ പരീക്ഷിക്കയും ഒ
10 ല്ലാ. അവരിൽ ചിലർ പിറുപിറുത്തു സംഹാരിയാൽ നശിച്ചു പോയപോ
11 ലെ നിങ്ങൾ പിറുപിറുക്കയും അരുതു. ഇവ എല്ലാം ദൃഷ്ടാന്തമായിട്ട് അവർ
ക്കു സംഭവിച്ചു എങ്കിലും യുഗങ്ങളുടെ അന്തങ്ങൾ എത്തി വന്ന നമുക്കു
12 ബുദ്ധി ഉപദേശിപ്പാൻ എഴുതിയതത്രെ. ആകയാൽ താൻ നില്ക്കുന്നു എന്നു
13 തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കുക. മാനുഷമല്ലാത്ത പരീക്ഷ നിങ്ങ
ളെ പിടിച്ചിട്ടില്ല; ദൈവം വിശ്വസ്തൻ തന്നെ, അവൻ നിങ്ങൾക്ക് ക
ഴിയുന്നതിൻ മീതെ പരീക്ഷ പിണവാൻ സമ്മതിയാതെ, സഹിച്ചു കൂടേ
ണ്ടതിന്നു പരീക്ഷയോടു ഒപ്പം പോക്കിനെയും ഉണ്ടാക്കും.
14 ആകയാൽ എൻപ്രിയമുള്ളവരെ, വിഗ്രഹാരാധനയെ വിട്ടോടുവിൻ!
15 വിവേകികളോടു എന്നു വെച്ചു ഞാൻ പറയുന്നു, ഞാൻ മൊഴിയുന്നതിനെ
16 വിസ്തരിപ്പിൻ! നാം ആശീർവദിക്കുന്ന അനുഗ്രഹപാത്രം ക്രിസ്തരക്ത
ത്തിന്റെ കൂട്ടായ്മ അല്ലയൊ? നാം നുറുക്കുന്ന അപ്പം ക്രിസ്തശരീരത്തിന്റെ
17 കൂട്ടായ്മ അല്ലയൊ? നാം എല്ലാവരും ആ ഒർ അപ്പത്താൽ അംശികൾ ആക
കൊണ്ടു ഒർ അപ്പം ഉള്ളതു നിമിത്തം പലരായ നാം ഒരു ശരീരം ആകുന്നു
18 വല്ലൊ. ജഡപ്രകാരമുള്ള ഇസ്രയേലെ നോക്കുവിൻ! ബലികളെ ഭക്ഷിക്കുന്ന
19 വർ ബലിപീഠത്തിന്നു കൂട്ടാളികൾ അല്ലയൊ. എന്നാൽ ഞാൻ എന്തു മൊ
ഴിയുന്നു വിഗ്രഹാർപ്പിതം വല്ലതും ആകുന്നു എന്നൊ? വിഗ്രഹം വല്ലതും എ
20 ന്നൊ? അല്ല, ജാതികൾ ബലികഴിക്കുന്നതു ദൈവത്തിന്നല്ല; ഭ്രതങ്ങൾ
ക്കായി കഴിക്കുന്നു എന്നത്രെ, നിങ്ങൾ ഭ്രതങ്ങളുടെ കൂട്ടാളികൾ ആവാൻ
21 എനിക്ക് മനസ്സില്ല താനും. നിങ്ങൾക്ക് കർത്താവിൻ പാനപാത്രവും ഭ്രത
ങ്ങളുടെ പാനപാത്രവും കുടിപ്പാൻ കഴികയില്ല: കർത്താവിൻ മേശയിലും
22 ഭ്രതങ്ങളെ മേശയിലും അംശികളാവാൻ കഴികയില്ല. അല്ലായ്കിൽ നാം

കൎത്താവിന്നു് ചൂട്ട പിടിപ്പിക്കുന്നവൊ, അവനേക്കാ൯ ഊക്കർ ആകുന്നവൊ?
23 എല്ലാറനിനും അധികാരം ഉണ്ട എങ്കിലും എല്ലാം ഉപകരിക്കുന്നതല്ല; എ
ല്ലാറനിനും അധികാരം ഉണ്ട എങ്കിലും എല്ലാം വീട്ട വൎദ്ധന ചെയ്യുന്നതല്ല.
24 ഏവനും തൻെറതല്ല മറവൻെറതിനെ അന്വേഷിപ്പു. ഇറച്ചിയങ്ങാടിയിൽ
25 വില്ക്കുന്നതു മനോബോധത്തിൻ നിമിത്തം ഒന്നും വിവേചിയാതെ എല്ലാം
26 ഭക്ഷിപ്പിൻ. ഭൂമിയും അതിൻെറ നിറവും കർത്താവിന്നല്ലൊ ആകുന്നതു
27 (സങ്കീ. 24, 1). പിന്നെ അവിശ്വാസികളിൽ ഒരുവൻ നിങ്ങളെ ക്ഷണി
ച്ചാൽ ചെല്ലുവാൻ! ഇച്ഛിക്കിൽ നിങ്ങ൯ക്കു വിളമ്പിയതു മനോബോധം
28 നിമിത്തം ഒന്നും വിവേചിയാതെ എല്ലാം ഭക്ഷിപ്പിൻ. എങ്കിലും ഒരുവൻ:
ഇതു ബലിയർപ്പിതം എന്നു നിങ്ങളോടു പറഞ്ഞാൽ അറിയിച്ചവൻെറ
നിമിത്തം മനോബോധം, വിചാരിച്ചിട്ടു തന്നെ തിന്നരുതു. മനോബോ
ധം എങ്കിലൊ തൻെറതല്ല, മറവൻെറതിനെ അത്രെ, ഞാൻ പറയുന്നു.
29 എൻെറ സ്വാതന്ത്ര്യത്തിന്നു അന്യ മനോബോധത്താൽ ന്യായവിസ്താരം
30 വരുവാൻ എന്തുപോൽ. കൃതജ്ഞതയോടെ അനുഭവിച്ചാൽ ഞാൻ സ്തോ
ത്രം ചെയ്യുന്നതിനായിട്ടു ദുഷിക്കപ്പെടുവാൻ എന്തു. അതുകൊണ്ടു നിങ്ങ൯
31 ഭക്ഷിച്ചാലും കുടിച്ചാലും എന്തു ചെയ്താലും എല്ലാം ദേവതേജസ്സിന്നായി
32 ചെയ്വിൻ. യഹൂദർക്കും യവനർക്കും ദേവസഭെക്കും തടങ്ങൽ ഇല്ലാത്ത
33 വർ ആകുവിൻ. ഞാനും എൻെറതല്ല അവർ രക്ഷപ്പെടേണം എന്നു പലരു
ടെ ഉപകാരത്തെ തന്നെ അന്വേഷിച്ചുകൊണ്ടു് എല്ലാവരേയും എല്ലാംകൊ
11,1 ണ്ടും പ്രസാദിപ്പിക്കും കണക്കെ തന്നെ. ഞാൻ ക്രിസ്തനു് എന്നപോലെ
എനിക്കു് അനുകാരികനം ആകുവിൻ.

11. അദ്ധ്യായം

സഭകൂട്ടുന്നതിൽ സ്ത്രീകളുടെ വേഷത്തേയും, (17) തിരുവത്താഴത്തിൻ ആ
ചാരത്തേയും വഴിക്കാക്കുന്ന ഉപദേശം.

2 **പി**ന്നെ സഹോദരന്മാരെ: നിങ്ങ൯ എല്ലാം കൊണ്ടും എന്നെ ഓർത്തും
ഞാൻ നിങ്ങളിൽ ഏല്പിച്ചപ്രകാരം സമ്പ്രദായങ്ങളെ പ്രമാണിച്ചും കൊ൯
3 കയാൽ നിങ്ങളെ പുകഴുന്നു. ഇനി നിങ്ങ൯ ബോധിക്കേണം എന്നു ഞാൻ
ആഗ്രഹിക്കുന്നിതു: സകല പുരുഷന്നും തല ക്രിസ്തൻ തന്നെ; സ്ത്രീക്കു തല
4 പുരുഷൻ അത്രെ; ക്രിസ്തൻെറ തല ദൈവം തന്നെ. തല മൂടികൊണ്ടു പ്രാർ
ത്ഥിക്കയൊ പ്രവചിക്കയൊ ചെയ്യുന്ന പുരുഷൻ എല്ലാം തൻെറ തലയെ
5 അപമാനിക്കുന്നു. എന്നാൽ തല മൂടാതെ പ്രാത്ഥിക്കയൊ, പ്രവചിക്കയൊ
ചെയ്യുന്ന സ്ത്രീ എല്ലാം തൻെറ തലയെ അപമാനിക്കുന്നു, അവ൯ ക്ഷൌരം
6 ചെയ്തവളോടല്ലൊ മുറും ഒക്കുന്നു. സ്ത്രീ മൂടാതെ ഇരിക്കിൽ ചിരെച്ചു കൊ
ണ്ടെ ആവു; ചിരെക്ക താൻ ,ക്ഷൌരം താൻ, സ്ത്രീക്കു ലജ്ജ എങ്കിലൊ മൂടി
7 ക്കൊള്ളട്ടെ. കാരണം പുരുഷൻ ദൈവത്തിൻെറ പ്രതിമയും തേജസ്സും ആക
8 യാൽ, തല മൂടേണ്ടതല്ല സ്ത്രീയൊ പുരുഷൻെറ തേജസ്സു്. പുരുഷൻ സ്ത്രീ
9 യിൽനിന്നല്ലൊ, സ്ത്രീ പുരുഷനിൽനിന്നത്രെ ആകുന്നതു്. പിന്നെ പുരു
10 ഷൻ സ്ത്രീക്കായിട്ടല്ല; സ്ത്രീ പുരുഷന്നായത്രെ സൃഷ്ടിക്കപ്പെട്ടു. ആകയാൽ
11 സ്ത്രീ ദൂതന്മാർനിമിത്തം തലമേൽ അധികാര(ക്കുറി) പൂണ്ടിരിക്കേണം ശേ
ഷം കർത്താവിൽ പുരുഷൻ എന്നി, സ്ത്രീയും സ്ത്രീ എന്നി, പുരുഷനും ഇല്ല.
12 സ്ത്രീ പുരുഷനിൽനിന്നുണ്ടായ പോലെ തന്നെ പുരുഷനും സ്ത്രീയാൽ ഉണ്ടല്ലൊ
13 സകലവും ദൈവത്തിൽനിന്നു താനും. നിങ്ങളുടെ ഉള്ളിൽ തന്നെ വിധി
പ്പിൻ! സ്ത്രീ മൂടിക്കൊള്ളാതെ ദൈവത്തോടു പ്രാർത്ഥിക്കുന്നതു യോഗ്യമൊ?
14 പുരുഷൻ മുടി നീട്ടിയാൽ അതു് അവനു മാനക്കുറവു് എന്നും സ്ത്രീ നീട്ടിയാൽ
15 കുന്തൽ അവ൯ക്കു് മൂടുപടത്തിന്നു വേണ്ടി നല്കപ്പെട്ടതാൽ അവ൯ക്കു തേജസ്സു്

ആകുന്ന എന്നും പ്രകൃതി താനും നിങ്ങളെ പഠിപ്പിക്കുന്നില്ലയൊ? ഒരുത്തൻ
16 തക്പ്രിയനായി കാൺകിലെ: ഇങ്ങിനത്തെ മര്യാദ ഞങ്ങൾക്കും ഇല്ല;
ദേവസഭകൾക്കും ഇല്ല (എന്നറിക).
17 ആയതു ഞാൻ ആജ്ഞാപിക്കുമ്പോൾ ഒന്നിനെ പുകഴ്ത്തുന്നില്ല: നിങ്ങൾ
കൂടിവരുന്നത് ഏറെ നന്മയല്ല; ഏറെ തിന്മ ഉണ്ടാകുംവണ്ണം എന്നുള്ളത
18 ത്രെ. എങ്ങിനെ എന്നാൽ ഒന്നാമത് നിങ്ങൾ സഭയായി കൂടുമ്പോൾ, നി
ങ്ങളിൽ ഭിന്നതകൾ ഉണ്ടെന്നു ഞാൻ കേൾക്കുന്നു, ഒട്ടേടം വിശ്വസിക്കയും
19 ചെയ്യുന്നു. നിങ്ങളിൽ കൊള്ളാകുന്നവർ വെളിവാകേണ്ടതിന്നല്ലൊ മതഭേദ
20 ങ്ങളും നിങ്ങളിൽ ഉണ്ടായിരിക്കേണ്ടതു. എന്നാൽ നിങ്ങൾ ഒരേടത്തു കൂടിവ
രുമ്പോൾ ഉണ്ണുകയിൽ ഓരോരുത്തൻ തന്റെ അത്താഴം മുന്തി എടുക്കുന്നു. പി
21 ന്നെ ഒരുവൻ വിശന്നും ഒരുവൻ മദിച്ചും പോകുന്നതിനാൽ അതു കർത്താവിൻ
22 അത്താഴം ഉണ്ണുക അല്ല. ഭക്ഷിപ്പാനും കുടിപ്പാനും നിങ്ങൾക്ക് വീടുകൾ
ഇല്ലയൊ, അല്ല ദേവസഭയെ നിങ്ങൾ തുച്ഛീകരിച്ചിട്ട് ഇല്ലാത്തവരെ
നാണിപ്പിക്കുന്നുവൊ; ഞാൻ നിങ്ങളോട് എന്തു പറയേണ്ടു, നിങ്ങളെ പുക
23 ഴ്ത്തുകയൊ ഇതിൽ നിങ്ങളെ പുകഴ്ത്തുന്നില്ല. ഞാനാകട്ടെ കർത്താവിൽ നിന്നു
പരിഗ്രഹിച്ചു, നിങ്ങൾക്കും ഏല്പിച്ചതു എന്തെന്നാൽ: കർത്താവായ യേശു
തന്നെ കാണിച്ചുകൊടുക്കുന്നാൾ രാത്രിയിൽ അപ്പത്തെ എടുത്തു സ്തോത്രം
24 ചൊല്ലി നുറുക്കി പറഞ്ഞു (വാങ്ങിഭക്ഷിപ്പിൻ) ഇതു നിങ്ങൾക്ക് വേണ്ടി
(നുറുക്കപ്പെടുന്ന) എന്റെ ശരീരം ആകുന്നു എന്റെ ഓർമ്മക്കായിട്ടു ഇതിനെ
25 ചെയ്വിൻ. അപ്രകാരം തന്നെ അത്താഴത്തിൽ പിന്നെ പാനപാത്രത്തേയും
എടുത്തു പറഞ്ഞു; ഈ പാനപാത്രം എന്റെ രക്തത്തിൽ പുതിയ നിയമം
ആകുന്നു, ഇതിനെ കുടിക്കുന്തോറും എന്റെ ഓർമ്മെക്കായിട്ടു ചെയ്വിൻ.
26 എങ്ങിനെ എന്നാൽ നിങ്ങൾ ഈ അപ്പം ഭക്ഷിക്കയും പാനപാത്രം കുടിക്ക
യും ചെയ്യുന്തോറും കർത്താവു വരുവോളത്തിന്നു അവന്റെ മരണത്തെ പ്രസ്താ
27 പിക്കുന്നു. അതുകൊണ്ടു ആരാനും അപാത്രമായി ഈ അപ്പം ഭക്ഷിക്ക
താൻ, കർത്താവിൻ പാനപാത്രം കുടിക്ക താൻ ചെയ്താൽ, കർത്താവിൻ
ശരീരത്തിന്നും രക്തത്തിന്നും കുറ്റമുള്ളവൻ ആകും. എന്നാൽ മനുഷ്യൻ തന്നെ
28 ത്താൻ ശോധന ചെയ്തിട്ടു വേണം ഈ അപ്പത്തിൽ ഭക്ഷിച്ചും പാനപാത്ര
ത്തിൽ കുടിച്ചും കൊൾവാൻ (അപാത്രമായി) ഭക്ഷിച്ചു കുടിക്കുന്നവൻ
29 കർത്താവിൻ ശരീരത്തെ വിസ്തരിക്കാഞ്ഞാൽ, തനിക്കു താൻ ന്യായവി
30 സ്താരത്തെ ഭക്ഷിച്ചു കുടിക്കുന്നു. ഇതു ഹേതുവായിട്ടു നിങ്ങളിൽ പലരും
ബലഹീനരും രോഗികളും ആയി, ചിലർ നിദ്രകൊണ്ടും ഇരിക്കുന്നു.
31 എന്നാൽ നമ്മെ നാം തന്നെ വിസ്തരിച്ചു എങ്കിൽ വിധിക്കപ്പെടുകയില്ല.
32 വിധിക്കപ്പെടുകിലൊ നാം ലോകത്തോടു കൂട ദണ്ഡവിധിയിൽ അകപ്പെ
ടായ്വാൻ കർത്താവിനാൽ ശിക്ഷിക്കപ്പെടുന്നു. ആകയാൽ എൻ സഹോദ
33 രരെ, നിങ്ങൾ ഭക്ഷിപ്പാൻ കൂടുമ്പോൾ, അന്യോന്യം കാത്തു നില്പിൻ! ഒരു
ത്തനു വിശക്കിൽ ശിക്ഷാവിധി വരുമാറു കൂടരുത് എന്നു വെച്ചു വീട്ടിൽ
ഭക്ഷിക്ക; ശേഷം കാര്യങ്ങളെ ഞാൻ വന്ന ഉടനെ ആജ്ഞാപിക്കും.

12. അദ്ധ്യായം

(12-14 അ.) ആത്മികവരങ്ങളുടെ താല്പര്യം

1 **പി**ന്നെ സഹോദരന്മാരെ, ആത്മികവരങ്ങളെ കുറിച്ചു നിങ്ങൾ ബോധി
ക്കാതെ ഇരിക്കരുത് എന്ന് ആഗ്രഹിക്കുന്നു. നിങ്ങൾ ജാതികളായി വസി
2 ക്കും കാലം നടത്തപ്പെടുന്നപ്രകാരം എല്ലാം ഊമവിഗ്രഹങ്ങളുടെ അടുക്കെ
കൊണ്ടുപോകപ്പെടുന്നവരായി എന്നറിയുന്നുവല്ലൊ; ആകയാൽ ഞാൻ നി
3 ങ്ങളെ ഗ്രഹിപ്പിക്കുന്നിതു: ദേവാത്മാവിൽനിന്നു ഉരെക്കുന്നവൻ ആരും
യേശു ശാപഗ്രസ്തൻ എന്നു പറകയില്ല; വിശുദ്ധാത്മാവിൽ അല്ലാതെ,

യേശു കൎത്താവെന്നു പറവാൻ ആൎക്കും കഴികയും ഇല്ല. എന്നാൽ കൃപാവര
4 ങ്ങൾക്കു പകൎപ്പുകളും ഉണ്ടു, ഏകാത്മാവു താനും. ശുശ്രൂഷകൾക്കും പകൎപ്പു
5 കളും ഉണ്ടു; കൎത്താവു ഒരുവൻ. വ്യാപാരങ്ങൾക്കും പകൎപ്പുകളും ഉണ്ടു, എല്ലാവ
7 രിലും എല്ലാം വ്യാപരിക്കുന്ന ദൈവം ഒരുവൻ തന്നെ. എന്നാൽ ആത്മാ
വു ഓരോരുത്തനിൽ വിളങ്ങുന്ന വിധം (സഭയുടെ) ഉപകാരത്തിന്നത്രെ
8 നല്കപ്പെടുന്നു. എന്തെന്നാൽ ഒരുത്തന്നു ആത്മാവിനാൽ ജ്ഞാനവചനവും മ
റ്റൊരുവന്നു ആ ആത്മാവിന്നു തോന്നുമ്പോലെ തന്നെ അറിവിന്റെ വചനവും
9 നല്കപ്പെടുന്നു. അന്യനു ആ ആത്മാവിൽ തന്നെ വിശ്വാസം മറ്റൊരുവന്നു ആ
ആത്മാവിൽ തന്നെ ചികിത്സകളുടെ വരങ്ങളും മറ്റൊരുവന്നു ശക്തിയുടെ
10 വ്യാപാരങ്ങളും മറ്റൊരുവനു പ്രവചനം മറ്റൊരുവനു ആത്മാക്കളെ വകതിരിവു
11 കളും. അന്യനു ഭാഷകളുടെ വിധങ്ങളും മറ്റൊരുവനു ഭാഷകളെ വ്യാഖ്യാനം ഇവ
എല്ലാം വ്യാപരിക്കുന്നതൊ താൻ ഇച്ഛിക്കും പോലെ അവനവനു വെവ്വേറെ
12 പകുക്കുന്ന ആ ഒർ ആത്മാവു തന്നെ. എങ്ങിനെ എന്നാൽ ശരീരം ഒന്നെങ്കി
ല്യും പല അവയവങ്ങളും ഉള്ളതാകുന്നതല്ലാതെ, ശരീരത്തിന്റെ അവയവ
ങ്ങളും പലതായിരുന്നും എല്ലാം ഒരു ശരീരം ആകുന്നപ്രകാരം തന്നെ ക്രി
13 സ്തനും ആകുന്നു. കാരണം യഹൂദരൊ, യവനരൊ, അടിയാരൊ, സ്വ
തന്ത്രരൊ നാം എല്ലാവരും ഏകശരീരം ആമാറു ഒർ ആത്മാവിൽ സ്നാനം ഏ
14 റ്റു, എല്ലാവരും ഒർ ആത്മാവെയും കുടിക്കുമാറാക്കപ്പെട്ടു. ശരീരം കൂടെ
15 ഒർ അവയവമല്ലല്ലൊ പലവും അത്രെ. കാലായ്ക ഞാൻ കൈ അല്ലായ്കയാൽ
ശരീരത്തിൽ ചേരാ എന്ന ചൊല്ലുകിൽ അതിനാൽ ശരീരത്തിൽ
16 ചേരാതു എന്നു വരികയില്ല. ചെവി ആയതു ഞാൻ കണ്ണു അല്ലായ്കയാൽ
ശരീരത്തിൽ ചേരാ എന്ന ചൊല്ലുകിൽ അതിനാൽ ശരീരത്തിൽ ചേരാ
17 തു എന്നു വരികയും ഇല്ല. ശരീരം മുഴുവൻ കണ്ണായാൽ ശ്രവണം എവിടെ?
18 മുഴുവൻ ശ്രവണം ആയാൽ ഘ്രാണം എവിടെ? ഇപ്പോഴൊ ദൈവം താൻ
19 ഇച്ഛിച്ച പോലെ അവയവങ്ങളെ ശരീരത്തിൽ വെവ്വേറെ ആക്കിവെച്ചു.
20 എല്ലാം ഒർ അവയവം എങ്കിൽ, ശരീരം എവിടെ? ഇപ്പോഴൊ പല അവയ
21 വങ്ങളും ഏക ശരീരവും ഉണ്ടു. കൺ കയ്യോടു നിന്നെകൊണ്ടു എനിക്കു ആ
വശ്യം ഇല്ല എന്നും മറു തല കാലുകളോടു നിങ്ങളെ കൊണ്ടു എനിക്കു ആ
22 വശ്യം ഇല്ല എന്നും ചൊല്ലിക്കൂടാ. എന്തൊ ശരീരത്തിൽ ബലം കുറഞ്ഞ അ
വയവങ്ങളും എന്നു തോന്നുന്നവ വേണ്ടുന്നവ അത്രെ എന്നു വിശേഷാൽ
23 ഉണ്ടല്ലൊ. ശരീരത്തിൽ മാനം കുറഞ്ഞവ എന്നു തോന്നുന്നവറ്റിൽ എത്രയും
അധികം മാനത്തെ അണിയുന്നു; നമ്മിൽ ഉചിതം കുറഞ്ഞവറ്റിന്നു അ
24 ധികം ഔചിത്യവും വരുന്നു. നമ്മിൽ ഉചിതമായവറ്റിന്നു അതു ആവ
25 ശ്യം അല്ലല്ലൊ. ദൈവം ആകട്ടെ ശരീരത്തിൽ ഭിന്നത വരാതെ അവയവ
ങ്ങളുംകു തങ്ങളിൽ ഒരുപോലെ ചിന്ത വേണം എന്നുവെച്ചു കുറവുള്ളതിന്നു
26 അധികം മാനത്തെ കൊടുത്തുകൊണ്ടു ശരീരത്തെ കലർന്നു ചേർത്തതു. അതി
നാൽ ഒർ അവയവം പണിപ്പെട്ടാലും അവയവങ്ങളും ഒക്കയും കൂടെ പെടു
ന്നു; ഒന്നിന്നു തേജസ്സു വന്നാലും അവയവങ്ങളും ഒക്കയും കൂടെ സന്തോഷി
27 ക്കുന്നു. നിങ്ങളൊ ക്രിസ്തന്റെ ശരീരവും അംശമംശമായിട്ടു അവയവങ്ങ
ളും ആകുന്നു. ദൈവം ആകട്ടെ സഭയിൽ ചിലരെ ആക്കിവെച്ചു ഒന്നാമതു
അപോസ്തലരെ, രണ്ടാമതു പ്രവാചകരെ, മൂന്നാമതു ഉപദേഷ്ടാക്കളെ.
28 അനന്തരം ശക്തികളെ പിന്നെ ചികിത്സകളുടെ വരങ്ങളും തുണസേവകളും
29 പരിപാലനങ്ങളും ഭാഷകളുടെ വിധങ്ങളും. എല്ലാവരും അപോസ്തലരൊ?
30 എല്ലാവരും പ്രവാചകരൊ? എല്ലാവരും ഉപദേഷ്ടാക്കളൊ? എല്ലാവരും ശ
ക്തികളൊ? എല്ലാവർക്കും ചികിത്സാവരങ്ങളും ഉണ്ടൊ? എല്ലാവരും ഭാ
ഷകളാൽ ഉരെക്കുന്നുവൊ? എല്ലാവരും വ്യാഖ്യാനിക്കുന്നുവൊ? എന്നാൽ ഗു
ണം ഏറിയവരങ്ങളെ തന്നെ കൊതിപ്പിൻ ഇനി അതിശ്രേഷ്ഠ വഴിയെ
നിങ്ങൾക്കു കാണിക്കുന്നുണ്ടു.

13. അദ്ധ്യായം

വരങ്ങളിൽ മികെച്ചതു സ്നേഹം.

1 **ഞാൻ** മനുഷ്യരുടെയും ദൂതരുടെയും ഭാഷകളാൽ ഉരെച്ചാലും സ്നേഹം ഇ
ല്ല എങ്കിൽ ഞാൻ മുഴങ്ങുന്ന ചെമ്പൊ, ചിലമ്പുന്ന താളമൊ ആയ്ചമ
2 ഞ്ഞു. എനിക്ക് പ്രവചനം ഉണ്ടായിട്ടു സകല മർമ്മങ്ങളും എല്ലാ അറിവും
ബോധിച്ചാലും മലകളെ അകറുമാറു സമ്പൂർണ്ണവിശ്വാസവും ഉണ്ടായാലും
3 സ്നേഹം ഇല്ല എങ്കിൽ ഞാൻ ഒന്നും ഇല്ല. എനിക്കുള്ളവ ഒക്കയും കബളീ
കരിച്ചു കൊടുത്താലും എൻ ശരീരത്തെ ചുടുവാൻ ഏലപ്പിച്ചാലും സ്നേ
4 ഹം ഇല്ല എങ്കിൽ എനിക്കു പ്രയോജനവും ഇല്ല. സ്നേഹം ദീർഘം ക്ഷമി
ക്കുന്നതും ദയ കോലുന്നതും ആകുന്നു, സ്നേഹം സ്പർദ്ധിക്കുന്നില്ല; സ്നേ
ഹം പൊങ്ങച്ചം കാണിക്കുന്നില്ല ചീർക്കുന്നില്ല. ഉചിതം വിട്ടുനടക്കുന്നി
5 ല്ല. തൻെറവ അന്വേഷിക്കുന്നില്ല. ചൊടിക്കുന്നില്ല (പെട്ട) ദോഷത്തെ
6 കണക്കിടുന്നില്ല, അനീതിയിൽ സന്തോഷിയാതെ, സത്യത്തോടുകൂടി സ
7 ന്തോഷിക്കുന്നു. എല്ലാം പൊറുക്കുന്നു, എല്ലാം വിശ്വസിക്കുന്നു. എല്ലാം പ്രത്യാ
8 ശിക്കുന്നു, എല്ലാം സഹിക്കുന്നു. സ്നേഹം ഒരുനാളും ഉതിൎന്നു പോകാ; പ്രവ
ചനങ്ങൾ ആയാലും അവറിന്നു നീക്കം വരും ഭാഷകൾ ആയാലും നിന്നു
9 പോകും അറിവായാലും നീങ്ങിപോകും. കാരണം അംശമായത്രെ നാം
10 അറിയുന്നു അംശമായി പ്രവചിക്കുന്നു. തികവുവന്ന നേരത്തിലൊ അം
11 ശമായുള്ളതിന്നു നീക്കം വരും. ഞാൻ ശിശുവാകുമ്പോൾ ശിശുവായി പ
റഞ്ഞു ശിശുവായി ഭാവിച്ചു ശിശുവായി എണ്ണികൊണ്ടിരുന്നു. പുരുഷനായാ
12 റെ, ശിശുവിൻെറവ നീക്കിയിരിക്കുന്നു. ഇന്നല്ലൊ നാം കണ്ണാടിയുടെ കട
മൊഴിയായി കാണുന്നു. അന്നു മുഖാമുഖമായത്രെ; ഇന്ന് അംശമായി അറി
13 യുന്നു: അന്നുഞാൻ അറിയപ്പെട്ട പ്രകാരത്തിലും അറിഞ്ഞു കൊള്ളും. എ
ന്നാൽ ഇപ്പോൾ വിശ്വാസം, പ്രത്യാശ, സ്നേഹം ഈ മൂന്നും വസിക്കുന്നുണ്ടു,
ഇവറിൽ വലിയത് സ്നേഹം തന്നെ.

14. അദ്ധ്യായം

പ്രവാചകഭാഷാദിവരങ്ങളെ സഭയിൽ പ്രയോഗിക്കേണ്ടും പ്രകാരം.

1 **സ്നേ**ഹത്തെ പിന്തുടൎന്നു കൊൾവിൻ. ആത്മികവരങ്ങളേയും വിശേഷാൽ
2 പ്രവചിക്കുന്ന വരത്തേയും കൊതിപ്പിൻ. എന്തുകൊണ്ടെന്നാൽ ഭാഷയാൽ
ഉരെക്കുന്നവൻ ആരും ബോധിക്കാതെ, താൻ ആത്മാവിൽ മർമ്മങ്ങളെ ചൊല്ലു
3 ന്നതിനാൽ മനുഷ്യരോടല്ല ദൈവത്തോടത്രെ പറയുന്നു. പ്രവചിക്കുന്നവ
നൊ മനുഷ്യൎക്ക് വീട്ടുവർദ്ധന, പ്രബോധനം, സാന്ത്വനം എന്നിവ പറയുന്നു.
4 ഭാഷയാൽ ഉരെക്കുന്നവൻ തന്നെത്താൻ പണിയുന്നു, പ്രവചിക്കുന്നവൻ സഭ
5 യെ പണിയുന്നു. നിങ്ങൾ എല്ലാവരും ഭാഷകളാൽ ഉരെക്കേണം എന്നും വി
ശേഷാൽ പ്രവചിക്കേ വേണ്ടു എന്നും ഞാൻ ഇച്ഛിക്കുന്നു; സഭെക്കു വീട്ടുവർ
ദ്ധന ലഭിപ്പാൻ ഭാഷകളാൽ ഉരെക്കുന്നവൻ വ്യാഖ്യാനിക്ക അല്ലാതെ, പ്രവചി
6 ക്കുന്നവൻ അവനേക്കാൾ വലിയവൻ തന്നെ. എന്നിയെ സഹോദരന്മാരെ,
ഞാൻ വെളിപാടു അറിവു പ്രവചനം ഉപദേശം ഇവ ഒന്നു കൊണ്ടും പറയാതെ
ഭാഷകളാൽ ഉരെച്ചു കൊണ്ടത്രെ നിങ്ങളിൽ വന്നാൽ നിങ്ങൾക്ക് എന്തു പ്ര
7 യോജനം വരുത്തും. കുഴൽ വീണ മുതലായി നാദം ഇടുന്ന നിർജ്ജീവങ്ങൾ
പോലും ധ്വനികളിൽ വ്യത്യാസം വെക്കൊഞ്ഞാൽ ഊതിയതു താൻ മീട്ടിയ
8 തുതാൻ എങ്ങിനെ തിരിഞ്ഞു വരും. കാഹളം തെളിവില്ലാത്ത നാദം ഇട്ടാൽ

9 പടെക്ക് ആരുപോൽ ഒരുങ്ങും. അതു പോലെ നിങ്ങളും നാവുകൊണ്ടു വ്യക്ത
മായ വചനം കൊടാഞ്ഞാൽ ഉരെച്ചത് എങ്ങിനെ തിരിഞ്ഞുവരും. നിങ്ങ
10 ആകാശത്തിലേക്ക് പറയുന്നവർ ആകുമല്ലൊ. ലോകത്തിൽ ശബ്ദങ്ങളുടെ
11 ജാതികം എത്ര ഉണ്ടുപോൽ, ആയത് ഒന്നും അവ്യക്തമല്ല. അതുകൊണ്ടു ശബ്ദ
ത്തിൽ അർത്ഥത്തെ അറിയാഞ്ഞാൽ പറയുന്നവനു ഞാൻ ഭ്ലേച്ഛനായിരി
12 ക്കും പറയുന്നവൻ എനിക്കും ഭ്ലേച്ഛനത്രെ. അവ്വണ്ണം നിങ്ങളും ആത്മാം(ശ
ങ്ങളെ) തേടുന്നവർ ആകയാൽ സഭയുടെ വീട്ടുവർദ്ധനെക്കായി വഴിയുവാൻ
13 അന്വേഷിപ്പിൻ. അതുകൊണ്ടു ഭാഷയാൽ ഉരെക്കുന്നവൻ വ്യാഖ്യാനിപ്പാനു
14 ള്ള മനസ്സോടെ പ്രാർത്ഥിക്കാവു. ഞാൻ ഭാഷയാൽ അത്രെ പ്രാർത്ഥിക്കിൽ
എന്റെ ആത്മാവു പ്രാർത്ഥിക്കുന്നു സത്യം; എൻ മനസ്സു ഫലം തരാതിരിക്കുന്നു
15 താനും. എന്നാൽ എന്തു ഞാൻ ആത്മാവുകൊണ്ടു പ്രാർത്ഥിക്ക, മനസ്സുകൊ
16 ണ്ടും പ്രാർത്ഥിക്ക, ആത്മാവു കൊണ്ടു പാടുക, മനസ്സുകൊണ്ടും പാടുക. അല്ലാ
ഞ്ഞാൽ നീ ആത്മാവു കൊണ്ടു ആശീർവ്വദിച്ചാൽ സാമാന്യന്മാരുടെ സ്ഥലത്തി
രിക്കുന്നവൻ നീ പറയുന്നതു തിരിയാതിരിക്കെ നിന്റെ സ്തോത്രത്തിനു
17 ആമെൻ എന്നതു എങ്ങിനെ ചൊല്ലും. നീ നന്നായി സ്തോത്രിക്കുന്നു സത്യം
18 അന്യനു വീട്ടുവർദ്ധന വരുന്നില്ല താനും. നിങ്ങം എല്ലാവരിലും അധികം
19 ഞാൻ ഭാഷകളാൽ ഉരെക്കകൊണ്ടു ദൈവത്തെ സ്തുതിക്കുന്നു. എങ്കിലും സ
ഭയിൽ വെച്ചു ഭാഷയാൽ 10000 വാക്കു ചൊല്ലുന്നതേക്കാളും മറെവരേയും പ
ഠിപ്പിപ്പാൻ എൻ മനസ്സുകൊണ്ടു അഞ്ചു വാക്കു പറവാൻ ഇച്ഛിക്കുന്നു.
20 സഹോദരരെ ബുദ്ധിയിൽ ബാലർ ആകൊല്ലാ; തിന്മസംബന്ധിച്ചു
ശിശുപ്രായരായി ബുദ്ധിയിൽ തികഞ്ഞവർ ആകുവിൻ. ധർമ്മത്തിൽ എഴുതി
21 ഇരിക്കുന്നിതു: അന്യഭാഷക്കാരെ കൊണ്ടും വേറെ അധരങ്ങളാലും ഞാൻ ഈ
ജനത്തോടു ഉരെക്കും എന്നിട്ടും അവർ എന്നെ കേൾക്കയില്ല എന്നു കർത്താവു
22 പറയുന്നു. (യശ. 28,11.) അവ്വണ്ണം ഭാഷകം അടയാളമായിരിക്കുന്നു,
വിശ്വസിക്കുന്നവർക്കു അല്ല അവിശ്വാസികൾക്കത്രെ; പ്രവചനമൊ അ
23 വിശ്വാസികൾക്കല്ല വിശ്വസിക്കുന്നവർക്കു തന്നെ. എങ്കിൽ സഭ ഒക്കയും
ഒർ എടത്തു കൂടി വരുമ്പോം എല്ലാവരും ഭാഷകളാൽ ഉരെക്കിൽ സാമാ
ന്യരൊ അവിശ്വാസികളൊ അകമ്പുക്കാൽ നിങ്ങൾക്ക് ഭ്രാന്തുണ്ടെന്നു ചൊ
24 ല്ലുകയില്ലയൊ? എല്ലാവരും പ്രവചിക്കിലൊ, അവിശ്വാസിയൊ, സാ
മാന്യനൊ അകമ്പുക്കാൽ എല്ലാവരാലും ശാസിക്കപ്പെടുന്നു എല്ലാവരാലും
വിവേചിക്കപ്പെടുന്നു അവന്റെ ഹൃദയരഹസ്യങ്ങം വെളിവാകുന്നു. അ
25 ങ്ങിനെ അവൻ മുഖം കവിണ്ണു വീണു ദൈവം ഉള്ളവണ്ണം നിങ്ങളിൽ ഇ
രിക്കുന്നു എന്നു ഏറ്റു പറഞ്ഞു ദൈവത്തിനു നമസ്കരിക്കും.
26 എന്നാൽ എന്തു സഹോദരന്മാരെ, നിങ്ങം കൂടിവരുമ്പോം നിങ്ങളിൽ
ഓരോരുത്തനു സങ്കീർത്തനം ഉണ്ടു, ഉപദേശം ഉണ്ടു, ഭാഷ ഉണ്ടു, വെളി
പ്പാടുണ്ടു, വ്യാഖ്യാനം ഉണ്ടു, എല്ലാം വീട്ടുവർദ്ധനക്കായി ഭവിക്ക. ഭാഷ
27 യാൽ ഉരെക്കിൽ ഇരുവർ താൻ പക്ഷെ മൂവരോളം താൻ ഉരെക്ക. അതും
മുറ മുറയെ ആക ഒരുവൻ വ്യാഖ്യാനിപ്പു. വ്യാഖ്യാനി ഇല്ലാഞ്ഞാൽ (ഭാഷ
28 ക്കാരൻ) സഭയിൽ മിണ്ടാതെ ഇരിക്ക തന്നോടും ദൈവത്തോടും മാത്രം ഉ
29 രെക്ക. പ്രവാചകന്മാർ ഇരുവരൊ മൂവരൊ പറക, മറ്റവർ വകതിരിക്കു
30 ക. ഇരിക്കുന്ന മറൊരുവനു വെളിപ്പാടു വരികിലൊ ഒന്നാമൻ മിണ്ടാ
31 തെ ഇരിക്ക. എല്ലാവരും പഠിപ്പാനും എല്ലാവരും പ്രബോധം കൊംവാ
32 നും താന്താനായിട്ടു നിങ്ങം എല്ലാവരും പ്രവചിച്ചു കൂടുമല്ലൊ. പ്രവാച
33 കാത്മാക്കളും പ്രവാചകന്മാർക്ക് കീഴടങ്ങുന്നു. ദൈവം ആകട്ടെ കലക
ത്തിന്റെ അല്ല, സമാധാനത്തിന്റെ (ദൈവം) ആകുന്നു.
34 വിശുദ്ധരുടെ സർവ്വ സഭകളിലും ഉള്ള പ്രകാരം സ്ത്രീകം സഭകളിൽ മി
ണ്ടാതെ ഇരിക്ക, ധർമ്മവും ചൊല്ലുന്ന പ്രകാരം കീഴടങ്ങുക. അല്ലാതെ, ഉ
35 രെപ്പാൻ അവർക്ക് അനുവാദം ഇല്ല. സഭകളിൽ ഉരെക്കുന്നതു സ്ത്രീകംക്കു

ലജ്ജ ആകയാൽ അല്ലൊ അവർ വല്ലതും പാപ്പാൻ ഇച്ഛിച്ചാൽ
36 വീട്ടിൽ തങ്ങളുടെ പുരുഷന്മാരോടു ചോദിച്ചു കൊൾക. എന്തൊ ദേവവ
ചനം നിങ്ങളിൽ നിന്നൊ പുറപ്പെട്ടു വന്നത്; നിങ്ങളോളം മാത്രമൊ എ
37 ത്തിയതു. ഒരുത്തൻ പ്രവാചകൻ എന്നൊ, ആത്മികൻ എന്നൊ തോന്നി
യാൽ ഞാൻ നിങ്ങൾക്ക് എഴുതുന്നവ കർത്താവിൻ കല്പനകൾ എന്ന് അ
38 റിക. ഒരുവൻ അറിയായ്കിലൊ അറിയായ്ക. അതുകൊണ്ടു സഹോദരന്മാരെ,
39 പ്രവചിപ്പതിനെ കൊതിപ്പിൻ, ഭാഷകളാൽ ഉരെക്കുന്നതിനെ തടുക്കയും
അരുതു: സകലവും ഔചിത്യമായും ക്രമത്തിലും നടപ്പൂതാക.

15. അദ്ധ്യായം

പുനരുത്ഥാനം ഉണ്ടെന്നും, (35)ഇന്നതെന്നും ഉപദേശിച്ചതു.

1 **പി**ന്നെ സഹോദരന്മാരെ, ഞാൻ നിങ്ങളോടു സുവിശേഷിച്ചതും നി
ങ്ങൾ പരിഗ്രഹിച്ചതും നില്ക്കുന്നതും രക്ഷപ്പെടുന്നതുമായ സുവിശേഷത്തെ
2 നിങ്ങൾക്ക് അറിയിക്കുന്നു. നിങ്ങൾ വൃഥാ വിശ്വസിച്ചു എന്നു വരാതെ,
ഞാൻ ഇന്ന പ്രമാണത്താലെ നിങ്ങളോടു സുവിശേഷിച്ചു എന്നു പിടിച്ചു
3 കൊണ്ടാലെ (രക്ഷപ്പെടുന്നുള്ളു). നിങ്ങളിൽ ഒന്നാമതല്ലൊ ഞാനും പരിഗ്ര
ഹിച്ചതിനെ ഏല്പിച്ചതാവിതു്. ക്രിസ്തൻ നമ്മുടെ പാപങ്ങൾക്കു് വേണ്ടി
4 തിരുവെഴുത്തുകളിൻപ്രകാരം മരിച്ചു എന്നും കുഴിച്ചിടപ്പെട്ടു എഴുത്തുകളിൻ
5 പ്രകാരം മൂന്നാം നാൾ ഉണൎത്തപ്പെട്ടിരിക്കുന്നു എന്നും കേഫാവിന്നും പിന്നെ
6 പന്തിരുവൎക്കും കാണായ്വന്നു എന്നും തന്നെ. അനന്തരം അഞ്ഞൂറിൽ പരം
7 സഹോദരന്മാർക്കു് ഒരിക്കൽ കാണായിതു; അവർ മിക്കപേരും ഇന്നേവരെ
വസിക്കുന്നു, ചിലർ നിദ്രകൊണ്ടും ഇരിക്കുന്നു. അനന്തരം യാക്കോബിന്നും
8 പിന്നെ എല്ലാ അപോസ്തലൎക്കും കാണായ്വന്നു. എല്ലാവൎക്കും ഒടുക്കം അ
ലസിയ പിള്ള കണക്കനെ ഉള്ള എനിക്കും കാണായതു. (ഞാൻ അല്ലൊ
9 അപോസ്തലരിൽ അതിചെറിയവൻ തന്നെ; ദേവസഭയെ ഹിംസിച്ചു
10 തിന്നാൽ അപോസ്തലൻ ആകുവാൻ യോഗ്യനുമല്ല. എങ്കിലും ദേവകൃപ
യാൽ ഞാൻ ആകുന്നതു് ആകുന്നു, എങ്കലേക്കുള്ള അവന്റെ കൃപ വ്യൎത്ഥമാ
യതും ഇല്ല; അവരെല്ലാവരേക്കാളും ഞാൻ അത്യന്തം അദ്ധ്വാനിച്ചു, ഞാന
11 ല്ല താനും എന്നോടു കൂടയുള്ള ദൈവകൃപഅത്രെ). ആയതുകൊണ്ടു ഞാൻ
ആകട്ടെ അവർ ആകട്ടെ ഇവ്വണ്ണം ഞങ്ങൾ ഘോഷിക്കുന്നു, ഇവ്വണ്ണം നി
12 ങ്ങളും വിശ്വസിച്ചു. ക്രിസ്തൻ മരിച്ചവരിൽനിന്നു് ഉണൎത്തപ്പെട്ടു എ
ന്നു ഘോഷിച്ചുകൊണ്ടിരിക്കെ മരിച്ചവരുടെ പുനരുത്ഥാനം ഇല്ല എന്നു
13 നിങ്ങളിൽ ചിലർ പറയുന്നതു എങ്ങിനെ. മരിച്ചവരുടെ പുനരുത്ഥാനം ഇ
ല്ല എങ്കിൽ ക്രിസ്തനും ഉണൎത്തപ്പെട്ടില്ല, ക്രിസ്തൻ ഉണൎത്തപ്പെടാത്തവൻ
14 എങ്കിൽ ഞങ്ങളുടെ ഘോഷണം വ്യൎത്ഥം, നിങ്ങളുടെ വിശ്വാസവും വ്യ
15 ൎത്ഥം അത്രെ. ഞങ്ങളും ദൈവം ഉണൎത്താത ക്രിസ്തനെ അവൻ ഉണൎത്തി
എന്നു ദൈവത്തിന്നു എതിരെ സാക്ഷ്യം ചൊല്ലുകയാൽ, ദൈവത്തിന്നു കള്ള
സ്സാക്ഷികളായി കാണപ്പെടുന്നു; മരിച്ചവർ എഴുനീല്ക്കുന്നില്ല എന്നു വരി
16 കിൽ തന്നെ. കാരണം മരിച്ചവർ ഉണരുന്നില്ല എങ്കിൽ ക്രിസ്തനും ഉണർ
17 ത്തപ്പെടാത്തവൻ; ക്രിസ്തൻ ഉണൎത്തപ്പെടാത്തവൻ എങ്കിൽ നിങ്ങളുടെ
18 വിശ്വാസം പഴുതിൽ ആയി നിങ്ങൾ ഇന്നും നിങ്ങളുടെ പാപങ്ങളിൽ ഇരി
19 ക്കുന്നു. ക്രിസ്തനിൽ നിദ്രകൊണ്ടവരും നശിച്ചുപോയി. നാം ഈ ജീവങ്കൽ
മാത്രമെ ക്രിസ്തനിൽ ആശ വെച്ചവരായി എങ്കിൽ, എല്ലാ മനുഷ്യരിലും അ
20 രിഷ്ടമുള്ളവരത്രെ. ഇപ്പോഴൊ ക്രിസ്തൻ മരിച്ചവരിൽനിന്നു് ഉണർത്തപ്പെ
ട്ടിട്ടുണ്ടു നിദ്രകൊണ്ടവരുടെ ആദ്യവിളവായിട്ടത്രെ. എന്തെന്നാൽ മനുഷ്യ
21 നാൽ മരണം ഉണ്ടായിരിക്കെ മരിച്ചവരുടെ പുനരുത്ഥാനവും മനുഷ്യനാൽ

22 തന്നെ. ആദാമിൽ എല്ലാവരും ചാകുന്നപ്രകാരം തന്നെ ക്രീസ്തനിൽ
23 എല്ലാവരും ഉയർപ്പിക്കപ്പെട്ടും. എല്ലാവനും താന്താന്റെ നിരയിൽ താനും
ആദ്യവിളവു ക്രീസ്തൻ, അനന്തരം ക്രീസ്തനുള്ളവർ അവന്റെ പ്രത്യ
24 ക്ഷതയിൽ, പിന്നെ അവസാനം അന്ന് അവൻ എല്ലാ വാഴ്ചയേയും സക
ല അധികാരശക്തികളെയും നീക്കം വരുത്തിയ ശേഷം പിതാവായ ദൈ
25 വത്തിന്നു രാജ്യത്തെ ഏല്പിക്കും. അവനാകട്ടെ, സകല ശത്രുക്കളെയും ത
26 ന്റെ കാലുകളിൻ കീഴിൽ ആക്കുവോളത്തിന്നു വാഴേണ്ടതു. ഒടുക്കത്തെ ശ
ത്രുവായി മരണം തന്നെ നീക്കപ്പെടുന്നു; സകലത്തെയും അവന്റെ കാലു
കളിൻ കീഴാക്കി എന്നുണ്ടല്ലൊ (സങ്കീ. 8, 7.) സകലവും അവന് കീഴാ
27 ക്കപ്പെട്ട എന്നു ചൊല്ലുകയിൽ സകലവും കീഴാക്കി കൊടുത്തവൻ ഒഴികയ
28 ത്രെ എന്നു സ്പഷ്ടം. എങ്കിലും അവനു് സകലവും കീഴ്പെട്ടുവന്നപ്പോഴേ
ക്കു പുത്രൻ താനും സകലവും കീഴാക്കി കൊടുത്തവനു കീഴ്പെട്ടിരിക്കും;
29 ദൈവം സകലത്തിലും സകലവും ആകേണ്ടതിന്നു തന്നെ. അല്ലായ്കിൽ മ
രിച്ചവക്കു വേണ്ടി സ്നാനം ഏല്ക്കുന്നവർ എന്തു ചെയ്യും, മരിച്ചവർ കേവലം
30 ഉണരുന്നില്ല എങ്കിൽ അവർക്കു വേണ്ടി സ്നാനം ഏല്ക്കുന്നതു് എന്തു? ഞങ്ങ
ളും നാഴികതോറും കുടുക്കിൽ ആകുന്നതു് എന്തു? സഹോദരന്മാരെ, നമ്മുടെ
31 കർത്താവായ യേശുക്രീസ്തങ്കൽ എനിക്കു നിങ്ങളാൽ ഉള്ള പ്രശംസ ആ
32 ണ ഞാൻ ദിവസേന ചാകുന്നു. ഞാൻ എഫേസിൽ വെച്ചു മൃഗപ്പോർ ഏ
റിയതു മാനുഷഭാവത്തിൽ ആയെന്നാൽ എനിക്കു് എന്തു പ്രയോജനം? മരി
ച്ചവർ ഉണരായ്കിൽ നാം തിന്നും കുടിച്ചും കൊൾക നാളയല്ലൊ ചാകും എ
33 ന്നത്രെ. (യശ. 22, 13.) ഭ്രമപ്പെടായ്വിൻ, ഒർ ഉത്തമഭാവങ്ങളെ കെടുക്കു
34 ന്നു ദുസ്സംഗങ്ങൾ നീതിക്കെ നിർമ്മദിച്ചു കൊൾവിൻ. പാപം ചെയ്യാതി
രിപ്പിൻ! ചിലർക്കു ദേവവിഷയത്തിൽ അറിയായ്ക ഉണ്ടു, ഞാൻ നിങ്ങൾ
ക്കു് ലജ്ജെക്കായി പറയുന്നു.

35 പക്ഷെ ഒരുവൻ മരിച്ചവർ എങ്ങിനെ ഉണരും എന്നും ഏതു വിധമുള്ള
36 ശരീരത്തോടെ വരുന്നു എന്നും ചൊല്ലും. മൂഢ! നീ വിതെക്കുന്നതു ചത്തി
37 ല്ല എങ്കിൽ ഉയർപ്പിക്കപ്പെട്ടുന്നില്ല. നീ വിതെക്കുന്നതൊ ഭവിപ്പാനുള്ള
ശരീരമല്ല. പക്ഷെ കോതമ്പം മുതലായതിൽ ഒരു വെറുമ്മണിയത്രെ വി
38 തെക്കുന്നുള്ളു. ദൈവമൊ ഇഷ്ടപ്രകാരം അതിന്നു ശരീരത്തെയും വിത്തുക
39 ളിൽ ഓരോന്നിന്നു അതതിന്റെ ശരീരത്തെയും കൊടുക്കുന്നതു്. എല്ലാ മാം
സവും സമമാംസം അല്ല; മനുഷ്യരുടേതു് വേറെ, കന്നുകാലികളുടെ മാം
40 സം വേറെ, മീനുകളുടേതു് വേറെ, പക്ഷികളുടേതും വേറെ. സ്വർഗ്ഗീയശ
രീരങ്ങളും ഭൌമശരീരങ്ങളും ഉണ്ടു; സ്വർഗ്ഗീയങ്ങളുടെ തേജസ്സു് അന്യം ഭൌ
41 മങ്ങളുടെ തേജസ്സും അന്യം. സൂര്യന്റെ തേജസ്സു് വേറെ, ചന്ദ്രന്റെ തേജ
സ്സു് വേറെ, നക്ഷത്രങ്ങളുടെ തേജസ്സും വേറെ, നക്ഷത്രത്തിന്നു നക്ഷത്ര
42 ത്തിൽ തേജസ്സുകൊണ്ടു ഭേദം ഉണ്ടല്ലൊ. അവ്വണ്ണംതന്നെ മരിച്ചവരുടെ പുന
43 രുത്ഥാനം കേടിൽ വിതെക്കപ്പെടുന്നു, കെടായ്മയിൽ ഉണരുന്നു; അപമാ
നത്തിൽ വിതെക്കപ്പെടുന്നു, തേജസ്സിൽ ഉണരുന്നു; ബലഹീനതയിൽ
44 വിതെക്കപ്പെടുന്നു, ശക്തിയിൽ ഉണരുന്നു; പ്രാണമയശരീരം വിതെക്ക
പ്പെടുന്നു, ആത്മികശരീരം ഉണരുന്നു; പ്രാണമയശരീരവും ആത്മികശരീര
45 വും ഉണ്ടു. അപ്രകാരം എഴുതിയതു; ആദ്യം എന്ന ഒന്നാം മനുഷ്യൻ ജീവനു
ള്ള ദേഹിയായി ചമഞ്ഞു (1 മോ. 2, 7.) ഒടുക്കത്തെ ആദാം ജീവിപ്പിക്കു
46 ന്ന ആത്മാവായത്രെ. ആത്മികമായതു മുന്നതല്ല താനും പ്രാണമയമായതു്
47 അത്രെ പിന്നെ ആത്മികം. ഒന്നാം മനുഷ്യൻ ഭൂമിയിൽനിന്നു മണ്മയൻ,
48 രണ്ടാം മനുഷ്യൻ സ്വർഗ്ഗത്തിൽ നിന്നു (കർത്താവ)ത്രെ. മണ്മയൻ ഏതു
പ്രകാരം മണ്മയരും, അതുപ്രകാരം സ്വർഗ്ഗീയൻ ഏതുപ്രകാരം ഉള്ളവൻ സ്വർ
49 ഗ്ഗീയരും അതുപ്രകാരം. നാം മണ്മയന്റെ പ്രതിമ പൂണ്ടു നടന്ന പോലെ

50 സ്വർഗ്ഗീയന്റെ പ്രതിമയും പൂണ്ടു നടക്കും. സഹോദരന്മാരെ! ഞാൻ മെഴിയു
ന്നിതു: മാംസരക്തങ്ങൾക്കു ദേവരാജ്യത്തെ അവകാശം ആക്കുവാൻ കഴിക
51 യില്ല കേടു കേടായ്മയെ അവകാശം ആക്കുകയും ഇല്ല എന്നത്രെ. ഇതാ
മർമ്മത്തെ ഞാൻ നിങ്ങളോടു പറയുന്നിതു: നാം എല്ലാവരും അല്ല നിദ്ര
കൊള്ളും ക്ഷണം കൊണ്ടു കൺ ഇമെക്കുന്നിടയിൽ ഒടുക്കത്തെ കാഹളനാദ
52 ത്തിങ്കൽ എല്ലാവരും മാറ്റപ്പെടും താനും. കാഹളം നദിക്കും സത്യം ഉടനെ
മരിച്ചവർ അക്ഷയരായി ഉണർത്തപ്പെടുകയും നാം മാറ്റപ്പെടുകയും ചെ
53 യ്യും. എന്തിന്നെന്നാൽ: ഈ ക്ഷയമുള്ളതു അക്ഷയത്തെ ധരിക്കയും ഈ ചാ
54 കുന്നതു ചാകായ്മയെ ധരിക്കയും വേണ്ടതു. എന്നാൽ ഈ ക്ഷയമുള്ളതു
അക്ഷയത്തെയും ഈ ചാകുന്നതു ചാകായ്മയെയും ധരിച്ചപ്പോഴെക്കു ത
ന്നെ മരണം ജയത്തിലേക്കു വിഴുങ്ങപ്പെട്ടു (യശ. 25 8.) എന്നു എഴുതിയ
55 വചനം ഉണ്ടാകും. ഹേ മരണമെ! നിൻ വിഷമുള്ള എവിടെ? പാതാള
56 മെ നിൻ ജയം എവിടെ? (ഹൊശ. 13, 14.) മരണത്തിൻ മുൾ പാപം
57 തന്നെ; പാപത്തിൻ ശക്തിയൊ ധർമ്മമത്രെ. എന്നാൽ നമ്മുടെ കർത്താ
58 വായ യേശുക്രിസ്തനെ കൊണ്ടു നമുക്കു ജയത്തെ നല്കുന്ന ദൈവത്തിന്നു
സ്തോത്രം. ആകയാൽ എൻ പ്രിയ സഹോദരൻമാരെ! ഉറപ്പുള്ളവരും കുല
ങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നറികയാൽ,
കർത്താവിൻ വേലയിൽ എപ്പോഴും വഴിയുന്നവരും ആകുവിൻ.

16. അദ്ധ്യായം

യരുശലേമ്യക്കുള്ള ചേരുമാനം മുതലായി നാനാ കാര്യാദികളും

1 **പി**ന്നെ വിശുദ്ധർക്കായുള്ള ചേരുമാനത്തെ തൊട്ടു ഞാൻ ഗലാത്യ സഭ
2 കൾക്കു ആജ്ഞാപിച്ച പോലെ തന്നെ നിങ്ങളും ചെയ്വിൻ. ഞാൻ വന്നാൽ
പിന്നെ മാത്രം ചേരുമാനങ്ങൾ ഭവിക്കാതിരിക്കേണ്ടതിന്നു, ആഴ്ചകളിൽ
ഒന്നാം നാൾതോറും നിങ്ങളിൽ ഓരോരുത്തൻ തനിക്കു തഴെച്ചു സാധിച്ച
3 തു ചരതിച്ചു തന്റെ പക്കൽ വെക്കുക. ഞാൻ എത്തിയ ശേഷമൊ, നി
ങ്ങൾ സിദ്ധന്മാർ എന്നു കണ്ടുള്ളവരെ നിങ്ങളുടെ കൃപാഫലത്തെ യരുശലേ
മിൽകൊണ്ടുപോവാൻ ഞാൻ ലേഖനങ്ങൾ മുഖാന്തരം അയച്ചു വിടും. ഞാ
4 നും പ്രയാണം ആവാൻ മതിയായ്വന്നാൽ, അവർ എന്നോടു കൂടി പുറ
5 പ്പെടും. ഞാനൊ, മക്കെദോന്യയൂടെ കടന്നശേഷം നിങ്ങളരികിൽ വരും;
6 മക്കെദോന്യയൂടെ കടക്കുന്നുണ്ടു പോൽ. നിങ്ങളോടു എത്തിയിട്ടു ഞാൻ
പക്ഷെ പുറപ്പെടേണ്ടുന്ന ദിക്കിലേക്കു നിങ്ങൾ എന്നെ യാത്ര അയപ്പാൻ
അവിടെ വസിക്കിലുമാം; ഹിമകാലം കൂടെ കഴിക്കിലും ആം. കടന്നു
7 വിടുന്ന പന്തിയിൽ അല്ലല്ലൊ നിങ്ങളെ ഈ കുറി കാണ്മാൻ ഇച്ഛിക്കുന്നു.
8 കർത്താവു അനുവദിച്ചാൽ, ചില കാലം നിങ്ങളോടു കൂട വസിപ്പാൻ
9 ആശ ഉണ്ടു സത്യം. എഫേസിലൊ എനിക്കു വലുതും സഫലവും ആയ
വാതിൽ തുറന്നും എതിരികളും പലർ ഉണ്ടായും ഇരിക്കയാൽ, ഞാൻ പെ
10 ന്തെകൊസ്തയോളം പാർക്കും. തിമോത്ഥ്യൻ വന്നാൽ അവൻ നിങ്ങളോടു
നിർഭയനായി ഭവിപ്പാൻ നോക്കുവിൻ! എന്നെ കണക്കനെ അവൻ കർ
ത്താവിൻ വേല ചെയ്യുന്നു സത്യം; ആകയാൽ ആരും അവനെ കുറയക്കൊള്ള
11 രുതു. അവനെ സമാധാനത്തിൽ എന്നോടു എത്തുവാൻ യാത്ര അയപ്പിൻ!
12 സഹോദരരോടു കൂട അവനെ ഞാൻ കാത്തിരിക്കുന്നുണ്ടു. പിന്നെ സഹോ
ദരനായ അപൊല്ലോൻ വിഷയം എങ്കിൽ, അവൻ സഹോദരരുമായി നി
ങ്ങളടുക്കെ ചെല്ലേണ്ടതിന്നു ഞാൻ പലവും ചൊല്ലി, അവനെ പ്രബോധി
പ്പിച്ചു എങ്കിലും ഇപ്പോൾ വരുവാൻ കേവലം മനസ്സായില്ല. നല്ല അവസ
13 രം തോന്നിയാൽ അവൻ വരും താനും. ജാഗരിപ്പിൻ വിശ്വാസത്തിൽ

14 നിലനില്പിൻ ആണ്മ കാട്ടുവിൻ, വീര്യം പ്രവൃത്തിപ്പിൻ. നിങ്ങള
15 ടേതു് എല്ലാം സ്നേഹത്തിൽ നടപ്പൂതാക. പിന്നെ സഹോദരന്മാരെ, ഞാൻ
നിങ്ങളെ പ്രബോധിപ്പിക്കുന്നതു: സ്തെഫനാവിന്റെ ഗൃഹം അഖായയുടെ
ആദ്യഫലം എന്നും അവർ വിശുദ്ധരുടെ ശുശ്രൂഷെക്കു് തങ്ങളെ തന്നെ ആ
16 ക്കിത്തന്നു എന്നും നിങ്ങൾ അറിയുന്നു. ഈ കൂട്ടർക്കും കൂടെ പ്രവൃത്തിച്ചദ്ധ്വാ
17 നിക്കുന്നവനും എല്ലാവനും നിങ്ങളും കീഴ്പെടേണ്ടു. സ്തെഫനാവും ഫൊാ
ത്തുനാതനും അഖായികനും വന്നതിനാൽ, ഞാൻ സന്തോഷിക്കുന്നു. ഇവര
18 ല്ലൊ എൻ ആത്മാവിനേയും നിങ്ങളുടെതിനേയും തണുപ്പിച്ചു, നിങ്ങളുടെ
അഭാവത്തിന്നുപകരം വരുത്തി: എന്നാൽ ഇങ്ങിനെ ഉള്ളവരെ തിരിഞ്ഞു
കൊൾവിൻ.

19 ആസ്യസഭകൾ നിങ്ങളെ വന്ദിക്കുന്നു, അകപിലാവും പ്രിസ്കില്ലയും അവ
രുടെ ഭവനത്തിലെ സഭയും കൂടി കർത്താവിൽ നിങ്ങളെ വളരെ വന്ദിക്കു
20 ന്നു. എല്ലാ സഹോദരരും നിങ്ങളെ വന്ദിക്കുന്നു വിശുദ്ധ ചുംബനത്താൽ
21 അന്യോന്യം വന്ദിപ്പിൻ. പൌലാകുന്ന എന്റെ കയ്യാലെ വന്ദനം (ആ
വിതു) കർത്താവായ യേശുക്രിസ്തനിൽ വല്ലവനും പ്രേമം ഇല്ലാഞ്ഞാൽ അ
22 വൻ ശാപഗ്രസ്തനാക. മരാൻ അഥാ നമ്മുടെ (കർത്താവു വരുന്നു), കർത്താ
23 വായ യേശുക്രിസ്തന്റെ കരുണ നിങ്ങളോടു കൂട ഇരിപ്പൂതാക. ക്രിസ്തുയേ
24 ശുവിൽ എന്റെ സ്നേഹം നിങ്ങൾ എല്ലാവരോടും കൂട ഉണ്ടു ആമെൻ.

THE SECOND EPISTLE OF PAUL THE APOSTLE TO THE

CORINTHIANS

കൊരിന്തക്കു്

എഴുതിയ രണ്ടാം ലേഖനം

1. അദ്ധ്യായം

പ്രാണഭയത്തിൽനിന്നു രക്ഷിച്ചതിന്നു സ്തോത്രം, (12) താൻ മനസ്സാക്ഷിയുടെ ശുദ്ധിനിമിത്തം കൊരിന്തർക്കു സമ്മാനമാകും എന്നു് ആശിക്കുന്നു.

1 ദൈവേഷ്ടത്താൽ യേശുക്രിസ്തന്റെ അപോസ്തലനായ പൌലും സ
ഹോദരനായ തിമോത്ഥ്യനും, കൊരിന്തിലുള്ള ദൈവസഭെക്കും അഖായ
യിൽ എങ്ങുമുള്ള സകലവിശുദ്ധന്മാർക്കും കൂടെ എഴുതുന്നതു്. നമ്മുടെ
2 പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശുക്രിസ്തനിൽനി
ന്നും നിങ്ങൾക്കു കരുണയും സമാധാനവും ഉണ്ടാവുതാക.
3 മനസ്സലിവുകളിൻ പിതാവും സർവ്വാശ്വാസത്തിന്റെ ദൈവവുമായി ന
മ്മുടെ കർത്താവായ യേശുക്രിസ്തന്റെ പിതാവായ ദൈവം വാഴ്ത്തപ്പെട്ട
4 വൻ ആക. അവനാകട്ടെ, യാതൊരു സങ്കടത്തിലും ഉള്ളവരെ ഞങ്ങൾ
ദൈവത്താൽ ഉണ്ടാകുന്ന ആശ്വാസം കൊണ്ടു് ആശ്വസിപ്പിക്കേണ്ടതിന്നു
5 ഞങ്ങളെ എല്ലാ സങ്കടത്തിലും ആശ്വസിപ്പിക്കുന്നു. എന്തെന്നാൽ ക്രിസ്തു
ന്റെ കഷ്ടങ്ങൾ ഞങ്ങളിൽ വഴിയുന്നതു പോലെ ക്രിസ്തനാൽ ഞങ്ങളു
6 ടെ ആശ്വാസവും വഴിയുന്നു. ഞങ്ങൾ സങ്കടപ്പെട്ടാലും നിങ്ങളുടെ ആശ്വാ
സത്തിന്നും രക്ഷെക്കും ആയിട്ടത്രെ; ആശ്വാസപ്പെട്ടാലും ഞങ്ങളും അനുഭവി
ക്കുന്ന കഷ്ടങ്ങളെ നിങ്ങൾ സഹിപ്പതിനെ സാധിപ്പിക്കുന്ന നിങ്ങളുടെ
7 ആശ്വാസത്തിന്നായിട്ടത്രെ. നിങ്ങൾ കഷ്ടങ്ങൾക്കു കൂട്ടാളികൾ ആകുന്ന പ്ര
കാരം ആശ്വാസത്തിന്നും ആകുന്നു എന്നറികയാൽ, നിങ്ങൾക്കു വേണ്ടി
8 ഞങ്ങളുടെ പ്രത്യാശ ഉറപ്പുള്ളതു തന്നെ. സഹോദരന്മാരെ, ആസ്യയിൽ ഞ
ങ്ങൾക്കു് ഉണ്ടായ സങ്കടത്തെ തൊട്ടു നിങ്ങൾക്കു ബോധിയാതെ ഇരിക്ക
രുതു് എന്നു് ആഗ്രഹിക്കുന്ന സത്യം; അവിടെ ജീവിക്കുമൊ എന്നു അഴി
9 നില വരുവോളം ഞങ്ങൾ ശക്തിക്കു മീതെ അത്യന്തം ഭാരപ്പെട്ടു. അതെ
ഞങ്ങളിലല്ല മരിച്ചവരെ ഉണർത്തുന്ന ദൈവത്തിങ്കൽ തന്നെ വിശ്വസി
ച്ചവർ ആകുംവണ്ണം ഞങ്ങൾക്കു് ഉള്ളിൽ തന്നെ മരണം എന്ന പ്രത്യുത്തരം
10 ഉണ്ടായിട്ടുണ്ടു. ആയവൻ അത്ര വലിയ മരണത്തിൽനിന്നു ഞങ്ങളെ ഉദ്ധ
രിച്ചു, ഇന്നും ഉദ്ധരിക്കുന്നു ഇനിമേലും ഉദ്ധരിക്കും എന്നു അവനിൽ ആ
11 ശിക്കുന്നു. ആയതിന്നു നിങ്ങളും ഞങ്ങൾക്കു് വേണ്ടി പ്രാർത്ഥനയാൽ കൂടി
തുണെക്കുന്നുണ്ടല്ലൊ. പല ആളുകൾ മുഖാന്തരം ഞങ്ങൾക്കു് വന്ന കൃപാസ
മ്മാനത്തിന്നു പലരാലും ഞങ്ങൾക്കായിട്ടു സ്തോത്രം ഉണ്ടാവാൻ തന്നെ.
12 ഞങ്ങളുടെ പ്രശംസ അല്ലൊ ഇതാകുന്നു; ഞങ്ങൾ ജഡജ്ഞാനത്തിൽ അ
ല്ല; ദൈവകരുണയിൽ അത്രെ ഏകാഗ്രതയിലും ദൈവ സച്ഛുതയിലും തന്നെ
ലോകത്തിങ്കൽ വിശേഷാൽ നിങ്ങളോടു നടന്നുകൊണ്ടു എന്നു ഞങ്ങളുടെ
13 മനോബോധത്തിന്റെ സാക്ഷ്യം തന്നെ. നിങ്ങൾ വായിച്ചും അറിഞ്ഞും
കൊള്ളുന്നവ എന്നി വിപരീതമായവ അല്ലല്ലൊ ഞങ്ങൾ നിങ്ങൾക്കു എഴു
തുന്നു: അവസാനത്തോളവും നിങ്ങൾ അപ്പോലെ അറിഞ്ഞുകൊള്ളും

14 എന്നു ഞാൻ പ്രത്യാശിക്കുന്നു. കർത്താവായ യേശുവിൻ നാളിൽ നിങ്ങളും
ഞങ്ങൾക്ക് എന്ന പോലെ ഞങ്ങളും നിങ്ങൾക്കും പ്രശംസ ആകുന്ന എന്നു
15 നിങ്ങളും ഏകദേശം അറിഞ്ഞു കൊണ്ടപ്രകാരം തന്നെ. ആയത് ഉറപ്പിച്ചി
ട്ടതന്നെ ഞാൻ നിങ്ങൾക്ക് രണ്ടാമത് ഒരു കൃപ ഉണ്ടാകേണം എന്നു വെ
ച്ചു മുമ്പെ നിങ്ങളുടെ അടുക്കെ ചെല്ലുവാനും അങ്ങെ വഴിയായി മക്കെദോ
16 ന്യയ്ക്കു പോയി പിന്നെയും മക്കെദോന്യയെ വിട്ടു. നിങ്ങളിൽ പോരുവാ
17 നും നിങ്ങളാൽ യഹൂദയിലേക്ക് യാത്ര അയക്കപ്പെടുവാനും മനസ്സായിരു
ന്നു. ഇതു നിരൂപിക്കയിൽ ഞാൻ പക്ഷെ മനോലഘുത്വം കാട്ടിയൊ അ
ല്ല, ഞാൻ നിരൂപിക്കുന്നവ ജഡപ്രകാരം നിരൂപിക്കുന്നുവൊ. ഉവ്വ ഉവ്വ
18 എന്നതും ഇല്ല ഇല്ല എന്നതും (രണ്ടും) എന്റെ പക്കൽ ഇരിക്കത്തക്കവണ്ണ
മൊ: അല്ല ദൈവം വിശ്വസ്തനാകുന്നാണ നിങ്ങളോടുള്ള ഞങ്ങടെ വച
19 നം ഉവ്വ എന്നും ഇല്ല എന്നും ആയില്ല. നിങ്ങളിൽ ഞാൻ സിലാവാൻ തി
മോത്ഥ്യൻ ഈ ഞങ്ങളാൽ അല്ലൊ ഘോഷിക്കപ്പെട്ട ദേവപുത്രനായ യേ
ശുക്രിസ്തൻ ഉവ്വ ഇല്ല എന്നു വരാതെ ഉവ്വ എന്നത് അത്രെ അവനിൽ
20 ഉണ്ടായി. എങ്ങിനെ എന്നാൽ ദൈവത്തിൻ വാഗ്ദത്തങ്ങൾ എത്ര ആകിലും
അവനിൽ ഉവ്വ എന്നത് ഉണ്ടായ്വന്നു. അതുകൊണ്ടു ഞങ്ങളാൽ ദൈവ
21 ത്തിന്നു തേജസ്സാമാറു ആമെൻ എന്നതും അവനാൽ ഉണ്ടായി. ഞങ്ങളെ നി
ങ്ങളോടു കൂടെ ക്രിസ്തങ്കലേക്ക് ഉറപ്പിച്ചുകൊള്ളുന്നതും ഞങ്ങളെ അഭിഷേ
22 കിച്ചതും ദൈവമത്രെ ആകുന്നു. അവൻ ഞങ്ങളെ മുദ്രയിട്ടും ആത്മാവാകുന്ന
അച്ചാരത്തെ ഞങ്ങളുടെ ഹൃയങ്ങളിൽ ആക്കി തന്നും ഉള്ളവൻ. ഞാനൊ
23 ദൈവത്തെ എൻ ദേഹിക്കു സാക്ഷിയായി വിളിച്ചു (ചൊല്ലുന്നിതു): നി
24 ങ്ങളെ ആദരിച്ചിട്ടത്രെ ഞാൻ പിന്നെയും കൊരിന്തിൽ വരാഞ്ഞതു. നിങ്ങ
ളുടെ വിശ്വാസത്തിന്നു ഞങ്ങൾ കർത്തൃത്വം ഉള്ളവർ എന്നല്ല താനും നിങ്ങ
ളുടെ സന്തോഷത്തിന്നു ഞങ്ങൾ സഹായികൾ അത്രെ; വിശ്വാസത്തിൽ
അല്ലൊ നിങ്ങൾ നില്ക്കുന്നു.

2. അദ്ധ്യായം

താൻ പാതകനോടു ക്ഷമിക്കുന്നു, (12) യാത്രയിലും കൊരിന്തുവർത്ത
മാനത്താലും അനുഭവിച്ചതു.

1 **വി**ശേഷിച്ചു ഞാൻ പിന്നെയും ദുഃഖത്തോടെ നിങ്ങളിൽ വരുത് എ
2 ന്ന് എനിക്കായിട്ടും ഞാൻ വിധിച്ചു. എന്തിനെന്നാൽ ഞാൻ നിങ്ങളെ
ദുഃഖിപ്പിച്ചാൽ എന്നാൽ ദുഃഖിതൻ അല്ലാതെ എന്നെ ആനന്ദിപ്പിക്കുന്ന
3 ത് ആർ. എന്നാൽ ഞാൻ വന്നാൽ എന്നെ സന്തോഷിപ്പിക്കേണ്ടിയവ
രാൽ ദുഃഖം ഉണ്ടാകരുത് എന്നു വെച്ചും എന്റെ സന്തോഷം നിങ്ങൾ എ
ല്ലാവർക്കും സന്തോഷം എന്നു നിങ്ങളെ എല്ലാവരേയും നമ്പികൊണ്ടും
4 ഞാൻ അതിനെ തന്നെ നിങ്ങൾക്ക് എഴുതിയത്. വളരെ സങ്കടത്തിലും
ഹൃദയത്തിൻ അടെപ്പിലും ഏറിയ കണ്ണീരോടും ഞാൻ നിങ്ങൾക്ക് എഴുതി
സത്യം; നിങ്ങൾ ദുഃഖപ്പെടേണം എന്നല്ല എനിക്കു, നിങ്ങളിൽ ഉള്ള അ
5 ത്യന്ത സ്നേഹത്തെ അറിവാനായത്രെ. ഒരുവൻ എന്നെ ദുഃഖിപ്പിച്ചിട്ടുണ്ടെ
ങ്കിലൊ, അവൻ എന്നെ അല്ല ഞാൻ അതിയായിട്ടു ചൊല്ലുന്നു ഏകദേ
6 ശം നിങ്ങളെ എല്ലാവരേയും ദുഃഖിപ്പിച്ചിരുന്നു. ആയവനു മിക്കവരാലും
7 വന്ന ഈ അധിക്ഷേപം മതി. ആകയാൽ അതിദുഃഖത്താൽ അവൻ വിഴു
ങ്ങപ്പെടായ്വാൻ നിങ്ങൾ പൊറുതി സമ്മാനിക്കയും ആശ്വസിപ്പിക്ക
8 യും തന്നെ വേണ്ടതു. അതുകൊണ്ട് അവനു സ്നേഹത്തെ നിർണ്ണയിച്ചു കൊടു
9 പ്പാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു. നിങ്ങൾ എല്ലാംകൊണ്ടും അധീനർ
ആകുന്നുവൊ എന്നിങ്ങിനെ നിങ്ങളുടെ സിദ്ധതയെ അറിയേണ്ടതിന്നല്ലൊ

10 ഞാൻ എഴുതിയതു. നിങ്ങളും ആരോടു് ഏതുകൊണ്ടും പൊരുത്താലും
അവനോടു ഞാനും; ഞാനല്ലൊ വല്ലതും പൊരുത്തിട്ടുണ്ടെങ്കിൽ നിങ്ങളും
നിമിത്തം ക്രിസ്തന്റെ സന്നിധാനത്തിൽ തന്നെ അതിനെ പൊരുത്തിട്ടു
11 ണ്ടു. സാത്താനാൽ നാം തോലു്പിക്കപ്പെടാതെ ഇരിപ്പാൻ തന്നെ അവ
ന്റെ നിനവുകളെ അറിയാത്തവർ അല്ലല്ലൊ.
12 എന്നാൽ ഞാൻ ക്രിസ്തന്റെ സുവിശേഷണത്തിന്നായി ത്രോവാസിൽ
വന്നാറെ, കർത്താവിൽ എനിക്കു് ഒരു വാതിൽ തുറന്നപ്പോളും, എന്റെ
13 സഹോദരനായ തീതനെ കാണായ്കയാൽ എനിക്കു് ആത്മാവിൽ സ്വാ
14 സ്ഥ്യം ഉണ്ടായില്ല. ഞാനൊ അവരോടു വിടവാങ്ങി, മക്കെദോന്യെക്കു പുറ
പ്പെട്ടു. എങ്കിലും ക്രിസ്തനിൽ ഞങ്ങളെ എപ്പോഴും ജയോത്സവം ചെയ്യിച്ചും
എല്ലാടത്തും ഞങ്ങളെ കൊണ്ടു് അവന്റെ അറിവിൻ വാസനയെ വിളങ്ങി
15 ച്ചും പോരുന്ന ദൈവത്തിന്നു സ്തോത്രം. എങ്ങിനെ എന്നാൽ രക്ഷിക്കപ്പെടു
ന്നവരിലും നശിക്കുന്നവരിലും ഞങ്ങളും ദൈവത്തിന്നു ക്രിസ്തന്റെ സൌര
16 ഭ്യം ആകുന്നു. ഇവക്കു മരണത്തിൽനിന്നു മരണത്തിലേക്കുള്ള വാസന. അ
വർക്കൊ ജീവനിൽനിന്നു ജീവങ്കലേക്കുള്ള വാസന തന്നെ. എന്നവറിന്നു
17 ആർ പ്രാപ്തനാകുന്നു? ഞങ്ങളാകട്ടെ ദൈവവചനത്തെ കൂട്ടിപ്പിരുക്കുന്ന അ
നേകരെ പോലെ അല്ല സ്വച്ഛതയിൽനിന്നു ദൈവത്തിൽനിന്നുള്ള പ്രകാരം
തന്നെ ഞങ്ങളും ദേവ മുമ്പാകെ ക്രിസ്തനിൽ അത്രെ ഉരെക്കുന്നു.

3. അദ്ധ്യായം

(3—6,10) അപോസ്തലൻ തൻ ശുശ്രൂഷയെ പ്രശംസിച്ചു മോശെ ശു
ശ്രൂഷയോടു് ഉപമിക്കുന്നു.

1 ഞങ്ങളെ തന്നെ പിന്നെയും രഞ്ജിപ്പിപ്പാൻ തുടങ്ങുന്നുവൊ? അല്ല നി
ങ്ങളോടു് ആകട്ടെ. നിങ്ങളിൽനിന്നു് ആകട്ടെ, രഞ്ജിപ്പിക്കുന്ന പത്രികകളും
ചിലരെ പോലെ ഞങ്ങൾക്കും തന്നെ വേണ്ടതൊ? ഞങ്ങളുടെ പത്രിക നി
2 ങ്ങളും തന്നെ; അതു ഞങ്ങളുടെ ഹൃദയങ്ങളിൽ എഴുതി കിടന്നു എല്ലാമനു
3 ഷ്യരാലും വായിച്ചറിയപ്പെടുന്നതു. ഞങ്ങളുടെ ശുശ്രൂഷയാൽ ഉണ്ടായ ക്രി
സ്തന്റെ പത്രികയായല്ലൊ നിങ്ങളും വിളങ്ങി വരുന്നു; അതും മഷികൊ
ണ്ടല്ല: ജീവനുള്ള ദൈവത്തിൻ ആത്മാവിനാലത്രെ കല്പലകകളിൽ
അല്ല ഹൃദയത്തിൻ മാംസപ്പലകകളിൽ അത്രെ എഴുതപ്പെട്ടതു.
4,5 ആവക ഉറപ്പു ഞങ്ങൾക്കു ദൈവത്തോടു ക്രിസ്തനാൽ ഉണ്ടു; ഞങ്ങളിൽ
നിന്നു് വരുമ്പോലെ സ്വകീയമായി തന്നെ വല്ലതും സങ്കല്പിപ്പാൻ ഞ
6 ങ്ങളും പ്രാപ്തർ ആകുന്നു എന്നല്ല ഞങ്ങളുടെ പ്രാപ്തി ദൈവത്തിൽ നിന്നത്രെ.
അവൻ ഞങ്ങളെ പുതു നിയമത്തിന്റെ ശുശ്രൂഷക്കാർ ആകുവാൻ പ്രാപ്തരാ
ക്കി, അക്ഷരത്തിന്റെ അല്ല ആത്മാവിന്നത്രെ. അക്ഷരമല്ലൊ കൊല്ലുന്നു
7 ആത്മാവത്രെ ജീവിപ്പിക്കുന്നു. എന്നാൽ കല്ലുകളിന്മേൽ വരെക്കപ്പെട്ട അ
ക്ഷരത്തിലെ മരണശുശ്രൂഷ ആയതു നീക്കം വരുന്നൊരു മുഖതേജസ്സിൻ നി
മിത്തം ഇസ്രയേൽ പുത്രന്മാർ മോശയുടെ മുഖത്തു നോക്കി കൂടാതവണ്ണം
8 തേജസ്സിലായി എങ്കിൽ, ആത്മാവിൻ ശുശ്രൂഷ ഏറെറം തേജസ്സിൽ ആക
9 യില്ലയൊ? ദണ്ഡവിധിയുടെ ശുശ്രൂഷ തേജസ്സാകിൽ നീതിയുടെ ശുശ്രൂ
10 ഷെക്കു് തേജസ്സു് എത്ര അധികം വഴിയുന്നു. അതെ ഈ അതിമഹത്തായ
11 തേജസ്സിൻ നിമിത്തം ആ ഒർ അംശത്തിൽ തേജസ്സായതു് ഒട്ടും തേജസ്സുള്ള
തല്ല. പിന്നെ നീക്കം വരുന്നതു തേജസ്സോടെ ആയെങ്കിൽ വസിക്കുന്നതു്
എത്ര അധികം തേജസ്സിൽ ഇരിപ്പു.
12 ആകയാൽ, ഇങ്ങിനത്തെ പ്രത്യാശ ഉള്ളവരായി ഞങ്ങൾ വളരെ പ്രാ
13 ഗത്ഭ്യം പ്രയോഗിക്കുന്നു. ആ നീങ്ങുന്നതിന്റെ ലാക്കിനോളം ഇസ്രയേൽ

പുത്രന്മാർ നോക്കാതവണ്ണം മോശ തൻ മുഖത്തിന്മേൽ മൂടി വെച്ചതുപോലെ
14 അല്ല (ഞങ്ങളും ചെയ്യുന്നു); എന്നാൽ അവരുടെ നിനവുകൾക്കു തടിപ്പുവന്നു
പോയി. ഇന്നേവരെ അല്ലൊ പഴയ നിയമത്തിൻ വായനയിൽ ആ മൂടി
15 തന്നെ വസിക്കുന്നുണ്ടു. ആയതിന്നു ക്രിസ്തനിൽ (മാത്രം) നീക്കം വരി
കയാൽ മൂടി അകലാതെ ഇന്നേവരെ മോശ വായിക്കപ്പെട്ടന്തോറും അവ
16 രുടെ ഹൃദയത്തിന്മേൽ കിടക്കുന്നു. അതു കർത്താവിലേക്കു തിരിഞ്ഞപ്പോ
17 ഴെക്കു മൂടി എടുത്തു പോകും എന്നാൽ കർത്താവു ആത്മാവു തന്നെ. കർത്താ
18 വിന്റെ ആത്മാവു എവിടെ അവിടെ സ്വാതന്ത്ര്യം. നാമൊ എല്ലാവരും
മൂടൽ അകന്ന മുഖംകൊണ്ടു കർത്താവിൻ തേജസ്സെ കണ്ണാടിയിൽ നോക്കി
കൊണ്ടു ആ പ്രതിമയായി തന്നെ മാറി ആത്മ കർത്താവിൻ പോക്കൽനിന്നു
ആകുമ്പോലെ തേജസ്സിൽനിന്നു തേജസ്സിലേക്കു തന്നെ രൂപാന്തരപ്പെടുന്നു.

4. അദ്ധ്യായം

അപോസ്തലൻ വിരോധികളോടും യേശുവെ സ്പഷ്ടമായി അറിയിക്കു
യിൽ, (7) പ്രത്യാശയാൽ ഉള്ളപ്രാഗത്ഭ്യം.

I അതുകൊണ്ടു ഞങ്ങൾക്കു കനിവു ലഭിച്ചപ്രകാരം ഈ ശുശ്രൂഷ തന്നെ
2 ഉണ്ടാകയാൽ ഞങ്ങൾ മന്ദിച്ചു പോകാതെ, അവലക്ഷണത്തിന്റെ രഹസ്യ
ങ്ങളെ തീരെ വെറുത്തിട്ടു കൌശലത്തിൽ നടക്കാതെയും ദൈവവചനത്തെ
മിശ്രമാക്കാതെയും സത്യത്തെ വിളങ്ങിക്കുന്നതിനാൽ ദേവമുമ്പാകെ മനു
ഷ്യരുടെ എല്ലാ മനസ്സാക്ഷിയോടും ഞങ്ങളെ തന്നെ രഞ്ജിപ്പിക്കുന്നു. പി
3 ന്നെ ഞങ്ങളുടെ സുവിശേഷം മൂടികിടക്കുന്നു എങ്കിലൊ നശിച്ചുപോകുന്ന
4 വരിലെ മൂടിക്കിടപ്പു. ദൈവപ്രതിമ ആകുന്ന ക്രിസ്തന്റെ തേജസ്സുള്ള സു
വിശേഷത്തിന്റെ വിളക്കം മിന്നാതെ ഇരിപ്പാൻ ഈ യുഗത്തിന്റെ ദേവ
5 നത്രെ ആ അവിശ്വാസികൾക്കു നിനവുകളെ കുരുടാക്കി. ഞങ്ങളെ തന്നെ
അല്ലല്ലൊ ക്രിസ്തയേശുവെ കർത്താവു എന്നും ഞങ്ങളെ യേശു നിമിത്തം
6 നിങ്ങൾക്കു ദാസർ എന്നും ഘോഷിക്കുന്നു. എന്തെന്നാൽ ഇരുട്ടിൽനിന്നു
വെളിച്ചം ഉജ്ജ്വലിപ്പാൻ ചൊന്ന ദൈവം യേശു ക്രിസ്തന്റെ മുഖ
ത്തിൽ ഉള്ള ദേവതേജസ്സിൻ അറിവിനെ പ്രകാശിപ്പിപ്പാൻ ഞങ്ങളുടെ ഹൃ
ദയങ്ങളിൽ തിളങ്ങിയവൻ തന്നെ.
7 എങ്കിലും, അത്യന്തശക്തി ഞങ്ങളിൽ നിന്നല്ല ദൈവത്തിന്നു ആകേണ്ട
തിന്നായി ഈ നിക്ഷേപം ഞങ്ങൾക്കു മൺപാത്രങ്ങളിൽ വെച്ചിരിക്കുന്നു.
8 എല്ലാവിധത്തിലും സങ്കടപ്പെട്ടു കുടുങ്ങി പോകുന്നവർ അല്ല താനും ബുദ്ധി
9 മുട്ടിയും അഴിനില വന്നവരല്ല; ഹിംസിക്കപ്പെട്ടും കൈവിടപ്പെടുന്നവരല്ല
10 തള്ളീടപ്പെട്ടും നഷ്ടരായല്ല താനും. യേശുവിൻ ജീവനും ഞങ്ങളുടെ ശരീര
ത്തിൽ വിളങ്ങിവരേണ്ടതിന്നു എപ്പോഴും യേശുവിന്റെ മരിപ്പിനെ ശ
11 രീരത്തിൽ വഹിച്ചു നടന്നും കൊണ്ടത്രെ. ഞങ്ങളുടെ മർത്യജഡത്തിൽ യേ
ശുവിൻ ജീവനും വിളങ്ങേണ്ടതിന്നല്ലൊ ഞങ്ങൾ ജീവിപ്പോളും നേരം
12 എല്ലാം യേശുവിൻ നിമിത്തം ചാവിൽ ഏല്പിക്കപ്പെടുന്നു. ആകയാൽ ഞ
13 ങ്ങളിൽ മരണവും നിങ്ങളിൽ ജീവനും വ്യാപരിക്കുന്നു. എന്നിട്ടും (സങ്കീ.
116, 10.) ഞാൻ വിശ്വസിച്ചു അതുകൊണ്ടു ഉരെച്ചു എന്നു എഴുതിയതി
നു ഒത്ത വിശ്വാസത്തിൻ ആത്മാവു തന്നെ ഞങ്ങൾക്കും ഉണ്ടാകയാൽ
ഞങ്ങളും വിശ്വസിക്കുന്നു അതുകൊണ്ടു ഉരെക്കയും ചെയ്യുന്നു. കർത്താവായ
14 യേശുവെ ഉണർത്തിയവൻ ഞങ്ങളെയും യേശുവോടെ ഉണർത്തി നിങ്ങളോ
15 ടു കൂടെ മുന്നിറുത്തും എന്നറിഞ്ഞിട്ടത്രെ. സകലവും നിങ്ങൾ നിമിത്തം അ
ല്ലൊ ആയതു; പലരാലും പെരുകി വന്നൊരു കരുണ ദൈവതേജസ്സി
16 നായി സ്തോത്രം വഴിയുമാറാക്കേണ്ടതിന്നു തന്നെ. അതുകൊണ്ടു ഞങ്ങൾ

മന്ദിച്ചുപോകാതെ ഞങ്ങളുടെ പുറമനുഷ്യൻ കെട്ടുപോയാലും അകത്തേവൻ
17 നാളിൽ നാളിൽ പുതുക്കപ്പെടുന്നു. കാരണം ഞങ്ങൾക്ക് ഈ നൊടി കൊ
ണ്ടുള്ള ലഘുസങ്കടം അനവധി അതിയായിട്ട് നിത്യതേജസ്സിൻ ഘനത്തെ
18 ഞങ്ങൾക്കു സമ്പാദിക്കുന്നു. അതിന്നായും ഞങ്ങൾ കാണുന്നവ അല്ല കാണാ
ത്തവ അത്രെ നോക്കി കൊള്ളുന്നു കാണുന്നത് അല്പൊ താല്കാലികം കാ
ണാത്തത് നിത്യം തന്നെ.

5. അദ്ധ്യായം

അപോസ്തലനിൽ ഭാവി വിചാരത്താൽ നിശ്ചയവും സമ്പ്രേക്ഷയും, (11) ക്രിസ്തന്റെ ആത്മബലിയാൽ ദൂതപ്രാഗത്ഭ്യവും നിറഞ്ഞതു.

1 **എ**ങ്ങിനെ എന്നാൽ കൂടാരമാകുന്ന ഞങ്ങളുടെ ഭൌമ ഭവനം അഴിഞ്ഞു
പോയി എങ്കിൽ കൈപ്പണിയല്ലാത്ത നിത്യവീടായി ദൈവത്തിങ്കൽനി
ന്ന് ഒരു കെട്ട ഞങ്ങൾക്ക് സ്വർഗ്ഗങ്ങളിൽ ഉണ്ടെന്നു അറിയുന്നു. സ്വർഗ്ഗ
2 ത്തിൽനിന്നുള്ള ഞങ്ങളുടെ ഭവനത്തെ മേൽധരിപ്പാൻ വാഞ്ഛരിച്ചു കൊണ്ടു
3 ല്ലൊ ഞങ്ങൾ ഈ കൂടാരത്തിൽ ഞരങ്ങുന്നു. അതൊ ഞങ്ങൾ നഗ്നർ അല്ല
4 ഉടുത്തവരായി കാണപ്പെടുകിൽ അത്രെ. ഞങ്ങൾ വീഴ്പാനല്ലല്ലൊ മർത്യ
മായതു ജീവനാൽ വിഴുങ്ങപ്പെടേണ്ടതിന്നു മേൽ ധരിപ്പാനത്രെ ഇച്ഛിക്ക
5 യാൽ കൂടാരത്തിൽ ഉള്ളുന്നും ഭാരപ്പെട്ടു ഞരങ്ങുന്നു. അതിന്നായ്തന്നെ ഞങ്ങ
ളെ ഒരുക്കിയതു ദൈവം ആകുന്നു, ആത്മാവേയും അച്ചാരമായി ഞങ്ങൾക്കു
6 തന്നവൻ. ആകയാൽ ഞങ്ങൾ എല്ലായ്പോഴും ധൈര്യപ്പെട്ടും ശരീരത്തിൽ
നിവസിപ്പോളും ഞങ്ങൾക്കു കർത്താവിൽനിന്നു നിർവ്വാസം ഉണ്ടു് എന്നു്
7 അറിഞ്ഞും കൊണ്ടു. കാഴ്ചകൊണ്ടല്ല സാക്ഷാൽ വിശ്വാസം കൊണ്ടു നട
8 ക്കുന്നവരായി. ഇങ്ങിനെ ധൈര്യപ്പെട്ടു ഞങ്ങൾ ശരീരത്തിൽനിന്നു നിർ
9 വ്വസിച്ചു കർത്താവോടു കൂടെ നിവസിപ്പാൻ അധികം രസിക്കുന്നു. അതു
കൊണ്ടും നിവസിക്കിലും നിർവ്വസിക്കിലും അവനെ പ്രസാദിപ്പിക്കുന്നവർ
10 ആവാൻ അഭിമാനിക്കുന്നു. കാരണം അവനവൻ ശരീരംകൊണ്ടു നല്ലതാ
കിലും തീയതാകിലും ചെയ്തതിന്നു് അടുത്തതെ പ്രാപിക്കേണ്ടതിന്നു നാം
എല്ലാവരും ക്രിസ്തന്റെ ന്യായാസനത്തിൻ മുമ്പാകെ പ്രത്യക്ഷമാകേണ്ടതു.
11 അതുകൊണ്ടു കർത്താവിൻ ഭയത്തെ അറിഞ്ഞിട്ടു ഞങ്ങൾ മനുഷ്യരെ സ
മ്മതിപ്പിക്കുന്നു, ദൈവത്തിന്നു പ്രത്യക്ഷമാകുന്നു, നിങ്ങളുടെ മനസ്സാക്ഷിക
12 ളിലും ഞാൻ പ്രത്യക്ഷം ആകുന്നു എന്നും ആശിക്കുന്നു. ഞങ്ങളെ തന്നെ
പിന്നെയും നിങ്ങളോടു രഞ്ജിപ്പിച്ചല്ലല്ലൊ ഞങ്ങൾ നിമിത്തം പ്രശംസി
പ്പാൻ നിങ്ങൾക്കു് ഇട തന്നുകൊണ്ടത്രെ (ഇതു പറയുന്നു). ഹൃദയത്തിൽ
അല്ല മുഖത്തിന്മേൽ അത്രെ; പ്രശംസയുള്ളവരോടു (പറവാൻ) നിങ്ങൾക്കു
13 ണ്ടാവാൻ തന്നെ. ഞങ്ങൾ ഭ്രാന്തർ ആയാലും ദൈവത്തിന്നും സുബോധി
14 കൾ ആയാലും നിങ്ങൾക്കും ആകുന്നു സത്യം. കാരണം എല്ലാവർക്കും വേ
15 ണ്ടി ഒരുവൻ മരിച്ചിരിക്കെ എല്ലാവരും മരിച്ചു എന്നും ജീവിക്കുന്നവർ
ഇനി തങ്ങൾക്കു് എന്നല്ല തങ്ങൾക്കു വേണ്ടി മരിച്ചുയിർത്തവന്നായിക്കൊ
ണ്ടു ജീവിക്കേണ്ടതിന്നത്രെ; എല്ലാവർക്കും വേണ്ടി മരിച്ചതു് എന്നും ഞ
16 ങ്ങൾ നിർണ്ണയിച്ചതിനാൽ ക്രിസ്തന്റെ സ്നേഹം ഞങ്ങളെ ആവേശിക്കു
ന്നു. ആകയാൽ ഞങ്ങൾ ഇന്നു തൊട്ടു് ആരേയും ജഡപ്രകാരം അറിയാ;
ക്രിസ്തനെ ജഡപ്രകാരം അറിഞ്ഞു എങ്കിലൊ ഇനിമേൽ അറിയുന്നില്ല
17 താനും. അതുകൊണ്ടു് ഒരുത്തൻ ക്രിസ്തനിൽ ആയാൽ പുതിയ സൃഷ്ടി
യത്രെ; പഴയവ കഴിഞ്ഞുപോയി ഇതാ എല്ലാം പുതുതായി വന്നു. എങ്കി
18 ലും ഇതു് എല്ലാം ദൈവത്തിൽനിന്നു ആയവൻ അല്പൊ നമ്മെ യേശുക്രി
സ്തൻമൂലം തന്നോടു നിരപ്പിച്ചു നിരപ്പിന്റെ ശുശ്രൂഷയെ ഞങ്ങൾക്കു

19 തന്ന. എങ്ങിനെ എന്നാൽ ദൈവം ലോകത്തിന്ന അവരുടെ പിഴകളെ ക
ണക്കിടാതെ നിരപ്പിൻ വചനത്തെ ഞങ്ങളിൽ സമർപ്പിച്ചംകൊണ്ട ലോ
20 കത്തെ ക്രിസ്തനിൽ തന്നോട്ട നിരപ്പിച്ചതു. എന്നതിനാൽ ഞങ്ങം
ക്രിസ്തനവേണ്ടി മന്ത്രികം ആകുന്ന ദൈവം ഞങ്ങം മുഖേന പ്രബോ
ധിപ്പിക്കും പോലെ ദൈവത്തോട്ട നിരന്ന വരുവിൻ എന്ന ഞങ്ങം ക്രിസ്
21 തന പകരം യാചിക്കുന്ന. പാപത്തെ അറിയാത്തവനെ നാം അവനിൽ
ദേവനീതി ആകേണ്ടതിന്ന അവൻ നമുക്ക വേണ്ടി പാപം ആക്കി.

6. അദ്ധ്യായം

തന്റെ മാതിരിപ്രകാരം പുതിയ മനുഷ്യരാവാൻ പ്രബോധിച്ചതു, (11) അവിശ്വാസികളോട്ട സംഗത്തെ സൂക്ഷിക്കേണം.

1 അവനോട്ട കൂട്ടുപ്രവൃത്തിക്കാരായി ഞങ്ങം പ്രബോധിപ്പിക്കയും ചെയ്യു
ന്നിതു: നിങ്ങം ദൈവകരുണയെ പഴുതിൽ അംഗീകരിച്ചു എന്ന വരരുതു.
2 (യശ. 49, 8.) അംഗീകരണകാലത്തിൽ ഞാൻ നിന്നെ ചെവികൊണ്ട
രക്ഷാദിവസത്തിൽ നിന്നെ തുണെച്ചു എന്ന അവൻ പറയുന്നുണ്ടല്ലൊ; ഇ
3 താ സുപ്രസാദകാലം, ഇതാ ഇന്ന രക്ഷാദിവസം. ശുശ്രൂഷെക്ക കറ പററായ
വാൻ ഞങ്ങളും ഒന്നിലും ഒരു തടങ്ങലും കൊടുക്കാതെ, സകലത്തിലും ഞ
4 ങ്ങളെ തന്നെ ദേവശുശ്രൂഷക്കാർ എന്ന രഞ്ജിപ്പിക്കുന്ന. ബഹുക്ഷാന്തിയിലും
5 ഉപദ്രവങ്ങളിലും കെട്ടുപാട്ട ഇടുക്കുകളിലും തല്ലുകം കാവലുകം കലഹ
6 ങ്ങളിലും അദ്ധ്വാനങ്ങം ഉറക്കിളപ്പുകം പട്ടിണികളിലും നിർമ്മലതബു
ദ്ധി ദീർഘക്ഷമ വാത്സല്യത്തിലും വിശുദ്ധാത്മാവിലും നിർവ്യാജസ്നേഹ
7 ത്തിലും സത്യവചനം ദേവശക്തി എന്നതിനാലും ഇടവലത്തും ഉള്ള നീതി
8 യുടെ ആയുധങ്ങളാലും, മാനാപമാനങ്ങളൂടെ സല്ലീത്തി ദുഷ്ടീർത്തികളൂ
9 ടെയും; ചരിയർ എന്നിട്ടും സത്യവാന്മാർ. അറിയപ്പെടാത്തവർ എന്നിട്ടും
അറിയായ്വരുന്നവർ, ചാകുന്നവർ എന്നിട്ടും ഇതാ ഞങ്ങം ജീവിക്കുന്ന
10 ശിക്ഷിക്കപ്പെട്ടവർ എന്നിട്ടും മരിപ്പിക്കപ്പെടാത്തവർ. ദുഃഖിതർ എന്നിട്ടും
എപ്പോഴും സന്തോഷിപ്പവർ, ദരിദ്രർ എന്നിട്ടും പലരെ സമ്പന്നർ ആക്കുന്ന
വർ, ഒന്നും ഇല്ലാത്തവർ എന്നിട്ടും എല്ലാം അടക്കുന്നവർ ആയ്തന്നെ.
11 അല്ലയൊ കൊരിന്തരെ! ഞങ്ങളുടെ വായി നിങ്ങളോട്ട തുറന്നിരിക്കു
12 ന്ന, ഞങ്ങളുടെ ഹൃദയം ഇടമ്പെട്ടിരിക്കുന്ന. ഞങ്ങളിൽ നിങ്ങൾക്ക ഇട്ട
13 ക്കം ഇല്ല; നിങ്ങളുടെ കരളിൽ അത്രെ ഇടുക്ക ഉണ്ട. ഞാൻ മക്കളോട
എന്നപോലെ പറയുന്ന: പ്രതിഫലത്തിന്നായി നിങ്ങളും ഇത്രൊളം ഇട
14 മ്പെട്ട വരുവിൻ. അവിശ്വാസികളോട്ട നിങ്ങം ഇണയല്ലാത്ത പിണയാ
യി പോകരുതെ; നീതിക്കും അധർമ്മത്തിന്നും എന്തൊരുചേർച്ച, വെളി
15 ച്ചത്തിന്ന ഇരുളോട എന്ത കൂട്ട. ക്രിസ്തന ബലിയാളോട്ടും എന്ത മേളനം
അല്ല വിശ്വാസിക്ക അവിശ്വാസിയോട എന്ത അംശം ദൈവാലയ
16 ത്തിന്ന വിഗ്രഹങ്ങളോട എന്ത സംസർഗ്ഗം, നിങ്ങം അല്ലൊ ജീവനുള്ള
ദൈവത്തിന്റെ ആലയം ആകുന്ന; (3 മൊ. 26, 11.) ഞാൻ അവരിൽ കു
ടിയിരിക്കയും ഉള്ളിൽ നടക്കയും ആം, അവർക്ക ഞാൻ ദൈവവും അവർ
17 എനിക്ക ജനവും ആകും എന്ന ദൈവം പറഞ്ഞ പ്രകാരം തന്നെ. ആക
യാൽ അവയുടെ ഇടയിൽനിന്ന പുറപ്പെട്ട വേർവിട്ട നിന്ന അശുദ്ധമായതെ
തൊടാതിരിപ്പാൻ എന്ന കർത്താവ പറയുന്ന (യശ. 52, 11.) എന്നാൽ
18 ഞാൻ നിങ്ങളെ കൈക്കൊണ്ട നിങ്ങൾക്ക പിതാവാകും. നിങ്ങം എനി
ക്ക പുത്രപുത്രീമാരും ആകും എന്ന സർവ്വശക്തനായ കർത്താവ അരുളിച്ചെയ്യു
7, 1 ന്ന (യിറ. 31, 9. 33. 32, 38. 2 ശമു. 7, 8.) അതുകൊണ്ട പ്രിയമുള്ളവരെ!
ഈ വാഗ്ദത്തങ്ങൾ നമുക്കുണ്ടായിരിക്കെ ജഡത്തിലെയും ആത്മാവിലേയും

സകല കന്മഷത്തിൽ നിന്നും നമ്മെ നാം വെടിപ്പാക്കി വിശുദ്ധിയെ ദേ
വഭയത്തിൽ തന്നെ തികെച്ചു കൊൾക.

7. അദ്ധ്യായം

തീതൻ കൊരിന്തരെകൊണ്ടു ബോധിപ്പിച്ചതിന്റെ അനുഭവം.

2 ഞങ്ങൾക്ക് ഇടം തരുവിൻ ഞങ്ങൾ ആരോടും അന്യായം ചെയ്തി
ല്ല, ആരെയും കെടുത്തില്ല, ആരെയും തോല്പിച്ചില്ല. കുറവിധിക്കായല്ല
3 ഞാൻ പറയുന്നു കൂട മരിപ്പാനും കൂട ജീവിപ്പാനും നിങ്ങൾ ഞങ്ങളെ ഹൃദയ
4 ങ്ങളിൽ ഇരിക്കുന്നു എന്നു ഞാൻ മുൻ ചൊല്ലീട്ടുണ്ടല്ലൊ. നിങ്ങളോടു എനി
ക്കുള്ള പ്രാഗത്ഭ്യം പെരുത്തു ഞാൻ ആശ്വാസം കൊണ്ടു നിറഞ്ഞിരിക്കുന്നു
ഞങ്ങളുടെ എല്ലാ ഉപദ്രവത്തിന്മേലും സന്തോഷം അത്യന്തം വഴിഞ്ഞവ
5 നാകുന്നു എങ്ങിനെ എന്നാൽ മക്കെദോന്യയിൽ വന്ന ശേഷവും ഞങ്ങളു
ടെ ജഡത്തിന്നു സൌഖ്യം ഒട്ടും ഇല്ലാഞ്ഞു, ഞങ്ങൾ എല്ലാവിധത്തിലും സ
6 ങ്കടപ്പെടുന്നവർ അത്രെ; പുറത്തു യുദ്ധങ്ങൾ അകത്തു ഭയങ്ങൾ. എങ്കിലും
എളിയവരെ ആശ്വസിപ്പിക്കുന്നവനായ ദൈവം തീതന്റെ വരവിനാൽ
7 ഞങ്ങളെ ആശ്വസിപ്പിച്ചു. അവന്റെ വരവിനാൽ മാത്രമല്ല അവനു നി
ങ്ങളെ തൊട്ടു തണുപ്പു വന്ന ആശ്വാസത്താലും കൂടെ നിങ്ങളുടെ വാഞ്ഛ
യും നിങ്ങളുടെ പരിദേവനയും എനിക്കായിക്കൊണ്ടു നിങ്ങളുടെ എരി
ച്ചലും ഞങ്ങൾക്കു ബോധിപ്പിക്കയിൽ തന്നെ; അതുകൊണ്ടു ഞാൻ അ
ധികവും സന്തോഷിച്ചു. എന്തെന്നാൽ ഞാൻ ലേഖനത്താൽ നിങ്ങളെ ദുഃ
8 ഖിപ്പിച്ചു എങ്കിൽ (ആ ലേഖനം നിങ്ങളെ കുറയ നേരത്തേക്കു ആകട്ടെ
ദുഃഖിപ്പിച്ചു എന്നു കാണുന്നുണ്ടല്ലൊ) അതിന്നു ഞാൻ അനുതപിച്ചു പോ
9 യിട്ടും അനുതപിക്കുന്നില്ല. ഇപ്പോൾ നിങ്ങൾ ദുഃഖപ്പെട്ടു എന്നല്ല മാനസാ
ന്തരത്തിന്നായിട്ടത്രെ ദുഃഖപ്പെട്ടതിനാൽ ഞാൻ സന്തോഷിക്കുന്നു; നിങ്ങൾ
ഞങ്ങളാൽ ഒന്നിലും ഹാനിവരാതവണ്ണം ദൈവപ്രകാരമായി അല്ലൊ ദുഃ
10 ഖപ്പെട്ടു. കാരണം ദേവപ്രകാരം ഉള്ള ദുഃഖം അനുതാപം വരാതൊരു രക്ഷ
യിലേക്കുള്ള മാനസാന്തരത്തെ സമ്പാദിക്കുന്നു; ലോകത്തിൻ ദുഃഖം മരണ
ത്തെ സമ്പാദിക്കെ ഉള്ളു.
11 കണ്ടാലും ആ ദേവപ്രകാരം ദുഃഖപ്പെട്ടതു തന്നെ നിങ്ങൾക്കു എത്ര ഉത്സാ
ഹത്തെ സമ്പാദിച്ചു പോൽ! അല്ല പ്രതിവാദത്തെയും രസക്കേടിനേയും
അല്ല ഭയത്തേയും വാഞ്ഛയേയും അല്ല, എരിച്ചലേയും പ്രതിക്രിയയേ
യും കൂടെ (സമ്പാദിച്ചതു). ആ കാര്യത്തിൽ നിങ്ങൾ നിർമ്മലൻമാർ എ
ന്നു എല്ലാ വിധത്തിലും നിങ്ങളെ തന്നെ രഞ്ജിപ്പിച്ച കാട്ടി ആകയാൽ
12 ഞാൻ നിങ്ങൾക്കു (അങ്ങിനെ) എഴുതിയതും അന്യായം ചെയ്തവൻ നിമി
ത്തമല്ല അന്യായം തട്ടിയവൻ നിമിത്തവും അല്ല; ഞങ്ങൾക്കു വേണ്ടി അ
ങ്ങുള്ള ഉത്സാഹം ദേവമുമ്പാകെ വിളങ്ങുകനിമിത്തം തന്നെ. അതുകൊണ്ടു
13 ഞങ്ങൾ ആശ്വാസപ്പെട്ടിരിക്കുന്നു ഞങ്ങളുടെ ആശ്വാസത്തിന്നും മീതെ തീ
14 തന്റെ സന്തോഷത്താൽ എത്രയും അധികം സന്തോഷിച്ചു. അവന്റെ ആ
ത്മാവിന്നു നിങ്ങൾ എല്ലാവരാലും തണുപ്പു വന്ന കാരണത്താലത്രെ; അവ
നോടല്ലൊ ഞാൻ നിങ്ങളെ തൊട്ടു വല്ലതും പ്രശംസിച്ചിട്ടുണ്ടെങ്കിൽ നാണി
ച്ചു പോയില്ല; ഞങ്ങൾ നിങ്ങളോടു സകലവും സത്യത്തിൽ ഉരെച്ചപ്രകാ
രം തന്നെ തീതൻ കേൾക്കെ ഞങ്ങൾ പ്രശംസിച്ചതും കൂടെ സത്യമായ്വ
15 ന്നു. അവനെ ഭയത്തോടും വിറയലോടും കൈക്കൊണ്ടുള്ള നിങ്ങൾ എല്ലാ
വരുടെയും അനുസരണത്തെ ഓൎക്കുമ്പോൾ അവന്റെ കരൾ ഏറ്റം അധികം
16 നിങ്ങളിലേക്കത്രെ ആകുന്നു. നിങ്ങൾ വിഷയമായി ഞാൻ എല്ലാറ്റിലും
ധൈര്യപ്പെടുന്നതിനാൽ സന്തോഷിക്കുന്നു.

8. അദ്ധ്യായം (9–)

യരുശലേമ്യക്ക വേണ്ടിയുള്ള ചേരുമാനത്തിൻ അവസ്ഥ.

1 പിന്നെ സഹോദരന്മാരെ! മക്കെദോന്യ സഭകളിൽ നല്കീട്ടുള്ള ദേവകരു
2 ണയെ നിങ്ങൾക്ക് അറിയിക്കുന്നു. ഉപദ്രവത്തിന്റെ ബഹു ശോധനയിലും
അവരുടെ സന്തോഷം അതിയായി നിറഞ്ഞും ആഴമുള്ള ദാരിദ്ര്യം ഏകാഗ്രത
3 യുടെ സമ്പത്തോളം വഴിഞ്ഞും വന്നു എന്നതത്രെ. എങ്ങിനെ എന്നാൽ വിശു
ദ്ധരുടെ സേവയിൽ തങ്ങളും കൂടേണം എന്നുള്ള കരുണയെ അവർ വളരെ
4 പ്രബോധനവുമായി ഞങ്ങളോടു യാചിച്ചു. സ്വയംകൃതമായി കഴിവു പോ
5 ലെയും കഴിവിന്നു മീതെയും കൊടുത്തു എന്നതിന്നു ഞാൻ സാക്ഷി. അതും
ഞങ്ങൾ ആശിച്ച പ്രകാരമല്ല തങ്ങളെ തന്നെ മുമ്പെ കർത്താവിന്നു പിന്നെ
6 ദേവേഷ്ടത്താൽ ഞങ്ങൾക്കും തന്നു. അതുകൊണ്ടു ഞങ്ങൾ തീതനെ അവൻ
ഈ കൃപയെ മുന്തുടങ്ങിയപ്രകാരം നിങ്ങളിൽ തികെക്കയും വേണം എന്നു
7 പ്രബോധിപ്പിച്ചു. എന്നാലൊ നിങ്ങൾ വിശ്വാസം, വചനം, അറിവു
സകല ഉത്സാഹം ഞങ്ങളിലെ നിങ്ങളുടെ സ്നേഹം ഇങ്ങിനെ എല്ലാവരറി
8 ലും വഴിയുന്നതു പോലെ ഈ കൃപയിലും വഴിയുമാറാക. നിയോഗമായല്ല
പറയുന്നു; മറവരുടെ ഉത്സാഹം കൊണ്ടു നിങ്ങളുടെ സ്നേഹത്തിൻ മാറ്ററിനെ
9 ശോധന ചെയ്വാനത്രെ. നമ്മുടെ കർത്താവായ യേശുക്രിസ്തൻ സമ്പന്നൻ
എങ്കിലും അവന്റെ ദാരിദ്ര്യത്താൽ നിങ്ങൾ സമ്പന്നർ ആകേണ്ടതിന്നു
നിങ്ങൾ നിമിത്തം ദരിദ്രനായ്വന്ന കരുണയെ നിങ്ങൾ അറിയുന്നുവ
10 ല്ലൊ? ഇതിൽ ഞാൻ അഭിപ്രായവും ചൊല്ലി തരുന്നു. നിങ്ങൾ കീഴാണ്ടിൽ
ചെയ്വാൻ മാത്രമല്ല ഭാവിപ്പാനും കൂടെ (മക്കെദോന്യക്കു) മുമ്പെ തുടങ്ങി
11 യതിനാൽ ഇതു തന്നെ നിങ്ങൾക്ക് ഉപകരിക്കുന്നു. ഭാവിപ്പാൻ മുതിർച്ച
കണ്ടപോലെ തന്നെ ഉള്ളതിന്നു തക്കൊരു സമാപ്തിയും ഉണ്ടാകേണ്ടതിന്നു
12 ചെയ്യുന്നതും കൂടെ തികെപ്പിൻ. എങ്ങിനെ എന്നാൽ മുതിർച്ച ഉണ്ടാകിൽ
13 ഇല്ലാത്തതിന്നല്ല ഉള്ളതിന്നു തക്കവണ്ണം പ്രസാദം വരുത്തുന്നു. മറവർക്ക്
എളുപ്പം നിങ്ങൾക്ക് സങ്കടം എന്നു വരുവാൻ അല്ലല്ലൊ സമത്വം പ്രമാ
14 ണം. ഇക്കാലം നിങ്ങളുടെ വഴിവു അവരുടെ കുറവിനെ തീർക്കുക പി
ന്നെ അവരുടെ വഴിവു നിങ്ങളുടെ കുറവിനേയും തീർക്കുമാറു തന്നെ. വളരെ
15 ചേർത്തവന്നു വഴിഞ്ഞതില്ല കുറയ ചേർത്തവന്നു കുറഞ്ഞിട്ടും ഇല്ല എന്നു (2മോ.
16 16,18.) എഴുതിയ പ്രകാരം ഒരു സമത്വം ഉണ്ടാകേണം എന്നത്രെ. ശേ
ഷം (എനിക്ക് എന്ന പോലെ) തീതന്റെ ഹൃദയത്തിലും നിങ്ങൾക്കു വേ
ണ്ടിയുള്ള ഉത്സാഹത്തെ കൊടുക്കുന്ന ദൈവത്തിന്നു സ്തോത്രം. ദൈവം പ്ര
17 ബോധനത്തെ കൈക്കൊണ്ടല്ലാതെ താൻ അത്യുത്സാഹം പൂണ്ടു സ്വയംകൃത
18 മായി നിങ്ങളടുക്കെ പുറപ്പെട്ടു. വിശേഷിച്ച് എല്ലാ സഭകളിലും സുവി
ശേഷവിഷയമായി പുകഴ്ചയുള്ള സഹോദരനേയും ഞങ്ങൾ അവനോടു കൂട
19 അയച്ചു. അവൻ അതു കൂടാതെ കർത്താവിൻ തേജസ്സിന്നായും നമ്മുടെ മു
തിർച്ചയെ കാണിപ്പാനും ഞങ്ങളുടെ ശുശ്രൂഷയാൽ നടക്കുന്ന ഈ കൃപയിൽ
ഞങ്ങൾക്കു കൂട്ടയാത്രക്കാരൻ എന്നു സഭകളാൽ വരിക്കപ്പെട്ടവൻ തന്നെ.
20 ഞങ്ങളാൽ ശുശ്രൂഷിക്കപ്പെടുന്ന ഈ പുഷ്ടിയിൽ ആരും ഞങ്ങളെ കുത്സിച്ചു
21 പോകായ്വാൻ തന്നെ ഇങ്ങിനെ കോപ്പിട്ടിരുന്നു. കർത്താവിൻ മുമ്പാകെ
മാത്രമല്ലല്ലൊ മനുഷ്യരുടെ മുമ്പാകെയും നല്ലവറെ തന്നെ ഞങ്ങൾ മുൻകരു
22 തുന്നു. ഞങ്ങൾ പലതിലും പലപ്പോഴും ശോധന ചെയ്തു ഉത്സാഹിയായി
കണ്ട ഞങ്ങളുടെ സഹോദരനേയും അവരോടു കൂട അയച്ചു, അവൻ ഇപ്പോൾ
നിങ്ങളെ തൊട്ടു ഉറപ്പു പെരുകയാൽ ഏറ്റം അധികം ഉത്സാഹി തന്നെ.
23 തീതൻ ആകട്ടെ എനിക്ക് കൂട്ടാളിയും നിങ്ങൾ വിഷയമായി കൂട്ടവേലക്കാ
രനും തന്നെ ഞങ്ങളുടെ സഹോദരന്മാർ ആകട്ടെ സഭകളുടെ പ്രേരിതന്മാരും.

24 ക്രീസ്തന്റെ തേജസ്സും അത്രെ. ആകയാൽ നിങ്ങളുടെ സ്നേഹത്തിന്നും നി
ങ്ങളെ തൊട്ടു ഞങ്ങൾ പ്രശംസിച്ചതിന്നും ഒത്ത ദൃഷ്ടാന്തം നിങ്ങൾ കാട്ടി
യാൽ സഭകളുടെ സമക്ഷത്തിലേക്കു (കാട്ടുകയും ചെയ്യും).

9. അദ്ധ്യായം

ഔദാര്യമായി കൊടുപ്പാൻ ഉത്സാഹിപ്പിക്കുന്നതു.

1 **വി**ശുദ്ധർക്കായുള്ള ശുശ്രൂഷയെ ചൊല്ലി നിങ്ങൾക്കു് എഴുതുവാൻ എനി
2 ക്കു് ആവശ്യം ഇല്ല സത്യം അഖായ കീഴാണ്ടുമുതൽ ഒരുങ്ങി നില്ക്കുന്നു എ
ന്നു ഞാൻ നിങ്ങൾക്കു് വേണ്ടി മക്കെദോന്യരോടു പ്രശംസിച്ചുള്ള നിങ്ങ
ളുടെ മുതിർച്ച എനിക്കല്ലൊ ബോധിച്ചു; നിങ്ങളുടെ എരിച്ചൽ മിക്കവ
3 രെയും മുതിർത്തും ഇരിക്കുന്നു. ഈ വിഷയത്തിൽ ഞാൻ നിങ്ങൾക്കു് വേ
ണ്ടി പ്രശംസിച്ചതു വ്യർത്ഥമാകാതെ ഞാൻ ചൊന്നപ്രകാരം നിങ്ങൾ
ഒരുങ്ങി നില്ക്കേണ്ടതിന്നു തന്നെ ഞാൻ സഹോദരന്മാരെ അയച്ചു. അല്ലായ്
4 കിൽ മക്കെദോന്യർ എന്നോടു കൂടെ വന്നു നിങ്ങളെ ഒരുങ്ങാതെ കണ്ടാൽ
നിങ്ങൾ എന്നു ചൊലുവാനില്ല ഞങ്ങൾ തന്നെ ഈ അതിനിശ്ചയത്തിൽ
5 നാണിച്ചു പോകിലുമാം. ആകയാൽ, സഹോദരന്മാർ അങ്ങോട്ടു മുൻപോ
കയും മുൻചൊല്ലി കൊടുത്ത നിങ്ങളുടെ അനുഗ്രഹത്തെ മുങ്കെട്ടിവെക്കയും
ചെയ്യേണ്ടതിന്നു അവരെ പ്രബോധിപ്പിപ്പാൻ ആവശ്യം എന്നു തോന്നി:
ആയതൊ പിശുക്കായിട്ടല്ല അനുഗ്രഹമായിട്ടു് ഒരുങ്ങി വരിക. എങ്കിൽ
6 ചെറുങ്ങനെ വിതക്കുന്നവൻ ചെറുങ്ങനെ കൊയ്യും അനുഗ്രഹങ്ങളായി വിതെ
7 ക്കുന്നവൻ അനുഗ്രഹങ്ങളുമായി കൊയ്യും എന്നു ഞാൻ പറയുന്നു. അവനവൻ
ഹൃദയം മുട്ടുപോലെ അത്രെ ദുഃഖേന അല്ല നിർബ്ബന്ധത്താലും അല്ല പിരി
ഞ്ഞു കൊടുക്കുന്നവനെ അല്ലൊ ദൈവം സ്നേഹിക്കുന്നു (സുഭ. 22,8.) നി
8 ങ്ങൾ സകലത്തിലും എപ്പോഴും എല്ലാ തൃപ്തിയും ഉള്ളവരായി സകല സൽ
ക്രിയകളിലും വഴിഞ്ഞു വരുമാറു നിങ്ങളിൽ എല്ലാ കരുണയെയും വഴിയി
9 പ്പാൻ ദൈവം ശക്തനാകുന്നു. അവൻ ധൂകി എളിയവർക്കു കൊടുത്തു അ
വന്റെ നീതി എന്നേക്കും നില്ക്കുന്നു (സങ്കീ. 112, 9.) എന്നു എഴുതിയിരി
10 ക്കുന്നുമല്ലൊ. എന്നാൽ വിതക്കുന്നവനു് ഭക്ഷണത്തിന്നു് അപ്പവും കൂകുന്ന
വൻ (യശ. 55, 10.) നിങ്ങളുടെ വിതെക്കലെയും ഏകി പെരുക്കി നിങ്ങ
11 ളുടെ നീതിയുടെ എടുപ്പിനെ വർദ്ധിപ്പിക്കും. ഇങ്ങിനെ ദൈവത്തിന്നു ന
മ്മാൽ സ്തോത്രത്തെ സമ്പാദിക്കുന്ന എല്ലാ ഏകാഗ്രതയിലേക്കും നിങ്ങൾ
12 സകലത്തിലും സമ്പന്നന്മാർ ആകുമാറു തന്നെ. എങ്ങിനെ എന്നാൽ ഈ
സേവയിലെ ശുശ്രൂഷ വിശുദ്ധരുടെ കുറവുകളെ പൂരിച്ചു തീർക്കുന്നതു് എ
ന്നു വേണ്ടാ ദൈവത്തിന്നുള്ള പല സ്തോത്രങ്ങളാലും വഴിയുന്നതും ആകുന്നു.
13 ഈ ശുശ്രൂഷയിൽ കാട്ടുന്ന സിദ്ധതഹേതുവായിട്ടല്ലൊ അവർ ക്രീസ്തു സു
വിശേഷത്തിന്നായി നിങ്ങളുടെ സ്വീകാരത്തിൻ അനുസരണത്തെയും
അവരോടും എല്ലാവരോടും നിങ്ങൾക്കുള്ള കൂട്ടായ്മയുടെ ഏകാഗ്രതയെയും
14 കണ്ടിട്ടു ദൈവത്തെ മഹത്വീകരിക്കും. നിങ്ങളിൽ അതിമഹത്തായ ദേവ
15 കൃപനിമിത്തം അവർ നിങ്ങളെ വാഞ്ഛിച്ചു നിങ്ങൾക്കുവേണ്ടി പ്രാർത്ഥി
ക്കയും ചെയ്യും. ദൈവത്തിന്നു് അവന്റെ കഥിച്ചു മുടിയാത്ത ദാനത്തിന്നാ
യി സ്തോത്രം ഉണ്ടാവൂതാക.

10. അദ്ധ്യായം (–13)

സഭയെ യഥാസ്ഥാനത്തിൽ ആക്കുവാൻ എതിരികളെ ശാസിച്ചു ത
ന്റെ വേലെക്കു് പ്രതിവാദം ചൊല്ലുന്നതു.

1 പിന്നെ പൌൽ എന്നുള്ള ഈ ഞാൻ ക്രിസ്തന്റെ ശാന്തതയും സൌമ്യത
യും കൊണ്ടു, നിങ്ങളെ പ്രബോധിപ്പിക്കുന്നു; നിങ്ങളിൽ സമ്മുഖത്തു താഴ
യുള്ളവൻ എന്നും അകലത്തു നിങ്ങളോടു ധൈര്യപ്പെടുന്നവൻ എന്നും കേ൯
2 കുന്ന ഞാൻ ആകട്ടെ (നിങ്ങളോട്) അരികത്ത് ഇരിക്കുമ്പോ൯, ഞങ്ങ൯
ജഡപ്രകാരം നടക്കുന്ന എന്നു നിരൂപിക്കുന്ന ചിലരെക്കൊള്ളുതുനിഞ്ഞു
വരുവാൻ നിരൂപിക്കുന്ന ഉറപ്പിനാലെ ധൈര്യം കാട്ടുവാൻ സംഗതി
3 വരരുതു എന്നു യാചിക്കുന്നു. കാരണം ഞങ്ങ൯ ജഡത്തിൽ സഞ്ചരിക്കുന്ന
4 വർ എങ്കിലും ജഡപ്രകാരം പോരാടുന്നവർ അല്ല. ഞങ്ങളുടെ പോരിൻ ആ
യുധങ്ങ൯ അല്ലൊ ജഡമയങ്ങ൯ അല്ല വാടികളെ ഇടിപ്പാൻ ദൈവത്തിനു
5 ശക്തിയുള്ളവ അത്രെ. അവറാൽ ഞങ്ങ൯ സങ്കല്പങ്ങളേയും ദൈവത്തിൻ
അറിവിനോട് അഹങ്കരിക്കുന്ന സകല ഉയർച്ചയും ഇടിച്ചുകളയും. എല്ലാ
6 നിനവിനേയും ക്രിസ്തന്റെ അനുസരണത്തിലേക്ക് അടിമപ്പെടുത്തിയും നി
ങ്ങളുടെ അനുസരണം തികഞ്ഞു വന്ന ഉടനെ എല്ലാ അനുധീനതെക്കു൯ പ്ര
7 തിക്രിയ ചെയ്വാൻ ഒരുങ്ങി നിന്നും കൊള്ളുന്നു. സമക്ഷത്തുള്ളവറെ
മാത്രം നോക്കുന്നുവൊ? ഒരുത്തൻ താൻ ക്രിസ്തനുള്ളവൻ എന്നു തങ്കൽ
തന്നെ ഉറപ്പിച്ചു എങ്കിൽ അവൻ ക്രിസ്തനുള്ളതു പോലെ തന്നെ ഞങ്ങ
8 ളും കൂടെ എന്ന് അവൻ തന്നാലെ പിന്നെയും നിരൂപിക്ക. എങ്ങിനെ എ
ന്നാൽ കർത്താവ് നിങ്ങളുടെ ഇടവിന്നായിട്ടല്ല വീട്ടവർദ്ധനെക്കത്രെ ഞ
ങ്ങ൯കു തന്ന അധികാരത്തെ തൊട്ടു ഞാൻ ഒന്ന് അധികം പ്രശംസിച്ചു
9 എങ്കിലും നാണിച്ചു പോകയില്ല. ഞാൻ ലേഖനങ്ങളെ കൊണ്ടു നിങ്ങ൯കു
10 പേടി കാട്ടുവോൻ ആയ്തോന്നു മാറും ഇല്ല, [അവന്റെ] ലേഖനങ്ങ൯ ഘ
നവും ഊക്കും ഉള്ളവ സത്യം ശരീരത്തിന്റെ സന്നിധിയൊ ബലഹീനം,
11 വാക്കും നിസ്സാരം അത്രെ എന്നു മൊഴിയുന്നു പോൽ. ഞങ്ങ൯ അകലത്തു
നിന്നു ലേഖനങ്ങ൯മൂലം വാക്കിൽ ഏതുപ്രകാരം അരികത്തും ക്രിയയിൽ
അതെപ്രകാരം ആകുന്നു എന്ന് അങ്ങിനത്തവൻ നിരൂപിക്ക. തങ്ങളെത്ത
12 ന്നെ രഞ്ജിപ്പിക്കുന്ന ചിലരോട് ഞങ്ങളെ തന്നെ ചേർത്തൊരുമിപ്പാനൊ ഉ
പമിപ്പാനൊ ഞങ്ങ൯ തുനിയുന്നില്ല സത്യം ആയവർ തങ്ങളെ തങ്ങളിൽ അ
13 ളന്നും തങ്ങളെ തങ്ങളിൽ ഉപമിച്ചും കൊള്ളുന്നതിൽ അജ്ഞന്മാരത്രെ. ഞങ്ങ
ളൊ അളവില്ലാതോളം പ്രശംസിക്കയില്ല ദൈവം ഞങ്ങ൯കു നിങ്ങ൯വരെ
യും എത്തുമാറു അളന്നു തന്ന നൂലിന്റെ അളവിൻ പ്രകാരം അത്രെ. ആകയാൽ
14 ഞങ്ങ൯ ക്രിസ്തന്റെ സുവിശേഷ(വേലയിൽ)നിങ്ങ൯ വരെയും മുൻപുക്ക
തുകൊണ്ടുനിങ്ങളിൽ എത്താത്തവർ എന്നു വരാതെ ഞങ്ങളെ തന്നെ അതി
15 യായിട്ടു നീട്ടുന്നതും ഇല്ല. അന്യന്മാരുടെ പ്രയത്നങ്ങളിൽ അളവില്ലാതോളം
പ്രശംസിക്കുന്നതും ഇല്ല. നിങ്ങളുടെ വിശ്വാസം വർദ്ധിച്ചാൽ ഞങ്ങളുടെ
16 നൂലിൻപ്രകാരം നിങ്ങളിൽ അത്യന്തം മഹിമപ്പെടുവാനും. പിന്നെയും അ
ന്യന്മാരുടെ നൂലിനകത്തു (പണ്ടു) സാധിച്ചതിൽ പ്രശംസിക്കാതെ നിങ്ങ൯
കു അപ്പുറത്തെ ദിക്കുകളോളം സുവിശേഷിപ്പാനും ആശ ഉള്ളവരായത്രെ.
17 പ്രശംസിക്കുന്നവനൊ കർത്താവിൽ പ്രശംസിക്ക. തന്നെത്താൻ രഞ്ജിപ്പിക്കു
18 ന്നവൻ അല്ലല്ലൊ കർത്താവ് രഞ്ജിപ്പിക്കുന്നവൻ അത്രെ കൊള്ളാകുന്നവൻ.

11. അദ്ധ്യായം

കള്ള അപോസ്തലരോട് തന്നെ ഉപമിച്ചു പ്രശംസിക്കുന്നതു

1 നിങ്ങ൯ എന്നിൽ അസാരം ബുദ്ധിഹീനത പൊറുത്തുകൊണ്ടാലും; അ
2 തെ നിങ്ങ൯ എന്നെ പൊറുക്കയും ചെയ്യുന്നു. ദൈവത്തിൻ ചൂടിനാൽ ഞാൻ
നിങ്ങ൯കായി എരിയുന്നു; ഞാനല്ലൊ ക്രിസ്തനു നിർമ്മല കന്യകയെ നിറു
3 ത്തുവാൻ നിങ്ങളെ ആ ഏക പുരുഷനോട് ഒരുമിപ്പിച്ചു. എന്നാൽ സർപ്പം

തൻ ഉപായത്താലെ ഹവ്വയെ ചതിച്ചതു പോലെ നിങ്ങളുടെ നിനവുകൾ
ക്രിസ്തുകലെ ഏകാഗ്രതയെ വിട്ടു കെട്ടുപോകും എന്നു ഞാൻ ശങ്കിക്കുന്നു.
4 കാരണം ഞങ്ങൾ ഘോഷിക്കാത്ത മറെറാരു യേശുവെ വരുന്നവൻ തന്നെ
ഘോഷിക്കിലും നിങ്ങൾക്കു ലഭിയാത്ത വേറൊർ ആത്മാവൊ കൈക്കൊ
ള്ളാത്ത വേറെ സുവിശേഷമൊ ലഭിക്കിലും നിങ്ങൾ നന്നായി പൊറുക്കു
5 മായിരുന്നുവല്ലൊ? എങ്ങിനെ എന്നാൽ ആ അതിശ്രേഷ്ഠ അപോസ്തല
രിൽനിന്നും ഞാൻ ഒന്നിലും കിഴിഞ്ഞവനല്ല എന്നു നിരൂപിക്കുന്നു. ഞാൻ
6 പക്ഷെ വാക്കിൽ സാമാന്യൻ എങ്കിൽ അറിവിൽ അല്ല താനും; ഞങ്ങൾ
നിങ്ങൾ വിഷയമായി എല്ലാവിധത്തിലും എല്ലാവരിലും പ്രസിദ്ധത വ
7 ന്നവർ അത്രെ. അല്ല ഞാൻ നിങ്ങളിൽ ദേവസുവിശേഷത്തെ സൌജന്യമാ
യി പരത്തികൊണ്ടു നിങ്ങൾ ഉയരപ്പെടേണ്ടതിന്നു എന്നെ തന്നെ താഴ്ത്ത
8 കയാൽ പാപം ചെയ്തുവൊ? ഞാൻ നിങ്ങളുടെ ശുശ്രൂഷെക്കായി ചെലവിനു
വാങ്ങി മറെറ സഭകളോടു കവൎന്നു നിങ്ങളിൽ ഉള്ളപ്പോൾ മുട്ടുണ്ടായാറെയും
9 ഒരുത്തരേയും ഉഴപ്പിച്ചില്ല. സഹോദരന്മാർ മക്കെദോന്യയിൽനിന്നു വ
ന്നിട്ടല്ലൊ എൻെറ മുട്ടു തീൎത്തു ഞാനും സകലത്തിലും എന്നെ നിങ്ങൾക്കു
10 ഭാരമില്ലാത്തവനായി കാത്തു ഇനിയും കാക്കും. ക്രിസ്തൻെറ സത്യം എ
ന്നിൽ ഉള്ളതാണ ഈ പ്രശംസിക്കുന്നതിന്നു എനിക്കു അഖായ പ്രദേശ
11 ങ്ങളിൽ വായിമുട്ടിച്ചു പോകയില്ല. എന്തു നിമിത്തം നിങ്ങളെ സ്നേഹി
12 ക്കായ്കയൊ ദൈവം അറിയുന്നു. ഞാൻ ചെയ്യുന്നതൊ ഇനി ചെയ്കയുമാം
(എൻെറ നേരെ) അവസരം ഇച്ഛിക്കുന്നവൎക്കു അവസരത്തെ അറുക്കേണ്ട
തിന്നു അവർ പ്രശംസിക്കുന്ന അവസ്ഥയിൽ ഞങ്ങൾക്കു ഒത്തവരായി
13 കാണേണ്ടതിന്നു തന്നെ. കാരണം ഇങ്ങിനെ ഉള്ളവർ കള്ള അപോസ്തലർ
കൌടിലവേലക്കാർ ക്രിസ്തൻെറ അപോസ്തലരുടെ വേഷം ധരിക്കുന്നവർ അ
14 ത്രെ. അതും ആശ്ചൎയ്യമല്ല. സാത്താൻ താനും വെളിച്ചദൂതൻെറ വേഷം ധരി
ക്കുന്നു പിന്നെ അവൻെറ ശുശ്രൂഷക്കാർ നീതിശുശ്രൂഷക്കാരുടെ വേഷം ധ
15 രിച്ചാൽ അതിശയമല്ലല്ലൊ ആയവരുടെ അവസാനം അവരുടെ ക്രിയകളോ
ടു ഒക്കും.

16 ഞാൻ പിന്നെയും പറയുന്നു ആരും എന്നെ ബുദ്ധിഹീനൻ എന്നു വിചാ
രിക്കരുതു; വിചാരിച്ചാലൊ ഞാനും അല്പം പ്രശംസിക്കേണ്ടതിന്നു ബു
17 ദ്ധിഹീനനെ പോലെയും എന്നെകൈക്കൊൾവിൻ. ഞാൻ ചൊല്ലുന്നതു ക
ൎത്താവെ മുന്നിട്ടല്ല; ബുദ്ധിഹീനതയിൽ എന്ന പോലെ പ്രശംസിക്കുന്നതി
18 ൻെറ ഈ നിശ്ചയത്തിൽ അത്രെ ചൊല്ലുന്നു. പലരും ജഡപ്രകാരം പ്രശം
സിച്ചു കൊണ്ടു ഞാനും പ്രശംസിക്കും. നിങ്ങൾ ബുദ്ധിമാന്മാർ ആകയാ
19 ലല്ലൊ ബുദ്ധിഹീനരെ എളുപ്പത്തിൽ പൊറുക്കുന്നു. നിങ്ങളെ ഒരുവൻ ദാ
സീകരിച്ചാലും, ഒരുവൻ തിന്നുകളഞ്ഞാലും ഒരുവൻ പിടിച്ചുകൊണ്ടാലും
ഒരുവൻ അഹങ്കരിച്ചാലും, ഒരുവൻ നിങ്ങളെ മുഖത്തു കുമെച്ചാലും
20 നിങ്ങൾ പൊറുക്കുന്നുവല്ലൊ. (ഇതിന്നു) ഞങ്ങൾ പ്രാപ്തി പോരാത്ത
വരായിരുന്നു എന്നു ഞാൻ മാനം കെട്ടു പറയുന്നു; ശേഷം ഏതിങ്കൽ ആ
21 രും തുനിഞ്ഞു പോയാലും ഞാൻ ബുദ്ധിഹീനതയിൽ പറയുന്നു, ഞാനും
22 തുനിയുന്നു. അവർ എബ്രായരൊ ഞാനും ആകുന്നു ഇസ്രയേലരൊ ഞാനും
23 കൂടെ അബ്രഹാം സന്തതിയൊ ഞാനും കൂടെ. ക്രിസ്തൻെറ ശുശ്രൂഷക്കാരൊ
ബുദ്ധി തിരക്കായി ചൊല്ലുന്നു; ഞാൻ അധികം പ്രയത്നങ്ങളിൽ ഏററം
അധികം, അടികളിൽ അനവധി, തടവുകളിൽ അത്യന്തം, മരണങ്ങ
24 ളിൽ പലപ്പോഴും. യഹൂദരാൽ ഒന്നു കുറയ 40 അടി അഞ്ചുകൂടെ കൊണ്ടു
25 മൂന്നു വട്ടം കോലിനാൽ തല്ലു കൊണ്ടു, ഒരിക്കൽ കല്ലേറുകൊണ്ടു. മൂന്നു വട്ടം
കപ്പൽ ചേതം വന്നുപോയി; ഒരു രാപ്പകൽ ആഴിയിൽ കഴിച്ചിരിക്കുന്നു.
പലപ്പോഴും യാത്രകളാലും, പുഴകളിലെ കൂടുക്കുകളാലും, കള്ളരിലെ കൂടുക്കു
കളാലും, സ്വജനത്തിലെ കൂടുക്കുകളാലും, ജാതികളിലെ കൂടുക്കുകളാലും,

നഗരത്തിലെ കൂടുക്കുകളാലും, കാട്ടിലെ കൂടുക്കുകളാലും, കടലിലെ കൂടുക്കുക
26 ളാലും, കള്ള സഹോദരരിലെ കൂടുക്കുകളാലും. അദ്ധ്വാനങ്ങളിലും കഴക്കി
27 ലും പലവട്ടം ഉറക്കിളപ്പുകളിലും പൈദാഹങ്ങളിലും പല കുറി പട്ടി
28 ണികളിലും ശീത നഗ്നതകളിലും. അതിൽ പരമുള്ളവ ഒഴികെ ദിവസേന
ഉള്ള മനോധാരണയും സ൪വ്വ സഭകളുടെ ചിന്താഭാരവും ഉണ്ടു. ആർ ബലഹീ
29 നനായ്വന്നിട്ടു ഞാൻ ബലഹീനനാകയില്ലയൊ? ആർക്ക് ഇടർച്ച വന്നി
ട്ടു ഞാനെ അഴലുക ഇല്ലയൊ? പ്രശംസിക്കേണ്ടുകിൽ എൻ ബലഹീനതെ
30 ക്കുറിച്ചവ പ്രശംസിക്കും. നമ്മുടെ കർത്താവായ യേശുക്രിസ്തന്റെ ദൈവ
31 മായ പിതാവു യുഗാദികളിൽ അനുഗ്രഹപാത്രം ആയവൻ അറിയുന്നു;
ഞാൻ പൊയ്യല്ല പറയുന്നു. ദമസ്കിൽ അരതാ രാജാവിന്റെ നാടുവാഴി എ
32 ന്നെ പിടികൂടുവാൻ ഇച്ഛിച്ചു, ദമസ്ക്യരുടെ നഗരത്തെ കാവലാക്കി കാ
ത്തു പിന്നെ ഞാൻ മതിലിൽ കൂടി ചാലകത്തുടെ കൊട്ടയിൽ ഇട്ടിറക്കി
വിടപ്പെട്ടു, അവന്റെ കൈകളിൽനിന്നു ഓടിപ്പോകയും ചെയ്തു.

12. അദ്ധ്യായം.

തന്റെ വെളിപ്പാടുകളേയും ബലഹീനതയേയും പ്രശംസിച്ചു, (11) മറതി
നിമിത്തം സഭയെ ആക്ഷേപിക്കുന്നതു.

1 പ്രശംസിക്കുന്നതു ആവശ്യം അതു എനിക്കു ഉപകരിക്കുന്നില്ല; ഞാൻ
ആകട്ടെ, കർത്താവു തന്ന ദർശന വെളിപ്പാടുകളിലേക്കും വരും. ക്രിസ്തു
2 നിൽ ഉള്ളൊരു മനുഷ്യനെ 14 വർഷം മുമ്പെ മൂന്നാം സ്വർഗ്ഗത്തോളം പിടി
ച്ചെടുക്കപ്പെട്ടു എന്നു ഞാൻ അറിയുന്നു. (അതു ശരീരത്തിലൊ എന്നറിയാ;
3 ശരീരത്തിന്നു പുറത്തൊ എന്നറിയാ; ദൈവം അറിയുന്നു). ആ മനുഷ്യൻ
തന്നെ (ശരീരത്തിലൊ ശരീരം കൂടാതെയൊ എന്നറിയാ ദൈവം അറിയു
4 ന്നു). പരദീസയോളം എടുക്കപ്പെട്ടു മനുഷ്യനു ഉരെപ്പാൻ അധികാരമി
ല്ലാത്ത അവാച്യവാക്യങ്ങളെ കേട്ടു എന്നു ഞാൻ അറിയുന്നു. ആയവനെ
ചൊല്ലി ഞാൻ പ്രശംസിക്കും എന്നെ ചൊല്ലി എന്റെ ബല
5 ഹീനതകളൊഴികെ ഞാൻ പ്രശംസിക്കയില്ല. ഞാൻ പ്രശംസി
6 പ്പാൻ ഇച്ഛിച്ചാലും സത്യത്തെ പറവാൻ പോകുന്നതു കൊണ്ടു മൂ
ഢനാകയില്ലല്ലൊ. എങ്കിലും എന്നെ കാണുന്നതിന്നും എങ്കൽനിന്നു കേൾ
ക്കുന്നതിന്നും മീതെ ആരും എന്നെ ചൊല്ലി നിരൂപിക്കരുതു എന്നു വെച്ചു
7 ഞാൻ അടങ്ങുന്നു. പിന്നെ വെളിപ്പാടുകളുടെ അതിപെരുമയാൽ ഞാൻ
അതിയായി ഉയരാതെയിരിപ്പാൻ എനിക്കു ജഡത്തിൽ ഒരു ശൂലം തര
പ്പെട്ടു; ഞാൻ ഉയർന്നു പോകാതിരിക്കേണ്ടതിന്നു എന്നെ കുത്തുവാൻ സാ
8 ത്താന്റെ ദൂതൻ തന്നെ. അതിന്നായി ഞാൻ മൂന്നുവട്ടം അവൻ എന്നെ വിടേ
9 ണ്ടതിന്നു കർത്താവെ അപേക്ഷിച്ചു അവനും എന്നോടു എൻ കരുണ നിണ
ക്കു മതി; എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞു വരുന്നുവല്ലൊ എന്നു
പറഞ്ഞു; അതുകൊണ്ടു ക്രിസ്തന്റെ ശക്തി എന്മേൽ ആവസിക്കേണ്ടതിന്നു
ഞാൻ അതി കൌതുകമായി എൻ ബലഹീനതകളിൽ പ്രശംസിക്കും. ആക
10 യാൽ ഞാൻ ക്രിസ്തനു വേണ്ടി ബലഹീനതകളും, സാഹസങ്ങളും, കെട്ടു
പാടുകളും ഹിംസകളും, ഇടുക്കുകളും ഇവറ്റിൽ രസിക്കുന്നു; കാരണം ഞാൻ
ബലഹീനനാകുമ്പോഴെക്കു ശക്തനാകുന്നു.
11 ഞാൻ ബുദ്ധിഹീനനായി പോയി, നിങ്ങളും എന്നെ നിർബ്ബന്ധിച്ചു; ഈ
എന്നെ നിങ്ങളും അല്ലൊ രഞ്ജിപ്പിക്കേണ്ടതായിരുന്നു എന്തെന്നാൽ ഞാൻ
ഒന്നും ഇല്ല എങ്കിലും അതിശ്രേഷ്ഠ അപോസ്തലരിൽനിന്നും ഒന്നിലും കി
12 ഴിഞ്ഞവനല്ല. എങ്ങിനെ എങ്കിലും അപോസ്തലന്റെ അടയാളങ്ങളും
സകല ക്ഷാന്തിയിലും അടയാളങ്ങളാലും അത്ഭുതങ്ങളാലും ശക്തികളാലും

13 നിങ്ങളിൽ നടത്തിക്കപ്പെട്ട. ഞാൻ തന്നെ നിങ്ങളെ ഉഴപ്പിച്ചില്ല എന്നുള്ള
തല്ലാതെ, ശേഷം സഭകളേക്കാളും നിങ്ങൾക്ക ഏതൊന്നിൽ നഷ്ടിവന്നു? ഈ
അനീതിയെ എനിക്ക സമ്മാനിച്ച വിടുവിൻ. കണ്ടാലും ഈ മൂന്നാമത് നി
14 ങ്ങളിടയിൽ വരുവാൻ ഒരുമ്പെട്ട നില്ക്കുന്ന നിങ്ങളെ ഉഴപ്പിക്കയും ഇല്ല, നി
ങ്ങൾക്കുള്ളവ അല്ലല്ലൊ നിങ്ങളെ അത്രെ അന്വേഷിക്കുന്നു; കാരണം മക്കൾ
പെറവർക്കല്ല പെറവർ മക്കൾക്കായത്രെ ചരതിക്കേണ്ടതു. ഞാനൊ നി
15 ങ്ങളെ ഏറ സ്നേഹിക്കുന്തോറും കുറയ സ്നേഹിക്കപ്പെടുന്ന എങ്കിലും നിങ്ങള
ടെ ആത്മാക്കൾക്കായി ചെലവിടുവാനും ചെലവായി പോവാനും അതി
16 കൌതുകപ്പെടുന്നു. എങ്കിൽ ആകട്ടെ, ഞാൻ നിങ്ങളെ ഭാരം ചുമത്തീട്ടില്ല;
17 ഉപായി ആകയാൽ ചതികൊണ്ട നിങ്ങളെ പിടുങ്ങി എന്നു വരും. ഞാൻ
നിങ്ങളുടെ അടുക്കെ അയച്ചവരിൽ ഒരുവനെക്കൊണ്ടും നിങ്ങളിൽ നിന്ന്
18 ഈററിച്ച നേടിയൊ. ഞാൻ തീതനെ പ്രബോധിപ്പിച്ച ആ സഹോദരനേ
യും കൂട അയച്ചിരുന്നു; പക്ഷെ തീതൻ നിങ്ങളിൽ ഈററിച്ചുവൊ? ഞങ്ങൾ
19 ഏകമായ ആത്മാവിൽ നടന്നില്ലയൊ ഏകമായ കാൽ ചുവടുകളിൽ ഇല്ല
യൊ? ഞങ്ങൾ നിങ്ങളോടു പ്രതിവാദം ചെയ്യുന്നു എന്നു പിന്നെയും നിങ്ങൾ
ക്കു തോന്നുന്നു. ദേവമുമ്പാകെ തന്നെ ക്രിസ്തനിൽ ഞങ്ങൾ ചൊല്ലുന്നു, സക
ലമൊ പ്രിയമുള്ളവരെ! നിങ്ങളുടെ വീട്ടവർദ്ധനെക്കത്രെ. എങ്ങിനെ
20 എന്നാൽ ഞാൻ വന്നാൽ നിങ്ങളെ ഇച്ഛരിക്കും പോലെ അല്ല കാണും നി
ങ്ങൾ എന്നെ ഇച്ഛരിക്കുമ്പോലെ അല്ല കാണും എന്നും പിണക്കം, എരി
വുകൾ, ക്രോധങ്ങൾ, ശാഠ്യങ്ങൾ, കുരളുകൾ, മുരുട്ടുകൾ, ഞെളിവുകൾ കല
21 ഹങ്ങൾ ഇവ ഉണ്ടാകും എന്നും. ഞാൻ വീണ്ടും വന്നാൽ എൻ ദൈവം
എന്നെ നിങ്ങളിൽ താഴ്ത്തുവാനും മുൻപിഴെച്ചിട്ടും തങ്ങൾ നടന്ന അശുദ്ധി
പുലയാട്ട ദുഷ്കാമങ്ങളേയും വിചാരിച്ച, മാനസാന്തരപ്പെടാത്ത പലരേ
യും (നീക്കി) ഖേദിപ്പാനും സംഗതി വരും എന്നു ഞാൻ ഭയപ്പെടുന്നു.

13. അദ്ധ്യായം

താൻ അങ്ങ് എത്തിയാൽ ഇന്ന പ്രകാരം ആചരിക്കും എന്നുള്ളതു.

1 **ഈ** മൂന്നാമത് ഞാൻ നിങ്ങളുടുക്കെ വരുന്നുണ്ട രണ്ട മൂന്നു സാക്ഷികളുടെ
വായിനാൽ ഏതു സംഗതിയും സ്ഥിരപ്പെടും; (5 മോ. 19, 15). ആ മുൻ
2 പിഴച്ചവരോടും മറെല്ലാവരോടും ഞാൻ മുൻ പറഞ്ഞിട്ടുണ്ട; ഇപ്പോൾ ദൂര
സ്ഥൻ എങ്കിലും രണ്ടാമത് അരികത്തുള്ളവനെ പോലെ മുൻ പറയുന്നതും
3 ഉണ്ട. എന്നിൽ നിന്നരെക്കുന്ന ക്രിസ്തന്റെ പരീക്ഷയെ നിങ്ങൾ അന്വേ
ഷിക്കകൊണ്ട ഞാൻ പിന്നെയും വന്നാൽ ആദരിച്ചടങ്ങുകയില്ല. അവൻ
4 നിങ്ങളോട് ബലഹീനനല്ല നിങ്ങളിൽ ശക്തനാകുന്നു സത്യം. എങ്ങിനെ
എന്നാൽ ബലഹീനതനിമിത്തം അവൻ ക്രൂശിക്കപ്പെട്ടിട്ടും ദൈവശക്തിനി
മിത്തം ജീവിക്കുന്നു; ഞങ്ങളും അല്ലൊ അവനിൽ ബലഹീനർ എങ്കിലും
അവനോടു കൂടെ ദേവശക്തിനിമിത്തം ജീവിക്കുന്നവരായി നിങ്ങൾക്ക്
5 വിളങ്ങും. നിങ്ങൾ വിശ്വാസത്തിൽ ഇരിക്കുന്നുവൊ എന്നു നിങ്ങളെ തന്നെ
പരീക്ഷിപ്പിൻ. നിങ്ങളെ തന്നെ ശോധന ചെയ്വിൻ! അല്ല നിങ്ങൾ കൊ
ള്ളരുതാത്തവർ ആയാൽ, ഒഴികെ യേശുക്രിസ്തൻ നിങ്ങളിൽ ഉണ്ടെന്നു നി
6 ങ്ങളിൽ തന്നെ അറിഞ്ഞു കൊള്ളുന്നില്ലയൊ. ഞങ്ങളൊ കൊള്ളരുതാത്തവ
7 രല്ല എന്നു നിങ്ങൾ അറിയും എന്ന് ആശിക്കുന്നു. എങ്കിലും നിങ്ങൾ ഒരു തി
ന്മയും ചെയ്യാതിരിക്കേണ്ടതിന്നു ഞാൻ ദൈവത്തെ നോക്കി പ്രാർത്ഥിക്കുന്നു.
അതും ഞങ്ങൾ കൊള്ളാകുന്നവരായി തോന്നേണം എന്നല്ല; നിങ്ങൾ ന
ന്മയെ ചെയ്തിട്ട ഞങ്ങൾ കൊള്ളരുതാത്തവർ എന്നു വരേണ്ടതിന്നു ഇച്ഛി
8 ച്ചത്രെ. ഞങ്ങൾക്കല്ലൊ സത്യത്തിന്നു എതിരെ ഒർ ആവതും ഇല്ല; സത്യ

9 ത്തിന്ന വേണ്ടിയെ ഉള്ളു. എങ്ങിനെ എന്നാൽ ഞങ്ങൾ ബലഹീനരും നി
ങ്ങൾ ശക്തരും എന്ന വരികിൽ ഞങ്ങൾ സന്തോഷിക്കുന്നു; അതു തന്നെ
അല്ലൊ ഞങ്ങൾ പ്രാർത്ഥിക്കുന്നതു നിങ്ങളുടെ യഥാസ്ഥാനത്വം തന്നെ. അതു
10 നിമിത്തം ഞാൻ എഴുതിയാൽ കർത്താവ് ഇടിവിന്നായിട്ടല്ല വീട്ടുവർദ്ധ
നെക്കത്രെ; എനിക്കു തന്ന അധികാരത്തിന്ന തക്കവണ്ണം ഖണ്ഡിത ഭാവ
ത്തെ പ്രയോഗിക്കാതെ ഇരിക്കേണ്ടതിന്ന ദൂരത്തുനിന്ന് ഇവ എഴുതുന്നു.
11 ഒടുക്കം സഹോദരന്മാരെ, സന്തോഷിപ്പിൻ! യഥാസ്ഥാനപ്പെടുവിൻ തങ്ങ
ളിൽ പ്രബോധിപ്പിച്ചു കൊൾവിൻ ഒന്നിനെ തന്നെ ഭാവിപ്പിൻ സമാധാ
12 നം കോളുവിൻ എന്നാൽ സമാധാനങ്ങളുടെ ദൈവം നിങ്ങളോടു കൂടെ
13 ഇരിക്കും. വിശുദ്ധ ചുംബനം കൊണ്ടു അന്യോന്യം വന്ദിപ്പിൻ. വിശുദ്ധർ
14 എല്ലാവരും നിങ്ങളെ വന്ദിക്കുന്നു. കർത്താവായ യേശുക്രിസ്തന്റെ കരുണ
യും ദൈവത്തിൻ സ്നേഹവും വിശുദ്ധാത്മാവിൻ കൂട്ടായ്മയും നിങ്ങൾ
എല്ലാവരോടും കൂടെ ഇരിപ്പൂതാക.

THE EPISTLE OF PAUL THE APOSTLE TO THE
GALATIANS

ഗലാത്യക്ക്

എഴുതിയ ലേഖനം

1. അദ്ധ്യായം

(6) അവർ ദുരുപദേഷ്ടാക്കന്മാർക്ക് ചെവികൊടുക്കയാൽ ആശ്ചര്യം, (11-2, 21) തന്റെ സുവിശേഷം മനുഷ്യരിൽനിന്നു കിട്ടിയതല്ല.

1 മനുഷ്യരിൽനിന്നല്ല മനുഷ്യനാലും അല്ല യേശുക്രിസ്തനാലും അവനെ
മരിച്ചവരിൽനിന്ന് ഉണർത്തിയ പിതാവായ ദൈവത്താലും അത്രെ അ
2 പോസ്തലനായ പൌലും. എന്റെ കൂടയുള്ള എല്ലാസഹോദരന്മാരും ഗലാ
ത്യസഭകൾക്ക് എഴുതുന്നത്: പിതാവായ ദൈവത്തിൽനിന്നും നമ്മുടെ കർ
3 ത്താവായ യേശുക്രിസ്തനിൽനിന്നും നിങ്ങൾക്ക് കരുണയും സമാധാന
4 വും ഉണ്ടാക. നമ്മുടെ ദൈവവും പിതാവുമായവന്റെ ഇഷ്ടപ്രകാരം ഇപ്പോ
ഴത്തെ ദുഷ്ടയുഗത്തിൽനിന്നു നമ്മെ എടുത്തു കൊള്ളേണ്ടതിന്നു നമ്മുടെ പാ
5 പങ്ങൾക്കു വേണ്ടി തന്നെത്താൻ കൊടുത്തു വെച്ചവനു യുഗാദികളോളം തേ
ജസ്സ് ഉണ്ടാക ആമെൻ.

6 ക്രിസ്ത കരുണയാൽ നിങ്ങളെ വിളിച്ചവനെ വിട്ട്, നിങ്ങൾ ഇത്ര വേ
ഗത്തിൽ വേറൊരു സുവിശേഷത്തിലേക്ക് മറിഞ്ഞു പോകുന്നതുകൊണ്ടു
7 ഞാൻ ആശ്ചര്യപ്പെടുന്നു. അതൊ മറ്റൊരു സുവിശേഷമല്ല. ചിലർ നിങ്ങ
ളെ കലക്കി ക്രിസ്തന്റെ സുവിശേഷത്തെ മറിച്ചുകളവാൻ ഇച്ഛിക്കുന്ന
8 തെ ഉള്ളു. എങ്കിലും ഞങ്ങൾ ആകട്ടെ, സ്വർഗ്ഗത്തിങ്കുന്നു ദൂതനാകട്ടെ, നി
ങ്ങൾക്കു ഞങ്ങൾ സുവിശേഷിച്ചതിനോടു വിപരീതമായി സുവിശേഷി
9 ച്ചാലും അവൻ ശാപഗ്രസ്തനാക! ഞങ്ങൾ മുൻചൊല്ലിയ പ്രകാരം ഇന്നു
പിന്നെയും പറയുന്നു; നിങ്ങൾ പരിഗ്രഹിച്ചതിനോടു വിപരീതമായി
10 ആരാനും നിങ്ങളിൽ സുവിശേഷിച്ചാൽ അവൻ ശാപഗ്രസ്തനാക. എ
ന്തെന്നാൽ ഇന്നു ഞാൻ മനുഷ്യരെ സമ്മതിപ്പിക്കുന്നു എന്നുണ്ടൊ, ദൈവ
ത്തെ അല്ലയൊ അല്ല, മനുഷ്യരെ പ്രസാദിപ്പിപ്പാൻ അന്വേഷിക്കുന്നുവൊ,
ഇന്നും മനുഷ്യരെ പ്രസാദിപ്പിച്ചു എങ്കിൽ, ഞാൻ ക്രിസ്തനു ദാസനല്ല.

11 എന്നാൽ സഹോദരൻമാരെ! ഞാൻ പ്രസ്താപിച്ച സുവിശേഷം മനു
12 ഷ്യപ്രകാരമുള്ളതല്ല എന്നു നിങ്ങളെ അറിയിക്കുന്നു. കാരണം ഞാനും അ
തിനെ മനുഷ്യനിൽനിന്നു പരിഗ്രഹിച്ചിട്ടില്ല ഉപദേശിക്കപ്പെട്ടിട്ടും ഇല്ല;
13 യേശുക്രിസ്തന്റെ വെളിപ്പാടിനാൽ അത്രെ (കിട്ടിയതു). എങ്ങിനെ എ
ന്നാൽ പണ്ടു ഞാൻ യഹൂദാചാരത്തിൽ നടന്നതിനെ കേട്ടുവല്ലൊ? ദേവ
14 സഭയെ ഞാൻ അനവധി ഹിംസിച്ചു പാഴാക്കി. എന്റെ പൈതൃകസമ്പ്ര
ദായങ്ങൾക്കായി അത്യന്തം എരിവേറി, എൻ വംശത്തിലുള്ള സമപ്രായ
സ്ഥർ പലരേക്കാളും യഹൂദാചാരത്തിൽ അധികം മുഴുത്തു വന്നതു തന്നെ.
15 എങ്കിലും എൻ അമ്മയുടെ ഗർഭത്തിൽനിന്ന് എന്നെ വേർതിരിച്ചു ത
ന്റെ കരുണയാലെ വിളിച്ചവൻ സ്വപുത്രനെ ഞാൻ ജാതികളിൽ സുവി
ശേഷിക്കേണ്ടതിന്ന് അവനെ എന്നിൽ വെളിപ്പെടുത്തുവാൻ പ്രസാദിച്ച
16 പ്പോൾ, ഞാൻ മാംസരക്തങ്ങളോടു ബോധിപ്പിച്ചില്ല. എനിക്കു മുമ്പെ

17 അപോസ്തലരായവരുടെ അടുക്കൽ യരുശലേമിൽ കരേറിപോയതും ഇ
ല്ല; ഉടനെ അറവിന്നാമ്മാറു പുറപ്പെട്ടു ദമസ്കിലേക്കും മടങ്ങി പോരുക
18 യും ചെയ്തു. പിന്നെ മൂവാണ്ടു കഴിഞ്ഞിട്ടു പേത്രനെ പരിചയിപ്പാൻ യരു
19 ശലേമിലേക്കു കരേറി. 15 ദിവസം അവനോടു കൂടെ പാർത്തു. കർത്താ
വിൻ സഹോദരനായ യാക്കോബൈന്നിയെ അപോസ്തലരിൽ വേറൊ
20 രുത്തനെ കണ്ടതും ഇല്ല. (ഞാൻ നിങ്ങൾക്കു് എഴുതുന്നതൊ ഇതാ ദേവമു
21 മ്പാകെ ഞാൻ കളവു പറയുന്നില്ല). അനന്തരം ഞാൻ സുറിയ കിലിക്യ
22 ദിക്കുകളിൽ ചെന്നു. ക്രിസ്തനിലുള്ള യഹൂദ്യ സഭകൾക്കൊ, ഞാൻ മുഖ
23 പരിചയം ഇല്ലാത്തവനായി പാർത്തു. പണ്ടു നമ്മെ ഹിംസിപ്പവൻ താൻ
മുമ്പെ പാഴാക്കിയ വിശ്വാസത്തെ ഇപ്പോൾ സുവിശേഷിക്കുന്നു എന്നു്
അവർ കേട്ടു ദൈവത്തെ എന്നിൽ മഹത്വപ്പെടുത്തിയതെ ഉള്ളു.

2. അദ്ധ്യായം

താൻ ജാതികളുടെ അപോസ്തലൻ എന്നു മാനിക്കപ്പെട്ടു, (11) പേത്രനെ
കൂടെ ആക്ഷേപിച്ചതും.

1 പിന്നെ പതിന്നാലു് ആണ്ടു കഴിഞ്ഞിട്ടു ബർന്നബാവുമായി തീതനേ
യും കൂട്ടിക്കൊണ്ടു യരുശലേമിലേക്കു കരേറി അന്നു വെളിപ്പാടിനെ അനു
2 സരിച്ചു ചെന്നതു. ഞാൻ ഓടുന്നതു താൻ, ഓടിയതു താൻ, പഴുതിലത്രെ
എന്നു വരാതിരിപ്പാൻ ഞാൻ ജാതികളിൽ ഘോഷിക്കുന്ന സുവിശേഷ
ത്തെ അവർക്കും സ്വകാര്യമായി പ്രമാണികൾക്കും (വിവരിച്ചു) മുൻവെച്ചു.
3 എന്നാൽ എന്റെ കൂടെ ഉള്ള തീതൻ യവനൻ എങ്കിലും പരിഛേദന ചെ
4 യ്വാൻ നിർബ്ബന്ധിക്കപ്പെട്ടതും ഇല്ല. ആ നുഴഞ്ഞു വന്ന കള്ള സഹോദരർ
നിമിത്തം അത്രെ: ആയവർ നമ്മെ ദാസീകരിച്ചു കളയേണ്ടതിന്നു ക്രി
സ്തയേശുവിൽ നമുക്കുള്ള സ്വാതന്ത്ര്യത്തെ ഒറ്റു നോക്കുവാൻ നുഴഞ്ഞു വ
5 ന്നവർ. അവർക്കു ഞങ്ങൾ സുവിശേഷസത്യം നിങ്ങളോടു കൂടെ പാർക്കേ
6 ണ്ടതിന്നു നാഴികപോലും കീഴ്പെട്ടു വഴങ്ങീട്ടില്ല. പ്രമാണികൾ എന്നു
തോന്നുന്നവരൊ, (അവർ ഏതുപ്രകാരമുള്ളവരായി എന്നു് എനിക്കു വേണ്ടു
വതില്ല.)ദൈവത്തിന്നു മനുഷ്യനെ കുറിച്ചു മുഖപക്ഷം ഇല്ല; എങ്ങിനെ എ
ന്നാൽ പ്രമാണികൾ എനിക്കു് ഒന്നും ബോധിപ്പിച്ചു തന്നില്ല. പിന്നെ
7 യൊ പരിഛേദനയോടുള്ള അപോസ്തലത്വത്തിൽ പേത്രനു സാദ്ധ്യം വ
രുത്തിയവൻ എനിക്കും ജാതികളിൽ സാദ്ധ്യം വരുത്തിയതുകൊണ്ടു. പേത്ര
8 നു പരിഛേദനയിൽ എന്ന പോലെ എനിക്കു് അഗ്രചർമ്മത്തിലെ സുവി
9 ശേഷണം ഭരം ഏല്പിച്ചുവന്നപ്രകാരം കണ്ടും. എനിക്കു് നല്കിയ കരുണ
യെ അറിഞ്ഞും കൊണ്ടു, യാക്കോബ്, കേഫാ, യോഹനാൻ എന്നിങ്ങി
നെ തൂണുകൾ ആയി തോന്നുന്നവർ എനിക്കും ബർന്നബാവിന്നും കൂട്ടായ്മ
10 യുടെ വലങ്കൈകളെ തന്നു. ഞങ്ങൾ ജാതികളിലേക്കും അവർ പരിഛേദന
യിലേക്കും എന്നും, ദരിദ്രരെ മാത്രം ഞങ്ങൾ ഓർക്കുകെ വേണ്ടു എന്നും വെ
ച്ചത്രെ; ആയതും ഞാൻ ചെയ്വാൻ ഉത്സാഹിച്ചു സത്യം.
11 ശേഷം പേത്രൻ അന്ത്യോഹ്യയിൽ വന്നാറെ, അവന്റെ മേൽ കുറ്റം ചു
മത്തപ്പെടുകയാൽ ഞാൻ അഭിമുഖമായി അവനോടു് എതിർത്തുനിന്നു. എ
12 ങ്ങിനെ എന്നാൽ യാക്കോബിൽ നിന്നു ചിലർ വരുമ്മുമ്പെ അവൻ ജാതി
കളോടു് കൂട ഭക്ഷിക്കും; വന്നപ്പോഴൊ, അവൻ പരിഛേദനക്കാരെ ഭയപ്പെ
13 ട്ടു പിൻവാങ്ങി, വേർപിരിഞ്ഞുകൊള്ളും. അവനോടു കൂട ശേഷം യഹൂദരും
വ്യാജത്തിൽ കൂടുങ്ങുകയാൽ, ബർന്നബാവും അവരുടെ വ്യാജത്താൽ കൂട വ
14 ലിക്കപ്പെട്ടു. എന്നാൽ അവർ സുവിശേഷസത്യത്തിൻപ്രകാരം കാൽ നേരെ
വെക്കുന്നില്ല എന്നു കണ്ടിട്ടു, ഞാൻ എല്ലാവരും കാൺകെ പേത്രനോടു

പറഞ്ഞിതു: യഹൂദനായ നീ യഹൂദ്യമായല്ല, ജാതിപ്രായമായി ഉപജീവി
ക്കുന്നു എങ്കിൽ, നീ ജാതികളെ യഹൂദപ്രായമാകുവാൻ നിബ്ബന്ധിക്കുന്നതു
15 എങ്ങിനെ? നാം സ്വഭാവത്താൽ ജാതികളിൽനിന്നുള്ള പാപികളല്ല യഹൂദര
16 ത്രെ. യേശുക്രിസ്തുകലെ വിശ്വാസത്താൽ അല്ലാതെ, ധർമ്മക്രിയകളാൽ മനു
ഷ്യൻ നീതീകരിക്കപ്പെടുന്നില്ല എന്നു അറിയുന്നു താനും; നാമും ധർമ്മക്രി
യകളാൽ അല്ല, ക്രിസ്തുവിശ്വാസം ഹേതുവായി നീതീകരിക്കപ്പെടേണ്ടതി
ന്നു ക്രിസ്തയേശുവിൽ വിശ്വസിച്ചു; കാരണം ധർമ്മക്രിയകളും ഹേതുവാ
17 യി ഒരു ജഡവും നീതീകരിക്കപ്പെടുകയില്ല. എന്നാൽ ക്രിസ്തനിൽ നീ
തീകരണത്തെ അന്വേഷിക്കുമ്പോൾ, നാമും കൂട പാപികളും ആയി എന്നു
18 വരികിൽ ക്രിസ്തൻ തന്നെ പാപത്തിൻ ശുശ്രൂഷക്കാരൻ എന്നൊ? അതു
രുതെ. എങ്ങിനെ എന്നാൽ ഞാൻ ഇടിച്ചവറെ തന്നെ പിന്നെയും കെട്ടി
19 യാൽ ഞാൻ ലംഘിച്ചവൻ എന്നു താൻ തെളിയിക്കുന്നു. ഞാനാകട്ടെ ദൈ
വത്തിന്നായി ജീവിക്കേണ്ടതിന്നു ധർമ്മത്താൽ ധർമ്മത്തിന്നു മരിച്ചു; ഞാൻ
20 ക്രിസ്തനോടു കൂട ക്രൂശിക്കപ്പെട്ടിരിക്കുന്നു. ഇനി ജീവിക്കുന്നതു ഞാനല്ല;
ക്രിസ്തൻ എന്നിൽ അത്രെ ജീവിക്കുന്നു; ഇന്നും ഞാൻ ജഡത്തിൽ ജീവി
ക്കുന്നതൊ എന്നെ സ്നേഹിച്ചു എനിക്കു വേണ്ടി തന്നെത്താൻ ഏല്പിച്ചു
21 തന്ന ദേവപുത്രനിലെ വിശ്വാസത്തിൽ ജീവിക്കുന്നു. ദേവകൃപയെ ഞാൻ
തള്ളിക്കളയുന്നില്ല; എങ്ങിനെ എന്നാൽ ധർമ്മത്താൽ നീതി ഉണ്ടെങ്കിൽ
ക്രിസ്തൻ വെറുതെ മരിച്ചു എന്നത്രെ (പറഞ്ഞു).

3. അദ്ധ്യായം

[(1—5, 12) ധർമ്മാസക്തിയുടെ ആക്ഷേപണം] ധർമ്മത്താൽ അല്ല ആ
ത്മാവും, (6) നീതിയും, (10) ശാപമോക്ഷവും ലഭിച്ചതു, (15) ധർമ്മം
വാഗ്ദത്തത്തെ നീക്കാതെ, (19) ബാലശിക്ഷക്കായി വന്നതു, (25) വി
ശ്വാസത്താലെ വാഗ്ദത്താവകാശം.

1 **ഹാ** ബുദ്ധിയില്ലാത്ത ഗലാത്യരെ! ക്രൂശിക്കപ്പെട്ടവനായി യേശുക്രി
സ്തൻ കണ്ണുകൾക്കു മുമ്പാകെ നിങ്ങളിൽ വരെച്ചു കിട്ടിയ ശേഷവും നി
2 ങ്ങൾക്കു ആർ ഒടി വെച്ചു? ഇതു ഒന്നിനെ നിങ്ങളിൽനിന്നു ഗ്രഹിപ്പാൻ ഇ
ച്ഛിക്കുന്നു; നിങ്ങൾക്കു ആത്മാവു ലഭിച്ചതു ധർമ്മക്രിയകളാലൊ, വി
ശ്വാസത്തിൻ കേൾവിയിൽനിന്നൊ? നിങ്ങൾ ഇത്ര ബുദ്ധി കെട്ടവരൊ?
3 ആത്മാവുകൊണ്ടു ആരംഭിച്ചു, ഇപ്പോൾ ജഡംകൊണ്ടൊ, സമാപ്തി വരു
4 ന്നതു. ഇത്ര എല്ലാം വെറുതെ അനുഭവിച്ചുവൊ? വെറുതെ എന്നു വരികി
5 ലെ. എന്നാൽ നിങ്ങൾക്കു ആത്മാവിനെ ഏകിശക്തികളെ നിങ്ങളിൽ
സാധിപ്പിച്ചു തരുന്നവൻ ധർമ്മക്രിയകളും ഹേതുവായൊ, വിശ്വാസക്കേളും
6 വി ഹേതുവായൊ, (തരുന്നതു)? (വിശ്വാസത്താലല്ലയൊ (1മോ; 15,
6.) അബ്രഹാം ദൈവത്തെ വിശ്വസിച്ചു. അതു അവനു നീതിയായി എ
7 ണ്ണപ്പെട്ടതു പോലെ തന്നെ. അതുകൊണ്ടു വിശ്വാസത്തിലുള്ളവർ അത്രെ;
അബ്രഹാം മക്കളും ആകുന്നു എന്നു അറിവിൻ. എന്നാൽ ദൈവം വിശ്വാ
8 സം ഹേതുവായി ജാതികളെ നീതീകരിക്കുന്നതിനെ വേദം മുൻകണ്ടു അ
ബ്രഹാമിന്നു മുന്നെ സുവിശേഷിച്ചു കൊടുത്തിതു: നിന്നിൽ സകല ജാതി
കളും കൂടെ അനുഗ്രഹിക്കപ്പെടും എന്നതത്രെ; (1മോ. 12,3. 18,18.) ആക
9 യാൽ വിശ്വാസത്തിൽ ഉള്ളവർ വിശ്വാസിയായ അബ്രഹാമോടു കൂട അനു
10 ഗ്രഹിക്കപ്പെടുന്നു. ധർമ്മക്രിയകളിൽ ഉള്ളവർ ഏവരും ആകട്ടെ, ശാപ
ത്തിങ്കീഴു ആകുന്നു; എങ്ങിനെ എന്നാൽ (5മോ. 27,26). ധർമ്മപുസ്തു
കത്തിൽ എഴുതിയവ ഒക്കയും ചെയ്വാൻ അവറ്റിൽ വസിച്ചു നില്ക്കാത്ത
11 വൻ എല്ലാം ശപിക്കപ്പെട്ടവൻ എന്നു എഴുതിയിരിക്കുന്നു. എന്നാൽ

ധമ്മത്തിൽ ആരും ദൈവമുമ്പാകെ നീതീകരിക്കപ്പെടാത്തു സ്പഷ്ടം വിശ്വാസ
ത്താലെ നീതിമാനല്ലൊ ജീവിക്കും (ഹബ. 2, 4.) ധർമ്മമൊ വിശ്വാസ
12 ത്തോടു ചേരുന്നതല്ല (3 മോ. 18,5.) അവറെ ചെയ്തവൻ അവറാൽ ജീവി
13 ക്കും എന്നത്രെ. (5 മോ. 21, 23). മരത്തിന്മേൽ തൂങ്ങുന്നവൻ എല്ലാം ശപി
ക്കപ്പെട്ടവൻ എന്നു് എഴുതിയപ്രകാരം ക്രിസ്തൻ നമുക്കുവേണ്ടി ശാപമായു്ച
മഞ്ഞു, ധർമ്മത്തിൻ ശാപത്തിൽനിന്നു ഞങ്ങളെ മേടിച്ചു വിടുവിച്ചതു്.
14 അബ്രഹാമിൻ അനുഗ്രഹം ക്രിസ്തയേശുവിങ്കൽ ജാതികൾക്കും സംഭവിക്കേ
ണ്ടതിന്നു, നാം ആത്മാവാകുന്ന വാഗ്ദത്തത്തെ വിശ്വാസംകൊണ്ടു പ്രാപി
പ്പാൻ തന്നെ.

15 സഹോദരന്മാരെ, ഞാൻ മാനുഷപ്രകാരം പറയുന്നു: ഒരു മനുഷ്യന്റെ നിയ
മം നിർണ്ണയം വന്ന ശേഷം ആരും തള്ളുകയൊ, കൂട്ടിക്കല്പിക്കയൊ ചെയ്യു
16 ന്നില്ല പോൽ. എന്നാൽ അബ്രഹാമിന്നും അവന്റെ സന്തതിക്കും ആ വാ
ഗ്ദത്തങ്ങൾ ചൊല്ലപ്പെട്ടു; സന്തതികൾക്കും എന്നിങ്ങിനെ പലർക്കായല്ല;
ഏകന്നായിട്ടത്രെ. (1 മോ. 17, 8.) നിന്റെ സന്തതിക്കും എന്നു പറയുന്നു;
17 ആയ്തു ക്രിസ്തൻ തന്നെ. ഞാൻ ഇതിനെ പറയുന്നു: (ക്രിസ്തുകലേക്കു) ദൈവ
ത്താൽ നിർണ്ണയിക്കപ്പെട്ട നിയമത്തെ 430 ആണ്ടു പിന്നെ ഉണ്ടായൊരു
18 ധർമ്മം വാഗ്ദത്തത്തെ നീക്കുമാറു ദുർബ്ബലമാക്കുന്നില്ല. എങ്ങിനെ എന്നാൽ
അവകാശം ധർമ്മം മൂലമായി എങ്കിൽ പിന്നെ വാഗ്ദത്തമൂലം ആകുന്നില്ല;
അബ്രഹാമിന്നൊ ദൈവം വാഗ്ദത്തംകൊണ്ടു സമ്മാനിച്ചിട്ടുണ്ടു. എന്നാൽ
19 ധർമ്മമായതു് എന്തു വാഗ്ദത്തപാത്രമാകുന്ന സന്തതിവരുവോളം അതു ലം
ഘനങ്ങൾ വർദ്ധിപ്പാൻ കൂട വെക്കപ്പെട്ടതും ദൂതർ മുഖേന മദ്ധ്യസ്ഥന്റെ
കൈയിൽ ആദേശിക്കപ്പെട്ടതും തന്നെ. മദ്ധ്യസ്ഥൻ എന്നതു് ഒരു പ
20 ക്ഷത്തിന്നല്ല. ദൈവമൊ ഒരുവൻ ആകുന്നു, എന്നാൽ ധർമ്മം ദേവ
21 വാഗ്ദത്തങ്ങൾക്കു വിരോധമൊ? അതരുതെ; എങ്ങിനെ എന്നാൽ ഉയർ
പ്പിപ്പാൻ കഴിയുന്നൊരു ധർമ്മം നല്കപ്പെട്ട എങ്കിൽ, ധർമ്മത്തിൽനിന്നു
22 നീതി ഉണ്ടു സത്യം. എങ്കിലും വിശ്വസിക്കുന്നവർക്കു തന്നെ വാഗ്ദത്തം
യേശുക്രിസ്തകലെ വിശ്വാസത്താൽ കൊടുക്കപ്പെടേണ്ടതിന്നു വേദം എല്ലാ
23 വറേയും പാപത്തിൻകീഴു് അടെച്ചു കളഞ്ഞു. വിശ്വാസം വരും മുന്നമൊ,
ഞങ്ങൾ പിന്നെ വെളിപ്പെടേണ്ടുന്ന വിശ്വാസത്തിലാമാറു ധർമ്മത്തിൻകീഴു്
24 അടച്ചു വെച്ചു കാക്കപ്പെട്ടു; അതുകൊണ്ടു നാം വിശ്വാസം ഹേതുവായി നീ
തീകരിക്കപ്പെടേണ്ടതിന്നു ധർമ്മം എന്നതു ക്രിസ്തകലേക്കു് (നടത്തുന്ന) ഞ
25 ങ്ങളുടെ ഗുരുവായി ഭവിച്ചു. വിശ്വാസം വന്ന ഉടനെ നാംപിന്നെ ഗുരുവി
26 ൻകീഴിൽ അല്ല. കാരണം ക്രിസ്തയേശുവിങ്കലെ വിശ്വാസത്താൽ നിങ്ങൾ
27 എല്ലാവരും ദേവപുത്രർ ആകുന്നു. എങ്ങിനെ എന്നാൽ ക്രിസ്തകലേക്കു്
സ്നാനപ്പെട്ട നിങ്ങൾ എപ്പേരും ക്രിസ്തനെ ഉടുത്തു. അതിൽ യ
28 ഹൂദനും ഇല്ല, യവനനും ഇല്ല, ദാസനും സ്വതന്ത്രനും എന്നില്ല, ആണ പെൺ
29 എന്നും ഇല്ല; നിങ്ങൾ എല്ലാവരും ക്രിസ്തയേശുവിങ്കൽ ഏകനത്രെ. വി
ശേഷിച്ചു നിങ്ങൾ ക്രിസ്തനുള്ളവർ എങ്കിൽ അബ്രഹാമിൻ സന്തതിയും
വാഗ്ദത്തപ്രകാരം അവകാശികളും ആകുന്നു സ്പഷ്ടം.

4. അദ്ധ്യായം

പുത്രാവകാശം ക്രിസ്തനാൽ വന്നിരിക്കെ, (8) ധർമ്മത്തിലേക്കു തിരി
ഞ്ഞു ചെലവാൻ എന്തു? (21) ഹാഗാരെ ഉദ്ദേശിച്ച ഉപമ.

1 **ഞാൻ** ചൊല്ലുന്നിതു: അവകാശി ശിശുവാകുംകാലം എല്ലാം സ്വത്തി
നും കർത്താവു് ആകിലും ദാസനു് ഒട്ടും വിശേഷമുള്ളവനല്ല. അപ്പൻ

2 വെച്ച അവധിയോളം അവൻ കാരണവർക്കും വീട്ടുവിചാരകർക്കും കീഴ്
3 പെട്ടവനത്രെ. അതുപോലെ നാമും ശിശുക്കൾ ആകുമ്പോൾ, ലോകത്തിൻ
4 ആദിപാഠങ്ങളിൻ കീഴ് അടിമപ്പെട്ടിരുന്നു. പിന്നെ കാലസമ്പൂർണ്ണത വ
ന്നെടുത്തു ദൈവം സ്വ പുത്രനെ സ്ത്രീയിൽനിന്നുണ്ടായവനും ധർമ്മത്തിൻകീഴ്
5 പിറന്നവനും ആയിട്ടയച്ചുവിട്ടു. അവൻ ധർമ്മത്തിൻകീഴുള്ളവരെ മേടിച്ചു
വിടുവിച്ചിട്ടു നാം പുത്രത്വം പ്രാപിക്കേണ്ടതിന്നത്രെ. നിങ്ങൾ പുത്രർ
6 ആകകൊണ്ട് അല്ലൊ, അബ്ബാപിതാവെ എന്നു വിളിക്കുന്ന സ്വപുത്രന്റെ
7 ആത്മാവിനെ ദൈവം നമ്മുടെ ഹൃദയങ്ങളിൽ അയച്ചു. അതുകൊണ്ടു നീ
ഇനി ദാസനല്ല. പുത്രനത്രെ; പുത്രൻ എങ്കിലൊ ക്രിസ്തനാൽ ദൈവത്തിൻ
അവകാശിയും ആകുന്നു.
8 അന്നല്ലയൊ നിങ്ങൾ ദൈവത്തെ ബോധിക്കാതെ ഇരുന്നു; സ്വഭാവ
9 ത്താൽ ദേവകൾ അല്ലാത്തവരെ സേവിച്ചു. ഇന്നൊ ദൈവത്തെ അറിഞ്ഞു
വിശേഷാൽ ദൈവത്താൽ അറിയപ്പെട്ടിട്ടു നിങ്ങൾ പിന്നെയും ബലഹീ
നവും ദരിദ്രവും ആയ ആദിപാഠങ്ങളിലേക്കു തിരിഞ്ഞുകൊണ്ട് അവറെ
10 വീണ്ടും സേവിച്ചു പോവാൻ ഇച്ഛിക്കുന്നത് എങ്ങിനെ? നിങ്ങൾ ദിവസ
ങ്ങളേയും മാസങ്ങളേയും സമയങ്ങളേയും ആണ്ടുകളേയും ആചരിക്കുന്നുവൊ?
11 ഞാൻ നിങ്ങൾക്കായി ഭയപ്പെടുന്നു; നിങ്ങൾക്കായി വെറുതെ അദ്ധ്വാനി
12 ച്ചു എന്നു വരുമൊ? എന്നെ പോലെ ആകുവിൻ! ഞാനും നിങ്ങളെ പോ
13 ലെ ആയല്ലൊ, സഹോദരന്മാരെ, ഞാൻ നിങ്ങളോടു യാചിക്കുന്നു. നി
ങ്ങൾ എനിക്ക് ഒരു ന്യായക്കുറവും ചെയ്തിട്ടില്ല; ജഡത്തിലെ ബലഹീന
തനിമിത്തം ഞാൻ ഒന്നാമത് നിങ്ങളിൽ സുവിശേഷിച്ചപ്പോൾ, എന്റെ
14 ജഡത്തിങ്കൽ നിങ്ങൾക്കു വന്ന പരീക്ഷയെ ധിക്കരിച്ചതും തുപ്പിക്കളഞ്ഞ
തും ഇല്ല; ദേവദൂതനെ പോലെ ക്രിസ്തയേശുവെ കണക്കനെ എന്നെ കൈ
15 ക്കൊണ്ടതെ ഉള്ളു എന്നറിയാമല്ലൊ. നിങ്ങളുടെ ധന്യവാദം എന്തൊന്ന്
ആയി! കഴിയും എങ്കിൽ, നിങ്ങളുടെ കണ്ണുകളെ പൂന്നെടുത്ത് എനിക്ക് ത
രികയായിരുന്നു എന്നതിന്നു ഞാൻ നിങ്ങൾക്കു സാക്ഷി. ആകയാൽ ഞാൻ
16 നിങ്ങളോടു സത്യം പറകകൊണ്ടു നിങ്ങൾക്കു ശത്രുവായി പോയൊ? അ
17 വർ ശുഭമായല്ല നിങ്ങളെ എരിവോടേ തേടുന്നു; നിങ്ങളും അവരെ തന്നെ
തേടേണ്ടതിലേക്കു അവർ നിങ്ങളെ പുറത്തടച്ചു കളവാൻ ഇച്ഛിക്കുന്നു. ന
18 ല്ലതിൽ (എപ്പോഴും എരിവോടെ തേടുന്നതൊ ശുഭം തന്നെ; ഞാൻ നിങ്ങ
19 ളോടുകൂടി ഇരിക്കുമ്പോൾ മാത്രവുമല്ല). എന്റെ പൈതങ്ങളെ! ക്രിസ്തൻ
നിങ്ങളിൽ ഉരുവാകുവോളം ഞാൻ പിന്നെയും നൊന്തു പെറുന്നവരെ നി
20 ങ്ങൾ നിമിത്തം ഞാൻ ബുദ്ധിമുട്ടി പോകുന്നതാൽ ഇന്നു നിങ്ങളോട് എ
ത്തി ഇരുന്നു, എന്റെ ഒച്ചയെ മാറ്റിയാൽ കൊള്ളാം.
21 എന്നോടു പറവിൻ! ധർമ്മത്തിൻ കീഴെ ഇരിപ്പാൻ ഇച്ഛിക്കുന്നവരെ
22 നിങ്ങൾ ധർമ്മത്തെ കേൾക്കുന്നില്ലയൊ? അബ്രഹാമിന്നു രണ്ടു മക്കൾ, ഒ
രുവൻ ദാസിയിലും ഒരുവൻ സ്വതന്ത്രയിലും ഉണ്ടായി എന്നു എഴുതിയി
23 രിക്കുന്നുവല്ലൊ. അതിൽ ദാസിക്കുള്ളവൻ ജഡപ്രകാരം പിറന്നവൻ; സ്വ
24 തന്ത്രക്കുള്ളവനൊ വാഗ്ദത്തത്താൽ അത്രെ. ആയതു സാദൃശ്യവാക്ക് അ
ത്രെ; ഈ സ്ത്രീകൾ രണ്ടു നിയമങ്ങൾ ആകുന്നു; ഒന്നു സീനായ്മലയിൽനി
ന്ന് ഉണ്ടായി, ദാസ്യത്തിന്നായി പെറുന്നതു ഹാഗാർ തന്നെ. (ഹാഗാർ
25 എന്നതൊ അറവിയിലെ സീനായ്മല തന്നെ); ആ നിയമം ഇപ്പോഴത്തെ
യരുശലേമിനോട് ഒക്കുന്നു; അതു തൻ മക്കളോടു കൂട ദാസ്യത്തിൽ ആകു
26 ന്നുവല്ലൊ. മീതലെ യരുശലേമൊ സ്വതന്ത്രയായതു ഇവളത്രെ; നമ്മുടെ
27 അമ്മ എങ്ങിനെ എന്നാൽ (യശ. 54, 1,) പെറാത്ത മച്ചിയെ ആനന്ദി
ക്ക! നോവാത്തവളെ പൊട്ടി ആർക്കുക; പുരുഷനുള്ള വളേക്കാളും ത്യജിക്ക
പ്പെട്ടവൾക്ക് അത്യന്തം ഏറിയ മക്കൾ ഉണ്ടല്ലൊ എന്ന് എഴുതിയിരിക്കു
28 ന്നു. നാമൊ സഹോദരന്മാരെ! ഇച്ഛിക്കാനൊത്തവണ്ണം വാഗ്ദത്തത്താലെ

29 മക്കൾ അത്രെ. എന്നാൽ അന്ന ജഡപ്രകാരം പിറന്നവൻ ആത്മപ്ര
കാരം ആയവനെ ഹിംസിച്ച പോലെ ഇന്നും നടക്കുന്ന. അതിനൊ വേ
30 ദം എന്ത ചൊല്ലുന്ന? (1 മോ. 21, 10.) ദാസിയേയും അവളുടെ പുത്രനേ
യും പുറത്താക്കുക; കാരണം ദാസീപുത്രൻ സ്വതന്ത്രയുടെ പുത്രനോട കൂട അ
വകാശി ആകരുത് എന്നത്രെ.

5. അദ്ധ്യായം

ദാസ്യത്തെ ഒഴിച്ചുനിന്ന, (7) കലഹിപ്പിക്കുന്നവരെ വിടേണം, (13) ആത്മാവിൽ നടപ്പാൻ പ്രബോധനം.

1 അതുകൊണ്ട സഹോദരന്മാരെ! നാം ദാസികല്ല, സ്വതന്ത്രകു മക്കൾ
ആകുന്ന; സ്വാതന്ത്ര്യത്തിന്നായി ക്രിസ്തൻ നമ്മെ വിടുതലയാക്കി, അ
തിൽ നിലനില്പിൻ; ദാസനുകത്തിൽ പിന്നെയും കുടുങ്ങിപ്പോകരുതെ
2 ഇതാ പൌലായ ഞാൻ നിങ്ങളോട പറയുന്നിതു: നിങ്ങൾ പരിഛേദന
യെ ഏറ്റാൽ ക്രിസ്തൻ നിങ്ങൾക്കു ഏതും ഉപകരിക്കയില്ല. പരിഛേദ
3 ന ഏല്ക്കുന്ന സകല മനുഷ്യനോടും ഞാൻ പിന്നെയും ആണയിടുന്നിതു: ധ
4 ർമ്മത്തെ മുഴുവൻ ചെയ്വാൻ അവൻ കടക്കാരൻ ആകുന്ന. ധർമ്മത്തിൽ നീ
തീകരിക്കപ്പെടുന്നവർ ആകയാൽ നിങ്ങൾക്ക് ക്രിസ്തനിൽനിന്ന നീക്കം
5 വന്ന നിങ്ങൾ കരുണയിൽനിന്ന വീണ പോയി. ഞങ്ങൾ ആകട്ടെ, നീ
തിയാകുന്ന ആശാത്ഥത്തെ ആത്മാവിനാൽ വിശ്വാസമൂലം കാത്തിരിക്ക
6 ന്ന. എങ്ങിനെ എന്നാൽ ക്രിസ്തയേശുവിങ്കൽ സാരമുള്ളതു പരിഛേദനയും
അല്ല, അഗ്രചർമ്മവും അല്ല; സ്നേഹത്താൽ വ്യാപരിക്കുന്ന വിശ്വാസമത്രെ.
7 നിങ്ങൾ നന്നായി ഓടി സത്യത്തെ സമ്മതിക്കാതെ ഇരിപ്പാൻ നിങ്ങളെ
8 ആർ ചെറുത്തു. ഈ സമ്മതിപ്പിക്കുന്നതു നിങ്ങളെ വിളിച്ചവനിൽ നിന്ന
9 ുള്ളതല്ല. അസാരം പുളിമാവു പിണ്ഡത്തെ മുഴുവനും പുളിപ്പിക്കുന്ന. നി
10 ങ്ങൾ മറെറാന്നും ഭാവിക്കയില്ല എന്ന ഞാൻ നിങ്ങൾ വിഷയമായി
കർത്താവിൽ ഉറപ്പിച്ചിരിക്കുന്നു; നിങ്ങളെ കലക്കുന്നവൻ ആർ ആയാലും
11 ന്യായവിധിയെ ചുമക്കും താനും. ഞാനൊ സഹോദരന്മാരെ, ഇപ്പോഴും
പരിഛേദനയെ ഘോഷിക്കുന്ന എന്ന വരികിൽ ഹിംസപ്പെടുവാൻ എന്ത
പോൽ? എന്നാൽ ക്രൂശിന്റെ ഇടർച്ചെക്കു നീക്കം വന്നായിരിക്കും. നി
12 ങ്ങളെ കലഹിപ്പിക്കുന്നവർ ഛേദിച്ചുംകൊണ്ടാൽ കൊള്ളായിരുന്ന.
13 നിങ്ങൾ അല്ലൊ സഹോദരന്മാരെ? സ്വാതന്ത്ര്യത്തിന്നായി വിളിക്കപ്പെ
ട്ട, സ്വാതന്ത്ര്യത്തെ മാത്രം ജഡത്തിന്ന് അവസരം ആക്കാതെ സ്നേഹ
14 ത്താൽ അന്യോന്യം സേവിപ്പിൻ. കാരണം (3 മൊ. 19, 18.) നിന്റെ
കൂട്ടുകാരനെ നിന്നെ പോലെ തന്നെ സ്നേഹിക്കേണം എന്നുള്ള ഏക വാക്യ
15 ത്തിൽ ധർമ്മം എല്ലാം പൂരിച്ചുവന്ന. നിങ്ങളിൽ തന്നെ കടിച്ചും തിന്നും
കളഞ്ഞാലൊ, ഒരുവരാൽ ഒരുവർ ഒടുങ്ങിപ്പോകാതിരിപ്പാൻ നോക്കു
16 വിൻ. ഞാൻ പറയുന്നിതു: ആത്മാവിൽ നടന്ന കൊൾവിൻ! ജഡത്തിൻ
17 മോഹത്തെ നിവൃത്തിക്കയുമരുതു. ജഡമാകട്ടെ ആത്മാവിന്നും ആത്മാവ്
ജഡത്തിന്നും വിരോധമായി മോഹിക്കുന്നു; നിങ്ങൾ ഇച്ഛിക്കുന്നവറെ
18 ചെയ്യാതവണ്ണം ഇവ തമ്മിൽ പ്രതികൂലമായി കിടക്കുന്നുവല്ലൊ. എങ്കി
19 ലും ആത്മാവിനാൽ നടത്തപ്പെട്ടാൽ നിങ്ങൾ ധർമ്മത്തിങ്കീഴുള്ളവരല്ല.
ജഡത്തിൻ ക്രിയകളൊ വെളിവാകുന്നിതു: വ്യഭിചാരം, പുലയാട്ട്, അശു
ദ്ധി, ദുഷ്കാമം, വിഗ്രഹാരാധന, ആഭിചാരം, പകകൾ, പിണക്ക
20 ങ്ങൾ, എരിവുകൾ, ക്രോധങ്ങൾ, ശാഠ്യങ്ങൾ, ഭിന്നപക്ഷങ്ങൾ, മതഭേദ
21 ങ്ങൾ, അസൂയകൾ, കുലകൾ, മദ്യപാനങ്ങൾ, കൂത്തുകൾ തുടങ്ങിയുള്ളവ;
ഈ വക അനുഷ്ഠിക്കുന്നവർ ദേവരാജ്യത്തെ അവകാശമാക്കുകയില്ല എന്ന

22 ഞാൻ മുൻപറഞ്ഞപ്രകാരം നിങ്ങൾക്ക് മുൻചൊല്ലി തരുന്നു. ആത്മാവിൻ
ഫലമൊ സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷാന്തി, സാധുത്വം,
23 സൽഗുണം, വിശ്വസ്തത, സൌമ്യത, ഇന്ദ്രിയജയം ഈ വകെക്ക് ധർമ്മം
24 ഒട്ടും വിരോധമല്ല. ക്രിസ്തുന്നുള്ളവർ ജഡത്തെ അതിൻറ രാഗമോഹങ്ങ
25 ളോടും ക്രൂശിച്ചിരിക്കുന്നു. ആത്മാവിനാൽ നാം ജീവിക്കുന്നു എങ്കിൽ ആ
26 ത്മാവിൽ പെരുമാറുകയും ചെയ്ക. നാം അന്യോന്യം പോർക്കു വിളി
ച്ചും അന്യോന്യം അസൂയപ്പെട്ടുംകൊണ്ടു വൃഥാ അഭിമാനികളും ആകരുതെ.

6. അദ്ധ്യായം

താഴ്മയിണക്കങ്ങൾക്കായും, (6) ഉപദേഷ്ടാദികളിൽ നന്മ ചെയ്വാനും പ്രബോധനം, (11) ആന്തരഭാവത്തെ ശോധന ചെയ്യുന്ന സമാപ്തി.

1 സഹോദരന്മാരെ! ഒരു മനുഷ്യൻ വല്ല പിഴയിലും അകപ്പെട്ടുപോയി
എങ്കിലും, ആത്മികരായ നിങ്ങൾ താന്താൻ പരീക്ഷിക്കപ്പെടായ്വാൻ
തന്നെ സൂക്ഷിച്ചു നോക്കി സൌമ്യതയുടെ ആത്മാവിൽ ആയവനെ യഥാ
2 സ്ഥാനത്തിലാക്കുവിൻ. നിങ്ങളുടെ ഭാരങ്ങളെ തങ്ങളിൽ ചുമന്നുകൊണ്ടു.
3 ക്രിസ്തുൻറ ധർമ്മത്തെ ഇങ്ങിനെ തീരെ നിവൃത്തിപ്പിൻ. താൻ ഒന്നും ഇല്ല
4 എന്നിട്ടും വല്ലതും ആകുന്നുപ്രകാരം ഒരുത്തൻ നിരൂപിച്ചാൽ തന്നെത്താൻ
5 വഞ്ചിക്കുന്നു. ഏവനും താന്താൻറ പ്രവൃത്തിയെ ശോധനചെയ്ക; അ
പ്പോൾ വേറൊരുവനെ അല്ല; തന്നെത്താൻ വിചാരിച്ചതെ പ്രശംസ ഉള്ള
6 വനാകും. ഓരോരുത്തൻ താന്താൻറ ചുമട് ചുമക്കുമല്ലൊ. വചനത്തെ പഠി
ക്കുന്നവൻ പഠിപ്പിക്കുന്നവനോട് എല്ലാ നന്മയിലും കൂട്ടുള്ള ആചരിക്ക;
7 ഭ്രമപ്പെടായ്വിൻ ദൈവത്തോട് ഇളിച്ചുപോയികൂടാ. കാരണം മനുഷ്യൻ
8 എന്തു വിതെച്ചാലും അതിനെ തന്നെ കൊയ്യും. തൻറ ജഡത്തിന്മേൽ വിതെ
ക്കുന്നവൻ ജഡത്തിൽനിന്നു കേട് കൊയ്യും; ആത്മാവിന്മേൽ വിതെക്കുന്നവൻ
9 ആത്മാവിൽനിന്നു നിത്യജീവനെ കൊയ്യും. നന്മ ചെയ്കയിൽ നാം
മന്ദിച്ചുപോകൊല്ലാ; തളർന്നു പോകാഞ്ഞാൽ സ്വസമയത്തിൽ നാം കൊ
10 യ്യും. ആകയാൽ സമയം ഉണ്ടാകും പോലെ നാം എല്ലാവരിലും വിശേഷാൽ
വിശ്വാസത്തിൻ ഭവനക്കാരിലും നല്ലതിനെ പ്രവൃത്തിക്ക.
11 കാണ്മിൻ എത്ര വലിയ അക്ഷരങ്ങളാൽ ഞാൻ എൻ കൈകൊണ്ടു നി
12 ങ്ങൾക്ക് എഴുതുന്നു. ജഡത്തിൽ സുമുഖം കാട്ടുവാൻ ഇച്ഛിക്കുന്നവർ ഒക്കയും
ക്രിസ്തുൻറ ക്രൂശനിമിത്തം ഹിംസപ്പെടാതിരിക്കേണ്ടതിന്നു മാത്രം നി
13 ങ്ങളെ പരിഛേദന ഏല്പാൻ നിർബ്ബന്ധിക്കുന്നതു. എങ്ങിനെ എന്നാൽ ആ
പരിഛേദനക്കാരും കൂടെ ധർമ്മത്തെ കാക്കുന്നില്ല; നിങ്ങളുടെ ജഡത്തിങ്കൽ
പ്രശംസിക്കേണം എന്നു വെച്ചു നിങ്ങൾ പരിഛേദന ഏല്പാൻ അവർ ഇ
14 ച്ഛിക്കുന്നതെ ഉള്ളു. എനിക്കൊ നമ്മുടെ കർത്താവായ യേശുക്രിസ്തുൻറ
ക്രൂശിൽ അല്ലാതെ, പ്രശംസ അരുതു; അവനാൽ ലോകം എനിക്കും ഞാൻ
15 ലോകത്തിന്നും ക്രൂശിക്കപ്പെട്ടിരിക്കുന്നു. (ക്രിസ്തുയേശുവിങ്കൽ) പരിഛേദ
നയും അഗ്രചർമ്മവും ഏതും ഇല്ലല്ലൊ പുതിയ സൃഷ്ടിയത്രെ (കാര്യം). ഈ
16 നൂലിൻ പ്രകാരം പെരുമാറുന്നവർ ഏവരുടെ മേലും ദൈവത്തിൻ ഇസ്രയേ
ലിന്മേൽ തന്നെ സമാധാനവും കനിവും ഉണ്ടാക. ഇനിമേൽ ആരും എനി
17 ക്ക് അദ്ധ്വാനങ്ങൾ പിണെക്കരുതു; ഞാനല്ലൊ കർത്താവായ യേശു
18 വിൻ വടുക്കളെ എൻ ശരീരത്തിൽ വഹിക്കുന്നു. നമ്മുടെ കർത്താവായ യേ
ശുക്രിസ്തുൻറ കരുണ സഹോദരന്മാരെ, നിങ്ങളുടെ ആത്മാവിനോടു കൂടെ
ഇരിപ്പൂതാക ആമെൻ.

THE EPISTLE OF PAUL THE APOSTLE TO THE

EPHESIANS

എഫെസ്യർക്കു

എഴുതിയ ലേഖനം

1. അദ്ധ്യായം

(3) തെരിഞ്ഞെടുപ്പുമുതലായ അനുഗ്രഹങ്ങൾക്കായി സ്തോത്രം, (13) ആശാധനവും എഴുനീല്പാൻ ശക്തിയും, (2,1) തങ്ങളെ കൂടെ ജീവിപ്പിച്ചിട്ടുള്ള, (7) കരുണയും ബോധിപ്പാൻ പ്രാർത്ഥിച്ചതു.

1 ദൈവേഷ്ടത്താൽ യേശുക്രിസ്തന്റെ അപോസ്തലനായ പൌൽ എഫെ
സിലുള്ള വിശുദ്ധരും ക്രിസ്തയേശുവിൽ വിശ്വാസികളും ആയവർക്കു
2 (എഴുതുന്നതു). നമ്മുടെ പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശു
ക്രിസ്തനിൽനിന്നും നിങ്ങൾക്കു കരുണയും സമാധാനവും ഉണ്ടാക.
3 സ്വർല്ലോകങ്ങളിലെ സകല ആത്മിക അനുഗ്രഹത്താലും നമ്മെ ക്രിസ്തു
കൽ അനുഗ്രഹിച്ച ദൈവവും നമ്മുടെ കർത്താവായ യേശുക്രിസ്തന്റെ
4 പിതാവും ആയവൻ വാഴ്ത്തപ്പെട്ടവനാക. അനുഗ്രഹപ്രകാരം എങ്കിലൊ
5 നാം അവനുമ്പിൽ വിശുദ്ധരും നിഷ്കളങ്കരും ആകേണ്ടതിന്നു. അവൻ
ലോകം പടെക്കും മുമ്പെ നമ്മെ ആയവങ്കൽ തെരിഞ്ഞെടുത്തു; തന്റെ ഇഷ്ട
ത്തിൻ പ്രസാദപ്രകാരം യേശുക്രിസ്തനേകൊണ്ടു നമ്മെ അവങ്കലേക്കു
6 ദത്തിന്നായി സ്നേഹത്തിൽ മുന്നിയമിച്ചു. (താൻ) പ്രിയങ്കൽ നമ്മെ കടാ
7 ക്ഷിച്ച കൃപാതേജസ്സിൻ പുകഴ്ചക്കായി തന്നെ. അവങ്കൽ സ്വരക്തമ്മൂലം
8 നമുക്കു പിഴകളുടെ മോചനം ആകുന്ന വീണ്ടെടുപ്പുണ്ടു. അവൻ നമ്മിലേക്കു
സകല ജ്ഞാനവിവേകങ്ങളിലും വഴിയുമാറാക്കിയ തൻ കൃപയുടെ ധനപ്ര
9 കാരം തന്നെ. അവൻ തന്നിൽ താൻ മുന്നിർണ്ണയിച്ച സ്വപ്രസാദത്തിന്നു ത
10 ക്കവണ്ണം തന്റെ ഇഷ്ടത്തിൻ മർമ്മത്തെ നമ്മോടു അറിയിച്ചു. അതു സ്വർഗ്ഗത്തി
ലും ഭൂമിമേലും ഉള്ളവ എല്ലാം പിന്നെയും ക്രിസ്തനിൽ ഒരു തലയാക്കി ചേ
ർക്ക എന്നിങ്ങനെ സമയങ്ങളുടെ പൂർണ്ണതയിൽ വീട്ടുമുറയെ വരുത്തുവാനത്രെ.
11 ആയവങ്കൽ നാം അവകാശവും പ്രാപിച്ചു, തന്റെ ഇഷ്ടത്തിൻ ആലോചന
പോലെ സകലവും സാധിപ്പിക്കുന്നവന്റെ നിർണ്ണയപ്രകാരം മുന്നിയ
12 മിക്കപ്പെട്ടതു. മുമ്പിൽ കൂട്ടി ക്രിസ്തനിൽ ആശ വെച്ചവരായ ഞങ്ങൾ അ
13 വന്റെ തേജസ്സിൻ പുകഴ്ചക്കാകേണ്ടതിന്നു തന്നെ. ആയവങ്കൽ നിങ്ങളും
ഇരിക്കുന്നു; നിങ്ങളുടെ രക്ഷാസുവിശേഷമാകുന്ന സത്യവചനത്തെ കേ
14 ട്ടിട്ടു തന്നെ ആയ്തു നിങ്ങൾ വിശ്വസിച്ചിട്ടു. നമ്മുടെ അവകാശത്തിൻ
മുങ്കുറായി വാഗ്ദത്തത്താൽ വരുന്ന വിശുദ്ധാത്മാവിനാൽ സമ്പാദിതജന
ത്തിന്റെ വീണ്ടെടുപ്പിന്നായി മുദ്രയിടപ്പെട്ടുകയും ചെയ്തതു, അവന്റെ തേജ
സ്സിൻ പുകഴ്ചക്കായി തന്നെ.
15 അതു നിമിത്തവും നിങ്ങളുടെ പക്കൽ കർത്താവായ യേശുവിൽ ഉള്ള വി
16 ശ്വാസവും എല്ലാ വിശുദ്ധരിലും ഉള്ള സ്നേഹവും ഞാൻ കേട്ടിട്ടു; നിങ്ങൾ
ക്കുവേണ്ടി വിടാതെ സ്തോത്രം ചെയ്യും എൻ പ്രാർത്ഥനകളിൽ നിങ്ങളെ
17 ഓർത്തുകൊണ്ടും പോരുന്നു. എന്തിന്നെന്നാൽ നമ്മുടെ കർത്താവായ യേശു
ക്രിസ്തന്റെ ദൈവവും തേജസ്സുടയ പിതാവും ആയവൻ നിങ്ങൾക്കു

തന്റെ അറിവിൽ ജ്ഞാനത്തിന്റെയും വെളിപ്പാടിന്റെയും ആത്മാവെ
18 തരേണ്ടതിന്നും. നിങ്ങളുടെ ഹൃദയക്കണ്ണുകളെ പ്രകാശിപ്പിച്ചിട്ടു അവന്റെ
19 വിളിയാലുള്ള ആശ ഇന്നത് എന്നും അവന്റെ അവകാശതേജസ്സിൻ ധനം
വിശുദ്ധരിൽ ഇന്നത് എന്നും. അവന്റെ ശക്തിയുടെ അത്യന്ത വലി
പ്പമായത് വിശ്വസിക്കുന്ന നമ്മിലേക്ക് ഇന്നത് എന്നും അവന്റെ ഊക്കിൻ
20 ബലസിദ്ധിപ്രകാരം ബോധിക്കേണ്ടതിന്നും തന്നെ. ആയ്തിനെ അവൻ
ക്രിസ്തനിൽ സാധിപ്പിച്ചിരിക്കുന്നു; അവനെ മരിച്ചവരിൽനിന്ന് ഉണ
ത്തി, സ്വർല്ലോകങ്ങളിൽ തന്റെ വലഭാഗത്ത് ഇരുത്തുകയിലത്രെ. എല്ലാ
21 വാഴ്ചെക്കും അധികാരത്തിന്നും ശക്തിക്കും കർത്തൃത്വത്തിന്നും ഈ യുഗത്തിൽ
മാത്രമല്ല; ഭാവിയുഗത്തിലും കേൾക്കുന്ന സകല നാമത്തിന്നും അത്യന്തം മീ
22 തെ തന്നെ. സർവ്വവും അവന്റെ കാല്ക്കീഴാക്കിവെച്ച് അവനെ സർവ്വത്തി
23 ന്നും മീതെ തലയാക്കി സഭെക്കു കൊടുത്തു. സഭയല്ലൊ അവന്റെ ശരീരം;
എല്ലാറ്റിലും എല്ലാം നിറെക്കുന്നവന്റെ നിറവു തന്നെ.

2. അദ്ധ്യായം

കൃപയാലെ, (11) ജാതികളായവരും, (14) യേശുമരണമൂലം, (19) ദേവ
ഗൃഹത്തോടു ചേർന്നവന്നതു.

1 പിഴകളാലും പാപങ്ങളാലും മരിച്ചവരായ നിങ്ങളെ അവൻ ഉയിർപ്പി
2 ക്കയും ചെയ്തു. ആയവറ്റിൽ നിങ്ങളും പണ്ട് ഈ ലോകത്തിലെ യുഗത്തേ
യും ആകാശത്തിലെ അധികാരത്തിന്നും അനധീനതയുടെ മക്കളിൽ ഇ
പ്പോളും വ്യാപരിക്കുന്ന ആത്മാവിന്നും പ്രഭുവായവനെയും അനുസരിച്ചു ന
3 ടന്നു. അവരിൽ ഞങ്ങളും എല്ലാവരും പണ്ടു ഞങ്ങളുടെ ജഡമോഹങ്ങളിൽ
സഞ്ചരിച്ചു, ജഡത്തിന്നും ഭാവങ്ങൾക്കും ഇഷ്ടം ആയവ ചെയ്തും കൊണ്ടു,
4 മറ്റുള്ളവരെ പോലെ സ്വഭാവത്താൽ കോപത്തിൻ മക്കളായിരുന്നു. കനി
വിൽ ധനവാനായ ദൈവമൊ നമ്മെ സ്നേഹിച്ചുള്ള തന്റെ ബഹു സ്നേഹ
5 ത്തിൻ നിമിത്തം. പിഴകളിൽ മരിച്ചവരായ നമ്മെ ക്രിസ്തനോടു കൂടെ
ജീവിപ്പിച്ചും. (കൃപയാലത്രെ നിങ്ങൾ രക്ഷിക്കപ്പെട്ടതു) കൂടെ ഉണർത്തി
6 യും സ്വർല്ലോകങ്ങളിൽ ക്രിസ്തയേശുവിങ്കൽ തന്നെ കൂടെ ഇരുത്തുകയും
7 ചെയ്തു. ക്രിസ്തയേശുവിൽ നമ്മെ കുറിച്ചുള്ള വാത്സല്യത്തിൽ തന്റെ കൃ
പയുടെ അത്യന്തധനത്തെ വരുന്ന യുഗങ്ങളിൽ കാണിക്കേണ്ടതിന്നു ത
8 ന്നെ. കൃപയാൽ അല്ലൊ നിങ്ങൾ വിശ്വാസംമൂലം രക്ഷിതർ ആകുന്നു.
9 അതും നിങ്ങളിൽ നിന്നല്ല: ഈ ദാനം ദൈവത്തിന്റേതത്രെ ആരും പ്രശം
10 സിച്ചു പോകായ്വാൻ ക്രിയകളിൽനിന്നല്ല. ആയവന്റെ പണിയല്ലൊ
ക്രിസ്തയേശുവിങ്കൽ സൽക്രിയകൎമ്മത്തിന്നായി സൃഷ്ടിക്കപ്പെട്ട നാം ആകുന്നു;
നാം അവറ്റിൽ നടക്കേണ്ടതിന്നു ദൈവം അവറെ മുമ്പിൽ ഒരുക്കിയതു.
11 ആകയാൽ ജഡത്തിൽ കയ്യാൽ തീർത്ത പരിഛേദന എന്നവരാൽ അഗ്രച
ർമ്മം എന്നു പേർകൊണ്ടവരായി പണ്ടു ജഡത്താൽ ജാതികൾ ആയുള്ളോരെ!
12 നിങ്ങൾ അക്കാലത്തിൽ ക്രിസ്തനെ കൂടാതെ ഇസ്രയേൽ പൌരതയോടു
വേർപെട്ടവരും വാഗ്ദത്തനിയമങ്ങളിൽനിന്ന് അന്യരും ആയി ആശ ഒന്നും
ഇല്ലാതെ ലോകത്തിൽ നിർദ്ദൈവരായിരുന്നു എന്ന് ഓർത്തുകൊൾവിൻ. ഇ
13 പ്പോഴൊ ക്രിസ്തയേശുവിൽ ആകയാൽ പണ്ടു ദൂരത്തായ നിങ്ങൾ ക്രിസ്തുര
14 ക്തത്താൽ അടുക്കെ ആയ്ചമഞ്ഞു. കാരണം അവനത്രെ നമ്മുടെ സമാധാ
നം, രണ്ടിനെയും ഒന്നാക്കി ശത്രുത്വം ആകുന്ന വേലിയായുള്ള നടുച്ചുവരിനെ
15 ഇടിച്ചവൻ തന്നെ. വെപ്പുകളിലെ കല്പനകളുടെയ ധർമ്മത്തെ അവൻ തന്റെ
ജഡത്താൽ നീക്കിയതു; ഇരുവരെയും തന്നിൽത്താൻ ഏകനായ പുതുമന
16 ഷ്യനാക്കി സൃഷ്ടിച്ചു സമാധാനം ഉണ്ടാക്കുവാനും ക്രൂശിന്മേൽ ശത്രുത്വ
ത്തെ കൊന്ന്, അതിനാൽ ഇരുവർക്കും ഏകശരീരത്തിൽ ദൈവത്തോടു

17 നിരപ്പു വരുത്തുവാനും തന്നെ. അവനും വന്നു ദൂരത്തായ നിങ്ങൾക്കു സമാ
18 ധാനവും അടുക്കെയുള്ളവർക്കു (സമാധാനവും) സുവിശേഷിച്ചു. അവനാൽ
നമുക്കിരുവർക്കും ഏകാത്മാവിൽ തന്നെ; പിതാവിലേക്ക് അടുപ്പിപ്പ് ഉണ്ടു
19 സ്പഷ്ടം. എന്നതുകൊണ്ടു നിങ്ങൾ ഇനി അന്യരും പരദേശികളും അല്ല,
20 വിശുദ്ധരുടെ സഹപൌരരും ദൈവത്തിൻ ഭവനക്കാരും ആകുന്നു. ക്രിസ്
തൻ താൻ മൂലക്കല്ലായിരിക്കെ അപോസ്തലരും പ്രവാചകരും വെച്ച അ
21 ടിസ്ഥാനത്തിന്മേൽ നിങ്ങൾ പണിചെയ്യപ്പെട്ടവർ. ആയവനിൽ നിർമ്മാ
ണം എല്ലാം യുക്തിയോടെ ചേർന്നുപോന്ന കർത്താവിൽ വിശുദ്ധമന്ദിര
22 മായിവളരുന്നു. അവനിൽ നിങ്ങളും ദൈവത്തിന്റെ വാസമാവാൻ ആത്മാ
വിനാൽ ഒന്നിച്ചു കെട്ടപ്പെടുന്നു.

3. അദ്ധ്യായം

ജാതികൾക്കു വേണ്ടി അപോസ്തലനായവൻ, (14) അവരിൽ വിശ്വാ
സസ്നേഹജ്ഞാനങ്ങൾ തികഞ്ഞുവരുവാൻ പ്രാർത്ഥിച്ചതു.

1 **അ**തുനിമിത്തം പൌലായ ഞാൻ ജാതികളായ നിങ്ങൾക്കുവേണ്ടി,
2 ക്രിസ്തയേശുവിന്റെ ബദ്ധനായിരിക്കുന്നു. എനിക്കു നിങ്ങൾക്കായി
3 നല്കപ്പെട്ട ദൈവകൃപയുടെ വീട്ടുമുറയെ നിങ്ങൾ കേട്ടുവല്ലൊ. വെളിപ്പാ
ടിനാൽ എനിക്കു് ഒരു മർമ്മം അറിയിക്കപ്പെട്ടതു തന്നെ; അതൊ ഞാൻ
മീത്തൽ (2, 11.) ചുരുക്കത്തിൽ എഴുതിയ പോലെ തന്നെ നിങ്ങൾ വാ
4 യിച്ചാൽ ക്രിസ്ത മർമ്മത്തിൽ എന്റെ ബോധം തിരിഞ്ഞു കൂടും. ആ മർ
മ്മം ഇപ്പോൾ അവന്റെ വിശുദ്ധ അപോസ്തലർക്കും പ്രവാചകൻമാർക്കും
5 ആത്മാവിനാൽ വെളിപ്പെട്ട പ്രകാരം. വേറെ തലമുറകളിലെ മനുഷ്യപുത്ര
6 രോടു് അറിയിക്കപ്പെട്ടിരുന്നതും ഇല്ല. ജാതികൾ സുവിശേഷത്താൽ ക്രി
സ്തനിൽ കൂട്ടവകാശികളും ഏക ശരീരസ്ഥരും അവന്റെ വാഗ്ദത്തത്തിൽ
7 കൂട്ടംശികളും ആകുക എന്നതത്രെ. ആ സുവിശേഷത്തിന്നു ഞാൻ അവന്റെ
സാദ്ധ്യശക്തിയുടെ ബലപ്രകാരം എനിക്കു നല്കപ്പെട്ട ദേവകൃപാദാനത്താൽ
8 ശുശ്രൂഷക്കാരനായ്ചമഞ്ഞു. എല്ലാവിശുദ്ധരിലും അതി ചെറിയവനാ
9 യ എനിക്കു. ജാതികളിൽ ക്രിസ്തന്റെ അരാഞ്ഞു കൂടാത്ത ധനത്തെ സു
വിശേഷിക്കയും സകലവും സൃഷ്ടിച്ച ദൈവത്തിൽ യുഗങ്ങൾ മുതൽ കൊ
ണ്ടു മറഞ്ഞുകിടക്കുന്ന മർമ്മത്തിന്റെ വീട്ടുമുറ ഇന്നത് എന്നു് എല്ലാവരേ
10 യും പ്രകാശിപ്പിക്കയും വേണം എന്നുള്ള കരുണ നല്കപ്പെട്ടതു. ഇപ്പോൾ
സ്വർല്ലോകങ്ങളിൽ അധികാരവാഴ്ചകൾക്കും ദൈവത്തിന്റെ ബഹുവിധ
11 മായ ജ്ഞാനം അവൻ നമ്മുടെ കർത്താവായ ക്രിസ്തയേശുവിൽ അനുഷ്ഠി
ച്ച യുഗാദി നിർണ്ണയപ്രകാരം സഭയാൽ അറിയായ്വരേണ്ടതിന്നു തന്നെ.
12 ഇവനിൽ ആശ്രയിച്ചിട്ടു തന്നെ നമുക്കു പ്രാഗത്ഭ്യവും അടുപ്പിപ്പും അവകലെ
13 വിശ്വാസംമൂലം ഉണ്ടു. ആകയാൽ നിങ്ങൾക്കു വേണ്ടിയുള്ള എന്റെ സങ്ക
ടങ്ങൾ നിങ്ങളുടെ തേജസ്സു് എന്നുവെച്ചു് അവറ്റിൽ മന്ദിച്ചുപോകായ്
14 വാൻ ഞാൻ അപേക്ഷിക്കുന്നു. അതു നിമിത്തം ഞാൻ സ്വർഗ്ഗങ്ങളിലും ഭൂമി
യിലും ഉള്ള ഏതു കുഡുംബത്തിന്നും പേർ വരുവാൻ ഹേതുവും നമ്മുടെ കർ
15 ത്താവായ യേശുക്രിസ്തന്റെ പിതാവും ആയവങ്കലേക്കു് എന്റെ മുഴങ്കാ
16 ലുകളെ കുത്തുന്നു. അവൻ തന്റെ തേജസ്സിൻ ധനപ്രകാരം നിങ്ങൾക്കു്
അകത്തെ മനുഷ്യനിൽ തൻ ആത്മാവിനാൽ ശക്തിയോടെ ബലപ്പെടുമാ
റും ക്രിസ്തൻ വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ വസിച്ചു കൊള്ള
17 മാറും നല്കുണം. നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ടവരാ
18 യി വീതിയും നീളവും ആഴവും ഉയരവും (യോബ. 11, 8.) എന്തെന്നു്
19 എല്ലാ വിശുദ്ധരോടും കൂടെ ഗ്രഹിപ്പാനും അറിവിനെ കടക്കുന്ന ക്രിസ്ത

സ്നേഹത്തെ അറിവാനും പ്രാപ്തരാകയും, ഇങ്ങിനെ ദൈവത്തിന്റെ സക
ല നിറവിനോളം നിറഞ്ഞു വരികയും വേണം എന്നു (പ്രാർത്ഥിക്കുന്നു). എ
20 ന്നാൽ നാം ചോദിക്കുന്നതിലും നിനെക്കുന്നതിലും അത്യന്തം പരമായി
ചെയ്വാൻ നമ്മിൽ വ്യാപരിക്കുന്ന ശക്തിപ്രകാരം കഴിയുന്നവന്നു സഭ
21 യകത്തു യുഗാദികാലത്തിലെ സകല തലമുറകളോളവും ക്രിസ്തുയേശുവി
ങ്കൽ തേജസ്സു് ഉണ്ടാവൂതാക ആമെൻ.

4. അദ്ധ്യായം

ഐകമത്യത്തെ, (7) പല വ്യത്യാസങ്ങളിലും കാത്തു, (13) വളരുവാ
നും, (17) പഴയതിനെ നീക്കി പുതുതാവാനും, (25) വ്യാജാദി ദുർഗ്ഗുണങ്ങ
ളെ തള്ളുവാനും പ്രബോധനം.

1 **ആ**കയാൽ കർത്താവിൽ ബദ്ധനായ ഞാൻ പ്രബോധിപ്പിക്കുന്നിതു: നി
2 ങ്ങളെ വിളിച്ച വിളിക്കു യോഗ്യമാംവണ്ണം സകല വിനയ സൌമ്യതക
3 ളോടും, ദീർഘശാന്തതയോടും നടന്നും സ്നേഹത്തിൽ അന്യോന്യം പൊറുത്തും
4 ആത്മാവിൻ ഐക്യത്തെ സമാധാനക്കെട്ടിൽ കാപ്പാൻ ശ്രമിച്ചും കൊൾ
വിൻ. നിങ്ങളുടെ വിളിയുടെ ഏകമായ ആശയിൽ നിങ്ങളും വിളിക്ക
5 പ്പെട്ട പ്രകാരമെ ഏക ശരീരവും ഏകാത്മാവും (ഉണ്ടു). കർത്താവു് ഒരുവൻ,
6 വിശ്വാസം ഒന്നു, സ്നാനം ഒന്നു. (നാം) എല്ലാവർക്കും മേല്പെട്ടും എല്ലാവ
7 രെകൊണ്ടും (പ്രവൃത്തിച്ചും) എല്ലാവരിലും ഇരുന്നും എല്ലാവർക്കും ഒരു ദൈ
വവും പിതാവും ആയവൻ ഉണ്ടു. എങ്കിലും നമ്മിൽ ഓരോരുത്തന്നു കൃപ
8 നല്കപ്പെട്ടതു ക്രിസ്തുദാനത്തിന്റെ അളവിന്നു തക്കവണ്ണമെ. അതുകൊണ്ടു്
(സങ്കീ. 68, 19.) അവൻ ഉയരത്തിൽ കരേറി അടിമപ്പാടിനെ അടിമയാ
9 ക്കി മനുഷ്യർക്കു കാഴ്ചകളെ കൊടുത്തു എന്നുണ്ടു. കരേറി എന്നതൊ അവൻ
മുമ്പെ ഭൂമിയിലും കീഴെവററിൽ ഇറങ്ങി എന്നല്ലാതെ എന്തു് ആകുന്നു.
10 ഇറങ്ങിയവൻ തന്നെ സകലത്തേയും നിറക്കേണ്ടതിന്നു് എല്ലാ സ്വർഗ്ഗ
11 ങ്ങളുടെ മീതെയും കരേറിയവനും ആകുന്നു. അവൻ ചിലരെ അപോസ്തു
ലരായും ചിലരെ പ്രവാചകരായും ചിലരെ സുവിശേഷകരായും ചിലരെ
12 ഇടയർ ഉപദേഷ്ടാക്കളായും തന്നതു. ശുശ്രൂഷയുടെ വേലെക്കും ക്രിസ്തുശരീ
രത്തിന്റെ വീട്ടുവർദ്ധനെക്കും വേണ്ടി ഇവ്വണ്ണം വിശുദ്ധന്മാരുടെ യഥാ
13 സ്ഥാനത്വം വരുവാനായിട്ടത്രെ. നാം എല്ലാവരും ദേവപുത്രന്റെ വിശ്വാ
സത്തിലും പരിജ്ഞാനത്തിലും ഉള്ളൊരു ഐക്യത്തോടും തികഞ്ഞ പുരു
ഷത്വത്തോടും ക്രിസ്തന്റെ നിറവുള്ള പ്രായത്തിൻ അളവോടും തന്നെ എത്തു
14 വോളമെ. നാം ഇനി മനുഷ്യരുടെ ചതിക്കളികൊണ്ടും ഭ്രമിപ്പിക്കുന്ന തന്ത്ര
ത്തിലെ കൌശലം കൊണ്ടും ഉപദേശത്തിന്റെ ഓരോരോ കാററിനാൽ
15 അലഞ്ഞാടി ഉഴലുന്ന ശിശുക്കൾ ആയിരിക്കാതെ; സത്യത്തെ പിടിച്ചു,
തലയാകുന്ന ക്രിസ്തുകലേക്കു് എല്ലാംകൊണ്ടും സ്നേഹത്തിൽ വളരുന്നവരാ
16 കേണ്ടതിന്നു തന്നെ. ആയവനിൽനിന്നു ശരീരം ഒക്കയും യുക്തിയോടെ
ചേർത്തു് ഏകീഭവിച്ചും പോന്നു് ഓരോരോ അംശത്തിന്റെ അളവിന്നു്
ഒത്ത വ്യാപാരപ്രകാരവും (ക്രിസ്തൻ) സേവിച്ച തരുന്നതിന്റെ എല്ലാ ഉ
ണർവ്വിനാലും സ്നേഹത്തിൽ തന്റെ നിർമ്മാണത്തിന്നായിട്ടു ദേവവളർ
17 ച്ചയെ അനുഷ്ഠിക്കുന്നു. എന്നാൽ ഞാൻ കർത്താവിൽ ആണയിട്ടും ചൊല്ലു
ന്നിതു: ശേഷം ജാതികളും സ്വമനസ്സിൻ മായയിൽ നടക്കുമ്പോലെ നി
18 ങ്ങൾ ഇനി നടക്കരുതു. ആയവരല്ലൊ വിചാരത്തിൽ ഇരുണ്ടു പോയി,
അവരിൽ ഉള്ള അറിയായ്മനിമിത്തം ഹൃദയത്തിൻ തടിപ്പുനിമിത്തം ത
19 ന്നെ ദേവജീവനിൽനിന്നു് അന്യപ്പെട്ടവർ ആയതു. വേദന മറന്നും ലോഭ
ത്തോടും കൂടെ എല്ലാ അശുദ്ധിയേയും പ്രവൃത്തിപ്പാൻ ദുഷ്കാമത്തിൽ തങ്ങളെ

20 തന്നെ ഏല്പിച്ചും കൊണ്ടവരത്രെ. നിങ്ങളൊ യേശുവിൽ സത്യം
21 ഉള്ളപ്രകാരം അവനെ കേട്ട് അവനിൽ ഉപദേശിക്കപ്പെട്ടവർ എങ്കിൽ,
22 ക്രിസ്തനെ ഇപ്രകാരം പഠിച്ചില്ല. മുമ്പത്ത നടപ്പിനെ സംബന്ധിച്ച ച
23 തിമോഹങ്ങളാൽ കെട്ട പോകുന്ന പഴയ മനുഷ്യനെ വെച്ച കളകയും നി
24 ങ്ങളുടെ മനസ്സിൻ ആത്മാവിൽ പുതുക്കപ്പെടും. സത്യത്തിന്റെ നീതിയി
ലും പവിത്രതയിലും ദൈവത്തിന്ന് ഒത്തവണ്ണം സൃഷ്ടനായ പുതുമനുഷ്യ
നെ ധരിച്ചുംകൊൾകയും വേണ്ടതെന്നത്രെ. ആകയാൽ കള്ളത്തെ കളഞ്ഞു
25 നാം തങ്ങളിൽ അവയവങ്ങൾ ആകകൊണ്ട താന്താന്റെ അടുത്തവനോട്
26 സത്യം ചൊല്ലുവിൻ (ജക. 8, 16). കോപിച്ചാലും പാപം ചെയ്യായ്വിൻ
27 (സങ്കീ. 4, 4). സൂര്യൻ നിങ്ങളുടെ ചൊടിപ്പിന്മേൽ അസ്തമിക്കരുതു, പി
28 ശാചിന്ന് ഇടം കൊടുക്കാതെയും ഇരിപ്പിൻ. കള്ളൻ ഇനി കക്കാതെ,
വിശേഷാൽ മുട്ടുള്ളവന്ന വിഭാഗിച്ച കൊടുപ്പാൻ ഉണ്ടാകേണ്ടതിന്ന കൈക
29 ളെകൊണ്ട നല്ലതിനെ പ്രവൃത്തിച്ച് അദ്ധ്വാനിച്ചേയാവു. കേൾക്കുന്നവർ
ക്ക ഉപകരിക്കുമാറ് അവസ്ഥക്ക തക്ക വീട്ടവർദ്ധന ചെയ്വാൻ നല്ല
വാക്കായത് അല്ലാതെ, ആകാത്തത് ഒന്നും നിങ്ങളുടെ വായിൽനിന്ന
30 പുറപ്പെടായ്ക. വീണ്ടെടുപ്പിൻ നാളിലേക്ക് നിങ്ങൾക്ക മുദ്രയായ്വന്നുള്ള
31 വിശുദ്ധ ദേവാത്മാവിനെ ദുഃഖിപ്പിക്കയും ഒല്ലാ. സകല കൈപ്പും കോ
പം ക്രോധം കുറാരം ദൂഷണങ്ങളും എല്ലാ വേണ്ടാതനവുമായി നിങ്ങളോട്ട
32 വേറായ്പോക. അന്യോന്യം വത്സലരും കനിവുറവരും ദൈവം കൂടെ ക്രി
സ്തനിൽ നിങ്ങൾക്ക സമ്മാനിച്ചപ്രകാരം തമ്മിൽ സമ്മാനിച്ച വിടുന്ന
വരും ആയിചമവിൻ.

5. അദ്ധ്യായം

(4, 32) സ്നേഹിപ്പാനും, (3) ജാതികളുടെ ദുർഗ്ഗുണങ്ങളെ വിട്ട, (4) വെ
ളിച്ചത്തിൽ എന്ന, (15) ക്രിസ്തയോഗ്യമായി നടപ്പാനും, (22–6,9) സ്ത്രീ
പുരുഷാദികൾക്കും ഉള്ള പ്രബോധനം.

1 അതുകൊണ്ട പ്രിയമക്കൾ എന്നിട്ട ദൈവത്തിന്ന് അനുകാരികൾ ആകു
2 വിൻ. ക്രിസ്തനും നമ്മെ സ്നേഹിച്ച സൌരഭ്യവാസനെക്കായിട്ട നമുക്ക വേ
ണ്ടി തന്നെത്താൻ ദൈവത്തിന്ന കാഴ്ചയും ബലിയും ആക്കി അർപ്പിച്ചപ്ര
3 കാരം സ്നേഹത്തിൽ നടന്നും കൊൾവിൻ. എന്നാൽ പുലയാട്ടും എല്ലാ അ
ശുദ്ധിയും ലോഭവും ഇവ വിശുദ്ധർക്ക് ഉചിതമാംവണ്ണം നിങ്ങളിൽ
4 നാമം പോലും ഇരിക്കരുതു. ചീത്തത്തരം പൊട്ടച്ചൊൽ കളിവാക്ക് ഇ
ങ്ങിനെ പറാത്തവ ഒന്നും അരുതു; സ്തോത്രമെ ആവു. പുലയാടി, അശു
5 ദ്ധൻ, വിഗ്രഹാരാധി ആകുന്ന ലോഭി ഇവർ ആർക്കും ക്രിസ്തന്റെയും
ദൈവത്തിന്റെയും രാജ്യത്തിൽ അവകാശം ഇല്ല എന്ന നിങ്ങൾക്കറിഞ്ഞു
6 ബോധിച്ചുവല്ലൊ. വ്യർത്ഥവാക്കുകളാൽ ആരും നിങ്ങളെ ചതിയാതു!
ഈ വക നിമിത്തം ദേവകോപം അനധീനതയുടെ പുത്രർ മേൽ വരുന്ന സ
7 ത്യം. ആകയാൽ അവരോട കൂട്ടംശികൾ ആകരുതെ. പണ്ടല്ലൊ നിങ്ങൾ
8 ഇരുളായി ഇപ്പോൾ കർത്താവിൽ വെളിച്ചമാകുന്നു. കർത്താവിന്ന നല്ല
9 സമ്മതമായ്തു് എന്തെന്നു ശോധന ചെയ്തുകൊണ്ട, വെളിച്ചമക്കളായി നടന്ന
10 കൊൾവിൻ. (വെളിച്ചത്തിന്റെ ഫലം സകല നന്മയിലും നീതിയിലും
11 സത്യത്തിലും കാണുമല്ലൊ). ഇരുട്ടിന്റെ നിഷ്ഫലക്രിയകളിൽ കൂട്ടാളികൾ
12 ആകാതെ, അവറെ വിശേഷാൽ ശാസിക്കെ ആവു; അവരാൽ ഗുഢമാ
യി നടക്കുന്നവ പറയുന്നതും കൂടെ ചീത്ത ആകുന്നു. അവയൊ എല്ലാം ശാ
13 സിക്കപ്പെടുകിൽ വെളിച്ചത്താൽ വിളങ്ങിവരുന്നു; വിളങ്ങി വരുന്നത്
14 എല്ലാം വെളിച്ചമാകുന്നുവല്ലൊ. അതുകൊണ്ട (യശ. 60, 1) ഉറങ്ങുന്നവനെ

ഉണർന്നു മരിച്ചവരിൽനിന്നു് എഴുനീല്ക്ക എന്നാൽ ക്രീസ്തൻ നിണക്കു്
15 ഉജ്ജ്വലിക്കും എന്നുണ്ടു. ആകയാൽ സൂക്ഷ്മത്തോടെ നടന്നു കൊള്ളുംപ്രകാരം
നോക്കുവിൻ! അജ്ഞാനികൾ എന്നല്ല; ജ്ഞാനികളായത്രെ. നാളുകൾ വി
16 ടക്കാകയാൽ സമയത്തെ തക്കത്തിൽ വാങ്ങികൊണ്ടും തന്നെ. അതുകൊ
17 ണ്ടു ബുദ്ധിഹീനരാകാതെ, കർത്താവിൻ ഇഷ്ടം ഇന്നതെന്നു ബോധിക്ക
18 ന്നവരാകുവിൻ. വിശേഷാൽ ദുർന്നടപ്പുണ്ടാകുന്ന മദ്യമത്തതയും അരുതു;
19 കേവലം ആത്മാവു്കൊണ്ടു നിറഞ്ഞുവന്നു. സങ്കീർത്തനങ്ങളാലും സ്തുതി
കളാലും ആത്മികപാട്ടുകളാലും തമ്മിൽ സംസാരിച്ചും നിങ്ങളുടെ ഹൃദയ
ങ്ങളിൽ കർത്താവിന്നു പാടിയും കീർത്തിച്ചും. നമ്മുടെ കർത്താവായ
20 യേശുക്രീസ്തന്റെ നാമത്തിൽ ദൈവവും പിതാവുമായവന്നു് എല്ലായ്
പൊഴും എല്ലാംകൊണ്ടും സ്തോത്രം ചൊല്ലികൊണ്ടും. ക്രീസ്തന്റെ
21 ഭയത്തിൽ അന്യോന്യം കീഴ്പെട്ടും ഇരിപ്പിൻ.
22 സ്ത്രീകളെ കർത്താവിന്നു് എന്ന പോലെ സ്വഭർത്താക്കന്മാർക്കു കീഴട
23 ങ്ങുവിൻ. കാരണം ക്രീസ്തൻ സഭെക്കു് തല ആയുള്ള പ്രകാരം ഭർത്താവു്
സ്ത്രീയുടെ തല ആകുന്നു (ക്രീസ്തൻ) ആയവൻ തന്നെ ശരീരത്തിന്റെ
24 രക്ഷിതാവു് എങ്കിലും, സഭ ക്രീസ്തന്നു കീഴടങ്ങും പോലെ ഭാര്യമാരും
25 സ്വഭർത്താക്കന്മാർക്കു് സകലത്തിലും (കീഴടങ്ങുക). പുരുഷരായുള്ളോരെ,
26 ക്രീസ്തനും സഭയെ സ്നേഹിച്ചപ്രകാരം ഭാര്യമാരെ സ്നേഹിപ്പിൻ. അവ
നാകട്ടെ അവളെ നീർക്കുളിയാൽ വെടിപ്പാക്കിയ ശേഷം വചനംകൊണ്ടു
27 വിശുദ്ധീകരിപ്പാൻ കറ ഒട്ടൽ മുതലായതു് ഒന്നും ഇല്ലാതെ പവിത്രയും
നിഷ്കളങ്കയും ആയൊരു സഭയെ തേജസ്സോടെ തനിക്കു താൻ മുന്നിറുത്തേ
28 ണ്ടതിന്നു, തന്നെത്താൻ അവശംക്കുവേണ്ടി എല്പിച്ചു കൊടുത്തു. അവ്വണ്ണം
പുരുഷന്മാർ സ്വഭാര്യമാരെ തങ്ങളുടെ ശരീരങ്ങൾ എന്നു വെച്ചു സ്നേഹി
ക്കെ വേണ്ടു; സ്വഭാര്യയെ സ്നേഹിക്കുന്നവൻ തന്നെത്താൻ സ്നേഹിക്കുന്നു.
29 തന്റെ ജഡത്തോടല്ലൊ ഒരുവനും ഒരുനാളും പകെച്ചില്ല; ക്രീസ്തൻ സഭ
യെ ചെയ്യും പോലെ അതിനെ പോററി ഉട്ടുപ്പിക്ക അത്രെ ചെയ്യുന്നു. കാ
30 രണം നാം അവന്റെ ശരീരത്തിൻ അവയവങ്ങളായി അവന്റെ ജഡത്തിൽ
31 നിന്നും അസ്ഥികളിൽനിന്നും ആകുന്നു. (1 മോ. 2, 24.) അതുനിമിത്തം
ഒരു മനുഷ്യൻ തന്റെ പിതാവെയും മാതാവെയും വിട്ടു, സ്വഭാര്യയോടു
പററിയിരിക്കും; ഇരുവരും ഒരു ജഡമായ്തീരും, ഈ മർമ്മം വലുതാകുന്നു.
32 ഞാനൊ ക്രീസ്തനേയും സഭയേയും ഉദ്ദേശിച്ചു പറയുന്നു. എന്നാൽ നി
33 ങ്ങളും അപ്രകാരം തന്നെ ഓരോരുവൻ താന്താന്റെ ഭാര്യയെ തന്നെക്കണ
ക്കെ സ്നേഹിക്ക; ഭാര്യയൊ ഭർത്താവെ ഭയപ്പെട്ടാവു.

6. അദ്ധ്യായം

പുത്രാദി വകക്കാക്കും പ്രബോധനം, (10) ആത്മികയുദ്ധത്തിൻ ഉപദേ
ശം, (21) സമാപ്തി.

1 മക്കളെ നിങ്ങളുടെ പിതാക്കളെ കർത്താവിൽ അനുസരിപ്പിൻ! ഇതു
2 ന്യായമല്ലൊ ആകുന്നു. (2 മോ. 20, 12) നിന്റെ അച്ഛനേയും അമ്മയേയും
3 ബഹുമാനിക്ക എന്നതു വാഗ്ദത്തം കൂടിയ ആദികല്പന ആകുന്നു. നിണക്കു്
4 നല്ലതു ഭവിപ്പാനും നീ ഭൂമിയിൽ ദീർഘായുസ്സാവാനും എന്നു തന്നെ. അച്ഛ
ന്മാരെ നിങ്ങളുടെ മക്കളെ കോപിപ്പിക്കാതെ, കർത്താവിന്റെ ബാലശി
5 ക്ഷയിലും പത്ഥ്യോപദേശത്തിലും പോററിവളർത്തുവിൻ. ദാസന്മാരെ, ക്രീ
സ്തനെ പോലെ തന്നെ ജഡപ്രകാരം ഉടയവരെ ഹൃദയത്തിൻ ഏകാഗ്രത
6 യിൽ ഭയത്തോടും വിറയലോടും അനുസരിപ്പിൻ. മനുഷ്യരെ രസിപ്പിക്കു
7 ന്ന ദൃഷ്ടിസേവയാൽ അല്ല; ക്രീസ്തദാസരായി ദേവേഷ്ടത്തെ മനസ്സാലെ

ചെയ്യും മനുഷ്യക്കല്ല; കർത്താവിന്നു് എന്നത്രെ അനുരാഗത്തോടെ സേവി
8 ച്ചും കൊണ്ടുതന്നെ. ദാസനൊ സ്വതന്ത്രനൊ താന്താൻ ഏതു നന്മ ചെയ്താലും
കർത്താവിൽ നിന്നു് അതിനെ തന്നെ പ്രാപിക്കും എന്നറിഞ്ഞുവല്ലൊ. യ
9 ജമാനന്മാരെ ഭീഷണിവാക്കു് ഒഴിച്ചു, അവരോടു് അപ്രകാരങ്ങൾ തന്നെ
ചെയ്വിൻ! അവർക്കും നിങ്ങൾക്കും യജമാനനായവൻ വാനങ്ങളിൽ ഉ
ണ്ടെന്നും അവൻ പക്കൽ മുഖപക്ഷം ഇല്ല എന്നും അറിയാമല്ലൊ.
10 ഒടുക്കം എൻ സഹോദരൻമാരെ കർത്താവിലും അവന്റെ ഊക്കിൻ ബ
11 ലത്തിലും ശക്തിപ്പെടുവിൻ. പിശാചിന്റെ തന്ത്രങ്ങളോടു ചെറുത്തു നി
ല്പാൻ കഴിയേണ്ടതിന്നു ദൈവത്തിന്റെ സവ്വായുധവഗ്ഗത്തെ ധരിച്ചുകൊൾ
12 വിൻ. നമുക്കല്ലൊ മല്ലുള്ളതു ജഡരക്തങ്ങളോടല്ല വാഴ്ചകളോടു് അധികാര
ങ്ങളോടു് ഈ അന്ധകാരത്തിലെ ലോകാധിപന്മാരോടു സ്വർല്ലോകങ്ങ
13 ളിൽ ദുഷ്ടാത്മസേനയോടത്രെ. അതുകൊണ്ടു നിങ്ങൾ ആ ദുർദ്ദിവസത്തിൽ
എതിർപ്പാനും സകലത്തെയും സമാപിച്ചിട്ടു നില്പാനും കഴിയേണ്ടതിന്നു
14 ദൈവത്തിന്റെ സർവ്വായുധവഗ്ഗത്തെ എടുത്തു കൊൾവിൻ. എന്നാൽ നി
ങ്ങളുടെ അരെക്കു് സത്യത്തെ കെട്ടി, നീതി എന്ന കവചത്തെ ധരിച്ചു.
15 സമാധാനസുവിശേഷത്തിന്റെ മുതിർച്ചയെ കാലുകൾക്കു് ചെരിപ്പാക്കി.
16 എല്ലാറ്റിന്മീതെ ദുഷ്ടന്റെ തീയമ്പുകളെ ഒക്കയും കെടുപ്പാൻ മതിയായ വി
17 ശ്വാസമാകുന്ന പലിശയെ എടുത്തുംകൊണ്ടു നില്പിൻ. പിന്നെ രക്ഷയാം
ശിരസ്ത്രവും ദേവച്ചൊൽ ആകുന്ന ആത്മാവിൻ വാളേയും കൈക്കൊൾവിൻ
18 എല്ലാ പ്രാർത്ഥനയാലും യാചനയാലും ഏതു നേരത്തും ആത്മാവിൽ പ്രാർ
ത്ഥിച്ചും അതിനായ്തന്നെ ജാഗരിച്ചും കൊണ്ടു് എല്ലാ വിശുദ്ധർക്കും എനിക്കും
19 വേണ്ടി യാചനയിൽ സകല അഭിനിവേശം പൂണ്ടും (നില്പ്പിൻ). ഞാൻ
ചങ്ങലയിൽ മന്ത്രിയായി സേവിക്കുന്ന സുവിശേഷത്തിന്റെ മർമ്മത്തെ
പ്രാഗത്ഭ്യത്തോടെ അറിയിപ്പാൻ എന്റെ വായി തുറക്കുമ്പോൾ, എനിക്കു
20 വചനം നല്കപ്പെടേണം എന്നും ഞാൻ പറയേണ്ടും വണ്ണം അതിൽ പ്രാഗ
ത്ഭ്യം കാട്ടേണം എന്നും തന്നെ.
21 എന്റെ അവസ്ഥയും ഞാൻ നടക്കുന്നതും നിങ്ങളും അറിയേണ്ടതിന്നു പ്രി
യ സഹോദരനും കർത്താവിൽ വിശ്വസ്ത ശുശ്രൂഷക്കാരനും ആയ തുകി
22 ക്കൻ നിങ്ങൾക്കു് എല്ലാം അറിയിക്കും. അവനെ ഞാൻ നിങ്ങളരികത്തു്
അയച്ചതു നിങ്ങൾ ഞങ്ങളുടെ വസ്തുതകളെ അറികയും അവൻ നിങ്ങളുടെ
23 ഹൃദയങ്ങളെ ആശ്വസിപ്പിക്കയും വേണം എന്ന വെച്ചത്രെ. പിതാവായ
ദൈവത്തിൽനിന്നും കർത്താവായ യേശുക്രിസ്തനിൽനിന്നും സഹോദരൻ
മാർക്കു സമാധാനവും വിശ്വാസത്തോടെ സ്നേഹവും (ഉണ്ടായിരിക്ക). നമ്മു
24 ടെ കർത്താവായ യേശുക്രിസ്തനെ അക്ഷയമായി സ്നേഹിക്കുന്നവരോടു്
ഒക്കയും കരുണ (ഉണ്ടാക) ആമെൻ.

THE EPISTLE OF PAUL THE APOTSLE TO THE

PHILIPPIANS

ഫിലിപ്പ്യക്ക്

എഴുതിയ ലേഖനം

1. അദ്ധ്യായം

(3) സഭയിങ്കലെ സ്നേഹത്തെ സ്തോത്രപ്രാർത്ഥനകളാൽ കാണിച്ചിട്ടു, (12) തന്റെ അവസ്ഥയും, (18) ആശയും ഗ്രഹിപ്പിച്ചു, (27) ഒരുമിച്ചു നില്പാൻ ഉത്സാഹിപ്പിച്ചതു.

1 യേശുക്രിസ്തന്റെ ദാസരായ പൌലും തിമോത്ഥ്യനും ഫിലിപ്പിയിൽ
ഉള്ള അദ്ധ്യക്ഷന്മാരോടും ശുശ്രൂഷക്കാരോടും കൂട ക്രിസ്തയേശുവിലെ വിശു
2 ദ്ധന്മാക്ക് എല്ലാവക്കും എഴുതുന്നതു. നമ്മുടെ പിതാവായ ദൈവത്തിൽനി
ന്നും കർത്താവായ യേശുക്രിസ്തനിൽനിന്നും നിങ്ങൾക്ക് കൃപയും സമാ
ധാനവും ഉണ്ടാക.
3 നിങ്ങളെ ഓർക്കുന്നതിൽ ഒക്കയും എന്റെ ദൈവത്തിന്നു സ്തോത്രം ചെയ്യു
4 ന്നതു. നിങ്ങൾ ഒന്നാം നാൾ മുതൽ ഇതുവരെയും സുവിശേഷത്തിന്നായി
5 കാണിച്ച കൂട്ടായ്മനിമിത്തം തന്നെ. ഞാൻ ഏതു അപേക്ഷയിലും നി
ങ്ങൾ എല്ലാവർക്കും വേണ്ടി എപ്പോഴും സന്തോഷത്തോടെ യാചന ചെ
6 യ്യും. നിങ്ങളിൽ നല്ല പ്രവൃത്തിയെ ആരംഭിച്ചവൻ യേശുക്രിസ്തന്റെ നാളോ
7 ളം തികെക്കും എന്നു തന്നെ തേറിക്കൊണ്ടമിരിക്കുന്നുവല്ലൊ. ഇങ്ങിനെ നി
ങ്ങളെ എല്ലാവരെകൊണ്ടും ഭാവിക്കുന്നതു എനിക്കു ന്യായം ആവാൻ കാര
ണം കരുണെക്ക് എന്റെ കൂട്ടാളികളായ നിങ്ങളെ ഒക്കയും എന്റെ ബന്ധ
നങ്ങളിലും സുവിശേഷത്തിൻ പ്രതിവാദത്തിലും സ്ഥിരീകരണത്തിലും എ
8 ന്റെ ഹൃദയത്തിനകം വഹിക്കുന്നതു തന്നെ. യേശുക്രിസ്തന്റെ കരളിൽ
ഞാൻ നിങ്ങളെ ഒക്കയും എങ്ങിനെ വാഞ്ഛിക്കുന്നു എന്നതിന്നു ദൈവമ
9 ല്ലൊ എനിക്ക് സാക്ഷി: ഞാൻ പ്രാർത്ഥിക്കുന്നതൊ നിങ്ങളുടെ സ്നേഹം
മേല്ക്കുമേൽ പരിജ്ഞാനത്തിലും എല്ലാ രുചിസൂക്ഷ്മതയിലും വഴിഞ്ഞു വ
10 ന്നിട്ടു. നിങ്ങൾ വിശിഷ്ടങ്ങളെ സമ്മതിപ്പാറാകേണം ക്രിസ്തന്റെ നാളി
11 ലേക്ക് സ്വച്ഛരും തടങ്ങലില്ലാത്തവരും. ദൈവത്തിൻ തേജസ്സിന്നും പുകഴ്ച
ക്കുമായിട്ട് യേശുക്രിസ്തനാൽ നീതിഫലം നിറഞ്ഞിരിക്കുന്നവരും ആവാൻ
എന്നത്രെ.
12 എന്നാൽ നിങ്ങൾക്ക് അറിയായ്വരേണ്ടി ഇരിക്കുന്നിതു എന്റെ അവ
13 സ്ഥകൾ കേവലം സുവിശേഷത്തിന്റെ മുഴുപ്പിന്നായി നടന്നു വന്നു. എന്റെ
ബന്ധനങ്ങൾ അകമ്പടി മാടത്തിൽ ഒക്കയും ശേഷം എല്ലാവർക്കും ക്രിസ്തു
14 നിൽ തന്നെ വെളിവായപ്രകാരവും. സഹോദരർ മിക്കതും എന്റെ ബന്ധ
നങ്ങളാൽ കർത്താവിൽ തേറിക്കൊണ്ടു വചനത്തെ ഭയം കൂടാതെ ഉരെപ്പാൻ
15 അതിയായി തുനിഞ്ഞവാറും തന്നെ. ചിലർ ക്രിസ്തനെ ഘോഷിക്കുന്നത്
അസൂയ പിണക്കങ്ങൾ നിമിത്തവും അത്രെ; ചിലർ പ്രസാദം നിമിത്തം
16 തന്നെ. ഇങ്ങിനെ സ്നേഹം പൂണ്ടവർ ഞാൻ സുവിശേഷത്തിന്റെ പ്രതി
17 വാദത്തിന്നായി കിടക്കുന്നു എന്നറിഞ്ഞിട്ടു തന്നെ. ശാഠ്യം പൂണ്ടവരൊ
ക്രിസ്തനെ പ്രസ്താപിക്കുന്നതു നിർമ്മലതയിലല്ല എന്റെ ബന്ധനങ്ങൾക്കു

18 ക്ലേശം പിണെപ്പാൻ ഭാവിച്ചത്രെ. പിന്നെ എന്തു? ഉപായത്താൽ ആകട്ടെ
സത്യത്താൽ ആകട്ടെ, ക്രിസ്തനല്ലൊ പ്രസ്താപിക്കപ്പെടുന്നു, ഇതിലും ഞാൻ
19 സന്തോഷിക്കുന്നു; പിന്നെയും ഞാൻ സന്തോഷിപ്പാൻ കാരണമാവിതു: നി
ങ്ങളുടെ യാചനയാലും യേശുക്രിസ്തന്റെ ആത്മാവ് ഏകുന്നതിനാലും ഇത്
20 എനിക്ക് രക്ഷയായ്ക്കുടും എന്നറിയുന്നതു തന്നെ. എനിക്ക് ഒന്നിലും നാ
ണം വരാതെ എല്ലാ പ്രാഗത്ഭ്യത്തിലും കൂടി ക്രിസ്തൻ എന്റെ ശരീരത്തിങ്കൽ
ജീവനാൽ താൻ, മരണത്താൽ താൻ, എപ്പോഴും ആയവണ്ണം ഇപ്പോഴും മഹി
21 മപ്പെടും എന്ന് എനിക്ക് പ്രതീക്ഷയും ആശയും ഉള്ള പ്രകാരം തന്നെ. എനി
ക്കല്ലൊ ജീവിക്കുന്നതു ക്രിസ്തനത്രെ മരിക്കുന്നതും ലാഭമെ. എന്നാൽ ജഡ
22 ത്തിൽ ഈ ജീവിക്കുന്നത് എനിക്ക് വേലയിൽ ഫലം എന്നു വന്നാൽ ഏതി
23 നെ വരിപ്പു എന്ന് അറിയിക്കുന്നില്ല. ആ രണ്ടിൽനിന്നും എനിക്ക് ആ
വേശം ഉണ്ടു, യാത്രയായി ക്രിസ്തനോടു കൂട ഇരിപ്പാൻ കാംക്ഷപ്പെടുന്നു;
24 അത് എത്രയും അധികം നല്ലതു സ്പഷ്ടം. ജഡത്തിൽ വസിച്ചിരിക്കുന്ന
25 തൊ, നിങ്ങൾ നിമിത്തം അത്യാവശ്യം ആയതു തേറീട്ടു ഞാൻ വസിക്കും
എന്നും നിങ്ങളുടെ മുഴപ്പിന്നായും വിശ്വാസത്തിലെ സന്തോഷത്തിന്നായും
നിങ്ങൾ എല്ലാവരോടും കൂട പാത്തിരിക്കും എന്നും അറിയുന്നു. ഞാൻ നി
26 ങ്ങളുടെ അടുക്കൽ മടങ്ങി വരികയാൽ നിങ്ങളുടെ പ്രശംസ ക്രിസ്തയേശു
വിൽ എന്നാൽ വഴിഞ്ഞു വരുമാറു തന്നെ.
27 ക്രിസ്തുസുവിശേഷത്തിന്നു യോഗ്യമായി പെരുമാറുക മാത്രം ചെയ്വിൻ
ഞാൻ നിങ്ങളെ വന്നു കണ്ടു താൻ, ദൂരത്തിരുന്നു നിങ്ങളുടെ വൃത്താന്തം
കേട്ടു താൻ, നിങ്ങൾ ഒർ ആത്മാവിൽ നിന്നിട്ടു എതിരികളാൽ ഒന്നിലും
കുലുങ്ങി പോകാതെ, ഒരു മനസ്സോടെ സുവിശേഷവിശ്വാസത്തിന്നായി
28 ഒന്നിച്ച് അങ്കം പൊരുന്നപ്രകാരം ഗ്രഹിക്കേണ്ടതിന്നു തന്നെ. (കുലുങ്ങാ
ത്തതൊ) അവർക്കു നാശത്തേയും നിങ്ങൾക്കു രക്ഷയേയും സൂചിപ്പിക്കുന്നു,
29 അതും ദൈവത്തിൽനിന്നു തന്നെ. നിങ്ങൾക്കല്ലൊ ക്രിസ്തനിൽ വിശ്വസി
ക്കമാത്രമല്ല; അവനായിട്ടു കഷ്ടപ്പെടുക എന്നതു കൂടെ സമ്മാനിക്കപ്പെട്ടു.
30 നിങ്ങൾ എങ്കൽ കണ്ടതും ഇപ്പോൾ എങ്കൽ കേൾക്കുന്നതും ആയ അനന്യ
പോരാട്ടം തന്നെ നിങ്ങൾക്കും ഉണ്ടു.

2. അദ്ധ്യായം

ഐകമത്യവും, (5) യേശുവിൽ കണ്ട താഴ്മയും പൂണ്ടു, (12) രക്ഷയെ
ഉറപ്പിപ്പാൻ പ്രബോധനം, (17) താൻ മരണത്തിന്നും ഒരുങ്ങി, (19) തി
മോത്ഥ്യനേയും, (25) എപഭ്രോദിതനേയും അയക്കുന്നതു.

1 **എ**ന്നാൽ വല്ല പ്രബോധനവും വല്ല സ്നേഹാശ്വാസനവും ആത്മാവിൻ
വല്ല കൂട്ടായ്മയും വല്ല കരളും അലിവും ക്രിസ്തനിൽ ഉണ്ടെങ്കിൽ. നിങ്ങൾ ഒ
2 ന്നിനെ കരുതി അനന്യ സ്നേഹം പൂണ്ടു, ഐക്യമതപ്പെട്ടു, ഏകത്തെ വി
ചാരിച്ചുംകൊണ്ടു ഇങ്ങിനെ എന്റെ സന്തോഷത്തെ പൂർണ്ണമാക്കുവിൻ.
3 ശാഠ്യം താൻ, ദുരഭിമാനം താൻ, ഒന്നിങ്കലും മുന്നിടാതെ മനോവിനയ
ത്താൽ അവനവൻ മറ്റെവനെ തനിക്ക് മീതെ എന്ന് നിനെച്ചും; താന്താ
4 ന്റേവ അല്ല; ഓരോരുവൻ അന്യരുടെവറെ വിചാരിച്ചുംകൊണ്ടത്രെ.
5 ക്രിസ്തയേശുവിലുള്ള ഭാവമല്ലൊ നിങ്ങളിലും ഉണ്ടാവൂതാക. ആയവൻ
6 ദേവരൂപത്തിൽ ഭവിക്കുമ്പോഴും, ദൈവത്തോടു ഒത്തതായി ചമയുന്നതു
7 പിടിച്ചു പറിപ്പാൻ തോന്നാതെ; ദാസരൂപം എടുത്തു, മനുഷ്യസാദൃശത്തിൽ
ആയ്തീർന്നു വേഷത്തിലും മനുഷ്യൻ എന്നു കാണായ്വന്നു; അവൻ തന്നെ
8 ത്താൻ ഒഴിച്ചു മരണത്തോളം ക്രൂശിലെ മരണത്തോളം തന്നെ അധീനനാ
9 യ്വന്നു തന്നെത്താൻ താഴ്ത്തി. അതുകൊണ്ടത്രെ ദൈവം അവനെ ഏറെ

ഉയർത്തി, സകല നാമത്തിനും മേലായ നാമവും സമ്മാനിച്ചു. സ്വർഗ്ഗസ്ഥ
10 ക്കും ഭൂമിസ്ഥർക്കും അധോലോകർക്കും ഉള്ള മുഴങ്കാൽ ഒക്കയും യേശുനാമ
11 ത്തിൽ മടങ്ങുകയും. എല്ലാ നാവും യേശുക്രിസ്തൻ കർത്താവ് എന്നു പി
താവായ ദൈവത്തിൻ തേജസ്സിന്നായി ഏറ്റുപറകയും ചെയ്യേണ്ടതിന്ന
12 ത്രെ. എന്നതുകൊണ്ടു എൻ പ്രിയമുള്ളവരെ! നിങ്ങൾ എപ്പോഴും അനുസ
രിച്ചതു പോലെ ഞാൻ അരികത്തിരിക്കുമ്പോൾ, കാട്ടിയപ്രകാരമാത്രമല്ല,
ഇപ്പോൾ ദൂരത്താകും കാലം ഏറെ അധികം തന്നെ; ഭയത്തോടും വിറയ
13 ലോടും നിങ്ങളുടെ രക്ഷയെ അനുഷ്ഠിപ്പിൻ. ഇച്ഛിക്കുന്നതിനേയും സാധി
പ്പിക്കുന്നതിനേയും നിങ്ങളിൽ ദൈവമല്ലോ പ്രസാദം ഹേതുവായിട്ടു സാ
14 ധിപ്പിക്കുന്നതു. സകലത്തേയും പിറുപിറുപ്പുകളും ദ്വന്ദ്വഭാവങ്ങളും കൂടാതെ
15 ചെയ്വിൻ. വക്രതയും കോട്ടവും ഉള്ള തലമുറയുടെ നടുവിൽ അനിന്ദ്യരും
16 കുറ്റമില്ലാത്തവരും ദൈവത്തിൻ നിഷ്കളങ്കമക്കളും ആകുമാറു തന്നെ. ആയവ
രിൽ നിങ്ങൾ ജീവവചനത്തെ പറ്റിക്കൊണ്ടു ലോകത്തിൽ ജ്യോതിസ്സു
കളായി മിന്നുന്നു; ഞാൻ ഓടിയതും അദ്ധ്വാനിച്ചതും പഴുതിലായില്ല എ
ന്നു ക്രിസ്തന്റെ നാളിൽ എനിക്കു പ്രശംസ വരുവാൻ തന്നെ. എന്നാൽ
17 നിങ്ങളുടെ വിശ്വാസം ആകുന്ന ബലിയെയും സേവയേയും നടത്തുമ്പോൾ,
ഞാൻ ഊക്കപ്പെട്ടാലും സന്തോഷിക്കുന്നു; നിങ്ങൾ എല്ലാവരേയും സന്തോ
18 ഷിപ്പാൻ നിമന്ത്രിക്കയും ചെയ്യുന്നു. അപ്രകാരം തന്നെ നിങ്ങളും അതിൽ
സന്തോഷിച്ചു, എന്നെയും സന്തോഷിപ്പാൻ നിമന്ത്രിപ്പിൻ.
19 എന്നാൽ നിങ്ങളുടെ വസ്തുത കേട്ടു എനിക്കും മനം തണുക്കേണ്ടതിന്നു തി
മോത്ഥ്യനെ വേഗത്തിൽ അങ്ങു അയക്കും എന്നു കർത്താവിൽ ആശിക്കുന്നു.
20 നിങ്ങളുടേവ നിജമായി കരുതിക്കൊൾവാൻ തുല്യചിത്തൻ ആയവൻ (മ
21 റ്റു) ആരും എനിക്കില്ല; യേശുക്രിസ്തന്റെവ അല്ല, തങ്ങൾക്കുള്ളവയത്രെ
22 എല്ലാവരും അന്വേഷിക്കുന്നു. അവനൊ അച്ഛനെ മകൻ എന്ന പോലെ
എന്നോടുകൂടി സുവിശേഷത്തിന്നായി സേവിച്ചുള്ള; അവന്റെ സിദ്ധത
23 യെ നിങ്ങൾ അറിയുന്നു. ആയവനെ ഞാൻ എന്റെ കാര്യത്തിന്നു തുമ്പു
24 കണ്ടു ഉടനെ അയപ്പാൻ ആശിക്കുന്നു. ഞാനും വേഗം വരും എന്നു കർത്താ
25 വിൽ ആശ്രയിച്ചും ഇരിക്കുന്നു. അതിൻ നടെ എന്റെ സഹോദരനും കൂട്ട
വേലക്കാരനും സഹഭടനും നിങ്ങളുടെ ദൂതനും എന്റെ മുട്ടിന്നു (നിങ്ങളുടെ
കാഴ്ചകൊണ്ടു) സേവിച്ചവനും ആയ എപഫ്രോദിതനെ നിങ്ങളരികെ അയ
26 പ്പാൻ ആവശ്യം എന്നു തോന്നി. അവൻ നിങ്ങളെ ഒക്കയും വാഞ്ഛിക്ക
യല്ലാതെ, താൻ രോഗിയായ്തു നിങ്ങൾ കേട്ടത് നിമിത്തം വലഞ്ഞും
27 പോയ ഹേതുവാൽ തന്നെ. ചാവിനോടണയുമാറ് അവൻ രോഗിയായി
സത്യം ദൈവം അവനെ കനിഞ്ഞു താനും; അവനെ മാത്രമല്ല എനിക്ക്
ദുഃഖത്തിന്മേൽ ദുഃഖം വരാതിരിപ്പാൻ എന്നെയും കൂടെ (കനിഞ്ഞതു). ആ
28 കയാൽ നിങ്ങൾ അവനെ പിന്നെയും കണ്ടു സന്തോഷിപ്പാനും എനിക്കും
29 ദുഃഖങ്ങൾ അല്പം കുറവാനും ഞാൻ അവനെ അധികം വിരഞ്ഞ് അയച്ചി
രിക്കുന്നു. ആകയാൽ അവനെ കർത്താവിൽ എല്ലാ സന്തോഷത്തോടും കൂ
30 ടെ ഏറ്റു കൊൾവിൻ! ഇപ്രകാരമുള്ളവരെ ബഹുമാനിച്ചും ഇരിപ്പിൻ. അവ
നല്ലൊ നിങ്ങൾ എന്നെ സേവിക്കുന്നതിൽ കുറവു ശേഷിച്ചതിനെ തീർ
ക്കേണം എന്നു വെച്ചു പ്രാണത്യാഗം തുടങ്ങി ക്രിസ്തന്റെ പ്രവൃത്തിനിമി
ത്തം ചാവിനോളം അടുത്തു കൂടിയവൻ.

3. അദ്ധ്യായം

യഹൂദ്യാനസാരികളെ വെടിഞ്ഞും, (4) താൻ നടക്കുംവണ്ണം, (12) ക്രി
സ്തനെമാത്രം ലാക്കാക്കി, (17) ചൊവ്വിൽ മേലേറി നടപ്പാൻ പ്രബോ
ധനം.

1 ഒടുക്കം എന്റെ സഹോദരന്മാരെ, കർത്താവിൽ സന്തോഷിപ്പിൻ! ഒ
ന്നിനെ തന്നെ നിങ്ങൾക്ക് പിന്നെയും എഴുതുന്നതിനാൽ എനിക്ക് മടു
2 പ്പില്ല, നിങ്ങൾക്ക് കേമം ഉണ്ടു താനും. നായ്ക്കളെ സൂക്ഷിപ്പിൻ, ആകാത്ത
3 വേലക്കാരെ സൂക്ഷിപ്പിൻ, വിഛേദനയെ സൂക്ഷിപ്പിൻ. പരിഛേദന അ
ല്ലോ നാം ആകുന്നു; ആത്മാവ് കൊണ്ടു ദൈവത്തെ ഉപാസിച്ചും ക്രിസ്തുയേ
ശുവിൽ പ്രശംസിച്ചും ജഡത്തിൽ ആശ്രയിക്കാതെയും ഇരിക്കുന്നവർ ത
4 ന്നെ. ഞാനൊ പക്ഷെ ജഡത്തിലും ആശ്രയമുള്ളവൻ തന്നെ; മറ്റാർക്കും
ജഡത്തിൽ ആശ്രയിക്കാം എന്നു തോന്നുകിൽ എനിക്ക് അധികം. എട്ടാം
5 നാൾ പരിഛേദന ഇസ്രയേൽ ജാതി ബിന്യമീൻഗോത്രം എബ്രായരിൽ
6 നിന്ന് എബ്രയൻ, ധർമ്മത്തെ തൊട്ടു പറീശൻ. എരിവിനെ തൊട്ടു സഭയെ
ഹിംസിക്കുന്നവൻ, ധർമ്മത്തിലെ നീതിയെ തൊട്ട് അനിന്ദ്യനുമായി ചമ
7 ഞ്ഞവൻ. എങ്കിലും എനിക്ക് ലാഭങ്ങൾ എന്നുള്ളവ ഒക്കവെ ഞാൻ ക്രി
സ്തൻ നിമിത്തം ചേതം എന്നു വെച്ചിരിക്കുന്നു. അത്രയല്ല; എൻ കർത്താ
8 വായ യേശുക്രിസ്തന്റെ അറിവിലെ മികവുനിമിത്തം ഞാൻ ഇപ്പോഴും എ
ല്ലാം ചേതം എന്നു വെക്കുന്നു. അവൻ നിമിത്തം എനിക്ക് അത് ഒക്കയും ചേ
9 തം വന്നു പോയി, ചണ്ടി എന്നും തോന്നുന്നു. ഞാൻ ക്രിസ്തനെ നേടീട്ടു, ധർമ്മ
ത്തിൽനിന്നു എൻ നീതിയെ അല്ല; ക്രിസ്തവിശ്വാസത്തിൽനിന്നുള്ളതായി
ദൈവത്തിങ്കൽനിന്നു വരുന്ന നീതിയെ വിശ്വാസത്തിൽ കൈക്കൊണ്ടു, അവ
10 നിൽ കാണപ്പെടുവാനും. ഇങ്ങിനെ അവനെയും അവന്റെ പുനരുത്ഥാനശ
11 ക്തിയേയും മരിച്ചവരുടെ എഴുനീല്പിനോട് എത്തുമൊ എന്നിട്ട്. അവ
ന്റെ മരണത്തോട് എന്നെ അനുരൂപനാക്കിക്കൊണ്ടു അവന്റെ കഷ്ടാനുഭവ
12 ങ്ങളിലെ കൂട്ടായ്മയേയും അറിവാനും തന്നെ. അതു ലഭിച്ചു കഴിഞ്ഞു എ
ന്നൊ, തികവോടെത്തി പോയി എന്നൊ അല്ല; ഞാൻ ക്രിസ്തനാൽ
13 പിടിക്കപ്പെട്ടതുകൊണ്ടു അതിനെ പിടിക്കുമൊ എന്നിട്ടു ഞാൻ പിന്തുടരു
14 കെ ഉള്ളു. സഹോദരന്മാരെ, ഞാൻ പിടിച്ചുകളഞ്ഞു എന്നു താൻ എണ്ണുന്നി
ല്ല. ഒന്നിനെ എണ്ണുന്നു പിന്നിട്ടവറെ മറന്നും മുമ്പിലെവ തേടി മുല്പുക്കും
ദൈവം മുകളിൽ വിളിച്ച വിളിയുടെ വിരുതിനെ ലാക്കാക്കി; ക്രിസ്ത
15 യേശുവിൽ പിന്തുടരുന്നു. എന്നാൽ നമ്മിൽ തികഞ്ഞവരായവർ എപ്പേരും
ഇപ്രകാരം തന്നെ ചിന്തിച്ചു കൊൾവു; വല്ലതും കൊണ്ടു നിങ്ങൾ വേറെ
ഭാവിച്ചാലും ദൈവം അതിനേയും നിങ്ങൾക്കു വെളിപ്പെടുത്തും. നാം മു
16 ന്നോട്ട് എത്തി പ്രാപിച്ചതിന്റെ നൂലിൽ തന്നെ മാത്രം സഞ്ചരിക്ക,
ഒന്നിനെ തന്നെ ചിന്തിക്ക.
17 സഹോദരന്മാരെ, എനിക്ക് ഒത്ത അനുകാരികൾ ആകുവിൻ! അപ്രകാ
രം നടക്കുന്നവരേയും നോക്കുവിൻ! ഞങ്ങൾ നിങ്ങൾക്കു മാതിരി ആയി
18 കിട്ടിയല്ലൊ. അനേകരുണ്ടല്ലൊ, ഞാൻ പലപ്പോഴും നിങ്ങളോട് പറ
ഞ്ഞ പോലെ ഇപ്പോൾ കരഞ്ഞും പറയുന്നു: ക്രിസ്തന്റെ ക്രൂശിന്നു ശത്രുക്ക
19 ളായി തന്നെ നടക്കുന്നവർ. അവരുടെ അവസാനം നാശം, അവർക്കു ദൈവ
മാകുന്നതു വയറത്രെ; അവർക്കു ലജ്ജയായതിൽ മാനം ഉള്ളു; ഭൂമിമേലേവ
20 ചിന്തിക്കുന്നവർ. നമ്മുടെ രാജ്യകാര്യം ആകട്ടെ, വാനങ്ങളിൽ ആകുന്നു;
21 അവിടെനിന്നു നാം കർത്താവായ യേശുക്രിസ്തനെ രക്ഷിതാവെന്നു കാത്തുനി
ല്ക്കുന്നു. ആയവൻ സകലവും കൂടെ തനിക്ക് കീഴ്പെടുത്തുവാൻ കഴിയുന്ന
സാദ്ധ്യശക്തിയെകൊണ്ടു നമ്മുടെ താഴ്ചയുടെ ശരീരത്തെ തന്റെ തേജസ്സിൻ
ശരീരത്തോട് അനുരൂപമാകുവാൻ മുറ്റുവേഷമാക്കി തീർക്കും. എന്നതുകൊ
4,1 ണ്ടു എനിക്കു പ്രിയരും വാഞ്ഛിതരും ആയ സഹോദരന്മാരെ, എൻ സ
ന്തോഷവും കിരീടവും ആയുള്ളോരെ! ഇപ്രകാരം കർത്താവിൽ നിലനില്പിൻ
സ്നേഹിതന്മാരെ!

4. അദ്ധ്യായം

(2) ഇന്നിന്നവർക്കും, (4) സഭെക്കും ഉള്ള പ്രബോധനം, (10) സമ്മാനത്തിന്നായി ഉപചാരവാക്കു, (21) സമാപ്തി.

ഞാൻ എവൊദ്യയെ പ്രബോധിപ്പിക്കുന്നു, സുന്തുകയേയും പ്രബോധിപ്പിക്കുന്നിതു: കൎത്താവിൽ ഒന്നിനെ തന്നെ ചിന്തിക്ക എന്നത്രെ; അതെ നി
2 ൟ ഇണയാളിയായുള്ളോവെ! അവൎക്ക് ഉതവി ചെയ്ക. ജീവപുസ്തകത്തിൽ
പേരുകൊം ഉള്ള ക്ലെമാൻ തുടങ്ങിയ എന്റെ കൂട്ടവേലക്കാരുമായി ആ സ്ത്രീ
3 കൊം തന്നെ സുവിശേഷത്തിൽ എന്നോടു ഒത്തു പോരാടീട്ടുണ്ടല്ലൊ. കൎത്താ
വിൽ എപ്പോഴും സന്തോഷിപ്പിൻ പിന്നെയും ഞാൻ പറയുന്നു സന്തോഷി
4 പ്പിൻ! നിങ്ങളുടെ സൌമ്യത എല്ലാ മനുഷ്യൎക്കും അറിയായ്വരിക. ക
5 ൎത്താവു സമീപസ്ഥൻ, ഒന്നിന്നായും ചിന്തപ്പെടരുതെ എല്ലാററിലും സ്തോ
ത്രം കൂടിയ പ്രാൎത്ഥന യാചനകളാലെ നിങ്ങളുടെ ചോദ്യങ്ങൊം ദൈവ
6 ത്തോടു അറിയിക്കപ്പെടാവു. പിന്നെ എല്ലാ ബുദ്ധിയേയും കടക്കുന്ന ദൈ
വസമാധാനം നിങ്ങളുടെ ഹൃദയങ്ങളേയും നിനവുകളേയും ക്രിസ്തുയേശുവി
7 ങ്കൽ കാക്കും. ശേഷം സഹോദരന്മാരെ! സത്യമായതു ഒക്കയും, ഘനമാ
യതു ഒക്കയും, ന്യായമായതു ഒക്കയും, നിൎമ്മലമായതു ഒക്കയും, പ്രേമ
മായതു ഒക്കയും, സല്കീൎത്തിയായതു ഒക്കയും സല്ഗുണമൊ പുകഴ്ചാ എ
8 ന്താകിലും അവ നണ്ണുവിൻ. എങ്കൽ കൂടെ പഠിച്ചും പരിഗ്രഹിച്ചും കേട്ടും കു
ണ്ടും കൊണ്ടവ തന്നെ പ്രവൃത്തിപ്പിൻ! പിന്നെ സമാധാനത്തിന്റെ ദൈവം
നിങ്ങളോടു കൂടി ഇരിക്കും.
9 ഒടുവിൽ നിങ്ങൊം പിന്നെയും എനിക്കു വേണ്ടി, വിചാരിപ്പാൻ തെഴുത്ത
10 തിനാൽ ഞാൻ കൎത്താവിൽ വളരെ സന്തോഷിച്ചു. ആയതു നിങ്ങൊം മുമ്പെ
ഭാവിച്ചു പോന്നിട്ടും തഞ്ചക്കേടുണ്ടായി, മുട്ടുകൊണ്ടു അല്ല; ഞാൻ പറയുന്ന
11 തു ഉള്ള അവസ്ഥകളിൽ അലംഭാവം ആവാൻ ഞാൻ പഠിച്ച സത്യം. താഴ്ച
12 പ്പെടുവാനും അറിയാം വഴിവാനും അറിയാം. തൃപ്തിയും വിശപ്പും ഏററവും
13 കുറവും അനുഭവിപ്പാൻ ഏതിലും എല്ലാററിലും ഞാൻ ദീക്ഷിച്ചിരിക്കുന്നു.
14 എന്നെ ശക്തനാക്കുന്നവനിൽ ഞാൻ സകലത്തിന്നും മതിയാകുന്നു. എങ്കി
15 ലും എന്റെ സങ്കടത്തിൽ നിങ്ങൊം കൂട്ടായ്മയെ കാട്ടുകയാൽ നന്നായി ചെ
യ്തു. പിന്നെ ഫിലിപ്പിയരെ! സുവിശേഷത്തിന്റെ ആരംഭത്തിങ്കൽ ഞാൻ
മക്കെദോന്യയിൽനിന്നു പുറപ്പെട്ടാറെ, നിങ്ങൊം മാത്രമല്ലാതെ, ഒരു സഭയും
എന്നോടു കൊള്ളക്കൊടുക്കയുടെ കണക്കിൽ കൂട്ടായ്മ തുടങ്ങീല്ല എന്നു നി
16 ങ്ങളും അറിയുന്നു. തെസ്സലനീക്കയിലുള്ളപ്പോഴെക്കും എന്റെ ആവശ്യത്തി
17 നായി നിങ്ങൊം ഒന്നു രണ്ടുവട്ടം അയച്ചുവല്ലൊ. ഞാൻ കാഴ്ചയെ തിരയുന്നു
18 എന്നല്ല; നിങ്ങളുടെ കണക്കിൽ വളരുന്ന ഫലത്തെ അത്രെ തിരയുന്നു. ഇ
19 പ്പോൊം ഞാൻ എല്ലാം കെട്ടി മേടിച്ചും വഴിഞ്ഞും ഇരിക്കുന്നു. ദൈവത്തിന്നു
സൌരഭ്യവാസനയായി ഹിതവും ഗ്രാഹ്യവും ആയ ബലി എന്നു നിങ്ങ
ളിൽനിന്നു വരുന്നതിനെ എപഫ്രൊദിതനോടു ഞാൻ പരിഗ്രഹിച്ചിട്ടു നിറ
20 ഞ്ഞിരിക്കുന്നു. എന്നാൽ എന്റെ ദൈവം തേജസ്സിൽ തന്റെ ധനത്താൽ
21 ആകൊംവണ്ണം നിങ്ങളുടെ മുട്ടിനെ ഒക്കയും ക്രിസ്തുയേശുവിൽ നിറെച്ചു തീൎ
ക്കും. നമ്മുടെ ദൈവവും പിതാവും ആയവന്നു യുഗാദിയുഗങ്ങളിലും തേജ
സ്സുണ്ടാക ആമെൻ.
22 ക്രിസ്തയേശുവിലെ എല്ലാ വിശുദ്ധനേയും വന്ദിപ്പിൻ; എന്നോടു കൂട
23 യുള്ള സഹോദരന്മാർ നിങ്ങളെ വന്ദിക്കുന്നു. എല്ലാ വിശുദ്ധരും വിശേ
ഷാൽ കൈസരുടെ ഭവനത്തിലുള്ളവരും നിങ്ങളെ വന്ദിക്കുന്നു; കൎത്താവായ
യേശുക്രിസ്തന്റെ കരുണ നിങ്ങൊം എല്ലാവരോടും ഉണ്ടാവൂതാക.

THE EPISTLE OF PAUL THE APOSTLE TO THE

COLOSSIANS

കൊലസ്സുക്കു

എഴുതിയ ലേഖനം

1. അദ്ധ്യായം

(3) ഉള്ളവിശ്വാസത്തിന്നായി സ്തോത്രം, (9) തികവിന്നായി പ്രാർത്ഥന, (13) സഭാശിരസ്സിൻ മഹത്വവർണ്ണനം, (21) നിലനില്പിൻ പ്രത്യാശ, (24) സഭെക്കു വേണ്ടി തൻെറ അദ്ധ്വാനം.

1 ദൈവേഷ്ടത്താൽ യേശുക്രീസ്തൻെറ അപോസ്തലനായ പൌലും സഹോ
ദരനായ തിമോത്ഥ്യനും കൊലസ്സ്യയിൽ ഉള്ള വിശുദ്ധരായി ക്രീസ്തനിൽ
2 വിശ്വസ്ത സഹോദരന്മാരായവർക്കു് (എഴുതുന്നതു). നമ്മുടെ പിതാവാ
യ ദൈവത്തിൽനിന്നും (കർത്താവായ യേശുക്രീസ്തനിൽനിന്നും) നി
ങ്ങൾക്കു് കൃപയും സമാധാനവും ഉണ്ടാക.
3 സുവിശേഷത്തിൻെറ സത്യവചനത്തിൽ നിങ്ങൾ മുൻകേട്ടതായി സ്വർ
ഗ്ഗത്തിൽ നിങ്ങൾക്കു് എന്ന സംഗ്രഹിച്ചു കിടക്കുന്ന പ്രത്യാശാർത്ഥം നിമി
4 ത്തം ക്രീസ്തയേശുവിൽ വിശ്വാസവും എല്ലാ വിശുദ്ധരിലും സ്നേഹം
ഉള്ളതിനെ ഞങ്ങൾ കേട്ടിട്ടു നിങ്ങൾക്കു് വേണ്ടി പ്രാർത്ഥിക്കുന്തോറും നമ്മു
5 ടെ കർത്താവായ യേശുക്രീസ്തൻെറ പിതാവും ദൈവവും ആയവനു എ
6 പ്പോഴും സ്തോത്രം ചെയ്യുന്നു. ആ സുവിശേഷം ലോകത്തിൽ ഒക്കെയും
ഉള്ളപോലെ നിങ്ങളിലും എത്തി, നിങ്ങൾ ദൈവകൃപയെ ഉണ്മയിൽ
കേട്ടറിഞ്ഞുകൊണ്ടു നാൾ മുതൽ നിങ്ങളിൽ എന്ന പോലെ ഫലം
7 കായ്ക്കുന്നതും വർദ്ധിക്കുന്നതും ആകുന്നു. ഉണ്മയിൽ തന്നെ നി
8 ങ്ങൾ അതിനെ നമ്മുടെ പ്രിയ സഹോദരനായ എപഫ്രാവിൽനിന്നു പഠി
ച്ചു. ആയവൻ നിങ്ങൾക്കു വേണ്ടി ക്രീസ്തൻെറ വിശ്വസ്ത ശുശ്രൂഷ
ക്കാരനും നിങ്ങൾക്കു് ആത്മാവിലുള്ള സ്നേഹത്തെ ഞങ്ങളോടു് ബോധി
9 പ്പിച്ചവനും തന്നെ. അതുകൊണ്ടു ഞങ്ങളും കേട്ടനാൾ മുതൽ നിങ്ങൾക്കു്
10 വേണ്ടി വിടാതെ പ്രാർത്ഥിക്കുന്നു. നിങ്ങൾ കർത്താവിന്നു യോഗ്യമായി
നടന്നു, സകലത്തിലും പ്രസാദം വരുത്തേണ്ടതിന്നു എല്ലാ ആത്മിക
ജ്ഞാനത്തിലും വിവേകത്തിലും ദൈവേഷ്ടത്തിൻെറ അറിവുകൊണ്ടു നിറ
ഞ്ഞു വരേണം എന്നും, സകല സൽക്രിയയിലും ഫലം കായിച്ചും, ദൈ
11 വത്തിൻ പരിജ്ഞാനത്തിൽ വർദ്ധിച്ചും പോരെണം. എല്ലാ സഹിഷ്ണുത
യും ദീർഘശാന്തിയും വരുമാറു അവൻെറ തേജസ്സിൻെറ ഊക്കിൻപ്രകാരം
12 എല്ലാ ശക്തിയാലും ബലപ്പെടുന്നവരായി വിശുദ്ധർക്കു് വെളിച്ചത്തിൽ
ഉള്ള അവകാശപ്പങ്കിന്നായി നമ്മെ പ്രാപ്തരാക്കിയ പിതാവിന്നു സന്തോ
ഷത്തോടെ സ്തോത്രം ചെയ്യുന്നവർ ആകേണം എന്നും വേണ്ടി കൊള്ള
13 ന്നു. ആയവനല്ലോ നമ്മെ ഇരുട്ടിൻ അധികാരത്തിൽനിന്നു ഉദ്ധരിച്ചു ത
14 ൻെറ സ്നേഹത്തിൻ പുത്രൻെറ രാജ്യത്തിൽ ആക്കിവെച്ചു. ഇവങ്കൽ നമു
15 ക്കു പാപമോചനം ആകുന്ന വീണ്ടെടുപ്പു് ഉണ്ടു. അവൻ കാണാത്ത ദൈവ
ത്തിൻെറ പ്രതിമയും സൃഷ്ടിക്കു് ഒക്കെക്കും ആദ്യജാതനും ആകുന്നു. എന്തെ
16 ന്നാൽ സ്വർവും അവനിൽ സൃഷ്ടിക്കപ്പെട്ടു, സ്വർഗ്ഗങ്ങളിലുള്ളവയും, ഭൂമി

മേൽ ഉള്ളവയും, കാണ്മവയും, കാണാത്തവയും, സിംഹാസനങ്ങ്ം താൻ,
കർത്തൃത്വങ്ങ്ം താൻ, വാഴ്ചകും താൻ, അധികാരങ്ങ്ം താൻ സ്വവും
17 അവനാലും അവങ്കലേക്കും സൃഷ്ടമാകുന്നു. താൻ സർവ്വത്തിന്നു മുമ്പെയും
18 ഉണ്ടായിരിക്കുന്നു; സ്വവും അവങ്കൽ കൂടിനില്ക്കുന്നു. അവൻ തന്നെ സഭയാ
കുന്ന ശരീരത്തിന്നു തലയും, ആയതിന്നു കാരണം അവൻ മരിച്ചവരിൽനി
ന്നു ആദ്യജാതനായി ഒർ ആരംഭമാകുക തന്നെ; അതു അവന്നു സകലത്തി
19 ലും മുമ്പു ഉണ്ടാകേണ്ടതിന്നായ്ത്ത. എങ്ങിനെ എന്നാൽ അവനിൽ എല്ലാ
20 നിറവും വസിക്ക എന്നും. അവന്റെ ക്രൂശിലെ രക്തംകൊണ്ടു അവനാൽ
സമാധാനം ഉണ്ടാക്കി, ഭൂമിമേലുള്ളവയും സ്വർഗ്ഗത്തിലുള്ളവയും സർവ്വം
21 അവനെകൊണ്ടു അവങ്കലേക്കു നിരപ്പിക്ക എന്നും നല്വിഷ്ടം തോന്നി.
പണ്ടു ദുഷ്ക്രിയകളിൽ ആയി, വിചാരത്തിൽ അന്യപ്പെട്ടവരും പകയരും
22 ആയ നിങ്ങളെയും; അവൻ ഇപ്പോ്ം തന്റെ ജഡശരീരത്തിങ്കൽ മരണം
മൂലം നിരപ്പിച്ചത്ത, നിങ്ങളെ അവന്റെ മുമ്പിൽ വിശുദ്ധരും നിഷ്കളങ്കരും
23 അനിന്ദ്യരും ആയി നിറുത്തുവാൻ തന്നെ. വാനിങ്കീഴെ സകല സൃഷ്ടിയി
ലും ഘോഷിക്കപ്പെട്ടും പൌലായ ഞാൻ ശുശ്രൂഷക്കാരനായ്വന്നും, നിങ്ങ്ം
കേട്ടും ഉള്ള സുവിശേഷത്തിന്റെ പ്രത്യാശയിൽനിന്നും, നിങ്ങ്ം ഇളകാ
തെ അടിസ്ഥാനപ്പെട്ടവരും നിശ്ചയുള്ളവരും ആയി വിശ്വാസത്തിൽ പാർ
24 ത്ത കൊണ്ടാലത്രെ. ഇപ്പോ്ം ഞാൻ നിങ്ങ്ംക്ക വേണ്ടിയുള്ള കഷ്ടാനുഭവ
ങ്ങളിൽ സന്തോഷിച്ചു, ക്രിസ്തന്റെ സങ്കടങ്ങളിൽ കുറവായുള്ളവറെ എ
25 ന്റെ ജഡത്തിൽ സഭയാകുന്ന അവന്റെ ശരീരത്തിന്നു വേണ്ടി പൂരിപ്പി
കുന്നു. ആയതിന്നു ഞാൻ നിങ്ങളിലേക്കു എനിക്കു നല്കപ്പെട്ട ദൈവ
ത്തിൻ വിചാരണപ്രകാരം ശുശ്രൂഷക്കാരൻ ആയത്ര ദേവവചനത്തെ
26 നിവൃത്തിക്കേണ്ടതിന്നു തന്നെ. ആ (വചനം) യുഗാദി തലമുറകളിൽനി
ന്നും മറഞ്ഞു കിടന്ന മർമ്മം എങ്കിലും ഇപ്പോ്ം, അവന്റെ വിശുദ്ധക്ക പ്ര
27 ത്യക്ഷമായി. അവക്ക ദൈവം ജാതികളിൽ ഈ മർമ്മത്തിലെ തേജസ്സിൻ
സമൃദ്ധി എന്തെന്നു ബോധിപ്പിപ്പാൻ ഇച്ഛിച്ചത്ത; ആയതു തേജസ്സിൻ പ്ര
28 ത്യാശയായി നിങ്ങളിൽ ക്രിസ്തൻ എന്നുള്ളതത്രെ. അവനെ ഞങ്ങ്ം പ്ര
സ്താപിക്കുന്നതിൽ ഏത്ര മനുഷ്യനേയും ക്രിസ്തനിൽ തികഞ്ഞവനാ
യി നിറുത്തേണ്ടതിന്നു, ഏത്ര മനുഷ്യനേയും വഴിക്കാക്കിയും എല്ലാ ജ്ഞാ
29 നത്തോടും ഏത്ര മനുഷ്യനേയും ഉപദേശിച്ചും കൊള്ളുന്നു. അതിനായും ഞാൻ
എന്നിൽ ബലത്താലെ വ്യാപരിക്കുന്ന അവന്റെ സാദ്ധ്യശക്തിയിൻ പ്ര
കാരം പൊരുതുംകൊണ്ടു അദ്ധ്വാനിക്കുന്നു.

2. അദ്ധ്യായം

സഭയുടെ ഉറപ്പിന്നായി ചിന്ത, (4) ലോകജ്ഞാനത്തിൻ മായ, (9)ക്രി
സ്തനിലെ പൂർണ്ണത, (16) കള്ള മതഭേദത്തിൻ ആക്ഷേപണം.

1 **എ**ന്തെന്നാൽ നിങ്ങളേയും ലവുദിക്യയിൽ ഉള്ളവരേയും ജഡത്തിൽ എ
ന്റെ മുഖത്തെ കണ്ടിട്ടില്ലാത്ത എല്ലാവരേയും ചൊല്വി, എനിക്കു എത്ര വ
ലിയ പോരാട്ടം ഉണ്ടു എന്നു നിങ്ങ്ംക്കു ബോധിക്കേണ്ടതിന്നു ഇച്ഛിക്ക
2 ന്നു. അവർ സ്നേഹത്തിൽ ഏകീഭവിച്ചും വിവേകത്തിൻ നിറപടിയുടെ
സകല സമ്പത്തിലേക്കും ദൈവമായ (പിതാവിന്റെയും) ക്രിസ്തന്റെ
യും മർമ്മത്തിൻ പരിജ്ഞാനത്തിലേക്കും ഒരുമിച്ചിട്ടും അവരുടെ ഹൃദയ
3 ങ്ങ്ം ആശ്വസിച്ച വരേണം എന്നത്രെ. ആ മർമ്മത്തിൽ ജ്ഞാനത്തിന്റെ
യും അറിവിന്റെയും നിക്ഷേപങ്ങ്ം ഒക്കയും മറഞ്ഞു കിടക്കുന്നു. ഒരുത്ത
4 നും നിങ്ങളെ രസിപ്പിക്കുന്ന ഭാഷണത്താൽ ചതിയാതെ ഇരിപ്പാൻ ഇതി
5 നെ പറയുന്നു. എങ്ങിനെ എന്നാൽ ഞാൻ ജഡംകൊണ്ടു ദൂരത്തു എങ്കിലും

ആത്മാവ്കൊണ്ടു നിങ്ങളോടു കൂടയുള്ളവനായി നിങ്ങളുടെ ക്രമത്തേയും
ക്രിസ്തനിൽ നിങ്ങൾക്കുള്ള വിശ്വാസത്തിൻ മതിലിനെയും സന്തോഷി
6 ച്ചു കാണുന്നു. ആകയാൽ നിങ്ങൾ യേശുക്രിസ്തനെ കർത്താവായിട്ടു പ
7 രിഗ്രഹിച്ചപ്രകാരം തന്നെ അവനിൽ നടപ്പിൻ. അവനിൽ വേർ ഊന്നി
ക്കൊണ്ടും (വീടായി) കെട്ടപ്പെട്ടു പോന്നും ഉപദേശിക്കപ്പെട്ടതിന്നു ഒത്തവ
8 ണ്ണം വിശ്വാസത്താൽ ഉറെച്ചും അതിൽ സ്തോത്രത്തോടെ കവിഞ്ഞും വ
രുന്നവരായി തന്നെ. മനുഷ്യരുടെ സമ്പ്രദായപ്രകാരവും ക്രിസ്തനോടല്ല;
ലോകത്തിൻ ആദ്യപാഠങ്ങളോടു ഒത്തവണ്ണവും ആത്മജ്ഞാനം എന്ന വെ
റും വഞ്ചനയാൽ ഒരുവനും നിങ്ങളെ കവർന്നുകൊണ്ടു പോകായ്വാൻ നോ
9 ക്കുവിൻ. ക്രിസ്തനിൽ അത്രെ ദേവത്വത്തിൻ നിറവു ഒക്കയും മെയ്യായി
10 വസിക്കുന്നു. സകല വാഴ്ചെക്കും അധികാരത്തിന്നും തലയായ ഇവനിൽ
11 നിങ്ങളും നിറഞ്ഞിരിക്കുന്നു സത്യം. അവനിൽ ക്രിസ്തന്റെ പരിഛേദ
നയാൽ തന്നെ; ജഡദേഹത്തെ വീഴ്ക്കയിൽ അവനോടു കൂടെ സ്നാനത്തി
ങ്കൽ കുഴിച്ചിടപ്പെട്ടപ്പോഴും, കൈപ്പണിയല്ലാത്ത പരിഛേദനയും നിങ്ങൾ
12 ക്കു ലഭിച്ചു. അവനിൽ കൂടെ നിങ്ങൾ അവനെ മരിച്ചവരിൽനിന്നു ഉണ
ർത്തിയ ദൈവത്തിന്റെ സാദ്ധ്യശക്തിയിലെ വിശ്വാസത്താൽ ഒന്നിച്ചു
13 ഉണർത്തപ്പെട്ടു. പിഴകളിലും നിങ്ങളുടെ ജഡത്തിൻ അഗ്രചർമ്മത്തിലും മരി
ച്ചവരായ നിങ്ങളേയും അവൻ നമുക്കു സകല പിഴകളേയും സമ്മാനിച്ചു
14 വീട്ടുന്ന അവനോടു കൂട ഉയിർപ്പിച്ചു. വെപ്പുകളാൽ നമുക്കു വിരോധവും
നേരെ എതിരുമായ കൈമുറിയെ അവൻ കുത്തിക്കളഞ്ഞു; അതിനെ ക്രൂ
15 ശിൽ തറെച്ചിട്ടു വഴിയിൽനിന്നു എടുത്തു കളഞ്ഞിട്ടത്രെ. വാഴ്ചകളേയും
അധികാരങ്ങളേയും (ആയുധവർഗ്ഗം) കഴിച്ചെടുത്തു; അവരെ ക്രൂശിൽ ജയോ
ത്സവം കൊണ്ടാടി പ്രാഗത്ഭ്യത്തോടെ കാഴ്ച വേലയാക്കി കാണിച്ചു.
16 അതുകൊണ്ടു ഊണിലും കുടിയിലും പെരുനാൾ വാവു ശബ്ബത്ത് എന്നീ
സംഗതിയിൽ ആരും നിങ്ങൾക്കു വിധിക്കരുതു. ഇവ വരേണ്ടുന്നവറിന്റെ
17 നിഴലത്രെ, മെയ്യോ ക്രിസ്തനെ ഉള്ളു. താഴ്മ നടിച്ചും ദൂതരെ ആരാധി
18 ച്ചുംകൊണ്ടു, താൻ ദർശിച്ചവ പ്രവേശിച്ചു; തന്റെ ജഡത്തിൻ മനസ്സി
നാൽ വെറുതെ ചീർത്തു പോയി തലയെ മുറുക പിടിക്കാത്തവൻ ആരും എ
ത്ര ഇമ്പിച്ചാലും നിങ്ങളോടു അങ്കവിരുതിനെ ചതിച്ചെടുക്കരുതെ. തല
19 യായവനിൽനിന്നല്ലൊ ശരീരം മുഴുവൻ ഞരമ്പു നാഡികളാലും ചൈത
ന്യം ലഭിച്ചും ഏകീഭവിച്ചും പോന്നു; ദൈവഹിതമായ വർദ്ധനം കൊള്ള
20 ന്നു. നിങ്ങൾ ക്രിസ്തനോടു കൂട ലോകത്തിൻ ആദ്യപാഠങ്ങൾക്കു മരി
21 ച്ചു എങ്കിൽ, ലോകത്തിൽ ജീവിക്കുന്ന പ്രകാരം മനുഷ്യരുടെ കല്പിതങ്ങൾ
ക്കും ഉപദേശങ്ങൾക്കും തക്കവണ്ണമെ നിങ്ങൾക്കു വെപ്പുകൾഉണ്ടാവാൻ എ
22 ന്തു? പിടിക്കല്ല, രുചിനോക്കല്ല, തൊടുകയും അരുതു; എന്നുള്ളവ എല്ലാം
23 അനുഭവത്താൽ കേടു വരുന്നതത്രെ. ഈ കല്പിതങ്ങൾ ഒക്കയും സ്വേച്ഛാരാ
ധനയിലും താഴ്മഭാവത്തിലും ശരീരത്തിന്റെ ഉപേക്ഷയിലും ജ്ഞാന
ത്തിൻ പേരു മാത്രം ഉള്ളതു മാനമായതു് ഒന്നിനാലും അല്ല, ജഡത്തിന്റെ
തൃപ്തിക്കായിട്ടത്രെ.

3. അദ്ധ്യായം

മേലേവ തിരിഞ്ഞു, (5) പഴയ മനുഷ്യനെ വീഴ്ത്തു, (12) പുതിയവനെ
ധരിപ്പാനും, (18–4, 6) വെവ്വേറെ വകക്കാർക്കും ഉള്ള പ്രബോധനങ്ങൾ.

1 എന്നാൽ നിങ്ങൾ ക്രിസ്തനോടു കൂടെ ഉണർത്തപ്പെട്ടു എങ്കിൽ, ക്രി
2 സ്തൻ ദൈവത്തിൻ വലഭാഗത്തു് ഇരിക്കുന്നേടത്തു മേലേവ അന്വേഷി
പ്പിൻ! ഭൂമിയിലുള്ളവ അല്ല; മേലേവ തന്നെ വിചാരിപ്പിൻ. കാരണം

3 നിങ്ങൟ മരിച്ചു നിങ്ങളുടെ ജീവൻ ക്രീസ്ത്തനോടു കൂടെ ദൈവത്തിൽ ഒ
ളിച്ചു വെച്ചും ഇരിക്കുന്നു; നമ്മുടെ ജീവനാകുന്ന ക്രീസ്ത്തൻ വിളങ്ങിവരു
4 മ്പോഴെക്കൊ, നിങ്ങളും അവനോടു കൂടെ തേജസ്സിൽ വിളങ്ങും. ആകയാൽ
5 പുലയാട്ടു, അശുദ്ധി, അതിരാഗം, ദുർമ്മോഹം, വിഗ്രഹാരാധന ആകുന്ന
ലോഭം ഇങ്ങിനെ ഭൂമിമേലുള്ള നിങ്ങളുടെ അവയവങ്ങളെ മരിപ്പിച്ചു
6 കൊൟവിൻ. ആ വക നിമിത്തം ദേവകോപം അനധീനതയുടെ മക്കൾ
7 മേൽ വരുന്നു. ഇവരിൽ നിങ്ങളും അവറ്റിൽ ജീവിക്കും കാലം പണ്ടു നട
8 ന്നു. ഇപ്പോഴൊ നിങ്ങളും അവ ഒക്കയും കോപം, ക്രോധം, വേണ്ടാതനവു
9 നിങ്ങളുടെ വായിൽനിന്നു ദൂഷണദുർഭാഷണങ്ങളും ഇട്ടുകളവിൻ. അന്യോ
10 ന്യം കളവു പറയായ്വിൻ. നിങ്ങൟ പഴയ മനുഷ്യനെ അവന്റെ പ്രവൃ
ത്തികളോടു കൂടെ വീഴ്ത്തു കളഞ്ഞു. തന്നെ സൃഷ്ടിച്ചവന്റെ പ്രതിമപ്ര
കാരം പരിജ്ഞാനത്തിലേക്കു പുതുക്കപ്പെടുന്ന നൂതന മനുഷ്യനെ ധരിച്ചു
11 കൊണ്ടിട്ടുണ്ടല്ലൊ. അതിൽ യവന യഹൂദന്മാരും പരിഛേദന അഗ്രചർമ്മ
വും മ്ലേച്ഛരും ദാസസ്വതന്ത്രരും എന്നില്ല; ക്രീസ്ത്തനത്രെ എല്ലാവരിലും
എല്ലാം ആകുന്നു.
12 അതുകൊണ്ടു ദൈവത്താൽ തെരിഞ്ഞെടുക്കപ്പെട്ടവരും വിശുദ്ധരും പ്രിയരു
മായി അലിവുള്ള കരളും, ദയ, താഴ്മ, സൌമ്യത, ദീർഘക്ഷാന്തി എന്നി
13 വറെ ധരിച്ചുകൊണ്ടു. അന്യോന്യം പൊറുത്തും ഒരുവനോടു ഒരുവനു വ
ഴക്കായാൽ, തമ്മിൽ സമ്മാനിച്ചും വിടുവിൻ! ക്രീസ്ത്തൻ നിങ്ങൟക്കു സ
14 മ്മാനിച്ചതു പോലെ തന്നെ നിങ്ങളും (ചെയ്വിൻ). ഈ സകലത്തിനും
15 മീതെ സ്നേഹം ആകുന്ന തികവിൻ കെട്ടിനെ അണിവിൻ! ക്രീസ്ത്തന്റെ
സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ വാഴുകയും വേണം; ആയതിന്നായി
നിങ്ങൟ ഏകശരീരത്തിൽ (ആവാൻ) വിളിക്കപ്പെട്ടവല്ലൊ, കൃതജ്ഞരാ
16 യും ഭവിപ്പിൻ. ക്രീസ്ത്തന്റെ വചനം ഐശ്വര്യമായി നിങ്ങളിൽ വസി
ക്കയും നിങ്ങൟ എല്ലാ ജ്ഞാനത്തിലും അന്യോന്യം പഠിപ്പിച്ചും സങ്കീർ
ത്തനങ്ങളാലും സ്തുതികളാലും ആത്മിക പാട്ടുകളാലും ബുദ്ധി ഉപദേശിച്ചും
കരുണയാലെ നിങ്ങളുടെ ഹൃദയങ്ങളിൽ ദൈവത്തിന്നു പാടി കൊൟകയും
17 ആവു. വാക്കിലൊ, ക്രിയയിലൊ എന്തു ചെയ്താലും സകലവും കർത്താവാ
യ യേശുവിന്റെ നാമത്തിൽ ചെയ്തും ദൈവവും പിതാവും ആയവനു അ
വനമൂലം സ്തോത്രം കഴിച്ചും കൊണ്ടിരിപ്പിൻ.

18 സ്ത്രീകളെ, കർത്താവിൽ ഉചിതമാകുംവണ്ണം പുരുഷന്മാക്കു കീഴടങ്ങു
19 വിൻ. പുരുഷന്മാരെ! സ്ത്രീകളെ സ്നേഹിച്ചും അവരോടു കൈപ്പിച്ചു പോകാ
20 തെയും ഇരിപ്പിൻ. മക്കളെ, പിതാക്കളെ എല്ലാംകൊണ്ടും അനുസരിപ്പിൻ!
ഇതത്രെ കർത്താവിങ്കൽ നന്ന സമ്മതം ആകുന്നു. പിതാക്കന്മാരെ, നിങ്ങള
21 ടെ മക്കൟ ബുദ്ധിമുട്ടി പോകരുതു എന്നു വെച്ചു അവരെ (കോപത്തിന്നാ
22 യി)ഇളക്കാതെ ഇരിപ്പിൻ. ദാസരെ ജഡപ്രകാരം ഉടയവരെ എല്ലാംകൊ
ണ്ടും അനുസരിപ്പിൻ! മനുഷ്യരെ രസിപ്പിക്കുന്ന ദൃഷ്ടി സേവകളാൽ അല്ല;
കർത്താവെ ഭയപ്പെട്ട ഹൃദയത്തിൻ ഏകാഗ്രതയിലത്രെ. നിങ്ങൟ ചെയ്വ
23 തു ഒക്കയും പരമാവകാശം എന്ന പ്രതിഫലം കർത്താവോടു ലഭിക്കും
24 എന്നറിഞ്ഞു. മനുഷ്യർക്കെന്നല്ല; കർത്താവിന്നു എന്നു മനസ്സോടെ പ്രവൃ
25 ത്തിപ്പിൻ, കർത്താവായ ക്രിസ്തനെ അത്രെ സേവിപ്പിൻ. അനീതിയെ ചെ
യ്യുന്നവൻ ചെയ്തതിനെ തന്നെ പ്രാപിക്കുമല്ലൊ; മുഖപക്ഷം എന്നതും
4,1 ഇല്ല. യജമാനന്മാരെ, നിങ്ങൟക്കും വാനങ്ങളിൽ യജമാനൻ ഉണ്ടെന്നറി
ഞ്ഞു. ദാസക്കു ന്യായവും സാമ്യവും ആയ്തിനെ കാട്ടുവിൻ.

4. അദ്ധ്യായം

(2) ഓരൊ പ്രബോധനങ്ങൾ, (7) വൎത്തമാനങ്ങൾ, (15) സമാപ്തി.

2 പ്രാർത്ഥനയിൽ അഭിനിവേശിച്ചും സ്തോത്രത്തോടെ അതിങ്കൽ ജാഗരി
3 ച്ചും കൊൾവിൻ. എനിക്കു ബന്ധനത്തിൻ കാരണമായ ക്രിസ്ത മ്മത്തെ
പറവാൻ ദൈവം ഞങ്ങൾക്ക് വചനത്തിൻ വാതിലെ തുറക്കയും ഞാൻ
4 പറയേണ്ടുന്നപ്രകാരം; അതിനെ വിളങ്ങിക്കയും ചെയ്യേണ്ടതിന്നു ഞങ്ങൾ
5 ക്കായികൊണ്ടും പ്രാർത്ഥിപ്പിൻ. പുറത്തുള്ളവരോടു സമയത്തെ തക്കത്തിൽ
6 വാങ്ങിക്കൊണ്ടും ജ്ഞാനത്തിൽ നടന്നു വരുവിൻ. ഓരോരുത്തനോടു ഉത്ത
രം പറവാൻ നിങ്ങൾക്കു ബോധിക്കുംവണ്ണം നിങ്ങളുടെ വാക്കു എപ്പോഴും
ലാവണ്യത്തോടും ഉപ്പിനാൽ രുചികരവും ആകുക.
7 എന്റെ അവസ്ഥകൾ ഒക്കയും പ്രിയസഹോദരനും കർത്താവിൽ വിശ്വ
സ്ത ശുശ്രൂഷക്കാരനും സഹദാസനും ആയ തുകികൻ നിങ്ങളോടു അറിയി
8 ക്കും. അവൻ അങ്ങെ അവസ്ഥകളെ അറിഞ്ഞും നിങ്ങളുടെ ഹൃദയങ്ങളെ
9 ആശ്വസിപ്പിച്ചും കൊള്ളേണ്ടതിന്നു തന്നെ. ഞാൻ അവനെ അങ്ങു നിന്നുള്ള
ഒനെസിമൻ എന്ന വിശ്വസ്തനും പ്രിയനും ആയ സഹോദരനോടു കൂടെ നി
ങ്ങളുടെ അടുക്കെ അയച്ചു; ഇവിടത്തേവ എല്ലാം അവർ നിങ്ങളെ അറിയി
10 ക്കും. എന്റെ കൂടെ പടകാവലിൽ ഉള്ള അരിസ്തർഹനും ബൎന്നബാവിൻ മച്ചു
നനായ മാൎക്കനും (അവനെ കുറിച്ചു നിങ്ങൾക്കു കല്പന വന്നുവല്ലൊ, അവൻ
11 അങ്ങു വന്നാൽ അവനെ കൈക്കൊൾവിൻ. യുസ്തൻ എന്നു പറയുന്ന യേശു
വും നിങ്ങളെ വന്ദിക്കുന്നു, പരിച്ഛേദനയിൽ നിന്നു ഇവർ മാത്രം ദേവ
രാജ്യത്തിന്നു കൂട്ടുവേലക്കാർ ആയിട്ടു എനിക്കു സാന്ത്വനമായി ഭവിച്ചു.
12 അങ്ങുനിന്നുള്ള എപഫ്രാവെന്ന ക്രിസ്തുദാസൻ നിങ്ങളെ വന്ദിക്കുന്നു; നിങ്ങൾ
ദൈവത്തിന്റെ സകല ഇഷ്ടത്തിലും തികഞ്ഞവരും നിറവടി വന്നവരും
ആയി നിലക്കേണ്ടതിന്നു, അവൻ പ്രാർത്ഥനകളിൽ നിങ്ങൾക്കു വേണ്ടി
13 എപ്പോഴും പോരാടുന്നു. നിങ്ങൾക്കും ലവുദിക്യയിലും ഹിയരപൊലിയിലും
ഉള്ളവൎക്കും വേണ്ടി, അവനു വളരെ പ്രയാസം ഉണ്ടു എന്നുള്ളതിന്നു ഞാനും
14 അവനു സാക്ഷി. പ്രിയ വൈദ്യനായ ലൂക്കാവും ദേമാവും നിങ്ങളെ വന്ദിക്കു
15 ന്നു. ലവുദിക്യയിലെ സഹോദരന്മാരെയും വിശേഷാൽ നുംഫാവെയും
16 അവന്റെ വീട്ടിലെ സഭയേയും വന്ദിപ്പിൻ. നിങ്ങളിൽ ഈ ലേഖനം വാ
യിച്ചു തീൎന്ന ശേഷം ലവുദിക്യരുടെ സഭയിൽ കൂടെ വായിപ്പിക്കയും ലവുദി
ക്യയിൽ നിന്നുള്ളതിനെ നിങ്ങളും വായിക്കയും ചെയ്വിൻ. അൎഹിപ്പ
17 നോടു നീ കർത്താവിൽ പരിഗ്രഹിച്ച ശുശ്രൂഷയെ നിവ്വഹിപ്പാൻ അതിനെ
18 നോക്കുക എന്നും ചൊല്ലുവിൻ. പൌലായ ഈ എന്റെ കൈയാലെ വന്ദ
നം; എന്റെ ബന്ധനങ്ങളെ ഓൎത്തുകൊൾവിൻ; കൃപ നിങ്ങളോടു ഇരി
പ്പൂതാക.

THE FIRST EPISTLE OF PAUL THE APOSTLE TO THE

THESSALONIANS

തെസ്സലനീക്യക്ക്

എഴുതിയ ഒന്നാം ലേഖനം

1. അദ്ധ്യായം

അപോസ്തലന്റെ ഘോഷണം സഭയിൽ ഫലിച്ചതിനാൽ സന്തോഷം.

1 **പൌ**ലും സിലാനും തിമോത്ഥ്യനും പിതാവായ ദൈവത്തിലും കർത്താ
വായ യേശുക്രിസ്തനിലും (ഇരിക്കുന്ന) തെസ്സലനീക്യസഭെക്ക് (എഴുതുന്ന
ത്). നമ്മുടെ പിതാവായ ദൈവത്തിൽനിന്നും കർത്താവായ യേശുക്രിസ്ത
നിൽനിന്നും നിങ്ങൾക്ക് കരുണയും സമാധാനവും (ഉണ്ടാക).
2 ഞങ്ങളുടെ പ്രാർത്ഥനകളിൽ നിങ്ങളെ ഓർത്തുകൊണ്ടു, നിങ്ങളിലെ വി
ശ്വാസവേലയേയും സ്നേഹ പ്രയത്നത്തെയും നമ്മുടെ കർത്താവായ യേശു
3 ക്രിസ്തനെ ചൊല്ലി, പ്രത്യാശാക്ഷാന്തിയേയും ഇടവിടാതെ നമ്മുടെ ദൈവ
വും പിതാവുമായവന്റെ തിരുമുമ്പിൽ സ്മരിച്ചിട്ടു തന്നെ, ഞങ്ങൾ എപ്പോ
4 ഴും നിങ്ങൾ എല്ലാവർക്കായികൊണ്ടും ദൈവത്തെ സ്തുതിക്കുന്നു. ആയതു നി
ങ്ങളുടെ തെരിഞ്ഞെടുപ്പിനെ അറിഞ്ഞിട്ടു ചെയ്യുന്നു; ദൈവത്താൽ സ്നേഹി
5 ക്കപ്പെട്ടുള്ള സഹോദരന്മാരെ! കാരണം ഞങ്ങൾ നിങ്ങളിൽ സുവിശേഷി
ച്ചതു വെറും വചനത്താലല്ല, ശക്തിയിലും വിശുദ്ധാത്മാവിലും ഏറിയ
നിറപടിയിലും ആയ്തു. നിങ്ങളുടെ നിമിത്തം ഞങ്ങൾ നിങ്ങളിൽ ഇന്ന
6 വരായി തീർന്നു എന്നതും അറിയാമല്ലൊ. നിങ്ങളും ബഹു സങ്കടത്തിൽ
(എങ്കിലും) വിശുദ്ധാത്മസന്തോഷത്തോടെ വചനത്തെ കൈക്കൊണ്ടു ഞ
7 ങ്ങൾക്കും കർത്താവിന്നും അനുകാരികളായി ചമഞ്ഞു. അതുകൊണ്ടു മക്കെ
ദോന്യയിലും അകായകയിലും വിശ്വസിക്കുന്നവർക്ക് എല്ലാവർക്കും നി
8 ങ്ങൾ തന്നെ മാതൃകയായ്തീർന്നു. നിങ്ങളിൽ നിന്നാകട്ടെ, കർത്താവിന്റെ
വചനം മുഴങ്ങി ചെന്നിരിക്കുന്നു, മക്കെദോന്യയിലും അകായകയിലും ത
ന്നെ അല്ല; സകല സ്ഥലത്തിലും നിങ്ങൾക്കു ദൈവത്തിങ്കലേക്കുള്ള വി
ശ്വാസ (ശ്രുതി) പുറപ്പെട്ടിരിക്കുന്നു; അതുകൊണ്ടു ഞങ്ങൾക്ക് ഒന്നും പറ
9 വാൻ ആവശ്യമില്ല. നിങ്ങളിൽ വെച്ച് ഇന്ന പ്രവേശം ഞങ്ങൾക്കു സാ
ധിച്ചു എന്നും ജീവനുള്ള സത്യദൈവത്തെ സേവിപ്പാനും. അവൻ മരിച്ചവ
10 രിൽനിന്ന് ഉണർത്തിയ സ പുത്രനും വരുന്ന കോപത്തിൽനിന്നു നമ്മെ
വിടുവിക്കുന്നവനും ആകുന്ന യേശു വാനങ്ങളിൽനിന്നു വരുന്നതു പാർത്തി
രിപ്പാനും നിങ്ങൾ വിഗ്രഹങ്ങളെ വിട്ടു, ദൈവത്തിങ്കലേക്ക് ഇന്നപ്രകാ
രം തിരിഞ്ഞു എന്നും അവർ തന്നെ നമ്മെ കുറിച്ച് അറിയിക്കുന്നുവല്ലൊ.

2. അദ്ധ്യായം

അപോസ്തലൻ തന്റെ നടപ്പും ഉപദേശവും സഭയെ ഓർപ്പിച്ചു, (13) സ
ഹിഷ്ണുതനിമിത്തം പുകഴ്ന്നതു.

1 സഹോദരന്മാരെ! നിങ്ങളിൽ ഞങ്ങൾക്കുണ്ടായ പ്രവേശം വ്യർത്ഥമായി
ട്ടില്ല എന്നു നിങ്ങൾക്കു തന്നെ ബോധിച്ചിരിക്കുന്നുവല്ലൊ. ഞങ്ങൾ മു
2 മ്പെ, ഫിലിപ്പിയിൽ നിങ്ങൾ അറിയുന്ന കഷ്ടസാഹസങ്ങൾ ഏറിട്ടും
ദൈവത്തിന്റെ സുവിശേഷത്തെ പെരുത്ത പോരാട്ടത്തിൽ എങ്കിലും നി
ങ്ങൾക്കു ചൊല്ലുവാൻ ഞങ്ങളുടെ ദൈവത്തിൽ പ്രാഗത്ഭ്യം ധരിച്ചിരുന്നു.
3 ഞങ്ങളുടെ പ്രബോധനം ബുദ്ധിഭ്രമത്തിൽ നിന്നൊ അശുദ്ധിയിലൊ
4 ജനിച്ചതല്ല; വ്യാജത്തിലുള്ളതും അല്ല. ഞങ്ങളെ സുവിശേഷഭരം ഏല്പിപ്പാൻ
ദൈവത്തിന്നു കൊള്ളാകുന്നവരായി തെളിഞ്ഞ പ്രകാരം തന്നെ; ഞങ്ങൾ
മനുഷ്യർക്കു എന്നല്ല; ഞങ്ങളുടെ ഹൃദയങ്ങളെ ശോധന ചെയ്യുന്ന ദൈവത്തി
5 ന്നു പ്രസാദം വരുത്തിക്കൊണ്ടു ചൊല്ലുന്നതെ ഉള്ളു. മുഖസ്തുതി വാചകം ഞ
ങ്ങൾ ഒരിക്കലും ആചരിക്കാത്ത പ്രകാരം നിങ്ങൾക്കറിയാമല്ലൊ, ലോഭ
ത്തിൻ ഉപായവും ഇല്ല ദൈവം സാക്ഷി; പിന്നെ ക്രിസ്തന്റെ അപോസ്ത
ലർ എന്നു വെച്ചു ഘനത്തോടെ ഇരിപ്പാൻ കഴിയുമ്പോഴും. ഞങ്ങൾ നിങ്ങ
6 ളോടു എങ്കിലും മറ്റുള്ളവരോടു എങ്കിലും മനുഷ്യരുടെ പക്കൽനിന്നു, മാന
7 ത്തെ അന്വേഷിച്ചതും ഇല്ല. നിങ്ങളുടെ ഇടയിൽ വത്സലന്മാർ ആയ്വ
ന്നതെ ഉള്ളു. പോററുന്നവൾ തന്റെ മക്കളെ ലാളിക്കുംപോലെ ഞങ്ങൾ
8 നിങ്ങളെ ഓമനിച്ചുകൊണ്ടു. നിങ്ങൾക്കു ദൈവത്തിന്റെ സുവിശേഷം
മാത്രമല്ല; ഞങ്ങൾക്കു പ്രിയരാകയാൽ ഈ പ്രാണങ്ങളേയും തന്നു വെ
9 പ്പാൻ പ്രസാദിച്ചിരുന്നു. സഹോദരന്മാരെ! ഞങ്ങളുടെ അദ്ധ്വാനവും കഴുക്കും
ഓർത്തുകൊള്ളുന്നുവല്ലൊ; നിങ്ങളിൽ ആരേയും ഭാരം ചുമത്തരുതു എന്നു
വെച്ചു, ഞങ്ങൾ രാവും പകലും വേല ചെയ്തുകൊണ്ടു. നിങ്ങളോടു ദൈവ
10 ത്തിൻ സുവിശേഷത്തെ ഘോഷിച്ചുവല്ലൊ. വിശ്വസിക്കുന്ന നിങ്ങളിൽ
ഞങ്ങൾ എത്ര പവിത്രമായും നീതിയായും അനിന്ദ്യമായും നടന്നു എ
11 ന്നതിന്നു നിങ്ങളും ദൈവവും സാക്ഷികൾ. തന്റെ രാജ്യത്തിലും തേ
ജസ്സിലും നിങ്ങളെ വിളിച്ചുകൂട്ടുന്ന ദൈവത്തിന്നു യോഗ്യമായ്നടപ്പാൻ തക്ക
12 വണ്ണം. ഞങ്ങൾ നിങ്ങളിൽ ഓരോരുത്തനെ അച്ഛൻ മക്കളെ എന്നപോ
ലെ പ്രബോധിപ്പിച്ചും സമ്മതിപ്പിച്ചും ആണയിട്ടും ചൊല്ലിവന്നപ്രകാരവും
13 എല്ലാം നിങ്ങൾക്കറിയാമല്ലൊ. ആയ്തു നിമിത്തം ഞങ്ങളും ദൈവത്തെ ഇട
വിടാതെ സ്തുതിക്കുന്നു; ഞങ്ങൾ കേൾപ്പിച്ച ദേവവചനത്തെ നിങ്ങൾ
ഞങ്ങളിൽനിന്നു പരിഗ്രഹിച്ചു, മനുഷ്യവാക്കായിട്ടല്ല; ഉള്ളപ്രകാരം ദൈവ
വചനമായിട്ടു തന്നെ കൈക്കൊൾകയും അതു വിശ്വസിക്കുന്ന നിങ്ങളിൽ
14 വ്യാപരിക്കയും ചെയ്കയാൽ എന്നത്രെ. സഹോദരന്മാരെ! യഹൂദയിൽ
ക്രിസ്തുയേശുവിങ്കലുള്ള ദേവസഭകൾക്കു നിങ്ങളല്ലൊ അനുകാരികളായി ച
മഞ്ഞതു അവർ യഹൂദരാൽ അനുഭവിച്ച തരങ്ങൾ എല്ലാം നിങ്ങളും സ്വജാ
15 തിക്കാരാൽ അനുഭവിച്ചതു കൊണ്ടു തന്നെ. ആയവർ കർത്താവായ യേശുവേ
യും പ്രവാചകന്മാരേയും കൊന്നവരും ഞങ്ങളെ ഹിംസിച്ചുകളഞ്ഞവരും
ദൈവത്തിന്നു തെളിയാത്തവരും ഞങ്ങൾ ജാതികളോടു ഇവർ രക്ഷപ്പെട്ട
വാൻ സംസാരിക്കുന്നതു മുടക്കുകകൊണ്ടു എല്ലാ മനുഷ്യർക്കും വിരോധികളും
16 ആകുന്നു. അതു അവരുടെ പാപങ്ങൾ കേവലം പൂരിപ്പാറു തന്നെ; ക്രോധ
മൊ അവർ മേൽ അവസാനത്തെക്കു എത്തിയിരിക്കുന്നു.

3. അദ്ധ്യായം

അവരെ കാണ്മാൻ ആഗ്രഹവും തിമോത്ഥ്യനെ അയക്കയാൽ വന്ന ആശ്വാ
സവും.

2, 17 ഞങ്ങളൊ സഹോദരന്മാരെ, ഒരു നാഴിക നേരത്തോളം ഹൃദയം കൊ
ണ്ടല്ല; മുഖംകൊണ്ടത്രെ, നിങ്ങളെ പിരിഞ്ഞു മക്കളില്ലാതപോലെ ആയ

ശേഷം പെരുത്ത കാംക്ഷയോടു നിങ്ങളുടെ മുഖം കാണ്മാൻ ഏററവും ശ്രമി
ച്ചതുകൊണ്ടു, നിങ്ങളടുക്കെ വരുവാൻ; പൌൽ ആകുന്ന എനിക്കു് ഒരിക്ക
18 ലല്ല; രണ്ടുവട്ടം തന്നെ മനസ്സായിരുന്നു. സാത്താൻ ഞങ്ങളെ തടുത്തു താനും,
19 നമ്മുടെ കത്താവായ യേശുവിൻ പ്രത്യക്ഷതയിൽ അവന്റെ മുമ്പിൽ ഞ
ങ്ങളുടെ ആശയൊ സന്തോഷമൊ പ്രശംസാകിരീടമൊ ആരുപോൽ നിങ്ങ
ളും അല്ലയോ; ഞങ്ങളുടെ തേജസ്സും സന്തോഷവും നിങ്ങളാകുന്ന സ
3, 1 ത്യം.ആകയാൽ പിന്നെ പൊറുക്കാഞ്ഞു അഥെനയിൽ തനിച്ചു വിടപ്പെടുക
2 നല്ലു എന്നു തോന്നി, നമ്മുടെ സഹോദരനും ക്രിസ്തുസുവിശേഷത്തിൽ ദൈവ
3 ത്തിന്റെ കൂട്ടുവേലക്കാരനും ആയ തിമോത്ഥ്യനെ അയച്ചു. ഈ സങ്കടങ്ങ
ളിൽ ആരും കുലുങ്ങി പോകരുതു് എന്നു നിങ്ങളെ സ്ഥിരീകരിപ്പാനും നി
ങ്ങളുടെ വിശ്വാസത്തിന്നു വേണ്ടി പ്രബോധിപ്പിപ്പാനും ആയിട്ടത്രെ, നാം
4 ഇതിന്നായി കിടക്കുന്നു എന്നു നിങ്ങൾക്കു് ബോധിച്ചുവല്ലൊ. ഞങ്ങൾ
നിങ്ങളോടു കൂടെ ഇരിക്കുന്ന സമയം ഇനി ക്ലേശപ്പെടേണ്ടിവരും എന്നു മുമ്പ
റഞ്ഞു തന്നുവല്ലൊ? അവ്വണ്ണം സംഭവിച്ച പ്രകാരം നിങ്ങൾ ഇന്നു് അറി
5 യുന്നതും ഉണ്ടു. ഇതിന്നിമിത്തം ഞാനും ഒട്ടും പൊറുക്കാതെ, പരീക്ഷകൻ
നിങ്ങളെ പരീക്ഷിച്ചുവൊ, ഞങ്ങടെ പ്രയത്നം പഴുതിലാകുമൊ എന്നു
6 നിങ്ങളുടെ വിശ്വാസത്തെ അറിവാൻ അയച്ചു. ഇപ്പോഴൊ തിമോത്ഥ്യൻ
നിങ്ങളിൽനിന്നു ഞങ്ങളുടെ അടുക്കൽ വന്നു നിങ്ങളുടെ വിശ്വാസവും സ്നേ
ഹവും ഞങ്ങളെ കുറിച്ചു നിത്യം നല്ല ഓർമ്മ ഉണ്ടെന്നും ഞങ്ങൾ നിങ്ങ
ളെ എന്നപോലെ ഞങ്ങളെ കാണ്മാൻ അങ്ങു വാഞ്ഛ ഉണ്ടെന്നും ഉള്ള സു
7 വാർത്ത ഞങ്ങളോടു പറഞ്ഞതു കാരണത്താൽ. സഹോദരന്മാരെ, ഞങ്ങളുടെ
സകല മുട്ടു സങ്കടത്തിലും നിങ്ങളുടെ വിശ്വാസം ഹേതുവായി നിങ്ങളിൽ
8 ആശ്വസിച്ചു. ഇപ്പോഴല്ലൊ നിങ്ങൾ കത്താവിൽ നിലനിന്നാൽ ഞങ്ങൾ
9 ജീവിക്കുന്നു. എന്തെന്നാൽ നമ്മുടെ ദൈവത്തിന്മുമ്പാകെ നിങ്ങളെ ചൊല്ലി
സന്തോഷിക്കുന്ന സകല സന്തോഷത്തിന്നായിട്ടും നിങ്ങൾക്കു് വേണ്ടി
10 ദൈവത്തിന്നു എന്തൊരു സ്തോത്രം ഒപ്പിക്കാം. ഇനി നിങ്ങളുടെ മുഖം ക
ണ്ടു. നിങ്ങളുടെ വിശ്വാസത്തിന്റെ കുറവുകളെ തീർക്കുമാറാകേണ്ടതിന്നു രാ
11 പ്പകലും അത്യന്തം യാചിച്ചു പോരുന്ന സത്യം. എന്നാൽ നമ്മുടെ ദൈവ
വും പിതാവും ആയവൻ നമ്മുടെ കർത്താവായ യേശു ക്രിസ്തനുമായി ത
ന്നെ നിങ്ങളിലേക്കു് ഞങ്ങളുടെ വഴിയെ നിരത്തുമാറാക. നിങ്ങൾക്കൊ
12 കർത്താവു് തങ്ങളിലും എല്ലാവരിലും ഉള്ളസ്നേഹത്തെ ഞങ്ങളുടേതു് നിങ്ങ
ളിലായതു പോലെ മുഴുത്തു വഴിയുമാറാക്കുകയും. ഇങ്ങിനെ നമ്മുടെ കത്താ
13 വായ യേശു തന്റെ സകല വിശുദ്ധരുമായി വരുന്ന പ്രത്യക്ഷതയിൽ നി
ങ്ങളുടെ ഹൃദയങ്ങളെ നമ്മുടെ ദൈവവും പിതാവും ആയവന്റെ മുമ്പിൽ
വിശുദ്ധീകരണത്തിൽ അനിന്ദ്യമാകുംവണ്ണം സ്ഥിരീകരിക്കയും ചെയ്വൂ
താക.

4. അദ്ധ്യായം

വിശുദ്ധീകരണത്തിന്നും മറും പ്രബോധനം, (13) കർത്താവിൻ വരവി
ങ്കൽ ഉയിർത്തെഴുനീല്പിൻ വിവരം.

ശേഷം സഹോദരന്മാരെ! നിങ്ങൾ ഇന്ന പ്രകാരം നടന്നു, ദൈവപ്രസാദം
വരുത്തേണം എന്നു ഞങ്ങളിൽനിന്നു പരിഗ്രഹിച്ച പ്രകാരം തന്നെ (ഇന്നും
നിങ്ങൾ നടക്കുന്നതു പോലെ) മേലാൽ അധികം വഴിഞ്ഞു വരേണ്ടതിന്നു്
ഞങ്ങൾ നിങ്ങളോടു് ചോദിച്ചു, കർത്താവായ യേശുവിൽ പ്രബോധിപ്പി
2 ക്കയും ചെയ്യുന്നു. ഞങ്ങൾ കർത്താവായ യേശുമൂലം നിങ്ങൾക്കു് ഇന്നു് ആ
3 ജ്ഞകളെ തന്നു എന്നറിയുന്നുവല്ലൊ.എങ്കിലൊ ദൈവത്തിന്നു ഇഷ്ടമാകുന്നതു

4 നിങ്ങളുടെ വിശുദ്ധീകരണംതന്നെ. നിങ്ങൾ പുലയാട്ട വിട്ടൊഴിക.
5 അവനവൻ തൻെറ പാത്രത്തെ വിശുദ്ധീകരണത്തിലും മാനത്തിലും അട
ക്കുവാൻ പഠിക്ക; ദൈവത്തെ അറിയാത്ത ജാതികൾക്ക് ഒത്ത കാമവശ
6 ത്തിൽ അരുത. പിന്നെ പ്രവൃത്തിയിൽ അതിക്രമിക്കാതെയും തൻെറ സ
ഹോദരനെ തോല്പിക്കാതെയും ഇരിക്ക. ഞങ്ങൾ നിങ്ങളോട് ആണ
7 യിട്ടുംകൊണ്ടു, മുൻ ചൊല്ലിയ പ്രകാരം ഈ വകെക്കു ഒക്കയും കർത്താവ്
8 ഉത്തരം ചോദിക്കുന്നവൻ സത്യം. അശുദ്ധിക്കായിട്ടല്ലല്ലൊ വിശുദ്ധീകര
ണത്തിലത്രെ; ദൈവം നമ്മെ വിളിച്ചതു; ആകയാൽ തള്ളുന്നവൻ മനുഷ്യ
നെ അല്ല തള്ളുന്നത് തൻെറ വിശുദ്ധാത്മാവെ കൂടെ നിങ്ങളിൽ തന്ന
9 ദൈവത്തെ അത്രെ. പിന്നെ സഹോദരപ്രീതിയെ കുറിച്ചു നിങ്ങൾക്ക്
എഴുതുവാൻ ആവശ്യമില്ല; അന്യോന്യം സ്നേഹിപ്പാൻ നിങ്ങൾ തന്നെ ദൈ
വോപദിഷ്ടർ ആകുന്നതുമല്ലാതെ, മക്കെദോന്യയിൽ ഒക്കയും സകല സ
ഹോദരന്മാരോടും അതിനെ ആചരിച്ചു പോരുന്നുവല്ലൊ. എങ്കിലും സ
10 ഹോദരന്മാരെ! അധികം വഴിഞ്ഞുവരേണം എന്നും, പുറത്തുള്ളവരേയും
11 ബോദ്ധ്യം വരുത്തുന്ന സുശീലത്തോടെ നടന്നും ഒന്നിനും ഒർ ആവശ്യമി
ല്ലാതെ കഴിച്ചും വരേണ്ടതിന്നു ഞങ്ങൾ ആജ്ഞാപിച്ചു തന്നപ്രകാരം. നി
12 ങ്ങൾ അടങ്ങി പാർത്തും താന്താൻെറ കാര്യം നടത്തിയും തൻെറ കൈക
ളാൽ വേല ചെയ്തും കൊൾകയിൽ അഭിമാനിച്ചിരിക്കേണം എന്നും
പ്രബോധിപ്പിക്കുന്നു.
13 പിന്നെ നിദ്രകൊണ്ടവരെ തൊട്ടു നിങ്ങൾ പ്രത്യാശയില്ലാത്ത മറ്റുള്ള
വരെന്നപോലെ ദുഃഖിക്കാതെ ഇരിപ്പാൻ നിങ്ങൾ ബോധിക്കാതിരിക്കരു
14 ത് എന്ന് ആഗ്രഹിക്കുന്നു. കാരണം യേശു മരിക്കയും എഴുനീല്ക്കയും ചെ
യ്തതു നാം വിശ്വസിച്ചാൽ ദൈവം നിദ്രകൊണ്ടവരേയും യേശുവെ
ക്കൊണ്ടു അപ്രകാരം തന്നെ അവനോടു കൂടെ വരുത്തും. എങ്ങിനെ എ
15 ന്നാൽ കർത്താവിൻ വചനത്താൽ നിങ്ങളോടു പറയുന്നിതു: കർത്താവി
ൻെറ പ്രത്യക്ഷതവരെ ജീവനോടെ ശേഷിക്കുന്ന നാം നിദ്രകൊണ്ടവരിൽ
16 മുമ്പുക്കെത്തുകയില്ല. കർത്താവ് താൻ അല്ലൊ ഒരു ചൊല്വിളിയോ
ടെ പ്രധാനദൂതൻെറ ശബ്ദവും ദേവ കാഹളവും മുഴങ്ങവെ സ്വർഗ്ഗത്തിൽനി
ന്ന് ഇറങ്ങും; ക്രിസ്തുനിൽ മരിച്ചവർ മുമ്പെ തന്നെ എഴുനീല്ക്കയും ചെയ്യും.
17 പിന്നെ ജീവനോടെ ശേഷിക്കുന്ന നാം അവരോടു ഒക്കത്തക്ക മേഘങ്ങ
ളിൽ (ഏറി) ആകാശത്തിൽ കർത്താവെ എതിരേല്പാൻ പറിച്ചെടുക്ക
പ്പെട്ടും; ഇങ്ങിനെ നാം എപ്പോഴും കർത്താവോടു കൂടെ ഇരിക്കയും ചെ
18 യ്യും. ആകയാൽ ഈ വചനങ്ങളെകൊണ്ടു അന്യോന്യം ആശ്വസിപ്പിച്ചു
കൊൾവിൻ.

5. അദ്ധ്യായം

ക്രിസ്തൻെറ ദിവസത്തെ കാത്തിരിപ്പാനും, (12) മറും ഓരോ പ്രബോധ
നങ്ങളും.

1 സഹോദരന്മാരെ! നിങ്ങൾക്ക് കാലങ്ങളേയും സമയങ്ങളേയും ചൊല്ലി
2 എഴുതുവാൻ ആവശ്യം ഇല്ല. കർത്താവിൻ നാൾ രാത്രിയിൽ കള്ളൻ വരു
3 മ്പോലെ അത്രെ വരുന്നു എന്നു നിങ്ങൾതന്നെ സൂക്ഷ്മമായി ബോധി
ച്ചുവല്ലൊ. (അവർ) സമാധാനവും നിർഭയവും എന്നു ചൊല്ലുംപോഴേക്കു
ഗർഭിണിക്ക് ഈറ്റുനോവുപോലെ ക്ഷണത്തിലുള്ള സംഹാരം അവർക്കു
4 അണയുന്നു: അവക്കു മണ്ടി കൂടുകയും ഇല്ല.എന്നാൽ സഹോദരന്മാരെ,നിങ്ങ
ളെ ആ നാൾ കള്ളനേ പോലെ പിടിപ്പാൻ നിങ്ങൾ ഇരുട്ടിലുള്ളവരല്ല.
5 നിങ്ങൾ എല്ലാവരും വെളിച്ചമക്കളും പകലിൻ മക്കളും ആകുന്നുവല്ലൊ,

6 നാം രാത്രിക്കും ഇരുളിന്നും ഉള്ളവരല്ല. അതുകൊണ്ടു നാം ശേഷമുള്ളവരെ
7 പോലെ ഉറങ്ങാതെ ഉണർന്നും നിർമ്മദിച്ചും കൊണ്ടിരിക്ക. ഉറങ്ങുന്നവർ അ
ല്ലൊ രാത്രിയിൽ ഉറങ്ങുന്നു, മദിച്ചുകൊള്ളുന്നവർ രാത്രിയിൽ മദിക്കുന്നു.
8 നാമൊ പകലിന്നുള്ളവർ ആകയാൽ വിശ്വാസ സ്നേഹങ്ങാം ആകുന്ന കവച
9 ത്തേയും ശിരസ്ത്രമായി രക്ഷയുടെ ആശയേയും ധരിച്ചുകൊണ്ടു നിർമ്മദിച്ചി
രിക്ക. കോപത്തിന്നായല്ലല്ലൊ രക്ഷാസമ്പാദനത്തിന്നായത്രെ ദൈവം ന
10 മ്മെ ആക്കിയതു. നാം ഉണർന്നിരുന്നാലും ഉറങ്ങിയാലും തന്നോടു ഒന്നിച്ചു
ജീവിക്കേണ്ടതിന്നു നമുക്കുവേണ്ടി മരിച്ചിട്ടുള്ള നമ്മുടെ കർത്താവായ യേ
11 ശുക്രിസ്ത്തന്മൂലം തന്നെ. ആകയാൽ നിങ്ങാം ചെയ്യുന്നപ്രകാരം അന്യോ
ന്യം പ്രബോധിപ്പിച്ചും ഒരുവനായി ഒരുവൻ വീട്ടുവർദ്ധന ചെയ്യും പോരു
വിൻ.
12 സഹോദരന്മാരെ! നിങ്ങളിൽ അദ്ധ്വാനിച്ചു കർത്താവിൽ നിങ്ങളുടെ
മേൽ മുമ്പുണ്ടായി നിങ്ങളെ വഴിക്കാക്കുന്നവരെ നിങ്ങാം അറിഞ്ഞും. അവ
13 രുടെ വേല നിമിത്തം സ്നേഹത്തിൽ അത്യന്തം വിചാരിച്ചും കൊാംവാൻ
14 നിങ്ങളോടു ചോദിക്കുന്നു. അന്യോന്യം സമാധാനം കോലുവിൻ! ഇനി
സഹോദരന്മാരെ, നിങ്ങളെ പ്രബോധിപ്പിക്കുന്നിതു: ക്രമം കെട്ടവരെ വഴി
ക്കാക്കുവിൻ! കരുത്തു കുറഞ്ഞവരെ സാന്ത്വനം ചെയ്വിൻ, ബലഹീന
15 രെ താങ്ങുവിൻ; എല്ലാവരോടും ദീർഘക്ഷാന്തി കാട്ടുവിൻ. ആരും തിന്മെ
ക്കു പകരം തിന്മ ചെയ്യാതിരിപ്പാൻ നോക്കുവിൻ! തങ്ങളിലും എല്ലാവരോ
ടും എപ്പോഴും നന്മയെ പിന്തുടർന്നു കൊാംവിൻ. എപ്പോഴും സന്തോഷിപ്പിൻ!
17 (16) ഇടവിടാതെ പ്രാർത്ഥിപ്പിൻ. എല്ലാറ്റിലും സ്തോത്രം ചെയ്വിൻ
18 എന്നതു ക്രിസ്തയേശുവിൽ നിങ്ങളോടു ദേവേഷ്ടമല്ലൊ ആകുന്നു. ആത്മാ
19 വെ പൊലിയായ്വിൻ, (20) പ്രവചനങ്ങളെ ധിക്കരിയായ്വിൻ. സക
21 ലത്തേയും ശോധന ചെയ്വിൻ! നല്ലതിനെ മുറുകപിടിപ്പിൻ. ദോഷതര
22 ങ്ങാം എല്ലാം വിട്ടൊഴിവിൻ. എങ്കിലും സമാധാനത്തിൻ ദൈവമായവൻ
23 തന്നെ നിങ്ങളെ അശേഷം വിശുദ്ധീകരിക്ക; നിങ്ങളുടെ ആത്മാവും ദേ
ഹിയും ദേഹവും സമസ്തം നമ്മുടെ കർത്താവായ യേശുക്രിസ്തന്റെ പ്ര
24 ത്യക്ഷതയിൽ അനിന്ദ്യമായി കാക്കപ്പെടാക. നിങ്ങളെ വിളിക്കുന്നവൻ വി
25 ശ്വസ്തൻ ആകുന്നു; ഇതിനേയും അവൻ ചെയ്യും. സഹോദരന്മാരെ! ഞ
26 ങ്ങാംക്കുവേണ്ടി പ്രാർത്ഥിപ്പിൻ. എല്ലാ സഹോദരരേയും വിശുദ്ധ ചും
27 ബനത്താൽ വന്ദിപ്പിൻ. (വിശുദ്ധ) സഹോദരന്മാർ ഒക്കയും കോംക്കെ
ഈ ലേഖനം വായിക്കേണ്ടതിന്നു ഞാൻ കർത്താവാണ നിങ്ങളെ അപേക്ഷി
28 ക്കുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തന്റെ കരുണ നിങ്ങളോടു കൂടെ
(ഇരിപ്പൂതാക) ആമെൻ.

THE SECOND EPISTLE OF PAUL THE APOSTLE TO THE THESSALONIANS

തെസ്സലനീക്യക്ക്

എഴുതിയ രണ്ടാം ലേഖനം

1. അദ്ധ്യായം

ഹിംസയിലുള്ള വിശ്വാസവൃദ്ധിക്കായി സ്തോത്രവും, (5) ഫലസൂചനയും, (11) തികവിന്നായി അപേക്ഷയും.

1 പൌലും സിലുവാനും തിമോത്ഥ്യനും നമ്മുടെ പിതാവായ ദൈവത്തി
ലും കർത്താവായ യേശുക്രിസ്തനിലും ഉള്ള തെസ്സലനീക്യരുടെ സഭെക്ക്
2 എഴുതുന്നത്: (നമ്മുടെ) പിതാവായ ദൈവത്തിൽനിന്നും കർത്താവായ
യേശുക്രിസ്തനിൽനിന്നും നിങ്ങൾക്കു കരുണയും സമാധാനവും (ഉണ്ടാക).

3 സഹോദരന്മാരെ! നിങ്ങളുടെ വിശ്വാസം ഏറ്റം വർദ്ധിച്ചും നിങ്ങൾ
എല്ലാവരിലും ഓരോരുത്തന്റെ അന്യോന്യസ്നേഹം വളർന്നും വരികയാൽ,
ഞങ്ങൾ യോഗ്യമാംവണ്ണം ദൈവത്തിന്ന് എപ്പോഴും നിങ്ങൾക്കായി സ്തോ
4 ത്രം ചെയ്വാൻ കടക്കാർ ആകുന്നു. അതുകൊണ്ടു നിങ്ങൾ സഹിക്കുന്ന എ
ല്ലാ ഹിംസകളിലും സങ്കടങ്ങളിലും ഉള്ള നിങ്ങളുടെ ക്ഷാന്തി വിശ്വാസ
ങ്ങൾ നിമിത്തം ഞങ്ങൾ തന്നെ ദേവസഭകളിൽ നിങ്ങളെ പററി പ്രശം
5 സിക്കുന്നു. ആയതു ദൈവത്തിന്റെ ന്യായമുള്ള വിധിക്കു ലക്ഷണം തന്നെ;
6 നിങ്ങൾ (തേടി) കഷ്ടപ്പെടുന്ന ദൈവരാജ്യത്തിന്നു യോഗ്യന്മാരായി തോന്നു
വാന്തക്കവെണ്ണമത്രെ. നിങ്ങളെ ഉപദ്രവിക്കുന്നവർക്കു ഉപദ്രവും ഉപദ്രപ്പെടുന്ന
നിങ്ങൾക്ക് ഞങ്ങളോടുകൂടെ തണുപ്പും പകരം നല്കുവതു ദൈവത്തിന്നു ന്യാ
7 യമായിരുന്നാൽ തന്നെ. കർത്താവായ യേശു തന്റെ ശക്തിയുടെ ദൂതരുമാ
യിസ്വർഗ്ഗത്തിൽനിന്നു ജ്വാലാഗ്നിയിൽ വെളിപ്പെട്ടു വന്നു, ദൈവത്തെ അറി
8 യാത്തവർക്കും നമ്മുടെ കർത്താവായ യേശുവിൻ സുവിശേഷത്തെ അനുസ
9 രിക്കാത്തവർക്കും പ്രതികാരം കൊടുക്കയിൽ തന്നെ; ആയവർ കർത്താ
വിൻ മുഖത്തിൽ നിന്നും അവന്റെ ഊക്കിൻ തേജസ്സിൽനിന്നും (നീങ്ങി)
10 നിത്യസംഹാരം ആകുന്ന ദണ്ഡത്തെ അനുഭവിക്കും. അന്ന് അവൻ തന്റെ
വിശുദ്ധരിൽ മഹത്വപ്പെടുവാനും, നിങ്ങളോടുള്ള ഞങ്ങടെ സാക്ഷ്യത്തി
ന്നു വിശ്വാസം ഉണ്ടായതു പോലെ വിശ്വസിച്ചവർ എല്ലാവരിലും താൻ
11 ആശ്ചര്യപാത്രം ആകുവാനും വന്നെത്തിയപ്പോഴേക്കു തന്നെ. ഇതിന്നാ
യി ഞങ്ങളും നമ്മുടെ ദൈവത്തിന്റെയും കർത്താവായ യേശുക്രിസ്ത
ന്റെയും കരുണെക്കു തക്കവെണ്ണം നമ്മുടെ കർത്താവായ യേശുവിൻ നാമം
12 നിങ്ങളിലും നിങ്ങൾ ആയതിലും മഹത്വപ്പെടേണ്ടതിന്നു. നമ്മുടെ ദൈവം
നിങ്ങളെ വിളിക്കു യോഗ്യർ എന്ന് എണ്ണി, സല്ഗുണത്തിൽ ഉള്ള എല്ലാ
പ്രസന്നതയേയും വിശ്വാസക്രിയയേയും ശക്തിയോടെ പൂരിപ്പിച്ചു തരേ
ണം എന്നു നിങ്ങൾക്കു വേണ്ടി എപ്പോഴും പ്രാർത്ഥിക്കുന്നു.

2. അദ്ധ്യായം

കർത്താവിൻ നാൾ വരും മുമ്പെ അന്തിക്രിസ്ംതൻ വെളിപ്പെടേണ്ടുക
യാൽ, (13) നിലെക്കു നില്പാൻ പ്രബോധിപ്പിക്കുന്നതു.

1 ഇനി സഹോദരന്മാരെ! നമ്മുടെ കർത്താവായ യേശുക്രിസ്ംതന്റെ പ്ര
ത്യക്ഷതയും നാം അവനോടു കൂട്ടിച്ചേർക്കപ്പെടേണ്ടതും സംബന്ധിച്ചു ഞ
2 ങ്ങൾ നിങ്ങളോടു അപേക്ഷിക്കുന്നു. കർത്താവിൻ നാൾ അടുത്തതു എന്നു
(തോന്നുവാനായി) നിങ്ങൾ വല്ല ആത്മാവൊ ഞങ്ങളുടെതു എന്നു കൊ
ക്കുന്ന വചനമൊ ലേഖനമൊ ഹേതുവായിട്ടു സുബോധം വിട്ടു, വേഗം
3 കുലുങ്ങി ചാടുകയും ഞെട്ടിപ്പോകയും അരുതു. ആരും ഏതു വിധേന എ
4 ങ്കിലും നിങ്ങളെ ചതിക്കരുതെ. എങ്ങിനെ എന്നാൽ മുമ്പെ തന്നെ വിശ്വാ
സത്യാഗം വരികയും പാപമനുഷ്യൻ വെളിപ്പെടുകയും വേണം. ദേവാല
യത്തിൽ ഇരുന്നുകൊണ്ടു ദൈവം ആകുന്നു എന്നു കാണിച്ചു ദൈവമൊ ആ
രാദ്ധ്യമൊ എന്നു ചൊല്ലിയതിന്നു എപ്പേർക്കും മീതെ താൻ ഉയർന്നുകൊ
ള്ളുന്ന എതിരാളിയും (ദാനി. 11,36.) നാശപുത്രനും ആയവൻ തന്നെ.
5 നിങ്ങളോടു കൂടെ ഇരിക്കുമ്പോഴം തന്നെ, ഇവ നിങ്ങളോടും പറഞ്ഞു എന്നു
6 ഓർക്കുന്നില്ലയൊ. അവൻ സ്വസമയത്തിൽ വെളിപ്പെടേണ്ടതിന്നു, ഇ
7 പ്പോഴം തടുത്തു നില്ക്കുന്നതു ഇന്നതു എന്നും നിങ്ങഠം അറിയുന്നു. എങ്ങിനെ
എന്നാൽ അധർമ്മത്തിന്റെ രഹസ്യം ഇന്നു കൂടെ വ്യാപരിക്കുന്നു ഇന്നെ
യോളം തടുത്തു നില്ക്കുന്നവൻ വഴിയിൽനിന്നു നീങ്ങുംവരെ തന്നെ. അപ്പോഴം
8 അധർമ്മിയായവൻ വെളിപ്പെടും (അവനെ കർത്താവായ യേശു തൻ വാ
യിൻ ആത്മാവെ കൊണ്ടു ഒടുക്കി (യശ. 11,4.) സ്വപ്രത്യക്ഷതയുടെ പ്രകാ
ശനത്താൽ നീക്കം വരുത്തും) ആയവന്റെ പ്രത്യക്ഷത സാത്താന്റെ വ്യാ
9 പാരത്താൽ കളവിന്റെ എല്ലാ ശക്തിയോടും അടയാളങ്ങഠം അത്ഭുതങ്ങ
10 ളോടും. അനീതിയുടെ എല്ലാ വഞ്ചനയോടും നശിച്ചു പോകുന്നവർക്കു ത
ന്നെ ഉണ്ടാകുന്നു. അവർ രക്ഷപെടുവാനായി സത്യത്തിന്റെ സ്നേഹത്തെ
11 കൈക്കൊള്ളായ്കയാൽ അത്രെ. അതിന്നിമിത്തം ദൈവം അവർക്കു കള
12 വു വിശ്വസിക്കുമാറു ഭ്രമത്തിൻ വ്യാപാരശക്തിയെ അയക്കുന്നു. സത്യത്തെ
വിശ്വസിയാതെ അനീതിയിൽ രസിച്ചു പോയവർക്കു എല്ലാവർക്കും
13 ന്യായവിധി വരേണ്ടതിന്നത്രെ. നിങ്ങളെയൊ കർത്താവിനാൽ സ്നേ
ഹിക്കപ്പെട്ട സഹോദരന്മാരെ, ദൈവം ആദിമുതൽ ആത്മാവിൻ വിശു
ദ്ധീകരണത്തിലും സത്യത്തിൻ വിശ്വാസത്തിലും രക്ഷെക്കായി വരിച്ച
തുകൊണ്ടു, ഞങ്ങഠം ദൈവത്തെ നിങ്ങഠം നിമിത്തം എപ്പോഴും സ്തുതി
14 പ്പാൻ കടക്കാർ ആകുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്ംതന്റെ തേജ
സ്സെ സമ്പാദിപ്പാൻ അല്ലൊ അവൻ ഞങ്ങടെ സുവിശേഷത്തെകൊണ്ടു
15 ആ രക്ഷെക്കു നിങ്ങളെ വിളിച്ചതു. ആകയാൽ സഹോദരന്മാരെ, ഞങ്ങ
ടെ വാക്കിനാൽ ആകട്ടെ, ലേഖനത്താൽ ആകട്ടെ, നിങ്ങഠംക്കു ഉപദേശി
ച്ചുള്ള സമ്പ്രദായങ്ങളെ മുറുക പിടിച്ചും നിന്നുകൊഠംവിൻ. നമ്മുടെ കർ
16 ത്താവായ യേശുക്രിസ്ംതൻ താനും നമ്മെ സ്നേഹിച്ചു നിത്യ ആശ്വാസ
വും നല്ല പ്രത്യാശയും കരുണയാലെ തന്നു, നമ്മുടെ ദൈവവും പിതാവും
17 ആയവനും. നിങ്ങളുടെ ഹൃദയങ്ങളെ ആശ്വസിപ്പിച്ചു എല്ലാ നല്ല ക്രിയയി
ലും വാക്കിലും സ്ഥിരീകരിപ്പൂതാക.

3. അദ്ധ്യായം

അന്യോന്യസിദ്ധിക്കായി പ്രാർത്ഥനയും പ്രത്യാശയും, (6) ക്രമം കെട്ടു ന
ടക്കുന്ന മടിയന്മാരെ തൊട്ടു ആജ്ഞാപിക്കുന്നതു.

1 ഒടുക്കം സഹോദരന്മാരെ! കർത്താവിൻ വചനം നിങ്ങളിൽ ഉള്ള പോ
2 ലെ (ഇങ്ങും) ഓടി മഹത്വപ്പെടുവാനും; പറാത്ത ദുഷ്ട മനുഷ്യരിൽനിന്നു
ഞങ്ങൾ ഉദ്ധരിക്കപ്പെടുവാനും ഞങ്ങൾക്ക് വേണ്ടി പ്രാർത്ഥിപ്പിൻ! വിശ്വാ
3 സം എല്ലാവർക്കും ഉള്ളതല്ലല്ലൊ, എങ്കിലും കർത്താവ് വിശ്വസ്തൻ അ
4 വൻ നിങ്ങളെ സ്ഥിരീകരിച്ചു ദുഷ്ടനിൽനിന്നു കാത്തുകൊള്ളും. ഞങ്ങൾ
നിങ്ങളോട് ആജ്ഞാപിക്കുന്നവ നിങ്ങൾ ചെയ്യുന്നു എന്നും, ചെയ്യും എ
5 ന്നും, നിങ്ങളുടെ മേൽ കർത്താവിൽ ഉറപ്പിച്ചും ഇരിക്കുന്നു. കർത്താവ്
താൻ നിങ്ങളുടെ ഹൃദയങ്ങളെ ദേവസ്നേഹത്തിലേക്കും ക്രിസ്തന്റെ ക്ഷാ
6 ന്തിയിലേക്കും നിരത്തുമാറാക. സഹോദരന്മാരെ! നമ്മുടെ കർത്താവായ
യേശുക്രിസ്തന്റെ നാമത്തിൽ ഞങ്ങൾ ആജ്ഞാപിക്കുന്നിതു; ഞങ്ങളിൽ
നിന്നു പരിഗ്രഹിച്ച സമ്പ്രദായത്തെ വിട്ടു ക്രമം കെട്ടു നടക്കുന്ന എല്ലാ സ
7 ഹോദരനോടും അകന്നു കൊള്ളേണം എന്നത്രെ. എങ്ങിനെ എന്നാൽ ഞ
ങ്ങൾക്ക് അനുകരിച്ചു പോരേണ്ടിയ വിധത്തെ നിങ്ങൾ തന്നെ അറിയുന്നു.
8 നിങ്ങളിലല്ലൊ ഞങ്ങൾ ക്രമം കെട്ടു നടന്നില്ല; ആരോടും വെറുതെ അപ്പം
വാങ്ങീട്ടും ഇല്ല; നിങ്ങളിൽ ആർക്കും ഭാരം വരുത്തരുത് എന്നിട്ടു രാപ്പ
9 കൽ വേല ചെയ്തു അദ്ധ്വാനത്തിലും കഴക്കിലും ഉപജീവിച്ചതെ ഉള്ളു. അ
തും അധികാരം ഇല്ലാഞ്ഞിട്ടല്ല; ഞങ്ങൾക്ക് അനുകരിപ്പാൻ നിങ്ങൾക്ക്
10 ഞങ്ങളെ തന്നെ മാതൃകയാക്കി തരേണ്ടതിന്നത്രെ. വേല ചെയ്വാൻ മന
സ്സില്ലാഞ്ഞാൽ താൻ ഭക്ഷിക്കയും അരുത് എന്നു നിങ്ങളോട് ഇരിക്കും
11 കാലത്തിൽ കൂടെ ചട്ടമാക്കിയല്ലൊ. നിങ്ങളിൽ ചിലർ ഒട്ടും
വേല ചെയ്യാതെ, പരകാര്യം നോക്കി ക്രമം കെട്ടു നടക്കുന്നപ്രകാരം കേൾ
12 ക്കുന്നുണ്ടു. ഇങ്ങിനെത്തവരോടു ഞങ്ങൾ സാവധാനത്തോടെ വേല ചെയ്തു
താന്താന്റെ അപ്പം ഭക്ഷിക്കേണം എന്നു നമ്മുടെ കർത്താവായ യേശുക്രി
13 സ്തന്മൂലം ആജ്ഞാപിച്ചു പ്രബോധിപ്പിക്കുന്നു. നിങ്ങളൊ സഹോദരന്മാ
14 രെ! നന്മ ചെയ്കയിൽ മന്ദിച്ചു പോകരുതെ. ലേഖനത്താലുള്ള ഞങ്ങളു
ടെ വാക്കിനെ വല്ലവനും അനുസരിക്കാഞ്ഞാൽ അവനെ കുറിപ്പിൻ!
അവൻ നാണിക്കേണ്ടതിന്നു അവനോടു ഇടപാടും അരുതു; ശത്രുവെന്നു വി
15 ചാരിയാതെ സഹോദരൻ എന്നു വെച്ചു വഴിക്കാക്കുകെ വേണ്ടു താനും.
16 സമാധാനത്തിൻ കർത്താവായവൻ താൻ നിങ്ങൾക്ക് നിത്യം എല്ലാ വി
ധത്തിലും സമാധാനത്തെ നല്കുക: കർത്താവ് നിങ്ങളും എല്ലാവരോടും കൂടെ
ഇരിക്കാക.
17 പൌലായ എന്റെ കൈയാലെ വന്ദനം എല്ലാ ലേഖനത്തിലും ഇതു ത
18 ന്നെ അടയാളം ഇങ്ങിനെ എഴുതുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തന്റെ
കൃപ നിങ്ങളും എല്ലാവരോടും കൂടെ (ഇരിപ്പൂതാക).

THE FIRST EPISTLE OF PAUL THE APOSTLE TO

TIMOTHY

തിമോത്ഥ്യനു

എഴുതിയ ഒന്നാം ലേഖനം

1. അദ്ധ്യായം

തിമോത്ഥ്യൻ നിയോഗപ്രകാരം ആജ്ഞാപിക്കയും, (12) പൌലിന്റെ വിളിയെ ഓൎത്തു, (18) പോരാടുകയും വേണ്ടതു.

1 നമ്മുടെ രക്ഷിതാവായ ദൈവവും നമ്മുടെ പ്രത്യാശയാകുന്ന ക്രിസ്തുയേ
ശുവും നിയോഗിച്ചപ്രകാരം യേശുക്രിസ്തന്റെ അപോസ്തലനായ
പൌൽ വിശ്വാസത്തിൽ നിജപുത്രനായ തിമോത്ഥ്യനു എഴുതുന്നിതു: പി
2 താവായ ദൈവത്തിൽനിന്നും നമ്മുടെ കർത്താവായ യേശുക്രിസ്തുനിൽനി
ന്നും കരുണ, കനിവു, സമാധാനവും ഉണ്ടാവൂതാക.
3 ഇന്ന കാര്യത്തിന്നായി നീ എഫേസിൽ പാൎത്തു കൊള്ളേണം എന്ന
4 ഞാൻ മക്കദോന്യെക്കു യാത്രയായി അപേക്ഷിച്ച പ്രകാരം. നീ ചിലരോടു
അന്യഥാ ഉപദേശിക്കരുത എന്നും വിശ്വാസത്തിലെ ദേവവീട്ടുവിചാരണ
യെ അല്ല; തൎക്കങ്ങളെ മാത്രം വൎദ്ധിപ്പിക്കുന്ന കഥകളേയും അനന്ത വംശാ
വലികളേയും ശ്രദ്ധിക്കരുതു എന്നും ആജ്ഞാപിക്കേണ്ടതിന്നു (ഇന്നും അ
5 പേക്ഷിക്കുന്നു). ആജ്ഞാപനത്തിന്റെ ലാക്കൊ ശുദ്ധഹൃദയം, നല്ല മനോ
ബോധം, നിൎവ്യാജവിശ്വാസം എന്നിവറ്റിൽനിന്നുളവായ സ്നേഹം അ
6 ത്രെ. അവറ്റിൽനിന്നു ചിലർ പിഴകി വൃഥാവാദത്തിലേക്കു മാറി തിരി
7 ഞ്ഞു, ധൎമ്മോപദേശകരായിരിപ്പാൻ ഇച്ഛിച്ചിരിക്കുന്നു. തങ്ങൾ പറയുന്ന
തു ഇന്നതു എന്നും പ്രമാണിപ്പിക്കുന്നതു ഇന്നതു എന്നും ബോധിക്കുന്നില്ല
8 താനും ധൎമ്മമാകട്ടെ, ഒരുവൻ അതിനെ ധൎമ്മ്യമായി ഉപയോഗിച്ചാൽ ന
9 ല്ലതു തന്നെ എന്നു നാം അറിയുന്നു. (അപ്രകാരം ആർ ചെയ്യും) നീതിമാ
ന്നായി ധൎമ്മം വെച്ചു കിടക്കുന്നതല്ല; അധൎമ്മികൾ, അനധീനർ, അഭ
ക്തർ, പാപികളും, അപവിത്രർ, ബാഹ്യന്മാരും, പിതൃഹന്താക്കൾ, മാതൃ
10 ഹന്താക്കളും, നരഹന്താക്കളും, പുലയാടികൾ, പുരുഷകാമികൾ, ആളുപി
11 ടിക്കാർ, പൊളികാർ, കള്ളസ്സത്യക്കാർ എന്നിവൎക്കായിട്ടു ധന്യദൈവ
ത്തിന്റെ തേജസ്സാകുന്ന സുവിശേഷപ്രകാരം സൌഖ്യോപദേശത്തോടു വി
പരീതമായ മറ്റു വല്ലതിന്നും അത്രെ ധൎമ്മവെപ്പുള്ള എന്നറിയുന്നവനത്രെ.
12 ആ സുവിശേഷം എന്നിൽ ഭരമേല്പിച്ചിരിക്കുന്നു; എന്നെ ശക്തീകരിച്ച
ക്രിസ്തുയേശു എന്ന നമ്മുടെ കൎത്താവു എന്നെ വിശ്വസ്തൻ എന്നു എണ്ണി,
സേവെക്കു ആക്കിയതുകൊണ്ടു, ഞാൻ അവനെ സ്തുതിക്കുന്നു. മുമ്പെ ദൂഷി
13 ക്കാരനും ഹിംസകനും നിഷ്ഠുരനും ആയല്ലൊ, എങ്കിലും അവിശ്വാസത്തിൽ
അറിയാതെ ചെയ്തതാകകൊണ്ടു എനിക്കു കനിവു ലഭിച്ചു. എന്നു വേണ്ടാ
14 നമ്മുടെ കൎത്താവിൻ കൃപ ക്രിസ്തുയേശുവിലുള്ള വിശ്വാസസ്നേഹങ്ങളുമാ
യി അത്യന്തം നിറഞ്ഞു വഴിഞ്ഞു എല്ലാവരാലും കൈക്കൊള്ളപ്പെടത്തക്ക
15 പ്രമാണവചനം ആവിതു; ക്രിസ്തുയേശു പാപികളെ രക്ഷിപ്പാൻ ലോക
16 ത്തിൽ വന്നു എന്നുള്ളതു. അവരിൽ ഞാൻ ഒന്നാമൻ എങ്കിലും യേശുക്രി
സ്തൻ നിത്യജീവന്നായ്ക്കൊണ്ടു തന്മേൽ വിശ്വസിപ്പാനുള്ളവർക്കു ദൃഷ്ടാന്തം

വേണം എന്നിട്ട് ഒന്നാമനായ എങ്കൽ സവ്വ ദീഘ്ശാന്തതയും കാട്ടുവാന
17 ക്കവെണ്ണം കനിവു ലഭിച്ചതു. യുഗങ്ങളുടെ രാജാവായി അക്ഷയനും അദൃശ്യ
നും ആകുന്ന ഏക (ജ്ഞാനി) ദൈവത്തിന്നു ബഹുമാനവും തേജസ്സും യുഗ
യുഗാന്തരങ്ങളോളം ഉണ്ടാവൂതാക ആമെൻ.

18 മകനായ തിമോത്ഥ്യനെ നിന്നെ കുറിച്ചു. മുന്നടന്ന പ്രവാചകങ്ങളിൻ
19 പ്രകാരം ഞാൻ ഈ ആജ്ഞയെ നിണക്കു് ഏല്പിക്കുന്നതു. നീ അവ
റിൽ (ഉന്നി) നല്ല പടച്ചെകം ചെയ്തു, വിശ്വാസവും നല്ല മനോബോധ
വും കാത്തു കൊള്ളേണ്ടു എന്നത്രെ; ആയതു ചിലർ തള്ളിക്കളഞ്ഞു, വി
ശ്വാസകപ്പലും തകർന്നു പോയി; ആയവരിൽ ഹുമനയ്യനും അലക്ഷന്ദ്രനും
20 ആകുന്നു. ദുഷിച്ചു പറയാതെ ഇരിപ്പാൻ പഠിക്കേണ്ടതിന്നു് അവരെ ഞാൻ
സാത്താനിൽ സമപ്പിച്ചിരിക്കുന്നു.

2. അദ്ധ്യായം

സഭാ പ്രാർത്ഥനയിൽ പുരുഷരും, (9) സ്ത്രീകളും ആചരിക്കേണ്ടതു.

1 ഇനി ഞാൻ സകലത്തിന്നും മുമ്പെ പ്രബോധിപ്പിക്കുന്നിതു; എല്ലാ മനു
ഷ്യക്കായികൊണ്ടും യാചനകളും, പ്രാർത്ഥനകളും, പക്ഷവാദങ്ങളും, സ്തോത്ര
2 ങ്ങളും ചെയ്യേണ്ടു. നാം സവ്വ ഭക്തിയോടും ഘനത്തോടും സാവധാനവും
സ്വസ്ഥതയും ഉള്ള ജീവനം കഴിക്കേണ്ടതിന്നു വിശേഷാൽ രാജാക്കന്മാർക്കും
3 സകല അധികാരസ്ഥന്മാർക്കും വേണ്ടി ചെയ്യേണ്ടു. ഇതു നമ്മുടെ രക്ഷിതാ
വായ ദൈവത്തിന്നു മുമ്പിൽ നല്ലതും ഗ്രാഹ്യവും ആകുന്നു. ആയവൻ എല്ലാ
4 മനുഷ്യരും രക്ഷപ്രാപിപ്പാനും സത്യത്തിന്റെ പരിജ്ഞാനത്തിൽ എത്തുവാ
5 നും ഇച്ഛിക്കുന്നു. ദൈവം ഒരുവനല്ലൊ ദൈവത്തിന്നും മനുഷ്യർക്കും ഏക മ
6 ദ്ധ്യസ്ഥനും ഉള്ളു. എല്ലാവർക്കും വേണ്ടി വീണ്ടെടുപ്പിൻ വിലയായി തന്നെ
7 ത്താൻ കൊടുത്ത മനുഷ്യനായ ക്രിസ്തയേശു അത്രെ. സ്വസമയങ്ങളിൽ (അ
റിയിക്കേണ്ടിയ) ഈ സാക്ഷ്യത്തിന്നായി, ഞാൻ ഘോഷകനും അപോസ്ത
ലനും (ഞാൻ ഭോഷ്ടല്ല പരമാർത്ഥം പറയുന്നു) വിശ്വാസത്തിലും സത്യത്തി
8 ലും ജാതികളുടെ ഉപദേഷ്ടാവും ആയി വെക്കപ്പെട്ടു. ആകയാൽ പുരുഷന്മാർ
എല്ലാസ്ഥലത്തും കോപവും സന്ദേഹവും കൂടാതെ, പവിത്രകൈകളെ ഉയ
ത്തിക്കൊണ്ടു പ്രാർത്ഥിക്കേണം എന്നത് എന്റെ ഇഷ്ടം.

9 അപ്രകാരം സ്ത്രീകളും ലജ്ജാശീലത്തോടും സുബോധത്തോടും യോഗ്യമാ
യി ഉടുത്തുംകൊണ്ടു (കൂടിവരേണം). പിരികുന്തലും പൊന്നും മുത്തും വില
10 യേറിയ വസ്ത്രവും കൊണ്ടല്ല; ദൈവഭക്തിയെ സൽക്രിയകളെകൊണ്ടു് അ
11 വലംബിക്കുന്ന സ്ത്രീകൾക്കു് ഉചിതമായിട്ടത്രെ അലങ്കരിച്ചോളുക സ്ത്രീ മി
12 ണ്ടാതെ, സകല അനുസരണത്തിലും പഠിക്കട്ടെ. സ്വസ്ഥയായിരിപ്പാന
ല്ലാതെ, ഉപദേശിപ്പാനെങ്കിലും പുരുഷനിൽ അധികരിപ്പാൻ എങ്കിലും
13 ഞാൻ സ്ത്രീക്കു് അനുവദിക്കുന്നില്ല. ആദാമല്ലൊ മുമ്പെ മനിയപ്പെട്ടു, പി
14 ന്നെ ഹവ്വ. ശേഷം ആദാമല്ല വഞ്ചിക്കപ്പെട്ടതു, സ്ത്രീ വഞ്ചിക്കപ്പെട്ടു (1
മോ. 3, 13.) ലംഘനത്തിൽ അകപ്പെട്ടു; എങ്കിലും വിശ്വാസസ്നേഹങ്ങ
ളിലും സുബോധം കൂടിയ വിശുദ്ധീകരണത്തിലും പാർക്കുന്നാകിൽ അ
വൾ ശിശുപ്രസവത്താൽ രക്ഷിക്കപ്പെടും.

3. അദ്ധ്യായം

അദ്ധ്യക്ഷർ. (8) ശുശ്രൂഷക്കാർ, (11) ശുശ്രൂഷക്കാരത്തികൾ ഇവർ വിഷ
യമായി, (14) ദൈവഭവനത്തിൽ ആചരിക്കേണ്ടതു.

1 **ഈ** വാക്കു പ്രമാണം, ഒരുവൻ അദ്ധ്യക്ഷയെ വാഞ്ഛിക്കുന്ന എങ്കിൽ
2 നല്ല വേലയെ ആഗ്രഹിക്കുന്നു. അദ്ധ്യക്ഷനാകട്ടെ നിരപവാദ്യൻ, ഏകകള
ത്രുവാൻ, നിർമ്മദൻ, സുബുദ്ധിമാൻ, സുശീലൻ, അതിഥിപ്രിയനും ഉപദേ
3 ശികനും ആക. പാനസക്തനും അടിക്കാരനും അരുത. ശാന്തൻ, പിണങ്ങാ
4 ത്തവൻ, അലോഭി, സ്വഭവനത്തെ നന്നായി ഭരിക്കുന്നവനും സകല ഘന
5 ത്തോടും കൂടെ കുട്ടികളെ അടക്കുന്നവനും (വേണം). സ്വഭവനത്തെ ഭരി
പ്പാൻ അറിയാത്തവൻ ആയാൽ ദേവസഭയെ എങ്ങിനെ വിചാരിക്കും.
6 ചീത്ത പോയിട്ട പിശാചിന്റെ വ്യവഹാരത്തിൽ അകപ്പെടാതെ ഇരി
പ്പാൻ പുത ശിഷ്യനും അരുത. നിന്ദയിലും പിശാചിന്റെ കണ്ണിയിലും വീ
7 ഴായ്വാൻ പുറത്തുള്ളവരിൽ നല്ല സാക്ഷ്യമുള്ളവനും ആകേണ്ട.
8 അവ്വണ്ണം ശുശ്രൂഷക്കാർ ഘനമുള്ളവർ ആകേണം ഇരുവാക്കുകാരും മദ്യസ
9 ക്തരും ദുർല്ലോഭികളും അരുത. വിശ്വാസത്തിന്റെ മർമ്മം ശുദ്ധ മനസ്സാക്ഷി
10 യിൽ വെച്ചുകൊള്ളുന്നവരെ വേണ്ട. ഇവർ മുമ്പെ പരീക്ഷിക്കപ്പെടട്ടെ, പി
11 ന്നെ അനിന്ദ്യരായി കണ്ടാൽ ശുശ്രൂഷിക്കട്ടെ. അവ്വണ്ണം സ്ത്രീകളും ഘനമുള്ള
വരായി ഏഷണി പറയാതെ നിർമ്മദമാരും എല്ലാററിലും വിശ്വസ്തമാരും
12 ആക. ശുശ്രൂഷക്കാർ ഏകകളത്രുവാന്മാരും കുട്ടികളേയും സ്വഭവനങ്ങളേയും
നന്നായി ഭരിക്കുന്നവരും ആകേണം. നന്നായി ശുശ്രൂഷിച്ചിട്ടുള്ളവർ തങ്ങൾ
13 ക്കു നല്ല നിലയും ക്രിസ്തുയേശുവിങ്കലെ വിശ്വാസത്തിൽ വളരെ പ്രാഗത്ഭ്യ
വും സമ്പാദിക്കുന്നു.
14 ഞാൻ നിന്റെ അടുക്കൽ അതിവേഗത്തിൽ വരും എന്നു ഭാവിക്കുന്നു എങ്കി
15 ലും ഞാൻ താമസിച്ചാൽ സത്യത്തിന്റെ തൂണും തറക്കെട്ടുമായി ജീവനുള്ള
ദൈവത്തിന്റെ സഭയാകുന്ന ദേവഭവനത്തിൽ നടക്കേണ്ടും പ്രകാരം അറി
16 വാനായി ഞാൻ ഇവ എഴുതുന്നു. ഭക്തിയുടെ മർമ്മം സമ്മതമാംവണ്ണം വല
താകുന്നുവല്ലൊ; (ദൈവം) ആയവൻ ജഡത്തിൽ വിളങ്ങിയവൻ ആത്മാ
വിൽ നീതീകരിക്കപ്പെട്ടവൻ ദൂതന്മാക്ക് കാണായവൻ ജാതികളിൽ ഘോ
ഷിതൻ ലോകത്തിൽ വിശ്വസിക്കപ്പെട്ടവൻ തേജസ്സിൽ എടുത്തുകൊള്ളപ്പെ
ട്ടവൻ എന്നത്രെ.

4. അദ്ധ്യായം

കള്ളബോധകർ ഉണ്ടാകുന്നതിലും, (12) തന്റെ വർദ്ധനത്തിനായും ചെയ്യേ
ണ്ടതു.

1 **പി**ന്നെ ആത്മാവ(ായവൻ) സ്പഷ്ടമായി പറയുന്നിതു: ശേഷകാലങ്ങ
ളിൽ ചിലർ തെററിക്കുന്ന ആത്മാക്കളേയും ഭ്രതങ്ങളുടെ ഉപദേശങ്ങളേയും
ആശ്രയിച്ചു; വിശ്വാസത്തിൽനിന്നു പൊളിവാക്കുകാരുടെ വ്യാജത്തിൽ
2 ഭ്രംശിച്ചുപോകും. ഇവർ സ്വന്ത മനോബോധത്തിൽ ചൂടു വെച്ചിട്ടുള്ളവരാ
3 യി വിവാഹം നിഷേധിക്കയും. സത്യത്തെ ഗ്രഹിച്ചിട്ടുള്ള വിശ്വാസികളും
സ്തോത്രത്തോടെ അനുഭവിപ്പാൻവേണ്ടി, ദൈവം സൃഷ്ടിച്ച ഭോജ്യങ്ങളെ
4 വർജ്ജിക്കയും ചെയ്യുന്നു. ദേവസൃഷ്ടി ആകട്ടെ, എല്ലാം നല്ലതു തന്നെ;
5 സ്തോത്രത്തോടെ കൈക്കൊള്ളുന്നത് ഒന്നും ത്യാജ്യവും അല്ല. ദേവവചനത്താ
ലും പ്രാർത്ഥനയാലും വിശുദ്ധീകരിക്കപ്പെടുന്നുവല്ലൊ. ഇതു നീ സഹോദര
6 ന്മാരെ ഗ്രഹിപ്പിച്ചാൽ നീ അനുസരിച്ചിട്ടുള്ള സദുപദേശവിശ്വാസത്തിന്റെ
വചനങ്ങളാൽ പോഷിച്ചു വളർന്നുകൊണ്ടു യേശുക്രിസ്തനു നല്ല ശുശ്രൂഷക്കാര
7 നാകും. കിഴവികൾക്കു പറുന്ന ബാഹ്യകഥകളെ ഒഴിച്ചു, ദൈവഭക്തിയെ
8 കുറിച്ച് അഭ്യസിച്ചു കൊൾക. ശരീരാഭ്യാസം അല്പം ചിലതിനു പ്രയോജ
നമാകും ദൈവഭക്തിയൊ ഇപ്പോഴും എപ്പോഴുമുള്ള ജീവന്റെ വാഗ്ദത്തം
9 പ്രാപിച്ചിട്ടു, സകലത്തിനും പ്രയോജനമാകുന്നു. ഇത് എല്ലാവരാലും

10 കൈക്കൊള്ളപ്പെടത്തക്ക പ്രമാണവാക്കു. അതിന്നായിട്ട് തന്നെ ഞങ്ങൾ
സകല മനുഷ്യക്കും പ്രത്യേകം വിശ്വാസികൾക്കും രക്ഷിതാവാകുന്ന ജീവ
നുള്ള ദൈവത്തിന്മേൽ ആശവെച്ചു പ്രയാസപ്പെട്ടും നിന്ദ അനുഭവിച്ചും നടക്കു
11 ന്നു. ഈ വക നീ ആജ്ഞാപിച്ചുപദേശിച്ചു കൊൾക. ആരും ബാല്യം നിമി
12 ത്തം നിന്നെ തുച്ഛീകരിക്കരുതു; എന്നാൽ വാക്കിലും നടപ്പിലും സ്നേഹ
വിശ്വാസങ്ങളിലും നിർമ്മലതയിലും വിശ്വാസികൾക്ക മാതൃകയായ്
13 ചമക. ഞാൽ വരുവോളം അദ്ധ്യയനം പ്രബോധനം ഉപദേശം ഇവറ്റിൽ
14 ഉത്സാഹിക്ക. മൂപ്പന്മാരുടെ ഹസ്താർപ്പണം കൂടിയ പ്രവചനത്താൽ നിനക്കു
15 കിട്ടിയ കൃപാവരത്തിൽ ഉപേക്ഷ തോന്നാതെ; നിന്റെ മുഴുപ്പ് എല്ലാവക്കും
പ്രസിദ്ധമായി തീരേണ്ടതിന്നു് ഇവ കരുതുക; ഇവറ്റിൽ തന്നെ ഇരുന്നു
16 കൊൾക. ഇതിൽ ഉറെച്ചുകൊണ്ടു നിങ്കലും ഉപദേശത്തിലും ജാഗ്രതയായി
രിക്ക; അങ്ങിനെ ചെയ്താൽ നിന്നെയും നിന്നെ കേൾക്കുന്നവരേയും നീ
രക്ഷിക്കും.

5. അദ്ധ്യായം

വിശേഷാൽ, (3) വിധവമാരെ പോററി, (9) പണിക്കാക്കി, (17) മൂപ്പ
രേയും, (22) ഹസ്താപ്പണത്തേയും, (23) തന്നെയും നടത്തിക്കൊള്ളേണ്ടതു.

1 മൂത്തവനെ ഭത്സിക്കരുതു് അച്ഛനെ പോലെ പ്രബോധിപ്പിച്ചെ ആവു;
2 ഇളയവരെ സഹോദരരെ പോലെയും മൂത്തസ്ത്രീകളെ അമ്മമാരെ പോലെ
3 യും യുവതികളെ സഹോദരികൾ എന്നും സകല നിർമ്മലതയോടും (പ്ര
4 ബോധിപ്പിക്ക). വിധവമാരെ ഉള്ളവണ്ണം വിധവമാരായാൽ ആദരിക്ക.
വല്ല വൾക്കും പുത്രപൌത്രന്മാർ ഉണ്ടായാൽ അവർ മുമ്പെ സ്വഭവനത്തിൽ
ഭക്തിയെ കാണിച്ചു പിതാക്കൾക്കു് പകരം ചെയ്തു കൊടുപ്പാൻ പഠിക്ക
5 ട്ടെ, ഇതു ദൈവത്തിന്നു ഗ്രാഹ്യം തന്നെ. ഉള്ളവണ്ണം വിധവയായി ആരും
ഇല്ലാതെകണ്ടു വന്നവൾ ദൈവത്തിന്മേൽ ആശ വെച്ചു രാപ്പകൽ യാചനാ
6 പ്രാർത്ഥനകളിലും ഉറെച്ചു പാർക്കുന്നു. കാമുകിയായവളോ ജീവിച്ചിരുന്നും ചത്തു.
7 അവർ നിരപവാദ്യമാരായിരിപ്പാൻ നീ ഇവ ആജ്ഞാപിക്ക. വല്ലവനും
8 തനിക്കുള്ളവക്കും പ്രത്യേകം ഭവനക്കാക്കും വേണ്ടി കരുതുന്നില്ല എങ്കിൽ
അവൻ വിശ്വാസത്തെ തള്ളിക്കഴിഞ്ഞു, അവിശ്വാസിയിലും അധമനാകു
ന്നു.

9 ഏക ഭർത്താവെ പരിഗ്രഹിച്ചിരുന്നു് അറുപതു വയസ്സിന്നു താഴെയല്ലാത്ത
10 വിധവ മക്കളെ വളർത്തുക, അതിഥികളെ സല്ക്കരിക്ക, വിശുദ്ധന്മാരുടെ കാൽ
കഴുകുക, സങ്കടപ്പെടുന്നവക്കു് മുട്ടുതീർക്കുക, സൽക്രിയയും പിന്തുടരുക
എന്നിപ്രകാരം നല്ല പ്രവൃത്തികളെകൊണ്ടു ശ്രുതിപ്പെട്ടവളായാൽ, തെരി
11 ഞ്ഞെടുക്കപ്പെടട്ടെ, ഇളയ വിധവമാരെ ഒഴിക്ക. അവർ ക്രിസ്തനു നേരെ പു
12 ളെച്ചു മദിച്ചു എങ്കിൽ, വിവാഹം ചെയ്വാൻ ഇച്ഛിക്കും. എന്നാൽ
മുമ്പിലത്തെ പ്രതിജ്ഞയുടെ ഭംഗം എന്നൊരു ന്യായവിധിക്കു് ഹേതുവാ
13 യി വരുന്നു. അത്രയുമല്ല, പ്രവൃത്തിയിൽ മടിവും ഭവനംതോറും സഞ്ചാര
വും ശീലിക്കും; മടി വല്ലാതെ വായാട്ടവും പരകാര്യാന്വേഷണവും അരു
14 താത്ത വാക്കും സംഭവിക്കും. ആകയാൽ ഇളയവർ വിവാഹം ചെയ്തു, പുത്ര
സമ്പത്തുണ്ടാക്ക, ഭവനം രക്ഷിക്ക; വിരോധിക്കു് അപവാദത്തിന്നു് അ
15 വസരം ഒന്നും കൊടുക്കാതെ ഇരിക്ക എന്നു് എന്റെ ഇഷ്ടം. ഇപ്പോൾ ത
16 ന്നെ ചിലർ സാത്താന്റെ വഴിയായ്തിരിഞ്ഞുപോയല്ലൊ. വിശ്വാസി
ക്കൊ, വിശ്വാസിനിക്കൊ, വിധവമാർ ഉണ്ടെങ്കിൽ അവർ തന്നെ ഇവ
രുടെ ബുദ്ധിമുട്ടു തീർക്കട്ടെ; സഭയൊ ഉള്ളവണ്ണം വിധവമാരായവക്കു് അ
പ്രകാരം തീർക്കേണ്ടതിന്നു് ആ ഭാരം ഏല്ക്കരുതെ.

17 നന്നായി വാഴുന്ന മൂപ്പന്മാരെ പ്രത്യേകം വചനത്തിലും ഉപദേശത്തി
ലും അദ്ധ്വാനിക്കുന്നവരെ തന്നെ ഇരട്ടി മാനത്തിന്നു പാത്രമായി എണ്ണുക.
18 (5 മോ. 25, 4.) മെതിക്കുന്ന കാളയുടെ വായി കെട്ടരുത് എന്നു വേദവാ
ക്കുണ്ടല്ലൊ, വേലക്കാരൻ തന്റെ കൂലിക്ക് യോഗ്യൻ ആകുന്നു പോൽ
19 (ലൂ: 10, 7.) രണ്ടു മൂന്നു സാക്ഷികൾ മുഖാന്തരമല്ലാതെ, മൂപ്പന്റെ നേരെ
20 അന്യായം എടുക്കരുതു. പാപം ചെയ്യുന്നവരെ ശേഷമുള്ളവർക്കു ഭയത്തിന്നാ
21 യി എല്ലാവരുടെ മുമ്പാകെയും ശാസിക്ക. ഇവ നീ പക്ഷമായി ഒന്നും
ചെയ്യാതെ, മുൻവിധി കൂടാതെ പ്രമാണിച്ചു കൊള്ളേണം എന്നു ഞാൻ ദൈ
വത്തെയും യേശുക്രിസ്തുനേയും തെരിഞ്ഞെടുക്കപ്പെട്ട ദൂതന്മാരേയും സാക്ഷി
22 ആക്കി വെച്ചു, നിന്നോടു കല്പിക്കുന്നു. വേഗത്തിൽ കൈകളെ ഒരുത്തനി
ലും വെക്കരുത് അന്യന്മാരുടെ പാപങ്ങളിൽ അംശക്കാരനാകയും അരു
23 ത്; നിന്നെ തന്നെ നിർമ്മലനായ്ക്കാത്തുകൊൾക. ഇനിയും കേവലം വെ
ള്ളം കുടിക്കൊല്ലാ: നിന്റെ വയറും കൂടക്കൂടയുള്ള ക്ഷീണതകളും വിചാരി
ച്ചു് അല്പം വീഞ്ഞും സേവിക്ക.

24 ചില മനുഷ്യരുടെ പാപങ്ങൾ വെളിവായിക്കിടന്നു, ന്യായവിധിക്കു
മുമ്പിടുന്നു ചിലർക്കു് അവ പിഞ്ചെല്ലുന്നു; അപ്രകാരം സൽക്രിയകളും
(ചിലരിൽ) വെളിപ്പെടാത്തവയും ഒളിച്ചിരിപ്പാൻ കഴികയില്ല.

6. അദ്ധ്യായം

ദാസരെ പ്രബോധിപ്പിച്ചു, (3) ദുരുപദേശവും, (6. 17) ദ്രവ്യാഗ്രഹവും വർ
ജ്ജിച്ചു, (11) നിത്യജീവനെ തേടേണ്ടതു.

1 നുകത്തിൻകീഴിൽ ദാസന്മാരായിരിക്കുന്നവർ ഒക്കയും ദേവനാമത്തിന്നും
ഉപദേശത്തിന്നും ദൂഷണം വരാതിരിപ്പാൻ ഉടയവരെ സകല മാനത്തിന്നും
2 യോഗ്യന്മാർ എന്നു് എണ്ണേണ്ടതു. വിശ്വാസികളായ യജമാനൻമാരുള്ളവർ
അവരെ സഹോദരന്മാർ എന്നു വെച്ചു തുച്ഛീകരിക്കരുതു് അവരുടെ ഗുണമു
ള്ള സേവയെ അനുഭവിക്കുന്നവർ വിശ്വാസികളും ഇഷ്ടന്മാരും ആകകൊണ്ടു്
അവരെ വിശേഷാൽ സേവിച്ചു കൊൾവു; ഇവ ഉപദേശിക്കയും പ്രബോ
ധിപ്പിക്കയും ചെയ്ക.

3 നമ്മുടെ കർത്താവായ യേശുക്രിസ്തുന്റെ സൌഖ്യവചനങ്ങളേയും ഭക്തി
4 ക്കൊത്ത ഉപദേശത്തേയും വല്ലവനും അനുസരിയാതെ. അന്യഥാ ഉപദേ
ശിച്ചാൽ അവൻ ഒന്നും അറിയാതെ ചത്തുപോയി; തർക്കങ്ങളും വായ്പട
5 കളും ആകുന്ന വ്യാധി പിടിച്ചും ഇരിക്കുന്നു. അവറ്റിൽ അസൂയാ, ശണ
കൂം, ദൂഷണങ്ങളും, ദുസ്സംശയങ്ങളും ബുദ്ധിനഷ്ടരും സത്യഭ്രഷ്ടരും ആയ മനു
ഷ്യരുടെ നിത്യ ഉരുസലും ഉത്ഭവിക്കുന്നു (അവരോടു് അകന്നു നില്ക്ക) ആ
6 യവർ ഭക്തി അഹോവൃത്തി എന്നു വിചാരിക്കുന്നു. അലംഭാവത്തോടു് കൂ
7 ടിയ ഭക്തി വലുതായ അഹോവൃത്തി ആകുന്നതാനും. ഇഹലോകത്തിലേ
8 ക്കു് നാം ഒന്നും കൊണ്ടുവന്നിട്ടില്ലെല്ലൊ. ഏതാനും കൊണ്ടുപോവാനും ക
ഴികയില്ല സ്പഷ്ടം. ഉണ്മാനും ഉടുപ്പാനും സാധിച്ചാൽ മതി എന്നു നാം വി
9 ചാരിപ്പു. ധനം വേണം എന്നുള്ളവരോ പരീക്ഷയിലും കണ്ണിയിലും മനു
ഷ്യരെ സംഹാരനാശങ്ങളിൽ മുക്കിക്കളയുന്ന പല നിസ്സാരദുർമ്മോഹങ്ങ
10 ളിലും വീഴുന്നു. ദ്രവ്യാഗ്രഹം സകല ദോഷത്തിന്നും മൂലമായിരിക്കുന്നുവ
ല്ലൊ, ഈ വാഞ്ഛാതുരകൊണ്ടു ചിലർ വിശ്വാസത്തെ വിട്ടഴിഞ്ഞു ബഹുദുഃഖ
ങ്ങളാൽ തങ്ങളെ തന്നെ തുളെച്ചിരിക്കുന്നു.

11 എന്നാൽ ദൈവമനുഷ്യനായുള്ളോവെ! ഇവറ്റെ വിട്ടോടി, നീതി,
ഭക്തി, വിശ്വാസം, സ്നേഹം, ക്ഷാന്തി, സൌമ്യത എന്നിവ പിന്തുടർന്നു

12 കൊംക. വിശ്വാസത്തിന്റെ നല്ല പോർ പൊരുക; നിത്യജീവനെ പി
ടിച്ചു കൊംക; അതിന്നായി നീ വിളിക്കപ്പെട്ടു അനേകം സാക്ഷികളു
13 ടെ മുമ്പാകെ ആ നല്ല സ്വീകാരം പറഞ്ഞുവല്ലൊ. സ്വത്തിന്നും ജീവനെ
ജനിപ്പിക്കുന്ന ദൈവത്തിന്നും പൊന്ത്യപിലാതൻ മുഖേന ആ നല്ല സ്വീ
14 കാരത്തെ സാക്ഷീകരിച്ച ക്രിസ്തയേശുവിന്നും മുമ്പാകെ ഞാൻ നിന്നെ ആ
ജ്ഞാപിക്കുന്നതു എന്തെന്നാൽ: നീ നിഷ്കളങ്കനും നിരപവാദ്യനും ആയി
നമ്മുടെ കർത്താവായ യേശുക്രിസ്തന്റെ പ്രത്യക്ഷതവരെ കല്പനയെ കാത്തു
15 കൊള്ളേണം. ആ (പ്രത്യക്ഷതയെ) സ്വസമയങ്ങളിൽ കാണിക്കും ധന്യ
നായ ഏകാധിപതിയും രാജാധിരാജാവും കർത്താധികർത്താവും; ചാകാ
16 യ്മ താനെ ഉള്ളവനും അടുത്തു കൂടാത്ത വെളിച്ചത്തിൽ വസിക്കുന്നവനും
മനുഷ്യർ ആരും കാണാത്തവനും കാൺമാൻ കഴിയാത്തവനും ആയവന്നു
ബഹുമാനവും നിത്യ ബലവും ഉള്ളു: ആമെൻ.
17 ഈ യുഗത്തിലെ ധനവാൻമാരോടു ആജ്ഞാപിക്ക: ഞെളിഞ്ഞു പോ
കാതെ നിശ്ചയമില്ലാത്ത ധനത്തിൽ അല്ല. നമുക്കു സകലവും ധാരാളമാ
യി അനുഭവിപ്പാൻ തരുന്ന ജീവനുള്ള ദൈവത്തിൻമേൽ ആശ വെച്ചു. നന്മ
18 ചെയ്യു സൽക്രിയകളും എന്ന സമ്പത്തുണ്ടാക്കി. ദാനശീലവും കൂറായ്മയും
19 പൂണ്ടുംകൊണ്ടു സത്യജീവനെ പിടിപ്പാൻവേണ്ടി ഭാവിയിങ്കലേക്കു തങ്ങൾ
ക്കു നല്ല അടിസ്ഥാനത്തെ നിക്ഷേപിച്ചു പോരേണം എന്നത്രെ.
20 അല്ലയൊ തിമോത്ഥ്യനെ! കള്ള നാമമുള്ള (അദ്ധ്യാത്മ) ജ്ഞാനത്തിന്റെ
ബാഹ്യമായ വൃഥാലാപങ്ങളേയും സക്സ്യൂത്രങ്ങളേയും അകറിനിന്നു
21 ഉപനിധിയെ കാത്തുകൊംക. ആ ജ്ഞാനം ചിലർ അവലംബിച്ചു വി
ശ്വാസത്തിൽ നിന്നു പിഴുകി പോയി.

കരുണ നിന്നോടുകൂടെ ഇരിക്ക.

THE SECOND EPISTLE OF PAUL THE APOSTLE TO

TIMOTHY

തിമോത്ഥ്യനു

എഴുതിയ രണ്ടാം ലേഖനം

1. അദ്ധ്യായം

പൂർവ്വസ്നേഹസ്മരണം, (6) ദേവവേലയിൽ, (8) കഷ്ടപ്പെട്ടും ഉത്സാഹിക്കേണ്ടതു, (15) നാനാ വർത്തമാനങ്ങളും

1 ദൈവേഷ്ടത്താലും ക്രിസ്തയേശുവിലുള്ള ജീവന്റെ വാഗ്ദത്ത നിമിത്തവും യേശുക്രിസ്തന്റെ അപോസ്തലനായ പൌൽ, പ്രിയപുത്രനായ
2 തിമോത്ഥ്യനു് (എഴുതുന്നതു്) പിതാവായ ദൈവത്തിൽനിന്നും നമ്മുടെ കർത്താവായ യേശുക്രിസ്തനിൽനിന്നും കരുണ, കനിവു, സമാധാനവും ഉണ്ടാവൂതാക.
3 എന്റെ അപേക്ഷകളിൽ രാവും പകലും ഇടവിടാതെ, നിന്നെ നണ്ണി, നിന്റെ കണ്ണുനീരുകളെ ഓർത്തും ഞാൻ നിന്നെ (പിന്നെയും) കണ്ടു സന്തോ
4 ഷപൂർണ്ണനാവാൻ വാഞ്ഛിച്ചും കൊണ്ടിട്ടു. (ഞാൻ) പൂർവ്വന്മാർ മുതൽ ശുദ്ധ മനസ്സാക്ഷിയിൽ ഉപാസിക്കുന്ന ദൈവത്തിന്നു സ്തോത്രം ചെയ്യുന്നു.
5 നിന്നിലുള്ള നിർവ്യാജ വിശ്വാസത്തിന്റെ ഓർമ്മയെകൊണ്ടു (ഞാൻ അങ്ങിനെ ചെയ്യുന്നു;) ആയതു് ആദ്യം നിന്റെ മുത്തച്ചിയായ ലോയിസിലും അമ്മയായ യുനിക്കയിലും അധിവസിച്ചു; നിന്നിലും ഉണ്ടെന്നു ഞാൻ തേ
6 റിയിരിക്കുന്നു. അതുകൊണ്ടു് എന്റെ ഹസ്താർപ്പണത്താൽ നിന്നിൽ ഉണ്ടായ ദൈവവരത്തെ (പുതുതായി) ജ്വലിപ്പിക്കേണം എന്നു നിന്നെ ഓർ
7 പ്പിക്കുന്നു. ഭീരുതയുള്ള ആത്മാവെ അല്ലല്ലൊ ശക്തിസ്നേഹസുബോധങ്ങളുള്ള ആത്മാവെ ദൈവം നമുക്കു് തന്നതു.
8 അതുകൊണ്ടു നമ്മുടെ കർത്താവിന്റെ സാക്ഷ്യത്തിലും അവന്റെ ബദ്ധനായ ഈ എന്നിലും നാണിക്കാതെ, നീയും സുവിശേഷത്തിന്നായി ദേവശ
9 ക്തിയാൽ ആകുംവണ്ണം കൂടെ കഷ്ടങ്ങളെ സഹിക്ക. അവൻ നമ്മെ രക്ഷിച്ചു, വിശുദ്ധ വിളികൊണ്ടു വിളിച്ചതു് നമ്മുടെ ക്രിയകളിൻപ്രകാരമല്ല; യുഗാദി കാലങ്ങൾക്കു മുമ്പെ ക്രിസ്തയേശുവിൽ (കല്പിച്ചു) കൊടുത്തതും. ഇ
10 പ്പോൾ മരണത്തെ നീക്കി, സുവിശേഷംകൊണ്ടു ജീവനേയും കേടായ്മയേയും വിളങ്ങിച്ചുള്ള നമ്മുടെ രക്ഷിതാവായ യേശുക്രിസ്തന്റെ പ്രത്യക്ഷതയാൽ വെളിവന്നതും ആയ സ്വകരുണാനിർണ്ണയപ്രകാരം ആകുന്നു.
11 ആ (സുവിശേഷത്തിന്നു) ഞാൻ ഘോഷകനും അപോസ്തലനും ജാതികളുടെ ഉപദേഷ്ടാവും ആക്കപ്പെട്ടതിനാൽ ഇ ൗ(കഷ്ടത) അനുഭവിക്കുന്ന ലജ്ജി
12 ക്കുന്നില്ല താനും. ഞാൻ ഇന്നവനെ വിശ്വസിച്ചു എന്നറിഞ്ഞും അവൻ എന്റെ ഉപനിധിയെ ആ ദിവസംവരെ സൂക്ഷിപ്പാൻ ശക്തനാകുന്നു എന്നു തേറിയും ഇരിക്കുന്നു.
13 എങ്കൽനിന്നു കേട്ട സൌഖ്യവചനങ്ങളുടെ മാതിരിയെ നീ ക്രിസ്തയേശുവിങ്കലുള്ള വിശ്വാസസ്നേഹങ്ങളിലും ധരിച്ചുകൊൾക. നമ്മിൽ അധി
14 വസിക്കുന്ന വിശുദ്ധാത്മാവു്കൊണ്ടു് ആ നല്ല ഉപനിധിയെ സൂക്ഷിച്ചു
15 കൊൾക. ഫുഗല്ലൻ ഹർമ്മൊഗനാ മുതലായ ആസ്യക്കാർ എല്ലാം എന്നെ

16 വിട്ടു തിരിഞ്ഞു എന്നെ നിണക്കു് അറിയാമല്ലൊ. പലപ്പോഴും എന്നെ ത
ണുപ്പിച്ച ഒനെസിഭരന്റെ കുഡുംബത്തിന്നു കത്താവു് കനിവു കൊടുക്കുമാ
17 റാക. അവൻ എന്റെ ചങ്ങലയിൽ നാണിക്കാതെ, രോമയിലായ ഉടനെ
താലു്പര്യത്തോടെ എന്നെ തിരഞ്ഞു കണ്ടെത്തുകയും ചെയ്തു. (കത്താവു്
18 ആ ദിവസത്തിൽ അവനു കത്താവിൻപക്കൽ കനിവു കണ്ടെത്തുമാറാകേ
ണമെ); ശേഷം എഫേസിൽ വെച്ചു് അവൻ എത്ര ശുശ്രൂഷിച്ചു എന്നു നി
ണക്കു് അധികം നല്ലവണ്ണം അറിയാം.

2. അദ്ധ്യായം

ദേവവേലയിൽ ഉറെച്ചും, (3) പോരാടികൊണ്ടും, (14) വായ്പട ഒരുപദേ
ശവും നീക്കി പോരേണ്ടതു.

1 എന്നാൽ എന്റെ പുത്ര ക്രിസ്തയേശുവിലുള്ള കൃപയിൽ ശക്തനായ്വ
2 ളരുക. നീ പല സാക്ഷിമുഖാന്തരം എന്നിൽനിന്നു് കേട്ടത് എല്ലാം മറ്റു
ള്ളവർക്കും ഉപദേശിപ്പാൻ സമർത്ഥരാകുന്ന വിശ്വസ്തമനുഷ്യരിൽ നിക്ഷേപി
ക്ക.
3 യേശുക്രിസ്തന്റെ നല്ല ഭടനായിട്ടു നീ കൂട കഷ്ടപ്പെടുക. പട ചേർത്തവ
4 ന്റെ പ്രസാദത്തിന്നായി പടയാളികളും ആരും സംസാര കാര്യങ്ങളിൽ കു
5 ടുങ്ങി പോകുന്നില്ല(ല്ലൊ). പിന്നെ ഒരുത്തൻ മല്ലു കെട്ടിയാലും ധർമ്മപ്ര
6 കാരം പോരായ്കിൽ കിരീടം അണികയില്ല. അദ്ധ്വാനിച്ചിട്ടു തന്നെ കൃ
7 ഷിക്കാരൻ മുമ്പെ ഫലങ്ങളെ അനുഭവിക്കുന്നതു് ന്യായം. ഞാൻ പറയുന്ന
തു ബോധിച്ചു കൊള്ക, കർത്താവു് സകലത്തിലും നിണക്കു് ബുദ്ധി ന
8 ല്കുമല്ലൊ. ദാവിദിൻ സന്തതിയിൽനിന്നുള്ള യേശുക്രിസ്തൻ മരിച്ചവരിൽ
9 നിന്നുണർന്നതു് എന്റെ സുവിശേഷപ്രകാരം ഓർത്തുകൊൾക. ആയതു് അ
റിയിക്കുന്നതിൽ ഞാൻ ദുഷ്പ്രവൃത്തിക്കാരൻ എന്നപോലെ ബന്ധനത്തോള
10 വും കഷ്ടപ്പെടുന്നു; ദേവവചനത്തിന്നു് ബന്ധനം ഇല്ല താനും. ആകയാൽ
തെരിഞ്ഞെടുത്തവർക്കും ക്രിസ്തുയേശുവിലുള്ള രക്ഷ നിത്യ തേജസ്സോടും
കൂട കിട്ടേണ്ടതിന്നു ഞാൻ അവർക്കായി സകലവും സഹിക്കുന്നു. ഈ വാക്കു
11 പ്രമാണം നാം കൂടെ മരിച്ചു എങ്കിൽ കൂടെ ജീവിക്കും സഹിക്കുന്നു എങ്കിൽ
12 കൂടെ വാഴും. തള്ളിപ്പറയുന്നു എങ്കിൽ നമ്മെ അവനും തള്ളിപ്പറയും. വിശ്വ
13 സിക്കാതെ പോയെങ്കിൽ, അവൻ വിശ്വസ്തനായ്തന്നേർക്കുന്നു; തന്നെത്താൻ
14 തള്ളിപ്പറവാൻ കഴികയില്ലല്ലൊ. ഇവ നീ കത്താവെ സാക്ഷി ആക്കി
ഓർപ്പിക്ക, ഒന്നിന്നും കൊള്ളാത്തതല്ലാതെ, കേൾക്കുന്നവരെ മറിപ്പാൻ മ
15 തിയായ വായ്പട ചെയ്യൊല്ല. സത്യവചനത്തെ നേരെ വിഭാഗിച്ചുകൊണ്ടു
ലജ്ജ വരാത്ത പ്രവൃത്തിക്കാരനായി നിന്നെ തന്നെ ദൈവത്തിന്നു കൊള്ളാ
16 കുന്നവനാക്കി നിറുത്തുവാൻ ശ്രമിക്ക. ബാഹ്യമായ വൃഥാലാപങ്ങളെ ഒഴി
17 ഞ്ഞിരിക്ക, ആ വകക്കാർ ഭക്തികേടിൽ അധികം മുതിർന്നു വരും. അവരു
18 ടെ വാക്കു് അർബ്ബുദവ്യാധി പോലെ തിന്നു തിന്നുമിരിക്കും. അവരിൽ ഹൂമ
നയ്നും ഫിലെതനും സത്യത്തിൽ നിന്നു പിഴകി പോയിട്ടു പുനരുത്ഥാനം
ആയ്കഴിഞ്ഞു എന്നു ചൊല്ലി ചിലരുടെ വിശ്വാസത്തെ കമിഴ്ത്തി കളയുന്നു.
19 എങ്കിലും ദൈവത്തിന്റെ സ്ഥിരമായ അടിസ്ഥാനം നിലനില്ക്കുന്നു; ക
ർത്താവു് തനിക്കുള്ളവരെ അറിഞ്ഞിരിക്കുന്നു എന്നും കർത്താവിൻ നാമത്തെ
ഉച്ചരിക്കുന്നവൻ എല്ലാം അനീതിയെ വർജ്ജിച്ചുകൊൾക എന്നും ഉള്ളതു
20 തന്നെ അതിന്നു മുദ്ര ആകുന്നു. വലിയ ഭവനത്തിലൊ, പൊൻ വെള്ളി
കൊണ്ടുള്ള സാമാനങ്ങളും മാത്രമല്ല, മരവും മണ്ണുംകൊണ്ടുള്ളവയും ഉണ്ടു; ചി
21 ലതു മാനത്തിന്നും ചിലതു് അപമാനത്തിന്നും തന്നെ. ഈ (അപമാനപാ
ത്രങ്ങളോടു്) ഒരുവൻ അകുന്നു തന്നെത്താൻ വെടിപ്പാക്കികൊണ്ടാൽ

അവൻ ഉടയവന്റെ വിശുദ്ധവും ഉപയോഗവുമായി നല്ലവേലെക്ക് ഒക്കയും ഒരുങ്ങിയ മാനപാത്രമാകും.

22 യൌവനാഭിലാഷങ്ങളെ വിട്ടോടി നീതി വിശ്വാസ സ്നേഹങ്ങളേയും
ശുദ്ധഹൃദയത്തിൽനിന്നു കർത്താവെ വിളിക്കുന്നവർ എല്ലാവരോടും സമാധാ
23 നത്തെയും പിന്തുടർന്നു കൊൾക. സാരമില്ലാത്ത മൌഢ്യതർക്കങ്ങളെ വെ
24 റുക്ക; അവ ശണ്ഠകളെ ജനിപ്പിക്കുന്നു എന്നറിയുന്നുവല്ലൊ. കർത്താവിൻ
ദാസൻ ശണ്ഠ ചെയ്യേണ്ടതല്ല; എല്ലാവരോടും മൃദുക്കമുള്ളവനും ഉപദേശ
ശീലനും ദോഷസഹിഷ്ണുവും ആയി വിപരീതക്കാരെയും സൌമ്യതയോ
25 ടെ പഠിപ്പിച്ചു പോരേണ്ടു. പക്ഷെ ദൈവം സത്യപരിജ്ഞാനത്തിന്നായി
അവർക്കു മാനസാന്തരം നല്കുമൊ അവന്റെ ഇഷ്ടത്തിന്നായി അവർ പി
26 ടിപെട്ട കുടുങ്ങിയ പിശാചിൻ കണ്ണിയിൽനിന്നു വീണ്ടുണർന്നു വരു
മൊ എന്നു വെച്ചത്രെ.

3. അദ്ധ്യായം

ദുസ്സമയം വരുന്നതിനെ വർണ്ണിച്ചു, (10) വിശ്വാസത്തെ മുറുകപിടി
പ്പാൻ, (15) വേദപ്രാമാണ്യത്താലും പ്രബോധിപ്പിച്ചതു.

1 അവസാന ദിവസങ്ങളിൽ ദുർഘടസമയങ്ങൾ വന്നണയും എന്നറിക.
2 മനുഷ്യർ തന്നിഷ്ടക്കാർ, ലോഭികൾ, പൊങ്ങച്ചക്കാർ, ഗർവ്വികൾ, ദൂഷ
ണക്കാർ, പിതാക്കൾക്ക് അവശർ, കൃതഘ്നർ, അപവിത്രർ, അവത്സ
3 ലർ, നിയമലംഘികൾ, നുണയർ, അജിതേന്ദ്രിയർ, മെരുങ്ങാത്തവർ, ഗ്ര
4 ണദ്വേഷികൾ, ദ്രോഹികൾ, ധാർഷ്ട്യമുള്ളവർ, ഡംഭികളുമായി ദേവപ്രിയ
5 ത്തെക്കാൾ ഭോഗപ്രിയമേറി. ഭക്തിയുടെ സാരം തള്ളി അതിന്റെ വേഷം
6 ധരിക്കുന്നവരായും ഇരിക്കും ഇവരെ വിട്ടൊഴിയുക. ഭവനങ്ങളിൽ നുണ ക
ടക്കയും പാപങ്ങളെ ചുമന്നു നാനാമോഹങ്ങളാൽ നടത്തപ്പെട്ടു എപ്പോഴും
പഠിച്ചിട്ടും ഒരിക്കലും സത്യത്തിൻ പരിജ്ഞാനത്തിൽ വരുവാൻ കഴിയാ
7 ത്ത, ചപല സ്ത്രീകളെ അടിമയാക്കുകയും ചെയ്യുന്നവർ ഇപ്രകാരമുള്ളവരിൽ
8 ആകുന്നു. യന്നാവും യമ്പ്രാവും മോശയോടു എതിർത്തു നിന്നപ്രകാരം തന്നെ
ഇവരും സത്യത്തോടു മറുത്തു നില്ക്കുന്നു; ബുദ്ധിനഷ്ടരും വിശ്വാസത്തെ തൊ
9 ട്ടു കൊള്ളാകാത്തവരുമത്രെ. അവർ അധികം മുഴുത്തു വരികയില്ല; മേല്പറഞ്ഞ
വരുടെ ബുദ്ധികേടു എല്ലാവർക്കും വെളിപ്പെട്ടതുപോലെ ഇവരുടേതും
ആകും.

10 നീയോ എന്റെ ഉപദേശവും നടപ്പും അഭിപ്രായം, വിശ്വാസം, ദീർഘ
11 ക്ഷമ, സ്നേഹം, ക്ഷാന്തിയും. അന്ത്യോക്യ. ഇക്കോന്യ ലുസ്ത്രാദികളിലുള്ള ഉ
പദ്രവകഷ്ടാനുഭവങ്ങളും പിഞ്ചെന്നു വന്നിരിക്കുന്നു; ഓരൊ വിധേന സഹി
12 ച്ച സകല ഹിംസകളിൽ നിന്നും കർത്താവു എന്നെ ഉദ്ധരിച്ച പോൽ. എ
ന്നാൽ ക്രിസ്തുയേശുവിൽ ഭക്തിയോടെ ജീവിപ്പാൻ മനസ്സുള്ളവർക്കു എല്ലാം
13 ഹിംസയും വരും. ദുർജ്ജനങ്ങളും മായാപികളും ഭ്രമിച്ചും ഭ്രമിപ്പിച്ചും കൊ
14 ണ്ടു അധികം ദോഷത്തിലേക്കു മാത്രം മുതിരും. നീയോ ഇന്നവരോടു പ
ഠിച്ചു എന്നു വിചാരിച്ചും ബാല്യം മുതൽ വിശുദ്ധ എഴുത്തുകളെ അറികകൊ
15 ണ്ടും പഠിച്ചു ബോധിച്ചതിൽ നിലനില്ക്ക. ആയവ ക്രിസ്തുയേശുവിലെ വി
16 ശ്വാസത്താൽ നിന്നെ രക്ഷെക്കു ജ്ഞാനി ആക്കുവാൻ മതിയാകുന്നു. സക
ല വേദവാക്യം ദേവശ്വാസീയം ആകയാൽ ഉപദേശത്തിന്നും പ്രാമാണ്യ
17 ത്തിന്നും ശാസനത്തിന്നും നീതിയിലെ അഭ്യാസത്തിന്നും. ദേവമനുഷ്യൻ
സകല നല്ല പ്രവൃത്തിക്കും കോപ്പുണ്ടായി തികഞ്ഞവനാകുവാനും പ്രയോ
ജനമാകുന്നു.

4. അദ്ധ്യായം

ദുഷ്കാലത്തിലും പ്രയത്നം ചെയ്യേണ്ടു, (6) പൌൽ മരിക്കും മുമ്പെ, (9) താൻ വന്നു കാണേണം.

1 **ഞാൻ** ദൈവത്തേയും ജീവിക്കുന്നവർക്കും മരിച്ചവർക്കും ന്യായം വിധി
2 പ്പാനുള്ള യേശുക്രിസ്തനേയും അവന്റെ പ്രത്യക്ഷതയേയും രാജ്യത്തേയും ആ
ണയിട്ടു കല്പിക്കുന്നിതു: വചനത്തെ ഘോഷിക്ക സമയത്തിലും അസമ
യത്തിലും അഭിയോഗിക്ക, എല്ലാ ദീർഘക്ഷമയോടും ഉപദേശത്തോടും ശാ
3 സിക്ക; ഭത്സിക്ക പ്രബോധിക്ക. കാരണം അവർ സൌഖ്യോപദേശത്തെ
പൊറുക്കാതെ ചെവിക്കു ചൊറിച്ചൽ ഉണ്ടായി താന്താങ്ങടെ അഭിലാഷ
4 പ്രകാരം ഉപദേഷ്ടാക്കന്മാരെ കൂന്നിച്ചു ചേൎത്തു. ശ്രവണത്തെ സത്യത്തിൽനി
ന്നു തെറ്റിച്ചു കവിസങ്കല്പിതങ്ങളിൽ സഞ്ചിച്ചു പോകുന്ന കാലംവരും.
5 എന്നാൽ നീ സകലത്തിലും നിർമ്മദനാക, കഷ്ടങ്ങളെ അനുഭവിക്ക, സു
വിശേഷകന്റെ പ്രവൃത്തിയെ ചെയ്ക; നിന്റെ ശുശ്രൂഷയെ നിറപടിയായി
ഒപ്പിക്ക.
6 ഞാനാകട്ടെ ഇപ്പോൾ തന്നെ (ബലിയായി) ഊക്കപ്പെട്ടുന്നു, നിര്യാണ
7 കാലവും അണഞ്ഞു. ആ നല്ല അങ്കം ഞാൻ പൊരുതു ഓട്ടത്തെ തികെച്ചു,
8 വിശ്വാസത്തെ കാത്തിരിക്കുന്നു. ഇനി നീതിയാകുന്ന കിരീടം എനിക്കാ
യി വെച്ചു കിടക്കുന്നു; ആയതു നീതിയുള്ള ന്യായാധിപതിയായ കർത്താ
വു ആ ദിവസത്തിൽ എനിക്കു നല്കും; എനിക്കു മാത്രമല്ല; അവന്റെ
പ്രത്യക്ഷതയെ സ്നേഹിച്ചിട്ടുള്ള ഏവർക്കും കൂടെ.
9 വേഗം ഇങ്ങു വരുവാൻ ഉത്സാഹിക്ക; കാരണം ദേമാ ഐഹികം സ്നേ
10 ഹിച്ചിട്ടു എന്നെ കൈവിട്ടു തെസ്സലനീക്കയിലേക്കു പുറപ്പെട്ടുപോയി.
11 ക്രെസ്കാൻ ഗലാത്യയിലും തീതൻ ദല്മാത്യയിലും (പോയി) ലൂക്കാ മാത്രം
എന്റെ കൂടെ ഉണ്ടു; മാർക്കൻ ശുശ്രൂഷെക്കു എനിക്കു ഉപയോഗിക്കുന്നവൻ
12 ആകയാൽ അവനെ കൂട്ടിക്കൊണ്ടു വരിക. തുകിക്കനെ ഞാൻ എഫേസി
13 ലേക്കു അയച്ചിരിക്കുന്നു. ഞാൻ ത്രോവാസിൽ കർപ്പന്റെ പക്കൽ വെ
ച്ചിട്ടു പോന്ന പുതെപ്പിനേയും പുസ്തകങ്ങളേയും വിശേഷാൽ ചർമ്മഗ്രന്ഥ
14 ങ്ങളേയും നീ വരുമ്പോൾ കൊണ്ടുവരിക. കൊല്ലനായ അലക്സന്തർ എനി
15 ക്കു വളരെ ദോഷം ചെയ്തു; കർത്താവു അവന്നു ക്രിയകൊക്കു തക്കവെ
ണ്ണം പകരം ചെയ്യും. അവൻ നമ്മുടെ വചനങ്ങൊക്കു അത്യന്തം മറുത്തു
നിന്നതു കൊണ്ടു നീയും അവനെ സൂക്ഷിക്ക.
16 എന്റെ ഒന്നാം പ്രത്യുത്തരത്തിൽ ഒരുവനും തുണ നിന്നില്ല; എല്ലാവരും
17 എന്നെ കൈവിട്ടു (അതു അവർക്കു എണ്ണപ്പെടരുതെ). കർത്താവു മാത്രം
എനിക്കു തുണനിന്നു ഘോഷണം എന്നെകൊണ്ടു നിറപടിയായി ഒപ്പി
പ്പാനും സകല ജാതികളും കേൾപ്പാനും എന്നെ ശക്തീകരിച്ചു; ഞാൻ സിം
18 ഹത്തിന്റെ വായിൽനിന്നു ഉദ്ധരിക്കപ്പെടുകയും ചെയ്തു. സകല ദുഷ്ടാ
ര്യത്തിൽനിന്നും കർത്താവു എന്നെ ഉദ്ധരിച്ചു, തന്റെ സ്വൎഗ്ഗീയരാജ്യ
ത്തിൽ ആക്കി രക്ഷിക്കും; അവന്നു യുഗയുഗാന്തരങ്ങളോളം തേജസ്സുണ്ടാവൂതാ
ക ആമെൻ.
19 പ്രിസ്കയേയും അകുവിലാവെയും ഒനേസിഭരന്റെ കുഡുംബത്തേയും വന്ദി
20 ക്ക. എരസ്തൻ കൊരിന്തിൽ തന്നെ പാൎത്തു; ത്രോഫിമനെ ഞാൻ മിലെ
21 ത്തിൽ രോഗിയായി വിട്ടുപോന്നു. ശീതകാലത്തിന്നു മുമ്പെ വരുവാൻ ശ്ര
മിക്ക; യുബൂലൻ പുദാൻ ലീനൻ ക്ലൌദിയ മുതലായ സഹോദരന്മാർ എ
22 ല്ലാവരും നിന്നെ വന്ദിക്കുന്നു. കർത്താവായ യേശു നിന്റെ ആത്മാവോടു
കൂടെ ഇരിക്കേണമെ.

കൃപ നിങ്ങളോടു കൂടെ ഉണ്ടാവൂതാക.

THE EPISTLE OF PAUL TO

TITUS

തീതൊസ്

എഴുതിയ ലേഖനം

1. അദ്ധ്യായം

(5) മൂപ്പന്മാരെ വെക്കേണ്ടുന്ന ക്രമം; (10) എതിരികളെ ക്രേതയിൽ അ
മർക്കേണ്ടുന്നവിധം.

1 ഭോഷ്കില്ലാത്ത ദൈവം നിത്യജീവനെ യുഗകാലങ്ങൾക്ക് മുമ്പെ വാഗ
ദത്തം ചെയ്തിട്ട, സ്വസമയങ്ങളിൽ തന്റെ വചനത്തെ പ്രസിദ്ധമാക്കിയ
2 ഘോഷണം. നമ്മുടെ രക്ഷിതാവായ ദൈവത്തിന്റെ നിയോഗത്താൽ സ
3 മർപ്പിച്ച കിട്ടിയ ദേവദാസനും ദൈവം തെരിഞ്ഞെടുത്തവരുടെ വിശ്വാസ
ത്തിന്നായും ഭക്തിപ്രകാരമുള്ള സത്യത്തിന്റെ പരിജ്ഞാനത്തിനായും നി
ത്യജീവന്റെആശയിൽ യേശുക്രിസ്തന്റെ അപോസ്തലനുമായ പൗൽ. സ
4 മവിശ്വാസത്തിൽ നിജപുത്രനായ തീതന് (എഴുതുന്നിതു): പിതാവായ
ദൈവത്തിൽനിന്നും നമ്മുടെ രക്ഷിതാവായ യേശുക്രിസ്തനിൽനിന്നും ക
രുണ, കനിവു, സമാധാനവും ഉണ്ടാവൂതാക.
5 ഞാൻ ക്രേതയിൽനിന്നെ വെച്ചു വിട്ടത് നീ ശേഷിച്ചവറെ ക്രമത്തിൽ
ആക്കി തീർത്തു, ഞാൻ ആദേശിച്ച പോലെ പട്ടണം തോറും മൂപ്പന്മാരെ വെ
6 ച്ചുകൊള്ളേണ്ടതിന്ന് ആകുന്നതു. (അതിന്ന്) അനിന്ദ്യനും ഏകകളത്രവാന
മായി ദുർന്നടപ്പിൻ ശ്രുതിയും അവിധേയതയും ഇല്ലാത്തവിശ്വാസികളായ മ
7 ക്കളുള്ളവനും കൊള്ളാം. അദ്ധ്യക്ഷനാകട്ടെ. ദൈവത്തിന്റെ വീട്ടുവിചാര
8 കനാകയാൽ അനിന്ദ്യനായിരിക്കേണ്ടു.തന്നേറടക്കാരൻ, കോപി,മദ്യപാന
സക്തൻ, അടിക്കാരൻ, ദുർല്ലോഭിയും അരുതു: അതിഥിപ്രിയൻ, ഗുണകാ
രി, സുബോധശീലൻ, നീതി, പവിത്രത, ഇന്ദ്രിയജയവും ഉള്ളവൻ എ
9 ന്നു വേണ്ടാ (തക്കവരെ) സൌഖ്യോപദേശത്തിൽ പ്രബോധിപ്പിച്ചും എ
തിർവ്വാദികളെ ഖണ്ഡിച്ചും പറവാൻ ശക്തനാകേണ്ടതിന്നു ഗ്രഹീതത്തിന്നു
തക്ക പ്രമാണമായ വചനത്തെ മുറുക പിടിക്കുന്നവനും ആകേണ്ടു. വായി
10 അടെച്ചു വെക്കേണ്ടുന്ന വ്യഥാവാക്കുകാരും മനോവഞ്ചകരും ആയ അനധീ
നർ പലരും ഉണ്ടല്ലൊ, വിശേഷാൽ പരിഛെദനക്കാരിൽനിന്നു തന്നെ.
11 ആയവർ ദുരാദായം വിചാരിച്ച് അരുതാത്തവ ഉപദേശിച്ചുകൊണ്ടു ഗൃഹ
12 ങ്ങളെ അശേഷം കമിഴ്ത്തിക്കളയുന്നു. ക്രേത്യർ സ്വദാ കള്ളരും ദുഷ്ടജന്തു
ക്കളും മന്ദകുക്ഷികളും അത്രെ എന്ന് അവരിൽ ഒരുവൻ അവരുടെ പ്രവാച
13 കൻ തന്നെ ചൊല്ലി ഇരിക്കുന്നു. ഈ സാക്ഷ്യം സത്യമത്രെ; അതുനിമിത്തം
അവർ യഹൂദകഥകളേയും സത്യത്തെ അകറ്റുന്ന മനുഷ്യരുടെ വെപ്പുകളേയും
14 ശ്രദ്ധിക്കാതെ; വിശ്വാസത്തിൽ സൌഖ്യമുള്ളവരായി ചമവാൻ അവരെ
15 നിഷ്കർഷയോടെ ശാസിക്ക. ശുദ്ധന്മാക്ക് എല്ലാം ശുദ്ധം തന്നെ; മലി
നന്മാർക്കും അവിശ്വാസികൾക്കും ഒന്നും ശുദ്ധമല്ല; അവരുടെ മനസ്സും ആ
16 ത്മബോധവും മലിനമായ്തീർന്നവയത്രെ. പിന്നെ നല്ല കാര്യത്തിന്ന് ഒക്കെ
ക്കും കൊള്ളരുതാതെ ത്യാജ്യന്മാരും അനധീനരും ആകയാൽ, ദൈവത്തെ
അറിയുന്നു എന്നു സമ്മതിച്ചിട്ടും ക്രിയകളാൽ തള്ളിപ്പറയുന്നു.

2. അദ്ധ്യായം

അതാത് വകക്കാരെ, (11) സുവിശേഷകരുണെക്ക് തക്കവണ്ണം പ്രബോധിപ്പിക്കേണ്ടതു.

1 **നീ**യൊ സൌഖ്യോപദേശത്തിന്ന പറുന്നവറെ ചൊല്ലുക. വൃദ്ധന്മാർ
2 നിർമ്മന്ദരായി ഘനവും സുബോധവും പൂണ്ടു, വിശ്വാസസ്നേഹക്ഷാന്തിക
3 ളിൽ സൌഖ്യമുള്ളവരാക. വൃദ്ധമാർ അപ്രകാരം ഏഷണി പറയാതെയും
മദ്യസേവയിൽ ഉൾപ്പെടാതെയും ഭാവത്തിൽ പവിത്രയോഗ്യമാരായി നല്ല
4 ത്. ഉപദേശിപ്പാൻ ശീലിച്ചിട്ടു ദൈവവചനത്തിന്ന ദൂഷണം വരാതിരി
5 പ്പാൻ യുവതികളോടു ഭർത്തൃപ്രിയരും പുത്രപ്രിയരും ആയി സുബോധവും
പാതിവ്രത്യവും പൂണ്ടു, ഭവനം രക്ഷിച്ചുകൊണ്ടു, ഗുണമുള്ളവരും ഭർത്തൃവശമാ
6 രുമായിരിക്കേണ്ടതിന്ന, പത്ഥ്യം പറഞ്ഞു കൊൾക. അവ്വണ്ണം യുവാക്കളേയും
7 സുബോധത്തോടെ ഇരിപ്പാൻ പ്രബോധിപ്പിക്ക. മറുപക്ഷക്കാരൻ നമ്മെ
കൊണ്ടു് ഒരു തിന്മയും പറവാൻ സംഗതിവരാതെ, നാണിച്ചുപോകുംവ
ണ്ണം സകലത്തിലും നിന്നെ തന്നെ സൽക്രിയകൾക്ക് മാതൃക എന്ന കാട്ടു
8 ക. ഉപദേശത്തിൽ കേടില്ലായ്മയും ഘനവും ആക്ഷേപിച്ചു കൂടാത്ത സൌ
ഖ്യവാക്കും (കാണേണം).

9 അടിമകൾ ഉടയവർക്ക് കീഴടങ്ങി, എല്ലാ (വിധത്തിലും) പ്രസാദം വരു
ത്തിക്കൊണ്ടും എതിർ പറവാനും വർഗ്ഗിപ്പാനും പോകാതേ നല്ല വിശ്വാ
10 സം എല്ലാം കാണിച്ചിട്ടു സർവ്വത്തിലും നമ്മുടെ രക്ഷിതാവായ ദൈവത്തി
11 ന്റെ ഉപദേശത്തെ അലങ്കരിക്കാക. കാരണം എല്ലാ മനുഷ്യർക്കും രക്ഷാ
കരമായ ദൈവകൃപ ഉദിച്ചു, നാം ഭക്തികേടും പ്രപഞ്ചമോഹങ്ങളും വർജ്ജി
12 ച്ചിട്ടു നമ്മെ സകല അധർമ്മത്തിൽനിന്നും വീണ്ടെടുത്തു, സൽക്രിയക
ളിൽ എരിവേറിയൊരു സ്വന്ത ജനത്തെ തനിക്ക് തിരിച്ചു ശുദ്ധീകരി
ക്കേണ്ടതിന്ന തന്നെത്താൻ നമുക്കുവേണ്ടി കൊടുത്തിട്ടുള്ള മഹാദൈവവും
13 നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തന്റെ തേജസ്സിൻ പ്രത്യക്ഷതയാകുന്ന
14 ധന്യമായ ആശാർത്ഥത്തെ കാത്തും കൊണ്ടു്, ഈ യുഗത്തിൽ സുബുദ്ധി
നീതി ഭക്തികളോടും കൂട ജീവിച്ചു പോരേണ്ടതിന്ന നമ്മെ (ശിക്ഷിച്ചു)
15 വളർത്തുന്നു. ഈ വക നീ എല്ലാ അമർച്ചയോടും കൂടെ പറക; പ്രബോധി
പ്പിച്ചും ഖണ്ഡിച്ചും പ്രമാണിക്ക, ആരും നിന്നെ ധിക്കരിക്കയും അരുതെ.

3. അദ്ധ്യായം

ബഹിസ്ഥരോടുള്ള നടപ്പിന്നായി പ്രബോധനം, (8) തീതൻ താൻ ചെയ്യേണ്ടതു.

1 **സ**ംസ്ഥാനങ്ങൾക്കും അധികാരങ്ങൾക്കും കീഴടങ്ങി വഴിപ്പെട്ടു, സകല
2 സൽക്രിയെക്കും ഒരുമ്പെട്ടിരിപ്പാനും ആരെക്കൊണ്ടും ദൂഷണം പറയാതെ,
പിണങ്ങാതെ ശാന്തരായി എല്ലാ മനുഷ്യരോടും സകല സൌമ്യതയും കാ
3 ട്ടുവാനും അവക്ക് ഓർമ്മ ഉണ്ടാക്ക. ഒരുക്കാൽ നാമും അജ്ഞന്മാരും, അ
നധീനരും, വഴി പിഴെച്ചു നടപ്പവരും, നാനാമോഹഭോഗങ്ങൾക്ക് ദാസരും
ഈർഷ്യാസൂയകളിൽ കാലം കഴിക്കുന്നവരും, കുത്സിതരും അന്യോന്യം
4 ദ്വേഷിക്കുന്നവരുമായിരുന്നുവല്ലൊ. പിന്നെ നമ്മുടെ രക്ഷിതാവായ ദൈവ
ത്തിന്റെ വാത്സല്യവും മനുഷ്യരഞ്ജനയും ഉദിച്ചു വന്നപ്പോൾ, നാം അവ
5 ന്റെ കരുണയാൽ നീതീകരിക്കപ്പെട്ടിട്ടു പ്രത്യാശപ്രകാരം നിത്യജീവ
6 ന്റെ അവകാശികളായി തീരേണ്ടതിന്ന നാം ചെയ്ത നീതിക്രിയകളെ വി
7 ചാരിച്ചല്ല തന്റെ കനിവാലത്രെ നമ്മെ രക്ഷിച്ചിരിക്കുന്നതു. നമ്മുടെ

രക്ഷിതാവായ യേശുക്രിസ്തന്മൂലം നമ്മുടെ മേൽ ധാരാളമായി പകൎന്ന,
വിശുദ്ധാത്മാവിലെ നവീകരണവും പുനർജ്ജന്മവും ആകുന്ന കുളികൊ
8 ണ്ടു തന്നെ ഈ വചനം പ്രമാണം. ദൈവത്തിൽ വിശ്വസിച്ചവർ സൽക്രി
യകൾക്ക് മുതിർന്നിരിപ്പാൻ ചിന്തിക്കേണ്ടതിന്നു നീ ഇവറെ ഉറപ്പിച്ചു
കൊടുക്കേണം എന്നു ഞാൻ ഇച്ഛിക്കുന്നു. ഇതു ശുഭവും മനുഷ്യർക്ക് ഉപ
9 കാരവും ആകുന്നു. മൌഢ്യമുള്ള അന്വേഷണങ്ങളെയും വംശാവലികളേയും
വിവാദങ്ങളേയും ധർമ്മം കൊണ്ടുള്ള കലഹങ്ങളേയും വിട്ടു നില്ക്ക; ഇവ
പ്രയോജനം ഇല്ലാതെ വ്യർത്ഥമുള്ളവ ആകുന്നു. മതഭേദക്കാരനായ മനുഷ്യ
10 നോടു ഒന്നു രണ്ടു വട്ടം ബുദ്ധി പറഞ്ഞതിൽ പിന്നെ ഇപ്രകാരം ഉള്ളവൻ
11 മറിഞ്ഞുപോയി, തന്നാലെ തന്നെ കുറ്റവിധി വന്നവനായി പാപം ചെ
യ്യുന്നു എന്നറിഞ്ഞ് ഉപേക്ഷിക്ക.
12 ഞാൻ അൎത്തമാവെ താൻ, തുകിക്കനെ താൻ, അങ്ങോട്ട് അയക്കുമ്പോൾ,
നിക്കപോലിയിൽ വന്ന് എന്നോടു ചേരുവാൻ ശ്രമിക്ക; അവിടെ ഞാൻ
ശീതകാലം കഴിപ്പാൻ നിശ്ചയിച്ചിരിക്കുന്നു. പണ്ഡിതനായ ജെനാവെ
13 യും അപോല്ലൊനെയും ഒരു മുട്ടും വരാതെ കണ്ട് ഉത്സാഹിച്ചു, വഴിയാത്ര
14 അയക്കുക. നമുക്കുള്ളവരും ഫലമില്ലാത്തവരായി ചമയാതവണ്ണം (ഈ
വക) ആവശ്യസംഗതികൾക്കായിട്ടു സൽക്രിയകളെ അനുഷ്ഠിപ്പാൻ പഠി
15 ക്കേണ്ടതു. കൂടയുള്ളവർ എല്ലാം നിന്നെ വന്ദിക്കുന്നു; ഞങ്ങളെ വിശ്വാസ
ത്തിൽ സ്നേഹിക്കുന്നവരെ വന്ദിക്ക.

നിങ്ങൾ എല്ലാവരോടും കൂട കരുണ ഉണ്ടാവൂതാക, ആമെൻ.

THE EPISTLE OF PAUL TO

PHILEMON

ഫിലെമൊന്നു

എഴുതിയ ലേഖനം

(4) ക്രീസ്തീയസ്നേഹം നിമിത്തം, (8) ഒനെസിമനെ നന്നായി കൈ
ക്കൊള്ളേണ്ടതിന്നു അപേക്ഷിച്ചതു, (22) സമാപ്തി.

1 ക്രിസ്തുയേശുവിന്റെ ബദ്ധനായ പൌലും സഹോദരനായ തിമോത്ഥ്യ
നും ഞങ്ങളുടെ പ്രിയ കൂട്ടുവേലക്കാരനായ ഫിലെമോന്നും (പ്രിയ) സ
2 ഹോദരിയായ അപ്പിയെക്കും ഞങ്ങളുടെ സഹഭടനായ അർഹിപ്പനും നി
3 ന്റെ ഭവനത്തിലെ സഭെക്കും (എഴുതുന്നതു): നമ്മുടെ പിതാവായ ദൈവ
ത്തിൽനിന്നും കർത്താവായ യേശു ക്രിസ്തുനിൽനിന്നും നിങ്ങൾക്കു കരു
ണയും സമാധാനവും ഉണ്ടാവൂതാക.

4 നിന്റെ സ്നേഹത്തെയും കർത്താവായ യേശുക്രിസ്തുനിലും സകല വി
ശുദ്ധന്മാരിലും നിണക്കുള്ള വിശ്വാസത്തെയും ഞാൻ കേട്ടു. എന്റെ പ്രാ
5 ത്ഥനകളിൽനിന്നെ ഓർത്തുകൊണ്ടു എപ്പോഴും എൻ ദൈവത്തിന്നു സ്തോത്രം
6 ചെയ്യുന്നു. നിന്റെ വിശ്വാസത്തിന്റെ കൂട്ടായ്മ നമ്മിൽ ഉള്ള സകല ന
ന്മകളുടെ പരിജ്ഞാനത്താൽ ക്രിസ്തുയേശുവിന്നായി സാദ്ധ്യകരമാകേണം
7 എന്നതല്ലൊ നിന്റെ അഭിപ്രായം. ഹെ സഹോദര! വിശുദ്ധരുടെ ഉ
ള്ളുകരം നീ തണുപ്പിച്ചതുനിമിത്തം നിന്റെ സ്നേഹത്തിൽ ഞങ്ങൾക്കു
വളരെ സന്തോഷവും ആശ്വാസവും ഉണ്ടായി. ആകയാൽ പറയുന്നതു നി
8 ണക്കു കല്പിപ്പാൻ ക്രിസ്തനിൽ പ്രാഗത്ഭ്യം ഏറുന്നു; എങ്കിലും ഞാൻ
9 സ്നേഹം നിമിത്തം പ്രബോധിപ്പിക്ക അത്രെ ചെയ്യുന്നു. ഇങ്ങിനത്തവ
നാകയാൽ ഞാൻ മൂത്ത പൌലും യേശുക്രിസ്തന്റെ ബദ്ധനുമായിട്ടു,
10 എന്റെ ബന്ധനങ്ങളിൽ ജനിപ്പിച്ച എൻ മകനായ ഒനെസിമനെ ചൊ
11 ല്ലി, നിന്നെ പ്രബോധിപ്പിക്കുന്നു. പണ്ടു നിണക്കു ഉപയോഗമില്ലാത്ത
വനും ഇപ്പോഴൊ, നിണക്കും എനിക്കും നന്ന ഉപയോഗിക്കുന്നവനും. ആ
12 യവനെ ഞാൻ മടക്കി അയച്ചു. നീയും അവനെ എന്റെ കരൾ എന്നു വെച്ചു
13 കൈക്കൊൾക. സുവിശേഷത്തിന്റെ ബന്ധങ്ങളിൽ അവൻ നിണക്കുവേ
ണ്ടി എനിക്കു ശുശ്രൂഷിക്കേണ്ടതിന്നു ഞാൻ ഇവിടെ തന്നെ അവനെ പാ
14 ർപ്പിപ്പാൻ ഭാവിച്ചാറെയും; നിന്റെ ഗുണം നിർബ്ബന്ധത്താൽ എന്ന
പോലെ അല്ല; മനഃപൂർവ്വത്താൽ ആകേണ്ടതിന്നു നിന്റെ അഭിപ്രായം കൂ
15 ടാതെ ഒന്നും ചെയ്വാൻ എനിക്കു മനസ്സായില്ല. പക്ഷെ അവൻ അല്പ
കാലം വേർവിട്ടു പോയ്തു അവൻ നിത്യനായി നിണക്കു ലഭിക്കേണ്ടതിന്ന
16 ത്രെ ആകുന്നു. ഇനി ദാസനായിട്ടല്ല, ദാസന്നു മീതെ പ്രിയസഹോദരനാ
യിട്ടു വിശേഷാൽ എനിക്കു ജഡത്തിലും കർത്താവിലും നിണക്കും എത്ര
17 അധികം. അതുകൊണ്ടു നീ എന്നെ കൂട്ടാളി എന്നു വെച്ചാൽ അവനെ എന്നെ
18 പോലെ ചേർത്തുകൊൾക. അവൻ നിണക്കു വല്ല കുറവും ചെയ്തവൻ എങ്കി
ലും കടം പെട്ടവൻ എങ്കിലും ആയതു എന്റെ പേരിൽ കണ്ടു കൊൾക;
ഞാൻ തീർത്തുതരാം എന്നിങ്ങിനെ പൌലായ എന്റെ കയ്യെഴുത്തു. നീ
19 തന്നെ എനിക്കു കടമായ്വന്നിരിക്കുന്നു എന്നു പറയേണം എന്നില്ലല്ലൊ.

20 അതെ സഹോദര! നിന്നാൽ കർത്താവിൽ ഒർ അനുഭവം എനിക്ക് വേണ്ടി
21 യിരിക്കുന്നു; ക്രിസ്തനിൽ എന്റെ കരളെ തണുപ്പിക്ക. നിന്റെ അനുസ
രണത്തിങ്കൽ തേറി, എന്റെ വാക്കിൽ അധികവും നീ ചെയ്യും എന്നറി
ഞ്ഞുംകൊണ്ടു ഞാൻ എഴുതിയതു.
22 ഇതല്ലാതെ നിങ്ങളുടെ പ്രാർത്ഥനകളാൽ ഞാൻ നിങ്ങൾക്കു സമ്മാനിക്ക
പ്പെട്ടം എന്നു പ്രത്യാശ ഉണ്ടാകകൊണ്ടു് എനിക്കു പാർപ്പിടം ഒരുക്കുക.
23 ക്രിസ്തയേശുവിൽ എന്റെ കൂട തടവുകാരനായ എപഫ്രാവും. എന്റെ കൂട്ട
24 വേലക്കാരായ മാർക്കനും, അരിസ്തർഹനും, ദേമാവും, ലൂക്കാവും നിന്നെ
25 വന്ദിക്കുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തന്റെ കൃപ നിങ്ങളുടെ ആ
ത്മാവോടു കൂട ഇരിക്കേണമെ.

THE EPISTLE OF PAUL THE APOTSLE TO THE

HEBREWS

എബ്രായക്കു

എഴുതിയ ലേഖനം

1. അദ്ധ്യായം

ദൈവത്തെ തീരെ വെളിപ്പെടുത്തിയ പുത്രൻ, (5—2,4.) ധർമ്മത്തിൻ മദ്ധ്യസ്ഥരായ ദൂതരിലും ശ്രേഷ്ഠൻ.

1 പണ്ടു ദൈവം പലപ്പോഴും പല വിധത്തിലും പ്രവാചകരെകൊണ്ടു പി
2 താക്കന്മാരോടു അരുളിച്ചെയ്തിട്ടു ഈ നാളുകളുടെ ഒടുക്കത്തിൽ താൻ സകല
ത്തിനും അവകാശിയാക്കി വെച്ച പുത്രനെകൊണ്ടു നമ്മോടു ഉരെച്ചു; ആ
3 യവനെകൊണ്ടു ഉലകങ്ങളെയും ഉണ്ടാക്കി ആയവൻ (ദേവ)തേജസ്സിന്റെ
പ്രതിച്ഛായയും അവന്റെ തത്വത്തിന്റെ മുദ്രയും സകലത്തേയും തന്റെ ശ
ക്തിയുടെ മൊഴിയാൽ വഹിച്ചിരിക്കുന്നവനും ആകകൊണ്ടു, (നമ്മുടെ)
പാപങ്ങൾക്കു തന്നാൽ തന്നെ ശുദ്ധി നിർമ്മിച്ചതിന്റെ ശേഷം ഉയര
4 ത്തിൽ മഹിമയുടെ വലഭാഗത്തിരുന്നുകൊണ്ടു. ദൂതരിലും എത്ര വിശിഷ്ട
നാമമുള്ളവൻ എന്നാൽ അത്രയും അവരേക്കാൾ ശ്രേഷ്ഠനായിഭവിച്ചു.
5 നീ എന്റെ പുത്രൻ ഞാൻ ഇന്നു നിന്നെ ജനിപ്പിച്ചു (സങ്കീ. 2,7.) എ
ന്നും ഞാൻ അവന്നു പിതാവും അവൻ എനിക്കു പുത്രനും ആയിരിക്കും (2
6 ശമു. 7,14.) എന്നും ഒരുക്കാൽ ദൂതന്മാരിൽ ആരോടു എങ്കിലും പറഞ്ഞിട്ടു
ണ്ടോ? ആദ്യജാതനെ പിന്നെയും പ്രപഞ്ചത്തിൽ വരുത്തി ഇരിക്കുമ്പോൾ
ദൈവദൂതന്മാർ എല്ലാവരും ഇവനെ കുമ്പിടേണ്ടു (സങ്കീ. 97,7.) എന്നരു
7 ളിച്ചെയ്യുന്നു. ദൂതരെകൊണ്ടു പറഞ്ഞതു, തന്റെ ദൂതരെ കാറ്റുകളും ശുശ്രൂ
8 ഷക്കാരെ അഗ്നിജ്വാലയും ആക്കുന്നു (സങ്കീ. 104,4.) എന്നത്രെ. പുത്രനോ
ടോ ഹാ ദൈവമെ നിന്റെ സിംഹാസനം എന്നെന്നേക്കും ഉള്ളതു; നിന്റെ
9 രാജ്യദണ്ഡു നേരുള്ള ചെങ്കോൽ. നീ നീതിയെ സ്നേഹിച്ചു, ദോഷ
ത്തെ പകെക്കുന്നവൻ ആകയാൽ, ദൈവമെ നിൻ ദൈവം നിന്റെ കൂട്ട
ക്കാരേക്കാൾ അധികം നിന്നെ ആനന്ദതൈലംകൊണ്ടു അഭിഷേകം ചെ
10 യ്തു; (സങ്കീ. 45,7.) എന്നും കർത്താവെ നീ പൂർവ്വത്തിൽ ഭൂമിയെ സ്ഥാപി
11 ച്ചു, വാനങ്ങൾ നിന്റെ കൈക്രിയയും ആകുന്നു. അവ കെട്ടുപോകും നീ
12 നില്ക്കും അവ എല്ലാം വസ്ത്രം പോലെ പഴകും. ഉടുപ്പുകണക്കെ നീ അവറെ
ചുരുട്ടും ഉടനെ അവ മാറുകയും ചെയ്യും; നീയൊ അവൻ തന്നെ നിന്റെ ആ
13 ണ്ടുകാൾ ഒടുങ്ങയും ഇല്ല (സങ്കീ. 102,26.) എന്നും പറയുന്നു. പിന്നെ ഞാൻ
നിന്റെ ശത്രുക്കളെ നിണക്കു പാദപീഠമാക്കുവോളത്തിന്നു, നീ എന്റെ വ
14 ലഭാഗത്തിരിക്ക; (സങ്കീ. 110,1.) എന്നു ദൂതരിൽ ആരോടും പറഞ്ഞിട്ടു
ണ്ടോ? അവർ ഒക്കയും രക്ഷയെ പ്രാപിപ്പാനിരിക്കുന്നവൻ നിമിത്തം ശുശ്രൂ
ഷെക്കു അയക്കപ്പെട്ട സേവകാത്മാക്കളാകുന്നില്ലയൊ?

2. അദ്ധ്യായം

(5) ഭാവിലോകത്തിന്നും കർത്താവായ ക്രിസ്തൻ, (8) നമ്മുടെ രക്ഷെ
ക്കായി ദൂതരിലും കിഴിഞ്ഞു ചമഞ്ഞു.

1 അതുകൊണ്ടു നാം വല്ലപ്പോഴും വെറുതെ ഒഴുകി പോകാതെ ഇരിക്കേണ്ട
തിന്നു കേട്ടവറെ അത്യന്തം ചരതിച്ചു കൊൾവാൻ ആവശ്യമാകുന്നു. ദൂത
2 രാൽ ചൊല്ലിയ വചനം ഓരോരോ ലംഘനത്തിന്നും അനധീനതെക്കും
3 ന്യായമായ പ്രതിഫലം ലഭിച്ചിട്ടു സ്ഥിരമായ് ചമഞ്ഞിരിക്കെ, നാം ഇത്ര
വലിയ രക്ഷയെ വിചാരിയാതെ പോയാൽ എങ്ങിനെ തെറ്റി പാർക്കും?
4 ആയതു കർത്താവ് (താൻ) പറവാൻ തുടങ്ങിയതും. ദൈവം അടയാളങ്ങ
ളാലും അത്ഭുതങ്ങളാലും നാനാ ശക്തികളാലും തന്റെ ഇഷ്ടപ്രകാരം വിശു
ദ്ധാത്മാവിൻ വരഭാഗങ്ങളാലും കൂടി സാക്ഷി നില്ക്കുവെ, കേട്ടവർ നമുക്കു
സ്ഥിരമാക്കി തന്നതും ആകുന്നുവല്ലൊ.
5 ഞങ്ങൾ പറയുന്ന ഭാവിലോകത്തെ അവൻ സാക്ഷാൽ ദൂതന്മാർക്കു കീ
6 ഴ്പെടുത്തീട്ടില്ല. എന്നാൽ ഒരുവൻ ഒരു ദിക്കിൽ സാക്ഷ്യം പറയുന്നിതു:
7 നീ മർത്യനെ ഓർപ്പാനും മനുഷ്യപുത്രനെ ദർശിപ്പാനും അവൻ എന്തു? നീ
അവനെ ദേവദൂതരിൽ അല്പം മാത്രം താഴ്ത്തിവെച്ചു, തേജസ്സും മാനവും
8 അവനെ അണിയിച്ചു [നിൻ ക്രിയകളിൽ അവനെ വാഴിച്ചു] സകലവും
അവന്റെ കാല്ക്കീഴാക്കി വെച്ചും ഇരിക്കുന്നു (സങ്കീ. 8,5.) എന്നതത്രെ; സക
ലവും അവന്നു കീഴാക്കിയതിൽ ഒന്നും അനധീനമാക്കി വിട്ടിട്ടില്ല. ഇപ്പോ
9 ഴൊ അവന്നു സകലവും അധീനമായ്കാണുന്നില്ല; ദൂതരിൽ അല്പം താ
ഴ്ത്തി വെക്കപ്പെട്ടവനായ യേശുവെ ദേവകരുണയാൽ ഏവന്നും വേണ്ടി ചാ
വെ ആസ്വദിപ്പാനായിട്ടു മരണകഷ്ടതനിമിത്തം തേജസ്സും മാനവും അണി
10 ഞ്ഞവൻ എന്നു നാം കാണുന്നു. കാരണം സകലവും ആർക്കായിട്ടും ആരാ
ലും ഉണ്ടായൊ. ആയവൻ അനേകം പുത്രന്മാരെ തേജസ്സിലേക്ക് നടത്തു
11 മ്പോൾ അവരുടെ രക്ഷാനായകനെ കഷ്ടവഴിയായി തികെക്കുന്നതു യുക്ത
മായിരുന്നു. വിശുദ്ധീകരിക്കുന്നവനും വിശുദ്ധീകരിക്കപ്പെടുന്നവരും
ഒക്കയും ഒരുവനിൽനിന്ന് ആകുന്നുവല്ലൊ. അതിന്മൂലം അവരെ സഹോ
12 ദരർ എന്നു വിളിപ്പാൻ ലജ്ജിക്കാതെ ഞാൻ നിന്റെ നാമം എൻ സഹോ
ദരന്മാരോട് അറിയിക്കും സഭാമദ്ധ്യത്തിൽ നിന്നെ വാഴ്ത്തും (സങ്കീ.
22, 23.) എന്നും ഞാൻ അവനിൽ തേറി നില്ക്കും (യശ. 8, 17. 2ശമു. 22,
13 3.) എന്നും ഇതാ ഞാനും യഹോവ എനിക്ക് തന്ന കുട്ടികളും (യശ. 8,
14 18.) എന്നും ചൊല്ലുന്നു. ആകയാൽ കുട്ടികൾ ജഡരക്തങ്ങൾ കൂടിയുള്ളവ
രാകകൊണ്ടു അവനും ഒത്തവണ്ണം അവരെ എടുത്തതു മരണത്തിന്റെ അ
ധികാരിയാകുന്ന പിശാചിനെ (സ്വ)മരണത്താൽ നീക്കേണ്ടതിന്നും മര
15 ണഭീതിയാൽ ജീവപര്യന്തം ദാസ്യത്തിൽ ഉൾപെട്ടവരെ ഉദ്ധരിക്കേണ്ട
16 തിന്നും ആകുന്നു. ദൂതന്മാരെ അവൻ ഒരിക്കലും) പിടിച്ചു ചേർക്കുന്നില്ല
17 ല്ലൊ. അബ്രഹാംസന്തതിയെ പിടിച്ചു ചേർക്കുകെ ഉള്ളു. (യശ. 41,8 9).
അതുകൊണ്ടു ജനത്തിന്റെ പാപങ്ങൾക്കു പ്രായശ്ചിത്തം ഉണ്ടാവാന്തക്കവ
ണ്ണം അവൻ കനിവുള്ളവനും ദൈവവിഷയം വിശ്വസ്തമഹാപുരോഹിത
18 നും ആകേണ്ടതിന്നു സകലത്തിലും സഹോദരന്മാരോടു സദൃശനായ് ചമക
ആവശ്യമായിരുന്നു. താൻ തന്നെ പരീക്ഷിതനായി കഷ്ടം അനുഭവിച്ചിരി
ക്കയാൽ, പരീക്ഷിക്കപ്പെടുന്നവർക്കു സഹായിപ്പാൻ മതിയാകുന്നു.

3. അദ്ധ്യായം

മോശയെക്കാളും ക്രിസ്തൻ ശ്രേഷ്ഠൻ, (7–4, 10) ഇസ്രയേലരെ പോലെ
അവിശ്വാസത്തിൽ വീഴരുതു.

1 അതുകൊണ്ടു വിശുദ്ധസഹോദരന്മാരെ! സ്വർഗ്ഗീയവിളിക്ക് അംശക്കാ
രായുള്ളവരെ, നമ്മുടെ സ്വീകാരത്തിലെ അപോസ്തലനും മഹാപുരോ
ഹിതനും ആകിയ യേശുവെ കരുതി നോക്കുവിൻ. മോശെ അവന്റെ

2 ഭവനത്തിൽ ഒക്കെയും വിശ്വസ്തനായതു പോലെ ഇവൻ തന്നെ (വേലെക്കു)
3 ആക്കിയവനു വിശ്വസ്തൻ ആകുന്നു. ഭവനത്തേക്കാളും ഭവനം ചമെച്ചവനു
അധികം മാനം ഉള്ളതുപോലെ ഇവനും മോശയേക്കാൾ അധികം തേജസ്സി
4 നു പാത്രമായ്വനു. ഏതു ഭവനം എങ്കിലും ചമെപ്പാൻ ആൾ വേണം;
5 ദൈവമൊ സർവ്വവും ചമെച്ചവൻ. അവന്റെ ഭവനത്തിൽ ഒക്കെയും മോശെ
വിശ്വസ്തനായി സത്യം ഇനി അരുളിച്ചെയ്വാനുള്ള വിശേഷങ്ങളുടെ
6 സാക്ഷ്യത്തിന്നായി സേവിക്കുന്നവൻ ആയിട്ടത്രെ. ക്രിസ്തനൊ തൻ ഭവ
നത്തിന്മീതെ ഉള്ള പുത്രനായിട്ടു തന്നെ, അവന്റെ ഭവനം നാം ആകുന്നു;
ആശയുടെ പ്രാഗത്ഭ്യവും പ്രശംസയും നാം അവസാനത്തോളം മുറുക പിടി
ച്ചു എങ്കിൽ തന്നെ;
7 ആകയാൽ വിശുദ്ധാത്മാവു കല്പിക്കുന്നതുപോലെ, ഇന്നു നിങ്ങൾ അവ
8 ന്റെ ശബ്ദത്തെ കേട്ടാൽ (മറീബ എന്ന) മത്സരത്തിലും (മസ്സ എന്ന) പരീ
9 ക്ഷാദിവസത്തും എന്ന പോലെ ഹൃദയത്തെ കഠിനമാക്കരുതു. ആ മരുഭൂമി
യിൽ നിങ്ങളുടെ അച്ഛന്മാർ എന്നെ പരീക്ഷിച്ചു ശോധന ചെയ്തിട്ടു 40
10 ആണ്ടു എന്റെ ക്രിയകളെ കൂടെ കണ്ടിരിക്കുന്നു. ആ തലമുറയോടു ഞാൻ
ക്രുദ്ധിച്ചു, അവർ എപ്പോഴും തെറ്റി പോകുന്ന ഹൃദയമുള്ള ജാതി എൻ വഴി
11 കളെ അറിയാത്തവർ എന്നു ചൊല്ലി; അവർ എന്റെ സ്വസ്ഥതയിൽ പ്ര
12 വേശിക്കയില്ല എന്നു എൻ കോപത്തിൽ ആണയിടുകയും ചെയ്തു. (സങ്കീ.
95, 7.) സഹോദരന്മാരെ, നിങ്ങളിൽ വല്ലവനും അവിശ്വാസത്താലെ ദു
ഷിച്ച ഹൃദയം ഉണ്ടായിട്ടു ജീവനുള്ള ദൈവത്തോടു ദ്രോഹിക്കാതെ പോ
13 വാൻ നോക്കുവിൻ. അല്ല നിങ്ങൾ ആരും പാപ ചതിയാൽ കഠിനപ്പെടാ
തെ ഇരിപ്പാൻ ഇന്നു എന്നതു പറഞ്ഞു കേൾക്കുവോളം നാൾതോറും അ
14 ന്യോന്യം പ്രബോധിപ്പിച്ചു കൊൾവിൻ. ആശ്രയത്തിന്റെ ആരംഭത്തെ
അവസാനത്തോളം മുറുക പിടിച്ചാലത്രെ; നാം ക്രിസ്തന്റെ അംശക്കാരാ
15 യ്തീർന്നവല്ലൊ. ഇന്നു നിങ്ങൾ അവന്റെ ശബ്ദത്തെ കേട്ടാൽ മത്സരത്തിൽ
എന്ന പോലെ ഹൃദയത്തെ കഠിനമാക്കരുതു എന്ന വചനത്തിൽ ആർ ആകു
16 ന്നു കേട്ടിട്ടും മത്സരിച്ചവർ. മിസ്രയിൽനിന്നു മോശെമൂലം പുറപ്പെട്ടു വന്നവർ
17 എല്ലാമല്ലൊ. 40 ആണ്ടു ആരോടു ക്രുദ്ധിച്ചുകൊണ്ടതു. പിഴച്ചിട്ടു ശവങ്ങൾ
18 മരുഭൂമിയിൽ പട്ടുപോയവരിൽ അല്ലൊ. എന്റെ സ്വസ്ഥതയിൽ പ്രവേ
ശിക്കയില്ല എന്നു ആണയിട്ടതു അവിശ്വാസികളോടു അല്ലാതെ പിന്നെ
ഏവരോടു ആകുന്നു; ഇങ്ങിനെ അവിശ്വാസം നിമിത്തം പ്രവേശിച്ചു കൂ
ടാഞ്ഞതു എന്നു നാം കാണുന്നു.

4. അദ്ധ്യായം

സ്വാസ്ഥ്യവാഗ്ദത്തം ചെവിക്കൊണ്ടു, (14) നമ്മുടെ മഹാപുരോഹിതനെ
ആശ്രയിക്കാക.

1 ആകയാൽ അവന്റെ സ്വസ്ഥതയിൽ പ്രവേശിപ്പാനുള്ള വാഗ്ദത്തം ശേ
ഷിച്ചിരിക്കെ നിങ്ങൾ ആരും കാലം വൈകി എന്നു കാണാതിരിപ്പാൻ
2 നാം ഭയപ്പെട്ടിരിക്ക. അവർ എന്ന പോലെ നാമും ഒരു സുവിശേഷം കേട്ട
വരാകുന്നു എങ്കിലും കേട്ടവരിൽ വിശ്വാസത്തോടു കലരായ്കകൊണ്ടു
3 കേട്ട വചനം അവർക്കു ഉപകാരമായ്വന്നില്ല. വിശ്വസിച്ചിട്ടു തന്നെ
നാം സ്വസ്ഥതയിൽ പ്രവേശിക്കുന്നു; എന്റെ സ്വസ്ഥതയിൽ അവർ പ്ര
വേശിക്കയില്ല എന്നു എൻ കോപത്തിൽ ആണയിട്ടു എന്നു ചൊന്നപ്രകാ
രം തന്നെ; ലോകസൃഷ്ടിയിൽ ക്രിയകൾ ഉത്ഭവിച്ചു തീർന്ന നാൾമുതൽ
4 (ദേവസ്വസ്ഥത) ഉണ്ടു താനും. ഏഴാം നാളിൽ ദൈവം തന്റെ സകല ക്രിയ
കളിൽനിന്നും സ്വസ്ഥനായിരുന്നു (1 മോ. 2, 2.) എന്നു ഏഴാമതെ കുറിച്ചു

5 ചൊല്ലി കിടക്കുന്നുവല്ലൊ. എന്റെ സ്വസ്ഥതയിൽ അവർ പ്രവേശി
6 ക്കയില്ല എന്നു പിന്നത്തേതിൽ ചൊല്ലുന്നു താനും. അതുകൊണ്ടു മറു വല്ല
വരും അതിൽ പ്രവേശിപ്പാൻ ഇട ശേഷിച്ചിരിക്കയാലും മുമ്പെ സുവിശേ
7 ഷം കേട്ടവർ അവിശ്വാസത്താലെ പ്രവേശിക്കാതെ പോകയാലും ഇത്ര
കാലത്തിന്റെ ശേഷം ദാവിദ്പ്രബന്ധത്തിൽ പിന്നെയും ഇന്ന് എന്നൊരു
ദിവസത്തെ നിയമിക്കുന്നു; ഇന്ന് അവന്റെ ശബ്ദത്തെ കേട്ടാൽ നിങ്ങള
ടെ ഹൃദയങ്ങളെ കഠിനമാക്കരുത്ത എന്നു മുൻ ചൊല്ലിയപ്രകാരം തന്നെ.
8 യോശുവ് അവർക്കു് സ്വസ്ഥത വരുത്തി എങ്കിൽ സാക്ഷാൽ മറൊരു
9 ദിവസം പിന്നെ കല്പിക്ക ഇല്ലയായിരുന്നു. ആകയാൽ ദൈവജനത്തിന്നു്
10 ഒരു ശബ്ബത്തനുഭവം ശേഷിപ്പിച്ചിരിക്കുന്നു. അവന്റെ സ്വസ്ഥതയിൽ പ്ര
വേശിച്ചവനൊ ദൈവം സ്വക്രിയകളിൽനിന്നു് എന്ന പോലെ താനും ത
ന്റെ ക്രിയകളിൽനിന്നു സ്വസ്ഥനായ്തീന്നു സത്യം.
11 അതുകൊണ്ടു് ഏവനും അവിശ്വാസത്തിന്റെ സമദൃഷ്ടാന്തത്തിൽ വീഴാ
തെ ഇരിക്കേണ്ടതിന്നു് ആ സ്വസ്ഥതയിൽ പ്രവേശിപ്പാൻ നാം ശ്രമിച്ചി
12 രിക്ക. ദേവവചനം എന്നതൊ ജീവനും ചൈതന്യവും ഉള്ളതായി ഇരുമുന
യുള്ള ഏതു വാളിനെക്കാളും മൂർത്തതും ആത്മാവെയും ദേഹിയെയും സന്ധി
മജ്ജകളെയും വേർവ്വിടുകും വരെ കുടി ചെല്ലുന്നതും ഹൃദയത്തിലെ ചിന്തന
13 ഭാവങ്ങളെയും വക തിരിക്കുന്നതും ആകുന്നു. അവന്റെ മുമ്പാകെ മറഞ്ഞു
നില്പൊരു സൃഷ്ടിയും ഇല്ല; സകലവും അവന്റെ കണ്ണുകൾക്കു നഗ്നവും മല
ന്നതും ആയ്കിടക്കുന്നു, ആയവനുമായി നമുക്കു കാര്യം ഉണ്ടു.
14 ആകയാൽ യേശു എന്ന ദേവപുത്രൻ വാനങ്ങളെ കടന്നു പോയൊരു ശ്രേ
ഷ്ഠമഹാപുരോഹിതനായി നമുക്കുണ്ടാകകൊണ്ടു നാം സ്വീകാരത്തെ പിടി
15 ച്ചു കൊള്ളേണ്ടു. നമ്മുടെ ബലഹീനതകളിൽ കുറ്റായ്ഭാവം തോന്നാത്ത
മഹാപുരോഹിതനല്ലല്ലൊ, പാപം ഒഴികെ സർവ്വത്തിലും സദൃശമായിട്ടു പ
16 രീക്ഷിക്കപ്പെട്ടവനത്രെ നമുക്കുള്ളു. അതുകൊണ്ടു കനിവു ലഭിക്കയും തൽകാ
ലത്തിലെ സഹായത്തിന്നു കൃപ കണ്ടെത്തുകയും വേണം എന്നു വെച്ചു നാം
പ്രാഗത്ഭ്യത്തോടെ കൃപാസനത്തിന്നണഞ്ഞു ചെല്ലുക.

5. അദ്ധ്യായം

ക്രിസ്തൻ മഹാപുരോഹിതൻ എന്നു കാട്ടുകയിൽ, (11. 6, 20.) കേൾക്കു
ന്നവരുടെ മാന്ദ്യത്തെ ആക്ഷേപിക്കുന്നു.

1 മനുഷ്യരിൽനിന്നു ലഭിക്കുന്ന മഹാപുരോഹിതൻ ഒക്കയും താനുംബല
2 ഹീനത പൂണ്ടവനാകയാൽ. തെറ്റുന്നവരിലും ദിക്ഭ്രമമുള്ളവരിലും സമബു
ദ്ധി ഭാവിപ്പാൻ കഴിയുന്നവനായി മനുഷ്യർക്കു് വേണ്ടി ദൈവത്തെ കുറി
ച്ചുള്ളതിൽ സ്ഥാപിക്കപ്പെടുന്നു; പാപങ്ങൾക്കായി കാഴ്ചകളെയും ബലി
3 കളെയും കഴിപ്പാനായി തന്നെ. ആ ബലഹീനതനിമിത്തം ജനത്തിന്നു
വേണ്ടി എന്നു പോലെ തനിക്കും വേണ്ടി പാപബലികൾ കഴിക്കേണ്ടി
4 യവനും ആകുന്നു. വിശേഷിച്ചു് ആ മാനത്തെ ആരും തനിക്കു് എടുക്കുന്നി
ല്ല; അഹരോനെ പോലെ ദൈവവിളിയാൽ അത്രെ. അവ്വണ്ണം ക്രിസ്തനും
5 മഹാപുരോഹിതനാവാൻ തേജസ്സു താൻ എടുത്തല്ല; നീ എന്റെ പുത്രൻ
ഞാൻ ഇന്നു നിന്നെ ജനിപ്പിച്ചു (സങ്കീ. 2, 7.) എന്നു് അവനോടു് അരു
6 ളിച്ചെയ്തവനത്രെ (തേജസ്സു കൊടുത്തതു). അപ്രകാരം മറൊരു സ്ഥലത്തു.
നീ മല്കിചെദക്കിൻക്രമപ്രകാരം എന്നേക്കും പുരോഹിതൻ (സങ്കീ.110,4)
7 എന്നു പറയുന്നു. ഇവൻ തന്റെ ജഡദിവസങ്ങളിൽ തന്നെ മരണത്തിൽനി
ന്നു രക്ഷിപ്പാൻ കഴിയുന്നവന്നു ഉരത്ത മുറവിളിയോടും കണ്ണീരോടും കൂടെ
അപേക്ഷകളെയും അഭയയാചനകളേയും കഴിച്ചുകൊണ്ടു, പേടിയിൽനിന്നു

8 രക്ഷ സാധിപ്പിച്ചിട്ടു. പുത്രൻ എങ്കിലും അനുഭവിച്ച കഷ്ടങ്ങളാൽ അനു
9 സരണം പഠിച്ചു. തികഞ്ഞു ചമഞ്ഞു തന്നെ അനുസരിക്കുന്നവർക്ക് എല്ലാ
വക്കും നിത്യരക്ഷയുടെ കാരണമായി തീൎന്നു. ആയതിനു മെല്ക്കീചെദക്കിൻ
10 ക്രമപ്രകാരം മഹാപുരോഹിതൻ എന്നുള്ള നാമം ദൈവമുഖേന ലഭിച്ചിരി
ക്കുന്നു.
11 ആയവനെ കുറിച്ചു ഞങ്ങൾക്കു വളരെ പറവാനുണ്ടു, നിങ്ങൾക്ക് ശ്രവ
ണത്തിൽ മാന്ദ്യം പിടിച്ചതുകൊണ്ടു തെളിയിപ്പാൻ വിഷമമുള്ളവ അത്രെ.
12 എങ്ങിനെ എന്നാൽ കാലം നോക്കിയാൽ ഇപ്പോൾ ഉപദേഷ്ടാക്കളായിരി
ക്കേണ്ടുന്ന നിങ്ങൾക്ക് പിന്നെയും ചിലത് ഉപദേശിപ്പാൻ ആവശ്യമുണ്ടു,
ദൈവത്തിന്റെ അരുളപ്പാടുകളുടെ ആദ്യപാഠങ്ങളെ തന്നെ; പരുത്ത ആഹാ
രത്തിന്നല്ല; പാലിന്നു തന്നെ നിങ്ങൾക്കു മുട്ടുവന്നു പോയിരിക്കുന്നു. പാൽ
13 കുടിക്കുന്നവൻ എല്ലാം നീതിവചനത്തെ പരിചയിക്കാത്തവനത്രെ; ശിശു
ആകുന്നു പോൽ പരുത്ത ആഹാരം തികഞ്ഞവൎക്കെ ഉള്ളു. ഗുണദോഷങ്ങളെ
14 തിരിച്ചറിവാൻ തഴക്കത്താൽ അഭ്യസിച്ച ഇന്ദ്രിയങ്ങൾ ഉള്ളവൎക്കു തന്നെ.

6. അദ്ധ്യായം

ദ്രോഹിച്ചു പോയവരെ പുതുക്കിക്കൂടാ, (9) എബ്രയർ നിലനിന്നു വളരും എന്ന് ആശിച്ചു; (13) അബ്രഹാമോടു ചെയ്ത സത്യത്താൽ പ്രബോധി
പ്പിക്കുന്നു.

1 അതുകൊണ്ടു ചത്ത ക്രിയകളിൽ നിന്നുള്ള മാനസാന്തരം ദൈവത്തിങ്കൽ
ലെ വിശ്വാസവും സ്നാനങ്ങളുടെയും ഹസ്താർപ്പണത്തിന്റെയും ഉപദേശവും
2 മരിച്ചവരുടെ എഴുനീല്പു, നിത്യവിസ്താരം (ഇവറിൻ ഉപദേശവും) എ
ന്നിങ്ങനെ ഉള്ള അടിസ്ഥാനത്തെ വീണ്ടും വെക്കാതെ, ക്രിസ്തനെകൊണ്ടു
ള്ള ആദ്യവചനത്തെ വിട്ടേച്ചു, നാം തികവിങ്കലേക്ക് (വിരഞ്ഞു) ചെല്ലു
3 ക. ദൈവം അനുവദിച്ചു എങ്കിലെ നാം അതു ചെയ്യു. ഒരിക്കൽ പ്രകാശി
4 ക്കപ്പെട്ടു സ്വൎഗ്ഗീയസമ്മാനത്തെ ആസ്വദിക്കയും വിശുദ്ധാത്മാവിന്നു അം
5 ശികളായ്തീരുകയും. അഴകിയ ദൈവച്ചൊല്ലിനേയും ഭാവിലോകത്തിന്റെ
6 ശക്തികളേയും ആസ്വദിക്കയും ചെയ്തവർ പിഴുകി പോയാൽ. തങ്ങൾക്കു
തന്നെ ദൈവ പുത്രനെ വീണ്ടും ക്രൂശിക്കുന്നവരും ലോകാപവാദമാക്കുന്ന
വരും ആകയാൽ അവരെ പിന്നെയും മാനസാന്തരത്തിലേക്കു പുതുക്കു
7 വാൻ കഴികയില്ല സത്യം. പലപ്പോഴും പെയ്ത മഴയെ കുടിച്ചിട്ടുള്ള നില
മാകട്ടെ, കൃഷി നടത്തുന്നവൎക്കു ഹിതമായ സസ്യാദികളെ ജനിപ്പിച്ചാൽ
ദൈവത്തിൽനിന്നു അനുഗ്രഹത്തെ പ്രാപിക്കുന്നു. മുള്ളും ഞൎങ്ങയും മുളെ
8 പ്പിച്ചാലൊ കൊള്ളരുതാത്തതും ശാപത്തിന്നടുത്തതും ആയ്തീൎന്നു അതി
9 ന്റെ അവസാനം ചുടുക തന്നെ. എങ്കിലും പ്രിയമുള്ളവരെ ഞങ്ങൾ ഇപ്ര
കാരം പറഞ്ഞാലും നിങ്ങളെ കുറിച്ചു അതിശ്രഭവും രക്ഷെക്കു ചേരുന്ന
10 തും തേറിയിരിക്കുന്നു. ദൈവം നിങ്ങളുടെ പ്രവൃത്തിയേയും വിശുദ്ധന്മാൎക്കു
ശുശ്രൂഷിച്ചതിനാലും ശുശ്രൂഷിക്കുന്നതിനാലും തന്നാമത്തിൽ കാട്ടിയ സ്നേ
ഹത്തേയും മറപ്പോളും നീതികെട്ടവർ അല്ലല്ലൊ. ഇനി നിങ്ങൾ ഓരോ
രുത്തൻ അവസാനത്തോളം പ്രത്യാശയുടെ നിറവടിയെ കുറിച്ചു ഒരുപോ
11 ലെ ഉള്ള ഉത്സാഹത്തെ കാട്ടുവാൻ ഞങ്ങൾ വാഞ്ഛിക്കെ ഉള്ളു. നിങ്ങൾ
12 മാന്ദ്യം പിടിക്കാതെ, വിശ്വാസത്താലും ദീൎഘക്ഷമയാലും വാഗ്ദത്തങ്ങ
ളെ അവകാശമാക്കുന്നവരുടെ അനുസാരികളായി തീരേണം എന്നു വെ
ച്ചത്രെ.
13 അബ്രഹാമിന്നല്ലൊ ദൈവം വാഗ്ദത്തം ചെയ്ത ശേഷം അതിമഹാനെ
14 ആണയിടുവാൻ വഹിയാഞ്ഞു. ഞാൻ നിന്നെ അനുഗ്രഹിക്കയും നിന്നെ

വർദ്ധിപ്പിക്കയും ചെയ്യും സത്യം (1മോ. 22, 16) എന്നു തന്നാണ കല്പി
15 ച്ചു. അവനും അപ്രകാരം ദീഘ്രമായി ക്ഷമിച്ചു. വാശദ്ത(പ്പൊരുളെ)
16 കൈക്കലാക്കി. മനുഷ്യർ മാത്രം അതിമഹാനെ ആണയിടുന്നു, ആണ അ
വർക്കു സകല വാദത്തിന്റെയും തീർപ്പായി ഉറപ്പിന്നു മതിയാകുന്നു. അ
17 തുകൊണ്ടു ദൈവം വാശദ്തത്തിന്റെ അവകാശികൾക്കു തന്റെ ആലോ
ചന മാറാത്തത് എന്നു പൂർണ്ണതരമായി കാണിപ്പാൻ ഇച്ഛിച്ചുകൊണ്ട് ആ
ണയാലും കൈയേറു അഭയം പുക്ക് ഓടിയ നാം മുൻകിടക്കുന്ന പ്രത്യാശ
യെ പിടിച്ചു നില്പാൻ തക്കവണ്ണം മാറാം വരുവാനും ദൈവത്തിന്നു
18 വഞ്ചിപ്പാനും കഴിയാത്ത രണ്ടു പ്രമാണങ്ങളാൽ കേമമായ പ്രബോധനം
19 ലഭിപ്പാറാക്കി. ആ പ്രത്യാശ ദേഹികൾക്കു നിശ്ചയവും സ്ഥിരവും തിരശ്ശീ
ലെക്ക് അകത്തേക്ക് കടക്കുന്നതുമായ നങ്കൂരം പോലെ നമുക്കുണ്ടു. അവി
20 ടേക്കു യേശു മുന്നോടുന്നവനായി നമുക്കു വേണ്ടി കടന്നു മെല്ക്കിചെദക്കിൻ
ക്രമപ്രകാരം എന്നേക്കും മഹാപുരോഹിതനായവൻ തന്നെ.

7. അദ്ധ്യായം

(10, 11) മെല്ക്കിചെദക്കിൻ പൌരോഹിത്യം ശ്രേഷ്ഠം, (11) ലേവ്യരുടെ
തു ദുർബ്ബലം, (18) നീങ്ങിയതിന്നു നില്പതിന്നും ഉള്ള ഭേദം.

1 ശലെമിൽ രാജാവും അത്യുന്നതദൈവത്തിന്റെ പുരോഹിതനുമായ ഈ
മെല്ക്കിചെദക്കല്ലൊ നിത്യം പുരോഹിതനായ്പാക്കുന്നു. രാജാക്കളെ വെ
2 ട്ടി ജയിച്ചു, മടങ്ങി വരുന്ന അബ്രഹാമെ എതിരേറ്റ് അനുഗ്രഹിച്ചവനും
അബ്രഹാം സകലത്തിലും കൊടുത്ത പതാരം വാങ്ങിയവനും നീതിരാജാ
വെന്നും ശലെം എന്ന ചൊല്ലാൽ സമാധാനരാജാവ് എന്നും ഭാഷാന്തരനാ
3 മങ്ങളുള്ളവനും; അച്ഛനില്ല, അമ്മയില്ല, വംശാവലി ഇല്ല; ദിവസാരം
ഭവും ജീവാവസാനവും ഇല്ലാത്തവനും ആയി, ദേവപുത്രനു തുല്യനാക്കപ്പെ
4 ട്ടവനത്രെ. വംശപിതാവായ അബ്രഹാം കൂടെ കൊള്ളയുടെ മീത്തിൽ ദ
ശാംശം കൊടുത്തു വാങ്ങിച്ചവൻ എത്ര വലിയവൻ എന്നു നോക്കുവിൻ.
5 ലേവിപുത്രന്മാരിൽ പൌരോഹിത്യം ലഭിക്കുന്നവർക്കു ജനത്തോടു പതാ
രം വാങ്ങുവാൻ ധർമ്മകല്പന ഉണ്ടു, അത് അബ്രഹാമിൻ കടിപ്രദേശത്തിൽ
6 നിന്ന് ഉത്ഭവിച്ച സഹോദരന്മാരോട് ആകുന്നുവല്ലൊ. അവരിൽ
വംശ്യനല്ലാതെ കാണുന്നവനൊ അബ്രഹാമോടു തന്നെ പതാരം വാങ്ങിയും
വാഗ്ദത്തങ്ങൾ ഉള്ളവനെ അനുഗ്രഹിച്ചും ഇരിക്കുന്നു. ചെറിയതു തന്നെ
7 വലിയതിനാൽ അനുഗ്രഹിക്കപ്പെടുന്നു എന്നതിന്നു തർക്കം ഏതുമില്ലല്ലൊ.
8 ഇങ്ങ് ആകട്ടെ ചാകുന്ന മനുഷ്യർ പതാരം വാങ്ങുന്നു; അങ്ങൊ ജീവിക്കുന്നു
9 എന്നു സാക്ഷ്യം പ്രാപിച്ചവൻ. പിന്നെ പതാരം വാങ്ങുന്ന ലേവിയും ഒരു
വിധമായി അബ്രഹാം മൂലമായി പതാരം കൊടുത്തിരിക്കുന്നു. പിതാവിന്നു
10 മെല്ക്കിചെദക്ക് എതിരെ ചെന്നന്നു ലേവി അവന്റെ കടിപ്രദേശത്തിൽ
11 തന്നെ ആയല്ലൊ. ആകയാൽ, ജനത്തിന്നു കല്പിച്ചു വെച്ച ധർമ്മത്തിന്നു മൂല
മായ ലേവ്യപൌരോഹിത്യത്താൽ തികവു വന്നു എങ്കിൽ, അഹരോൻ ക്രമ
പ്രകാരം ചൊല്ലാതെ, മെല്ക്കിചെദക്കിൻ ക്രമപ്രകാരം വേറ് ഒരു പുരോഹി
12 തൻ ഉദിപ്പാൻ എന്തൊരു സംഗതി. പൌരോഹിത്യത്തിന്നു മാറാം വരി
കിൽ ധർമ്മത്തിന്നും കൂടെ വരുന്നത് ആവശ്യം തന്നെ അല്ലൊ. സാക്ഷാൽ
13 ഈ പറഞ്ഞതു പറയുന്ന ആൾ മുമ്പെ ഒരുത്തരും ബലിപീഠത്തെ കരുതാത്ത
14 വേറെ ഗോത്രത്തിൽ ആകുന്നു. യഹൂദയിൽനിന്നല്ലൊ നമ്മുടെ കർത്താവ് ഉദി
ച്ചതു സ്പഷ്ടം; മോശെ പൌരോഹിത്യത്തെ സംബന്ധിച്ച് ഒന്നും ഉരെക്കാ
15 ത്ത ഗോത്രത്തിൽനിന്നു തന്നെ. മെല്ക്കിചെദക്കിൻ വിധത്തിൽ വേറൊരു
ത്തൻ ഉദിച്ചു, ജഡികകല്പനയുടെ ധർമ്മത്താൽ അല്ല. അഴിയാത്ത ജീവന്റെ

16 ശക്തിയാൽ പുരോഹിതനായ്തീരുന്നതിനാൽ ആയത് അധികം തെളി
17 വായ്വരുന്നു. എന്നെന്നേക്കുമല്ലൊ നീ മെല്ക്കീചെദക്കിൻ ക്രമപ്രകാരം പു
18 രോഹിതൻ ആകുന്നു എന്ന് അവന്ന് സാക്ഷ്യം ഉണ്ടു. മുമ്പിലത്തെ കല്പനെ
ക്കു ദൌർബ്ബല്യവും നിഷ്പ്രയോജനവും ഉണ്ടു: (ധർമ്മം ഒന്നിനേയും തികെ
19 ച്ചില്ലല്ലൊ). ആകയാൽ അതിന്നു. നീക്കവും നാം ദൈവത്തെ അടുക്കുന്ന
20 അധികം നല്ല പ്രത്യാശെക്കു സ്ഥാപനവും വരുന്നതു. പിന്നെ അവർ
21 ആണ കൂടാതെ പുരോഹിതരായിതീർന്നവർ അത്രെ. ഇവനൊ നീ മെല്ക്കീചെ
ദക്കിൻ ക്രമപ്രകാരം എന്നേക്കും പുരോഹിതൻ എന്നു കർത്താവ് ആണയിട്ടു
അനുതപിക്കയുമില്ല എന്ന് അവനോടു പറഞ്ഞവനാൽ ആണയോടു കൂട
22 തന്നെ. ആണ എന്നിയെ പുരോഹിതനായ്തീരാത്തതിനെ വിചാരിച്ചാൽ
അത്രെക്ക് അധികം വിശേഷമുള്ള നിയമത്തിന്നു യേശു ജാമ്യനായി വന്നി
23 രിക്കുന്നു. പിന്നെ അവർ പാർപ്പാൻ മരണത്താൽ മുടക്കം വരികകൊണ്ടു
24 പല പുരോഹിതരായ്തീർന്നു. ഇവനൊ എന്നേക്കും പാർക്കുകകൊണ്ടു പൌ
രോഹിത്യത്തെ മാറാത്തതായി കൈക്കൊണ്ടിരിക്കുന്നു. എന്നതുകൊണ്ടു തന്മൂ
25 ലമായി ദൈവത്തോട് അണയുന്നവരെ അവർക്കുവേണ്ടി പക്ഷവാദം ചെ
യ്വാൻ സദാ ജീവിക്കുന്നവനായി അവൻ മുറും രക്ഷിച്ചു കൂട്ടും. ഇങ്ങിനെ
26 ഉള്ള പുരോഹിതനല്ലൊ നമുക്കു പററി പവിത്രൻ. നിർദ്ദോഷൻ, നിർമ്മലൻ,
പാപികളോടു വേർവിട്ടവൻ, വാനങ്ങളെക്കാൾ ഉയർന്ന ചമഞ്ഞവനും മഹാ
27 പുരോഹിതരെ പോലെ മുമ്പെ സ്വപാപങ്ങൾക്കായും പിന്നെ ജനപാപ
ങ്ങൾക്കായും ദിവസന്പ്രതി ബലി കഴിപ്പാൻ ആവശ്യമില്ലാത്തവനും അത്രെ.
ഇത് അവൻ തന്നെത്താൻ കഴിച്ചുകൊണ്ടു ഒരിക്കൽ ചെയ്തു തീർത്തുവ
28 ല്ലൊ. ബലക്ഷയം ഉള്ള മനുഷ്യരെ ധർമ്മം മഹാപുരോഹിതരാക്കുന്നു; ധർമ്മ
ത്തിൽ പിന്നെ ആണയിട്ട വചനമൊ എന്നേക്കും തികഞ്ഞു ചമഞ്ഞ പുത്ര
നെ തന്നെ.

8. അദ്ധ്യായം

ക്രിസ്തൻ സ്വർഗ്ഗീയപുരോഹിതൻ, (7) പുതുനിയമത്തെ മുൻ അറിയിച്ച വാക്യം.

1 **ഈ** പറയുന്നതിന്റെ സാരം എന്തെന്നാൽ വാനങ്ങളിൽ വിശ്രുതസ്ഥല
ത്തിന്നും മനുഷ്യനല്ല: കർത്താവ് നിർമ്മിച്ച സത്യകൂടാരത്തിന്നും സേവക
2 നായി, മഹിമാസനത്തിന്റെ വലഭാഗത്തിരുന്നുകൊണ്ടു മഹാപുരോഹി
3 തൻ നമുക്കുണ്ടു. എല്ലാ മഹാപുരോഹിതനും കാഴ്ചകളേയും ബലികളേയും
കഴിപ്പാൻ ആക്കപ്പെടുകയാൽ (കഴിപ്പാൻ) ഇവന്നും വല്ലതും ഉണ്ടാകേണ്ടതു.
4 അവൻ ഭൂമിയിൽ ഇരിക്കുന്നു എങ്കിൽ, ധർമ്മപ്രകാരം കാഴ്ചകളെ കഴിക്കുന്ന
വർ ഉണ്ടാകകൊണ്ടു അവൻ ഒട്ടും പുരോഹിതനാകയില്ല. മോശെ കൂടാര
5 ത്തെ തീർപ്പാൻ ആരംഭിച്ചപ്പോൾ പർവ്വതത്തിൽ, നിണക്ക് കാണിച്ച മാതൃ
കപ്രകാരം നീ സകലവും ചെയ്വാൻ നോക്കുക (2 മോ. 25, 40.) എന്ന്
അവനോടു അരുളിയപ്രകാരം അവർ സ്വർഗ്ഗീയത്തിന്റെ ദൃഷ്ടാന്തവും നി
6 ഴലും ആയതിനെ ഉപാസിക്കുന്നു. ഇപ്പോഴൊ അവൻ ഏററവും നല്ല വാഗ്ദ
ത്തങ്ങളിന്മേൽ സ്ഥാപിച്ച നിയമത്തിന്റെ മദ്ധ്യസ്ഥനാകയാൽ അത്
എത്ര ഗുണം ഏറിയത് എന്നാൽ അത്ര വിശേഷമുള്ള സേവയേയും പ്രാപി
ച്ചിരിക്കുന്നു.
7 ആദ്യനിയമം ആക്ഷേപം വരാത്തതായെങ്കിൽ രണ്ടാമതിന്ന് ഇടം അ
8 ന്വേഷിക്കയില്ല ആയിരുന്നു. ആക്ഷേപിച്ചല്ലൊ അവരോടു പറയുന്നിതു:
യഹോവയുടെ അരുളപ്പാടാവിതു: ഞാൻ ഇസ്രയേൽ ഗൃഹത്തോടും യഹൂദ
9 ഗൃഹത്തോടും പുതുനിയമത്തെ ചെയ്യ തീർക്കുന്ന ദിവസങ്ങൾവരും. ഞാൻ

പിതാക്കന്മാരെ കൈപിടിച്ചു മിസ്രദേശത്തുനിന്നു പുറപ്പെടീച്ച നാളിൽ
ചെയ്ത നിയമം പോലെ അല്ല, ആയത് അവർ ഭഞ്ജിച്ചു. ഞാനും അവരെ
10 തള്ളി വിട്ട എന്നു യഹോവകല്പിതം: ഈ ദിവസങ്ങളുടെ ശേഷം, ഞാൻ
ഇസ്രയേൽ ഗൃഹത്തോടു ഉറപ്പിക്കും നിയമം ഇതു തന്നെ; എന്റെ ധർമ്മവെ
പ്പുകളെ ഞാൻ അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദയത്തിൽ എഴുതും;
11 ഇപ്രകാരം ഞാൻ അവർക്കു ദൈവവും അവർ എന്റെ ജനവും ആകും. ഇനി
ആരും ഊർക്കാരനേയും സഹോദരനേയും യഹോവയെ അറിഞ്ഞു കൊൾ
വിൻ എന്നു പഠിപ്പിക്കയില്ല; അവർ ആബാലവൃദ്ധം എല്ലാവരും എന്നെ
12 അറിയും. കാരണം ഞാൻ അവരുടെ വഷളത്വങ്ങളെ മോചിക്കും; അവരുടെ
13 അധർമ്മപാപങ്ങളെയും ഇനി ഓർക്കയും ഇല്ല (യിറ. 31, 31-34.) ഇതിൽ
പുതുനിയമം എന്നു ചൊല്ലുന്നതിനാൽ, ആദ്യത്തെ പഴതാക്കി കളഞ്ഞു എ
ന്നാൽ പഴകുന്നതും ജരിക്കുന്നതും എല്ലാം അന്തരിപ്പാൻ അടുത്തിരിക്കുന്നു.

9. അദ്ധ്യായം

പൂവ്വ് കൂടാരത്തിലെ സേവയെ പോലല്ല, (15) ക്രിസ്തന്റെ മരണപത്രിക
യാകുന്ന പുതുനിയമത്താലെ പ്രായശ്ചിത്തം.

1 ആദ്യനിയമത്തിനു ലൌകികമായ വിശുദ്ധസ്ഥലം മുതലായ ഉപാസനാ
2 ന്യായങ്ങളും ഉണ്ടായി സത്യം. ഒരു കൂടാരമല്ലൊ പൂവ്വഭാഗത്തു നിർമ്മിക്കപ്പെ
ട്ടു, അതിൽ വിളക്കുതണ്ടും മേശയും അപ്പക്കാഴ്ചയും ഉണ്ടു; അതിനെ വിശുദ്ധ
3 സ്ഥലം എന്നു പറയുന്നു. രണ്ടാം തിരശ്ശീലെക്കു പിന്നിലൊ അതിവിശുദ്ധം
4 എന്നൊരു കൂടാരം ഉണ്ടു. അതിനുള്ളവ സ്വർണ്ണം കൊണ്ടുള്ള ധൂപപീഠവും മു
ച്ചൂടും പൊന്നു പൊതിഞ്ഞു നിയമപ്പെട്ടകവും ആം; ഇതിങ്കൽ മന്ന ഇട്ട
5 പൊൻപാത്രവും അഹരോന്റെ തളിർത്ത ദണ്ഡും നിയമത്തിന്റെ (കൽ)
പലകകളും. മീത്തൽ പരിഹാര മൂടിയെ ആച്ഛാദിക്കുന്ന തേജസ്സിന്റെ
കൂബുകളും ഉണ്ടു; ആയത് ഇപ്പോൾ വെവ്വേറെ വിവരിപ്പാൻ പാടില്ല.
6 ഇങ്ങിനെ എല്ലാം തീർന്നശേഷം പുരോഹിതർ ഉപാസനകളെ കഴിച്ചു നി
7 ത്യം മുകൂടാരത്തിൽ പ്രവേശിക്കും; രണ്ടാമതിലൊ വർഷത്താലെ ഒരിക്കൽ
മഹാപുരോഹിതൻ മാത്രം ചെല്ലും: രക്തം കൂടാതെ അല്ല, ആയതു തനി
ക്കും ജനത്തിന്റെ തെറുകൾക്കും വേണ്ടി കഴിക്കുന്നു. അതിനാൽ വിശുദ്ധാ
8 ത്മാവ് സൂചിപ്പിക്കുന്നിതു: മുകൂടാരത്തിന്നു നില ഉള്ള കാലം വിശുദ്ധസ്ഥ
9 ലത്തിലെ വഴി വെളിപ്പെട്ടതല്ല. ഉപാസിക്കുന്നവനെ മനോബോധത്തിൽ
10 തികെപ്പാൻ കഴിയാത്ത കാഴ്ചകളും ബലികളും കഴിച്ചും ഭോജ്യപാനീയങ്ങളും
നാനാസ്നാനാദികളുമായി ഗ്രണീകരണകാലത്തോളം കല്പിച്ചുകിടക്കുന്ന ജഡ
11 ന്യായങ്ങൾ നടന്നും കൊള്ളുന്ന ആ മുകൂടാരം തന്നെ വർത്തമാനകാലത്തി
ന്ന് ഉപമ എന്നത്രെ. എങ്കിലും ക്രിസ്തൻ കൈപ്പണിയൊ ഈ സൃഷ്ടിക്കുള്ള
12 തൊ അല്ല; അതിമഹത്വവും തികവും ഉള്ള ഒരു കൂടാരത്തുടെ. ആടു കന്നുകുട്ടി
കളുടെ അല്ല, സ്വന്തരക്തത്താൽ തന്നെ: ഭാവിനന്മകളെ വരുത്തുന്നൊരു മ
ഹാപുരോഹിതനായ്വന്നിട്ട് ഒരുവട്ടം വിശുദ്ധസ്ഥലത്തിൽ പ്രവേശിച്ച്
ഇപ്രകാരം നിത്യവീണ്ടെടുപ്പിനെ സാധിപ്പിച്ചു. ആടു കാളകളുടെ രക്ത
13 വും പുലയുള്ളവരിൽ തളിച്ച പശുഭസ്മവും ജഡശുദ്ധിയെ വരുത്തി പുണ്യീ
14 കരിക്കുന്നു എങ്കിൽ നിഷ്കളങ്കനായി തന്നെത്താൻ ദൈവത്തിനു നിത്യാ
ത്മാവിനാൽ കഴിച്ചു തന്ന ക്രിസ്തന്റെ രക്തം എത്ര അധികം നമ്മുടെ മ
നോബോധത്തെ ചത്ത ക്രിയകളിൽനിന്നു ശുദ്ധീകരിച്ചു ജീവനുള്ള ദൈ
വത്തെ ഉപാസിപ്പാറാക്കും.
15 അതിന്നിമിത്തം അവൻ പുതുനിയമത്തിന്റെ മദ്ധ്യസ്ഥനാകുന്നു; ആദ്യ
നിയമത്തിലെ ലംഘനങ്ങളുടെ വീണ്ടെടുപ്പിന്നായി ഒരു മരണം ഉണ്ടായിട്ടു

16 നിത്യാവകാശമാകുന്ന വാഗ്ദത്തപ്പൊരുൾ വിളിക്കപ്പെട്ടവക്ക് ലഭിപ്പാൻ
തന്നെ. എവിടെ (അവകാശ) നിയമം അവിടെ നിയമിച്ചവന്റെ മരണം
17 തെളിഞ്ഞു വരികന്യായം. നിയമിച്ചവന്റെ ജീവകാലത്തോളം അതിന്ന്
ഒരുനാളും ഉറപ്പില്ലല്ലൊ; ചത്തെടത്തു മാത്രം നിയമം പ്രബലമാം. അത
18 കൊണ്ട് ആദ്യനിയമവും രക്തം കൂടാതെ പ്രതിഷ്ഠിച്ചതല്ല; മോശെ ആ
19 കട്ടെ, സകല ജനത്തോടും ധർമ്മകല്പന ഒക്കയും അരുളിച്ചെയ്ത ശേഷം, ആ
ട്ടു കന്നുകുട്ടികളുടെ രക്തത്തിൽ വെള്ളവും ചുവന്ന ആട്ടുരോമവും ഈസൊ
20 പ്പും കലക്കി എടുത്തു, പുസ്തകത്തിലും സകല ജനത്തിന്മേലും തളിച്ചു. ഇ
21 ത ദൈവം നിങ്ങളോടു കല്പിച്ച നിയമത്തിന്റെ രക്തം എന്നു പറഞ്ഞു, (2
മോ. 24, 8) കൂടാരത്തിലും ഉപാസനാസാധനങ്ങളിലും എല്ലാം രക്തം ത
22 ളിക്കയും ചെയ്തു. പിന്നെ ധർമ്മപ്രകാരം മിക്കതും രക്തത്താലെ ശുദ്ധീകരി
ക്കപ്പെടുന്നു; രക്തപകർച്ച കൂടാതെ വിമോചനവും ഇല്ല. ഈ വകകൊണ്ടു
23 സ്വർഗ്ഗങ്ങളിലുള്ളവറ്റിന്റെ ദൃഷ്ടാന്തങ്ങൾക്കു ശുദ്ധിവരുത്തേണ്ടതു സത്യം;
24 സ്വർഗ്ഗീയമായ വറ്റിന്നോ അധികം നല്ല ബലികളെ കൊണ്ടത്രെ. സത്യ
(സ്ഥാനത്തി)ന്റെ പ്രതിബിംബവും കൈപ്പണിയും ആയ വിശുദ്ധസ്ഥ
ലത്തിൽ അല്ലല്ലൊ; സ്വർഗ്ഗത്തിൽ തന്നെ ക്രിസ്തൻ പ്രവേശിച്ചു. ദൈവസ
25 ന്നിധിയിൽ ഇപ്പോൾ നമുക്കു വേണ്ടി പ്രത്യക്ഷനാവാനായിട്ടത്രെ. പിന്നെ
മഹാപുരോഹിതൻ കാലത്താലെ അന്യരക്തത്തോടും കൂടെ വിശുദ്ധസ്ഥ
ലത്തിൽ പ്രവേശിക്കുന്നതു പോലെ, അവൻ പലപ്പോഴും തന്നെത്താൻ ക
26 ഴിക്കേണം എന്നു വെച്ചുമല്ല. അല്ലായ്കിൽ ലോകസ്ഥാപനം മുതൽക്കു പല
പ്പോഴും കഷ്ടം അനുഭവിക്കേണ്ടതായിരുന്നു; ഇപ്പോഴൊ അവൻ യുഗസമാ
പ്തിയിങ്കൽ സ്വബലിയെകൊണ്ടു പാപത്തെ ഇല്ലാതാക്കുവാൻ ഒരിക്കൽ പ്ര
27 ത്യക്ഷനായി. വിശേഷിച്ച് ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും
28 മനുഷ്യക്ക് വെച്ചുകിടക്കയാൽ, ക്രിസ്തനും അപ്രകാരം അനേകരുടെ പാപ
ങ്ങളെ എടുപ്പാൻ ഒരിക്കൽ കഴിക്കപ്പെട്ടു, അവനെ കാത്തു നില്ക്കുന്നവരിൽ
പാപം കൂടാതെ രക്ഷെക്കായി രണ്ടാമത് കാണപ്പെടുകയും ചെയ്യും.

10. അദ്ധ്യായം

ക്രിസ്തന്റെ ഏകബലിമാത്രം ദേവപ്രസാദവും, (11) തികവും വരുത്തു
ന്നു, (19) ഇതിൽ നിലനില്പാൻ, (26) ന്യായവിധിയേയും, (32) നല്ല ആ
രംഭത്തെയും ഓർപ്പിച്ചു പ്രബോധിപ്പിക്കുന്നതു.

1 ധർമ്മം ആകട്ടെ, വരുവാനുള്ള നന്മകളുടെ നിഴലല്ലാതെ, കാര്യങ്ങളുടെ
സത്യസ്വരൂപമില്ലാത്തതാകകൊണ്ട്, ആണ്ടുതോറും വിടാതെ, അനന്യബ
ലികളെ തന്നെ കഴിച്ചു പോന്നിട്ട് അടുക്കുന്നവരെ ഒരുനാളും തികപ്പാൻ
2 വഹിയാ. അല്ലാഞ്ഞാൽ ആരാധനക്കാർ ഒരിക്കൽ ശുദ്ധിവരുത്തി എ
ങ്കിൽ പാപബോധം ഇല്ലാത്തവരായ്തീരുകയാൽ ബലി കഴിക്കുന്നതു നി
3 ന്നുപോകുമായിരുന്നുവല്ലൊ അല്ല. ആണ്ടുതോറും അവറ്റിൽ പാപസ്മരണം
4 പിന്നെയും ഉണ്ടാകുന്നു. ആട്ടുകാളകളുടെ രക്തം പാപങ്ങളെ നീക്കുവാൻ ക
5 ഴിയാത്തതത്രെ. ആകയാൽ ക്രിസ്തൻ ലോകത്തിൽ പ്രവേശിക്കുമ്പോൾ
6 പറയുന്നിതു: ബലിയും വഴിപാടും നീ ഇച്ഛിക്കാതെ, എനിക്ക് ദേഹ
ത്തെ ഒരുക്കി; ഹോമത്തിലും പാപബലിയിലും നിണക്ക് രസം ഇല്ല.
7 അപ്പോൾ ഞാൻ പറഞ്ഞു: ഇതാ ഞാൻ വരുന്നു (പുസ്തകച്ചുരുളിൽ എ
ന്നെ കുറിച്ചെഴുതിയിരിക്കുന്നു:) ദൈവമെ നിന്റെ ഇഷ്ടം ചെയ്വാൻ വ
8 രുന്നു എന്നത്രെ: (സങ്കീ. 40, 7) ധർമ്മപ്രകാരം കഴിക്കുന്ന ബലി, വഴി
പാടു, ഹോമ, പാപബലികളെയും നീ ഇച്ഛിച്ചില്ല. രസിച്ചതും ഇല്ല എ
9 ന്നു മേൽ പറഞ്ഞ ഉടനെ ഇതാ ഞാൻ നിന്റെ ഇഷ്ടം ചെയ്വാൻ വരുന്നു

എന്നു ചൊല്ലുകയിൽ രണ്ടാമതിനെ സ്ഥാപിപ്പാനായി ഒന്നാമതെ
10 നീക്കുന്നു. ആ ഇഷ്ടത്തിങ്കൽ യേശുക്രിസ്തന്റെ ശരീരകാഴ്ചയാൽ നാം
11 ഒരിക്കൽ എന്നും വിശുദ്ധീകരിക്കപ്പെട്ടിരിക്കുന്നു. എല്ലാ (മഹാ) പുരോ
ഹിതനും ദിവസേന ഉപാസിച്ചും പാപപരിഹാരത്തിന്നു ഒരു നാളും
പോരാത്ത നാനാബലികളെ പലപ്പോഴും കഴിച്ചും കൊണ്ടു നില്ക്കുന്നു.
12 ഇവനൊ പാപങ്ങൾക്കുവേണ്ടി ഒരു ബലിയെ കഴിച്ചിട്ടു എന്നും ദൈവ
13 ത്തിൻ വലഭാഗത്തു ഇരുന്നുകൊണ്ടു. ഇനി ശത്രുക്കൾ പാദപീഠമാകുവോ
14 ളവും കാത്തിരിക്കുന്നു. ഒരു കാഴ്ചകൊണ്ടല്ലൊ അവൻ വിശുദ്ധീകരിക്ക
പ്പെടുന്നവരെ എന്നേക്കും തികെച്ചിരിക്കുന്നു. അതിന്നു വിശുദ്ധാത്മാ
15 വും നമുക്കു സാക്ഷിചൊല്ലുന്നു. (യിറ. 31, 31) ഈ ദിവസങ്ങളുടെ ശേ
16 ഷം ഞാൻ അവരോടു ഉറപ്പിക്കും നിയമം ഇതു തന്നെ എന്നു ഉരചെയ്ത
ശേഷം എന്റെ ധർമ്മവെപ്പുകളെ അവരുടെ ഉള്ളിലാക്കി അവരുടെ ഹൃദ
17 യത്തിൽ എഴുതും. അവരുടെ അധർമ്മങ്ങളെയും പാപങ്ങളെയും ഇനി ഓ
18 ർക്കയും ഇല്ല എന്നു കർത്താവു പറയുന്നു എന്നാൽ ഇവറ്റിൻ മോചനം എ
വിടെ, അവിടെ പാപബലി ഇനിമേൽ ഇല്ല.

19 അതുകൊണ്ടു സഹോദരന്മാരെ! യേശു തന്റെ ജഡമാകുന്ന തിരശ്ശീല
20 യുടെ (പുക്കു) നമുക്കു പ്രതിഷ്ഠിച്ച ജീവനുള്ള പുതുവഴിയായി. സ്വരക്ത
21 ത്താൽ വിശുദ്ധസ്ഥലത്തേക്കുള്ള പ്രവേശനത്തിന്നു പ്രാഗത്ഭ്യവും, ദൈവഭ
22 വനത്തിന്മേൽ ഒരു മഹാപുരോഹിതനും കിട്ടുകകൊണ്ടു നാം ദുർമ്മനസ്സാക്ഷി
വേവ്വിട്ടമാറു ഹൃദയങ്ങളിൽ തളിക്കപ്പെട്ടും ശുദ്ധവെള്ളത്താൽ ശരീരം കഴുകി
യവരായും വിശ്വാസത്തിൻ നിറപടിയിൽ നേരുള്ള ഹൃദയത്തോടെ അടു
23 ക്കുമാറാക. പ്രത്യാശയുടെ സ്വീകാരത്തെ ഇളകാതെ പിടിച്ചു കൊള്ളുകയും
24 ചെയ്ക; വാഗ്ദത്തം ചെയ്തവൻ വിശ്വസ്തനല്ലൊ. പിന്നെ നാം സഭയായി
കൂടുന്നതിനെ ചിലരുടെ മര്യാദ പോലെ ഉപേക്ഷിയാതെ, നമ്മിൽ പ്ര
25 ബോധിപ്പിച്ചുകൊണ്ടു, സ്നേഹത്തിന്നും സൽക്രിയകൾക്കും ഉത്സാഹം വർദ്ധി
പ്പിപ്പാൻ അന്യോന്യം സൂക്ഷിച്ചു നോക്കുക. അതും നാൾ സമീപിക്കുന്നതു
26 കാണുന്തോറും അധികമധികം ചെയ്കൊൾവു. എന്തുകൊണ്ടെന്നാൽ സത്യ
ത്തിൻ പരിജ്ഞാനം ലഭിച്ചശേഷം നാം മനഃപൂർവ്വമായി പിഴെച്ചാൽ പാ
പങ്ങൾക്കുവേണ്ടി ഇനി ബലി ശേഷിക്കാതെ, ന്യായവിധിയുടെ എന്തൊ
27 രു ഭയങ്കര പ്രതീക്ഷയും എതിരികളെ ഭക്ഷിപ്പാനുള്ള അഗ്നി ഊഷ്മാവും അ
28 ത്രെ ഉള്ളു. വല്ലവനും മോശധർമ്മത്തെ തള്ളിയാൽ അയ്യൊഭാവം കൂടാതെ,
29 രണ്ടുമൂന്നു സാക്ഷിമുഖേന മരിക്കുന്നവല്ലൊ (5 മോ. 17, 6.) ദൈവപുത്ര
നെ ചവിട്ടിക്കളകയും തന്നെ; വിശുദ്ധനാക്കിയ നിയമരക്തത്തെ തീണ്ടൽ
എന്നു നിരൂപിക്കയും കരുണാത്മാവെനിന്ദിക്കയും ചെയ്തു പോയവൻ എത്ര
30 ഘോരദണ്ഡനത്തിന്നു പാത്രമാകും എന്നു വിചാരിപ്പിൻ. പ്രതിക്രിയ എ
ന്റെതു, ഞാൻ പകരം വീട്ടും എന്നും കർത്താവു സ്വജനത്തിന്നു ന്യായംവി
31 ധിക്കും എന്നും (5 മോ. 32, 35–36.) ഉരെച്ചവനെ നാം അറിയുന്നുവല്ലൊ;
32 ജീവനുള്ള ദൈവത്തിന്റെ കൈകളിൽ വീഴുന്നതു ഭയങ്കരം തന്നെ. എങ്കി
ലും നിങ്ങൾ പ്രകാശിക്കപ്പെട്ട ഉടനെ നിന്ദാപീഡകളാൽ കുത്തുകാഴ്ചയാ
33 യ്ചമഞ്ഞു താൻ. ആ വകയിൽ പെരുമാറുന്നവർക്കു കൂട്ടാളികളായിതീർ
ന്നു താൻ; കഷ്ടങ്ങളാൽ വളരെ അങ്കപ്പോർ സഹിച്ചു പാർത്ത പൂർവ്വ ദിവ
34 സങ്ങളെ ഓർത്തു കൊൾവിൻ. അന്നു തടവുകാരിൽ നിങ്ങൾക്കു കുറവായ്ഭാ
വം തോന്നിയതും അല്ലാതെ വാനങ്ങളിൽ നിലനില്പുള്ള അത്യുത്തമസ
മ്പത്തു നിങ്ങൾക്കുണ്ടു എന്നറിഞ്ഞു, സമ്പത്തുകളുടെ അപഹാരത്തെയും
35 സന്തോഷത്തോടെ ഏറ്റുവല്ലൊ. അതുകൊണ്ടു മഹാപ്രതിഫലമുള്ള നിങ്ങ
36 ളുടെ പ്രാഗത്ഭ്യത്തെ ചാടിക്കളയരുതെ. ദൈവേഷ്ടത്തെ ചെയ്തു, വാഗ്ദത്ത
37 ത്തെ കൈക്കലാക്കുവാൻ സഹിഷ്ണുതമാത്രം നിങ്ങൾക്കു ആവശ്യം. എത്ര
യും അല്പമായൊരിട ഉള്ളതിൽ പിന്നെ വരുന്നവൻ വരും താമസിക്കയും

38 ഇല്ല. വിശ്വാസത്താലെ നീതിമാനായവൻ ജീവിക്കും പിൻവാങ്ങു
39 ന്നവനിൽ എന്റെ ഉള്ളത്തിന്നു പ്രസാദം ഇല്ല. (ഹബ. 2, 3.) നാമൊ നാ
ശത്തിന്നായി പിൻവാങ്ങുന്നവരിൽ അല്ലല്ലൊ; ജീവസമ്പാദനത്തിന്നാ
യിവിശ്വസിക്കുന്നവരിൽ അത്രെ ആകുന്നതു.

11. അദ്ധ്യായം

വിശ്വാസവീരന്മാരുടെ മേഘം.

1 **വി**ശ്വാസം ആകട്ടെ ആശിച്ചവററികൽ ആശ്രയവും കാണപ്പെടാത്ത
2 കാര്യങ്ങളുടെ പ്രാമാണ്യവും ആകുന്നു. ഇതുള്ളതിൽ അല്ലൊ മൂപ്പന്മാർക്ക്
3 (ദൈവ) സാക്ഷ്യം ലഭിച്ചു. ദൃശ്യത്തിൽ നിന്നല്ല, ഈ കാണുന്നവ ഉണ്ടാകുവാ
നായി, ദൈവത്തിൻ ചൊല്ലാൽ ഉലകങ്ങളും നിർമ്മിച്ചു കിടക്കുന്നു എന്നു
4 വിശ്വാസത്താൽ നാം അറിയുന്നു. വിശ്വാസത്താൽ ഹാബേൽ ദൈവ
ത്തിന്നു കയ്യിനേക്കാളും ഉത്തമ ബലിയെ കഴിച്ചു; അതിനാൽ ദൈവം അവ
ന്റെ കാഴ്ചകു സാക്ഷിനിന്നു നീതിമാൻ എന്നുള്ള സാക്ഷ്യം കൊടുത്തു;
5 അതിനാൽ അവൻ മരിച്ചശേഷവും പറയുന്നുണ്ടു. വിശ്വാസത്താൽ ഹനോ
ക് മരണം കാണാതെ എടുക്കപ്പെട്ടു ''ദൈവം എടുക്കയാൽ കാണാതെ ഇ
രുന്നു'' എന്നുണ്ടല്ലൊ (1 മോ. 5, 24.) കാരണം ആ മാറത്തിന്മുമ്പെ
6 ദൈവപ്രസാദം വരുത്തി എന്നുള്ള സാക്ഷ്യം പ്രാപിച്ചു. എന്നാൽ വിശ്വാ
സം കൂടാതെ പ്രസാദം വരുത്തുവാൻ കഴികയില്ല; ദൈവം ഉണ്ടെന്നും തന്നെ
തിരയുന്നവക്ക് പ്രതിഫലം കൊടുക്കുന്നവൻ എന്നും വിശ്വസിച്ചിട്ടു വേണ
7 മല്ലൊ ദൈവത്തെ അണയുവാൻ. വിശ്വാസത്താൽ നോഹ അന്നു കാണാ
ത്തതിനെ ദൈവം കേഴ്മപിച്ചതിന്നു അഞ്ചിക്കൊണ്ടു കുഡുംബരക്ഷെക്കാ
യി ഒരു പെട്ടകം തീർത്തു. അതിനാൽ അവൻ ലോകത്തിന്നു കുറ്റം വിധി
8 ച്ചു, വിശ്വാസ പ്രകാരമുള്ള നീതിക്കു അവകാശിയായ്തീർന്നു. വിശ്വാസ
ത്താൽ അബ്രഹാം അവകാശമായ്കിട്ടേണ്ടുന്ന ദേശത്തേക്കു യാത്രയാവാൻ
വിളിക്കപ്പെട്ടു അനുസരിച്ചു ഇന്നേടത്തു പോകും എന്നറിയാതെ പുറപ്പെ
9 ട്ടു. വിശ്വാസത്താൽ അവൻ വാഗ്ദത്ത ദേശം അന്യം എന്നു വെച്ചു ആ
വാഗ്ദത്തത്തിന്റെ കൂട്ടവകാശികളായ ഇച്ഛാക്കു യാക്കോബു എന്നവരോടു
10 കൂടെ പരദേശിയായി കൂടാരങ്ങളിൽ പാർത്തു. ദൈവം നിർമ്മാതാവും
ശില്പിയും ആയിട്ടു, അടിസ്ഥാനങ്ങളുള്ളൊരു പട്ടണത്തെ അവൻ കാ
11 ത്തിരുന്നു സ്പഷ്ടം. വിശ്വാസത്താൽ സാരയും വാഗ്ദത്തം ചെയ്തവനെ
വിശ്വസ്തൻ എന്നു വെച്ചു, നല്ല പ്രായം കഴിഞ്ഞാറെയും പുത്രോല്പാദന
12 ത്തിന്നു ശക്തിയെ പ്രാപിച്ചു. അതുകൊണ്ടു മൃതപ്രായനായ ഒരുത്തങ്കൽനി
ന്നു തന്നെ പെരുക്കത്തിൽ വാനത്തിലെ നക്ഷത്രങ്ങളും കണക്കെയും കട
ല്പുറത്തു മണലെ പോലെ എണ്ണികൂടാതെയും (സന്തതി) ജനിച്ചു. വി
13 ശ്വാസ പ്രകാരം ഇവർ എല്ലാവരും വാഗ്ദത്തങ്ങളെ പ്രാപിയാതെ മരി
ച്ചു; ദൂരത്തുനിന്നു അവറെ കണ്ടു ആശ്ലേഷിച്ചു, ഭൂമിയിൽ അന്യരും പര
14 ദേശികളും എന്നു ഏറ്റുകൊണ്ടതത്രെ. ഈ വക പറയുന്നവർ ഒരു ജന്മഭൂമി
15 യെ നോക്കി നടക്കുന്നു എന്നുദ്ദേശിക്കുന്നു. അവർ വിട്ടതിനെ ഓർത്തു എ
ങ്കിൽ മടങ്ങി പോവാൻ അവസരമായിരുന്നുവല്ലൊ; അല്ല, അധികം നല്ല
തിനെ സ്വർഗ്ഗീയമായതിനെ തന്നെ അവർ കാംക്ഷിക്കുന്നു സ്പഷ്ടം. ആക
16 യാൽ ദൈവം അവർക്കായി ഒരു പട്ടണം ഒരുക്കി, അവരുടെ ദൈവം എന്ന
17 പേർ ധരിപ്പാൻ ലജ്ജിക്കുന്നില്ല. വിശ്വാസത്താൽ അബ്രഹാം പരീക്ഷി
18 തനായാറെ, ഇച്ഛാക്കെ ബലികഴിച്ചു. വാഗ്ദത്തങ്ങളും കൈക്കൊണ്ടു ഇ
ച്ഛാക്കിൽ നിണക്കു സന്തതി വിളിക്കപ്പെടും (1മോ. 21,12) എന്നു ചൊല്ലി
19 കേട്ടവർ മരിച്ചവരിൽ നിന്നും ഉണർത്തുവാൻ ദൈവം ശക്തൻ എന്നെണ്ണി;

ഏകജാതനെ നല്കി ഇരിക്കുന്നു; അവരിൽനിന്നു ഉപമയായി അവനെ
20 പ്രാപിച്ചു കിട്ടുകയും ചെയ്തു. വിശ്വാസത്താൽ ഇച്ഹാക് യാക്കോബെയും
21 ഏസാവെയും ഭാവിയെ കുറിച്ചനുഗ്രഹിച്ചു. വിശ്വാസത്താൽ യാക്കോബ് മരണകാലത്തിങ്കൽ യോസെഫിൻ മക്കൾ ഇരുവരേയും അനുഗ്രഹിച്ചു, സ്വ
22 ദണ്ഡാഗ്രത്തിന്മേൽ ചാരി വണങ്ങുകയും ചെയ്തു. വിശ്വാസത്താൽ യോസേ
ഫ് അത്യാസന്നത്തിൽ ഇസ്രയേൽ പുത്രന്മാരുടെ പുറപ്പാടിനെ ഓർമ്മ വ
23 രുത്തി, തന്റെ അസ്ഥികളെക്കൊണ്ടു നിയോഗിച്ചു. വിശ്വാസത്താൽ
മോശെ ജനിച്ച ഉടനെ ശിശു, സുന്ദരൻ എന്നു അമ്മയച്ഛന്മാർ കണ്ടു, രാജാ
24 ജ്ഞയെ ഭയപ്പെടാതെ, മൂന്നു മാസം ഒളിപ്പിച്ചു. വിശ്വാസത്താൽ മോശെ
വലുതായപ്പോൾ പാപത്തിന്റെ തൽകാല ഭോഗത്തേക്കാളും ദേവജന
25 ത്തോടു ഒന്നിച്ചു ക്ലേശിച്ചു നടക്കുന്നതിനെ വരിച്ചുകൊണ്ടു. ഫറവോവിൻ പു
26 ത്രിയുടെ മകൻ എന്നു ചൊല്ലുന്നതിനെ നിരസിച്ചു. പ്രതിഫലത്തെ നോ
ക്കി വിചാരിക്കയാൽ മിസ്രനിക്ഷേപങ്ങളിലും ക്രിസ്തന്റെ നിന്ദ ഏറി
27 യൊരു ധനം എന്നെണ്ണിയതു. വിശ്വാസത്താൽ അവൻ രാജകോപത്തെ
28 ഭയപ്പെടാതെ അദൃശ്യനെ കാണുന്നവൻ എന്നപോലെ ഉറെച്ചുനിന്നു, മിസ്രു
വിട്ടുപോന്നു. വിശ്വാസത്താൽ അവൻ മൂങ്കുട്ടികളുടെ സംഹാരകൻ അവരെ
29 തൊടാതെ ഇരിപ്പാൻ പെസഹെയും രക്തത്തളിയേയും കഴിച്ചു. വിശ്വാസ
ത്താൽ അവർ കരയിൽ എന്നപോലെ ചെങ്കടലിൽ കൂടി കടന്നു ആയതു
30 മിസ്രുക്കാരും പരീക്ഷിച്ചിട്ടു മുങ്ങിപ്പോയി. വിശ്വാസത്താൽ യരിഹൊ
മതിലുകൾ ഏഴു ദിവസം ചുറ്റി സഞ്ചരിക്കയാൽ ഇടിഞ്ഞു വീണു. വി
31 ശ്വാസത്താൽ രാഹാബ് എന്ന വേശ്യ ഒറ്റുകാരെ സമാധാനത്തോടെ
കൈക്കൊണ്ടു അവിശ്വാസികളോടു കൂട നശിക്കാതെ പാർത്തു.
32 ഇനി എന്തു പറവതു ഗിദ്യോൻ ബാരാക്ക് ശിംശോൻ യഫ്താഹ എന്നവ
രേയും ദാവിദ് ശമുവേൽ മുതലായ പ്രവാചകന്മാരേയും വിവരിച്ചു ചൊ
33 ലുവാൻ കാലം പോരാ. വിശ്വാസത്താൽ അവർ രാജ്യങ്ങളെ അടക്കി,
34 നീതിയെ നടത്തി, വാഗ്ദത്തങ്ങളെ കൈക്കലാക്കി, സിംഹമുഖങ്ങളെ
അടെച്ചു. അഗ്നിബലത്തെ കെടുത്തു, വാളിൻ വായിൽനിന്നു തെറ്റി, ബ
ലക്ഷയത്തിൽനിന്നു ആശ്വസിച്ചു, യുദ്ധത്തിൽ ഊക്കരായ് ചമഞ്ഞു, അന്യ
35 ന്മാരുടെ പാളയങ്ങളെ നീക്കി. സ്ത്രീകൾ തങ്ങളുടെ മൃതന്മാരെ ഉയിർത്തെ
ഴുനീല്പിനാൽ പ്രാപിച്ചു, മറ്റു ചിലർ അധികം നല്ല എഴുനീല്പു കി
ട്ടേണ്ടതിന്നു വീണ്ടെടുപ്പിനെ കൈക്കൊള്ളാതെ ഭേദ്യങ്ങളെ ഏറ്റു വെറു നിന്ദ
36 യും ചമ്മട്ടിയും പിന്നെ ചങ്ങലത്തടവുകളേയും അനുഭവിച്ചു. കല്ലെറികയും
37 ഈരുകയും പരീക്ഷിക്കയും വാളാൽ കൊല്ലുകയും ചെയ്തിട്ടു മരിച്ചു; ജടയാട്ടു
കോലാട്ടുകളുടെ തോലുകളും പുതെച്ചു ബുദ്ധിമുട്ടിപീഡിച്ചും ക്ലേശിച്ചും നട
38 ന്നു. കാട്ടുകളിലും മലകളിലും ഭൂമിപിളർപ്പുകളിലും ഗുഹകളിലും വലഞ്ഞുഴ
39 ലും അവർക്കു ലോകം അപാത്രമത്രെ. ഇവർ എല്ലാവരും വിശ്വാസത്താൽ
40 (ദേവ) സാക്ഷ്യം ലഭിച്ചിട്ടും വാഗ്ദത്തത്തെ കൈക്കലാക്കീട്ടില്ല. കാര
ണം അവർ നമ്മെ കൂടാതെ തികക്കപ്പെടാതെ ഇരിപ്പാനായി ദൈവം നമു
ക്കു വേണ്ടി ഏറ്റവും നല്ലതൊന്നു മുൻകരുതി ഇരുന്നതു.

12. അദ്ധ്യായം

അപ്പോലെ പോരാടിയും, (4) ശിക്ഷ ഏറും കൊണ്ടു, (13) ഉണർച്ച
യോടെ, (18) പുതുനിയമത്തെ പിടിച്ചു കൊള്ളേണം.

1 **എ**ന്നതുകൊണ്ടു നാമും സാക്ഷികളുടെ ഇത്രവലിയ മേഘം ചുറ്റും നിൽ
ക്കുന്നതു കണ്ടിട്ടു എല്ലാ തടച്ചലേയും മുറുകെ പറ്റുന്ന പാപത്തേയും വെ
ച്ചേച്ചു, നമുക്കു മുൻകിടക്കുന്ന പോർപാച്ചലെ ക്ഷാന്തിയോടെ കഴിച്ചോട്ടുക.

2 വിശേഷാൽ തനിക്കു മുൻകിടക്കുന്ന സന്തോഷത്തിന്നായി അപമാ
നത്തെ തുച്ഛീകരിച്ചു, ക്രൂശെ സഹിച്ചു, ദൈവാസനത്തിന്റെ വലഭാഗ
ത്തിരുന്നുകൊണ്ടു, വിശ്വാസത്തിന്റെ നായകനും തികവു വരുത്തുന്നവനാ
3 യ യേശുവെ നോക്കികൊണ്ടു് (ഓടുക). നിങ്ങൾ ഉള്ളങ്ങളിൽ തളർന്നു
മടുക്കാതെ പോരുവാനല്ലൊ; പാപികളിൽനിന്നു തന്റെ നേരെ ഇത്ര
വൈപരീത്യം സഹിച്ച പാർത്തവനെ ധ്യാനിച്ചോളുക. നിങ്ങൾ ഇതു
4 വരയും പാപത്തോടു് എതിർ പൊരുതുകൊണ്ടു, രക്തപര്യന്തം വിരോ
5 ധിച്ചു നിന്നില്ല. എൻ പുത്ര! കർത്താവിന്റെ ശിക്ഷയെ ലഘുവാക്കുകയും
6 അവൻ ശാസിക്കുമ്പോൾ മടുത്തു പോകയും അരുതെ. കർത്താവു് സ്നേഹി
ക്കുന്നവനെ അല്ലൊ ശിക്ഷിക്കുന്നതു, താൻ കൈക്കൊള്ളുന്ന ഏതു മകനേയും
തല്ലുന്നു; (സുഭ. 3, 11.) എന്നിങ്ങിനെ കുട്ടികളോടു് എന്ന പോലെ നി
7 ങ്ങളോടു സംഭാഷിക്കുന്ന പ്രബോധനത്തെ കൂടെ മറന്നിരിക്കുന്നുവൊ? ബാ
ലശിക്ഷയെ സഹിച്ചു പാർത്താൽ ദൈവം നിങ്ങളോടു മക്കളോടു് എന്ന
8 പോലെ പെരുമാറുന്നു. അച്ഛൻ ശിക്ഷിക്കാത്ത പുത്രൻ ഏവൻ ഉള്ളു പോൽ?
എല്ലാവരും അനുഭവിച്ച ബാലശിക്ഷ കൂടാത്തവർ എങ്കിൽ നിങ്ങൾ മക്കൾ
9 അല്ല, കൌലടയന്മാരത്രെ. പിന്നെ ജഡപിതാക്കന്മാർ നമുക്കു ശിക്ഷകരാ
കുമ്പോൾ, നാം വണങ്ങി പോന്നവല്ലൊ ആത്മാക്കളുടെ പിതാവിന്നു്
10 ഏറ്റവും കീഴടങ്ങുകയും ജീവിക്കയും ചെയ്യേണ്ടതില്ലയൊ? അവർ ശിക്ഷി
ച്ചതു കുറയ ദിവസങ്ങൾക്കായും തങ്ങൾക്കു് ബോധിച്ചപ്രകാരവും അത്രെ;
ഇവനൊ ഗുണത്തിന്നായി അവന്റെ വിശുദ്ധിക്കു് അംശികളാവാൻ തന്നെ
11 ഏതു ശിക്ഷയും തൽകാലത്തേക്കു് സന്തോഷകരമല്ല; ദുഃഖകരമത്രെ എന്നു
കാണുന്നു; പിന്നെ മാത്രം അതിനാൽ അഭ്യാസം തികഞ്ഞവർക്കു നീതി
12 യാകുന്ന സമാധാന ഫലത്തെ എത്തിക്കുന്നു. അതുകൊണ്ടു തളർന്ന കൈക
ളേയും കുഴഞ്ഞുപോയ മുഴങ്കാലുകളേയും ഉറപ്പിപ്പിൻ (യശ. 35,3.) മുടവു
ള്ളതു് ഉളുക്കിപോകാതെ ഭേദമാകേണം എന്നു വെച്ചു പാദങ്ങൾ നേരെയു
ള്ള ചാലിൽ കൂടി നടക്കുക (സുഭ. 4, 26).
13 എല്ലാവരോടും സമാധാനത്തേയും വിശുദ്ധീകരണത്തേയും പിന്തുടരു
വിൻ; അതു കൂടാതെ ആരും കർത്താവെ കാണുകയില്ലല്ലൊ. (കാലം വൈ
14 കി) ദേവകൃണയോടു് എത്താത്തവൻ ആരൊ വല്ല കൈപ്പുള്ള വേരൊ
15 കലക്കം ഉണ്ടാക്കി, അനേകരെ തീണ്ടിക്കയും (5 മോ. 29, 18). വല്ലവ
16 നും പുലയാടിയൊ ഒരുണിന്നു ജ്യേഷ്ഠാവകാശത്തെ വിറ്റിട്ടുള്ള ഏസാവി
ന്നു ഒത്ത ബാഹ്യനൊ ആയ്തീരുകയും ചെയ്യാതവണ്ണം വിചാരണ നടത്തു
17 വിൻ. ആയവൻ പിന്നത്തേതിൽ അനുഗ്രഹത്തെ അനുഭവിപ്പാൻ മനസ്സാ
യിട്ടും തള്ളപ്പെട്ടു എന്നും കണ്ണുനീരോടു കൂട അന്വേഷിച്ചാറെയും (അച്ഛനിൽ)
18 മാനസാന്തരത്തിന്നു് ഇട കണ്ടില്ല എന്നും അറിയുന്നവല്ലൊ. തൊടാകുന്ന
19 തും അഗ്നികത്തുന്നതും ആയ മലയും മേഘതമസ്സും ഇരുട്ടും കൊടുങ്കാറ്റും,
കാഹളധ്വനിയും കേട്ടവർ മതിയാക്കേണം എന്നു് അപേക്ഷിച്ച വചന
20 ശബ്ദവും അല്ലല്ലൊ; നിങ്ങൾ അടുത്തു വന്നതു. (ഒരു മൃഗം എങ്കിലും മലയെ
തൊട്ടാൽ കല്ലെറിഞ്ഞു മരിക്കേണം എന്ന നിയോഗം അവർക്കു സഹിച്ചു
21 കൂടാതെ ആയി. ഞാൻ ഭയപരവശനും കമ്പിതനും ആകുന്നു എന്നു മോശെ
22 യും പറയത്തക്കവണ്ണം ആ കാഴ്ച ഭയങ്കരമായതു). അല്ല സീയോൻ മലയും
ജീവനുള്ള ദൈവത്തിന്റെ പട്ടണമായ സ്വർഗ്ഗീയ യരുശലേമും ദൂതസംഘ
23 മാകുന്ന ലക്ഷങ്ങളും സ്വർഗ്ഗത്തിൽ പേർ എഴുതി കിടക്കുന്ന ആദ്യജാതന്മാ
രുടെ സഭയും എല്ലാവർക്കും ദൈവമാകുന്ന ന്യായാധിപതിയും തികഞ്ഞു
24 ചമഞ്ഞ നീതിമാന്മാരുടെ ആത്മാക്കളും. പുതുനിയമത്തിന്റെ മദ്ധ്യസ്ഥ
നായ യേശുവും ഹാബേലെക്കാൾ ഏറ്റവും നന്നായി പറയുന്ന തളിപ്പുരക്ത
25 വും ആകുന്നു; നിങ്ങൾ അടുത്തു വന്നിരിക്കുന്നതു്. പറയുന്നവനെ നിങ്ങൾ
മതിയാക്കാതെ ഇരിപ്പാൻ നോക്കുവിൻ; ഭൂമിമേൽ കേണ്മപിക്കുന്നവനെ

മതിയാക്കിയവർ തെറ്റിപോകാതെ ഇരിക്കെ, സ്വർഗ്ഗത്തിൽനിന്നു കേഴ
പിക്കുന്നവനെ നാം വിട്ടൊഴിഞ്ഞാൽ എത്ര അധികം (ശിക്ഷ). അവന്റെ
26 ശബ്ദം അന്നു ഭൂമിയെ ഇളക്കി, ഇപ്പോഴൊ ഞാൻ ഇനി ഒരിക്കൽ ഭൂമിയെ
27 മാത്രമല്ല; വാനത്തേയും ഇളക്കും എന്നു(ഹഗ്ഗ. 2,6.) വാഗ്ദത്തം ചെയ്തു. ഇനി
ഒരിക്കൽ എന്നത് ഇളകുന്നവ പടപ്പ് ആകയാൽ അവറ്റിന്നു മാറ്റവും ഇ
28 ളകാത്തവറ്റിന്നു നിലനില്പും വരും എന്നു സൂചിപ്പിക്കുന്നു. ആകയാൽ
നാം ഇളകാത്ത രാജ്യത്തെ പ്രാപിക്കുന്നതു കൊണ്ടു നാം ദൈവത്തിന്നു പ്ര
സാദം വരുമാറു ശങ്കയോടും അച്ചടക്കത്തോടും ഉപാസിക്കുത്തക്ക കൃതജ്ഞത
29 ഉണ്ടാകേണ്ടു. നമ്മുടെ ദൈവം ദഹിപ്പിക്കുന്ന അഗ്നിയും ആകുന്നു സത്യം.

13. അദ്ധ്യായം

സന്മാർഗ്ഗത്തിന്നും, (7) ക്രിസ്താരാധനനിഷ്ഠെക്കും ഉള്ള പ്രബോധനം, (18) സമാപ്തി.

1.2 **സ**ഹോദരസ്നേഹം നിലനില്ക്കു. അതിഥിസേവയെ മറക്കരുതു; അതി
3 നാൽ ചിലർ അറിയാതെകണ്ടു, ദൂതന്മാരെ സല്ക്കരിച്ചിരിക്കുന്നവല്ലൊ. തട
വുകാരെ കൂടെ തടവിലുള്ളവരായും ക്ലേശിക്കുന്നവരെ കൂടെ ശരീരത്തിൽ ഇ
4 രിക്കുന്നവരായും ഓർത്തുകൊൾവിൻ. വിവാഹം എല്ലാറ്റിലും മാനമുള്ളതും
കിടക്ക നിർമ്മലവും ആക; പുലയാടികളൊടും വ്യഭിചാരികളോടും ദൈവം
5 തന്നെ ന്യായം വിസ്തരിക്കും. നടപ്പു ദ്രവ്യാഗ്രഹമില്ലാത്തതാക ഉള്ളതുകൊ
ണ്ടു് അലംഭാവികളാക; ഞാൻ നിന്നെ വിടുകയില്ല, ഒരുനാളും ഉപേക്ഷി
ക്കയും ഇല്ല; (യൊശു. 1,5.) എന്നു ഞാൻ അരുളിച്ചെയ്തുയാൽ കർത്താവ്
6 എനിക്ക് തുണ, ഞാൻ പേടിക്കയില്ല; മനുഷ്യൻ എന്നോടു് എന്തു ചെയ്യും
7 എന്നു (സങ്കീ. 118,6.) നാം ധൈര്യത്തോടെ പറയാം. നിങ്ങൾക്കു ദൈവ
വചനത്തെ പറഞ്ഞുകൊണ്ടു നിങ്ങളെ നടത്തിയവരെ ഓർമ്മയിലാക്കി അ
വരുടെ നടപ്പുറുതിയെ നോക്കി ധ്യാനിച്ചു, വിശ്വാസത്തെ അനുകരിപ്പിൻ.
8 യേശുക്രിസ്തൻ ഇന്നലെയും ഇന്നും എന്നെന്നേക്കും അവൻ തന്നെ. പലവി
9 ധമായ ഉപദേശപുതുമകളാൽ വലിച്ചുകൊണ്ടു പോകപ്പെടരുതെ; ആചരിച്ചു
പോന്നവർക്കു പ്രയോജനം ഇല്ലാത്ത ഭക്ഷണങ്ങളാൽ അല്ല; കൃപയാൽ ത
10 ന്നെ ഹൃദയം ഉറപ്പിക്ക നല്ലു. നമുക്ക് ഒരു ബലിപീഠം ഉണ്ടു; അതിൽനിന്നു
11 ഭക്ഷിപ്പാൻ കൂടാരത്തിൽ ഉപാസിക്കുന്നവർക്ക് അവകാശം ഇല്ല. മഹാപു
രോഹിതനല്ലൊ പാപബലിയുടെ രക്തം വിശുദ്ധസ്ഥലത്തിന്നകത്തു
കൊണ്ടുപോകുന്ന മൃഗങ്ങളുടെ ഉടലുകൾ പാളയത്തിന്നു പുറത്തു ചുടപ്പെടുന്നു.
12 അതുകൊണ്ടു യേശുവും സ്വരക്തത്താൽ ജനത്തെ വിശുദ്ധീകരിക്കേണ്ടതിന്നു
13 വാതില്ക്കു പുറത്തു വെച്ചു കഷ്ടപ്പെട്ടു. ആകയാൽ നാം അവന്റെ നിന്ദയെത്തെ
ചുമന്നുകൊണ്ടു, പാളയത്തിൽനിന്നു പുറപ്പെട്ടു് അവന്റെ അടുക്കൽ പോക.
14 ഇവിടെ നമുക്കു നിലനില്ക്കുന്ന നഗരം ഇല്ലല്ലൊ, വരുവാനുള്ളതിനെ അ
15 ത്രെ അന്വേഷിക്കുന്നു. എന്നാൽ അവൻ മൂലം നാം ദൈവത്തിന്നു നിരന്തരം
സ്തുതിബലികളെ കഴിക്കുക അതു തന്നാമത്തെ ഏറ്റുപറയുന്ന അധരങ്ങളുടെ
16 ഫലം തന്നെ. നന്മ ചെയ്തുയും കൂറായ്മ കാട്ടുകയും മറക്കൊല്ലാ; ഈ വക
17 ബലികളിൽ അല്ലൊ ദേവപ്രസാദം ഉണ്ടാകുന്നു. നിങ്ങളെ നടത്തുന്നവരെ
അനുസരിച്ചു് അടങ്ങി ഇരിപ്പിൻ; അവർ കണക്കു ബോധിപ്പിക്കേണ്ടുന്നവ
രായി, നിങ്ങളുടെ ദേഹികൾക്കുവേണ്ടി ജാഗരിച്ചിരിക്കുന്നവല്ലൊ; ആയ
തു് അവർ ഞരങ്ങീട്ടല്ല, സന്തോഷിച്ചു ചെയ്വാൻ നോക്കുവിൻ; അല്ലാ
ഞ്ഞാൽ നിങ്ങൾക്കു് നന്നല്ല.
18 ഞങ്ങൾക്കുവേണ്ടി പ്രാർത്ഥിപ്പിൻ സകലത്തിലും നല്ലവണ്ണം നടപ്പാൻ
ഇച്ഛിക്കകൊണ്ടു ഞങ്ങൾക്കു നല്ല മനോബോധം ഉണ്ടെന്നു ഞങ്ങൾ

19 തേറിയിരിക്കുന്ന സത്യം. ഞാൻ നിങ്ങൾക്ക് അതിവേഗത്തിൽ തിരികെ
കിട്ടേണ്ടതിന്ന നിങ്ങൾ ഇതു ചെയ്യേണം എന്ന ഞാൻ വിശേഷാൽ പ്രബോ
20 ധിപ്പിക്കുന്നു. നിത്യ നിയമത്തിന്റെ രക്തത്താൽ ആടുകളുടെ വലിയ ഇട
യനാകുന്ന നമ്മുടെ കർത്താവായ യേശുവെ മരിച്ചവരിൽനിന്ന മടക്കി വരു
21 ത്തിയ സമാധാനത്തിന്റെ ദൈവം നിങ്ങളെ അവന്റെ ഇഷ്ടം ചെയ്വാ
ന്തക്കവണ്ണം സകല സൽക്രിയയിലും യഥാസ്ഥാനപ്പെടുത്തി, നിങ്ങളിൽ
തനിക്ക് പ്രസാദം ഉള്ളതിനെ യേശുക്രിസ്തുമൂലം നടത്തിക്കേണമെ! ഇ
വന്ന് എന്നെന്നേക്കും തേജസ്സ് ഉണ്ടാവൂതാക ആമെൻ.
22 അല്ലയൊ സഹോദരന്മാരെ, ഈ പ്രബോധന വാക്യത്തെ പൊറുത്തു
കൊൾവിൻ എന്ന് അപേക്ഷിക്കുന്ന ഞാൻ സംക്ഷേപിച്ചല്ലൊ എഴുതിയി
23 രിക്കുന്നു. സഹോദരനായ തിമോത്ഥ്യൻ കെട്ടഴിഞ്ഞു വന്ന പ്രകാരം അറി
24 വിൻ! അവൻ വേഗത്തിൽ വന്നാൽ ഞാൻ അവനുമായി നിങ്ങളെ വന്നു
കാണും. നിങ്ങളെ നടത്തുന്നവരെ എല്ലാവരെയും സകല വിശുദ്ധന്മാരെ
യും വന്ദിപ്പിൻ; ഇതല്യയിൽനിന്നുള്ളവർ നിങ്ങളെ വന്ദിക്കുന്നു; കൃപ നി
25 ങ്ങൾ എല്ലാവരോടും ഉണ്ടാവൂതാക ആമെൻ.

THE GENERAL EPISTLE OF

JAMES

യാക്കോബിന്റെ

ലേഖനം

1. അദ്ധ്യായം

(2) പരീക്ഷകളിൽ സഹിഷ്ണുവായി പ്രാത്ഥിച്ചു നില്പതിനാലെ, (13) പരീക്ഷാഫലവും, (19) സ്വവിശേഷാനുസരണത്തെ നല്ലനടപ്പും ജനിക്കേണ്ടതു.

1 ദൈവത്തിന്നും കത്താവായ യേശുക്രിസ്തുന്നും ദാസനായുള്ള യാക്കോ
ബ് ചിതറി പാർക്കുന്ന ഗോത്രങ്ങൾക്കും വന്ദനം ചൊല്ലുന്നു.

2 എന്റെ സഹോദരന്മാരെ, നിങ്ങൾ പലവിധ പരീക്ഷകളിൽ കടുങ്ങി
3 വീഴുമ്പോൾ, നിങ്ങളുടെ വിശ്വാസത്തിന്റെ പരിശോധന സഹിഷ്ണുതയെ
ഉളവാക്കുന്നു എന്നറിഞ്ഞു കൊൾവിൻ. അതു അശേഷം സന്തോഷം എന്നു എണ്ണു
4 വിൻ. എന്നാൽ നിങ്ങൾ ഒന്നിലും കുറവു വരാതെ തികഞ്ഞവരും മുഴുക്കുട്ട
5 രും ആകേണ്ടതിന്നു സഹിഷ്ണുതെക്കു തികഞ്ഞ ക്രിയ ഉണ്ടാകുക. നിങ്ങ
ളിൽ ഒരുത്തന്നു ജ്ഞാനം കുറവായാൽ ഭത്സിക്കാതെ, എല്ലാവർക്കും ഔദാ
ര്യമായി കൊടുക്കുന്ന ദൈവത്തോടു യാചിക്ക; അപ്പോൾ അവന്നു കൊടു
6 ക്കപ്പെടും. എന്നാൽ ഒന്നും സംശയിക്കാതെ വിശ്വാസത്തോടെ യാചി
ക്കേണ്ടു; സംശയിക്കുന്നവൻ കാറ്റടിച്ചു അലെക്കുന്ന കടൽത്തിരെക്കു സ
7 മനത്രെ. ഇങ്ങിനെ ഉള്ള മനുഷ്യൻ കത്താവിനോടു വല്ലതും ലഭിക്കും എന്നു
8 നിരൂപിക്കരുതു. ഇരു മനസ്സുള്ള ആൾ തന്റെ വഴികളിൽ ഒക്കയും ചപ
9 ലൻ തന്നെ. എന്നാൽ എളിയ സഹോദരൻ തന്റെ ഉയർച്ചയിലും ധനവാനാ
10 യവൻ പുല്ലിൻ പൂ പോലെ കഴിഞ്ഞുപോകും എന്നു ഓർത്തു; തന്റെ എളിമ
11 യിലും പ്രശംസിച്ചുകൊൾവു. സൂര്യനല്ലൊ വിഷകാറ്റോടു കൂടെ ഉദിച്ചു വ
ന്നിട്ടു, പുൽ ഉണക്കി പൂവുതിർന്നു അതിന്റെ മുഖശോഭയും കെടുന്നു: ഇപ്ര
12 കാരം ധനവാനും തന്റെ നടപ്പുകളിൽ വാടിപ്പോകും. പരീക്ഷ സഹിക്കു
ന്ന ആൾ ധന്യൻ; അവൻ കൊള്ളാകുന്നവനായി തെളിഞ്ഞ ശേഷം കത്താ
വു തന്നെ സ്നേഹിക്കുന്നവർക്കു വാഗ്ദത്തം ചെയ്ത ജീവകിരീടത്തെ പ്രാ
പിക്കും സത്യം.

13 പരീക്ഷിക്കപ്പെടുമ്പോൾ ഈ പരീക്ഷ ദൈവത്തിൽനിന്നു ആകുന്നു എ
ന്നു ആരും പറയരുതു: ദൈവം ദോഷങ്ങളാൽ പരീക്ഷിക്കപ്പെടാത്തവനാ
14 യി താൻ ഒരുത്തനേയും പരീക്ഷിക്കുന്നില്ല. ഓരോരുത്തൻ പരീക്ഷിക്കപ്പെ
15 ടുന്നതു സ്വന്ത മോഹത്താൽ ആകർഷിച്ചു വശീകരിക്കപ്പെടുകയാൽ ആകു
ന്നു. പിന്നെ മോഹം ഗർഭം ധരിച്ചു പാപത്തെ പ്രസവിക്കുന്നു. പാപം മു
16 ഴുത്തു ചമഞ്ഞു മരണത്തെ ജനിപ്പിക്കുന്നു. എൻ പ്രിയ സഹോദരരെ! ഭ്രമി
17 ച്ചു പോകരുതെ. ഉയരത്തിൽനിന്നുണ്ടായി അശേഷം നല്ല ദാനവും തിക
ഞ്ഞ വരവും വെളിച്ചങ്ങളുടെ പിതാവിൽനിന്നു ഇറങ്ങി വരുന്നുള്ളു. ആ
18 യവനിൽ വികാരവും ഗതി ഭേദത്താലുള്ള ആഛാദനവും ഒട്ടും ഇല്ല. താൻ

ഇഛരിച്ചിട്ട നാം അവന്റെ സൃഷ്ടികളിൽ ഒരു വിധം ആദ്യവിളവാകേണ്ട
19 തിന്ന സത്യവചനത്താൽ നമ്മെ ജനിപ്പിച്ചു. എന്നതുകൊണ്ട പ്രിയസ
ഹോദരന്മാരെ, ഓരോരൊ മനുഷ്യൻ കേൾക്കുന്നതിന്ന വേഗതയും പറയു
20 ന്നതിന്ന താമസവും കോപത്തിന്ന താമസവും ഉള്ളവനാക. പുരുഷന്റെ
കോപം ദൈവനീതിയെ നടത്തുന്നില്ലല്ലൊ. ആകയാൽ സകല അഴുക്കി
21 നേയും വേണ്ടാതനത്തിന്റെ ആധിക്യത്തേയും വിട്ടേച്ചു, നിങ്ങളുടെ ദേ
ഹികളെ രക്ഷിപ്പാൻ ശക്തവും ഉൾനട്ടതും ആയ വചനത്തെ സൌമ്യത
22 യോടെ കൈക്കൊൾവിൻ. എങ്കിലും തങ്ങളെ തന്നെ ചതിച്ചുകൊണ്ട
കേൾക്കുന്നവരായിരിക്ക മാത്രമല്ല; അതിനെ ചെയ്യുന്നവരായും ഇരിപ്പിൻ.
23 ഒരുത്തൻ വചനത്തെ കേൾക്കയല്ലാതെ അതിനെ ചെയ്യാത്തവനായാൽ,
അവൻ സ്വഭാവമുഖത്തെ കണ്ണാടിയിൽ നോക്കികൊള്ളുന്ന പുരുഷനോട
24 ഒക്കും. ആയവൻ തന്നെ കണ്ടറിഞ്ഞു പുറപ്പെട്ട ഉടനെ ഇന്ന രൂപമായി എ
25 ന്ന മറന്നു. സ്വാതന്ത്ര്യത്തിന്റെ തികഞ്ഞ ധർമ്മത്തിലേക്ക കുനിഞ്ഞു
നോക്കീട്ട പാത്തുകൊണ്ടവനൊ കേട്ട മറക്കുന്നവനല്ല; ക്രിയ ചെയ്യുന്നവ
26 നായി തീർന്നു, താൻ ചെയ്യുന്നതിൽ ധന്യനാകും. നാവിന്ന കടിഞ്ഞാ
ണിടാതെ വല്യപനും സ്വഹൃദയത്തെ വഞ്ചിച്ചുകൊണ്ട ആരാധനക്കാരനാ
27 കുന്നു എന്നു നിരൂപിച്ചാൽ ഇവന്റെ ആരാധന വ്യർത്ഥം. പിതാവായ ദൈ
വത്തിൻമുമ്പാകെ ശുദ്ധവും നിർമ്മലതയും ഉള്ള ആരാധനയൊ അനാഥ
രേയും വിധവമാരേയും അവരുടെ സങ്കടത്തിൽ ചെന്ന കാണുന്നതും തന്നെ
ത്താൻ ലോകത്തിൽനിന്ന കളങ്കമില്ലാത്തവനായി കാത്തിരിക്കുന്നതും അ
ത്രെ.

2. അദ്ധ്യായം

പക്ഷപാതം കൂടാത്ത, (8) സ്നേഹത്താലെ വിശ്വാസം വിളങ്ങുന്നുള്ള,
(14) ക്രിയകൾ കൂടാത്ത വിശ്വാസം ചത്തതു.

1 എൻ സഹോദരന്മാരെ! തേജസ്സിലായ നമ്മുടെ കർത്താവാകുന്ന യേശു
ക്രിസ്തന്റെ വിശ്വാസത്തെ നിങ്ങൾ മുഖപക്ഷങ്ങളോടു ചേർത്തുകൊള്ളരുതെ.
2 എങ്ങിനെ എന്നാൽ നിങ്ങളുടെ പള്ളിയിൽ രാജസവസ്ത്രം ഉടുത്ത പൊൻ
മോതിരക്കാരൻ വരികയും മുഷിഞ്ഞ വസ്ത്രമുള്ള ദരിദ്രനും പ്രവേശിക്കയും
3 ചെയ്യുമ്പോൾ, നിങ്ങൾ രാജസവസ്ത്രമുള്ളവനെ നോക്കി, തങ്ങൾ ഇവിടെ ഇ
രുന്ന കൊണ്ടാലും എന്നും ദരിദ്രനോടു നീ അവിടെ നില്ക്ക അല്ലെങ്കിൽ ഇ
വിടെ എൻ പാദപീഠത്തിങ്കീഴിൽ ഇരിക്ക എന്ന പറഞ്ഞാൽ; നിങ്ങളുടെ
4 ഉള്ളം തന്നെ ഇടഞ്ഞുപോയി, നിങ്ങൾ ദുർവ്വിചാരങ്ങളിൻപ്രകാരം ന്യാ
5 യകർത്താക്കന്മാരായി തീർന്നില്ലയൊ? എൻ സഹോദരൻമാരെ കേൾപിൻ!
ദൈവം ലോകത്തിന്ന ദരിദ്രന്മാരായവരെ വിശ്വാസത്തിൽ സമ്പന്നരും
തന്നെ സ്നേഹിക്കുന്നവക്കു വാഗ്ദത്തം ചെയ്ത രാജ്യത്തിന്റെ അവകാശികളും
6 ആക്കേണ്ടതിന്ന തെരിഞ്ഞെടുത്തില്ലയൊ? നിങ്ങളൊ ദരിദ്രനെ അപമാ
നിച്ചു, ധനവാന്മാർ നിങ്ങളെ ഹേമിച്ചു നടക്കുട്ടങ്ങളിലേക്ക ഇഴെക്കുന്നി
7 ല്ലയൊ? നിങ്ങളുടെ മേൽ വിളിച്ച നല്ല നാമത്തെ അവർ തന്നെ ദൂഷിച്ചു പ
8 റയുന്നില്ലയൊ? എന്നാൽ കൂട്ടുകാരനെ നിന്നെ പോലെ തന്നെ സ്നേഹിക്കേ
ണം എന്ന വാക്യപ്രകാരം രാജകീയ ധർമ്മത്തെ നിങ്ങൾ നിവൃത്തിക്കുന്നു
9 എങ്കിൽ നന്നായി ചെയ്യുന്നു. മുഖപക്ഷം കാട്ടുകിലൊ പാപം ചെയ്യുന്നു;
നിങ്ങൾ ലംഘനക്കാർ എന്ന ധർമ്മത്താൽ തന്നെ തെളിഞ്ഞു വരുന്നവ
10 ല്ലൊ. എങ്ങിനെ എന്നാൽ യാതൊരുത്തൻ ധർമ്മത്തെ മുഴുവനും പ്രമാണി
ച്ചു നടന്നു ഒന്നിങ്കൽ എങ്കിലും തെറ്റിയാൽ അവൻ സകലത്തിന്നും കുറമു
11 ള്ളവനായ്തീന്നു. വ്യഭിചാരം ചെയ്യരുത എന്ന പറഞ്ഞവൻ കൂല ചെയ്യരുത

എന്നും പറഞ്ഞു; നീ വ്യഭിചാരം അല്ല, കൂല ചെയ്യും എങ്കിൽ ധർമ്മ
12 ലംഘിയായ്തീർന്നു. സ്വാതന്ത്ര്യധർമ്മത്താൽ വിസ്താരം വരേണ്ടുന്നവർ എന്നു
13 വെച്ച് അങ്ങിനെ പറവിൻ അങ്ങിനെ ചെയ്വിൻ. കനിവു ചെയ്യാത്ത
വന്നു ന്യായവിസ്താരം കനിവില്ലാത്തതത്രെ; വിസ്താരത്തിലും കനിവു പ്ര
ശംസിക്കയും ചെയ്യുന്നു.
14 എന്റെ സഹോദരന്മാരെ! ഒരുത്തൻ വിശ്വാസം ഉണ്ടെന്നു പറഞ്ഞു ക്രി
യകൾ ഇല്ലാത്തവൻ ആകയാൽ, ഉപകാരം എന്തു? ആ വിശ്വാസത്തിന്നു
15 അവനെ രക്ഷിച്ചു കൂടുമൊ? എന്തൊ സഹോദരനൊ, സഹോദരിയൊ, ന
16 ഗ്നരും ദിവസവൃത്തി ഇല്ലാത്തവരും ആകും കാലം. നിങ്ങളിൽ ഒരുത്തൻ
അവരോടു സമാധാനത്തോടെ പോവിൻ; ഉഷ്ണവും തൃപ്തിയും വരട്ടെ എന്നു
ചൊല്ലുക അല്ലാതെ, ദേഹത്തിന്നു മുട്ടുള്ളതു കൊടാതെ ഇരുന്നാൽ ഉപകാരം
17 എന്തു? ഇപ്രകാരം ക്രിയയില്ലാത്തതായാൽ വെറും വിശ്വാസം ചത്തതത്രെ.
18 അതിന്നു ഒരുത്തൻ നിണക്കു വിശ്വാസവും എനിക്കു ക്രിയയും ഉണ്ടു, നിന്റെ
വിശ്വാസത്തെ ക്രിയകൂടാതെ കാണിക്ക എന്നാൽ എന്റെ വിശ്വാസ
19 ത്തെ ഞാൻ ക്രിയകളാൽ കാട്ടിത്തരാം എന്നു പറയും. ദൈവം ഏകൻ എന്നു
നീ വിശ്വസിക്കുന്നു നല്ലതു; ദുർഭ്രൂതങ്ങളും വിശ്വസിച്ചു വിറെക്കുന്നു. പിന്നെ
20 വ്യർത്ഥ മനുഷ്യനായുള്ളോവെ! ക്രിയകൂടാ ഇല്ലാത്ത വിശ്വാസം നിസ്സാരം എ
21 ന്നു അറിവാൻ മനസ്സുണ്ടൊ? നമ്മുടെ പിതാവായ അബ്രഹാം സ്വപുത്രനായ
ഇസ്ഹാക്കെ പീഠത്തിന്മേൽ ബലികഴിച്ചിട്ടു, ക്രിയകളാൽ നീതിമാനായ
22 ല്ലൊ? അവന്റെ ക്രിയകൂടാക്കായി വിശ്വാസം കൂടെ വ്യാപരിച്ചു എന്നും
ക്രിയകളാൽ വിശ്വാസം തികഞ്ഞുചമഞ്ഞു എന്നും അബ്രഹാം ദൈവത്തെ
23 വിശ്വസിച്ചു, അത് അവന്നു നീതിയായി എണ്ണപ്പെട്ടു (1 മോ. 15, 6.)
എന്നുള്ള വാക്യം പൂരിച്ചു വന്നു, അവൻ (യശ. 41, 8.) ദൈവസ്നേഹിതൻ
24 എന്നു വിളിക്കപ്പെട്ടു എന്നു കാണാം അല്ലൊ. മനുഷ്യൻ വിശ്വാസത്താൽ
മാത്രമല്ല; ക്രിയകളാലും നീതീകരിക്കപ്പെടുന്നു എന്നു നിങ്ങൾ കാണുന്നു.
25 അവ്വണ്ണം വേശ്യയായ രാഹബും ദൂതരെ കൈക്കൊണ്ടു വേറൊരു വഴിക്കു പ
26 റഞ്ഞയച്ചിട്ടു, ക്രിയകളാൽ നീതീകരിക്കപ്പെട്ടില്ലയൊ? ഇങ്ങിനെ ആ
ത്മാവില്ലാത്ത ശരീരം ചത്തതാകും പോലെ ക്രിയകളില്ലാത്ത വിശ്വാസ
വും ചത്തതത്രെ.

3. അദ്ധ്യായം

വിശ്വാസവാദത്തിൽ പ്രത്യേകം നാവിനെ സൂക്ഷിച്ചു, (13) സൌമ്യതയാൽ
ജ്ഞാനത്തെ കാണിക്കേണം.

1 എന്റെ സഹോദരരെ! നമുക്കു അധികം ന്യായവിസ്താരം വരും എന്നു
റിഞ്ഞു, അനേകർ ഉപദേഷ്ടാക്കന്മാർ ആകരുതെ. നാം എല്ലാവരും പല
2 തിലും തെറ്റുന്നുവല്ലൊ. ഒരുത്തൻ വാക്കിൽ തെറ്റാതെ ഇരുന്നാൽ, അവൻ
ശരീരത്തെ മുഴുവനും കടിഞ്ഞാണിട്ടു നടത്തുവാൻ ശക്തനായി തികഞ്ഞ പു
3 രുഷൻ തന്നെ. കുതിരകളെ നമുക്കു അധീനമാക്കുവാൻ വായ്കളിൽ നാം
കടിഞ്ഞാൺ ഇട്ടാൽ അവറിന്റെ ദേഹത്തെ എല്ലാം തിരിക്കയും ചെയ്യുന്നു.
4 കണ്ടാലും കപ്പലുകളും എത്ര വലിയവ ആയാലും കൊടുങ്കാറ്റുകളാൽ കൊ
ണ്ടുപോകപ്പെട്ടാലും ഏറ്റവും ചെറിയ ചുക്കാനാൽ നടത്തുന്നവന്റെ ബോ
5 ധിച്ച ദിക്കിലേക്കു തിരിക്കപ്പെടുന്നു. അപ്രകാരം തന്നെ നാവും ചെറിയ
6 അവയവം എങ്കിലും വമ്പു കാട്ടുന്നതു. ഇതാ കുറഞ്ഞ തീ എത്ര വലിയ വ
നത്തെ കത്തിക്കുന്നു, നാവും തീ തന്നെ; അനീതിലോകമായിട്ടു നാവു ന
മ്മുടെ അവയവമദ്ധ്യത്തിൽനിന്നുകൊണ്ടു, സ്വദേഹത്തെയും മലിനമാക്കു
7 കയും നരകത്താൽ ജ്വലിക്കപ്പെട്ട ആയുസ്സിന്റെ ചക്രത്തെ ജ്വലിപ്പിക്കയും

ചെയ്യുന്നു. മൃഗപക്ഷികൾ ഇഴജാതി ജലജന്തുക്കൾ ഈ ജാതിയെല്ലാം മനുഷ്യ
8 ജാതിക്കു് അടങ്ങുന്നു, അടങ്ങീട്ടും ഇരിക്കുന്നു സത്യം. നാവിനെ മാത്രം മ
നുഷ്യൎക്കു് ആൎക്കും അടക്കിക്കൂടാ; അതു ചപലമായ ദോഷം മരണപ്രദമായ
9 വിഷത്താൽ പൂൎണ്ണം. അതിനാൽ നാം ദൈവവും പിതാവുമായവനെ വാ
10 ഴ്ത്തുന്നു, ദൈവസാദൃശ്യത്തിൽ ഉണ്ടായ മനുഷ്യരെ അതിനാൽ ശപിച്ചും കള
യുന്നു. ഒരു വായിൽനിന്നു തന്നെ സ്തുതിയും ശാപവും പുറപ്പെടുന്നു; എൻ
11 സഹോദരന്മാരെ! ഇപ്രകാരം ആകേണ്ടതല്ല. ഉറവു ഒരു ദ്വാരത്തിൽ നിന്നു
12 തന്നെ മധുരവും കൈപ്പും ഉള്ള(വെള്ളത്തെ)ചുരത്തുന്നുവൊ?അത്തിമരം ഒലീവ
13 ക്കായ്കളെയും മുന്തിരിവള്ളി അത്തിപ്പഴങ്ങളെയും ഉണ്ടാക്കുമൊ, ഉപ്പുറവു നല്ല
വെള്ളത്തെ ജനിപ്പിക്കയും ഇല്ല. നിങ്ങളിൽ ജ്ഞാനിയും മേധാവിയും ആയ
വൻ ആർ ഉള്ളു ?അവൻ നല്ല നടപ്പിനാൽ സ്വക്രിയകളെ ജ്ഞാനസൌമ്യത
യിൽ കാണിക്കട്ടെ,എങ്കിലും നിങ്ങൾക്കു് കൈപ്പുള്ള എരിവും ശാഠ്യവും ഹൃ
14 ദയത്തിൽ ഉണ്ടെങ്കിൽ, സത്യത്തിന്നെതിരെ പ്രശംസിച്ചു ഭോഷ്കു പറയ
15 രുതെ. ഇതു് ഉയരത്തിൽനിന്നു് ഇറങ്ങുന്ന ജ്ഞാനമല്ല; ഭൌമവും പ്രാണമാ
16 യവും പൈശാചികവും ആയുള്ള ജ്ഞാനമത്രെ. എരിവും ശാഠ്യവും എവിടെ
അവിടെ കലക്കവും സകല ദുഷ്പ്രവൃത്തിയും ഉണ്ടു. ഉയരത്തിൽ നിന്നുള്ള
17 ജ്ഞാനമൊ മുമ്പിൽ നിൎമ്മലമായി പിന്നെ സമാധാനവും ശാന്തതയും ഉള്ള
തു, വഴിപ്പെടുന്നതും കനിവും സൽഫലങ്ങളും നിറഞ്ഞതും പക്ഷപാതവും
18 വ്യാജവും ഇല്ലാത്തതും ആകുന്നു. എന്നാൽ സമാധാനത്തിലെ നീതിഫലം
സമാധാനത്തെ നടത്തുന്നവരാൽ വിതെക്കപ്പെടുന്നു.

4. അദ്ധ്യായം

കലഹങ്ങൾക്കു് സ്വാൎത്ഥ തന്നെ വേരാകയാൽ, (7) ദൈവത്തോടു ചേ
ൎന്നു പിശാചെ വെറുത്തും താണും കൊണ്ടു, (13) പ്രശംസയെ ഒഴിക്കെണം.

1 നിങ്ങളിൽ യുദ്ധകലഹങ്ങൾ എവിടെനിന്നു? ഇതിൽനിന്നല്ലൊ നിങ്ങ
ളുടെ അവയവങ്ങളിൽ പടകൂടുന്ന ഭോഗേച്ഛകളിൽ നിന്നു തന്നെ. നി
2 ങ്ങൾ കൊതിക്കുന്നു സാധിക്കുന്നതും ഇല്ല; നിങ്ങൾ കൊല്ലുകയും മത്സരിക്ക
യും ചെയ്യുന്നു, പ്രാപിപ്പാൻ കഴിയുന്നതും ഇല്ല; നിങ്ങൾ കലഹിച്ചു യുദ്ധം
3 ചെയ്യുന്നു, യാചിക്കായ്കകൊണ്ടു കിട്ടുന്നതും ഇല്ല. നിങ്ങൾ യാചിക്കുന്നു
എങ്കിലും നിങ്ങളുടെ ഭോഗങ്ങളിൽ ചെലവിടേണ്ടതിന്നു വല്ലാതെ യാചി
4 ക്കകൊണ്ടു ലഭിക്കുന്നതും ഇല്ല. വ്യഭിചാരികളും വ്യഭിചാരിണികളും ആയു
ള്ളോരെ! ലോകസ്നേഹം ദേവശത്രുത്വം ആകുന്നു എന്നു നിങ്ങൾ അറിയുന്നി
5 ല്ലയൊ? എന്നാൽ ലോകസ്നേഹിതനാകുവാൻ ഇച്ഛിക്കുന്നവനെല്ലാം ദേ
വശത്രുവായ്തീരുന്നു. അല്ലെങ്കിൽ അവൻ നമ്മിൽ വസിപ്പിച്ച ആത്മാവെ
അസൂയയോടെ കാംക്ഷിക്കുന്നു എന്നു വേദം വെറുതെ പറയുന്നപ്രകാരം തോ
6 ന്നുന്നുവൊ? എങ്കിലും അവൻ അധികം കരുണയും നല്കുന്നു; ആകയാൽ
ദൈവം ഗൎവ്വികളോടു എതിരിടുന്നു താഴ്മയുള്ളവൎക്കു് കരുണയെ കൊടുക്കുന്നു
7 എന്നുണ്ടല്ലൊ (സുഭ. 3, 34.) ആകയാൽ നിങ്ങൾ ദൈവത്തിന്നു കീഴടങ്ങി
കൊൾവിൻ, പിശാചൊടു മറുത്തുനില്പിൻ എന്നാൽ അവൻ നിങ്ങളെ വിട്ടു്
8 ഓടിപോകും. ദൈവത്തോടണഞ്ഞു കൊൾവിൻ. എന്നാൽ അവൻ നിങ്ങ
ളോടണയും; ഹേ പാപികളെ! കൈകളെ വെടിപ്പാക്കുവിൻ, ഇരുമനസ്സുള്ള
9 വരെ! ഹൃദയങ്ങളെ നിൎമ്മലീകരിപ്പിൻ. സങ്കടപ്പെട്ടു തൊഴിച്ചു കരവിൻ,
10 നിങ്ങളുടെ ചിരി ഖേദമായും സന്തോഷം വിഷാദമായും മാറിവരിക. കർ
11 ത്താവിൻ മുമ്പാകെ താണിരിപ്പിൻ എന്നാൽ അവൻ നിങ്ങളെ ഉയൎത്തും.
സഹോദരന്മാരെ, തമ്മിൽ തമ്മിൽ താൎത്തി പറയരുതെ. തന്റെ സഹോദര
നെ താൎത്തി പറകയും ന്യായം വിധിക്കയും ചെയ്യുന്നവൻ ധൎമ്മത്തെ താൎത്തി

പറഞ്ഞു, ധർമ്മത്തെ വിധിക്കയും ചെയ്യുന്ന എങ്കിലും ധർമ്മത്തെ വിധിക്കു
ന്ന എങ്കിൽ നീ ധർമ്മത്തെ അനുഷ്ഠിക്കുന്നവനല്ല; വിധിക്കുന്നവനത്രെ ആകു
12 ന്നു. ധർമ്മകർത്താവും ന്യായാധിപതിയും ഒരുവനെ ഉള്ളു, രക്ഷിപ്പാനും
നശിപ്പിപ്പാനും ശക്തനായവൻ തന്നെ; അന്യനെ വിധിക്കുന്ന നീ ആരാകു
ന്നു?
13 അല്ലയൊ ഇന്നും നാളയും ഇന്നിന്ന പട്ടണത്തിൽ പോയി അതിൽ ഒരാണ്ടു
കഴിച്ചു, വ്യാപാരം ചെയ്തു ലാഭം ഉണ്ടാക്കും എന്നു പൊല്ലുന്നോരെ കേൾ
14 പ്പിൻ! നാളെത്തേതു നിങ്ങൾ അറിയുന്നില്ലല്ലൊ? (നിങ്ങളുടെ ജീവൻ എന്തു
പോൽ? നിങ്ങൾ കുറഞ്ഞ നേരത്തേക്ക് കണ്ടും പിന്നെ മറഞ്ഞും പോകുന്ന
15 ആവിയല്ലൊ). കർത്താവിന്നിഷ്ടം ഉണ്ടെങ്കിൽ ഞങ്ങൾ ജീവിക്കും; ഇതും
അതും ചെയ്കയും ചെയ്യും എന്നു പറയേണ്ടതല്ലയൊ? അല്ല, നിങ്ങളുടെ
16 വമ്പുകളിൽ നിങ്ങൾ പ്രശംസിക്കെ ഉള്ളു. ഈ വക പ്രശംസ എല്ലാം ദോ
ഷം; അതുകൊണ്ടു നല്ലതു ചെയ്വാൻ അറിഞ്ഞിട്ടും ചെയ്യാത്തവന്നു അതു
പാപം ആകുന്നു.

5. അദ്ധ്യായം

ധനവാന്മാക്ക് ന്യായവിധിയേയും, (7) സഹോദരക്ക് ക്ഷാന്തിയേയും ഘോഷിച്ചതു, (12) ആണയെ ഒഴിച്ചു, (13) പ്രാർത്ഥനയിൽ ഉത്സാഹിപ്പാനും, (19) സഹോദരനെ രക്ഷിപ്പാനും പ്രബോധനം.

1 അല്ലയൊ ധനവാന്മാരായുള്ളോരെ! നിങ്ങളുടെ മേൽ വരുന്ന സങ്കടങ്ങൾ
2 നിമിത്തം അലറി കരവിൻ. നിങ്ങളുടെ ധനം ദ്രവിച്ചും ഉടുപ്പുകൾ പുഴവരി
3 ച്ചും പോയി. നിങ്ങളുടെ പൊന്നും വെള്ളിയും കറ പിടിച്ചു, ആ കറ നിങ്ങ
ളുടെ നേരെ സാക്ഷിയാകും അഗ്നിപോലെ നിങ്ങളുടെ ജഡത്തെ തിന്നുക
യും ചെയ്യും; അവസാനദിവസങ്ങളിൽ നിങ്ങൾ നിക്ഷേപങ്ങളെ ശേഖരിച്ചു
4 തു. കണ്ടാലും നിങ്ങളുടെ നിലങ്ങളെ കൊയ്തിട്ടുള്ള പണിക്കാരുടെ കൂലി
യെ നിങ്ങൾ പിടിച്ചു കളഞ്ഞതു അങ്ങു നിന്നു നിലവിളിക്കുന്നു; മൂർന്നവരു
ടെ മുറവിളികളും സൈന്യങ്ങളുടെയ കർത്താവിന്റെ ചെവികളിൽ എത്തി;
5 നിങ്ങൾ ഭൂമിമേൽ ആഡംബരത്തോടെ പുളെച്ചു മദിച്ചു കൂലദിവസത്തിൽ
6 എന്ന പോലെ നിങ്ങളുടെ ഹൃദയങ്ങളെ പോഷിപ്പിച്ചു. നീതിമാനെ കുറ്റം
വിധിച്ചു കൊന്നു, അവൻ നിങ്ങളോടു വിരോധിക്കുന്നതും ഇല്ല. എന്നാൽ
7 സഹോദരന്മാരെ! കർത്താവിന്റെ വരവുവരെ ദീർഘക്ഷമയൊടിരിപ്പിൻ;
കണ്ടാലും കൃഷിക്കാരൻ ഭൂമിയുടെ മാന്യമായ ഫലത്തിന്നു കാത്തു കൊണ്ടു,
8 മുന്മഴയും പിന്മഴയും അതിന്നു കിട്ടുവോളം ദീർഘക്ഷമയോടിരിക്കുന്നു. നി
ങ്ങളും ദീർഘക്ഷമയോടിരിപ്പിൻ, ഹൃദയങ്ങളെ സ്ഥിരീകരിപ്പിൻ; കർത്താ
9 വിൻ വരവു സമീപിച്ചിരിക്കുന്നുവല്ലൊ? സഹോദരന്മാരെ, കുറ്റവിധി
യിൽ ഉൾപെടാതെ ഇരിപ്പാൻ; അന്യോന്യം ഞരങ്ങി പോകരുതെ; ഇതാ
ന്യായാധിപതി വാതിൽക്കൽ മുമ്പാകെ നില്ക്കുന്നു. എൻ സഹോദരന്മാരെ,
10 കർത്താവിൻ നാമത്തിൽ ഉരചെയ്ത പ്രവാചകന്മാരെ കഷ്ടാനുഭവത്തിന്നും
11 ദീർഘക്ഷമെക്കും ദൃഷ്ടാന്തമായി വിചാരിച്ചു കൊൾവിൻ. ഇതാ സഹി
ക്കുന്നവരെ നാം ധന്യർ എന്നു വാഴ്ത്തുന്നു; യോബിന്റെ സഹിഷ്ണുതയെ നി
ങ്ങൾ കേട്ടിരിക്കുന്നു; കർത്താവിന്റെ അവസാനത്തേയും കണ്ടു കൊൾവിൻ;
കർത്താവ് കനിവും അയ്യൊഭാവവും പെരുകിയവൻ സത്യം.
12 വിശേഷിച്ച് സഹോദരന്മാരെ! സ്വർഗ്ഗത്തെ എങ്കിലും ഭൂമിയെ എങ്കി
ലും മറ്റെന്തു എങ്കിലും ചൊല്ലി ആണയിടരുതു; നിങ്ങൾ ശിക്ഷാവിധി
യിൽ വീഴാതിരിപ്പാൻ നിങ്ങളുടെ (മനസ്സിൽ) അതെ എന്നുള്ളതു അതെ
എന്നും ഇല്ല എന്നുള്ളതു ഇല്ല എന്നും ഇരിക്കട്ടെ.

13 നിങ്ങളിൽ ഒരുവൻ കഷ്ടമനുഭവിക്കുന്നുവൊ, അവൻ പ്രാർത്ഥിക്ക: സുഖമ
14 നസ്സായാൽ സ്തുതിപാടുക. നിങ്ങളിൽ ഒരുത്തൻ രോഗി ആയാൽ അവൻ
സഭയിലെ മൂപ്പന്മാരെ വരുത്തട്ടെ; അവരും കർത്താവിൻ നാമത്തിൽ അവ
15 നെ എണ്ണ തേച്ചും കൊണ്ടു അവന്മേൽ പ്രാർത്ഥിക്ക. എന്നാൽ വിശ്വാസപ്രാ
ർത്ഥന വലഞ്ഞവനെ രക്ഷിക്കും; കർത്താവ് അവനെ എഴുനീല്പിക്കയും
ചെയ്യും; അവൻ പാപങ്ങൾ ചെയ്തവൻ ആകിലും അവനോടു ക്ഷമിക്ക
16 പ്പെടും. എന്നാൽ നിങ്ങൾക്ക് രോഗശാന്തി വരേണ്ടതിന്നു പിഴകളെ ത
മ്മിൽ തമ്മിൽ ഏറ്റു പറഞ്ഞു, അന്യോന്യം പകർന്നു പ്രാർത്ഥിപ്പിൻ! നീ
17 തിമാന്റെ ചൈതന്യമുള്ള പ്രാർത്ഥന വളരെ ഫലിക്കുന്നു. ഏലിയാ നമു
ക്കു സമഭാവമുള്ള മനുഷ്യനായിരുന്നു; മഴ പെയ്യാതെ ഇരിക്കേണ്ടതിന്നു അ
വൻ പ്രാർത്ഥനയിൽ അപേക്ഷിച്ചു. മൂന്നു സംവത്സരവും ആറു മാസവും ദേ
18 ശത്തിൽ പെയ്തതും ഇല്ല. പിന്നെ പ്രാർത്ഥിച്ചപ്പോൾ ആകാശം മഴ തന്നു.
19 ഭൂമി തന്റെ ഫലത്തെ മുളെപ്പിക്കയും ചെയ്തു. സഹോദരന്മാരെ! നിങ്ങ
ളിൽ ഒരുത്തൻ സത്യത്തെ വിട്ടു. ഭ്രമിക്കയും ആയവനെ ഒരുവൻ വഴിക്ക
20 ലാക്കുകയും ചെയ്താൽ, പാപിയെ മാഗ്ഭ്രമണത്തിൽനിന്നു തിരിക്കുന്ന
വൻ ഒരു ദേഹിയെ മരണത്തിൽനിന്നു രക്ഷിക്കയും പാപസംഖ്യയെ മ
റെക്കയും ചെയ്യും എന്നു അവൻ അറിക.

THE FIRST EPISTLE OF

PETER

പേത്രൻെറ

ഒന്നാം ലേഖനം

1. അദ്ധ്യായം

(3) ദേവകരുണയാൽ പുതുതായി ജനിച്ചവർ, (10) ജീവനുള്ള പ്രത്യാശയിൽ വേത്രുന്നി, (13) വിശ്വാസഫലങ്ങളെ കൊടുത്തു, (22- 2, 10) ശുദ്ധഹൃദയത്താൽ സ്നേഹിച്ചും ദൈവാലയമായി വർദ്ധിപ്പാൻ പ്രബോധനം.

1 **യേ**ശുക്രിസ്തൻെറ അപോസ്തലനായ പേത്രൻ പൊന്തഗലാത്യ കപ്പദോ
ക്യ ആസ്യ ബിഥുന്യകളിലും ചിതറി പാർക്കുന്ന പരദേശികളായി. പി
2 താവായ ദൈവത്തിൻെറ മുന്നറിവിൻപ്രകാരം ആത്മാവിൻ വിശുദ്ധീ
കരണത്തിൽ തന്നെ അനുസരണത്തിനും യേശുക്രിസ്തൻെറ രക്തത്തളിക്കും
ആയിട്ടു തെരിഞ്ഞെടുക്കപ്പെട്ടവർക്ക് എഴുതുന്നതു: നിങ്ങൾക്കു കരുണയും
സമാധാനവും വർദ്ധിക്കുമാറാക.
3 നമ്മുടെ കർത്താവായ യേശുക്രിസ്തൻെറ പിതാവായ ദൈവത്തിനു സ്തോ
ത്രം; അവൻ തൻെറ കനിവിൻെറ ആധിക്യപ്രകാരം യേശുക്രിസ്തൻ മരി
ച്ചവരിൽനിന്നു എഴുനീററതിനാൽ, നമ്മെ വീണ്ടും ജനിപ്പിച്ചതു. ജീവ
4 നുള്ള പ്രത്യാശെക്കും വിശ്വാസത്താൽ ദേവശക്തിയിൽ കാക്കപ്പെടുന്ന നി
ങ്ങൾക്കായി സ്വർഗ്ഗത്തിൽ സൂക്ഷിച്ചു വെച്ചതും കേടു, മാലിന്യം, വാട്ടം
5 എന്നിവ ഇല്ലാത്തതുമായ അവകാശത്തിനും. അന്ത്യകാലത്തിൽ വെളി
6 പ്പെടുവാൻ ഒരുങ്ങിയ രക്ഷെക്കും തന്നെ. ആയതിൽ നിങ്ങൾ ആനന്ദിക്കു
ന്നുണ്ടു, വേണ്ടുകിൽ നാനാ പരീക്ഷകളാൽ ഇപ്പോൾ അല്പം ദുഃഖിതരാ
7 യിട്ടും (ആനന്ദിക്കുന്നു). അഴിവുള്ള പൊന്നു അഗ്നിയാൽ ശോധന ചെയ്യു
ന്നതേക്കാളും നിങ്ങളുടെ വിശ്വാസത്തിൻെറ ശോധനാസിദ്ധത വിലയേറു
ന്നതു എന്നു കണ്ടു വരേണ്ടതിനു യേശുക്രിസ്തൻ വെളിപ്പെടുകയിൽ സ്തുതി
8 മാനതേജസ്സുകൾക്കായി (പരീക്ഷിക്കപ്പെടുന്നതു). ആയവനെ നിങ്ങൾ ക
9 ണ്ടറിയാതെ സ്നേഹിച്ചും ഇപ്പോൾ കാണാതെ വിശ്വസിച്ചും കൊണ്ടു. ദേ
ഹികളുടെ രക്ഷ ആകുന്ന വിശ്വാസത്തിൻ അന്ത്യത്തെ പ്രാപിക്കുന്നതു കൊ
10 ണ്ടു, ചൊല്ലിത്തീരാത്ത തേജോമയ സന്തോഷത്തോടെ ആനന്ദിക്കുന്നു. നി
ങ്ങളിലേക്കുള്ള കരുണയെകൊണ്ടു പ്രവചിച്ച പ്രവാചകന്മാർ ഈ രക്ഷയെ
11 കുറിച്ചു ആരാഞ്ഞു അന്വേഷിച്ചിരുന്നു. ആയവരിൽ ഉള്ള ക്രിസ്തുവാ
കട്ടെ, ക്രിസ്തനു വരേണ്ടുന്ന കഷ്ടങ്ങളെയും വഴിയേയുള്ള തേജസ്സുകളേയും
മുമ്പിൽ കൂട്ടി സാക്ഷ്യം പറയുമ്പോൾ, സൂചിപ്പിക്കുന്ന സമയം ഏതൊ എ
12 ങ്ങിനെ ഉള്ളതൊ എന്നു അവർ ആരാഞ്ഞു നോക്കിയതും അല്ലാതെ, ത
ങ്ങൾക്കായല്ല നമുക്കായിട്ടു ശുശ്രൂഷിച്ചു അവറെ എത്തിക്കകൊണ്ടു സ്വർഗ്ഗ
ത്തിൽനിന്നു അയക്കപ്പെട്ട വിശുദ്ധാത്മാവിനമൂലം നിങ്ങളോടു സുവിശേ
ഷിച്ചവർ നിങ്ങളെ ഗ്രഹിപ്പിച്ച വിശേഷങ്ങൾ അവക്കു വെളിപ്പെട്ടുവന്ന
തു ആയവ ദൂതന്മാരും കുനിഞ്ഞു നോക്കുവാൻ ആഗ്രഹിക്കുന്നു.
13 ആകയാൽ നിങ്ങളുടെ മനസ്സിൻെറ അര കെട്ടികൊണ്ടു നിർമ്മദരായി
യേശുക്രിസ്തൻ വെളിപ്പെടുകയിൽ നിങ്ങൾക്കു നേരിടുന്ന കരുണയെ മുറും

14 ആശ്ചൎയ്യപ്പെട്ടു കാത്തുനിലൎപ്പിൻ. പണ്ടു നിങ്ങളുടെ അജ്ഞാനത്തിൽ ഉള്ള മോ
15 ഹങ്ങളെ മാതിരി ആക്കാതെ, നിങ്ങളെ വിളിച്ച വിശുദ്ധനും തക്കവണ്ണം
അനുസരണമുള്ള പൈതങ്ങളായി എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ.
16 ഞാൻ വിശുദ്ധനാകയാൽ വിശുദ്ധരാകുവിൻ എന്നു (3മോ. 11,44.)
17 എഴുതിയിരിക്കുന്നുവല്ലൊ? പിന്നെ മുഖപക്ഷം കൂടാതെ ഓരോരുത്തന്റെ
ക്രിയകളും തക്കവണ്ണം ന്യായം വിധിക്കുന്നവനെ നിങ്ങൾ അച്ഛൻ എന്നു വി
ളിച്ചിരിക്കെ; നിങ്ങളുടെ പരദേശിത്വകാലം ഭയത്തോടെ നടന്നു കഴി
18 പ്പിൻ. പിതൃപാരമ്പൎയ്യത്താലെ നിസ്സാരമായ നടപ്പിൽനിന്നു നിങ്ങളെ മേ
ടിച്ചു വിടുവിച്ചതു പൊൻ വെള്ളി മുതലായ അനിത്യ വസ്തുക്കളെ കൊണ്ടു
19 ല്ല. നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്നൊത്ത ക്രിസ്തന്റെ വില
20 യേറിയ രക്തം കൊണ്ടത്രെ എന്നറിയുന്നുവല്ലൊ. അവൻ ലോകസ്ഥാപന
ത്തിൻ മുമ്പെ മുന്നറിയപ്പെട്ട ഈ അവസാനകാലങ്ങളിൽ വെളിപ്പെട്ടവന്ന
21 ത്. അവന്മൂലം ദൈവത്തിൽ വിശ്വസിക്കുന്ന നിങ്ങൾ നിമിത്തമായിട്ടു
തന്നെ; അവനെ അല്ലൊ ദൈവം മരിച്ചവരിൽനിന്നു എഴുനീല്പിച്ചു,
തേജസ്സു കൊടുത്തതിനാൽ നിങ്ങളുടെ വിശ്വാസം ദൈവത്തിങ്കലെ പ്ര
22 ത്യാശയായിട്ടും ഇരിക്കുന്നു. എന്നാൽ (ആത്മമൂലം) സത്യത്തെ അനുസരി
ക്കയിൽ നിങ്ങളുടെ ദേഹികളെ നിർവ്യാജമായ സഹോദരപ്രീതിക്കായി
നിർമ്മലീകരിച്ചിട്ടു, ശുദ്ധഹൃദയത്തോടെ അന്യോന്യം ഉറ്റു സ്നേഹിപ്പിൻ.
23 കെടുന്ന ബീജത്തിൽനിന്നല്ല, കെടാത്തതിൽനിന്നത്രെ (എന്നേക്കും) ജീവി
ച്ചു നിലനില്ക്കുന്ന ദൈവവചനത്താൽ തന്നെ; നിങ്ങൾ വീണ്ടും ജനിച്ചവർ
24 അല്ലൊ. എങ്ങിനെ എന്നാൽ സകല ജഡവും പുല്ലു പോലെയും അതിൻ തേ
ജസ്സു എല്ലാം പുല്ലിൻ പൂ പോലെയും ആകുന്നു; പുല്ലു വാടി പൂ വ്യതിരുകയും
25 ചെയ്യുന്നു. കൎത്താവിൻ വചനം എന്നേക്കും നിലനില്ക്കുന്നു. (യശ. 40,6–8.)
എന്നുള്ളതു നിങ്ങളോടു അറിയിച്ച സുവിശേഷവചനം തന്നെ.

2. അദ്ധ്യായം

(11) ഇഹത്തിൽ പരദേശികളായി നടക്കേണ്ടുംപ്രകാരം, (13) പ്രജകൎത്തൃ
ക്കും, (18) ദാസൎക്കും, (3. 1,7.) സ്ത്രീപുരുഷന്മാൎക്കും കാട്ടികൊടുക്കുന്നതു.

1 അതുകൊണ്ടു സകല വേണ്ടാതനവും എല്ലാ ചതിയും വ്യാജഭാവങ്ങളും
2 അസൂയയും നുണകളെയും ഒക്കവെ തള്ളിക്കളഞ്ഞു. ഇപ്പോൾ ജനിച്ച ശിശു
ക്കളായി രക്ഷയോളം വളരുവാനായിട്ടു കൂട്ടില്ലാത്ത ബുദ്ധിമയപാലിനെ
3 ആഗ്രഹിപ്പിൻ. (സങ്കീ. 34,9.) കൎത്താവു വത്സലൻ എന്നു നിങ്ങൾ ആ
4 സ്വദിച്ചവരല്ലൊ. ആയവനെ മനുഷ്യർ ആകാ എന്നു തള്ളീട്ടും ദൈവം തെ
രിഞ്ഞെടുത്തതും മാന്യവും ജീവനുള്ളതും ആയ കല്ലു എന്നറിഞ്ഞു അണ
5 ഞ്ഞു ചേൎന്നു നിങ്ങളും. ജീവനുള്ള കല്ലുകൾ എന്നപോലെ ആത്മികഗൃഹവും
യേശുക്രിസ്തുമൂലം ദൈവത്തിന്നു സുഗ്രാഹ്യമായ ആത്മികബലികളെ കഴി
പ്പാന്തക്ക വിശുദ്ധ പുരോഹിതകുലവുമായി പണിയിക്കപ്പെട്ടു കൊൾ
6 വിൻ. ഇതാ തെരിഞ്ഞെടുത്തതും മാന്യവും ആയ മൂലക്കല്ലിനെ ഞാൻ ചീ
യോനിൽ സ്ഥാപിക്കുന്നു; അവനിൽ വിശ്വസിക്കുന്നവൻ നാണിച്ചുപോ
കയില്ല എന്നു (യശ. 28, 16.) വേദത്തിൻ അടക്കം അല്ലൊ. അതുകൊണ്ടു
7 വിശ്വസിക്കുന്ന നിങ്ങൾക്കു ആ മാനം ഉണ്ടു, അനുസരിക്കാത്തവർക്കൊ
വീടുപണിയുന്നവർ ആകാ എന്നു തള്ളിയ ആ കല്ലുതന്നെ കോണിൻ തല
8 യായി ഇടുന്ന കല്ലും വിരുദ്ധ പാറയും ആയ്തീൎന്നു: (സങ്കീ. 118,22. യശ.
8,14.) അവർ വചനത്തെ അനുസരിയായ്കയാൽ ഇടറുന്നു: ആയതിന്നു
അവർ വെക്കപ്പെട്ടും ഇരിക്കുന്നു. നിങ്ങളൊ അന്ധകാരത്തിൽനിന്നു തന്റെ
9 അത്ഭുത പ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സല്ഗുണങ്ങളെ

വർണ്ണിപ്പാന്തക്കവെണ്ണം തെരിഞ്ഞെടുത്തൊരു ജാതിയും രാജകീയ പുരോ
ഹിതകുലവും വിശുദ്ധ വംശവും പ്രത്യേകം സമ്പാദിച്ച പ്രജയും ആകുന്നു.
10 പണ്ടു പ്രജയല്ല, ഇപ്പോൾ ദേവപ്രജ, മുമ്പിൽ കനിവു ലഭിക്കാത്തവർ ഇ
പ്പോൾ കനിവു ലഭിച്ചവർ തന്നെ (ഹൊശ. 2. 25).
11 പ്രിയമുള്ളവരെ, ഞാൻ നിങ്ങളെ പരദേശികളും പരവാസികളും എന്നു
വെച്ചു പ്രബോധിപ്പിക്കുന്നതു: ദേഹിയോടു പോരാടുന്ന ജഡമോഹങ്ങളെ
12 വിട്ടകന്നു. ജാതികളുടെ ഇടയിൽ നിങ്ങളുടെ നല്ല നടപ്പിനെ കാട്ടേണം
അവർ നിങ്ങളെ ദുഷ്പ്രവൃത്തിക്കാർ എന്നു ദുഷിച്ചു പറയുന്ന അവസ്ഥകളും
നല്ല ക്രിയകളെ കണ്ടു കാര്യസൂക്ഷ്മം അറിഞ്ഞു, ദർശനദിവസത്തിൽ ദൈവ
13 ത്തെ മഹത്വീകരിപ്പാനായിട്ടു തന്നെ. എങ്കിലൊ മാനുഷസൃഷ്ടിക്കു ഒക്കെ
കും കർത്താവിന്നിമിത്തമായി കീഴടങ്ങുവിൻ. ശ്രേഷ്ഠാധികാരി എന്നു
14 വെച്ചു രാജാവിന്നും ആയവൻ ദുഷ്പ്രവൃത്തിക്കാരുടെ ദണ്ഡനത്തിന്നും
15 സൽപ്രവൃത്തിക്കാരുടെ മാനത്തിന്നും അയച്ചിട്ടുള്ളവർ എന്നിട്ടു നാടുവാഴി
കുംകും. (മറും) സ്വതന്ത്രരായും സ്വാതന്ത്ര്യത്തെ വേണ്ടാതനത്തിന്നു പു
16 തപ്പാക്കാതെ, ദേവദാസരായിട്ടു തന്നെ(കീഴടങ്ങുവിൻ). ബുദ്ധിയില്ലാത്ത
മനുഷ്യരുടെ അജ്ഞാനത്തെ ഗ്രണം ചെയ്യുകൊണ്ടു മിണ്ടാതെ ആക്കിവെക്കു
ക തന്നെ ദേവേഷ്ടം അല്ലൊ ആകുന്നു. എല്ലാവരെയും ബഹുമാനിപ്പിൻ, സ
17 ഹോദരതയെ സ്നേഹിപ്പിൻ, ദൈവത്തെ ഭയപ്പെടുവിൻ, രാജാവെ മാനി
പ്പിൻ.
18 വേലക്കാരെ സകല ഭയത്തോടും യജമാനന്മാക്കു കീഴടങ്ങി ഇരിപ്പിൻ;
നല്ലവരിലും ശാന്തന്മാരിലും മാത്രമല്ല, മൂർഖന്മാരിലും അതുപോലെ തന്നെ.
19 കാരണം ഒരുത്തൻ ദൈവം അറിയുന്നു എന്നു വെച്ചു ദുഃഖങ്ങളെ സഹിച്ചു
20 പാത്തു അപന്യായമായി കഷ്ടപ്പെട്ടാൽ അതു തന്നെ കരുണയാകുന്നു. നി
ങ്ങളും പാപം ചെയ്തു കുമകൊണ്ടു സഹിച്ചാൽ, എന്തു കീർത്തി ഉണ്ടു? അല്ല,
ഗ്രണംചെയ്തു കഷ്ടപ്പെട്ടു സഹിച്ചാൽ, അതു ദൈവമുമ്പാകെ കരുണ ആകു
21 ന്നു. ഇതിന്നായിട്ടു നിങ്ങളും വിളിക്കപ്പെട്ടുവല്ലൊ; കാരണം ക്രിസ്തനും നി
ങ്ങൾക്കു വേണ്ടി കഷ്ടപ്പെട്ടു, നിങ്ങൾ അവന്റെ കാൽ വടുക്കളിൽ പിൻ
22 ചെല്ലുവാനായി, ഒരു പ്രമാണം വെച്ചു വിട്ടിരിക്കുന്നു. അവൻ പാപം ചെ
യ്തില്ല; അവന്റെ വായിൽ ചതി കാണപ്പെട്ടതും ഇല്ല; (യശ. 53, 9.) ശ
23 കാരിക്കപ്പെട്ടും ശകാരിക്കാതെയും കഷ്ടമനുഭവിച്ചും ഭീഷണം ചൊല്ലാതെ
യും പാർത്തു, നേരായി വിധിക്കുന്നവനിൽ തന്നെ ഏല്പിച്ചു. നാം പാപ
24 ങ്ങൾക്കു മരിച്ചു, നീതിക്കായി ജീവിക്കേണ്ടതിന്നു നമ്മുടെ പാപങ്ങളെ ത
ന്റെ ശരീരത്തിങ്കൽ ആക്കി താൻ മരത്തിന്മേൽ കരേറി അവന്റെ അടി
25 പ്പിണരാൽ നിങ്ങൾ സൌഖ്യപ്പെട്ടിരിക്കുന്നു. നിങ്ങൾ തെറ്റി ഉഴന്ന ആടു
കൾ പോലെ ആയിരുന്നു സത്യം; ഇപ്പോഴോ നിങ്ങളുടെ ദേഹികളുടെ ഇട
യനും അദ്ധ്യക്ഷനും ആയവങ്കലേക്കു തിരിഞ്ഞു ചേർന്നുവല്ലൊ. അപ്രകാ
3, 1 രം തന്നെ ഭാര്യമാരെ! സ്വഭർത്താക്കന്മാർക്കു കീഴടങ്ങി (ഇരിപ്പിൻ). വല്ല
(പുരുഷന്മാരും) വചനത്തെ അനുസരിക്കുന്നു ഇല്ല എങ്കിൽ ഭയത്തോടു കൂടി
2 യ നിങ്ങളുടെ നിർമ്മല ചാരിത്രത്തെ കണ്ടറിഞ്ഞു. വചനം കൂടാതെ ഭാ
3 ര്യമാരുടെ നടപ്പിനാൽ നേടപ്പെടേണ്ടതിന്നു തന്നെ. നിങ്ങൾക്കു അലങ്കാ
രമൊ പുരികുന്തൽ സ്വർണ്ണാഭരണം വസ്ത്രധാരണം ഇത്യാദി പുറമെ ഉള്ള
4 തല്ല. ദൈവത്തിന്നു വിലയേറിയതായി സൌമ്യതയും സാവധാനവും
ഉള്ള ഒരു ആത്മാവിന്റെ കേടായ്മയിൽ ഹൃദയത്തിന്റെ ഗൂഢമനുഷ്യന
5 ത്തെ (അലങ്കാരമാവു). ഇപ്രകാരം അല്ലൊ പണ്ടു ദൈവത്തിൽ ആശ വെച്ച
സ്വഭർത്താക്കന്മാർക്കു അടങ്ങിയ വിശുദ്ധസ്ത്രീകളും തങ്ങളെ തന്നെ അല
6 ങ്കരിച്ചുകൊള്ളും. സാറ (1 മോ. 18,12) അബ്രഹാമെ കർത്താവെ എന്നു വി
ളിച്ചുകൊണ്ടു അനുസരിച്ചപ്രകാരം തന്നെ നിങ്ങളും ഗ്രണം ചെയ്യുന്നു യാതൊ
7 രു ഭീഷണിയും പേടിക്കാതെ ഇരുന്നാൽ ആയവരുടെ മക്കളായ്ചമഞ്ഞു.

പുരുഷന്മാരെ നിങ്ങളും അപ്രകാരം തന്നെ (അടങ്ങുവിൻ) നിങ്ങളുടെ പ്രാർത്ഥനകൎക്കു മുടക്കം വരാതെ ഇരിപ്പാൻ സ്ത്രീകൎ ബലം കുറഞ്ഞ പാത്രം എന്നുവെച്ചു അവരോടു ജ്ഞാനപ്രകാരം സഹവാസം ചെയ്തു, ജീവതപ്രകൃപെക്കു അവർ കൂട്ടവകാശികൎ എന്നു ഓർത്തു, ബഹുമാനം ഒപ്പിച്ചു കൊടുപ്പിൻ.

3. അദ്ധ്യായം

(8) സമാധാനത്തോടെ തമ്മിൽ സുഖിപ്പാനും, (13) ഉപദ്രവങ്ങളിലും കൂശാതെ, (18) യേശുവെ പിഞ്ചെന്ന ജയം കൊൎവാനും പ്രബോധിപ്പിക്കുന്നതു.

8 ഒടുക്കം എല്ലാവരും ഐകമത്യവും കുറവായ്മയും സഹോദരപ്രീതിയും
9 കനിവും വിനയബുദ്ധിയും ഉള്ളവരായി ദോഷത്തിന്നു ദോഷത്തേയും ശകാരത്തിന്നു ശകാരത്തേയും പകരം ചെയ്യാത്തവർ എന്നു തന്നെ അല്ല; ഇതിന്നായിട്ടു വിളിക്കപ്പെട്ടവർ എന്നറിഞ്ഞു അനുഗ്രഹിക്കുന്നവരായും ഇരി
10 പ്പിൻ! എന്നാൽ അനുഗ്രഹത്തെ അനുഭവിപ്പാറാകും. എങ്ങിനെ എന്നാൽ
ജീവനെ സ്നേഹിപ്പാനും നല്ല ദിവസങ്ങളെ കാണ്മാനും ഇച്ഛിക്കുന്നവൻ
ദോഷത്തിൽനിന്നു തന്റെ നാവിനേയും ചതിപറയാതവണ്ണം അധരങ്ങളേ
11 യും അടക്കി വെക്കുക. ദോഷത്തോടു അകന്നു ഗുണം ചെയ്ക, സമാധാ
12 നത്തെ തിരഞ്ഞു പിന്തുടരുക. കൎത്താവിന്റെ കണ്ണുകൾ നീതിമാന്മാരിലും
അവന്റെ ചെവികൾ അവരുടെ അപേക്ഷയിലും ആകുന്നു; ദോഷം ചെയ്യുന്നവരോടോ കൎത്താവിൻ മുഖം എതിരിടുന്നു (സങ്കീ. 34, 13 17). പിന്നെ
13 നിങ്ങൾ നല്ലതിനെ പിന്തെരുന്നവർ ആകുന്നു എങ്കിൽ, നിങ്ങൾക്കു ദോഷം
14 ചെയ്യുന്നവൻ ആർ? എങ്കിലും നീതി നിമിത്തം കഷ്ടപ്പെടേണ്ടി വന്നാലും
നിങ്ങൾ ധന്യന്മാർ; അവരുടെ ഭീമതയിൽ മാത്രം അഞ്ചുകയും കലങ്ങുകയും
അരുതു കൎത്താവായ ദൈവത്തെ നിങ്ങളുടെ ഹൃദയങ്ങളിൽ വിശുദ്ധീകരിപ്പിൻ (യശ. 8, 12).

15 നിങ്ങളിലുള്ള പ്രത്യാശയെ കൊണ്ടു ന്യായം ചോദിക്കുന്ന ഏവനോടും
സൌമ്യതയും ഭയവും കലർന്ന പ്രതിവാദം ചൊല്ലുവാൻ നിത്യം ഒരുമ്പെട്ടു
16 നിന്നു ക്രിസ്തനിൽ നിങ്ങൾക്കുള്ള നല്ല നടപ്പിനെ പ്രാവുന്നവർ നിങ്ങളെ
ദുഷ്പ്രവൃത്തിക്കാർ എന്നു പഴിച്ചു പറയുന്നതിൽ ലജ്ജിപ്പാനായിട്ടു, നല്ല
17 മനസ്സാക്ഷിയെ വിടാതെ ഇരിപ്പിൻ. ദൈവേഷ്ടത്തിന്നു വേണ്ടി വന്നാൽ
നിങ്ങൾ ദോഷം ചെയ്തിട്ടല്ല, ഗുണം ചെയ്തിട്ടു തന്നെ; കഷ്ടപ്പെടുക ഏറ്റവും
18 നല്ലു. ഒരിക്കൽ ആകട്ടെ നീതികെട്ടവർക്കു പകരം ക്രിസ്തൻ എന്ന നീതിമാനും നമ്മെ ദൈവത്തോടു അടുപ്പിപ്പാൻ പാപങ്ങൾ നിമിത്തം കഷ്ടപ്പെട്ടു,
19 ജഡപ്രകാരം മരിപ്പിക്കപ്പെട്ടിട്ടും ആത്മപ്രകാരം ജീവിക്കപ്പെട്ടു. ആത്മാവിൽ തന്നെ യാത്രയായി പണ്ടു നോഹയുടെ ദിവസങ്ങളിൽ പെട്ടകം ഒരുക്കുന്ന സമയം ദൈവത്തിന്റെ ദീർഘക്ഷമ കാത്തിരിക്കുമ്പോൾ, അനുസരിക്കായ്കകൊണ്ടു, തടവിൽ ആക്കിയ ആത്മാക്കളോടും ഘോഷിച്ചറിയി
20 ച്ചു. ആ പെട്ടകത്തിൽ അല്പ ജനം എട്ടു പേർ വെള്ളത്തിലൂടെ രക്ഷിക്കപ്പെട്ടു.
21 ആ വെള്ളം മുമ്പെ സൂചിപ്പിച്ച സ്നാനമായതു ഇപ്പോൾ നിങ്ങളെയും രക്ഷിക്കുന്നു. (സ്നാനമോ ജഡത്തിന്റെ അഴുക്കിനെ കളയുന്നതു എന്നല്ല; യേശു
ക്രിസ്തന്റെ പുനരുത്ഥാനത്താൽ നല്ല മനോബോധത്തിന്നായി ദൈവ
22 ത്തോടു ചോദിച്ചിണങ്ങുന്നതത്രെ ആകുന്നു). അവൻ സ്വൎഗ്ഗത്തിലേക്കു ചെന്നു ദൂതർ അധികാരികൾ ശക്തികൾ കീഴടങ്ങിവ്വണ്ണം ദൈവത്തിന്റെ വലത്തിരിക്കുന്നു.

4. അദ്ധ്യായം

പാപത്തിന്നു മരിച്ചു, (7) ന്യായവിധിക്കു് ഒരുങ്ങുവാനും, (12) ക്രിസ്ത്യാനരായി കഷ്ടപ്പെടുവാനും വഴികാട്ടുന്നതു.

1 ആകയാൽ ക്രിസ്തൻ (നമുക്കു വേണ്ടി) ജഡത്തിൽ കഷ്ടപ്പെട്ടിരിക്കെ നി
ങ്ങളും ജഡത്തിൽ കഷ്ടപ്പെട്ടവൻ പാപം ശമിച്ചു കിട്ടിയവൻ എന്നുള്ള ആ
2 ഭാവനയെ തന്നെ ആയുധമാക്കി; ജഡത്തിൽ ഇരിപ്പാനുള്ള കാല ശേഷി
പ്പെ ഇനി മനുഷ്യരുടെ മോഹങ്ങൾക്കല്ല; ദൈവേഷ്ടത്തിന്നായത്രെ കഴിച്ചു
3 കൊൾവാൻ മുതിരുവിൻ. കാമാർത്തി മോഹങ്ങളിലും മദ്യാസക്തി, കൂത്തു,
തീൻ, കുടികളിലും അധർമ്മ ബിംബാരാധനകളിലും നടന്നു, ജാതികളുടെ
ഇഷ്ടത്തെ ആചരിച്ചുകൊണ്ടു് ആയുഷ്കാലം പോക്കിയതു (നമുക്കു) മതി
4 യാകുന്നുവല്ലൊ. ആ ദുർന്നടപ്പിന്റെ കവിച്ചലോളം തന്നെ നിങ്ങൾ കൂട
5 ഓടാത്തതു് അവർ അപൂവ്വം എന്നു വെച്ചു ദൂഷണം പറയുന്നു. ജീവികൾക്കും
മരിച്ചവർക്കും ന്യായം വിസ്തരിപ്പാൻ ഒരുങ്ങി നില്ക്കുന്നവന്നു് അവർ കണ
6 ക്കു ബോധിപ്പിക്കേണ്ടിവരും. മരിച്ചവർക്കും സുവിശേഷം അറിയിക്കപ്പെ
ട്ടതു് അവർ മനുഷ്യപ്രകാരം ജഡത്തിൽ വിധി പ്രാപിച്ചു് ആത്മാവിൽ
ദൈവപ്രകാരം ജീവിക്കേണ്ടതിന്നു തന്നെ.

7 എന്നാൽ എല്ലാറ്റിന്റെ അവസാനം സമീപിച്ചിരിക്കുന്നു. ആകയാൽ
8 നിർമ്മദന്മാരായി പ്രാർത്ഥനകൾക്കു വേണ്ടി സുബോധം പൂണ്ടു ചമവിൻ;
സകലത്തിന്നും മുമ്പെ തമ്മിൽ തമ്മിൽ ഉറ്റ സ്നേഹമുള്ളവരായിരിപ്പിൻ;
9 സ്നേഹമാകട്ടെ പാപങ്ങളുടെ സമൂഹത്തെ മറെക്കുന്നു; (സുഭ. 10, 12). പിറു
10 പിറുപ്പു കൂടാതെ, അന്യോന്യം അതിഥിസല്ക്കാരം ആചരിപ്പിൻ. ഓരോരു
ത്തൻ വരം പ്രാപിച്ച പ്രകാരമെ നാനാവിധമുള്ള ദൈവകൃപയുടെ നല്ല വി
ട്ടുവിചാരകരായിട്ടു് അതിനെ തങ്ങളിൽ ശുശ്രൂഷിച്ചു നടത്തുവിൻ. ഒരു
11 ത്തൻ ചൊല്ലുകൊണ്ടാൽ ദൈവത്തിന്റെ അരുളപ്പാടുകൾ എന്നു (വെച്ചി
ട്ടു) ആക; ഒരുത്തൻ ശുശ്രൂഷിച്ചാൽ ദൈവം എത്തിക്കുന്ന പ്രാപ്തിയാൽ ആ
കും പോലെ എല്ലാറ്റിലും ദൈവം യേശുക്രിസ്തമൂലം മഹത്വപ്പെടുവാനാ
യിട്ടത്രെ: ആയവന്നു യുഗാദിയുഗങ്ങളിലും തേജസ്സും ബലവും ഉണ്ടാവൂതാ
ക ആമെൻ.

12 പ്രിയമുള്ളവരെ, നിങ്ങൾക്കു് പരീക്ഷക്കായി അകപ്പെടുന്ന ഉലത്തീ
യിൽ അപൂർവ്വമായതൊന്നു സംഭവിച്ചു എന്നു് അതിശയിച്ചു പോകരുതു്.
13 ക്രിസ്തന്റെ കഷ്ടങ്ങൾക്കു പങ്കുള്ളവരാകും തോറും അവന്റെ തേജസ്സു് വെ
ളിവാകുമ്പോൾ ഉല്ലസിച്ചാനന്ദിപ്പാനായി (ഇന്നും) സന്തോഷിച്ചു കൊൾ
14 കെ വേണ്ടു; നിങ്ങൾ ക്രിസ്തന്നാമത്തിൽ നിന്ദിക്കപ്പെട്ടാൽ ധന്യരത്രെ. തേ
ജസ്സിന്റെയും (ശക്തിയുടെയും) ആത്മാവായ ദൈവാത്മാവു് നിങ്ങളുടെ
മേൽ ആവസിക്കയാൽ തന്നെ അതു് അവരിൽ ദൂഷണപ്പെട്ടും നിങ്ങളിൽ
15 മഹത്വപ്പെട്ടും വരുന്നു. നിങ്ങൾ ആരും കുലപാതകനൊ, കള്ളനൊ, ദുഷ്പ്ര
വൃത്തിക്കാരനൊ ആയിട്ടു കഷ്ടപ്പെടരുതെ; പരകാര്യാന്വേഷിയായുമരുതു.
16 ക്രിസ്ത്യാനനായിട്ടു എന്നു വരികിലൊ ലജ്ജയരുതു്; ഈ കാര്യം ചൊല്ലി
17 ദൈവത്തെ മഹത്വീകരിച്ചു കൊൾക. കാരണം ന്യായവിധി ദൈവഗൃഹ
ത്തിൽ(നിന്നു്) ആരംഭിപ്പാൻ സമയമായി. അതു മുമ്പെ നമ്മിൽ എന്നു വ
ന്നാൽ ദേവസുവിശേഷത്തെ അനുസരിക്കാത്തവരുടെ ഒടുവു് എന്തു? പി
18 ന്നെ നീതിമാൻ ദുഃഖെന രക്ഷപ്പെടുന്നു എങ്കിൽ അഭക്തനും പാപിയും എ
19 വിടെ കാണപ്പെടും? (സുഭ. 11, 31). അതുകൊണ്ടു ദേവേഷ്ടപ്രകാരം കഷ്ട
പ്പെടുന്നവരും ഗുണങ്ങൾ ചെയ്തു നടന്നു, തങ്ങളുടെ ദേഹികളെ വിശ്വസ്തനാ
യ സ്രഷ്ടാവിൽ എന്നു വെച്ചു ഭരമേല്പിപ്പൂതാക.

5. അദ്ധ്യായം

മൂപ്പന്മാർക്കും, (5) ഇളയവക്കും മറും പ്രബോധനം, (10) അനുഗ്രഹം.

1 നിങ്ങളിലുള്ള മൂപ്പന്മാരെ കൂടെ മൂപ്പനും ക്രിസ്തന്റെ കഷ്ടങ്ങൾക്ക് സാ
ക്ഷിയും വിശേഷാൽ വെളിവാവാനുള്ള തേജസ്സിന്നു കൂട്ടാളിയും ആയ ഞാൻ
2 പ്രബോധിപ്പിക്കുന്നത്. നിങ്ങളിലുള്ള ദൈവത്തിൻ കൂട്ടത്തെ മേയിച്ചു
കൊണ്ടു് അദ്ധ്യക്ഷ ചെയ്വിൻ; നിർബ്ബന്ധത്താലല്ല മനഃപൂർവ്വമായി ത
3 ന്നെ ദുർല്ലോഭത്താലല്ല, മുതിർച്ചയോടത്രെ. സമ്പാദിതരിൽ കർത്തൃത്വം
നടത്തുന്നവരായുമല്ല, കൂട്ടത്തിന്നു മാതൃകകളായി തീർന്നത്രെ (അദ്ധ്യക്ഷ ചെ
4 യ്യേണ്ടു). എന്നാൽ ഇടയശ്രേഷ്ഠൻ പ്രത്യക്ഷനാകുമ്പോൾ, തേജസ്സിന്റെ
5 വാടാത്തൊരു കിരീടം പ്രാപിക്കും. അപ്രകാരം ഇളയവരെ മൂപ്പന്മാർക്കു കീ
ഴടങ്ങുവിൻ; എല്ലാവരും തങ്ങളിൽ കീഴടങ്ങി മനത്താഴ്മയെ പുതെച്ചു
കൊൾവിൻ; ദൈവം ഡംഭികളോടു് എതിർത്തു നിന്നു, താഴ്മയുള്ളവർക്കു
6 ല്ലോ കരുണ നല്കുന്നു (സുഭ. 3, 34). അതുകൊണ്ടു് അവൻ തക്കത്തിൽ
നിങ്ങളെ ഉയർത്തുവാനായിട്ടു ദൈവത്തിന്റെ ബലമുള്ള കൈക്കീഴു് താണു
7 കൊണ്ടു; നിങ്ങളുടെ സകല ചിന്തയും അവൻ നിങ്ങൾക്കായി കരുതുന്നു
8 വനാകയാൽ അവന്റെ മേൽ ചാടീടുവിൻ. നിർമ്മദരാകുവിൻ, ഉണർന്നു
കൊൾവിൻ; നിങ്ങളുടെ പ്രതിയോഗിയാകുന്ന പിശാചു് അലറുന്ന സിം
ഹം പോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റി നടക്കുന്നു. അവ
9 നോടു് എതിരിട്ടും ലോകത്തിലുള്ള നിങ്ങളുടെ സഹോദരത ആ വക കഷ്ട
പ്പാടുകളെ തന്നെ നിവ്വഹിച്ചു വരുന്നു എന്നറിഞ്ഞു, വിശ്വാസത്തിൽ സ്ഥി
10 രരായും നില്പിൻ. എന്നാൽ നമ്മെ കുറയ കഷ്ടപ്പെട്ടു എങ്കിൽ, യേശുക്രിസ്തു
നിൽ തന്റെ നിത്യ തേജസ്സിലേക്കു് വിളിച്ചവനായി സർവ്വകൃപാവരമുടയ
ദൈവം താൻ നിങ്ങളെ യഥാസ്ഥാനത്തിലാക്കി ഉറപ്പിച്ചു ശക്തീകരിച്ചു അ
11 ടിസ്ഥാനപ്പെടുത്തുകയുമാം. അവന്നു തേജസ്സും ബലവും യുഗാദിയുഗങ്ങ
ളിൽ ഉണ്ടാവൂതാക ആമെൻ.
12 നിങ്ങൾക്കു് പണ്ടെന്നു തോന്നുന്ന വിശ്വസ്ത സഹോദരനായ സില്വാ
നെകൊണ്ടു ഞാൻ ചുരുക്കത്തിൽ നിങ്ങൾക്കു് (ഇതു്) എഴുതിയയച്ചതി
നാൽ പ്രബോധിപ്പിച്ചും നിങ്ങൾ ഈ നിന്നുകൊണ്ടതു ദൈവത്തിന്റെ സ
ത്യകരുണ തന്നെ എന്നു സാക്ഷ്യം കൂട്ടി തന്നും ഇരിക്കുന്നു. ബാബലിൽ കൂ
13 ടതെരിഞ്ഞെടുക്കപ്പെട്ട (സഭയ)വളും എൻ പുത്രനായ മർക്കനും നിങ്ങളെ വ
14 ന്ദിക്കുന്നു. സ്നേഹചുംബനത്താൽ അന്യോന്യം വന്ദിപ്പിൻ; ക്രിസ്തയേശുവി
ലുള്ള നിങ്ങൾക്കു് എല്ലാവർക്കും സമാധാനം ഉണ്ടാക (ആമെൻ).

THE SECOND EPISTLE OF

PETER

പേത്രന്റെ

രണ്ടാം ലേഖനം

1. അദ്ധ്യായം

തെരിഞ്ഞെടുപ്പിന്ന സ്ഥിരത വരുത്തി വളരുവാൻ, (12) അപോസ്തലൻ മരണത്തിൻ മുമ്പെ പ്രബോധിപ്പിച്ചു, (16) യേശുവിന്റെ പ്രത്യക്ഷതയെ ഉറപ്പിച്ചു കൊടുക്കുന്നു.

1 **ശ**യേശുക്രിസ്തന്റെ ദാസനും അപോസ്തലനുമായ ശിമ്യോൻ പേത്രൻ നമ്മു
ടെ ദൈവത്തിന്നും യേശുക്രിസ്തൻ എന്ന രക്ഷിതാവിന്നും ഉള്ള നീതിയിൽ
ഞങ്ങളോടു സമമാനമുള്ള വിശ്വാസം കിട്ടിയവക്കു (എഴുതുന്നത്): ദൈവ
2 ത്തിന്റെയും നമ്മുടെ കർത്താവായ യേശുവിന്റെയും പരിജ്ഞാനത്തിൽ
നിങ്ങൾക്കു കരുണയും സമാധാനവും വർദ്ധിക്കുമാറാക.

3 തേജസ്സിനാലും വീര്യത്താലും നമ്മെ വിളിച്ചവന്റെ പരിജ്ഞാനം മൂലം
അവന്റെ ദിവ്യ ശക്തി നമുക്കും ജീവനോടും ദേവഭക്തിയോടും ചേരുന്നവ
ഒക്കയും സമ്മാനിച്ചിരിക്കുന്നുവല്ലൊ. അവറാൽ നിങ്ങൾ ലോകത്തിൽ
4 മോഹത്താലുള്ള കേടിന്ന തെറ്റി പോയിട്ടു, ദിവ്യസ്വഭാവത്തിന്നും കൂട്ടാ
ളികൾ ആകുമാറ് ആ (വീര്യതേജസ്സു)കളാലും അവൻ അതിമഹത്തും വി
ലയേറിയതുമായ വാഗ്ദത്തങ്ങളെ നമുക്കു സമ്മാനിച്ചിരിക്കുന്നു. എന്നാൽ
5 അതിന്നിമിത്തം തന്നെ നിങ്ങൾ എല്ലാ പ്രയത്നവും കഴിച്ചു നിങ്ങളുടെ വി
ശ്വാസത്തിൽ വീര്യവും, വീര്യത്തിൽ ജ്ഞാനവും ജ്ഞാനത്തിൽ ഇന്ദ്രിയജ
6 യവും, ഇന്ദ്രിയജയത്തിൽ ക്ഷാന്തിയും, ക്ഷാന്തിയിൽ ദൈവഭക്തിയും,
7 ദൈവഭക്തിയിൽ സഹോദരപ്രീതിയും, സഹോദരപ്രീതിയിൽ സ്നേഹവും
8 നല്കുവിൻ. കാരണം ഇവ നിങ്ങൾക്കുണ്ടായി വർദ്ധിച്ചാൽ നമ്മുടെ കർത്താ
വായ യേശുക്രിസ്തന്റെ പരിജ്ഞാനത്തിന്നായി മടിവുള്ളവരും അഫല
9 രും ആക്കി വെക്കുകയില്ല. ഇവ കൂടാതെ ഉള്ളവനൊ, കുരുടനും ദൂരദൃഷ്ടിയി
ല്ലാത്തവനും പണ്ടേത്ത പാപങ്ങളുടെ ശുദ്ധീകരണത്തെ മറന്നവനും ആകുന്നു.
10 അതുകൊണ്ടു സഹോദരന്മാരെ, എത്രയും അധികമായി നിങ്ങളുടെ വിളി
യേയും തെരിഞ്ഞെടുപ്പിനേയും സ്ഥിരമാക്കുവാൻ ശ്രമിച്ചുകൊൾവിൻ; ഇ
11 വ ചെയ്തു വന്നാൽ ഒരുനാളും ഇടറുകയില്ല. നമ്മുടെ കർത്താവും രക്ഷിതാവു
മായ യേശുക്രിസ്തന്റെ നിത്യരാജ്യത്തിലെ പ്രവേശം ഇവ്വണ്ണം നിങ്ങൾക്കു
സമൃദ്ധിയായി നല്കപ്പെടും.

12 അതുകൊണ്ടു നിങ്ങൾ അറിഞ്ഞവരും കിട്ടിയ സത്യത്തിൽ ഊന്നിയവ
രും ആയിട്ടും ഇവ തൊട്ടു എപ്പോഴും ഓർപ്പിപ്പാൻ ഞാൻ കരുതിക്കൊള്ളും.
13 ഈ കൂടിലിൽ ഇരിപ്പോളം നേരം നിങ്ങളെ ഓർപ്പിച്ചുണർത്തുക ന്യായം
14 എന്നു തോന്നുന്നു. നമ്മുടെ കർത്താവായ യേശുക്രിസ്തൻ എനിക്കു സൂചി
പ്പിച്ച പ്രകാരം എന്റെ കൂടിൽ ഇട്ടു കളവാൻ അടുത്തിരിക്കുന്നു എന്നു ഞാ
15 നറിഞ്ഞുവല്ലൊ. എന്റെ നിര്യാണത്തിന്റെ ശേഷവും നിങ്ങൾക്കു അവ
റിന്റെ ഓർമ്മ തന്നെ പിന്നെയും പിന്നെയും ചെയ്തു കൂടേണ്ടതിന്നും ഞാൻ

16 ശ്രമിക്കും. ഞങ്ങ൩ ആകട്ടെ നമ്മുടെ കർത്താവായ യേശുക്രിസ്തന്റെ ശക്തി
യേയും വരവിനേയും നിങ്ങൾക്ക് അറിയിച്ചത്, കെറുണ്ടാക്കിയ കഥക
ളെ പ്രമാണിച്ചിട്ടല്ല. അവന്റെ മഹിമയുടെ കാണികളായ് ചമഞ്ഞിട്ട
17 തെ (ആയതു). എങ്ങിനെ എന്നാൽ ഇവൻ എന്റെ ഇഷ്ടപുത്രൻ ആകുന്നു,
അവങ്കൽ ഞാൻ പ്രസാദിച്ചു എന്നുള്ള ശബ്ദം പ്രതാപതേജസ്സിനാൽ അവ
ന സാധിച്ചപ്പോൾ പിതാവായ ദൈവത്തിൽനിന്നു മാനവും തേജസ്സും ല
18 ഭിച്ചു. ആ ശബ്ദം തന്നെ ഞങ്ങൾ അവനോടു കൂട വിശുദ്ധ മലമേൽ ഇരി
19 ക്കുമ്പോൾ, വാനത്തിൽനിന്നു വന്ന കേട്ടു. പിന്നെ പ്രവാചകവാക്യം ന
മുക്ക് അധികം സ്ഥിരമായിട്ടുണ്ടു. ഇരുണ്ട സ്ഥലത്തു പ്രകാശിക്കുന്ന വിള
ക്ക് എന്ന പോലെ ആയതിനെ നിങ്ങൾ ഹൃദയങ്ങളിൽ നേരം പുലൻ
20 വെള്ളി ഉദിപ്പോളം കരുതി കൊണ്ടാൽ നല്ലവണ്ണം ചെയ്യുന്നു. തിരുവെഴു
ത്തിലെ പ്രവാചകം ഒന്നും സ്വയമായ വ്യാഖ്യാനത്താൽ ഉള്ളതല്ല എന്നു
21 മുമ്പെ അറിഞ്ഞിരിക്ക (നല്ലു). പ്രവാചകം ആകട്ടെ ഒരിക്കലും മനുഷ്യന്റെ
തുഷ്ടത്താൽ സാധിച്ചിട്ടില്ല; വിശുദ്ധാത്മാവിനാൽ വഹിക്കപ്പെട്ടത്രെ.
വിശുദ്ധരായ ദേവമനുഷ്യർ ചൊല്ലിയതുള്ളു.

2. അദ്ധ്യായം

സഭയിലെ കള്ള ഉപദേഷ്ടാക്കളുടെ വർണ്ണനം.

1 അതുയല്ല, കള്ള പ്രവാചകരും ജനത്തിൽ ഉണ്ടായിരുന്നു; അപ്രകാരം
നിങ്ങളിലും കള്ള ഉപദേഷ്ടാക്കന്മാർ ഉണ്ടായി, നാശമുള്ള മതഭേദങ്ങളെ നട
യിച്ച് തങ്ങളെ വിലെക്ക് വാങ്ങിയ നാഥനെ തള്ളിപ്പറഞ്ഞും കൊണ്ടു, ത
2 ങ്ങൾക്ക് തന്നെ വിരഞ്ഞ നാശത്തെ വരുത്തും. ഇങ്ങിനെ സത്യത്തിന്റെ
വഴിക്കു ദൂഷണം വരുവാൻ ഹേതുവാകുന്നവരുടെ കാമഭോഗങ്ങളെ പലരും
3 പിന്തുടർന്നു; ലോഭത്തിൽ ചിത്രവാക്കുകളെ കൊണ്ടു, നിങ്ങളെ വാണിഭം
ആക്കും; ആയവക്കു പണ്ടു തന്നെ ന്യായവിധി താമസിയാതെയും നാശം
4 നിദ്രകൊള്ളാതെയും ഇരിക്കുന്നു. എങ്ങിനെ എന്നാൽ പിഴെച്ച ദൂതരെ ദൈ
വം ആദരിയാതെ അന്ധകാരത്തിൻ ചങ്ങലകളാൽ നരകത്തിൽ ആക്കി,
5 ന്യായവിധിക്കായി കാപ്പാൻ ഏല്പിക്കയും, പഴയ ലോകത്തെയും ആദ
രിയാതെ, അഭക്തരുടെ ഉലകിൽ ജലപ്രളയം വരുത്തികൊണ്ടു, നീതി
6 ഘോഷകനായ നോഹെ എഴുവരോടെ പാലിക്കയും, സദോംഘമോറ പട്ട
ണങ്ങളെ ഭസ്മീകരിച്ചു, (നില) മറിവിനാൽ ശിക്ഷിച്ചും കൊണ്ടു, ഭാവി
യിലെ ഭക്തിഹീനക്കു ദൃഷ്ടാന്തമാക്കി വെക്കുകയും, ആ അധർമ്മികളിൽ വ
7 സിക്കുമ്പോൾ, നാളുതോറും അക്രമ ക്രിയകളെ കണ്ടും കേട്ടും കൊണ്ടു, നീ
തിയുള്ള ദേഹിയിൽ പീഡ നിറെച്ചു. കാമഭോഗങ്ങളിലുള്ള അവരുടെ
8 നടപ്പിനാൽ വലഞ്ഞുപോയ നീതിമാനായ ലോത്തെ ഉദ്ധരിക്കയും ചെയ്തി
9 രിക്കെ, കത്താവ് ഭക്തരെ പരീക്ഷയിൽനിന്ന് ഉദ്ധരിപ്പാനും അനീതിക്കാ
രെ ന്യായവിധിനാളിലെ ദണ്ഡത്തിനു കാപ്പാനും അറിഞ്ഞിരിക്കുന്നു (സ്പ
ഷ്ടം); വിശേഷാൽ മാലിന്യം മോഹിച്ചു, ജഡത്തിൻ പിന്നാലെ നടന്നും
10 കർത്തൃത്വത്തെ നിന്ദിച്ചും പേകുന്നവരെ തന്നെ. ആ ധാർഷ്ട്യമുള്ളതന്നേറടക്കാർ
11 തേജസ്സുകളെ ദുഷിപ്പാൻ അഞ്ചുന്നില്ല. ഊക്കിലും ശക്തിയിലും ഏറെ
വിശേഷമുള്ള ദൂതൻമാർ അവരിൽ ദൂഷണമുള്ള വിധിയെ (കത്താവിൻ
12 മുമ്പിൽ) ഉച്ചരിക്കാതെ, നിണ്ണുന്നെടത്തിൽ ഇവർ ബുദ്ധിയില്ലാതെ പിടി
ക്കും ഇരെക്കും ആയിട്ടു പിറന്ന പ്രാകൃത മൃഗങ്ങളെ പോലെ തങ്ങൾ അറി
യാത്തവറെ ദുഷിച്ചുകൊണ്ടു കയാൽ അനീതിയുടെ കൂലി ലഭിച്ചു, തങ്ങളുടെ
13 ക്ഷയത്തിൽ കെട്ടുപോകും. പകലിലെ ഭോഗതൃഷ്ണയെ സുഖം എന്നുവെച്ചു
തങ്ങളുടെ ചതി (സദ്യ)കളിൽ പുളെച്ചു, നിങ്ങളോടു കൂട വിരുന്നിരിക്കുന്ന

14 കറകളും കളങ്കങ്ങളും. പാപതൃഷ്ണി കാണാതെ വ്യഭിചാരിണി (നോക്കു)
നിറഞ്ഞ കണ്ണുള്ളവരും സ്ഥിരത പോരാത്ത ദേഹികളെ ഇരകാട്ടി കൂടുകുന്ന
15 വരും, ഹൃദയം ലോഭത്തിൻ അഭ്യാസം തികഞ്ഞവരും ആയ ശാപമക്കൾ.
നേർവഴിയെ വിട്ടു, ബയോരിനായ ബില്യാമിന്റെ വഴിയെ ചെന്നു ഭ്ര
16 മിച്ചു പോയി. ആയവൻ അനീതിയുടെ കൂലിയെ സ്നേഹിച്ചു, തന്റെ അ
തിക്രമത്തിൻ ബോധം വരുവാൻ ശാസിക്കപ്പെട്ടു. വാക്കില്ലാത്ത വാഹനം
17 മനുഷ്യശബ്ദത്താൽ ഉരിയാടി, പ്രവാചകന്റെ മൌഢ്യത്തെ തടുത്തു. ഇവർ
നീരില്ലാത്ത ഉറവുകൾ, കൊടുങ്കാറു തെളികുന്ന മഞ്ഞു, മേഘങ്ങൾ, കുരി
18 രിട്ടു് അവർക്കു എന്നെന്നേക്കും കാക്കപ്പെട്ടിരികുന്നു. കാരണം ഭ്രമത്തിൽ
നടക്കുന്നവരോടു് അല്പം വേവ്വിട്ടു് ഓടുന്നവരെ ഇവർ മായം ചീത്തുള്ളവ
19 ഉരിയാടിക്കൊണ്ടു, ജഡമോഹങ്ങളിലും കാമഭോഗങ്ങളിലും കടക്കുന്നു. അ
20 വർക്കു സ്വാതന്ത്ര്യത്തെ പറഞ്ഞു കൊടുക്കുന്നു; തങ്ങളോ കേടിന്റെ ദാസരാ
ഇടക്കുന്നു. താന്താൻ തോററതിന്നു് അടിമപ്പെട്ട പുകുവല്ലോ; കത്താവും
രക്ഷിതാവും ആയ യേശുക്രിസ്തന്റെ പരിജ്ഞാനത്താൽ ലോകത്തിൻ മലി
നതകളെ വിട്ടോടിയവർ അവററിൽ വീണ്ടും കുടുങ്ങി തോറുപോയാൽ അ
21 വർക്കു മുമ്പിനേക്കാളും പിമ്പു് അധികം വഷളായ്പോയി. നീതിമാർഗ്ഗം അറി
ഞ്ഞ ശേഷം ഏല്പിച്ചുകിട്ടിയ വിശുദ്ധ നിയോഗത്തിൽനിന്നു മാറി
22 പ്പോകുന്നതിനേക്കാളും ആ പരിജ്ഞാനം വരാഞ്ഞു എങ്കിൽ കൊള്ളായിരു
ന്നു. അവർക്കു സംഭവിച്ചതൊ താൻ ഛർദ്ദിച്ചതിലേക്കു് തിരിഞ്ഞ നായി
എന്നും പന്നി കുളിച്ചിട്ടു ചളിയിൽ ഉരുളുവാൻ എന്നും മെയ്യുള്ള പഴഞ്ചൊ
ല്ലിന്റെ ഞായം തന്നെ.

3. അദ്ധ്യായം

ക്രിസ്തന്റെ വരവു നിശ്ചയവും, (10) വലിയ മാററം വരുത്തുന്നതും ആ
കയാൽ, (14) ഒരുങ്ങുവാനുള്ള പ്രബോധനം.

1 പ്രിയമുള്ളവരെ, നിങ്ങൾക്കു് ഞാൻ ഇന്നു് എഴുതുന്നതു് രണ്ടാം ലേഖ
നം ആകുന്നുവല്ലൊ! രണ്ടിനാലും ഞാൻ ഓർമ്മ വരുത്തിക്കൊണ്ടു, നിങ്ങള
2 ടെ സ്വച്ഛ മനസ്സിനെ ഉണത്തുന്നിതു്. വിശുദ്ധ പ്രവാചകരാൽ മുൻ
ചൊല്ലപ്പെട്ട വചനങ്ങളെയും നിങ്ങളുടെ അപോസ്തലരാൽ (കിട്ടിയ) കത്താ
3 വും രക്ഷിതാവും ആയവന്റെ കല്പനയേയും ഓർത്തുകൊൾകയും. ദിവസങ്ങ
ളുടെ അന്ത്യത്തിൽ സ്വന്ത മോഹങ്ങളിൻ പ്രകാരം നടക്കുന്ന പരിഹാസക്കാർ
4 അവന്റെ പ്രത്യക്ഷതയുടെ വാഗ്ദത്തം എവിടെ? പിതാക്കന്മാർ നിദ്രകൊ
ണ്ട നാൾമുതൽ സകലവും സൃഷ്ടിയുടെ ആരംഭം തൊട്ടു് ഒരുപോലെ പാത്തി
രികുന്നുവല്ലൊ എന്നുചൊല്ലി, പരിഹാസത്തോടെ വരും എന്ന വിശേ
5 ഷാൽ അറികയും ചെയ്യുന്നു. എങ്ങിനെ എന്നാൽ ദൈവത്തിന്റെ വചനത്താൽ
പണ്ടു വാനങ്ങളും വെള്ളത്തിൽനിന്നും വെള്ളത്തുടെയും ഉണ്ടായി ചമഞ്ഞ
6 ഭൂമിയും ആയ ശേഷം. അന്നുള്ള ലോകം അവററാൽ ജലപ്രളയത്തിൽ മുങ്ങി
7 നശിച്ചു എന്നും. ഇപ്പോഴത്തെ വാനങ്ങളും ഭൂമിയും ആ വചനത്താൽ ത
ന്നെ നിക്ഷേപിക്കപ്പെട്ടു, ന്യായവിധിയും ഭക്തിഹീനമനുഷ്യരുടെ നാശ
വും സംഭവിക്കുന്ന ദിവസത്തിലേക്കു തീക്കായിട്ടു കാക്കപ്പെട്ടിരികുന്നു എ
ന്നും അവർക്കു തോന്നാത്തതു മനസ്സില്ലായ്മയാൽ അത്രെ ആകുന്നു. നിങ്ങൾ
8 ക്കൊ പ്രിയമുള്ളവരെ, കത്താവിന്മുമ്പിൽ ഒരു നാൾ ആയിരം വർഷം പോ
ലെയും ആയിരം വർഷം ഒരു നാൾ പോലെയും (സങ്കീ. 90,4.) എന്നു് ഇ
9 തു് ഒന്നു തോന്നാതിരിക്കരുതു. ചിലർ ഇതു താമസം എന്നു വിചാരികുന്ന
പ്രകാരം കത്താവു് വാഗ്ദത്തത്തെ കുറിച്ചു താമസികുന്നില്ല; ഒരുത്തരും ന
ശിച്ചുപോകാതെ, എല്ലാവരും മാനസാന്തരത്തിലേക്കു പോരുവാൻ അവൻ
10 ഇച്ഛിച്ചു, നമ്മോടു ദീർഘക്ഷമാവാൻ ആകുകെ ഉള്ളു. കത്താവിൻ

ദിവസമൊ (രാത്രിയിൽ) കള്ളനെ പോലെ വരും; ആയതിൽ വാനങ്ങൾ
മുഴങ്ങി ഒഴിഞ്ഞും (ആദി) ഭൂതങ്ങൾ കത്തിയഴിഞ്ഞും ഭൂമിയും അതിലുള്ള പ
11 ണികളും വെന്തുപോകും; ഇങ്ങിനെ ഇവയൊക്കെയും അഴിയേണ്ടിയിരിക്കെ
നിങ്ങൾ വിശുദ്ധ നടപ്പുകളിലും ഭക്തികളിലും എത്ര മുതിർന്നിരിക്കേണ്ടു.
12 വാനങ്ങൾ ചുട്ടഴിഞ്ഞ് ആദിഭൂതങ്ങൾ വെന്തുരുകുന്ന ദേവദിവസത്തിന്റെ
വരവിനെ പാർത്തും ഉഴറിച്ചും കൊണ്ടു തന്നെ. അവന്റെ വാഗ്ദത്തപ്രകാ
13 രമൊ നീതി വസിക്കുന്ന പുതുവാനങ്ങളും പുതുഭൂമിയും നാം പാർത്തിരി
ക്കുന്നു.

14 അതുകൊണ്ടു പ്രിയമുള്ളവരെ, നിങ്ങൾ ഇവറെ കാത്തിരിക്കെ സമാ
ധാനത്തിന്നായി അവന്മുമ്പിൽ കറയും കളങ്കവും ഇല്ലാതെ കാണപ്പെടുവാൻ
15 ശ്രമിച്ചുകൊണ്ടു, നമ്മുടെ കർത്താവിന്റെ ദീർഘക്ഷമയെ രക്ഷ എന്നു
വിചാരിപ്പിൻ; അപ്രകാരം നമ്മുടെ പ്രിയസഹോദരനായ പൌലും തനി
16 ക്കു നല്കപ്പെട്ട ജ്ഞാനത്തിന്നു തക്കവണ്ണം നിങ്ങൾക്കും പിന്നെ ഇവറെ
കൊണ്ടു ചൊല്ലുന്ന സകല ലേഖനങ്ങളിലും എഴുതിയല്ലൊ അവററിൽ അ
റിവാൻ പ്രയാസം ഉള്ളവ ചിലതുണ്ടു; ആയവ ശീലിക്കാത്തവരും ഊന്നി
നില്ക്കാത്തവരും ശേഷം തിരുവെഴുത്തുകളെ എന്ന പോലെ തങ്ങളുടെ നാശ
17 ത്തിന്നായി കോട്ടിക്കളയുന്നു. ആകയാൽ പ്രിയമുള്ളവരെ, മുൻബോധം
ഉണ്ടായിട്ടു നിങ്ങൾ അധർമ്മികളുടെ ഭ്രമത്താൽ കൂട വലിക്കപ്പെട്ടിട്ട് ഊ
ന്നി നില്പതിൽനിന്നു പിഴുകി പോകാതിരിപ്പാൻ കാത്തുകൊണ്ടു, കരുണ
18 യിലും നമ്മുടെ കർത്താവും രക്ഷിതാവുമായ യേശുക്രിസ്തന്റെ അറിവിലും വ
ളർന്നു വരുവിൻ; അവന്നു ഇപ്പോഴും യുഗാന്തദിവസത്തിലേക്കും തേജസ്സു
ഉണ്ടാവൂതാക.

THE FIRST EPISTLE OF

JOHN

യോഹനാന്റെ

ഒന്നാം ലേഖനം

1. അദ്ധ്യായം

ദൈവത്തോടെ കൂട്ടായ്മ, (5) വെളിച്ചത്തിൽ നടക്കുന്ന, (8) സത്യതാഴ്മയും, (2, 1.) യേശുവിങ്കലെ ആശ്രയവും തന്നെ.

1 ആദിമുതൽ ഉള്ളതു ഞങ്ങൾ കേട്ടും ഇക്കണ്ണുകളാൽ കണ്ടും പാർത്തും ഈ
കൈകൾ തൊട്ടും ഉള്ളതിനെ തന്നെ (അറിയിക്കുന്നു) ജീവന്റെ വചനം
2 സംബന്ധിച്ചിട്ടു തന്നെ. ജീവനല്ലോ പ്രത്യക്ഷമായി ഞങ്ങളും കണ്ടു സാ
ക്ഷ്യം ചൊല്ലുന്നു; പിതാവോടിരുന്ന ഞങ്ങൾക്ക് പ്രത്യക്ഷമായ നിത്യ
3 ജീവനെ നിങ്ങളെ അറിയിക്കുന്നു. ഞങ്ങൾ കണ്ടും കേട്ടും ഉള്ളതിനെ നി
ങ്ങൾക്കും ഞങ്ങളോടു കൂട്ടായ്മ ഉണ്ടാകേണ്ടതിന്നായി നിങ്ങളെ അറിയി
ക്കുന്നു; ഞങ്ങളുടെ കൂട്ടായ്മയൊ പിതാവിനോടും അവന്റെ പുത്രനായ
4 യേശുക്രിസ്തനോടും ആകുന്നു. നിങ്ങളുടെ സന്തോഷം പൂർണ്ണമാവാൻ ഞ
ങ്ങൾ തന്നെ ഇവ നിങ്ങൾക്ക് എഴുതുന്നതു.
5 അവങ്കൽനിന്നു ഞങ്ങൾ കേട്ടു നിങ്ങളെ അറിയിക്കുന്ന ദൂതാവിത്: ദൈ
വം വെളിച്ചം ആകുന്നു, അവനിൽ ഇരുട്ട് ഒട്ടും ഇല്ല എന്നത്രെ. അവനോടു
6 കൂട്ടായ്മ ഉണ്ട് എന്നു ചൊല്ലി, നാം ഇരുട്ടിൽ നടന്നാൽ കളവു പറയുന്നു,
7 സത്യം ചെയ്യുന്നതുമില്ല. അവൻ വെളിച്ചത്തിൽ ഇരിക്കുംപോലെ നാം
വെളിച്ചത്തിൽ നടക്കിലൊ അന്യോന്യം കൂട്ടായ്മ ഉണ്ടു; അവന്റെ പുത്ര
നായ യേശുക്രിസ്തന്റെ രക്തം നമ്മെ സകല പാപത്തിൽനിന്നും ശുദ്ധീ
8 കരിക്കുന്നു. ഞങ്ങൾക്കു പാപം ഇല്ല എന്നു പറഞ്ഞാൽ, നമ്മെ നാം തെറ്റി
9 ക്കുന്നു; നമ്മിൽ സത്യവും ഇല്ല (ആയ്വന്നു). നമ്മുടെ പാപങ്ങളെ ഏറ്റു
പറഞ്ഞാൽ അവൻ പാപങ്ങളെ നമുക്കു ക്ഷമിച്ചു വിട്ടു, സകല അനീതി
10 യിൽനിന്നും നമ്മെ ശുദ്ധീകരിക്കുംവണ്ണം വിശ്വസ്തനും നീതിമാനും ആകു
ന്നു. നാം പാപം ചെയ്തില്ല എന്നു പറകിൽ അവനെ കള്ളനാക്കുന്നു, പി
ന്നെ അവന്റെ വചനം നമ്മിൽ ഇല്ല.
2,1 എൻ പൈതങ്ങളെ, നിങ്ങൾ പാപം ചെയ്വായ്വാൻ ഞാൻ ഇവറെ
നിങ്ങൾക്ക് എഴുതുന്നു. ഒരുത്തൻ പാപം ചെയ്തു എങ്കിലൊ, നീതിമാനാകുന്ന
യേശുക്രിസ്തൻ എന്നൊരു കാര്യസ്ഥൻ നമുക്കു പിതാവിൻ സന്നിധിയിൽ
2 ഉണ്ടു. അവൻ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തമാകുന്നു; നമ്മുടയവറി
ന്നു മാത്രമല്ല, സർവ്വലോകത്തിൻ (പാപങ്ങൾക്കാ)യിട്ടും തന്നെ.

2. അദ്ധ്യായം

(3) വെളിച്ചത്തിൽ നടക്കുന്നവർ ദേവകല്പനകളെ പ്രമാണിക്കുന്നു, (12) അന്ധകാരത്തിൽ നിന്നുള്ള ലോകസ്നേഹത്തെയും, (18) ദുരുപദേശത്തേയും ഒഴിക്കേണ്ടിയതു.

3 നാം അവനെ അറിഞ്ഞു എന്നത് അവന്റെ കല്പനകളെ സൂക്ഷിച്ചാലെ
4 തിരിയുന്നു. അവനെ അറിഞ്ഞു എന്നു ചൊല്ലിയും കല്പനകളെ സൂക്ഷിക്കാ
ത്തവൻ കള്ളനാകുന്നു; അവനിൽ സത്യവും ഇല്ല. അവന്റെ വചനം സൂ
5 ക്ഷിക്കുന്നവനിൽ എല്ലാം ദൈവസ്നേഹം ഉള്ളവണ്ണം തികഞ്ഞിരിക്കുന്നു;
6 നാം അവനിൽ ഇരിക്കുന്നു എന്നു ഇതിനാലെ അറിയുന്നു. അവനിൽ വ
സിക്കുന്നു എന്നു ചൊല്ലുന്നവൻ ആയവൻ നടന്നപ്രകാരം താനും നടക്കേ
7 ണ്ടിയതു. പ്രിയമുള്ളവരെ, പുതിയ കല്പന അല്ല ഞാൻ നിങ്ങൾക്കു എഴുതു
ന്നത്: ആദിമുതൽ നിങ്ങൾക്കുള്ള പഴയ കല്പന അത്രെ; പഴയ കല്പന
8 യൊ നിങ്ങൾ (ആദിമുതൽ) കേട്ട വചനം തന്നെ. പിന്നെയും ഞാൻ പു
തിയ കല്പനയെ നിങ്ങൾക്കു എഴുതുന്നു എന്നത് അവനിലും നിങ്ങളി
9 ലും സത്യമായി (വന്നു) ഇരുട്ടല്ലൊ കഴിഞ്ഞു പോകുന്നു; സത്യവെളിച്ചം
ഇതാ പ്രകാശിക്കുന്നു. വെളിച്ചത്തിൽ ഇരിക്കുന്നു എന്നു ചൊല്ലീട്ടും തൻ സ
10 ഹോദരനെ പകെക്കുന്നവൻ ഇന്നേവരെ ഇരുട്ടിൽ ആകുന്നു. തൻ സഹോ
ദരനെ സ്നേഹിക്കുന്നവൻ വെളിച്ചത്തിൽ വസിക്കുന്നു, അവനിൽ ഇടർച്ച
11 യും ഇല്ല. സഹോദരനെ പകെക്കുന്നവൻ ഇരുട്ടിൽ ആകുന്നു, ഇരുട്ടിൽ ന
ടക്കുന്നു: ഇരുട്ട് അവന്റെ കണ്ണുകളെ കുരുടാക്കുകയാൽ എവിടേക്കു ചെല്ലു
ന്നു എന്നും അറിയുന്നതും ഇല്ല.
12 പൈതങ്ങളെ, നിങ്ങൾക്ക് അവന്റെ നാമം നിമിത്തം പാപങ്ങൾ
13 മോചിച്ചിരിക്കയാൽ ഞാൻ നിങ്ങൾക്ക് എഴുതുന്നു: പിതാക്കളെ, ആദി
മുതൽ ഉള്ളവനെ നിങ്ങൾ അറിഞ്ഞിരിക്കയാൽ, നിങ്ങൾക്ക് എഴുതുന്നു:
ബാല്യക്കാരെ നിങ്ങൾ ദുഷ്ടനെ ജയിച്ചിരിക്കയാൽ നിങ്ങൾക്ക് എഴുതുന്നു:
കുഞ്ഞുങ്ങളെ, നിങ്ങൾ പിതാവെ അറിഞ്ഞിരിക്കയാൽ ഞാൻ നിങ്ങൾ
14 ക്ക് എഴുതി. പിതാക്കളെ, ആദിമുതൽ ഉള്ളവനെ നിങ്ങൾ അറിഞ്ഞിരി
ക്കയാൽ ഞാൻ നിങ്ങൾക്ക് എഴുതി; ബാല്യക്കാരെ, ദേവവചനം നിങ്ങ
ളിൽ വസിക്കയാലും നിങ്ങൾ ഊക്കരായി ദുഷ്ടനെ ജയിച്ചിരിക്കയാലും
15 നിങ്ങൾക്ക് എഴുതി. ലോകത്തേയും ലോകത്തിലുള്ളവറെയും സ്നേഹി
ക്കൊല്ലാ; ഒരുവൻ ലോകത്തെ സ്നേഹിച്ചാൽ, അവനിൽ പിതാവിങ്കലെ
16 സ്നേഹം ഇല്ല. ജഡമോഹം, കൺമോഹം, സംസാരത്തിൻവമ്പു ഇങ്ങിനെ
ലോകത്തിൽ ഉള്ളത് എല്ലാം പിതാവിൽ നിന്നല്ല, ലോകത്തിൽനിന്ന്
17 ആകുന്നു. ലോകവും അതിൻ മോഹവും കഴിഞ്ഞുപോകുന്നു: ദേവേഷ്ടത്തെ
18 ചെയ്യുന്നവനൊ എന്നേക്കും വസിക്കുന്നു. കുഞ്ഞുങ്ങളെ, ഒടുക്കത്തെ നാഴി
ക ആകുന്നു; എതിർക്രിസ്തൻ വരും എന്നു നിങ്ങൾ കേട്ടപ്രകാരം ഇപ്പോൾ
കൂടെ അനേകം എതിർ ക്രിസ്തന്മാർ ഉളവായതിനാൽ, ഒടുക്കത്തെ നാഴിക
19 ആകുന്നു എന്നു നാം അറിയുന്നു. അവർ നമ്മിൽനിന്നു പുറപ്പെട്ടിട്ടും നമ്മി
ലുള്ളവരായില്ല; നമ്മിലുള്ളവരായി എങ്കിൽ നമ്മോടു കൂടെ വസിക്കുമാ
യിരുന്നുവല്ലൊ; എല്ലാവരും നമ്മിൽ നിന്നുള്ളവരല്ല എന്നു ഇവരാൽ പ്ര
20 സിദ്ധമാകേണ്ടി വന്നു പോൽ. നിങ്ങളൊ വിശുദ്ധനിൽനിന്നു അഭിഷേ
കമുള്ളവരായി സകലവും അറിയുന്നു. നിങ്ങൾ സത്യത്തെ അറിയാത്തവർ
21 എന്നു വെച്ചല്ല; നിങ്ങൾ അതിനെ അറികയാലും സത്യത്തിൽനിന്നു ഒരു
കളവും ഉണ്ടാകായ്കയാലും ഞാൻ നിങ്ങൾക്ക് എഴുതിയത്. യേശു തന്നെ
22 ക്രിസ്തനല്ല എന്നു തള്ളുന്നവനല്ലാതെ, കള്ളൻ ആരാകുന്നു? ഇവൻ തന്നെ
23 പിതാവെയും പുത്രനെയും തള്ളിപ്പറയുന്ന എതിർ ക്രിസ്തനാകുന്നു. പുത്രനെ
തള്ളുന്നവനു പിതാവും ഇല്ല. പുത്രനെ സ്വീകരിക്കുന്നവനു പിതാവും ഉ
24 ണ്ടു. നിങ്ങളൊ ആദിമുതൽ കേട്ടതു നിങ്ങളിൽ വസിക്കുക, ആദിമുതൽ
25 കേട്ടതു നിങ്ങളിൽ വസിച്ചാൽ നിങ്ങളും പുത്രനിലും പിതാവിലും വസി
26 ക്കും. നിത്യജീവൻ എന്നുള്ളതു അവൻ നമുക്കു പറഞ്ഞു തന്ന വാഗ്ദത്തം ആ
കുന്നു. നിങ്ങളെ തെറ്റിക്കുന്നവരെ കുറിച്ചു ഞാൻ ഇവ നിങ്ങൾക്ക് എഴു
27 തി. പിന്നെ അവനിൽനിന്നു പ്രാപിച്ച അഭിഷേകം നിങ്ങളിൽ തന്നെ

വസിക്കുന്നു; ആരും നിങ്ങളെ ഉപദേശിപ്പാൻ ഒർ ആവശ്യവും ഇല്ല; ആ
അഭിഷേകം തന്നെ നിങ്ങളെ സകലത്തെയും കുറിച്ചുപദേശിക്കയും കളവ
ല്ല, സത്യം ആകയും ചെയ്യുംപ്രകാരമത്രെ; അതു നിങ്ങളെ ഉപദേശിച്ചതു
28 പോലെ തന്നെ അവനിൽ വസിപ്പിൻ. ഇനിയും പൈതങ്ങളെ, അവൻ
പ്രത്യക്ഷനാകുമ്പോൾ, നാം അവങ്കൽനിന്നു നാണിച്ചുപോകാതെ, അവ
ന്റെ വരവിൽ പ്രാഗത്ഭ്യം പൂണ്ടിരിപ്പാൻ തന്നെ അവനിൽ വസിപ്പിൻ.

3. അദ്ധ്യായം

നീതിമാന്റെ മക്കളായവർ, (4) നീതിയെ പിന്തുടർന്നും, (11)ദ്വേഷി
ക്കപ്പെട്ടിട്ടും സ്നേഹിച്ചും പോന്നു, (19) പ്രാഗത്ഭ്യം ലഭിക്കുന്നവർ.

29 അവൻ നീതിമാൻ എന്നു തിരിയുന്നു എങ്കിൽ, നീതിയെ ചെയ്യുന്ന
വൻ ഒക്കയും അവനിൽനിന്നു ജനിച്ചിരിക്കുന്നു എന്നു നിങ്ങൾ അറിയു
3,1 ന്നു. കാണ്മിൻ! നാം ദേവമക്കൾ എന്നു വിളിക്കപ്പെടേണ്ടതിന്നു പിതാവു
നമുക്കു എത്ര വലിയ സ്നേഹത്തെ നല്കി, നാം ആകയും ചെയ്യുന്നു; ആയതു
കൊണ്ടു ലോകം നമ്മെ അറിയുന്നില്ല; അതു അവനേയും അറിയാതെ
2 ഇരുന്നുവല്ലൊ. പ്രിയമുള്ളവരെ, നാം ഇപ്പോൾ ദേവമക്കൾ ആകുന്നു; ഇ
ന്നതു ആകും എന്നു ഇതുവരെ പ്രസിദ്ധമായതും ഇല്ല; പ്രസിദ്ധമായാലൊ,
നാം അവനെ ഉള്ളവണ്ണം കാണ്മതിനാൽ അവനോടു സദൃശന്മാരാകും എ
3 ന്നു അറിയുന്നു. അവനിൽ ഈ പ്രത്യാശ ഉള്ളവനെല്ലാം ആയവൻ നിർമ്മ
4 ലൻ ആകുമ്പോലെ തന്നെയും നിർമ്മിലീകരിക്കുന്നു. പാപം ചെയ്യുന്നവൻ
5 എല്ലാം അധർമ്മത്തേയും ചെയ്യുന്നു. പാപം അധർമ്മം തന്നെ; പാപങ്ങ
ളെ എടുത്തുകൊൾവാൻ അവൻ പ്രത്യക്ഷമായി എന്നും പാപം അവനിൽ
6 ഇല്ല എന്നും നിങ്ങൾ അറിയുന്നു. അവനിൽ വസിക്കുന്നവൻ എല്ലാം പാ
പം ചെയ്യുന്നില്ല, പാപം ചെയ്യുന്നവൻ എല്ലാം അവനെ കണ്ടതും ഇല്ല;
7 അവനെ അറിഞ്ഞതും ഇല്ല. പൈതങ്ങളെ ആരും നിങ്ങളെ തെറ്റിക്കരു
ത്; നീതിയെ ചെയ്യുന്നവൻ ആയവൻ, നീതിമാനാകുമ്പോലെ നീതിമാ
8 നാകുന്നു. പാപത്തെ ചെയ്യുന്നവൻ പിശാചിൽനിന്നാകുന്നു: ആദിമുതൽ അ
ല്ലൊ പിശാചു പാപം ചെയ്യുന്നു; പിശാചിന്റെ ക്രിയകളെ അഴിപ്പാനാ
യി തന്നെ ദേവപുത്രൻ പ്രത്യക്ഷനായി ദൈവത്തിൽനിന്നു ജനിച്ചവൻ
9 എല്ലാം അവന്റെ വിത്തു ഉള്ളിൽ വസിക്കയാൽ പാപം ചെയ്യാതിരിക്കു
ന്നു; ദൈവത്തിൽനിന്നു ജനിച്ചതാൽ പാപം ചെയ്‌വാൻ കഴികയും ഇല്ല.
10 ദേവമക്കളും പിശാചിൻ മക്കളും ഇതിൽ തന്നെ വെളിവാകുന്നു.
നീതിയെ ചെയ്യാത്തവൻ ഏവനും തന്റെ സഹോദരനെ സ്നേഹിക്കാത്ത
11 വനും ദൈവത്തിൽനിന്നുള്ളവനല്ല. നിങ്ങൾ ആദിമുതൽ കേട്ട വർത്തു നാം
12 അന്യോന്യം സ്നേഹിക്കേണം എന്നല്ലൊ ആകുന്നു. കായിൻ ദുഷ്ടനിൽനി
ന്നുള്ളവനായി തൻ സഹോദരനെ കൊന്നതു പോലെ അല്ല; അവനെ
കൊന്നതു എന്തു നിമിത്തം? അവന്റെ ക്രിയകൾ ദോഷവും സഹോദരന്റെ
13 വ നീതിയും ഉള്ളവ ആകകൊണ്ടത്രെ. എന്റെ സഹോദരന്മാരെ, ലോകം
14 നിങ്ങളെ പകെക്കയിൽ ആശ്ചര്യപ്പെടരുതെ. നാം മരണത്തെ വിട്ടു ജീ
വനിൽ കടന്നിരിക്കുന്നു എന്നു സഹോദരരെ സ്നേഹിക്കുന്നതു കൊണ്ടത്രെ
നാം അറിയുന്നു; സഹോദരനെ സ്നേഹിക്കാത്തവൻ മരണത്തിൽ വസിക്കു
15 ന്നു. തൻസഹോദരനെ പകെക്കുന്നവൻ എല്ലാം ആളക്കൊല്ലി ആകുന്നു;
ആളക്കൊല്ലിക്കു ആർക്കും നിത്യജീവൻ ഉള്ളിൽ വസിച്ചിരിക്കുന്നതും
16 ഇല്ല എന്നു നിങ്ങൾ അറിയുന്നു. ആയവൻ നമുക്കു വേണ്ടി, തന്റെ പ്രാ
ണനെ വെച്ചു കളഞ്ഞതിനാൽ അത്രെ, നാം സ്നേഹത്തെ അറിഞ്ഞിരിക്കു
ന്നു; നാമും സഹോദരർക്കു വേണ്ടി പ്രാണങ്ങളെ വെച്ചുകളയേണ്ടതാകുന്നു.

17 എന്നാൽ ഈ ലോകത്തെ ജീവനം ഉള്ളവൻ ആരും തൻ സഹോദരനു
മുട്ടുള്ള പ്രകാരം കണ്ടു, അവനിൽനിന്നു തന്റെ ഉൾക്കരളെ അടെച്ചു വെ
18 ച്ചാലൊ, ദൈവസ്നേഹം അവനിൽ എങ്ങിനെ വസിക്കും? എൻ പൈതങ്ങളെ, നാം വാക്കിനാലും നാവിനാലും അല്ല, ക്രിയയിലും സത്യത്തിലും സ്നേഹിക്കാക.

19 നാം സത്യത്തിൽനിന്നു ആകുന്നു എന്നതു ആയതിനാൽ അറിയും; നമ്മുടെ ഹൃദയങ്ങളെ അവനുമ്പാകെ തേറുമാറാക്കുകയും ആം. കാരണം ഹൃദയം
20 തന്നെ നമുക്കു കുറ്റം വിധിച്ചാൽ നമ്മുടെ ഹൃദയത്തേക്കാൾ ദൈവം വലിയ
21 വൻ ആകുന്നു; എല്ലാം അറികയും ചെയ്യുന്നു. പ്രിയമുള്ളവരെ, നമ്മുടെ ഹൃദയം നമുക്കു കുറ്റം വിധിക്കാഞ്ഞാൽ ദൈവത്തോടു നമുക്കു പ്രാഗത്ഭ്യം ഉണ്ടു.
22 പിന്നെ അവന്റെ കല്പനകളെ നാം സൂക്ഷിച്ചു, അവനു പ്രസാദമുള്ളവ ചെയ്കയാൽ, എന്തു യാചിച്ചാലും അവനിൽനിന്നു ലഭിക്കും. അവന്റെ കല്പ
23 നയൊ അവന്റെ പുത്രനായ യേശുക്രിസ്തന്റെ നാമത്തിൽ വിശ്വസിക്കയും ആയവൻ നമുക്കു കല്പന തന്ന പോലെ അന്യോന്യം സ്നേഹിക്കയും വേണം
24 എന്നത്രെ. അവന്റെ കല്പനകളെ സൂക്ഷിക്കുന്നവൻ അവനിൽ വസിക്കുന്നു; ഇവനും അവനിൽ (വസിക്കുന്നു) അവൻ നമ്മിൽ വസിക്കുന്നു എന്നതു അവൻ നമുക്കു തന്ന ആത്മാവിനാലെ അറിയുന്നു.

4. അദ്ധ്യായം

കള്ള ആത്മാക്കളും സത്യാത്മാവും, (7) ദേവസ്നേഹത്തെ അറിഞ്ഞും, (13) താനും സ്നേഹത്തിൽ വർദ്ധിച്ചും വരേണം.

1 പ്രിയമുള്ളവരെ, എല്ലാ ആത്മാവിനും വിശ്വസിക്കാതെ, ആത്മാക്കൾ ദൈവത്തിൽനിന്നുള്ളവയൊ എന്നു ശോധന ചെയ്വിൻ! കള്ള പ്രവാ
2 ചകർ പലരും ലോകത്തിലേക്കു പുറപ്പെട്ടിട്ടുണ്ടല്ലൊ. ദേവാത്മാവെ ഇതിനാൽ അറിവിൻ! ജഡത്തിൽ വന്നവൻ എന്നു യേശുക്രിസ്തനെ സ്വീകരിക്കുന്ന ആത്മാവെല്ലാം ദൈവത്തിൽനിന്നാകുന്നു. (ജഡത്തിൽ വന്നവൻ എന്നു)
3 യേശുക്രിസ്തനെ സ്വീകരിക്കാത്ത ആത്മാവെല്ലാം ദൈവത്തിൽനിന്നുള്ളതല്ല; വരുന്നു എന്നു നിങ്ങൾ കേട്ടിരിക്കുന്ന എതിർ ക്രിസ്തന്റെ ആത്മാവു
4 ഇതു തന്നെ; ആയതു ഇപ്പോൾ കൂടെ ലോകത്തിൽ ഇരിക്കുന്നു. പൈതങ്ങളെ, നിങ്ങൾ ദൈവത്തിൽ നിന്നുള്ളവരാകുന്നു, അവരെ ജയിച്ചും ഇരിക്കുന്നു: ലോകത്തിൽ ഇരിക്കുന്നവനേക്കാൾ നിങ്ങളിൽ ഉള്ളവൻ വലിയവന
5 ല്ലൊ ആകുന്നു. അവർ ലോകത്തിൽനിന്നു ആകയാൽ, ലോകത്തിൽനിന്നു (ഉള്ളതു) പറയുന്നു; ലോകം അവരെ കേൾക്കയും ചെയ്യുന്നു. ഞങ്ങൾ ദൈവ
6 ത്തിൽനിന്നു ആകുന്നു, ദൈവത്തെ അറിയുന്നവൻ ഞങ്ങളെ കേൾക്കുന്നു; ദൈവത്തിൽ നിന്നല്ലാത്തവൻ ഞങ്ങളെ കേൾക്കുന്നില്ല: സത്യത്തിന്റെ ആത്മാവെയും ഭ്രമത്തിന്റെ ആത്മാവെയും ഇതിനാൽ നാം അറിയുന്നു.

7 പ്രിയമുള്ളവരെ, നാം അന്യോന്യം സ്നേഹിക്ക; കാരണം സ്നേഹം ദൈവത്തിൽ നിന്നാകുന്നു, സ്നേഹിക്കുന്നവൻ എല്ലാം ദൈവത്തിൽനിന്നു ജനിച്ച
8 വനായി ദൈവത്തെ അറിയുന്നു. ദൈവം സ്നേഹം തന്നെ; ആകയാൽ സ്നേ
9 ഹിക്കാത്തവൻ ദൈവത്തെ അറിഞ്ഞിട്ടില്ല. ദൈവം തന്റെ ഏകജാതനായ പുത്രനെ നാം അവനാൽ ജീവിക്കേണ്ടതിന്നു ലോകത്തിൽ അയച്ചിരിക്ക
10 കൊണ്ടു, ദൈവസ്നേഹം നമ്മിൽ പ്രസിദ്ധമായി. നാം ദൈവത്തെ സ്നേഹിച്ചു എന്നല്ല. അവൻ നമ്മെ സ്നേഹിച്ചു. തന്റെ പുത്രനെ നമ്മുടെ പാപങ്ങൾക്കു പ്രായശ്ചിത്തമാവാൻ അയച്ചു എന്നതിൽ തന്നെ സ്നേഹം (കാണ്മാൻ)
11 ഉണ്ടു. പ്രിയമുള്ളവരെ, ദൈവം നമ്മെ ഇപ്രകാരം സ്നേഹിച്ചു എന്നാൽ നാമും

12 അന്യോന്യം സ്നേഹിക്കേണ്ടതു. ദൈവത്തെ ഒരുത്തരും ഒരു നാളും കണ്ടിട്ടി
ല്ല; നാം അന്യോന്യം സ്നേഹിച്ചാൽ ദൈവം നമ്മിൽ വസിക്കുന്നു;
അവന്റെ സ്നേഹം നമ്മിൽ തികഞ്ഞും ഇരിക്കുന്നു. നാം അവനിലും അവൻ
13 നമ്മിലും വസിക്കുന്നു എന്നതിനെ അവൻ തന്റെ ആത്മാവിൽനിന്നു നമുക്കു
14 തന്നതിനാൽ അറിയുന്നു. പിതാവു തന്റെ പുത്രനെ ലോകരക്ഷിതാവാ
വാൻ അയച്ചിരിക്കുന്നു എന്നു ഞങ്ങൾ കണ്ടിട്ടു സാക്ഷ്യം ചൊല്ലുന്നു. യേശു
15 ദൈവപുത്രൻ എന്നു് ആരാനും സ്വീകരിച്ചാൽ, ദൈവം അവനിലും അവൻ
16 ദൈവത്തിലും വസിക്കുന്നു. ഇങ്ങിനെ ദൈവത്തിന്നു നമ്മിലുള്ള സ്നേഹത്തെ
നാം അറിഞ്ഞും വിശ്വസിച്ചും ഇരിക്കുന്നു; ദൈവം സ്നേഹം തന്നെ ആകുന്നു;
സ്നേഹത്തിൽ വസിക്കുന്നവൻ ദൈവത്തിലും ദൈവം അവനിലും വസിക്കു
17 ന്നു. സ്നേഹം നമ്മോടു തികഞ്ഞിരിക്കുന്നതു നമുക്കു വിധിദിവസത്തിൽ പ്രാ
ഗത്ഭ്യം ഉണ്ടാകുന്നതിനാൽ തന്നെ; അതൊ ആയവൻ ഇരിക്കുമ്പോലെ നാ
18 മും ഈ ലോകത്തിൽ ഇരിക്കുന്നതുകൊണ്ടത്രെ. സ്നേഹത്തിൽ ഭയം ഇല്ല.
ഭയത്തിന്നു ദണ്ഡനം ഉണ്ടാകയാൽ തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കി
കളയുന്നു; ഭയപ്പെടുന്നവൻ സ്നേഹത്തിൽ തികവു വന്നവനല്ല. അവൻ മുമ്പെ
19 നമ്മെ സ്നേഹിച്ചതു കൊണ്ടു, നാം സ്നേഹിക്കാക. ഒരുവൻ ഞാൻ ദൈ
20 വത്തെ സ്നേഹിക്കുന്നു എന്നു ചൊല്ലി, തന്റെ സഹോദരനെ പകെച്ചാൽ,
അവൻ കള്ളനാകുന്നു; താൻ കണ്ട സഹോദരനെ സ്നേഹിക്കാത്തവൻ കാണാ
21 ത്ത ദൈവത്തെ എങ്ങിനെ സ്നേഹിച്ചു കൂടും? ദൈവത്തെ സ്നേഹിക്കുന്ന
വൻ തന്റെ സഹോദരനെയും സ്നേഹിക്ക എന്നീകല്പന നമുക്കു അവങ്കൽനി
ന്നു ഉണ്ടു.

5. അദ്ധ്യായം

വിശ്വാസത്താലെ ജയം, (6) വിശ്വാസികൾക്കു കിട്ടിയ ദൈവസാക്ഷ്യം,
(14)അവക്കു പ്രാർത്ഥനയിലും മറും നിശ്ചയം വരുന്നതു.

1 **യേ**ശു തന്നെ ക്രിസ്തൻ എന്നു വിശ്വസിക്കുന്നവൻ എല്ലാം ദൈവത്തിൽ
നിന്നു ജനിച്ചിരിക്കുന്നു; ജനിപ്പിച്ചവനെ സ്നേഹിക്കുന്നവൻ എല്ലാം അവ്
2 നിൽനിന്നു ജനിച്ചവനെയും സ്നേഹിക്കുന്നു. നാം ദൈവത്തെ സ്നേഹിച്ചു അ
വന്റെ കല്പനകളെ ചെയ്യുമ്പോൾ, ദൈവമക്കളെ നാം സ്നേഹിക്കുന്നു എന്ന
3 റിയുന്നു. അവന്റെ കല്പനകളെ സൂക്ഷിക്കുന്നതല്ലൊ ദൈവസ്നേഹം ആകു
4 ന്നു; അവന്റെ കല്പനകൾ ഭാരം ഉള്ളതും അല്ല. കാരണം ദൈവത്തിൽനി
ന്നു ജനിച്ചതു് ഒക്കയും ലോകത്തെ ജയിക്കുന്നു, ലോകത്തെ ജയിച്ച ജയ
5 മൊ നമ്മുടെ വിശ്വാസമത്രെ. യേശു ദൈവപുത്രൻ എന്നു വിശ്വസിക്കു
ന്നവനല്ലാതെ, പിന്നെ ആരാകുന്നു ലോകത്തെ ജയിക്കുന്നവൻ.
6 ആയവൻ ജലത്താലും രക്തത്താലും വന്നവനത്രെ, ക്രിസ്തനാകുന്ന യേശു
തന്നെ; ജലത്താൽ മാത്രമല്ല, ജലത്താലും രക്തത്താലും അത്രെ; ആത്മാവു്
7 തന്നെ സത്യം ആകയാൽ, സാക്ഷ്യം ചൊല്ലുന്നതു് ആത്മാവു് തന്നെ. (സ്വ
ർഗ്ഗത്തിൽ സാക്ഷ്യം പറയുന്നവർ മൂവർ ഉണ്ടല്ലൊ! പിതാവു, വചനം, വി
8 ശുദ്ധാത്മാവു് എന്നിവർ മൂവരും ഒന്നു തന്നെ. ഭൂമിയിലും) സാക്ഷ്യം പ
റയുന്നവർ മൂവർ ഉണ്ടല്ലൊ! ആത്മാവു, ജലം, രക്തം എന്നിവർ തന്നെ;
9 മൂവരും ഒന്നിലേക്കു് ആകുന്നു. നാം മനുഷ്യരുടെ സാക്ഷ്യത്തെ കൈക്കൊ
ണ്ടാൽ, ദൈവത്തിൻ സാക്ഷ്യം ഏറെ വലുതാകുന്നു; അവൻ തന്റെ പുത്രനെ
10 കുറിച്ചു ചൊല്ലിയതു, ദൈവസാക്ഷ്യം ആകുന്നുണ്ടല്ലൊ. ദേവപുത്രനിൽ വി
ശ്വസിക്കുന്നവന്നു ദൈവസാക്ഷ്യം ഉള്ളിൽ ഉണ്ടു, ദൈവത്തിന്നു വിശ്വസി
ക്കാത്തവൻ ദൈവം സ്വപുത്രനെ കുറിച്ചു ചൊല്ലിയ സാക്ഷ്യത്തെ വിശ്വ
11 സിക്കാഞ്ഞതിനാൽ, അവനെ കള്ളനാക്കുന്നു. ആ സാക്ഷ്യമാവിതു്:

ദൈവം നമുക്കു നിത്യജീവനെ തന്നു എന്നും, ആ ജീവൻ അവന്റെ പുത്രനിൽ
12 ആകുന്നു എന്നും ഉള്ളതത്രെ. പുത്രനുള്ളവന്നു ജീവൻ ഉണ്ടു, ദേവപുത്രൻ ഇ
13 ല്ലാത്തവന്നു ജീവനും ഇല്ല. ദേവപുത്രന്റെ നാമത്തിൽ വിശ്വസിക്കുന്ന നി
ങ്ങൾക്കു ഞാൻ ഇവ എഴുതിയതു; നിങ്ങൾ നിത്യജീവനുള്ളവർ എന്നറി
ഞ്ഞു, ദൈവപുത്രന്റെ നാമത്തിൽ (ഇനിയും) വിശ്വസിക്കേണ്ടതിന്നത്രെ.
14 നമുക്കു അവനോടുള്ള പ്രാഗത്ഭ്യമാവിതു; നാം അവന്റെ ഇഷ്ടപ്രകാരം
15 വല്ലതും യാചിച്ചാൽ, അവൻ നമ്മെ കേൾക്കുന്നു എന്നത്രെ. എന്തു യാചി
ച്ചാലും അവൻ നമ്മെ കേൾക്കുന്നു എന്നറികിൽ നാം അവനോടു യാചിച്ച
16 യാചനകൾ ലഭിച്ചു എന്നും അറിയുന്നു. ആരാനും തന്റെ സഹോദരൻ മര
ണത്തിലേക്കല്ലാത്ത പാപം ചെയ്തു പിഴെക്കുന്നതു കണ്ടാൽ, യാചിക്കും;
അവനും ജീവനെ കൊടുക്കയും ആം; മരണത്തിലേക്കല്ലാത്ത പാപം ചെയ്യു
ന്നവർക്കു തന്നെ മരണത്തിന്നുള്ള പാപം ഉണ്ടു; അതിന്നായി ചോദിക്കേ
17 ണം എന്നു ഞാൻ ചൊല്ലുന്നില്ല. എല്ലാ അനീതിയും പാപമാകുന്നു, മര
18 ണത്തിന്നല്ലാത്ത പാപവും ഉണ്ടു. ദൈവത്തിൽനിന്നു ജനിച്ചവൻ ആരും
പാപം ചെയ്യാ എന്നു നാം അറിയുന്നു; അല്ല, ദൈവത്തിൽനിന്നു ജനിച്ച
വൻ തന്നെത്താൻ സൂക്ഷിക്കുന്നു; ദുഷ്ടൻ അവനെ തൊടുന്നതും ഇല്ല. നാം
19 ദൈവത്തിൽനിന്നു ആകുന്നു എന്നു നാം അറിയുന്നു; സർവ്വലോകവും ദുഷ്ടൻ
20 നിൽ കിടക്കുന്നു. ദൈവപുത്രൻ വന്നു നാം സത്യമുള്ളവനെ അറിവാനാ
യി നമുക്കു വിവേകം തന്നു എന്നും അറിയുന്നു, അതിനാൽ നാം സത്യമുള്ള
വനിൽ അവന്റെ പുത്രനായ യേശുക്രിസ്തനിൽ തന്നെ ആകുന്നു; ഇവൻ
21 സത്യദൈവവും നിത്യജീവനും ആകുന്നു. പൈതങ്ങളെ, വിഗ്രഹങ്ങളിൽ
നിന്നു നിങ്ങളെ കാത്തുകൊൾവിൻ.

THE SECOND EPISTLE OF

JOHN

യോഹനാൻെറ

രണ്ടാം ലേഖനം

ഒരു സഭയെ, (4) വിശ്വാസസ്നേഹങ്ങളിൽ നിലനില്പാൻ പ്രബോധി
പ്പിക്കുന്നതു.

1 **തെ**രിഞ്ഞെടുക്കപ്പെട്ട കർത്രിക്കും ഞാൻ സത്യത്തിൽ സ്നേഹിക്കുന്ന
2 അവളുടെ മക്കൾക്കും മൂപ്പൻ (എഴുതുന്നതു്). ഞാൻ മാത്രമല്ല, സത്യത്തെ
അറിഞ്ഞവർ എല്ലാവരും നമ്മിൽ വസിക്കുന്നതും നമ്മോടു് എന്നേക്കും നി
3 ല്പതും ആകുന്ന സത്യത്തിൻ നിമിത്തം (നിങ്ങളെ സ്നേഹിക്കുന്നു). പിതാ
വായ ദൈവത്തിൽനിന്നും പിതാവിൻ പുത്രനായ യേശുക്രിസ്തൻ എന്ന
കർത്താവിൽനിന്നും സത്യത്തിലും സ്നേഹത്തിലും നിങ്ങളോടു കൃപ,
4 കനിവു, സമാധാനവും ഉണ്ടാവൂതാക. നമുക്കു പിതാവിൽനിന്നു കല്പന
വന്നതു പോലെ നിൻെറ മക്കളിൽ ചിലർ സത്യത്തിൽ നടക്കുന്നതു ഞാൻ
5 കണ്ടെത്തുകയാൽ, അത്യന്തം സന്തോഷിച്ചു. ഇനി കർത്രീ നിണക്കു് പു
തിയ കല്പന അല്ല, ആദിമുതൽ നമുക്കു് ഉണ്ടായതത്രെ; ഞാൻ എഴുതി
6 ക്കൊണ്ടു, നാം അന്യോന്യം സ്നേഹിക്കാക എന്നു നിന്നോടു ചോദിക്കുന്നു.
നാം അവൻെറ കല്പനകളിൻ പ്രകാരം നടക്കുക എന്നതു് സ്നേഹം തന്നെ
ആകുന്നു; ആയതിൽ നടക്കേണം എന്നതു് നാം ആദി മുതൽ കേട്ട പ്രകാരം
7 കല്പന ആകുന്നതു; ജഡത്തിൽ വരുന്നവൻ എന്നു യേശുക്രിസ്തനെ
സ്വീകരിക്കാത്ത വഞ്ചകർ പലരും ലോകത്തിലേക്കു പുറപ്പെട്ടുവല്ലൊ, വ
8 ഞ്ചകനും എതിർക്രിസ്തനും ഇപ്രകാരമുള്ളവനത്രെ. നാം അദ്ധ്വാനിച്ചു്
ഉണ്ടാക്കിയതു കളയാതെ, പൂർണ്ണ കൂലിയെ പ്രാപിക്കേണ്ടതിന്നു നിങ്ങളെ
9 തന്നെ നോക്കുവിൻ. ക്രിസ്തൻെറ ഉപദേശത്തിൽ വസിക്കാതെ, മുന്നോ
ട്ടുന്നവനു് ആർക്കും ദൈവം ഇല്ല; ക്രിസ്തൻെറ ഉപദേശത്തിൽ വസി
10 ക്കുന്നവനു പിതാവും പുത്രനും ഉണ്ടു. ഒരുത്തൻ ഈ ഉപദേശം ധരിക്കാതെ,
നിങ്ങളുടെ അടുക്കെ വരികിൽ അവനെ വീട്ടിൽ ചേർത്തുകൊൾകയും കുശ
11 ലം പറകയും അരുതു. അവനോടു കുശലം പറയുന്നവൻ അവൻെറ ദുഷ്ക്രി
12 യകൎമ്മങ്ങൾക്കു് കൂട്ടാളി ആകുന്നു സത്യം. നിങ്ങൎമ്മങ്ങൾക്കു് എഴുതുവാൻ പലവും ഉണ്ടാ
യിട്ടും കടലാസ്സും മഷിയും കൊണ്ടു ചെയ്വാൻ മനസ്സില്ലാഞ്ഞു; കാരണം
നമ്മുടെ സന്തോഷം പൂർണ്ണമാകേണ്ടതിന്നു നിങ്ങളരികെ വന്നു മുഖാമുഖമാ
13 യി ചൊലവാൻ ആശിക്കുന്നു. നിൻെറ തെരിഞ്ഞെടുത്ത സഹോദരിയുടെ
മക്കൾ നിന്നെ വന്ദിക്കുന്നു.

THE THIRD EPISTLE OF

JOHN

യോഹനാന്റെ

മൂന്നാം ലേഖനം

ഗായനെ സഹോദരപ്രീതി നിമിത്തം പുകഴ്ത്തു, (9) ദ്യോത്രഫാവിന്റെ കുറവും മറും ചൊല്ലി എഴുതുന്നതു.

1 മൂപ്പനായ ഞാൻ സത്യത്തിൽ സ്നേഹിക്കുന്ന പ്രിയ ഗായന്നു് (എഴുതു
2 ന്നതു.) ഹേ പ്രിയ! നിന്റെ ദേഹി സുഖിക്കുമ്പോലെ നീ തഴെച്ചും സുഖി
3 ച്ചും വരേണം എന്നു ഞാൻ എല്ലാം കൊണ്ടും അപേക്ഷിക്കുന്നു. സഹോദര
ന്മാർ വന്നു നീ സത്യത്തിൽ നടക്കുന്ന പ്രകാരം നിന്റെ സത്യത്തിന്നു സാ
4 ക്ഷ്യം ചൊല്ലുകയാൽ ഞാൻ അത്യന്തം സന്തോഷിച്ചു. എന്റെ മക്കൾ സത്യ
ത്തിൽ നടക്കുന്നു എന്നു കേൾക്കയിൽ അധികം വലിയൊരു സന്തോഷവും
5 എനിക്കില്ല. പ്രിയ! നീ സഹോദരരിലും വിശേഷാൽ അതിഥികളിലും
6 അദ്ധ്വാനിക്കുന്നതു് ഒക്കയും വിശ്വസ്തമായി ചെയ്യുന്നു. അവർ സഭയുടെ മു
മ്പാകെ നിന്റെ സ്നേഹത്തിന്നു സാക്ഷ്യം ചൊല്ലി, ഇവരെ നീ ദൈവത്തി
ന്നു യോഗ്യമാകുംവണ്ണം യാത്ര അയച്ചു എങ്കിൽ, നന്നായി ചെയ്യും. അ
7 വർ ആ നാമത്തിന്നു വേണ്ടി പുറപ്പെട്ടുവല്ലോ! ജാതികളോടു് ഒന്നും മേ
8 ടിക്കാതെ നടക്കുന്നു. എന്നാൽ ഇപ്രകാരമുള്ളവരെ നാം സത്യത്തിന്നു കൂട്ടു
9 പണിക്കാർ ആകുവാൻ തുണെച്ചുകൊള്ളേണ്ടതു. (അങ്ങെ) സഭെക്കു ഞാൻ
എഴുതി എങ്കിലും അവരിൽ മുതലാളിയായി നടിക്കുന്ന ദ്യോത്രഫാ ഞങ്ങ
10 ളെ കൈക്കൊള്ളുന്നില്ല. ആകയാൽ ഞാൻ വന്നാൽ ഞങ്ങളെ ദുർവ്വാക്കു
കളാൽ ശകാരിച്ചു കൊണ്ടു ചെയ്യുന്ന ക്രിയകളെ അവനെ ഓർമ്മ വരുത്തും; ആ
യവ പോരാ എന്നു വെച്ചും സഹോദരരെ താൻ ഏറ്റുകൊള്ളാത്തതു് എന്നി
11 യെ മനസ്സുള്ളവരെ വിരോധിക്കയും സഭയിൽനിന്നു് ആട്ടിക്കളകയും ചെയ്യു
ന്നു. പ്രിയനെ, നല്ലതല്ലാതെ തീയതിനെ അനുകരിക്കൊല്ലാ; നന്മ ചെയ്യു
ന്നവൻ ദൈവത്തിൽനിന്നു് ആകുന്നു, തിന്മ ചെയ്യുന്നവൻ ദൈവത്തെ കണ്ടി
12 ല്ല. ദെമേത്രിയന്നു് എല്ലാവരാലും സത്യം എന്നതിനാലും തന്നെ സാക്ഷ്യം
വന്നിട്ടുണ്ടു; ഞങ്ങളും സാക്ഷ്യം ചൊല്ലുന്നു, ഞങ്ങളുടെ സാക്ഷ്യം സത്യമുള്ള
13 തു് എന്നു നീ അറികയും ചെയ്യുന്നു. എഴുതുവാൻ പലവും ഉണ്ടായിട്ടും മഷി
14 യും തൂവലും കൊണ്ടു നിണക്കു് എഴുതുവാൻ മനസ്സില്ല. വേഗം നിന്നെ
15 കാണ്മാൻ ആശിക്കുന്നു താനും; എന്നാൽ നാം മുഖാമുഖമായി ചൊല്ലാം.
നിണക്കു സമാധാനം സ്നേഹിതന്മാർ നിന്നെ വന്ദിക്കുന്നു, സ്നേഹിതന്മാ
രെ പേരുപേരായിട്ടു വന്ദിക്ക.

THE EPISTLE OF

JUDE

യൂദാവിൻെറ

ലേഖനം

പേത്രൻ, (2. പെ. 2.) മുന്നറിയിച്ച ഉപദേഷ്ടാക്കളുടെ വ്യാപാരത്താൽ സംഗതി വന്ന ഉപദേശപ്രബോധനങ്ങൾ.

1 **യേ**ശുക്രിസ്തുൻെറ ദാസനും യാക്കോബിൻെറ സഹോദരനുമായ യൂദാ,
വിളിക്കപ്പെട്ടും പിതാവായ ദൈവത്തിൽ വിശുദ്ധീകരിക്കപ്പെട്ടും യേശു
2 ക്രിസ്തുന്നായി സൂക്ഷിക്കപ്പെട്ടും ഇരിക്കുന്നവർക്കു (എഴുതുന്നത്).നിങ്ങൾക്ക്
കനിവും സമാധാനസ്നേഹങ്ങളും പെരുകിവരുവൂതാക.
3 പ്രിയമുള്ളവരെ, സാധാരണ രക്ഷയെകൊണ്ടു നിങ്ങൾക്ക് എഴുതുവാൻ എ
ല്ലാ പ്രയത്നവും ചെയ്തിരിക്കും കാലം വിശുദ്ധക്ക് ഒരിക്കൽ ഭരമേല്പിക്ക
പ്പെട്ട വിശ്വാസത്തിന്നായി പോരാടേണ്ടതിന്നു പ്രബോധിപ്പിച്ചെഴുതുവാൻ
4 ഒർ ആവശ്യം തോന്നി. എങ്ങിനെ എന്നാൽ നമ്മുടെ ദൈവത്തിൻ കരുണ
യെ കാമഭോഗത്തിലേക്ക് മറിച്ചുവെച്ച് ഏകനാഥനും നമ്മുടെ കർത്താവു
മായ യേശുക്രിസ്തുനെ തള്ളിപ്പറയുന്ന അഭക്തർ ചിലരും നുഴഞ്ഞു വന്നു:
5 അവർ പണ്ടെ ഈ ന്യായവിധിയിലേക്ക് മുൻ എഴുതപ്പെട്ടവർ തന്നെ. ഇ
ത് എല്ലാം ഒരിക്കൽ അറിഞ്ഞവർ എങ്കിലും നിങ്ങളെ ഞാൻ ഓർപ്പിപ്പാൻ
ഇച്ഛിക്കുന്നിതു: കർത്താവു മിസ്രയിൽനിന്നു സ്വജനത്തെ രക്ഷിച്ചിട്ടും വിശ്വ
6 സിക്കാത്തവരെ രണ്ടാമതും നശിപ്പിച്ചു എന്നും, തങ്ങളുടെ വാഴ്ചയെ കാത്തു
കൊള്ളാതെ സ്വവാസത്തെ വിട്ടുപോയ ദൂതരെ എന്നേക്കുമുള്ള കെട്ടുകളാൽ
7 അന്ധകാരത്തിങ്കീഴെ ഇട്ടു, മഹാദിവസത്തിൽ വിധിക്കായി സൂക്ഷിച്ചി
രിക്കുന്നു എന്നും; അതുപോലെ സദോം ഘമോറയും അവരിൻ ചുറുമുള്ള
പട്ടണങ്ങളും അവക്ക് ഒത്തവണ്ണം പുലയാടി, അന്യജഡത്തിൻ പിന്നാലെ
നടന്നു പോയതിനാൽ, നിത്യാഗ്നിവിധിയെ സഹിച്ചു, ദൃഷ്ടാന്തമായിക്കി
8 ടക്കുന്നു എന്നും ഉള്ളവ തന്നെ. എങ്കിലും സമപ്രകാരത്തിൽ ഇവരും സ്വപ്ന
വസ്ഥയിലായി, ജഡത്തെ മലിനമാക്കുന്നു; കർത്തൃത്വത്തെ നിരസിക്കുന്നു,
9 തേജസ്സുകളെ ദുഷിച്ചു ചൊല്ലുന്നു. എന്നാൽ പ്രധാനദൂതനായ മികയേൽ കൂ
ടെ പിശാചോട് ഇടഞ്ഞു, മോശയുടെ ഉടൽ ചൊല്ലി വാദിക്കുമ്പോൾ,
ദൂഷണവിധിയെ ഉച്ചരിപ്പാൻ തുനിയാതെ, കർത്താവ് നിന്നെ ശാസിക്ക
10 എന്നു പറഞ്ഞതെ ഉള്ളു. ഇവരൊ തങ്ങൾ അറിയാത്തവയെല്ലാം ദുഷിച്ചു പ
റയുന്നു; ബുദ്ധിയില്ലാത്ത മൃഗങ്ങളെ പോലെ എന്തെല്ലാം പ്രാകൃതമായി
11 ബോധിക്കുന്നു; അവരിൽ കെട്ടുപോകുന്നു. അവർക്ക് ഹാ കഷ്ടം! കാ
യിൻ വഴിയിൽ നടന്നു, കൂലിക്കായി ബിലെയാമിൻ ഭ്രമത്താൽ ഒഴുകിക്കൊ
12 ണ്ടു കൊറഹിൻ കലഹവാക്കിനാൽ നശിച്ചു പോയവരല്ലൊ. ഇവർ നിങ്ങ
ളുടെ സ്നേഹസദ്യകളിൽ അഞ്ചാതെ കൂടി, (യഥേഷ്ടം) നുകൎന്നു തങ്ങളെ
തന്നെ മേക്കുകകൊണ്ടു കടലിൻ പാറകൾ ആകുന്നു; കാറുകൾ അടിച്ചു, നീർ
ചൊരിയാതെ കടക്കുന്ന മേഘങ്ങൾ, കായ്കും കാലം കഴിഞ്ഞ അഫലമര
13 ങ്ങൾ രണ്ടുരു ചത്തവയും വേരറു പോയവയും തന്നെ. തങ്ങളുടെ നാണക്കേ
ടുകളെ നുരെച്ചു തള്ളുന്ന കടലിലെ കൊടുന്തിരകൾ; അന്ധതമസ്സു നിത്യത
14 ക്കായി കാക്കപ്പെട്ടുള്ള ഭ്രമനക്ഷത്രങ്ങൾ തന്നെ. ഇവരെ ഉദ്ദേശിച്ചിട്ട്

ആദാമിൽനിന്ന് ഏഴാമനായ ഹനോക് കൂടെ പ്രവചിച്ചിതു: ഇതാ കർത്താ
15 വ് തന്റെ വിശുദ്ധ ലക്ഷങ്ങളോടു കൂടെ വന്നതു. എല്ലാവർക്കായും ന്യാ
യം വിസ്തരിപ്പാനും ഭക്തികേടായി ചെയ്ത സകല അധർമ്മക്രിയകളും നി
മിത്തവും പാപികളും തനിക്ക് ചൊന്ന സകല നിഷ്ഠുരങ്ങളും നിമിത്തവും
[അവരുടെ] അഭക്തരെ ഒക്കെയും ബോധം വരുത്തി ശാസിപ്പാനും എന്നത്രെ.
16 ഇവർ തങ്ങളുടെ മോഹങ്ങളെ അനുസരിച്ചു നടക്കകൊണ്ടു, പിറുപിറുപ്പുകാ
രും ആവലാധിക്കാരും ആകുന്നു; പ്രയോജനം വിചാരിച്ചു മുഖസ്തുതി ആച
17 രിച്ചും കൊണ്ട് അവരുടെ വായി അതിമാനുഷം ചൊല്ലുന്നു. നിങ്ങളൊ
പ്രിയമുള്ളവരെ! നമ്മുടെ കർത്താവായ യേശുക്രിസ്തന്റെ അപോസ്തലർ
18 മുൻചൊന്ന വാക്കുകളെ ഓർപ്പിൻ. അന്ത്യകാലത്തിൽ തങ്ങളുടെ ഭക്തി
ഹീനമോഹങ്ങളിൻ പ്രകാരം നടക്കുന്ന പരിഹാസക്കാരും ഉണ്ടാകുമെന്ന്
19 അവർ നിങ്ങളോടു പറഞ്ഞുവല്ലൊ. ആയവർ വേർ പിരിഞ്ഞുകൊണ്ട്
20 ആത്മാവില്ലാത്ത പ്രാണമയന്മാർ അത്രെ. നിങ്ങളൊ പ്രിയമുള്ളവരെ! നി
ങ്ങളുടെ അതിവിശുദ്ധ വിശ്വാസത്തിന്മേൽ വിശുദ്ധാത്മമൂലം നിങ്ങളെ
21 തന്നെ പണി ചെയ്യും, പ്രാർത്ഥിച്ചും നമ്മുടെ കർത്താവായ യേശുക്രിസ്ത
ന്റെ കനിവെ നിത്യജീവനായിട്ടു പാർത്തും കൊണ്ടു ദൈവസ്നേഹത്തിൽ
22 നിങ്ങളെ തന്നെ കാത്തുകൊൾവിൻ. പിന്നെ അതിൽ സംശയിക്കുന്നവരെ
23 ബോധം വരുത്തുവിൻ. ചിലരെ തീയിൽനിന്നു പറിക്കുംവണ്ണം ഉദ്ധരി
പ്പിൻ! ജഡത്താൽ കറ വന്ന അങ്കിയേയും ദ്വേഷിച്ചു ചിലരെ ഭയത്തോ
ടെ കനിഞ്ഞും കൊൾവിൻ.
24 നിങ്ങളെ പിഴുകാതെ സൂക്ഷിച്ചു, തന്റെ തേജസ്സിൻ മുമ്പിൽ കറ കൂടാ
തെ ഉല്ലാസത്തോടെ നിറുത്തുവാൻ ശക്തിയുള്ള ഏകദൈവവും (നമ്മുടെ
25 കർത്താവായ യേശുക്രിസ്തനുലം) നമ്മുടെ രക്ഷിതാവും ആയവനു തേ
ജസ്സും മഹിമയും ബലവും അധികാരവും സർവ്വയുഗത്തിനുമുമ്പെയും ഇപ്പോഴും
എല്ലാ യുഗങ്ങളിലും ഇരിപ്പുതാക ആമെൻ.

THE REVELATION

OF

St. JOHN THE DIVINE

യോഹന്നാന്റെ

വെളിപ്പാടു

1. അദ്ധ്യായം

(4) വന്ദനം, (9) യോഹന്നാന്റെ ദർശനവിവരം.

1 യേശുക്രിസ്തന്റെ വെളിപ്പാടു, ആയതിനെ വേഗത്തിൽ ഉണ്ടാകേണ്ടുന്ന
വ സ്വദാസന്മാർക്കു് കാണിക്കേണ്ടതിന്നു! ദൈവം അവന്നു കൊടുത്തു, അ
2 വനും സ്വദൂതനെകൊണ്ടു നിയോഗിച്ചു, തന്റെ ദാസനായ യോഹന്നാനെ
അറിയിച്ചതു, ഇവൻ ദേവവചനവും യേശുക്രിസ്തന്റെ സാക്ഷ്യവും ആയി
3 താൻ കണ്ടവ ഒക്കയും സാക്ഷിപ്പെടുത്തി. (ഈ) പ്രവാചകവാക്കുകളെ വാ
യിക്കുന്നവനും കേൾക്കുന്നവരും അതിൽ എഴുതിയവറെ സൂക്ഷിക്കുന്ന
വരും ധന്യന്മാർ; സമയം അടുത്തിരിക്കുന്നു സത്യം.
4 ആസ്യയിലുള്ള ഏഴു സഭകൾക്കും:യോഹന്നാൻ (എഴുതുന്നതു): ഇരിക്കുന്ന
വനും ഇരുന്നവനും വരുന്നവനും ആയവനിൽനിന്നും അവന്റെ സിംഹാ
5 സനത്തിന്മുമ്പിലുള്ള ഏഴു ആത്മാക്കളിൽനിന്നും. വിശ്വസ്തസാക്ഷിയും
മരിച്ചവരിൽ ആദ്യജാതനും ഭൂമിരാജാക്കന്മാരെ വാഴുന്നവനും ആയ യേശു
ക്രിസ്തനിൽനിന്നും നിങ്ങൾക്കു് കൃപയും സമാധാനവും ഉണ്ടാക. ന
6 മ്മെ സ്നേഹിക്കുന്നവനും നമ്മെ പാപങ്ങളിൽനിന്നു സ്വരക്തത്തിൽ കഴുകി,
നമ്മെ സ്വപിതാവായ ദൈവത്തിന്നു രാജ്യവും പുരോഹിതരും ആക്കി തീ
7 ർത്തവനും ആയവന്നു യുഗാദിയുഗങ്ങളോളം തേജസ്സും ബലവും (ഉണ്ടു) ആ
മെൻ. കണ്ടാലും അവൻ മേഘങ്ങളുമായി വരുന്നു; എല്ലാ കണ്ണും (ജക. 12.
10.) അവനെ കുത്തി തുളെച്ചവരും അവനെ കാണും, ഭൂമിയിലെ ഗോത്ര
8 ങ്ങളും ഒക്കയും അവനെ ചൊല്ലി തൊഴിക്കയും ചെയ്യും. അതെ ആമെൻ;
ഞാൻ അകാരവും ഓകാരവും (ആദിയും അന്തവും) ആകുന്നു എന്നു് ഇരിക്കു
ന്നവനും ഇരുന്നവനും വരുന്നവനും ആയ കർത്താവാകുന്ന സർവ്വശക്തൻ പറ
യുന്നു.
9 നിങ്ങളുടെ സഹോദരനും കഷ്ടതയിലും രാജ്യത്തിലും യേശുവിങ്കലെ
ക്ഷാന്തിയിലും കൂട്ടാളിയുമായ യോഹന്നാൻ എന്നുള്ള ഞാൻ ദൈവവചന
വും യേശുസാക്ഷ്യവും നിമിത്തമായി പത്മനാമമുള്ള ദ്വീപിൽ ആയി.
10 കർത്താവിൻ വാരത്തിൽ ആത്മാവിലായി, എന്റെ പിറകിൽ കാഹള
11 ത്തിനൊത്ത മഹാശബ്ദം കേട്ടു. ഞാൻ അകാരവും ഓകാരവും ഒന്നാമനും
ഒടുക്കത്തവനും തന്നെ; നീ ദർശിക്കുന്നതു് പുസ്തകത്തിൽ എഴുതി, എഫെ
സു, സ്മുന്ന, പെർഗ്ഗമു, ഥുയതൈര, സർദ്ദി, ഫിലദല്പിയ, ലവുദിക്യ എന്ന
ഏഴുസഭകൾക്കും അയക്കുക എന്നു് എന്നോടു് ഉരെക്കുന്ന ശബ്ദത്തെ കാ
12 ണ്മാൻ തിരിഞ്ഞു. തിരിഞ്ഞപ്പോൾ, ഏഴു പൊൻ നിലവിളക്കുകളെയും

13 നിലവിളക്കുകളുടെ നടുവിൽ മനുഷ്യപുത്രനോടു സദൃശനായവനെയും ക
ണ്ടു; അവൻ നിലയങ്കി ധരിച്ചും മുലകളോടു പൊൻ കച്ച പൂണ്ടും ഉള്ളവൻ.
14 അവന്റെ തലയും മുടിയും വെളുത്ത പഞ്ഞി പോലെ ഹിമത്തോളം വെ
15 ള്ളയും കണ്ണുകൾ അഗ്നിജ്വാലെക്കു ഒത്തതും. അവന്റെ കാലുകൾ ഉല
യിൽ ചുട്ടു പഴുപ്പിച്ച അമ്പർ ലോകത്തിന്നു സദൃശവും, അവന്റെ ശബ്ദം
16 ബഹുജലങ്ങളുടെ ശബ്ദം പോലെയും തന്നെ. അവന്റെ വലങ്കയ്യിൽ ഏഴു ന
ക്ഷത്രങ്ങൾ ഉണ്ടു; അവന്റെ വായിൽനിന്നു മൂർച്ചയുള്ള ഇരുമുനവാൾ പു റ
പ്പെടുന്നു; അവന്റെ മുഖം ആദിത്യൻ തന്റെ ശക്തിയിൽ പ്രകാശിക്കുംപോ
17 ലെ തന്നെ. ആയവനെ ഞാൻ കണ്ടപ്പോൾ ചത്തവനെ പോലെ അവന്റെ
കാൽക്കൽ വീണു; അവനും തൻ വലങ്കൈ എന്മേൽ വെച്ചു, ഭയപ്പെടല്ല,
18 ഞാൻ ആദ്യനും അന്ത്യനും ജീവനുള്ളവനും ആകുന്നു. ഞാൻ മരിച്ചവനായി
ഇതാ യുഗാദിയുഗങ്ങളോളം ജീവിച്ചിരിക്കുന്നവനും ആകുന്നു; പാതാളത്തി
19 ന്നും മരണത്തിന്നും ഉള്ള താക്കോലുകളും എനിക്കുണ്ടു. എങ്കിലൊ നീ കണ്ട
20 വയും ഇരിക്കുന്നവയും ഇതിൽ പിന്നെ സംഭവിപ്പാനുള്ളവയും എഴുതുക. നീ
എന്റെ വലങ്കൈയിമേൽ കണ്ട ഏഴു നക്ഷത്രങ്ങളുടെ മർമ്മത്തെയും ആ ഏഴു
പൊൻ നിലവിളക്കുകളെയും (എഴുതുക.) ആ ഏഴു നക്ഷത്രങ്ങൾ ഏഴു സഭ
കളുടെ ദൂതരാകുന്നു; ആ ഏഴു നിലവിളക്കുകൾ ഏഴു സഭകളുമാകുന്നു.

2. അദ്ധ്യായം

(1) എഫേസു, (8) സ്മുർന്ന, (12) പെർഗ്ഗമു, (18) ധുയതൈര ഈ സഭകൾ
ക്കുള്ള ലേഖനങ്ങൾ.

1 എഫേസ്യസഭയുടെ ദൂതന്നു് എഴുതുക: ഏഴു നക്ഷത്രങ്ങളേയും തന്റെ വ
ലങ്കൈയിൽ പിടിച്ചുംകൊണ്ടു ഏഴു പൊന്നിലവിളക്കുകളുടെ നടുവിലും ന
2 ടക്കുന്നവൻ പറയുന്നിതു: ഞാൻ നിന്റെ ക്രിയകളേയും നിന്റെ പ്രയത്നക്ഷാ
ന്തികളെയും ആകാത്തവരെ പൊറുത്തു കൂടാത്തതും അപോസ്തലരല്ലാതിരി
ക്കെ തങ്ങൾ അപോസ്തലർ എന്നു ചൊല്ലുന്നവരെ പരീക്ഷിച്ചു കള്ളന്മാർ
3 എന്നു കണ്ടതും. നീ ക്ഷാന്തിയുള്ളവനായി തളർച്ച വരാതെ എൻ നാമം നി
4 മിത്തം പൊറുത്തുകൊണ്ടതും ഞാൻ അറിഞ്ഞിരിക്കുന്നു. എങ്കിലും
നിന്റെ ആദ്യസ്നേഹത്തെ കൈവിട്ടു എന്നുള്ളതു നിന്റെ നേരെ എനിക്കുണ്ടു.
5 ആകയാൽ നീ ഏതിങ്കൽനിന്നു വീണിരിക്കുന്നു എന്നു് ഓർത്തു മനന്തിരി
ഞ്ഞു, ആദ്യക്രിയകളെ ചെയ്കൊൾക: അല്ലാഞ്ഞാൽ ഞാൻ വേഗത്തിൽ
നിണക്കായി വന്നു, നിന്റെ നിലവിളക്കിനെ സ്വസ്ഥലത്തിൽനിന്നു
6 നീക്കും; മാനസാന്തരപ്പെടാഞ്ഞാലത്രെ. എങ്കിലും ഞാനും പകെക്കുന്ന നി
ക്കൊലാവ്യരുടെ ക്രിയകളെ നീ പകെക്കുന്നതു തന്നെ നിണക്കുണ്ടു. ആ
7 ത്മാവു് സഭകളോടു പറയുന്നതു് എന്തെന്നു ചെവിയുള്ളവൻ കേൾക്കുക; ജ
യിക്കുന്നവനു ഞാൻ ദൈവത്തിൻ പരദീസയിൽ ഇരിക്കുന്ന ജീവവൃക്ഷ
ത്തിൽനിന്നു ഭക്ഷിപ്പാൻ കൊടുക്കും.
8 സ്മുർന്നയിലെ സഭയുടെ ദൂതനു് എഴുതുക; ആദ്യനും അന്തനും ആയി മ
രിച്ചശേഷം ജീവിച്ചുകൊണ്ടവൻ പറയുന്നിതു: ഞാൻ നിന്റെ ക്രിയകളേ
9 യും കഷ്ടതയേയും ദാരിദ്ര്യത്തേയും (നീ ധനവാനാകുന്നു താനും) തങ്ങൾ യ
ഹൂദർ എന്നു ചൊല്ലിയും യഹൂദരല്ല, സാത്താന്റെ പള്ളിയാകുന്നവരുടെ ദൂഷ
10 ണത്തേയും അറിഞ്ഞിരിക്കുന്നു. നീ സഹിപ്പാനുള്ളവ ഒന്നും ഭയപ്പെടായ്ക;
കണ്ടാലും നിങ്ങൾ പരീക്ഷിക്കപ്പെടുവാൻ പിശാചു് നിങ്ങളിൽ ചിലരെ
തടവിൽ ആക്കിക്കളയും: പത്തു ദിവസംകൊണ്ടു നിങ്ങൾക്കു് ഉപദ്രവം ഉ
ണ്ടാകും; മരണപര്യന്തം വിശ്വസ്തനാക എന്നാൽ ഞാൻ ജീവകിരീടത്തെ
11 നിണക്കു് തരും. ആത്മാവു് സഭകളോടു് പായുന്നതു് എന്തെന്നു ചെവിയു
ള്ളവൻ കേൾക്കുക; ജയിക്കുന്നവനു രണ്ടാം മരണത്താൽ ചേതം വരികയില്ല.

12 പെർഗ്ഗമിലെ സഭയുടെ ദൂതന് എഴുതുക; മൂർച്ചയുള്ള ഇരുമുന വാളുള്ളവൻ
13 പറയുന്നിതു: ഞാൻ നിന്റെ ക്രിയകളേയും നീ പാർക്കുന്നതു സാത്താന്റെ സിംഹാസനം ഉള്ളെടം എന്നും, നീ എന്റെ നാമത്തെ പിടിച്ചിരിക്കുന്നതും അന്തിപാ എനിക്ക് വിശ്വസ്ത സാക്ഷിയായ നാളുകളിലും എന്റെ വിശ്വാസത്തെ തള്ളിപ്പറയാഞ്ഞതും ഞാനറിഞ്ഞിരിക്കുന്നു: അവനല്ലൊ
14 നിങ്ങളിടയിൽ കൊല്ലപ്പെട്ട, സാത്താൻ പാർക്കുന്നെടത്തിൽ തന്നെ. എങ്കിലും നിന്റെ നേരെ എനിക്ക് അല്പം ചിലതുണ്ടു; ഇസ്രയേൽ പുത്രർ വിഗ്രഹാർപ്പിതങ്ങളെ തിന്നും പുലയാട്ട ചെയ്യും പോകേണ്ടതിന്നു അവർക്ക് ഇടർച്ച വെപ്പാൻ ബാലാക്കിന്നു ഉപദേശിച്ചുള്ള ബിലെയാമിന്റെ ഉപദേശത്തെ പിടിക്കുന്നവർ അവിടെ നിണക്കുണ്ടു. അപ്രകാരം ഞാൻ പ
15 കെക്കുന്ന നിക്കൊലായ്യരുടെ ഉപദേശത്തെ പിടിച്ചുകൊള്ളുന്നവർ നിണ
16 ക്കും ഉണ്ടു. ആകയാൽ മനന്തിരിയുക; അല്ലാഞ്ഞാൽ ഞാൻ വേഗം നിണക്കായ്വന്നു, എന്റെ വായിലെ വാളുകൊണ്ടു അവരോടു പോരാടും. ആ
17 ത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കുക; ജയിക്കുന്നവനു ഞാൻ മറഞ്ഞിട്ടുള്ള മന്നയിൽ നിന്നു കൊടുക്കും; അവനു വെള്ള വിധിക്കല്ലും ലഭിക്കുന്നവനല്ലാതെ ആർക്കും തിരിയാതെ പുതുപേർ ആ കല്ലിന്മേൽ എഴുതീട്ടുള്ളതിനേയും കൊടുക്കും.
18 യുയതൈരയിലെ സഭയുടെ ദൂതന് എഴുതുക; അഗ്നിജ്വാലെക്ക് ഒത്ത കണ്ണുകളും അമ്പർ ലോഹത്തോടു സദൃശമായ കാലുകളും ഉള്ള ദൈവപുത്രൻ
19 പറയുന്നിതു: ഞാൻ നിന്റെ ക്രിയകളേയും നിന്റെ സ്നേഹം, വിശ്വാസം, ശുശ്രൂഷ, ക്ഷാന്തി എന്നിവയും ഒടുക്കത്തെ ക്രിയകളും മുമ്പിലെവറിൽ ഏ
20 റയുള്ളതും അറിഞ്ഞിരിക്കുന്നു. എങ്കിലും നിന്റെ നേരെ എനിക്കുള്ളതു താൻ പ്രവാചകി എന്നു ചൊല്ലി, എന്റെ ദാസരെ പുലയാട്ടുവാനും വിഗ്രഹാർപ്പിതങ്ങളെ ഭക്ഷിപ്പാനും ഉപദേശിച്ചും ഭ്രമിപ്പിച്ചും കൊള്ളുന്ന ഇജബൽ എന്ന സ്ത്രീയെ നീ (തടുക്കാതെ) വിടുന്നതത്രെ. അവൾക്കു മനന്തിരിവാൻ
21 ഞാൻ ഇട കൊടുത്തിട്ടും തന്റെ പുലയാട്ട വിട്ടു മനന്തിരിഞ്ഞില്ല. കണ്ടാ
22 ലും ഞാൻ അവളെ കിടക്കമേലും അവളോടു വ്യഭിചരിക്കുന്നവരെ വലിയ കഷ്ടതയിലും ആക്കിക്കളയും; അവളുടെ ക്രിയകളിൽനിന്നു അവർ മ
23 നന്തിരിയാതെ പാത്താലത്രെ. അവളുടെ മക്കളെയും ചാക്കിനാൽ കൊല്ലും: ഞാൻ ഉൾപൂവുകളേയും ഹൃദയങ്ങളെയും ആരായുന്നവൻ എന്നു എല്ലാസഭകളും അറിയും; ഞാൻ നിങ്ങൾക്കു ഏവർക്കും ക്രിയകൾക്കു അടുത്തതു
24 കൊടുക്കയും ചെയ്യും. പിന്നെ ഈ ഉപദേശത്തെ എടുക്കാതെ കണ്ടു അവർ പറയും പോലെ സാത്താന്റെ ആഴങ്ങൾ തിരിയാതെ യുയതൈരയിൽ ശേഷിച്ചുള്ള നിങ്ങൾക്കു ഞാൻ പറയുന്നു: അന്യഭാരത്തെ നിങ്ങളിൽ ചുമ
25 ത്തുകയില്ല. എങ്കിലും നിങ്ങൾക്കുള്ളതിനെ ഞാൻ വരും വരെ പിടിച്ചു നി
26 ല്പിൻ. ജയിച്ചും എന്റെ ക്രിയകളെ ഒടുക്കം വരെ സൂക്ഷിച്ചും കൊള്ളുന്നവനു ഞാൻ എന്റെ പിതാവിൽനിന്നു ലഭിച്ച പ്രകാരം ജാതികളിന്മേൽ
27 അധികാരം കൊടുക്കും. കുശവപാത്രങ്ങൾ നുറുങ്ങിപോകും പോലെ അവൻ
28 ഇരിമ്പുകോൽകൊണ്ടു അവരെ മേയ്ക്കും. ഞാൻ ഉദയ നക്ഷത്രത്തേയും അവനു കൊടുക്കും; ആത്മാവു സഭകളോടു പറയുന്നതു എന്തെന്നു ചെവിയുള്ളവൻ കേൾക്കുക.

3. അദ്ധ്യായം

(1) സർദ്ദി, (7) ഫിലദല്ഫിയ, (14) ലവുദിക്യ ഈ സഭകൾക്കുള്ള ലേഖനങ്ങൾ.

1 സർദ്ദിയിലെ സഭയുടെ ദൂതന് എഴുതുക; ദൈവത്തിന്റെ ഏഴാത്മാക്കളും

ഏഴ നക്ഷത്രങ്ങളും ഉള്ളവൻ പറയുന്നിതു: ഞാൻ നിന്റെ ക്രിയകളെ ജീവ
നുള്ളവൻ എന്നു പേരുണ്ടായിട്ടും ചത്തവനായിരിക്കുന്നതു തന്നെ അറിയു
2 ന്നു. ജാഗരിച്ചുവരിക ചാവാറായ ശേഷിപ്പുകളെ സ്ഥിരീകരിക്കയും ചെ
യ്‌ക; നിന്റെ ക്രിയകളാകട്ടെ എൻ ദൈവത്തിന്മുമ്പാകെ പൂർണ്ണതയുള്ളവ
3 അല്ല എന്നു ഞാൻ കണ്ടിരിക്കുന്നു. ആകയാൽ നീ ഏതുപ്രകാരം ലഭിച്ചും
കേട്ടും ഇരിക്കുന്നു എന്നു് ഓർത്തും സൂക്ഷിച്ചും കൊണ്ടു മനന്തിരിയുക; നീ ജാ
ഗരിക്കുന്നില്ല എങ്കിലൊ, ഞാൻ കള്ളനെ പോലെ വരും; ഏതു നാഴികെ
4 ക്കു് നിന്റെ മേൽ വരും എന്നു നീ അറികയും ഇല്ല. തങ്ങളുടെ ഉടുപ്പുകളെ
5 മലിനമാക്കാത്ത കുറയ പേരുകളും സർദ്ദിയിൽ നിണക്കുണ്ടു താനും. അവർ
പാത്രമാകയാൽ വെള്ള ധരിച്ചും കൊണ്ടു് എന്നോടു കൂടെ നടക്കും; ജയിക്കു
ന്നവൻ വെള്ള ഉടുപ്പുകളും ധരിക്കും; അവന്റെ നാമത്തെ ഞാൻ ജീവപുസ്ത
കത്തിൽനിന്നു മാച്ചുകളയാതെ എൻ പിതാവിനും അവന്റെ ദൂതൻമാർക്കും
6 മുമ്പാകെ അവന്റെ നാമത്തെ ഏറ്റു പറകയും ചെയ്യും. ആത്മാവു് സഭക
ളോടു പറയുന്നതു് എന്തെന്നു ചെവിയുള്ളവൻ കേൾക്കുക.

7 ഫിലദല്ഫ്യയിലെ സഭയുടെ ദൂതനു് എഴുതുക; വിശുദ്ധനും സത്യവാനും
ദാവിദിൻ താക്കോലുള്ളവനും ആയി ആരും അടെക്കാതവണ്ണം തുറക്കയും,
8 ആരും തുറക്കാതെ അടെക്കയും ചെയ്യുന്നവൻ പറയുന്നിതു; ഞാൻ നിന്റെ
ക്രിയകളെ അറിഞ്ഞിരിക്കുന്നു, ഇതാ ഞാൻ നിന്റെ മുമ്പാകെ തുറന്ന വാ
തിൽ വെച്ചിരിക്കുന്നു, ആയതു് ആർക്കും അടെച്ചുകൂടാ; കാരണം നീ അല്പ
ശക്തിയുള്ളവൻ എങ്കിലും എന്റെ വചനത്തെ കാത്തു് എൻ നാമത്തെ ത
9 ള്ളിപ്പറയാതെ നിന്നു. കണ്ടാലും യഹൂദരല്ല, കളവു പറയുന്നവരായിട്ടത്രെ
തങ്ങളും യഹൂദർ എന്നു ചൊല്ലുന്ന സാത്താൻ പള്ളിയിൽനിന്നു ചിലരെ
ഞാൻ തരുന്നു; ഇതാ അവർ നിൻ പാദങ്ങളിൽ വന്നു കുമ്പിട്ടു ഞാൻ നി
10 ന്നെ സ്നേഹിച്ചു എന്നു ബോധിപ്പാറുമാക്കും. എന്റെ ക്ഷാന്തിയുടെ വചന
ത്തെ നീ കാത്തു കൊണ്ടതാൽ ഭൂവാസികളെ പരീക്ഷിപ്പാൻ പ്രപഞ്ചം എ
11 ങ്ങും വരേണ്ടുന്ന പരീക്ഷ നാഴികയിൽനിന്നു ഞാനും നിന്നെ കാക്കും. ക
ണ്ടാലും ഞാൻ വേഗം വരും നിന്റെ കിരീടത്തെ ആരും എടുക്കായ്‌വാൻ
12 നിണക്കുള്ളതിനെ പിടിച്ചു കൊൾക. ജയിക്കുന്നവനെ എന്റെ ദൈവത്തി
ന്റെ ആലയത്തിൽ തൂണാക്കി വെച്ചു, ഇനി പുറത്തു പോകാതാക്കും;
എൻ ദൈവത്തിൻ നാമവും എൻ ദൈവത്തിൻ പോക്കൽ സ്വർഗ്ഗത്തിങ്ക
ന്നു് ഇറങ്ങുന്ന പുതു യരുശലെം എന്ന എൻ ദൈവത്തിൻ പട്ടണത്തിന്റെ
13 നാമവും എന്റെ പുതിയ നാമവും ഞാൻ അവന്റെ മേൽ എഴുതും. ആ
ത്മാവു് സഭകളോടു പറയുന്നതു് എന്തെന്നു ചെവിയുള്ളവൻ കേൾക്കുക.

14 ലവുദിക്യയിലെ സഭയുടെ ദൂതനു് എഴുതുക; വിശ്വസ്തതയും സത്യവും
ഉള്ള സാക്ഷിയായി ദേവസൃഷ്ടിയുടെ ആദിയാകുന്ന ആമെൻ എന്നവൻ
15 പറയുന്നിതു: ഞാൻ നിന്റെ ക്രിയകളെ നീ ശീതവാനുമല്ല, ഉഷ്ണവാനുമ
ല്ല എന്നു തന്നെ അറിയുന്നു; ശീതവാനൊ ഉഷ്ണവാനൊ ആയാൽ കൊ
16 ള്ളായിരുന്നു. ഇങ്ങിനെ ശീതവാനുമല്ല, ഉഷ്ണവാനുമല്ല, ശീതോഷ്ണവാനാ
കയാൽ നിന്നെ എൻ വായിൽനിന്നു് ഉമിണ്ണുകളവാൻ ഇരിക്കുന്നു. ഞാൻ
17 ധനവാൻ തന്നെ; സമ്പന്നനായി ഒന്നിനും മുട്ടില്ല എന്നു ചൊല്ലിക്കൊ
ണ്ടു നീ ആ നിർഭാഗ്യനും, അരിഷ്ടനും, ദരിദ്രനും, കുരുടനും, നഗ്നനും
18 എന്നു തിരിയാഞ്ഞുയാൽ. സമ്പന്നനാവാൻ തീയിൽ ചുട്ടു കഴിച്ച പൊ
ന്നും, നിന്റെ നഗ്നതയുടെ ലജ്ജ വിളങ്ങി വരാതവണ്ണം ധരിക്കേണ്ടും
വെള്ള ഉടുപ്പുകളും എന്നോടു മേടിക്കയും. നീ കാണ്മാനായി കണ്ണുകളിൽ
19 ലേപം എഴുതുകയും വേണം എന്നു നിന്നോടു മന്ത്രിക്കുന്നു. ഞാനൊ പ്രി
യം ഭാവിക്കുന്നവരെ ഒക്കയും ആക്ഷേപിച്ചു ശിക്ഷിക്കുന്നു; ആകയാൽ
20 എരിവുണ്ടായി മനന്തിരിയുക. ഇതാ ഞാൻ വാതുക്കൽ നിന്നു മുട്ടുന്നു; ആ
രും എന്റെ ശബ്ദം കേട്ടു വാതിലെ തുറന്നാൽ, അവന്റെ അടുക്കെ

ഞാൻ പുക്കു് അവനോടും അവൻ എന്നോടും കൂടെ അത്താഴംകഴിക്കും. ജയി
21 ക്കുന്നവനു ഞാൻ എന്നോടു കൂടെ എന്റെ സിംഹാസനത്തിൽ ഇരിപ്പാൻ
നല്കും; ഞാനും ജയിച്ചു് എൻ പിതാവിനോടു കൂടി അവന്റെ സിംഹാ
22 സനത്തിൽ ഇരുന്നുകൊണ്ടപ്രകാരം തന്നെ. ആത്മാവു് സഭകളോടു പറയു
ന്നതു് എന്തെന്നു ചെവിയുള്ളവൻ കേൾക്കുക.

4. അദ്ധ്യായം

സിംഹാസനസ്ഥനായ ദൈവത്തെ, (4) സഭയിലും സൃഷ്ടിയിലും സാ
രാംശമായവർ ചുറ്റി സ്തുതിച്ചു നില്ക്കുന്നതിനെ ദർശിച്ചതു.

1 അനന്തരം ഞാൻ കണ്ടതു; ഇതാ സ്വർഗ്ഗത്തിൽ ഒരു വാതിൽ തുറന്നിട്ടു് ആ
ദിയിൽ കാഹളം പോലെ എന്നോടു പറഞ്ഞു കേട്ട ശബ്ദം ഇവിടെ കയ
റി വാ, ഇതിൽ പിന്നെ ഉണ്ടാകേണ്ടുന്നവ ഞാൻ നിണക്കു് കാണിക്കും എ
2 ന്നു ചൊല്ലിയ ഉടനെ. ഞാൻ ആത്മാവിലായി ചമഞ്ഞു. ഇതാ സ്വർഗ്ഗ
ത്തിൽ ഇരിക്കുന്ന ഒരു സിംഹാസനവും സിംഹാസനത്തിന്മേൽ ഇരിക്കുന്ന
3 വനും (കാണായി). ഇരിക്കുന്നവൻ കാഴ്ചെക്കു് യസ്പി സർദ്യ കല്ലുകളോടു
സദൃശനും മരതകത്തിനു സമമായ പച്ച വില്ലും സിംഹാസനത്തിന്റെ ചു
4 റും (ആകുന്നു). സിംഹാസനത്തെ ചുറ്റി നില്ക്കുന്നതു് ഇരുപത്തുനാലു സിം
ഹാസനങ്ങളും തന്നെ; ആസനങ്ങളിന്മേൽ വെള്ളയുടുപ്പുകളും ധരിച്ചും തല
കളിൽ പൊൻകിരീടങ്ങളും അണിഞ്ഞും ഉള്ള മൂപ്പന്മാർ ഇരുപത്തുനാലുപേരും
5 ഇരുന്നു കണ്ടു. സിംഹാസനത്തിൽനിന്നു മിന്നലുകളും ഒലികളും മുഴക്കങ്ങ
6 ളും പുറപ്പെടുകയും ദൈവത്തിന്റെ ഏഴു ആത്മാക്കളുമാകുന്ന ഏഴു അഗ്നിദീ
പങ്ങളും സിംഹാസനത്തിനുമുമ്പിൽജ്വലിക്കയും സിംഹാസനത്തിനുമുമ്പാകെ
പളുങ്കിനൊത്ത കണ്ണാടിക്കടലും സിംഹാസനത്തിന്റെ നടുവിലും ചുറ്റി
ലും നാലു് ജീവികളും കണ്ണുകളാൽ മുമ്പുറവും പിമ്പുറവും നിറഞ്ഞുള്ളവയും
7 (ഉണ്ടു). ഒന്നാം ജീവി സിംഹസദൃശം, രണ്ടാം ജീവി കാളയോടു സദൃശം,
മൂന്നാം ജീവി മനുഷ്യനെ പോലെ മുഖമുള്ളതു, നാലാം ജീവി പറക്കുന്ന
8 കഴുകിന്നു തുല്യം. നാലു ജീവികളും ഓരോന്നു് ആറാറു ചിറകുള്ളവയായി
ന്നാലു പുറവും അകത്തും കണ്ണുകളും നിറഞ്ഞും നിന്നു; ഇരിക്കുന്നവനും ഇരു
ന്നവനും വരുന്നവനുമായ (യശ. 6, 3.) സർവ്വശക്തനായ യഹോവ എന്ന
ദൈവം വിശുദ്ധൻ വിശുദ്ധൻ വിശുദ്ധൻ എന്നു രാപ്പകൽ വിശ്രമം വരാ
9 തെ പറഞ്ഞും കൊണ്ടിരിക്കുന്നു. സിംഹാസനത്തിലിരുന്നു, യുഗാദിയുഗ
ങ്ങളോളം ജീവിച്ചിരിക്കുന്നവനു് ആ ജീവികളും തേജസ്സും ബഹുമാനവും
10 സ്തോത്രവും കൊടുക്കുന്തോറും ഇരുപത്തുനാലു മൂപ്പന്മാരും സിംഹാസനത്തിൽ
ഇരിക്കുന്നവന്റെ മുമ്പിൽ വീണു കൊണ്ടു യുഗാദിയുഗങ്ങളോളം ജീവിച്ചി
രിക്കുന്നവനെ കുമ്പിട്ടു, തങ്ങളുടെ കിരീടങ്ങളെ സിംഹാസനത്തിനുമുമ്പിൽ
11 ഇട്ടു കളഞ്ഞു. ഞങ്ങളുടെ കർത്താവും ദൈവവും ആയുള്ളോവെ! നീ സർവ്വവും
സൃഷ്ടിച്ചു നിന്റെ ഇഷ്ടംഹേതുവായി എല്ലാം ഉണ്ടായി, പടെക്കപ്പെ
ട്ടതാകകൊണ്ടു തേജസ്സിനേയും ബഹുമാനത്തേയും ശക്തിയേയും കൈക്കൊ
വാൻ നീ പാത്രമാകുന്നു എന്നു പറയും.

5. അദ്ധ്യായം

മുദ്രിതമായ ദേവാലോചനാപുസ്തകത്തെ. (6) കുഞ്ഞാടായവൻ എടുത്തു
കൊള്കയാൽ, (8) ജീവികളും മൂപ്പന്മാരും, (11) ദൂതാദികളും സ്തുതിക്കുന്നു.

1 പിന്നെ ഞാൻ സിംഹാസനസ്ഥന്റെ വലങ്കൈമേൽ ഒരു പുസ്തകം കണ്ടു;

അത് അകവും പുറവും എഴുത്തുള്ളതും ഏഴ മുദ്രകളാൽ മുദ്ര ഇട്ടതും തന്നെ.
2 ഈ പുസ്തകത്തെ വിടർത്തുവാനും അതിൻ മുദ്രകളെ അഴിപ്പാനും ആർ പാ
ത്രമാകുന്നു എന്നു മഹാശബ്ദത്തോടെ ഘോഷിക്കുന്ന ഉക്കനായ ദൂതനെ
3 യും കണ്ടു. പുസ്തകത്തെ വിടർത്തുവാനൊ നോക്കിക്കൊൾവാനൊ സ്വർഗ്ഗ
4 ത്തിലും ഭൂമിയിലും ഭൂമിക്കീഴിലും ആർക്കും കഴിഞ്ഞതും ഇല്ല. പുസ്തകത്തെ വി
ടർത്തുവാനൊ നോക്കുവാനൊ ആരും പാത്രമായി കാണായ്കകൊണ്ടു ഞാൻ ഏ
5 റവും കരഞ്ഞാറെ, മൂപ്പന്മാരിൽ ഒരുത്തൻ എന്നോടു പറയുന്നു. കരയല്ല, ഇതാ
യഹൂദ ഗോത്രത്തിലെ സിംഹവും ദാവിദ് വേ(ത്തളീ)രുമായവൻ പുസ്ത
കത്തെയും അതിന്റെ ഏഴ മുദ്രകളെയും തുറപ്പാൻതക്കവണ്ണം ജയം കൊണ്ടു.
6 ഉടനെ ഞാൻ സിംഹാസനത്തിന്നും നാലു ജീവികൾക്കും മൂപ്പന്മാർക്കും മദ്ധ്യ
7 ത്തിങ്കൽ അറുക്കപ്പെട്ടുള്ളതു പോലെ ഒരു കുഞ്ഞാടു നില്ക്കുന്നതു കണ്ടു. ഏഴ
കൊമ്പുകളും സപ്ത ലോകത്തെക്കും അയക്കപ്പെട്ടുള്ള ദൈവാത്മാക്കൾ ഏഴും
ആകുന്ന ഏഴ കണ്ണുകളും അതിനുണ്ടു; അതും വന്നു പുസ്തകത്തെ സിംഹാസ
8 നസ്ഥന്റെ വലങ്കയ്യിൽനിന്നു വാങ്ങി. പുസ്തകം വാങ്ങിയാറെ, നാലു
ജീവികളും ഇരുപത്തുനാലു മൂപ്പന്മാരും അവനവൻ വീണകളും വിശുദ്ധരുടെ
പ്രാർത്ഥനകൾ ആകുന്ന ധൂപവർഗ്ഗങ്ങൾ നിറഞ്ഞുള്ള പൊൻകലശങ്ങളും പിടി
9 ച്ചും കൊണ്ടു, കുഞ്ഞാടിന്മുമ്പാകെ വീണു. പുസ്തകത്തെ വാങ്ങുവാനും
അതിൻ മുദ്രകളെ തുറപ്പാനും നീ പാത്രം; നീയല്ലൊ അറുക്കപ്പെട്ടു, തിരുര
ക്തം കൊണ്ടു സപ്തഗോത്രത്തിലും ഭാഷയിലും വംശത്തിലും ജാതിയിലും
10 നിന്നു ഉള്ളവരെ ദൈവത്തിന്നായി മേടിച്ചു കൊണ്ടു. ഞങ്ങളുടെ ദൈവത്തി
ന്നു രാജ്യവും പുരോഹിതരും ആക്കി വെച്ചു, അവർ ഭൂമിമേൽ വാഴുകയും
11 ചെയ്യുന്നു എന്നൊരു പുതിയ പാട്ടു പാടുന്നു. പിന്നെ ഞാൻ സിംഹാസന
ത്തിന്നും ജീവികൾക്കും മൂപ്പന്മാർക്കും ചുഴലവും കണ്ടു ഏറിയ ദൂതന്മാരുടെ
ശബ്ദം കേട്ടു, അവരുടെ എണ്ണം ലക്ഷ ലക്ഷങ്ങളും ആയിരായിരങ്ങളും ത
12 ന്നെ. ആയവർ മഹാശബ്ദത്തോടെ പറഞ്ഞു: അറുക്കപ്പെട്ട കുഞ്ഞാടായ
വൻ ശക്തി, ധനം, ജ്ഞാനം, ഊക്കു, ബഹുമാനം, തേജസ്സു, സ്തുതികളും ല
13 ഭിപ്പാൻ പാത്രമാകുന്നു. എന്നാറെ, സ്വർഗ്ഗത്തിലും ഭൂമിമേലും ഭൂമിക്കു കീഴും
സമുദ്രത്തിലും ഉള്ള സകല സൃഷ്ടിയും അവറ്റിലുള്ളതു് എപ്പേരും സിംഹാ
സനസ്ഥനും കുഞ്ഞാടിനും സ്തുതിയും ബഹുമാനവും തേജസ്സും ബലവും യു
14 ഗാദിയുഗങ്ങളിലും (ഉണ്ടാക) എന്നു പറഞ്ഞു കേട്ടു. നാലു ജീവികളും ആ
മെൻ എന്നു പറഞ്ഞു ഇരുപത്തുനാലു മൂപ്പന്മാരും (യുഗാദിയുഗങ്ങളിലും ജീവി
ക്കുന്നവനെ) വീണു കുമ്പിടുകയും ചെയ്തു.

6. അദ്ധ്യായം

ആറു മുദ്രകളെ തുറക്കുകയാൽ ഈറ്റുനോവുകളുടെ ആരംഭത്തെ കാട്ടുന്നതു്.

1 പിന്നെ ഞാൻ കണ്ടു, കുഞ്ഞാടായവൻ ഏഴ മുദ്രകളിൽ ഒന്നിനെ തുറന്ന
പ്പോൾ നാലു ജീവികളിൽ ഒന്നു നീ വന്നു നോക്കുക എന്നു് ഇടിയൊലി
2 യോടെ പറഞ്ഞു കേട്ടു. ഉടനെ ഞാൻ കണ്ടതിതാ: ഒരു വെള്ളക്കുതിര അതി
ന്മേൽ ഇരിക്കുന്നവനു വില്ലുണ്ടു, കിരീടവും നല്കപ്പെട്ടു; അവൻ ജയിക്കുന്നവ
3 നായി ജയം കൊൾവാനും പുറപ്പെട്ടു. അവൻ രണ്ടാം മുദ്രയെ തുറന്നാറെ, വ
4 രിക എന്നു രണ്ടാം ജീവി പറഞ്ഞു കേട്ടു. ചുവന്നതായ മറൊരു കുതിര പുറ
പ്പെട്ടു, അതിന്മേൽ ഇരിക്കുന്നവനു ഭൂമിയിൽനിന്നു സമാധാനത്തെ എടുപ്പാ
നും തങ്ങളിൽ അറുകുമാറാക്കുവാനും അനുജ്ഞ ഉണ്ടായി വലിയ വാളും കൊ
5 ടുക്കപ്പെട്ടു. മൂന്നാം മുദ്രയെ തുറന്നാറെ, ഞാൻ മൂന്നാം ജീവി വരിക എന്നു
പറഞ്ഞു കേട്ടു നോക്കി, ഇതാ കറുത്ത കുതിര അതിന്മേൽ ഇരിക്കുന്നവൻ
6 കയ്യിൽ തുലാസ് പിടിച്ചിരിക്കുന്നു. നാലു ജീവികളുടെ മദ്ധ്യത്തിൽനിന്നു്

ഒരു ശബ്ദം, ഇടങ്ങഴി കോതമ്പ് ഒരു പണത്തിന്നും മൂന്നിടങ്ങഴി യവം ഒരു പണത്തിന്നും (ആക) എണ്ണയും മധുരസവും നഷ്ടം ചെയ്യല്ല താന്നും എ
7 ന്ന പറഞ്ഞു കേട്ടു. നാലാം മുദ്രയെ തുറന്നാറെ, ഞാൻ നാലാം ജീവിയുടെ
8 ശബ്ദം വരിക എന്ന പറഞ്ഞു കേട്ടു നോക്കി. ഇതാ മഞ്ഞളിച്ച കുതിര യും അതിന്മേൽ ഇരിക്കുന്നവന്ന മരണം എന്ന പേരുള്ളതും പാതാളം പി ഞ്ചെല്ലുന്നതും (കണ്ടു); അവർക്കു വാളും ക്ഷാമവും ചാകും കൊണ്ടും ഭൂമിയി ലെ മൃഗങ്ങളാലും ഭൂമിയുടെ കാലംശത്തോളം കൊന്ന കളവാൻ അധികാ രം നല്കപ്പെട്ടു.

9 അവൻ അഞ്ചാം മുദ്രയെ തുറന്നാറെ, ദൈവവചനവും അവക്കുള്ള സാക്ഷ്യ വും നിമിത്തമായി അറുക്കപ്പെട്ടവരുടെ ദേഹികളെ ബലിപീഠത്തിങ്കീഴിൽ
10 ഞാൻ കണ്ടു. അല്ലയൊ വിശുദ്ധനും സത്യവാന്നമായ ഉടയവനെ ഭൂവാസി കളിൽ ഞങ്ങളുടെ രക്തം (ചൊല്ലി) നീ വിസ്താരവും പ്രതികാരവും നട
11 ത്താത്തത് എത്രത്തോളം? എന്ന മഹാശബ്ദത്തോടെ വിളിച്ചാറെ, അവർ ക്കോവെന്നും വെള്ള അങ്കി നല്കപ്പെട്ടു; അവർ എന്ന പോലെ കൂല പെടേണ്ടിയി രിക്കുന്ന അവരുടെ കൂട്ടുദാസരും സഹോദരരും നിറവായ്വരുവോളത്തേക്കു ഇനി ചെറു കാലം സ്വസ്ഥമായ്പാർക്കേണം എന്ന പറയപ്പെട്ടുകയും ചെയ്തു.

12 ആറാം മുദ്രയെ തുറന്നാറെ ഞാൻ കണ്ടതു: വലിയ ഭൂകമ്പം ഉണ്ടായി, സൂര്യ
13 ൻ കരിമ്പടം പോലെ കറുത്തും ചന്ദ്രൻ രക്തതുല്യമായും ചമഞ്ഞു. അത്തിമരം പെരുങ്കാറുകളാൽ കുലുങ്ങീട്ട് അകാലക്കായ്ക്കളെ ഉതിർക്കും പോലെ വാനത്തി
14 ലെ നക്ഷത്രങ്ങളും ഭൂമിമേൽ വീണു. ചുരുട്ടുന്ന പുസ്തകച്ചുരുൾ പോലെ വാനവും വാങ്ങി, എല്ലാ മലയും ദ്വീപും സ്വസ്ഥാനങ്ങളിൽനിന്ന് ഇളകി
15 പോകയും ചെയ്തു. ഭൂമിയിലെ രാജാക്കന്മാരും മഹത്തുക്കളും സഹസ്രാധിപരും ധനവാന്മാരും ഊക്കരും സകല ദാസനും സകല സ്വതന്ത്രനും ഗുഹകളിലും
16 മലപ്പാറകളിലും ഒളിച്ചുകൊണ്ടു, മലകളോടും പാറകളോടും പറഞ്ഞു. ഞ ങ്ങളുടെമേൽ വീഴുവിൻ, സിംഹാസനസ്ഥന്റെ മുഖത്തിൽനിന്നും കുഞ്ഞാ
17 ടിൻ കോപത്തിൽനിന്നും ഞങ്ങളെ മറെക്കയും ചെയ്വിൻ. അവന്റെ മ ഹാ കോപദിവസം വന്ന സത്യം, പിന്നെ നിലെപ്പാൻ ആർക്കു കഴിയും?

7. അദ്ധ്യായം

വിശ്വാസികളായ ഇസ്രയേലർക്കു മുദ്രയും, (9) സകലജാതികളിലുമുള്ള ദേവക്കൂട്ടത്തിന്നു നിശ്ചയ രക്ഷയും.

1 അതിന്റെ ശേഷം ഭൂമിമേലും കടലിന്മേലും യാതൊരു മരത്തിന്മേലും കാറ്റ് ഊതായ്വാൻ നാലു ദൂതന്മാർ ഭൂമിയിലെ നാലു കാറ്റുകളെ പി ടിച്ചുംകൊണ്ടു ഭൂമിയുടെ നാലു കോണുകളിലും നില്ക്കുന്നതു ഞാൻ കണ്ടു,
2 മറെറാരു ദൂതൻ ജീവനുള്ള ദൈവത്തിന്റെ മുദ്രയുമായി സൂര്യോദയത്തിങ്കന്നു കരേറുന്നതും കണ്ടു; അവൻ ഭൂമിയേയും സമുദ്രത്തേയും ചേതം വരുത്തുവാൻ വരം ലഭിച്ചുള്ള നാലു ദൂതന്മാർക്കു മഹാശബ്ദത്തോടെ ആർത്തു പറഞ്ഞു;
3 നമ്മുടെ ദൈവത്തിന്റെ ദാസരെ അവരുടെ നെറ്റികളിൽ ഞങ്ങളും മുദ്രയിട്ടു കഴിവോളം ഭൂമിയേയും കടലിനേയും മരങ്ങളേയും ചേതം വരുത്തൊല്ല എ
4 ന്നത്രെ. പിന്നെ മുദ്രയിടപ്പെട്ടവരുടെ എണ്ണം ഇസ്രയേൽ പുത്രരുടെ സകല ഗോത്രത്തിൽനിന്നും നൂറ്റിനാല്പത്തുനാലായിരം പേർ മുദ്രയിട്ടവർ എന്ന
5 ഞാൻ കേട്ടു. യഹൂദഗോത്രത്തിൽ മുദ്രിതർ പന്തീരായിരം; രൂബൻ ഗോത്ര ത്തിൽ മുദ്രിതർ പന്തീരായിരം; ഗാദ് ഗോത്രത്തിൽ മുദ്രിതർ പന്തീരായി
6 രം; അശേർ ഗോത്രത്തിൽ മുദ്രിതർ പന്തീരായിരം നഫ്താലി ഗോത്രത്തിൽ മുദ്രിതർ പന്തീരായിരം; മനശ്ശെ ഗോത്രത്തിൽ മുദ്രിതർ പന്തീരായിരം.

7 ശിമ്യോൻ ഗോത്രത്തിൽ മുദ്രിതർ പന്ത്രണ്ടായിരം; ലേവി ഗോത്രത്തിൽ മു
8 ദ്രിതർ പന്ത്രണ്ടായിരം; ഇസ്സാർ ഗോത്രത്തിൽ മുദ്രിതർ പന്ത്രണ്ടായിരം. ജബുലൂൻ ഗോത്രത്തിൽ മുദ്രിതർ പന്ത്രണ്ടായിരം; യൊസെഫ് ഗോത്രത്തിൽ മുദ്രിതർ പന്ത്രണ്ടായിരം; ബിന്യമീൻ ഗോത്രത്തിൽ മുദ്രിതർ പന്ത്രണ്ടായിരം പേർ എന്നത്രെ.

9 അതിൽ പിന്നെ ഞാൻ കണ്ടതിതാ: സകല ജാതിയിലും ഗോത്രത്തിലും വംശത്തിലും ഭാഷയിലും നിന്നു (ചേന്നു) ആർക്കും എണ്ണിക്കൂടാതൊരു മ ഹാപുരുഷാരം വെള്ള അങ്കികളും കൈകളിൽ കുരുത്തോലകളും പൂണ്ടു, സിംഹാസനത്തിന്നും കുഞ്ഞാടിന്നും മുമ്പാകെ നിന്നു. സിംഹാസന
10 സ്ഥനായ നമ്മുടെ ദൈവത്തിന്നും കുഞ്ഞാടിന്നും തന്നെ രക്ഷയുള്ള എ
11 ന്നു, മഹാശബ്ദത്തോടെ വിളിച്ചു കൊണ്ടിരിക്കുന്നു. എല്ലാ ദൂതന്മാരും സിം ഹാസനത്തിന്നും മൂപ്പന്മാർക്കും നാലു ജീവികൾക്കും ചുഴവും നിന്നു സിംഹാ
12 സനത്തിന്മുമ്പിൽ മുഖങ്ങൾ കവിണ്ണു വീണു ആമെൻ. സ്തുതിയും, തേജസ്സും, ജ്ഞാനവും, സ്തോത്രവും, ബഹുമാനവും, ശക്തിയും, ഊക്കും നമ്മുടെ ദൈ
13 വത്തിന്നു യുഗാദിയുഗങ്ങളിലും (ഉണ്ടു) എന്നു ദൈവത്തെ കുമ്പിടുകയും ചെയ്തു. മൂപ്പരിൽ ഒരുത്തൻ ഉരിയാടി: ഈ വെള്ള അങ്കികളെ ഉടുത്തവർ ആരാ
14 കുന്നു എവിടെനിന്നു വന്നു എന്നു് എന്നോടു പറഞ്ഞതിന്നു, കർത്താവെ, നീ അറിയുമല്ലൊ എന്നു ഞാൻ ചൊല്ലിയപ്പോൾ, അവൻ എന്നോടു പറഞ്ഞി തു: ഇവർ മഹാക്ലേശത്തിൽനിന്നു വരുന്നവർ തങ്ങളുടെ അങ്കികളെ കുഞ്ഞാ
15 ടിൻ രക്തത്തിൽ അലക്കി വെളുപ്പിച്ചുകൊണ്ടവർ. ആകയാൽ ദേവസിം ഹാസനത്തിന്മുമ്പിൽ ഇരുന്നു് അവന്റെ ആലയത്തിൽ രാപ്പകൽ അവനെ ഉപാസിക്കുന്നു, സിംഹാസനസ്ഥൻ അവരുടെ മേൽ കൂടിപാർക്കും. ഇനി
16 വിശക്കയും ഇല്ല, ദാഹിക്കയും ഇല്ല, വെയിലും യാതൊരു ചൂടും അവർക്കു
17 തട്ടുകയും ഇല്ല. കാരണം സിംഹാസനത്തിൻ മദ്ധ്യേ ഉള്ള കുഞ്ഞാടു അവ രെ മേച്ചു ജീവനീരുറവുകളിലേക്കു് വഴി നടത്തുകയും ദൈവം താൻ (യശ. 25,8.) അവരുടെ കണ്ണുകളിൽനിന്നു് അശ്രുക്കളെല്ലാം തുടെച്ചു കളകയും ചെയ്യും.

8. അദ്ധ്യായം

(–11. അ.) ഏഴാം മുദ്രയെ തുറന്നിട്ടു ഏഴു കാഹളധ്വനികളും വരുന്നതിൽ, (7) ഒന്നാമത്തെ കാഹളധ്വനികളും നാലു.

1 (കുഞ്ഞാടു്) ആയവൻ ഏഴാം മുദ്രയെ തുറന്നാറെ, സ്വർഗ്ഗത്തിൽ ഏക
2 ദേശം അര മുഹൂർത്തം മൌനത ഉണ്ടായി. അപ്പോൾ ദൈവത്തിന്മുമ്പാകെ നി ല്ക്കുന്ന ദൂതന്മാർ ഏഴുവരേയും ഞാൻ കണ്ടു; അവർക്കു ഏഴു കാഹളങ്ങളും നല്ല
3 പ്പെട്ടു. മറൊരു ദൂതൻ പൊന്നിൻ തീക്കലശവുമായി വന്നു, ബലിപീഠ ത്തോടു് അടുത്തുനിന്നു സിംഹാസനത്തിൻ മുമ്പിലുള്ള സ്വർണ്ണപീഠത്തി ന്മേൽ സകല വിശുദ്ധരുടെ പ്രാർത്ഥനകൾക്കായിക്കൊണ്ടും അർപ്പിച്ചു കൊ
4 ടുക്കേണ്ടതിന്നു് അനേക ധൂപവർഗ്ഗങ്ങളും അവനു നല്കപ്പെട്ടു. ആ ധൂപങ്ങളു ടെ പുക വിശുദ്ധരുടെ പ്രാർത്ഥനകൾക്കായിട്ടു ദൂതന്റെ കൈയിൽനിന്നു
5 ദൈവമുമ്പിലേക്കു് കരേറി. ദൂതൻ തീക്കലശത്തെ എടുത്തു ബലിപീഠത്തി ലെ കനൽകൊണ്ടു നിറച്ചു ഭൂമിമേൽ തൂകികളഞ്ഞു: ഉടനെ ഒലികളും മുഴക
6 ങ്ങളും മിന്നലുകളും ഭൂകമ്പവും ഉണ്ടായി. ഏഴു കാഹളങ്ങളുള്ള ദൂതർ എഴുവരും കാഹളം ഊതുവാൻ ഒരുങ്ങുകയും ചെയ്തു.

ഒന്നാമൻ ഊതിയാറെ, ചോര ഇടകലർന്നുള്ള ആലിപ്പഴവും അഗ്നിയും ഉ
7 ണ്ടായി. ഭൂമിമേൽ ചൊരിഞ്ഞിട്ടു ഭൂമിയിൽ മൂന്നാലൊന്നു വെന്തു, മരങ്ങ
8 ളും മൂന്നാലൊന്നു വെന്തു, എല്ലാ പച്ചപുല്ലും വെന്തുപോയി. രണ്ടാം ദൂതൻ

ഊതിയാറെ, അഗ്നി എരിയുന്ന വന്മലെക്കു ഒത്തതു കടലിൽ തള്ളപ്പെട്ടിട്ടു
9 കടലിൽ മൂന്നാലൊന്നു ചോരയായ്തീൎന്നു. കടലിലെ സൃഷ്ടികൾ പ്രാണങ്ങ
ളുള്ളവറ്റിൽ മൂന്നാലൊന്നു ചത്തു, കപ്പലിലും മൂന്നാലൊന്നു ചേതം വന്നു
10 പോയി. മൂന്നാം ദൂതൻ ഊതിയാറെ, ദീപം പോലെ കത്തുന്ന മഹാനക്ഷ
ത്രം വാനത്തിൽനിന്നു വീണു; പുഴകളിൽ മൂന്നൊന്നിന്മേലും നീരുറവകളി
11 ലും തട്ടി; നക്ഷത്രത്തിന്നു കാഞ്ഞിരം എന്ന പേർ ചൊല്ലുന്നു. വെള്ളങ്ങളിൽ
മൂന്നൊന്നു കാഞ്ഞിരമായ്തീൎന്നു; കൈപ്പായതിനാൽ വെള്ളങ്ങൾകൊണ്ടു മ
12 നുഷ്യരിൽ പലരും മരിച്ചുപോയി. നാലാം ദൂതൻ ഊതിയാറെ, സൂൎയ്യനിൽ
മൂന്നൊന്നും ചന്ദ്രനിൽ മൂന്നൊന്നും നക്ഷത്രങ്ങളിൽ മൂന്നൊന്നും അടിക്കപ്പെട്ട
തു; അതിൽ മൂന്നൊന്നു ഇരുണ്ടു പോകയും പകലിലും രാത്രിയിലും മൂന്നൊ
13 ന്നു വെളിച്ചമില്ലാതെ ഈരിക്കയും ആകേണ്ടതിന്നത്രെ. പിന്നെ ഞാൻ കണ്ടതു
ഒരു കഴുകു നടുവാനത്തൂടെ പറന്നു; അല്ലയൊ ദൂതർ മൂവരും ഊതേണ്ടുന്ന
ശേഷം കാഹളധ്വനികൾ ഹേതുവായിട്ടു ഭൂവാസികൾക്കു ഹാ കഷ്ടം കഷ്ടം
കഷ്ടം എന്നു മഹാ ശബ്ദത്തോടെ പറഞ്ഞു കേട്ടു.

9. അദ്ധ്യായം

അഞ്ചാമതും, (13) ആറാമതുമായ കാഹളധ്വനികളാലെ ഹാ കഷ്ടങ്ങൾ
രണ്ടും.

1 അഞ്ചാം ദൂതൻ ഊതിയാറെ, വാനത്തിൽനിന്നു ഭൂമിയിൽ ചാടിയിരി
ക്കുന്ന ഒരു നക്ഷത്രത്തെ ഞാൻ കണ്ടു; ആയവനു അഗാധ കിണറ്റിനുള്ള
2 താക്കോൽ കൊടുക്കപ്പെട്ടു. അഗാധ കിണറ്റിനെ തുറന്നാറെ, വലിയ ഉല
യുടെ പുകപോലെ കിണറ്റിൽനിന്നു പുക പൊങ്ങി, കിണറ്റിൻ പുകയാൽ
3 സൂൎയ്യനും ആകാശവും ഇരുണ്ടുപോയി. പുകയിൽനിന്നു തുള്ളൻ കൂട്ടം ഭൂമി
മേൽ പുറപ്പെട്ടുകയും ചെയ്തു. അവറ്റിന്നു ഭൂമിയിലെ തേളുകൾക്കുള്ള അധി
4 കാരം പോലെ അധികാരം നലകപ്പെട്ടു. നെറ്റികളിൽ ദേവമുദ്ര ഇല്ലാത്ത
മനുഷ്യരെ മാത്രമല്ലാതെ, ഭൂമിയുടെ പുല്ലും പച്ച ഒന്നും ഒരു മരവും ചേതം വ
5 രുത്തരുതു എന്നു പറയപ്പെട്ടു. ആയവരെ കൊല്ലുക അല്ല താനും; അഞ്ചു
6 മാസം പീഡിപ്പിക്കേണം എന്നത്രെ അവറ്റിന്നു അനുജ്ഞ ആയി. അവരു
ടെ പീഡയൊ തേൾ മനുഷ്യനെ കുത്തുന്ന പീഡ പോലെ, ആ ദിവസങ്ങ
ളിൽ മനുഷ്യർ മരണത്തെ അന്വേഷിക്കും, കാൺകയില്ല താനും; ചാവാൻ
7 കൊതിക്കും, മരണം അവരെ വിട്ടു ഓടുകയും ചെയ്യും. തുള്ളന്മാരുടെ രൂപ
ങ്ങൾ യുദ്ധത്തിന്നു ചമയിച്ച കുതിരകൾക്കു ഒത്തതു; തലകളിന്മേൽ പൊൻ
കിരീടങ്ങൾ പോലെയും മുഖങ്ങൾ മനുഷ്യമുഖങ്ങൾ പോലെയും (കണ്ടു)
8 സ്ത്രീകുന്തൽ പോലെ മുടിയും സിംഹങ്ങൾക്കു ഒത്ത പല്ലുകളും ഉണ്ടു. ഇരു
9 മ്പു ചട്ടകൾ പോലെ കവചങ്ങൾ ഉണ്ടു; ചിറകുകളുടെ ശബ്ദം ഏറിയ കുതി
10 രത്തേരുകൾ പടയിൽ ഓടുന്നതിന്റെ നാദം പോലെ. തേളുകൾക്കു ഒത്ത
വാലുകളും വാലുകളിൽ വിഷമുള്ളുകളും ഉണ്ടു; മനുഷ്യരെ അഞ്ചു മാസം ചേ
11 തം വരുത്തുവാൻ അധികാരവും ഉണ്ടു. രാജാവായി അവറ്റിന്നു മീതെ അ
ഗാധത്തിൻ ദൂതൻ ഉണ്ടു; അവനു എബ്രായഭാഷയിൽ അബദ്ദോൻ (കേടി
ടം) എന്നും യവനത്തിൽ അപൊല്ലുയോൻ (സംഹാരി) എന്നും പേരാകുന്നു.
12 ഹാ കഷ്ടം ഒന്നു കഴിഞ്ഞു; കണ്ടാലും ഇനി ഹാ കഷ്ടങ്ങൾ രണ്ടും ഇതില്പി
ന്നെ വരുന്നു.
13 ആറാം ദൂതൻ ഊതിയാറെ, ദൈവമുമ്പിലെ സ്വൎണ്ണപീഠത്തിന്റെ നാ
14 ലു കൊമ്പുകളിൽനിന്നും ഒരു ശബ്ദം വന്നു. കാഹളമുള്ള ആറാം ദൂതനോടു
ഫ്രാത്തു എന്ന മഹാ നദിവക്കത്തു കെട്ടപ്പെട്ടുള്ള നാലു ദൂതരെ അഴിച്ചു വിടു
15 ക എന്നു പറയുന്നതു: ഞാൻ കേട്ടു. ഉടനെ മനുഷ്യരിൽ മൂന്നൊന്നിനെ

കൊല്ലുവാൻ നാഴികെക്കും നാളേക്കും മാസത്തിന്നും ആണ്ടിന്നും ഒരുങ്ങിനി
16 ല്ക്കുന്ന ദൂതന്മാർ നാലുപേരും കെട്ടഴിക്കപ്പെട്ടു. കുതിരപ്പടകളുടെ സംഖ്യ ഇരുപതി
നായിരത്തിൽ പെരുക്കിയ പതിനായിരം തന്നെ എന്നു ഞാൻ അവരുടെ
17 എണ്ണത്തെ കേട്ടു. ദർശനത്തിൽ ഞാൻ കുതിരകളെയും പുറത്തു കരേറിയവരെ
യും കണ്ടതിപ്രകാരം, തീ നിറവും രക്തനീലവും ഗന്ധകവർണ്ണവുമുള്ള കവ
ചങ്ങളും ഉണ്ടു; കുതിരത്തലകളും സിംഹശിരസ്സുകളും പോലെയും വായ്കളിൽ
18 നിന്നു തീ പുക, ഗന്ധകങ്ങളും പുറപ്പെട്ടും (കണ്ടു). ഈ മൂന്നു ബാധകളാൽ
മനുഷ്യരിൽ മൂന്നൊന്നു മരിച്ചുപോയി; അവരുടെ വായ്കളിൽനിന്നു പുറ
19 പ്പെടുന്ന തീ പുക, ഗന്ധകങ്ങളാലത്രെ. അവരുടെറ അധികാരം എങ്കി
ലൊ അവരുടെ വായിലും വാലുകളിലും ആകുന്നു; വാലുകളല്ലൊ സർപ്പ
ങ്ങളുടെ പോലെ തലകളും ഉള്ളവ തന്നെ; ഇവ കൊണ്ടത്രെ നഷ്ടം വരുത്തു
20 ന്നു. ഈ ബാധകളാൽ കൊല്ലപ്പെടാത്ത ശേഷം മനുഷ്യരോ ദുർഭ്രതങ്ങളെ
യും കണ്ടും കേട്ടും നടന്നും കൂടാത്ത പൊൻ, വെള്ളി, ചെമ്പു, കല്ലു, മരം
ഇവറാലുള്ള ബിംബങ്ങളെയും കുമ്പിടാതവണ്ണം തങ്ങളുടെ കൈക്രിയകളെ
21 വിട്ടു, മനന്തിരിഞ്ഞിട്ടില്ല. തങ്ങളുടെ കുലകളെയും ഒടികളെയും പുലയാ
ട്ടിനെയും കളവുകളെയും വിട്ടു, മനം തിരിഞ്ഞതും ഇല്ല.

10. അദ്ധ്യായം.

ദൈവമർമ്മം വൈകാതെ നിവൃത്തിയാകും എന്നു, (8) ദർശനക്കാരൻ മധു
രകൈപ്പുള്ള പുസ്തകം വിഴുങ്ങിക്കൊണ്ടു് അറിയിക്കേണ്ടതു.

1 ഞാൻ ഊക്കനായ മറൊരു ദൂതൻ സ്വർഗ്ഗത്തിൽനിന്നു് ഇറങ്ങുന്നതു് ക
ണ്ടു, അവൻ മേഘം ഉടുത്തും തലമേൽ പച്ച വില്ലു പൂണ്ടും മുഖം സൂര്യനെ
2 പോലെയും കാലുകൾ തീത്തൂണുകൾ പോലെയും ഉള്ളവൻ. അവന്റെ കൈ
യ്യിൽ തുറന്നിട്ടുള്ള ചെറു പുസ്തകം ഉണ്ടു, വലത്തെക്കാലെ കടലിന്മേലും ഇ
3 ടത്തെക്കാലെ ഭ്രമിമേലും വെച്ചു. സിംഹം അലറും പോലെ അവൻ മഹാ
ശബ്ദത്തോടെ കൂക്കി കൂക്കിയ ഉടനെ ഏഴു ഇടിമുഴക്കങ്ങളും തങ്ങളുടെ
4 ഒലികളെ കേൾപ്പിച്ചു. ഏഴിടികളും കേൾപ്പിച്ചാറെ, ഞാൻ എഴുതുവാൻ
ഭാവിച്ചപ്പോൾ, ഏഴിടികളും കേൾപ്പിച്ചതു് എഴുതാതെ മുദ്രയിട്ടേക്ക എന്നു
5 സ്വർഗ്ഗത്തിൽനിന്നൊരു ശബ്ദം പറഞ്ഞു കേട്ടു. പിന്നെ സമുദ്രഭ്രമികളിൻ
6 മേൽ നിന്നു കണ്ട ദൂതൻ തന്റെ വലങ്കയ്യെ വാനത്തെക്കുയർത്തി. വാനത്തെ
യും അതിലുള്ളവയും ഭ്രമിയെയും അതിലുള്ളവയും, സമുദ്രവും അതിലുള്ളവ
യും സൃഷ്ടിച്ചും യുഗാദിയുഗങ്ങളിൽ ജീവിച്ചും ഇരിക്കുന്നവൻ ആണ സത്യം
7 ചെയ്തിതു: ഇനി കാലമാകയില്ല, ഏഴാം ദൂതൻ കാഹളം ഊതുവാനിരി
ക്കുന്ന നാദത്തിൻ ദിവസങ്ങളിൽ ദൈവത്തിന്റെ മർമ്മം അവൻ സ്വദാസ
രായ പ്രവാചകർക്കു് സുവിശേഷിച്ചു കൊടുത്ത പ്രകാരം (ദാനി. 12, 7.)
നിവൃത്തിയായി കഴിഞ്ഞു എന്നത്രെ.

8 ഞാൻ സ്വർഗ്ഗത്തിൽനിന്നു കേട്ട ശബ്ദം പിന്നെയും എന്നോടരിയാടി,
നീ ചെന്നു സമുദ്രഭ്രമികളിന്മേൽ നില്ക്കുന്ന ദൂതന്റെ കയ്യിൽനിന്നു് ആ തു
9 റന്ന പുസ്തകത്തെ വാങ്ങുക എന്നു പറഞ്ഞു. ഞാൻ ദൂതനെ ചെന്നു നോക്കി,
എനിക്കു് പുസ്തകം തരുവാൻ ചോദിച്ചാറെ, അതിനെ വാങ്ങി ഭക്ഷിക്ക
നിന്റെ വയറിനെ കൈപ്പിക്കും എങ്കിലും വായിൽ തേനു പോലെ മധു
10 രിക്കും. ഞാൻ ദൂതന്റെ കയ്യിൽനിന്നു പുസ്തകത്തെ വാങ്ങി ഭക്ഷിച്ചു, അ
തു് എന്റെ വായിൽ തേനു പോലെ മുധുരമായി, (ഹജ. 3, 3.) തിന്നുക
11 ളഞ്ഞാറെ, എന്റെ വയറു കച്ചപോയി. അവനും എന്നോടു പറഞ്ഞു, നീ
ഇനിയും അനേകം വംശങ്ങളേയും ജാതികളേയും ഭാഷകളേയും രാജാക്ക
ന്മാരെയും കൊണ്ടു പ്രവചിക്കണം.

11. അദ്ധ്യായം

ഒടുക്കം യരുശലേമിൽ ജാതികളാലെ പീഡയും, (3) രണ്ടു സാക്ഷികളാൽ അനുതാപഘോഷണവും, (13) ശിക്ഷയാൽ മാനസാന്തരവും വരേണ്ടതു, (15) ഏഴാം കാഹളത്താലെ മുമ്പെ സ്വർഗ്ഗത്തിൽ നിവൃത്തി വരുന്നതു.

1 പിന്നെ കോലിന്നെറ പ്രായത്തിൽ ഒർ ഓട എനിക്കു തരപ്പെട്ടു വാക്കു
ണ്ടായിതു: അല്പയൊ ദൈവത്തിൻ ആലയത്തേയും ബലിപീഠത്തേയും അ
2 തിൽ കുമ്പിടുന്നവരേയും അളന്നു കൊൾക. ആലയത്തിന്നു പുറത്തുള്ള പ്രാ
കാരത്തെ അളക്കാതെ പുറമെ വിട്ടേക്ക; അതല്ലൊ ജാതികൾക്കു കൊടു
ക്കപ്പെട്ടു, അവർ വിശുദ്ധ നഗരത്തെ നാല്പത്തുരണ്ടു മാസം ചവിട്ടി നടക്കും.
3 അന്നു ഞാൻ എന്നെറ സാക്ഷികൾക്കു ഇരുവർക്കും (അധികാരം) കൊടുക്കും;
അവർ രട്ടുടുത്തും കൊണ്ടു ആയിരത്തിന്നൂററുപതു ദിവസം പ്രവചിക്കും.
4 ആയവർ ഭൂമിയുടെ കർത്താവിൻമുമ്പാകെ നില്ക്കുന്ന (ജക. 4, 2. 3. 14.) ആ
5 രണ്ടു ഒലിവു മരങ്ങളും രണ്ടു നിലവിളക്കുകളും ആകുന്നു. ആരും അവരെ
ചേതം വരുത്തുവാൻ ഇച്ഛിച്ചാൽ, അവരുടെ വായിൽനിന്നു അഗ്നി പുറ
പ്പെട്ടു അവരുടെ ശത്രുക്കളെ തിന്നു കളയും അവരെ ആരും കൊല്ലുവാൻ
6 ഇച്ഛിച്ചാൽ അവൻ അങ്ങിനെ കൊല്ലപ്പെടേണം. അവരുടെ പ്രവാചകദിവ
സങ്ങളിൽ മഴ പെയ്യാതവണ്ണം വാനത്തെ അടെപ്പാൻ അധികാരം ഉണ്ടു;
വെള്ളങ്ങളെ രക്തമാക്കി മാറുവാനും തോന്നും തോറും സകല ബാധകൊ
7 ണ്ടും ഭൂമിയെ തല്ലുവാനും അധികാരം ഉണ്ടു. അവരുടെ സാക്ഷ്യത്തെ തി
കെച്ചപ്പോൾ അഗാധത്തിൽനിന്നു കരേറിവരുന്ന മൃഗം അവരോടു പടകൂടി,
8 അവരെ ജയിച്ചു കൊന്നു കളയും. അവരുടെ കർത്താവും ക്രൂശിക്കപ്പെട്ട മഹാ
നഗരത്തിന്നെറ വീഥിയിൽ അവരുടെ ശവങ്ങളും കിടക്കും; അതിനു ആ
ത്മികമായി (യശ. 3, 9.) സദോം എന്നും മിസ്രൂ എന്നും പേരുണ്ടു. വം
9 ശഗോത്രങ്ങളിലും ഭാഷാജാതികളിലും പലരും അവരുടെ ശവങ്ങൾ മൂന്നര
ദിവസം കണ്ടു, ശവങ്ങളെ തറകളിൽ വെപ്പാൻ സമ്മതിക്കാതെ ഇരിക്കു
10 ന്നു. ഭൂവാസികളും അവർ നിമിത്തം സന്തോഷിച്ചും കളിച്ചും കൊള്ളുന്നു;
പ്രവാചകന്മാർ ഇരുവരും ഭൂവാസികളെ പീഡിപ്പിച്ചവരാകയാൽ അന്യോ
11 ന്യം കാഴ്ചകൾ കെടുത്തയക്കും. മൂന്നര ദിവസം കഴിഞ്ഞാൽ പിന്നെ ദൈ
വത്തിൽനിന്നു ജീവന്നെറ ആത്മാവു അവരിൽ പുക്കു, അവർ കാലുകൾ
ഊന്നിനിന്നു; അവരെ നോക്കി കാണുന്നവർക്കു മഹാ ഭയം തട്ടുകയും ചെ
12 യ്തു. എന്നാറെ, ഇവിടെ കരേറി വരുവിൻ എന്നു സ്വർഗ്ഗത്തിൽനിന്നു മഹാ
ശബ്ദം അവരോടു പറയുന്നതു കേട്ടു; അവരും ശത്രുക്കളും അവരെ കണ്ടി
13 രിക്കവെ മേഘത്തിലായി സ്വർഗ്ഗത്തേക്കു കരേറി പോയി. ആ നാഴിക
യിൽ വലിയ ഭൂകമ്പം ഉണ്ടായി; പട്ടണത്തിൽ പത്തൊന്നു ഇടിഞ്ഞു വീ
ണു, ഭൂകമ്പത്തിൽ മനുഷ്യർ ഏഴായിരം പേർ കൊല്ലപ്പെട്ടു, ശേഷിച്ചവർ
ഭയവശരായ്വന്നു; സ്വർഗ്ഗത്തിൻ ദൈവത്തിന്നു തേജസ്സു കൊടുക്കയും ചെ
14 യ്തു. രണ്ടാമത്തെ ഹാ കഷ്ടം കഴിഞ്ഞു, കണ്ടാലും മൂന്നാമത്തെ ഹാ കഷ്ടം വേ
ഗം വരുന്നു.

15 ശേഷം ഏഴാം ദൂതൻ കാഹളം ഊതിയാറെ, സ്വർഗ്ഗത്തിൽ മഹാശബ്ദങ്ങൾ
ഉണ്ടായി; ലോകരാജ്യം നമ്മുടെ കർത്താവിന്നും അവന്നെറ അഭിഷിക്തനും
16 ആയ്തീർന്നു; അവൻ യുഗാദിയുഗങ്ങളിൽ വാഴുകയും ചെയ്യും എന്നത്രെ. ദേ
വമുമ്പാകെ സിംഹാസനങ്ങളിൽ ഇരിക്കുന്ന ഇരുപത്തുനാലു മൂപ്പന്മാരും
17 മുഖങ്ങളിൽ വീണു, ദൈവത്തെ കുമ്പിട്ടു പറഞ്ഞു: സർവ്വശക്തിയുള്ള കർ
ത്താവാകുന്ന ദൈവമെ, ഇരിക്കുന്നവനും ഇരുന്നവനും (വരുന്നവനും) ആ
യുള്ളോവെ! നിന്നെറ മഹാ ശക്തിയെ നീ കൈക്കൊണ്ടു വാഴുകയാൽ ഞാ
18 ങ്ങൾ നിന്നെ സ്തുതിക്കുന്നു. ജാതികൾ കോപിച്ചു (സങ്കീ. 99, 1.) നിന്നെറ

കോപവും വന്നു, മരിച്ചവർക്കു ന്യായവിധി ചെയ വാനും പ്രവാച
കർ വിശുദ്ധർ തിരുനാമത്തെ ഭയപ്പെടുന്നവർ ചെറിയവരും വലിയവരുമാ
യി നിന്റെ ദാസന്മാർക്ക് (എല്ലാം) കൂലിയെ കൊടുപ്പാനും ഭൂമിയെ കെടു
19 ക്കുന്നവരെ കെടുപ്പാനും കാലവും വന്നു. എന്നാറെ, സ്വർഗ്ഗത്തിൽ ദൈവാ
ലയം തുറന്നു; അവന്റെ നിയമപ്പെട്ടകം അവന്റെ ആലയത്തിൽ കാണായ് വന്നു മിന്നലുകളും ശബ്ദങ്ങളും മുഴക്കങ്ങളും ഭൂകമ്പവും വലിയ കന്മഴയും ഉണ്ടാകയും ചെയ്തു.

12. അദ്ധ്യായം

ക്രിസ്തുശത്രുക്കളിൽ ആദ്യനായ മഹാസർപ്പം, (7) സ്വർഗ്ഗത്തിൽ തോറ്റു, (13) സഭയെ ഹിംസിക്കുന്നു.

1 **സ്വ**ർഗ്ഗത്തിൽ വലിയൊരു ലക്ഷ്യം കാണായിതു; സൂര്യനെ ധരിച്ചുള്ള
സ്ത്രീയും അവളുടെ കാല്ക്കീഴ് ചന്ദ്രനും അവളുടെ തലമേൽ 12 നക്ഷത്രങ്ങളാ
2 ലുള്ള കിരീടവും തന്നെ. അവൾ ഗർഭിണിയായി ഈറ്റുനോവുണ്ടായി പ്ര
3 സവിപ്പാൻ പീഡിച്ചു നിലവിളിക്കുന്നു. സ്വർഗ്ഗത്തിൽ മറൊരു ലക്ഷ്യം
കാണായി: ഇതാ തീനിറമുള്ള മഹാ സർപ്പം ഏഴു തലയും പത്തു കൊമ്പു
4 കളും തലകളിന്മേൽ ഏഴ് രാജമുടികളും ഉള്ളതു. അതിൻ വാൽ വാനത്തി
ലെ നക്ഷത്രങ്ങളിൽ മൂന്നൊന്നിനെ വാരിക്കൊണ്ടു ഭൂമിയിലേക്ക് എറി
ഞ്ഞു കളഞ്ഞു, പ്രസവിപ്പാറാകുന്ന സ്ത്രീയുടെ മുമ്പിൽ സർപ്പം നിന്നു കൊ
5 ണ്ടു പ്രസവിച്ചാലുടനെ അവളുടെ കുട്ടിയെ തിന്നുകളവാൻ ഭാവിച്ചു. അവ
ളൊ (സങ്കീ. 2, 10.) ഇരിമ്പ്കോൽ കൊണ്ടു് എല്ലാ ജാതികളേയും മെ
യ്ക്കേണ്ടുന്ന ആൺപൈതലിനെ പ്രസവിച്ചു; അവളുടെ കുട്ടി ദൈവത്തോ
6 ടും അവന്റെ സിംഹാസനത്തിലും ആമാറു പറിക്കപ്പെട്ടു. പിന്നെ സ്ത്രീ
മരുഭൂമിയിലേക്ക് മണ്ടി, അവിടെ അവളെ ആയിരത്തിരുന്നൂറ്ററുപതു
ദിവസം പോറ്റിക്കൊള്ളേണ്ടതിന്നു ദൈവം ഒരുക്കീട്ടുള്ള സ്ഥലം അവൾ
7 ക്കുണ്ടു. പിന്നെ സ്വർഗ്ഗത്തിൽ യുദ്ധം ഉണ്ടായി, മീകയേലും അവന്റെ ദൂത
8 ന്മാരും സർപ്പത്തോടു പട കൂടി. സർപ്പം തന്റെ ദൂതരുമായി പട കൂടി ആ
വതില്ല താനും; സ്വർഗ്ഗത്തിൽ ഇനി അവരുടെ സ്ഥലം കാണപ്പെട്ടതും ഇല്ല.
9 പ്രപഞ്ചത്തെ മുഴുവൻ ഭ്രമിപ്പിക്കുന്ന പിശാചും സാത്താനും എന്നുള്ള മഹാ
സർപ്പമാകുന്ന പഴയ പാമ്പ് ഭൂമിയിലേക്ക് തള്ളിക്കളയപ്പെട്ടു; അവന്റെ
10 ദൂതരും കൂടെ തള്ളപ്പെട്ടു. എന്നാറെ ഞാൻ സ്വർഗ്ഗത്തിൽ മഹാ ശബ്ദം
പറഞ്ഞു കേട്ടിതു: ഇപ്പോഴം രക്ഷയും ശക്തിയും രാജ്യവും നമ്മുടെ ദൈവ
ത്തിന്നും അധികാരം അവന്റെ അഭിഷിക്തനും ആയ്വന്നു; കാരണം
നമ്മുടെ സഹോദരന്മാരെ, രാപ്പകൽ ദൈവമുമ്പിൽ കുറ്റം ചുമത്തുന്ന അ
11 വരുടെ അപവാദി തള്ളിക്കളയപ്പെട്ടു. അവരൊ കുഞ്ഞാടിന്റെ രക്തം
മൂലവും തങ്ങളുടെ സാക്ഷ്യവചനം മൂലവും സ്വപ്രാണനെ മരണപര്യന്തം സ്നേ
12 ഹിക്കാതെ കണ്ടും അവനെ ജയിച്ചതു. ആകയാൽ സ്വർഗ്ഗങ്ങളും അതിൽ
കുടിയിരിക്കുന്നവരുമായുള്ളോരെ, ആനന്ദിപ്പിൻ; ഭൂമിക്കും സമുദ്രത്തിന്നും
ഹാ കഷ്ടം; നിങ്ങളിലെക്കല്ലൊ പിശാച് തനിക്ക് അല്പകാലമെ (ശേഷി
പ്പ്) ഉള്ള എന്നറിഞ്ഞു, മഹാ ക്രോധത്തോടെ ഇറങ്ങി പോയി എന്നത്രെ.
13 സർപ്പം താൻ ഭൂമിയിൽ തള്ളപ്പെട്ടതു കണ്ടു, മകനെ പ്രസവിച്ച സ്ത്രീയെ
14 ഹിംസിച്ചു തുടങ്ങി. സ്ത്രീക്കു മരുഭൂമിയിൽ സ്വസ്ഥലത്തേക്ക് പറന്നുപോ
കേണ്ടതിന്നു വലിയ കഴുകിന്റെ രണ്ടു ചിറകുകളും നല്കപ്പെട്ടു; അവിടെ അ
വൾ പാമ്പിൽനിന്നു (നിർഭയമായി) കാലവും (ഇരു)കാലങ്ങളും അരക്കാ
15 ലവും (ദാനി. 7, 25.) പോറ്റപ്പെടുന്നു. സ്ത്രീയുടെ വഴിയെ പാമ്പു തന്റെ
വായിൽനിന്നു പുഴ പോലെ വെള്ളത്തെ ചാടി, അവളെ പുഴ കൊണ്ടു്

16 ഒഴുക്കിക്കളവാൻ ഭാവിച്ചാറെ, ഭൂമി സ്ത്രീക്ക് തുണ നിന്നു. സർപ്പം തന്റെ
17 വായിൽനിന്നു ചാടിയ പുഴയെ ഭൂമി വായ്തുറന്നു മിഴുങ്ങുകയും ചെയ്തു. സർപ്പം സ്ത്രീയിൽ കോപം ഭാവിച്ചു അവളുടെ സന്തതിയായി ദൈവകല്പനകളെ കാത്തും യേശുസാക്ഷ്യത്തെ പിടിച്ചും കൊള്ളുന്ന ശേഷിപ്പുള്ളവരോടു യുദ്ധം ചെയ്വാൻ പുറപ്പെടുകയും ചെയ്തു.

13. അദ്ധ്യായം

ശേഷം ക്രിസ്തുശത്രുക്കളായ, (ദാനി. 7,7.) ലോകസാമ്രാജ്യവും, (11) കള്ള പ്രവാചകനും കാണായതു.

1 **ഞാൻ** കടൽ മണലിന്മേൽ നിന്നുകൊണ്ടു, ഏഴു തലയും പത്തു കൊമ്പുകളും കൊമ്പുകളിന്മേൽ പത്തു രാജമുടികളും തലകളിന്മേൽ ഓരോ ദൂഷണ
2 നാമവും ഉള്ളോരു മൃഗം സമുദ്രത്തിൽ നിന്നു കരേറുന്നതു കണ്ടു. ഞാൻ കണ്ട മൃഗം പുള്ളിപ്പുലിക്കു സദൃശവും (ദാനി. 7, 6.) കാലുകൾ കരടിക്കൊത്തതും (7, 5.) വായി സിംഹമുഖം പോലെയും ആയി; (7, 4.) അതിനു സർപ്പം തന്റെ ശക്തിയെയും സ്വസിംഹാസനത്തെയും വലിയ അധികാരവും
3 കൊടുത്തു. അതിൻ തലകളിൽ ഒന്നു മരണത്തിന്നായി അറുക്കപ്പെട്ടതും (കണ്ടു); അതിന്റെ മരണമുറിവു പൊറുത്തുപോയി; സർവ്വ ഭൂമിയും മൃഗത്തെ
4 അത്ഭുതപ്പെട്ടു പിഞ്ചെന്നു. മൃഗത്തിന്നു അധികാരം കൊടുക്കയാൽ സർപ്പത്തെ കുമ്പിട്ടു, മൃഗത്തിന്നു ആർ തുല്യൻ അതിനോടു പോരാടുവാൻ ആർക്കു കഴിയും എന്നു ചൊല്ലി, മൃഗത്തെയും കുമ്പിടുകയും ചെയ്തു. വമ്പുകളും ദൂഷ
5 ണങ്ങളും ഉരെക്കുന്ന വായി അതിനു കൊടുക്കപ്പെട്ടു; നാല്പത്തുരണ്ടു മാസം വരെ പ്രവൃത്തിപ്പാൻ അധികാരവും നല്കപ്പെട്ടു. അതു ദൈവത്തിൻ നാ
6 മത്തെയും കൂടാരത്തെയും സ്വർഗ്ഗത്തിൽ കുടിയിരിക്കുന്നവരെയും ദൂഷിപ്പാൻ
7 ദൈവദൂഷണങ്ങൾക്കായി തന്റെ വായ്തുറന്നു. വിശുദ്ധരോടു യുദ്ധം ചെയ്തു അവരെ ജയിപ്പാനും നല്കപ്പെട്ടു, സകല ഗോത്രഭാഷാജാതികളിന്മേലും അ
8 ധികാരവും കൊടുക്കപ്പെട്ടു. അറുക്കപ്പെട്ട കുഞ്ഞാടിന്റെ ജീവപുസ്തകത്തിൽ ലോകസ്ഥാപനം മുതൽ പേർ എഴുതിക്കിടക്കാത്ത ഭൂവാസികൾ ഒക്കെയും
9 അതിനെ കുമ്പിടും. ഒരുത്തനു ചെവി ഉണ്ടെങ്കിൽ അവൻ കേൾക്കുക.
10 മയാക്കി കൊണ്ടു പോയാൽ, താൻ അടിമയായി നടന്നു പോകും; വാൾ കൊണ്ടു കൊന്നാൽ, താൻ വാളാൽ കൊല്ലപ്പെടേണ്ടതു. വിശുദ്ധരുടെ ക്ഷാന്തിയും വിശ്വാസവും ഇവിടെ (കാണ്മാൻ) ഉണ്ടു.
11 മറൊരു മൃഗം ഭൂമിയിൽനിന്നു കരേറുന്നതും (ഞാൻ) കണ്ടു; അതിനു കുഞ്ഞാടിന്നൊത്ത രണ്ടു കൊമ്പുകളുണ്ടു. സർപ്പം പോലെ ഉരെക്കുന്നതും ആകു
12 ന്നു. അതു ഒന്നാം മൃഗം കാൺകെ അതിന്റെ അധികാരത്തെ എല്ലാം നടത്തി, ഭൂമിയെയും അതിൽ വസിക്കുന്നവരെയും മരണമുറിവു പൊറുത്തു
13 പോയ ഒന്നാം മൃഗത്തെ കുമ്പിടുമാറാക്കുന്നു. അതു വലിയ അടയാളങ്ങളെ ചെയ്കയും മനുഷ്യർ കാൺകെ അഗ്നിയെ വാനിൽനിന്നു ഭൂമിയിൽ ഇറക്കു
14 കയും മൃഗത്തിനുമ്പിൽ ചെയ്വാൻ വരം കിട്ടിയ അടയാളങ്ങളെക്കൊണ്ടു ഭൂവാസികളെ ഭ്രമിപ്പിക്കയും വാളാലെ മുറിവുണ്ടായിട്ടും ജീവിച്ചുള്ള മൃഗത്തിനു പ്രതിമ ഉണ്ടാക്കുവാൻ ഭൂവാസികളോടു പറകയും ചെയ്യുന്നു. മൃഗ
15 ത്തിൻ പ്രതിമെക്കു ആത്മാവു കൊടുപ്പാനും മൃഗപ്രതിമ ഉരിയാടി ആ പ്രതിമയെ കുമ്പിടാതവരെ ഒക്കെയും കൊല്ലുവാനും (അധികാരം) നല്കപ്പെട്ടു.
16 ചെറിയവരും വലിയവരും സമ്പന്നരും ദരിദ്രരും സ്വതന്ത്രരും ദാസരും എല്ലാവരും വലങ്കൈമേലൊ നെറ്റിമേലൊ കുറി ഇട്ടുകൊൾവാറും, മൃഗത്തി
17 ന്റെ നാമം എങ്കിലും നാമസംഖ്യ എങ്കിലും അതിന്റെ കുറിയുള്ളവനല്ലാ
18 തെ വാങ്ങുക താൻ, വില്ക്കുക താൻ, അരുതാതവാറും വരുത്തുന്നു. ഇവിടെ

ജ്ഞാനം കാണ്മാൻ ഉണ്ടു; ബുദ്ധിയുള്ളവൻ മൃഗത്തിന്റെ (നാമ) സംഖ്യയെ എണ്ണിക്കൊൾവു; ആയതല്ലൊ മനുഷ്യസംഖ്യ ആകുന്നു. അതിന്റെ സംഖ്യ അറുനൂററുപത്താറ് എന്നത്രെ.

14. അദ്ധ്യായം

നിവൃത്തിയെ സൂചിപ്പിക്കുന്ന ദർശനം, (6) രക്ഷാന്യായവിധികളുടെ പ്രവചനം, (14) ദൈവത്തിൻ കൊയിത്തും ചക്കാട്ടവും.

1 ഞാൻ കണ്ടതിതാ! ചിയോൻ മലമേൽ കുഞ്ഞാടായവനും അവന്റെ
നാമവും പിതാവിൻ നാമവും നെറ്റികളിൽ എഴുതിക്കിടക്കുന്ന നൂറ്റിനാ
2 ല്പത്തുനാലായിരവും ഒന്നിച്ചു നില്ക്കുന്നു. വളരെ വെള്ളങ്ങളുടെ ഒലി
പോലെയും തകൎത്തോര് ഇടിമുഴക്കം പോലെയും സ്വൎഗ്ഗത്തിൽനിന്ന് ഒരു
ശബ്ദവും കേട്ടു, ഞാൻ കേട്ട ശബ്ദം തങ്ങളുടെ വീണകളെ മീട്ടുന്ന വൈണി
3 കരുടേതു പോലെയത്രെ. അവർ സിംഹാസനത്തിനും നാലു ജീവികൾ
ക്കും മൂപ്പന്മാർക്കും മുമ്പാകെ പുതിയ പാട്ടു പാടുന്നു; ഭൂമിയിൽ നിന്നു വീണ്ടു
കൊള്ളപ്പെട്ടുള്ള നൂറ്റിനാല്പത്തുനാലായിരവും ഒഴികെ ആ പാട്ടു പഠിപ്പാൻ
4 ആർക്കും കഴിഞ്ഞതുമില്ല: ഇവർ കന്യകളാകയാൽ സ്ത്രീകളോടു മാലിന്യ
പ്പെടാത്തവർ. ഇവർ കുഞ്ഞാടു ചെല്ലുന്തോറും പിഞ്ചെല്ലുന്നവർ, ഇവർ ദൈ
വത്തിനും കുഞ്ഞാടിനും ആദ്യഫലമായി മനുഷ്യരിൽനിന്നു മേടിക്കപ്പെട്ട
5 വർ. അവരുടെ വായിൽ കളവു കാണപ്പെട്ടതും ഇല്ല; അവർ നിഷ്കളങ്കരത്രെ.
6 വേറൊരു ദൂതൻ നടുവാനത്തുടെ പറക്കുന്നതും കണ്ടു, അവൻ സകല ജാ
തിഗോത്രഭാഷാവംശങ്ങളിലും ഭൂമിസ്ഥന്മാരോട് ഒക്കയും സുവിശേഷി
7 പ്പാൻ നിത്യ സുവിശേഷം ഉള്ളവനായി. ദൈവത്തെ ഭയപ്പെട്ട് അവനു തേ
ജസ്സ് കൊടുപ്പിൻ! അവന്റെ ന്യായവിധിയുടെ നാഴിക വന്നുവല്ലൊ, വാന
ത്തെയും ഭൂമിയെയും കടലെയും നീരുറവകളെയും ഉണ്ടാക്കിയവനെ കുമ്പി
ടുകയും ചെയ്വിൻ! എന്നു മഹാശബ്ദത്തോടെ പറഞ്ഞും കൊണ്ടിരുന്നു.
8 വെറൊരു ദൂതൻ വഴിയെ വന്നു പറഞ്ഞു: മഹതിയായ ബാബൽ വീണ
വീണു (യശ. 21,9.); തന്റെ പുലയാട്ടിന്റെ ക്രോധമദ്യത്തിൽനിന്നു സക
ല ജാതികളെയും കുടിപ്പിച്ചവൾ തന്നെ (യിറ. 51, 7.)
9 അവരുടെ പിന്നിൽ മൂന്നാമതൊരു ദൂതൻ വന്നു, മഹാശബ്ദത്തോടെ
പറഞ്ഞു, യാതൊരുത്തൻ മൃഗത്തെയും തൽപ്രതിമയെയും കുമ്പിട്ടും നെറ്റി
10 മേലൊ കൈമേലൊ കുറിയെ ഇട്ടും കൊണ്ടാൽ, അവനും കൂടെ ദൈവകോപ
ത്തിൻ പാത്രത്തിൽ ഇടകലരാതെ പകൎന്നിട്ടുള്ള ദൈവക്രോധമദ്യത്തിൽ
നിന്നു കുടിക്കും; വിശുദ്ധ ദൂതന്മാർക്കും കുഞ്ഞാടിനും മുമ്പാകെ അഗ്നിഗന്ധ
11 കങ്ങളിൽ പീഡിച്ചു പോകയും ചെയ്യും. അവരുടെ പീഡയുടെ പുക യുഗാ
ദിയുഗങ്ങളിലും പൊങ്ങുന്നു (യശ. 34, 10.) മൃഗത്തെയും തൽപ്രതിമയെയും
കുമ്പിട്ടും അതിന്റെ നാമക്കുറിയെ ഇട്ടും കൊള്ളുന്നവർക്ക് എല്ലാം രാപ്പകലും
12 തണുപ്പു വരാ. ദൈവകല്പനകളെയും യേശുവിശ്വാസത്തെയും കാത്തുകൊള്ള
ന്ന വിശുദ്ധരുടെ ക്ഷാന്തി ഇവിടെ (കാണ്മാൻ) ഉണ്ടു.
13 ഞാൻ സ്വൎഗ്ഗത്തിൽനിന്ന് ഒരു ശബ്ദം പറഞ്ഞു കേട്ടത് എന്തെന്നാൽ:
കൎത്താവിൽ ചാകുന്ന മൃതന്മാർ ഇന്നു മുതൽ ധന്യർ എന്നെഴുതുക; അതെ അ
വർ തങ്ങളുടെ പ്രയത്നങ്ങളിൽ നിന്ന് ഒഴിഞ്ഞു തണുക്കേണ്ടതു് അവരുടെ
ക്രിയകളും അവർക്കു പിഞ്ചെല്ലുകയും ചെയ്യുന്നു എന്ന് ആത്മാവ് പറയുന്നു.
14 പിന്നെ ഞാൻ കണ്ടതിതാ! വെളുത്ത മേഘവും മേഘത്തിന്മേൽ ഇരുന്നു
കൊണ്ടു മനുഷ്യപുത്രനു സദൃശനായവനും തന്നെ; അവനു തലമേൽ പൊൻ
15 കിരീടവും കയ്യിൽ മൂൎച്ചയുള്ള അരിവാളും ഉണ്ടു. മറൊരു ദൂതൻ ദൈവാല
യത്തിങ്കൽനിന്നു പുറപ്പെട്ടു മേഘത്തിന്മേൽ ഇരിക്കുന്നവനോടു ഭൂമിയിലെ

വിളവു ഉണങ്ങിയതിനാൽ കൊയിത്തിന്നു നാഴിക വന്നതുകൊണ്ടു, നിന്റെ
അരിവാളെ കടത്തി കൊയ്ക എന്നു മഹാശബ്ദത്തോടെ ക്കു. മേഘ
16 ത്തിൽ ഇരിക്കുന്നവൻ തന്റെ അരിവാളെ ഭൂമിയിൽ കടത്തി, ഭൂമി കൊയ്യ
17 പ്പെടുകയും ചെയ്തു. മറ്റൊരു ദൂതൻ താനും മൂർത്തുള്ളൊരു അരിവാളും പിടി
18 ച്ചുംകൊണ്ടു സ്വർഗ്ഗത്തിലെ ആലയത്തിൽനിന്നു പുറപ്പെട്ടു. അഗ്നിമേൽ അ
ധികാരമുള്ള അന്യദൂതൻ ബലിപീഠത്തിൽനിന്നു പുറപ്പെട്ടു, മൂർത്തരിവാളു
ള്ളവനോടു ഭൂമിയിലെ മുന്തിരിങ്ങകുല പഴുക്കയാൽ, നിന്റെ മൂത്തരിവാളും
കടത്തി ആ വള്ളിയുടെ കുലകളെ മൂർന്നെടുക്ക എന്നുറക്കെ ആർത്തു മൊ
19 ഴിഞ്ഞു. ദൂതനും തന്റെ അരിവാളെ ഭൂമിയിൽ കടത്തി ഭൂമിയിലെ മുന്തി
20 രിവള്ളിയിൽനിന്നു മൂർന്നെടുത്തു, ദൈവകോപത്തിന്റെ വലിയ ചക്കിൽ
ചാടിയിട്ടു. ചക്കു നഗരത്തിന്നു പുറത്തു മെതിച്ചു പിഴിഞ്ഞ രക്തം ചക്കിൽ
നിന്നു ഒഴുകി കുതിരകളുടെ കടിവാളങ്ങളോളം ആയിരത്തറുനൂറു സ്താദ്യ
വഴി ദൂരം (പരക്കയും ചെയ്തു).

15. അദ്ധ്യായം

ജയിക്കുന്നവരുടെ സന്തോഷത്തോടെ, (5) 7 ക്രോധകലശങ്ങളേയും നി
റെച്ചു കൊടുത്തതു.

1 **ഞാൻ** വലുതും അത്ഭുതവുമായ മറ്റൊരു ലക്ഷ്യത്തെ സ്വർഗ്ഗത്തിൽ കണ്ടു;
ഒടുക്കത്തെ ബാധകളും ഏഴുമുള്ള ഏഴു ദൂതന്മാരെ തന്നെ; അവരാൽ ദൈവ
2 ക്രോധം തികഞ്ഞു വന്നു സത്യം: അഗ്നി കലർന്നുള്ള പളുങ്കുകടലിനു ഒത്തതും
മൃഗത്തോടും തൽപ്രതിമയോടും നാമസംഖ്യയോടും (വെറായി) ജയിക്കുന്ന
വർ ദൈവവീണകളും പിടിച്ചുംകൊണ്ടു, പളുങ്കുകടൽ പുറത്തു നില്ക്കുന്നതും ക
3 ണ്ടു. ആയവർ ദൈവദാസനായ മോശയുടെ പാട്ടും കുഞ്ഞാടിന്റെ പാട്ടും പാ
ടികൊള്ളുന്നതിങ്ങിനെ: സർവ്വശക്തിയുള്ള ദൈവമായ കർത്താവെ, നിന്റെ
ക്രിയകളും വലുതും അത്ഭുതവുമായവ (സങ്കീ. 111,2) നിന്റെ വഴികളും നീ
4 തിയും സത്യവുമുള്ളവ (2മോ. 32,4.)ജാതികളുടെ രാജാവായുള്ളോവെ! നി
ന്നെ ഭയപ്പെടാത്തതാരുപോൽ? (യിറ. 10,7) കർത്താവെ തിരുനാമത്തെ
വാഴ്ത്താത്തതും ആർ? നീയല്ലൊ ഏക പവിത്രൻ നിന്റെ നീതിന്യായങ്ങളും
വിളങ്ങി വന്നതിനാൽ, സകല ജാതികളും വന്നു, തിരുമുമ്പിൽ കുമ്പിടുക
5 യും ചെയ്യും (സങ്കീ. 86,9.) അതിൽ പിന്നെ ഞാൻ കണ്ടതൊ: സ്വർഗ്ഗ
6 ത്തിൽ സാക്ഷികൂടാരമാകുന്ന ദേവാലയം തുറന്നു. ഏഴു ബാധകളുള്ള ഏഴു ദൂ
തരും ശുദ്ധ ശുഭ്രമായ ശണവസ്ത്രം ധരിച്ചും മാറുകളിൽ പൊൻ കച്ചകളും പൂ
7 ണ്ടുംകൊണ്ടു, ദേവാലയത്തിൽനിന്നു പുറപ്പെട്ടാറെ, നാല്വ ജീവികളിൽ ഒ
ന്നു യുഗയുഗങ്ങളിൽ ജീവിക്കുന്ന ദൈവത്തിൻ കോപം നിറഞ്ഞുള്ള പൊൻ
8 കലശങ്ങളും ഏഴും ആ ഏഴു ദൂതന്മാർക്കു കൊടുത്തു. ദേവതേജസ്സും അവന്റെ
ശക്തിയും ഹേതുവായിട്ടു, ദേവാലയത്തിൽ പുക നിറഞ്ഞു, ഏഴു ദൂതരുടെ
ബാധകളും ഏഴും തികവോളത്തിന്നു ആലയത്തിൽ പ്രവേശിപ്പാൻ ആർക്കും
കഴിഞ്ഞതും ഇല്ല.

16. അദ്ധ്യായം

ഏഴ ക്രോധകലശങ്ങളും.

1 **നി**ങ്ങളും പോയി ക്രോധത്തിൻ കലശങ്ങളും ഏഴും ഭൂമിയിൽ ഒഴിച്ചു കള
വിൻ എന്നു ഒരു മഹാ ശബ്ദം ദേവാലയത്തിൽ, നിന്നു ഏഴു ദൂതന്മാരോ
ടും പറയുന്നതു ഞാൻ കേട്ടു.

2 ഒന്നാമൻ പോയി തന്റെ കലശത്തെ ഭൂമിയിൽ ഒഴിച്ചു കളഞ്ഞാറെ, മൃ
3 ഗത്തിന്റെ കുറിയെ ഇട്ടുംകൊണ്ടു തൽപ്രതിമയെ കുമ്പിടുന്ന മനുഷ്യരിൽ
വല്ലാത്ത ഒരു ദുർവ്രണം ഉണ്ടായി. രണ്ടാമത്തെ ദൂതൻ തന്റെ കലശത്തെ
സമുദ്രത്തിൽ ഒഴിച്ചപ്പോൾ അതു പട്ടു പോയവനിൽനിന്നു് എന്ന പോലെ
ചോര ആയി തീൎന്നു; കടലിൽ ജീവനുള്ള പ്രാണി ഒക്കയും ചാകയും ചെയ്തു.
4 മൂന്നാമൻ നദികളിലും നീരുറവുകളിലും തന്റെ കലശത്തെ ഒഴിച്ചാറെ ര
5 ക്തം ഉണ്ടായി. അപ്പോൾ ഞാൻ വെള്ളങ്ങളുടെ ദൂതൻ പറഞ്ഞു കേട്ടതിവ്വ
ണ്ണം: ഇരിക്കുന്നവനും ഇരുന്നവനും (വരുന്നവനും) ആയുള്ളോവെ! നീ ഇപ്ര
6 കാരം ന്യായം വിധിക്കയാൽ നീതിമാൻ പവിത്രൻ തന്നെ. വിശുദ്ധരുടെ
യും പ്രവാചകരുടെയും രക്തത്തെ അവർ ചിന്നിച്ചതു കൊണ്ടല്ലൊ നീ അ
വർക്കു രക്തം കുടിപ്പാൻ കൊടുത്തു; (അതിന്നു) അവർ പാത്രം അത്രെ.
7 എന്നാറെ, ബലിപീഠവും അതെ സൎവ്വശക്തദൈവമായ കർത്താവെ!
8 നിന്റെ ന്യായവിധികളും സത്യവും നീതിയുമുള്ളവ എന്നു പറയുന്നതു ഞാൻ
കേട്ടു. നാലാം ദൂതൻ തന്റെ കലശത്തെ സൂൎയ്യനിൽ ഒഴിച്ചു, അതിന്നു മനു
9 ഷ്യരെ തീകൊണ്ടു ചുടുവാൻ അനുജ്ഞ ഉണ്ടായി. മനുഷ്യരും അത്യുഷ്ണ
ത്താൽ വെന്തു ഈ ബാധകളിൽ അധികാരമുള്ള ദൈവത്തിൻ നാമത്തെ ദൂ
ഷിച്ചതല്ലാതെ, അവനു തേജസ്സു് കൊടുപ്പാൻ മനസ്സിരിഞ്ഞിട്ടില്ല. അ
10 ഞ്ചാമൻ തന്റെ കലശത്തെ മൃഗത്തിന്റെ സിംഹാസനത്തിന്മേൽ ഒഴിച്ചാ
11 റെ, അതിന്റെ രാജ്യം ഇരുണ്ടു പോയി (പ്രജകളും) പാടു നിമിത്തം നാവുക
ളെ കടിച്ചുംകൊണ്ടു, പാടുകളേയും വ്രണങ്ങളേയും ചൊല്ലി, സ്വൎഗ്ഗത്തിൻ
ദൈവത്തെ ദൂഷിച്ചതല്ലാതെ, സ്വക്രിയകളെ വിട്ടു മനസ്സിരിഞ്ഞിട്ടില്ല.

12 ആറാം (ദൂതൻ) തന്റെ കലശത്തെ ഫ്രാത്തു് എന്ന മഹാനദിമേൽ ഒഴി
ച്ചു, സൂൎയ്യോദയത്തിൽനിന്നു (വരുന്ന) രാജാക്കന്മാൎക്കു വഴി ഒരുങ്ങുകത്തക്ക
13 വണ്ണം അതിന്റെ വെള്ളം വറ്റിപ്പോകയും ചെയ്തു. സൎപ്പത്തിൻ വായിലും
മൃഗത്തിൻ വായിലും കള്ളപ്രവാചകന്റെ വായിലും നിന്നു തവളകളും എന്ന
14 പോലെ അശുദ്ധാത്മാക്കളും മൂന്നും പുറപ്പെട്ടു കണ്ടു. സമസ്ത പ്രപഞ്ചത്തിലും
ഉള്ള രാജാക്കന്മാരെ സൎവ്വശക്തനായ ദൈവത്തിന്റെ മഹാ ദിവസത്തിലെ
യുദ്ധത്തിന്നായിട്ടു കൂട്ടി ചേൎപ്പാൻ അതിശയങ്ങളും ചെയ്തുംകൊണ്ടു, അവരടു
15 ക്കലേക്കു് പുറപ്പെടുന്ന ഭൂതാത്മാക്കളും ഇവ ആകുന്നതു്. ഇതാ! ഞാൻ കള്ള
നെ പോലെ വരുന്നു, തന്റെ ലജ്ജയെ കാണുമാറു നഗ്നനായി നടക്കാതെ
16 ഉടുപ്പുകളെ സൂക്ഷിച്ചും ജാഗരിച്ചും കൊള്ളുന്നവൻ ധന്യൻ. ആയവരെ അവ
കൂട്ടിച്ചേൎത്തതു് എബ്രായത്തിൽ ഹൎമ്മഗദ്ദോൻ എന്നു പേരുള്ള സ്ഥലത്തിൽ
17 തന്നെ. (ന്യായ. 5,19.) ഏഴാം (ദൂതൻ) തന്റെ കലശത്തെ ആകാശത്തിൽ
ഒഴിച്ചാറെ, ചെയ്തതീൎന്നു എന്നു് ഒരു മഹാശബ്ദം സ്വൎഗ്ഗാലയത്തിൻ പോക്കൽ
18 സിംഹാസനത്തിൽനിന്നു വന്നു. മിന്നലുകളും ഒലികളും മുഴക്കങ്ങളും സംഭ
വിച്ചു, ഭൂമിയിൽ മനുഷ്യർ ഉള്ളനാളും മുതൽ ഉണ്ടായിട്ടില്ലാത്ത വലിപ്പ
19 ത്തിൽ മഹാ ഭൂകമ്പം ജനിക്കയും ചെയ്തു. മഹാ നഗരം മൂന്നംശമായി തിരി
ഞ്ഞു ജാതികളുടെ പട്ടണങ്ങളും വീണു, ദേവകോപത്തിന്റെ ക്രോധമദ്യമു
ള്ള പാത്രം അവനുക്കു കൊടുക്കേണ്ടതിന്നു മഹതിയായ ബാബെലിന്റെ ഓ
20 ൎമ്മ ദൈവത്തിന്മുമ്പിൽ വരികയും ചെയ്തു. സകല ദ്വീപും മണ്ടിപ്പോയി,
21 മലകളും ഇനി കാണ്മാറും ഇല്ല. താലന്തോളം കനത്തിൽ വലിയ കന്മഴ വാ
നത്തിൽനിന്നു മനുഷ്യരുടെ മേൽ ഇറങ്ങുന്നു. മനുഷ്യരും കന്മഴയുടെ ബാധ
ഏറ്റവും വലുതാകകൊണ്ടു് ആ ബാധനിമിത്തം ദൈവത്തെ ദൂഷിക്കയും
ചെയ്തു.

17. അദ്ധ്യായം

ബാബേൽ എന്നവളേയും ആദ്യമൃഗത്തേയും, (13,2.) വർണ്ണിച്ചതു്.

1 ഏഴ കലശങ്ങളുള്ള ദൂതന്മാർ എഴവരിലും ഒരുവൻ വന്നു് എന്നോടു ഉരി
യാടി: വാ ഏറിയ വെള്ളങ്ങളുടെ മീതെ ഇരിക്കുന്ന മഹാ വേശ്യയുടെ ന്യാ
2 യവിധിയെ ഞാൻ നിണക്കു് കാണിക്കും. യാതൊരുത്തിയോടു ഭൂമിയി
ലെ രാജാക്കന്മാർ പുലയാടിയതും യാതൊരുത്തിയുടെ പുലയാട്ടിന്റെ മദ്യ
3 ത്താൽ ഭൂവാസികളും മത്തരായ്ചമഞ്ഞതും ആയവളും തന്നെ. എന്നു പറ
ഞ്ഞു് ആത്മാവിൽ എന്നെ മരുഭൂമിയിലേക്കു് കൊണ്ടുപോയി, ഉടനെ ഏ
ഴ തലയും പത്തു കൊമ്പും ഉള്ളതും ആ ദൂഷണനാമങ്ങളും നിറഞ്ഞതുമായി അ
4 രക്കു നിറമുള്ള മൃഗത്തിന്മേൽ ഒരു സ്ത്രീ കുത്തിരിക്കുന്നതു കണ്ടു. സ്ത്രീ ധൂമ്ര
വർണ്ണവും അരക്കു നിറവും ഉള്ളതു ധരിച്ചും പൊന്നു രത്നം മുത്തുകളും അണി
ഞ്ഞും വെറുപ്പുകളാലും തന്റെ പുലയാട്ടിൻ അശുദ്ധികളാലും നിറഞ്ഞുള്ള
5 പൊൻപാത്രം കയ്യിൽ പിടിച്ചും കൊണ്ടിരിക്കുന്നു. മർമ്മം വേശ്യമാക്കും
ഭൂമിയുടെ വെറുപ്പുകൾക്കും മാതാവായ മഹാ ബാബേൽ എന്ന നാമം അവളു
6 ടെ നെറ്റിമേൽ എഴുതീട്ടും ഉണ്ടു. വിശുദ്ധരുടെ രക്തം കൊണ്ടും യേശു സാ
ക്ഷികളുടെ രക്തം കൊണ്ടും സ്ത്രീ മത്തയായതും കണ്ടു, അവളെ കണ്ടിട്ടു
മഹാശ്ചര്യത്താൽ അതിശയിക്കയും ചെയ്തു.

7 പിന്നെ ദൂതൻ എന്നോടു പറഞ്ഞു, നീ അതിശയിച്ചതു് എന്തു ഈ സ്ത്രീ
യുടെയും അവളെ ചുമന്നു കൊണ്ടു ഏഴ തലയും പത്തു കൊമ്പും ഉള്ള മൃഗത്തി
8 ന്റെയും മർമ്മത്തെ ഞാൻ കേവംപിച്ചു തരാം. നീ കണ്ട മൃഗം ഉണ്ടായിരു
ന്നതും (ഇപ്പോൾ) ഇല്ലാത്തതും ഇനി അഗാധത്തിൽനിന്നു കരേറി, നാശ
ത്തിലേക്കു് പോകേണ്ടതും ആകുന്നു; ലോകസ്ഥാപനം മുതൽ ജീവപുസ്തക
ത്തിൽ പേർ എഴുതാതെ ഉള്ള ഭൂവാസികൾ മൃഗം ഇരുന്നതും (പിന്നെ)
ഇല്ലാത്തതും ഇനി വരുന്നതും കണ്ടിട്ടു് അതിശയിക്കും. ജ്ഞാനമുള്ള ബുദ്ധി
9 ഇവിടെ (കാണ്മാൻ) ഉണ്ടു, ഏഴ തലകളും സ്ത്രീ ഇരുന്നു കൊള്ളുന്ന ഏഴ മല
10 കളും ആകുന്നു. ഏഴ രാജാക്കളും ആകുന്നു. (അതിൽ) ഐവർ പട്ടുപോയി,
ഒരുത്തൻ ഉണ്ടു, മറ്റവൻ ഇതുവരെ വന്നില്ല; വന്നാൽ പിന്നെ കുറയ മാ
11 ത്രം വസിക്കേണ്ടതു: ഇരുന്നതും ഇല്ലാത്തതും ആയ മൃഗം താൻ എട്ടാമനും
ആകുന്നു, എഴവരിൽനിന്നു ആകുന്നു, നാശത്തിലേക്കു പോകയും ചെയ്യും.
12 നീ കണ്ട പത്തു കൊമ്പുകളോ പത്തു രാജാക്കളും ആകുന്നു; അവർ രാജ്യം
13 പ്രാപിച്ചില്ല, മൃഗത്തോടു് ഒന്നിച്ചു ഒരു നാഴികെക്കു് അധികാരം ലഭിക്കും
താനും. അവർ ഐകമത്യമുള്ളവർ തങ്ങളുടെ ശക്തിയേയും അധികാരത്തേയും
14 മൃഗത്തിന്നു കൊടുക്കുന്നു. ഇവർ കുഞ്ഞാടിനോടു പോരാടും കർത്താധികർ
ത്താവും രാജാധിരാജാവും ആകകൊണ്ടു, കുഞ്ഞാടായവൻ (താൻ) വിളി
ച്ചും തെരിഞ്ഞെടുത്തും ഉള്ള വിശ്വസ്തരുമായി അവരെ ജയിക്കും.

15 പിന്നെ അവൻ എന്നോടു പറയുന്നു: വേശ്യ കുത്തിയിരിക്കുന്ന വെള്ള
ങ്ങളും നീ കണ്ടതു വംശസമൂഹങ്ങളും ജാതിഭാഷകളും ആകുന്നു. പിന്നെ നീ
16 കണ്ട പത്തു കൊമ്പുകളും മൃഗവും ആയവർ വേശ്യയെ ദ്വേഷിക്കയും പാഴാ
ക്കി നഗ്നത വരുത്തുകയും അവളുടെ മാംസങ്ങളെ തിന്നുകയും അവളെ തീ
17 കൊടുത്തു ദഹിപ്പിക്കയും ചെയ്യും. ദൈവമല്ലൊ അതിന്റെ അഭിപ്രായം
ചെയ്വാനും ഏകമായ അഭിപ്രായം നടത്തുവാനും ദേവമൊഴികളും നിവൃ
ത്തിയാകുവോളത്തേക്കു് തങ്ങളുടെ രാജത്വത്തെ മൃഗത്തിന്നു കൊടുപ്പാനും
അവരുടെ ഹൃദയങ്ങളിൽ തോന്നിച്ചതു. നീ കണ്ട സ്ത്രീയൊ ഭൂമിയുടെ രാജാ
ക്കളിൽ രാജത്വമുള്ള മഹാ നഗരമത്രെ;

18. അദ്ധ്യായം

ബാബേലിന്റെ നാശത്തെ അറിയിക്കുന്നതു.

1 അനന്തരം ഞാൻ വലിയ അധികാരമുള്ള മറൊരു ദൂതൻ സ്വർഗ്ഗത്തിൽ
നിന്നു് ഇറങ്ങുന്നതു കണ്ടു, അവന്റെ തേജസ്സിനാൽ ഭൂമി പ്രകാശിക്കയും
2 ചെയ്തു. അവൻ മഹാശബ്ദത്തോടെ ഉറക്കെ ആർത്തു പറഞ്ഞു: മഹാ ബാ
ബേൽ വീണു വീണു (14, 8.) ഭൂതങ്ങളുടെ പാർപ്പിടവും എല്ലാ അശുദ്ധാ
ത്മാവിൻ കാവലും അറെക്കത്തക്ക അശുദ്ധ പക്ഷികൾക്കു് ഒക്കവെ തടവു
3 മായ്തീർന്നു. കാരണം അവളുടെ പുലയാട്ടിൻ ക്രോധമദ്യത്തിൽനിന്നു സക
ല ജാതികളും കുടിച്ചു ഭൂമിയിലെ രാജാക്കൾ അവളോടു പുലയാടി ഭൂമി
യിലെ വ്യാപാരികൾ അവളുടെ പുളപ്പിന്റെ വമ്പിനാൽ സമ്പത്തു
ണ്ടാക്കി.

4 ഞാൻ വേറൊരു ശബ്ദം സ്വർഗ്ഗത്തിൽനിന്നു പറഞ്ഞു കേട്ടതു: (യിറ. 51,
45.) എൻ ജനമായുള്ളോരെ! അവളിൽനിന്നു പുറപ്പെട്ടു പോരുവിൻ; അ
വളുടെ പാപങ്ങളിൽ കൂട്ടാളികളായിട്ടു തൽബാധകളിൽ (ചിലതു) കൊ
5 ള്ളായ്വാൻ തന്നെ. അവളുടെ പാപങ്ങളെല്ലാ വാനോളം കൂന്നിച്ചു് എ
ത്തി അവളുടെ അതിക്രമങ്ങളെ ദൈവം ഓർത്തും ഇരിക്കുന്നു. അവൾ ആ
6 ചരിച്ചപ്രകാരം അവളോടു പ്രതിയായിട്ടു് ആചരിപ്പിൻ (യിറ. 50, 15.)
അവളുടെ ക്രിയകൾക്കടുത്തതു് ഇരട്ടിച്ചു കൊടുപ്പിൻ; അവൾ കലക്കിയ
പാനപാത്രത്തിൽ അവൾക്കു് ഇരട്ടി പകരുവിൻ; അവൾ തനിക്കു് തേ
ജസ്സു കൂട്ടി പുളച്ചെടത്തോളം അവൾക്കു പീഡയും ഖേദവും കൊടുപ്പിൻ.
7 ഞാൻ രാജ്ഞിയായി അമർന്നിരിക്കുന്നു വിധവയാകയില്ല, ഖേദം കാൺ
8 കയില്ല എന്നവൾ ഹൃദയം കൊണ്ടു പറയുന്നതു നിമിത്തം, ഒരു നാളിൽ മ
രണം, ഖേദം, ക്ഷാമം ഈ ബാധകൾ അവൾക്കു് വരും; അവൾ തീയിൽ ചു
ട്ടു പോകയുമാം; അവൾക്കു ന്യായം വിധിച്ച കർത്താവു് ഊക്കനാകുന്നു സത്യം.
9 അവളോടു പുലയാടി പുളച്ചുള്ള രാജാക്കൾ അവളുടെ പീഡനിമിത്തം ഭ
യപ്പെട്ടു. ദൂരവെ നിന്നു അവളുടെ ദഹനത്തിൻ പുകയെ കാണുമ്പോൾ,
അവളെ ചൊല്ലികരഞ്ഞും തൊഴിച്ചും കൊണ്ടു, അയ്യൊ അയ്യൊ ബാബേൽ
10 എന്ന മഹാനഗരം ഉറപ്പേറിയ പട്ടണം ഒരു നാഴികയിൽ നിന്റെ ന്യായവി
11 ധി വന്നുവല്ലൊ എന്നു പറയും. ഭൂമിയിലെ വ്യാപാരികൾ തങ്ങളുടെ ചര
ക്കു് ഇനി ആരും വാങ്ങുന്നില്ല എന്നിട്ടു് അവളെ ചൊല്ലി കരഞ്ഞു ഖേ
12 ദിക്കുന്നു. പൊൻ, വെള്ളി, രത്നം, മുത്തു, നേരിയ തുണി, ധൂമ്രവസ്ത്രം,
പട്ടു്, അരക്കുചേല തുടങ്ങിയ ചരക്കും ചന്ദനത്തരങ്ങൾ എല്ലാം ആന
ക്കൊമ്പിൻ പണി വിലയേറിയ മരം ചെമ്പു്, ഇരിമ്പു്, കൽമായക്കല്ലു ഇവ
13 റാലെ ഒരോരൊ പണിയും ലവംഗം, ഏലം, ധൂപവർഗ്ഗങ്ങൾ, കണ്ടിവെ
ണ്ണ, കുന്തുരുക്കം, മദ്യം, തൈലം, മേത്തരമാവു, കോതമ്പു, ആടുമാടുക
ളും, കുതിരരഥങ്ങളും, അടിമദേഹങ്ങൾ, മനുഷ്യദേഹികളും എന്നുള്ള (ച
14 രക്കു്) എല്ലാം നിന്റെ ഉള്ളം മോഹിച്ച കായ്കനിയും നിന്നെ വിട്ടു മാറി,
മുഴുപ്പും മിനുക്കവും ഉള്ളതു് എല്ലാം നിണക്കു് ഒടുങ്ങിപ്പോയി, ഇനി കാ
15 ണ്മാറാകയും ഇല്ല. ഈ വക കൊണ്ടു വ്യാപാരം ചെയ്തു് അവളിൽ സമ്പത്തു
ണ്ടാക്കിയവർ അവളുടെ പീഡയെ ഭയപ്പെട്ടു, ദൂരവെ നിന്നു കരഞ്ഞും ഖേ
16 ദിച്ചും പറയും: അയ്യൊ അയ്യൊ മഹാനഗരം നേരിയതും ധൂമ്രവർണ്ണവും അ
രക്കു നിറവും ഉടുത്തും പൊൻ രത്നമുത്തുകൾ അണിഞ്ഞും ഉള്ളവളെ! ഇത്ര
സമ്പത്തു് എല്ലാം ഒരു നാഴികയിൽ പാഴായി പോയല്ലൊ! എല്ലാ മാല്യ
17 മിയും ഓരൊ തീരസ്ഥലത്തേക്കു് ഓടുന്നവനും കപ്പല്ക്കാരും കടലിൽ ജീ
വിതം ഉണ്ടാക്കുന്നവരും ഒക്കവെ അവളുടെ ദഹനത്തിൻ പുകയെ കണ്ടു. ദൂര
18 വെ നിന്നു മഹാ നഗരത്തോടു് ഒത്തവൾ ആർ എന്നു് ആർത്തു പറഞ്ഞു.

19 തലകളിന്മേൽ പൂഴി വാരീട്ടും കരഞ്ഞും ഖേദിച്ചും മുറയിട്ടും പറഞ്ഞു:
അയ്യൊ അയ്യൊ തന്റെ നിക്ഷേപങ്ങളാൽ കടലിൽ പടകുകൾ ഉള്ളവർക്ക്
എല്ലാം സമ്പത്തു വർദ്ധിപ്പിച്ച മഹാ നഗരം ഒരു നാഴികയിൽ പാഴായി
20 പോയല്ലൊ. സ്വർഗ്ഗവും വിശുദ്ധ അപോസ്തലരും പ്രവാചകരുമായുള്ളോരെ!
ദൈവം അവളിൽ നിങ്ങളുടെ വ്യവഹാരത്തെ നടത്തി തീർത്തതു കൊണ്ട്
അവളെ ചൊല്ലി ആനന്ദിക്ക.
21 പിന്നെ ഊക്കനായൊരു ദൂതൻ തിരിക്കല്ലോളം വലുതായ കല്ലിനെ എ
ടുത്തു സമുദ്രത്തിൽ എറിഞ്ഞു പറഞ്ഞു; ഇപ്രകാരം ആഞ്ഞു തള്ളീട്ട ബാ
ബെൽ എന്ന മഹാനഗരം എറിഞ്ഞുപോകും, ഇനി കാണ്മാറാകയും ഇല്ല.
വൈണികർ, വാദ്യക്കാർ, കുഴലൂതികളും, കാഹളക്കാർ ഇവരുടെ നാദം നി
22 ന്നിൽ ഇനി കേൾക്കപ്പെടുകയും ഇല്ല; (ഹജ. 27, 13) യാതൊരു തൊഴി
ലുള്ള ശില്പി ഇനി നിന്നിൽ എത്തപ്പെടുകയും ഇല്ല; തിരിക്കല്ലിന്റെ
ഒച്ച ഇനി നിന്നിൽ കേൾക്കപ്പെടുകയും ഇല്ല. വിളക്കിന്റെ വെ
23 ളിച്ചം ഇനി നിന്നിൽ മിന്നുകയും ഇല്ല; (യിറ. 25, 10.) മണവാളന്റെയും
കാന്തയുടെയും ശബ്ദം ഇനി നിന്നിൽ കേൾക്കാകയും ഇല്ല; നിൻ ഒടി
യാൽ സകല ജാതികളും വശീകരിക്കപ്പെടുകകൊണ്ടു നിന്റെ വ്യാപാരികൾ
ഭൂമിയിലെ മഹത്തുക്കൾ ആയിരുന്നു സത്യം; പ്രവാചകർ വിശുദ്ധർ മുത
ലായി ഭൂമിയിൽ അറുക്കപ്പെട്ട സകലരുടെ ചോരകളും അവളിൽ അത്രെ
കാണപ്പെട്ടതു.

19. അദ്ധ്യായം

ബാബെൽ വിനാശത്തെ സ്വർഗ്ഗത്തിൽ കൊണ്ടാടിയതും, (11) ദേവപു
ത്രൻ ജയം കൊണ്ടു, (17) രണ്ടു മൃഗങ്ങളെയും നിഗ്രഹിക്കുന്നതും.

1 അവറിന്റെ ശേഷം ഞാൻ സ്വർഗ്ഗത്തിൽ ഏറിയ കൂട്ടത്തിന്റെ മഹാശ
ബ്ദം പോലെ പറഞ്ഞു കേട്ടിതു: ഹല്ലെലൂയാ രക്ഷയും തേജസ്സും ശക്തിയും
2 നമ്മുടെ (കർത്താവായ) ദൈവത്തിന്നത്രെ. തൻ പുലയാട്ടുകൊണ്ടു ഭൂമിയെ
കെടുത്ത മഹാവേശ്യെക്ക് അവൻ ശിക്ഷ വിധിച്ചു, സ്വദാസരുടെ രക്ത
ത്തെ അവളുടെ കൈയിൽനിന്നു (ചോദിച്ചു) പ്രതിക്രിയ ചെയ്കകൊണ്ട്
അവന്റെ ന്യായവിധികളും സത്യവും നീതിയും ഉള്ളവ (16, 7). പിന്നെ
3 യും അവർ പറഞ്ഞു: ഹല്ലെലൂയ അവളുടെ പുക യുഗാദിയുഗങ്ങളിലും പൊങ്ങു
4 ന്നു (യശ. 34, 10) ഇരുപത്തുനാലു മൂപ്പന്മാരും നാലു ജീവികളും വീണ്
ആമെൻ ഹല്ലെലൂയാ എന്നു സിംഹാസനസ്ഥനായ ദൈവത്തിന്നു കുമ്പിടു
5 കയും ചെയ്തു. സിംഹാസനത്തിങ്കന്ന് ഒരു ശബ്ദം പുറപ്പെട്ടു പറഞ്ഞിതു:
നമ്മുടെ ദൈവത്തെ പുകഴ്വിൻ! അവന്റെ സകല ദാസരും, (സങ്കീ.
134, 1.) അവനെ ഭയപ്പെടുന്ന ചെറിയവരും വലിയവരുമായുള്ളോരെ:
6 (സങ്കീ. 115, 13) എന്നാറെ, ഏറിയ കൂട്ടത്തിന്റെ ശബ്ദവും വളരെ വെ
ള്ളങ്ങളുടെ ഒലിയും തകൎത്ത ഇടികളുടെ മുഴക്കവും പോലെ ഞാൻ കേൾ
ക്കെ പറയുന്നിതു: ഹല്ലെലൂയാ സൎവ്വശക്തദൈവമായ കർത്താവ് വാണുകൊ
7 ണ്ടു സത്യം. നാം സന്തോഷിച്ചുല്ലസിച്ച് അവനു തേജസ്സു കൊടുപ്പൂതാക!
കുഞ്ഞാടിന്റെ കല്യാണം വന്നുവല്ലൊ അവന്റെ കാന്ത തന്നെത്താൻ ഒ
8 രുക്കി. അവൾക്കു ശുദ്ധവും ശുഭ്രവുമായ നേരിയ ശീല ഉടുപ്പാൻ വരം ലഭി
ക്കയും ചെയ്തു എന്നത്രെ; (നേരിയ തുണി എങ്കിലൊ വിശുദ്ധരുടെ നീതി
9 കൾ ആകുന്നു.) പിന്നെ (ദൂതൻ) എന്നോടു പറയുന്നു: കുഞ്ഞാടിൻ കല്യാ
ണത്തിലെ അത്താഴത്തിന്നായി ക്ഷണിക്കപ്പെട്ടവർ ധന്യർ എന്ന് എഴു
തുക; ഇവ ഉള്ളവണ്ണം ദൈവത്തിന്റെ വചനങ്ങൾ ആകുന്നു എന്നും പറ
10 ഞ്ഞാറെ: അവനെ കുമ്പിടേണ്ടതിന്ന് അവന്റെ കാലുകളിൽ വീണു,

അരുത സൂക്ഷിച്ചുകൊൾ ഞാൻ നിണക്കും യേശുസാക്ഷ്യത്തെ പിടിച്ചുള്ള നിന്റെ സഹോദരന്മാർക്കും കൂട്ടദാസനാകുന്നു. ദൈവത്തെ കുമ്പിടുക, യേശുവിന്റെ സാക്ഷ്യമല്ലൊ പ്രവാചകത്തിന്റെ ആത്മാവുതന്നെ എന്ന് അവൻ എന്നോടു പറയുന്നു.

11 സ്വർഗ്ഗം തുറന്നതും ഇതാ വെള്ളക്കുതിര (ഇറങ്ങുന്നതും) ഞാൻ കണ്ടു. അതിന്മേൽ ഇരിക്കുന്നവൻ വിശ്വസ്തനും സത്യവാനും (3, 14.) എന്നു വിളി
12 ക്കപ്പെടുന്നവൻ. നീതിയിൽ വിധിച്ചു പോരാടുന്നവനും തന്നെ. അവന്റെ കണ്ണുകൾ അഗ്നിജ്വാലെക്ക് ഒത്തതു, തലമേൽ അനേകം, രാജമുടികളും ഉണ്ടു; അവൻ ഒഴികെ ആരും അറിയാത്തൊരു നാമം എഴുതീട്ടും ഉണ്ടു. ചോ
13 രയിൽ മുക്കിയ ഉടുപ്പു ധരിച്ചിരിക്കുന്നു, അവന്റെ പേർ ദേവവചനം എ
14 ന്നു തന്നെ. സ്വർഗ്ഗത്തിലെ സൈന്യങ്ങൾ വെള്ളക്കുതിരകൾപുറത്തും ശുദ്ധമുള്ള നേരിയ വെള്ളത്തുണികൾ ധരിച്ചും പിഞ്ചെല്ലുന്നു. ജാതികളെ വെ
15 ട്ടുവാൻ മൂർച്ചയുള്ളവാൾ അവന്റെ വായിൽനിന്നു പുറപ്പെടുന്നു, അവൻ ഇരിമ്പുകോൽ കൊണ്ടു അവരെ മേയ്ക്കും; സർവ്വശക്തിയുള്ള ദൈവകോപത്തിൻ ക്രോധമദ്യത്തിന്റെ ചക്കിനെ അവൻ മെതിക്കുന്നു (14, 20). രാ
16 ജാധിരാജാവും കർത്താധികർത്താവും എന്നൊരു നാമം അവന് ഉടുപ്പിൽ തുടമേൽ തന്നെ എഴുതീട്ടും ഉണ്ടു.

17 ഒരു ദൂതൻ സൂര്യനിൽ നില്ക്കുന്നതു കണ്ടു. അവൻ നടുവാനത്തുടെ പറക്കുന്ന സകല പക്ഷികൾക്കും മഹാശബ്ദത്തോടെ കൂക്കി പറഞ്ഞു, മഹാദൈവത്തിന്റെ അത്താഴത്തിന്നായി വന്നുകൂടുവിൻ (ഹജ. 39; 17.) രാജാക്കളുടെ
18 മാംസവും സഹസ്രാധിപമാംസവും, വീരമാംസവും, കുതിരമാംസവും, കുതിരപ്പുറത്തുള്ളവരുടെ മാംസവും സ്വതന്ത്രർ ദാസരും ചെറിയവർ വലിയവരും, എല്ലാവരുടെ മാംസങ്ങളും തിന്മാൻ എന്നു തന്നെ. കുതിരപ്പുറത്തിരി
19 ക്കുന്നവനോടും അവന്റെ സൈന്യത്തോടും ആ യുദ്ധത്തെ ചെയ്വാൻ മൃഗവും ഭൂമിയിലെ രാജാക്കന്മാരും അവരുടെ സൈന്യങ്ങളും ഒന്നിച്ചു കൂടി
20 നില്പതും ഞാൻ കണ്ടു. മൃഗവും അതിനുമ്പാകെ അതിശയങ്ങളെ ചെയ്തു. മൃഗമുദ്രയെ കൈക്കൊണ്ടവരെയും തൽപ്രതിമയെ കുമ്പിട്ടവരെയും അവരാൽ ഭ്രമിപ്പിച്ച കള്ള പ്രവാചകനും കൂടെ പിടിക്കപ്പെട്ടു; ഗന്ധകത്തിൽ കത്തുന്ന തീപ്പൊയ്കയിൽ ഇരുവരും ജീവനോടെ തള്ളപ്പെട്ടു. ശേഷിച്ചവർ
20 കുതിരപ്പുറത്തിരിക്കുന്നവന്റെ വായിൽനിന്നു പുറപ്പെടുന്ന വാൾ കൊണ്ടു കൊല്ലപ്പെട്ടു; അവരുടെ മാംസങ്ങളാൽ സകല പക്ഷികൾക്കും തൃപ്തിവന്നു.

20. അദ്ധ്യായം

സാത്താനെ ജയിക്കയാൽ, (4) ആയിരത്താണ്ടെ വാഴ്ചയെ വരുത്തുന്നത്, (7) അന്ത്യയുദ്ധവും ന്യായവിധിയും.

1 പിന്നെ അഗാധത്തിന്റെ താക്കോലും വലിയ ചങ്ങലയും കയ്യിൽ പി
2 ടിച്ചിരിക്കുന്ന ദൂതൻ സ്വർഗ്ഗത്തിൽനിന്ന് ഇറങ്ങുന്നതു കണ്ടു. പിശാചും സാത്താനും എന്നുള്ള പഴയ പാമ്പാകുന്ന സർപ്പത്തെ അവൻ പിടിച്ച് ആ
3 യിരത്താണ്ടു വരെ കെട്ടീട്ടു. അവനെ അഗാധത്തിൽ എറിഞ്ഞു പൂട്ടിവെച്ച് ആയിരത്താണ്ടും തീരുവോളം ജാതികളെ ഇനി ഭ്രമിപ്പിക്കാതെ ഇരിപ്പാൻ അവൻമേൽ മുദ്ര ഇടുകയും ചെയ്തു; അതിൽ പിന്നെ അവനെ അല്പ കാലത്തേക്ക് കെട്ടഴിച്ചു വിടേണ്ടിയതു.
4 ഞാൻ ന്യായാസനങ്ങളെ കണ്ടു (ദാനി. 7, 9.) അവറ്റിൽ ഇരുന്നുകൊണ്ടതു ന്യായം വിധിപ്പാൻ വരം ലഭിച്ചവരത്രെ: യേശു സാക്ഷ്യവും ദൈവവചനവും നിമിത്തമായി ശിരഃഛേദം വന്നവരുടെ ദേഹികളെയും മൃഗത്തെയൊ തൽപ്രതിമയെയൊ കുമ്പിടാതെയും നെറ്റിമേലും കൈമേലും

അതിന്റെ കുറിയെ കൈക്കൊള്ളാതെയും ഉള്ളവരുടെ (ദേഹികളെയും) കണ്ടു
5 അവർ ഉയിർത്തു ക്രിസ്തനോടു കൂടി ആയിരത്താണ്ടും വാണു. ശേഷം മരിച്ച
വരൊ ആയിരം ആണ്ടും തീരുവോളം വീണ്ടും ഉയിർത്തുവന്നില്ല, ഇത് ഒന്നാം
6 പുനരുത്ഥാനം. ഒന്നാം പുനരുത്ഥാനത്തിൽ അംശമുള്ളവൻ ധന്യനും വിശു
ദ്ധനും തന്നെ; ഇവരുടെ മേൽ രണ്ടാം മരണത്തിന്നു ഒരധികാരമില്ല; ദൈ
വത്തിന്നും ക്രിസ്തനും പുരോഹിതരാകയും അവനോടു കൂടെ ആയിരത്താണ്ടും
7 വാഴുകയും ചെയ്യും. ആയിരത്താണ്ടും കഴിഞ്ഞാൽ പിന്നെ സാത്താൻ
8 തന്റെ തടവിൽനിന്നു അഴിച്ചു വിടപ്പെട്ടു. ഭൂമിയുടെ നാലു കോണുകളി
ലും ഉള്ള ജാതികളായ ഗോഗ് മാഗൊഗ് എന്നവരെ കടൽമണലോളം സം
ഖ്യയിൽ ആ യുദ്ധത്തിന്നായി കൂട്ടിച്ചു കൊള്ളേണ്ടതിന്നു അവരെ ഭ്രമിപ്പി
9 പ്പാൻ പുറപ്പെടും. അവരും ഭൂമിയുടെ പരപ്പിൽ കരേറി ചെന്നു വിശുദ്ധ
രുടെ പാളയത്തെയും സ്നേഹിക്കപ്പെട്ടുള്ള നഗരത്തെയും വളഞ്ഞു കൊണ്ടാ
10 റെ, (ദൈവത്തിൻ പോക്കൽ) വാനിൽനിന്നു അഗ്നി ഇറങ്ങി, അവരെ
തിന്നുകളഞ്ഞു (ഹജ. 38, 22) അവരെ ഭ്രമിപ്പിക്കുന്ന പിശാചൊ മൃഗവും
കള്ളപ്രവാചകനും ഉള്ള ഗന്ധകത്തീപ്പൊയ്കയിൽ തള്ളപ്പെട്ടു, അവർ യു
ഗാദിയുഗങ്ങളിലും രാപ്പകൽ പീഡപ്പെട്ടു പോകും.
11 പിന്നെ ഞാൻ വലുതായ വെള്ള സിംഹാസനത്തെയും അതിന്മേൽ ഇരി
ക്കുന്നവനെയും കണ്ടു; അവന്റെ സന്നിധിയിൽനിന്നു ഭൂമിയും വാനവും
12 മങ്ങിപ്പോയി, അവറ്റിന്നു സ്ഥലം കാണായതും ഇല്ല. ചെറിയവരും വലി
യവരും മരിച്ചവർ ആകെ ദൈവത്തിൻമുമ്പിൽ നില്ക്കുന്നതും കണ്ടു, പുസ്തക
ങ്ങളും തുറക്കപ്പെട്ടു, (ദാനി. 7,10.) ജീവന്റെ പുസ്തകമാകുന്ന മറെറാന്നു തുറ
ക്കപ്പെട്ടു; പുസ്തകങ്ങളിൽ എഴുതിക്കിടക്കുന്നവറ്റിൽനിന്നു മരിച്ചവക്കു അവ
13 രുടെ ക്രിയകൊംക്കടുത്തവണ്ണം ന്യായവിധി ഉണ്ടാകയും ചെയ്തു. സമുദ്രം തന്നി
ലെമരിച്ചവരെ (ഏല്പിച്ചു) കൊടുത്തു മരണവും പാതാളവും തങ്ങളിലെ മരി
ച്ചവരെ കൊടുത്തു, അവനവനു താന്താന്റെ ക്രിയകൊംക്കടുത്ത ന്യായവിധി
14 ഉണ്ടായി. മരണവും പാതാളവും ആയവ തീപ്പൊയ്കയിൽ തള്ളപ്പെട്ടു,
ഈ തീപ്പൊയ്കയത്രെ രണ്ടാം മരണം ആകുന്നതു: യാവനും ജീവപുസ്തക
ത്തിൽ (പേർ) എഴുതി കാണാഞ്ഞാൽ തീപ്പൊയ്കയിൽ തള്ളപ്പെട്ടു.

21. അദ്ധ്യായം

ലോകപ്പുതുക്കവും, (9) പുതിയ യരുശലെമിലെ, (24) നിവാസികളുടെ ന
ടപ്പും, (22,1.) സ്വൈരവാസവും.

1 **ഞാൻ** പുതിയ വാനവും പുതിയ ഭൂമിയും കണ്ടു (യശ. 65,17) ഒന്നാം വാന
വും ഒന്നാം ഭൂമിയും കഴിഞ്ഞു പോയല്ലൊ സമുദ്രം ഇനി ഇല്ല. പുതിയ യെ
2 രുശലെം ആകുന്ന വിശുദ്ധനഗരം തന്റെ ഭർത്താവിന്നായി അലങ്കരിച്ചിട്ടു
ള്ള കാന്തയെ പോലെ ദൈവത്തിൻ പോക്കൽ വാനത്തിൽനിന്നു ഇറങ്ങുന്ന
3 തും കണ്ടു. സ്വർഗ്ഗത്തിൽനിന്നു മഹാ ശബ്ദം പറയുന്നതും കേട്ടു, ഇതാ മനു
ഷ്യരോടു കൂടിയ ദൈവത്തിന്റെ കൂടാരം ആയതു: അവൻ അവരോടു കൂടി
പാർക്കും അവർ അവനു ജനമാകയും ദൈവം താൻ അവരുടെ ദൈവമായി
4 അവരോടു കൂടി ഇരിക്കയും ചെയ്യും (3 മോ. 26, 12.) അവൻ അവരുടെ
കണ്ണുകളിൽനിന്നു അശ്രുക്കളെല്ലാം തുടച്ചു കളയും (7, 17.) ഇനി മരണം
5 ഇല്ല. ഖേദവും മുറവിളിയും പ്രയാസവും ഇനി ഇല്ല; ഒന്നാമത്തെവ കഴി
ഞ്ഞു പോയല്ലൊ സിംഹാസനസ്ഥനും പറഞ്ഞു: കണ്ടാലും ഞാൻ സകലവും
പുതുതാക്കുന്നു, പിന്നെ അവൻ പറഞ്ഞു: എഴുതുക ഈ വചനങ്ങളല്ലൊ സ
6 ത്യവും വിശ്വസ്തതയും ഉള്ളവ. അവൻ എന്നോടു പറഞ്ഞിതു: ചെയ്തതീന്നു
(16, 17.) ഞാൻ അകാരവും ഒകാരവും (1, 8.) ആദിയും അന്തവും തന്നെ,

ദാഹിക്കുന്നവന്നു ഞാൻ ജീവനീരുറവിൽനിന്ന സൌജന്യമായി കൊടുക്കും
7 (യശ. 55, 1.) ജയിക്കുന്നവൻ ഇവ (എല്ലാം) അവകാശമായി പ്രാപിക്കും;
ഞാൻ അവന ദൈവവും അവൻ എനിക്കു പുത്രനമായിരിക്കും(2 ശമു. 7, 14)
8 എന്നാൽ ഭീരുക്കളും അവിശ്വാസികളും വെറുപ്പുള്ളവർ, കുലപാതകർ, പുല
യാടികളും, ഒടിക്കാർ, ബിംബാരാധികളും ഇവക്കും എല്ലാ കള്ളന്മാക്കും
ഗന്ധകാഗ്നികളും കത്തുന്ന പൊയ്ത്തയായ രണ്ടാം മരണത്തിലെ പങ്കുള്ള.

9 അന്ത്യബാധകളും ഏഴും നിറഞ്ഞ കലശങ്ങളും ഉള്ള ദൂതന്മാർ എഴുവരിലും
ഒരുവൻ വന്നു എന്നോടു പറഞ്ഞിതു: വാ കുഞ്ഞാടിന്റെ ഭാര്യയായ കാന്ത
10 യെ നിണക്കു കാണിക്കും. എന്നിട്ടു ഉയന്ന വന്മലമേൽ എന്നെ ആത്മാ
വിൽ കൊണ്ടുപോയി (ഹജ. 40, 2) ദൈവത്തിൻ പോക്കൽ സ്വർഗ്ഗത്തിൽ
നിന്നു ഇറങ്ങുന്ന വിശുദ്ധ യരുശലെം നഗരത്തെ എനിക്ക കാണിച്ചു; അ
11 വൾക്കു ദൈവത്തിൻ തേജസ്സുണ്ടു. അവളുടെ ജ്യോതിസ്സു വിലയേറിയ ര
12 ത്നത്തിന്നു ഒത്തതു, സ്ഫടികസ്വച്ഛതയുള്ള വജ്രക്കല്ലുപോലെ. ഉയന്ന
വന്മതിലും അതിന്ന പന്ത്രണ്ടു ഗോപുരങ്ങളും ഗോപുരങ്ങളിൽ പന്ത്രണ്ടു ദൂതന്മാ
രും (യശ. 62, 6) ഇസ്രയേൽ പുത്രരുടെ ഗോത്രങ്ങളും പന്ത്രണ്ടിന്നും ഉള്ള നാ
13 മങ്ങളും കൊത്തിവരെച്ചും ഉണ്ടു (ഹജ. 48, 31.) കിഴക്കു മൂന്ന ഗോപുരം,
വടക്കു മൂന്ന ഗോപുരം തെക്കു മൂന്ന ഗോപുരം പടിഞ്ഞാറു മൂന്ന ഗോപുരം.
14 പട്ടണത്തിന്റെ മതിലിന്ന പന്ത്രണ്ടു അടിസ്ഥാനങ്ങളും, അവറിൽ കുഞ്ഞാ
15 ടിന്റെ പന്ത്രണ്ടു അപോസ്തലന്മാരുടെ പേരുകളും ഉണ്ടു. എന്നോടു ഉരിയാ
ടുന്നവന പട്ടണത്തെയും, അതിൻ ഗോപുരങ്ങളെയും, മതിലിനെയും, അ
16 ളക്കേണ്ടതിന്ന പൊന്മുളയായൊരു കോൽ ഉണ്ടു. പട്ടണം സമചതുരമായി കി
ടക്കുന്നു, വീതിയുള്ളതിനോളം നീളവും ഉണ്ടു, കോൽകൊണ്ടു അവൻ പട്ടണ
ത്തെ അളന്നതു പന്തീരായിരം സ്താദ്യ തന്നെ, അതിന്റെ നീളവും വീതിയും
17 ഉയരവും സമം തന്നെ. അതിന്റെ മതിൽ അളന്നതു ദൂതന്റെ അളവായ മന
ഷ്യക്കണക്കിൽ നൂറനാല്പത്തുനാലു മുള (ഉയരം) തന്നെ. ആ മതിലിന്റെ
18 പണി യസ്പിക്കല്ലത്രെ, പട്ടണം സ്വച്ഛ കണ്ണാടിക്കൊത്ത ശുദ്ധ പൊന്നും
19 അത്രെ. നഗരമതിലിന്റെ അടിസ്ഥാനങ്ങളും സകല രത്നംകൊണ്ടും അല
ങ്കരിച്ചവ; ഒന്നാം അടിസ്ഥാനം വജ്രം, രണ്ടാമതു നീലക്കൽ, മൂന്നാമതു
20 മാണിക്യം, നാലാമതു മരതകം. അഞ്ചാമതു നഖവർണ്ണി, ആറാമതു ചു
വപ്പുകൽ, ഏഴാമതു ഗോമേദകം, എട്ടാമതു ബൈരുല്ലു, ഒമ്പതാമതു പുഷ്യ
രാഗം, പത്താമതു വൈഡൂര്യം പതിനൊന്നാമതു പദ്മരാഗം, പന്ത്രണ്ടാ
21 മതു സുഗന്ധിക്കല്ലു. പന്ത്രണ്ടു ഗോപുരങ്ങളൊ പന്ത്രണ്ടു മുത്തുകളത്രെ, ഓ
രൊ ഗോപുരം ഒരുമുത്തുകൊണ്ടുള്ളതു, നഗരവീഥി തെളിവേറിയ കണ്ണാടി
22 തുല്യമായ ശുദ്ധപൊന്ന തന്നെ. ദേവാലയം എന്നതൊ അതിൽ കണ്ടിട്ടി
ല്ല; കാരണം സർവ്വശക്തദൈവമായ കർത്താവും, കുഞ്ഞാടും തന്നെ അതിന്റെ
23 ആലയമായതു. സൂര്യനും ചന്ദ്രനും അതിൽ പ്രകാശിപ്പാൻ പട്ടണത്തിന്നു
ഒർ ആവശ്യവും ഇല്ല, ദേവതേജസ്സുല്ലൊ അതിന്ന വെളിച്ചം ഉണ്ടാക്കി,
24 അതിന്റെ വിളക്കു കുഞ്ഞാടും തന്നെ (യശ. 60, 19.) ജാതികളും അ
തിന്റെ വെളിച്ചത്താൽ നടക്കും (യശ. 60,3.) ഭൂമിയുടെ രാജാക്കന്മാർ അ
25 തിലേക്കു തങ്ങളുടെ തേജസ്സിനെ ചുമന്ന കൊണ്ടു വരും. പകല്ലാലത്തു(രാത്രി
26 അവിടെ ഇല്ലല്ലൊ) ഗോപുരങ്ങളെ പൂട്ടുകയില്ല. ജാതികളുടെ തേജസ്സും നി
ക്ഷേപവും അതിലേക്കു ചുമന്ന കൊണ്ടു വരും (യശ. 60, 11.) കുഞ്ഞാ
29 ടിന്റെ ജീവപുസ്തകത്തിൽ എഴുതപ്പെട്ടവരല്ലാതെ അശുദ്ധമായതും, വെറു
പ്പും താൻ, ഭോഷ്കു താൻ ചെയ്യുന്നതും ഒന്നും അതിൽ കടക്കയും ഇല്ല.

22, 1 ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനത്തിൽ നിന്ന പുറ
പ്പെടുന്നതായി പളുങ്കു പോലെ ശുഭ്രമായ ജീവനീർ നദിയേയും എനിക്കു

2 കാണിച്ചു. അതിന്റെ വീഥിയുടെ നടുവിലും നദിക്കിക്കരെയും അക്കരെയും
ജീവവൃക്ഷം തന്നെ; അതു പന്ത്രണ്ടു ഫലങ്ങൾ കായ്ക്കുന്നു, മാസന്തോറും അതാ
ത് ഫലത്തെ കൊടുക്കുന്നു (ഹജ. 47, 12.) മരത്തിന്റെ ഇലകൾ ജാതിക
3 ളുടെ ചികിത്സെക്ക് (കൊള്ളാം). സംഹാരശാപം ഇനി ഒട്ടും ഉണ്ടാകയില്ല:
ദൈവത്തിന്റെയും കുഞ്ഞാടിന്റെയും സിംഹാസനം അതിൽ ഇരിക്കും;
അവന്റെ ദാസന്മാർ അവനെ ഉപാസിക്കയും അവന്റെ മുഖത്തെ കാൺക
4 യും ചെയ്യും. അവന്റെ നാമം അവരുടെ നെറ്റികളിൽ തന്നെ; അവിടെ
5 രാത്രി ആകയില്ല. ദൈവമായ കർത്താവ് അവരുടെ മേൽ പ്രകാശിക്കുന്നതു
കൊണ്ടു വിളക്കിന്നും വെയിലിന്നും ആവശ്യവും ഇല്ല. അവർ യുഗാദിയുഗ
ങ്ങളിലും വാഴുകയും ചെയ്യും.

22. അദ്ധ്യായം

(6) ദർശനത്തിന്റെ പരമാർത്ഥത്തെ ദൂതനും, (12) യേശു താനും, (18)
ദർശനക്കാരനും ഉറപ്പിച്ചു കൊടുക്കുന്നു.

6 പിന്നെ (ദൂതൻ) എന്നോടു പറഞ്ഞു. ഈ വചനങ്ങൾ സത്യവും വിശ്വസ്ത
തയും ഉള്ളവ; പ്രവാചകാത്മാക്കളുടെ ദൈവമായ കർത്താവ് വേഗത്തിൽ
സംഭവിക്കേണ്ടുന്നവ തന്റെ ദാസർക്കു കാണിപ്പാൻ സ്വദൂതനെ അയച്ചിരി
7 ക്കുന്നു. കണ്ടാലും ഞാൻ വേഗം വരുന്നു; ഈ പുസ്തകത്തിലെ പ്രവചനവാക്കു
8 കളെ സൂക്ഷിക്കുന്നവൻ ധന്യൻ. ഇവ കേട്ടതും ദർശിച്ചതും യോഹനാനായ
ഞാൻ ആകുന്നു; കേട്ടു കണ്ടശേഷം അവ കാണിച്ച തന്ന ദൂതന്റെ കാല്ക
9 ളിൽ കുമ്പിടുവാൻ വീണു. അവനൊ എന്നോടു പറയുന്നു: അരുതു സൂക്ഷിച്ചു
കൊൾ നിണക്കും നിന്റെ സഹോദരരായ പ്രവാചകർക്കും ഈ പുസ്തകത്തി
ലെ വാക്കുകളെ കാത്തുകൊള്ളുന്നവക്കും ഞാൻ കൂട്ടുദാസനത്രെ. ദൈവത്തെ
10 കുമ്പിടുക (19, 10.) പിന്നെ എന്നോടു പറഞ്ഞിതു: ഈ പുസ്തകത്തിലെ
പ്രവചനവാക്കുകളെ മുദ്രയിട്ടു കളയല്ലെ സമയം സമീപം തന്നെ; അനീതി
11 ചെയ്യുന്നവൻ ഇനിയും അനീതി ചെയ്ക; അഴുക്കുള്ളവൻ ഇനിയും അഴുക്കാ
ടുക; നീതിമാൻ ഇനിയും നീതിമാനായി കാട്ടുക; വിശുദ്ധൻ ഇനിയും
തന്നെ വിശുദ്ധീകരിക്ക (ദാനി. 12, 10.)

12 കണ്ടാലും ഞാൻ വേഗം വരുന്നു, അവനവന്നു തന്റെ ക്രിയ ആകുംപ്രകാ
രം കൊടുത്തു തീർപ്പാൻ എന്റെ കൂലിയും എന്നോടു കൂടെ (യശ. 40, 10.)
13 ഞാൻ അകാരവും ഓകാരവും ആദിയും അന്തവും ഒന്നാമനും ഒടുക്കത്തവനും
14 തന്നെ. അവന്റെ കല്പനകളെ ചെയ്യുന്നവർ ധന്യർ; അവർക്കു ജീവവൃക്ഷത്തി
ന്മേൽ അധികാരം ഉണ്ടാക; അവർ ഗോപുരങ്ങളുടെ പട്ടണത്തിൽ കടക്കയും
15 ചെയ്ക. നായ്ക്കളും ഒടിക്കാരും പുലയാടികളും കുലപാതകരും ബിംബാരാ
ധികളും ഭോഷ്കിനെ കൂറുള്ളവനും ചെയ്യുന്നവനും ഒക്കയും പുറത്തു തന്നെ.
16 യേശു എന്ന ഞാൻ സഭകളായ നിങ്ങൾക്ക് ഇവ സാക്ഷിപ്പെടുത്തുവാൻ
എന്റെ ദൂതനെ അയച്ചു; ഞാൻ ദാവിദിന്റെ വേ(ത്തളി)രും വംശവും ആയ
17 വൻ ശുഭ്രമായ ഉദയ നക്ഷത്രം തന്നെ. ആത്മാവും കാന്തയും (യേശുവെ)
വരിക എന്നു പറയുന്നു കേൾക്കുന്നവനും വരിക എന്നു പറവൂതാക; ദാഹിക്കു
ന്നവൻ വരികയും ഇച്ഛരിക്കുന്നവൻ ജീവനീരെ സൌജന്യമായി വാങ്ങുക
യും ചെയ്ക.

18 ഈ പുസ്തകത്തിലെ പ്രവചനവാക്കുകളെ കേൾക്കുന്ന ഏവനോടും ഞാൻ
(ആണയിട്ടു) സാക്ഷി ചൊല്ലുന്നിതു: അവറ്റോടു ആരാനും കൂട്ടിവെച്ചാൽ
ഈ പുസ്തകത്തിൽ എഴുതിയ ബാധകളെ ദൈവം അവന്മേൽ കൂട്ടിവെക്കും.

19 ഈ പുസ്തകത്തിലെ പ്രവചനവാക്കുകളിൽനിന്ന് ആരാനും അപഹരിച്ചാൽ
ഈ പുസ്തകത്തിൽ എഴുതിയ ജീവവൃക്ഷത്തിലും വിശുദ്ധനഗരത്തിലും അവ
ന്നുള്ള അംശത്തെ അപഹരിക്കയും ചെയ്യും. ഇവറെ സാക്ഷിപ്പെടുത്തുന്നവൻ
20 പറയുന്നു: അതെ ഞാൻ വേഗം വരുന്നു, എന്നാൽ ആമെൻ കർത്താവായ യേ
ശുവെ വരേണമെ.

(നമ്മുടെ) കർത്താവാകുന്ന യേശുക്രിസ്തുന്റെ കരുണ എല്ലാവരോടും കൂട
(ഇരിക്ക) ആമെൻ.

സത്യവെദ ഇതിഹാസം

ഉൽപത്തി മുതൽ രാജാക്കന്മാർ വരെയുള്ള ഗ്രന്ഥങ്ങളുടെ
സംഗ്രഹീത പുനരാഖ്യാനം

1841–1845

കുറിപ്പ്: ഗുണ്ടർട്ടിന്റെ പരിഭാഷയിൽ ഉൾപ്പെടാത്ത ബൈബിൾ ഗ്രന്ഥങ്ങളുടെ സംഗ്രഹമാണ് സത്യവെദ ഇതിഹാസം. മോശെയുടെ ഗ്രന്ഥങ്ങളും ചരിത്രഗ്രന്ഥങ്ങളുമാണ് ഇതിന്റെ ഉള്ളടക്കം. പലപ്പോഴായി കോട്ടയത്തും തലശ്ശേരിയിലും അച്ചടിച്ച പ്രസിദ്ധീകരിച്ച ലഘുഗ്രന്ഥങ്ങളുടെ സമാഹാരം. ഇതാണ് ഗുണ്ടർട്ടിന്റെ ആദ്യത്തെ ബൈബിൾ രചന.

ഇതു് ആദ്യം അച്ചടിച്ച കാലത്തു് ദീർഘമായ എകാരത്തിനും ഒകാരത്തിനും േ—, ോ—ാ എന്നീ ഉപലിപികൾ പ്രചാരത്തിലില്ലാതിരുന്നതിനാൽ എ—, ഒ—ാ എന്നീ ഉപലിപികൾ തൽസ്ഥാനങ്ങളിൽ കാണാം.

ഉദാ: വെദം - വേദം
ലൊകം - ലോകം

ശ്രീപിതൃേ പുത്രായച സദാത്മനെച നമഃ

സത്യവെദ ഇതിഹാസം

ഒന്നാമത്തംശം

മൊശെ നബി എഴുതിയ യൊനി എന്നിട്ടുള്ള പ്രഥമഖണ്ഡത്തിന്റെ സാരം

പൂർവസംസ്ഥസ്സമസ്താനാം ഗ്രന്ഥാനാംയൊനിരെവച
ഈശബുദ്ധെസ്സുപഞ്ചാംശശ്ശാസ്ത്രാഖ്യൊമൊശിനാകൃതഃ
യൊന്യാഖ്യാദിമതൽസ്കന്ധെ സർവഭൂതഗണസ്യഹി
സൃഷ്ടിരുക്ഷാദമാദീനാം ചാദിമാനാംകഥാനുണാം.
തൽപാപപതനംഭ്രാവശെഷസ്ഥിതിശ്വരപ്രിയഃ
വിപ്ലവാച്ചപരെനൊഹൊൽപന്നമാനവവർണ്ണനം.
തതൊബ്രഹെശഹ കയൊര്യാ കൊബസ്യചകീർത്തനം
തന്മിശ്രഗതിപര്യന്തം സർവവംശാശിഷൊപിച.
(ശ്രീഖൃഷ്ടസംഗീതം 1 പർവ, 13 അദ്ധ്യ.)

1 ലൊക സൃഷ്ടിയുടെ വിവരം (1 മൊ. 1. 2)

ആദ്യമില്ലാത്തവനും തന്റെ ഇഷ്ടപ്രകാരം എല്ലാറ്റെയും ചെയ്തുകൊണ്ടിരിക്കുന്നവനുമായ യഹൊവാ എന്ന ദൈവം ആദിയിൽ തന്റെ തിരുവാക്കിൻ ശക്തികൊണ്ട പരലൊകത്തെയും ഭൂലൊകത്തെയും ഉണ്ടാക്കി. തന്റെ ശക്തിയുടെ വചനത്താലവയെ വഹിച്ചുകൊണ്ടുമിരിക്കുന്നു.

നക്ഷത്ര സൈന്യങ്ങളിൽ നിവാസികളായിട്ട എണ്ണിക്കൂടാത്ത സത്ഭുത വർഗ്ഗങ്ങളെ സൃഷ്ടിച്ചു അവരവർക്ക തന്റെ തിരുമനസ്സുപ്രകാരം ദിവ്യ തെജസ്സാകുന്ന ജീവൻ വെളിച്ചം ശക്തി മുതലായ വരങ്ങളെ വിഭാഗിച്ച കൊടുത്തതെയുള്ള അവർക്ക ദൈവ സൈന്യം എന്നും ദൈവദൂതന്മാർ എന്നും എല്ലാ സ്ഥലങ്ങളിലും അവന്റെ ഇഷ്ടത്തെ പ്രവൃത്തിക്കുന്ന ശുശ്രൂഷക്കാർ എന്നും ഉള്ള പെരുകളെ കൊടുത്തു ഖരുബിമാർ സെരാഫിമാർ ഈ രണ്ട വർണ്ണപെരുണ്ട മറും ചിലതുണ്ടായിരിക്കും ആണും പെണ്ണുമുള്ളഭെദം അവർക്കില്ല സൂക്ഷ്മദെഹമുണ്ട. ഇത സംബന്ധിച്ചുള്ള സംഗതികളെ ഇപ്പൊഴ വിവരമായി അറിയിപ്പാൻ ദൈവത്തിന്ന ഇഷ്ടം തൊന്നീട്ടില്ല. ഈ ഭ്രമിയുടെ പൂർവാവസ്ഥ സംശയം കൂടാതെ നിശ്ചയിപ്പാൻ പാടില്ലതാനും. ആദിത്യൻ ഗ്രഹ ചന്ദ്രന്മാരൊടും കൂടെ മൂന്നാമത്തെ ഗ്രഹമായിരിക്കുന്ന ഈ ഭൂഗൊളത്തെ സർവെശ്വരൻ എത്രയും തെജസ്സുള്ളൊരു സരാഫിന്റെ കയ്യിലെല്പിച്ചു അവനെ ഈ മണ്ഡലത്തിന്ന രാജാവാക്കിവെച്ചതെന്ന തൊന്നുന്നു. ദൊഷംചെയ്തു തുടങ്ങിയതവൻ തന്നെ. അവൻ പൂർവസത്യത്തിലും അനുസരണത്തിലും നില്ക്കാതെ തന്നെതാൻ ദൈവനാക്കി, മറ്റ ഭൂതങ്ങളൊടും സർവെശ്വരന്റെ നകം ഉപെക്ഷിക്കെണം എന്ന കല്പിച്ചു അവരെയും ദ്രൊഹം ചെയ്യിച്ചുകൊണ്ടിരിക്കുമ്പൊഴ, ദൈവ കല്പനയാൽ അവരെല്ലാവരും പതിതന്മാരായി ഇരിട്ടുള്ള ഒരു കാരാഗൃഹത്തിന്നുംപ്പെട്ട ഈവണ്ണം ഉണ്ടായിരിക്കുന്ന ദുർഭൂതങ്ങൾക്ക പിശാചെന്നും അവരുടെ പ്രഭുവായ സരാഫിന്ന സാത്താൻ, ശൈത്താൻ, അഭിശാപി എന്നും നാമധെയമുണ്ടായിവന്നു. അവന്റെ വീഴ്ചയിനാൽ അവന്റെ മണ്ഡലമായ ഭൂലൊകം തെജസ്സും രൂപവുമില്ലാതെ പാഴായി കിടന്നു: അഗാധവെള്ളത്തിൻ മീതെ അന്ധകാരം മൂടിക്കൊണ്ടിരുന്നു.

മനുഷ്യജാതിയെയും അതിന്നുതക്ക വാസസ്ഥലത്തെയും സൃഷ്ടിക്കെണമെന്ന ദൈവം വെച്ചു എല്ലാറെറയും ക്ഷണത്തിലുണ്ടാക്കുവാൻ പ്രാപ്തിയുണ്ടായിട്ടും സൃഷ്ടിക്രമം തൊന്നെണ്ടുന്നതിന്ന ആറ ദിവസത്തിന്നകം ഈ ഭൂലൊകം ഉണ്ടാക്കിയ വക കെഅംക്കുക ദൈവാത്മാ വെള്ളങ്ങളുടെ മീതെ ആവസിച്ചിരിക്കുമ്പൊഅം പ്രകാശം ഉണ്ടാകട്ടെ എന്ന ദൈവം കല്പിച്ചു പ്രകാശവും ഉണ്ടായി പ്രകാശത്തെയും ഇരിട്ടിനെയും അവൻ വെർതിരിച്ചു പകലും രാത്രിയും ഉണ്ടാകുവാൻ സംഗതി വരുത്തുകയും ചെയ്തു രണ്ടാം ദിവസത്തിൽ തട്ടുണ്ടാക്കി, തട്ടിന്റെ കീഴിലുള്ള വെള്ളങ്ങളെയും തട്ടിന്റെ മെലിലുള്ള വെള്ളങ്ങളെയും വെർതിരിച്ചിട്ട ആകാശം എന്ന പെർ വിളിച്ചു. മൂന്നാം ദിവസത്തിൽ ആകാശത്തിന്റെ കീഴിലുള്ള വെള്ളങ്ങഅം ഒരു സ്ഥലത്ത കൂട്ടുകയും ഉണങ്ങിയ നിലം ഉയന്നവന്ന കാണപ്പെട്ടുകയും ചെയ്തു. ഉണങ്ങിയ നിലത്തിന്ന ഭൂമി എന്നും വെള്ളങ്ങളുടെ കൂട്ടത്തിന്ന സമുദ്രം എന്നും പെർ വിളിച്ചു. ഭൂമിയിന്മെൽ പുല്ലുകളെയും വിത്തുള്ള സസ്യങ്ങളെയും വിത്തുഫലത്തെ കൊടുക്കുന്ന വൃക്ഷങ്ങളെയും മുളപ്പിച്ചു നാലാം ദിവസത്തിൽ ദൈവം കാലഭെദങ്ങളെ അറിയിപ്പാൻ ആദിത്യചന്ദ്രന്മാരെയും നക്ഷത്രങ്ങളെയും തൊന്നിച്ചു. അഞ്ചാം ദിവസത്തിൽ ദൈവം വെള്ളങ്ങളിൽ നീന്തുന്ന സകല വിധ പുഴ മീൻ ജന്തുക്കളെയും ആകാശത്തിൽ പറക്കുന്ന സകലവിധ പക്ഷികളെയും ഉണ്ടാക്കി നിങ്ങഅം വൎദ്ധിച്ച സമുദ്രത്തെയും ഭൂമിയെയും നിറവിൻ എന്ന അനുഗ്രഹിക്കയും ചെയ്തു.

ആറാം ദിവസത്തിൽ ദൈവം പല ജാതിയായ കാട്ടുമൃഗങ്ങളെയും മറും നാല്കാലിമൃഗങ്ങളെയും ഭൂമിയിൽനിന്ന ഉണ്ടാകുവാൻ കല്പിച്ചതിന്റെ ശെഷം സമുദ്രത്തിൽ മത്സ്യങ്ങളെയും ആകാശത്തിൽ പക്ഷികളെയും മൃഗജാതികളെയും നിലത്തിലിഴയുന്ന ജന്തുക്കളെ ഒക്കെയും വാണ കൊള്ളുന്നതിന്ന നമ്മുടെ രൂപത്തിൻ പ്രകാരം മനുഷ്യനെ നാമുണ്ടാക്കെണം എന്നവെച്ചു മനുഷ്യ ദെഹത്തെ മണ്ണുകൊണ്ട മനഞ്ഞു ജീവാഅംശങ്ങളുള്ള തന്റെ ശ്വാസത്തെ മൂക്കിൽ ഊതി അവനെ ജീവാത്മാവാക്കുകയും ചെയ്തു. അനന്തരം ഏദൻ എന്നും മുഖ്യമായ ഒരു തൊട്ടമുണ്ടാക്കി മനുഷ്യനെ അതിൽ വെച്ചു പലവൃക്ഷഫല സസ്യങ്ങളെ മനുഷ്യന്റെ ഭൊജനത്തിനായികൊണ്ട കൊടുത്തു. പിന്നെ ദൈവം താൻ സൃഷ്ടിച്ചതൊക്കെയും ആദാമെന്നിട്ടുള്ള ആ മനുഷ്യന്ന കാണിച്ചു അവൻ തന്നെ മൃഗജാതികഅംക്ക പെർ വിളിക്കെണം എന്ന കല്പിച്ചാറെ മററ ജീവികളൊക്കെയും ആണും പെണ്ണുമായി കണ്ടിട്ടും തനിക്ക തക്ക ഒരിണ കിട്ടിയില്ല എന്നതകൊണ്ട ദൈവം മനുഷ്യന്ന ഉറക്കം വരുത്തി അവന്റെ വാരിയെല്ലുകളിൽ ഒന്ന എടുത്ത പുരുഷന്റെ എല്ലും മാംസവുമായിട്ട ഒരു സ്ത്രീയെയുണ്ടാക്കി ഇരിവരൊടും നിങ്ങഅം വൎദ്ധിച്ച ഭൂമിയെ നിറഞ്ഞ അടക്കിക്കൊഅംവിൻ എന്ന പറഞ്ഞ അനുഗ്രഹിച്ചതിന്റെ ശെഷം താൻ സൃഷ്ടിച്ചിട്ടുള്ളതൊക്കെയും ദൈവം നൊക്കീട്ട അവ എററവും നല്ലവ എന്ന കണ്ടു ആറാം ദിവസത്തെ കർമ്മത്തെ തീർത്തു എഴാം ദിവസത്തിൽ നിവൃത്തനായിരുന്ന ആ ദിവസത്തെ അനുഗ്രഹിച്ച ആഴ്ചയിൽ വിശിഷ്ടമെന്ന കല്പിക്കയും ചെയ്തു. ശനിയാഴ്ചയായിരിക്കുന്ന ഈ ദിവസത്തിന്ന വെദഭാഷകളിൽ വിശ്രാമദിവസം നിവൃത്തിനാഅം എന്ന അർത്ഥമുള്ള ശാബതെന്ന പെരുണ്ട. ഭൂലൊകായുസ്സ ഒരു ആഴ്ചവട്ടത്തൊട തുല്യമാകുന്നെന്നും ഇപ്പൊഴത്തെ കാലങ്ങളിലുണ്ടായ പ്രവൃത്തി പ്രായാസഭെദങ്ങളും തികഞ്ഞ വന്നതിന്റെ ശെഷം നിവൃത്തിയും സന്ധിയുമുള്ള ഒരു വിശിഷ്ടയുഗം വരും എന്നും ഇങ്ങിനെയുള്ള രഹസ്യങ്ങളെ ശാബതെന്നും വെദവാക്കിന്റെ അർത്ഥം അറിയിക്കുന്നെന്നറികെ.

2 പാപൊലൊസ്തൊ (1 മൊ 2,–3)

ആദ്യമാതാപിതാക്കന്മാർ ദൊഷം ഒട്ടുമറിയാതെ ദൈവത്തെ സ്നെഹിച്ച അവന്റെ കല്പനപ്രകാരം നടന്നുകൊണ്ടകാലത്ത നഗ്നന്മാരായിട്ടും നാണമില്ലാതെ ഇരുന്ന തൊട്ടത്തിൽ വെല ചെയ്തു അതിനെ കാത്തു അതിന്റെ ഫലങ്ങളെ

യഥെഷ്ടം ഭക്ഷിച്ചുകൊള്ളുകയും ചെയ്തു. അവരുടെ അനുസരണത്തിന്ന പരീക്ഷ വരെണ്ടുന്നതിന്ന ദൈവം അവക്ക് രണ്ട വിശെഷ വൃക്ഷങ്ങളെ കാട്ടി ഒന്നിന്ന ജീവ വൃക്ഷം എന്ന പെരും അതിന്റെറ പഴം തിന്നുന്നവർ എന്നെന്നെക്കും ജീവിക്കും എന്ന വരവും കൊടുത്തു, മറെറ മരത്തിന്ന ഗുണദൊഷങ്ങളെ അറിയത്തക്ക വൃക്ഷം എന്ന പെരവിളിച്ചു ഇതിൽ നീ ഭക്ഷിക്കരുത, തൊടുകയും അരുത, ഭക്ഷിക്കും ദിവസം നീ മരിക്കും നിശ്ചയം എന്ന കല്പിക്കയും ചെയ്തു.

അങ്ങിനെ ഇരിക്കുമ്പൊൾ രാജ്യദ്രൊഹം ചെയ്ത പിശാചായി ചമഞ്ഞ വിശിഷ്ട ദെവദൂതൻ കൌശലമുള്ള സർപ്പരൂപമെടുത്ത തൊട്ടത്തിൽ പറന്ന വന്ന സ്ത്രീയെ നൊക്കിയാറെ നിങ്ങൾ സകല വൃക്ഷത്തിൽനിന്ന ഭക്ഷിക്കരുതെന്ന ദൈവം നിശ്ചയമായി അരുളിചെയ്തിട്ടുണ്ടൊ എന്ന ചൊദിച്ചപ്പൊൾ സ്ത്രീ പറഞ്ഞു തൊട്ടത്തിലിരിക്കുന്ന ഫലം ഒക്കെയും നിങ്ങൾ ഭക്ഷിക്കാം എന്നും അതിന്റെറ നടുവിൽ ഇരിക്കുന്ന ഒരു വൃക്ഷത്തിൻ ഫലത്തെ മാത്രം തൊടുകയും ഭക്ഷിക്കയും അരുതെന്നും ഭക്ഷിച്ചാൽ മരിക്കും എന്നും ദൈവത്തിന്റെറ അരുളപ്പാടാകുന്ന എന്നാറെ പാമ്പ നിങ്ങൾ മരിക്കയില്ല എന്നും നിങ്ങൾ ഭക്ഷിക്കുമ്പൊഴെക്ക നിങ്ങളുടെ കണ്ണുകൾ തുറക്കപ്പെട്ടും എന്നും ഗുണദൊഷങ്ങളെ അറിഞ്ഞ ദൈവത്തെ പൊലെ ഇരിക്കും എന്നും അറിഞ്ഞതുകൊണ്ടത്രെ ആയവൻ നിങ്ങളെ നിഷെധിച്ചു എന്ന നിശ്ചയിച്ച പറഞ്ഞപ്പൊൾ ആ വൃക്ഷത്തിൻ ഫലം കാഴ്ചക്കയൊഗ്യവും ഭക്ഷണത്തിന്ന നല്ലതും ബുദ്ധിവർദ്ധനവും ആയിരിക്കും എന്ന സ്ത്രീ കണ്ട ഫലത്തെ പറിച്ച ഭക്ഷിച്ചു തന്റെറ ഭർത്താവിന്ന കൊടുത്താറെ അവനും ഭക്ഷിച്ചു. അപ്പൊൾ അവർ ഇരുവരുടെ കണ്ണുകളും തുറന്ന അവർ നഗ്നന്മാരെന്ന അറിഞ്ഞു ഇലകളെ കൂട്ടി തുന്നി തങ്ങൾക്ക ഉടുപ്പുകളെ ഉണ്ടാക്കി.

പിന്നെ പകൽ കുളിരുള്ള സമയത്ത ദൈവമായ യഹൊവ തൊട്ടത്തിൽ സഞ്ചരിക്കുമ്പൊൾ ആദാമും അവന്റെറ ഭാര്യയും ആയവന്റെറ ശബ്ദം കെട്ടിട്ട അവന്റെറ സന്നിധിയിൽനിന്ന ഒടി തൊട്ടത്തിലെ വൃക്ഷങ്ങളുടെ ഇടയിൽ ഒളിച്ചു അപ്പൊൾ യഹൊവാ ആദാമിനെ നീ എവിടെയിരിക്കുന്ന എന്ന വിളിച്ചു പറഞ്ഞു അതിന്ന അവൻ പറഞ്ഞ നിന്റെറ ശബ്ദത്തെ കെട്ട ഞാൻ നഗ്നനാകകൊണ്ട ഭയപ്പെട്ട ഒളിച്ചു എന്നാറെ ദൈവം നീ നഗ്നനെന്ന നിന്നൊട അറിയിച്ചത ആര ഭക്ഷിക്കരുതെന്ന ഞാൻ നിഷെധിച്ച വൃക്ഷത്തിൻ ഫലം നീ ഭക്ഷിച്ചിട്ടില്ലൊ എന്ന ചൊദിച്ചതിന്റെറ ശെഷം ആദാം പറഞ്ഞു നീ എന്നൊട കൂടെ ഇരിപ്പാൻ തന്നിട്ടുള്ള സ്ത്രീയായവൾ വൃക്ഷത്തിൻ ഫലം ഇനിക്ക തന്നു ഞാൻ ഭക്ഷിക്കയും ചെയ്തു. അപ്പൊൾ ദൈവം സ്ത്രീയൊട നീ ചെയ്തിട്ടുള്ളത എന്തെന്ന ചൊദിച്ചു അതിന്ന സ്ത്രീസർപ്പം എന്നെ ചതിച്ചതകൊണ്ട ഞാൻ ഭക്ഷിച്ചു എന്ന പറഞ്ഞു.

പിന്നെ ദൈവം പാമ്പിനൊട പറഞ്ഞു നീ ഇതിനെ ചെയ്തതുകൊണ്ട എല്ലാ ജന്തുക്കളെക്കാളും ഞാൻ നിന്നെ ശപിക്കുന്ന നീ ജീവിച്ചിരിക്കുന്നവരെക്കും നീ ഉരസ്സുകൊണ്ട നടന്ന പൊടിതിന്നും ഞാനും നിനക്കും സ്ത്രീക്കും നിന്റെറ സന്തതിക്കും അവളുടെ സന്തതിക്കും ശത്രുത്വം ഉണ്ടാക്കും നീ അവരുടെ മടമ്പ ചതെക്കും അവർ നിന്റെറ തലയെ ചതെക്കും എന്ന കല്പിച്ച ശെഷം സ്ത്രീയൊട നിന്റെറ ഗർഭധാരണത്തെയും ദുഃഖത്തെയും ഞാൻ ഏറവും വർദ്ധിപ്പിക്കും നീ വെദനയൊടെ പൈതങ്ങളെ പ്രസവിക്കയും നിന്റെറ ഇച്ഛ നിന്റെറ ഭർത്താവിന്ന താണിരിക്കയും അവൻ നിന്റെറ മെൽ വാഴുകയും ചെയ്യും എന്ന കല്പിച്ചാറെ ആദാമിനൊട നീ നിന്റെറ ഭാര്യയുടെ വാക്ക അനുസരിച്ച എന്റെറ വാക്കിനെ ഉപെക്ഷിച്ച ആ ഫലം ഭക്ഷിച്ചതകൊണ്ട നിന്റെറ നിമിത്തം ഭ്രമിക്ക ശാപമുണ്ട നിന്റെറ ആയുസ്സുള്ള നാൾ എല്ലാം ദുഃഖത്തൊട കൂടെ അതിന്റെറ ഫലം നീ ഭക്ഷിക്കും അത നിനക്ക മുള്ളുകളെയും പറക്കാരകളെയും മുളപ്പിക്കും നിലത്തുള്ള സസ്യത്തെ നീ ഭക്ഷിക്കും നീ നിലത്തനിന്ന എടുത്തിട്ട പൊടി ആകുന്ന പൊടിയിൽ പിന്നെയും ചെരുകയും ചെയ്യും നിന്റെറ മുഖത്തെ വിയർപ്പൊട കൂടെ നീ അപ്പം ഭക്ഷിക്കും എന്ന കല്പിച്ചത തീർത്തു ആദാമിനും അവന്റെറ ഭാര്യക്കും പാ

പ ശാന്തിയുടെ വഴിയെ കാണിച്ചു ആട്ടിന്ന മരണം വരുത്തി തൊൽകൊണ്ടു ള്ള കുപ്പായങ്ങളെ ഉണ്ടാക്കി അവരെ ഉടുപ്പിക്കയും ചെയ്തു. മനുഷ്യരെ ക്ഷണ ത്തിൽ കൊല്ലാതെ പാമ്പിനെ ജയിപ്പാനുള്ള ഒരു സന്തതിയെ അവക്ക് പറഞ്ഞ കൊടുത്തതകൊണ്ട ആദാം ഭാര്യെക്ക ഹവ്വ എന്ന പെർവിളിച്ചു അതിന്ന ജീവന ള്ള വക്ക മാതാവ എന്നത്ഥമുണ്ട,

അനന്തരം യഹൊവാ മനുഷ്യൻ നമ്മെ പൊലെ ഗുണദൊഷങ്ങളെ തി രിച്ചറിയുവനല്ലൊ എന്ന ചൊല്ലി ആയവൻ തന്റെ കൈ നീട്ടാതെയും ജീവ വൃക്ഷത്തിൽനിന്ന പറിച്ച ഭക്ഷിക്കാതെയും ദിവ്യ ജീവഹതനെങ്കിലും എന്നെ ക്കും ദെഹജീവനെ രക്ഷിക്കാതെയും ഇരിപ്പാനായിട്ട യഹൊവാ അവനെ പു റത്താക്കി ജീവ വൃക്ഷത്തിന്ന വഴിയെ കാക്കെണം എന്ന ഖരുബിമാരൊട ക ല്പിച്ച അവരെ എദൻ തൊട്ടത്തിന കിഴക്കാക്കി വെച്ച എല്ലാടവും തിരിഞ്ഞ മിന്നുന്ന അഗ്നിവാളിനെയും സ്ഥാപിക്കയും ചെയ്തു.

3. ഭ്രാതൃഹത്യാ (1 മൊ. 4.)

ആദാമിന്റെ ഭാര്യയായ ഹവ്വാ പ്രസവിച്ചവരും പിന്നെയും ജനിച്ച മ നുഷ്യരെല്ലാവരും പാപിയായ ആദാമിന്റെ സാദൃശ്യത്തൊടെ ഉണ്ടായി ആദ്യ മക്കളിൽ ജ്യെഷ്ഠനായ കയിൻ നിലത്തെ കൃഷി ചെയ്യുന്നവനും അവന്റെ അ നുജനായ ഹബൽ ആടുകളെ മെയ്ക്കുന്നവനുമായി തീന്ന ഒരു ദിവസം ഇരിവരും ബലിയിടെണം എന്ന വെച്ച വന്നപ്പൊൾ കയിൻ തന്റെ ഇഷ്ടം കൊണ്ട ദൈ വം കല്പിക്കാത്ത ഫലങ്ങളെയും പുഷ്പങ്ങളെയും യഹൊവായിക്ക കാഴ്ചയായി കൊണ്ടുവന്നിട്ട ഹബൽആട്ടിൻ കൂട്ടത്തിലുള്ള കടിഞ്ഞൂൽ കുട്ടികളും അതിന്റെ മെദസ്സും ബലിയിട്ടപ്പൊൾ യഹൊവാ കയിന്റെറത പരിഗ്രഹിക്കാതെ ഹബ ലിലും അവന്റെ കാഴ്ചയിലും ആദരിച്ചത കയിൻ കണ്ടാറെ എറവും കോപി ച്ച മുഖപ്രസാദം കൂടാതെ നില്ക്കയും ചെയ്തു. എന്തിന്ന നിനക്കു കൊപമുണ്ടാകു ന്നു എന്തിന നിന്റെ മുഖം ക്ഷീണിക്കുന്നു നീ നന്മ ചെയ്യുന്നെങ്കിൽ ഗുണമുണ്ടാ കയില്ലയൊ നന്മ ചെയ്യാഞ്ഞാൽ പാപവ്യാഘ്രം വാതില്ക്കൽ കിടക്കയും നിന്റെ മെൽ ആഗ്രഹം വെക്കുകയും ചെയ്യുന്നല്ലൊ ആയവനെ നീ ഭരിക്കെണം എന്നീവണ്ണം യഹൊവാ പറഞ്ഞത കെട്ടിട്ടും കയിൻ അനുജനൊട സ്നെഹ ത്തൊട സംസാരിച്ച അവനെ പറമ്പിൽ കൂട്ടികൊണ്ടുപൊയി കൊല്ലുകയും ചെയ്തു.

നിന്റെ അനുജനായ ഹബൽ എവിടെ എന്നയഹൊവാ ചൊദിച്ചതി ന്ന ഞാൻ അറിയുന്നില്ല എന്നും അനുജന്റെ കാവല്ക്കാരൻ ഞാനൊ എന്നും ക യിൻ പറഞ്ഞാറെ യഹൊവാ അരുളിചെയ്തു നീ എന്ത ചെയ്തു നിന്റെ അനു ജന്റെ രക്തം നിലത്തനിന്ന എന്നൊട നിലവിളിക്കുന്നു ഭ്രാതൃഹത്യദൊഷം കൊണ്ട രക്തം കുടിച്ചിട്ടുള്ള ഭ്രമിയിൽനിന്ന നീ ശപിക്കപ്പെട്ടവൻ, കൃഷി ചെ യ്യുമ്പൊൾ അത തന്റെ സാരം നിനക്ക തരികയില്ല ഭ്രമിയിൽ നീ ഉഴലുന്നവ നും അലയുന്നവനും ആകും എന്ന കല്പിച്ചപ്പൊൾ കയിൻ ദൈവത്തൊട പറഞ്ഞു എന്റെ പാപം ക്ഷമിച്ച കഴിയാത്തവണ്ണം വലിയതായിരിക്കുന്നു ഇപ്പൊൾ കാ ണുന്നവനെല്ലാം എന്നെ കൊല്ലും. എന്നാറെ യഹൊവാ അവനൊട ആരെങ്കി ലും കയിനെ കൊന്നാൽ അവന്ന എഴിരട്ടിച്ച ശിക്ഷവരും എന്ന കല്പികുന്നതു മല്ലാതെ കാണുന്നവർ അവനെ കൊല്ലാതിരിപ്പാൻ അവന്റെ മുഖത്തിൽ ഒരു അടയാളം വെക്കയും ചെയ്തു പിന്നെ കയിൻ യഹൊവായുടെ തിരുമുമ്പിൽനിന്ന പുറപ്പെട്ട തന്റെ ഭാര്യയൊട നൊദെന്ന നാട്ടിൽ പോയി അവിടെ കുട്ടികളൊട പാത്തു ഒര പട്ടണം ഉണ്ടാക്കി അതിന്ന ആദ്യജാതനായ ഹനൊക്കിന്റെ പെർ വിളിക്കയും ചെയ്തു. എങ്കിലും ആദാമിന നൂറിമുപ്പത വയസ്സായപ്പൊൾ ഹവ്വ പിന്നെയും ഒരു പുത്രനെ പ്രസവിച്ചു ഹബെലിന്ന പകരം ഈ സന്തതിയെ ദൈവം തന്നു എന്ന സന്തൊഷിച്ച ശെത്തെന്ന പെർവിളിക്കയും ചെയ്തു.

ആദമ്യരുടെ വംശക്രമവും വയസ്സിന്റെ സംഖ്യയും ഞാൻ ചൊല്ലുന്നു.

നാമങ്ങൾ	ജനനം	മരണം	ജീവകാലം
ആദാം	1	130	930
ശെത്ത	130	1042	912
എനൊഷ	235	1140	905
കയിനാൻ	325	1235	910
മഹളെൽ	395	1290	895
യാരദ	860	1422	962
എനൊക്	622	987	365
മത്തുശല	687	1656	969
ലമെക്	874	1651	777
നൊഹ	1056	2006	950

ആദ്യം തുടങ്ങി ദൈവം ഭക്തിയുള്ള ചിലക്ക തന്റെ ചിത്ത രഹസ്യത്തെ കാണിച്ച അവർ അതിനെ തങ്ങൾ തങ്ങൾ വംശക്കാർക്ക അറിയിപ്പാനായിട്ട ബഹു സാന്നിദ്ധ്യവും വളരെ ആയുസ്സും അവർക്ക നല്കുകയും ചെയ്ത മൂന്നാമതനായ എനൊഷിരിക്കും കാലത്തിങ്കൽ ദൈവ പെരും തത്വവും അറിയിച്ച പ്രസംഗിച്ച തുടങ്ങി എഴാമതനായ എനൊക് ദൈവത്തൊട സ്നേഹിതനായി നടന്ന ഇതാ കർത്താവ സകലക്കും ന്യായം വിധിപ്പാനും ഭക്തിയില്ലാത്തവരെ ശിക്ഷിപ്പാനും വളരെ സൈന്യങ്ങളായ തന്റെ പരിശുദ്ധന്മാരൊടും കൂടെ വരുന്നുണ്ട എന്നും മറും പല പ്രകാരത്തിലും പ്രസംഗിച്ചും തന്റെ നടക്കകൊണ്ട ദൈവത്തെ പ്രസാദിപ്പിച്ചും കൊണ്ട മുന്നൂററുപത്തഞ്ച വയസ്സായി ഉടലൊട കൂടെ ദൈവത്താൽ എടുക്കപ്പെട്ടകയും ചെയ്ത.

ആദമഃപ്രഥമൊന്യണാം ഹവാചാപ്യസ്യപഞ്ജരാൽ
സൃഷ്ടാപാപാൽപരെവ്യക്തം സാന്ത്വംതൽപ്രാപതുർവിഭോഃ.
നരാഭ്യാമാദിസൃഷ്ടാഭ്യാം മഹാനാഗകൃമന്യുണാൽ
പാപാബ്ധൌപതിതാഭ്യാം വാശ്രയയൈഷാവിഭ്രദിതാ.
സപത്യാ അധുനാനാര്യാ ദണ്ഡിതായാമയാസുതഃ
ഹന്യാന്നാഗശിരഃപൂവ്വം തെനാപ്യാഹതപാർഷ്ണികഃ.
നരൈസ്താഭ്യാം സമുത്ഭൂതെ രഗ്ര്യൈരെഷാതുവാക്ശ്രുതാ
പുണ്യൈരല്പൈരപീഷ്ടാച ജഗത്യംഹഃപരിപ്പുതെ.
തസ്യാഃസമ്പൂരകംവിദ്ധി വാചശ്ശുബ്ദം കിലെശ്വരം
അവതീർണ്ണം തഥാ ചൈവ നാരീമാത്രസുതീകൃതം.
ആദമ്യൈഷ്ടസുവാശത്തം ധാമ്മികാഹബലാദയഃ
തദരക്ഷന്നപജ്ഞാത മപികൈനാദിഭിശ്ശൈഃ.
വർദ്ധമാനെതധമ്മെതൊ-സുരവദ്ദുഷ്ക്രിയൈർഭവി
വ്യാപ്തായാംതദ്ദതം ധമ്മീന്നൻഹനൊകഉപാദിശൽ.
ശെഷെതുവ്വീസ്ഥിതാഷ്ടൌഷ്ട തിക്രാന്തെ സഹനം വിഭോഃ
ആഗതംസലിലംഘോരം മഗ്നഭ്രശൈലവെശ്മകം.
കെവലഃപ്രേലയംന്നൊഹ സ്സസപ്തപരിവാരകഃ
വിഭൊനിർമ്മിതയാജ്ഞാതൊ നാവാധർമ്മ്യഃപ്രരക്ഷിതഃ.
യൊമന്വർബ്രാഹ്മണൈഃപ്രൊക്തൊ ന്യൂനസൃഷ്ടൊർവ്യധീശ്വരഃ.
ഭവനെഭ്യഃപുനർജ്ജാതെ ത്രികുലാനാംപിതാന്യണാം.
യാപിതാജ്ജ്യേഷ്ഠംപുത്രാദ്ധിതുരുഷ്കായവനാശ്ശുകാഃ
അന്യെപിചകനിഷ്ഠാത്തു ഖാമാന്മെശ്രുകനാനകാഃ.
മദ്ധ്യമാത്തുപ്രിയാൽപുത്രാൽ സെമനാമ്നസ്സമുത്ഥിതാഃ
കല്ദായാരബസൂരാദ്യാമിശ്രാൽ പ്രാശ്ദിശ്യവസ്ഥിതാഃ.

എതൽഗൊത്രൊത്ഭവൊപ്യാസീന്നാഗ മൂർദ്ധ്വമിർദ്ദിനഃ
ആദിവംശൊബ്രുഹൊഭാവീ ശ്രൈഷ്ഠൊവിശ്വാസിനാം പിതാ.
(ശ്രീഖൃഷ്ടസംഗീതം. പർവ 1. അദ്ധ്യ 10.)

4. ജലപ്രലയം (1 മൊ. 5-9)

ആദാം തുടങ്ങിയുള്ള പത്ത തലമുറകളുടെ കാലത്ത മനുഷ്യർ എറെ വർദ്ധിച്ചകൊണ്ടിരിക്കുന്നതുമല്ലാതെ മനുഷ്യർ എല്ലാവരും അധിക ആയുസ്സുള്ള വരായിരിക്കകൊണ്ട അവർ യാത്രയായി പൊയി പല ദെശങ്ങളിൽ കുടിയെറി നിറഞ്ഞ പാക്കയും ചെയ്ത അങ്ങിനെ ഇരിക്കുമ്പൊൾ കിഴക്ക ഖണ്ഡങ്ങളിൽ വസിച്ചിരിക്കുന്ന കയിന്യർ പടിഞ്ഞാറെ ദിക്കിൽ പാർത്തുകൊണ്ടിരുന്ന ശെത്ത വംശക്കാരൊട ചെന്ന. എഴാമത്തെ തലമുറയിൽ ജനിച്ച കയിന്യ പ്രഭവായ ലാമക്ക ആദ്യം രണ്ട സ്ത്രീകളെ വിവാഹം ചെയ്ത, തന്റെ പുത്രന്മാരൊട കൂടെ ചെമ്പ ഇരിമ്പ, പൊൻ തുടങ്ങിയുള്ള പണികളെ എടുത്ത വാദ്യങ്ങളിനാലും ആയുധങ്ങളിനാലും ആഭരണ സമ്പത്തിനാലും പ്രാപ്തിയുള്ളവനായി തീന്നപ്പൊൾ കയിനെക്കാളും പിശാച ശാഠ്യം പിടിച്ചവനായി ദൈവത്തെ വിരൊധിച്ച. ആയതുകൊണ്ട അക്കാലം തുടങ്ങി കയിന്യക്ക ശ്രുദ്ധമനുഷ്യരെന്നും നര പുത്രരെന്നും പെരുണ്ടായി. ദെവവാക്ക ഇഷ്ടത്തൊട കെട്ട ദെവാത്മാവിനെ അനുസരിക്കുന്ന ശെത്തിയക്ക ദെവപുത്രരെന്ന പെർ വിളിക്കയും ചെയ്ത. രണ്ട ജാതിക്കാർ തമ്മിൽ കണ്ട ചെർന്ന വന്നപ്പൊൾ ശെത്തിയരിൽ യൌവ്വനമുള്ളവർ പിതാക്കന്മൊരുടെ വാക്കിനെ നിരസിച്ച സൌന്ദര്യവും ആഭരണവും പൂണ്ട നരപുത്രികളെ ഇഷ്ടം പൊലെ എടുത്തുകൊണ്ടിരുന്ന ദെവവാക്ക ക്രിയകളും മറന്നുപൊയി, ലൊകം കാമം അക്രമം കുല മറും മഹാ പാപങ്ങളും കൊണ്ട നിറഞ്ഞ, ജനക്കുട്ടം വർദ്ധിച്ച അളവിൽ ദുഷ്ടതയും വർദ്ധിച്ച വന്ന.

അപ്പൊൾ യഹൊവാ അറിയിച്ച അരുളിചെയ്തത ഇങ്ങിനെ മാംസസ്വഭാവമായിരിക്കുന്ന മനുഷ്യരൊട എന്റെ ആത്മാവ എപ്പൊഴും വിവാദിക്കുമാറില്ല അവർക്കായിക്കൊണ്ട ഇനിയും നൂറിരുപത സംവത്സരം വരെയും താമസിക്കുന്നു. എന്നാറെ അക്കാലത്തുള്ള മനുഷ്യർക്ക് വെദവും നീതിശാസ്ത്രവും എഴുതിയിട്ടില്ലായ്കകൊണ്ട യഹൊവാ തന്റെ ആത്മാവകൊണ്ട അവർക്ക ബൊധം വരുത്തി മാംസ ഇച്ഛയെ വിരൊധിച്ചിട്ടും കഠിന ശിക്ഷകളെ കൊണ്ട ഉപദ്രവിക്കാതെ ഇരുന്ന അതിന്റെ ശെഷം ഞാൻ സൃഷ്ടിച്ച മനുഷ്യരെ ഇപ്പൊൾ ഭ്രമിയിൽനിന്ന നശിപ്പിക്കും എന്നും പത്താമതനായനൊഹ* തന്റെ വംശക്കാരിൽ നീതിമാനും ഉത്തമനുമായി എന്നൊട ഐക്യമായി നടന്നത കൊണ്ട അവന്ന എന്റെ കൃപ ലഭിക്കണം എന്നും നിശ്ചയിച്ചിട്ട നൊഹിനൊട പറഞ്ഞ നിലത്തുള്ള ജീവികളൊക്കെയും നശിക്കെണ്ടതിന്ന ഞാൻ ഭ്രമിയിന്മെൽ ജലപെരുക്കം വരുത്തും ആയതകൊണ്ട നീയും നിന്റെ ഭാര്യപുത്രന്മാരും പുത്ര ഭാര്യമാരും ഒരു പെട്ടകത്തിലെക്ക പ്രവെശിക്കണം പിന്നെയും നിന്നൊട കൂടെ ജീവനൊട രക്ഷിപ്പാനായിട്ട സകല ജന്തുക്കളിൽ ആണും പെണ്ണുമായി ഈരണ്ടീരണ്ട ഞാൻ പെട്ടകത്തിലെക്ക വരുത്തും നിങ്ങൾക്കും അവറിന്നും ഭക്ഷിപ്പാൻ വെണ്ടുന്നതെല്ലാം ശെഖരിക്കയും വെണം ഇതിന്നായിട്ട നീ 300 മുഴം നീളവും 5 മുഴം വീതിയും 30 മുഴം ഉയരവും ഉള്ള പെട്ടകം ഉണ്ടാക്കി അതിൽ മൂന്ന തട്ടുകളെയും ഭാഗത്തിൽ ഒരു വാതിലിനെയും ഉണ്ടാക്കുകയും വെണം ഇങ്ങിനെയുള്ള ദെവകല്പനയെ എല്ലാവരൊടും അറിയിച്ചപ്പൊൾ ലൊകർ ഒക്കെയും പരിഹസിച്ച നിന്ദിച്ച പറഞ്ഞു നൊഹ ദെവകല്പനപ്രകാരം സകലവും പണയിച്ച തീർക്കയും ചെയ്തു.

---

* നൊഹ എന്നിട്ടുള്ള ഈ മനുവിന്ന മത്സ്യ പുരാണത്തിങ്കൽ സത്യവ്രതനെന്ന പെരുണ്ട എന്നറിക.

ഭൂലൊകമുണ്ടായ(1656) ആണ്ടിൽ, നൊഹയുടെ (600) വയസ്സിങ്കൽ രണ്ടാം തിങ്ങളായ തുലാമാസം പത്താം തിയ്യതി ദൈവകല്പനയുണ്ടാകകൊണ്ട നൊഹതുടങ്ങിയുള്ളവർ പെട്ടകത്തിനകത്ത പ്രവെശിച്ചു. അതിന്റെ ശെഷം (17) തിയ്യതി മഹാ ആഴത്തിലെ ഉറവകൾ ഒക്കെയും പിളർന്ന ആകാശത്തിലുള്ള ജലദ്വാരങ്ങളും തുറന്ന അപ്പൊൾ (40) പകലും രാവും ഭൂമിയിന്മെൽ മഴയുണ്ടായാറെ വെള്ളങ്ങൾ വർദ്ധിച്ച പെട്ടകത്തെ മെല്ലെട്ട പൊക്കി പിന്നെയും വളരെ അധികപ്പെട്ടവന്ന ആകാശത്തിൻ കീഴിലുള്ള മലകളെ ഒക്കെയും മൂടി അവറ്റിൽ അത്യുന്നത ശിഖരത്തിന്മെൽനിന്ന (15) മുഴം ഉയരം മൊല്ലെട്ട വെള്ളങ്ങൾ വർദ്ധിച്ചു. അപ്പൊൾ സകല മൃഗങ്ങളും പക്ഷികളും ഇഴവ ജന്തുക്കളും ഒട്ടൊഴിയാതെ കണ്ടുള്ള മനുഷ്യരും ചത്തുപൊയി. പെട്ടകം മാത്രം വെള്ളങ്ങളുടെ മീതെ ഒഴുകി. അങ്ങിനെ വെള്ളങ്ങൾ ഭൂമിയുടെ മെൽ (150) ദിവസത്തൊളം നിന്നാറെ വെള്ളം കുറഞ്ഞ പൊകണം എന്ന ദൈവം കല്പിച്ചതകൊണ്ട എഴാം മാസം (17) തിയ്യതി പെട്ടകം അർമ്മിണ്യ ദെശത്തിലിരിക്കുന്ന അരരാത്തെന്ന മലയിൽ ഇരുന്ന പത്താം മാസം വരെയും വെള്ളങ്ങൾ കൂടക്കുടെ കുറഞ്ഞു ആ പത്താം മാസം ഒന്നാം തിയ്യതി മലശിഖരങ്ങൾ കണ്ടു. പിന്നെ (40) ദിവസം കഴിഞ്ഞാറെ നൊഹ ഒരു മലങ്കാക്കയെ പുറത്ത വിട്ട ആയത ഭൂമിമെൽ നിന്ന വെള്ളം വററിപൊകുന്നത വരെയും പൊകുന്നതും വരുന്നതുമായിരിക്കകൊണ്ട പ്രാവിനെയും വിട്ട അത സുഖമുള്ള സ്ഥലം കാണാതെ നൊഹ അടുക്കൽ തിരിച്ച വന്ന എഴ ദിവസത്തിന്റെ ശെഷം ആ പ്രാവിനെ പിന്നെയും പുറത്ത വിട്ടാറെ അത വൈകുന്നെരത്തെ അവന്ന ഒരു ഒലിവവൃക്ഷത്തിന്റെ ഇലയെ കൊത്തിക്കൊണ്ടുവന്ന. അവൻ പിന്നെയും മറ്റ എഴ ദിവസം പാർത്തിട്ട പ്രാവിനെ പുറത്ത വിട്ടാറെ അത മടങ്ങി വന്നിട്ടില്ല. ഭൂമിമെൽ നിന്ന വെള്ളങ്ങൾ വററിപ്പൊയി എന്ന നൊഹ കണ്ടപ്പൊൾ ഒന്നാം മാസം ഒന്നാം തിയ്യതി പെട്ടകത്തിന്റെ മെൽത്തട്ടിനെ നീക്കി ഉണങ്ങിയ സ്ഥലത്തെ കണ്ട (1657) ആണ്ടിൽ രണ്ടാം മാസം (27) തിയ്യതി താനും കുഡുംബക്കാരും ജന്തുക്കളൊടും കൂടെ പുറത്ത വന്നുകൊള്ളണം എന്നുണ്ടായ ദൈവകല്പന പ്രകാരം ആ പെട്ടകം വിട്ട പുറത്ത വരികയും ചെയ്തു.

അനന്തരം നൊഹ യഹൊവായിക്ക ഹൊമബലികളെ കഴിച്ചപ്പൊൾ ഉണ്ടായി വന്ന ദൈവ അരുളപ്പാട മനുഷ്യ നിമിത്തമായി ഞാൻ ഭൂമിയെ പിന്നെയും ജലപെരുക്കം കൊണ്ട ശപിക്കയില്ല. ഇപ്പൊൾ ചെയ്തപ്രകാരം സകല ജീവാത്മാവിനെയും ശിക്ഷിക്കയും ഇല്ല. ഭൂമിയുള്ള നാൾ ഒക്കയും വിതയും കൊയിത്തും ശീതവും ഉഷ്ണവും വെനൽ കാലവും വർഷകാലവും പകലും രാവും ഇവറിന്ന നീക്കം വരികയില്ല എന്നതിന്റെ ശെഷം നൊഹയെ അനുഗ്രഹിച്ച മഴപെയ്യുന്നതിനാലെ പെടിയുണ്ടാകരുത എന്നതിന്ന അടയാളമായിട്ട മെഘത്തിങ്കൽ ശൊഭയുള്ള മഴവില്ലിനെ ഉണ്ടാക്കി വെച്ച ഇത എനിക്കും ഭൂമിക്കുമുള്ള നിർണ്ണയത്തിന്ന മുദ്രയായിരിക്കും എന്ന കല്പിച്ചു. മനുഷ്യർ മൃഗജാതികളെ ജീവനൊടരക്ഷിച്ചതുകൊണ്ട ഇനി മെലാൽ ചീര മുതലായത പൊലെ എല്ലാ മാംസങ്ങളെയും തിന്നുകൊള്ളാം, അവകൊന്ന തിന്നുന്നത ഒരു ദൊഷമില്ല എന്നും മനുഷ്യനെ മനുഷ്യൻ കൊല്ലുമ്പൊൾ അവന്ന മരണ ശിക്ഷ വെണ്ട എന്നും അരുളിചെയ്തു മറും ചില ആചാരങ്ങളെ കൊടുത്ത മനുഷ്യരുടെ വലിപ്പത്തെയും സ്വാച്ഛ്യെയും അടക്കി ശരീര ശക്തികരും ആകാശ സൌഖ്യത്തിന്നും ദീർഘായുസ്സിന്നും വളരെ മാററവും താഴ്ചയും വരുത്തി ഇപ്പൊഴത്തെ യുഗത്തിലും ഭൂമിയെ പരിപാലിച്ച രക്ഷിച്ച വരികയും ചെയ്യുന്നു.

പിന്നെ നൊഹ ഭൂമിയിൽ കൃഷിചെയ്വാൻ തുടങ്ങി ഒരു മുന്തിരിങ്ങാത്തൊട്ടം ഉണ്ടാക്കി ആയതിലുണ്ടായ രസത്തെ അവൻ കുടിച്ച വെറിയായിരുന്ന കൂടാരത്തിന്നകത്ത വസ്ത്രം നീങ്ങികിടന്നപ്പൊൾ അവന്റെ പുത്രനായ ഹാംപിതാവിന്റെ നഗ്നതയെ കണ്ടു നിന്ദിച്ച രണ്ട സഹൊദരന്മാരൊടും അറിയിച്ചു. എ

ന്നാറെ ശെമും യാഫെത്തും ഒരു വസ്ത്രം എടുത്ത തങ്ങളുടെ ഇരുപെരുടെ തൊളുകളിലും ഇട്ട പിന്നൊട്ട വന്ന തങ്ങളുടെ പിതാവിൻെറ നഗ്നതയെ മറച്ചു, പിന്നെ നൊഹ മദ്യലഹരിയിൽനിന്ന സുബൊധമായി ഇളയ പുത്രൻ തന്നൊട ചെയ്തതിനെ അറിഞ്ഞിട്ട ദുഃഖിച്ചു പറഞ്ഞിതു ഹാമ്യർ ശപിക്കപ്പെട്ടവരായി ജ്യെഷ്ഠാനുജന്മാർക്ക ദാസ ദാസന്മാരായി തീരും, ശെമിൻെറ ദൈവമായ യഹൊവായിക്ക സ്തുതിയുണ്ടാകട്ടെ, കനാൻ അവൻെറ ദാസനാകും, യാഫെത്തിനെ ദൈവം വർദ്ധിപ്പിക്കും അവൻ ശെമിൻെറ വാസസ്ഥലങ്ങളിൽ പാർക്കും കനാൻ അവൻെറ ദാസനായി പൊകും. എന്നിങ്ങനെ ഉള്ള ദെവ വാക്കിൻെറ അത്ഥമതാകുന്നു ഇപ്പൊഴുണ്ടാകുന്ന മൂന്നു മനുഷ്യജാതികളിൽ ഹാമ്യർ താണുപൊയി മററവസ്സ വംശമായി തീരും. അതിലുണ്ടായ കനാൻ എന്ന ഗൊത്രം എല്ലാററിലും ഹീനമായി പൊകും. ദൈവത്തിന്നിഷ്ടമുള്ള ജാതി ശെമിൻെറ കുഡുംബമാം. ആയതിൽ ലൊകരക്ഷിതാവായ യെശുവിന്ന അവതാരജനനമുണ്ടാകും. യാഫെത്തിയക്ക ഭ്രമി എല്ലാടവും കടന്നപൊകുവാനും ലൌകികത്തിങ്കൽ ഉത്സാഹികളായി സാമ്രാജ്യം പ്രാപിപ്പാനും അനുഗ്രഹം കൊടുത്തു. അതുംവണ്ണം നടക്കുകയും ചെയ്തു.

5. നൊഹ്യരുടെ അവസ്ഥ (1 മൊ. 10, 11.)

നൊഹ ജലപ്രലയത്തിൻെറ ശെഷം മുന്നൂററമ്പത സംവത്സരമിരുന്നു തൊള്ളായിരത്തമ്പതാം വയസ്സിൽ മരിച്ചു, അവൻെറ ഇഷ്ടപുത്രനായ ശെം തൻെറ വംശത്തിൽ പത്ത തലമുറവരെക്കും കണ്ടു അഞ്ഞൂറാം വയസ്സിങ്കൽ മരിച്ചു. അവൻെറ പുത്രനായ അർപ്പക്കൂദ 338 വയസ്സൽ കഴിഞ്ഞപൊയി. ഇവൻെറ പൌത്രനായഎബർ (464) വയസ്സൊളം ജീവിച്ചു. ആ തലമുറ ഇരിക്കുന്ന കാലത്തിങ്കൽ മനുഷ്യർ പാപാധിക്യത്താൽ ശക്തിഹീനരായി തീരുകകൊണ്ടു 230 വയസ്സിൽ അധികം ഒരുത്തരും ഇരുന്നില്ല. അപ്പൊഴും ഹാം സന്തതിയിൽ ഉണ്ടായ ശക്തിമാന്മാരായ വീരന്മാർ നീർ നിറഞ്ഞ കാട്ടപ്രദെശങ്ങളിൽ എറെ വർദ്ധിച്ച സർപ്പങ്ങളെയും ദുഷ്ടമൃഗങ്ങളെയും നായാട്ടിൽവധിച്ചും അന്യ പുരുഷന്മാരെ ഭരിച്ചും പ്രഭുക്കളായിവന്നുതുടങ്ങി. അവരിൽ ഹാമിൻെറ പൌത്രനായ നിമ്രൊർദ ജലപ്രലയത്തിൻെറ ശെഷം നൂറെൺപതാം സംവത്സരത്തിൽ നായാട്ടിന്ന നായകനായി ചമഞ്ഞ ഫ്രാത്തുതീഗ്രി നദികൾക്ക നടുവെയുള്ള പ്രദെശത്തിൽ കൃഷിക്കാരെ ഭരിച്ചു രക്ഷിക്കയും ചെയ്തു.

ആ കാലത്തൊളം എല്ലാവർക്കും ഒരു ഭാഷ ഇരുന്നപ്പൊൾ ശീനാർ എന്ന പെരുള്ള ആ താണ പ്രദെശത്തിൽ കുടിയിരുന്നവർ ഇനി നാം ഭ്രമിയിന്മെൽ ചിതറപ്പെടാതെ ഇരിപ്പാനും നൊഹ്യരുടെ സകല ജാതികൾക്കും സ്മരണചിഹ്നം ഉണ്ടാകുവാനായിട്ടും ഒരു നഗരത്തെയും അതിൽ ആകാശത്തൊളം എത്തുന്ന മുകളുള്ള ഒരു ഗൊപുരത്തെയും പണിയിക്ക വരുവിൻ വരുവിൻ എന്ന പറഞ്ഞു പണി ചെയ്യുമ്പൊൾ യഹൊവായിക്ക ഇഷ്ടമില്ലായ്കകൊണ്ട അവനിറങ്ങിവന്നു അവരുടെ പണിയെ നൊക്കി എല്ലാവക്കും ഒരു ഭാഷയും ഒരു വിചാരവും ഉണ്ടല്ലൊ ഇങ്ങിനെ അവർ ചെയ്വാൻ തുടങ്ങിയ പ്രവൃത്തി സാധിക്കുന്നെങ്കിൽ മദിക്കുന്ന അവരുടെ നിരൂപണങ്ങളെ ആര വിരൊധിക്കും എന്ന വിചാരിച്ച നിശ്ചയിച്ചു ഓരൊരുത്തരുടെ വാക്കുകളും തമ്മിൽ അറിയാതെയിരിപ്പാൻ തക്കവണ്ണം ഭാഷകളെ വെവ്വെറാക്കി അവർ ആ സ്ഥലത്തെ വിട്ട പട്ടണവും ഗൊപുരവും മുഴുവനാക്കി തീർക്കാതെ ഭ്രമി എങ്ങും ഛിന്നഭിന്നമായി പൊവാൻ വ്യവസ്ഥ വരുത്തി. പട്ടണത്തിന്ന ബാബൽ എന്ന പെരുണ്ടായി ആയതിന്ന കലക്കം എന്നർത്ഥം എന്നറിക ഈ ബാബല എന്നിട്ടുള്ള രാജ്യം രാജ്യങ്ങളിൽ ഒന്നാമത ഭ്രമിയെല്ലാടവും ഉണ്ടായിരുന്ന ഗാനാജാതി വെഷ ഭാഷാദിഭെദങ്ങൾക്ക ഇത കാരണമായി വന്നു.

ആരരത്ത മലയുടെ താഴ്വരയിങ്കൽ ഇരിക്കുന്ന ശീനാർ എന്ന പ്രദെശം

വിട്ട ഹാമിൻെറ വംശക്കാർ തെക്ക പൊയി കപ്പൽ വഴിയായിട്ടും പലദെശങ്ങൾക്ക പൊയി നിറഞ്ഞ കൂടിയെറുകയും ചെയ്തു. അവരിൽനിന്നുണ്ടായ ജാതികൾ കനാനർ, കാപ്രികൾ മിസ്രയക്കാർ, ഈദ്രാവിഡരും മുതലായ കറുത്ത മനുഷ്യരുമാം. ഈ ഹാമ്യർ രാജ്യതെജസ്സും ജ്യൊതിഷം തുടങ്ങീട്ടുള്ള ലൊകജ്ഞാനവും വർദ്ധിച്ചിരിക്കും കാലം ദെവകല്പനകളെയും പൂർവ പ്രൊകൗതങ്ങളെയും തൃണീകരിച്ച തങ്ങളുടെ ഇഷ്ടപ്രകാരം ദെവപൂജകളെ സങ്കലൗപിച്ചു അനന്തരം ദൈവത്തെ അറിഞ്ഞാറെയും കൃതജ്ഞന്മാരായി തീരാതെ അവൻെറ സ്തുതി ശ്രുഷ്കളെ മറന്നപ്പൊൾ തങ്ങൾ ജ്ഞാനികളാകുന്നു എന്ന മദിച്ചു പറഞ്ഞു വന്ന കാലത്തിൽ ദൈവശാപത്താൽ ബുദ്ധികെടായുള്ള അവരുടെ ഹൃദയങ്ങൾ ഇരിണ്ട പൊയിട്ട ദൈവനെകൻ മാത്രമുണ്ടെന്നറിഞ്ഞിട്ടും രാജഗുജ്ഞാനി ഇവരുടെ ദുർബൊധത്താൽ നക്ഷത്രഭെദങ്ങളെയും പ്രാണിബിംബങ്ങളെയും വെച്ചു പൂജിച്ചു തുടങ്ങുകയും ചെയ്തു. അപ്പൊൾ അവരുടെ രാജ്യങ്ങളൊക്കെ വാടിപൊയി, ദൈവസാന്നിദ്ധ്യമില്ലാതെ പൊയി, ആ ദെശങ്ങളിലെങ്ങും ദുർഭ്രതങ്ങളുടെ പ്രഭുവായ ശൈത്താൻ തൻെറ അന്ധകാര രാജ്യത്തെ സ്ഥാപിച്ചിട്ടുണ്ട. ഇങ്ങിനെ ഹാമ്യരുടെ അവസ്ഥ.

യാഫെത്യർ ആരരത്ത മല വിട്ട വടക്ക പടിഞ്ഞാറു ദിക്കിലും പൊയി വസിച്ചു. അവരുടെ ദെശങ്ങൾ ശൈത്യഭ്രമിയാകകൊണ്ട അവർ വെള്ളക്കാരായി തീൎന്നു. അവരും മിക്കവാറും ദൈവജ്ഞാനത്തെ മറന്ന തൻ ഇഷ്ടപ്രകാരം ഒരൊ ജാതികൾക്ക പ്രിയ ആരാധനകളെ സങ്കലൗപിച്ചു. പിന്നെ ശെം ഗൊത്രത്തിലുണ്ടായ യൂദന്മാരിൽ ലൊകരക്ഷിതാവായ യെശു അവതരിച്ചപ്പൊൾ അവർ വചനത്തെ സന്തൊഷത്തൊടും കൂടെ ധരിച്ചു ക്രിസ്ത്യരായി തീൎന്നു ആ യവനക്കാർ, റൊമർ, തുയിച്ചർ, ഇങ്കിശ, പ്രാഞ്ചി, പൊൎത്തുഗീശ, തുശ്യർ തുടങ്ങീട്ടുള്ളവർ യാഫെത്യരാകുന്നത.

ശെമിൻെറ വംശക്കാർ ആദ്യത്തിങ്കൽ കുറെ വർദ്ധിച്ച പിതാമഹന്മാരുടെ ദെശത്തിൽ പാൎത്തു മിക്കവാറും കന്നകാലിക്കൂട്ടങ്ങളെ സമ്പാദിച്ച മെച്ചുകൊണ്ട ജീവനം കഴിച്ചു. അവരിൽ ചിലൎക്ക ദൈവം തൻെറ ചിത്ത രഹസ്യത്തെ കാണിച്ചു. ശെമിൽനിന്നുണ്ടായവർ യഹൂദന്മാർ ആരബർ പാർസികൾ നസ്രാണി മുതലായവർ.

ഈ പറഞ്ഞ പൂർവചരിതം ദെവവചനത്താൽ അറിഞ്ഞ വരികകൊണ്ട അതിനൊട ഭെദമായിരിക്കുന്ന ശാസ്ത്രൊകൗതങ്ങൾ മെലെ വിശ്വാസം വെക്കരുത. ആദ്യം യഹൊവായുണ്ടാക്കിയ മനുഷ്യൻ പരിശുദ്ധവും ഭാഗ്യവും ജ്ഞാനവും ഉള്ളവനായി തൻെറ സ്രഷ്ടാവൊട ഐക്യമായിരിക്കും കാലം അവൻ പിശാചിൻെറ ചതിവാക്കിനെ അനുസരിച്ചുകൊണ്ട പാപത്തിന്നടിമയായി തീരുകയും തനിക്കുണ്ടായ ദിവ്യജീവാനുഭവം വിടുകയും ചെയ്തു യഹൊവാ പാപികളുടെ മരണത്തെ അല്ല അവർ മനസ്സു തിരിച്ചു ജീവിക്കുന്നതിനെ ആഗ്രഹിക്ക കൊണ്ട തനിക്ക ആവശ്യമുള്ള കാലത്തിങ്കൽ പാപമരണങ്ങളെയും പിശാചിനെയും ജയിച്ചു ആദാം മൂലമായി മരിച്ച സകലരെയും ജീവിപ്പിപ്പാനാഗ്രൊണ്ട സർവ ശക്തിയുള്ളൊരു രക്ഷിതാവ മനുഷ്യജന്മമായിവരും എന്ന വാഗ്ദത്തം ചെയ്തു. ആ സന്തൊഷവാക്ക അന്ധകാരസ്ഥരായ പൂർവന്മാക്ക ദൂരത്തനിന്ന കാണുന്ന പ്രകാശമായിരുന്നു. ദൈവഭക്തിയുള്ളവർ വിശ്വാസത്തിനാലെ എത്ര വലുതായുള്ള രക്ഷയായി വരുമെന്നറിഞ്ഞ സന്തൊഷിച്ച അതിനെ പുത്ര പൌത്രന്മാരൊടുമറിയിച്ചു. ഇങ്ങിനെ ആദാം എഴാമത്തെ പൌത്രനായിജനിച്ച ലാമക്കിന്ന അറിയിക്കയും ലാമക് തൻെറ പുത്രനായ നൊഹയുടെ മൂന്ന മക്കളൊടും ആയവർ ശെമിയരിൽ പത്താമത്തവനായ ആബ്രഹാമൊടും മറും ചിതറിപൊയ വംശക്കാരൊടും ബൊധിപ്പിക്കുമാറായിരുന്നു. ചിലർ വിശ്വസിച്ചു. മിക്കവാറുമുള്ള മറെറയവർ ദൈവത്തെ വിട്ട പിരിഞ്ഞ അന്ധകാരത്തിൽ നടന്നവന്നു. ദൈവച്ചൊൽ കെട്ട അനുസരിച്ച നടക്കുന്നവൻ യാതൊരുജാതിക്കാരൻ ഭാഗ്യ

വാൻ, ദൈവപ്രകാശത്തെ അവൻ ദർശിക്കും. മനുഷ്യ കല്പിതങ്ങളെ ധരിച്ചു കൊണ്ടുള്ളവർ എവരൊ അവരെ കൊപരാഗാദികളും മരണഭീതിയും. വെർപെട്ടുപൊകയില്ല എന്നെല്ലാവരും അറിക.

ശ്രീ യെശു ക്രിസ്തുവിന്റെ പിതാമഹന്മാരായ
ശെമിയരുടെ വംശക്രമവും വയസ്സും ചൊല്ലുന്നിത.

	ജനനം	മരണം	ജീവകാലം
നൊഹ	1056	2006	950
നൊഹ്യനായശെം	1558	2158	600
അർപ്പക്ശാർദ	1658	2096	438
ശലാഹ	1693	2126	433
എബർ	1723	2187	464
പെലഗ	1757	1996	239

[ഈ പെലെഗ ജനിക്കും കാലത്ത ജാതികളൊക്കെ
ബാബൽ നഗരത്തെ വിട്ട ചിതറിപൊയി]

റെയു	1787	2026	239
ശെറുഗ	1819	2049	230
നാഹൊർ	1849	1997	148
തെരഹ	1878	2083	205
ആബ്രഹാം	1948	2123	175

ഇങ്ങിനെ ആദാം പടയ്ക്കപ്പെട്ട ഈരായിരാമത സംവത്സരത്തിൽ ആബ്രഹാം ഉണ്ടായി, ആബ്രഹം മുതൽകൊണ്ട ശ്രീ യെശുവിന്റെ ജനനത്തൊളം ഈരായിരം സംവത്സരം കഴിഞ്ഞതുമുള്ള ശാസ്ത്ര ഗണിതത്തെ സൂക്ഷിച്ച നൊക്കി. യാൽ നാല യുഗങ്ങളുടെ പരമാർത്ഥത്തെ തെളിയിച്ച പറയാം. കൃതയുഗം സ്വർഗ്ഗലൊകത്തിങ്കൽ എണ്ണികഴിയാത്ത കാലം വരെയുണ്ടായിട്ടും ഭൂലൊകത്തിങ്കൽ പാപ മരണങ്ങളെ കൂടാത്ത കറെ ദിവസങ്ങളത്രെ ഇരുന്നതകൊണ്ട ആദാം ഹവ്വാ എദൻ തൊട്ടത്തിൽ ദൈവസന്നിധിയിങ്കൽ വസിച്ച കാലം കൃതയുഗമെന്നും ചൊല്ലുന്നു. പാപം ചെയ്ത ദിവസം തുടങ്ങി ജലപ്രളയത്തൊളം കഴിഞ്ഞ ആയിരത്തറുനൂററമ്പത്താറ സംവത്സരം ത്രെതായുഗത്തൊട തുല്യമായി വരുന്നു. അപ്പൊൾ മനുഷ്യവയസ്സു തൊള്ളായിരത്തിന്ന അധികപ്പെട്ട വ്യാധികളില്ല, കല്പനകളും ശിക്ഷകളുമില്ല. അവസാനത്തിൽ പറഞ്ഞ നൊഹ്യരുടെ കാലങ്ങളായ മുന്നൂറ സംവത്സരം ദ്വാപരയുഗം എന്ന പറവാൻ സംഗതി തൊന്നുന്നു. മനുഷ്യരുടെ ജീവകാലം ഇരുനൂറും, മുന്നൂറുമായി കഴിഞ്ഞ ബിംബാരാധനയും ജാതിംഭദങ്ങളും ക്രമെണ ലൊകത്തിൽ ആക്രമിച്ചുകൊണ്ടിരുന്നു. ഇപ്പൊൾ കലിയുഗം ഉണ്ടല്ലൊ എന്ന ഈ ദെശക്കാർ പറയുന്നു. അവരുടെ ഈവാക്കിൽ സത്യവും അസത്യവും കൂടെ ഉണ്ട. ശ്രീ യെശു ക്രിസ്തു ആബ്രഹാം ജാതിയിങ്കൽ അവതരിച്ചതിന്റെ മുമ്പിലുള്ള ഈരായിരം സംവത്സരം എല്ലാം അന്ധകാരം ഊഴി എങ്ങും മൂടികിടന്ന അത കലിയുഗം. ആ രക്ഷിതാവിന്റെ വെളിച്ചം കാണാതെ കണ്ട ദൃഷ്ടി പ്രൊക്തങ്ങളാലുണ്ടായ കാരിരുളിൽ വസിക്കുന്നവക്കും ഇന്നത്തെ ദിവസത്തൊളം കലിയത്രെയാകുന്നത. ശ്രീ യെശുവിന്റെ മധുരത്തെ രുചികണ്ട അവൻ പിന്നെയും വരുന്നതിന്ന കാത്തിരിക്കുന്ന നാനാജാതിക്കാക്ക അവന്റെ തിരുരക്തപരിശാന്തികൊണ്ട കലികഴിഞ്ഞ പൊയി സദ്വിശ്വാസയുഗം ഉണ്ടായി വർദ്ധിച്ച വന്നത ആയിരത്തെണ്ണൂറനാല്പതാം സംവത്സരം ആകുന്നത ഈ 1015 കൊല്ലത്തിലെന്നറിക. ഇങ്ങിനെഃ

കൃത, ആദാമിന്റെ ആദ്യസ്ഥാനം	1
ത്രെത, ജലപ്രളയത്തോളം	1655
ദ്വാപര, നൊഹ്യരുടെ കാലം	300
കലി, ആബ്രഹാം തുടങ്ങി ശ്രീയെശു ജന്മത്തോളം	2000
സദ്വിശ്വാസയുഗം	1840
ആക മനുഷ്യജാതിയുണ്ടായിരിക്കുന്ന സംവത്സരം:	5796

യഃ പുത്രസ്സഹപിത്രൈകൊനാദിരിശസ്സദാസ്ഥിതഃ
നമസ്തസ്മൈ നമസ്തസ്മൈ സർവാഗ്രൊൽപത്തയെ നമഃ.
യെനയുക്തൊഖിലാം സൃഷ്ടിമാക്രമജ്ജഗതാംപിതാ
നമസ്തസ്മൈ നമസ്തസ്മൈ ശക്തെശായനമൊ നമഃ
യസ്സമസ്തജനെഭ്യൊപിജീവനാത്മപ്രകാശദഃ
നമസ്തസ്മൈനമസ്തസ്മൈസച്ചിദ്വിംബായവൈനമഃ.
യഃസ്തൂതൊപ്യൂർധ്വലൊകസ്ഥെരെ മെഭ്രവാസിഭിസ്സദാ
നമസ്തസ്മൈനമസ്തസ്മൈംഈശബുദ്ധാത്മനെനമഃ.
മൃത്യുപതിതെപ്യാദ്യെനുണാം മൊക്തൃപ്രതിശ്രുതഃ
നമസ്തസ്മൈനമസ്തസ്മൈനമൊന്യത്നാദമായഹി.
യഃപാപദുഃഖമധ്യെപിനിത്യസാന്ത്വം സുധർമ്മിണാം
നമസ്തസ്മൈനമസ്തസ്മൈനാഗമൂർധ്വസ്ഥിതെനമഃ
യസ്യാനുസർഗ്ഗിലക്ഷ്മാസീദ്വിശ്വവൊമലനാശകഃ
നമസ്തസ്മൈനമസ്തസ്മൈവസുധാനുസൃജെനമഃ.
യദത്ഥന്യത്നവംശൊപിതതൊഭ്രദ്രാദമാദ്യഥാ
നമസ്തസ്മൈ നമസ്തസ്മൈ യുഗപിത്രെനമൊ നമഃ

വിശ്വാസി പിതാക്കന്മാരുടെ കഥ

മൊശയുടെ പ്രഥമ ഗ്രന്ഥത്തിൽ ഉള്ള തെരഹ

യിസ്ഹാക്ക യാക്കൊബ ഇവരുടെ ഉല്പത്തികഥ

അറിയിക്കുന്നത

ശിഷ്യഃ പിതാവൈശ്രൈഷ്ഠവംശസ്യ സർവവിശ്വാസിനാഞ്ചകഃ.
ഗുരുഃ ക്രിസ്തോത്ഭവയുഗാൽ പൂർവെബ്ദ സഹസ്രദ്വയെ കലൌ
ശതാധികസഹസ്രാന്തെത്യജത്സ്വർച്ചാംവിഭോർ നൃഷു.
തദാദെശെസമുത്ഭ്രതം കല്ദായാഖ്യെതമാബ്രഹം
സൂര്യെന്ദുഭാർച്ചയാ വ്യാപ്തെഭ്യ വാചെശഇദംവചഃ.
സ്വദെ ശംത്വംപരിത്യജ്യസ്വാത്മീയാഞ്ചാപിസർവതഃ
സ്വപിതുർഭവനംചാപിയാഹിമദ്ദെശ്യനീവൃതം.
മഹാ വംശായതെ ചൈനം ദാസ്യാമ്യാശീഃ പ്രദൊഖിലം
തദ്വം ശീയാച്ചസർവെപിജനാഃപ്രാപ്സ്യ ന്തിമംഗലം.
ശ്രുത്വെദംമന്യമാനസ്സുസർവവിശ്വാസിനാംപിതാ
കനാനാഖ്യംപലെസ്തീന്യം സ്വാജ്ഞാതംനീവൃതായ യൌ.
ബന്ധുവഗ്ഗ്രെചസംത്യക്തെവിഭ്വാക്യപ്രതീതിതഃ
വൃദ്ധൊപിവൃദ്ധഭാര്യശ്ചപുത്രംസമുദപാദയൽ.

1. ആബ്രാമിനെ ദൈവം വിളിച്ചത

ജലപ്രളയത്തിന്റെ ശെഷം മനുഷ്യർ എറവും പെരുകി കൂട്ടം കൂട്ടമായിട്ട പിരിഞ്ഞ അതാത രാജ്യങ്ങളെ ഉണ്ടാക്കി ഈതാത നക്ഷത്രഭ്രതങ്ങളെയും പല പ്രാണിബിംബങ്ങളെയും വെച്ച പൂജിച്ചുതുടങ്ങുമ്പൊൾ ദൈവം അവർക്ക കുടിയിരിപ്പാനുള്ള അതിരുകളെയും വർദ്ധിച്ചുവരും കാലങ്ങളെയും നിശ്ചയിച്ചിട്ടും മുമ്പെ ചെയ്തതുപൊലെ തന്റെ ആത്മാവ കൊണ്ട അവരുടെ മാംസത്തൊട വാദിക്കാതെ സകല ജാതികളെയും തങ്ങൾക്ക ഇഷ്ട വഴികളിൽ നടപ്പാൻ സമ്മതിച്ച ഒരു ജാതിയെ മാത്രം തെരിഞ്ഞെടുക്കുകയും ചെയ്ത. ശെമിന്റെ പ്രപൌത്രനായ എബരിൽനിന്നുണ്ടാകകൊണ്ട ആ ജാതിക്ക എബ്രായകാർ എന്ന പെർ വന്ന. എബരുടെ പ്രപൌത്രന്റെ പൌത്രൻ തെരഹ എന്നവനാകുന്ന. കല്ദായ ദെശത്തിൽ വർദ്ധിച്ചുവന്ന ദുർമ്മാർഗ്ഗത്താൽ അവന്ന അനിഷ്ടം തൊന്നിയപ്പൊൾ അവൻ പടിഞ്ഞാറെ ദിക്കിൽ പൊയി കുടിയിരിക്കെണം എന്നുവെച്ച യാത്ര പുറപ്പെട്ട പൊയി മരിക്കയും ചെയ്ത. അവന്റെ മൂന്ന പുത്രന്മാരിൽ ദൈവസ്നെഹിതൻ എന്ന പെരും പ്രസിദ്ധിയുമുള്ള ആബ്രാം ആകുന്ന മാപ്പിള്ളമാർ ഇബ്രഹീം നബി എന്ന പറയുന്ന അവനെ ദൈവം വിളിച്ച പറഞ്ഞു അച്ഛന്റെ ഭവനത്തെയും ജന്മദെശത്തെയും ബന്ധുജനങ്ങളെയും നീ വിട്ട പുറപ്പെട്ട ഞാൻ നിണക്ക കാണിക്കും ദെശത്തിന്ന പൊക അവിടെ ഞാൻ നിന്നെ അനുഗ്രഹിച്ച വലിയ ജാതിയാക്കി നിന്റെ നാമത്തിന്ന നിത്യകീർത്തിയെയും സർവ വംശങ്ങൾക്കും നിന്നാൽ മംഗലത്തെയും വരുത്തും നിന്നെ അനുഗ്രഹിക്കുന്നവരെ ഞാൻ അ

നഗ്രഹിക്കും നിന്നെ ശപിക്കുന്നവരെ ഞാൻ ശപിക്കും എന്നത കെട്ട ആബ്രാം ഭാ
ര്യയായ സാരയെയും തന്റെ അനുജന്റെ പുത്രനായ ലൊത്തനെയും കൂട്ടികൊണ്ട
കനാൻ ദെശത്തിലെക്ക വരുവാൻ പുറപ്പെട്ട പൊയി. അന്ന അവന്ന 75 വയസ്സാ
യിരുന്നു. നൊഹ 15 സംവത്സരത്തിന്ന മുമ്പിൽ മരിച്ചുപൊയി ശെം പിന്നെയും
നൂറ വർഷത്തിലധികം ജീവിച്ചിരുന്നു.

ആ കനാൻ രാജ്യം അറബിരാജ്യത്തിന്ന വടക്ക ശീതൊഷ്ണഭ്രമികളുടെ നടു
വിൽ ഇരിക്കുന്നു. കെരളത്തിൽനിന്ന കപ്പൽവഴിയായി അവിടെ പൊവാൻ
എകദെശം 20 ദിവസം വേണ്ടിവരും. ഈ കെരളത്തെക്കാളും അല്പം വിസ്താരം ചുരു
ങ്ങിയതാകുന്നു. അവിടെ ലിബനൊൻ മുതലായ മലകളിൽ ചെമ്പിരിമ്പുതുട
ങ്ങിയുള്ള ലൊഹങ്ങളും ദെവദാരു മുതലായ ഉത്തമ വൃക്ഷങ്ങളും വളരെ ഉണ്ടു. പാലും
തെനും അധികം ഉണ്ടാകെണ്ടതിന്ന പല പുല്ലുകളും പുഷ്പങ്ങളും ഉള്ള വനപ്ര
ദെശങ്ങളും മുന്തിരിങ്ങ കാരക്ക ഈത്ത അത്തി ഒലിവിൻപഴം മുതലായ വിശി
ഷ്ടഫലങ്ങളും ചെഞ്ചല്യം കായം മറ്റും ദിവ്യൌഷധങ്ങളും യവഗൊധൂമാദി ധാ
ന്യങ്ങളും കുന്നുകളുടെ താഴ്വരകളിൽ വർദ്ധിക്കുന്നു. യർദ്ദൻ തുടങ്ങിയുള്ള പുഴക
ളിലും പൊയ്കകളിലും വളരെ വെള്ളങ്ങളും മത്സ്യങ്ങളും ഉപ്പും മറ്റും പല വി
ശിഷ്ട സാധനങ്ങളും ഉണ്ടാകകൊണ്ടും ആ രാജ്യം എല്ലാ ഖണ്ഡങ്ങളെക്കാളും എ
റവും ഉത്തമസ്ഥലം എന്ന ദൈവം കല്പിച്ചിരിക്കുന്നു. അവിടെ കന്നി തുലാമാ
സങ്ങളിൽ ആദ്യ വർഷവും മെടമാസത്തിൽ രണ്ടാം വർഷവും ഉണ്ടാകുന്നു. അതി
ന്റെ ശെഷമത്രെ ധാന്യങ്ങളെ മൂർന്നെടുത്തുവരുന്നു. ഇതല്ലാതെ അവിടെ ഉണ്ടാ
കുന്ന പല ഭ്രഫലങ്ങളും പുറരാജ്യക്കാക്ക വിറ്റും പല ചരക്കുകൊ വാങ്ങിയും ക
ച്ചവടം ചെയ്തു വർദ്ധിപ്പാനും അവിടെ പ്രകാശിച്ച സത്യ ദൈവകഥയും മാർഗ്ഗ
വും അന്യ ദെശകാരൊട ക്ഷണത്തിൽ അറിയിപ്പാനും അന്യ രാജ്യങ്ങളെ സ്വാ
ധീനമാക്കി രക്ഷിപ്പാനും ആ രാജ്യം ഈ പടിഞ്ഞാറെ സമുദ്രത്തിന്നും വിലാത്തി
സമുദ്രത്തിന്നും നടുവിൽ ഏറ്റവും യുക്തസ്ഥലമാകുന്നു. ആയത ഭ്രമണ്ഡലത്തിൽ
ദൈവത്തിന്ന എക രാജധാനി എന്ന പൊലെ ഇരിക്കുന്നു. ഇപ്പൊഴും മറന്നപ്രകാ
രം ഇരിക്കുന്നെങ്കിലും മെലാൽ ദൈവം നിത്യ താല്പര്യം കൊണ്ട ആ ദെശ
ത്തെ ഒക്കും എന്ന കല്പിച്ചു എന്നറിക.

അക്കാലത്തിൽ ഖാം ജാതിക്കാരായ കനാന്യർ ആ വാഗ്ദത്ത ദെശത്തിൽ
ഇരിക്കകൊണ്ട ആബ്രാം ശിഖെം സമീപത്തൊളം വന്ന നിന്നാറെ ദൈവം പ്ര
ത്യക്ഷനായി ഞാൻ ഈ ദേശത്തെ നിന്റെ സന്തതിക്ക കൊടുക്കും എന്ന വാക്കി
നെ ഉറപ്പിച്ചു. അതിന്റെ ശെഷം ആബ്രാം അവിടെ തന്നെ യഹൊവായ്ക്ക ഒരു
ബലിപീഠം പണിചെയ്തു വന്ദിച്ചകൊണ്ടിരുന്നു. ക്ഷാമകാലം ഉണ്ടായപ്പൊഴ
അവൻ തെക്കൊട്ട പൊയി ഖാം ജാതിക്കാർ കുടിയിരിക്കുന്ന മിസ്രു എന്ന പുഷ്ടി
യുള്ള രാജ്യത്തിങ്കൽ വന്ന ചില കാലം പാർത്തു കന്നുകാലിക്കൂട്ടങ്ങളിലും വെള്ളി
പൊൻ തുടങ്ങീട്ടുള്ളവയിലും മഹാ സമ്പന്നനായി ചമഞ്ഞ കനാൻദെശത്തെക്ക
തിരിച്ച പൊന്നെത്തുകയും ചെയ്തു. അവനൊട കൂട വന്ന ലൊത്തനും സമ്പത്ത
വളരെ ഉണ്ടായിരിക്കകൊണ്ട അവർ ഒന്നിച്ച വസിപ്പാനായി ആ ഭ്രമി പൊരാ
തെ ഇരുന്ന ഇരിവരുടെ മൃഗകൂട്ടങ്ങളെ പാലിക്കുന്ന പണിക്കാർ തമ്മിൽ കല
ശൽ ഉണ്ടായപ്പൊഴ എനിക്കും നിണക്കും നമ്മുടെ ദാസന്മാർക്കും തമ്മിൽ വി
വാദം ഉണ്ടാകരുതെ നാം സഹൊദരന്മാരല്ലൊ ആകുന്നത ദെശം ഒക്കയും നിന്റെ
മുമ്പാകെ ഇരിക്കുന്നില്ലയൊ നീ എന്നെ വിട്ട ഇടത്തഭാഗത്തെക്ക മാറി പൊകു
ന്നെങ്കിൽ ഞാൻ വലത്തഭാഗത്തെക്ക പൊകും വലത്തഭാഗത്തെക്ക നീ പൊകു
ന്നെങ്കിൽ ഇടത്തഭാഗത്തെക്ക പൊകാം എന്ന ആബ്രാം പറഞ്ഞിട്ട ലൊത്തൻ
കിഴക്കെ ദെശം തൊട്ടം പൊലെ എന്ന കണ്ട യർദ്ദൻ പുഴ ഒഴുകുന്ന ആ സമ ഭ്രമി
യിൽ ഇറങ്ങി ദുഷ്ടന്മാരുടെ കുടികളുള്ള സദൊം പട്ടണത്തിൽ പാർക്കയും ചെ
യ്തു. ആബ്രാം ദൈവാനുഗ്രഹത്തൊട കൂട കനാൻ മലപ്രദെശത്ത സഞ്ചരിച്ച വ
ന്നു. കുറെ കാലം കഴിഞ്ഞ ശെഷം പാർസ രാജാവായ ഖദൊർലയൊമരും മറ്റ

ചില രാജാക്കന്മാരും ബാബേലിൽനിന്ന വന്ന സദ്ദൊമിൽ രാജാവൊട യുദ്ധം ചെയ്ത ജയിച്ച ആ പട്ടണത്തിൽ ഇരുന്ന സകല മനുഷ്യരെയും പദാർത്ഥങ്ങളെയും അപഹരിച്ച ലൊത്തനെ സംസാരത്തൊടും കൂടെ തടവാക്കി കൊണ്ടപൊകയും ചെയ്ത. ആയത ആബ്രാം കെട്ടാറെ തൻെറ പണിക്കാരിൽ 318 പെരെയും കൂട്ടി കൊണ്ട അവരുടെ വഴിയെ ഒടിപൊയി രാത്രിയിൽ അവരെ ഒടിച്ച സമ്പത്തുകളെ ഒക്കയും ലൊത്തനെയും മടക്കി കൊണ്ട വരുമ്പൊൾ ശാലെമിൽ യാജകനും രാജാവുമായ മൽഖിസദെക്ക അപ്പവും വീഞ്ഞമദ്യവും എതിരെ വന്ന കൊടുത്ത സ്വർഗ്ഗത്തിന്നും ഭ്രമിക്കും അത്യുന്നതനാഥനായ ദൈവത്താൽ ആബ്രാമിന്ന അനുഗ്രഹം ഉണ്ടാകട്ടെ എന്നും ശത്രുക്കളെ നിൻെറ കയ്യിൽ എല്പിച്ചിട്ടുള്ള അത്യുന്നത ദൈവത്തിന്ന സ്തൊത്രം ഭവിക്കട്ടെ എന്നും ആശീർവാദം പറഞ്ഞും ആയവന്ന ആബ്രാം സകലത്തിൽനിന്നും പത്തിൽ ഒന്ന കൊടുത്തുകൊണ്ടിരുന്ന.— ഈ മൽഖിസദക്കെ എന്ന പെക്ക നീതിരാജാവെന്നർത്ഥം ഉണ്ട:— അബ്രാമെക്കാളും വലിയവനാകകൊണ്ടും ക്രിസ്തുവിൻെറ മുൻകുറിയായി ശലെം എന്നയരുശലെമിൽ വാഴുകകൊണ്ടും അവൻ ശെം എന്ന തന്നെ ചിലർ ഊഹിച്ചിരിക്കുന്ന.

ആബ്രാമിൻെറ വംശം



2. ആബ്രഹാമിന്റെ വിശ്വാസം

ശ്രീയെഷുരുവാച.

അബ്രഹസ്ഥപിതാവൊപിമദ്വാസരദിദൃക്ഷയാ
ഉല്ലലാസൈവതദ്ദൃഷ്ടിംപ്രാപ്യനവാംശ്ചാപ്യമൊദത.

ആ പടയിലുണ്ടായ കൊള്ളയിൽ ഒന്നും വെക്കാതെ ഒക്കയും സദൊം രാ
ജാവിന്റെ കൈയിൽ എല്പിച്ചിട്ടപ്പൊൾ ആബ്രാം ഒരു ദർശനത്തിൽ യഹൊവ
യുടെ വാക്കു കെട്ടിതു ആബ്രാമെ ഭയപ്പെടരുതെ നിണക്ക പലിശയും മഹാ പ്ര
തിഫലവും ഞാൻ തന്നെ ആകുന്നു എന്ന കെട്ടാറെ ആബ്രാം ദുഃഖത്തൊടു കൂത്താ
വായ യഹൊവയെ നീ എനിക്ക സന്തതിയെ തന്നിട്ടില്ലല്ലൊ മറ്റുള്ള വരം
കൊണ്ട എനിക്ക എന്താകുന്നു എന്ന പറഞ്ഞാറെ നിന്റെ സന്തതിയെ ആകാശ
ത്തു നക്ഷത്രങ്ങളെ പൊലെ ഞാൻ വർദ്ധിപ്പിക്കും എന്ന യഹൊവ അരുളിചെയ്തു.
ആയതു അവൻ പരിഗ്രഹിച്ചു യഹൊവയിൽ വിശ്വസിച്ചു ദൈവപ്രസാദം വരു
ത്തുകയും ചെയ്തു അതു ഹെതുവായിട്ടു അവന്നു തൊണ്ണൂറൊമ്പത വയസ്സായപ്പൊൾ
യഹൊവാ പ്രത്യക്ഷനായി കല്പിച്ചിതു ഞാൻ സർവശക്തിയുള്ള ദൈവം എന്റെ
മുമ്പാകെ നടന്നുകൊണ്ട പൂർണ്ണ ഗുണവാനായിരിക്കെണം എന്നാലെ നിന്നൊട
എന്റെ നിർണ്ണയം ഞാൻ സ്ഥാപിക്കുന്നുള്ള വളരെ ജാതികൾക്കും നീ പിതാ
വായി ചമയും ആയതുകൊണ്ട നിന്റെ പെർ ആബ്രാം എന്നല്ല കൂട്ടത്തിന്റെ
അച്ചൻ എന്നർത്ഥമുള്ള അബ്രഹാം എന്ന വിളിക്കും നിന്റെ ഭാര്യയായ സാരാ
യും ഇനി രാജ്ഞി എന്നർത്ഥമുള്ള സാറാ എന്ന പെരുണ്ടാവൂ അവളും തന്നെ നി
ണക്ക ഒരു പുത്രനെ പ്രസവിക്കും ഈ എന്റെ കരാരുടെ അടയാളമായിട്ട നിണ
ക്കും നിന്റെ സന്തതിക്കും ചെലകമ്മം നടപ്പായി ചെയ്യുവരെണം എന്ന ദൈവം
ആണയിട്ടരുളിചെയ്തു. സാറാ എന്നവൾ തന്നെ നിണക്ക ഒരു പുത്രനെ പ്രസ
വിക്കും എന്ന കല്പിച്ചതിന്റെ കാരണം എന്തെന്നാൽ പതിമൂന്ന വർഷത്തിന്ന മു
മ്പിൽ സാറാ പ്രസവിക്കൊയ്കകൊണ്ട വളരെ സംശയം തൊന്നിയപ്പൊൾ ദാസി
യായ ഒരു മിസ്രുകാരത്തിയെ കണ്ടു ഇവളെ കൊണ്ട നിണക്ക മക്കൾ കിട്ടുന്നെ
കിൽ എന്റെ മക്കളായി ഭവിക്കും എന്ന ഭർത്താവൊടു പറഞ്ഞു ആയവളെ അവ
ന്ന സ്ത്രീയായിട്ടും കൊടുത്തു ആബ്രാം ആ പെൺചൊൽ കെട്ട അനുസരിച്ചതു
കൊണ്ട അവന്ന ദാസിപുത്രനായ ഇഷ്മയെൽ ജനിച്ചു. കാട്ടുകഴുത എന്നപൊ
ലെ അവൻ തന്നിഷ്ടക്കാരനായി നടക്കും എന്ന ദൈവ വാക്യം അവന്നുണ്ടാകയും
ചെയ്തു. പിന്നെയും ആബ്രാം ഈ പുത്രൻ മതി ഇവനെ കൈക്കൊള്ളെണമെ എ
ന്ന യഹൊവയൊട അപെക്ഷിച്ചപ്പൊൾ പന്ത്രണ്ട പ്രഭുക്കളെ അവൻ ജനിപ്പി
ക്കും പ്രധാന ജാതിയുമായി തീരും എന്ന യഹൊവ വാശ്ദത്തം പറഞ്ഞിട്ടും ഇനി
യത്തെ ആണ്ടിൽ സാറാ നിണക്ക പ്രസവിപ്പാനുള്ള മകനൊടത്രെ എനിക്ക മമത
യും നിയമവും ഉണ്ടായിരിക്കും എന്നരുളിചെയ്തു. അന്ന ആബ്രാം പുത്ര ദാസന്മാ
രൊടും കൂടി ചെലകമ്മം കഴിച്ചതിന്റെ ശെഷം—ഒരു ദിവസം ഉച്ചെക്ക കൂടാര
വാതുക്കൽ ഇരുന്ന മൂന്ന ആൾ തന്റെ അടുക്കൽ വരുന്നതു കണ്ടാറെ മരത്തിന്റെ
നിഴലിൽ നിങ്ങൾ ആശ്വസിച്ചു അല്പം തിന്നു കുടിച്ചുകൊള്ളെണം എന്ന അപെ
ക്ഷിച്ചു കന്നുകുട്ടിയെ പാകം ചെയ്യിച്ച അപ്പം വെണ്ണയി പാൽ ഒക്കയും അവരു
ടെ മുമ്പാകെ വെച്ചിട്ടു താനും അടുത്തുനിന്ന അവർ ഭക്ഷിക്കുന്നതിനെ കണ്ടുകൊ
ണ്ടിരിക്കുമ്പൊൾ അവരിൽ വെച്ചു പ്രധാനനായൊരുത്തൻ പറഞ്ഞു ഒരു സംവ
ത്സരത്തിന്റെ ശെഷം ഞാൻ ഇങ്ങൊട്ട മടങ്ങി വരും അപ്പൊൾ നിന്റെ ഭാര്യ
ക്കു ഒരു പുത്രൻ ഉണ്ടാകും എന്ന വാക്കിനെ അവന്റെ പിന്നിൽ കൂടാര വാതുക്കൽ
ഇരുന്ന സാറാ കെട്ടു തൊണ്ണൂറ വയസ്സുള്ളവൾക്ക എങ്ങിനെ കുട്ടി ഉണ്ടാകും എന്ന

വിചാരിച്ചു ഉള്ളം കൊണ്ടു ചിരിച്ചു. ഞാൻ പറഞ്ഞതിനെ സാരാ കെട്ടിട്ട ചിരിച്ചുവല്ലൊ. യഹൊവയാൽ കഴിയാത്ത കാര്യം ഉണ്ടൊ എന്ന യഹൊവ പറഞ്ഞു വാക്കശിക്ഷ കഴിച്ചു ചിരിപ്പു എന്നർത്ഥമുള്ള യിസഹാക്ക സാരയുടെ പുത്രനായി ജനിക്കും എന്നുള്ള വാഗ്ദത്തത്തെ ഉറപ്പിച്ചു.—അതിന്റെ ശെഷം ആ പുരുഷന്മാർ അവിടെനിന്ന സദൊമിലെക്ക പുറപ്പെട്ടുകക്കണ്ട ആബ്രഹാം കൂടെ പൊയി അനുവാദം വാങ്ങുമ്പൊൾ യഹൊവ അവനൊട ഇന്ന ഞാൻ ചെയ്വാൻ ഇരിക്കുന്നതിനെ ആബ്രഹാമിൽനിന്ന മറക്കരുതെന്ന തൊന്നി മഹാ ജാതിയും മറെറല്ലാ ജാതികൎക്കും അനുഗ്രഹ സാത്രുപനുമായി തീരുന്നവൻ അവൻ താനല്ലൊ മക്കൎക്കും കുഡുംബക്കാരൊടും യഹൊവായുടെ പ്രവൃത്തികളെ അവൻ അറിയിച്ചു നീതിയും ധൎമ്മവും പ്രമാണിച്ച നടത്തിക്കും. സദൊം ഗമൊറ ഈ രണ്ടു പട്ടണക്കാരുടെ മഹാ പാപം കഠിന നിലവിളി പൊലെ ചെവിക്ക നെരെ വരുന്നതു കൊണ്ടു ഞാൻ അവരെ നൊക്കി കണ്ടു നശിപ്പിക്കയും ചെയ്യും എന്ന യഹൊവ പറഞ്ഞു അല്ലയൊ സർവഭൂന്യായാധിപതിയായുള്ളൊവെ നീ ദുഷ്ടന്മാരൊടു കൂട നീതിമാനെയും നശിപ്പിക്കുമൊ പക്ഷെ ആ പട്ടണങ്ങളിൽ 50 നീതിമാന്മാർ ഉണ്ടായാൽ അവർ ഹെതുവായിട്ട ക്ഷമിക്കാതിരിക്കുമൊ എന്ന ആബ്രഹാം ചൊദിച്ചാറെ സദൊമിൽ 50 നീതിമാന്മാരെ ഞാൻ കാണുന്നെങ്കിൽ ക്ഷമിക്കും എന്ന യഹൊവ കല്പിച്ചു. ആബ്രഹാം പിന്നെയും പൊടിയും വെണ്ണീറുമായിട്ടും ഞാൻ ഇപ്പൊൾ കർത്താവിനൊട സംസാരിപ്പാൻ തുടങ്ങിയല്ലൊ 50 നീതിമാന്മാരിൽ 5 പെർ കുറഞ്ഞ പൊയെങ്കിലൊ അഞ്ച പെരുടെ കുറവ നിമിത്തം പട്ടണത്തെ നീ നശിപ്പിക്കുമൊ എന്ന ചൊദിച്ചാറെ നാല്പത്തഞ്ച പെരെ കണ്ടാൽ നശിപ്പിക്കയില്ല എന്ന അരുളപ്പാട കെട്ടതിന്റെ ശെഷം അല്ലയൊ കർത്താവെ അവരിൽ 40 എങ്കിലും 30 എങ്കിലും 20 എങ്കിലും ഉണ്ടായാൽ ക്ഷമിക്കുമൊ എന്നിങ്ങിനെ ക്രമെണ അപെക്ഷിച്ച പൊരുമ്പൊൾ അപ്രകാരം ആകട്ടെ എന്ന യഹൊവ സമ്മതിച്ചു. ഒടുക്കം ഞാൻ ഒന്നും കൂടെ അപെക്ഷിക്കുന്നു പത്ത പെർ മാത്രം ഉണ്ടായാൽ ക്ഷമിക്കുമൊ എന്ന ചൊദിച്ചപ്പൊൾ അങ്ങിനെ ആയാലും ഞാൻ നശിപ്പിക്കയില്ല എന്ന യഹൊവ ചൊല്ലിതീൎത്തുമറകയും ചെയ്തു മറെറ രണ്ടുപെർ സദൊമെ നൊക്കി പൊയിട്ട ആബ്രഹാം തന്റെ സ്ഥലത്തിന്ന മടങ്ങി വന്നു.

ദ്യുസെനാർച്ചാനിമഗ്നെഷുത്വവശിഷ്ടെഷുതൽകുലെ
സത്യെശംമെനിരെകെപിദത്തമൊക്തുപ്രതിശ്രുവം.
യദ്വദ്രാജാകനാനെപിപരമെശ്വരയാജകഃ
എകാകീധൎമ്മരാജാർത്ഥമലൎകീശദകനാമകഃ.
യരുഷലെമദെശെയൊബ്രഹായാപ്യരിസഞ്ജിതെ
ദദൊവാശിഷമുൻകൃഷ്ടാംയഥാശ്രെയാൻകനീയസെ.
അബ്രഹഭ്രാതൃജൊയദ്വല്ലൊത്തൊഭ്രഷ്ടപുരെസ്ഥിതഃ
ഘുമൂരസദ്മദീനാംരക്ഷിതഃ പാപദണ്ഡതഃ.

3. സദൊം ഗമൊറ പട്ടണങ്ങളുടെ നാശം

ആ രണ്ടു ദൂതന്മാർ വൈകുന്നെരത്ത സദൊം പട്ടണത്തിൽ ചെന്നപ്പൊൾ ലൊത്തൻ അവരെ കണ്ടു തൊഴുതു നിങ്ങൾ എന്റെ വീട്ടിൽ രാത്രി പാൎത്തുകൊൾക എന്ന അപെക്ഷിച്ചാറെ അവർ സമ്മതിച്ചു വീട്ടിൽ വരികയും ചെയ്തു. അവരെ സൽക്കരിച്ചതിന്റെ ശെഷം പട്ടണത്തിൽ കുട്ടികൾ മുതലായി വയസന്മാർ വരെയുള്ള അതരാഗികളായ മനുഷ്യർ ഒക്കയും കൂടി ചെന്ന ആ ഭവനത്തെ വളഞ്ഞകൊണ്ടു ഏറവും സൌന്ദൎയ്യമുള്ള ഈ രണ്ടു വഴിപൊക്കരെ ഞങ്ങളു

ടെ ഇച്ഛയ്ക്കു തരെണം എന്ന ക്രുദ്ധിച്ച പറഞ്ഞപ്പൊൾ ലൊത്തൻ പുറത്ത വന്ന വാതിൽ അടച്ച ഇപ്രകാരം ദൊഷം ചെയ്വാൻ വിചാരിക്കരുതെന്ന പറഞ്ഞാറെ അവർ എറവും കൊപിച്ച അവനെ പിടിച്ച തിക്കി വാതിൽ പൊളിപ്പാൻ അടുത്തുവന്ന. ഉടനെ ആ ദൂതന്മാർ കൈകളെ നീട്ടി ലൊത്തനെ അകത്തെക്ക വലിച്ച വാതിൽ അടച്ച പുറത്തുള്ളവക്ക എല്ലാവക്കും അന്ധത പിടിപ്പിക്കയും ചെയ്തു. അങ്ങിനെ അവർ വാതിൽ അന്വെഷിച്ച നടക്കുമ്പൊൾ മഹാ പാപികളുടെ ഈ പട്ടണം നശിപ്പിപ്പാൻ ദൈവം ഞങ്ങളെ അയച്ച ഇവിടെ നിണക്ക മറവല്ലവരും ഉണ്ടൊ മരുമകനൊ പുത്രിമാരൊ വല്ലവർ ഉണ്ടെങ്കിൽ അവരും നീയും ക്ഷണത്തിങ്കൽ പട്ടണം വിട്ട പുറത്ത പൊകെണം എന്ന ദൂതന്മാർ പറഞ്ഞതിനെ കെട്ടിട്ട, പുത്രിമാരെ കെട്ടുവാൻ നിയമിച്ചിരുന്ന പുരുഷന്മാരൊട ലൊത്തൻ ആ കാര്യം അറിയിച്ച. ദൈവം ഈ പട്ടണം നശിപ്പിക്കും എന്ന പറഞ്ഞതു മറും അവക്ക കളിവാക്കായി തൊന്നി. പിന്നെ നെരം പുലരുമ്പൊൾ ദൂതന്മാർ ലൊത്തനെ ബദ്ധപ്പെടുത്തി ഈ പട്ടണക്കാരുടെ പാപത്താൽ നീയും നശിച്ച പൊകെണമൊ പൊകെണ്ടയെങ്കിൽ ഭാര്യാ പുത്രിമാരെ മാത്രം കൂട്ടികൊണ്ട വെഗം പൊയികൊള്ളെണം എന്ന പറഞ്ഞ ശെഷവും താമസിച്ചാറെ ദൈവാനുഗ്രഹത്താൽ അവർ അവന്റെ കൈയും ഭാര്യയുടെ കൈയും പിടിച്ച പുത്രിമാരൊട കൂടി പുറത്ത കൊണ്ടുപൊയി അയക്കുകയും ചെയ്തു. പ്രാണരക്ഷയ്ക്കായിട്ട പാഞ്ഞ പൊക മറിഞ്ഞ നൊക്കരുത എന്നും സമഭ്രമിയിൽ എങ്ങും നില്ക്കയും അരുത എന്നും വിളിച്ചരുളി ചെയ്തു. ലൊത്തന്റെ ഭാര്യ വഴിയിൽനിന്ന മറിഞ്ഞ നൊക്കിയപ്പൊൾ അവൾ ചത്ത ഉപ്പുതൂണായി തീരുകയും ചെയ്തു. മറെയവർ സൊവാർ എന്ന ഊരിലെത്തും കാലത്ത സൂര്യൻ ഉദിച്ചപ്പൊൾ യഹൊവ സദൊം മുതലായ പട്ടണങ്ങൾമെൽ സ്വർഗ്ഗത്തിലുള്ള യഹൊവയിൽയിന്ന ഗന്ധകത്തെയും അഗ്നിയെയും വർഷിപ്പിച്ച അവറെ ചരാചരങ്ങളൊടും കൂട സമഭ്രമിയും ഒക്കവെ മറിച്ച കളഞ്ഞു. ആ സ്ഥലം കടലായി തീർന്ന ശവക്കടൽ എന്നും ഉപ്പുപൊയ്ക എന്നും പെരും ഉണ്ടായി. ഇങ്ങിനെ അതിക്രമക്കാരെ ദൈവം ശിക്ഷിച്ച നീതിമാന്മാരെ ഉദ്ധരിക്കും എന്നുള്ളതിന്ന ആ പാഴായ ദെശം സ്ഥിര അടയാളമായി ഇന്നും കാണ്മാനുണ്ട. ലൊത്തന്റെ മക്കൾ അവനൊട കൂട ഒരു ഗുഹയിങ്കൽ പാർക്കും കാലത്ത പുത്രസന്വത്ത ആഗ്രഹിച്ച അധർമ്മവശാൽ ഗർഭം ഉണ്ടായതിൽ രണ്ട ജാതികൾക്ക പിതാക്കന്മാരാകുന്ന മൊവാബ അമ്മൊൻ എന്ന പുത്രന്മാർ ജനിച്ച ആ ദിക്കിൽ വളരുകയും ചെയ്തു.

യഥാകാലെഹിനൊഹസ്യതന്നാവാരൊഹണാവധി
ഭക്ഷതിപാനവിവാഹാദിപ്രവൃത്തെഷ്വഖിലെഷ്വപി.

ഭ്രമിവാസിഷ്വനിശ്ശങ്കം തതൊകസ്മാൽജലപ്ലവഃ
സർവപ്രളയകാര്യായാൽതഥാസ്വാഹെനരാത്മജഃ.

യഥാലൊത്തസ്യകാലെവാസദ്ഭൂമപുരവാസിഷ്വ
തസ്യനിർഗ്ഗതിപര്യന്തംഭുഞ്ജാനെഷ്വതിനിർഭയം.

വിക്രീണത്സുതഥാക്രീണത്സ്വാലയാൻരചയത്സുച
വചത്സുചാപതൽ ഗന്ധാശ്മാഗ്നിവർഷൊഖിലാന്തകഃ.

അന്തരീക്ഷാത്തഥാസമ്മഗാത്മീയദിവസെഹഠാൽ
ദുഷ്ടനാശീന്യപുത്രൊപിഹ്യവഭാസിഷ്യതെഭവി.

ദിനെമുഷ്മിൻ ഗൃഹാൽസ്വീയാദ്യഃ സ്യാൽ ബഹിരവസ്ഥിതഃ
സദ്രവ്യംബഹിരാനെതുംഗൃഹംമാപ്രതിയാതുസഃ.

പത്നീംസ്മരതലൊത്തസ്യയാജ്വലൽപുരമീക്ഷിതും
പരാവൃത്താഽസൂതെ ശാജ്ഞാപാക്യസ്തംഭാഭവത്തദാ.

4. ആബ്രഹ പുത്ര ജനനം

ദാസിപുത്രനായ ഇശ്മയെൽ ജനിച്ചിട്ട് 13 ആണ്ടിൽ ദൈവം ആബ്രഹാമിനൊട അറിയിച്ച കാലം വന്നപ്പൊൾ വൃദ്ധയായ സാരാ ഗർഭം ധരിച്ചു നൂറുവയസ്സുള്ള ഭർത്താവിന്ന ഒരു പുത്രനെ പ്രസവിച്ചു. എട്ടാം ദിവസത്തിൽ അച്ചൻ അവനെ ചെലകമ്മം കഴിച്ചു യിസ്ഹാക്ക എന്ന പെർ വിളിക്കയും ചെയ്തു. മൂന്നാം വയസ്സിൽ അവന്ന ഒരു അടിയന്തരം കഴിക്കുന്ന ദിവസത്തിങ്കൽ ഇശ്മയെൽ പരിഹസിക്കുന്നതിനെ സാരാ കണ്ടു. ഈ ദാസിപുത്രൻ എന്റെ മകനൊടുകൂടെ അവകാശിയാകയില്ല അടിമയെയും അവളുടെ മകനെയും പുറത്ത തള്ളുക എന്ന ആബ്രഹാമിനൊട പറഞ്ഞതു അവന്ന എററം അനിഷ്ടമായി വന്ന എന്നാറെ ദൈവം കല്പിക്കുന്നതവൻ കെട്ടതെന്തെന്നാൽ അടിമസ്ത്രീയെ കുറിച്ച സാരാ പറഞ്ഞതുകൊണ്ടു അപ്രിയം തൊന്നരുതു ഞാൻ കല്പിച്ച വിശിഷ്ട സന്തതി ഇസ്ഹാക്കിൽനിന്നുണ്ടാകും ആയതകൊണ്ടു സാരയുടെ വാക്ക എല്ലാം നീ അനുസരിക്ക ദാസിപുത്രനും നിങ്കൽനിന്ന ജനിച്ചവനാകകൊണ്ടു അവനെയും ഞാൻ വിചാരിച്ച ഒരു ജാതിയാക്കും എന്നരുളിചെയ്ത ശെഷം ആബ്രഹാം അപ്പവും വെള്ളത്തുരുത്തിയും എടുത്ത ഹാഗാരിന്ന കൊടുത്തു അവളെ പുത്രനൊടു കൂട അയക്കയും ചെയ്തു. അവൻ പൊയിട്ട കാട്ടിൽ ഉഴന്ന വലഞ്ഞു തൊലിൽ ഉള്ള വെള്ളം ശിലവായതിൽ പിന്നെ മകൻ ദാഹിച്ചു വലഞ്ഞിരുന്ന. ആയവനെ കാട്ടിൽ ഒരു മരത്തിന്റെ ചുവട്ടിൽ കിടത്തി ബാലന്റെ മരണം ഞാൻ നൊക്കയില്ല എന്ന വെച്ചു ദൂരത്തപൊയി നിന്ന ഉറക്ക നിലവിളിച്ച കരകയും ചെയ്തു. ബാലന്റെ ഞരക്കം ദൈവം കെട്ടിട്ട ഒരു ദൂതൻ ആകാശത്തനിന്ന ഹാഗാരിനെ വിളിച്ചു നിണക്ക എന്തു വെണം പെടിക്കരുത ബാലന്റെ ശബ്ദം യഹൊവ കെൾക്ക കൊണ്ടു എഴുനീറു ബാലനെ എടുത്തു കൈയിൽ പിടിച്ചുകൊൾക എന്ന പറഞ്ഞതു കെട്ട അവൾ അപ്രകാരം ചെയ്തു. പിന്നെ ദൈവം അവൾക്ക കണ്ണു തുറന്നാറെ ഉറവുവെള്ളം കണ്ടു അതിൽനിന്ന നീർ കൊരി ബാലനെ കുടിപ്പിച്ചു ദൈവം അവനൊട കൂടെ ഉണ്ടാകകൊണ്ടു അവൻ വളന്ന കാട്ടിൽ പാർത്തു വില്ലാളിയും ബലവാനുമായിതീന്ന അവന്റെ പുത്രരായി പന്ത്രണ്ടു പ്രഭുക്കൾ ജനിച്ചതുമല്ലാതെ..... ഇന്നും ചെലാസംസ്കാരവും പ്രമാണിച്ചു കൊണ്ടിരിക്കുന്ന.

ശൈഥാഗ്രത്വൽപരിച്ഛെദശ്ചിഹ്നംയൊവിഭ്രസംവിദഃ
പുംനാമകരണംചാദ്യൊധർമ്മസംസ്കാരഎവസഃ.

യംചകാരെശ്വരാദിഷ്ടൊ ബ്രഹൊവിശ്വാസിനാം പിതാ
ബാലമീശഹകംസ്വീയാം ശ്ചിഷ്മയെലാദികാഖിലാൻ.

ഇഷ്മയെലൊഭവാസ്തസ്മാദാരബാസ്തെഭ്യഎവച
ജാതൊമുഹമ്മദഃപശ്ചാൽഖൃഷ്ടീയാഹിതശാസ്ത്രകൃൽ.

അതശ്ചാപ്യഖിലാവർഗ്രാസ്തദസത്യാദ്ധ്യഗാമിനഃ.
സംസ്കാരംസംലഭന്തെമും പൊഗണ്ഡാഇഷ്മയെലവൽ.

സംവിദ്ദായാംശിനസ്നെനംസപിതെശഹകൊയഥാ
അഷ്ടമെഹ്നിതഥാപ്രാപുസ്സുഹരശ്രദ്ധാധർമ്മലക്ഷണം.

തദവംശീയാദ തൊപ്യഗ്ര്യാദ്യസ്മാൽ പ്രാപ്യംഹിമംഗലം
അബ്രഹാദ്യാഃസുവിശ്വാസാഃ സർവവംശെഷ്ടമെനിരെ.

5. ഇസ്ഹാക്കിനെ ബലികായർപ്പിച്ചത

ഈ കാര്യങ്ങൾ കഴിഞ്ഞതിന്റെ ശെഷം ദൈവം അബ്രഹാമിനെ പ രീക്ഷിക്കെണ്ടതിന്ന അല്ലയൊ നിണക്ക എററവും പ്രിയനായ ഇസ്ഹാക്കി നെ നീ ഇപ്പൊൾ കൂട്ടികൊണ്ട മൊറിയദെശത്തെക്ക ചെന്ന ഞാൻ കാണികു ന്ന മലശിഖരത്തിന്മെൽ അവനെ ഹൊമബലിയായി കഴിക്ക എന്ന പറഞ്ഞു. അപ്പൊൾ അബ്രഹാം അതികാലത്തെ എഴുന്നീറു കഴുതെക്ക ജീൻ കെട്ടി ബ ലിക്ക വിറക കീറിച്ച മകനെയും രണ്ട പണിക്കാരെയും കൂട്ടികൊണ്ട ദൈവം കല്പിച്ച ദെശത്തെക്ക പൊകയും ചെയ്ത. മൂന്നാം ദിവസം ആ മല കണ്ട പ്പൊൾ ഇവിടെ കഴുതയൊട കൂടെ ഇരിപ്പിൻ ഞാനും പുത്രനും അങ്ങൊട്ടചെ ന്ന വന്ദിച്ച തീർത്ത മടങ്ങിവരാം എന്ന കല്പിച്ച വിറകെടുത്ത യിസ്ഹാ ക്കിന്റെ ചുമലിൽ വെച്ച തന്റെ കൈയിൽ അഗ്നിയും പീശ്ശാംകത്തിയും എ ടുത്ത ഇരിവരും ഒന്നിച്ച നടക്കയും ചെയ്ത. നടക്കുമ്പൊൾ യിസ്ഹാക്ക പറ ഞ്ഞു അല്ലയൊ ജനക തീയും വിറകും ഉണ്ടല്ലൊ ഹൊമബലിക്കായിട്ട ആട്ടിൻ കുട്ടി എവിടെ എന്ന ചൊദിച്ചതിന്ന എന്റെ പുത്രനെ ഹൊമബലിക്കായി ദൈവം തനിക്ക തന്നെ ഒരാട്ടിൻകുട്ടിയെ നൊക്കികൊള്ളും എന്നാബ്രഹം ഉത്ത രം കല്പിക്കയും ചെയ്ത. ഇരിവരും ഒന്നിച്ച നടന്ന ദൈവം കല്പിച്ച ദി ക്കിൽ എത്തിയാറെ ആബ്രഹാം ബലിപീഠം പണിചെയ്ത വിറകു അടുക്കി തന്റെ പുത്രനെ കെട്ടി പീഠത്തിൽ വിറകിന്മീതെ കിടത്തുകയും ചെയ്ത. അ നന്തരം കൈ നീട്ടി പുത്രനെ അറുക്കെണ്ടതിന്ന കത്തി എടുത്ത സമയത്തിങ്കൽ യഹൊവയുടെ ദൂതൻ ആകാശത്തുനിന്ന പറഞ്ഞതുകെട്ട ആബ്രഹാമെ ആബ്രഹാ മെ ഈ കുഞ്ഞന്റെ മെൽ നിന്റെ കൈ വെക്കരുതെ നീ ദൈവത്തെ കുറിച്ച ഭയമുള്ളവനാകുന്ന എന്ന ഇപ്പൊൾ ഞാനറിയുന്ന എന്ന കെട്ടതുകൊണ്ട ആബ്ര ഹാം നൊക്കുമ്പൊൾ പിന്നിൽ ഒരാണാട്ടിനെ കാട്ടിൽ കൊമ്പു കുടുങ്ങികണ്ട ചെന്ന പിടിച്ച മകന്ന പകരം അതിനെ ഹൊമബലി കഴിച്ച. പിന്നെ യ ഹൊവയുടെ ദൂതൻ ആകാശത്തുനിന്ന ആബ്രഹാമിനൊട വിളിച്ച പറഞ്ഞ അ തിപ്രിയമുള്ള എകപുത്രനെ വിരൊധിക്കാതെ അർപ്പിച്ചതുകൊണ്ട ഞാൻ നി ന്നെ അനുഗ്രഹിക്കും എന്നും നിന്റെ സന്തതിയെ ആകാശത്തുള്ള നക്ഷത്രങ്ങളെ പൊലെയും കടൽ കരയിലെ മണൽ പൊലെയും വർദ്ധിപ്പിച്ച നിന്റെ സന്ത തികൊണ്ട ഭ്രമിയിലുള്ള എല്ലാ ജാതികളെയും അനുഗ്രഹിക്കും എന്നും ഞാൻ എ ന്നെ തന്നെ ആണയിട്ട എന്നിപ്രകാരം യഹൊവ കല്പിച്ച. ആബ്രഹാം തൻ പു ത്രനൊട കൂട പൊയി ദാസന്മാരൊടും ചെർന്ന ബെർശബ്ബ പൊന്ന അവിടെ പാർക്കയും ചെയ്ത.

6. സാറാ മരിച്ചത

ആബ്രഹാം (60) വയസ്സ വരെക്കും കനാൻ ദെശത്തിൽ പാർക്കും കാലം അതിൽ ഒരടിനിലം പൊലും ഇല്ലാതെ ആടുകാളകളെയും മറും അങ്ങിടിങ്ങി ട കൊണ്ടുപൊയി മെച്ച കനാന്യരുടെ ഇടയിൽ അന്യ പരദെശിയുമായിരുന്ന അങ്ങിനെ ഇരിക്കുമ്പൊൾ സാറാ ഹെബ്രൊനിൽനിന്ന മരിച്ചാറെ ശവം അട ക്കുന്നതിന്ന തനിക്ക ഒർ സ്ഥലമില്ലായ്കകൊണ്ട ഹെത്തഗൊത്രക്കാരൊട നിങ്ങ ളുടെ ഇടയിൽ ശവം അടക്കുന്നതിന്ന എനിക്ക ഒർ തൊട്ടം അനുഭവമായിട്ട ത ന്നാൽ ഭാര്യയെ ഞാൻ കുഴിച്ചിട്ടുകൊള്ളാം എന്ന പറഞ്ഞപ്പൊൾ ഞങ്ങളുടെ ഗ്ര ഹകളിൽ വെച്ച നിണക്കിഷ്ടമായതിൽ മരിച്ചവളെ കുഴിച്ചിടുക അതിന്ന ഞ ങ്ങൾ വിരൊധം പറയുന്നില്ല എന്നവർ കല്പിച്ചാറെ വില കൊടുക്കാതെ

ഒരു നിലം എടുപ്പാൻ ഇഷ്ടമില്ലാഞ്ഞുകൊണ്ടു തന്റെ ഇഷ്ടപ്രകാരം ഹെബ്രോനി ലുള്ള ഒരിരട്ടിഗുഹയെയും തൊട്ടത്തെയും ആബ്രഹാമിന്നു കൊടുത്തു നാന്നൂറ രുപ്പിക തുക്കം വെള്ളി ആവർ വാങ്ങുകയും ചെയ്തു. ആബ്രഹാം ഭാര്യയായ സാ രായെ ആ നിലത്തെ ഗുഹയിങ്കൽ കുഴിച്ചിട്ടു അതിനെ തനിക്കും കുഡുംബത്തി ന്നും ശ്മശാനം എന്നു കല്പിക്കകൊണ്ടു മുഹമ്മതമാഗ്രക്കാർ ആ പട്ടണം മഹാ പരിശുദ്ധം എന്നു വിചാരിച്ചു അതിന്നു ആബ്രഹാമുടെ നാമങ്ങളിൽ ഒന്നു എടു ത്തു (ദെവസ്നേഹിതൻ എന്നർത്ഥമുള്ള) ഹലീൽ എന്നു പെർ വിളിച്ചുവരുന്നുണ്ടു.

7. ഇസ്ഹാക്ക വിവാഹം കഴിച്ചത

ആബ്രഹാം വൃദ്ധനായ കാലത്തിങ്കൽ തന്റെ പുത്രന്നു വിവാഹം കഴി പ്പിക്കെണം എന്നു വെച്ചു ശ്രേഷ്ഠക്കാരിൽ വിശ്വാസമുള്ളവനായ എലിയെസ രെ വരുത്തി ഈ കനാന്യ സ്ത്രീകളിൽ ഇസ്ഹാക്കിന്നു ഒരു ഭാര്യയെ എടുക്കരുത പദാനരാമിലുള്ള എന്റെ ബന്ധുക്കളെ ചെന്നു കണ്ടു ഒരു സ്ത്രീയെ എടുക്കണം എ ന്നു ഞാൻ ആകാശഭ്രമികളുടെ ദൈവമായ യഹൊവയെ ആണയിട്ടിരിക്കുന്നു എ ന്നു പറഞ്ഞു. പിന്നെ ആ വൃദ്ധൻ യജമാനന്റെ നല്ല വസ്തുക്കളിൽ ചിലതു വാ ങ്ങി ഒട്ടകങ്ങളുടെ മുകളിൽ കയെററി പദാനരാം ദെശത്തുള്ള നാഹൊർ എന്ന വന്റെ പട്ടണത്തിന്നായികൊണ്ടുപൊയി അവിടെ വൈകുന്നെരം ഒരു കിണ ററിൻകരികെ എത്തി ഒട്ടകങ്ങളെ ഇരുത്തി പ്രാർത്ഥിപ്പാൻ തുടങ്ങി അല്ലയൊ ആ ബ്രഹാമുടെ ദൈവമെ ഞാൻ കിണററിന്നരികെ എത്തി നില്ക്കുന്ന ഈ പട്ടണക്കാ രുടെ പുത്രിമാർ വെള്ളം കൊരുവാൻ വരുവാറുണ്ടു അതിൽ യാതൊരുത്തിയൊടു കുടിപ്പാൻ തരെണ്ടതിന്നു പാത്രം ഇറക്കുക എന്നു ഞാൻ അപെക്ഷിക്കുമ്പൊൾ നിണക്കും ഒട്ടകങ്ങൾക്കും കുടിപ്പാൻ ഞാൻ തരാം എന്നു പറയുന്ന ആ സ്ത്രീ തന്നെ നീ നിന്റെ ഭൃത്യനായ ഇസ്ഹാക്കിന്നു നിയമിച്ചവളായിരിപ്പാൻ സംഗതി വ രുത്തെണമെ എന്നാൽ എന്റെ യജമാനനൊടു നീ കൃപ ചെയ്തവൻ എന്നു ഞാൻ അറിയും എന്നീപ്രകാരം പറഞ്ഞു തീരും മുമ്പെ ആബ്രഹാമുടെ ഉടപിറന്നവന്റെ മകനായ ബെതുവെലിന്നു പുത്രിയായ രിബക്കാ പാത്രം ചുമലിൽ വെച്ചുകൊ ണ്ടു പുറപ്പെട്ടു വന്നു. അവൾ കിണററിൽ ഇറങ്ങി പാത്രം നിറച്ചുകൊണ്ടു കരെ റി വന്നപ്പൊൾ ഭൃത്യൻ അവളെ എതിരെല്പാൻ ഒടി കൊറെ വെള്ളം തന്നു എ ന്നെ ആശ്വസിപ്പിക്ക എന്നു പറഞ്ഞതിന്നു കുടിക്ക കർത്താവെ എന്നവൾ ചൊ ല്ലി പാത്രം ഇറക്കി കുടിപ്പാൻ കൊടുത്തു കഴിഞ്ഞാറെ ഒട്ടകങ്ങൾ കുടിച്ചു തീരു വൊളം ഞാൻ കൊരി ഒഴിക്കാം എന്നവൾ പറഞ്ഞു ബദ്ധപ്പെട്ടു വെള്ളം പാ ത്തിയിൽ മതിയാവൊളം ഒഴിച്ചു ആയതു കണ്ടവൻ അതിശയിച്ചു ഉരിയാടാ തിരുന്നശെഷം അവൾക്കു അര രുപ്പിക തുക്കം പൊൻകൊണ്ടുള്ളൊരു മൂക്കുത്തി യും പത്തുരുപ്പിക തുക്കം പൊന്നുകൊണ്ടുള്ള കൈവളകകളെയും കൊടുത്തു. നീ ആരുടെ പുത്രി എന്നും നിങ്ങളുടെ ഭവനത്തിൽ രാത്രി പാർപ്പാൻ സ്ഥലമുണ്ടൊ എന്നും ചൊദിച്ചതിന്നുത്തരമായി അവൾ നാഹൊരുടെ പുത്രനായ ബെതുവെൽ എന്റെയച്ചൻ എന്നും വൈക്കൊലും തീനും വെണ്ടുവൊളം വീട്ടിൽ ഉണ്ടു രാത്രി പാർപ്പാൻ സ്ഥലവും ഉണ്ടു എന്നും പറഞ്ഞതുകെട്ടു അവൻ തല കുമ്പിട്ടു യഹൊ വയെ വന്ദിച്ചു പറഞ്ഞു ഹെ ആബ്രഹാമുടെ ദൈവമെ നിന്റെ കരുണയും സത്യ വും യജമാനങ്കൽനിന്നു നീക്കാതെ അവന്റെ വംശക്കാരുടെ അകത്തു ഇത്ര വെ ഗത്തിൽ നീ എന്നെ പ്രവെശിപ്പിച്ചതുകൊണ്ടു ഞാൻ സ്തുതിക്കുന്നു എന്നു വന്ദി ക്കും കാലത്തിൽ ആ കന്യകാ അമ്മയുടെ വീട്ടിൽ ഒടിചെന്നു വസ്തുത ഉണത്തി ച്ചു. അപ്പൊൾ അവളുടെ അനുജനായ ലാബാൻ ആ ആഭരണങ്ങളെ കണ്ടിട്ടു കൊടുത്ത ആളെ ഒടി ചെന്നു കണ്ടു അല്ലയൊ ദെവാനുഗ്രഹത്തൊടു കൂടിയവനെ പുറത്തു എന്തിന്നായി നില്ക്കുന്നു അകത്തെക്കു വരിക എന്നു ചൊല്ലി അവനെ വി ളിച്ചു കൊണ്ടുപൊയി വീട്ടിൽ ആക്കി ഭക്ഷണവും വരുത്തി വെച്ചാറെ എന്റെ

വത്തമാനം പറയുന്നതിന്ന മുമ്പെ ഞാൻ ഭക്ഷിക്കയില്ല എന്നവൻ പറഞ്ഞപ്പൊൾ വർത്തമാനം പറഞ്ഞാലും എന്ന ലാബാൻ കല്പിച്ചു അങ്ങിനെ തന്റെ അവ സ്ഥ ഒക്കയും കിണററിന്റെ സമീപത്തുണ്ടായതും വിവരമായി അറിയിച്ചത കെട്ട അവളുടെ അച്ചനും അനജനും ഇത ദൈവ കല്പന ആകുന്നെന്നും കണ്ടാലും രിബക്കാ നിന്റെ മുമ്പാകെ നില്ക്കുന്നുണ്ടല്ലൊ അവളെ കൂട്ടികൊണ്ടുപൊക യഹൊവാ കല്പിച്ചപ്രകാരം അവൾ നിന്റെ ഇളയ യജമാനന്ന ഭാര്യയാകട്ടെ എന്നും ഒരുമിച്ചു പറഞ്ഞു. ആ വചനങ്ങളെ കെട്ടാറെ എലിയെസർ നിലത്തൊ ളം കുമ്പിട്ടു യഹൊവയെ വന്ദിച്ചു എറിയ വസ്ത്രാഭരണങ്ങളെ എടുത്തു രിബക്കയു ടെ കൈയിലും സംബന്ധക്കാരുടെ കൈയിലും കൊടുക്കയും ചെയ്തു. പി ന്നെ എല്ലാവരും ഭക്ഷിച്ചു രാത്രി പാർത്തു എഴുനീററാറെ യജമാനന്റെ നാട്ടിലെ ക്ക എന്നെ പറഞ്ഞയക്കേണം എന്ന ഭൃത്യൻ ചൊദിച്ചപ്പൊൾ ഈ പുരുഷനൊട നീ കൂട പൊകുമൊ എന്ന അവർ രിബക്കെ വിളിച്ചു ചൊദിച്ചു പൊകാം എന്ന അവൾ പറഞ്ഞതിന്ന നീ കൊടി ജനങ്ങൾക്ക മാതാവായി ഭവിക്കട്ടെ എന്ന അവരവളെ അനുഗ്രഹിച്ചു ദാസികളൊടും കൂടെ പറഞ്ഞയച്ചു ഭൃത്യൻ അവളെ കൂ ട്ടികൊണ്ടു പൊയി യജമാനൻ പാർക്കുന്ന ദെശത്തിന്ന അടുത്തു ചെന്നപ്പൊൾ യിസ്ഹാക്ക വൈകുന്നേരത്ത ധ്യാനിപ്പാനായിട്ടു പറമ്പിൽ പുറത്ത പൊയി സൂക്ഷിച്ചു നൊക്കുമ്പൊൾ ഒട്ടകങ്ങൾ വരുന്നത കണ്ടു എതിരെ പൊയി രിബ ക്കയും യിസ്ഹാക്കിനെ കണ്ടിട്ടു ഇവർ ആർ എന്ന ചൊദിച്ചാറെ ഇവർ തന്നെ എന്റെ യജമാനൻ എന്ന ഭൃത്യൻ പറഞ്ഞവുടനെ അവൾ ഒട്ടകത്തിന്റെ പുറത്ത നിന്ന ഇറങ്ങി മൂടപടം കൊണ്ടു തന്നെ മൂടി വന്ദിച്ച യിസ്ഹാക്ക അവളെ അമ്മ പാർത്തിരുന്ന കൂടാരത്തിൽ കൂട്ടികൊണ്ടുപൊയി വിവാഹം കഴിച്ചുകൊണ്ടു മാതൃ മരണ ദുഃഖം തീക്കയും ചെയ്തു. അവന്ന അക്കാലത്തു നാല്പത വയസ്സാ യിരുന്ന ആബ്രഹാമും പിന്നെയും കെടൂര എന്നവളെ വിവാഹം കഴിച്ചതിനാൽ മെദാൻ മീദ്യാൻ ദെദാൻ ശെബാ മുതലായ അറബിജാതികൾക്കും കാരണനാ യി തീർന്ന ഇങ്ങിനെ ഉണ്ടായ പുത്ര പൌത്രന്മാരെ കാഴ്ചകളെ കൊടുത്തു കിഴ ക്കൊട്ട വിട്ടയച്ചു അവകാശം ഒക്കയും വാഗ്ദത്തപുത്രനായ യിസ്ഹാക്കിന്ന എ ല്പിച്ചു കൊടുത്തു അതിന്റെ ശെഷം ദൈവ മിത്രനായ ആബ്രഹാം 175ആം വയസ്സിങ്കൽ മരിച്ചു തന്റെ ജനത്തൊടെ ചെരുകയും ചെയ്തു.

എകഈശഹകെബ്രാഹൊനെതരെഷുത്തുകെഷുചിൽ
ഇഷ്മയെലാദിപുത്രെഷുസ്വസംവിദ്ദായമാദധൌ.
തംസംജീവയിതുംഭ്രയഃശക്തസ്യെശസ്യചാജ്ഞയാ
ആദിവംശംസുതം ഹൊതും സുപ്രിയംപ്രസൂതുതൊഭവൽ.
നിരുദ്ധസ്തുവീശദയയാപുത്രംസംലഭ്യജീവിതം
പരംവിനയഹെതൊസ്തുതദാപ്രാപാശിഷംവിഭൊഃ.
തസ്മിം സ്ത്ര സുന്ദരെ ദെശെ സെവാൽപാദ്യെഭ്യഃ പ്രതി ശ്രുതെ
ഉദാസീനൊവസൽപ്രെതെപിതരീശഹകസ്തുദാ.
തത്രസൊജനയൽപുത്രൌ യാകൊബൈസാവനാമ കൌ
തയൊർജ്യെഷുസ്തുനപ്രാപ്നൊ ദെസാവഃ പൈതൃകാശിഷം.

8. ഇസ്ഹാക്കിന്റെ പുത്രസമ്പത്തു

ഇസ്ഹാക്കിന്നറുപത വയസ്സാവൊളം രിബക്കാ മച്ചിയായിരുന്നതുകൊ ണ്ടു അവൻ അവൾക്കായികൊണ്ടു യഹൊവയൊടപെക്ഷിച്ചാറെ ദൈവാനുഗ്രഹ ത്താൽഅവൾ ഗർഭം ധരിച്ചു അങ്ങിനെ ഇരിക്കും കാലം ദൈവത്തൊടവൾ ഒന്ന ചൊദിച്ചപ്പൊൾ നിന്റെ ഗർഭത്തിൽ പ്രധാനജാതികളായിവരുന്ന രണ്ടു ബാ ലന്മാരുണ്ടു അവരിൽ വലിയവൻ ചെറിയവനെ സെവിക്കും എന്ന കല്പിച്ച പ്ര

കാരം തന്നെ അവൻ രണ്ട പുത്രന്മാരെ പ്രസവിക്കയും ചെയ്ത. മൂത്തവന്ന എസാ
വെന്നും ഇളയവന്ന യാക്കൊബെന്നും പെർ വിളിച്ച എസാവ നായാട്ടുക്കാരനാ
യി കാട്ടിൽ സഞ്ചരിച്ച കൊണ്ട പലവിധ മാംസങ്ങളെ കൊണ്ടവന്ന വൃദ്ധനാ
യ അച്ചന്ന പ്രസാദം വരുത്തി യാക്കൊബ പിതാക്കളുടെ മുറപ്രകാരം കൂടാരങ്ങ
ളിൽ പാത്ത ആടുംമറും മെച്ചുകൊണ്ട ദൈവഭക്തനും മാതാവിന്ന വളരെ പ്രിയ
നുമായി തീന്ന. ഒർ ദിവസം എസാവ നായാട്ടിന്നുപൊയി ആലസ്യത്തൊടവ
രുമ്പൊൾ അനുജനെ അടുക്കളയിൽ കണ്ടിട്ട ആ ചുവന്ന കാണുന്നത എനിക്ക തി
ന്മാൻ തരെണം എന്ന ചോദിച്ചാറെ നീ ജനന ശ്രുതത്തെ ഇപ്പൊൾ എനിക്ക
കൊടുത്താൽ ഈ പുഴുങ്ങിവെച്ച പയറ ഞാൻ തരാം എന്ന യാക്കൊബ പറഞ്ഞിട്ട
എസാവ ഞാനും മരിക്കെണ്ടതല്ലൊ ഈ ജനന ശ്രുതം കൊണ്ട എനിക്ക എന്ത
എന്നും ആ ശ്രുതം നിണക്ക തന്നുപൊയി എടുത്തുകൊണ്ടാലും എന്നും സത്യം
ചെയ്ത കൊടുത്ത അതിനെ യാക്കൊബ പരിഗ്രഹിച്ച പയറും അപ്പവും വിള
മ്പി കൊടുത്തപ്പൊൾ ആയവൻ ഭക്ഷിച്ച കുടിച്ച എഴുനീറു പോകയും ചെയ്ത.
ഇപ്രകാരം എസാവ തന്റെ ജനന ശ്രുതത്തെ നിരസിച്ചതും അല്ലാതെ കണ്ട
അച്ചന്റെ സമ്മതംകൂടാതെ ചങ്ങാതികളായ കനാന്യരിൽ രണ്ട സ്ത്രീ
കളെ കെട്ടി കൊണ്ടതിനാൽ മതാപിതാക്കന്മാക്ക വളരെ മനസ്താപമുണ്ടാ
കുകയും ചെയ്ത. ഇങ്ങിനെയുണ്ടായ നിത്യ കലഹത്തിനാലും ചുറുമു
ള്ള ജനങ്ങളുടെ അസൂയയാലും നൂറു വയസ്സായിരിക്കുന്ന ഇസ്ഹാക്കി
ന്ന മനഃപീഡ എറെ സംഭവിച്ചിട്ടും തന്റെ ശാന്തികൊണ്ടും ദൈവനാ
ഗ്രഹം കൊണ്ടും ദേശക്കാരുടെ ഉപദ്രവം ഒക്കയും അടങ്ങി സമ്പത്ത വള
രെ വർദ്ധിച്ച ശത്രുക്കളും ബന്ധുക്കളായി തീർന്ന. നൂറമുപ്പതെഴാം വയസ്സിൽ
കണ്ണിന്റെ കാഴ്ച ചുരുങ്ങി വരികയാൽ അവൻ എസാവിനെ വിളിച്ച ഞാൻ
വൃദ്ധനാകയാൽ മരണ സമയം അടുത്തിരിക്കും എന്നും ഇപ്പൊൾ നീ നായാട്ട
കഴിച്ച നല്ല മാംസം കൊണ്ടവന്ന ഇഷ്ടമായിട്ടുള്ളതിനെ പാകം ചെയ്തിച്ച ഭക്ഷി
പ്പാറാക്കി തരെണം അതിന്റെ ശെഷം നിന്നെ ഞാൻ അനുഗ്രഹിക്കും എന്നും പറ
ഞ്ഞു ജ്യെഷ്ഠനെ അയച്ചതിനെ അമ്മ കെട്ടാറെ ആ വർത്തമാനം ഒക്കയും തന്റെ
പ്രിയപുത്രനൊട അറിയിച്ച പിതാവിന്നിഷ്ടമുള്ളത ഞാനും ഉണ്ടാക്കി തരാം
അതിനെ നീ കൊണ്ടുപൊയി അച്ചന്ന കൊടുത്ത പ്രസാദം വരുത്തി അച്ചന്റെ
അനുഗ്രഹം വാങ്ങെണം എന്ന പറഞ്ഞപ്പൊൾ ജ്യെഷ്ഠന്ന തടിച്ച രൊമവും എനി
ക്ക നെരിയതായും ഉള്ളതിന്റെ അച്ചൻ അറിഞ്ഞതാകകൊണ്ട എന്നെ തൊട്ട
നൊക്കുമ്പൊൾ ഞാൻ ചതിയൻ എന്നറിഞ്ഞ അനുഗ്രഹത്തെയല്ല ശാപത്തെ ത
രും എന്ന പറഞ്ഞത കെട്ട ഭയപ്പെടെണ്ട ശാപം ഒക്ക എന്റെ മെൽ വരട്ടെ ഞാൻ
പറഞ്ഞപ്രകാരം നീ ചെയ്ക എന്ന അമ്മ പറഞ്ഞ വെള്ളാട്ടിൻകുട്ടിയെ കൊ
ല്ലിച്ചെടുത്ത തൊൽ അവന്റെ കൈക്കഴുത്തുകളിന്മെൽ ഇട്ട ജ്യെഷ്ഠന്റെ വസ്ത്രങ്ങ
ളെ ഉടുപ്പിച്ച താനുണ്ടാക്കിയ രുചിയുള്ള പദാർത്ഥങ്ങളെയും എടുപ്പിക്കയും ചെ
യ്ത. പിന്നെ അവൻ വീട്ടിൽ പ്രവെശിച്ച എന്റെ അച്ച എന്ന പറഞ്ഞാറെ അ
വൻ പുത്ര നീ ആർ എന്ന ചൊദിച്ചപ്പൊൾ ഞാൻ നിൻറാദ്യജാതനായ എസാവ
എന്നൊട കല്പിച്ചപ്രകാരം ചെയ്തതുകൊണ്ട എഴുനീററിരുന്ന ഈ കൊണ്ടവന്നത
ഭക്ഷിച്ചിട്ട എന്നെ അനുഗ്രഹിക്കെണമെ എന്നപെക്ഷിച്ചപ്പൊൾ ഇസ്ഹാക്കവ
നെ തൊട്ടനൊക്ക ശബ്ദം യാകൊബിന്റെ ശബ്ദം കൈകൾ എസാവിന്റെ
കൈകൾ എന്നും നീ എസാവുതന്നെയൊ എന്നും ചൊദിച്ചതിന്ന ഞാന്തന്നെ എ
ന്ന പറഞ്ഞ ഉടനെ അവൻ ഭക്ഷിച്ച കുടിച്ചതിന്റെ ശെഷം പുത്ര നീ അടുത്തുവ
ന്ന എന്നെ ചുംബിക്ക എന്ന കല്പിച്ചപ്രകാരം ചുംബിച്ചപ്പൊൾ അല്ലയൊ പുത്ര
ദൈവം ആകാശത്തെ മഞ്ഞിൽനിന്നും ഭൂമിയുടെ പുഷ്ടിയിൽനിന്നും വളരെ ധാ
ന്യവും രസവും നിണക്ക തരുമാറാകട്ടെ ജനങ്ങൾ നിന്നെ സെവിക്കയും ജാതി
കൾ നിന്നെ വണങ്ങുകയും ചെയ്യട്ടെ നീ സഹോദരന്മാക്കും യജമാനനായി വർദ്ധി
ക്കെണമെ നിന്നെ ശപിക്കുന്നവന്ന ശാപവും അനുഗ്രഹിക്കുന്നവന്ന അനുഗ്രഹവും
വരെണമെ എന്നിപ്രകാരമുള്ള ആശീർവാദത്തൊട കൂട യാക്കൊബ പുറപ്പെട്ട

പ്പൊഴ ജ്യേഷ്ഠനും നായാട്ടുകഴിച്ചു വന്നു പിതാവു കല്പിച്ചതുണ്ടാക്കി കൊണ്ടുചെ
ന്നു അച്ചന്റെറ അരികിൽ വെച്ചു പിതാവെ എന്നെ അനുഗ്രഹിക്കേണ്ടുന്നതിന്നു
എഴുന്നീറു ഭക്ഷിക്കേണം എന്നു പറഞ്ഞത കെട്ടു ഇസ്ഹാക്ക എറവും വിറെച്ചു
മാനിറച്ചി മുമ്പെ കൊണ്ടുവന്നവൻ എവിടെ അവനെ ഞാൻ അനുഗ്രഹിച്ചിട്ടുള്ള
ആ അനുഗ്രഹവും അവനുണ്ടായിരിക്കും നിശ്ചയം എന്നു പറഞ്ഞപ്പൊഴ എസാ
വ വ്യസനപ്പെട്ടു നിലവിളിച്ചു അച്ച എന്നെയും കൂടെ അനുഗ്രഹിക്കേണം എന്ന
പെക്ഷിച്ചതിന്നു അനുജൻ വന്നു കൌശലം കൊണ്ടു നിന്റെറ അനുഗ്രഹം അപഹ
രിച്ചു എന്നച്ചൻ പറഞ്ഞാറെ ഈ രണ്ടു പ്രാവശ്യം ആ ചതിയൻ എന്നെ സ്ഥാന
ഭ്രഷ്ടനാക്കി നീ എനിക്കും ഒരനുഗ്രഹം വെച്ചിട്ടില്ലയൊ എന്നു പൊദിച്ചു അതി
ന്നു യിസ്ഹാക്ക പ്രഭുത്വവും രസധാന്യങ്ങളും അവന്നു ഞാൻ കൊടുത്തിരിക്കകൊ
ണ്ടു നിണക്കു ഞാൻ എന്തു ചെയ്യേണ്ടു എന്നു പറഞ്ഞാറെ ഒരനുഗ്രഹമത്രെ നിണ
ക്കുള്ള അച്ച എന്നെയും കൂടെ അനുഗ്രഹിക്കേണം എന്നു എസാവു പൊല്ലിക്കരെ
ഞ്ഞുകൊണ്ടിരിക്കുമ്പൊഴ പിതാവെ നീ കുടിയിരിക്കും ഭ്രമിയിൽ പുഷ്ടിയും
ആകാശത്തിൽമഞ്ഞും വാളുകൊണ്ടുപജീവനവും നിണക്കുണ്ടാകും അനുജനെ നീ
സെവിച്ചിട്ടും അവന്റെറ നുകത്തെ പറിച്ചു കളവാനുള്ള കാലം വരും എന്നിങ്ങി
നെ എസാവിനെ അനുഗ്രഹിച്ചു ഈ നടന്നതിനെ എസാവു മറക്കാതെ അനുജനെ
ദ്വെഷിച്ചു അച്ചന്റെറ പുലദിവസം കഴിഞ്ഞാൽ യാക്കൊബിനെ ഞാൻ കൊ
ല്ലും എന്നു പറഞ്ഞതിനെ അമ്മ കെട്ടിട്ടു അനുജനെ വിളിച്ചു എന്റെറ പുത്ര നീ
ബദ്ധപ്പെട്ടു ഒടിപൊയി ഹരാനിലുള്ള എന്റെറ ആങ്ങളയൊട കൂടെ പാക്കെണ
മെ ജ്യേഷ്ഠന്റെറ കൊപത്തിന്നു ശാന്തിവരുമ്പൊഴ ഞാൻ ആളെ അയച്ചു നിന്നെ
വരുത്താം ഒരു ദിവസത്തിൽ നിങ്ങളിരുവരും എനിക്കില്ലാതെ പൊകുന്നതെന്തി
ന്നു എന്നു പറഞ്ഞതിൽ പിന്നെ ഭർത്താവിനെ ചെന്നു ഈ ദെശകാരത്തികളെ
യാക്കൊബും വിവാഹം കഴിക്കുന്നെങ്കിൽ ഞാൻ ജീവിച്ചിരിക്കുന്നതിൽ എന്ത
സാരം എന്നിങ്ങിനെ സംസാരിച്ചപ്പൊഴ ഇസ്ഹാക്ക യാക്കൊബിനെ വിളി
ച്ചനുഗ്രഹിച്ചു ഈ കനാന്യരിൽ നീ സ്ത്രീയെ കെട്ടാതെ അമ്മ ജനിച്ച ദെശത്തെ
ക്ക ചെന്നു ലാബാന്റെറ പുത്രിമാരിൽ ഒരുത്തിയെ കൈക്കൊള്ളെണം എന്നാൽ
സർവശക്തനായ ദൈവം നിണക്കും നിന്റെറ സന്തതിക്കും ആബ്രഹാമുടെ അനു
ഗ്രഹത്തെ നല്കി നീ സഞ്ചരിക്കുന്ന ഭ്രമിയെ അവകാശമാക്കി കൊടുത്തു നിന്നെ
എറവും വർദ്ധിപ്പിക്കയും ചെയ്യും എന്നു കല്പിച്ചയക്കയും ചെയ്തു.

9. യാക്കൊബുടെ പ്രയാണ വിവരം

യാക്കൊബ പുറപ്പെട്ടു ഹരാന്നു നെരെ പൊയി ആദിത്യനസ്തമിച്ചപ്പൊഴ
ഒരു സ്ഥലത്തു രാത്രി പാർത്തു കല്ല തലയണയാക്കിവെച്ചു കിടന്നുറങ്ങുമ്പൊഴ
ഒരു കനാവു കണ്ടതെന്തെന്നാൽ ദൈവദൂതന്മാർ കരെറിയും ഇറങ്ങിയും കൊണ്ടി
രിക്കുന്ന ഒരു കൊവണി ഭ്രമിയിൽനിന്നു ആകാശത്തൊളം ഉയർത്തി വെച്ചിട്ടു
ണ്ടായിരുന്നു അതിന്മീതെ യഹൊവ നിന്നു പറഞ്ഞ വചനം അബ്രഹാം ഇസ്
ഹാക്ക എന്ന നിന്റെറ പിതാക്കന്മാരുടെ ദൈവമായ യഹൊവ ഞാനാകുന്നു നി
ണക്കും നിന്റെറ സന്തതിക്കും നീ കിടക്കുന്ന ഭ്രമിയെ ഞാൻ തരും നിന്റെറ സന്ത
തി ഭ്രമണ്ഡലത്തിൽ എല്ലാടവും വർദ്ധിച്ചു സകല വംശങ്ങളുംക്കും അനുഗ്രഹമാ
യിതീരും ഇപ്പൊഴ നീ പൊകുന്ന എല്ലാദിക്കിലും ഞാൻ നിന്റെറ കൂടെ ഉണ്ടാ
യി നിന്നെ കാത്തു ഈ രാജ്യത്തെക്ക പിന്നെയും വരുത്തി കല്പിച്ചപ്രകാരം
ഒക്കയും നിണക്കു വരുവൊളത്തിന്നു നിന്നെ കൈവിടാതെ രക്ഷിക്കും എന്നു കെ
ട്ടപ്പൊഴ യാക്കൊബുണർന്നു ഭയപ്പെട്ടു ഇത ദൈവസ്ഥലം എന്നും എത്ര ഭയങ്കരം
എന്നും സ്വർഗ്ഗത്തിന്റെറ വാതിലെന്നും പറഞ്ഞ നന്ന രാവിലെ എഴുന്നീറു ത
ന്റെറ അണകല്ലിനെ തൂണാക്കി നിറുത്തി എണ്ണ ഒഴിച്ചു ദൈവാലയം എന്നർത്ഥമു

ള്ള ബെത്തെൽ എന്ന പെർ വിളിക്കയും ചെയ്തു. പിന്നെയും പ്രയാണം ചെയ്തു കാട്ടുകളെയും വലിയ പുഴയെയും കടന്നുപൊയിട്ടു ഒരു ദിവസം ദൂരത്തിൽ പട്ടണവും അരികെ കിണറും ആട്ടിങ്കൂട്ടങ്ങളും കണ്ടപ്പൊൾ മെയ്ക്കുന്നവരൊട നിങ്ങൾ എവിടെയുള്ളവർ എന്ന ചൊദിച്ചതിന്ന ഹരാൻ ഊക്കാരെന്ന പറഞ്ഞാറെ നാഹൊരിൻെറ മകനായ ലാബാനെ അറിയാമൊ എന്ന ചൊദിച്ചപ്പൊൾ അറിയും അവൻ സുഖമായിരിക്കുന്ന അതാ അവൻെറ മകൾ ആട്ടുകളൊട കൂട വരുന്ന എന്ന പറഞ്ഞതുകെട്ട അവൾ വെള്ളത്തിന്നായിട്ടു വരുന്നതു കണ്ട ഉടനെ യാക്കൊബ കിണററിൽ മൂട്ടുക്കല്ല ഉരുട്ടി അമ്മാമ്മൻെറ ആട്ടുകളെ വെള്ളം കുടിപ്പിച്ചു രാഹെൽ എന്ന പെരായിട്ട ആ മകളെ ചുംബിച്ചു കരഞ്ഞു നിൻെറ അച്ചൻെറ പെങ്ങളായ രിബക്കാ എൻെറ അമ്മ എന്ന അറിയിക്കയും ചെയ്തു അവളൊടിചെന്ന അവസ്ഥ ഗ്രഹിപ്പിച്ചതു ലാബാൻ കെട്ടു വന്നെതിരെററു മരുമകനെ ചുംബിച്ചു വീട്ടിൽ കൂട്ടികൊണ്ടുപൊയി വർത്തമാനം ഒക്കയും അറിഞ്ഞു നീ എൻെറ മാംസവും അസ്ഥിയുമാകുന്ന സത്യം എന്ന പറഞ്ഞ തന്നൊട്ട പാർപ്പിക്കയും ചെയ്തു. ഒരു മാസം കഴിഞ്ഞ ശെഷം മരുമകനാകകൊണ്ട നീ വ്യഥാ എന്നെ സെവിക്കെണമൊ നിണക്ക എന്ത കൂലി വെണം എന്ന ലാബാൻ ചൊദിച്ചതിന്ന നിൻെറ ഇളയ മകളായ രാഹലിന്നായിട്ടു ഞാൻ എഴ വർഷം നിന്നെ സെവിക്കാം എന്ന പറഞ്ഞു നിശ്ചയിച്ചപ്രകാരം പാത്തു. ആ സുന്ദരിയെ വളരെ സ്നെഹിക്ക കൊണ്ട ഉത്സാഹത്തോടെ സെവിച്ചു എഴ വർഷം അല്പകാലം പൊലെ കഴിക്കയും ചെയ്തു. അനന്തരം ലാബാൻ അടിയന്തരം നിശ്ചയിച്ചു രാത്രിയിൽ കൌശലം കൊണ്ട മൂത്തമകളെ വിവാഹം കഴിപ്പിച്ചതിൽ പിറെറ ദിവസം നീ എന്നെ ചതിച്ചത എന്തെന്ന യാക്കൊബ ചൊദിച്ചാറെ ഇളയവളെ മുമ്പെ കല്യാണം കഴിച്ചു കൊടുക്കുന്നതു നടപ്പല്ല എന്നും ഇനിയും എഴ ദിവസം കഴിഞ്ഞാൽ ഇളയവളെ കൂടെ തരാം എന്നും അതിന്ന മുമ്പെത്തപ്രകാരം ഇനിയും എഴവർഷം എൻെറ അടുക്കൽ തന്നെ പാർക്കെണ്ടിവരും എന്നും പറഞ്ഞ താമസിപ്പിച്ചു അവ്വണ്ണം തന്നെ രണ്ട കല്യാണം കഴിച്ചു പാർത്തതിൻെറ ശെഷം ലെയാ എന്ന ജ്യെഷ്ഠത്തിയെ സ്നെഹിക്കാതെ രാഹലിങ്കൽ അധിക മമത ഭാവിച്ചതു കൊണ്ട ദെവകടാക്ഷത്താൽ ജ്യെഷ്ഠത്തി രൂബൻ ശിമ്യൊൻ ലെവി യഹൂദാ ഇസഖാർ സബുലൂൻ എന്നാറു പുത്രന്മാരെയും ദീനാ എന്ന പുത്രിയെയും പ്രസവിച്ചു അതു കൂടാതെ ദാസി പുത്രന്മാരായിട്ടു ദാൻ നഫ്താലി ഗാർദ അശെർ എന്ന നാല്വരും ജനിച്ചതിൻെറ ശെഷം രാഹലുടെ വലിപ്പം താണുപൊയി എന്ന ദൈവമറിഞ്ഞ അവളിൽ എത്രയും മാഹാത്മ്യമുള്ള യൊസെഫെന്ന പുത്രനെ ജനിപ്പിക്കയും ചെയ്തു. ഇങ്ങിനെ യൊസെഫിൻെറ ജനനത്തൊളം 14 വർഷം പാർത്തതിൻെറ ശെഷം എൻെറ ഭാര്യാപുത്രന്മാരൊട കൂട എന്നെ എൻെറ ദെശത്തെക്കയക്കെണം എന്നപെക്ഷിച്ചപ്പൊൾ ലാബാൻ നിൻെറ സംസർഗ്ഗ നിമിത്തം ദൈവം എന്നെ അനുഗ്രഹിച്ചുനിശ്ചയം എന്നും ഇനിയും കുറെ കാലം പാർക്കെണ്ടതിന്ന ദയ ഉണ്ടായിരിക്കണം എന്നും നിണക്കാവശ്യമുള്ള ശമ്പളം നിശ്ചയിച്ചാൽ ഞാൻ തരാം എന്നും പറഞ്ഞാറെ ഒരു നിറമുള്ള ആട്ടുകളിൽ വളവുരെഖയും മറുവുമുള്ളത ജനിച്ചാൽ അതൊക്കെയും എൻെറ ശമ്പളമാകട്ടെ എന്ന യാക്കൊബിൻെറ വാക്ക ലാബാൻ സമ്മതിക്കയും ചെയ്തു. അപ്രകാരം പാക്കും കാലത്തിങ്കൽ ദൈവാനുഗ്രഹം കൊണ്ട അവന്ന ആട്ടുകളും ഒട്ടകങ്ങളും കഴുതകളും ദാസിദാസന്മാരും വളരെ വർദ്ധിച്ചുവന്ന.

അച്ചന്നുള്ളതൊക്കെയും യാക്കൊബ എടുത്തുകളഞ്ഞു എന്ന ലാബാൻെറ പുത്രർ പറഞ്ഞ വാക്കുകളും കെൾക്കകൊണ്ടും ലാബാൻെറ മുഖപ്രസാദം മുമ്പത്തെ പൊലെ അല്ലാതെ കാൺകകൊണ്ടും സ്വദെശത്തെക്ക പൊകെണം ഞാൻ നിണക്കു സഹായം എന്ന ദൈവനിയൊഗം ഉണ്ടാകകൊണ്ടും ആയവൻ ഭാര്യമാരെ ആട്ടിൻകൂട്ടത്തിൻെറ അടുക്കൽ വരുത്തി എന്നാൽ ആഒവാളം അദ്ധ്വാനം ചെയ്തു സെവിച്ചിട്ടും നിങ്ങളുടെ അച്ചൻെറ ഭാവം എൻെറ നെരെ മുമ്പെ പൊലെ അല്ല കാണുന്ന എന്നും. അവൻ പത്ത വട്ടം വഞ്ചിച്ചു എൻെറ ശമ്പളം മാററീട്ടും എനിക്ക

ദൊഷം വരുവാൻ ദൈവം അനുസരിച്ചിട്ടില്ല എന്നും ദൈവ നിയൊഗവും പറഞ്ഞ പ്പൊൾ അച്ചൻ നമ്മെ വിറുകളകകൊണ്ടു അവന്റെ വീട്ടിൽ ഞങ്ങൾക്ക ഓഹ രിയും അവകാശവും ഇനിയില്ല ദൈവകല്പനപ്രകാരം ഒക്കയും ചെയ്ക എന്നവർ പറകയും ചെയ്തു. അനന്തരം യാക്കൊബ ഭാര്യാപുത്രന്മാരെ ഒട്ടകപുറത്തു കരെറി താൻ സമ്പാദിച്ച മൃഗകൂട്ടങ്ങളെയും മറും എടുത്തു കനാൻ ദെശത്തിൽ പിതാവി ന്റെ അടുക്കൽ പൊകെണ്ടതിന്ന യാത്രയായപ്പൊൾ രാഹൽ ആരും ഗ്രഹിക്കാ തെ പിതാവിന്റെ വിഗ്രഹങ്ങളെ കട്ട പുറപ്പെട്ടു എല്ലാവരും പുഴ കടന്നു ഗിലൃാർ ദ പർവതത്തെ നൊക്കി സഞ്ചരിക്കയും ചെയ്തു അയ്യവസ്ഥ മൂന്നാം ദിവസം ലാ ബാനറിഞ്ഞാറെ സഹൊദരന്മാരൊട കൂട എഴ ദിവസത്തെ വഴി അവന്റെ പി ന്നാലെ ഒടിചെന്നു ആ പർവതത്തിൽ അവനെ കണ്ടെത്തീട്ടു നീ എന്നെ അറി യിക്കാതെ ചതിച്ചു എന്റെ പുത്രിമാരെ ഒളിച്ചു കൊണ്ടുപൊന്നതെന്തെ ഞാൻ സന്തൊഷിച്ചു അവരെ ചുംബിച്ചു നിന്നെ വാദ്യഘൊഷങ്ങളൊടു കൂടി അയ പ്പാൻ ഭാവിച്ചിരുന്നു ഈ ബുദ്ധികെടിന്നു നിവൃത്തി വരുത്തുവാൻ എനിക്ക ശ ക്തിയുണ്ടായിരുന്നു എങ്കിലും യാക്കൊബിനൊട ഒന്നും വിചാരിക്കരുതെന്ന കഴി ഞ്ഞ രാത്രിയിൽ ദൈവം എന്നെ അറിയിച്ചിരിക്കുന്നു എന്നും പൊകുന്നെങ്കിലും വിഗ്രഹങ്ങളെ മൊഷ്ടിച്ചത എന്തിന്ന എന്നും പറഞ്ഞാറെ ഞാൻ ഭയം കൊണ്ടു അറിയിക്കാതെ പൊന്നു പക്ഷെ നിന്റെ പുത്രിമാരെ ബലാല്കാരെണ എടുക്കുക യല്ലൊ ഉള്ള എന്നും ഞങ്ങളിൽ ആരുടെ പക്കൽ എങ്കിലും നിണക്കുള്ള വല്ല സാധനം ഉണ്ടെങ്കിൽ എടുത്തുകൊള്ളാം കള്ളൻ ജീവനൊടരിക്കരുതെന്നും യാ ക്കൊബ പറഞ്ഞപ്പൊൾ ലാബാൻ എല്ലാ കൂടാരങ്ങളിൽ ശൊധന ചെയ്തിട്ടു, രാഹലിന്റെ അടുക്കൽ വന്ന ഉടനെ ഞാൻ തീണ്ടാതിരുന്നതുകൊണ്ടു എഴുനീ ല്പാൻ കഴിവില്ലാതെ വന്നിരിക്കുന്നു എന്നു കൌശലം പറഞ്ഞ സമ്മതിപ്പിച്ചതി നാൽ പ്രതിമകളെ കണ്ടു കിട്ടിയതുമില്ല അപ്പൊൾ യാക്കൊബ കൊപിച്ചു നീ ഇത്ര ദൊഷ്യത്തൊടെ എന്റെ വഴിയെ ഒടി വരെണ്ടതിന്നു എന്ത ദൊഷം ചെയ്തു ഇരുപത്തു വർഷം നിന്റെ കൂട പാർക്കുന്ന സമയത്തിൽ രാപകൽ മഞ്ഞും മഴയും വെയിലും ഉറക്കും ഞാൻ സഹിച്ചു നീ പത്തു വട്ടം ശമ്പളം മാറീട്ടും വളരെ അ ദ്ധ്വാനിച്ചു നിന്നെ സെവിച്ചു പിതൃപിതാമഹന്മാരുടെ ദൈവം എനിക്കില്ലാതെ ഇരുന്നെങ്കിൻ ഇപ്പൊൾ എന്നെ പഴുതെ അയക്കുമായിരുന്നുവൊ സർവ സാക്ഷി യായ ദൈവം അതുകൊണ്ടു തന്നെ ശാസിച്ചു എന്ന യാക്കൊബ പറകയും ചെയ്തു. അപ്പൊൾ ലാബാൻ ഞാനിവർക്കിന്നു എന്ത ചെയ്യെണ്ടു വരിക നമ്മൊ തമ്മിൽ ഒരു കരാർ ചെയ്ക എന്നു പറഞ്ഞപ്രകാരം ഇരിവരും ഒരു തൂണ നിത്തി കല്ലെ ടുത്തു കുന്നുകൂട്ടി അതിന്മെൽ വെച്ചു ഭക്ഷിച്ചു ഇതു നമുക്ക എന്നെക്കും സാക്ഷിയും അതിരും മമതയ്ക്കു ഹെതുവുമാകുന്നു എന്നു ആണയിട്ടു ബലി കഴിച്ചതിന്റെ ശെ ഷം ലാബാൻ പിറാം ദിവസം എഴുന്നീറു പുത്രന്മാരെയും പുത്രിമാരെയും ചും ബിച്ചു അനുഗ്രഹിച്ചു യാത്ര പറഞ്ഞ സ്വദെശത്തെക്ക പൊകയും ചെയ്തു.

യാക്കൊബും മലയിലിറങ്ങി യാത്രയായി ദൈവദൂതന്മാർ രണ്ടു സൈന്യ മായി തന്നെ എതിരെല്ക്കുന്നതു കണ്ടു സന്തൊഷിച്ചു ശെഷം ജ്യെഷ്ഠന്റെ ഭാവം അറിവാനും സന്തൊഷിപ്പിപ്പാനും വഴിക്കൽനിന്നു ദൂതന്മാരെ അയച്ചു തന്റെ വ ർത്തമാനം അറിയിച്ചപ്പൊൾ ഞാൻ അവനെ എതിരെല്പാനായി നാന്നൂറു പെരൊ ടു കൂട വരുന്നെന്നു ചൊല്ലി അയച്ചതു കെട്ടു ഭാര്യപുത്രന്മാരെ കൊല്ലും എന്നു വി ചാരിച്ചു എറവും പെടിച്ചു ദുഃഖിച്ചു എന്റെ പിതാക്കന്മാരുടെ ദൈവമെ ദെശ ത്തെക്ക തന്നെ പൊക എന്നും നന്മ ചെയ്യും എന്നും കല്പിച്ച കർത്താവെ നീ ചെയ്തവന്ന എല്ലാ കരുണകൾക്കും കല്പിച്ച വാഗ്ദത്തങ്ങൾക്കും. ഞാൻ എത്രയും അപാത്രം ഒരു വടിയൊട ഞാനെകനായി ഈ യർദ്ദനെ കടന്നു ഇപ്പൊൾ രണ്ടു കൂട്ടവുമായി മടങ്ങിവന്നു എന്റെ സഹൊദരന്റെ കൈയിൽനിന്നു അടിയനെ രക്ഷിക്കെണമെ എന്നപെക്ഷിച്ചു പിന്നെ എസാവിനെ പ്രസാദിപ്പിപ്പാൻ കൂട്ട ങ്ങളിൽനിന്നു വിശിഷ്ടങ്ങളായ ഒട്ടകങ്ങളെയും മറും സമ്മാനമായി എടുത്തു മു മ്പെ അയച്ചു രാത്രിയിൽ ഭാൎയ്യാപുത്രാദികളെ യബൊക്ക എന്ന പുഴ കടത്തി

താന്തന്നെ ഇക്കരെ ഉണ്ടായിരുന്നുള്ള അപ്പൊളൊരു പുരുഷനുദയമാകുവൊളം അവനൊട പൊരുത്ത ജയിക്കാത്ത അവസ്ഥ കണ്ടാറെ യാക്കൊബിന്റെ തുടത്തടം തൊട്ട ഉളുക്കിയതിന്റെ ശെഷവും ജയിക്കാഞ്ഞുകൊണ്ടു ഉഷസ്സുവന്ന എന്നെ വിട്ടയക്ക എന്ന പറഞ്ഞാറേ അനുഗ്രഹിച്ചല്ലാതെ അയക്കയില്ല എന്നു പറഞ്ഞപ്പൊൾ അവന്റെ പെർ ചൊദിച്ചറിഞ്ഞ (ചതിയനെന്നർത്ഥമായ) യാക്കൊബ എന്നല്ല നിന്റെ പെരെന്നും ദൈവത്തൊടും മനുഷ്യരൊടും പൊരുത്ത ജയിച്ചതിനാൽ (ദെവ പ്രഭവായ) ഇസ്രയെൽ എന്നും പെർ വിളിച്ചതിൽ പിന്നെ നിന്റെ പെരെന്തെന്നു ചൊദിച്ചാറെ എന്റെ പെരറിയുന്നത എന്തിനെന്നു പറഞ്ഞ അവനെ അനുഗ്രഹിക്കയും ചെയ്ത ആ സ്ഥലത്തിന്നവൻ ദെവമുഖം കണ്ട സൌഖ്യമായതിനാൽ പനിയെൽ എന്ന പെർ വിളിച്ചു ഉദയ കാലത്തിങ്കൽ മുടന്തി നടന്ന ഭാര്യാപുത്രന്മാരുടെ അരികെ എത്തുകയും ചെയ്തു.

അനന്തരം എസാവ നാന്നൂറാളുകളുമായി വരുന്നതു കണ്ടാറെ യാക്കൊബ മക്കളെ അമ്മമാരുടെ സമീപത്തിങ്കൽ വിഭാഗിച്ചാക്കി താൻ മുമ്പായി പൊയി ചെരുന്നതുവരെ എഴ വട്ടം കുമ്പിട്ടപ്പൊൾ എസാവ ഒടിവന്നവനെ എടുത്തു ആലിംഗനം ചെയ്തു കഴുത്തിൽ കെട്ടിപിടിച്ചു ചുംബിച്ചു അവർ കരകയും ചെയ്തു അപ്പൊൾ സ്ത്രീകളെയും മക്കളെയും കണ്ടു ഇവരാർ എന്നു ചൊദിച്ചതിന്നു ദൈവം അടിയന്നു തന്ന മക്കൾ എന്നു പറയുമ്പൊൾ ലെയയും രാഹലും മക്കളും വന്നു കുമ്പിടുകയും ചെയ്തു മുമ്പെ അയച്ചാപാളയം ഒക്ക എന്തിനെന്നു ചൊദിച്ചാറെ തങ്ങളുടെ കൃപ ഉണ്ടാകെണ്ടതിന്നാകുന്നെന്നു പറഞ്ഞപ്പൊൾ സഹൊദര എനിക്കും വളരെ ഉണ്ടെന്ന എസാവ വിരൊധിച്ചിട്ടും നിന്റെ മുഖം ദെവമുഖം പൊലെ കണ്ട എങ്കൽ കരുണയും ശാന്തിയുമുണ്ടാകകൊണ്ടു എന്റെ സമ്മാനം വാങ്ങെണം എന്നപെക്ഷിച്ച നിർബന്ധിച്ചപ്പൊൾ എസാവ സമ്മതിക്കയും ചെയ്തു പിന്നെ എസാവ നാം പുറപ്പെടുക എന്നു പറഞ്ഞപ്പൊൾ ഇവർ പൈതങ്ങളാകുന്നു എന്നും പാൽ കൊടുക്കുന്ന ആടുകളും പശുക്കളും കൂട ഉണ്ടെന്നും അറിയുന്നല്ലൊ അവറെറ അതിവെഗം ഒടിച്ചാൽ ചത്തുപൊകും താങ്ങൾ മുമ്പെ പൊകെണമെന്നു ഞാനപെക്ഷിക്കുന്നു ഞാൻ വഴിയെ വരാം എന്ന വാക്കനുസരിച്ചു എസാവ സ്വദെശമായ ശെയിരിനെ കുറിച്ചു പൊയി യാക്കൊബ യാത്രപുറപ്പെട്ടു യർദ്ദെൻ താഴ്വരയിൽ സുഖൊത്തെന്ന പുരകളെ കെട്ടി പാർത്തു ആയാസം തീർത്ത ശെഷം യർദ്ദെൻ പുഴകടന്നു കനാൻ ദെശത്തു എത്തി ശിഖെം പട്ടണത്തിന്നു മുമ്പിൽ പാളയമിട്ടു ആദെശത്തിന്നു പ്രഭവായ ഹമൊരൊട ഒരു നിലം വാങ്ങി ഇസ്രയെലിന്റെ ശക്തനായ ദൈവത്തിന്നു ബലിപീഠം ഉണ്ടാക്കി പാർക്കുമ്പൊൾ ഉണ്ടായ വിഘ്നമെന്തെന്നാൽ.

ഹമൊരെന്ന പ്രഭവിന്റെ പുത്രൻ ലെയയുടെ മകളായ ദീനയെ കണ്ടു ബലാല്ക്കാരെണ എടുത്തു കൊണ്ടുപൊയി സമ്മതം വരുത്തി പാർപ്പിച്ചതിനാൽ അവളുടെ സഹൊദരന്മാർ വളരെ കൊപിച്ചു ആ പ്രഭവും പുത്രന്റെ അത്യാഗ്രഹം കണ്ടു ഇസ്രയെൽപാളയത്തിൽ ചെന്ന ദീനയെ തരെണം എന്നും അന്യൊന്യ കൊള്ളകൊടുക്ക ചെയ്തു കൊള്ളാം എന്നും രണ്ടു വകക്കാരും ഒരു ജാതിയായി ചമഞ്ഞ സുഖെന പാർക്കാം എന്നും താല്പര്യമായി ചൊദിച്ചപ്പൊൾ ചെലാകർമ്മം ചെയ്യാത്തവർക്ക സ്ത്രീകളെ കൊടുക്കുന്നത ഞങ്ങൾക്ക കുറ്റമാകുന്നു ആയതു കഴിച്ചാൽ വിചാരിക്കാം എന്ന വ്യാഖ്യിയായി പറഞ്ഞാറെ ഹമൊർ സ്വദെശക്കാരെല്ലാവരെയും സമ്മതിപ്പിച്ചു ചെലാ കർമ്മം നടത്തിയ മൂന്നാം ദിവസം ദീനയുടെ സഹൊദരന്മാരായ ശിമ്യൊനും ലെവിയും പട്ടണത്തിൽ ചെന്ന പട്ടണക്കാരെയും ആ പ്രഭുവിനെയും വെട്ടികൊന്നു സഹൊദരിയെ അവന്റെ ഭവനത്തിൽനിന്ന കൂട്ടികൊണ്ടുപൊരുകയും ശെഷം യാക്കൊബ്യിന്റെ പുത്രന്മാരും പട്ടണത്തിൽ കടന്നു അവരുടെ സകല സമ്പത്തുകളെയും കൈക്കലാക്കി സ്ത്രീകളെയും അടിമപ്പെടുത്തുകയും ചെയ്തു അപ്പൊൾ യാക്കൊബ നിങ്ങൾ എന്നെ നാറ്റിച്ചുകളഞ്ഞു കനാന്യർ വന്ന എന്നെയും വംശത്തെയും നശിപ്പിക്കുമല്ലൊ എന്ന

പറഞ്ഞ ദുഃഖിച്ചാറെ ഞങ്ങളുടെ പെങ്ങളെ പരസ്ത്രീയെ പൊലെ ചെയ്യാമൊ എന്നവർ പറഞ്ഞു.

ഇങ്ങിനെ ചഞ്ചലപ്പെട്ടിരിക്കുമ്പൊൾ നീ ബെത്തെലിന്നു പൊയി അവിടെ ബലിപീഠമുണ്ടാക്കിയിരിക്ക എന്ന ദെവകല്പന അനുസരിച്ചു തന്റെ കുഡുംബക്കാരൊട എന്റെ ആദ്യ സങ്കടങ്ങളെ നീക്കി പ്രയാണത്തിൽ എന്നെ രക്ഷിച്ച ദൈവത്തിന്നു ഞാൻ ഒരു ബലിപീഠം ഉണ്ടാക്കും അതുകൊണ്ടു അന്യ ദൈവങ്ങളെ നീക്കികളഞ്ഞ ശുദ്ധിവരുത്തുവിൻ എന്ന കല്പിച്ചപ്പൊൾ അവർ കൊടുത്ത ബിംബങ്ങളെയും കുണ്ഡലങ്ങളെയും യാക്കൊബെടുത്തു ഒരു മരത്തിൻ കീഴിൽ കുഴിച്ചു വെച്ചു പൊകുമ്പൊൾ ദെവമുഖെന മഹാ ഭയം ഉണ്ടായതിനാൽ നാട്ടുക്കാർ അവരുടെ പിന്നാലെ ചെന്നു ഒരു വിരൊധം ചെയ്വാൻ സംഗതി വരാതെ ബെത്തെലിൽ എത്തി അന്നന്നുണ്ടാകുന്ന സകല സങ്കടങ്ങളും തീർത്തു രക്ഷിച്ചു വരുന്ന ദൈവത്തിന്നു ഒരു ബലിപീഠമുണ്ടാക്കി പാർക്കയും ചെയ്തു.

പിന്നെ ദൈവം പ്രത്യക്ഷമായിട്ടു ഇനിമെൽ നിണക്കു ഇസ്രയെൽ എന്നു പെരാകുന്നു നീ വളരെ വർദ്ധിക്ക നിങ്കൽനിന്നു പല വംശങ്ങളും രാജാക്കന്മാരും ഉണ്ടാകും ആബ്രഹാമിന്നും ഇസ്ഹാക്കിന്നും കൊടുത്ത ദെശം നിണക്കും നിന്റെ സന്തതിക്കും തരും എന്നനുഗ്രഹിച്ചു മറഞ്ഞതിന്റെ ശെഷം ആ സ്ഥലത്തിൽ ഒരു കൽത്തൂണ നിറുത്തി കാഴ്ചകാഴിക്കയും ചെയ്തു പിന്നെയും യാത്രയായി വഴിക്കൽനിന്നു രാഹലിന്നു കഠിന പ്രസവവെദനയുണ്ടായി ബിന്യമീനെ പെറവുടനെ മരിച്ചു അവളെ ബെതലഹെമിൽ തന്നെ അടക്കി കല്ലുറ്റു തൂണുമിട്ടു പിന്നെയും പുറപ്പെട്ടപ്പൊൾ ജ്യെഷ്ഠ പുത്രനായ രുബൻ ബില്ഹയൊടുകൂട ശയിച്ചു വർത്തമാനം യാക്കൊബറിഞ്ഞു വിഷാദത്തൊടും കൂട പിതാക്കന്മാരുടെ ദെശമായ ഹെബ്രൊനിൽ എത്തി അച്ഛനെ കണ്ടു പത്തു വർഷത്തിലധികം അവന്റെ സമീപം തന്നെ കൂടാരം അടിച്ചു പാർത്തതിന്റെ ശെഷം.

നൂറെൺപതു വയസ്സായി വൃദ്ധനായ ഇസ്ഹാക്ക മരിച്ചു എശാവും യാക്കൊബും വന്നു അവനെ അടക്കുകയും ചെയ്തു.

രൌബിനൊ നാമ ശിമ്മ്യൊനൊ ലെവിശ്ചാപിതതഃപരെ
യഹൂദൊ ജബുലൂനൊപി തഥൈവെസഷ്ഠരാഭിധഃ.
ദാനശ്ച നഫ്തലീശ്ചാപി ഗാദആസെര എവച
സവ്വപ്രെഷ്ഠൌച യൊസെഫൊ ബിന്യമീനശ്ചശെഷജഃ.
ഇസ്രയെലീയവംശാനാം ഭവ്യാസ്തെ പിതരസ്തദാ
അന്യജാതെഷുമന്ദെഷു ന്യവസൻ ദൃഷ്യവെശ്മകാഃ.

10. യൊസെഫ മുതലായ ഇസ്രയെല്യരുടെ അവസ്ഥ

അച്ഛൻ മരിച്ചപ്പൊൾ എസാവ വാശ്ദത്ത ദെശത്തെ വിട്ടു ഇഷ്ടയെൽവംശത്തിൽ വിശ്വസിച്ച സംഗതിയാൽ പുത്രകളത്ര ഭൃത്യാദി സമ്പത്തുകളൊടും കൂടതെക്ക ശെയിർ പ്വ്തത്തിന്മെൽ പൊയി ഗുഹാവാസികളായ ഹൊരിയരൊട ഒന്നിച്ച കുടിയിരുന്നു പുത്രപൌത്രന്മാരും വർദ്ധിച്ചു ഹൊരിയരെ ആട്ടികളഞ്ഞ ആ എദൊം രാജ്യത്തെക്ക അവകാശികളായ അവർ പ്രഭുക്കന്മാരായും വാണു. യാക്കൊബ പിതാക്കന്മാരിരുന്ന കനാൻ ദെശത്തിൻ കൂടാരം അടിച്ചു ദെവകല്പന പ്രകാരം ആ രാജ്യം സ്വാധീനമായി വരും എന്നു വിചാരിച്ചു പാർക്കും കാലത്തിൽ കുഡുംബങ്ങളൊടും കൂട ആ ദെശത്തെ വിട്ടു ഇരുന്നൂറു വർഷം മിസ്രരാജ്യത്തിൽ കുടിയിരിപ്പാൻ സംഗതി വന്നു.

അതിന്റെ കാരണം ''നിന്റെ സന്തതി അന്യരാജ്യത്ത നാന്നൂറ സംവത്സരം പരദെശികളായി ഉപദ്രവം സഹിച്ചു സെവിച്ചിരിക്കെണ്ടിവരും അ

തിൻെറ ശെഷം ഉപദ്രവക്കാരായവരെ ശിക്ഷിച്ചു ഞാൻ നിണക്കുള്ളവരെ സമ്പത്തുകളൊടും കൂട പുറപ്പെടീക്കും അപ്പൊഴെക്ക തന്നെ കനാന്യരുടെ മഹാപാപങ്ങൾ പഴുത്തു വരുവാനുള്ളതാക കൊണ്ടു ഈ ദെശം നിണക്ക തന്നെ സ്വാധീനമാക്കി തരികയും ചെയ്യും'' എന്നിങ്ങനെ ആബ്രാമൊട ദൈവ കല്പന മുമ്പെയുണ്ടായതുകൊണ്ടത്രെ ആകുന്നു.

ഇപ്പൊൾ ഇസ്രയെൽ കുഡുംബം മിസ്രദെശത്തിങ്കൽ ഇറങ്ങി പൊയി പാർത്തതിൻെറ കാരണം പറയുന്നു.

ഭ്രാതൃഷ്യയാസവിക്രീതൊ യൊസെഫൊ മിശ്രമഭ്യഗാൽ
ദെശൈശ്വൎയ്യനാമാസകീൎത്തിതൊ യവനൈഃപുരാ.
പ്രത്യബ്ദംനീലനദ്യംബുസമ്പന്നവ്രീഹിപാലിതഃ
നാനാശാസ്ത്രാകരൊവിപ്രൈർമന്ത്രജ്ഞൈർമുണ്ഡിതൈർവ്വൃതഃ.
തത്രൊശാനുഗ്രഹാദ്ധർമ്മീസസ്വദാസ്യത ഉദ്ധൃതഃ
രാജ്ഞൊപിപ്രീയതാം യാതഃശ്രൈഷ്ഠ്യാമാത്യത്വമെവച.
മനശ്യപ്രെഥമനാമ്നൊശ്വജാതയൊഃപുത്രയൊസ്തുതഃ
സവ്വൃദ്ധംവിതരംസ്വീയം ഭ്രാതൃംശ്ചൈശ്വൎയ്യമാഹവയൽ.
ഒതസപുത്രാസ്സഭാൎയ്യാശ്ചാനുഗൃഹീതാമഹീഭുജാ
തട്ടത്തൊൎവ്യാംവസന്തശ്ചാവൎദ്ധന്തക്രമൊഭൃശം.

രാഹലുടെ മകനായ യൊസെഫ അച്ചനു അധികം ഇഷ്ടനായതു കണ്ടിട്ടും തങ്ങളുടെ ദുർവ്വൃത്തികളെ അച്ചനൊട പറയുന്നെന്നു തൊന്നുക കൊണ്ടും ഒരങ്കിയെ ഉണ്ടാക്കിച്ചു കൊടുത്തതുകൊണ്ടും ജ്യെഷ്ഠന്മാർ വൈരം ഭാവിച്ചിരിക്കുമ്പൊൾ അവൻ സഹൊദരന്മാരൊട ഞാൻ കണ്ട ഒരു സ്വപ്നം കെൾക്കെണം എന്നും നാം കറ കെട്ടികൊണ്ടിരിക്കുമ്പൊൾ നടുവിൽ നിവർന്നു നിന്ന എൻെറ കറയെ നിങ്ങളുടെ കറകൾ ചുറും നിന്നു വണങ്ങിയതിനെ കണ്ടു എന്നും പറഞ്ഞാറെ നിന്നെ ഞങ്ങൾ വണങ്ങുമാറാകുമൊ എന്നവർ കൊപിച്ചു പറഞ്ഞ എറവും ദ്വെഷിക്കയും ചെയ്തു പിന്നെയും ആദിത്യചന്ദ്രന്മാരും പതിനൊന്നു നക്ഷത്രങ്ങളും എന്നെ കുമ്പിട്ടത സ്വപ്നത്തിൽ കണ്ടു എന്നും പറഞ്ഞപ്പൊൾ മാതാപിതാക്കന്മാർ കൂടെ നിന്നെ വണങ്ങെണ്ടിവരുമൊ എന്നച്ചൻ ശാസിച്ചു വിചാരിച്ചിരിക്കുമ്പൊൾ ഒരു ദിവസം അച്ചൻെറ നിയൊഗത്താൽ വൎത്തമാനം അറിയെണ്ടതിന്നു തങ്ങളുടെ അടുക്കൽ ശിഖെമിൽ വരുന്നു യൊസെഫിനെ സഹൊദരന്മാർ കണ്ടാറെ സ്വപ്നക്കാരൻ വരുന്നുണ്ടു അവനെ കൊല്ലെണം പിന്നെ സ്വപ്നത്തിൻെറ സാരം അറിയാമല്ലൊ എന്നു പറഞ്ഞപ്പൊൾ കൈകൊണ്ടു കൊല്ലരുതെന്നു രുബൻ വിരൊധിച്ചതിനെ അനുസരിച്ചു അവൻെറ അങ്കിയെ അഴിച്ചെടുത്തു അവനെ വെള്ളമില്ലാത്ത പൊട്ടകുഴിയിൽ എടുത്തിട്ടും ആട്ടിൻകൂട്ടങ്ങളുടെ അടുക്കലെക്ക പൊകയും ചെയ്തു അനന്തരം ഇഷ്മയെല്യരും മിദ്യാന്യരും ഒട്ടകങ്ങളിൽ ചരക്കുകളെ കരയെറി കച്ചവടത്തിന്നായി ഗിലൃാദിൽനിന്നു തെക്കൊട്ട പൊകുന്നതകണ്ടപ്പൊൾ യഹൂദ മുതലായ സഹൊദരന്മാർ എല്ലാവരും കൂടി രുബനെ അറിയിക്കാതെ ബാലനെ ആ കുഴിയിൽനിന്നു കരെറി കൊണ്ടുപൊയി ഇരുപത രുപ്പികക്ക കച്ചവടക്കാൎക്ക വില്ക്കയും ചെയ്തു പിന്നെ രുബൻ വന്നു കുഴിയിൽ നൊക്കിയാറെ യൊസെഫിനെ കാണായ്കയാൽ വളരെ വിഷാദിച്ചു സഹൊദരന്മാരെ അറിയിച്ചു വിചാരിച്ചപ്പൊൾ അവർ ആ അങ്കിയെ ആട്ടിൻ ചൊരയിൽ മുക്കി കൊടുത്തയച്ചു അച്ചനെ കാണിച്ചു കാട്ടിൽ വെച്ചു ഈ അങ്കി കിട്ടി ഇത പുത്രൻെറ അങ്കിയൊ അല്ലയൊ എന്നു നൊക്കി അറിയെണം എന്നും പറയിച്ചു യാക്കൊബായതു നൊക്കി ഇത എൻെറ മകൻെറ അങ്കി തന്നെ എന്നും അവനെ ഒരു ദുഷ്ടമൃഗം കൊന്നു ഭക്ഷിച്ചുകളഞ്ഞു നിശ്ചയം എന്നും പറഞ്ഞു വസ്ത്രം കീറി ചാക്കുശീലയും കെട്ടി എറിയ ദിവസം മകനെ വിചാരിച്ചു ദുഃഖിച്ചുകൊണ്ടിരുന്നു

ആ ദുഃഖം നീക്കെണ്ടതിന്നു പുത്രന്മാരെല്ലാവരും വന്നു വളരെ പ്രയത്നം ചെയ്തിട്ടു, അവൻ ആശ്വസിക്കാതെ പുത്രനൊടകൂടെ ശവക്കുഴിയിൽ ഇറങ്ങുകെ ഉള്ള എന്നു തന്നെ പറഞ്ഞ കരഞ്ഞും കൊണ്ടിരുന്നു പിന്നെ യഹൂദ ആ വീടവിട്ടു കനാന്യരിൽ നിന്നെടുത്ത സ്ത്രീയൊടകൂടി പാർത്തു താനും ദുഷ്ടപുത്രന്മാരെ ജനിപ്പിച്ചു വളർത്തി അവരുടെ മഹാ പാപങ്ങളെയും മരണത്തെയും ഓർത്തു തന്റെ പാപങ്ങളെ വിചാരിച്ചിരിപ്പാൻ സംഗതി വന്നു.

ആ കച്ചവടക്കാർ പതിനെഴു വയസ്സായ യൊസെഫിനെ മിസ്രൂ എന്ന മഹാ രാജ്യത്തിൽ കൊണ്ടുപൊയി രാജമന്ത്രിയായ പൊതിപാരിന്നു വില്ക്കയും ചെയ്തു. ആ മന്ത്രി യൊസെഫിന്റെ ബുദ്ധിവിശെഷവും സത്യവും വിചാരിച്ചു അവങ്കൽ വളരെ വാത്സല്യം ഉണ്ടായതിനാൽ കാര്യങ്ങളൊക്കെയും അവങ്കൽ ഏല്പിച്ചു ദൈവാനുഗ്രഹം കൊണ്ടു വളരെ വർദ്ധിച്ചു നടന്നവരും കാലം യജമാനന്റെ ഭാര്യ യൊസെഫിന്റെ സൌന്ദര്യം കണ്ടു കാംക്ഷിച്ചു പല വട്ടമപെക്ഷിച്ചിട്ടും ഈ അന്യദെശത്തിങ്കൽ ദൈവം തുണയായിട്ടു എനിക്കിത്ര നന്മ ഉണ്ടായിരിക്കുന്നു അവനു വിരൊധമായി ഇത്ര വലിയ പാപം ഞാനെങ്ങിനെ ചെയ്യുണ്ടു എന്ന യൊസെഫ പറഞ്ഞ അവളുടെ സമീപത്ത ചെല്ലാതിരുന്നു ഒരു ദിവസം ഭവനത്തിലാരുമില്ലാത്ത സമയത്തിങ്കൽ അവളവന്റെ വസ്ത്രം പിടിച്ചു വലിച്ചിട്ടു അവനനുസരിക്കാതെ ഒടിപൊകയാൽ അവം വളരെ കൊപിച്ചു നിലവിളിച്ചു ഈ എബ്രയദാസൻ എന്നെ പരിഹസിച്ചു എന്ന നിലവിളികെട്ടവന്നവരൊടും ഭർത്താവൊടും വളരെ നീരസമായി പറഞ്ഞതു കെട്ടാറെ അവനും പരമാർത്ഥമറിയാതെ കൊപിച്ചു യൊസെഫിനെ തടവിൽ വെപ്പിച്ചു അവിടെയും ദൈവം കൂടെ ഉണ്ടായിരുന്നു അതുകൊണ്ടു കാരാഗൃഹ പ്രമാണിക്ക അവങ്കൽ സ്നെഹമുണ്ടായി തടവുകാരെ ഒക്കെയും അവങ്കൽ ഏല്പിച്ചു അവനും അവർക്ക വെണ്ടുന്നതൊക്കെയും ചെയ്തുകൊണ്ടിരുന്നു.

അക്കാലത്തിങ്കൽ മിസ്രാരാജാവ തന്റെ നെരെ മന്ത്രികം ചെയ്ത ദ്രൊഹം അറിഞ്ഞു മദ്യപ്രമാണിയെയും അപ്പപ്രമാണിയെയും തടവിൽ വെച്ചപ്പൊം അവക്കും യൊസെഫ ശുശ്രൂഷ ചെയ്തുകൊണ്ടിരുന്നു. ഒരു നാം രാവിലെ അവർ വിഷാദിച്ചിരിക്കുന്നത കണ്ടു അതിന്റെ ഹെതുവെ ചൊദിച്ചാറെ ഞങ്ങം ഒരൊ സ്വപ്നം കണ്ടു അതിന്റെ അർത്ഥം പറയുന്നവരെ കിട്ടുന്നില്ല എന്ന പറഞ്ഞതിന്നു അർത്ഥം അറിയിക്കുന്നത ദൈവകാര്യമല്ലൊ ആകുന്നു എങ്കിലും സ്വപ്നപ്രകാരം കെൾക്കട്ടെ എന്ന ചൊദിച്ചു അപ്പൊം മൂന്നു കൊമ്പുകളൊടും തളിർത്ത പൂവിടർന്നു കുലകം പഴുത്ത ഒരു മുന്തിരിങ്ങാ വള്ളിയെ കണ്ടു ആ പഴങ്ങം പിഴിഞ്ഞു പാനപാത്രത്തിൽ ആക്കി യജമാനന്റെ കൈയിൽ കൊടുത്തു എന്നും കണ്ടു ഇങ്ങിനെ മദ്യപ്രമാണി പറഞ്ഞപ്പൊം ആ മൂന്നു കൊമ്പ മൂന്നു ദിവസമാകുന്നു ഇനി മൂന്നു ദിവസത്തിലകം നിന്നെ നിന്റെ സ്ഥാനത്ത നിറുത്തും അനന്തരം നീ പാനപാത്രത്തെ രാജാവിന്റെ കൈയിൽ കൊടുത്തു സുഖമായിരിക്കുമ്പൊം എന്നെ ഒർത്തു വന്നുത അറിയിക്കെണം എബ്രയക്കാരുടെ ദെശത്തിൽനിന്നു എന്നെ മൊഷ്ടിച്ചു വില്ക്കുണ്ടുന്നതിന്നും ഇവിടെ തടവിൽ പാർപ്പിക്കെണ്ടതിന്നും ഞാൻ ഒന്നും ചെയ്തിട്ടില്ല എന്ന യൊസെഫ അവനൊട പറഞ്ഞ പിന്നെ അപ്പപ്രമാണിയും വെണ്മയുള്ള മൂന്നുകൊട്ട എന്റെ തലയിൽ ഉണ്ടായിരുന്നു മെലെ വെച്ച കൊട്ടയിൽ ഉണ്ടായ നല്പരമായ അപ്പങ്ങളെ പക്ഷികം കൊത്തി തിന്നു എന്നും കണ്ടു എന്ന പറഞ്ഞപ്പൊം മൂന്നു കൊട്ട മൂന്നു ദിവസമാകുന്നു മൂന്നു ദിവസത്തിലകം നിന്നെ ഒരു മരത്തിന്മെൽ തൂക്കിക്കും പക്ഷികം നിന്റെ മാംസം തിന്നും എന്നവനൊടും പറഞ്ഞ അതിന്റെ മൂന്നാം ദിവസം ആ രാജാവൊരു സദ്യ കഴിച്ചു തടവുക്കാരായ ഇരുവരെയും വരുത്തി മദ്യപ്രമാണിയെ സ്വസ്ഥാനത്ത നിറുത്തി അപ്പപ്രമാണിയെ തൂക്കിച്ചു യൊസെഫ പറഞ്ഞ പ്രകാരം ഒക്കയും ഒത്തുവരികയും ചെയ്തു എങ്കിലും മദ്യപ്രമാണി യൊസെഫിനെ ഒർമ്മ വെച്ചതുമില്ല.

പിന്നെ രണ്ട വർഷം കഴിഞ്ഞ ശെഷം ആ രാജാവ * ഒരുനാൾ രണ്ട സ്വ
പ്നം കണ്ടിട്ട ഉദയകാലത്തിങ്കൽ മന്ത്രവാദികളെയും വിദ്വാന്മാരെയും ഒക്ക
വരുത്തി ചൊദിച്ചാറെ അത്ഥം പറഞ്ഞറിയായ്കയാൽ വളരെ വിഷാദിച്ചി
രിക്കുമ്പൊൾ മദ്യപ്രമാണിയുടെ വാക്കിനാൽ യൊസെഫിനെ വരുത്തുവാൻ ആ
ളയച്ചു അവൻ ക്ഷൌരം കഴിച്ചു വസ്ത്രങ്ങളും മാറി രാജാവിൻെറരികെ വന്നു നി
ന്നു അനന്തരം രാജാവ ഞാൻ സ്വപ്നം കണ്ട സ്വപ്നങ്ങളുടെ അർത്ഥം നീ സൂക്ഷ്മ
മായി പറയുന്നവനെന്നു കെട്ട എന്നു പറഞ്ഞതിന്നു ഞാനായിട്ടല്ല അറിയിക്കുന്ന
ത ദൈവമത്രെ ആകുന്നു അവൻ ശുഭമായ ഉത്തരം അരുളിചെയ്യും എന്നു യൊസെ
ഫ പറഞ്ഞാറെ രാജാവ സ്വപ്നപ്രകാരം അറിയിച്ചു ഞാൻ നീലനദിയുടെ കര
മെൽ നിന്നിരുന്നു അപ്പൊൾ പുഷ്ടിയും സൌന്ദര്യവും ഉള്ള ഏഴ പശുക്കൾ ആ
പുഴയിൽനിന്നു കരെറി മെഞ്ഞിരുന്നു അവറിൻെറ വഴിയെ മുൻ കാണാത്ത അ
വലക്ഷണ രൂപമുള്ള മെലിഞ്ഞ ഏഴ പശുക്കളും കരെറി പുഷ്ടിയുള്ള ഏഴ പശു
ക്കളെ ഭക്ഷിച്ചുകളഞ്ഞിട്ടും ഭക്ഷിച്ചു എന്നറിവാനുണ്ടായതുമില്ല ഇങ്ങിനെ സ്വ
പ്നം കണ്ടുറങ്ങി പിന്നെയും നല്ല മണിയുള്ള ഏഴ കതിരുകൾ ഒരു തണ്ടിന്മെൽ
മുളച്ചുണ്ടായി കണ്ട ഉണങ്ങി കരിഞ്ഞ പതിരായ 7 കതിരുകളും മുളച്ചു ആ ഏഴ
നല്ല കതിരുകളെ വിഴുങ്ങികളഞ്ഞു ഇങ്ങിനെ കണ്ട രണ്ട സ്വപ്നങ്ങളുടെ അത്ഥ
ത്തെ മന്ത്രവാദികളൊട ചൊദിച്ചു അവരാരും പറഞ്ഞില്ല അപ്പൊൾ യൊസെഫ
പറഞ്ഞു ആ സ്വപ്നങ്ങൾ രണ്ടും ഒന്നു തന്നെ ആ ഏഴ നല്ല പശുക്കളും നല്ല ക
തിരുകളും ഏഴ വഷ്ങ്ങളാകുന്നു മെലിച്ചിലുള്ള പശുക്കളും പതിരായുള്ള കതിരുകളും
ക്ഷാമമുള്ള ഏഴ വർഷങ്ങളാകുന്നു കെട്ടാലും ഈ നാട്ടിൽ എല്ലാടവും ധാന്യപരി
പൂർണ്ണമായ ഏഴവർഷം വരുന്നു അതിൻെറ ശെഷം ക്ഷാമമുള്ള ഏഴ വർഷവും
വരും ആ ക്ഷാമത്തിൽ പരിപൂർണ്ണത ഒക്കയും വിട്ടു വളരെ ദുഃഖം വരും രണ്ട വട്ടം
സ്വപ്നം കാണിച്ചതിനാൽ ദൈവം സ്ഥിരമാക്കി നിശ്ചയിച്ചതെന്നും ഇപ്പൊൾ
തന്നെ ആരംഭിച്ചതെന്നും അറിയിച്ചിരിക്കുന്നു. അതുകൊണ്ട രാജാവവർകൾ ബു
ദ്ധിയും ജ്ഞാനവുമുള്ള ഒരു മനുഷ്യനെ ഈ നാട്ടിൽ അധികാരി ആക്കി പരിപൂർ
ണ്ണ വർഷങ്ങളിൽ വിളവിൽ അഞ്ചാലൊന്നു വാങ്ങി രാജാവ വളരെ ധാന്യങ്ങ
ളെ സ്വരൂപിച്ചു സൂക്ഷിക്ക എന്നാൽ ക്ഷാമം കൊണ്ട നശിക്കയില്ല ഇപ്രകാരം
പറഞ്ഞതു കെട്ടാറെ രാജാവ മന്ത്രികളെ നൊക്കി ദൈവാത്മാവുള്ള ഈ മനുഷ്യനെ
പൊലെ ഒരുത്തനെ കിട്ടുമൊ എന്നരുളിചെയ്തു. ദൈവം ഇത ഒക്കയും നിന്നെ അ
റിയിച്ചിരിക്കകൊണ്ട നിന്നെ പൊലെ വിശെഷ ജ്ഞാനമുള്ളവൻ ഒരുത്തനുമില്ല
ഞാനീനാട്ടിൽ നിന്നെ സർവാധികാര്യസ്ഥൻ ആക്കുന്നു രാജാസനത്തിൽ മാ
ത്രം ഞാൻ വലിയവനാകുന്നു എന്നും രാജാവ യൊസെഫൊട കല്പിച്ചു തൻെറ
മുദ്രാമൊതിരം ഊരി യൊസെഫിൻെറ വിരല്ലിട്ടു നെരിയ വസ്ത്രങ്ങളെയും ധരി
പ്പിച്ചു പൊൻമാലയെയും കഴുത്തിലിട്ടു തൻെറ രണ്ടാം തെരിൽ കരെറി ഇവ
ൻെറ മുമ്പാകെ മുട്ടുകുത്തുവിൻ ഇവൻ രാജ്യാധികാരി എന്നെല്ലാവരൊടും വിളി
ച്ചു പറയിച്ചു ലൊകരക്ഷിതാവെന്നർത്ഥമുള്ള പ്പൊത്തമ്പാനെഹ എന്നു പെരും
വിളിച്ചു ഒരു വിപ്രൻെറ മകളായ ആസനാത്തെ വിവാഹവും കഴിപ്പിച്ചു അ
പ്പൊൾ മുപ്പതവയസ്സിൽ ഇളമസ്ഥാനിയായ യൊസെഫ മിസ്രനാടു വലംവെ
ച്ചു ഏഴ നല്ല വർഷങ്ങളിൽ വളരെ വിളഞ്ഞുണ്ടായ ധാന്യങ്ങളൊക്കയും അളവി
ല്ലാത്തവണ്ണം സ്വരൂപിച്ചു അതാത പട്ടണങ്ങളിൽ സൂക്ഷിച്ചു ക്ഷാമവർഷങ്ങൾ
വരുമ്മുമ്പെ രണ്ട പുത്രന്മാരുണ്ടായി [മുമ്പിലുണ്ടായ സുഖദുഃഖങ്ങളെ ദൈവം] മറ
പ്പിച്ചു എന്നർത്ഥമുള്ള മനശ്ശെ എന്ന പെർ ജ്യെഷ്ഠനും [ദുഃഖിച്ച ദെശത്തിങ്കൽതന്നെ]
വർദ്ധിച്ചു എന്നർത്ഥമുള്ള എഫ്രയീം എന്ന പെർ അനുജനും വിളിച്ചു ക്ഷാമവർ
ഷങ്ങൾ വന്നുതുടങ്ങി എല്ലാ രാജ്യങ്ങളിലും ക്ഷാമമുണ്ടായപ്പൊൾ മിസ്രുക്കാർ
രാജസന്നിധികൽ വന്നു നിലവിളിച്ചപ്പൊൾ പ്പൊത്തമ്പാനെഹ അടുക്കൽ
ചെന്നു അവൻ പറയും പ്രകാരം ചെയ്‌വിൻ എന്നു കല്പിച്ചാറെ അവർ ചെന്ന

---

* മിസ്രുഭാഷയിൽ രാജാക്കന്മാർക്ക പറവൊ എന്ന പെരുണ്ട.

പ്പൊഴം പാണ്ഡിശാലകളെ ഒക്കയും തുറന്നു നാട്ടുകാർക്കും അന്യദെശക്കാർക്കും വള രെ ധാന്യങ്ങളെ വില്ക്കയും ചെയ്തു.

കനാനിലും വളരെ ഞെരിക്കം ഉണ്ടായപ്പൊഴം യാക്കൊബ പുത്രന്മാർ ത മ്മിൽ തമ്മിൽ നൊക്കുന്നത കണ്ടാറെ നിങ്ങളും മിസ്രയിൽ പൊയി ധാന്യം കൊണ്ടുവരുവിൻ എന്ന കല്പിച്ച പ്രകാരം ബിന്യമീനെ കൂടാതെ ശെഷം പ ത്താളും ആ ദെശക്കാരൊടും കൂട ധാന്യത്തിന്നു മിസ്രയിൽ പൊയി രാജ്യാധികാ രിയുടെ സന്നിധിയിങ്കൽ ചെന്നു വണങ്ങി അപ്പൊഴം ജ്യെഷ്ഠന്മാരെ അറിഞ്ഞി ട്ടും അറിയാത്തവനെന്ന പോലെ നിങ്ങഠം എവിടെയുള്ളവർ എന്നും എന്തിന്നായി വന്നവർ എന്നും ചൊദിച്ചറിഞ്ഞപ്പൊഴം നിങ്ങഠം ഒറ്റുകാരാകുന്നു എന്നു കഠിനമാ യി പറഞ്ഞു അതു കെട്ടാറെ കർത്താവെ അടിയങ്ങഠം ധാന്യം വാങ്ങുവാൻ വന്ന വർ കനാനിൽ പാർക്കുന്ന ഒരുത്തന്റെ പുത്രന്മാർ പന്ത്രണ്ടാളുകളിൽ ഞങ്ങഠം 10ആഠം ആകുന്ന ഇളയവൻ അച്ഛന്റെ കൂട തന്നെ ഇരിക്കുന്നു അവന്റെ ജ്യെഷ്ഠ നില്ല ഞങ്ങഠം ഒറ്റുകാരല്ല നെരുള്ളവർ തന്നെ എന്നിങ്ങിനെ പെടിച്ചു പറഞ്ഞ തു കെട്ട നിങ്ങഠംക്കു നെരുണ്ടെങ്കിൽ ഒരുത്തൻ പൊയി അനുജനെ കൊണ്ടുവന്നു കാണിച്ചാൽ നിങ്ങളെ വിടാം അല്ലാതെ രാജാവാണ വിടുക ഇല്ല എന്നു അധി കാരി കല്പിച്ചു മൂന്നു ദിവസം തടവിൽ പാർപ്പിക്കയും ചെയ്തു നാലാം ദിവ സം അവരൊട ഞാൻ ദൈവത്തെ ശങ്കിക്കുന്ന അതുകൊണ്ടു ഒരു വഴി പറയാം ഒരുത്തനെ ഇവിടെ ഇരുത്തി നിങ്ങഠം ധാന്യം കൊണ്ടുപൊയി കൊടുത്തു ഇളയ അനുജനെ ഇങ്ങൊട്ട കൊണ്ടുവരുവിൻ എന്നാൽ നിങ്ങളുടെ വാക്കു പ്രമാണിക്കാം മരിക്കാതെയും ഇരിക്കും എന്നു കല്പിച്ചതുകെട്ടാറെ അവർ തമ്മിൽ തമ്മിൽ പറഞ്ഞിത ഇതൊക്ക നാം നമ്മുടെ സഹൊദരനൊട ചെയ്ത കുറ്റമാകുന്നു സത്യം അവനപെക്ഷിച്ചപ്പൊഴം അവന്റെ ദുഃഖം കണ്ടാറെയും അനുസരിക്കാതെ ഇരുന്നു വല്ലൊ അതുകൊണ്ടു ഈ ദുഃഖം നമുക്കു വന്നിരിക്കുന്നു എന്നവരും പൈതലിന്നു വിരൊധം ചെയ്വരുതെന്നു ഞാൻ പറഞ്ഞതു നിങ്ങഠം കെട്ടില്ല അവന്റെ രക്തം ഇപ്പൊഴം ചൊദിക്കുന്നു എന്ന ശ്രുബനും പറഞ്ഞ മുമ്പെ ദ്വിവാചി മുഖാന്തരം സംസാരിച്ചതിനാൽ ഇതിനെ ഒക്കയും അധികാരി കെട്ടറിഞ്ഞു എന്നവർ വി ചാരിച്ചില്ല യൊസെഫ അവരെ വിട്ടുപൊയി കരഞ്ഞു പിന്നെയും വന്നു അവ രിൽ ശൂരനായ ശിമ്യൊനെ വ്വലാക്കി എടുത്തു പിടിച്ചുകെട്ടിച്ചു മറ്റെയവരുടെ ചാക്കുകളിൽ ധാന്യം നിറെപ്പാനും അവരുടെ ദ്രവ്യം അതിൽ തന്നെ ഇടുവാനും വഴിചിലവിന്നു കൊടുപ്പാനും കല്പിച്ചു അവരും ധാന്യം കൊണ്ടുപൊയി വഴി അമ്പലത്തിൽവെച്ചു കഴുതയുടെ തീൻ കൊടുപ്പാൻ ഒരുത്തൻ ചാക്കഴിച്ചു അതിൽ ത ന്റെ ദ്രവ്യം കണ്ടപ്പൊഴം എന്റെ ദ്രവ്യം എനിക്കു തന്നു അതു ചാക്കിലുണ്ടു എന്നു പറഞ്ഞാറെ അവർ വളരെ ക്ഷീണിച്ചു ദൈവം നമുക്കിപ്രകാരം ചെയ്തതെന്തു എന്നു തമ്മിൽ പറഞ്ഞു അച്ഛനെ ചെന്നു കണ്ടു വസ്തുത അറിയിച്ചു ബിന്യമീനെ കൊണ്ടുവന്നാൽ തടവിലുള്ളവനെ വിടാം നിങ്ങഠംക്കും ഒരു വിരൊധം കൂടാതെ ഇവിടെ വ്യാപാരവും ചെയ്വാം എന്നധികാരി കല്പിച്ചപ്രകാരവും കൈപ്പി ച്ചു ചാക്കുകളെ ഒഴിക്കുമ്പൊഴം അവനവന്റെ ദ്രവ്യം കണ്ടാറെ അവരും അച്ഛനും വളരെ ഭ്രമിച്ചു അപ്പൊഴം യാക്കൊബ നിങ്ങഠം എന്നെ മക്കളില്ലാത്തവനാക്കി വെച്ചു യൊസെഫും ശിമ്യൊനും ഇല്ലാതെ ആയി ബിന്യമീനെയും കൊണ്ടുപൊകും ഇതൊക്കയും എനിക്കു വിരൊധമാകുന്നെന്നു പറഞ്ഞതു കെട്ടാറെ ശ്രുബൻ അനുജ നെ എന്നൊട കൂടെ അയച്ചാൽ ഞാൻ കൊണ്ടവന്നില്ല എങ്കിൽ എന്റെ രണ്ടു പുത്ര ന്മാരെ കൊന്നുകളക എന്നു പറഞ്ഞിട്ടും എന്റെ മകൻ നിങ്ങളെ കൂട പൊരികയി ല്ല അവനൊരുത്തൻ ശെഷിച്ചിരിക്കുന്ന വഴിയിൽ ആപത്തു വന്നാൽ നിങ്ങഠം എന്നെ ശവക്കുഴിയിൽ ഇറക്കെണ്ടി വരും എന്നു യാക്കൊബ പറകയും ചെയ്തു.

പിന്നെ കൊണ്ടുവന്ന ധാന്യം തീർന്നപ്പൊഴം ഇനിയും പൊയി കൊറെ കൂടെ കൊണ്ടുവരുവിൻ എന്നു യാക്കൊബ കല്പിച്ചപ്പൊഴം അനുജനെ കൂടാതെ വന്നാൽ എന്റെ മുഖം കാണുക ഇല്ല എന്ന ആ അധികാരി കല്പിച്ചിരിക്ക കൊണ്ടു അവനെ കൂടെ അയച്ചെങ്കിൽ പൊയി കൊണ്ടുവരും ഇല്ലെങ്കിൽ പോക ഇ

ല്ല എന്ന യഹൂദ പറഞ്ഞു ഇനിയും ഒരനുജനുണ്ട എന്ന എന്തിന്നറിയിച്ച ഇത്ര ദൊ
ഷം എന്തിന്ന ചെയ്യ എന്ന പറഞ്ഞാറെ നിങ്ങളുടെ അച്ചനിനിയുമിരിക്കുന്നുവൊ
ഇനിയും ഒരനുജനുണ്ടൊ എന്നെല്ലാ വർത്തമാനവും താല്പര്യമായി ചൊദിച്ച
തിന്ന തക്കവണ്ണം ഞങ്ങളും അറിയിച്ച അനുജനെ കൂട കൊണ്ടചെല്ലുവാൻ കല്പി
ക്കും എന്ന അറിഞ്ഞിരുന്നുവൊ നാം എല്ലാവരും ജീവിച്ചിരിക്കെണം എങ്കിൽ
താമസം കൂടാതെ അനുജനെ കൂടെ അയച്ചാൽ പൊയി കൊണ്ടുവരാം അതിന്ന
ഞാൻ ജാമീൻ ആകുന്ന. വന്നീല എങ്കിൽ എന്നും ഞാൻ കുറക്കാരനാകും ഇപ്ര
കാരം യഹൂദ പറഞ്ഞത കെട്ടാറെ അങ്ങിനെ എങ്കിൽ അങ്ങിനെ ചെയ്വിൻ
ഈ ദെശത്തിങ്കലെ തെനും നല്ല പഴങ്ങളും ദിവ്യൌഷധങ്ങളും മറും സമ്മാനമാ
യി കൊണ്ടുപൊകുവിൻ ഇരട്ട ദ്രവ്യവും എടുത്ത അനുജനെയും കൂട്ടികൊൾവിൻ
സർവശക്തനായ ദൈവം രണ്ട മക്കളെയും കൂട അയപ്പാൻ ആ അധികാരിക്ക കൃപ
ഉണ്ടാകുമാറാക്കട്ടെ ഞാൻ പുത്രനില്ലാത്തവനെ പൊലെ ആയി എന്ന പറഞ്ഞ
അവരെ അയക്കയും ചെയ്ത.

അപ്രകാരം അവർ പുറപ്പെട്ട മിസ്രയിൽ ചെന്ന ബിന്യമീനൊട കൂട
വരുന്നത യൊസെഫ കണ്ടാറെ കാര്യസ്ഥനൊട നീ ഇവരെ വീട്ടിൽ കൂട്ടികൊ
ണ്ട പൊക ഉച്ചയ്ക്കുള്ള ഭക്ഷണം അവക്കും കൂടെ നല്ലവണ്ണം ഒരുക്കുക എന്ന കല്പിച്ച
അങ്ങിനെ അവരെ കൊണ്ടുപൊയപ്പൊൾ ആദ്യം കണ്ട ദ്രവ്യം നിമിത്തം നമ്മെ
അടിമകളാക്കി. കഴുതകളെയും എടുക്കെണ്ടതിന്നാകുന്ന എന്നു വെച്ച ഭയപ്പെട്ട
യജമാനനെ ഞങ്ങൾ ഇരട്ട ദ്രവ്യം കൊണ്ട വന്നിരിക്കുന്ന എന്നും അതിന്റെ സം
ഗതിയും അവർ പറഞ്ഞതിന്ന വെണ്ടതില്ല ദൈവം നിങ്ങൾക്ക നിക്ഷെപമത്രെ
തന്നത ധാന്യ വില ഇവിട വന്നിരിക്കുന്ന എന്നവൻ പറഞ്ഞ വീട്ടിലാക്കി ശി
മ്യൊനെയും വരുത്തി സൽകരിച്ച ഉച്ചെക്ക യൊസെഫ വന്നപ്പൊൾ അവർ കു
മ്പിട്ട വെച്ച സമ്മാനം നൊക്കാതെ ആ കിഴവൻ സുഖമായിരിക്കുന്നുവൊ ഇനി
യും ജീവിച്ചിരിക്കുന്നുവൊ എന്ന ചൊദിച്ചാറെ സുഖം തന്നെ എന്നവർ പറഞ്ഞു
പിന്നെയും വന്ദിച്ച പിന്നെ ബിന്യമീനെ നൊക്കി ഇവനൊ നിങ്ങൾ പറഞ്ഞ
അനുജൻ എന്ന ചൊദിച്ച ദൈവം നിണക്ക കൃപ ചെയ്യട്ടെ എന്നനുഗ്രഹിച്ച മന
സ്സലിഞ്ഞ പൊകയാൽ ബദ്ധപ്പെട്ട അറയിൽ ചെന്ന കരഞ്ഞ മുഖം കഴുകി വന്ന
തന്നെ അടക്കി ഭക്ഷണം വെപ്പിൻ എന്ന കല്പിച്ച മിസ്രുകാർക്ക ജാതിഭെദമു
ണ്ടാകയാൽ ഭക്ഷണം പ്രത്യെകം തനിക്കും ദെശക്കാർക്കും സഹൊദരന്മാർക്കും
രണ്ട പന്തിയായും വെപ്പിച്ച ജെഷ്ഠാമനുജ പ്രകാരം ഇരുത്തിയതിനാൽ അവർ അ
തിശയിച്ച തന്റെ മുമ്പിൽനിന്ന കൊടുത്തയച്ച ഒഹരിയിൽ ബിന്യമീന്ന അ
ധികമഞ്ചു ഒഹരി അയച്ച അവർ സുഖെന ഭക്ഷിച്ച സന്തൊഷിക്കയും ചെയ്ത.

പിന്നെ കാര്യസ്ഥനൊട ഇവരുടെ ചാക്കുകളും പിടിക്കുന്ന ധാന്യവും
കൊണ്ടുവന്ന ദ്രവ്യവും ഇളയവന്റെ ചാക്കിൽ എന്റെ വെള്ളി പാനപാത്രവും കൂ
ടെ ഇടുക എന്ന കല്പിച്ചപ്രകാരം അവൻ ചെയ്ത. പിറെന്നാൾ രാവിലെ
അവരെ ധാന്യവും കൊടുത്തയച്ച ദൂരെ പൊകും മുമ്പെ അധികാരിയുടെ കല്പന
പ്രകാരം കാര്യസ്ഥൻ ഒടി ചെന്ന ഗ്രണത്തിന്ന പകരം ദൊഷമൊ വിചാരിച്ച
ലക്ഷണമറിയുന്ന യജമാനന്റെ പാനപാത്രം നിങ്ങൾ എന്തിന്ന കട്ട എന്ന ചൊ
ദിച്ചാറെ അടിയങ്ങൾ ഒരിക്കലും ചെയ്കയില്ല മുമ്പെ ചാക്കുകളിൽ കണ്ട ദ്ര
വ്യം കൊണ്ടുവന്ന ഞങ്ങൾ യജമാനന്റെ പൊന്നെങ്കിലും വെള്ളി എങ്കിലും
മൊഷ്ടിക്കുമൊ അതു ആരുടെ പക്കൽ കാണുന്നുവൊ അവൻ മരിക്കട്ടെ ഞങ്ങളും
അടിമകളാകും എന്ന പറഞ്ഞു കട്ടവൻ അടിമ ആകട്ടെ എന്നവൻ പറഞ്ഞു ശൊ
ധന ചെയ്ത ബിന്യമീന്റെ ചാക്കിൽ ആ പാത്രം കണ്ടപ്പൊൾ എല്ലാവരും മട
ങ്ങി വീട്ടിൽ ചെന്ന അധികാരിയെ കണ്ട നമസ്കരിച്ച ആയവൻ ഇത എന്തിന്ന
ചെയ്ത എനിക്ക ലക്ഷണമറിയാം എന്ന തൊന്നീട്ടില്ലയൊ എന്ന കല്പിച്ച
പ്പൊൾ യഹൂദാ കർത്താവൊട എന്ത പറയെണ്ട ഞങ്ങൾ ശുദ്ധന്മാർ എന്നെങ്ങി
നെ അറിയിക്കെണ്ട അടിയങ്ങളുടെ അകൃത്യം ദൈവം കണ്ടെത്തി ഇപ്പൊൾ എ
ല്ലാവരും കർത്താവിന്നടിമകൾ എന്നറിയിച്ചാറെ പാത്രം എടുത്തവൻ മാത്രം അ

ടിമയായാൽ മതി നിങ്ങൾ സുഖെന പൊവിൻ എന്നു കല്പിച്ചതു കെട്ടാറെ യഹൂദ മുമ്പിലൊട്ട ചെന്നു പറഞ്ഞു കർത്താവെ കൊപിക്കരുതെ ഞാൻ ഒന്നപെക്ഷിക്കുന്നു ഇവനെ കൂട്ടികൊണ്ടു വരെണം എന്നു തങ്ങളുടെ നിയൊഗം കിഴവനായ അച്ചനൊട പറഞ്ഞാറെ എനിക്ക രണ്ടു മക്കൾ ഉള്ളതിൽ ഒരുത്തൻ എന്നെ വിട്ടുപൊയാറെ ഇതുവരെയും കണ്ടില്ല ഇനി ഇവനെ ഉള്ളു എന്നും അയക്ക ഇല്ല എന്നും അയച്ചു വല്ല വിഘ്നം വന്നാൽ ഞാൻ മരിക്കും എന്നും പറഞ്ഞപ്പൊൾ ഒരു വിഘ്നം കൂടാതെ ഞാൻ കൂട്ടികൊണ്ടു വരാം എന്നു ഞാൻ ജാമീൻ നിന്നു കൊണ്ടുവന്നതാകുന്നു ഇവനെ കൂടാതെ ചെന്നു കാണുമ്പൊൾ അച്ചന്റെ ആത്മാവു പൈതലിങ്കൽ ചെന്നിരിക്കകൊണ്ടു ക്ഷണത്തിൽ മരിച്ചു കളയും അതുകൊണ്ടു ഇവന്നു പകരം ഞാൻ അടിമയായി പാർക്കാം. പൈതലിവരൊട കൂട പൊകട്ടെ ഞാൻ എങ്ങിനെ അച്ചനെ ചെന്നു കാണും.

അപ്പൊൾ യൊസെഫ തന്നെ അടക്കുവാൻ കഴിയായ്കയാൽ ചുറ്റുമുള്ളവരെ പുറത്താക്കിച്ചു എങ്കിലും നാട്ടുകാരും രാജകുഡുംബവും കൊൾക്കുമാറു ഉറക്കെ കരഞ്ഞു സഹൊദരന്മാരൊട ഞാൻ യൊസെഫാകുന്നു അച്ചനിനിയും ഇരിക്കുന്നുവൊ എന്നു പറഞ്ഞാറെ അവർ ഭയപ്പെട്ട ഉത്തരം പറയായ്കയാൽ അടുത്തു വരുവാൻ അപെക്ഷിച്ചു അടുത്തുചെന്നപ്പൊൾ നിങ്ങൾ വിറ്റ കളഞ്ഞ അനുജൻ ഞാനാകുന്നു സത്യം വില്ലുകൊണ്ടു ഇപ്പൊൾ ദുഃഖിക്കരുത നിങ്ങളല്ല ദൈവം തന്നെ നിങ്ങളുടെ വലിയ രക്ഷയ്ക്കായിട്ടു മുമ്പെ എന്നെ അയച്ചു ഈ രാജ്യാധികാരി ആക്കിയിരിക്കുന്നു രണ്ടു വർഷം ക്ഷാമമുണ്ടായി ഇനിയും 5 വർഷം ഉണ്ടാകും ഉടനെ ചെന്നു നിന്റെ മകനിനി ഇരിക്കുന്നു ദൈവം മിസ്രയിലെക്ക കർത്താവാക്കി വെച്ചിരിക്കുന്നു എന്നും എന്റെ അവസ്ഥ കണ്ടു കെട്ടതിനെ ഒക്കയും അച്ചനെ അറിയിച്ചു താമസിക്കാതെ കൂട്ടികൊണ്ടു വരുവിൻ നിങ്ങളും സകലസംസാരത്തൊടും കൂട വന്നു ഗൊഷ്ടൻ ദെശത്ത എന്റെ സമീപത്ത ഇരിക്കാം ഞാൻ വെണ്ടുംവണ്ണം രക്ഷിക്കും എന്ന പറഞ്ഞാറെ അവനും അനുജനും കഴുത്തു കെട്ടിപിടിച്ചു കരഞ്ഞു ജ്യെഷ്ഠന്മാരെയും ചുംബിച്ചു കരഞ്ഞു അന്യൊന്യം സംസാരിക്കയും ചെയ്തു ആ വർത്തമാനം രാജാവ കെട്ടാറെ പ്രസാദിച്ചു യൊസെഫിനെ വരുത്തി നിന്റെ അച്ചനെ കുഡുംബങ്ങളെയും കൂട്ടി ഉടനെ വരുത്തുവാൻ പറക അതിന്നു വെണ്ടത ഒക്കയും ഇവിടെ നിന്നു കൊടുത്തയക്ക എന്ന കല്പിച്ചപ്രകാരം അവർക്ക ദ്രവ്യവും അന്നവസ്ത്രാദികളും കൊടുത്തു വഴിക്കൽനിന്നു ശണ്ഠ കൂടരുതെന്നും പറഞ്ഞയച്ചു.

അവരും പുറപ്പെട്ട അച്ചന്റെ അടുക്കൽ ചെന്നു യൊസെഫിനിയും ഇരിക്കുന്നു മിസ്രാധികാരിയാകുന്നു എന്നറിയിച്ചപ്പൊൾ അവൻ പ്രമാണിക്കാതെ ഇരുന്നു അതിന്റെ ശെഷം കൊടുത്തയച്ച രാജതെരുംമറും കണ്ടപ്പൊൾ മതി എന്റെ മകനിരിക്കുന്നു ഞാൻ മരിക്കും മുമ്പെ അവനെ പൊയി കാണും എന്നു യിസ്രയെൽ കല്പിക്കയും ചെയ്തു പിന്നെ യിസ്രയെൽ കുഡുംബങ്ങളെയും കൂട്ടി സകലത്തൊടും കൂടി പുറപ്പെട്ടു വാഗ്ദത്ത ദെശത്തിന്റെ തെക്കെ അതിരായ ബെർശബെയ്ക്ക എത്തിയിട്ടു അവിടെ പാർത്തിരുന്ന അച്ചന്റെ ദൈവത്തിന്നു ബലികഴിച്ചു രാത്രിയിൽ ദൈവം ഇസ്രയെലിനൊട ഞാൻ നിൻറച്ചന്റെ ദൈവമാകുന്നു നീ ഇറങ്ങി മിസ്രയിലെക്ക പൊവാൻ ഭയപ്പെടെണ്ട ഞാൻ നിന്റെ കൂടെ പൊരുന്നു നിന്നെ വലിയ ജാതി ആക്കി ഇങ്ങൊട്ടതന്നെ വരുത്തും നിശ്ചയം യൊസെഫ തന്റെ കൈ കൊണ്ടു നിന്റെ കൺ മൂടുകയും ചെയ്യും എന്ന കല്പിച്ചാറെ അവിടെ നിന്നു തെരിലെറി പുറപ്പെട്ട വഴിക്കൽനിന്നു യഹൂദയെ അയച്ചു യൊസെഫൊടു വർത്തമാനം അറിയിച്ചപ്പൊൾ യൊസെഫ ചെന്നു ഗൊഷ്ടൻ ദെശത്ത അച്ചനെ എതിരെറ്റു കണ്ടാറെ അച്ചന്റെ കഴുത്ത കെട്ടി പിടിച്ചു എറിയ നെരം കരഞ്ഞതിൽ പിന്നെ നിന്റെ മുഖം കണ്ടുവല്ലൊ ഇനി മരിച്ചാൽ വെണ്ടതില്ല എന്നച്ചൻ പറഞ്ഞ അനന്തരം യൊസെഫ ആടുമെയ്ക്കുന്നത മിസ്രക്കാർക്ക രസകെടാകകൊണ്ടു നിങ്ങൾ ഈ ഗൊഷ്ടൻ ദെശത്ത തന്നെ പാർക്കെണ്ടിവരും എന്ന സഹൊദരന്മാരൊട പ

റഞ്ഞ അവിടെ പാർപ്പിച്ചു താൻ രാജസന്നിധിയിങ്കൽ ചെന്ന അച്ചനും കൂഡും ബവും ഗൊഷൻ ദെശത്തെത്തി ഇരിക്കുന്ന എന്നുണർത്തിക്കയും ചെയ്ത സഹൊദര ന്മാരിൽ 5 പെരെ വരുത്തി കാണിച്ചപ്പൊൾ നിങ്ങളുടെ തൊഴിൽ എന്തെന്ന അരുളിചെയ്താറെ അടിയങ്ങൾ ഇടയന്മാരാകുന്നു കനാൻ ദെശത്തെ മെച്ചിൽ ഇല്ലാതെ പൊയതിനാൽ ഇവിടെ പാർപ്പാനായി വന്നു എന്ന ബൊധിപ്പിച്ചാ റെ അവരെ ഈ നാട്ടിൽ നിണക്ക ഒത്ത സ്ഥലത്ത പാർപ്പിക ഗൊഷൻ ദെശ ത്ത തന്നെ ഇരിക്കട്ടെ അവരിൽ സമർത്ഥന്മാരെ എന്റെ ആടുമാടുകൾക്ക പ്രമാ ണികളാക്കി കൊൾക എന്നും കല്പിച്ചു പിന്നെ അച്ചനെ അകത്ത വരുത്തി കാ ണിച്ചു രാജാവെ അനുഗ്രഹിച്ചാറെ രാജാ യാക്കൊബൊട എത്ര വയസ്സായി എന്ന ചൊദിച്ചു സഞ്ചാര വർഷങ്ങൾ ഇപ്പൊൾ നൂറിമുപ്പതാകുന്നു അതിൽ ജീവിതവർഷ ദിവസങ്ങൾ അല്പം അതുവും ദൊഷമിശ്രമായിരുന്നു പിതാക്കന്മാരുടെ സ ഞ്ചാര കാലത്തിൽ ഉണ്ടായ ജീവിത വർഷ ദിവസങ്ങളെ എത്തിയിട്ടില്ല എന്ന റിയിച്ചു അനുഗ്രഹിച്ചു പുറപ്പെട്ട പിന്നെ യൊസെഫ അച്ചൻ മുതലായവരെ കല്പിച്ച ദെശത്തിങ്കൽ കുടയിരുത്തി അവസ്ഥപൊലെ രക്ഷിച്ചു വന്നു ഇങ്ങി നെ മിസ്രയിൽ ഇറങ്ങി പാർത്തവരിൽ ഭാര്യമാർ ഒഴികെ യാക്കൊബും പുത്ര പൌത്രന്മാരും കൂടി ആക 70 പെരാകുന്ന അവിടെ ദെവ കല്പനപ്രകാരം അവർ വർദ്ധിക്കയും ചെയ്തു.

പിന്നെ ക്ഷാമം വർദ്ധിച്ചു മിസ്രക്കാർ വലഞ്ഞപ്പൊൾ യൊസെഫ അവ രുടെ ദ്രവ്യം ഒക്കയും വാങ്ങി രാജഭണ്ഡാരത്തിൽ ചെർത്ത പ്രജകളെ പൊഷിപ്പി ച്ചു വന്ന ശെഷം ദ്രവ്യം ഇല്ലായ്കയാൽ നാട്ടിലുള്ള കന്നുകാലി മുതലായവറെ യും നിലം പറമ്പുകളെയും ശരീരങ്ങളെയും വിലെക്ക വാങ്ങി ധാന്യം കൊടുത്ത ക്ഷാമം കഴിവൊളവും അവരെ രക്ഷിച്ചുവന്ന ആ വർഷം മുതൽ മിസ്രനാട്ടിൽ എല്ലാടവും രാജാവ ഭൂമി അവകാശി ആയി വിപ്രജാതിക്കാർക്ക മുമ്പെ നിശ്ച യിച്ച നിലം പറമ്പുകൾ ഒഴികെ വെറെ പ്രജകൾക്ക ഭൂമിയവകാശമില്ല ആണ്ട തൊറും വിളവിൽ അഞ്ചിൽ ഒന്ന രാജഭൊഗം കൊടുപ്പാൻ നിശ്ചയിച്ചു കൃഷി നട ത്തിച്ചു ഭരിച്ചു വരികയും ചെയ്തു.

ഇസ്രയെൽ 17 വർഷം മിസ്രയിൽ പാർത്തു മരണ കാലം സമീപിച്ച പ്പൊൾ യൊസെഫിനെ വരുത്തി പറഞ്ഞു നിന്റെ കൃപ ഉണ്ടെങ്കിൽ മരിച്ചാൽ എന്നെ ഇവിടെ വെക്കരുത ഞാൻ അച്ചന്മാരൊട കൂട കിടക്കും നീ എന്നെ കൊ ണ്ടുപൊയി അവരെ വെച്ച സ്ഥലത്ത വെക്കുക അപ്രകാരം സത്യം ചെയ്വാൻ ഞാനപെക്ഷിക്കുന്നു എന്നാറെ അവനും അപ്രകാരം ചെയ്യാം എന്നാണയിട്ടപ്പൊൾ ഇസ്രയെൽ കട്ടിലിൻ തലയ്ക്കൽ കുമ്പിട്ടു ദൈവത്തെ വന്ദിക്കയും ചെയ്തു അനന്ത രം യൊസെഫ അച്ചനു ദീനം എന്നു കെട്ടപ്പൊൾ രണ്ടു മക്കളെയും കൂട്ടി അവനെ ചെന്നു കണ്ടാറെ യിസ്രയെൽ തന്നെ ഉറപ്പിച്ചു കട്ടിലിന്മെൽ ഇരുന്നു പറഞ്ഞു സർവ ശക്തിയുള്ള ദൈവം എന്നെ അനുഗ്രഹിച്ചു ഞാൻ നിന്നെ വളരെ വർദ്ധി പ്പിക്കും കനാൻ ദെശത്തെയും എന്നെക്കും തരും എന്നു കല്പിച്ചിരിക്കുന്നു അതി നായിട്ട നിന്റെ രണ്ടു മക്കളും ഗ്രുബൻ ശിമ്യൊൻ എന്നവരെ പൊലെ എനിക്കു ള്ളവരാകും എന്നു പറഞ്ഞു മനശ്ശെയും എഫ്രയിമെയും കണ്ടാറെ ഇവരാർ എന്ന ചൊദിച്ചപ്പൊൾ ദൈവം എനിക്കു തന്ന മക്കൾ എന്ന യൊസെഫ പറഞ്ഞു അവ രെ അരികിലാക്കിയപ്പൊൾ അവരെ ചുംബിച്ചു തടവി യൊസെഫിനൊട നി ന്റെ മുഖം തന്നെ കാണ്മാൻ എന്നു ഞാൻ നിരൂപിച്ചില്ല ദൈവം നിന്റെ സന്തതി യെയും കാണ്മാറാക്കിയല്ലൊ എന്നു പറഞ്ഞു പിന്നെ വലത്തെ കൈ അനുജന്റെ തലമെലും ഇടത്തെ കൈ ജ്യെഷ്ഠന്റെ തലമെലും വെച്ചനുഗ്രഹിച്ചു അച്ചന്മാർ കണ്ടു നടന്ന ദൈവമെ എന്നെ ഇന്നെവരെയും വളർത്തിയ യഹൊവായെ സകല ദൊഷ ങ്ങളിൽനിന്നും എന്നെ വീണ്ടെടുത്ത ദൂതനുമായവനെ ഈ കുഞ്ഞുങ്ങളെ അനുഗ്രഹി ക്കെണമെ ഇവർ ദെശമദ്ധ്യത്തിൽ വളർന്നിരിക്കണമെ എന്നു പറഞ്ഞാറെ വിലങ്ങ ത്തിൽ അല്ല ക്രമത്തിൽകൈ വെച്ചനുഗ്രഹിക്കെണം എന്ന യൊസെഫപെക്ഷിച്ച പ്പൊൾ അവൻ വിരൊധിച്ചു ഞാനറിയുന്നു ഈ ജ്യെഷ്ഠനും വർദ്ധിച്ചു സംഘമാകും

എങ്കിലും അനുജൻ അധികം വദ്ധിച്ചു മുമ്പനായി തീരും എന്നും മറും അവരെ തൊട്ടു അനുഗ്രഹിച്ചു യൊസഫിനൊട ഞാനിതാ മരിക്കുന്നു ദൈവം നിങ്ങളൊട കൂട നിന്ന അച്ചന്മാരുടെ ദെശത്തിങ്കൽ തന്നെ ഇരുത്തും എന്ന പറഞ്ഞയച്ചു.

അതിന്റെ ശെഷം യാക്കൊബ പന്ത്രണ്ടു മക്കളെയും വിളിച്ചു ഒരുമിച്ചുകൂത്ത വരുവിൻ യാക്കൊബിൻ പുത്രന്മാരെ ഒടുവിൽ വരുവാനുള്ളതിനെ ഞാനറിയിക്കും നിങ്ങളുടെ അച്ചനായ ഇസ്രയെലിന്റെ വാക്ക ചെവികൊഞ്ചുവിൻ. രൂബ നീ എന്റെ മൂത്തമകൻ വെള്ളം പൊലെ ഇളക്കമായി എന്റെ കിടക്ക അശുദ്ധമാക്കിയതു കൊണ്ടു നീ മുമ്പനാകയില്ല. ശിമ്യൊനും ലെവിയും ഒരു വകക്കാർ ഒരു വീരനെ കൊന്ന ഒരു മതിലുമിടിച്ചകളഞ്ഞ അവരുടെ രഹസ്യത്തിന്നും ക്രൂരതെക്കും ശാപമായി വെർപിരിഞ്ഞിരിക്കും. യഹൂദ നിന്നെ സഹൊദരന്മാർ പുകഴ്ത്തിനമസ്കരിക്കുംശത്രുക്കളുടെ കഴുത്തിൽ നിന്റെ കൈ വീഴും നീ സിംഹകുട്ടി ആകുന്നുശീലൊ* വരുവൊളത്തിന്നു രാജദണ്ഡും യഹൂദയിൽനിന്നും ന്യായകൎത്താവ അവന്റെ സന്തതിയിൽനിന്നും നീങ്ങി പൊകയില്ല ആ വരുന്നവനൊട[എല്ലാ] ജാതികളും ചെരും. സെബുലുൻ കടൽ അരികെ ശിദൊൻ വരയൊളം കുടിയിരിക്കും. ഇസഖാർ സ്വസ്ഥത്തെ കാംക്ഷിച്ചു ദാസനായി തീരുന്ന കഴുത. ദാൻ ന്യായ വിസ്താരത്തിങ്കൽ സമത്ഥനെങ്കിലും ശത്രുക്കൊക്ക സർപ്പമായി തീരും. ഗാദ ആദ്യം തൊറ്റു പിന്നെ ജയിക്കും. അശെരിൽനിന്നു പുഷ്ടിയുള്ള ആഹാരമുണ്ടാകും. നപ്തലി ** സന്തൊഷ വാക്കുകളെ തരുവാൻ പുറത്ത വിട്ട ഒരു മാനാകുന്നു. യൊസെഫ കിണറിന്റെ അരികെ നിത്യഫലം തരുന്ന ഒരു വള്ളി ആകുന്നു മൂടിയാലും പുവരിന്റെ മീതെ പടർന്ന കയറും വില്ലന്മാർ ദ്വെഷിച്ചെയ്തു എങ്കിലും അവന്റെ വില്ലും കൈകളും ഉറപ്പായി നിന്നു ശക്തിയുള്ള ദൈവത്തിന്റെ കൈകൊണ്ടു അതിന്നു ശക്തി വർദ്ധിച്ചു അതിൽനിന്നു യിസ്രയെലിനെ മെയ്യുന്നവനും അതിന്നു കല്ലുമായവൻ നിൻ പിതാവിൻ ദൈവം മെൽകീഴുള്ള അനുഗ്രഹങ്ങളെ ഒക്കയും ചെത്തു മുൻ പിതാക്കന്മാരുടെ അനുഗ്രഹങ്ങളെക്കാളും പെരുക്കി നിന്റെ നെറുകയിൽ വെക്കെണമെ സഹൊദരന്മാരിൽ ഉൽകൃഷ്ടനായവനെ. ബിന്യമീൻ രാവിലെ ഇര ഭക്ഷിച്ചു വൈകുന്നെരത്തു കവർച്ചയെ ഒഹരിയാക്കുന്ന ചെന്നായാകുന്നു.

ഇങ്ങിനെ അവസ്ഥപൊലെ അവരെ അനുഗ്രഹിച്ചു യഹൊവയെ നിങ്കൽ നിന്നു രക്ഷയ്ക്കായി ഞാൻ കാത്തിരിക്കുന്നെന്നു പ്രാർത്ഥിച്ച ശെഷം ആബ്രഹാം വിലെക്ക വാങ്ങിയ നിലത്തു മാതാപിതാക്കന്മാരെ വെച്ച ഗുഹയിൽ എന്നെലെയയുടെ അരികിൽ അടക്കുവിൻ എന്നു കല്പിച്ചു കട്ടിലിന്മെൽ കിടന്നു പ്രാണനെ വിട്ടു തന്റെ ജനത്തൊടും ചെരുകയും ചെയ്തു യൊസെഫ അച്ചന്റെ മുഖത്തെ കരഞ്ഞു വീണു മിസ്രക്കാരുടെ മര്യാദപ്രകാരം വെടിയുപ്പും കർപ്പൂരം തമ്രാണി മുതലായവയും ചെർത്തു വെള്ളവസ്ത്രങ്ങളെ ചുറ്റിച്ചു ആ ശവത്തെ കാത്തു കൊണ്ടിരുന്നു ദുഃഖദിവസങ്ങൾ കഴിഞ്ഞാറെ യൊസെഫ അച്ചനുമായി ചെയ്തു സത്യപ്രകാരം രാജാവെ ഉണർത്തിപ്പിച്ചു കല്പന ആയതിന്റെ ശെഷം ശവം എടുപ്പിച്ചു കുതിര മുതലായ വാഹനങ്ങളെറി പുറപ്പെട്ട കുഡുംബങ്ങളൊടും പ്രമാണികളൊടും കൂട കനാൻ ദെശത്ത എത്തി അച്ചനെ നിശ്ചയിച്ച ഗുഹയിൽ വെക്കുകയും ചെയ്തു.

അനന്തരം അവർ എല്ലാവരും മിസ്രയിലെക്ക എത്തി പാത്തപ്പൊൾ സഹൊദരന്മാർ ഭയപ്പെട്ട യൊസെഫിനെ നമസ്കരിച്ചു അല്ലയൊ ഞങ്ങളുടെ ദ്രൊഹങ്ങളെ അച്ചനെ വിചാരിച്ചു ക്ഷമിക്കെണമെ ഞങ്ങൾ ദാസന്മാരാകുന്നു എന്നപെക്ഷിച്ചപ്പൊൾ അവനും കരഞ്ഞ നിങ്ങൾ ഭയപ്പെടെണ്ട എന്ന പറഞ്ഞു

---

* ശീലൊ എന്നപെക്ഷ സന്ധിരാജാ എന്നത്ഥം. യഹൂദ ഗൊത്രത്തിൽ ജനിപ്പാനുള്ള അഭീഷിക്തനെ കുറിച്ചു കൊള്ളുന്നു.

** യൊസെഫ ജീവിച്ചിരിക്കുന്നു എന്നച്ചനൊടറിയിപ്പാൻ സഹൊദരന്മാർക്ക മുമ്പെ ഒടിചെന്നവൻ ഇവനാകുന്നു എന്ന യഹൂദന്മാരുടെ മതം.

ഞാൻ ദൈവമൊ നിങ്ങൟ എനിക്ക ദൊഷം വിചാരിച്ചിരുന്നു എങ്കിലും ദൈവം എനിക്ക ഗ്രണം തന്നെ വിചാരിച്ച വളരെ ജനങ്ങളെ ജീവനൊടെ രക്ഷിക്കുമാറാക്കുകയും ചെയ്തു ഞാൻ ഇനിയും നിങ്ങളെയും പൈതങ്ങളെയും വെണ്ടും വണ്ണം വളത്തും അവരെ ഇപ്രകാരം ആശ്വസിപ്പിച്ച പ്രിയമായി തന്നെ സംസാരിച്ച ശെഷം കുഡുംബങ്ങളൊട കൂട മിസ്രയിൽ സുഖെന വസിച്ച അവൻ നൂറുപത്ത സംവത്സരം ജീവിച്ചിരുന്നു എഫ്രയീമുടെ പ്രപൌത്രന്മാരെയും മനശ്ശെയുടെ പൌത്രരെയും കണ്ട ദൈവം നിങ്ങളെ സ്പഷ്ടമാകുംവണ്ണം വിചാരിച്ച താനച്ചന്മാരൊട ആണയിട്ട ദെശത്തെക്ക പൊകുമാറാക്കും നിശ്ചയം അപ്പൊൟ എന്റെ അസ്ഥികളെകൂട്ടികൊണ്ടുപൊകെണം എന്ന ഇസ്രയെല്യരെ കൊണ്ട ആണയിടുവിച്ച മരിച്ചപ്പൊൟ മിസ്രാചാരപ്രകാരം സുഗന്ധവഗ്ഗങ്ങളെയിട്ട ശരീരം കാത്തു ഒരു ശവപ്പെട്ടിയിൽ വെക്കയും ചെയ്തു.

വിശ്വാസപിതാക്കന്മാരുടെ കാലം ഇങ്ങിനെ തീർന്ന ദൈവ വാക്കിനെ വിശ്വസിച്ച അബ്രാം ജന്മദെശം വിട്ട പുറപ്പെട്ട നാൟ തുടങ്ങി യിസ്രയെല്യക്ക ന്യായപ്രമാണം അറിയിച്ച ദിവസത്തൊളം വാഴ്ത്ത വർഷങ്ങൟ നാനൂറുമുപ്പത (430) [ക്രിസ്തു ജനിക്കുന്നതിനുമുമ്പിൽ 1927—1497 വർഷങ്ങൟക്ക നടുവിൽ] ഇവയുടെ വിവരമാവിത.

നൊഹയുടെ മരണം	1937
70 വയസ്സായ അബ്രാം കല്ദായദെശം വിട്ടുപൊയത	1927
അബ്രാം ഹരാൻ ഊരെ വിട്ടത	1922
ഇശ്മയെൽ ജനിച്ചത	1911
ചെലാകർമ്മം	1898
[അബ്രഹാമിന്റെ സന്തതി പരദെശികളായി സഞ്ചരിച്ച 400 സംവത്സരങ്ങളുടെ ആരംഭമായ] ഇസ്ഹാക്കിന്റെ ജനനം	1897
സാരാ മരിച്ചത	1860
ഇസ്ഹാക്കിന്റെ വിവാഹം	1857
എസാവും യാക്കൊബും ജനിച്ചത	1837
ആബ്രഹാം മരിച്ചത	1822
ശെമ്മിന്റെ മരണം	1787
എബരിന്റെ മരണം	1758
യൊസെഫ ജനിച്ചത	1746
ഇസ്ഹാക്കിന്റെ മരണം	1717
യൊസെഫ മിസ്രാധികാരിയായ്ത	1716
ഇസ്രയെൽ കുഡുംബം മിസ്രയിൽ പൊയ്ത	170
യാക്കൊബിന്റെ മരണം	169
യൊസെഫിന്റെ മരണം	1636

ഇവരൊക്കെയും വാഴ്ത്തങ്ങളെ പരിഗ്രഹിച്ച ദൂരത്തിങ്കൽനിന്നു കണ്ട ആശ്ലെഷിച്ച ശവസ്ഥലം ഒഴിച്ച ഭ്രമി അവകാശം പ്രാപിയാതെ പരദെശികളായി സഞ്ചരിച്ച കൂടാരങ്ങളിൽ പാൎത്ത ദൈവം കൊടുപ്പാൻ ഇമ്മിച്ച ദിവ്യപുത്രന്റെ വരവിനെയും അവന്റെ മഹത്വമുള്ള രാജ്യത്തെയും കാത്തുകൊണ്ടിരുന്നവരാകുന്നു വിശ്വാസത്തൊടു കൂടി മരിച്ചിട്ടും അവർ ഇന്നും ജീവിക്കുന്നു യഹൊവ അവരെ സ്നെഹിക്കകൊണ്ട അബ്രഹാം ഇസ്ഹാക്ക യാക്കൊബ ഇവരുടെ ദൈവം എന്നു പെർ എടുപ്പാൻ ലജ്ജപ്പെടാതെ വളരെ ബഹുമാനിച്ചിരിക്കുന്നതും അല്ലാതെ അവക്ക പറഞ്ഞ കൊടുത്തതിന്നു മെലായിട്ട നിവൃത്തി വരുത്തും നിശ്ചയം.

അഹമീശൊ ബ്രഹസ്യാസ്മീശഹകസ്യെശഎവച
യാക്കൊബാഖ്യെസ്രയെലസ്യാ ഹമെവെശൊനിരന്തരം.
ഇത്യുക്തംബഹുധായെനനമൂതാനാംസംഈശ്വരഃ.
ജീവതാംതഖിലാശ്ചൈതെജീവന്ത്യ ഗ്രെസ്യനിത്യശഃ.
[ലൂക്ക 20. 37, 38.]
യൽകൃതെബ്രഹ്മഹൃതഃപൈതൃകംഭവനംജഹൌ
നമസ്തസ്മൈനമസ്തസ്മൈകുലസന്നായിനെനമഃ.
യദ്വിംബഃസംവിദൊഭാഗീശഹകഃസ്ഥവിരാത്മജഃ.
നമസ്തസ്മൈനമസ്തസ്മൈ പ്രതിശ്രുതിഭവെനമഃ
യൽപ്രതീത്യാപതംമൃത്യൊ സ്ഥാതംവിശ്വാസിനാംപിതാ
നമസ്തസ്മൈ നമസ്തസ്മൈ പുനർജ്ജീവവതെനമഃ.
യദ്ദൃഷ്ടീംപ്രാപയാകൊബ സ്സംവിർദ്ദായാർഹകൊത്ഥയൻ
നമസ്ത സ്മൈ നമസ്തസ്മൈ ഇസ്രയെലഭുചെനമഃ.
യസ്യവിംബൊപിയൊസെഫൊ ഭ്രാത്രുസ്ഥൊ വിഭവർദ്ധിതഃ
നമസ്തസ്മൈ നമസ്തസ്മൈ ലബ്ധാന്ത്യസ്ഥിതയെനമഃ.
യംയഹ്വദ കുലൊൽപാദ്യംമുമുഷ്ഠു സ്ഥൽപിതാജഗൌ.
നമസ്തസ്മൈ നമസ്തസ്മൈ നിത്യരാജ്യാധികാരിനെ.

സത്യവെദ ഇതിഹാസം

മൊശയുടെ കാലം എന്ന രണ്ടാം അംശം

നിസ്സ്യത്യാംഖ്യദ്വിതീയെസ്മിൻ സ൦കന്ധെകഥിതം അത്ഭുതം
നിർഗ്ഗയാന്തിശ്രുഭ്രമീശാൽസദഗ്ഗ്രസ്യവിമൊചനം.
മുക്തനാം അപവാദശ്ചപ്രാന്തരെപിചപാലനം
ഈശദത്തംമഹാശാസ്ത്രം സീനായാദ്രൌചമൊസയെ.
ലെവികാഖ്യെതൃതീയെത്രസ൦കന്ധആദിശ്യതെസ്ഥടം
കി൦കാര്യംയജ്വഭിഃകിഞ്ചാപ്യാചര്യംഇസ്രയെലജ്ജൈഃ.

1. മിസ്രയിലുള്ള ഇസ്രയെല്യരുടെ അവസ്ഥ

ഇസ്രയെൽ പുത്രന്മാർ 70 ആളുകളം മിസ്രയിൽ ഇറങ്ങി പാർത്തു ദെവാന ഗ്രഹത്താലെ ഏറവും വർദ്ധിച്ച നാട്ടിൽ നിറഞ്ഞുകൊണ്ടിരുന്ന. ലെവി എന്ന ഇസ്രയെൽ പുത്രൻ 138 വയസ്സൊളം ജീവിച്ച പലരെയും അകൃത്യത്തിങ്കൽനി ന്ന തിരിച്ചുകൊണ്ടിരുന്ന. എഫ്രയിം എന്ന യൊസെഫിന്റെ പ്രിയ പുത്രൻ വയസ്സനായപ്പൊ൦ അവന്റെ പൌത്രരിൽ ചിലർ കനാനിൽ ചെന്ന ഗാഥ ഊ ക്കാരുടെ മൃഗ കൂട്ടങ്ങളെ കവരെണ്ടതിന്നായിട്ട തുനിഞ്ഞപ്പൊ൦ അവർ യുദ്ധ ത്തിൽ മരിച്ചുപൊയതിനാൽ എഫ്രയിം എറിയ ദിവസം ദുഃഖിച്ച മരിച്ച. ഇ വർ എല്ലാവരും മരിച്ചതിന്റെ ശെഷം യൊസെഫിന്റെ അവസ്ഥ അറിയാത്ത പുതിയ രാജാവ മിസ്രയിൽ ഉത്ഭവിച്ച കിഴക്കെ രാജ്യങ്ങളിലുള്ള ഇടയന്മാക്ക ഞങ്ങളിൽ വംശശത്രുത്വം അല്ലൊ ആകുന്ന ഞങ്ങളിലും ആധിക്യം ഉണ്ടായ൭വന്ന ഈ ഇസ്രയെലർ അവരൊടു ചെന്ന ഞങ്ങളുടെ നെരെ മത്സരിക്കാതെ ഇരിപ്പാൻ ഒരുപായം വിചാരിക്കെണം എന്ന വെച്ച. പ്രജകളുടെ സമ്മതത്താൽ ഇസ്രയെ ലക്ക ഭാര പ്രവൃത്തികളെ കല്പിച്ച മുഖ്യന്മാരെ കൊണ്ട മിനക്കെടാതെ ഒട്ട കു മ്മായമുണ്ടാക്കുക ചക്രം ചവിട്ടുക മുതലായ കഠിനമായ വെല എടുപ്പിച്ച. എ ന്നിട്ടും ജനങ്ങളെ ഉപദ്രവിക്കും തൊറും അവർ പെരുകി വർദ്ധിച്ചതിനാൽ മി സ്രക്കാക്ക അധികം വ്യസനം ഉണ്ടായി. അപ്പൊ൦ ആ രാജാവ ഇസ്രയെലരു ടെ കൂട്ടി എടുക്കുന്ന സ്ത്രീകളൊട പ്രസവകാലത്തിങ്കൽ ആൺകുഞ്ഞ എങ്കിൽ കൊ ല്ലെണം എന്നും പെൺ എങ്കിൽ ജീവിച്ചിരിക്കട്ടെ എന്നും കല്പിച്ച. ആയവർ ദൈവത്തെ ഭയപ്പെട്ട രാജകല്പന ബഹുമാനിക്കാതെ ആൺകുഞ്ഞികളെ രക്ഷി ച്ചുകൊണ്ടിരുന്ന ദൈവം അവരെയും കുഡുംബത്തെയും വർദ്ധിപ്പിക്കയും ചെയ്ത.

2. മൊശയുടെ ഉത്ഭവം

മൊസിർനാമപ്രപൌത്രസ്സുലെവ്യഃക്രൂരനൃപാജ്ഞയാ
ഹന്തവ്യഃ ശൈശവെവാരൊ രാജപുത്ര്യാദ്ധൃതൊഭവൽ.
പാലിതശ്ചതയാസവ്വ൦ മൈശ്രജ്ഞാനംസശിക്ഷിതഃ
നൈച൯ ഹദീശദ്വിഷാംഭാഗംവഗ്ഭക്ത്യാപലായിതഃ.

അപ്പൊ൦ രാജാവ സകല മിസ്രക്കാരൊടും ഇസ്രയെലക്ക ഉണ്ടാകുന്ന ആ ൺകുഞ്ഞികളെ ഒക്കയും നിങ്ങ൦ പുഴയിൽ ചാടെണം എന്ന കല്പിച്ച. അപ്ര കാരം വളരെ മരിക്കുന്ന സമയം ലെവിഗൊത്രക്കാരനായ അമ്രാമിന്ന സുന്ദരനാ യ ഒരു പുത്രൻ ജനിച്ച. അമ്മയായ യൊകെബദ ദൈവത്തെ ആശ്രയിച്ച അവ നെ 3 മാസം ഒളിച്ചുവെച്ച പിന്നെ ഒളിപ്പാൻ കഴിയാഞ്ഞപ്പൊ൦ ഒടപ്പെട്ടി

വാങ്ങി പശ തെച്ചു കുഞ്ഞനെ അതിൽ കിടത്തി നദീതീരത്ത ചമ്മി ഉള്ള ദി ക്കിൽ വെച്ചു ഭാവി അറിയെണ്ടതിന്നായി ബാലന്റെ സഹൊദരിയെ പാർ പ്പിച്ചു. അനന്തരം ആ രാജാവിന്റെ പുത്രി ദാസിമാരൊടും പുഴയിൽ കുളിപ്പാൻ വന്ന ആ പെട്ടി കണ്ടപ്പൊൾ ദാസിയെ അയച്ചു പെട്ടിയെ വരുത്തി തുറന്നാറെ കരയുന്ന കുഞ്ഞനെ കണ്ടു. അവൾ മനസ്സലിഞ്ഞു ഇത എബ്രയ ബാലൻ എന്ന പറഞ്ഞതിനെ കെട്ടപ്പൊൾ സഹൊദരി അടുത്തു വന്ന മുല കൊടുക്കെണ്ടതിന്ന എബ്രയ സ്ത്രീയെ വിളിക്കെണമൊ എന്ന ചൊദിച്ചു കല്പന വാങ്ങി അമ്മ യെ വരുത്തിയതിന്റെ ശെഷം. രാജപുത്രി ഈ കുഞ്ഞനെ കൊണ്ടുപൊയി മുല കൊടുത്തു എനിക്കായി വളത്തെണം ഞാൻ ശമ്പളം തരാം എന്ന പറഞ്ഞു ഏല്പി ക്കയും ചെയ്തു. കുഞ്ഞൻ മുതിർന്നപ്പൊൾ രാജപുത്രി അവനെ വാങ്ങി തനി ക്ക പുത്രനാക്കി വെച്ചു വെള്ളത്തിൽ നിന്ന എടുത്തു എന്നർത്ഥമുള്ള മൊശെ എന്ന പെരും വിളിച്ചു. അവൻ മിസ്രക്കാരുടെ സകല വിദ്യകളെയും പഠിച്ചു രാജ്യകാ ര്യങ്ങളും ശീലിച്ചു വാക്കിലും ക്രിയയിലും പ്രാപ്തനായപ്പൊൾ മിസ്രയിലുള്ള ധനങ്ങളെയും രാജകുമാരസ്ഥാനത്തെയും പാപത്തിന്റെ അനിത്യമായ അനുഭവ ത്തെയും ആശിക്കാതെ ദൈവജനമായ ഇസ്രയെലിന്ന അപ്പൊഴുള്ള നിന്ദയെയും വരുവാനുള്ള വാഗ്ദത്ത കാര്യത്തെയും അംഗീകരിക്കയും ചെയ്തു. 40 വയസ്സായ പ്പൊൾ സഹൊദരന്മാരെ ചെന്ന അവരുടെ ഭാരപ്രവൃത്തികളെയും നൊക്കി അവരിൽ ഒരുത്തനെ മിസ്രക്കാരൻ അടിച്ചുകൊണ്ടിരിക്കുന്നതിനെ കണ്ടാറെ. അങ്ങിടിങ്ങിട നൊക്കീട്ട ആരെയും കാണാതെ ഇരുന്നപ്പൊൾ ആ മിസ്രകാര നെ കൊന്ന മണലിൽ കുഴിച്ചിട്ടു. ദൈവം എന്റെ കൈകൊണ്ട ഇസ്രയെല ക്ക രക്ഷ വരുത്തും എന്ന അവർ കാണും എന്ന മൊശെ വിചാരിച്ചു പിറെ ദി വസവും പുറത്തു ചെന്നപ്പൊൾ, രണ്ട എബ്രയക്കാരുടെ കലഹം കണ്ടാറെ നിങ്ങൾ സഹൊദരന്മാർ അല്ലയൊ നീ കുറുകാരനെ എന്തിന്നടിക്കുന്ന എന്ന പറഞ്ഞു അവരെ ഐക്യമാക്കുവാൻ വിചാരിക്കുന്നെരം. അന്യായം ചെയ്തവൻ അ വനൊട നിന്നെ ഞങ്ങളിൽ പ്രഭുവാക്കിയവൻ ആർ നീ ഇന്നലെ മിസ്രകാര നെ കൊന്നപ്രകാരം എന്നെയും കൊല്ലുമൊ എന്ന പറഞ്ഞു. ആ കാര്യം പ്രസിദ്ധ മായി രാജാവും അറിഞ്ഞു കൊല്ലുവാൻ ഭാവിച്ചപ്പൊൾ മൊശെ ഒടി പൊയി മിദ്യാനിൽ എത്തി. ഒരു കിണറിന്റെ അരികെ ഇരുന്നപ്പൊൾ ആ നാട്ടിലെ ആചാര്യന്റെ 7 പുത്രിമാർ വന്ന ആടുകൾക്ക വെള്ളം കൊരി തൊട്ടികളെ നിറ ച്ചാറെ വെറെ ഇടയന്മാർ വന്ന അവരെ ആട്ടിയപ്പൊൾ മൊശെ അവരെ രക്ഷി ച്ചു ആടുകളെ വെള്ളം കുടിപ്പിക്കയും ചെയ്തു. കന്യകമാർ ആ പരദെശിയുടെ അവസ്ഥ അച്ചനായ യിത്രൊവിനെ അറിയിച്ചപ്പൊൾ അവൻ എവിടെ അവ നെ ഭക്ഷണത്തിന്നായി വിളിപ്പിൻ എന്ന പറഞ്ഞു വരുത്തി പാർപ്പിച്ചു തന്റെ പുത്രിയായ സിപ്പൊരയെയും കൊടുത്തു. അവളിൽ ഒരു പുത്രൻ ജനിച്ചപ്പൊൾ അച്ചൻ ഞാൻ ഇവിടെ പരദെശി എന്നർത്ഥമുള്ള ഗെർശൊം എന്ന പെർ വി ളിച്ചു 40 വർഷം പാർത്തിരിക്കയും ചെയ്തു.

3. ദൈവം മൊശയെ നിയൊഗിച്ചത

മരുജ്വാലാന്തരാന്മൊസിർനിയുക്തഃപ്രഭുനാതദാ
സഹഭ്രാത്രാഹരൊണെന മൈശ്രം നൃത്തനൃപം യയൌ.

അനന്തരം ആ മിസ്രരാജാവ മരിച്ചു ഇസ്രയെലർ ദാസ്യം നിമിത്തം ഞരങ്ങി നിലവിളിക്കുന്നതിനെ ദൈവം കെട്ട അബ്രഹാം യിസ്ഹാക്ക യാ ക്കൊബ എന്നിവരൊടുള്ള കറാറിനെ ഒർത്തു അവരെ കടാക്ഷിച്ചു അവസ്ഥ അ റികയും ചെയ്തു. അക്കാലം മൊശെ യിത്രൊവിന്റെ ആട്ടിൻ കൂട്ടത്തെ പടിഞ്ഞാ റെ മരുഭൂമിയിൽ ആക്കി മെച്ചു ദെവ പർവതമായ ഹൊറെബൊളം വന്ന. അ വിടെ യഹൊവയുടെ ദൂതൻ മുൾപടർപ്പിൻ നടുവിൽ അഗ്നിജ്വാലയിൽ പ്രത്യ

ക്ഷനായി കണ്ട. കത്തുന്ന എങ്കിലും അത വെന്തുപൊകാതിരിപ്പാൻ സംഗതി എന്ത എന്ന വിചാരിച്ച മൊശെ അടുക്കുമ്പൊൾ അതിൽനിന്ന ദൈവം മൊശെ മൊശെ എന്ന വിളിക്കുന്നതിനെ കെട്ട ചെരിപ്പുകളെ അഴിച്ച നിന്ന. ഞാൻ നിന്റെ പിതാവിൻ ദൈവം ആകുന്ന ഞാൻ അബ്രഹാം യിസ്ഹാക്ക യാക്കൊബ എന്നവരുടെയും ദൈവം എന്ന പറഞ്ഞപ്പൊൾ മൊശെ പെടിച്ച മുഖം മറച്ച. അനന്തരം യഹൊവ മിസ്രയിലുള്ള എന്റെ ജനത്തിന്റെ പീഡ ഞാൻ കണ്ട കണ്ട മിസ്രക്കാർ ഉപദ്രവിക്കുന്ന പ്രകാരവും കണ്ട അവരുടെ നിലവിളിയെയും കെട്ട ദുഃഖങ്ങളെയും അറിയുന്ന. അവരെ മിസ്രക്കാരുടെ കൈയിൽ നിന്ന വിടുവിച്ച വിസ്താരമായ നല്ല ദെശത്തിൽ ആക്കുവാൻ ഞാൻ ഇറങ്ങിവന്നിരിക്കുന്ന അത കനാന്യർ ഹിത്യർ അമൊര്യർ പെരിജ്യർ ഹിവ്യർ യബൂസ്യർ എന്നിവർ പാക്കുന്ന പാലും തെനും ഒഴുകുന്ന ദെശമാകുന്ന. ഇപ്പൊൾ നീ എൻ ജനത്തെ മിസ്രയിൽനിന്ന പുറപ്പെടുവിക്കെണ്ടതിന്ന ഞാൻ നിന്നെ രാജ സന്നിധിയിങ്കൽ അയക്കാം എന്നരുളി ചെയ്ത. മൊശെ ഞാൻ രാജാവിനെ ചെന്ന കണ്ട ഇസ്രയെലരെ കൂട്ടി കൊണ്ട വരുവാൻ ഞാൻ മതിയൊ എന്ന പറഞ്ഞാറെ, ഞാൻ നിന്നൊട കൂട ഇരിക്കയാൽ സാദ്ധ്യം തന്നെ നീ അവരെ കൂട്ടികൊണ്ടവരുമ്പൊൾ ഈ മലമെൽ നിങ്ങൾ ദൈവത്തെ സെവിക്കും എന്നുള്ളത അടയാളം ആകും. എന്നത കെട്ട മൊശെ പറഞ്ഞു ഞാൻ ഇസ്രയെലരെ ചെന്ന നിങ്ങളുടെ പിതാക്കന്മൊരുടെ ദൈവം എന്നെ അയച്ചിരിക്കുന്ന എന്നുചൊല്ലുമ്പോൾ അവന്റെ നാമം ചൊദിച്ചാൽഞാൻ എന്ത പറയെണ്ട. അതിന്ന ദൈവം കല്പിച്ച ഇരിക്കുന്നവനായിരിക്കുന്നെൻ. (എഹ്യെ എന്ന) ഇരിക്കുന്നെൻ എന്നവൻ എന്നെ നിങ്ങളുടെ അരികിൽ അയച്ചിരിക്കുന്ന എന്നും, നിങ്ങളുടെ പിതാക്കന്മാർ അബ്രഹാം യിസ്ഹാക്ക യാക്കൊബ എന്നവരുടെ ദൈവമാകിയ യഹൊവ എന്നെഅയച്ചിരിക്കുന്ന എന്നും, ഇത എപ്പൊഴും എന്റെ പെരും എല്ലാ തലമുറെക്കു മുള്ള പ്രസ്താപവും ആകുന്ന എന്നും പറയെണം. നീ ചെന്ന ഇപ്രകാരം ഒക്കയും ഇസ്രയെലിലെ മൂപ്പന്മാരൊടും അറിയിക്ക അവർ അനുസരിക്കും പിന്നെ നീ അവരുമായി രാജാവെ ചെന്ന കണ്ട എബ്രായരുടെ ദൈവമായ യഹൊവ ഞങ്ങളെ എതിരെറ്റു എന്ന ബൊധിപ്പിച്ച അവന്ന ബലി കഴിപ്പാൻ മരുഭ്രമിയിൽ 3 ദിവസം വഴി ദൂരം പൊകെണ്ടതിന്ന കല്പന അപെക്ഷിക്കെണം എന്നാലും രാജാവ സമ്മതിക്കയില്ല എന്ന ഞാൻ അറിയുന്ന ഞാൻ കൈ നീട്ടി സകല അതിശയങ്ങളെ കൊണ്ടും മിസ്രയെ അടിക്കുമ്പൊൾ അത്രെ നിങ്ങളെ വിട്ടയക്കും. അപ്പൊൾ നിങ്ങൾ പഴുതെ പൊകാതെ ഇരിപ്പാൻ മിസ്രക്കാരൊട വസ്ത്രാഭരണങ്ങളെ ചൊദിച്ചാൽ നിങ്ങൾക്ക തരുവാനുള്ള കൃപയെ ഞാൻ ഉണ്ടാക്കും.

അനന്തരം മൊശെ പറഞ്ഞു അവർ എന്നെ വിശ്വസിക്കാതെ യഹൊവ പ്രത്യക്ഷനായിട്ടില്ല എന്ന പറയും. അപ്പൊൾ യഹൊവയുടെ കല്പന ഉണ്ടായി കൈയിലുള്ള ദണ്ഡിനെ നിലത്തിട്ട സർപ്പമായ്തീരുന്നത കണ്ട പെടിച്ച. പിന്നെ അരുളിചെയ്തപ്രകാരം അതിൻ വാൽ പിടിച്ചാറെ ദണ്ഡായ്തീരും എന്നുള്ള വരം വാങ്ങി. അതിന്റെ ശെഷവും കൈ മാറിലിടുക എന്ന കല്പന കെട്ടാറെ അപ്രകാരം ചെയ്ത എടുത്ത നൊക്കുമ്പൊൾ വെളുപ്പു രൊഗമായി കണ്ട. പിന്നെയും അപ്രകാരം ചെയ്യെണം എന്ന കെട്ട അനുസരിച്ചാറെ സ്വസ്ഥമായ്തീന്ന. ഒരടയാളം വിശ്വസിക്കാഞ്ഞാൽ രണ്ടാമത വിശ്വസിപ്പിക്കും. രണ്ടും വിശ്വസിക്കാതെ ഇരുന്നാൽ നീലനദിയിലെ വെള്ളം കൊരി കരമെൽ ഒഴിക്കെണം എന്നാൽ രക്തമായ്ചമയും എന്ന യഹൊവ അരുളിചെയ്ത.

പിന്നെയും മൊശെ എന്റെ കർത്താവെ ഞാൻ പണ്ടും വാചാലൻ അല്ല ഇപ്പൊഴും അടിയനൊട സംസാരിച്ചതിന്റെ ശെഷവും ആയില്ല തടിച്ചവായും നാവുമുള്ളവൻ ആകുന്ന. എന്ന പറഞ്ഞപ്പൊൾ മനുഷ്യന്ന വായി വെച്ചത ആർ ഊമനെയും ചെവിടനെയും കുരുടനെയും ആർ വെക്കുന്ന ഞാൻ അല്ലയൊ. നീ പൊക പറയെണ്ടുന്നതിനെ ഞാൻ ഉപദെശിക്കും വായ്ത്തണ്ടായും ഇരിക്കും എന്നുള്ള കല്പന കെട്ട ശെഷവും എന്റെ കർത്താവെ അയപ്പാന്തക്കവനെ അയപ്പാൻ

അപെക്ഷിക്കുന്നു എന്നു പറഞ്ഞപ്പൊൾ യഹൊവ കൊപിച്ചു ഖണ്ഡിതമായി കല്പിച്ചു. നിന്റെ ജ്യെഷ്ഠനായ അഹരൊൻ വാഗ്മി ആകുന്നു. അതാ നിന്നെ എതിരെല്പാൻ പുറപ്പെട്ടു വരുന്നു നിന്നെ കണ്ടാൽ അവൻ സന്തൊഷിക്കും അവനൊട നീ സംസാരിച്ചിട്ട ചെയ്യെണ്ടുന്നതിനെ ഞാൻ നിങ്ങൾക്ക കാണിക്കും കാലം അവൻ നിണക്ക പ്രവാചകനായും നീ അവന്നു ദൈവമായും ഇരിക്കും. കല്പിച്ച അടയാളങ്ങളെ ചെയ്വാൻ ഈ ദണ്ഡിനെ കൈയിൽ പിടിച്ചുകൊൾക.

എന്നതിന്റെ ശെഷം മൊശെ മടങ്ങി യിത്രൊവിനെ ചെന്നു കണ്ടു മിസ്രയിലെ സഹൊദരന്മാരെ കാണ്മാൻ സമ്മതം വാങ്ങിയാറെ, നിന്നെ കൊല്ലുവാൻ അന്വെഷിച്ചവർ എല്ലാവരും മരിച്ചു അതുകൊണ്ട മിസ്രയിലെക്ക മടങ്ങിപൊക എന്നു ദൈവനിയൊഗം ഉണ്ടായപ്പൊൾ, രണ്ടാമതും ഒരു പുത്രൻ ജനിച്ചതിനാൽ സന്തൊഷിച്ചു (രാജാവിൻ വാളിൽനിന്നുദ്ധരിച്ച) ദൈവം എനിക്ക സഹായം എന്നർത്ഥമുള്ള എലിയെജർ എന്നു പെരിട്ട ഭാര്യാ പുത്രന്മാരെ കഴുത പുറത്ത കരെററി ദൈവം കല്പിച്ച ദണ്ഡിനെയും ധരിച്ചു മിസ്രയിലെക്ക പുറപ്പെടുകയും ചെയ്തു. മിസ്രയിൽ എത്തുമ്പൊൾ നീ രാജാവൊട പറയെണ്ടത ഇപ്രകാരമാകുന്നു ഇസ്രയെൽ എൻ മകൻ എന്റെ മുൻ കുട്ടി എന്നെ സെവിപ്പാനായി അവനെ വിട്ടയക്ക നീ വിരൊധിക്കുന്നു എങ്കിൽ നിന്റെ മുൻ കുട്ടിയെ തന്നെ ഞാൻ കൊല്ലും എന്ന യഹൊവയുടെ കല്പന കെട്ടതിന്റെ ശെഷം, വഴിയിൽ വെച്ചു യഹൊവ മൊശയെ കൊല്ലുവാൻ ഭാവിച്ചു. ഭാര്യ കാരണം അറിഞ്ഞു മകന്റെ അഗ്രചർമ്മത്തെ ഛെദിച്ചു അവന്റെ കാലുകളിൽ തൊടുവിച്ചു നീ എനിക്ക രക്തമണവാളൻ സത്യം എന്നു പറഞ്ഞു ദൈവവും അവനെ വിട്ടൊഴികയും ചെയ്തു. (അന്നുതുടങ്ങി മുറികല്യാണത്തിൽ രക്ത മണവാളൻ എന്ന പെർ നടപ്പായി വന്നു). അനന്തരം അഹരൊൻ യഹൊവയുടെ കല്പനയാൽ ദെവ പർവതത്തൊളം ചെന്നു അനുജനെ എതിരെററു ചുംബിച്ചപ്പൊൾ മൊശെ യഹൊവയുടെ അരുളപ്പാട ഒക്കയും അഹരൊനെ അറിയിച്ചു ഇരുവരും മിസ്രയിൽ എത്തി. ഇസ്രയെലരുടെ മൂപ്പന്മാരെ ഒക്കയും വരുത്തി ദെവ വചനങ്ങളെ എല്ലാം പറഞ്ഞു അടയാളങ്ങളെയും കാണിച്ചാറെ, ജനങ്ങൾ യഹൊവ ഞങ്ങളെ കടാക്ഷിച്ചു എന്നു വിശ്വസിച്ചു വണങ്ങുകയും ചെയ്തു.

4. മൊശെ രാജാവെ ചെന്നു കണ്ടതു

പിന്നെ എൺപതും എൺപത്തുമൂന്നും വയസ്സുള്ള സഹൊദരന്മാർ ഇരുവരും രാജാവെ കണ്ടു വനത്തിൽ വെച്ചു ഒരു ഉത്സവത്തിന്നു എൻ ജനത്തെ വിട്ടയക്കെണം എന്നു ഇസ്രയെൽ ദൈവമായ യഹൊവയുടെ കല്പന എന്നുണർത്തിച്ചു. ഞാൻ അനുസരിക്കെണ്ടുന്ന യഹൊവ ആർ ഞാൻ യഹൊവയെ അറിയുന്നില്ല ഇസ്രയെലരെ വിടുകയുമില്ല എന്നും എന്തിന്നു നിങ്ങൾ ജനങ്ങളെ മിനക്കെടീക്കുന്നു നിങ്ങളുടെ വെലെക്ക പൊവിൻ എന്നും പറഞ്ഞയക്കുന്നതും അല്ലാതെ, അന്നുതന്നെ വിചാരിപ്പുകാരൊട ജനങ്ങൾ മടിയുള്ളവരാകകൊണ്ടു ഞങ്ങൾ പൊയി ദൈവത്തിന്നു ബലി കഴിക്കട്ടെ എന്നു നിലവിളിച്ചു പറയുന്നു കള്ളവാക്കുകളെ പ്രമാണിക്കാതെ ഇരിപ്പാൻ വെല അധികമാക്കെണം മുമ്പിലത്ത കണക്ക പ്രകാരം ഒട്ടുണ്ടാക്കെണം വൈക്കൊൽ അവർ തന്നെ കൊണ്ടു വരട്ടെ എന്നു കല്പിക്കയും ചെയ്തു. ഈ കല്പന വിചാരിപ്പുകാർ അറിയിച്ച ശെഷം ജനങ്ങൾ വയലുകളിൽ പൊയി തണ്ടുപുല്ലില്ലായ്കകൊണ്ടു താളടിയെ പൊരിച്ചു കൂട്ടുവാൻ ശ്രമിക്കുമ്പൊൾ വിചാരിപ്പുകാർ അവരെ മുമ്പെത്ത പ്രകാരം ഒട്ടകം ദിവസെന തീർക്കെണ്ടതിന്നു നിർബന്ധിച്ചു തീർക്കാഞ്ഞതിനാൽ ഇസ്രയെലിൽ മെനൊന്മാരെ അടിക്കുകയും ചെയ്തു. ആയവർ രാജാവൊട സങ്കടം അറിയിക്കുമ്പൊൾ നിങ്ങൾ മടിയന്മാർ മടിയന്മാർ ആകയാൽ യഹൊവെക്ക ബലി കഴിക്കെണം എന്നു പറയുന്നു ഇപ്പൊൾ പൊയി വെല ചെയ്വിൻ വൈക്കൊൽ തരികയില്ല

ഒട്ടിൻ കണക്കു എല്പിക്കെണം താനും എന്നു ഖണ്ഡിച്ചു പറഞ്ഞു. അവർ പുറപ്പെട്ട വഴിയിൽ വെച്ച മൊശയെയും അഹരൊനെയും കണ്ടു പറഞ്ഞ യഹൊവ നിങ്ങളെ നൊക്കി വിധിക്കട്ടെ നിങ്ങൾ രാജവിന്നും മന്ത്രികൾക്കും ഞങ്ങളെ നാറിച്ചു കളഞ്ഞു കൊല്ലെണ്ടതിന്നും വാളിനെ കൊടുത്തു.

അപ്പൊൾ മൊശെ മടങ്ങി ചെ കർത്താവെ ഈ ജനത്തിന്ന എന്തിന്നു ദൊഷം വരുത്തി ഈ എന്നെ അയച്ചത എന്തിന്ന ഞാൻ നിന്റെ നാമത്തിൽ വന്നു രാജാവൊട സംസാരിച്ചന്നുമുതൽ അവൻ ഈ ജനത്തൊട അധിക ദൊഷം ചെയ്തു നീ ജനത്തെ വിടുവിച്ചതും ഇല്ല എന്നു പറഞ്ഞു. അനന്തരം ദൈവം കല്പിച്ചു ഞാൻ രാജാവെ ചെയ്യുന്നതു നീ കാണും എന്റെ കൈയ്യുക്ക അറിഞ്ഞാൽ അവൻ അവരെ വിട്ടാട്ടികളകയും ചെയ്യും എന്നും, ഞാൻ യഹൊവ, സർവ്വശക്തനായ ദൈവമായി അബ്രഹാം യിസ്ഹാക്ക യാക്കൊബ എന്നവർക്ക ഞാൻ പ്രത്യക്ഷനായി യഹൊവ എന്ന നാമമായി ഞാൻ അവരാൽ അറിയപ്പെട്ടില്ല. അവർ പാർത്തിരുന്ന കനാൻ ദെശത്തെ കൊടുപ്പാനായി ഞാൻ അവരൊട കറാർ ചെയ്ത ഇപ്പൊഴും മിസ്രക്കാർ അടിമപ്പെടുത്തിയ ഇസ്രയെലരുടെ ഞരക്കം ഞാൻ കെട്ട കറാരെയും ഓർത്തിരിക്കുന്നു അതു നിമിത്തം നീ ഇസ്രയെലരൊട ഞാൻ യഹൊവ ആകുന്നു നീട്ടിയ കൈകൊണ്ടും മഹാ ശിക്ഷകളെ കൊണ്ടും ഞാൻ നിങ്ങളെ വീണ്ടു അടിമയിൽനിന്നുദ്ധരിച്ചു എൻ ജനമാക്കി എടുത്തു നിങ്ങൾക്ക ദൈവമായിരിക്കും ഞാൻ പിതാക്കന്മാരൊട ആണയിട്ടിട്ടുള്ള ദെശത്തെക്ക നിങ്ങളെ കൊണ്ടുപൊയി നിങ്ങൾക്ക അവകാശമാക്കിയും തരും ഞാൻ യഹൊവ എന്ന അറിയിക്കെണം. ഈ കെട്ട പ്രകാരം ഇസ്രയെലരൊട സംസാരിച്ചാറെ അവർ ആത്മാവിലും അടിമവെലയിലും ഉള്ള അസഹ്യംകൊണ്ട ആയത കെട്ടില്ല. അതുകൊണ്ട രാജാവിനെ കണ്ടു പറയെണം എന്ന യഹൊവ കല്പിച്ചപ്പൊൾ മൊശെ പറഞ്ഞു, ഇസ്രയെലർ തന്നെ കെട്ടില്ലല്ലൊ രാജാവ പരിചയം ഇല്ലാത്ത എന്നെ എങ്ങിനെ അനുസരിക്കും. എന്നു കെട്ടാറെ കാൺക ഞാൻ നിന്നെ രാജാവിന്ന ദൈവം ആക്കി സഹൊദരൻ നിന്റെ പ്രവാചകൻ ആകും. ഞാൻ കല്പിക്കുന്നതിനെ ഒക്കയും നീ പറകയും അഹരൊൻ രാജാവൊട സംസാരിക്കയും വെണം. രാജാവ ഹൃദയ കാഠിന്യം കൊണ്ട ആയ്ത അനുസരിക്ക ഇല്ല എന്നാൽ ഞാൻ എന്റെ കൈ മിസ്രയിലെക്ക നീട്ടി അനെക അത്ഭുതങ്ങളെ കൊണ്ട ഞാൻ യഹൊവ എന്ന ബൊധം വരുത്തി എന്റെ സെനകളെ പുറപ്പെടുവിക്കയും ചെയ്യും എന്ന യഹൊവ കല്പിച്ചു.

5 മിസ്രയിലെ ബാധകൾ

ദാസാൻ മൊചയിതും ഭ്രപം നെച്ഛന്തം വാക്യതസ്തയൊഃ
ഭ്രീമൈഃ കമ്മഭിർ ഈശസ്യ ദർശയാമാസതുർബലം.

അതിന്റെ ശെഷം ഇരിവരും രാജാവിനെ ചെന്നു കണ്ടു സംസാരിച്ചപ്പൊൾ ഒരത്ഭുതം കാണിപ്പിൻ എന്ന ചൊദിച്ചാറെ അഹരൊൻ രാജസഭയിൽ ദണ്ഡിനെ ഇട്ട ഉടനെ സർപ്പമായ്തീർന്നു. രാജാവ വരുത്തിയ മന്ത്രവാദികളും അപ്രകാരം ദണ്ഡുകളെ ഇട്ടപ്പൊൾ അവയും സർപ്പങ്ങളായ്തീർന്നു. അപ്പൊൾ അഹരൊന്റെ ദണ്ഡ ഇവരുടെ ദണ്ഡുകളെ വിഴുങ്ങികളഞ്ഞിട്ടും രാജാവിന്റെ മനസ്സു കഠിനമായ്തീരുകകൊണ്ടു അവൻ അവരെ അനുസരിക്കാതെ ഇരുന്നു.

1. പിന്നെയും ദൈവകല്പന പ്രകാരം അവർ രാജാവെ അറിയിച്ചു നീലനദി തീരത്തിങ്കൽ പൊയി ആ ദണ്ഡുകൊണ്ട വെള്ളങ്ങളിന്മെൽ അടിച്ചപ്പൊൾ വെള്ളം രക്തമായി മത്സ്യങ്ങൾ ചത്തു നാറിയും കണ്ടാറെ, മിസ്രയിലെ മന്ത്രവാദികളും അപ്രകാരം ചെയ്കയാൽ രാജാവ അതിനെ ബഹുമാനിയാതെ മടങ്ങി സ്വഗൃഹത്തെ പ്രവെശിച്ചു. മിസ്രക്കാർ എല്ലാവരും വെള്ളം കുടിപ്പാനായി പുഴയുടെ ചുറവ കുഴിച്ചു വെള്ളം ഉണ്ടാക്കുകയും ചെയ്തു.

2. പിന്നെയും രാജാവ ദെവജനത്തെ വിട്ടയപ്പാൻ വിരൊധിച്ചപ്പൊൾ ദെവനിയൊഗത്താൽ അഹരൊൻ നദി മെൽ കൈയും ദണ്ഡും നീട്ടിയ ശെഷം വെള്ളത്തിൽനിന്ന തവളകൾ കരെറി മിസ്ര രാജ്യത്തിൽ നിറഞ്ഞു എല്ലാ ഭവനങ്ങളിലും രാജധാനിയിലും കിടക്ക മുതലായവറിലും വ്യാപിക്കയും ചെയ്തു. അപ്രകാരം മന്ത്രവാദികളും ക്ഷുദ്രശക്തി കൊണ്ട തവളകളെ കരെറി ഇരിക്കുന്നു എങ്കിലും രാജാവ ഈ ബാധ നീക്കെണ്ടതിന്നായി യഹൊവയൊട അപെക്ഷിക്കണം എന്ന മൊശെയെ മുട്ടിച്ചു. ആയവൻ യഹൊവയെ പ്രാത്ഥിച്ചിട്ട വീടു പറമ്പുകളിൽ ഉള്ള തവളകൾ ഒക്കയും മരിച്ചു ആശ്വാസം ഉണ്ടായ്തു രാജാവ കണ്ടാറെ പിന്നെയും ഹൃദയം കഠിനമാക്കി ചെവികൊള്ളാതെ ഇരുന്നു.

3. അനന്തരം ദെവകല്പനയാലെ അഹരൊൻ മൺപൊടി അടിച്ചു മനുഷ്യരെയും ജന്തുക്കളെയും ബാധിക്കെണ്ടതിന്ന പെൻ ആക്കി തീർത്തു. അപ്രകാരം ഉണ്ടാക്കുവാൻ മന്ത്രവാദികളും ശ്രമിച്ചിട്ടും കഴിയാതിരുന്നപ്പൊൾ ഇതു ദൈവത്തിൻെറ വിരൽ എന്ന പറഞ്ഞു എങ്കിലും രാജാവ അനുസരിച്ചില്ല.

4. അതിൻെറ ശെഷവും യഹൊവ പൊന്തകളെ നിർമ്മിച്ചയച്ചു. അവ യഹൊവയുടെ ജനം പാർക്കുന്ന ഗൊശൻ ദെശത്തെ മാത്രം വ്യാപിക്കാതെ രാജാവിനെയും പ്രജകളെയും വളരെ ബാധിച്ചപ്പൊൾ, രാജാവ നിങ്ങളുടെ ദൈവത്തിന്ന ഇവിടെ തന്നെ ബലി കഴിപ്പിൻ എന്ന മൊശയെ വിളിച്ചു കല്പിച്ചു. മിസ്രക്കാരിൽ നിഷെധിച്ചതിനെ വധിച്ചു ഞങ്ങളുടെ ദൈവത്തിന്ന ബലി കഴിച്ചാൽ മിസ്രക്കാർ ഞങ്ങളെ എറിഞ്ഞു കൊല്ലുകഇല്ലയൊ ആയതു വെണ്ടാ കല്പിച്ച പ്രകാരം 3 ദിവസത്തെ വഴി ദൂരം വനത്തിൽ പൊയി യഹൊവെക്ക ബലി കഴിക്കും എന്ന മൊശെ പറഞ്ഞു. രാജാവ അപ്രകാരം സമ്മതിച്ചു അധികം ദൂരത്ത പൊകരുത എനിക്കായ്ക്കൊണ്ടും പ്രാത്ഥിപ്പിൻ എന്ന കല്പിച്ചാറെ മൊശെ ഇനി വഞ്ചിക്കരുതെ എന്ന പറഞ്ഞു യഹൊവയൊട അപെക്ഷിച്ചപ്പൊൾ പൊന്തകൾ എല്ലാം നീങ്ങിപൊകയും ചെയ്തു. പിന്നെയും രാജാവിൻെറ ഹൃദയം കഠിനം ആകയാൽ ജനത്തെ വിട്ടയച്ചതും ഇല്ല.

5. അനന്തരം യഹൊവ മിസ്രക്കാരുടെ എല്ലാ മൃഗ സംഘങ്ങളിൽ മഹാവ്യാധി പിടികൊണ്ടതിന്ന ഒരു ദിവസം നിശ്ചയിച്ച കുതിര കഴുത ഒട്ടകങ്ങളും ആടു കന്നുകാലികളും വളരെ മരിക്കയും ചെയ്തു. ഗൊശനിലെ അവസ്ഥ രാജാവ അന്വെഷിച്ചപ്പൊൾ ഇസ്രയെലരുടെ മൃഗ കൂട്ടങ്ങളിൽ ഒന്നും മരിച്ചില്ല എന്നറിഞ്ഞാറെയും മനസ്സിന്ന ഇളക്കം വന്നില്ല.

6. പിന്നെയും ദെവകല്പന ഉണ്ടായിട്ട മൊശ കൈ നിറയ അടുപ്പിലെ ചാരം വാരി രാജാവിൻ മുമ്പാകെ മെല്പ്പട്ട ചാടിയപ്പൊൾ മനുഷ്യരിലും മൃഗങ്ങളിലും വ്രണത്തെ ഉണ്ടാക്കുന്ന പരുക്കൻ ജനിച്ചു. മന്ത്രവാദികൾക്കും പരുക്കൻ ഉണ്ടാകയാൽ മൊശയുടെ മുമ്പിൽ നില്പാൻ വഹിയാതെ ആയി. അതുവും നിഷ്ഫലം ആകയാൽ യഹൊവ രാജാവൊട ഞാൻ കൈ നീട്ടി നിന്നെയും പ്രജകളെയും ശിക്ഷിപ്പാൻ വിചാരിച്ചാൽ നിങ്ങൾ ഭ്രമിയിൽ ഇല്ലാതെ പൊകും എങ്കിലും എൻെറ ശക്തി കാണിപ്പാനും എൻെറ നാമം എല്ലാടവും അറിയിപ്പാനും ഞാൻ നിന്നെ നില്പിച്ചിരിക്കുന്നത എന്ന പറയിച്ചു.

7. മുമ്പിൽ ഉണ്ടാകാത്ത കന്മഴ ഞാൻ നാളെ ഈ സമയം വർഷിപ്പിക്കും അതുകൊണ്ട വെളിയിൽ ഇരിക്കുന്ന നിൻെറ മൃഗങ്ങളെയും മറും വീട്ടിൽ ആക്കികൊൾക അല്ലാഞ്ഞാൽ ചത്തുപൊകും എന്നറിയിച്ചപ്പൊൾ, രാജാവിൻെറ ആളുകളിൽ യഹൊവാവാക്യത്തെ ബഹുമാനിച്ചവർ തങ്ങൾക്കുള്ള ജന്തുക്കളെ വീട്ടിലെക്ക ഒടുമാറാക്കി കല്പിച്ച സമയത്തിങ്കൽ മൊശെ ദണ്ഡിനെ നീട്ടിയ ഉടനെ ഇടിമുഴക്കവും മിന്നൽ പിണരും കന്മഴയും ഉണ്ടായി ഗൊശൻ ദെശത്തെ ഒഴികെ എല്ലാടവും നാശം വരുത്തി വയലിലുള്ള മരങ്ങളെയും തകൎത്തു കളഞ്ഞു മൃഗങ്ങളെയും മനുഷ്യരെയും കൊന്നു. അപ്പൊൾ രാജാവ മൊശയെയും അഹരൊനെ

യും വരുത്തി ഞാൻ പാപം ചെയ്തു യഹൊവ നീതിമാൻ ഞാനും എന്റെ ജനവും ദൊഷവാന്മാർ ഇടിയും കന്മഴയും മതിയാക്കെണ്ടതിന്ന യഹൊവയൊടപെക്ഷി പ്പിൻ താമസം കൂടാതെ നിങ്ങളെ വിട്ടയക്കും സത്യം എന്ന പറഞ്ഞു. അനന്തരം മൊശെ പറഞ്ഞു നീയും മന്ത്രികളും യഹൊവയായ ദൈവത്തെ ഇനിയും ഭയപ്പെ ടുക ഇല്ല എന്നറിയുന്ന എങ്കിലും ഭ്രമി യഹൊവെക്കുള്ളത എന്ന തെളിവാകെണ്ട തിന്ന ഞാൻ കൈ മലർത്തി പ്രാത്ഥിച്ച മഴയെ ഒഴിപ്പിക്കാം എന്ന പറഞ്ഞു. അപ്രകാരം ഇടിയും മഴയും ഒഴിഞ്ഞതു രാജാവ കണ്ടപ്പൊൾ പിന്നെയും പാപം അധികമായി ഹൃദയകാഠിന്യം വന്നതിനാൽ ഇസ്രയെലരെ വിട്ടയച്ചതുമില്ല.

8, പിന്നെയും അവർ ഇരുവരും രാജാവിനെ ചെന്നുകണ്ട എബ്രയരുടെ ദൈവമായ യഹൊവ കല്പിക്കുന്നതു, എന്റെ മുമ്പാകെ നീ നിന്നെ എത്രൊ ടം താഴ്ത്താതെ ഇരിക്കും. എന്റെ ശുശ്രൂഷെക്ക എൻ ജനത്തെ വിട്ടയക്ക, ആയതി ന്ന വിരൊധിക്കുന്ന എങ്കിൽ നിന്റെ ഭ്രമിയിൽ ആലിപ്പഴം ശെഷിപ്പിച്ച പച്ച യായതിനെ ഒക്കയും തിന്നുകളയുന്ന തുള്ളൻകൂട്ടത്തെ ഞാൻ വരുത്തും എന്നും മറും ദൈവകല്പന പറഞ്ഞു പൊയി. അപ്പൊൾ മന്ത്രികൾ മിസ്ര നശിക്കും എന്ന വിചാരിച്ചു വളരെ അപെക്ഷിക്കകൊണ്ട രാജാവ മൊശയെ വരുത്തി, നിങ്ങൾ പൊയി യഹൊവയെ സെവിക്കാം പൊകെണ്ടുന്നവർ ആർ എന്ന ചൊദിച്ച പ്പൊൾ, യഹൊവയുടെ പെരുനാളിന്ന ഞങ്ങൾ സകല സംസാരത്തൊടുംകൂട പൊകും എന്ന കെട്ടാറെ അങ്ങിനെ അല്ല പുരുഷന്മാർ മാത്രമെ പൊകെണ്ട എന്ന അപമാനിച്ചു പറഞ്ഞു പുറത്താക്കി. അപ്പൊൾ മൊശെ ദണ്ഡിനെ നീട്ടിയ പ്പൊൾ യഹൊവ രാപ്പകൽ മുഴുവൻ കിഴക്കൻ കാറ്റ അടിപ്പിച്ച പുലരുമ്പൊൾ തുള്ളൻകൂട്ടത്തെ വരുത്തി. അവ മിസ്രയിൽ എല്ലാടവും വ്യാപിച്ച ഇരുന്ന നിലം കാണാതെ ആക്കി പച്ചയായ്തിനെ ഒക്കയും തിന്നുകളഞ്ഞു. അപ്പൊൾ രാജാവ ബദ്ധപ്പെട്ട പാപം ഏറ്റുപറഞ്ഞു ഈ മരണത്തെ നീക്കെണ്ടതിന്ന അപെക്ഷിച്ച പ്പൊൾ മൊശെ പ്രാർത്ഥിച്ചതിന്റെ ശെഷം യഹൊവ പടിഞ്ഞാറെ കാറ്റിനെ അടിപ്പിച്ച തുള്ളൻകൂട്ടത്തെ എടുത്ത ചെങ്കടലിലെക്കിട്ടുകളഞ്ഞു. അപ്രകാരമാ യിട്ടും രാജാവ ഇസ്രയെലരെ വിട്ടയച്ചില്ല.

9. പിന്നെയും മൊശെ കൈ നീട്ടിയാറെ യഹൊവ (തീക്കാറ്റും) കൂരിരി ട്ടും ഉണ്ടാക്കി 3 ദിവസം വരെയും മനുഷ്യർ തമ്മിൽ കാണാതെയും ആരും സഞ്ച രിക്കാതെയും ആക്കിവെച്ച ഇസ്രയെലരുടെ വാസസ്ഥലങ്ങളിൽ മാത്രം വെളി ച്ചം കൊടുക്കയും ചെയ്തു. അപ്പൊൾ രാജാവ നിങ്ങൾ കുഞ്ഞിക്കുട്ടികളൊടും പുറ പ്പെടുക കന്നുകാലികൾ മാത്രം ഇരിക്കട്ടെ എന്ന കല്പിച്ചപ്പൊൾ യഹൊവെക്ക ബലികഴിക്കെണ്ടതിന്ന ഇന്നതു വെണം എന്ന അറിയായ്കകൊണ്ട ഞങ്ങളുടെ മൃഗക്കൂട്ടങ്ങൾ ഒരു കുളമ്പും ശെഷിക്കാതെ കൂട പൊരെണം എന്ന തീർത്തുപറഞ്ഞാ റെ, രാജാവ നീ പൊ നിന്റെ മുഖം കാണരുത കാണുന്ന ദിവസത്തിൽ നീ മരി ക്കും എന്ന കല്പിച്ചു.

10. കല്പനപ്രകാരം ആകട്ടെ ഞാൻ വരിക ഇല്ല എങ്കിലും കർത്താവി ന്റെ വചനം കെൾക്കെണം രാജാവിന്മെലും രാജ്യത്തിന്മെലും ഇനിയും ഒരു ബാധ വരുത്തും. അർദ്ധരാത്രിയിൽ ഞാൻ മിസ്രയിൽ കൂടിപൊയി രാജകുമാരൻ മുതൽ ദാസിപുത്രൻ വരെയും മിസ്രയിലുള്ള മൻകുട്ടികളെ ഒക്കയും മൃഗങ്ങളിലെ കടിഞ്ഞൂൽ ഒക്കയും മരിപ്പിക്കും. മിസ്രയിൽ ഒരിക്കലും കെൾക്കാത്ത മഹാനി ലവിളി ഉണ്ടാകും എൻ ജനങ്ങളിൽ ശ്വാവിൻ ശബ്ദം പൊലും കെൾക്ക ഇല്ല. ഇ ങ്ങിനെ രണ്ടിലും യഹൊവ ചെയ്യുന്ന വ്യത്യാസം അറിയും അപ്പൊൾ ഈ മന്ത്രി കൾ വന്ന എന്റെ കാൽ പിടിച്ചു ജനങ്ങളൊടും കൂട പുറപ്പെടുവാൻ അപെക്ഷി ക്കും അനന്തരം ഞാൻ പുറപ്പെടും എന്ന പറഞ്ഞു കൊപിച്ചു പൊകയും ചെയ്തു. യഹൊവ മിസ്രയിൽ വളരെ അത്ഭുതങ്ങളെ കാണിച്ചു ഇസ്രയെലരുടെ പുത്ര പൌത്രന്മാർക്കും അറിഞ്ഞ വരെണ്ടതിന്ന രാജാവിന്ന ഹൃദയകാഠിന്യം വരുത്തി യത ആകുന്നു.

6 പെസഹ രാത്രിയിലെ പുറപ്പാട

തദർത്ഥം വിവിധാപത്തിർ ഐഗുപ്തസമഭിപ്പുതെ
ചരമെനിഖിലാന്ഥസ്മാദ്ദൈസ്രയെലാവിനിർഗ്ഗതാഃ.

അനന്തരം യഹൊവ മൊശ അഹരൊന്മാരൊട കല്പിച്ച (മീനമെടങ്ങളുടെ മദ്ധ്യ ഉള്ള) ഈ ആബിബ എന്ന (ചാന്ദ്ര) മാസം നിങ്ങൾക്ക ആദ്യ മാസമായിരിക്കെണം അതിൽ പത്താം തിയ്യതി അച്ചനുള്ള വീടുതൊറും കുറം ഇല്ലാത്തതും ഒരു വയസ്സുള്ളതുമായ ആണാട്ടിങ്കുട്ടിയെ എടുത്ത വെളുത്ത വാവാകുന്ന 14 ആം തിയ്യതി വരെയും സൂക്ഷിച്ചിരിക്കെണം അന്ന സന്ധ്യാസമയത്ത അതിനെ കൊന്ന രക്തം എടുത്ത അതിനെ ഭക്ഷിക്കുന്ന ഒരൊ വീട്ടിലെ കട്ടിളക്കാൽ രണ്ടിലും മെലെ കുറുമ്പടിയിലും തെക്കെണം. ആ രാത്രിയിൽ മാംസം വറുത്ത ഒരസ്ഥിയും ഉടെക്കാതെ പുളിപ്പില്ലാത്ത അപ്പങ്ങളൊടും കൈപ്പച്ചീരകളൊടും കൂട ഭക്ഷിക്കെണം അതിൽ അല്പവും ശെഷിപ്പാക്കി വെക്കരുത ഉണ്ടെങ്കിൽ ചുട്ടകളകെ ആവു. ഭക്ഷിക്കുമ്പൊൾ പ്രയാണത്തിന്നായി ബദ്ധപ്പാടൊടും കൂട നടക്കെട്ടും ചെരിപ്പുകളും വടികളും ധരിച്ചിരിക്കെണം. വാതില്ക്ക പുറത്ത ഇറങ്ങുകയും അരുത. അത യഹൊവ കടക്കുന്ന എന്നർത്ഥമുള്ള പെസഹനാം ആകുന്ന. ആ രാത്രിയിൽ ഞാൻ മിസ്രയിൽ കടന്ന മനുഷ്യരിലും മൃഗങ്ങളിലും ഉള്ള കടിഞ്ഞൂലുകളെ ഒക്കെയും കൊല്ലും. അപ്പൊൾ നിങ്ങൾ ഇരിക്കുന്ന വീടുകളിൽ രക്തം കണ്ടാൽ ഒഴിഞ്ഞു കടന്നു പൊകും ആ ബാധ നിങ്ങളിൽ വരികയും ഇല്ല. ആകയാൽ ആ ദിവസം നിങ്ങൾ ഒർത്ത നിത്യ കല്പനയായി ആചരിക്കയും വെണം. എന്നിങ്ങിനെ ഇസ്രയെലർ കെട്ട കുമ്പിട്ട കല്പിച്ച പ്രകാരം തന്നെ അനുഷ്ഠിച്ചു.

അന്ന അർദ്ധരാത്രിയിൽ യഹൊവ രാജാവിന്റെ പ്രഥമപുത്രനുതൽ ദാസപുത്രൻ വരെയും ഉള്ള കടിഞ്ഞൂൽ സന്തതികളെ ഒക്കെയും കൊന്ന. ഒരാൾ മരിക്കാതെ ഒരു വീടും ഉണ്ടായിരുന്നില്ല മിസ്രയിൽ എല്ലാടവും മഹാ നിലവിളി ഉണ്ടാകയും ചെയ്തു. അപ്പൊൾ രാജാവ മൊശ അഹരൊന്മാരെ വരുത്തി നിങ്ങൾ ജനങ്ങളൊടും കൂട പുറപ്പെട്ട പൊയി പറഞ്ഞപ്രകാരം യഹൊവെക്ക ബലികഴിപ്പിൻ ആട്ടുകളെയും കന്നുകാലികളെയും കൊണ്ടുപൊയി എന്നെയും അനുഗ്രഹിപ്പിൻ എന്ന കല്പിച്ച. മിസ്രക്കാരും ഞങ്ങൾ എല്ലാവരും മരിക്കുന്ന വെഗം പൊവിൻ എന്ന അവരെ വളരെ നിർബ്ബന്ധിച്ചയക്കയും ചെയ്തു. അതുകൊണ്ട ജനങ്ങൾ പുളിക്കാത്ത കുഴച്ച മാവിനെ ശീലകളിൽ കെട്ടി കൊണ്ടുപൊയി യഹൊവ കല്പിച്ചപ്രകാരം മിസ്രക്കാരൊട പൊൻ വെള്ളി ആഭരണങ്ങളെയും വസ്ത്രങ്ങളെയും ചൊദിച്ച വാങ്ങി, സത്യപ്രകാരം യൊസെഫിന്റെ അസ്ഥികളെയും എടുത്ത മൃഗകൂട്ടങ്ങളെയും ചെത്തു കൊണ്ട കൂട്ടികൾ ഒഴികെ ആറു ലക്ഷം പുരുഷന്മാർ കാൽനടയായി പുറപ്പെട്ട. ഇപ്രകാരം എബ്രയർ മിസ്രയിൽ വന്ന പാത്ത നാന്നൂറു മുപ്പത വർഷത്തിന്റൊ അവസാനത്തിങ്കൽ യഹൊവയുടെ സൈന്യങ്ങൾ പെസഹരാത്രിയിൽ തന്നെ മിസ്രയിൽ നിന്ന പുറപ്പെട്ട പൊയി. അടിമ ഭവനത്തിൽനിന്ന രക്ഷിച്ചതിന്റെ ഒർമ്മെക്കായിട്ട വർഷം തൊറും പെസഹ എന്ന 7 ദിവസങ്ങളിലുള്ള ഉത്സവം ആചരിക്കുന്നതും അല്ലാതെ മനുഷ്യരിലും മൃഗങ്ങളിലും ഉള്ള കടിഞ്ഞൂൽ ഒക്കെയും തനിക്ക വെത്തിരിച്ച സമർപ്പിക്കെണം എന്ന ഇസ്രയെല്ക്ക ദൈവകല്പന ഉണ്ടാകയും ചെയ്തു.

ഇസ്രയെൽ പ്രയാണത്തിങ്കൽ അടുത്ത വഴിയായി വടക്കിഴക്കൊട്ട പൊയാൽ ഫലിസ്ത്തരൊട യുദ്ധം ഉണ്ടാകും അതിനാൽ ഭയപ്പെട്ട മിസ്രയിലെക്ക മടങ്ങിപൊകും എന്ന വെച്ച യഹൊവ അവരെ കിഴക്കൊട്ട ചെങ്കടലിന്റെ നെരെ നടത്തി രാപ്പകൽ അവർ സഞ്ചരിക്കെണ്ടതിന്ന പകൽ മെഘത്തുണിലും രാത്രിയിൽ അഗ്നിതുണിലും വിളങ്ങി അവക്ക മുമ്പായിട്ട നടന്ന. വളഞ്ഞ വഴിക്കലെ

പൊയി എന്ന രാജാവ കെട്ട മനസ്സ ഭെദിച്ച അവർ കവലപ്പെട്ട തെററി പൊ
യി നിശ്ചയം എന്നും അടിമകളെ വിട്ടയച്ചത എന്ത എന്നും പൊല്ലി അവരുടെ
വഴിയെ ചെല്ലെണ്ടതിന്ന സൈന്യത്തൊട കല്പിച്ച. ആ സൈന്യം അറുനൂറ
രഥങ്ങളൊടും കുതിരകളൊടും മററും പിന്തുടർന്ന ചെങ്കടൽ പുറത്തുള്ള ഇസ്രയെ
ലരുടെ പാളയത്തിൽ എത്തുകയും ചെയ്ത. ശത്രു അടുത്ത വരുന്നത കണ്ടാറെ ഇസ്ര
യെലർ വളരെ ഭയപ്പെട്ട നിലവിളിച്ച മൊശയൊട ഞങ്ങളെ വനത്തിൽ മരി
ക്കെണ്ടതിന്ന കൂട്ടി കൊണ്ട വന്നവൊ മിസ്രയിൽ കുഴിച്ചിടുവാൻ സ്ഥലം ഇല്ല
യൊ ഇവിടെ മരിക്കുന്നതിനെക്കാം മിസ്രക്കാർക്ക വെല ചെയ്യുന്നതത്രെ ന
ല്ലത എന്നും മററും പറഞ്ഞപ്പൊം. മൊശെ നിങ്ങം ഭയപ്പെടാതെ ഇരിപ്പിൻ
മിണ്ടാതെ നിലനിന്ന യഹൊവ ചെയ്യുന്ന രക്ഷയെ നൊക്കിക്കൊംവിൻ യ
ഹൊവ നിങ്ങംക്ക വെണ്ടി യുദ്ധം ചെയ്യും ഈ മിസ്രക്കാരെ മെലാൽ കാണുക
യും ഇല്ല എന്ന പറഞ്ഞു. യഹൊവ മൊശയൊട നീ എന്തിന്നായി എന്നെ വി
ളിക്കുന്നെരെ നടക്കെണം എന്ന ഇസ്രയെലരൊട പറഞ്ഞു ദണ്ഡുകൊണ്ട സ
മുദ്രത്തെ വിഭാഗിക്ക എന്നാൽ ഇസ്രയെലർ അതിന്നടുവിൽ കൂടി കടന്നപൊകു
മാറാകും മിസ്രക്കാർ എന്റെ വൈഭവം കാണുമാറാകും എന്നരുളിചെയ്തവാറെ.
മെഘതൂണിലുള്ള ദെവദൂതൻ ഇസ്രയെലരുടെ മുമ്പുവിട്ട രണ്ട സൈന്യങ്ങളുടെ
നടുവിൽ വന്ന രാത്രി മുഴുവനും ഇസ്രയെലർക്ക വെളിച്ചവും മററവർക്ക ഇരിട്ടും
ആയി നിന്നുകൊണ്ടിരുന്ന. മൊശെ ചെങ്കടലിന്മെൽ കൈ നീട്ടിയപ്പൊം
യഹൊവ കിഴക്കൻകാററിനാൽ വെള്ളത്തെ രണ്ട ഭാഗവുമാക്കീട്ട ഇസ്രയെലർ
അതിന്നടുവിൽ കൂടി കടന്ന. മിസ്രക്കാർ പിന്തുടർന്ന തെർ കുതിരകളൊടും കൂ
ട ചെന്നപ്പൊം പുലർകാലെ യഹൊവ മെഘാഗ്നിത്തൂണിൽനിന്ന മിസ്ര
സൈന്യം നൊക്കി വൈഷമ്യം വരുത്തി തെർ ഉരുളുകളെ നീക്കിക്കളഞ്ഞു പ്ര
യാസെന സഞ്ചരിക്കുമാറാക്കി. അപ്പൊം മിസ്രക്കാർ നാം ഒടിപൊക യ
ഹൊവ ഇസ്രയെല്ല വെണ്ടി യുദ്ധം ചെയ്യുന്ന എന്ന തമ്മിൽ പറഞ്ഞ ഉടനെ,
നീ കടലിന്മെൽ കൈ നീട്ടുക എന്ന യഹൊവയുടെ കല്പന കെട്ട മൊശെ കൈ
നീട്ടി സമുദ്രം തിരിച്ച വന്നിട്ട മിസ്രക്കാർ അതിന്റെ നെരെ ഒടി ആരും ശെ
ഷിക്കാതെ എല്ലാവരും വെള്ളത്തിൽ മുഴുകിപൊകയും ചെയ്ത. ഇപ്രകാരം യഹൊ
വയുടെ രക്ഷാശക്തിയെ ഇസ്രയെലർ കണ്ട ഭയവിശ്വാസങ്ങളൊടും കൂട സ്തു
തിക്കയും ചെയ്ത. ആയതഎന്തെന്നാൽ,

യഹൊവ എററവും പ്രബലപ്പെടുകകൊണ്ട ഞാൻ അവനെ സ്തുതിക്കും കു
തിരയെയും അതിന്മെൽ ഇരുന്നവനെയും സമുദ്രത്തിൽ കളഞ്ഞിരിക്കുന്ന. എനി
ക്കബലവും ഗീതവും യാഃ തന്നെ. അവൻ എനിക്ക രക്ഷയായി, വർണ്ണിക്കെണ്ട
ന്നഎന്റെ ദൈവവും ഞാൻ ഉയർത്തുവാൻ തക്ക പിതൃദൈവവും അവൻ തന്നെ. യ
ഹൊവ യൊദ്ധാവ. യഹൊവ എന്ന തൻപെർ. ഫാരൊവിന്റെ രഥബല
ങ്ങളെ അവൻ സമുദ്രത്തിൽ തള്ളി മഹാരഥന്മാരും ചെങ്കടലിൽ മുങ്ങി. തിരമാ
ലകം അവരെ മൂടി അല്ലുപൊലെ അവർ ആഴങ്ങളിൽ ഇറങ്ങി. യഹൊവെ
നിന്റെ വലങ്കൈ ശക്തി പൂണ്ട ശത്രുവെ ചതെക്കുന്ന. മാനമഹത്വത്താൽ നീ
മാററാന്മാരെ കളയുന്ന നാസാവായുവാൽ വെള്ളങ്ങം പൊറുത്ത ചിറപ്പൊലെ
നിവിർന്ന, തിരകം സമുദ്രത്തിൻ ഉള്ളിലും ഉറച്ചുനിന്ന. ശത്രു പറഞ്ഞു ഞാൻ
പിന്തുടരും പിടിക്കും കവർച്ചയെ പകുക്കും എനിക്ക അവരെ കൊണ്ട തൃപ്തിവ
രും ഞാൻ വാൾ ഊരും എൻ കൈ അവരെ നിഗ്രഹിക്കും. നീ കാററൂതി സമുദ്രം
അവരെ മൂടി ഈയംപൊലെ പെരുവെള്ളത്തിൽ അവർ മുങ്ങി. യഹൊവെ ദൈ
വന്മാരിൽ നിന്നെ പൊലെ ആർ. പരിശുദ്ധതയിൽ ഉത്കൃഷ്ടനും സ്തുതിക
ളിൽ ഭയാനകനും അതിശയം പ്രവൃത്തിക്കുന്നവനും നിന്നെ പൊലെ ആർ. നീ
വീണ്ടെടുത്ത ജനത്തെ കരുണയാൽ വരുത്തി നിന്റെ വിശുദ്ധ വാസഭ്രമിയി
ലെക്ക ശക്തിയാൽ അവരെ നടത്തി. ജാതികം കെട്ട വിറെക്കുന്ന വിലക്കം
ഫലിഷ്ടരെ പിടിച്ച എദൊമിലെ മൂപ്പർ നടുങ്ങി മൊവാബിലെ മുമ്പരെ
ഞെട്ടൽ എശ്രും കനാനിലെ പ്രജകം എല്ലാം ദ്രവിച്ചുപൊകുന്ന. യഹൊവയെ

നിന്റെ ജനം കടക്കുവൊളം ഭയവും അഞ്ചലും അവരുടെ മെൽ വീഴും. നിന്റെ കരവല്ലഭത്വം നിമിത്തം അവർ കല്ലു പൊലെ സ്തംഭിച്ചിരിക്കും. നീ മെടിച്ച ജനത്തെ ഉള്ളിൽ കടത്തി നിന്റെ അവകാശമലയിലും യഹൊവ വസിപ്പാൻ ഉണ്ടാക്കിയ സ്ഥാനത്തും നാഥ നിന്റെ കൈകൾ നിർമ്മിച്ച ശ്രുഭസ്ഥലത്തും അവരെ നടുവൊളം അത്രെ. യഹൊവ എന്നെന്നെക്കും രാജാവായി വാഴുക. എന്നിങ്ങിനെ മൊശയുടെ ഗാനം അല്ലാതെ മറിയം എന്ന സഹൊദരിയും തപ്പ എടുത്തു എല്ലാസ്ത്രീകളുമായി ഗീതനൃത്തങ്ങളൊടും കൂടെ പുറപ്പെട്ടു യഹൊവയെ സ്തുതിക്കയും ചെയ്തു.

7. മരുഭ്രമിയിലെ യാത്ര

ദിനെ മെഘ്നതാം സ്ഥീശൊ വഹ്നിനാനിശിചാനയൻ
വിഭിന്നംതൽകൃതെപ്യബ്ധിംശ്രുഷ്ടാവ്വിവദതാരയൽ.
സരഥാശ്വാം സ്ഥതൊ മൈശ്രാൻ പ്രഗ്രഹായാനുഗച്ഛതഃ
ഭ്രയഃ സമ്മിലിതെ തസ്മിൻ അബ്ധൌ സമ്യഗമജ്ജയൽ.

ഇസ്രയെലർ ചെങ്കടൽ വിട്ടു വെള്ളമില്ലാത്ത ഭ്രമിയിൽ കൂടി 3 ദിവസം നടന്നു മാറായിൽ എത്തിയപ്പൊൾ വെള്ളം സാധിച്ചു എങ്കിലും കൈപ്പുരസം കൊണ്ടു കുടിപ്പാൻ വഹിയാതെ ഇരുന്നു. അപ്പൊൾ ജനം എന്തു കുടിക്കെണ്ടു എന്ന മൊശയൊട വെറുത്തു പറഞ്ഞാറെ മൊശെ പ്രാത്ഥിച്ചു യഹൊവ കാണിച്ച മരത്തെ വെള്ളത്തിൽ ഇട്ടപ്പൊൾ വെള്ളം മധുരമായി വന്നു. അവിടെ മൊശെ ജനത്തൊട യഹൊവയുടെ ശബ്ദത്തെ നീ കെട്ടു കെട്ടു അവനു വിഹിതമായ്തിനെ ചെയ്താൽ മിസ്രയിൽ വരുത്തിയ ദണ്ഡങ്ങളിൽ ഒന്നും നിന്റെ മെൽ ആക്കുക ഇല്ല യഹൊവയായ ഞാൻ നിന്റെ ചികിത്സകൻ ആകുന്നു എന്നു കല്പിച്ചു. പുറപ്പെട്ടു (12) ഉറവുകളും (70) ഈന്തൽ പനകളും ഉണ്ടായ ഏലിമിൽ ഇറങ്ങുകയും ചെയ്തു.

അവിടെനിന്നു പുറപ്പെട്ടു 2 ആം മാസം 15 തിയ്യതി സീനിൽ എത്തിയപ്പൊൾ ജനം മുഷിച്ചൽ ആയി ഞങ്ങൾ ഇറച്ചി ചട്ടം അപ്പം നിറയ തിന്നും ഇരുന്ന മിസ്രയിൽ ചത്തെങ്കിൽ നന്നായിരുന്നു പട്ടിണി ഇട്ടു കൊല്ലുവാൻ ഞങ്ങളെ കൂട്ടികൊണ്ടുവന്നിരിക്കുന്നു എന്നു നായകന്മാർ ഇരുവരൊടും പറഞ്ഞു. അപ്പൊൾ ദെവകല്പന പ്രകാരം മൊശെ നിങ്ങൾ വെറുത്തു പറഞ്ഞതു യഹൊവ കെട്ടിരിക്കുന്നതു ഞങ്ങൾ എന്തു ഞങ്ങളെ അല്ല യഹൊവയെ തന്നെ നിങ്ങൾ വെറുത്തു പറഞ്ഞു യഹൊവ വൈയ്കുന്നെരത്തു ഇറച്ചിയെയും രാവിലെ അപ്പത്തെയും നിറയുവൊളം വർഷിപ്പിക്കും എന്നു പറഞ്ഞു. അന്നു വൈയ്കുന്നെരം കാടപക്ഷികൾ കരെറിവന്നു പാളയത്തെ മൂടി. രാവിലെ മഞ്ഞു ആറിയതിന്റെ ശെഷം ഉറച്ചു പനിപ്പൊടി പൊലെ ഒരു സാധനം നീളെ കണ്ടിട്ടു അറിയാഞ്ഞു മാൻഹു (ഇത എന്ത) എന്നു അവർ തമ്മിൽ തമ്മിൽ പറഞ്ഞു. ഇതു യഹൊവ നിങ്ങൾക്കു ആകാശത്തുനിന്നു ഭക്ഷിപ്പാൻ തന്നിരിക്കുന്ന അന്നം ആകുന്നു അവനവൻ ഭക്ഷിപ്പാൻ മാത്രം ഒരൊ ഇടങ്ങാഴീച്ചു കൂട്ടിച്ചെക്കു എന്നു മൊശെ പറഞ്ഞാറെ; അവർ അപ്രകാരം ചെയ്തു ചെർക്കുന്നതിൽ എറക്കുറവുണ്ടായെങ്കിലും അളന്നപ്പൊൾ അധികം ഇല്ലാതെ ഒരൊരുത്തൻ ചെത്തതു അവനവന്റെ വിശപ്പു തീർപ്പാൻ മതിയായി കണ്ടു. പിറെറനാളത്തെക്കു ഒട്ടും ശെഷിപ്പിക്കരുത എന്നു മൊശെ കല്പിച്ചിട്ടും ചിലർ അനുസരിക്കാതെ കുറയ ശെഷിപ്പിച്ചപ്പൊൾ പുഴുത്തു നാറി മൊശെ കൊപിക്കയും ചെയ്തു. ഇങ്ങിനെ ദിനം തൊറും രാവിലെ ചെത്തു വന്നു. ചെർക്കാത്തതു വെയിൽ മൂത്തപ്പൊൾ ഉരുകിപൊയി. ശാബത്തു ദിവസത്തിൽ സ്വസ്ഥമായിരിക്കെണ്ടതിന്നു വെള്ളിയാഴ്ച അവർ ഈരണ്ടു ഇടങ്ങാഴീച്ചു ചെത്തു അനുവാദപ്രകാരം പാതി സൂക്ഷിച്ചു വെച്ചാറെ അതു കുമിച്ചതും നാറിയതും ഇല്ല. എഴാം ദിവസത്തിൽ അതിനെ കാണുക ഇല്ല എന്നു പറഞ്ഞിട്ടും ചി

ലർ ചെക്കെണ്ടതിനായി പുറപ്പെട്ടാറെ കണ്ടെത്തി ഇല്ല യഹൊവ ക്രുദ്ധിക്കയും ചെയ്തു. ഇപ്രകാരം ഉണ്ടായ മന്ന എന്ന ആഹാരം വെളുത്തും കൊത്തമ്പാലയരി പൊലെയും തെൻ കുടിയ ദൊശ പൊലെ രുചികരമായും ഇരുന്നു. കനാൻ ദെശത്തിന്റെ അതിർക്ക എത്തുവൊളം 40 വർഷം വരെയും ഇസ്രയെലക്ക് ഇതുതന്നെ ആഹാരമായിരുന്നു. അതിൽ അഹരൊൻ ഒരു പാത്രം നിറച്ചു വരുവാനുള്ള സന്തതികൾക്ക വിചാരത്തിന്നായിട്ടു സൂക്ഷിച്ചു വെച്ചു.

അനന്തരം രഫിദിമിൽ എത്തിയപ്പൊൾ വെള്ളം ഇല്ലാതെ വലഞ്ഞു. നീ ഞങ്ങളെയും കുട്ടികളെയും ദാഹം പിടിപ്പിച്ചു കൊല്ലുവാൻ എന്തിന്നു കൂട്ടി കൊണ്ടുവന്നു കുടിപ്പാൻ വെള്ളം തരെണം യഹൊവ ഞങ്ങളിൽ ഉണ്ടൊ ഇല്ലയൊ എന്നു മത്സരിച്ചു പറയുമ്പൊൾ, മൊശെ എന്തിന്നു എന്നൊട വിവാദിക്കുന്നു യഹൊവയെ എന്തിന്നു പരീക്ഷിക്കുന്നു എന്ന അവരൊടും ഈജനത്തൊട ഞാൻ എന്തു ചെയ്യെണ്ടു അവർ എന്നെ കല്ലെറിയും എന്ന യഹൊവയൊടും പറഞ്ഞപ്പൊൾ, നീ മൂപ്പന്മാരൊടു കൂടചെന്നു നദിയെ അടിച്ചിട്ടുള്ള ദണ്ഡുകൊണ്ടു പാറയെ അടിച്ചാൽ അതിൽനിന്നു വെള്ളം വരും, എന്ന യഹൊവ അരുളിചെയ്തപ്രകാരം മൊശെ ചെയ്തു വെള്ളം ഉണ്ടാക്കി ആ സ്ഥലത്തിന്നു (പരീക്ഷാവിവാദങ്ങൾ എന്നർത്ഥമുള്ള) മസ്സാമരീബ എന്നു പെർ വിളിക്കയും ചെയ്തു.

ജനങ്ങൾ തളർന്നസമയം കുന്നു വാഴികളായ അമലെക്യർ വന്നു പിന്നിൽ ഉള്ളവരെ കൊന്നു കവർന്ന സംഗതിയാൽ യുദ്ധം വെണ്ടിവന്നപ്പൊൾ, മൊശെ തന്റെ ഭൃത്യനായ യൊശുവെ വിളിച്ചു. നിണക്ക വെണ്ടുന്ന പുരുഷരെ തെരിഞ്ഞെടുത്തു പട കൂട്ടി നാള പൊരുതുക ഞാൻ ദിവ്യദണ്ഡിനെ കൈകൊണ്ടു കുന്നിന്മുകളിൽ നില്ക്കും എന്നു കല്പിച്ചു. പൊരുണ്ടായതിന്റെ ശെഷം മൊശെ കുന്നിന്മുകളിൽ നിന്നു പ്രാർത്ഥിച്ചു കൈ പൊങ്ങിച്ചിരിക്കുമ്പൊൾ ഇസ്രയെലിന്നു വീര്യം വർദ്ധിച്ചു കൈ താഴ്ത്തിയപ്പൊൾ ശത്രു പ്രബലിച്ചു. കൈ തളർന്നു താഴ്ത്തിയപ്പൊൾ മൊശെ കല്ലിൽ ഇരുന്നിട്ടു അഹരൊനും (ജ്യെഷ്ഠത്തിയുടെ ഭർത്താവായ) ഹുരും ഇടവലം നിന്നു അസ്തമിക്കുവൊളം മൊശയുടെ കൈകളെ താങ്ങി ഇരുന്നു അമലെക്ക തൊല്ലയും ചെയ്തു. യഹൊവ മൊശയൊട ഈ വർത്തമാനം യൊശുവ മുതലായവരുടെ ഒർമ്മെക്കായിട്ടു എഴുതി വെച്ചുകൊൾക എന്നു കല്പിച്ചതും അല്ലാതെ, യഹൊവയുടെ സിംഹാസനത്തിന്റെ നെരെ കൈ ഉയർത്തുകൊണ്ടു അമലെക്കിന്റെ ഒർമ്മ മാച്ചു കളവൊളം യഹൊവ വിടാതെ പൊരാടും എന്നു മൊശെ പറഞ്ഞു ഒരു ബലിപീഠം ഉണ്ടാക്കി (യഹൊവ എൻ കൊടി എന്നർത്ഥമുള്ള) യെഹൊവനിസ്സി എന്നു പെർ വിളിക്കയും ചെയ്തു.

ദൈവം മൊശെക്കും ഇസ്രയെലിന്നും വെണ്ടി ചെയ്തതിനെ ഒക്കയും മിദിയാനിലെ യിത്രൊ കെട്ടു മൊശയുടെ ഭാര്യയെയും 2 പുത്രൻമാരെയും കൂട്ടി ദൈവ പർവ്വതത്തിലെക്ക പുറപ്പെട്ടു സമീപിച്ചപ്പൊൾ മൊശെ എതിരെറ്റു വന്ദിച്ചു ചുംബിച്ചു കൂടാരത്തിൽ പാർപ്പിക്കയും ചെയ്തു. യഹൊവ അതുവരെയും രക്ഷിച്ചപ്രകാരം ഒക്കയും യിത്രൊ കെട്ടപ്പൊൾ സന്തൊഷിച്ചു എല്ലാ ദെവന്മാരിലും യഹൊവ വലിയവൻ എന്നു ഞാൻ ഇപ്പൊൾ അറിയുന്നു എന്നു സ്തുതിച്ചു ബലികഴിച്ചു മൊശെ മുതലായ മൂപ്പന്മാരൊട കൂട യഹൊവാ മുഖെന ഭക്ഷിക്കയും ചെയ്തു. പിറെന്നാൾ മൊശെ രാവിലെ തുടങ്ങി സന്ധ്യയൊളം ന്യായവിസ്താരത്തിന്നായിരിക്കുന്നതു യിത്രൊ കണ്ടാറെ പറഞ്ഞതു, നീ ഈ ചെയ്യുന്നതു നന്നല്ല ഈ പ്രവൃത്തിക്ക നീ ഏകനായിട്ടു പൊരാ നിണക്കും ജനങ്ങൾക്കും ക്ഷീണത വരും. എന്റെ നിയൊഗം കെൾക്ക നീ ജനത്തിന്നുവെണ്ടി ദൈവത്തിനുമ്പാകെ നിന്നു കാര്യങ്ങളെ അവനെ ഉണർത്തിക്ക അവർ ചെയ്തു നടക്കെണ്ടുന്ന വഴിയെ കല്പനപ്രകാരം അവരെ അറിയിക്കയും ചെയ്ക. നിത്യകാര്യങ്ങളെ നടത്തെണ്ടതിന്നു അർത്ഥാഗ്രഹം ഇല്ലാതെ ദൈവഭയവും സത്യവും ഉള്ള മെധാവികളെ അവരൊധിച്ചു ആയിരം പെക്കും നൂറു പെക്കും 50 പെക്കും 10 പെർക്കും അധിപന്മാരാക്കി വെക്ക വലിയ കാര്യങ്ങളെ നിന്റെ അടുക്കൽ അയക്കട്ടെ,

ഇപ്രകാരം ആയാൽ നിണക്ക ഭാരം ചുരുങ്ങും ദൈവം കല്പിച്ച വെലെക്ക കുറവു വരികയും ഇല്ല. ഇപ്രകാരം കെട്ടതു മൊശെ അനുസരിച്ചു നടത്തിയതിന്റെ ശെഷം യിത്രൊ സ്വദെശത്തെക്ക മടങ്ങി പൊയി.

8. സീനായ്മലയിലെ ന്യായപ്രമാണം

മൂന്നാം മാസത്തിൽ സീനായി ദെശത്തു വന്നപ്പൊൾ പർവ്വതത്തിന്റെ നെരെ പാളയം ഇറങ്ങി മൊശെ ദെവസന്നിധിയിലെക്ക കരെറി യഹൊവ അവനൊട വിളിച്ചു പറകയും ചെയ്തു. യാക്കൊബ കുഡുംബത്തൊടു നീ ചൊല്ലെണ്ടുന്നത എന്തെന്നാൽ, ഞാൻ മിസ്രക്കാരൊട ചെയ്തതും നിങ്ങളെ കഴുകചിറകിന്മെൽ താങ്ങി എങ്കലെക്ക വരുത്തിയ പ്രകാരവും നിങ്ങൾ കണ്ടുവല്ലൊ ഇപ്പൊൾ എൻ ശബ്ദത്തെ കെട്ടു എൻ കാറാരിനെ കൈകൊണ്ടാൽ നിങ്ങൾ എല്ലാ ജാതികളെക്കാളും എനിക്ക വിശിഷ്ട സമ്പത്തായിരിക്കും ഭൂമി എല്ലാം എനിക്കുള്ള നിങ്ങളൊ എനിക്ക ആചാര്യ രാജത്വവും പരിശുദ്ധ ജാതിയും ആകും എന്നിസ്രയെലരൊട പറയെണ്ടു. അപ്പൊൾ മൊശെ വന്നു മൂപ്പന്മാരെ വിളിച്ചു കല്പനപ്രകാരം അറിയിച്ചാറെ ജനം എല്ലാം ഒന്നിച്ചു യഹൊവ ചൊന്നതൊക്കയും ഞങ്ങൾ ചെയ്യാം എന്നുത്തരം പറഞ്ഞു. അപ്രകാരം മൊശെ ഉണൎത്തിച്ചപ്പൊൾ യഹൊവ നീ ചെന്നു ഇന്നും നാളയും ജനത്തിന്നു ശുദ്ധിയെ കല്പിച്ചു മൂന്നാം ദിവസത്തിന്നായി ഒരുങ്ങുമാറാക്ക. പർവ്വതത്തിന്നു ചുറും അതിരുണ്ടാക്കി നിങ്ങൾ അതിൽ കരെറാതെ ഇരിപ്പാൻ നൊക്കുവിൻ ജന്തുവൊ മനുഷ്യനൊ മലയടി തൊടുന്നത എല്ലാം മരിക്കെണം എന്നു പറക: എന്നതു കെട്ടാറെ മൊശെ ഇറങ്ങി ജനത്തെ ശുദ്ധീകരിച്ചു വസ്ത്രവും അലക്കിച്ചു ഒരുങ്ങുമാറാക്കയും ചെയ്തു.

മൂന്നാം ദിവസം പുലരുമ്പൊൾ കൊടുങ്കാറ്റും മിന്നലുകളും ഇടിമുഴക്കവും കനത്ത മഴക്കാറും മഹാ കാഹള ശബ്ദവും പർവ്വതത്തിന്മെൽ ഉണ്ടായതിനാൽ പാളയത്തിൽ ഉള്ള ജനം നടുങ്ങി. അപ്പൊൾ അഗ്നിയും ധൂമവും ചെർന്നു ഇളകി വിറെക്കുന്ന മലയിൽ ദൈവത്തെ എതിരെല്പാൻ മൊശെ ജനത്തെ പാളയത്തുനിന്നു നടത്തി മലെക്ക താഴെ നില്പിച്ചു കാഹള ശബ്ദം എറവും വർദ്ധിച്ചപ്പൊൾ ശീഖരത്തിൽ ഇറങ്ങിയ യഹൊവ മൊശയെ വിളിച്ചാറെ അവൻ കരെറി സംസാരിക്കയും ചെയ്തു. ഇറങ്ങിയപ്പൊൾ ദൈവം ഈ വാക്യങ്ങൾ എല്ലാം അരുളിചെയ്തു.

1. അടിമ വീടായ മിസ്രദെശത്തു നിന്നു നിന്നെ കൊണ്ടുവന്നവനായ യഹൊവയായ ഞാൻ നിന്റെ ദൈവം ആകുന്നു. ഞാൻ അല്ലാതെ അന്യ ദൈവങ്ങൾ നിണക്കുണ്ടാകരുത.
2. നിണക്ക ഒരു വിഗ്രഹത്തെയും ഉണ്ടാക്കരുത. അവറെ കുമ്പിടുകയും സെവിക്കയും അരുത.
3. നിന്റെ ദൈവമായ യഹൊവയുടെ നാമം വ്യൎത്ഥാ എടുക്കരുത.
4. സ്വസ്ഥനാളിനെ ശുദ്ധീകരിപ്പാൻ ഒൎക്ക.
5. നിന്റെ മാതാപിതാക്കന്മാരെ ബഹുമാനിക്ക.
6. നീ കുലചെയ്യരുത.
7. നീ വ്യഭിചാരം ചെയ്യരുത.
8. നീ മൊഷ്ടിക്കരുത.
9. നിന്റെ കൂട്ടുകാരന്റെ നെരെ കള്ളസാക്ഷി പറയരുത.
10. നിന്റെ കൂട്ടുകാരനുള്ളത യാതൊന്നിനെയും മൊഹിക്കരുത.

ഇങ്ങിനെ ഒക്കയും ജനം കാഹള മുഴക്കത്തൊടു കൂട കെട്ടു മിന്നലും പുകയും കണ്ടപ്പൊൾ ഞെട്ടി മാറി മൊശയൊട നീ ഞങ്ങളെ കെൾപ്പിക്ക ഞങ്ങൾ മരിക്കാതെ ഇരിപ്പാൻ ദെവഭാഷണം അരുത എന്നു പറഞ്ഞാറെ; ഭയപ്പെടെ

ണ്ട നിങ്ങളെ പരീക്ഷിപ്പാനും പാപത്തെ വിരൊധിക്കുന്ന ദെവഭയം നിങ്ങളിൽ ഉണ്ടാവാനും ദൈവം വന്നിരിക്കുന്നതു എന്ന മൊശെ പറഞ്ഞു. ജനം ദൂരെ തെറ്റീട്ട മൊശെ ദൈവം ഇരിക്കുന്ന അന്ധകാരത്തെ അടുത്തു ഇസ്രയെലരൊട കല്പിക്കെണ്ടുന്ന ന്യായങ്ങളെ കെട്ടത എന്തെന്നാൽ.

1. മനുഷ്യനെ മുറി എല്പിച്ചു മരിപ്പിക്കുന്നവനെ കൊല്ലുകെ വെണ്ടു. 2. മാതാപിതാക്കന്മാരെ അടിക്കയൊ ശപിക്കയൊ ചെയ്യുന്നവനെ കൊല്ലുകെ വെണ്ടു. 3. മനുഷ്യനെ മൊഷ്ടിക്കുന്നവനെ കൊല്ലുകെ വെണ്ടു. 4. യഹൊവെക്കല്ലാതെ വല്ല ദെവന്നു ബലി കഴിക്കുന്നവനെ സംഹരിക്കെ വെണ്ടു. 5. ക്ഷുദ്രക്കാരിയെ ജീവനൊടെ വെക്കരുത. 6. കലഹിച്ചു മുറി ഉണ്ടായാൽ പ്രാണന്നു പകരം പ്രാണനും കണ്ണിന്നു പകരം കണ്ണും പല്ലിന്നു പകരം പല്ലും കൈക്കു പകരം കൈയ്യും മറും വെക്കെണ്ടു. 7. കന്യകയെ വശീകരിക്കുന്നവൻ അവളെ ഭാര്യയാക്കി മെടിക്കണം. 8. എബ്രയ ദാസനെ മെടിച്ചിട്ടു 6 വർഷം ശുശ്രൂഷിച്ചാൽ എഴാമതിൽ തന്റെടക്കാരനായി പുറപ്പെടട്ടെ. 9. ആറുവർഷം കൃഷി ചെയ്ക എഴാമതിൽ നിലം പറമ്പുകളെ വെറുതെ ഇട്ടു വിളച്ചലിനെ ദരിദ്രന്മാർക്കായി വിടുക. 10. സംവത്സരത്തിൽ 3 വട്ടം നിന്റെറ പുരുഷന്മാർ എല്ലാം യഹൊവാ സന്നിധിയിൽ വന്നു കാണെണ്ടു അക്കാലം ആരും നിന്റെറ അതിരിനെ ആക്രമിപ്പാൻ മൊഹിക്കയും ഇല്ല. 11. ഒരു കാളയെ മൊഷ്ടിച്ചാൽ 5 കാളവീണ്ടു കൊടുക്കെണ്ടു. 12. ദരിദ്രനായ ഇസ്രയെല്യനൊട പലിശയും പൊലുവും ചൊദിക്കാതെ വായിപ്പ കൊടുക്കെ വെണ്ടു. 13. പണയമായി വാങ്ങിയ വസ്ത്രം അസ്തമിക്കുമ്പൊഴെ മടക്കി കൊടുക്കെണം ഞാൻ കരുണാവാൻ ആകുന്നു. 14. ശത്രുവിന്റെറ കാള തെറ്റി പൊയതൊ അവന്റെറ കഴുത ചുമടൊടെ വീണു കിടക്കുന്നതൊ കണ്ടാൽ സഹായിക്കെ വെണ്ടു. 15. അനെക ജനങ്ങൾക്കു സമ്മതം എന്നു വിചാരിച്ചു ന്യായം മറിക്കരുത. 16. കള്ള കാര്യത്തിൽനിന്നു ദൂരെ തെറ്റി നിർദ്ദോഷവാനെ കൊല്ലരുത ഞാൻ ദുഷ്ടനെ നീതിമാനാക്കുക ഇല്ലല്ലൊ. 17. വ്യവഹാരത്തിൽ ദരിദ്രന്റെറ ന്യായത്തെ മറിക്കരുത കാഴ്ചയുള്ളവരെ കുരുടരാക്കുന്ന യാതൊരു സമ്മാനത്തെയും വാങ്ങുകയും അരുത. 18. നിങ്ങൾ മിസ്രയിൽ പരദെശികളായിരുന്ന അവസ്ഥയെ ഒർത്തു പരദെശിയെ ഞെരിക്കയും ഉപദ്രവിക്കയും അരുത. 19. വിധവയൊ അനാഥനൊ ഒട്ടും ഹിംസിക്കരുത; ചെയ്താൽ അവരുടെ നിലവിളിയെ ഞാൻ കെൾക്കും നിശ്ചയം. 20. വഴിയിൽ നിന്നെ കാത്തു ഞാൻ ഒരുക്കിയ ഭൂമിക്ക വരുത്തുവാൻ ഞാൻ നിന്റെറ മുമ്പാകെ ഒരു ദൂതനെ അയക്കുന്നു. ആയവങ്കൽ എന്നാമം ഇരിക്കയാൽ അവൻ ദ്രൊഹങ്ങളെ പൊറുക്കായ്കകൊണ്ടു അവനൊട നീ മത്സരിക്കാതെ സൂക്ഷിച്ചു ചെവിക്കൊള്ളെണ്ടു. അവനെ കൊണ്ടു ഞാൻ കെൾപ്പിക്കുന്നതിനെ ഒക്കയും ചെയ്താൽ അവൻ നിന്റെറ മുമ്പകെ നടക്കും ഞാൻ ശത്രുക്കളെ ക്രമത്താലെ ആട്ടി നശിപ്പിക്കയും ചെയ്യും. എന്നാൽ കനാന്യരൊടും അവരുടെ ദെവകളൊടും ഒട്ടും ചെർച്ച അരുത നിന്നെ പാപം ചെയ്യിക്കാതെ ഇരിപ്പാൻ വെണ്ടി അവർ നിന്റെറ ഭൂമിയിൽ പാർക്കയും അരുത.

മൊശെ വന്നു ഇപ്രകാരം ഉള്ള ന്യായങ്ങളെ 10 വാക്യങ്ങളൊടും കൂട ജനത്തെ അറിയിച്ചപ്പൊൾ എല്ലാവരും ഒന്നിച്ചു യഹൊവ കല്പിച്ചത എല്ലാം ഞങ്ങൾ ചെയ്യും എന്ന സമ്മതിച്ചാറെ അന്നു യഹൊവയുടെ സകല വചനങ്ങളെ എഴുതി വെച്ചു. രാവിലെ മണ്ണു കൂട്ടി ഗൊത്രങ്ങളുടെ എണ്ണപ്രകാരം 4 പുറവും 12 കത്തുണകളെ സ്ഥാപിച്ചു ഒരു ബലിപീഠം ഉണ്ടാക്കി ബാല്യക്കാരെ കൊണ്ടു ബലികളെ കഴിപ്പിച്ചു രക്തം എടുത്തു പാതി പീഠത്തിന്മെൽ തളിച്ചു പാതി വെച്ചു ദിവ്യ കരാരിനെ എഴുതിയ പുസ്തകം ജനങ്ങൾ മുമ്പാകെ വായിച്ചാറെ യഹൊവ കല്പിച്ചത ഒക്കയും ഞങ്ങൾ അനുസരിച്ചു നടക്കും എന്ന അവർ അനുവദിച്ചപ്പൊൾ, മൊശെ രക്തം എടുത്തുകണ്ടാലും യഹൊവ നിങ്ങളൊട ഈ സകല വചനങ്ങളെയും ഉറപ്പിച്ച കരാരിന്നുള്ള രക്തം എന്നു ചൊല്ലി ജനത്തിന്മെൽ തളിക്കയും ചെയ്തു. അനന്തരം ദൈവം ക്ഷണിച്ചപ്രകാ

രം മൊശെ അഹരൊനെയും അവന്റെ പുത്രരെയും 70 മൂപ്പന്മാരെയും കൂട്ടി കൊ
ണ്ടു മലയിൽ കരെറിയപ്പൊൾ അവർ ഇസ്രയെലിന്റെ ദൈവത്തെ ദർശിച്ചു
അവന്റെ പാദങ്ങളിൻ കീഴ നീലമണിക്ക ഒത്ത ആകാശത്തെളിവ പൊലെ
കണ്ടു ഭയം എന്നിയെ ദൈവത്തെ നൊക്കി ഭക്ഷിച്ചു കുടിക്കയും ചെയ്തു.
പിന്നെ മെഘത്തിന്റെ ഉള്ളിൽ യഹൊവയുടെ തെജസ്സു അഗ്നി പൊലെ തൊ
ന്നി 6 ദിവസം മലയുടെ മുകളിൽ ആവസിച്ചതിന്റെ ശെഷം ദൈവം മൊ
ശെയെ വിളിച്ചു ഞാൻ ന്യായപ്രമാണം എഴുതിയ 2 കല്പലകകളെ നിണ
ക്ക തരെണ്ടതിന്ന കരെറിവാ എന്ന കല്പിച്ചപ്പൊൾ മൊശെ കാര്യാദികളെ
അഹരൊൻ ഹൂർ എന്നവരിൽ എല്പിച്ചു ഭൃത്യനായ യൊശുവൊട കൂടി കരെ
റി മെഘത്തിൽ പ്രവെശിച്ചു 40 രാപ്പകൽ പാക്കയും ചെയ്തു.

9. സ്വർണ്ണവൃഷഭവും ദിവ്യവിഭ്രതിദർശനവും

യഹൊവ മലമെൽനിന്ന ദിവ്യവാസസ്ഥലത്തിന്റെ സ്വർഗ്ഗീയ മാതൃ
കയെ മൊശെക്ക കാണിച്ചു അതുപൊലെ ഇസ്രയെലർ ഒരു കൂടാരം ഉണ്ടാക്കു
വാൻ വിവരം കല്പിച്ചു തീർന്നപ്പൊൾ തിരുവിരൽ കൊണ്ടു സാക്ഷി ആധാ
രമായി എഴുതിയ 2 കല്പലകകളെ മൊശെക്ക കൊടുത്തു. അക്കാലം പാളയ
ത്തിലുള്ളവർ താമസം സഹിയാഞ്ഞു രക്ഷിതാവിനെ മറന്ന അഹരൊന്റെ നെ
രെ കൂട്ടം കൂടി ഞങ്ങളെ പുറപ്പെടുവിച്ച ആം എന്തായി പൊയി എന്നറിയു
ന്നില്ല ഞങ്ങൾക്ക മുന്നടക്കെണ്ടുന്ന ദെവരെ ഉണ്ടാക്കെണം എന്ന പറഞ്ഞപ്പൊൾ,
അഹരൊൻ ഭയപ്പെട്ടു സ്ത്രീകൾക്കും കുട്ടികൾക്കും ഉള്ള പൊൻ കുണുക്ക എല്ലാം
ചൊദിച്ചു വാങ്ങി വാപ്പിച്ചു കന്നിൻ സ്വരൂപം ഉണ്ടാക്കിയാറെ ഹെ ഇസ്രയെ
ലെ നിന്നെ മിസ്രയിൽ നിന്ന പുറപ്പെടുവിച്ച ദെവർ ഇതു തന്നെ എന്ന വി
ളിച്ചതും അല്ലാതെ, അഹരൊൻ അതിന്ന ഒരു ബലിപീഠം ഉണ്ടാക്കി നാള യ
ഹൊവയുടെ പെരുനാൾ എന്ന ഘൊഷിച്ചറിയിച്ചതിനാൽ, അവർ രാവിലെ
കൂടി ബലിയും സദ്യകളും കഴിച്ചു ഭക്ഷിച്ചു കുടിപ്പാൻ ഇരുന്ന കളിപ്പാൻ എഴുന
ല്ലയും ചെയ്തു. അന്ന യഹൊവ മൊശയൊട വെഗം ഇറങ്ങി പൊക പുറപ്പെടുവി
ച്ച ജനം ഞാൻ കല്പിച്ച വഴിയിൽനിന്ന വിരിഞ്ഞു തെറ്റി കുന്നിൻ സ്വരൂപം
ചമച്ചു ഇതാ പുറപ്പെടുവിച്ച ദെവർ എന്ന ബലി കഴിച്ചു വന്ദിച്ചിരിക്കുന്ന ഇവർ
വണങ്ങാത്ത കഴുത്തുള്ളവർ എന്ന ഞാൻ കണ്ടറിഞ്ഞു ഇന്ന അവരെ നിഗ്രഹിച്ചു
നിന്നെ തന്നെ വലിയ ജാതി ആക്കാം എന്ന പറഞ്ഞു. അപ്പൊൾ മൊശെ യാചി
ച്ചു പറഞ്ഞു തൃക്കൈ ബലം കൊണ്ടു പുറപ്പെടുവിച്ച ജനത്തിന്ന നെരെ നിന്റെ
കൊപം ജ്വലിക്കുന്നത എന്തു ഇവരെ മുടിക്കെണ്ടതിന്നത്രെ ദൊഷത്തിന്നായി മല
യൊളം നടത്തി എന്ന മിസ്രക്കാർ പറയണമൊ തിരുമനസ്സു തിരിച്ചു ശമിക്കെ
ണമെ അബ്രഹാം ഇസ്ഹാക്ക യാക്കൊബ എന്ന നിന്റെ ദാസരെയും നിങ്ങള
ടെ സന്തതിയെ നക്ഷത്ര സംഖ്യയാക്കി വാഗ്ദത്ത രാജ്യം അവക്ക നിത്യാവകാശ
മാക്കി നല്കും എന്ന ആണയിട്ട പ്രകാരവും ഒർക്കെണമെ. എന്നാറെ യഹൊവ
മനസ്സു തിരിച്ചു. മൊശെയും ദൈവം എഴുതിയ 2 കല്പലകകളെ എടുത്തു
കൊണ്ടു ഇറങ്ങുകയും ചെയ്തു. പാളയത്തിൽ അടുത്താറെ യൊശു ആർപ്പുവിളിയെ
കെട്ടു അതാ പൊർ വിളി എന്ന പറഞ്ഞപ്പൊൾ മൊശെ ഈ കൊൾക്കുന്നതു ജയദ്ധ്വ
നിയും അല്ല അപജയദ്ധ്വനിയും അല്ല പാട്ടിൻ ധ്വനി അത്രെ എന്ന പറഞ്ഞു
അടിയൊളം ചെന്നതിന്റെ ശെഷം, കന്നും നൃത്തങ്ങളെയും കണ്ടു ക്രുദ്ധിച്ചു കല്പല
കകളെ എറിഞ്ഞു പൊളിച്ചു കന്നിൻ സ്വരൂപത്തെ തീയിൽ ചുട്ടു പൊടിച്ചു
ചൂർണ്ണത്തെ എല്ലാവരും കുടിക്കുമാറു തൊട്ടിൽ വിതറുകയും ചെയ്തു. ഈ ജനത്തി
ന്മെൽ മഹാദൊഷം വരുത്തുക കൊണ്ടു മൊശെ അഹരൊനെ ശാസിച്ചു ദൈവം
നിഗ്രഹിപ്പാൻ ഭാവിച്ചപ്പൊൾ അവന്ന വെണ്ടി പ്രാർത്ഥിച്ചു. പിന്നെയും ജന
ങ്ങൾ വശം കെട്ടു ഭ്രമിക്കുന്നതു മൊശെ കണ്ടു വാതുക്കൽ നിന്ന കൊണ്ടു യഹൊ
വെക്കൊരുള്ള അവൻ ഇങ്ങു വരട്ടെ എന്ന വിളിച്ചാറെ ലെവി ഗൊത്രക്കാർ അവ

നൊട ചെന്ന. അവരൊട നിങ്ങൾക്ക ഇന്ന അനുഗ്രഹം ലഭിക്കെണ്ടതിന്ന എല്ലാവരും വാൎ എടുത്ത പാളയത്തിൽ കടന്ന ചെരാത്തവരെ കൊല്ലുക മകനെയും സഹൊദരനെയും തൊഴനെയും കൂട യഹൊവെക്ക സമർപ്പിക്കെണ്ട, എന്ന ദെവകല്പന പറഞ്ഞപ്പൊൾ ലെവ്യർ പുറപ്പെട്ട മൂവായിരം ജനത്തെ കൊല്ലുകയും ചെയ്തു.

പിറെ ദിവസം മൊശെ ജനത്തൊട നിങ്ങൾ മഹാപാപം ചെയ്തത്തു മറെക്കൊമൊ എന്ന നൊക്കുവാൻ ഞാൻ യഹൊവെയുടെ സന്നിധിയിങ്കൽ പൊകും എന്ന ചൊല്ലി യഹൊവയെ ചെന്ന പ്രാർത്ഥിച്ചു. അല്ലയൊ ഈ ജനം മഹാപാപം ചെയ്തു തങ്ങൾക്ക പൊൻ ദെവരെ ഉണ്ടാക്കി ഇരിക്കുന്ന ഇപ്പൊൾ അവരുടെ പാപത്തെ ക്ഷമിച്ചുകൊണ്ടാലും അല്ലാഞ്ഞാൽ നീ എഴുതിയ പുസ്തകത്തിൽ നിന്ന എന്നെ മാച്ചു കളവൂതാക. എന്നാറെ യഹൊവ എന്നിൽ പാപം ചെയ്തവനെ ഞാൻ മാച്ചു കളയും. നീ പൊയി എന്റെ ദൂതൻ മുമ്പായിട്ട ജനത്തെ നടത്തുക സമയത്തിങ്കൽ ഞാൻ അവരുടെ പാപത്തെ വിചാരിക്കും ഇപ്പൊൾ കൂടി പൊരുകയും ഇല്ല എന്ന കല്പിച്ചു. ഈ വൎത്തമാനം ജനങ്ങൾ കെട്ടാറെ ദുഃഖിച്ചു ആഭരണങ്ങൾ എല്ലാം നീക്കുകയും ചെയ്തു.

അനന്തരം മൊശെ കൂടാരത്തെ എടുത്ത പാളയത്തിന്ന പുറത്തടിപ്പിച്ചു അതിൽ പ്രവെശിക്കുമ്പൊൾ മെഘത്തൂൺ ഇറങ്ങി കൂടാരവാതുക്കൽ നിന്ന യഹൊവ സഖിയൊട എന്ന പൊലെ മൊശയൊട സംസാരിക്കുന്നതു ഇസ്രയെലർ താന്താങ്ങളുടെ വാതുക്കൽ നിന്ന കണ്ടു വന്ദിക്കയും ചെയ്തു. പിന്നെ യഹൊവയെ അന്വെഷിക്കുന്ന എല്ലാവരും കൂടാരത്തിലെക്ക പൊകുമാറായി യൊശുവ വിടാതെ അതിൽ പാൎക്കയും ചെയ്തു. മൊശെ ദൈവത്തൊട സംഭാഷണം ചെയ്ത നീ എന്നൊട ഈ ജനത്തെ നടത്തുവാൻ കല്പിച്ച എന്റെ പെർ പറഞ്ഞറിയുന്നവൻ എങ്കിലും തുണെക്ക അയക്കുന്നവനെ അറിയിച്ചില്ല എന്നിൽ നിണക്ക കൃപ ഉണ്ടെങ്കിൽ നിന്നെ അറിവാന്തക്ക വഴിയെ അറിയിച്ച ഈ ജാതിയെ നിന്റെ ജനം എന്നും വിചാരിക്കെണമെ. എന്നാറെ യഹൊവ എന്മുഖം പൊരും ഞാൻ നിണക്ക സ്വാസ്ഥ്യം വരുത്തുകയും ചെയ്യും, എന്ന കെട്ടപ്പൊൾ മൊശെ പറഞ്ഞു നിന്മുഖം പൊരുന്നില്ല എങ്കിൽ ഞങ്ങളെ പുറപ്പെടുവിക്കാതെ ഇരിക്കെണം ഞങ്ങളിലുള്ള കരുണയും സകല ജാതികളിലെ വിശിഷ്ടതയും നീ കൂട പൊരുന്നതിൽ അല്ലാതെ എന്തൊന്ന കൊണ്ടു സ്പഷ്ടം ആകും. അതിന്ന യഹൊവ ഞാൻ നിന്നെ പെർകൊണ്ടറിഞ്ഞ കൃപ നിണക്ക ലഭിച്ചതുകൊണ്ട ഈ പറഞ്ഞപ്രകാരം ചെയ്യാം, എന്ന കെട്ടാറെ നിന്റെ തെജസ്സിനെ എനിക്ക കാണിച്ചാലും എന്നപെക്ഷിച്ചതിന്ന യഹൊവ അരുളി ചെയ്തു എന്റെ മുഖം കണ്ടാൽ ജീവിപ്പാൻ കഴിക ഇല്ല ഇവിടെ പാറയിൽ ഒരു പിളൎപ്പുണ്ട നീ അവിടെ നിന്നാൽ ഞാൻ എന്റെ വിഭ്രതി എല്ലാം നിന്റെ മുമ്പിൽ കടക്കുമാറാക്കി. കൈകൊണ്ട നിന്നെ മൂടും കൈ എടുത്താൽ നീ എന്റെ മുഖത്തെ അല്ല അവസാന ഭാഗത്തെ കാണും യഹൊവാ നാമത്തെ ഘൊഷിച്ചറിയിക്കുന്നതിനെയും കൊംക്കും എനിക്ക തൊന്നുന്നവനിൽ ഞാൻ കനിയും ബൊധിച്ചവന്ന കരുണ ചെയ്യും.

ഈ കല്പനപ്രകാരം മൊശെ മുമ്പെ പൊലെ 2 കല്പലകകളെ ചെത്തി എടുത്ത ഉഷസ്സിങ്കൽ മലമെൽ കരെറിയപ്പൊൾ യഹൊവ ഒരു മെഘത്തിൽ ഇറങ്ങി അവനൊട കൂട നിന്ന കടക്കുകയും യഹൊവാ നാമത്തെ ഘൊഷിക്കയും ചെയ്തത എന്തെന്നാൽ, യഹൊവാ യഹൊവ കനിഞ്ഞും മനസ്സലിഞ്ഞും ഉള്ള ദൈവം ദീൎഘക്ഷമാവാൻ കരുണാ സത്യ സമ്പന്നൻ ഭക്തന്മാരിൽ ആയിരത്തൊളം കരുണ സൂക്ഷിച്ചും അകൃത്യ ദ്രൊഹ പാപങ്ങളെ പൊറുത്തും കൊള്ളുന്നവൻ ആരെയും കുറമില്ലാതെ ആക്കി വെക്കാതെ പിതൃദൊഷത്തെ പുത്ര പൌത്രന്മാരിൽ നാലാമത്തൊളം വിചാരിക്കുന്നവൻ അന്യഭക്തിയെ സഹിക്കാത്ത ഉഗ്ര ദൈവമായ യഹൊവ, എന്നും മറും കെട്ട നമസ്കരിച്ച യഹൊവ കൂട പൊരെണം എന്നപെക്ഷിച്ച അനുഗ്രഹ കാരനെ പുതുതാക്കി 40 രാപ്പകൽ ഉപവാസമായി ദൈവ സന്നിധിയിൽ പാൎത്തു. യഹൊവ കല്പിച്ച തീൎത്ത 10 വാക്യങ്ങളെ പലകകളിൽ എഴുതിയാറെ മൊശെ അവറെ വാങ്ങി ഇ

റങ്ങി വന്നപ്പൊൾ, അഹരൊൻ മുതലായവർ അവന്റെ മുഖം ദെവ സംസ്ഗ്ഗം കൊണ്ടു രശ്മിമയമായി കണ്ടു ഭയപ്പെട്ടു മാറി. അനന്തരം മൊശെ അവരെ വിളിച്ചു കാരണം അറിഞ്ഞു മുഖം മൂടി ജനത്തൊടു കല്പനപ്രകാരം സംസാരിക്കയും ചെയ്തു. ഇങ്ങിനെ യഹൊവാസന്നിധിയിൽ ചെല്ലുംപൊൾ ഒക്കയും മൂടുപടം നീക്കി പ്രവെശിക്കും പുറത്ത വരുമ്പൊൾ പിന്നെയും മൂടുകയും ചെയ്യും.

10 സാക്ഷി കൂടാരം എന്ന പുണ്യസ്ഥലം

ദൈവം മനുഷ്യരെ എതിരെറ്റു കൂട്ടുന്ന കുറിനിലവും ഇസ്രയെൽ 12 ഗൊത്രങ്ങളുടെ മദ്ധ്യെ തന്റെ പരിശുദ്ധിയെ പ്രകാശിപ്പിച്ച പാത്തു വെളിച്ചവും ജീവതവും കൊടുക്കുന്ന ഭവനവും സ്വർഗ്ഗത്തിന്റെ പ്രതിബിംബവും ആയൊരു കൂടാരം ഉണ്ടാക്കുവാൻ കല്പിച്ചപ്പൊൾ അതിന്റെ നിത്യ മാതിരിയെ ലൊകശില്പി ആകുന്ന ദെവവചനം മലയുടെ മുകളിൽ മൊശെക്ക കാണിച്ചു. അപ്രകാരം ചെയ്വാനായിട്ട ഇസ്രയെലരൊട മനഃപൂവ്മായി തരുന്ന സാധനങ്ങൾ ചൊദിച്ചപ്പൊൾ എല്ലാവരും പൊൻ വെള്ളി ചെമ്പും രത്നങ്ങളും ഗൊന്തമരങ്ങളും പലനിറമായ നൂലും രൊമവും തൊലുകളും മറും കൊണ്ടു വന്നു യഹൊവെക്ക അർപ്പിച്ചു. ശീലമുള്ള സ്ത്രീകളും പുരുഷന്മാരും ഉത്സാഹിച്ചു ദെവാത്മ പൂർണ്ണനായ ബസലയ്ൽ പണി നടത്തുന്ന പ്രകാരം പ്രവൃത്തിച്ചു കൊണ്ടിരുന്നു.

ആ ഭവനം ചതുരശ്രം ദീർഘം 30 മുളം വീതി 10 മുളം ഉയരം 10 മുളം തെക്കും വടക്കും പടിഞ്ഞാറും ഉള്ള 3 ഭിത്തികളും ഉറച്ചുപൊകാത്ത (12 × 4) 48 ഗൊന്തമരങ്ങളെ കൊണ്ടു തീർത്തു.* ഈ മരങ്ങളെ പൊന്തകിടുകൊണ്ടു പൊതിഞ്ഞും ഒരൊ മരത്തിന്നു ഈ രണ്ടു കാലുകളും ഉണ്ടാക്കി കാലുകളെ നിലത്തൊട സമമാക്കി വെച്ച വെള്ളിക്കട്ടിക്കുഴികളിൽ സ്ഥാപിച്ചു. മരങ്ങളൊക്കയും ഇളക്കം വരാതെ ചെർന്നു നില്ക്കുണ്ടതിന്നു മരംതൊറും മെൽകീഴായി മുമ്മൂന്നു പൊൻ വളകളും അവറ്റിൽ പൊൻ പൊതിഞ്ഞ വടികളും ചെലുത്തി ചെത്തു.

മരപ്പണിക്കു മെൽ കീഴായി വിരിച്ച മൂടികളും 4. താഴെ വിരി വിശെഷമുള്ളതു. 4. നിറം ഉള്ള നൂലുകളെ കൊണ്ടും ഖരുബുകളുടെയും മനൊഹരപുഷ്പങ്ങളുടെയും സ്വരൂപ പ്രകാരവും മെടഞ്ഞ ചമച്ചതു. ആ 4 നിറങ്ങളും ദിവ്യ നാമങ്ങളെ പ്രകാശിപ്പിക്കും (സ്വർഗ്ഗസ്ഥനായ യഹൊവെക്ക നീലം, രാജാവായ ദൈവത്തിന്നു ധൂമ്രം, ജീവനുള്ളവന്നു രക്തം, പരിശുദ്ധന്നു വെള്ള എന്നിങ്ങിനെ ലക്ഷണമായി വരും.) ഖരുബുകളുടെ സ്വരൂപത്തിന്നു 4 മുഖം അതു ദെവസ്വരൂപം അല്ല ലൊകത്തിൽ പ്രകാശിപ്പിച്ച ദിവ്യ ഗുണങ്ങളെ അറിയിക്കുന്നതു (അതിൽ സൃഷ്ടികർത്തിന്നു വൃക്ഷഭം, ജയശക്തിക്ക സിംഹം, സർവ വ്യാപനത്തിന്നു കഴുകു, മനുഷ്യൻ ജ്ഞാനത്തിന്നു എന്നും സങ്കല്പം.) ഭിത്തികളുടെ ഉള്ള കാണാതെ വിരിച്ച മൂടിക്ക സ്വർഗ്ഗതുല്യമായ വാസസ്ഥലം എന്ന പെർ. രണ്ടാം

---

* ഒരൊ എണ്ണത്തിന്നും അളവിന്നും ഉള്ള ഗൂഢാർത്ഥത്തെ ഉദ്ദെശിച്ചു പൊലുവാൻ കാലം പൊര മുഖ്യമായതു ചുരുക്കി പറയാം. മൂന്നായതു യഹൊവാനാമത്തെ കുറിക്കും. നാല എന്നുള്ളതും ചതുരശ്രവും കാലം ലൊകം തുടങ്ങിയുള്ള ദെവസൃഷ്ടിക്ക അടയാളം. പത്തിൽ പരിപൂർണ്ണതയും പുതിയ എകത്വവും സ്പഷ്ടം ആകുന്നു (അതു കൊണ്ടു ദശാംശം ദശവാക്യങ്ങളും മറും) 5 പാതി പൂർണ്ണതെക്ക വരും. 7 എന്നുള്ള സംഖ്യ മൂന്നും നാലും കൊണ്ടുണ്ടാകയാൽ ലൊകത്തിന്നും ദൈവത്തിന്നും ഉള്ള സംബന്ധത്തിന്റെ ലക്ഷണം ആണെക്കും കറാറിന്നു പ്രധാനം. 12 എന്നുള്ളതു 3 കൊണ്ടു ഗുണിച്ച നാലത്രെ കറാർ മൂലം ദൈവത്തൊടു ഇണങ്ങി ചെന്ന സഭയുടെ അടയാളം.

മൂടി വെള്ളാട്ടിൻ നെരിയ രൊമന്തൽ കൊണ്ട മെടഞ്ഞ തമ്പുഭാഷയിൽ തീർത്ത ഒന്നാമതിന്മെൽ വിരിച്ചു. ദൈവം ഭ്രമിയിൽ ഇസ്രയെലരൊട ചെർന്ന സഞ്ചരിച്ചു വരുന്ന കൂടാരം എന്ന പെർ. ശെഷിച്ച 2 മൂടികയും തൊൽ കൊണ്ട തീർത്ത ഒന്നിൽ നീലവും ഒന്നിൽ ചുവപ്പും കയററി മറവിന്നായി മീതെ വിരിച്ചു ചെമ്പുകുററികയും നാട്ടികയിറു കൂട്ടി കെട്ടുകയും ചെയ്ത.

I. പത്തുമുളം കൊണ്ട തികഞ്ഞ ചതുരശ്രമായ ഉംമുറി അതി പരിശുദ്ധം അതിൽ തന്നെ ദൈവസാന്നിദ്ധ്യം. 1. ദിവ്യ കരാരിന്റെ ആധാരം ആയി 10 വാക്യങ്ങം എഴുതിട്ടുള്ള കല്പലകകളെ ഇസ്രയെലിന്റെ മുഖ്യ നിധി ആക്കി പൊൻ പൊതിഞ്ഞ പെട്ടിയിൽ വെച്ച സാക്ഷിപ്പെട്ടകം എന്ന പെരും ഇട്ട. 2 ആ പെട്ടിയുടെ പൊന്മൂടിയിൽ കുമ്പിടും പ്രകാരം 2 പൊൻ ഖരുബുകം ഉണ്ട അതിന്നിടയിൽ യഹൊവ ഇരുന്ന സംസാരിച്ചു ജനം ന്യായപ്രമാണത്തെ ലംഘിച്ചു ചെയ്ത പാപങ്ങംക്ക പരിശാന്തി ചെയ്ത കൊണ്ട മൂടിക്ക കൃപാസനം എന്ന പെർ. ഉംമുറിയെ മറെക്കെണ്ടതിന്ന ആദ്യ വിരിക്കൊത്ത അതിസുന്ദരമായ തിരശ്ശീല 4 തൂണുകളിൽ തൂക്കി.

II. പുറ മുറിക്ക ശുദ്ധസ്ഥലം എന്ന പെർ നീളം 20 മുളം അതിൽ സ്ഥാപിച്ച സാമാനങ്ങം മൂന്ന. 1. പൊൻ പൊതിഞ്ഞ ഒരു മെശ, അതിന്മെൽ വെച്ച 12 അപ്പങ്ങളെ ആചാര്യന്മാർ സ്വസ്ഥ ദിവസം തൊറും ഭക്ഷിക്കെണം. ദൈവസമ്മുഖം കൊണ്ട നിത്യ തൃപ്തി വരുന്ന ജീവനത്തിന്ന അത തന്നെ അടയാളം. 2. പൊൻ കൊണ്ടുള്ള നിലവിളക്ക മരത്തിന്റെ ഭാഷയിൽ തീർത്ത പുഷ്പഫലസദൃപ പണികളെ കൊണ്ടലങ്കരിച്ചു. അതിൽ 7 കൊമ്പുകളിൽ നിത്യം കത്തുന്ന 7 വിളക്കുകം ദൈവത്തിന്റെ 7 ആത്മാക്കം ജനിപ്പിക്കുന്ന പ്രകാശത്തെയും അത മൂലമായി ദൈവ വചനം പുഷ്പിച്ചു ഫലിക്കുന്നതിനെയും അറിയിക്കുന്ന. 3 പൊൻ പൊതിഞ്ഞ ചതുരശ്രമായ ധൂപപീഠം. ദൈവശ്വാസം നിറഞ്ഞു നാലു നാമം സ്തുതിച്ചും പ്രാത്ഥിച്ചും സുഗന്ധമായി വ്യാപിക്കെണം എന്ന വെച്ചു കണ്ടിവെണ്ണ മുതലായ 4 സൌരഭ്യമുള്ള പശകം കൊണ്ട അതിൽ ധൂപം കാട്ടെണം. ഈ ശുദ്ധസ്ഥലത്തിന്റെ കിഴക്കെ പുറത്ത 5 തൂണുകളിന്മെൽ തൂക്കിയ തിരശ്ശീല അത്രെ വാതിൽ ആകുന്ന.

III. ഭ്രലൊകത്തിന്നടയാളമാകുന്ന പ്രാകാരം 100 മുളന്നീളവും 50 മുളം വിസ്താരവും ആക്കി. വെള്ളിക്കുട്ടമയും ചെമ്പുകാലും ഉള്ള (7×8) 56 മരത്തൂണുകളെ 5 മുളം ഉയരം ആക്കി ഐയഞ്ചു മുളം ദൂരത്ത സ്ഥാപിച്ചു വെള്ളി വടികളെ കൊണ്ട തമ്മിൽ ചെർത്തുറപ്പിച്ചു അതിൽ 4 പുറത്തും വെള്ള വസ്ത്രങ്ങം തൂക്കി കിഴക്കെ നെററിക്ക നടുവിലെ 4 തൂണിന്മെൽ 20 മുളം വരെ വെള്ളമറയല്ല കൂടാരത്തിന്റെ പുറമെ ഉള്ളതുപൊലെ 4 ശുഭനിറമുള്ള തിരശ്ശീലയെ തൂക്കി അത തന്നെ വാതിൽ. പ്രകാരം വാസസ്ഥലത്തിന്ന താണം ഭ്രമിക്കൊത്തവണ്ണം സ്വർഗ്ഗത്തിന്ന മുൻ കുറിയും ആയി തൊന്നുവാൻ 5 എന്ന സംഖ്യ പ്രധാനം, കൂടാരത്തിലെ ദിവ്യസ്വർണ്ണം അല്ല അതിന്റെ ഛായയൊടുള്ള ചെമ്പു മാത്രം സാമാനങ്ങംക്ക കൊള്ളാം. അതാകുന്നത. 1 ഹൊമ പീഠം ചെമ്പു പൊതിഞ്ഞ മരങ്ങളെ കൊണ്ട 3 മുളം ഉയരത്തിലും 5 മുളം അകലെ നീളങ്ങളൊടും കൂടി ചതുരശ്രമായി 4 ഭിത്തികളെ ചമച്ചു ഉള്ളിൽ മണ്ണ നിറച്ചു തീർത്ത. പീഠം (വെദി, തറ) എന്നുള്ളത അനുഗ്രഹ വിശെഷം കൊണ്ട ദൈവനാമത്തെ ഒർമ്മപ്പെടുത്തുന്ന സ്ഥലം. 4 കൊണിലും 4 മൃഗക്കൊമ്പുകളുടെ സദൃപവും ഉണ്ട അവ ദിവ്യ വിഭ്രതിക്കും ജയയശസ്സിന്നും അടയാളം പാപിക്ക അഭയസ്ഥാനവുമാം. 2. വെള്ളം നിറച്ചൊരു ചെമ്പു തൊട്ടി പീഠത്തിന്നും ശുദ്ധസ്ഥലത്തിന്നും നടുവിൽ വെച്ചു. ആചാര്യന്മാർ അതിൽ പ്രവെശിപ്പാൻ കാലുകളെയും ദൈവത്തെ സെവിപ്പാൻ കൈകളെയും കഴുകെണം. പരിശുദ്ധനൊട വ്യാപരിക്കുന്നതിന്ന മുമ്പെ തങ്ങളെ തന്നെ നൊക്കി ആത്മമലിനതയെ വിചാരിപ്പാൻ ഉപദെശമായി ഉരിക്കുകണ്ണാടികം തൊട്ടിയിൽ ചെർത്ത തീർത്തിരിക്കുന്ന.

ഇങ്ങിനെ മൊശെ രണ്ടാം വർഷം 1 മാസം 1 തിയ്യതി ദൈവകല്പന പ്രകാരം പണി തീർത്ത അഭിഷെക തൈലം കൊണ്ട സകലത്തിന്നും ശുദ്ധി വരുത്തി. അപ്പൊഴ മെഘം കൂടാരത്തെ മറെച്ച യഹൊവയുടെ തെജസ്സ വാസസ്ഥലത്തെ നിറച്ച പാത്തു. അന്ന തുടങ്ങി പ്രയാണ കാലത്തിൽ ഒക്കയും പകൽ മെഘവും രാത്രിയിൽ അഗ്നിയും കൂടാരത്തിന്മെൽ ആവസിച്ച കണ്ട. മെഘം ഉയരുന്ന ദിവസം വരെയും അവർ അവിടെ തന്നെ പാർത്ത വരികയും, ഉയരുമ്പൊഴം പുറപ്പെടുകയും ചെയ്ത. മൊശെ ദൈവത്തൊട പറവാൻ പ്രവെശിക്കുമ്പൊഴം ഒക്കയും കൃപാസനത്തിന്മെൽ ഇരിക്കുന്ന 2 ഖരുബുകളുടെ നടുവിൽനിന്ന സംസാരിക്കുന്ന ശബ്ദത്തെ കെഴ്ക്കും.

11 ആചാര്യർ എന്ന പുണ്യ പുരുഷന്മാർ

ഇസ്രയെലർ എല്ലാവരും ദൈവത്തിന്നടുത്ത പരിശുദ്ധ സമ്പത്ത എന്നവരികിലും യഹൊവ അവരിൽനിന്ന മുങ്കുട്ടികളെ തെരിഞ്ഞെടുത്ത അവർക്കപകരം ലെവിഗൊത്രക്കാരെ തന്നെ ശുശ്രൂഷിപ്പാൻ നിയൊഗിച്ച. അവരിൽ മൂന്ന സ്ഥാനം കല്പിച്ച. ലെവ്യർ തന്നെ സെവകർ പ്രയാണ കാലത്തിൽ കൂടാരത്തിന്റെ ചുമട്ടുകാർ. അവരിൽ കരെറിയവർ അഹരൊന്റെ സന്തതിയായ ആചാര്യർ. അവരിലും കരെറിയവൻ അഹരൊൻ എന്ന മഹാചാര്യൻ. ഇവർ എല്ലാവരും ബ്രാഹ്മണരെ പൊലെ ഭൂദെവന്മാരും വെദം മറച്ച വെക്കുന്നവരും അല്ല മൊശെ എല്പിച്ച ന്യായപ്രമാണത്തെ കാത്തും കെഴ്പ്പിച്ചും ആചരിച്ചാചരിപ്പിച്ചും സെവിക്കെണ്ടുന്നവർ. ആചാര്യസ്ഥാനം ആകുന്നത യഹൊവ തനിക്ക താൻ എടുത്തതും ദൈവത്തെ അടുക്കുന്നതും മനുഷ്യരെയും ബലികളെയും അടുപ്പിക്കുന്നതും പരിശുദ്ധമുള്ളതും ആം. ഇസ്രയെലക്ക വാഗ്ദത്തം ചെയ്ത രാജ്യത്തിൽ അവക്ക വസിപ്പാൻ 18 ഊരുകഴ അല്ലാതെ ദെശം കല്പിക്കാഞ്ഞകൊണ്ട യഹൊവ മാത്രം അവർക്ക അവകാശമായി. ഭിക്ഷെക്കും പൊകരുത. രാജ്യത്തിന്ന ഒക്കയും ജന്മിയായ യഹൊവ സകല നിലം പറമ്പുകളിലും മൃഗക്കൂട്ടങ്ങളിലും ദശാംശം വാങ്ങി ലെവ്യർക്ക കൊടുത്ത അവരും അതിൽ പതാരം എടുത്ത ആചാര്യന്മാർക്ക കൊടുക്കും. അത കൂടാതെ ആദ്യ ഫലവും മീത്തും ബലിമൃഗങ്ങളിലെ ഊപ്പുകളും ആചാര്യർക്കുള്ളത. ദെവ ശുശ്രൂഷെക്കടുക്കുന്നവർ 25 മുതൽ 50 ഒളം വയസ്സുള്ളവർ. കൂടുടൻ മുടവൻ കുനൻ മൂക്കുപതിയൻ മുതലായവർ പുണ്യകർമ്മത്തിന്നരുതാത്തവർ അനുഭവം ഉണ്ട താനും.

ആചാര്യസ്ഥാനത്തിന്ന മനശ്ശുദ്ധിയല്ല ദൈവം ധരിപ്പിച്ച വസ്ത്രം തന്നെ അടയാളം. ദെവ വെഷം വെളിച്ചം. ആചാര്യരുടെ വസ്ത്രം 4 വിധം. 1. വെള്ള ശണനൂൽ കൊണ്ട മെടഞ്ഞു മൂട്ടാതെ ഉണ്ടാക്കി പ്രകാശ മയമായ മുഴുകുപ്പായം. 2 ജീവാനന്ദ ചിഹ്നമായ പൂമലർ വടിവിൽ തീത്ത ശണനൂൽ തൊപ്പി. 3. ജനന മരണ സംസാരത്തിൽ നാണിച്ച മൂടിയവരായിരിക്കെണ്ടതിന്ന കൌവീനം. 4. നാല ശുഭനിറമുള്ള നിടം മാർകച്ച കുപ്പായത്തിന്മെൽ കെട്ടിയാൽ പണിക്കടയാളം. ശുദ്ധസ്ഥലത്തിൽ പരുമാരുന്നവർക്ക ചെരിപ്പും അരുത.

മഹാചാര്യന്റെ വസ്ത്രം 5. അതിൽ 4 എണ്ണം മുമ്പെ പൊലെ തൊപ്പി മാത്രം നീളം കൊണ്ട വിശെഷം. മറെറ നാലിന്നും സ്വർണ്ണവെഷം എന്ന പൊർ. അവററിൽ 1. മെലങ്കി നീല വർണ്ണത്തിൽ മെടഞ്ഞുണ്ടാക്കിയത അതിന്റെ വിളുമ്പിൽ പൊന്മണികളും 4 ശുഭനിറനൂൽ കൊണ്ട ഉറുമാമ്പഴം പൊലെ തീത്ത ഞെത്തങ്ങളും ദെവവചനങ്ങളെ ഘൊഷിച്ചറിയിക്കുന്നതിന്നടയാളം. 2. എഫൊദ എന്ന സ്കന്ധവസ്ത്രം രാജചിഹ്നം. 4 ശുഭനിറമുള്ള നൂലുകളും പൊന്നൂലുകളും ചെത്തു നെയ്തുണ്ടാക്കിയ 2 ചെലകഴ മാറത്തും പുറത്തും കെട്ടി

ചുമലിൽ 2 ഗൊമെധക കല്ലുകം കൊണ്ടുറപ്പിച്ചു. അതിൽ ഗൊത്രങ്ങം ആറീ പെരുകം കൊത്തി എഴുതി ഇരിക്കകൊണ്ടും ഈ 2 ചുമലിലും സ്വജനത്തെ ഭരിക്കുന്നു എന്ന ഭാവം ജനിച്ചു. 3. ന്യായകർത്താവിന്നുള്ള ചിത്ര സഞ്ചി. മുമ്പെത്തപ്രകാരം നെയ്യുണ്ടാക്കി ചതുരശ്രമായി മടക്കി നെഞ്ചത്തു കെട്ടി പൊൻ കുടുക്കുകളെ കൊണ്ടുറപ്പിച്ചു. അതിൻ പുറത്തു പൊന്തകിട്ടിൽ പതിച്ചു 12 രത്നങ്ങം ഹൃദയത്തിൽ കരുതെണ്ടുന്ന 12 ഗൊത്രങ്ങളുടെ മുദ്രയായി വെച്ചു. സഞ്ചിയുടെ ഉള്ളിൽ ഉരിം തുമ്മിം എന്ന 2 സാധനങ്ങളെ ഇട്ടതു ജനത്തിന്നു വെണ്ടി ദൈവത്തൊട ചൊദിക്കുമ്പൊം ദെവ പ്രകാശനവും പൂർണ്ണമായ തീർപ്പുംവരും എന്നുള്ളതിന്ന അച്ചാരം. 4. തല പാവിന്മെൽ നെറ്റിത്തടത്തിൽ കെട്ടിയ പൊൻ പട്ടം അതിന്മെലെഴുത്തു യഹൊവെക്ക പരിശുദ്ധം എന്നർത്ഥമുള്ള കൊദശലയഹൊവാ. ഇതത്രെ ഇസ്രയെലരുടെ നാമക്കുറി.

അവരുടെ സംസ്കാരംപറയുന്നു. ലെവ്യർ തലയല്ലാതെ സർവ്വാംഗക്ഷൌരം ചെയ്യിച്ചു കുളിച്ചു ശുദ്ധവസ്ത്രം ഉടുക്കെ ആവു. ആചാര്യർ സ്നാനം ചെയ്തു 4 വസ്ത്രം ഉടുത്തിട്ട കണ്ടിവെണ്ണ കറുപ്പ വയമ്പു കാട്ടലവംഗം ഇവ നാലും ചെത്തുകാച്ചി ഉണ്ടാക്കിയ ഒലിവെണ്ണ നെറ്റിമെൽ പൂശുക. മഹാചാര്യന്റെ ശിരസ്സിൽ മെല്പടി തൈലം കൊണ്ട അഭിഷെകം. ഇങ്ങിനെ 3 വിധം. അഭിഷെകം ദൈവത്തിന്റെ ശുദ്ധാത്മാവു പകരുന്നതിന്നു ദൃഷ്ടാന്തം. ആചാര്യർ സ്വകുഡും ബക്കാരെ അല്ലാതെ മരിച്ചവരെ തൊടരുത മഹാചാര്യൻ ദൈവാഭിഷിക്തനാക കൊണ്ടു ശുദ്ധസ്ഥലത്തിൽ വിടാതെ പാക്ക മാതാപിതാക്കന്മാർ മരിച്ചാലും അവന്നു പുല ഇല്ല.

ഇവർ നടത്തുന്ന കർമ്മം ബലി പുണ്യാഹങ്ങളും അനുഗ്രഹങ്ങളും. ബലി എന്നതിന്നു അടുത്തവർ അടുപ്പിക്കുന്നത എന്നർത്ഥമുള്ള കൊർബാൻ എന്ന പെർ. അതിന്നു കല്പിച്ച പദാർത്ഥങ്ങം ആടുമാടുകളും, പ്രാവുകളും, കതിർമാവ അപ്പങ്ങളും, എണ്ണയും വീഞ്ഞും, എന്നിങ്ങിനെ ഇസ്രയെലിന്റെ പ്രധാന ദ്രവ്യം. ദെഹികളുടെ ജീവൻ രക്തത്തിൽ ആകകൊണ്ടു രക്തം ബലിക്കു പ്രധാനം അതാരും അനുഭവിക്കരുത. രക്തം ജീവസ്വരൂപമാകയാൽ പാപാത്മാവിനെ മൂടി മറെപ്പാൻ ദൈവം കല്പിച്ചതു, രക്തം കൂടാതെ പാപമൊചനവും ഇല്ല. അതല്ലാതെ കെടു വർജ്ജിച്ച ചാകായ്മക്കും കാരിന്നും മുദ്രയാകുന്ന ഉപ്പും പരിശുദ്ധനാമത്തെ ഒമ്മ ആക്കുന്ന കുന്തുരുക്കവും എല്ലാ ബലികൊക്കും വെണം. ബലി കഴിക്കുന്ന ഇസ്രയെലൻ ശുദ്ധമൃഗത്തെ പീഠത്തൊടടുപ്പിച്ചു അതിന്മെൽ കൈ വെച്ചു എനിക്ക സ്വന്തം മരിപ്പാൻ കൊടുത്തെക്കുന്നു എന്നു വെച്ചു മറക്കെണ്ടുന്ന പാപം എറ്റു പറഞ്ഞു താൻ തന്നെ കൊല്ലും അപ്പൊം ആചാര്യൻ രക്തം എല്ലാം പാത്രത്തിൽ ആക്കി 2 പീഠങ്ങളുടെ നാലു പുറത്തെങ്കിലും 4 കൊമ്പുകളിൽ എങ്കിലും അതി പരിശുദ്ധ കൂപാസനത്തിൽ എങ്കിലും തളിച്ചു ഇങ്ങിനെ പാപികളെ പരിശുദ്ധനൊട ഇണക്കം വരുത്തും. ശെഷം അംശം എങ്കിലും മുഴുവൻ എങ്കിലും മാംസം പീഠത്തിന്മെൽ വെച്ചു അവിടെ നിത്യം ജ്വലിക്കുന്ന തീയിൽ ഇട്ടു ദഹിപ്പിച്ചു ദൈവത്തൊളം കരെറുക. പ്രധാന ബലികം 4 വിധം. 1, മുഴുവനും കത്തികരെറുന്ന ഹൊമബലി 2, സ്തുതിക്കായ്ക്കൊണ്ടും മനഃപ്രസാദം കൊണ്ടും നെന്നും കൊടുത്തു സദ്യയൊടും കൂട കഴിക്കുന്ന സമാധാനബലി 3, കരുതാതെ കല്പന ലംഘിച്ചതിന്നു പാപബലി. 4, താൻ അറിയിക്കുന്ന സ്വന്ത കുറങ്ങംക്ക കുറബലി. മറും പല രീതികളും ഉണ്ട.

പാപം ഉള്ളവർക്ക ബലിയും പാപഫലമായ മരണം അനുഭവിക്കുന്നവക്ക പുണ്യാഹവും അത്യാവശ്യം. ബലിയിൽ രക്തം എതുപ്രകാരം അപ്രകാരം പുണ്യാഹത്തിന്നുള്ള വെള്ളം പ്രധാനം. സംയൊഗം രജസ്സു രക്തസ്രാവം ശുക്ലപതനം മുതലായ ജനന സംബന്ധ കർമ്മത്തിന്നും പാപദർപ്പനമായ കുഷ്ഠരൊഗ

ത്തിന്നും ശവത്തിന്നും പലവിധമായ പുല ഉണ്ടു. ആ വക തീരെണ്ടതിന്ന ബ ലിയൊട കൂട സ്നാനം ചെയ്താൽ ജീവനുള്ള ദൈവസഭയിലും മടങ്ങി ചെരുവാന ുള്ള യൊഗ്യത വരും.

അനുഗ്രഹപ്രകാരം അഹരൊൻ മുതലായവരൊടും കല്പിച്ചിതു.

യഹൊവ നിന്നെ അനുഗ്രഹിച്ചു കാക്കെണമെ.
യഹൊവ മുഖത്തെ നിണക്ക പ്രകാശിപ്പിച്ചു നിങ്കൽ കനിഞ്ഞിരിക്കെണമെ.
യഹൊവ മുഖത്തെ നിന്മെൽ ഉയൎത്തി നിണക്ക സമാധാനം വരുത്തെണമെ.

എന്നിങ്ങിനെ ദൈവനാമത്തെ ഇസ്രയെലരുടെ മെൽ വെച്ചാൽ ഞാൻ അ വരെ അനുഗ്രഹിക്കും എന്ന ദൈവവാക്യം.

ഇപ്രകാരം മൊശെ അഹരൊനെയും പുത്രന്മാരെയും സംസ്കരിച്ചു അവർ ക്കായി ബലി കഴിച്ചു ചൊര എടുത്തു അവരുടെ വലത്തെ ചെവിക്കുന്നിയിലും വലത്തെ കാൽകൈകളുടെ പെരുവിരലുകളിലും പിരട്ടി ചൊരയും അഭിഷെക തൈലവും വസ്ത്രങ്ങളിലും തളിച്ചു 7 ദിവസം കൂടാരത്തിൽ പാർപ്പിച്ചു എട്ടാം ദി വസം അവരെ കൊണ്ടു ബലി കഴിപ്പിച്ചപ്പൊൾ ജനത്തെ അനുഗ്രഹിച്ചതിന്റെ ശെഷം യഹൊവയുടെ തെജസ്സു പ്രത്യക്ഷമായി അഗ്നി ഇറങ്ങി ഹൊമദ്രവ്യങ്ങ ളെ ദഹിപ്പിച്ചു ജനങ്ങൾ കണ്ടാൎത്തു കമ്പിടുകയും ചെയ്തു. അനന്തരം അഹരൊന്റെ 2 മക്കൾ യഹൊവ കല്പിക്കാത്ത അഗ്നിയെ ധൂപകലശത്തിൽ ഇട്ടു ധൂപം കാട്ടു വാൻ തുനിഞ്ഞപ്പൊൾ യഹൊവാസന്നിധിയിൽനിന്നു പുറപ്പെട്ട അഗ്നിയാൽ മ രിച്ചു. എന്നാറെ എന്നെ അടുക്കുന്നവരിൽ എന്റെ വിശുദ്ധിയെയും സകല ജന ത്തിന്മുമ്പാകെ എന്റെ വൈഭവത്തെയും ഞാൻ കാട്ടും എന്നു യഹൊവാവചനം ഇത തന്നെ എന്നു മൊശെ പറഞ്ഞപ്പൊൾ അഹരൊൻ മിണ്ടാതെ ഇരുന്നു ശെഷം 2 മക്കളൊടും കൂട ദുഃഖം കാട്ടാതെ കൂടാരത്തിൽ തന്നെ പാൎത്തു. അപ്പൊൾ യഹൊ വ അവനൊട നിങ്ങൾ ശുദ്ധാശുദ്ധങ്ങൾക്കും ധൎമ്മാധൎമ്മങ്ങൾക്കും ഉള്ള ഭെദം തിരിച്ചറിഞ്ഞു ഇസ്രയെലർക്ക ഉപദെശിപ്പാന്തക്കവണ്ണം എന്നെ സെവിപ്പാൻ പ്രവെശിക്കുമ്പൊൾ മദ്യപാനം ഒട്ടും അരുത എന്നു കല്പിച്ചു. ഇതല്ലാതെ അഹ രൊനും കൂട അന്തസ്ഥാപം കൊണ്ടു ബലി ക്രമത്തിൽനിന്നു തെറ്റി. ഇപ്രകാരം പു ണ്യകൎമ്മങ്ങൾ തുടങ്ങുന്ന ദിവസം തന്നെ ഈ കല്പിച്ച കൎമ്മവും കല്പിച്ച പുരുഷന്മാരും മതി അല്ല എന്നും പൂൎണ്ണത വരുത്തുന്ന അഭിഷിക്തനു ഒരു മുന്നറി മാത്രം എന്നു പ്രത്യക്ഷമായി വന്നു.

12. പാളയ ക്രമവും കാല ക്രമവും

രണ്ടാം വർഷം 2 മാസം 1 തിയ്യതി യഹൊവ ഇസ്രയെലരിൽ 20 വയ സ്സിന്നു മെൽപെട്ടുള്ള പുരുഷന്മാർ എല്ലാവരെയും എണ്ണുണം എന്നു കല്പിച്ച പ്പൊൾ.

രൂബൻ 46500
ശിമ്യൊൻ 59300
ഗാദ 45650
യഹൂദ 74600
ഇസഷ്കാർ 54400
ജബുലൂൻ 57400

എഫ്രയീം 40500
മനശ്ശെ 32200
ബിന്യമീൻ 35400
ദാൻ 62700
ആശർ 41500
നഫ്തലി 53400

ഇങ്ങിനെ 22000 ലെവ്യരെ കൂടാതെ 603550 പെർ എന്നു കണ്ടു ഇവർ സാക്ഷികൂടാരത്തിന്റെ 4 പുറവും 4 സംഘമായി 4 കൊടിക്കൂറകളൊട്ടും കൂട പാർക്കെണം എന്നും ഇന്നിന്ന ക്രമത്തിൽ പുറപ്പെടെണം എന്നും നിയമിച്ചു.



പിന്നെയും സഭ കൂട്ടത്തെയും യാത്രയെയും മറും കൂറിക്കെണ്ടതിന്ന ആചാര്യന്മാക്ക 2 വെള്ളിക്കാഹളങ്ങളെ ഉണ്ടാക്കിച്ചു ഒന്നുതുമ്പൊഴം പ്രഭു സഭ കൂടെണം 2 ഊതുമ്പൊഴം പുരുഷാരം എല്ലാം കൂടാരവാതുക്കൽ കൂടെണം ഗംഭരമായി ഊതിയാൽ കിഴക്കെ സംഘം യാത്ര പുറപ്പെടെണം പിന്നെയും ഗംഭീരമായൂതിയാൽ തെക്കുള്ളവർ പുറപ്പെടെണം യുദ്ധത്തിന്ന പൊകുമ്പൊഴം ഗംഭീരമായൂതിയാൽ യഹൊവ നിങ്ങളെ ഒത്തു ശത്രുക്കളിൽനിന്ന രക്ഷിക്കും അപ്രകാരം സന്തൊഷ ദിവസങ്ങിലും പെരുനാളിലും വാപിലും ബലികളുടെ മെലും നിങ്ങൾ കാഹളം ഊതെണം അതു ദൈവത്തിനുമ്പാകെ ഒൎമ്മെക്കായി വരും എന്നിങ്ങിനെ കല്പന ഉണ്ടായി.

ആ രണ്ടാം മാസം 20 തിയ്യതി മെഘം ഉയൎന്നതു കണ്ടാറെ യഹൂദ മുതലായ 4 പാളയവും കല്പിച്ചപ്രകാരം സീനായിൽനിന്ന പുറപ്പെട്ടു വടക്കൊട്ടു പൊയി. അപ്പൊഴം മൊശെ മരുഭൂമി പരിചയമുള്ള മിദ്യാൻകാരനായ അളിയനൊട ഞങ്ങളെ വിട്ടു പൊകൊല്ല കൂട പൊന്ന ഞങ്ങൾക്ക കണ്ണായിരിക്കെണം ഞങ്ങൾക്ക യഹൊവ ചെയ്യുന്നപ്രകാരം തന്നെ ഞങ്ങളും നിണക്ക നന്മ ചെയ്യും എന്നു പറഞ്ഞ സമ്മതം വരുത്തി. എന്നിട്ടും മനുഷ്യനല്ല മെഘത്തിലെ യഹൊവ തന്നെ ഇരുത്തുവാനും നടത്തുവാനും മതിയായനായകനായി വന്ന സാക്ഷിപ്പെട്ടകം പുറപ്പെട്ടുമ്പൊഴം മൊശെ വിളിച്ചു യഹൊവയെ എഴുനീല്ക്ക നിന്റെ ശത്രുക്കൾ ചിതറി പൊയി നിന്നെ പകെക്കുന്നവരും തിരുമുമ്പിൽനിന്ന മണ്ടി പൊ

കട്ടെ. പെട്ടകം താഴ്ത്തി പാക്കുമ്പൊഴം യഹൊവയെ ഇസ്രയെൽ ലക്ഷങ്ങളുടെ നടുവിൽ മടങ്ങി വരെണമെ എന്നപെക്ഷിക്കും.

പുണ്യകാലങ്ങളുടെ വിവരം. കാലം മാറുന്നതു യഹൊവ മാറാത്തവൻ. പ്രപഞ്ചത്തിലുള്ളവക്ക് പ്രവൃത്തി എതുപ്രകാരം അപ്രകാരം ദൈവത്തിലുള്ളവക്ക നിവൃത്തി ആവശ്യം. പ്രവൃത്തിയെയും നിവൃത്തിയെയും വഴിപ്പെടുത്തുന്ന പുണ്യ കാലങ്ങഠ 3 വിധം. ദിവ്യകരാരിനെ ഒപ്പിക്കുന്ന 7 എന്ന സംഖ്യ എല്ലാ കാല ങ്ങളിലും ഉണ്ട.

I ശബത്ത എന്ന നിവൃത്തി കാലങ്ങഠ. 1. ശബത്ത ദിവസം. വെ ള്ളിയാഴ്ച മൂവന്തി തുടങ്ങി ശനി സന്ധ്യയൊളം മനുഷ്യ മൃഗങ്ങഠക്കും സ്വസ്ഥത കല്പിച്ചു. പ്രവൃത്തിക്കുന്നവന്നു മരണ ശിക്ഷ. ലൊകത്തെയും ഇസ്രയെലെ യും സൃഷ്ടിച്ചു മിസ്രാദാസ്യത്തെ തീർത്തു ആശ്വാസം വരുത്തിയ ദൈവത്തെ ഒ ക്കെണം. 2. ശബത്ത മാസം. 7 മാസം കുത്ത വാവിൽ കാഹളം ഊതി കൃഷി പ്പണികഠ തീരുക കൊണ്ടും മഹാ പാപപരിഹാരം അണയുക കൊണ്ടും നി വൃത്തി കല്പികുന്ന ദൈവശബ്ദത്തെ കരുതെണം. 3. ശബത്ത വർഷം. എ ഴാം കൊല്ലം നിലത്തിന്നു എങ്ങും സ്വസ്ഥത. കൃഷിയും വിതയും കൊയിത്തും ഇല്ല. തന്നെ വിളഞ്ഞതിനെ സാധുക്കഠക്കും പരദെശികഠക്കും എടുക്കാം കട ത്തിന്നു മുട്ടിക്കരുത. ആ വർഷത്തിലെ കൂടാരനാളിൽ വെദപ്രമാണം മുഴുവനും ഘൊഷിച്ചു പരസ്യമാക്കെണം. 4. യൊബെൽ എന്ന അമ്പതാം വർഷം. അ തിൽ ദൈവ വിളിയായി മഹാ കാഹള നാദത്തൊടെ രാജ്യത്തിൽ എല്ലാടവും വിടുതല ഒഴിച്ചൽ സ്വാതന്ത്രം എന്നു ഘൊഷിച്ചറിയിക്കും. അക്കാലം കൃഷി പ്പണിയും ഇല്ല. അനുഭവം വിറ്റ ജന്മങ്ങളും ദാസരായി വിറ്റുപൊയ സാധുക്കളും ഒഴിഞ്ഞു യഥാസ്ഥാനം തിരിയെണം. അതിനാൽ യഹൊവ ജന്മി എന്നും ഇ സ്രയെലർ അവന്നു മാത്രം അടിയാരും കുടയാരും എന്നും പ്രകാശമായ് വരും ദൈവ രാജ്യത്തിങ്കൽ സങ്കട നിവൃത്തിയും സകലത്തിന്നു പുതുക്കവും സംഭവിക്ക യും ചെയ്യും.

II ഉത്സവങ്ങഠ മൂന്നിലും യഹൊവ ഇസ്രയെൽ പുരുഷന്മാരെ ഒക്കയും കുറിച്ചു വരുത്തുന്നു. 1. പെസഹ ദൈവം ഉദ്ധരിച്ചതിന്നും ഇസ്രയെലെ സൃഷ്ടി ച്ചതിന്നും സ്മരണദിവസം. പഴയതു നീക്കി പുളിപ്പില്ലാത്ത പുതുമാവിനെ മാ ത്രം തിന്നെണം. അന്നു എല്ലാ സഭക്കാരും ആചാര്യസ്ഥാനത്തിൽ ആയി ആ ട്ടിങ്കുട്ടിയെ കൊണ്ടു ബലികഴിച്ചു രക്തം തളിച്ചു മാംസം ഭക്ഷിക്കയും ചെയ്യും. അപ്പൊഴം വസന്തകാലം, പുതുധാന്യം കൊണ്ടു വഴിപാടു. 2. വാരനാഴ. പെ സഹാ തുടങ്ങി എഴെഴു ദിവസത്തിന്റെ ശെഷം പെന്തകൊസ്ത എന്ന അമ്പ താം ദിവസം. കൊയിത്തു തീന്നിട്ടു മൂരുന്നവർ വഴിപാട കഴിക്കുന്നതല്ലാതെ പുളിപ്പുള്ള 2 അപ്പങ്ങളെ അർപ്പിക്കെണം. യഹൊവ ഇസ്രയെലെ ജനിപ്പിച്ച നാഴ മുതല്ലു നിത്യ വൃത്തി കഴിപ്പിച്ചു പൊറുന്നതും ഒർക്കെണം. ആ ദിവസ ത്തിൽ തന്നെ ന്യായപ്രമാണം യഹൊവ അറിയിച്ചു എന്നും തൊന്നുന്നു. 3. കൂടാ രനാഴ. 7 മാസത്തിലെ പൂർണ്ണിമ തുടങ്ങി ഒലമടൽ ഒലിവ കൊമ്പു മുതലായവ റെറ കൊണ്ടു കുടിഞ്ഞിലും കുടിലും ഉണ്ടാക്കി കൂടാരം എന്നു ഭാവിച്ചു 7 ദിവസം സഞ്ചാരികളെ പൊലെ പാർക്കെണം. മരുഭ്രമിയിലെ സഞ്ചരിച്ച വഴിയിൽ യഹൊവ ശിക്ഷാ രക്ഷകളെ ചെയ്തു നിത്യാവകാശമായ ഭ്രമിയിൽ കുടി ഇരു ത്തിയതിനെ അന്നു ഒർത്തു സന്തൊഷിച്ചു 7 ദിവസത്തിന്നകം 70 കാളകളെ ഹൊ മിക്കെണം. പറമ്പുകളിലുള്ള അനുഭവങ്ങളുടെ എടുപ്പും തിരുകു കൊണ്ടും ബഹു സന്തൊഷം. എട്ടാം നാഴ സമർപ്പണദിവസം അന്നു വെദപ്രമാണ വായിച്ചു തീർക്ക.

III. മഹാ പാപ പരിഹാര ദിനം. 7 മാസം 10 തിയ്യതി ഇസ്രയെലർ എല്ലാവരും നൊമ്പ എടുത്തു അനുതാപത്തൊടും സന്യാസത്തൊടും കൂടി പാപ ങ്ങളെ ഒർക്കെണ്ടു. മഹാചാര്യൻ അന്നു എല്ലാവർക്കും വെണ്ടി പാപശാന്തി വരു

ത്തുവാൻ സ്വർണ്ണവസ്ത്രങ്ങളെ നീക്കി 4 വെള്ള വസ്ത്രങ്ങളെ ധരിച്ചു ആചാര്യന്മാർ പുണ്യസ്ഥലം ജനം ഈ മൂന്നിന്നും വെണ്ടി പ്രതിശാന്തി ചെയ്യും. അന്ന മാത്രം അതിപരിശുദ്ധ സ്ഥലത്തിൽ പ്രവെശിക്കും ആദ്യം തിരശ്ശീലക്കകത്ത ധൂപം കാട്ടി സാക്ഷിപ്പെട്ടകത്തെ പുകകൊണ്ടു മറെക്കും പിന്നെ കാളരക്തത്തൊടും വന്ന തനിക്കും അഹറൊന്യർക്കും പ്രായശ്ചിത്തമായി 7 വട്ടം കൃപാസനത്തിങ്കൽ തളിക്കും. പിന്നെയും 2 കൊലാടുകളിൽ നറുക്കിട്ട യഹൊവെക്ക വന്നതിനെ അപ്രകാരം ജനത്തിന്ന വെണ്ടി ബലികഴിക്കും. അസസെല്ല എന്ന നറുക്ക വന്ന തിന്മെൽ കൈവെച്ചു ജനത്തിന്റെ സകല പാപങ്ങളെയും എറ്റു പറഞ്ഞു തല മെൽ ആക്കി മരുഭൂമിയിലെക്ക വിട്ടയക്കും ഇങ്ങിനെ ദെവരാജ്യത്തിൽ പാപങ്ങ ളെ ഇല്ലാതെ ആക്കും. ഇതിനെക്കാൾ ഇസ്രയെലർക്ക ശ്രെഷ്ഠദിവസം ഇല്ല. ഒരു ദിവസത്തിൽ എല്ലാവർക്കും വെണ്ടി സ്വശരീരം കൊണ്ടു പൂർണ്ണബലിയെ കഴി ച്ചിട്ടുള്ള ദെവാഭിഷിക്തനു ഇതു മുങ്കുറിയായി വന്നു.

സീനായപർവ്വതെഗമ്യെവിദ്യുദ്ധൂമാശനിവൃതെ
മൊസയെതായഥെശൊക്തൊസ്ഥാജ്ഞാഃ ശൃണുസാമ്പ്രതം.
വിഭുസ്വദീശൊസ്മ്യഹംഏവമിശ്രാത്മാം നീതവാൻ
ബന്ധനവെശ്മതൊത്രുഅതൊമദാജ്ഞാപ്രഥമെയം
ഈശംകഞ്ചിന്നവിദ്യാഃഖലുമാംവിനെതി. 1

മൃത്തിംതുകസ്യാപിദിവിക്ഷിതൌവാ പൃഥിവ്യധസ്ഥാംഭസിവാസത
സ്തുവം സ്വാത്മനകുര്യാഃപ്രതിമാത്മകാംതൽപ്രണാമകൃത്യൈനചസെവനായ.
വിഭുസ്വദീശൊസ്മ്യപരാസഹിഷ്ണുഃ പ്രചണ്ഡചിത്തെശ്വരഎവയസ്മാൽ മാംദ്വഹ്യ
താംചാപ്യഘദണ്ഡദായീതൽപൌത്രപൌത്രാവധിവംശജെഭ്യഃ മാംസ്നിഹ്യതാം
തെവന്യണാംമദാജ്ഞാഃസുപാലിനാംചാപിസതാംകൃതെഹം ദയാലുതാംഭ്രരിസ
ഹസ്രവ്യന്തെ പ്രദർശയംസ്തൽപ്രിയഹ്രൽസദെതി. 2

വിഭൊസ്വദീശസ്യമുഷ്ടൈവവക്രെതസന്നാമഭീമംന നയെഃകദാചിൽ
യതൊവിഭൊർനാമമുഷ്ടാനയെദ്യസ്തംപാപഹീനംനഹിവെത്സ്യതീതി. 3

സപ്താഹശെഷംകിലവിശ്രമാഖ്യം സ്മരൈവപുണ്യീകരണായവാരം
സർവ്വംഹിഷ്ടംപൂർവ്വദിനെഷുകർമ്മശ്രമാൽസമാചര്യനിജംപ്രവൃത്യാ. വിശ്രാമമീശ
സ്യവിഭൊസ്തദാര്യംരക്ഷരകർമ്മാതവചാത്മജൊപി പുത്രീചദാസൊഭൃതകഃപശു
ശ്ചദ്വാരാശ്രിതസ്തെപ്യതിഥിർവിദെശീ. വിഭുർദ്ദിവംഹിക്ഷിതിമർണ്ണവംത
സ്ഥിതംചസർവ്വംഷഡഹെസസർജ്ജ അതഃസ്വവിശ്രാമദിനെന്യധാത്സവരാ
ശിഷംപുണ്യമയീംകിലെതി. 4

ത്വമെവമാതാപിതരൌസ്വകീയൌ സമാദ്രിയെഥാഃ സതതംനതാത്മാ
അതസ്തുദീയെശ്വരദത്തഭൂമൌഭവെദ്വയൊതീവചിരംതവെതി. 5

നരംനഹന്യാഃഖലുകഞ്ചനെതി 6
നവാപ്രകുര്യാവ്യഭിചാരമിത്ഥം 7
ത്വംനാപിചൊരെരിതി 8
നാപിമിത്ഥ്യാ സാക്ഷ്യം നയെഃ സ്വപ്രതിവാസിനീതി. 9

നികെതനംസ്വപ്രതിവാസിനൊന ത്വംനാപിദാരാൻഖലുതസ്യഗൃദ്ധ്യെഃ
നതസ്യദാസീംഭൃതകംചഗാവംഖരംചകിഞ്ചിദ്വസുതസ്യചെതി. 10

മൊശെ എഴുതിയ നാലാം അഞ്ചാം ഖണ്ഡങ്ങളുടെ സാരം

സംഖ്യനാമ്നി ചതുർത്ഥതുസ്ഥന്ധെസൈന്യസ്രയെലി കാ
മരുസ്ഥാവർണ്യതെവാദാദണ്ഡാശ്ചാപ്യപ്രതീതിനാം.
ജയാശ്ചവൈരിണാംരാജ്ഞാം അഹരൊനെമുതെമ രൌ
ലെവിപൌത്രെഥബല്യാമസ്യാശീരീശ്വരചൊദിതാ.

13. മരു ഭ്രമിക്കടപ്പു

ഈ കല്പനകളെയും വാശത്തങ്ങളെയും ഒക്കവെ ഇസ്രയെലർ കെട്ട ദത്തം ചെയ്ത ശെശത്തിന്നായി യഹൊവയുടെ സാന്നിദ്ധ്യത്തൊട കൂടി സഞ്ചരിക്കുന്ന സമയം വിശ്വാസവും ക്ഷമയും ഇല്ലായ്കകൊണ്ട പല ശിക്ഷകളും സംഭവിച്ചു. മത്സരിച്ചു പറയുന്ന ഒരു ദിക്കിൽ ദൈവാഗ്നി ജ്വലിച്ചു പാളയക്കാരെ കത്തിച്ചു തുടങ്ങുമ്പൊൾ മൊശെയുടെ പ്രാർത്ഥനയാൽ അത്രെ അഗ്നി കെട്ട പൊയി. ആ കത്തൽ എന്ന സ്ഥലത്തെ വിട്ട സമ്മിശ്രജനം ദുർമ്മൊഹങ്ങളെ പറഞ്ഞാറെ ഇസ്രയെലരും കരഞ്ഞ മാംസം എങ്ങിനെ കിട്ടും മിസ്രയിൽ വെറുതെ ലഭിച്ചു തിന്ന മത്സ്യങ്ങളെയും വെള്ളരിക്ക വത്തക്ക ഉള്ളി മുതലായവറെയും ഒൎക്കുന്ന ഇപ്പൊൾ ഞങ്ങൾ വരണ്ടിരിക്കുന്ന ഈ മന്ന അല്ലാതെ ഒന്നും കാണ്മാനും ഇല്ല. ഇത്യാദി വാക്കുകൾ നീള പരക്കുന്നതു കെട്ടാറെ മൊശെ വിഷാദിച്ചു യഹൊവെ അടിയനെ ദുഃഖിപ്പിക്കുന്നത എന്തു ഈ ജനങ്ങളുടെ ഭാരം എല്ലാം എന്മെൽ വെക്കുന്നതു നിൻെറ കൃപ തന്നെയൊ ഇവരെ എല്ലാവരെയും പെറ്റതു ഞാനൊ പെറ്റിരുന്ന എങ്കിൽ കുഞ്ഞിയെ പൊലെ കൈയിൽ എടുത്തു വാഗ്ദത്തദെശത്തെക്ക കൊണ്ടുപൊകായിരുന്നു. ഇവൎക്ക മതിയാവൊളം മാംസം എവിടെ നിന്നു കിട്ടും അവരെ ഒക്കത്തെക്ക എടുപ്പാൻ എറ്റവും ഘനം ആകകൊണ്ട കഴിവില്ല എന്നും മറും അപെക്ഷിച്ചപ്പൊൾ. യഹൊവ കല്പിച്ചു നീ മൂപ്പരിൽ 70 ആളെ എടുത്തു കൂടാര വാതുക്കൽ കൊണ്ടുവരെണം എന്നാൽ ഞാൻ നിൻമെലുള്ള ആത്മാവിൽ ഒരംശം എടുത്തു അവർ മെൽ വെച്ചു ചുമടിൻെറ ഭാഗം വഹിപ്പാറാക്കും. ജനങ്ങളൊടൊ നിങ്ങൾ കരഞ്ഞു ആശിച്ച പ്രകാരം ആകും നാള മാംസം തരും നിങ്ങൾ നാട്ടാധിപടച്ചു നടുവിൽ ഇരിക്കുന്ന യഹൊവയെ വെറുക്ക കൊണ്ട ഒന്നും രണ്ടും പത്തും ദിവസം അല്ല ഒരു മാസം മുഴുവനും തന്നെ അറപ്പു വരുവൊളം മാംസം ഭക്ഷിപ്പാറാക്കാം എന്ന പറയെണം. അപ്പൊൾ മൊശെ സംശയം ഉണൎത്തിച്ചാറെ യഹൊവയുടെ കൈ കുറുകി പൊയൊ എൻെറ വചന പ്രകാരം വരുമൊ ഇല്ലയൊ എന്ന ക്ഷണത്തിൽ കാണും എന്നരുളിചെയ്തു. അനന്തരം മൊശെ കല്പന പ്രകാരം ആചരിച്ചപ്പൊൾ യഹൊവയുടെ ആത്മാവ 70 പെരുടെ മെൽ ആവസിച്ച ദിവസം തന്നെ അവർ പ്രവചിച്ചു. അവരിൽ 2 പെർ കൂടാര വാതുക്കലെക്ക എത്തിയിട്ടില്ല എങ്കിലും പാളയത്തിൽ ആത്മവചനം ഘൊഷിക്കയും ചെയ്തു. ഇപ്രകാരം മൊശെയൊടറിയിച്ചപ്പൊൾ അവൻെറ ഭൃത്യനായ യൊശുവ അവരെ വിരൊധിപ്പാൻ ബുദ്ധി പറഞ്ഞാറെ മൊശെ അവനൊട നീണക്ക അസൂയ തൊന്നുന്നുവൊ യഹൊവയുടെ ജനം എല്ലാവരും പ്രവാചികളും ദൈവാത്മാവുള്ളവരും ആയ്വന്നാൽ കൊള്ളായിരുന്നു എന്നപെക്ഷിച്ചു മൂപ്പരൊടും പാളയത്തിലെക്ക മടങ്ങി ചെരുകയും ചെയ്തു. അനന്തരം ദൈവം കാറ്റയച്ചു കടലിൽനിന്നു കാടക്കുട്ടങ്ങളെ പാളയത്തിന്മെൽ വരുത്തി ചുറും ഭ്രമിയിൽനിന്ന 2 മുളം ഉയരത്തിൽ പറപ്പിച്ചു ജനം രണ്ട ദിവസം മുഴുവനും കാടകുളെ പിടിച്ചു കൂട്ടി പാളയത്തിന്നു ചുറും ഇട്ടുണക്കി. ഭക്ഷിച്ചു തീരുമ്മുമ്പെ യഹൊവ കഠിന ബാധ കൊണ്ട അവ

രെ ശിക്ഷിച്ചതിനാൽ വളരെ മരിച്ചു അലർച്ചക്കുഴി എന്ന പെരായ സ്ഥലത്തു അടക്കി ശെഷിച്ചവർ ഹസരൊത്തിൽ വന്നിരിക്കയും ചെയ്തു.

പിന്നെ ഭാര്യ നിമിത്തം മൊശെക്ക സഹൊദരനാലും സഹൊദരിയാലും വിരൊധം സംഭവിച്ചു. ആയവർ അവനൊടും മറുള്ളവരൊടും സ്ത്രീയെ എടുത്തതു ഇസ്രയെൽ വംശത്തിൽ നിന്നല്ലല്ലൊ എന്നും യഹൊവ മൊശെയിൽ വെച്ചു മാത്രമെ പറഞ്ഞിട്ടുള്ള ഞങ്ങളിലും അറിയിച്ചിട്ടില്ലയൊ എന്നും മറും പറഞ്ഞാറെ മഹാ സൌമ്യനായ മൊശെ പൊറുത്തു എങ്കിലും യഹൊവ കെട്ടു. ഉടനെ മൂവരൊടും കൂടാര വാതുക്കൽ വരുവാൻ കല്പിച്ചു വന്നപ്പൊൾ താൻ മെഘത്തൂണിൽ ഇറങ്ങി അഹരൊനെയും മിര്യാമെയും വിളിച്ചു. നിങ്ങൾ എന്റെ വചനങ്ങളെ കെൾപ്പിൻ നിങ്ങളിൽ പ്രവാചകനുണ്ടായാൽ ഞാൻ ദർശനത്തിൽ എന്നെ അറിയിച്ചും സ്വപ്നത്തിൽ അവനൊട അരുളി ചെയ്യും. എൻ ദാസനായ മൊശെ അപ്രകാരമല്ല അവൻ എന്റെ വീട്ടിൽ എല്ലാടവും വിശ്വസ്തനാകുന്നു. അഭിമുഖനായി ഞാൻ അവനൊട സംസാരിക്കും കടമായല്ല കാഴ്ചയായിട്ട തന്നെ പറയും യഹൊവാ രൂപത്തെ അവൻ കാണും പിന്നെ എൻ ദാസനു വിരൊധം പറവാൻ ശങ്കിക്കാഞ്ഞത എന്തു എന്നു പറഞ്ഞു കൊപിച്ചു പൊയി. മെഘത്തുൺ നീങ്ങുംപൊൾ അഹരൊൻ പെങ്ങളെ നൊക്കി ശ്വെതകുഷ്ഠം പിടിച്ചു കണ്ടാറെ മൊശെയൊട ഹാ കൎത്താവെ ഞങ്ങൾ മൂഢരായി ചെയ്ത പാപം ഞങ്ങളിൽചുമത്തരുതെ ഗർഭത്തിൽനിന്നു അഴുകി പുറപ്പെട്ട ചാപിള്ള പൊലെ ആക്കരുതെ എന്നു യാചിച്ചപ്പൊൾ. മൊശെയും ഹെ ദൈവമെ ഇവളെ സൌഖ്യമാക്കെണമെ എന്നപെക്ഷിച്ചു നിലവിളിച്ചു. അപ്പൊൾ യഹൊവ ഇവളുടെ മുഖത്തെ അച്ഛൻ തുപ്പി എങ്കിൽ അവൾ 7 ദിവസം നാണിച്ചു പാർക്കെണ്ടയൊ എന്നാൽ കുഷ്ഠരൊഗിണി ആകകൊണ്ടു പാളയത്തിന്നു പുറമെ 7 ദിവസം അടെച്ചിട്ട പിന്നെ ചെൎത്തുകൊള്ളട്ടെ. എന്നു കല്പിച്ച പ്രകാരം 7 ദിവസം താമസിച്ചു പിന്നെ അവളെ കൂട്ടി കൊണ്ടു ഒക്കത്തക്ക പുറപ്പെട്ടു കനാൻ ദെശത്തിന്റെ തെക്കെ അതിരിൽ എത്തി പാരാനിൽ പാളയം ഇടുകയും ചെയ്തു.

14. ഒറുകാരുടെ നടപ്പു

അനന്തരം യഹൊവ മൊശയൊട കല്പിച്ചു ഗൊത്രങ്ങളിൽനിന്നു 12 ആളെ എടുത്തു കനാൻ ദെശത്തിങ്കൽ ശൊധന ചെയ്യെണ്ടതിന്നയക്ക. എന്നതു കെട്ടു മൊശെ യഹൂദയിൽ കലെബ എഫ്രയീമിൽ യൊശുവ മറും ഒരൊ ഗൊത്രത്തിൽ ഒരൊ പ്രഭുവെ എടുത്തു നിങ്ങൾ മനസ്സുറപ്പൊടെ പൊയി കനാൻ ദെശത്തെ നൊക്കി ഭ്രമിയുടെ ഗുണദൊഷങ്ങളും മനുഷ്യവിശെഷങ്ങളും പട്ടണങ്ങളുടെ അവസ്ഥയും മറും കണ്ടറിഞ്ഞ ആ ദെശത്തിലെ ഫലങ്ങളും കൊണ്ടു വരുവിൻ എന്നു കല്പിച്ചു. അപ്രകാരം അവർ പൊയി വടക്കെയതിരൊളം ശൊധന ചെയ്തു ഉറുമാമ്പഴങ്ങളെയും അത്തിപ്പഴങ്ങളെയും തണ്ടിട്ട കെട്ടിയ മുന്തിരിങ്ങാക്കുലയെയും കൂട വഹിച്ചു ഒരു മണ്ഡലം കഴിഞ്ഞ ശെഷം വന്നു പൂൎണ്ണ സഭയിൽ വൎത്തമാനം അറിയിച്ചു ഫലങ്ങളെയും കാണിച്ചു. ദെശം നല്ലതു അതിൽ പാലും തെനും ഒഴുകുന്നു ഫലവും ഇതാ. അതിൽ കൂടി ഇരിക്കുന്നവർ തെക്കെ അമലെക്യർ മലകളിൽ ഹിത്ത്യർ യബൂസ്യർ അമൊര്യരും കടൽവക്കത്തും പുഴവക്കത്തും കനാന്യരും ആകുന്നു. അവർ എവരും വമ്പന്മാർ നഗരങ്ങൾക്ക വലിപ്പവും ഉറപ്പും എറവും ഉണ്ടു. എന്നും മറും പറഞ്ഞ ഭയം വരുത്തിയപ്പൊൾ കലെബ എഴുനീറു നാം ക്ഷണത്തിൽ ചെന്നു അതിനെ വശത്താക്കെണം ജയിപ്പാൻ കഴിയും കഴിയും എന്നു അമൎത്തി പറഞ്ഞു എങ്കിലും. കൂടി പൊയവർ അങ്ങിനെ അല്ല നമുക്ക കഴികയില്ല ആ ദെശം പാർക്കുന്നവരെ ഭക്ഷിച്ചു കളയും മനുഷ്യരും മഹാ ദീർഘമുള്ളവർ ആകുന്നു അവിടെ ഉള്ള അനാക്യരുടെ നെരെ നാം പുഴുക്കൾ അത്രെ. എന്നിങ്ങിനെ അവശ്രുതി ഉണ്ടാക്കിയ ശെഷം മൊശെ നിന്നു അപ്പൻ മ

കനെ വഹിക്കുന്ന പ്രകാരം ദൈവം നിങ്ങളെ ഈ വഴി എല്ലാം ചുമന്ന കൊണ്ട വന്നല്ലൊ എന്ന ഓർപ്പിച്ചിട്ടും സംഘം എല്ലാം നിലവിളിച്ചു രാത്രിയിൽ ഉറങ്ങാതെ കരഞ്ഞിരുന്ന.

രാവിലെ അവർ മൊശെയുടെ നെരെ വിരൊധം പറഞ്ഞു മിസ്രയിൽ വെച്ചൊ ഈ കാട്ടിൽ വെച്ചൊ മരിച്ചു എങ്കിൽ കൊള്ളായിരുന്ന നാം തലവനെ ഉണ്ടാക്കി മടങ്ങി പൊക എന്നും മറും സംസാരിച്ചു. അപ്പൊൾ മൊശയും അഹരൊനും സഭ മുമ്പാകെ കവിണ്ണ വീണ ഉടനെ. യൊശുവും കലെബും ദുഃഖപരവശന്മാരായി വസ്ത്രങ്ങളെ ചീന്തി നെരിട്ടു വന്ന ഞങ്ങൾ കണ്ട ദെശം എറവും നല്ലത യഹൊവയുടെ പ്രസാദം ഉണ്ടെങ്കിൽ അവൻ അതിനെ തരും ആ ദെശക്കാർക്ക നിഴൽ ഇല്ല നമ്മൊട കൂട യഹൊവ ഉണ്ട ആകയാൽ അവരെ ഭയപ്പെടുകയും വിശെഷാൽ യഹൊവയൊട മത്സരിക്കയും അരുത എന്ന ഘൊഷിച്ചു പറഞ്ഞപ്പൊൾ. ഇവരെ കല്ലെറിവിൻ എന്ന വാക്ക പരക്കുമ്പൊൾ യഹൊവയുടെ തെജസ്സ കൂടാരത്തിൽ പ്രകാശിച്ചു കണ്ട. ഈ ജനം എത്രൊടം എന്നെ നിരസിക്കും വിശ്വസിക്കാതെയും ഇരിക്കും ഞാൻ അവരിൽ കൊട്ടമരണം വരുത്തി നിന്നെ മാത്രം വലിയവനാക്കും എന്ന മൊശെയൊടരുളിചെയ്താറെ മൊശെ അപെക്ഷിച്ചു. എന്നാൽ മിസ്രക്കാർ അതിനെ കെട്ട ഈ ജാതികളൊടും മറും അറിയിച്ചു നിണക്ക കാര്യസാദ്ധ്യം വരുത്തുവാൻ കഴിവില്ല എന്ന പറയിക്കെണമൊ. യഹൊവ കനിഞ്ഞും മനസ്സലിഞ്ഞും ഉള്ള ദൈവം ദീർഘക്ഷമാവാൻ കരുണാസത്യസമ്പന്നൻ എന്നും മറും (അദ്ധ്യൻ.) അറിയിച്ചപ്രകാരം മുമ്പെ പൊറുത്തത പൊലെ ഇപ്പൊഴും ക്ഷമിച്ചരുളെണമെ. എന്ന പ്രാർത്ഥിച്ചപ്പൊൾ യഹൊവ കല്പിച്ചു. നിന്റെ വചന പ്രകാരം ഞാൻ ക്ഷമിച്ചിരിക്കുന്ന. എൻ ജീവനാണ ഭൂമിയിൽ എല്ലാം യഹൊവതെജസ്സു നിറഞ്ഞിരിക്കും. മിസ്രയിലും വനത്തിലും വെച്ചു ചെയ്ത അത്ഭുതങ്ങളെ കണ്ട ഈ മനുഷ്യർ അനസരിക്കാതെ പത്തു വട്ടം എന്നെ പരീക്ഷിച്ചതുകൊണ്ടു വാഗ്ദത്തദെശം അവർ ആരും കാൺകയില്ല നിശ്ചയം. കലെബും യൊശുവും ഇരിവരും വെറൊരു ആത്മാവുണ്ടായി എന്നെ പൂർണ്ണമായി അനുസരിക്കകൊണ്ടു ആ ദെശം പ്രവെശിച്ചനുഭവിക്കും. അല്ലാതെ 20 വയസ്സിനും മെലൊപെട്ടുള്ള എല്ലാവരും ഈ വനത്തിൽ മരിച്ചു വീഴും. കവർന്ന പൊകും എന്ന പറഞ്ഞിട്ടുള്ള നിങ്ങളുടെ മക്കൾ 40 ദിവസത്തിലെ ദൊഷം നിമിത്തം 40 വർഷം മരുഭൂമിയിൽ സഞ്ചരിച്ച ശെഷം ഞാൻ അവരെ അതിൽ വരുത്തി നിങ്ങൾ നിരസിച്ചതിനെ അനുഭവിക്കുമാറാക്കും. നാളെ മടങ്ങി ചെങ്കടല്ക്കുനെരെ പൊകുവിൻ.

ഇപ്രകാരം തീർത്ത കല്പിച്ച ഉടനെ ഒറുകാർ 10 പെർ മരിച്ചപ്പൊൾ ഇസ്രയെലർ എറവും ദുഃഖിച്ചു രാവിലെ എഴുനീറ ഞങ്ങൾ പാപം ചെയ്തു, കല്പിച്ച സ്ഥലത്തെക്ക ഇന്ന കരെറി പൊകാം എന്ന പറഞ്ഞു ഉടനെ യുദ്ധത്തിന്ന പുറപ്പെട്ടാറെ. മൊശെ വിരൊധിച്ച ആജ്ഞയെ ലംഘിക്കുന്നത എന്തു അതു സാധിക്ക ഇല്ല യഹൊവ നിങ്ങളിൽ ഇല്ല നിങ്ങൾ കരെറുത കരെറിപൊയാൽ അമലെക്യരുടെ വാളിനാൽ വീഴും എന്ന പറഞ്ഞ ശെഷവും അവർ മദിച്ചു നായകനെ വിട്ടു പുറപ്പെട്ടു. ഉടനെ മലവാഴികളായ അമലെക്യരും കനാന്യരും ഇറങ്ങിവന്ന അവരെ തൊല്പിച്ചു തെനീച്ചകളെ പൊലെ ഒടിക്കയും ചെയ്തു.

15. കൊരഹിൻ മത്സരവും അഹരൊന്റെ വടിയും

ഇസ്രയെലർ വിഷാദിച്ചു തിരിഞ്ഞപ്പൊൾ ലെവിയിൽ കൊരഹും ത്രുവനിൽ ദാതാൻ അബിരാം ഒൻ ഇങ്ങിനെ 3 പ്രഭുക്കന്മാരും മറും മഹാ ലൊകർ 250 പെരും ദ്രൊഹം വിചാരിച്ചു കൂട്ടം കൂടി മൊശെ അഹരൊന്മാരെയും എതിത്തു പറഞ്ഞു. ഇപ്പൊൾ മതി മതി സഭ എല്ലാവരും പരിശുദ്ധർ യഹൊവയും അവരിൽ ഉണ്ട പിന്നെ നിങ്ങൾ യഹൊവയുടെ കൂട്ടത്തിന്മെൽ. ഉയന്ന

കൊള്ളുന്നത എന്തു. അതുകെട്ടാറെ മൊശെ കവിണ്ണ വീണ പാത്തശെഷം കൊറഹിൻ സംഘത്തൊടും പറഞ്ഞു. നാള യഹൊവ തനിക്കുള്ളവനും സമ്മതനും പരിശുദ്ധനും അടുത്ത ആചാര്യനും ഇന്നവൻ എന്ന കാണിക്കും. നിങ്ങം കല ശങ്ങളെ എടുത്തു നാള ധൂപം കാട്ടുവിൻ അപ്പൊാം യഹൊവെക്കു ബൊധിക്കു ന്നവൻ തന്നെ ആചാര്യനാകും. ഹാ ലെവ്യരെ മതി മതി യഹൊവ നിങ്ങളെ കൂടാരസെവക്കായി വെർതിരിച്ചു ഗൊത്രങ്ങംക്ക മുമ്പാക്കി തന്നൊടടുപ്പിച്ചതു അല്പകാര്യമൊ ആചാര്യത്വം കൂട വെണമൊ. ഈ അഹരൊൻ എന്തു അവനൊ ടല്ല യഹൊവയൊടത്രെ എതിർത്തു കൂട്ടം കൂടി ഇരിക്കുന്നതു.

അനന്തരം മൊശെ ദാതാനെയും അബിരാമെയും വിളിപ്പാനയച്ചാറെ അവർ വരിക ഇല്ല എന്നും. പാലും തെനും ഒഴുകുന്ന രാജ്യത്തിൽനിന്നു ഞങ്ങ ളെ പിഴുക്കി ഈ കാട്ടിൽ കൊണ്ടു വന്നു കൊല്ലുന്നതു പൊരായൊ നിന്നെ ത ന്നെ രാജാവും ആക്കുന്നുവൊ. നീ പറഞ്ഞ നിലം പറമ്പുകളെ ഒന്നും സാധി ച്ചില്ല ഈ പുരുഷരുടെ കണ്ണെടുത്തുകളയുമൊ ഞങ്ങം വരിക ഇല്ല എന്നും മറുപ ടി അയച്ചതു കെട്ടപ്പൊാം. മൊശെ കൊപിച്ചു യഹൊവയെ അവരുടെ വഴി പാടിനെ വിചാരിക്കരുതെ ഞാൻ അവരിൽ ഒരു ദുഃഖവും വരുത്തീട്ടില്ല ഒന്നും അപഹരിച്ചിട്ടും ഇല്ല എന്നു പ്രാർത്ഥിക്കയും ചെയ്തു.

പിറെറ നാം കൊരഹ മുതലായവരും 250 കലശങ്ങളെയും എടുത്തു തീ യും ധൂപസാധനവും ഇട്ടു മത്സരിച്ച പുരുഷാരവും എല്ലാം കൂടാര വാതുക്കൽ മൊ ശെ അഹരൊനൊടും കൂട നിന്നപ്പൊാം. യഹൊവയുടെ തെജസ്സു സഭെക്കു പ്രത്യ ക്ഷമായി മൊശെ അഹരൊന്മാരൊടു. സംഹാരം അടുത്തിരിക്കുന്ന ഈ സഭയിൽ നിന്നു നിങ്ങം പിരിഞ്ഞു പൊകുവിൻ എന്നു കല്പിച്ചാറെ. അവർ കുമ്പി ട്ടു പറഞ്ഞു ഹാ സകല ദെഹാത്മാക്കളുടയ ദൈവമെ ഒരുത്തന്റെ പാപം നിമി ത്തം എല്ലാവരിലും കൊപിക്കെണമൊ. എന്നാറെ യഹൊവ മൊശെയെ അറി യിച്ചു ആ മാത്സരികന്മാരുടെ ഇരിപ്പിന്റെ ചുററിൽനിന്നു മാറി കൊള്ളെണം എന്നും അവരുടെ ശിക്ഷയിൽ അകപ്പെടാതിരിപ്പാൻ അവർക്കുള്ളത യാതൊ ന്നിനെയും തൊടരുതെന്നും സഭയൊടു കല്പിച്ചപ്പൊാം എല്ലാവരും അപ്ര കാരം ചെയ്തു. ദാതാൻ മുതലായവർ അതു കൂട്ടാക്കാതെ താന്താങ്ങടെ വാതു ക്കൽനിന്നു നൊക്കുമ്പൊാം മൊശെ പറഞ്ഞു. എൻ മനസ്സാലെ അല്ല യഹൊവ കല്പിച്ച പ്രകാരം അത്രെ ഞാൻ വ്യാപരിച്ചിരിക്കുന്നത എന്നു നിങ്ങം ഇ തിനാൽ അറിയും എല്ലാവരും മരിക്കുന്ന പ്രകാരം ഇവർക്ക ആപത്തുണ്ടായാൽ യഹൊവ എന്നെ അയച്ചീല. യഹൊവ ഭൂമി അവരെ വിഴുങ്ങുമാറാക്കിയാൽ ഇ വർ യഹൊവയെ തന്നെ നിരസിച്ചു എന്നു നിങ്ങം അറിയും. ഇപ്രകാരം പ റഞ്ഞു തീർന്ന ഉടനെ ഭൂമി പിളർന്നു അവരെയും അവരൊട കൂട നില്ക്കുന്നവരെ യും സകല സമ്പത്തുകളെയും വിഴുങ്ങികളഞ്ഞു അവർ നിലവിളിച്ചു പാതാള ത്തിൽ ഇറങ്ങിയാറെ ഭൂമി മൂടി ശെഷിച്ചവർ എല്ലാം ഒടി പൊയി. അന്നെരം കൂടാര വാതുക്കൽ ധൂപം കാണിക്കുന്ന 250 പെരെയും മെഘത്തുണിൽ നിന്നു അഗ്നി ഇറങ്ങി ദഹിപ്പിക്കയും ചെയ്തു. അവരുടെ ചെപ്പുകലശങ്ങളെ കൊട്ടി തകിടുകളാക്കി ബലിപീഠത്തെ മൂടിയതിനാൽ ദെവനിയുക്തന്മാർ അല്ലാതെ ആരും കമ്മം ചെയ്വാൻ തുനിയരുതു എന്ന ഒമ്മയ്ക്കു നിത്യ ലക്ഷണം ഉണ്ടാ യി വന്നു.

പിറെറ ദിനം ഇസ്രയെലർ എല്ലാവരും മൊശെ അഹരൊന്മാരൊട അ പ്രിയം ഭാവിച്ചു ദെവ ജനത്തെ നിങ്ങം കൊന്നു കളഞ്ഞു എന്നു പറഞ്ഞു കൂ ട്ടുമ്പൊാം മെഘത്തുണിൽനിന്നു ഇരുവരൊടും ഈ സഭയെ വിട്ടുവിൻ ഞാൻ ക്ഷ ണത്തിൽ അവരെ നശിപ്പിക്കും എന്ന കല്പന ആയപ്പൊാം അവർ കുമ്പിട്ടു പ്രാർത്ഥിച്ചതും കൂടാതെ മൊശെ സഹൊദരനൊട അല്ലയൊ ദെവകൊപം വിള ങ്ങി മരണം തുടങ്ങി നീ കലശം എടുത്തു ധൂപം കാട്ടി സഭെക്കായി പ്രായശ്ചി ത്തം ചെയ്ക എന്നു പറഞ്ഞു. അപ്രകാരം അഹരൊൻ ആചരിച്ചു സഭയുടെ മ ദ്ധ്യെ ഒടിച്ചെന്നു ബാധ ഉണ്ടായത കണ്ടു മരിച്ചവരുടെയും ജീവികളുടെയും നടുവിൽ

നിന്നു ധൂപം കാട്ടി പരിഹാരം ചെയ്തതിനാൽ ബാധ ശമിച്ചു. അന്നു മരിച്ചവർ 14700 പെരായിരുന്നു.

അനന്തരം 12 ഗൊത്ര പ്രഭുക്കൻമാർ ഒരൊ ദണ്ഡുകളിൽ അവനവന്റെ പെർ എഴുതി അഹരൊൻ നാമം എഴുതിയ ലെവി ദണ്ഡിനൊടു കൂട സാക്ഷിപ്പെട്ടകത്തിൻ മുമ്പാകെ വെക്കെണം എന്നാൽ യഹൊവെക്കു ബൊധിച്ചവന്റെ ദണ്ഡു തളിർക്കും എന്നു യഹൊവ അരുളി ചെയ്തപ്രൊൻ മൊശെ എല്ലാവരെയും അറിയിച്ചു 12 പ്രഭുക്കളൊടും ദണ്ഡുകളെ വാങ്ങി കല്പിച്ചപൊലെ വെക്കുകയും ചെയ്തു. പിറെറ ദിവസം സാക്ഷികൂടാരത്തിൽ പ്രവെശിച്ചപ്രൊൻ ലെവിയിലെ അഹരൊന്റെ ദണ്ഡു തളിർത്തും പൂത്തും ബദാം കായ്കളെ കാച്ചും കണ്ടു ദണ്ഡുകളെ എല്ലാം പുറത്തു കൊണ്ടുവന്നു കൊടുത്തു. അഹരൊന്റെ ദണ്ഡത്രെ കലഹക്കാരുടെ വിരൊധവാക്കും ബാധയും ഒഴിവാൻ നിത്യം സാക്ഷിപ്പെട്ടകത്തൊടു കൂട വെച്ചിരിക്കെണം എന്നു ദൈവം കല്പിച്ചു മറു ചില ആചാരങ്ങളെയും അഹരൊനൊടു തന്നെ അരുളിച്ചെയ്തു. അന്നു തൊട്ടു മാത്സര്യം അടങ്ങി ഞങ്ങൾ ചാകുന്നു നശിക്കുന്നു അശെഷം നശിക്കുന്നു ദെവ കൂടാരത്തെ അടുക്കുന്നവൻ എല്ലാം മരിക്കുന്നു ഞങ്ങളും മുറും ചാകെണമൊ എന്നു പറഞ്ഞു സഞ്ചരിക്കയും ചെയ്തു.

യെമിശ്രാന്നിഗ്രരാശ്ചാപിസർവ്വെതെപ്രാന്തരെമൃതാഃ
വിനാവിശ്വാസിനൌവീരൌ യെഷൂകാലിബനാമകൌ.

16. മരണത്തിന്നായുള്ള സഞ്ചാരവർഷം 38

ഈ ഒളം അമന്തിന്റെ ശെഷം 38 വർഷം സഞ്ചാരം തുടങ്ങി പുരുഷാരം ക്രമത്താലെ മരിക്കയും ചെയ്തു. അതിലെ വിശെഷം സംക്ഷെപിച്ചു പറയുന്നതെ ഉള്ളു. മരുഭ്രമിയിൽ 17 സ്ഥലങ്ങളിൽ അവർ മെച്ചുകൊണ്ട പാക്കയും അവിടവിടെ എറിയ ശവങ്ങളെ സ്ഥാപിക്കയും ചെയ്തു. (4 മൊശെ 33.) ദെവകല്പനകൾക്കു വളരെ ലംഘനം വന്നുപൊയി. യഹൊവെക്ക ബലികളെയും വഴിപാടുകളെയും കുറെച്ചു ദെവരാജാവിനെയും ഗ്രഹങ്ങളെയും വെച്ചു പൂജിച്ചു ബിംബങ്ങളെ എഴുന്നെള്ളിച്ചും (ആമ. 5.) മിസ്രക്കാരുടെ അജ ദെവന്നു വെളിയിൽ ഹൊമിച്ചും (3മൊ. 17.) മിക്കവാറും താന്താങ്ങളുടെ ഇഷ്ടപ്രകാരം അവർ നടന്നു കൊണ്ടിരുന്നു (5 മൊ. 12.) ഇവരിൽ കണ്ണുചിമ്മി പൊറുത്തു എങ്കിലും ദൈവം ബാല്യക്കാരിൽ പ്രസാദിച്ചു ദെവഹിതം ചെയ്വാൻ അവർക്ക അഭ്യാസം വരുത്തിയതിനാൽ വിതെക്കാത്ത വനത്തിൽ അവർ യഹൊവയെ പിന്തുടന്നു കല്യാണസ്ത്രീയുടെ വാത്സല്യം പൊലെ കാണിച്ചു മുഴുവനും അവന്നുള്ളവരായി വിശ്വാസത്തൊടു കൂട നടന്നു. യുദ്ധ സമയം പ്രതീക്ഷിച്ചുകൊണ്ടിരുന്നു (യിറ. 2.) ഈ അസഹ്യകാലത്തിങ്കൽ മൊശെ യഹൊവയൊട പ്രാർത്ഥിച്ചതു ഇപ്രകാരം.

കർത്താവെ നീ തലമുറതലമുറയായിട്ടു ഞങ്ങൾക്ക ശരണമായിരിക്കുന്നു. മലകൾ ജനിച്ചതിന്നും ഭ്രമിയും ഉലകും ജനിപ്പിച്ചതിന്നും മുമ്പെയും അനാദിയായി എന്നെക്കും ദൈവം നീ ആകുന്നു. നീ മനുഷ്യനെ പൊടിയൊളം തിരിക്കുന്നു പിന്നെ ആദാം മക്കളെ മടങ്ങി വരുവിൻ എന്നും പറയുന്നു. ആയിരം വർഷമൊ നിന്റെ കണ്ണിൽ ഇന്നലെ കടന്ന ദിവസം പൊലെയും രാത്രിയിലെ ഒരു യാമവും ആകുന്നു. നീ അവരെ ഒഴുക്കികളയുന്നു. അവർ ഉറക്കം അത്രെ രാവിലെ പൊടിച്ചു വളരുന്ന വൈയ്യുന്നെരം അറുത്തു വാടിയ പുല്ലുപൊലെയും ആകുന്നു. ഇപ്രകാരം ഞങ്ങൾ തീർന്നുപൊകുന്നതു നിന്റെ കൊപത്താൽ അല്ലൊ ആകുന്നു നിന്റെ ഊഷ്മാവാലും ഭ്രമിച്ചുപൊകുന്നു. നീ ഞങ്ങളുടെ അകൃത്യങ്ങളെ നിന്റെ നെരെയും ഞങ്ങളുടെ ആന്തരത്തെ നിന്റെ മുഖപ്രകാശത്തിന്നു മുമ്പിലും ആക്കിയിരിക്കുന്നു. ഈ ഉഗ്രതകൊണ്ടു ഞങ്ങളുടെ ദിവസങ്ങൾ എല്ലാം കഴിഞ്ഞുപൊയി ഞങ്ങളുടെ ആണ്ടുകളെ ഒരു നിരൂപണം പൊലെ തികച്ചുകൊള്ളുന്നു. ഞങ്ങളുടെ ജീവിത ദിവസങ്ങൾ 90 വർഷം. ആരൊഗ്യം നിമിത്തം എൺപതാകിലും അതി

ന്റെ ആധിക്യം കൂട പ്രയാസവും മായയും അത്രെ അതു വെഗത്തിൽ കടന്നിട്ടു ഞങ്ങൾ പറന്നുപൊകുന്നു. നിന്റെ കൊപശക്തിയെയും ഉഗ്രതയെയും ഭയയുക്തപ്രകാരം അറിയുന്നവൻ ആർ. ജ്ഞാനഹൃദയത്തെ നിണക്കു കൊണ്ടുവരുവാന്തക്കവെണ്ണം ഞങ്ങളുടെ ദിവസങ്ങളെ എണ്ണുവാൻ ഗ്രഹിപ്പിക്കെണമെ. യഹൊവയെ മടങ്ങി വരെണമെ. എത്രൊടം (താമസം) നിന്റെ ദാസരിൽ അനുതപിക്കെണമെ. കാലത്തു തന്നെ നിൻ കരുണയാലെ തൃപ്തിവരുത്തി ഞങ്ങൾ ഞങ്ങളുടെ ജീവിതനാൾ ഒളം സ്തുതിച്ചു ആനന്ദിക്കുമാറാക്കെണമെ. ഞങ്ങളെ ദുഃഖിപ്പിച്ച നാളുകൾക്കും ദൊഷം കണ്ട ആണ്ടുകൾക്കും തക്കവെണ്ണം സന്തൊഷിപ്പിക്കെണമെ. നിൻ ക്രിയ അടിയാരിലും നിൻ മഹത്വം പുത്രന്മാരിലും കാണ്മാറാകട്ടെ. ഞങ്ങളുടെ ദൈവമായ യഹൊവയുടെ മാധുര്യം ഞങ്ങളുടെ മെൽ ഇരിക്കട്ടെ ഞങ്ങളുടെ കൈവെലയെയും ഉറപ്പിക്കെണമെ അതെ ഞങ്ങൾക്കായി ഈ കൈവെലയെ ഉറപ്പിക്കെണമെ. (സങ്കീ 90.)

17. മിര്യം അഹരൊൻ എന്നിരുവരുടെ മരണം

നാല്പതാം വർഷം ഒന്നാം മാസം പിന്നെയും കനാൻ അതിരിൽ എത്തുംപൊൾ ദെവ പ്രവാചിനിയായ മിര്യം വാദ്ധ്യത്തികൽ മരിച്ചു അവിടെ സ്ഥാപിക്കയും ചെയ്തു.

വെള്ളം ഇല്ലാതിരുന്നപ്പൊൾ അവർ മൊശയഹരൊന്മാരൊട മത്സരിച്ചു അച്ചന്മാരൊടു കൂടെ വനത്തിൽ മരിച്ചു എങ്കിൽ കൊള്ളായിരുന്നു എന്നും ഇവിടെ ധാന്യവും പഴങ്ങളും വെള്ളവും ഇല്ല എന്നും മറും പറഞ്ഞു മുറയിട്ടപ്പൊൾ അവർ ഇരുവരും യഹൊവയൊട അപെക്ഷിച്ചാറെ. യഹൊവ പ്രത്യക്ഷനായിട്ടു ഈ സംഘം ഒക്കയും കാൺകെ നീ പാറയൊട പറക എന്നാൽ വെള്ളം ഒഴുകും എന്നു കല്പിച്ചു. അപ്രകാരം മൊശയും അഹരൊനും അവരെ കൂട്ടിയപ്പൊൾ മൊശെ കൈ ഉയർത്തി ഹെ കലഹക്കാരരെ ഇപ്പാറയിൽനിന്നു നിങ്ങൾക്കു വെള്ളം പുറപ്പെടീക്കുമൊ എന്നു പറഞ്ഞ പാറയെ രണ്ടടിച്ചാറെ വെള്ളം വളരെ പുറപ്പെട്ടു സംഘവും മൃഗങ്ങളും കുടിക്കയും ചെയ്തു. അനന്തരം യഹൊവ അവരൊട നിങ്ങൾ അവിശ്വാസത്താൽ എന്നെ ജന മുഖാന്തരം ബഹുമാനിയാതെ ഇരിക്കകൊണ്ടു നിങ്ങൾ ഈ സംഘത്തെ വാഗ്ദത്തദെശത്തിൽ പ്രവെശിപ്പിക്ക ഇല്ല എന്നു കല്പിച്ചു.

ആ വിവാദം ഉണ്ടായ കദെശിൽനിന്നു എദൊമിലെ രാജാവിനെ കാണ്മാൻ ദൂതന്മാരെ അയച്ചു ഇസ്രയെലരുടെ വർത്തമാനം ഒക്കയും അറിയിച്ചു ഞങ്ങൾ നിന്റെ ദെശത്തിൽ രാജമാർഗ്ഗത്തൂടെ പൊവാൻ വംശസ്നെഹത്തിനാലെ സമ്മതിക്കെണം എന്നു യാചിച്ചപ്പൊൾ. എദൊം ശങ്കിച്ചു നീ ഇതിലെ പൊകരുതു പൊയാൽ പട ഉണ്ടാകും എന്നു വിരൊധിച്ചാറെ ഞങ്ങൾ വയലിലും പറമ്പുകളിലും ആക്രമിക്ക ഇല്ല കിണററിലെ വെള്ളം പൊലും എടുക്ക ഇല്ല വാങ്ങി എങ്കിൽ വില തരാം ഞങ്ങൾ കാൽനടയായി നിരത്തു വഴിയൂടെ പൊകട്ടെ എന്നുള്ള അപെക്ഷയെയും അനുസരിയാതെ കടക്കരുത എന്നു ഖണ്ഡിച്ചു പറഞ്ഞു സന്നാഹത്തൊടു കൂട പുറപ്പെടുകയും ചെയ്തു. യഹൊവ എശാവിന്നു ശെയീർ മലയെ ജന്മമായ്ക്കൊടുക്കകൊണ്ടു ഇവരൊടു യുദ്ധം വെണ്ട എന്നുള്ള കല്പന നിമിത്തം ഇസ്രയെലർ തെങ്കിഴക്ക ചെന്നു എദൊം രാജ്യം ചുററി പൊകെണ്ടി വന്നു. പൊകുമ്മുന്നെ കനാന്യ അതിരിലെ രാജാവിനെ ജയിച്ചു മുന്നമുള്ള അപജയത്തിന്നു പക വീട്ടുകയും ചെയ്തു.

ആ വഴിയിൽ വെച്ചു 123 വയസ്സുള്ള അഹരൊൻ തന്റെ പൂർവ്വന്മാരൊടു ചെരെണ്ടുന്ന സമയം വന്നു (40 ആം വർഷം 5 മാസം 1 തിയ്യതി) ദെവനിയൊഗപ്രകാരം മൊശെ അഹരൊനെയും അവന്റെ പുത്രനെയും കൂട്ടികൊണ്ടു സംഘം എല്ലാം കാൺകെ ഹൊർ മല എറി അഹരൊന്റെ സ്ഥാനവസ്ത്രങ്ങളെ അഴിപ്പിച്ചു അവറെ എലാജരിനെ ഉടുപ്പിച്ചു. ഉടനെ അഹരൊൻ മുകം

പരപ്പിൽവെച്ചു മരിച്ചു മൊശയും എലാജരും മലയിൽ നിന്നിറങ്ങിവന്ന ഇസ്രയെൽ വംശം എല്ലാം 30 ദിവസം അവനെ കുറിച്ചു കരഞ്ഞിരുന്നു.

18. യർദ്ദൻ പുഴയൊളം ഉള്ള യാത്ര

ഹൊർ മലയെ വിട്ടു എദൊം രാജ്യം ചുറ്റിപൊവാൻ തെക്കൊട്ടു നടക്കു മ്പൊൾ മാർഗ്ഗഖെദം നിമിത്തം ജനങ്ങൾ വളരെ വലഞ്ഞു ഈ വനത്തിൽ മരി പ്പാൻ ഞങ്ങളെ എന്തിന്നു കൂട്ടികൊണ്ടു വന്നു അപ്പവും വെള്ളവും ഇല്ല ഈ നിസ്സാ രമായ തീനിൽ ഉഴപ്പു വരുന്നു എന്നും മറും യഹൊവയുടെ നെരെ മത്സരിച്ചു പ റഞ്ഞു. അപ്പൊൾ യഹൊവ ജനമദ്ധ്യത്തിങ്കൽ നാഗങ്ങളെ അയച്ചു അവ കടിച്ചു വളരെ ജനം മരിച്ചാറെ അവർ വന്നു മൊശയൊടു ഞങ്ങൾ മത്സരിച്ചു പറഞ്ഞതു ദൊഷം തന്നെ എങ്കിലും സർപ്പങ്ങളെ നീക്കെണ്ടതിന്നു യഹൊവയൊടു പ്രാർത്ഥി ക്കെണമെ എന്ന അപെക്ഷിച്ചപ്പൊൾ മൊശെ അവർക്കുവെണ്ടി പ്രാർത്ഥിച്ചു. അ നന്തരം യഹൊവ നീ സർപ്പത്തെ വാർത്തുണ്ടാക്കി കൊടിമരത്തിന്മെൽ തൂക്കുക കടി എറവൻ അതിനെ നൊക്കുമ്പൊൾ ജീവിക്കും എന്ന കല്പനപ്രകാരം ചെ മ്പുകൊണ്ടു സർപ്പത്തെ ഉണ്ടാക്കി കൊടിമെൽ വെച്ചു ഉടനെ നൊക്കിയവർ എ ല്ലാം ജീവിച്ചു. ശാപ സ്വരൂപമായി മരത്തിന്മെൽ തൂക്കിയ ക്രിസ്തനെ വിശ്വാ സത്തൊടു നൊക്കിയാൽ ലഭിക്കുന്ന പുതിയ ജീവനത്തിന്നു ഇതുതന്നെ മുങ്കുറി ആകുന്നു.

തഥാതാമ്രകൃതംസർപ്പംഔഷധായെസ്രയെലിനാം
പ്രാന്തരെസർപ്പദുഷ്ടാനാം മൊസിഃസ്ഥംഭൊദ്ധ്മാർപ്പയൽ.
അർപ്പണീയംതഥൊദ്ധംചാചിരാദ്വിദ്ധിനരാത്മജം
ക്ഷിതാനാംപാപഗരളൈ ശ്ചികിത്സാസൌന്യനാമപി.
യസ്മിൻസംസ്ഥാപ്യവിശ്വാസം സർപ്പദ്വൿസംഘവത്തതഃ
നമ്രിയെതനരഃകിന്തുപ്രാപ്നുയാന്നൃതജീവനം.

ഇസ്രയെലർ തെക്കു ഏലാത്തൂരയൊളം പൊയതിന്റെ ശെഷം വടക്കൊ ട്ടു തിരിഞ്ഞപ്പൊൾ യഹൊവ കല്പിച്ചു ഞാൻ എദൊമിന്നു ഹൊര്യരുടെ നാടു കൊടുത്ത പ്രകാരം മുമ്പെ നിടിയ ശരീരികൾ പാർത്ത നാടുകളെ ലൊത്തപുത്ര ന്മാക്കു കൊടുത്തിരിക്കുന്നു ആകയാൽ ആർ മുതലായ പട്ടണങ്ങളും മൊവബിന്നും റബ്ബത്ത മുതലായവയും അമ്മൊന്നും ജന്മം തന്നെ ഇവരെ ആക്രമിക്കരുത എന്നരു ളിചെയ്ത പ്രകാരം അവർ അതിർക്കരികിൽ അന്നൊൻ പുഴയൊളം ചെന്നു. അതി ന്റെ അക്കരെ വാഴുന്ന അമൊര്യനായ സീഹൊൻ കുറഞ്ഞൊരു മുമ്പെ യർദ്ദെന്നു കിഴക്കെ രാജ്യത്തെ ജയിച്ചു മൊവബ്യരെ തെക്കൊട്ടു നീക്കിയതിനാൽ എറ വും മദിച്ചിരിക്കകൊണ്ടു. ഇസ്രയെൽ ദൂതരെ കണ്ടപ്പൊൾ സ്വരാജ്യത്തിൽ കൂടി യാത്ര ചെയ്വാൻ സമ്മതിക്കാത്തതും അല്ലാതെ ഉടനെ സൈന്യങ്ങളൊട കൂട യുദ്ധത്തിന്നു പുറപ്പെടുകയും ചെയ്തു. അപ്പൊൾ യഹൊവ ഞാൻ ഇന്നു നിങ്ങൾക്ക ഒരു രാജ്യം അവകാശമാക്കിതരുവാൻ തുടങ്ങുന്നു എന്നു കല്പിച്ചപ്പൊൾ ഇസ്രയെൽ ധൈര്യം പൂണ്ടു പട എറ്റു സീഹൊനെ ജയിച്ചു അർന്നൊൻ മുതൽ യബൊക്കാ റുവരെയും ഉള്ള നാടും ഹെശ്ബൊൻ മുതലായ പട്ടണങ്ങളും കൈവശമാക്കി വള രെ കൊള്ളയിടുകയും ചെയ്തു. ഇപ്രകാരം യബൊക്ക വരെയും ചെന്നപ്പൊൾ നെ ടിയ ശരിരികളിൽ ശെഷിച്ച ഒഗ രാജാവും ബാശാൻ രാജ്യത്തിലെ സകല പ്രജ കളൊടും കൂടി പുറപ്പെട്ടു എദ്രയിൽ വെച്ചു പൊരിന്നടുത്തപ്പൊൾ. നിങ്ങൾ ഭയ പ്പെടരുത ഇവനെയും ഞാൻ നിങ്ങൾക്ക തന്നിരിക്കുന്നു എന്നു ദൈവകല്പന ഉ ണ്ടായാറെ അവർ അവനെയും പ്രജകളെയും സംഹരിച്ചു ബാശാനിൽ പുറമതിലു ള്ള പട്ടണങ്ങൾ 60ഉം പിടിച്ചു. ഇപ്രകാരം അർന്നൊൻ പുഴ മുതൽ ഹർമ്മൊൻ പർവ്വതപര്യന്തം യർദ്ദെന്നു കിഴക്കെ ദെശങ്ങൾ ഒക്കയും സ്വാധീനമാക്കുകയും ചെ യ്തു. അനന്തരം അവർ യർദ്ദെൻ നദിയെ കടക്കെണ്ടതിന്നു തെക്കെ സമഭ്രമിയിൽ കൂടി നദീ തീരത്തിങ്കൽ പാളയം ഇറങ്ങി ചില മാസം പാർക്കയും ചെയ്തു.

19. ബിലൃാം എന്ന പ്രവാചകൻ

മൊവബ രാജാവായ ബാലാക്ക ഈ ചെയ്തതിനെ ഒക്കയും വിചാരിച്ച പ്രജകളെ പരവശന്മാരായും കണ്ടാറെ അയൽവക്കത്തുള്ള മിദ്യാൻ മൂപ്പരൊട്ട. ഈ വന്ന സംഘം ചുറ്റുമുള്ളത ഒക്കയും കാള പുല്ലിനെ എന്ന പൊലെ മെഞ്ഞുകളയും എന്നു പറഞ്ഞു സന്ധിച്ച ശെഷം രണ്ട പരിഷക്കാരും പ്രാത്തനദീതീരസ്ഥനായ ബിലൃാം എന്ന പ്രവാചകനെ വിളിപ്പാൻ സമ്മാനങ്ങളൊട്ട കൂട ദൂതരെ അയച്ച പറയിച്ച. മിസ്രയിൽനിന്നു പുറപ്പെട്ട ഒരു വലിയ സംഘം എന്റെ നെരെ വന്നു പാക്കുന്നു നിന്റെ ശാപവും അനുഗ്രഹവും രണ്ടും പറും എന്നു അറിയുന്നു ആക യാൽഅവരെ പുറത്താക്കുവാൻ കഴിവു വരെണ്ടതിന്നു നീ വന്നു അവരെ ശപിക്കെ ണം. ഇപ്രകാരം കെട്ടാറെ ബിലൃാം ദൂതരൊട നിങ്ങൾ ഇവിടെ പാർപ്പിൻ ദെ വവാക്യപ്രകാരം നാള ഉത്തരം പറയാം എന്നു പറഞ്ഞു പാർപ്പിച്ചപ്പൊൾ ബി ലൃാമിന്നു ദർശനം ഉണ്ടായി വർത്തമാനം ബൊധിപ്പിച്ചപ്പൊൾ നീ അവരൊട്ട പൊകയും ഞാൻ അനുഗ്രഹിച്ച ജനത്തെ ശപിക്കയും അരുത എന്നു ദെവകല്പന ഉണ്ടാകയാൽ. ബിലൃാം കാലത്തെ ദൂതരൊട പറഞ്ഞു നിങ്ങൾ പൊകുവിൻ കൂട പൊരുവാൻ എനിക്ക അനുവാദം ഇല്ല എന്നു പറഞ്ഞയക്കുകയും ചെയ്തു. ദൂതർ ബാ ലാക്കിനെ ഉണർത്തിച്ചപ്പൊൾ രാജാവ അവരെക്കാൾ ആഡ്യന്മാരെ അയച്ച വരെ ണം എന്നും നീ കല്പിക്കുന്നത എല്ലാം ചെയ്യാം വളരെ ബഹുമാനിക്കാം എന്നും അത്യന്തം പിന്നെയും അപെക്ഷിച്ചപ്പൊൾ ബിലൃാം പ്രഭുക്കന്മാരൊട്ട അരമന നിറയ പൊന്നും വെള്ളിയും തന്നാലും ദെവവചനത്തെ ലംഘിപ്പാൻ ആവതല്ല എന്നു പറഞ്ഞു എങ്കിലും മൊഹം നിമിത്തം അവരെ പാർപ്പിച്ചാറെ പൊകെണ്ട തിന്നു ദെവാനുവാദം ഉണ്ടായി. ബിലൃാം രാവിലെ കഴുത കയറി പ്രഭുക്കന്മാ രൊട്ട കൂട പുറപ്പെട്ടകയും ചെയ്തു.

അവൻ പൊകുന്നതു അനിഷ്ടമാകകൊണ്ട യഹൊവയുടെ ദൂതൻ വഴിയിൽ അവനു വിരൊധിയായി നിന്നു. അവൻ വാളുമായി വഴിയിൽ നില്ക്കുന്നതു കഴു ത കണ്ട മാറി വയലിലെക്കു പൊയാറെ ബിലൃാം അടിച്ച വഴിക്കലാക്കയും ചെയ്തു. പിന്നെയും ദൂതൻ രണ്ട മതിലുകളുടെയും ഇടയിൽ നിലൂക്കുന്നതു കണ്ട പ്പൊൾ മതിലൊടുരുങ്ങി അവന്റെ കാലിനെ ഞെരുക്കിയാറെ പിന്നെയും അടിച്ച. മൂന്നാമതും വഴിയില്ലാത്ത ഒരിടുക്കിൽനിന്ന ദൂതനെ കണ്ടപ്പൊൾ കഴുത വീണ ബിലൃാം കൊപിച്ച അടികൂട്ടിയപ്പൊൾ മനുഷ്യവചനത്താൽ കഴുത പറ ഞ്ഞു തുടങ്ങി. ഈ മൂന്നുവട്ടം അടിപ്പാൻ ഞാൻ എന്തു ചെയ്തു. എന്നു കെട്ടാറെ പരിഹസിച്ചതു കൊണ്ടത്രെ വാൾ ഉണ്ടെങ്കിൽ നിന്നെ കൊല്ലുമായിരുന്നു എന്നു ബിലൃം പറഞ്ഞപ്പൊൾ ഇന്നു വരെയും നീ കയറിവന്ന നിന്റെ കഴുത ഞാൻ അല്ലയൊ മുമ്പെ ഇപ്രകാരം ചെയ്യുമാറുണ്ടൊ എന്നു ചൊദിച്ചതിന്നു ഇല്ല എന്നു പറയുമ്പൊൾ ദൈവം ബുദ്ധികെട്ട പ്രവാചകന്റെ കണ്ണു തുറന്നു അവൻ വാൾ ഒങ്ങി നിലൂക്കുന്ന ദൂതനെ കണ്ട നമസ്കരിക്കയും ചെയ്തു. അപ്പൊൾ ദെവദൂ തൻ അവനൊട്ട ഈ കഴുതയെ 3 വട്ടം അടിപ്പാൻ സംഗതി എന്തു നിണക്കു വി രൊധിയായി ഞാൻ പുറപ്പെട്ടിരിക്കുന്നു നിന്റെ വഴി അശുഭം കഴുത മാത്രം എന്നെ കണ്ട മാറി ഇല്ല എങ്കിൽ നിന്നെ കൊന്നു അതിനെ രക്ഷിക്കുമായിരുന്നു നിശ്ചയം എന്നു പറഞ്ഞു. അനന്തരം ബിലൃാം ഞാൻ പാപം ചെയ്തു നീ വിരൊധിയായി നിലൂക്കുന്നത അറിഞ്ഞില്ല അനിഷ്ടം എങ്കിൽ മടങ്ങിപൊ കാം എന്നു പറഞ്ഞാറെ അവരൊട കൂട പൊക ഞാൻ പറയിക്കുന്നതു മാത്രമെ പറ യാവു എന്ന കലൂപന കെട്ട പൊകയും ചെയ്തു. പ്രവാചകൻ വരുന്നു എന്നു രാ ജാവ കെട്ടാറെ അവനെ എതിരെലൂപാൻ അതിരൊളം ചെന്നു കണ്ട ആദ്യം എന്തു വരാതിരുന്നു ഞാൻ സമ്മാനിക്ക ഇല്ലയായിരുന്നുവൊ എന്നു പറഞ്ഞപ്പൊൾ ഞാൻ വന്നിരിക്കുന്നുവല്ലൊ ദൈവം നാവിൽ തരുന്ന വചനം മാത്രം ഞാൻ പറ യും എന്നു ബിലൃാം ചൊല്ലി ഇരുവരും പൊയി.

സദ്യയും ബലിയും കഴിച്ച ശെഷം ബാലാക്ക ബിലൃാമിനെ കൂട്ടി

കൊണ്ടു മലമെൽ നിറുത്തി ഇസ്രയെൽ പാളയത്തെ കാണിക്കുമ്പൊൾ ദെവനി യൊഗം ഉണ്ടായി തറയുടെ പുറും നില്ക്കുന്ന രാജാവൊട്ടും പ്രഭുക്കന്മാരൊട്ടും പറ ഞ്ഞു. ഇസ്രയെലെ ശപിക്കെണം എന്നുവെച്ചു മൊവബ രാജാവ എന്നെ കിഴക്കെ മലയിൽനിന്നു വരുത്തി. ദൈവം ശപിക്കാത്തവനെ ഞാൻ എങ്ങിനെ ശപിക്കും ഈ കാണുന്ന ജനം തനിച്ചു പാർക്കും ജാതികളുടെ എണ്ണത്തിൽ കൂട്ടുകയും ഇല്ല യാക്കൊബിന്റെ പൊടിയെ ആർ എണ്ണും. എന്റെ ആത്മാവ ഈ നെരുള്ളവരു ടെ മരണം പൊലെ മരിക്കട്ടെ എന്റെ ശെഷവും അവന്റെത എന്ന പൊലെ ഇരിക്കട്ടെ. എന്നതു കെട്ടപ്പൊൾ ബാലാക്ക നീ എന്തു ചെയ്യുന്ന ശത്രുക്കളെ ശപി പ്പാനായി ഞാൻ നിന്നെ വരുത്തി നീ അവരെ അനുഗ്രഹിക്കുന്ന എന്നു പറഞ്ഞാ റെ യഹൊവ അറിയിച്ചതിനെ ഞാൻ സൂക്ഷിക്കെണ്ടയൊ എന്നു ചൊന്ന ശെഷം പാളയത്തിന്റെ അവസാനം മാത്രം കാണ്മാന്തക്കവണ്ണം മറൊരു കുന്നിന്മെൽ കൊണ്ടുപൊയി കർമ്മം കഴിക്കയും ചെയ്തു.

ഇപ്പൊൾ യഹൊവ എന്തു കല്പിച്ചു എന്നു രാജാവ ചൊദിച്ചാറെ. അ ല്ലയൊ ബാലാക്കെ എഴുനീറു കെൾക്ക ദൈവം ഭൊഷ്കുപറയുന്ന പുരുഷനല്ല പ ശ്ചാത്താപം തൊന്നുന്ന ആദാമ്യനും അല്ല ആയവൻ ചൊന്നതിനെ ചെയ്യാതെ യും കല്പിച്ചതിനെ സ്ഥിരമാക്കാതെയും ഇരിക്കുമൊ അവൻ അനുഗ്രഹിച്ചു എനിക്കു മാറ്റരികുട. മായയും അദ്ധ്വാനവും ഇസ്രയെലിൽ കാണ്മാനില്ല അ വന്റെ ദൈവമായ യഹൊവ അവനൊടു കൂട ഉണ്ടു രാജനിമിത്തം ഉള്ള ആർ പ്പും ഉണ്ടു അവരെ മിസ്രയിൽനിന്നു പുറപ്പെടീച്ചവൻ ദെവൻ, ഘാണ്ടാമൃഗ ത്തിന്റെ വെഗതയും ഉണ്ടു. യാക്കൊബിൽ ആഭിചാരമില്ല ഇസ്രയെലിൽ ശ കുനവും ഇല്ലല്ലൊ അവരിൽ ദൈവം എന്തു പ്രവൃത്തിച്ചു എന്നിപ്പൊൾ ചൊല്ല പ്പെടും ഇതാ ജനം സിംഹം പൊലെ എഴുനീറു ഇര തിന്നുവൊളം കിടക്കാതെ ഇരിക്കും. എന്നു പറഞ്ഞപ്പൊൾ അവരെ ശപിക്കയും അനുഗ്രഹിക്കയും വെണ്ട എന്നു രാജാവു കല്പിച്ചു പ്രവാചകനെ മറൊരു സ്ഥലത്തെക്കു കൊണ്ടു പൊയി മുമ്പെ പൊലെ കർമ്മം കഴിപ്പിച്ചു.

അനന്തരം ബിലെയ്യാം യഹൊവയുടെ അഭീഷ്ടം അറിഞ്ഞപ്പൊൾ ശകുന ങ്ങളെ നൊക്കാതെ ഇസ്രയെലെ സ്തുതിച്ചു. അവർ സുഖമായി കുടി ഇരുന്ന പ രന്ന ജാതികളെ ജയിക്കും അവരിൽ സവ്വ പ്രസിദ്ധനായ രാജാവുണ്ടായി രാ ജ്യം വളരുകയും ചെയ്യും എന്നും മറും അറിയിച്ചപ്പൊൾ. ബാലാക്ക കൊപിച്ചു മണ്ടി പൊകെണം എന്നു കല്പിച്ചു. അതിന്റെ ശെഷം ബിലെയ്യാം ഞാൻ പൊകുന്ന ഈ ജനം ഒടുവിൽ നിന്റെ പ്രജകളൊടു ചെയ്യുന്നതിന്നത എന്ന അ റിയിക്കാം. ആ രാജാവിനെ ഞാൻ കാണും സമീപിച്ചല്ല താനും ഇസ്രയെലിൽ നിന്നു നക്ഷത്രവും ചെങ്കൊലുമായവൻ ഉദിച്ചു മൊവബ ദിക്കുകളെ എല്ലാം ച തെച്ചു നിലവിളി ഘൊഷക്കാരെ സകലരെയും നിഗ്രഹിക്കും. എദൊം കൈ വശമാകും. അമലെക് ജാതികളിൽ ആദ്യൻ എങ്കിലും അവന്റെ ഒടുക്കും ക്ഷയം ആകുന്നു. കെന്യവംശം പാറമെൽ ഉറപ്പുള്ള കൂടു ചമെക്കുന്നു എങ്കിലും അശ്ശൂർ നി ന്നെ എത്രൊടം അടിമയാക്കും. അയ്യൊ ദൈവം അപ്രകാരം ചെയ്യും അളവിൽ ആർ ജീവിച്ചിരിക്കും. പടിഞ്ഞാറ കിത്തിം ഭാഗത്തു നിന്നു കപ്പലുകൾ വന്നു ആശ്ശൂരിനെ താഴ്ത്തും എബരിനെയും താഴ്ത്തും ജയിച്ചവനും കൂട ക്ഷയിക്കും. എന്നിപ്രകാരം ഒരൊ ഭാവി വർത്തമാനങ്ങളെ പറഞ്ഞു അവർ ഇരുവരും വിട്ടു ത ങ്ങടെ വഴിക്കു പൊകയും ചെയ്തു.

20. മൊശെയുടെ വെലാവസാനം.

അനന്തരം ബിലെയ്യാം ഒരുപായം വിചാരിച്ചു ഇസ്രയെലെ ശപിപ്പാൻ ഇടവരായ്കകൊണ്ടു രാജാവിനൊടു ഇവരെ പാപം ചെയ്യിച്ചാൽ ദൈവവിരൊധം ഉണ്ടാകും പരസ്ത്രീസംഗത്തിന്നും വിഗ്രഹാരാധനെക്കും സംഗതി വരുത്തെണം എന്നു ദുഷ്ടൊപദെശം പറഞ്ഞ ചെയ്യിക്കയും ചെയ്തു. മൊവബ സ്ത്രീകൾ വന്നു

ഇസ്രായെലരൊട സംസർഗ്ഗം തുടങ്ങി അവരും മദിച്ചു സംഗിച്ചു സ്ത്രീകളെ ക്ഷണിക്കയാൽ ബലികമ്മങ്ങളിലും സദ്യകളിലും ചെർന്നു ഭക്ഷിച്ചു ബാൽപ്യൊർ മുതലായ മൊവബ ദെവന്മാരെയും സെവിച്ചു നമസ്കരിച്ചു. അപ്പൊൾ യഹൊവയുടെ കൊപം ജ്വലിച്ചു ജനങ്ങളിൽ ബാധപിടിച്ചു ഈ ദെവതയെ സംഗിച്ച മൂപ്പന്മാരെ എല്ലാം തൂക്കികളഞ്ഞു ദെവകൊപത്തെ തീർക്കെണം എന്ന കല്പന ഉണ്ടായി അതിനാൽ സഭക്കാർ എല്ലാവരും കരഞ്ഞിരിക്കുമ്പൊൾ ശിമ്യൊനരിൽ പ്രഭുവായ സിമ്രി മിദിയാനിൽ പ്രമാണിയുടെ മകളെ കൊണ്ടുവന്നു എല്ലാവരും കാൺകെ കൂടാരത്തിൽ ആക്കി.

അഹരൊന്റെ പൌത്രനായ പിഹനാസ അതു കണ്ടാറെ എഴുനീറ്റു കുന്തവും എടുത്തുകൂടാരത്തിൽ പ്രവെശിച്ചു നിർലജ്ജന്മാരായ ഇരുവരെയും കുത്തികൊന്നു. അവന്റെ ശ്രുഷ്ടാന്തിയാൽ ദെവബാധ ഒഴിഞ്ഞു പിഹനാസിന്നും അവന്റെ സന്തതിക്കും നിത്യ ആചാര്യസ്ഥാനം അവകാശമായി വരികയും ചെയ്തു.

ബാധകൊണ്ടു 24000 പെർ മരിച്ചതിന്റെ ശെഷം കനാൻ ദെശം പ്രവെശിച്ചു കുടി ഇരിക്കെണ്ടുന്നവരുടെ കണക്കു നൊക്കിയപ്പൊൾ ഇരുപതു വയസ്സിന്നു മെല്പെട്ടുള്ളവർ ആക 601730 ആളുകളെ കണ്ടു. അവരിൽ യൊശുവും കലെബും ഒഴികെ സീനായി വനത്തിൽ വെച്ചു എണ്ണിയവരിൽ ഒരുത്തനും ശെഷിച്ചുണ്ടായിരുന്നില്ല. വനത്തിൽ വെച്ചു മരിക്കും എന്നു യഹൊവ കല്പിച്ചവരിൽ മൊശെ മാത്രം ഇരിക്കകൊണ്ടു. യഹൊവ അവനൊടു നീയും അഹരൊനും വിവാദവെള്ളം സംഗതിയായി എന്റെ വചനം അനുസരിയാഞ്ഞുകൊണ്ടു നീ ഈ മലമെൽ കരെറി ഇസ്രയെലർക്കു കൊടുത്ത ദെശം നൊക്കുക അതു കണ്ടു ശെഷം നീയും കൂടെ അഹരൊൻ എന്ന പൊലെ നിന്റെ പൂവ്വന്മാരൊടു ചെരും എന്നു കല്പിച്ചപ്പൊൾ മൊശെ പ്രാർത്ഥിച്ചു. സകല ജഡത്തിലെ ആത്മാക്കൾക്കും ദൈവമായ യഹൊവയെ നിന്റെ സഭ ഇടയനില്ലാത്ത ആടുകളെന്ന പൊലെ വരുതെ അവരുടെ പൊക്കിലും വരവിലും മുമ്പായി നടക്കുന്ന ആളെ വെക്കെണമെ. എന്നാറെ യഹൊവ നൂന്റെ മകനായ യൊശുവ ആത്മാവുള്ള പുരുഷനാകകൊണ്ടു അവന്റെ മെൽ കൈവെച്ചു അവനെ എലാജർ ആചാര്യന്നും സഭെക്കും മുമ്പാക നിറുത്തി അവന്നു കല്പന കൊടുത്തു എല്ലാവരും അനുസരിക്കെണ്ടതിന്നു നിന്റെ തെജസ്സു അവന്റെ മെൽ ആക്കെണം അവൻ സകല സംശയത്തിലും എലാജരെ ചെന്നു അവനെ ഊരിം ആചാരപ്രകാരം യഹൊവയൊട അനെഷിക്കുമാറാക്കി അനുസരിച്ചു നടക്കെണം. എന്നു കല്പിച്ച പ്രകാരം മൊശെ നടത്തി തന്റെ വെലയെയും യൊശുവിങ്കൽ ഏല്പിക്കയും ചെയ്തു.

മരിക്കുമ്മുമ്പെ ഇനിയും ഒന്നു ചെയ്യെണം മിദ്യാനർ കള്ള ദെവകളെക്കൊണ്ടും സ്ത്രീകളെ കൊണ്ടും ചെയ്യിച്ച കൌശലത്തിന്നു പ്രതിക്രിയ ചെയ്ക എന്നു നിയൊഗം ഉണ്ടായാറെ. മൊശെ ഒരൊ ഗൊത്രങ്ങളിൽ പ്രത്യെകം ആയിരം ആളുകളെ എടുത്തു പിഹനാസിനെ തലവനാക്കി കാഹളങ്ങളൊട കൂടെ ആചാര്യന്മാരെയും അയച്ചു. അവർ പുറപ്പെട്ടു പൊരിൽ മിദ്യാനരെ ജയിച്ചു പുരുഷന്മാരെയും ചില രാജാക്കന്മാരെയും കള്ള പ്രവാചകനായ ബിലെയാമിനെയും കൊന്നു വളരെ കൊള്ളയും ഇട്ടു ആ ധനത്തിൽ പാതി യുദ്ധത്തിന്നു പൊയവക്കും പാതി പൊകാത്തവക്കും കൊടുത്തു 50 ഇൽ ഒരംശം ആചാര്യന്മാക്കും ലെവ്യക്കും വിഭാഗിച്ചു വെച്ചു.

അനന്തരം യർദ്ദനികരയിലുള്ള രാജ്യം കുന്നുകാലികൾക്കു എറവും വിശിഷ്ടമാകകൊണ്ടു രൂബൻ ഗാദ അര മനശ്ശി എന്ന 24 ഗൊത്രക്കാർ വന്നു അപെക്ഷിച്ചപ്പൊൾ മൊശെ സഹൊദരന്മാരെ പടെക്കയക്കയും നിങ്ങൾ ഇവിടെ ഇരിക്കയും ചെയ്യാമൊ എന്നും മറും പറഞ്ഞതിന്നു. അവർ അപ്രകാരം വെണ്ടാ ഞങ്ങൾ കുഞ്ഞിക്കുട്ടികളെയും ആടുമാടുകളെയും പാപ്പിക്കെണ്ടതിന്നു പുറമതിലുകളെ പണിയിച്ചു ഉടനെ ആയുധപാണികളായി സഹൊദരരുടെ മുമ്പിൽ പുറപ്പെട്ടു യുദ്ധം ചെയ്യാം അവക്കും കൂടെ അവകാശം വരുവൊളം മടങ്ങി

പൊകയും ഇല്ല. എന്നിങ്ങിനെ പറഞ്ഞപ്പൊൻ മൊശയും മററും അപ്രകാരം ആകട്ടെ എന്ന സമ്മതിച്ചു അവക്കു സീഹൊൻ ഒഗ ഈ രണ്ട രാജാക്കന്മാരുടെ രാജ്യങ്ങളെ കൊടുത്ത അവർ പട്ടണങ്ങളെയും മററും എടുപ്പിക്കയും ചെയ്തു. മറെറയവരൊട: യർദ്ദൻ കടന്ന കനാനിൽ പ്രവെശിക്കുമ്പൊൻ നിങ്ങൻ കുടിയാന്മാർ എല്ലാവരെയും പുറത്താക്കി പ്രതിഷ്ഠകളെയും പ്രതിമകളെയും എല്ലാം നശിപ്പിച്ചു ആ രാജ്യം അംശിച്ചു ശീട്ടെടുത്ത വന്ന ദെശങ്ങളിൽ അവരവർ കുടി ഇരിക്കെണം. കനാന്യരെ ആട്ടികളയാതെ ഇരുന്നാൽ അവർ നിങ്ങൻക്കു മുള്ളുകളായി തീരും ഞാൻ അവരൊട ചെയ്വാൻ ഭാവിച്ച പ്രകാരം നിങ്ങളൊട ചെയ്യെണ്ടിവരും. വിഭാഗിക്കെണ്ടുന്ന രാജ്യത്തിന്റെ അതിരുകൻ തെക്ക ഉപ്പുപൊയ്കയുടെ തെക്കെ അററം തുടങ്ങി മിസ്രത്തൊടുവരെയും പടിഞ്ഞാറു സമുദ്രവും വടക്കു ലിബനൊൻ ഹമ്മൊൻ മലകളും കിഴക്കു യർദ്ദൻ പുഴയും അതിരായ ദെശങ്ങളെ 94 ഗൊത്രങ്ങൻക്കും എലാജർ യൊശുവും 10 ഗൊത്രത്തലവന്മാരും കൂടെ പകുത്ത കൊടുക്കെണം. എന്നിപ്രകാരം മൊശെ കല്പിച്ചു യൊശുവൊട യഹൊവ ഈ രണ്ട രാജാക്കന്മാരൊടു ചെയ്തതിനെ നീ കണ്ടുവല്ലൊ നീ ചെല്ലുന്ന രാജ്യങ്ങളിൽ ഒക്കയും യഹൊവ ഇപ്രകാരം തന്നെ ചെയ്യും അവരെ ഭയപ്പെടരുത യഹൊവ നിങ്ങൻക്കായി യുദ്ധം ചെയ്യും എന്ന പറകയും ചെയ്തു.

അക്കാലം മൊശെ അപെക്ഷിച്ചു കൎത്താവായ യഹൊവയെ നീ അടിയന്ന നിൻ മഹത്വത്തെയും വീര്യ ബാഹുവെയും കാണിച്ചു തുടങ്ങി നിന്റെ ക്രിയകൻക്കും ജയങ്ങൻക്കും തക്ക പ്രകാരം നടത്തുന്ന ദൈവം ഭൂമി ആകാശങ്ങളിലും ആരുള്ള. എന്നെയും കടത്തി യർദ്ദനക്കരെ നല്ല ദെശത്തെയും ഈ ശൊഭന മലകളെയും ലിബനൊനെയും കാട്ടെണമെ. എന്നാറെ യഹൊവ ആയ്തു അനുസരിയാതെ മതി ഇനി ഈ കാര്യത്തെ എന്നൊട പറയരുത നീ ഈ നദിയെ കടക്ക ഇല്ല പിസ്ഗ മലയിൽ കരെറി നാലു ഭാഗവും നൊക്കി നല്വണ്ണം കാൺക യൊശുവെയും ഉറപ്പിക്ക എന്നിങ്ങിനെ അരുളിചെയ്തു.

ചരമെത്വനുവാക്യാഖ്യെസ്തസ്യൈസൊഗ്രഃപ്രവാചിനാം
മൊസിരീശകൃതം സവ്വംവഗ്ഗാത്ഥവക്ത്യനുക്രമാൽ.
ശ്രെഷ്ഠാജ്ഞാശ്ചതതൊപ്യാഹസ്മാര്യഗീത സമന്വിതാഃ
ആശിഷംതദ്വിനീതെഭ്യാവിരൊധിഭ്യസ്തഥാശപം.
പരംചാത്മനിഭംഭവ്യംപരെപ്രൊച്യെശവാദിനം
കനാനംശിഖരാദ്ദഷ്ട്വാമുതൊദ്ദശ്യശവൊനരൈഃ.

21. കറാരിനെ നിനപ്പിക്ക

40 വർഷം 11 മാസം 1 തിയ്യതി മൊശെ ഇസ്രയെലരൊടു ഉപദെശിച്ചത എന്തെന്നാൽ. ഇപ്പൊൻ ഇസ്രയെലെ ഞാൻ ദെവനിയൊഗത്താൽ കല്പിക്കുന്നതിനെ കെൻക്ക യഹൊവയുടെ കല്പനകളൊടു ഒന്നും ചെർക്കയും കുറെക്കയും അരുത അവറെ പ്രമാണിക്ക ചെയ്വീൻ. അന്യജാതികൻ ഈ കല്പനകൻ ഒക്കെയും കെട്ടു ഹാ എത്രെ ബുദ്ധിയും അറിവും ഉള്ള ജനം ഈ വംശം അത്രെ മഹത്വമുള്ളത എന്ന നിങ്ങളെ പറയും. അതു സത്യം നാം വിളിക്കുമ്പൊൻ ഒക്കെയും നമ്മെ സമീപിച്ചു വരുന്ന യഹൊവ എന്ന പൊലെ മറുള്ള ജാതിക്ക ദെവസാന്നിദ്ധ്യം ഉണ്ടൊ. ഇത്ര ന്യായമായ വെപ്പുകളുള്ള ജനവും എതുള്ള. നീ കണ്ട കാര്യങ്ങളെയും അഗ്നി മദ്ധ്യത്തിങ്കൽനിന്ന കല്പിച്ച 10 വചനങ്ങളെയും ആയുസ്സുള്ള നാൻ മറക്കാതെ സൂക്ഷിച്ചു പുത്ര പൌത്രന്മാർക്കും ഉപദെശിച്ചുകൊൻക. അന്യജാതികൻക്കുള്ള പ്രകാരം നിങ്ങൻ ഭൂമിയിലും വെള്ളത്തിലും കാണുന്ന യാതൊന്നിന്റെ സ്വരൂപത്തെ എങ്കിലും ആകാശത്തിലുള്ള ഗ്രഹ നക്ഷത്രങ്ങളെ എങ്കിലും നൊക്കി വന്ദിക്കയും സെവിക്കയും അരുതല്ലൊ. യഹൊവ നിങ്ങളെ മിസ്ര എന്ന ചൂളയിൽനിന്ന എടുത്തു സ്വജനം ആക്കി ഇരിക്കുന്ന. അവൻ ദഹിപ്പിക്കുന്ന അഗ്നിയും ശുഷ്കാന്തിയുള്ള ദൈവവും ആകുന്ന. നിങ്ങൻ കാലക്രമത്തിൽ

വഷളന്മാരായി അവനെ കൊപിപ്പിച്ചാൽ നിങ്ങൾ പൊകുന്ന ദെശത്തുനിന്നു വെഗം നശിച്ചു അന്യരാജ്യങ്ങളിൽ ചിതറി കുറഞ്ഞവരായ്തീർന്ന കല്ലും മരവും ആയ ദെവകളെ സെവിച്ചു പൊകും എന്നു ഞാൻ ആകാശഭ്രമികളെ സാക്ഷിക ളാക്കി പറയുന്നു. അപ്രകാരം എങ്കിലും അവിടെനിന്നു യഹൊവയെ പൂർണ്ണഹൃ ദയം കൊണ്ടു അന്വെഷിച്ചാൽ അവിടെയും കണ്ടെത്തും. അവസാനദിവസങ്ങ ളിൽ നീ നന്നായി കുഴഞ്ഞ സലക ശിക്ഷകളെയും അനുഭവിക്കുമ്പൊൾ നിന്റെ ദൈവത്തിലെക്കു തിരിഞ്ഞ അവന്റെ ശബ്ദത്തെ കെൾക്കും. അവൻ മനസ്സലി യുന്ന ദൈവം. നിന്നെ വിടാതെയും കെടുക്കാതെയും താൻ പിതാക്കന്മാരൊട ചെയ്ത സത്യത്തെ മറക്കാതെയും ഇരിക്കും. ദൈവം മനുഷ്യനെ സൃഷ്ടിച്ചനാൾ മുതൽ എവിടെ എങ്കിലും ദൈവം അഗ്നിമദ്ധ്യത്തിൽ നിന്നു സംസാരിച്ചതിനെ ഒരു വംശം കെട്ടു ജീവിച്ച പ്രകാരവും ദൈവം എറ അതിശയങ്ങളെ കാണിച്ചു അന്യജാതിയുടെ നടുവിൽനിന്നു ഒരു ജാതിയെ തനിക്കു പറിച്ചെടുപ്പാൻ തുനി ഞ്ഞ പ്രകാരവും മുമ്പെ കെട്ടിട്ടുണ്ടൊ. നീ മാത്രം അപ്രകാരം കണ്ടു മെലും കീ ഴും യഹൊവയെ അല്ലാതെ മറെറാരു ദൈവം ഇല്ല എന്ന അറിയുന്നുവല്ലൊ. അവ ന്റെ കല്പനകളെ പ്രമാണിച്ചാൽ നീയും സന്തതിയും യഹൊവ എല്ലാ കാല ത്തെക്കും നല്കുന്ന ഭ്രമിയിൽ സൈരമായി വസിക്കും.

നമ്മുടെ ദൈവമായ യഹൊവ ഹൊരബ പവ്വതത്തിൽ വെച്ചു സംസാരി ച്ചു നമ്മൊട കരാർ ചെയ്തിരിക്കുന്നു. യഹൊവ കല്പിച്ച പ്രകാരം ഒക്കയും ഞ ങ്ങൾ കെട്ടു നടക്കാം എന്ന അന്നു നിങ്ങൾ പറഞ്ഞപ്പൊൾ യഹൊവ എന്നൊടരു ളിചെയ്തു. ഇവർ പറഞ്ഞത ഒക്കയും നന്നു എന്നെ നിത്യം ശങ്കിച്ചു കല്പന കളെയും പ്രമാണിപ്പാന്തക്ക ഹൃദയം ഇവർക്കുണ്ടായാൽ കൊള്ളായിരുന്നു. എ ന്നാൽ ഇവർക്കും സന്തതിക്കും എന്നെക്കും ഗുണം വരും. എന്നതിനെ ഒത്തു ഇട ത്തും വലത്തും ചായാതെ അനുസരിച്ചിരിപ്പിൻ.

ഇസ്രയെലെ കെൾക്ക നമ്മുടെ ദൈവമായ യഹൊവ എക യഹൊവ. അവനെ മുഴമനസ്സുകൊണ്ടും പൂർണ്ണ ശക്തിയാലെയും സ്നെഹിക്കെണം. ഈ വച നങ്ങൾ നിന്റെ ഹൃദയത്തിൽ ധരിച്ചു മക്കളിലും സൂക്ഷ്മമായി ഉറപ്പിച്ചു വീട്ടി ലും വഴിയിലും കിടപ്പിലും ഉണർവിലും എല്ലാടവും പറഞ്ഞും വീട്ടു പട്ടണങ്ങ ളുടെ വാതിലുകളിലും എഴുതിയും ഒർമ്മവരുത്തെണം.

യഹൊവ നിന്നെ വാശ്ദത്ത ദെശത്തിൽ വരുത്തി നീ പണിയാത്ത നല്ല നഗരങ്ങളെയും നീ സ്വരൂപിക്കാത്ത മുതൽ നിറഞ്ഞ വീടുകളെയും നീ വെട്ടാ ത്ത കിണറുകളെയും നീ നടാത്ത പറമ്പുകളെയും തരുമ്പൊൾ നീ തൃപ്തനായി ഉപകാരിയെ മറക്കാതെ ഇരിപ്പാൻ നൊക്കുക. അവൻ നിന്നെ എല്ലാ ജാതിക ളിലും തനിക്കു പരിശുദ്ധ ജനമാക്കി വെത്തിരിച്ചതു ജനാധിക്യം കൊണ്ടല്ല നി ങ്ങൾ എല്ലാവരിലും ചുരുങ്ങിയവരല്ലൊ പിതാക്കന്മാരൊട ചെയ്ത സത്യം നി മിത്തം അത്രെ ചെയ്തിരിക്കുന്നതു. ആ രാജ്യത്തിൽനിന്നു ധനം വർദ്ധിക്കുമ്പൊൾ നീ മദിച്ചു എന്റെ സാമർത്ഥ്യവും ഈ കൈകളുടെ ബലവും ഇത ഒക്കയും സ മ്പാദിച്ചു എന്നും ഭാവിക്കാതെ ഇരിപ്പാൻ ദൈവം നിങ്ങളെ താഴ്ത്തി അപ്പം കൊ ണ്ടല്ല മന്ന കൊണ്ടു വളർത്തി പാറയിൽനിന്നു വെള്ളം പൊഴിച്ചു 40 വർഷത്തൊ ളം വസ്ത്രങ്ങൾ പഴക്കാതെയും കാൽ വീങ്ങാതെയും ഘൊരവനത്തിൽ കൂടി നട ത്തി മനുഷ്യൻ സ്വപുത്രനെ ശിക്ഷിക്കും വണ്ണം യഹൊവ നിന്നെ ശിക്ഷിച്ചു വ ളർത്തിയും വരുന്നു. ആരാലും എതിർത്തു കൂടാത്ത ജാതികളെ നിന്റെ മുമ്പിൽനി ന്നു യഹൊവ നീക്കിയ ശെഷം എന്റെ നീതി നിമിത്തം ഈ രാജ്യം എനിക്കു അനുഭവമായ്തു എന്നും നിരൂപിക്കയും അരുതു നിന്റെ നെരും നീതിയും നിമി ത്തം അല്ല അവരുടെ ദുഷ്ടത നിമിത്തം അത്രെ അവരെ നീക്കുന്നതു. നീയൊ കഠിന കഴുത്തുള്ള ജനം യാത്രാദിവസം തുടങ്ങി ഇതു വരെയും ഞാൻ നിങ്ങളെ അറിഞ്ഞ നാൾ മുതലായി നിങ്ങൾ മത്സരികൾ അല്ലൊ. കെട്ടാലും ഭ്രമി സ്വർഗ്ഗ ങ്ങളും ആകാശമണ്ഡലങ്ങളും ഇവററിലെ സകലവും നിന്റെ ദൈവമായ യഹൊ വയ്ക്കുള്ളതു. അപ്രകാരം എങ്കിലും സകല ജാതികളിൽനിന്നും നിങ്ങളെ

തെരിഞ്ഞെടുപ്പാൻ ഇഷ്ടം തൊന്നി ആകയാൽ നിങ്ങൾ ഹൃദയത്തിലെ ചെലാ കഴിച്ചു കഴത്തിലെ കാഠിന്യം നീക്കുവിൻ. യഹൊവ ദൈവാധിദൈവനും കർത്താധികർത്താവും കൈക്കൂലി വാങ്ങാത്തവൻ മുഖപക്ഷം ഇല്ലാത്തവനും ആകുന്നു. ആകയാൽ ശാപാനുഗ്രഹങ്ങൾ രണ്ടിനെയും നിങ്ങളുടെ മുമ്പിൽ വെക്കുന്നു. അനുസരിച്ചാൽ അനുഗ്രഹം അനുസരിയാതിരുന്നാൽ ശാപസമൂഹം തന്നെ.

ആകയാൽ ആ രാജ്യത്തിൽ പ്രവെശിച്ചാൽ ആ നാട്ടുകാർ തങ്ങടെ ദൈവങ്ങളെ സെവിച്ചു പൊരുന്ന പ്രകാരം ചൊദിക്കയും വിചാരിക്കയും അരുതു. നീ അറിയാത്ത ദൈവങ്ങളെ വിചാരിക്കെണം എന്നു ദർശനക്കാരിൽ ആരെങ്കിലും ഉപദെശിച്ചാലും അവൻ ലക്ഷണം പറഞ്ഞു ഒപ്പിച്ചാലും അതിനെ അനുസരിക്കരുത. ആ വകകൊണ്ടു യഹൊവ നിങ്ങൾ സ്വാത്മനാ തന്നെ സെവിക്കുമൊ എന്ന തന്നെ പരീക്ഷിക്കുന്നു. യഹൊവയെ വിടെണം എന്നു സഹൊദരൻ എങ്കിലും മകൻ എങ്കിലും ഗ്രുഢമായി പറഞ്ഞാലും ദയ വിചാരിയാതെ അവനെ കുല ചെയ്യെണം. കനാനിലെ ജനങ്ങൾ ലക്ഷണക്കാരെയും മന്ത്രവാദികളെയും അനുസരിച്ചു വരുന്നതു പൊലെ യഹൊവ നിണക്കു കല്പിക്കാതെ നിന്റെ സഹൊദരന്മാരിൽനിന്നു എന്നൊടു സമനായ പ്രവാചകനെ ഉദിപ്പിക്കും അവനെ ചെവിക്കൊള്ളെണം അവൻ എന്റെ നാമത്തിൽ പറയുന്ന എന്റെ വചനങ്ങളെ യാതൊരുത്തൻ എങ്കിലും കെൾക്കാതെ ഇരുന്നാൽ അവനൊടു ഞാൻ ചൊദിക്കും എന്നു യഹൊവയുടെ അരുളപ്പാടു. മറഞ്ഞത എല്ലാം നമ്മുടെ ദൈവമായ യഹൊവെക്കുള്ളതു, വെളിപ്പെട്ടതെല്ലാം നമുക്കും സന്തതിക്കും ഉള്ളതു നാം ഈ ന്യായപ്രമാണം സമസ്തം ചെയ്യെണ്ടുന്നതു തന്നെ. ഇന്നു നിന്നൊടു കല്പിക്കുന്ന ഈ നിയൊഗം മറപ്പൊരുളും ദൂരസ്ഥമായതും അല്ലല്ലൊ. സ്വർഗ്ഗത്തൊളം കരെറി അതിനെ വരുത്തെണ്ടതും അല്ല കടൽകടന്നിട്ടു ഇങ്ങൊട്ടു കൊണ്ടുവരെണ്ടുന്ന സാധനവും അല്ല നീ ചെയ്യെണ്ട വചനം നിന്റെ വായ്ക്കും ഹൃദയത്തിനും ഏറ്റവും സമീപമായിട്ടുണ്ടു.

ഇതാ ഞാൻ ഇന്നു നിന്റെ മുമ്പാകെ അനുഗ്രഹ ശാപങ്ങളെയും ഗുണദൊഷങ്ങളെയും ജീവമരണങ്ങളെയും വെച്ചിരിക്കുന്നു. യഹൊവയെ സ്നെഹിച്ചു അവന്റെ വാക്കു കെട്ടു അവനെ ചെന്നു നടക്കുന്നതു നിണക്കു ജീവനും അനുഗ്രഹവും തന്നെ. ഹൃദയം മാറി ചെവിക്കൊള്ളാതിരുന്നാൽ നീ വാഴുത്ത ദെശത്തിൽനിന്നു ഉടനെ നശിച്ചു സ്വാസ്ഥ്യം കൂടാതെ ഭ്രമിയവസാനത്തൊളം ചിതറിപൊയി എല്ലാ ജാതികളിലും നികൃഷ്ടനായും പരിഹാസ്യനായും തീരും. മെൽ പ്രകാരം ഒരൊ അനുഗ്രഹ ശാപങ്ങളെയും അനുഭവിച്ച ശെഷം എവിടെനിന്നു എങ്കിലും ബൊധം ഉണ്ടായി നീ യഹൊവയുടെ നെരെ തിരിഞ്ഞാൽ അവൻ കരുണ പൂണ്ടു ചിന്നിപൊയ ദിക്കുകളിൽ നിന്നു നിന്നെ ഉദ്ധരിച്ചു ഈ രാജ്യത്തിൽ തന്നെ വരുത്തി ഹൃദയ ചെല കഴിച്ചു സ്വാത്മനാ സ്നെഹിക്കുമാറാക്കും. ഈ കരാറിന്നു ഭ്രമി ആകാശങ്ങൾ തന്നെ സാക്ഷികൾ.

22 യഹൊവ മൊശയെ കൊണ്ടെഴുതിച്ച ഗാനം

അനന്തരം മൊശെ ഇസ്രയെലരൊടു ഞാൻ ഇന്നു 120 വയസ്സുള്ളവനായ്തീർന്നു ഇനിമെൽ സഞ്ചരിപ്പാൻ കഴികയില്ല ഈ നദിയെ നീ കടക്കയില്ല എന്നു യഹൊവ കല്പിച്ചിട്ടും ഉണ്ടു എന്നു പറഞ്ഞു യൊശുവിന്നും ജനങ്ങൾക്കും ധൈര്യം വരുത്തി 5 ഗ്രന്ഥങ്ങൾ ചെത്തെഴുതിയ പുസ്തകത്തെയും ലെവ്യർക്കും ഇസ്രയെൽ മൂപ്പന്മാർക്കും എല്പിച്ചു സാക്ഷിപ്പെട്ടകത്തിന്റെ ഭാഗത്തുവെച്ചു സൂക്ഷിക്കെണം എന്നും ഏഴാം വർഷാവസാനം വരുന്തൊറും ആബാലവൃദ്ധം ഇസ്രയെൽ സ്ത്രീപുരുഷന്മാർ എല്ലാം യഹൊവയുടെ സന്നിധിസ്ഥലത്തു കൂടി വരുമ്പൊൾ ഈ ന്യായപ്രമാണത്തെ എല്ലാവരെയും വായിച്ചു കെൾപ്പിക്കണം എന്നും അതു നിങ്ങൾക്കു സാക്ഷിയായി നില്ക്കും നിങ്ങളുടെ ശാഠ്യത്തെ ഞാൻ അറിയുന്നു ഞാൻ ഇരിക്കുമ്പൊൾ തന്നെ നിങ്ങൾ യഹൊവയൊടു മത്സരിച്ചുവല്ലൊ എന്റെ ശെഷം എത്ര അധികം വരും

എന്നും കല്പിച്ചാറെ. യഹൊവ മൊശയൊട നിണക്ക മരണ സമയം വന്നു യൊശുവൊട്ട കൂട അടുത്തുവാ എന്നു വിളിച്ചശെഷം ഇരുവരും സാക്ഷികൂടാരത്തി ങ്കൽ പ്രവെശിച്ചു. അനന്തരം യഹൊവ കല്പിച്ചു. ഈ ജനത്തിന്നു സ്വാസ്ഥ്യം വരുമ്പൊൾ അവർ എന്നെ ദൃഷ്ടിച്ചും കറാരെ ലെംഘിച്ചും അന്യദൈവങ്ങളെ സെവിച്ചിട്ടു അനന്ത ദുഃഖങ്ങളിൽ അകപ്പെടും ഇന്നും അവർക്കുള്ള നിനവിനെ ഞാൻ അറിയുന്നു. ഞാൻ ഇപ്പൊൾ കല്പിക്കുന്ന ഗാനം എഴുതുവിൻ അതു ഇവ രും സന്തതികളും മറക്കയില്ല എനിക്കും അവർക്കും അതു സാക്ഷിയായി നില്ക്കും. എന്നു കെട്ടാറെ മൊശെ സഭക്കാർ എല്ലാവരും കെൾക്ക ഈഗാന വാക്യങ്ങളെ മുഴുവൻ പറഞ്ഞു.

ആകാശങ്ങളെ ചെവിക്കൊൾവിൻ ഞാൻ പറയും ഭൂമിയും കെൾക്ക. മഴ പൊലെ എന്റെ ഉപദെശം ചൊരിയും മഞ്ഞു പുല്ലിന്മെൽ എന്ന പൊലെ വച നവും പാറും. ഞാൻ യഹൊവാനാമത്തെ ഘൊഷിക്കും നമ്മുടെ ദൈവത്തിന്നു മഹത്വത്തെ കൊടുപ്പിൻ. അവൻ പാറ. അവന്റെ ക്രിയ തികഞ്ഞതു വഴികൾ എല്ലാം ന്യായം വക്രത ഇല്ലാത്ത സത്യദൈവം നീതിയും നെരും ഉള്ളവൻ. അവ ന്റെ മക്കൾ അല്ല അവരിൽ കറയായി ഇരുട്ടും മറിവും ഉള്ള വക അവന്റെ നെരെ വഷളത്വം വരുത്തി. ജ്ഞാനമില്ലാത്ത മൂഢ ജനമെ നിങ്ങൾ ഇപ്രകാരം യഹൊ വെക്കു പകരം ചെയ്യുന്നുവൊ. അവൻ നിന്നെ നിർമ്മിച്ച പിതാവല്ലയൊ നിന്നെ ഉണ്ടാക്കി ഉറപ്പിച്ചവനും അല്ലയൊ. പണ്ടത്തെ ദിവസങ്ങളെ ഒർക്ക അച്ചനൊടും മൂപ്പന്മാരൊടും അന്വെഷിക്ക അവർ അറിയിക്കുന്നതാവതു. ഉന്നതൻ ആദാമ്യരെ പിരിച്ചു ജാതികളെ വെവ്വെറെ കുടി ഇരുത്തുമ്പൊൾ അവൻ ഇസ്രയെലരുടെ എണ്ണപ്രകാരം വംശങ്ങൾക്ക അതിരുകളെ വെച്ചു യഹൊവയുടെ അംശം യാ കൊബു തന്നെ. അവൻ അവനെ മരുഭൂമിയിലും ഒളിയിടുന്ന ശൂന്യ വനത്തിലും കണ്ടെത്തി പൊത്തി പിടിച്ചു സൂക്ഷിച്ചു കൃഷ്ണമണിയെ പൊലെ കാത്തു രക്ഷി ച്ചു. കഴുകു തന്റെ കൂടു ഇളക്കി കുട്ടികളുടെ മെൽ ആടി ചിറകു വിരിച്ചു അവറെ വഹിക്കുന്നതു പൊലെ യഹൊവ അന്യദൈവം കൂടാതെ ഏകനായി അവനെ വഴി നടത്തി വളർത്തുകയും ചെയ്തു.

ബാലൻ തടിച്ചു മുഴുത്തു വന്നപ്പൊൾ കുടഞ്ഞു ചവിട്ടി തന്നെ ഉണ്ടാക്കിയ ദൈവത്തെ വിട്ടു തന്റെ രക്ഷാ പാറയെ നിന്ദിച്ചു അന്യരെ സെവിച്ചു പിതാ ക്കന്മാരും അറിയാത്ത പുതു മൂർത്തികൾക്ക ബലികഴിക്കയാൽ അവനു അസൂയ യും കൊപവും ജനിപ്പിച്ചു. നിന്നെ ഉല്പാദിച്ച പാറയെ മറന്നതു യഹൊവ കണ്ടാറെ മക്കളെ വെറുത്തു പറഞ്ഞു. ഞാൻ എന്മുഖത്തെ അവർക്കു മറെക്കും വി ശ്വാസം ഇല്ലാത്ത ഈ പുത്രന്മാരുടെ അവസാനത്തെ നൊക്കും. ദൈവമല്ലാത്ത തിനാൽ അവർ എനിക്കു അസൂയ ഉണ്ടാക്കിയ പ്രകാരം ഞാനും ജനമല്ലാത്തവ രാൽ അവർക്കു അസൂയ വരുത്തും എന്റെ കൊപാഗ്നി ജ്വലിച്ചു അവരുടെ ദെശ ത്തെ കത്തിക്കും ദൊഷങ്ങളെ അവരുടെ മെൽ കൂട്ടും എന്റെ അമ്പുകളെ അവരിൽ എയ്യും. അവർ വിശപ്പുകൊണ്ടു വെന്തു ജ്വരത്താൽ മാഴ്കും സിംഹദന്തങ്ങളെയും സർപ്പവിഷത്തെയും അവരിൽ പ്രയൊഗിക്കും പുറമെ വാളും അകത്തു ഭയവും അവരെ സംഹരിക്കും.

അവർ തിരിച്ചറിവില്ലാതെ ബൊധം കെട്ടജാതിയാകയാൽ ഞാൻ വി ചാരിച്ചു ശത്രുക്കൾ ഞെളിഞ്ഞ ഞങ്ങളുടെ കൈ ഉയർന്നു എന്നും ഇത ഒക്കയും യ ഹൊവ ചെയ്തതല്ല എന്നും പറയും എന്നു തൊന്നി ഇല്ല എങ്കിൽ ഞാൻ അവരെ പാററികളയുമായിരുന്നു. അവർ ബൊധമുള്ളവരായി അവസാനകാലത്തെ വി ചാരിക്കും എങ്കിൽ കൊള്ളായിരുന്നു. അവരിൽ ആയിരത്തെ ഒടിപ്പാൻ ഒരുത്ത നും 10000ത്തെ മണ്ടിപ്പാൻ ഇരുവരും മതിയായി വന്നതു എങ്ങിനെ. അവർക്കു പാറയായ യഹൊവ അവരെ വിറ്റു എല്പിച്ച വെച്ചതിനാൽ അല്ലാതെ ആകുമൊ ശത്രുക്കളും കൂട അവരുടെ പാറ നമ്മുടെ പാറപൊലെ അല്ല എന്ന വിധിക്കുമല്ലൊ. പക വിളുകയും പ്രതിക്രിയയും എനിക്കുള്ളതു തക്കകാലത്തിൽ അവരുടെ കാൽ വഴുതും ആപദ്ദിവസം അവക്കു സമീപിച്ചു അവക്കു വിധിച്ചതും ബദ്ധപ്പെടുന്നു.

യഹൊവ സ്വജനത്തിന്ന തുണയില്ല എന്ന കണ്ടു വിസ്തരിച്ചു ദുഷ്യരെ കുറിച്ചു നതപിക്കും. അംപ്പാം നിങ്ങൾ ആശ്രയിച്ച ദൈവങ്ങൾ എവിടെ അവ എഴുനീറു നിങ്ങൾക്ക സഹായിക്കട്ടെ എന്നും കാണ്മിൻ തുല്യനില്ലാതെ ഞാൻ ഞാൻ അവൻ ആകുന്ന ഞാൻ കൊല്ലും ജീവിപ്പിക്കയും ചെയ്യും മുറിക്കും സ്വസ്ഥതയെയും വരുത്തും എൻ കൈയിൽനിന്ന വിടുവിക്കുന്നവൻ ആരും ഇല്ല എന്നും പറയും. ഞാൻ കൈ ഉയർത്തി എന്നെക്കും ജീവിക്കുന്നെൻ എന്ന കല്പിക്കുന്ന. അവന്റെ ജനവും ജാതികളുമായുള്ളോവെ ആർപ്പിൻ സ്വദുത്യരുടെ രക്തപ്പകയെ അവൻ വീട്ടി വിരൊധികളൊടു പകരം ചെയ്യ സ്വദെശത്തിന്മെലും ജനത്തിന്മെലും പാപശാന്തി വരുത്തുകയും ചെയ്യും.

എന്നിപ്രകാരം മൊശെ എല്ലാവരൊടും ഘൊഷിച്ചറിയിച്ചു ഈ ഉപദെശം വ്യർത്ഥമല്ല നിങ്ങളുടെ ജീവനമാക കൊണ്ടു മനസ്സിൽ ധരിച്ചു പ്രമാണിച്ചു കൊൾവിൻ എന്നപെക്ഷിക്കയും ചെയ്യ.

ചരമംതുകനാനസ്യസമീപെദ്രാവുപസ്ഥിതഃ
തദാമൊസിരപിപ്രെതഈശശാസ്തുപ്രവാചകഃ.

23. മൊശയുടെ അനുഗ്രഹവും മരണവും

ദൈവമനുഷ്യനായ മൊശെ മരിക്കുമ്മുമ്പെ ഇസ്രയെലരെ അനുഗ്രഹിച്ച പ്രകാരം പറയുന്ന.

യഹൊവ സീനായിൽനിന്നുദിച്ച ലക്ഷം പരിശുദ്ധരിൽ വിളങ്ങി വന്ന അവന്റെ വലത്തു കൈയിൽ നിന്ന അവക്ക അഗ്നിമയമായ വെപ്പുണ്ടായി. എന്നാലും അവൻ ജനവത്സലൻ സത്യം എല്ലാ പരിശുദ്ധരും നിന്റെ കരസ്ഥന്മാർ അവർ നിന്റെ കാല്ക്കൽ ഇരുന്ന വചനങ്ങളെ ഗ്രഹിക്കുന്ന. യാക്കൊബ സഭയുടെ ഉടമയായ ന്യായപ്രമാണത്തെ മൊശെ ഞങ്ങളൊടു കല്പിച്ചു എങ്കിലും ഇസ്രയെൽ ഗൊത്രങ്ങൾ തലവരുമായി വരുമ്പൊൾ രാജാവും സംഭവിച്ചു.

1. രുബൻ മരിക്കാതെ ജീവിക്ക ആളുകളും ചുരുങ്ങിവരട്ടെ.

2. യഹൊവാ യഹുദയുടെ ശബ്ദം കെട്ട അവന്റെ ജനത്തിലെക്ക അവനെ കൊണ്ടുവരെണമെ നീ വിരൊധികളുടെ നെരെ തുണ നിന്നാൽ അവന്റെ കൈ അവന്ന മതിയാകും.

3. ലെവിയുടെ ബലത്തെ അനുഗ്രഹിച്ചു അവന്റെ തൊഴിലിൽ പ്രസാദിക്കണമെ മാതാപിതാക്കന്മാരെയും സഹൊദർരെയും മക്കളെയും അറിയാതെ നിന്റെ വചനം പ്രമാണിച്ചു കാരെ സൂക്ഷിക്കകൊണ്ടു നിന്റെ ഉരിം തുമ്മീമും ഇവനൊടുകൂട ഇരിക്ക. അവൻ നിന്റെ ന്യായവും ഉപദെശവും ഇസ്രയെലെ അറിയിച്ചു ബലിധൂപങ്ങളെയും നിണക്കായി കഴിച്ചു വരട്ടെ.

4 ബിന്യമിന്റെ അനുഗ്രഹമൊ. യഹൊവാസ്നെഹിതൻ അവനൊടു സ്വൈരമായി വസിച്ചു ദിവസെന അവന്മെൽ ആഛാദിച്ചു അവന്റെ ഇരുഭാഗത്തിൻ നടുവിൽ പാർക്കും.

5. 6. യൊസെഫിന്റെ ദെശം യഹൊവാനുഗ്രഹത്തൊടെ കൂട ഇരിക്കെണമെ സൂര്യ ചന്ദ്ര സമുദ്രാകാശങ്ങളാലും നിലമലകളാലും മറും ഉല്പാദിക്കുന്ന അനുഭവ സാരവും മുൾപടർപ്പിൽ പാർത്തവന്റെ പ്രസാദവും യൊസെഫിൻ തലമെൽ വരെണമെ.

7. ജബുലൂനെ നീ യാത്രയായും. (8) ഇസ്സാഖരെ നീ കൂടാരങ്ങളിൽ പാർത്തും സന്തൊഷിക്കെണമെ. ഇവർ സമുദ്ര ഫലത്തെയും മണൽ മറച്ച നിധികളെയും കുടിച്ച ജാതികളെ പർവ്വതത്തിലെക്ക ക്ഷണിച്ചു നീതിബലികളെ അവിടെ കഴിപ്പിക്കും.

9. ഗാദ ആദ്യദെശം നൊക്കി എടുത്ത സിംഹം പൊലെ വസിക്കുന്ന. അവൻ യഹൊവയുടെ ന്യായത്തെ ഇസ്രയെലൊടു കൂട നടത്തി (സഹൊദരക്കു) വിസ്താരം വരുത്തുന്നവൻ.

10. ദാൻ സിംഹക്കുട്ടി. അവൻ ബാശാനിൽനിന്ന (അക്കരെക്ക) പായ്യും.
11. നഫ്തലി പ്രസാദ തൃപ്തൻ യഹൊവാനഗ്രഹ പൂർണ്ണൻ.
12. ആശെർ മക്കളിൽ അനഗ്രഹിക്കപ്പെട്ടവൻ സഹൊദര പ്രസാദത്തൊട കൂടിയവൻ. നിന്റെ അഴികൻ ഇരിമ്പ ചെമ്പുകളുമായി ജീവിത ദിവസം വരെയും സ്വാസ്ഥ്യവും ഉണ്ടായിരിക്കട്ടെ.

ഇസ്രയെലിൻ ദൈവത്തൊട തുല്യൻ ആരും ഇല്ല അവൻ ആശ്രയം. താഴെ താങ്ങുന്ന നിത്യഭുജങ്ങളും ഉണ്ട. അവൻ ശത്രുവിനെ നീക്കി നിന്നെ നിർഭയനാക്കി കൂടി ഇരുത്തും. ഇസ്രയെലെ നീ ഭാഗ്യവാൻ യഹൊവ താൻ വാളും പലിശയുമായിട്ട ജയിക്കുന്ന ജനമെ നിണക്ക സമൻ ആർ ശത്രുക്കൾ നിന്നെ വണ്ണിക്കും അവരുടെ കുന്നുകളിലും നീ ചവിട്ടുകയും ചെയ്യും.

അനന്തരം മൊശെ കല്പനപ്രകാരം പിസ്ഗമുകളിൽ കരെറി യഹൊവ ഗിലെയ്ദ്ദെശവും പുഴക്കക്കര നഫ്തലി മലയെയും യൊസെഫിന്റെ വരെണ്ടിയ മദ്ധ്യ രാജ്യത്തെയും തെക്കെ യഹൂദനാട്ടെയും കടൽവര അവനെ കാണിച്ചു. ഞാൻ അബ്രഹാം ഇസ്ഹാക്ക യാക്കൊബ ഇവക്ക വാഗ്ദത്തം ചെയ്ത ദെശം ഇതു തന്നെ ആയതിൽ നീ കടക്ക ഇല്ല എങ്കിലും അതിനെ ഞാൻ നിന്നെ കാണമാറാക്കി എന്നു കല്പിച്ച സമയം. യഹൊവാദാസനായ മൊശെ മരിച്ചു ദൈവം ആ ശവത്തെ ആരും അറിയാത്ത സ്ഥലത്തടക്കി. മരണകാലത്തിങ്കൽ 120 വയസ്സുള്ളവൻ എങ്കിലും കണ്ണുകാഴ്ച കുമ്മ ചുരുങ്ങാതെയും യൌവനൃം വിടാതെയും ഇരുന്നു. അവനെ പൊലെ യഹൊവ മുഖമായി പരിചയിച്ചിട്ടുള്ള മറെറാരു പ്രവാചകൻ ഇസ്രയെലിൽ ക്രിസ്തുകാലം വരെയും ഉണ്ടായിട്ടില്ല. ഇസ്രയെലർ അതുകൊണ്ട വളരെ ദുഃഖിച്ചു കരഞ്ഞു മുപ്പതു ദിവസം വിലാപം കഴിച്ചു മൊശെ കൈകളെ വെച്ചതിനാൽ ജ്ഞാനാത്മാവ നിറഞ്ഞ യൊശുവെ അനുസരിച്ചു നടക്കയും ചെയ്തു.

യദർത്ഥമാലുലൊചെ സ്വാനീശഐഗുപ്തപീഡിതാൻ
നമസ്തസ്മൈനമസ്തസ്മൈതമൊബദ്ധമുചെനമഃ
യൽബിംബസ്യാണകൃത്തത്രാമലൊമെഷ ഉപാകൃതഃ
നമസ്തസ്മൈനമസ്തസ്മൈസദ്യജ്ഞബലയെനമഃ
യന്മാഹാത്മ്യസ്യലക്ഷ്മാഭ്രദബ്ധെസ്മരണമദ്ഭുതം
നമസ്തസ്മൈനമസ്തസ്മൈമൃത്യബ്ധൃത്താരിണെനമഃ
യെനാപിഗ്രാവനാകാഭ്യാംസദഗ്രഃ പാലിതൊമരൌ
നമസ്തസ്മൈനമസ്തസ്മൈസത്യാന്നൊത്സർജ്ജിനെനമഃ
യസ്യാവല്ലെവ്യശാസ്ത്രെണപ്രതികൃത്യെവദശിതഃ
നമസ്തസ്മൈനമസ്തസ്മൈശാസ്ത്രസിദ്ധികൃതെനമഃ
യംപ്രൊചെശസ്യാദൊപ്യന്തെമഹീയാംസംപ്രവാചകം
നമസ്തസ്മൈനമസ്തസ്മൈതെമന്ത്രദായനമൊനമഃ

യൊശുവിന്റെ കാലം

യൊശുചരിത്രഗ്രന്ഥസ്യോപയഃക്ഷ്യൗദ്ഘാവൃതക്ഷിതെഃ
പുരദ്യുഗ്രജയം പ്രാഹമഹാന്ത്യനഭവാകൃതം.
ദ്വിതീയെതുപ്രബന്ധെത ന്മൃത്യൈാഃ പശ്ചാൽബഭ്രവയ൪
ധ൪മ്മനായകസംജ്ഞാനാംവഗ്ശാസനംഉച്യതെ.
തെഷ്വസംസൊനപര്യന്തെർ നാനാരിവിജയഃ കൃതഃ
തദാനാനാപരാധാശ്ചകലഹാശ്ചെത്രസയെലിനാം.

1. യർദ്ദൻ കടപ്പു

ദൈവദാസനായ മൊശെ മരിച്ചതിന്റെ ശെഷം അവനെ സെവിച്ചിട്ടുള്ള എ്രഫയീമക്കാരനായ യൊശുവിനൊടു യഹൊവ കല്പിച്ചതു നീ പുറപ്പെട്ടു ഇ്രസയെലരെ ഞാൻ കൊടുത്ത ദെശത്തിലെക്കാക്കുക പ്രാത്തന ദിക്കും പടിഞ്ഞാറെ കടലിന്നും നടുവിലുള്ള ഭ്രമി ഒക്കയും നിങ്ങൈ കൈവശമാക്കും ഞാൻ മൊശെക്കു സഹായമായി നിന്നതുപൊലെ നീ ദെശത്തെ പകുത്തു കൊടുക്കുവൊളം നിന്റെ കൂട തന്നെ പാക്കും എന്റെ ന്യായപ്രമാണത്തെ മാത്രം രാപ്പകൽ വായിച്ചും വിചാരിച്ചും നടന്നുകൊള്ളെണം എന്നാൽ നിണക്കു എല്ലാ കാര്യങ്ങളും സാധിക്കും ഭയം കൂടാതെ സന്തൊഷിച്ചും ഇരിക്ക. എന്നതു കെട്ട യൊശു സഭ കൂട്ടി എല്ലാ പദാർത്ഥങ്ങളൊടും കൂട മൂന്ന ദിവസത്തിന്നകം യർദ്ദൻ പുഴയെ കടപ്പാൻ ഒരുങ്ങി ഇരിക്കെണം എന്നു കല്പിച്ചു കിഴക്കെ കരയിൽ പാത്തു വരുന്ന രണ്ടര ഗൊത്രക്കാരൊടു നിങ്ങളും മൊശയുടെ വചനപ്രകാരം കുഡുംബങ്ങളെയും ആടുമാടുകളെയും ഇക്കരെ പാർപ്പിച്ചു സഹൊദരന്മാക്കു സ്വന്ത ഭ്രമി കിട്ടുവൊളം അവരുടെ കൂട യുദ്ധത്തിന്നു സഹായിച്ചു വരെണം എന്നരുളിച്ചെയ്തപ്പൊൊം. ഞങ്ങൊം മൊശയുടെ കല്പന അനുസരിച്ചപ്രകാരം നിന്റെ ചൊല്പടി ഒക്കയും കെട്ടു നടക്കാം അനുസരിക്കാത്തവൻ മരിക്കട്ടെ ധൈര്യം പൂണ്ടിരിക്ക എന്ന എല്ലാവരും കൂടി പറഞ്ഞു കല്പന പ്രകാരം ഒരുങ്ങുകയും ചെയ്തു.

അതിന്നു മുമ്പിലയച്ച 2 ഒറ്റാളർ അപ്പൊൊം മടങ്ങി വന്നു അറിയിച്ച വർത്തമാനം എന്തെന്നാൽ. ഞങ്ങൊം യർദ്ദൻ കടന്നു യരിഹൊ നഗരത്തിൽ എത്തിയപ്പൊൊം ആ പട്ടണമതിലിന്മെൽ പാത്തു വരുന്ന ഒരു വെശ്യയുടെ വീട്ടിൽ ചെന്നതു രാജാവ കെട്ടാറെ കൂട്ടികൊണ്ടു ചെല്ലെണ്ടുന്നതിന്നു ആളയച്ചപ്പൊൊം. രാഹബ എന്ന ആ വെശ്യ ഞങ്ങളെ ഭവനത്തിന്റെ മുകളിൽ പരുത്തിയുടെ ഉള്ളിൽ ഒളിപ്പിച്ചു അവരെ പൊളിവാക്കു പറഞ്ഞയക്കയും ചെയ്തു. രാത്രിയിൽ പട്ടണവാതിൽ ഒക്കയും അടെച്ചിരിക്കുന്ന സമയത്തിങ്കൽ അവൊം വന്നു യഹൊവ ഈ ദെശം നിങ്ങൊംക്കു തന്നു നിശ്ചയം അവൻ ചെങ്കടലിൽ ചെയ്തതും ഇപ്പൊൊം 2 രാജാക്കന്മാരെ നശിപ്പിച്ചതും കെട്ടിട്ടു ഞങ്ങൊം എല്ലാവരും ഭയപ്പെട്ടു ഒന്നിന്നും കഴിവു തൊന്നാതെ ഇരിക്കുന്നു. നിങ്ങളുടെ ദൈവമായ യഹൊവ ഭ്രലൊകത്തിലും പരലൊകത്തിലും ഏകനത്രെ ആകുന്നു അവനെ വിചാരിച്ചു ഞാൻ നിങ്ങളിൽ ദയചെയ്തതുപൊലെ നിങ്ങളും എന്നെ കുഡുംബങ്ങളൊടും കൂട രക്ഷിക്കെണ്ടതിന്നു ഒരടയാളം തന്നു സത്യം ചെയ്യെണമെ. എന്നപെക്ഷിച്ചപ്പൊൊം ഞങ്ങളും ഈ വീട്ടിൽ കാണുന്നവരെ ഒക്കയും യുദ്ധകാലത്തിങ്കൽ രക്ഷിക്കും എന്ന വാഗ്ദത്തം സത്യം ചെയ്യറപ്പിച്ചു ജാലവാതുക്കൽ ചുവന്ന കയറു കെട്ടി താഴ്ത്തെണ്ടതിന്നു നിശ്ചയിച്ചു ഞങ്ങളും അതിലെ ഇറങ്ങി അവളുടെ സമ്മതപ്രകാരം 3 ദിവസം മലയിൽ പാത്തു രാജാവയച്ചവരെ കാണാതെ തെറ്റി ഇങ്ങൊട്ടു വന്നിരിക്കുന്നു. ദൈവം ഞങ്ങൊംക്ക ആ ദെശം ഒക്കയും എല്പിച്ചതെ ഉള്ള എന്നുണർത്തിക്കയും ചെയ്തു.

അനന്തരം യൊശു പടജ്ജനങ്ങളൊടും കൂട യർദ്ദൻ പുഴെക്ക സമീപെ ചെന്ന വസന്ത കാലപ്രകാരം വെള്ളം നിറഞ്ഞു മീട്ടാൽ കവിഞ്ഞതു കണ്ടപ്പൊൗം. ഞാൻ മൊശയൊട ഇരുന്ന പ്രകാരം നിന്നൊടും ഇരിക്കുന്ന എന്ന എല്ലാവരും അറിവാൻ ഇന്ന ഞാൻ നിന്നെ വലിയവനാക്കുവാൻ തുടങ്ങും സവ്വ ലൊകാധിപൻെറ സാക്ഷിപെട്ടകത്തെ ചുമക്കുന്ന ആചാര്യന്മാർ യർദ്ദൻ വെള്ളത്തിൽ ഇറങ്ങുംപൊൗം ഉടനെ വെള്ളം ഒഴുകാതെ നില്ൂക്കും നിങ്ങൗംക്ക ജയം തരുന്ന ജീവനുള്ള ദൈവം നിങ്ങളൊട കൂട ഉണ്ടെന്നറിവാൻ ഇതടയാളം ആകും. എന്ന യഹൊവ അരുളിയാറെ 1ാം മാസം 10 തിയ്യതി ആചാര്യന്മാർ സാക്ഷിപെട്ടകം എടുത്തു പുഴയിൽ ഇറങ്ങിയപ്പൊൗം വെള്ളം തെറ്റുത്തു നിന്നതും താഴെ വെള്ളം ഒഴുകുന്നതും കണ്ട ജനങ്ങൗം എല്ലാവരും ബദ്ധപ്പെട്ട രണ്ടര ഗൊത്രക്കാർ നിയൊഗിച്ച നാല്ൂപതിനായിരം ചെകവർ മുമ്പിട്ട സൈന്യവും എല്ലാം വറണ്ട പുഴ കടന്നാറെ. അതിൽ 12 കൽതൂണിട്ട വെറെ 12 കല്ലുകളെ പുഴയിൽനിന്ന എടുത്തു അക്കരെ ഗില്ൂഗൽ എന്ന ഊരിലും ഇസ്രയെലരുടെ നിത്യ ഒൎമ്മെക്കായിട്ട വെക്കയും ചെയ്തു. എല്ലാവരും കടന്ന തീൎന്ന ആചാര്യന്മാരും കടന്നതിൻെറ ശെഷം വെള്ളം മുമ്പെത്ത പ്രകാരം തന്നെ ഒഴുകി. അന്നുതുടങ്ങി കനാന്യർ ഒക്കയും ഭയപ്പെട്ട ഇസ്രയെലർ മൊശയിങ്കൽ ഉണ്ടായവണ്ണം യൊശുവിങ്കലും ബഹുമാനത്തൊട കൂട വിശ്വസിച്ചു. ആ ഗില്ൂഗൽ ഊരിൽ പാളയം ഇറങ്ങിയപ്പൊൗം വനയാത്രാദൊഷത്താൽ ചെല ചെയ്യാതെ വളൎന്നവരെ സംസ്കാരം ചെയ്യിച്ചു നാലാം ദിവസത്തിൽ പെസ്ൂഹ ഭക്ഷിച്ചു മന്ന എന്ന ദെവാഹാരം പെയ്തു നിന്നുപൊയതിനാൽ കനാൻ ദെശത്തു വിളഞ്ഞ ധാന്യങ്ങളെ തിന്മാൻ തുടങ്ങുകയും ചെയ്തു.

2. യരിഖൊ പട്ടണം അടക്കിയതു

അങ്ങിനെ കനാൻ ദെശത്തിൽ പ്രവെശിച്ചതിൻെറ ശെഷം യൊശു യരിഖൊ പട്ടണത്തിന്ന സമീപിച്ചു കൊട്ട വളഞ്ഞപ്പൊൗം യുദ്ധത്തിൽ മുമ്പെ ഒരുത്തൻ വാളും കൈയിൽ പിടിച്ചു പ്രത്യക്ഷനായതു കണ്ടാറെ നീ കൂട്ടക്കാരനൊ മറുപക്ഷക്കാരനൊ എന്ന ചൊദിച്ചതിന്ന അവൻ അല്ല യഹൊവയുടെ സൈന്യങ്ങൗംക്ക അധിപതി ആകുന്ന ഇപ്പൊഴം വന്ന ചെൎന്നിരിക്കുന്ന എന്നരചെയ്തു. യൊശു നമസ്കരിച്ചു എന്ത കല്ൂപന എന്നപെക്ഷിച്ചപ്പൊൗം ഞാൻ ഈ പട്ടണത്തെയും രാജാവിനെയും നിൻെറ പക്കൽ എല്ൂപിച്ചു തന്നു. നിൻെറ പടജ്ജനങ്ങൗം 6 ദിവസം മുഴുവൻ ഈ പട്ടണത്തെ ചുറ്റി സഞ്ചരിക്ക ആചാര്യന്മാർ സാക്ഷിപ്പെട്ടിയെ എടുത്തു പിന്നാലെ സഞ്ചരിക്ക. എഴാം ദിവസം ആ പട്ടണത്തെ 7 വട്ടം ചുറ്റുക. എഴാം പ്രാവശ്യം ചുറ്റുമ്പൊൗം സാക്ഷിപ്പെട്ടിയുടെ മുമ്പിൽനിന്ന 7 കാഹളങ്ങളെയും ഊതി ആൎത്തുകൊള്ളെണം അപ്പൊൗം ആ കൊട്ടയുടെ മതിൽ ഇടിഞ്ഞു വീഴും എന്നരുളിചെയ്തു മറഞ്ഞു. അപ്രകാരം തന്നെ അവർ ആചരിച്ചു എഴാം ദിവസം 7 വട്ടം ചുറ്റി തീൎന്നപ്പൊൗം യൊശു കല്ൂപിച്ചു. ദൈവം ഈ പട്ടണം മീത്തെന്നപൊലെ നമുക്കു തന്നിരിക്കകൊണ്ടു ഇതിലുള്ള മനുഷ്യരെയും സകല വസ്തുക്കളെയും ദൈവത്തിന്നായി സമർപ്പിക്കെണം ആയതിൽ ഒന്നും തങ്ങൗംക്കായി ആരും സംഗ്രഹിക്കരുതു പട്ടണം ഒരുനാളും പണിയിക്കയും അരുതു പണിയിക്കുന്നവന്ന പുത്രനാശം വരും രാഹബ എന്നവളുടെ കൂട്ടക്കാരെ മാത്രം കൊല്ലരുത ആർത്തുകൊൗംവിൻ എന്ന ആജ്ഞയെ കെട്ടാറെ അവർ ആൎത്തുകൊണ്ടു കാഹളവും ഊതിയപ്പൊൗം ഉടനെ മതിലിടിഞ്ഞു വീണ പുരുഷാരവും അകത്തു കടന്ന വധിച്ചു തുടങ്ങി. രാഹബ വീട്ടുകാരെ രക്ഷിപ്പാൻ ഒട്ടാളർ മുമ്പെ ഒടി അവരെ ഒഴിച്ചു ശെഷമുള്ള മനുഷ്യൎക്കും മൃഗങ്ങൗംക്കും ജീവനാശം വന്ന പൊൻ വെള്ളി മുതലായവ എടുത്തു ദൈവ ഭണ്ഡാരത്തിൽ ചെൎത്തു പട്ടണവും ചുട്ടു. രാഹബ കൂട്ടക്കാരൊടും കൂട ഇസ്രയെൽ സഭയൊട യൊജിപ്പിച്ചതിൽ പിന്നെ യഹൂദ ഗൊത്രത്തിൽ പ്രഭവായ സല്ൂമ അവളെ ഭൎത്തിവിശ്വാസമുള്ളവൗം എന്നറിഞ്ഞു വിവാഹം ചെയ്തതിനാൽ അവൗം ദാവിദ്രാജാവിന്നും

യെശ്രൂമെശീഹെക്കും മൂത്തമ്മയായ്തീർന്നു. യൊശ്ര ഇപ്രകാരം ദൈവസഹാ
യം കൊണ്ടു സകല രാജ്യങ്ങളിലും പ്രസിദ്ധനായി വന്നു എറിയ കനാന്യർ
ജന്മ ദെശം വിട്ടു കപ്പൽ ഏറി പാർപ്പിന്നായി വെവ്വെറെ സ്ഥലങ്ങളെ അന്വെ
ഷിക്കയും ചെയ്തു.

അതിന്റെ ശെഷം പടിഞ്ഞാറുള്ള ഘയി എന്ന കൊട്ട പിടിപ്പാൻ വൈ
ഷമ്യം ഇല്ല എന്നറിഞ്ഞപ്പൊൾ യൊശ്ര 3000 ജനങ്ങളെ അയച്ചു യുദ്ധം ചെയ്വി
ച്ചാറെ അവർ തൊറ്റു 36 ആൾ മരിക്കയും ചെയ്തു. അതു കെട്ടാറെ എല്ലാവ
രുടെ മനസ്സും ഇളകി യൊശ്ര മൂപ്പന്മാരൊട കൂട ദുഃഖിച്ചു തലയിൽ പൂഴി വാരി
യിട്ടു സാക്ഷിപ്പെട്ടിയുടെ മുമ്പാകെ നമസ്കരിച്ചു. അല്ലയൊ ദൈവമെ ഞങ്ങളെ
കൊല്ലിപ്പാൻ ഈ പുഴ കടത്തിയത എന്തിന്നു ഇസ്രയെൽ തൊറ്റതു കനാന്യർ
കെട്ടിട്ടു ഞങ്ങളെ ചുറ്റും വളഞ്ഞു നശിപ്പിച്ചാൽ നിന്റെ തിരുനാമം നീ എന്തു
ചെയ്യും. എന്നപെക്ഷിച്ചപ്പൊൾ നീ കുമ്പിട്ടു കിടക്കുന്നതെന്തിന്നു എഴുനീല്ക്ക സ
മർപ്പിച്ച വസ്തുവിനെ എടുത്തു ഇസ്രയെൽ പാളയത്തിൽ വെച്ചിരിക്കുന്നു ആ ശാ
പ ദ്രവ്യം നീങ്ങുവൊളം നിണക്കു ജയം ഇല്ല എന്ന നമ്മുടെ കല്പന ജനത്തൊട
റിയിക്ക അപഹരിച്ചവനെ സൊടത്തിയിട്ടറിഞ്ഞു ദഹിപ്പിക്ക എന്നു യഹൊവ
അരുളിച്ചെയ്തു. ആകയാൽ യൊശ്ര ഉഷസ്സിങ്കൽ എല്ലാവരെയും വരുത്തി ക്രമെ
ണ സൊടത്തി ഇട്ടു യഹൂദയിൽ അകാൻ എന്നുള്ളതറിഞ്ഞ ശെഷം. എൻ മക
നെ ഇസ്രയെൽ ദൈവത്തെ ബഹുമാനിച്ചു നീ ചെയ്തതിന്റെ പരമാർത്ഥം അ
റിയിക്ക എന്ന കല്പിച്ചപ്പൊൾ. ഞാൻ യെഹൊവയൊട്ടു ദൊഷം ചെയ്തു സ
ത്യം ശാപ ദ്രവ്യത്തിൽ വിലയെറിയ ഒരു നീളക്കുപ്പായം 50 ശ്ലൊക തൂക്കം
ഉള്ള പൊൻ വാളും 200 വെള്ളി ശ്ലൊകയും ഞാൻ കണ്ടാഗ്രഹിച്ചു എടുത്തു കൂ
ടാരത്തിൽ കുഴിച്ചു വെച്ചിട്ടുണ്ടു. എന്നു പറഞ്ഞാറെ ആയ്തു എടുപ്പിച്ചു സഭയിൽ
കൊണ്ടുവെച്ചപ്പൊൾ യൊശ്ര അവനൊടു നീ ഞങ്ങളെ ദുഃഖിപ്പിക്കകൊണ്ടു യ
ഹൊവ ഇന്നു നിന്നെയും ദുഃഖിപ്പിക്കും എന്നു കല്പിച്ചു അപ്രകാരം അവനെ
പുറത്തു കൊണ്ടുപൊയി എല്ലാവരും കല്ലെറിഞ്ഞു കൊന്നു ആ ദ്രവ്യത്തൊടും സ
കല വസ്തുക്കളൊടും കൂട ദഹിപ്പിച്ചു അടയാളത്തിന്നായിട്ടു കല്ലുകളെ കുന്നിച്ചു മൂ
ടുകയും ചെയ്തു. അനന്തരം യൊശ്ര ദെവ കല്പനയാൽ ധൈര്യം പൂണ്ടു പടജ്ജ
നങ്ങളെ രണ്ടു മുഖെന പുറപ്പെടീച്ചു കിഴക്കെ ഭാഗത്തുനിന്നു യുദ്ധം എറ്റപ്പൊൾ
തൊറ്റ പ്രകാരം ഒഴിച്ചു പിൻ വാങ്ങിയാറെ കൊട്ടയിലുള്ളവർ അവരെ നെരി
ട്ടു ഒടിയാറെ. മറെ ഇസ്രയെലർ യൊശ്ര കുന്തം ഉയർത്തിയതു കണ്ടിട്ടു പടി
ഞ്ഞാറെ ഭാഗത്തുടെ കൊട്ടയിൽ കയറി തീക്കൊടുത്തു അകത്തും പുറത്തുമുള്ളവ
രെയും പൊരുതു കൊന്നു. ദെവാനുവാദത്താലെ കണ്ട വസ്തുക്കൾ ഒക്കയും വിഭാ
ഗിച്ചെടുക്കയും ചെയ്തു.

3. ശാപാനുഗ്രഹങ്ങളെ ഘൊഷിച്ചറിയിച്ചതു

ഇങ്ങിനെ കനാൻ ദെശം വശമാക്കി തുടങ്ങിയപ്പൊൾ മൊശയുടെ പ്ര
മാണം നിവൃത്തിയാക്കെണ്ടതിന്നു യൊശ്ര വടക്കൊട്ടുപൊയി കനാൻ നടുവി
ലെ എബൽ എന്ന മലയിൽ വെച്ചു ഒരു ബലിപീഠം ഉണ്ടാക്കി ഇസ്രയെലുടെ
ദൈവമായ യഹൊവെക്കു ബലികളെ കഴിച്ചു ഇസ്രയെലർ നടക്കെണ്ടുന്ന
ന്യായപ്രമാണത്തെ വിസ്താരമുള്ള പാറക്കല്ലിന്മെൽ എഴുതി തീർന്നപ്പൊൾ. 2 മ
ലകൾ കൂടിയ ശിഖെം എന്ന താഴ്വരയിൽ ആചാര്യന്മാർ സാക്ഷിപ്പെട്ടിയെ
വെച്ചിട്ടു ലെവി യഹൂദ യൊസെഫ മുതലായ 6 ഗൊത്രങ്ങൾ പൂമരങ്ങൾ പൂണ്ടു
ഗരിജീം എന്ന മലയിൽ കയറി അനുഗ്രഹങ്ങളെ ഉച്ചത്തിൽ വിളിച്ചു പറ
ഞ്ഞിതു.

യഹൊവ ഇന്നു നിന്നൊടു കല്പിക്കുന്ന സകല പ്രമാണങ്ങളെയും ഉണർ
വ്വൊടു കൂട കെട്ടു തെറ്റാതെ ആചരിച്ചു വന്നാൽ നിന്റെ ദൈവം നിന്നെ ഭൂമി
യിലെ ജാതികളിലും ശ്രെഷ്ഠനാക്കി വെച്ചു തനിക്കു ശ്രുദ്ധിയുള്ള ജനമാക്കി

സ്ഥിരപ്പെടുത്തും ഈ അനുഗ്രഹങ്ങളും എല്ലാം നിണക്കു അനുഭവമായ്വരും. നാട്ടിലും നഗരത്തിലും ഗർഭത്തിലും മഴയിലും വിളച്ചിലിലും കന്നുകാലികുട്ടങ്ങളിലും അകത്തും പുറത്തും സന്ധിവിഗ്രഹങ്ങളിലും നീ അനുഗ്രഹിക്കപ്പെട്ടവനാകും. ഭൂമി ജാതികളിൽ വാലല്ല തലയാകും കീഴ്പെട്ടല്ല മെല്പെട്ടിരിക്കും. യഹൊവാനാമം നിങ്കൽ വിളിച്ചതിനെ സകല ജനങ്ങളും അറിഞ്ഞു നിന്നെ ശങ്കിക്കും.

ഇപ്രകാരം മറും അനുഗ്രഹിച്ച ശെഷം ത്രുബൻ മുതലായ 6 ഗൊത്രങ്ങം എബൽ എന്ന വെറുമ്മലയിൽ നിന്നു ശാപവാക്യങ്ങളെ അറിയിച്ചതെന്തെന്നാൽ.

വിഗ്രഹത്തെ ഉണ്ടാക്കി വെക്കുന്നവൻ ശപിക്കപ്പെട്ടവൻ. മാതാപിതാക്കന്മാരെ ദുഷിക്കുന്നവൻ ശപിക്കപ്പെട്ടവൻ. അയൽക്കാരന്റെ അതിരിനെ നീക്കുന്നവനും കുരുടനെ വഴി തെറ്റിക്കുന്നവനും ന്യായം മറിക്കുന്നവനും കൈക്കൂലി വാങ്ങുന്നവനും ശപിക്കപ്പെട്ടവൻ. ഈ ന്യായപ്രമാണ വചനങ്ങളെ ഒക്കയും ആചരിക്കാത്തവൻ ശപിക്കപ്പെട്ടവൻ.

ഇപ്രകാരം മറും ശാപങ്ങളെ അറിയിച്ചപ്പൊം ജനം എല്ലാം ആമെൻ അങ്ങിനെ ആകട്ടെ എന്നു വിളിച്ചു പറഞ്ഞു. സ്ത്രീ ബാല ഭൃത്യ പരദെശികളൊടു കൂട എല്ലാവരും ന്യായപ്രമാണത്തെ മുഴുവനും കെട്ടു ദൈവത്തിന്ന മുമ്പാകെ സന്തൊഷിക്കയും ചെയ്തു.

4. തെക്കെ നാടടക്കിയതു

ഈ വർത്തമാനങ്ങളെ കനാന്യ രാജാക്കന്മാർ കെട്ട ശെഷം എല്ലാവരും ഒരു മനസ്സായി യുദ്ധത്തിന്ന ഒരുമ്പെട്ട സമയം ഗിബ്യൊൻ എന്ന മഹാ പട്ടണത്തിലുള്ള ഹിവ്യ മൂപ്പന്മാർ കൌശലം വിചാരിച്ചു ദൂരദെശത്തു നിന്നു വന്ന ദൂതന്മാരെ പൊലെ നടിച്ചു പഴയ വസ്ത്രങ്ങളും രണ്ടാമതു കുത്തിച്ച ചെരുപ്പുകളും ധരിച്ചു പൂത്ത അപ്പവും കീറിയ രസത്തുരുത്തികളും പഴയ സഞ്ചികളും കഴുതകളുടെ മുകളിൽ കയറ്റി സമീപമുള്ള ഗില്ഗൽ പാളയത്തിൽ വന്നു യൊശുവെ കണ്ടു വണങ്ങി. നിങ്ങം ആർ എന്നു ചൊദിച്ചാറെ നിന്റെ ദൈവമായ യഹൊവ മിസ്രയിലും യർദ്ദൻ പുഴയുടെ അക്കരയിലുമുള്ള രാജാക്കന്മാരൊടും ചെയ്തതു പ്രസിദ്ധമായി അടിയങ്ങം കെട്ടു ദൂരദെശത്തിങ്കൽ നിന്നു നാട്ടുകാരുടെ നിയൊഗത്താൽ വന്നിരിക്കുന്നു. ഞങ്ങം നിങ്ങൾക്കു വശമായിരിക്കെണ്ടതിന്നു ഒരു കരാർ ചെയ്തു രക്ഷിക്കെണമെ ദീർഘയാത്ര ചെയ്തു കൊണ്ടു വസ്ത്രങ്ങളും മറും മുഷിഞ്ഞു കീറിയതും കാണ്മാനുണ്ടല്ലൊ എന്നു പറഞ്ഞപെക്ഷിച്ചപ്പൊം യൊശു തന്റെ അധികാരികളൊടു കൂടെ നിരൂപിച്ചു ദൈവത്തിന്റെ മനസ്സറിയാതെ ഗിബ്യൊനരൊടു കൂട ഭക്ഷിപ്പാനിരുന്നു അന്യൊന്യരക്ഷെക്കായി സത്യവും ചെയ്തു.

മൂന്നാം ദിവസം ഇസ്രയെലർ പടിഞ്ഞാറൊട്ടു പൊയി അവരുടെ പട്ടണങ്ങളെ കണ്ടു പരമാർത്ഥമറിഞ്ഞപ്പൊം യഹൊവയെ വിളിച്ചാണയിട്ടതു കൊണ്ടു കരാർ ഇളക്കരുത എന്ന അധികാരികം സഭയൊടറിയിച്ചു ദൂതന്മാരൊട നിങ്ങളെ വ്യാകുലി ചെയ്തതിനാൽ ശപിക്കെണ്ടതാകുന്നു എന്ന യൊശു കല്പിച്ചതിന്നു നിന്റെ ദൈവം ഈ രാജ്യക്കാരെ നശിപ്പിക്കും എന്നു മൊശയൊട കല്പിച്ചതു കെട്ടപ്പൊം അടിയങ്ങം ഭയപ്പെട്ടു ജീവരക്ഷക്കായിട്ടു ഇപ്രകാരം ചെയ്തു ഞങ്ങളെ യഥെഷ്ടം നടത്തിക്കാം എന്ന അപെക്ഷ കെട്ടാറെ അവരെ രക്ഷിച്ചു സഭെക്കും ബലിപീഠത്തിന്നും നിത്യം വിറകും വെള്ളവും കൊണ്ടുവരെണ്ടതിന്നാക്കി വെക്കുകയും ചെയ്തു.

തെക്കുള്ള അമൊര്യർ ഈ അവസ്ഥ കെട്ട ശെഷം യരുശലെം ഹെബ്രൊൻ

മുതലായ 5 പട്ടണങ്ങളിലെ രാജാക്കന്മാർ ഗിബ്യൊനരെ വശമാക്കുവാൻ യുദ്ധത്തിന്ന ചെന്ന. ആയതു ഗിബ്യൊനർ യൊശുവിനെ അറിയിച്ചാറെ ദെവകല്പനയാൽ ധൈര്യപ്പെട്ട ഉടനെ പടജ്ജനങ്ങളെ കൂട്ടികൊണ്ട ഗിലഗൽ പാളയം വിട്ട രാത്രിയിൽ സഞ്ചരിച്ച ഗിബ്യൊൻ മലപ്രദെശത്തിൽ എത്തി വലുതായ പൊർ ചെയ്തു അമൊര്യരെ ജയിച്ച. തൊററവർ ബഥൊരൊൻ താഴ്വരയൂടെ ഒടി പ്പൊകുമ്പൊൾ ദൈവം കൽ മഴ പെയ്യിച്ച എറിയ ജനങ്ങളെ നിഗ്രഹിച്ച. ഇങ്ങിനെ യഹൊവ തനിക്കായി പൊരുതു ശത്രുക്കളെ ഏലപിച്ച തന്നത അറിഞ്ഞ യൊശു ഇസ്രയെല എല്ലാവരും കൊംക്കെ വിളിച്ച പറഞ്ഞു. അല്ലയൊ സൂര്യ നീ ഗിബ്യൊനിലും അല്ലയൊ ചന്ദ്ര നീ അയലൂൻ താഴ്വരയിലും നില നില്ക്ക എന്ന കലപിച്ചതു ദൈവം കെട്ട യുദ്ധം സമർപ്പിക്കുവൊളം ആദിത്യചന്ദ്രന്മാരെ അസ്തമിപ്പിക്കാതെ നിറുത്തി. അനന്തരം അമൊര്യരെ നടത്തിയ 5 രാജാക്കന്മാരെ ഒരു ഗുഹയിൽ പിടിച്ചാക്കി പ്രഭുക്കളെക്കൊണ്ട കൊല്പിച്ച അതിൽ തന്നെ വെച്ച ഗുഹയുടെ മുഖം കല്ലിട്ട മൂടുകയും ചെയ്തു. ശെഷിച്ചവരെ ഒരൊരൊ പട്ടണത്തിൽനിന്ന പട കൂടി ദെവ നിയൊഗെന കൊന്ന ഹെബ്രൊൻ മുതലായ പട്ടണങ്ങളെ പിടിച്ച തെക്കെ രാജ്യം ഒക്കയും സ്വാധീനമാക്കി മടങ്ങി ഗിലഗൽ പാളയത്തിൽ എത്തിപ്പാർക്കയും ചെയ്തു.

5. വടക്കെ രാജ്യം വശമാക്കിയതു

യർദ്ദൻ ഒഴുകുന്ന ദിക്കുകളെ ഭരിച്ച വരുന്ന വടക്കൻ രാജാക്കന്മാരും ഈ അവസ്ഥ കെട്ടാറെ ഹസൊർ വാഴുന്ന യാബിന്റെ കല്പന അനുസരിച്ച തെർ കുതിരകളൊടും മഹാ സൈന്യങ്ങളൊടും കൂടമരൊം പൊയ്കയുടെ സമീപത്തു ചെന്ന. യുദ്ധത്തിന്റെ തലനാൾ ദൈവം യൊശുവിനൊട നീ ഭയപ്പെടരുതെ നാളെ ഈ സമയം ഞാൻ ആ സൈന്യങ്ങളെ നിണക്ക കൊലപാനായ്തരും ജയിച്ച ശെഷം കുതിരകളുടെ കാലറുക്കുക തെരുകളെ ചുടുക എന്നരുളിചെയ്തു. രാവിലെ യൊശു പൊടുന്നനവെ നെരിട്ട യുദ്ധം ചെയ്തു ജയിച്ച കനാന്യരുടെ വലിയ തുറമുഖമായ ചീദൊൻ പട്ടണത്തൊളം ഓടിച്ച ഇസ്രയെൽ എല്ലായ്പൊഴും ദെവമുഖെന മാത്രം വെല്ലെണ്ടതിന്ന കുതിരകളുടെ കാലറുത്തു തെരുകളെയും ചുട്ട. ഹസൊർ എന്ന വടക്കൻ നഗരത്തിൽ കയറി തീ കൊളുത്തി ഭസ്മമാക്കിയ ശെഷം മററുള്ള പട്ടണങ്ങളൊടും വെവ്വെറെ പൊരുതു അതാത രാജാക്കന്മാരെ ജയിച്ച രാജധാനികളിൽ കൊള്ളയിട്ട സയിർ മല മുതൽ ലിബനൊൻ പർയ്യന്തമുള്ള കനാൻ ദെശം ഒക്കയും 5 സംവത്സരം കൊണ്ട സ്വാധീനമാക്കി അമർക്കുകയും ചെയ്തു. ഗിബ്യൊനിൽ പാർത്തു വരുന്ന ഹിവ്യരല്ലാതെകണ്ട എല്ലാ പട്ടണക്കാരും കഠിന മനസ്സുകളാകയാൽ സന്ധിവിചാരിയാതെ സപരാപത്താൽ നശിച്ച പൊയതെ ഉള്ള. ചില കനാന്യർ കപ്പൽഏറി പടിഞ്ഞാറൊട്ട ഒടി അന്നമുതൽ പല തുറമുഖങ്ങളിലും പട്ടണങ്ങളെ തീർത്തു കച്ചവടം നടത്തി പാർക്കയും ചെയ്തു.

6. കനാൻ ദെശ വിഭാഗം

യൊശു വൃദ്ധനായപ്പൊൾ ഉണ്ടായ ദെവ കല്പനയാവതു. നീ വയസ്സനാകുന്ന തെക്കെ കടൽ കരയിൽ 5 പലിഷ്ട നഗരങ്ങളും വടക്കൻ കടപ്പുറത്ത ഫൈനീക്യരുടെ ചീദൊൻ മുതലായ പട്ടണങ്ങളും മറും ഇനിയും സ്വാധീനമാക്കുവാനുണ്ട. ആ വക ഇസ്രയെലക്ക കൊടുപ്പാനും മനസ്സുണ്ട ഇപ്പൊൾ തന്നെ 91/2 ഗൊത്രക്കാക്ക ഈ ദെശം ഒക്കയും വിഭാഗിച്ച കൊടുക്കെണം. യർദ്ദൻ അക്കരയുള്ള ദെശം മൊശെ തന്നെ വിഭാഗിച്ചുവല്ലൊ സിഹൊൻ ഭരിച്ച തെക്കെ ഗില്യാദ രാജ്യം രുബൻ ഗാദ ഈ രണ്ട ഗൊത്രക്കാക്കും ഒഗ രാജാവിന്നുള്ള വടക്ക ബാശാൻ രാജ്യം മനശ്ശെ ഗൊത്രത്തിൽ പാതിയാകുന്ന മഖീർ വംശത്തിന്നും തന്നെ ഉള്ള.

ലെവി ഗൊത്രം യഹൊവയുടെ ബലികൾക്ക അവകാശി ആകകൊണ്ട ഭ്രമ്യവകാശം വെണ്ട പാക്കെണ്ടതിന്ന ഒരൊ ഗൊത്രത്തിൽ ഒരൊപട്ടണങ്ങൾ കൊള്ളെണം. എന്നിങ്ങിനെ കല്പിച്ചത കെട്ട യൊശുവും പ്രധാനാചാര്യനായ എലാജരും ഗൊത്രങ്ങളിലെ മൂപ്പന്മാരൊട്ട കൂടെ കുറിയിട്ട പകുത്ത കൊടുപ്പാൻ ഗില°ഗാലിൽ വെച്ച വിചാരിക്കുമ്പൊൾ, യഹൂദ ഗൊത്രത്തിൽ മൂപ്പനായ കലെബ വന്ന, എനിക്കും നിണക്കും ദൈവം അരുൾ ചെയ്തത ഒർക്കുന്നല്ലൊ. ഈ ദെശം ശൊധന ചെയ്യെണ്ടതിന്നായി മൊശെ 40 വയസ്സുള്ള എന്നെ അയച്ച എന്റെ മനസ്സിലുള്ള പ്രകാരം ഞാൻ അന്നറിയിച്ച വിശ്വാസത്തൊട കൂട ദൈവത്തെ ആശ്രയിക്ക കൊണ്ട എനിക്ക ദീർഘായുസ്സും നിത്യാവകാശവും കല°പിച്ചിരിക്കുന്ന. ഇപ്പൊൾ കണ്ടാലും എനിക്ക 85 വയസ്സായി പൊർ മുതലായ പ്രവൃത്തികൾക്കും അന്നെ പൊലെ ഇപ്പൊഴും ശക്തിയുണ്ട. ഹെബ്രാൻ മലപ്രദെശത്തിൽ ഉറപ്പുള്ള കൊട്ടകളും എനാക്കിന്റെ മഹാശരീരികളായ പുത്രന്മാരും ഉണ്ടല്ലൊ. ആ ദെശം എനിക്കതന്നാൽ ദെവ കൃപ കൊണ്ട അവരെ ആട്ടികളയാം. ഇപ്രകാരം ചൊദിച്ചപ്പൊൾ യൊശു സമ്മതിച്ച അനുഗ്രഹം പറഞ്ഞു കാലബും അതിൽ കരെറി പൊരാടി എനാക്യരെ ജയിച്ച ഹെബ്രാൻ ദെശം സ്വാധീനമാക്കുകയും ചെയ്ത. അടുക്കലെ ദബിർ പട്ടണം പിടിക്കുന്നവന്ന മകളെ തരാം എന്ന കാലബ പ്രതിജ്ഞ ചെയ്തൊറെ വംശ്യനായ ഒതനിയെൽ ചെന്ന ജയിച്ച ദെശത്തെയും കന്യകയെയും പരിഗ്രഹിച്ച.

ഇങ്ങിനെ യഹൂദ ഗൊത്രത്തിൽ ഉള്ളവർക്ക തെക്കൻ രാജ്യം അടങ്ങി സ്വന്തമായ്തീർന്ന. അതിന്റെ അതിർ തെക്ക ഏദൊം മിസ്ര രാജ്യങ്ങളും കിഴക്ക ഉപ്പ പൊയ°കയും പടിഞ്ഞാറ സമുദ്രം വടക്ക യരുശലെം പട്ടണം വരെ ബിന്യമീൻ ഗൊത്ര ഭ്രമി.

അനന്തരം യൊസെഫ ഗൊത്രങ്ങളിൽ ശെഷിച്ചവർക്ക കനാൻ നട പ്രദെശം കൊടുത്തപ്പൊൾ കനാന്യർ ഇരുമ്പ തെരുകളൊടും ഇനിയും കാട്ടിൽ പാർക്കുന്നുണ്ടെന്നറിഞ്ഞിട്ട: ദെവാനുഗ്രഹത്താൽ ഇത്ര വലിയ ജാതിയായി വർദ്ധിച്ച ഞങ്ങൾക്ക ഈ ചുരുങ്ങിയ ദെശം എന്തിന്ന തന്ന എന്ന സ്വവംശക്കാരനായ യൊശുവിനൊട ചൊദിച്ചപ്പൊൾ. വലിയ ജാതിയാകകൊണ്ടല്ലൊ ഈ കാടും ദെശവും തന്ന. കാട ഒക്കെയും വയക്കി ശത്രുക്കൾ ശക്തന്മാർ എങ്കിലും അവരെ നീക്കി നാടാക്കി പാർക്കാമല്ലൊ എന്ന കല°പിച്ച. അങ്ങിനെ എഫ്രയീം അരമനയ്ക്ക പാത്ത നാട്ടിന്ന പിന്നെയുള്ള കാലത്ത സമര്യ എന്ന പെരുണ്ടായി. എബൽഗരിജീം എന്ന മലകളുടെ നടുവിൽ യാകൊബ വാങ്ങിയ ശിഖെം ദെശത്തിൽ വെച്ച എഫ്രൊമർ മുതലായ ഇസ്രയെലർ മിസ്രയിൽനിന്ന കൊണ്ടുവന്ന യൊസെഫിൻ അസ്ഥികളെ കല°പിച്ച പ്രകാരം സ്ഥാപിച്ച. അടുക്കലെ ശിലൊ എന്ന പട്ടണം യൊശു കണ്ട ദെവ കൂടാരത്തൊടും ഇസ്രയെൽ സഭയൊടും കൂട അവിടെ പാർക്കയും ചെയ്ത.

ആ നഗരത്തിൽ വെച്ച യൊഗം കൂടി നിങ്ങളെ അച്ചന്മാരുടെ ദൈവം തന്ന ദെശത്തെ സ്വന്തമാക്കി പാർപ്പാൻ എത്രത്തൊളം താമസം ഉണ്ടാകും ഈ ശെഷിച്ച 7 ഗൊത്രങ്ങൾക്ക ഒരൊ ദെശം കൊടുക്കെണ്ടതിന്ന ആളുകളെ അയച്ച വശമാകാത്ത നാടറിഞ്ഞ വരെച്ച സൊടത്തിക്കായിട്ട എഴാക്കി പകുക്കെണം എന്ന കല°പിച്ച പ്രകാരം ചെയ്താറെ. യൊശു ദൈവ സ്ഥലത്തിന്റെ മുമ്പാകെ നറുക്കിട്ട പകുത്ത കൊടുത്ത. ആയ്തിനാൽ യഹൂദ എഫ്രയീം ഗൊത്രങ്ങൾക്ക നടുവിൽ യരിഖൊ ഗിബ്യൊൻ യരുശലെം എന്ന പട്ടണങ്ങളൊട കൂടിയ ദെശം ബിന്യമീൻ ഗൊത്രക്കൊക്കായി. യഹൂദ ഗൊത്രത്തിന്ന വെണ്ടുന്നതിൽ അധികം ഭ്രമി കിട്ടുകകൊണ്ട അതിലുൾപ്പെട്ട ബെർശബ മുതലായ തെക്കെ പട്ടണങ്ങൾ മറും ശിമ്യൊൻ ഗൊത്രത്തിന്നായി ഭവിച്ച. യഹൂദാവിന്ന വടക്ക തിമ്നത്ത എക്രൊൻ യാഫൊ മുതലായ പട്ടണങ്ങളൊട കൂടിയ കടല°പുറം ദാൻ ഗൊത്രത്തിന്ന അവകാശമായിവന്ന. ഇങ്ങിനെ 4 ഗൊത്രങ്ങൾ പാത്തുവരുന്ന തെക്കൻ രാജ്യത്തിന്ന പിന്നത്തെ കാലം യൂദയ എന്ന പെർ ഉണ്ടായിവന്ന.

ശെഷമുള്ള ഗൊത്രങ്ങൾക്ക യൊസെഫിന്റ വടക്ക കിട്ടിയ ദെശം പിന്നെ ഗലീല എന്ന പെർ കൊണ്ട പ്രസിദ്ധമായ്തീർന്ന. അതിൽ തെക്കെ അംശം യജ്രയെൽ തുടങ്ങിയ പട്ടണങ്ങളൊടും പല കാലങ്ങളിലും പെരിമ്പടകളെ കൊണ്ട പുകണ്ണ മഗിദ്ദൊ എന്ന സമ ഭ്രമിയൊടും കൂട താബൊർ മലയൊളം ഇസഷ്ഹാരിന്നും. നചരെത്ത മുതലായ ദെശങ്ങളും ജബുലൂന്നും. യർദ്ദൻ പൊയ്ക്കളൊട ചെർന്ന ഹസൊർ കപനവും ബത്തസൈദ തുടങ്ങിയ പട്ടണങ്ങളുള്ള അംശം നപ്തലികും. തെക്കെ കർമ്മൽ മല തുടങ്ങി തുറചിതൊൻ തുറമുഖങ്ങളുടെ അരികത്തൊളമുള്ള വടക്ക പടിഞ്ഞാറെ മൂല അശെറിന്നും കിട്ടുകയും ചെയ്ത.

ഇങ്ങിനെ എല്ലാ ഗൊത്രക്കാക്കും നാട്ട പകുത്ത കൊടുത്തതിന്റെ ശെഷം യൊശു തനിക്കും എഫ്രൈം മലയിൽ ഒരു ഭ്രമി ദാനം ചൊദിച്ചപ്പൊൾ ഇസ്രയെലർ ദെവ കല്പനയാലെ കൊടുത്ത, പിന്നെ ലെവി ഗൊത്രത്തിലുള്ള അഹറൊന്യക്ക തെക്കൻ രാജ്യത്തിൽ ഹെബ്രൊൻ മുതലായ 13 ഗ്രാമങ്ങളെയും, ശെഷം കഹാത്യക്ക നടുപ്രദെശത്തിൽ ശിഖെം മുതലായ 10 ഗ്രാമങ്ങളെയും, ഗെർശ്ശൊന്യർക്ക വടക്കൻ രാജ്യത്തിൽ കദെശ മുതലായ 13 ഗ്രാമവും, മരാര്യക്ക യർദ്ദന്നക്കര രാമൊത തുടങ്ങിയ 12 ഗ്രാമവും, ആകെ ലെവിക്ക 48 ഗ്രാമങ്ങളെ കല്പിച്ച കൊടുത്ത. അവറ്റിൽ ആറു മുഖ്യ ദെശങ്ങളെ മനഃപൂർവ്വം അല്ലാതെ വധം ചെയ്തവർക്ക ഭയം കൂടാതെ പാർപ്പാൻ സങ്കെതമാക്കിയും കല്പിച്ച.

ഇപ്രകാരം യഹൊവ പിതാക്കന്മാരൊട കല്പിച്ച പ്രകാരം ഇസ്രയെലക്ക ആണയിട്ട രാജ്യം കൊടുത്ത അവരും അതിൽ എല്ലാടവും ശത്രുഭയം കൂടാതെ സുഖെന പാർത്ത ദൈവം ഇസ്രയെൽ ഭവനത്തൊട കല്പിച്ച ഗുണങ്ങൾ ഒന്നിന്നും വൈകല്യം എന്നിയെ അനുഭവം വരികയും ചെയ്ത.

ബിംബം യെശുകൃതായാവൈമുക്തെർ ന്യനസൂതൊദദൌ
ദെശഈശപ്രതിജ്ഞാതെ ബ്രഹജാൻകിലനീതവാൻ
സ്ഥിതൊമൊസിപദെയെശുസ്ത്വാംപൂർണ്ണാംശാശ്വതീം സതീം
ദായീവിശ്വാസിനാമെഷ ആസ്വഗ്രമപിനായകഃ
യാംനാന്യെനായകാഃകെചിന്നമൊസിരപിശാസ്തുദഃ
സംസാരപ്രാന്തരഭ്രാന്തന്യഭ്യാദാത്രമശകുന്നവൻ

7. രണ്ടര ഗൊത്രക്കാർ മടങ്ങി പൊയത്ത

അനന്തരം യൊശു യുദ്ധത്തിന്നായി തന്റെ കൂട വന്ന 2 1/2 ഗൊത്രക്കാരെ അനുഗ്രഹിച്ച വളരെ കൊള്ളയിട്ട ദ്രവ്യവും കൊടുത്ത പറഞ്ഞയക്കുമ്പൊൾ അവർ യർദ്ദൻ കടന്ന ശെഷം, ദൈവം മൊശയൊട കല്പിച്ച മാതിരി പ്രകാരം അവിടെ നല്ലൊരു ബലിപീഠം ഉണ്ടാക്കി വെച്ച. ആയ്തിനെ ഇസ്രയെലർ കെട്ടശെഷം അവരൊട പടെക്കായി ഒരുമ്പെട്ട മുമ്പെ മന്ത്രികളെ അയച്ച. ഇസ്രയെല്ല ദൈവമായ യഹൊവയെ വിട്ട വെറൊരു സ്ഥലത്ത വെച്ച ബലി കഴിപ്പാൻ ഭാവിച്ചത എന്തെന്നും നിങ്ങൾക്ക അവകാശമായ ദെശത്തിന്ന ദൈവസ്ഥലം അകലയാകകൊണ്ട പൊരായ്മ തൊന്നുന്നെങ്കിൽ ദൈവം വസിക്കുന്ന ഈ ദെശത്ത കടന്ന വന്ന പാർക്കാമല്ലൊ. എല്ലാ ഇസ്രയെലരുടെ നെരെയും കൊപം വരാതിരിപ്പാൻ യഹൊവയെ മാത്രം വിടരുത എന്നും പറയിച്ച. അതിന്ന 2 1/2 ഗൊത്രക്കാർ യഹൊവയെ വിട്ട പൂജ കഴിപ്പാൻ ഞങ്ങൾ ഇത പണിയിച്ച എങ്കിൽ അവൻ ഇന്നും ഞങ്ങളെ കൈവിട്ട ശിക്ഷിക്കട്ടെ ഈ ചെയ്തതിന്റെ കാരണം പറയാം നിങ്ങൾക്കും ഞങ്ങൾക്കുംയർദ്ദൻ അതിരാകകൊണ്ട പക്ഷെ നിങ്ങളുടെ സന്തതി ഞങ്ങളൊട ഇക്കരെക്കാരെ ചെരെണ്ടാ യഹൊവ ഞങ്ങളുടെ ദൈവമത്രെ എന്ന പറവാൻ തുടങ്ങുമായിരിക്കും അന്ന ഞങ്ങളുടെ സന്തതിക്കാർ ദെവപീഠത്തൊട സമമായ ഇതിനെ കാണിച്ച സാക്ഷിയാക്കികൊള്ളാമല്ലൊ.

നിങ്ങളുടെ സന്തതിക്കാരും അവരെ ദെവ സ്ഥലത്തിൽനിന്നും ദെവാരാധന യിൽനിന്നും നിഷ്ഠെധിക്കയും ഇല്ലല്ലൊ, എന്നിങ്ങിനെപറഞ്ഞതു കെട്ടാറെ ഫിഹനസ മുതലായ മന്ത്രികൻ സന്തൊഷിച്ചു യഹൊവ നമ്മൊട കൂടത്തന്നെ ഇ രിക്കുന്നത ഇന്ന പ്രത്യക്ഷമായി എന്ന പറഞ്ഞു ഇസ്രയെലരെ അറിയിച്ചു എ ല്ലാവരും പ്രസാദിച്ചു ദൈവത്തെ സ്തുതിക്കയും ചെയ്തു.

8. യൊശുവിന്റെ മരണം

യൊശു വൃദ്ധനായ ശെഷം എല്ലാ പ്രമാണികളെയും മൂപ്പന്മാരെയും ഒരിട ത്തിൽ യൊഗം തികച്ചു ദെവൊപകാരങ്ങളെ ഓൎമ്മപ്പെടുത്തി. യഹൊവ നിങ്ങൻ ക്കായി പൊരാടിയ വിധം കണ്ടുവല്ലൊ അവന്റെ കല്പന അനുസരിച്ചു നട ന്നാൽ അപ്രകാരം ശെഷിച്ച ശത്രുക്കളെയും നീക്കി നിങ്ങളിൽ ഒരുത്തനു ആ യിരം ജനങ്ങളെ ഒടിപ്പാൻ സംഗതി വരുത്തും സത്യം. ഈ ദൈവത്തെ മാത്രം പൂർണ്ണമനസ്സൊടെ സ്നെഹിപ്പാൻ നിങ്ങൻ വഴിപൊലെ സൂക്ഷിപ്പിൻ ആ കനാ ന്യരൊട ഇണങ്ങുകയും അന്യൊന്യം ബാന്ധവികയും അവരുടെ ദെവ നാമങ്ങ ളെ പിടിച്ചു ആണയിടുകയും അരുതു. ചെയ്താൽ അവരെ കളവാൻ സംഗതിവ രികയില്ല. എന്നു തന്നെ അല്ല ദെശഭ്രംശം വരുവൊളവും അവർ നിങ്ങൻക്ക വല യും കണ്ണിയും മുള്ളമായ്തീരും. യഹൊവയൊട ചെയ്ത കരാറിനെ ലംഘിച്ച അന്യദെവന്മാരെ സെവിക്കുന്ന എങ്കിൽ ദൈവം കല്പിച്ച ഗുണങ്ങൻ ഒരന്തരം കൂടാതെ അനുഭവിച്ചുവന്ന പ്രകാരം തന്നെ എല്ലാ ദൊഷങ്ങളും അനുഭവമായി വരും നിശ്ചയം. ഞാൻ ശരീരം വിടുമ്മുമ്പെ ഈ അവസ്ഥ വെണ്ടംവണ്ണം അറി യിച്ചിരിക്കുന്നു.

അതിന്റെ ശെഷം സർവ്വഗൊത്രങ്ങളും ശിഖെമിൽ കൂടി വന്ന ദെവസ ന്നിധിയിൽ നില്ക്കുമ്പൊൻ, യഹൊവ നിങ്ങളെ മിസ്രയിൽനിന്നു പുറപ്പെടീച്ചു ഇവിടെ ഉള്ള രാജാക്കന്മാരെ ജയിപ്പിച്ചു നിങ്ങൻ കൃഷിചെയ്യാത്ത വിളയെയും പണിയിക്കാത്ത പട്ടണങ്ങളെയും നടാത്ത തൊട്ടങ്ങളെയും തന്നുവല്ലൊ അവനെ ശങ്കിച്ചു എപ്പൊഴും മുഴമനസ്സൊടെ സെവിപ്പിൻ, അല്ല എങ്കിൽ അബ്രഹാമുടെ അച്ചന്മാർ ഫ്രാത്ത നദിക്കക്കരെനിന്ന അന്യദെവന്മാരെ സെവിച്ചുവല്ലൊ നിങ്ങ ളുടെ അച്ചന്മാർ മിസ്രയിൽ വെച്ചു വെറെ ദെവകളെ എടുത്തതും അറിയാം ഈ ദെശക്കാരുടെ പരദെവതകൻ പലതും ഉണ്ടല്ലൊ, അതിൽ ഇഷ്ടപ്രകാരം പ്രതി ഷ്ഠിച്ചു സെവിക്കാം ഞാനും കുഡുംബവും യഹൊവയെ തന്നെ സെവിക്കെ ഉള്ളു. എന്നു യൊശു ആ കൂട്ടത്തൊടു കല്പിച്ചപ്പൊൻ ഒരു കാലവും ഞങ്ങൻ അന്യദെവ ന്മാരെ സെവിക്ക ഇല്ല എത്രയും അതിശയമായി നടത്തി രക്ഷിച്ചുവരുന്ന യഹൊ വയെ തന്നെ സെവിക്കെ ഉള്ളു എന്നവരും പറകയും ചെയ്തു. നിങ്ങൻക്ക യഹൊ വയെ സെവിപ്പാൻ കഴിക ഇല്ല അവൻ പാപ ലംഘനങ്ങളെ വിചാരിയാത്ത ബിംബം പൊലെ അല്ല പരിശുദ്ധിയും ശ്രഷ്കാന്തിയും പൂണ്ട ദൈവമാകകൊ ണ്ടു തന്നെ വിടുന്നവരെ വിടാതെ ശിക്ഷിക്കും, എന്നു കെട്ടിട്ടും ജനങ്ങൻ യഹൊ വയെ തന്നെ സെവിക്കെ ഉള്ളു എന്നു പറകകൊണ്ടു യൊശു അവർ യഹൊവയെ കൈക്കൊണ്ടതിന്നു സാക്ഷിയായിട്ടു ഒരു കല്ലു നിറുത്തി നടപ്പുകൻ ഒക്കയും എഴു തിവെച്ചു എല്ലാവരെയും പറഞ്ഞയച്ച ശെഷം, നൂറ്റിപത്താം വയസ്സിൽ ദെവ ദാസനായ യൊശു മരിക്കയും ചെയ്തു.

മുക്തിംസർവ്വാരിഹസ്യാദ്ധിനാശകംനൊട്ടാതുമച്യുതാം
സയൊശുനൂനജൊവീരഃ കനാനീയവിജിതപരഃ
മൂതെതസ്മിൻമൂതെഷ്വവതദാശ്ചര്യക്രിയെക്ഷിഷു
സവ്വവുദ്ധെഷ്വഥൊശെഷാവ്യസ്മരൻ പരമെശ്വരം
തതഃസ്വീയം വിഭ്രർവഗ്ഗം ശത്രൂണാംപരിവാസിനാം
നിഘ്നം മുഹുർമ്മുഹുഃകുവ്വൻവ്യസൃജൽ പാപദണ്ഡദഃ

തതൊന്നതപതാംതെഷാംത്യജതാംചാന്യദെവതാഃ
ദയയാനെകധാവീരാൻനിദധൌസവിമൊചകാൻ
തെഷ്ടദൊബാരകശ്ചാപിമന്ത്രിതൊയൊദബൊരയാ
ഗിദ്യൊനൊയഷ്ടഹശ്ചൈവ സംസൊനശ്ചമഹാബലഃ
ഇത്യാദ്യഃകുലമീശസ്യനയന്തൊമൊസിശാസ്ത്രതഃ
രഥാശ്വഹീനമപ്യുഗ്രാൻ വ്യജയന്തദ്വിഷഃസദാ

നായകന്മാരുടെ കാലം

9. ദ്രൊഹാരംഭം

യൊശ്രുവും എലാജരും മരിച്ചതിൽ പിന്നെയും ദൈവാതിശയങ്ങൾക്ക സാക്ഷികളായിരുന്ന മൂപ്പന്മാർ ജീവിച്ചിരുന്നവരയും ഇസ്രയെലർ യഹൊവയെ ശങ്കിച്ചപൊന്ന. സന്തതിക്കാക്ക യുദ്ധത്തിൽ ശീലവും അനുസരണത്തിന്ന പരീക്ഷയും വരെണ്ടതിന്ന വടക്കും തെക്കും ഉള്ള ചില ശത്രുക്കളെ ദൈവം ശെഷിപ്പിച്ചിരുന്ന. യഹൂദ ഗൊത്രക്കാർ ദെവകല്പനയാലെ യുദ്ധത്തിന്ന മുമ്പരായി യരുശലെമിൽ രാജാവായവനെ ജയിച്ച പെരുവിരൽ അറുത്തപ്പൊൾ ഇപ്രകാരം ഞാനും 70 രാജാക്കന്മാരുടെ വിരലുകളെ അറുത്തിട്ട മുട്ടുകുത്തി നടത്തിച്ച ഉച്ചിഷ്ടങ്ങളെ എടുത്ത തിന്നിച്ചിരുന്ന. അതിന്റെ ഫലം ദൈവം എനിക്ക അനുഭവം വരുത്തി എന്ന പറഞ്ഞു മരിക്കയും ചെയ്ത. അവന്റെ നഗരത്തെ യഹൂദർ കത്തിച്ച പലിഷ്ട പട്ടണങ്ങളെയും പിടിച്ചടക്കി. എഫ്രായിമിൽ മറും ചില ഇടത്തും യുദ്ധം ഉണ്ടായി വന്ന. ദൈവം ചെയ്ത ക്രിയകളെ കാണാതെ ഉള്ള പുതിയ ആളുകൾ ഉണ്ടായി വർദ്ധിക്കും കാലം രാജാവും അധിപതികളും ഇല്ലായ്കയാൽ ഒരൊരുത്തൻ താന്താങ്ങളുടെ ഇഷ്ടപ്രകാരം ചെയ്ത വന്ന.

ദാൻ ഗൊത്രക്കാർ കടലരികിൽ കല്പിച്ച ദെശം അടക്കുവാൻ കഴിയാഞ്ഞകൊണ്ട കനാൻ ദെശത്തിന്റെ വടക്കെ അതിരിൽ നല്ല പട്ടണവും നാടും കണ്ടുപിടിക്കെണ്ടതിന്ന നിയൊഗിച്ച. അവർ ലെശം 600 ആളുകളെ ലൈസ കൊട്ട പിടിക്കെണ്ടതിന്ന നിയൊഗിച്ച. അവർ ലെശം പൊലും ഭയപ്പെടാതെ ഉള്ള ശത്രുക്കളെ കൊട്ടയിൽ കയറി കൊന്നും ഓടിച്ചും കൂടി ഇരുന്ന. ശിലൊ ദെവ സ്ഥലത്തിന്ന ഞങ്ങൾ വളരെ ദൂരെ എന്ന വിചാരിച്ച ഒരു ദുഷ്ടന്റെ വീട്ടിൽനിന്ന കിട്ടിയ വെള്ളി ബിംബത്തെ ആ കൊട്ടയിൽ പ്രതിഷ്ഠിച്ച യഹൊവ എന്ന പെരുമിട്ട മൊശയുടെ സന്തതിയിൽ ഒരുവനെ മക്കളൊടു കൂട പൂജാരി ആക്കിവെക്കുകയും ചെയ്ത. ഇങ്ങിനെ വടക്ക ദാന്യർ ഇസ്രയെലർ എല്ലാവർക്കും ബിംബാരാധനയുടെ വഴി കാണിച്ച സഹൊദരന്മാർക്ക സർപ്പമായ്തീർന്ന.

ബിന്യമീനർ യരുശലെമിലും മറും ശത്രുക്കളെ നീക്കാതെ കപ്പം വാങ്ങി അവരൊടു കൂട സുഖിച്ചിരിപ്പാൻ മറെവർക്കും വഴികാണിച്ചതുകൊണ്ട മുമ്പിൽ കഠിന ശിക്ഷ ആ ഗൊത്രത്തിൽ ഉണ്ടായ്വന്ന; അതെന്തെന്നാൽ, ലൌകിക ഭാഗ്യത്താൽ പുരുഷൻമാർക്ക സ്ത്രീഭാവം വന്നപ്പൊൾ ഗിബ്യ പട്ടണക്കാർ ദെവകല്പന നിരസിച്ച ഒരു പുതിയ ദുർമ്മൊഹം ശീലിച്ച തുടങ്ങി. പട്ടണത്തുടെ വരുന്നൊരു ലെവ്യന്റെ ഭാര്യ ആ ദുഷ്ടൻമാർ അവരാധിച്ചതിനാൽ മരിച്ച പ്രകാരം ലെവ്യൻ ശെഷം ഗൊത്രക്കാർക്കും അറിയിച്ചപ്പൊൾ ഇസ്രയെലർ ഒക്കത്തക്ക ഈ ദുഷ്ക്രിയയുടെ ശിക്ഷ ചെയ്യുവൊളവും ആരും വിടരുത എന്ന നിശ്ചയിച്ച ബിന്യമീന്നടുക്കൽ ദൂതന്മാരെ അയച്ച ആ പൈശാചരെ കൊല്ലെണ്ടുന്നതിനായി എല്പിക്കെണം എന്ന പറയിച്ച. ആയ്ത അഭിമാനത്താലെ സമ്മതിയാതുകൊണ്ട ആ ഗൊത്രക്കാരുമായി ആരും ബാന്ധവിക്കയുമരുത എന്ന ആണയിട്ട പടഎറപ്പൊൾ രണ്ട വട്ടം തൊറ ശെഷം, ശിലൊവിൽ ദെവകൂടാരത്തിന്ന മുമ്പിൽ

വെച്ചു വളരെ കരഞ്ഞു നൊമ്പം എടുത്തു ബലികളെ കഴിച്ചപ്പൊൾ പിഹ്നാസ എന്ന മഹാചാര്യൻ നാള ജയം തരും എന്ന യഹൊവ കല്പനയെ അറിയിച്ചു, അപ്രകാരം തന്നെ പിറ്റാം ദിവസം ജയം വന്നപ്പൊൾ ബിന്യമീനർ നശിച്ചു നാടു പാഴായി പൊകയും ചെയ്തു. ശെഷിച്ചവർ ചിലർ മലകളിൽ ഒളിച്ചിരിക്കുന്നതറിഞ്ഞാറെ അനുതാപവും ദയയും ഉണ്ടായി പന്ത്രണ്ടിൽ ഒരു ഗൊത്രം ഒഴിഞ്ഞു പൊകരുത എന്നുവെച്ചു അവർക്ക ബാന്ധവത്തിന്ന ഒരുപായം വിചാരിച്ചു വീടുകളെയും മറ്റും ഉണ്ടാക്കി പാർക്കെണ്ടതിന്ന സമ്മതിക്കയും ചെയ്തു.

ശെഷം ഇസ്രയെൽ ദൊഷങ്ങളെ എങ്ങിനെ പറയാവു. ചില ഗൊത്രക്കാർ ദെവാജ്ഞയെ ബഹുമാനിയാതെ കനാന്യരെ പുറത്തു നീക്കുന്നതിനെക്കാൾ കപ്പം വാങ്ങുന്നത നല്വത എന്നുവെച്ചു അതാത ദെശങ്ങളിൽ പാർപ്പിച്ചു. ഒരു ദെവദൂതൻ വന്നു അല്പയൊ നിങ്ങൾ ഇവരെ നീക്കി ദെവസ്ഥലങ്ങളെ തകൎക്കെണം എന്നു കല്പിച്ചത ചെയ്യാതെ ഇരിക്ക കൊണ്ടു ഞാനും അവരെ നീക്കുന്നില്ല അവർ നിങ്ങൾക്ക കണ്ണിയും ദെവകൾ വലയുമായ്തീരും എന്ന അറിയിച്ചത കെട്ടപ്പൊൾ ഇസ്രയെലർ ദുഃഖം പൂണ്ടു കരഞ്ഞു എങ്കിലും. ക്രമത്താലെ ചിലർ യഹൊവയെ വിട്ടു കനാന്യ സ്ത്രീകളെയും എടുത്തു ചിലർ അതാത ദെശങ്ങളിൽ മുമ്പെ പ്രതിഷ്ഠിച്ച ബാൽ എന്ന വ്യാഴത്തെയും അഷ്തൎത്ത എന്ന ദെവിയെയും മറ്റും ചില മൂൎത്തികളെയും സെവിച്ചു തുടങ്ങി. ഇങ്ങിനെ ദെവകൊപം ഉണ്ടാക്കുകകൊണ്ടു അവരെ ഒരൊരൊ ശത്രുവിന്റെ കൈയിൽ ഏല്പിച്ചു പിന്നെ വളരെ ക്ലെശിച്ചു പ്രാൎത്ഥിക്കുമ്പൊൾ അവർക്ക ഒരൊ നായകനെ ഉദിപ്പിച്ചു ജയവും ശ്രീത്വവും നല്കി നായകന്റെ ശെഷം പിന്നെയും മത്സരിച്ചാൽ മുമ്പെ പൊലെ രാജാവില്ലാതെ യഹൊവ തന്നെ ശിക്ഷാ രക്ഷകളെ ചെയ്തു വന്നതു ഏകദെശം 380 വർഷമാകുന്നു.

10. ഒത്നിയെൽ തുടങ്ങിയുള്ള നായകന്മാർ

(1.) കനാന്യരൊടിണങ്ങി പ്രതിഷ്ഠകളെ പൂജിച്ചു തുടങ്ങുമ്പൊൾ യഹൊവ പദാനറാമിലെ രാജാവെ വരുത്തി ഇസ്രയെലരെ 8 വർഷം അവന്നു അടിമകളാക്കി ശിക്ഷിച്ച ശെഷം. അവർ മുറയിട്ടപെക്ഷിച്ചതിനെ ദൈവം കെട്ടു കാലബിന്റെ മകനായ ഒത്നിയെലെ ദെവാത്മാവു കൊണ്ടു നിറെച്ചു നായകനാക്കി വെച്ചു ആയവനും കീഴക്കരെ ജയിച്ചു മരണം വരെ 40 സംവത്സരത്തൊളം ദെശത്തിന്ന സ്വസ്ഥത വരുത്തി പാർത്തു.

(2.) പിന്നെയും ദൊഷം വർദ്ധിച്ചു വന്നപ്പൊൾ മൊവബിൽ രാജാവായ എഗ്ലൊൻ ലൊത്യരെ സമൂഹമാക്കി ചെർത്തു യർദ്ദൻ കടന്നു യരിഹൊപട്ടണത്തിൽ വസിച്ചു 18 വർഷം ഇസ്രയെൽ നാടടക്കി ദെവ ശിക്ഷ നടത്തി വന്നു. അവർ പിന്നെയും യഹൊവയൊട അപെക്ഷിച്ചപ്പൊൾ ബിന്യമീനിൽ എഹൂദെന്നവനെ ഉദ്ധാരണത്തിന്നായി കല്പിച്ചാറെ. അവൻ ഇസ്രയെലുടെ കപ്പത്തൊടു കൂടവന്നു രാജാവിന്റെ പക്കൽ എല്പിച്ചാറെ സ്വകാര്യം ഒന്നു കൊൾപ്പാനുണ്ടു എന്നു രാജാവിനെ അറിയിച്ചു ചുറ്റുമുള്ളവരെ നീക്കിച്ചപ്പൊൾ സന്നിധിയിൽ ചെന്നു നിണക്കായിട്ട ഒരു ദെവവാക്കുണ്ടു എന്നു ചൊല്ലി ശൂരിവാളുരി അവന്റെ വയറ്റിൽ പിടിയൊളം ചെല്ലിച്ചു വാതിൽ അടെച്ചു പുറത്തു പൊകയും ചെയ്തു. എഫ്രൈം മലപ്രദെശത്തിൽ എത്തി കാഹളം വിളിച്ചപ്പൊൾ പലരും ചെർന്നു ഇക്കര വന്ന മൊവബ്യരെ സംഹരിച്ചു 80 വർഷത്തൊളം സ്വാസ്ഥ്യം വരികയും ചെയ്തു.

(3.) അവന്റെ ശെഷം സംഗർ എന്നവൻ മൂരിക്കൊൽ കൊണ്ടു പലിഷ്ടരെ ഓടിച്ചു ഇസ്രയെലർക്ക രക്ഷയായ്തീൎന്നു.

(4.) പിന്നെയും ദ്രൊഹം ചെയ്തപ്പൊൾ ഉത്തര കനാന്യർ പെരിക വൎദ്ധിച്ചു ഹസൊർ രാജധാനിയെ ഉറപ്പിച്ചു സിസ്സര എന്ന പടനായകനെ കൊണ്ടും

അനെകം ഇരിമ്പുതെരുകളെ കൊണ്ടും ഇസ്രയെലരെ ജയിച്ചു 20 വർഷം കനാൻ ദെശം അടക്കി ഇരുന്നു. നായകന്മാർ ഇല്ലാന്നായാൽ ദെവാത്മാവു നിറഞ്ഞ ദബൊര എന്ന കുലസ്ത്രീ എഫ്രൊം മലയിൽ വെച്ചു നാട്ടുകാരുടെ ന്യായങ്ങളെ വിസ്തരിച്ചു ഇസ്രയെലിന്നു അമ്മ പൊലെ ആയ്തീർന്നു. ആയവം നഫ്തലി ഗൊത്രത്തിലുള്ള ബാരാക്കിനെ വിളിച്ചു. നീ ഇവിടെയുള്ളവരിൽ 10000 ആളുകളെ ചെർത്തു തബൊർ മലയിൽ കയറി ചെന്നാൽ ഞാൻ സിസരയെ പടയൊടും കുട നിന്റെ കൈയിൽ ഏല്പിച്ചുതരും എന്നുള്ള ദെവ ഹിതം അറിയിച്ചു. എന്നാറെ നിന്നെ കൂടാതെ പൊകയില്ല എന്നു പറകകൊണ്ടു അവളും ഞാൻ കുട വരാം കീത്തി ഒരു സ്ത്രീക്കായി വരും താനും എന്നു ചൊന്നാറെ അപ്രകാരം അനുസരിച്ചു. ഈ അവസ്ഥ കെട്ടാറെ രുബൻ മുതലായ അക്കരെക്കാർ വളരെ സംശയിച്ചു ആടുമാടുകളെ കാപ്പാനായി പാർത്തു അശെർ ദാൻ എന്ന ഗൊത്രക്കാർ കടല്പുറത്തു പണികളെ ചെയ്യും വസിച്ചു. ജബുലൂൻ നഫ്തലി ഈ രണ്ടു ഗൊത്രക്കാർ മാത്രം ഇസഷ്ഖാരിലെ ചില പ്രഭുക്കളൊടു കുട മരണഭീതി അകറ്റി മനഃപൂവ്വമായി താബൊർ മലയിൽ വന്നു ചെർന്നു. കനാന്യർ തെർ കുതിരകളൊടും കുട മഗിദ്ദൊ സമഭ്രമിയിൽ പടെക്കു ചെന്നപ്പൊഴും ഇസ്രയെലർ ഇറങ്ങി ഒടി വരുന്നതു കണ്ടാറെ ദൈവം മുതലെക്കു ഭയം ഉണ്ടാക്കി ഉടനെ ഒടിച്ചു നിഗ്രഹിച്ചു കിശൊൻ പുഴയിൽ ശവങ്ങളും നിറെക്കയും ചെയ്തു. സിസര ഭയപ്പെട്ടു കാല്നടയായി മണ്ടി മൊശയുടെ കളത്രവംശക്കാർ കുടിയിരിക്കുന്ന കുടാരങ്ങളെ കുണ്ടുഅരികെ ചെന്നു വെള്ളത്തിന്നു ചൊദിച്ചപ്പൊഴും അതിലെ യായൽ എന്ന സ്ത്രീ മൊർ കൊടുത്തു. കുടിച്ചാറെ അവൻ ക്ഷീണതകൊണ്ടു കുടാരത്തിൽ കിടന്നുറങ്ങുമ്പൊഴും ആ സ്ത്രീ ഒരു കുറ്റി ചെന്നിക്കു തറപ്പിച്ചു നിലത്തൊളം തൊടുവിച്ചുകൊന്നവനെ ബാരാക്കിന്നു കാണിക്കയും ചെയ്തു. ദബൊര നടന്നത ഒക്കയുംഒരു പാട്ടാക്കി ദൈവം ഇസ്രയെലെ വിടുവിച്ച പ്രകാരം സ്തുതിച്ചു.

ഇവ്വണ്ണമെ നിന്നുടെ ശത്രു വൃന്ദം നാശം വരുത്തി ജയമാണ്ടരുളെണമെ, നീ സ്നെഹം പെരുത്തു തിരുവാക്കുകൊം ആചരിപ്പൊർ ആദിത്യനുള്ള പ്രഭയൊടും ഉദിക്കവെണം. എന്ന പ്രകാരം പ്രാത്ഥിച്ചു 40 വർഷത്തൊളം സ്വസ്ഥത ഉണ്ടാകയും ചെയ്തു.

11. ഗിദ്യൊൻ

(5.) ഇസ്രയെലർ പിന്നെയും ദെവ വിരുദ്ധമായ ദൊഷം ചെയ്തപ്പൊഴൊം മിദ്യാനരുടെ കൈയിൽ ഏല്പിച്ചു കൊടുത്തു ഇവരും ശെഷം അറബികളും വിളമൂരുവാൻ കാലമാകുമ്പൊഴൊം ഒട്ടക കുട്ടങ്ങളൊടും വന്നു രാജ്യത്തിൽ പരന്നു നാട്ടുകാരെ മലകളിലും ഗുഹകളിലും ഓടിച്ചു കൃഷികളെ മുറ്റും നശിപ്പിച്ചു കുത്തികവർച്ച കഴിക്കയും ചെയ്യും. ഇപ്രകാരം 7 വർഷം ഞെരുങ്ങി യഹൊവയൊട പെക്ഷിച്ചാറെ എന്റെ വാക്കു നിങ്ങൊം ഉറ്റു കെൊംക്കാതെ പൊയതുകൊണ്ടല്ലൊ ഇപ്രകാരം വന്നു എന്ന പ്രവാചിയെ കൊണ്ടു അറിയിച്ച ശെഷം. ഒരു ദെവദൂതൻ മറയത്തു വെച്ചു കൊതമ്പപ്പുല്ല തക്കുന്ന ഗിദ്യൊൻ എന്ന മനുഷ്യക്കാരന്റെ മുമ്പിൽ പ്രത്യക്ഷനായി. ഹെ യുദ്ധവീര യഹൊവ നിന്റെ കുട ഇരിക്കെണമെ എന്നു പറഞ്ഞതു കെട്ടാറെ യഹൊവ ഞങ്ങളൊട കുട ഉണ്ടെങ്കിൽ ഇപ്രകാരം വരുമൊ പൂർവ്വന്മാർ പുകണ്ണ അവന്റെ അതിശയങ്ങൊം എവിടെ എന്നു ചൊദിച്ചപ്പൊഴൊം യഹൊവ അവനെ തുക്കൺപാർത്തു ഈ ശക്തികൊണ്ടു തന്നെ മിദ്യാനരെ ജയിച്ചു ഇസ്രയെലരെ രക്ഷിക്ക എന്നു കല്പിച്ചു. അല്ലയൊ കത്താവെ ഈ അല്പനായ ഞാൻ എന്തുകൊണ്ടു ജയിപ്പാറാകും. എന്നാറെ യഹൊവ ഞാൻ തുണ നില്ക്കയാൽ ആ സൈന്യങ്ങളെ ഒരാളെ പൊലെ നീ ജയിക്കും എന്ന കെട്ട ഗിദ്യൊൻ ഈ കാണുന്നതും കെൊംക്കുന്നതും മായയല്ല എന്നറിയെണ്ടതിന്നു ഞാൻ പൊയി കാഴ്ച കൊണ്ടുവരുവൊളം കാത്തിരിക്ക വെണമെ

എന്നപെക്ഷിച്ചാറെ. സമ്മതമായപ്പൊൗ പൊയി ഒരു കുഞ്ഞാടു ബലിക്കായി കൊണ്ടുവന്ന പാറക്കല്ലിന്മെൽ വെച്ചു ദെവദൂതനും ദണ്ഡുകൊണ്ടു കല്ലു തൊട്ടു ഉടനെ തീ പുറപ്പെട്ടു ആയ്തിനെ ചുട്ടെടുത്തു ദൂതനും മറഞ്ഞു. ഇനി പെടിക്കരുത എന്നും ഈ തറയിലുള്ള ബിംബത്തെ കീറി വിറകാക്കി പാറമെൽ എനിക്കു ബലി കഴിക്കെണം എന്നും ദൈവം കല്പിച്ചു. അപ്രകാരം അവൻ ചെയ്തു ജനങ്ങൗ രാവിലെ കണ്ടാറെ കൊപിച്ചു സൂക്ഷ്മം അറിഞ്ഞ ഗിദ്യൊനെ കൊല്ലുവാൻ തിരയും കാലം. നിങ്ങൗ ഈ ബാൽ ദെവന്റെ കാര്യത്തിന്നുത്സാഹിക്കുന്നത എന്ത അവന്തന്നെ കാര്യം നൊക്കട്ടെ എന്ന അച്ഛൻ പറഞ്ഞതുകൊണ്ടു നാട്ടുകാർ അടങ്ങി ഗിദ്യൊന്ന ബാലിന്റെ പ്രതി എന്നത്ഥമുള്ള യരുബാൽ എന്ന പെരിട്ടു.

ദെവാത്മാവ അവനിൽ നിറകയാൽ കാഹളം ഊതിച്ചു സ്വവംശക്കാരെയും വടക്കെ ഗൊത്രങ്ങളെയും ചെർത്തു മിദ്യാനരുടെ സൈന്യങ്ങൗ പാളയം ഇറങ്ങിയ മഗിദ്ദൊസമ ഭ്രമിക്കു നെരെ വന്ന കൂടി ദൈവത്തൊട അടയാളം ചൊദിച്ചപ്പൊൗ ഒരു രാത്രിയിൽ ഒരാട്ടിന്തൊൽ കളത്തിൽ വെച്ചപ്പൊൗ അതു മാത്രം മഞ്ഞു നിറഞ്ഞും ഭ്രമി വരണ്ടും കണ്ടു. പിറെ രാത്രിയിൽ തൊൽ ഉണങ്ങിയും ഭ്രമി നനഞ്ഞും കണ്ടു ദെവ സമ്മതം അറിഞ്ഞു ശത്രുക്കളുടെ തെക്കെ ഭാഗത്ത പാളയം ഇറങ്ങുകയും ചെയ്തു. അനന്തരം ദൈവം നിന്നൊട കൂടയുള്ള 32000 ആളുകൗക്ക ജയം വന്നെങ്കിൽ അവർ മദിച്ചു എന്നെ മറക്കും അതുകൊണ്ടു ഭയം ഉള്ളവർ പൊവാന്തക്കവെണ്ണം അറിയിച്ചയക്ക എന്ന കല്പിച്ചാറെ മിക്കവാറും വിട്ടു പൊയ ശെഷവും. ഈ 10000 ആളുകൗക്കും ആവശ്യമില്ല വെള്ളം കുടിപ്പിച്ചാൽ അവരുടെ അവസ്ഥ ബൊധിക്കും എന്ന കല്പിച്ച പ്രകാരം ചെയ്യിച്ചാറെ. മുട്ടുകുത്തി വെള്ളം കുടിച്ചവരെ വിട്ടയച്ചു നാസ്തൗം നക്കും പ്രകാരം കുടിച്ച 300 പെരുകളെ മാത്രം പാർപ്പിച്ചു എല്ലാ ഭൊജ്യങ്ങളെയും കാഹളങ്ങളെയും സംഗ്രഹിച്ചു.

അസ്തമിച്ചപ്പൊൗ ശത്രുക്കളുടെ പാളയത്തിൽ പതുക്കെ ചെന്നുപുക്കു ഒരു കൂടാരത്തിൻ പുറത്തു എത്തിയ ഉടനെ അതിൽ കിടന്നവരിൽ ഒരുവൻ. ഹൊ ഒരു യവ അപ്പം ഉരുണ്ടുരുണ്ടു പാളയത്തിൽ വന്ന അലച്ചതിനാൽ ഒരു കൂടാരം വീണു തൊട്ടുതൊട്ടുള്ള കൂടാരങ്ങളും എല്ലാം കീഴമെലായി മറിഞ്ഞു വീഴുകയും ചെയ്തു. എന്ന കണ്ട സ്വപ്നം പറയുന്നതും ഇത ഗിദ്യൊന്റെ വാളാകുന്ന ദൈവം ഈ പട അവന്റെ കൈയിൽ സമർപ്പിച്ചു എന്നുള്ള ഉത്തരം കെട്ടാറെ. ഗിദ്യൊൻ ദൈവത്തെ വന്ദിച്ചു മടങ്ങി വന്ന 300 ആളുകളെ 3 കൂട്ടമാക്കി പകുത്തു ഒരൊരുത്തൻ പക്കൽ ഒരൊ കാഹളവും ചട്ടിയും ചട്ടിയിൽ ദീപട്ടികയും കൊടുത്തു ഞാൻ ചെയ്യും പ്രകാരം നിങ്ങളും ചെയ്വിൻ എന്ന കല്പിച്ചു 3 മുഖമായയച്ചു അർദ്ധരാത്രിയിൽ എത്തി എല്ലാവരും കാഹളം ഊതി ചട്ടികളും തകർത്തു ദീപട്ടികളെയും തെളിയിച്ചു ഇത യഹൊവെക്കും ഗിദ്യൊനുമുള്ള വാളാകുന്ന എന്ന നിലവിളിച്ചു നിന്നപ്പൊൗ. മാറാന്മാർ ഒടിഒടി തങ്ങളിലും കുത്തി മുറിച്ചു ലക്ഷത്തിൽപരം ജനങ്ങൗ ഒടുങ്ങുകയും ചെയ്തു.

ഗിദ്യൊൻ എഫ്രൈമരെ അറിയിച്ചപ്പൊൗ അവർ ഉഴറിചെന്ന കടവുകളിൽ കാവലായി നിന്ന ഒരുബ ജെബ ഈ രണ്ടു രാജാക്കന്മാരെയും പിടിച്ചു തലകളെ അറുത്തു കൊണ്ടുവന്നു. ഞങ്ങളെ യുദ്ധത്തിന്ന വിളിക്കാതെ ഇരുന്നത എന്ത എന്നു വലിപ്പം പൂണ്ടു പറഞ്ഞപ്പൊൗ രാജാക്കന്മാരെ കൊന്നത നിങ്ങൗ അല്ലയൊ അപ്രകാരം ഞാൻ ചെയ്തുവൊ എന്ന സമ്മാനവാക്കു പറഞ്ഞു ശാന്തി വരുത്തുകയും ചെയ്തു. ഗിദ്യൊൻ ശെഷമുള്ള 2 രാജാക്കന്മാരുടെ വഴിയെ ഒടിചെന്ന പിടിച്ച നെരം നിങ്ങൗ താബൊർ മലയിൽ വെച്ചു കൊന്നവരുടെ ആകൃതി എങ്ങിനെ എന്ന ചൊദിച്ചാറെ നിന്നെപൊലെ രാജത്വവും സൌന്ദര്യവും ഉള്ളവരാകുന്ന എന്ന കെട്ടാറെ അവർ എന്റെ അമ്മ പെറ മക്കൗ തന്നെ നിങ്ങൗ അവരെ ജീവിപ്പിച്ചിരുന്ന എങ്കിൽ നിങ്ങളെയും ജീവിപ്പിക്കുമായിരുന്ന എന്ന ചൊല്ലി തന്റെ മൂത്തവന്ന ഇവരെ കൊല്ലുക എന്ന ആംഗ്യം കാണിച്ചപ്പൊൗ

രാജാക്കന്മാർ ബാലന്റെ ശങ്കകണ്ടു നീ ഞങ്ങളെ കൊല്ലെണം ആണിനെ ആണ തപം ഉള്ള എന്നു പറഞ്ഞതു കെട്ട അവരെ താൻ കൊന്നു സഹായിക്കാത്ത ഇസ്രയെലരെയും ശിക്ഷിച്ചു. നീ മിദ്യാനരെ നീക്കി ഇസ്രയെലെ രക്ഷിക്കകൊണ്ടു നീയും സന്തതിയും നിരന്തരമായി രാജാവായി വാഴെണം എന്നു കൂടിയവർ എല്ലാം അപെക്ഷിച്ചാറെ അപ്രകാരമല്ല യഹൊവ തന്നെ നിങ്ങളുടെ രാജാവ എന്നവൻ പറഞ്ഞു സ്വഗൃഹത്തിൽ പാത്തു. എങ്കിലും പട്ടപൊയവരുടെ പൊൻ വളകും എല്ലാം കൊണ്ടുവരെണം എന്നു കല്പിച്ചു വരുത്തിയാറെ സ്വർണ്ണം കൊണ്ടു മുമ്പെ കണ്ട ദെവദൂതന്റെ പ്രതിമയെ ഒമ്മെക്കായി വാർപ്പിച്ചു തന്റെ ദെശത്തിൽ വെച്ചു ഇസ്രയെലർക്കു പാപത്തിന്നു സംഗതി വരുത്തി. അവന്റെ മരണംവരെ 40 സംവത്സരം എല്ലാവരും ശത്രുഭയം കൂടാതെ ഇരുന്നു താനും.

12. ശിഖെമിലെ അബിമെലക്ക

ദൈവമറതിയും ബാല്യൂജയും പിന്നെയും മുഴുത്തപ്പൊൾ പുതിയൊരു ശിക്ഷ ഉണ്ടായി. ഗിദ്യൊന്റെ 70 മക്കളിൽ ദാസി പുത്രൻ ഒരുവൻ ശിഖെം പട്ടണക്കാരെ വശത്താക്കി ബാലമ്പലത്തിലെ ദ്രവ്യം കൊടുപ്പിച്ചു ദുഷ്ടന്മാരെ അയച്ചു 70 സഹൊദരന്മാരെ കൊല്ലിച്ച ശെഷം. ശിഖെമ്യർ എല്ലാവരും പെരുമരത്തിങ്കീഴിൽ യൊഗം കൂടി അബിമെലക്ക എന്നവനെ രാജാവാക്കി അഭിഷെകം ചെയ്തു. അന്നു മരിക്കാതെ ശെഷിച്ചൊരനുജനായ യൊഥം ഗരിജീം മലയിൽനിന്നു നിലവിളിച്ചു പറഞ്ഞു, ഹെ ശിഖെമ്യരെ എന്നെ ചെവികൊൾവിൻ എന്നാൽ ദൈവം നിങ്ങളെയും ചെവികൊള്ളും മരങ്ങൾ ഒക്ക കൂടി രാജാവ വെണം എന്നു വെച്ചു ഒലിവ മരത്തൊട നീ ഞങ്ങൾക്ക രാജാവായിരിക്ക എന്നു ചൊദിച്ചപ്പൊൾ ദൈവത്തിന്നും മനുഷ്യർക്കും ഇഷ്ടമുള്ള എണ്ണ വിട്ടു ഞാൻ മരങ്ങൾക്ക മെലായിരിക്കുമൊ എന്നു ആ മരം പറഞ്ഞു; പിന്നെ അത്തിയൊടു ചൊദിച്ചാറെ എന്റെ മധുരം വിട്ടുപൊയി മരങ്ങൾക്ക മെലായി കരെറുമൊ എന്നും; മുന്തിരിയൊടും ചൊദിച്ചാറെ എല്ലാവരെയും സന്തൊഷിപ്പിക്കുന്ന എന്റെ രസത്തെ വിട്ടു മരങ്ങൾക്ക മെലെ കരെറുമൊ എന്നും പറഞ്ഞപ്പൊൾ; മുൾചെടിയൊടു ചൊദിച്ച ഉടനെ നിങ്ങൾ എന്നെ രാജാവാക്കി വെക്കുമൊ വെച്ചാൽ എല്ലാവരും വന്നു എന്റെ നിഴലിനെ ആശ്രയിക്കെണം അല്ലെങ്കിൽ എങ്കൽനിന്നു തീ പുറപ്പെട്ടു ദെവദാരുകളെ കൂട ദഹിപ്പിക്കും എന്നു മുൾചെടി അരുളിച്ചെയ്തു. ഹെ ശിഖെമ്യരെ നിങ്ങൾക്ക വെണ്ടി പ്രാണനെ ഉപെക്ഷിച്ചു പ്രയത്നം ചെയ്ത എന്റെ അച്ഛനെ ഒർത്തിട്ടൊ മക്കളെ കൊന്ന ദാസിപുത്രനെ വാഴിക്കുന്നതു. ആയ്തു നെരും മര്യാദയും ആകുന്നെങ്കിൽ രാജാവ നിങ്ങളിലും നിങ്ങളവങ്കലും ആശ്രയിച്ചു സുഖിച്ചുകൊൾവിൻ. അല്ലായ്തിൽ അവങ്കൽ നിന്നു അഗ്നി പുറപ്പെട്ടു നിങ്ങളെ ഭസ്മീകരിക്കട്ടെ നിങ്ങളിൽനിന്നും പുറപ്പെട്ടു അവനെയും ദഹിപ്പിക്കട്ടെ; ഇത്തരം യൊഥം പറഞ്ഞു പാഞ്ഞു പൊയി ഒളിക്കയും ചെയ്തു.

അബിമെലക്ക 3 ആണ്ടു വാണ ശെഷം ദെവ ശാപത്താൽ നാട്ടുകാരും അവനുമായി ഇടഞ്ഞു. ശിഖെമ്യർ ഒരു ദിവസം ബാലമ്പലത്തിൽ വെച്ചു സദ്യ കഴിച്ചു കുടിച്ചു അബിമെലക്കിനെ ശപിച്ചു മദിച്ചു നിരസിക്കയും ചെയ്തു. ആ വർത്തമാനം രാജാവ കെട്ടാറെ രാവിലെ പടയുമായി അടുത്തു ചെന്നു നാട്ടുകാരെ ജയിച്ചു മതിലിന്മെൽ കരെറി പ്രജകളെയും പട്ടണത്തെയും നിഗ്രഹിച്ചു അമ്പലപ്പുറമെ ഉള്ള കൊന്തളം മരപ്പണി എന്നു കണ്ടു മുണ്ടങ്ങളെ വരുത്തി ചുറും ചാരിച്ചു തീയിട്ടു പാർക്കുന്നവരൊടു കൂട ദഹിപ്പിച്ചു. വെറെ ഒരു കൊന്തളം കണ്ടു തീ വെക്കെണ്ടതിന്നടുക്കുമ്പൊൾ മാളികമുകളിൽ ഇരിക്കുന്നൊരു സ്ത്രീ തിരിക്കല്ലെടുത്തു രാജ മൂർദ്ധാവിൽ ചാടിയപ്പൊൾ തല ഉടഞ്ഞു. മരിപ്പാറായാറെ സ്ത്രീ കൈയാൽ മരിക്കരുത എന്നു വെച്ചു തന്റെ ബാല്യക്കാരന്റെ വാളാൽ മരിച്ചു. ഇസ്രയെലരും യൊഥം ശപിച്ചതിനെ ദൈവം ഫലിപ്പിച്ച പ്രകാരം ഗ്രഹിച്ചു താന്താങ്ങളുടെ ഊരുകൾക്ക പൊകയും ചെയ്തു.

13. യഹ്വഹ മുതലായവരുടെ വിവരം

(7) അനന്തരം ഇസഷ്ഃകാരിൽ തൊലം എന്നവൻ 23 വർഷവും. (8) ഗി ല്യാദിൽ നല്ല പുത്ര സമ്പത്തുള്ള യായീർ എന്നവൻ 22 വർഷവും ഇസ്രയെലരു ടെ ന്യായവിചാരം ചെയ്ത ശെഷം. (9) നാട്ടുകാർ പിന്നെയും അമ്മൊന്യരുടെ ദെവകളെ സെവിച്ചപ്പൊൾ ദെവകൊപം ഉണ്ടായി 18 വർഷം അമ്മൊന്യരെ കൊണ്ടു അക്കരെക്കാരെ താഴ്ത്തി ഇക്കരെയും നിത്യ ഭയം ഉണ്ടാക്കി. നമ്മുടെ ദൈവ ത്തെ വിട്ടു പല കർത്താക്കന്മാരെയും ആശ്രയിച്ചത മഹാദൊഷം തന്നെ എന്നറി യിച്ചു മുറയിട്ടപ്പൊൾ, യഹൊവ ഞാൻ നിങ്ങൾക്ക വെണ്ടി എത്ര ശത്രുക്കളെ ജ യിച്ചു രക്ഷിച്ചു എങ്കിലും നിങ്ങൾ എന്നെ വിട്ടു അന്യദെവന്മാരെ വെച്ചു സെവി ക്കയാൽ ഈ ദുഃഖകാലത്തിങ്കൽ എന്നെയല്ല അവരെ തന്നെ ശരണം പ്രാപിപ്പിൻ എന്ന കല്പിച്ചു. ആയ്ത കെട്ടാറെ ഞങ്ങൾ മഹാ പാപികൾ ഇഷ്ടപ്രകാരം ഞ ങ്ങളെ നടത്തിക്ക ഇപ്പൊൾ മാത്രം രക്ഷിക്ക എന്നപെക്ഷിച്ചു; ബിംബങ്ങളെ നീക്കിയതു ദൈവം കണ്ടു കനിഞ്ഞു രക്ഷെക്കായി ഒരു വഴി കല്പിച്ചു. ഗി ല്യാദിൽ മൂപ്പന്മാർ യൊഗം കൂടിയപ്പൊൾ അമ്മൊന്യരെ ജയിക്കുന്നതാർ അവൻ ഞങ്ങളുടെ പ്രഭു എന്ന നിശ്ചയിച്ചു യഹ്വഹൊട അപ്രകാരം അപെക്ഷിച്ചു. ആയവ നെ വെശ്യാപുത്രനാകയാൽ മുമ്പെ തന്നെ തള്ളിയ ശെഷം കാട്ടിൽ കവർച്ചക്കാ രുടെ തലവനായി പാർത്തിരുന്ന. നിങ്ങൾ എന്നെ ദ്വെഷിച്ചവരല്ലയൊ എന്നും ദൈവം ജയം തന്നാൽ എന്നെ പ്രഭുവാക്കുമൊ എന്നും അവൻ ചൊദിച്ചപ്പൊൾ എല്ലാവരും ദൈവത്തെ സാക്ഷി ആക്കി വെച്ചു യഹ്വഹ സെനാപതി എന്ന ക ല്പിച്ചു.

ആയവൻ അമ്മൊന്യ രാജാവൊട യുദ്ധകാരണം ചൊദിപ്പാൻ ആളയച്ചാ റെ എന്റെ പൂവ്വന്മാരുടെ ഈ ദെശം ഇസ്രയെലർ അടക്കിയിരിക്കകൊണ്ടത്രെ യു ദ്ധം എന്നും അതു തന്നാൽ യുദ്ധം ഇല്ല എന്നും കെട്ടപ്പൊൾ. ഇസ്രയെലർ മിസ്ര യിൽനിന്ന വന്നപ്പൊൾ ലൊത്യരുടെ നാട ആക്രമിച്ചില്ല അവിടെ അടക്കി വാ ഴുന്ന അമൊര്യനായ സിഹൊൻ പൊർ തുടങ്ങിയാറെ ഇസ്രയെൽ ദൈവം അവ ന്റെ ദെശം നമുക്കു തന്ന 300 വർഷത്തൊളവും ഞങ്ങൾ ഇതിൽ പാർത്തനുഭവി ച്ചു വന്നുവല്ലൊ. അതുകൊണ്ടു ഈ യുദ്ധം ന്യായം അല്ല. യഹൊവ ശത്രുക്കളെ നീ ക്കിയ ദെശത്തിൽ ഞങ്ങളെ പാർപ്പിച്ച പ്രകാരം നിന്റെ ദെവനായ കാമൊ സ നിങ്ങൾക്കും വല്ല നാട്ടതന്ന പാർപ്പിക്കട്ടെ. ന്യായാധിപതിയായ യഹൊവ തന്നെ രണ്ടു പരിഷക്കാരുടെയും ന്യായപ്രകാരം തീർക്കട്ടെ എന്നു പറയിച്ചതും വ്യർത്ഥമായി യഹ്വഹ ദെവാത്മാവുകൊണ്ടു ഇസ്രയെലരെ ചെന്തു പടെക്കു പുറ പ്പെട്ടപ്പൊൾ ജയിച്ചെങ്കിൽ മടങ്ങി വീട്ടിലെക്ക വരുമ്പൊൾ മുമ്പിൽ നെരിട്ട വന്ന കാണുന്നത യഹൊവെക്കുള്ളതാകട്ടെ എന്നും ബലി കഴിക്കും എന്നും നെന്റ ജീവനെ ഉപെക്ഷിച്ചു യുദ്ധം ഏറ്റു. യഹൊവ ജയം തരികകൊണ്ടു മുമ്പ അങ്ങട ങ്ങിയ 20 പട്ടണങ്ങളും ഇങ്ങൊട്ടതന്നെ കിട്ടുകയും ചെയ്തു.

വീട്ടിൽ മടങ്ങി വരുമ്പൊൾ മുമ്പിൽ വാദ്യഘൊഷങ്ങളൊടും മറും കൂട എതിരെല്പാനായി തന്റെ മകൾ വരുന്നതു കണ്ടാറെ വസ്ത്രം കീറി അയ്യൊ എന്മകളെ നീ എന്നെ കുഴക്കി താഴ്ത്തിയൊ ഞാൻ ബദ്ധപ്പെട്ടു ദൈവത്തെ അറി യിച്ചത ഇപ്പൊൾ മാറ്റിക്കഴികയില്ല എന്നു കെട്ടാറെ എൻറച്ഛ ദൈവത്തെ അറി യിച്ച പ്രകാരം എന്നെ ചെയ്യെണം അവൻ നിണക്കുവെണ്ടി അമ്മൊന്യരെ ജയി ച്ചു സന്തൊഷം വരുത്തിയല്ലൊ എന്നു പറഞ്ഞ ശെഷം. അവൾ 2 മാസം സഖി മാരൊട കൂടി മലയിൽ പൊയി പാർത്തു കന്യകെയത്തെ വിചാരിച്ചു വിലപി ച്ചിരുന്ന. പിന്നെ അഛന്റെ അടുക്കൽ വന്നപ്പൊൾ അവൻ നെർച്ചപ്രകാരം ചെയ്തു. അവളെ ദൈവകൂടാരത്തിൽ സെവിപ്പാനാക്കിവെച്ചു എന്നുതന്നെ തൊ ന്നുന്നു. വെശ്യാപുത്രൻ ദെവ സഭയിൽ വരരുത എന്ന കല്പന ഒർക്കാതെ ഇസ്രയെലർ യഹ്വഹ നായകനാക്കിയ ശെഷം ദൈവം അവങ്കൽ പ്രസാദിച്ചു

ജയമാനം വരുത്തി ഇരിക്കുന്ന എങ്കിലും കല്പന ഉറപ്പിക്കെണ്ടതിന്ന സന്തതി നാശം വരുത്തിയത ദൈവമതമായിരിക്കും.

അപ്പൊഴ എഫ്രൈമർ മുന്നെപൊലെ മദിച്ചു ഞങ്ങളെ യുദ്ധത്തിന്ന വിളിക്കാഞ്ഞത എന്തെന്നും അതിന്ന പ്രതികാരം വെണം എന്നും ദുഷിച്ചു പറഞ്ഞാറെ; യഹൂഹ ഞാൻ കുറിച്ചിരിക്കുന്ന നിങ്ങഴ വന്നില്ലല്ലൊ ജയം തന്നത യഹൊവ തന്നെഎന്ന പറഞ്ഞ ശെഷവും പൊർക്കളത്തിൽ കൂടിയപ്പൊഴ എഫ്രൈമരെ ജയിച്ചു അഹമ്മതിയെയും അടക്കി വെച്ചു. ഇപ്രകാരം അവൻ 6 സംവത്സരം നായകനായി അന്തരിച്ചപ്പൊഴ.

(10) ബെത്ളഹമിൽ എബ്ജാൻ എന്ന യഹൂദൻ 7 സംവത്സരവും. (11) ജബുലൂന്യനായ എലൊൻ 10 വർഷവും. (12) എഫ്രൈമ്യനായ അബ്ദൊൻ 8 വർഷവും നായകൻമാരായി വാണു.

14. ശിംശൊന്റെ ഉയർച്ചയും താഴ്ചയും

(13.) അതിൽ പിന്നെയും ഇസ്രയെലർ ദ്രൊഹം ചെയ്താറെ യഹൊവ അവരെ 40 വർഷത്തൊളം തെക്കു കടല്പുറത്തുള്ള ഫലിഷ്ടരുടെ കൈയിൽ ഏല്പിച്ചു. അന്ന ദാൻ ഗൊത്രത്തിൽ മനൊഹ എന്ന ഒരുവന്റെ ഭാര്യ പ്രസവിക്കാതെ ഇരുന്ന സമയം ദൈവദൂതൻ പ്രത്യക്ഷനായി അവളൊട പുത്രനെ പ്രസവിക്കും എന്നും അവൻ നജീർവൃത്തിയെ ആശ്രയിച്ചു ഇസ്രയെലെ ഉദ്ധരിപ്പാൻ തുടങ്ങും ആകയാൽ അവൻ ജനിപ്പൊളം നീ മദ്യം കുടിക്കയും അശുദ്ധിയുള്ളതൊന്നും ഭക്ഷിക്കയും അരുത എന്നും പറഞ്ഞു. ആയ്ള ഭർത്താവിനെ അറിയിച്ചു അതി മാനുഷരൂപം നിമിത്തം എവിടെനിന്നുള്ളവൻ എന്ന ഞാൻ ചൊദിച്ചില്ല അവൻ പെർ അറിയിച്ചതും ഇല്ല എന്ന കെട്ടാറെ മനൊഹ ഹെ കർത്താവെ പിള്ളയ്ക്കു വെണ്ടി ചെയ്യെണ്ടുന്നതിനെ അറിയിക്കെണമെ എന്ന പ്രാർത്ഥിച്ചാറെ ദൈവം അനുസരിച്ചു ദൈവദൂതൻ പിന്നെയും പ്രത്യക്ഷനായപ്പൊഴ അവഴ ഭർത്താവിനെ വരുത്തി ഇരിവരും സംസാരിച്ചു. സല്ക്കാരത്തിന്നായി അല്പം താമസിക്കെണം എന്നപെക്ഷിച്ചാറെ ദൂതൻ നീ താമസിപ്പിച്ചാലും നിന്റെ ആഹാരം ഭക്ഷിക്ക ഇല്ല ബലി കഴിക്കാം എങ്കിലൊ യഹൊവെക്ക കഴിച്ചാലും എന്ന കല്പിച്ചു സ്തുതിപ്പാനായി പെരറിയവെണ്ട എന്ന കെട്ടാറെ എൻ നാമത്തെ ചൊദിക്കുന്നത എന്തു അതത്ഭുതം എന്ന പറഞ്ഞപ്പൊഴ മനൊഹ ഒരാട്ടിങ്കുട്ടിയെയും മറും കൊണ്ടുവന്ന പാറമെൽ യഹൊവെക്ക ബലി കഴിച്ചപ്പൊഴ ദൂതൻ അഗ്നിജ്വാലയിൽകൂടെ കരെറി മറഞ്ഞു. ആ അതിശയം കണ്ടു വണങ്ങി നാം മരിക്കും എന്ന വിചാരിച്ചപ്പൊഴ ഭാര്യ അങ്ങിനെ അല്ല കൊല്ലുവാൻ ഭാവിച്ചു എങ്കിൽ നമ്മുടെ കാഴ്ചയെ കൈക്കൊഴകയും ഇങ്ങിനെ കെഴപ്പിക്കയും കാണിക്കയും ഇല്ലയായിരുന്ന എന്ന പറഞ്ഞു കല്പന പ്രകാരം അനുഷ്ഠിച്ചു വരുമ്പൊഴ ഒരു ബാലനെ പ്രസവിച്ചു ശിംശൊൻ എന്ന പെരും വിളിച്ചു യഹൊവയുടെ അനുഗ്രഹത്തൊട കൂട ആ പൈതൽ വളന്ന ദൈവാത്മാവ ചിലപ്പൊഴ അവനെ ഉദ്യൊഗിപ്പിച്ചു തുടങ്ങുകയും ചെയ്തു.

ഫലിഷ്ടർ ഇസ്രയെലരെ താഴ്ത്തിവെച്ചു സമയം ശിംശൊൻ ഒരു ദിവസം തിമ്നത്തിൽ ചെന്ന അവിടെ ഒരു ഫലിഷ്ട്യ കന്യകയെ കണ്ടു മാതാപിതാക്കന്മാരൊട ഇവളെ ഭാര്യയാക്കിതരുവിക്കെണം എന്ന പറഞ്ഞാറെ അവർഇത ദൈവവശാൽ ഉണ്ടായെന്നറിയാതെ ചെലയില്ലാത്തവരിൽനിന്ന ഭാര്യയെ എടുക്കെണമൊ എന്ന വിരൊധിച്ചിട്ടും തരുവിക്കെണം എന്ന പിന്നെയും നിർബന്ധിച്ചു. അതുകൊണ്ട അവർ മൂവരും തിമ്നത്തിലെക്കു പുറപ്പെട്ട വഴിയിൽ വെച്ചു ഒരു സിംഹക്കുട്ടി അവന്റെ നെരെ അലറിവരുമ്പൊഴ നിരായുധൻ എങ്കിലും ദൈവാത്മാവ പ്രവെശിച്ചതിനാൽ അതിനെ പിടിച്ചു പിളർന്നുകളഞ്ഞു ആരെയും ഗ്രഹിപ്പിക്കാതെ മാതാപിതാക്കന്മാരൊട കൂടി നടന്ന ആ സ്ത്രീയൊട സംസാരിച്ചു. പിന്നെയും വിവാഹം ചെയ്വാനായി വന്നപ്പൊഴ സിംഹ ശവത്തെ

നൊക്കെണ്ടതിന്ന മാറിച്ചെന്ന ഉടലിൻ അകത്തു തെനീച്ചക്കുട്ടം കണ്ടു തെൻ എട്ടത്ത മാതാപിതാക്കന്മാർക്കും കൊടുത്തു കിട്ടിയ പ്രകാരം അറിയിച്ചതും ഇല്ല. കല്യാണപുരയിൽ എത്തിയാറെ മര്യാദപ്രകാരം 7 ദിവസം വിരുന്ന കഴിക്ക പ്പൊൾ ശിംശൊൻ കൂടയുള്ള ചങ്ങാതിമാരായ 30 എണ്ണം ഫലിഷ്ടരൊട ഈ ഒരു കടക്കഥ പറഞ്ഞ നിങ്ങൾ അത്ഥം അറിയിച്ചാൽ ഞാൻ 30 കുപ്പായങ്ങ ളെ തരും അല്ല എങ്കിൽ എനിക്ക തരെണം എന്ന വാശിപിടിച്ചാറെ അവർ സമ്മതിച്ച അതിനെ കെൾപ്പിക്കെണം എന്ന പറഞ്ഞു. അപ്പൊൾ അവരൊട തിന്നിയിൽനിന്ന തീനും ഊക്കനിൽനിന്ന മധുരവും ജനിച്ച എന്ന ചൊല്ലിയതിന്റെ അർത്ഥം ചില ദിവസം വിചാരിച്ചിട്ടും തിരിച്ച പറവാൻ കഴിഞ്ഞില്ല. അവർ കല്യാണ സ്ത്രീയെ പെടിപ്പിച്ച വശത്താക്കിയപ്പൊൾ അവൾ ശിംശൊനൊട കരഞ്ഞും അപെക്ഷിച്ചും നിർബന്ധിച്ചതിനാൽ സാരം അറിഞ്ഞു സ്വജാതിക്കാരൊട പറഞ്ഞാറെ അവർ എഴാം ദിവസം മധുരമുള്ളത തെനല്ലയൊ ഊക്കൻ സിംഹം തന്നെ എന്ന പറഞ്ഞു. അപ്പൊൾ അവൻ സ്ത്രീയിൽ ഈർഷ്യ ഭാവിച്ച കുറയ ദൂരെ പൊയി 30 ഫലിഷ്ടരെ കൊന്ന വസ്ത്രങ്ങളെ എടുത്ത തൊഴന്മാക്ക കൊടുത്ത സ്വഭവനത്തിലെക്ക പൊകയും ചെയ്ത. ചില ദിവസം കഴിഞ്ഞാറെ നീരസം തീക്കെണ്ടതിന്ന കാഴ്ചയൊടും കൂട ഭാര്യാഗൃഹത്തിലെക്ക ചെന്നപ്പൊൾ അവളുടെ അഛൻ വിരൊധിച്ച നീ ഉപെക്ഷകാണിക്ക കൊണ്ട മകളെ അന്യന്ന കൊടുത്ത പൊയി അനുജത്തിയെ തരാം എന്ന കെട്ടാറെ ശിംശൊൻ പ്രതിക്രിയ വിചാരിച്ച 300 കുറുക്കന്മാരെ പിടിച്ച ഈരണ്ടുവാൽ ചെത്തു നടുവിൽ ഒരൊ പന്തവും വെച്ച കെട്ടി തീ കൊളുത്തി കൃഷിയിലെക്ക തെളിച്ച വിട്ട കറകളെയും വിളയെയും തൊട്ടങ്ങളെയും കൂട ദഹിപ്പിച്ച കളഞ്ഞു. ഫലിഷ്ടർ കാരണം അറിഞ്ഞു ഉടനെ തിമ്നത്തിൽ ചെന്ന ഭാര്യയെയും അവളുടെ പിതാവിനെയും ഭവനത്തൊട കൂട ചുട്ടുകളഞ്ഞു ശിംശൊൻ അതിനും പ്രതിക്രിയ നടത്തി വൈരം വർദ്ധിപ്പിക്കയും ചെയ്ത.

ഒരു ദിവസം ഫലിഷ്ടർ അവൻ ഗ്രഹയിൽ പാക്കുന്നുണ്ട എന്ന കെട്ടയ ഹൂദരുടെ നെരെ ചെന്ന ശിംശൊനെ എല്പിക്ക ഇല്ല എങ്കിൽ പൊർ എറ്റു കൊള്ളെണം എന്ന പറഞ്ഞപ്പൊൾ യഹൂദർ 3000 കൂടി ശിംശൊനെ കണ്ട ഞങ്ങൾ ഫലിഷ്ടക്ക ദാസന്മാരല്ലൊ നിന്നെ പിടിച്ച കെട്ടി എല്പിക്കെണം എന്ന പറഞ്ഞശെഷം കൊല്ലുകയില്ല എന്ന ആണയിട്ടപ്പൊൾ അവൻ സമ്മതിച്ചാറെ അവർ കയറുകൊണ്ട മുറുക്കിക്കെട്ടിക്കൊണ്ട പൊകയും ചെയ്ത. പലിഷ്ടർ അവന്റെ വരവുകണ്ട ആത്തപ്പൊൾ ദെവാത്മാവ അവനിൽ പ്രവെശിച്ച ബന്ധനങ്ങളും നീങ്ങി തെരുക്കനെ ഒരു കഴുതയെല്ലിനെ കണ്ടെടുത്ത അതിനാൽ 1000 ശത്രുക്കളെയു കൊന്ന. ശെഷം ഒടിപൊയപ്പൊൾ വീരൻ എറവും തളർന്ന ദാഹിച്ച യഹൊവയൊട പ്രാത്ഥിച്ചാറെ അവൻ അത്ഭുതമായി വെള്ളം ജനിപ്പിച്ച ആശ്വസിക്കയും ചെയ്ത. ആ ജയം തുടങ്ങി ശിംശൊൻ 20 വർഷത്തൊളം ഇസ്രയെലർക്ക നായകനായി വസിച്ച.

അതിന്റെ അവസാനത്തിങ്കൽ സ്ത്രീമൊഹം നിമിത്തം ആപത്തു വന്ന പ്രകാരം പറയാം. ഒരു ദിവസം ഘജപട്ടണത്തിൽ രാത്രി പാത്തതിനെ ശത്രുക്കൾ അറിഞ്ഞു രാവിലെ കൊല്ലെണ്ടതിന്ന പതിയിരുന്ന. അവൻ മടിക്കാതെ പാതിരാവിൽ എഴുനീറ്റു പട്ടണവാതിൽ രണ്ട കാലുകളൊടും കൂട പൊരിച്ചെടുത്ത ചെന്ന കുന്നിന്മുകളിൽ വെക്കയും ചെയ്ത. അതിൽ പിന്നെ ദലീല എന്ന സ്ത്രീയെ മൊഹിച്ച വശത്തിലായതിനെ പലിഷ്ട പ്രഭുക്കന്മാർ കെട്ടാറെ സന്തൊഷിച്ച നാട്ടുകാരത്തിയൊട അവന്റെ ബലാധിക്യത്തിന്ന കാരണം എന്ത എന്നും അതിനെ ക്ഷയിപ്പിപ്പാൻ വഴി എന്തെന്നും അറിഞ്ഞറിയിക്കെണ്ടതിന്നും വളരെ കൈക്കുലി പറഞ്ഞു അധീന ആക്കി അപ്രകാരം മൂന്നവട്ടം അപെക്ഷിച്ചതിനാൽ ഉണ്ടായ പരീക്ഷയിൽ തൊറ്റു തൊറ്റു എന്ന കാണായ്വന്നപ്പൊൾ എങ്കൽ സ്നെഹം ഇല്ലല്ലൊ എന്ന ദിവസം പ്രതി ബുദ്ധിമുട്ടിച്ച

നിബ്ബന്ധിച്ചപ്പൊഴം ശിംശൊൻ മരണ തുല്യം അസഹ്യപ്പെട്ട പൊയി തന്റെ ഹൃദയത്തെ അറിയിച്ചു ഞാൻ ജനനം മുതൽ ഇതുവരെയും നജീർവൃത്തിയെ ആചരിച്ചു വന്നവൻ തലനാർ കളയിച്ചാൽ ബലം എന്നെ വിട്ടുപൊകും മറുള്ളവരെ പൊലെ ആകും എന്ന സത്യം പറഞ്ഞ ഉടനെ ദലീല തന്റെ പ്രഭുക്കന്മാരെ വരുത്തി ദ്രവ്യവും വാങ്ങി ശിംശൊൻ ഉറങ്ങുമ്പൊഴം എഴായി മെടഞ്ഞ തലനാരുകളെ ചിരപ്പിച്ചു ഹെ ശിംശൊനെ പലിഷ്ടർ നിന്റെ മെൽ വരുന്നു എന്ന പറഞ്ഞപ്പൊഴം അവൻ ഉണന്നു യഹൊവയും ബലവും വിട്ടുപൊയ പ്രകാരം അറിയാതെ മുമ്പെപൊലെ ഞെട്ടി ഉണർന്നു കുടഞ്ഞു കളയാം എന്ന വിചാരിച്ചു എഴു നീറു. പെട്ടന്ന പലിഷ്ടർ അവനെ പിടിച്ചു കണ്ണുകളെ ചൂന്നെടുത്തു ഘജയിലെക്ക കൊണ്ടുചെന്നു ചങ്ങലയിട്ടു തടവിലാക്കി മാവുപൊടിപ്പിച്ചുകൊണ്ടിരുന്നു.

അങ്ങിനെ കുറയക്കാലം കഴിഞ്ഞ ശെഷം അവന്റെ ശിരൊരൊമം വീണ്ടും വളന്നു തുടങ്ങിയപ്പൊഴം പലിഷ്ടർ മത്സ്യരൂപമായ ദാഗൊന്നു ഒരു മഹൊത്സവം കഴിപ്പാനായിട്ടു ഒന്നിച്ചു കൂടി ഈ നാട്ടിന്നും പ്രജകൾക്കും ഏറിയ നാശങ്ങളെ ചെയ്ത ശിംശൊനെ നമ്മളിൽ ഏല്പിച്ചു രക്ഷിച്ചത ഈ ദെവനത്രെ എന്ന എല്ലാവരും സന്തൊഷിച്ചു കളിച്ചു സ്തുതിക്കുമ്പൊഴം നമ്മുടെ മുമ്പാകെ പാടികളിപ്പാൻ ശിംശൊനെ വിളിക്കെണം എന്ന കല്പിച്ചു വരുത്തി രസിപ്പിക്കുമാറാക്കി. ആ മാടത്തിന്റെ കീഴിലും മെലിലും സ്ത്രീ പുരുഷന്മാരും പ്രഭുക്കന്മാരും എല്ലാം കൂടി ഏകദെശം 3000 പെരുണ്ടായിരുന്നു. മാളിക 2 തൂണാധാരമായിട്ടു നിന്നിരുന്നു. അപ്പൊഴം ശിംശൊൻ കൈക്കുപിടിച്ചിട്ടുള്ള ബാല്യക്കാരനൊടു ഞാൻ തൂണുകളൊടു ചാരി നില്ക്കട്ടെ എന്നു പറഞ്ഞ നടുവിൽ നിന്നു അല്ലയൊ യഹൊവ എന്നെ ഒർത്തു ഈ ഒരു പ്രതിക്രിയെക്കായിട്ട എന്നെ ശക്തനാക്കെണം എന്നപെക്ഷിച്ചു തൂണുകളം രണ്ടിനെയും 2 കൈകൊണ്ടും പിടിച്ചുന്നി ചാഞ്ഞു ഞാനും പലിഷ്ടരൊടു കൂട മരിക്കട്ടെ എന്നു പറഞ്ഞപ്പൊഴം ഭവനം വീണു അനെകം പ്രഭുക്കന്മാരൊടും ജനങ്ങളൊടും കൂട താനും മരിച്ചു. അന്നു സ്വമരണം കൊണ്ടു കൊന്നവർ താൻ മുന്നെ ജീവകാലത്തിൽ കൊന്നവരെക്കാളം ഏറയുണ്ടായിരുന്നു. സഹൊദര ബന്ധുക്കളും വന്നു അവന്റെ ശവത്തെ എടുത്തു അചരനെ വെച്ച ഗ്രഹയിൽ അടക്കുകയും ചെയ്തു.

15. പ്രധാനാചാര്യനായ ഏളി

ശിംശൊൻ മരിച്ച ശെഷം ഇത്ഥമാർ വംശത്തിൽ മഹാചാര്യനായ്വന്ന (14) ഏളി 2 പുത്രന്മാരൊടു കൂട ശിലൊവിൽ വെച്ചു ദെവശുശ്രൂഷ ചെയ്യുന്നതുമല്ലാതെ 40 വർഷത്തൊളം രാജ്യകാര്യങ്ങളും കൂട വിചാരിച്ചു പൊന്നു. പിതാവു നല്ലവൻ എങ്കിലും പുത്രന്മാരുടെ ദുഷ്ടത നിമിത്തം ദെവ പ്രസാദം ഉണ്ടായില്ല. അക്കാലം ഒരു ലെവ്യനായ എല്ക്കനാ 2 ഭാര്യമാരെ വെട്ടതിൽ മച്ചിയായ ഹന്നയെ ദെവ ഭക്തി നിമിത്തം അധികം സ്നെഹിച്ചപ്പൊഴം പുത്രന്മാരുള്ള സപത്നിയാൽ അവൾക്ക വ്യസനം നന്നെ ഉണ്ടായിവന്നു. വർഷം തൊറും ശിലൊവിൽ ബലി കഴിപ്പാൻ പൊകും വഴിയിൽ വെച്ചും മറും പഴിവാക്കുകളുണ്ടാകയാൽ ഹന്ന കരഞ്ഞും ഭക്ഷിക്കാതെകണ്ടും ഇരിക്കും ഒരു ദിവസം അപ്രകാരം ഉണ്ടായാറെ ഭർത്താവു ആശ്വസിപ്പിച്ചിട്ടും ഹന്ന സദ്യയെ വിട്ടു ദെവസ്ഥാനത്തു പൊയി മുട്ടുകുത്തി കരഞ്ഞു പ്രാർത്ഥിച്ചു, സൈന്യങ്ങളുടയ യഹൊവയെ എന്റെ സങ്കടം നൊക്കി വിചാരിച്ചു ഒരു മകനെ തരെണമെ തന്നാൽ അവനെ ജീവപര്യന്തം യഹൊവെക്ക തന്നെ എല്പിക്കും എന്നു നെർന്നിരിക്കുമ്പൊഴം ഏളി അടുക്കെ നിന്നു സൂക്ഷിച്ചു നൊക്കി ഉച്ചരിക്കുന്നില്ല എങ്കിലും അധരങ്ങളം അനങ്ങുന്നത കണ്ടിട്ട മത്ത എന്നു വിചാരിച്ചു എത്രത്തൊളം നീ ലഹരിയുള്ള ഭാവം കാണിക്കും എന്നു ചൊദിച്ചു. അതിന്നു ഹന്ന സ്വാമി അങ്ങിനെ അല്ല മനസ്സിലെ ദുഃഖം യഹൊവാ മുമ്പാകെ പകരുവാനത്രെ ഞാൻ ഇവിടെ വന്നതു പരിതാപ പരവശയായിട്ടത്രെ ഞാൻ പറഞ്ഞതു എന്നു ചൊല്ലിയപ്പൊഴം ഏളി നീ സമാധാനത്തൊടെ

പൊയിക്കൊൾക ഇസ്രയെൽ ദൈവം നിന്റെ അപെക്ഷപ്രകാരം നല്ക മാറാകട്ടെ എന്നനുഗ്രഹിച്ചയച്ചു. അവളും മടങ്ങി പൊയി ഭക്ഷിച്ചു പ്രാത്ഥന കഴി ച്ചു രാമയിൽ സ്വഭവനത്തിലെക്ക വന്നു. അവിടെ ഗർഭം ധരിച്ചു പുത്രനെ പ്രസ വിച്ചപ്പൊൾ ദൈവം കെട്ടതിനാൽ കൊടുത്തത എന്നത്ഥമുള്ള ശമുവെൽ എന്ന പെരും വിളിച്ചു വളത്തു വാഗ്ദത്തപ്രകാരം ദൈവം സാധിപ്പിക്കട്ടെ എന്ന ഇരു വരും അപെക്ഷിച്ചുകൊണ്ടിരുന്നു. വളർന്നപ്പൊൾ അവൻ അവനെ കൂട്ടി കൊണ്ടു പൊയി ഏളിയെ കാണിച്ചു അന്നു ഞാൻ അപെക്ഷിച്ചതു ഇതുതന്നെ യഹൊവ സാധിപ്പിച്ചു തരികകൊണ്ടു ഞാനും ഇവനെ ആയുസ്സുള്ളവരെയും അങ്ങൊട്ടു സമർ പ്പിക്കുന്നു എന്നു പറഞ്ഞു മകനും അമ്മയും ദൈവത്തെ വന്ദിക്കയും ചെയ്തു.

അന്നു ഹന്ന സ്തുതിച്ച പ്രകാരം ചുരുക്കി പറയാം. യഹൊവയുടെ രക്ഷ നിമിത്തം സന്തൊഷിച്ച ശത്രുക്കളുടെ നെരെ വായ്തുറക്കാം യഹൊവയെ പൊ ലെ ശുദ്ധനാരുമില്ല വെറെ പാറയും ഇല്ല അവൻ സർവ്വജ്ഞനും എല്ലാ ക്രിയക ളെ തൂക്കി നൊക്കുന്നവനും ആകകൊണ്ടു വലിപ്പം ഏറ പറയാതെ വായിൽനി ന്നു ഡംഭം വിടെണം. വീരന്മാരുടെ വില്ലു ഒടിഞ്ഞു ഇടറിയവർ ശക്തി ധരി ച്ചു. തൃപ്തന്മാർ വല്ലികായിട്ടു പണി ചെയ്യുന്നു വിശന്നവർ സ്വസ്ഥരായി പാ ക്കുന്നു. മച്ചി ഏഴൊളം പ്രസവിക്കും ബഹുസന്തതിയുള്ളവളും വാടിപ്പൊകുന്നു. യഹൊവ കൊല്ലുന്നു ജീവിപ്പിക്കയും ചെയ്യുന്നു പാതാളത്തിൽ ഇറക്കും കരെറു കയും ചെയ്യും. യഹൊവ ദാരിദ്ര്യവും സമ്പത്തും വരുത്തുന്നവൻ താഴ്ത്തുന്നതും ഉയർത്തുന്നതും അവന്തന്നെ. ഹീനനെ പൊടിയിൽനിന്നുദ്ധരിപ്പിച്ചു കുപ്പയിൽനി ന്നു സാധുവെ ഉയർത്തീട്ടു പ്രഭു മദ്ധ്യെ ഇരുത്തി മഹാസനത്തിന്നു അവകാശം കൊടുക്കുന്നു. ഭൂമിയുടെ അടിസ്ഥാനങ്ങൾ യഹൊവെക്കുള്ളതാകുന്നു അതിന്മെൽ ലൊകത്തെ സ്ഥാപിച്ചിരിക്കുന്നു, തന്റെ സത്തിന്റെ കാലുകളെ അവൻ സൂ ക്ഷിക്കും ദുഷ്ടന്മാർ ഇരുട്ടിൽ ഒടുങ്ങും ശക്തികൊണ്ടാരും ജയിക്കയും ഇല്ല. യ ഹൊവ അഭിഷെകം ചെയ്തവന്റെ കൊമ്പുയത്തി, സ്വരാജാവിന്നു ജയം കൊ ടുക്കത്തക്കവെണ്ണം പ്രതിയൊഗിയെ ഭയപ്പെടുത്തി അവന്മെൽ ഇടി മുഴക്കിച്ചു ദി ക്കുകളുടെ അറ്റത്തൊളം ന്യായം വിധിക്കുകയും ചെയ്തു. ഇപ്രകാരം അവൾ വാ ങ്ങിയപ്പൊൾ ഏളി ഇരുവരെയും അനുഗ്രഹിച്ചു ഈ കാഴ്ചയ്ക്കു യഹൊവ പകരം തരട്ടെ എന്നു ചൊല്ലി അയച്ചു മാതാപിതാക്കന്മാരും ഭവനത്തിലെക്കു പൊയി.

ഇപ്രകാരം ശമുവെൽ ചെറുപ്പത്തിൽ യഹൊവാ കൂടാരത്തിലെ പണി ചെയ്തു തുടങ്ങുമ്പൊൾ അവിടെ അധികാരികളായ ഏളി പുത്രർ ഇരിവരും യ ഹൊവയെ അറിയാഞ്ഞ അസുരന്മാരായ്നടന്നു. ആചാര്യ ധർമ്മം ബഹുമാനി ക്കാതെ അവർ ബലിക്കായ്വരുന്നവരെ നിർബന്ധിച്ചു മാംസം ഇഷ്ടം പൊലെ വർഗ്ഗിക്കും ദെവശുശ്രൂഷ ചെയ്യുന്ന സ്ത്രീകളൊടു ബലാല്ക്കാരവും ചെയ്യും ഇങ്ങിനെ ദൈവകാര്യത്തിൽ എല്ലാവക്കും നീരസം ജനിപ്പിച്ചു. അഛനൊടറിയിച്ചാൽ അ വൻ മക്കളെ വിളിച്ചു, അല്ലയൊ എൻ പുത്രരെ ഈ വക അരുതു ഞാൻ എല്ലാ വരിൽനിന്നും കെൾക്കുന്ന നിങ്ങളുടെ ശ്രുതി നന്നല്ല നിങ്ങൾ യഹൊവയുടെ ജനത്തെ അതിക്രമം ചെയ്വാറാക്കുന്നു. മാനുഷ ദൊഷത്തിന്നു ന്യായകർത്താവ നിവൃത്തി വരുത്തും ദൈവവിരൊധമായി പാപം ചെയ്താൽ അതിന്റെ ശാന്തി ആർ വരുത്തും എന്നിങ്ങനെ പലപ്പൊഴും അപെക്ഷിച്ചിട്ടും അവർ അനുസരി ച്ചില്ല. ഇതു പിതാവിന്നു തന്നെ ദൊഷമായ്ഭവിച്ചു. മാതാപിതാക്കന്മാരെ നിരസിച്ചു താന്തൊന്നിയായി നടക്കുന്ന ദുഷ്പുത്രനെ ദെശക്കാർ മുഖെന വി സ്തരിച്ചു കല്ലെറിഞ്ഞു കൊല്ലെണം എന്നും ആചാര്യനും ന്യായാധിപതിയും ചൊല്ലുന്ന പ്രകാരം കെളാതെ അഹമ്മതി പൂണ്ടു നടക്കുന്നവനെ കൊല്ലെണം എ ന്നും ഇപ്രകാരം ജനത്തിന്നു ഒക്കയും ദൈവികഭയം വരുത്തെണം എന്നും യഹൊ വ ആദ്യം കല്പിച്ചു വെച്ചതിനെ ഏളി വിചാരിയാഞ്ഞുകൊണ്ടു. ഒരു ദിവ്യൻ പ്ര ത്യക്ഷനായിട്ടു ഏളിയൊടു ദൈവകരുണയെ ഒർപ്പിച്ചു എന്നെക്കാളും പുത്രന്മാരെ ബഹുമാനിക്കുന്നത എന്തു നിന്റെ വംശത്തിന്നു കല്പിച്ച വാഗ്ദത്ത പ്രകാരം ചെ യ്ക ഇല്ല നിശ്ചയം എന്നെ ബഹുമാനിക്കുന്നവനെ ഞാൻ ബഹുമാനിക്കും,

ധിക്കരിക്കുന്നവനെ ധിക്കരിക്കും, രണ്ട പുത്രന്മാരും ഒരു ദിനം തന്നെ മരിക്കും അന്ന മുതൽ വംശത്തിന്ന ലഘുത്വവും വരും. അനന്തരം എന്റെ അഭിഷിക്തന മുമ്പാകെ നിത്യം നടക്കേണ്ടതിന്ന എന്റെ ഹൃദയപ്രകാരം ചെയ്യുന്ന വിശ്വസ്തനായ ആചാര്യനെ ഞാൻ എനിക്ക നിറുത്തി അവന്റെ സന്തതിക്കും സ്ഥിരത വരുത്തും എന്നിങ്ങിനെ ദെവ കല്പന അറിയിച്ചു. അക്കാലത്തിൽ ഒക്കയും ദുർജ്ജന സംസർഗ്ഗത്താൽ ശമുവെലിന്ന ഒരു ദൊഷം പററി ഇല്ല അവൻ ദെവമുഖെന വളന്ന യഹൊവയൊടും മനുഷ്യരൊടും ഇഷ്ടമുള്ളവനായ്തീർന്ന.

ഒരുനാൾ ശമുവെൽ ഉറങ്ങുമ്പൊൾ തന്റെ പെർ വിളിക്കുന്നത കെട്ട ഏളി കിടന്നുറങ്ങുന്ന എടത്തു പൊയി എന്നെ വിളിച്ചു അല്ലൊ എന്ന ചൊദിച്ചാറെ ഞാൻ വിളിച്ചില്ല നീ ഇനിയും കിടന്നുകൊൾക എന്ന പറഞ്ഞു അപ്രകാരം ചെയ്തപ്പൊൾ പിന്നെയും വിളി കെട്ടിട്ടു ചെന്നനെഷിച്ചാറെ മുമ്പെപൊലെ ഏളിയുടെ വാക്കനുസരിച്ചുറങ്ങുമ്പൊൾ മൂന്നാമതും വിളി കെട്ട. അപ്പൊൾ ഏളി ഇനിയും വിളിയെ കെട്ടാൽ അല്ലയൊ കത്താവെ പറക അടിയൻ കെൾക്കുന്ന എന്നുത്തരം പറയെണം എന്നുപദെശിച്ചു. ആയ്തുകൊണ്ട ശമുവെൽ എന്ന വിളി നാലാമതും കെട്ട ബാലൻ ഉത്തരം പറഞ്ഞാറെ യഹൊവ അവനൊട അരുളിചെയ്തത എന്തെന്നാൽ. കെൾക്കുന്നവരുടെ ചെവി കടിക്കത്തക്കവണ്ണം ഞാൻ ഇസ്രയെലിൽ ഒരു കാര്യത്തെ ചെയ്യും അന്ന ഏളിയുടെ ഭവനം കൊണ്ട പറഞ്ഞിട്ടുള്ളത എല്ലാം നിവൃത്തിക്കും അതിന്റെ കാരണം പുത്രന്മാർ തങ്ങൾക്കതന്നെ ശാപം വരുത്തുന്നത അറിഞ്ഞു എങ്കിലും അവരെ താക്കീതാതെ ഇരിക്കയാൽ യാതൊരു കർമ്മം കൊണ്ടും ശാന്തി വരാത നിത്യ ശിക്ഷയെ അവന്റെ സന്തതിയിൽ നടത്തും. എന്നിപ്രകാരം കെട്ട ശെഷം ശമുവെൽ ഏളിയെ അറിയിപ്പാൻ ഭയപ്പെട്ട പുലരുവൊളം മിണ്ടാതെ പാർത്ത വാതിലുകളെ തുറന്ന. അപ്പൊൾ ഏളി അവനെ വിളിച്ചു മകനെ നിന്നൊട അറിയിച്ച കാര്യം എന്ത ദൈവത്താണ ഒന്നും മറെക്കരുതെ എന്നപെക്ഷിച്ചപ്പൊൾ ശമുവെൽ ഒക്കയും അറിയിച്ചു ഏളി അവൻ യഹൊവയല്ലൊ അവന്റെ ഇഷ്ടപ്രകാരം ചെയ്യുമാറാകട്ടെ എന്ന പറഞ്ഞു. അന്ന മുതൽ ശമുവെലിന്ന ദെവ പരിചയം ഉണ്ടായി വർദ്ധിച്ചു അവൻ ദെവ വചനം പലപ്പൊഴും കെട്ട പറയും പ്രകാരം യഹൊവ വീഴ്ച കൂടാതെ നടത്തുകയും ചെയ്തു. അക്കാലത്തിൽ ദെവ ദർശനം ദുർല്ലഭമാകയാൽ ഇസ്രയെലർ എല്ലാവരും പ്രസാദിച്ചു അവനൊട വചനം ചൊദിച്ചു യഹൊവെക്ക വിശ്വസ്തനായ പ്രവാചകൻ എന്നറികയും ചെയ്തു.

എന്നാറെ ഇസ്രയെലർ പലിഷ്ടരൊട പട എററപ്പൊൾ ഒരു ദിവസം പൊർക്കളത്തിൽ തൊററിട്ട മൂപ്പന്മാരുടെ ഉപദെശപ്രകാരം ദെവകൂടാരത്തിലെ പെട്ടകത്തെ എഴുന്നെള്ളിച്ചു രക്ഷെക്കായി കൊണ്ടുവന്ന. ഏളി പുത്രന്മാർ അതിനൊടു കൂട വന്നപ്പൊൾ പാളയക്കാർ ഭൂമി കുലുങ്ങ ആർത്തു സന്തൊഷിച്ചു. അതു കെട്ടാറെ പലിഷ്ടർ കാരണം അന്വെഷിച്ചറിഞ്ഞു ഭയപ്പെട്ട ഹാ കഷ്ടം ഇപ്രകാരം ഇതിന്ന മുമ്പെ ഉണ്ടായില്ല മിസ്രക്കാരെ പീഡിപ്പിച്ച ദെവർ പാളയത്തിൽ വന്ന ഇപ്പൊൾ ഉദ്ധരിപ്പാൻ പ്രയാസം ഹെ പലിഷ്ടരെ നിങ്ങൾ ഈ ജാതിയെ സെവിപ്പിച്ച പ്രകാരം സെവിച്ചു പൊകെണമൊ പുരുഷത്വം കാട്ടി പൊർ ചെയ്വിൻ എന്ന തമ്മിൽ പറഞ്ഞു യുദ്ധം എററാറെ ഇസ്രയെൽ അശെഷം തൊററു 30000 ആൾ മരിച്ചു ഏളി പുത്രന്മാരായ ഹൊഫ്നി പിഹാസ നശിച്ച പെട്ടകവും ശത്രു കൈവശം ആയി. ഒടുന്നവരിൽ ഒരു ബിന്യമീന്യൻ വസ്ത്രങ്ങൾ കീറി തലയിൽ പൂഴിയുമായി അന്നതന്നെ ശിലൊവിൽ ചെന്ന വസ്തുത പറഞ്ഞപ്പൊൾ പട്ടണം എല്ലാം നിലവിളിയായി. ഏളി വഴിയരികെ ഒരു പീഠത്തിന്മെൽ ഇരുന്ന പെട്ടകത്തെ കുറിച്ചു സംശയിച്ചു നൊക്കി നിലവിളി കെട്ട ചൊദിച്ചപ്പൊൾ ആയാൾ വന്ന ബദ്ധപ്പെട്ട ഇസ്രയെലർ തൊററു അനന്ത ജനങ്ങളും നിന്റെ മക്കളും പട്ട പെട്ടകവും പിടിച്ചുപൊയി എന്നിങ്ങിനെ പെട്ടകകാര്യം അറിയിച്ച ഉടനെ ഏളി പീഠത്തിൽനിന്ന

വീണ കഴത്തൊടിഞ്ഞു മരിക്കയും ചെയ്തു. അവൻ 98 വയസ്സുള്ളവനും 40 വർഷം ന്യായം നടത്തിയവനും ആയിരുന്നു. ദുഃഖ വർത്തമാനം കെട്ട നെരം ഗർഭിണിയായ പുത്രഭാര്യ ഈറ്റുനൊവുണ്ടായി പ്രസവിച്ചു ഭയം വെണ്ടാ പുത്രനാകുന്നു എന്നു പറഞ്ഞ കെട്ടാറെയും ഒട്ടും കൂട്ടാക്കാതെ ഇസ്രയെലിൽനിന്നു സാന്നിദ്ധ്യം നീങ്ങി എന്നു മുറയിട്ടു പൈതലിന്നു ഇകബൊദ (നിസ്തേജസ്സു) എന്നു പെർ വിളിച്ചു പിന്നെയും അയ്യോ ദൈവപ്പെട്ടകം പിടിച്ചുപൊയി ഇനി ഇസ്രയെലിന്നു സാന്നിദ്ധ്യം ഇല്ല എന്നു പറഞ്ഞു അവൾ മരിക്കയും ചെയ്തു.

മഹായജ്വനഏല്യസ്യപരെപുത്രൌകൃയാജകൌ
മലിനീചക്രുഃസവ്വാനാബ്രഹ്യാൻഭ്രഷ്ടകർമ്മഭിഃ
പലെസ്തീഭിസ്തുയുദ്ധെഷുതെഷുതൌവിഭ്രഷ്യതഃ
സംവിൽപാത്രുംബഹിഷ്കൃത്യസെനാഗ്രെനയതാംയുധി
നത്വതസ്തൌജയംപ്രാപ്യ സസൈന്യഗണകൌഹതൌ
സത്സംവിദാസനംചൈതജ്ജഗ്രുഹുഃകിലവൈരിണഃ
തൽപാത്രെത്വല്പിതെദൈവമന്ദിരാന്തഃപലെസ്തീഭിഃ
തദഗ്രെനരമത്സ്യാസൌദെവൊഭഗ്നൊപതൽഭുവി

16. ദൈവപ്പെട്ടകവും ശമുവെലും

(15.) അനന്തരം പലിഷ്ടർ ദൈവപ്പെട്ടകം എടുത്തു അഷ്ടോദിൽ കൊണ്ടുപൊയി ദാഗൊന്റെ ക്ഷെത്രത്തിൽ ബിംബത്തിന്നരികെ വെച്ചു. രാവിലെ നൊക്കിയപ്പൊൾ ആ ബിംബം പെട്ടക മുമ്പാകെ കവിണ്ണു വീണിരുന്നത കണ്ടു ഉടനെ എടുത്തു പ്രതിഷ്ഠിച്ചു. പിറെ ദിവസവും നൊക്കിയപ്പൊൾ മുമ്പെപൊലെ തന്നെ വീണതും അല്ലാതെ അതിന്റെ കൈകളും തലയും മുറിഞ്ഞ ഉമ്മരപ്പടിമെൽ കിടക്കുന്നതും മത്സ്യാകാരമായ ഉടൽ ശെഷിച്ചിരുന്നതും കണ്ടു ദുഃഖിച്ചു പട്ടണക്കാർക്ക മൂലവ്യാധികളും ഉണ്ടായി നിലങ്ങളിൽ എലിബാധ വർദ്ധിച്ചതിനാൽ വിചാരിച്ചു 5 നഗരങ്ങളിലെ പ്രഭുക്കന്മാർ ഐവരും കൂടി നിരൂപിച്ചു ദൈവപ്പെട്ടകം ഗാത്തിൽ കൊണ്ടുപൊയി വെച്ചു. അനന്തരം ആ നഗരത്തിലും ബാധ വർദ്ധിച്ചപ്പൊൾ എക്രൊനിൽ കൊടുത്തയച്ചു ഞങ്ങളെ കൊല്ലെണ്ടതിന്നൊ ഇതു കൊണ്ടുവന്നിരിക്കുന്നു എന്നു എക്രൊന്യർ മുറയിട്ടപ്പൊൾ അതിനെ നിലത്തുവെച്ചു 7 മാസം പാർത്തു ബാധ നിവൃത്തി വന്നതും ഇല്ല. അപ്പൊൾ പൂജാരികളെയും മറും വിളിച്ചു വിചാരിച്ചപ്പൊൾ ഈ പെട്ടകം മടക്കി അയക്കെണം വെറുതെ അയക്കരുതു പ്രഭുക്കൾ ഐവരും പൊന്നുകൊണ്ടു 5 എലികളെയും 5 അർശ്ശഃ പ്രതിമകളെയും ഉണ്ടാക്കിച്ചു കൂട അയച്ചു കൊടുക്കെണം പുതു തെർ ഉണ്ടാക്കി 2 കടിഞ്ഞൂൽ പശുക്കളെ കന്നുകളെ വിടാതെ തെർ പൂട്ടി കെട്ടി പെട്ടകവും കരെററി വിടെണം എന്നാൽ ഇസ്രയെൽ അതിരിന്റെ വഴിയായി പൊകുന്നെങ്കിൽ ആ ദൈവം തന്നെ ദൊഷത്തെ വരുത്തിയവൻ അല്ലെങ്കിൽ യദൃഛയാ നമുക്ക സംഭവിച്ചത എന്നറിയാം. എന്നുപദെശിച്ച പ്രകാരം അനുഷ്ഠിച്ചപ്പൊൾ ആ പശുക്കൾ ഇടവലം തെററാതെ തെർ വലിച്ചു ബെത്തശെംസിലെക്കു നെർ വഴിയായി പൊയി പ്രഭുക്കന്മാർ പിന്നാലെ ചെന്നു അതിർക്കെത്തിയപ്പൊൾ ആ പട്ടണക്കാർ മൂർന്നുകൊണ്ടിരിക്കുന്ന സമയം പെട്ടകം കണ്ടു സന്തൊഷിച്ചു പശുക്കൾ നിലനിന്ന സ്ഥലത്തു തെർ കീറി വിറകാക്കി പട്ടണത്തിലെ ആചാര്യർ ആ പശുക്കളെ ബലി കഴിച്ചു. പലിഷ്ടർ അതുകണ്ടു അന്നു തന്നെ തിരിച്ചു പൊയി. എന്നാറെ പട്ടണക്കാർ ശങ്കകൂടാതെ നൊക്കിയ സംഗതിയാൽ അവരിൽമരണം ഉണ്ടായപ്പൊൾ സമീപമുള്ള കിര്യത്തിയരിം ഊർക്കാരെ വിളിച്ചു വർത്തമാനം അറിയിച്ചു പെട്ടകത്തെ കൊണ്ടുപൊകുവിൻ എന്നു പറയിച്ചു. ആയവർ വന്നു പെട്ടകം എടുത്തു അബിനദാബിൻ ഭവനത്തിൽ കൊണ്ടുപൊയി അവനും പുത്രന്മാരൊടു കൂട അതു സൂക്ഷിച്ചു 20 സംവത്സരം പാർപ്പിക്കയും ചെയ്തു.

ആ പരാജയം നിമിത്തം ഇസ്രയെലർ വളരെ കരഞ്ഞു ദൈവ സഹായം അപെക്ഷിച്ചപ്പൊൾ ശമുവെൽ എല്ലാവരൊടും അന്യദൈവകളെ നീക്കി യഹൊവയെ മാത്രം പൂർണ്ണാത്മനാ സെവിക്കയും ചെയ്വിൻ അവൻ പലിഷ്ടരുടെ കൈയിൽനിന്നുദ്ധരിക്കും. എന്നു ബുദ്ധി പറഞ്ഞത അനുസരിച്ചു യഹൊവയെ മാത്രം സെവിക്കയും ചെയ്തു. ശമുവെൽ എല്ലാവരെയും മിസ്പയിൽ ഒന്നിച്ചു കൂടി ആ ദിവസം എല്ലാവരും ഉപൊഷിച്ചു യഹൊവ മുമ്പാകെ വെള്ളം ഒഴിച്ചു ഞങ്ങൾ പാപം ചെയ്തുപൊയി ഞങ്ങൾക്കായികൊണ്ടു പ്രാർത്ഥിക്കണം എന്നു പറഞ്ഞു ശമുവെൽ അപ്രകാരം ചെയ്തു അവരുടെ കാര്യാദികളെയും വിചാരിച്ചു. ആ വർത്തമാനം പലിഷ്ടർ കെട്ടു പടെക്കായി അടുത്തപ്പൊൾ ഇസ്രയെലർ പെടിച്ചു ഞങ്ങളെ രക്ഷിക്കെണ്ടതിന്നു വിടാതെ പ്രാർത്ഥിക്കണമെ എന്നു ഇരന്നപ്പൊൾ ശമുവെൽ ബലി കഴിച്ചു പ്രാർത്ഥിച്ചു യഹൊവ കെൾക്കയും ചെയ്തു. ബലി കഴിയുമുമ്പെ പലിഷ്ടർ അണഞ്ഞു പട എറ്റപ്പൊൾ അവരുടെ മെൽ ഇടിമുഴക്കവും ഉണ്ടായി മഹാ ഭയവും ജനിച്ചു പലിഷ്ടർ വളരെ നശിച്ചു തൊറ്റു ഇസ്രയെലർ വഴിയെ ഒടുകയും ചെയ്തു. ആ അതിർക്ക എത്തിയപ്പൊൾ മുമ്പെ ഏളിപുത്രന്മാർ തൊറ്റ സ്ഥലം എന്നു കണ്ടു ശമുവെൽ ഒരു കല്ലു ജയസ്തംഭമാക്കി നിറുത്തി യഹൊവ നമുക്ക ഇതുവരെയും സഹായിച്ചു എന്നു ചൊല്ലി (സഹായശില) എബനെജർ എന്ന പെരും വിളിച്ചു.

അന്നു മുതൽ ശമുവെൽ മരിപ്പൊളം പലിഷ്ടർ താണമർന്നു അവർ ആക്രമിച്ചെടുത്ത ഊരുകളും ഇങ്ങു വശമായി വന്നു. ദൈവ വചനത്തിന്നു പിന്നെ ക്ഷാമം പറാതിരിപ്പാൻ ശമുവെൽ നിത്യം ജനത്തിന്നുവെണ്ടി പ്രാർത്ഥിച്ചു സന്മാർഗ്ഗം ഉപദെശിച്ചു വന്നതും അല്ലാതെ സ്വനഗരത്തിലും ദൈവ കൂടാര സമീപത്തും മറും സ്ഥലങ്ങളിൽ മാങ്ങളെ ഉണ്ടാക്കിച്ചു ദൈവഭക്തരായ യുവാക്കന്മാരെ ചെർത്തു വെദവും വാദ്യവിദ്യകളും ശീലിപ്പിച്ചു ദൈവാത്മമുഖെന പ്രവാചകം കഴിപ്പിക്കയും ചെയ്തു. ഇപ്രകാരം ശമുവെൽ രാമയിൽ വസിച്ചു യഹൊവയെ സെവിച്ചു വർഷം പ്രതി ബെത്തൽ ഗിൽഗാൽ മിസ്പ ഈ 3 പട്ടണങ്ങളൊളം ചുറി സഞ്ചരിച്ചു ജീവപര്യന്തം ന്യായം നടത്തി പൊരുകയും ചെയ്തു.

കാലവിവരം

മൊശെ ജനനം ക്രിസ്തന്നു മുമ്പിൽ	1575.
മിസ്രയിൽനിന്നുള്ള പുറപ്പാടു	1495.
മൊശെ മരണം	1455.
കനാൻ ദെശ വിഭാഗം	1449.
ഗിദ്യൊന്റെ മരണം	1249.
യഫ്തഹിന്റെ മരണം	1201.
ശിംശൊന്റെ മരണം	1158.
ശമുവെൽ പ്രവാചകൻ	1100.

യന്നാമാപിമുതെമൊസൌ ജിഗായൊവ്വീംപ്രതിശ്രുതാം
നമസ്തസ്മൈനമസ്തസ്മൈയെശൊരിധ്വംസിനെനമഃ.
യത്സംകാശൊപിഗിദ്യൊനൊഭജ്ജന്മദ്യാനിനാംയുഗം
നമസ്തസ്മൈനമസ്തസ്മൈശത്രുദണ്ഡാച്ഛിദെനമഃ.
യച്ചിഹ്നാഗ്രെനപിഷ്ടാംദെവൊ പതത്ത്രുമൌന്യമത്സ്യകഃ
നമസ്തസ്മൈനമസ്തസ്മൈമായാപ്രക്ഷപിണെനമഃ.

സത്യവെദെതിഹാസം ദ്വിതീയ കാണ്ഡം

ഇസ്രയെൽരാജത്വകാലം

1. ശമുവെൽ ശൌൽ ദാവിദ ഈ മൂവരുടെ അവസ്ഥ

1. ഇസ്രയെലർ രാജാവെ അപെക്ഷിക്കുന്നതു

ശമുവെൽ വൃദ്ധനായപ്പൊൾ പുത്രന്മാരെ തന്നൊട്ട കൂട ന്യായവിസ്താരത്തി ന്നാക്കി തെക്കു ബെർശബാവിൽ പാർപ്പിച്ചാറെ അവർ ദ്രവ്യാഗ്രഹം നിമിത്തം കൈക്കുലി വാങ്ങി ന്യായം മറിച്ചു കളഞ്ഞു നടക്കുന്ന പ്രകാരം ഇസ്രയെലർ കണ്ടു നിരൂപിച്ചു മൂപ്പന്മാർ എല്ലാവരും കൂടി ശമുവെലെ കണ്ടു അവനൊട്ട നീ വൃദ്ധ നാകുന്നു പുത്രന്മാർ നിന്റെ വഴിയിൽ നടക്കുന്നില്ല ആകയാൽ എല്ലാ ജാതി ക്കാർക്കും ഉള്ളപൊലെ ഞങ്ങൾക്കും ഒരു രാജാവിനെ കല്പിച്ചാക്കെണം എന്നു പറഞ്ഞു. അപ്പൊൾ ശമുവെൽ വളരെ വിഷാദിച്ചു പ്രാർത്ഥിച്ചപ്പൊൾ യഹൊ വ ഉത്തരം പറഞ്ഞു. ഈ ജനം ചൊദിക്കുന്നത് എല്ലാം അനുസരിച്ചു ചെയ്യെണം ഞാൻ അവരെ മിസ്രയിൽനിന്നു പുറപ്പെടുവിച്ച നാൾ മുതൽ അവർ എന്നെ വെടിഞ്ഞു അന്യദെവന്മാരെ സെവിച്ചു നടന്ന പ്രകാരം തന്നെ ഇപ്പൊഴും കാ ണുന്നു. അവർ നിന്നെ അല്ല എന്നെപിഴുക്കി ഞാൻ രാജാവായാൽ പൊരാ ആ യതകൊണ്ടു നീ ചെന്നു രാജ ധർമ്മം അവരൊട്ട ഖണ്ഡിതമായി അറിയിച്ചു ശങ്ക ജനിപ്പിക്കെണം പിന്നെയും വെണം എങ്കിൽ അവരുടെ ഇഷ്ടപ്രകാരം ആകട്ടെ എന്നാറെ ശമുവെൽ രാജധർമ്മം അറിയിച്ചിതു. രാജാവുണ്ടായാൽ നിങ്ങടെ മ ക്കളെ കുതിരക്കാർ തെരാളികൾ അകമ്പടിക്കാർ പടജ്ജനങ്ങൾ മുതലായവർ ആക്കി കൃഷി സ്ഥലങ്ങളിൽ പണി എടുപ്പിച്ചും പടക്കൊപ്പുകളെ ചമെക്കുന്ന തിന്നു വെച്ചും നല്ല ബാല്യക്കാരെയും ദാസിദാസന്മാരെയും കഴുതകളെയും പിടി ച്ചു തന്റെ വെലയ്ക്കാക്കും പുത്രിമാരെ ഗന്ധവർഗ്ഗങ്ങൾ നല്ല ഭക്ഷണം മുതലായതു ചമെപ്പാറാക്കും നല്ല വയലും പറമ്പും കണ്ടാൽ അവരുടെ വെണ്ടപ്പെട്ടവക്കു സമ്മാ നമായി നല്ലും വിളയിലും അനുഭവത്തിലും മൃഗക്കൂട്ടത്തിലും പതാരം വാങ്ങി മാസപ്പടിക്കാർക്കു കൊടുക്കും ഇപ്രകാരം നിങ്ങൾ മനുഷ്യദാസന്മാരായി പൊകും. അങ്ങിനെ ആകുമ്പൊൾ നിങ്ങൾ സഹിയാഞ്ഞു നിലവിളിക്കും യഹൊവ കെൾ ക്കാതെ പൊകയും ചെയ്യും. എന്നിങ്ങിനെ ശമുവെൽ പറഞ്ഞു എങ്കിലും ജനങ്ങൾ ചെവിക്കൊള്ളാതെ. അതല്ല ഞങ്ങളും എല്ലാ ജാതിക്കാരെ പൊലെ ഇരിക്കാ വു ഞങ്ങളുടെ മെൽ ഒരു രാജാവ് വെണം ന്യായം വിധിപ്പാനും ഞങ്ങളുടെ മുമ്പെ എഴുന്നെള്ളുവാനും യുദ്ധങ്ങളെ നടത്തിപ്പാനും രാജാവ് തന്നെ പ്രമാണം എന്നു വിളിച്ചു പറഞ്ഞു. അപ്രകാരം ശമുവെൽ യഹൊവയെ ബൊധിപ്പിച്ചപ്പൊൾ രാ ജാവിനെ ഉണ്ടാക്കുവാൻ കല്പനയായി അവൻ യൊഗക്കാരെവിട്ടയക്കയും ചെയ്തു.

2. ശൌൽ രാജാവായപ്രകാരം

അക്കാലത്തിൽ ബിന്യമീൻ ഗൊത്രത്തിൽ കീശ എശ ഒരു പ്രമാണി ഉണ്ടായിരുന്നു. അവന്നു ചില കഴുതകൾ തെന്നി കാണാതെ പൊയതിനാൽ എ ത്രയും സുന്ദരനായ ശൌൽ എന്ന പുത്രനെ നിയൊഗിച്ചു ആയവൻ മലകളിൽ നൊക്കി നടന്നു കാണാതെ മടങ്ങി പൊവാൻ ഭാവിച്ചപ്പൊൾ കൂട ഉള്ള ബാല്യ ക്കാരൻ ഈ രാമപട്ടണത്തിൽ സർവ്വജ്ഞനായ ഒരു ദെവമനുഷ്യൻ ഉണ്ടു അവൻ പറ ഞ്ഞതു എല്ലാം ഒത്തുവരുന്നു നാം അവിടെ പൊയി കൈക്കലുള്ള കാലുറുപ്പിക

കാഴ്ചയായി വെച്ചു ചൊദിക്ക എന്നു പറഞ്ഞാറെ ശൌൽ സമ്മതിച്ചു ഇരുവരും ഒരുമിച്ചു പട്ടണത്തിന്റെ നെരെ ചെന്നു പ്രവെശിക്കുമ്പൊൾ തന്നെ ശമുവെലെ കണ്ടു ദീർഘദർശിയുടെ വാസം എവിടെ എന്നു അന്വെഷിച്ചപ്പൊൾ. ശമുവെൽ ഉടനെ ദെവമുഖെന ശൌലിന്റെ ഭാവി അറിഞ്ഞു ദീർഘദർശി ഞാൻ തന്നെ ഇപ്പൊൾ ബലിഭക്ഷണത്തിന്നു പൊകുന്നു നിങ്ങളും കൂടവന്നു ഭക്ഷിക്കെണം.തിന്റെ അന്തരം ഞാൻ അറിയിച്ചു നാളെ വിട്ടയക്കാം. കാണാതെ പൊയ കഴുതകളെ ചൊല്ലി വിചാരിക്കെണ്ടാ അവ എത്തി ഇരിക്കുന്നു പിന്നെ എന്തു ഇസ്രയെലിലെ കാമ്യ സാധനം എല്ലാം നിണക്കല്ലാതെ മറ്റ ഏവർക്കുള്ള എന്നു പറഞ്ഞാറെ. ഞാൻ ബിന്യമീൻ ഗൊത്രക്കാരൻ അല്ലയൊ അതിൽ ചുരുങ്ങിയ ഗൊത്രം ഉണ്ടൊ ആയതിൽ എന്റെ കുഡുംബം എറവും ചെറിയതല്ലയൊ പിന്നെ നീ ഇപ്രകാരം പറയുന്നത് എന്തു എന്നു ശൌലിന്റെ വചനത്തിന്നു ശമുവെൽ ഉത്തരം പറയാതെ അവരൊടുകൂട ഭക്ഷണം ഒരുക്കിയ സ്ഥലത്തെക്കു പൊയി 30 ആളുകളുടെ ഇടയിൽ അവരെ ബഹുമാനിച്ചിരുത്തി പ്രാത്ഥിച്ച ശെഷം. മുമ്പെ സൂക്ഷിപ്പാൻ കല്പിച്ചുവെച്ച ഊപ്പിനെ വരുത്തി ശൌലിന്റെ മുമ്പിൽ വെച്ചു ഭക്ഷണം കഴിഞ്ഞാറെ. പട്ടണത്തിൽ ഇറങ്ങി ശമുവെൽ നിലാമുറ്റത്തിൽ വെച്ചു ശൌലിനൊടു സ്വകാര്യമായിട്ടു സംസാരിച്ചു ഉറങ്ങി. അത്യുഷസിൽശമുവൽ അവനെ ഉണൎത്തി ഇരിവരും വെളിയിലെക്കു പുറപ്പെട്ടു ബാല്യക്കാരനെ മുമ്പിൽ കടന്നു പൊവാനായി അയച്ചാറെ ശമുവെൽ നിന്നൊടു ദെവനിയൊഗം അറിയിപ്പാൻ അല്പം നില്ലു എന്നു പറഞ്ഞു ഒരു തൈലക്കൊമ്പെടുത്തു അവന്റെ തലമെൽ ഒഴിച്ചു അവനെ ചുംബിച്ചു പറഞ്ഞു. യഹൊവയുടെ അവകാശം ഭരിപ്പാനായിട്ടു നിണക്കഭിഷെകം ചെയ്തു എന്നു ധരിച്ചാലും. ഇപ്പൊൾ നീ പിരിഞ്ഞു പൊകുമ്പൊൾ രാഹലിന്റെ ശ്മശാന സമീപത്തുവെച്ചു അച്ചൻ അയച്ച 2 ആളുകൾ നിന്നെ എതിരെറ്റു ഇന്നിന്നതു പറയും അനന്തരം മരാമരസമീപത്തു എത്തുമ്പൊൾ ദെവകൂടാരത്തിലെക്കൊഴുകൾ കൊണ്ടുപൊകുന്ന 3 പെർവന്നു സുഖം അറിഞ്ഞു 2അപ്പങ്ങളെ തരും അവ വാങ്ങിപുറപ്പെട്ടു ദെവക്കുന്നിൽ അണയുമ്പൊൾ പ്രവാചകന്മാർ വാദ്യഘൊഷങ്ങളൊടും വന്നു എതിരെറ്റു പാടി ദെവചനം ഘൊഷിക്കുന്നതിനെ കൊൾക്കും യഹൊവയുടെ ആത്മാവ് നിന്റെ മെൽവരും നീയും അവരൊടുകൂട പ്രവചിച്ചു വെറൊരു മനുഷ്യനായ്തീരും ഈ ലക്ഷണങ്ങൾ ഒത്തുവരുമ്പൊൾ യഹൊവ തുണ എന്നറിച്ചു യുക്തം പൊലെ ചെയ്ക എന്നിങ്ങിനെ അറിയിച്ചു പിരിഞ്ഞു പൊകയും ചെയ്തു.

ശൌൽ പൂർവ്വഭാവം മാറി സഞ്ചരിച്ചു ലക്ഷണങ്ങൾ അന്നുതന്നെ ഒത്തുവരികയും ചെയ്തു. കുന്നിന്മെൽ എത്തി സംഘത്തിൽ കൂടി പ്രവാചകം പറയുന്നതു പരിചയക്കാർ കണ്ടപ്പൊൾ കീശിന്റെ മകനു എന്തുവന്നു ശൌലും പ്രവാചകരിൽ കൂട്ടമൊ എന്നു അതിശയിച്ചു മറ്റൊരുത്തൻ ഈ വകക്കാർക്ക അച്ചനാർ എന്നു ബുദ്ധി പറഞ്ഞു. അതിനാൽ ശൌലും പ്രവാചകരിൽ കൂട്ടമൊ എന്നൊരു പഴഞ്ചൊൽ ഇന്നും നടന്നുവരുന്നു. വീട്ടിൽ വന്നപ്പൊൾ ഇളയച്ചൻ അവരൊടു നിങ്ങൾ എവിടെ പൊയിരുന്നു എന്നു ചൊദിച്ചാറെ ശമുവെലെ കണ്ടു എന്നും കഴുതകൾ മടങ്ങിവന്നപ്രകാരം അറിയിച്ചത് എന്നും പറഞ്ഞതല്ലാതെ രാജ്യകാര്യം ഒന്നും മിണ്ടിയതും ഇല്ല.

അനന്തരം ശമുവെൽ ജനത്തെ മിസ്പെയിൽ യൊഗം കൂട്ടി അല്ലയൊ സകല ഉപദ്രവങ്ങളിൽ നിന്നും ആപത്തിൽ നിന്നും രക്ഷിച്ച ദൈവത്തെ നിങ്ങൾ നിരസിച്ചു രാജാവിനെ വെക്കെണം എന്നാഗ്രഹിച്ചുവല്ലൊ അതുകൊണ്ടു നിങ്ങൾ ദെവമുഖെന, രാജാവെശീട്ടിട്ടു ഇസ്രയെലിൽ നിന്നു തെരിഞ്ഞെടുപ്പിൻ എന്നു പറഞ്ഞു. ശീട്ടിട്ടപ്പൊൾ 12 ഗൊത്രങ്ങളിൽ ബിന്യമീനെ കണ്ടു അതിന്റെ ശാഖകളിൽ ഒരു കുഡുംബം കണ്ടു ആ കുഡുംബത്തിൽ കീശിന്റെ പുത്രനായ ശൌൽ എന്ന നാമം കണ്ടുഅവനെ അന്വെഷിച്ചപ്പൊൾ കണ്ടെത്തിയതും ഇല്ല. സാമാനങ്ങളുടെ ഇടയിൽ ഒളിച്ചിരിക്കുന്നു എന്നുകെട്ടു അവർ ഒടി അവനെ കൊണ്ടുവന്നു. സംഘത്തിൽ വരുത്തിയാറെ എല്ലാവരെക്കാളും തലപൊക്കമുള്ളവനായി കണ്ടു.

അപ്പൊൗം ശമുവെൽ എല്ലാ ജനത്തൊടും യഹൊവ വരിച്ചവനെ ഒരു തുല്യനും ഇല്ലാതെകാണുന്നുവൊ എന്നു ചൊല്ലിയാറെ ജനങ്ങൗം എല്ലാം ജയശബ്ദം പറഞ്ഞാർത്തു. ശമുവെലും രാജധർമ്മം പറഞ്ഞു മൊശ കല്പിച്ച പ്രകാരം രാജാവെ ഒപ്പിച്ചതെന്നാൽ.

രാജാവു പരദെശി അല്ല ഇസ്രയെലനെ ആവു യാഹൊവയെ ഭയപ്പെട്ടു ദെവകല്പിതങ്ങളെ എല്ലാം ഭക്തിയൊടും പ്രമാണിക്കെണം കുതിരകൗംക്കായി മിസ്രയെ കാംക്ഷിക്കരുത് ഹൃദയത്തിന്നു ഇളക്കം വരാതെ ഇരിപ്പാൻ വളരെ സ്ത്രീകളെ വെക്കയും പൊൻ വെള്ളി മുതലായ ധനം സ്വരൂപിക്കയും അരുത്. സഹൊദരരിൽ ഉയരാതിരിപ്പാനും കല്പന ലംഘിക്കാതെ സ്വൈരമായി വാഴുവാനും അവൻ വെദപ്രമാണം പകർത്തെഴുതി ജീവപര്യന്തം വായിച്ചു പൊരെണം. ഇങ്ങിനെ എല്ലാം അറയിച്ചു പുസ്തകത്തിൽ എഴുതി ദെവസ്ഥാനത്തിൽ വെച്ചു ജനങ്ങളെ വിട്ടയച്ചു. ശൌൽ ഗിബ്യയിലെക്കുമടങ്ങി പൊകുമ്പൊൗം ദെവഭക്തന്മാർ വഴിയെ പൊയി സെവിച്ചു ദുഷ്ടന്മാർ ഇവൻ നമ്മെ എങ്ങിനെ രക്ഷിക്കും എന്നു ധിക്കരിച്ചു പറഞ്ഞു കാഴ്ചകളെ വെച്ചതും ഇല്ല. എങ്കിലും അവൻ കൌംക്കാത്തവനെപൊലെ ഇരുന്നു വീട്ടിൽ വന്നു മുമ്പെ പൊലെ കൃഷി നടത്തുകയും ചെയ്തു.

3. ശൌൽ വാഴ്ചെക്കുറപ്പുവന്നതു

അപ്പൊൗം അമൊന്യരാജാവ് അക്കരെയിലെ യാബെശപട്ടണത്തെ വളഞ്ഞുമുട്ടിച്ചാറെ പട്ടണക്കാർ അഭയം പറഞ്ഞപ്പൊൗം അമ്മൊന്യൻ ഇസ്രയെലർ സഹായിക്കാഞ്ഞതിനാൽ നിങ്ങളുടെ വലത്തെ കണ്ണുകളെ എല്ലാം ചൂന്നെടുത്തു ശെഷമുള്ളവക്ക നിന്ദെക്കായിട്ടു വെക്കെണം സഹായം എത്തെണ്ടതിന്നു 7 ദിവസം ഇടതരാം എന്നു ചൊല്ലിയപ്പൊൗം പട്ടണക്കാർ ദൂതരെ അയച്ചു. ഇവർ ഗിബ്യയിൽ വന്നു സങ്കടം ബൊധിപ്പിച്ചാറെ ശൌൽ എറൊട്ടു കൂട വയലിൽ നിന്നുവന്ന എല്ലാവരും കരയുന്നത് കണ്ടു വസ്തുത ചൊദിച്ചറിഞ്ഞാറെ ദെവാത്മാവ് അവന്മെൽ വന്നു ക്രുദ്ധിച്ചു ഒർ എർ കാളയെ കൊന്നു കഷണമാക്കി എങ്ങും കൊടുത്തയച്ചു. ആരെങ്കിലും ശൌൽ ശമുവെൽ ഇവരുടെ വഴിയെ പുറപ്പെടാതെ ഇരുന്നാൽ അവന്റെ കാളകളൊടു ഇപ്രകാരം ചെയ്യും എന്നു പറയിച്ചു ഭയം വരുത്തിയതിനാൽ അവർ ഐകമത്യപ്പെട്ടു ഇസ്രയെലിൽ 3 ലക്ഷവും യഹൂദയിൽ 30000 വും കൂടി പുറപ്പെട്ടു നാള സഹായം വരും എന്നു പട്ടണക്കാരെ അറിയിച്ചു ആശ്വാസം വരുത്തുകയും ചെയ്തു. പിറെനാൗം പുലരുമ്മുമ്പെ അവർ 3 കൂട്ടമായി നിന്നു അമ്മൊൻ പാളയത്തിൽ പാഞ്ഞുകയറി വെയിൽ തട്ടുന്നവരയും അവരെ വെട്ടിക്കൊന്നു ശെഷമുള്ളവരെ ചിതറിച്ചു. അപ്പൊൗം ജനങ്ങൗം ശമുവെലൊടു ശൌൽ നമ്മെ രക്ഷിക്കുമൊ എന്നു ചിരിച്ചുപറഞ്ഞവർ ആർ അവരെ കൊല്ലെണം എന്നു ചൊദിച്ചാറെ ശൌൽ പറഞ്ഞു യഹൊവ ജയം തരികകൊണ്ടു ഇന്നു ആരെയും കൊല്ലരുത്. എന്നാറെ ശമുവെൽ നാം ഒക്കത്തക്ക ഗില്ഗാലിന്നു പൊയി രാജത്വത്തിന്നുറപ്പു വരുത്തുക എന്നു പറഞ്ഞപ്പൊൗം അവർ ഗില്ഗാലിൽ എത്തി കൂട്ടത ദെവമുഖെന ശൌലെ രാജാവാക്കി ബലികളെയും കഴിച്ചു ശൌലും പ്രജകളും വളരെ സന്തൊഷിക്കയും ചെയ്തു. അന്നെരം ശമുവെൽ എഴുന്നീറു അല്പയൊ ഇസ്രയെലരെ ഞാൻ നിങ്ങളുടെ അഭീഷ്ടപ്രകാരം ഒരു രാജാവെ ഉണ്ടാക്കി അല്ലൊ ഇതാ രാജാവ് നിങ്ങളുടെ മുമ്പാകെ നടക്കുന്നു. ഞാനൊ ബാല്യം മുതൽ ഇന്നുവരെ നിങ്ങളുടെ മുമ്പാകെ നടന്നു ഇപ്പൊൗം നരച്ചു വൃദ്ധനായി. എന്റെ മക്കൗം നിങ്ങളുടെ കൂട്ടത്തിൽ ഉണ്ടു. ഇപ്പൊൗം ഞാൻ യാതൊരുത്തന്റെ കാളയൊ മറൊ വാങ്ങീട്ടുണ്ടൊ എഴയൊ കൊഴയൊ എന്നിൽ കണ്ടുവൊ കാഴ്ച മെടിച്ചു കുരുടനായി പൊയൊ ഇങ്ങിനെ വല്ലതും ഉണ്ടെങ്കിൽ ദൈവത്തിന്റെയും അഭിഷിക്തന്റെയും മുമ്പാകെ പറവിൻ ഞാൻ അതിനെ തരാം എന്നു കെട്ടാറെ നീ ഈ വക ഒന്നും ചെയ്തിട്ടില്ല എന്നു പറഞ്ഞു. അനന്തരം അവൻ നിങ്ങൗം എന്റെ

പക്കൽ ഒന്നും കണ്ടില്ലാത്ത പ്രകാരം ദൈവത്തെയും അഭിഷിക്തനെയും സാക്ഷി യാക്കുവിൻ എന്നു പറഞ്ഞപ്പൊൾ അവർ അപ്രകാരം സാക്ഷിയാക്കി വെച്ചു. അപ്പൊൾ ശമുവെൽ യഹൊവ മിസ്രയിലെ വാസം മുതൽ ഇന്നുവരയും ചെയ്ത ഉപകാരങ്ങളെയും ഒരൊ ദൊഷത്തിന്നവന്ന ശിക്ഷകളെയും അനുതാപം ഉണ്ടാക്കി പ്രാർത്ഥിക്കുമ്പൊൾ രാജാവെ കൂടാതെതന്നെ നായകരെ നിയൊഗിച്ചു രക്ഷിച്ചു വന്ന പ്രകാരവും എല്ലാം ഒപ്പിച്ചു ഇങ്ങിനെ അല്ലൊ യഹൊവ നിങ്ങൾക്ക രാജാ വായി പാർത്ത ഈ അമ്മൊന്യൻ പടം ഒറപ്പൊൾ മാത്രം മുമ്പെ പൊലെ വെണ്ടാ ഒരു രാജാവെ വെണം എന്നു ആഗ്രഹിച്ചു പൊയതു യഹൊവ സമ്മതിച്ചുവെച്ച രാ ജാവ് ഇതാ നില്ക്കുന്നു. ഇനി നിങ്ങളും രാജാവും യഹൊവയെ ഭക്തിയൊടും കൂട സെവിച്ചു അവന്റെ വചനം അനുസരിച്ചുനടന്നാലും. ചൊൽപടി കെളാതെ ഇ രുന്നാൽ യഹൊവയുടെ കൈ പിതാക്കന്മാരിൽ എന്ന പൊലെ നിങ്ങളിലും വിരൊധമായി വരും എന്നു പറഞ്ഞാറെ. ഇസ്രയെൽ ചെയ്ത ദൊഷത്തിന്റെ ബൊധം വരെണ്ടതിന്നു അക്കാലത്തിങ്കൽ ഇടിയും മഴയും പ്രാർത്ഥിച്ചു വരുത്തി. അന്നു കൂടിയവർ എല്ലാവരും അഞ്ചി അയ്യൊ മറെറല്ലാ പാപങ്ങളൊടും കൂട രാജാ വിനെ അപെക്ഷിച്ച ദൊഷവും വന്നു അടിയങ്ങൾക്കായി യഹൊവയൊടു അ പെക്ഷിക്കണം എന്നു പറഞ്ഞു എന്നാറെ ശമുവെൽ ഭയപ്പെടെണ്ടാ നിങ്ങൾ ദൊ ഷം ചെയ്ത സത്യം എങ്കിലും യഹൊവയെ സമ്പൂർണ്ണമനസ്സൊടെ സെവിപ്പിൻ രക്ഷെക്കു മതിയല്ലാത്ത അസത്തിനെ ആശ്രയിക്കാതെയും ഇരിപ്പിൻ. എന്നാൽ യഹൊവ നിങ്ങളെ സ്വജനം ആക്കി അംഗീകരിക്കകൊണ്ടു തന്റെ മഹാനാമം വിചാരിച്ചു സ്വജനത്തെ കൈവിടുകയില്ല. ഞാനും നിങ്ങൾക്കായി പ്രാർത്ഥിച്ചും നെരായ സന്മാർഗ്ഗത്തെ ഉപദെശിച്ചും വരിക അല്ലാതെ അതിൽ നിന്നൊഴിഞ്ഞു ദൈവവി രൊധം ചെയ്യുന്നത് ഒരുനാളും സംഭവിക്കരുതെ.അവൻ നിങ്ങൾക്കായി എത്രയും വലിയ കാര്യങ്ങളെ ചെയ്തിരിക്കുന്നു എന്നു ഒൎത്തു നിത്യം ഭജിപ്പിൻ. ഇനിയും ദൊഷമായി നടക്കുന്നു എങ്കിൽ നിങ്ങളും നിങ്ങളുടെ രാജാവും നശിക്കും എന്നരു ളിച്ചെയ്തു.

4. പലിഷ്ടയുദ്ധത്തിൽ രാജാവിന്റെ ദൊഷാരംഭം

അന്നു കൂടീട്ടുള്ളവരിൽ ശൌൽ 3000 ആളെ പാർപ്പിച്ചു ശെഷം വിട്ടയച്ചാറെ വീരനായ പുത്രൻ യൊനതാൻ ഗിബ്യ കൊട്ടയിലെ പലിഷ്ടരുടെമൂലബലത്തെ ഓടിച്ചതിനാൽ പിന്നെയും പട ഉണ്ടായി. പലിഷ്ടർ ആധിക്യമുള്ളവരാകകൊണ്ടു നാട്ടിൽ എങ്ങും ഇരിമ്പുപണിക്കാരെ ശെഷിപ്പിക്കാതെ കൊഴമുതലായതിന്റെ കടച്ചുപ്പണിക്കും തങ്ങളുടെ നാട്ടിൽ വരെണ്ടതിന്നു സംഗതി വരുത്തി ഇരുന്നു. ആ യ്തുകൊണ്ടു യുദ്ധം അടുത്തപ്പൊൾ ശൌലിന്നും മകനും അല്ലാതെ ആൎക്കും ആയുധം ഉണ്ടായതും ഇല്ല. അനന്തരം പലിഷ്ടർ മഹാ ബലങ്ങളൊടുകൂട മിക്മാശിൽ വ ന്നു പാളയം ഇറങ്ങി മൂന്നു കൂട്ടങ്ങളെ രാജ്യം പാഴാക്കെണ്ടതിന്നു അയച്ചു. അതി ന്നായി ശൌൽ ജനത്തെ ഗില്ഗാലിൽ കൂട്ടിയപ്പൊൾമഹാഭയം പൂണ്ടു മിക്കവാറും കാടു കൊട്ട ഗ്രഹ മുതലായതിൽ ഒളിച്ചുകളഞ്ഞു. അക്കരെക്കാർ മടങ്ങി പൊകയും ചെയ്തു. ശിഷ്ടജനം എല്ലാം വിറെച്ചുംകൊണ്ടു ശമുവെൽ ബലിക്കായിട്ടു വരും എ ന്നു അവധി പറകയാൽ എഴാം ദിവസത്തൊളം താമസിച്ചു ചിതറി പൊവാൻ ഭാവിച്ചപ്പൊൾ ശൌൽ താൻ തന്നെ ബലികഴിപ്പാൻ തുനിഞ്ഞു കഴിക്കുമ്പൊ ഴെക്കു ശമുവെൽ വന്നു ചെയ്തതിനെ അറിഞ്ഞാറെ. നീ ദൈവകല്പനയെ ലംഘിച്ച തിനാൽ മൂഢനായി ചെയ്തു ഇപ്പൊൾ നിന്റെ വാഴ്ച എന്നെക്കും ഉറപ്പിക്കുമായി രുന്നു ഇനി അങ്ങിനെ വരികയില്ല യഹൊവ തന്റെ ഹൃദയപ്രകാരമുള്ള ആളെ സ്വജനത്തിൽ വാഴിക്കെണ്ടതിന്നു അന്വെഷിച്ചിട്ടുണ്ടു എന്നു പറഞ്ഞു പൊകയും ചെയ്തു.

അപ്പൊൾ ശൌലിന്നു 600 ജനം മാത്രം ശെഷിപ്പുണ്ടായിരുന്നു. ആ ദുഃഖ സമയത്തിങ്കൽ യൊനതാൻ ആരെയും അറിയിക്കാതെ ആയുധവാഹകനൊടുകൂട

പുറപ്പെട്ട. നാം പലിഷ്ടരുടെ പാളയത്തിൽ ചെല്ലുക അനെകരെ കൊണ്ട എങ്കിലും സ്വല്പരെകൊണ്ട എങ്കിലും ജയം വരുത്തുവാൻ യഹൊവെക്ക പ്രയാസം അല്ലല്ലൊ എന്ന കെട്ടാറെ ബാല്യക്കാരൻ സമ്മതിച്ചതിൻെറ ശെഷം യൊനതാൻ പലിഷ്ടർ നമ്മെ കണ്ട പിടിച്ചാൽ ദൈവം ജയത്തിന്നായിട്ട വിളിച്ച പ്രകാരം നാം നിശ്ചയിച്ചുകയറി ചെല്ലുക എന്ന പറഞ്ഞു പുറപ്പെട്ടാറെ. ഒരു പാറമെൽ മുന്നിലക്കാരെ കണ്ട പരിഹാസവചനവും നിങ്ങൾ കരെറി വരുവിൻ നിങ്ങൾ ക ഒരു കാര്യത്തെ കാന്നിക്കാം എന്ന വിളിയും കെട്ടനസരിച്ച പ്രസാദിച്ച ചവിട്ടിപ്പിടിച്ച കരെറി ഇരുവരും പാറമെൽ ഉള്ള 20 പെരെയും ക്രമെണ കൊല്ലുകയും ചെയ്ത. ആയത്ര കണ്ടാറെ സൈന്യം എല്ലാം ഭയപ്പെട്ട പൊയി അങ്ങും ഇങ്ങും ഒട്ടന്നപ്രകാരം ശൌലിൻെറ കാവല്ക്കാർ ഗ്രഹിച്ച ബൊധിച്ചപ്പൊൾ രാജാവ് അന്വെഷണം കഴിച്ച പൊയവരെ അറിഞ്ഞാറെ ദൈവത്തൊട ചൊദിപ്പാനായിതന്നൊട കൂട പാക്കുന്ന ആചാര്യനെ വരുത്തി. അവൻ ഏളിയുടെ പ്രപൌത്രനായ അഹിയ എന്നവൻ ആകുന്ന. ആയവൻ ദൈവചിത്തം അറിവാൻ വട്ടം കൂട്ടിയപ്പൊൾ പലിഷ്ടരിൽ കലക്കം അധികമായി രാജാവു കണ്ടാറെ ഇപ്പൊൾ വെണ്ട എന്ന പറഞ്ഞു പടെക്ക പുറപ്പെട്ടചെന്ന ഉടനെ ഒളിച്ചുപൊയവരും പലിഷ്ടവശത്തികൽ ആയവരും ഇസ്രയെൽപക്ഷം ചെന്ന പൊരുത്ത ജയിക്കയും ചെയ്ത.

അപ്പൊൾ ശൌൽ ജനങ്ങളുടെ ക്ഷീണത കണ്ട സന്ധ്യക്ക മുമ്പെ വല്ലതും തിന്നുന്നവൻ ശാപഗ്രസ്തൻ എന്ന ആണ ഇട്ടതിനാൽ ഒരുത്തനും ഒന്നും ഭക്ഷിക്കാതെ ശത്രുക്കളുടെ വഴിയെ ഒടി കാട്ടിൽ അകപ്പെട്ടാറെ തെൻ ഒഴുകുന്നത് കണ്ടിട്ടും രുചിനൊക്കുവാൻ ആരും തുനിഞ്ഞില്ല യൊനതാൻ മാത്രം ആണകൊംക്കായ്കൊണ്ട തെൻ കട്ട എടുത്ത കുടിച്ചാശ്വസിച്ച. പിന്നെ ശാപവർത്തമാനം കെട്ടാറെ ഭൂഖിച്ച നാം ശത്രുക്കളുടെ കവർച്ചയിൽനിന്ന വെണ്ടവൊളം ഭക്ഷിച്ചിരുന്ന എങ്കിൽ എത്ര അധികം കയചെയ്കയായിരുന്ന എന്ന പറഞ്ഞു അസ്വമിപ്പൊളാം പൊരുതുനിവൃത്തികയും ചെയ്ത. എന്നാറെ ജനം തളർച്ചയും വിശപ്പും സഹിയാഞ്ഞു കവർന്ന ആട മുതലായവറെ പിടിച്ച കൊന്നപെട്ടന്ന ചൊരയൊട കൂട ഭക്ഷിച്ചുതുടങ്ങി. അതിനാൽ രാജാവ് വിഷാദിച്ച രക്തനഭവം ദൈവനിഷിദ്ധമല്ലൊ എൻെറ മുമ്പാകെ കൊന്ന ന്യായപ്രകാരം ഭക്ഷിപ്പിൻ എന്ന കല്പിച്ച. ജനങ്ങൾ അപ്രകാരം ആലസ്യം തീർത്തതിൻെറ ശെഷം രാത്രിയിലും പടരുടരുവാൻ വിചാരിച്ചപ്പൊൾ ആചാര്യൻ വിരൊധിച്ച ദൈവസമ്മതം വെണം എന്ന അറിയിച്ചാറെ ശൌൽ ദൈവത്തൊട ചൊദിച്ചതിന്ന ഉത്തരം അരുളീട്ടില്ല. വല്ല പാപം നിമിത്തം അപ്രകാരം വന്ന എന്ന ശൌൽ വിചാരിച്ച ശാപയൊഗ്യനെ അറിയെണ്ടതിന്ന ശീട്ടിട്ട യഹൊവയൊട നെർതെളിയിച്ച തരണമെ എന്നപെക്ഷിച്ചപ്പൊൾ യൊനതാൻ എന്ന തെളിഞ്ഞു. ഉണ്ടായപ്രകാരം പുത്രൻ എറ്റുപറഞ്ഞാറെ രാജാവ് അല്ലയൊ യൊനതാനെ നീ മരിക്കെണം നിശ്ചയം എന്ന കല്പിച്ച. എങ്കിലും ജനങ്ങൾ ഈ ജയം വരുത്തീട്ടുള്ളവൻ മരിക്കണമൊ അതരുത് ഇവൻ ഇന്ന ദൈവത്തൊട വ്യാപരിച്ചിരിക്കകൊണ്ട യഹൊവ ജീവനാണ അവൻെറ തലയിലെ ഒരു രൊമവും ഉതിരരുത് എന്നുറക്കെ വിളിച്ചു അവനെ ഉദ്ധരിക്കയും ചെയ്ത.

അന്നത്തെ യുദ്ധംകൊണ്ട ഇസ്രയെലിന്ന സ്വാധീനത വന്നശെഷം ശൌലിന്ന ജീവകാലംവരെയും പലിഷ്ടരൊടുള്ള വിരൊധം തീർന്നില്ല അവൻ തൻെറ കുഡുംബക്കാരനായ അബ്നരെ സെനാപതി ആക്കി തെക്കും കിഴക്കും ഉള്ള എദൊമ്യർ യൊത്യർ മുതലായവരെ ശിക്ഷിച്ചതിനാൽ രുബൻ ഗൊത്രക്കാർ പ്രാത്തനദിയൊളം വ്യാപിച്ചു കന്നകാലികൂട്ടങ്ങളൊടുകൂട സൈരമായി വസിക്കയും ചെയ്ത.

5. അമലെക്യയുദ്ധത്തിൽ രാജാവിന്റെ ദൊഷാധിക്യം

ശത്രുഭയം ഇല്ലാതെ പാക്കുമ്പൊൾ ദെവദ്രൊഹം ചെയ്ത അമലെക്യരിൽ പ്രതിക്രിയ ചെയ്വാൻ ഒർക്കെണം എന്നു മൊശെ കല്പിച്ചപ്രകാരം തന്നെ ശമുവെൽ ശൌലിന്നു ഒർമ്മവരുത്തി. യഹൊവ സ്വജനത്തിന്മെൽ നിന്നെ വാഴിപ്പാൻ എന്നെ അയച്ചിരിക്കകൊണ്ടു ഇപ്പൊൾ യഹൊവവചനം ചെവികൊൾക നീ ചെന്നു അവരെ ആബാലവൃദ്ധം വധിച്ചു മൃഗക്കൂട്ടങ്ങളൊടുകൂട ദൈവത്തിന്നായി സമർപ്പിക്ക. എന്ന കല്പനകെട്ട ശൌൽ സൈന്യങ്ങളെ കൂട്ടി അമലെക്യപട്ടണത്തിൽ ചെന്നു ഇസ്രയെൽ ബന്ധുക്കളായവരൊടു വാങ്ങി നിലപ്പാൻ പറഞ്ഞു നീക്കി അമലെക്യരെ പൊരുതുമുടിച്ചു. അഗാഗ്രാജാവെ ജീവനൊടെ പിടിക്കയും ചെയ്തു. പിന്നെ ശൌലും സൈന്യവും രണ്ടാംതരമായ ആടുമാടുകളെയും വെട്ടി കൊന്നും നല്ലതിനെ ഒക്കയും രാജാവെയും രക്ഷിച്ചു.

അപ്പൊൾ ദൈവം ശമുവെലിനൊടരുളിച്ചെയ്തു ശൌലെ രാജാവാക്കിയതു അശുഭമായ്വന്നു അവൻ കല്പനയെ നിവൃത്തിക്കാതെ എന്നെ നിരസിച്ചു എന്ന കെട്ടാറെ ശമുവെൽ വ്യസനം പൂണ്ടു രാത്രി മുഴുവനും യഹൊവയെ നൊക്കി വിളിച്ചു പ്രാർത്ഥിച്ചശെഷം ഉഷസ്സിങ്കൽ എഴുനീറു രാജാവ് ജയസ്തംഭംനാട്ടി ഗില്ഗാലിൽ ചെന്നപ്രകാരം കെട്ടു എതിരെറപ്പൊൾ ശൌൽ സല്ലാരവാക്യം പറഞ്ഞു ദെവകല്പന നിവൃത്തിയായി എന്നത്രെ. എന്നാൽ ഈ കെൾക്കുന്ന മുക്കിറയും കരച്ചലും എന്തു എന്നു ചൊദിച്ചപ്പൊൾ ഇതു അമലെക്കിൽ നിന്നു കൊണ്ടുവന്ന ജനങ്ങൾ മെല്ത്തരമായ ആടുമാടുകൾ യഹൊവയ്ക്കു ബലികഴിപ്പാനായി രക്ഷിച്ചുശെഷം എല്ലാം ഞങ്ങൾ സമർപ്പിച്ചുകളഞ്ഞു എന്നു ഉത്തരംകെട്ടാറെ ശമുവെൽ പാക്ക യഹൊവ ഈ രാത്രിയിൽ പറഞ്ഞതിനെ കെൾക്ക എന്നു ചൊന്നപ്പൊൾ പറക എന്നു കല്പിച്ചു. എന്നാറെ ശമുവെൽ പറഞ്ഞു നീ ചെറിയവൻ എന്നു നിനെച്ചിരുന്നപ്പൊൾ അല്ലയൊ യഹൊവ നിന്നെ ഇസ്രയെൽ ഗൊത്രങ്ങൾക്കു തലയാക്കി അഭിഷെകം ചെയ്തു. ഇപ്പൊൾ ആ പാപികളെ മൂലച്ഛെദം വരുത്തുവാൻ കല്പിച്ചപ്പൊൾ നീ യഹൊവാശബ്ദം അനുസരിക്കാതെ കവർച്ചക്കായി ഭ്രമിച്ചു പാഞ്ഞു പാപം ചെയ്തത് എന്തു. അതിന്നു ശൌൽ യഹൊവശബ്ദം ഞാൻ കെട്ടു നിയൊഗിച്ച വഴിയിലും പൊയി അമലെക്കിനെ സമ്പൂർണ്ണമായി സംഹരിച്ചു രാജാവെയും കൊണ്ടുവന്ന ജനങ്ങൾ മാത്രം നിന്റെ ദൈവത്തിന്നു ബലികഴിപ്പാനായി വിശിഷ്ടസാധനങ്ങളെ സൂക്ഷിച്ചു. എന്നാറെ ശമുവെൽ യഹൊവെക്ക് ചൊല്പടി കെൾക്കുന്നതിലല്ല ബലിയിൽ ഇഷ്ടമുണ്ടെന്നു നിരൂപിക്കുന്നുവൊ ബലിയെക്കാളും അനുസരണം തന്നെ നല്ലതു മന്ത്രവാദദൊഷംപൊലെ അനുസരണക്കെടും വിഗ്രഹാരാധനമായെപൊലെ മാത്സര്യവും ആകുന്നു. നീ യഹൊവാ വാക്യം നിരസിക്കകൊണ്ടു അവൻ നിന്നെയും നിരസിച്ചു എന്നു പറഞ്ഞപ്പൊൾ രാജാവു ഞാൻ ദൈവത്തെ അനുസരിക്കാതെ ജനങ്ങളെ ഭയപ്പെട്ടു അനുസരിക്ക കൊണ്ടു ദൊഷം ചെയ്തിരിക്കുന്നു ഇപ്പൊൾ ആയ്തു ക്ഷമിച്ചു യഹൊവാരാധനെക്കായിട്ടു എന്നൊടു കൂട വരെണമെ എന്നപെക്ഷിച്ചിട്ടും ശമുവെൽ യഹൊവയെ ശങ്കിച്ചു മനസ്സില്ലാതെ തിരിഞ്ഞുപൊകുമാറായി ഉടനെ രാജാവ് അവന്റെ മെൽപുടവ പിടിച്ചുവലിച്ചതിനാൽ അതുകീറി. അനന്തരം ശമുവെൽ ഇന്നു യഹൊവ ഇസ്രയെൽ രാജ്യംനിന്നിൽനിന്നു പിടിച്ചു വലിച്ചു ശ്രെഷ്ഠന്നു കൊടുക്കും മെയും ഇസ്രയെലിലെ സ്വഛ്ഹരസ്വരൂപൻ വ്യാജവാൻ അല്ല മനുഷ്യനെ പൊലെ മനസ്സു ഭെദിക്കുന്നവനും അല്ല എന്നു പറഞ്ഞു. അതിന്നു ശൌൽ പാപം ചെയ്തിട്ടുണ്ടു എങ്കിലും ജനങ്ങളുടെ നിമിത്തം മാത്രം രാജ ബഹുമാനം കാണിച്ചു പാക്കെണമെ എന്നു മുട്ടിക്കയാൽ ദെവാരാധനെക്ക് കൂടിപൊന്നു അഗാഗിനെ വരുത്തി നിന്റെ വാൾ അമ്മമാരെ ദുഃപ്പീച്ച പ്രകാരം നിന്റെ അമ്മയും ദുഃഖം അനുഭവിക്കും എന്നു ചൊല്ലി യഹൊവ മുഖെന ആ ശൂരനെ കൊന്നു രാമയിൽ മടങ്ങി പൊയി യഹൊവ രാജാവെ നിരസിച്ച നിമിത്തം പരിതാപം പൂണ്ടുമരണ ദിവസം വരെ ശൌലെ കാണാതെ പാർത്തു.

6. യഹൊവ ദാവിദെ വരിച്ചതു

പിന്നെയും യഹൊവ ശമുവെലൊട്ടു കല്പിച്ചു ഞാൻ രാജ്യഭ്രംശം വരുത്തിയ ശൌലിനെ കുറിച്ചു നീ എത്രൊടം തൊഴിച്ചു കരയും നീ കൊമ്പിൽ എണ്ണ നിറച്ചു ബെത്ത്ളഹെമിൽ പുറപ്പെട്ടുക അവിടെ ഇശയ്യുടെ പുത്രരിൽ ഒരുത്തനെ രാജാവാക്കുവാൻ നിയമിച്ചിരിക്കുന്നു. എന്നു കെട്ടാറെ ഞാൻ എങ്ങിനെ പൊകുന്നു ശൌൽ ഇതുകെട്ടാൽ എന്നെ കൊല്ലും എന്നു പറഞ്ഞപ്പൊൾ യഹൊവ നീ ബലി കഴിപ്പാൻ ചെന്നു ഇശയെയും ബലിസദ്യെക്കായി വിളിക്ക അന്നു നീ ചെയ്യെണ്ടതു ഞാൻ അറിയിക്കും എന്നു നിയൊഗിച്ചതിനാൽ ശമുവെൽ ബെത്ത്ളഹെമിലെക്ക് ചെന്നു.

ഇശയ്യുടെ ഉത്ഭവം പറയുന്നു. പണ്ടു യഹൂദയിൽ ക്ഷാമം ഉണ്ടായ കാലം ബെത്ത്ളഹെം ഊക്കാരൻ ഒരുവൻ ഭാര്യാ പുത്രന്മാരൊടും കൂട മൊവബ്ദെശത്തുചെന്നു 40 വർഷം പാത്തു ശെഷം അവനും പുത്രന്മാരും മരിച്ചു. വിധവയായ നവുമി യഹൂദയിൽ ദാരിദ്ര്യം നീങ്ങിയ പ്രകാരം കെട്ടു പുറപ്പെട്ടപ്പൊൾ കഴിഞ്ഞുപൊയ പുത്രന്മാരുടെ ഭാര്യമാരായ 2 മൊവബ സ്ത്രീകളൊടു യാത്രപറഞ്ഞു ചുംബിച്ചു അനുഗ്രഹിച്ചു പൊയി അവരിൽ രൂത്ത എന്നവൾ ഞാൻ നിന്നെ വിടുകയില്ല നീ പൊകുന്നെടത്തു ഞാനും പൊരും നിന്റെ ജനം എന്റെ ജനവും നിന്റെ ദൈവം എന്റെ ദൈവവും ആകും നീ മരിക്കുന്നെടത്തു ഞാനും മരിക്കും മരണം അല്ലാതെ നമ്മെ ഒന്നും വെർപിരിക്കരുത് എന്നു ദൃഢമായി പറഞ്ഞപ്പൊൾ അവർ ഇരുവരും കൂട പുറപ്പെട്ടു ബെത്ത്ളഹെമിൽ എത്തി. ദെശക്കാർ അമ്മയെ കണ്ടറിഞ്ഞാറെ അവൾ ഞാൻ പൂർണ്ണയായി വിട്ടുപൊയി ശൂന്യയായി മടങ്ങിവന്നു സർവ്വശക്തൻ എന്നെ എറവും ദുഃഖിപ്പിച്ചു എന്നറിയിച്ചു വീട്ടിൽ പാത്തു മകളും മൂരുന്നവർ മര്യാദ പ്രകാരം വയലിൽ ശെഷിപ്പിച്ച ധാന്യങ്ങളെ പെറുക്കുവാൻ പൊകയും ചെയ്തു. അപ്പൊൾ ഭർത്താവിന്റെ ചാർച്ചക്കാരനായ ബൊവജ് അവളുടെ വിനയവും ഉത്സാഹവും കണ്ടു സന്തൊഷിച്ചു കരുണ കാട്ടിയതു അമ്മയെ അറിയിച്ചപ്പൊൾ ഇവൻ ചാർച്ചക്കാരനാകയാൽ അനന്തര വിവാഹത്തിന്നു യൊഗ്യത ഉണ്ടു എന്നു പറഞ്ഞു മകളും ആശ്രീതയായി അവനെ ചെന്നുണർത്തിച്ചാറെ ബൊവജ പ്രസാദിച്ചു ഞാൻ അനന്ത്രുവൻ എങ്കിലും എന്നെക്കാളും അടുത്തവൻ ഉണ്ടുനാള അറിയിക്കാം എന്നുപറഞ്ഞു വിട്ടയച്ചു രാവിലെ സഭ കൂടുന്ന പടിവാതുക്കൽ ചെന്നിരുന്നു അനന്ത്രുവനെ കണ്ടു നിറുത്തി 10 മൂപ്പന്മാരെയും വരുത്തി ഇരുത്തി. നവുമി മടങ്ങി വന്നുവല്ലൊ അവളുടെ ഭർത്താവിന്റെ ജന്മഭാഗം വിറുകളയുന്നു അതിനെ നീ വാങ്ങി വീണ്ടെടുക്കുക എന്നുപറഞ്ഞു- സമ്മതമായപ്പൊൾ എന്നാൽ ജന്മഭാഗത്തൊടും കൂട മരിച്ചവന്റെ വിധവയായ പരദെശിനിയെയും വാങ്ങെണം എന്നു കെട്ടാറെ സമ്മതമല്ലാഞ്ഞുകൊണ്ടു ബൊവജ എല്ലാവരെയും സാക്ഷികളാക്കി ആ കുഡുംബത്തിന്നുള്ളതു ഒക്കയും വാങ്ങി രൂത്തെ ഭാര്യയാക്കി എടുക്കയും ചെയ്തു അപ്പൊൾ സകല ജനങ്ങളും ഞങ്ങൾ സാക്ഷികാർ എന്നും യഹൊവ ഈ സ്ത്രീയെ ഇസ്രയെൽ വംശമാതാക്കളൊരാഹൽ ലെയ എന്നവരെ പൊലെ വർദ്ധിപ്പിച്ചു ശ്രുതിപ്പെടുമാറാകട്ടെ എന്നു ആശിസ്സു പറഞ്ഞു. ശെഷം അവൾക്കു പുത്രനായി ഒബെദ ജനിച്ചപ്പൊൾ നവുമി ഉപമാതാവായി പൊററി യഹൊവ ഇപ്രകാരം നിണക്കു അതിപ്രീയയായ മകളിൽനിന്നു അനന്ത്രുവനെ തന്നുവല്ലൊ അവൻ നിന്റെ വാർദ്ധക്യത്തിങ്കൽ നിന്നെ ആശ്വസിപ്പിക്കും എന്നു പല സ്ത്രീകളും അവളൊടു പറകയും ചെയ്തു.

ഇപ്രകാരം ഉത്ഭവിച്ചു ഒബെദിന്റെ മകനായ ഇശയ്ക്കു 8 പുത്രന്മാർ ജനിച്ചു-പിന്നെ ശമുവെൽ ബെത്ത്ളഹെമിൽ വന്നാറെ മൂപ്പന്മാരൊടും ഇശയ്ക്കു കുഡുംബത്തൊടും ബലിക്കായിട്ടു ഒരുങ്ങി ശുദ്ധിവരുത്തെണം എന്നു പറഞ്ഞു ബലി കഴിച്ചു ഇശയ്പുത്രന്മാരിൽ മൂത്തവനായ എല്യാബ നില്ക്കുന്നതുകണ്ടപ്പൊൾ ഇതാ അഭിഷെകത്തിന്നുള്ള ആൾ എന്നു വിചാരിച്ചാറെ. യഹൊവ ഇവന്റെ

രൂപവും വളർച്ചയും നൊക്കെണ്ടാ മനുഷ്യൻ കാണുന്നതിനെ കാണുന്നു യഹൊവ ഹൃദയം കാണുന്നു ഇവൻ വെണ്ടാ എന്നു കല്പിച്ചപ്പൊൾ അച്ഛൻ അബിനാ ദാബിനെ കാണിച്ചു ഇവനെയും യഹൊവ വരിച്ചില്ല എന്നു ശമുവെൽ പറഞ്ഞു ഇങ്ങിനെ 7 പുത്രന്മാരെയും കാണിച്ചപ്പൊൾ ഇവരിൽ ഒരുത്തനും സമ്മതനല്ല കുട്ടികൾ തികഞ്ഞുവൊ എന്നു ചൊദിച്ചാറെ ഇനി ഇളയവൻ ഉണ്ടു ആടുകളെ മെയ്പാൻ പൊയിരിക്കുന്നു എന്നു കെട്ടപ്പൊൾ അവനെ വരുത്തുക വരുവൊ ളം നാം സദ്യെക്കു ഇരിക്ക ഇല്ല എന്നു കല്പിച്ചു ആയവൻ വന്നപ്പൊൾ ചെ മ്പിച്ച തലമുടിയും ശൊഭനമായ കണ്ണും നല്ലകൊമളതയും ഉള്ളവനായി കണ്ടു യ ഹൊവയും ഇവൻ തന്നെ ഉടനെ അഭിഷെകം ചെയ്തു എന്നു കല്പിച്ചാറെ ശമു വെൽ സഹൊദരന്മാരുടെ ഇടയിൽവെച്ചു അവനെ എണ്ണകൊണ്ടു അഭിഷെകം ചെയ്തു താൻ രാമയിൽ മടങ്ങിപൊകയും ചെയ്തു.

അന്നു തൊട്ടു യഹൊവയുടെ ആത്മാവ് ശൌലിൽ നിന്നുമാറി ദാവിദി ന്മെൽ ഇറങ്ങി ഒരു ദുരാത്മാവ് ശൌലിനെ ഭ്രമിപ്പിക്കയും ചെയ്തു. അപ്പൊൾ ഭൃത്യന്മാർ രാജാവൊടു വീണ വായിപ്പാൻ പരിചയമുള്ള ആളെ വരുത്തി വായി പ്പിച്ചാൽ ഈ ബുദ്ധിഭ്രമം മാറും എന്നു പറഞ്ഞു ശൌലെ സമ്മതിപ്പിച്ചപ്പൊൾ ഒരുത്തൻ ഉണർത്തിച്ചു. ബെത്ലഹെമിൽ എറവും വൈദഗ്ധ്യവും സൌന്ദര്യാ ദി ഗുണങ്ങളും ഉള്ളൊരു ബാല്യക്കാരനുണ്ടു യഹൊവയുടെ പ്രസാദവും അവ നിൽ ഉണ്ടു എന്നു കെട്ടാറെ ശൌൽ ഇശയികൽ ദാവിദിനായി ആളയച്ചു അ ച്ഛൻ അവനെ സമ്മാനത്തൊടും കൂട രാജസന്നിധിയിങ്കൽ എത്തിച്ചു. ശൌലും പ്രസാദിച്ചു അച്ഛനൊടു അവൻ എന്റെ കൂട പാർക്കട്ടെ എന്നപെക്ഷിച്ചു സെ വെക്കാക്കി ദുരാത്മാവ് മെയ്മെൽ വരുമ്പൊൾ ഒക്കയും ദാവിദ വീണ എടു ത്തു വായിക്കുന്നതിനാൽ ശൌലിന്നു ഉപദ്രവം മാറി സൌഖ്യം വരികയും ചെയ്യും.

ദാവിദിൻ സങ്കീർത്തനം ഒന്നു പറയുന്നു (8) ഞങ്ങളുടെ കർത്താവായ യ ഹൊവെ നിന്റെ നാമം സർവ്വഭൂമിയിലും എത്ര പ്രസ്താപമാകുന്നു നിന്റെ തെ ജസ്സു ആകാശങ്ങളുടെ മീതെ പരത്തിയവനെ നിന്റെ ശത്രുക്കൾ നിമിത്തം നീ ശിശുക്കളുടെയും പിള്ളകളുടെയും വായിൽനിന്നു മാറാനെയും പ്രതികാരനെയും മിണ്ടാതെ ആക്കുന്നബലം നിമ്മിച്ചിരിക്കുന്നു-നിന്റെ വിരലുകളുടെ പണി സ്വർല്ലൊകങ്ങളെയും നീ വെച്ച ചന്ദ്രനക്ഷത്രങ്ങളെയും ഞാൻ കാണും സത്യം എങ്കിലും നീ ഒൎക്കുന്നതിനു മർത്യൻ എന്മാത്രം നീ ദർശിപ്പാൻ മനുഷ്യ പുത്രൻ എന്മാത്രം നീ അവനെ ദൈവതയിൽ നിന്നു അല്പം താഴ്ത്തി തെജസ്സും ബഹുമാന വും ചൂടുമാറാക്കി നിന്റെ കൈക്രീയകളിന്മെൽ നീ അവനെ വാഴിച്ചു മൃഗപക്ഷി മത്സ്യാദിഗണങ്ങളും സകലവും അവന്റെ കാലിൻകീഴാക്കി ഞങ്ങളുടെ കൎത്താ വായ യഹൊവെ നിന്റെ നാമം സൎവ്വ ഭൂമിയിലും എത്ര പ്രസിദ്ധമാകുന്നു

7. ദാവിദ ഗൊല്യത്തൊടു അങ്കം കുറിച്ചതു

അനന്തരം പലിഷ്ടരൊടു പട തുടങ്ങിയതിന്റെ ശെഷം ശൌൽ ദാവിദിനെ വി ട്ടയച്ചു താൻ പുരുഷാരത്തൊടും കൂട പുറപ്പെട്ടു ശത്രുക്കൾ പാർക്കുന്ന മലെക്കു എതി രെ ഒരു കുന്നിന്മെൽ തമ്പടിച്ചു പാൎത്തു അപ്പൊൾ മറുതലക്കാരിൽ നിന്നു ഗത്ത് പട്ടണത്തിൽ ജനിച്ചൊരു അങ്കക്കാരൻ പുറപ്പെട്ടു ഇസ്രയെലരൊടു നമുക്കു അണിപ്പട എന്തിന്നു നിങ്ങൾ ഒരുത്തനെ എടുത്തയപ്പിൻ അവൻ എന്നെ കൊ ന്നാൽ ഞങ്ങൾ നിങ്ങൾക്കു അടിമകൾ ഞാൻ ജയിച്ചു എങ്കിലൊ നിങ്ങൾ ഞങ്ങ ളെ സെവിക്കെണം എന്നിങ്ങിനെ അഹങ്കരിച്ചു പറഞ്ഞപ്പൊൾ ഇസ്രയെൽ അവ നെ 6 1/4 മുളം നീളമായും ആയുധങ്ങളുടെ വണ്ണവും ഘനവും കണ്ടു ഭയപ്പെട്ടുമിണ്ടാ തെഇരുന്നു അപ്രകാരം അവൻ 40 ദിവസത്തൊളം പരിഹാസം ചെയ്തു

അക്കാലം ദാവിദ അച്ഛന്റെ ആടുകളെ മെച്ചുവരുമ്പൊൾ ഇശയി പറഞ്ഞു നിന്റെ ജ്യെഷ്ടന്മാരിൽ മൂവരും പാളയത്തിൽ ഇരിക്കുന്നുവല്ലൊ നീ പൊയി

അവർക്ക അപ്പവും അവിലും തലവന 10 പാല്ലുട്ടിയും കൊണ്ട പൊയി കൊടുത്ത വത്തമാനം അറിഞ്ഞു മടങ്ങിവരെണം എന്ന കെട്ടാറെ ദാവിദ കല്പിച്ച പ്രകാരം പൊയി പാളയത്തിൽ എത്തിയപ്പൊൾ പടജ്ജനങ്ങൾ അണിയായ്നില്ക്കുന്നത് കണ്ട ഉടനെ കൊപ്പുകളെ കാവല്ലാരെ പക്കൽ ഏല്പിച്ച പൊക്കളത്തിലെക്ക് ഒടിച്ചെന്ന സഹൊദരമ്മാരെ കണ്ട വത്തമാനം പറയുമ്പൊൾ അങ്കക്കാരൻ വന്ന പരിഹസിക്കുന്നതും ഇസ്രയെലർ പെടിച്ച പിൻവാങ്ങി ഇവനെകൊല്ലുന്നവന്ന രാജാവ് പുത്രിയെയും ദ്രവ്യവും കൊടുക്കും എന്ന സംസാരിക്കുന്നതും കെട്ടാറെ ദാവിദ് ജനങ്ങളൊട ജീവന്നുള്ള ദൈവത്തിന്റെ സെനയെ നിന്ദിപ്പാൻ ചെലയില്ലാത്ത ഇവൻ ആർ എന്നും മറും പറഞ്ഞു അതുകൊണ്ട ജ്യെഷ്ഠനായ എല്യാബ വളരെ കൊപിച്ച നീ ഇവിടെക്ക എന്തിന്നുവന്ന ആടുകളെ ആരുടെ പക്കൽ ആക്കി ഇരിക്കുന്ന നിന്റെ ഡംഭത്തെയും ഹൃദയത്തിലെ വക്രതയെയും ഞാൻ അറിയുന്ന നീ പട കാണ്മാനായി വന്നിരിക്കുന്ന എന്ന പറഞ്ഞപ്പൊൾ ദാവിദ എന്ത ഞാൻ ചെയ്തു അതു കാര്യമല്ലയൊ എന്ന പറഞ്ഞു മറവരൊടു മുമ്പെപൊലെ സംസാരിച്ചുകൊണ്ടിരുന്ന ആയ്ത രാജാവ് കെട്ടപ്പൊൾ അവനെ വരുത്തി അടിയൻ പൊയി ശത്രുവിന്റെ നെരെ അങ്കം കുറെക്കാം എന്ന ദാവിദ വാക്കു കെട്ടാറെ നീ ബാലൻ നിണക്ക പ്രാപ്തി പൊരാ എന്ന രാജാവ് കല്പിച്ചപ്പൊൾ ദാവിദ അടിയൻ ആടുകളെ മെയ്ക്കുംനെരം സിംഹവും കരടിയും വന്ന ഞാൻ രണ്ടിനെയും അടിച്ചു കൊന്ന ചെലയില്ലാത്ത ഇവൻ ജീവനുള്ള ദൈവത്തിന്റെ സൈന്യങ്ങളെ ദുഷിച്ചിരിക്കകൊണ്ട അപ്രകാരം ആകും മുഗത്തിൽ നിന്ന എന്നെ രക്ഷിച്ചവൻ ഇവൻ കൈയിൽ നിന്നും എന്നെ രക്ഷിക്കും എന്ന പറഞ്ഞു.

അപ്പൊൾ ശൌൽ നീ പൊക യഹൊവ നിന്നൊട കൂട ഇരിക്കട്ടെ എന്ന പറഞ്ഞു ആയുധവഗ്ഗങ്ങളെയും പടച്ചട്ടയെയും ധരിപ്പിച്ചാറെ അവൻ നടന്നപ്പൊൾ ശീലമില്ലായ്ക കൊണ്ട ഇവറൊട നടപ്പാൻ കഴികയില്ല എന്ന പറഞ്ഞപെക്ഷിച്ച തന്റെ വടിയെയും മിനുസമുള്ള 5 കല്ലുകളെയും എടുത്തുസഞ്ചിയിലിട്ട കവിണയൊടും കൂടി പലിഷ്ടനെ അടുക്കയും ചെയ്ത ആയവൻ ബാലനെ കണ്ടാറെ നിന്ദിച്ച വടിയൊട കൂട വരുന്നത് എന്ത ഞാൻ ഒരു നായൊ നീ വാ നിന്നെ പക്ഷികൾക്ക ഇരയാക്കും എന്ന സ്വദെവനാണയിട്ട പറഞ്ഞപ്പൊൾ ദാവിദ ഉത്തരംപറഞ്ഞു നീ വാളിനൊടും കുന്തത്തൊടും പരിചയൊടും കൂട വരുന്ന. ഞാൻ നീ നിന്ദിച്ചിട്ടുള്ള ഇസ്രയെലാദിസൈന്യങ്ങളുടെ യഹൊവയുടെ നാമത്തിൽ നിന്റെ അടുക്കൽ വരുന്ന. യഹൊവ ഇന്ന നിന്നെ എൻ കൈയിലെക്ക എല്പിക്കും ഞാൻ നിന്നെ കൊന്ന തലയെ എടുത്ത കളയും ഇന്ന ഫലിഷ്ടരുടെ സൈന്യങ്ങളുടെ ശവങ്ങളെ ആകാശത്തിലെ പക്ഷികൾക്കും കാട്ടമൃഗങ്ങൾക്കും കൊടുക്കും ഇസ്രയെലിൽ ദൈവം ഉണ്ട എന്ന ഭൂമിഒക്കയും അറികയും ചെയ്യും വാളുകൊണ്ടും കുന്തം കൊണ്ടും അല്ല യഹൊവ രക്ഷചെയ്യുന്നത് എന്ന ഈ സംഘം എല്ലാം അറിയെണ്ടിവരും. യുദ്ധം യഹൊവെക്കുള്ളത് അവൻ നിങ്ങളെ ഈ കൈകളിൽ തരിക്കയും ചെയ്യും. പിന്നെ ഫലിഷ്ടൻ എഴുനീറു വന്ന ദാവിദിനൊട എതുപ്പാൻ അടുത്തപ്പൊൾ ദാവിദ നെരെ ഒടി സഞ്ചിയിൽ നിന്ന ഒരു കല്ലിനെ എടുത്ത കവിണയിൽ വെച്ച ചുററി ശത്രുവിൻ നെറ്റിയിൽ പതിവാൻ തക്കവണ്ണം എറിഞ്ഞു ഉടനെ അവൻ ഭൂമിയിൽ കവിണ്ണുവീണ. ദാവിദ് ഒടി ചെന്ന ഫലിഷ്ടന്റെ വാളിനെ പിടിച്ച ഊരി അവന്റെ തലയെ വെട്ടിക്കളകയും ചെയ്ത. ആയത് ഫലിഷ്ടർ കണ്ട ഒടിപൊയി യിസ്രയെലരും എഴുനീറു ആൎത്തും കൊണ്ട ഫലിഷ്ടരെ പിന്തുടന്ന അവരിൽ മുറ്റ ഏററവർ ഗാഥ എക്രൊൻവരെയും വീണ കിടന്ന ഇസ്രയെലർ ശത്രുകൂടാരങ്ങളെ കൊള്ളയിടുകയും ചെയ്തു. ഗൊല്യാത്തിൻ ആയുധവഗ്ഗത്തെ ദാവിദ താൻ ദെവകൂടാരത്തിൽ വെച്ച.

പിന്നെ രാജാവുമായി അല്പം സംഭാഷിച്ചശെഷം രാജപുത്രനായ യൊനതാൻ ദാവിദെ കണ്ട സ്നെഹിച്ച രണ്ടാത്മാക്കൾ ഒന്നായി ചെന്ന ചങ്ങായ്ത്തം

ഉറപ്പിക്കയും ചെയ്ത ദാവിദ കല്പന പ്രകാരം രാജാവൊട്ട ഒന്നിച്ചു പാത്തു കൊ ംവാൻ സമ്മതിച്ചു എല്ലാവരും പാളയത്തിൽ നിന്നു മടങ്ങിപൊരുകയും ചെ യ്തു. ഇങ്ങിനെ ദൈവാനുഗ്രഹത്താൽ ദാവിദ വർദ്ധിച്ചു തുടങ്ങിയത്.

8. ശൌലിൻെറ വൈരാരംഭം

ജയഘൊഷത്തൊടെ നടക്കുമ്പൊൾ സ്ത്രീകൾ എവിടെ നിന്നും കൂടി വ ന്നു പാടി കൊണ്ടു നൃത്തം ചെയ്തു എതിരിട്ടു പാത്തു അതിൽ ഒരു കൂട്ടം ആയിര ത്തെ ശൌലും കൊന്നു പതിനായിരത്തെ ദാവിദും എന്ന പദ്യമായികെട്ടാറെ ശൌൽ എത്രയും കൊപിച്ചു ഇനിരാജ്യം അല്ലാതെ ഇവനു കിട്ടുവാൻ എന്തുള്ള എന്നു ചിന്തിച്ചു ദാവിദിൽ അസൂയ ഭാവിച്ചു തുടങ്ങി ശങ്കയൊടും കൂട അവനെ സൂക്ഷിച്ചുകൊണ്ടിരുന്നു. പിറന്നാൾ ശൌലിനു ഭ്രുതൊപദ്രവം ഉണ്ടായാറെ ദാ വിദ മുമ്പെപൊലെ വാദ്യഘൊഷം തുടങ്ങുന്നെരം ശൌൽ ദാവിദെ ചുവരൊട്ട ചെത്തു കുത്തികൊള്ളെണ്ടു എന്നുനിനെച്ചു ഉടനെ കുന്തംചാടി ദാവിദൊ വെ ഗത്തിൽ മാറി കളഞ്ഞു.

കൊപം വർദ്ധിച്ചളവിൽ ശൌൽ ദാവിദെ സഹസ്രാധിപതിയാക്കി യുദ്ധത്തിനു നിയൊഗിച്ചു ദാവിദും ബുദ്ധിയൊടെ നടന്നും ദൈവാനുഗ്രഹത്താൽ ജയവും ജനസമ്മതവും വരികയും ചെയ്തു അതിനാൽ ശൌൽ അധികം ഭയപര വശനായ്ചമഞ്ഞു ദാവിദൊടു പറഞ്ഞു നീ എൻെറ മകളെ വിവാഹം ചെയ്ക എന്നാൽ നീ എനിക്കുവെണ്ടി ഫലിഷ്ടരൊടു യഹൊവയുടെ യുദ്ധത്തെനടത്തു ക എന്നു കെട്ടാറെ ദാവിദ ഞാൻ രാജാവിൻ മരുമകനാകുവാൻ ആരാകുന്നു- എൻെറ കുഡുംബവും എമ്മാത്രം എന്നു പറഞ്ഞശെഷം ശൌൽ മിണ്ടാതെ ഇരു ന്നു ഈ പരീക്ഷ സാധിച്ചില്ല എന്നു വിചാരിച്ചു മൂത്തമകളെ മറെ ഒരുത്തനെ കൊണ്ടുകെട്ടിക്കയും ചെയ്തു. അനന്തരം ഇളയമകളായ മീഖൽ ദാവിദിൽ പ്രീയം ഭാവിക്കുന്നു പ്രകാരം കെട്ടാറെ ശൌൽ സംവന്തം കണിയായിഎന്നുവിചാരിച്ചു നീ എനിക്ക മരുമകനാകെണം എന്നു പറഞ്ഞു മന്ത്രീകളെ കൊണ്ടു ദാവിദെ ഉത്സാഹിപ്പിച്ചാറെയും ദാവിദ ഞാൻ ഹീനനല്ലൊ ഈ മാനത്തിനു യൊഗ്യ നല്ല എന്നു തീച്ചപറഞ്ഞു. രാജാജ്ഞയാൽ മന്ത്രീകൾ പിന്നെയും വന്നു ഇ ന്നു അവധിക്കു കല്യാണം ഉണ്ടാകും രാജാവ് പുത്രീക്കായി ധനം അല്ല 100 ഫ ലിഷ്ടരുടെ മുന്തൊലുകളെ അത്രെ ചൊദിക്കുന്നത് എന്നിങ്ങിനെ ഉത്സാഹിപ്പി ച്ചാറെ ദാവിദിനു നല്ല ഇഷ്ടമായി തൊന്നി. അവൻ കൂട്ടരൊടു കൂട പുറപ്പെട്ടു പൊ രുതു തനിക്ക് ചെതം വരാതെ 200 മാറാന്മാരെ കൊന്നു അടയാളങ്ങളെ ഒപ്പി ച്ചപ്പൊൾ ശൌൽ സ്വ പുത്രീയെ കൊടുക്കെണ്ടി വന്നു. എന്നാറെ ഈ ദൈവരക്ഷ യും മീഖൽ ഭർത്താവിൽ കാണിക്കുന്ന സ്നെഹവും വിചാരിക്കുന്തൊറും രാജാവി ൻെറ ഭയൊപദ്രവം അതിക്രമിച്ചു ദാവിദിനു എത്രയും സൂക്ഷിച്ചു നൊക്കി നട പ്പാൻ സംഗതി വരികയും ചെയ്തു. ആ കാലത്തിൽ മനുഷ്യരുടെ ദുഷ്ടതയെയും യഹൊവയുടെ വാത്സല്യത്തെയും ദാവിദ വർണ്ണിച്ചതു (സങ്കീ. 36). ദുഷ്ടൻെറ ദ്രൊഹം കൊണ്ടു അവൻെറ കണ്ണുകൾക്ക മുമ്പാകെ ദൈവഭയം ഇല്ല എന്നു എൻെറ ഹൃദയത്തിലെ അരുളപ്പാടു. അകൃത്യം സാധിക്കും പകയെ നടത്തും എന്നു തൻെറ കണ്ണുകൾക്ക പ്രീയം പറയുന്നു. അവൻെറ വായിലെ വാക്കുകൾ അധർമ്മ വഞ്ച നയും അത്രെ ബൊധംകൊള്ളുന്നതും നന്മചെയ്യുന്നതും അവൻ വെടിഞ്ഞു കിടക്ക മെൽ അധർമ്മം ചിന്തിക്കും നന്നല്ലാത്തവഴിയിൽ നിന്നുകൊള്ളുന്നു ദൊഷ ത്തെ മാത്രം വെറുക്കുന്നില്ല. യഹൊവെ നിൻെറ കരുണ വാനത്തൊളവും വിശ്വ സ്തത ലഘുമെഘങ്ങളൊളവും എത്തുന്നു നിൻെറ നീതി ദിവ്യപർവ്വതങ്ങളെ പൊ ലെയും ന്യായം വിസ്താരമായ അഗാധവും ആകുന്നു. യഹൊവെ നീ മനുഷ്യരെ യും മൃഗങ്ങളെയും രക്ഷിക്കുന്നു. ദൈവമെ നിൻെറ കരുണ എത്ര പ്രീയമുള്ളതു മനു ഷ്യ പുത്രന്മാർ നിൻ ചിറകുകളുടെ നിഴലിൽ ആശ്രയിച്ചു ഒടുന്നു. അവർ നിൻെറ ഭവനത്തിലെ പുഷ്ടിയാൽ ദാഹം തീർക്കും നിൻെറ ഭൊഗങ്ങളുടെ നദിയെ നീ

അവരെ കൂടിപ്പിക്കുന്നു. നിന്നിൽ അത്രെ ജീവന്റെ ഉറവുണ്ടു നിന്റെ പ്രകാശത്തിൽ ഞങ്ങൾ പ്രകാശത്തെ കാണും. നിന്നെ അറിയുന്നവർക്കു സ്വകരുണയെയും ഹൃദയനെരുള്ളവർക്കു സ്വനീതിയെയും നീട്ടികൊടുക്കെണമെ. ഡംഭിച്ച കാൽ എന്മേൽ മെതിക്കാതെയും ദുഷ്ടകൈ എന്നെ ആട്ടാതെയും ഇരിക്ക. അതാ അധർമ്മകാർ വീണു അവർതള്ളപ്പെട്ടു എഴുനീല്പാൻ കഴികയും ഇല്ല.

9. ദാവിദ് ജീവരക്ഷെക്കായി ഒടുന്നതു

മരുമകന്റെ ശ്രീത്വം കണ്ടപ്പൊൾ രാജാവ് യൊനതാനൊടും മക്കളൊടും ദാവിദെ കൊല്ലെണ്ടുന്ന പ്രകാരം പറവാൻ തുടങ്ങി. ആയതു രാജപുത്രൻ സഖിയെ അറിയിച്ചു ഒളിച്ചിരിപ്പാൻ പറഞ്ഞശെഷം അച്ഛനെ ചെന്നു കണ്ടു ദാവിദിൻറെ ഗുണാധിക്യം ഒർപ്പിച്ചു കുറമില്ലാത്തവനെ വെറുതെ കൊല്ലുമൊ എന്നും മറും ചൊദിച്ചതു ശൌൽ കെട്ടു യഹൊവാ ജീവനാണ അവനെ കൊല്ലുകയില്ല എന്നു കല്പിച്ചാറെ യൊനതാൻ ദാവിദെ വരുത്തി മുമ്പെ പൊലെ സെവിപ്പാറാക്കി. എങ്കിലും പിന്നെയും മഹാജയം ഉണ്ടായപ്പൊൾ രാജാവ് ഭ്രതഗ്രസ്തനായി ദാവിദെ കൊള്ളെ കുന്തം ചാടി ആയവൻ തെറ്റി വീട്ടിൽ ഒടി പാൎത്താറെ ചെകവരെ കല്പിച്ചയച്ചു വാതില്ക്കൽ പാർപ്പിച്ചു. അതു മീഖൽ കെട്ടു ഭൎത്താവെ അറിയിച്ചു കിളിവാതിലിൽ കൂടി ഇറക്കി ഒരു കൌശലത്താൽ ചെകവർക്കു താമസം വരുത്തുകയും ചെയ്തു ദാവിദ ഒടി പൊയി രാമയിൽ എത്തി ശമുവെലെ കണ്ടു വസ്തുത അറിയിക്കയും ചെയ്തു. ആയ്തു ശൌൽ ഗ്രഹിച്ചു ദാവിദെ പിടിപ്പാനായി ദൂതന്മാരെ അയച്ചപ്പൊൾ അവർ ശമുവെൽ പ്രവാചക ശിഷ്യന്മാരുടെ നടുവിൽ നില്ക്കുന്നതു കാണുന്നെരം പ്രവചിച്ചു തുടങ്ങി കാര്യം മറന്നു. അതുകൊണ്ടു വെറെ ദൂതരെ അയച്ചാറെ അവർക്കും ദൈവാത്മാവിനാൽ അപ്രകാരം തന്നെ സംഭവിച്ചു ആകയാൽ ശൌൽ താൻ പുറപ്പെട്ട രാമെക്ക അടുത്തു വന്നാറെ മെയ്മെലായി അവനും പ്രവചിപ്പാൻ തുടങ്ങി വസ്ത്രം കളഞ്ഞു കിടക്കുകയും ചെയ്തു. ശൌലും പ്രവാചകരിൽ കൂടുമൊ എന്ന പഴഞ്ചൊൽ ഈ സംഗതിയാലും അധികം നടപ്പായ്വന്നതു.

അനന്തരം ദാവിദ് യൊനതാനെചെന്നു കണ്ടു തന്റെ സങ്കടം ബൊധിപ്പിച്ചപ്പൊൾ രാജപുത്രൻ അച്ഛന്റെ അന്തർഗ്ഗതം അറിഞ്ഞുകൊൾവാനും സഖിയൊടു അറിയിപ്പാനും കൈയെറു വയലിൽ വെച്ചു ഇരുവരും കരാർ ഉറപ്പിക്കയും ചെയ്തു. അപ്പൊൾ ആ സാധുയഹൊവനിന്റെ ശത്രുക്കളെ നിഗ്രഹിച്ചു നിണക്കു തുണയാകുമ്പൊൾ നീ എന്നെയും കുഡുംബങ്ങളെയും കൊല്ലാതെ രക്ഷിക്കെണം നിന്റെ വൈരികളെ യഹൊവ ശിക്ഷിക്കെആവു എന്നിങ്ങനെ സ്നേഹം പൂണ്ടു സത്യം ചെയ്തും ചെയ്യിച്ചും കൊണ്ടിരുന്നു—പിന്നെ മൂന്നാംനാൾ ഇന്നെടുത്തു തമ്മിൽ കാണും എന്നു നിശ്ചയിച്ച ശെഷം യൊനതാൻ ചെന്നു കുത്തവാവിലെ സദ്യെക്കായി രാജാവൊടു ഇരുന്നു പിറെ ദിവസവും പന്തിയിൽ ഇരുന്നാറെ ദാവിദ എന്തിന്നുവന്നില്ല എന്നു രാജാവ ചൊദിച്ചു. അതിന്നു യൊനതാൻ ഉത്തരം പറഞ്ഞ ഉടനെ രാജാവ് കൊപിച്ചു ഹെമ്മൎസരക്കാരത്തിയുടെ പുത്ര അമ്മയുടെ അപമാനത്തിന്നായി നീ ഇശായ്പുത്രനെ നിണക്കു തന്നെ വരിച്ചിരിക്കുന്നു എന്നു നല്ലവണ്ണം അറിയുന്നു അവൻ വാഴുന്നാൾ ഒക്കയും രാജത്വം നിണക്കു സ്ഥിരമാകയില്ലല്ലൊ ഇപ്പൊൾ തന്നെ അവനെ വിളിപ്പിക്ക അവൻ മരിക്കെണ്ടു എന്നു പറഞ്ഞാറെ യൊനതാൻ എന്തിന്നു മരിക്കെണം അവൻ എന്തു ചെയ്തു എന്നു ചൊദിച്ച ഉടനെ ശൌൽ കുന്തത്തെ അവന്റെ നെരെ ചാടി പുത്രനും വിഷാദിച്ചു എഴുനീറു പുറപ്പെട്ടു. പിറെ ദിവസം അവൻ അമ്പു പ്രയൊഗത്തിന്നായി വയലിൽ ചെന്നു അമ്പുകളെ എയ്യുന്ന ദിക്കിനാലും എണ്ണത്താലും ദാവിദെ മുമ്പെ കുറിച്ച പ്രകാരം പരമാൎത്ഥം ഗ്രഹിപ്പിച്ചു പിന്നെ പണിക്കാരനെ വിട്ടയച്ചു ദാവിദെ വിളിച്ചു ഇരുവരും ചുംബിച്ചുകരഞ്ഞു. അപ്പൊൾ യൊനതാൻ നീ സമാധാനത്തൊടെ പൊകനും ഇരുവരും യഹൊവ നിണക്കും

എനിക്കും നമ്മുടെ സന്തതികൾക്കും നടുവനാക എന്നു പൊല്ലി ആണയിട്ടത് എന്നെക്കും നില്ക്കു എന്നുപറഞ്ഞു പിരിഞ്ഞു പൊകയുംചെയ്തു.

അപ്പൊൾ ദാവിദ ദെവക്കൂടാരത്തെ വിചാരിക്കുന്ന അഹിമെലക്കെ ചെന്നു കണ്ടു തിന്മാൻ പൊദിച്ചാറെ അവൻ ബദ്ധപ്പാടിൻെറ കാരണം അറിയാതെ രാജനിയൊഗം എന്നു വിചാരിച്ചു കാഴ്ച അപ്പങ്ങളെ നല്കി ദാവിദ് ആയുധത്തിനു അപെക്ഷിച്ചപ്പൊൾ ഗൊല്യത്തിൻെറ വാളെ കൊടുക്കയും ചെയ്തു. ആയ്തു ദാവിദ് എടുത്തു ഒടിഗാപ്പിലെ രാജാവായ അഖിശെ അഭയം പ്രാപിച്ചു ആയവൻ പാർപ്പാൻ സമ്മതിച്ചപ്പൊൾ മന്ത്രീകൾ മുമ്പത്തെ ജയങ്ങളെ ഒർപ്പിച്ചു പക്ഷെ ഇതു കൌശലം അത്രെ എന്നു രാജാവൊടു മന്ത്രീച്ചാറെ ദാവിദ് എറവും ഭയപ്പെട്ടു ഭ്രാന്തൻെറമെൽ ഒക്കയും കാട്ടി നടന്നു ഫലിഷ്ത രാജാവ് അതു കണ്ടു ഭ്രാന്തർ ഇവിടെ പൊരാഞ്ഞിട്ടൊ ഇവനെ കൊണ്ടുവന്നതു എന്നു പറഞ്ഞു വിട്ടയക്കയും ചെയ്തു.

ആ സങ്കട കാലത്തുതന്നെ 56 സങ്കീൎത്തനം ഉണ്ടാക്കിയതു. ദൈവമെ എന്നിൽ കരുണ ഉണ്ടാകെണമെ മർത്യൻ എൻെറ നെരെ കറ്റുന്നുപൊരാടുന്നവൻ ദിവസെന എന്നെ ഞെരുക്കുന്നു. എങ്കിലും ഞാൻ ഭയപ്പെടുന്ന നാളിൽ നിന്നിൽ ആശ്രയിക്കും. ഞാൻ ദൈവത്തിൽ ഉരുത്തി അവൻെറ വചനത്തെ സ്തുതിക്കും ദൈവത്തിൽ ആശ്രയിച്ചു ഭയപ്പെടാതെയും ഇരിക്കും ജഡം എന്നൊടു എന്തു ചെയ്യും അവർ ഒളിച്ചു കൂടിവരുന്നു എൻെറ ആത്മാവിന്നായി പതിയിരിക്കുന്ന പന്തിയിൽ എൻെറ മടമ്പുകളെ സൂക്ഷിക്കുന്നു. എൻെറ സഞ്ചാരഭ്രമണത്തെ നീ എണ്ണി എൻെറ കണ്ണുനീരെ നിൻ കുടത്തിൽ ആക്കുക അവ നിൻെറ പുസ്തകത്തിൽ അല്ലയൊ. അന്നു ഞാൻ വിളിക്കുമ്പൊൾ എൻെറ ശത്രുക്കൾ പിന്തിരിയും ദൈവം എനിക്കു തന്നെ എന്നുള്ളതു ഞാനറിയുന്നു. ഞാൻ ദൈവമുമ്പാകെ ജീവനുള്ളവരുടെ വെളിച്ചത്തു നടപ്പാന്തക്കവണ്ണം നീ മരണത്തിൽനിന്നു എൻ ആത്മാവെയും വീഴ്ചയിൽ നിന്നു കൂട എൻ പാദങ്ങളെയും ഉദ്ധരിച്ചതുകൊണ്ടു ദൈവമെ നിണക്കു നെർന്നതു എന്മെൽ ഉണ്ടു സ്തുതിബലികളെ നിണക്കു ഒപ്പിക്കയും ചെയ്യും.

10. ദാവിദ അടുല്ലംഗ്രഹയിൽ ചെന്നതു

അനന്തരം ദാവിദ് ജന്മദെശസമീപത്തിൽ അടുല്ലം എന്ന മഹാഗ്രഹയിൽ ചെന്നുപാൎത്തു. ആ ഇരുണ്ട ഒളിയീടത്തിൽ തന്നെ അവൻ കണിത മനസ്സൊടെ 143 സങ്കീൎത്തനം തീൎത്തുപണ്ടുപാതാളത്തിൽ ഇറങ്ങിയവരെ ഒൎത്തു നിൻെറ ദാസനൊടു ന്യായവിധിയിലെക്ക് ചെല്ലരുതെ. ജീവനുള്ള ഒരുത്തനും നിൻെറ മുമ്പാകെ നീതിമാനാകയില്ല എൻെറ ആത്മാവ നിൻെറ മുമ്പാകെ വരണ്ട ഭ്രമിപൊലെ ആകുന്നു യഹൊവെ നിൻെറ നാമം നിമിത്തം നീ എന്നെ ജീവിപ്പിക്കെണമെ എന്നും മറും പ്രാൎത്ഥിച്ചു (സങ്കീ.142) വെഗത്തിൽ ആശ്വാസം കൊള്ളുകയും ചെയ്തു. അവൻെറ സഹൊദരന്മാർ മുതലായ കുഡുംബക്കാർ അവൻ വന്നതറിഞ്ഞു അവനെ ചെന്നു കണ്ടു രാജാവിൻെറ കൊപത്താൽ ബുദ്ധിമുട്ടുള്ളവരും കടം മുതലായ അനൎത്ഥങ്ങൾ അകപ്പെട്ടവരും പലരും 400 പെരൊളം അവനൊടു ചെൎന്നു അവനെ തലവനാക്കി സെവിച്ചു. ദാവിദ അവരൊടു കൂടെ മുത്താച്ചിയുടെ ജന്മഭ്രമിയായ മൊവബിൽ ചെന്നു രാജാവെ കണ്ടു ദൈവം എന്നെ എന്തു ചെയ്യും എന്നറിയുന്നില്ല അതുവരയും എൻെറ മാതാപിതാക്കന്മാർ നിങ്ങളൊടു കൂടെ വസിക്കട്ടെ എന്നപെക്ഷിച്ചു സമ്മതമാക്കി ഇരുവരെയും അവിടെ പാർപ്പിച്ചു താൻ ഗാദ് പ്രവാചകൻെറ ചൊൽ കെട്ടു യഹൂദവനത്തിൽ ചെന്നു പാൎത്തു അവിടെ നിന്നുള്ള പ്രാൎത്ഥന. ദൈവമെ നീ എൻെറ ദൈവം അതികാലത്തെ ഞാൻ നിന്നെ അന്വെഷിക്കുന്നു വെള്ളമില്ലാതെ ഉണങ്ങി വരണ്ട ഭ്രമിയിൽനിന്നു എൻെറ ആത്മാ നിന്നെ കുറിച്ചു ദാഹിക്കുന്നു ജഡവും നിന്നെ കാംക്ഷിച്ചു വലയുന്നു.

ഇപ്രകാരം ഞാൻ നിന്റെ ബലവും തെജസ്സും കാണ്മാനായിട്ട പരിശുദ്ധസ്ഥല ത്തിൽ നിന്നെ നൊക്കുന്ന നിന്റെ വാത്സല്യം ജീവനിലും നല്ലതു കിടക്കമെൽ നിന്ന നിന്നെ ഒർക്കുമ്പൊഴ യാമങ്ങഴ വരെയും ഞാൻ നിന്നെ ധ്യാനിക്കുന്ന. നീ എനിക്ക സഹായം നിന്റെ ചിറകിന്നിഴലിൽ നിന്ന ഞാൻ ആർത്തുകൊ ള്ളാം ആത്മസംഹാരത്തെ അന്വെഷിക്കുന്നവർ ഭ്രമിയുടെ കീഴലകിൽ ഇറങ്ങും രാജാവ യഹൊവയിൽ സന്തൊഷിക്കയും ചെയ്യും.

11. ശൌൽ ദൊവഗ എന്നവരുടെ ഘ്വോര കർമ്മം

അക്കാലം ദാവിദ മുതലായവർ കണ്ടുകിട്ടി എന്ന കൊയ്മയിൽ ഉണർ ത്തിച്ചപ്പൊഴ ശൌൽ ഗിബ്യയിൽ കാവിൻ നിഴലിൽ കുന്തംകൈയിൽ പിടി ച്ചുകൊണ്ട പാർത്ത ചുററിലും നില്ക്കുന്ന സെവകന്മാരൊട പറഞ്ഞു. അല്ലയൊ ബിന്യമിനരെ ഇശയ്മകൻ കൂടെ നിങ്ങഴംക്ക നിലമ്പറമ്പുകളെയും സ്ഥാനമാ നങ്ങളെയും തരുമൊ പിന്നെ എന്റെ പുത്രൻ ആ ദാസനമായി ചെന്ന എനിക്ക വിരൊധം ചെയ്വാൻ ഉത്സാഹിക്കുന്നതിനാൽ നിങ്ങഴംക്ക ആർക്കും വെ ദന ഇല്ലയൊ എല്ലാവരും എന്റെ നെരെ കൂട്ടുകെട്ടായി നില്ക്കുന്നവൊ ഇത് എ ന്നെ അറിയിപ്പാൻ ആരും ഇല്ലയൊ. എന്ന കെട്ടാറെ എദൊമ്യനായ ദൊവഗ എ ന്ന ഒരു പ്രമാണി ഉത്തരം പറഞ്ഞു. ഇശയ്പുത്രൻ നൊബിൽ വന്ന മഹാചാര്യ നൊട സംസാരിച്ച ആയവൻ അവന്ന വെണ്ടി യഹൊവയൊട ചൊദിച്ച ഭക്ഷ ണവും ഗൊല്യത്തിന്റെ വാളും കൊടുക്കുന്നത് ഞാൻ കണ്ട. അപ്പൊഴ രാജാവ് അഹിമെലക്ക് തുടങ്ങിയുള്ള ആചാര്യന്മാരെ ഒക്കയും വരുത്തി പറഞ്ഞു. ദ്രൊഹി യായ ഇശയ്പുത്രന്ന നിങ്ങഴം സഹായമായി പ്രാത്ഥിച്ചതും വാളും അപ്പവും കൊടുത്തത് എന്ത എന്നാറെ അഹിമെലക്ക രാജാവിന്റെ സവ്വഭൃത്യന്മാരിലും മരുമകനെ പൊലെ വിശ്വാസ്യനും മാന്യനും ഉണ്ടൊ അവന്നായിക്കൊണ്ട ദൈവ ത്തൊട പ്രാത്ഥിപ്പാൻ അന്നമാത്രമൊ തുടങ്ങീട്ടുള്ള അതല്ല ഈ കല്പിച്ചത് ഒ ന്നും അല്പം പൊലും ഞാൻ അറിഞ്ഞിട്ടില്ല. എന്ന പറഞ്ഞാറെയും അല്ലയൊ അഹി മെലക്കെ നീയും നിൻ കുഡുംബവും മരിക്കെ ഉള്ള എന്ന കല്പിച്ച ആചാര്യന്മാ രെ കൊല്ലുവാൻ അകമ്പടിക്കാരെ നിയൊഗിച്ച. അവർക്ക മനസ്സില്ലാതെ ഇരുന്ന തിന്റെ ശെഷം ദൊവഗെ കല്പിച്ച. അവൻ എദൊമ്യനാകകൊണ്ട ശങ്കിയാതെ ഉടനെ 85 ആചാര്യന്മാരെ കൊന്ന അവരുടെ പട്ടണത്തിലെ ശിശ്രൂക്കളെയും സ്ത്രീപുരുഷന്മാരെയും കന്നുകാലികളെയും സമസ്തം മുടിച്ച കളകയും ചെയ്ത. അന്ന അഹിമെലക്ക പുത്രരിൽ അബ്യതാർ എന്ന ഒരുത്തൻ മണ്ടിപ്പൊയി ദാവിദിന്റെ സന്നിധിയിൽ എത്തി ഈ വത്തമാനം അറിയിച്ചപ്പൊഴ എദൊമ്യനെ കണ്ടന്നത തന്നെ അവൻ രാജാവെ അറിയിക്കും എന്ന ഞാൻ ഊഹിച്ച നിൻ കുഡുംബനാശ ത്തിന്ന ഞാൻ കാരണമായ്വന്ന കഷ്ടം. നീഭയം എന്നിയെ എന്നൊടുകൂടെ പാർക്ക എന്നെ കൊന്നാലെ നിന്നെയും കൊല്ലും എന്ന ദാവിദ പറഞ്ഞു സുഖെന പാർപ്പിക്കയും ചെയ്ത.

ദാവിദിന്റെ പ്രാത്ഥന (സങ്കീ. 52) ഹാ ധീര നീ ചെയ്ത ദൊഷത്തിൽ എന്തിന്ന അഹങ്കരിക്കുന്ന ദൈവത്തിന്റെ കരുണ നിത്യം ഉള്ളതു താന്നം. നി ന്റെ നാവു നാശങ്ങളെ വിചാരിക്കുന്ന ഗ്രണത്തെക്കാഴ ദൊഷവും സത്യത്തെ ക്കാഴ വ്യാജവും നിണക്ക ഇഷ്ടം. ദൈവം നിന്നെ മൂലച്ചെദം വരുത്തുന്നതി നെ നീതിമാന്മാർ കണ്ട ശങ്കിച്ച അതാ യഹൊവയിൽ അല്ല ധനസമൃദ്ധിയിൽ ആശ്രയിച്ച ദൊഷത്തിന്ന വളരെ പ്രാപ്തനായ പുരുഷൻ ഇവൻ എന്ന പരിഹസി ക്കും. ഞാനൊ ദൈവഭവനത്തിൽ കൊഴുത്ത ഒലീവമരം പൊലെ ഇരിക്കുന്ന. നീ അതിനെ ചെയ്കകൊണ്ട ഞാൻ നിന്നെ നിത്യം സ്തുതിച്ച നിന്റെ സാധുക്കഴം ക്ക് ഉത്തമമായനിന്റെ നാമത്തിന്നായി കാത്തിരിക്കും (സങ്കീ. 52)

11. ദാവിദിന്റ കയീളയിൽ സംഭവിച്ചത

അപ്പൊം ദാവിദ ഫലിഷ്ടർ കയീളയിൽ ആക്രമിച്ചു കവർച്ച ചെയ്യുന്ന എന്റ കെട്ടാറെ അബ്യതാർ കൊണ്ടുവന്ന എഫൊദ മൂലമായി യഹൊവയൊട്ട ചൊദിച്ചു. അതിന്റ നീ പൊയി ഫലിഷ്ടരെ ജയിച്ചു കയീളയെ രക്ഷിക്ക എന്ന കല്പന ഉണ്ടായപ്പൊം ഭീരുക്കളുടെ ഉപദെശത്തെ കെളാതെ തല്ക്ഷണം പുറപ്പെട്ട ഫലിഷ്ടരൊട്ട പൊരുത്ത ജയിച്ചു കവർച്ചയെ വിട്ടുവിച്ചു പട്ടണക്കാരെ ഉദ്ധരിച്ചു പാക്കയും ചെയ്തു. ശൌൽ ആയത് അറിഞ്ഞാറെ പട്ടണത്തിൽ പ്രവെശിച്ചിരിക്കെകൊണ്ടു സാധിക്കും എന്റ വിചാരിച്ചു സന്തൊഷിച്ചു പട്ടാളത്തൊട്ടും കൂടി വളയുവാൻ വട്ടം കൂട്ടി. ദാവിദും അബ്യതാരെ വരുത്തി എഫൊദെ ധരിപ്പിച്ചു ഇസ്രയെൽ ദൈവമായ യഹൊവെ ശൌൽവരും എന്റ കെട്ടപ്രകാരം സംഭവിക്കുമൊ അടിയനൊട്ട ഇതിനെ അറിയിക്കെണമെ എന്നിങ്ങിനെ അപെക്ഷിച്ചപ്പൊം. അവൻ വരും എന്റ യഹൊവ കല്പിച്ചു. കയീളക്കാർ എന്നെ ശൌലിന്റ എല്പിക്കുമൊ എന്റ ചൊദിച്ചാറെ എല്പിക്കും എന്നും കല്പിച്ച ഉടനെ ദാവിദ 600 മനുഷ്യരൊട്ട കൂട പുറപ്പെട്ട കഴിയുംപ്രകാരം ഒടിപ്പൊയി സീഫവനത്തിൽ ചെന്റ ഒളിക്കയും ചെയ്തു.

യഹൊവെ നിന്നിൽ ഞാൻ ആശ്രയിക്കുന്ന ഞാൻ എന്നും നാണിച്ചുപൊകുതെ നിന്റെ നീതിയിൽ എന്നെ വിടുവിക്കെണമെ. എനിക്ക് നീ പാറയും കൊട്ടയും ആകുന്ന നിന്റെ നാമം നിമിത്തം എന്നെ നടത്തി അവർ വെച്ച വലയിൽനിന്റ നീക്കെണമെ. നിന്റെ കൈയിൽ ഞാൻ എന്റെ ആത്മാവിനെ എല്പിക്കുന്ന വിശ്വസ്ത ദൈവമായ യഹൊവെ നീ വീണ്ടെടുത്തുവല്ലൊ. ശത്രുവിന്റെ കൈയ്യിൽ നീ എന്നെ അടെച്ചില്ല എൻ കാലുകളെ വിസ്താരസ്ഥലത്തിൽ നില്പാറാക്കി. ഞാൻ എന്റെ സകല ശത്രുക്കളിൽനിന്നും ഇടവലക്കാരിലും അതിനികൃതനും പരിചയമുള്ളവക്ക ഭയങ്കരനും ആയ്തീന്റ. തെരുവിൽ എന്നെ കാണുന്നവർ ഒടിപൊകുന്ന ചത്തവൻ എന്നപൊലെ ഞാൻ ഹൃദയങ്ങളിൽ മറന്നുകിടക്കുന്ന ഉടഞ്ഞ പാത്രം പൊലെയും ചമഞ്ഞു. എന്റെ ജീവനെ എടുപ്പാൻ അവർ ഒക്കത്തക്ക കൌശലം വിചാരിച്ചപ്പൊം ഞാൻ പലരുടെ കുരളയെയും കെട്ട സർവ്വത്ര ഭയവും ഉണ്ടായി എന്നാൽ ഞാൻ നിന്നിൽ ആശ്രയിച്ചു നീ എന്റെ ദൈവം എന്റ നിശ്ചയിച്ചു എന്റെ ഭാവികം നിൻകൈയിൽ ഇരിക്കുന്ന കള്ളഅധരങ്ങളെ മിണ്ടാതെ ആക്കെണമെ. നിൻഭക്തന്മാക്ക്വെണ്ടി സ്വരുപിച്ച നിധി എത്ര വലിയത് അല്ലയൊ സകല സാധുക്കളെ വിശ്വസ്തന്മാരെ കാത്തുരക്ഷിക്കുന്ന യഹൊവയെ സ്നെഹിച്ചു ധൈര്യം പൂണ്ടിരിപ്പിൻ. (സങ്കീ.30)

12. ദാവിദ സീഫിൽ പാത്തത

അനന്തരം ആ കാട്ടിൽ തന്നെ പാത്തുവരുമ്പൊം യൊനതാൻ വന്റ ദാവിദിനെ കണ്ടു ദൈവത്തിങ്കൽ അവനെ ഉറപ്പിച്ചു നീ ഭയപ്പെടെണ്ടാ അച്ഛൻ നിന്നെ പിടിക്ക ഇല്ല നീ ഇസ്രയെൽ രാജാവാകും അപ്പൊം ഞാൻ രണ്ടാമനായിരിക്കെണമെ ഇതൊക്കയും ശൌലും കൂടെ അറിഞ്ഞിരിക്കുന്ന. എന്നും മറും അവർ ഇരിവരും പറഞ്ഞു ദൈവമുഖെന കരാർ ഉറപ്പിച്ചു പിരികയും ചെയ്തു.

അപ്പൊം നാട്ടുകാർ രാജാവൊട്ട ദാവിദ പാർക്കുന്ന സ്ഥലം അറിയിച്ചു ഞങ്ങം പിടിച്ചു തരാം എന്നും പറഞ്ഞാറെ രാജാവ് നിങ്ങം അത്രെ എനിക്കദയ കാണിക്കുന്നവർ അതിനാൽ ദൈവാനുഗ്രഹം ഉണ്ടാകട്ടെ എങ്കിലും അവൻ എറവും കൌശലക്കാരൻ എന്റ കെംക്കകൊണ്ടു ഇരിക്കുന്ന സ്ഥലത്തെയും കണ്ടവരുടെ നാമത്തെയും ഒളിപ്പിടങ്ങളെയും സൂക്ഷ്മമായറിഞ്ഞുവരുവിൻ എന്നാൽ ഞാനും വന്റ എല്ലൊടവും തിരഞ്ഞു പിടിക്കാം എന്നുകല്പിച്ചയച്ചു. അപ്രകാരം അവർ ചെയ്തപ്പൊം ശൌലും തക്കത്തിൽ ചെന്റ ദാവിദിനെ വളയെണ്ടതിന്നായടുത്തനെരം ദൈവവശാൽ ഒരു ദൂതൻ ഒടി വന്റ ഫലിഷ്ടർ

ആക്രമിച്ചിരിക്കുന്നു എന്നറിയിച്ചതിനാൽ ശൌൽ ദാവിദെ വിട്ടു ഫലിഷ്ടരുടെ നെരെ പൊകയും ചെയ്തു. അന്നു ദാവിദിൻ പ്രാർത്ഥന (സങ്കീ. 54). ദൈവമെ നിൻനാമത്താൽ എന്നെ ഉദ്ധരിച്ചു നിൻെറ ശക്തിയാൽ എനിക്കന്യായംനടത്തെണമെ. മ്ളെച്ചന്മാർ എൻെറ നെരെ എഴുനീറു ക്രൂരന്മാർ എൻെറ ആത്മാവെ അന്വെഷിക്കുന്നു ദൈവം അവരുടെ മുമ്പാകെ ഇല്ല ഇതാ ദൈവം എനിക്ക സഹായി എൻെറ ആത്മാവെ താങ്ങുന്നവരിൽ കത്താവ് ക്കുടുന്നു യഹൊവെ നിൻെറ നാമം നല്ലത് എന്നും ഞാൻ സ്തുതിക്കും.

അക്കാലം പലിശയും കുന്തവും ധരിച്ചു നടക്കുന്ന യൊദ്ധാക്കന്മാർ ഗാദിൽ നിന്നു വന്നു എത്തി സിംഹങ്ങം എന്ന പൊലെ ദാവിദിൻ പക്ഷമായി പൊരുതു തുടങ്ങി. യഹൂദ ബിന്യമിൻ ഗൊത്രക്കാർ ചിലരും ദാവിദിനൊടു ചെരുവാൻ വന്നു. അതിന്നായി ദാവിദവാടിയിൽ നിന്നു പുറത്തു വന്നു നിങ്ങം തുണെക്കായി വന്നു എങ്കിൽ എൻെറ ഹൃദയം നിങ്ങളൊടു ചെരും അല്ല ചതിപ്പാൻ വന്നിരിക്കുന്നു എങ്കിൽ പിതാക്കന്മാരുടെ ദൈവം നൊക്കി ശാസിക്കട്ടെ എന്നു പറഞ്ഞു. തലവനായ അമാസ ദൈവാത്മാവ് ഉറഞ്ഞു ദാവിദെ ഞങ്ങം നിണക്കുള്ളവർ ഇശയ്പുത്രു നിൻെറ പക്ഷക്കാർ. സമാധാനത്തൊടെ വാഴുക നിൻെറ സഹായികൂംക്ക സമാധാനംനിൻെറ ദൈവം നിണക്ക സഹായം എന്നു പറഞ്ഞതു കെട്ടാറെ ദാവിദ അവരെ വിശ്വസിച്ചു കൈക്കൊണ്ടു സമ്മാനിക്കയും ചെയ്തു.

13. ദാവിദ എംഗദിഗ്രഹയിൽ വെച്ചുചെയ്തുതു

ശൌൽ ഫലിഷ്ടരെ നീക്കി മടങ്ങി വന്നപ്പൊം ദാവിദ എംഗദി കാട്ടിൽ വാങ്ങി പാർക്കുന്നു എന്നു കെട്ടു മൂവ്വായിരം ചെകവരെ ചെത്തുകൊണ്ടു കാട്ടാടുകം വസിക്കുന്ന പാറകളിൽ അന്വെഷിച്ചു തുടങ്ങി. അന്നുവഴിക്കരികെ ഒരു ഗ്രഹയെ കണ്ടുചെന്നു കാൽമടക്കത്തിന്നായി പ്രവെശിച്ചു ദാവിദും പുരുഷാരവും ഗ്രഹയിൽ ഒളിച്ചിരിക്കുന്നത അറിഞ്ഞതുമില്ല. അപ്പൊം ദാവിദിൻെറ ജനങ്ങം അവനൊടു യഹൊവ ശത്രുവെ നിൻകൈയിൽ എല്പിക്കുന്ന ദിവസം വന്നു എന്നു മന്ത്രിച്ചാറെ ദാവിദ എഴുനീറു പതുക്കെ ചെന്നു രാജവസ്ത്രത്തിൻെറ ഞെത്താമുറിച്ചെടുത്തു മടങ്ങി സ്വജനങ്ങളൊടു ചെന്നപ്പൊം ഹൃദയത്തിന്നു മുറി എറു എന്നറിഞ്ഞു അവരൊടു ഇവൻ യഹൊവയാൽ അഭിഷിക്തനാകകൊണ്ടു യജമാനനെ തൊടെണ്ടതിന്നു യഹൊവ ഒരു നാളും എന്നെ സമ്മതിക്കരുതെ എന്നു പറഞ്ഞു. ഭൃത്യന്മാരെ അമർത്തി വെച്ചു. ശൌൽ യാത്രയായപ്പൊം ദാവിദും പുറപ്പെട്ടു എൻെറ യജമാന എന്നു വിളിച്ചു. രാജാവ് പിറകിൽ നൊക്കിയപ്പൊം ദാവിദ തൊഴുതു നമസ്കരിച്ചു. അല്ലയൊ രാജാവെ ദാവിദ് നിണക്കു ദൊഷം വിചാരിക്കുന്നു എന്നു ലൊകവാക്കുകളെ നീ കെംക്കുന്നത് എന്തു യഹൊവ ഇന്നു നിന്നെ ഗ്രഹയിൽവെച്ചു എൻെറ കൈയിൽ എല്പിച്ചു പ്രകാരം കണ്ടു കൊംക നിന്നെ കൊല്ലെണം എന്നു ചിലർ പറക ഉണ്ടായെങ്കിലും യഹൊവാഭിഷിക്തനെ ഞാൻ തൊടുകയില്ല എന്നു വെച്ചു കനിഞ്ഞുവിട്ടു. ഇതാ പിതാവെ രാജവസ്ത്രത്തിൻെറ തൊങ്ങൽ എൻെറ കൈക്കൽ ഉണ്ടല്ലൊ നിന്നെ കൊല്ലാതെ ഇതു മുറിച്ചെടുത്തതിനാൽ ഞാൻ ദ്രൊഹി അല്ല എന്നു നിശ്ചയിച്ചറിക നീയൊ എന്നെതെടി നായാടുന്നു ദുഷ്ടരിൽനിന്നു ദുഷ്ടത അത്രെ ജനിക്കുന്നു എന്ന ഒരു പഴഞ്ചൊൽ ഉണ്ടല്ലൊ. ഇരുവിന്നുാരം തീർക്കുന്നവൻ യഹൊവ അത്രെ എൻെറ കൈ വിരൊധമായ്വരിക ഇല്ല ഇസ്രയെൽ രാജാവെ നീ ആരെ അന്വെഷിക്കുന്നു. ചത്ത നായെയൊ ഒരു ചെള്ളിനെയൊ. യഹൊവ എൻെറ വ്യവഹാരം നൊക്കി വിധിച്ചു എന്നെ രക്ഷിക്കും. ഇപ്രകാരം പറഞ്ഞുതീർന്നശെഷം ദാവിദ എൻെറ പുത്രു ഇതു നിൻെറ ശബ്ദം അല്ലയൊ എന്നു ശൌൽ പറഞ്ഞു. ഉച്ചത്തിൽ കരഞ്ഞു ഞാൻ ചെയ്ത ദൊഷത്തിന്നു പ്രതിയായി നന്മ ചെയ്തതിനാൽ നീ എന്നിൽ അധികം നീതിമാനാകുന്നു. ഒരുത്തൻ ശത്രുവിനെ കിട്ടിയാൽ വിട്ടയക്കുമൊ നീ ഇന്നു എനിക്ക ചെയ്തതിന്നു യഹൊവ നിണക്ക നന്മ

ചെയ്യട്ടെ നീ രാജാവാകും നിശ്ചയം ഇസ്രയെൽ രാജ്യം നിൻ കൈയിൽ സ്ഥിരമായ്വരും എന്നു ഞാൻ അറിയുന്നു. അതുകൊണ്ടു നീ എന്റെ സന്തതിയെ മുടിച്ചുകളകയില്ല എന്നു യഹൊവയെപിടിച്ചു എന്നൊടു സത്യം ചെയ്യെണം എന്നു ചൊല്ലിയപ്പൊൾ ദാവിദ അപ്രകാരം സത്യംചെയ്തു ഇരിവരും പിരിഞ്ഞു പൊകയും ചെയ്തു.

എന്നാറെയും മുഖസ്തുതിക്കാരും കുരളക്കാരും അനെകർ ശൌലെ പിന്നെയും വശീകരിച്ചു ദാവിദിൽ വൈരം ഭാവിപ്പാറാക്കി. അവരിൽ ഒരു ബിന്യമിനനായ കൂഷ പ്രത്യെകം ദാവിദ വിഴുവാന്തക്ക കുഴിയെ കുഴിച്ചു മുമ്പത്തെ ചങ്ങാതികളും അവന്റെ നാശം കാണ്മാൻ ആഗ്രഹിച്ചു ഒരൊരൊ കപടത്താൽ സമാധാനത്തെ ഇല്ലാതാക്കി നടന്നു. ഇവർ എല്ലാവരുടെ നെരെയും യഹൊവതനിക്ക വാളും പലിശയും ആകെണ്ടതിന്നു ദാവിദ പ്രാത്ഥിച്ചു തന്നെ ഹെതുകൂടാതെ ഞെരുക്കിയ രാജാവെ താൻ വിടുവിച്ചതുമൂലം ആശ്വസിച്ചു ബലപ്പെട്ടു ഈ വ്യവഹാരം മുഴുവനും യഹൊവയിൽ സമർപ്പിക്കയും ചെയ്തു. (സങ്കീ. 7.35)

ശൌൽ ദാവിദെ വളഞ്ഞിരുന്നപ്പൊഴും ആപത്തു ഏറെറം സമീപിച്ചപ്പൊഴും ദൈവത്തിലെ ആശ്രയം കൈവിട്ടിട്ടില്ല എന്നു 77. 17. ഈ രണ്ടു സങ്കീർത്തനങ്ങളാൽ തെളിയുന്നു. സിംഹങ്ങളുടെ നടുവിൽനിന്നു അവൻ മെലൊട്ടു വിളിക്കുന്നു ദൈവം കരുണാസത്യങ്ങളെ ഇറക്കുകയും ചെയ്യുന്നു. ശൌൽ തുടങ്ങിയുള്ളവർ ഐഹികന്മാരത്രെ അതുകൊണ്ടു വെഗം കഴിഞ്ഞുപൊകും ഞാനൊ രീതിയാൽ നിന്റെ മുഖത്തെ നൊക്കും എന്നുള്ള ആശ തനിക്ക നിശ്ചയമാകയും ചെയ്തു.

14. അബിഗയിലിന്റെ ബുദ്ധിവിശെഷം

അക്കാലത്തിൽ ശമുവെൽ മരിച്ചു ഇസ്രയെലർ എല്ലാവരും രാമയിൽ കൂടി അവനെ കുറിച്ചു കരഞ്ഞു ശവം അടക്കുകയും ചെയ്തു. ദാവിദ മാത്രം തെക്കെ അതിരൊളം വാങ്ങി പൊക്കി പാരാൻ വനത്തിൽ പാത്തു അവിടെകുമെയുവാൻ അയച്ചിട്ടുള്ള യഹൂദരുടെ ആട്ടിങ്കൂട്ടങ്ങൾക്ക ശത്രുഭയം കൂടാതെ അടക്കി വസിച്ചു. ഒരു ദിവസം കലെബ കുഡുംബത്തിൽ നാബാൽ എന്നൊരു ധനാഡ്യനു ആടുകളുടെ രൊമം കത്രിക്കുന്ന പെരുനാൾ ഉണ്ടായിരുന്നു. ദാവിദ അതിനെ അറിഞ്ഞാറെ 10 ബാല്യക്കാരെ നിയൊഗിച്ചു നിങ്ങൾ കുശലവാക്കുകളെ പറഞ്ഞു അവന്റെ ഇടയന്മാരൊടു ഞങ്ങൾ നടന്നപ്രകാരം ഒൎമ്മ വരുത്തി ഈ ശുഭദിവസത്തിങ്കൽ വല്ലതും തരെണം എന്നു അപെക്ഷിച്ചു കൊണ്ടുവരെണം എന്നുപറഞ്ഞയച്ചു. ആയവർ വന്നു കല്പനപ്രകാരം അറിയിച്ചപ്പൊൾ ആ ദുഷ്ടൻ കൊപിച്ചു ദാവിദാർ ഇശയിപുത്രൻ എന്നു ആർ സ്വാമി ദ്രൊഹം ചെയ്തു ഒടിപൊകുന്ന ഭൃത്യന്മാർ ഇപ്പൊൾ പലരും ഉണ്ടു കത്രിക്കുന്നവർക്കവെണ്ടി ഞാൻ ഒരുക്കിവെച്ചിട്ടുള്ള മാംസവും അപ്പവും മറും ഞാൻ അറിയാത്ത ആളുകൾക്ക കൊടുക്കുമൊ എന്നു പറഞ്ഞു വിട്ടയച്ചു. അവർ വൎത്തമാനം അറിയിച്ചപ്പൊൾ ദാവിദ എല്ലാവരും വാൾകെട്ടെണം എന്നു കല്പിച്ചു ഇരുനൂറു ആളെ അവിടെ പാർപ്പിച്ചശെഷം നാനൂറപെരൊടു കൂട പുറപ്പെട്ടു കരെറിചെന്നു. അതിന്നുമുമ്പെ നാബാലിന്റെ പണിക്കാരൻ യജമാനത്തിയായ അബിഗയിലിനെ കണ്ടു പറഞ്ഞു രാപ്പകൽ ഞങ്ങൾക്ക മതിലായിരുന്ന ആളുകളെ യജമാനൻ ഇന്നിന്ന പ്രകാരം അപമാനിച്ചയച്ചു. അതിനാൽ അവനും കുഡുംബത്തിന്നും നാശംവരും നിശ്ചയം അവൻ ബല്യാൽപുത്രനാകകൊണ്ടു അവനെ ഒന്നും അറിയിപ്പാൻ കഴികയില്ല നീ ചെയ്യെണ്ടതു ഉടനെ വിചാരിച്ചു ചെയ്തുകൊൾക എന്നു കെട്ട ഉടനെ അബിഗയിൽ അഞ്ചു വറുത്ത ആടുകളെയും രണ്ടു തൊൽ തുരുത്തി വീഞ്ഞിനെയും വളരെ അപ്പങ്ങളെയും ഉണക്കിയ അത്തി മുന്തിരിപ്പഴങ്ങളെയും എടുത്തു കഴുതപ്പുറത്തു കറെറി ഭൎത്താവിനെ അറിയിക്കാതെ ഭൃത്യന്മാരെ പക്കൽ കൊടുത്തയച്ചു താനും വഴിയെ ചെന്നു പുരത്തിൽനിന്നിറങ്ങുമ്പൊൾ ദാവിദിനെ സൈ

ന്യത്തൊടുകൂട കണ്ട കഴതപ്പുറത്തു നിന്നിറങ്ങി എതിരെറു ഒതാഴത്തു സ്വാമി എ
ന്റെ മെൽ ഈ ദൊഷം ഇരിക്കട്ടെ ദാസീവാക്കുകളെ പൊറുത്തുകൊൾക്കണമെ
ഈ ബല്യാൽപുത്രനായ നാബാലിനെ കരുതരുതെ അവന്റെ നാമാൎത്ഥം മൂഡൻ
എന്നല്ലയൊ സ്വാമി അയച്ച ബാല്യക്കാരെ അടിയെൻ കണ്ടതും ഇല്ല യഹൊ
വയാണ ഇതിനാൽ നീ വിചാരിച്ചദൊഷത്തെ ദൈവം മുടക്കി ഇരിക്കുന്ന എന്ന
റിക നിന്റെ ശത്രുക്കൾ ഈ നാബാലെന്നപൊലെ ഭവിക്കട്ടെ ഈ കൊണ്ട വന്ന
കാഴ്ചകൾ ബാല്യക്കാർക്ക കൊടുക്കണമെ നീ ഇത്രൊളം ദൊഷം ചെയ്യാതെ
യഹൊവയുടെ യുദ്ധങ്ങളെ നടത്തുകകൊണ്ട അവൻ നിണക്ക് നിത്യരാജത്വം
കല്പിക്കും നിന്നെ തിരഞ്ഞുനൊക്കുന്നവർ ഉണ്ടെങ്കിലും നിന്റെ ആത്മാവ്
യഹൊവെക്കുള്ള ജീവന്റെ കെട്ടിൽ സൂക്ഷിച്ചിരിക്കും ശത്രുക്കളുടെ ആത്മാക്ക
ളെയൊ അവൻ കവിണയിൽ ആക്കിയപ്രകാരം എറിഞ്ഞു കളയും. ഇപ്രകാരം
എല്ലാം സാധിച്ച ഇസ്രയെൽ നായകനായി ചമയുമ്പൊൾ നീ എന്നെ ഒൎക്കും
നിണക്കായി കൊണ്ട പ്രതികാരം ചെയ്വാനും വെറുതെ രക്തം ചൊരിയി
പ്പാനും ഇടവരാത്തതിനാൽ സന്തൊഷിക്കയും ചെയ്യും. എന്ന കെട്ടാറെ ദാവിദ
അബിഗയിലിനൊട് ഇസ്രയെൽ ദൈവമായ യഹൊവെക്ക സ്തൊത്രം ഭവിക്ക
ട്ടെ എന്നെ രക്തപ്പഴിയിൽനിന്ന മുടക്കി നിന്റെ ബുദ്ധിക്കും അനുഗ്രഹം ഉണ്ടാക
ട്ടെ നിന്നെ കണ്ടില്ല എങ്കിൽ രാവിലെ നാബാലിൽ ഒരാണും ശെഷിക്ക ഇല്ല
യായിരുന്ന നിശ്ചയം എന്ന പറഞ്ഞു കാഴ്ചകളെ വാങ്ങി നീ സമാധാനത്തൊ
ടെ പൊക നിന്റെ വചനം നിമിത്തം ഞാൻ അടങ്ങി എന്ന ചൊല്ലിപൊകയും
ചെയ്തു. അന്ന അബിഗയിൽ മടങ്ങിവന്നപ്പൊൾ ഭൎത്താവ് രാജവിരുന്നുപൊലെ
സദ്യ കഴിച്ച നന്ന കുടിച്ചിരിക്ക കൊണ്ട അവൾ വെളിച്ചംവരെ ഒന്നും മിണ്ടാ
തെ ഇരുന്ന രാവിലെ ബൊധം വന്നശെഷം ഈ വസ്തുത അറിയിച്ചാറെ അവന്റെ
ഹൃദയം സ്തംഭിച്ചുപൊയി പത്താംദിവസം മരിക്കയും ചെയ്തു. ആയത്തു കെട്ടാ
റെ ദാവിദ പറഞ്ഞു. യഹൊവയെ അടിയൻ ദൊഷം ചെയ്യാതെ കണ്ട നീ ശി
ക്ഷിച്ചിരിക്കകൊണ്ട നിന്നെ വാഴ്ത്തുന്നു. പിന്നെ ശൌൽ സ്വപുത്രിയെ
മറൊരുത്തന്ന കൊടുത്തിരിക്കകൊണ്ട ദാവിദ സുന്ദരിയായ വിധവയെ വിവാ
ഹം കഴിച്ച ആശ്വസിക്കയും ചെയ്തു.

ഇങ്ങിനെ പാരാൻ വനത്തിൽ സൂഖെനപാർക്കുമ്പൊൾ സൃഷ്ടികൎത്താവും
ധൎമ്മപിതാവും ആയ യഹൊവയെ സ്തുതിച്ചതിപ്രകാരം (സങ്കീ. 19) വാനങ്ങൾ
ദൈവതെജസ്സെ കഥിക്കുന്ന ആകാശത്തട്ട അവന്റെ കൈക്രിയയെ അറിയിക്കു
ന്നു. പകൽ പകലൊട്ട രാത്രി രാത്രിയൊട്ടും സകല ഭാഷക്കാൎക്കും ബൊധിക്കുന്ന
ജ്ഞാനവാക്കുകളെ പൊഴിക്കുന്നു. സൂൎയ്യൻ മണവാളനെപൊലെ പുറപ്പെട്ട
വീരനെ പൊലെ തന്റെ സഞ്ചാരത്തിന്നുത്സാഹിച്ച മടിയാതെ ചുറുന്ന അതി
ന്റെ ഉഷ്ണത്തിൽ നിന്ന മറവായിരിക്കുന്നത് ഒന്നും ഇല്ല. അപ്രകാരം അടിയനെ
പ്രകാശിപ്പിക്കുന്നതു യഹൊവയുടെ ധൎമ്മവ്യവസ്ഥയും സാക്ഷി സത്യവും തന്നെ
തെറ്റുകളെ തിരിച്ചറിയുന്നവൻ ആർ എനിക്ക മറവായുള്ളവറ്റിൽ നിന്ന എന്നെ
വെടിപ്പാക്കെണമെ. ഗൎവ്വിഷ്ടരിൽ നിന്ന അടിയനെ കാത്തു കുറമില്ലാത്തവനാ
ക്കി രക്ഷിക്കെണമെ. എൻ പാറയും വീണ്ടെടുപ്പുകാരനുമായ യഹൊവെ എൻ
വായുടെ ചൊല്ലും ഹൃദയധ്യാനവും നിങ്ങൾക്കു പ്രസാദത്തിന്നാകെണമെ.

15. ദാവിദ ശൌലിന്റെ കുന്തത്തെയും മുരുടയെയും എടുക്കുന്നത്

അനന്തരം സിഫ്യർ ശൌലിനെ അറിയിക്കകൊണ്ട അവൻ പിന്നെയും
പട്ടാളത്തൊടു കൂട പുറപ്പെട്ട ദാവിദ പാർക്കുന്ന വനത്തിന്ന എതിരെ ചെന്ന അ
ന്നുള്ള യുദ്ധത്തിൽ ദാവിദ വളരെ ക്ലെശിച്ച 141 സങ്കീ. പാടി. അവന്റെ ആള
കൾ ചിലർ പട്ടുപൊയി ഉഴന്നവർ മണ്ണെ കീറുന്നത് പൊലെ അവരുടെ അസ്ഥി
കൾ ഛിന്നഭിന്നമായി കിടന്നു. ശെഷിച്ചവർ പ്രതിക്രിയ ചെയ്വാൻ അവനെ
ഉത്സാഹിപ്പിച്ചു. എങ്കിലും താൻ സാഹസം ഒന്നും ചെയ്യാതെ ഇരിക്കെണ്ടതിന്ന

ദൈവം നടത്തി കൊള്ളെണം എന്നും ശൌൽ നീതി വിചാരിച്ച എങ്കിൽ ത
ന്നെത്താൻ വിസ്താരത്തിന്നും ശിക്ഷെക്കും എല്പിക്കയായിരുന്ന ന്യായമുള്ള ശി
ക്ഷയെഒരഭിഷെകം പൊലെ മാനിക്കയായിരുന്ന എന്നും താൻ രാജാവെ ആ
പാറമെൽ കൊല്ലാതെ വിട്ട മധുരവാക്കു പറഞ്ഞതെല്ലാം വ്യർത്ഥമാകകൊണ്ടത്രെ
അവരുടെ ദുഷ്ടതെക്ക് യഹൊവ പ്രതിക്രീയ ചെയ്യ തന്നെ രക്ഷിക്കെണം എന്നും
പ്രാർത്ഥിച്ചുകൊണ്ടിരുന്ന. (സങ്കീ. 141).

അന്ന രാത്രിയിൽ ശൌൽ കൂടാരം അടിച്ച തെരുകളെ നിറുത്തി അണി
യിട്ട നടുവിൽ പാർത്തുറങ്ങുമ്പൊൾ ദാവിദ പാളയത്തിൽ ഇറങ്ങി പൊകെണ്ട
തിന്ന അടുക്കയുള്ളവരൊട്ട ചൊദിച്ചപ്പൊൾ മരുമകനായ അബിശയി കൂടെ
പൊരുവാൻ തുനിഞ്ഞു. ഇരുവരും പാളയത്തിൽ എത്തിയപ്പൊൾ യഹൊവ ഘ
നനിദ്ര പിടിപ്പിക്കകൊണ്ട ആരും ഗ്രഹിയാതെ ശൌലും പടനായകനായ അ
ബ്നെരും കിടന്നുറങ്ങുന്ന സ്ഥലത്തു വന്ന രാജകുന്തം തലെക്കൽ നിലത്തു തറപ്പി
ച്ചിരിക്കുന്നത് കണ്ടാറെ അബിശയി ഞാൻ ഇതുകൊണ്ട ഇവനെ നിലത്തൊട്ട
ചെത്തു കുത്തട്ടെ രണ്ടാമത് കുത്തെണ്ടിവരികയില്ലഎന്ന പറഞ്ഞപ്പൊൾ വെണ്ടാ
യഹൊവയാണ ദൈവം അവന്ന അന്തകാലത്തെ വരുത്തുകയല്ലാതെ നാം അഭി
ഷിക്തനെ തൊടരുത് എന്ന കല്പിച്ച കുന്തവും മുരടയും മാത്രം എടുപ്പിച്ച പൊ
രുകയും ചെയ്ത. നെരെ ഉള്ള മലമെൽ കരെറിയപ്പൊൾ ദാവിദ് കുവിട്ട പറഞ്ഞു.
ഹെ അബ്നെർ കെൾക്കുന്നില്ലയൊ എന്ന വിളികെട്ടാറെ രാജസന്നിധിയിങ്കൽ
ഇപ്രകാരം കുവിടുന്ന നീ ആർ എന്ന ചൊദിച്ചതിന്ന ദാവിദും പറഞ്ഞു. നീ പു
രുഷനല്ലയൊ ഇസ്രയെലിൽ നിണക്കു സമനാർ നീ യജമാനനെ കാത്തുകൊ
ള്ളാത്തത് എന്ത അത്ര നന്നായില്ല മരണത്തിന്ന പാത്രം രാജാവിനെ മുടിപ്പാൻ
ഒരുത്തൻ അകത്തുവന്നിരുന്ന നൊക്കു രാജ കുന്തവും ജലപാത്രവും എവിടെ. എ
ന്നാറെ ശൌൽ ദാവിദെ പുത്ര ഇത നിന്റെ ശബ്ദം അല്ലയൊ എന്ന ചൊദിച്ചാ
റെ. യജമാന അതെ അടിയനെ തെടി നടക്കുന്നത് എന്തിന്ന ഞാൻ എന്ത ചെ
യ്തുകെട്ടാലും ഒരു കാട്ട കൊഴിയെ എന്ന പൊലെ അന്വെഷിപ്പാൻ യഹൊവ ഉ
ത്സാഹിപ്പിച്ചിരിക്കുന്ന എങ്കിൽ കാഴ്ച വെച്ച പ്രായശ്ചിത്തം വിചാരിക്കാം
അല്ല മനുഷ്യർ ആകുന്ന എങ്കിൽഅവർ എന്നെ യഹൊവാവകാശമായ ജാതിയിൽ
നിന്ന ഭ്രഷ്ടനാക്കി അന്യ ദെവകളിൽ ചെരുവാൻ സംഗതി വരുത്തുകയാൽ
അവക്കു ശാപം ഭവിക്കട്ടെ. എന്നാലും യഹൊവയുടെ മുഖം കാണാതെ എന്റെ
ചൊരചിന്നി പൊകരുത്. എന്ന കെട്ടപ്പൊൾ ശൌൽ ഞാൻ മൂഢനായി മഹാ
പാപം ചെയ്ത പുത്ര തിരികെ വാ ഞാൻ ഇനി നിണക്ക ദൊഷം ചെയ്കയി
ല്ല എന്ന പറഞ്ഞാറെ. ദാവിദ ഇതാ രാജാവിന്റെ കുന്തം ബാല്യക്കാരിൽ ഒരു
ത്തൻ വന്ന കൊണ്ട പൊകട്ടെ യഹൊവ ഒരൊരുത്തനൊട അവനവന്റെ നീതി
വിശ്വാസപ്രകാരം പകരം ചെയ്യട്ടെ ഇന്ന നിന്റെ ആത്മാവിനെ ഞാൻ വില
യെറിയത് എന്ന എണ്ണിയത്ര പൊലെ യഹൊവ എന്റെ ആത്മാവിനെയും വി
ലയെറിയത് എന്ന മതിച്ച സൎവ്വാപത്തുകളിൽനിന്നും ഉദ്ധരിക്കെണമെ എന്ന
ചൊല്ലി ശൌൽ അല്ലയൊ പുത്ര നിണക്കനുഗ്രഹം വരട്ടെ കാൎയ്യസിദ്ധിയും ജയ
ശക്തിയും നിണക്കു ലഭിക്കും എന്ന പറഞ്ഞു അവർ ഇരിവരും പിരിഞ്ഞുപൊ
കയും ചെയ്ത

16. ദാവിദ ഫലിഷ്ടരൊട്ട പ്രവൃത്തിച്ചത്

അതിന്റെ ശെഷവും വൈരികളുടെ വിരൊധം പുതുതായി ആരംഭിച്ച
പ്പൊൾ ദാവിദ തനിക്കു കണികളെ വെക്കുന്ന വിഷനാവുകാരെയും അതിക്രമ
ക്കാരെയും ദൈവം ശിക്ഷിച്ച കഷ്ടാനുഭവം മതിയാക്കെണം എന്ന പ്രാർത്ഥിച്ചു
(സങ്കീ. 140). വല്ലകാലവും ഞാൻ ശൌലിന്റെ കൈയിൽ അകപ്പെട്ട പൊകും
എന്ന ഭയത്താൽ നന്ന ക്ഷീണിച്ചപ്പൊൾ എത്രൊടം എൻ ദൈവമെ നീ എന്നെ മ
റക്കും എത്രൊടം ശത്രു ഉയരും എത്രൊടം ഞാൻ ദിവസന്പ്രതി പുതിയ ഉപായങ്ങ
ളെയും ദുഃഖങ്ങളെയും വിചാരിക്കെണ്ടിവരും മറൊന്ന ജയപ്രശംസവരുതെ

നിന്റെ സഹായം നിമിത്തം ഞാൻ സ്തുതിച്ചു പാട്ടമാറാക എന്നു യാചിക്കയും ചെയ്തു. (സങ്കീ. 13). അനന്തരം ശൌൽ ഇത്ര എന്നെ അന്വേഷിക്കാതെ ഇരിക്കേണ്ടതിന്നു ഇസ്രയെൽ ദെശം കടന്നുപാക്കുന്നത് തന്നെ ഉത്തമം എന്നുവെച്ചു അറുനൂറു ആളുകളൊടും കൂടെ ഗാഥിൽ രാജാവായ അകിശിനെ ചെന്നു കണ്ടു പാർത്തു ശൌൽ അവനെ പിന്നെ അന്വേഷിപ്പാൻ പൊയതും ഇല്ല. രാജ നഗരത്തിൽ പാർക്കേണ്ടതിന്നു ദാവിദിന്നു മനസ്സില്ലായ്കകൊണ്ടു അകിശ് ചിക്കുഗ പട്ടണത്തെ കല്പിച്ചുകൊത്തു. അതിൽ ദാവിദ മുതലായവർ കുഡുംബങ്ങളൊട കൂടെ ഒരു വർഷത്തിൽ അധികം വസിക്കയും ചെയ്തു. അവിടെനിന്നു ദാവിദ നിത്യം പൊരിന്നു പുറപ്പെടും അകിശ് വിചാരിക്കുന്ന പ്രകാരം ഇസ്രയെലരൊടല്ല ദെവശത്രുക്കളായ അമലെക്യരൊട ചെന്നെറു കൊള്ള എടുക്കയും ചെയ്യും. പിന്നെ ഫലിഷ്ടർ ശൌലുമായി യുദ്ധം ഉണ്ടായപ്പൊൾ അകിശ് കൂട പൊരുവാൻ കല്പിച്ചാറെ ദാവിദ ഞാൻ ചെയ്യുന്നതിനെ നീ കാണും എന്നു പറഞ്ഞു രാജാ അവനെ അകമ്പടിക്കാർക്കു തലവനാക്കും എന്നു കല്പിക്കയും ചെയ്തു. അപ്രകാരം പടഎല്ലാം അണിയായി യാത്രയായപ്പൊൾ പ്രഭുക്കന്മാർ രാജാവിന്റെ ചുറ്റിലും എബ്രായരെ കണ്ടപ്പൊൾ അസൂയ തൊന്നി ഇവൻ ഒരു നാളും പൊർക്കളത്തിൽ വെണ്ടാ തന്റെ യജമാനനൊട ഇണങ്ങെണ്ടതിന്നു തിരുമുല്കാഴ്ച വെപ്പാൻ ഈ ദെഹങ്ങളുടെ തലകളെ പൊലെ വെറെ കിട്ടുമൊ എന്നു ക്രുദ്ധിച്ചു പറഞ്ഞാറെ അകിശ് ദാവിദിനെ തന്ന വിശ്വസിച്ചിരിക്കുന്നു എങ്കിലും പിറ്റെ ദിവസം രാവിലെ സമ്മാനവാക്കുകളെ പറഞ്ഞു മടക്കി അയച്ചു താൻ സൈന്യങ്ങളൊടും കൂട വടക്കൊട്ടു പൊകയും ചെയ്തു. അവർ സിക്ലഗിൽ എത്തിയപ്പൊൾ അതാ പട്ടണം മുഴുവനും ചുട്ടു എല്ലാം കവർന്നുകൊണ്ടു പൊയപ്രകാരം കണ്ടു കരഞ്ഞു ജനങ്ങൾ മത്സരിച്ചതിനാൽ ദാവിദ എറ്റവും ക്ലെശിച്ച ദൈവത്തിൽ തന്നെ വിശ്വസിച്ചുറപ്പിച്ച ശത്രുക്കളെ അറിയാതെ ഇരിക്ക കൊണ്ടു അബ്യതാരെ വരുത്തി യഹൊവയൊട ചൊദിച്ചു വെഗം ഒടിയാൽ സാധിക്കും എന്ന ഉത്തരം കെട്ടശെഷം ആലസ്യമുള്ളവരെ നിറുത്തി ശെഷം 400 മനുഷ്യരൊടും കൂടെ തെക്കൊട്ടെക്കു ശത്രുക്കളുടെ വഴിയെ ഒടിചെന്നു മരുഭൂമിയിൽ വെച്ചരൊഗം നിമിത്തം വിട്ടുപൊയ ഒരു ഭൃത്യനെ കണ്ടു ആഹാരവും വെള്ളവും കൊടുത്തു അവനെ ആശ്വസിപ്പിച്ച ശെഷം വർത്തമാനം അന്വെഷിച്ചാറെ ചെയ്തത് അമലെക്യർ എന്നും അവർ ഇരിക്കുന്നത് ഇന്നെടം എന്നും ഗ്രഹിച്ചു അവനെയും കൂട്ടിക്കൊണ്ടു പാഞ്ഞു കവർച്ചക്കാർ ചിതറി കിടന്നു കുടിച്ചും കളിച്ചും ഇരിക്കുന്ന ദെശത്തിങ്കൽ എത്തി പൊർ എറ്റു ജയിച്ചു കവർന്നത് ഒക്കയും എടുത്തു മടങ്ങി പൊരുകയും ചെയ്തു. ആലസ്യപ്പെട്ടു പടെക്കു പൊകാത്തവർക്കു കൊണ്ടുവന്ന മുതലിൽ ഒഹരികൊടുക്കരുത് എന്നു ചിലർ അന്യൊന്യം പറഞ്ഞാറെയും ദാവിദ ആ കൂട്ടക്കും ഒരുപൊലെ വിഭാഗിപ്പാൻ കല്പിച്ചതും അല്ലാതെ തന്റെ ഒഹരിയിൽ നിന്നു ഹെബ്രൊൻ മുതലായ യഹുദപട്ടണങ്ങളിലെ മൂപ്പൻമാർക്കും കൊടുത്തയച്ചു യഹൊവയുടെ ശത്രുക്കളിൽ നിന്നു അപഹരിച്ചതിൽ നിങ്ങൾക്കും ഒരു അനുഗ്രഹം എന്നു സമ്മാനം പറയിച്ചയക്കയും ചെയ്തു.

ചിക്ലഗിൽ പാർത്തു വരുമ്പൊൾ ഇസ്രയെൽ വീരന്മാർ പലരും ചെന്നു വന്നു ബിന്യാമിൻ ഗൊത്രത്തിൽ ജനിച്ച ചില പ്രധാനന്മാരും വില്ലാളികളും ശൌലെ വിട്ടു ചെർന്നു വന്നു ദാവിദ ഫലിഷ്ട പട്ടാളം വിട്ടു മടങ്ങി പൊരുമ്പൊൾ വഴിയിൽ കണ്ട മനശ്ശുപ്രഭുക്കന്മാരും അവന്റെ പക്ഷം തിരിഞ്ഞു ദാവിദിന്റെ പടക്കൂട്ടം ദിനമ്പ്രതി വർദ്ധിപ്പൂതും ചെയ്തു.

ഇപ്രകാരം വിശ്രുത ദെശത്തുനിന്നു ഭ്രഷ്ടനായി എങ്കിലും പ്രത്യാശവർദ്ധിക്കും കാലം ദാവിദ പ്രാർത്ഥിച്ചതു (സങ്കീ. 16) ഞാൻ യഹൊവയൊട പറയുന്നു നീ എന്റെ കർത്താവ് നീ ഒഴികെ എനിക്കു നല്ലത് ഒന്നും ഇല്ല ദെശത്തിലുള്ള വിശ്രുതന്മാർക്കും എന്റെ ഇഷ്ടം അശെഷം ഉള്ള ഉദാരന്മാർക്കും അപ്രകാരം തന്നെ. അന്യ (ദെവ)നെ മെടിക്കുന്നവർക്കു വെദനകൾ എറും അവരുടെ കുരുതി കാഴ്ചകളെ ഞാൻ കഴിക്കാതെയും നാമങ്ങളെ അധരത്തിൽ എടുക്കാതെയും

ഇരിക്ക. എന്റെ ജന്മഭ്രമിയും പാനത്തിന്റെ അംശവും യഹൊവതന്നെ എ ന്റെ (ഒഹരിയുടെ) കുറിയെനീചരതിക്കുന്നു. അളത്തചരടു എനിക്ക ഉത്തമദി ക്കിൽ വീണിരിക്കുന്നു. ഇതു എനിക്കഗ്രാഹ്യമായ അവകാശം തന്നെ. എനി ക്ക മന്ത്രിച്ച യഹൊവയെ ഞാൻ സ്തുതിക്കും രാത്രീ കാലത്തും അന്തരിന്ദ്രീയങ്ങൾ എന്നെ പഠിപ്പിക്കുന്നു—— ഞാൻ യഹൊവയെ നിത്യം എന്റെ മുമ്പിൽ വെച്ചി രിക്കുന്നു അവൻ വലഭാഗത്തിരിക്കയാൽ ഞാൻ ഇളകയില്ല. അതുകൊണ്ടു എ ന്റെ ഹൃദയം സന്തൊഷിക്കുന്നു എൻ തെജസ്സും ആനന്ദിക്കുന്നു ജഡവും നിർഭയ മായി വസിക്കും. എന്റെ ആത്മാവെ നീ പാതാളത്തിന്നു വിടുകയില്ല നിൻഭ ക്തരെ കുഴിയെകാണ്മാൻ എല്പിക്കയും ഇല്ല. ജീവന്റെ വഴിയെ എന്നെ അറി യിക്കുന്നു തിരുസന്നിധിയിൽ ആനന്ദ തൃപ്തിയും നിൻ വലഭാഗത്തെ എന്നും കൌതുകങ്ങളും ഉണ്ടു.

17. ശൌലിന്റെ മരണം

അക്കാലം ഫലിഷ്ടരുടെ മഹാസൈന്യം കിശൊൻ പുഴ ഒഴുകുന്ന സമ ഭ്രമിയിൽ എത്തിശൌലും ഇസ്രയെലരെ കൂട്ടി എതിരെ മലമുകളിൽ തമ്പടിച്ചു പാർക്കുമ്പൊൾ ശത്രുബലം വിചാരിച്ചു ഭയപ്പെട്ടു വിറെച്ചു യഹൊവയൊടു ചൊദിച്ചു എങ്കിലും സ്വപ്നത്തിൽ പൊലും ഉത്തരം അറിയിച്ചതും ഇല്ല. അ പ്പൊൾ നൈരാശ്യം തൊന്നി പണ്ടു ശമുവെലിന്റെ വചനപ്രകാരം വെളിച്ച പ്പാടർ ഒടിക്കാർ മുതലായവരെ നാട്ടിൽനിന്നു നീക്കി ഇരിക്കുന്നു എങ്കിലും ഈ കാര്യം ചൊദിച്ചിരിക്കെണ്ടതിന്നു വെളിച്ചപ്പാടി വെണം എന്നു വിശ്വസ്തന്മാ രൊടു കല്പിച്ചാറെ അവർ ഒരുത്തി ഉണ്ടെന്നറിയിച്ചു. രാജാവ് വെഷം മാറി. പരിവാരകരൊടും കൂടെ രാത്രിയിൽ അവളുടെ വീട്ടിൽ ചെന്നു കണ്ടു പറകയും ചെയ്തു. ആയവൾ രാജകല്പനയെ അറിയുന്നില്ലയൊ എനിക്കു മരണ ശിക്ഷവ രുത്തുവാൻ വലവെക്കുന്നുവൊ എന്നു ചൊദിച്ചാറെ ശൌൽ യഹോവയെപിടി ച്ചു ആണയിട്ടു ഭയം നീക്കിയപ്പൊൾ അവൾ സമ്മതിച്ചു ആരെ കരെററണം എന്നു ചൊദിച്ചു നെരം അവൻ ശമുവെൽ വെണം എന്നു കല്പിച്ചു. അപ്രകാരം അവൾ പ്രവൃത്തിക്കുമ്പൊൾ ശമുവെൽ കരെറുന്നത് കണ്ടു നീ എന്നെ ചതിച്ചത എന്തു നീ ശൌൽ അല്ലൊ എന്നു നിലവിളിച്ചാറെ. രാജാവ് ഭയം വെണ്ടാ നീ കാണുന്നതിനെ അറിയിക്ക എന്നു കല്പിച്ചശെഷം ഭ്രമിയിൽനിന്നു ദിവ്യ രൂപം കരെറുന്നത് ഞാൻ കാണുന്നു എന്നും വെഷവിശെഷവും പറഞ്ഞപ്പൊൾ ശൌൽ അതു ശമുവെൽ എന്നറിഞ്ഞു തൊഴുകയും ചെയ്തു. അനന്തരം ശമുവെൽ നീ എ ന്നെ ഭ്രമിപ്പിച്ചു കരെററുമാറാക്കിയത് എന്തു എന്നും പറഞ്ഞാറെ ഞാൻ പലി ഷ്ടരുമായുള്ള പൊരിൽ വളരെ വലഞ്ഞിരിക്കുന്നു ദൈവം എന്നെ വിട്ടിരി ക്കുന്നു ഉത്തരം ഏതും അറിയിരിക്കുന്നതും ഇല്ല. ഞാൻ ചെയ്യെണ്ടുന്നതു നീ അറി യിക്ക എന്നു കെട്ടപ്പൊൾ ശമുവെൽ ദൈവം നിന്നെ വിട്ടു ശത്രുവായി നില്ക്കു എന്നെ എന്തിന്നു വിളിക്കുന്നു യഹൊവ എന്നെ കൊണ്ടു പറയിച്ച പ്രകാരം നീ അനുസരിയാഞ്ഞുകൊണ്ടു രാജത്വം നിൻ കൈയിൽ നിന്നു എടുത്തു ദാവിദി ന്നു കൊടുത്തിരിക്കുന്നു. ഇസ്രയെൽ പാളയം ഫലിഷ്ടരിലും സമർപ്പിച്ചു നീ യും നിൻ പുത്രന്മാരും നാള എന്നൊടു കൂട ആകും എന്നുകെട്ട ക്ഷണത്തിൽ രാ ജാവ് ഞെട്ടി നിലത്തു വീണു ശക്തി ഇല്ലാതെ കിടന്നു. അവൻ മുമ്പെ ഒരു രാ പ്പകൽ ഭക്ഷിക്കാതെ ഇരുന്നു ഇപ്പൊഴും തിന്നുകയില്ല എന്ന ഭാവം കാണിച്ച പ്പൊൾ ആ സ്ത്രീയും പരിവാരകന്മാരും നിർബന്ധിക്കകൊണ്ടു എഴുനീറു കട്ടി ലിന്മെൽ ഇരുന്നു അവൾ വെച്ചതിനെ തിന്നു പുലരും മുമ്പെ പൊകയും ചെയ്തു.

പകലായപ്പൊൾ ഫലിഷ്ടർ ഗിലൊബൊഹ മലമെൽ പാഞ്ഞു കരെറി പൊരുതു ഇസ്രയെലർ ഒടിചിതറി അവിടവിടെ വീണു മരിച്ചാറെ ശത്രുക്കൾ സഹായം ഇല്ലാത്ത രാജാവിനെ വളഞ്ഞു യൊനതാൻ മുതലായതു പുത്രന്മാരെ യും കൊന്നു ശൌലും എറിയ ശരങ്ങൾ കൊണ്ടു മുറിഞ്ഞു ആയുധധാരിയൊടു

ഇവർ എന്നെ അപമാനിക്കരുത് നീ എന്നെ കൊത്തുക എന്നുപറഞ്ഞു അവൻ മടിച്ചു നിന്ന ശെഷം താന്തന്നെ വാൾമുനമെൽവീണമരിച്ചു ആയുധധാരിയും അപ്രകാരം തന്നെ വീണ ചാകയും ചെയ്തു. അന്നതന്നെ ഇസ്രയെലർ ഒരൊ ജന്മ ദെശങ്ങളെ വിട്ടു വാങ്ങി പൊകയാൽ ഫലിഷ്ടർ വന്നു അവറ്റിൽ കുടി ഇരുന്ന ശൌലിന്റെ ശവം കണ്ടപ്പൊൾ തലയറുത്തു ആയുധങ്ങളെയും എടുത്തു ഫലിഷ്ട രാജ്യത്തിൽ അയച്ചു അമ്പലങ്ങളിലും ഘൊഷിച്ചറിയിച്ചു രാജകപചം അഷ്ടത്ത ദെവികളും തല ദാഗൊൻദെവന്നും ഒപ്പിച്ചും ശൌലിന്റെയും പുത്രന്മാരുടെയും ശവങ്ങളെ അടുത്തപട്ടണമതിലിന്മെൽ പരിഹാസത്തിന്നായി തറെക്കയും ചെയ്തു ആയ്തു യർട്ടൻ അക്കരെയുള്ള യബെശ പട്ടണക്കാർ കെട്ട ഉടനെ പൂർവ്വൊപകാരം വിചാരിച്ചു പ്രാപ്തിയുള്ളവർ ഒക്കയും രാത്രി മുഴുവൻ സഞ്ചരിച്ചുചെന്ന ശവങ്ങളെ ഇറക്കി യബെശിൽ കൊണ്ടുപൊയി ദഹിപ്പിച്ചു അസ്തികളെ കുഴിച്ചിട്ടു 7 ദിവസം തൊഴിച്ചും ദീക്ഷിച്ചും കൊണ്ടിരുന്നു

അന്നു ഒരു അമലെക്യൻ പരാധീനവെഷത്തൊടു കൂട ദാവിദിന്റെ അടുക്കെ വന്നു വന്ദിച്ചു ഗില�് ബൊഹ മലയിൽ യൊനതാൻ മരിച്ച ശെഷം ശൌൽ മുറിയെറു കിടന്നു എന്നെ വിളിച്ചു തലത്തിരിച്ചുൻ പിടിച്ചിട്ടും മരിക്കുന്നില്ല എന്നെ കൊല്ലെണം എന്നു അപെക്ഷിച്ചാറെ ഞാൻ വെട്ടി കൊന്നു അവന്റെ കിരീടവും വളയും ഇതാ യജമാനന്റെ സന്നിധിയിങ്കൽ കൊണ്ടുവന്നിരിക്കുന്നു എന്നു പറഞ്ഞു അപ്പൊൾ ദാവിദും ജനങ്ങളും വസ്ത്രം കീറി വളരെ കരഞ്ഞു ശൌൽ യൊനതാൻ ദെവ ജനം ഇങ്ങിനെ നശിച്ചുവരെ കുറിച്ചു സന്ധിവരെയും വിലപിച്ചുകൊണ്ടിരുന്ന ആ കള്ളൻ ദെവാഭിഷിക്തനായ രാജാവിനെ ശങ്കിയാതെ കൊന്നിരിക്കുന്നു എന്നു പറകകൊണ്ടു ദാവിദ അവനെ കൊല്പിച്ചു.

അന്നു അവന്റെ പാട്ടു ഹാഗിലൂബൊഹ നിന്റെ ശിഖരത്തിൽ ഇസ്രയെലിന്റെ ഉത്തമമാൻ വെട്ടു കൊണ്ടുമരിച്ചു അയ്യൊ വീരന്മാർ എങ്ങിനെ വീണു ഇതു ഗാത്ഥിൽ അറിയിക്കരുത് അഷ്കലൊൻ തെരുക്കളിൽ ഘൊഷിക്കയുമരുത് ഫലിഷ്ട കന്നിമാക്കു സന്തൊഷവും ചെലയില്ലാത്തവരുടെ പുത്രീമാരിൽ ആർപ്പുംവെണമൊ. ഗിലൂബൊഹകുന്നുകളെ നിങ്ങളിൽ മഞ്ഞും മഴയും ഇറങ്ങാതെ ബലിധാന്യം ഉണ്ടാകുന്ന നിലവും അരുതു അവിടെ അല്പൊ വീരന്മാരുടെ പലിശെക്കു വീഴ്ച വന്നതു ശൌലിന്റെ പലിശ അഭിഷെക സാന്നിദ്ധ്യം ഇല്ലാതെ ആയിപ്പൊയി പടയിൽചൊര കുടിച്ചും വീരമെദസ്സുതിന്നും കൊണ്ടിരിക്കുന്നയൊനതാന്റെ വില്ലും ശൌലിന്റെ വാളും ഇവരണ്ടും തൃപ്തിവരാതെ പിന്തിരിയുമാറില്ല പരന്തിനെക്കാളും വെഗവും സിംഹത്തെക്കാളും ഊക്കും ഉറൊരു ശൌലും യൊനതാനും ജീവകാലത്തിങ്കൽ സ്നിഗ്ധന്മാരും പ്രിയന്മാരും ആയി മരണത്തിലും പിരിയാതെ പാർത്തവർ ഇസ്രയെൽ കന്നിമാരെ നിങ്ങളെ രക്താംബരം ഒമനയെടെ ധരിപ്പിച്ചു വസ്ത്രങ്ങളിൽ സ്വർണ്ണാഭരണങ്ങളെ ചെർത്തു ഉള്ള ശൌലിന്നിമിത്തം കരവിൻ യുദ്ധമദ്ധ്യെവീരന്മാർ എങ്ങിനെ വീണ ആ മുകളം പരപ്പിൽ യൊനതാനും പട്ടുപൊ. എൻ സഹൊദര യൊനതാനെ നീ നിമിത്തം ഞാൻ വ്യാകുലനായി നീ എനിക്ക അതിപ്രിയനായിരുന്നു. നിന്റെസ്നെഹം സ്ത്രീരസത്തിലും എനിക്ക അത്യത്ഭുതമായിരുന്നു അയ്യൊ വീരന്മാർ എന്തിനെ പട്ടു യുദ്ധപാത്രങ്ങളായവർ എങ്ങിനെ മുടിഞ്ഞുപൊയി

2. ദാവിദ്രാജാ

1. ദാവിദ ഇഷ്ബൊശത്ത് ഇരുവരും വെറെ വാഴുന്നതു

ഇപ്രകാരം ശൌൽ കഴിഞ്ഞശെഷം ദാവിദ ഫലിഷ്ടരൊടു കൂട നില്പാൻ മനസ്സില്ലാഞ്ഞു ഞാൻ യഹൂദയിൽ ചെല്ലണമൊ എന്നു യഹൊവയൊടു ചൊദിച്ചാറെ ചെല്ലുക എന്ന കല്പനയായപ്പൊൾ എതു പട്ടണത്തിൽ ചെല്ലെണ്ടു എന്നു ചൊദിച്ചതിന്നു ഹെബ്രൊനിലെക്ക് തന്നെ എന്നു കെട്ടു തനിക്കുള്ള എല്ലാവരൊ

ടും കൂട ആ നഗരത്തിൽ ചെന്ന കൂടിയിരിക്കയും ചെയ്ത അവിടെ വെച്ച തന്നെ യഹൂദ മൂപ്പന്മാർ നിശ്ചയിച്ച അപജയ നിമിത്തം ഉടനെ രക്ഷകൻ വെണം എന്ന വെച്ച ദാവിദിനെ യഹൂദരാജാവാക്കി അഭിഷെകം കഴിക്കയും ചെയ്ത.

യാബെശക്കാർ ശൌലിനെ സംസ്കരിച്ചത ദാവിദറിഞ്ഞപ്പൊൾ പ്രസാദിച്ച നിങ്ങളുടെ യജമാനനിൽ ചെയ്ത ദയനിമിത്തം യഹൊവാനഗ്രഹം ഉണ്ടാകട്ടെ ഞാനും നിങ്ങൾക്കും ഗ്രണം ചെയ്യും അതുകൊണ്ട നിങ്ങൾ യജമാനൻ മരിച്ച പ്രകാരവും യഹൂദഗൊത്രം എന്നെ രാജാവാക്കിയതും വിചാരിച്ച ഭയം വിട്ടറെച്ച നില്പിൻ എന്നൊരു വത്തമാനം അയച്ച. ആദ്യതന്മാർ മടങ്ങി വന്ന ശൌലിന്റെ സെനാപതിയായ അബ്നെർ ശെഷിച്ചൊരു രാജപുത്രനായ ഇഷ്ബൊശത്തിനെ കൂട്ടിക്കൊണ്ട യട്നക്കരയിൽ അവനെ മഹനൈമിൽ വെച്ച ഇസ്രയെൽ രാജാവാക്കി എന്നറിയിച്ച. ആകയാൽ കിഴക്കും വടക്കും ഉള്ള രാജ്യം ഒക്കയും ശൌൽ വംശത്തെ ആശ്രയിച്ച തെക്കെ അംശം മാത്രം ദാവിദിനെ അനുസരിച്ച.

അനന്തരം അബ്നെർ ഫലിഷ്ടരിൽ നിന്നുള്ള ഭയം വിചാരിയാതെ പട്ടാളം ചെത്ത യഹൂദാദെശത്തെക്കടുത്ത. ദാവിദും അതിർ കാക്കെണ്ടതിന്ന മരുമകനായ യൊവാബെ നിയൊഗിച്ചപ്പൊൾ ഇരുപക്ഷക്കാർ ഒരു ചിറയുടെ ഇരുപുറത്തും നിന്ന കൊണ്ടിരുന്ന. എല്ലാവരും പടെക്ക മടിച്ചപ്പൊൾ അബ്നെർ യൊവാബെ സമ്മതിപ്പിച്ച ഇരുപക്ഷത്തിൽനിന്നും പന്ത്രണ്ടീതുപെരുകളെ പുറപ്പെടീച്ച അവർ ദ്വന്ദയുദ്ധത്തിൽ പട്ടുപൊകയും ചെയ്ത. അതിനാൽ വൈരം മൂഴത്ത അന്യൊനം പൊർ ഉണ്ടായി അബ്നെർ തൊറ്റു മടങ്ങിപൊകുമ്പൊൾ യൊവാബിന്റെ അത്വിഗെയായ അനുജൻ അബ്നെരിനെ പിന്തുടന്നാറെ. നീ എന്നെ വിട്ട മറൊരുത്തനൊട്ട എടുക്ക എന്തിന്ന നിന്നെ കൊല്ലുന്ന കൊന്നാൽ നിന്റെ ജ്യെഷ്ടന്റെ മുഖം പിന്നെ എങ്ങിനെ നൊക്കും എന്ന ഇങ്ങിനെ മുട്ടിച്ച പറഞ്ഞിട്ടും വിടായ്കയാൽ അബ്നെർ അവനെ കുത്തികൊന്ന. ശെഷം ബിന്യമിന്യർ അബ്നെരൊട്ട ചെന്ന ഒരു കുന്നിന്മെൽ പെറുത്തുനിന്നപ്പൊൾ അബ്നെ യൊവാബെ വിളിച്ചുവാങ്ങുക നിത്യം ഊണാക്കെണമൊസഹൊദരവധം ഒഴിക്കെണ്ടതിന്ന എത്രൊടം കല്പിക്കാതിരിക്കും എന്ന പറഞ്ഞാറെ. യൊവാബദെ ജീവനാണ രാവിലെ നീ പറഞ്ഞില്ല എങ്കിൽ ജനങ്ങൾ പൊരുതാതെമാറുമായിരുന്ന എന്ന പറഞ്ഞു കാഹളം വിളിപ്പിച്ച പട്ടാളം ഒക്കയും മടങ്ങി പൊകയും ചെയ്ത. ദാവിദിൻ പക്ഷക്കാരിൽ 20 പെർ മാത്രം മരിച്ച. അബ്നെർ 360 ചെകവരെ കളഞ്ഞു രാത്രിയിൽ തന്നെ വാങ്ങി യട്നക്കരയിൽ നില്ക്കയും ചെയ്ത. അനന്തരം യൊവാബ അനുജന്റെ മരണം അറിഞ്ഞു ശവം എടുപ്പിച്ച ബെത്ളഹെമിൽ കൊണ്ട സംസ്കരിച്ച ദാവിദിനരികിൽ എത്തി അന്നുതുടങ്ങി 2 രാജാക്കന്മാരിലും യുദ്ധം നീണ്ട നിന്ട വന്ന ദാവിദിന്ന ക്രമത്താലെ ആധിക്യം വരികയും ചെയ്ത.

ഇഷ്ബൊശത്ത് 2 വർഷം വാണശെഷം ഒരു ദിവസം അബ്നെരുമായി ഒരു സ്ത്രീ സംഗതിയായി വാദം ഉണ്ടായപ്പൊൾ അബ്നെർ ഞാൻ ശൌൽ കുലത്തിൽ ഇത്ര കരുണ കാട്ടീട്ട ഇന്ന ഒരു സ്ത്രീ കാര്യത്തിന്നായി നീ കുറ്റം ചുമത്തുന്നുവൊ. യഹൊവ ദാവിദിനൊട ആണയിട്ട ഇസ്രയെൽ എല്ലാം വാഴുവാൻ അവകാശം കൊടുത്തപ്രകാരം തന്നെ ഞാൻ നിവൃത്തിക്കാതിരുന്നാൽ എന്നെ ശിക്ഷിക്കട്ടെ എന്ന ക്രുദ്ധിച്ച പറഞ്ഞു ഭീരുവായ രാജാവെ മിണ്ടാതെ സുക്കിതാമസം കൂടാതെ ദാവിദിന്ന ദൂതയച്ച ഞാൻ രാജ്യംതരാം എന്നൊട ഒരു സത്യം ചെയ്യെണം എന്നറിയിക്കയും ചെയ്ത. അതിനെ ദാവിദ അങ്ങിനെ തന്നെ ഒന്നുണ്ട എന്നെ കാണ്മാൻ വരുമുമ്പെ ശൌലിന്റെ പുത്രിയെ എല്പിക്കെണം എന്ന ഉത്തരം അയച്ചതും അല്ലാതെ ഇഷ്ബൊശത്തൊടും ന്യായപ്രകാരം ഭാര്യയെ ചൊദിച്ചപ്പൊൾ അവളെ ഭർത്താവൊടുവാങ്ങി ദാവിദിന്നായി അയപ്പിച്ച അപ്പൊൾ അബ്നെർ ഇസ്രയെൽ മൂപ്പന്മാരൊട ഒരൊന്ന സംസാരിച്ച തുടങ്ങി പണ്ട നിങ്ങൾ ദാവിദിന്റെ രാജത്വം ആഗ്രഹിച്ചുവല്ലൊ യഹൊവ

കൂടെ ദാവിദിന്റെ കൈയാൽ എൻ ജനത്തെ രക്ഷിക്കും എന്നരുളിച്ചെയ്തിട്ടും ഉണ്ടല്ലൊ എന്നാൽ അപ്രകാരം തന്നെനടത്തേണം എന്നും മറും പറഞ്ഞു. അവരൊട്ട വിശെഷാൽ ബിന്യമിന്യരൊട്ടും വ്യാപരിച്ച പ്രകാരം താൻ ചെന്ന ദാവിദിനെ അറിയിച്ചു ഇസ്രയെൽ നിന്നെ രാജാവാക്കെണ്ടതിന്നു ഞാൻ യൊഗം തികെച്ച വരുത്തും എന്ന വാശ്ദത്തം ചെയ്ത രാജവിരുന്നും അനുഭവിച്ച പുറപ്പെട്ട നെരം. യൊവാബ പടയിൽ കൊള്ളയിട്ട ഹെബ്രൊനിൽ എത്തി വത്ത മാനം അറിഞ്ഞ ഉടനെ പൂവ്വവൈരം ഒത്തും അസൂയഭാവിച്ചു. രാജാവൊട്ട ആചതിയനെ എന്തിന്നു അയച്ചു വിട്ട ഒററിയെണ്ടതിന്നത്രെവന്നത് എന്നു പറഞ്ഞു വെഗം ചെന്ന രാജാവ് ഗ്രഹിയാതെ അബ്നെരൊട്ട കൂട എത്തെണ്ടതിന്നു ദൂതന്മാരെ അയച്ചു അവനെ വിളിപ്പിച്ചു മടങ്ങി വന്നാറെ പട്ടണവാതുക്കൽ സ്വകാര്യം പറവാൻ എന്ന നടിച്ചു ഇരുവരും വാങ്ങിനിന്നാറെ അബ്നെരെ കുത്തികൊന്നു ഇങ്ങിനെ അനുജമരണത്തിന്നു പ്രതിക്രിയയും ചെയ്ത ആയത ദാവിദ് അറിഞ്ഞപ്പൊൾ ഈ കുലയിലെ കുറ്റം യഹൊവ എന്നിലും രാജ്യത്തിലും ചുമത്തരുതെ യൊവാബിൻ തലയിലും കുഡുംബത്തിലും വരെണമെ എന്നു ശപിച്ചു ദുഃഖിച്ചു അബ്നെരിന്റെ ശവം എടുപ്പിച്ചു യൊവാബ മുതലായ ചെകവരൊട്ട ഒക്കയും ഖെദിച്ചു തൊഴിച്ചു കൊള്ളുവാൻ കല്പിച്ചു താനും ശവത്തിന്റെ പിന്നാലെനടന്നു മറചെയ്യുമ്പൊൾ കരഞ്ഞു. അബ്നെർ കുറക്കാരൻ എന്ന പൊലെ മരിക്കെണ്ടിവന്നുവൊ. നിന്റെ കൈകൊൺക്ക കെട്ടും കാല്ക്ക ചങ്ങലയും ആയില്ല മൂർഖന്മാരൊട്ട തൊല്ക്കുന്ന പന്തിയിൽ നീ പട്ടുപൊയല്ലൊ എന്നു വിലപിച്ചു ജനങ്ങളും കരകയും ചെയ്തു. അനന്തരം ചാക്കുണിന്നു സമയം ആയപ്പൊൾ അസ്തമിക്കുമ്മുമ്പെ ഭക്ഷിക്കയില്ല എന്നു സത്യം ചെയ്തു. മന്ത്രികളൊട്ട ഇന്നു ഇസ്രയെലിൽ ഒരു ആഡ്യൻ പട്ടുവല്ലൊ ഞാൻ അഭിഷിക്തൻ എങ്കിലും അശക്തനത്രെ ചെരുയാ പുത്രന്മാർ എന്നെക്കാൾ ബലവാന്മാർ ദുഷ്കമ്മിക്കു യഹൊവ ദുഷ്തയുടെ കൂലി നല്കുമെണമെ എന്നു പറഞ്ഞു ജനങ്ങൾ എല്ലാവരും രാജാവ് ഈ വധത്തിൽ അനുസരിച്ചില്ല എന്നു ഗ്രഹിച്ചു പ്രസാദിക്കയും ചെയ്തു.

ഇസ്രയെലർ ആ വത്തമാനം കെട്ടാറെ കലങ്ങി ഇഷ്ബൊശത്ത് ദുഃഖപരവശനായും വന്നു. അപ്പൊൾ ബിന്യമീനരിൽ 2 തലവന്മാർ പടജ്ജനങ്ങളുടെ ജീവിതം വാങ്ങുവാൻ ഉച്ചെക്കു കൊവിലകത്തു ചെന്ന രാജാവ് ഉറങ്ങുന്നു എന്നു അറിഞ്ഞു പള്ളിയറയിൽ പുക്കു അവനെ കൊന്നു തലയറുത്തെടുത്തു ഹെബ്രൊനിൽ എത്തിച്ചു ഇതാ ശത്രുവിന്റെ തല എന്നു ദാവിദിനെ കാണിച്ചു. എന്നാറെ രാജാവ് സ്വൽക്കെശത്തിൽ നിന്നും ആത്മാവെ രക്ഷിച്ച ദൈവത്താണശൌലിന്റെ മരണം അറിയിച്ചവനു ഞാൻ മരണം എന്ന ദൂതമൂല്യത്തെ കല്പിച്ചു പിന്നെ ദുഷ്ടന്മാർ ഒരു ഗുണവാനെ കട്ടിൽമെൽ വെച്ചു കൊന്നാൽ എന്തു എന്നു പറഞ്ഞു അവരെ ഇരുപരെയും കൊന്നു തൂക്കിച്ചു ഇഷ്ബൊശത്തിൻ തലയെ അബ്നെരിന്റെ ശ്മശാനത്തിൽ സംസ്കരിക്കയും ചെയ്തു.

2. ദാവിദ ഇസ്രയെൽ രാജാവായതു

ഇങ്ങിനെ ചില വർഷം കഴിഞ്ഞാറെ ക്രമത്താലെ എല്ലാ ഗൊത്രങ്ങളും ദാവിദിനെ രാജാവാക്കെണം എന്ന സമ്മതം ഉണ്ടായി. പൂർണ്ണനിശ്ചയം വന്നപ്പൊൾ സകല മൂപ്പന്മാരും ഹെബ്രൊനിൽ കൂടി ഇതാ ഞങ്ങൾ നിന്റെ അസ്ഥിയും മാംസവും ആകുന്നു ശൌലിന്റെ വാഴ്ചയിലും നീ തന്നെ ഇസ്രയെലരെ നടത്തിയവൻ എന്റെ ജനമായ ഇസ്രയെലിനെ മെയ്ക്കെണം എന്നു യഹൊവയുടെ അരുളപ്പാടും നിങ്കൽ ഉണ്ടല്ലൊ എന്നു പറഞ്ഞു അനൊന്യം സമയം ചെയ്തു. ദാവിദ യഹൂദ രാജാവായിരുന്ന 7ആം വർഷത്തിൽ ഒരൊരൊ ഗൊത്രത്തിലെ ആയുധാരികളും ഹെബ്രൊനിൽ യൊഗം തികഞ്ഞു നിരന്നുനിന്നു യഹൂദ്യന്മാർ 7800 പെർ ശിമൊന്യർ 7100 യൊസെഫ്യർ 38800 ഇസസ്ഥാരിൽ

200 പ്രധാനന്മാരും പരിവാരകരും ജബൂപുന്യർ 50000 നഫ്ലല്യർ 37000 ദാന്യർ 28600 അശെർ 4000 അക്കരെക്കാർ 120000 പിന്നെ ലെവ്യർ 5600 പെരും യൊയദചദൊക്ക എന്ന പ്രധാനികളൊട്ട 3700 ആചാര്യന്മാരും കൂടി ദവിദി നെ അഭിഷെകം കഴിച്ചു എല്ലാവരും 3 ദിവസം ഐകമത്യപ്പെട്ട വിരുന്നുണ്ട സന്തൊഷിച്ചിരിക്കയും ചെയ്തു.

അനന്തരം രാജാവ് ഇസ്രയെലിന്ന ഒരു മൂലനഗരം വെണം എന്ന വെ ച്ചു യഹൂദ ബിന്യമിൻ ഈ രണ്ട ഗൊത്രങ്ങളുടെ ഇടയിൽ ഉയർന്ന മുകംപര പ്പിൽ കെട്ടിയ യരുശലെം പട്ടണം കണ്ട ഇത്ര കനാന്യരെ ജയിച്ചു എടുക്കെണം എന്ന കല്പിച്ചു പൊരിന്നടുത്തപ്പൊം പട്ടണക്കാരായ യബൂസ്യർ ചിരിച്ചു നി ന്നെ തടുക്കെണ്ടതിന്ന കുരുടന്മാരും മുടവന്മാരും മതി എന്നും പറഞ്ഞപ്പൊം ഈ കുരുടരെയും മുടവരെയും തൊല്പിച്ചു കരെറുന്നവന്ന സെനാധിപത്യം വരും എന്ന രാജകല്പന കെട്ടിട്ട യൊവാബ അന്നതന്നെ പൊരുത്ത കരെറി ഇസ്രയെൽ സെനാപതി ആയ്തീർന്ന ദാവിദും പ്രവെശിച്ചു ശത്രുക്കളെ നീക്കാതെ രക്ഷിച്ചു ചീയൊൻ കൊട്ടയെ അത്യന്തം ഉറപ്പിച്ചു ദാവിൽപുരം എന്നപെരും വിളിച്ചു യ ഹൊവാനുഗ്രഹത്തൊടും കൂട അതിൽ പാർത്ത താൻ രാജ്യഭാരം ചെയ്വാൻ നി ശ്ചയിച്ച പ്രകാരം (101.12) ഈ സങ്കീർത്തനങ്ങളെ നൊക്കി അറിയാം.

ഞാൻ കരുണയെയും ന്യായത്തെയും വർണ്ണിക്കും ഞാൻ ഉത്തമ വഴിയെ സൂക്ഷിച്ചു എകാഗ്രഹൃദയത്തൊടെ എൻ ഭവനത്തിന്നകത്ത നടക്കും എപ്പൊം നീ എന്റെ അടുക്കൽ വരും. പൈശാചകാര്യം ഒന്നും എൻ കണ്ണുകളുടെ നെരെ വെ ക്കയില്ല ലംഘനക്കാരുടെ പ്രവൃത്തിയെ പകെക്കുന്ന അത് എന്നൊട്ട പററരുത വികടഹൃദയം എന്നൊട്ട അകന്നിരിക്ക ഞാൻ ദുഷ്ടനെ അറികയും ഇല്ല. കരള്കാ രനെ നിഗ്രഹിക്കും കണ്ണുയർച്ചയും ഹൃദയവിടുതിയും ഉള്ളവനെ സഹിക്ക ഇല്ല. ദെശത്തിലെ വിശ്വസ്തന്മാരെ ഒരുമിച്ചിരുത്തുവാൻ എൻ കണ്ണുകം നൊക്കും. ഉത്ത മ വഴിയിൽ നടപ്പവൻ എന്നെ സെവിക്ക. വഞ്ചനക്കാരൻ എൻഭവനത്തിൽ വ സിക്കയില്ല. യഹൊവ നഗരത്തിൽ നിന്ന ദുഷ്കർമ്മികളെ എല്ലാം ഛെദി പ്പാൻ ഞാൻ പ്രത്യുഷസ്സുകൽ ദുഷ്ടനിഗ്രഹത്തിന്നായി മുതിരും (101.സ)

യഹൊവെ രക്ഷിക്കെണമെ ഭക്തർ കുറഞ്ഞും മനുഷ്യപുത്രന്മാരിൽനിന്ന വിശ്വസ്തത മറഞ്ഞും പൊയല്ലൊ. യഹൊവ മുഖസ്തുതിയുള്ള അധരങ്ങളെയും വ മ്പു പറയുന്ന നാവിനെയും അശെഷം ഛെദിക്കെ ആവു. ദുഃഖിതന്മാരുടെ പീഡ യും ദരിദ്രന്മാരുടെ ഞരക്കവും ഹെതുവായിട്ട ഞാൻ ഇപ്പൊം എഴുനീറു (ശത്രു) നിശ്വസിച്ചെതിരിടുന്നവനെ രക്ഷയിൽ ആക്കും എന്ന യഹൊവ പറയുന്ന. യ ഹൊവയുടെ മൊഴികം ശുദ്ധമൊഴികം 7 വട്ടം ശൊധന കഴിച്ച വെള്ളിതന്നെ യഹൊവയെ നീ ഇവരെ ആ ജാതികുളിൽനിന്ന എന്നും രക്ഷിക്കും (12.സങ്കീ) യെരുശലെമിലെ രാജത്വം ഫലിഷ്ടർ അറിഞ്ഞപ്പൊം പൊരിന്നായി അട്ട ത്ത താഴ്വരയിൽ തമ്പടിച്ചു പാത്ത ദാവിദ കുറഞ്ഞ ആളുകളൊട്ട കൂട ഒരു കൊട്ടയിൽ പുക്ക കാത്തുകൊണ്ടിരുന്ന. അന്ന ദാഹിച്ചിട്ട ബെത്ത്ളഹെം കി ണററിലെ വെള്ളം ആർ എത്തിക്കും എന്ന ചൊദിച്ചപ്പൊം വീരശ്രെഷ്ടന്മാർ മൂ വരും ഫലിഷ്ടപാളയത്തിൽ കൂടി പാഞ്ഞുപൊയി ബെത്ത്ളഹെം വാതുക്കൽ വെച്ച വെള്ളം കൊരി രാജാവിന്ന കൊണ്ടവന്ന ആയ്തിനെ അവൻ കുടിക്കാതെ ഇവർ ജീവനെ ഉപെക്ഷിച്ചുകൊണ്ടവന്നത് വീരരക്തമല്ലൊ അതിന്ന ഞാൻ പാ ത്രമല്ല എന്നുചൊല്ലി യഹൊവയ്ക്കായി ഒഴിച്ചു. പിന്നെ ദൈവത്തൊട്ട ഞാൻ മുല്പുക്കുപട കൂടട്ടൊ എന്ന ചൊദിച്ചതിന്ന ഫലിഷ്ടരെ എല്പിച്ച തരാം എ ന്നരുളപ്പാട കെട്ടപ്പൊം. ഉടനെ പൊർ തുടങ്ങി ഒരു നദിചിറയെ ഇടിക്കുന്ന പ്ര കാരം തന്നെ ശത്രുക്കളെ ഭിന്നിച്ചു കൊള്ളയിട്ട അവരുടെ വിഗ്രഹങ്ങളെയും കൈക്കലാക്കി തീയിൽ ഇടുകയും ചെയ്ത. ഫലിഷ്ടർ പിന്നെയും ബന്ധുബല ങ്ങളൊടും കൂടി ചീയൊൻ മലെക്കുനെരെവന്നപ്പൊം യഹൊവ ദാവിദിനെ പൊ രാടുവാൻ സമ്മതിക്കാതെ വളഞ്ഞവഴികാണിച്ചു ലക്ഷണം കൊണ്ട താൻ ജയ

ത്തിന്നായി സഹായിക്കുന്ന പ്രകാരം ഗ്രഹിപ്പിച്ച മാറാന്മാരെ താഴ്ത്തി ഓടിക്കയും ചെയ്തു.

പിന്നെ ദാവിദ തൂറിലെ രാജാവായഹിരാമൊടു ശില്പാശാരികളെയും മറും വാങ്ങി ചിയൊനിൽ കൊവിലകത്തെ എടുപ്പിച്ചു തുടങ്ങിയപ്പൊഴം ഒരു പകർച്ചവ്യാധി ഉണ്ടായി പാപികളം പലരും മരിക്കയും ചെയ്തു. അതുകൊണ്ടു ദൈവഭക്തിക്കും മനശ്ശുദ്ധിക്കും താഴ്ച വന്നുപൊ എന്നു യഹൊവ ശൊധന കഴിച്ചു ന്യായം വിധിച്ചു തന്നിൽ കനിഞ്ഞിരിക്കെണം എന്നും (26.സങ്കീ) യഹൊവ മൌനിയായിരിക്കരുതെ ദുഷ്ടരൊടു കൂടെ എന്നെ നിഗ്രഹിക്കരുതെ എന്നും പ്രാർത്ഥിച്ചു അവനിൽ മുറും ആശ്രയിക്കയാൽ രക്ഷ കണ്ടുശെഷം സ്വദൈവം പ്രജകളെയും അനുഗ്രഹിച്ചുമെച്ചു എന്നെക്കും ചുമന്നു കൊള്ളെണ്ടതിന്നു അപെക്ഷിച്ചു (സങ്കീ, 28)

പിന്നെ ഭവനം തീർന്നപ്പൊൾ പാടിയതു. എൻദൈവമെ നിന്നെ നൊക്കി ഞാൻ വിളിച്ചു നീയും എനിക്കു ചികിത്സിച്ചു പാതാളത്തിൽ പൊകുന്ന കൂട്ടത്തിൽ നിന്നു എൻ ജീവനെ ഉദ്ധരിച്ചിരിക്കുന്നു. ഭക്തരായുള്ളൊരെ യഹൊവയെ സ്തുതിപ്പിൻ അവന്റെ കൊപം ഒരു ക്ഷണ നെരമെ ഉള്ളു അവന്റെ പ്രസാദമൊ ജീവപര്യന്തമുള്ള സന്ധ്യയിങ്കൽ കരച്ചൽ വരുന്നു ഉഷസ്സിങ്കൽ ആനന്ദമായി. നിൻ പ്രസാദത്താലെ ഞാൻ പർവ്വതത്തെ ഉറപ്പിച്ച ശെഷം ഇനി ഞാനിളകയില്ല എന്നു നിരൂപിച്ചു എങ്കിലും നീ മുഖത്തെ മറച്ചപ്പൊൾ ഞാൻ ഭ്രമിച്ചുപൊയി. അന്നു ഞാൻ കുഴിക്ക ഇറങ്ങുന്നതിനാൽ ലാഭം എന്തു പൂഴി നിന്നെ സ്തുതിക്കുമൊ യഹൊവെ കനിഞ്ഞു തുണക്കെണമെ എന്നു വിളിച്ചു നീയും എൻ ദൈവത്തെ നൃത്തമാക്കി മാറിരട്ട വസ്ത്രം അഴിച്ചും സന്തൊഷം കെട്ടിച്ചും ഇരിക്കുന്ന എൻ ദൈവമായ യഹൊവെ ഞാൻ എന്നും നിന്നെ വാഴ്ത്തും (സങ്കീ.30). ഇപ്രകാരം ദാവിദ ചിയൊനിലെ അരമനയെ തീർത്തു ഭാര്യാ പുത്രന്മാരൊടും കൂടെ സുഖെന വാഴുകയും ചെയ്തു.

3. ദാവിദ സാക്ഷിപ്പെട്ടകത്തെ ചീയൊനിൽ സമാപിക്കുന്നതു. അതിൻ മുമ്പിലും ദാവിദ മൂപ്പന്മാരൊടു കൂടി നിരൂപിച്ചു ദൈവസമ്മതം ഉണ്ടെങ്കിൽ നിങ്ങൾക്കും കൂടെ ബൊധിച്ചാൽ നാം എല്ലാവരും യൊഗം കൂടി ആചാര്യ ലെവ്യരും ഒക്കത്തക്ക ചെന്നു നമ്മുടെ ദൈവമായ യഹൊവ കരുബുകളുടെ നടുവിൽ വസിക്കുന്ന സാക്ഷിപെട്ടകത്തെ കൊണ്ടുവരിക ശൌലിന്റെ കാലത്തിൽ അതിൽ മനസ്സുവെച്ചില്ലല്ലൊ. എന്നു പറഞ്ഞാറെ എല്ലാവരും സമ്മതിച്ച ഇസ്രയെലരും കൂടി കിര്യത്യായരീമിൽ ചെന്നു പെട്ടകത്തെ അമിനദാബിൻ വീട്ടിൽ നിന്നു എടുത്തു പുതു തെരിൽ കരെറ്റികൊണ്ടു വന്നു. ദാവിദും ഇസ്രയെലരും ഒക്കയും സർവ്വവാദ്യഘൊഷങ്ങളൊടു കൂടെ യഹൊവയുടെ മുമ്പാകെ സ്തുതിച്ചു നടന്നു വന്നു; അന്നു ദാവിദിന്റെ സങ്കീർത്തനം (സങ്കീ.68).

ദൈവംഎഴുനീല്ക്കും അവന്റെ ശത്രുക്കൾ ചിതറും ദൊഷികളും അവന്മനസ്സിൽ നിന്നുമണ്ടിപൊകും. പുക പാറുമ്പൊലെ നീ അവരെ പാറ്റും തീയരികെ മെഴുകുരുകുമ്പൊലെ ദുഷ്ടന്മാർ ദൈവമ്മുമ്പാകെ നശിക്കും. നീതിമാന്മാർ ദൈവസന്നിധിയിൽ സന്തൊഷിച്ചാർത്തു അത്യാനന്ദം പൂണ്ടിരിക്കും. ദൈവത്തിന്നു പാട്ടുവിൻ കാട്ടുകളുടെ എഴുന്നെള്ളുന്നവന്നു ചെത്തു വഴിയാക്കുവിൻ യഃ എന്ന അവന്റെ പെർ അവന്മുമ്പാകെ ആർപ്പിൻ ദൈവം അനാഥന്മാർക്കു പിതാവും വിധവമാർക്കു പക്ഷവാദിയും ഏകാകികളെ കൂടിയിരുത്തുന്നവനും ബദ്ധന്മാരെ ശ്രീതപത്തിലെക്കു പുറപ്പെടീക്കുന്നവനും ആകുന്നു മത്സരക്കാർ മാത്രം വരണ്ട ദെശത്തു പാർക്കും. തിരു ജനത്തിന്റെ മുമ്പാകെ നീ നടന്നു മരുഭ്രമിയിൽ കൂടി കടന്നപ്പൊൾ ദൈവസമ്മുഖത്തുനിന്നു ഭ്രമി ഇളകി സീനായും കലുങ്ങി വാനവും പൊഴിഞ്ഞു ഉപകാര വർഷങ്ങളെ നീ ചൊരിയിച്ചു തന്നു തളർന്നു പൊയ അവകാശ ജനത്തെ തണുപ്പിച്ചു നിന്റെ കൂട്ടം അവിടെ വസിച്ചുനീ ഗ്രണ മനസ്സാലെ സാധുക്കൾക്കു വിളമ്പുകയും ചെയ്തു. കർത്താവു ഒരു ജയ വാർത്തയെ നല്കി സദ്വർത്തമാനത്തെ വർണ്ണിക്കുന്നവർ മഹാ

സൈന്യപട കൂട്ടങ്ങളുടയ രാജാക്കന്മാർ മണ്ടി ഒടി ഗൃഹിണി കവച്ചയെ പങ്കിട്ട പൊന്ന. ഹെ പവ്വതശിഖരങ്ങളെ യഹൊവ പാത്തുകൊംവാൻ തെളിഞ്ഞിരിക്ക ന്ന ഈ മലയെ നിങ്ങംമത്സരിച്ചു നൊക്കുന്നത് എന്തു യഹൊവ എന്നെക്കും ഇ തിൽ വസിക്കും. ഇതാദൈവത്തിന്റെ രഥബലം ആയിരങ്ങം ഗ്രണിച്ച ലക്ഷം തന്നെ അതിനിടയിൽയഹൊവ ഉണ്ട സീനായി കൂട ഈ ശുദ്ധ സ്ഥലത്തായി. നീ ഉയരത്തിലെക്കകെരെറിതൊറവരെ കെട്ടി നടക്കുന്ന യഃ എന്ന ദൈവം മത്സ രക്കാരൊടു കൂപാക്കെണ്ടതിന്ന നീ മനുഷ്യർക്കായി ദാനങ്ങളെ വാങ്ങി. കത്താ വിന്ന ദിനസ്പ്രതി സ്തോത്രം ഭവിക്കട്ടെ നമ്മിൽ ചുമടു ചുമത്തിയാൽ താൻ രക്ഷ യാകുന്ന. ഈ ദൈവം നമുക്കായി ത്രാണനങ്ങളുടയ ദൈവം മരണത്തിൽ നിന്നുള്ള നീക്കു പൊക്കുകളും യഹൊവ പക്കൽ ഉണ്ട. ദൈവമെ അവർ നിന്റെ സഞ്ചാരം കണ്ട എൻ രാജാവ് ശുദ്ധസ്ഥലത്തിൽ നടക്കുന്നത് തന്നെ. പാട്ടുകാർ മുമ്പിലും മീട്ടുന്നവർ പിന്നിലും കൊട്ടുകാരത്തികം നടുവിലും ചെന്ന യാക്കൊബ ഉറവിൽ നിന്നുണ്ടായ എല്ലാവരും യൊഗം കൂടി കത്താവായ ദൈവത്തെ സ്തുതിപ്പിൻ. ഞ ങ്ങംക്കായി പ്രവൃത്തിച്ച ദൈവമെ നിന്റെ പ്രഭുത്വം കാട്ടെണമെ നിന്റെ ആല യം നിമിത്തം രാജാക്കന്മാർ യരുശലെമിൽ കരെറി കാഴ്ചകളെ കൊണ്ട വരെ ണമെ ഭ്രമിയിലെ രാജ്യങ്ങളെ ദൈവത്തിന്ന പാടുവിൻ ആകാശങ്ങളിൽ ശക്തി യും ഇസ്രയെലിൽ മഹത്വവും ഉള്ള ദൈവത്തെ മാനിപ്പീൻ നിന്റെ ശുദ്ധസ്ഥല ത്തിൽ നീ ഭയങ്കരൻ ഇസ്രയെൽ ദൈവം ജനത്തിന്ന ശക്തിയെയും അധികാര ത്തെയും കൊടുക്കുന്ന ദൈവത്തിന്ന സ്തോത്രം. (സങ്കീ. 68) ഇങ്ങിനെ എഴന്നെ ള്ളം കാലം തെർ വലിക്കുന്ന കാളകം മുരളുകകൊണ്ട ഉസ്സുപെട്ടകത്തെ പിടിച്ചു റപ്പിച്ചു ഉടനെ മരിക്കയും ചെയ്തു. അവിവെകത്തിന്ന വന്ന ശിക്ഷയെ വിചാരി ച്ചു ദാവിദ ദുഃഖിച്ചു പെട്ടകം എന്റെ അരികിൽ എങ്ങിനെ വരുത്തണ്ട എന്ന സംശയിച്ചു യാത്രയെ നിറുത്തി പെട്ടകത്തെ ഒബദെദോം എന്ന ഒരു ലെവ്യ ന്റെ വീട്ടിൽ നിറുത്തുകയും ചെയ്തു.

അവിടെ 3 മാസം ഇരുന്നാറെ ആ വീട്ടുകാർക്ക ദൈവാനുഗ്രഹ്യം വളരെ ഉണ്ടായി എന്ന കെട്ട ചീയൊനിൽ ഒരു കൂടാരം ഒരുക്കി ലെവ്യരെ കൊണ്ട പെട്ടകം എടുപ്പിച്ചു വഴിയിൽ വെച്ചു ബലികളും കഴിപ്പിച്ചു മഹാഘൊഷ ത്തൊടു കൂട തന്റെ നഗരത്തിൽ വരുത്തി അന്ന പാട്ടുകാരൊടു കൂട ദാവിദും ലെവ്യവെഷം ധരിച്ചു പാടിയാടി സ്തുതിച്ചുകൊണ്ട നടക്കുന്നതിനെ ഭാര്യയായ മീഖം ജാല വാതുക്കൽ കൂടി നൊക്കികണ്ടപ്പൊം ഉള്ള കൊണ്ട അവനെ നിന്ദി ച്ചു. ദാവിദ ആ പെട്ടകത്തെ കൂടാരത്തിൽ വെച്ചു. ബലികളെ കഴിച്ചു തീർന്ന ശെഷം അസാഹ മുതലായവരെ കൊണ്ട നിത്യം സ്തുതിപ്പാൻ വ്യവസ്ഥ വരുത്തി.

ഭ്രമിയും അതിന്റെ പൂൎണ്ണതയും യഹൊവെക്കുള്ളതു പാരിടവും അതിൽ വസിക്കുന്നവരും തന്നെ യഹൊവയുടെ പവ്വതത്തിൽ ആക്കു കരെറാം അവന്റെ വിശുദ്ധസ്ഥലത്ത ആർ നില്ലും വെടിപ്പുള്ള കൈകളും നിൎമ്മലഹൃദയവും ഉള്ളവ നും ആത്മാവെ മായെക്കായി കരെററാത്തവനും അത്രെ. യഹൊവയിൽ നിന്ന അനുഗ്രഹവും രക്ഷാദൈവത്തിൽനിന്ന നീതിയും പ്രാപിക്കും. ഇതത്രെ അവനെ അന്വെഷിക്കുന്ന ജാതി തിരുമുഖത്തെ തിരയുന്ന യാകൊബ തന്നെ. തെജസ്വി യായ രാജാവു പൂകുവാൻ വാതിലുകളെ നിങ്ങം തലകളെ ഉയൎത്തുവിൻ നിത്യ പ്രവെശനങ്ങളെ നീണ്ടിരിപ്പിൻ. തെജസ്വിയായ രാജാവാർ ശക്തിപരാക്രമവും ഉള്ള യഹൊവ തന്നെ യുദ്ധവീരനായ യഹൊവ തെജസ്വിയായ രാജാവ് പൂകു വാൻ വാതിലുകളെ നിങ്ങം തലകളെ ഉയൎത്തുവിൻ നിത്യപ്രവെശനങ്ങളെ നീണ്ടിരിപ്പിൻ തെജസ്വിയായ രാജാവ് ആർ സൈന്യങ്ങളുടയ ദൈവമായ യ ഹൊവ തന്നെ.(സ.24)

എന്നും മറും സ്തുതി പറഞ്ഞപ്പൊം സമൂഹമെല്ലാം കൂടി വാഴ്ത്തുകയും ചെ യ്തു. രാജാവ എല്ലാവർക്കും അപ്പവും ഇറച്ചിയും വീഞ്ഞും വിഭാഗിച്ചു കൊടുപ്പി ച്ച ശെഷം അവരെ യഹൊവ നാമത്തിൽ അനുഗ്രഹിച്ചു വിട്ടയച്ചു താൻ കൊ യിലകത്തു ചെന്ന. അനന്തരം ശൌലിന്റെ പുത്രി എതിരെറു ഇസ്രയെൽ രാജാ

വ് ഇന്ന ദാസദാസിമാരുടെ മുമ്പാകെ നഗ്നനായി ചമഞ്ഞതിനാൽ എത്ര ഗൌരവമുള്ളവൻ എന്ന പറഞ്ഞു. അതിന്ന ദാവിദ നിൻെറ പിതാവെയും കുഡുംബത്തെയും തള്ളി സ്വജനത്തിന്ന എന്നെ പ്രഭുവാക്കുവാൻ പ്രസാദിച്ച യഹൊവയുടെ മുമ്പാകെ ഞാൻ നൃത്തം ആടി സത്യം ഇതിനെക്കാളും അധികം താണവിനയിയായിരിക്കും നീ പറഞ്ഞ ദാസിമാരൊ അവർ എന്നെ ബഹുമാനിക്കും എന്ന പറഞ്ഞു. ഇപ്രകാരം ഗവ്വം കാട്ടിയ മീഖ്യക്കു മരണം വരെയും സന്തതിയായില്ല.

യഹൊവെ നിൻെറ കൂടാരത്തിൽ ആർ പാർക്കും നിൻ വിശുദ്ധമലയിൽ ആർ വസിക്കും. തികഞ്ഞവനായി നടന്ന നീതി പ്രവൃത്തിക്കുന്നവൻ മനസാ സത്യം പറയുന്നവൻ നാവിൽ കുരളവെക്കയൊ കൂട്ടുകാരന്ന ദൊഷം വരുത്തുകയൊ അടുത്തവൻെറ നെരെ നിന്ന എടുക്കയൊ ചെയ്യാത്തവൻ. നികൃഷ്ടനെ നിരസിച്ചും യഹൊവാഭക്തരെ മാനിച്ചും കൊണ്ടുള്ളവൻ തനിക്ക ഛെദത്തിന്നായി ആണയിട്ടും മാറാതെയും ഇരിക്കുന്നവൻ. മുതൽ പലിശെക്ക കൊടുക്കാതെയും കുറമില്ലാത്തവൻെറ നെരെ കൈക്കൂലി വാങ്ങാതെയും ഇരിക്കുന്നവൻ ഈവക ചെയ്യുന്നവൻ എന്നും ഇളകി പൊകയില്ല (സങ്കീ. 15)

3. ദാവിദിൻെറ ജയമഹത്വം

അതിൻെറ ശെഷം ദാവിദഫലിഷ്ടരെ ജയിച്ചടക്കി അവരിൽ കൊയ്മ നടത്തുകയും ചെയ്തു.

ചിലർ രഥങ്ങളെയും ചിലർ കുതിരകളെയും പ്രശംസിക്കുന്നു. ഞങ്ങൾ സ്വദൈവമായ യഹൊവയുടെ നാമത്തെതന്നെ. അവർ താണുവീണു പൊയി ഞങ്ങൾ എഴുനീറു നിവിന്ന നില്ക്കുന്നു (സ. 20).

അനന്തരം കിഴക്കു മൊവബ അമ്മൊൻ മുതലായവർ എതൊം ഇശ്മയൽ എന്ന ഗൊത്രങ്ങളൊട ചെന്ന ദെവജാതിയെ മുടിപ്പാൻ ആലൊചിച്ചിരുന്നപ്പൊൾ ദാവിദ മൊവബെ ശിക്ഷിച്ചു കപ്പം വാങ്ങുകയും ചെയ്തു. അവരുടെ ബന്ധുവായി ഫ്രാത്തനദിക്കരെയുള്ള മഹാരാജാവു കൂടെ കടന്നുവന്നപ്പൊൾ അവൻെറ രഥബലങ്ങളെയും തകൎത്തു ജയിച്ചു. ചങ്ങാതികളായ സുറിയാണികളെയും രണ്ടു വട്ടം തൊല്പിച്ചു സമ്മാനങ്ങളെ വാങ്ങി ദെവസഹായത്താൽ എതൊം രാജ്യം മുഴുവനും അടക്കി കൊട്ടകളിൽ മൂലബലങ്ങളെ സ്ഥാപിക്കയും ചെയ്തു.

ദൈവം തൻെറ വിശുദ്ധസ്ഥലത്തുനിന്ന അരുളിച്ചെയ്തു. ഞാൻ ആനന്ദിച്ചു ശികെമെ വിഭാഗിച്ചും സുഖൊത്താഴ്വരെ അളന്നും കൊടുക്കും. ഗിലൃാദ എൻെറതു മനശ്ശയും എനിക്കുണ്ടു എഫ്രയിം എൻെറ ശിരൊരക്ഷയും യഹൂദ എൻ രാജദണ്ഡും ആകുന്ന മൊവബ എനിക്ക് കഴുകുംപാത്രം അത്രെ. എദൊമിന്മെൽ ഞാൻ ചെരിപ്പിനെ എറിയും ഫലിഷ്ടെ എന്നിമിത്തം മുറയിടുക. എദൊമിലെക്ക എന്നെ നടത്തി സ്ഥിരനഗരത്തിൽ എന്നെ പ്രവെശിപ്പിക്കുന്നവൻ ആർ. ഞങ്ങളുടെ സൈന്യങ്ങളൊടു കൂട പുറപ്പെടാതെ ഇരുന്ന ദൈവമെ നീ ചെയ്തയില്ലയൊ. ആപത്തിൽനിന്ന ഞങ്ങളെ ഉദ്ധരിക്കെണമെ മനുഷ്യസഹായം വ്യൎത്ഥം അല്ലൊ ദൈവം തുണയായി നാം ജയിക്കും അവൻ തന്നെ നമ്മുടെ ശത്രുക്കളെ ചവിട്ടിക്കളയും. (സ. 60)

ഇങ്ങിനെ ദാവിദ എല്ലാടവും ദെവകൃപയാൽ ജയിച്ചു ഇസ്രയെൽ സംസ്ഥാനത്തെ ക്രമത്തിൽ ആക്കി നെരും ന്യായവും നടത്തുകയും ചെയ്തു. ബന്ധുവായ യൊവാബ സെനാപതിയും ഒട്ടാളക്കും അകമ്പടിക്കാർക്കും ആചാരൃപുത്രനായ ബനായപ്രമാണിയും ആയിരുന്നു. വീരസ്ഥാനം 30 പെർക്ക ഉണ്ടായി അതിൽ അതിപ്രസിദ്ധന്മാർ മൂവർതന്നെ. സൈന്യങ്ങൾ എല്ലാം 12 ഇരട്ടിച്ച 24000 ആൾ ഒരൊ തലവനെ സെവിച്ചു മാസക്രമെണ യരുശലെമിൽ വന്ന ചെകം കഴിച്ചു ഒരൊ മാസം പാൎത്തു നാട്ടിലെക്ക പൊകും. ഗൊത്രങ്ങളെ രക്ഷിക്കെണ്ട

തിന്ന ഒരൊ പ്രഭുവെ കല്പിച്ചു. രാജവകയായ നിലമ്പറമ്പുകളെയും ആടുമാടു ഒ ട്ടകം കഴുത ഇവറെറയും നൊക്കെണ്ടതിന്ന യൊഗ്യന്മാരെ നിശ്ചയിച്ചു ഭണ്ഡാര ദ്രവ്യം അധികം വർദ്ധിപ്പിക്കയും ചെയ്തു. വിശെഷിച്ചു ലെവ്യരെ വകതിരിച്ചു അസാഫ ഹെമാൻ മുതലായവരെ സങ്കീത്തനങ്ങളെ ഉണ്ടാക്കെണ്ടതിന്നും ദെവസെ വയിൽ പാട്ടും വാദ്യഘൊഷവും നടത്തെണ്ടതിന്നും നിയൊഗിച്ചു മറു ചിലരെ കൊണ്ടു ദെവഭണ്ഡാരം കാത്തുചരതിപ്പിച്ചു ആചാര്യന്മാർ ആഴ്ചവട്ടന്തൊറും വെ ല ചെയ്യെണ്ടതിന്ന 24 വകയാക്കി അബ്യതാരെ സാക്ഷിപെട്ടകത്തിൻ മുമ്പാകെ യും ചാദൊക്കെ ഗിബ്യൊനിലുള്ള ദെവകൂടാരത്തിലെക്കും പ്രധാനികളാക്കി ഇ ങ്ങിനെ പല പ്രകാരത്തിലും രാജ്യകാരൃത്തിന്നും ദെവകാരൃത്തിന്നും സ്ഥിരത യും വരുത്തി. ശൌലിൻെറ പൌത്രനായ ഒരുവൻ ശെഷിച്ചിരിക്കുന്നുണ്ടെന്ന കെ ട്ടു അവനെ വിളിച്ചു യൊനതാൻെറ പുത്രനാകകൊണ്ടു ഏറവും സമ്മാനിച്ചു രാ ജപുത്രന്മാരുടെ പന്തിയിൽ ഇരുത്തി ശൌലിൻെറ വകതിരിച്ചു കൊടുത്തു താൻ സുഖെന വാഴുകയും ചെയ്തു.

4. ദാവിദിന്നവന്ന ദിവ്യവാഗ്ദത്തം

രാജാവ് സ്വസ്ഥനായി വാഴുംകാലത്തു നാഥാൻപ്രവാചകനൊടു ഇതാ ഞാൻ ദെവദാരുഗൃഹത്തിൽ വസിക്കുന്ന ദെവപ്പെട്ടകം തിരശ്ശീലകളുടെ ഉള്ളിൽ അത്രെ അധിവസിക്കുന്നു എന്നു പറഞ്ഞപ്പൊൾ നാഥാൻ യഹൊവ നിണക്കു സ ഹായം അന്തർഗ്ഗതം പൊലെ ഒക്കയും ചെയ്കൊൾക എന്നു ചൊന്നാറെ അന്നു രാത്രിയിൽ പ്രവാചകന്നു യഹൊവയുടെ അരുളപ്പാടുണ്ടായി എൻെറ ദാസനായ ദാവിദിനൊടുള്ള കല്പന എന്തെന്നാൽ നീ എനിക്കു ഒരു ആലയം പണിയി ക്കുമൊ. ഞാൻ ഇസ്രയെലരെ മിസ്രയിൽനിന്നു കരെററി വന്നനാൾ മുതൽ ഞാൻ ആലയത്തിൽ അല്ല കൂടാരത്തിൽ അത്രെ പാർത്തിരിക്കുന്ന അക്കാലം എല്ലാം ഞാൻ വാദിച്ചിട്ടുള്ളവരിൽ ഒരുവനൊടും എനിക്കു ദെവദാരുഗൃഹം പണിയി ക്കാത്തത് എന്തെന്നു ഒരു വചനം പറഞ്ഞിട്ടുണ്ടൊ ആകയാൽ സൈന്യങ്ങളുടയ യഹൊവ ദാവിദൊ അറിയിക്കുന്നിതു. ആട്ടിൻകൂട്ടം മെയുന്ന സ്ഥലത്തുനിന്നു ഞാൻ നിന്നെ എടുത്തു രാജാവാക്കി. തുണനിന്നു സകല ശത്രുക്കളെയും നീക്കി എൻെറ ജനത്തിന്നുമുമ്പെ ഉണ്ടായ ഹിംസയെ മാററി നിണക്കു സ്വസ്ഥതയും ലൊകപ്രസിദ്ധിയും വരുത്തി ഇരിക്കുന്ന ഇപ്പൊൾ നിണക്കു ഞാൻ ഒരു ഗൃഹം ചമെച്ചു വർദ്ധിപ്പിക്കും എന്നറിക. നീ വയസ്സു തികഞ്ഞ പിതാക്കന്മാരൊടു കൂട കിടക്കുമ്പൊൾ ഞാൻ നിൻെറ സന്തതിയെ ഉയർത്തി വാഴിക്കും. അവൻ എൻെറ നാമത്തിന്നു ഒരു ഭവനംപണിയിക്കും ഞാൻ അവൻെറ സിംഹാസന ത്തെ എന്നെക്കും സ്ഥാപിക്കും ഞാൻ അവന്നും അച്ഛന്നും അവൻ എനിക്കു പുത്ര നും ആകും അവൻ പിഴെച്ചാൽ ഞാൻ അവനെ മനുഷ്യപിതാവു പുത്രനെ എന്ന പൊലെ ശിക്ഷിക്കും ശൌലിൽ നിന്നു നീക്കിയപ്രകാരം അവങ്കൽനിന്നു എ ൻെറ കരുണ നീങ്ങുകയില്ല നിൻെറ ഗൃഹവും രാജ്യവും സിംഹാസനവും എന്നെ ക്കും സ്ഥിരമായിരിക്കും. എന്നിങ്ങിനെ എല്ലാം അറിയിച്ചപ്പൊൾ ദാവിദ യഹൊവാസന്നുഖത്തുചെന്നു പറഞ്ഞു യഹൊവായ കർത്താവെ നീ എന്നെ ഇത്രൊടം വരുത്തിയത് വിചാരിച്ചാൽ ഞാൻ ആർ എൻെറ ഗൃഹവും എന്തു ഇതു വും പൊരാഞ്ഞിട്ടു നീ അടിയൻെറ ഗൃഹത്തിന്നു ദീർഘകാലത്തിന്നായി വാ ഗ്ദത്തം ചെയ്തിരിക്കുന്നു ഉയരത്തിലെ ദൈവം ഈ ചട്ടം മാനുഷ്യമല്ലയൊ. ഇനി എന്തു അടിയനെ അറിയുന്നുവല്ലൊ നിൻെറ വചനം നിമിത്തം നീ ഈ വലി യത് എല്ലാം തിരുമനസ്സുപൊലെ അടിയനൊടു പ്രവൃത്തിച്ചു കല്പിച്ചും ഇരിക്കുന്നു. ആകയാൽ നീ മാത്രം വലിയവൻ നീ അല്ലാതെ ഒരു ദൈവവും ഇല്ല നിൻെറ ജനമായ ഇസ്രയെലെ പൊലെ ഭൂമിയിൽ എതൊരു ജാതിഉള്ള അവരെമാത്രം നീ അത്ഭുതമായി വീണ്ടെടുത്തു എന്നെന്നെക്കും നിൻെറ പ്രജകൂം ആക്കി അവർക്കു ദൈവമായ്ചമഞ്ഞിരിക്കുന്നു. എന്നാൽ അടിയനെയും എൻ

ഗൃഹത്തെയും കുറിച്ചു അരുളിച്ചെയ്ത വാക്കു നിത്യം ഒപ്പിച്ചു കല്പിച്ചപ്രകാരം തന്നെ ചെയ്യേണമെ. സൈന്യങ്ങളുടയ യഹൊവ ഇസ്രയെൽ ദൈവമാകുന്നു എന്നു പറഞ്ഞുകൊണ്ടു പാന്തക്കവെണ്ണം തിരുനാമത്തിന്നു യശസ്സുവരുത്തേണമെ. അടിയന്നു ഗൃഹം എടുപ്പിക്കും എന്നഅരുളിച്ചെയ്തതിനാൽ ഞാൻ ഇവ്വണ്ണം പ്രാർത്ഥിപ്പാൻ തുനിഞ്ഞിരിക്കുന്നു. ആകയാൽ വാഗ്ദത്തപ്രകാരം അടിയന്റെ ഗൃഹത്തെ എന്നെക്കും നിന്റെ സന്നിധിയിൽ സ്ഥിരീകരിച്ചനുഗ്രഹിക്കേണമെ. യഹൊവെ നീ അനുഗ്രഹിക്കുന്നവൻ നിത്യാനുഗ്രഹമുള്ളവനല്ലൊ ആകുന്നു.

എന്നിങ്ങിനെ പലവിധമായി ദൈവം ദാവിദിനൊടു സത്യം ചെയ്തതിന്റെ പുത്രനെപൊലെ സ്നേഹിച്ചു ഭാവിയെ അറിയിക്കയും ചെയ്തു. അതിന്റെ കാരണം ദാവിദും സന്തതിയും പാപമുള്ള മനുഷ്യർ ആകകൊണ്ടു ദെവജാതിയെ രക്ഷിപ്പാൻ പൊരാത്തവരത്രെ. ആകിലും യഹൂദഗൊത്രത്തിൽ നിന്നുവരെണ്ടുന്ന രക്ഷിതാവ് ഈദാവിൽ കുടുംബത്തിൽ അവതരിക്കും എന്നും അവൻ ദാവിദെപൊലെ കഷ്ടങ്ങളുടെ വഴിയായി മഹത്വത്തിൽ കടക്കും എന്നും ചിയൊനിൽനിന്നു സകലജാതികൾക്കും ദെവജ്ഞാനം ഉണ്ടാകും എന്നും ഈ മഹാദാവിദ്യൻ ദൈവത്തിന്റെ പുത്രനും വലത്തുഭാഗത്തിരിക്കുന്ന ആചാര്യനും സർവ്വജയവർദ്ധനമുള്ളരാജാവും ആകും എന്നും ദെവാത്മാവ് കൂടക്കൂടെ ദാവിദിനെ കാണിക്കയാൽ ലൊകസങ്കടങ്ങളെ പൊറുപ്പിക്കുന്ന ആശ്വാസം വെണ്ടുവൊളം ഉണ്ടായ്വന്നു.

5. ദാവിദ്രാജ്യത്തിന്നു സ്ഥിരതവരുത്തിയതു

അക്കാലത്തിൽ അമ്മൊന്യരാജാവ് മരിച്ചപ്പൊൾ ദാവിദ അവന്റെ അനന്ത്രവനൊടു ആശ്വാസവാക്കുകളെ പറയെണ്ടതിന്നു ദൂതരെ അയച്ചു. ആയവരെ അമ്മൊന്യർ ഒറ്റുകാർ എന്നു വിചാരിച്ചു മുഖരൊമങ്ങളെ പാതി ചിരപ്പിച്ചു നിന്ദിച്ചയച്ചപ്പൊൾ ദാവിദിന്റെ കൊപം വിചാരിച്ചു 12000 സുറിയാണികളെ മാസപ്പടിക്കു എടുത്തു പടെക്കു ഒരുമ്പെട്ടകയും ചെയ്തു. ദാവിദ മുമ്പെ ജയിച്ചു പല മാറാന്മാരും മത്സരം വിചാരിച്ചു തുടങ്ങി.

അന്നു മശീഹയുടെ ജയങ്ങളെ ആത്മാവിൽ കണ്ടു വർണ്ണിച്ചിതു. യഹൊവെക്കും അവന്റെ അഭിഷിക്തന്നും നെരെ ജാതികൾ വ്യർത്ഥകാര്യം ചിന്തിച്ചു കലഹിച്ചു ഭൂപതിമാർ ഉയർന്നു കൂടി നിശ്ചയിച്ചു പൊകുന്നത് എന്തു. ഇവരുടെ കെട്ടുകളെ നാം പൊട്ടിച്ചു ചംങുമ്പകളെ തള്ളുക എന്നതു കെട്ടുസാഗ്രവാസി പരിഹസിച്ചു കൊപിച്ചു അവരൊടു എന്റെ പുണ്യപർവ്വതമായ ചിയൊന്റെ മെൽ ഞാൻ എന്റെ രാജാവെ അഭിഷെകം ചെയ്തിരിക്കുന്നു സത്യം എന്നു സംസാരിച്ചു ഭ്രമിപ്പിക്കും. യഹൊവ എന്നൊടരുളിചെയ്ത തീർപ്പിനെ അറിയിക്കട്ടെ നീ എന്റെ പുത്രൻ ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചു എന്നൊടു ചൊദിക്ക എന്നാൽ വംശങ്ങളെയും ഭ്രമിയുടെ അറ്റങ്ങളെയും നിണക്കു അവകാശമാക്കി തരും നീ ഇരിമ്പുകൊൽകൊണ്ടു അവരെ കുശവകുടങ്ങളെ പൊലെ തകൎത്തുഴുളിക്കും. എന്നതുകൊണ്ടു അരചന്മാരായുള്ളൊരെ പ്രബുദ്ധരായി ഉപദെശത്തിന്നു ഇടം കൊടുപ്പിൻ. യഹൊവയെ ശങ്കിച്ചു സെവിപ്പിൻ പുത്രന്റെ കൊപത്താൽ നശിക്കാതെ ഇരിക്കെണ്ടതിന്നു അവരെ ചുംബിപ്പിൻ അവന്റെ കൊപം വെഗത്തിൽ ജ്വലിക്കും അവനിൽ ആശ്രയിക്കുന്നവർ എല്ലാവരും ധന്യന്മാർ (സ. 2.)

ആ ശത്രുക്കളെ കൊള്ളെ ദാവിദ യൊവാബെനിയൊഗിച്ചയച്ചപ്പൊൾ അമ്മൊൻ നഗരത്തിന്റെ മുമ്പിൽ അമ്മൊന്യ പട്ടാളവും രണ്ടുപുറവും സുറിയാണികളും നിന്നു പടകയറിയാറെ യൊവാബ തെരിഞ്ഞ ശൂരന്മാരൊടു കൂട സുറിയാണികളൊടു എറ്റു അബിശായി എന്ന സഹൊദരനെ അമ്മൊന്യരെ കൊള്ളെ പട എല്പിച്ചു നമ്മുടെ ജനത്തിന്നും ദെവപട്ടണങ്ങൾക്കും വെണ്ടി നാം ഉറെച്ചുനിന്നു തമ്മിൽ സഹായിക്കട്ടെ യഹൊവ തനിക്കിഷ്ടമുള്ളതിനെ ചെയ്ക എന്നു പറഞ്ഞു പൊരുതു സുറിയാണികളെ മുടക്കി മണ്ടിച്ചപ്പൊൾ അമ്മൊന്യരും പിൻ

വാങ്ങി പട്ടണത്തിൽ ഓടി പാത്തു യൊവാബ യരുശലെമിലെക്ക് മടങ്ങിചെ ല്ലുകയും ചെയ്തു. ആ അപജയം വിചാരിച്ചു സൂരിയാണി രാജാക്കന്മാരും പ്രാത്തി ണക്കരയുള്ളവരും ക്രുദ്ധിച്ചു എറിയ ഇടപ്രഭുക്കന്മാരൊടുകൂടി പടെക്കവട്ടം കൂട്ടുക യും ചെയ്തു.

ആ യുദ്ധകാലത്തിൽ ആയിരിക്കും അസാഫ പാടിയതു (സ. 83) യ ഹൊവെ നിന്നെറ ആശ്രീതന്മാരുടെ നെരെ മാററാന്മാർ തല ഉയത്തി ഉപായം വിചാരിച്ചു ഇവരെ ജാതികളിൽ നിന്നു ചൊദിച്ചു ഇസ്രയെൽ എന്ന പെർ ഇ നി കെൾക്കാതെ ആക്കികളയട്ടെ എന്നു ആലൊചിച്ചിരിക്കുന്നു. ലൊത്യരൊടു കൂട എദൊം ഇശ്മയൽ അമലെക്യരും ഗുരുഫലിഷ്ടരും അശ്ശരും കൂടി ചെർന്നി രിക്കുന്നു. നാം ദെവവാസ സ്ഥലങ്ങളെ പിടിക്കട്ടെ എന്നു പറയുന്നവരെ എല്ലാം ദവാണി പൊലെ ആക്കി കൊടുങ്കാററിനാൽ പാറെണമെ യഹൊവെ നിന്നെറ നാമം മാത്രം സർവ്വതിന്നും മെല്പട്ടത് എന്നു അവർ അറിഞ്ഞു നിന്നെറ നാമത്തെ അന്വെഷിപ്പാന്തക്കവണ്ണം നീ അവർക്കു നാണം വരുത്തെണമെ.

ദെവസഹായത്താൽ ആഭയകാലം വെഗം മാറി ദാവിദപ്രജകളുടെ പ്രാ ത്ഥനകളൊടും കൂട സൈന്യങ്ങളെ പുറപ്പെടുവിക്കയും ചെയ്തു. ക്ലെശദിവസ ത്തിൽ യഹൊവ നിന്നെ കെട്ട ചിയൊനിൽ നിന്നു തുണ എത്തിക്കെണമെ. നി ന്നെറ കാഴ്ചകളെ എല്ലാം ഒത്തു ഹൃദയവിചാരം പൊലെ നല്കി നിന്നെറ ആലൊ ചനയെ സാധിപ്പിക്കെണമെ. നമ്മുടെ ദെവനാമത്തിൽ നാം കൊടി ഉയത്തി നിന്നെറ ജയം നിമിത്തം ആനന്ദിച്ചാർക്കും അവർ രഥങ്ങളെയും ചിലർ കുതിര കളെയും പ്രശംസിക്കുന്നു ഞങ്ങളൊ വിളിക്കുന്ന ദിവസത്തിൽ കെൾക്കുന്ന യ ഹൊവയെ തന്നെ (സ. 20).

യർദ്ദനക്കര പൊർ ഉണ്ടായ ദിവസം ദാവിദ ജയിച്ചു സൂരിയ സൈന്യ ത്തെ സംഹരിക്കയും ചെയ്തു. അപ്പൊൾ രാജാക്കന്മാർ ഭയപ്പെട്ടു അമ്മൊന്യരെ വിട്ടു ദാവിദിനൊടു ഇണക്കം പറഞ്ഞു വളരെ കപ്പം കൊടുക്കയും ചെയ്തു.

6. ദാവിദിന്റെ അപരാധം

പിറെറ വർഷത്തിൽ അമ്മൊൻ നഗരം പിടിക്കെണ്ടതിന്നു രാജാവ് യൊവബിനെ നിയൊഗിച്ചു താൻ യരുശലെമിൽ തന്നെ താമസിച്ചു. അക്കാ ലം സന്ധ്യാ സമയം മാളികമെലെ സഞ്ചരിച്ചപ്പൊൾ ഒരു സുന്ദരി സ്ത്രീ കുളിക്കു ന്നതിനെ കണ്ടു ഉറിയാ എന്ന വീരന്റെ ഭാര്യയായ ബത്ശബ എന്നു കെട്ടാറെ യും അവളെ വരുത്തി അപരാധിച്ചയക്കയും ചെയ്തു. കുറയകാലം കഴിഞ്ഞാറെ അവൾ രാജാവെ തന്നെ ഗർഭിണി എന്നറിയിച്ചപ്പൊൾ രാജാവ് വളരെ ഭയപ്പെ ട്ടു പാളയത്തിൽനിന്നു അവളുടെ ഭർത്താവെ വരുത്തി യുദ്ധവർത്തമാനങ്ങളെ താ ല്പര്യമായി അന്വെഷിച്ചറിഞ്ഞു സമ്മാനിച്ചു 2 ദിവസം താമസിപ്പിച്ചു എങ്കി ലും അവൻ സ്വഗൃഹത്തിൽ പൊയില്ല ഭാര്യയെ കണ്ടതും ഇല്ല. അതിന്റെ കാര ണം ചൊദിച്ചപ്പൊൾ വീരൻ പറഞ്ഞു യൊവാബും രാജഭൃന്മാർ എല്ലാവരും കൂടാരങ്ങളിൽ പാത്തു നിലത്തുകിടന്നുറങ്ങി വരുന്നു ഞാൻ ഗൃഹസൌഖ്യം അനുഭ വിക്കണമൊ രാജജീവനാണ ആയ്തു ചെയ്കയില്ല. എന്നാറെ രാജാവ് നാണിച്ചു പാളയത്തിലെക്ക മടക്കി അയച്ചു സെനാപതിക്കു ഇവൻ പടയിൽ പട്ടുപൊകെ ണ്ടതിന്ന സംഗതി വരുത്തെണം എന്നു എഴുതി ഉറിയയുടെ കൈയിൽതന്നെ കൊടുത്തയച്ചു. യൊവാബാ അതിനെ വായിച്ചാറെ പ്രസാദിച്ചു നഗരത്തിലെ ശൂരന്മാരുടെ നെരെ ഉറിയയെ നിറുത്തി ഉണ്ടായ പൊരിൽ ചില യഹൂദരും ഉറിയയും മരിച്ചു ആയതു ധൂർത്തനായ സെനാപതി ഉടനെ രാജാവെ ബൊധിപ്പി ക്കയും ചെയ്തു. അതിനാൽ ദാവിദ ഒട്ടും വിഷാദിക്കാതെ അങ്ങിനെ തന്നെയു ദ്ധധർമ്മം മടിക്കാതെ പൊരുതു കൊട്ട ഇടിച്ചു കളക എന്നു പറയിച്ചു വിധവയു ടെ ഖെദകാലം കഴിഞ്ഞപ്പൊൾ കൊയിലകത്തു വരുത്തി ഭാര്യയാക്കി അവ ളിൽ പുത്രൻ ജനിക്കയും ചെയ്തു.

അതിനാൽ യഹൊവെക്ക് വളരെ അനിഷ്ടം ജനിക്കയാൽ നാഥാൻ പ്രവാചകനെ ദാവിദിന്റെ അടുക്കൽ അയച്ചു. ആയവൻ വന്നു പറഞ്ഞത് ഒരു പട്ടണത്തിൽ 2 മനുഷ്യർ ഉണ്ടു അതിൽ ഒരുത്തൻ ധനവാൻ മറെറാരുത്തൻ എത്രയും ദരിദ്രൻ അവൻ ഒരു കുഞ്ഞാടിനെകൊണ്ടു വളത്തി തന്നൊടു കൂട ഭക്ഷിച്ചുകുടിച്ചു മകളെന്നപൊലെ തന്റെ മടിയിൽ ഉറങ്ങുമാറാക്കി. ഒരു ദിവസം ധനവാന്റെ വീട്ടിൽ ഒരു വഴിപൊക്കൻ വന്നപ്പൊൾ തന്റെ ആടുമാടുകളിൽ ഒന്നും എടുപ്പാൻ മനസ്സാകാതെ ദരിദ്രന്റെ കുഞ്ഞാടിനെ പിടിച്ചുരുത്തു പാകം ചെയ്തു. എന്നു കെട്ടപ്പൊൾ രാജാവ് ക്രുദ്ധിച്ചു യഹൊവാ ജീവനാണ ഇതു ചെയ്തവൻ മരണയൊഗ്യൻ എന്നു പറഞ്ഞു. ഉടനെ പ്രവാചകൻ ആ പുരുഷൻ നീ തന്നെ ഇസ്രയെൽ ദൈവമായ യഹൊവയുടെ അരുളപ്പാടാവതു ഞാൻ നിന്നെ രാജാവാക്കി അഭിഷെകം ചെയ്തു ശൌലിന്റെ കൈയിൽ നിന്നു വിടുവിച്ചു രാജസ്ത്രീകളെയും സകല ഇസ്രയെലിനെയും നിണക്കു ദാനം ചെയ്തു ആയ്തപൊരാ എങ്കിൽ അധികവും തരുമായിരുന്നുവല്ലൊ. എന്നാൽ യഹൊവ കല്പനയെ നീ നിരസിച്ചതു എന്തു. ഹിത്യനായ ഉറിയായെ നീ അമ്മൊന്യവാൾകൊണ്ടു കൊന്നു അവന്റെ ഭാര്യയെയും എടുത്തുവല്ലൊ. ആകയാൽ നീ എന്നെ നിന്ദിക്കകൊണ്ടുവാൾ നിന്റെ ഗൃഹത്തിൽ നിന്നു വിടാതെ വെട്ടം നിന്റെ ഭാര്യമാരെ മറൊരുത്തൻ വെട്ടാ വെളിച്ചത്തുവെച്ചു അപരാധിക്കയും ചെയ്യും ഈ കാര്യം നീ രഹസ്യമായി ചെയ്തു ഞാൻ സൂര്യന്മുമ്പാകെയും സകല ഇസ്രയെൽ മുമ്പാകെയും ചെയ്യിക്കും എന്നു അറിയിച്ചു. അപ്പൊൾ ദാവിദ ഞാൻ യഹൊവെക്ക വിരൊധമായി പാപം ചെയ്തു എന്നു പറഞ്ഞു നാഥാനും യഹൊവ ഈ പാപത്തെ ക്ഷമിച്ചിരിക്കുന്നു നീ മരിക്ക ഇല്ല എങ്കിലും യഹൊവാശത്രുക്കൾ ദുഷിപ്പാനായി വലിയ സംഗതി ഉണ്ടാക്കിയതുകൊണ്ടു നിന്റെ പൈതൽ മരിക്കും എന്നു പറഞ്ഞു പൊകയും ചെയ്തു.

അനന്തരം യഹൊവ കുഞ്ഞനെ ബാധിച്ചു ദാവിദ രാപ്പകൽ ഉപവസിച്ചു പ്രാർത്ഥിച്ചു നിലത്തു ശയിച്ചു ആശ്വാസവാക്കുകളും ഒന്നും അനുസരിക്കാതെ ഇരുന്നു. എഴാം ദിവസം സെവകന്മാർ ഭ്രമിച്ചു തമ്മിൽ മന്ത്രിക്കുന്നതിനെ കെട്ടു ചൊദിച്ചാറെ പൈതൽ മരിച്ചു എന്നു കെട്ട ഉടനെ എഴുനീറു തെച്ചുകുളിച്ചു യഹൊവാലയത്തിൽ ചെന്നു വന്ദിച്ചു ഭക്ഷണം കഴിക്കയും ചെയ്തു. അതിനാൽ അതിശയം തൊന്നിയപ്പൊൾ കുട്ടിക്കു ജീവനുള്ള സമയം യഹൊവ എന്റെ കരച്ചൽ അനുസരിക്കും എന്നു വിചാരിച്ചിരുന്നു ഇപ്പൊൾ മരിച്ചിരിക്കെ എന്തിന്നു ഉപെക്ഷിക്കുന്നു അവനെ ജീവിപ്പിപ്പാൻ കഴിയുമൊ ഞാൻ അവനെ ചെരുകയില്ലാതെ അവൻ മടങ്ങി വരിക ഇല്ല എന്നു പറഞ്ഞു.

ദൈവമെ നിൻ ദയാപ്രകാരം എന്നൊടു കനിവുണ്ടാകെണമെ ആർദ്രവാത്സല്യത്തിന്റെ ബാഹുല്യപ്രകാരം എന്റെ അതിക്രമം മാച്ചുകളഞ്ഞു എന്നെ കഴുകി വെടിപ്പാക്കെണമെ ഞാൻ അറിയുന്നു എന്റെ ദ്രൊഹങ്ങളെയും എന്റെ പാപം നിത്യം എന്റെ മുമ്പാകെ ഇരിക്കുന്നു നിണക്കു മാത്രം വിരൊധമായി ഞാൻ പാപം ചെയ്തു അതാ അമ്മ എന്നെ പാപത്തിൽ ഗർഭം ധരിച്ചു അതിക്രമത്തിൽ ഞാൻ പിറന്നു എന്റെ പാപങ്ങളിൽ നിന്നു നിന്റെ മുഖം മറെച്ചു നീ ചതെച്ച അസ്ഥികളെ സന്തൊഷിപ്പിക്കെണമെ ശുദ്ധഹൃദയത്തെ സൃഷ്ടിച്ചു തന്നു എന്റെ ഉള്ളിൽ സ്ഥിരമുള്ള മനസ്സെ പുതുക്കി പരിശുദ്ധാത്മാവിനെ എന്നിൽ നിന്നു എടുക്കാതെ ഇരിക്കെണമെ മനഃപൂർവ്വമായ ആത്മാവു എന്നെ താങ്ങുമാറാകെണമെ. എന്നാൽ പാപികളെ നിന്കലെക്ക തിരിയെണ്ടതിന്നു ഞാൻ ലംഘിച്ചവരെ നിന്റെ വഴികളെ ഗ്രഹിപ്പിക്കും ബലികളും നിന്നെ പ്രാസാദിപ്പിക്കുന്നില്ല. ഇഷ്ടം എങ്കിൽ ഞാൻ തരാമല്ലൊ ദൈവബലികളും നുറുങ്ങിയ ആത്മാവ് തന്നെ. നുറുങ്ങിചതഞ്ഞുപൊയ ഹൃദയത്തെ ദൈവമെ നീ നിരസിക്കയില്ലല്ലൊ. നീ ചീയൊനൊടു കരുണ ചെയ്തു. യരുശലെം മതിലുകളെ എടുപ്പിക്കെണമെ (51. സ.)

ആരുടെ ദ്രൊഹം യഹൊവ ക്ഷമിച്ചു പാപം മറെച്ചു കുറ്റം കണക്കിടാതെ ഇരിക്കുന്നവൊ അവൻ ഭാഗ്യവാൻ. ഞാൻ മിണ്ടാതെ ഇരുന്നപ്പൊൾ നിന്റെ

കൈ എന്റെ മെൽ രാപ്പകൽ ഭാരമായ്വന്നതിനാൽ എന്റെ അസ്ഥികൾ ഞരക്കം കൊണ്ടു ക്ഷീണിച്ചു എന്റെ സാരം വെനൽ ചൂട്ടിൽ എന്ന പൊലെ വറണ്ടുപൊയി. എന്റെ പാപം നിന്നൊടു അറിയിക്കുന്ന എന്റെ കുറ്റം മറെക്കുന്നതും ഇല്ല യഹൊവെ ഞാൻ എന്റെ ദ്രൊഹം എറ്റ പറയും എന്ന വെച്ചപ്പൊൾ നീ എന്റെ അകൃത്യം ക്ഷമിച്ചു. ഞാൻ നിണക്ക ഉപദെശിച്ചു നടക്കെണ്ടുന്നവഴിയെ കാട്ടും എന്റെ കണ്ണുകൊണ്ടു നിന്നെ നൊക്കി മന്ത്രിക്കും എന്ന തന്നെ. അറിവില്ലാത കുതിരപൊലെയും കൊവർ കഴുതപൊലെയും അത്രെ നിങ്ങൾ ആകരുത് അടങ്ങിവരായ്കയാൽ അതിന്ന വാറും കടിഞ്ഞാണും ആഭരണം ആക്കി കെട്ടെണ്ടതു്. ദുഷ്ടന്ന വെദനകൾ എറും യഹൊവയിൽ ആശ്രയിക്കുന്നവനെ കരുണ ചുറ്റി കൊള്ളും (സങ്കീ. 30).

7. ദാവിദിന്റെ ഗൂഹക്ലെശം

അനന്തരം യഹൊവ ദാവിദിന്ന കല്പിച്ച ശിക്ഷകളെ നടത്തുവാൻ തുടങ്ങി. അവന്റെ പുത്രനായ അമ്മൊൻ രണ്ടാം ഭാര്യയിൽ ഉണ്ടായ സഹൊദരിയെ മൊഹിച്ച കൌശലത്താലെ വരുത്തി നിബ്ബ്ധിച്ച അപരാധിച്ച ശെഷം നീരസം തൊന്നി അവളെ ആട്ടി പുറത്താക്കിച്ചപ്പൊൾ അവളുടെ സഹൊദരനായ അബ്ശലൊം അവളുടെ ദുഃഖം കണ്ടു വൈരം മറെച്ചു 2 വർഷം കഴിഞ്ഞാറെ. രാജപുത്രൻമാരെ ഒക്കയും സല്ലരിപ്പാൻ വരുത്തി ഭക്ഷണത്തിന്നിടയിൽ അമ്മൊനെ കൊല്ലിക്കയും ചെയ്തു. രാജപുത്രന്മാരെ അശെഷം കൊന്ന എന്ന ശ്രുതി ഉണ്ടായപ്പൊൾ രാജാവ് വസ്ത്രം കീറി ദുഃഖിച്ചു നിലത്തു വീണപ്പൊൾ പുത്രൻമാർ ബദ്ധപ്പെട്ടു മടങ്ങിവന്ന രാജാവും മറും ഒക്കത്തക്ക കരകയും ചെയ്തു. അബ്ശലൊം ഒടി പരദെശത്തിൽ 3 വർഷം താമസിച്ചു.

പിന്നെ രാജഹൃദയം അബ്ശലൊമിങ്കൽ വളരെ സഞ്ജിച്ചിരിക്കുന്ന എങ്കിലും കുലപാതകിയെ കൊല്ലെണം എന്ന ദെവകല്പനയെ ശങ്കിച്ചു മടിച്ചിരിക്കും കാലം. യൊവാബ ഒരുപായം വിചാരിച്ചു ബുദ്ധിമതിയായ ഒരു സ്ത്രീയെ കൊണ്ടു കൊപശാന്തിക്കായി ഒരു ഉപമ പറയിച്ചു ദൈവം മരണത്തിൽ സന്തൊഷിക്കാതെ ഭ്രഷ്ടരെ ചെർത്തുകൊള്ളുന്ന ആർദ്രതയെ ഒപ്പിച്ചതിനാൽ. അബ്ശലൊമിനെ വരുത്തുവാൻ അനുവാദം വാങ്ങി താൻ പൊയി യരുശലെമിലെക്ക കൊണ്ടുവരികയും ചെയ്തു. എന്നാറെയും രാജാവ് അവൻ എൻ മുഖം കാണരുത് തന്റെ വീട്ടിൽ പാർക്കെണമെന്നരച്ചു അബ്ശലൊം 2വർഷം പാർത്തു താമസം സഹിയാഞ്ഞു യൊവാബൊടു പറഞ്ഞു. പരദെശത്തു നിന്ന വന്നത് എന്തിന്ന എനിക്ക രാജമുഖം കാണെണം എന്നിൽ കുറ്റം ഉണ്ടെങ്കിൽ രാജാവ് കൊല്ലട്ടെ എന്ന ഖണ്ഡിച്ചു പറഞ്ഞപ്പൊൾ യൊവാബ ദാവിദിനെ ഉണർത്തിച്ചു അവൻ പുത്രനെ വിളിച്ചു ചുംബിക്കയും ചെയ്തു.

അബ്ശലൊമെന്നപൊലെ ഇസ്രയെലിൽ ഒരു സുന്ദരൻ ഉണ്ടായില്ല കെശത്തിന്റെ ദീർഘപുഷ്ടികൾ നിമിത്തവും ശൃംഗാരനിമിത്തവും എല്ലാവരും വർണ്ണിച്ചവരുമ്പൊൾ അവൻ തന്റെ പിതാവും ആചരിക്കാത്ത തെർകുതിര അകമ്പടിക്കാർ മുതലായ രാജസംദീക്ഷിച്ചു രാവിലെ പട്ടണവാതുക്കൽ ഇരുന്ന വ്യവഹാരത്തിന്നായി രാജസഭയിങ്കൽ ചെല്ലുന്നവരെ വിളിച്ചു സംസാരിച്ചും തന്നെ വന്ദിക്കുന്നവരെ ആശ്ലെഷിച്ചും ചുംബിച്ചും അയ്യൊ നിന്റെ കാര്യം എത്രയും സത്യമുള്ളത് എങ്കിലും അങ്ങു നിന്റെ വാക്ക് എട്ടുക്കയില്ല ഞാൻ ന്യായാധിപതിയായാൽ എത്ര നല്ലവണ്ണം നെരും ന്യായവും നടത്തും എന്നും മറും മൊഹനവാക്കുകളെ പറഞ്ഞും സന്തൊഷിപ്പിച്ചു സകലജനത്തെയും രഞ്ജിപ്പിച്ചുപൊന്നു.

8. അബ്ശലൊമിന്റെ മത്സരം

ഒരു ദിവസം അബ്ശലൊം രാജാവെ ചെന്നുകണ്ടു ഞാൻ പരദെശത്തു പാർക്കുമ്പൊൾ യഹൊവെക്ക് ഒരു നെർച്ച നെർന്നിരുന്നു ആയതു ഹെബ്രൊനിൽപൊയി കഴിക്കട്ടെ എന്നു അപെക്ഷിച്ചു കല്പനവാങ്ങി ബത്തശബയുടെ പിതാമഹനും പ്രധാനമന്ത്രിയുമായ അഹിതൊഫലിനെ മറും കൂട്ടികൊണ്ടു സകലഗൊത്രങ്ങളിലും ദൂതരെ അയച്ചുതന്നെ രാജാവാക്കെണ്ടതിന്നു ആളെ ശെഖരിക്കയും ചെയ്തു.

പ്രജകളും മിക്കവാറും അബ്ശലൊമിന്റെ സ്വാധീനക്കാരായി എന്നു രാജാവറിഞ്ഞു വിശ്വസ്തന്മാരൊടു ഇനി വൈകാതെ ഒടിപൊകെണം പട്ടണത്തിന്നു യുദ്ധവിനാശമരുത് എന്നു കല്പിച്ചു പത്തു സ്ത്രീകളെ കൊയില്ലുൽ പാർപ്പിച്ചു അകമ്പടിക്കാർ മുതലായവരെയും അണിനിരുത്തി പുറപ്പെട്ടു. അവരിൽവെച്ചു ഗാഥിൽനിന്നു അറുന്നൂറു ഫലിഷ്ടചെകവരെ വരുത്തിയ ഇത്ഥായെ കണ്ടപ്പൊൾ നീ പരദെശിയല്ലൊ എന്തിന്നു കൂടെ പൊന്നഴലുന്നു സ്നെഹത്തൊടെ മടങ്ങിപൊക ഞാൻ പൊകുന്നതിലെക്ക് പൊകുന്നു. എന്നു കെട്ടാറെ ഇത്ഥായി യഹൊവാജീവനാണ എന്റെ രാജാവ് ജീവിച്ചൊ മരിച്ചൊ ഇരിക്കുന്നടിക്കിൽ അടിയനും ഇരിക്കും എന്നു പറഞ്ഞു ഉരെച്ചുപാത്തു. കാണികളും ഒക്ക കരഞ്ഞുനില്ക്കെ രാജാവു കിദ്രൊൻതൊടു കടന്നാറെ ചദൊക് മുതലായ ലെവ്യർ സാക്ഷിപ്പെട്ടകം എടുത്തുകൊണ്ടുവരുന്നതിനെ കണ്ടപ്പൊൾ ഉടനെ പട്ടണത്തിലെക്ക മടങ്ങിചെല്ലുവിൻ യഹൊവാകരുണ ഉണ്ടെങ്കിൽ അവൻ എന്നെ തിരികെ വരുത്തി തന്നെയും തന്റെ ആലയവും കാണ്മാറാക്കി., അല്ല അവൻ നിന്നിൽ എനിക്ക പ്രസാദം ഇല്ല എന്നു കല്പിച്ചാൽ അവന്റെ മനസ്സുപൊലെ ആകട്ടെ എന്നു പറഞ്ഞു പെട്ടകത്തെയും ആചാര്യരെയും പട്ടണത്തിൽ നില്പിച്ചു. താൻ ചെരിപ്പൂരി തലപുതെച്ചു കരഞ്ഞു ഒലിവ മലയെ കയറി യാത്രയായി. അതിതൊഫലും അബ്ശലൊമിന്റെ ദ്രൊഹത്തിൽ കൂടി എന്നു കെട്ടാറെ അയ്യൊ ഞാൻ വിശ്വസിച്ചിട്ട എന്റെ അന്നം ഉണ്ട തൊഴനും എന്റെ നെരെ കുതികാൽ ഒങ്ങുന്ന യഹൊവെ അഹിതൊഫലിന്റെ കൌശലം നിസ്സാരമാക്കെണമെ എന്നു പ്രാത്ഥിച്ചു.

ദൈവമെ എന്റെ പ്രാത്ഥന ചെവികൊള്ളെണമെ മരണഭീതികൾ എന്റെ മെൽ വീഴുന്നു എനിക്ക പ്രാവിൻ ചിറകുണ്ടായാൽ കൊള്ളാം എന്നാൽ വെഗത്തിൽ തെറിപറന്നു കാട്ടിൽ സ്വസ്ഥത കാണും. കൎത്താവെ ശത്രുക്കളുടെ നാവുകളെ പിരിക്കെണമെ ഞാൻ പട്ടണത്തിൽ ബലാല്കാരവും കലശലും കാണുന്നു രാപ്പകൽ അവർ മതിലുകളിൽ ചുഴന്നു നടക്കുന്നു ഉള്ളിൽ ചതിയും നാശവും ഉണ്ടു. ശത്രു നിന്ദിച്ചാൽ സഹിക്കാം പകയൻ ഞെളിഞ്ഞാൽ ഒളിക്കാം അവരെ അല്ല എന്റെ ഇണയും പരിചയം പൂണ്ട തൊഴനും ആയനിന്നെ തന്നെ അയ്യൊ നാം ഒന്നിച്ചിരുന്നു മധുരമായി സംസാരിച്ചതും കൂട്ടത്തിൽ ദൈവാലയത്തെക്ക നടന്നതും ഒർക്കുന്നു. യഹൊവ കെട്ട അവരെ താഴ്ത്തും അവർ ചങ്ങാതികളെ ദ്രൊഹിച്ചു നിയമംലംഘിക്കുന്നു. വായി വെണ്ണയും ഹൃദയം പടയും ആകുന്നു. വാക്കുനെല്ല എങ്കിലും ഒങ്ങിയവാൾക്ക ഒത്തതു ഇങ്ങിനെ രക്തപ്രിയധൂർത്തന്മാർ പാതിയൊളം ആയുസ്സുതികെക്ക ഇല്ല ഞാനൊ യഹൊവെ നിന്നിൽ ആശ്രയിക്കുന്നു (55. സ)

അന്നു വഴിയിൽ വെച്ചു വയസ്സെറിയ ഹുശെയെന്ന മന്ത്രി വന്നു എതിരെറപ്പൊൾ ദാവിദ അവനൊടു നീ കൂടെ പൊന്നാൽ എനിക്ക ഭാരം ആകും അബ്ശലൊമൊടു ചെർന്നു സ്വാധീനക്കാരനായി നടിച്ചാൽ അതിതൊഫലിന്റെ ദുർമ്മന്ത്രണത്തെ നിഷ്ഫലമാക്കാം ആചാര്യ പുത്രരെ അയച്ചു വർത്തമാനങ്ങളെ അറിയിക്കെണമെ എന്നു കല്പിച്ചു അവനെയും പട്ടണത്തിലെക്കയച്ചു താൻ പിന്നെയും സഞ്ചരിച്ചു അന്നു ബിന്യാമിൻ നാട്ടിൽ കൂടി ചെല്ലുമ്പൊൾ ശൌലിന്റെ ബന്ധുവായ ശിമയി എന്ന ഒരു പ്രഭു ദാവിദെ കണ്ടു കല്ലെറിഞ്ഞു

പൊ പൊ രക്ത പുരുഷ യഹൊവ ഇപ്പൊഴെ ശൌലിന്നായി പ്രതിക്രിയ ചെയ്യുന്ന നീ ആപത്തിൽ ആയി ന്യായം എന്ന വിളിച്ചു ശപിച്ചു നിന്ദിച്ചപ്പൊഴെ രാജാവ് സ്നേഹിതന്മാരുടെ കൊപത്തെ അടക്കി. ഇവൻ ശപിക്കട്ടെ യഹൊവാ അവനെ അതിന്നു നിയൊഗിച്ചിട്ടുണ്ടായിരിക്കും പുത്രൻ എന്നെ കൊല്ലുവാൻ തെടുമ്പൊഴെ ഈ ബിന്യമിന്യൻ എത്ര അധികം പക്ഷെ യഹൊവ എന്റെ താഴ്ചയെ വിചാരിച്ചു ഇന്നത്തെ ശാപത്തിന്നു പകരം ഗ്രണം വരുത്തും എന്നു പറഞ്ഞു ശിമയി ചരലും പൂഴിയും ചൊരിഞ്ഞു വരുന്ന പർവ്വത പാശ്ചത്തിൽ കൂടി ദാവിദ ഇറങ്ങി ക്ഷീണിച്ചു യരിഖൊ മൈദാനയിൽ രാത്രി പാർക്കയും ചെയ്തു.

ദുഷ്ടൻ എന്റെ മുമ്പാകെ ഇരിക്കുവൊളം ഞാൻ നാവുകൊണ്ടു പിഴക്കാതെ ഇരിപ്പാൻ എൻ വായിനെ കടിഞ്ഞാൺ ഇട്ടു അടക്കട്ടെ എന്നു വെച്ചു ഞാൻ ഉരിയാടാതെ മൌനമായിരുന്നു എന്റെ ഉള്ളിൽ ഹൃദയം കത്തി ഇരിക്കയാൽ ഞാൻ പറഞ്ഞു യഹൊവയെ എന്റെ അന്ത്യവും ദിവസങ്ങളുടെ അളവും എന്നെ അറിയിക്കണമെ മർത്യൻ മായാ നിഴൽ പൊലെ സഞ്ചരിച്ചു നശ്വരമായതിനെ തെടുന്നു ഞാനൊ കർത്താവെ എന്തിന്നു ആശിക്കുന്നു എന്റെ ആശാബന്ധം നിന്നിൽ ആകുന്നു. എന്റെ സകല ലംഘനങ്ങളിൽ നിന്നും എന്നെ വിടുവിക്കണമെ മൂഢന്നു പരിഹാസമാക്കിവെക്കൊല്ലാ എങ്കിലും ഞാൻ വായി തുറക്കുന്നില്ല നീ അതിനെ ചെയ്തുവല്ലൊ എന്റെ കണ്ണീരിന്നു മിണ്ടാതെ ഇരിക്കരുതെ ഞാൻ എന്റെ സകല പിതാക്കന്മാരെ പൊലെ നിന്നൊടു വഴി പൊക്കനും പരദെശിയുമാകുന്നു. ഞാൻ കഴിഞ്ഞു പൊകും മുമ്പെ പ്രസാദിക്കെണ്ടതിന്നു നിന്തിരു നൊക്കു ആറി വരെണമെ (39).

പിന്നെ അബ്ശലൊം വകക്കാർ നെരും ന്യായവും എത്രയും മറിച്ചു വെക്കും എന്നു വിചാരിച്ചു ദുഃഖിച്ചു. മൌനമാക്കി പൊയ ന്യായത്തെ നിങ്ങൾ ഇപ്പൊഴെ നടത്തി മനുഷ്യപുത്രന്മാരെ നെരൊടെ വിസ്തരിക്കുന്നുവൊ അല്ല നിങ്ങൾ ഹൃദയത്തിൽ വക്രത നിർമ്മിക്കുന്നു ഭ്രമിയിൽ നിങ്ങളുടെ കൈകളുടെ സാഹസത്തെ തൂക്കി കൊടുക്കുന്നു. ദുഷ്ടന്മാർ ഗർഭം മുതൽ മാറി തെറ്റി കള്ളം പറയുന്നവർ ജനിച്ചതു മുതൽ വഴി വിട്ടു ഭ്രമിച്ചു കെട്ടുകെട്ടുവാൻ വിദഗ്ധൻ എങ്കിലും മന്ത്രക്കാരുടെ ശബ്ദത്തെ കെൾക്കാതവണ്ണം ചെവി അടെച്ച പൊട്ട അണലി പൊലെ ദൈവമെ അവരുടെ പല്ലുകളെ തകർക്കെണമെ. അവൻ ചാപ്പിള്ള പൊലെ കാണരുതെ ആ പ്രതിക്രിയയെ കാൺകയാൽ നീതിമാൻ ആനന്ദിച്ചു ഭ്രമിയിൽ ന്യായം വിസ്തരിക്കുന്ന ദൈവം ഉണ്ടു സത്യം എന്നു പറയും. (സ.58).

9. അഹിതൊഫലിന്റെ കൌശലം അലസി പൊയ്തു

അന്നു തന്നെ അബ്ശലൊം മന്ത്രികളും മുതലായവരൊടു കൂട യരുശലെമിൽ എത്തിയപ്പൊഴെ ദാവിദിന്റെ സ്നേഹിതനായ ഹൂശയി അബ്ശലൊമെ ചെന്നു കണ്ടു ജയ ജയ എന്നു വിളിച്ചാറെ ഇളയരാജാ നീ തൊഴന്റെ കൂടെ എന്തു പൊകാതിരുന്നു എന്നു ചൊദിച്ചപ്പൊഴെ ഹൂശായി അങ്ങിനെ അല്ല യഹൊവെക്കും ഇസ്രയെല്ലും തെളിഞ്ഞവന്റെ കൂടെ അത്രെ ഞാൻ പാർക്കും പിതാവെ സെവിച്ചതുപൊലെ പുത്രനെയും സെവിക്കും എന്നു പറഞ്ഞു അബ്ശലൊമൊടു കൂട നില്ക്കയും ചെയ്തു ഇപ്പൊഴെ എന്തു വെണം എന്നു ചൊദിച്ചാറെ സൎവ്വജ്ഞൻ എന്നു ലൊക പ്രസിദ്ധി വന്ന അഹിതൊഫൻ മന്ത്രിച്ചു പിതാവിന്റെ സ്ത്രീകളെ പുല്ലി അമ്മനൊടു ഒരിക്കലും ഇണങ്ങാത പ്രകാരം പരസ്യമാക്കെണ്ടു. എന്നതു കെട്ടു അബ്ശലൊം അവ്വണ്ണം മാളിക മുകളിൽ നിന്നു അനുഷ്ഠിച്ചു. അതിന്നു വട്ടം കൂട്ടുമ്പൊഴെ തന്നെ അഹിതൊഫൻ മറ്റു കൌശലങ്ങളെയും വിചാരിച്ചു.

അന്നു ദാവിദിന്റെ പ്രാൎത്ഥന എന്റെ സങ്കീൎത്തനത്തിന്റെ ദൈവമെ മൌനമായിരിക്കരുതെ ദുഷ്ടന്റെ വായി എന്റെ നെരെ തുറന്നിരിക്കുന്നു കാരണം

ക്കുടാതെ എന്നൊട്ട പൊരാട്ടന്ന എന്റെ സ്നേഹത്തിന്നുപകരം അവർ ദ്വെഷ്യത്തെ കാണിക്കുന്ന ഞാനൊ പ്രാത്ഥനമാത്രം ആകുന്ന അവന്ന വിധിപ്പാൻ ഒരു ദുഷ്ടനെ ആക്കെണമെ വലഭാഗത്ത് വാദി നില്ക്കട്ടെ വിസ്തരിക്കുമ്പൊൾ അവന്റെ കുറ്റം തെളിയട്ടെ അവന്റെ പ്രാത്ഥനയും പാപമായ്തീരട്ടെ അവന്റെ നാളുകൾ ചുരുക്കമാക അവന്റെ സ്ഥാനത്തെ മറൊരുവൻ എല്ക്കട്ടെ. കാരണം അവൻ കരുണ ചെയ്വാൻ ഒക്കാതെ എളിയവനെയും ദരിദ്രനെയും പീഡിപ്പിച്ചു നുറുങ്ങിയ ഹൃദയമുള്ളവനെ കൊല്ലുവാൻ തുനികയാൽ തന്നെ. അവൻ ശാപത്തെ സ്നെഹിച്ചു അതുവും അവന്ന വരുന്ന അനുഗ്രഹത്തിൽ ഇഷ്ടം തൊന്നി ഇല്ല അതും അവനൊട്ട അകലുന്ന. നീയൊ യഹൊവെ എനിക്ക തുണയായിരക്ഷിക്കെണമെ നീ ഇതു ചെയ്തു എന്ന അവർ അറിയുമാറാകണമെ അവർ ശപിക്കട്ടെ നീയൊ അനുഗ്രഹിക്കും. പക്ഷവാദിയായി യഹൊവ എനിക്ക തുണനിന്നതിന്നിമിത്തം ഞാൻ സംഘത്തിന്റെ നടുവിൽ വാഴ്ത്തുകയും ചെയ്യും (സ. 109)

അഹിതൊഫൽ മന്ത്രിച്ചു താമസം കുടാതെ ഞാൻ 12000 ആളുകളെ തെരിഞ്ഞെടുത്തു കൂട്ടികൊണ്ടുപൊയി ഈ രാത്രിയിൽ തന്നെ അച്ഛനെ പിന്തുടർന്നു പിടിച്ചു കൊല്ലട്ടെ എന്നാൽ രാജ്യം ഉടനെ അടങ്ങും എന്നു പറഞ്ഞത് എല്ലാവർക്കും പ്രസാദം വരുത്തിയപ്പൊൾ. ഹൂശയി അങ്ങിനെ അല്ല അച്ഛന്റെ പരാക്രമവും കൌശലവും അറിയാമല്ലൊ അവൻ പാളയം വിട്ട എകനായി ഒളിച്ചിട്ടുണ്ടായിരിക്കും എന്നാൽ അവന്റെ ശൂരന്മാരൊട്ട പട ഉണ്ടായി ഞങ്ങളിൽ ചിലർ പട്ടുപൊയാൽ എല്ലാവർക്കും മടി ജനിക്കും ആകയാൽ കടല്ക്കര മണൽ പൊലെ സകല ഇസ്രയെലരെയും ചെത്തു കൊണ്ടു താൻ തലവനായി എഴുന്നെള്ളണം എന്നാൽ സംശയം കുടാതെ അവനെ മൂടിക്കളയാം എന്നു പറഞ്ഞു യഹൊവാ സഹായത്താൽ അബ്ശയൊമെയും സഭ്യന്മാരെയും വശീകരിക്കയും ചെയ്തു. ഹൂശയിരാജസഭയിൽ ഉണ്ടായത് ഒക്കയും വൈകാതെ ദാവിദിനൊടറിയിപ്പാൻ ആചാര്യന്റെ 2 പുത്രന്മാരെ നിയൊഗിച്ചു അവരും ഭൃംഖെന ഒടിചെന്നു ദാവിദെ കണ്ടു വർത്തമാനം ബൊധിപ്പിച്ച ഉടനെ ദാവിദ യാത്രയായി പുലരുമ്മുമ്പെ എല്ലാവരും ഒരു കുറവു കുടാതെ യർദ്ദനക്കരെ കടന്നു മഹനൈമിൽ എത്തുകയും ചെയ്തു. അവിടെ അമൊന്യരാജപുത്രനും ബർജില്ലയി എന്ന ഒരു ഗിലെയ്യാദ്യനും മുമ്പെ ശൌല്യർക്ക ആധാരമായ മഖീരും മറും രാജാവിന്നും ജനങ്ങൾക്കും വെണ്ടുന്ന സാമാനങ്ങൾ ഒക്കെ താല്പര്യമായി ഒരുക്കി കൊടുത്തു തളർച്ച മാറുകയും ചെയ്തു അഹിതൊഫൽ കാര്യം ചൊട്ടി പൊകും എന്നു കണ്ടു വിടവാങ്ങി വീട്ടിലെക്കു പൊയി ഞെന്നു മരിക്കയും ചെയ്തു.

ദാവിദ മഹനൈമിൽ ആശ്വസിച്ചു പാടിയതു യഹൊവ എന്റെ ഇടയൻ എനിക്ക കുറവുണ്ടാകയില്ല. അവൻ പച്ച നിലങ്ങളിൽ എന്നെ കിടത്തി ചൊല വെള്ളത്തെക്ക് എന്നെ നടത്തുന്ന അവൻ എൻ ആത്മാവെ തണുപ്പിച്ചു സ്വനാമം നിമിത്തം എന്നെ നീതി വഴികളിൽ സഞ്ചരിപ്പിക്കുന്ന. മരണഛായയുടെ താഴ്വരയുടെ നടന്നാലും നീ കൂടുകയാൽ ഞാൻ ഒരു ദൊഷത്തിന്നും പെടിക്ക ഇല്ല നിന്റെ വടി എന്നെ ആശ്വസിപ്പിക്കുന്ന. ശത്രുക്കൾ കാൺകെ നീ എന്റെ മുമ്പിൽ പന്തിയെ ഒരുക്കുന്ന തലെക്ക് തൈലാഭിഷെകം കഴിക്കുന്ന പാനീയവും കവിയുന്നു. അതെ ഭാഗ്യവും കരുണയും വാഴ്നാൾ എല്ലാം എന്നെ അനുഗമിക്കും ഞാൻ യഹൊവാലയത്തിൽ എന്നും വസിക്കയും ചെയ്യും (സ. 23)

അക്കാലം അബ്ശലൊം വലുതായ സൈന്യത്തെ ചെത്തു യരുശലെമിൽ വെച്ചു ഒരു ജയസ്തംഭം നാട്ടി പുറപ്പെട്ട യൊവാബിൻ ചാർച്ചക്കാരനായ അമാസയെ അധിപതിയാക്കി ഗിലെയ്യദിൽ കടന്നു യുദ്ധം തുടങ്ങുകയും ചെയ്തു. അന്നു ദാവിദിന്റെ പ്രാത്ഥന. അല്ലയൊ യഹൊവെ എന്റെ നെരെ എഴുനീല്ക്കുന്നവർ എത്ര പെരുകുന്ന ഇവന്ന ദൈവത്തിന്റെ പക്കൽ രക്ഷയും ഇല്ല എന്നു പലരും പറയുന്ന എങ്കിലും എനിക്ക പലിശയും ഉയർത്തുന്നവനും നീ തന്നെ. ഞാൻ കിടന്നുറങ്ങി യഹൊവ രക്ഷിക്കയാൽ ഞാൻ ഉണരുകയും ചെയ്തു. എന്നെ വളഞ്ഞി

രിക്കുന്ന ലക്ഷം ലൊകരെയും ഞാൻ ഭയപ്പെട്ടകയില്ല അല്ലയൊ യഹൊവെ എഴു നീറു എന്നെ ഉദ്ധരിക്കെണമെ നിൻ ജനത്തിന്നു അനുഗ്രഹം വരുവൂതാക (സങ്കി.3)

ഒരൊ ഞെരിക്കത്തിൽ എനിക്ക വിശാലത വരുത്തിയ ദൈവമെ കൊം ക്കെണമെ പുരുഷന്മാരെ നിങ്ങം കളവിന്നായി അദ്ധ്വാനിച്ചു എത്രാളം എ ന്റെ മാനം കെടുക്കും യഹൊവ തന്റെ സാധുവെ വരിച്ചിരിക്കുന്നു എന്നും ഞാൻ വിളിക്കുമ്പൊം യഹൊവ കെംക്കുന്നു എന്നും അറിഞ്ഞു കൊംവിൻ ഞങ്ങം ക്ക ആർ ഭാഗ്യം കാട്ടും എന്നു പലരും പറയുന്നു യഹൊവെ നിന്റെ മുഖപ്രകാശം ഞങ്ങളുടെമെൽ ഉദിപ്പിക്കെണമെ ഞാൻ സൈരമായി കിടന്നുറങ്ങുന്നു നീ മാ ത്രം എന്നെ സുഖമായി വസിപ്പാറാക്കുന്നു (സങ്കി.4)

യഹൊവ എന്റെ വെളിച്ചവും രക്ഷയും ആകുന്നു ഞാൻ ആരെ ഭയപ്പെടും യഹൊവ എന്റെ ജീവബലം ആകുന്നു ഞാൻ ആരെ പെടിക്കും ഞാൻ യഹൊ വയൊടു ഒന്നു അപെക്ഷിച്ചിട്ടുണ്ടു അതിനെ തന്നെ അന്വെഷിക്കും യഹൊവാ ലയത്തിൽ ആരാഞ്ഞു അവന്റെ മനൊഹര ശൊഭ കണ്ടു ജീവനാം എല്ലാം പാ ക്കെണ്ടതുതന്നെ. അവൻ അനത്ഥദിവസത്തിൽ തന്റെ കൂടാരത്തിൽ എന്നെ ഒ ളിപ്പിക്കും ഞാൻ ചുറുമുള്ള ശത്രുക്കളുടെ മെൽ തല ഉയർത്തി പാടി സന്തൊഷ ബലികളെ കഴിക്കും (27.സങ്കി)

10. അബ്ശലൊമിൻ മരണം

അനന്തരം എഫ്രയിം വനത്തിൽവെച്ചു പട തുടങ്ങി. അതിന്നായി ദാ വിദ പുറപ്പെടാതെ പ്രാത്ഥിച്ചു (സങ്കി.64). ജനങ്ങളുടെ അപെക്ഷയെ അനുസ രിച്ചു പട്ടണവാതുക്കൽ ഇരുന്നു യൊവാബ അബിശയി ഇത്ഥായി ഇങ്ങിനെ മൂവ രെയും 3 മുഖെന യുദ്ധം എല്പാൻ നിയൊഗിച്ചു അല്ലയൊ സൂക്ഷിപ്പിൻ ബാ ലനായ അബ്ശലൊമൊടു പതുക്കയാവു എന്നു എല്ലാവരും കെംക്കെ കല്പി ക്കയും ചെയ്തു. പട തുടങ്ങിയതു കാട്ടിൽനിന്നു തന്നെ ആകകൊണ്ടു അബ്ശ ലൊമിന്നു സെവകർ അധികമായതിനാൽ ഒരു സാരം ഇല്ലാതെവന്നു പണ്ടുപൊ രാട്ടം ശീലിച്ച ദാവിദ്യർ എങ്ങും ജയിച്ചു പലാക്ഷിതന്മാർ പല ദിക്കിലും കു ഴങ്ങിവീണു മരിക്കയും ചെയ്തു. ആബ്ശലൊം കൊവർക്കഴുതപ്പുറത്ത് എറി പാഞ്ഞു മരാമരത്തിൻ കിഴക്കെവന്നപ്പൊം അവന്റെ തലമുടി കൊമ്പിന്മെൽ പിടിപ്പെട്ടു അവൻ തൂങ്ങിനിന്നു കഴുത ഒടിപൊയി. അതിനെ കണ്ടു ഒരുവൻ യൊവാബെ അറിയിച്ചപ്പൊം നീ അവനെ എന്തുകൊണ്ടു കൊല്ലാതെ ഇരുന്ന ത് ഞാൻ 10 ഉറുപ്പിക തരുമായിരുന്നു എന്നു പറഞ്ഞാറെ. ചെകവൻ എനിക്ക എത്ര വെള്ളി തൂക്കിതന്നാലും ഞാൻ രാജാവെ വിചാരിച്ചു രാജകുമാരന്റെ നെരെ കൈഇടുകയില്ല എന്നു ചൊല്ലുമ്പൊം തന്നെ യൊവാബ ഞാൻ താമ സിക്ക ഇല്ല എന്നുചൊല്ലി 3 കുന്തം എടുത്തുപൊയി അബ്ശലൊമിന്റെ മാ റിൽ കുത്തി തന്റെ ബാല്യക്കാരെകൊണ്ടു അടിച്ചു കൊല്പിച്ചു ശവത്തിന്മീതെ കല്ലു കുന്നിക്കയും ചെയ്തു.

ഈ മരണത്താൽ യുദ്ധം തീർന്നപ്പൊം രാജാവെ അറിയിപ്പാൻ ചിലർ ഒടി ഒന്നാമൻ വാതുക്കൽ എത്തിയ ഉടനെ ജയ ജയ രാജാവിന്റെ നെരെ കൈ ഉയർത്തിയവരെ എല്പിച്ചതിന്നു യഹൊവെക്ക സ്തൊത്രം എന്നു പറഞ്ഞപ്പൊം രാജാവ് അബ്ശലൊമിൻ ക്ഷെമവർത്തമാനം ചൊദിച്ചു. അതിന്നു മറൊരു ത്തൻ വിളിച്ചതു ആ ബാല്യക്കാരന്നുവന്ന പ്രകാരം രാജാവിന്റെ സകല ശ ത്രുക്കൊംക്കും ഉണ്ടായ്വരട്ടെ എന്നു കെട്ടാറെ രാജാവ് ഭ്രമിച്ചു. എൻ മകനായ അ ബ്ശലൊമെ ഞാൻ നിണക്കു പകരം എന്തു മരിക്കാതിരുന്നു എന്മകനെ മകനെ എന്നു വിളിച്ചു ഗൊപുരത്തിൻ മാളികമെൽ കരെറി കരഞ്ഞുകൊണ്ടിരുന്നു. ആ വിലാപ പ്രകരം കെട്ടപ്പൊം പട്ടാളക്കാർ എല്ലാവരും തൊറ്റവരെപൊലെ നാ ണിച്ചു ഗൊപുരവാതുക്കൽ കൂടി മിണ്ടാതെ പട്ടണത്തിൽ പുക്കു യൊവാബ് മാ

ത്രം രാജാവെ ചെന്ന കണ്ട നിന്നെ സ്നെഹിക്കുന്നവരെ നീ ദ്വെഷിച്ചും നിന്നെ ദ്വെഷിച്ചവരെ സ്നെഹിച്ചും കൊണ്ടിരിക്കയാൽ ഞങ്ങൾ എല്ലാവർക്കും ഇന്ന ലജ്ജതൊന്നി അബ്ശലൊമിന്ന ജീവനും ഞങ്ങൾക്ക ഒക്കയും മരണവും ഉണ്ടാ യാൽ നിണക്ക കൊള്ളാം അല്ലൊ. ഇപ്പൊൾ താമസിയാതെ ദയയൊടെ പുറപ്പെ ട്ട ചെകവരൊട്ട സംസാരിക്ക അല്ലെങ്കിൽ ആരും നിന്നെറ കൂട പാർക്ക ഇല്ല എ ന്നിങ്ങിനെ പറകയാൽ രാജാവ ദുഃഖം മറെച്ച സിംഹാസനത്തിങ്കൽ ഇരുന്ന പ്ര ജകൾക്ക പ്രസാദം വരുത്തുകയും ചെയ്ത.

തൊററപുറത്തുള്ള പല ഗ്രൊത്രക്കാരും വന്ന ഇണക്കവും ശരണവും അ പെക്ഷിച്ചപ്പൊൾ രാജാവ് ആചാര്യന്മാരെ കൊണ്ട യഹൂദഗൊത്രത്തെ സ്വാ ധീനമാക്കി അവർ യട്ടൻ തീരത്തുവന്ന ദാവിദെ എതിരെററ കടത്തുകയും ചെയ്ത. അന്ന ശീമയി എറിയ ബിന്യമിന്യരൊട്ടും കൂട രാജാവെ കണ്ട തൊഴുത മുമ്പെ ശപിച്ചതിന്ന ക്ഷമ ചൊദിച്ചാറെ നീ മരിക്കയില്ല എന്ന രാജാവ് ആ ണയിട്ട. യരുശലെമ്യരൊട്ട കൂട ശൌലിൻെറ പൌത്രൻ പുറപ്പെട്ട വന്നപ്പൊൾ അവനിൽ ആദ്യം കണ്ട സംശയ ഭാവങ്ങളെയും രാജാവ് മറെച്ച ക്ഷമിച്ച. ആ കടവൊളം ബർജില്ലായി എന്ന ഗിലൃാദ്യനും കൂട വന്നാറെ രാജാവ് നീ എന്നെ വിചാരിച്ച പ്രകാരം ഞാൻ നിന്നെയും വിചാരിക്കാം കൂട കടന്ന പൊരിക എന്ന ചൊദിച്ചപ്പൊൾ ബർജില്ലായി പറഞ്ഞു എൺപത വയസ്സു ള്ള ഞാൻ എങ്ങിനെ യരുശലെമിൽ കരെറും ഇനി ഭക്ഷണരുചി അറിയുമൊ പാട്ടും തിരിച്ച കെൾക്കുമൊ ഈ അല്പകാലത്തിന്നായി ഞാൻ മടങ്ങി അമ്മ അച്ചന്മാർ മറഞ്ഞു കിടക്കുന്ന പട്ടണത്തിൽ ഇരുന്ന മരിക്കട്ടെ എൻ പുത്രനെ രാജാവിൻെറ കൂട അയക്കാം എന്ന കെട്ടപ്പൊൾ രാജാവ് അവൻ വരട്ടെ നിൻെറ ഇഷ്ടപ്രകാരം ഞാൻ അവനെ നടത്തും എന്ന കല്പിച്ച ചുംബിച്ച ബർജില്ലായി അവനെ അനുഗ്രഹിച്ച മടങ്ങിപൊകയും ചെയ്ത.

ഇപ്രകാരം യരുശലെമിലെക്ക കരെറുന്ന സമയം ദാവിദ പാടിയത (സ ങ്കീത്ത. 5).

എൻ രാജാവായ യഹൊവെ എൻെറ ധ്യാനത്തെ വിചാരിച്ച എൻെറ ശബ്ദത്തെ കെൾക്കെണമെ. സാക്ഷാൽ നീ ദുഷ്ടതയിൽ പ്രസാദിക്കുന്ന ദൈവന ല്ല ഭൊഷ്കു പറയുന്നവരെ നശിപ്പിക്കുന്ന രക്തപ്രിയനെയും വ്യാജക്കാരനെ യും വെറുക്കുന്ന. ഞാനൊ തിരുകരുണയുടെ ബഹുത്വത്താൽ നിൻ ഭവനത്തിൽ ചെന്ന വിശുദ്ധാലയത്തിൽ വണങ്ങി ഇരിക്കും. യഹൊവെ വൈരികൾ നിമി ത്തം എന്നെ നിന്നീതിയിൽ നടത്തി വഴിയെ എമ്മുമ്പിൽ നെരെയാക്കെണ മെ അവരുടെ വായിൽ നെരില്ലല്ലൊ നാവു കൊണ്ട മുഖസ്തുതി പറയുന്ന അവർ നിന്നൊട്ട മത്സരിക്കുന്നതാകകൊണ്ട അവരെ തള്ളി നിൻ ആശ്രിതരെ എന്നും സന്തൊഷിപ്പാറാക്കെണമെ.

11. കലഹസമർപ്പണം

രാജാവ് യരുശലെമിലെക്ക പൊകുന്ന വഴിയിൽ വെച്ച തന്നെതാൻ ശ ങ്കിച്ച പ്രകാരം മത്സരഭാവം പുതുതായി പകൎന്ന തുടങ്ങി. യഹൂദ്യർ ശെഷം ഗൊ ത്രക്കാരൊട്ട വാദിച്ച രാജാവ് ഞങ്ങൾക്കടുത്തവൻ എന്ന പ്രശംസിക്കകൊണ്ട ശെഷമുള്ളവൎക്ക അപ്രിയം തൊന്നി ഉടനെ ശെബ എന്ന ഒരു ധൂൎത്തൻ കലഹത്തി ന്നായി കാഹളം വിളിക്കയും ചെയ്ത ഇവനെ അമൎത്തുവാൻ അമാസയെ കല്പി ച്ചപ്പൊൾ അവൻ അല്പം താമസിച്ചതും അല്ലാതെ യൊവാബിന്ന അസൂയ തൊന്നുകകൊണ്ട യൊവാബ താൻ വഴിയിൽ വെച്ച സംഭാഷണം ചെയ്ത അ മാസയെ കുത്തി കൊന്ന ഉടനെ പട്ടാളം താൻ നടത്തി ശെബയുടെ കലഹശാ ന്തി വരുത്തുകയും ചെയ്ത. അക്കാലത്തിൽ ദാവിദിന്ന പരീക്ഷകൾ അധികം വ ൎദ്ധിച്ച കൃഷ്ണപ്രായമായ രൊഗം പിടികയും ചെയ്ത. ആയത പാപഫലം എന്ന നിശ്ചയിക്ക കൊണ്ട താൻ വളരെ വലഞ്ഞു ബന്ധുക്കളും ചങ്ങാതികളും അക

ന്ന നിന്ന വൈരികൾ അവന്റെ മരണത്തിന്ന കാത്തിരുന്ന ഒരൊ ഉപായങ്ങളെ വിചാരിപ്പാൻ തുടങ്ങി (സ. 38).

ദാവിദ ഞരക്കങ്ങളാൽ നന്ന തളർന്ന രാത്രിതൊറും കണ്ണുനീരാൽ കിടക്കയെ നനെച്ചു പാപം നിമിത്തം അനുതാപപ്പെട്ട ചികിത്സകനായ ദൈവത്തൊടു പ്രാർത്ഥിച്ചു കൊണ്ടു വളരെ കാലം ക്ലെശിച്ചുപൊന്ന സഹിഷ്ണുതയെ അഭ്യസിച്ചു (സ. 6). 39-ാം സങ്കീർത്തനം കൂടെ പക്ഷെ ഈ കാലത്തിൽ തന്നെ തീർത്തതു. എങ്കിലും ആ ചളിക്കുഴിയിൽ നിന്നും യഹൊവ അവനെ എടുത്തു പുതിയ സ്തുതിപ്പാട്ടിനെ അവന്റെ വായിൽ കൊടുത്തു (സ. 40). എൻ ദൈവമായ യഹൊവെ നീ ഞങ്ങളൊടു ചെയ്ത അതിശയങ്ങളും അഭിപ്രായങ്ങളും ഏറ്റ ആകുന്ന. വിശെഷാൽ ഹൊമബലി കാഴ്ചകളെ അല്ല നീ ഇച്ഛിച്ചതു എനിക്ക ചെവികളെ തുളെച്ചു തുറന്ന. അപ്പൊൾ ഞാൻ പറഞ്ഞു പുസ്തകച്ചുരുളിൽ എന്നൊടു കല്പിച്ചു എഴുതിയ പ്രകാരം ഇതാ ഞാൻ വരുന്ന നിന്റെ ഇഷ്ടം ചെയ്വാൻ ആഗ്രഹിക്കുന്ന നിന്റെ ധർമ്മം എന്റെ ഹൃദയത്തിൽ ഉണ്ടു. നിന്റെ രക്ഷയെ ഞാൻ വലിയ സംഘത്തൊടെ മറെക്കാതെ അറിയിച്ചു കരുണ വിശ്വസ്തതകളെ വർണ്ണിക്കുന്ന. എന്നിങ്ങിനെ സ്തുതിച്ചു ദൈവം മഹാരൊഗത്തിൽ നിന്നുദ്ധരിച്ച പ്രകാരം തനിക്കനൊശം വിചാരിക്കുന്ന ശത്രുക്കളെയും നാണിപ്പിച്ചു ആശ്രിതന്മാരെ ആനന്ദിപ്പിച്ചു താമസം കൂടാതെ പൂർണ്ണ രക്ഷയെവരുത്തെണം എന്ന പ്രാർത്ഥിച്ചു. വൈരികൾ വ്യാധികാലത്തു കൂടക്കൂട കാണ്മാൻ വന്ന ദുഃഖഭാവം നടിച്ചു സംസാരിച്ചു പിന്നെ പുറപ്പെട്ട ഉടനെ അവൻ ഇനി എഴുനീല്ക്ക ഇല്ല എപ്പൊൾ മരിക്കും എന്നും മറും മന്ത്രിച്ചു വിനാശത്തിന്ന വട്ടം കൂട്ടി നടന്ന ശെഷം എന്റെ അനപരാധിത്വം നിമിത്തം നീ എന്നെ താങ്ങി എന്നെക്കും തിരുമുമ്പിൽ നിറുത്തുന്ന എന്ന സ്തുതിപ്പാൻ സംഗതി വന്ന (സ. 41)

കഷ്ടകാലം കഴിഞ്ഞതിന്റെ ശെഷം ദൈവം തനിക്ക പാറയും കൊട്ടയും എന്ന നിശ്ചയം ഉറക്കയാൽ ഹൊ ജനങ്ങളെ എല്ലാസമയത്തും അവനിൽ ആശ്രയിപ്പീൻ ഹൃദയം അവന്മുമ്പാകെ പകരുവിൻ ദൈവം തന്നെ നമുക്കശരണം നര പുത്രന്മാർ അശെഷംമായഅത്രെ ദൈവം മാത്രം സർവ്വശക്തനും കരുണാനിധിയും ആകുന്ന എന്നതു കഷ്ടാനുഭവത്താൽ പഠിച്ചപാഠം (സ. 62)

മഹൊന്നതന്റെ രഹസ്യിങ്കൽ വസിക്കുന്നവൻ സർവ്വശക്തന്റെ നിഴലിൽ പാർക്കും ഞാൻ യഹൊവയൊടു എൻ ശരണവും കൊട്ടയും ഞാൻ ആശ്രയിപ്പാനുള്ള ദൈവവും എന്ന പറയും അവന്റെ ചിറകുകളിൻ കീഴിൽ നീ ആശ്രയിക്കും അവന്റെ സത്യം പലിശയും കവചവുമാം രാത്രിഭയത്തിന്നും പകൽതെറിക്കുന്ന അമ്പിന്നും ഇരിട്ടിൽ നടക്കുന്ന വൈരത്തിന്നും ഉച്ചെക്കുപകരുന്ന സംഹാരത്തിന്നും നീ അഞ്ചുക ഇല്ല. ഇടത്തു ആയിരവും വലത്തു പതിനായിരവും വീഴും എങ്കിലും നിന്നെ തീണ്ടുകയില്ല നിന്നെ എല്ലാ വഴികളിലും കാക്കെണ്ടതിന്ന അവൻ നിണക്ക ദൂതരെ നിയൊഗിക്കും ആയവർ നിന്റെ കാൽ കല്ലിൽ തട്ടിക്കാതെ കൈകളിൽ നിന്നെ എടുക്കും. നീ സിംഹത്തിലും മൂർഖനിലും ചവിട്ടുകയും ചെയ്യും എന്നൊടു സജ്ഞിക്കയാൽ ഞാൻ അവനെ ഉദ്ധരിക്കും അവൻ വിളിക്കും ഞാൻ ഉത്തരം പറയും. ഞാൻ ഉപദ്രവത്തിൽ കൂടെ ഇരിക്കും അവനെ വിടുവിച്ചു തെജസ്വിയാക്കുകയും ചെയ്യും (സ. 91). സഭാ സംഘങ്ങളിൽ പാടെണ്ടുന്ന 92 സങ്കീർത്തനവും ആ കാലത്തിൽ തന്നെ ഉണ്ടാക്കിയതു്.

12. ദാവിദ വാഴ്ചയുടെ അന്ത്യകാലം

ഫലിഷ്ടർ മുതലായവരൊടു പിന്നെയും ഒരൊ യുദ്ധങ്ങൾ ഉണ്ടാക്കി അതിൽ ദാവിദിന്ന കൂട അനർത്ഥം അടുത്തപ്പൊൾ രാജാവു് ഇനി പൊർക്കളത്തിൽ പൊകരുതെ എന്ന സ്നെഹിതന്മാർ അപെക്ഷിച്ചു അവനൊ ഇരുവകക്കാരെയും ശൊധന ചെയ്യുന്ന യഹൊവയിൽ ആശ്രയിച്ചു (സ. 11) പടകളെ

സമർപ്പിച്ചു ക്ഷാമം മുതലായ രാജ്യബാധകളെയും ശമിപ്പിച്ചാറെ ദാവീദ ദൈവം തന്നെ സകല ശത്രുക്കളിൽനിന്നും ഉദ്ധരിച്ചത് ഒത്തു സ്തുതിച്ച പാട്ടാവിതു (സ. 18)

എന്റെ ഊറമായ യഹൊവെ ഞാൻ ഉള്ളിൽ നിന്നെ സ്നെഹികുന്നു. എന്റെ പാറയും കൊട്ടയും ത്രാണകനും ആശ്രയികുന്ന കല്ലും പലിശയും രക്ഷാകൊമ്പും ദുർഗ്ഗവും ആയുള്ളൊവെ സ്തുത്യനാകുന്ന യഹൊവയെ വിളികുന്തൊറും ഞാൻ ശത്രുക്കളിൽ നിന്നു വിടുവികപ്പെടുന്നു. മരണപാശങ്ങൾ എന്നെ ചുറ്റി പാതാളക്കണികളും എന്നെ വളഞ്ഞു ദുഷ്തപ്രവാഹങ്ങൾ എന്നെ ഭ്രമിപ്പിച്ചു. ഈ ഞെരികത്തിൽ ഞാൻ യഹൊവയെ നൊക്കി വിളിച്ചു അവൻ തന്റെ ആലയത്തിൽ നിന്നു എന്റെ ശബ്ദം കെൾകയും ചെയ്തു. അപ്പൊൾ അവന്റെ കൊപത്തിനാലെ ഭ്രമി കുലുങ്ങി ആകാശത്തിൻ അടിസ്ഥാനങ്ങളും ഇളകി അവൻ കുബിന്മെൽ ഇറങ്ങിവന്നു ആലിപ്പഴവും മിന്നലും ആകുന്ന തന്റെ ശരങ്ങളെ അയച്ചു അവരെ ചിതറിച്ചു കൈനീട്ടി എന്നെ ബഹുജലത്തിൽ നിന്നു വലിച്ചെടുത്തു ഔരവൈരികളിൽ നിന്നു വിടുവിച്ചു എന്നിൽ പ്രിയപ്പെടുക കൊണ്ടു വിശാല സ്ഥലത്തെകു നടത്തുകയും ചെയ്തു. എന്റെനീതി പ്രകാരം യഹൊവ എനികു നല്കി അവന്റെ വഴികളെ ഞാൻ സൂക്ഷിച്ചു കല്പനകളെ വിടാതെ നൊക്കി എന്റെ കുറ്റത്തിൽനിന്നു എന്നെ കാത്തുകൊൾകയാൽ അവൻ എന്നിൽ കണ്ട ശുദ്ധികുതക്കവണ്ണം പ്രതിഫലം സാധിപ്പിച്ചു. സാധുവൊടു നീ സാധുവും നെരുള്ളവനൊടു നെരുള്ളവനും ശുദ്ധനൊടു ശുദ്ധനും വക്രനൊടു വക്രനും ആകുന്നു. താഴ്ചവന്നവക്ക നീ സഹായിച്ചു ഉയൎന്ന കണ്ണുകളെ താഴ്ത്തുന്നവനും ആകുന്നു. എന്റെ വെളിച്ചമായ നീ എന്റെ വിളകു തെളിയിച്ചു എന്റെ അന്ധകാരത്തെ പ്രകാശമാകുന്നു. നിങ്കൽ നിന്നു ഞാൻ പടക്കുട്ടങ്ങളിൽ പാഞ്ഞു എൻ ദൈവത്താൽ മതിലുകളിന്മെൽ ചാടും. അവന്റെ വഴി കുറവില്ലാത്തതും വചനം ശൊധനചെയ്തതും ആകുന്നു. തങ്കൽ ആശ്രയികുന്ന എല്ലാവർകും അവൻ പലിശ യഹൊവയല്ലാതെ ദൈവം ആർ എന്നെ ശക്തിധരിപ്പിച്ചു ആയുധാഭ്യാസം കഴിപ്പിച്ചു എന്റെ വഴിയെ തികെകുന്നവൻ ഒഴികെ പാറ ആർ ഉള്ളു. നീ രക്ഷാചർമ്മത്തെ എനിക്കു തന്നു വലങ്കൈയാൽ എന്നെ താങ്ങി നിന്റെ സൌമ്യതയാൽ എന്നെ വലിയവനാകുന്നു. നീ ശത്രുക്കളുടെ മുതുക എന്നെ കാണിക്കയാൽ ഞാൻ പിന്തുടൎന്നു എത്തി സംഹരികുവൊളം മടങ്ങി പൊകുന്നതും ഇല്ല. നീ ജനത്തിന്റെ മത്സരങ്ങളിൽനിന്നു എന്നെ വിടുവിച്ചു എന്നെ പുറജാതികൎക്കു തലയാക്കി ഞാൻ അറിയാതെ ശ്രുതി കൊണ്ടതൊ കെട്ടിട്ടുള്ള വംശം എന്നെ സെവികുന്നു. അന്യ രാജ്യക്കാർ വിറെച്ചു അനുസരണ ഭാവം നടികുന്നു. യഹൊവ ജീവനുള്ളവൻ എന്റെ പാറ സ്തുത്യൻ താൻ അഭിഷെകം ചെയ്ത ദാവീദിനൊടും അവൻ സന്തതിയൊടും എന്നെക്കും മഹാരക്ഷകളെ കാട്ടുന്ന യഹൊവയെ ഞാൻ ജാതികളുടെ ഇടയിൽ അറിയിച്ചു വാഴ്ത്തുകയും ചെയ്യും. വൃദ്ധതയിൽ ദാവീദ മറും പല സങ്കീൎത്തനങ്ങളെ ഉണ്ടാക്കി. അതിൽ മനുഷ്യ ദൊഷം അറിയികുന്ന 14 ആമത്തു വിശെഷമായതു. ദൈവം ഇല്ല എന്നു മൂഢൻ ഉള്ളത്തിൽ കല്പിച്ചു. അവർ വഷളന്മാരായി അറെപ്പു നടത്തുന്നു ഗുണം ചെയ്യുന്നവൻ ആരും ഇല്ല. യഹൊവ സ്വൎഗ്ഗത്തിൽ നിന്നു എത്തിനൊക്കി ദൈവത്തെ അന്വെഷികുന്ന വിവെകി ഉണ്ടൊ എന്നു മനുഷ്യപുത്രന്മാരെ കണ്ടുകൊണ്ടു. എല്ലാവരും വഴി തെറ്റി ഒരുപൊലെ ദുഷ്തന്മാരായി പൊയി ഗുണം ചെയ്യുന്നവൻ ആരും ഇല്ല. ഒരുവൻ പൊലും ഇല്ല. യഹൊവ തന്റെ ജനത്തിന്റെ അടിമയിലെകു തിരിഞ്ഞു ചീയൊനിൽ നിന്നു ഇസ്രയെലിൻ രക്ഷ വന്നാൽ കൊള്ളായിരുന്നു എന്നാൽ യാകൊബ ആനന്ദികുക (സ. 14)

ഈചിയൊന്റെ രക്ഷ മെശീഹ എന്ന തന്റെ പുത്രനിൽ നിന്നു ഉണ്ടാകും മത്സരക്കാരുടെ വലിപ്പത്തെ അവൻ തന്നെ താഴ്ത്തി വെകും എന്നു 2 ആമതിൽ എന്ന പൊലെ 110 ആമതിലും വർണ്ണിച്ചു. ഞാൻ നിന്റെ ശത്രുക്കളെ നിൻ പാദപീഠമാകുവൊളം നീ എന്റെ വലഭാഗത്തിരിക്ക എന്നു എന്റെ കൎത്താവൊടു

യഹൊവയുടെ അരുളപ്പാട്ട നീ മല്ലീചെദക്കിൻ ക്രമപ്രകാരം എന്നും ആചാര്യനാകുന്ന എന്ന യഹൊവ ആണയിട്ടനുതപിക്കയും ഇല്ല. തന്റെ കൊപദിവസത്തിൽ കത്തറവ് നിൻ വലത്തു നിന്നുകൊണ്ട രാജാക്കന്മാരെ ചതെച്ചു കളയും (സ. 110). എന്നിങ്ങിനെ ദീർഘ ദൃഷ്ടിയാൽ ഓരൊരൊ ഭാവിയെ അറിഞ്ഞു സന്തൊഷിക്കയും ചെയ്തു.

13. ജനഗണനവും ദെവസ്ഥലവും

പിന്നെ സാത്താൻ ഇസ്രയെലിന്ന വിരൊധം ഭാവിച്ച ദാവിദിനെ വശീകരിച്ചപ്പൊൾ ദാവിദ മന്ത്രികളൊടു നിങ്ങൾ ചെന്ന ഇസ്രയെലിൽ പടെക്കു പ്രാപ്തിയുള്ള പുരുഷന്മാരെ എണ്ണുവിൻ എന്ന കല്പിച്ചാറെ യൊവാബ പറഞ്ഞു അവരെ എന്തിന്ന എണ്ണുന്ന യഹൊവ അവരെ ഇപ്പൊൾ ഉള്ളതിനെക്കാൾ നൂറിരട്ടിയാക്കി വൎദ്ധിപ്പിക്കട്ടെ അവർ എല്ലാവരും ഇപ്പൊൾ യജമാനന്റെ ദാസന്മാർ അല്ലയൊ ഇസ്രയെലിന്മെൽ കുറ്റം വരെണമൊ എന്ന പറഞ്ഞാറെയും രാജാവ് സമ്മതിക്കായ്കകൊണ്ട യൊവാബ പടജ്ജനങ്ങളൊടു കൂടപുറപ്പെട്ട ഒമ്പത് മാസത്തിന്നകം എല്ലാവരെയും എണ്ണി ചാൎത്തി ലെവിബിന്യമിന്യരെയും കൂടാതെ കണ്ട ഇസ്രയെലിൽ 11 ലക്ഷവും യഹൂദയിൽ 470000ആയുധം എടുപ്പാന്ത ക്കവരെന്ന കണ്ട ആ കണക്കു രാജാവെ ബൊധിപ്പിക്കയും ചെയ്തു. അത തികഞ്ഞശെഷം യഹൊവെക്ക് അനിഷ്ടം എന്ന ദാവിദിന്ന ബൊധിച്ചു അടിയൻ പാപം ചെയ്തു എങ്കിലും ആയത ക്ഷമിക്കെണം എന്ന അപെക്ഷിച്ചു അന്ന രാവിലെ ദെവനിയൊഗത്താൽ പ്രവാചകനായ ഗദ രാജാവെ ചെന്ന കണ്ട യഹൊവ മൂന്നിൽ ഒന്നുവരിപ്പാൻ കല്പിക്കുന്ന മൂന്ന വർഷത്തെ ക്ഷാമമൊ മൂന്ന മാസത്തെ അപജയമൊ മൂന്ന ദിവസം എല്ലാടവും മരിപ്പിക്കുന്ന ഘൊരവൈരമൊ എത്തുവെണ്ട എന്ന പറഞ്ഞു കെട്ടാറെ ദാവിദ പറഞ്ഞു എനിക്ക മഹാവ്യാകുലം ഉണ്ട യഹൊവ മഹാ കൃപാലുവാകകൊണ്ട ഞാൻ അവന്റെ കയ്യാൽ വീഴട്ടെ മനുഷ്യരുടെ കൈയാൽ അരുത്. അപ്രകാരം യഹൊവ മഹാവൈരത്തെ ഇസ്രയെലിൽ വരുത്തി ജനങ്ങളിൽ 70000 മരിക്കയും ചെയ്തു. പിന്നെ ദെവദൂതൻ യരുശലെമിൽ നാശം ചെയ്യുമ്പൊൾ യഹൊവ അലിഞ്ഞു മതി എന്ന കല്പിച്ചു അന്ന ദാവിദദെവദൂതൻ വാൾ ഒങ്ങി മൊറിയ മലമീതെ നില്ക്കുന്നതിനെ കണ്ടപ്പൊൾ ദൈവത്തൊടു പ്രാൎത്ഥിച്ചു ജനത്തെ എണ്ണുവാൻ പറഞ്ഞത് ഞാൻ അല്ലൊ പിഴെച്ചവൻ ഞാൻ തന്നെ ഈ കൂട്ടം എന്തു ചെയ്തിരിക്കുന്ന യഹൊവെ നിന്റെ കൈ എൻ ജനത്തെ ബാധിക്കാതെ എൻ മെലും കുഡുംബത്തിന്മെലും ഇരിക്കട്ടെ എന്ന അപെക്ഷിച്ചപ്പൊൾ ഗദ യഹൊവയുടെ സമ്മതം അറിയിച്ചു ദാവിദും ദൂതനെ കണ്ട സ്ഥലത്തു ചെന്ന അൎവ്വന എന്ന യബൂസ്യ പ്രഭുവൊടു ആ കളവും കാളകളെയും വിലെക്ക വാങ്ങി യഹൊവെക്ക ബലിപീഠം പണിയിച്ചു ബലി കഴിച്ചു പ്രാൎത്ഥിച്ച യഹൊവ ആകാശത്തിൽ നിന്ന പീഠത്തിന്മെൽ അഗ്നിവൎഷിച്ചു പ്രസാദം കാട്ടി ബാധയെ നിറുത്തുകയും ചെയ്തു.

അന്ന തൊട്ട ദാവിദ പലപ്പൊഴും അവിടെ തന്നെ ബലി ചെയ്ത യഹൊവയുടെ ആലയം ഇവിടെ തന്നെ നില്ക്കണം എന്ന അരുളിച്ചെയ്ത ആയതിന്റെ പണിക്കവെട്ടുകുട്ടുകയും ചെയ്തു. ഇസ്രയെലിൽ ശെഷിച്ച 170000 കനാന്യരെകൊണ്ട കല്ലുകളെ കൊത്തി എടുപ്പിച്ചു ചിദൊൻ തുറിനൊടും ദെവദാരു മുതലായ മരങ്ങളും വാങ്ങിപൊൻ വെള്ളിയും ചെമ്പും ഇരിമ്പും സ്വരൂപിച്ചു തന്റെ പുത്രനായ ശലൊമൊനെ വരുത്തി പറഞ്ഞു. എന്മകനെ യഹൊവയുടെ നാമം സകലരാജ്യങ്ങളിലും പ്രസിദ്ധമാക്കെണ്ടതിന്ന ഞാൻ ഒരു ആലയം എടുപ്പിപ്പാൻ വിചാരിച്ചപ്പൊൾ യഹൊവ നിഷെധിച്ചു നീ യുദ്ധത്തിൽ വളരെ രക്തം പകൎന്നതു കൊണ്ട നീ അല്ല സൈരവും സ്വസ്ഥതയും അനുഭവിക്കുണ്ടുന്ന നിന്റെ മകനായ ശലൊമൊനത്രെ പണിയിക്കെണ്ടത എന്നും മറും അരുളിച്ചെയ്ത പ്രകാരം യഹൊവ നിണക്ക സാദ്ധ്യം വരുത്തട്ടെ നീ ദിവ്യ കല്പ

നകളെ അനുസരിച്ചു ഇസ്രയെൽ വാഴെണ്ടതിന്നു അവൻ നിണക്ക ബുദ്ധിയും ജ്ഞാനവും നല്കുമാറാകട്ടെ നീശങ്കിക്കാതെ ധൈര്യംപൂണ്ടു ഞാൻ വട്ടം കൂട്ടിയ പണിയെ നിവൃത്തിക്ക യഹൊവ തുണയാക എന്നു പറകയും ചെയ്തു. അനന്തരം എല്ലാ പ്രമാണികളൊടും യഹൊവ എന്നെ കൊണ്ടു നിങ്ങൾക്കും രാജ്യത്തിന്നും സ്വസ്ഥതവരുത്തി അല്ലൊ ഇനി നിങ്ങൾ യഹൊവയുടെ നാമത്തിന്നു പരിശുദ്ധസ്ഥലം പണിയിച്ചു ഉത്സാഹത്തൊടെ അവനെ ഉപാസിക്കെണ്ടതു ന്യായം എന്നും മറും പല ഉപദെശങ്ങളെ കഴിക്കയും ചെയ്തു.

14. ദാവിദശലൊമൊനെരാജാവാക്കിയതു.

രാജാവ് വയസ്സെറി ശരീരത്തിന്നു ചൂടില്ലാതെ വന്നപ്പൊൾ അബശലൊമിന്റെ അനുജനായ അദൊന്യ രാജസം ആശ്രയിച്ചുതെർ കുതിര അകമ്പടിക്കാരെയും സമ്പാദിച്ചു യൊവാബൊടു ഒരു മനസ്സായി രാജാവാകുവാൻ ഭാവിച്ചു ഒരു ദിവസം ശലൊമൊനെ ഒഴിച്ചുള്ള രാജപുത്രന്മാരെയും മറും ക്ഷണിച്ചു വിരുന്നു കഴിച്ചു ജയജയ അദൊന്യരാജാവ് വാഴുക എന്നു അപ്പിക്കയും ചെയ്തു. ആയ്തിനെ നാഥാൻ പ്രവാചകൻ ബത്തശബയൊടു അറിയിച്ചപ്പൊൾ അവൾ രാജഗൃഹത്തിൽ ചെന്നു ദാവിദിനൊടു ശലൊമൊൻ എന്റെ സിംഹാസനത്തിൽ ഇരുന്നു ഭരിക്കും എന്നു നീ അടിയനൊടു സത്യം ചെയ്തില്ലയൊ ഇപ്പൊൾ അദൊന്യ രാജാവവർകളെ അറിയിക്കാതെ രാജാവായി പ്രജകളും എല്ലാവരും സംശയിച്ചു തിരുകല്പനെക്ക കാത്തിരിക്കുന്നു എന്നു പറഞ്ഞതും അല്ലാതെ നാഥാനും വൎത്തമാനം ബൊധിപ്പിച്ചാറെ രാജാവ് ബത്തശെബെക്ക യഹൊവ ജീവനാണ എന്നു സത്യം ചെയ്തു കൊടുത്തു ആചാര്യനായ ചദൊക് ബനായ സെനാപതി മുതലായ വിശ്വസ്തന്മാരൊടും ശലൊമൊനെ അഭിഷെകം ചെയ്വാൻ കല്പിച്ചു അയക്കയും ചെയ്തു അവർ ഉടനെ ശലൊമൊനെ രാജവാഹനത്തിൽ എഴുന്നെള്ളിച്ചു കാഹളം ഊതി പ്രജാസമൂഹം കാൺകെ അഭിഷെകം ചെയ്തു ആർപ്പുവിളിയും വാദ്യഘൊഷവും ജയശബ്ദം ഭൂമി കുലുങ്ങുമാറാക്കയും ചെയ്തു. അദൊന്യയുടെ വിരുന്നിന്നു വന്നവർ അതുകെട്ടു സംഗതി ചൊദിച്ചപ്പൊൾ ശലൊമൊൻ രാജാസനത്തിൽ ഇരിക്കുന്ന പ്രകാരവും സകലരാജഭൃത്യന്മാരും തിരുമുമ്പിൽ വന്നു ദൈവാനുഗ്രഹം പറഞ്ഞപ്രകാരവും രാജാവും താൻ കട്ടിലിന്മെൽ ഇരുന്നു വന്ദിച്ചു മകനെ സന്തൊഷത്തൊടെ കണ്ടു യഹൊവയെ സ്തുതിച്ച പ്രകാരവും അറിഞ്ഞപ്പൊൾ എല്ലാവരും ഭ്രമിച്ചു ബദ്ധപ്പെട്ടു പൊയി അദൊന്യ ആശ്രിതനായി ബലിപീഠത്തിങ്കലെക്ക ഒടുകയും ചെയ്തു. അതു കെട്ടാറെ ശലൊമൊൻ അവൻ സത്യവാനായി നടക്കും എങ്കിൽ അവന്റെ രൊമങ്ങൾ ഒന്നും കൊഴിയുക ഇല്ല എന്നു അഭയവാക്കു പറയിച്ചാറെ അദൊന്യവന്നു ശലൊമൊനെ തൊഴുതു ഇവൻ അവനെ വീട്ടിലെക്ക അയക്കയും ചെയ്തു.

അനന്തരം ദാവിദ ഇസ്രയെലിൽ സകല പ്രഭുക്കന്മാരും ആഢ്യന്മാരും യരുശലെമിൽ കൂടി വരെണ്ടതിന്നു കല്പിച്ചു വരുത്തി മഹാസംഘമദ്ധ്യത്തിൽ എഴുനീറു നിന്നു കല്പിച്ചു എന്റെ സഹൊദരന്മാരും പ്രജകളും ആയുള്ളൊരെ കൊൾപിൻ ഇസ്രയെൽ ദൈവമായ യഹൊവ നിത്യരാജത്വത്തിന്നായി യഹൂദഗൊത്രത്തെയും അതിൽ എൻപിതാവിൻ കുഡുംബത്തെയും അതിൽ എന്നെയും തെരിഞ്ഞെടുത്തു എന്റെ എല്ലാ പുത്രന്മാരിലും ശലൊമൊനെ തന്നെ വരിച്ചു ഇവൻ എന്റെ ഭവനം പണിയിക്കും എനിക്ക മകനായി ഞാൻ അവന്നു അപ്പനുമാകും അവൻ ഇന്നെത്തപ്രകാരം എന്റെ കല്പനകളെ ആചരിച്ചാൽ ഞാൻ അവന്റെ വാഴ്ചയെ എന്നെക്കും സ്ഥിരമാക്കും എന്നരുളിച്ചെയ്തു. ആകയാൽ നമ്മുടെ ദൈവവും ഇസ്രയെൽ സകലസഭയും കൊൾക്കെ ഞാൻ അപെക്ഷിക്കുന്നു. ഈ ഉത്തമ രാജ്യം നിത്യാവകാശമാകെണ്ടതിന്നു യഹൊവയുടെ സകലവെപ്പുകളെയും വിചാരിച്ചു നടപ്പിൻ എന്മകനെ നീയും പിതാവിന്റെ ദൈവത്തെ അറിഞ്ഞുകൊണ്ടു സൎവ്വാത്മനാ സെവിക്ക. യഹൊവ എല്ലാ ഹൃദയങ്ങളെയും ശൊധന ചെയ്തു

ചിന്തകളെ എല്ലാം തിരിച്ചറിയുന്നു. അവനെ അന്വെഷിച്ചാൽ കണ്ടെത്തും ഉപെക്ഷിച്ചാൽ നിന്നെയും ഉപെക്ഷിക്കും. ആകയാൽ യഹൊവ നിന്നെ തെരിഞ്ഞെടുക്കയാൽ സൂക്ഷിച്ചു ധൈര്യം പൂണ്ടു കല്പിച്ച പണിയെ തീർപ്പിക്ക അതിന്നു വെണ്ടും പ്രകാരം ഒക്കയും ദൈവം വിവരമായി ആത്മാവിനാൽ അറിയിച്ച എഴുതിച്ചുതന്ന മാതൃക ഇതാ ഞാൻ നിണക്ക തരുന്നുണ്ടു. ആയത് എല്ലാം തീരുവൊളം എന്റെ ദൈവം ഇടവിടാതെ നിണക്ക തുണ നില്ക്കും ലെവ്യർ ആചാര്യന്മാരും വകവകയായി ഒരൊ കർമ്മത്തിന്നു വിദഗ്ധതയും ഉദാരതയും പൂണ്ടുനില്ക്കുന്ന പ്രഭുക്കളും ജനവും സെവെക്കും ഒരുമ്പെട്ടിരിക്കുന്നു എന്നും മറും പറഞ്ഞു ദെവാലയമാതൃകയെ ഏല്പിച്ചതിന്റെ ശെഷം സ്വയമായി സ്വരൂപിച്ച ധനം ഒക്കയും ആ പണിക്ക സമ്മതിച്ചു കൊടുത്ത കൂടിവന്നവർ എല്ലാവരും ഇഷ്ടപ്രകാരം യഹൊവെക്ക കാഴ്ച വെപ്പാൻ ചൊദിച്ചപ്പൊൾ പ്രഭുക്കൾ ഗൊത്രപതികൾ സഹസ്രശതാധിപന്മാർ മുതലായവർ രത്നങ്ങളും പൊൻവെള്ളി മുതലായവയും പൂർണ്ണ മനസ്സൊടെ സന്തൊഷിച്ചു കൊടുത്തു. ആയത കണ്ടാറെ രാജാവ് വളരെ പ്രസാദിച്ചു എല്ലാവരും കെൾക്കെ സ്തുതിച്ചിതു. നമ്മുടെ പിതാവായ ഇസ്രയെലിൻ ദൈവമൊ നിണക്ക എന്നെന്നെക്കും സ്തുതി ഉണ്ടാവൂതാക യഹൊവെ മഹിമയും ബലവും തെജസ്സും സ്ഥൈര്യവും യശസ്സും ഇഹപരങ്ങളിലെ സർവ്വവും നിണക്കുള്ളതു രാജത്വം നിന്റെ തനി സകലത്തിന്നും ശിരസ്സായി എഴുന്നിരിക്കുന്നു ധനവും മാനവും തിരുമുഖത്തുനിന്നു വരുന്നതു കൈയിൽ ഒജസ്സും ശക്തിയും ഉണ്ടു ഉയർത്തുവാനും രക്ഷിപ്പാനും നീ പ്രാപ്തൻ നമ്മുടെ ദൈവമെ ഞങ്ങൾ ഇന്നു നിന്നെ വാഴ്ത്തി തെജൊമയനാമത്തെ പുകഴ്ത്തുന്നു. ഇതു കാഴ്ചകളെ വെപ്പാൻ ഞാനും പ്രജകളും എന്മാത്രം നിന്റെ കൈക്കൽ നിന്നു വന്നതത്രെ ഞങ്ങൾ നിണക്കതന്നിരിക്കുന്ന സകലപിതാക്കന്മാരെ പൊലെയും ഞങ്ങൾ തിരുമുമ്പിൽ പരദെശികളും അതിഥികളും അത്രെ ഭൂമിയിലെ വാസം നിഴൽ പൊലെ ആകുന്നു നീ ഹൃദയ ശൊധന ചെയ്യുന്നവൻ എന്നും ആർജവത്തിൽ പ്രസന്നൻ എന്നും ഞാൻ അറികയാൽ ഞാൻ മനഃപൂർവ്വമായി ഇത എല്ലാം തന്നിരിക്കുന്നു ഇവിടെ കൂടിയ നിന്റെ ജനവും മനഃപൂർവ്വമായി നല്കുന്നതിനെ സന്തൊഷത്തൊടെ കണ്ടും ഇരിക്കുന്നു പിതാക്കന്മാരുടെ ദൈവമെ ഈ ജനത്തിന്റെ ഉള്ളിൽ ഈ ഭാവം സ്ഥിരീകരിച്ചു അവരുടെ ഹൃദയങ്ങളെ നിങ്കലെക്കാക്കെണമെ എന്റെ പുത്രനു ഏകാഗ്രമനസ്സിനെ കൊടുക്കെണമെ എന്നിങ്ങിനെ പ്രാർത്ഥിച്ചു എല്ലാവരും വന്ദിച്ചു വാഴ്ത്തി ബലിക്കഴിച്ചു യഹൊവ മുമ്പാകെ ഭക്ഷിച്ചു രണ്ടാമതും ശലൊമൊന്നു രാജാഭിഷെകം അനുഷ്ഠിച്ചു അവനെ അനുസരിക്കയും ചെയ്തു.

15. ദാവിദിന്റെ മരണം

ദാവിദിന്റെ അവസാന വാക്യങ്ങൾ ആവിതു. ഉന്നതനായ്ചമഞ്ഞ ഇശയ്പുത്രനും യാകൊബിന്റെ ദൈവം അഭിഷെകം ചെയ്തവനും ഇസ്രയെലിന്റെ മനൊഹര കവിയും ആയ ദാവിദിന്റെ വചനം യഹൊവാത്മാവു എന്നെ കൊണ്ടു സംസാരിപ്പിച്ചു അവന്റെ വാക്കു എൻ നാവിന്മെൽ ഉണ്ടു. ഇസ്രയെലിൻ പാറ എന്നൊടു അരുളിച്ചെയ്തു നീതിയും ദെവശങ്കയും പൂണ്ടു വാഴുന്നവൻ സൂര്യൊദയത്തിലെ പ്രകാശം പൊലെയും കാറില്ലാത പ്രഭാതം പൊലെയും വെയിലും മഴയും കൊണ്ടു ഭൂമിയിൽ നിന്നു മുളെക്കുന്ന സസ്യം പൊലെയും ആകുന്നു. ഇങ്ങിനെ തന്നെ എന്റെ ഗൃഹം ദൈവത്തൊടു നില്ക്കുന്നുണ്ടല്ലൊ. അവൻ സകലത്തിലും വ്യവസ്ഥയും സിദ്ധിയും വരുത്തിയൊരു നിർണ്ണയത്തെ സ്ഥാപിച്ചിരിക്കുന്നു. എന്റെ രക്ഷയും ആഗ്രഹവുമായുള്ളതു ഒക്കയും അവൻ വിളയിക്കയില്ലയൊ. ദെവവൈരികളൊ ഒക്കത്തക്ക തള്ളികളഞ്ഞ മുള്ളുകൾ പൊലെ ആകുന്നു അവ കൈകൊണ്ടു പിടിപ്പാൻ വഹിയാതെ ഇരിമ്പും വടിയും കൊണ്ടു തൊട്ടിട്ടു ഉടനെ അഗ്നിയിൽ ചുട്ടുകളയും. എന്നതല്ലാതെ വായസനായ രാജാവ് അകാരാദ്യമായ 3 പാട്ടുകൾ ഉണ്ടാക്കി. അതിൽ ഒരൊന്നിന്നു എബ്രയ അക്ഷര

സംഖ്യെക്ക ഒത്തവണ്ണം 22 ശ്ലൊകങ്ങൾ ഉണ്ട ഇരട്ടിച്ചിട്ടും കാണുന്നുണ്ട. പാപ ശാന്തിക്കായി അപെക്ഷയും (സ. 25) ദെവരക്ഷെക്കായി സ്തുതിയും. (സ. 34) ഭക്തന്മാർക്ക യഹൊവാ കടാക്ഷവും ദുഷ്ടന്മാർക്ക വാട്ടവും ശിക്ഷയും നിശ്ചയമായി വരുന്നപ്രകാരം ഒരു വർണ്ണനയും (സ. 37) അവറിലെ മുഖ്യമായ ഭാവങ്ങൾ.

ദാവിദിന്റെ കാലത്ത ഒരു പ്രവാചകൻ ശമുവെൽ ഗ്രന്ഥങ്ങൾ രണ്ടും തീത്തു നാഥാനൊ മറൊരുത്തനൊ രാജാവിന്റെ ദിവ്യജയങ്ങൾക്കായി സ്തുതിച്ചു വാഴ്ത്ത നിവൃത്തിക്കായി പ്രാർത്ഥന ചമെച്ചും ഇരിക്കുന്ന (സ. 24). ഹെമാൻ തന്റെ സങ്കടങ്ങളെ വിലപിച്ചു പ്രാർത്ഥിച്ചു (സ. 88.) അസാഫ ദുഷ്ടന്മാരുടെ ഭാഗ്യവൃദ്ധിയെ മായ എന്ന കാട്ടുകയും ചെയ്തു. (സ. 73).

ഇപ്രകാരം ദാവിദ യഹൊവാ വൈരികളെ ജയിച്ചു ദെവജനത്തിന്ന സമാധാനസൌഖ്യങ്ങൾ വരുത്തി ലൊകത്തിലെ സുഖദുഃഖങ്ങളെ വെണ്ടുവൊളം അനുഭവിച്ചു തൃപ്തനായ ശെഷം ഞാൻ നീതിയിൽ നിന്റെ മുഖം കാണും ഉണരുമ്പൊൾ നിന്റെ കാഴ്ചയാൽ തൃപ്തനാകും (സ. 17) എന്ന് ആശിച്ചുകൊണ്ട മരണം അടുത്തപ്പൊൾ ശലൊമൊനെ വിളിച്ചു യഹൊവയെ സർവ്വാത്മനാ അനുസരിക്കെണം എന്ന വളരെ അപെക്ഷിച്ചും ഇന്നവരെ എല്ലാം ശിക്ഷിക്കെണം ഇന്നവരെ രക്ഷിക്കെണം എന്ന പ്രത്യെകം അറിയിച്ചും വാഴ്ചയുടെ 40 ആം ആണ്ടിൽ സന്തൊഷത്തൊടെ മരിക്കയും ചെയ്തു. (ക്രി. മു. 1055–1015)

3. ശലൊമൊരാജാവ് (1115–975)

1. വാഴ്ചയുടെ ആരംഭം

ശലൊമൊ രാജാവായ ശെഷം ദെവകടാക്ഷത്താൽ ശത്രു ഭയം നീങ്ങി വാഴ്ചെക്ക ഉറപ്പു വരികയും ചെയ്തു. സഹൊദരനായ അദൊന്യ മുമ്പെത്ത ദുർന്നയങ്ങളെ വിടാതെ സെനാപതി മഹാ ചാര്യൻ എന്നിവരുടെ സഹായത്താൽ വല്ലപ്രകാരവും സിംഹാസനം എറി വാഴെണം എന്ന വിചാരിച്ചപ്പൊൾ ശലൊമൊ അച്ഛന്റെ ഉപദെശം ഒത്തു അദൊന്യയെ കൊല്ലിച്ചു പിന്നെ ഏളിഉം ബത്തിൽ ഇത്ഥമാര്യനായ അബ്യതാരെ സ്ഥാനത്തുനിന്ന നീക്കി എനാജർ വംശക്കാരനായ ചാദൊക്കെ മഹാചാര്യനാക്കി പണ്ട കുലപാതകങ്ങളാൽ ശാപപാത്രമായ് തീർന്ന യൊവബിലും ദെവന്യായം നടത്തുകയും ചെയ്തു. ആ വൃദ്ധ വീരൻ ഭയപ്പെട്ട ഒടി ബലിപീഠത്തെ പിടിച്ചു നില്ക്കുന്ന എങ്കിലും ബനായകല്പന പ്രകാരം ചെന്ന അവനെ വെട്ടി കൊന്ന താൻ സെനാപതി ആകയും ചെയ്തു. ശലൊമൊ ദെവാനുഗ്രഹമുള്ളവൻ എന്ന ലൊക പ്രസിദ്ധനായ് വന്ന.

അക്കാലം ദെവാരാധനെക്ക സ്ഥിരമായ എക സ്ഥാനം ഇല്ലാഞ്ഞു ജനങ്ങൾ അതാത കുന്നുകളിൽ കൂടി വന്ന യഹൊവയെ വന്ദിക്കും. അതിൽ പ്രധാനമായത് ഗബ്യാനിലെ കുന്ന തന്നെ. ദെവകൂടാരവും മൊശെ ഉണ്ടാക്കിച്ച ചെമ്പു ബലിപീഠവും അവിടെ തന്നെ ഉണ്ട. രാജാവ് ഒരു ബലിക്കായി പ്രമാണികളെ എവിടെ നിന്നും വിളിച്ചു കൂട്ടി ആ കുന്നിന്മുകളിൽ വെച്ചു ആയിരം ഹൊമങ്ങളെ കഴിച്ചു പ്രാർത്ഥിച്ച ശെഷം. രാത്രിയിൽ യഹൊവ രാജാവിന്ന സ്വപ്നത്തിൽ പ്രത്യക്ഷനായി നിണക്ക എന്തുവെണം വരിച്ചു കൊൾ എന്ന കല്പിച്ചാറെ ശലൊമൊ പറഞ്ഞു നീ എൻ പിതാവിൽ എറിയൊരു കരുണയെ കാണിച്ചു പൊന്ന ഇപ്പൊൾ അടിയനെ അച്ഛന്റെ സ്ഥാനത്തു വാഴിച്ചും ഇരിക്കുന്ന ഞാനൊ വഴി ഒട്ടും അറിയാത്ത ശിശുവും ഭരിക്കെണ്ടുന്ന നിന്റെ ജനം അസംഖ്യവും ആയിരിക്കുന്ന. ഗുണദൊഷങ്ങളെ തിരിച്ചു നെരും ന്യായവും നിന്റെ വംശത്തിൽ നടത്തെണ്ടതിന്ന അടിയന്ന കെൾക്കുന്ന ഹൃദയം നല്കുണമെ എന്നിങ്ങിനെ വരം വരിച്ചത് യഹൊവെക്ക് പ്രസാദമായ് വന്ന. ദീർഘായുസ്സു സമ്പത്തു ശത്രു പ്രാണൻ ഈ വകയല്ല ന്യായം കെൾക്കുന്ന വിവെകത്തെ നീ അപെക്ഷിച്ചതു കൊണ്ട ഇതാ നിൻ വചനപ്രകാരം ഞാൻ ചെയ്തു ഒരിക്കലും ഇല്ലാ

തൊരു ജ്ഞാനവും വിവെകവും ഉള്ള ഹൃദയം ഞാൻ നിണക്ക തന്നു. നീ അപെക്ഷിക്കാത്ത ഐശ്വര്യവും തെജസ്സും കൂട നിങ്കാലമുള്ള സകല രാജാക്കന്മാരിലും അധികമായി തന്നിരിക്കുന്നു. ദാവിദ എന്റെ കല്പനകളെ പ്രമാണിച്ചു എൻ വഴികളിൽ നടത്തുന്നതു പൊലെ നീയും നടന്നാൽ നിണക്ക ദീർഘായുസ്സിനെയും നല്ലും എന്നു ദൈവം അരുളിച്ചെയ്തു അന്നു മുതൽ ശലൊമൊവിന്നു ദൈവജ്ഞാനം സമ്പൂർണ്ണമായി വരികയും ചെയ്തു.

ഒരു ദിവസം രാജാവ് ആസ്ഥാനമണ്ഡപത്തിൽ ഇരിക്കുമ്പൊൾ 2 സ്ത്രീകൾ വന്നു അവരിൽ ഒരുത്തി ഞങ്ങൾ, ഒരുമിച്ചു വീട്ടിൽ പാർത്തപ്പൊൾ ഇവളുടെ കുട്ടി രാത്രിയിൽ മരിച്ചു പൊയി. ആയത് അവൾ കണ്ടു ഉടനെ എന്റെ കുട്ടിയെ കൊണ്ടു പൊയി തന്റെതു എന്റെ അരികിൽ കിടത്തി രാവിലെ ഞാൻ മുലകൊടുപ്പാൻ നൊക്കിയപ്പൊൾ കുഞ്ഞൻ ചത്തത് എന്നും സൂക്ഷിച്ചു നൊക്കിയാറെ എന്റെതല്ല എന്നും കണ്ടു. എന്നിങ്ങിനെ ബൊധിപ്പിച്ചതിൽ അനന്തരം മറവൾ അങ്ങിനെ അല്ല മരിച്ചതു നിന്റെ കുഞ്ഞൻ എന്നും പറഞ്ഞു തമ്മിൽ ഇടഞ്ഞപ്പൊൾ രാജാവ് വാൾ വരുത്തി ജീവനുള്ള കുഞ്ഞിയെ രണ്ടായി പിളർന്നു കൊടുപ്പാൻ കല്പിച്ചു. ആയതു പെറന്ന നരകം വെന്തു വിരൊധിച്ചു അയ്യൊ കുഞ്ഞനെ കൊന്നു കളയാതെ അവൾക്കു തന്നെ കൊടുപ്പിൻ എന്നു വിളിച്ചു മറവളൊ എനിക്കുമല്ല അവൾക്കുമല്ല പിളർപ്പിൻ എന്നു പറഞ്ഞു. അനന്തരം രാജാവ് അമ്മയെ അറിഞ്ഞു കുട്ടിയെ കൊടുപ്പാൻ കല്പിച്ചു രാജാവിന്റെ വിവെകം ഇസ്രയെലിൽ പ്രസിദ്ധമായ്വരികയും ചെയ്തു.

ഇപ്രകാരം ശലൊമൊ വാഴ്ചയുടെ ആരംഭം അച്ഛനിൽ ജയശ്രീത്വം കണ്ടതുപൊലെ അടക്കിയതു രക്ഷിക്കെണ്ടുന്ന ജ്ഞാനവും നീതിയും മകനിൽ വിളങ്ങി ഫ്രത്ത നദി മുതൽ മിസ്രു തൊടു പര്യന്തമുള്ള രാജാക്കന്മാർ എല്ലാം മത്സരിയാതെ കപ്പമയച്ചു സെവിച്ചു പൊരുകയും ചെയ്തു. കച്ചവടം മുതലായ സമാധാന വ്യാപാരങ്ങൾ അത്യന്തം വർദ്ധിച്ചു രാജ്യത്തിൽ സൌഖ്യവും ആഡംബരവും എത്രയും വളരുകയും ചെയ്തു. ഇത് എല്ലാം പൊരാ എന്നു വെച്ചു ശലൊമൊ മശീഹയുടെ രാജത്വം ആഗ്രഹിച്ചതിപ്രകാരം (സങ്കീ. 72).

ദൈവമെ രാജാവിന്നു നിന്റെ ന്യായ വിധികളെയും രാജപുത്രന്നു നിന്റെ നീതിയെയും നല്കുണമെ അവൻ രാജ്യത്തിൽ എങ്ങും സാധുക്കളെ രക്ഷിച്ചു ഞെരുക്കുന്നവരെ നുറുക്കി സമാധാനത്തെ നടത്തും എന്നാൽ ചന്ദ്രാദിത്യർ ഉള്ളളവും അവർ നിന്നെ ഭയപ്പെടും. ആയവൻ പുല്ലിന്മെൽ മഴ എന്നു പൊലെ ഇറങ്ങും അവങ്കാലത്തിൽ നീതിമാൻ തെഴുക്കും സമാധാന നിറവും കാണും സമുദ്രം മുതൽ സമുദ്രം വരെയും അവൻ ഭരിക്കും അവനെ മരുനിവാസികൾ വണങ്ങും പടിഞ്ഞാറെ ദ്വീപുകൾ കാഴ്ച അയക്കും ശെബാ രാജാക്കന്മാർ വഴിപാടു കഴിക്കും സകല രാജാക്കന്മൊരും അവനെ കുമ്പിടും സവ്വജാതികൾ സെവിക്കയും ചെയ്യും. കാരണം അവൻ തുണ ഇല്ലാത്തവനെ വിടുവിച്ചു എളിയവരുടെ ആത്മാക്കളെ രക്ഷിക്കും അവരുടെ രക്തം അവന്നു വിലയെറിയതായി തൊന്നും എന്നാൽ സാധു ആശ്വസിച്ചു ദിനമ്പ്രതി അവനെ വാഴ്ത്തും രാജ്യത്തിൽ ധാന്യം നിറയും അതു മലമുകളിലും വിളഞ്ഞു കിരുകിരുക്കും പട്ടണങ്ങളിൽ നാട്ടിലെ പുല്ലുപൊലെ ആൾ പെരുകി ജനിക്കും അവന്റെ പെർ എന്നെന്നെക്കും ഉള്ളതു സൂര്യനുള്ളെടത്തൊളം തന്നാമം ചെന്നറെറ്റം തരതിനാൽ തങ്ങളിൽ ആശീവ്വദിക്കും അവനെ സവ്വജാതികൾ വാഴ്ത്തുകയും ചെയ്യും.

2. ശലൊമൊവിൻ വിവാഹവും പാട്ടും

രാജാവ് ബാന്ധവം ചെയ്തതു മിസ്രുസ്വരൂപത്തിൽ തന്നെ. ഇസ്രയെൽ മിസ്രയിൽ പരദെശികളായ്പാത്തു വന്ന സംഗതിയാൽ അവരൊടു ചെർച്ച ഉണ്ടാകുന്നത് നിഷിദ്ധം അല്ല എന്നു മൊശ ധർമ്മത്തിലെ വ്യവസ്ഥ ആകുന്നത്. സകല രാജ്യങ്ങളിലും അന്നു ശ്രീത്വം എറീട്ടുള്ള മിസ്രയൊടു സംബന്ധം ഉണ്ടാ

കയാൽ ശലൊമൊവിന്റെ നാണിയവും മഹത്വവും അധികം പെരുകി സവ്വലൊകാധിപതിയായി വാഴുവാനുള്ള മശീഹയുടെ സാന്നിദ്ധ്യം അന്നുള്ള ദാവിദ്യന്റെ ഭാഗ്യം വിചാരിക്കുമ്പൊഴും പലവിധമായി നിഴലിച്ചു വിളങ്ങുകയും ചെയ്തു. കൊറാഹ്യരുടെ പാട്ടിൽ (സങ്കീ.47) മശീഹയെ സ്തുതിച്ചു കൊൾകുന്നതിപ്രകാരം.

നീ നരപുത്രന്മാരിൽ അതിസുന്ദരൻ നിന്റെ അധരങ്ങളിൽ ചാരുത്വം ഒഴുകി വന്നിരിക്കുന്നു അതിനാൽ ദൈവം നിത്യം നിന്നെ അനുഗ്രഹിക്കുന്നു. ഹാ വീര നിന്റെ ഗംഭീര മാഹാത്മ്യത്താൽ വാഴ്മ അരയിൽ കെട്ടുക സത്യത്തിന്നും സാധുഗുണത്തിന്നും രക്ഷെക്കായി ജയിച്ചു നടന്നുകൊൾക എന്റെ അമ്പുകൾ ക്രൂത്വ ജാതികൾ അടങ്ങി വീഴുമ്പൊൾ എഴുന്നെള്ളുന്നവനെ അവ രാജവൈരികളുടെ നെഞ്ഞിൽ തറെക്കുന്നു. ദൈവമെ നിൻ സിംഹാസനം എന്നെന്നെക്കും ഉള്ളത് തിരുരാജ്യത്തിൻ ചെങ്കൊൽ നെരെഉള്ള ദണ്ഡും വിനീതിയെ സ്നേഹിച്ചു ദൊഷത്തെ പകെക്കുന്നവനാകയാൽ ദൈവമെ നിന്റെ ദൈവം കൂട്ടുകാരെക്കാളും അധികം ആനന്ദ തൈലം കൊണ്ടു നിന്നെ അഭിഷെകം ചെയ്തു. ദന്തം കൊണ്ടുള്ള രാജധാനികളിൽ സംഗീതങ്ങൾ നിന്നെ സന്തൊഷിപ്പിക്കുന്ന രാജപുത്രിമാരുടെ നടുവിൽ തങ്കം അണിഞ്ഞ രാജ്ഞി നിന്റെ വലത്തു നില്ക്കുന്നു. ഫാമകളെ ചെവിചാച്ചു കെട്ടുനൊക്കികൊണ്ടാലും നിൻ വംശത്തെയും പിതൃഗൃഹത്തെയും മറന്നു വിട്ടാലും രാജാവ നിന്റെ സൌന്ദര്യത്തെ വാഞ്ഛരിക്കെ ആവു അവൻ നിന്റെ കർത്താവാകയാൽ അവനെ വണങ്ങുക പിതാക്കൾക്കു പകരം നിണക്കു പുത്രന്മാരുണ്ടു അവരെ സവ്വദെശത്തും നീ മന്നവന്മാരാക്കി വെക്കും. സദാകാലം ഞാൻ നിരുനാമത്തെ വാഴ്ത്തുക ജാതികൾ എന്നെക്കും നിന്നെ സ്തുതിക്കയും ചെയ്യും.

അതു കൂടാതെ ശലൊമൊ താൻ അത്യുത്തമ ഗീതം ചമെച്ചു സത്യ സ്നെഹത്തിന്റെ രഹസ്യമായ അനുഭവത്തെ തന്റെ കരുന്തലെക്ക് പറയുന്ന ശൃംഗാര വർണ്ണനത്തൊടെ സ്തുതിച്ചിരിക്കുന്നു. അതിൽ രാജ്ഞി തന്റെ സ്നെഹത്തെ വർണ്ണിക്കുന്നു. അവൾ വെയിൽ പററി കറുത്തവൾ എങ്കിലും മനൊഹരി തന്നെയരുശലെം പുത്രിമാരൊടു ഒരൊരൊ സംഭാഷണം ഉണ്ടായശെഷം പ്രിയനെ കാണ്മാൻ സ്വപ്നത്തിലും വാഞ്ഛരിക്കുന്ന രാത്രികാലത്തു അവൻ രാജസഭയെ വിട്ടു തണ്ടിൽ എറി വരുന്നതു കാണുന്നു. ഉടനെ അവനും അവളെ കണ്ടു പ്രാവിൻ കണ്ണുകൾ മുതലായ ശുഭലക്ഷണങ്ങളെ സ്തുതിക്കുന്ന ഒടുവിൽ അവളുടെ വാക്കാവിത് മൊതിരം എന്നപൊലെ ഹൃദയത്തിലും ഭുജത്തിലും എന്നെ വെച്ചുകൊള്ളെണമെ. പ്രെമം മരണം പൊലെ ഉറപ്പുള്ളതു സത്യം ഔത്സുക്യം പാതാളം പൊലെ പിടിപെട്ടു കൊള്ളുന്നു അതിന്റെ ജ്വലനം തീക്കനലും യാഹിന്റെ ജ്വാലയുമാകുന്നു. ഏറിയ വെള്ളങ്ങൾക്കും സ്നെഹത്തെ കൊടുപ്പാൻ കഴികയില്ല നദികൾ കൂടെ അതിനെ മുക്കിക്കളകയില്ല. ഒരുത്തൻ ഗൃഹസമ്പത്ത് ഒക്കയും സ്നെഹത്തിന്നായി കൊടുത്താലും അവനെ പരിഹസിച്ചു വിടുകെ ഉള്ളു.

ശലൊമൊവിൻ പാട്ടുകൾ എല്ലാം 1005 എന്നു കെൾക്കുന്നു. അതിൽ ശെഷിച്ചത് ഈ അത്യുത്തമഗീതമെ ഉള്ളു. പിന്നെ പശു പക്ഷി മത്സ്യ കൃമ്യാദികളെയും മരം പൂ മുതലായവറെയും വകതിരിച്ചു വർണ്ണിക്കുന്ന ജ്ഞാനശാസ്ത്രങ്ങളെയും ഉണ്ടാക്കി. അവന്റെ ജ്ഞാനകീർത്തി സർവ്വദെശത്തും വ്യാപിക്കയും ചെയ്തു.

3. ദെവാലയാദി നിർമ്മാണങ്ങൾ

അക്കാലം കരയിൽ മിസ്രെക്കും കടലിൽ തൂറിനും ആധിക്യം ഉണ്ടു. മിസ്രരാജാവ് എന്ന പൊലെ തൂരരാജാവായ ഹീരാമും ശലൊമൊവിന്നു ബന്ധുവായിരുന്നു ശലൊമൊവിന്നു ദെവദാരു മുതലായ മരങ്ങൾക്കു വളരെ ആവശ്യം ഉണ്ടാകകൊണ്ടു അവൻ ഹീരാമൊടു കരാർ ചെയ്തു ഇസ്രയെലിൽ നിന്നു ആണ്ടുതൊറും വെണ്ടുന്ന കൊതമ്പും ഒലിവെണ്ണയും തൂറിലെക്കയച്ചു കൊടുപ്പാനും ലിബ

നൊനീൽ വെട്ടികൂറെച്ച മരങ്ങളെ മാസംതൊറും വാങ്ങുവാന്നും ഒത്തുകൊണ്ടശെ ഷം (ക്രീ. മു) 1011 ആം ആണ്ടിൽ മൊറിയ പവ്വതത്തിന്മെൽ ദെവാലയം കെട്ടി തുടങ്ങി 1004 ആം ആണ്ടിൽ ആ വലിയ പണി തീക്കയും ചെയ്ത.

ആ പണി എകദെശം സാക്ഷികൂടാരത്തൊട്ട ഒക്കുന്ന വിസ്താരം മാത്രം അ ധികം ഉണ്ട. പ്രാകാരങ്ങം രണ്ടുണ്ട ഒന്ന ജനത്തിന്നും അകത്തുള്ളത് ആചാര്യ ന്മാക്കും ഉള്ളത് തന്നെ. ഇതിൽ ഹൊമപീഠവും 2 ചെമ്പുതുണകളും അഹരൊന്യ രുടെ സ്നാനത്തിന്നുള്ള താമ്രജലാശയവും, ബലിയിറച്ചി കഴുകുന്ന 10 തൊട്ടികളും ഉണ്ട. ഭവനം തന്നെ 60 മുളം നീളം 20 മുളം വീതി 30 മുളം ഉയരം ഇങ്ങിനെ കല്ല കൊണ്ട കെട്ടി ദെവദാരു മരംകൊണ്ട മച്ചിട്ട പൊൻ പൊതിഞ്ഞു എടുപ്പിച്ചു. ഇവ ണ്ണും ഉള്ള ഭവനത്തിന്റെ പ്രവെശത്തിന്ന ഒരു മണ്ഡപവും ശെഷം മൂന്നുപുറത്തിൻച റും 3 തട്ടുള്ള മാളികക്കെട്ടും ഉണ്ടായിരുന്ന. ശ്രുദ്ധസ്ഥലം 40 മുളം നീളത്തിൽ ആ കുന്ന പൊന്നിൻ ധൂമപീഠം അല്ലാതെ പത്തു നിലവിളക്കും 10 അപ്പപ്പലകയും സ വണ്ണംകൊണ്ട ചമെച്ച് അവിടെ വെക്കുകയും ചെയ്ത. അതിവിശ്രുദ്ധസ്ഥലം 20 മുളം ചതുരശ്രുത്തിൽ കെട്ടിയതാകുന്ന. അതിൽ കല്പനപ്പലക രണ്ടുള്ള സാക്ഷിപ്പെട്ട കം പ്രധാനം അഹരൊന്റെ പടിയും മന്നയും അന്നില്ലാഞ്ഞു എന്ന തൊന്നുന്ന.

അതല്ലാതെ രാജാവ് കൊയിലകവും ആസ്ഥാനമണ്ഡപവും രാജ്ഞികൾ ള്ള അരമനയും എടുപ്പിച്ച മറ്റ അനെകം വിശെഷനിർമ്മാണങ്ങളെ പണിയി ക്കയും ചെയ്ത.

ദെവാലയപ്രതിഷ്ഠെക്ക് യരുശലെമിൽ മഹാസംഘം കൂടി വന്ന. ആചാ ര്യന്മാർ സാക്ഷിപെട്ടകത്തെ സന്നിധി സ്ഥലത്താക്കിയപ്പൊം ദെവതെജസ്സു വാശത്തപ്രകാരം മെഘത്തൊടും കൂട ഇറങ്ങി ആലയത്തിൽ നിറഞ്ഞു രാജാവും വണങ്ങി ഇസ്രയെലെ അനുഗ്രഹിച്ച പ്രാത്ഥിക്കയും ചെയ്ത.

ഇസ്രയെൽ ദൈവമായ യഹൊവെ സ്വർഗ്ഗഭൂമികളിലും നിന്നെപൊലെ ഉള്ള ദൈവം ഇല്ല നെരുള്ള ദാസന്മാക്ക സഖ്യതയും കരുണയും ഉറപ്പിച്ച കൊടുത്ത എൻപിതാവിന്ന അരുളിച്ചെയ്തതെല്ലാം ഒപ്പിച്ചുനല്ലിയവനെ തിരുവായാൽ നീ കല്പിച്ച തിരുക്കൈയാൽ നിവൃത്തിക്കയും ചെയ്ത. ഇസ്രയെൽ രാജാസന ത്തിൽ ഇരിക്കുന്നവൻ ദാവിദ്യരിൽ ഒരു നാളും ഇല്ലാതെ ഇരിക്കയില്ല എന്ന ചൊല്ലിയത നടത്തെണമെ. ദൈവം ഭൂമിയിൽ വസിപ്പത സത്യമൊ ഊർദ്ധ ലൊകങ്ങം എല്ലാം നിന്നെ കൊള്ളുകയില്ലല്ലൊ ഞാൻ പണിയിച്ച ഈ ഭവനം എങ്ങിനെ കൊള്ളും. എങ്കിലും അടിയൻ ഇന്ന സ്തുതിച്ച പ്രാത്ഥിക്കുന്നതിനെ കെട്ട യാചനെക്കായി തിരിഞ്ഞു തൃക്കണ്ണും ചെവിയും ഈ സ്ഥാനത്തിന്മീതെ രാപ്പകൽ തുറന്നിരിക്കെണമെ. തിരുനാമം ഇവിടെ വസിക്കും എന്ന കല്പി ച്ചിട്ടുള്ള ഈ സ്ഥലത്തു ചെയ്യുന്ന പ്രാത്ഥന ഒക്കയും തിരുവാസസ്ഥലമായ സ്വർഗ്ഗ ത്തുനിന്ന കെട്ട കനിഞ്ഞു കടാക്ഷിക്കെണമെ. അതുകൊണ്ട ബലിപീഠമുമ്പാ കെ ആണയിടുവാൻ നെരിടുമ്പൊം നീ ദുഷ്ടന്ന ശിക്ഷയും ശിഷ്ടന്ന രക്ഷയും വ രുത്തെണമെ ഇസ്രയെൽ ശത്രു മുഖെന തൊറ്റു പാപം അറിഞ്ഞു അനുതപിച്ച പ്രാത്ഥിച്ചാൽ നീ കനിഞ്ഞു രാജ്യത്തെ വഴിക്കാക്കെണമെ. പാപം നിമിത്തം മഴ പെയ്വായ്കയാൽ അവർ വലഞ്ഞു പാപത്തിൽനിന്ന മനസ്സ് തിരിഞ്ഞാൽ നീ അവക്ക നല്ല മാർഗ്ഗത്തെ അറിയിച്ച അവകാശഭൂമിയിൽ വർഷിക്കെണമെ. യാ തൊരു ബാധയും ഉണ്ടായിട്ട മനഃപീഡയെ വിചാരിച്ച ഈ സ്ഥലത്തു വന്ന കൈനീട്ടി പ്രാത്ഥിക്കുന്നവരെ നീ കെട്ട അവരവരുടെ ഹൃദയം നീ ഏകനായി കാണുന്നപ്രകാരം ഫലംവരുത്തി തിരുഭയത്തെ നടത്തെണമെ അന്യന്മാരും തി രുനാമ മാഹാത്മ്യം കെട്ട ദൂരത്തുനിന്ന വന്ന ഇവിടെ പ്രാത്ഥിച്ചാൽ നീ സ്വർഗ്ഗ ത്തുനിന്ന കെട്ട അന്യന്റെ അപെക്ഷ സാധിപ്പിച്ച സകലജാതികളിലും നി ന്റെ നാമത്തെ ഘൊഷിപ്പിക്കെണമെ പാപം ഇല്ലാത്തവർ ഇല്ലല്ലൊ ഇസ്ര യെലും നിന്നൊടു പിഴെച്ച കൊപം വരുത്തി രാജ്യഭ്രംശത്തിന്ന ഹെതുവായി

തീർന്നാൽ അവർ അടിമകളായി പൊയി ശത്രുരാജ്യത്ത് നിന്ന മനംതിരിഞ്ഞു ഈ സ്ഥലത്തിന്ന നെരെ പ്രാത്ഥിച്ചു എങ്കിൽ അവർ നീ വീണ്ടെടുത്ത ഗൊത്രം എന്ന ഒത്ത സവ്വലംഘനങ്ങളെയും ക്ഷമിച്ചു മൊശമൂലം അരുളിച്ചെയ്തപ്രകാരം സകലജാതികളിൽ നിന്നും വെർതിരിച്ചു കാത്ത അവർ അപെക്ഷിക്കുന്നത് എല്ലാം കെട്ടരുളെണമെ യഹൊവയായ ദൈവമെ. എന്നിങ്ങിനെ ബലിപീഠത്തിങ്കൽ മുട്ടുകുത്തി കൈമലത്തി പ്രാത്ഥിച്ചുതീർന്നപ്പൊൾ രാജാവ് എഴനീറ ഇസ്രയെൽസഭയെ അനുഗ്രഹിച്ചതിവണ്ണം.

വാഗ്ദത്തപ്രകാരം സ്വജനത്തിന്ന സ്വാസ്ഥ്യം കൊടുത്ത യഹൊവെക്ക സ്തോത്രം മൊശമൂലം പറഞ്ഞത ഒന്നും പഴതെ വീണതും ഇല്ലല്ലൊ അവൻ പിതാക്കന്മാരൊട ഇരുന്നത്പൊലെ നമ്മെയും പിരിയാതെ കൈക്കൊണ്ട ഹൃദയങ്ങളെ തങ്കലെക്ക ചായ്ക്കുണമെ ഞാൻ ഇന്ന യാചിച്ചത് തല്ലാലത്ത യഹൊവയുടെ പക്കൽ എത്തിവരികയും അവൻ ഇസ്രയെലിൽ ന്യായം നടത്തുകയാൽ സകലജാതികളും യഹൊവാമാത്രമെ ദൈവം എന്ന ഗ്രഹിക്കയും ചെയ്യാവു അവന്റെ കല്പനകളെ ആചരിപ്പാൻ നിങ്ങളുടെ ഹൃദയം എകാഗ്രം ആകെണമെ എന്ന അരുളിച്ചെയ്ത ബലികളെ ലക്ഷത്തൊളം കഴിപ്പിച്ച അഗ്നി ആകാശത്തുനിന്ന വീണ അവകത്തിക്കയും ചെയ്ത. ആചാര്യർ ലെവ്യർ മുതലായവരുടെ ഗീതഘൊഷങ്ങളും എന്നെന്നെക്കും ഉള്ള കരുണയുടെ സ്തോത്രങ്ങളും കാഹളനാദവും ഉണ്ടായി ഇസ്രയെൽ അന്ന രാജാവിന്റെ ചെലവിനാൽ യഹൊവ മുമ്പാകെ 14 ദിവസം ഉത്സവം കൊണ്ടാടി സന്തൊഷിച്ച പാർക്കയും ചെയ്ത.

അനന്തരം ദൈവം പിന്നെയും രാത്രിയിൽ തന്നെ ശലൊമൊവിന്ന പ്രത്യക്ഷമായി പറഞ്ഞു ഞാൻ നിന്റെ പ്രാത്ഥനയെകെട്ട ഈ സ്ഥാനത്തെ എനിക്ക നിത്യമായ ആരാധനസ്ഥലമായി തെരിഞ്ഞെടുത്ത നീ പണിയിച്ച ആലയം വിശുദ്ധമാക്കുകയും ചെയ്ത. അതുകൊണ്ട എന്റെ കണ്ണും ഹൃദയവും എന്നെക്കും ഇതിലെക്ക ആകും. ഞാൻ പാപം നിമിത്തം എന്റെ ജനത്തെ മഴപെയ്യാത്തുള്ളക്കുട്ടം മുതലായ ബാധകളെ കൊണ്ട ശിക്ഷിക്കുമ്പൊൾ അവർ തങ്ങളെ താഴ്ത്തി എന്റെ മുഖത്തെ അന്വെഷിച്ച തിരിയുമ്പൊൾ ഞാൻ കെട്ട ക്ഷമിച്ച ചികിത്സിക്കയും ചെയ്യും. ദാവിദ നടന്നപ്രകാരം നീ കൊഗ്രമനസ്സൊടെ എന്റെ മുമ്പാകെ നടന്ന കല്പന ആചരിച്ചാൽ ഞാൻ നിന്റെ സിംഹാസനത്തെ എന്നും നിലനിറുത്തും നിങ്ങൾ എന്നെ വിട്ട പിൻ വാങ്ങി അന്യദെവകളെ സെവിക്കുന്ന എങ്കിലൊ ഞാൻ ഇസ്രയെലെ വെരറുത്ത ഈ ആലയത്തെ നിരസിച്ച എൻജനത്തെ സകല ജാതികളിലും പഴഞ്ചൊല്ലും ഹാസ്യകഥയും ആക്കിതീർക്കും അന്ന കടന്നുപൊകുന്നവർ ഈ മഹാലയത്തിന്റെ ഇടിവ് കണ്ട കാരണം ചൊദിക്കുമ്പൊൾ യഹൊവയെ വിട്ട അന്യദെവകളെ കൈക്കൊണ്ട സംഗതിയാൽ അത്രെ. എന്ന ഉത്തരം കൊൾക്കയും ചെയ്യും.

ഇങ്ങിനെ യഹൊവയുടെ ഉപദെശം കെട്ടശെഷം ശലൊമൊ ലബനൊനിൽ ബാൽഗദ് എന്ന കൊട്ടയും സുറിയയിൽ (നിസിബിആകുന്ന) ചൊബ എന്ന പട്ടണവും ബാബലിൽനിന്ന വരുന്ന കച്ചവടമാഗ്ഗത്തിൽ മരുഭൂമിയുടെ മദ്ധ്യത്ത കിടക്കുന്ന തദ്മൊർ എന്ന പല്മീറയും മറും പല കൊട്ട മൂലസ്ഥാനങ്ങളെയും കെട്ടി ഉറപ്പിച്ച അതിർ കാത്തുകൊള്ളുകയും ചെയ്ത. തൂറിയെ രാജാവ് കപ്പലൊട്ടക്കാരെ കൊടുത്തയച്ചശെഷം ശലൊമൊ ചെങ്കടലിന്റെ വടക്കിഴക്കെ അറബത്തിൽ കപ്പലുകളെ നിർമ്മിച്ച ഹിന്ത സമുദ്രത്തിന്റെ തീരങ്ങളിലെക്ക കപ്പൽ നിയൊഗിച്ച ദൂരവ്യാപാരങ്ങളാൽ പൊൻ വെള്ളി രത്നങ്ങം ആനക്കൊമ്പു ചന്ദനമരങ്ങം മുളകു കുരുപ്പ കുരങ്ങ മയിൽ മുതലായത്ര സമ്പാദിച്ച യരുശലെമിൽ വരുത്തി സമൃദ്ധമാക്കുകയും ചെയ്ത. ഇങ്ങിനെ വീടും ഊരും നാടും എടുപ്പിച്ച രക്ഷിക്കുമ്പൊൾ യഹൊവയുടെ അനുഗ്രഹവും പരിപാലനവും പ്രധാനം എന്ന നിത്യം ഒർത്തുംകൊണ്ടിരുന്ന (സങ്കീ. 127)

4. ശലൊമൊവിന്റെ ജ്ഞാനം

ഭൂമിയിലെ സകല രാജാക്കന്മാരെക്കാളും ശലൊമൊവിന്നു ധനപ്രാപ്തി വൎദ്ധിച്ചതുപൊലെ ജ്ഞാനം നിമിത്തവും കീൎത്തി അധികം വ്യാപിക്കയും ചെയ്തു. അവന്റെ ജ്ഞാനത്തെ പ്രകാശിപ്പിക്കുന്നതു വലുതായിട്ടുള്ള ശാസ്ത്രങ്ങൾ അല്ല എത്രയും സൂക്ഷ്മമായി സംക്ഷെപിച്ച തീൎത്ത വാക്യങ്ങൾ തന്നെ. ഈ വക പഴഞ്ചൊല്ലും ഉപമാഭാഷിതങ്ങളും എബ്രായഭാഷയിലും അറവിയിലും മശാൽ എന്നു പറയുന്നു. ശലൊമൊവിന്റെ വാക്യങ്ങൾ മൂവായിരം ആയിരുന്നു. അതിൽ ശെഷിച്ചതിന്റെ സ്വരൂപം ചുരുക്കി പറയാം.

സുഭാഷിതങ്ങളുടെ അഭിപ്രായം മുകവുരയിൽ അറിയിച്ചിരിക്കുന്നു. ഒന്നാം ഖണ്ഡം (1, 7. 9, 18) ഉയരത്തിൽ നിന്നുള്ള ജ്ഞാനത്തെ വൎണ്ണിച്ചു ജ്ഞാനഗൃഹത്തിനുള്ള തൂണുകൾ എഴും വിവരമായി അറിയിച്ചു കള്ളജ്ഞാനമാകുന്ന വ്യഭിചാരിണിയെ ഒഴിപ്പാൻ ഉപദെശിച്ചു സത്യജ്ഞാനം യഹൊവയൊടുകൂട പാൎക്കുന്ന അഭിഷിക്തയും പ്രപഞ്ചനിൎമ്മാതാവും മനുഷ്യജാതിക്ക അമ്മയും എല്ലാവരെയും തന്റെ വിരുന്നിന്നു ക്ഷണിക്കുന്നവളും തന്നെ അന്വെഷിക്കുന്നവൎക്ക ജീവനെ കൊടുക്കുന്നവളും എന്നു സ്തുതിച്ചും ഇരിക്കുന്നു. രണ്ടാം ഖണ്ഡത്തിൽ (10. 22, 16) അന്യൊന്യമുള്ള ചെൎച്ച അധികം കാണാത്ത പല വാക്യങ്ങളും അടങ്ങി ഇരിക്കുന്നു അതിൽ നീതിയും ബുദ്ധിയും പുകഴ്ത്തി പൊട്ടനെയും പരിഹാസക്കാരനെയും ആക്ഷെപിച്ചു. മൂന്നാം ഖണ്ഡത്തിൽ മഹാജനങ്ങൾക്കു പ്രത്യെകം പറയുന്ന സൻമാൎഗ്ഗ പ്രബൊധം ഉണ്ടു. (22,17. 24. 22). പിന്നെ ഇവയും ജ്ഞാനികളിൽ നിന്നു ലഭിച്ചതു എന്നു മെലെഴുത്തുള്ള ചില വാക്യങ്ങളും ഉണ്ടു. (24, 23. 34). അനന്തരം ഹിജകിയരാജാവിന്റെ കാലത്തു ചെൎത്തിട്ടുള്ള ശലൊമൊ വാക്യങ്ങൾ 5 അദ്ധ്യായം ആകുന്നു (25. 29). ഇതിനൊടു ചെൎത്തവെറെ രണ്ടു അദ്ധ്യായങ്ങളിൽ അഗ്ഗൂർ എന്നവന്റെ മശാലകളും (30) രാജ്ഞി സ്വപുത്രനുപദെശിച്ചതും (31, 1. 9) അകാരാദിക്രമത്തിൽ ചമെച്ച സതീവൎണ്ണനവും (31, 10. 31) ആകുന്നു.

ഇങ്ങിനെ ഉള്ള ജ്ഞാനം നിമിത്തം ഘൊഷം നടന്നപ്പൊൾ ഹീരാം മുതലായ മഹാജനങ്ങളും ശലൊമൊവിനൊടും ജ്ഞാനം ചൊല്ലി വാതു പിടിച്ചു അൎത്ഥ വൈഷമ്യമുള്ള കടക്കഥകളെ അന്യൊന്യം അറിയിച്ചു ജയിപ്പാൻ നൊക്കി പരീക്ഷ സത്യ ബൊധം വരുത്തുവാൻ നല്ലൊരു വാതിൽ തുറക്കയും ചെയ്തു. അന്നു പരമാൎത്ഥദാഹം പൂണ്ടതെക്കെ അറവിലുള്ള ശബാരാജ്ഞി പുറപ്പെട്ടു മഹാഘൊഷത്തൊടുകൂട യരുശലെമിൽ വന്നു രാജാവെ കണ്ടു മനസ്സിൽ കരുതിയ ചൊദ്യങ്ങളെ കഴിച്ചു പരീക്ഷിച്ചതിന്റെ ശെഷം സകലത്തിന്നും ഒരൊരൊ ഉത്തരം കെട്ടതല്ലാതെ ദൈവാലയവും അതിലെ കൎമ്മങ്ങളും രാജ്യവിശെഷങ്ങളും ഒക്കയും കണ്ടറിഞ്ഞപ്പൊൾ ഞാൻ സ്വദെശത്തിൽ പാൎത്തുവരുമ്പൊൾ നിന്റെ വൈഭവം ചൊല്ലി കെട്ടതു നന്നു പ്രമാണിക്കാതെ കണ്ണാലെ കാൺമാനായി വന്നിരിക്കുന്നു. കണ്ടപ്പൊൾ ഉള്ളതിന്റെ പാതിപൊലും കെട്ടില്ല എന്നതൊന്നത്രെ. ഈ നിന്റെ പ്രജകളും നിന്റെ ജ്ഞാനം ദിവസെന കെട്ടു നില്ക്കുന്നവരും എത്രയും ധന്യന്മാർ എന്നെ പറയാവു. നിന്റെ ദൈവമായ യഹൊവ ഇസ്രയെലെ അനവധി സ്നെഹിക്ക കൊണ്ടത്രെ നിന്നെ അവരുടെ മെൽ വാഴിച്ചിരിക്കുന്നു അവനു സ്തൊത്രം എന്നു പറഞ്ഞു വളരെ സമ്മാനിച്ചു മടങ്ങിപൊകയും ചെയ്തു.

5. ശലൊമൊവിൻ താഴ്ചയും പ്രസംഗിയും

ഇപ്പറഞ്ഞപ്രകാരം എല്ലാം വിചാരിച്ചാൽ ദാവിദിന്നും പുത്രനും കല്പിച്ചു കിട്ടിയ രാജത്വ വാഗ്ദത്തം മിക്കവാറും ഒത്തുവന്ന എന്ന തൊന്നുന്നു. എങ്കിലും ഇസ്രയെലെ രക്ഷിക്കെണ്ടുന്നവന്നായി ആശ ജനിക്കെണ്ടതിന്ന ആ സകല മഹത്വത്തിന്ന വാട്ടം പിടിക്കെണ്ടതായിരുന്നു. ദെവാലയവും ബലികർമ്മങ്ങളും എത്രയും ശൊഭയായി വിളങ്ങുന്ന എങ്കിലും പല ഇസ്രയെലരും ഉപദെശത്തെ വെറുത്ത ദൊഷങ്ങളെ ചെയ്തു നടന്ന ദൈവത്തിൻ ദീർഘശാന്തത വിചാരിക്കാതെ അവൻ മൌനിയാകയാൽ ഞങ്ങളെ പൊലെ ആകുന്നവൻ എന്ന നിരൂപിച്ചു പൊയി കർമ്മങ്ങളുടെ സാരം ഒട്ടും ഗ്രഹിയാതെ യഹൊവ രക്തം കുടിക്കുന്നവനും ഇസ്രയെൽ നല്കുന്ന ആടുകാളകളുടെ മാംസത്തെ കൊതിക്കുന്നവനും ആകുന്ന എന്നുള്ള ദൂഷ്യങ്ങളെ വിചാരിച്ചു കൊണ്ടിരുന്നു. ഈ തെറ്റു ഭാവങ്ങളെ ആക്ഷെപിപ്പാൻ ആസാഫ ദെവാത്മാവിനാൽ (70 സ.) ഒരുപദെശം ദർശനത്തിൽ കെട്ടും എഴുതുകയും ചെയ്തു.

പിന്നെ ജനങ്ങളിൽ പ്രപഞ്ചസക്തി എറി ദൈവഭക്തി കുറഞ്ഞു ചമവാൻ രാജാവ് താൻ സംഗതി വരുത്തി അവൻ (5മൊശ. 17,17) ദൈവകല്പന നിരസിച്ചു മിസ്രപുത്രിയെ ഒഴിഞ്ഞ പല പരദെശിനികളെയും സ്നെഹിച്ചിരുത്തി. യഹൊവ മുറും നിഷെധിച്ച കനാന്യവംശങ്ങളിൽനിന്നും അവൻ ബൊധിച്ചവരെ എടുത്തും വെവ്വെറെ രാജ്യമര്യാദകളെയും കുലധർമ്മങ്ങളെയും പരദൈവതകളെയും തടുക്കാതെ യരുശലെമിലും ആചരിപ്പാൻ സമ്മതിച്ചു ഒടുവിൽ വൃദ്ധനായാറെ അവരവരുടെ ദൈവകൊക്ക സ്ഥാനങ്ങളെ എടുപ്പിച്ചു ആരാധനകളെ നടത്തി യഹൊവയൊട് ഹൃദയം അകന്ന വാങ്ങി സ്ത്രീകളിലും കള്ളദൈവകളിലും സഞ്ജിച്ചു പൊകയും ചെയ്തു.

ഇവ്വണ്ണം രാജാവ് ദൈവൊപകാരങ്ങളെ മറന്ന കല്പനകളെ ലംഘിച്ചത് മൂലമായി യഹൊവ ക്രുദ്ധിച്ചു നീ എന്റെ സഖ്യതയെ കാത്തുകൊള്ളായ്കയാൽ ഞാൻ രാജ്യത്തെ പറിച്ചെടുത്തു നിൻ ദാസന്ന നല്കും ദാവിദെ വിചാരിച്ചത്രെ നിങ്കാലം അല്ല പുത്രന്റെ കാലത്ത് അപ്രകാരം ചെയ്യും ഞാൻ തെരിഞ്ഞെടുത്ത യരുശലെം എൻദാസനാകുന്ന ദാവിദ ഈ നാമങ്ങൾ നിമിത്തം ഒരു ഗൊത്രത്തെ നിന്റെ മകന്ന കൊടുക്കും എന്നറിയിക്കയും ചെയ്തു. ഉടനെ ദൈവശിക്ഷകൾ ചിലത തട്ടി തുടങ്ങി. എദൊമ്യരാജസ്വരൂപത്തെ ദാവിദ് അറുതിച്ചെയ്തപ്പൊൾ ഹദാദ എന്ന ഒരു ബാലൻ മിസ്രയിൽ മണ്ടിപൊയി പാർത്തുവളർന്ന രാജ്ഞിയുടെ സഹൊദരിയെ വെട്ടു നല്ല തക്കത്തിൽ എദൊമ്യരെ ചെന്ന കണ്ടു അവരെ കലഹിപ്പിക്കയും ചെയ്തു. ഒരു സുറിയാണി ദമസ്കിൽ വെച്ചു മത്സരിച്ച ഇസ്രയെലരൊട് ചെറുത്തു നിന്ന സുറിയ രാജാവാകയും ചെയ്തു.

പരദെശത്തുനിന്ന മാത്രം അല്ല ഇസ്രയെലിൽ തന്നെ കലഹം ജനിച്ചുതുടങ്ങി. അതിന്റെ കാരണം ചിയൊൻകൊട്ടയെ ഉറപ്പിക്കുന്നതിന്ന അനെകവെലക്കാർ കൂടിയപ്പൊൾ രാജാവ് യരൊബ്യാം എന്ന ഒരു എഫ്രൈമ്യനെ പ്രാപ്തിയുള്ളവൻ എന്ന കണ്ടു യൊസെഫിൽനിന്നുള്ള എല്ലാ കൂലിക്കാൎക്കും തലവനാക്കി. ആയവൻ ഒരു ദിവസം വെളിയെ നടക്കുമ്പൊൾ പ്രവാചകനായ അഹീയ എതിരെറ്റു തന്റെ കൊടി പന്ത്രണ്ടായി കീറി നീ പത്തു ഖണ്ഡം എടുക്ക യഹൊവയുടെ അരുളപ്പാടാവിത്തു ഞാൻ രാജത്വത്തെ ശലൊമൊവിൽനിന്ന എടുത്തു ദാവിദിൻ നിമിത്തം അവന്റെ പുത്രന്ന ഒരു ഗൊത്രത്തെ ശെഷിപ്പിക്കുന്നതല്ലാതെ 10 ഗൊത്രങ്ങളിൽ നിന്നെ വാഴിക്കും എന്നാൽ ദാവിദ ചെയ്തത് പൊലെ നീ കല്പനയെ അനുസരിച്ചു എൻ വഴികളിൽ നടന്ന എങ്കിൽ ഞാൻ നിന്റെ സന്തതിയെ എന്നും സ്ഥാപിക്കും ദാവിദ്യസന്തതിയെ താഴ്ത്തിവെക്കയും ചെയ്യും അത്രയും എല്ലാ നാളെക്കും അല്ല താനും എന്ന പറഞ്ഞാറെ യരൊബ്യാം മത്സരിപ്പാൻ ഭാവിച്ചു മരണഭയം ഉണ്ടായിട്ടു മിസ്രയിൽ ഒടി രാജാവായ ശീശക്കൊട്ടുത്തു ശലൊമൊ മനിപ്പത്തു കാത്തുകൊണ്ടിരുന്നു.

അക്കാലത്തിൽ ശലൊമൊ സംസാരകാര്യങ്ങളെ മായ എന്നറിഞ്ഞു ഇ
സ്രയെലിന്റെ ഉപദെശത്തിന്നായി പ്രസംഗി എന്ന പ്രബന്ധത്തെ തീർത്തു. മഴ
സമുദ്രത്തിൽനിന്നു ജനിച്ചു പുഴകളുടെ വഴിയായി സമുദ്രത്തിലെക്ക തിരിയുന്നതു
പൊലെ മാനുഷകാര്യങ്ങൾ ഒക്കയും ചക്രം കാരെണ തിരിയുന്നു പുതിയത ഒന്നും
ഉണ്ടാകയും ഇല്ല. (1,1–11) രാജാവ് താൻ ജ്ഞാനവൃദ്ധിയും സുഖസമൃദ്ധിയും
നാനാവിധെന സമ്പാദിപ്പാൻ നൊക്കിയതിന്റെ ഫലം മായ അത്രെ. തന്റെ
ക്രിയകളെല്ലാം ബുദ്ധിയില്ലാത്തൊരു മകനിലും ഇസ്രയെലർ വാഴിക്കുന്ന യരൊ
ബ്യാം എന്ന മത്സരക്കാരനിലും എല്പിക്കെണ്ടി വരുമല്ലൊ (1,2) കാലങ്ങള
ടെ പര്യായങ്ങളെ വിചാരിക്കുമ്പൊൾ ദൈവകർമ്മം മാത്രം ശാശ്വതവും ശെഷം
എല്ലാം നശ്വരവും എന്നു കാൺകയാൽ (3) ലൊകവൈരാഗ്യം അധികം വർദ്ധിച്ചു
പ്രജകളും നടയത്തെ രാജാവെ വെറുത്തു പുതിയവനിൽ അനുരാഗം ഭാവിക്കുന്ന
മായയെയും പരിഹസിക്കുന്നു (4) തൃപ്തി വരാത്ത പ്രപഞ്ചസക്തിയെക്കാളും ദൈവ
ഭക്തിയൊടു കൂടിയ അലംഭാവം നല്ലൂ (5) ദ്രവ്യാശ വിദ്യാശ കീർത്ത്യാശ മുതലാ
യതിനെക്കാളും (6) മരണവിചാരവും സുഖദുഃഖങ്ങളിൽ സാമ്യവും സ്വപാപ
സ്മരണവും എറെ നല്ലതു. പിന്നെ ജ്ഞാനാന്വെഷണത്തിന്റെ ഫലമാവിത്
ദൈവം മനുഷ്യനെ നെരാക്കി സൃഷ്ടിച്ചിട്ടും അവർ അനെകം ദുർന്യായങ്ങളെ തിര
യുന്നു ആയിരത്തിൽ ഒരു പുരുഷനെ സാരമുള്ളവൻ എന്നു കണ്ടു സ്ത്രീകളിൽ ക
ണ്ടില്ല എന്നത്രെ. (7) ദുർബുദ്ധി ലക്ഷണങ്ങളും പലതും ആക്ഷെപിച്ചതല്ലാ
തെ (8.9) ശക്തിയെക്കാളും ജ്ഞാനം വിശെഷമുള്ളതു എന്നും ജ്ഞാനത്തിന്റെ
സാരം യൌവനത്തിലും സ്രഷ്ടാവെയും ന്യായ വിസ്താരത്തെയും കരുതുക തന്നെ
എന്നും കാട്ടി (10. 11) വാർദ്ധക്യത്തിന്റെ പീഡയും മരണയാതനയും വിവ
രിച്ചു ചൊല്ലി സകലവും മായ എന്നു വിലപിച്ചു. (12,8) ദൈവഭയത്തെ ജ്ഞാ
നത്തിന്റെ സാരാംശമായി സ്തുതിച്ചും സകല പ്രവൃത്തിക്കും ദൈവം ന്യായം വി
ധിക്കുന്ന പ്രകാരത്തെ സൂചിപ്പിച്ചും തീർത്ത ഇരിക്കുന്നു.

ഇങ്ങിനെ ദാവിദിന്റെ ജയ മാഹാത്മ്യവും ശലൊമൊവിൻ സ്വാസ്ഥ്യ
ശ്രീതവും ഇസ്രയെലിന്നു അനെക വാശ്രത്തങ്ങളുടെ നിവൃത്തിയെ വരുത്തിയ
തിന്റെ ശെഷവും ആ മഹത്വം എല്ലാം പാപശക്തി നിമിത്തം മായ എന്നു
പ്രസിദ്ധമായി വന്നു ശലൊമൊ മരിച്ചു ഉടനെ ഇസ്രയെലിന്റെ ബാഹ്യമായ
തെജസ്സു വാടി മറകയും ചെയ്തു. (975)

4. ഭിന്നരാജത്വാരംഭം

ആഹാബ്യദാവിദ്യകുലസംഹാരപര്യന്തം 975.884.

1. ഇസ്രയെൽ രാജ്യചരിത്രം

ശലൊമൊവിൻ പുത്രനായ രഹബ്യാമിന്നു വാഴ്ച വന്നു ഉടനെ യരൊ
ബ്യാം മിസ്രയിൽ നിന്നു മടങ്ങി വന്നു സ്വഗൊത്രക്കാരായ എഫ്രൈമർക്കു യ
ഹൂദയിൽ പുരാണമെ ഉള്ള അസൂയയെ വർദ്ധിപ്പിച്ചു രാജാവ ശികെമിൽ വെച്ചുക്ഷ
ണിച്ചു കൂട്ടിയ പ്രജാ സംഘത്തിൽ താൻ വന്നു 10 ഗൊത്രങ്ങളുടെ മദ്ധ്യസ്ഥനായിട്ടു
രാജാവൊടു നികിതി കാര്യത്തിങ്കൽ സങ്കടം ബൊധിപ്പിച്ചു ഇപ്പൊൾ ഭ്രണം
വരുത്തിയാൽ ഞങ്ങൾ സെവിക്കാം എന്നു ബൊധിപ്പിക്കയും ചെയ്തു. അനന്തരം
രാജാവ് മൂന്നാം ദിവസം അവധി പറഞ്ഞു വൃദ്ധന്മാരായ കുലമന്ത്രികളൊടു ചൊ
ദിച്ചാറെ ഇപ്പൊൾ വാത്സല്യം കാട്ടിയാൽ അവർ എന്നും അനുസരിക്കും എന്നു
കെട്ടപ്പൊൾ സമപ്രായക്കാരൊടു ചൊദിച്ചു അവരും അല്ലയൊ ജനമെ അച്ഛന്റെ
അരയെക്കാളും എൻ ചെറുവിരൽ തടിച്ചത് എന്നും അവൻ ചമ്മട്ടികളെ കൊണ്ട്
അടിച്ചു ഞാൻ (കൊർപ്പിവിൻ ചമ്മട്ടികളാകുന്ന) തെളുകളെ കൊണ്ടു ശിക്ഷിക്കും

എന്നും ഖണ്ഡിച്ചു പറയെണ്ടതിന്നായിട്ടു മന്ത്രിച്ചതു രാജാവിന്നു സമ്മതമായി അവധി നാളിൽ യരൊബ്യാം തുടങ്ങിയുള്ളവരൊട്ടു അപ്രകാരം തീർച്ച പറകയും ചെയ്തു.

രാജാവ് നമ്മെ ഒട്ടും കെയ്ക്കുന്നില്ല എന്ന ഇസ്രയെലർ കണ്ടപ്പൊൾ യിശായ്പുത്രനെ കൊണ്ടു നമുക്ക എന്തു ഇസ്രയെലെ നിന്റെ കൂട്ടികളിലെക്കു തിരികെ ചെല്ലുക ദാവിദെ നീ നിന്റെ ഗൃഹത്തെ നൊക്കുക എന്നു കലഹിച്ചു പറഞ്ഞു രാജാവ ഭണ്ഡാരപതിയെ അയച്ചപ്പൊൾ അവനെ കല്ലെറിഞ്ഞു കൊന്നു. ക്ഷണത്തിൽ രാജാവെ ഓടിക്കയും ചെയ്തു. പിന്നെ 10 ഗൊത്രങ്ങളും യരൊബ്യാമെ എത്രയും പ്രാപ്തിയുള്ളവനും ഗുണവാനും എന്നു കണ്ടു രാജാവാക്കി അഭിഷെകം കഴിക്കയും ചെയ്തു.

രഹബ്യാം യരുശലെമിൽ എത്തിയപ്പൊൾ പരിഭവം വീളുവാൻ നിശ്ചയിച്ചു യഹൂദ ബിന്യമീനരെയും മഹാസൈന്യമാക്കി ചെർത്തു പുറപ്പെടുവാറായ സമയം ശമര്യാ എന്ന പ്രവാചകൻ എതിർ പറഞ്ഞു. നിങ്ങൾ സഹൊദന്മാരൊട്ടു പൊരാടുവാൻ ചെല്ലാതെ മടങ്ങിപൊകുവിൻ ഇക്കാര്യം എന്നിൽ നിന്നുണ്ടായത് എന്ന് യഹൊവയുടെ അരുളപ്പാടു കെട്ടപ്പൊൾ രഹബ്യാം അനുസരിച്ചു കൊട്ടകളെയും അതിരെയും ഉറപ്പിച്ചു യരുശലെമിൽ തന്നെ പാർക്കയും ചെയ്തു.

യരൊബ്യാം ശികെമെ രാജധാനിയാക്കി വസിക്കുമ്പൊൾ യരുശലെം യാത്ര നിമിത്തം ഗൊത്രങ്ങൾ വെവ്വെറെ യഹൂദയൊടു ചെർന്നു പൊകുവാനും എന്നൊടു ദ്രൊഹിപ്പാനും സംഗതി വരും അതിനെ മാറെണം എന്നു വെച്ചു വിചാരിച്ചപ്പൊൾ നിങ്ങൾ യരുശലെമിലെ ദൈവാലയത്തിലെക്കു കഷ്ടിച്ചു ചെന്നതുമതി എന്നു കല്പിച്ചു പൊൻ കാളകളും രണ്ടിനെ ബെത്തെൽദാൻ ഇങ്ങിനെ തെക്കു വടക്കുള്ള അതിർ സ്ഥാനങ്ങളിൽ സ്ഥാപിച്ചു രണ്ടിന്നും അടുത്ത പൂജാരികളെ ലെവ്യരിൽ നിന്നല്ല ബൊധിച്ച വംശങ്ങളിൽ നിന്നു തെരിഞ്ഞെടുത്തു പണിക്കാക്കി എഴാം മാസത്തിങ്കൽ വിധിച്ച കൂടാര പെരുനാളെ എട്ടാം മാസത്തിൽ ആചരിപ്പിച്ചു ഇങ്ങിനെ യഹൊവയുടെ നാമം ചൊല്ലി ദൈവകാര്യത്തിൽ താന്തൊന്നിത്വം പലതും നടത്തി കാളകളുടെ സ്വരൂപത്താലെ വൃഷഭഭക്തരായ മിസ്രക്കാരുടെ സമ്മതംകൂടെ വരുത്തുകയും ചെയ്തു. അതുകൊണ്ടു ദൈവഭക്തതയലെ വ്യാദി ഇസ്രയെലർ ഉത്സവങ്ങൾക്കായി യരുശലെമിൽ വന്നുപൊന്നത് ഒഴികെ പലരും വീടുനിലങ്ങളെയും ഉപെക്ഷിച്ചു യഹൂദയിൽവന്നു കൂടിയിരുന്നു 3 വർഷത്തിന്നകം രഹബ്യാമിന്റെ ചെറുരാജ്യത്തിന്നു ഉറപ്പു നിത്യം വർദ്ധിപ്പിക്കയും ചെയ്തു. രഹബ്യാമൊ പിന്നെയും മദിച്ചു സ്ത്രീസക്തനായി വിഗ്രഹാരാധനെക്കും ദുഷ്ടാമങ്ങൾക്കും ഇടംകൊടുത്തപ്പൊൾ യഹൊവ മിസ്രരാജാവായ ശിശക്കെ കൊണ്ടു ഘൊരശിക്ഷ നടത്തുവാൻ തുടങ്ങി. ആയവൻ യരൊബ്യാമിന്റെ ബന്ധുവായി യഹൂദയൊടു കലഹിച്ചു വമ്പടചെർത്തു എതിർ പൊരുതു കൊട്ടകളെ പിടിച്ചു യരുശലെം പര്യന്തം അടുത്തുവന്നപ്പൊൾ രാജാവും പ്രഭുക്കളും യഹൊവയുടെ ശിക്ഷ ന്യായമാകുന്നത് എന്നു ചൊല്ലി തങ്ങളെത്തന്നെ താഴ്ത്തിപാർത്തു അതുകൊണ്ടു ഞാൻ അവരെ നിഗ്രഹിക്കയില്ല എന്നെ സെവിക്ക ചക്രവർത്തികളെ സെവിക്ക എന്നീ രണ്ടിന്നു തമ്മിൽ ഉള്ള ഭെദം അറിവാനത്രെ ഞാൻ അവരെ ശീശക്കിന്നു കൈവശമാക്കി കൊടുക്കും എന്നു യഹൊവയുടെ അരുളപ്പാടു ശമര്യാ അറിയിച്ചു. എന്നാറെ ശിശക്കപട്ടണത്തിൽ പ്രവെശിച്ചു കൊയിലകത്തും ദൈവാലയത്തും കണ്ട ഭണ്ഡാരം എല്ലാം കവർന്നു എടുത്തു രഹബ്യാമിൽ മെൽകൊയ്മ നടത്തുകയും ചെയ്തു (970)

ഇവണ്ണം രാജ്യചരിത്രത്താൽ ഇസ്രയെലിന്നു ശക്തിയും അന്യൊന്യചെർച്ചയും യഹൊവാർച്ചനയും ചുറും ഉള്ളവരിൽ ആധിപത്യവും ശലൊമൊ സമ്പാദിച്ച ദ്രവ്യവും മാനവും 5 വർഷത്തിന്നകം നശിച്ചു പൊയി രഹബ്യാംതന്നെ

താഴ്ത്തിയതല്ലാതെ യഹൊവയെ അന്വെഷിപ്പാൻ ഒരുമ്പെടാതെ വസിച്ചു. ഇനി രണ്ടു രാജ്യങ്ങളെ വാണവരുടെ പെരുകളെയും കാലങ്ങളെയും ചുരുക്കിപറയാം.

യഹൂദ	(ക്രി. മു.)	ഇസ്രയെൽ
രഹബ്യാം	975	യരൊബ്യാം
അബ്യാം	958	,,
ആസാ	955	,,
,,	954	നദാബ്
,,	952	ബയശാ
,,	930	ഏലാ
,,	930	ജിമ്രിയും തിബ്നിയും
,,	929	ഒമ്രി
,,	918	ആഹാബ്
യൊശഫത്ത്	914	,,
,,	897	അഹജ്യ
,,	896	യൊരാം
യൊരാം	889	,,
അഹജ്യ	884	,,
അഥല്യാവിദ്യരെയും	884	യെഹൂആഹാബ്യരെയും സംഹരിച്ച ആവല്ലാലം

2. യരൊബ്യാമിന്റെ വംശനാശം (975–952)

യരൊബ്യാം രാജാവ് ബെഥെലിൽ ഉണ്ടാക്കിയ ബലിപീഠത്തിന്മെൽ താൻ കയറി പൂജ കഴിപ്പാൻ ഭാവിച്ചപ്പൊൾ യഹൊവ യഹൂദയിൽനിന്നു നിയൊഗിച്ചയച്ച ഒരു ദിവ്യൻ ചെന്നു ഹെതറയെ യഹൊവയുടെ ചൊൽകെൾക്ക ദാവിദ്വംശത്തിൽ ജനിപ്പാനുള്ള യൊശിയാ നിന്റെ മെൽ പൂജാരികളുടെ അസ്ഥികളെ ചുട്ടു എന്നതിന്റെ അടയാളമൊ നീ പിളൎന്നു ചാരം ചിന്നിപൊകും എന്നു പറഞ്ഞു കെട്ടാറെ രാജാവ് ചൊടിച്ചു കൈനീട്ടിപിടിപ്പിൻ എന്നു വിളിച്ചു. ഉടനെ കൈ സ്തംഭിച്ചു നിന്നു തറ പിളൎന്നുപൊകയും ചെയ്തു. അതുകൊണ്ടു രാജാവ് നീ എനിക്കുവെണ്ടി യഹൊവയൊടു പ്രാൎത്ഥിക്ക എന്നു അപെക്ഷിച്ചാറെ ആ ദിവ്യൻ പ്രാൎത്ഥിച്ചു രാജാവിൻ കൈ ഭ്രണമായ്വരികയും ചെയ്തു. നീ കൂടവാ ഞാൻ സമ്മാനം തരാം എന്നു പറഞ്ഞാറെയും വെള്ളം കുടിപ്പാൻ പൊലും താമസിച്ചു പൊകരുത് എന്ന് ദെവകല്പന ഉണ്ടാകകൊണ്ടു ഞാൻ നിന്റെ വീട്ടിൽ വരികയില്ല എന്നു പറഞ്ഞു യാത്രയാകയും ചെയ്തു.

അന്നു ബെഥെലിൽ വൃദ്ധനായ ഒരു പ്രവാചകൻ ഉണ്ടു അവന്റെ മക്കൾ ആദിവ്യന്റെ വൎത്തമാനം അറിയിച്ചാറെ അവൻ ബദ്ധപ്പെട്ടു ദിവ്യനൊടു എത്തി യഹൊവയുടെ കല്പന ഉണ്ടു എന്നു വ്യാജമായി ചൊല്ലി അവന്റെ വീട്ടിൽ പാൎപ്പിച്ചു സല്ക്കരിച്ചു യാത്രെക്ക കുഴതയെ കൊടുക്കയും ചെയ്തു. വഴിയിൽ വെച്ചു ഒരു സിംഹം അവനെ കണ്ടുകൊന്നു കുഴതയെയും ശവത്തെയും തൊടാതെ അരികെ നിന്നു കൊണ്ടിരുന്നു വൃദ്ധനായ പ്രവാചകൻ ആ വസ്തുത കെട്ടപ്പൊൾ ഇതു അനുസരണക്കെടിനുള്ള ശിക്ഷ എന്നറിഞ്ഞു ദുഃഖിച്ചു ചെന്നു ശവത്തെഎടുത്തു തന്റെ പട്ടണത്തിൽ കുഴിച്ചിടുകയും ചെയ്തു. ഇങ്ങിനെ യഹൊവയുടെ നീതി ഇസ്രയെലിൽ പ്രസിദ്ധമായ്തിന്റെ ശെഷവും യരൊബ്യാം സങ്കല്പിച്ച ആരാധനയെ വിടാതെ ഇഷ്ടമുള്ളവരെ പൂജാരികളാക്കി രാജ്യക്കാരുടെ മനസ്സു വഷളാക്കികളകയും ചെയ്തു.

എന്നാറെ രാജപുത്രന്ന വ്യാധിപിടിച്ചു യരൊബ്യാം വിഷാദിച്ചു ഭാര്യയൊട പറഞ്ഞു നീ കപടവെഷം പൂണ്ട അഹിയാവെ ചെന്ന കണ്ട കാഴ്ചവെച്ചു പുത്രന്റെ ഭാവി എന്തെന്ന ചൊദിക്ക അവൻ എനിക്ക രാജത്വം പറഞ്ഞു തന്ന അല്ലൊ. എന്നതിൻവണ്ണം അവൾ ചെന്ന വാതിലുൽ എത്തിയാറെ ആ കുരുടനായ വൃദ്ധൻ ദൈവവചനത്താൽ അറിഞ്ഞു എടൊ യരൊബ്യാമിൻ ഭാര്യെ അകത്തുവാ എന്തിന്ന അന്യഭാവം നടിക്കുന്ന നിന്നൊട കടുപ്പമുള്ളതു പറവാൻ എനിക്കുത്തുവന്ന. യരൊബ്യാമൊട യഹൊവയുടെ അരുളപ്പാട ഞാൻ നിന്നെ ഉയർത്തി എൻ ജനത്തിൽ രാജാവാക്കി ദാവിദിന്ന കൊടുത്തത് ന'ിണക്കും തന്നും നീയൊ ദാവിദെ പൊലെ വിഹിതം അല്ല ശെഷം രാജാക്കന്മാരെക്കാൾ അധികം ദൊഷം ചെയ്തു എന്നെ തള്ളിക്കളഞ്ഞു അതുകൊണ്ട നിൻെറ വംശത്തിന്ന മൂലച്ഛെദം വരുത്തും നീ പട്ടണത്തിൽ എത്തുമ്പൊൾ തന്നെ ബാലൻ മരിക്കും അവനിൽ യഹൊവ ചില ഗുണം കണ്ടതുകൊണ്ട അവൻ എകനായി ശ്മശാനത്തിൽ കിടക്കും ശെഷം വംശത്തെ ഞാൻ നായിക്കും കഴുവിന്നും ഇരയാക്കും. യരൊബ്യാം പാപത്തിന്ന വഴികാട്ടിയ ഇസ്രയെൽ ഗൊത്രങ്ങളെ യഹൊവ ശിക്ഷിച്ചു ഫ്രാത്തിന്നപ്പുറത്തൊളം ചിതറിക്കും. എന്ന കെട്ട പ്രകാരം രാജ്ഞിക്കും രാജവംശത്തിന്നും സംഭവിച്ചു. ബാലൻ മരിച്ചാറെ ഇസ്രയെലർ എല്ലാവരും വിലപിച്ചു കുഴിച്ചിട്ടു. രാജാവൊ മനം വെന്തു രഹബ്യാമിൻെറ പുത്രനായ അബിയാവൊട യുദ്ധം തുടങ്ങിയപ്പൊൾ അബീയ കൂടവലിയപട ചെർത്തു ഇസ്രയെലരൊട പറഞ്ഞു യഹൊവ ദാവിദിന്നും സന്തതിക്കും രാജത്വം നല്കിയത് ഒര് ഉപ്പുകാറാർ കൊണ്ട ആകുന്നുവല്ലൊ യരൊബ്യാം അതിനൊട വിരൊധിച്ചു നിങ്ങളും ഇന്ന സൈന്യബാഹുല്യവും രാജാവ് ഉണ്ടാക്കിയ വൃഷഭ ദൈവകളും ആശ്രയിച്ചു യഹൊവയുടെ രാജത്വത്തെ വിരൊധിച്ചു നില്ക്കുന്ന നിങ്ങൾ ലെവ്യരെയും അഹരൊന്യരെയും ആട്ടി ബൊധിച്ചവരെ നിങ്ങളുടെ ഇല്ലാത്ത ദൈവകൾക്ക പൂജാരികളാക്കി ഇരിക്കുന്ന നമ്മുടെ പക്ഷത്തിലൊ ദൈവവും അവൻെറ ആചാര്യരും നിത്യകർമ്മാനുഷ്ഠാനവും നിങ്ങളുടെ നെരെ വിളിപ്പാനുള്ള മഹാകാഹളങ്ങളും ഉണ്ട അല്ലയൊ ഇസ്രയെലരെ നിങ്ങളുടെ പിതാക്കൻമാരുടെ ദൈവത്തൊട് എല്ലുരുതെ ആവതു കാൺകയില്ല. എന്ന കെട്ടാറെയുംഇസ്രയെലർ നാലുപുറവും ചുററി ആക്രമിച്ചു യഹൂദർ യഹൊവാ കടാക്ഷത്താൽ ഇരട്ടിച്ച ശത്രുബലത്തെ ഒടിക്കയും ചെയ്തു. ഇങ്ങിനെ യരൊബ്യാം തൊറു അബിയാവിൻ കാലം എല്ലാം ശക്തി കുറഞ്ഞു കുറഞ്ഞു പാർത്തു യഹൂദർ ബെത്തെൽ മുതലായ ചില പട്ടണങ്ങളെ കയറി പിടിക്കയും ചെയ്തു. പിന്നെയരൊബ്യാ നാണം കെട്ട വലഞ്ഞു മരിച്ചു അവൻെറ പുത്രൻ രണ്ട വർഷം വാണകൊണ്ടാറെ ബയശാ എന്ന ഒര് ഇസഷ്കാര്യൻ പട്ടാളത്തെ വശീകരിച്ചുകലഹം തുടങ്ങി യരൊബ്യാം വംശത്തെ ആരെയും ശെഷിപ്പിക്കാതെ അറുതിവരുത്തി താൻ രാജാവാകയും ചെയ്തു.

3. ആസാരാജാവ് (956–114)

യഹൂദയിൽ അബീയാ ഭക്തിഹീനൻ എങ്കിലും പ്രാപ്തിയൊടെ 3 വർഷം രാജ്യഭാരം ചെയ്തുകൊണ്ട ശെഷം. അവൻെറ പുത്രനായ ആസാ പിതാമഹനായ ദാവിദിന്ന ഒത്ത മനസ്സു കാട്ടി യഹൊവയെ അന്വെഷിച്ചു നടന്ന യഹൂദയിൽ വിഗ്രഹാരാധനയെ ഒടുക്കി പെററമ്മ ഉണ്ടാക്കിച്ച ദെവീബിംബത്തെ ചുട്ട അവളെ സ്ഥാനത്ത് നിന്ന പിഴുക്കി എല്ലാ പ്രജകളിലും യഹൊവാകല്പനെക്ക മാനം വർദ്ധിപ്പിക്കയും ചെയ്തു. ദെവപ്രസാദത്താൽ പത്തു വർഷത്തൊളം പട ഇല്ലായ്കകൊണ്ട അവൻ ദൈവത്തെ സ്തുതിച്ചു പട്ടണങ്ങളെ ഉറപ്പിച്ചു ആയുധാഭ്യാസം നടത്തി പൊന്നശത്രുവെ തടുപ്പാൻ ഒരുമ്പെടുകയും ചെയ്തു. പിന്നെ (945) കൂശരാജാവ് 10 ലക്ഷം ഭടന്മാരൊട കൂട ആക്രമിച്ചു കരെറിയപ്പൊൾ ആസാ എതിരെററു യഹൊവെ നിന്നിൽ ആശ്രയിച്ചു ഞങ്ങൾ ഈ സമൂഹത്തെ കൊള്ളെ

പുറപ്പെട്ട നീ ഞങ്ങളുടെ ദൈവം നിന്നൊടു ആക്കൂം ഒര ആവതും ഇല്ല എന്നും മറും പ്രാപിച്ച ശെഷം പട വെട്ടി തുടങ്ങി ജയിച്ചു കൂശ്യരെ നിഗ്രഹിക്കയും ചെയ്തു. യഹൂദർ വളരെ കൊള്ളയിട്ടു നഗരത്തിലെക്ക മടങ്ങി പൊകുമ്പൊഴം അജര്യ ദെവാത്മ നിയുക്തനായി എതിരെ ചെന്ന അല്ലയൊ ആസാ തുടങ്ങിയുള്ള യഹൂദ ബിന്യമീനരായുള്ളൊരെ നിങ്ങളം യഹൊവയൊടു കൂടുകയാൽ അവൻ നിങ്ങളൊടു കൂടെ ഇരുന്ന അവനെ അന്വെഷിച്ചാൽ അവൻ നിങ്ങളെ കണ്ടെത്തുമാറാക്കും അവനെ കൈവിട്ടാൽ അവൻ നിങ്ങളെ കൈവിടും. ഇസ്രയെൽ ബഹുകായം സത്യദൈവവും ധമ്മവും ഉപദെശിക്കുന്ന ആചാര്യനും കൂടാതെ ആയി വലഞ്ഞു ആ ഞെരിക്കത്തിൽ യഹൊവയിലെക്ക തിരിഞ്ഞന്വെഷിക്കയൊൽ അവൻ കണ്ടെത്തിരിക്കുന്ന. നിങ്ങളം കൈ തളരാതെ ഉറെച്ചിരിപ്പിൻ നിങ്ങളുടെ പ്രവൃത്തിക്ക കൂലി ഉണ്ടുപൊൽ. എന്നും മറും ഉണ്ടായ പ്രവാചകങ്ങളെ കെട്ടപ്പൊഴം ആസാ അധികം ശ്രുഷ്കാന്തിയൊടെ ബിംബാരാധനയെ നീക്കി യഹൂദബിന്യമിൻ എന്ന ഗൊത്രക്കാരെയും യഹൊവാനാമം ചൊല്ലി അവനെ ആശ്രയിച്ചു പൊയ ശിമ്യൊന്യ യൊസെഫ്യരെയും വലിയ പെരുനാളിന്നായി ക്ഷണിച്ചു നാം മുഴമനസ്സൊടെ യഹൊവയെ പിന്തുടരുക എന്നും യഹൊവയെ തിരയാത്തവൻ എല്ലാം കൊല്ലപ്പെടണം എന്നും അന്യൊന്യം സഖ്യത ചെയ്യിക്കയും ചെയ്തു. ആ സത്യം നിമിത്തം മഹാസന്തൊഷം ഉണ്ടായി യഹൊവാനുഗ്രഹം വൎദ്ധിക്കയും ചെയ്തു.

എന്നാറെ ഭിന്നരാജത്വത്തിന്റെ 35 ആം ആണ്ടിൽ (940) ബയശാ എന്ന ഇസ്രയെൽ രാജാവ് ആസാവൊടു പൊർ തുടങ്ങി ബെത്തെലെ പിടിച്ചു യഹൂദരാജ്യപ്രവെശനത്തെ തടുപ്പാനായി രാമയെ കൊട്ടയാക്കി ഉറപ്പിക്കയും ചെയ്തു. മുമ്പിലത്തെ സ്വസ്ഥത നിമിത്തം ആസാ മനസ്സിന്ന മാന്ദ്യം പിടിച്ചു നയം വിചാരിച്ചു ദമസ്കിലെ രാജാവിന്ന സമ്മാനം അയപ്പാൻ ദെവഭണ്ഡാരത്തിലെ പൊന്നും വെള്ളിയും കൂട എടുത്തു സുറിയ രാജാവ് ബയശാവൊടു സഖ്യതയെ വിട്ടു ഇങ്ങു ബന്ധുവാകെണം എന്ന അപെക്ഷിച്ചു എഴുതി. സുറിയ രാജാവ് സമ്മാനം വങ്ങി ദാൻ നഫ്തലി മുതലായ ദിക്കുകളിൽ ഇസ്രയെലരെ നിഗ്രഹിപ്പാൻ തുടങ്ങി. അതു കെട്ടാറെ ബയ്ശാരാമയെ വിട്ടു വടക്കൊട്ടു തിരിഞ്ഞു ആ സാരാമയിൽ കണ്ട കല്ലും മരവും തന്റെ കൊട്ടകളെ ഉറപ്പിപ്പാൻ എടുക്കയും ചെയ്തു.

അപ്പൊഴം ദിവ്യദൃഷ്ടിയുള്ള ഹനാനി ആസാവെ ചെന്ന കണ്ട നീ യഹൊവയിൽ അല്ല സുറിയ രാജാവിൽ ആശ്രയിക്കകൊണ്ട രണ്ട രാജാക്കന്മാരുടെ ബലവും നിന്റെ കൈവശമാകാതെ തെറ്റി പൊയിരിക്കുന്നു. കൂശ്യർ എത്ര വലിയ സൈന്യം ആയിട്ടും യഹൊവാശ്രയത്താലെ കൈവശമായ്വന്നവല്ലൊ സ്വഭക്തക്ക തുണെപ്പാനല്ലൊ യഹൊവയുടെ കണ്ണുകം സൎവ്വഭൂമിയിലും കൂടി കടക്കുന്ന ഇതിൽ നീ ബുദ്ധികെടായി നടന്ന ഇനി മെലാൽ യുദ്ധങ്ങം ഉണ്ടാകും എന്ന കെട്ടാറെ രാജാവ് കൊപിച്ചു ആ ദിവ്യനെ ആമത്തിൽ ഇട്ടു പൂട്ടിച്ചു ചില സാധുക്കളെ ഉപദ്രവിക്കയും ചെയ്തു. എങ്കിലും ജീവപര്യന്തം ആസാ യഹൊവയല്ലാതെ അന്യദെവന്മാരെ സെവിച്ചില്ല.

ഹനാനിയുടെ പുത്രനായ യെഹു യഹൊവയുടെ വചനം കെട്ട ബയശാവെ ചെന്ന കണ്ട യരൊബ്യാം വംശത്തെ ഒടുക്കിയ ക്രൂരത നിമിത്തവും യരൊബ്യാമിന്റെ പാപമാകുന്ന വൃഷഭ പൂജയെ താൻ നടത്തുക നിമിത്തവും കുലനാശം അറിയിച്ചു. ആയത് അവൻ പുത്രന്റെ വാഴ്ചയിൽ സംഭവിച്ചു. അവൻ നിൎച്ച ആകുന്ന രാജധാനിയിൽ മധുമ്മത്തനായി കിടക്കുമ്പൊഴം രഥനായകനായ ജിമ്രി അവനെ കൊന്ന രാജാവായി ബയശാ വംശത്തെ വെരുത്ത ഉടനെ ഒമ്രി എന്ന സെനാപതി ജനരഞ്ജനയാൽ രാജനാമം ധരിച്ചു തിൎച്ചയെ വളഞ്ഞപ്പൊഴം ജിമ്രി ഒരു വഴി കാണാതെ കൊട്ടെക്ക തീ കൊടുത്തു മരിച്ചു കളകയും ചെയ്തു. (929) ഒമ്രിയും യരൊബ്യാമിന്റെ പാപം വിടാതെ ഇസ്രയെലിൽ നടത്തി ശമൎയ പട്ടണത്തെ (923) എടുപ്പിച്ചു രാജധാനിയാക്കി പുത്രനാ

യ ആഹാബെ കൊണ്ടു ചിദൊന്യ രാജപുത്രിയെ വെംപിച്ചു മുമ്പെ ഉള്ളവരിലും അധികം കനാന്യരുടെ ദുർദ്ദെവതകളെ ഇസ്രയെലിൽ ആരാധിപ്പിക്കയും ചെയ്തു.

ആസാ വൃദ്ധനായപ്പൊൎ വ്യാധി പിടിച്ചു യഹൊവയെ അല്ല വൈദ്യന്മാരെ തന്നെ കരുതി കൊണ്ടു മരിച്ചു. അവന്റെ അവസാന കാലം ശുഭമായ പ്രാരംഭം പൊലെ ഭവിച്ചില്ല കഷ്ടം.

4. ആഹാബും (918–897) എലിയാവും

യരൊബ്യാം യഹൊവ നാമത്തിൽ ഒർമ്മക്കായി വൃഷഭ പ്രതിമകളെ ഉണ്ടാക്കി പൂജ കഴിപ്പിപ്പാൻ തുടങ്ങി ഇരിക്കുന്നു. ഒമ്രി വംശത്തിന്റെ വെരുപ്പു (മീക. 6, 16) കനാന്യരിൽ നടക്കുന്ന ബാൽ ദെവൻ അഷ്തൊത്ത ദെവി ഇത്യാദികളെ നരബലി മുതലായ ഘൊര കർമ്മങ്ങളാൽ പൂജിക്ക തന്നെ. ആഹാബ് താൻ അതി നിഷ്ഠുരനല്ല എത്രയും നിസ്സാരൻ അത്രെ. പിന്നെ ഭാര്യയായ ഇഷെബൽബാൽ പൂജാരിയായ അച്ഛനൊട്ട പഠിച്ച ദുശ്ശീലങ്ങളെയും അനാചാരങ്ങളെയും എല്ലാം കല്പിച്ചു നടത്തിയപ്പൊൾ രാജാവ് അവൾക്ക സകലത്തിലും ഇടം കൊടുത്തു ബാൽ മുതലായ നാമങ്ങളെ താൻ പൂജിച്ചു ഇസ്രയെലിൽ വിധിച്ചു കിടക്കുന്ന ദിവ്യധർമ്മത്തെ മറക്കുമാറാക്കി. (അതുകൊണ്ടു അവന്റെ കാലത്തു ഹീയെൽ എന്ന ഒരുത്തൻ യൊശുവിന്റെ ശാപം മറന്നു യരിഹൊ പട്ടണത്തെ കെട്ടുവാൻ തുടങ്ങി അവൻ അടിസ്ഥാനം ഇട്ടപ്പൊൾ മൂങ്കുട്ടി മരിച്ചു വാതിൽ സ്ഥാപിച്ചപ്പൊൾ ഇളയവനും ചത്തു). രാജ്ഞിയുടെ കല്പനയാൽ യഹൊവാ ദാസന്മാരെ കൊന്നും ആട്ടിയും ബാളിന്റെ സെവ ഇസ്രയെലിൽ വ്യാപിച്ചപ്പൊൾ ഗിലെയാദിൽ പരദെശിയായി പാർക്കുന്ന എലിയ രാജാവെ ചെന്നു കണ്ടു ഞാൻ ഉപാസിക്കുന്ന യഹൊവ ജീവനാണ എന്റെ വചന പ്രകാരം അല്ലാതെ ഈ ആണ്ടുകളിൽ മഴ പെയ്കയില്ല എന്നു പറഞ്ഞു ദെവ കല്പന വാങ്ങി ക്രീത്ത് തൊട്ടിന്റെ താഴ്വരയിൽ ഒളിച്ചു കാക്കകൾ കൊണ്ടുവരുന്ന ഭൊജ്യങ്ങളാൽ ദിവസം കഴിച്ചു ഒരു വർഷത്തിൽ പിന്നെ തൊട്ടു വററി പൊയാറെ ചിദൊന്യരുടെ ഊരാകുന്ന ചർപ്പത്തിലെക്ക പൊവാൻ കല്പനയായി. അവിടെ എത്തിയപ്പൊൾ വിറകു പെറുക്കുന്ന വിധവയെ കണ്ടു തിന്മാൻ ചൊദിച്ചാറെ ഒരു പിടി മാവും അസാരം എണ്ണയും അല്ലാതെ ഒന്നും ശെഷിച്ചില്ല ഈ വിറകു കൊണ്ടു എനിക്കും പുത്രനും ആയി അല്പം വെച്ചു ഭക്ഷിച്ചു മരണം കാത്തുകൊൾവാൻ ഭാവിച്ചിരുന്ന എന്നു കെട്ടപ്പൊൾ എലിയാ ഭയം വെണ്ടാ എനിക്കു മുമ്പെ കുറയ കൊണ്ടുവാ ഇസ്രയെലിന്റെ ദൈവം മാവും എണ്ണയും മഴ പെയ്യുന്ന ദിവസം വരെ ഒടുങ്ങാതെ ആക്കി തരും. എന്നു പറഞ്ഞപ്പൊൾ അവൾ വിശ്വസിച്ചു അവളുടെ വീട്ടിൽ യഹൊവാനുഗ്രഹത്താൽ ഭക്ഷണത്തിന്നു മുട്ടുവരാതെ ഇരിക്കയും ചെയ്തു. അനന്തരം അവളുടെ മകൻ വ്യാധിപിടിച്ചു മരിച്ചപ്പൊൾ അവൾ എലിയാവൊടു പറഞ്ഞു അല്ലയൊ ദെവപുരുഷ നീ ഇങ്ങു വന്നതിനാൽ എന്റെ പാപത്തിന്നു ഒർമ്മയും ശിക്ഷയും ഉണ്ടായി എന്നാറെ അവൻ ബാലനെ എടുത്തു തന്റെ കിടക്കയിന്മെൽ കിടത്തി പ്രാൎത്ഥിച്ചു അവന്മെൽ കവിണ്ണു നീണ്ടു യാചിച്ചു ദൈവം കെട്ടു ജീവിപ്പിക്കയും ചെയ്തു. അപ്പൊൾ അച്ച നീ ദൈവപുരുഷൻ എന്നും നിന്റെ വായിലുള്ള വചനം സത്യം എന്നും ഞാൻ ഇപ്പൊൾ അറിയുന്നു എന്നു പറഞ്ഞു. ആ കനാന്യ സ്ത്രീ ഗ്രഹിച്ചത് ഇസ്രയെലും മൂവാണ്ടു വരൾച്ചയാൽ അറിഞ്ഞും കൊൾവാൻ ഇട ഉണ്ടായതിന്റെ ശെഷം എലിയ ദെവകല്പനയാൽ ആഹാബെ കാണ്മാൻ ചെന്നു. രാജകുതിരകളുടെ രക്ഷെക്കായി വെള്ളം അന്വെഷിക്കുന്ന ഒബദ്യാവെ എതിരെറ്റു ആ സാധുവൊടു നീ രാജാവെ എലിയാവുണ്ടു എന്നെ അറിയിക്കെണം എന്നു കല്പിച്ചു ഇജെബൽ യഹൊവപ്രവാചകന്മാരെ കൊന്നദിവസത്തിൽ നൂറാളുകളെ ഗുഹകളിൽ ഒളിപ്പിച്ചു രക്ഷിച്ചത് ആ ഒബദ്യാതന്നെ. അവൻ ആഹാബെ അറിയിച്ചപ്പൊൾ

അവൻ ചെന്ന എലിയാവെ കണ്ടു ഹൊ ഇസ്രയെലെ വലെക്കുന്നവനെ നീ തന്നെയൊ എന്ന ചൊദിച്ചതിന്ന ഞാൻ അല്ല നീയും പിതൃകുഡുംബവും യഹൊവെ വിട്ടു ബാളെ ആശ്രയിച്ചു ഇസ്രയെലെവലെക്കുന്നത്. എന്നതുത്തരം പറഞ്ഞു ബാളിന്റെ പൂജാരികന്മ ദർശനക്കാരുമായി സകല ഇസ്രയെലരും കർമ്മൽമല മെൽകൂടി വരെണം എന്ന ചൊദിച്ചു. രാജാവ് പ്രജകളെ അപ്രകാരംതന്നെ ക്ഷണിച്ചു കർമ്മലിൽ കൂട്ടിയപ്പൊൾ എലിയാ ഉറക്കെ പറഞ്ഞു നിങ്ങൾ രണ്ടു പക്ഷം ആകുന്നത് എത്രൊളം യഹൊവ ദൈവം ആയാൽ അവനെ വഴിപ്പെടുവിൻ ബാൽ ആകുന്ന എങ്കിലൊ ബാലിനെ അനുസരിപ്പിൻ. എന്നതിന്ന ആരും മിണ്ടാതെ പാർത്തപ്പൊൾ യഹൊവാപ്രവാചകരിൽ ഞാനെ ശെഷിപ്പുള്ള ബാളിന്നുള്ളവർ 450 ആൾ അല്ലൊ ഒരു കാള അവരും ഒരു കാള ഞാനും ബലികഴിക്കട്ടെ തീ മാത്രം കൊളുത്തരുതെ വെവ്വെറെ ദൈവനാമം വിളിച്ചാൽ അഗ്നിയാൽ ഉത്തരം കല്പിക്കുന്നവൻ ദൈവം ആകെണ്ടു എന്നുപറഞ്ഞത് എല്ലാവർക്കും സമ്മതമായി പൂജാരികൾ ഒരു കാളയെ ഒരുക്കി ഉദയംമുതൽ ഉച്ചയൊളം ബാലെ വിളിച്ചു തുള്ളിചുറ്റികൊണ്ടിരുന്നു. ഉച്ചയായാറെ എലിയ അവരെ പരിഹസിച്ചു ബാൾ പ്രയാണമായൊ യൊഗനിദ്രയൊ എന്തൊ എന്നറിയുന്നില്ല ഉറെച്ചുവിളിപ്പിൻ എന്ന കെട്ടു അവർ നിലവിളിച്ചും തങ്ങളെ കുത്തി വെട്ടിമുറിച്ചും കൊണ്ടു സന്ധ്യയൊളം വെളിച്ചപ്പെട്ടു ഉത്തരം ഉണ്ടായതും ഇല്ല. അപ്പൊൾ എലിയ ജനങ്ങളെ അടുക്കെവിളിച്ചു മുമ്പെ ആ കുന്നിന്മെൽ യഹൊവെക്കുണ്ടാക്കി കാല ദൊഷത്താൽ ഇടിഞ്ഞ തറയെ നന്നാക്കി ചുറും കുഴിച്ചു വിറകടുക്കി കാളയെ ഖണ്ഡിച്ചുവെച്ചു കുഴിയിൽ നിറവൊളം ബലിയുടെമെൽ വെള്ളം ഒഴിപ്പിച്ചു. അപ്പൊൾ അബ്രഹാം ഇസ്ഹാക്ക യാക്കൊബ എന്നവരുടെ ദൈവമായ യഹൊവെ ഇസ്രയെലിൽ നീ ദൈവം എന്നും ഞാൻ നിന്റെ ഭൃത്യൻ എന്നും ഞാൻ ഇതൊക്കയും നിന്റെ വചനപ്രകാരം ചെയ്തു എന്നും അറിയുമാറാകണമെ ഈ ജനം യഹൊവതന്നെ ദൈവം എന്ന ബൊധിക്കെണ്ടതിന്ന യഹൊവെ എന്നെ ചെവികൊണ്ടു ഉത്തരം കല്പിച്ചു അവരുടെ ഹൃദയം പിന്നെയും നീ തന്നെതിരിപ്പിക്കെണമെ. എന്ന പ്രാർത്ഥിച്ച ഉടനെ യഹൊവയുടെ അഗ്നി ഇറങ്ങി ബലി വിറകുകല്ലും തൊട്ടിലെ വെള്ളവും സംഹരിച്ചു ജനം എല്ലാം മുഖം കവിണ്ണുവീണ യഹൊവാ തന്നെ ദൈവം എന്ന വിളിച്ചു വന്ദിച്ചു. എലിയാ ബാളിന്റെ പൂജാരികളെയും കൊമരക്കാരെയും മിശൊൻ തീരത്തുകൊല്ലിച്ചു ഇസ്രയെലിൻ മെലുള്ള ദൈവകൊപത്തെ ശമിപ്പിക്കയും ചെയ്തു.

അനന്തരം അവൻ രാജാവൊട മഴയുടെ ശബ്ദം കെൾക്കുന്ന വെഗം ഊൺകഴിക്കെണം എന്ന പറഞ്ഞു താൻ മലമുകളിൽകയറി ധ്യാനിച്ചും പ്രാർത്ഥിച്ചും പാർത്തു ബാല്യക്കാരനെ ഏഴവട്ടം പടിഞ്ഞാറൊട്ടു നൊക്കുവാൻ നിയൊഗിച്ചു കടലിൽനിന്ന ഒരു ചെറുമെഘം കരെറുന്നതുകണ്ട പ്രകാരം അറിയിച്ച ഉടനെ ആഹാബെതെർ പൂട്ടി രാജധാനിക്ക അയച്ചു ആകാശം കറുക്കുമ്പൊൾ താൻ ആത്മനിയുക്തനായി അരകെട്ടി തെരിനെ മുമ്പിട്ടു ഒടി വന്മഴപെയ്കയിൽ ഇജ്രെയിൽ എത്തുകയും ചെയ്തു.

ഇങ്ങിനെ ഉണ്ടായതെല്ലാം ആഹാബ രാജ്ഞിയെ അറിയിച്ചപ്പൊൾ അവൾ പ്രവാചകനെ കൊല്ലുവാൻ ശ്രമിച്ചു അവനും യഹൂദയിൽ വാങ്ങി ബെർബയൊളം ചെന്ന മരുഭൂമിയിൽ മടുത്തുകിടന്ന മതി മതി യഹൊവെ എൻ ആത്മാവെ എടുത്തുകൊൾകപിതാക്കന്മാരെക്കാൾ ഞാൻ നല്ലവനല്ലല്ലൊ എന്ന പ്രാർത്ഥിച്ചുറങ്ങി. അന്ന ഒരു ദൂതൻ അവനെ ഉണർത്തി തിന്മാനും കുടിപ്പാനും കൊടുത്തു എലിയാവും ആ ആഹാരത്തിന്റെ ശക്തിയാൽ 40 രാപ്പകലും നടന്ന ഹൊരബിൽ എത്തി ആ ദെവപർവ്വതത്തിലെ ഗുഹകണ്ടു പ്രവെശിച്ചു രാത്രി പാർത്തു ഇവിടെ നിണക്ക എന്തു എന്ന ദെവവാക്ക കെട്ടാറെ എലീയാ പറഞ്ഞു ഞാൻ യഹൊവക്കവെണ്ടി ഉത്സാഹിച്ചു പൊരുതു ഇസ്രയെൽ നിന്റെ സഖ്യതയെ ഉപെക്ഷിച്ചു ബലിപീഠങ്ങളെ ഇടിച്ചു പ്രവാചകരെ വെട്ടികൊന്നു ഞാൻ ഏകനായി ശെഷിച്ചു എന്റെ ജീവനെയും അപഹരിപ്പാൻ നൊക്കുന്നു.

അപ്പൊഴം യഹൊവ അവനെ പുറത്തെക്ക വരുവാൻ വിളിച്ചാറെ അവൻ മല യിൽനിന്നു ഉടനെ പാറകളെ തകൎക്കുന്ന കൊടുങ്കാറു കടന്നു കാറ്റിൽ യഹൊവ ഇല്ലാഞ്ഞു. പിന്നെ ഭ്രകമ്പം കടന്നു ഭ്രകമ്പത്തിലും യഹൊവയില്ല. ഭ്രകമ്പത്തി ന്റെറ ശെഷം അഗ്നിജ്വലിച്ചു അഗ്നിയിലും യഹൊവയില്ല. അപ്പൊഴം മന്ദവാ യുവിന്റെറ മൃദുസ്വരം കെട്ടു എലിയ മുഖം മൂടി പുറത്തുവന്നു യഹൊവയുടെ ചൊ ദ്യത്തിന്നു നൈരാശ്യത്തിന്റെറ കാരണം എല്ലാം പറഞ്ഞു യഹൊവ അവന്നു സു റിയയിലും ഇസ്രയെലിലും പുതിയ രാജാക്കന്മാരെ വാഴിപ്പാൻ അവകാശം കൊടുത്തു തന്റെറ ശെഷം പ്രവാചകനാവാൻ എലിശയെ അഭിഷെകം ചെയ്‌വാൻ കല്പിച്ചു. ഇങ്ങിനെ മൂവരാലും ഇസ്രയെലിൽ ന്യായവിധിയെ നടത്തുവാനുള്ളതല്ലാതെ ഞാൻ ബാളിന്നു മുട്ടു കുത്താതെയും കൈ ചുംബിക്കാതെയും ഉള്ളവർ ആകെ 7000 ഇസ്രയെലരെ ശെഷിപ്പിക്കുന്നു എന്നരുളിച്ചെയ്ത ശെഷം എലീയ മൊശയുടെ ധർമ്മത്തെ ഇസ്രയെലിൽ പിന്നെയും യഥാസ്ഥാനത്തി ലാക്കുവാൻ ദിവ്യശക്തി ധരിച്ചവനായി ഹൊരെബിൽനിന്നു ഇറങ്ങി പൊർ ക്കളത്തെക്കു തിരിഞ്ഞുചെന്നു യൎദ്ദൻ സമീപത്തുവെച്ചു എലീശ ഉഴുകുന്നതു കണ്ടു തന്റെറ പുതപ്പു അവന്റെറമെൽ ചാടി. എലീശ അതിന്റെറ സാരം അറിഞ്ഞു കാ ളകളെ ബലികഴിച്ചു അടുത്തവരെ ഊട്ടി എലീയാവിന്നു അന്നു മുതൽ ശിഷ്യ നും തുണയും ആയ്തീൎന്നു.

7. ആഹാബിന്റെറ ജയവും ദുർവൃത്തിയും

എലിയാവിന്റെറ പ്രയത്നത്താൽ യഹൊവാൎച്ചന പിന്നെയും അല്പം തളിൎത്ത വന്നപ്പൊഴം മുമ്പെള്ളിച്ചു പൊയ പ്രവാചകന്മാർ മടങ്ങി ചെന്നു പ്രജ കളിലും രാജാവിലും യഹൊവയിലെ വിശ്വാസം കഴിയുന്നെടത്തൊളം ഉറപ്പി പ്പാൻ നൊക്കീ. അക്കാലം സുറിയ രാജാവ് അഹങ്കരിച്ച് ആഹാബിന്റെറ വി നയം കണ്ടു അപമാനം വരുത്തിയപ്പൊഴം മൂപ്പന്മാർ എല്ലാവരും മന്ത്രിച്ച പ്ര കാരം അവൻ പടെക്ക ഒരുമ്പെട്ടു. ഒരു പ്രവാചകൻ രാജാവെ ചെന്നു കണ്ടു യഹൊ വ ജയം തരുന്ന പ്രകാരം അറിയിച്ചു ആഹാബ് അവന്റെറ ചൊൽ പ്രമാണി ച്ചു ശത്രുക്കളെ ഉച്ചെക്ക കുടിക്കുമ്പൊഴം തന്നെ പൊർ തുടങ്ങി അതിശയമാകും വണ്ണം ജയിക്കയും ചെയ്തു. പിറ്റെ ആണ്ടിലും പട ഉണ്ടാകും എന്നു പ്രവാച കൻ പറഞ്ഞു പൊയി. സുറിയ മന്ത്രികളം വിചാരിച്ചു. ഇസ്രയെലിന്റെറ ദൈ വർ മലദൈവർ അത്രെ അതുകൊണ്ടു അവൎക്കു ജയം വന്നു സമഭ്രമിയിൽവെച്ചു എ റ്റാൽ നാം അവരെ തൊല്പിക്കും നിശ്ചയം. എന്നിങ്ങിനെ ബൊധിപ്പിച്ച ത് രാജാവായ ബെൽഹദാദ പ്രമാണിച്ചു കീശൊൻ സമഭ്രമിയിൽ നിറഞ്ഞു വ രികയും ചെയ്തു. എന്നാറെ ആ പ്രവാചകൻ ആഹാബൊടു പറഞ്ഞു യഹൊവ മലദൈവർ അതല്ലാതെ താഴ്വര ദൈവർ ആകുന്നില്ല എന്നു സുറിയക്കാർ പറഞ്ഞു വല്ലൊ ഞാൻ യഹൊവയാകുന്നു എന്നു നീ അറിവാനായിട്ടു ഞാൻ ഈവമ്പട എ ല്ലാം നിങ്കൈക്കൽ ഏല്പിച്ചു എന്നു യഹൊവാ കല്പന അറിയിച്ചു 7 ആം ദിവസം പട ഉണ്ടായപ്പൊഴം ലക്ഷത്തിൽപരം ശത്രുക്കളം പട്ടുപൊയി. ബെൻ ഹദാദ ഉഴറി വലഞ്ഞപ്പൊഴം അവന്റെറ മന്ത്രികളം തലക്കു കയറു കെട്ടി പുറപ്പെട്ടു ആഹാബൊടു അഭയം വീണു അവൻ മുഖന്തരി നിമിത്തം കൂടുങ്ങി ക്ഷയിച്ചു ബെൻഹദാദെ മാനിച്ചു സത്യം ചെയ്തു വിട്ടയക്കയും ചെയ്തു. ഉടനെ ഒരു ദിവ്യൻ രാജാവെ ചെന്നു കണ്ടു യഹൊവ ശപിച്ച ആളെ നീ വിട്ടുകളകകൊണ്ടു നിന്റെറ ജീവൻ അവന്റെറ ജീവന്നും നിന്റെറ ജനം അവന്റെറ ജനത്തിന്നും പകരമായിരി ക്കും എന്നു ദൈവഹിതം അറിയിച്ചു രാജാവ് വിഷാദിച്ചും ക്രുദ്ധിച്ചും കൊണ്ടു ചെന്നു ശമൎയ്യയിൽ എത്തുകയും ചെയ്തു.

അനന്തരം ആഹാബ് ഇജ്രെലിൽ ഒരു ഉദ്യാനം ഉണ്ടാക്കുവാൽ ഭാവി ച്ചും കൊയിലകത്തിൻ സമീപത്തുള്ള ഒരു പറമ്പ ആഗ്രഹിച്ചു ഉടയക്കാരനായ നാബൊത്തെ വിളിച്ചു വാങ്ങുവാൻ പലതും നൊക്കിയപ്പൊഴം ആയവൻ യ

ഹൊവയുടെ കല്പനയെ ബഹുമാനിച്ചു അനുഭവം അല്ലാതെ നിത്യ ജന്മാവകാശത്തെ വില്പാൻ കഴികയില്ല എന്നു പറഞ്ഞാറെ. ആഹാബ ഖെദിച്ചു ഭക്ഷണം വെടിഞ്ഞു കിടന്നു. ഇജെബൽ അകത്തുചെന്നു ചൊദിച്ചു കാരണം അറിഞ്ഞപ്പൊൾ നീ രാജാവു തന്നെയൊ എഴ്നീറു സന്തൊഷിക്ക ഞാൻ നാബൊത്തിന്റെ പറമ്പു നിണക്കു തരാം എന്നു പറഞ്ഞു രാജനാമം വെച്ചു് എഴുതിച്ചു തിരുമുദ്ര ഇട്ടു ഇജ്രെലിലെ പ്രമാണികൾക്കു അയച്ചു. ആയതു വായിച്ചാറെ അവർ വലിയ സങ്കടം നടിച്ചു ഒരു നൊമ്പ അറിയിച്ചു 2 കള്ളന്മാരെ കൊണ്ടു സാക്ഷ്യം പറയിച്ചു നാബൊത്തു ദൈവത്തെയും രാജാവെയും ദുഷിച്ചു പറഞ്ഞു എന്നു തെളിവു് വരുത്തി കല്ലു് എറിഞ്ഞു കൊല്ലികയും ചെയ്തു. മറുപടി വന്ന ഉടനെ ഇജെബൽ രാജാവൊടു പറഞ്ഞു ആ സ്വാമി ദ്രൊഹി മരിച്ചു പറമ്പു് അടക്കുവാൻ ചെല്ലുക എന്നു കെട്ടാറെ രാജാവു് എഴ്നീറു പറമ്പിൽ പുക്കു നടന്നു. ആ സമയം ഏലിയാ ദെവനിയൊഗത്താൽ ചെന്നു ആഹാബെ എതിരെറ്റു. ഹാ എൻ മാഗ്രാനെ എന്നെ കണ്ടുവൊ എന്നു ചൊദിച്ചതിന്നു പ്രവാചകൻ പറഞ്ഞു അതെ ദൊഷം ചെയ്വാൻ നീ നിന്നെതന്നെ വിറ്റിരിക്കുന്നതു കണ്ടു നീ കൊന്നും അടക്കി കൊണ്ടും ഇരിക്കുന്നുവൊ ഇതാ നാബൊത്തിൻ രക്തം നായ്ക്കൾ നക്കിയ സ്ഥലത്തു തന്നെ നിന്റെ രക്തവും നക്കും. നീ ഇസ്രയെലിന്നു പാപവും എനിക്കു കൊപവും വർദ്ധിപ്പിച്ചതു കൊണ്ടു ഞാൻ യരൊബ്യാം ബയശാ ഈ രണ്ടു വംശങ്ങളെ പൊലെ നിന്റെ കുഡുംബവും നശിപ്പിക്കും ഇജ്രെൽ മതിലികൽ നായ്ക്കൾ ഇജെബലിനെ തിന്നുകയും ചെയ്യും എന്നു യഹൊവയുടെ അരുളപ്പാടു. എന്നതു കെട്ടാറെ ആഹാബ വസ്ത്രം കീറിരട്ടുടുത്തു ശയിച്ചും നൊറ്റും പതുങ്ങി നടന്നു യഹൊവ പ്രവാചകനൊടു അവൻ എന്റെ മുമ്പാകെ താണു കൊള്ളുന്നതു കണ്ടുവൊ അതു കൊണ്ടു അവന്റെ കാലം അല്ല പുത്രന്റെ നാളുകളിൽ ഞാൻ സംഹാരത്തെ വരുത്തും എന്നു അറിയിച്ചു.

6. യൊശഫത്ത (914–889)

ഇങ്ങിനെ ഇസ്രയെലിൽ വാഴുന്നവൻ ഭാര്യയുടെ ദൊഷം എല്ലാം നടത്തികൊണ്ടിരിക്കുമ്പൊൾ യഹൂദയിൽ നല്ല പിതാവിന്റെ ഉത്തമ പുത്രനായ യൊശഫത്തു് തന്നെ വാണു യഹൊവയെ അനുസരിച്ചു നടന്നു. അതു കൊണ്ടു യഹൊവ അവനു ശ്രീത്വവും മാനധനങ്ങളും കൊടുത്തു ഹൃദയത്തിൽ ധൈര്യം വർദ്ധിച്ചപ്പൊൾ അവൻ ബാംബാരാധനയും വെവ്വെറെ കുന്നുകളിൽ വെച്ചു യഹൊവെക്കു എങ്കിലും ബലികഴിക്കുന്ന ആചാരവും നീക്കി എഫ്രൊമിലുള്ള ദുർമ്മര്യാദകളെ യഹൂദയിൽ നടത്തുവാൻ സമ്മതിക്കാതെ വ്യാജമതങ്ങളെ അകറ്റുവാൻ ചില പ്രഭുക്കളെയും ലെവ്യാഹരൊന്യരെയും യഹൂദയിൽ കൂടി കടന്നു എല്ലാടവും യഹൊവയുടെ ധർമ്മസംഹിതയെ വായിച്ചു പ്രജകൾക്കു ഉപദെശിച്ചു കൊടുപ്പാൻ നിയൊഗിച്ചു യൊശഫത്തിൻ കാലത്തു എന്നു തൊന്നുന്നു ഊർതൊറും പള്ളികളെ എടുപ്പിച്ചു ശനിയാഴ്ചതൊറും സഭാ യൊഗം കൂടുന്ന ആചാരം നടത്തുവാൻ തുടങ്ങിയതു (സങ്കീ. 74,8).

അതുകൊണ്ടു ചുറ്റുമുള്ള രാജ്യങ്ങളിലെക്കു ദൈവത്തിൽനിന്നു ഒരു ഭയം പുറപ്പെട്ടു. യൊശഫത്തൊടു് ഒരു് ആവതും ഇല്ല എന്ന ഭാവം പരക്കയും ചെയ്തു ഫലിഷ്ടർ വെള്ളി മുതലായ കാഴ്ചകളെ കൊണ്ടുവന്നു വെക്കും അറവികൾ 7700 ആട്ടുകൊറ്റന്മാരെയും 7700 വെള്ളാടുകളെയും കൊണ്ടുവന്നു അവൻ കൊട്ടകളെയും ഉറപ്പിച്ചു പടജ്ജനങ്ങളെ 10 ലക്ഷത്തൊളം ചെർത്തു അഭ്യാസം കഴിപ്പിച്ചു ശത്രുഭയം വർജ്ജികയും ചെയ്തു.

പിന്നെ അവൻ പലരും കൂട്ടാക്കാത്ത യൊസെഫാന്റെ സങ്കടത്തിന്നു ചികിത്സിപ്പാൻ കൂടെ ശ്രമിച്ചു. യൊസെഫാൻ സങ്കടം (ആമൊസ് 6,6) എന്നതു യഹൂദ ഇസ്രയെൽ രാജ്യങ്ങളുടെ വിയൊഗ മത്സരങ്ങൾ തന്നെ. അവൻ

ഇസ്രയെലരൊട്ട യുദ്ധത്തിന പുറപ്പെടാതെ സഖ്യത ചെയ്വാൻ ശ്രമിച്ചു പൊ രുമ്പൊൾ ദൈവ കല്പന കൂടാതെ ആഹാബൊട്ട ബാന്ധവം ഉണ്ടാക്കി തന്റെ പുത്രനെകൊണ്ടു ഇജെബലുടെ പുത്രിയായ അഥല്യയെ വെൾപിച്ചു. അതി നാൽ തനിക്കും വംശത്തിന്നും രാജ്യത്തിന്നും വളരെ നാശം വരുത്തുകയും ചെയ്തു.

ബെൻഹദാദ ആഹാബൊട്ട ചെയ്ത സത്യം രക്ഷിക്കാതെ ഗില്യാദിൽ രാമൊത്തു് എന്ന പട്ടണത്തെ എല്പിക്കാതെ ഇരുന്ന അതുകൊണ്ടു യൊശഫത്തു് ശമര്യെക്ക ചെന്ന രാജാവെ കണ്ടു ഘോഷമുള്ള സദ്യകൂം ഉണ്ടായപ്പൊൾ ആ ഫാബു് അവനെ പരീക്ഷിച്ചു യുദ്ധത്തിന കൂടി പുറപ്പെടുവാൻ അപെക്ഷിച്ച പ്പൊൾ. യൊശഫത്തു് മനൊവിശ്വാസത്താൽ കുടുങ്ങി പൊയി ഞാനും നീയും നമ്മുടെ പ്രജകളും ഒന്നത്രെ എന്നുത്തരം പറഞ്ഞു പിന്നെ മനസ്സിൽ കുത്തുണ്ടാ യി യഹൊവയുടെ അഭിപ്രായം ചൊദിച്ചറിയെണം എന്ന മുടിച്ചു ആഹാബ ഉടനെ 400 പ്രവാചകന്മാര ചെത്തു ഞാൻ ഗില്യാദിൽ പൊരാടുവാൻ ചെ ല്ലുകയൊ അടങ്ങി ഇരിക്കയൊ എന്തു ചെയ്യെണ്ടു എന്ന ചൊദിച്ചാറെ. കരെറി പൊക ദൈവം ആ പട്ടണത്തെ രാജാവിങ്കൽ എല്പിക്കും എന്നുത്തരം ഉണ്ടായി. എന്നാറെ യൊശഫത്തു് സംശയിച്ചു മറൊരു യഹൊവ പ്രവാചകൻ ഇല്ലയൊ എന്ന ചൊദിച്ചതിന്നു. ഒരുത്തനെ ഉള്ള അവൻ ഒരിക്കലും ഗ്രണമല്ല നിത്യം ദൊ ഷം പ്രവചിക്കകൊണ്ടു ഞാൻ അവനെ ദ്വെഷിക്കുന്ന എന്നു് ആഹാബെ ഉ ത്തരം പറഞ്ഞു യൊശപത്തിന്നു ഇഷ്ടക്കെടുകണ്ടപ്പൊൾ മികയ്യയെ വരുത്തുവാൻ ആൂം അയച്ചു. അന്നുരാജാക്കന്മാർ ഇരിവരും ശമര്യ ഗൊപുരവാതുക്കൽ ഇരുന്ന പ്രവാചക സമൂഹം അരുളിച്ചെയ്യുന്നതു കെട്ടു കൊണ്ടിരുന്ന അവരിൽ ചിദക്കി യ എന്ന ഒരുത്തൻ ഇരിമ്പു കൊമ്പു ഉണ്ടാക്കിച്ചു ഈവക കൊണ്ടു സൂറിയക്കാ രെ കുത്തിനിഗ്രഹിക്കും എന്ന ദൈവകല്പിതം വിളിച്ചുണത്തിച്ചു. അതുകൊണ്ടു രാജാവയച്ചദൂതൻ മികയ്യയെ കണ്ടു പ്രവാചകരെല്ലാവരും ഐകമത്യപ്പെട്ടു രാ ജാവിന്നു ഗ്രണം അറിയിക്കുന്ന അതുപൊലെ നീയും ഗ്രണമായി ഉരെക്കെണമെ എന്ന പറഞ്ഞാറെ. എൻ ദൈവം ചൊല്ലുന്നതെ ഞാൻ ചൊല്ലും എന്ന മികയ്യ പറ ഞ്ഞു കൂടി ചെന്നു. പിന്നെ രാജാവു് അവനൊടുചാദിച്ചാറെ നീ കരെറി പൊ ക കാര്യം സാധിക്കും എന്ന ഉത്തരം പറഞ്ഞപ്പൊൾ രാജാവ യഹൊവാ നാമത്താ ണ സത്യം അല്ലാതെ ഒന്നും അറിയിക്കരുതെ എന്ന കലു്പിച്ചു. ഉടനെ മികയ്യ ഇടയനില്ലാത്ത ആടുകളെപൊലെ ഇസ്രയെൽ മലകളിൽ ചിന്നി ഇരിക്കുന്ന തു ഞാൻ കണ്ടു ഇവക്കു സ്വാമി ഇല്ല അവനവൻ ഭവനത്തെക്ക മടങ്ങി ചെല്ലുക എന്ന യഹൊവച്ചൊൽ കെൾക്കയും ചെയ്തു. അപ്പൊൾ ആഹാബയൊ ശഫത്തൊ ടു ഞാൻ പറഞ്ഞില്ലൊ ദൊഷം അല്ലാതെ ഇവൻ എന്നൊടു് ഒന്നും അറിയിക്കു മാറില്ല എന്ന ചൊല്ലിയാറെ.

മികയ്യ പറഞ്ഞു ഞാൻ യഹൊവാ സിംഹാസനത്തിൽ ഇരിക്കുന്നതും സ രസൈന്യം ചുറും നില്ക്കുന്നതും കണ്ടു അവരൊടു യഹൊവ ആഹാബെ രാമൊത്തി ലെക്ക ചെന്നു പൊരുതു പട്ടു പൊവാൻ ആർ വശീകരിക്കും എന്ന ചൊദിച്ചാ റെ പലരും പലതും പറഞ്ഞപ്പൊൾ ഒരു് ആത്മാവു് മുമ്പുക്കു ഞാൻ പുറപ്പെട്ടു രാജാവിന്റെ പ്രവാചകന്മാരുടെ വായിൽ വ്യാജാത്മാവായി വ്യാപരിക്കും എ ന്നു പറഞ്ഞു യഹൊവ സമ്മതിച്ചു അവനെ അപ്രകാരം ചെയ്വാൻ നിയൊഗി ച്ചും ഇരിക്കുന്നു.

എന്നതു കെട്ടാറെ ചിദക്കിയ അടുത്തു ചെന്ന മികയ്യയെ ഒന്നടിച്ചു ദൈവാ ത്മാവു് നിന്നൊടു് സംസാരിപ്പാൻ എന്നെ വിട്ടു എതു വഴിയായി നിങ്കലൊക കടന്നുപൊയി എന്നുപറഞ്ഞു. നീ ഉള്ളറയിൽ ഉഴറി ചെന്ന ഒളിപ്പാൻ നൊക്കു ന്ന ദിവസത്തിൽ കാണും എന്ന മികയ്യ ഉത്തരം പറഞ്ഞു. ഇസ്രയെൽ രാജാവു് ഞാൻ സുഖത്തൊടെ മടങ്ങി വരുവൊളം ഇവനെ തടവിൽ ആക്കെണം എന്ന കലു്പിച്ച ശെഷം നീ സുഖത്തൊടെ മടങ്ങി വരുന്നു എങ്കിൽ യഹൊവ എ

ന്നെ കൊണ്ട പറയിച്ചില്ല എന്നും സകല ജനങ്ങളുമായുള്ളാരെ കെട്ട കൊണ്ടാ ലും എന്നും പറഞ്ഞു. തടവിലെക്ക ചെന്ന.

രാജാക്കന്മാർ ഇരുവരും രാമൊത്തിലെക്ക് പുറപ്പെട്ട യുദ്ധത്തിന്നടുത്ത പ്പൊൾ. ആഹാബ വിചാരിച്ചു ഞാൻ വെഷം മാറി ചെല്ലുകെ നീ രാജവസ്ത്ര ങ്ങളെ ധരിച്ചു കൊണ്ടാലും എന്ന യൊസഫത്തൊട പറഞ്ഞു വെഷം മാറി പട എല്പുയും. ചെയ്തു. സുറിയ തെരാളികൾ അന്ന രാജാവിനൊടല്ലാതെ ഇസ്രു യെൽ പടജ്ജനങ്ങളൊട എതിരിടുവാൻ പൊകരുത് എന്ന കല്പന കെട്ട ആ ഹാബെ അന്വെഷിച്ചു ഒടുമ്പൊൾ യൊശഫത്തെ കണ്ട ഇസ്രയെൽ രാജാവ് എന്ന നിരുപിച്ചു ഒക്കത്തക്ക അടുത്ത വളഞ്ഞു. അപ്പൊൾ യൊശഫത്ത ക്കെ ശിച്ചു നിലവിളിച്ചു യഹൊവ സഹായിച്ചു അവരെ നീക്കുകയും ചെയ്തു. ഇ വൻ ഇസ്രയെൽ രാജാവ് അല്ല എന്ന അവർ കണ്ട തിരിച്ചു പൊന്ന. ഉടനെ ഒരു വില്ലാളി എതും വിചാരിയാതെ എയ്തത് ആഹാബിൻ കവചത്തിന്റെ സന്ധികളുടെ കൊണ്ട അവൻ സാരഥിയൊടും എന്നെ പടയിൽ നിന്ന കൊണ്ട പൊക ഞാൻ മുറിയെറ്റു എന്ന കല്പിച്ചു പിറകൊട്ട തിരിഞ്ഞു വൈകുന്നെര ത്തൊളം തെരിൽ പാത്ത മരിച്ചു. അസ്തമാനസമയത്ത അവനവൻ സ്വദെശ ത്തെക്ക പൊകട്ടെ എന്ന പാളയത്തിൽ ഒരു പരസ്യം ഉണ്ടായി ജനങ്ങൾ ചിതറി പൊകയും ചെയ്തു.

രാജാവിന്റെ ശവം ശമര്യക്ക കൊണ്ട പൊയി കുഴിച്ചിട്ടതല്ലാതെ രക്ത മയമായ രഥത്തെ വെശ്യമാർ കുളത്തിന്നരികെ കഴുകി നായ്ക്കൾ ചൊരയെ നക്കി കളകയും ചെയ്തു. ഇങ്ങിനെ യഹൊവയുടെ വചനം ഒത്ത വന്ന രാജാ വ് ഉണ്ടാക്കിയ ആനക്കൊമ്പില്ലം കൊണ്ട പിന്നെ എന്തൊർ അനുഭവം (ആമൊ സ് 325)

യൊശഫത്ത സുഖെന യരുശെലമിൽ എത്തിയപ്പൊൾ യെഹു എതിരെറ്റു യഹൊവയെ ദ്വെഷിക്കുന്നവരെ സ്നെഹിച്ചു തുണെക്കാമൊ എന്ന ശാസിച്ചു. യൊ ശഫത്ത അവനെ ചെവികൊണ്ട യഹൂദയിൽ വലം വെച്ചു പ്രജകളെ യഹൊവ യൊട പിന്നെയും ചെരുമാറാക്കി നെരും ന്യായവും നടത്തെണ്ടതിന്ന നടുക്കുട്ടങ്ങ ളെ സ്ഥാപിച്ചു ന്യായാധിപതിമാക്കും പക്ഷഭെദം ഒഴിച്ചും കൊണ്ട ന്യായസ്ഥല ത്തുകുടുന്ന യഹൊവയെ ശങ്കിച്ചു സൂക്ഷിച്ചു കൊൾവാൻ നല്ല ഉപദെശം കഴിച്ചു യഹൊവാ ധർമ്മം രാജധർമ്മം ഈ രണ്ടിനെയും നടത്തുവാൻ യരുശലെമിൽ പ്രത്യെകം 2 മെൽസ്ഥാനങ്ങളെ കല്പിച്ചു വെച്ചു. കുന്നുകളിൽ ബലി കഴിക്കുന്ന ത് ഒഴികെ ശെഷം അനാചാരങ്ങളെ ഒക്കയും അവൻ എകദെശം മാററി സത്യം രക്ഷിച്ചുകൊണ്ടിരുന്ന.

അനന്തരം ലൊത്യരും എദൊമും കിഴക്കെ അതിർ കടന്ന ആക്രമിച്ചാറെ യൊശഫത്ത് അവരുടെ ബലം അറിഞ്ഞു ഭയപ്പെട്ട യഹൂദയിൽ ഒരു നൊമ്പു കല്പി ച്ചു യഹൊവയെ അന്വെഷിപ്പാൻ മഹായൊഗം വരുത്തി ദൈവാലയത്തിൽ വെച്ചു പ്രാർത്ഥിച്ചു പിതാക്കന്മാരുടെ ദൈവമായ യഹൊവെ നീ പരലൊകത്തും സർവ്വ വംശ രാജ്യങ്ങളിലും രാജാവാകുന്നുവല്ലൊ ഈ ദെശം നീ ഇസ്രയെലിന്ന നല്കി ഈ ആലയത്ത ഞങ്ങൾ പ്രാർത്ഥിക്കുന്നത് കെൾക്കും എന്നുണ്ടല്ലൊ ലൊത്യ രെയും എദൊമെയും നീക്കുവാൻ പണ്ട പണ്ട കല്പന ഇല്ലാഞ്ഞ ഞങ്ങൾ മാറി ഒഴിഞ്ഞതിന്ന പകരം അവർ ഇപ്പൊൾ ഞങ്ങളെ ആട്ടിക്കളവാൻ വിചാരിക്കുന്ന.

00

1

ഹെർമൻ ഗുണ്ടർട്ട്

ബൈബിൾ

ആമുഖ പഠനം

പ്രൊഫ. സ്കറിയാ സക്കറിയ

ഡി. സി. ബുക്സ് കോട്ടയം

1992

വില 195.00 രൂപ